Digitized by the Internet Archive
in 2008 with funding from
Microsoft Corporation

http://www.archive.org/details/englishmalayalam00tobirich

AN

# ENGLISH-MALAYALAM DICTIONARY

BY

TOBIAS ZACHARIAS
*Pleader, Tellicherry.*

ഇംഗ്ലീഷ് മലയാള

# ശബ്ദകോശം

MANGALORE
BASEL MISSION BOOK AND TRACT DEPOSITORY
1907

7096
Z16

PRINTED AT THE BASEL MISSION PRESS, MANGALORE.

Carpentier

# PREFACE

THIS work, the result of the labours of several years, is intended to supply a long-felt want. Bailey's English-Malayalam Dictionary (pp. 545) and Müller's English-Malayalam Dictionary (pp. 365) are the only works of the kind that have hitherto been available for Malayalees. They are now almost out of print; and being of a smaller compass, and having been prepared years back, before the English education in this country had attained its present magnitude, they are found quite inadequate for present-day needs. The want of an English-Malayalam Dictionary of higher pretensions and of greater usefulness has long been felt by many.

To supply this want, the Rev. W. DILGER of the B. G. E. Mission, a Malayalam and Sanskrit scholar of high attainments, and the present Chairman of the Malayalam Bible Revision Committee, commenced the present work, and compiled it up to the word "Defend" (pp. 1—156). That portion, however, has undergone a revision at my hands, and I am alone, therefore, responsible for its present form. It was when Mr. DILGER found, that he could not afford to spare the time necessary to complete this work, that I was entrusted with its compilation.

The plan of this book requires a word of explanation. The "grouping" of all connected words under one leading word, or the "paragraph system", if I may use the name, has been adopted in this work in preference to the ordinary alphabetical order, because the former has many advantages over the latter. The "alphabetical system" may be compared to the picture of a tree in which the trunk, the branches, the twigs, the leaves, the flowers and the fruits are all promiscuously drawn here and there on a sheet of paper. In order to have a full and correct idea of the tree, one has to look all over the sheet, and put together the different parts. The "paragraph system" on the other hand, is like the picture of the very same tree, with all the different parts drawn in their natural position and order, and presenting, at a glance, a full and complete idea of the tree. Accordingly, in this work the words and phrases derived from

515577

or connected with, a leading word are all seen at a glance and in close connection with each other, and the reader is given a bird's-eye-view of the word in all its parts and forms. Saving of space, and the avoidance of repetitions are other advantages. Those Malayalees, who are studying the English language, can have the further advantage of learning the different forms a word takes, and the various changes it undergoes, in the different parts of speech. In the light of these and other advantages, the inconvenience or difficulty of finding out a certain word or expression occurring in the middle of a paragraph, dwindles into insignificance. The reading of a whole paragraph while trying to find out the meaning of a single expression, although attended with some loss of time, is highly desirable as it cannot but prove profitable in the end.

For the complete spelling of the derivative words, when not printed in full, the reader is referred to "Note to the Consulter". The difficulty of finding a word that is explained out of its alphabetical order has been minimised by ample cross references.

The latest edition of Webster's International Dictionary has been made the basis of this work. Except in the earlier portion, almost every word not marked "obsolete" or "rare" in that work, with the exception of purely technical words, finds a place in this book.

The original intention of preparing only a School-Dictionary of moderate size, had to be given up in favour of the present large work, as no other English-Malayalam Dictionary is available for the use of the general public, and the chances of one being compiled in the near future appeared but meagre.

In the selection of words and meanings the special needs of translators and authors have also been kept in view. Past experiences of disappointment in this respect, have generally prompted me to cater for them, at no small expenditure of time and labour.

This work is, on actual counting, found to contain the definitions and explanations of 22,920 leading words, 29,231 derivative words, 13,841 compound or quasi-compound expressions, and 6,225 phrases, or a total of 72,217 expressions; and it is hoped that it will be found more than sufficient for all ordinary purposes not only to the general public, but also to literary men.

Webster's Dictionary, the basis of this book, is an American work; and the orthography and pronunciation of many English words, as given

in it, although scientifically accurate, differ from those given in similar works published in the United Kingdom. In order to prevent confusion and mistakes arising from this, both forms of spelling and pronunciation are generally given in this work, the authority for the British form being Stormonth's Etymological Dictionary. In the syllabication and accentuation also Stormonth's Dictionary has generally been followed.

The definitions are, in many instances, quite new, and are ample and as complete as possible. No sense of a word or expression is omitted where it has, in my view, the remotest chance of being of any practical use in Malayalam. The translation of an English word by a single Malayalam word or expression, however desirable, is not always advisable, nor is it practicable to any considerable extent, as words that could thus be rendered into Malayalam are fewer than one might suppose. Except in a very few instances, it is almost impossible to convey the full sense of an English word by a single word or expression in Malayalam. For this reason, it has been found necessary, in many instances, to add explanatory words or phrases or even sentences, which are, or may be, placed within parentheses. Whenever brevity is desired, the explanatory portion may be dropped without material inconvenience.

The Malayalam meanings are copious and are generally arranged in the order followed in Webster's Dictionary, the root meaning, even if obsolete, being given first. In my opinion superfluity in a Dictionary is more pardonable than meagreness. To increase the usefulness of the book in this respect without relatively increasing its bulk, different Malayalam words and expressions are used in the different parts of speech or derivatives of the same English word; so that an intelligent consulter may, by a sensible intermutation, multiply the number of Malayalam synonyms.

Every one that has had anything to do with the interpretation of English expressions into Malayalam to any considerable extent, will certainly admit the absolute necessity of coining new Malayalam expressions. Whether this task should be left to those who happen to see the need, or should be undertaken by a lexicographer, is a point in which opinions may differ. But for the sake of uniformity at least, I think, this duty should devolve on the latter; and it has, in no wise, been shirked. A lexicographer is, at the same time, bound not to ignore the existence of expressions that have already been coined, even though they may be inelegant or unsuitable, if once they have obtained a footing in literature, or some currency in the language. Thus it has been found necessary to

record words and expressions of the latter type also, while supplying new expressions that appear better adapted to convey the idea expressed by the English word.

In giving the meanings or definitions many a good Malayalam word, generally neglected in literature, but common in colloquial language, and fit for a place in standard or literary language, has, for the first time, been given a place in this work.

I cannot but add a few words in justification of the orthography or spelling adopted by me in the case of certain *Malayalam* words.

1. Many Malayalees of the present day are suffering from a disease which may be rightly called a "morbid fondness for Sanskrit", or "Sanskrit mania". In recent times this has increased to such an extent that wholesale importation of not only Sanskrit words and phrases, but also of Sanskrit particles (അവ്യയം), prefixes (ഉപസൎഗ്ഗം) and inflexions have, with some, become the rule of the day. All this is highly prejudicial to Rajah's Malayalam (since good English is styled King's English, I presume good Malayalam may be called Rajah's Malayalam). One of the effects of this deplorable state of things is the misuse of the letter ഏ (long ā). In the Sanskrit language there is no short എ (a), and consequently the above said morbid taste attempts to do away with the Malayalam short എ (a) altogether, and to make every എ a long one, and thus Sanskritise Malayalam in a way. Scarcity of prose literature in the Malayalam language, and an abundance of poetical works, wherein Sanskrit had an abnormally free scope, and ഏ was indiscriminately used for the sake of metre, have very considerably contributed to this propensity. The result of all this is the wrong use of the long ഏ, when it is final or terminal, to the detriment of the proper and correct short എ. In the Malayalam literature of the present day (in journals, books, and even in schoolbooks!) it is not unusual to meet with എ the accusative ending (ദ്വിതീയാപ്രത്യയം) and എ in ഉടെ and ന്റെ the genitive endings (ഷഷ്ഠിപ്രത്യയം) and many other words and endings in which എ is admittedly short, all made into long ഏ (ā). In the present work, however, an attempt has been made to correct this. The principle that has guided me in this respect may be succinctly expressed in the following general rules: (*a*) All the terminal എ's when used as a Malayalam case ending (വിഭക്തിപ്രത്യയം), except in the case of the vocative (സംബോധന) are short (*e. g.* എന്നെ, മരത്തെ, ഞങ്ങളെ, രാജാവിനെ; ഞങ്ങളുടെ, നിന്റെ, വൃക്ഷങ്ങളുടെ, രാജാവിന്റെ). (*b*) Every terminal എ in all Malayalam *words* which are or have the force of അവ്യയം are

short [*e. g.* തന്നെ, അതെ, അത്രെ. This will easily be proved by comparing the expressions with each other in the following pairs of sentences:— (1) അവൻ തന്നേ (alone) വന്നു; വന്നത് അവൻ തന്നെ (is). (2) അവൻ അതേ (the same) വാക്ക് പിന്നെയും പിന്നെയും പറഞ്ഞു; അവനോട് ചോദിച്ചതിന്ന് 'അതെ' (yes) എന്ന് അവൻ ഉത്തരം പറഞ്ഞു. (3) അവന്ന് അത്രേ (only so much) വകയുള്ളു; ആ വാക്ക് പറഞ്ഞത് അവൻ അത്രെ (is). Although originally allied to, or derived from അത്, താൻ and അത്ര respectively, the words അതെ, തന്നെ and അത്രെ have now become അവ്യയം by the addition of 'എ' പ്രത്യയം and are now quite distinct in meaning and usage, and the original affinity has all but disappeared. This is evident from the above examples. That there is an appreciable difference in the pronunciation of the two words in each set also cannot be denied. Hence the necessity to distinguish them also in writing]. (*c*) എ when used as പ്രത്യയം joined to verbs or nouns to give them an adjectival or an adverbial force, or to form an അപൂർണ്ണക്രിയ it is short [*e. g.* വളരെ (വളര + എ), പരക്കെ (പരക്ക + എ), ചുവടെ (ചുവട് + എ), മേലെ (മേല് + എ), താഴെ (താഴ് + എ), കീഴെ (കീഴ് + എ), പിറകെ (പിറക് + എ), വരെ (വര + എ), അടുക്കെ (അടുക്ക + എ), വരാതെ (വരാത + എ), ചെയ്യാതെ (ചെയ്യാത + എ) *etc.*]. (*d*) In all Sanskrit words എ is long. (*e*) The Malayalam vocative (സംബോധന) എ is always long (*e. g.* അമ്മേ, രാജാവേ *etc.*). (*f*) When the *letter* എ is used as an അവ്യയം with the force of മാത്രം (not as പ്രത്യയം added to another word which may or may not be an അവ്യയം), it is always long (*e. g.* രണ്ടേരണ്ട്, അതേവാക്ക്, അവൻ അത് കേട്ടതേ ഓടി, ഞാനേ നിണക്ക് തുണ, നീയേ ശരണം, അവൻ താനേ വന്നു, അവൻ തനിയേ വന്നു, അവൻ തന്നേ വന്നു *etc.*, but not in അത്രെ or തന്നെ, where എ is only a പ്രത്യയം).

2. The beauty and elegance of the Malayalam language chiefly consist in its graceful flow due to the existence of words ending in half consonants expressed by അരയുകാരം or സംവൃതം, as modern grammarians have termed it. Once take away the അരയുകാരം and the easy flow of the language is gone. This trait of its beauty has not, it appears, been realised by those who speak certain dialects of Malayalam and who are very fond of substituting മുറ്റുകാരം for it. This അരയുകാരം is also the characteristic of the ഭൂതക്രിയാന്ത്യം of a great many verbs ending in ത്തു, or more correctly, in ഉ. It is to be met with also in other words, such as nouns and pronouns. Except in the earlier parts of this work, I have generally given such words their proper and correct spelling corresponding to their true pronunciation. This is marked by the sign ᵕ above the letter, an invention of the great Malayalam scholar Dr. Gundert, who may be rightly called, "the father

of Malayalam prose". Since its introduction nearly half a century ago, it has more or less been in use in Malabar, especially in N. Malabar. Its pitiable substitute, viz. the compound or the united form of മുറ്റുകാരം and അരയുകാരം or വിവൃതം and സംവൃതം rolled into one (*e.g.* ഞ്ഞ്, ന്, ക്ഷ്, probably signifying the offer of an option) of recent introduction in the South does not, from its amphibious nature, commend itself for general adoption so as to replace the older and simpler form.

3. The half consonants ൺ, ൻ, ൽ, ർ, ൾ *etc.* have *two* distinct sounds in the Malayalam language. The first may be called the *sharp* sound and is heard iu കാൺ, ഞാൻ, അവൻ, നരൻ; അവരാൽ, എന്നാൽ, വന്നാൽ; തന്നാർ, തിന്നാർ; മരങ്ങൾ, പക്ഷികൾ *etc.* The second may be called the *flat* sound, and is heard in the correct pronunciation of the following words; ഞാണ്, പേണ്; മാന്, മീന്, തീന്, തേന്; പാല്, കാല്, വാല്; നാള്, ആള്, വാള്; അവര്, നമ്പ്യാര്, പാര്, രാജാക്കന്മാര്; കാറ്, നൂറ് *etc.* Although no distinction between the two sounds has hitherto been made in writing or printing, every true Malayalee knows this distinction but too well, and pronounces the words accordingly. But foreigners do hardly make any distinction, and pronounce the words in both sets in the same way by the *sharp* sound, simply because no distinction is made in writing these words which thus differ in pronunciation. Especially for the benefit of foreigners and also of Young Kerala I have, except in the earlier parts, used the ordinary half consonants ൺ, ൻ, ൽ, ർ *etc.* to indicate the *sharp* sound and the അരയുകാരം form ണ്, ന്, ല്, ര്, റ് *etc.* to indicate the *flat* sound, except when the latter is used as the first part of a compound word (സമാസം) when they too have the sharp sound.

Now it remains for me only to acknowledge that in the compilation of this work, the following dictionaries and books have been consulted:

1. Apte's English- Sanskrit Dictionary,
2. Do. Sanskrit-English do.
3. Rev. F. Ziegler's English-Canarese Dictionary (3rd edition),
4. English-Tamil Dictionary published in Jaffna,
5. Bailey's English-Malayalam Dictionary,
6. Rev. F. Matthissen's MSS.
7. Dr. H. Gundert's Malayalam-English Dictionary,
8. Collins' Malayalam Dictionary,
9. Kanaran's Comparative Study of English and Malayalam, edited by J. Muliyil,
10. Rev. L. J. Frohnmeyer's Malayalam Physics,

11. Rev. Dr. E. Liebendörfer's Malayalam Anatomy,

12. Benson's Agricultural Manual in Malayalam, and numerous other Malayalam books.

My thanks are due to Mr. Bharadvaja Shiva Rao, the veteran proof-reader of the B. M. Press, Mangalore, for the special pains he has taken in connection with syllabication, accentuation and pronunciation.

In spite of all care, printing mistakes have crept in, which are pointed out in the *Addenda and Corrigenda*, and it is requested that the necessary corrections may be made before using the book.

Of errors and shortcomings I am fully conscious, and I beg the indulgence of the educated public. Still, if this book is found to contribute in the slightest degree to the promotion of the study of my sadly neglected mother-tongue—Malayalam, and to enrich its poor vocabulary, and at the same time to help my countrymen to a better understanding of the English tongue which stands a very good chance of becoming the universal language, I shall never regret the time and labour spent on it.

Tellicherry, March 1907. ***Tobias Zacharias.***

# List of Abbreviations.

*a.* adjective.
*ab.* abbreviated.
*acc.* account.
*a. c.* adjective comparative degree.
*ad.* adverb.
*agr.* agriculture.
*al.* alchemy.
*alg.* algebra.
*Am.* American.
*an.* anatomy.
*anthr.* anthropology.
*Ar.* Arabic.
*ar.*, *arith.* arithmetic.
*arch.* architecture.
*art.* art.
*artl.* article.
*a. s.* adjective superlative degree.
*as.* astronomy.
*astr.* astrology.
*a. v.* auxiliary verb.
*b.* botany.
*biol.* biology.
*Bl.* Bible.
*C.* Calicut.
*c.* case.
*carp.* carpentry.
*c. d.* comparative degree.
*c. h.* church history.
*ch.* chemistry.
*Chr.* Christianity.
*ck.* cookery.
*col.* collective.
*com.* commerce.
*comp.* compound.
*con.*, *conj.* conjunction.
*contr.*, *contr. f.* contracted form.
*def.* definite.
*dem.* demonstrative.
*dim.* diminutive.
*dr.* drama.
*eccl.* ecclesiastical.
*e. g.* for example.
*elec.* electricity.
*Eng.* English, England.
*etc.*, *&c.* et cetera.
*eth.* ethics.
*f. a.* fine arts.
*fem.* feminine.
*fen.* fencing.
*fig.* figurative.
*Fr.* French.
*fr.* form.
*geog.* geography.
*geol.* geology.
*geom.* geometry.
*Ger.* German, Germany.
*gr.* grammar.
*her.* heraldry.
*his.* history.
*hort.* horticulture.
*hunt.* hunting.
*i. e.* that is.
*imp.* imperative.
*impers.* impersonal.
*Ind.* India, Indian.
*indef.* indefinite.
*inf.* infinitive.
*int.* interjection.
*inter.* interrogative.
*ir.* irregular.
*kin.* kinematics.
*l.* law.
*lit.* literature.
*log.* logic.
*M.* Mopla dialect.
*mach.* machine.
*mas.* masculine.
*math.* mathematics.
*mech.* mechanics.
*med.* medicine.
*met.* metaphysics.
*mil.* military.
*min.* mineralogy.
*ming.* mining.
*mus.* music.
*myth.* mythology.
*N.* North Malabar.
*n.* noun.
*nat.* natural history.
*naut.* nautical.
*neut.* neuter.
*o.* old.
*ob.* objective.
*o. f.* old form.
*opt.* optics.
*P.* Palghat dialect.
*p.* poetic.
*p. a.* participial adjective.
*paint.* painting.
*parl.* parliamentary.
*part.* participle.
*pass.* passive.

| | | | | | |
|---|---|---|---|---|---|
| *p. e.* | political economy. | *pros.* | prosody. | *suf.* | suffix. |
| *pers.* | person. | *p. t.* | past tense. | *sur.* | surveying. |
| *pf.* | prefix. | *r.* | regular. | *surg.* | surgery. |
| *ph.* | physics. | *R. C.* | Roman Catholic. | *Syr.* | Syrian dialect. |
| *phil.* | philosophy. | *rec.* | reciprocal. | *tel.* | telegraphy. |
| *philol.* | philology. | *refl.* | reflexive. | *theo.* | theology. |
| *phot.* | photography. | *rel.* | relative. | *trig.* | trigonometry. |
| *phys.* | physiology. | *rhet.* | rhetoric. | *U. S.* | United States. |
| *pl.* | plural. | *Rus.* | Russian. | *vet.* | veterinary. |
| *pol.* | politics. | *S.* | South Malabar. | *v. i.* | verb intransitive. |
| *poss.* | possessive. | *s., sing.* | singular. | *v. t.* | verb transitive. |
| *p. p.* | past participle. | *s. a.* | same as. | *w., weav.* | weaving. |
| *pr.* | pronunciation. | *Sans.* | Sanskrit. | *z.* | zoology. |
| *prep.* | preposition. | *sc.* | science. | *&* | and. |
| *pres. p.* | present participle. | *Scot.* | Scotland. | *1st.* | first person. |
| *pres. t.* | present tense. | *s. d.* | superlative degree. | *2nd.* | second person. |
| *print.* | printing. | *sp.* | spiritualism. | *3rd.* | third person. |
| *pron.* | pronoun. | *s. u.* | see under. | | |

# Key to Pronunciation.

Fat, fāte, fär, fa̤ll, wha̤t; met, mē, pre̱y, hĕr; pin, pīne, marïne, bĭrd; not, nōte, möve, dŏve; tub, tūne, ru̥de, pu̥ll; drȳ, body; fool, bo̤ok; oil; boy; pound; now. c *as* s; ¢ *as* k; c̄h *as* sh; g *as in* get; ġ *as* j; ṅ *nasal, as in* aṅger; s̱ *as* z; t͟h, *as in* t͟hou; x̱ *as* gz; ce, ci, si *and* ti *before a vowel as* sh: ocean, action.

# Note to the Consulter.

1. With a view to save space and to present to the eye all related expressions together, the different parts of speech of a word, as well as all derivative and compound words and phrases formed from, or connected with it, are alphabetically arranged in a group in the vocabulary. And the full form of such of the derivatives and of the compound words as are not printed in full, may be easily found, if the following directions are attended to:—

(1) Letters or syllables preceded by a *single* hyphen (-) should be added to the principal word; *e.g.* **-ment**, under **abate**, should be added to the latter, and both together read as **abatement**, which is the required derivative.

(2) Letters or syllables preceded by a *double* hyphen (=) should be added to the principal word, after omitting from it the terminal part beginning with the initial letter of the part to be added; *e.g.* under **abdicate**, a part of it, **-cate**, should be omitted and **=cation** added to the remainder **abdi-** to form the derivative **abdication**; the part to be omitted from the principal word is that which begins with the letter **c**, the first letter of **-cation**, the part to be added.

(3) In compounds, semi-compounds and phrases, a single letter with a dot generally stands for the principal word under which it occurs, and two letters with a dot between them generally stand for the derivative or compound word immediately preceding them in the vocabulary; *e. g.* under **act** (1) **put into a.** stand for **put into act**, and (2) **cause of a.n** stand for **cause of action**.

(4) In some cases derivatives of a different etymology are placed under a principal word when closely allied to it in meaning and use.

2. Words similar in form, but different in origin and meaning, are indicated by Roman numerals placed before such words.

3. STORMONTH'S ETYMOLOGICAL DICTIONARY has generally been followed for *pronunciation, accentuation* and *syllabication,* which are, however, marked only in the case of leading and derivative words by means of diacritical types or phonetical re-spelling, the accent being altogether omitted in monosyllabic words and one accent alone shown in others.

4. For *meanings* and their *arrangement* WEBSTER'S INTERNATIONAL DICTIONARY is generally followed with the omission of those meanings that are purely technical, obsolete or rare. This latter kind are, however, inserted when found necessary in certain instances. The primary, literal or root meaning, even if obsolete, is ordinarily given first.

5. In principal words numerical figures, and in derivatives and compounds semicolons, generally mark the different Malayalam meanings, while semicolons in principal words denote the different shades of a meaning.

6. A colon after a meaning indicates that the phrase following it, is inserted simply to illustrate the meaning.

7. With a view to increase the number of Malayalam synonyms, different expressions are used, where possible, in the several parts of speech and derivatives of the same word.

8. A dash (—) after or before a word shows that the word or words of a similar position in the preceding Malayalam expression, should be repeated; *e.g.* (1) under **abduct** അപഹരിച്ചു—, and വശീകരിച്ചു—, mean that കൊണ്ടുപോക, the last words in the preceding Malayalam expression കളവായി പിടിച്ചു കൊണ്ടുപോക is to be repeated after each of them, as: അപഹരിച്ചു കൊണ്ടുപോക, വശീകരിച്ചു കൊണ്ടുപോക; (2) under **able** യോഗ്യത—, ശേഷി—, and സാമൎത്ഥ്യം— mean that after each of them the word ഉള്ള in the preceding expression തരം ഉള്ള, should be repeated, as: യോഗ്യത ഉള്ള, ശേഷി ഉള്ള, സാമൎത്ഥ്യം ഉള്ള.

9. The difference in the spelling of Malayalam words is indicated by letters within brackets; *e. g.* കൊ(ചൊ)ത്ത=കൊത്ത, ചൊത്ത. കള്ളത്ത്രാ(ന്ത്രാ)ണം=കള്ളത്ത്രാണം, കള്ളന്ത്രാണം.

10. Malayalam words of a foreign origin are mostly put under single quotations.

11. The letters *M, N, P, C,* etc. after a Malayalam word indicate the locality or dialect in which the word is generally used (see *List of Abbreviations*).

12. Grammatical initials are inserted after a word, and, to prevent confusion, are omitted after compound and quasi-compound words.

13. Verbs not marked irregular *(ir.)* are regular; and in the case of the former, the past tense (*p. t.*) and the past participle (*p. p.*) are generally given.

14. Prepositions or other words usually accompanying an English word, when used in a particular sense, are inserted within parenthesis before such meanings.

15. Abbreviations indicating the branch of literature, art, or science in which a word has a particular meaning, are shown in parenthesis after such meaning.

16. Latin and French words and phrases not in common use are printed in italics.

17. In this work (except in the earlier portion) an attempt has been made, especially for the benefit of foreigners, to show the accurate pronunciation of Malayalam words ending in pure consonants or half-letters, which in the Malayalam language represent two distinct sounds, one *sharp* and the other *flat*, by using ണ്, ന്, ര്, റ്., ല്, ള്, etc. for the *flat* sound and ൺ, ൻ, ർ, ൽ, ൾ, etc. for the *sharp* sound.

18. The ഭൂതക്രിയാന്ത്യന്നം of certain verbs, as well as many other words usually printed with a മുറ്റുകാരം or വിവൃതം, but pronounced by Malayalees (chiefly in N. Malabar) as an അരയുകാരം or സംവൃതം, are mostly printed with the latter to make the form correspond to the sound; *e. g.* വെച്ചു കാട്ടി = വെച്ച് കാട്ടി; കണ്ടുപിടിച്ചു = കണ്ട്പിടിച്ചു; ചിറക = ചിറക്; ഒരു = ഒര്.

AN

## ENGLISH AND MALAYALAM

# SCHOOL-DICTIONARY.

## ഇംഗ്ലീഷു മലയാള

# ശബ്ദകോശം.

പാഠശാലോപയോഗാൎത്ഥം ചമെച്ചത്.

## A

**A,** ഇംഗ്ലീഷ് ഭാഷയിൽ ഒന്നാമത്തെ അക്ഷരം. സ്വരം. പേര്: 'ഏ'. ഉച്ചാരണം: അ, ആ; എ, ഏ; ഒ, ഓ. *pf.* നിഷേധോപസൎഗ്ഗം: അ, വി, പ്ര *etc.*; 2. സ്ഥലസൂചകോപസൎഗ്ഗം: ഇൽ, ലേക്കു *etc.* *a.* ഒരു, ഏതോ ഒരു, വല്ല. *prep.* ഓരോന്നിന്നു + പ്രകാരം: **ten rupees a day** ദിവസം ഒന്നിന്നു പത്ത് ഉറുപ്പികപ്രകാരം.

**A-back',** *ad.* പിമ്പിൽ, പിറകിൽ; 2. പിന്നോക്കം, വഴിയോട്ട്. **to be taken a.** പെട്ടന്ന് നിന്നുപോക, അറച്ചുപോക.

**A-ban'dŏn,** *v. t.* തള്ളിക്കളക, ത്യജിക്കുക; 2. തേച്ചുവിടുക; 3. കയ്യൊഴിയുക, വിട്ടുകളക; 4. ഏല്പിച്ചുകൊടുക്കുക; 5. തന്റേടംവിട്ടുനടക്കുക. **-ed** (-dund), *p. a.* ഉപേക്ഷിച്ച; ഹീനം ആയ; ഭ്രഷ്ട—; വിഷയലമ്പടത്വമുള്ള. **a.ed woman,** പരസ്ത്രീ. **-ĕr,** *n.* പരിത്യാഗി. **-ment,** *n.* പരിത്യാഗം.

**A-bāse',** *v. t.* പിഴക്കുക, താഴ്ത്തുക; 2. ഹീനപ്പെടുത്തുക, അപമാനിക്കുക; 3. ഇടിച്ചുപറക (*N.*); 4. ധൈൎയ്യക്ഷയംവരുത്തുക. **-ment,** *n.* താഴ്ച; ആഭാസത്വം; പതിതത്വം; ധൈൎയ്യക്ഷയം.

**A-bash',** *v. t.* നാണിപ്പിക്കുക, ഉളുപ്പു കെടുത്തുക (*N.*). **-ment,** *n.* ലജ്ജ; അമ്പരപ്പ്, പരിഭ്രമം.

**A-bāte',** *v. t.* കുറെക്കുക; 2. വിട്ടുകൊടുക്കുക, വിലതാഴ്ത്തുക; 3. വാശിവെച്ചുകൊടുക്കുക; 4. തള്ളിക്കൊടുക്കുക, കമ്മിചെയ്യു; 5. താഴ്ത്തുക; 6. ദുൎബ്ബലപ്പെടുത്തുക; 7. നിൎത്തൽചെയ്യു. *v. i.* കുറയുക; 2. ക്ഷയിക്കുക; 3. ദുൎബ്ബലപ്പെട്ടുപോക; 4. നിലച്ചുപോക; 5. ശമിക്കുക, വഴിയോട്ടു വെക്കുക. **-ment,** *n.* കുറച്ചൽ, ഇടിവ്, എളിമ; ക്ഷയം, ന്യൂനത; സഹായവില, വാശി; ദുൎബ്ബലത; ശമനം. **=bā'tĕr,** *n.* കുറെക്കുന്നവൻ, ചുരുക്കുന്നത്.

**Ab'ba-cy,** *n.* റോമസന്ന്യാസിമഠാധിപത്യം, മഠപാലകസ്ഥാനം. **Ab'be,** *n.* മഠപതി, മഠാധിപതി. **Ab'bess,** *n.* കന്ന്യാസ്ത്രീമഠാധികാരിണി. **Ab'bey,** *n.* സന്ന്യാസിമഠം. **Ab'bŏt,** *n.* മഠാധിപതി. **Ab'bŏt-ship,** *n.* *see* **Abbacy.**

**Ab-brē'vi-āte**, *v. t.* ചുരുക്കുക, സംക്ഷേപിക്കുക. **=ā'tiŏn** (-shun), *n.* ചുരുക്കം; സംക്ഷേപസംജ്ഞ. **=a-tūre**, *n.* സംക്ഷിപ്തവചനം.

**A. B. C.** അകാരാദിയക്ഷരങ്ങൾ; 2. പാഠാരംഭപുസ്തകം; 3. ആദ്യപാഠം.

**Ab'di-cāte**, *v. t.* & *i.* സ്ഥാനമാനങ്ങൾ ഒഴിഞ്ഞുപോക, നാട്ടുവാഴ്ച ഒഴിഞ്ഞുകൊടുക്കുക, ഉദ്യോഗം രാജി—; 2. പദവി ഉപേക്ഷിക്കുക. **=cā'tiŏn**, *n.* രാജിനാമം, ത്യാഗം.

**Ab-dō'men**, *n.* പള്ള, വയറ്, കുക്ഷി. **=dom'i-nal**, *a.* ഉദരസംബന്ധമായ.

**Ab-duct'**, *v. t.* കളവായിപിടിച്ചുകൊണ്ടുപോക, അപഹരിച്ചു—, വശീകരിച്ചു—; 2. ആൾക്കളവുചെയ്ക. **-'tiŏn**, *n.* അപഹാരം, വശീകരണം, സ്ത്രീമോഷണം.

**Ab-er-rā'tiŏn**, *n.* മാൎഗ്ഗവിഭ്രമണം, മൊഴിപിഴെച്ചനടപ്പ്; 2. നക്ഷത്ര സ്ഥിതിഭേദം; 3. കിരണവിച്ഛേദനം. **a. of mind** ചിത്തഭ്രമം.

**A-bet'**, *v. t.* ദോഷത്തിന്നു സഹായിക്കുക; 2. കുറ്റം ചെയ്വാൻ ഉത്സാഹിപ്പിക്കുക (*l.*). **-ment**, *n.* ദോഷാൎത്ഥസഹായം; ഉത്സാഹിപ്പിച്ച കുറ്റം (*l.*). **-tĕr**, **-tŏr**, *n.* ദോഷസഹായകൻ; ഉത്സാഹിപ്പിച്ച കുറ്റക്കാരൻ (*l.*).

**A-bey'ance** (-bā'ans), *n.* കാത്തിരിപ്പ്; 2. തീൎച്ചയില്ലാത്തനില; 3. സംശയസ്ഥിതി; 4. തല്ക്കാലനിൎത്തൽ.

**Ab-hor'**, *v. i.* & *t.* അറെക്കുക, വെറുക്കുക; 2. അറെപ്പുതോന്നുക, വെറുപ്പ് കാട്ടുക, വിരസം—. **-rence**, *n.* അറെപ്പ്, ബീഭത്സം. **-rent**, *a.* വെറുക്കുന്ന; (to, from) വെറുപ്പുള്ള; അനിഷ്ടമായ; യോജിക്കാത്ത.

**A-bīde'**, *v. i. ir.* (=bōde', =bōde') (at, in, with) പാൎക്കുക, താമസിക്കുക; 2. ഉറെച്ചുനില്ക്കുക, നിലച്ചിരിക്കുക; 3. (by) പിടിച്ചുനില്ക്കുക, വഴിപ്പെടുക; 4. കാത്തുനില്ക്കുക; 5. സഹിക്കുക. **a. by the oath of another** സത്യം കേൾക്കുക (*l.*).

**Ab'jĕct**, *a.* നീചം, നികൃഷ്ടം, താണ, ഹീനമായ. **-iŏn**, *n.* പിഴക്കം, ഭ്രഷ്ട്, ഹീനഭാവം. **-ness**, *n.* നീചത്വം.

**Ab-jure'**, *v. t.* സത്യം ചെയ്തു ത്യജിക്കുക; 2. ശപഥപൂൎവ്വം നിഷേധിക്കുക, തീരെ ഉപേക്ഷിക്കുക. **=ju-rā'tiŏn**, *n.* ശപഥം, സത്യംചെയ്തുപേക്ഷിക്കൽ.

**Ab'la-tive**, *n.* പഞ്ചമിവിഭക്തി, അപാദാന— (*gr.*).

**A-blāze'**, *a.* & *ad.* ജ്വലിക്കുന്ന, മിന്നുന്ന; 2. എരിപൊരിമനസ്സുള്ള.

**Ā'ble**, *a.* പ്രാപ്തി ഉള്ള; 2. തരം—, യോഗ്യത—, ശേഷി—, സാമൎത്ഥ്യം—; 3. യുക്തവയസ്സ്— (*l.*). **-ness**, *n.* ശേഷി; മിടുക്ക്; ശക്തി. *suf.* അനുകൂലമുള്ള, തക്ക. **a. bodied**, *a.* ഊക്കുള്ള, പണിക്കുപോന്ന. **A-bil'i-ty**, *n.* പ്രാപ്തി, ശേഷി; സാമൎത്ഥ്യം, നിൎവ്വാഹം; നിപുണത, പടുത്വം; (*pl.*) പ്രാപ്തിവിശേഷം.

**Ab-lu'tiŏn**, *n.* കുളി, സ്നാനം, ക്ഷാളനം.

**Ab'ne-gāte**, *v. t.* നിഷേധിക്കുക, ഇല്ലെന്നു പറക; 2. തള്ളിപ്പറക. **=gā'tión**, *n.* നിഷേധം.

**Ab-nor'mal**, **=mŏus**, *a.* ക്രമവിരുദ്ധം ആയ; 2. അപൂൎവ്വം—; 3. വിരൂപം—

**A-bōard'** (-bōrd'), *ad.* കപ്പലിൽ, ഉരുവിൽ.

**A-bōde'**, *n.* വാസം, പാൎപ്പ്, താമസം; 2. പാൎപ്പിടം, ഭവനം. *p. p. of* **Abide.**

**A-bol'ish**, *v. t.* നീക്കി കളക, പൊളിച്ചു—; 2. നിൎമ്മൂലമാക്കുക; 3. നിൎത്തൽ ചെയ്ക, റദ്ദ് ആക്കുക, ഇല്ലാതെ—. **=li'tiŏn**, *n.* നീക്കം, നിൎത്തൽ; ഉന്മൂലനാശം.

**A-bom'i-na-ble**, *a.* വെറുപ്പുവരുത്തുന്ന, അറെക്കത്തക്ക, അസഹ്യം ആയ; 2. നിന്ദ്യം—, കുത്സിതം—. **=nāte**, *v. t.* വെറുക്കുക, അറെക്കുക. **=nā'tiŏn**, *n.* അറെപ്പ്; അശുദ്ധി.

**Ab-ō-rig'i-nal**, *a.* പുരാണവാസി ആയ, ദേശീയം—. **=nēs**, *n. pl.* പൂൎവ്വനിവാസികൾ, ദേശസ്ഥർ.

**A-bort′**, *v. i.* ഗൎഭം അലസുക; 2. ചി നവിശുക. *n.* അകാലപ്പിറവി. =**tiŏn**, *n.* ഗൎഭഛിദ്രം; അലസിയപിള്ള; ഉതിൎകായി; നിഷ്ഫലത്വം. =**tive**, *a.* അലസിയ; കാലംതികയാത്ത; നിഷ്ഫലമായ, കാൎയ്യത്തിന്നെത്താത്ത, വ്യൎത്ഥമായ. *n.* ഗൎഭഛിദ്രൌഷധം.

**A-bound′**, *v. i.* (with, in) ധാരാളം ഉണ്ടാക, വൎദ്ധിക്കുക, നിറയുക.

**A-bout′**, *prep.* കുറിച്ചു, ചൊല്ലി, പററി, നിമിത്തം, സംബന്ധിച്ചു; 2. വശം, പക്കൽ; 3. അങ്ങുമിങ്ങും; 4. അടുക്കെ; 5. ചുററും; 6. നേരെ. *ad.* ഏകദേശം, ഏതാനും, ഏറക്കുറെ, മിക്കവാറും; 2. ശരാശരിക്ക്; 3. വട്ടത്തിൽ, ചുഴലവും. **round a.** ചുററിലും, ചുററുവട്ടത്തിൽ. **all a.** എങ്ങും, ചുററും, നാലുദിക്കും. **round a. way** വളഞ്ഞവഴി. **right a.** എതിൎഭാഗംകൊള്ളെ. **a. and a.** ഇവിടെയും അവിടെയും; കൂടക്കൂടെ. **a. to be** അടുത്തിരിക്കുക. **to be a.** (to) ഭാവിക്കുക. **to come a.** സംഭവിക്കുക. **to bring a.** സാധിപ്പിക്കുക, സംഭവിപ്പിക്കുക. **to go a.** ആരംഭിക്കുക, പ്രയത്നിക്കുക. **to set a.** ഏൎപ്പെടുക. **to walk a.** ചുററിനടക്കുക, അലഞ്ഞു—.

**A-bŏve′**, *ad.* അധികം, അപ്പുറം; 2. വാനത്തിൽ, ഉപരി; 3. മുൻ, മേൽ. *prep.* മേൽ, മീതെ; 2. മുൻ; 3. ശ്രേഷ്ഠം, ഉത്തമം; 4. കവിയുന്ന, അധികരിച്ച. **a. that** അതിന്നു മീതെ, അതിലധികം. **a. all** മുഖ്യമായി. **to get a.** ജയിക്കുക. **he is a. it** അവൻ അതു ചെയ്യുന്നവനല്ല. **it is a. me** അതിന്നു ഞാൻ ആളല്ല. **over and a.** ഏത്രയോ അധികം. **a. board** വെളിവിൽ, കള്ളമില്ലാതെ. **a. ground** ജീവനോടെ.

**Ab-rā′sion**, *n.* തോൽ ഉരഞ്ഞുപൊട്ടൽ, വാരൽ, കോറൽ.

**A-breast′** (-brest), *ad.* ചുമലോടുചുമൽ, നിരയായി; 2. (of) നേൎക്കുനേരെ.

**A-bridge′** (-brij′), *v. t.* ചുരുക്കുക, സംക്ഷേപിക്കുക; 2. (of, from) എടുത്തുകളക, ഇല്ലായ്മ ചെയ്ക. **-ment**, *n.* ചുരുക്കം; സാരം.

**A-broad′**, *ad.* നീളെ, അകലെ, പരക്കെ; 2. പുറത്ത്, പുറത്തേക്കു, പുറമെ, വെളിയിൽ; 3. പരദേശത്ത്; 4. എങ്ങും. **to go a.** സ്വരാജ്യംവിട്ടുപുറപ്പെടുക, പുറരാജ്യത്ത് പോക. **to set a.** പരസ്യമാക്കുക. **to be a.** അന്യദേശത്തിൽ പാൎക്കുക; പ്രസിദ്ധമാക. **to be all a.** തെററിപ്പോക; എന്ത് ചേയ്യേണ്ടു എന്ന് അറിയാതിരിക്കുക.

**Ab′rō-gāte**, *v. t.* നീക്കുക, അസാധു ആക്കുക, റദ്ദ്—; 2. നിൎത്തിക്കളക. =**gā′tiŏn**, *n.* നീക്കം; നിൎത്തൽ.

**Ab-rupt′**, *a.* അററുപോയ; 2. ചേൎച്ചയില്ലാത്ത; 3. ആകസ്മികമായ, നിനയാത്ത; 4. അസംബന്ധം ആയ; 5. നിൎമ്മൎയ്യാദം—, ആചാരവിരുദ്ധം—. **-ly**, *ad.* പെട്ടന്നു, പൊട്ടുന്നനവെ; അകസ്മാത്തായി; രൂക്ഷതയോടെ. **-ness**, *n.* പാരുഷ്യം, രൂക്ഷത, പരുപരുപ്പ്; ചേൎച്ചക്കേട്; തത്രപ്പാട്, തിടുക്കം. =**tiŏn**, *n.* ഭംഗം, ഛിദ്രം, പൊട്ടൽ.

**Ab′scess**, *n.* വിദ്രധി, വീക്കം, കുരു, പരു. **foul a.** അലിപ്പുണ്ണ്, വ്രണം.

**Ab-scond′**, *v. t. & i.* മറച്ചുവെക്കുക, ഒളിപ്പിക്കുക; 2. ഒളിവിൽ നില്ക്കു ക, മറവിൽ—; 3. ഒളിച്ചുപോയ്ക്കളക.

**Ab′sence**, *n.* പരോക്ഷത, അഭാവം, ഇല്ലായ്മ; 2. ഹാജരില്ലായ്മ. **a. of mind** മറതി, ഭ്രമം, ശ്രദ്ധയില്ലായ്മ. **a. from** നിവ്വാസം, വിയോഗം. **in the a. of** ഇല്ലാത്ത അവസ്ഥക്ക്, ഇല്ലാത്തപ്പോൾ. =**sent**, *a.* ഇല്ലാത്ത, ഹാജരില്ലാത്ത; (in mind) ശ്രദ്ധയില്ലാത്ത. *v. i.* ഹാജരില്ലാതെ ഇരിക്കുക, വരാതെ—. =**sĕn-tēe′**, *n.* വരാത്തവൻ, ഹാജരില്ലാത്തവൻ; പരവാസി.

**Ab-sist′**, *v. i.* (from) അകന്നുനില്ക്കുക, ഉപേക്ഷിക്കുക; 2. വിട്ടുകളക, മതിയാക്കുക.

**Ab′so-lūte,** *a.* നിർബ്ബന്ധം ആയ, നിജാധീനം—, പരാപരം—; 2. അന്യസംബന്ധമററ, സ്വയാധിപത്യമുള്ള; 3. വാസ്തവമായ; സാക്ഷാൽ; 4. നിശ്ചയമായ, നിഷ്ഠയുള്ള; 5. സ്വയംഭൂവായ, സ്വതേയുള്ള; 6. പരിപൂൎണ്ണം ആയ, കേവലം—; 7. ശുദ്ധ, കൂട്ടില്ലാത്ത, പച്ച (*N.*). **the a.** ദൈവം, പരമാത്മാവ്; സതിപ്രയോഗം (*gr.*). **-ly,** *ad.* മുടക്കമില്ലാതെ, മനസ്സുപോലെ; മുററും; തീരുമാനം (*S.*), കേവലം; ശുദ്ധമെ; നിസ്സംശയമായി; സ്വതേ; ഉള്ളവണ്ണം. **-ness,** *n.* സ്വാതന്ത്ര്യം; നിജാധീനത. **=tism,** *n.* ഏകഛത്രാധിപത്യം.

**Ab-solve′,** *v. i.* വിമോചിക്കുക, ക്ഷമിച്ചുകൊടുക്കുക; 2. കുററം നീക്കുക; 3. വിട്ടുകൊടുക്കുക. **=sō-lu′tiŏn,** *n.* പാപമോചനം; ക്ഷമ; കുററനിവാരണം.

**Ab′so-nant,** *a.* വിപരീതമായ, യോജിപ്പില്ലാത്ത.

**Ab-sorb′,** *v. t.* വിഴുങ്ങുക, കുടിക്കുക, വലിച്ചെടുക്കുക; 2. മുക്കിക്കളക; 3. ഉൾക്കൊള്ളുക, ചേൎത്തുകളക; 4. ലയിച്ചുപോക; 5. വശത്താക്കുക. **-a-bil′ity,** *n.* ലയത്വം. **-ent,** *a.* വലിച്ചെടുക്കുന്ന. *n.* ശോഷണൌഷധം; (*pl.*) ശോഷപിണ്ഡം. **=sorp′tiŏn,** *n.* ലയം, ആകൎഷണം; ധ്യാനനിഷ്ഠ; **a.n in God** നിൎവ്വാണം.

**Ab-stāin′,** *v. i.* (from) വിടുക, വൎജ്ജിക്കുക, ഒഴിഞ്ഞുനില്ക്കുക. *v. t.* മുടക്കുക. **-ĕr,** *n.* വൎജ്ജകൻ, ലഹരിവൎജ്ജകൻ. **=stē′mi-ŏus,** *a.* ഇന്ദ്രിയനിഗ്രഹം ഉള്ള, മിതാനുഭവം—, ലഹരിപെരുമാറാത്ത. **=sten′tiŏn,** *n.* വൎജ്ജനം. **=sten′tious,** *a.* വൎജ്ജനസ്വഭാവമുള്ള. **=stin-ence,** *n.* ഇന്ദ്രിയജയം, വൎജ്ജനം; നോമ്പ്, വ്രതം; മിതാശനം; മദ്യപാനവൎജ്ജനം. **total a.e** മദ്യപാനപരിവൎജ്ജനം. **=stin-ent,** *a.* വൎജ്ജനസ്വഭാവമുള്ള. *n.* വൎജ്ജകൻ.

**Ab′straet,** *a.* വേൎപ്പെട്ടുനില്ക്കുന്ന, സാക്ഷാൽ, വിഷയസംബന്ധമററ, മനോവിഗതമായ. **a. noun** ഭാവതദ്ധിതനാമം (*gr.*). *n.* വേൎപ്പാട്, സംക്ഷേപം, തിരട്ട്. **in the a.** അന്യസംബന്ധമില്ലാതെ. **=stract′,** *v. t.* വേൎപ്പെടുത്തുക; ശുദ്ധതിരിച്ചുകളക; വകതിരിച്ചാലോചിക്കുക; സാരം എടുക്കുക; കളവായി എടുത്തുകളക. **-ed,** *p.a.* പ്രത്യേകം ആയ; ഗൂപ്തം—, ദുൎഗ്രാഹ്യം—, ശ്രദ്ധയില്ലാത്ത. **-ed-ly,** *ad.* സ്വതവെ. **=tiŏn,** *n.* വിവേചനം, വേൎപ്പാട്; കൈവല്യം; വിഗതചേതനത്വം; വിഷയപരിത്യാഗം; ഏകാന്തവാസം; അപഹരണം; സത്ത്.

**Ab-struse′,** *a.* ഗൂഢം ആയ, അഗോചരം—, വിഷമമുള്ള.

**Ab-surd′** (-sĕrd′), *a.* ബുദ്ധിവിരുദ്ധം ആയ, ഭോഷത്വം—; 2. പൊണ്ണത്തരം—(*N.*); 3. അനൎത്ഥകം—. **-ness, -i-ty,** *n.* ബുദ്ധിവിരുദ്ധം, വിടുവിഡ്ഢിത്വം (*N.*).

**A-bun′dance,** *n.* പരിപൂൎണ്ണത; 2. വഴിച്ചൽ; 3. സമൃദ്ധി; 4. ഐശ്വൎയ്യം, ശ്രീ. **a. of** വളരെ, ധാരാളം. **=dant,** *a.* യഥേഷ്ടം ആയ; നിറപടി—, സമൃദ്ധി—. **=dant-ly,** *ad.* നിറയ, ധാരാളമായി.

**A-būse′,** *n.* ദുഷ്പ്രയോഗം; 2. ദുരാചാരം; 3. വാവിഷ്ഠാണം; 4. ദുൎഭാഷണം; 5. ശകാരം. **=buse′,** *v. t.* ചതിപ്രയോഗം ചെയ്ക, ദുഷ്പ്രയോഗം—; 2. വഞ്ചിക്കുക; 3. ഹിംസിക്കുക; 4, അപമാനിക്കുക; 5. ചീത്തപറക, നാണംകെടുത്തുക (*N.*); 6. ബലാൽസംഗം ചെയ്ക. **=bū′sive,** *a.* ദുഷ്പ്രയോഗം ചെയ്യുന്ന; നിന്ദ ആയ, അസഭ്യം—. **a.e language** ചീത്തവാക്ക്.

**A-but′** *v. i.* ഉന്തിനില്ക്കുക, തൊട്ടിരിക്കുക. **-ment,** *n.* ഊന്നുതൂൺ.

**A-byss′, A-bysm′,** *n.* അഗാധം, ആഴം; 2. പാതാളം; 3. അനന്തകാലം.

**A-ead′e-my,** *n.* വിദ്യാലയം; 2. പണ്ഡിതസഭായോഗം.

**Ae-cēde′,** *v. i.* (to) അടുത്തുവരിക; 2. സ്ഥാനത്തിൽ കയറുക; 3. സമ്മതിക്കുക, യോജിക്കുക; 4. ചേരുക.

**Ae-cel′er-āte,** *v. t.* വേഗം വരുത്തുക; 2. ബദ്ധപ്പെടുത്തുക. **=ā′tiŏn,** *n.* ത്വരിതഗതി, വേഗത.

**Ac'cent,** *n.* സ്വരഭാരം (*gr.*); 2. ഉച്ചാരണം; 3. സ്വരഭാരചിഹ്നം; 4. ശബ്ദം, വാക്ക്; 5. (*pros.*) ഗുരു. =**tū-ā'tiŏn,** *n.* ഘനോച്ചാരണം, സ്വരവിശേഷം; രീതി. =**tū-āte,** *v. t.* സ്വരഭാരത്തോടെ ഉച്ചരിക്കുക; കരുത്തോടെ പറക; പ്രാമുഖ്യമാക്കുക.

**Ac-cept',** *v. t.* കൈക്കൊള്ളുക; 2. സമ്മതിക്കുക; 3. അൎത്ഥംധരിക്കുക; 4. ഉണ്ടികപിടിക്കുക; 5. മുഖം നോക്കുക. **-a-bil'i-ty,** *n.* സുഗ്രാഹ്യത; സ്വീകാരയോഗ്യത. **-ā'ble,** *a.* സുഗ്രാഹ്യം ആയ; ഇഷ്ടകരം—; ഹിതം—. **-ance,** *n.* അംഗീകാരം, സമ്മതം; സമ്മതപത്രം; ഉണ്ടികപിടിച്ചു ഒപ്പ് വെക്കൽ (*com.*), പിടിച്ച ഉണ്ടിക (*com.*); കച്ചവടക്കയ്യുടിക്കൽ (*com.*). **-ā'tiŏn** *n.* അംഗീകരണം; അൎത്ഥം, പ്രയോഗം, രൂഢിയൎത്ഥം. **-ŏr,** *n.* ഉണ്ടികപിടിച്ചവൻ, മേലൊപ്പുകാരൻ (*com.*).

**Ac-cess',** *n.* പ്രവേശം, അടുപ്പിപ്പ്; 2. വഴി; 3. അഭിവൃദ്ധി; 4. സംയോഗം; 5. ആക്രമണം; 6. ക്രോധാദിപാരവശ്യം. =**sar-y,** =**sŏr-y,** *a.* സംയുക്തമായ, കൂടിയ, ആധീനമായ. *n.* കൂട്ടാളി, ഉത്സാഹി; കൂടിച്ചേൎന്നത്. **-i-ble,** *a.* (to) അടുപ്പമുള്ള, സമീപിക്കത്തക്ക; എളുപ്പം ആയ; സാദ്ധ്യം—; ബോധനീയം—; മാനുഷരഞ്ജനയുള്ള. **-iŏn,** *n.* യോജിപ്പ്, പ്രവേശനം, അടുപ്പിപ്പ്; വൎദ്ധന; സിംഹാസനാരോഹണം; രോഗാരംഭം.

**Ac'ci-dence,** *n.* പദരൂപഭേദം, ശബ്ദശാസ്ത്രം, വ്യാകരണ—.

**Ac'ci-dent,** *n.* അസംഗതി, പെട്ടന്നുണ്ടാകുന്ന സംഭവം; 2. അപ്രധാനമായ ലക്ഷണം; 3. അപകടം, ആപത്ത്. **-al,** *a.* യദൃച്ഛയാ ഉള്ള, യഥാവിൽ—, അകസ്മാത്തായ; മുഖ്യമല്ലാത്ത.

**Ac-claim,** *v. t.* കൈമുട്ടുക; 2. കൈമുട്ടിയാൎക്കുക; 3. ആൎക്കുക. *v. i.* കൈമുട്ടി ഘോഷിക്കുക. *n.* കൈക്കൊട്ട്. =**cla-mā'tiŏn,** *n.* അനുകൂലഘോഷം, കൈമുട്ടിയാൎക്കൽ; കോലാഹലം.

**Ac-clī'māte, Ac-cli'ma-tīze,** *v. t.* നാട് പററുക, വെള്ളം—. =**mā'tiŏn,** *n.* നാട് പററൽ, വെള്ളം—.

**Ac-cliv'i-ty,** *n.* കയററം, കരേററം; 2. മലയുടെ ചരിവ്; 3. ചുരം.

**Ac-com'mō-dāte,** *v. t.* അനുരൂപമാക്കുക, കൊള്ളിക്കുക; 2. (to) നിരപ്പിക്കുക, യോജിപ്പിക്കുക; 3. സഹായിക്കുക, മുട്ടുവായ്പുകൊടുക്കുക; 4. ഇടംകൊടുക്കുക, പാൎപ്പിക്കുക. =**dā'tiŏn,** *n.* ഉപമ; സമാധാനം, ശമനം; സഹായം, സന്ധുവായ്പു, ഉപകാരം; ഇടം; വിടുതി; കടം വായ്പശീട്ട്, കൈക്കണക്ക്.

**Ac-com'pa-ny,** *v. t.* ചങ്ങാതം പോക, അനുഗമിക്കുക, കൂടയുണ്ടാക; 2. ചേൎന്നുവരിക; 3. വാദ്യം ഘോഷിക്കുക. =**com'pani-ment,** *n.* സാഹിത്യം; വാദ്യം, താളമേളം.

**Ac-com'plice** (-plis), *n.* കൂട്ടാളി; 2. സഹാപരാധി (*l.*).

**Ac-com'plish,** *v. t.* തികെക്കുക; 2. അനുഷ്ഠിക്കുക; 3. സഫലമാക്കുക; 4. പരിഷ്കരിക്കുക. **-ed,** *p. a.* സിദ്ധമായ, തിറമുള്ള, അഭ്യാസംതികഞ്ഞ. **-ment,** *n.* പൂൎത്തി; സാദ്ധ്യം, പരിഷ്കാരം; വൈശിഷ്ട്യം; വൈദഗ്ദ്ധ്യം; വിദ്യ.

**Ac-compt'** (ak-kount'), *see* **Account.**

**Ac-cord'** (-kard), *n.* സ്വരമേളനം; 2. ഐകമത്യം; 3. സമ്മതം; 4. യോജ്യത. **of one's own a.** സ്വമേധയാ. **with one a.** ഐകമത്യത്തോടെ. *v. t.* (to) സന്ധിപ്പിക്കുക, യോജിപ്പിക്കുക; 2. അനുവദിക്കുക; 3. കൊടുക്കുക. *v. i.* (with) ഒത്തിരിക്കുക; 2. മേളിതമായിരിക്കുക. **-ance,** *n.* പൊരുത്തം; യോജിപ്പ്. **in a.e with** അനുസാരമായി. **-ing,** *prep.* ഒത്തവണ്ണം. **a.g to** പ്രകാരം. **a.g as** പോലെ. **-ing-ly,** *ad.* ഒത്തവണ്ണം; അത്കൊണ്ട്. =**diŏn,** *n.* കൈക്കിന്നരം.

**Ac-cost',** *v. i.* തൊട്ടിരിക്കുക; 2. അടുത്തിരിക്കുക; 3. ആദ്യം പറക.

**Ac-cou-che'ment** (ak-kush'ma), *n.* പ്രസവം. =**ch'eur'** (-shĕr), *n.* സൂതിവൈദ്യൻ.

**Ac-count′**, *n.* കണക്ക്; 2. കണക്കോല; 3. ഇടവാട്; 4. വൃത്താന്തം; 5. ഉത്തരവാദം, ചുമതല (*S.*); 6. യോഗ്യത, ശ്രേഷ്ഠത; 7. കാരണം; 8. സമാധാനം; 9. ആദായം; 10. ഉപയോഗം. **call to a.** കണക്ക് നോക്കുക; സമാധാനം ചോദിക്കുക. **carry to a.** കണക്കിൽ ചേൎക്കുക. **current a.** വരവ് ചിലവ് കണക്ക്. **in a. with** പേരിൽ കണക്ക്. **give an a.** കണക്ക് ബോധിപ്പിക്കുക, വിവരം പറയുക. **keep a.** കണക്ക് എഴുതിവെക്കുക. **make a.** കണക്ക് എഴുതുക; കണക്ക് കഴിക്കുക. **make a. of** വിലമതിക്കുക, ബഹുമാനിക്കുക. **take into a.** വകവെക്കുക, പൊരുളിക്കുക. **take a. of, take into a. of** കുറിക്കൊൾക, ധരിച്ചുകൊള്ളുക. **turn to a.** ആദായമാക്കുക, ഉപയോഗപ്പെടുത്തുക. **a man of a.** മഹാൻ. **on what a., upon what a.** എന്ത് വിചാരിച്ചിട്ട്. **of no a.** സാരമില്ലാത്ത. **on no a.** യാതൊന്നുകൊണ്ടും. **on all a.s** എല്ലാംകൊണ്ടും. **on a. of** നിമിത്തം. **on one's own a.** സ്വന്താവശ്യത്തിലേക്ക്. *v. t.* കണക്കിടുക, കണക്കിൽചേൎക്കുക; 2. എണ്ണുക, ഗണിക്കുക; 3. വിചാരിക്കുക; 4. ബഹുമാനിക്കുക, ആദരിക്കുക; 5. വിവരം പറക. *v. i.* കണക്ക് പറക, —ബോധിപ്പിക്കുക; 2. (for) വഴിപറക, അറിയിച്ചുകൊടുക്കുക; 3. (for) കാരണമായിരിക്കുക. **to a. of** വിലമതിക്കുക, പൊരുളിക്കുക. **-ā-ble**, *a.* ഉത്തരവാദിയായ. **-a-bil′i-ty**, *n.* ഉത്തരവാദത്വം. **-ant**, *n.* കണക്കപ്പിള്ള, കണക്കെഴുത്തുകാരൻ.

**Ac-coŭ′tre, Ac-coŭ′tĕr** (-ku′tĕr), *v. t.* ഉടുപ്പിക്കുക, ചമയിക്കുക; 2. പടക്കോപ്പ് കൊടുക്കുക. **-ments**, *n. pl.* വസ്ത്രാലങ്കാരം; പടക്കോപ്പ്; പടയാളികളുടെ ഉടുപ്പും ആയുധങ്ങളും; സാമാനം; കുതിരക്കോപ്പ്.

**Ac-cred′it**, *v. t.* വിശ്വാസം വരുത്തുക; 2. നിയോഗിക്കുക; 3. സ്ഥാനാപതിയായി അയക്കുക; 4. വിശ്വസിക്കുക; 5. അനുവദിക്കുക; 6. നിൎണ്ണയപ്പെടുത്തുക. **a. one with something** ആരോപിക്കുക.

**Ac-cres′cent**, *a.* വൎദ്ധിച്ചുവരുന്ന.

**Ac-crēte′**, *v. i.* കൂടിവരിക; *v. t.* കൂട്ടിയെടുക്കുക. **=′tiŏn**, *n.* കൂടിവന്നത്; പുഴയൊ കടലൊ തുൎന്നുണ്ടായ സ്ഥലം.

**Ac-crue′**, *v. i.* വളരുക; 2. ഉളവാക, ജനിക്കുക; 3. കൂടിവരിക; 4. പ്രാപ്തമായി—. *n.* വൎദ്ധനവ്, ഫലം.

**Ac-cū′mū-lāte**, *v. t. & i.* ശേഖരിക്കുക, സ്വരൂപിച്ചുവെക്കുക; 2. കൂടുക, പെരുകുക. **=lā′tiŏn**, *n.* പെരുക്കം, വൎദ്ധന; ശേഖരണം, വെപ്പ്. **=la-tive**, *a.* കൂടിവരുന്ന, വൎദ്ധിക്കുന്ന.

**Ac′cū-rā-cy**, *n.* കൃത്യത; 2. ഖണ്ഡിതം, തിട്ടം; 3. സൂക്ഷ്മം; 4. നേർ; 5. വ്യക്തി. **=rāte**, *a.* കൃത്യം ആയ; കണക്ക്—; സൂക്ഷ്മം—; യഥാൎത്ഥം—. **=rāte-ly**, *ad.* തിട്ടം ആയി; ശരി—; വെടിപ്പ്—.

**Ac-curse′** (-kĕrs′), *v. t.* ശപിക്കുക, പ്രാകുക. **-d, =st**, *a.* ശാപമുള്ള, ശാപഗ്രസ്തമായ; ദുഷ്ടതയുള്ള, അസഹ്യമായ; ശൂന്യംപിടിച്ച (*N.*).

**Ac-cū′s̱a-tive**, *n.* ദ്വിതീയവിഭക്തി, കൎമ്മ— (*gr.*).

**Ac-cūs̱e′**, *v. t.* ദോഷാരോപണം ചെയ്ക, കുറ്റപ്പെടുത്തുക; 2. (of) മേൽന്യായപ്പെടുക, കുറ്റംചുമത്തുക. **-d**, *a.* കുറ്റം ചുമത്തപ്പെട്ട. **the a.d** പ്രതി, കുറ്റക്കാരൻ (*l.*). **-r**, *n.* അപവാദി; അന്യായക്കാരൻ. **=s̱ā′tiŏn**, *n.* ദോഷാരോപണം, അപവാദം; അന്യായം, ആവലാധി; കുറ്റം. **false a.n** കള്ള അന്യായം (*l.*).

**Ac-cus′tŏm**, *v. refl.* (to) ശീലിപ്പിക്കുക, നേററിയാക്കുക (*N.*), തഴക്കംവരുത്തുക. **to be a.ed** വഴക്കമാക.

**Āce** (ās), *n.* ഒററ; 2. ഒററപ്പുള്ളി; 3. അണു; 4. പകിട. **within an a. of** തൊട്ടെന്നും തൊട്ടില്ലെന്നും; ഏററവും അടുക്കെ.

**Ache** (āk), *n.* നോവ്, വേദന. **head-a.** തലകുത്ത്. **tooth-a.** പല്ലുകുത്ത്. *v. i.* നൊവുക, വേദനയാക.

**A-chieve′,** *v. t.* നിവൃത്തിക്കുക; 2. സാധിപ്പിക്കുക; 3. സമ്പാദിക്കുക. **-ment,** *n.* നിവൃത്തി, സിദ്ധി; അനുഷ്ഠാനം, സമ്പാദനം; വീൎയ്യപ്രവൃത്തി, പരാക്രമം.

**Ac′id,** *n.* അമ്ലം, പുളിപ്പ്; 2. ദ്രാവകം. *a.* പുളിപ്പ് ഉള്ള; 2. കാരം—; 3. നീരസഭാവം—, നിഷ്ഠുരത—. **-i-ty,** *n.* പുളിപ്പ്. **a.y of the stomach** പുളിച്ചു തേട്ടൽ (*med.*). **-ū-lāte,** *v. t.* പുളിപ്പിക്കുക, പുളിക്കുക. **-u-lent,** *a.* പുളിപ്പുള്ള. **-u-lous,** *a.* ലേശംപുളിയുള്ള; വളിച്ച.

**Ac-knowl′edge** (ak-nol′ej), *v. t.* സമ്മതിക്കുക; 2. ബോദ്ധ്യമാസ്സരിക; 3. നന്ദിപൂൎവ്വം സമ്മതിക്കുക; 4. കിട്ടിയവിവരം അറിയിക്കുക. **-ment,** *n.* സമ്മതം; രശീതി; കുററസമ്മതം; നന്ദിഭാവം; പ്രത്യുപകാരം; പുക്കശീട്ട്. **a.t of money** ശീലക്കാശ്, മാനസം.

**Ac′mē** (ak′mē), *n.* ഉച്ചം, അഗ്രം; 2. അത്യാസന്നം; 3. പുരുഷപ്രായം.

**Ac′nē,** *n.* ഉണിൽ (*med.*).

**A′corn,** *n.* കരുവേലകപ്പഴം (*b.*).

**A-cou′stics,** *n. pl.* ധ്വനിശാസ്ത്രം; 2. ശ്രവണവിദ്യ. **a-cou′stic,** *n.* ശ്രോത്രൌഷധം (*med.*). **a.c duct** ബാഹ്യനാളം (*an.*).

**Ac-quāint′,** *v. t.* (with) അറിയിക്കുക, പരിചയംവരുത്തുക, —ആക്കുക; 2. ഗ്രഹിപ്പിക്കുക, അറിവുകൊടുക്കുക. **to be a.ed with** അറിക, അറിമുഖം ഉണ്ടാക. **a. one's self** പരിചയിക്കുക, പഠിക്കുക. **-ance,** *n.* (with) അറിവ്, പരിജ്ഞാനം; പരിചയക്കാരൻ, മുഖപരിചയമുള്ളവൻ.

**Ac-quiesce′** (-kwi-es′), *v. i.* ക്ഷമിച്ചിരിക്കുക; 2. (in, to) സമ്മതിക്കുക, വിരോധം പറയാതിരിക്കുക. **=qui-es′-cence,** *n.* സമ്മതം, മൌനാനുവാദം; ആക്ഷേപമില്ലായ്മ; പൊരുമ.

**Ac-quīre′,** *v. t.* സമ്പാദിക്കുക, ആൎജ്ജിക്കുക; 2. വശത്താക്കുക. **-ment,** *n.* സമ്പാദിക്കൽ; സമ്പാദ്യം; അറിവ്; പഠിപ്പ്; വിദ്യാസമ്പത്ത്. **=qui-ṣi′tiŏn,** *n.* സമ്പാദനം; അൎത്ഥലാഭം; സമ്പാദ്യം.

**Ac-quit′,** *v. t.* വിടുക; 2. തീൎത്തുകൊടുക്കുക; 3. പ്രായശ്ചിത്തംചെയ്ക; 4. വിലകൊടുക്കുക, കൊള്ളുക; 5. (of) വിടുകളക; കുററക്കാരനല്ലെന്നു തീൎച്ചപ്പെടുത്തുക. **a. one's self** മുറ ഒപ്പിക്കുക, നിൎവ്വഹിക്കുക; ചെയ്യേണ്ടതു വെടിപ്പിൽ ചെയ്ക. **-tal,** *n.* കുററക്കാരനല്ലെന്നുള്ളതീൎപ്പ്, പ്രതിയെ വിട്ടയക്കൽ (*l.*). **-tance,** *n.* കടംവീട്ടൽ; പററുമാനം.

**Ac-ra′nĭa,** *n.* അശിരസ്ത്വം; 2. *pl.* അശീൎഷജന്തുക്കൾ (*z.*).

**Ā′cre** (ā′kĕr), *n.* ഭൂമിയളവ്, കാണി, 43,560 ചതുരശ്രകാലടി. **God's a.** ശ്മശാനഭൂമി. **-d,** *a.* നിലംപറമ്പുകളുള്ള. **-āġe,** *n.* വിസ്താരം.

**Ac′rid,** *a.* ചവൎപ്പ് ഉള്ള, കാരം—, തീക്ഷ്ണം ആയ; 2. നിഷ്ഠുരം—. **-i-ty, -ness,** *n.* കടുപ്പം; കാരം; മൂൎച്ഛ.

**Ac′ri-mon-y,** *n.* കാരം, തീക്ഷ്ണത; 2. കൎശനം, കാഠിന്യം.

**Acri-to-chro′macy, A-chro′mā-topsy,** *n.* വൎണ്ണാന്ധത, നിറംതിരിയായ്മ. (*med.*)

**Ac′ro-bat,** *n.* അഭ്യാസി. **-ism,** *n.* അഭ്യാസം.

**A-cross′,** *ad.* എതിരെ, മുറിയത്തിൽ. *prep.* വിലങ്ങത്തിൽ, ഒരു കര മുതൽ മറുകര വരെ. **to come a.** കാണുക, യദൃച്ഛയാ കാണുക. **to go a. the country,** കുറുക്ക് വഴിയായി പോക.

**Ac′ro-tism,** *n.* നാഡിക്ഷയം (*med.*).

**Act,** *n.* ക്രിയ, പ്രവൃത്തി; 2. പെരുമാററം; 3. ചേഷ്ട; 4. നാടകം; 5. (നാടകത്തിലെ) അങ്കം; 6. തീൎപ്പ്; 7. രാജ്യനിയമം, ധൎമ്മശാസ്ത്രം. **in the very a.** കാൎയ്യം ചെയ്യുമ്പോൾതന്നെ, കൎയ്യംകളവുമായി. **put into a.** ചെയ്യുക, നടത്തുക. **a. of attainder** കുററം നിമിത്തം മുതൽ

സക്കാരിലേക്ക് അടങ്ങുക. **a. of bankruptcy** ദീവാളിഎട്ടക്കൽ (*com.*). **a. of faith** മതദ്രോഹികളെ ദഹിപ്പിക്കൽ. **a. of God** ദൈവകൃത്യം, അദൃഷ്ടം. **a of grace** മാപ്പ്. *v. t. & i.* വ്യാപരിക്കുക, പ്രവൃത്തിക്കുക; 2. നടിക്കുക, നാടകം അഭിനയിക്കുക, കോലം കെട്ടുക (*N.*); 3. (on) ഫലിക്കുക, പററുക, അവസ്ഥാനുസാരം പെരുമാറുക; 4. (for, as) ബതലായിരിക്കുക, പകരമായി പ്രവൃത്തിക്കുക. **to a. a part** (കളിയിൽ) വേഷംകെട്ടുക. **to a. the part of** ആയി പ്രവൃത്തിക്കുക. **a. up to** നിവൃത്തിക്കുക. **-ing,** *n.* കളി, നാടകം; ബതലാൽ. *a.* തല്ക്കാലത്തേക്കുള്ള; പകരമായ. **=tiŏn,** *n.* കമ്മം, പ്രവൃത്തി; (*pl.*) നടപ്പ്, പെരുമാററം; ഫലം; ചേഷ്ട, ആംഗ്യം; വ്യവഹാരം; പട; ചലനം. **cause of a.n** വ്യവഹാരകാരണം (*l.*). **=tiŏn-a-ble,** *a.* വ്യവഹാരപ്പെടാവുന്ന. **-ive,** *a.* ഉത്സാഹമുള്ള, പ്രവൃത്തിക്കുന്ന; മുഖ്യമായ; ചൈതന്യമുള്ള; അധികമായ; തീവ്രഫലം ഉള്ള; ചുറുക്ക്—; സകമ്മകം, കമ്മത്തിൽക്രിയ (*gr.*). **a.e principle,** സത്ത്. **a.e service** പ്രവത്തനസ്ഥിതി, യുദ്ധദ്ഛേകം. **-iv-i-ty,** *n.* പ്രവത്തനം, പ്രവൃത്തി; ശുഷ്കാന്തി, ചുറുചുറുപ്പ്. **-or,** *n.* കത്താവ്, കമ്മി; നാടകക്കളിക്കാരൻ, വേഷം, വേഷക്കാരൻ. **-ress,** *n.* നാടകക്കളിക്കാരത്തി. **=tū-al,** *a.* ഉണ്മ ആയ, യഥാത്ഥം—, വാസ്തവം—, സാക്ഷാൽ, സൂക്ഷ്മമായ; ഇപ്പോഴത്തെ, തല്ക്കാലമുള്ള. **a.l sin** കമ്മപാപം. *n.* (*pl.*) വാസ്തവമായ വരവ് ചിലവ്. **=tū-al-ly,** *ad.* നിശ്ചയം ആയി, തീച്ച—. **=tū-ar-y,** *n.* കണക്കെഴുത്തുകാരൻ; ഭീമസംഘനടത്തിപ്പുകാരൻ. **=tū-āte,** *v. t.* പ്രവൃത്തിപ്പിക്കുക; നടത്തിക്കുക; പ്രേരേപിക്കുക, ഉത്സാഹിപ്പിക്കുക, ഉദ്യോഗിപ്പിക്കുക.

**A-cū'men,** *n.* ബുദ്ധിക്രൂമ്മത, വിവേകബുദ്ധി.

**A-cūte',** *a.* ക്രൂത്ത, മൂച്ഛ ഉള്ള; 2. ഉച്ചത്തിൽ—; 3. ശീഘ്രം ആയ; 4. കഠിനം—, തീക്ഷ്ണം—; 5. കാഴ്ചബോധമുള്ള. **a. angle,** *n.* ലഘുകോൺ, സംകോചകോൺ (*geom.*). **-ness,** *n.* ക്രൂമ്മത, ബുദ്ധികൌശലം; മൂച്ഛ; കട്ടപ്പം; ഉഗ്രത.

**Ad'āġe,** *n.* പഴമൊഴി, സുഭാഷിതം, സൂത്രം.

**Ad'a-mant,** *n.* ഉറപ്പേറിയകല്ല്; 2. വജ്രം. **=tē-an, =tīne,** *a.* വൈരക്കല്ല് പോലെ ഉള്ള, കട്ടപ്പം—.

**A-dapt',** *v. t.* (to, for) പററുമാറാക്കുക, ഉപയോഗപ്പെടുത്തുക, ചേച്ചയാക്കുക. **-a-bil'i-ty,** *n.* ചേച്ച, യോജിപ്പ്. **-ā'tiŏn,** *n.* അനുരൂപണം; സംയോജ്യത.

**Add,** *v. t.* കൂട്ടുക, ചേക്കുക; 2. വധിപ്പിക്കുക; 3. ചേത്തുപറക; 4. തുകയിടുക. **=den'dum** (*pl.* **Ad-den'da**), *n.* അനുബന്ധം. **=di'tiŏn,** *n.* സങ്കലനം (*Ar.*), കൂട്ടുന്നകണക്ക്; വധന; സ്ഥാനപ്പേർ (*l.*). **=di'tiŏn-al,** *a.* അധികം; മററു, വിശേഷാലുള്ള.

**Ad'dĕr,** *n.* അണലി (*z.*).

**Ad-dict',** *v. t.* (to) സമപ്പിക്കുക; 2. ശീലിക്കുക, അഭ്യസിക്കുക, സമ്പ്രദായമാക്കുക. **-ed-ness, =dic'tiŏn,** *n.* പതിവു, ദുരഭ്യാസം, വാസന, വ്യസനം.

**Ad'dle',** *v. t. & i.* കെട്ടുപോക, പേടായി—; 2. ബുദ്ധി പതറി—. *a.* ചീഞ്ഞ, പേടായ; അഫലമായ; ബുദ്ധി പതറിയ. **a. brained,** *a.* ബുദ്ധിയില്ലാത്ത, ലഘുബുദ്ധിയായ.

**Ad-dress',** *n.* പ്രസംഗം, പാഠകം, സംഭാഷണം, സംസാരം; 2. സംസാരരീതി; 3. സങ്കടഹരജി; 4. സമപ്പണപത്രം, അഭിവാദ്യ—; 5. മേല്വിലാസം, പാപ്പസ്ഥലം; 6. ദാക്ഷിണ്യം; 7. സാമത്ഥ്യം; 8. (*pl.*) പ്രേമസല്ലാപം. *v. t.* ശ്രമിക്കുക; 2. പറക, അറിയിക്കുക; 3. എഴുതിയയക്കുക; 4. മേല്വിലാസം എഴുതുക; 5. പ്രേമസല്ലാപം ചെയ്ക. **a. one's self to** ശ്രമിക്കുക; സംസാരിക്കുക.

**Ad-dūce',** *v. i.* പ്രസ്താവിക്കുക, വാദിക്കുക; 2. കാട്ടുക; 3. തെളിവുകൊടുക്കുക; 4. പ്രമാണം പറക.

**Ad-duct',** *v. t.* അടുപ്പിക്കുക, വലിച്ചുകൂട്ടുക.

**A-dept′**, *n.* പ്രവീണൻ, വിദഗ്ദ്ധൻ. *a.* നൈപുണ്യമുള്ള. **-ness**, *n.* സാമർത്ഥ്യം.

**Ad′e-quāte**, *a.* മതി ആയ, ശരി—, ഉചിതം—, വിഹിതം—, തക്ക. **=quā′cy**, *n.* ധാരാളത്വം, കൃത്യത, ഔചിത്യം.

**Ad-hēre′**, *v. i.* ഒട്ടുക, പററുക; 2. ചേരുക, പക്ഷം കൂടുക; 3. അവലംബിക്കുക; 4. പിടിച്ചുകൊൾക; 5. മുറുപ്പിടിക്കുക. **=hē′rence**, *n.* പിടിത്തം, സ്ഥിരത, ആശ്രയം. **=hē′rent**, *n.* ശിഷ്യൻ, അനുചാരി; പരിചാരകൻ, ആശ്രിതൻ; പക്ഷക്കാരൻ, കൂററുകാരൻ (*S.*). **=hē′sion**, *n.* പററ്, സംബന്ധം; പിടിത്തം; ആശ്രയം, സേവ; സമ്മതം, അനുകൂലത; സംശ്ലിഷ്ടത (*phys.*). **=hē′sive**, *a.* പററുള്ള; സംലഗ്നമായ.

**Ad-hib′it**, *v. t.* ഉൾക്കൊള്ളുക, കൈക്കൊള്ളുക; 2. ഉപയോഗിക്കുക. **=tiŏn**, *n.* ഉപയോഗം.

**Ad-i-aph′o-rism**, *n.* മതനിഷ്പക്ഷത്വം. **=rŏus**, *a.* ഗുണദോഷരഹിതമായ.

**A-dieū′** (-dū′), *int.* & *ad.* സ്വസ്തി, നന്നായിരിക്കുക, സലാം, നമസ്കാരം, രാമരാമ, വരട്ടേ. **to bid a.** സലാം കൊടുക്കുക, —ചൊല്ലുക, വിടവാങ്ങുക, —കൊടുക്കുക. *n.* വിയോഗവന്ദനം.

*Ad-in′fi-ni-tum* അനവധിയായി.

*Ad-in′ter-im* തന്മദ്ധ്യേ, അതിന്നിടയിൽ.

**Ad-jā′cent**, *a.* അടുത്തിരിക്കുന്ന, തൊട്ട; 2. സഹ, അയൽവക്കത്തുള്ള. **a. angle** സഹകോൺ (*geom.*).

**Ad′jec-tive**, *n.* നാമവിശേഷണപദം; 2. ആശ്രിതൻ. *a.* വിശേഷണമായ, പരാശ്രയമുള്ള, ആശ്രിതനായ; 2. നടവടിസംബന്ധമായ (*l.*).

**Ad-join′**, *v. t.* തൊട്ട് ഇരിക്കുക, അടുത്ത്—.

**Ad-jŏurn′** (-jĕrn′), *v. t.* & *i.* നിർത്തിവെക്കുക; 2. തല്ക്കാലം നിൎത്തുക. **-ment**, *n.* നിൎത്തൽ, നിൎത്തിവെക്കൽ.

**Ad-judġe′** (-juj′), *v. t.* വിധിച്ചുകൊടുക്കുക, തീൎപ്പ് കല്പിക്കുക, ശിക്ഷ—, നിൎണ്ണയിക്കുക.

**Ad′ju-di-cāte**, *v. t.* & *i.* വിധികല്പിക്കുക, തീൎപ്പ്—; 2. വിസ്തരിച്ചു തീൎച്ചപ്പെടുത്തുക. **=cā′tiŏn**, *n.* തീൎപ്പ്.

**Ad′junct**, *a.* സംയുക്തമായ, ചേൎന്നിരിക്കുന്ന. *n.* അനുബന്ധം, ഉപാംഗം; 2. സഹായകൻ, കൂട്ട്പ്രവൃത്തിക്കാരൻ, ചങ്ങാതി; 3. വിശേഷണം, പദവിശേഷണം, വാക്യ— (*gr.*).

**Ad-jure′**, *v. t.* ആണയിടുവിക്കുക; 2. അമൎച്ചയായി കല്പിക്കുക, ശപഥപൂൎവ്വം—; 3. താല്പൎയ്യത്തോടെ അപേക്ഷിക്കുക. **=ju-rā′tiŏn**, *n.* സത്യം, ആണ, ശപഥം; 2. ഖണ്ഡിതമായ പ്രബോധനം.

**Ad-just′**, *v. t.* ശരിപ്പെടുത്തുക, ഒപ്പിക്കുക; 2. ഭാഷയാക്കുക; 3. തീൎക്കുക, കണക്ക് ഒത്തു കഴിക്കുക; 4. നിരപ്പിക്കുക; 5. തക്കനിലയിലാക്കി വെക്കുക. **-ment**, *n.* വിധാനം; തീൎപ്പ്; നിരപ്പ്.

**Ad′ju-tant**, *n.* കാൎയ്യസ്ഥൻ; 2. സേനാപതിസഹായകൻ; 3. മഹാബകം (*z.*).

*Ad-lib′i-tum* യഥാകാമം, ഇച്ഛാനുസാരം.

**Ad-min′is-tĕr**, *v. t.* & *i.* നടത്തുക, നിൎവ്വഹിക്കുക; 2. കൊടുക്കുക, ഓഹരി ചെയ്തുകൊടുക്കുക; 3. മരുന്ന് സേവിപ്പിക്കുക; 4. അടിക്കുക, ശാസിക്കുക; 5. സത്യം ചെയ്യിക്കുക; 6. വസ്തു പരിപാലനം ചെയ്ക; 7. (*v. i.*) ഉതകുക; നല്കുക. **=trā′tiŏn**, *n.* വിചാരണ, ഭരണം, പാൎവ്വത്യം (*S.*); മന്ത്രിസഭ, കോയ്മ; കൊടുക്കൽ; പ്രയോഗം; അനുഷ്ഠാനം; അവകാശിയില്ലാത്ത വസ്തു പരിപാലനം (*l.*). **letters of a.n** മരിച്ചവന്റെ മുതൽ പരിപാലനക്കുള്ള അധികാരപത്രം. **=strā′tive**, *a.* ഭരണസംബന്ധമായ, പരിപാലിക്കുന്ന, നിൎവ്വഹിക്കുന്ന. **=strā′tŏr**, *n.* വിചാരകൻ, പരിപാലകൻ. **a.r general** പൊതു വസ്തു പരിപാലനോദ്യോഗസ്ഥൻ (*l.*).

**Ad′mi-ral,** *n.* പടക്കപ്പൽസൈന്യാധിപൻ, കപ്പൽപടനായകൻ; 2. പ്രധാന യുദ്ധക്കപ്പൽ. **-ty,** *n.* നൌഗണാധിപത്യം; പടക്കപ്പൽസൈന്യവിചാരകമന്ത്രിസഭ; കപ്പലോട്ടംസംബന്ധിച്ച ന്യായവിചാരണസ്ഥലം; സമുദ്രസംബന്ധമായ വ്യവഹാരനിയമം.

**Ad-mīre′,** *v. t.* അതിശയിക്കുക; 2. സ്തുതിക്കുക; 3. കൌതുകപ്പെടുക; 4. പ്രിയംഭാവിക്കുക. **=mi-ra′ble,** *a.* അതിശയിക്കത്തക്ക, ആശ്ചൎയ്യകരം ആയ, ഉത്തമം—; ശ്ലാഘ്യം—, വന്ദനീയം—; ശ്രേഷ്ഠം—, യോഗ്യം—. **=mi-ra′ble-ness, =mi-ra-bil′-i-ty,** *n.* ശ്ലാഘ്യം, ശ്രേഷ്ഠത. **=mi-ra-bly,** *ad.* അതിശയമാംവണ്ണം, ഏററവും നന്നായി, വിശേഷമായി. **=mi-rā′tiŏn,** *n.* വിസ്മയം; ബഹുമാനം; കൌതുകം, രസം; പററ്, പ്രേമം. **=mī′rĕr,** *n.* പ്രിയൻ, പ്രിയ.

**Ad-mit′,** *v. t.* കൈക്കൊള്ളുക, ചേൎക്കുക; 2. സമ്മതിക്കുക; 3. അനുവദിക്കുക; 4. പ്രവേശനം കൊടുക്കുക. **a. to bail** ജാമ്യം എടുക്കുക. **the words do not a. of such a construction** ഈ വാക്കുകൾക്ക് ആ അൎത്ഥം വരാൻപാടില്ല. **-tance,** *n.* അംഗീകരണം; പ്രവേശനാനുവാദം; സമ്മതം. **=mis-si-bil′i-ty,** *n.* സ്വീകാരയോഗ്യത, ഗ്രാഹ്യത, സമ്മതം. **=mis′si-ble,** *a.* സ്വീകാരയോഗ്യമായ, ചേൎക്കത്തക്ക, സമ്മതിക്കത്തക്ക. **=mis′-siŏn,** *n.* അംഗീകരണം; സ്വീകാരം; സമ്മതം; പ്രവേശം.

**Ad-mix′,** *v. t.* കൂട്ടിക്കലൎത്തുക. **-tūre,** *n.* കലൎപ്പ്; 2. ഇടകലൎച്ച; 3. കൂട്ട്.

**Ad-mon′ish,** *v. t.* പ്രബോധിപ്പിക്കുക; 2. ബുദ്ധിപറക; 3. ആക്ഷേപിക്കുക, താക്കീത് ചെയ്യു; 4. അറിവ് കൊടുക്കുക. **=mo-ni′tiŏn,** *n.* ബുദ്ധിയുപദേശം, ഗുണദോഷം; വാഗ്ദണ്ഡനം. **=i-tor-y,** *a.* ബുദ്ധിയുപദേശകമായ.

**A-dō′,** *n.* പണി; 2. പ്രയാസം, പാട്; 3. ഉരുസൽ.

**Ad-ō-les′cence,** *n.* യൌവ്വനം, യൌവനാവസ്ഥ, —പ്രായം. **=cent,** *n.* യുവാവ്, യുവതി.

**A-dopt′,** *v. t.* ദത്തെടുക്കുക; 2. സ്വീകരിക്കുക, അവലംബിക്കുക. **=′tiŏn,** *n.* ദത്ത്, ദത്തെടുക്കൽ; അംഗീകരണം. **certificate of a.n** മഞ്ഞനീർ ചീട്ട്, ദത്തോല, ദത്ത് പത്രം. **-ive,** *a.* ദത്ത്, ദത്തക. **-ed,** *a.* ദത്തെടുത്ത. **a.d son** ദത്ത് പുത്രൻ.

**A-dōre′,** *v. t.* അൎച്ചിക്കുക, തൊഴുക; 2. ബഹുമാനിക്കുക; 3. ഉററ് സ്നേഹിക്കുക. **=′ĕr,** *n.* ഭക്തൻ. **a.r of truth** സത്യതല്പരൻ. **=dō′ra-ble,** *a.* ഭജിക്കത്തക്ക, ബഹുമാനയോഗ്യമായ. **=rā′-tiŏn,** *n.* ആരാധന, വന്ദനം; സേവ; വാത്സല്യം. **inward a.n** മനഃപൂജ.

**A-dorn′** (-dạrn′), *v. t.* അലങ്കരിക്കുക; 2. മനോഹരമാക്കിത്തീൎക്കുക. **-ment,** *n.* അലങ്കാരം, ഭൂഷണം.

**A-drift′,** *a.* ഒലിച്ചുപോകുന്ന, പൊങ്ങി ഒഴുകുന്ന, അനാഥമായ. *ad.* ദിക്കുകാണാതെ, അനാഥമായി.

**A-droit,** *a.* സാമൎത്ഥ്യംഉള്ള, 2. യുക്തികൌശലം—; 3. മിടുക്ക്—. **-ly,** *ad.* യുക്തിയോടെ, ഉപായേന. **-ness,** *n.* കരകൌശലം, മിടുക്ക്.

**Ad-ū-lā′ri-a,** *n.* ചന്ദ്രകാന്തക്കല്ല് [(*min.*).

**Ad′ū-lāte,** *v. t.* മുഖസ്തുതി പറക, പൊന്തിച്ച് വെക്കുക (*N.*). **=lā′tiŏn,** *n.* മുഖസ്തുതി, ചാടുവാക്യം. **=lā′tor,** *n.* മുഖസ്തുതിക്കാരൻ.

**A-dult′,** *a.* യുക്തവയസ്സുള്ള, പ്രായമുള്ള, പുരുഷപ്രായമെത്തിയ, വളൎച്ചതികഞ്ഞ. *n.* പ്രാപ്തയൌവനൻ; 2. പുരുഷൻ; 3. സ്ത്രീ. **a. male** പ്രായമുള്ള പുരുഷൻ. **a. female** പ്രായമുള്ള സ്ത്രീ.

**A-dul′tĕr-āte,** *v. t.* കൂട്ടിക്കലൎത്തുക; 2. വഷളാക്കുക; 3. അശുദ്ധിയാക്കുക; 4. മാററുകറെക്കുക, ചീത്തയാക്കുക. **=tĕr-ā′tiŏn,** *n.* അന്യദ്രവ്യസമ്മിശ്രണം, കൂട്ട്, കൂട്ടിക്കലൎപ്പ്; ചീത്തയാക്കൽ. **=tĕr-ĕr,** *n.* വ്യഭിചാരി, പുലയാടി; വിഗ്രഹാരാധന-

ക്കാരൻ, വിശ്വാസത്യാഗി (*Bl.*). =tĕr-ess, *n.* വ്യഭിചാരിണി, പുലയാടിച്ചി. =tĕr-y, *n.* വ്യഭിചാരം, ജാരവൃത്തി, പുലയാട്ട്; ബിംബാരാധന, വിശ്വാസത്യാഗം (*Bl.*).

**Ad-um'brāte,** *v. t.* നിഴലിക്കുക, പ്രതിബിംബിക്കുക; 2. മറെക്കുക, തണൽ കൊടുക്കുക. =tiŏn *n.* ആച്ഛാദനം; പ്രതിച്ഛായ.

*Ad-va-lo'rem* വിലപ്രകാരമുള്ള, വിലെക്കനുസാരമായ.

**Ad-vance',** *n.* പുരോഗതി; 2. വൎദ്ധനം; 3. കയററം; 4. വിലപ്പൊക്കം (*S.*); 5. മുങ്കൂറ്, അച്ചാരം (*N.*); 6. (*pl.*) അടുപ്പം. in a. മുന്നിൽ; മുമ്പിൽക്കൂട്ടി. *v. t.* മുമ്പോട്ട് നടത്തുക; 2. കയററം കൊടുക്കുക, ഉയൎത്തുക; 3. വളൎത്തുക, അഭിവൃദ്ധി വരുത്തുക; 4. പ്രസ്താവിക്കുക; 5. മുമ്പോട്ടാക്കുക; 6. മുങ്കൂറ് കൊടുക്കുക, അച്ചാരം—. *v. i.* മുമ്പോട്ട് ചെല്ലുക; 2. അഭിവൃദ്ധി പ്രാപിക്കുക; 3. കയററം കിട്ടുക. *a.* മുമ്പിലുള്ള; അച്ചാരമായ. -ment, *n.* അഭ്യുദയം, കയററം, വൎദ്ധനവ്.

**Ad-van'tāge,** *n.* ആദായം, ഗുണം; 2. അനുകൂലം; 3. തരം. to take a. of തഞ്ചമെന്ന് വിചാരിച്ച് പ്രവൃത്തിക്കുക; തരംനോക്കുക; തോല്പിക്കുക. -ŏus, *a.* ലാഭം ഉള്ള, ഉപകാരം—, അനുകൂലമായ.

**Ad'vent,** *n.* വരവ്, ആഗമനം; 2. ക്രിസ്തുവിന്റെ ആദ്യവരവ്, —രണ്ടാം— (*Bl.*);3.ആഗമനപ്പെരുനാൾ,ആഗമനോത്സവകാലം (*Chr.*). =titi'ŏus (-tish'us), *a.* ബാഹ്യം ആയ, ആഗന്തുകം—, ആകസ്മികം—. =ven'tūre, *n.* ആകസ്മികമായ സംഭവം, ഭാഗ്യം; അപൂൎവ്വവൃത്താന്തം; അപകടം വരത്തക്ക കാൎയ്യം; വീൎയ്യം, ശൂരപ്രവൃത്തി; ആപല്ക്കരമായ പരിശ്രമം. *v. t.* & *i.* തുനിയുക, ലാഭനഷ്ടം വിചാരിയാതെ പുറപ്പെടുക, അപകടകാൎയ്യത്തിൽ പ്രവേശിക്കുക. =ven'tū-rĕr, *n.* തുനിഞ്ഞു പുറപ്പെടുന്നവൻ, വരുന്നത് വരട്ടെ എന്ന് വിചാരിച്ച് പ്രവൃത്തിക്കുന്നവൻ, ശൂരൻ, ധീരൻ. =ven'tū-rŏus, *a.* യോഗ്യഭാഗ്യകരം ആയ, ആപല്ക്കരം—, ശൌൎയ്യമുള്ള.

**Ad'vĕrb,** *n.* ക്രിയാവിശേഷണപദം (*gr.*). *a.* ക്രിയാവിശേഷകം. -ial, *a.* ക്രിയാവിശേഷണമായ.

**Ad'vĕrse,** *a.* പ്രതികൂലം ആയ, വിരോധം—; 2. നിൎഭാഗ്യകരം— a. possession എതിർ കൈവശം (*l.*). =vĕr-sar-y, *n.* വിരോധി, എതിർകക്ഷി, ശത്രു. the a.y പിശാച്, സാത്താൻ (*Bl.*). =si-ty, *n.* അനൎത്ഥം, വിപത്ത്; കഷ്ടസ്ഥിതി, ആപത്ത് കാലം; അരിഷ്ടത.

**Ad-vĕrt',** *v. i.* (to) ശ്രദ്ധിക്കുക, കുറിക്കൊൾക; 2. സൂചിപ്പിക്കുക. =vĕr'tence, =ten-cy, *n.* ജാഗ്രത, ഓൎമ്മ, ശ്രദ്ധ, സൂചന.

**Ad-vĕr-tīse',** *v. t.* അറിവ് കൊടുക്കുക, പ്രസിദ്ധപ്പെടുത്തുക. -ment, *n.* പരസ്യം.

**Ad-vīce',** *n.* ആലോചന, ബുദ്ധിയുപദേശം, അഭിപ്രായം; 2. അറിവ്; 3. (*pl.*) വൎത്തമാനം. to take a. അഭിപ്രായം ചോദിക്കുക. letter of a. ചരക്കയച്ച വിവരത്തിനുള്ള കത്ത് (*com.*). legal a. വക്കീലിന്റെ അഭിപ്രായം. medical a. വൈദ്യാഭിപ്രായം. =vīse', *v. t.* & *i.* ആലോചനപറക, ഗുണദോഷിക്കുക, ബുദ്ധിയുപദേശിക്കുക; (of) അറിയിക്കുക; (with) ആലോചിക്കുക. =vī'sĕr, *n.* മന്ത്രി, ആലോചനക്കാരൻ. legal a.r വക്കീൽ. spiritual a.r ഉപദേഷ്ടാവ്, ഗുരു. medical a.r വൈദ്യൻ. =vī'sa-ble, *a.* ആലോചന പറയത്തക്ക; ഉചിതം ആയ, വിഹിതം—, യുക്തം—. =vī'sa-bil-i-ty, *n.* ഹിതം, യോഗ്യത.

**Ad'vō-cāte,** *n.* വക്കീൽ, കാൎയ്യസ്ഥൻ; 2. പക്ഷവാദി. *v. t.* വാദിക്കുക, അനുകൂലിച്ച് പറക.

**Adz, Adze,** *n.* വാച്ചി, ചെത്തിക്കുറക്കുന്നമഴു. [Air.

**Ā'er-āte, Ā-ē'ri-al,** *etc. see under*

**Aē'rie** (ē'ri *or* ā'ri), *n.* കഴുക്കൂട്; 2. കഴുകുഞ്ഞുകൾ.

**Æs-cū-lā'pi-an,** *n.* വൈദ്യശാസ്ത്രസംബന്ധമായ, ആയുൎവ്വേദ—; 2. ഔഷധ—.

**Æs-thet'ics, Es-thet'ics,** *n. pl.* ശൃംഗാരശാസ്ത്രം, അലങ്കാരവിദ്യ.

**A-fär',** *ad.* ദൂരെ, അകലെ, ദൂരത്ത്, ദൂരത്ത്നിന്നു, ദൂരത്തേക്കു, ദൂരത്തോളം. **from a., a. off** ദൂരത്ത്വെച്ചു, ദൂരത്ത് നിന്നു.

**Af'fa-ble,** *a.* ലോഗ്യം ഉള്ള, ആനുനയം—; കൃപ—. **=bil'i-ty,** *n.* സുശീലം, ലോഗ്യം, ലൌകികം; ഇണക്കം, ആദരവ്.

**Af-fāir',** *n.* കാൎയ്യം, അവസ്ഥ, സംഗതി; 2. സാധനം; 3. (*pl.*) പ്രവൃത്തി, കാൎയ്യാദികൾ, ഉദ്യോഗം, വിഷയം; 4. ചെറുപട (*mil.*); **a. of honour** ദ്വന്ദ്വയുദ്ധം. **a. of love** രഹസ്യം.

**Af-fect',** *v. t.* പററുക, തട്ടുക; 2. ഇളക്കുക, ക്ഷോഭിപ്പിക്കുക; 3. രസം ഭാവിക്കുക, താല്പൎയ്യം കാട്ടുക; 4. ഭാവം നടിക്കുക, കപടമായി ഭാവിക്കുക. **to be a.ed to, to be a.ed towards** താല്പൎയ്യമായിരിക്കുക. **-ā'tiŏn,** *n.* നാട്യം, കാപട്യം, വേഷം കെട്ടൽ, ശോക്കി. **=fec'tiŏn,** *n.* വികാരം, പററ്; വിശേഷം, ഗുണം, അവസ്ഥ; വാസന; രസം, ചാച്ച്, അനുരാഗം, വാത്സല്യം; രോഗം, രോഗലക്ഷണം (*med.*); (*pl.*) മനോവികാരം, രാഗം. **=tiŏn-āte,** *a.* പ്രേമംഉള്ള, വാത്സല്യം—; ആദരപൂൎവ്വമായ. **=tiŏn-āte-ly,** *ad.* വാത്സല്യത്തോടെ, സ്നേഹപൂൎവ്വം.

**Af-fī'ance,** *n.* വിവാഹനിശ്ചയം; 2. വിശ്വാസം. *v. t.* വിവാഹം നിശ്ചയിക്കുക.

**Af-fi-dā'vit,** *n.* സത്യവാങ്മൂലം, സത്യവാങ്മൂലരേഖ (*l.*).

**Af-fil'i-āte,** *v. t.* ദത്തെടുക്കുക, കുഡുംബമായി കൈക്കൊൾക; 2. അംഗമാക്കിത്തീൎക്കുക; 3. (to, with) ചേൎക്കുക; 4. (to, on, upon) അച്ഛനെന്നു തീൎച്ചപ്പെടുത്തുക. **=ā'tiŏn,** *n.* ദത്ത്; ജനകനിൎണ്ണയം, വംശ—.

**Af-fī'nal,** *a.* വിവാഹബന്ധുതയുള്ള. **=fin'i-ty,** *n.* (with, to, between) വിവാഹബന്ധുത്വം; 2. ചാൎച്ച; 3. ചേൎച്ച; 4. ധാതാകൎഷണം (*ch.*).

**Af-fīrm',** *v. t.* ഉറപ്പിക്കുക, സ്ഥിരപ്പെടുത്തുക; 2. പ്രസ്താവിക്കുക, ഉറപ്പായി പറക. *v. i.* സത്യം ചെയ്തു പറക, സത്യം ചെയ്യുക (*l.*). **-ā'tiŏn,** *n.* സ്ഥിരപ്പെടുത്തൽ; സ്ഥാപനവചനം; സത്യവാചകം. **-a-tive,** *a.* ഉറപ്പിക്കുന്ന; അനുസരണരൂപമുള്ള; 'അതെ' എന്നു സമ്മതിക്കുന്ന. *n.* അനുസരണം, സ്ഥാപനം; അനുസരണവാചി, ഉവ്വ, അതേ.

**Af'fix,** *v. t.* അനുബന്ധിക്കുക, പതിക്കുക; 2. പററിക്കുക, പിടിപ്പിക്കുക, കൂട്ടിച്ചേൎക്കുക; 3. (മുദ്ര) വെക്കുക; 4. (ഒപ്പ്) ഇടുക. *n.* അനുബന്ധം; പ്രത്യയം (*gr.*).

**Af-flict',** *v. t.* പീഡിപ്പിക്കുക, സങ്കടപ്പെടുത്തുക. **='tiŏn,** *n.* ക്ലേശം, മഹാദുഃഖം, വേദന, ഉപദ്രവം; കഷ്ടാവസ്ഥ.

**Af'flu-ence,** *n.* പ്രവാഹം, കൂടിവരവ്; 2. ആധിക്യം, സമൃദ്ധി, സമ്പത്ത്, ഐശ്വൎയ്യം. **=ent,** *a.* ഐശ്വൎയ്യമുള്ള. *n.* പോഷകനദി, ഉപനദി.

**Af'flux,** *n.* ഒഴുക്കം, ചാട്ടം.

**Af-fōrd',** *v. t.* വിളയിക്കുക, ഉളവാക്കുക; 2. നല്കുക, വരുത്തുക; 3. (can, may, *etc.*) കഴിയുക, നിൎവ്വാഹമുണ്ടാക.

**Af-frāy' (-frā'),** *v. t.* ഞെട്ടിക്കുക; 2. പേടിപ്പിക്കുക. *n.* അടിപിടി, കലശൽ, 'പോലീസ്സ്'.

**Af-frīght' (-frīt'),** *v. t.* ഭയപ്പെടുത്തുക, ഭ്രമിപ്പിക്കുക, പേടിപ്പിക്കുക, അരട്ടുക. *n.* പേടി, മെരിൾ; ഭയഹേതു.

**Af-frŏnt',** *v. t.* മുഖത്ത്നോക്കി പറക; 2. എതിൎത്ത് നില്ക്കുക; 3. ധിക്കാരം പറക, അപമാനിക്കുക; 4. മുഷിപ്പിക്കുക. *n.* ധിക്കാരം, നിന്ദ; നാണക്കേട്.

**Af-fūse',** *v. t.* പകരുക. **=fū'siŏn,** *n.* തളിപ്പ്; ധാര (*med.*).

**A-flōat' (-flōt),** *a. & ad.* വെള്ളത്തിൻ മുകളിൽ ഒഴുകികൊണ്ടിരിക്കുന്ന; 2. കപ്പലിലുള്ള; 3. (വൎത്തമാനം) പരന്നിരിക്കുന്ന; 4. ദിക്കില്ലാത്ത.

**A-foot',** *ad.* കാൽ നടയായി. **the matter being a.** ആരംഭിച്ചിരിക്കുന്ന.

A-fōre', *ad.* & *prep.* മുമ്പിൽ; 2. അണിയത്ത് (*naut.*). a. cited, a. mentioned, a. said മേല്പറഞ്ഞ. a. going മുൻപറഞ്ഞ. a. hand മുമ്പിൽ കൂട്ടി. a. thought കരുതിക്കൂട്ടിയ; മുൻകരുതൽ.

A-frāid', *a.* ശങ്ക ഉള്ള, ഭയം—. I am a. I cannot help you നിങ്ങൾക്ക് സഹായം ചെയ്യാൻ എനിക്ക് കഴിവില്ലെന്നാണ് 'തോന്നുന്നത്'.

A-fresh', *ad.* പുതുതായി, വീണ്ടും, പിന്നേയും.

A-frŏnt', *ad.* എതിരായി; 2. അഭിമുഖമായി. *prep.* മുമ്പിൽ.

Aft, *a.* & *ad.* (*naut.*) അമരത്ത്.

Af'ter, *a.* പിന്നേത്ത, ഇനിയത്തെ, വരുവാൻഉള്ള; 2. പിൻഭാഗത്ത്—, അമരത്ത്—(*naut.*). *prep.* (place) പിന്നാലെ, വഴിയെ, പിറകിൽ; 2. (rank, time) കഴിച്ചാൽ, പിന്നെ; 3. (consequence) ശേഷം, നിമിത്തം. a. what you have said I shall be careful നിങ്ങൾ ഇങ്ങിനെ പറഞ്ഞ 'അവസ്ഥക്ക്' ഞാൻ സൂക്ഷിച്ച് കൊള്ളാം; (in spite of) ശേഷവും. a. all our advice you took that course ഞങ്ങൾ ഇത്രയൊക്ക പറഞ്ഞ 'ശേഷവും' നീ അവ്വണ്ണം പ്രവൃത്തിച്ചു; 4. (object) ആയ്ക്കൊണ്ട്, വേണ്ടി, പററി; 5. (imitation) അനുസാരമായി, പോലെ, പ്രകാരം, ഒത്തവണ്ണം. a. all ആകപ്പാടെ. day a. day ദിവസേന. to be a. കിട്ടുവാൻ ശ്രമിക്കുക. a.-birth, *n.* മാച്ച്, മറു, മറുപിള്ള (*an.*). a.-brain, *n.* അനുമസ്തിഷ്കം (*an.*). a.-game, *n.* വഴിയെ തോന്നിയ ഉപായം. a.-life, *n.* പാരത്രിക ജീവൻ. a.-noon, *n.* അപരാഹ്നം, തിരിഞ്ഞടി, ഉച്ചതിരിഞ്ഞ സമയം. a.-pains, *n.* പ്രസവാനന്തരമുള്ള ഗ്രന്ഥവേദന (*med.*). a.-taste, *n.* ചുവ. a.-thought, *n.* വഴിയെ തോന്നിയത്. a.-time പിങ്കാലം. a.-ward, a.-wards, *ad.* പിന്നേതിൽ, അനന്തരം, വഴിയെ. a.-wit, *n.* വസ്തുപോയ ശേഷം തോന്നിയബുദ്ധി.

A-gain' (a-gen'), *ad.* തിരികെ; 2. പിന്നെയും, വീണ്ടും; 3. അത്ര കണ്ട് പിന്നെയും; 4. അത് കൂടാതെ, എന്നു തന്നെയല്ല. a. and a. പിന്നേയും പിന്നേയും, കൂടക്കൂടെ. now and a. ഓരോരിക്കൽ.

A-gainst' (a-genst'), *prep.* എതിരായി, നേരെ; 2. വിരോധമായി, വിപരീതമായി.

A-gāpe', *a.* & *ad.* വായി തുറന്ന് നില്ക്കുന്ന; 2. അതിശയം കൂറിയ.

Ag'a-pē *n.* സ്നേഹസദ്യ (*Chr.*).

Ag'a-ric, *n.* കൂൻ, കുമിൽ (*b.*).

Ag'āte, *n.* പലവൎണ്ണത്തിലുള്ള ഒരു കല്ല്, അക്കിക്കല്ല് (*min.*).

Ag'āve, *n.* ഐരോപ്പക്കൈത, വിലാത്തിക്കൈത (*b.*).

Āge, *n.* ആയുഷ്കാലം; 2. പ്രായം, വയസ്സ്; 3. വാൎദ്ധക്യം; 4. ദശ; 5. പുരുഷപ്രായം, യുക്തവയസ്സ്; 6. യുഗം; 7. കാലം; 8. നൂററാണ്ട്, ശതാബ്ദം; 9. തലമുറ (*S.*), കരുന്തല (*N.*), പുരുഷാന്തരം; 10. നെടുങ്കാലം. of a. വയസ്സുള്ള. be of a., come of a. യുക്തവയസ്സ് തികയുക. *v.i.* കിഴവനായ്തീരുക. -d, *a.* പ്രായം ഉള്ള, വാൎദ്ധക്യം—.

*A-ġen'dum, n.* (*pl. A-ġen'da*) ചെയ്യേണ്ടുന്ന പ്രവൃത്തി വിവരം.

Ā'ġent, *n.* കൎത്താവ്, പ്രവൎത്തകൻ; 2. കാൎയ്യസ്ഥൻ, മുക്ത്യാർ നാമക്കാരൻ, പ്രതിനിധി; 3. ഹേതു, ശക്തി, കാരണം. =ġen-cy, *n.* കാൎയ്യകൎത്തൃത്വം, പ്രവൃത്തി; കാൎയ്യസ്ഥസ്ഥാനം, മുക്ത്യാർ; കാൎയ്യസ്ഥന്റെ പ്രവൃത്തിസ്ഥലം, പ്രവൃത്തിശാഖ.

Ag-glom'ĕr-āte, *v.t.* & *i.* ഉരുട്ടിക്കൂട്ടുക, കൂട്ടിവെക്കുക. =ā'tiŏn, *n.* കൂട്ടൽ; കുമ്പാരം.

Ag-glu'ti-nāte, *v. t.* ഒട്ടിക്കുക, പററിക്കുക; 2. സംയോജിപ്പിക്കുക. =nā'tiŏn, *n.* സംയോജനം; സംയോഗം.

Ag'gran-dīse *v.t.* വലുതാക്കുക, വിസ്താരമാക്കുക, വൎദ്ധിപ്പിക്കുക; 2. ഉയൎത്തുക, വളൎത്തിപ്പറക. -ment, *n.* ഉയൎച്ച, മേന്മ, വലിപ്പം.

**Ag′gra-vāte,** *v. t.* ഘനം കൂട്ടുക; 2. വലുതാക്കുക; 3. വളൎത്തിപ്പറക; 4. കോപിപ്പിക്കുക. =**vā′tiŏn,** *n.* വലിപ്പം, ഘനം, വിഷമം; അതിവൎണ്ണന; ക്രോധം.

**Ag′gre-gāte,** *v. t.* ഒന്നായി കൂട്ടുക; 2. കൂട്ടിച്ചേൎക്കുക; 3. തുകയാക്കുക. *a.* ഒട്ടാകെയുള്ള, ഏകോപിച്ച. *n.* ഒന്നായി കൂടിയത്. **in the a.** ആകപ്പാടെ. =**gā′tiŏn,** *n.* കൂട്ടം, തുക, സഞ്ചയം, സമൂഹം.

**Ag-gress′,** *v. t.* ആക്രമിക്കുക, കലശൽ തുടങ്ങുക. **-iŏn,** *n.* ആക്രമം, കലഹാരംഭം. **-ive,** *a.* ആക്രമിക്കുന്ന. **-ŏr,** *n.* അഭിയോഗി, ആക്രമി.

**Ag-griēve′,** *v. t.* ദുഃഖിപ്പിക്കുക, വേദനപ്പെടുത്തുക. **to be a.d** സങ്കടം അനുഭവിക്കുക, വ്യസനിക്കുക.

**A-ghast′** (-gast′), *a.* ഭയപരവശമായ, ഭ്രമം ഉള്ള, അമ്പരപ്പ്—. **to be a.** ഭ്രമിച്ച് പോക. **to stand a.** തരിച്ച് നില്ക്കുക.

**Ag′ile** (aj′il), *a.* വേഗത ഉള്ള, ചുറുക്ക്—. =**gil′i-ty,** *n.* വേഗത, ചുറുചുറുപ്പ്.

**A′gi-ō,** *n.* വട്ടം, പലിശ, പൊലു.

**Ag′i-tāte,** *v. t.* കലക്കുക, ഇളക്കുക; 2. ക്ഷോഭിപ്പിക്കുക, മനഃകലക്കം വരുത്തുക; 3. ഊററത്തോടെ വാദിക്കുക; 4. കലഹിപ്പിക്കുക, ഇളക്കിവിടുക. =**tā′-tiŏn,** *n.* ഇളക്കം, അലെച്ചു; ക്ഷോഭം, കലക്കം; തൎക്കം. =**tā′tŏr,** *n.* ഇളക്കിവിടുന്നവൻ, ഉത്സാഹിപ്പിക്കുന്നവൻ, കലക്കുന്നവൻ.

**Ag′nāil,** *n.* കഴിനഖം, വിരൽകുരു.

**Ag′nāte,** *n.* പിതൃബന്ധു, ബന്ധു, സപിണ്ഡൻ. *a.* അച്ഛൻസംബന്ധമുള്ള.

**Ag-nos′tic,** *n.* അജ്ഞാനവാദി, ആത്മജ്ഞാനനിഷേധകൻ. =**cism,** *n.* അജ്ഞാനവാദം, ആത്മജ്ഞാനനിഷേധോപദേശം.

**A-gō′,** *ad.* മുമ്പെ, മുമ്പ്. **gone long a.** പോയിട്ട് വളരെ നേരമായി.

**A-gog′,** *a.* ദ്രുതഗതിയുള്ള. *ad.* തിരക്കോടെ.

**Ag′ō-nīse,** *v. t. & i.* അത്യാസന്നത്തിലാക, അതിവേദന അനുഭവിക്കുക; 2. പാടുപെടുക; 3. പോരാടുക, പ്രയത്നിക്കുക; 4. അത്യാസന്നത്തിലാക്കുക, പീഡിപ്പിക്കുക. =**ō-ny,** *n.* അതിപ്രയത്നം; അതിദുഃഖം, വ്യഥ; പാരവശ്യം; പ്രാണസങ്കടം, അത്യാസന്നം.

**A-grā′ri-an,** *a.* ഭൂമിസംബന്ധമായ, നിലം—.

**A-grēe′,** *v. i.* ഒപ്പമായിരിക്കുക, ഏകാഭിപ്രായമായിരിക്കുക; 2. (to) സമ്മതിക്കുക, യോജിക്കുക; 3. ഉടമ്പടി ചെയ്ക, ഒക്കുക, നിരന്നുവരിക, കരാർ ചെയ്ക; 4. തുല്യമായിരിക്കുക, ഒത്തുവരിക; 5. പററിവരിക. **-a-ble,** *a.* ഒരുക്കം ഉള്ള, മനസ്സ്—; യുക്തം ആയ, മനോഹരം—, രുചികരം—, ഇമ്പമുള്ള; (to) പററിയ. യോഗ്യം ആയ, ഉചിതം—. **-a-bly,** *ad,* (to) ഒത്തവണ്ണം, അനുസാരമായി, പ്രകാരം. **-a-bi-li-ty, -a-ble-ness,** *n.* രമണീയത്വം, സൌഹാൎദ്ദം; ഔചിത്യം, യോജിപ്പ്. **-ment,** *n.* ഐക്യം, ചേൎച്ച, ഒരുമ; നിശ്ചയം, ഉഭയസമ്മതം (*S.*), ഉടമ്പടി, കരാർ (*N.*), നിശ്ചയരേഖ (*N.*); പൊരുത്തം (*gr.*).

**Ag-ri-cul′tūre,** *n.* കൃഷിപ്രവൃത്തി; 2. കൃഷിശാസ്ത്രം. =**tū-rist,** *n.* കൃഷിക്കാരൻ; കൃഷിശാസ്ത്രജ്ഞൻ.

**A-ground′,** *a. & ad.* (*naut.*) ഉറച്ചുപോയ, കരക്ക് കയറിപ്പോയ, മാട്ടിന്മേൽ കയറിയ (*N.*), അടിഞ്ഞ (*N.*).

**Á′gūe** (ā′gū), *n.* കുലുക്കിപ്പനി, മലമ്പനി, കാട്ട് പനി, വിറപ്പനി, ശീതജ്വരം, കുളിർപനി, തുള്ളപ്പനി (*med.*). **a.-cāke,** *n.* കട്ടി (*N.*), കെണ്ട (*med.*).

**Äh** (ä), *int.* അയ്യോ, ഹാ, ആ.

**A-hä′,** *int.* ആഹാ, അങ്ങിനെയോ!

**A-head′** (-hed′), *ad.* മുമ്പിൽ, മുമ്പോട്ട്, ഭാവിയിൽ. **to go a.** മുമ്പിൽ നടക്ക, മുമ്പോട്ട് പോക, കയറിപ്പോക. **to get a. of** മററുള്ളവരേക്കാൾ മുമ്പിൽ പോക, ജയിക്കുക, മുന്തിനില്ക്കുക.

**Āid**, *n.* ഉതവി, ഉപകാരം, ഒത്താശ; 2. സഹായി, തുണയാളി. *v. t.* സഹായിക്കുക, തുണെക്കുക.

*Āid'-de-camp* (ad'de-koṅ), *n.* സേനാപതിയുടെ പരികമ്മി, പടനായകസഹായി (*mil.*).

**Āil**, *v. t. r.* വല്ലായ്മതൊന്നുക, സുഖക്കേടു—; 2. കഴക്കുക. **what ails him?** അവന്നു എന്താണ് 'സുഖക്കേട്'? **-'ment**, *n.* ദീനം, വല്ലായ്മ, വരുത്തം, രോഗം.

**Āim**, *n.* കുറി, ലാക്ക്, നോട്ടം; 2. ഉദ്ദേശം, താല്പൎയ്യം, പോക്ക്. *v. i. & t.* കുറിനോക്കുക, —വെക്കുക; 2. ലാക്കാക്കുക, ഓങ്ങുക; 3. മനസ്സ് വെക്കുക, ഭാവിക്കുക. **to cry a.** ധൈൎയ്യപ്പെടുത്തുക.

**Air**, *n.* കാററ്, വായു, ആകാശം; 2. ലഘുവായു, മായ; 3. കാലാവസ്ഥ, വായുവിശേഷം; 4. ഇളങ്കാററ്; 5. വാസന, നാററം; 6. സഹവാസം, പരിചയം; 7. പ്രസിദ്ധി; 8. രാഗം, പാട്ട്, സംഗീതം; 9. ഭാവം, മുഖഭാവം, മാതിരി (*N.*). **in the a.** കിംവദന്തിയുണ്ടാക; അസ്ഥിരമായിരിക്കുക. **to put on a.** വലിപ്പം നടിക്കുക, പൊങ്ങച്ചം കാട്ടുക. **to take the a.** കാററുകൊള്ളുക, ഉലാവുക. **to take a.** പരസ്യമായ്തീരുക. **give a.** പ്രസിദ്ധമാക്കുക. **a. balloon** ആകാശപ്പന്ത്, വിമാനം. **castle in the a.** and **a. castle** മനോരാജ്യം, ഗഗനകുസുമം. **a. cell** വായുവറ (*an.*). **a. line** നേർരേഖ. **a. pump** വായുപ്രക്ഷേപകയന്ത്രം, വാതാകൎഷകയന്ത്രം (*ph.*). **a. threads** വണ്ണാൻവല, മാറാല, മാറാമ്പൽ. **a. sac, a. vessel** വായുകോശം (*an.*). *v. t.* കാററ് കൊള്ളിക്കുക, കാററത്തിടുക; 2. പ്രകടിക്കുക; 3. ആററുക, ഉലത്തുക. **-i-ness**, *n.* വായുസഞ്ചാരം; ഉന്മാദം, ഉല്ലാസം. **-y**, *a.* വായവ്യ, ആകാശത്തിലേക്ക് ഉയൎന്നു നില്ക്കുന്ന; ഉന്നതമായ; വായുഗതാഗതം ഉള്ള; കാറേറാട്ടം—; വായുമയം ആയ, വായുസമം—, ആത്മമയം—; വ്യൎത്ഥം—, ഉല്ലസിതം—; ഗൌരവഭാവം നടിക്കുന്ന. **ā'ĕr-āte**, *v. t.* കാററുകലത്തുക, കാററുകൊള്ളിക്കുക; അംഗാരാമ്ലവായു പ്രവേശിപ്പിക്കുക. **a.-ed waters** വായുസമ്മിശ്രപാനകം. **ā-ĕr-ā'tiŏn**, *n.* വായുസംയോജനം. **āë'ri-al**, വായുസംബന്ധം ഉള്ള; വായുമയം ആയ, വാസ്തവമല്ലാത്ത; വായുചരം ആയ, ഉന്നതം—; ലഘു—. **āer-i-fi-cā'tiŏn**, *n.* വായുസമ്മിശ്രണം; വായുരൂപീകരണം, വായുരൂപപരിണാമം, **āer'-i-form**, *n.* വായുരൂപമായ; വാസ്തവമല്ലാത്ത. **āer'i-fȳ**, *v. t.* കാററ് കലത്തുക; വായുമയമാക്കി മാററുക. =**āer'-ō-līte**, =**lith**, *n.* കൊള്ളിമീൻ, ആകാശത്തിൽനിന്നു വീണ കല്ല്. **āer-ol'-o-gy**, *n.* വായുശാസ്ത്രം. **āer-om'e-tĕr**, *n.* വായുഘനമാപകയന്ത്രം. **āer'ō-naut** (-nat), *n.* വിമാനഗാമി. **āer'ō-naut-ics**, *n.* ആകാശയാനവിദ്യ, വിമാനശാസ്ത്രം.

**Aīsle** (īl), *n.* കയ്യാല; 2. ദൈവാലയത്തിലെ പാൎശ്വഭാഗം, —നടുഭാഗം.

**Āit** (āt), *n.* തുരുത്തി; 2. 'ഓട്ട്' എന്ന ധാന്യം.

**A-jär'**, *ad.* അല്പം തുറന്നിരിക്കുന്ന; 2. തമ്മിൽ തെററിയിരിക്കുന്ന, പിണങ്ങിയിരിക്കുന്ന.

**A-kim'bō**, *a.* വണങ്ങിയ, കുനിഞ്ഞ, ഊരക്ക് കൈകൊടുത്ത.

**A-kin'**, *a.* രക്തസംബന്ധമുള്ള, അടുത്ത; 2. തുല്യമായ.

**Al'a-bas-tĕr**, *n.* വെള്ളക്കല്ല്, വെൺകല്ല്, ചന്ദ്രകാന്തം (*min.*).

**A-lack'**, *int.* അയ്യോ, ഹാ.

**A-lac'ri-ty**, *n.* ചുറുചുറുപ്പ്, ചുറുക്ക്, ചുണ, ജാഗ്രത, ഉന്മേഷം, കുതൂഹലം.

*Al-a-mōde'*, *ad.* വഴക്കപ്രകാരം, നടവടി—.

**A-lärm'**, *n.* ആയുധം ധരിപ്പാനുള്ള വിളി, ആപത്സൂചകനാദം; 2. അയ്യംവിളി, ഊയ്യാരം, ഭയധ്വനി; 3. അമ്പരപ്പ്, പരിഭ്രമം; 4. ഉറക്കുണൎത്തുന്ന മണിയൊച്ച, ഞെട്ടിക്കുന്ന ശബ്ദം. *v. t.* ആയുധം ധരിക്കേണ്ടതിന്നു വിളിക്കുക, ആപത്തുണ്ടെന്നറിയിക്കുക, അയ്യംവിളിക്കുക; 2. ഭയപ്പെടുത്തുക; 3. ഞെട്ടിക്കുക, ഉണൎത്തുക.

-ist, *n.* ഭയം ധ്വനിക്കുന്നവൻ: അകാരണമായി പരക്കെ ഭയം ജനിപ്പിക്കുന്നവൻ.

A-lăr'um, *n.* സമയസൂചകഘണ്ടാനാദം.

A-las', *int.* അയ്യോ, അയ്യയ്യോ, ഹാ, കഷ്ടം, ഹന്ത, ആഹന്ത.

Al'ba-tross, *n.* കോൽകാട്ടിപ്പക്ഷി, ഉവർനീർപുള്ള്, കിന്നരപ്പുള്ള്, കപ്പല്പൂക്ക (*z.*).

Al'bē-it, *conj.* എന്നാലും, എങ്കിലും, എന്നിട്ടും, ആകിലും.

Al-bī'nō, *n.* വെള്ളമ്പൻ, പൂമീൻ, മനുഷ്യൻ, പാണ്ഡുപ്പിറപ്പ്.

Al'bum, *n.* കുറിപ്പുപുസ്തകം; 2. ഛായാപട സംഗ്രഹപുസ്തകം.

Al-bū'men, Al-bū'min, *n.* അണ്ഡശുക്ലകം, മുട്ടവെള്ള, വെള്ളക്കരു (*ch.*).

Al-bū-mi-nū'ri-a, *n.* മൂത്രരോഗം, മൂത്രവാച്ച.

Al-ehe-mist, *n.* രസവാദി. =my, =chy-my, *n.* രസവാദം, രസായനവിദ്യ.

Al'cō-hol, *n.* മദ്യസാരം, ചാരായം, റാക്ക്. -ism, *n.* മദ്യപാനരോഗം.

Al-cōve', *n.* അറ, ഉറക്കറ, ഉള്ളറ; 2. പന്നശാല.

Ăl'dĕr-man, *n.* മൂപ്പൻ, മുഖ്യസ്ഥൻ; 2. നഗരാഢ്യൻ, നഗരനായകസഭാംഗം. -cy, *n.* നഗരാഢ്യത്വം. -i-ty, *n.* നഗരനായകസഭ.

Āle, *n.* യവരസം, 'ബീർ' എന്ന മദ്യം. a.-house, *n.* ചാരായക്കട (*S.*), മദ്യം വില്ക്കുന്നസ്ഥലം, കള്ളുചാപ്പ, —പീടിക.

A-lĕrt', *a.* ഉണൎച്ച ഉള്ള; 2. ചുറുക്ക്—, വേഗത—. -ness, *n.* ജാഗ്രത, ചുറുചുറുപ്പ്, ഉത്സാഹം. on the a. നോക്കിക്കൊണ്ടിരിക്കുന്ന; ഒരുക്കമുള്ള.

Al'ge-bra, *n.* ബീജഗണിതം, അക്ഷര—, ചിഹ്ന—. -ic, -ic-al, *a.* ബീജഗണിതസംബന്ധമായ.

*Ă'li-as, ad.* അല്ലെങ്കിൽ, അഥവാ; 2. എന്നുകൂടിപേരുള്ള; 3. മറെറാരിക്കൽ (*l.*).

*Al'i-bi, n.* അന്യവാസം, മറെറാരിടത്തായിരിക്കൽ.

Āl'ien (āl'yen), *a.* അന്യം, പരം; 2. പരദേശികം, അന്യരാജ്യത്തിലുൾപ്പെട്ട, പരദേശത്തുള്ള, അന്യരാജ്യത്തിൽനിന്നു വന്ന; 3. അന്യസ്വഭാവമുള്ള, വിപരീതമായ. *n.* അന്യൻ, പരദേശി, അന്യരാജ്യപ്രജ; 2. പൌരത്വമില്ലാത്തവൻ. -ate, *v. t.* അന്യാധീനപ്പെടുത്തുക, വില്ക്കുക; വിട്ടൊഴിക, വിടുക, അകററുക. -ā'tiŏn, *n.* അന്യാധീനപ്പെടുത്തൽ, തീറ് കൊടുക്കൽ; വിക്രയം; ചാൎത്ത് പിരിച്ചൽ, മിത്രഭേദം; ബുദ്ധിഭ്രമം.

A-līght' (-līt') *v. t.* ഇറങ്ങുക; 2. താഴുക; 3. പറന്നുവീഴുക, വീണുകിടക്കുക. *a.* പ്രകാശമുള്ള, വിളക്കുകൊളുത്തിയിരിക്കുന്ന.

A-līke', *a.* തുല്യം, സമാനം, പോലെ, ഒത്ത, സദൃശം, സന്നിഭം. *ad.* സമമായി, ഒരുപോലെ, അതേപ്രകാരം.

Al'i-ment, *n.* പോഷണം, തീൻ, ആഹാരം; 2. അഹോവൃത്തി, കൊററ്. *v. t.* പുലൎത്തുക, പോഷിപ്പിക്കുക. -ā'tiŏn, *n.* പോഷണം, ദഹനം. -al, =tar-y, *a.* പോഷണസംബന്ധമായ, പോഷകശക്തിയുള്ള. a.y canal ദഹനേന്ദ്രിയങ്ങൾ (*an.*).

Al'i-mon-y, *n.* അഹോവൃത്തി, ഉപജീവനം, ചിലവ്; 2. ഉപേക്ഷിച്ചഭാൎയ്യക്ക് ഭൎത്താവ് അഹോവൃത്ഥംകൊടുക്കുന്ന ദ്രവ്യം.

Al'i-quant, *a.* ശേഷഹാരകമായ (*math.*).

Al'i-quot, *a.* അശേഷഹാരകമായ (*math.*).

A-līve', *see* Live. *a.* ജീവനുള്ള, ജീവനോടുകൂടെ ഇരിക്കുന്ന; 2. പ്രവൎത്തനസ്ഥിതിയിൽഉള്ള, ജീവച്ചെച്ചു—. to keep the fire a. തീ കെടാതെ വെക്കുക. to keep the affections a. മനസ്സിൽ വാത്സല്യം നിലനിൎത്തിപ്പോരുക; നിറഞ്ഞിരിക്കുന്ന; അറിവ് ഉള്ള, ഓൎമ്മ—, ജാഗ്രത—, ചൈതന്യം—, വേഗത—. he is a. to nature's laws അവനു പ്രകൃതി നിയമങ്ങളെ കുറിച്ച നല്ലബോധമുണ്ട്. he was the proudest man a. അവൻ ഭൂമിയിൽവെച്ച് വലിയ ഗൎവ്വിയായിരുന്നു.

Al'ka-li, *n.* ക്ഷാരം, തുവക്കാരം, തുവച്ചിലക്കാരം, തുവരുപ്പ്, യവക്ഷാരം (*ch.*). =line, *a.* ക്ഷാരസംബന്ധം ഉള്ള ക്ഷാരഗുണം—.

All, *a.* എല്ലാം, എല്ലാവരും, എപ്പേരും, ഒക്കയും, മുഴുവനും, സൎവ്വവും, സകലവും, നിശ്ശേഷം, യാവത്തും, ആകെ, സമസ്തം; 2. മാത്രം. beyond a. doubt സംശയം അശേഷം ഇല്ലാതെ. *ad.* മുഴുവനും, മുററും, തീരെ, ആകപ്പാടെ, അശേഷം, പൂൎണ്ണമായി. a. along എപ്പോഴും, ഇത് വരെയും. a. at once ക്ഷണത്തിൽ, പെട്ടന്നു. a. but ഏകദേശം, മുക്കാലേയര ക്കാല്യം. a. hollow തീരെ, മുഴുവനും, മുററും. a. one ഒന്നു തന്നെ, ഒന്നു പോലെ, ഒരുപോലെ, സമം, തുല്യം. a. over എപ്പോഴും, മുഴുവനും, തീരെ, മുററും, അശേഷം. a. the better അത്രക്കു നല്ലത്. a. the same എന്നിട്ടും, താനും. *n.* എല്ലാവരും, ഏവരും, ആകത്തുക. our a. is at stake പോയാൽ നമുക്കുള്ളതൊക്കയും പോയി. my a. എനിക്കുള്ളതൊക്കയും. a. of it അതു മുഴുവനും. a. of us നാമെല്ലാവരും, ഞങ്ങളെല്ലാവരും. after a. എല്ലാംകൊണ്ടും, എന്തായിട്ടും, ഒക്കെയായിട്ടും, എന്നിട്ടും. a. in a. ഒക്കയും, ആകെ, ആകപ്പാടെ. a. told എല്ലാംകൂടി, ഒട്ടാകെ. and a. മററും, ശേഷമുള്ളതും. at a. യാതൊന്നും, ഒട്ടും, അശേഷം, കേവലം. for good and a. തീരെ, കേവലം, മടങ്ങിവരാതവണ്ണം. is that a.? അത്രേയുള്ളു? not at a. ഒരിക്കലുമില്ല, അല്ലേഅല്ല. nothing at a. ഒന്നുമില്ല, കേവലം ഇല്ല. once for a. തീൎച്ചയായി. a. fools' day എപ്രിൽ മാസം ഒന്നാം ൹. a. fours നാല്യ കാലിന്മേൽ. to be on a. fours, to go on a. fours, to run on a. fours സമമായിരിക്കുക, എല്ലാവിഷയത്തിലും ഒത്തിരിക്കുക. a. hail വന്ദനം, ജയജയ, ശുഭമസ്തു. a. saints' day പുണ്യവാളപ്പെരുനാൾ (നവെമ്പ്ര 1-ാം ൹) (*R. C.*). a. souls' day മൃതസ്മരണദിനം (നവെമ്പ്ര 2-ാം ൹) (*R. C.*).

Al-lāy', *v. t.* ശമിപ്പിക്കുക, ശാന്തപ്പെടുത്തുക, സാവധാനപ്പെടുത്തുക, സമാധാനപ്പെടുത്തുക; 2. കട്ടപ്പം കുറെക്കുക, തണുപ്പിക്കുക, അടക്കുക.

Al-lege', *v. t.* പ്രസ്താവിക്കുക, ഉറപ്പിച്ചുപറക; 2. കാരണമായി പറക, ഒഴികഴിവു പറക. =le-gā'tion, *n.* പ്രസ്താവം, വാക്ക്; വാദം.

Al'lē'giance (-jans), *n.* സ്വാമിഭക്തി, രാജഭക്തി; 2. അനുരാഗം, രഞ്ജന.

Al'le-go-ry, *n.* രൂപകഥ, ഉപമ, ഉപമാകഥ. =ric, =gor-i-cal, *a.* രൂപകം ആയ, ഉപമാരൂപം—; ഗൂഢാൎത്ഥമുള്ള.

Al-lē'grō, *ad.* ത്വരിതമായി, ചൈതന്യത്തോടെ (*mus.*).

Al-lē'vi-āte, *v. t.* ഭാരം കുറക്കുക, ശക്തി—, കട്ടപ്പം—; 2. ശമിപ്പിക്കുക, ലഘുവാക്കുക. =lē-vi-ā'tiŏn, ഉപശാന്തി, ആശ്വാസം, തണുപ്പ്; ശമനസാധനം.

Al'ley (-li), *n.* ഇടവഴി, നട; 2. ഉപവീഥി.

Al-lī'ance, *see under* Ally.

Al-li-gā'tor, *n.* മുതല, ചീങ്കണ്ണി, മണ്ണൻ (z.)

Al-lit-ĕr-ā'tiŏn, *n.* പ്രാസം, അനുപ്രാസം, യമകം.

Al-lō-cū'tiŏn, *n.* ചൊല്ലത്ത്, പ്രസംഗം, പാഠകം.

Al-lo'di-um, *n.* ജന്മം, അട്ടിപ്പേർ.

Al-lop'a-thy, *n.* സാധാരണവൈദ്യം, സമ്പ്രദായം (*med.*).

Al-lot', *v. t.* നറുക്കിട്ടു ഓഹരി ചെയ്ക; 2. പകുക്കുക; 3. നിശ്ചയിച്ചു വെക്കുക, നീക്കി—, സമ്മതിച്ചു കൊടുക്കുക, അനുവദിച്ചു—. -ment, *n.* അംശിക്കൽ, വിഭജനം; അംശം, പങ്ക്, കൂറ്.

Al-low', *v. t. & i.* കൊടുക്കുക, അനുവദിക്കുക; 2. സ്വീകരിക്കുക, സമ്മതിക്കുക; 3. കിഴിവ് കൊടുക്കുക, വെച്ചു—, തള്ളി—. to a. of പറവുക, കൊള്ളുക. -a-ble, *a.* സമ്മതിക്കത്തക്ക, അനുവദിക്കത്തക്ക. -ance, *n.* അനുമതി, സമ്മ

ത്തം; ഓഹരി; ബത്ത, ചെലവ്; മാസപ്പ്പടി; കറപ്പടി, കറമാനം. to make a. for the inexperience of youth ചെറുപ്പംനിമിത്തമുള്ള അറിയായ്മ ഓൎത്തു 'പൊറുക്കുക'.

Al-loy', *n.* കൂട്ട്, മട്ടം, ലോഹക്കൂട്ട്; 2. പൊന്നിൻെറയും വെള്ളിയുടെയും ശുദ്ധി,—മാററ്; 3. കലൎപ്പ്, സമ്മിശ്രണം. no happiness is without a. ദുഃഖകലൎപ്പില്ലാത്ത സുഖമില്ല. *v. t.* മട്ടം കൂട്ടുക, —ചേൎക്കുക, കൂട്ട് കൂട്ടുക, മാററ് കുറെക്കുക, ശുദ്ധി—; 2. കൂട്ടികലൎത്തുക, ഹീനമാക്കുക.

Al-lụde', *v. t.* (to) തീട്ടിപ്പറക, ചൂണ്ടി—, ഉദ്ദേശിച്ചു—, സൂചിപ്പിക്കുക. =lụ'ṣiŏn, *n.* ഉദ്ദേശം, സൂചിതം, ഇംഗിതം; സൂചിതകഥ.

Al-lụre', *v. t.* വശീകരിക്കുക, ആശകാട്ടി വശത്താക്കുക, മോഹിപ്പിക്കുക, ആകൎഷിക്കുക. -ment, *n.* വശീകരണം, മോഹനം; മോഹവിഷയം.

Al-lụ'vi-al, *a.* പുഴ തൂൎന്നുണ്ടായ, ആററ് വെപ്പായ. =lụ'vi-um, *n.* ആററ് വെപ്പ്; പുഴ തൂൎന്നുണ്ടായ ഭൂമി.

Al-lȳ, *n.* ഉടമ്പടിക്കാരൻ, സഖി; 2. കൂട്ടുകാരൻ, ചങ്ങാതി; 3. സഹായി. *v. t.* (to, with) യോജിപ്പിക്കുക, ഉടമ്പടിചെയ്യു; 2. സഖ്യതചെയ്യു. =lī'ance, *n.* സംബന്ധം, ചേൎച്ച, ബാന്ധവം; സഖ്യത.

Äl'ma-nac, *n.* പഞ്ചാംഗം; 2. പഞ്ചാംഗപ്പുസ്തകം.

Ạl-mīght'y (-mīt'i), *n.* സൎവ്വശക്തൻ, സൎവ്വവല്ലഭൻ. the A. ദൈവം. *a.* സൎവ്വശക്തി ഉള്ള, —വല്ലഭത്വം—, സകലത്തിന്നും മതിയായ.

Äl-mŏnd (ä'mund), *n.* ബദാംകായി, ബദാംകുരു (*b.*).

Ạl'mōst, *ad.* ഏകദേശം, ഏറക്കുറയ, മിക്കവാറും, ഏതാണ്ടുമെല്ലാം. a. never ഒരിക്കലും ഇല്ല. a. nothing ഒട്ടും ഇല്ല.

Älms (ämz), *n.* (*s.* & *pl.*) ഭിക്ഷ, ധൎമ്മം. a. house ധൎമ്മശാല. al'mon-ĕr, *n.* ദാനധൎമ്മകാൎയ്യസ്ഥൻ. al'mon-ry, *n.* ധൎമ്മപ്പുര. el-ēe-mos'y-nă-ry, *a.* ദാനധൎമ്മം സംബന്ധിച്ച; ധൎമ്മത്തിന്നുള്ള; ഭിക്ഷ ആയ, ദാനം—; ധൎമ്മംകൊണ്ടുപജീവിക്കുന്ന. *n.* ധൎമ്മക്കാരൻ, ആശ്രിതൻ.

A-loft', *ad.* മേലെ, മീതെ; 2. ഉന്നതത്തിൽ, ആകാശത്തിൽ; 3. മേല്പെട്ട്.

A-lōne', *a.* ഏകനായിരിക്കുന്ന, തനിയേയുള്ള; 2. ഏകാകിയായി, സ്വകാൎയ്യം, മാത്രമായ; 3. അനന്യമായ. let me a., leave me a. എന്നെ അലമ്പൽ ആക്കരുത്. let that a. അതങ്ങിനെയിരിക്കട്ടെ; അത് തൊടേണ്ട.

A-long', *ad.* നീളത്തിൽ, ഓരത്തിൽ കൂടി; 2. ഒരുമിച്ചു, ഒന്നായി, ഒപ്പരം (*N.*); 3. മുമ്പോട്ട്. all a. എല്ലായ്പോഴും; ആദ്യംമുതല്ക്കേ. a. with കൂടെ, ഒരുമിച്ചു. to get a. വൎദ്ധിച്ചുവരിക, നന്നായി—, സാദ്ധ്യം പ്രാപിക്കുക. a. side of ഓരത്തിൽ, അരികിൽ. *prep.* നീളത്തിൽ, ഒന്നിച്ചു, കൂടി. a. the way വഴിയായി, വഴിയിൽ കൂടി.

A-loof', *ad.* (with) ദൂരത്ത്, അകലെ; 2. വിട്ടിട്ട്, അനനുകൂലമായി. keep a. അകന്നു നില്ക്കുക, വാങ്ങി—. -ness, *n.* അകല്ച.

A-loud', *ad.* ഉറക്കെ, ഉച്ചത്തിൽ, തിണ്ണം.

Al'pha, *n.* യവനഭാഷയിലെ ആദ്യാക്ഷരം; 2. ഒന്നാമൻ, ആദ്യൻ; 3. ആരംഭം. -bet, *n.* നിലത്തെഴുത്ത്, അക്ഷരമാല. -bet'ic, -bet'i-cal, *a.* അക്ഷരക്രമപ്രകാരം.

Ạl-read'y (-red'i), *ad.* കഴിഞ്ഞ, തീൎന്ന; 2. മുമ്പെതന്നെ, മുമ്പ് കൂട്ടി; 3. ഇതിന്നിടയിൽ, അപ്പോഴേക്ക്.

Ạl'sō, *ad.* കൂടെ, അവ്വണ്ണം, സഹ, മാത്രമല്ല, അതിന്നു പുറമെ, ഉം.

Ạl'tar, *n.* ബലിക്കുററി, —പീഠം, ഹോമ—, യജ്ഞവേദി; 2. തിരുവത്താഴമേശ. to lead to the a. ഒരു സ്ത്രീയെ വേളികഴിക്കുക.

Ạl'tĕr, *v. t.* മാററുക, ഭേദപ്പെടുത്തുക. *v. i.* മാറുക, ഭേദിച്ചുവരിക. -a-ble, *a.* മാറിപ്പോകത്തക്ക. -ā'tiŏn,

*n.* വികാരം, ഭേദഗതി, പരിണാമം. -ā-tive, *n.* രക്തശുദ്ധീകരണൌഷധം (*med.*).

Al'tĕr-cāte, *v. i.* പിണങ്ങുക, കലഹിക്കുക, കലശൽകൂട്ടുക. =cā'tiŏn, *n.* പിണക്കം, വക്കാണം (*P.*), കലശൽ, വാഗ്വിവാദം.

Al-tĕr'nāte, *a.* പൎയ്യായം, മാറിമാറി, അന്യോന്യം; 2. ഒന്നിടവിട്ട്. =nā'tiŏn, *n.* മാററം, പൎയ്യായഗതി; പരിവൎത്തനം (*ar.*). =na-tive, *n.* രണ്ടാലൊന്ന്; മറുകൈ; പക്ഷാന്തരം. no other a.e വേറെ നിൎവ്വാഹമൊന്നുമില്ല.

Al-thōugh' (-thō') *conj.* എങ്കിലും, എന്നാലും, എന്നിട്ടും, ആകിലും, എന്നുവരികിലും, ആയിട്ടും.

Al'ti-tūde, *n.* ഉയരം, ഉന്നതി; 2. അഗ്രം; 3. ശ്രേഷ്ഠത, വൈശിഷ്ട്യം; 4. പൊങ്ങച്ചം.

Al-tim'e-ter, *n.* ഔന്നത്യമാപനയ[ന്ത്രം.

Al-tö-geth'ĕr, *ad.* എല്ലാംകൂടി, ആകെ, ആകപ്പാടെ; 2. അശേഷം, മുഴുവനും.

Al'um, *n.* പടികക്കാരം, പടിക്കാരം, ചീനക്കാരം (*ch.*).

A-lum'nus, *n.* (*pl.* a-lum'ni) വിദ്യാൎത്ഥി.

Al-vē-ar'y, *n.* തേനീച്ചക്കൂട്; 2. കൎണ്ണഭാരം (*an.*). =vē'ō-lus, *n.* തേനറ.

Al'wāys, *ad.* എല്ലാപ്പോഴും, സദാ, സദാകാലം, നിത്യം, എന്നും, സദാപ്പോഴും.

A-mal'gam, *n.* രസമൎദ്ദനം, —മിശ്രിതം, കൂട്ട്, കലപ്പ് (*ch.*). =māte, *v. t.* രസത്തോട് ചേൎക്കുക; ചാലിക്കുക; കൂട്ടിക്കലൎത്തുക, സംയോജിപ്പിക്കുക. =mā'tiŏn, *n.* രസനം, സമ്മിശ്രണം; കൂട്ടിക്കലൎപ്പ്.

A-man-ū-en'sis, *n.* ഗുമസ്തൻ, എഴുത്തുകാരൻ.

Am'a-ranth, *n.* മുള്ളഞ്ചീര (*b.*); 2. മയിലാഞ്ചി (*b.*).

A-mass', *v. t.* കുമ്പാരമാക്കുക, കൂട്ടിച്ചേൎക്കുക, സ്വരൂപിക്കുക, സമ്പാദിക്കുക, ശേഖരിച്ചു വെക്കുക.

Am-a-teur' (-tĕr'), *n.* വിദ്യാതല്പരൻ.

Am'a-tor-y, *a.* മോഹനീയമായ, മോഹിപ്പിക്കുന്ന.

A-māze', *v. t.* അമ്പരപ്പിക്കുക, വിസ്മയിപ്പിക്കുക. -ment, *n.* സംഭ്രമം, ആശ്ചൎയ്യം, സ്തംഭനം, പരിഭ്രമം.

Am'a-zon, *n.* യോധിനി, ശൌൎയ്യമുള്ള സ്ത്രീ.

Am-bas'sa-dor, *n.* രാജദൂതൻ, പ്രതിനിധി; 2. സ്ഥാനാപതി, മന്ത്രി, കാൎയ്യസ്ഥൻ.

Am'bĕr, *n.* അമ്പർ. -grīs, *n.* പൊന്നമ്പർ, മീനമ്പർ.

Am-bi-gū'i-ty, =big'ū-ŏus-ness, *n.* ഉഭയാൎത്ഥം, ഗൂഢാൎത്ഥം; 2. അസ്പഷ്ടത, സംശയം. =big'ū-ŏus, *a.* ഉഭയാൎത്ഥമുള്ള; അവ്യക്തമായ, നിശ്ചയമില്ലാത്ത. =big'ū-ŏus-ly, *ad.* അൎത്ഥവ്യക്തിയില്ലാതെ; സംശയകരമായി.

Am-bi'tiŏn (-bish'un), *n.* സ്ഥാനകാംക്ഷ, മാനാഭിലാഷം, അഭിമാനം, ഉന്നതഭാവം; 2. അത്യാഗ്രഹം, അതിമോഹം. ='tiŏus, *a.* മഹത്ത്വാംക്ഷഉള്ള, അത്യാശ—.

Am'ble, *n.* കുതിരനട, ചന്തം; 2. ലളിതഗതി. *v. t.* കുതിരച്ചന്തം വെച്ചു നടക്കുക; 2. കാല്ക്കു കൂടാതെ—.

Am-brō'si-a, *n.* അമൃതം, അമൃത്, പീയൂഷം.

Am'bū-lance, *n.* പോക്കുചികിത്സാഗൃഹം. a. cart മുറിവേററവരെ കൊണ്ടുപോകുന്ന വാഹനം.

Am'bus-cāde, Am'bush, *n.* പതിയിരിപ്പ്; 2. പതിയിരിപ്പുപട; 3. കണി, തന്ത്രം. *v. t.* പതിയിരിക്കുക, ഒളിച്ചിരിക്കുക. to lay an a.h സൈന്യം പതിയിരുത്തുക.

Am-bus'tiŏn, *n.* തീപ്പൊള്ളൽ.

A-mēl'io-rāte (-mēl'yo-), *v. t.* നന്നാക്കിത്തീൎക്കുക, പരിഷ്കരിക്കുക. *v. i.* നന്നായ്വരിക, ഗുണപ്പെട്ടു—. =rā'tiŏn, *n.* ഗുണീകരണം, പരിഷ്കാരം, ഗുണം.

**Ā-men′** (*or* ä-men′), *ad.* & *n.* സത്യം, തഥാസ്തു, നിശ്ചയമായി, അങ്ങിനെതന്നെ (*Bl.*).

**A-mē′na-ble,** *a.* അധീനമായ, ഉത്തരപ്പെടത്തക്ക, സമാധാനം പറയത്തക്ക; 2. ശിക്ഷായോഗ്യമായ; 3. വഴക്കമുള്ള, വിധേയമായ.

**A-mend′,** *v. t.* നന്നാക്കിത്തീൎക്കുക, തിരുത്തുക, കുറവുതീൎക്കുക, ശരിയാക്കുക, ഭേദം വരുത്തുക, ഭേദപ്പെടുത്തുക. *v. i.* നന്നായിവരിക, ഗുണപ്പെട്ടു—, വഴിക്കു—. **-a-ble,** *a.* ശരിയാക്കത്തക്ക. **-ment,** *n.* ഭേദം, മാററം, തിരുത്തൽ; ഗുണീകരണം. **=mends,** *n.* (*s.* & *pl.*) നിഷ്കൃതി, പ്രായശ്ചിത്തം, പ്രതിശാന്തി, നഷ്ടം വെച്ചുകൊടുക്കൽ.

**A-men′i-ty,** *n.* രമ്യത, മനോഹരത, ലോക്യം, രഞ്ജന.

**A-merce′,** *v.t.* പിഴകല്പിക്കുക, പിഴെപ്പിക്കുക. **-ment,** *n.* പിഴ.

**Am′e-thyst.** *n.* സുഗന്ധിക്കല്ല്, വൈഡൂൎയ്യം (*min.*).

**Ā′mi-a-ble,** *a.* സ്നേഹയോഗ്യം ആയ, രമ്യം—, ഇഷ്ടകരം—; 2. ലാവണ്യം ഉള്ള, സുശീലം—, മനോഹരമായ. **-ness, =bil′i-ty,** *n.* മനോഹരത, ലാവണ്യം, മനോരമ്യത, സരസത്വം. **=ca-ble,** *a.* സ്നേഹം ഉള്ള, ഇണക്കം—, ആദരശീലം—, സമാധാനം—. **=ca-bly,** *ad.* സ്നേഹപൂൎവ്വം, യോജിപ്പായി, സമാധാനമായി. **am′i-ty,** *n.* സ്നേഹം, മിത്രഭാവം, ഇഷ്ടം, രസം.

**A-mid′, A-midst,** *prep.* മദ്ധ്യേ, നടുവിൽ, ഇടയിൽ, കൂട്ടത്തിൽ, കൂടെ.

**A-miss′,** *a.* അബദ്ധം ആയ, അനുചിതം—. *ad.* തെററ് ആയി, അയോഗ്യം—, ദോഷം—. **to take a.** തെററായി ധരിക്കുക, മുഷിയുക.

**Am-mō′ni-a,** *n.* നവസാരം, നവക്ഷാരം (*ch.*)

**Am-mū-ni′tiŏn** (-nish′un), *n.* വെടിക്കോപ്പ്, പട—, വെടിമരുന്ന് ഉണ്ട മുതലായത്.

**Am′nes-ty,** *n.* മറതി; 2. ക്ഷമ, മാപ്പ്.

**A-mŏng′, A-mŏngst,** *prep.* ഇൽ, ഇടയിൽ, നടുവെ, മദ്ധ്യേ, കൂട്ടത്തിൽ. **blessed art thou a. women** സ്ത്രീകളിൽ വെച്ചു നീ ഭാഗ്യവതി.

**Am′ō-rŏus,** *a.* പ്രേമമാന്ന; 2. മോഹമുള്ള; 3. സ്നേഹജമായ.

**A-mount′,** *n.* തുക, ആകത്തുക, സംഖ്യ; 2. സാരം, ഫലം. *v. i.* കയറിപ്പോക; 2. (to, unto) തുകയായിരിക്കുക; 3. (to) ആയിരിക്കുക; 4. തുല്യമായിരിക്കുക; 5. പൊരുളാക. **the testimony a.s to very little** ആ തെളിവ് സാരമില്ല. **his property may a. to a lac** അവന്റെ വസ്തു ഒരു ലക്ഷത്തിന്നുണ്ടാകും.

**Am-phib′i-ŏus** (-fib′i-us), *a.* കരയിലും വെള്ളത്തിലും ജീവിക്കുന്ന, ഉഭയചരമായ, ഉഭയപ്രകൃതിയുള്ള. **=′i-um,** (*pl.* **=i-a**), *n.* ഉഭയജീവി, ഭൂജലചരം.

**Am-phi-thē′a-tre** (-fi-thē′a-tĕr), *n.* കളപ്പടവോടു തുല്യമായ ഇരിപ്പിടമുള്ള വൃത്താകാരസ്ഥലം, നാടകശാല, രംഗസ്ഥലം.

**Am′ple,** *a.* വിശാലം ആയ, വിസ്തീൎണ്ണം—, വലിപ്പം ഉള്ള; 2. ധാരാളം ആയ; 3. വിവരം—. **-ness,** *n.* വിശാലത, വിസ്താരം; ധാരാളത്വം. **=pli-fi-cā′tiŏn,** *n.* വൎണ്ണനം, വിസ്തീൎണ്ണപ്രസ്താവം. **=pli-fȳ,** *v. t.* & *i.* വലുതാക്കുക, വിസ്താരമാക്കുക, വിവരം ചേൎത്തുപറക, വൎണ്ണിക്കുക. **=pli-tūde,** *n.* വൎണ്ണം, വലിപ്പം, വിശാലത; ബാഹുല്യം, ധാരാളത്വം; ബുദ്ധിവലിപ്പം. **=ply,** *ad.* ധാരാളമായി, വേണ്ടുവോളം, വേണ്ടുംപോലെ; ഔദാൎയ്യമായി.

**Am′pū-tāte,** *v.t.* മുറിച്ചുകളക, അംഗം ഛേദിച്ചു—. **=tā′tiŏn,** *n.* അംഗവിച്ഛേദനം.

**A-muck′,** *a.* & *ad.* ബുദ്ധിഭ്രമമുള്ള, ഭ്രാന്തുപിടിച്ച. **to run a.** ഭ്രാന്ത് പിടിച്ചോടി കണ്ടവരെ കത്തികൊല്ലുക.

**Am′ū-let,** *n.* യന്ത്രം, രക്ഷ; 2. ഉറുക്ക്.

**A-mūse′**, *v.t.* (with, in, by) നേരം പോക്കു കാട്ടുക, രസിപ്പിക്കുക; 2. ആശ കാട്ടി തോല്പിക്കുക. **a. one's self** ഉല്ലസിക്കുക. **-ment**, *n.* വിനോദം, കളി, തമാശ.

**An**, *a.* ഒരു, ഏതോ ഒരു, വല്ല; 2. ഓരോ. *conj.* എങ്കിൽ.

**An-ach′rō-nism**, *n.* കാലഗണനവിരുദ്ധം, കാലവൈപരീത്യം.

**An-a-co-lu′thon**, *n.* (*gr.*) അനുബന്ധവിസൎജ്ജനാലങ്കാരം, വാക്യാനുക്രമഭംഗം.

**An-æ′mi-a** (an-ē′mi-a), *n.* രക്തക്കുറച്ചൽ, പിത്തം (*med.*). **=æm′ic**, *a.* രക്തക്കുറവുള്ള.

**An-æs-thes′i-a**, **=the′sis**, *n.* ബോധക്ഷയം, ബോധംകെടുക്കൽ (*med.*). **=thet′ic**, *a.* ബോധഹരമായ, ബോധമില്ലാതാക്കുന്ന. *n.* ബോധഹരൌഷധം (*med.*). **=the-tīse**, *v.t.* ഔഷധത്താൽ ബോധംകെടുത്തുക.

**An-a-log′i-cal**, **A-nal′ō-gŏus**, *a.* സമാനം ആയ, തുല്യം—, ഒത്തിരിക്കുന്ന. **=gy**, *n.* (between, to, with) അനുരൂപത, തുല്യത, സാദൃശ്യം.

**An′a-lyse**, **=lyze**, *v.t.* വിച്ഛേദിക്കുക, വിഗ്രഹിക്കുക; 2. ധാതുവിഭാഗം ചെയ്ക; 3. ആദിഭൂതപരിശോധനചെയ്ക. **a-nal′y-sis**, *n.* വിവേചനം, സൂക്ഷ്മപരിശോധന; വിഗ്രഹം, പദപരിച്ഛേദം, വാക്യ— (*gr.*); മൂലതത്വപരിശോധന (*ch.*); സാരസംക്ഷേപം.

**A-nā′nas**, *n.* കൈതച്ചക്ക (*b.*).

**An′ar-chy**, *n.* അനാധിപത്യം, അനായകത്വം; 2. താറുമാറ്. **=chist**, *n.* അരാജകപക്ഷക്കാരൻ. **=chic**, **=chi-cal**, *a.* അരാജകമായ. **=chism**, *n.* അരാജകത്വം; അരാജകപക്ഷം.

**A-nath′e-ma**, *n.* ശാപം; 2. ഭ്രഷ്ട്; 3. ഭ്രഷ്ടൻ. **-tīse**, *v.t.* ശപിക്കുക.

**A-nat′ō-my**, *n.* അംഗവിച്ഛേദനവിദ്യ; 2. ശരീരശാസ്ത്രം. **=tom′ic**, **=tom′i-cal**, *a.* ശരീരശാസ്ത്രസംബന്ധമായ, ദേഹവിച്ഛേദന—. **=ō-mist**, *n.* ശരീരശാസ്ത്രജ്ഞൻ, ദേഹവിച്ഛേദനപരീക്ഷകൻ.

**An′ces-tŏr**, *n.* പൂൎവ്വൻ, കാരണവൻ, പിതാമഹൻ. **=ces′tral**, *a.* പൈതൃകം, പൂൎവ്വികം. **a.l property** പൂൎവ്വസ്വത്ത്, പിതൃാൎജ്ജിത—. **=ces-try**, *n.* വംശപാരമ്പൎയ്യം.

**Ań′chor** (ań′kor), *n.* നങ്കൂരം, കൊല്ലായ്ക; 2. ഉറപ്പ്, പ്രത്യാശ. **cast a.** നങ്കൂരം ഇടുക, ചീനിതാഴ്ത്തുക. **weigh a.** ഇരിമ്പ് എടുക്കുക. **at a.** നങ്കൂരം ഇട്ടു നില്ക്കുന്ന. *v.i.* കപ്പലിടുക, നങ്കൂരമിട്ടു നില്ക്കുക; 2. ഉറച്ചു—. **-āge**, *n.* ചീനിയിറക്കം; കപ്പൽ നില്ക്കുന്നസ്ഥലം; നങ്കൂരക്കൂട്ടം; പിടുത്തം, ഉറപ്പ്; ആശ്രയവിഷയം; ചീനിക്കാണം, നങ്കൂരപ്പണം.

**Ań′chō-ret**, **=rīte** (-kō-), *n.* വനവാസി, വാനപ്രസ്ഥൻ.

**An-cho′vy**, *n.* ഒരുവക മത്തി (z.).

**An′cient** (-shent), *a.* പണ്ടേ ഉള്ള, പഴക്കം—, പുരാതനമായ. *n.* (*pl.*) പൂൎവ്വികന്മാർ; 2. പ്രമാണികൾ.

**An′cle**, *n.* *see* **Ankle**.

**And**, *conj.* ഉം, പിന്നെ, അങ്ങിനെ, അനന്തരം.

**An′ec-dōte**, *n.* ചെറുകഥ.

**A-nent′**, *prep.* നേരെ മുമ്പിൽ; 2. പററി, കുറിച്ചു.

**A-new′** (-nū′), *ad.* പുതുതായി, പിന്നെയും, രണ്ടാമതും, തിരികെ.

**Ān′gel**, *n.* ദൂതൻ, ദൈവദൂതൻ. **arch-a.**, *n.* പ്രധാനദൂതൻ.

**Ań′gĕr**, *n.* കോപം, ക്രോധം. **=gry**, *a.* (with a person, at a thing) കോപം ഉള്ള, ദ്വേഷ്യം—.

**Ań′gle**, *n.* കോണം, കോൺ, മൂല. **acute a.**, *n.* ന്യൂനകോണം (*geom.*). **external a.** ബഹിഷ്കോണം (*geom.*). **internal a.** അന്തഃകോണം (*geom.*).

obtuse a. വിശാലകോണം (*geom.*). right a. സമകോണം (*geom.*). an'gū-lar, *a.* കോൺ ഉള്ള, മൂല—; ശൂഷ്കിച്ചുവിരൂപമായ.

**An'gle,** *n.* ചൂണ്ടൽ. *v. t.* ചൂണ്ടലിട്ടു മീൻ പിടിക്കുക; 2. കൌശലത്താൽ വശമാക്കുക. an'gler, *n.* ചൂണ്ടക്കാരൻ.

**An'guish** (-gwish), *n.* കഠിനവേദന, മഹാവ്യസനം.

**An'i-cut, An'ni-cut,** *n.* ചിറ, അണക്കെട്ട്.

**An-i-mad-vert',** *v. i.* കുറിക്കൊൾക, പ്രസ്തുവിക്കുക; 2. ആക്ഷേപിക്കുക. =ver'sion (-shun), *n.* ആക്ഷേപം, ശാസന.

**An'i-mal,** *n.* ജന്തു, ജീവി, പ്രാണി; 2. മൃഗം. *a.* പ്രാണനുള്ള; 2. ദേഹസംബന്ധമായ. a. food മാംസാഹാരം. a. kingdom തിൎയ്യഗ്യോനി, ജീവജാലം, ജംഗമം. -cule, *n.* അണുപ്രാണി. =māte, *a.* ജീവൻ ഉള്ള, പ്രാണൻ—. *v. t.* ഉയിരിടുക, ജീവിപ്പിക്കുക; ചൈതന്യം ഉളവാക്കുക, ശക്തികൊടുക്കുക, ധൈൎയ്യം കൂട്ടുക, ഉണൎത്തുക. =mā'tiŏn, *n.* ജീവപ്രദാനം; ചൈതന്യം, ജീവൻ.

**An-i-mos'i-ty,** *n.* പക, വൈരം, വിരോധം.

**An'i-mus,** *n.* (*pl.* -mī) ചൈതന്യം; 2. മനസ്സ്, താല്പൎയ്യം.

**An'kle,** *n.* കണങ്കാൽ, നരിയാണി. ='klet, *n.* കാൽവള, തണ്ട.

**An'na,** *n.* അണ.

**An'nals,** *n. pl.* വൎഷവൃത്താന്തം, കാലാനുക്രമചരിത്രം; 2. വൃത്താന്തം, ചരിത്രം. =nal-ist, *n.* വൎഷവൃത്താന്ത രചകൻ; ചരിത്രമെഴുതുന്നവൻ.

**An-nēal'** (-nēl'), *v. t.* പഴുപ്പിച്ചു ക്രമേണ തണുപ്പിച്ചു പാകമാക്കുക, പതം വരുത്തുക; 2. പഴുപ്പിച്ചു നിറം കയറുക.

**An-nex'** (an-neks'), *v. t.* (to) കൂട്ടിച്ചേൎക്കുക; 2. അധീനമാക്കുക, പിടിച്ചടക്കുക; 3. ചേൎത്തുവെക്കുക. -ā'tiŏn, *n.* സംയോജനം, അധീനപ്പെടുത്തൽ, കൂട്ടിച്ചേൎക്കൽ.

**An-nī'hi-lāte,** *v. t.* ഇല്ലാതാക്കുക, നശിപ്പിക്കുക; 2. ഉന്മൂലനാശം വരുത്തുക. =lā'tiŏn, *n.* നിൎമ്മൂലനാശം, ഉപസംഹൃതി; ഇല്ലായ്മയാക്കൽ.

**An-ni-vĕr'sar-y,** *a.* വൎഷന്തോറുമുള്ള. *n.* വൎഷാന്തരോത്സവം; 2. വൎഷാന്തരസംഭവം; 3. ആണ്ട്; 4. ശ്രാദ്ധം.

**An'no Dom'i-ni,** *n.* ക്രിസ്ത്വാബ്ദം, ക്രിസ്തുവൎഷം, —ശകം.

**An'nō-tāte,** *v. t.* കുറിപ്പെഴുതുക; 2. വ്യാഖ്യാനിക്കുക. =tā'tiŏn, *n.* സൂചകം, കുറിപ്പ്; വ്യാഖ്യാനം.

**An-nounce',** *v. t.* പ്രസ്താവിക്കുക, പ്രസിദ്ധമാക്കുക. -ment, *n.* അറിയിപ്പ്, പരസ്യം.

**An-noy',** *v. t.* അസഹ്യപ്പെടുത്തുക, മുഷിപ്പിക്കുക; 2. ഉപദ്രവിക്കുക. -ance, *n.* അലമ്പൽ, ഉപദ്രവം, തൊന്തരവ്.

**An'nū-al,** *n.* വൎഷാന്തരകാൎയ്യം, വൎഷാന്തരകൃതി, ഏകവാൎഷികസസ്യം. *a.* ആണ്ടുതോറുമുള്ള; 2. ഒരാണ്ട് മാത്രം നില്ക്കുന്ന. =nū'i-ty, *n.* വൎഷാശനം, വൎഷാന്തരദ്രവ്യം, മാലിഖാൻ.

**An-nul',** *v. t.* ദുൎബ്ബലപ്പെടുത്തുക, ഇല്ലായ്മചെയ്ക, അസാധുവാക്കുക. -ment, *n.* ദുൎബ്ബലമാക്കൽ, നീക്കം.

**An'nū-lar, An'nū-lar-y,** *a.* മോതിര, അംഗുലീയാകൃതിയുള്ള, വൃത്താകാരമായ, വട്ടത്തിലുള്ള. a. eclipse കങ്കണഗ്രഹണം (*as.*).

**An-nun'ci-āte,** *v. t.* അറിയിക്കുക, പ്രസിദ്ധമാക്കുക. =ā'tiŏn, *n.* അറിയിപ്പ്, പരസ്യം.

**An'ō-dȳne** (-dīn), *n.* വേദനശമനൌഷധം (*med.*).

**A-noint',** *v. t.* അഭിഷേകിക്കുക, തേക്കുക, പൂശുക. -ment, *n.* അഭിഷേകം, തേപ്പ്, ലേപനം.

**A-nom'a-ly,** *n.* ക്രമക്കേട്; 2. സൂത്രലംഘനം. =lŏus, *a.* ക്രമവിരുദ്ധമായ.

**A-non′**, *ad.* ഉടനെ, ക്ഷണം; 2. പിന്നെ, പിന്നൊരിക്കൽ. **ever and a.** കൂടക്കൂടെ, അപ്പഴപ്പഴ്, പലപ്പോഴും.

**A-non′y-mŏus**, *a.* പേരില്ലാത്ത, പേരറിയാത്ത. **a. letter** ചാരോല.

**A-nŏth′ĕr**, *a.* ഒന്നുംകൂടെ; 2. മറെറാരു, വേറൊരു. **one a.** തമ്മിൽ തമ്മിൽ, പരസ്പരം. **one after a.** ഓരോന്നായി, ഒന്നിന്റെ വഴിയെ ഒന്നായി. **one with a.** ഒരുമിച്ചു.

**An′swĕr** (an′sĕr), *n.* ഉത്തരം, സമാധാനം, പ്രതിവാദം; 2. 'ജവാബ്', മറുവടി; 3. ഫലം, ഉത്തരം (*ar.*); 4. പ്രതികാരം. *v.t.* & *i.* പ്രതിവാദിക്കുക, ഉത്തരം പറക, മറുവടികൊടുക്കുക; 2. സമാധാനം പറക; 3. നിവൃത്തിക്കുക; 4. എതിരായിരിക്കുക; 5. ഉതകുക, പററുക; 6. ഉത്തരവാദം ചെയ്ക. **-a′ble**, *a.* ഉത്തരം പറയത്തക്ക; ഉത്തരവാദിയായ (*N.*), ചുമതലയുള്ള (*S.*); അനുസാരമായ.

**Ant**, *n.* ഉറുമ്പ്, മീറ്. **black a.** കട്ടെറുമ്പ്. **tree a.** കനിയൻ, പുളിയുറുമ്പ്. **red a.** ചോണൻ, നെയ്യുറുമ്പ്. **white a.** ചിതൽ. **flying white a.** മഴപ്പാററ, ഇയ്യാമ്പാററ, ഈയൽ. **white a.'s hill** പുററ്. **a. eater** ഉറുമ്പ്തീനി, അള്ളുവൻ, ഇത്തിൾപന്നി (z.).

**An-tag′ō-nism**, *n.* വിരോധം, പ്രതികൂലത. **=nist**, *n.* പ്രതിയോഗി, എതിരാളി, ശത്രു, എതിർകക്ഷി; മാററുമരുന്ന് (*med.*). **=nis-tic**, *a.* മാററം ഉള്ള, ശത്രുതപം—.

**Ant-are′tic**, *a.* ദക്ഷിണധ്രുവസംബന്ധമായ.

**An′tĕ**, *pf.* മുൻ.

**An-te-cēde′**, *v.t.* & *i.* മുഞ്ചെല്ലുക; 2. കവിയുക. **=cē′dence**, *n.* മുൻചെല്ലൽ; പുരോഗതി; ഉച്ചതെററൽ (*as.*), താഴ്ച. **=cē′dĕnt**, *a.* മുമ്പുള്ള, പൂൎവ്വഗതം; മുൻകൂട്ടി വിചാരിക്കത്തക്ക. *n.* പുരോഗാമി; *pl.* കീഴ്ക്കടനടപ്പ്, പൂൎവ്വവൃത്താന്തം; മുൻനില്ക്കുന്ന നാമം (*gr.*). **=ces′sor**, *n.* പൂൎവ്വികൻ, കാരണവൻ.

**An′te-chām-bĕr**, *n.* മുന്നറ.

**An′te-dāte**, *v. t.* മുൻതിയ്യതി വെച്ചെഴുതുക; 2. മുമ്പുകൂട്ടി അനുഭവിക്കുക.

**An′te-di-lụ-vi-an**, *a.* ജലപ്രളയത്തിന്നു മുമ്പുള്ള.

**An′te-lōpe**, *n.* കലമാൻ, ചെറു—, കരി—, കൃഷ്ണമൃഗം.

**An-te-me-rid′i-an**, *a.* പൂൎവ്വാഹ്നമായ, ഉച്ചെക്ക് മുമ്പുള്ള.

**An-te-mun′dāne**, *n.* ലോകസൃഷ്ടിക്ക് മുമ്പുള്ളത്.

**An-ten′næ**, *n.* ക്ഷുദ്രജന്തുപ്രാണികളുടെ മീശ, സ്പൎശിനി (*z.*).

**An-tē′ri-ŏr**, *a.* മുമ്പുള്ള; 2. പൂൎവ്വമായ; 3. മുൻഭാഗത്തുള്ള. **-i-ty**, *n.* മുമ്പ്.

**An′te-stom-ach**, *n.* പക്ഷികളുടെ മേട.

**An-thel-min′tic**, *a.* കൃമിഘ്നമായ (*med.*). *n.* വിഴാലരി (*b.*).

**An′them**, *n.* കീൎത്തനം, സ്തോത്രഗീതം (*Chr.*).

**An-thol′o-ġy**, *n.* പുഷ്പമാല; പാഠം—.

**An-thrō-pol′ō-ġy**, *n.* മനുഷ്യദേഹശാസ്ത്രം; 2. നരകല—.

**An-thrō-poph′a-gŏus** (-pof′a-), *a.* മാനുഷഭക്ഷകർ ആയ, —ഭോജി—.

**An′ti**, *pf.* പ്രതി, എതിർ, പകരം.

**An′tic**, *n.* കോമാളി, വിദൂഷകൻ; 2. അപൂൎവ്വരൂപം; 3. ചേഷ്ട. *a.* പുരാതനം ആയ; 2. അപൂൎവ്വം—, കോമാളിത്തരം—.

**An′ti-christ**, *n.* എതിർ ക്രിസ്തൻ, ക്രിസ്തുശത്രു ശ്രേഷ്ഠൻ, അന്തിക്രിസ്തു (*Bl.*).

**An-tic′i-pāte** (-tis′i-), *v.t.* മുമ്പായി എടുക്കുക; 2. മുമ്പിൽകൂട്ടി നിരൂപിക്കുക, ഗ്രഹിക്കുക; 3. അനുഭവിക്കുക; 4. ആലോചിച്ചു തടുക്കുക; 5. കാലത്തിന്നു മുമ്പ് ചെയ്ക; 6. മുൻകണ്ടു പ്രവൃത്തിക്കുക. **=pā′tiŏn**, *n.* മുൻവിചാരം, —അറിവ്, —പ്രവൃത്തി; അനുഭവം, നോട്ടം; ആദ്യതോന്നൽ.

**An′ti-dōte**, *n.* (against) പ്രത്യൌഷധം, മാററുമരുന്ന്; 2. മറുകൈ.

**An′ti-mon-y**, *n.* അഞ്ജനക്കല്ല് (*ch.*); 2. മഷി, മൈ, സുരുമ.

**An-tip′a-thy**, *n.* പ്രകൃതിവിരോധം; 2. പക, ബദ്ധവിരോധം; 3. വെറുപ്പ്, അറപ്പ്; 4. ചേരായ്മ (*ch.*).

**An-tip′ō-dēs**, *n. pl.* ഭൂമിയുടെ നേരെ മറുപുറത്ത് വസിക്കുന്നവർ; 2. ഭൂമിയുടെ നേരെ മറുപുറം; 3. കേവലം വിപരീതമായ്.

**An-tīque′** (-tēk′), *a.* പുരാതനമായ; 2. പഴക്കപ്പെട്ട, പണ്ടത്തെ. **=ti-qua-ry, =ti-quā′ri-an**, *n.* പുരാതനവിഷയജ്ഞൻ, പഴമക്കാരൻ. **=ti-quā-ted**, *a.* പഴക്കപ്പെട്ട, നടപ്പില്ലാത്ത. **=tiq′ui-ty** (-tik′wi-), *n.* പഴക്കം; പുരാതനകാലം; പൂർവ്വന്മാർ; *pl.* പുരാതന ശേഷിപ്പ്.

**An-ti-sep′tic**, *n.* പൂതിനിവാരണവസ്തു, ചീച്ചൽവരാതെ സൂക്ഷിക്കുന്ന സാധനം. *a.* ചീച്ചലകററുന്ന.

**An-ti-spas-mod′ic**, *a.* വലിയകററുന്ന, മിൻപാച്ചലില്ലാതാക്കുന്ന. *n.* ശൂലനിവാരണൌഷധം (*med.*).

**An-tith′e-sis**, *n.* വിരോധാലങ്കാരം; 2. വ്യത്യാസം, വൈപരീത്യം.

**An′ti-tȳpe**, *n.* വസ്തുത, സാക്ഷാൽ വസ്തു, സൂചിതം—.

**Ā′nus**, *n.* ഗുദം, മൂലദ്വാരം, മൂലം (*an.*).

**An′vil**, *n.* അടകല്ല്, അടൊല (*N.*), അടക്കോൽ (*S.*). **to be on the a.** ആലോചനയിലിരിക്കുക, ആലോചിച്ചുവരിക.

**Aṅ-x̱ī′e-ty** (ang-zī′e-), *n.* വ്യാകുലം, ചിന്ത, ആധി; 2. ആകാംക്ഷ. **Aṅ′xi-ŏus** (aṅk′shus), *a.* വേവലാധി ഉള്ള, ചിന്താകുലം—; അത്യാശ—.

**A′ny** (en′ny), *a.* ആരെങ്കിലും, ഏതെങ്കിലും, വല്ല, യാതൊരു, ഏതാനും. **at a. rate, in a. case** എന്തായാലും, എങ്ങിനെയെങ്കിലും, യാതൊന്നുകൊണ്ടും. *ad.* എന്തെങ്കിലും, ഒട്ടും, അല്പംപോലും, തെല്ല് (*S.*). **is he a. better?** അവനു ഒട്ട് ഭേദമായോ? **a. more** അല്പംകൂടെ, കുറെച്ചും—, ഇനിയും കുറെ; ഇനി, മേലാൽ. **-how, -wīse**, *ad.* എന്തായാലും, എങ്ങിനെ എങ്കിലും, ഏത് വിധം—. **a. longer** ഇനി, മേലാൽ. **above a. thing** എല്ലാററിലും മുഖ്യമായി. **-whēre**, *ad.* എങ്ങും, എവിടെയെങ്കിലും, വല്ലേടവും. **a. time** വല്ലപ്പോഴും, എപ്പോഴെങ്കിലും. **a. thing but** കേവലം അല്ല. **it is a. thing but pleasure** അത് സന്തോഷമല്ലേയല്ല. **a. thing like** വല്ലപ്രകാരവും. **I cannot give a. thing like a fair description** ഏതാനും കൃത്യമായ വിവരം പോലും പറവാൻ എന്നാൽ കഴിവില്ല. **a. thing the matter?** വിശേഷിച്ച് വല്ലതും ഉണ്ടോ?

**Ā′o-rist**, *n.* അദ്യതനഭൂതകാലം, ഭൂതകാലം (*gr.*).

**Ā-or′ta**, *n.* മൂലനാഡി, കണ്ഡരനാഡി (*an.*).

**A-pāce′**, *ad.* ത്വരിതഗതിയായി, വേഗത്തിൽ, വേഗം, വേഗേന.

**A-pan′thrō-py**, *n.* സഹവാസവിരക്തി, ഏകാന്തവാസ താല്പര്യം.

**A-pärt′**, *ad.* സ്വകാര്യമായി, വേറെ, വെവ്വേറെ, വേറിട്ട്, അകലെ, പിരിഞ്ഞു, പ്രത്യേകം പ്രത്യേകമായി. **a. from it** അതിന്നു പുറമെ, അത് കൂടാതെ തന്നെ.

**Apärt′ment**, *n.* മുറി, അറ, അകം.

**Ap′a-thy**, *n.* സഹതാപരഹിതത്വം, ജഡത്വം, ജാഡ്യം, ഉദാസീനത, മന്ദത, ഉന്മേഷക്കുറവ്; 2. മടിവ്, വിരോധം.

**Āpe**, *n.* വാലില്ലാത്ത കുരങ്ങ്, വാനരൻ; 2. ഗോഷ്ഠിക്കാരൻ. *v. t.* ഗോഷ്ഠികാട്ടുക; 2. അനുകരിക്കുക. **ā′per-y**, *n.* കുരങ്ങത്തരം. **ā′pish**, *a.* കുരങ്ങത്തരമായ; ഗോഷ്ഠികാട്ടുന്ന.

**A-pēr′i-ent**, *n.* വിരേചനൌഷധം, ഭേദി (*med.*). *a.* വിരേചകമായ.

**Ap′ēr-tūre**, *n.* തുരവ്, പഴുത്, ദ്വാരം, തുള, പിളപ്പ്, വിടവ്, വിള്ളൽ; 2. തുറസ്സ്.

**Ā′pex**, *n* ശിഖരം, അഗ്രം, അററം, മുന.

**Aph′o-ny, A-phō′ni-a** (af′ō, -fō′ni-), *n.* ക്രാറടപ്പ്; 2. വായിവരായ്ക.

**Aph'o-rism** (af'o-), *n.* സൂത്രം, നീതിവാക്യം, പഴഞ്ചൊൽ.

**Aph'thæ** (af'thē), *n.* വായ്പുണ്ണ്.

**Ā'pi-ar-y,** *n.* തേനീച്ചക്കൂട്.

**A-piēce'** (-pēs'), *ad.* ഓരോന്നിന്ന്, ഓരോ ആൾക്കു.

**A-poc'a-lypse** (-lips), *n.* വെളിപ്പാട്; 2. വെളിപ്പാട് പുസ്തകം (*Bl.*). =**lyp'tic,** ='**ti-cal,** *a.* വെളിപ്പാട് സംബന്ധമായ, പ്രവാചക—.

**A-poc'ry-phon** (*pl.* =**pha**) (-fon, -fa), *n.* ഗൂഢഗ്രന്ഥം, ക്രിസ്ത്യാനിവേദപുസ്തകത്തിൽ ചേർക്കാത്ത ചില ഗ്രന്ഥങ്ങൾ (*Chr.*); 2 അപ്രാമാണ്യഗ്രന്ഥം. =**phal,** *a.* പ്രമാണം അല്ലാത്ത, വിശ്വാസയോഗ്യം—; കൃത്രിമം ആയ, സങ്കല്പം—, കളവ്—.

**Ap'ō-ġee** (-jē), *n.* പരമചന്ദ്രായനം, ഭൂമിയിൽനിന്ന് അധികം അകന്നിരിക്കുന്ന ചന്ദ്രായന ഭാഗം (*as.*); 2. അററം, ഉച്ചം, ഉയൎച്ച.

**A-pol'ō-ġy,** *n.* വിശ്വാസപ്രതിവാദം; 2. അവിധ, ക്ഷമയാചന; 3. തെററ് പറയൽ. **to tender an a.** തെററ് സമ്മതിക്കുക, ക്ഷമ ചോദിക്കുക. =**ġīse,** *v.t. & i.* പ്രതിവാദം കഴിക്കുക; 2. (for) അവിധപറക; ക്ഷമചോദിക്കുക, മാപ്പ്—; തെററ്പറക. =**ġet-ic,** =**ġet'i-cal,** *a.* പ്രതിവാദകമായുള്ള, ന്യായം കാണിക്കുന്ന. =**ġet'ics,** *n. pl.* വിശ്വാസപ്രതിവാദവിദ്യ.

**Ap'ō-plex-y** (-plek-si), *n.* ക്ഷിപ്രസന്നി, സന്നിപാതം (*med.*). =**plec'-tic,** =**plec'ti-cal,** *a.* സന്നി ഉള്ള, ക്ഷിപ്രസന്നിലക്ഷണം—; സന്നിപാത സംബന്ധമായ; ക്ഷിപ്രസന്നിക്കുള്ള. =**plec'-tic,** *n.* സന്നിപാതം പിടിച്ചവൻ; ക്ഷിപ്രസന്നിവരാകുന്ന ദേഹക്കൂറുള്ളവൻ.

**A-pos'ta-sy,** =**cy,** *n.* വിശ്വാസത്യാഗം, സ്വമതപരിത്യാഗം. ='**tāte,** *n.* സ്വമാൎഗ്ഗത്യാഗി, വിശ്വാസ—. ='**ta-tīse,** *v.t.* സ്വമാൎഗ്ഗം ത്യജിക്കുക, വിശ്വാസം ഉപേക്ഷിക്കുക.

**A-pos'tle** (-pos'sl), *n.* അപ്പൊസ്തലൻ, പ്രേരിതൻ, ശ്ലീഹ (*Syr.*), റസൂൽ (*M.*). **ap-os-tol'ic, ap-os-tol'i-cal,** *a.* അപ്പൊസ്തലതയുള്ള, അപ്പൊസ്തലസംബന്ധമായ. -**ship,** *n.* അപ്പൊസ്തലത്വം, അപ്പൊസ്തലസ്ഥാനം.

**A-pos'tro-phē** (-fē), *n.* സംബോധനാലങ്കാരം (*rhet.*); 2. അക്ഷരലോപം; 3. അക്ഷരലോപചിഹ്നം (*gr.*). =**phīse** (-fīz), *v. t.* സംബോധനാഭാഷണം ചെയ്ക.

**A-poth'e-car-y,** *n.* ഔഷധവിക്രയി, മരുന്നു കച്ചവടക്കാരൻ; 2. ഉപവൈദ്യൻ. =**a.'s weight** മരുന്നു തൂക്കം.

**Ap'ō-thegm** (-them), *n.* സൂത്രം, നീതിവാക്യം.

**Ap-o-thē'ō-sis,** *n.* ദേവീകരണം, മഹത്വീ—.

**Ap-pal',** =**pall',** *v.t. & i.* പേടിപ്പിക്കുക, അരട്ടുക, മെരിട്ടുക. *n.* ഭയം. -**ing,** *a.* ഭയങ്കരമായ.

**Ap'pan-āġe,** *n.* രാജകുമാരന്മാരുടെ ഉപജീവനാൎത്ഥഭൂമി; 2. ആധീനരാജ്യം; 3. ഓഹരി, അവകാശം.

**Ap-pa-rā'tus,** *n.* ഉപകരണം, പണിക്കോപ്പ്; 2. യന്ത്രം.

**Ap-par'el,** *n.* ഉടുപ്പ്, വസ്ത്രം; 2. അലങ്കാരം. *v.t.* ചമയിക്കുക, അണിയിക്കുക.

**Ap-pā'rent,** *a.* കാണത്തക്ക, വ്യക്തം ആയ; 2. നിസ്സംശയം—, നിൎവ്വാദം—; 3. തോന്നുന്ന. **heir a.** ന്യായമായ പിന്തുടൎച്ചക്കാരൻ, അവകാശി, യുവരാജൻ. -**ly,** *ad.* സ്പഷ്ടമായി, പ്രത്യക്ഷമായി, കാഴ്ചപ്രകാരം.

**Ap-pa-ri'tiŏn,** *see under* **Appear.**

**Ap-pēal'** (-pēl'), *n.* മേൽകോടതിയിൽ കഴിക്കുന്ന പുനൎവ്വിചാരണാപേക്ഷ, 'അപ്പീൽ' (*l.*); 2. അപ്പീൽവിചാരണ (*l.*); 3. അപ്പീലവകാശം (*l.*); 4. കല്പന (*l.*); 5. സങ്കടഹരജി (*l.*); 6. സഹായത്തിനുള്ള അപേക്ഷ; 7. പ്രയോഗം, ഉപയോഗം. **first a.** ആദ്യാപ്പീൽ. **second a., spe-cial a.** രണ്ടാമപ്പീൽ. *v.t. & i.* പുന

ർവിചാരണ ചെയ്യാൻ അപേക്ഷിക്കുക (*l.*); 2. അഭയം പറക, അപേക്ഷിക്കുക; 3. സങ്കടം ബോധിപ്പിക്കുക; 4. അന്യായപ്പെടുക (*l.*). **-a-ble**, *a.* അപ്പീൽ ബോധിപ്പിക്കാകുന്ന. **-ing**, *a.* സങ്കടം ബോധിപ്പിക്കുന്ന. **-ing-ly**, *ad.* അപേക്ഷപൂർവ്വം. **=pel'lant**, *n.* അപ്പീലന്യായക്കാരൻ (*l.*). **ap'pel-lāte**, *a.* അപ്പീൽസംബന്ധമായ; അപ്പീൽവിചാരണ ചെയ്യുന്ന. **a.e court** അപ്പീൽകോടതി. **a.e decree** അപ്പീൽവിധി. **ap-pel-lēe'**, *n.* അപ്പീൽപ്രതി (*l.*).

**Ap'pēar** (-pēr'), *v.i.* പ്രത്യക്ഷമാക, കാണായ് വരിക; 2. പ്രസിദ്ധമായ്—, ഉദിച്ച്—; 3. ഹാജരാക; 4. വെളിവായ്വരിക; 5. തോന്നുക. **-ance**, *n.* പ്രത്യക്ഷത, ആവിർഭാവം; ദർശനം, കാഴ്ച; രൂപം, ഭാവം; (*pl.*) കാഴ്ചത്തെളിവ്; ഹാജർ (*l.*). **to put in an a.e** ഹാജരാക. **to save a.es** കാണികൾക്കു തോന്നിപ്പാൻ. **ap-pa-ri'tiŏn** (-rish'un), *n.* പ്രത്യക്ഷത, ആവിർഭാവം; രൂപം, കാഴ്ച; ഭൂതം, പ്രേതം.

**Ap-pēase'** (-pēz'), *v. t.* ശാന്തതപ്പെടുത്തുക, സമാധാനപ്പെടുത്തുക, ശമിപ്പിക്കുക. **-ment**, *n.* ശമിപ്പിക്കൽ, ശാന്തമാക്കൽ.

**Ap-pel-lā'tiŏn**, *n.* പേർവിളി; 2. നാമം, നാമധേയം, അഭിധാനം; 3. സ്ഥാനപ്പേർ. **=la'tive**, *n.* വർഗ്ഗനാമം, സാധാരണനാമം (*gr.*); സ്ഥാനപ്പേർ.

**Ap-pend'**, *v.t.* കെട്ടിത്തൂക്കുക, ചേർത്തുകെട്ടുക; 2. കൂട്ടിച്ചേർക്കുക. **=pen-dāġe**, *n.* ചേർന്നിട്ടുള്ളത്; ഉപാംഗം, തൊങ്ങൽ, ഞേലം. **=dant**, *a.* തൂങ്ങുന്ന, ചേർന്ന, സംബന്ധിച്ച. *n.* സംബന്ധിതവിഷയം. **=dix**, *n.* (*pl.* =di-ces, =dix-es) അനുബന്ധം ഉപാഖ്യാനം.

**Ap-pĕr-tāin'**, *v.i.* ഉടമയാക, സ്വന്തമാക, ഉള്ളതാക; 2. സംബന്ധിക്കുക, ചേർന്നിരിക്കുക. **they a. to me** അതുകൾ എന്റേതാണ്.

**Ap'pe-tence, =ten-cy**, *n.* അത്യാഗ്രഹം; 2. സ്വഭാവേച്ഛ; 3. ചേർച്ച. **=tent**, *a.* അത്യാശയുള്ള.

**Ap'pe-tīte**, *n.* (for) ഇച്ഛ; 2. വിശപ്പ്, രുചി, ഭക്ഷണേച്ഛ; 3. താല്പര്യം.

**Ap-plạud'** (-plạd'), *v. t.* കൈകൊട്ടിസ്തുതിക്കുക; അഭിനന്ദിക്കുക; 2. സ്തുതിക്കുക, ശ്ലാഘിക്കുക, സമ്മതിക്കുക. **=plạuse'** (-plạz'), *n.* കൈകൊട്ടിയാർപ്പ്, കരപ്രഹ്ലാദം; സ്തുതി.

**Ap'ple**, *n.* മധുരജാമ്പ്, ആപ്പൾപഴം (*b.*). **custard a.** ആത്തിച്ചക്ക (*b.*). **pine a.** കൈതച്ചക്ക (*b.*). **a. of the eye** കൃഷ്ണമണി, ഉണ്ണി. **a. of discord** വാദവിഷയം.

**Ap-plȳ'**, *v. t.* വെക്കുക, പിരട്ടുക, പ്രയോഗിക്കുക; 2. ഉപയോഗിക്കുക; 3. കൊള്ളിക്കുക; 4. (മനസ്സ്) വെക്കുക, ഉറപ്പിക്കുക; 5. അപേക്ഷിക്കുക; 6. ഹരജി കൊടുക്കുക. *v. i.* പററുക, സംബന്ധിക്കുക; 2. അപേക്ഷിക്കുക; 3. ശ്രദ്ധവെക്കുക. **=plī'ance**, *n.* ഉപകരണം; സൂത്രം, ഉപായം. **=pli-ca-ble**, *a.* പററുന്ന, യുക്തമായ, സംബന്ധപ്പെട്ട, ഉപയോഗമുള്ള. **=pli-ca'ble-ness, =pli-ca-bil'i-ty**, *n.* യോജ്യത, സംബന്ധം, ഔചിത്യം. **='pli-cant**, *n.* അർത്ഥി, അപേക്ഷകൻ, ഹരജിക്കാരൻ. **=pli-cā'tiŏn**, *n.* ഉപയോഗം, സംബന്ധം, ചേർച്ച, പ്രയോഗം; അപേക്ഷ; അപേക്ഷാപത്രം, ഹരജി; ഉത്സാഹം, ശ്രദ്ധ, മനോനിഷ്ഠ; പ്രബോധനം, ഉപദേശം.

**Ap-point'**, *v.t.* നിയമിക്കുക, ഉദ്യോഗത്തിലാക്കുക; 2. നിശ്ചയിക്കുക, കല്പിച്ചാക്കുക; 3. സംഭരിക്കുക. **-ment**, *n.* ഉദ്യോഗനിശ്ചയം; ഉദ്യോഗം, സ്ഥാനം; നിശ്ചയം, വാശത്തം; ആജ്ഞ; സന്നാഹം, ചമയം.

**Ap-pōr'tiŏn**, *v. t.* വിഭാഗിക്കുക, പകുത്തുകൊടുക്കുക, ഓഹരിചെയ്ക. **-ment**, *n.* വിഭാഗിക്കൽ, പകുക്കൽ; ഓഹരി.

**Ap'pō-s̱ite**, *a.* ഏററവും യുക്തം ആയ, വിഹിതം—. **-ly**, *ad.* യോഗ്യമായി. **=s̱i'tiŏn** (-zish'un), *n.* സംയോജനം, സങ്കലനം; 2. സമാനാധികരണം (*gr.*).

**Ap-prāise′**, *v.t.* വിലവെക്കുക; 2. വിലകെട്ടുക, കണ്ട് —. **-ment**, *n.* കണ്ട് കെട്ടൽ; വിലമതിക്കൽ.

**Ap-prē′ci-āte** (-prē′shi-), *v.t.* വിലവെക്കുക, —മതിക്കുക; 2. യോഗ്യമെന്നെണ്ണുക; 3. വില കയററുക; 4. വകതിരിച്ചറിയുക. **=ā′tiŏn**, *n.* വിലമതിപ്പ്; ബഹുമാനം; തിരിച്ചറിവ്, സൂക്ഷ്മബോധം; വിലപ്പെരുക്കം.

**Ap-pre-hend′**, *v.t.* പിടിക്കുക, പിടികൂട്ടുക; 2. ഗ്രഹിക്കുക; 3. ശങ്കിക്കുക, പേടിക്കുക. *v.i.* തോന്നുക; 2. ഭയപ്പെടുക. **=hen′siŏn** (-shun), *n.* പിടിത്തം; ബോധം; ധാരണ; ബോധശക്തി; ശങ്ക. **=hen′sive**, *a.* വിവേകബുദ്ധിയുള്ള; ബുദ്ധിപ്രാപ്തിസംബന്ധമായ; ശങ്കയുള്ള.

**Ap-pren′tice**, *n.* തൊഴിൽ ശീലിക്കുന്നവൻ, —ശിഷ്യൻ. **-hood, -ship**, *n.* തൊഴിലഭ്യാസം; തൊഴിലഭ്യാസനില, —കാലം.

**Ap-prīse′**, *v.t.* (of) അറിവ് കൊടുക്കുക, വിവരം അറിയിക്കുക.

**Ap-prōach′** (-prōch′), *n.* അടുപ്പം, സാമീപ്യം; 2. ആഗമനം; 3. നട, പ്രവേശനമാൎഗ്ഗം; 4. *pl.* സേവ. *v.t.&i.* അണയുക; 2. എത്തുക; 3. ഒത്തുവരിക. **-a-ble**, *a.* അടുത്തു ചെല്ലത്തക്ക.

**Ap-prō′pri-āte**, *v.t.* കൈവശപ്പെടുത്തുക, സ്വന്തമാക്കിത്തീൎക്കുക; 2. (for, to) വെക്കുക, നീക്കിവെക്കുക, ഉപയോഗിക്കുക. **=ā′tiŏn**, *n.* കൈവശപ്പെടുത്തൽ; ഉപയോഗം.

**Ap-prōve′**, *v.t.* തെളിയിക്കുക; 2. സമ്മതിക്കുക; 3. ബോദ്ധ്യപ്പെടുക. **=′vĕr**, *n.* മാപ്പ് സാക്ഷി (*l.*). **=prōv′a-ble**, *a.* അനുവദിക്കത്തക്ക,ബോദ്ധ്യമായ. **=prō′-val, =prō-bā′tiŏn**, *n.* സമ്മതം, അനുമതി.

**Ap-prox′i-māte**, *a.* അടുത്ത, സമീപിച്ച; 2. സുമാറ്, ഏകദേശമൊത്ത. *v.t.* അടുപ്പിക്കുക, അടുത്തുവരുമാറാക്കുക; 2. അടുത്തുവരിക, എത്തുക. *v.i.* അടുക്കുക, അടുത്തുചെല്ലുക. **-ly**, *ad.* ഏറക്കുറയ, ഏകദേശം. **=ā′tiŏn**, *n.* അടുക്കൽ; അടുപ്പം; ഏതാനും ഒത്തുവരൽ; ഏതാനും കൃത്യമായത്.

**Ā′pril**, *n.* നാലാം മാസം, ഏപ്രീൽ—, മീനം മേടം, ചൈത്രം വൈശാഖം.

**Ā′pron**, *n.* മുന്നാരത്തുണി.

***Ap-rō-pōs′***, *a & ad.* പിന്നെ, വിശേഷിച്ച്, ഈ സംബന്ധത്തിൽ.

**Apt**, *a.* തക്ക, പററിയ; 2. ഇട ഉള്ള; 3. വഴക്കം—; 4. ഒരുക്കം—, മനസ്സ്—. **-′ly**, *ad.* നല്ലവണ്ണം, ഉചിതമായി. **-′ness, =′ti-tūde**, *n.* ഔചിത്യം, യോഗ്യത; വാസന, പ്രാപ്തി, ബുദ്ധിസാമൎത്ഥ്യം; ചാസ്സ്, സ്വഭാവം.

***A′qua***, *n.* വെള്ളം, ജലം, നീർ. **-ri-um**, *n.* ജലജന്തുക്കളെ സൂക്ഷിക്കുന്ന ജലാശയം. **-′ri-us**, *n.* കുംഭരാശി (*as.*). **=quat′ic**, *a.* ജലസംബന്ധമായ, ജലമയ, ജലജ, വെള്ളത്തിൽ ഉള്ള. **a. vi′tæ**, *n.* ചാരായം. **aq′ue-duct** (ak′we-), *n.* ഓക്, ഓവ്, പാത്തി, ചാൽ (*N.*). **a′que-ōus**, *a.* ജലമയം, ജലജം.

**Aq′ui-līne** (*or* -lin), *a.* കഴുകിന്നൊത്ത, വളഞ്ഞ. **a. nose** തത്തച്ചുണ്ടൻ മൂക്ക്.

**Ar′ab**, *n.* അറബി. **street a.** അലഞ്ഞ് നടക്കുന്നവൻ. **-ic**, *n.* അറബി ഭാഷ.

**Ar′a-ble**, *a.* കൃഷിക്കുതക്ക. **a. land** കൃഷിഭൂമി, ഉഴവുചെന്ന സ്ഥലം.

**Ăr′bi-tĕr**, *n.* നടുവൻ, മദ്ധ്യസ്ഥൻ, പഞ്ചായക്കാരൻ; 2. സൎവ്വാധികാരി. **=trar-y**, *a.* തോന്നിയവാസം ആയ; സ്വമേധ—, സ്വേച്ഛാനുസാരം—, നിരങ്കുശം—; ഉഗ്രം—. **a.y government** സ്വയാധിപത്യവാഴ്ച. **=trāte**, *v.t.* നടുപറക, പഞ്ചായം—, മദ്ധ്യസ്ഥം—, തമ്മിൽ പറഞ്ഞ് തീൎക്കുക. **=trā′tiŏn**, *n.* പഞ്ചായം, മദ്ധ്യസ്ഥം. **=trā′tor**, *n.* പഞ്ചായക്കാരൻ; സൎവ്വാധികാരി.

**Ăr′bŏr, Ăr′bŏur**, *n.* വല്ലൂരം, വള്ളിക്കുടിൽ, പൎണ്ണശാല.

**Ărc**, *n.* വളവ്, വില്ല്, കമാനം, വൃത്താംശം.

**Är-cāde′**, *n.* സ്തംഭതോരണപങ്ക്തി (*arch.*); 2. മണ്ഡപം; 3. അണിത്തോരണം.

**Ärch**, *n.* വളവ്, വൃത്താംശം; 2. കമാനം, തോരണം. **triumphal a.** ജയതോരണം. *v. i. & i.* വളക്കുക, കമാനം വെക്കുക. **-stōne**, *n.* കമാനിലെ ആണിക്കല്ല്. **-wāy**, *n.* കമാൻവഴി.

**Ärch**, (*pf.*) മേൽ, പ്രധാന, ശ്രേഷ്ഠ. *a.* മുഖ്യം ആയ, വിശ്രുതം—, പ്രധാനി—. മഹാ; 2. കൌശലമുള്ള, കള്ള, ഉപായിയായ. **a.-ān′ġel** (ärk-), *n.* പ്രധാനദൂതൻ. **a.-bish′op**, *n.* മേലദ്ധ്യക്ഷൻ. **a.-dēa′con**, *n.* മേല്പട്ടക്കാരൻ. **a.-duch-ess**, *n.* രാജപ്രഭുവരസ്ത്രീ. **a.-dūke**, *n.* രാജപ്രഭുവരൻ. **-ness**, *n.* ഉപായം, വിളവ്, ദോമത്ത്യം.

**Är′chæ-ol-ō-ġy** (är′kē-), *n.* പുരാതന ജ്ഞാനശാസ്ത്രം. **är′chā-ism** (är′kā-izm), *n.* പുരാതനവാക്ക്, —രീതി. **är-chā′ic**, *a.* പഴമപ്പെട്ട, പുരാതനമായ; നടപ്പില്ലാത്ത.

**Ärch′ẽr**, *n.* വില്ലാളി. **-y**, *n.* ധനുർവ്വേദം; വില്ലുകാർ.

**Är-chi-pel′a-gō** (är-ki-), *n.* ദ്വീപസമൂഹം; 2. ദ്വീപുകൂട്ടമുള്ള സമുദ്രം; 3. ദ്വീപുകൂട്ടം.

**Är′chi-tect** (är′ki-), *n.* ശില്പി, തച്ചുശാസ്ത്രി; 2. നിർമ്മാതാവ്, കാരണഭൂതൻ. **=tec-tūre**, *n.* ശില്പവിദ്യ, തച്ചുശാസ്ത്രം; നിർമ്മാണം.

**Ar′chīves** (är′kīvz), *n. pl.* കരണപ്പെട്ടി സൂക്ഷിക്കുന്നസ്ഥലം; 2. ആധാരങ്ങൾ, രേഖകൾ, 'റിക്കാട്ട്'.

**Är′ctic**, *a.* വടക്കുള്ള, ഉത്തരധ്രുവസംബന്ധമായ; 2. അത്യന്തം ശീതമുള്ള. **a. circle** ഉത്തരധ്രുവരേഖ. **a. pole** ഉത്തരധ്രുവം.

**Är′dent**, *a.* ഉഷ്ണം ഉള്ള; 2. കടുപ്പം—; 3. തീക്ഷ്ണമായ, ജ്വലിക്കുന്ന. **-ly**, *ad.* ചൂടോടെ, ശ്രദ്ധയോടെ, കഠിനമായി. **=den-cy**, *n.* ഊഷ്മാവ്; എരിവ്; ശുഷ്കാന്തി. **=′dour, =′dōr** (är′dẽr), *n.* ഉഷ്ണം, ഊഷ്മാവ്; ശുഷ്കാന്തി, ശ്രദ്ധ.

**Är′dū-ŏus**, *a.* കുത്തനെ നില്ക്കുന്ന, ഉയരം ഉള്ള; 2. പ്രയാസം—, അദ്ധ്വാനം—, **-ly**, *ad.* വിഷമത്തോടെ.

**Äre**, *v. i. ir.* (be, was, been) ആകുന്നു, (*pl.*) *from* **to be.**

**Ā′re-a**, *n.* നിലം, പരപ്പ്; 2. ഉള്ള്, തളം; 3. പ്രദേശം, സ്ഥലം; 4. വിസ്താരം.

**A-re′ca**, *n.* കഴുങ്ങ്. **a.-nut** അടക്ക. **a. palm** കഴുങ്ങ്, ക്രമുകം.

**A-rē′na**, *n.* രംഗസ്ഥലം, അരങ്ങ്; 2. പോർക്കളം.

**Ar-e-nā′tiŏn**, *n.* മണൽകിഴി വെക്കൽ (*med.*).

**Ār′e-om-e-tẽr**, *n.* ദ്രവകമാത്രം.

**Är′ġent**, *a.* വെള്ളികൊണ്ടുണ്ടാക്കിയ; 2. വെളുത്ത; 3. മിന്നുന്ന.

**Är′ġil**, *n.* കശവമണ്ണ്, കളിമണ്ണ്. **-lā′ceoŭs** (-shus), *a.* കശമണ്ണുള്ള, കളിമൺ കൊണ്ടുള്ള.

**Är′gūe** (-gū), *v. t.* (with, against) എതിർ പറക; 2. വാദിക്കുക, തർക്കിക്കുക; 3. തെളിയിക്കുക, ബോധം വരുത്തുക; 4. വാദപ്രവാദം ചെയ്യുക. **=gū-ment**, *n.* ന്യായം; വാദം, പ്രസംഗം, വാദപ്രവാദം; വിഷയം, സാരം. **=gū-men-tā′tiŏn**, *n.* വാദം. **=gū-men′ta-tive**, *a.* വാദിക്കത്തക്ക, വാദമുള്ള.

**Är′gus**, *n.* ശതാക്ഷി (*myth.*); 2. അതിജാഗ്രതയുള്ള കാവല്ക്കാരൻ.

**Ar′id**, *a.* വരണ്ട; 2. നിഷ്ഫലമായ. **a-rid′i-ty, -ness**, *n.* ഉണക്കം; ഫലശൂന്യത; രസമില്ലായ്മ.

**Ār′i-ēs**, *n.* മേടരാശി (*as.*).

**A-rīght′** (-rīt′), *ad.* ശരിയായി, യഥാവിധി.

**A-rīse′**, *v. i. ir.* (=rōse′, =risen), കയറുക, പൊങ്ങിവരിക, ഉദിക്കുക; 2. എഴുന്നീല്ക്കുക, ഉറങ്ങിയെഴുന്നീല്ക്കുക; 3. (from) തുടങ്ങുക, ഉത്ഭവിക്കുക.

**Ar-is-toc′ra-cy**, *n.* കുലശ്രേഷ്ഠാധിപത്യം; 2. കുലീനവർഗ്ഗം. **=crat**, *n.* ക

ലീനൻ, ആഭിജാത്യമുള്ളവൻ; ശവ്വി. =crat'ic, =crat'i-cal, *a.* കലീന, കലീനരെ സംബന്ധിച്ച.

A-rith'me-tic, *n.* ഗണിതവിദ്യ, സംഖ്യാവിദ്യ, കണക്ക്. =met'i-cal, *a.* ഗണിതവിദ്യാസംബന്ധമായ. =me-tici'an (-tish'an), *n.* ഗണിതജ്ഞൻ.

Ärk, *n.* പെട്ടകം; 2. പടക്; 3. സങ്കേതസ്ഥലം. a. of covenant സാക്ഷിപ്പെട്ടകം (*Bl.*).

Ärm, *n.* കൈ, കരം, ഭുജം; 2. തണ്ട്, പിടി; 3. കടൽകൈവഴി, ഉൾക്കടൽ; 4. കൊമ്പ്, ശാഖ; 5. അധികാരം, ബലം; 6. *pl.* ആയുധം; 7. യുദ്ധപരാക്രമം; 8. പടവിചിഹ്നമുദ്ര. upper a. കൈത്തണ്ട. a. chair കൈക്കസേല, ചാര്കസേല. fore-a. കണങ്കൈ. a.-ful പോണ്ട, കൊടന്ന. a.-let, *n.* വള, കേയൂരം; ഉൾക്കടൽ. a.-pit, a.-hole കക്ഷം, തൊക്ക്. a.'s end അകലെ. a.'s length തൊടത്തക്ക ദൂരം. a.'s reach കയ്യെത്തുന്നദൂരം. fire-a. തോക്ക്. a. in a. കൈപിടിച്ചു, യോജിച്ചു. to keep at a.'s length അടുപ്പിക്കാതെ നിൎത്തുക. to work at a.'s length സൌകൎയ്യമില്ലാതെ പ്രവൃത്തിക്കുക. bred to a.s ആയുധാഭ്യാസം ശീലിച്ച. in a.s ആയുധപാണികളായി, യുദ്ധത്തിന്നൊരുമ്പെട്ട. small a.s കൈത്തോക്ക്, തോക്ക് മുതലായ ചെറുവക ആയുധങ്ങൾ. a stand of a.s മുഴുവൻ ആയുധക്കോപ്പ്. to a.s യുദ്ധത്തിന്ന് ഒരുങ്ങുവാനുള്ള വിളി. under a.s യുദ്ധത്തിന്ന് ഒരുങ്ങിയിരിക്കുക. *v. t.* ആയുധം ധരിപ്പിക്കുക; 2. ഉറപ്പിക്കുക, ബലപ്പെടുത്തുക. *v. i.* ആയുധം ധരിക്കുക. a.ed at all points സൎവ്വായുധം ധരിച്ച. a.ed neutrality, *see under* neutrality.

Är-mā'da, *n.* പടക്കപ്പൽ കൂട്ടം.

Är'ma-dil-lō, *n.* ഉറുമ്പ് തീനി, അള്ളുവൻ, ഇത്തിൾമുള്ളൻ (z.).

Är'ma-ment, *n.* യുദ്ധസന്നാഹം, യുദ്ധസേന, ആയുധസംഭാരം.

Är'mis-tice (*fr.* arms), *n.* തല്ക്കാലസന്ധി.

Är'mŏr, =mŏur (*fr.* arm), *n.* കവചം, ഇരിമ്പങ്കി, അങ്കിപാള; 2. ആയുധവൎഗ്ഗം. -ĕr, *n.* ആയുധം ഉണ്ടാക്കുന്നവൻ, —നന്നാക്കുന്നവൻ. a. bearer ആയുധവാഹി, അകമ്പടിക്കാരൻ. =ry, *n.* ആയുധശാല; —വൎഗ്ഗം; പടവിചിഹ്നമുദ്ര.

Är'my, *n.* സൈന്യം, സേന; 2. സംഘം, സമൂഹം, കൂട്ടം. standing a. സ്ഥിരസൈന്യം.

A-rō'ma, *n.* സൌരഭ്യശക്തി; 2. പരിമളം, സുഗന്ധം; 3. ബുദ്ധിപ്രഭാവം. =mat'ic, =mat'i-cal, *a.* വാസനയുള്ള. =mat'ics, *n.* സുഗന്ധദ്രവ്യം; 'ഗന്ധസാല്'.

A-round', *ad.* & *prep.* ചുററി, ചുററുവട്ടത്തിൽ, ചുററും, ചൂഴവേ, നാലുദിക്കും.

A-rouse, *v. t.* (from) ഉണൎത്തുക, എഴുന്നീല്പിക്കുക; 2. ഉത്സാഹിപ്പിക്കുക, ഇളക്കുക; 3. തോന്നിക്കുക.

Är'quē-buse (är'ke-bnz), തിരിത്തോക്ക്.

Ar'rack, *n.* റാക്ക്, ചാരായം, താകരം (*S.*).

Ar-rāign' (-rān'), *v. t.* (for) കുററം ചുമത്തുക, —ആരോപിക്കുക, കുററപത്രം വായിക്കുക. -ment, *n.* കുററം ചുമത്തൽ, ദോഷാരോപണം.

Ar-rānge', *v. t.* ക്രമപ്പെടുത്തുക, നിരത്തുക; 2. ചട്ടം കെട്ടുക, വട്ടം കൂട്ടുക. -ment, *n.* ക്രമം, ചട്ടം, വിധാനം, ഒരുക്കം; നിശ്ചയം.

Ar'rant, *a.* ദുഷ്ടതയുള്ള; 2. മുരത്ത, മഹാ, ശുദ്ധമേ. a. rogue പച്ചക്കള്ളൻ.

Ar-rāy' (-rā'), *n.* ക്രമം, അണി; 2. സൈന്യം; 3. വ്യൂഹം; 4. ഉടുപ്പ്, വേഷം, വസ്ത്രാലങ്കാരം. *v. t.* അണിനിരത്തുക, —പകുക്കുക; 2. (with) ചമയിക്കുക, അണിയിക്കുക.

Ar-rēars' (-rērz'), *n. pl.* ബാക്കി, കടിശ്ശിക, കുററി, നിലവ്. in a., in arrear ബാക്കിയുള്ള.

**Ar-rest′**, *n.* നിറുത്തൽ, പ്രതിബന്ധം, തടസ്ഥം; 2. പിടിത്തം, ബന്ധനം. *v.t.* തട്ടുക്കുക, നിരോധിക്കുക; 2. പിടിക്കുക; 3. ആകൎഷിക്കുക.

**Ar-rīve′**, *v.i.* എത്തുക, കരക്കണയുക, ആഗമിക്കുക; 2. പ്രാപിക്കുക. **=rī′val**, *n.* വരവ്, എത്തൽ; പ്രാപ്തി; എത്തിയ ആൾ.

**Ar′rō-gance**, *n.* അഹങ്കാരം, പൊങ്ങച്ചം. **=gant**, *a.* ഡംഭം ഉള്ള, നിഗളം—, ധാൎഷ്ട്യം—. **=gāte**, *v.t.* നടിക്കുക, ന്യായമില്ലാതെ തേച്ച് പറക; അപഹരിച്ചെടുക്കുക. **=gā′tiŏn**, *n.* നാട്യം, അഹങ്കാരത്തേച്ച്; അപഹരണം.

**Ar′rōw** (ar′rō), *n.* അമ്പ്, അസ്ത്രം, ശരം. **-head**, *n.* അമ്പ്മുന. **-root**, *n.* കൂവ, കൂവപ്പൊടി (*b.*). **yellow a.t** മലങ്കൂവ, മഞ്ഞക്കൂവ. **wild a.t** ആനക്കൂവ, ചണ്ണക്കൂവ.

**Är′se-nal**, *n.* ആയുധശാല.

**Är′se-nic**, *n.* പാഷാണം (*min.*). **red a.** തൊട്ടിപ്പാഷാണം, മനയില, മനയോല, മനശ്ശില, കതിരപ്പൽ പാഷാണം. **white a.** വെള്ളപ്പാഷാണം, എലി—. **sulphurate of a.** അരിതാരം, ഹരിതാലം.

**Är′son**, *n.* പുരച്ചുട് (*l.*).

**Ärt**, *v.i. ir. 2nd pers. s. of the verb* **to be** (നീ) ആകുന്നു.

**Ärt**, *n.* വിദ്യ, സൂത്രം; 2. കൌശലം; 3. സാമൎത്ഥ്യം; 4. ഉപായം. **black a.** ക്ഷുദ്രം. **useful, mechanical, industrial a.s** കരകൌശലവിദ്യകൾ. **fine a.s** സംഗീതം, ചിത്രമെഴുത്ത് മുതലായ ശൃംഗാരവിദ്യകൾ. **liberal a.s** സാധാരണവിദ്യാസമസ്തം. **-fu̇l**, *a.* കൌശലം ഉള്ള; കൈമിടുക്ക്—; ഉപായം—, കപടം—. **-fu̇l-ly**, *ad.* യുക്തിയോടെ, സാമൎത്ഥ്യത്തോടെ, ഉപായത്തുപേണ. **-less**, *a.* വ്യാജമില്ലാത്ത, പരമാൎത്ഥമായ, സ്വാഭാവികമായ; ശുദ്ധനായ. **-less-ness**, *n.* യഥാൎത്ഥം, നിഷ്കപടഭാവം.

**Är′tēr-y**, *n.* രക്തനാഡി, രുധിരധമനി, രക്തവാഹിനി (*an.*); 2. മൎമ്മം; 3. ഗതാഗതമാൎഗ്ഗം. **=tē′ri-al**, *a.* രക്തവാഹനീകമായ; ഗതാഗതമാൎഗ്ഗസംബന്ധമായ; ശുദ്ധിവന്ന.

**Är′ti-cle**, *n.* ഖണ്ഡം, വകുപ്പ്; 2. പ്രബന്ധം, ലേഖനവിഷയം; 3. സംഗതി, കാൎയ്യം; 4. സാധനം, പദാൎത്ഥം; 5. ഉപപദം (*gr.*); 6. നിൎണ്ണയം, നിശ്ചയം; 7. പ്രമാണം. **a.s of faith** വിശ്വാസപ്രമാണം. **a.s of war** സൈന്യനിയമം. **=tic′ū-lāte**, *v.t.* സന്ധുക്കളാൽ കൂട്ടിച്ചേൎക്കുക; 2. അക്ഷരമക്ഷരമായി ഉച്ചരിക്കുക; 3. വ്യക്തമായി—, —പറക. **=tic-ū-lā′tiŏn**, *n.* അസ്ഥിബന്ധനം (*an.*), സന്ധ്; കമ്പ് (*b.*); ഉച്ചാരണവ്യക്തി.

**Är′ti-fice** (-fĭs) (*fr.* art), *n.* കൌശലപ്പണി, സൂത്രപ്പണി; 2. തന്ത്രം, യുക്തി. **=tif′i-cĕr**, *n.* ശില്പി, കൌശലപ്പണിക്കാരൻ; ഉപായി, ചതിയൻ. **=fici′al** (-fish′al), *a.* ശില്പം ആയ, കൃത്രിമം—; നാട്യം—, യഥാൎത്ഥമല്ലാത്ത; മനുഷ്യർ ഉണ്ടാക്കിയ, പ്രകൃത്യാ ഉള്ളതല്ലാത്ത.

**Är-til′lĕr-y**, *n.* വലിയ തോക്കുകൾ, കാളന്തോക്കുകൾ; 2. പീരങ്കിപ്പട്ടാളം.

**Är′ti-s̱an** (*fr.* art), *n.* കൌശലപ്പണിക്കാരൻ; 2. കൈത്തൊഴിൽകാരൻ.

**Är′tist**, *n.* ശില്പവിദ്യക്കാരൻ; 2. ശൃംഗാരശാസ്ത്രജ്ഞൻ. **=tis′tic**, **=tis′ti-cal**, *a.* ശില്പമായ, ചമത്കാരം ഉള്ള, സൂത്രവിശേഷം—.

**As**, *ad.* & *conj.* പോലെ, കണക്കെ പ്രകാരം, വണ്ണം; 2. ആയി, നിലയിൽ; 3. അപ്പോൾ, ആറെ, പോൾ, അളവിൽ; 4. അതുകൊണ്ട്, ആകയാൽ, അങ്ങിനെയിരിക്കെ; 5. എങ്കിലും; 6. ദൃഷ്ടാന്തം, ഉദാഹരണം; ഇവ്വണ്ണം. **a. far a.** ഇടത്തോളം, അത്ര. **a. for, a. to** സംബന്ധിച്ച്. **a. if, a. though** ഭാവത്തിൽ, എന്ന പോലെ. **a. it were** ഒരു വിധം, എന്ന പോലെ. **a. good a. one's word** വാക്കിന്നു നേരുള്ളവൻ. **a. soon a. possible** കഴിയുന്നത്ര വേഗം, ഉടനെ തന്നെ. **a. well** അവ്വണ്ണം, അതു കൂടാ

തെ. a. well a. അതു പോലെതന്നെ, ഉം. a. yet ഇത്‌വരെ, ഇത്രമേൽ, ഇനിയും.

As-a-fœt'i-da (-fet'i-), *n.* കായം, സോമനാദികായം, പെരുങ്കായം, ഹിംഗു (*b.*).

As'car-i-dēs, *n.* (വയററിലെ) ഇര, പാമ്പൻ, കിരിപ്പാമ്പ്, കുലപ്പാമ്പ്; 2. കൃമി (*z.*).

As-cend', *v.i.* കയറുക, ഉയരുക, പൊങ്ങുക, കയറിപ്പോക. -ant, *n.* ഉയൎച്ച, ആരോഹണം; ഉദയം; ഉച്ച; സ്വാധീനം, പ്രാബല്യം; പൂൎവ്വികൻ, കാരണവൻ. -ant, -ent, *a.* ഉദിച്ചു കയറുന്ന, പ്രധാനമായ, പ്രബലതയുള്ള. =den-cy, *n.* സ്വാധീനം, അധികാരം. =cen'siŏn. *n.* കയററം, ആരോഹണം, ഉദയം; യേശുവിൻെറ സ്വൎഗ്ഗാരോഹണം (*Chr.*). =cent', *n.* കയററം; ആരോഹണമാൎഗ്ഗം; ഉയരം, കന്ന്.

As-cĕr-tāin', *v.t.* നിശ്ചയം വരുത്തുക, പരിശോധിച്ചറിയുക. -ment, *n.* അറിവ്, നിശ്ചയം.

As-cet'ic, *n.* തപസ്വി; 2. സന്ന്യാസി, വൈരാഗി. ='i-cism, *n.* തപസ്സ്, സന്ന്യാസം, വിരക്തി.

As-cī'tēs, *n.* മഹോദരവ്യാധി (*med.*).

As-crībe', *v.t.* സങ്കല്പിക്കുക, വിചാരിക്കുക, പറക; 2. ആരോപിക്കുക, ചുമത്തുക. =crip'tiŏn, *n.* സങ്കല്പം, ആരോപണം.

Ash, *n.* ഒരുവക കാട്ടുമരം (*b.*). a. colour ചാമ്പൽ നിറം, വെണ്ണീർ—. -wednes'dāy (-wenz'dā), *n.* ക്രിസ്ത്യാനി നോമ്പ് തുടങ്ങുന്ന ദിവസം. ash'es, *n.* വെണ്ണീർ, ചാമ്പൽ, ചാരം, ഭസ്മം.

A-shāme', *v.t.* ലജ്ജിപ്പിക്കുക, നാണിപ്പിക്കുക. =ed', *a.* ലജ്ജിതമായ, നാണം ഉള്ള, ശങ്ക—. to be a.d of നാണം തോന്നുക, നാണക്കേടു—.

A-shōre', *ad.* കരമേൽ, കരക്ക്, തീരത്ത്.

A-sīde', *ad.* വഴിമാറീട്ട്, അകലെ; 2. സ്വകാൎയ്യമായി, വേറിട്ട്. to set a. ദുൎബ്ബലപ്പെടുത്തുക, അസാധുവാക്കുക.

As'i-nīne, *see under* Ass.

Ask, *v.t.* (of) ചോദിക്കുക, അപേക്ഷിക്കുക; 2. പറക, ആവശ്യപ്പെടുക; 3. അന്വേഷിക്കുക, ചോദിച്ചറിയുക; 4. ക്ഷണിക്കുക; 5. പള്ളിയിൽ വിവാഹപരസ്യം ചെയ്യുക.

As-kance', As-kant', As-kew' (-kū'), *ad.* ഇടങ്കണ്ണാലെ, തിറങ്കണ്ണാൽ. look a. പാളിനോക്കുക.

A-slant', *ad.* കോട്ടമായി, ചരിഞ്ഞിട്ട്.

A-slēep', *a* & *ad.* ഉറങ്ങിക്കൊണ്ടിരിക്കുന്ന, ഉറക്കത്തിലിരിക്കുന്ന; 2. നിദ്രകൊണ്ട, മരിച്ച; 3. തരിച്ചുപോയ. [യി.

A-slōpe', *a.* & *ad.* ചരിഞ്ഞ; 2. ചാച്ചായി

Asp, *n.* ഒരു വക സൎപ്പം, വിഷമുള്ള പാമ്പ് (*z.*).

As'pect, *n.* നോട്ടം, കാഴ്ച; 2. മുഖഭാവം, രൂപം; 3. നില, സ്ഥിതി; 4. ഭാഗം, മുഖം, ദൎശനം; 5. ദശ (*astr.*).

As-pĕr'i-ty, *n.* പരുപരുപ്പ്; 2. കഠോരത; 3. പുളിപ്പ്; 4. രൂക്ഷത, ചീററം, മൂൎച്ച; 5. വൈഷമ്യം. =per-āte, *v. t.* പരുപരുപ്പാക്കുക. =pĕr-ā'tiŏn, *n.* പരുക്കനാക്കൽ; പരുക്കനാകൽ.

As-pĕrse', *v.t.* തളിക്കുക, തിളാവുക; 2. അപകീൎത്തിപ്പെടുത്തുക, ദുഷ്കീൎത്തി പരത്തുക. =pĕr'siŏn, *n.* തളി, പ്രോക്ഷണം; പഴി, ദൂഷണം, അപവാദം.

As-phalt', As-phal'tum, *n.* മഞ്ഞിൽ, ശിലാജതു, 'അസ്സാല്ട്' (*ch.*).

As-phyx'i-a, As-phyx'y (-fik'si-), മൂൎച്ഛ, ശ്വാസമില്ലായ്മ; 2. ശ്വാസം മുട്ടിച്ചാകൽ.

As-pīre', *v.t.* (to, after) വാഞ്ഛിക്കുക, കാംക്ഷിക്കുക; 2. ആരോഹിക്കുക. =pī'rant, =pī'rĕr, *n.* അൎത്ഥി, ഉദ്യോഗകാംക്ഷി, സ്ഥാന—. ='pi-rāte, *v.t.* ഘോഷാക്ഷരമായി ഉച്ചരിക്കുക, 'ഹ'കാരം ചേൎത്തുച്ചരിക്കുക. *n.* ഘോഷോച്ചാര

ണം. =pi-rā'tiŏn, *n.* ഘോഷോച്ചാരണം; ശ്വാസം കഴിക്കൽ; വാഞ്ഛ, ആകാംക്ഷ.

**A-squint'**, *ad.* ഇടക്കണ്ണാലെ, കോങ്കണ്ണായി.

**Ass**, *n.* കഴുത, ഖരം, ഗൎദ്ദഭം (*z.*); 2. ഭോഷൻ, പൊട്ടൻ. to make an a. of one's self ഭോഷത്വം പറക, —പ്രവൃത്തിക്ക. as'i-nīne, as'i-nar-y, -ish, *a.* ഗൎദ്ദഭഗുണമുള്ള, കഴുതെക്കൊത്ത; ബുദ്ധിയില്ലാത്ത.

**As-sāil'**, *v. t.* ആക്രമിക്കുക, ഉപദ്രവിക്കുക; 2. എതിൎക്കുക; 3. അസഹ്യപ്പെടുത്തുക, ബുദ്ധിമുട്ടിക്കുക. -a-ble, *a.* ആക്രമിക്കാകുന്ന. -ant, -ĕr, *n.* ആക്രമി, എതിൎക്കുന്നവൻ. -ment, *n.* ആക്രമം.

**As-sas'sin**, =nā'tor, *n.* ഒളികുല ചെയ്യുന്നവൻ, കുലപാതകൻ. -āte, *v. t.* ഒളിച്ചിരുന്നു കൊല്ലുക. =si-nā'tiŏn, *n.* ഒളികുല, നരഹത്യ, കുലപാതകം.

**As-sault'**, *n.* ആക്രമം, കയ്യേററം; 2. അടികലശൽ (*l.*); 3. ആക്ഷേപം. *v. t.* കയ്യേററം ചെയ്യു, ആക്രമിക്കുക; 2. അടികലശൽ ചെയ്യു (*l.*). -ĕr, *n.* ആക്രമി.

**As-sāy'** (-sā'), *n.* പരീക്ഷ; 2. മാററുനോക്കൽ, ഉര, ഉരവു്. *v. t. & i.* പരീക്ഷിക്കുക; 2. ഉരച്ചുനോക്കുക, മാറററിയുക. -ĕr. *n.* മാററുരച്ചുനോക്കുന്നവൻ.

**As-sem'ble**, *v. t.* കൂട്ടിവരുത്തുക, യോഗം കൂട്ടുക. *v. i.* കൂടിവരിക, സഭകൂടുക. =sem'blāge, *n.* കൂട്ടം, സംഘം; സഭ. =sem'bly, *n.* സഭ, യോഗം; സംഘം, സമാഗമം. a.y room നൃത്തമണ്ഡപം. unlawful a.y ന്യായരഹിതമായ ജനസംഘം (*l.*)

**As-sent'**, *n.* സമ്മതം, അനുമതി, അനുവാദം. *v. i.* സമ്മതിക്കുക, അനുവദിക്കുക. =tā'tiŏn, *n.* കപടസമ്മതം.

**As-sĕrt'**, *n.* തിട്ടമായി പറക, ഉറപ്പായി—, സ്പഷ്ടമായി—; 2. സ്ഥാപിക്കുക. to a. one's self അധികാരം കാണിക്കുക, അവകാശം സ്ഥാപിക്കുക. -ĕr, -or, *n.* സ്ഥാപകൻ, വാദി. ='tiŏn, *n.* വാക്കു്, പ്രസ്താവം; സ്ഥാപനം, വാദം.

**As-sess'**, *v. t.* ജമക്കു് പിടിക്കുക, നികുതി കെട്ടുക, —ചുമത്തുക; 2. വില നിശ്ചയിക്കുക; 3. തിച്ചപ്പെടുത്തുക. -ment, *n.* നികുതികെട്ടൽ; നികുതി, കരം; വിലകെട്ടൽ. -or, *n.* ജമക്കു് പിടിക്കുന്നവൻ; നടുപഞ്ചായക്കാരൻ; വിചാരണ പഞ്ചായക്കാരൻ, 'അസ്സെസ്സർ'. ='sēe, *n.* ജമക്കാരൻ, പട്ടയദാർ (*l*).

**As'sets**, *n. pl.* മരിച്ചവന്റെ സ്വത്തു്; 2. നിൎദ്ധനന്റെ മുതൽ; 3. ആസ്തി, വക, വസ്തു.

**As-sev'ĕr-āte**, *v. t.* ഉറപ്പിച്ചു് പറയുക; 2. സത്യംചെയ്തു് പറയുക. =ā'tiŏn, *n.* പ്രതിജ്ഞ, ശപഥം, ആണ.

**As-sid'ū-ŏus**, *a.* നിത്യശ്രദ്ധ ഉള്ള, ഉത്സാഹം—; 2. ആലസ്യമില്ലാത്ത, സ്ഥിരോത്സാഹമുള്ള. -ly, *ad.* ഉത്സാഹപൂൎവ്വം. -ness, =si-dū'i-ty, *n.* ജാഗ്രത, ശുഷ്കാന്തി; *pl.* നിത്യശുശ്രൂഷ, സേവ.

**As-sīgn'** (-sīn'), *v. t.* നിശ്ചയിക്കുക, വേൎതിരിച്ചു് വെക്കുക, കൊടുക്കുക; 2. കല്പിക്കുക, കുറിക്കുക; 3. തീറു് കൊടുക്കുക (*l.*); 4. മുതൽ ഏല്പിച്ചു്—. *n.* തീറു്കാരൻ. -a-ble, *a.* നിശ്ചയിക്കത്തക്ക; തീറു് കൊടുക്കത്തക്ക; കയ്മാററം ചെയ്യത്തക്ക. =sig-nā'tiŏn, *n.* നിശ്ചയം, സമൎപ്പണം; കുറിയിടം; തീറു്. ='si-gnēe, *n.* പ്രതിനിധി; തീറു്കാരൻ, തീറു് വാങ്ങിയവൻ (*l.*). -ment, *n.* തീറു്; തീരാധാരം; കടക്കാൎക്കു് മുതൽ ഏല്പിച്ചു് കൊടുക്കൽ. -ĕr, -ŏr, *n.* തീറു് കൊടുക്കുന്നവൻ (*l.*).

**As-sim'i-lāte**, *v. t.* അനുരൂപമാക്കുക; 2. ഉൾക്കൊള്ളുക, പരിണമിക്കുക, ദഹിപ്പിക്കുക (*phys.*). *v. i.* അനുരൂപമായ്തീരുക, ചേരുക, ജീൎണ്ണമാക (*phys.*). =lā'tiŏn, *n.* തുല്യത; ദഹനം, പരിണാമം (*phys.*).

**As-sist'**. *v. t. & i.* തുണക്കുക, സഹായിക്കുക; 2. (at) കൂടുക. -ance, *n.* സഹായം, ഉതവി. -ant, *n.* തുണയാളി, സഹായകൻ; ഉപസ്ഥാനി. *a.* തുണക്കുന്ന; ഉപ.

**As-sīzes'**, *n. pl.* ന്യായസ്ഥാനം; 2. വിചാരണ; 3. വലിപ്പം, പരിമാണം.

**As-sō'ci-a-ble**, *a.* സഹഗമനീയമായ; 2. സഹവാസത്തിന്നു തക്ക, കൂടിക്കഴിയത്തക്ക. **=a-ble-ness, =a-bil'i-ty**, *n.* ചേൎച്ച; സഹവാസഗുണം. **=āte**, *n.* സഹഗാമി, സഹവാസി, ചങ്ങാതി, കൂട്ടാളി, കൂറുകാരൻ; സഭാസഖി; ഉററുചേൎന്നത്. *a.* സഹ; സഖിയായ. *v. t.* ചേൎക്കുക, കൂട്ടുക; ജാതിയിൽ കൂട്ടുക; കലൎത്തുക; ചേൎത്തു വിചാരിക്കുക. *v. i.* കൂടുക; സഹവാസം ചെയ്യുക, കൂടിക്കഴിയുക. **=ā'tiōn**, *n.* ചേൎച്ച, സംബന്ധം; സഹവാസം, കൂട്ടായ്മ; സംഘം, സഭ. **a.n of ideas** വിചാരസംബന്ധം.

**As'sō-nance**, *n.* സ്വരതുല്യത, പ്രാസം (*pros.*); 2. അപൂൎണ്ണതുല്യത. **=nant**, *a.* സ്വരതുല്യത ഉള്ള, പ്രാസം—; ചേൎച്ചയില്ലാത്ത.

**As-sort'**, *v. t.* വക തിരിക്കുക, തരം—; 2. തരംതരമായി വെക്കുക. *v. i.* ഒക്കുക, പററുക, അനുരൂപമാക. **-ed**, *a.* തിരഞ്ഞെടുത്ത. **-ment**, *n.* തരന്തിരിക്കൽ; വകവകയായി വെച്ച കൂട്ടം; പലവകസാധനസംഗ്രഹം.

**As-suāġe'** (-swāj'), *v. t.* കുറക്കുക, ശമിപ്പിക്കുക, തണുപ്പിക്കുക. *v. i.* ശമിക്കുക, സാവധാനമാക. **-ment**, *n.* ശാന്തിയാക്കൽ; ശമനം. **=suā'ṡive**, *a.* ശമനകരമായ.

**As-sūme'**, *v. t.* എടുക്കുക, കൈക്കൊൾക; 2. കരുതുക, ഊഹിക്കുക; 3. വേഷം ധരിക്കുക, നടിക്കുക; 4. ചേൎക്കുക. *v. i.* അഹങ്കരിക്കുക; 2. കണക്കിലേ ചോദിക്കുക. **=sump'tiōn** (-sum'shun), *n.* അംഗീകരണം; ധാരണ, സങ്കല്പം; സ്വൎഗ്ഗപ്രവേശം (*R. C.*).

**As-sụre'** (-shụr'), *v. t.* ഉറപ്പു വരുത്തുക; 2. തിൎച്ചയായി പറക; 3. ഭീമ തീൎക്കുക, വീമ— (*com.*). **=rance**, *n.* പ്രാമാണ്യം; വാഗ്ദത്തം; നിശ്ചയം; ധൈൎയ്യം; ധാൎഷ്ട്യം; ഭീമ (*com.*); തീരാധാരം (*l.*). **=sụed**, *a.* നിശ്ചയമുള്ള, ഭദ്രമായ; സംശയമററ; ധാൎഷ്ട്യമുള്ള. *n.* ഭീമ തീൎത്തവൻ. **=red-ly**, *ad.* നിശ്ചയമായി. **=ēr**, *n.* ഭീമ ഏല്ക്കുന്നവൻ; —തീൎക്കുന്നവൻ.

**As'tĕr-isk**, *n.* നക്ഷത്രചിഹ്നം, (*) എന്ന കുറി. **=tĕr-oid**, *n.* ചെറുഗ്രഹം (*as.*). **as'tral**, *a.* നക്ഷത്രസംബന്ധമായ.

**A-stĕrn'**, *ad.* അമരത്ത്; 2. കപ്പലിന്റെ പിൻഭാഗത്ത് (*naut.*).

**Asth'ma** (ast'ma), *n.* കാസശ്വാസം, ഏക്കം (*med.*). **=mat'ic**, *n.* ഏക്കക്കാരൻ. **=mat'ic, =mat'i-cal**, *a.* ഏക്കമുള്ള.

**A-stĭr'**, *a.* & *ad.* ഉണൎന്നു, എഴുന്നീററു.

**As-ton'ish**, *v. t.* ഭ്രമിപ്പിക്കുക, അമ്പരിപ്പിക്കുക; 2. അതിശയം തോന്നിക്കുക. **-ing**, *a.* ആശ്ചൎയ്യകരമായ. **-ment**, *n.* വിസ്മയം, അത്ഭുതം; ആശ്ചൎയ്യകാരണം.

**As-tound'**, *v. t.* സ്തംഭിപ്പിക്കുക; 2. അമ്പരിപ്പിക്കുക, സംഭ്രമിപ്പിക്കുക.

**A-strāy'** (-strā'), *a.* വഴിതെററിയ, ദിഗ്ഭ്രമമുള്ള, തെററിപ്പോയ. *ad.* വഴിപിഴെച്ചു, തെററി.

**A-strīde'**, *ad.* കവെച്ചു.

**As-trin'ġen-cy**, *n.* ചവൎപ്പ്; 2. ബന്ധകഗുണം. **=ġent**, *a.* ചവൎപ്പുള്ള, ബന്ധിക്കുന്ന.

**As-trol'o-ġy**, *n.* ജ്യോതിഷം; പ്രശ്നം. **=trol'o-ġĕr**, *n.* ജ്യോതിഷക്കാരൻ; 2. നക്ഷക്കാരൻ. **=loġ'i-cal**, *a.* ജ്യോതിഷസംബന്ധമായ. **=loġ'i-cal-ly**, *ad.* ജ്യോതിഷപ്രകാരം.

**As-tron'ō-my**, *n.* ജ്യോതിശ്ശാസ്ത്രം, ജ്യോതിൎവ്വിദ്യ. **=mĕr**, *n.* ഗണിതശാസ്ത്രി, ജ്യോതിശ്ശാസ്ത്രി. **=nom'ic, =nom'i-cal**, *a.* ജ്യോതിശ്ശാസ്ത്രം സംബന്ധിച്ച. **=nom'i-cal-ly**, *ad.* ജ്യോതിശ്ശാസ്ത്രപ്രകാരം.

**As-tūte'**, *a.* യുക്തി ഉള്ള, ബുദ്ധികൂൎമ്മത—. **-ly**, *ad.* വിവേകത്തോടെ; ഉപായത്രപേണ, കൌശലത്തോടെ. **-ness**, *n.* വിവേകബുദ്ധി, സാമൎത്ഥ്യം.

**A-sun'dĕr**, *ad.* വെവ്വേറെയായി; 2. രണ്ടായി; 3. അകന്നിരിക്കുന്നതായി.

**A-sȳ'lum,** *n.* സങ്കേതം; 2. ആശ്രയസ്ഥാനം; 3. ധൎമ്മശാല.

**At,** *prep.* (proximity, presence) ഇൽ, അടുക്കെ. a. the door വാതില്ക്കൽ. a. hand സമീപം; 2. (state, condition) നിലയിൽ, ആയി, മേൽ; 3. (employment, action) ഇൽ, കൂ. to play a. chess ചതുരംഗം കളിക്കുക; 4. (rate, value) കൂ, പ്രകാരം, വീതം. life is short a. the longest എത്ര അധികമായാലും ആയുസ്സു ചുരുക്കം തന്നെ; 5. (time, age, order) കൂ, ഇൽ. a. first ആദ്യം, ഒന്നാമത്. a. once ഉടനെ; 6. (source, reason, effect) കൂ, കൊണ്ടു, ഹേതുവായിട്ടു, നിമിത്തം, മുഖേന; 7. (direction, object, end). to look a. it അതു നോക്കുക. to point a. one ഒരാളെ ചൂണ്ടിക്കാണിക്കുക. to aim a. കുറി നോക്കുക. to laugh a. one ഒരുവനെ നോക്കിച്ചിരിക്കുക. a. it ചെയ്തുകൊണ്ടിരിക്കുക. a. one യോജിക്കുക.

**Āte,** *v.t.ir. p.t. of* Eat തിന്നു.

**Ā'thē-ism,** *n.* നിരീശ്വരവാദം, നാസ്തികത്വം. =ist, *n.* നിരീശ്വരൻ, നാസ്തികൻ.

**A-thĭrst',** *a.* ദാഹം ഉള്ള; 2. വാഞ്ഛ—.

**Ath'lēte,** *n.* മല്ലൻ; 2. അഭ്യാസി; 3. വീരൻ. -let'ic, *a.* കച്ചകെട്ടിയ; ഊക്കുള്ള; ദേഹാഭ്യാസസംബന്ധമായ. a.c sports ദേഹാഭ്യാസക്കളികൾ.

**A-thwart',** *prep. & ad.* കുറുക്കെ, വിലങ്ങനെ; 2. പ്രതികൂലമായി.

**At'las,** *n.* മഹാഭാരം പേറുന്നവൻ; 2. ഭൂപടപുസ്തകം; 3. പട്ടുതുണി; 4. ശിരാധാരം, ആധാരാസ്ഥി (*an.*).

**At'mos-phēre** (-fēr), *n.* ആകാശം, വായുമണ്ഡലം, അന്തരീക്ഷം. =pher'ic, =pher'i-cal (-fer-), ആകാശ സംബന്ധം ആയ; വായുമയം—; ആകാശത്തിലുള്ള; വായുഹേതുകമായ. a.c pressure വായുമണ്ഡല ഭാരം.

**At'om,** *n.* കണം, അണു, പരമാണു; (*phys. & ch.*); 2. ലവം, ലേശം, അല്പം.

**a-tom'ic, -'i-cal,** *a.* അണുവിനുള്ള; അണുമയം ആയ, അണുപ്രായം—; ഏററവും ചെറിയ.

**A-tōne',** *v.i.* ഒന്നായിരിക്കുക, ഒരുമനപ്പെടുക, നിരന്നുവരിക; 2. പ്രായശ്ചിത്തമായിരിക്കുക, പ്രതിശാന്തി ചെയ്ക. *v.t.* നിരപ്പിക്കുക; 2. പ്രായശ്ചിത്തം ചെയ്ക. -ment, *n.* സംയോജിപ്പിക്കൽ; ഇണക്കം; പ്രതിശാന്തി; പാപപരിഹാരം, ക്രിസ്തുവിന്റെ പ്രായശ്ചിത്തയാഗം (*Bl.*).

**A-ton'ic,** *a.* ബലക്ഷയമുള്ള, ക്ഷീണിച്ച (*med.*); 2. സ്വരഭാരം ഇല്ലാത്ത (*gr.*). **at'o-ny,** *n.* ബലക്ഷയം, ക്ഷീണം (*med.*).

**A-trō'ciŏus** (-shus), *a.* ഭയങ്കരം ആയ; 2. അറുല—, അറുകല—, ദുഷ്ടതയുള്ള. =ciŏus-ly, *ad.* ഉഗ്രതയോടെ, ക്രൂരതയോടെ. -ness, =troc'i-ty, *n.* ഘോരത, മഹാപാതകം, അറുകല.

**At'rō-phy** (-fi), *n.* മെലിച്ചൽ; ഉരുക്കം (*med.*).

**At-tach',** *v.t.* കെട്ടുക, ബന്ധിക്കുക; 2. കൂട്ടിച്ചേൎക്കുക; 3. നിശ്ചയിച്ചാക്കുക; 4. പററുണ്ടാക്കുക, ആകൎഷിക്കുക; 5. സംബന്ധിപ്പിക്കുക, ആരോപിക്കുക; 6. തടവിൽ പിടിക്കുക; 7. ജപ്തിചെയ്യുക (*l.*). -a-ble, *a.* ജപ്തിചെയ്യാവുന്ന. to be a.ed സ്നേഹമായിരിക്കുക. =che' (-shā'), *n.* ഉപസ്ഥാനാപതി. -ment, *n.* പററ്, മമത, സ്നേഹം, വിശ്വാസം, അനുരഞ്ജന, അനുരാഗം; സംബന്ധം; സ്നായു, അനുബന്ധം (*an.*); ജപ്തി, പിടിത്തം (*l.*).

**At-tack',** *n.* ആക്രമം, അഭിയോഗം, അതിക്രമം; 2. രോഗം പിടിക്കൽ; 3. ഹാനിപ്പെടുത്തൽ, ആക്ഷേപം; 4. പ്രവൃത്തി; 5. തിന്നുപോകൽ. *v.t.* ആക്രമിക്കുക, എതിൎക്കുക, മെയ്യേറുക; 2. ആക്ഷേപിക്കുക; 3. പ്രവൃത്തിക്കുക; 4. തിന്നുക, ദ്രവിപ്പിക്കുക.

**At-tāin',** *v.t. & i.* സാധിപ്പിക്കുക, പ്രാപിക്കുക; 2. സമ്പാദിക്കുക; 3. എത്തുക; 4. ഒത്തുവരിക; 5. ഗ്രഹിക്കുക. -a-ble, *a.* സാദ്ധ്യം ആയ, ലഭ്യം—. -ment, *n.* സിദ്ധി, പ്രാപ്തി; സമ്പാദ്യം; *pl.* അറിവ്, വിദ്യ.

**At-tāint′**, *v.t.* വക്കളാക്കുക; 2. രാജദ്രോഹ കുററക്കാരനാണെന്നു തീൎച്ചപ്പെടുത്തുക; 3. മുതൽ സൎക്കാരിലേക്ക് അടക്കുക; 4. അപമാനിക്കുക, അപശ്രുതിവരുത്തുക. =**tain′der**, *n.* പണ്ടാരത്തിലേക്കുള്ള മുതലടക്കം; രാജദ്രോഹ കുററാരോപണം.

**At′tar** (ot′tō of roses), *n.* പനിനീർപുഷ്പത്തൈലം, അത്തർ, പനിനീർസത്ത്.

**At-tempt′** (-temt′), *n.* യത്നം, പരിശ്രമം; ഒരുക്കം (*l.*). **a. to commit a crime** കുററം ചെയ്വാനുള്ള ശ്രമം (*l.*). 2. ഉദ്യമം; 3. പരീക്ഷ; 4. ആരംഭം. *v.t.* ശ്രമിക്കുക, പ്രയത്നിക്കുക; 2. പരീക്ഷിച്ചുനോക്കുക; 3. തുനിയുക; 4. ബലാല്ക്കാരം ചെയ്യുക; 5. ആക്രമിക്കുക.

**At-tend′**, *v. t.* നോക്കുക, പരിപാലിക്കുക; 2. ബാല്യക്കാരനായി താമസിക്കുക; 3. ചികിത്സിക്കുക; 4. കൂടിയിരിക്കുക, ചേൎന്നിരിക്കുക; 5. പോക, ഹാജരാക. *v.i.* ശ്രദ്ധവെക്കുക, കേൾക്കുക; 2. (on, upon) ശുശ്രൂഷിക്കുക, സേവിക്കുക; 3. (to) ചെയ്യുക. =**dance**, *n.* ജാഗ്രത, ശ്രദ്ധ; സേവ, ശുശ്രൂഷ; ഹാജർ, ഗമനം; പരിചാരകന്മാർ. =**dant**, *n.* സഹചാരി; സേവകൻ; ഹാജരുള്ളവൻ; കൂടിയിരിക്കുന്നത്. *a.* സഹചാരി ആയ; ഫലം—. =**ten′tiŏn**, *n.* ശ്രദ്ധ, ഓൎമ്മ, പൂരായം; മൎയ്യാദ, ലോക്യം. **to pay a.n to** ഉപചാരം കാട്ടുക. **to pay one's a.ns to** അനുരാഗമുണ്ടാക. =**ten′tive**, *a.* ശ്രദ്ധ ഉള്ള; സൂക്ഷ്മത—; ഉപചാരശീലം—. =**ten′tive-ly**, *ad.* താല്പൎയ്യമായി, ശ്രദ്ധയോടെ.

**At-ten′ū-āte**, *v. t.* ലോലമാക്കുക; 2. മെലിച്ചൽ വരുത്തുക, നേൎപ്പിക്കുക; 3. ബലം കുറക്കുക, ഊക്ക് —, വില—. =**ā′tiŏn**, *n.* നേൎമ്മയാക്കൽ; മെലിച്ചൽ; നേൎപ്പിക്കൽ; കട്ടപ്പം കുറക്കൽ.

**At-test′**, *v.t.* സാക്ഷ്യപ്പെടുത്തുക; 2. തെളിവായിരിക്കുക. **-ing witness** ആധാരസാക്ഷി (*l.*). **-ā′tiŏn**, *n.* സാക്ഷ്യം; തെളിവ്; സാക്ഷിയായി ഒപ്പിടൽ.

**At′tic**, *a.* വിശേഷം ആയ, ശുദ്ധം—, പരിഷ്കാരം—.

**At-tīre′**, *n.* വസ്ത്രം, വേഷം; 2. അലങ്കാരം, ശിരോഭൂഷണം; 3. മാങ്കൊമ്പ്. *v.t.* ഉടുപ്പിക്കുക, അണിയിക്കുക, ചമയിക്കുക. **-ment**, *n.* ചമയം, ശൃംഗാരം.

**At′ti-tūde**, *n.* നില, സ്ഥിതി; 2. ഭാവം, ആക്കം, ആചാരം. **to strike an a.** ഭാവം നടിക്കുക.

**At-tŏrn′**, *v. i.* ഇണക്ക് കൊടുക്കുക, നേരിടുക (*l.*). =**tŏr′ney**, *n.* കാൎയ്യസ്ഥൻ, വക്കീൽ, മുക്തിയാർനാമക്കാരൻ, പ്രതിനിധി (*l.*). **power, letter** *or* **warrant of a.y** മുക്ത്യാർനാമം, മുക്തിയാർ (*l.*). **-ment**, *n.* ഇണക്ക് (*l.*).

**At-tract′**, *v.t.* ആകൎഷിക്കുക, അടുപ്പിക്കുക; 2. മോഹിപ്പിക്കുക, വശീകരിക്കുക. =**′tiŏn**, *n.* ആകൎഷണം, മനോഹരണം, വിലോഭനം; ആകൎഷണശക്തി (*ph.*). **capillary a.n** കേശാകൎഷണം. **cohesive a.n** സംലഗ്നാകൎഷണം. **a.n of gravitation** കേന്ദ്രാകൎഷണം. =**′tive**, *a.* വശീകരണീയം ആയ, ആകൎഷണീയം—, മോഹനീയം—, മനോഹരം—.

**At′tri-būte**, *n.* ലക്ഷണം, ഗുണം, വിശേഷം; 2. ചിഹ്നം, അടയാളം; 3. വിശേഷണം (*gr.*). **at-trib′ūte**, *v.t.* സംബന്ധിപ്പിക്കുക, നിൎദ്ദേശിക്കുക, ആരോപിക്കുക, കെട്ടിപ്പറയുക. =**tive**, *a.* വിശേഷണം ആയ, ലക്ഷണം—. =**bū-′tiŏn**, *n.* ആരോപണം; ആരോപിതം.

**At-trīte**, *a.* ഉരഞ്ഞ, തേഞ്ഞുപോയ; 2. ഭയവ്യസനമുള്ള. =**tri′tiŏn** (-trish′-un), *n.* ഉരമ്പൽ, തേമാനം; ഭയത്താലുള്ള ദുഃഖം.

**Au′burn** (a′bĕrn), *a.* തവിട്ടു നിറമുള്ള, ചണ—, ശ്യാമമായ.

**Auc′tiŏn** (ak′shun), *n.* ലേലം, ഏലം; 2. ലേലസാമാനം. *v.t.* ലേലം ചെയ്തു വില്ക്കുക. **-ēer**, *n.* ലേലക്കാരൻ, ലേലം വിളിക്കുന്നവൻ.

**Au-dā'ciŏus** (-dā'shus), *a.* ധൈൎയ്യമുള്ള; 2. തുനിഞ്ഞുപുറപ്പെടുന്ന, ഒരുമ്പെട്ട; 3. ന്യായവിരക്തമായ; 4. അഹങ്കാരം ഉള്ള, ധൃഷ്ടത—. **-ly,** *ad.* ധാൎഷ്ട്യമായി, ശങ്കകൂടാതെ. **-ness, =dac'i-ty,** *n.* ധീരത, ധാൎഷ്ട്യം; അഹങ്കാരം; ധിക്കാരം.

**Au'dit,** *n.* ശ്രവണം; 2. പരീക്ഷ; 3. വിസ്താരം; 4. കണക്ക് പരിശോധന. *v.t.* കണക്ക് പരിശോധിക്കുക, കണക്ക് തീൎക്കുക. **-or,** *n.* ശ്രോതാവ്; കണക്ക് പരിശോധകൻ. **=di-ble,** *a.* കേൾക്കത്തക്ക, കൎണ്ണഗോചരം, ശ്രവണീയം. **=di-bly,** *ad.* കേൾക്കത്തക്കവണ്ണം. **=di-ence,** *n.* കേൾവി; കൂടിക്കാഴ്ച; കേൾവിക്കാർ, സഭ്യന്മാർ, വായനക്കാർ. **to give a.e** കേൾക്കുക; തമ്മിൽ കാണുക. **in general a.e, in open a.e** പരസ്യമായി. **=tor-y,** *n.* ശ്രോതാക്കൾ, കേൾവിക്കാർ, സഭ; കേൾവിക്കാർ ഇരിക്കുന്ന സ്ഥലം; പ്രസംഗമണ്ഡപം. *a.* കേൾവിക്കുള്ള, ശ്രവണേന്ദ്രിയസംബന്ധമായ. **a.y nerve** കൎണ്ണേന്ദ്രിയമജ്ജാതന്തു. **a.y canal** ബാഹ്യനാളം (*an.*).

**Au-gē'an,** *a.* ഏററവും വൃത്തികെട്ട, —വഷളായ. **a. stable** തീൎത്താൽ തീരാത്ത വൃത്തികേട്.

**Au'gĕr,** *n.* തമർ, തിരുവുളി, തുരപ്പണം (*carp.*).

**Aught** (at), *n.* അല്പം, ലേശം; 2. യാതൊന്നും, വല്ലതും, എന്തെങ്കിലും.

**Aug-ment',** *v.t.* നീട്ടുക, വലുതാക്കുക, വൎദ്ധിപ്പിക്കുക; 2. അഭിവൃദ്ധിവരുത്തുക. *v.i.* വലുതായിതീരുക. *n.* പെരുക്കം, വൎദ്ധന; 2. വൃദ്ധി; 3. ഉപസൎഗ്ഗം (*gr.*). **=tā'tiŏn,** *n.* വലിപ്പം, അഭിവൃദ്ധി.

**Au'gur,** *n.* ശകുനം പറയുന്നവൻ, ലക്ഷണം—, പ്രാശ്നികൻ. *v.t.* ശകുനം നോക്കുക, ലക്ഷണം—, —പറക; 2. കാണിക്കുക; 3. പ്രതീക്ഷിക്കുക. **=gū-ry, =rā'tiŏn,** *n.* ശകുനശാസ്ത്രം, നിമിത്തജ്ഞാനം, —ചൊൽ, ലക്ഷണപരീക്ഷ; ശകുനം, പ്രശ്നം; ലക്ഷണം നോക്കൽ.

**Au'gust,** *n.* എട്ടാം മാസം, ആഗസ്റ്റ് മാസം, കൎക്കിടം ചിങ്ങം. *a.* മഹാ, പ്രതാപമുള്ള, ഉൽകൃഷ്ട, ശ്രേഷ്ഠ, ശ്രീതപമുള്ള, ശ്രീമൽ. **-ness,** *n.* മഹിമ, ഘനം, ശ്രീ.

**Äunt** (änt), **Äun'ty,** *n.* ഇളയമ്മ, ഇളയച്ചി; 2. മൂത്തമ്മ; 3. അമ്മായി, അമ്മാവി.

**Au'ri-cle,** *n.* കാത്, ബാഹ്യകൎണ്ണം (*an.*); 2. ഹൃദയത്തിലെ മേലറ(*an.*); 3. ശ്രവണകാഹളം. **=ric'ū-lar,** *a.* ചെവിയോടു ചേൎന്ന, ശ്രോത്രസംബന്ധമായ (*an.*); മന്ത്രിച്ച, രഹസ്യമായ; കൎണ്ണഗോചരമായ; ചെവിയാൽ കേട്ട; കേട്ടുകേൾവിയായ. **a.r confession** പാപസ്വീകാരം, —സങ്കീൎത്തനം; കുമ്പസാരം (*R. C.*). **a.r finger** ചെറുവിരൽ.

**Au-rif'ĕr-ŏus,** *a.* പൊന്നുള്ള, പൊൻവിളയുന്ന.

**Äu-rō'ra,** *n.* അരുണശോഭ; 2. ഉഷസ്സ്, അരുണോദയം. **a. bor-ē-ā'lis** ധ്രുവപ്രഭ (*as.*).

**Aus-cul-tā'tiŏn,** *n.* ശ്രവണം, ആകൎണ്ണനം; 2. ആകൎണ്ണനപരീക്ഷ (*med.*).

**Aus'pice,** *n.* ലക്ഷണം, ശകുനം, നിമിത്തം; 2. (*pl.*) അനുകൂലം, സംരക്ഷണം. **=spi'ciŏus** (-spish'us), *a.* ശുഭശകുനം ആയ; ശുഭകരം—; ധന്യം—, മംഗലം—, ശ്രീ ഉള്ള; അനുകൂലം—.

**Aus-tēre'** (-tēr'), *a.* എരുവും പുളിയും ഉള്ള, ചവൎപ്പ്—; 2. നിഷ്ഠുരമായ, ഉഗ്രതയുള്ള; 3. അലങ്കാരരഹിതമായ. **=ter'i-ty,** *n.* ഉഗ്രത, കാഠിന്യം; 2. തപോനിഷ്ഠ; 3. ഭൂഷണരഹിതത്വം.

**Aus'tral,** *a.* തെക്കെ, ദക്ഷിണദിക്കിലുള്ള, ദക്ഷിണ.

**Au-then'tic,** *a.* യഥാൎത്ഥമായ, പ്രമാണിക്കത്തക്ക; വിശ്വാസ്യം ആയ, വാസ്തവം—, നേർ—. **=tic'i-ty** (-tis'i-), *n.* പ്രാമാണ്യം, സത്യം; യഥാൎത്ഥം, കൃത്രിമരഹിതത്വം. **=cāte,** *v.t.* പ്രമാണമാക്കുക; ഉറപ്പിക്കുക; വാസ്തവമാണെന്നു തീൎച്ചപ്പെടുത്തുക. **=cā'tiŏn,** *n.* ഉറപ്പിക്കൽ, സ്ഥിരപ്പെടുത്തൽ.

**Au'thŏr**, *n*. കാരണൻ, കൎത്താവ്, ഹേതുഭൂതൻ, സൃഷ്ടികൎത്താവ്; 2. ഗ്രന്ഥ—, —കൎത്രി, രചകൻ, രചകി. **-ess**, *n*. ഗ്രന്ഥകൎത്രി, രചകി. **-i-ta'tive**, *a*. അധികാരപൂൎവ്വകം ആയ, പ്രമാണയോഗ്യം—; കല്പനാരൂപം—. **-i-ty**, *n*. അധികാരം, കൎത്തൃത്വം; ഗൌരവം; പ്രാമാണ്യം, വിശ്വാസ്യത; സാക്ഷ്യം; തീൎപ്പ്; പ്രമാണം; അധികാരി, ഉദ്യോഗസ്ഥൻ; (*pl*.) ആധിപത്യം, കോയ്മ. **-īse, -īze**, *v. t.* അധികാരം കൊടുക്കുക, അധികാരപ്പെടുത്തുക; നിയോഗിക്കുക; പ്രമാണമാക്കിത്തീൎക്കുക, നിയമാനുസാരമാക്കുക; സ്വീകരിക്കുക, സമ്മതിക്കുക; ഉറപ്പിക്കുക. **-ship**, *n*. ഗ്രന്ഥകൎത്തൃത്വം; കൎത്താവ്, ഹേതുഭൂതൻ.

**Au-to-bī-og'ra-phy** (-fi), *n*. സ്വജീവചരിത്രം.

**Au-toc'ra-cy**, *n*. സ്വയാധിപത്യം, ഏകച്ഛത്രാധിപത്യം; 2. സ്വയാധികാരം. **=crat**, *n*. ഏകച്ഛത്രാധിപതി; 2. ഏകാധികാരി. **=crat'ic, =crat'i-cal**, *a*. സ്വയാധിപത്യമുള്ള; ഏകാധികാരിയായ.

**Au'to-graph** (-graf), *n*. സ്വന്തകയ്യക്ഷരം. *a*. സ്വന്തകയ്യാലെഴുതിയ. **=tog'-ra-phy** (-fi), *n*. സ്വഹസ്താക്ഷരം.

**Au-tom'a-ton**, *n*. സ്വയചലനമൂൎത്തി; 2. യന്ത്രപ്പാവ; 3. സ്വയചലനയന്ത്രം. **=mat'ic, =mat'i-cal**, *a*. സ്വയചലനമുള്ള; ഇച്ഛാപൂൎവ്വകമല്ലാത്ത.

**Au-ton'o-my**, *n*. നിജാധീനത, സ്വയഭരണാധികാരം, —സ്വാതന്ത്ര്യം.

**Au'tumn** (-tum), *n*. ശരൽക്കാലം, ഇക്ഷം, കന്നിതുലാമാസങ്ങൾ; 2. ക്ഷയകാലം. **=nal**, *a*. ശരൽക്കാലത്തുള്ള, ശാരദീയം; മൂപ്പെത്തിയ; ക്ഷയത്തോടടുത്ത.

**Aux-il'i-a-ry** (ag-zil'i-), *n*. സഹായി, സഹായകൻ, തുണയാളി; 2. (*pl*.) സഹായസേന; 3. സഹായക്രിയ (*gr*.). *a*. സഹായിക്കുന്ന, തുണെക്കുന്ന, ഉപ.

**A-vāil'**, *n*. പ്രയോജനം, ഉപകാരം, ആദായം; 2. (*pl*.) വിററുകിട്ടിയത്. *v. t.* & *i*. ഉതകുക, സഹായിക്കുക, ഉപകരിക്കുക, സാദ്ധ്യകരമാസ്സരിക. **to a. one's self of** ഉപയോഗിക്കുക, എടുക്കുക. **-a-ble**, *a*. ഉതകുന്ന, പ്രയോജനമുള്ള, സഫലമായ; കൊള്ളുന്ന, തക്ക. **-a-ble-ness, -a-bil'i-ty**, *n*. യോഗ്യത, ഉപയോഗം; യുക്തമായത്.

**Av-a-lanche'** (-lansh'), *n*. ഹിമപ്രവാഹപതനം; 2. മഹാപ്രവാഹം.

**Av'a-rice** (-ris), *n*. ദ്രവ്യാഗ്രഹം, ലുബ്ധ്, ലോഭം, പിശുക്ക്; 2. അതികാംക്ഷ, അത്യാഗ്രഹം. **=ri'ciŏus** (-rish'us), *a*. പൊന്നാശയുള്ള, ധനാശ—, കൃപണത്വം—, അതിമോഹം—. **=ri'ciŏus-ly**, *ad*. ലുബ്ധോടെ, ഈററയോടെ.

**A-vaunt'** (-vant'), *int*. പോ, പൊയ്ക്കോ.

**A-venġe'**, *v. t.* പ്രതിക്രിയ ചെയ്ക, പ്രതികാരം—, പകരം—; 2. പ്രായശ്ചിത്തം ചെയ്യിക്കുക, പരിഹരിക്കുക, ശിക്ഷിക്കുക. **='ġĕr**, *n*. പ്രതികാരി, പകരം ചോദിക്കുന്നവൻ.

**Av'e-nūe** (-nū), *n*. നട, ഇടവഴി; 2. നടക്കാവ്; 3. വിശാലമായ വീഥി.

**A-vĕr'**, *v. t.* ഉറപ്പിച്ചു പറക, തീൎച്ചയായി—; 2. തെളിയിക്കുക. **-ment**, *n*. വാദം.

**Av'ĕr-āġe**, *n*. ശരാശരിത്തുക; 2. നടുത്തരം; 3. സൂമാറ്. **on an a.** ശരാശരിക്ക്. *a*. ശരാശരി ആയ; മദ്ധ്യമം—. *v. t.* ശരാശരിയാക്കുക; വീതമാക്കുക, വീത് കാണുക, വീതിക്കുക. *v. i.* ശരാശരിയാക; വീതമായിരിക്കുക.

**A-vĕrse'**, *a*. (to) പ്രതികൂലഭാവമുള്ള, അനിഷ്ടമായ, വിരോധമുള്ള. **='siŏn**, *n*. വിരോധം, വെറുപ്പ്; പക, നീരസം.

**A-vĕrt'**, *v. t.* തിരിച്ചുകളക, അകററുക; 2. തടുക്കുക, നിവാരണം ചെയ്ക. **-i-ble**, *a*. നിവാൎയ്യമായ, തടുക്കത്തക്ക.

**Ā'vi-ar-y**, *n*. പക്ഷിക്കൂട്, വിടങ്കം, പഞ്ജരം.

**A-vid'i-ty**, *n*. അത്യാഗ്രഹം, അത്യാശ; 2. ബുഭുക്ഷ, തിന്നിഭ്രാന്ത്.

**Av-ō-eā'tiŏn**, *n.* വിളി; 2. (*pl.*) ജോലി (*S.*), തൊഴിൽ, പ്രവൃത്തി, വേല, പണി, വ്യാപാരം.

**A-void'**, *v.t.* ദുബ്ബലപ്പെടുത്തുക; 2. വജ്ജിക്കുക, അകററുക, അകന്നുനില്ക്കുക, ഒഴിഞ്ഞുകൊള്ളുക, കൂടാതെകഴിക്കുക, ഉപേക്ഷിക്കുക. **-a-ble**, *a.* ദുബ്ബലപ്പെടത്തക്ക, അസാധ്യവാകത്തക്ക; കൂടാതെകഴിയുന്ന, വജ്ജനീയമായ. **-ance**, *n.* ദുബ്ബലപ്പെടുത്തൽ; പരിത്യാഗം, ഒഴിവ്; നീക്കം; ത്യാഗം.

**Av-oĭr'dū-poi̱s** (-ĕr'dū-), *n.* & *a.* ഇംഗ്ലീഷ് തൂക്കം; 2. ഭാരമുള്ള.

**A-vouch'**, *v.t.* സത്യമെന്നു വാദിക്കുക; 2. പരസ്യമായി പ്രസ്താവിക്കുക; 3. സമ്മതിക്കുക.

**A-vow'**, *v.t.* പരസ്യമായി പറക, ഏററു—, സമ്മതിക്കുക. **-al**, *n.* സ്വീകാരം, പ്രസ്താവനം. **-ed-ly**, *ad.* സ്വീകരിച്ചപ്രകാരം; പ്രത്യക്ഷമായി.

**A-wāit'**, *v. t.* & *i.* കാത്തിരിക്കുക, പ്രതീക്ഷിക്കുക; 2. വെച്ചിരിക്കുക, ഒരുങ്ങിയിരിക്കുക.

**A-wāke'** (-wōke', -wōked'), *v. t. ir.* ഉണത്തുക, എഴുന്നീല്പിക്കുക; 2. ജീവിപ്പിക്കുക, ഉയിപ്പിക്കുക; 3. ഉണച്ചവരുത്തുക. *v. i.* ഉണരുക, ഉറക്കം തെളിയുക, എഴുന്നില്ക്കുക; 2. ഉയിത്തെഴുന്നീല്ക്കുക; 3. ഉത്സാഹിച്ചു തുടങ്ങുക. *a.* ജാഗ്രത ഉള്ള, ഉണച്ച—, ഉത്സാഹം—. **='en**, *v. t.* & *i.* ഉണത്തുക; ഉണരുക.

**A-wa̱rd'**, *n.* വിധി, തീപ്പ്; 2. പഞ്ചായത്തിപ്പ്; 3. —രേഖ. *v. t.* വിധിച്ചുകൊടുക്കുക, പഞ്ചായത്തീപ്പ് കല്പിക്കുക.

**A-wāre'**, *a.* ഉണച്ച ഉള്ള, ജാഗ്രത—; 2. അറിവ്—, അറിഞ്ഞ. **to be a.** അറിയുക. അറിവുണ്ടാക.

**A-wāy'**, *ad.* അകന്നു, നീങ്ങി, ഇല്ലാതെ, പോയി, വിട്ടു, തെററി. **have me a.** എന്നെ കൊണ്ടുപോക. **inclined a. from the sun** സൂൎയ്യനോടു വിമുഖമായി, സൂൎയ്യനിൽനിന്നകന്നു. **I fade a.** ഞാൻ ക്ഷയിച്ചു പോകുന്നു. **a. from home** വീട്ടുവിട്ടു പോയിരിക്കുന്ന, വീട്ടിൽ ഇല്ലാതെ. *int.* പോ, പൊയ്ക്കൊൾക. **sing a.** പാടിക്കോ. **throw a.** ചാടിക്കളക. **make a. with** നശിപ്പിക്കുക, കൊല്ലുക, കൊണ്ടുപോയ്ക്കളക. **I cannot a. with** എനിക്കു സഹിച്ചുകൂടാ. **a. with this fear** ഭയം കളക.

**A̱we** (a̱), *n.* ഭയം; 2. ഭയഭക്തി, വണക്കം, ശങ്ക. **to stand in a. of** വളരെ ഭയഭക്തിയുണ്ടാക. **-'fu̱l**, *a.* ഭയങ്കരം ആയ, ഘോരം—; ശങ്ക ജനിപ്പിക്കുന്ന; മഹാ, വല്ലാത്ത. **-'fu̱l-ness**, *n.* ഗാംഭീൎയ്യം, ഭയങ്കരത. **-'fu̱l-ly**, *ad.* ഭയങ്കരം ആയി, ഘോരം—, ഏററവും, വളരെ, വല്ലാതെ.

**A-whīle'**, *ad.* അല്പകാലത്തേക്ക്, കുറെ നേരത്തേക്ക്; അല്പം, അസാരം.

**A̱wk'ward** (a̱k'wĕrd), *a.* കൈമിടുക്ക് ഇല്ലാത്ത, സാമൎത്ഥ്യം—; 2. ചാതുൎയ്യം—, ഭംഗി—; 3. ദുഷ്കരമായ; 4. കോലംകെട്ട, അവലക്ഷണം ആയ, വിരൂപം—; 5. ആചാരമല്ലാത്ത, അശുഭമായ. **-ly**, *ad.* വല്ലാത്തവിധം, വല്ലാതെ, വിരൂപമായി. **-ness**, *n.* അകൌശലം, പടുത്വമില്ലായ്മ, വൈരൂപ്യം.

**A̱wl** (a̱l), *n.* തോലുളി, ആര.

**A̱wn** (a̱n), *n.* ആര്, ഓക്ക (*b.*). **-ed**, *a.* ഓക്കയുള്ള.

**A̱wn'ing**, *n.* വിതാനം, മേലാപ്പ്, പ്രച്ഛദം, മറ, കുട.

**A-wōke'**, *p. p. of* Awake.

**A-wrȳ'** (a-rī'), *a.* വളഞ്ഞ, പാളിയ, ചരിഞ്ഞ, കോണായ; 2. കപടം ഉള്ള, കോട്ടം—, വക്രമായ. **to glance a.** പാളിനോക്കുക, ഇടങ്കണ്ണാലെ—.

**Ax, Axe**, *n.* കോടാലി, മഴു, കഠാരം. **battle a.** വെണ്മഴു, പരശു. **a. head** മഴുത്തല, കാമ്പ്.

**Ax'i-ŏm** (ak'si-), *n.* തത്വം, സിദ്ധാന്തം, പ്രത്യക്ഷ പ്രമാണം, സൂത്രം; സിദ്ധന്യായം (*geom.*).

**Ax-il'la**, *n.* കക്ഷം, തൊക്ക്, തൊക്കിൽ (*an.*)

**Ax'is** (ak'sis), *n.* അക്ഷധ്രുവം, അച്ചുതണ്ട്, അക്ഷരേഖ.

**Ax'le** (ak'sl), **Ax'le-trēe,** *n.* അച്ചുതണ്ട്, ശവേല, സവേൽ, നട്ടയിരിമ്പ്. **-box,** *n.* അരട.

**Ä'y,** (ä'i), **Āye'** (ā), *ad.* ഉവ്വ, അതെ, തന്നെ.

**A'yah,** *n.* ആയ, ദാതി.

**Āye** (ā), *ad.* നിത്യവും, എപ്പോഴും, സദാകാലവും.

**Az'ōte,** *n.* യവക്ഷാരവാഷ്പം (*ch.*). **=zot-ic acid,** *n.* യവക്ഷാരദ്രാവകം (*ch.*). **=tīte,** *n.* യവക്ഷാരലവണം (*ch.*).

**Ā'zure** (-zhur), *a.* ആകാശനീലനിറം ഉള്ള, നീലമായ. *n.* ഇന്ദ്രനീലം, നീലവർണ്ണം. [അപ്പം.

**Āz'ym, Az'yme,** *n.* പുളിപ്പില്ലാത്ത

# B

**B,** ഇംഗ്ലീഷ് ഭാഷയിൽ രണ്ടാമത്തെ അക്ഷരം. വ്യഞ്ജനം. പേര്: 'ബി'. ഉച്ചാരണം: 'ബ്'.

**Bab'ble,** *v.i.* ചിലെക്കുക; 2. നൊടിയുക; 3. അൎത്ഥമില്ലാതെ സംസാരിക്കുക. *n.* ജല്പനം; 2. വായാട്ടം; 3. ഇടവിടാതെയുള്ള ശബ്ദം. **=blĕr,** *n.* ജല്പകൻ, അൎത്ഥമില്ലാതെ സംസാരിക്കുന്നവൻ, വിട്ടവായൻ, വായ്പാടി.

**Bābe, Bā'by,** *n.* ശിശു, കുഞ്ഞ്, പൈതൽ, കുട്ടി; 2. പാവ, ബൊമ്മ. **b.y-hood,** *n.* ശിശുപ്രായം, ശൈശവം.

**Bā'bel,** *n.* കലക്കം.

**Ba-boon',** *n.* ഒരുവക കുരങ്ങ്.

**Bac'cha-nal, =nā'li-an,** *n.* കുടിയൻ, മദ്യപാനി, വെറിയൻ.

**Bach'e-lŏr,** *n.* വിവാഹരഹിതൻ, ബ്രഹ്മചാരി, ഒണ്ടിക്കാരൻ, ഒററത്തടിക്കാരൻ. **b. of arts** (B. A.) സൎവ്വകലാശാലയിലെ ആദ്യപദവി, വിദ്യാപ്രവീണൻ. **b. of laws** (LL. B., B. L.) ധൎമ്മശാസ്ത്രപ്രവീണൻ. **b. of divinity** (B. D.) വൈദികശാസ്ത്രപ്രവീണൻ. **b. of medicine** (M. B.) വൈദ്യശാസ്ത്രപ്രവീണൻ. **b. of science** (B. Sc.) തത്വശാസ്ത്രപ്രവീണൻ. **b. of engineering** (B. E., B. C. E.) ശില്പശാസ്ത്രപ്രവീണൻ.

**Ba-cil'lus,** *n.* അണുപ്രാണി.

**Back,** *n.* പുറം, മുതുക്, പൃഷ്ഠം; 2. മറുഭാഗം, പിമ്പുറം; 3. മടമ്പ്. **behind one's b.** കേൾക്കാതെകണ്ട്. **to be** *or* **to lie on one's b.** നിൎവ്വാഹമില്ലാതിരിക്കുക. **to see the b. of** ഉപദ്രവം നീങ്ങിക്കിട്ടുക. **to turn the b.** ഓടിപ്പോക. **to turn the b. on one** ഉപേക്ഷിച്ചുകളക. *a.* പിമ്പിൽ ഉള്ള; 2. ബാക്കി—; 3. പിന്നോട്ട് തിരിയുന്ന. **b. step** വഴിയോട്ടുള്ള നടത്തം. *v.t.* പുറത്ത് കയറുക; 2. വഴിയോട്ട് തെളിക്കുക; 3. തുണക്കുക, അനുകൂലിക്കുക. **to b. up** സഹായിക്കുക; പുറത്ത് എഴുതുക; മേലൊപ്പ് വെക്കുക; വാത് വെക്കുക, പന്തയം—. *v.i.* വഴിയോട്ട് നടക്കുക. **to b. out, to b. down** പിന്മാറുക, തെററിക്കളക. *ad.* പിന്നോക്കം, പിമ്പോട്ട്, പിമ്പുറത്തേക്ക്. **to put b.** എടുത്തേടത്ത് തന്നെ വെക്കുക; 2. മുമ്പ്, പണ്ട്; 3. കൈവശം, ഒളിവിൽ, മടക്കത്തിൽ. **to keep b. the truth** സത്യം മറച്ച് വെക്കുക. **to keep b. part of the money** പണത്തിൽ കുറെ പിടിച്ചു വെക്കുക. **to roll b.** ഉരുട്ടിക്കളക. **to take b.** മടക്കി എടുക്കുക; 4. പകരം, ബാക്കി. **b. and forth** അങ്ങോട്ടും ഇങ്ങോട്ടും. **to go b. on** ഉപേക്ഷിച്ചുകളക. **-'bīte** *v.t. ir.* (-bit, -bit'ten), ഏഷണിപറക, —പ്രയോഗിക്കുക. **-bī-tĕr,** *n.* ഏഷണിക്കാരൻ, കരളക്കാരൻ. **-bī-ting,**

*n.* ഏഷണി, കരള. -'bōne, *n.* മുതുകെല്ല്, പൃഷ്ഠാസ്ഥി, നെട്ടെല്ല് (*an.*). to the b. b.e മുഴുവനും. -'dōor (-dōr), *n.* പിൻവാതിൽ, ഒളി—. -'ground, *n.* പൃഷ്ഠപ്രദേശം. to place in the b.d പൊരുളിക്കാതിരിക്കുക. -'house, *n.* പരിയം, മറപ്പുര. -'slīde *v.i.ir.* (-slid, -slid'den), പിൻവാങ്ങുക, വിശ്വാസത്യാഗം ചെയ്യു. -slī'dĕr, *n.* പിൻവാങ്ങുന്നവൻ; മതത്യാഗി. -'ward, *a.* പിന്നോക്കമുള്ള; മനമില്ലാത്ത, അനിഷ്ടമായ; മന്ദബുദ്ധിയായ, പഠിപ്പ് കുറഞ്ഞ; വൈകിട്ടുള്ള; പരിഷ്കാരം കുറഞ്ഞ. -ward, -wards, *ad.* പിന്നോക്കം, പിമ്പോട്ട്; വഴിയോട്ട്; മലന്ന്; മുമ്പ്, മുമ്പെ; തിരിഞ്ഞ് മറിഞ്ഞ്. -'wa̤-tĕr, *n.* കായൽ, തോട്, പുഴ.

**Bā'con** (bā'kn), *n.* ഉപ്പിട്ടുണക്കിയ പന്നിയിറച്ചി.

**Bac-te'ri-um** (*pl.* -te-ri-a), *n.* അണുപ്രാണി.

**Bad,** *a.* ആകാത്ത, വിടക്ക്, ചീത്ത, 2. വല്ലാത്ത, അധമമായ, ദോഷകരം—; 3. വിഷമുള്ള, അപകടം—. b. debt കിട്ടാത്ത കടം, പിരിയാത്ത കുറി. b. health സുഖക്കേട്. b. news സങ്കടവർത്തമാനം. -ly, *ad.* വല്ലാതെ, സുഖമില്ലാതെ, കഠിനമായി, വ്യസനകരമാംവണ്ണം. to want b.y, need b.y ഇല്ലാഞ്ഞിട്ട് ബുദ്ധിമുട്ടുക. -ness, *n.* വഷളത്വം, ആകായ്മ; ചീത്തത്തരം, വല്ലായ്മ, ദുഷ്ടത.

**Bāde,** *p.t. of* Bid.

**Badġe** (baj), *n.* കുറി, അടയാളം, പട്ട, വില്ല; 2. ബഹുമാനചിഹ്നം.

**Badġ'ĕr,** (bāj'ĕr), *n.* നിലക്കരടി (*z.*); 2. നടത്തക്കച്ചവടക്കാരൻ. *v.t.* ഉപദ്രവിക്കുക, അസഹ്യപ്പെടുത്തുക; 2. വിലകുറക്കുക; 3. കച്ചവടം ചെയ്യുക.

**Baf'fle,** *v.t.* തോല്പിക്കുക, നിഷ്ഫലമാക്കുക, മുടക്കുക; 2. തടസ്ഥംചെയ്യു, തട്ട്കേട് വരുത്തുക. *v.i.* അദ്ധ്വാനം വ്യർത്ഥമാക. *n.* അപജയം, തോല്വി. =fling, *a.* മുടക്കംവരുത്തുന്ന; എതിർക്കുന്ന; തോല്പിക്കുന്ന.

**Bag,** *n.* സഞ്ചി, ഉറുപ്പ, കോശം; 2. ചാക്ക്, ചേല്ക്കം. gram b. മോക്കണി, തോബറ. leather b. ചേളാട്ടി. hanging b. പൊക്കണം. to give one the b. പറഞ്ഞുതോല്പിക്കുക, ആശാഭംഗം വരുത്തുക. -gāġe, *n.* പടക്കോപ്പ്; മാറാപ്പ്, കെട്ടുംമൂട്ടയും; യാത്രസാമാനം; വേശ്യ. bag and b.e ഒരുവനുള്ളതൊക്കയും.

**Bāil,** *n.* ജാമ്യം, ജാമ്യക്കാരൻ. b. bond ജാമ്യശ്ശീട്ട്; 2. കൈപ്പിടി; 3. ഛത്രി, മേലാപ്പ്. *v.t.* ജാമ്യം വാങ്ങിവിട്ടക, —എടുക്കുക, —നില്ക്കുക; 2. കമ്മത്ത് മുക്കുക (*naut.*). -'a-ble, *a.* ജാമ്യം വാങ്ങി വിടത്തക്ക; മറെറാരാളെ ഏല്പിക്കത്തക്ക. -ēe, *n.* ചരക്ക് ഏല്പിച്ച് കിട്ടിയവൻ (*com.*). -'iff, *n.* ആമീൻ.

**Bāit,** *n.* ഇര (*N.*), നയ (*S.*); 2. മോഹനം, വശീകരണം; 3. വഴിക്കലെ ഭക്ഷണം. *v. t.* ഉപദ്രവിക്കുക; 2. ഇരകോക്കുക, കാളം വെക്കുക, വശീകരിക്കുക; 3. വഴിയാത്രയിൽ ഭക്ഷണം കൊടുക്കുക. *v. i.* വഴിയാത്രയിൽ ഭക്ഷണം കഴിപ്പാൻ താമസിക്കുക; 2. ചിറക് കുടയുക.

**Bāke,** *v.t.* ചുടുക, നീരില്ലാതെ വേവിക്കുക; 2. വെയിലത്ത് ഉണക്കുക; 3. ശീതംകൊണ്ട് കട്ടിയാക്കുക. ='kĕr, *n.* അപ്പക്കാരൻ. b.-house, ='kĕr-y, *n.* അപ്പക്കൂട്, —പ്പുര. a b.r's dozen പതിമൂന്ന്.

**Bal'ance,** *n.* തുലാസ്സ്, താരണ, വെള്ളിക്കോൽ, താരണ—; 2. ഉപമാനം, തൂക്കിനോക്കൽ; 3. സമത്തൂക്കം, ഘനമൊക്കൽ; 4. ശരിയായ നില; 5. കണക്ക് ആകയിടൽ; 6. ബാക്കി; 7. തുലാരാശി (*as.*); 8. ചുവട്. roman b. വെള്ളിക്കോൽ. safe b. നിശ്ചലസ്ഥിതി (*ph.*). unsafe b. ചലനസ്ഥിതി (*ph.*). indifferent b. നിഷ്പക്ഷസ്ഥിതി, സാമ്യാവസ്ഥ (*ph.*). to loose one's b. പാളിപ്പോക, ആക്കം വിട്ടുപോക, നിലതെ

റക്കുക. strike a b. കണക്ക് ആകയിട്ടുക, ബാക്കിയിറക്കുക. b.-sheet വരവ് ചിലവ് കണക്ക് പട്ടിക. *v. t.* തൂക്കം നോക്കുക, നില ശരിയാക്കുക; 2. ഒപ്പിക്കുക; 3. വരവ് ചിലവ് കണക്ക് ആകയിട്ടുക, കണക്ക് തീൎക്കുക. *v. i.* സമതൂക്കമായിരിക്കുക; 2. സംശയിക്കുക, ചഞ്ചലം തോന്നുക.

**Bal'cō-ny**, *n.* പ്രഗ്രീവം, മിഞ്ചാമ്പരം, മിഞ്ചാമ്പുറം, പുറയില്ലി.

**Bald**, *a.* രോമമില്ലാത്ത, മൊട്ട ആയ, കഷണ്ടി—; 2. തുവൽ ഇല്ലാത്ത, ഇല—; 3. അനലങ്കൃതമായ, വെറും, 'സാത'; 4. പ്രത്യക്ഷം ആയ, വെട്ടവെളിച്ചം—. b. head കഷണ്ടിത്തലയൻ. -ly, *ad.* ശങ്കകൂടാതെ, തുറന്ന; ഭംഗിയില്ലാതെ. -ness, *n.* പൂവട്ടത്തല, മൊട്ട—, കഷണ്ടി—.

**Bal'dĕr-dash**, *n.* നിസ്സാരമായ കൂട്ട്; 2. —സംസാരം; 3. ഭോഷത്വം; 4. നിസ്സാരത്വം.

**Bal'dric**, *n.* സ്ഥാനപ്പട്ട.

**Bāle**, *n.* കെട്ട്, ഭാണ്ഡം; 2. വിപത്ത്, ദുഃഖം, ഗ്രഹചാരം. *v. t.* കെട്ടാക്കുക. -ful, *a.* കഷ്ടം ആയ, നാശകരം—. -fulness, *n.* അരിഷ്ടത, ക്ലേശം.

**Balk** (bak), *n.* ചാൽ, വരമ്പ്; 2. ചിലാന്തി, തുലാം, പിട്ടം, വിട്ടം; 3. മുടക്കം, തടസ്ഥം. *v. t.* ഉപേക്ഷിക്കുക, മുടക്കം വരുത്തുക, തട്ട് കേട്—, നിഷ്ഫലമാക്കുക. *v. i.* നിന്നുകളക.

**Ball**, *n.* ഉരുള; 2. ഉണ്ട, പന്ത്; 3. പന്ത് കളി; 4. ഭൂഗോളം; 5. നൃത്തവിനോദം. eye-b. കണ്ണ്, കൃഷ്ണമണി (*an.*).

**Bal'lad**, *n.* പാട്ട്.

**Bal'last**, *n.* നകാരം (*naut.*); 2. ചരൽ.

**Bal'let** (bal'lā), *n.* നൃത്തം.

**Bal-loon'**, *n.* ആകാശപ്പന്ത്, —യാനം, —നീന്തം, വിമാനം. -ist, *n.* ആകാശഗാമി, വിമാന—.

**Bal'lot**, *n.* നറുക്ക്, ചിട്ടി (*S.*), ചീട്ട് (*N.*), ചീട്ടിട്ട് വരിക്കൽ. *v. t.* ചീട്ടിയിടുക, വരിക്കുക, തെരിഞ്ഞെടുക്കുക.

**Bälm** (bäm), *n.* സുഗന്ധതൈലം; 2. ശമനൌഷധം. -y, *a.* സുഗന്ധമുള്ള; സുഖകരമായ, പരിമളമുള്ള.

**Bal'sam**, *n.* സുഗന്ധപശ, —തൈലം; 2. ശമനൌഷധം. -ic, *a.* തൈലമയമായ; സുഗന്ധമുള്ള; ശമനം വരുത്തുന്ന.

**Bal'us-tĕr**, *n.* ഗുളികക്കാൽ, കുളിയക്കാൽ. =trāde, *n.* കൽത്തൂൺവേലി, ക്ഷുദ്രസ്തംഭശ്രേണി.

**Bam-boo'**, *n.* മുള, മൂങ്ങിൽ, വംശം (*b.*). thin b. ഓട, വേണു (*b.*). b. group ഇല്ലിക്കൂട്ടം, കായൽക്കൂട്ടം. b. seed കായലരി, മുളയരി. thick b., male b. കരിങ്കണ, കരിങ്ങാലി. b. manna മുളക്കപ്പൂരം.

**Ban**, *n.* പരസ്യം; 2. (*pl.* bans, banns) വിവാഹപരസ്യം; 3. വിരോധം, വിലക്കം, ഭ്രഷ്ട്; 4. ശാപം; 5. പിഴ, പ്രായശ്ചിത്തം. *v. t.* ശപിക്കുക, വിരോധിക്കുക, വിലക്കുക.

**Ba-nā'na**, *n.* വാഴ (*b.*); 2. വാഴപ്പഴം.

**Band**, *n.* കെട്ട്, ബന്ധം; 2. നാട; 3. ബന്ധനം; 4. കൂട്ടം, സംഘം; 5. വാദ്യഘോഷകസംഘം. *v. t.* യോഗമായി കൂട്ടുക, കൂട്ടുകെട്ടുണ്ടാക്കുക. -āge, *n.* കെട്ട് (*med.*).

**Ban'di-coot**, *n.* പെരിച്ചാഴി, തുരപ്പൻ, പന്നിയെലി (*z.*).

**Ban'dit**, *n.* പിടിച്ചുപറിക്കാരൻ, കവച്ചക്കാരൻ (*pl.* ban-dit'ti).

**Ban'dy**, *n.* കാരവടി; 2. പന്തടി; 3. വണ്ടി. b.-legged കവകാലൻ, വളഞ്ഞകാലുള്ളവൻ. *v. t.* പന്താട്ടുക, പന്തടിക്കുക; അന്യോന്യം ക്രുദ്ധിച്ചു പറക.

**Bāne**, *n.* വിഷം; 2. നാശം, ശൂന്യം. -ful, *a.* നഞ്ഞുള്ള; കേട് വരുത്തുന്ന, മരണകരമായ.

**Bang**, *n.* അടി, തല്ല്, തട്ട്; 2. ഒച്ച; 3. കഞ്ചാവ് (*b.*). *v. t.* അടിക്കുക, തല്ലുക, ഉപദ്രവം ഏല്പിക്കുക, ഉറക്കെക്കൊട്ടുക, വാതിൽ ഉന്തി അടക്കുക.

**Bań'gle**, *n.* വള, കങ്കണം; 2. തണ്ട. **glass b.** കല്ലിവള.

**Ban'ian**, *n. see* **Banyan.**

**Ban'ish**, *v.t.* (from, out of) നാട്ട് വിട്ട് പോവാൻ കല്പിക്കുക, നാട്ടിൽനിന്ന് പുറത്താക്കുക; 2. പോക്കുക; 3. വിട്ടുകളക. **-ment**, *n.* പ്രവാസം, രാജ്യഭ്രഷ്ട്; സ്വരാജ്യം വിട്ടുപോകൽ; നീക്കം.

**Bańk**, *n.* തിണ്ട്, വരമ്പ്; 2. പള്ള, ചരിവ്; 3. കര, തീരം; 4. മണൽത്തിട്ട, മാട്; 5. ദ്രവ്യശാല, പണമിടപാട് സ്ഥലം. **b.-bill, b.-note** ഹുണ്ഡിക, ഉണ്ടിക. *v.t.* ചിറമാട്ടുക, കിളകോരുക; 2. കൂമ്പാരമാക്കുക; 3. അനാമത്ത് വെക്കുക, അമാനം—; സൂക്ഷിക്കുക; പലിശക്കിട്ടുക. **to b. a fire, to b. up a fire** തീ മൂട്ടുക. **-ĕr**, *n.* പൊൻവാണിഭക്കാരൻ, പണമിടപാട്കാരൻ, സറാപ്പ്. **-rupt**, *n.* ദീപാളി എടുത്തവൻ, ദീവാളി—, നിർദ്ധനൻ. *a.* കടം വീട്ടുവാൻ നിർവ്വാഹമില്ലാത്ത, പൊളിഞ്ഞ. **-rupt-cy**, *n.* ദീവാളി, നിർദ്ധനത്വം.

**Ban'nĕr**, *n.* കൊടി, ധ്വജം; 2. കൊടിക്കൂറ.

**Bań'quet**, *n.* വിരുന്ന്, സദ്യ, മഹാഭോജനം. *v.t.* വിരുന്നൂട്ടുക, സദ്യകഴിക്കുക. *v.i.* പന്തിയിൽ ഇരിക്കുക.

**Ban'tĕr**, *n.* കളിവാക്ക്, നേരമ്പോക്ക്. *v.t.* കളിയാക്കുക, തമാശപറക. **-ĕr**, *n.* തമാശക്കാരൻ.

**Bant'lińg**, *n.* ശിശു, കുഞ്ഞൻ, പൈതൽ.

**Ban'yan** *n.* ആൽ, പേരാൽ, വടം (*b.*).

**Bap-tīṣe'**, =**tīze'**, *v.t.* സ്നാനംകൊടുക്കുക, സ്നാനകർമ്മം കഴിക്കുക, സ്നാനപ്പെടുത്തുക. ='**tiṣm**, *n.* സ്നാനകർമ്മം, —സംസ്കാരം, തിരുസ്നാനം, ജ്ഞാനസ്നാനം (*S.*). കട്ടിമാസ്സ്ഗം (*R. C.*), മാമോദീസ (*Syr.*). =**tiṣ'mal**, *a.* സ്നാനസംസ്കാരസംബന്ധമായ. **b.l name** സ്വന്തം പേർ, സ്നാനപ്പേർ. ='**tist**, *n.* സ്നാപകൻ; യുക്തപ്രായസ്നാനവാദി, ശിശുസ്നാനവിരോധവാദി.

**Bär**, *n.* അഴി, ഓടാമ്പൽ; 2. കട്ടി; 3. മുട്ട്, തടസ്ഥം; 4. മണൽത്തിട്ട, മാട്; 5. അഴിമുഖപങ്ക്തി, അത്താഴം; 6. ന്യായസ്ഥാനം, കോടതി; 7. കുററക്കാരെ നിർത്തുന്ന കൂട്; 8. വ്യവഹാരസഭ; 9. വക്കീൽമാർ ഇരിക്കുന്ന സ്ഥലം; 10. വക്കീൽമാർ; 11. വക്കീൽപ്രവൃത്തി; 12. മദ്യവിക്രയസ്ഥലം. **in b. of** മുടക്കമായി, മതിയായ തടസ്ഥം. *v.t.* അടക്കുക, തഴുത് ഇടുക, അഴി—; 2. തടസ്ഥം ചെയ്ക, മുടക്കുക; 3. ഒഴിച്ചുവെക്കുക. **time-barred** കാലഹരണ തടസ്ഥമുള്ള (*l.*).

**Bärb**, *n.* താടി; 2. കൊക്ക, കൊളുത്ത്. **-ĕr**, *n.* ക്ഷുരകൻ, ക്ഷൌരകൻ, അമ്പട്ടൻ, മുടികളയുന്നവൻ, ഒസ്സാൻ (*M.*).

**Bär-bā'ri-an**, *n.* 'ബർബ്ബരൻ', മ്ലേച്ഛൻ, കാട്ടാളൻ; 2. പരദേശി; 3. മുരാളൻ, ആഭാസൻ, ക്രൂരൻ. *a.* നിർമ്മര്യാദമായ, മൃഗസ്വഭാവമുള്ള. ='**bar-iṣm**, *n.* നാഗരീകഹീനത്വം; നിർദ്ദയ, കിരാതത്വം; പട്ടഭാഷ. =**ba-rŏus**, *a.* മ്ലേച്ഛം ആയ, ആഭാസം—; അമാനുഷം—; നാഗരീകത്വമില്ലാത്ത.

**Bärd**, *n.* കവി, ഗായകൻ, വന്ദി.

**Bāre**, *a.* വസ്ത്രമില്ലാത്ത, നഗ്നമായ, ഇലയില്ലാത്ത; 2. തലതുറന്നിട്ട; 3. മറവില്ലാത്ത; 4. അലങ്കാരമില്ലാത്ത, വെറും, ശുദ്ധമായ; 5. ഇഴഞ്ഞിയ, ജീർണ്ണിച്ച; 6. ഒഴിഞ്ഞിരിക്കുന്ന. **-'ly**, *ad.* നഗ്നമായി; മറവില്ലാതെ; മാത്രമായി; കഷ്ടിച്ചു, പ്രയാസേന. **-'ness**, *n.* നഗ്നത; ഒന്നുമില്ലായ്മ. **b. bone** എല്ലും കൊട്ടും ആയവൻ, മെലിഞ്ഞവൻ. **b.-faced** മുഖം മറക്കാത്ത; ധാർഷ്ട്യമുള്ള, മുഖത്ത് നോക്കി പ്പറയുന്ന, നാണംകെട്ട. **b.-facedness** ധാർഷ്ട്യം, ഉളുപ്പില്ലായ്മ. **b.-footed** വെറുങ്കാലായ, ചെരിപ്പില്ലാത്ത. **b.-headed** തൊപ്പി ഇല്ലാത്ത, തലപ്പാവ്—, തലയിൽ ഒന്നും ഇടാത്ത.

**Bär'gain** (-gĕn), *n.* വില്പാനുള്ള നിശ്ചയം, ഇടപാട്കരാർ; 2. നിശ്ചയം, വാഗ്ദത്തം, വാക്ക്, വിക്രയം; 3. ആദായമുള്ള കച്ചവടം. *v.t. & i.* കച്ചവട നിശ്ചയം ചെയ്യുക; 2. വില്ക്കുക. **into the b.** അ

തിന്ന് പുറമെ; ഉം കൂടി. to strike a b. കച്ചവടമാക്കുക. b. away നഷ്ടമാക്കുക.

**Bärge**, *n.* തോണി, വള്ളം, മഞ്ചു.

**Bā'ri-um**, *n.* ബാര്യം എന്ന ലോഹം (*min.*).

**Bärk**, *n.* മരത്തിന്റെ തോൽ, വല്ക്കലം; 2. കപ്പൽ; 3. നായ്ക്കുര; 4. മൃഗശബ്ദം. dry b. മൊരി. *v. t.* തൊലിക്കുക, തോലുരിക്കുക; 2. കരെക്കുക, കരയുക; 3. ശബ്ദം പുറപ്പെടുവിക്കുക.

**Bär'ley** (-li), *n.* യവം, വാൽ കോതമ്പം (*b.*). b. meal യവമാവ്. b. corn യവമണി. b. sugar കല്ക്കണ്ടി.

**Bärm**, *n.* നുര, മദ്യമണ്ഡം.

**Bärn**, *n.* കളപ്പുര, കളം, പത്തായപ്പുര.

**Ba-rom'e-tĕr**, *n.* വായുഘനമാപകയന്ത്രം, വായുമാനം, —മാത്രം.

**Bar'on**, *n.* പ്രഭു. -āġe, *n.* പ്രഭുസ്ഥാനം, —പദവി. -ess, *n.* പ്രഭുസ്ത്രീ. =net, *n.* ശ്രീമാൻ. =net-cy, *n.* ശ്രീമന്തപദവി.

**Bar'rack**, *n.* ചെററപ്പുര; 2. (*pl.*) സൈന്യാലയം, പാളയം.

**Bar'rel**, *n.* പീപ്പ, പീപ്പക്കുററി; 2. കുഴൽ.

**Bar'ren**, *n.* മച്ചിയായ, പ്രസവിക്കാത്ത; 2. അഫലം ആയ, തരിശ്—; 3. സാരമില്ലാത്ത; 4. മന്ദബുദ്ധിയായ. -ness, *n.* വന്ധ്യത, അഫലത്വം, ശൂന്യത.

**Bar'ri-cāde**, *n.* വഴി മുട്ടിക്കൽ; 2. തടസ്ഥം. *v. t.* വഴിമുട്ടിക്കുക, തടസ്ഥം ചെയ്ക.

**Bar'ri-ĕr**, *n.* തടസ്ഥം, കിടങ്ങ്; 2. അതിർകോട്ട; 3. (*pl.*) വേലി, അതിർ.

**Bar'ris-tĕr**, *n.* ന്യായശാസ്ത്രി, വ്യവഹാരജ്ഞൻ, വക്കീൽ.

**Bar'rōw** (-rō), *n.* കൈവണ്ടി.

**Bär'tĕr**, *n.* മാററക്കച്ചവടം. *v. t.* ചരക്ക് കൊടുത്ത് ചരക്ക് വാങ്ങുക.

**Ba-sa̤lt'**, *n.* കൃഷ്ണശില, കരിങ്കല്ല്.

**Bāse**, *n.* അടി, തറ; 2. അടിസ്ഥാനം; 3. ഞെട്ടി; 4. യോഗത്തിലെ മുഖ്യമരുന്ന് (*med.*); 5. മൂലരേഖ (*geom.*). *a.* നീചമായ, താണ; 2. കൂട്ട്കൂട്ടിയ. -ly, *ad.* ഹീനതയായി. -ness, *n.* ഹീനത. -ment, *n.* അടിസ്ഥാനം. b. born ജാരപുത്രൻ, താണകുലത്തിൽ പിറന്നവൻ. b. coin കള്ളപ്പണം. b. court പുറമുററം. b. minded ആഭാസനായ.

**Bash'fu̇l**, *a.* ലജ്ജാശീലം ഉള്ള. -ly, *ad.* നാണത്തോടെ. -ness, *n.* ശങ്ക.

**Bas̱'il**, *n.* തുളസി (*b.*).

**Ba's̱il-ic**, =i-ca, *n.* സഭാമണ്ഡപം.

**Bā'sin** (bā'sn), *n.* വട്ടക; 2. തടാകം, കോതി; 3. താഴ്വര.

**Bā'sis**, *n.* *see* Base.

**Bask**, *v. i.* വെയിൽ കായുക, തീ—. *v. t.* അനത്തുക (*S.*), ചൂട് പിടിപ്പിക്കുക.

**Bas'ket**, *n.* കൊട്ട, കൂട, വട്ടി. -fu̇l, *a.* വട്ടിനിറയ. b.-work മെടച്ചൽപണി.

**Bäss**, *n.* താണസ്വരം, ഗംഭീര—. b. relief കൊത്ത് പണി.

**Bast**, *n.* നാര്; 2. പായി; 3. കയർ.

**Bas'tard**, *n.* കൌലടേയൻ, ദാസിപുത്രൻ. *a.* ജാരവൃത്തിയിൽ ജനിച്ച, അപ്പനില്ലാത്ത; 2. കൃത്രിമം ആയ.

**Bāste**, *v. t.* അടിക്കുക; 2. തളിക്കുക; 3. നുലോട്ടുക; 4. അടയാളം വെക്കുക.

**Bas-ti-nāde**, =nā'dō', *n.* വടികൊണ്ടുള്ള അടി, ഉള്ളങ്കാലിന്നുള്ള—. *v. t.* ഉള്ളങ്കാലിന്നു അടിക്കുക.

**Bas'tiŏn** (bast'yŏn), *n.* കൊത്തളം.

**Bat**, *n.* കടവാതിൽ, ആവൽ, നരിച്ചീർ, ഉണ്ണിവാതിൽ; 2. ഗദ; 3. പന്തടിക്കുന്ന ചട്ടുകവടി. *v. t.* & *i.* പന്തടിക്കുക.

**Bāte**, *v. t.* കുറെക്കുക (*see* Abate).

**Bäth**, *n.* കുളി, സ്നാനം; 2. കുളിപ്പുര, Russian b., Turkish b., vapour b. ആവി ഏല്ക്കൽ, വിയർപ്പിക്കൽ. oil b. തേച്ചുകുളി. b. cloth തുവത്ത്. Order

of the B. ഇംഗ്ലിഷ്കുരാജ്യത്തിലെ ഒരു വിരുത് പദവി. **bāthe,** *v. t.* കളിപ്പിക്കുക, മുക്കുക; ഒഴുകുക, പിരട്ടുക; ധാരപകരുക; ചൂററുക; *v. i.* കളിക്കുക; മുങ്ങുക.

**Bā'thos,** *n.* പതനാലങ്കാരം (*rhet.*).

**Ba-ton', Ba-toon',** *n.* സ്ഥാനവടി.

**Bat'ta,** *n.* വഴിച്ചെലവ്, ബത്ത.

**Bat-tal'iŏn** (-tal'yon), *n.* പട്ടാളം.

**Bat'ten** (bat'n), *n.* വാരി; 2. അച്ചുവടി (*w.*). *v. t.* പുഷ്ടിപ്പിക്കുക; 2. വളംകൂട്ടുക. *v. i.* തടിവെക്കുക, സുഖിക്കുക.

**Bat'tĕr,** *v. t.* ഇടിക്കുക, തകക്കുക; 2. തല്ലിനീട്ടുക. **-ing-ram** യന്ത്രമുട്ടി. **-y,** *n.* തല്ല്; പീരങ്കിനിര; വിദ്യുജ്ജനകപാത്രപങ്ക്തി, വിദ്യുച്ഛക്തിപ്പെട്ടകം (*ch.*).

**Bat'tle,** *n.* പട, യുദ്ധം. **b.-array** പടനിര. **b.-axe** പരശു. **b. cry** പോർവിളി. **b.-ground, b.-field** പോർക്കളം, പടനിലം. **drawn b.** ഇരുപക്ഷവും ജയമില്ലാത്തപട. **pitched b.** അണിയുദ്ധം. **to give b.** പോരാരംഭിക്കുക. **to join b.** പടയേല്ക്കുക. *v. i.* യുദ്ധം ചെയ്ക, പടവെട്ടുക; വാദിക്കുക. **-ment,** *n.* കോട്ടമതിൽ.

**Bau'ble, Baw'ble,** *n.* വിലയില്ലാത്ത ആഭരണം; 2. നിസ്സാരസാധനം.

**Bawl,** *v. i.* ആർപ്പ് കൊട്ടുക, നിലവിളിക്കുക. *v. t.* ഉറക്കെ പറക. *n.* നിലവിളി, ആർപ്പ്, വൈരം.

**Bāy,** *n.* ഉൾക്കടൽ, ഇടക്കടൽ; 2. ചെറുത്തുനില്ക്കൽ; 3. (*pl.*) ലതാമാല; 4. നാഗ്ഗര; 5. ചിറ. *a.* കിരാൽനിറമുള്ള. **b. salt** കടലുപ്പ്. **to keep at b.** തട്ടത്ത് നിൎത്തുക. **to stand at b.** എതിൎക്കുക. *v. t.* കരക്കുക; 2. എതിൎമ്മാറാക്കുക; 3. (up, back) കെട്ടി നിറുത്തുക.

**Bāy'on-et,** *n.* തോക്കിന്മേൽ കന്തം.

**Ba-zäar',** *n.* അങ്ങാടി, 'ബജാർ'.

**Bē,** *v. i. ir.* (am, is, was, bēen) ഉണ്ടാക, ഭവിക്കുക; 2. ആക, ആയിരിക്കുക; 3. ഇരിക്കുക; 4. കറിക്കുക. **what** *is* **that to you?** അതിന്ന് നിണക്ക് എന്ത് വേണം? **I have** *been* **to Europe** ഞാൻ വിലാത്തിക്ക് പോയി വന്നിരിക്കുന്നു. **b. it so** എന്നുവെക്കുക, എന്നിരിക്കട്ടെ. **if it b. so** അങ്ങിനെയാണെങ്കിൽ. **to b. from** ദിക്കിൽനിന്ന് വരിക. **I** *am* **from Palghat** ഞാൻ പാലക്കാട്ട് കാരനാകുന്നു. **to let b.** വിട്ടുക, തൊടാതിരിക്കുക. **-ing,** *n.* സത്വം, അസ്തിത്വം; നില; ജീവൻ, ജീവനില; പ്രാണി. **absolute b.g** പരാപരവസ്തു. **rational b.g** സബുദ്ധി. **irrational b.g** അബുദ്ധി.

**Bēach** (bēch), *n.* കടല്പുറം, സമുദ്രതീരം. *v. t.* കരക്ക് കയററുക.

**Bēa'con** (bē'kn), *n.* തീക്കുറി; 2. അപകടക്കുറി; 3. ദീപസ്തംഭം; 4. പൊങ്ങത്തി.

**Bēad** (bēd), *n.* മണി, കല്ലുക്കുരു, രുദ്രാക്ഷം. **to be at one's b.s, to bid b.s, to tell b.s** ജപിക്കുക. 2. തുള്ളി, പോള; 3. തോക്കിൻെറ കാണിക്കുററി. **to draw a b.** കുറിനോക്കുക. **-le,** *n.* കോല്ക്കാരൻ. **b.-roll** പട്ടിക.

**Bea'gle,** *n.* നായാട്ടുനായി; 2. ഒററുകാരൻ.

**Bēak,** *n.* കൊക്ക്, ചുണ്ട്, തുണ്ഡം; 2. മുന. **-ed** (bēkt), *a.* കൊക്കുള്ള.

**Bēam,** *n.* തടിമരം; 2. തുലാം; 3. കപ്പലിൻെറ അകലം; 4. തുലാത്തണ്ട്; 5. രശ്മി; 6. ഏക്കാൽ; 7. പടപ്പ് (*w.*); 8. ഞേങ്ങോൽ (*agr.*); 9. മാൻകൊമ്പ് (*z.*). *v. t.* (forth) പ്രകാശിക്കുക. **-y,** *a.* മിന്നുന്ന; വണ്ണമുള്ള; കൊമ്പുള്ള.

**Bēan,** *n.* പയറ് (*b.*); 2. ഉഴുന്ന് (*b.*); 3. മുതിര (*b.*); 4. വാളവര (*b.*); 5. നായ്ക്കുരണ (*b.*); 6. വാൾ (*b.*).

**Beār** (bār), *n.* കരടി (*z.*). **brown b.** പന്നിക്കരടി. **polar b.** വെള്ള—. **great b.** സപ്തൎഷികൾ. **lesser b.** ധ്രുവമത്സ്യം (*as.*).

**Beār,** *v. t. ir.* (bōre, bōrne, born) ചുമക്കുക, എടുത്ത് കൊണ്ടുപോക; 2. കുട്ടി കൊണ്ട്—; 3. (വാഴ്ച) കഴിക്കുക; 4. ഉ

ണ്ടാക; 5.ധരിക്കുക; 6. സ്നേഹംഭാവിക്കുക; 7. സഹിക്കുക; 8.വഹിക്കുക; 9. സാക്ഷി പറക; 10.സംഭാഷണം നടത്തുക; 11. അൎത്ഥംകൊള്ളുക; 12. പെരുമാറുക; 13. ഉത്ഭവിപ്പിക്കുക, പ്രസവിക്കുക, കായ്ക്കുക. the tablet b.s this inscription പലകമേൽ ഈ എഴുത്ത് ഉണ്ട്. to b. down കീഴമൎത്തുക. to b. a hand സഹായിക്കുക. to b. in mind ഓൎമ്മവെക്കുക. to b. off അടക്കുക; പ്രാപിക്കുക. to b. out ഉറപ്പിച്ച് പറക. to b. up താങ്ങിനിൎത്തുക; ധൈൎയ്യപ്പെടുക. b. one's self പെരുമാറുക. b. company കൂടപ്പോക. *v.i.* കായ്ക്കുക, ഫലമുള്ളതായിരിക്കുക; 2. കഷ്ടമനുഭവിക്കുക; 3. പൊറുക്കുക; 4. (upon) ഞെരുങ്ങുക; 5. ഏശുക; 6. (on) സംബന്ധിക്കുക; 7. സാരമായിരിക്കുക; 8. നില്ക്കുക. to b. back പിന്തിരിയുക. to b. upon കറിവെക്കുക. to b. up to അടുത്ത് ചെല്ലുക. to b. with ക്ഷമിക്കുക. -a-ble, *a.* വഹിക്കത്തക്ക, സഹനീയമായ. -ĕr, *n.* ചുമട് എടുക്കുന്നവൻ, പ്രേതമഞ്ചവാഹകൻ; പല്ലിച്ചാൻ, മഞ്ചല്ക്കാരൻ, ഫലവൃക്ഷം; കൊണ്ടുവരുന്നവൻ, കൈവശക്കാരൻ. -ing, *n.* നടത്തം; സഹിഷ്ണുത; സംബന്ധം; സാരം; പ്രസവം, ഫലകാലം; സ്ഥിതി. to bring one to his b.gs ബുദ്ധിപഠിപ്പിക്കുക. to lose one's b.gs ഭ്രമിച്ച് പോക. to take b.gs കാൎയ്യത്തിന്റെ സ്ഥിതി മനസ്സിലാക്കുക.

Bēard (bērd), *n.* താടി, മീശ, ചുന്ന; 2. ഓക്ക (*b.*); 3. കൊക്ക. *v.t.* താടി പിടിക്കുക; 2. താടി പൊരിക്കുക; 3. മുഖത്ത് നോക്കി എതിൎക്കുക.

Bēast (bēst), *n.* നാല്ക്കാലി; 2. മൃഗം; 3. ജന്തു; 4. മൃഗപ്രായൻ. -li-ness, *n.* മൃഗസ്വഭാവം; മ്ലേച്ഛത, ആഭാസത്വം. -ly, best'i-al, *a.* മൃഗപ്രായം ആയ, അമാനുഷം—; മ്ലേച്ഛതയുള്ള; വല്ലാത്ത.

Bēat, *n.* അടി, തല്ല്, മുട്ട്, കൊട്ട്. b. of drum കിണ്ണംമുട്ടൽ (*l.*). 2. മിടിപ്പ്, ഹൃദയസ്ഫുരണം; 3. ചുററിസഞ്ചാരം; 4. പതിവായി ചെല്ലുന്ന സ്ഥലം; 5. വൻചതിയൻ. *v.t. ir.* (bēat, bēat'en) അടിക്കുക, പ്രഹരിക്കുക; 2. ശിക്ഷിക്കുക; 3. കാട് തെളിക്കുക; 4. (കടൽ) അലെക്കുക; 5. അടിച്ചു പരത്തുക; 6. സഞ്ചരിക്കുക; 7. തോല്പിക്കുക; 8. കവിയുക; 9. (out) ചതിക്കുക; 10. തലതല്ലുക, ഉപദ്രവിക്കുക. to b. down താഴ്ത്തുക, പിശകുക. to b. into പറഞ്ഞു പറഞ്ഞു മനസ്സിലാക്കുക. to b. off മണ്ടിച്ചുകളക. to b. out അടിച്ചു പരത്തുക. to b. out of വിടുത്തുക. to b. the hoof കാൽനടയായി പോക. to b. time താളം പിടിക്കുക. *v. i.* മുട്ടികൊണ്ടിരിക്കുക; 2. മിടിച്ച്—; 3. തട്ടുക, അലെക്കുക; 4. ചഞ്ചലിക്കുക; 5. ഒച്ചപുറപ്പെടുവിക്കുക. to b. about തിരയുക. to b. about the bush വളച്ച് പറക. to b. up and down (hunt) അങ്ങോട്ടും ഇങ്ങോട്ടും ഓടുക. -ĕr, *n.* അടിക്കുന്നവൻ; കാട് തെളിക്കുന്നവൻ. -ing, *n.* അടി; മിടി.

Bē-a-tif'ic, =cal, *a.* ആനന്ദകരം ആയ; 2. ധന്യം—. =cā'tiŏn, *n.* മഹാഭാഗ്യം. =i-fȳ, *v. t.* പരമാനന്ദം നല്കുക. =i-tūde, *n.* നിത്യഭാഗ്യം, സ്വൎഗ്ഗീയ—; പൎവ്വതപ്രസംഗത്തിലെ ധന്യവാദം (*Bl.*) (Math. v. 3 — 12).

Beau (bō), *n.* ഡംഭാചാരി; 2. സ്ത്രീവൎഗ്ഗപ്രിയൻ. b. ideal പരിപൂൎണ്ണഭംഗി. *b. monde* മോടിവിലാസക്കാർ. bēau'te-ŏus (bū'ti-us), -ti-ful, *a.* ഭംഗിഉള്ള; മോടി—, മനോഹരമായ. -ti-fȳ, *v. t.* ഭംഗിവരുത്തുക; 2. അലങ്കരിക്കുക. *v. i.* ഭംഗിപൂണ്ടിരിക്കുക. -ty, *n.* അഴക്, ചന്തം; സുന്ദരി.

Bēa'vĕr (bē-), *n.* ഒരുവക നീൎനായി (*z.*); 2. നീൎനായി രോമത്തോൽ; 3. ഒരുവിധം തൊപ്പി; 4. മുഖരക്ഷ.

Be-cälm' (-käm'), *v.t.* ശാന്തതപ്പെടുത്തുക, ശമിപ്പിക്കുക. to be b.ed കാററില്ലാതെ ഓട്ടം നിന്നുപോക (*naut.*).

Be-cause' (-kaz'), *conj.* അതുകൊണ്ട്, ആകയാൽ; 2. കാരണം, എന്തുകൊണ്ടെന്നാൽ. b. of നിമിത്തം.

Beck, *n.* കൈസംജ്ഞ. beck, beck'-on, *v.t.* ആംഗ്യം കാട്ടുക, കൈമാടി വിളിക്കുക.

Be-cŏme' (-kum'), *v.t. ir.* (=cāme', =cōme') ഉചിതം ആയിരിക്കുക, പററുക; 2. തക്കതായിരിക്കുക. *v.i.* ആയ്തീരുക. to b. of ആയ്തീരുക. =cŏm'ing, *a.* യോഗ്യമായ. =ing-ly, *ad.* യോഗ്യമായി. =ing-ness, *n.* ഔചിത്യം.

Bed, *n.* കിടക്ക, ശയ്യ; 2. വേളി; 3. തടം; 4. ക്രനൽ; 5. അടി; 6. അട്ടി; 7. വരി. *v.t.* കിടത്തുക; 2. പരിഗ്രഹിക്കുക; 3. കിടപ്പാൻ കൊടുക്കുക; 4. തടമായി നട്ടുക; 5. അമിഴ്ത്തുക. *v.i.* കിടക്കുക; 2. പരിഗ്രഹിക്കുക. to be brought to b. പ്രസവിക്കുക. to make a b. കിടക്കവിരിക്കുക. take to b. ദീനമായി കിടക്കുക. to go out of b. കവിഞ്ഞൊഴുകുക. son of the second b. രണ്ടാം വേളിയിലെ മകൻ. -chām'bĕr, -room, *n.* ഉറക്കറ. b. clothes, bedd'-ing വിരിപ്പ്. b. curtain കൊതുമറ. b.-fellow കൂടെ ഉറങ്ങുന്നവൻ. b.-pan കിടക്കച്ചട്ടി. b.-ridden കിടപ്പിലായ. b.-stead കട്ടിൽ. b.-swerver വ്യഭിചാരി.

Be-daūb', *v.t.* പൂശുക.

Be-deck', *v.t.* അലങ്കരിക്കുക, അണിയിക്കുക.

Be-dew' (-dū'), *v.t.* മഞ്ഞുപെയ്യുക, നനെക്കുക.

Be-dim', *v.t.* മങ്ങിക്കുക; 2. ഇരുട്ടാക്കുക.

Bed'lam, *n.* ഭ്രാന്തശാല; 2. ഭ്രാന്തൻ.

Bēe (-bē), *n.* തേനീച്ച, അളി (z.). -hīve, *n.* തേനീച്ചക്കൂട്. b.-sting ആണി. b.-swarm മധുപാവലി.

Bēen, *p.p. of* Be.

Bēef, *n.* പശു, മാട്; 2. മൂരിയിറച്ചി, ഗോമാംസം. b.-eater കെല്ലൻ. b.-tea ഗോമാംസക്കഷായം. b.-witted മാടനായ.

Bēer, *n.* 'ബീര്', യവരസം. b. house, *n.* യവരസപ്പീടിക.

Bēet'le, *n.* നിലന്തല്ലി; 2. വണ്ട് (z.); 3. ചെള്ള് (z.). black b. വണ്ട് (z.). b. brow ഉന്തിയനെററി. b. head പൊണ്ണൻ. *v.t.* മുട്ടികൊണ്ടിടിക്കുക.

Be-fall', *v. t. ir.* (=fell', =fall'en) സംഭവിക്കുക, നേരിടുക, പിണയുക.

Be-fit', *v.t.* പററുക. *see* Fit.

Be-fōol', *v.t.* തമാശയാക്കുക, തോല്പിക്കുക.

Be-fōre', *prep.* മുമ്പിൽ, മുമ്പാകെ; 2. മുമ്പെ; 3. തക്കവണ്ണം; 4. മുന്നോട്ട്; 5. കാൽ; 6. കാണ്കെ, സന്നിധിയിൽ. *ad.* മുമ്പിൽ; 2. മുമ്പായിട്ട്; 3. പണ്ട്; 4. വരെ. b. one's face മുഖത്ത് നോക്കി. -hand, *ad.* മുമ്പുക്കൂട്ടി.

Be-foul', *v.t.* അഴക്ക് ആക്കുക, മലിനം—; 2. കുടുങ്ങിപ്പോക.

Be-friend' (-frend'), *v.t.* മമതകാണിക്കുക, സ്നേഹം ഭാവിക്കുക; 2. ആദരിക്കുക; 3. സഹായിക്കുക; 4. അനുകൂലിക്കുക.

Beg, *v.t.* അപേക്ഷിക്കുക, ഇരക്കുക. to b. (one) for a fool ഭോഷനെന്ന് വിചാരിച്ച് പോക. *v.i.* ഭിക്ഷതെണ്ടുക. to b. to അനുവാദം ചോദിക്കുക. to b. the question വാദമുള്ള കാൎയ്യം പ്രമാണമാക്കിപ്പറക. -gĭng, *n.* യാചനം. to go a b.ing ആളെ കിട്ടാതെ പോക. -gar, *n.* ഭിക്ഷക്കാരൻ, ഇരപ്പാളി; ഹരജിക്കാരൻ. religious b.r ഭിക്ഷു. -garli-ness, *n.* ദാരിദ്ര്യം; ഇരപ്പത്തനം. -gar-ly, *a.* മഹാദരിദ്രനായ, നിസ്സാരമായ. -gar-y, *n.* ഇരപ്പ്.

Be-get', *v.t. ir.* (=got, =got'ten) ജനിപ്പിക്കുക; 2. ഉളവാക്കുക. -tĕr, *n.* ജനകൻ, പിതാവ്, അച്ഛൻ.

Be-gin', *v.i ir.* (=gan', =gun') ആരംഭിക്കുക, ഉത്ഭവിക്കുക, പുറപ്പെടുക. *v.t.* തുടങ്ങുക. -nĕr, *n.* പുതിയവൻ. -nĭng, *n.* ആരംഭം, ആദി; ആദികാരണം; തുടക്കം; പരിശ്രമം.

**Be-gĭrd′**, *v.t. ir.* (=gĭrt′, =gĭrt′) അരമുറുക്കുക; 2. ചുററികെട്ടുക; 3. വളയുക. **-le**, *v.t.* അരഞ്ഞാണം ധരിക്കുക.

**Be-gnaw′** (-na̤′), *v.t.* കാരുക, കാന്ന് തിന്നുക; 2. തിന്നുകളക.

**Be-gone′**, *int.* പോ, പോയ്ക്കോ.

**Be-grēase′**, *v.t.* കൊഴുപ്പിടുക.

**Be-grīme′**, *v.t.* അഴുക്കാക്കുക.

**Be-grudġe′** (-gruj′), *v.i.* അസൂയ ഭാവിക്കുക, —പെടുക.

**Be-guīle′** (gīl′), *v.t.* തോല്പിക്കുക; 2. നേരം പോക്കുക. **-ment**, *n.* വഞ്ചന.

**Be-hälf′** (-häf′), *n.* ഉപകാരം; 2. സഹായം. **in b. of this man** ഇവൻെറ ഗുണത്തിന്നായികൊണ്ട്. **on b. of this man** ഇവന്ന് വേണ്ടി.

**Be-hāve′**, *v.t.* നടത്തുക; 2. (*refl.*) നടക്കുക. *v.i.* പെരുമാറുക. **=hāvi′ŏur** (-hāv′yĕr), *n.* നടപ്പ്, ശീലം; നില. **good b.r** മയ്യാദ, നല്ലനടപ്പ്. **bad b.r** ദുൎന്നടപ്പ്. **security for good b.r** നല്ല നടപ്പിന്ന് ജാമ്യം (*l.*). **to be upon** *or* **to be put upon one's good b.r** നല്ലനടപ്പുകാരനോ എന്ന് നോക്കുക.

**Be-head′**, *v.t.* തലവെട്ടിക്കളക.

**Bē′hē-moth**, *n.* നദികുതിര (*z.*).

**Be-hest′**, *n.* കല്പന, ആജ്ഞ.

**Be-hīght′** (-hīt′), *v.t. ir.* (=hīght, =hīght *or* =hot′ten) വാഗ്ദത്തം ചെയ്യു; 2. സമൎപ്പിക്കുക; 3. വിധിച്ചുകൊടുക്കുക; 4. താല്പൎയ്യം ഭാവിക്കുക; 5. നിരൂപിക്കുക; 6. പേർ വിളിക്കുക; 7. ആജ്ഞാപിക്കുക.

**Be-hīnd′**, *prep.* പിമ്പിൽ, മറവിൽ, അപ്പുറം; 2. വഴിയെ (വിട്ടേച്ചു); 3. കാൽ (കുറവുള്ള). *ad.* പിന്നോക്കം, വഴിയോട്ട്, പിറകോട്ട്; 2. ഇനിയും; 3. കഴിഞ്ഞ; 4. ശേഷം. **be b.** ഉത്സാഹിപ്പിക്കുക; **b.-hand** കടം പെട്ട, വൈകിയ, അമാന്തമായ.

**Be-hōld**, *v.t. ir.* (=held, =held) നോക്കുക. *v.i.* കാണുക. *imp.* ഇതാ. **-ĕr**, *n.* കാണി. **-en**, *p.a.* കടപ്പെട്ടിരിക്കുന്ന; നന്ദി ഉള്ള.

**Be-hoof′**, *n.* പ്രയോജനം, ഗുണം. **-′hōove**, *v.t.* ഉചിതമായിരിക്കുക, വേണ്ടിവരിക; 2. പററുക.

**Be-lā′bŏur**, *v.t.* വേല ചെയ്യുക, പ്രവൃത്തിക്കുക; 2. പൊതിര തല്ലുക, പ്രഹരം കഴിക്കുക.

**Be-lāy′**, *v.t.* വെക്കുക, അലങ്കരിക്കുക; 2. പതിയിരിക്കുക.

**Belch**, *n.* ഏമ്പൽ, തേട്ടൽ. *v.t.* തേക്കുക, തികട്ടുക; 2. പുറത്താക്കുക. *v.i.* തേട്ടിവരിക.

**Be-lēa′guĕr** (-lē′gĕr), *v.t.* വളയുക, നിരോധിക്കുക.

**Be-līe′**, *v.t.* കളവാണെന്ന് കാണിക്കുക; 2. അസത്യം പറക; 3. കരള പറക.

**Be-liēf′**, *n.* വിശ്വാസം; 2. വിശ്വാസപ്രമാണം. **=liēve′**, *v.t. & i.* വിശ്വസിക്കുക, പ്രമാണിക്കുക; ഉറെക്കുക; വിചാരിക്കുക. **to b. in . . .** ൽ വിശ്വസിക്കുക; നല്ലതാണെന്ന്—. **to b. on** പ്രമാണമായി സ്വീകരിക്കുക. **=liēv′ĕr**, *n.* വിശ്വാസി, ഭക്തൻ.

**Bell**, *n.* മണി; 2. കെച്ച. **alarm b.** അപകടമണിനാദം. **b.-founder** മൂശാരി. **bel′fry**, *n.* മണിഗോപുരം, —തൂൺ. **b.-man** കിണ്ണം മുട്ടുന്നവൻ. **b.-metal** ഓട്. **b.-pepper** കപ്പൽമുളക്, പറങ്കി—. **to ring the b.** മണിമുട്ടുക. **to bear (away) the b.** മുന്തിനില്ക്കുക. **to bear the b.** അഗ്രേസരനായിരിക്കുക. **to lose the b.** തോററുപോക. **to shake the b.s** കിണ്ണം മുട്ടുക.

**Belle** (bel), *n.* ഭാവിനി, രൂപിണി, സീമന്തിനി, സുന്ദരി. **belles-lettres** (bel-lĕt′tr), *n.* (*pl.*) വിശേഷവിദ്യ.

**Bel′li-cōse**, **=cōus**, *a.* യുദ്ധരസം ഉള്ള, പോരാട്ടസ്വഭാവം—, കലഹിക്കുന്ന.

**Bel-lig'ĕr-ent,** *a.* തമ്മിൽ യുദ്ധം ചെയ്യുന്ന; 2. യുദ്ധസംബന്ധമായ.

**Bel'lōw** (-lō), *n.* മുക്കറ; 2. ഓളി; 3. അലച്ച്; 4. തിരഘോഷം; 5. (*pl.*) ഉലത്തോൽ. *v.i.* മുക്കറയിടുക, ഗൎജ്ജിക്കുക.

**Bel'ly,** *n.* വയറ്, കുക്ഷി, ഉദരം; 2. പള്ള. **b.-ache** വയറ്വേദന. **b. bound** മലബന്ധമുള്ള. **-ful,** *a.* വയറ് നിറയ. **b.-god** ശാപ്പാട്ട്രാമൻ. **b.-pinched** വിശപ്പുള്ള. **b.-worm** ഇര (*z.*).

**Be-loṅg',** *v.i.* (to) ഉള്ളതാക, സ്വന്തമായ് ഇരിക്കുക; 2. ചേൎന്ന്—; 3. ഉചിതമായ്—; 4. അവകാശമായ്—; 5. പെട്ട്—. **-iṅg,** *n.* സ്വത്ത്; 2. അനുബന്ധം.

**Be-lŏv'ed,** *a.* വാത്സല്യമുള്ള, പ്രിയ. *n.* പ്രിയൻ, പ്രിയ.

**Be-lōw'** (-lō'), *prep.* കീഴെ, താഴെ. *ad.* അടിയിൽ, താഴെ; 2. ഭൂമിയിൽ, ഇഹത്തിൽ; 3. പാതാളത്തിൽ; 4. കീഴ്ക്കോടതിയിൽ (*l.*); 5. താഴോട്ട്.

**Belt,** *n.* അരക്കച്ച, നടുക്കെട്ട്, പട്ട, വാറ്; 2. ബന്ധനം; 3. വലയം; 4. കടലിടുക്ക് (*geog.*); 5. മാടമ്പിപദവിചിഹ്നം.

**Be-mōan'** (-mōn'), *v.t.* വിലാപിക്കുക, പുലമ്പുക, മുറയിടുക, പ്രലാപിക്കുക.

**Bench,** *n.* പീഠം, 'വാങ്ക്'; 2. ന്യായാസനം (*l.*); 3. ന്യായാധിപസഭ (*l.*).

**Bend,** *n.* വളവ്, വക്രത. *v.t. ir.* (**bent, bent**) വളെക്കുക, കുലെക്കുക; 2. മനസ്സ്വെക്കുക; 3. കീഴമൎത്തുക. **to b. the brow** ചുളിക്കുക, കോപിക്കുക. *v.i.* വളയുക; 2. ഉന്തിനില്ക്കുക; 3. കമ്പിടുക, കുനിയുക, വണങ്ങുക; 4. ചായുക. **Bent,** *n.* വളവ്; വാസന, നിഷ്ഠ; ശ്രദ്ധ. *a.* & *p.p.* വളവുള്ള. **b. on** ഉറച്ചിരിക്കുക.

**Be-nēath',** *prep.* താഴെ, കീഴെ, അടിയിൽ; 2. അധമം, പററാത്തത്. *ad.* ഇഹത്തിൽ, അധോലോകത്തിൽ.

**Ben-e-dic'tiŏn,** *n.* ആശീൎവ്വാദം, അനുഗ്രഹം, പ്രസാദം; 2. ആശീൎവ്വാദവചനം; 3. പട്ടം; 4. പ്രതിഷ്ഠ.

**Ben'e-fice,** *n.* ഉപകാരം, ധൎമ്മം; 2. പള്ളിവകവരവ്, ഉദ്യോഗ—. **=fac'tiŏn,** *n.* ഉപകാരം, ദാനധൎമ്മം. **=fac'tŏr,** *n.* ഉപകാരി. **=fac'tress,** *n.* ധൎമ്മിഷ്ഠ. **=fici'al** (-fish'al), *a.* (to) ഗുണകരമായ, ഉപകാരം ഉള്ള; സഫലമായ; അനുകൂലാവകാശമുള്ള. **=fit,** *n.* ഉപകാരം; ആദായം, ഗുണം. *v.t.* ഉപകരിക്കുക; ഗുണംചെയ്യുക, പ്രയോജനമായിരിക്കുക. *v.i.* ഉപകാരം ഉണ്ടാക, ഗുണം—. **be-nef'i-cence,** *n.* ധൎമ്മശീലം. **=nef'i-cent,** *a.* ഔദാൎയ്യം ഉള്ള, പരോപകാരശീലം—.

**Be-nev'o-lence,** *n.* പരോപകാരശീലം, ധൎമ്മ—, കൃപ, ഗുണകാംക്ഷ; 2. സുകൃതം, ഉപകാരം. **=lent,** *a.* രഞ്ജനഉള്ള, ദയ—, നന്മചെയ്യുന്ന.

**Be-nīght'** (-nīt'), *v.t.* രാത്രിയായിപ്പോക, ഇരുട്ടാക്കുക; 2. ബുദ്ധിഇരുണ്ട്പോക. **-ed,** *a.* അറിവില്ലാത്ത.

**Be-nīgn'** (-nīn'), *a.* ദയഉള്ള; 2. ഔദാൎയ്യം—, നല്ല; 3. ലഘുതരമായ. **=nig'nant,** *a.* കൃപയുള്ള. **=nig'ni-ty,** *n.* ആൎദ്രത; ശാന്തശീലം; ഗുണം.

**Ben'i-sŏn,** *n.* ആശീൎവ്വാദം.

**Be-numb'** (-num'), *v.t.* സ്തംഭിപ്പിക്കുക, വിറങ്ങലിപ്പിക്കുക, മരവിപ്പിക്കുക. **-ed-ness,** *n.* സ്തംഭനം, തരിപ്പ്.

**Ben-zō-in', Ben'ja-min,** *n.* സാമ്പ്രാണി (*b.*).

**Be-quēath'** (-quēth'), *v.t.* മരണപത്രികയാൽ കൊടുക്കുക, ഒസ്യത്താൽ—; 2. അവകാശമായി—. **=quest,** *n.* മരണപത്രികയാലുള്ള ദാനം, —സ്വത്ത്.

**Be-rēave'** (-rēv'), *v.t.* (of) അപഹരിക്കുക, ഇല്ലാതാക്കുക. **-ment,** *n.* അപഹാരം, ഛേദം, മരണവിരഹം.

**Ber'lin,** *n.* നാലുരുൾ വണ്ടി; 2. പലനിറത്തിലുള്ള കമ്പിളിനൂൽ.

**Ber'ry,** *n.* ചെറുകായി (*b.*); 2. കരു; 3. കാപ്പിക്കുരു; 4. മീൻ ഇണർ, —മുട്ട; 5. ചെറുകുന്ന്. **in b.** ഇണറുള്ള.

**Bĕrth,** *n.* നങ്കൂരം ഇട്ട് നില്ക്കുന്ന സ്ഥലം; 2. കപ്പലിലെ ഉള്ളറ; 3. കട്ടിൽ; 4. ഉദ്യോഗം, പ്രവൃത്തി. **to give a wide b.** അകന്ന് നില്ക്കുക.

**Ber'yl,** *n.* വൈഡൂര്യം (*min.*).

**Be-sēech',** *v. t. ir.* (**be-sought', be-sought,** *pr.* sạt) കെഞ്ചിയാചിക്കുക, അപേക്ഷിക്കുക.

**Be-sēem',** *v. t.* യോഗ്യമായിരിക്ക, ഉചിതമായി തോന്നുക; 2. പാററുക.

**Be-set',** *v. t. ir.* (=**set',** =**set'**) അലങ്കരിക്കുക, ചമയിക്കുക; 2. പതിയിരിക്കുക, നിരോധിക്കുക, ഞെരുക്കുക, **-ting,** *a.* മുറുകെ പാററുന്ന, പതിവായുള്ളോയ.

**Be-sīde',** =**sīdes',** *prep.* പാൎശ്വത്തിൽ, അരികെ; 2. പുറമെ, ഒഴികെ, കൂടാതെ, പ്രത്യേകിച്ച്; 3. ഇല്ലാതെ, അകലെ. *ad.* അല്ലാതെ, എന്ന മാത്രമല്ല, അത്രയുമല്ല, പിന്നെയും. **b. the purpose** അതല്ലകാൎയ്യം; കാൎയ്യത്തിന്നുതകാത്ത. **be b. one's self** തൻേറടം വിട്ടുപോക.

**Be-siēġe'** (-sēj'), *v. t.* വളയുക, നിരോധിക്കുക. **-ment,** *n.* നിരോധം.

**Be-smēar'** (-smēr'), *v. t.* പൂശുക, തേക്കുക; 2. ചേറ് പിരട്ടുക, അഴക്കാക്കുക.

**Be-smĭrch',** *v. t.* അഴക്കാക്കുക; 2. നിറം മങ്ങിക്കുക; 3. മാനം കെടുക്കുക.

**Bē'ṣŏm,** *n.* ചൂൽ, മാച്ചിൽ.

**Be-sot',** *v. t.* ലഹരി പിടിപ്പിക്കുക, മെയ്യറപ്പിക്കുക, ബുദ്ധിമന്ദിപ്പിക്കുക. **-ted,** *a.* മദിച്ച, മതിമറന്ന, അന്ധാളിച്ച.

**Be-spat'tĕr,** *v. t.* ചളിതെറുപ്പിക്കുക; 2. ദൂഷണം പറയുക, അപവാദം—.

**Be-spēak',** *v. t. ir.* (=**spōkē',** =**spō'-ken**) പറഞ്ഞുവെക്കുക, ചട്ടം കെട്ടുക; 2. മുന്നറിയിക്കുക, ലക്ഷണം കാട്ടുക; 3. കാണിക്കുക; 4. സംസാരിക്കുക.

**Be-sprĭn'kle,** *v. t.* വിതറുക; 2. തളിക്കുക, പ്രോക്ഷിക്കുക.

**Best,** *a.* ഉത്തമം ആയ, പരമം—, ശ്രേഷ്ഠം—, അധികം—. *n.* കഴിവുള്ളതു. *ad.* ഏററവും നന്നായി, വിശേഷിച്ച്. **b. man** ചങ്ങാതി, തോഴൻ. **at b.** എത്രനന്നായാലും; എങ്ങിനെ തന്നെ ആയാലും. **to get the b. of** എങ്ങിനെയെങ്കിലും മററവനെക്കാൾ മുന്തിനില്ക്കുക. **make the b. of** ഉള്ളത് കൊണ്ട് ഒപ്പിക്കുക; പാട്ടുള്ളേടത്തോളം തരത്തിലാക്കുക; കഴിയുന്നേടത്തോളം പൊരുളിക്കാതെ ഇരിക്കുക. **to the b. of one's memory, information,** *or* **belief** ഓൎമ്മയിൽ പെട്ടേടത്തോളം, അറിവിൽ—, വിശ്വാസത്തിൽ—. **you had b. go** നീ പോകയാകുന്നു ഉത്തമം.

**Best'i-al,** *etc. see under* **Beast.**

**Be-stĭr',** *v. t.* അനക്കുക; 2. ഉണൎത്തുക; 3. ചുറുക്ക് കാട്ടുക. **b. one's self** ഉണരുക, ഉത്സാഹിക്കുക, ശ്രമിക്കുക.

**Be-stōw',** *v. t.* സംഭരിച്ച് വെക്കുക, സ്വരൂപിച്ച്—; 2. ഇട്ട്—; 3. സൂക്ഷിക്കുക; 4. ഉപയോഗിക്കുക, ചിലവാക്കുക; 5. (on, upon) കൊടുക്കുക, തരിക; 6. വേളികഴിച്ച് കൊടുക്കുക. **-al,** *n.* സമൎപ്പണം; ദാനം. **-ment,** *n.* ദാനം, സമ്മാനം.

**Be-strew'** (-strụ'), *v. t. ir.* (=**strewed',** =**strewn'**) തളിക്കുക; 2. വിതറുക.

**Be-strīde',** *v. t. ir.* (=**strōde',** =**stridd'en**) കവച്ച് ഇരിക്കുക, —നില്ക്കുക; 2. കടക്കുക.

**Bet,** *n.* പന്തയം, വാത്. *v. t. ir.* (**bet, betted**) വാത് കെട്ടുക, —കൂറുക, —വെക്കുക, പണയം പറക.

**Be-tāke',** *v. t. ir.* (=**tọok',** =**tā'ken**) എടുക്കുക, പിടിക്കുക; 2. പുറപ്പെടുക, പോക. **they betook themselves** അവർ . . . . ന്നു പുറപ്പെട്ടു. **whither shall I b. me** ഞാൻ എവിടേക്ക് പോകേണ്ടു?

**Bēt'el**, *n.* വെററില (*b.*); 2. വെററിലക്കൊടി. **-nut** വെററിലടക്ക, താംബൂലം; അടക്ക, പാക്ക്, പൂഗം.

**Be-think'**, *v. t. ir.* (=thought', =thought', *pr.* that) ഓൎത്തുനോക്കുക, വിചാരിച്ച്—; 2. ആലോചിക്കുക.

**Be-tīde'**, *v. t. & i.* നേരിടുക, സംഭവിക്കുക, ഉണ്ടാക.

**Be-tīme, =tīmes'** (-tīmz'), *ad.* തക്കസമയം; 2. നേരത്തെ; 3. ക്ഷണം.

**Be-tō'ken**, *v.t.* സൂചിപ്പിക്കുക; 2. അടയാളമായിരിക്കുക; 3. മുന്നറിയിക്കുക.

**Be-trap'**, *v. t.* കുടുക്കിക്കളക, കണിയിലകപ്പെടുത്തുക; 2. കോപ്പിടുക, അലങ്കരിക്കുക.

**Be-trāy'**, *v. t.* ചതിവായി ഏല്പിച്ചുകൊടുക്കുക, ഒററു—, കാണിച്ചു—; 2. വിശ്വാസഘാതകം ചെയ്ക; 3. തെററിൽ അകപ്പെടുത്തുക; 4. രഹസ്യം പുറത്താക്കുക; 5. വശീകരിച്ചു തോല്പിക്കുക; 6. സൂചിപ്പിക്കുക. **-er**, *n.* ഒററിക്കൊടുക്കുന്നവൻ. **-al, -ment**, *n.* വിശ്വാസഘാതകം, ചതിപ്രയോഗം.

**Be-troth'**, *v. t.* പെണ്ണ് കാണുക, വിവാഹം നിശ്ചയിക്കുക. **-al, -ment**, *n.* മംഗലം കറിക്കൽ.

**Bet'tĕr**, *n.* (of) ആദായം, ശ്രേഷ്ഠത, ജയം; 2. (*pl.*) മേല്പട്ടവർ, മൂത്തവർ, വലിയവർ. *a.* ഗുണമേറിയ, അധികം നല്ല; 2. വിശേഷപ്പെട്ട; 3. അധികം; 4. ഭേദമുള്ള; 5. ഉററ. *v. t.* ഗുണം വരുത്തുക, നന്നാക്കിത്തീൎക്കുക. *v. i.* ഗുണസിദ്ധിയുണ്ടാക, മേന്മപ്രാപിക്കുക. *ad.* നന്നായി, അധികമായി, നല്ലവണ്ണം. **for the b.** ഗുണത്തിന്നായിക്കൊണ്ട്, ഗുണകരമായ. **all the b.** *see under* **All.** **b. half** അൎദ്ധാംശി, ഭാൎയ്യ. **to be b. off** നല്ല അവസ്ഥയായിരിക്കുക, പൊത്തുവരുത്തുണ്ടാക. **had b.** അതാണ് നല്ലത്. **ten miles and b.** പത്തുനാഴികയിലധികം. **to think b. of (one)** ഗുണമായ അഭിപ്രായമുണ്ടാക; **to think b. of (an opinion, resolution *etc.*)** അഭിപ്രായം മാററുക. **to get the b. of** ജയിക്കുക; ഉൽകൃഷ്ടമായിരിക്കുക.

**Be-twēen', Be-twixt'**, *prep.* മദ്ധ്യെ, നടുവിൽ, ഇടയിൽ; 2. അന്യോന്യം, തമ്മിൽ; 3. (രണ്ടാൾക്കും) കൂടി; 4. ഇതോ, അതോ എന്ന്. **b.n ourselves** മററാരും അറിയേണ്ട, സ്വകാൎയ്യമായി. **b.t and b.n** രണ്ടും കെട്ട നില.

**Bev'el**, *n.* വിഷമകോണം; 2. ചരിവ്, ചാമ്പറ. *a.* വളഞ്ഞ; നേര് കെട്ട.

**Bev'ĕr-āġe**, *n.* പാനം, പാനീയം.

**Bev'y**, *n.* കൂട്ടം; 2. സ്ത്രീസമൂഹം; 3. പക്ഷിക്കൂട്ടം; 4. മാൻകൂട്ടം.

**Be-wāil'**, *v.t. & i.* വിലപിക്കുക, തൊഴിക്കുക, പുലമ്പുക, പ്രലാപിക്കുക.

**Be-wāre'**, *v. t. & i.* (of) സൂക്ഷിക്കുക, കരുതിക്കൊൾക, ചരതിച്ച്—.

**Be-wil'der**, *v. t.* വഴി തെററിക്കുക; 2. അന്ധാളിപ്പിക്കുക, ഉഴലിക്കുക. **-ment**, *n.* പരിഭ്രമം, വിഷമം, അമ്പരപ്പ്.

**Be-witch'**, *v. t.* ഒടിവെക്കുക; 2. വശീകരിക്കുക; 3. ആഭിചാരം ചെയ്ക. **-ing**, *a.* വശീകരിക്കുന്ന; മോഹനീയമായ. **-ing-ly**, *ad.* മോഹിപ്പിക്കത്തക്കവണ്ണം, മയക്ക—. **-ment**, *n.* മാരണം, ക്ഷുദ്രം.

**Be-yond'**, *prep.* അപ്പുറം, മുമ്പോട്ട്; 2. അകലെ; 3. പരം, കഴിഞ്ഞ; 4. മീതെ, അധികം. *ad.* അങ്ങ്, ദൂരെ. **b. measure** അളവില്ലാതോളം. **b. belief** വിശ്വസിപ്പാൻ വഹിയാത്ത. **b. dispute** നിൎവ്വാദം. **b. recovery** ദുസ്സാദ്ധ്യം, അപ്രാപ്യം. **go b.** ചതിക്കുക. **I was b. myself** എന്നെത്തന്നെ മറന്നുപോയി.

**Bēz'ōar**, *n.* ഗോരോചന, പൈത്തുമ്പൽ, ആട്ടിങ്കല്ല് (*ch.*).

**Bī**, *pf.* ഇരു, രണ്ട്, ദ്വി.

**Bī-an'gū'lar**, *a.* ദ്വികോണമുള്ള.

**Bī'as**, *n.* ചായ്വ്; 2. മുൻവിധി, പക്ഷഭേദം. *a.* ചരിവ് ഉള്ള, ചാഞ്ഞ. *v.t.* ചരിക്കുക; 2. പക്ഷം കാട്ടുക, മുന്നഭിപ്രായമുണ്ടാക.

**Bib**, *n.* വായിനീത്തുണി. *v.t.* ഇറമ്പുക, മോന്തുക. **-bĕr**, *n.* കുടിയൻ.

**Bī'ble**, *n.* വേദപുസ്തകം, സത്യവേദം. **bib'li-cal**, *a.* വേദപുസ്തകസംബന്ധമായ. **bib'li-cism**, *n.* വേദപുസ്തകജ്ഞാനം. **bib'li-cist**, *n.* വേദപുസ്തകശാസ്ത്രി.

**Bib'li-ō**, *pf.* പുസ്തക, ഗ്രന്ഥ. **-graph**, **-graph-ẽr** (-graf), *n.* ഗ്രന്ഥശാസ്ത്രജ്ഞൻ. **=og-ra-phy** (-fi), *n.* പുസ്തകവിവരവിദ്യ. **-mā'ni-a**, *n.* പുസ്തകസമ്പാദ്യഭ്രാന്ത്. **-phil-ism**, *n.* പുസ്തകപ്രീതി. **-phil-ist**, *n.* പുസ്തകപ്രിയൻ. **=op-ō-list**, **-pōle**, *n.* പുസ്തകവിക്രയി. **-thē'ca**, **-thē'ke**, *n.* പുസ്തകശാല. **-thē-ca-ry**, *n.* പുസ്തകശാലവിചാരകൻ.

**Bick'ẽr**, *v.t.* കലഹിക്കുക; 2. ഒഴുകുക; 3. ഇളകിക്കൊണ്ടിരിക്കുക. *n.* കലശൽ, വക്കാണം. **-ẽr**, *n.* കലഹക്കാരൻ. **-ing**, *n.* ചെറുപട; കലശൽ.

**Bī'cy-cle**, *n.* ദ്വിചക്രം, ഉരുൾ, ഉരുൾകുതിര. **=ẽr**, *n.* ഉരുൾ സവാരിക്കാരൻ. **=cy-cl-ing**, *n.* ഉരുളോട്ടം.

**Bid**, *v.t. ir.* (**bade**, **bidd'en**) വില പറക; 2. പറക, കൊട്ടുക്കുക; 3. പ്രസിദ്ധമാക്കുക, 4. കല്പിക്കുക; 5. വിളിക്കുക. *n.* ലേലംവിളി. **to b. beads** ജപമാല ജപിക്കുക. **b. defiance to** ധിക്കാരം കാട്ടുക, —പറക. **b. fair** സാദ്ധ്യമായി തോന്നുക. **-'dẽr**, *n.* ലേലം വിളിക്കുന്നവൻ. **-'ding**, *n.* ആജ്ഞ; പരസ്യം; വില പറയൽ; വില; ലേലവിളി.

**Bīde**, *v.i.* വസിക്കുക; 2. താമസിക്കുക. *v.t.* സഹിക്കുക; 2. കാത്തിരിക്കുക.

**Bī-en'ni-al**, *a.* ദ്വിവൎഷാന്തരം; രണ്ട് കൊല്ലം നില്ക്കുന്ന.

**Biēr** (bēr), *n.* പ്രേതമഞ്ചം.

**Bī-fā'ri-ŏus**, *a.* രണ്ട് നിരയായ.

**Bif'ẽr-ŏus**, *a.* കൊല്ലത്തിൽ രണ്ടുവട്ടം കായ്ക്കുന്ന.

**Bī-fur'cā-ted**, *a.* ദ്വിശാഖയുള്ള.

**Big**, *a.* വലിയ, വലിപ്പം ഉള്ള, വിശാലമായ; 2. ഗൎഭമുള്ള, പ്രസവിപ്പാറായ; 3. ഭയ ഉള്ള; 4. ഉച്ചത്തിൽ—; 5. ഗൎവ്വം—; 6. ശ്രേഷ്ഠത—. **to talk b.** ഉറക്കെ പറക; വമ്പ്—. **b. bellied** കമ്പയുള്ള; ഗൎഭം തികഞ്ഞ. **-ness**, *n.* വണ്ണം, നീളം; മഹത്വം.

**Big'a-my**, *n.* ദ്വിവിവാഹം, ദ്വികളത്രത്വം; 2. ദ്വിഭൎത്തൃത്വം. **=mist**, *n.* രണ്ട് ഭാൎയ്യയുള്ളവൻ; —ഭൎത്താവുള്ളവൾ.

**Bīght** (bīt), *n.* വളവ്, മൂല; 2. ഉൾക്കടൽ (*geog.*).

**Big'ot**, *n.* മതവൈരാഗി; 2. അന്യാഭിപ്രായവിരോധി. **-ry**, *n.* മതഭ്രാന്തി, അതിഭക്തി; ഇതരമതവിരോധം.

**Bī-lat'ẽr-al**, *a.* ദ്വിപാൎശ്വമുള്ള, ഇരുപക്ഷം സംബന്ധിച്ച.

**Bīle**, *n.* പിത്തരസം (*an.*); 2. വെറുപ്പ്, കോപം. **bil'iŏus'** (-yus), *a.* പിത്തം ഉള്ള, മുൻകോപം—. **b.s temperament** പിത്തഗുണം. **-ness**, *n.* —രോഗം (*med.*).

**Bilge**, *n.* കപ്പലിന്റെ അടിഭാഗം (*naut.*). **b. water** കമ്മത്ത്നീർ.

**Bī-lin'gual** (-gval), *a.* ദ്വിഭാഷയിലുള്ള.

**Bī-lit'ẽr-al**, *a.* ദ്വയാക്ഷരമുള്ള.

**Bilk**, *v.t.* ചതിക്കുക, തോല്പിക്കുക.

**Bill**, *n.* കൊക്ക്, ചുണ്ട്; 2. അരിവാൾ; 3. ഒരുവകവാൾ; 4. അന്യായഹരജി (*l.*); 5. അവാല (*com.*); 6. പരസ്യം; 7. കണക്ക്ചീട്ട്; 8. നിയമപത്രം (*l.*); 9. കണക്ക്. **b. of costs** കോടതിചിലവ് കണക്ക്. **b. of credit** അവാല; കടജാമ്യപത്രം (*com.*). **b. of divorce** ഉപേക്ഷണച്ചീട്ട് (*l.*), മൊഴികൊട്ടുക്കൽ (*M.*), ന്യായം—. **b. of exchange** ഉണ്ടിക, കൈമാററപത്രം. **b. of fare** ഭക്ഷണവിവര—. **b. of health** കപ്പല്ക്കാരുടെ സുഖസാക്ഷ്യ—. **b. of lading** ചരക്കുകയററിയ രശീതി, 'ബില്ലടി'. **b. of mortality** മരണക്കണക്ക്. **b. of sale** വിക്രയപത്രം. **b.-hook** കൊട്ടുവാൾ, കത്തിവാൾ, വെട്ടുകത്തി. **='let**, *n.* ചീട്ട്, കുറിമാനം; ചുള്ളിക്കോൽ; *v. t.* പാൎക്കുക, താമസിക്കുക.

**Bil'let-doux** (bil'lā-du̱), *n.* അന്ദരാഗപത്രം, പ്രേമലേഖനം.

**Bill'iards,** *n.* മേശപ്പന്താട്ടം.

**Bill'iŏn,** *n.* (*Fr. & Am.*) അബ്ജം, 10,00,00,00,00 (*Eng.*), മഹാപദ്മം 100,00,00,00,00,00 (*ar.*).

**Bil'lōw,** *n.* തിര, തിരമാല, കിളാറ്.

**Bī-mā'nŏus,** *a.* ഇരുകൈയുള്ള.

**Bin,** *n.* പത്തായം, പെട്ടകം; 2. അറ.

**Bī'nal, Bī'nar-y,** *a.* ഇരട്ട ആയ, ജോട്—; 2. ഇരുസ്വഭാവമുള്ള.

**Bīnd,** *v. t. ir.* (bound, bound) കെട്ടുക, ബന്ധിക്കുക; 2. നിൎത്തുക; 3. വരിയുക; 4. ബന്ധം വരുത്തുക; 5. ഉറപ്പിക്കുക; 6. കത്തികെട്ടുക; 7. നിൎബ്ബന്ധിക്കുക; 8. ബാദ്ധ്യസ്ഥനാക്കുക; 9. കൂട്ടികെട്ടുക. to b. over ജാമ്യം വാങ്ങുക (*l.*). to b. to നിശ്ചയം ചെയ്യുക. to b. up ലയിച്ചുപോക. *v. i.* കെട്ടാക്കുക; 2. കരാർ ചെയ്യുക; 3. കട്ടിയായി തീരുക; 4. നിന്നുപോക, മുടക്കം വരിക; 5. ബന്ധിക്കുക. **-ĕr,** *n.* കെട്ടുന്നവൻ; കെട്ട്, കച്ച. book-b.r പുസ്തകം കെട്ടുന്നവൻ. **-ĕr'y,** *n.* —കെട്ടുന്ന സ്ഥലം. **-iṅg,** *a.* കെട്ടുന്ന; നിൎബ്ബന്ധമായ; *n.* കെട്ട്.

**Binn'a-cle,** *n.* തവക്കപ്പെട്ടി (*naut.*).

**Bī-noc'ū-lar,** *a.* ഇരുകണ്ണുള്ള. *n.* ഇരട്ടകുഴൽ കണ്ണാടി.

**Bī-og'ra-phĕr** (-fĕr), *n.* ജീവചരിത്രരചകൻ. **=phy** (-fi), *n.* ജീവചരിത്രം.

**Bī-ol'o-ġy,** *n.* ജീവശാസ്ത്രം. **=ġist,** *n.* ജീവശാസ്ത്രജ്ഞൻ.

**Bip'ar-ŏus,** *a.* ഇരട്ടപ്രസവിക്കുന്ന.

**Bip'ar-tīte,** *a.* ഇരുകക്ഷിയുള്ള.

**Bī-ped,** *n.* ദ്വിപാത്, രണ്ടു കാലുള്ള പ്രാണി. **bi'pe-dal,** *a.* ദ്വിപാത്തായ.

**Bĩrd,** *n.* പക്ഷി, പറവജാതി (*z.*). migratory b., b. of passage സഞ്ചാരപ്പക്ഷി. b.-cāġe പക്ഷിക്കൂട്. b.-ca̤ll പക്ഷിസ്വരം. b.'s-eye-view മുകൾ ദൃഷ്ടി, ഒന്നാകെയുള്ള കാഴ്ച; സ്ഥൂലദൎശനം. b.-eyed സൂക്ഷ്മദൃഷ്ടിയുള്ള. b.-līme, *n.* വിളാമ്പശ, ചക്കവെളുന്നീർ. b.-catcher പക്ഷിപിടിയൻ. b.-pepper ജീരകപറങ്കിമുളക്, കാന്താരി— (*b.*). b.-mouth പരന്നും വാൽകട്ടമ. b.-nest പക്ഷിക്കൂട്; പക്ഷിക്കേല.

**Bĩrth,** *n.* ജനനം, ജന്മം; 2. ഉല്പത്തി, ഉത്ഭവം; 3. ജാതി, വംശം; 4. കലശ്രേഷ്ഠത; 5. പ്രകൃതി; 6. പ്രസവം; 7. ജാതം; 8. ആരംഭം. after-b. മറു, മാച്ച്. high b. ആഭിജാത്യം. low b. കലഹീനത്വം. future b. മറുജന്മം (*myth.*). repeated b. ജന്മാന്തരം (*myth.*). new b. പുനൎജ്ജനനം, പുനൎജ്ജന്മം (*Bl.*). b.-day ജനനദിവസം, ജന്മനക്ഷത്രം, പിറന്നാൾ. b.-place ജന്മദേശം, സ്വരാജ്യം. b.-right ജനനാലുള്ള അവകാശം (*l.*).

**Bis'cuit** (bis'kit), *n.* പലഹാരം, 'ബിസ്കോത്ത്'.

**Bī-sect',** *v.t.* രണ്ടായി മുറിക്കുക, പകുതി ചെയ്ക. **='tiŏn,** *n.* പകുക്കൽ.

**Bish'op,** *n.* സഭാദ്ധ്യക്ഷൻ (*Chr.*), മെത്രാൻ, മെത്രാപൊലിത്ത (*Syr.*); 2. ചതുരംഗത്തിലെ ആന.

**Bis̤'muth,** *n.* ഒരുവക ലോഹം (*ch.*).

**Bī's̤on,** *n.* കാട്ടി, മലമ്പോത്ത്, കാട്ട്— (*z.*).

**Bit,** *n.* കടി, നുറുക്ക്, കഷണം; 2. അല്പം, ഏതാനും; 3. കടിവാളം; 4. തമര്; 5. താക്കോൽ പല്ല്; 6. ചിപ്പുളിയിരിമ്പ്. b. stock ബൃമ്മ. a b. അല്പം. b. by b. കുറേശ്ശ കുറേശ്ശ.

**Bitch,** *n.* പട്ടി, പെൺനായി (*z.*); 2. —കുറുക്കൻ, —ചെന്നായി; 3. കുത്തിച്ചി.

**Bīte,** *n.* കടി; 2. മുറിവായി; 3. നുറുക്ക്; 4. പിടുത്തം; 5. ചതിയൻ; 6. ഉപായം. *v.t. & i. ir.* (bit, bitt'en) കടിക്കുക, കാരുക; 2. എരിയുക, പൊള്ളുക, വേദനപ്പെടുത്തുക; 3. തോല്പിക്കുക; 4. പൃണ്ട് പോക; 5. (ഇര) വിഴുങ്ങുക. to b. the dust *or* the ground മരിക്കുക. to b. in ദ്രവിച്ചുപോക. to b. the thumb at ധിക്കരിക്കുക, പോരിന്ന് വി

ളിക്കുക. to b. the tongue മിണ്ടാതിരിക്കുക. -ĕr, *n.* കടിയൻ; ചതിയൻ. bī'tiṅg, *a.* കഠിനമായ; നിന്ദയുള്ള.

Bit'tĕr, *a.* കൈപ്പുള്ള, തിക്തം ആയ; 2. ഉഗ്രം—; 3. വ്യസനമുള്ള. to the b. end (എന്തായാലും വേണ്ടതില്ല) അവസാനത്തോളം. -ly, *ad.* കൈപ്പോടെ. -ness, *n.* കൈപ്പ്; പക; നിന്ദ; മഹാദുഃഖം.

Bī-tū'men, *n.* മണ്ണെണ്ണ, കന്മദം.

Biv'ŏu-ac (biv'ụk), *n.* രാത്രികാലത്തെ വെളിമ്പാളയം.

Bī-wēek-ly, *a.* രണ്ടാഴ്ചക്കൊരിക്കൽ സംഭവിക്കുന്ന. *n.* ദ്വിവാരപത്രിക.

Blab, *n.* അനാവശ്യപ്രസ്താവം; 2. അവിവേകസംസാരം. *v.t.* വിവേകമില്ലാതെ പറക; 2. ഏഷണി—.

Black, *n.* കറുപ്പ്നിറം, —ചായം; 2. കറുത്തവൻ, കാപ്രി; 3. കൃഷ്ണവസ്ത്രം; 4. (*pl.*) വിലാപ—; 5. കറുപ്പ് പുള്ളി; 6. കറ. b. and white രേഖപ്പെടുത്തിയതായി, എഴുത്തിൽ. the b. of the eye കൃഷ്ണമിഴി. *a.* കറുത്ത; 2. ഇരുണ്ട; 3. ഭയങ്കരം ആയ, ദുഃഖകരം—, ആപല്ക്കരം—, ദുഷ്ടതയുള്ള; 4. മുഷിഞ്ഞ, ഉഗ്രതയുള്ള. b. art മന്ത്രവാദം. b. bird രാജകുയിൽ. b. and blue കരുവാളിപ്പുണ്ടാകത്തക്കവണ്ണം, പൊതിര. b. board എഴുത്ത് പലക. b. cattle അറുക്കുവാനുള്ള കന്നുകാലി. b. coat കറുത്ത കുപ്പായക്കാരൻ, ബോധകൻ. b. death മഹാമാരി. b. draught (draft) വിരേചനൌഷധം. b. day അശുഭദിവസം. b. flag കടല്ക്കള്ളന്മാരുടെ കൊടി; മൃഗസ്വഭാവം. -'guärd (-gärd), *n.* തെമ്മാടി, കള്ളൻ. -'guärd-ism, *n.* പോക്കിരിത്തനം, കള്ളത്തനം. b. hole കാരാഗൃഹം. b. lead എഴുത്തുകോൽ, 'പെൻസിൽ'. b. letter അശുഭമായ. -'māil, *n.* കൈക്കൂലി. B. Monday അനദ്ധ്യായം കഴിഞ്ഞ ആദ്യദിവസം. b. mouthed ചീത്തപറയുന്ന. b. shēep വികൃതി, ദുർബ്ബുദ്ധി. -'smith, *n.* കൊല്ലൻ, കരുവാൻ. -wood, *n.* കരിവീട്ടി (*b.*). *v.t.* കറുപ്പിക്കുക; 2. ദുഷ്കീർത്തി വരുത്തുക; 3. തുടെക്കുക. -en, *v.t.* കറുപ്പ് ആക്കുക, ഇരുട്ട്—; അപകീർത്തിപ്പെടുത്തുക. -ish, *a.* ഇളംകറുപ്പായ.

Blad'dĕr, *n.* പൊട്ടി, ഉതളി; 2. പൊക്കിള; 3. വസ്തി (*an.*); 4. പൊങ്ങത്തി.

Blāde, *n.* ഓല, തണ്ട്; 2. കത്തിയലക്; 3. തണ്ട്പത്തി; 4. അംസഫലക (*an.*).

Blāin, *n.* പൊക്കുള, വീക്കം.

Blāme, *n.* അധിക്ഷേപം, ശാസന; 2. കുററം, അപരാധം. *v.t.* ആക്ഷേപിക്കുക, കുററം പറക. -'fụl, *a.* കുററകരം ആയ; ആക്ഷേപയോഗ്യം—; തെററുകണ്ടു പിടിക്കുന്ന. -less, *a.* (of) നിർദ്ദോഷം ആയ, നിരപവാദ്യം—. -less-ness, *n.* നിരപരാധിത്വം, നിഷ്കളങ്കത്വം. -wor'thy, =ma-ble, *a.* ആക്ഷേപയോഗ്യമായ.

Blanch, *v.t.* വെളുപ്പിക്കുക; 2. തോലുരിക്കുക; 3. ഓപ്പമിടുക; 4. പൂശുക; 5. പിന്തിരിയുമാറാക്കുക. *v. i.* വെളുത്തുപോക, വിളക്കുക, മുഖം വാടുക.

Bland, *a.* സൌമ്യതയുള്ള, ശാന്തം ആയ, മൃദു—; 2. രൂക്ഷതയില്ലാത്ത. ='dish, *v.t.* പുന്നാരിക്കുക, ഓമനവാക്ക് പറക. ='dish-ment, *n.* മുഖസ്തുതി, ലാളനം. -ness, *n.* സൌമ്യത, മാർദ്ദവം.

Blaṅk, *n.* ഒഴിവ്; 2. ഒഴിവ് സ്ഥലം; 3. ബോധക്കേട്; 4. പൊട്ടനറുക്ക്; 5. എഴുത്തില്ലാത്ത കടലാസ്സ്; 6. എഴുത്തിലെ ഒഴിവിടം; 7. കുറി. *a.* വെള്ള; 2. ഒഴിവുള്ള; 3. എഴുത്തില്ലാത്ത, ഒഴിച്ച് വെച്ച; 4. ഒന്നും തോന്നാത്ത; 5. നിഷ്ഫലം ആയ; 6. ശൂന്യം—; 7. മനോവികാരമില്ലാത്ത; 8. നിർജ്ജീവം ആയ, അർത്ഥശൂന്യം—; 9. സാക്ഷാൽ. b. cartridge വെറുംതിര. b. wall ദ്വാരമില്ലാത്ത ചുമര്. b. verse നിഷ്പ്രാസപദ്യം.

Blaṅk'et, *n.* കമ്പിളി, കരിമ്പടം, കമ്പളം. a wet b. അധൈര്യഹേതു.

**Blāre,** *v. t.* മുഴക്കുക, ഘോഷിക്കുക.

**Blas-phēme'** (-fēm'), *v. t.* & *i.* ദൈവദൂഷണം പറക, ഈശ്വരനിന്ദ ചെയ്ക. ='**phem-y** (-fem'), *n.* ദൈവദൂഷണം; നിന്ദ. =**phē'mŏus** (-fē-), *a.* ദൈവദൂഷകമായ.

**Blast,** *n.* വങ്കാററ്, കാററൂത്ത്; 2. കഴലൂത്ത്, നാദം; 3. വിഷവായു; 4. ഉണക്കം; 5. പാറപൊട്ടിക്കൽ. **in full b.** ബഹുജാഗ്രതയായി. *v. t.* ഉണക്കുക; 2. ശപിക്കുക, നശിപ്പിക്കുക; 3. മുഴക്കത്താൽ ഭ്രമിപ്പിക്കുക; 4. പാറ പൊട്ടിക്കുക.

**Blāze,** *n.* ദീപ്തി, ജ്വാല; 2. വെയിൽ; 3. ഉജ്ജ്വലനം. *v. i.* ജ്വലിക്കുക; 2. പ്രകാശിക്കുക; 3. ശോഭിക്കുക. **to b. away** വെടിവെച്ചു കൊണ്ടിരിക്കുക. *v. t.* മരത്തിന്മേൽ കൊത്തടയാളം വെക്കുക, തോൽ ചെത്തുക; 2. കൊട്ടിപ്പാടുക, പ്രസിദ്ധമാക്കുക.

**Blā'zon** (blā'zn), *n.* പരിച; 2. പദവി മുദ്ര; 3. പദവിമുദ്രവിദ്യ; 4. മോടി, കോലാഹലം; 5. പ്രസിദ്ധി. *v. t.* വർണ്ണിക്കുക, പരസ്യമാക്കുക; 2. അലങ്കരിക്കുക.

**Blēach** (blēch), *v. t.* വെളുപ്പിക്കുക, വെള്ളയാക്കുക, നിറം പോക്കുക.

**Blēak** (blēk), *a.* നിറമില്ലാത്ത, വെളുവെള ആയ; 2. ശൂന്യം—; 3. അതിശൈത്യമുള്ള.

**Blēar** (blēr), *v. t.* മങ്ങൽ വരുത്തുക; 2. കുരുടാക്കുക; 3. കണ്ണ് കെട്ടിക്കളക. **to b. the eye of** തോല്പിക്കുക. **-ed,** *a.* പീള അടിഞ്ഞ. **b.-eyed** (-īd) പറഞ്ഞാൽ മനസ്സിലാകാത്ത.

**Blēat,** *v. i.* (ആട്) കരയുക, ആട് പോലെ—. *n.* ആട്ടിൻ കരച്ചൽ.

**Blēed,** *v. t. ir.* (**bled, bled**) ചോര ഒലിപ്പിക്കുക; 2. —പോക, —വാരുക; 3. കൊമ്പ് വെക്കുക, അട്ടയിടുക; 4. അപമൃത്യുപ്രാപിക്കുക; 5. ചാറ് ഒലിക്കുക, നീർ—; 6. പണം കളയുക, —പറുക. **to make the heart b.** കരൾ കത്തിപ്പോക. **-'iṅg,** *n.* രക്തസ്രാവം, —പിത്തം.

**Blem'ish,** *n.* കുറവ്, കുററം; 2. കളങ്കം; 3. ദൂഷ്യം. *v. t.* വിരൂപമാക്കുക, ഭംഗികെടുക്കുക; 2. കുററപ്പെടുത്തുക; 3. മാനക്കേട് വരുത്തുക.

**Blench,** *v. t.* & *i.* പിൻവാങ്ങുക, ക്രുശുക; 2. മുഖവാട്ടം വരുത്തുക, വിളക്കുക.

**Blend,** *v. t.* കൂട്ടിക്കലൎത്തുക; 2. ഭ്രമിപ്പിക്കുക. *v. i.* ചേരുക, ഇടകലരുക.

**Bless,** *v. t.* വിശുദ്ധമാക്കുക; 2. വരം കൊടുക്കുക, ആശീൎവ്വദിക്കുക; 3. പ്രതിഷ്ഠിക്കുക; 4. അനുഗ്രഹിക്കുക; 5. സ്തുതിക്കുക, വാഴ്ത്തുക. **b. me, b. us** ആശ്ചൎയ്യം. **to b. from** കാക്കുക, ഉദ്ധരിക്കുക. **to b. with** നല്കുക. **to be b.-ed with** പ്രാപിക്കുക. **-ed,** *a.* പരിശുദ്ധം ആയ, വന്ദ്യം—, സ്വൎഗ്ഗീയം—; ഭാഗ്യം ഉള്ള, അനുഗ്രഹം—; ശുഭം ആയ, ആനന്ദകരം—; ഭാഗ്യാനുഭവമുള്ള. **the b.ed in heaven** ഭാഗ്യത്തിൽ എത്തിയവർ, മുക്തന്മാർ. **not a b.ed man came** ഒരു മനുഷ്യപ്രാണിയും. **what b.d thing is this?** എന്തൊന്നാണിത്? **-ed-ness,** *n.* ഭാഗ്യാവസ്ഥ, സ്വൎഗ്ഗപ്രാപ്തി. **single b.ss** വിവാഹരഹിതത്വം. **-iṅg,** *n.* ആശീൎവ്വാദം; അനുഗ്രഹം, വരം; ദൈവാനുകൂലം; ദൈവസ്തോത്രം.

**Blīght**(blīt), *n.* ഉണക്കം, ചാഴി (*b.*); 2. ക്ഷയം; 3. ഭംഗം, വിഘ്നം. *v. t.* ഉണക്കുക; 2. നശിപ്പിക്കുക, നിൎമ്മൂലമാക്കുക.

**Blīnd,** *n.* തിരശീല, വാതിൽതുണി; 2. മറ; 3. ഉപായം, വ്യാജം; 4. കുതിരക്കണ്ണട. *a.* കാഴ്ചയില്ലാത്ത, അന്ധതയുള്ള; 2. കാണാത്ത, വകതിരിവില്ലാത്ത; 3. മറഞ്ഞുകിടക്കുന്ന; 4. വിഷമമുള്ള; 5. അടഞ്ഞ് കിടക്കുന്ന; 6. മനസ്സിലാകാത്ത; 7. ഫലമായ്തീരാത്ത. **b. man's buff** കണ്ണാടമ്പൊത്ത്. **b.-fold** കണ്ണ് മൂടികെട്ടുക, —പൊത്തുക. **b. worm** കുരുടിപ്പാമ്പ് (*z.*). *v. t.* കുരുടാക്കുക; 2. മങ്ങിക്കുക; 3. അന്ധാളിപ്പിക്കുക; 4. മറച്ചുവെക്കുക, വഞ്ചിക്കുക. **-'ly,** *ad.* നോക്കാതെ, കണ്ണുചിമ്മികൊണ്ട്; വിവേകം ഇല്ലാതെ, ആലോചന—. **-'ness,** *n.* ക

ണ്ണ് കാണായ്യ; അജ്ഞാനം. b. by night രാകണ്ണ് കാണായ്യ, മാലക്കൺ. colour-b. വൎണ്ണഭേദം അറിയായ്യ.

Blink, *n.* നോട്ടം, ദൃഷ്ടി; 2. തെളക്കം. *v. i.* ഇമെക്കുക; 2. അരക്കണ്ണുകൊണ്ടു നോക്കുക; 3. മിന്നിക്കത്തുക, ഒളിയുക. *v. t.* വിട്ടുകളക, ഒഴിയുക. -'ard, *n.* ചിമ്പുകണ്ണൻ; സ്ഥിരനക്ഷത്രം. -'ĕr, *n.* ചിമ്മിക്കണ്ണൻ; കുതിരയുടെ കണ്ണട; (*pl.*) പച്ചക്കണ്ണട.

Bliss, *n.* പരമാനന്ദം, നിഃശ്രേയസ്സ്; 2. സ്വൎഗ്ഗീയഭാഗ്യം, മോക്ഷപദവി (*Bl.*). -'fụl, *a.* ധന്യമായ, പരമഭാഗ്യമുള്ള. -'fụl-ness, *n.* നിത്യഭാഗ്യം.

Blis'tĕr, *n.* പൊക്കിള, പോള (*an.*); 2. പൊള്ളൽ. *v. i.* പൊക്കുളിക്കുക, പൊള്ളുക്കുക, പൊള്ളുക. *v. t.* പൊള്ളിക്കുക. -y, *a.* പൊക്കിള പൊന്തിയ.

Blīthe, -fụl, -sōme, *a.* സന്തോഷം ഉള്ള, ഉല്ലാസം—, വിനോദം—. -ness, *n.* ആനന്ദം, ഉന്മേഷം, ഉല്ലാസം.

Blōat (blōt), *v. t.* വീൎപ്പിക്കുക; 2. നിഗളിപ്പിക്കുക. *v. i.* വീക്കുക, വീങ്ങുക. -ed, *a.* ചീൎത്തിരിക്കുന്ന, വീങ്ങിയിരിക്കുന്ന; പൊണ്ണച്ചമുള്ള.

Blob, *n.* തുള്ളി, വിന്ദു; 2. കുമിള, പോള. -'bĕr-lip, *n.* മലൎന്ന ചുണ്ട്.

Block, *n.* മുട്ടം, മുട്ടി, തടിമരം; 2. കപ്പിയുരുൾ; 3. കച്ചറായി, നിര; 4. ഖണ്ഡം; 5. തടസ്ഥം. -head, *n.* പൊട്ടൻ, ഭോഷൻ. b.-house തടിമരം കൊണ്ടുണ്ടാക്കിയ കോട്ട. *v. t.* (up) അടെച്ചുകളക, വഴിമുടക്കുക. to b. out രൂപത്തിലാക്കുക. -āde, *v. t.* വളയുക; ഗതാഗതം മുടക്കുക; *n.* നിരോധം. -'ish, *a.* മന്ദബുദ്ധിയായ.

Blond, Blonde, *a.* നീലക്കണ്ണും ചെമ്പിച്ച മുടിയും വെളുത്ത നിറവുമുള്ള ആൾ.

Blŏod, *n.* രക്തം, ചോര; 2. സംബന്ധം; 3. വംശം, കുലം, കുലീനത; 4. സ്വഭാവം, പ്രകൃതി; 5. കുലപാതകം; 6. രാഗദ്വേഷം; 7. ധീരൻ, ചോരത്തിളപ്പുള്ളവൻ; 8. തിളപ്പൊരി; 9. സുന്ദരവിഷ്ണി; 10. ചെന്നീർ. half b. ഭിന്നോദരത്വം; രണ്ടച്ഛൻമക്കൾ. full b., whole b. ഏകോദരത്വം, ഒരച്ഛൻ ഒരമ്മമക്കൾ. blue b. പ്രഭുവംശജൻ; നല്ല ജാതിമൃഗം. half b. സമ്മിശ്രജാതിമൃഗം. full b., warm b. ശുദ്ധജാതിമൃഗം. in cold b. കല്പിച്ചുകൂട്ടി, അറുകലയായി. in bad b. പെട്ടന്നുള്ള കോപത്തിൽ. warm b. കോപം. my b. was up എനിക്ക് കോപം വന്നു. *v. t.* ചോരകളക; 2. പിരട്ടുക; 3. ചോരനക്കിപ്പിക്കുക; 4. —തിളപ്പിക്കുക, ചൊടിപ്പിക്കുക. hot b. മുൻകോപം. clotted b. ചോരക്കട്ട, നിണം. b. circulation രക്താഭിസരണം (*an.*). b. corpuscle രക്തകണം (*an.*). b. vessel നാഡി, സിര (*an.*). b. brother ഉടപ്പിറന്നവൻ. b. guiltiness നരഹത്യദോഷം. b. heat ചോരച്ചൂട്. b. horse ജാതിക്കുതിര. b. hound നായാട്ടുനായി. b. money കൊല്ലപ്പെട്ടവന്റെ ശേഷക്കാൎക്ക് കൊടുക്കുന്ന പണം; അന്യന്റെ ജീവനഷ്ടത്താൽ കിട്ടുന്ന പണം. b.-shed കുത്തുമറി. b.-shot ചോര താഴ്ത്തിയ, —കലങ്ങിയ. b. relation രക്തസംബന്ധി. flesh and b. സ്വന്തചോര; മാനുഷസ്വഭാവം. in b. ഊക്കുള്ള. to let b. അട്ടയിടുക, ചോര കൊത്തുക. prince of the b. രാജകുമാരൻ. prince, princess of the b. royal തമ്പാക്കന്മാർ, തമ്പാട്ടിമാർ. b.-sucker അട്ട (*z.*); കുലപാതകൻ; ക്രൂരൻ. b.-thirsty ക്രൂരത ഉള്ള; കുലപാതകസ്വഭാവം—. -'i-ness, *n.* രക്തച്ചൊരിച്ചൽ; ക്രൂരത. -'less, *a.* രക്തപ്രസാദം ഇല്ലാത്ത; ജീവൻ—; രക്തച്ചൊരിച്ചൽ—; ധൈൎയ്യം—, ചൈതന്യം—. -'y, *a.* രക്തമയമായ, ചോരക്കലപ്പുള്ള; ചോരപിരണ്ട, രക്താഭിഷിക്തമായ; രക്തം ചൊരിയുന്ന; ക്രൂരതയുള്ള; കഠോരമായ; ശൂന്യം പിടിച്ച. b.y-flux ചോരപ്പോക്ക്, വയർ പഴുപ്പ് (*med.*). b.y-minded രക്തം ചൊരിയുവാൻ താല്പൎയ്യം ഉള്ള, ക്രൂരസ്വഭാവം—.

Blōom, Blos'sŏm, *n.* പൂ, പുഷ്പം; 2. പൂക്കൽ; 3. യൌവ്വനം; 4. ശോഭ; 5.

മങ്ങൽ. *v.i.* പൂക്കുക, പുഷ്പിക്കുക; 2. യൌവ്വനം പ്രാപിക്കുക; 3. ശോഭിക്കുക. -'ing, *a.* പുഷ്പിക്കുന്ന; വികസിക്കുന്ന; യൌവ്വനലക്ഷണമുള്ള. -'y, *a.* പുഷ്പിതമായ; രക്തപ്രസാദം ഉള്ള; യൌവ്വനലക്ഷണം—.

**Blot,** *n.* കറ, കല, കളങ്കം; 2. തിരുത്ത്, തിരുത്തൽ; 3. അപമാനം, കുററം; 4. കുറവ്. *v.t.* കറയാക്കുക; 2. ഊനം വരുത്തുക; 3. അപകീൎത്തിപ്പെടുത്തുക; 4. (out) മായ്ച്ചുകളക, നീക്കി—; 5. ക്ഷമിക്കുക; 6. മറക്കുക; 7. മഷി ഒപ്പുക. -ting paper, *n.* മഷി ഒപ്പുന്ന കടലാസ്സ്.

**Blŏtch** (bloch), *n.* കറ; 2. അപശ്രുതി; 3. ചൊറി, കുരു.

**Blōw** (blō), *n.* അടി, വെട്ട്, കുത്ത്; 2. ആക്രമം; 3. അപകടം, ആപത്ത്, നഷ്ടം; 4. കൊടുങ്കാററ്; 5. ഊത്ത്; 6. മിട്ടിൽ (*z.*); 7. പുഷ്പം, പുഷ്പസഞ്ചയം (*b.*). at a b. ഒരു ഒററ അടിക്ക്; ഉടനെ. to come to b. അടികൂടുക; പടയേല്ക്കുക. *v.i. ir.* (blew, blōwn) കാററ് ഊതുക, —അടിക്കുക, —വീശുക; 2. ഊതുക, കിതെക്കുക; 3. കാഹളമൂതുക, ധ്വനിക്കുക; 4. പാറുക, കിളറുക; 5. വമ്പ് പറക, വീൎയ്യം—; 6. പുഷ്പിക്കുക. *v.t.* തീയ്യൂതുക; 2. (കാററ്) അടിച്ചോടിക്കുക; 3. ധ്വനിപ്പിക്കുക; 4. മൂക്ക് ചീന്തുക; 5. (up, down) വെടി വെച്ച് പാററുക; 6. പ്രസിദ്ധമാക്കുക; 7. ഊതിപറപ്പിക്കുക; 8. കണ്ണാടിപാത്രം ഊതി ഉണ്ടാക്കുക; 9. വീൎപ്പിക്കുക, ഗൎവ്വം ഭാവിക്കുക; 10. കിതെപ്പിക്കുക; 11. മിട്ടിലുണ്ടാക; 12. പൂവിടുക. it blows കാററടിക്കുന്നു. -ing weather കാററും കോളും. to b. great guns തിര ഭയങ്കരമായി അലെക്കുക. to b. hot and cold ഒരിക്കൽ അങ്ങിനെയും ഒരിക്കൽ ഇങ്ങിനെയും പറക. to b. out ഊതിക്കെടുക്കുക. to b. over കാററ് തളരുക, ശമിക്കുക. b. up ഊതിവീൎപ്പിക്കുക; ഗൎവ്വത്താൽ വീൎക്കുക; കലഹം ഉണ്ടാക്കുക; പൊട്ടിക്കുക, വെടിവെച്ച് പാററിക്കളക; ഉറക്കെ ശകാരിക്കുക. to b. upon അപവാദം പറയുക; ഒററുകൊടുക്കുക. to b. one's own trumpet ആത്മപ്രശംസ ചെയ്യുക.

**Bludge'on** (bluj'un), *n.* ഗദ, കുറുവടി.

**Blub'bĕr,** *n.* പൊക്കിള, നീൎപ്പോള; 2. കടലാനയുടെ നെയിവല.

**Blue,** *a.* നീലമായ, നീലനിറമുള്ള; 2. കുഞ്ഞിതം ആയ; 3. അമാന്തം—; 4. അതികൃത്യത ഉള്ള; 5. വ്യുല്പത്തിയുള്ള സ്ത്രീ. *n.* നീലനിറം; 2. —ഛായം; 3. ആകാശം; 4. വിദ്യാനാട്യമുള്ളവൾ; 5. (*pl.*) അഴിനിലഭാവം. *v. t.* നീലനിറമാക്കുക; 2. നീലം മുക്കുക; 3. ലോഹം പഴുപ്പിക്കുക. -ish, *a.* നീലഛായയുള്ള. dark b. കരിനീലം കട്ട—, ശ്യാമളം. light b. ഇളനീലം, ഇന്ദ്ര—. b.-black *a.* കറുപ്പോടടുത്ത. b. bird രാജകയിൽ (*z.*). b. devils വിഷാദം, കുഞ്ഞിതം. b. jack, b. stone തുത്ഥം, തുരിശ്. b. jacket കപ്പൽ പടയാളി. b. light മത്താപ്പ്. b. ribbon പദവിചിഹ്നപ്പട്ട; വിരുത്; പ്രത്യേകചിഹ്നം. b. ruin മഹാനാശം; 'ജിൻ' എന്ന മദ്യം. b. stocking വിദുഷി, വിദ്യാനാട്യമുള്ളവൾ. b. water കരകാണാത്ത കടൽ. to look b. ഖിന്നനായി ഇരിക്കുക, അഴിനിലയായി—. true b. യഥാൎത്ഥമായ, ശുദ്ധ.

**Bluff,** *n.* കുത്തനെയുള്ള കര; 2. തകൃതി, വമ്പ്. *a.* പരന്ന മുഖമുള്ള; 2. കട്ടുത്തുക്കം ആയ; 3. പാരുഷ്യം—, മെരുക്കമില്ലാത്ത; 4. ദ്രുതഗതിയുള്ള, ഉപചാരശീലമില്ലാത്ത. *v. t.* തകൃതിപറഞ്ഞ് മുടക്കുക, —ഭയപ്പെടുത്തുക.

**Blun'dĕr,** *n.* തെററ്, അബദ്ധം, പിഴ, കുറവ്. *v.t.* തെററാക്കുക, അബദ്ധം പ്രവൃത്തിക്കുക. *v.i.* തെററ് ചെയ്ക; 2. ഇടറിപ്പോക. to b. on തെററിന്മേൽ തെററ് പ്രവൃത്തിക്കുക; ഗുണമുള്ള കാൎയ്യത്തിൽ ചെന്ന് ചാടുക. -buss, *n.* ഒരുവക തോക്ക്; പൊണ്ണൻ. b.-head പൊട്ടൻ, ഭോഷൻ.

**Blunt**, *a.* മൂൎച്ചയില്ലാത്ത; 2. മന്ദബുദ്ധിയായ; 3. മൎയ്യാദയില്ലാത്ത. *v. t.* മൂൎച്ച കെടുക്കുക; 2. മന്ദമാക്കുക, കുറച്ച് കളയുക. -'**ly**, *ad.* മെരുക്കം ഇല്ലാതെ, ആചാരം—. -'**ness**, *n.* മൂൎച്ചഇല്ലായ്മ; ആചാരം—; ബുദ്ധിമാന്ദ്യം.

**Blur**, *v. t.* മങ്ങൽ ആക്കുക, അസ്പഷ്ടം—, ചേർ പിരട്ടുക; 2. (കണ്ണ്) വലച്ചൽ വരുത്തുക, ഇരുട്ടാക്കുക; 3. കല വരുത്തുക, മാനക്കുറവ്—. *n.* മങ്ങൽ, കറ; 2. കൺവലച്ചൽ, മൂടൽ; 3. ദൂഷ്യം, അപകീൎത്തി.

**Blurt**, *v.t.* (out) പറഞ്ഞൂട്ടുക, ഓൎക്കാതെ പ്രസ്താവിക്കുക; 2.(at) തുച്ഛീകരിക്കുക.

**Blush**, *n.* നാണത്താലുള്ള മുഖച്ചുവപ്പ്, രാഗച്ഛായ, ലജ്ജാവികാരം; 2. ചുവപ്പ്, കരുവാളിപ്പ്. **at b., at the first b.** ആദ്യത്തെ നോട്ടത്തിന്ന്. **to put to the b.** ലജ്ജിപ്പിക്കുക. *v. i.* ലജ്ജാവികാരമുണ്ടാക, ലജ്ജിക്കുക; 2. ചുവക്കുക; 3. ശോഭിക്കുക. -**ful**, *a.* ലജ്ജ ഉള്ള, ശങ്ക—. -'**ing**, *a.* ചെന്നിറം—, ശോഭ—. -'**less**, *a.* ഉളുപ്പില്ലാത്ത, നാണംകെട്ട.

**Blus'tĕr**, *n.* മുഴക്കം, കോള്; 2. ഘോഷം, ഒച്ചപ്പാട്; 3. വായ്പട, വടായി. *v. i.* ഊററമായി കാററടിക്കുക, കോളെട്ടുക; 2. വക്കാണിക്കുക, ക്രൂറെറട്ടത്ത് പറക, വമ്പ്—. [മ്പ് (*z.*).

**Bōa** (b.-constrictor), *n.* പെരിമ്പാ

**Bōar** (bōr), *n.* ആൺപന്നി, കാട്ട്— (*z.*). **b.'s tusk** തേററ. -'**ish**, *a.* പന്നിക്കൊത്ത, ക്രൂരതയുള്ള, വൃത്തികെട്ട.

**Bōard** (bōrd), *n.* പലക; 2. മേശ; 3. ഭക്ഷണം, ഊണ്; 4. നായകസഭ; 5. ചൂത് പടം, ചതുരംഗപ്പലക; 6. പലകക്കടലാസ്സ്; 7. (*pl.*) നാടകാരംഗം; 8. അരു, ഓരം; 9. കപ്പൽപള്ള. **b. and b.** അടുത്തടുത്ത്. **council b.** മന്ത്രിസഭായോഗം. **b. of trade** വ്യാപാരവിചാരകസഭ. **on b. a ship** കപ്പലിൽ. **on b. a train** തീവണ്ടിയിൽ. *v. t.* മച്ചിടുക, പലകയടിക്കുക, കപ്പലിൽ കയറുക, തീവണ്ടിയിൽ—, ഊണ് കൊടുക്കുക, വിട്ടുതി—. *v. i.* ഉണ്ട് താമസിക്കുക, വിട്ടുതി കഴിക്കുക. -'**ĕr**, *n.* ഉണ്ട് താമസിക്കുന്നവൻ; കപ്പലിൽ കയറുന്നവൻ. -'**ing**, *n.* കപ്പൽകയറൽ; പലകത്തട്ട്, മച്ച്; വിട്ടുതി. -**ing house** ചോററ് പുര, വിട്ടുതിഗൃഹം. -**ing school** പോററ് പാഠശാല, അനാഥ—.

**Bōast** (bōst), *v. t. & i.* ആത്മപ്രശംസ ചെയ്യുക, വമ്പ് പറക, വീര്യം—; 2. പ്രശംസിക്കുക, ഉല്ലസിക്കുക; 3. ഉണ്ടാക. **to b. a name** പേരുണ്ടാക. -'**ful**, *a.* ആത്മപ്രശംസയുള്ള, വടായിപറയുന്ന. -'**ing**, *n.* തകൃതി, പൊങ്ങച്ചം.

**Bōat** (bōt), *n.* തോണി, വള്ളം, വഞ്ചി; 2. ഓടി, ഉരു, കപ്പൽ. **in the same b.** തുല്യനിലയിൽ. -'**ing**, *n.* തോണിക്കളി. **advice b.** അഞ്ചൽതോണി. **ferry b.** കടവ്—. **b. race** തോണിപ്പന്തയം. -**swain** (bō'sn), *n.* തണ്ടേലൻ.

**Bob**, *n.* ചെണ്ട്, ഞേലം; 2. ചൂണ്ടലിര; 3. ചൂണ്ടപ്പൊങ്ങത്തി; 4. മട്ടക്കുട്ടി; 5. തലയാട്ടം; 6. നറുക്കിയ മുടി; 7. പല്ലവി; 8. തട്ട്; 9. കൊള്ളിവാക്ക്. *v. t. & i.* കുലുക്കുക; 2. മിടിക്കുക; 3. വഞ്ചിച്ചെട്ടുക; 4. കളിയാക്കുക; 5. നറുക്കുക. -'**bin**, *n.* നല്ലി, താറ് (*w.*).

**Bōde**, *v. t. & i.* മുൻകുറിക്കുക, —സൂചിപ്പിക്കുക; 2. ശകുനമായിരിക്കുക. *n.* ലക്ഷണം, ശകുനം; 2. ദൂതൻ.

**Bod'ice**, *n.* സ്ത്രീകളുടെ അംഗരക്ഷ, അംഗിക, കുപ്പായം.

**Bod'kin**, *n.* നാരായം; 2. തോലുളി; 3. നാടസൂചി; 4. കൊണ്ട—, മുടി—. **to sit b., to ride b., to travel b.** ഇറുങ്ങിക്കുത്തിരിക്കുക.

**Bod'y**, *n.* ശരീരം, ദേഹം, മെയ്; 2. ഉടൽ; 3. തടിമരം; 4. മുഖ്യമായ ഭാഗം; 5. സാധനം, വാസ്തവം, സത്ത്; 6. മനുഷ്യൻ, ആൾ; 7. സംഘം, സമുദായം; 8. കൂട്ടം, സഞ്ചയം; 9. പദാൎത്ഥം, ദ്രവ്യം; 10. എണ്ണം, അളവ്, വിസ്താരം; 11. കട്ടി, വീൎയ്യം. **any b.** ആരെങ്കിലും, വല്ലവരും. **every b.** എവരും, എല്ലാവരും, ഓരോരുത്തൻ. **no b.** ആരുമില്ല. **some b.** ആരോ ഒരുവൻ. **in a b.** ഒത്തൊ

രുമിച്ച്, ഒന്നായി. lean b. മെലിഞ്ഞ ശരീരം. a busy-b. പരകാൎയ്യാന്വേഷകൻ. b.-guard അകമ്പടി, മെയ്ക്കാവൽ. b. louse ചെള്ളപ്പേൻ. b. servant ബാല്യക്കാരൻ. b. politic സമുദായം; പ്രജാവൎഗ്ഗം. *v.t.* ഉടൽ വെക്കുക; 2. രൂപമാക്കുക; 3. ഉൾപ്പെടുത്തുക. to b. forth ആകൃതി സങ്കല്പിക്കുക. ='i-ly, *a.* ശരീരമുള്ള, ജഡികം ആയ, ദേഹസംബന്ധം—; b.y fear ദേഹോപദ്രവഭയം. *ad.* ദേഹത്തോടു കൂടി, വസ്തുതയായി, ശരീരത്തിൽ; ഉടനെ, മുഴുവനും, അശേഷം.

**Bog,** *n.* ചതുപ്പ് നിലം, നിരാപ്പൊററ, കായല്പാടം.

**Bog'gle,** *v.i.* മടിക്കുക, ശങ്കിക്കുക; 2. ഭംഗികേടായി ചെയ്യുക; 3. വാക്ക് മാറുക.

**Bōgle, bō'gy,** *n.* പ്രേതം, ഭൂതം.

**Bō'gus,** *a.* കള്ള, മിത്ഥ്യയായ.

**Boil,** *n.* കുരു, പരു (*med.*). blind b. വാപ്പ്. *v.t.* പുഴുങ്ങുക; 2. പതപ്പിക്കുക; 3. വേവിക്കുക; 4. കാച്ചുക; 5. പുഴക്ക് വെക്കുക. to b. down കുറുക്കുക. *v.i.* വേവുക, തിളെക്കുക; 2. പതച്ച് പൊങ്ങുക; 3. —വററുക; 4. ക്രോധപരവശനാക. to b. away കുറുകുക. to b. over പതച്ച് മറിയുക. -'ĕr, *n.* മിടാവ്; കടാഹം, കിടാരം. -'ing, *a.* പതക്കുന്ന. *n.* തിളപ്പ്. • b.g point വെള്ളം ആവിയായ്പ്പോരുന്ന ചൂട്. b.g spring ചൂട്ടുറവ്. to be at the b.g point മഹാകോപമായിരിക്കുക. to keep the pot b.g ജാഗ്രതയായി പ്രവൃത്തിക്കുക.

**Bois'tĕr-ŏus,** *a.* ധാൎഷ്ട്യമുള്ള; 2. ഘോരം ആയ, കപിതം—, പതച്ച് പൊങ്ങുന്ന; 3. തകരാർ ഉള്ള, കൂക്ക് വിളി—. -ly, *ad.* ആൎപ്പ് വിളിയോടെ, ആഘോഷത്തോടെ, സാഹസമായി. -ness, *n.* ഓളം, കോള്, കോപം; നിലവിളി, മദിക്കൽ.

**Bōld,** *a.* ധൈൎയ്യം ഉള്ള, ധൃതി—; 2. വീൎയ്യം—, ശൌൎയ്യം—; 3. അധികപ്രസംഗം—, ശങ്കയില്ലാത്ത; 4. പതിവല്ലാത്ത; 5. പൊന്തിനില്ക്കുന്ന, കത്തനെ—, ഉത്തുംഗമായ. to make b. മുതിരുക, തുനിയുക. b. faced അടക്കം ഇല്ലാത്ത, ശങ്ക—. -'ly, *ad.* ധൈൎയ്യത്തോടെ, നിശ്ശങ്കം. -'ness, *n.* നിൎഭയം, ധൈൎയ്യം, പരാക്രമം, പ്രാഗത്ഭ്യം; ധാൎഷ്ട്യം, മുഷ്ക്.

**Bōle,** *n.* തടിമരം, കററി; 2. അറ; 3. പുററ് മണ്ണ്, പൂങ്കാവി; 4. മാത്ര.

**Bō'lis,** *n.* കൊള്ളിമീൻ (*as.*).

**Bōl'stĕr,** *n.* തലയണ, ഉപധാനം; 2. തെരിക. *v.t.* താങ്ങുക; 2. (up) താങ്ങിനിൎത്തുക. *v.i.* ഒന്നിച്ച് കിടക്കുക.

**Bōlt,** *n.* അമ്പ്, ശരം, അസ്ത്രം; 2. ഇടിത്തീ, മിന്നൽപിണർ; 3. വലിയ പിരിയാണി; 4. ഉടുമ്പ്, ഓടാമ്പൽ; 5. വിലങ്ങ്; 6. കത്ത് തുണി; 7. ഓട്ടം; 8. ഒളിച്ച് പോകൽ; 9. തെററൽ; 10. മുറം, അരിപ്പ. *v.t.* എയ്യുക, അസ്ത്രം വിടുക, —അയക്ക; 2. തെരുതെരെ പറക; 3. വിഴുങ്ങുക; 4. കാടിളക്കുക; 5. പൂട്ടുക, തഴുത് ഇടുക; 6. ബന്ധനത്തിൽ—; 7. ചേറുക, തെള്ളുക. to b. to the bran സൂക്ഷ്മമായി പരിശോധിക്കുക. *v.i.* അസ്ത്രം പോലെ പോക; 2. ചാടി—; 3. തട്ടുക, വീഴുക; 4. തുള്ളിക്കളക, വഴിവിട്ട് മണ്ടി—. -ĕr, *n.* മണ്ടിക്കളയുന്ന കുതിര; കൂട്ടം തെററുന്ന ആൾ; അരിക്കുന്നവൻ; അരിപ്പ, ചല്ലട.

**Bomb** (bom), *n.* മുഴക്കം; 2. തീക്കുടുക്ക, ചക്കുണ്ട. =bärd', *n.* ചക്ക് തോക്ക്, ചട്ടിപ്പീരങ്കി. *v.t.* ചക്ക് വെടി വെക്കുക, വെടിവെച്ച് പാററുക, —നശിപ്പിക്കുക. ='bär-diēr, *n.* പീരങ്കിപ്പടയാളി. =bärd'ment, *n.* പീരങ്കിവെടി.

**Bŏm'bast,** *n.* പഞ്ഞി, ഉന്നം; 2. പ്രൌഢഭാഷ, അതിവാചകം. *a.* അനൎത്ഥമായ, ഉയൎന്നപദമുള്ള. =tic, *a.* അനാവശ്യപദപ്രയോഗമുള്ള. -ry, *n.* അതിവാചകത്വം.

**Bon,** *a.* നല്ല, ഉറപ്പുള്ള. b.-bon', *n.* അപ്പം, പലഹാരം.

*Bō-na fī'de, ad.* പരമാൎത്ഥമായി, വിശ്വാസപൂൎവ്വം, ഉത്തമവിശ്വാസമായി (*l.*).

**Bond,** *n.* കെട്ട്, ബന്ധം; 2. കയറ്, ചങ്ങല; 3. (*pl.*) ബന്ധനം; 4. സ്നേഹം; 5. ബാദ്ധ്യത; 6. ഇടവാടാധാരം (*l.*); 7.

ജാമ്യശ്ശീട്ട്, കച്ചീട്ട് (*l.*). *a.* അടിമയായ. =′dāge, *n.* തടവ്, ബന്ധനം; കടം, മുറ; ദാസ്യം. b.-man അടിമ. b.-maid —സ്ത്രീ.

**Bōne,** *n.* എല്ല്, അസ്ഥി, മുള്ള് (*an.*); 2. (*pl.*) കങ്കാളം; 3. എല്ല്കൊണ്ടുണ്ടാക്കിയ സാധനം; 4. പകട; 5. തിമിംഗലാസ്ഥി; 6. ചട്ടം. a b. of contention വാദവിഷയം. a b. to pick കാൎയ്യം, വാദം. to pick a b. with കലഹിക്കുക, വാദം തീൎക്കുക. *v.t.* എല്ല് നീക്കുക, മുള്ള് —; 2. എല്ല് വെക്കുക; 3. വളമിടുക; 4. കക്കുക; 5. വളവ് നോക്കുക. bōn′y, *a.* എല്ല് ഉള്ള, മുള്ള് —; വലിയ എല്ല് —.

**Bon′fīre,** *n.* സന്തോഷസൂചകാഗ്നി, [മേലേരി.

***Bon′hom-ie,*** *=ho-mmie, n.* സുശീലം, സല്ഗുണം.

**Bon′mot** (boṅ′mō), *n.* സരസവാക്യം (*rhet.*); നൎമ്മം, രസം, തമാശ, കൊക്കവാക്ക്.

**Bon′net,** *n.* തൊപ്പി, സ്ത്രീകളുടെ—.

**Bon′ny,** *a.* ഭംഗിഉള്ള, സൌന്ദൎയ്യം—, ലക്ഷണം—; രസികമായ, സന്തോഷമുള്ള.

**Bō′nus,** *n.* പ്രതിഫലം; 2. ദാനസം; 3. ലാഭം; 4. ജാസ്തി.

**Boo′by,** *n.* പൊട്ടൻ, മുഠാളൻ.

**Bo̤ok,** *n.* പുസ്തകം, ഗ്രന്ഥം; 2. രചന, പ്രബന്ധം; 3. കാണ്ഡം, സ്കന്ധം, പൎവ്വം; 4. കണക്ക്. in one's b.s കടപ്പെട്ടിരിക്കുക; ഇഷ്ടനായിരിക്കുക. b. of b.s വേദപുസ്തകം. b.-binder പുസ്തകം കെട്ടുന്നവൻ. b.-keeping കണക്കെഴുത്ത്. b.-keeper —കാരൻ. b.-mark വായനയടയാളം. b.-oath വേദപുസ്തകം പിടിച്ചു ചെയ്യുന്ന സത്യം (*l.*). b.-seller പുസ്തകവ്യാപാരി. b.-stand, b.-stall —പീടിക, പുസ്തകം വില്ക്കുന്ന സ്ഥലം. without b. മനസ്സിൽനിന്ന്, ഓൎമ്മപ്രകാരം; പ്രമാണമില്ലാതെ. to speak by the b. കൃത്യമായി പറക. *v.t.* പുസ്തകത്തിൽ എഴുതുക; 2. ചാൎത്തുക; 3. നിശ്ചയിക്കുക.

**Boom,** *n.* പരി(നി)മാൻ തണ്ട്; 2. മുഴക്കം, ഒച്ച; 3. വിലപ്പൊക്കം. *v.t.* മുള്ളുക, മുഴങ്ങുക; 2. തിരമുറിച്ചോട്ടുക; 3. വില കയറുക.

**Boon,** *n.* പ്രാൎത്ഥന; 2. ദാനം, വരം; 3. ഉപകാരം. *a.* നല്ല; 2. ദയഉള്ള, ഔദാൎയ്യം—; 3. സന്തോഷം—.

**Boor,** *n.* കൃഷിക്കാരൻ, തറ—, പഠിപ്പില്ലാത്തവൻ; 2. മൎയ്യാദയറിയാത്തവൻ. -′ish, *a.* പരിഷ്കാരമില്ലാത്ത, മട്ടത്തരമായ, പട്ട, ആചാരമറിയാത്ത. -′ish-ness, *n.* ആഭാസത്വം, ഉപചാരഹീനത്വം.

**Boot,** *n.* ഉപശമനം; 2. നിവാരണം വരുത്തുന്നവൻ; 3. തികവടി; 4. ഉപകാരം; 5. പാദരക്ഷ, ചെരിപ്പ്. to b. ഉം കൂടെ, അധികം. b.-tree അച്ചുകട്ട. *v.t.* ഉതകുക, ലാഭം വരുത്തുക; 2. ചെരിപ്പിടുക. -′less, *a.* നിഷ്പ്രയോജനമായ, ചെരിപ്പിടാത്ത.

**Booth,** *n.* പന്തൽ, ചെററപ്പുര, ചന്ത—. [തം.

**Boo′ty,** *n.* കവൎച്ച, കൊള്ള, അപഹൃ

**Booze,** *n.* കടി, മദ്യപാനം. *v.i.* ലഹരിയാക. =ĕr, *n.* മഹാകുടിയൻ.

**Bō′rax,** *n.* പൊങ്കാരം (*ch.*).

**Bor′dĕr** (ba̤r′dĕr), *n.* വക്ക്, അരു; 2. അതൃത്തി; 3. അററം, പ്രാന്ത്യം. b.-land രണ്ട് രാജ്യങ്ങളുടെ അതിൎസ്ഥലം; 2. തൎക്കവിഷയം. *v.i.* (on, upon) തൊട്ട് ഇരിക്കുക, അടുത്ത്—, എത്തുക. *v.t.* അരുവെക്കുക; 2. തൊട്ട്കിടക്കുക. -ĕr, *n.* പ്രാന്ത്യവാസി, സമീപ—.

**Bōre,** *n.* തുള, ദ്വാരം; 2. തോക്കിന്റെ കഴൽവിസ്താരം; 3. തമര്, തിരുകളി (*carp.*); 4. മട്ടുപ്പ് വരുത്തുന്നവൻ; 5. വൻവേലിയേററം. *v.t.* തുരക്കുക; 2. തിക്കിത്തിരക്കികടക്കുക; 3. മട്ടുപ്പ് വരുത്തുക, അസഹ്യപ്പെടുത്തുക. *v.i.* തുളയുണ്ടാക്കുക; 2. കിണറ് കഴിക്കുക; 3. തുളയുക, ഞെരുങ്ങിക്കടക്കുക. =rĕr, *n.* ബൎമ്മ (*carp.*); തുരവ്കാരൻ.

**Born,** *p.p. of* Bear. ജനിച്ച; ജനനാൽ. b. again പുനൎജ്ജാതനായ. b. days ആയുഷ്കാലം.

**Bōrne,** *p. p. of* **Bear.** വഹിച്ച, കൊണ്ടുപോയ; നിൎവ്വഹിച്ച.

**Bor'neol,** *n.* പച്ചക്കൎപ്പൂരം (*ch.*).

**Bór'ōugh** (bur'ō), *n.* ചെറുപട്ടണം; 2. പട്ടണവാസികൾ; 3. സമുദായക്കാർ.

**Bor'rōw** (-rō), *v. t.* കടം കൊള്ളുക, —വാങ്ങുക, വായ്പ—; 2. അനുകരിക്കുക, അംഗീകരിക്കുക; 3. ഭാവം നടിക്കുക; 4. കിട്ടുക. **-ĕr,** *n.* കടംവാങ്ങുന്നവൻ, ഇരവ് —.

**Bös'ŏm,** *n.* നെഞ്ച്, മാറിടം; 2. ഉള്ളം, ഉൾക്കമലം; 3. ആശ്ലേഷം, ആലിംഗനം; 4. ഉൾഭാഗം. *a.* മാറ് സംബന്ധിച്ച; 2. ഉററ, പ്രാണ. *v. t.* മാറത്ത് വെക്കുക, മനസ്സിൽ കരുതുക; 2. ഒളിപ്പിക്കുക.

**Boss,** *n.* മുഴ; 2. പൊന്താരം; 3. ജലാശയം; 4. 'മേസ്ത്രി'. *v. t.* മൊട്ട് വെക്കുക, അലങ്കരിക്കുക; 2. മേൽവിചാരം ചെയ്യുക.

**Bot'a-ny,** *n.* സസ്യശാസ്ത്രം. **=tan'ic, =i-cal,** *a.* ഗുണപാഠസംബന്ധമായ, സ്ഥാവരശാസ്ത്ര—. **=nist,** *n.* —ശാസ്ത്രജ്ഞൻ.

**Botch** (boch), *n.* വീക്കം, വ്രണം; 2. അഭംഗിയായി തുന്നിപ്പിടിപ്പിച്ചകഷ്ണം; 3. പട്ടുപണി. *v. t.* പുണ്ണ് ഉണ്ടാക, കല—; 2. (up) കണ്ടംവെക്കുക; 3. പട്ടുപണി ചെയ്യു; 4. തരംകെടുക്കുക.

**Bōte,** *n.* പ്രായശ്ചിത്തം; 2. അവകാശം.

**Bōth,** *a.* രണ്ടും, ഇരുവരും, രണ്ടാളും. *conj.* (with, and) ഉം + ഉം, മാത്രമല്ല + ഉം കൂടെ.

**Both'ĕr,** *n.* ഉപദ്രവി; 2. ബുദ്ധിമുട്ട്, അസഹ്യം. *v. t.* തൊന്തരപ്പെടുത്തുക, അലമ്പലാക്കുക.

**Bot'tle** (bot'l), *n.* കുപ്പി, തോല്പുടം; 2. കുപ്പിയിൽ കൊള്ളുന്നത്; 3. മദ്യം. **feeding b.** മുലക്കുപ്പി. **b. screw** തിരിക്ക് വലി. **b. cork** കിടേശ്, അടപ്പ്. **b.-green** കരിമ്പച്ച നിറം. **b.-holder** ചങ്ങാതി. *v. t.* കുപ്പിയിൽ പകന്ന് വെക്കുക; 2. അടക്കി—.

**Bot'tom,** *n.* അടി, ചുവട്, അടിവാരം, മുരട്; 2. തറ; 3. ആസനം; 4. അടിനിലം; 5. താഴ്വര; 6. കപ്പലിന്റെ അടി, കപ്പൽ; 7. ഊക്ക്; 8. ഊറൽ. **at b., at the b.** ഉള്ളിൽ; യഥാൎത്ഥത്തിൽ. **to be at the b. of** ഹേതുവായിരിക്കുക. **to go to the b.** മുങ്ങിപ്പോക. **to touch b.** നിലകിട്ടുക. *v. t.* (on, upon) സ്ഥാപിക്കുക; 2. അടിവെക്കുക; 3. അടിയിൽ എത്തുക. *v. i.* (on, upon) ഉറച്ച് നില്ക്കുക, അടിസ്ഥാനപ്പെട്ടിരിക്കുക. **-less,** *a.* അടി ഇല്ലാത്ത, ആധാരം—; അഗാധമായ. [റി, —അറ.

**Boud'oir'** (bud'wor), *n.* സ്വകാൎയ്യമു

**Bough** (bow), *n.* കൊമ്പ്, ശാഖ.

**Bought** (bat), *p. t. of* **Buy.**

**Bōul'dĕr** (bōl'-), *n.* പാറക്കല്ല്, വൻ—.

**Bounce,** *n.* ചാട്ടം; 2. തട്ട്, വെട്ട്; 3. പൊട്ടൽ, മുഴക്കം; 4. തകൃതി, വമ്പ്, പച്ചക്കളവ്. *v. i.* തട്ടുക, മുട്ടുക; 2. കുതിക്കുക; 3. വീമ്പ് പറക. *v. t.* മുട്ടിക്കുക; 2. ഓടിച്ച് കളക, നീക്കി—; 3. ശകാരിക്കുക. **=′ĕr,** *n.* ചാട്ടുന്നവൻ; പൊണ്ണത്തടിയൻ; ആത്മപ്രശംസക്കാരൻ; മുരത്തപൊളി, —പൊള്ളൻ; പരുത്തത്.

I. **Bound,** *n.* അററം, അതിർ; 2. ചാട്ടം; 3. ഉത, മറിച്ചൽ. **to keep within b.s** മിതമായി, മൎയ്യാദയായി, വിവേകത്തോടെ. *v. t.* അതൃത്തിയാക്കുക, അതിർ വെക്കുക; 2. —പറക. *v. i.* തുള്ളിയോടുക; 2. തെറിക്കുക. **b. up in** വേൎപിരിയാത്ത, കൂടിച്ചേൎന്ന. *a.* (to, for) ലേക്ക് പോകുന്ന; **=dar-y,** *n.* അരു; അതൃത്തി; അവധി. **-'less,** *a.* സീമയററ, അനവധി ആയ, വിശാലം—. **-'less-ness,** *n.* വിസ്തീൎണ്ണത.

II. **Bound,** *p. p. of* **Bind.**

**Boun'ty,** *n.* ദയ; ഔദാൎയ്യശീലം; ദാനം, ധൎമ്മം. **=te-ŏus, =ti-fụl,** *a.* ധൎമ്മശീലം ഉള്ള, ഔദാൎയ്യം—. **=ti-fụl-ness, =te-ŏus-ness,** *n.* ദാനശീലം, സൌജന്യം.

**Bou'quet** (bụ'kā), *n.* പൂക്കുല, ചെണ്ട്, പുഷ്പമഞ്ജരി; 2. പരിമളം.

**Bourn, Bourne** (bōrn), *n.* തോട്; 2. അതൃത്തി; 3. ലാക്ക്. [വളം.

**Bourse** (bōrs), *n.* പണക്കച്ചവടത്താ

**Bō'vīne**, *a.* പശുവർഗ്ഗത്തിൽ പെട്ട; 2. കാളയെപോലെ ഉള്ള; 3. അദ്ധ്വാനശീലം—.

**Bōw** (bou), *n.* തലകുനിക്കൽ; 2. മണക്കം, വണക്കം; 3. നമസ്കാരം; 4. അണിയം (*naut.*); 5. (bō) വില്ല്, ചാപം; 6. ധനുരാശി (*as.*); 7. പട്ടലങ്കാരം; 8. നുകക്കയറ്; 9. മഴവില്ല്, ആകാശ—; 10. വീണ—(*mus.*). **cross b.** ചുണ്ട്—. **to draw a long b.** കളവ് പറക; വളത്തി—. **b. leg** കവക്കാൽ. **b. legged** കവക്കാലൻ. **b.-man** വില്ലാളി. **b.-sprit** അണിയക്കൊമ്പ് (*naut.*). **b.-string** ഞാണ്. *v.t.* ഞാണ് കുടുക്കിക്കൊല്ലുക. *v.t.* (bou) വളക്കുക, കലെക്കുക; 2. കനിക്കുക; 3. കമ്പിടുക, വണങ്ങുക; 4. താഴ്ത്തുക; 5. മണങ്ങിക്കാട്ടുക. *v.i.* വളയുക; 2. കമ്പിടുക; 3. വണങ്ങുക.

**Bow'els**, *n.* (*pl.*) കടൽ; 2. അന്തർഭാഗം; 3. കരള്; 4. കരളലിവ്.

**Bower** (bour), *n.* അണിയനങ്കൂരം (*naut.*); 2. ലതാഗൃഹം, പുഷ്പമണ്ഡപം; 3. കടിഞ്ഞിൽ.

**Bōwl** (bōl), *n.* മരപ്പന്ത്; 2. പന്ത്കളി; 3. കോപ്പ, പിഞ്ഞാണം. *v.t.* പന്ത് ഉരുട്ടുക, —എറിഞ്ഞ് കൊടുക്കുക; 2. ഉരുട്ടുക. *v.i.* പന്തുരുട്ടുക; 2. ഉരുണ്ട് പോക.

**Bowl'dĕr**, *see* **Boulder**.

**Box**, *n.* പെട്ടകം; 2. പെട്ടിനിറയ; 3. നാടകശാലയിലെ ഇരിപ്പുറ; 4. പണപ്പെട്ടി; 5. ചെറിയവീട്; 6. കാവൽപുര, --ചാള; 7. വണ്ടിപ്പെട്ടി; 8. സമ്മാനം, ദാനം; 9. തല്ല്, കുത്ത്; 10. ഒരു വക മരം (*b.*). **poor b.** ധർമ്മപ്പെട്ടി. **in a b.** ബുദ്ധിമുട്ടിൽ. **Christmas b.** തിരുജനനോത്സവദാനം. **in the wrong b.** നിലതെററിയ. *v.t.* പെട്ടിയിലിട്ട് പൂട്ടുക, അടക്കിവെക്കുക; 2. കുമെക്കുക, ഇടിക്കുക. **to b. a tree** മരം കുത്തി ചാറെടുക്കുക. **to b. off** ഖണ്ഡങ്ങളായി പകുക്കുക. **to b. up** ചരതിച്ചുവെക്കുക; കുടുങ്ങിയ സ്ഥലത്താക്കുക. **-'ĕr**, *n.* മൽപിടിത്തക്കാരൻ.

**Boy**, *n.* ആൺകുട്ടി, ചെറുക്കൻ, ബാലൻ, മകൻ; 2. ബാല്യക്കാരൻ, പണിക്കാരൻ; 3. (*pl.*) ചങ്ങാതിമാർ. **the old b.** പിശാച്. **yellow b.s** പണം. **from a b.** ചെറുപ്പം മുതൽ. **-hood**, *n.* കൌമാരം, ബാല്യം. **-'ish**, *a.* ബാല്യപ്രായം ഉള്ള, ബാലസ്വഭാവം—. **-'ish-ness**, *n.* പിള്ളർകളി.

**Boy'cott**, *n.* അകററിവെക്കൽ, കുടികഴിയായ്ക. *v.t.* അകന്ന് നില്ക്കുക, പെരുമാററം ചെയ്യാതിരിക്കുക.

**Brab'ble**, *n.* തൎക്കം, ശണ്ഠ, കലശൽ.

**Brāce**, *n.* കെട്ട്, താങ്ങ്; 2. മുറുക്ക് ചരട്; 3. മുറുക്കം, ഇറുക്കം; 4. സംയോജകചിഹ്നം, ചേപ്പ്കറി ( } ); 5. ഇണ, ജോട്, യുഗം; 6. (*pl.*) ചുമൽവാർ. *v.t.* താങ്ങുക; 2. മുറുക്കുക, ശക്തീകരിക്കുക; 3. മുറുക്കിക്കെട്ടുക. **to b. one's self** തന്നാലാംവണ്ണം ഉത്സാഹിക്കുക. **-'ing**, *a.* ബലപ്രദമായ. **-'let**, *n.* വള, കങ്കണം.

**Bra-chi-um**, *n.* കൈത്തണ്ട, ഭുജം [(*an.*).

**Bra-chyg'ra-phy** (-kig-rafi), *n.* ഹ്രസ്വലേഖനവിദ്യ. [(*rhet.*).

**Bra-chyl'o-gy**, *n.* സംക്ഷിപ്തവചനം.

**Brack'et'**, *n.* തട്ട്പടി, താങ്ങ്പലക; 2. ആവരണചിഹ്നം (. . . . .).

**Brack'ish**, *a.* ഉവരുള്ള, ഉപ്പിക്കുന്ന. **-ness**, *n.* ഉവർച്ചുവ, ഉപ്പ്രസം.

**Brag**, *n.* (of) പ്രശംസ, വീമ്പ്, വടായി. *v.t.* സ്വപ്രശംസ ചെയ്യുക, വമ്പ് പറക, ധോരണി അടിക്കുക. **-'gärt**, *n.* ആത്മസ്തുതിക്കാരൻ, ഡംഭി.

**Brāid**, *n.* മടച്ചൽ, മിടപ്പ്, കൊണ്ട; 2. നാട, ബന്ധം. *v.t.* മിടയുക, പിന്നുക; 2. അടിക്കുക, കഴക്കുക; 3. ആക്ഷേപിക്കുക.

**Brāin**, *n.* തലച്ചോറ്, മജ്ജ, മൂള; 2. മനസ്സ്, ബുദ്ധി. **to have on the b.** ചിന്ത പൂണ്ടിരിക്കുക. **to beat one's b.s** ആലോചിച്ച് വലയുക, ചിന്തിച്ച്—. **b. fever** സന്നി (*med.*). **b. pan** തലയോട്, വെന്തല, കപാലം.

shallow b.ed അല്പബുദ്ധിയായ. -'less, *a.* ബുദ്ധിയില്ലാത്ത.

**Brāke,** *n.* പന്ന (*b.*); 2. മുററ്കാട്; 3. കൈപ്പിടി; 4. മാവ് കഴക്കുന്ന തൊട്ടി; 5. കടിഞ്ഞാണ്; 6. ഊച്ച്പലക, —മരം (*agr.*); 7. വട്ടക്ക്, വഴിത്താങ്ങി. *v.t.* വട്ടക്ക് മുറുക്കുക.

**Bram'ble,** *n.* മുൾചെടി (*b.*).

**Bran,** *n.* തവിട്, ഉമി; 2. ഒരു വിധം കാക്ക (*z.*).

**Branch,** *n.* കൊമ്പ്, കവരം; 2. വകുപ്പ്, അംശം; 3. താവഴി. root and b. സമൂലം, ആകപ്പാടെ. *v.i.* കൊമ്പ് വിടുക, ചിനെക്കുക; 2. ഭാഗമായിരിക്കുക. to b. off ശാഖയായി പിരിയുക; വേർ—. to b. out, സവിസ്താരം സംസാരിക്കുക. *v. t.* ശാഖകളായി വിഭാഗിക്കുക; 2. അംശമായി പകുക്കുക. -'less, *a.* കൊമ്പില്ലാത്ത; നഗ്നം ആയ; അഫലം—. -'y, *a.* കൊമ്പുള്ള.

**Brand,** *n.* തീക്കൊള്ളി; 2. വാൾ; 3. ചൂട്; 4. വിധം, തരം; 5. കുററമുദ്ര, കളങ്കം, ദുഷ്കീർത്തി; 6. ചൂട് വെക്കുന്ന ഇരിമ്പ്. b.-new കേവലം പുതിയ. *v. t.* ചൂട് വെക്കുക, വര—; 2. അടയാളമിടുക; 3. കുററം സ്ഥാപിക്കുക.

**Bran'dish,** *v.t.* ചുളയിക്കുക, ചുഴറുക; 2. ഓങ്ങുക; 3. കളിക്കുക. *n.* ഓങ്ങൽ, വീശൽ.

**Bran'dy,** *n.* റാക്ക്, ചാരായം, മദ്യം, 'ബ്രാണ്ടി'.

**Bran'gle,** *n.* വാദം, ശണ്ഠ. *v.i.* പിണങ്ങുക, കലഹിക്കുക. =gler, *n.* താർക്കികൻ, ശുണ്ഠി.

**Brass,** *n.* പിച്ചള, ഓട്; 2. ഓട്ട്പാത്രം, പിത്തള—; 3. ധാർഷ്ട്യം. ='sy, *a.* പിച്ചളകൊണ്ടുണ്ടാക്കിയ; ലജ്ജയില്ലാത്ത. **brā'si-er,** *n.* മൂശാരി, കന്നാൻ; തീച്ചട്ടി. **brāze,** *v.t.* പിച്ചള പൊതിയുക; ഓട് കൂട്ടി വിളക്കുക; കട്ടപ്പമാക്കുക. **brā'sen, brā'zen,** *a.* പിച്ചളകൊണ്ടുള്ള, മുഴക്കമുള്ള, മണിയുന്ന; ധാർഷ്ട്യമുള്ള. bn.-face മുട്ടാളൻ.

**Brat,** *n.* കുട്ടി, സന്താനം.

**Bra-vā'dō,** *n.* ഭീഷണി; 2. തകൃതി; 3. വടായി.

**Brāve,** *a.* വീര്യം ഉള്ള, ശൌര്യം—, ധൈര്യം—; 2. ഉൽകൃഷ്ടമായ; 3. ശോഭയുള്ള. *n.* പരാക്രമി, ധൈര്യശാലി, ശൂരൻ; ധൃഷ്ണു. *v.t.* പരാക്രമം കാട്ടുക, ധൈര്യം—; 2. എതിർത്ത് നില്ക്കുക, ധിക്കരിക്കുക. -'ly, *ad.* ശൌര്യത്തോടെ, ധീരതയോടെ; ഭംഗിയോടെ. ='vĕr-y, *n.* ധീരത, വീര്യം; മോടി, ആഡംബരം.

**Brawl,** *n.* തകരാർ, ശണ്ഠ; 2. അമളി. *v.i.* കലഹിക്കുക; 2. ചീത്തപറക; 3. മുഴക്കുക.

**Brawn,** *n.* മാംസപേശി (*an.*); 2. കരബലം; 3. കാട്ട്പന്നിമാംസം. -'i-ness, *n.* കയ്യൂക്ക്, കെല്പ്. -'y, *a.* ദശ ഉള്ള; ബലം—.

**Brāy,** *n.* കഴുതച്ചിനക്കൽ, കണ്ണുകഠോരശബ്ദം; 2.കന്നിൻ പള്ള. *v. t.* പൊടിക്കുക, മട്ടിക്കുക. *v. i.* ചിനക്കുക.

**Brā-zil'-wood,** *n.* ചപ്പങ്ങം (*b.*).

**Brēach** (brēch), *n.* ഭംഗം, ഭേദനം; 2. ലംഘനം; 3. വിടവ്; 4. തിരയല; 5. സ്നേഹഭംഗം, സഖ്യ—; 6. ചതവ്; 7. ആക്രമം. b. of contract കരാർലംഘനം. b. of faith വാശത്ത—. b. of peace സമാധാന—. b. of promise വിവാഹവാശത്ത—. b. of trust വിശ്വാസവഞ്ചന. *v. t.* പൊളിക്കുക, ഇടിക്കുക.

**Bread** (bred), *n.* അപ്പം, റൊട്ടി; 2. ആഹാരം, ഉപജീവനം. unleavened b. പുളിപ്പിക്കാത്ത അപ്പം, ബോളി, പത്തിരി. b. and butter ഉപജീവനം. b.-fruit ശീമപ്ലാവ്, ചക്ക, ബന്യ— (*b.*). b. winner കുഡുംബത്തലവൻ; നയിച്ച് കൊണ്ടുവരുന്നവൻ.

**Breadth,** *see under* Broad.

**Breāk,** *v.t. ir.* (brōke, brō'ken) പൊട്ടിക്കുക, പൊളിക്കുക; 2. ഭേദിക്കുക; 3. തുറന്ന് പറക; 4. ലംഘിക്കുക; 5. ഭംഗം വരുത്തുക; 6. ഉറക്ക് ഞെട്ടിക്കുക; 7. യാത്രയിൽ താമസിക്കുക; 8. നിർത്തുക; 9. കൂട്ടം പിരിക്കുക; 10. ക്രമഭംഗം വരു

ത്തുക; 11. തകൎത്തുകളക; 12. ചില്ലറമാറുക; 13. ഒടിക്കുക; 14. ക്ഷയിപ്പിക്കുക; 15. ഊക്കുകുറക്കുക; 16. (to) സാവധാനത്തിൽ അറിയിക്കുക; 17. കുതിരയെ ശീലിപ്പിക്കുക; 18. ദീവാളിയാക്കിക്കളക, മുടിക്കുക. to b. down താഴ്ത്തുക; പൊളിച്ചുകളക. to b. in ബലമായി തുറക്കുക, ഭേദിക്കുക; അഭ്യസിപ്പിക്കുക. to b. of വിട്ടുവിക്കുക. to b. off പൊട്ടിച്ചുകളക; നിൎത്തുക, വിട്ടുകളക. to b. open കുത്തിപ്പൊളിക്കുക. to b. out പൊളിച്ചെടുക്കുക. to b. over കൂട്ടാക്കാതിരിക്കുക. to b. through ബലമായി തുറക്കുക, —കടക്കുക; കണക്ക് വെക്കാതിരിക്കുക. to b. up തുണ്ടംതുണ്ടമാക്കുക; തരിശ് ഉഴുക; സമാപിക്കുക; പിരിക്കുക. to b. (one) all up മുഴുവനും താറുമാറാക്കുക. to b. the back ഒന്നിനും കഴിവില്ലാതാക്കുക; വിക്ഷമഭാഗം തീൎക്കുക. to b. bulk ചുമട് ചെറുതാക്കുക. to b. cover ഒളിവിൽനിന്ന് പുറത്ത് ചാടുക. to b. ground പ്രവൃത്തി ആരംഭിക്കുക; നങ്കൂരം എടുക്കുക. to b. the heart നെഞ്ച് പൊട്ടുക. to b. a house ഭവനഭേദനം ചെയ്ക. to b. the ice ആദ്യവിഷമം തീരുക; ആരംഭിക്കുക; സംസാരം തുടങ്ങുക. to b. a jest കളിവാക്ക് പറക, തമാശ—. to b. a lance അങ്കംപൊരുക. to b. a path, road, *etc.* ബലമായി വഴിതുറക്കുക. to b. wind അധോവായു വിടുക. *v. i.* പിളരുക; 2. പൊളിയുക; 3. കാണാസ്സുരിക, പുലരുക; 4. കാററ് പെട്ടന്നടിക്കുക; 5. നീങ്ങിപ്പോക; 6. ശക്തി ക്ഷയിക്കുക, സുഖം കുറയുക; 7. ഞെരിയുക; 8. നിൎദ്ധനനായിതീരുക; 9. ഗതി മാറുക; 10. സ്വരം ചിലെക്കുക; 11. തമ്മിൽ ഇടയുക. to b. away പിടിത്തം വിട്ടുതിരിച്ചുപോകുക. to b. down പൊളിഞ്ഞുപോക; വശം കെടുക. to b. forth പുറപ്പെട്ടുവരിക, ശോഭിക്കുക, ഘോഷിക്കുക. to b. from പെട്ടന്ന് വിട്ട്പോക. to b. into ഭേദിച്ചു കടക്കുക. to b. in upon പെട്ടന്നു അടുത്ത് ചെല്ലുക. to b. loose ബലമായി ചാടിപ്പോക; മൎയ്യാദവിട്ട് നടക്കുക. to b. off അററുപോക; നിന്നുകളക. to b. off from വെടിയുക. to b. out ചാടിപ്പുറപ്പെടുക; തുടങ്ങുക; (വസൂരി etc.) പൊന്തുക. to b. over കവിഞ്ഞ് വരിക, അതിക്രമിച്ചു—. to b. up തകരുക; പിരിയുക. to b. upon തോന്നുക. to b. with തമ്മിൽ ഇടഞ്ഞുപോക; പറഞ്ഞുബോധംവരുത്തുക. *n.* പൊട്ട്, വിള്ളൽ, വിടവ്; 2.ഭംഗം; 3.ഒഴിവ്; 4. തുവച്ച, നിൎത്തൽ; 5. പുലൎച്ച, പ്രഭാതം. b. of day അരുണോദയം, ഉഷസ്സ്. b. down പൊളിച്ചൽ; വീഴ്ച. b.-fast പ്രാതൽ, വെള്ളക്കഞ്ഞി, —ച്ചോർ, കളുത്തത്. b. neck ഭയങ്കരവീഴ്ച; കിഴക്കാന്തൂക്കസ്ഥലം; ആപല്ക്കരമായ. b. up പിരിച്ചൽ; ഭിന്നത. b.-water തുറമുഖച്ചിറ, കല്ക്കെട്ട്. -'ā-ble, *a.* ഉടയുന്ന, ഉറപ്പ് കുറഞ്ഞ. -āġe, *n.* പൊട്ടൽ; പൊളിഞ്ഞ സാധനം; ഉടവ്, നഷ്ടം. -ĕr, *n.* ഉടക്കുന്നവൻ, ലംഘനക്കാരൻ; ശിലാഭേദനയന്ത്രം; (*pl.*) തിരപൊട്ടൽ, കടൽ—.

Breast (brest), *n.* മാറ്, നെഞ്ച്; 2. മുല, സ്തനം; 3. മുൻപുറം, പുരോഭാഗം; 4. ഹൃദയം, മനസ്സ്. b.-bone മാറെല്ല്, എതിർമുള്ള് (*an.*). b.-pin സൂചിപ്പതക്കം. b.-plate മാൎക്കവചം; മാൎപ്പതക്കം (*Bl.*). b.-work കൊത്തളം. make a clean b. കുററസ്വീകാരം ചെയ്യുക, കള്ളിതുറന്നു പറക. *v. t.* നെഞ്ച് കൊടുക്കുക; 2.എതിൎത്തുനില്ക്കുക; 3. ധൈൎയ്യത്തോടെ തടുത്തു—.

Breath (breth), *n.* ശ്വാസം, വീൎപ്പ്; 2. ശ്വസനം; 3. ശ്വസനശക്തി; 4. പ്രാണൻ; 5. വീൎപ്പ്നേരം, പൊറുതി; 6. ക്ഷണനേരം; 7. ഏകകാൎയ്യം; 8. —വാക്ക്; 9. അല്പപ്രയത്നം; 10. ഇളങ്കാററ്; 11. സൌരഭ്യം; 12. അല്പവ്യായാമം. out of b. കിതെപ്പോടെ. under one's b. പതുക്കെ. give one some b. ഇടകൊടുക്കുക. last b. ഊൎദ്ധ്വശ്വാസം, ചക്രം—. -less' *a.* കിതെക്കുന്ന, വീൎപ്പ്മുട്ടുന്ന; വീൎപ്പ്കഴിക്കാത്ത, അത്യന്തമായ; ശ്വാസമില്ലാത്ത, മരിച്ച. -'less-ness, *n.* ശ്വാസംമുട്ടൽ; കിതെപ്പ്. brēathe (brēth), *v. i.* ശ്വസിക്കുക, വീൎപ്പ്കഴിക്കുക; 2. ജീ

വനോടിരിക്കുക; 3. വിശ്രമിക്കുക; 4. മന്ദമായിവീശുക; 5. ഗന്ധം പുറപ്പെടുക. *v. t.* ശ്വാസോച്ഛ്വാസം കഴിക്കുക, ശ്വാസം വലിക്കുക, —വിടുക; 2. (into) ഊതിക്കൊടുക്കുക; 3. കുശുകുശുക്കുക; 4. വാസന പുറപ്പെടുവിക്കുക; 5. പ്രസ്താവിക്കുക, പ്രത്യക്ഷമാക്കുക; 6. കഴലൂതുക; 7. ശരീരം ഇളെക്കുക, വ്യായാമം ചെയ്ക; 8. വിശ്രമിക്കുക; 9. കിതെപ്പിക്കുക; ക്ഷീണിപ്പിക്കുക; 10. വ്യഞ്ജനം സ്വരശക്തി കൂടാതെ ഉച്ചരിക്കുക (*gr.*). **to b. again** വീൎപ്പ് കഴിക്കുക; മനഃസ്വാസ്ഥതയനുഭവിക്കുക. **to b. one's last** മരിക്കുക. **to b. a vein** ചോരകൊത്തുക. **-'ing,** *n.* ശ്വസനം, ശ്വാസോച്ഛ്വാസം; മന്ദമാരുതൻ; വ്യാപാരം; ആകാംക്ഷ, ഉൽപ്രാൎത്ഥന; മെയ്യിളക്കം; പ്രസ്താവം; നിൎത്ത്; താമസം; ഘോഷോച്ചാരണം (*gr.*).

**Brēech,** *n.* ആസനം, ചന്തി; 2. (*pl.*) കാല്ച്ചട്ട, ഇജാറ്, കാലുറ; 3. പിമ്പുറം, പൃഷ്ഠഭാഗം. **to wear the b.es** ഭാൎയ്യ ഭൎത്താവിനെ ഒതുക്കുക. **b.-loader** പള്ളത്തിരത്തോക്ക്.

**Brēed,** *v.t. ir.* (**bred, bred**) പ്രസവിക്കുക, ജനിപ്പിക്കുക, കുഞ്ഞ് വിരിക്കുക; 2. പോററിരക്ഷിക്കുക; 3. (up) പഠിപ്പിച്ചുവളൎത്തുക, അഭ്യസിപ്പിക്കുക; 4. ഹേതുവായിരിക്കുക, ഉണ്ടാക്കിത്തീൎക്കുക, ഉളവാക്കുക; 5. കന്നുകാലികളെ പോററിപ്പെരുക്കുക. *v.i.* ഗൎഭമായിരിക്കുക, പെററ് പെരുകുക; 2. ഉരുവാക, കരുവാക; 3. ഉത്ഭവിക്കുക; 4. ഉണ്ടാക, ജീവിക്കുക, വൎദ്ധിക്കുക; 5. കന്നുകാലികളെ പോററിപ്പെരുക്കുക, സന്താനമുണ്ടാക. **well bred** നല്ല കലത്തിൽ ഉള്ള; സന്മൎയ്യാദ—. *n.* വംശം, ജാതി; 2. വക, തരം, വിധം. **-'ĕr,** *n.* ജനകൻ, ജനനി; കാരണം, ഹേതു. **-ing,** *n.* ഉല്പാദനം; കന്നുകാലിരക്ഷ; പരിപാലനം; ബാലശിക്ഷ, വിദ്യാഭ്യാസം; സദാചാരം; വംശം, തറവാട്. **good b.g** സന്മൎയ്യാദ.

**Brēeze,** *n.* മന്ദമാരുതൻ, ഇളങ്കാററ്; 2. കലഹം; 3. പോന്ത (*z.*). **land-b.** കരക്കാററ്. **sea-b.** കടൽ—. *v.i.* കാററ് മന്ദമായി വീശുക.

**Breth'ren,** *see under* **Brother.**

**Brev'et,** *n.* പദവിപത്രം; 2. ശമ്പളമില്ലാത്ത സ്ഥാനക്കയററം, ബഹുമാനാൎത്ഥം—.

**Brē'vi-ar-y** (-ĕr-i), *n.* സംക്ഷേപം, ചുരുക്കം; 2. നിത്യപ്രാൎത്ഥനാസംഗ്രഹപുസ്തകം (*R. C.*). **=āte,** *n.* സംക്ഷിപ്തം, സാരസംഗ്രഹം. **brev'i-ty,** *n.* ചുരുക്കം, അല്പത; കാലച്ചുരുക്കം.

**Brew** (bru), *v. t.* കാച്ചുക; 2. 'ബീർ' മദ്യം ഉണ്ടാക്കുക; 3. കൂട്ടിച്ചേൎത്ത്—; 4. കെട്ടിക്കൂട്ടി—, ദോഷം ആലോചിക്കുക. *v. i.* ബീർ ഉണ്ടാക്കുക; 2. ഉരുക്കൂടുക, ഭാവമുണ്ടാക, ലക്ഷണം കാണുക. **-'āġe,** *n.* ബീർമദ്യം; കഷായം. **-'ĕr-y,** *n.* ബീർ കാച്ച് പുര. **-'ing,** *n.* ബീരുണ്ടാക്കൽ; കൂട്ടിക്കലൎത്തൽ; കോൾലക്ഷണം.

**Brī'ar = Brier.**

**Brībe,** *n.* കൈക്കൂലി, —ക്കാണം, കോഴ; 2. വശീകരണം, ആകൎഷണം. *v.t. & i.* കൈക്കൂലികൊടുക്കുക; 2. കോഴയാൽ വശത്താക്കുക; 3. കൈക്കൂലികൊണ്ട് കാൎയ്യം വരുത്തുക; 4. സ്വാധീകരിക്കുക. **='bĕr,** *n.* കോഴകൊടുക്കുന്നവൻ; കൈക്കൂലിപ്പണം. **='bĕr-y,** *n.* കൈക്കൂലി കൊടുക്കൽ, —വാങ്ങൽ.

**Bric'a-brac,** *n.* കൌതുകസാധനസംഗ്രഹം. **a piece of b.** കൌതുകവസ്തു.

**Brick,** *n.* ചെങ്കല്ല്, ഇഷ്ടിക; 2. കട്ട; 3. രസികൻ. **to have a b. in one's hat** തെങ്ങ്തലക്ക് വീഴുക, ലഹരിയായിരിക്കുക. **b.-clay** കളിമണ്ണ്, കശ—. **b.-kiln** (-kil) ചൂള, ചൂട്ടാല. **b.-layer** പെരുന്തേരി, ചൂഴിത്തച്ചൻ. **b.-makēr** ഇഷ്ടിക മുറിക്കുന്നവൻ, —അറുക്കുന്നവൻ. *v. t.* ഇഷ്ടിക പടുക്കുക, —വെക്കുക.

**Brīde,** *n.* മണവാട്ടി, പുതിയപെണ്ണ്, കല്യാണ—, വധു; 2. അതിപ്രിയസാധനം. **b.-chamber** വേളിയറ, മണപ്പുര, മണവറ. **b.-groom** മണവാളൻ, കല്യാണപ്പുരുഷൻ, —ച്ചെറുക്കൻ, പുതിയമാപ്പിള. **b.-maid, b.'s-maid** തോഴി. **b.-man, b.'s-man** തോഴൻ, ചങ്ങാതി. **='dal,** *n.* വിവാഹാടിയന്തരം, വേളി. *a.* മണവാട്ടിക്കുള്ള; വിവാഹസംബന്ധമായ.

**Bridge** (brij), *n.* പാലം, സേതു. **b. of a steamer** പൊക്കത്തട്ട്. **b. of the nose** മൂക്കിൻെറപാലം. **draw-b.** യന്ത്ര—. **flying b.** പാണ്ടി, വൻചങ്ങാടം. **pontoon b.** തോണിപ്പാലം. **suspension b.** കമ്പിത്തൂക്ക്—. **tubular b.** കുഴൽ—. *v.t.* പാലം കെട്ടുക; 2. (over) നിർവ്വാഹം കാണുക.

**Brī'dle,** *n.* കടിഞ്ഞാൺ, മുഖപ്പട്ട; 2. ഒതുക്കം, തടസ്ഥം. **b.-hand** ഇടങ്കൈ. **b.-path** ഊട്‌വഴി. *v.t.* കടിഞ്ഞാൺ ഇടുക; 2.—പിടിച്ചുനടത്തുക; 3. അടക്കുക, അധീനമാക്കുക. *v.i.* (up) നിഗളിക്കുക; 2. ഉച്ചീകാരം കാട്ടുക; 3. പൊങ്ങച്ചം—.

**Briēf,** *n.* ചീട്ട്, കുറി, കുറിപ്പ്; 2. സംക്ഷേപം; 3. വ്യവഹാരക്കുറിപ്പ് (*l.*). **in b.** ചുരുക്കത്തിൽ, ചുരുക്കിപ്പറയട്ടെ. *a.* അല്പകാലം നില്ക്കുന്ന; 2. ചുരുങ്ങിയ, ചുരുക്കമായ; 3. സാധാരണമായ. **-'less,** *a.* കക്ഷികൾ ഇല്ലാത്ത. **-'ly,** *ad.* സംക്ഷേപമായി. **-ness,** *n.* ചുരുക്കം.

**Brī'ĕr,** *n.* മുൾച്ചെടി, —പടപ്പ്; 2. മുനയുള്ളത്, കുത്തുന്നത്.

**Brig,** *n.* ആനയോടി, രണ്ട് കൊമ്പൻ പായ്ക്കപ്പൽ, ചെറുതരം—.

**Bri-gāde',** *n.* പട്ടാളക്കൂട്ടം, സേനാമുഖം (*mil.*); 2. സമൂഹം, കൂട്ടം. **brig-a-dier'-general** സേനാമുഖാധിപതി.

**Brig'and,** *n.* കവച്ചക്കാരൻ. **=dage,** *n.* പിടിച്ച്പറി.

**Brig'an-tine,** *n.* കടല്ക്കള്ളന്മാരുടെ കപ്പൽ; 2. ഒരുവക രണ്ട് കൊമ്പൻ പായി—.

**Brīght** (brīt), *a.* മിന്നുന്ന, ദീപ്തിയുള്ള; 2. സ്വച്ഛമായ, പ്രഭയുള്ള; 3. മനോഹരമായ; 4. ബുദ്ധിക്രമ്മതഉള്ള; 5. സരസത്വം—, ആനന്ദപ്രദമായ; 6. മഹിമയുള്ള; 7. വ്യക്തമായ. **-en,** *v.t.* ശോഭിപ്പിക്കുക, പ്രകാശിപ്പിക്കുക, ഓപ്പമിടുക; 2. ശ്രേഷ്ഠതകൂട്ടുക, ഓജസ്സ്—; 3. ഗുണകരമാക്കിത്തീർക്കുക, സന്തോഷം വരുത്തുക; 4. രസിപ്പിക്കുക. *v.i.* ശോഭിക്കുക; 2. വിളങ്ങുക, തെളിയുക, പ്രസന്നമാക. **-'ness,** *n.* തേജസ്സ്, പ്രഭ, സ്വച്ഛത; സന്തോഷം, പ്രസാദം; ബുദ്ധിവിവേകം.

**Brill'ian-cy** (brilyan), *n.* തേജസ്സ്, പ്രഭ; 2. ഔദാര്യം, ഭംഗി. **=iant** (-yant), *n.* വജ്രരത്നം, വൈരക്കല്ല്. *a.* തെളക്കം ഉള്ള, ശോഭ—, ദീപ്തി—; മനോമോഹനം ആയ, മഹത്ത്—, വിസ്മയകരം—. **=iant-ly,** *ad.* ശോഭയോടെ, മോഹനമായി, ആശ്ചര്യമാംവണ്ണം.

**Brim,** *n.* വക്ക്, ഓരം; 2. കര, തീരം; 3. വിളുമ്പ്. *v.i.* വക്കോളം നിറഞ്ഞിരിക്കുക. **to b. over** കവിഞ്ഞൊഴുകുക, നിറഞ്ഞിരിക്കുക. *v.t.* വക്കോളം നിറക്കുക. **-ful,** *a.* വക്കോളം നിറഞ്ഞ, പൂർണ്ണമായി—, കവിഞ്ഞൊഴുകുമാറായ.

**Brim'stōne,** *n.* ഗന്ധകം (*min.*).

**Brīne,** ഉപ്പ്‌വെള്ളം, ഉവർ—; 2. കടൽ—, സമുദ്രം; 3. കണ്ണുനീർ, അശ്രു. *v.t.* ഉപ്പിലിടുക, ഉപ്പ്കടയുക. **brī'ny,** *a.* ഉപ്പുള്ള, ഉപ്പിക്കുന്ന. **brī'nish,** *a.* ഉപ്പ്‌രസമുള്ള. **-'ness,** *n.* ഉവർച്ചവ.

**Briṅg,** *v.t. ir.* (brought, brought *pr.* brạt) കൊണ്ടുവരിക, കൊണ്ടുകൊടുക്കുക; 2. വരുത്തുക, എത്തിക്കുക; 3. കൊണ്ടുപോക, കൂട്ടികൊണ്ടുവരിക, എടുത്തുകൊണ്ടു—; 4. ഉത്സാഹിപ്പിക്കുക, നടത്തുക; 5. വില കിട്ടുക, —ഉണ്ടാക. **to b. about** സംഭവിപ്പാൻ സംഗതിവരുത്തുക; സാധിപ്പിക്കുക. **to b. back** തിരിച്ചുവരുത്തുക; മടക്കിക്കൊടുക്കുക. **to b. down** ഇറക്കുക; താഴ്ത്തുക. **to b. down the house** എല്ലാവരും കൈകൊട്ടി ആർക്കുക. **to b. forth** പ്രസവിക്കുക, കാഴ്ക്കുക, പൂവിടുക; പ്രത്യക്ഷമാക്കുക. **to b. forward** കാണിക്കുക; അഭിവൃദ്ധി വരുത്തുക, സാദ്ധ്യം—; പ്രസ്താവിക്കുക. **to b. home** വീട്ടിൽ കൊണ്ടുവരിക; തെളിയിക്കുക, സ്ഥാപിക്കുക; അനുഭവസിദ്ധമാക്കുക. **to b. in** കൊണ്ടുവരിക, വരുത്തുക; പ്രസ്താവിക്കുക; അഭിപ്രായം പറക; ആദായമുണ്ടാക; കൂട്ടികൊണ്ടുവരിക. **to b. off** കൊണ്ടുപൊയ്ക്കളക, ഉദ്ധരിക്കുക. **to b. on** തുടങ്ങുമാറാക്കുക; ഉണ്ടാക്കിത്തീർക്കുക, വരുത്തുക. **to b. one on one's way** കൂടപ്പോക, വഴികാട്ടുക. **to b. out** ഉന്മുണ്ടാക്കുക, വെളിച്ചത്താക്കുക. **to b. over**

മനന്തിരിയുമാറാക്കുക; അഭിപ്രായഭേദം വരുത്തുക, പക്ഷാന്തരം—. to b. to പുനജ്ജീവിപ്പിക്കുക, ബോധം വരുത്തുക; ഓട്ടം നിൎത്തുക (*naut.*). to b. one's self to മനസ്സുണ്ടാക, പതിവാക്കുക. to b. to light വെളിച്ചത്താക്കുക, കണ്ടുപിടിക്കുക. to b. to pass സംഭവിപ്പിക്കുക, സാധിപ്പിക്കുക, നിവൃത്തിയാക്കുക. to b. under കീഴ്പെടുത്തുക, പാട്ടിലാക്കുക. to b. up മേല്പെട്ടു കൊണ്ടുപോക; വളൎത്തുക; പെട്ടന്ന് നിൎത്തുക, —നില്ക്കുക.

Brin'jal, *n.* വഴുതിനി, കത്തിരിക്കായി, വഴുതിനിങ്ങ (*b.*).

Brink, *n.* വക്ക്, ഓരം, കര, തീരം, അററം.

Brisk, *a.* ചുറുക്ക് ഉള്ള, ജാഗ്രത—, ചൈതന്യം—; 2. പതച്ചുപൊങ്ങുന്ന, വീൎയ്യമുള്ള. b. breeze ഊക്കുള്ളകാററ്. b. sale നല്ല അഴിച്ചൽ. *v.t.* & *i.* ജീവിപ്പിക്കുക; 2. ഉത്സാഹിപ്പിക്കുക; 3. (up) ചെറുത്തുനില്ക്കുക, —നില്പിക്കുക. -'ly, *ad.* ചുറുചുറുപ്പോടെ, വേഗത്തിൽ. -'ness, *n.* ഉത്സാഹം, ചുണ, ശീഘ്രത; കട്ടപ്പം, വീൎയ്യം.

Bris'tle (bris'sl), *n.* പന്നിരോമം, കഞ്ചം; 2. പരുത്തരോമം. *v.t.* (up) രോമം തെറുക്കുക; 2. ധൈൎയ്യം കാട്ടുക. *v.i.* തെറുത്തു നില്ക്കുക, (രോമം) എടുത്തുപിടിക്കുക; 2. കത്തനെതിങ്ങിനില്ക്കുക; 3. ക്രുദ്ധിക്കുക, ധിക്കാരം കാട്ടുക. to b. up കയക്കുക. =ly, *a.* പരുത്തരോമമുള്ള, പരുപരുത്ത.

Brit'tle, *a.* എളുപ്പത്തിൽ ഉടഞ്ഞുപോകുന്ന, ഭംഗുരമായ; 2. ഉറപ്പ് കറഞ്ഞ. -ness, *n.* ഭംഗുരത്വം, ഉറപ്പില്ലായ്മ.

Brōach, *n.* സൂചി; 2. തോല്പുളി; 3. കുത്ത്കോൽ; 4. ഇരിമ്പ തുളക്കുന്ന തമര്; 5. കല്പുളി; 6. ഗോപുരാഗ്രം; 7. സൂചിപ്പതക്കം; 8. പൂട്ടിന്നകത്തെ കററി. *v.t.* കത്തിത്തുളെക്കുക; 2. തുളെച്ചു തുറക്കുക; 3. പുറത്താക്കുക; 4. രക്തം ചിന്നിക്കുക; 5. തുറക്കുക; 6. പരസ്യമാക്കുക; 7. ആദ്യമായി പ്രസ്താവിക്കുക; 8. കല്ല് കൊത്തി ഭാഷയാക്കുക; 9. തുള വലുതാക്കുക.

Broad, *a.* അകലം ഉള്ള, വീതി—; 2. വിശാലമായ; 3. വെയില്പുള്ള; 4. സ്ഥൂലം ആയ, തികവ്—; 5. അനവധി—, ധാരാളം—; 6. വിശാലാൎത്ഥമുള്ള; 7. വ്യക്തമായ; 8. തടസ്ഥമില്ലാത്ത; 9. പരുഷം ആയ, അയോഗ്യം—; 10. പ്രത്യക്ഷം—. as b. as long ഏത് വിധമായാലും കാൎയ്യം ഒന്ന്. b. axe വെണ്മഴു, പരശു. b. bill ഇരണ്ട (*z.*). b.-cast പരക്കെയുള്ള വിത; പരക്കെവിതച്ച; പരന്നിരിക്കുന്ന; നീളെ, പരക്കെ. b. cloth ഒരു വിധം കമ്പിളിത്തുണി. b. seal ഇംഗ്ലീഷ് രാജമുദ്ര, മഹാരാജ—. b. side കപ്പലിന്റെപാൎശ്വം; പടകപ്പലിൽ ഒരു ഭാഗത്തുള്ള എല്ലാപീരങ്കിത്തോക്കിലെയും ഒന്നായ വെടി. b. sword ഒരുവിധം വാൾ. b.-wise, breadth-wise വീതിയിൽ, വിലങ്ങനെ. -'ly, *ad.* വിസ്താരമായി, തെളിവായി. -'ness, *n.* അകലം, വിസ്താരം; പാരുഷ്യം, നീചത്വം. breadth, *n.* അകലം, വീതി.

Brō-cāde', *n.* നീരാളം, കസവ് പട്ട്.

Broil, *n.* ലഹള, അമളി, കലശൽ. *v.t.* തീയിൽ കാട്ടിച്ചുടുക; 2. ചൂടേല്പിക്കുക, തീയിൽ കാച്ചുക. *v.i.* ചുട്ട് പൊരിയുക.

I. Brōke, *p.t. of* Break.

II. Brōke, *v.i.* മററൊരുവന്ന് വേണ്ടി കാൎയ്യം നടത്തുക; 2. ദല്ലാലിയായിരിക്കുക. brō'kĕr, *n.* ദല്ലാലി, തരകൻ; ഉണ്ടിക വ്യാപാരി. bill b.r ഉണ്ടിക മാറുന്നവൻ. exchange b.r പണമിടവാട്കാരൻ. ship b.r കേവ്ദല്ലാലി. =kĕr-age, *n.* ദല്ലാലിപ്പണി, തരക്; ദല്ലാലിവട്ടം, തരക്.

Brō'ken, *p. p. of* Break. *a.* ഉടഞ്ഞ, ഒടിഞ്ഞ, പൊളിഞ്ഞ; 2. പൊട്ടുള്ള, ചീന്തിയ, ഛിന്നഭിന്നം ആയ; 3. പരുപരുത്ത; 4. ക്ഷീണിച്ച; 5. അനുതാപം ഉള്ള; 6. താഴ്മ—; 7. മെരുങ്ങിയ, ശീലം വന്ന; 8. ആശാഭംഗം—, അമാന്തമായ്പോയ; 9. ലംഘിച്ച, പ്രമാണിക്കാത്ത; 10. ദീവാളിയായി പോയ; 11. (ഭാഷ) അബദ്ധം ആയ; 12. ഗദ്ഗദം—. b. ground കന്നും കുഴിയുമുള്ള ഭൂമി; തരിശ് ഉഴുത നിലം. b. number ഭിന്നിതസംഖ്യ. b.-hearted ഉരുക്കം തട്ടിയ, ദുഃഖാകുലം

ഉള്ള. b.-spirited ധൈൎയ്യക്ഷയം—, നിരാശ—. b.-winded മുട്ടടെപ്പ്—, കിതെപ്പ്—. -ly, *ad.* ഇടവിട്ട്, അംശമംശമായി, വിക്കിവിക്കി.

**Bron'chi-a**, =al tubes, *n. pl.* ശ്വാസോപനാളങ്ങൾ (*an.*). =chī-tis, *n.* ശ്വാസനാളരോഗം, അള്ളമുറിച്ചൽ (*med.*).

**Bronze**, *n.* ഒരുവക വെള്ളോട്; 2. ഓട്ട്പ്രതിമ; 3. വെള്ളോട്ട് നിറം; 4. ധാൎഷ്ട്യം. *v.t.* ഓട്ട് വൎണ്ണം കൊടുക്കുക; 2. കഠിനപ്പെടുത്തുക.

**Brōoch** (brōch), *n.* സൂചിപ്പതക്കം. *v.t.* സൂചിപ്പതക്കം കുത്തുക, —ധരിക്കുക.

**Brood**, *n.* ഒന്നായി വിരിഞ്ഞ പക്ഷിക്കുഞ്ഞുകൾ; 2. മുറിച്ചു കിഴിഞ്ഞ കോഴിക്കുട്ടികൾ; 3. ഒരു തള്ളയുടെ കട്ടികൾ, ഒരമ്മയുടെ ചെറിയ ചെറിയ മക്കൾ; 4. പ്രജ; 5 ജാതി, വൎഗ്ഗം. *a.* മുട്ടക്ക് ഇരിക്കുന്ന, കാപ്പിൽ—; 2. പെററുപെരുകുവാൻ വെച്ച; 3. കട്ടികളുള്ള. *v.i.* അണ ഇരിക്കുക, പൊരുത്തിൽ—; 2. സ്വസ്ഥമായി—; 3. (over, on) വിചാരപ്പെടുക, ആധിപ്പെട്ടിരിക്കുക. *v.t.* പൊരുന്നുക, ചിറക് കൊണ്ടുമൂടുക; 2. പ്രേമത്തോടെ വളൎത്തുക; 3. ചിന്തിച്ചു വ്യസനിക്കുക. to sit on b. ധ്യാനിച്ചിരിക്കുക.

**Brook**, *n.* തോട്. -let, *n.* കൈത്തോട്. *v.t.* അനുഭവിക്കുക; 2. പൊറുക്കുക, സഹിക്കുക; 3. പാത്രമാക; 4. സമ്പാദിക്കുക.

**Broom**, *n.* ഒരു ചെടി; 2. ചൂൽ, മാച്ചിൽ, ചോതനി. b.-stick മാച്ചിൽതണ്ട്.

**Broth**, *n.* മാംസക്കഷായം, സൂപം.

**Broth'el**, *n.* വേശ്യാഗൃഹം.

**Brŏth'ĕr**, *n.* ഉടപ്പിറന്നവൻ, കൂടപ്പിറപ്പ് (*S.*), സഹോദരൻ, ഭ്രാതാവ്; 2. കൂട്ടാളി. elder b. ജ്യേഷ്ഠൻ, അണ്ണൻ, അഗ്രജൻ, കാരണവൻ. younger b. അനുജൻ, തമ്പി, അനന്തരവൻ. b. german, blood b. ഉടപ്പിറന്ന സഹോദരൻ. uterine b. ഏകോദരൻ, അമ്മ ഒന്ന് അച്ഛൻ രണ്ട് ആയ സഹോദരൻ. half-b., b. of the half blood, step-b. അച്ഛൻ ഒന്ന് അമ്മ രണ്ട് ആയ—, ഭിന്നോദരൻ; അമ്മ ഒന്ന് അച്ഛൻ രണ്ട് ആയ സഹോദരൻ. twin b. ഇരട്ടപെററുള്ള സഹോദരൻ. b.-in-law അളിയൻ, മച്ചമ്പി, ദേവരൻ. b. Jonathan ഐകമത്യസംസ്ഥാനക്കാരൻ. -hood, *n.* സഹോദരത്വം; സഹോദരക്കൂട്ടം, സംഘം, സഭ. -ly, *a.* സഹോദരപ്രീതി ഉള്ള, —സംബന്ധം—. breth'ren, *n. pl.* സമുദായസഹോദരന്മാർ, അസ്മാദികൾ.

**Brough'am** (brō'am *or* brụm), *n.* ഒരുവക നാലുരുൾവണ്ടി.

**Brought** (brạt), *p.p. of* **Bring.**

**Brow**, *n.* കൺപുരികം, പുരിയം, ഭ്രൂ (*an.*); 2. പുരികരോമം; 3. നെററി; 4. മുഖഭാവം; 5. കുന്നിന്റെ അഗ്രം. bend or knit the b. പുരികം ഞെറിയുക, നെററിചുളിക്കുക, കോപഭാവം കാട്ടുക. b.-'bēat ഭ്രമിപ്പിക്കുക. b. bound കിരീടം ധരിച്ച. -'less ഉളുപ്പില്ലാത്ത, നാണംകെട്ട.

**Brown**, *n.* തവിട്ട്നിറം, കിരാൽ—, പിംഗലവൎണ്ണം. *a.* ശ്യാമവൎണ്ണമുള്ള, കറുത്ത. -'bess ചക്കിമുക്കിത്തോക്ക്; മഴ, കത്തം. b. coal ഇരുന്നാൽ. b. holland ചണത്തുണി. b. study ധ്യാനനിഷ്ഠ. -y, *a.* ലേശം തവിട്ട്നിറമുള്ള. [മേയുക.

**Brouse**, *n.* തളിർ, കൊടി. *v.t. & i.*

**Bruin**, *n.* കരടി (*z.*).

**Bruise** (brụz), *n.* ചത, ചതവ്, പൊട്ട്. *v.t.* ചതെക്കുക, പരിക്കേല്പിക്കുക; 2. ഇടിക്കുക. *v.i.* മുഷ്ടിയാൽ കുത്തുക.

**Bru'it** (brụt), *n.* വൎത്തമാനം, ശ്രുതി, കീൎത്തി. *v.t.* വൎത്തമാനം പരത്തുക, പ്രസിദ്ധമാക്കുക.

**Bru-nette'**, *n.* വെണ്മ കുറഞ്ഞ സ്ത്രീ.

**Brunt**, *n.* കാഠിന്യം; 2. ഊക്ക്.

**Brush**, *n.* കൂച്ച്, കുഞ്ചം; 2. തൂപ്പ്; 3. ചുള്ളിക്കാട്; 4. തേപ്പ്, തുടെപ്പ്; 5. ചെറുപട; 6. വാത് വെച്ച ഓട്ടം. *v.t.* തുടക്കുക; 2. തേക്കുക, തൊടുക. to b. aside നീക്കിവെക്കുക. to b. away തുടച്ചുകളക. to b. up തുടെച്ച് നന്നാക്കുക; പുതുക്കുക; ചായമിടുക. b.-'wood കുറിക്കാട്; തൂപ്പ്. [രിയുക.

**Brŭs'tle**, *v.i.* കിരുകിരുക്കുക, ഞെ

**Brute,** *n.* അബുദ്ധി, പശു, മൃഗം; 2. മ്ലേച്ഛൻ, ക്രൂരൻ. *a.* നിജ്ജീവം ആയ; 2. അബുദ്ധി—; 3. മൃഗസ്വഭാവം ഉള്ള, ക്രൂരത—, കരുണയില്ലാത്ത; 4. പ്രാകൃതം ആയ, ആചാരഹീനം—; 5. പാരുഷ്യം—. ='**tal,** *a.* മൃഗസംബന്ധം ആയ; —പ്രായം—; കൊട്ടരം—; വൃത്തികെട്ട. =**tal-ism,** =**tal-ity,** *n.* മൃഗസ്വഭാവം; നിൎദ്ദയ; അമാനുഷകൃത്യം. =**ta-līse,** *v. t.* മൃഗപ്രായമാക്കിത്തീക്കുക. *v. i.* ക്രൂരമായ്തീരുക, പാരുഷ്യംകാട്ടുക. =**tal-ly,** *ad.* ക്രൂരതയോടെ, മൃഗപ്രായം ആയി. ='**tish,** *a.* —ആയ, ക്രൂരം—, ബുദ്ധികെട്ട. =**tish-ness,** *n.* മൃഗസ്വഭാവം, കാട്ടാളത്തരം, ക്രൂരത, ബുദ്ധിഹീനത.

**Bub'ble,** *n.* പൊക്കുള, നീൎപ്പോള; 2. വെറുമ, മിത്ഥ്യ; 3. പച്ചപ്പശു, ശുദ്ധബുദ്ധി. *v. i.* പൊക്കിളവരിക, തിളെക്കുക; 2. കത്തിയൊലിക്കുക, ഒച്ചയോടെ ഒഴുകുക; 3. ചിലെക്കുക. *v. t.* തോല്പിക്കുക, വഞ്ചിക്കുക. ='**blĕr,** *n.* ചതിയൻ, ധൂൎത്തൻ.

**Bū'bō,** *n.* കഴലവീക്കം, ഒടിക്കുരു, അരക്ലേശം (*med.*). **-nic,** *a.* കഴലവീക്കത്തോടു കൂടിയ. **b.c plague, b.c fever** മഹാമാരി, കഴലപ്പനി (*med.*).

**Bŭc-ca-nēer,** *n.* കടല്ക്കള്ളൻ, കപ്പല്ക്കവച്ചക്കാരൻ.

**Bŭck,** *n*, ആൺമാൻ, ആട്ട്കൊററൻ, ഉരണം, ആണ്മുയൽ (*z.*); 2. പച്ചസുന്ദരൻ; 3. ഊച്ചത്തട. *a.* കഠിനം ആയ, ക്രൂരം—. *v. t.* ക്ഷാരത്തിൽ മുക്കുക, പുഴക്ക്വെക്കുക; 2. തച്ചുതിരുമ്പുക; 3. പൊടിക്കുക. *v. i.* (കതിര) തലതാഴ്ത്തിതുള്ളുക. **-ram,** *n.* തടിച്ചതുണി.

**Bŭc'ket,** *n.* തൊട്ടി, കൊട്ടക്കോരി, ഏത്തക്കൊട്ട, തേക്ക്—, തുലാ—, **to kick the b.** ചാകുക. **-y,** *n.* പാവിന്നിടുന്നകഞ്ഞി, —പശ (*w.*).

**Bŭc'kle,** *n.* പട്ടപ്പൂട്ട്, കൊളുത്ത്; 2. കോട്ടം; 3. കുരുൾ; 4. കോടിയമുഖം. *v. t.* കട്ടക്കിട്ടുക, കൊളുത്തുക; 2. വളക്കുക; 3. ഒരുമ്പെട്ടുക; 4. വിവാഹസംബന്ധം ചെയ്ക. *v. i.* കുനാസ്സോക, കോട്ടുക, ചുരുളുക; 2. ആരംഭിക്കുക, പോരാട്ടുക. **to b. to** വഴങ്ങുക, ഉന്മേഷത്തോടെ ചെയ്ക.

**Buck'lĕr,** *n.* പലിശ, ഖേടകം.

**Bū-col'ic,** *a.* ഇടയവൃത്തിസംബന്ധമായ.

**Bŭd,** *n.* പൂമൊട്ട്, അരിമ്പ്, മുള, തളിർ. *v. i.* അകെക്കുക, പൊടിക്കുക, അങ്കുരിക്കുക; 2. വളരുക; 3. വികസിക്കുക. *v. t.* ഒട്ടിച്ചുവെക്കുക.

**Bud'dhism,** *n.* ബുദ്ധമതം. =**ist,** *n.* ഗൌതമമതക്കാരൻ.

**Budǵe** (buj), *v. i.* നീങ്ങുക, മാറുക, അനങ്ങുക. *a.* വിദ്യാൎത്ഥിസംബന്ധം ആയ, കഠിനം—.

**Budǵ'et** (buj'et), *n.* പൊക്കണം; 2. ശേഖരം, കൂട്ടം; 3. ഒരു വൎഷത്തെ ആയവ്യയഗണനം, അടങ്ങൽ. **to open the b.** അടങ്ങൽ ആലോചിക്കുക.

**Bŭff,** *n.* പോത്തിൻ തോൽ; 2. ചൎമ്മവൎണ്ണം, പുല്ലനിറം; 3. തോല്ക്കുപ്പായം; 4. ദിഗംബരത്വം. =**fa-lō,** *n.* പോത്ത്, എരിമ, കന്ന്, കരിങ്കന്ന്, മഹിഷം; 2. കാട്ടി (*z.*).

I. **Buf'fet,** *n.* പിഞ്ഞാണത്തട്ട്; 2. ഭക്ഷണമേശ, —മുറി; 3. കൂടിവരവ്സ്ഥലം.

II. **Buf'fĕt,** *n.* കുത്ത്, അടി, കുമ; 2. പ്രതികൂലം, ബുദ്ധിമുട്ട്; 3. മുക്കാലി. *v. t.* തല്ലുക, കുത്തുക; 2. അലെക്കുക; 3. മല്ല്കെട്ടുക. *v. i.* കുത്തുകൂട്ടുക, മുഷ്ടിയുദ്ധം ചെയ്ക; 2. ഉന്തിത്തിരക്കിവഴിയുണ്ടാക്കുക.

**Buf-foon',** *n.* പുറാട്ട്, കോമാളി, വിദൂഷകൻ. *v. i.* വിദൂഷകനായിരിക്കുക, കോമാളിത്തരം കാണിക്കുക, പുറാട്ട്കെട്ടുക. *v. t.* കളി ആക്കുക, ഹാസ്യം—. **-ĕr-y,** *n.* തമാശ, മാച്ചാൻകളി, ഗോഷ്ഠി.

**Bug,** *n.* മൂട്ട, മക്കുണം (*z.*). *v. t.* കള്ളക്കഥ പറഞ്ഞു ഭയപ്പെടുത്തുക, വെറുതെ പേടിപ്പിക്കുക. **b.-bear** വിരളി, പാവ; ഭയങ്കരരൂപം, മായാകാഴ്ച; ഭയഹേതു. **-'gy,** *a.* മൂട്ടഉള്ള, —നിറഞ്ഞ. *n.* ഒരുവക കുതിരവണ്ടി.

**Bug'gĕr,** *n.* പുരുഷമൈഥുനക്കാരൻ; 2. നിസ്സാരൻ. **-y,** *n.* പ്രകൃതിവിരുദ്ധഭോഗം; 2. ഗുദമൈഥുനം.

**Bū'gle**, *n.* കാട്ടി, കാട്ട് കാള, പോത്ത് (*z.*); 2. കാഹളം, ഊത്ത് കൊമ്പ്. =**glĕr**, *n.* കാഹളക്കാരൻ.

**Build** (bild), *v.t. ir.* (**built, built**, *pr.* bilt) പണിയിക്കുക, എടുക്കുക, നിർമ്മിക്കുക, തീർക്കുക; 2. സ്ഥാപിക്കുക, ഉറപ്പിക്കുക; 3. (up) ശക്തീകരിക്കുക, സ്ഥിരീകരിക്കുക. *v.i.* പണിയുക, നിർമ്മാണപ്രവൃത്തി ചെയ്യുക; 2. ആശ്രയിക്കുക. **-'ing**, *n.* കെട്ട് പണി, നിർമ്മാണം; എടുപ്പ്, കെട്ടിടം, വീട്.

**Bulb**, *n.* കിഴങ്ങ്, കണ്ട, കന്ദം (*b.*); 2. ഉണ്ട, ഉരുള; 3. വേർ; 4. ഉപമസ്തിഷ്കം (*an.*). **b. of the eye** കണ്മിഴി. **-ŏus**, *a.* കിഴങ്ങുപോലെയുള്ള, കിഴങ്ങിൽനിന്നുണ്ടാകുന്ന, ഉരുണ്ട. **-bif'ĕr-ŏus**, *a.* കിഴങ്ങുള്ള.

**Bulge**, *n.* പീപ്പയുടെ പള്ള; 2. ഉന്തൽ. *v.i.* ഉന്തിനില്ക്കുക, ചാടുക; 2. കമ്മത്തുണ്ടാക, മുങ്ങിപ്പോക (*naut.*).

**Bulk**, *n.* പരിമാണം, വലിപ്പം; 2. മുഖ്യഭാഗം, അധികപക്ഷം; 3. കപ്പലിലെ ചരക്ക് (*naut.*). **sell by b.** വകപ്പടിയായി വില്ക്കുക. **in b.** കൂട്ടിയിട്ട പാട്, കൂനൽ. **break the b.** ചരക്ക് ഇറക്കുവാൻ തുടങ്ങുക. =**'ki-ness**, *n.* വണ്ണം. =**'ky**, *a.* വലിപ്പം ഉള്ള, വലിയ, വമ്പിച്ച.

**Bull**, *n.* കന്നുകാലിയിലെ ആൺ, ആൺആന, —തിമിംഗലം (*z.*); 2. മൂരി, കാള, എരുത് (*z.*); 3. ഇടവം, ഋഷഭം (*as.*); 4. മുദ്ര; 5. പാപ്പാവിന്റെ മുദ്രിതാജ്ഞ; 6. വാചകം, പരസ്പരവിരുദ്ധവാചകം. **to take the b. by the horns** വിഷമം എതിർത്തു തീർക്കുക. **b.-calf** കുട്ടൻ, മൂരിക്കുട്ടൻ, കാളക്കിടാവ്; മുഠാളൻ. **b.-dog** നല്ലജാതി നായി. **John B.** ഇംഗ്ലീഷ്ക്കാരൻ. **b.-stag** വരിയുടച്ചകാള. **b.'s-eye** ചെറുമേഘം; പ്രകാശദ്വാരം; വെടിക്കുറി. **b.-fight** വൃഷഭയുദ്ധം. **b.-frog** പേക്കാന്തവള (*z.*). **b.-head** പൊട്ടൻ, മുട്ടാളൻ. **b.-headed** മക്കടമുഷ്ടിയായ, ധൃഷ്ടത്വം ഉള്ള. **b. necked** കരുങ്കഴുത്ത്—, കഴുത്തിറുങ്ങിയ. **-'ock**, *n.* കാള, മൂരി, എരുത്; ആൺമാൻ (*z.*).

**Bul'let**, *n.* (തോക്കിന്റെ) ഉണ്ട.

**Bul'le-tin**, *n.* വൃത്താന്തവിവരം; 2. ദിനവൃത്താന്തപത്രം; 3. വർത്തമാനപരസ്യം. **b. board** പരസ്യപ്പലക.

**Bull'iŏn** (bul'yan), *n.* പൊൻകട്ടി, വെള്ളി—; 2. ഉരുക്ക് പൊൻ, —വെള്ളി.

**Bul'ly**, *n.* അധികപ്രസംഗി, വമ്പ് പറയുന്നവൻ, അധികാരം കാട്ടുന്നവൻ, ശണ്ഠക്കാരൻ. *v.t.* ഭീഷണിപറക, പേടിപ്പിക്കുക; 2. ഞെളിയുക; 3. അധികരിക്കുക.

**Bul'rush**, *n.* പോട്ടപ്പുല്ല്, ഞാങ്ങണ.

**Bul'wark** (-wĕrk), *n.* കൊത്തളം, പുറങ്കോട്ട; 2. ഉറപ്പ്, രക്ഷ. *v.t.* ഉറപ്പ് വരുത്തുക; 2. രക്ഷിക്കുക.

**Bump**, *n.* ഇടി, അടി; 2. വീക്കം, തിണർപ്പ്; 3. മുഴ. *v.t.* മുട്ടുക, തല്ലുക; 2. മുഴങ്ങുക. =**'pĕr**, *n.* നിറഞ്ഞ പാനപാത്രം; —അരങ്ങ്.

**Bump'kin** (bum'kin), *n.* മുരടൻ, തറക്കാരൻ; 2. വകതിരിവില്ലാത്തവൻ.

**Bun, Bunn**, *n.* ഒരുവക അപ്പം.

**Bunch**, *n.* തിണർപ്പ്; 2. കൂൻ, മുഴ; 3. കായ്ക്കുല, കൊത്ത്, കെട്ട്. **-y**, *a.* മുഴയുള്ള; കുലയായ.

**Bun'comb, Bom'kum**, *n.* അഭിമാനപ്രസംഗം, മുഖസ്തുതി. **to speak for b.** മററുള്ളവർ കാണ്മാൻ വേണ്ടി മാത്രം സംസാരിക്കുക.

**Bun'dle**, *n.* കെട്ട്, പൊതി, മാറാപ്പ്, ഭാണ്ഡം. *v.t.* പൊതി ആക്കുക, മാറാപ്പ്—, കെട്ടുക; 2. പെട്ടന്നു പറഞ്ഞയച്ചുകളക. *v.i.* യാത്രക്ക് ഒരുങ്ങുക, തത്രപ്പാടോടെ പുറപ്പെടുക. **to b. off** വേഗം പറഞ്ഞയച്ചുകളക. **to b. one's self up** പുതച്ചുമൂടുക.

**Bung**, *n.* പീപ്പയുടെ വായി, —അടപ്പ്; 2. കള്ളൻ, ചോരൻ. **to b. up** ചവികെട്ടുക.

**Bun'gle**, *n.* പടുപണി; 2. കൈമോശം, അബദ്ധം. *v.t. & i.* മട്ടിപ്പണിചെയ്യു.

**Bun'kĕr**, *n.* പെട്ടി, പത്തായം.

**Bunt**, *n.* കപ്പല്പായി, —പ്പള്ള. **-'ĕr**, *n.* തുക്കിനടക്കുന്ന സ്ത്രീ. **-'ĭng**, *n.* കൊടിക്കൂറ, കൊടി. [ഴമ്പ്.

**Bun'yon, Bun'iŏn**, *n.* വീക്കം, ത

**Bouy** (boy), *n.* പെരിമ്പൊങ്ങത്തി, 'ബോയ' (*naut.*). *v. t.* (up) പൊക്കിനിൎത്തുക; 2. താങ്ങിക്കൊൾക; 3. പൊങ്ങത്തി ഇടുക. *v. i.* പൊങ്ങിനില്ക്കുക, പൊന്തിയിരിക്കുക. **life-b.** ആൾപൊങ്ങത്തി. **-'an-cy**, *n.* പ്ലവനഗുണം, —ശക്തി, ലാഘവം; ചൈതന്യം, സന്തോഷം. **-'ant**, *a.* പ്ലവനഗുണം ഉള്ള, ലഘുത്വം—; ഉന്മേഷം—, ഉല്ലാസം—.

**Bur'den** (bĕr'dn), *n.* ചുമട്, ഭാരം; 2. കഷ്ടം, പ്രയാസം; 3. കേവ്, കയററ്, ചരക്ക് കയററം; 4. പല്ലവി, സാരം. *v. t.* ചുമത്തുക, ഭാരം കയററുക, പേറുക; 2. ഭാരപ്പെടുത്തുക, ഞെരുക്കുക. **beast of b.** പേററ്മൃഗം. **b. of proof** തെളിവ് ബാദ്ധ്യത (*l.*). **-sŏme**, *a.* ഭാരം ഉള്ള, പ്രയാസം—, അസഹ്യമായ.

**Bū-reau'** (bū-rō'), *n.* എഴുത്ത് മേശ; 2. —ചാവടി, കച്ചേരി; 3. വലിപ്പ് പെട്ടി, അൾമാരി.

**Burg, Burgh** (bĕrg), *n.* കോട്ട; 2. പട്ടണം, നഗരം. **bur'gess**, *n.* നഗരവാസി, ഗൃഹസ്ഥൻ, പൌരൻ; നഗരപ്രതിനിധി; — പ്രമാണി. **bur'ge-ois** (bur'jois), **burgh'ĕr** (bĕrg'ĕr), *n.* പൌരൻ, നഗരവാസി. **burgh'ĕr-ship**, *n.* പൌരത്വം. **bur'gō-mas-tĕr** നഗരാദ്ധ്യൻ.

**Burg'lar** (bĕrg'lĕr), *n.* തുരന്നു കക്കുന്നവൻ, ഭേദിച്ചു കളവുചെയ്യുന്നവൻ, കത്തിക്കവരുന്നവൻ, പാരക്കാരൻ. **-y**, *n.* അറമുറിക്കൽ, ഭവനഭേദനം.

**Bur'i-al**, *see under* **Bury**.

**Burk**, *v. t.* ഞെക്കിക്കൊല്ലുക; 2. ആരും അറിയാതെ ഇല്ലാതാക്കുക, അമൎത്തിക്കളക, അകററി വെക്കുക.

**Bur-lesque'** (bĕr-lesk'), *n.* വ്യംഗവാക്യം, നിന്ദാസ്തുതി; 2. പരിഹാസകൃതി, ഹാസ്യരൂപം.

**Bur'ly**, *a.* വലിപ്പം ഉള്ള, പുഷ്ടി—, സ്ഥൂലിച്ച; 2. നീചം ആയ, പരുഷം—. **=liness**, *n.* വണ്ണം, പൊണ്ണത്തടി; നീചസ്വഭാവം.

**Burn** *v. t. ir.* (**burnt, burnt**) കത്തിച്ചുകളക, ചുട്ടു—, എരിക്കുക, ദഹിപ്പിക്കുക; 2. കരിക്കുക, വാട്ടുക, ഉണക്കുക; 3. ചുടുക, വേവിക്കുക; 4. ചൂട് വെക്കുക; 5. പുകച്ചൽ വരുത്തുക, എരിച്ചൽ—; 6. പൊള്ളിക്കുക. **to b., to b. together** വിളെക്കുക, വിളെക്കായി ചേൎത്തു പിടിപ്പിക്കുക. **to b. daylight** പകൽസമയം വിളക്ക് കത്തിക്കുക; നേരം വൃഥാകളക; നിഷ്ഫലപ്രവൃത്തി ചെയ്ക. **to b. one's finger** വിഷമത്തിൽ ആക, നഷ്ടം നേരിടുക. **to b. out** ഭസ്മം ആക്കുക, ഇല്ലായ്മ—. **to be b.t out** പുര തീവെന്തു നഷ്ടപ്പെടുക. **to b. up, to b. down** മുഴുവനും ചുട്ടുകളക. *v. i.* കത്തുക, ജ്വലിക്കുക, വേവുക; 2. കരിഞ്ഞുപോക; 3. എരിപൊരി എടുക്കുക, ചൂടാന്തരം—, കത്തിവരിക; 4. ഭസ്മം വെക്കുക. **to b. out** കത്തിത്തീരുക. **to b. up, to b. down** വെന്തുവിഞ്ഞു പോക. *n.* തീപ്പുണ്ണ്, തീപ്പൊള്ളൽ; 2. ചൂട്, പാകം, വേവ്; 3. തോട്. **-'ĕr**, *n.* കത്തിക്കുന്നവൻ; വിളക്കിലെ തിരിക്കുററി. **-'ĭng**, *a.* ചൂടുള്ള, എരിയുന്ന, കത്തുന്ന; ജ്വാലയുള്ള, കത്തിയെരിയുന്ന; *n.* കത്തൽ, വേവ്, പുകച്ചൽ, എരിച്ചൽ, ദഹനം, ചൂട്, താപം. **b.g coal** ചെങ്കനൽ, തീക്കനൽ. **b.g glass** തീക്കണ്ണാടി. **b.g mirror** ദഹനദപ്പ്ണം.

**Bur'nish**, *v. t.* മിനുക്കുക, മിനുക്കുക, മിനുസമാക്കുക, ഓപ്പമിടുക. *v. i.* തെളിയുക, മിന്നുക, മിനുങ്ങുക; 2. മെഴുക്കുക; 3. വീക്കുക. *n.* മിനുക്കം, മെഴുപ്പ്, ഓപ്പം. **-ĕr**, *n.* മിനുക്കുന്നവൻ; ഓപ്പക്കോൽ, —കല്ല്, മിനുക്കച്ചാണ.

**Burr** (bĕr), *n.* ബീജകോശം (*b.*); 2. അരം, മൂൎച്ച; 3. കാത്; 4. രേഫോച്ചാരണം.

**Bur'rōw** (bĕr'rō), *n.* പട്ടണം, പുരം; 2. മട, കുഴി, പൊത്ത്, മാളം; 3. കപ്പ

ക്കുന്ന്. *v.t.* മടകഴിക്കുക, മാളിയിൽ പൂകുക, ഒളിച്ചിരിക്കുക.

**Burse** (bĕrs), *n.* മടിശ്ശീല, പണസഞ്ചി; 2. വിദ്യാൎത്ഥിസഹായദ്രവ്യം; 3. വ്യവ്യാപാരമണ്ഡപം. ='sar (bĕr'sĕr), *n.* ഖജാനക്കാരൻ, ധനാദ്ധ്യക്ഷൻ; സഹായശമ്പളമുള്ള വിദ്യാൎത്ഥി.

**Burst** (bĕrst), *n.* പൊട്ടൽ, പറിച്ചുചീന്തൽ; 2. ആളിപ്പ്, മുഴക്കം, ആഘോഷം; 3. പാരവശ്യം, ആകസ്മികപ്രത്യക്ഷത; 4. മുറുക്കം, സാഹസം; 5. പെട്ടന്നുള്ള കാഴ്ച. *v.i. ir.* (**burst, burst**) ഛിന്നഭിന്നമാകുക, തുറന്നുപോക, പൊളിയുക, പൊട്ടിത്തെറിക്കുക; 2. വിടുക, പൊടിച്ചുവരിക, മുളച്ചു—; 3. (forth) തള്ളി—, പെട്ടന്നു കാണാക; 4. (from) ഓടിപ്പോയ്ക്കളക; 5. (into) ചെല്ലുക, പ്രവേശിക്കുക; 6. (upon) പ്രത്യക്ഷമാക, പെട്ടന്ന് അറിവാറാക. *v.t.* പൊട്ടിക്കുക, പൊളിച്ചുകളക, ഉടക്കുക; 2. കത്തിപ്പൊളിക്കുക, —ത്തുളക്കുക.

**Bur'then** (bĕr'thn), *see* **Burden.**

**Bur'y** (bĕr'i), *v.t.* കഴിച്ചിടുക, ശവം മറചെയ്ക, അടക്കുക, ശ്മശാനക്രിയ ചെയ്ക; 2. ഒളിച്ചുവെക്കുക; 3. മറന്നുകളക, വിട്ടു—, ഉപേക്ഷിക്കുക. **to b. the hatchet** തമ്മിൽ സന്ധിക്കുക, ഇണങ്ങുക. **bur'ial,** *n.* ശവസംസ്കാരം, —ദാഹം. **b.l place** ശ്മശാനസ്ഥലം, ശവപ്പറമ്പ്, ചുടുകാട്. **b.l case** ഇരിമ്പ് ശവപ്പെട്ടി. **b.l service** ശ്മശാനക്രിയ.

**Bush,** *n.* മുററ്കാട്, തുറക്; 2. ചെടി, പടപ്പ്; 3. തുപ്പ്, കോച്ചിൽ; 4. ചാരായക്കട; 5. കറുക്കൻെറ വാൽ. **to beat about the b.** വളച്ചുവരിക; അനാംബന്ധം പറക. **-'y,** *a.* പടൎന്ന, തിങ്ങിയ.

**Bush'el,** *n.* എട്ട് ഇടങ്ങാഴി കൊള്ളുന്ന പറ; 2. പറന്നിറയ; 3. വളരെ, അത്യധികം.

**Bus'kin,** *n.* മുട്ടോളമെത്തുന്ന ചെ[രിപ്പ്.

**Buss,** *n.* ചുംബനം, മുത്തം; 2. പടവ്, പടക്. *v.t.* ചുംബിക്കുക.

**Bust,** *n.* ഉടൽപ്രതിമ, മുഖ—; 2. മാറും മുഖവും, ഉടൽ.

**Bus'tle** (bus'sl), *n.* ഒച്ചപ്പാട്, ഘോഷം, ഉരുസൽ, തിരക്ക്. *v.i.* ഒച്ചപ്പാടോടെ നടക്കുക, അനക്കുക, തത്രപ്പാട് കാട്ടുക. ='lĕr, *n.* തത്രപ്പാട്കാരൻ, ബദ്ധപ്പെട്ടവൻ, ചുറുചുറുപ്പുള്ളവൻ.

**Bus'y** (biz'i), *a.* പണിചെയ്യുന്ന, പ്രവൃത്തിക്കുന്ന; 2. ഉത്സാഹം ഉള്ള, ജാഗ്രത—; 3. തിരക്ക്—; 4. വേണ്ടാത്തതിൽ കയ്യിടുന്ന. **b.-body** പരകാൎയ്യാന്വേഷകൻ, ആരാൻെറ കാൎയ്യത്തിൽ കയ്യിടുന്നവൻ. *v.t.* പ്രവൃത്തിക്കുക, വേലചെയ്യുക, മുഷിഞ്ഞു പ്രവൃത്തിക്കുക; 2. പണിചെയ്യിക്കുക. ='i-ly (biz'i-li), *ad.* ശുഷ്കാന്തിയോടെ, ജാഗ്രതയോടെ. **busi'ness** (biz'nes), *n.* തൊഴിൽ, വേല, ജോലി; കച്ചവടം, വ്യാപാരം; ഉദ്യോഗം; മുറ; കാൎയ്യം, ഇടപാട്, തിരക്ക്. **to do one's b.s** കാൎയ്യം തീൎക്കുക; കഥകഴിക്കുക. **to make a thing one's b.s** ഏറ്റെടുക. **to mean b.s** കാൎയ്യമായിട്ട് പുറപ്പെടുക. **none of my b.s** എനിക്കെന്ത്. **you have no b.s** നിണക്കെന്ത്. **set up a b.s** കച്ചവടം തുടങ്ങുക, പ്രവൃത്തി—. **b.s-like** കൃത്യം ഉള്ള, ക്രമം—, ബുദ്ധി—.

**But,** *conj.* എന്നാൽ, എന്നാലും, എങ്കിലും, ആകിലും, പക്ഷെ. *prep.* ഒഴികെ, കൂടാതെ, അല്ലാതെ, എന്നിയെ; ഇല്ലെങ്കിൽ. *ad.* പോലും; മാത്രം, .....ഏഉള്ള. **b. and if** എന്നാലൊ. **b. for** ഇല്ലായിരുന്നു വെങ്കിൽ, അല്ലായിരുന്നു വെങ്കിൽ, നിമിത്തമല്ലാതെ. **nothing b. this** വേറെ ഒന്നുമില്ല, ഇത് മാത്രം. **he cannot b. go** പോകാതെ നിവൃത്തിയില്ല.

**But'ch'ĕr,** *n.* കശാപ്പ്കാരൻ, കസായി, ഇറച്ചിക്കാരൻ; 2. ഘാതകൻ, ക്രൂരൻ, രക്തപ്രിയൻ. **b.-meat** അങ്ങാടിയിൽ വില്ക്കുന്ന മാംസം. *v. t.* അറുക്കുക, വെട്ടിക്കൊല്ലുക, കൊത്തി—. **-y,** *n.* കശാപ്പ് പ്രവൃത്തി; കലപാതകം, സംഹാരം, അറുകല; അറുക്കുന്നസ്ഥലം.

**But'lĕr,** *n.* കലവറക്കാരൻ, പരിചാരിപ്പുകാരൻ, ഉഗ്രാണക്കാരൻ, 'ബൊട്ട്ലെർ'; 2. പാനീയപരിചാരിപ്പുകാരൻ.

**Butt,** *n.* അതിർ, ലാക്ക്, അററം; 2. മുതല; 3. കറി; 4. പരിഹാസവിഷയം; 5. കുത്ത്, മുട്ട്, തള്ള്, ഉന്ത്; 6. വെട്ട്; 7. തടിച്ച തോൽ; 8. കറിവെടിസ്ഥലത്ത് നോട്ടക്കാരൻ ഇരിക്കുന്ന മറവിടം; 9. വീഞ്ഞ്പീപ്പ. **b.-end** മുതല. **b.s length** വെടിപ്പാട്. **b.s and bounds** അതിരുകൾ. **full b.** ഊക്കോടെ. *v. i.* തമ്മിൽ ചേരുക, അവസാനിക്കുക, അതിപ്പെട്ടിരിക്കുക; 2. മുട്ടുക, കുത്തുക. *v. t.* തലമുട്ടുക, കുത്തുക, തട്ടുക.

**But'tĕr,** *n.* വെണ്ണ, നവനീതം. **melted b.** പശുവിൻ നെയ്, ഉരുക്ക്—, ഘൃതം. **b.-fly** ചിത്രശലഭം, പാപ്പാത്തി (*z.*). **b.-milk** തക്രം, മോര്. **b.-tooth** ഉമ്മരപ്പല്ല്. **b.-wife** വെണ്ണക്കാരത്തി, നെയ്—. **b.-fingered** കൈക്ക് വഴക്കമില്ലാത്തവൻ, സൂക്ഷ്മമില്ലാത്തവൻ. *v. t.* വെണ്ണതേക്കുക, നെയ്പിരട്ടുക. **-y,** *n.* കലവറ.

**But'tock,** *n.* ആസനം, ചന്തി, പൃഷ്ഠം (*an.*).

**But'ton** (but'tn), *n.* മൊട്ട്, കമിഴ്; 2. കുടുക്ക്, 'ബുത്തൻ'; 3. മൊട്ട്, തളിർ. **b.-hole** കുടുക്ക്തുള, കുഴ. **to b.-hole, to hold by the b.-hole** സംസാരിച്ചു ബുദ്ധിമുട്ടിക്കുക. **b.s** ബാല്യക്കാരൻ, വേലക്കാരൻ. *v. t.* (up) കുടുക്കിടുക, മുറുക്കുക. *v. i.* കുടുങ്ങിനില്ക്കുക. **-y,** *a.* കുടുക്ക്വെച്ചലങ്കരിച്ച.

**But'tress,** *n.* മുട്ട്തൂൺ, ഊന്ന്കാൽ; 2. താങ്ങൽ, തുണ. *v. t.* മുട്ട്കൊടുക്കുക, ഊന്ന്—; 2. താങ്ങുക, സഹായിക്കുക.

**Bux'ŏm,** *a.* കീഴ്പ്പെഴക്കം ഉള്ള, താഴ്മ—; 2. ചൈതന്യം—, സൌഖ്യം—, സൌന്ദര്യം—, രക്തപ്രസാദം—, സന്തോഷം—. **-ness,** *n.* ഒതുക്കം; ചുറുക്ക്, ശക്തി, രൂപവിശേഷം, മുഖപ്രസാദം; ഉല്ലാസഭാവം, വിനോദ—.

**Buy,** *v. t. ir.* (bought, bought *pr.* bāt) വിലെക്കുകൊള്ളുക, —വാങ്ങുക, —മേടിക്കുക; 2. നേടുക, സമ്പാദിക്കുക; 3. അവകാശം തീര്വാങ്ങുക. **to b. off** കൊടുത്ത് കൈവശപ്പെടുത്തുക. **to b. out** സ്വാധീകരിക്കുക; കൂറ്കൊടുത്തു പിരിക്കുക. **to b. in** കൂറുകൂട്ടുക. **to b. on credit** കടം വാങ്ങുക. **-'ĕr,** *n.* ക്രേതാവ്, കൊള്ളുന്നവൻ.

**Buzz,** *v. t. & i.* മൂളുക, ഹുങ്കാരശബ്ദം പുറപ്പെടുവിക്കുക; 2. കുശുകുശുക്കുക; 3. മന്ത്രിക്കുക; 4. ഏഷണിപറക; 5. ഉള്ളാലെ പരത്തുക. *n.* ഹുങ്കാരശബ്ദം, കുശുകുശുക്കൽ, സ്വകാര്യവർത്തമാനം.

**Buz'zard** (-zĕrd), *n.* വെള്ളപ്പരുന്ത്, ശ്യേനൻ (*z.*); 2. മുട്ടാളൻ, പൊട്ടൻ, മന്ദബുദ്ധി.

**By,** *prep. & ad.* അടുക്കെ, അരികെ, സമീപത്ത്; 2. വഴിയായി, ഇൽകൂടി; 3. കടന്നു, ഇൽ; 4. ആൽ, ആയി, കൊണ്ട്; 5. വീതി, വണ്ണം; 6. അകലെ, ഇടത്തിൽ; 7. മുഖാന്തരം, മൂലം. **b. all means** എങ്ങിനെയെങ്കിലും, നിശ്ചയമായി, തീർച്ചയായി. **b. and b.** ക്രമേണ, അടുത്തടുത്ത്; ഉടനെ, വേഗം, ഏറെകഴിയും മുമ്പെ. **b. one's self** സ്വകാര്യം, തനിയെ. **b. the b., b. the way** പിന്നെ, വിശേഷിച്ച്. **day b. day** ദിനമ്പ്രതി, നാൾക്ക്നാൾ. **one b. one, piece b. piece** ഓരോന്നായി, ഒററയൊററയായി, വെവ്വേറെ. **to come b.** കിട്ടുക, കൈവശമാക. **to do b.** പെരുമാറുക, ആചരിക്കുക. **to set b.** വിലമതിക്കുക, ബഹുമാനിക്കുക. **to stand b.** തുണനില്ക്കുക. **b.-gone, b.-past** കഴിഞ്ഞത്. **b.-law** ഉപനിയമം. **b.-name** മറുനാമം, പരിഹാസപ്പേർ. **b.-path, b.-way** ഊട്വഴി. **b.-place, b.-room** സ്വകാര്യസ്ഥലം. **b. play** മദ്ധ്യെയുള്ള കളി. **b.-speech** ഇടമൊഴി. **b.-stander** കാണി, സാക്ഷി. **b.-street** ഇടവീഥി. **b.-view** സ്വാർത്ഥനോട്ടം. **b.-walk** സ്വകാര്യനടത്തം. **b.-word** ചൊല്ല്, പഴഞ്ചൊല്ല്, പരിഹാസം, നിന്ദ.

**Bye,** *n.* പരോക്ഷകാര്യം; 2. വാസസ്ഥലം, ഇരിപ്പിടം. **good-b.** സലാം, രാമരാമ, വരട്ടെ. **b. election** പ്രത്യേകതെരിഞ്ഞെടുപ്പ്.

# C

**C**, ഇംഗ്ലീഷ് ഭാഷയിലെ മൂന്നാമത്തെ അക്ഷരം. വ്യഞ്ജനം. പേര്: 'സി'. ഉച്ചാരണം: 'സ്', 'ക്', 'ശ്'.

**C**, *a.* നൂറു, ശതം, 100, ൱.

**Cab**, *n.* കൂലിക്ക് കൊടുക്കുന്ന വണ്ടി. **c. man** വണ്ടിക്കാരൻ.

**Ca-bal'**, *n.* ഗൂഢോപദേശം; 2. മർമ്മം; 3. ദുസ്സൂറ്; 4. ദുർമ്മന്ത്രണം. *v. t.* കൂട്ടുകെട്ടുണ്ടാക്കുക. **=la**, *n.* ഗൂഢജ്ഞാനം. **-ism**, *n.* ഗോപ്യാർത്ഥജ്ഞാനം; മൂഢവിശ്വാസം. **=list**, *n.* ഗോപ്യാർത്ഥജ്ഞൻ.

**Cab'bage**, *n.* മുട്ടഗോസ്സ് (*b.*); 2. തെങ്ങിന്റെ കരിമ്പ്. **c. head** പൊണ്ണൻ.

**Cab'in**, *n.* ചെറിയവീട്; 2. അറ; 3. കപ്പലറ, കാമറ. **=i-net**, *n.* കടിഞ്ഞിൽ; ഉള്ളറ; സ്വകാര്യമുറി; മന്ത്രിസഭ; അലമാരി, വലിപ്പ്പെട്ടി. **c.t council** മന്ത്രിസഭ, —സഭായോഗം. **c.t-maker** ശില്പാശാരി. **c.t work** ശില്പപ്പണി; ശില്പമായ മരസാമാനം.

**Cā'ble**, *n.* കമ്പ, നങ്കൂരച്ചങ്ങല; 2. കമ്പിക്കയർ; 3. കടൽക്കമ്പി. *v. t.* & *i.* കടൽക്കമ്പിവർത്തമാനം അയക്കുക. **-gram** കടൽക്കമ്പിവർത്തമാനം. **c.'s length** നൂററിരുപത് മാറ്. **to slip the c.** കമ്പ വിട്ടുപോക; മരിക്കുക.

**Ca-cā'ō**, *n.* കൊക്കൊ ചെടി (*b.*).

**Cach'et** (kash-ā), *n.* മുദ്ര, ചാപ്പ. **lettre de c.** രാജമുദ്രിതലേഖനം, തടവിൽപിടിപ്പാനുള്ള കല്പന.

**Cach-in-nā'tiŏn**, *n.* പൊട്ടിച്ചിരി, അട്ടഹാസം. [റങ്ങുക.

**Cack**, *v. i.* പുറായിക്കു പോക, കടവി

**Cac'kle**, *n.* കൊക്കിക്കൽ; 2. വായാട്ടം. *v. i.* പനട്ടുക; 2. പൊട്ടിച്ചിരിക്കുക; 3. സംസാരിച്ചു നേരം കളക. **=klĕr**, *n.* പനട്ടുന്ന കോഴി.

**Ca-cog'ra-phy**, *n.* ചീത്തക്കയ്യക്ഷരം.

**Cad**, *n.* തുക്കി, പെറുക്കി; 2. ധിക്കാരി.

**Ca-das'tre**, **=’tĕr**, *n.* നിലച്ചാർത്ത്, നിലം പൈമാശി. **=tral**, *a.* നിലംപറമ്പ് സംബന്ധിച്ച. **c.l survey** നിലമളവ്. **c.l map** പടം.

**Ca-dav'ĕr**, *n.* ശവം, പിണം. **-ŏus**, **-ic**, *a.* ശവപ്രായമായ, പ്രേതരൂപമുള്ള, വിളർത്ത, വിറങ്ങലിച്ച.

**Cāde**, *a.* മെരുക്കം ഉള്ള, ഇണക്കം—. *v. t.* തീററിപ്പോററുക; 2. ഇണക്കുക.

**Cā'dence**, *n.* വീഴ്ച, പതനം; 2. എടുപ്പും വെപ്പും, ഗണപ്പൊരുത്തം.

**Cā-det'**, *n.* അനുജൻ, ഇളയമകൻ; 2. ആയുധാഭ്യാസി, പട്ടാളഉദ്യോഗമേലാളൻ. [സർ.

**Caē'sar** (sē'zĕr), *n.* ചക്രവർത്തി, കൈ

**Ca'fe** (kaf'fā), *n.* കപ്പിപ്പീടിക.

**Cāge**, *n.* കൂട്, പഞ്ജരം; 2. തടവ്മുറി, കാരാഗൃഹം. **c. of a stair** പടിയറ. **c.-work** ക്രാസിപ്പണി, അന്താഴ—. [മ്പാരം.

**Cāirn**, *n.* പഴയകല്ലറ; 2. കൽക്കൂ

**Cāi'tiff**, *n.* തടവുകാരൻ; 2. അരിഷ്ടൻ; 3. നീചൻ, കശ്മലൻ.

**Ca-jōle'**, *v. t.* മുഖസ്തുതിപറഞ്ഞു ചതിക്കുക, മട്ടം കൂട്ടുക. **=lĕr**, *n.* മട്ടംകൂട്ടി. **-ment**, **=’lĕr-y**, *n.* മുഖസ്തുതി, പുന്നാരം.

**Cāke**, *n.* അപ്പം, അട, ദോശ; 2. പിണ്ഡം, കട്ട. **oil-c.** പിണ്ണാക്ക്. **to have one's c. dough** കാര്യംസാധിക്കാതെ പോക.

**Cal'a-bash**, *n.* ചുരവള്ളി (*b.*); 2. ചുരങ്ങ; 3. ചുരത്തൊണ്ട്, ചുരപ്പക്കുററി.

**Ca-lam'i-ty**, *n.* ആപത്ത്, കഷ്ടം, വിപത്ത്; 2. അരിഷ്ടസ്ഥിതി, കാലക്കേട്. **=i-tŏus**, *a.* ആപല്ക്കരമായ, അപകടം ഉള്ള, നിർഭാഗ്യം—.

**Cal'a-mus**, *n.* ചൂരൽ (*b.*); 2. തുവൽതണ്ട്, —കുഴൽ.

**Cal-cā're-ŏus**, *a.* ചുണ്ണാമ്പ് സംബന്ധമായ, ചുണ്ണാമ്പുള്ള.

**Cal'cīne,** *v. t.* പുടം വെക്കുക, ഭസ്മം—; 2. നീറുക. *v. i.* ഭസ്മമാക, നീറുക. **=ci-nā'tiŏn,** *n.* ഭസ്മീകരണം, പുടപാകം.

**Cal'ci-trant,** *a.* ചവിട്ടുന്ന; 2. ദുശ്ശാഠ്യമുള്ള.

**Cal'cū-lāte,** *v.t.* കണക്ക് കൂട്ടുക; 2. ഗണിക്കുക; 3. നിൎണ്ണയിക്കുക, രൂപിക്കുക; 4. ആലോചിക്കുക; 5. നിൎമ്മിക്കുക, രചിക്കുക. *v.i.* എണ്ണുക, കണക്കാക്കുക; 2. ഫലം പറക; 3. വിലമതിക്കുക. **=lā'-ting,** *a.* കണക്ക് കൂട്ടുന്ന; ഉപായം ആലോചിക്കുന്ന. **=lā'tiŏn,** *n.* ഗണനം, കണക്ക്, നിശ്ചയം, അനുമാനം; പ്രതീക്ഷ, വിചാരം.

**Cal'cū-lus,** *n.* കല്ലടപ്പ്, അശ്മരി (*med.*); 2. പ്രത്യേകഗണിതസൂത്രം (*math.*).

**Cal'dron,** *n.* ഉരുളി, കട്ടകം, വട്ടളം.

**Cal'ē-fȳ,** *v. t.* അനത്തുക; 2. ചൂടാക്കുക. *v.i.* തീക്കായുക, ചൂടാക. **=fac'tiŏn,** *n.* ചൂടുപിടിപ്പിക്കൽ; ഉഷ്ണം, അനല്പം.

**Cal'ends,** *n.* (*pl.*) ഒന്നാം തിയതി. **Greek c.** ഒരിക്കലും വരാത്തകാലം. **=en-dar** (-dĕr), *n.* പഞ്ചാംഗം, കാലവിവരം പട്ടിക.

**Cal'en-dĕr,** *v. t.* തുണി അച്ചിലിട്ടു മിനുസമാക്കുക. *n.* മുസല്മാനസന്യാസി; 2. തുണിഅച്ച്; 3. —മിനുസമാക്കുന്നവൻ.

**Cälf** (käf), *n.* കന്നുകുട്ടി, കടച്ചി; 2. എരുമക്കുട്ടി, ആന—, കാട്ടുമൃഗ—, കാട്ടി—, തിമിംഗല—; 3. കടച്ചിത്തോൽ; 4. വിഡ്ഢി; 5. ചെറുതുരുത്തി; 6. മീങ്കാൽ, വണ്ണ (*an.*).

**Cal'i-bĕr, =bre,** *n.* തോക്ക്കുഴലിന്റെ വായ്വട്ടം, —ഉൾവിസ്താരം; 2. ഉണ്ടയുടെ വണ്ണം; 3. തുണിന്റെ ചുററളവ്; 4. ബുദ്ധിശക്തി.

**Cal'i-cō,** *n.* വെള്ളത്തുണി, ചീട്ടി—.

**Cal-i-gā'tiŏn,** *n.* മങ്ങൽ, മൂടൽ.

**Ca-lig'ra-phy, cal-lig'ra-phy** (-fi), *n.* നല്ല കയ്യക്ഷരം, കയ്യക്ഷരവിദ്യ.

**Cal-is-then'ics,** *n.* വ്യായാമം, ലഘുദേഹാഭ്യാസം.

**Ca'lix,** *see* **Calyx.**

**Calk** (kak), *n.* ലാടമുക്ക്. *v.t.* ചാല കെട്ടുക, കത്രാണം വെക്കുക (*naut.*).

**Call,** *v.t.* വിളിക്കുക; 2. ക്ഷണിച്ചു വരുത്തുക; 3. യോഗംകൂട്ടുക, സഭ—, കൂട്ടിവരുത്തുക; 4. പേർ ഇടുക, —വിളിക്കുക; 5. വിചാരിക്കുക; 6. പറക; 7. (off) വിളിച്ചുപറക, ഹാജർവിളിക്കുക; 8. ഉറക്കുണൎത്തുക. **to c. a bond** ആധാരപ്രകാരം മുതൽ കൊടുക്കുമെന്ന് അറിവ് കൊടുക്കുക (*l.*). **to c. a party** കോടതിയിൽ ഹാജർവിളിക്കുക (*l.*). **to c. back** മടക്കി എടുക്കുക, ദുൎബ്ബലപ്പെടുത്തുക. **to c. down** പ്രാൎത്ഥിക്കുക. **to c. forth** ഉപയോഗിക്കുക, ഉദ്യോഗിപ്പിക്കുക. **to c. in** പിരിപ്പിക്കുക; ഉപയോഗം നിൎത്തുക; വിളിച്ചു വരുത്തുക. **to c. names** ചീത്തപറക, വാവിഷ്ഠാണം ചെയ്ക. **to c. off** ഉപേക്ഷിപ്പിക്കുക. **to c. out** ചേകത്തിന്നു വിളിക്കുക. **to c. over** ഓരോന്നോരോന്നായി ചൊല്ലുക. **to c. to account** സമാധാനം ചോദിക്കുക. **to c. to mind** ഓൎമ്മിക്കുക. **to c. to order** ക്രമക്കേട് കാണിക്കാതിരിപ്പാൻ ആവശ്യപ്പെടുക. **to c. to the bar** വക്കീലുദ്യോഗത്തിലാക്കുക. **to c. up** നിരൂപിക്കുക; വാദത്തിന്നു വെക്കുക. **c. to witness** സാക്ഷിയാക്കുക. *v. i.* വിളിച്ചുപറക; 2. ചോദിക്കുക, ആവശ്യപ്പെടുക; 3. ചെന്ന്കാണുക, വന്നു—; 4. ചെല്ലുവാൻ കല്പിക്കുക, ചെല്ലുക. **to c. for** ആവശ്യമായിരിക്കുക, വേണ്ടിവരിക; വരുത്തുക, ചോദിച്ചുവാങ്ങുക. **to c. on, to c. upon** കാണ്മാൻ ചെല്ലുക; ആവശ്യപ്പെടുക; പ്രാൎത്ഥിക്കുക. **to c. out** വിളിച്ചുപറക, കൂക്കുക. *n.* വിളി, ക്ഷണനം; 2. വിളിശബ്ദം, —അടയാളം; 3. ആവശ്യം, മുറ; 4. നിയോഗം; 5. ഉദ്യോഗം, വേല; 6. സന്ദൎശനം, അഭിഗമനം; 7. നികുതി, വരി; 8. ജോലി, തിരക്ക്. **at c., on c.** ചോദിക്കുമ്പോൾ. **c.-boy** വേലക്കാരൻ. **c. of the house** ആലോചനസഭക്കാരുടെ പേർവിളി, —അഭിപ്രായം അറിയൽ. **c. to the bar** വക്കീലുദ്യോഗപ്രവേശം. **-ing,** *n.* വിളി.

കല്പന; പ്രേരേപണം, നിയോഗം; പേർവിളി; ക്ഷണനം; നാമകരണം; പ്രവൃത്തി, ഉദ്യോഗം, വ്യാപാരം.

**Cal'lŏus**, *a.* മരവിച്ചു പോയ, കട്ടപ്പുമുള്ള; 2. കഠിനമായ, ദയയില്ലാത്ത. -ness, *n.* കല്ലിപ്പ്; കക്കശഗുണം, നിഷ്ഠുരത്വം.

**Cal'lōw**, *a.* തൂവലില്ലാത്ത, നഗ്നമായ; 2. പ്രായമെത്താത്ത, ചെറുക്കനായ.

**Cälm** (käm), *n.* അനക്കമില്ലായ്മ, ശാന്തത, സാവധാനം; 2. മനശ്ശാന്തി, പ്രസന്നത. *a.* നിശ്ചലമായ; 2. സമാധാനമുള്ള, മനഃക്ഷോഭമില്ലാത്ത. *v.t.* ശമിപ്പിക്കുക; 2. ആശ്വസിപ്പിക്കുക. -'ly, *ad.* കലക്കം കൂടാതെ, സാവധാനത്തോടെ. -'ness, *n.* ശാന്തത, സാവധാനം; വിശ്രമം, സ്വസ്ഥത. [(*ch.*).

**Cal'ō-mel**, *n.* രസഭസ്മം, —കപ്പൂരം

**Ca-lor'ic**, *n.* ഉഷ്മശക്തി, ഉഷ്ണം (*ph.*). cal-or-if'ic, *a.* താപകരം ആയ, ഉഷ്ണജനകം—.

**Ca-lotte'**, **ca-lōte'**, *n.* രോമപ്പാതിമാർ ഇടുന്ന തൊപ്പി. to assume the c. പാതിയായ്തീരുക.

**Ca-lum'ni-āte**, *v.t.* & *i.* ഏഷണി പറക, അപശ്രുതി പരത്തുക. =ni-ā'tiŏn, *n.* നുണ, കരള; ദോഷാരോപണം. =ni-ā'tŏr, *n.* ദൂഷകൻ, പൈശൂന്യശാലി. ='ni-ŏus, *a.* ദുഷ്ടവിചാരമുള്ള, അപകീത്തിപ്പെടുത്തുന്ന. cal'um-ny, *n.* ഏഷണി, അപവാദം.

**Cal'va-ry**, *n.* തലയോടിടം, ഗൊല്ഗൊഥാകുന്ന്, യേശു ക്രൂശിൽ യാഗമായി മരിച്ചസ്ഥലം (*Bl.*). [ക.

**Cälve** (käv), *v.t.* (പശു etc.) പെറു

**Calx**, *n.* കമ്മായം, ചുണ്ണാമ്പ്, നൂറ്; 2. ചൂണ്ണം, ഭസ്മം.

**Cā'lyx**, *n.* മൊത്തി, പുഷ്പഗർഭം, ബീജകോശം (*b.*). [ദുകൂലം.

**Cām'bric**, *n.* നല്ല ചണത്തുണി; 2.

**Cāme**, *p.t. of* **Come**.

**Cam'el**, *n.* ഒട്ടകം, ഉഷ്ട്രം (*z.*). c.-[b]ird ഒട്ടകപ്പക്ഷി (*z.*). c.'s thorn മന്നച്ചെടി (*b.*). c. backed കൂനുള്ള. -ō-pard ഒട്ടകമാൻ, —പ്പുള്ളി—, കലിർ— (*z.*).

**Ca-mē'le-on**, *see* Chameleon.

**Cam'er-a**, *n.* അറ, മുറി. c. obscura ഛായലേഖനപ്പെട്ടകം. in c. സ്വകാര്യവിചാരണ (*l.*).

**Camp**, *n.* പാളയം; 2. തെരു, പാപ്പിടം, തമ്പ്; 3. പാളയക്കാർ. c.-cot മടക്ക് കട്ടിൽ. c.-chair, c. stool —കസേല. c.-fever പകച്ചപ്പനി. c.-follower പാളയവേലക്കാരൻ. c. meeting വെളിമ്പറമ്പിൽവെച്ചുള്ള ദൈവാരാധന. flying c. തീവ്രപ്പട്ടാളം. to pitch a c. കൂടാരമടിക്കുക, പാളയം ഇറങ്ങുക. to strike c. തമ്പഴിക്കുക, പാളയം പുറപ്പെടുക.

**Cam-pāign'** (-pān'), *n.* മൈതാനം; 2. പോർക്കളം; 3. യുദ്ധകാലം; 4. യുദ്ധം; 5. തെരിഞ്ഞെടുപ്പ് കാര്യം.

**Cam'phor**, *n.* കപ്പൂരം (*ch.*). c. tree കപ്പൂരച്ചെടി (*b.*). c. oil കപ്പൂരത്തൈലം. Malay c., c. of Borneo പച്ചക്കപ്പൂരം.

I. **Can**, *n.* പാനപാത്രം, കുടം; 2. പെട്ടി, അളു. *v.t.* തകരപാത്രങ്ങളിൽ ആക്കിവെക്കുക. -'ned goods തകരപാത്രങ്ങളിൽ ഇട്ടുവെച്ച മാംസം പഴം etc. -'is-tĕr, *n.* പെട്ടി, അളു.

II. **Can**, *v.i. ir.* (could, could, *pr.* kud) കഴിയുക, കൂടുക, പ്രാപ്തനായിരിക്കുക, ശക്തിയുണ്ടാക, സാധിക്കുക, നിവൃത്തിയാക, ആകുക, പാടുണ്ടാക, നിർവ്വാഹമുണ്ടാക. c.-not but ചെയ്യാതെ നിവൃത്തിയില്ല, ചെയ്യാതിരിപ്പാൻ കഴിവില്ല.

**Ca-nal'**, *n.* തോട്, ചാൽ, ഓവ്. c. lock ചീപ്പ്, മഞ്ച. [പച്ചക്കളവ്.

**Can'ard**, *n.* കള്ളവൎത്തമാനം, വെടി,

**Can'cel**, *v.t.* ചുറവും അഴിയിടുക; 2. അഴിക്കു പുറത്താക്കുക; 3. കിറുക്കുക, കുത്തിക്കളക, മാച്ചു—; 4. ദുബ്ബലപ്പെടുത്തുക, വിലങ്ങുക, നശിപ്പിച്ചുകളക. -lā'tiŏn, *n.* നീക്കം, തടയൽ; ദുബ്ബലപ്പെടുത്തൽ.

**Can'cĕr,** *n.* ഞണ്ട്, കൎക്കടം (*z.*); 2. കൎക്കിടകരാശി (*astr.*); 3. അൎബ്ബുദം, കവിൽ അരചി, —വാപ്പ് (*med.*). **-āte,** *v. i.* വ്രണപ്പെടുക.

**Can'did,** *a.* വെള്ള; 2. നിഷ്കൃഷ്ടം ആയ, നിഷ്കപടം—, പരമാൎത്ഥമുള്ള. **=di-dāte,** *n.* ഉദ്യോഗാൎത്ഥി, സ്ഥാനാൎത്ഥി, ബഹുമാനാൎത്ഥി; പരീക്ഷാൎത്ഥി; ഉമേദാരൻ.

**Can'dle,** *n.* മെഴുകുതിരി, കോത്തിരി; 2. ജ്യോതിൎഗ്ഗോളം. **c.-holder** വിളക്ക് കാട്ടി, സഹായി. **not worth the c.** അദ്ധ്വാനത്തിന്നുമാത്രം ഫലമില്ലാത്ത. **c.-stick** മെഴുത്തിരിക്കാൽ, വിളക്ക് തണ്ട്.

**Can'dŏur,** **=dŏr,** *n.* വെണ്മ, ശുദ്ധി; 2. പരമാൎത്ഥം, നിഷ്കൃഷ്ടം, നിൎമ്മായം.

**Can'dy,** *n.* കല്ക്കണ്ടം; 2. മിട്ടായി; 3. കണ്ടി, ഭാരം, ഇരുപത് തുലാം. *v.t.* പഞ്ചസാരക്കട്ടിയിൽ ഇട്ട് സൂക്ഷിക്കുക. *v.i.* കല്ക്കണ്ടി വിളയുക.

**Cāne,** *n.* ചൂരൽ, മുള, ഓട, വേഴം; 2. കരിമ്പ്; 3. വടി. *v.t.* ചൂരൽകൊണ്ട് അടിക്കുക; 2. —ഇടുക, —മെടയുക. **c. mill** കരിമ്പ് ചക്ക്.

**Ca-nīne', ca-nī'nal,** *a.* ശുനകവൎഗ്ഗത്തിൽപെട്ട. **c. appetite** പെരുന്തീററി. **c. madness** ജലഭയം, പേനായിവിഷം. **c. tooth** കലപ്പല്ല്, കൃഞ്ചൻപല്ല്, കൃന്മൻ—.

**Cań'kĕr,** *n.* വ്രണം, പുണ്ണ് (*med.*); 2. അൎബ്ബുദം; 3. വിഷം, പുഴ, പുഴക്കുത്ത്; 4. കതിരക്കുളമ്പ് വ്യാധി; 5. കാട്ടുപനിനീർ ചെടി (*b.*). *v. t.* പുണ്ണാക്കുക, പുഴതിന്നുക; 2. കേട് വരുത്തുക, അശുദ്ധമാക്കുക. *v. i.* ദ്രവിച്ചു പോക, അഴുകി—; 2. വിഷമുണ്ടാക; പൂതലിക്കുക. **=kĕred,** *a.* വ്രണപ്പെട്ട; അസൂയ ഉള്ള. **-y,** *a.* പുണ്ണ്—; ദുസ്സ്വഭാവം—. **-ŏus,** *a.* അഴുകുന്ന, തിന്നുകളയുന്ന.

**Can'ni-bal,** *n.* ആളെത്തിന്നി, നരഭോജി, മാനുഷ—; 2. സ്വജാതിമാംസഗ്രാസജന്തു. **-ism,** *n.* മനുഷ്യമാംസഭോജനം; ക്രൂരത, മ്ലേച്ഛത, രാക്ഷസ ഭാവം.

**Can'non,** *n.* പീരങ്കിത്തോക്ക്, വലിയതോക്ക്, കാളം—. **-āde,** *n.* പീരങ്കിവെടി, —പട; ഭയങ്കരമായ മുഴക്കം. **-iēr, -ēr,** *n.* പീരങ്കിപ്പടയാളി. *v. t.* & *i.* പീരങ്കിവെടി വെക്കുക, വെടിവെച്ചു നശിപ്പിക്കുക.

**Can'ny, can'nie,** *a.* ഉപായം ഉള്ള; 2. സാമൎത്ഥ്യം—; 3. സൂക്ഷ്മം—; 4. സൌമ്യമായ; 5. മന്ത്രശക്തിഉള്ള. **no c.** നിൎഭാഗ്യം—, ദുൎഘപ്പിഴ—.

**Ca-nöe'** (-nụ') *n.* ഒരുവക തോണി.

**Can'on,** *n.* നിയമം, 'കാനൂൽ'; 2. വിശ്വാസപ്രമാണം; 3. സഭാചട്ടം; 4. സത്യവേദസംഹിത, —പുസ്തകം; 5. ബോധകശ്രേഷ്ഠൻ. **-i-cal,** *a.* തീൎച്ചപ്പെട്ട, പ്രാമാണ്യമായ. **c.l books** സത്യവേദപുസ്തകം. **c.l sins** വിഗ്രഹാരാധനമുതലായ മഹാപാപങ്ങൾ. **-i-cals,** *n.* (*pl.*) ബോധകചമയം. **-ist,** *n.* സഭാധൎമ്മശാസ്ത്രി. **-īse,** *v. t.* പുണ്യവാളനാക്കിത്തീൎക്കുക. **-i-sā'tiŏn,** *n.* പുണ്യവാളനാക്കൽ, പുണ്യവാളസ്ഥാനം. **-ry, -ship,** *n.* ബോധകോദ്യോഗം.

**Can'ō-py,** *n.* മേലാപ്പ്, വിതാനം, മേക്കട്ടി. **c. of heaven** അംബരം, ആകാശമണ്ഡലം.

**Ca-nō'rŏus,** *a.* മേളമൊത്ത, മധുസ്വരമുള്ള.

**Cant,** *n.* മാടം, മൂല; 2. കോൺ; 3. ചരിവ്; 4. തട്ട്, ചവിട്ട്; 5. നാട്യസ്വരം; 6. ഗ്രാമ്യം; 7. വാഗ്ഭക്തി, കപട—; 8. സ്വകായ്യഭാഷ; 9. പട്ടു—, അപ—; 10. ലേലം. *v. t.* ചായിക്കുക; 2. പട്ടുഭാഷ സംസാരിക്കുക; 3. നാട്യസ്വരത്തിൽ—; 4. ഭക്തിഭാവം നടിക്കുക; 5. വിദ്യാനാട്യം കാണിക്കുക.

**Can-tēen',** *n.* പടയാളികളുടെ ജലപാത്രം, പാളയത്തിലെ മദ്യവിക്രയസ്ഥലം.

**Can'tĕr,** *n.* കതിരച്ചന്തം; 2. യാചകൻ; 3. കപടഭക്തൻ. *v. t.* & *i.* കതിരയെ വേഗം നടത്തുക, സവാരിചെയ്ക.

**Can'thus,** *n.* അപാംഗം, കണ്മൂല.

**Can'ti-cle,** *n.* ചെറുപാട്ട്, ദൈവസ്തുതി—; 2. (*pl.*) അത്യുത്തമഗീതപുസ്തകം (*Bl.*); 3. സങ്കീൎത്തനം (*Chr.*).

**Can'tle, Cant'let,** *n.* അംശം, ഭാഗം.

**Can'tō,** *n.* പൎവ്വം, അദ്ധ്യായം, പുസ്തകം.

**Can'ton,** *n.* അംശം, മുറി (*S.*); 2. വംശം, സമുദായം; 3. പ്രദേശം, താലൂക്ക്. **-ment,** *n.* സൈന്യവാസനഗരം, പട്ടാളസ്ഥാനം.

**Can'vas,** *n.* തടിച്ചശീല, രട്ട്, കിത്താൻ; 2. ചിത്രത്തയ്യലിന്നുള്ള അടച്ചിപ്പാരത്തുണി, വല—; 3. ചിത്രലേഖന—; 4. കപ്പല്പായി; 5. തമ്പ്; 6. ചിത്രം. *a.* തടിച്ചതുണികൊണ്ടുണ്ടാക്കിയ.

**Can'vass,** *n.* സൂക്ഷ്മ പരിശോധന; 2. തൎക്കം, വാദം; 3. അന്വേഷണം; 4. ചീട്ട് കിട്ടുവാനുള്ള പരിശ്രമം. *v. t. & i.* ആരാഞ്ഞ് നോക്കുക; 2. വാദിക്കുക, ആലോചിക്കുക; 3. (for) കിട്ടുവാൻ പരിശ്രമിക്കുക, തേടുക, യാചിക്കുക.

**Caout'chouc** (ku'chuk), *n.* ഒരു വിധം മരപ്പശ, 'റബ്ബർ'.

**Cap,** *n.* തൊപ്പി, സ്ഥാനത്തൊപ്പി; 2. മുകൾഭാഗം; 3. തലവൻ; 4. വണക്കം, വന്ദനം; 5. പലതരം കടലാസ്സ്; 6. പോതിക, തലപ്പലക; 7. (തോക്കിന്റെ) തീത്തൊപ്പി, 'കേപ്'. **c. in hand** വണക്കത്തോടെ. **to set one's c.** വിസ്മിതം പ്രവൃത്തിക്കുക. **to set one's c. for** വിവാഹാൎത്ഥം ശ്രമിക്കുക. *v. t.* തൊപ്പി ഇടുക, മൂടി—; 2. തികെക്കുക; 3. വന്ദിക്കുക; 4. യോജിപ്പാക്കുക; 5. എതിൎത്തു നില്ക്കുക; 6. സമസ്യ പൂൎത്തിയാക്കുക.

**Cā'pa-ble,** *a.* പോരുന്ന, പ്രാപ്തിയുള്ള; 2. പാത്രമായ; 3. സാമൎത്ഥ്യമുള്ള. **=bil'i-ty,** *n.* ശേഷി, കഴിവ്; ബുദ്ധിശക്തി; യോഗ്യത.

**Ca-pac'i-ty,** *n.* കോൾ, അടക്കം; 2. വിസ്തീൎണ്ണത, ഇടം; 3. ഗ്രഹണശക്തി; 4. ത്രാണി, പ്രാപ്തി, യോഗ്യത; 5. നില, അവസ്ഥ, ഉദ്യോഗം, പദവി. **=ciŏus** (-shus), *a.* വിസ്താരംആയ, വലിപ്പം ഉള്ള, ഇടം—; ബുദ്ധിവിവേകം—, കാൎയ്യബോധം—. **=ciŏus-ness,** *n.* വിശാലത; സാമൎത്ഥ്യം. **=ci-tāte,** *v. t.* യോഗ്യമാക്കുക, ശേഷിയാക്കുക, പാത്രമാക്കുക.

**Cap'a-pē, cap'a-piē,** *ad.* അടിതൊട്ട് മുടിയോളം, നഖശിഖാന്തം, സൎവ്വാംഗം.

**Ca-par'i-sŏn,** *n.* കുതിരക്കോപ്പ്, അശ്വാലങ്കാരം; 2. മോടിവസ്ത്രം. *v. t.* കുതിരക്ക് കോപ്പിടുക; 2. ചമയുക.

**Cāpe,** *n.* മുന, മുനമ്പ് (*geog.*); 2. ഉടൽമറ.

**Cā'pĕr,** *n.* ചാട്ടം, തുള്ളിക്കളി, നൃത്തം. **to cut a c.** തുള്ളിക്കളിക്കുക. *v. t.* ചാട്ടുക, ആട്ടുക; 2. നൃത്തം ചെയ്യുക.

**Cap'il-lar-y,** *n.* കേശസുഷിരം; 2. കേശാകാരതന്തു, —നാഡി, സൂക്ഷ്മരക്തവാഹിനി (*an.*). *a.* മുടിനാർ പോലെയുള്ള, സൂക്ഷ്മമായ, സുഷിരമുള്ള. **c. attraction** കേശാകൎഷണം (*ph.*).

**Cap'i-tal,** *n.* രാജധാനി, പ്രധാനനഗരം, ആസ്ഥാന—, മൂലസ്ഥാനം; 2. മുതൽ, മൂലധനം; 3. വലിയ അക്ഷരം (*gr.*); 4. പോതിക, സ്തംഭാഗ്രം; 5. അനുകൂലകാൎയ്യം; 6. അദ്ധ്യായം. **to live on one's c.** മുതൽതിന്നുതീൎക്കുക. *a.* തലക്കുള്ള; 2. മരണയോഗ്യമായ. **c. punishment** മരണശിക്ഷ; 3. പ്രധാനം ആയ, വിശേഷം—. **-ist,** *n.* മുതലാളി, ധനികൻ. **-ly,** *ad.* മുഖ്യം ആയി, വിശേഷം—, ഉത്തമം—; പ്രാണച്ഛേദം—. **-ness,** *n.* വൈശിഷ്ട്യം, പ്രാധാന്യം. **-līse,** *v. t.* മൂലധനമാക്കിത്തീൎക്കുക.

**Cap'i-tol,** *n.* ആലോചനമണ്ഡപം.

**Cap-i-tā'tiŏn,** *n.* ആളെയെണ്ണൽ, കാനെഴുമാരി; 2. തലവരി.

**Ca-pit'ū-lāte,** *v. t.* സന്ധിക്കുക, നിരന്നുവരിക; 2. സന്ധിനിൎണ്ണയത്തിന്മേൽ ഏല്പിച്ചു കൊടുക്കുക, ഒഴിഞ്ഞു—. **=lā'tiŏn,** *n.* അദ്ധ്യായസംഗ്രഹം; സന്ധിനിൎണ്ണയം; ഏല്പിച്ചുകൊടുക്കൽ.

**Cā'pon,** *n.* തടിപ്പിച്ച പൂവൻകോഴി.

**Ca-prīce',** *n.* ക്ഷണികമനോവികാരം, തോന്നൽ, ചാപല്യം. **=prici'ŏus** (-prish'us), *a.* താന്തോന്നിത്വം ഉള്ള, നാഴികക്ക് നാല് ബുദ്ധി—, ചഞ്ചലഭാവം—.

**Cap'ri-corn** (-karn), *n.* മകരം, മകരരാശി (*astr.*).

**Cap'si-cum,** *n.* മുളക്, പറങ്കിമുളക്, കപ്പൽ— (*b.*).

**Cap-sīze',** *v. t.* മറിക്കുക, കമിഴ്ത്തുക; *v. i.* മറിഞ്ഞുപോക, കമ്പിട്ടു—.

**Cap'sūle,** *n.* ഔഷധം ഭസ്മംവെക്കുന്ന പാത്രം (*ch.*); 2. ബീജകോശം, തോട് (*b.*); 3. അടപ്പ്മൂടി.

**Cap'tāin,** *n.* പടനായകൻ, ശതാധിപൻ (*mil.*); 2. കപ്പൽപ്രമാണി, നൌപതി, 'കപ്പിത്താൻ', മാലുമി (*naut.*); 3. തലവൻ. **-ship,** *n.* യുദ്ധാഭ്യാസം.

**Cap-tā'tiŏn,** *n.* ജനരഞ്ജനകാംക്ഷ; 2. മനോഹരത്വം.

**Cap'tiŏn,** *n.* ദുരാക്ഷേപം, കയ്യുക്തി; 2. പിടിത്തം, തടവ്; 3. അദ്ധ്യായതലവാചകം. **='tiŏus** (-shŭs), *a.* തെററ്പിടിക്കുന്ന, കട്ടുക്ക്ഉള്ള; വിവാദശീലം—, പ്രസാദിപ്പിപ്പാൻ പ്രയാസം—. **='tiŏus-ly,** *ad.* ഉപദ്രവകരമായി. **='tiŏus-ness,** *n.* ആക്ഷേപശീലം.

**Cap'tūre,** *n.* പിടിത്തം, അധീനമാക്കൽ, അപഹാരം; 2. മനോരഥപ്രാപ്തി; 3. പ്രാപ്തവസ്തു, കവർച്ച. *v. t.* പിടിക്കുക, വശം ആക്കുക, കരസ്ഥം—. **='tor,** *n.* പിടിക്കുന്നവൻ, ബദ്ധനാക്കുന്നവൻ. **='ti-vāte,** *v. t.* ബദ്ധനാക്കുക, സ്വാധീനം—; പാട്ടിൽ—, മോഹിപ്പിക്കുക. **=ti-vā'tiŏn,** *n.* ബന്ധനം; അടിമപ്പെടുത്തൽ; വശീകരണം. **=tive,** *n.* യുദ്ധബദ്ധൻ; വശീകൃതൻ, മനോഹൃതൻ. **=tiv'i-ty,** *n.* ബന്ധനം, അടിമപ്പാട്, പ്രവാസം.

**Ca'pụt,** *n.* തല; 2. ശ്രേഷ്ഠഭാഗം.

**Cär,** *n.* വണ്ടി, തേർ, തീവണ്ടി. **c. of a balloon** പെട്ടകം, തൊട്ടിൽ.

**Cär'a-bīne, cär'bīne,** *n.* ചെറുതോക്ക്. **=bin-ēer',** *n.* കുതിരപ്പടയാളി.

**Car'a-cōle,** *n.* വളഞ്ഞു പുളഞ്ഞു കയറുന്ന കോവണി.

**Car'at,** *n.* രത്നത്തൂക്കം; 2. പൊന്ന് മാററ്, (ശുദ്ധസ്വർണ്ണം 24 മാററ്).

**Car'a-van,** *n.* യാത്രക്കൂട്ടം, സഞ്ചാരക്കാർ. **-sar-y,** *n.* സത്രം, വഴിയമ്പലം.

**Car'a-wāy-sēed,** *n.* പെരിഞ്ചീരകം.

**Cär'bon,** *n.* കരി, അംഗാരം (*ch.*). **=bō-nā'ceŏus,** *a.* അംഗാരക സംബന്ധമുള്ള,— സംയുക്തമായ. **=nāte,** *n.* അംഗാരാമ്ലലവണം (*ch.*). **=nif'ĕr-ŏus,** *a.* അംഗാരകസംയുക്തം ആയ, അംഗാരജം—. **-i-zā'tiŏn,** *n.* കരിക്കൽ, ദഹനം. **-ic acid** അംഗാരാമ്ലം, അംഗാരാമ്ലവായു (*ch.*). **-āde,** *n.* കൃഷ്ണവജ്രരത്നം (*min.*).

**Cär'buṅ-cle,** *n.* മാണിക്യം, പുഷ്യരാഗം, പുഷ്പ— (*min.*); 2. രാജകുരു, പ്രമേഹക്കുരു (*med.*).

**Cär'cass,** *n.* ശവം; 2. മൃഗശവം; 3. ദേഹം; 4. ശേഷിപ്പ്.

**Cärd,** *n.* തടിച്ചകടലാസ്സ്; 2. ചീട്ട്, നറുക്ക്; 3. പരസ്യം. **c. board** പലകക്കടലാസ്സ്. **on the c.s** സംഭവ്യമായത്, നിശ്ചയമായത്. **playing c.s** കളിക്കുന്നകത്ത്, —ചീട്ട്. **visiting c.** നാമപത്രം, പേർനറുക്ക്. *v. t.* ചണം ചീവുക. **to have the c.s in one's own hands** സാദ്ധ്യോപായം കൈവശമുണ്ടാക. **to play one's c.s well** യുക്തിയോടെ പ്രവൃത്തിക്കുക. **to show one's c.s** കള്ളിപുറത്താക്കുക. **to speak by the c.** നിശ്ചയത്തോടെ പറക.

**Cär'da-mom,** *n.* ഏലം (*b.*). **c. seed** ഏലത്തരി (*b.*).

**Cär'di-a,** *n.* ഹൃദയം (*an.*); 2. ആമാശയാഗ്രം (*an.*). **=ac,** *a.* ഹൃദയസംബന്ധമായ, ഹൃദയത്തിന്നടുത്ത, രക്താഭിസരണവർദ്ധകമായ.

**Cär'di-nal,** *a.* പ്രധാനം ആയ, ശ്രേഷ്ഠം—, വിശിഷ്ടം—. **c. numbers** സംഖ്യ, ഒന്ന് രണ്ട് മുതലായ എണ്ണം (*ar.*). **c. points** ചതുർദിക്ക്. **c. virtues** വിവേകം ന്യായം മിതം ധൈര്യം ഈ വിശിഷ്ടഗുണങ്ങൾ. *n.* പാപ്പാവിന്റെ മന്ത്രിസഭാംഗം; പാപ്പാവിനെ കഴിച്ചാൽ രോമസഭയിലെ വലിയസ്ഥാനി, അദ്ധ്യക്ഷപ്രവരൻ (*R. C.*). **c. red** നല്ല ചുവപ്പ് നിറം.

**Cāre,** *n.* ഉത്തരവാദബോധം, ചിന്താകുലം; 2. നോട്ടം, പരിപാലനം, മേൽവിചാരം; 3. ശ്രദ്ധ, സൂക്ഷ്മം. *v. i.* വി

ചാരപ്പെടുക, പ്രിയം ഭാവിക്കുക. take c. of രക്ഷിക്കുക. take c. സൂക്ഷിക്കുക. c. for വിചാരപ്പെടുക, പ്രിയപ്പെടുക, വിലവെക്കുക. c. worn ചിന്താകുലമുള്ള. -'ful, *a.* ചിന്തഉള്ള, വിചാരം—; ഭാരം—, ജാഗ്രതവേണ്ടുന്ന; സൂക്ഷ്മം ഉള്ള, ശ്രദ്ധ—. be c.! ചരതിച്ചൊ. -'ful-ly, *ad.* ജാഗ്രതയോടെ. -'ful-ness, *n.* സൂക്ഷ്മം, ചരതം. -'less, *a.* ചിന്താകുലം ഇല്ലാത്ത; ശ്രദ്ധ—, ജാഗ്രത—, ചരതംകെട്ട; ആദരമററ; നിൎവ്വിചാരഭാവം ഉള്ള, ബദ്ധപ്പാട്—; അനാസ്ഥമായ, നോട്ടമില്ലാത്ത. -'less-ness, *n.* സൂക്ഷ്മക്കേട്, ഉപേക്ഷ.

Ca-rēer', *n.* ഓട്ടക്കളം; 2. ഓടിയ ദൂരം; 3. ഓട്ടം, ശീഘ്രത; 4. പ്രവൃത്തി, നടപ്പ്, ജീവാവസ്ഥ. *v.i.* ത്വരിതമായി ഓടുക.

Că-ress', *n.* ലാളനം, താലോലം; 2. ആലിംഗനം. *v.t.* തൊട്ട് തടവുക; തലോടുക, പുല്കുക.

Că'ret, *n.* വിഴുക്കുറി, ചേൎപ്പ്—, (‸) എന്ന അടയാളം. [(*naut.*).

Cär'gō, *n.* ഉരുച്ചരക്ക്; 2. കേവ്

Car'i-că-tūre, *n.* വികൃതരൂപം, ഹാസ്യചിത്രം, —വൎണ്ണനം.

Că'ri-ĕs, *n.* എല്ലുതിൎച്ച രോഗം (*med.*). ='ri-ŏus, *a.* ദ്രവിച്ച, പുഴുത്തിന്ന.

Cark, *n.* വേവലാധി, ചിന്താകുലം. *v.t.* & *i.* വിചാരപ്പെടുക, ആധിപൂണ്ടിരിക്കുക.

Cärl, cärle, *n.* തറക്കാരൻ, ലോക്യമില്ലാത്തവൻ. [വൎണ്ണം.

Cär'mīne, *n.* കടുഞ്ചുവപ്പ്, അരുണ

Cär-min'a-tive, *a.* വായുനാശകം (*med.*).

Cär'nāġe, *n.* ശവം, പിണം; 2. സംഹാരം, അറുകല, പെരുങ്കല, നാശം.

Cär'nal, *a.* ജഡമയമായ, വിഷയസക്തിഉള്ള, കാമവികാരം—; 2. ലൌകികം ആയ; 3. മാംസളക്ക്—, ക്രൂരതയുള്ള. c. knowledge ഭോഗം. -i-ty, *n.* ദുൎമ്മോഹം, ജഡഭാവം. -ly, *ad.* ജഡികമായി, ദുൎമ്മോഹാത്മം.

Cär-nā'tiŏn, *n.* മാംസവൎണ്ണം.

Cär'ni-val, *n.* സന്തോഷകോലാഹലം, കളിതമാശ.

Cär-niv'ō-ra, *n.* (*pl.*) മാംസഗ്രാസമൃഗങ്ങൾ. =ō-rŏus, *a.* ശവം തിന്നുന്ന, മാംസഭക്ഷണമായുള്ള; 2. മാംസനാശകമായ. -'nos-i-ty, *n.* പാലുണ്ണി, അരിമ്പാറ.

Car'ol, *n.* പാട്ട്, സ്തോത്രഗീതം, വാദ്യഘോഷം. *v.t.* & *i.* സ്തുതിക്കുക; 2. പാടിസന്തോഷിക്കുക.

Ca-rouṣe', *n.* മദ്യപാന കോലാഹലം. *v.t.* & *i.* കുടിച്ചുമദിക്കുക. -rou-ṣal, *n.* മദ്യപാനോത്സവം.

Cärp, *v.t.* & *i.* ജല്പിക്കുക; 2. (at) തെററ് പിടിക്കുക, കുററം പറക. -ĕr, *n.* ആക്ഷേപകൻ.

Cär'pen-tĕr, *n.* കമ്മാളൻ, ആശാരി, തച്ചൻ. =try, *n.* ആശാരിപ്പണി, തച്ച്ശാസ്ത്രം; തച്ച്; മരപ്പണി.

Cär'pet, *n.* പരവതാനി, രത്നകമ്പിളി. c.-knight സുഖപ്രിയൻ, ഭീരു. be on the c. ആലോചിച്ചുവരിക, കാണാക. c.-bag യാത്രസഞ്ചി. c.-monger ചിത്രപടവ്യാപാരി; സുഖിയൻ, കാമുകൻ. *v.t.* കമ്പിളിവിരിക്കുക. [(*an.*).

Cär'pus, *n.* മണിക്കണ്ടം, —ബന്ധം

Car'ri-on, *n.* ചീഞ്ഞുനാറുന്ന മൃഗശവം; 2. നിസ്സാരൻ.

Car'rot, *n.* ഒരുവക കിഴങ്ങ് (*b.*).

Car'ry, *v.t.* ചുമന്നുകൊണ്ടുപോക, എടുത്ത്—, വഹിക്കുക; 2. പേറിക്കൊണ്ട് നടക്കുക, ഗൎഭിണിയായിരിക്കുക; 3. കടത്തുക, കൂട്ടിക്കൊണ്ടുപോക, പിടിച്ചുകൊണ്ടു—; 4. കൂട—; 5. മാററിവെക്കുക, പകൎക്കുക, ചേൎക്കുക; 6. നീട്ടുക; 7. ജയിക്കുക, പ്രാപിക്കുക; 8. ബലമായി കൈവശമാക്കുക; 9. ഉണ്ടാക, കാണിക്കുക; 10. (reflex) നടക്കുക, പെരുമാറുക. to c. all before one തടസ്ഥമൊക്കയും ജയിക്കുക. to c. arms പടച്ചേകം ചെയ്ക. to c. away പോയ്പോക (*naut.*); തോല്പിക്കുക, വശീകരിക്കുക, തെററിച്ചുകളക. to c. coals മി

ങ്ങാതെ അപമാനം സഹിക്കുക. to c. coals to Newcastle പടന്നക്ക് ഉപ്പ് കെട്ടുക. to c. off കൊണ്ടുപൊയ്ക്കളക; വിട്ടുത്തികൊണ്ടുപോക; മരണകാരണമായ്തീരുക. to c. on വദ്ധിപ്പിക്കുക, നടത്തുക. to c. out പുറത്ത് കൊണ്ടുപോക; ചെയ്യുക, നിർവ്വഹിക്കുക; സാധിപ്പിക്കുക. to c. through നടുവിൽ കൂടി കൊണ്ടുപോക; ഒടുക്കത്തോളം തുണക്കുക; തികെക്കുക. to c. up കയററുക, പണിയുക. to c. weight ചുമടെടുക്കുക; വിഖ്യപ്പെടുക; പ്രബലമായിരിക്കുക. to c. all ഒരുവക വണ്ടി. to c. tale ഏഷണിക്കാരൻ. *v. i.* കെട്ടെടുക്കുക; 2. പ്രക്ഷേപണശക്തിയോടു കൂടിയിരിക്കുക; 3. തലപൊന്തിച്ചോടുക. to c. on മുരട്ടുഭാവം കാണിക്കുക. **car'riage** (kar'ij), *n.* ചുമട്; കടത്തൽ; കടത്ത്കൂലി; വാഹനം, വണ്ടി; നടപ്പ്, ഭാവം, പെരുമാററം; അനുഷ്ഠാനം. c.e horse വണ്ടിക്കുതിര. **car'ri-ĕr**, *n.* ദൂതൻ; കെട്ടുകാരൻ. c.r-pigeon അഞ്ചൽപ്രാവ്, letter-c.r അഞ്ചല്ക്കാരൻ. -ry-ing, *n.* കടത്ത് പ്രവൃത്തി, ചുമട് കെട്ടൽ.

**Cărt**, *n.* ചുമട്ട് വണ്ടി, കൂലി—, കട്ട—. c.-wright വണ്ടികൂട്ടുന്നവൻ. c.-load ഒരു വണ്ടിക്ക് കയറുന്ന ചരക്ക്. to put, get, *or* set the c. before the horse ആദ്യം പറയേണ്ടത് വഴിയെ പറക. -āġe, *n.* വണ്ടിയിൽ കയററികൊണ്ട് പോകൽ; വണ്ടിക്കൂലി. *v. t.* വണ്ടിയിൽ കയററി കൊണ്ടുപോക. *v. i.* വണ്ടിപ്പണി ചെയ്യു.

*Cărte'blanche* (-blansh), *n.* ഒപ്പ് മാത്രം ഇട്ട വെറും കടലാസ്സ്, അലേഖപത്രം; 2. നിഷ്പക്ഷാത്മനിശ്ചയം; 3. അതിരില്ലാത്ത അധികാരം.

*Carte'de-vi-site*, നാമധേയപത്രം, പേർനറുക്ക്; 2. ചെറിയഛായാപടം.

**Căr'tel**, *n.* യുദ്ധബദ്ധരെ വിട്ടുകൊടുപ്പാനുള്ള ഉടമ്പടി (*mil.*); 2. ദ്വന്ദ്വയുദ്ധക്ഷണനം. c.-ship സന്ധിക്കപ്പൽ.

**Căr'til-āġe**, *n.* ഉപാസ്ഥി, കുച്ഛം (*an.*). =ti-laġ-i-nŏus, =ġi-nŏus, *a.* ഉപാസ്ഥിസംബന്ധമായ.

**Căr'ton**, *n.* തടിച്ച കടലാസ്സ്.

**Căr-toon'**, *n.* ചിത്രമാതൃക; 2. ചിത്രം; 3. പരിഹാസരൂപം.

**Căr-touch** (-tush'), **căr'tridge** (-trij), *n.* വെടിത്തിര; 2. കാരാപ്പെട്ടി; 3. പീരങ്കിയുണ്ടപ്പെട്ടി; 4. പടയാളിക്കുള്ള യാത്രാനുവാദപത്രം. ball c. ഉണ്ടത്തിര. blank c. പൊയിത്തിര. c. box കാരാപ്പെട്ടി.

**Car'un-cle**, -un-cū-la, *n.* തഴമ്പ്, പാലുണ്ണി, അരിമ്പാറ; 2.മുഴ; 3.പക്ഷിപ്പൂ.

**Cărve**, *v. t.* ചിത്രം കൊത്തുക; 2. മുറിച്ചു പകക്കുക, ഓഹരിചെയ്തുകൊടുക്കുക; 3. മുറിക്കുക; 4. സമ്പാദിക്കുക; 5. നിർമ്മിക്കുക. *v. i.* ശില്പപ്പണി എടുക്കുക, കൊത്ത് പണി—; 2. വേവിച്ച ഇറച്ചി അരിഞ്ഞു പകക്കുക. -ĕr, *n.* ശില്പി, പാകം ചെയ്തമാംസം മുറിച്ചു പകക്കുന്നവൻ; വലിയ പീശ്ശാങ്കത്തി. **cărv'ing**, *n.* ശില്പപ്പണി, ചിത്രം കൊത്തൽ.

**Cas-cāde'**, *n.* അരുവി, അരുവിയാറ്, നീർച്ചാട്ടം.

I. **Cāse**, *n.* ഉറ, മൂടി; 2. പെട്ടി; 3. കൂട്, ചട്ടം, കട്ടിള. *v. t.* ഉറയിൽ ഇടുക, പെട്ടിയിൽ വെക്കുക; 2. തോൽ ഉരിക്കുക. c.-knife പീച്ചാങ്കത്തി, ആയുധക്കത്തി. **cā'sing**, *n.* ഉറയിടൽ; ഉറ; ചട്ടം. **cā'sings**, *n.* (*pl.*) ഉണക്കച്ചാണകം, വരടി. -'ment, *n.* ജാലകച്ചട്ടം, കിളിവാതിൽ.

II. **Cāse**, *n.* യോഗം, ദശ, അട്ടക്ഷം; 2. അവസ്ഥ, കാര്യം, സംഗതി; 3. ചികിത്സയിലിരിക്കുന്നവൻ; 4. വ്യവഹാരം (*l.*); 5. വിഭക്തി (*gr.*). all a c. എന്തായാലും എല്ലാം ഒരുപോലെ. a hard c. വൈഷമ്യം; നന്നാകാത്തവൻ. in any c. എന്തായാലും, എങ്ങിനെയെങ്കിലും. in c., in c. that അങ്ങിനെയായാൽ, എന്നുവരികിൽ, പക്ഷം, എങ്കിൽ. in good c. സൌഖ്യത്തോടെ. to put a c. എന്നു വിചാരിക്കുക, സങ്കല്പിക്കുക. c. hardened ഇരിമ്പ് ഉരുക്കാക്കിയ; ബുദ്ധിയുപദേശം കൊണ്ട് ഫലമില്ലാത്ത, ദോഷത്തിൽ തഴമ്പ് കെട്ടിയ.

**Cash,** *n.* ഖജാന, ഭണ്ഡാരം, പണപ്പെട്ടി; 2. റൊക്കം, കെട്ടിയിരിപ്പ്; 3. റൊക്കം വില; 4. റൊക്കവിലക്കുള്ള കിഴിപ്പ്. ready c. റൊക്കം, നകത്. c. account പണക്കണക്ക്. c. book നാൾവഴിക്കണക്ക്. c.-keep'er, =shier, *n.* ഖജാനക്കാരൻ, ഭണ്ഡാരി. *v.t.* വില റൊക്കം കൊടുക്കുക, പണം മാറുക; ഉദ്യോഗത്തിൽനിന്നു നീക്കിക്കളക.

**Cash'mēre,** *n.* കാശ്മീരരാജ്യം; 2. ഒരുവക കമ്പിളിത്തുണി. c. shawl മേത്തരം സാലുവാ.

**Ca-sī'nō,** *n.* ചെറിയവീട്; 2. യോഗശാല, കളിപ്പുര; 3. ചീട്ട്കളി.

**Cask,** *n.* പീപ്പ; 2. (casque) ശിരസ്ത്രം; തലക്കോരിക; 3. അളു. -'et, *n.* അളു, ചെപ്പ്.

**Casque,** *see under* Cask.

**Cas'sock,** *n.* നിലയങ്കി; 2. ബോധകയങ്കി.

**Cast,** *v.t. ir.* (cast, cast) എറിയുക, ചാടുക; 2. നോക്കുക; 3. (നറുക്ക്, ചീട്ട്) ഇടുക; 4. തള്ളിയിടുക; 5. വാടകോരുക; 6. കൊഴിച്ചുകളക, ഊരി—, ഉപ്പിളികഴിക്കുക; 7. ചനകലങ്ങുക; 8. പുറപ്പെടുവിക്കുക; 9. വീഴ്ത്തുക; 10. വെളിച്ചം തട്ടിക്കുക, വെളിവാക്കുക; 11. ചുമത്തുക, സമർപ്പിക്കുക, ഏല്പിച്ചു കൊടുക്കുക; 12. നീക്കിക്കളക; 13. ഗണിക്കുക, കണക്ക്കൂട്ടുക; 14. ആലോചിക്കുക, കൃത്രിമിക്കുക; 15. ശിക്ഷകല്പിക്കുക, ദോഷമായി വിധിക്കുക; 16. മുന്നുക്കമായിരിക്കുക; 17. തീർച്ചപ്പെടുത്തുക; 18. (ലോഹം) വാർക്കുക; 19. നിശ്ചയിച്ചു കൊടുക്കുക. to c. a horoscope ജാതകം ഗണിക്കുക. to c. an animal മറിച്ചിടുക. to c. aside തള്ളിക്കളക. to c. a shoe ലാടം വീണുപോക. to c. away നശിപ്പിച്ചുകളക, ഒഴിച്ചു—, ഉപേക്ഷിച്ചു—; പൊളിച്ചു—. to c. by ചാടി—. to c. down താഴ്ത്തി—, ദുഃഖിപ്പിക്കുക. to c. forth പുറത്താക്കുക. to c. in one's lot with മറെറാരുവൻെറ സുഖദുഃഖാദികൾക്ക് പങ്കാളിയായ്തീരുക. to c. in one's teeth ആക്ഷേപിക്കുക. to c. off ആട്ടിക്കളക; ഒഴിഞ്ഞു—, വിട്ടു—. to c. one's self on *or* upon അഭയം വീഴുക. to c. out പുറത്താക്കിക്കളക; പ്രസ്താവിക്കുക. to c. the lead ആഴം നോക്കുക (*naut.*). to c. the water മൂത്രം പരിശോധിക്കുക (*med.*). to c. up കെട്ട് പൊന്തിക്കുക; കണക്ക്കൂട്ടുക; ഛർദ്ദിക്കുക. *v.i.* ചുണ്ടലിടുക; 2. ആലോചിക്കുക, യന്ത്രിക്കുക; 3. കണക്ക് കൂട്ടുക; 4. വാർപ്പ്കൂത്താകു; 5. ചുളുങ്ങിപ്പോക; 6. ഛർദ്ദിക്കുക. *n.* ഏറ്; 2. എറിഞ്ഞസാധനം; 3. ദൂരം; 4. (പകിട) ഉരുട്ടൽ, (ത്രാസ്) മറിക്കൽ; 5. തരം, ഭാഗ്യം; 6. ഉപ്പുളി; 7. മലം; 8. വാർപ്പ്; 9. ആകൃതി; 10. അച്ച്; 11. മുഖഭാവം; 12. ഛായ; 13. ഏനം; 14. നോട്ടം; 15. നാളം, കഴൽ; 16. നാല്പിടിച്ച കൈ; 17. ഉപായം. a c. of the eye കോങ്കണ്ണ്. the last c. ഒടുക്കത്തെ കൈ. -'a-wāy, *a.* നിസ്സാരമായ, ഉപയോഗമില്ലാത്ത. *n.* കപ്പൽ പൊളിഞ്ഞു കടലിൽ ആയവൻ; ത്യക്തൻ; ഭ്രഷ്ടൻ. c. iron ചീനച്ചട്ടി, ഉരുക്കിരിമ്പ്. -ing, *n.* വലവീശൽ; വാർപ്പ്; വാർപ്പ്പണ്ടം; ഉപ്പിളി. c.g net വീച്ച്വല. c.g voice, c.g vote തീർമ്മാനാഭിപ്രായം.

**Caste,** *n.* ജാതി, വർണ്ണം, കുലം. c. custom ജാതിമര്യാദ, ജാത്യാചാരം. low c. നീചജാതി, ഹീന—, താണ—. high c. ഉൽകൃഷ്ട—, ഉയൎന്ന—. loss of c. ജാതിഭ്രഷ്ട്. to lose c. ജാതിപോക, —കളക.

**Cas'ta-net,** *n.* കൈത്താളം. [ദാർ.

**Cas'tel-lan,** *n.* കോട്ടമൂപ്പൻ, കില്ലെ

**Cas'ti-gāte,** *v.t.* അടിക്കുക, ശിക്ഷിക്കുക; 2. ആക്ഷേപിക്കുക; 3. തിരുത്തുക. =gā'tiŏn, *n.* അടി, ദണ്ഡനം; ശാസന; തിരുത്തൽ. =gā-tŏr, *n.* ശിക്ഷകൻ.

**Cas'tle** (kes'sl), *n.* കോട്ട, കൊത്തളം; 2. അരമന; 3. അമ്പാരി; 4. (ചതുരംഗം) തേർ. c. in the air, c. in Spain മനോരാജ്യം, ഗഗനകസുമം. [ട്ടെണ്ണ.

**Cas'tor-oil,** *n.* ആവണക്കെണ്ണ, കൊ

**Cas'trāte,** *v.t.* ഉടക്കുക, കപ്പാരിക്കുക, കാൽ അറുക്കുക, —കെട്ടുക, വൃഷണം

നീക്കുക, ഷണ്ഡനാക്കുക; 2. അവലക്ഷണം നീക്കുക, അസഭ്യം—. =trā'tiŏn, *n.* വരിയുടക്കൽ.

**Cas'ū-al,** *a.* മുൻവിചാരിക്കാത്ത, ആകസ്മികമായ. -ly, *ad.* യദൃച്ഛയാ. -ty, *n.* പെട്ടന്നുള്ള സംഭവം; അപകടം, മരണം. =ū-ist, *n.* ധൎമ്മാധൎമ്മവിവേകി. =ū-is-try, *n.* —വിവേചനവിദ്യ.

**Cat,** *n.* പൂച്ച, മാൎജ്ജാരൻ (*z.*). to let the c. out of the bag സ്വകാൎയ്യം വെളിച്ചത്താക്കുക. wild c. പോക്കാൻ. civet c. മെരു. pole c. കള്ളുണ്ണി. c.-gut വീണക്കമ്പി. c.-like ഒച്ചപ്പാടില്ലാതെ. -ling, *n.* പൂച്ചക്കുട്ടി; വീണക്കമ്പി. c.'s-eye ഒരു രത്നം (*min.*). c.-eyed ഇരുട്ടിൽ കണ്ണുകാണുന്ന. c.'s-paw ഇളങ്കാററ്; പൊണ്ണൻ; ലഗ്നം. c.-o'nine-tails ഒമ്പതിഴചമ്മട്ടി. c.-nap അല്പനിദ്ര, കണ്ണ്കാച്ചൽ.

**Cat'a-clysm,** *n.* ജലപ്രളയം; 2. അത്യാപത്ത്, ക്ഷോഭം.

**Cat'a-comb** (-kom), *n.* ശവഗുഹ, ശ്മശാന—.

**Cat'a-lep-sy,** *n.* ഉഗ്രവാതം, സന്നിപാതം(*med.*).

**Cat'a-lōgue** (-lŏg), *n.* പട്ടിക, അനുക്രമണിക. *v.t.* പട്ടികയുണ്ടാക്കുക.

**Cat'a-ma-ran,** *n.* കെട്ട്മരം; 2. തിരപ്പം; 3. ചങ്ങാടം; 4. കലഹക്കാരത്തി, ശൂൎപ്പണഖ.

**Cat-a-mē'ni-a,** *n.* (*pl.*) ഋതുസ്നാനം, കളി (*med.*).

**Cat'a-plasm,** *n.* ലേപം, വറുകഴമ്പ് [(*med.*).

**Cat'a-pult,** *n.* തെററാലിവില്ല്, തെററാരി—, ചുണ്ട്—.

**Cat'a-ract,** *n.* അരുവി, നീൎച്ചാട്ടം; 2. തിമിരരോഗം, ശുക്ലം, പടലം (*med.*).

**Ca-tärrh'** (ka-tär'), *n.* നീരിറക്കം, ജലദോഷം, തൊരള (*med.*).

**Ca-tas'trō-phe** (-fe), *n.* പരിവൎത്തനസംഭവം, അത്യാപത്ത്, മഹാവിപത്ത്; 2. സമാപ്തി; 3. ഭൂതലപരിവൎത്തനം (*geol.*).

**Catch** (kach), *v.t. ir.* (caught, caught, *pr.* kat) പിടിക്കുക, പിടികിട്ടുക, —കൂട്ടുക; 2. കുടുക്കുക; 3. കേൾക്കുക, കാണുക, ഇന്ദ്രിയഗോചരമാക, ഗ്രഹിക്കുക; 4. തീപ്പററുക; 5. വശീകരിക്കുക; 6. കൈവശമാക്കുക; 7. പകരുക, പരന്നു പിടിക്കുക; 8. കണ്ട്—; 9. എത്തുക. to c. fire തീപ്പിടിക്കുക. to c. it അടികൊള്ളുക, ശാസനകിട്ടുക. to c. one's eye ശ്രദ്ധയിൽ പെടുക. to c. one up വായിൽ കയറിപ്പറക. to c. up പിടിച്ചു പററുക. *v.i.* കുടുങ്ങിപ്പോക; 2. കൊളുത്തുക, കുടുങ്ങുക; 3. പകരുക. to c. at പിടിപ്പാൻ ശ്രമിക്കുക, ഏന്തുക. to c. up with ഓടി എത്തുക. *n.* പിടിത്തം; 2. കൊളുത്ത്; 3. പതിയിരിപ്പ്; 4. പട്ടമത്സ്യം; 5. മത്സ്യം പട്ടക്കൽ; 6. ആദായം; 7. പ്രേമവിഷയം; 8. (*pl.*) തഞ്ചം; 9. ഓൎമ്മഛായ. c.-penny പൈസ്സപററുന്ന വിദ്യ. c.-word കുറിവാക്ക്.

**Cat-e-chet'i-cal** (-ket'i-), *a.* ചോദ്യോത്തരമായ. =chi-sā'tiŏn, *n.* ചോദ്യോത്തരപാഠം, ബാലോപദേശം. =chīse, *v.t.* ചോദ്യോത്തരം കഴിക്കുക. =chism, *n.* ചോദ്യോത്തരം, വേദോപദേശ ചോദ്യോത്തരപുസ്തകം. =chist, *n.* ഉപദേശകൻ, ഉപദേശി. =chū'men, *n.* ക്രിസ്ത്യാനിമാൎഗ്ഗോപദേശപാഠി, സ്നാനാൎത്ഥി (*Chr.*).

**Cat'e-gor-y,** *n.* വകതിരിവ്, തത്വം, വിഷയാനുക്രമണം; 2. തരം, വൎഗ്ഗം, സ്ഥിതി. =gor-i-cal, *a.* പദാൎത്ഥാനുക്രമണസംബന്ധം ആയ; നിരൂഹം—, നിഷ്കൎഷാൎത്ഥം—, സ്ഥാപകം—, സ്ഥിരം—, സൂക്ഷ്മം—. =gor-i-cal-ly, *ad.* തീൎച്ചആയി, വ്യക്തം—, അന്യസംബന്ധമില്ലാതെ.

**Cat-ē'na,** *n.* സാധനസഞ്ചയം, വിഷയശൃംഖല. =nar-y, *a.* ശൃംഖലാകൃതിയുള്ള. *n.* ശൃംഖലാചാപരേഖ (*geom.*).

**Cā'tĕr,** *v.t.* ഭക്ഷണം കൊടുക്കുക; 2. ഭക്ഷ്യങ്ങൾ സംഭരിച്ചു കൊടുക്കുക; 3. (for, to) സംഭാരങ്ങൾ തെയ്യാറാക്കുക. c.-cousin ദായാദി. -ĕr, *n.* സംഭരിക്കുന്നവൻ. -ĕr-ess, *n.* സംഭരിക്കുന്നവൾ.

**Cat'ĕr-pil-lar** (-lĕr), *n.* കമ്പിളിപ്പുഴ (*z.*).

**Ca'tĕr-wa̤ul,** *v.i.* (പൂച്ച) കരയുക, വല്ലാതെ നിലവിളിക്കുക. *n.* പൂച്ചക്കരച്ചൽ.

**Cātes,** *n.* (*pl.*) ഭക്ഷണപദാൎത്ഥങ്ങൾ, വിശിഷ്ടാഹാരം.

**Ca-thär'tic,** *n.* വിരേചനൌഷധം [(*med.*).

**Ca-thē'dral,** *n.* അദ്ധ്യക്ഷദൈവാലയം, പ്രധാന—, വലിയ പള്ളി (*Chr.*).

**Cath'ō-lic,** *a.* സാധാരണം ആയ; 2. നിഷ്പക്ഷം—, ഉദാരബുദ്ധിയുള്ള; 3. റോമസഭാസംബന്ധമായ. **c. Epistles** വേദപുസ്തകത്തിലെ പൊതുലേഖനങ്ങൾ. *n.* റോമസഭക്കാരൻ; 2. ക്രിസ്ത്യാനിവിശ്വാസം പ്രമാണിക്കുന്നവൻ. **=lic-i-ty, ca-thol'i-cism,** *n.* സാമാന്യത, ഉദാരഭാവം, വിശ്വാസസ്വാതന്ത്ര്യം; ക്രിസ്ത്യാനിമാൎഗ്ഗപ്രമാണം; റോമമതം, —സഭാവിശ്വാസം.

**Cat'tle,** *n.* കന്നുകാലി, ആട്മാട്, ഗോധനം. **c.-louse** ചെള്ള് (*z.*). **c.-pound** ആല. **c.-show** കന്നുകാലിച്ചന്ത.

**Ca̤u'cus,** *n.* രാജ്യകാൎയ്യാൎത്ഥമായ പ്രജാസഭ. *v.t.* സഭകൂട്ടുക.

**Ca̤u'dal,** *a.* വാൽസംബന്ധമായ, വാലുള്ള.

**Ca̤ul,** *n.* തലവല; 2. നൈ—; 3. തണ്ണീക്കുടത്തൊലി, ഗൎഭവേഷ്ടനം.

**Ca̤ul'i-flower** (-flowr), *n.* പൂഗോവ്സ്.

**Ca̤use,** *n.* കാരണം, ഹേതു, നിമിത്തം, സംഗതി, ഉല്പത്തി, ഉപാധി; 2. അന്യായം, വ്യവഹാരം; 3. കാൎയ്യം, വിഷയം; 4. പക്ഷം, വാദം, പ്രമാണം. **to make common c. with** കാൎയ്യാൎത്ഥം യോജിക്കുക. *v.t.* സംഗതി വരുത്തുക, ഹേതുവായിരിക്കുക; 2. ഉളവാക്കുക, ഉണ്ടാക്കുക; 3. സാധിപ്പിക്കുക. **-'less,** *a.* സ്വയംഭുവായ; കാരണമില്ലാത്ത, വൃഥാവിലുള്ള. **-'wāy,** *n.* നട, വരമ്പ്. **ca̤us'al,** *a.* ഹേതുകം ആയ, കാരണം—. **ca̤u-sal'i-ty,** *n.* ഹേതുത്വം. **ca̤us'al-ly,** *ad.* കാരണക്രമപ്രകാരം. **ca̤u'sā'tiŏn,** *n.* കാരണം, ഹേതു. **ca̤u'sā-tive,** *a.* ഹേതുവായിരിക്കുന്ന, സംഭവിപ്പിക്കുന്ന. *n.* കാരണവാചി (*gr.*). **c.e verb** ഹേതുക്രിയ (*gr.*).

**Ca̤us'tic,** *n.* ക്ഷാരം, കാരം, 'കാസ്റ്റിക്ക്' (*med.*). *a.* കാരമുള്ള, പൊള്ളിക്കുന്ന; 2. കഠിനം ആയ, പരിഹാസം—, കുത്തുന്ന (വാക്ക്).

**Ca̤u'tĕr,** *n.* ചൂട്ടുകോൽ, പഴുപ്പിച്ച ഇരിമ്പ്. **-īse,** *v.t.* ചൂട്വെക്കുക, വര—. **-y,** *n.* ചൂട്വെക്കൽ, പൊള്ളിക്കൽ, ക്ഷാരപ്രയോഗം; പഴുത്തഇരിമ്പ്, ക്ഷാരം.

**Ca̤u'tiŏn** (ka̤'shun), *n.* കരുതൽ, സൂക്ഷ്മം, സമ്പ്രേക്ഷ; 2. ഉറപ്പ്, ഗുണദോഷം. **c.money** ജാമ്യം. *v.t.* ബുദ്ധിഉപദേശിക്കുക, 'താക്കീത്' ചെയ്ക. **='tiŏus** (-shus), *a.* ജാഗ്രത ഉള്ള, ഉണൎച്ച—, സാവധാനം—. **='tiŏus-ly,** *ad.* മെല്ലെ, പതുക്കെ. **=tiŏus-ness,** *n.* ചരതം, മുൻകരുതൽ.

**Cav'al-cāde,** *n.* കുതിരപ്പുറപ്രദക്ഷിണം.

**Cav-a-liēr'** (-lēr'), *n.* കുതിരപ്പടയാളി; 2. മാടമ്പി; 3. ധീരൻ. **='al-ry,** *n.* കുതിരപ്പട, —ബലം.

**Cāve, cav'ĕrn,** *n.* ഗുഹ, ഗഹ്വരം, മട; 2. പള്ള, കുണ്ട്. *v.i.* ഗുഹയിൽ പാൎക്കുക; 2. (in) താണുപോക; 3. (in) വിട്ടുകൊടുക്കുക.

**Cā've-at,** *n.* നിരോധകല്പനാപേക്ഷ (*l.*); 2. വിരോധാഭിപ്രായം.

**Ca'ven-dish,** *n.* കട്ടിപ്പുകയില.

**Cav'il,** *n.* മിത്ഥ്യാവാദം, ദുസ്തൎക്കം; 2. വൃഥാക്ഷേപം. *v.i.* വെറുതെ തൎക്കിക്കുക, ആക്ഷേപിക്കുക. **-ĕr, -lĕr,** *n.* ദുസ്തൎക്കി, ദുരാക്ഷേപകൻ.

**Cav'i-ty,** *n.* പൊള്ള, ഓട്ട, കുഴി.

**Ca̤w** (ka̤), *n.* കാക്കക്കരച്ചൽ. *v.i.* കാക്ക കരയുക.

**Cā-yenne'pep-pĕr,** *n.* കപ്പൽമുളക്, പറങ്കി—, കാന്താരി—.

**Cēase,** *v.i.* അവസാനിക്കുക, ഒടുങ്ങുക, തീരുക, നിന്നുപോക, വിടുക; 2. ഇല്ലാതാക, പോരാതെ വരിക. *v.t.* നിൎത്തുക, മതിയാക്കുക. **-'less,** *a.* ഇടവിടാത്ത, തീരാത്ത, നിരന്തരംആയ, നിത്യം—.

**Cēde,** *v.t.* വിട്ട്കൊടുക്കുക, ഏല്പിച്ച്—, ഒഴിഞ്ഞ്—.

**Cēil** (sēl), *v.t.* തട്ടിടുക, പാവുക, അട്ടംകെട്ടുക. **-'ing,** *n.* മച്ച്, അട്ടം.

**Cel'a-tūre**, *n.* കൊത്ത് പണി, കൊത്തിയ രൂപം.

**Cel'e-brāte**, *v.t.* കീൎത്തിക്കുക, പുകഴ്ത്തുക; 2. ഘോഷിക്കുക, കഴിക്കുക. =**brā'-tiōn**, *n.* സ്തുതി, ശ്ലാഘ; ആഘോഷം, ആചാരം. =**ted**, *a.* വിശ്രുതനായ, പേർപോന്ന. =**bri-ōus**, *a.* കീൎത്തിയുള്ള, ശ്രുതിപ്പെട്ട, ചൊൽകൊണ്ട. **ce-leb'ri-ty**, *n.* കീൎത്തി, ശ്രുതി, കീൎത്തിമാൻ.

**Ce-ler'i-ty**, *n.* വേഗത, ചൈതന്യം.

**Ce-lest'ial** (-'yal), *n.* സ്വൎഗ്ഗവാസി; 2. ചീനക്കാരൻ. *a.* സ്വൎഗ്ഗീയം ആയ, ദിവ്യം—; 2. ആകാശത്തിലുള്ള. **c. city** സ്വൎഗ്ഗീയയരുശലേം. **c. empire** ചീനസാമ്രാജ്യം.

**Cel'i-ba-cy**, *n.* ബ്രഹ്മചൎയ്യം, വിവാഹരഹിതസ്ഥിതി.

**Cell**, *n.* ചെറിയ അറ; 2. സൂക്ഷ്മരന്ധ്രം; 3. ആശ്രമം; 4. ഗുഹ. =**lar**, *n.* നിലയറ, കണ്ടറ. -'**ū-lar**, *a.* അറയുള്ള, സൂക്ഷ്മരന്ധ്രപൂൎണ്ണമായ, ചെറുവറകൾ കൂടിയുണ്ടായ.

**Cel'si-tūde**, *n.* ഉയരം, ഔന്നത്യം.

**Ce-ment'**, *n.* കമ്മായക്കൂട്ട് (*ch.*), പശ, വജ്രം; 2. വിലാത്തിക്കുമ്മായം; 3. ബന്ധം, കെട്ട്. *v.t.* കെഞ്ച് ഇടുക, കമ്മായം—, കുപ്പാരിക്കുക, സംയോജിപ്പിക്കുക. *v.i.* തമ്മിൽ ചേരുക, പററിയിരിക്കുക. **cem-en-tā'tiōn**, *n.* രെഞ്ചിടൽ, കമ്മായം തേക്കൽ; കൂട്ടിച്ചേക്കൽ.

**Cem'e-tĕr-y**, *n.* ശ്മശാനസ്ഥലം, —ഭൂമി, ശവപ്പറമ്പ്, ചുടുകാട്, ചുടല.

**Cen'ō-bīte**, *n.* മഠവാസി, സന്ന്യാസി.

**Cen'ō-taph** (-taf), *n.* സ്മരണചിഹ്നം.

**Cen'sĕr**, *n.* ധൂപകലശം, —കുററി, —ക്കാൽ.

**Cen'sor**, *n.* ഗ്രന്ഥപരിശോധകൻ; 2. ആക്ഷേപകൻ; 3. തെററ് കണ്ട് പിടിക്കുന്നവൻ. =**ri-al**, =**ri-ōus**, *a.* ആചാരപരിശോധനസംബന്ധമായ; ആക്ഷേപരസമുള്ള; ആക്ഷേപിക്കുന്ന. =**ri-ŏus-ness**, *n.* ആക്ഷേപസ്വഭാവം; ഗുണദോഷവിവേചനം.

**Cen'sure**, *n.* തീൎപ്പ്, അഭിപ്രായം; ആക്ഷേപം, ശാസന; വാശ്ശണ്ഡം. *v.t.* അഭിപ്രായപ്പെടുക; ആക്ഷേപിക്കുക, ശാസിക്കുക, കററപ്പെടുത്തുക. =**sur-a-ble**, *a.* ആക്ഷേപകരം ആയ.

**Cen'sus**, *n.* 'കാനേഷുമാരി', ജനഗണനം.

**Cent**, *n.* നൂറ്, ശതം. ='**tāge**, *n.* നൂററിനുള്ള വീതം. =**ten-ā'ri-an**, *n.* നൂറു വയസ്സുള്ളവൻ. ='**ten-ar-y**, *n.* നൂറ് പിടിച്ചത്; നൂററാണ്ട്; ശതാബ്ദോത്സവം. =**ten'ni-al**, *a.* നൂററാണ്ട് സംബന്ധിച്ച; ശതവൎഷാന്തരമുള്ള; നൂറ് വയസ്സുള്ള. =**tes'i-mal**, *a.* ശതാംശമായ. *n.* നൂററിൽ ഒന്ന്. ='**tū-ple**, *a.* നൂറിരട്ടി. **cen-tū'ri-al**, *a.* നൂററാണ്ട് സംബന്ധിച്ച. **cen'tū-ry**, *n.* നൂററാണ്ട്, ശതാബ്ദം; നൂറ്. **cen-tū'ri-an**, *n.* ശതാധിപൻ, ശതാധീശൻ.

**Cen'ti-pēde**, **Cen'ti-pĕd**, *n.* പഴുതാര, കരിഞ്ഞാണി, ശതപദീ (*z.*).

**Cen'tre** (-'tĕr), **cen'tĕr**, *n.* മദ്ധ്യം, നടു; 2. കേന്ദ്രം (*geom.*). **c. of gravity** ആകൎഷണകേന്ദ്രം, ഗുരുത്വ—, ഘനാകൎഷണ— (*ph.*). **c. of oscillation** പരിഭ്രമണ—, ആന്ദോളന—. **c. of percussion** ആഘാത—. *v.t.* കേന്ദ്രത്തിൽ വെക്കുക, നടുവിൽ—; 2. സമാഹരിക്കുക, ഒന്നായി ചേൎക്കുക, ഏകീകരിക്കുക. *v.i.* ഒത്തനടുവിൽ ഇരിക്കുക; 2. ഒന്നിനെ ആശ്രയിച്ചു നില്ക്കുക, കൂടിക്കൊള്ളുക. =**tral**, *a.* കേന്ദ്രസംബന്ധമായ, നടുവിൽ ഉള്ള; കേന്ദ്രം—; സമദൂരം—. =**tral-ly**, *ad.* മദ്ധ്യേ, നടുവിൽ. =**tral'i-ty**, *n.* മദ്ധ്യസ്ഥിതി, കേന്ദ്ര—. =**tral-i-sā'tiōn**, *n.* ഒന്നാക്കിത്തീൎക്കൽ; ഏകാധീനമാക്കൽ. =**tric**, =**tri-cal**, *a.* മദ്ധ്യേയുള്ള, കേന്ദ്രമായുള്ള. =**tri-cal-ness**, =**tric'i-ty**, *n.* കേന്ദ്രസ്ഥിതി, മദ്ധ്യ—. =**trif'ū-gal**, *a.* കേന്ദ്രത്യാഗ ശക്തിയുള്ള, കേന്ദ്രാപശമനമായ. **c.l force** കേന്ദ്രത്യാഗശക്തി, കേന്ദ്രാപശമന—, സ്പൎശ— (*ph.*). =**trip'e-tal**, *a.* കേന്ദ്രാകൎഷണമുള്ള, കേന്ദ്രാഭിഗമ്യമായ. **c.l force** കേന്ദ്രാകൎഷണശക്തി, കേന്ദ്ര—, മദ്ധ്യാഭിഗമ്യ— (*ph.*).

**Ceph'a-lal-ġy,** *n.* തലവേദന, —നോവ്, —കുത്ത് (*med.*).

**Cēre,** *v.t.* മെഴ ഇടുക, —തേക്കുക. **c. cloth** മെഴുകശീല, —തുണി. **cē'rāte,** *n.* സിക്ഥമയം, ലേപനം (*med.*).

**Cē're-al,** *a.* ധാന്യസംബന്ധമായ; 2. (*pl.*) നവധാന്യം.

**Cer'e-brum,** *n.* തലച്ചോർ, മസ്തിഷ്കം, ഗോദം (*an.*). =**bral,** *a.* തലച്ചോർ സംബന്ധിച്ച. **c.l letter** മൂർദ്ധന്യം (*gr.*).

**Cer'e-mon-y,** *n.* സംസ്കാരം, ധർമ്മം, ക്രിയ; 2. ആചാരം, ഉപചാരം. **not to stand on c.** ആചാരോപചാരം കൂടാതെ (പെരുമാറുക), ഇണക്കമായി. =**mō'ni-al,** *a.* ആചാരസംബന്ധമായ. *n.* —നിയമം, ചടങ്ങ്. =**mō'ni-ŏus,** *a.* സംസ്കാരസഹിതം ആയ; ആചാരപൂർവ്വം—; ലോക്യം—; വിധിപ്രകാരമുള്ള.

**Cĕr'tāin,** *a.* നിശ്ചയം ആയ, ദൃഢം—, നിസ്സംശയം—; 2. തീർച്ചപ്പെട്ട, സ്ഥിരം ആയ; 3. വസ്തുത—; 4. ഇപ്പോൾ ഉള്ള, തിട്ടം—, നീക്കിക്കൂടാത്ത; 5. കൈകണ്ട; 6. നിശ്ചയിച്ച; 7. ഏതൊ ഒരു, ഒരു, ചില. **for c., of a c.** നിശ്ചയമായി. **-ly,** *ad.* തീർച്ചയായി. **-ty,** *n.* നിശ്ചയം, തീർച്ച, വ്യക്തി. **of a c.y** നിശ്ചയമായി. =**ti-tūde,** *n.* ഉറപ്പ്, നിശ്ചയം.

**Cĕr'ti-fȳ,** *v.t.* ഉറപ്പിച്ചു പറക; 2. നിശ്ചയം വരുത്തുക, സാക്ഷ്യപ്പെടുത്തുക. =**tif-i-cāte,** *n.* സാക്ഷ്യപത്രം; രേഖ; സന്നത്. **sale c.e** ലേലസന്നത് (*l.*). **share c.e** ഓഹരിപത്രം (*com.*). **succession c.e** മരിച്ചവൻെറ കടം പിരിപ്പാനുള്ള അധികാരപത്രം, പിന്തുടർച്ച 'സർട്ടിഫിക്കേററ്' (*l.*). **medical c.e** വൈദ്യസാക്ഷ്യപത്രം.

**Ce-ru̥le',** *a.* നീലവർണ്ണമുള്ള. =**li-an,** *a.* ആകാശവർണ്ണമുള്ള, ഇന്ദ്രനീലമായ.

**Cer-ū'men,** *n.* ചെപ്പി, ചെവിപ്പീ (*an.*).

**Cess,** *n.* വരി, നികുതി; 2. അളവ്. *v.t.* നികുതികെട്ടുക, —ചാർത്തുക. *v.i.* നിർത്തുക, വിടുക. =**sā'tiŏn,** *n.* നിർത്തൽ, അവസാനം, തീർപ്പ്. **c.n of arms** തല്ക്കാലസന്ധി. =**'siŏn,** *n.* സമർപ്പണം, പരിത്യാഗം, സമ്മതിച്ചു കൊടുക്കൽ. **-'ment,** *n.* നികുതി.

**Cess'pool,** *n.* കപ്പക്കുണ്ട്, ചളിക്കുഴി.

**Chāfe,** *n.* ഉരവ്, ചൂട്, ഉഷ്ണം; 2. തഴച്ചൽ, തേമാനം; 3. വെറുപ്പ്, ഇന്നാങ്കം, കോപം. *v.t.* ഉഴിയുക; 2. അസഹ്യപ്പെടുത്തുക, ദേഷ്യം വരുത്തുക, മുഷിപ്പിക്കുക; 3. തഴക്കുക. *v.i.* ഉരുമ്മുക, ഉരയുക, തേഞ്ഞുപോക; 2. മുഷിയുക, വിമ്മിഷ്ടം ഉണ്ടാക, ക്രോധം—. =**fĕr,** *n.* അസഹ്യപ്പെടുത്തുന്നവൻ; വെള്ളം കാച്ചുന്ന പാത്രം.

**Chaff,** *n.* പതിർ, ഉമി, തുളി. *v.t.&i.* കളിപറക, തമാശയാക്കുക; പരിഹസിക്കുക. =**'fĕr,** *n.* നേരം പോക്ക്കാരൻ. =**'fy,** *a.* തുളിയായ; സാരമില്ലാത്ത.

**Chaf'fĕr,** *v.i.* പിശയുക, പിശകുക; 2. വെറുതെ സംസാരിക്കുക. *v.t.* ക്രയവിക്രയം ചെയ്ക; 2. ശണ്ഠചെയ്യുക. **-ĕr,** *n.* പിശകുന്നവൻ; വിലപറയുന്നവൻ.

**Cha-grĭn',** *n.* ഉപദ്രവം, വെറുപ്പ്, വ്യഥ. *v.t.* മുഷിപ്പിക്കുക, അസഹ്യപ്പെടുത്തുക. *v.i.* വിമ്മിഷ്ടം തോന്നുക.

**Chāin,** *n.* ചങ്ങല, തുടര്; 2. കെട്ട്, ബന്ധനം; 3. വരി, നിര, മാല, ശ്രേണി; 4. അളവ് ചങ്ങല; 5. പാവ് (*w.*). **c. bridge** തൂക്ക് പാലം. **c. gang** ചങ്ങലക്കാരുടെ കൂട്ടം. *v.t.* ചങ്ങലക്കിടുക; 2. അടിമയാക്കുക; 3. ഉറപ്പിച്ചു ചേർക്കുക; 4. ചങ്ങലയാൽ അളക്കുക; 5. ചങ്ങല കെട്ടിയുറപ്പിക്കുക. **-'less,** *a.* തടസ്ഥമില്ലാത്ത; സ്വാതന്ത്ര്യമുള്ള.

**Chāir,** *n.* കസേല; 2. ആസനം, പീഠം, നാല്ക്കാലി; 3. സ്ഥാനം; 4. ഗുരുസ്ഥാനം; 5. സഭാനായകത്വം; 6. ഒരു വാഹനം. **to put into the c.** സഭാനാഥനാക്കുക. **to take the c.** സഭാപതിയായിരിക്കുക. **c.-man** അഗ്രാസനൻ. **c.-manship** സഭാനായകത്വം. **c. days** വാർദ്ധക്യകാലം.

**Chāise** (shāz), *n.* രണ്ടു ചക്രമുള്ള കുതിരവണ്ടി; 2. സാട്ട് വണ്ടി.

**Chal'dron,** *see* **Caldron.**

**Chal'ice**, *n.* പാനപാത്രം; 2. തിരുവത്താഴ പാനപാത്രം, വിശുദ്ധ—.

**Chalk** (chak), *n.* കൽചുണ്ണാമ്പ്, ശീമന്നൂറ് (*min.*). by a long c. പലമടങ്ങ്. c.-line ഈർച്ചനൂൽ. *v.t.* ചുണ്ണാമ്പ് കൊണ്ട അടയാളമിടുക; 2. ചുണ്ണാമ്പ് വളമിടുക; 3. വെളുപ്പിക്കുക. to c. out കാണിച്ചുകൊടുക്കുക. -'y, *a.* വെളുത്ത, ചുണ്ണാമ്പുള്ള.

**Chal'lenge**, *n.* വീരവാദം, വെല്ലുവിളി, തള്ളേറ്, ദ്വന്ദ്വയുദ്ധക്ഷണനം; 2. ആരെന്നചോദ്യം (*mil.*); 3. ആക്ഷേപം. *v.t.* പോരിന്നു വിളിക്കുക, ദ്വന്ദ്വയുദ്ധത്തിന്നു—, സമാധാനം ചോദിക്കുക, ധിക്കരിക്കുക, തള്ളേറ് പറക; 2. അവകാശം—; 3. പേർ ചോദിക്കുക, കറിവാക്ക് പറയിക്കുക (*mil.*); 4. വിരോധം പറക. *v.i.* തേച്ചുപ്പെട്ടുക.

**Chām'bĕr**, *n.* മാളികമുറി, സ്വകാര്യ—, പള്ളിയറ; 2. (*pl.*) വിടുതിയറ; 3. ആസ്ഥാനമണ്ഡപം; 4. സദസ്സ്, സഭ; 5. അറ, ഉള്ള്; 6. (*pl.*) ആലോചനമുറി, പ്രവൃത്തിസ്ഥലം. c. of commerce വ്യാപാരകാര്യനേപക്ഷകസഭ. c. council സ്വകാര്യാലോചന—. c. counsel അഭിപ്രായവക്കീൽ. c.-fellow ഒന്നിച്ചു താമസിക്കുന്നവൻ. c. hanging ചിത്രത്തിരശ്ശീല. c. lye മൂത്രം. c. pot, c. vessel മൂത്രകലശം. c. practice അഭിപ്രായവക്കീൽപ്രവൃത്തി. to sit at c.s വിധികർത്താവ് ആലോചനമുറിയിൽ ഇരുന്നു പ്രവൃത്തിക്കുക. -lāin, *n.* ശയനാധികാരി; ഖജാനപ്രമാണി. -lain-ship, *n.* പള്ളിയറപ്രവൃത്തി. c.-maid കഞ്ചുകി.

**Cha-mē'le-on**, *n.* ഓന്ത്, ചികന്നി, കൃകലം (*z.*).

**Cham'ois** (shām'wä *or* sha-moi'), *n.* ചെറുമാൻ, വാതമൃഗം (*z.*); 2. മൃദുചർമ്മം.

**Champ**, *v.t. i.* കടിക്കുക, ചവക്കുക, കടിച്ചു നുറുക്കുക.

**Cham-pāign'** (sham-pān'), *n.* പരപ്പ് നിലം, സമഭൂമി.

**Cham'pi-on**, *n.* യോദ്ധാവ്, പരാക്രമശാലി; 2. പക്ഷവാദി, പരിത്രാണകൻ; 3. വീരൻ, പ്രവീണൻ. -ess, *n.* അതുല്യസ്ത്രീ. -ship, *n.* പ്രവീണത്വം.

**Chance**, *n.* വിധി, അദൃഷ്ടം, യോഗം, തലയിലെഴുത്ത്; 2. ആകസ്മികസംഭവം, സംഗതി; 3. സംഭവ്യാവസ്ഥ, തഞ്ചം, അനുകൂലം; 4. സംഭവ്യഗണിതം (*math.*). by c. യദൃച്ഛയാ, ദൈവയോഗാൽ, ഭാഗ്യവശാൽ. to have a c. തരം വരിക. c.-comer യദൃച്ഛയാ എത്തിയവൻ, അഭ്യാഗതൻ. c. game ഭാഗ്യക്കളി. the last c. ഒടുക്കത്തെ തരം, ഏകാശ്രയം. the main c. മുഖ്യാവസരം, സ്വാർത്ഥം. to mind one's c.s തക്കം നോക്കി പ്രവൃത്തിക്കുക. *v.i.* സംഭവിക്കുക, ഉണ്ടാക, എത്തുക, വരിക, കിട്ടുക. *v.t.* തുനിയുക, ഭാഗ്യം പരീക്ഷിക്കുക, വരുമ്പോലെ വരട്ടെ എന്നു വെച്ചു ചെയ്യുക; 2. നേരിടുക, സംഭവിക്കുക.

**Chan'cel**, *n.* ദേവാലയത്തിൽ ഒശ്ശനത്തിന്നെതിർഭാഗം; 2. തിരുവത്താഴപീഠം ഉള്ളസ്ഥലം (*Chr.*). c. table തിരുവത്താഴമേശ.

**Chan'cel-lŏr**, *n.* പ്രധാനന്യായാധിപൻ; 2. രാജ്യധർമ്മസഭാനാഥൻ. c. of the exchequer ദ്രവ്യകാര്യമന്ത്രി. c. of the university സർവ്വകലാശാലാധിപതി. lord high c. of England ന്യായാധിപാഗ്രേസരൻ; രാജ്യമുദ്രപരിപാലകൻ. -ship, *n.* അഗ്രേസരത്വം, അദ്ധ്യക്ഷത.

**Chan'cĕr-y**, *n.* പ്രധാനന്യായസ്ഥാനം; 2. സാധാരണന്യായകോടതി; 3. സാധാരണന്യായം.

**Chan-de-liēr**, *n.* ബഹുശാഖാദീപം.

**Chand'lĕr**, *n.* മെഴുക് തിരിവ്യാപാരി.

**Chānge**, *v.t.* ഭേദം വരുത്തുക, പരിണമിപ്പിക്കുക; 2. രൂപാന്തരം വരുത്തുക, വികാരം—; 3. മാറുക; 4. (with) ഒത്ത് മാറുക; 5. ചില്ലറ—. to c. hands വസ്തു കൈ—. to c. one's tune പൊങ്ങച്ചം കറക്കുക. *v.i.* മാററം വരിക, ഭേദം—; 2. സ്ഥിതിഭേദമുണ്ടാക. *n.* മാററം, അന്തരം, പരിണാമം; 2. ഭേദം, പുതുക്കം; 3. സ്ഥിതിഭേദം; 4. ക്രമ—; 5. തര—; 6.

ഷില്ലറ; 7. വൎത്തകയോഗസ്ഥാനം c. of climate രാജ്യമാററം. c. of life സ്ത്രീകളുടെ ഋതുധൎമ്മാവസാനം. c. of mind അഭിപ്രായമാററം. c. of seasons ഋതുപ്പകൎച്ച. to ring the c.s on ഒരേസംഗതി പലപ്രകാരത്തിൽ പറക. -'a-ble, *a.* മാറുന്ന, പരിണാമം ഉള്ള; ചഞ്ചലം—; നിറപ്പകൎച്ച—. -'a-ble-ness, *n.* വികാരം, പരിണാമം; ചാപല്യം. -'ling, *n.* വികൃതം; പൊണ്ണൻ; ചപലൻ. *a.* മാറിപ്പോയ; 2. സ്ഥിരമില്ലാത്ത. =ġėr, *n.* മാററുന്നവൻ; പൊൻവാണിഭക്കാരൻ; ചപലൻ.

**Chank,** *n.* ശംഖ് (*z.*).

**Chan'nel,** *n.* തോട്; 2. നീൎച്ചാൽ, കഴം; 3. കടലിടുക്ക്; 4. മാൎഗ്ഗം, വഴി. *v. t.* ചാൽകീറുക, നീൎച്ചാലിൽ കൂടിപോക.

**Chant,** *v. t. & i.* പാടുക, ചൊല്ലുക, ജപിക്കുക. *n.* പാട്ട്; 2. രാഗം, സങ്കീൎത്തനഗാനം; 3. സംസാരരീതി. -'ėr, *n.* സംഗീതക്കാരൻ. -'ress, *n.* പാട്ടുകാരത്തി. -'i-clēer, *n.* പൂവൻകോഴി (*z.*).

**Chā'os,** *n.* ആദ്യതമസ്സ്, അനന്തശൂന്യം; 2. നിരാകാരാവസ്ഥ; 3. കലക്കം, താറുമാറ്. =ot'ic, *a.* രൂപം ഇല്ലാത്ത, ക്രമം—, ശൂന്യമായ.

**Chap,** *n.* പിളൎപ്പ്, വിടവ്; 2. ഭിന്നത, ഛിദ്രം; 3. തട്ട്, ഉന്ത്; 4. ചെന്നി; 5. ചങ്ങാതി, വിദ്വാൻ, ചെറുക്കൻ. *v. t. & i.* ചീന്തുക; 2. പൊട്ടുക, വിള്ളുക; 3. മുട്ടുക.

**Chap'el,** *n.* ചെറിയപള്ളി, ദൈവാലയം; 2. സ്വകാൎയ്യമന്ദിരം; 3. ഗായകഗണം; 4. അച്ചുക്കൂടം. -ry, *n.* പള്ളിയിടവക.

**Chap'ėr-on,** *n.* ശിരോവസ്ത്രം; 2. അനുചാരിണി, വിചാരിണി.

**Chap'lāin,** *n.* ബോധകൻ. -cy, *n.* ബോധകസ്ഥാനം. -ship, *n.* ബോധകപ്രവൃത്തി; —വൃത്തി.

**Chap'let,** *n.* ശിരോലങ്കാരം, ലതാകിരീടം; 2. ജപമാല; 3. ചെറുപള്ളി; 4. മയിൽചൂഡ.

**Chap'man,** *n.* കച്ചവടക്കാരൻ; 2. നടവാണിഭക്കാരൻ.

**Chap'tėr,** *n.* അദ്ധ്യായം, പൎവ്വം, സൎഗ്ഗം, കാണ്ഡം; 2. ബോധകയോഗം; 3. സഭാശാഖ; 4. —യോഗശാല; 5. സന്ദേശപത്രം. the c. of accidents ഭാഗ്യം, അദൃഷ്ടം. *v. t.* അദ്ധ്യായമാക്കുക; 2. തിരുത്തുക; 3. പ്രമാണം ചോദിക്കുക.

**Chār** (*or* chāre), *n.* കൂലിപ്പണി. c. woman കൂലിക്കാരത്തി. *v. t.* നിവൃത്തിക്കുക, ചെയ്ക; 2. പണി എടുക്കുക; 3. കൂലിപ്പണി—; 4. ഇരുന്നലുണ്ടാക്കുക.

**Char'ac-tėr,** *n.* അക്ഷരം, അക്കം, ചിഹ്നം; 2. വടിവ്, കയ്യക്ഷരം; 3. ലക്ഷണം, സ്വഭാവം; 4. മനോബലം, തന്റേടം; 5. നടപ്പവസ്ഥ; 6. സൽഗുണം; 7. നില; 8. ശ്രുതി, പേർ; 9. സാക്ഷ്യം, സാക്ഷ്യപത്രം; 10. വിശിഷ്ടൻ; 11. നാടകത്തിലെ നായകൻ, —നായകി. *v. t.* കൊത്തുക, എഴുതുക, വിശേഷിപ്പിക്കുക, വൎണ്ണിക്കുക. bad c. ദുസ്സ്വഭാവം; ദുൎമ്മാൎഗ്ഗി. good c. നല്ലനടപ്പ്; സന്മാൎഗ്ഗി. a man of c. ധൎമ്മാത്മാവ്, സ്ഥിരബുദ്ധി. want of c. ചാപല്യം. -is'tic, *n.* വിശേഷം, മുഖ്യഗുണം, ലക്ഷണം. *a.* പ്രത്യേകം ആയ, ലക്ഷണം—. -is'ti-cal, *a.* സ്വഭാവലക്ഷണം—, വിശേഷവിധി—. -īse, *v. t.* വിശേഷിപ്പിക്കുക, വകതിരിച്ചറിയുമാറാക്കുക; സ്വഭാവം കാണിക്കുക, ഗുണം—, വൎണ്ണിക്കുക. -less, *a.* വിശേഷം ഇല്ലാത്ത, ചാപല്യമുള്ള.

**Cha-rāde',** *n.* ഒരുവക കടങ്കഥ.

**Chär'cōal** (-kōl), *n.* കരിക്കട്ട, ഇതന്നൽ, അംഗാരം.

**Chärġe,** *v. t.* ഭാരം ചുമത്തുക; 2. കയററുക; 3. കല്പിക്കുക, ഏല്പിക്കുക; 4. ഉത്തരവാദിയാക്കുക, പണയം വെക്കുക; 5. വിലചോദിക്കുക, കൂലി—; 6. കണക്കിലെഴുതുക; 7. ആരോപിക്കുക; 8. കററം ചുമത്തുക, കററപത്രം എഴുതുക, —വായിക്കുക (*l.*); 9. നിറെക്കുക; 10. അലങ്കാരമുണ്ടാക്കുക; 11. ആക്രമിക്കുക. *v. i.* എതിൎക്കുക; 2. വില ചോദിക്കുക; 3. കണക്കിലെഴുതുക; 4. പതുങ്ങിക്കിടക്കുക. *n.* ചുമട്;

2. പരിപാലന വിഷയം, ഉപനിധി; 3. വിചാരണ, സംരക്ഷണം, ഉത്തരവാദം; 4. നിയോഗം; 5. പ്രബോധനം; 6. ദോഷാരോപണം, കുററപത്രം (*l.*); 7. (*pl.*) കടം, നികുതി; 8. കൂലി; 9. കണക്ക്; 10. നിറ; 11. അഭിയോഗം. to frame a c. കുററപത്രം വായിക്കുക (*l.*). c.-sheet കുററാരോപണപത്രം (*l.*). to sound the c. അഭിയോഗകാഹളം ഊതുക. -'a-ble, *a.* ചുമത്തത്തക്ക, കല്പിക്കത്തക്ക; കുററാരോപണം ചെയ്യത്തക്ക, ചിലവ് വഹിക്കത്തക്ക; ചെലവുള്ള, വിലപിടിച്ച, ഭാരമായ. =gĕr, *n.* ആരോപകൻ, കുററം ചുമത്തുന്നവൻ; തളിക; പടക്കുതിര (*z.*).

**Char'i-ot**, *n.* തേർ, രഥം. =o-tēer, *n.* തേരാളി, സാരഥി. [വരം, വരം.

**Chā'rism**, *n.* അതിശയശക്തി, കൃപാ

**Char'i-ty**, *n.* അനുകമ്പ, സ്നേഹം, കൃപ; 2. സാത്വികത്വം, ഉദാരശീലം; 3. ധൎമ്മ—; 4. ദാനധൎമ്മം; 5. ധൎമ്മദ്രവ്യം, —കാൎയ്യം, —ശാല; 6. (*pl.*) പരോപകാര പ്രവൃത്തി. sister of c. രോഗിപരിപാലകി. =ta-ble, *a.* കരുണ ഉള്ള, പ്രീതി—; അസൂയയില്ലാത്ത, പാരുഷ്യം തോന്നാത്ത; ധൎമ്മശീലം ഉള്ള, ഔദാൎയ്യം—, ദയാലു ആയ, ധാൎമ്മികൻ—. =ta-bly, *ad.* ധൎമ്മമായി, സൌജന്യമായി.

**Chä-rï-vä'rï**, *n.* പരിഹാസഘോഷം, അപവാദ്യ—.

**Chär'la-tan**, *n.* ആത്മപ്രശംസക്കാരൻ, ഡംഭി; 2. മുറിവൈദ്യൻ; 3. മായാവി, വഞ്ചകൻ.

**Chärm**, *n.* രാഗം, പാട്ട്; 2. മന്ത്രം, മന്ത്രവാദം; 3. വശ്യപ്രയോഗം, ആകൎഷണം; 4. യന്ത്രം, രക്ഷ. *v. t.* വാദ്യം ഘോഷിക്കുക; 2. മന്ത്രത്താൽ അധീനം ആക്കുക, —സാദ്ധ്യം—, വശീകരിക്കുക; 3. വശത്താക്കുക, ശമിപ്പിക്കുക; 4. മയക്കുക, രസിപ്പിക്കുക, മോഹിപ്പിക്കുക, മന്ത്രരക്ഷയിലിരിക്കുക. *v. i.* മന്ത്രവാദം ചെയ്ക, മനോഹരമായിരിക്കുക. =mĕr, *n.* മന്ത്രവാദി, വശീകരക്കാരൻ; രസികൻ. ='ming, *a.* മോഹനീയം ആയ, രമണീയം—. ='mingl-y, *ad.* മനോഹരം ആയി, രമ്യം—, രസികം—. ='ming-ness, *n.* മോഹനീയത്വം, ചാരുത്വം, മനോരമ്യത.

**Chärt**, *n.* തടിച്ചകടലാസ്സ്; 2. പട്ടിക; 3. പടം, നാവികപടം, സമുദ്ര—. *v. t.* പടം വരക്കുക, പടത്തിൽ കാണിക്കുക. =tĕr, *n.* ആധാരം, രേഖ, കരണം; തരക്, രാജാജ്ഞപത്രം; അവകാശ—, സ്വാതന്ത്ര്യ—, കുത്തക; പ്രത്യേകാവകാശം; കപ്പൽ കേവിന്ന് കൊടുക്കൽ, —വാങ്ങൽ. c.r-party കപ്പൽ കേവാധാരം. *v. t.* രാജാജ്ഞപത്രം മൂലം സ്ഥാപിക്കുക; 2. വിശേഷാവകാശമായി കൊടുക്കുക, കുത്തകയായി—; 3. കപ്പൽ കൂലിക്ക്—, —വാങ്ങുക.

**Chār'y**, *a.* സൂക്ഷ്മം ഉള്ള, ജാഗ്രത—, തുരിശമായ. =i-ly, *ad.* ചരതത്തോടെ, മെല്ലെ; ചുരുക്കീട്ട്, അരിഷ്ടിച്ച്. -i-ness, *n.* സൂക്ഷ്മത, കരുതൽ; തുരിശം.

**Chāse**, *n.* നായാട്ട്; 2. തേട്ടം, പിന്തുടരൽ; 3. വേട്ടയുരു, —മൃഗം; 4. —സ്ഥലം, സ്വകാൎയ്യകാട്. *v. t. & i.* വേട്ടയാടുക, ഓടിക്കുക, പിന്തുടരുക; 2. പിടിപ്പാൻ ചെല്ലുക; 3. വഴിയെ ഓടുക. ='sĕr, *n.* വേട്ടക്കാരൻ; പിൻതുടരുന്നവൻ, ഓടിക്കുന്നവൻ.

**Chasm** (kazm), *n.* പിളപ്പ്, അഗാധം; 2. ഒഴിവ്, ശൂന്യം.

**Chāste**, *a.* പാതിവ്രത്യം ഉള്ള, പതിവ്രത്യ—; 2. ശുദ്ധി—; 3. യഥാവിധിയായ, ദുഷ്യമില്ലാത്ത. chas'ti-ty, *n.* ചാരിത്രശുദ്ധി, നല്ലനടപ്പ്, നിൎമ്മലത. -'ness, *n.* നിൎദ്ദോഷത്വം, സ്വച്ഛത.

**Chās'ten** (chās'n), chas-tīse', *v. t.* ശിക്ഷിക്കുക; 2. നന്നാക്കുക, ഗുണീകരിക്കുക. =nĕr, =tī'sĕr, *n.* ശിക്ഷകൻ, ശാസകൻ. =tise'ment, *n.* ശിക്ഷ, ശാസനം.

**Chat**, *v. i.* വൎത്തമാനം പറക, വിശേഷം—, സല്ലാപിക്കുക. *n.* സല്ലാപം, വെടിപറയൽ. -'ty, *a.* വൃഥാസംസാരിക്കുന്ന.

**Cha-teau'** (sha-tō'), *n.* കോട്ട, പ്രബല മന്ദിരം.

**Chat'tels,** *n.* സ്ഥാവരജംഗമസ്വത്ത്, വസ്തുവക, വഹകൾ. c. mortgage വകപണയം.

**Chat'tĕr,** *v.t.* & *i.* ചിലെക്കുക, നൊടിയുക, പല്ലുകടിക്കുക. *n.* ജല്പനം, നൊടിച്ചൽ; 2. കിറുകിറുക്കൽ. c.-box വായാടി. -ĕr, *n.* വായാടി.

**Chat'wood,** *n.* ചുള്ളൽ, വിറക്.

**Chauv'in-ism** (shōv'in-izm), *n.* അതിർകടന്ന ഗുരുഭക്തി, ബുദ്ധികെട്ടരാജ—, —സ്വദേശപ്രീതി.

**Chaw** (cha), *v.i.* ചവെക്കുക, അയവക്കുക; 2. ധ്യാനിക്കുക, ചിന്തിച്ചുകൊണ്ടിരിക്കുക.

**Chēap** (chēp), *a.* വിലസഹായമുള്ള, —കുറഞ്ഞ, ചിലവ് ചുരുങ്ങിയ; 2. സാരമില്ലാത്ത, സുലഭമായ. dog c. വളരെ സഹായം. c. Jack, c. John പഴയ സാമാനം വില്ക്കുന്നവൻ. -'en, *v.t.* വിലപറക; —താഴ്ത്തുക. -'ness, *n.* വിലസഹായം, നയം.

**Chēat** (chēt), *n.* വഞ്ചന, മായം, ഉപായം, കപടം; 2. ചതിയൻ, കള്ളൻ, കൃത്രിമക്കാരൻ. *v.t.* ചതിക്കുക, തോല്പിക്കുക; 2. പോക്കുക, ഇല്ലാതാക്കുക. *v.i.* ചതിപ്രയോഗം ചെയ്ക.

**Check,** *n.* (ചതുരംഗം) അരശ്; 2. തടങ്ങൽ, താമസം; 3. വിഘ്നം; 4. അടയാളം, കുറി; 5. ഉണ്ടിക, പണച്ചീട്ട്; 6. ചതുരക്കള്ളി; 7. പൊട്ട്, ചീന്ത്. to take c. മുഷിയുക. -'māte, *n.* അടിയറവ്; തോലവി. *v.t.* അടിയറുക്കുക, അടിയറവാക്കുക, വിലങ്ങിനിൎത്തുക; 2. തീരെ തോല്പിക്കുക, അവസാനിപ്പിക്കുക. c.-roll പണിക്കാരുടെ പേർപട്ടിക. c.-work വിചിത്രപണി. *v.t.* (ചതുരംഗം) അരശ് പറക, —വെക്കുക; 2. തടസ്ഥം—, തടഞ്ഞു നിൎത്തുക; 3. പരിശോധിക്കുക, ഒത്ത് നോക്കുക; 4. അടയാളം വെക്കുക; 5. ശകാരിക്കുക; 6. പിളൎക്കുക. *v.i.* (at) നില്ക്കുക, നിന്നുപോക; 2. തമ്മിൽ മുട്ടിപ്പോക; 3. മടക്കം ആയിരിക്കുക, അമൎച്ച—; 4. വിള്ളുക. -'ĕr, *n.* ഒത്ത് നോക്കുന്നവൻ. *v.t.* വിവിധവൎണ്ണക്കള്ളി ഉണ്ടാക്കുക; കള്ളാക്ഷമാക്കുക; സുഖദുഃഖാദികൾക്കധീനമാക്കുക. c.r board ചതുരംഗപ്പലക, —പ്പടം. c.r-work പലവൎണ്ണക്കള്ളിപ്പണി; അവസ്ഥാന്തരജീവനം. -'less, *a.* തട്ടുത്തുക്കുടാത്ത.

**Chēek,** *n.* കവിൾ, കവിൾത്തടം, ഗണ്ഡം (*an.*); 2. ധാൎഷ്ട്യം, അഹങ്കാരം. c. bone അണ്ണാടി, താടിയെല്ല് (*an.*). c.-by-jowl അടുക്കെയടുക്കെ, ഉററചങ്ങാതിമാരായി. c. pouches ഗണ്ഡകോശം (*an.*). c. tooth അണപ്പല്ല്, ഇരട്ട— (*an.*). *v.t.* ധാൎഷ്ട്യം കാട്ടുക, ധൃഷ്ടഭാവം—. -ed, *a.* കവിളുള്ള. -'y, *a.* ധിക്കാരമുള്ള. hollow c.d കവിളൊട്ടിയ.

**Chēer,** *n.* മുഖം, മുഖഭാവം; 2. മനോ—; 3. ഉന്മേഷം, സന്തോഷം; 4. ആനന്ദഹേതുകസാധനം, ഭക്ഷണക്കോപ്പ്, സദ്യ; 5. ആൎപ്പുവിളി, സന്തോഷഘോഷം, സമ്മതനാദം. what c. സുഖം തന്നെയോ?; എന്താണ് വിശേഷം? *v.t.* (up) സന്തോഷിപ്പിക്കുക; 2. ധൈൎയ്യപ്പെടുത്തുക, ആശ്വസിപ്പിക്കുക, ആൎപ്പോടെ വന്ദിക്കുക, ആത്തുത്സാഹിപ്പിക്കുക. to c. a ship ഒരു കപ്പൽ മറെറാരു കപ്പലിനെ വന്ദിക്കുക. *v.i.* ഉന്മേഷം തോന്നുക, ഉല്ലാസം—; 2. മനോവികാരമുണ്ടാക; 3. ഘോഷിക്കുക, ജയജയ എന്നാൎക്കുക. -'y, -'ful, *a.* സന്തുഷ്ടിഉള്ള, ഉത്സാഹം—, മനഃപൂൎവ്വം ആയ, ആഹ്ലാദകരം—. -'i-ly, -'ful-ly, *ad.* മനസ്സോടെ, സന്തോഷപൂൎവ്വം. -'fulness, *n.* സന്തോഷം, ഉത്സാഹം. -'less, *a.* കഞ്ഞിതഭാവമുള്ള. [—കട്ടി.

**Chēese,** *n.* പാല്പാടക്കട്ടി, പാൽപിട്ട്,

**Chēe'tah,** *n.* ചെമ്പുലി (*z.*).

**Chem'i-cal,** *a.* രസായനവിദ്യാസംബന്ധമായ. c. attraction, c. affinity ധാതാകൎഷണം, ഭൂതാകൎഷണം. c. change ധാതുപരിണാമം. =ist, *n.* രസായനശാസ്ത്രജ്ഞൻ, —ശാസ്ത്രി. =is-try, *n.* ഖിമശാസ്ത്രം, രസായനവിദ്യ. inorganic c.y ധാതുരസായന—. organic c.y ജീവരസായന—.

**Che-mïse'** (she-mēz'), *n.* സ്ത്രീകളുടെ ഉള്ളങ്കി.

**Cheque**, *see under* Check.

**Cher'ish**, *v.t.* പ്രേമം കാട്ടുക, പരിപാലിക്കുക; 2. പ്രിയം ഭാവിക്കുക, രസം കാട്ടുക, വളൎത്തുക. **-ĕr**, *n.* പോഷകൻ, പോററി.

**Che-root'**, *n.* ചുരുട്ട്, പുകയിലത്തിര.

**Cher'ry**, *a.* ചുവന്ന, രക്തപ്രസാദമുള്ള. **c. pepper** ഗാന്ധാരിമുളക് (*b.*). *n.* ഒരു ഫലവൃക്ഷം.

**Cher'ub**, *n.* (*pl.* =u-bim) കെറുബ്, ദൈവഭൂതൻ (*Bl.*); 2. സൌന്ദൎയ്യമുള്ള ശിശു. **=u-bic**, *a.* ദിവ്യമായ.

**Chess**, *n.* ചതുരംഗം. **c.-board** ചതുരംഗപ്പലക. **play at c.** ചതുരംഗം വെക്കുക, —പൊരുതുക. **c.-man** ചതുരംഗക്കരു, ആൾ, പദാതി.

**Chest**, *n.* പെട്ടകം, പെട്ടി; 2. മാറ്, നെഞ്ച്. **c. of drawers** വലിപ്പ്പെട്ടകം.

**Chest'nut** (ches'nut), *n.* ഒരുവക മരം (*b.*); 2. ആ മരത്തിന്റെ കായി; 3. ഒരുവക തവിട്ടുനിറം.

**Chev-a-liēr'**, *n.* അശ്വാരൂഢൻ; 2. മാടമ്പി; 3. വീരൻ, യോഗ്യൻ.

**Chew** (chu), *v.t.* & *i.* ചവെക്കുക; 2. അയവെക്കുക; 3. ധ്യാനിക്കുക, ചിന്തിക്കുക. **to c. the cud** തേകിയരക്കുക; ധ്യാനിക്കുക. [ഹുക്ക, ചുറ.

**Chi-bouk', chi-bouque'** (-buk'), *n.*

**Chi-cāne'**, *n.* തന്ത്രം, ഉരുട്ട്, തിരിപ്പ്. *v.i.* ദുസ്തൎക്കം ചെയ്യുക; 2. കൌശലം പ്രയോഗിക്കുക. **='nĕr**, *n.* കതക്കി, ഉപായി. **='nĕr-y**, *n.* കള്ളകൌശലം, തിരുട്ട്.

**Chick, -'en, -'ling, -'y**, *n.* കോഴിക്കുഞ്ഞ്, പക്ഷി—; 2. ഉണ്ണി, പൈതൽ, കിടാവ്, ബാലികാ. **c.n-breasted** ഗ്രഹണിപിടിച്ച. **c.n-hearted** ഭീരുത്വമുള്ള. **c.n-pox** പൊട്ടി, പിത്തവസൂരി, പൊങ്ങമ്പനി (*med.*). **c.k-pea** ചാണാർ പയർ, ചണകപ്പയർ.

**Chīde**, *v.t.* & *ir.* (chid, chōde; chid, chidd'en) ശാസിക്കുക; 2. കോപിക്കുക. **to c. hither** ശകാരിക്കുക, ശാസിച്ച വരുത്തുക. **to c. from, to c. away** ശാസിച്ച പുറത്താക്കുക, ആട്ടി—.

**Chiēf**, *n.* തലവൻ, പ്രമാണി, മുഖ്യൻ; 2. മുഖ്യഭാഗം, ഉത്തമ—. *a.* പ്രധാനം ആയ; 2. ശ്രേഷ്ഠം—, ഉൽകൃഷ്ടം—; 3. അടുത്ത, ഉററ. **c. justice** ന്യായാധിപതിപ്രവരൻ. **-'ly**, *ad.* പ്രത്യേകിച്ച, വിശേഷാൽ, മുഖ്യമായി. **-'tāin**, *n.* തലവൻ, മേധാവി, നായകൻ.

**Chig-non'** (shin-yon'), *n.* തലകെട്ടി, മുടിപൂരണം, വാർമുടി. [പുണ്ണ്.

**Chil'blāin**, *n.* വാതസ്ഫോടം, വീക്കം,

**Chīld**, *n.* (*pl.* ='dren) കുട്ടി, കിടാവ്, കുഞ്ഞ്, മകൻ, മകൾ. **new born c.** കട്ടക്കിടാവ്, ചോരപ്പൈതൽ; 2. (*pl.*) സന്തതി, സന്താനം, മക്കൾ. **first c.** അടിക്കിടാവ്, കടിഞ്ഞൂൽ. **second c.** മറുകടിഞ്ഞൂൽ. **spoilt c.** ചെല്ലപ്പിള്ള. **'still-born c.** ചാപ്പിള്ള, ചാവുട—. **from a c.** ചെറുപ്പം മുതല്ക്കേ. **to be with c.** ഗൎഭമുണ്ടാക. **c.-bed, c.-birth** പ്രസവം. **c.-bearing** ഗൎഭധാരണം. **-'hood** കുട്ടിക്കാലം, ചെറുപ്പം. **second c.hd** വാൎദ്ധക്യബലഹീനത. **-'ish**, *a.* കുട്ടിസ്വഭാവമുള്ള, ബലഹീനം ആയ, നിസ്സാരം—. **-'ish-ness**, *n.* കുട്ടിക്കളി, ബുദ്ധികേട്. **-'less**, *a.* അനപത്യമായ, സന്താനമില്ലാത്ത. **-'līke**, *a.* കുട്ടിക്കൊത്ത; താഴ്മഉള്ള, അനുസരണം—.

**Chill**, *n.* ശീതം; 2. വിറ, കുളിർ; 3. ശീതഭാവം, അധൈൎയ്യം. **c.s and fever** വിറപ്പനി. *a.* കുളിർ ഉള്ള, വിറ—; 2. ശീതം പിടിച്ച, കുളിപ്പം തട്ടിയ; 3. ശീതഭാവം ഉള്ള, അന്യഭാവം—; 4. ശുഷ്കാന്തിയില്ലാത്ത, ധൈൎയ്യക്ഷയം വരുത്തുന്ന. *v. t.* കുളിപ്പിക്കുക, ശീതം പിടിപ്പിക്കുക; 2. ഉത്സാഹമില്ലാതാക്കുക, ആശാഭംഗം വരുത്തുക. **='li-ness**, *n.* ശൈത്യം, തണുപ്പ്; അകല്ച. **='ly**, *a.* കുളിരുള്ള, വിറക്കുന്ന.

**Chi'li, chil'lies**, *n.pl.* കപ്പൽമുളക്, പറങ്കി—, വററൽ— (*b.*).

**Chil'og-nath** (kil'o-nath), *n.* ചേരട്ട, തേരട്ട (*z.*).

**Chīme**, *n.* മണിനാദമേളനം, വാദ്യഘോഷം—; 2. (*pl.*) മേളമൊത്തമണിക്കൂട്ടം; 3. ചേച്ച്, യോജിപ്പ്. *v.t.* മേളത്തിൽ ചൊല്ലുക, രീതിയിൽ—.

**Chi-mē'ra**, *n.* മിത്ഥ്യാവസ്ഥ, മായാവിചാരം, ഊഹം, മനോരാജ്യം. =**mer'i-cal**, *a.* അഭാവം ആയ, മിത്ഥ്യാഭൂതം—.

**Chim'ney**, *n.* അടുപ്പ്, തീമാടം; 2. പുകക്കുററി, —കുഴൽ; 3. വിളക്കിന്റെ പുകനാളം. **c. board** തീമാടപ്പലക. **c. money** പുകക്കുഴൽവരി. **c.-sweep, c.-sweeper** കരിവാരി.

**Chin**, *n.* താടി, ചിവുകം (*an.*).

**Chī'na**, *n.* ചീനരാജ്യം; 2. പിഞ്ഞാണപാത്രം.

**Chinch**, *n.* മൂട്ട, മക്കുണം (*z.*).

**Chīne**, *n.* ജന്തുക്കളുടെ തണ്ടെല്ല് ഖണ്ഡം.

**Chink**, *n.* വിള്ളൽ, വിടവ്; 2. ചിലപ്പ്, കിലുക്കം; 3. പണം, കാശ്. *v.t. & i.* വിള്ളിക്കുക, വിള്ളുക; 2. വിള്ളൽ അടക്കുക; 3. കിലുകിലുക്കുക, ചിലമ്പുക.

**Chintz** (chints), *n.* അച്ചടിശ്ശീല, ചീട്ടിത്തുണി.

**Chip**, *n.* ചെത്ത്പൂൾ; 2. പൊളുക്ക, നുറുക്ക്. *v.t.* ചെത്തിക്കുറക്കുക, അടർത്തുക. *v.i.* നുറുങ്ങിപ്പോക, അടന്നുപോക. **to c. in** കൂറ്കൂടുക. **a c. of the old block** അച്ഛന്റെ മകൻ, അച്ഛനെ പോലെയോ അമ്മയെ പോലെയോ ഉള്ള കുട്ടി.

**Chi-rog'ra-phy** (kī'rog-ra-fi), *n.* കയ്യെഴുത്ത്, ലേഖനവിദ്യ; 2. സാമുദ്രികാലക്ഷണം, കൈനോക്കൽ. =**rol'o-gy**, *n.* ഹസ്തഭാഷണം, ആംഗ്യഭാഷണവിദ്യ. ='**rō-man-cy**, *n.* കൈനോക്കൽ, സാമുദ്രികാലക്ഷണം. ='**rō-man-cēr**, =**man-tist**, *n.* കൈനോക്കുന്നവൻ, സാമുദ്രികാലക്ഷണം പറയുന്നവൻ.

**Chĭrp**, *n.* ചിലെപ്പ്, പക്ഷിശബ്ദം. *v.i.* ചിലെക്കുക, ശബ്ദിക്കുക. -'**ing**, *a.* സന്തോഷകരമായ, ഉന്മേഷം വരുത്തുന്ന.

**Chi-rur'geŏn**, *see* Surgeon.

**Chis'el**, *n.* ഉളി, കല്ലുളി.

**Chit**, *n.* മുള, തളിർ; 2. കിടാവ്, കുട്ടൻ, കുഞ്ഞി, പെണ്ണ്; 3. പാലുണ്ണി. *v.i.* മുളെക്കുക, തെഴുക്കുക. **c.-chat** സല്ലാപം, നേരമ്പോക്ക്.

**Chiv'al-ry**, *n.* അശ്വാരൂഢഗണം, കുതിരപ്പട; 2. മാടമ്പിസ്ഥാനം, —പദവി, —നടവടി, —വൃത്തി; 3. വീര്യപരാക്രമം, ദാക്ഷിണ്യം; 4. ആയുധാഭ്യാസം. =**rous**, *a.* ശൌര്യം ഉള്ള, മഹാനുഭാവം—, മഹാത്മാവായ. [രൌഷധം (*ch.*).

**Chlor'o-form** (-farm), *n.* ബോധഹ

**Chlō-rō'sis**, *n.* മഞ്ഞപ്പിത്തം (*med.*).

**Choc'ō-lāte**, *n.* കൊക്കോസത്ത്, —മധുരം.

**Choice**, *see under* Choose.

**Choir** (kwīr), *n.* ഗായകസംഘം, പാട്ടുകാർ; 2. പള്ളിയിൽ പാട്ടുകാർ ഇരിക്കുന്നസ്ഥലം.

**Chōke**, *v.t.* ശ്വാസം മുട്ടിക്കുക, തൊണ്ടപിടിച്ചു ഞെക്കുക; 2. മുടക്കുക; 3. ഞെരുക്കുക; 4. ബുദ്ധിമുട്ടിക്കുക, ശ്വാസമില്ലാതാക്കുക. *v.i.* വീർപ്പ് മുട്ടിപ്പോക; 2. തടഞ്ഞുനിന്നു—, കുടുങ്ങി—. *n.* ശ്വാസം മുട്ടൽ, വിമ്മൽ, ഉമ്മിട്ടം. **c.-pear** പുളിമ്പേരക്ക (*b.*), കൊള്ളിവാക്ക്, പരിഹാസം.

**Chol'ēr**, *n.* പിത്തം; 2. ദേഷ്യം, ക്രോധം. -**ic**, പിത്തം ഉള്ള; മുൻകോപം—. **c.c temper** പിത്തക്കൂറ്; കോപശീലം.

**Chol'ēr-a**, *n.* ഛർദ്യതിസാരം, ഛർദ്ദിയും പോക്കും, നടപ്പ്ദീനം, തലയിൽത്തട്ടി, വിഷൂചിക, മറിപ്പൻ.

**Chōl'try, chōul'try**, *n.* വഴിയമ്പലം, ധർമ്മശാല.

**Choose**, *v.t. ir.* (chōse chōs'en) തെരിഞ്ഞെടുക്കുക, വേർതിരിക്കുക, ഇഷ്ടപ്പെടുക. *v.i.* തെരിഞ്ഞെടുക്കുക, തീർച്ചപ്പെടുത്തുക; 2. പാട് ഉണ്ടാക, കഴിവ്—. **cannot c. but** ചെയ്യാതെ നിവൃത്തിയില്ല, ചെയ്യേ കഴിയൂ. ='**ēr**, *n.* തെരിഞ്ഞെടുക്കുന്നവൻ. **choice**, *n.* തെരിഞ്ഞെടുപ്പ്, തിരിവ്; വരണം, വരണസ്വാത

ന്ത്യം; വിവേകം; തിരിവാനുള്ളത്; തെരിഞ്ഞെടുത്തത്, വരം; വിശിഷ്ടം, ഉത്തമം. to make a c.e of തെരിഞ്ഞെടുക്കുക. *a.* വരം ആയ, വരേണ്യം—, ശ്രേഷ്ഠം—, വിലയേറിയ; (of) സൂക്ഷ്മമുള്ള, തുരിശം ആയ; വിശേഷം—, തെരിഞ്ഞെടുത്ത. choice'ly, *ad.* വിവേകത്തോടെ; പ്രത്യേകമായി. choice'ness, *n.* വൈശിഷ്ട്യം, പ്രിയം. ' chō'sen, *a.* തെരിഞ്ഞെടുത്ത, വരിച്ച. *n.* വരിഷ്ഠൻ, വരിഷ്ഠം.

Chop, *v.t.* (up) മുറിക്കുക, തറിക്കുക; 2. (off, down) തുണ്ടിക്കുക; 3. (up) പിടിച്ചു വിഴുങ്ങുക; 4. മാററിയെടുക്കുക, —വെക്കുക. to c. logic തൎക്കജ്ഞനെന്ന നാട്യത്തോടെ വാദിക്കുക. *v.i.* വെട്ടുക; 2. കല്പുക; 3. (in, out) മദ്ധ്യെപറയുക; 4. മാററിവാങ്ങുക; 5. കലമ്പുക. *n.* മാററം; 2. വെട്ട്; 3. കഷണം; 4. വിള്ളൽ; 5. (*pl.*) മൃഗങ്ങളുടെ അണ്ണി; 6. തീരം, കര; 7. തരം, വക; 8. അനുവാദപത്രം. c. fallen ഇച്ഛാഭംഗം വന്ന, തലതാഴ്ത്തിയ. c.-house തീൻപുര; ചുങ്കപ്പുര. c.-logic കുതൎക്കി. -'pĕr, *n.* വെട്ടുന്നവൻ; വെട്ട് കത്തി. -'ping, *a.* കൊഴുപ്പുള്ള, തടിച്ച; മാറിമാറിപ്പോകുന്ന, തമ്മിൽ അലെക്കുന്ന. c.g knife വെട്ട്കത്തി. c.g block ഇറച്ചിമുട്ടി.

Chord (kạrd), *n.* കമ്പി, തന്ത്രി; 2. മേളം, മേളിതധ്വനി; 3. ജ്യാവ് (*geom.*).

Chō'ri-on (kō'ri-on), *n.* ഗൎഭകോശം, പിണ്ഡചൎമ്മം (*an.*); 2. തോൽ.

Chō-rog'ra-phy (-fi), *n.* ദേശപടലേഖനം; 2. ദേശവൎണ്ണനം.

Chō'rus, *n.* ഗായകസംഘം (*mus.*); 2. പല്ലവി, ധ്രുവകം (*mus.*); 3. സംയോഗഘോഷം. =ral, *n.* ഗീതരാഗം, സഭാഗീതം, പാട്ട്. =rist, chor'is-tĕr, *n.* ഗായകൻ: ഭാഗവതർ, സംഗീതനായകൻ.

Chōse (shōz), *n.* സാധനം; 2. ഇളകുന്ന മുതൽ, ജംഗമസ്വത്ത്. c. in action വ്യവഹാരത്താൽ കിട്ടാനുള്ള സ്വത്ത്. c. in possession കൈവശമുള്ള സാധനം. c. local ഒരിടത്തു സ്ഥാപിച്ച സാധനം. c. transitor ഇളകുന്ന—.

Chouse, *v.t.* (of, out of) തോല്പിക്കുക, പററിക്കുക. *n.* പൊണ്ണൻ, മാടൻ; 2. ചതി, സൂത്രം; 3. വഞ്ചകൻ.

Chow'chow, *n.* പലസാധനങ്ങൾ കൂടിയിട്ട അച്ചാർ, ഉപ്പിലിട്ടത്. *a.* പലസാധനങ്ങൾ കൂടിയുള്ള.

Chow'ry, *n.* ചാമരം, വെഞ്ചാമരം.

Chre-ma-tis'tics, *n. pl.* വ്യാപരിപാലനവിദ്യ; 2. രാജ്യൈശ്വൎയ്യ—.

Chres-tom'a-thy, *n.* ഉദാഹരണസംഗ്രഹം, പാഠമാല.

Chrism, *n.* സംസ്കാരതൈലം, സ്നാന—, സ്ഥിരീകരണ—, ഹസ്താൎപ്പണ—.

Chrīst, *n.* ക്രിസ്തൻ, ക്രിസ്തു, അഭിഷിക്തൻ, രാജാവ്. chris'ten (kris'n), *v.t.* സ്നാനകൎമ്മം കഴിക്കുക; പേർ ഇടുക. -en-dom, *n.* ക്രിസ്ത്യാനിമാൎഗ്ഗം, —രാജ്യം, ക്രിസ്ത്യാനികൾ. -'ten-ing, *n.* സ്നാനസംസ്കാരം; നാമകരണം. Christ'ian, *n.* ക്രിസ്ത്യാനി, ക്രിസ്തുഭക്തൻ, —ശിഷ്യൻ. *a.* ക്രിസ്ത്യാനിമാൎഗ്ഗസംബന്ധമായ, ക്രിസ്തീയ. c.n name സ്വന്തം പേർ, സ്നാന—. c.n era ക്രിസ്ത്വാബ്ദം. =ti-an'i-ty, *n.* ക്രിസ്ത്യാനിമാൎഗ്ഗം, ക്രിസ്തുമതം. -'ian-īse, *v.t.* ക്രിസ്ത്യാനിയാക്കുക. -'mas (kris'mas), *n.* ക്രിസ്തുവിന്റെ പിറന്നാൾ. c.s box സമ്മാനം. c.s carol തിരുജനനോത്സവപ്പാട്ട്. c.s eve തിരുജനന തലനാൾ. c.s tree തിരുജനനോത്സവ ചിഹ്നവൃക്ഷം. =tol'ō-gy, *n.* ക്രിസ്തുശാസ്ത്രം, —വൎണ്ണന.

Chro-mat'ic, *a.* വൎണ്ണസംബന്ധമായ, പലവൎണ്ണത്തിലുള്ള. -s, *n. pl.* വൎണ്ണശാസ്ത്രം.

Chrō'mo, chrō'mo-lith-o-graph (-graf), *n.* വിവിധവൎണ്ണത്തിൽ അച്ചടിച്ച ചിത്രം.

Chron'ic, -al, *a.* കാലസംബന്ധമായ, സമയപ്രകാരമുള്ള; 2. ദീൎഘകാലമായ, നടപ്പായ്‌വന്ന. c. disease പഴക്കംചെന്ന രോഗം; ക്രമേണവൎദ്ധിക്കുന്ന രോഗം.

Chron'i-cle, *n.* കാലാനുസാരവിവരം; 2. വൃത്താന്തം, ചരിത്രം; 3. ദിനവൎത്തമാനം, —സരി; 4. (*pl.*) നാളാഗമപ്പുസ്തകം, ദിനവൃത്താന്തപ്പുസ്തകം (*Bl.*).

**Chro-nol'o-ġy,** *n.* കാലഗണനം, —ഗണിതവിദ്യ. =ġĕr, =ġist, *n.* —ഗണിതജ്ഞൻ, ചരിത്രശാസ്ത്രി. **chron-ō-loġ'i-cal,** *a.* കാലാനുക്രമണമായ.

**Chro-nom'e-tĕr,** *n.* കാലമാത്രയന്ത്രം, സൂക്ഷ്മഘടികാരം.

**Chrys'a-lis,** *n.* കൂട്പുഴ (*z.*).

**Chrys'ō-līte,** *n.* ഗോമേദകം, ചന്ദ്രകാന്തം (*min.*).

**Chuck,** *v.t.* & *i.* കൊക്കിക്കുക; 2. പൊട്ടിച്ചിരിക്കുക; 3. തോണ്ടുക, ഉന്തുക. *n.* പനട്ടൽ; 2. മന്ദശബ്ദം; 3. (പ്രേമവാചി) മുത്ത്, പൊന്ന്; 4. തള്ള്, തോണ്ടൽ; 5. ചരക്കല്ല്. ='kle, *v.t.* & *i.* കൊക്കിവിളിക്കുക; ഓമനിക്കുക; പതുങ്ങിച്ചിരിക്കുക. *n.* ചിരി, മന്ദഹാസം, പരിഹാസം. c.e-head പെരുന്തലയൻ, മടയൻ.

**Chuff,** *n.* ജളൻ, ആഭാസൻ. *a.* മുറാളത്വമുള്ള, മുരടനായ. ='fy, *a.* കവിൾ വീങ്ങിയ; പരുഷഭാവം ഉള്ള, കോമാളിത്തരം—, മെരുക്കമില്ലാത്ത. ='fi-ness, *n.* ജളത്വം, നീചത്വം.

**Chum,** *n.* സഹവാസി, —പാഠി, പഴയ ചങ്ങാതി. *v.i.* ഒരേ അറയിൽ താമസിക്കുക. [മുതല.

**Chump,** *n.* മുട്ടം, തടിമരം. c. end

**Church** (chĕrch), *n.* ക്രിസ്ത്യാനിപ്പള്ളി, ദൈവാലയം; 2. ക്രിസ്ത്യാനിസഭ, —സമുദായം; 3. മതാധികാരം. c. land പള്ളിസ്വത്ത്, സഭാസ്വം. c. living പള്ളിവക ശമ്പളം. c.-man ബോധകൻ; സഭക്കാരൻ; അദ്ധ്യക്ഷസഭാംഗം. c.-rate പള്ളിനികുതി. c.-service ദൈവാരാധന. c.-warden പള്ളിമൂപ്പൻ, —കൈക്കാരൻ. c.-yard പള്ളിപ്പറമ്പ്, ശ്മശാനസ്ഥലം. catholic c., universal c. പൊതുസഭ, ക്രിസ്തുഭക്തസമസ്തം. established c. രാജാധീനസഭ.

**Churl** (chĕrl), *n.* തറക്കാരൻ, ആഭാസൻ, കൂലിപ്പണിക്കാരൻ; 2. മര്യാദകെട്ടവൻ; 3. ലുബ്ധൻ. =lish, *a.* ജളത്വമുള്ള, മന്ദബുദ്ധിയായ; ഈറഉള്ള; വിഷമം—, കടുപ്പം—. =lish-ness, *n.* നീചത്വം, പിറത്തരം; തന്നെപ്പോററിസ്വഭാവം, പിശുക്ക്; കാഠിന്യം.

**Churn** (chĕrn), *n.* തൈർക്കലം, മഥനപാത്രം. *v.t.* കടയുക, കലക്കുക. -ing, *n.* മഥനം, കലക്കൽ. c.g stick കടകോൽ, മന്ഥ്. [ധാതു (*phys.*).

**Chȳle** (kīl), *n.* രക്തവെള്ളം, രസം,

**Chȳme** (kīm), *n.* ആഹാരസാരം, പാചകം (*phys.*).

**Ci-bā'ri-ŏus,** *a.* ആഹാരസംബന്ധമായ, തിന്നാകുന്ന. =bā'tiŏn, *n.* ഭക്ഷണം കഴിക്കൽ.

**Cic'a-trix, cic'a-trice,** *n.* പാട, തോൽ, പൊററ, കല, വട്ടു.

**Cic'e-rō'ne** (*or* chiche), *n.* വാഗ്മി; 2. വഴികാട്ടി; 3. പുതുമകൾ കാണിച്ചുകൊടുക്കുന്നവൻ.

**Cī'dĕr,** *n.* ജംബുമദ്യം, —രസം.

***Ci'de-vaunt*** (sē'de-voṅ), *a.* പണ്ടെത്ത, മുമ്പുണ്ടായിരുന്ന.

**Ci-gär',** *n.* ചുരുട്ട്, പുകയിലത്തിര. **cig'a-rette** (-ret), *n.* പുകയിലച്ചുരുൾ, വീടി.

**Cim'bal,** *see* **Cymbal.**

**Cim'e-tĕr,** *n.* കഠാരം, വക്രഖഡ്ഗം.

**Cin-chō'na,** *n.* ഒരു വൃക്ഷം, 'കയിനാവ്' ചെടി, 'കയിനാവ്' തൊലി.

**Ciṅc'tūre,** *n.* കച്ച, വാറ്, അരഞ്ഞാണം; 2. വളവ്, ആവരണം.

**Cin'dĕr,** *n.* കരി, കരിക്കട്ട; 2. തീക്കനൽ, —ക്കട്ട; 3. —പ്പൊരി. [രം (*ch.*).

**Cin'na-bär,** *n.* ചായില്യം, രസസിന്ദൂ

**Cin'na-mon,** *n.* കറുപ്പത്തോൽ, കറുവാത്തൊലി, ലവങ്ക—, ഗന്ധവല്കലം (*b.*). c. oil കറുപ്പത്തൈലം.

**Cī'phĕr** (-fĕr), *n.* പൂജ്യം, ഭിന്നം, ശൂന്യം, സൊന്ന; 2. നാസ്തി, നിസ്സാരം; 3. അക്ഷരം, അക്കം; 4. ഊടെഴുത്ത്, ഗുപ്താക്ഷരം, ഗുപ്തലിപി. c.-key ഗുപ്താക്ഷരസൂത്രം. *v. t.* & *i.* കണക്ക്കൂട്ടുക; 2. ഗുപ്താക്ഷരത്തിൽ എഴുതുക, ഗുപ്തലിപി വായിക്കുക. *a.* വിലയില്ലാത്ത, ഒന്നിനും കൊള്ളാത്ത.

**Cĭr-cē'an,** *a.* രസമുള്ളതെങ്കിലും ദോഷം വരുത്തുന്ന.

**Cĭr'cle,** *n.* വട്ടം, വൃത്തം; 2. വളയം, പരിധി; 3. ഗോളം, ഉണ്ട; 4. ചക്രം, മണ്ഡലം; 5. ചുററുവട്ടം, വളവ്, ചുഴി; 6. സമൂഹം, കൂട്ടം, എണ്ണം; 7. ചുററും നില്ക്കുന്നവർ; 8. ആവൎത്തനം, പരിവൎത്തനം; 9. അപ്രമാണവാദം, നിരൎത്ഥ—; 10. വക്രവാക്യം; 11. രാജ്യഭാഗം. **dress c.** നാടകശാലയിലെ ശ്രേഷ്ഠാസനം. **family c.** —മദ്ധ്യമസ്ഥാനം. *v. t.* ചുററിനടക്കുക, പരിവൎത്തിക്കുക, വലം വെക്കുക, പ്രദക്ഷിണം—; 2. ചുററുക, വളച്ചുകെട്ടുക. **to c. in** നിരോധിക്കുക. *v. i.* ചുററിക്കൊണ്ടിരിക്കുക, തിരിയുക. **='clet,** *n.* ചെറുവട്ടം, വള, മോതിരം; ഗോളം. **='cū-lar** (-lĕr), *a.* വൃത്താകാരമായ, വട്ടമുള്ള, ഉരുണ്ട; പറഞ്ഞത് തന്നെ പറയുന്ന, അപ്രമാണമായ, തീൎച്ചയില്ലാത്ത, സാരം കുറഞ്ഞ, അധമമായ; പലൎക്കുമുള്ള, പൊതുവെ ആയ; സമ്പൂൎണ്ണം—. **c.r arc** പരിധിഖണ്ഡം (*geom.*). **c.r note, c.r letter** പലൎക്കും കൂടിയുള്ള കത്ത്. **c.r saw** ഈൎച്ചച്ചക്രവാൾ. *n.* പൊതുകല്പന. **='cū-lar-i-ty,** *n.* ചക്രാകൃതി, വൃത്താകാരം.

**Cĭr'cuit** (-kit), (*fr.* **circle**) *n.* ചുഴല്ച, പരിവൎത്തനം, പ്രദക്ഷിണം; 2. വട്ടം; 3. കിരീടം; 4. മണ്ഡലം, വൃത്തവിസ്താരം; 5. പ്രവൃത്തിസഞ്ചാരം, ഉദ്യോഗ— 'ജമാബന്തി'; 6. അധികാരമണ്ഡലം, പ്രവൃത്തി—; 7. വക്രവാക്യം, വാഗ്ബാഹുല്യം. **to make a c.** ചുററിസഞ്ചരിക്കുക, വളഞ്ഞ വഴിയിൽകൂടി പോക. **galvanic c., voltaic c.** വിദ്യുച്ഛക്തി പരിവൎത്തനശതി. **=cū'i-tŏus,** *a.* വളഞ്ഞ, ചുററിച്ചെല്ലുന്ന.

**Cĭr'cū-lāte,** *v.i.* ചുററുക, ചുററിസഞ്ചരിക്കുക; 2. വ്യാപിക്കുക, എങ്ങും എത്തുക, —നടപ്പാക, —കേൾക്കുക. *v. t.* നടപ്പ് ആക്കുക, പ്രസിദ്ധം—. **=ting decimal** ആവൎത്തനദശമഭിന്നിതം.**= lā'-tiŏn,** *n.* സഞ്ചാരം, പ്രദക്ഷിണം; പരപ്പ്, വ്യാപനം; നടപ്പ്, നാണ്യം; വ്യാപ്തി; രക്താഭിസരണം (*phys.*).

**Cir'cŭm,** *pf.* ചുററ്, ചുററി, പരി.

**Cĭr-cum-am'bū-lāte,** *v. i.* വലം വെക്കുക, ചുററിനടക്കുക. **=lā'tiŏn,** *n.* പ്രദക്ഷിണം.

**Cĭr'cum-cīse,** *v. t.* പരിഛേദനചെയ്ക, ചേല—, മാൎഗ്ഗം— (*M.*); 2. ശുദ്ധീകരിക്കുക. **=cisi'ŏn,** *n.* പരിഛേദനം, ചേലാകൎമ്മം, സുന്നത്ത് (*M.*).

**Cĭr-cum'fĕr-ence,** *n.* വൃത്തപരിധി, മണ്ഡല—, പരിവേശം.

**Cĭr'cum-flex,** *n.* സ്വരിതോച്ചാരണം, ദീൎഘോച്ചാരണചിഹ്നം. *a.* ചുററിപോകുന്ന, വളഞ്ഞ്—

**Cĭr-cum-fū'siŏn** (-zhun), *n.* പരിവ്യാപ്തി, വിസ്തീൎണ്ണത.

**Cĭr-cum-ġȳ-rā'tiŏn,** *n.* പരിവൎത്തനം, ചുഴിപ്പ്.

**Cĭr-cum-jā'cent,** *a.* ചുററും തൊട്ടിരിക്കുന്ന, എല്ലാഭാഗത്തും അതൃത്തിയായിരിക്കുന്ന. [തൊട്ട.

**Cĭr-cum-lit'ō-ral,** *a.* കരയോട്

**Cĭr-cum-lō-cū'tiŏn,** *n.* വിസ്താരവൎണ്ണനം, വാഗ്വിസ്താരം, അതിഭാഷണം. **=loc'ū-tŏr-y,** *a.* വളഞ്ഞ.

**Cĭr-cum-nav-i-gā'tiŏn,** *n.* ഭൂപ്രദക്ഷിണകപ്പലോട്ടം, സമുദ്രപ്രദക്ഷിണ—.

**Cĭr-cum-scrībe',** *v. t.* വട്ടത്തിൽ എഴുതുക, ചുററും വരക്കുക, അതൃത്തിവെക്കുക, ക്ലിപ്തപ്പെടുത്തുക. **=scrip'tiŏn,** വൃത്താകാരലിപി, അതിർരേഖ, പരിമാണം; രൂപം, നിശ്ചയം; അതൃത്തി.

**Cĭr'cum-spect,** *a.* ചുററും നോക്കുന്ന; 2. വിവേകബുദ്ധി ഉള്ള, സസൂക്ഷ്മ—. **=spec'tiŏn,** *n.* സൂക്ഷ്മവിചാരം, സാവധാനത, വിവേകം. **=spec-tive,** *a.* മുൻകരുതൽ ഉള്ള, സൂക്ഷ്മം—. **=spect-ly, =spec-tive-ly,** *ad.* ജാഗ്രതയോടെ, വിവേകത്തോടെ.

**Cĭr'cum-stance,** *n.* കാൎയ്യസംബന്ധം, അവസ്ഥാ—; 2. സംഭവം, കാൎയ്യം; 3. വാഗ്വിസ്താരം, വിവരം; 4. (*pl.*) അവസ്ഥ, സ്ഥിതി, നില. **not a c.** സാരമില്ല. **under the c.s** ഈ അവസ്ഥക്ക്,

എല്ലാസംഗതികളും ആലോചിച്ചു നോക്കിയാൽ. =stan'tial (-shal), *a.* അവസ്ഥാസംബന്ധമായ; മുഖ്യമല്ലാത്ത; സംഭവസഹിതം ആയ, വിവരം—, സൂക്ഷ്മം—. c.l evidence അവസ്ഥാത്ഭവമായ തെളിവ്. =stan'ti-āte, *v. t.* പ്രത്യേകാവസ്ഥയിലാക്കുക, വിവരമായി പറക, ദൃഷ്ടാന്തപൂർവ്വം പ്രസ്താവിക്കുക.

Cĭr-cum-vent', *v. t.* പറഞ്ഞു തോല്പിക്കുക, ചതിക്കുക, ചുററിക്കുക. =ven'tiŏn, *n.* ഉരുട്ട്, ഉപായം, വ്യാജം.

Cĭr-cum-vo-lu'tiŏn, *n.* ഉരുൾ; 2. വളഞ്ഞവഴി, വാഗ്വിസ്താരം.

Cĭr'cus, *n.* കുതിരയോട്ടക്കളം; 2. രംഗസ്ഥലം, അരങ്ങ്; 3. അഭ്യാസക്കളി.

Cĭst, *n.* ചെപ്പ്, പെട്ടി; 2. ഭസ്മക്കൊട്ട. ='tĕrn, *n.* നീർത്തടം, തൊട്ടി, ജലാശയം.

Cĭt'a-del, *n.* കോട്ട, ദുർഗ്ഗം (*mil.*).

Cīte, *v. t.* വരുവാൻ കല്പിക്കുക, ഹാജരാക്കുക; 2. ഉദാഹരണം ചൊല്ലുക, പ്രമാണം—, വിധികാണിക്കുക. =tā'tiŏn, *n.* കല്പന, ഹാജരാവാനുള്ള കല്പന; വിധി, പ്രമാണം; വിവരം, പ്രസ്താവം.

Cit'y, *n.* പട്ടണം, നഗരം, പുരി; 2. പുരവാസികൾ. cit'i-zen, *n.* പൌരൻ, നഗരവാസി, ദേശസ്ഥൻ, രാജ്യക്കാരൻ.

Civ'et, *n.* പച്ചപ്പുഴ, പുഴക്, ജവാത്. c. cat മെരു (*z.*).

Civ'ic, *a.* പൌരത്വമുള്ള.

Civ'il, *a.* പട്ടണസംബന്ധമായ, രാജ്യ—, പൌര—, രാജ്യത്തിൽ ഉള്ള, രാജ്യവാസികൾ തമ്മിൽ തമ്മിൽ—; 2. ഭരണാധീനമായ, ക്രമം ഉള്ള, നാഗരികത്വം—; 3. നിയമാധീനമായ, ന്യായം ഉള്ള; 4. നയശീലം—, മര്യാദ—; 5. രാജ്യഭരണസംബന്ധം ആയ; 6. വസ്തുവക—, 'അദാലത്ത്'. c. action, c. suit 'അദാലത്ത്' വ്യവഹാരം (*l.*). c. court —കോടതി. c. year ജനവരിയിൽ തുടങ്ങുന്ന സാധാരണവർഷം. c. service രാജ്യഭരണോദ്യോഗ വകുപ്പ്. covenanted c. service, cov. c. servant നിശ്ചയാനുചിത ഉദ്യോഗം, —ഉദ്യോഗസ്ഥൻ. uncovenanted c. service, unc.d c. servant നിശ്ചയരഹിത ഉദ്യോഗം, —ഉദ്യോഗസ്ഥൻ. c. war അന്തഃഛിദ്രം, പൌരയുദ്ധം. ci-vil'i-an, *n.* രാജ്യധർമ്മജ്ഞൻ; രാജ്യഭരണോദ്യോഗസ്ഥൻ. ci-vil'i-ty, *n.* നാഗരികത്വം; ആദരവ്, അനുനയം, ലോക്യം, മര്യാദ. civ-i-li-sā'tiŏn, *n.* നാഗരികത്വം, പരിഷ്കാരം. =līse, *v. t.* നാഗരികത്വം വരുത്തുക, പരിഷ്കരിക്കുക.

Clack, *v. t. & i.* മുഴക്കുക, ഒച്ചപ്പെടുക, കിലുക്കുക, കിലുങ്ങുക; 2. നൊടിയുക. *n.* ഒച്ച, മുഴക്കം, കിലുകിലുശബ്ദം; 2. നൊടിച്ചൽ.

Clad, *p. p. of* Clothe.

Clāim, *v. t.* അവകാശമായി ചോദിക്കുക, നിശ്ചയിച്ചു—; 2. ഉറപ്പായി പറക, പ്രസ്താവിക്കുക. *v. i.* അവകാശിയായിരിക്കുക, അവകാശം കിട്ടുക, —ഉണ്ടാക. *n.* തേച്ച്; 2. ന്യായം, അവകാശം, അധികാരം; 3. അവകാശസ്വത്ത്. -'a-ble, *a.* അവകാശം ഉള്ള, തേച്ച്—. -'ant, -'ĕr, *n.* തേച്ച്ക്കാരൻ, അവകാശവാദി.

Clam, *v. t.* ഒട്ടിക്കുക, ഞണഞ്ഞണക്കുക. *v. i.* ഞണഞ്ഞണങ്ങുക, ഞളുക്കുക; 2. പാറുക. -'mi-ness, *n.* ഞളുപ്പ്, ഒട്ടൽ. -'my, *a.* പശഉള്ള, ഒട്ടൽ—.

Clam'bĕr, *v. i.* പിടിച്ചു കയറുക, പററി—, പ്രയാസത്തോടെ—.

Clam'ŏr, clam'ŏur, *n.* നിലവിളി, കൂക്കി—, ആഘോഷം, ആരവം; 2. അമളി, ആക്ഷേപഘോഷം. *v. t.* നിലവിളിക്കുക, കൂക്കുക. *v. i.* ആർക്കുക, ആവലാധിപറക, ബുദ്ധിമുട്ടിച്ചു ചോദിക്കുക. -ŏus, *a.* തൊള്ളയിടുന്ന, അലമ്പലാക്കുന്ന.

Clamp, *n.* കെട്ട്, പട്ട; 2. 'ക്ലാമ്പ്'. *v. t.* പട്ടയിട്ടുറപ്പിക്കുക, കെട്ട് കെട്ടിക്കുക; 2. മണ്ണിട്ട് മൂടുക.

Clamp, *n.* കാലമർച്ച്. *v. i.* അമർത്തി നടക്കുക.

Clan, *n.* കുലം, വംശം, ഗോത്രം; 2. കൂട്ടം, പരിഷ. c.s-man വംശക്കാരൻ.

Clan-des'tine, *a.* ഗോപ്യം ആയ, രഹസ്യം—; 2. ഒളിച്ചു ചെയ്യുന്ന, കളവായ.

Clang, clank, *v. t.* തമ്മിൽ മുട്ടുക, ചിലമ്പുക. *v. i.* കിലുങ്ങുക. *n.* കിണകിണശബ്ദം, കിലുക്കം, ചിലമ്പൽ.

**Clank**, *n.* ചങ്ങലയുരമ്മുന്ന ശബ്ദം, ചിലുചിലുക്കൽ.

**Clap**, *n.* മുഴക്കം, ഒച്ച; 2. ശബ്ദം; 3. വെട്ട്, അടി; 4. കൈമുട്ടൽ, —കൊട്ട്. c.-trap കെണി, ഉപായം, ചതി. *v. t.* കൊട്ടുക, മുട്ടുക, തട്ടുക, അടിക്കുക; 2. (to, into, up, upon) അടെച്ചുകളക, ചാരി—; 3. കൈകൊട്ടി ഘോഷിക്കുക, അഭിനന്ദിക്കുക. to c. hands കയ്യടിക്കുക, ഉടമ്പടി ചെയ്യുക. to c. hold of പെട്ടന്നു പിടിക്കുക. to c. up വിചാരണ ചെയ്യാതെ തടവിലാക്കുക; ബദ്ധപ്പാടോടെ ചെയ്ക. *v. i.* കൈകൊട്ടുക, തമ്മിൽ മുട്ടുക. -'pĕr, *n.* കൈകൊട്ടുന്നവൻ; മണിനാക്ക്.

**Clar'et**, *n.* ഒരുവക താണവീഞ്ഞ്, [ 'ക്ലാരട്ട്'.

**Clar'i-fȳ**, *v. t.* ഉരുക്കി തെളിയിക്കുക, പതപ്പിച്ചു—, ശുദ്ധിയാക്കുക; 2. ബുദ്ധി തെളിയിക്കുക. *v. i.* തെളിയുക, സച്ഛമാക; 2. പ്രകാശിക്കുക. =fi-cā'tiŏn, *n.* തെളിയിക്കൽ, ശുദ്ധിയാക്കൽ; തെളിവ്, പ്രകാശം.

**Clar'i-on**, *n.* കാഹളം, കാളം (*mus.*). ='i-net, ='i-o-net, *n.* വേണു, കുഴൽ. [ഭ.

**Clar'i-ty**, *n.* തിളക്കം, സച്ഛത, ഴശോ

**Clash**, *v. t. & i.* തമ്മിൽ മുട്ടുക; 2. തമ്മിൽ ഇടയുക, വിരോധമാക. *n.* മുട്ടിയ ഒച്ച; 2. മുട്ട്; 3. ഇടച്ചൽ, വിരോധം.

**Clasp**, *n.* കൊക്ക, കൊളുത്ത്, പട്ട, സൂത്രപ്പട്ട; 2. ഗാഢാശ്ലേഷം. *v. t.* പൂട്ടുക, കൊളുത്തുക, അമൎത്തുക, മടക്കുക; 2. മുറുക്കിപ്പിടിക്കുക, കെട്ടി—, ആലിംഗനം ചെയ്ക. c.-knife മടക്ക്കത്തി. -ĕr, *n.* ലത, വള്ളി.

**Class**, *n.* വൎഗ്ഗം, വക, കൂട്ടം; 2. പങ്ക്തി, ശ്രേണി; 3. ജാതി, പ്രഭേദം, ശാഖ. c.-mate സഹപാഠി. *v. t.* തരം തിരിക്കുക, വക—, പകുക്കുക; 2. ക്രമപ്പെടുത്തുക, വകപ്പിൽ ആക്കുക. *v. i.* തരത്തിൽ ഉൾപ്പെട്ടിരിക്കുക. ='si-fȳ, *v. t.* തരം തിരിക്കുക, ക്രമപ്പെടുത്തുക. =si-fi-cā'tiŏn, *n.* തരം തിരിക്കൽ, വക—, തരാതരവിഭാഗം.

**Clas'sic**, =si-cal, *a.* ശ്രേഷ്ഠം ആയ, വിശേഷരീതി—, വിശിഷ്ടം—; 2. പുരാതന ഗ്രേക്ക റോമരാജ്യസംബന്ധമായ, യവനലത്തീനഗ്രന്ഥ—, പുരാതനമായ, കീൎത്തിപ്പെട്ട; 3. ഭാഷാശുദ്ധിയുള്ള, രീതിയനുസാരം ആയ, പ്രമാണയോഗ്യം—. -'sic, *n.* പുരാതനയവനലത്തീനഭാഷാഗ്രന്ഥം; വിശേഷ—; യവനറോമശാസ്ത്രപണ്ഡിതൻ.

**Clat'tĕr**, *n.* ഘടഘട ശബ്ദം, പടപട—; 2. ഘോഷം, ഇളക്കം; 3. വൃഥാസംസാരം, ചിലക്കൽ. *v. i.* ശബ്ദിക്കുക; 2. ചിലെക്കുക, ഉച്ചത്തിൽ സംസാരിക്കുക.

**Clause** (klụz), *n.* വകുപ്പ്, ഉപ—, വാചകം, പ്രസ്താവം; 2. ഉപവാക്യം (*gr.*).

**Clau'sūre**, *n.* അവരോധം, തടവ്.

**Clav'i-cle** (-kl), *n.* പൂണെല്ല്, കണ്ഠാസ്ഥി, ഗ്രീവാസ്ഥി.

**Claw** (klạ), *n.* നഖം, തുണ്ഡം; 2. കൊറുങ്ങ, കൊറുക്ക. *v. t.* മാന്തുക, നുള്ളുക; 2. ചൊറിയുക, കിക്കിളിയാക്കുക; 3. വളൎത്തിപ്പറക. c. me c. thee എന്നെ താങ്ങിയാൽ ഞാനും താങ്ങും. to c. away ശകാരിക്കുക. to c. (one) on the back കിക്കിളിയാക്കുക, സ്തുതിച്ചു പറക. to c. (one) on the gall കുററം പറക, അസഹ്യപ്പെടുത്തുക. c. back മുഖസ്തുതിക്കാരൻ.

**Clāy** (klā), *n.* കളിമണ്ണ്, കുശമണ്ണ്; 2. മണ്ണ്, പൊടി, ധൂളി; 3. ദേഹം, മനുഷ്യൻ. brick c. ചെമ്മണ്ണ്. c. cold തണുത്ത, നിൎജ്ജീവമായ. c.-marl ചേടിമണ്ണ്. c.-pit മണ്കുഴി.

**Clēan** (klēn), *a.* വൃത്തിഉള്ള, വെടിപ്പ്—; 2. കുററമററ, ഊനമില്ലാത്ത; 3. നല്ല, മിടുക്ക് ഉള്ള, സാമൎത്ഥ്യം—. c. leap തൊടാതെയുള്ള, കടന്ന. 4. അബദ്ധമില്ലാത്ത, ശുദ്ധം ആയ; 5. പൂൎണ്ണം—; 6. പവിത്രം—, നിൎമ്മലം—; 7. ആചാരദോഷം ഇല്ലാത്ത, ഭോജ്യം—; 8. സന്മാൎഗ്ഗമായ; 9. ആകൃതിവിശേഷമുള്ള. c. bill of health കപ്പലിൽ പകൎച്ചവ്യാധിയില്ലെന്നുള്ള സാക്ഷ്യപത്രം. make a c. breast of it കുററസമ്മതം ചെയ്ക, കുററം സ്വീകരിക്കുക. c. cut പ്രത്യേകതയുള്ള, സംക്ഷിപ്തമായ. *ad.* അശേഷം, മുഴുവനും, തീരെ; 2. കുറവ് കൂടാതെ, സാമൎത്ഥ്യത്തോടെ. *v. t.* ശുദ്ധം ആക്കുക, വൃത്തി—, വെടിപ്പ്—, ശുദ്ധീകരി

ക്കുക. to c. out പണം മുഴവനും ശില വാക്കുക. -'ing, *n.* ശുദ്ധീകരണം; മുശ ങ്ങളുടെ മാച്ച്. -'li-ness, *n.* വെടിപ്പ്, വൃത്തി. -'ly, *a.* സമാവൃത്തിയുള്ള, നിർദ്ദോഷമായ. *ad.* വെടിപ്പായി, ശുദ്ധിയോടെ. -'ness, വെടിപ്പ്, ശുദ്ധി; നല്ല നടപ്പ്, —ഭാഷ; ചാരിത്രശുദ്ധി. Cleanse (klenz), *v. t.* ശുദ്ധമാക്കുക, വെടിപ്പ് വരുത്തുക; പകച്ചദോഷം നീക്കുക; പുണ്യാഹം ചെയ്ക. clean'sĕr, *n.* ശുദ്ധിവരുത്തുന്ന സാധനം, വെടിപ്പാക്കുന്നവൻ, കേടകററുന്നവൻ.

Clēar (klēr), *a.* തെളിവുള്ള, മിന്നുന്ന, പ്രസന്നമായ, മങ്ങലില്ലാത്ത; 2. സ്പഷ്ടം ആയ, വ്യക്തം—, തിട്ടം—; 3. വിവേകം ഉള്ള, കാൎയ്യബോധം—, ബുദ്ധി—; 4. ശാന്തമായ, സന്തോഷമുള്ള, രാഗദ്വേഷമില്ലാത്ത; 5. നല്ലവണ്ണം കേൾക്കുന്ന; 6. കുട്ടില്ലാത്ത; 7. പഴിയററ, നിഷ്കളങ്കമായ, ഊനം ഇല്ലാത്ത; 8. കററം—; 9. സാക്ഷാൽ (ലാഭം, നഷ്ടം); 10. മറവ് ഇല്ലാത്ത, മുടക്കം—, കഴക്ക്—; 11. സ്വാതന്ത്ര്യം ഉള്ള, ഒഴിവ്—. c. days തികന്നാൽ, ആദ്യാവസാനദിവസങ്ങൾ ഒഴിച്ച ശേഷമുള്ളത്. *ad.* സ്പഷ്ടം ആയി, തെളിവ്—; 2. അശേഷം, മുഴവനും, തീരെ. *n.* മുഴവിസ്തീൎണ്ണത, ഉള്ള്. make c. സ്പഷ്ടം ആക്കുക, തെളിവ്—. in the c. അകത്ത്, ഉള്ളിൽ. to get c. off വിട്ടുപോക, തെററിപ്പോരുക. to come off c. കററമില്ലെന്ന തീൎച്ചയാക, ഊനം കൂടാതെയിരിക്കുക. to keep c. from ഒഴിഞ്ഞുനില്ക്കുക. be c. from debt കടം വീട്ടിത്തീൎക്കുക. leap c. over കടന്നുചാടുക, തൊടാതെ തുള്ളുക. stand c. മാറുക, തെററുക. -'āġe, *n.* നീക്കം. -'ance, *n.* നീക്കം, വെടിപ്പ്; (കപ്പൽ) 'ക്ലിയറൻസ്', ചുങ്കച്ചീട്ട്, കപ്പലോട്ട സമ്മതപത്രം; സാക്ഷാൽ ലാഭം. c. cut പ്രത്യേകതയുള്ള; സംക്ഷിപ്തമായ. c. headed വേഗം മനസ്സിലാകുന്ന, കാൎയ്യബോധമുള്ള. c. sighted വിവേകം ഉള്ള, തിരിച്ചറിവ്—. *v. t.* തെളിവ് ആക്കുക, വെളിവ്—; 2. ശുദ്ധം—, വെടിപ്പ്—, കേട് നീക്കുക; 3. സംശയം—, വ്യക്തിവരുത്തുക; 4. ബുദ്ധിതെളിയിക്കുക, മൂൎച്ചകൂട്ടുക; 5. (of, off, away, out) മുടക്കം നീക്കുക, തെററുക; 6. കേട് പോക്കുക; 7. കാട് വയക്കുക; 8. കടം വീട്ടുക; 9. (from) കററമില്ലെന്നു തീൎച്ചപ്പെടുത്തുക; 10. കടന്നു തുള്ളുക, —ചാടുക; 11. ലാഭമാക്കുക, ആദായം കിട്ടുക. to c. a ship at the custom-house 'ക്ലിയറൻസ്' വാങ്ങുക. to c. a ship for action കപ്പൽ പടക്ക് ഒരുക്കുക. to c. the land കപ്പൽ പുറങ്കടലിൽ പോക. to c. up മനസ്സിലാക്കിക്കൊടുക്കുക, സംശയം തീൎക്കുക. *v. i.* (up, off, away) തെളിയുക, കാർനീങ്ങുക; 2. ഒഴിവ് കിട്ടുക; 3. കപ്പൽ ഓട്ടുവാൻ അനുവാദം—. to c. out പോയിക്കളക, ഓടിപ്പോക.

I. Clēave (klēv) (cleaved *or* clāve), *v. i.* ഒട്ടുക, പററുക; 2. അട്ടുക്കുക, ചേരുക; 3. യോഗ്യം ആയിരിക്കുക, ഉചിതം—.

II. Clēave (klēv), (cleft *or* cleaved) *v. t.* ചീന്തുക, കീറുക; 2. പിളക്കുക, പകുക്കുക. *v. i.* വിള്ളുക, പിളരുക; 2. കീറുക, പിരിയുക. cleav'āġe, *n.* ചീന്തൽ, വിള്ളൽ, പിളപ്പ്; 2. അടപ്പ്; 3. രത്നക്കഷണം. ='vĕr, *n.* വെട്ടുകത്തി, കൊടുവാൾ, കത്തി—. cleft, *n.* പിളപ്പ്, വിള്ളൽ, വിടവ്; പൊളി, പൊളുക്ക, തുണ്ടം.

Clem'ent, *a.* ശാന്തഭാവം ഉള്ള, കരുണ—. ='en-cy, *n.* ക്ഷമ, ദയ, സൌമ്യത; നല്ല കാലവിശേഷം, ഋതുശാന്തത.

Clep'sy-dra, *n.* നാഴികച്ചിരട്ട, —വട്ടക.

Clĕr'ġy, *n.* പുരോഹിതവൎഗ്ഗം, ബോധകജനം; 2. വിദ്യ, ഉദ്യോഗം; 3. പുരോഹിതാവകാശം; 4. ബോധകപ്രതിഫലം. -man, *n.* ഉപദേഷ്ടാവ്, പാതിരി, അച്ചൻ (*S.*).

Clerk (klärk), *n.* ഉപദേഷ്ടാവ്, ബോധകൻ; 2. അക്ഷരജ്ഞൻ, വിദ്വാൻ; 3. എഴുത്ത്കാരൻ, മേനവൻ, കണക്കപ്പിള്ള; 4. ബോധകസഹായി, പള്ളിമൂപ്പൻ. -ship, *n.* ബോധകസ്ഥാനം; എഴുത്ത് പണി.

Cler'ic, -al, *a.* ബോധകജനസംബന്ധമായ; 2. എഴുത്ത്—. c.l work എഴുത്ത് പ്രവൃത്തി. c.l error, c.l mistake അക്ഷരപ്പിഴ.

**Clev'ĕr**, *a.* സാമൎത്ഥ്യം ഉള്ള, വൈഭവം—, ബുദ്ധിക്രമ്മത—, കരകൌശലം—; 2. ഉചിതം ആയ, യോഗ്യം—; 3. രൂപവിശേഷം ഉള്ള; 4. സല്ഗുണം—. **-ly**, *ad.* പ്രാപ്തിയോടെ, മിടുക്കോടെ. **-ness**, *n.* നൈപുണ്യം, മിടുമ, കാൎയ്യബോധം.

**Clew, clue** (klų), *n.* നൂലുണ്ട; 2. തുമ്പ്, ഒററ്. *v.t.* വഴികാട്ടുക, സൂചന കൊടുക്കുക, ഒററ്—.

**Click**, *v.i.* മുട്ടുക, കിടുകിടു ശബ്ദിക്കുക. *v.t.* ഒച്ചപ്പെടുത്തുക. *n.* കിടുകിടു ശബ്ദം; 2. വാതിലിന്റെ കൊളുത്ത്.

**Cli'ent**, *n.* ആശ്രിതൻ; 2. കക്ഷി (*l.*).

**Cliff, clift**, *n.* കുത്തനെയുള്ള പാറ, കട്ടുന്നുക്കമായ സ്ഥലം.

**Clī'māte, clīme**, *n.* ഭൂമേഖല, പ്രദേശം; 2. ശീതോഷ്ണം, ദേശാവസ്ഥ; 3. ഋതുസ്ഥിതി, —വിശേഷം.

**Clī'max**, *n.* കയററം, ക്രമോൽകൎഷം; 2. ഉല്കൎഷാലങ്കാരം (*rhet.*); 3. അഗ്രം; 4. ഉത്തമാവസ്ഥ. **to cap the c.** സകലത്തെയും വഴിയിലാക്കിക്കളയുക.

**Clīmb** (klīm), *v.t. & i.* പിടിച്ച് കയറുക, പററി—; 2. കയറിപ്പോക, ഏറി—, മേല്പോട്ട്—. **-'ĕr**, *n.* കയറുന്നവൻ; ലത (*b.*); മരക്കൊത്തൻ (*z.*); തത്ത (*z.*).

**Clinch**, *v.t.* മുറുക്കി പിടിക്കുക, കെട്ടി—; 2. അമുക്കുക; 3. വളക്കുക; 4. ഉറപ്പിക്കുക. *n.* പിടിത്തം; 2. കൊക്കവാക്ക്, ദ്വയാൎത്ഥ—. **-'ĕr**, *n.* മുറുകെ പിടിക്കുന്നവൻ; തീൎച്ചന്യായം, വാദാന്ത—.

**Cling**, *v.i.* (to, together) ഒട്ടുക, പററുക, ചുററിപ്പിടിക്കുക, കെട്ടി—. *n.* പററ്, പ്രീതി, ഭക്തി.

**Clin'ic**, *n.* കിടപ്പിലായ ദീനക്കാരൻ; 2. ചികിത്സശാലയിലെ വൈദ്യാഭ്യാസം. **clin'ic, -al**, *a.* കിടപ്പിലായ, രോഗശയ്യാസംബന്ധമായ; നിദാനം സംബന്ധിച്ച. **c.l baptism** രോഗശയ്യാസ്നാനസംസ്കാരം. **c.l medicine, c.l surgery** പ്രത്യക്ഷവൈദ്യാഭ്യാസം, —ശസ്ത്രപ്രയോഗാഭ്യാസം. **c.l thermometer** ജ്വരമാത്ര.

**Clink**, *v.t.* കിലുക്കുക, മണിക്കുക. *n.* കിലുക്കം, മണിച്ചൽ.

**Clip**, *v.t.* കത്രിക്കുക, വെട്ടുക; 2. കഷണിക്കുക, ചുരുക്കിക്കളക; 3. ആലിംഗനം ചെയ്ക. *v.i.* (it) പറക്കുക, ഓട്ടുക. *n.* നറുക്കൽ; 2. ആശ്ലേഷം; 3. കൊളുത്ത്, പിടി; 4. തട്ട്, തല്ല്. **-'pĕr**, *n.* മുറിക്കുന്നവൻ; കത്രികായന്ത്രം; ഒരുവക പായിക്കപ്പൽ. **-'ping**, *n.* വെട്ടൽ, നാണ്യം മുറിക്കൽ; തുണ്ടം, കഷണം.

**Clīque** (klīk), *n.* കൂട്ട്കെട്ട്, കക്ഷി, പക്ഷം, പരിഷ.

**Clōak**, *n.* മേലങ്കി, മേൽകുപ്പായം, മുഴ—; 2. മറ, വേഷം, ഒഴികഴിവ്. *v.t.* മേലങ്കി ഇടുക, മൂടുക, പൊത്തിവെക്കുക.

**Clock**, *n.* നാഴികമണി, ഘടികാരം, ഗടിയാൾ. **what o'c. is it?** എത്രമണിയായി? നേരം എത്രയായി. **c.-work** ഘടികാരസൂത്രം, സൂത്രപ്പണി.

**Clod**, *n.* കട്ടി, മൺകട്ട, പുൽ—; 2. നിലം, ഭൂമി; 3. പൊട്ടൻ, മടയൻ. **c. poll, c. pole** പൊണ്ണൻ.

**Clog**, *n.* തടസ്ഥം, വിഘ്നം; 2. തടി, മുട്ടി; 3. മെതിയടി, കട്ടച്ചെരിപ്പ്. *v.t.* തട്ടുകെട്ടുക, മുട്ടി—; 2. മുടക്കുക, അടെച്ചുകളക; 3. ഭാരപ്പെടുത്തുക, ബുദ്ധിമുട്ടിക്കുക. *v.i.* മുടങ്ങിപ്പോക, ഭാരപ്പെടുക; 2. തമ്മിൽ ഒട്ടിപ്പോക.

**Cloi'stĕr**, *n.* വളപ്പ്; 2. നടപ്പുര; 3. സന്യാസിമഠം.

**Clōse**, *v.t.* അടെക്കുക, മുട്ടിക്കുക; 2. (up) കൂട്ടിച്ചേൎക്കുക, സംയോജിപ്പിക്കുക; 3. സമാപിക്കുക, തീൎക്കുക, തികെക്കുക; 4. ചുററിക്കൂട്ടുക, —മൂടുക. **a c.ed sea** രാജ്യാധീനസമുദ്രം. *v.i.* തമ്മിൽ ചേരുക, മുറികൂടുക; 2. അവസാനിക്കുക, തീരുക; 3. പൊരുതുക, അടിപിടികൂടുക. **to c. on, to c. upon** തമ്മിൽ യോജിക്കുക, ഏകോപിക്കുക. **to c. with the land** കപ്പൽ കരയോടടുക്കുക. *n.* അടുപ്പം, കൂടൽ, ചേൎപ്പ്; 2. സമാപ്തി, അവസാനം; 3. മല്പിടിത്തം; 4. വാദ്യസമാപ്തി, സ്വരപതനം (*mus.*); 5. വളച്ച്കെട്ടിയ സ്ഥലം; 6. നടപ്പുര. **clōse**, *a.* അടെച്ചിരിക്കുന്ന, പൂട്ടിയിട്ട; 2. ഇടുങ്ങിയ; 3. കാററില്ലാത്ത, കുമിരുന്ന; 4. കാവലുള്ള; 5. ഒളി

വിലിരിക്കുന്ന; 6. ഗോപ്യമായി വെക്കുന്ന; 7. ആരട്ടപ്പമുള്ള, കട്ടിആയ; 8. സംക്ഷിപ്തം—; 9. (to) അടുത്ത; 10. പററയായ; 11. ഉററ; 12. ഇരുഭാഗവും ഏതാനും തുല്യം ആയ; 13. ദുൎല്ലഭം—, പഞ്ചംഉള്ള; 14. ഈററ—; 15. കൃത്യമായ; 16. സൂക്ഷ്മം ഉള്ള, ശ്രദ്ധ—. c.-banded ഉററു ചേൎന്നിരിക്കുന്ന. c.-bodied മുറുക്കമുള്ള. c.-fisted, c.-handed ഈററപ്പൊററയായ. c.-handedness ലോഭം. c. mouthed, c. tongued വായടക്കമുള്ള, പുറത്തു പറയാത്ത. -'ly, *ad.* അടുത്ത്, സൂക്ഷ്മമായി. -'ness, *n.* വെമ്പൽ; സൂക്ഷ്മം; മൌനം.

**Clos'et,** *n.* അറ, ഉള്ളറ; 2. ഉടമ്പറ, മറപ്പുര. *v.t.* അറയിൽ ഇട്ടടക്കുക, ഒളിപ്പിക്കുക; 2. സ്വകാൎയ്യമായി സംസാരിക്കുക.

**Clō'sūre** *n.* അടെക്കൽ; 2. ചേൎപ്പ്; 3. പരിവേഷ്ടനം; 4. തീൎച്ച; 5. നിൎത്തൽ, വാസമാപ്തി.

**Clot,** *n.* കട്ട, പിണ്ഡം. *v.i.* കറുകക, കട്ടിയാക, കട്ടപ്പിടിക്കുക. *v.t.* കട്ടിയാക്കുക.

**Cloth,** *n.* തുണി, ശീല; 2. ഉടുപ്പ്, വസ്ത്രം; 3. സ്ഥാന—; 4. ബോധക—; 5. —സ്ഥാനം. c. of gold കസവ്തുണി, പൊൻനീരാളം. **clōthe,** *v.t.* (*p.p.* clad) ഉടുപ്പിക്കുക, ചമയിക്കുക; ഉടുപ്പ് കൊടുക്കുക; ധരിപ്പിക്കുക; അധികാരപ്പെടുത്തുക. *v.i.* വസ്ത്രം ധരിക്കുക. **clōthes** (klōz), *n.* (*pl.*) ഉടുപ്പ്, ചമയം, വസ്ത്രം; പുതപ്പ്, വിരിപ്പ്. c.s-horse അയൽ ചട്ടം. c.s line അയൽ, അയക്ക. -'i-ĕr, *n.* നെയ്ത്തുകാരൻ; തുണികഞ്ഞിമുക്കി വെടിപ്പാക്കുന്നവൻ; തുന്നക്കാരൻ; തുണിക്കച്ചവടക്കാരൻ; വസ്ത്രവ്യാപാരി. -'ing, *n.* ഉടുപ്പ്, വസ്ത്രം; പുതപ്പ്.

**Cloud,** *n.* മേഘം, കാർ; 2. പുക, ധൂളി; 3. കറ, കളങ്കം; 4. കൂട്ടം, സമൂഹം; 5. വിപത്ത്, മയക്കം. c. of sorrow ദുഃഖാന്ധകാരം. c. of war യുദ്ധഭയം. to be under a c. സംശയപാത്രമാക, അപമാനം നേരിടുക. in the c.s മനോരാജ്യം. *v.t.* കാർമൂടുക; 2. മറക്കുക, ഇരുട്ടാക്കുക; 3. കറയാക്കുക, അപകീൎത്തിപ്പെടുത്തുക; 4. നിറം കയററുക, ഛായം മുക്കുക. *v.i.* (up) മൂടലായിരിക്കുക; 2. കാർ എടുക്കുക; 3. മങ്ങുക, ഇരുളുക. c.-built സങ്കല്പമായ, വാസ്തവമല്ലാത്ത. c.-burst വന്മാരി. c.-capped അത്യുന്നതമായ. c.-land സ്വപ്നാവസ്ഥ, മനോരാജ്യം. -'i-ness, *n.* കാർമേഘം; അന്ധകാരം, മനോഭാരം; മങ്ങൽ. -'let, *n,* ചെറുമേഘം. -'less, *a.* തെളിവുള്ള. -'y, *a.* കാറുള്ള; ആധിപിടിച്ച; കറുത്ത; പരിഭ്രമം ഉള്ള; മങ്ങൽ—; കളങ്കം—.

**Clŏugh** (kluf), *n.* പിളപ്പ്, കൊല്ലി, താഴ്വര; 2. പാത്തിച്ചീപ്പ്; 3. തുക.വാശി.

**Clout,** *n.* തുണിക്കണ്ടം, പഴന്തുണി, കീററ്തുണി; 2. കറി, ഉന്നം; 3. (ഇരിമ്പ്) ചുററ്; 4. തട്ട്, കുത്ത്. c. nail കടയാണി. *v.t.* പൊതിയുക, കണ്ടം വെച്ച് തുന്നുക; 2. ഭംഗികേടായി ചേൎക്കുക; 3. ചുററിട്ടുക; 4. തല്ലുക, അടിക്കുക; 5. കടയാണി തറക്കുക.

**Clōve,** *n.* കറയാമ്പൂവ്, കറാമ്പ് (*b.*).

**Clōv'en,** *p. p. of* Cleave. to show the c. foot *or* hoof പൈശാചസ്വഭാവം പ്രത്യക്ഷമാക്കുക.

**Clō'vĕr,** *n.* ഒരു ചെടി (*b.*). in c. ഐശ്വൎയ്യം, ഭാഗ്യം.

**Clown,** *n.* തറക്കാരൻ, മുരടൻ, ഭോഷൻ; 2. കൈക്കോട്ട്പണിക്കാരൻ; 3. കോമാളി, പുറാട്ട്കാരൻ, വിദൂഷകൻ. -'ish, *a.* ആഭാസം ആയ, മട്ടത്തരം—, മുഠാളതമുള്ള. -'ish-ness, *n.* മുരട്ട് സ്വഭാവം, ജളതം.

**Cloy,** *v.t.* നിറെച്ച മുട്ടിക്കുക; 2. തിന്നതിന്നു മട്ടുക്കുക, മട്ടുക്കുവോളം തിന്നുക; 3. കുത്തിനിറെക്കുക; 4. കുത്തിവാരുക.

**Club,** *n.* വടി, ഗദ, പൊന്തിക; 2. സംഘം, കൂട്ടം, സഭ; 3. വീതഉദ്യം. c.-fist വന്മുഷ്ടി. c.-foot കറുങ്കാൽ. c.-law കയ്യൂക്ക്, ബലം പ്രമാണം, അരാജകത്വം. *v.t.* ഭണ്ഡ്കൊണ്ടടിക്കുക; 2. താറുമാറാക്കുക; 3. കൂടിപ്രവൃത്തിക്കുക, സഹായിക്കുക; 4. വീതപ്രകാരം പണം പിരിപ്പിക്കുക, —ചിലവാക്കുക. to c. a musket

തോക്കിൻെറ ചട്ടകൊണ്ട് അടിക്കുക. *v. i.* സംഘമായി കൂട്ടുക; 2. കാഹരിപ്രകാരം പ്പണം കൊട്ടുക്കുക.

**Cluck**, *v. i.* കൊക്കുക, പനട്ടുക. *v. t.* കൊക്കിവിളിക്കുക, വിളിച്ചുകൂട്ടുക. *n.* കൊക്കിക്കൽ.

**Clue**, *see* Clew.

**Clump**, *n.* മരമുട്ടം, —മുട്ടി, തുണ്ടം; 2. കൂട്ടം, മുററുകാട്.

**Clum'sy**, *a.* മട്ടത്തരമായ, തരംകെട്ട; 2. രൂപം ഇല്ലാത്ത, ഭംഗി—, അവലക്ഷണം ആയ, അനുചിതം—, ഒതുക്കമില്ലാത്ത. ='si-ly, *ad.* വല്ലാതെ, വശംകെട്ട്, കന്നത്തരമായി. ='si-ness, *n.* പാങ്ങില്ലായ്മ, തരക്കേട്; ചിത—.

**Clus'tĕr**, *n.* കുല, കററ; 2. കൂട്ടം, സഞ്ചയം; 3. ജനസമൂഹം, പുരുഷാരം. *v. t.* & *i.* കൂടിയിരിക്കുക, കുലയായിരിക്കുക, ഒരുമിച്ചുകൂട്ടുക.

**Clutch** (kluch), *n.* പിടി, പിടിത്തം; 2. (*pl.*) കൈ, നഖം, അധികാരം, വശം. *v. t.* പിടിക്കുക, അമൎത്തുക, കൈവശമാക്കുക; 2. (കൈ) ചുരുട്ടുക. *v. i.* (at) പിടിപ്പാൻ ഏന്തുക, കൈനീട്ടുക, തട്ടിപ്പറിക്കുക.

**Clut'tĕr**, *n.* താറുമാറ്; 2. ഒച്ചപ്പാട്. *v. t.* വാരിവലിച്ചിടുക, കീഴ്മേൽ മറിക്കുക. *v. i.* ഒച്ചപ്പെടുത്തുക.

**Clys'tĕr**, *n.* വസ്തിപ്രയോഗം (*med.*); 2. —ദ്രാവകം. c. pipe വസ്തി. [യി.

**Cō**, *pf.* കൂട; സഹ, ഉപ; കൂടി; സഹാ

**Cōach**, *n.* നാലുരുൾവണ്ടി, സാട്ട്—; 2. സ്വകാൎയ്യഗുരു, അദ്ധ്യാപകൻ. c.-box വണ്ടിപ്പെട്ടി. c.-fare വണ്ടിക്കൂലി. c.-house വണ്ടിപ്പുര. c.-man വണ്ടിക്കാരൻ. c.-stand വണ്ടിത്താവളം. c.-step വണ്ടിച്ചവിട്ട്. *v. t.* വണ്ടിയിൽ കയററിക്കൊണ്ടുപോക; 2. സ്വകാൎയ്യമായി പഠിപ്പിക്കുക. *v. i.* വണ്ടിസവാരിചെയ്യുക.

**Cō'act**, *v. t.* നിൎബ്ബന്ധിക്കുക, ഹേമിക്കുക. *v. i.* കൂടപ്രവൃത്തിക്കുക, യോജിച്ചു—, ഏകമനസ്സായിരിക്കുക. =ac'tiŏn, *n.* ബലാല്ക്കാരം, ബലബന്ധം. ='ac-tive, *a.* ബലാല്ക്കാരമായ, നിൎബ്ബന്ധമുള്ള; കൂട പ്രവൃത്തിക്കുന്ന, പ്രവൃത്തിയിൽ ഐക്യതയുള്ള.

**Cō-ad'ju-tant**, =ju'tŏr, *n.* സഹായകൻ, തുണയാളി; 2. അദ്ധ്യക്ഷസഹായി (*R. C.*); 3. ഉപബോധകൻ.

**Cō-ag'ū-lāte**, *v. t.* ഉറകൂട്ടുക, കട്ടിയാക്കുക. *v. i.* ഉറകൂടുക, തെരുത്തുപോക, കല്ലിക്കുക. =lā'tiŏn, *n.* കട്ടയാകൽ, കല്ലിപ്പ്, ഉറക്കൽ; കട്ടി, ഉറ.

**Cōal** (kōl), *n.* ഇരുന്നൽ, കരി, കരിക്കട്ട; 2. കല്ക്കരി, നിലക്കരി (*min.*). c. black കരിങ്കറുപ്പായ, കറുകറ കറുത്ത. c.-bed കല്ക്കരിത്തടം. c.-field —നിലം. c.-gas അംഗാരബാഷ്പം, കരിയാവി. c.-mine, c.-pit, c.-works കല്ക്കരിഖനി, —കുഴി. c.-oil മണ്ണെണ്ണ, കല്ലെണ്ണ. c.-tar താർ, കീൽ. to haul over the c.s സമാധാനം ചോദിക്കുക, ശകാരിക്കുക. *v. t.* ഇരുന്നലുണ്ടാക്കുക; 2. കല്ക്കരിനിറക്കുക. *v. i.* —കയററുക. -'ing, *n.* —കയററൽ. *a.* —കയററുന്ന; —സൂക്ഷിക്കുന്ന. c.g station കപ്പലുകൾ കരികയററുന്ന തുറമുഖം.

**Cō-a-lesce'** (-les'), *v. i.* തമ്മിൽ ചേരുക, —കൂടി ഒന്നായ്ത്തീരുക, സംയോജിക്കുക; 2. ഒരു സാധനമായ്ത്തീരുക; 3. ഏകസമുദായമായി ചമയുക, ഏകീഭവിക്കുക. =lesc'ence, *n.* ഏകീകരണം; ഒരുമ, ഐക്യത, സംയോഗം. =lesc'ent, *a.* ഒന്നായി ചേരുന്ന, സംയോജിക്കുന്ന. =liti'ŏn (lish'un), *n.* ഏകീഭാവം, —കരണം; 2. സമ്മേളനം, യോജിപ്പ്.

**Cōarse** (kōrs), *a.* തടിച്ച; 2. പരുക്കനായ, താണ; 3. നീചമായ, പട്ട. c.-grained ആരടുപ്പം ഇല്ലാത്ത, മിനുസം—. -'ly, *ad.* മൎയ്യാദയില്ലാതെ, രൂക്ഷതയോടെ. -'ness, *n*, തടിപ്പ്; പരുപരുപ്പ്; വഷളത്വം, മൎയ്യാദയില്ലായ്മ.

**Cōast** (kōst), *n.* പാൎശ്വം, അതിർ; 2. കടല്ക്കര, സമുദ്രതീരം; 3. കരപ്രദേശം. the c. is clear അപകടം ഇല്ല, വിരോധം—. c.-guard ചുങ്കക്കാവല്ക്കാർ; കാവൽകപ്പൽസൈന്യം; കപ്പൽഛേദജീവരക്ഷാസൈന്യം. *v. t.* & *i.* കരപിടിച്ച് ഓ

ടുക; 2. തുറമുഖംതോറും വെച്ച് —; 3. ഹിമത്തിൽ വഴുതി—. -'ing, *n.* തിരക്കപ്പലോട്ടം, തുറമുഖംതോറും നിൽത്തൽ. c.g vessel തുറമുഖംതോറും വെക്കുന്ന കപ്പൽ.

**Cōat,** *n.* കുപ്പായം, അങ്കി; 2. സ്ഥാനവസ്ത്രം; 3. മൃഗങ്ങളുടെ രോമം; 4. മരത്തോൽ, മൊരി; 5. ഉമി, തോൽ, തോട്; 6. പൂശൽ, തേപ്പ്; 7. പോള. c. of arms പടവിചിഹ്നം, കലമുദ. c. of mail ഇരിമ്പ് പടച്ചട്ട, കവചം. c. of the eye പടലം. c. of varnish തേപ്പ്. *v. t.* കുപ്പായം ഉടുപ്പിക്കുക, —ധരിപ്പിക്കുക; 2. പൂശുക, പൊതിയുക. -'ing, *n.* തേപ്പ്, പൂച്ച്; (*pl.*) കുപ്പായത്തുണി.

**Cōax** (kōx), *v. t.* മയക്കുക, രസിപ്പിച്ചു വശത്താക്കുക; 2. ഉപായത്താൽ സമ്മതം വരുത്തുക, മുഖസ്തുതിയാൽ സമ്മതം—, പാട്ടിലാക്കുക. *n.* പൊണ്ണൻ, പൊട്ടൻ. -'ĕr, *n.* മുഖസ്തുതിക്കാരൻ. -'ing, *n.* മട്ടംകൂട്ടൽ, മിനുക്കൽ.

**Cob,** *n.* അഗ്രം; 2. തലവൻ; 3. ലുബ്ധൻ; 4. ചിലന്തി, വണ്ണാൻ (*z.*); 5. തട്ട്കുതിര (*z.*); 6. കടൽകാക്ക (*z.*); 7. കണ്ടം, തുണ്ടം; 8. വൈക്കോൽ ചേൎത്ത കളിമണ്ണ്; 9. പൃഷ്ഠതാഡനം. -'web വണ്ണാൻവല, മാറാല; കണി; ഉറപ്പില്ലാത്തത്, സാരം—. **cobbed** (kobd), *a.* മാറാലനിറഞ്ഞ, ഒഴിച്ചിട്ട.

**Cō'bạlt,** *n.* ആവൎത്തം, മധുധാതു (*ch.*); 2. മനഃശില, മനയോല.

**Cob'ble,** *v. t.* കണ്ടം ചേൎത്തു തുന്നുക; 2. വൃത്തികേടായി നന്നാക്കുക; 3. പടുതരമായി ഉണ്ടാക്കുക. ='blĕr, *n.* ചെരിപ്പു നന്നാക്കുന്നവൻ, ചക്കിളിയൻ; പടുപണിക്കാരൻ.

**Cō'bra, cō-bra-de-ca-pel'lō,** *n.* നാഗം, സൎപ്പം, മൂൎഖൻ (*z.*). mountain c. കരിനാഗം, കരിങ്കറിഞ്ഞിമൂൎഖൻ.

**Coc'cyx** (kok'siks), *n.* വാൽമുള്ള്, ഗുദാസ്ഥി (*an.*).

**Coch'i-nēal** (-nēl), *n.* രക്തവൎണ്ണപ്രാണി (*z.*); 2. ചുവപ്പ് ചായം.

**Coch'lē-a,** *n.* കൎണ്ണവള്ളി, —കംബു, —ശംഖ് (*an.*).

**Cock,** *n.* പൂവൻ, ചാവൽ, ചേവൽ; 2. പൂവങ്കോഴി; 3. കാററ്കാട്ടി; 4. പ്രമാണി; 5. കോഴിക്കുകൽ; 6. തിരിപ്പ്കഴൽ, —നാളം; 7. സൂൎയ്യഘടികാരസൂചി; 8. തുലാനാക്ക്; 9. തോക്ക്കൊത്തി; 10. പുല്ലുതിരി; 11. ചെറുതോണി. c. and bull story കള്ളക്കഥ, പച്ചക്കള്ളവ്. c. of the walk തലവൻ; തല്ക്കാലപ്രമാണി; ജയശാലി. at c., at full c. കൊത്തി പറിച്ച, വെടിപൊട്ടിപ്പാൻ ഒരുങ്ങിയ; ഉടൻ ചെയ്വാൻ—. game-c. കൊത്തുന്നകോഴി. c.-brained തലതിരിച്ചൽ ഉള്ള, തത്രപ്പാട്—. c.scomb, cox-comb കോഴിപ്പൂ. c.-crow, c.-crowing തലക്കോഴികൂകുന്ന സമയം, പുലച്ച. c.-eye കോങ്കണ്ണ്. c.-fight കോഴി അങ്കം, —കൊത്തിക്കൽ. c.-horse മരക്കുതിര, ഉയൎന്നകുതിര; —ഭാവം ഉള്ള, പൊങ്ങച്ചം—. c.-shut പക്ഷിവല. c.-shut time, c.-shut light സന്ധ്യ. c.-sure പൂൎണ്ണനിശ്ചയം ഉള്ള, നല്ല ഉറപ്പ്—. c.-swain, തോണിമൂപ്പൻ, ചുക്കാങ്കാരൻ. c.-tail പേടിക്കുടലൻ; ഭീരു. *v. t. & i.* കുത്തനെ പിടിക്കുക; 2. ചരിച്ചു വെക്കുക; 3. അരക്കണ്ണിട്ട് നോക്കുക; 4. ഞെളിഞ്ഞു നടക്കുക; 5. തോക്കിന്റെ കൊത്തി പറിച്ചു വെക്കുക; 6. പുല്ല് അതിരിയിടുക.

**Cock'a-trice,** *n.* വിഷസൎപ്പം; 2. വിഷമുള്ള സാധനം, ആപല്ക്കരമായ കാൎയ്യം.

**Cock'ney** (kok'ni), *n.* ഓമനക്കുട്ടി, ധൈൎയ്യമില്ലാത്തവൻ; 2. ലണ്ടൻനഗരവാസി.

**Cō'cōa, cōco, c.-pälm,** *n.* തെങ്ങ്, കേരവൃക്ഷം (*b.*). c.-nut തേങ്ങാ, നാളികേരം. tender c.-nut ഇളന്നീർ, കരിക്ക്. c.-nut oil വെളിച്ചെണ്ണ. c.-nut oil cake തേങ്ങാപ്പിണ്ണാക്ക്. c.-nut fibres ചകിരി, ചേരി. c.-nut husk മടൽ, ചകിരി. c.-nut shell ചിരട്ട. c.-nut kernel കഴമ്പ്.

**Cock'rōach** (kok'rōch), *n.* കൂറ (*z.*).

**Cō-coon',** *n.* പട്ട്പുഴക്കൂട്.

**Coc'tiōn,** *n.* വേവ്; 2. ഭക്ഷണദഹനം, അഗ്നിബലം (*med.*).

**Cod**, *n.* തോൽ, തോട്, ഓട്; 2. ചെറിയസഞ്ചി; 3. വൃഷണം; 4. തലയണ; 5. ഒരു മത്സ്യം (*z.*). **c.-liver oil** മീനെണ്ണ.

**Cod'dle**, *v. t.* മന്ദമായി വേവിക്കുക, വേവിച്ച് പതമാക്കുക; 2. ഓമനിക്കുക, ലാളിക്കുക.

**Cōde**, രാജ്യധൎമ്മശാസ്ത്രം (*l.*), ധൎമ്മസംഹിത, നിയമം, നിയമഗ്രന്ഥം, വ്യവഹാരമാല (*l.*). **cōd'i-fȳ**, *v. t.* നിയമം രേഖപ്പെടുത്തുക.

**Cō-de-fen'dant**, *n.* കൂട്ട്പ്രതി (*l.*).

**Cod'i-cil**, *n.* മരണപത്രികയോടു വഴിയെ ചേൎത്ത വകുപ്പ് (*l.*).

**Cō-ef-fici'ent** (-fish'ent), *n.* സഹകാരി, കൂടപ്രവൃത്തിക്കുന്നത്; 2. ഗുണനസംഖ്യ, പ്രകൃതി (*math.*).

**Cō-ē'qual**, *a.* സമമായ, തുല്യപദവി ഉള്ള, —അധികാരം—. *n.* സമൻ. **-i-ty**, *n.* സമത്വം, തുല്യത.

**Co-ērce'** (-ẽrs'), *v. t.* ഹേമിച്ച് മുടക്കുക, അമൎത്തുക; 2. നിൎബ്ബന്ധിക്കുക. **=ẽr-ciŏn**, *n.* ബലാല്ക്കാരം, നിൎബ്ബന്ധം. **=cive**, *a.* നിരോധാൎത്ഥമായ, ഹേമഭാവം ഉള്ള, നിൎബ്ബന്ധാധികാരം—.

**Cō-es-sen'tial** (-sen'shal), *n.* സമത്വം, തുല്യഗുണം.

**Cō-ē'val**, *a.* (with) സമപ്രായമുള്ള; 2. ഒരേകാലത്തുണ്ടായ, തുല്യായുസ്സുള്ള. *n.* സഹജീവി, സമപ്രായക്കാരൻ.

**Cō-ex-ist'**, *v. i.* ഒരേകാലത്ത് ജീവിക്കുക, —ഉണ്ടാക. **-ence**, *n.* സഹാസ്തിക്യം, സഹവൎത്തനം. **-ent**, *a.* കൂടഉള്ള, അതേകാലത്ത്—. [തുല്യവ്യാപ്തി.

**Cō-ex-ten'siŏn**, *n.* സമവ്യാപനം,

**Cof'fēe** (-fi), *n.* കപ്പി, ബുന്ന്, കാപ്പിക്കുരു (*b.*); 2. കാപ്പിത്തൈ, കാപ്പിച്ചെടി; 3. കാപ്പിവെള്ളം, കാപ്പിപാനകം. **c.-house** കപ്പിപ്പീടിക. **c.-mill** —പൊടിക്കുന്ന യന്ത്രം. **c.-pot** —കാച്ച്പാത്രം.

**Cof'fẽr**, *n.* പെട്ടി, പെട്ടകം; 2. പണപ്പെട്ടി, കരണപ്പെട്ടി.

**Cof'fin**, *n.* ശവപ്പെട്ടി. *v. t.* ശവപ്പെട്ടിയിൽ കിടത്തുക; 2. അടച്ചുവെക്കുക.

**Cog**, *n.* കൌശലം, ചതി; 2. ചക്രപ്പല്ല്; 3. കട്ടമ, കുററി (*carp.*); 4. തുരങ്കത്തുണ്. *v. t.* & *i.* തോല്പിക്കുക, വ്യാജം പറക. **to c. a die** ചൂതിൽ ചതിക്കുക. **-'gẽr**, *n.* ചതിയൻ, ഉപായി. **-'gẽr-y** *n.* കൃത്രിമം, ചതിപ്രയോഗം.

**Cō'ġen-cy**, *n.* ഊക്ക്, ഉറപ്പ്, വിശ്വാസജനകശക്തി. **='ġent**, *a.* ബലമുള്ള, അഖണ്ഡനീയം ആയ, നിസ്സംശയം—; ഉറപ്പുള്ള, തീൎച്ചയായ.

**Coġ'i-tāte**, *v. i.* ചിന്തിക്കുക, ധ്യാനിക്കുക. *v. t.* ഭാവിക്കുക, നിരൂപിക്കുക. **=tā'tiŏn**, *n.* ചിന്ത, ആലോചന.

**Cog'nāte**, *a.* രക്തസംബന്ധമുള്ള, മാതൃബന്ധുവായ; 2. തുല്യസ്വഭാവമുള്ള, മുരട് ഒന്നായ, അന്യോന്യസംബന്ധമുള്ള. **=nā'tiŏn**, *n.* രക്തസംബന്ധം; തുല്യോല്പത്തി; അമ്മസംബന്ധം.

**Cog'ni-sa-ble** (*or* kon'i-) *a.* അറിയത്തക്ക, ബോധ്യം ആയ, ജ്ഞേയം—; 2. വിചാരണ ചെയ്യത്തക്ക, അധികാരാധീനമായ; 3. പോലീസ് നേരിട്ട് പ്രവേശിക്കാവുന്ന (*l.*). **=ni'tiŏn** (-nish'un), *n.* ബോധം, ഗ്രഹണം; ജ്ഞാനം, വിദ്യ. **=ni-sance**, *n.* അറിവ്, ഗ്രഹണം, അവലോകനം; ഓൎമ്മ, സ്മരണ; വിചാരണാധികാരം; വിസ്താരം, വിചാരണ; പദവിചിഹ്നം, പട്ട. **=ni-sant**, *a.* (of) ഗോചരമായ, അറിഞ്ഞിരിക്കുന്ന. **=nīse**, *v. t.* അറിക, കണ്ടുമനസ്സിലാക, തിരിച്ചറിക.

**Cog-nō'men**, *n.* തറവാട്ട് പേർ, കുല—, കുഡുംബ—; 2. വീട്ട്—. **=mi-nā'-tiŏn**, *n.* ആരൂഢ—.

**Cō-hab'it**, *v. t.* സഹവാസം ചെയ്ക, ഒന്നിച്ച് പാൎക്കുക; 2. ഭാൎയ്യാഭൎത്താക്കന്മാരായി ജീവിക്കുക; 3. സംഗമം ചെയ്യുക. **=tā'-tiŏn**, *n.* സഹവാസം; സംയോഗം.

**Cō-hēre'** (-hēr'), *v. i.* തമ്മിൽ പററുക, ചേരുക; 2. യോജിച്ച് ഇരിക്കുക, ചേൎച്ചയായി—. **=rence**, **=ren-cy**, *n.* സംശ്ലിഷ്ടത; യോജിപ്പ്. **=rent**, *a.* തമ്മിൽ ചേരുന്ന; ചേൎച്ചആയ; ന്യായാനുസാരം—;

യുക്തം—. =hĕ'ṣiŏn (-zhun), *n.* ഉററചേച്ച്; സംബന്ധം, യോജിപ്പ്; സംലഗ്നത, സംശ്ലേഷണം. =hē'ṣive, *a.* സാംശ്ലേഷണമുള്ള; തമ്മിൽ പററിപ്പോകുന്ന, ഒട്ടലുള്ള. c.e attraction സംലഗ്നാകൎഷണം (*ph.*). c.e force സംശ്ലേഷണശക്തി (*ph.*).

**Cŏ'hort,** *n.* സൈന്യഭാഗം, അഞ്ഞൂറ് പടയാളികളുള്ള സൈന്യാംശം.

**Coif,** *n.* തൊപ്പി, സ്ഥാനത്തൊപ്പി. -'ụre, *n.* ശിരോവസ്ത്രം.

**Coil,** *v. t.* ചുറെക്കുക, വളച്ചു വെക്കുക; 2. ചുരുട്ടുക. *v. i.* (about, around) ചുറയുക, ചുററിച്ചുറയുക. *n.* ചുറ, വള; 2. കണി, കഴക്ക്; 3. കഴൽനിര.

**Coin,** *n.* നാണ്യം, പണം; 2. പ്രതിഫലം. *v. t.* നാണ്യമടിക്കുക; 2. നിൎമ്മിക്കുക, സങ്കല്പിക്കുക; 3. നേടുക. *v. i.* കള്ളനാണ്യമടിക്കുക. -'āġe, *n.* നാണ്യമടിക്കൽ; നാണ്യം, പണം; നാണ്യമടിക്കുന്ന ചിലവ്; നിൎമ്മാണം. -'ĕr, *n.* നാണ്യം അടിക്കുന്നവൻ; കള്ളനാണ്യം—; സങ്കല്പകൻ.

**Cō-in-cīde',** *v. t.* തുല്യപരിണാമം ഉണ്ടാക; 2. ഒരേസമയത്ത് സംഭവിക്കുക; 3. ഒക്കുക, യോജിക്കുക, ഒന്നായിരിക്കുക. ='ci-dence, *n.* തുല്യവിസ്തീൎണ്ണത; സംപാതം, സംയോഗം; അനുരൂപത, ഏകോപം. ='ci-dent, *a.* (with) തുല്യവിസ്തൃതമായ, ഏകകാലത്തിലുള്ള; അനുരൂപമായ. *n.* തുല്യസംഭവം, അനുരൂപത.

**Coir,** *n.* ചൂടി; 2. കയർ; 3. കമ്പ.

**Coi'tiŏn,** *n.* രതി, മൈഥുനം, ഭോഗം.

**Cōke,** *n.* കരിച്ച കല്ക്കരി.

**Cō-lā'bŏur-ĕr** (-bĕr-ĕr), *n.* കൂട്ടുപ്രവൃത്തിക്കാരൻ.

**Cŏl'an-dĕr,** *n.* അരിപ്പ, അടച്ചൂററി, [പവിത്രം.

**Co-lā'tiŏn, col'a-tūre,** *n.* അരിക്കൽ, ഊററൽ, വാക്കൽ.

**Cōld,** *n.* ശീതം, കുളിർ, തണുപ്പ്; 2. നീരിളക്കം, ചീരാപ്പ്, ജലദോഷം (*med.*). to catch a c. തൊരള പിടിക്കുക. c. sore വായ്പുണ്ണ്. to leave one out in the c. നോക്കാതിരിക്കുക, ഉപേക്ഷിക്കുക. *a.* തണുത്ത, ശീതം ഉള്ള, കുളിർ—; 2. വിറക്കുന്ന; 3. എരു ഇല്ലാത്ത; 4. ഉന്മേഷം—, ശുഷ്കാന്തി—, ചുണകെട്ട, ഉദാസീനം ആയ; 5. അനിഷ്ടം—, സന്തോഷരഹിതം—; 6. രസമില്ലാത്ത, സാരമററ; 7. മന്ദമായ, മന്ദതയുള്ള. c. chill വിറപ്പനി. c. chisel കട്ടപ്പുമുള്ള ഉളി, ലോഹം മുറിക്കുന്ന—. in c. blood കോപഹേതുവില്ലാതെ, കല്പിച്ചുകൂട്ടി. to give one the c. shoulder അനാദരവ് കാട്ടുക. c. blooded തണുത്ത രക്തമുള്ള; ദയയില്ലാത്ത, കഠിനഹൃദയമുള്ള. c. hearted പ്രിയം കുറഞ്ഞ, മന്ദഭാവമുള്ള. -'ly, *ad.* ശീതഭാവത്തോടെ, ഉദാസീനതയോടെ, സാവധാനത്തിൽ.

**Col'ic,** *n.* വയറ്വേദന, ഉദരശൂല, ആന്ത്ര—, കടൽവായു.

**Col-lapse'** (-laps'), *v. i.* പതുങ്ങിപ്പോക, ചതുങ്ങി—, അമരു—; 2. ഉടഞ്ഞ്—, പൊളിഞ്ഞ്—; 3. പെട്ടന്ന് വീണു—. *n.* ഉടവ്, വീഴ്ച; 2. അപജയം; 3. ശക്തിക്ഷയം.

**Cŏl'lar** (-lĕr), *n.* കുപ്പായക്കഴുത്ത്, കഴുത്ത്നാട; 2. കണ്ഠഭൂഷണം, ചവിടി (*M.*), അട്ടിക, എണ്ണച്ചരട്. c. day മഹോത്സവദിവസം. to slip the c. തെററിക്കളക, വഴുതിപ്പോരുക. c.-bone തോളെല്ല്, പൂണെല്ല് (*an.*). *v. t.* പിരടി പിടിക്കുക, വേള—; 2. കഴുത്താരം ധരിക്കുക.

**Col'lāte,** *v. t. & i.* ഒത്ത്നോക്കുക, ഭേദാഭേദം പരിശോധിച്ചറിയുക; 2. ക്രമത്തിൽ കൂട്ടിച്ചേൎക്കുക. ='tiŏn, *n.* ഒത്ത്നോക്കൽ, പരിശോധന; ലഘുഭോജനം, പലഹാരം. ='tŏr, *n.* ഒത്ത്നോക്കുന്നവൻ. =lat'ĕr-al, *a.* പാൎശ്വത്തിൽനിന്ന് ഉള്ള, പാൎശ്വം കൊള്ളെ—, പാൎശ്വസംബന്ധം—; അന്യമുഖാന്തരം ആയ, വക്രം—; മുഖ്യമല്ലാത്ത, സംബന്ധിതമായ; കൂടയുള്ള; അന്യ താവഴിയായ.

**Col'lēague** (-lēg), *n.* സഹസ്ഥാനി, —ഉദ്യോഗസ്ഥൻ, കൂട്ട്പ്രവൃത്തിക്കാരൻ.

**Col'lect**, *v.t.* കൂട്ടുക, കൂട്ടിവരുത്തുക, കൂട്ടിച്ചേൎക്കുക; 2. പിരിക്കുക, വസൂലാക്കുക; 3. അനുമാനിക്കുക. to c. one's self സുബോധം വരിക, തൻേറടം—. *v.i.* കൂടുക, സ്വരൂപിച്ചുവരിക; 2. അനുമാനിക്കുക. *n.* പ്രത്യേകപ്രാൎത്ഥന. ='ted, *a.* കൂടിവന്നിട്ടുള്ള; സമചിത്തമായ, ശാന്തമനസ്സുള്ള. -='ted-ly, *ad.* ശാന്തമനസ്സോടെ. =ti-ble, *a.* വസൂലാക്കാകുന്ന. ='tiŏn, *n.* സ്വരൂപണം, ശേഖരണം, കൂട്ടിച്ചേൎക്കൽ; കൂട്ടം, ചേരുമാനം, ശേഖരം; (*pl.*) പിരിവു്; അനുമാനം. ='tive, *a.* കൂട്ടം ആയ, സമസ്തം—, യോജിച്ചുള്ള; അനുമാനം ആയ; സമഷ്ടിവാചി—(*gr.*), സമൂഹവാചി— (*gr.*); ഒന്നിച്ചുകൂടിയ; പൊതുവെയുള്ള, സമാനമായ. *n.* സമഷ്ടിനാമം, സമവായ—(*gr.*). ='tive-ly, *ad.* എല്ലാം കൂടി, ആകപ്പാടെ, മുഴുവനും. =tŏr, *n.* നികുതി പിരിപ്പിക്കുന്നവൻ, പിരിവുകാരൻ; 'കല്ക്കൂട്ടർ'.

**Col'leġe**, *n.* സംഘം, സഭ; 2. പണ്ഡിതശ്രേണി, —വൎഗ്ഗം; 3. വിദ്യാശാല, പാഠക—, വിദ്യാലയം. the sacred c. കൎദ്ദിനാലസഭ (*R. C.*). =ġi-an, *n.* വിദ്യാൎത്ഥി, വിദ്യാലയപാഠി. =ġi-āte, *a.* വിദ്യാലയസംബന്ധമായ.

**Col'let**, *n.* കഴുത്തിലെ പട്ട; 2. മോതിരക്കൂട, —പീഠം.

**Col-līde'**, *v.i.* (with) തമ്മിൽ മുട്ടുക, —തട്ടുക; 2. —ഇടയുക. -lisi'ŏn (lizh'un), *n.* കൂട്ടിമുട്ടൽ, തമ്മിൽ മുട്ടിപ്പോകൽ; വിരോധം.

**Coll'iĕr** (kol'yĕr), *n.* കല്ക്കരിപ്പണിക്കാരൻ; 2. നിലക്കരിക്കപ്പൽ. -y, *n.* നിലക്കരിഖനി. [ച്ചൽ, കലപ്പു്.

**Col-li-quā'tiŏn**, *n.* ഉരുകൽ, അലി

**Col'lō-cāte**, *v. t.* വെക്കുക, നിരത്തുക, നിൎത്തുക. =cā'tiŏn, *n.* ക്രമം, സ്ഥാപനം, വിധാനം.

**Col-lo-cū'tiŏn**, *n.* സംഭാഷണം, സല്ലാപം, കൂടിയാലോചന.

**Col'lō-quy**, *n.* സംഭാഷണം, സംസാരം. ='lō-qui-al, *a.* സംഭാഷണസംബന്ധം ആയ, സംസാരരീതി—, രൂഢി—. c.l phrase സംസാരഭാഷ. c.l style —രീതി.

**Col-lụde'**, *v.i.* കൂട്ടുകെട്ടായി പ്രവൃത്തിക്കുക; 2. ഗൂഢസ്സൂറു് കൂടുക, യോജിക്കുക. =lụ'ṣiŏn, *n.* കൂട്ടുകെട്ടു്, ഗൂഢസ്സൂറു്, യോജിപ്പു്, ചതിപ്രയോഗം. =lụ'ṣive, *a.* യോജിച്ചുചെയ്യുന്ന.

**Cō'lon**, *n.* അപൂൎണ്ണവിരാമം (*gr.*); 2. പെരുങ്കുടൽ, സ്ഥൂലാന്ത്രം, മഹാനാളി (*an.*). semi-c. അൎദ്ധവിരാമം.

**Colo'nel** (kĕr'nel), *n.* സഹസ്രാധിപൻ, പട്ടാളനായകൻ, 'കൎണ്ണൽ' (*mil.*).

**Col'o-ny**, *n.* കുടിയേററരാജ്യം, പുത്രികാ—; 2. പരദേശിസമുദായം. =ni-al, *a.* കുടിയേററ സംബന്ധമായ. =nist, *n.* കുടിയേററക്കാരൻ, പുത്രികാരാജ്യവാസി. =nīṣe, *v. t.* പരദേശത്തു് കുടിയേറിപ്പാൎക്കുക; അന്യരാജ്യത്തു് സ്ഥിരമായി താമസിക്കുക. =ni-ṣā'tiŏn, *n.* കുടിയേററം, പുത്രികാരാജ്യവാസം.

**Cŏl'ŏr, cŏl'ŏur**, *n.* നിറം, വൎണ്ണം; 2. രക്തപ്രസാദം, ശ്രീ; 3. ചായം, റങ്കു്; 4. വേഷം, നാട്യം; 5. ജാതി, തരം; 6. (*pl.*) കൊടി, ധ്വജം. of c. നിറപ്പകച്ചയുള്ള, കറുത്ത; മിശ്രോല്പന്നമായ. primary c.s സപ്തവൎണ്ണം. c. blindness വൎണ്ണാന്ധത. c. sergeant, *see* sergeant. *v. t.* നിറം മാററുക, —കൊടുക്കുക, ചായം മുക്കുക; 2. വൎണ്ണിക്കുക, അലങ്കരിക്കുക; 3. രൂപം മാററുക, വേറെവിധം പറക; 4. മറച്ചുവെക്കുക. *v. i.* നിറം വെക്കുക, മുഖപ്രസന്നതയുണ്ടാക. -ā'tiŏn, *a.* നിറം കൊടുക്കൽ, റങ്കുകയററൽ. -a-ble, *a.* കാഴ്ചക്കു് മാത്രം ഉള്ള, പേരിന്നു്—. -ed, *a.* ചായമിട്ട, നിറം കൊടുത്ത; വൎണ്ണിതമായ; കറുത്ത നിറമുള്ള, വെള്ളക്കാരനല്ലാത്ത. -ist, *n.* റങ്കുപണിക്കാരൻ; ചിത്രലേഖകൻ. -less, *a.* നിറമില്ലാത്ത; സ്വച്ഛം ആയ, നിഷ്പക്ഷം—, വിശേഷമൊന്നുമില്ലാത്ത.

**Col'pōr-teur** (-tĕr), *n.* പുസ്തകം വില്ക്കുന്നവൻ, ഗ്രന്ഥവിക്രയി.

**Cōlt**, *n.* കുതിരക്കുട്ടി, കഴുത—; 2. കുതിരയുടെ ആൺകുട്ടി, കഴുതയുടെ—; 3. താന്തോന്നിയായ ചെറുപ്പക്കാരൻ. **to have a c.'s tooth** താന്തോന്നിയായിരിക്കുക. **to cast one's c.'s tooth** ചെറുപ്പത്തിലെ ചോരത്തിളപ്പ് തീരുക.

**Col'umn** (-um), *n.* തൂൺ, സ്തംഭം; 2. വരി, നിര.

**Cō'ma**, *n.* മോഹാലസ്യം, ബോധക്ഷയം, സന്നി (*med.*); 2. ധൂമകേതുവേഷ്ടനം (*astr.*).

**Cōmb**, *n.* ചീപ്പ്, ഈര്കൊല്ലി, ഈരി, തലവാരി; 2. കതിരച്ചീപ്പ്; 3. തിരയുടെ മുകപ്പ്; 4. തേൻപലക, —കട്ട. *v.t.* ചിക്കുക, ചീവുക, വാരുക, ചിക്ക് തീർക്കുക.

**Com'bat**, *n.* തകരാർ, പോരാട്ടം, പോര്, പട. **single c.** ദ്വന്ദ്വയുദ്ധം. *v.t. & i.* പോരാടുക, പൊരുതുക, മല്ല് കെട്ടുക. **-ant**, *n.* പോരാളി, യോദ്ധാവ്, അങ്കക്കാരൻ. **=tive**, *a.* കലഹപ്രിയം ഉള്ള, തകരാർ—, യുദ്ധതാല്പര്യം—. **-tive-ness**, *n.* കലഹപ്രിയം, യുദ്ധതാല്പര്യം.

**Com-bīne'**, *v.t.* കൂട്ടുക, തമ്മിൽ ചേർക്കുക, ഒന്നാക്കുക; 2. ബന്ധിക്കുക, ബാദ്ധ്യസ്ഥനാക്കുക. *v.i.* തമ്മിൽ കൂട്ടുക, —ചേരുക, യോജിപ്പായിരിക്കുക; കൂട്ട്കെട്ടുണ്ടാക്കുക; 2. ധാത്വാകർഷണശക്തിയാൽ സംയോജിക്കുക. **=nā'tiōn**, *n.* സംയോഗം, ചേർച്ച; കൂട്ട്കെട്ട്, സഖ്യത, യോഗം; ഭൂതസമ്മേളനം, ധാതു—; (*pl.*) സങ്കലനം (*math.*).

**Com-bus'ti-ble**, *a.* തീപ്പിടിക്കുന്ന, വെന്തുപോകുന്ന, ദഹനീയം ആയ, ജ്വലനീയം—; 2. വേഗം കോപം വരുന്ന, മുൻകോപമുള്ള. *n.* തീപ്പിടിക്കുന്ന സാധനം. **-ness**, **=ti-bil'i-ty**, *n.* ദഹനീയത്വം, ജ്വലനീയത്വം. **-bust'iōn** (-bust'-yun), *n.* ദഹനം, താപം, ജ്വലനം; കലഹം, അമളി, കലാപം.

**Cŏme**, *v.i. ir.* (cāme, cŏme) വരിക; 2. എത്തുക; 3. അടുക്കുക; 4. ഉളവാക; 5. കാണായ്വരിക; 6. ആയ്ത്തീരുക. **to c.** വരുവാൻ ഉള്ള, ഭാവിയിൽ—. **to c. about** സംഭവിക്കുക, ഉണ്ടാക. **to c. abroad** പരദേശസഞ്ചാരം ചെയ്യുക; പരസ്യമായ്ത്തീരുക. **to c. across** കാണ്മാൻ ഇടവരിക്. **to c. after** അനുഗമിക്കുക; ആയ്ക്കൊണ്ടുവരിക. **to c. and go** മാറിമാറി—. **to c. at** ഉണ്ടായ്വരിക; പ്രാപിക്കുക; നേരേ വരിക, കൊള്ളെ—. **to c. away** പിരിയുക, വിട്ടുപോക. **to c. between** ഭേദിപ്പിക്കുക. **to c. by** കിട്ടുക; കടന്നുപോക. **to c. down** ഇറങ്ങുക; താഴുക. **to c. down upon** ആക്ഷേപിക്കുക. **to c. home** സ്വഗൃഹത്തിൽ എത്തുക; ബോധ്യമായ്വരിക. **to c. in** പ്രവേശിക്കുക; എത്തുക; ഉദ്യോഗം പ്രാപിക്കുക; വഴിപ്പെടുക; നടപ്പായ്ത്തീരുക; ചേർന്നുവരിക; ആദായം കിട്ടുക; വിളയുക; പ്രസവിക്കുക. **to c. in to, to c. in unto** പരിഗ്രഹിക്കുക. **to c. in for** കിട്ടുക. **to c. into** യോജിക്കുക. **to c. it over** തോല്പിക്കുക. **to c. near, to c. nigh** ഒത്തുവരിക. **to c. of** ജനിക്കുക; ഫലമായിരിക്കുക. **to c. off** വിട്ടുപോക; തെററിപ്പോരുക; കഴിയുക; കാര്യം നിവൃത്തിക്കുക; ഉണ്ടാക; ആയ്ത്തീരുക; ഉരിഞ്ഞുകളക; ഓടിപ്പോക. **c. off** ഒഴികഴിവ്, നീക്ക്പോക്ക്. **to c. off from** വിടുക. **to c. on** വളരുക; അടുത്തുവരിക. **to c. out** പുറപ്പെടുക, വിട്ടുപോക; വെളിച്ചത്തുവരിക; ആയ്ത്തീരുക, അവസാനിക്കുക; പരിചയം തുടങ്ങുക; കാണാക; പക്ഷം പിടിക്കുക. **to c. out with** പ്രസിദ്ധമാക്കുക. **to c. over** പക്ഷം തിരിയുക. **to c. over to** ചേരുക. **to c. round** പതിവ്പോലെ സംഭവിക്കുക; സുഖപ്പെടുക; മാറിത്തിരിഞ്ഞു വരിക; അലിവ് തോന്നുക; തോല്പിക്കുക. **to c. short** പോരാതെ ആക, ഇല്ലാതെ—. **to c. to** വഴിപ്പെടുക; സുബോധം വരിക; നങ്കൂരം ഇടുക, എത്തുക; തുകയാക, ഉണ്ടാക. **to c. to blows** അടിപിടികൂടുക. **to c. to grief** അപായം നേരിടുക. **to c. to a head** പഴുക്കുക; മുഴക്കുക. **to c. to one's self** സുബോധം വരിക, ത

ൻറടം— to c. to pass സംഭവിക്കുക. to c. to the scratch നെഞ്ഞുറപ്പ് കാട്ടുക. to c. to time കൃത്യമായി പ്രവൃത്തിക്കുക; ഉചിതമായി—. to c. together കൂടിവരിക. to c. true നിവൃത്തിയാക, നേരാക. to c. under ഉൾപ്പെട്ടിരിക്കുക. to c. up കയറുക, കയറിപ്പോക; ഉത്ഭവിച്ചു വരിക; മുളെച്ചു—; നടപ്പായ്വീരുക. to c. up to ഒത്തുവരിക. to c. up with എത്തുക. to c. upon നേരിടുക; ആക്രമിക്കുക; ആശ്രയിക്കുക; യദൃച്ഛയാകാണക, നിധികിട്ടുക. v.t. സാധിപ്പിക്കുക. to c. it ഉപായം പറവുക. cŏm'ing, a. അടുക്കെ ഉണ്ടാവാൻപോകുന്ന; വരുവാനുള്ള. n. വരവ്, പ്രത്യക്ഷത; ക്രിസ്തുവിൻെറ രണ്ടാം വരവ് (Bl.). c.g in പ്രവേശനം, ആരംഭം; വരവ്, ആദായം. ='ĕr, n. വരുന്നവൻ. all c.rs എല്ലാവരും.

Com'e-dy, n. നാടകം, ഹാസ്യരസനാടകം, ഉല്ലാസകര—. -di-an, n. നാടകക്കാരൻ, വേഷം; പ്രഹസനനാടകരചകൻ.

Cŏme'ly, a. അഴക് ഉള്ള, സൌന്ദൎയ്യം—, ചന്തം—, കാന്തി—; 2. വിഹിതം ആയ, യോഗ്യം—, യുക്തം—. ad. മനോഹരം ആയി, ഉചിതം—. -'li-ness, n. ചാരുതപം, സൌഭാഗ്യം; ഔചിത്യം, യോഗ്യത. [(as.)

Com'et, n. വാൽനക്ഷത്രം, ധൂമകേതു

Cŏm'fit, ='fit-ūre, n. മധുരദ്രവ്യം, മിഠായി.

Cŏm'fŏrt (-fĕrt), v.t. ശക്തികരിക്കുക; 2. സഹായിക്കുക; 3. തണുപ്പിക്കുക, ആശ്വസിപ്പിക്കുക, ധൈൎയ്യപ്പെടുത്തുക. n. ആശ്വാസം, സാന്ത്വനം; 2. സുഖം, ഭാഗ്യം; 3. തുണ, ഉതവി; 4. കോസടി. -a-ble, a. ബലം ഉള്ള; ഉപകാരം—; ആശ്വാസകരം ആയ; സന്തുഷ്ടിയുള്ള, വലച്ചലില്ലാത്ത; സൈ്വരം ഉള്ള, സുഖം—. n. കോസടി; കണ്ഠരക്ഷ. -a-bly, ad. ആശ്വാസത്തോടെ, സന്തോഷത്തോടെ, സുഖത്തോടെ. -a-ble-ness, n. ആശ്വാസം, ക്ഷേമം, സുഖാനുഭവം. -ĕr, n. ആശ്വസിപ്പിക്കുന്നവൻ; ആശ്വാസപ്രദൻ, പരിശുദ്ധാത്മാവ് (Bl.); കമ്പിളിക്കണ്ഠരക്ഷ; കോസടി. -less, a. ആശ്വാസമററ, സന്തോഷമില്ലാത്ത; ബുദ്ധിമുട്ടുള്ള, അശാന്തിയായ.

Com'ic, =i-cal, a. പ്രഹസനനാടക സംബന്ധം ആയ; 2. ഉല്ലാസകരം—, രസികം—, സരസം—, ചിരിപ്പിക്കുന്ന, നേരമ്പോക്കുള്ള.

Com'i-ty, n. സൌമ്യഗുണം, നയശീലം, ഉപചാരം, മൎയ്യാദ, സദാചാരം.

Com'ma, n. അല്പവിരാമചിഹ്നം (gr.).

Com-mand' (or mänd'), v.t. കല്പിക്കുക, ആജ്ഞാപിക്കുക; 2. നടത്തുക, അധിപനായിരിക്കുക; 3. സ്വാധീനത്തിൽ വെക്കുക, മേൽവിചാരം ചെയ്യുക, കാക്കുക, ആധീനത്തിൽ ഉണ്ടാക; 4. സ്വാധീനം കിട്ടുക; 5. വരുത്തുക, കൊടുക്കുക. v.i. അധികാരം നടത്തുക, ഭരിക്കുക, വരുതികൊടുക്കുക; 2. കാണുക, ദൃഷ്ടിയിൽ പതിയുക. n. കല്പന, നിയോഗം, ശാസനം, ആദേശം; 2. അധികാരം; 3. കൎത്തൃത്വം, ആധിപത്യം, നായകത്വം; 4. ഉന്നതസ്ഥിതി; 5. കാഴ്ച, ദൃഷ്ടിവിശാലത; 6. ഭരണശക്തി; 7. കാവൽ, സ്വാധീനം, വശത; 8. ഒരു നായകൻെറ അധീനത്തിലുള്ള സൈന്യാംശം; 9. —സേനാസ്ഥാനം. a word of c. യുദ്ധാഭ്യാസനിയോഗവാക്ക് (mil.). -ant, n. നായകൻ (mil.). -ĕr, n. തലവൻ, നായകൻ, സേനാധിപതി; കപ്പൽത്തലവൻ, —നായകൻ, 'കപ്പിത്താൻ'. -ing, a. നായകാധികാരം നടത്തുന്ന; അധികാരഗൌരവമുള്ള; ഉന്നതം ആയ, അനുകൂലം—. -ment, n. കല്പന, നിയോഗം; ദൈവകല്പന, ദശാജ്ഞകളിൽ ഒന്ന് (Bl.); അധികാരം, നായകത്വം. the c.ts, the ten c.ts ദശാജ്ഞകൾ (Bl.). -ress, n. നായകി, നായിക.

Com-meas-'ur-a-ble, a. തുല്യപരിമാണം ഉള്ള, അനുപാതതുല്യത—.

Com-mem'o-rāte, v.t. ഓൎക്കുക, സ്മരിക്കുക; 2. ആചരിക്കുക, കൊണ്ടാടുക; 3. പ്രശംസിക്കുക, ശ്ലാഘിക്കുക. =ra-ble, a. സ്മരണയോഗ്യമായ. =rā'tiŏn, n. ഓ

ൻ്മ, സ്മരണോത്സവം; ജ്ഞാപകം, ജ്ഞാപകചിഹ്നം. =rā-tive, =ra-tor-y, *a.* സ്മരണാത്ഥമായ.

**Com-mence'**, *v.i.* തുടങ്ങുക, ആരംഭിക്കുക, പുറപ്പെടുക; 2. ഉളവാസ്സരിക; 3. ആകുവാൻ തുടങ്ങുക; 4. സവ്വകലാശാലാപദവി പ്രാപിക്കുക. *v.t.* സമാരംഭിക്കുക, പ്രവേശിക്കുക. **-ment**, *n.* ആദി, തുടക്കം, ഉല്പത്തി; സവ്വകലാശാലാപദവിനാൾ.

**Com-mend'**, *v.t.* ഭരമേല്പിക്കുക, സമപ്പിക്കുക; 2. യോഗ്യമെന്നു പ്രസ്താവിക്കുക, 'ശിപാൎശി' ചെയ്യുക; 3. വാഴ്ത്തിപ്പറക, പ്രശംസിക്കുക; 4. ഓപ്പിക്കുക. *n.* സ്തുതി, പ്രശംസ; 2. (*pl.*) വന്ദനം. =da-ble, *a.* സ്തുത്യം ആയ, വന്ദ്യം—, ശ്ലാഘനീയം—. -ā'tiŏn, *n.* സ്തുതി, ശിപാൎശി; വന്ദ്യഗുണം; (*pl.*) വന്ദനം, അന്വേഷണം. =dā-tōr-y, *a.* ശ്ലാഘ്യമായ. c.y prayer മരിച്ചുപോയിരിക്കുന്നവൎക്ക് വേണ്ടിയുള്ള പ്രാത്ഥന. -ĕr, *n.* പ്രശംസിക്കുന്നവൻ.

**Com-men'sal-ism**, =sal'i-ty, =sā'-tiŏn, *n.* സഹഭോജനം.

**Com-men'sū-ra-ble**, *a.* ഒരേ അളവ്കൊണ്ട് അളക്കാവുന്ന; 2. സമപരിമാണം ഉള്ള. -ness, =bil'i-ty, *n.* പ്രമാണതുല്യത. =rāte, *v.t.* സാധാരണ അളവ് ആക്കുക, അനുപാതം—, ക്രമപ്പെടുത്തുക. *a.* സാധാരണ അളവുള്ള,—അളവാക്കാകുന്ന; പരിമാണതുല്യത ഉള്ള, തുല്യവിസ്തീൎണ്ണം ആയ, അനുപാതം—. =rā'tiŏn, *n.* സാധാരണ അളവുള്ള സ്ഥിതി.

**Com'ment**, *v.t.* & *i.* (on, upon) സൂചനപറക, അഭിപ്രായം—, ആക്ഷേപം—; 2. വ്യാഖ്യാനിക്കുക. =tar-y, *n.* സൂചകസംഗ്രഹം; വ്യാഖ്യാനം, ഭാഷ്യം, ടീക; (*pl.*) വൃത്താന്തസംക്ഷേപം, ചരിത്രം—. =tā-tor, *n.* വ്യാഖ്യാനി.

**Com'mĕrce**, *n.* കച്ചവടം, വ്യാപാരം, കൊള്ളക്കൊടുക്ക; 2. സമ്പക്കം, ഇടവാട്, പെരുമാററം; 3. സംഗം, ഭോഗം. *v.t.* വ്യാപാരം നടത്തുക; 2. പെരുമാറുക, ഇടപെടുക. =mĕr-cial, *a.* വ്യാപാരസംബന്ധമായ, ക്രയവിക്രയ—. c.l college, c.l school വ്യാപാരവിദ്യാശാല. c.l paper ഉണ്ടിക, വ്യാപത്രം. c.l traveller സഞ്ചാരവ്യാപാരി.

**Com-mi-nā'tiŏn**, *n.* ഭീഷണി, ശാപവാക്യം.

**Com-mĭn'gle**, *v.t.* (with) കൂട്ടിക്കലൎത്തുക, സമ്മിശ്രമാക്കുക. *v.i.* കൂടിക്കലരുക, തമ്മിൽ ചേരുക.

**Com'mi-nūte**, *v.t.* പൊടിയാക്കുക, അരക്കുക.

**Com-mis'ĕr-āte**, *v.t.* പരിതാപം കാട്ടുക, അയ്യോഭാവം—, മനസ്സലിയുക. =ā'tiŏn, *n.* ദയ, കൃപ, കനിവ്.

**Com'mis-sar-y**, *n.* കായ്യസ്ഥൻ, ഉദ്യോഗസ്ഥൻ; 2. സൈന്യാഹാരസംഭാരകൻ. =sā'ri-at, *n.* സൈന്യാഹാരസംഭരണം; സൈന്യാഹാര സംഭാരകന്മാർ.

**Com-mis'siŏn**, *see under* Commit.

**Com-mit'**, *v.t.* (to, unto) ഏല്പിക്കുക, സമപ്പിക്കുക; 2. തടവിൽ ഏല്പിക്കുക; 3. കൂട്ടിയയക്കുക, 'കമ്മട്ടാക്കുക' (*l.*); 4. ചെയ്ക, പ്രവൃത്തിക്കുക; 5. (*refl.*) ബാദ്ധ്യസ്ഥനാക്കുക, കെട്ടിക്കളക, കടുക്കുക. to c. one's self to a certain course വേറെ വിധം പ്രവൃത്തിപ്പാൻ തരമില്ലാതെ വരിക. to c. the honor of മാനഭംഗം വരത്തക്ക പ്രവൃത്തി ചെയ്ക. to c. to memory മനഃപാഠം ചെയ്ക, കാണാപ്പാഠം പഠിക്കുക. to c. a bill നിയമപത്രം പരിശോധനക്കേല്പിക്കുക. c. to paper എഴുതിവെക്കുക. -ment, -tal, *n.* സമപ്പണം, കൂട്ടിയയക്കൽ; തടവിൽ പാപ്പിക്കൽ; കാരാഗൃഹസമപ്പണപത്രം, 'ജേൽ വാറണ്ട്' (*l.*); ആലോചനാത്ഥം ഏല്പിക്കൽ; കമ്മം, ക്രിയ, പ്രവൃത്തി; കടുക്ക്, ദുഷ്കൃത്യം. -tēe, *n.* വിചാരകസഭ, പരിപാലക—; മററൊരുവൻെറ ദേഹപരിപാലകൻ, —വസ്തു— (*l.*). -tĕr, *n.* സമപ്പകൻ, കമ്മി, ചെയ്യുന്നവൻ; പുലയാടി. =mis'siŏn (-mish'un), *n.* കമ്മം, പ്രവൃത്തി, ക്രിയ; നിയോഗം, കല്പന, സമപ്പണം; മുറ, ഭാരം; അധികാരപത്രം, 'കമ്മീഷൻ' കല്പന (*l.*); സൈന്യസ്ഥാനനിയുക്തപത്രം; കായ്യാന്വേഷകസഭ (*l.*); ദ

ല്ലാലി, തരകൻ; തരക് കച്ചവടം; ഉല്ലാൽ വട്ടം. c.n merchant ഉല്ലാൽകച്ചവടക്കാരൻ. c.n of the peace ന്യായസഭാധികാരനിയുക്തപത്രം. to put a vessel into c.n യുദ്ധക്കപ്പൽപ്രവൃത്തിക്ക് നിയോഗിക്കുക. to put a vessel out of c.n —പ്രവൃത്തിയിൽ നിന്നൊഴിക്കുക. *v. t.* നിയോഗിക്കുക, നിയമിക്കുക, അധികാരപ്പെടുത്തുക, 'കമ്മിഷൻ' കല്പനകൊടുക്കുക. =mis'siŏn-ĕr, *n.* പ്രതിനിധി, കാൎയ്യസ്ഥൻ, 'കമ്മിഷൻ' കല്പന നടത്തുന്നവൻ; പ്രധാന ഉദ്യോഗസ്ഥൻ, തലവൻ.

**Com-mix'**, *v.t. & i.* ഇടകലൎത്തുക, —കലരുക, സമ്മിശ്രം ആക്കുക. -tūre, *n.* കൂടിക്കലൎച്ച, കലൎപ്പ്, സമ്മിശ്രണം; മിശ്രിതദ്രവ്യം.

**Com-mōde'**, *n.* ശിരോഭൂഷണം, മകുടം; 2. വലിപ്പെട്ടി; 3. പുറായിപ്പെട്ടി, ബാഹ്യ—. =mō'di-ŏus, *a.* ഉപയുക്തമായ, പാങ്ങുള്ള, തക്ക; വിശാലം ആയ, അനുകൂലമുള്ള. =mō'di-ŏus-ness, *n.* യോഗ്യത, സൌകൎയ്യം. =mod'i-ty, *n.* ഹിതം, അനുകൂലം; വിശാലത; ഉപകാരം; ആദായം; ചരക്ക്.

**Com'mō-dōre**, *n.* നാവികസേനാംഗപതി, കപ്പൽനായകപ്രമാണി; 2. പ്രധാനകപ്പൽ.

**Com'mon**, *a.* സാമാന്യം ആയ, സാധാരണം—; 2. പൊതുവിൽ ഉള്ള; 3. നടപ്പ്—, രൂഢിആയ, പതിവ്—; 4. സുലഭം—, ലോകാചാരം—; 5. താണ, പ്രാകൃതമായ, ആഭിജാത്യമില്ലാത്ത; 6. ചീത്തത്തരമായ, ദുൎന്നടപ്പുള്ള. c. barrator വ്യവഹാരമുഷ്കൻ. c. brawler കലഹക്കാരൻ (*l.*). c. carrier പൊതുവാഹകൻ, ചുമട്ടുകാരൻ (*l.*). c. council നഗരപ്രതിനിധിസഭ. c. crier കിണ്ണംമുട്ടുന്നവൻ. c. divisor സാമാന്യഹാരകം (*ar.*). c. gender അലിംഗം, ഉഭയ—(*gr.*). c. law അലിഖിതനിയമം, രൂഢി—. c. lewdness പരസ്യമായ ദുൎന്നടപ്പ്. c. noun സാധാരണനാമം (*gr.*). c. nuisance ലോകോപദ്രവം, പരോപദ്രവം (*l.*). c.-place വിശേഷതയില്ലാത്ത, സാധാരണമാതിരിയായ; നടപ്പുള്ള വാക്ക്; ഓൎമ്മക്കുറിപ്പ്. c.-place book കുറിപ്പ് പുസ്തകം. c. prayer ആംഗ്ലീയസഭാപ്രാൎത്ഥനാസംഗ്രഹം (*Chr.*). c. school സൎക്കാർ പാഠശാല. c. scold ശൃപ്പ്ണഖ. c. seal സംഘമുദ്ര. c. sense കാൎയ്യബോധം. വിവേകം. c.-weal, c.-wealth രാജ്യം; പ്രജകൾ; പ്രജാധിപത്യം. in c. പലൎക്കും ഉള്ള, പൊതുവെ—. out of the c. അസാധാരണമായ. to make c. cause with യോജിക്കുക, പക്ഷം ചേരുക. *n.* ജനം, സമുദായം; 2. പൊതുമേച്ചൽസ്ഥലം, മൈതാനം. c. appendant *or* appurtenant മേച്ചൽ അവകാശം (*l.*). c. in gross, c. at large പാരമ്പൎയ്യ—. -al-ty, *n.* സാമാന്യജനം, കലീനരല്ലാത്തവർ. -ĕr, *n.* സാമാന്യൻ, പൌരൻ; പ്രജാപ്രതിനിധി; സഹായശമ്പളം ഇല്ലാത്ത വിദ്യാൎത്ഥി. -ly, *ad.* സാധാരണമായി, സാമാന്യേന, മിക്കവാറും, പലപ്പോഴും, പ്രായേണ. -ness, *n.* സാധാരണത്വം, സാമാന്യത; നീചത്വം, ആഭാസത്വം. -s, *n.* (*pl.*) സാമാന്യജനം; പ്രജാപ്രതിനിധിസഭ; ആഹാരം, ഭക്ഷണം; കൂട്ട് വിട്ടുതി; മൈതാനം. to be on short c.s ഭക്ഷണം കുറക്കുക.

**Com-mō'tiŏn**, *n.* ഇളക്കം, കലാപം; 2. കലഹം, അമളി; 3. വേവലാധി, ചൂടാന്തരം.

**Com-mūne'**, *v. i.* (with) ആരോടെ സംസാരിക്കുക, കൂടിയാലോചിക്കുക; 2. തിരുവത്താഴം കൈക്കൊൾക (*Chr.*). =ni-ca-ble, *a.* പറഞ്ഞറിയിക്കാവുന്ന; പകൎച്ചയുള്ള. =ni-cant, *n.* തിരുവത്താഴാനുഭോഗി, ക്രിസ്ത്യാനിസഭാംശം (*Chr.*). അറിവ് കൊടുക്കുന്നവൻ. =ni-cāte, *v. t.* (to) പങ്കെടുക്കുക, നല്കുക, എത്തിക്കുക, രോഗം പകരുമാറാക്കുക, —പരത്തുക; അറിവ് കൊടുക്കുക, വിവരം പറക; തിരുവത്താഴം കൊടുക്കുക (*Chr.*). *v. i.* പങ്കാളി ആക, കൂഹരിക്കാരൻ—, സഹതാപം കാണിക്കുക, കൂറായ്മഭാവിക്കുക; ധൎമ്മം കൊടുക്കുക, ഉപകാരം ചെയ്ക; ഇടവാട്—, കൊള്ളക്കൊടുക്ക—, ചേൎന്നിരിക്കുക; രാഭോജനം കൈക്കൊൾക (*Chr.*).

=ni-cā'tiŏn, *n.* പകൎച്ച, അറിയിക്കൽ; വാക്കിടവാട്, എഴുത്തിടവാട്, എഴുത്തുകുത്ത്; കൂടിയാലോചന, സഭ, സംഘം; വൎത്തമാനം, വിവരം, കത്ത്; തിരുവത്താഴക്കൂട്ടായ്മ (*Chr.*); ഗതാഗതം, വഴി, സംബന്ധം. =ni-cā-tive, *a.* തുറന്നവായുള്ള, എല്ലാം എല്ലാവരോടും അറിയിക്കുന്ന. =mūn'iŏn, *n.* സംസൎഗ്ഗം, ചേൎച്ച, സഹവാസം; ക്രിസ്ത്യാനിസഭ, —സമുദായം; തിരുവത്താഴം, കൎത്തൃഭോജനം (*Chr.*). c.n elements തിരുവത്താഴസാധനങ്ങൾ, അപ്പവും വീഞ്ഞും (*Chr.*). c.n service തിരുവത്താഴസംസ്കാരം (*Chr.*). c.n table തിരുവത്താഴമേശ, —പീഠം (*Chr.*). =nism, *n.* സ്ഥിതിസമത്വം, ഐശ്വൎയ്യഭേദരഹിതസ്ഥിതിവാദം. =nist, *n.* സ്ഥിതിസമത്വവാദി. =ni-ty, *n.* സാമാന്യാവകാശം, പൊതുവനുഭവം; സമുദായം, സഭ, വൎഗ്ഗം, കൂട്ടം; (the) പ്രജാസമൂഹം, രാജ്യവാസികൾ; സ്വഭാവസമത്വം, തുല്യത. c.y of interest അൎത്ഥസംബന്ധം (*l.*).

**Com-mūte'**, *v.t.* മാററുക, പകരമാക്കുക; 2. ശിക്ഷമാററുക, —കുറക്കുക, —ലഘുവാക്കുക. *v.i.* ഒഴിവ് കിട്ടുക, മാറി—; 2. ഒരുമിച്ച് കൊടുക്കുക. =mū'ta-ble, *a.* മാററാകുന്ന. =mū'ta-ble-ness,=mū-ta-bil'i-ty, *n.* മാററത്തക്കസ്ഥിതി, പരിണാമാവസ്ഥ. =mū-tā'tiŏn, *n.* മാററം, ഭേദം, വികാരം, പരിണാമം; കൈമാററം, ശിക്ഷ—.

**Com-mū'tū-al**, *a.* പരസ്പരമായ, അന്യോന്യമുള്ള.

**Com-pact'**, *a.* സംയുക്തമായ, സംബന്ധമുള്ള; 2. (of) കൂടി ഉണ്ടായ; 3. ഉറപ്പ് ഉള്ള, ആരട്ടപ്പം—, തിങ്ങിയ, കട്ടിയായ; 4. ഒതുക്കമുള്ള, അമൎന്ന. *v.t.* കട്ടിയാക്കുക, അമൎത്തിവെക്കുക, ഒതുക്കി—; 2. സംയോജിപ്പിക്കുക. *n.* ഉടമ്പടി, സന്ധി, കരാർ. -ly, *ad.* ഉറപ്പായി, അടുക്കി. -ness, *n.* ഒതുക്കം, ഉറപ്പ്, കട്ടി, ഘനം.

**Cŏm'pa-ny**, *n.* കൂററായ്മ, ചങ്ങാതിത്വം, സംസൎഗ്ഗം, അനുയാത്ര; 2. തോഴൻ, ചങ്ങാതി, സഹഗാമി; 3. സംഘം, കൂട്ടം; 4. അതിഥികൾ, അഭ്യാഗതന്മാർ; 5. സമുദായം; 6. വൎത്തകസംഘം; 7. കച്ചവടക്കൂറുകാർ; 8. പട്ടാളവകുപ്പ്, നൂറു പടയാളികൾ; 9. കപ്പല്ക്കാർ; 10. നാടകസംഘം. -pan'iŏn (pan'yun), *n.* കൂട്ടാളി, സഖി; ഉപമാടമ്പി. =pan'ion-ship, *n.* ചങ്ങാതിത്വം; ഉപമാടമ്പിസ്ഥാനം.

**Com-pāre'**, *v.t.* ഒപ്പിച്ചു നോക്കുക, ഒത്ത്—, താരതമ്യം—; 2. ഉപമിച്ചു പറക, തുല്യമാക്കി—; 3. നാമവിശേഷണ താരതമ്യരൂപം പറക (*gr.*). *v.i.* ഒക്കുക, തുല്യമായിരിക്കുക. ='par-a-ble, *a.* ഉപമിക്കാവുന്ന, തുല്യമായ. =par'a-tive, *a.* ഒത്ത് നോക്കുന്ന; താരതമ്യവിചാരോത്ഭവം ആയ, —സംബന്ധം—; ഉപമാജന്യം—; ഉത്തരവാചി—, മദ്ധ്യമം—(*gr.*). c.e degree ഉത്തരവാചി (*gr.*). =par'a-tive-ly, *ad.* ഇതരസംബന്ധത്തിൽ, സാമാന്യമായി, സാധാരണാവസ്ഥക്ക്. =par'i-son, *n.* ഉപമാനം, താരതമ്യപരീക്ഷ; —നിൎണ്ണയം; തുല്യത; ഉപമ, ഉദാഹരണം, ദൃഷ്ടാന്തം, താരതമ്യാഖ്യാനം (*gr.*); ഉപമാലങ്കാരം (*rhet.*). beyond c.n അനുപമേയം ആയ, അതുല്യം—. in c.n of, in c.n with മററുള്ളതിനോടൊത്ത് നോക്കിയാൽ. c.n of hands കയ്യക്ഷരപരിശോധന, ഒപ്പ് പരീക്ഷ. degrees of c.n താരതമ്യവാചി (*gr.*).

**Com-pärt'**, *v.t.* വിഭാഗിക്കുക, പകുക്കുക. -i'tiŏn, *n.* വിഭജനം; മുറി. -ment, *n.* പങ്ക്, അംശം, അറ, കള്ളി.

**Cŏm'pass**, *n.* ചുററൽ, പ്രദക്ഷിണം; 2. അതിർ; 3. വളപ്പ്; 4. ദൃഷ്ടിമണ്ഡലം, വിസ്തീൎണ്ണത; 5. (within) മിതത്വം, കൃത്യത; 6. വടക്ക് നോക്കി. c. card തവുക്കമുഖം. c. window വൃത്തജാലകം. mariner's c. തവുക്ക. to fetch a c. ചുററിവരിക. *v.t.* ചുററിപ്പോക, വലം വെക്കുക; 2. (about, round, around, round-about) വളയുക, നിരോധിക്കുക; 3. വശത്താക്കുക, സാധിപ്പിക്കുക; 4. വളക്കുക; 5. ഭാവിക്കുക, യന്ത്രിക്കുക. -es, *n.* മയ്യലി, മയ്യാരം (*carp.*).

**Com-pas'siŏn** (-pash'un), *n.* പരിതാപം, കൃപ, അയ്യോഭാവം, മനസ്സലിവ്.

-āte, *a.* ആൎദ്രതയുള്ള, കനിവു—; ദൈന്യം ആയ, അരിഷ്ടം—. -āte-ly, *ad.* കരുണയോടെ, കരളലിവോടെ.

**Com-pa-tĕr'ni-ty,** *n.* ധൎമ്മപിതൃത്വം, തലതൊട്ടപ്പസ്ഥാനം, 'കമ്പാതിരി'—.

**Com-pat'i-ble,** *a.* (with) അനുരൂപമായ, യോജിപ്പു ഉള്ള, ചേൎച്ച—, ഉചിതം ആയ, യുക്തം—. -ti-bil'i-ty, *n.* യോജ്യത, പൊരുത്തം, ഔചിത്യം.

**Com-pā'tri-ot,** *n.* തന്റെ രാജ്യക്കാരൻ, സഹദേശാഭിമാനി.

**Com-pēer',** *n.* തുല്യൻ, സമപ്രായസ്ഥൻ; 2. ചങ്ങാതി, തോഴൻ, സ്നേഹിതൻ.

**Com-pel',** *v. t.* (to) നിൎബ്ബന്ധിക്കുക, ഹേമിക്കുക; 2. പിടിച്ചുപറിക്കുക; 3. ബലാല്ക്കാരംചെയ്ക, അധീനമാക്കുക; 4. കൂട്ടിച്ചേൎക്കുക. -la-ble, *a.* ഹേമിക്കാകുന്ന. -lĕr, *n.* സാഹസക്കാരൻ. =pul'sa-to-ry, =pul'sa-tive, *a.* ബലാല്ക്കാരമായ, ഹേമമുള്ള. =pul'siŏn, *n.* നിൎബ്ബന്ധം, സാഹസം; വശക്കേടു. =pul'sive, *a.* ബലാല്ക്കാരം ചെയ്യുന്ന. =pul'sŏr-y, *a.* ഹേമം ഉള്ള; ബാദ്ധ്യത—; നിയമകല്പിതം ആയ, അത്യാവശ്യം—, നിൎബ്ബന്ധിതം—.

**Com-pel-lā'tiŏn,** *n.* അഭിവാദം; നാമധേയം. =la-tive, *n.* അഭിധാനവാചി (*gr.*).

**Com'pend,** =di-um, *n.* സാരസംഗ്രഹം, സംക്ഷേപം. =di-ŏus, *a.* സംക്ഷിപ്തം ആയ, ചുരുക്കം—.

**Com-pen'sāte,** *v. t.* പകരം കൊടുക്കുക, പ്രതിഫലം—, പ്രായശ്ചിത്തം ചെയ്ക; 2. തുല്യമായിരിക്കുക, ഒത്തുവരിക, =sā'tion, *n.* പ്രതികാരം; പ്രതിഫലം. ഉപശാന്തി, നഷ്ടം.

**Com-pēte',** *v. i.* തമ്മിൽ മത്സരിക്കുക, സ്പൎദ്ധിക്കുക. ='pe-tence, ='pe-ten-cy, *n.* ശേഷി, അൎഹത; പൊരുത്തു വരുത്തു, വക; അധികാരം, യോഗ്യത (*l.*). ='pe-tent, *a.* പ്രാപ്തിയുള്ള, മതിയായ, തക്ക, പററിയ; അധികാരമുള്ള. =ti'tiŏn (-tish'un), *n.* സാമൎത്ഥ്യപരീക്ഷ; പോരു, മത്സരം, ഞാനൊ ഞാനൊ എന്ന ഭാവം. =pet'i-tor, *n.* സാമൎത്ഥ്യപരിക്ഷാൎത്ഥി; സ്പൎദ്ധി.

**Com-pīle',** *v. t.* കൂട്ടിച്ചേൎക്കുക, കൂട്ടിച്ചേൎത്തുണ്ടാക്കുക; 2. സംഗ്രഹിക്കുക, രചിക്കുക. =pi-lā'tiŏn, *n.* സങ്കലനം, സമാഹരണം; സംകലിതഗ്രന്ഥം. ='lĕr, *n.* സംഗ്രഹകൻ.

**Com-plā'cence,** =cen-cy, *n.* തൃപ്തി, അലംഭാവം; 2. സന്തുഷ്ടി; 3. നയശീലം, സുശീലം. =cent, *a.* അലമ്മതി ഉള്ള, പ്രീതി—, ആദരം—.

**Com-plāin',** *v. i.* സങ്കടം പറക, ആവലാധി ബോധിപ്പിക്കുക; 2. പിറുപിറുക്കുക, ഖേദിക്കുക; 3. അന്യായം കൊടുക്കുക; 4. കററം ചുമത്തുക. -ant, *n.* അന്യായക്കാരൻ (*l.*). =plāint', *n.* വ്യസനം, സങ്കടം, പിറുപിറുപ്പു; അന്യായം, അന്യായഹരജി (*l.*); വ്യസനഹേതു, അന്യായവിഷയം; രോഗം, സുഖക്കേടു.

**Com'plāi-sance,** *n.* ഉപചാരശീലം, ലോക്യം, സല്ഗുണം. =sant, *a.* നയശീലമുള്ള, മനോഹരമായ. =sant-ly, *ad.* ഉപചാരപൂൎവ്വം, ആദരവോടെ.

**Com'ple-ment,** *see under* Complete.

**Com-plēte',** *a.* പൂൎണ്ണം ആയ, പൂൎത്തി—, കുറവില്ലാത്ത; 2. തീൎന്ന, സമ്പൂൎത്തിയായ. *v. t.* തീൎക്കുക, തികെക്കുക, നിവൃത്തിക്കുക. -ly, *ad.* പൂൎത്തിയായി, അശേഷം, ഒക്കയും, തീരേ, മുററും, മുഴവനം. =plē'tiŏn, *n.* സമ്പൂൎത്തി, സമാപ്തി. -ness, *n.* പൂൎണ്ണത, നിറവു. തികവു. ='ple-ment, *n.* പൂരണം; കുറവു, നികപ്പു; പരിപൂൎണ്ണത, ശിഷ്ടം, ശേഷിപ്പു (*math.*). moon in her c.t പൂൎണ്ണചന്ദ്രൻ.

**Com'plex,** *a.* അനേകഭാഗം ഉള്ള, നാനാപ്രകാരം—, വിഷമം—, കുഴക്കു—, വിവിധമായ. c. fraction വിഷമഭിന്നിതം. *n.* കൂട്ടം, സഞ്ചയം. =plex'i-ty, -ness, *n.* വിവിധത്വം; കുഴപ്പം, പ്രയാസം. =plex'iŏn, *n.* പ്രകൃതി; നിറം, വൎണ്ണം; രൂപം, സ്വഭാവം.

**Com'pli-cāte,** *a.* അനേകാംശം ഉള്ള, വിഷമം—, സമ്മിശ്രമായ. *v. t.* മടക്കുക, മിടയുക, കഴെക്കുക; കൂട്ടിക്കലൎത്തുക, താറുമാറാക്കുക. =**cā'tiŏn,** *n.* കഴക്ക്, പിണച്ചൽ, കട്ടക്ക്; അനുരോഗം (*med.*). -**ness,** =**pli-cacy,** *n.* സമ്മിശ്രം, കഴപ്പം.

**Com'plice,** *see* Accomplice.

**Com'pli-ment,** *n.* ഉപചാരം, വന്ദനം, സല്ക്കാരം; 2. ചാട്ടവാക്യം, സ്തുതിവാക്ക്. to make one a c. ബഹുമാനിക്കുക, പുകഴ്ത്തുക. to make one's c.s to ആചാരോപചാരം പറക, അന്വേഷിക്കുക. to stand on c. ആചാരം കാട്ടുക. *v. t.* & *i.* വാഴ്ത്തിപ്പറക, ബഹുമാനിക്കുക; 2. വന്ദിക്കുക, മുഖസ്തുതി പറക. =**tar-y,** *a.* സ്തുത്യമായ; വന്ദനയുള്ള.

**Com-plot',** *n.* ദുരാലോചന, ദുൎമ്മന്ത്രണം. *v. t.* & *i.* കൂട്ടുകെട്ടുണ്ടാക്കുക, ദുസ്രൂറ് കൂട്ടുക.

**Com-plȳ',** *v. i.* (with) സമ്മതിക്കുക, അനുസരിക്കുക, അനുവദിക്കുക; 2. വഴിപ്പെടുക, ആവശ്യപ്രകാരം ചെയ്ക. =**plī'-a-ble,** *a.* വളപ്പാൻ കഴിയുന്ന; അനുനയം ഉള്ള, വിട്ടുകൊടുക്കുന്ന, വിധേയമായ. =**plī'ance,**=**plī'an-cy,** *n.* അനുമതി, അനുകൂലം; നയശീലം. =**plī'ant,** *a.* വളയുന്ന; വഴക്കമുള്ള, ശാഠ്യമില്ലാത്ത.

**Com-pō'nent,** *n.* യോഗാംശം, ഉരുത്തിരം, സാധനം, പദാൎത്ഥം. *a.* യോഗാംശം ആയ, സാധകം—, ആയ്ത്തിരുന്ന.

**Com-pōrt',** *v. t.* സഹിക്കുക; 2. നടക്കുക, പെരുമാറുക. to c. one's self ആചരിക്കുക. *v. i.* പൊറുക്കുക; 2. (with) ഒക്കുക, സമ്മതിക്കുക, യോഗ്യമായിരിക്കുക. -**a-ble,** *a.* യോഗ്യമായ, തക്ക. -**ment,** *n.* നടപ്പ്, ആചാരം, പെരുമാററം. -**ā'tiŏn,** *n.* സംയോജനം, യോഗം.

**Com-pōse',** *v. t.* കൂട്ടിച്ചേൎക്കുക, ഉരുവാക്കുക, രൂപിക്കുക, നിൎമ്മിക്കുക; 2. ആയിരിക്കുക; 3. ചമെക്കുക, രചിക്കുക; 4. ക്രമപ്പെടുത്തുക; 5. ശമിപ്പിക്കുക, ശാന്തമാക്കുക; 6. ആണിയക്ഷരം നിരത്തുക (*print.*). =**pōsed',** *a.* മനഃശാന്തതയുള്ള, സാവധാനം—, തൻേറടം—. =**pōsed-ly,** *ad.* ചഞ്ചലമില്ലാതെ, സംഭ്രമം കൂടാതെ. =**posed'ness,** *n.* ശാന്തത, സാവധാനം. =**pō'sēr,** *n.* ഗ്രന്ഥകൎത്താവ്, സംഗീതരചകൻ, രാഗ—; ശമനം വരുത്തുന്നവൻ. ='**pos-ite,** *a.* സംയുക്തം ആയ, സമാസം—. *n.* സംയുക്തദ്രവ്യം, —സാധനം. c.e number വിഭജനസംഖ്യ. =**pō-si'-tiŏn,** *n.* സങ്കലനം, സംയോജനം; വിരചനം; നിബന്ധനം; സംയോഗം; സംയുക്തപദാൎത്ഥം; കൃതി; പ്രബന്ധം, രചനാഭ്യാസം; ഉടമ്പടി, നിശ്ചയം. =**pos'i-tŏr,** *n.* അക്ഷരം നിരത്തി (*print.*). =**pō'sure,** *n.* സ്വാസ്ഥ്യം, സമാധാനം.

**Com'post,** *n.* കൂട്ട്; 2. വളം, വളക്കൂട്ട്. *v. t.* വളം ചേൎക്കുക, —ഇടുക.

**Com'pound,** *n.* പറമ്പ്, വളപ്പ്, തൊടിക; 2. കൂട്ട്, യോഗം, കലപ്പ്; 3. സമാസം (*gr.*); 4. സംയോഗം, സംയുക്തപദാൎത്ഥം (*ch.*). *a.* കൂട്ട് ആയ, സംയുക്തം—, സമാസിതം—. *v. t.* സംയോജിപ്പിക്കുക, കൂട്ടിക്കലൎത്തുക; 2. യോഗപ്രകാരം മരുന്ന് കൂട്ടിച്ചേൎക്കുക; 3. വികാരം വരുത്തുക; 4. രൂപിക്കുക, ആക്കിത്തീൎക്കുക; 5. ഒത്ത് തീൎക്കുക. to c. an offence രാജിയാക, തമ്മിൽ തീരുക (*l.*). c. fraction സമ്മിശ്രഭിന്നിതം (*ar.*). c. interest കൂട്ട് പലിശ, —പൊലി, പെരുക്കപ്പലിശ. c. number സാധനസംഖ്യ. c. addition —സങ്കലനം. c. subtraction —വ്യവകലനം. c. multiplication —ഗുണനം. c. division —ഹരണം. c. word സമാസപദം (*gr.*). -**ēr,** *n.* കൂട്ടിച്ചേൎക്കുന്നവൻ; മരുന്ന് കൂട്ടുന്നവൻ; സന്ധിപ്പിക്കുന്നവൻ.

**Com-pre-hend',** *v. t.* അടക്കിക്കൊള്ളുക, ഉൾപ്പെടുത്തുക; 2. സൂചിപ്പിക്കുക, കറിക്കുക; 3. ഗ്രഹിക്കുക, മനസ്സിലാക്കുക. =**hen'si-ble,** *a.* ഉൾപ്പെടത്തക്ക, ഗ്രഹിക്ക—, ബോധ്യം ആയ, അവധാരണീയം—. =**hen'si-bil-i-ty,** *n.* ഗ്രാഹ്യത, വേദനീയത്വം. =**hen'siŏn,** *n.* അടക്കം; ചുരുക്കം; ഗ്രഹണശക്തി; ബോധം, വിജ്ഞാനം. =**hen'sive,** *a.* വിസ്താരം ഉള്ള, ആലോചനവിശാലത—, അടക്കിപ്പറയുന്ന; ബുദ്ധി

ക്രമ്മതയുള്ള. =hen'sive-ness, *n.* ദൃഷ്ടിവിസ്തീർണ്ണത, വിചാരപുഷ്ടി, അർത്ഥ—.

**Com-press'**, *v.t.* അമൎത്തുക, ഞെക്കുക, ചുരുക്കുക; 2. പുല്കുക, ആലിംഗനം ചെയ്ക. **com'press**, *n.* തുണിമടക്ക്. ='si-ble, *a.* അമരുന്ന, ഒതുക്കാവുന്ന. =si'-ble-ness, =si-bil'i-ty, *n.* സംകോചത്വം. ='siŏn, ='sure, *n.* അമൎത്തൽ; ഒതുക്കം.

**Com-prīse'**, *v.t.* കൊള്ളുക, അടക്കുക, ഉദ്ദേശിക്കുക. to be c.d അടങ്ങിയിരിക്കുക. =prī'sal, *n.* അടക്കം; സംഗ്രഹം.

**Com'prō-mise**, *n.* രാജി, സന്ധിപ്പ്; 2. ഉഭയസമ്മതം, ന്യൂനപ്രവൃത്തി. *v.t.* നിരക്കുക, സന്ധിക്കുക; 2. ഉറപ്പ് കൊടുക്കുക, വികടത്തിലാക്കുക, സംശയം തോന്നിക്കുക. *v.i.* രാജിയാക.

**Comp-trōl'**, *v. t.* *see* Control. -'lĕr, *n.* കണക്ക് പരിശോധകൻ.

**Com-pul'sion**, =sŏr-y, *etc.*, *see under* Compel.

**Com-punc'tiŏn**, *n.* വ്യഥ, ശോകം, ശല്യം, കുത്ത്; 2. ഖേദം, മനഃക്ലേശം.

**Com-pūte'**, *v.t.* കണക്ക് കൂട്ടുക, എണ്ണുക. =pū'ta-ble, *a.* ഗണനീയമായ, എണ്ണുവാൻ പാടുള്ള. =pū-tā'tiŏn, *n.* ഗണനം, സംഖ്യാതം; കണക്ക്. =pū'tĕr, =pū'tist, *n.* കണക്ക് കാരൻ.

**Com'rāde**, *n.* സഹവാസി; 2. ചങ്ങാതി, കൂട്ടാളി, ഇഷ്ടൻ.

**Con**, *pf.* കൂട, സഹ, ഉപ; കൂടി, ഒരുമിച്ച, ഒന്നായി. *ad.* എതിരായി, വിരോധമായി, പ്രതികൂലമായി.

**Con**, *v. t.* അറിയുക, ഗ്രഹിക്കുക; 2. പഠിക്കുക, ഓൎമ്മവെക്കുക. to c. answer ഉത്തരം പറവാൻ കഴിവുണ്ടാക. to c. thanks നന്ദിചൊല്ലുക. [ദിശ്രമം.

**Co-nā'tus**, *n.* വികാസശക്തി; 2. പ

**Con-cat'e-nāte**, *v.t.* സംയോജിപ്പിക്കുക; 2. കണ്ണികൾ തമ്മിൽ കോൎക്കുക. =nā'tiŏn, *n.* സംയോഗം; ചങ്ങല.

**Con'cāve**, *a.* ഉള്ളുകുഴിഞ്ഞ, അകവളവ് ഉള്ള, ഉത്താനാകൃതി—, പൊള്ളയായ. =cav'i-ty, *n.* അകവളവ്, പൊള്ള.

**Con-cēal'**, *v.t.* മറെച്ചുവെക്കുക, ഗോപ്യമായി—, പൊത്തി—. -a-ble, *a.* ഒളിച്ചുവെപ്പാൻ പാടുള്ള, ഗോപനീയമായ. -ĕr, *n.* മറെച്ചുവെക്കുന്നവൻ. -ment, *n.* മറവ്, ഒളിച്ചുവെക്കൽ; ഒളിവിടം; രഹസ്യം; സത്യഗോപനം.

**Con-cēde'**, *v.t. & i.* സമ്മതിക്കുക, വഴിപ്പെടുക, വഴങ്ങുക; 2. അനുവദിക്കുക. =cessi'ŏn, *n.* സമ്മതം, അനുവാദം; കൽക.

**Con-cēit**, *see under* Conceive.

**Con-cēive'**, *v. t.* ഗൎഭം ധരിക്കുക, —ഉണ്ടാക; 2. നിരൂപിക്കുക, യന്ത്രിക്കുക, ഉളവാക്കുക; 3. ഗ്രഹിക്കുക, മനസ്സിലാക്കുക. *v. i.* ഗൎഭിണിയാക; 2. (of) ഊഹിക്കുക, അഭിപ്രായപ്പെടുക. =cēiv'a-ble, *a.* ഗ്രഹിപ്പാൻ പാടുള്ള, ബോധ്യമായ. =cēiv'a-ble-ness, *n.* ഗ്രാഹ്യത, ഭാവനീയത്വം. =cep'tiŏn, *n.* ഗൎഭധാരണം; ഉല്പത്തി, ആരംഭം; ഗ്രാഹ്യശക്തി, ധാരണ; നിരൂപണം, ഭാവന; രൂപം, ഭാവം, സങ്കല്പം; ആന്തരം. =cēit', *n.* നിരൂപണം, മനോഗതം; ബുദ്ധി; ബുദ്ധിവേഗത; തോന്നൽ, മനോരാജ്യം; താന്തോന്നിത്വം, തോന്നിയവാസം; അഹങ്കാരം, പൊങ്ങച്ചം. in c.t with അനുസാരമായി. out of c.t with രസമില്ലാതെ. to put one out of c.t with രസക്ഷയം വരുത്തുക. *v.t.* നിനെക്കുക, ഊഹിക്കുക. =cēit'ed, *a.* ഭാവനാശക്തിഉള്ള; ഗൎവ്വം—; കൌശലപ്പണിയായ. =cēit'ed-ness, *n.* നിഗളം, അഹംഭാവം, ഞെളിവ്.

**Con-cent'**, *n.* സ്വരമേളനം; 2. യോജ്യത, പൊരുത്തം. =cen'tĕr, =cen tre, *v.i.* ഒരു ദിക്കിൽ വന്നുചേരുക, ഏകകേന്ദ്രമുള്ളതായിരിക്കുക. *v.t.* മദ്ധ്യത്തിൽ കൂട്ടിച്ചേൎക്കുക, ഏകാഗ്രമാക്കുക, ഒരുമിപ്പിക്കുക. =cen'trāte, *v.t.* ഒരുമിച്ചു കൂട്ടുക, ഒരു ദിക്കിൽ ഉറപ്പിക്കുക, ഏകോപിപ്പിക്കുക; കുറുക്കുക, കട്ടപ്പം കൂട്ടുക, കട്ടിയാ

ക്കുക. *v. i.* ഒന്നായി കൂടുക. =cen-trā'tiŏn, *n.* ഒരുമിക്കൽ, ഒന്നിച്ചുകൂടൽ; സംയോജനം; കട്ടിയാക്കൽ; പുടം വെക്കൽ.

**Con-cep'tiŏn,** *see under* Conceive.

**Con-cĕrn',** *v. t.* സംബന്ധിക്കുക, ചേൎന്നിരിക്കുക; മുഖ്യമാക, കാൎയ്യമായിരിക്കുക; കുറിച്ചുള്ളതായിരിക്കുക; 2. (one's self) വിചാരപ്പെടുക, ശ്രദ്ധവെക്കുക, ആവശ്യമെന്നു ഭാവിക്കുക, വ്യസനിക്കുക. *n.* കാൎയ്യം, അവസ്ഥ; മുഖ്യസംഗതി; ഗൌരവം, മാഹാത്മ്യം; 2. ഇഷ്ടം, രസം, വിഷാദം, ചിന്ത; 3. വൎത്തകസംഘം, വ്യാപാരം. the whole c. കാൎയ്യത്തിൽ ഉൾപ്പെട്ടവരൊക്കയും. -'ing, *prep.* കുറിച്ചു, പററി, ചൊല്ലി, കൊണ്ടു, വിഷയമായി, സംബന്ധിച്ചു, ഓൎത്തു, വിചാരിച്ചു. -'ment, *n.* കാൎയ്യം, അവസ്ഥ; വൈശിഷ്ട്യം, പ്രാമുഖ്യത; താല്പൎയ്യം, രസം, അനുകൂലം; ചിന്താകുലം, ആധി.

**Con'cĕrt,** *n.* യോജിപ്പു, ഐകമത്യം, ഒരുമ, കൂററായ്മ; 2. വാദ്യമേളം; 3. സംഗീതഘോഷം. con-cĕrt', *v. t.* & *i.* കൂടിയാലോചിക്കുക, ആലോചിച്ചു തീൎച്ചപ്പെടുത്തുക; 2. വഴികാണുക, ചട്ടവട്ടം ചെയ്ക. =cĕr-tī-na, *n.* കൈക്കിന്നരം.

**Con-ces'siŏn,** *see under* Concede.

**Conch,** *n.* ശംഖു, ശംഖം.

**Con-cil'i-āte,** *v. t.* വശത്താക്കുക, ഇണക്കുക; 2. പ്രസാദിപ്പിക്കുക, സന്തോഷിപ്പിക്കുക. =ā'tiŏn, *n.* നിരപ്പു, രഞ്ജിപ്പു; ഇഷ്ടം, ഐക്യത. =ā-tŏr, *n.* സന്ധിപ്പിക്കുന്നവൻ. =ā-tŏr-y, *a.* സംയോജിപ്പിക്കുന്ന; ഉപശമനാൎത്ഥം ആയ, സമാധാനകര.—. [ശ—, ഭംഗി.

**Con-cin'ni-ty,** *n.* വാചകച്ചേൎച്ച, അം

**Con-cīse',** *a.* സംക്ഷിപ്തം ആയ, ചുരുക്കം—, അൎത്ഥപുഷ്ടിയുള്ള. -ly, *ad.* സംക്ഷേപമായി. -ness, *n.* ചുരുക്കം. =cisi'ŏn (-sish'un), *n.* ഛേദനം; ഛിദ്രം; പക്ഷം, കക്ഷി.

**Con'clāve,** *n.* കൎദ്ദിനാലസഭ പാപ്പാവെ വരിക്കുന്ന സ്വകാൎയ്യമണ്ഡപം (*R. C.*); 2. പ്രധാനാദ്ധ്യക്ഷസഭായോഗം, കൎദ്ദിനാല—; 3. രഹസ്യയോഗം. to be in c. രഹസ്യമായി കൂടിയാലോചിക്കുക.

**Con-clude',** *v. t.* അടച്ചുകളക, പൂട്ടിയിടുക; 2. അടക്കിവെക്കുക, ഉൾപ്പെടുത്തുക; 3. അനുമാനിക്കുക, ഊഹിക്കുക; 4. തീൎച്ചപ്പെടുത്തുക; 5. അവസാനിപ്പിക്കുക, തീൎക്കുക; 6. ചെയ്യുക, സാധിപ്പിക്കുക; 7. നിൎത്തുക, ക്ലിപ്തപ്പെടുത്തുക. =clu'siŏn, *n.* തീൎച്ച, സമാപ്തി; അനുമാനം; തീൎപ്പു, നിൎണ്ണയം; തടസ്ഥം (*l.*). in c.n അവസാനമായി; ചുരുക്കത്തിൽ. to try c.ns പരീക്ഷിച്ചു നോക്കുക, ശ്രമിച്ചു—. =clu'sive, *a.* തീൎച്ചയായ, നിശ്ചയം—, വാദമററ.- c.e evidence തീൎമ്മാനമായ തെളിവു. c.e presumption നിൎവ്വാദാഭിപ്രായം. =clu'sive-ly, *ad.* തീൎച്ചയായി, ഉറപ്പായി. =clu'sive-ness, *n.* നിൎണ്ണയം, ഖണ്ഡിതം.

**Con-coct',** *v. i.* ദഹിക്കുക, ജീൎണ്ണമാക; 2. ശുദ്ധിയാക്കുക; 3. ഒരുക്കുക, ഉരുക്കൂട്ടി ഉണ്ടാക്കുക; 4. കെട്ടിക്കൂട്ടി—, നിൎമ്മിക്കുക. ='tiŏn, *n.* ജീൎണ്ണം, ദഹനം; ഒരുക്കൽ; പചിച്ചതു; നിരൂപണം; കൃത്രിമം.

**Con-com'i-tance,** =tan-cy, *n.* ചേൎച്ച, സംബന്ധം; 2. സന്നൂൎണ്ണസാന്നിദ്ധ്യം (*R. C.*). =tant, *a.* സംയുക്തമായ, കൂടയുള്ള, ചേൎന്നിരിക്കുന്ന. *n.* സഹഗാമി, അനുബന്ധം; 2. കൂട്ടാളി, ചങ്ങാതി; 3. അനുഗുണം. =tant-ly, *ad.* യോജിച്ചു, കൂടി, ഏകോപിച്ചു.

**Con'cord** (-kārd), *n.* ഒരുമ; 2. ഉടമ്പടി, നിശ്ചയം; 3. പൊരുത്തം, അന്വയം (*gr.*); 4. മേളം. =dance, *n.* യോജിപ്പു, തുല്യത; പൊരുത്തം (*gr.*); പദകോശം. ='dant, *a.* ഐക്യതയുള്ള, ചേൎച്ച—; മേളമൊത്ത. ='dat, *n.* ഉഭയസമ്മതം, കരാർ, നിശ്ചയം.

**Con'cōurse** (-kōrs), *n.* സമാഗമനം; 2. പുരുഷാരം, കൂട്ടം; 3. അഗ്രം, അരു; 4. വഴിത്തല, മുക്കവലപ്പെരുവഴി.

**Con'crēte,** *n.* കൂട്ടു, കട്ടി; 2. ചല്ലി, ചരൽകൂട്ടു; 3. വിശേഷവാചി (*log.*); 4. ശൎക്കരക്കട്ടി. *a.* കൂടിയുണ്ടായ; 2. കട്ടിയായ, ഘനമുള്ള; 3. സാധനസൂചകം ആ

യ, വിശേഷവാചി— (*log.*) c. number സാധനസംഖ്യ. *v.i.* ഒന്നായ്ചീരുക; 2. കട്ടിയായ്ചീരുക, ഉറക്കുക. *v.t.* കട്ടിയാക്കുക, കുറുക്കുക; 2. ചല്ലിയിട്ടുറപ്പിക്കുക. -ness, *n.* ഉറക്കുന്ന ഗുണം, കട്ടിയാകുന്ന—. =crē'tiŏn, *n.* ഉറക്കൽ; കട്ട, കട്ടി.

Con'cū-bīne, *n.* വെപ്പാട്ടി, വീട്ടിൽ വെച്ചവൾ, വീടാർക്കാരത്തി; 2. വേശ്യ. ='bi-nāġe, *n.* വെച്ചുകൊണ്ടിരിക്കൽ, വീടാരം; പുലയാട്ട്.

Con-cū'pis-cence, *n.* കാമവികാരം, —ചോഷ്ക, ജഡമോഹം, ദുൎന്നടപ്പ്. =cent, *a.* കാമസക്തിയുള്ള, കാമുകൻ ആയ, കാമുകി—.

Con-cur', *v.i.* കൂടിവരിക; 2. സംയോജിക്കുക, ഏകീഭവിക്കുക; 3. ഒക്കുക, യോജിക്കുക, ഏകാഭിപ്രായമായിരിക്കുക. -rence, -ren-cy, *n.* സംയോഗം, സമാഗമം; ഐകമത്യം, അനുമതി, സമ്മതം; സഹപ്രവൎത്തനം, സംഗായം; സമാവകാശം, സമാധികാരം. -rent, *a.* സഹപ്രവൎത്തനം ഉള്ള; സമ്മതം—; സഹകാരി ആയ; സംയുക്തം—; സമാധികാരമുള്ള. *n.* സമ്മതിക്കുന്നവൻ; സഹകാരി; സഹകാരണം; എതിരാളി, പോര്കാരൻ.

Con-cus'siŏn (-kush'un), *n.* കലുക്കം, കമ്പനം; 2. ഭയപ്പെടുത്തിയപഹരണം (*l.*).

Con-demn' (-dem'), *v.i.* ആക്ഷേപിക്കുക, കുററം പറക; 2. കുററക്കാരനെന്നു തീൎച്ചപ്പെടുത്തുക; 3. (to) ശിക്ഷകല്പിക്കുക; 4. പററാത്തതെന്നു തീൎച്ചപ്പെടുത്തുക, തള്ളുക; 5. സൎക്കാരിലേക്ക് അടക്കുക. =na-ble, *a.* ആക്ഷേപിക്കത്തക്ക; ശിക്ഷായോഗ്യം ആയ; കുററകരം—. =nā'tiŏn, *n.* ആക്ഷേപം; ശിക്ഷാവിധി, ദണ്ഡ—; മുതലപഹരണം. =na'tŏr-y, *a.* ആക്ഷേപകരം ആയ; ശിക്ഷാകരം—. -'ĕr, *n.* ശിക്ഷവിധിക്കുന്നവൻ; ആക്ഷേപകൻ.

Con-dense', =den-sāte', *v.t.* കൊഴപ്പിക്കുക; 2. അമൎത്തുക; ചുരുക്കുക; 3. കട്ടിയാക്കുക. c.d milk കട്ടിപ്പാൽ. *v.i.* കുറുകുക, മുഴുക്കുക, കട്ടിയാക; 2. ധാതൃാകൎഷണത്താൽ സംയോജിക്കുക (*ch.*). *a.* കട്ടിയായ, കൊഴുത്ത, സാന്ദ്രമായ. =den-sā'tiŏn, *n.* കട്ടിയാക്കൽ; മുഴപ്പ്; ചുരുക്കം; തണുപ്പിനാലുണ്ടാകുന്ന പദാൎത്ഥവ്യവസ്ഥാന്തരം (*ch.*); ധാതുസംയോഗം (*ch.*).

Con-de-scend' (-send'), *v.i.* പദവിവിട്ടു താഴുക, ദാക്ഷിണ്യം കാട്ടുക; 2. കടാക്ഷിക്കുക, ദയവായി ചെയ്യു; 3. സമ്മതിക്കുക. =scen'siŏn, *n.* താഴ്മ; ദാക്ഷിണ്യം; കടാക്ഷം, കൃപ.

Con-dīgn' (-dīn'), *a.* യോഗ്യം ആയ, വിഹിതം—; 2. അനുരൂപം—, യുക്തം—, തക്ക. -ness, *n.* യോഗ്യത, പാത്രത. -dig'ni-ty, *n.* പുണ്യം, സുകൃതം.

Con'di-ment, *n.* സംബന്ധി, 'ചട്ടിണി', ഉപ്പിലിട്ടത്, 'അച്ചാർ'.

Con-di'tiŏn (-dish'un), *n.* നില, അവസ്ഥ, സ്ഥിതി; 2. ലക്ഷണം; 3. സ്വഭാവം; 4. നിശ്ചയം, പക്ഷാന്തരം. on c., upon c. (that) എങ്കിൽ, എന്ന് വരികിൽ, പക്ഷം, എന്ന നിശ്ചയത്തിന്മേൽ. -al, *a.* പക്ഷാന്തരം ആയ; നിശ്ചയസംയുക്തം—; തീൎച്ചയല്ലാത്ത. *n.* സംഭാവനാരൂപം (*gr.*). -al-ly, *ad.* പക്ഷാന്തരമായി; നിശ്ചയങ്ങളനുസരിച്ചു; തീൎച്ചപ്പെടുത്താതെ.

Con-dōle', *v. t.* (with) സഹതാപം കാണിക്കുക, പരിതപിക്കുക. *v.i.* വിലപിക്കുക, ദുഃഖിക്കുക. -ment, *n.* പരിതാപം, അയ്യോഭാവം; സന്താപം. =dō-lence, *n.* പരിതാപം, സഹതാപം.

Con-dōne', *v.t.* ക്ഷമിക്കുക, പൊറുക്കുക, 'മാപ്പ്'കൊടുക്കുക, —ആക്കുക. =dō-nā'tiŏn, *n.* ക്ഷമ, 'മാപ്പ്'.

Con-dūce', *v.t.* & *i.* (to, toward) ഉതകുക, ഉപകരിക്കുക, പ്രയോജനകരം ആക, സാധകം—. =ci-ble, =cive, *a.* ഉതകുന്ന, അനുകൂലമുള്ള, സാധകം ആയ, ഉപയുക്തം—.

Con'duct, *n.* പരിപാലനം, വിചാരണ; 2. സേനാധിപത്യവൈഭവം; 3. വഴിത്തുണ; 4. മാൎഗ്ഗം, സാഹിത്യം; 5. ഓവ്; 6. നടപ്പ്, നടവടി, പെരുമാററം. con-duct', *v.t.* വഴികാട്ടുക, തുണയാ

യിരിക്കുക; 2. പാലിക്കുക, നടത്തുക, ഭരിക്കുക; 3. (*refl.*) നടക്കുക, പെരുമാറുക; 4. വാഹകം ആയിരിക്കുക. *v. i.* വാഹകം—; 2. പെരുമാറുക. =ti-bil'i-ty, *n.* വഹനീയത്വം, വഹനശക്തി. =tiŏn, *n.* നടത്തിക്കൽ, നയം; അഭിവഹനം. =tŏr, *n.* നായകൻ, വഴികാട്ടി; പരിപാലകൻ; വാഹനപ്രമാണി; സംഗീതസംഘ—; ഉഷ്ണവാഹകം, വിദ്യുച്ഛക്തി—, വിദ്യുൽകമ്പി. =tress, *n.* നായകി; പരിപാലനം ചെയ്യുന്നവൾ; കൂട പോകുന്നവൾ.

**Cŏn'duit** (-dit), *n.* നീർച്ചാൽ, പാത്തി, ഓവ്, കുഴൽ; 2. ജലാശയം; 3. നടപ്പുര.

**Cōne**, *n.* സൂചി, കൂമ്പ് (*geom.*); 2. കൂടം, കൊട്ടമുടി, ശിഖരം. =con'ic, =i-cal, *a.* സൂച്യാകാരം ഉള്ള, കൂടാകൃതി—, കൂർത്ത.

**Con-fect'**, *n.* മധുരദ്രവ്യം, പലഹാരം. *v. t.* 'മിഠായി' ഉണ്ടാക്കുക. =fec'tiŏn, *n.* ബഹുദ്രവ്യസംയോഗം; ശക്കരയിലിട്ട ഫലമൂലാദികൾ, 'മിഠായി'; ലേഹ്യം, രസായനം. =fec'tiŏn-ĕr, =tiŏn-a-ry, *n.* 'മിഠായി'ക്കാരൻ. -tiŏn-er-y, *n.* മധുരദ്രവ്യം; മിട്ടായിപ്പീടിക.

**Con-fed'er-a-cy**, *n.* ഉടമ്പടി, സഖ്യത; 2. സഖ്യതക്കാർ; 3. കൂട്ടുകെട്ട്, ഉൾക്കൂറ് (*l.*). =fed'ĕr-āte, *v. t.* സന്ധിപ്പിക്കുക, സഖ്യതചെയ്യിക്കുക. *v. i.* സഖ്യതയിൽ ചേരുക, സംയോജിക്കുക. *n.* സഖ്യതക്കാരൻ, സഖി; കൂട്ടാളി. *a.* സഖ്യതയിൽപെട്ട, യോജിച്ചിരിക്കുന്ന. =fed-ĕr-ā'tiŏn, *n.* ഉടമ്പടി, സന്ധി; ഐക്യത; സഖികൾ.

**Con-fĕr'**, *v. t.* (on, upon) ഒത്തുനോക്കുക; 2. നല്കുക, കല്പിച്ചുകൊടുക്കുക; 3. സഹായിക്കുക, ഉതകുക. *v. i.* കൂടിയാലോചിക്കുക, സംഭാഷിക്കുക. -ēe, *n.* ആലോചനക്കാരൻ; പ്രാപിച്ചവൻ. -ence, *n.* ഉപമാനം, ഒത്തുനോക്കൽ; സംഭാഷണം, സംവാദം, ആലോചന; ആലോചനസഭ. -ring, *pres. p.* നല്കുന്ന, ദം, പ്രദം.

**Con-fess'**, *v. t.* കുററം സമ്മതിക്കുക; 2. വിശ്വാസസ്വീകാരം ചെയ്യുക; വിശ്വാസവിഷയമായി സ്വീകരിക്കുക; 3. സത്യമെന്നു സമ്മതിക്കുക, നേർപറക; 4. പാപസ്വീകാരം ചെയ്യുക, കമ്പസാരിക്കുക; 5. കമ്പസാരം കേൾക്കുക (*R. C.*); 6. പ്രത്യക്ഷമാക്കുക, കാണിക്കുക. *v. i.* കുററം സ്വീകരിക്കുക; 2. സമ്മതിക്കുക. ='sed-ly, *ad.* സമ്മതപ്രകാരം, നിഷേധമില്ലാതെ. ='siŏn, *n.* സ്വീകാരം, സമ്മതം; വിശ്വാസസ്വീകാരം; —പ്രമാണം; പാപസ്വീകാരം; കുററസമ്മതം. auricular c.n കമ്പസാരം. c.n of faith വിശ്വാസപ്രമാണം. general c.n സഭയായി കഴിക്കുന്ന പാപസ്വീകാരപ്രാൎത്ഥന. ='sŏr, *n.* പാപം സ്വീകരിക്കുന്നവൻ; വിശ്വാസസാക്ഷി; പാപസ്വീകാരം കേട്ടു മോചനം കൊടുക്കുന്നവൻ (*R. C.*). ='siŏn-al, ='siŏn-ar-y, *n.* കമ്പസാരക്കൂട് (*R. C.*).

**Con-fīde'**, *v. i.* (in) തേറുക, വിശ്വാസം വെക്കുക. *v. t.* (to) വിശ്വസിച്ചേല്പിക്കുക, ഭരമേല്പിക്കുക. =fi-dant', =fi-dante', *n.* പ്രാണസ്നേഹിതൻ, —സ്നേഹിത; ദൂതൻ, ദൂതിക. ='fi-dence, *n.* (in) വിശ്വാസം, ആശ്രയം; അഭയസ്ഥാനം, ശരണം; വിശ്വാസനിശ്ചയം, നിശ്ശങ്ക, മനഃസ്ഥിരത, ധൈൎയ്യം; സ്വകാൎയ്യം. c.e game ചതിച്ചൂത്. c.e man ചൂതിൽ ചതിക്കുന്നവൻ. to take into one's c.e സ്വകാൎയ്യം പറയുക. ='fi-dent, *a.* വിശ്വാസം ഉള്ള, പൂൎണ്ണനിശ്ചയം—; സംശയമില്ലാത്ത; ധൈൎയ്യം ഉള്ള; അതിനിശ്ചയം—. =fi-den'tial (-shal), *a.* വിശ്വാസ്യം ആയ, വിശ്വസ്തൻ—, വിശ്വാസയോഗ്യം—; സ്വകാൎയ്യം—, രഹസ്യം—. c.l communication സ്വകാൎയ്യ എഴുത്ത്, —പ്രസ്താവം. c.l creditors, c.l debts ആദ്യം വീട്ടേണ്ടുന്ന കടം.

**Con-fig-ū-rā'tiŏn**, *n.* ആകാരം, ആകൃതി, രൂപം; 2. യോഗം, ജാതകഫലം (*astr.*).

**Con-fīne'**, *n.* (*pl.*) അതിർ, അററം, പ്രാന്ത്യം; 2. മുറി, തടവ്. *v. t.* അതുത്തി വെക്കുക; 2. പൂട്ടിയിടുക, തടവിലാക്കുക. to be c.d പ്രസവിക്കുക. *v. i.* (on,

with) തമ്മിൽ തൊട്ടിരിക്കുക, —അടുത്തിരിക്കുക. **-less,** *a.* സീമയില്ലാത്ത, അനവധിയായ. **-ment,** *n.* തടവു്, ബന്ധനം; കിടപ്പു്, രോഗശയനം; ഈററു്.

**Con-firm',** *v. t.* ഉറപ്പിക്കുക, സ്ഥിരപ്പെടുത്തുക; 2. നേരാണെന്നു സ്ഥാപിക്കുക, നിശ്ചയംവരുത്തുക; 3. സമ്മതം കൊടുക്കുക; 4. സ്ഥിരീകരണസംസ്കാരം ചെയ്യു (*Chr.*). **-a-ble,** *a.* ഉറപ്പിക്കാകുന്ന, സ്ഥിരീകരിപ്പാൻ പാടുള്ള. **-ā'tion,** *n.* സ്ഥിരപ്പെടുത്തൽ; നിർണ്ണയം, സ്ഥാപനം; സ്ഥിരീകരണാചാരം (*Chr.*). **-a'tive, -a'tory,** *a.* നിശ്ചയം വരുത്തുന്ന, ഉറപ്പു്—. **-a-tor-y,** *a.* സ്ഥിരീകരണസംസ്കാരംസംബന്ധിച്ച.

**Con-fis'cāte,** *v. t.* കണ്ടുകെട്ടുക, സൎക്കാരിലേക്കു് പിടിച്ചെടുക്കുക, പണ്ടാരവകയാക്കുക. **=cā'tion,** *n.* കണ്ടുകെട്ടൽ, ഭണ്ഡാരംവകയാക്കൽ.

**Con'fit-ūre,** *see* **Comfit.**

**Con-fix',** *v. t.* ഉറപ്പിക്കുക, കെട്ടുക.

**Con-fla-grā'tion,** *n.* തീബാധ, അഗ്നി—, —പ്രളയം.

**Con'flict',** *n.* അലച്ചൽ; 2. തൎക്കം, പോരാട്ടം. *v. i.* തമ്മിൽ മുട്ടുക, അലെക്കുക; 2. വാദിക്കുക, കലഹിക്കുക, പടവെട്ടുക; 3. ഒന്നിന്നു് ഒന്നു് വിരോധമായിരിക്കുക. **-ing,** *a.* വിരോധം ആയ, വിപരീതം—, എതിർ—.

**Con'flu-ence, con'flux,** *n.* നദീസംയോഗം, കൂട്ടുപുഴ, മൂഴി, മൂവഴി; 2. ജനസമൂഹം, പുരുഷാരം **con'flu-ent,** *n.* ഉപനദി. *a.* തമ്മിൽ ചേരുന്ന; പരക്കുന്ന.

**Con-form'** (-farm'), *a.* ഒപ്പം ആയ, അനുരൂപം—. *v. t.* (to, unto) അനുസാരമാക്കുക. *v. i.* (to, with) അനുരൂപമായിരിക്കുക, അനുസരിക്കുക, വഴങ്ങുക; 2. അംഗ്ലീയസഭാചാരം അനുസരിക്കുക, —സഭാംഗമായിരിക്കുക (*Chr.*). **-a'ble,** *a.* (to) അനുഗുണമായ ആകൃതിഒത്ത; യുക്തമായ, തക്ക; അനുസരണശീലമുള്ള. **-ā'tion,** *n.* അനുരൂപണം; തുല്യത; രൂപം, ആകൃതി. **-i-ty,** *n.* (to, with, between) അനുഗുണതാം, തുല്യത, ചേൎച്ച; അംഗ്ലീയസഭാചാരാനുസരണം (*Chr.*).

**Con-found',** *v. t.* സമ്മിശ്രമാക്കുക, കുഴക്കുക; 2. അബദ്ധമായി ധരിക്കുക, —വിചാരിക്കുക; 3. താറുമാറാക്കുക, അന്ധാളിപ്പിക്കുക; 4. നശിപ്പിക്കുക, നാനാവിധമാക്കുക. **-ed,** *a.* അമ്പരപ്പുള്ള; വല്ലാത്ത, അതിർകടന്ന, മുരത്ത. **-ed-ly,** *ad.* ഭയങ്കരം ആയ, ഘോരം—, അത്യന്തം. **-ed-ness,** *n.* പരിഭ്രമം, മലപ്പു്. **-er,** *n.* ഭ്രമിപ്പിക്കുന്നവൻ.

**Con-fra-tĕr'ni-ty,** *n.* സഹോദരതാം; 2. ഭ്രാതൃവൎഗ്ഗം, —സംഘം.

**Con-frŏnt',** *v. t.* നേരെനില്ക്കുക, അഭിമുഖമായി—; 2. എതിൎത്തു—, ചെറുത്തു—, നേരിടുക, വിരോധിക്കുക; 3. (with) കാണിക്കുക; 4. ഒത്തുനോക്കുക; 5. കൂട്ടിവെച്ചു ചോദിക്കുക. **-ā'tiŏn, -ment,** *n.* നേരിടീക്കൽ; കാണിക്കൽ; കൂട്ടിവെച്ചു ചോദിക്കൽ.

**Con-fūse',** *v. t.* സമ്മിശ്രം ആക്കുക, താറുമാറു—, അസ്പഷ്ടം—; 2. അന്ധാളിപ്പിക്കുക, മലപ്പിക്കുക, ലജ്ജിപ്പിക്കുക. **=fūsed** (-fūzd'), *a.* പരിഭ്രമിച്ച. **=fū'sed-ly,** *ad.* സംഭ്രമത്തോടെ, തത്രപ്പാടോടെ. **=fū'-siŏn** *n.* താറുമാറു്, അമാന്തം, കലക്കം; ഭ്രമം, അമ്പരപ്പു്, നാണം; തോല്വി, നാശം.

**Con-fūte',** *v. t.* പ്രതിവാദിക്കുക, എതിൎത്തുപറക; 2. ന്യായം പറഞ്ഞു മിണ്ടാതാക്കുക. **=fū-tā'tiŏn,** *n.* പ്രതിവാദം; ആക്ഷേപം.

**Con-ġēal'** (-jēl), *v. t.* കട്ടിആക്കുക; ഉറക്കുമാറു—, ഒഴുകാതെ—, കുളുപ്പിക്കുക. *v. i.* ഉറച്ചുപോക, മരവിച്ചു—, തരിച്ചു—, കട്ടിയാക. **-ment,** *n.* ഉറക്കൽ; കട്ടി, ചോരക്കട്ട. **=ġe-lā'tiŏn,** *n.* ഉറച്ചുപോകൽ, കല്ലിക്കൽ; കട്ടി, കട്ട.

**Con-ġē'ni-al,** *a.* സഹജമായ, തുല്യസ്വഭാവം ഉള്ള, സഹതാപം—; 2. അനുരൂപമായ, പററിയ, തക്ക. **-i-ty,** *n.* സ്വഭാവസമതാം; യോജിപ്പു്, യോഗ്യത. **=ġen'i-tal, =ġen-ite,** *a.* ജനനാൽ ഉള്ള പ്രകൃത്യാ—, സഹജമായ.

**Con-gest′**, *v. t.* ഒന്നായി കൂട്ടുക, കെട്ടിനിൎത്തുക, സ്വരൂപിക്കുക; 2. നാഡിയിൽ രക്തം തിങ്ങുമാറാക്കുക. **-iŏn**, *n.* കൂട്ടിച്ചേൎക്കൽ, കെട്ടിനിൎത്തൽ; ചോരകെട്ടിനില്ക്കൽ, —കല്ലിപ്പ്, —ഇറക്കം (*med.*). **=tive**, *a.* രക്താവരോധത്താലുള്ള (*med.*).

**Con-glom′ĕr-āte**, *v. t.* ഉരുട്ടുക, കൂട്ടിച്ചേൎക്കുക. *a.* തിരച്ച, ഒന്നിച്ചുകൂടിയ, കൂട്ടിച്ചേൎത്ത; 2. നിബിഡമായ. **=ā′tiŏn**, *n.* സ്വരൂപണം, കൂട്ടം, കൂമ്പാരം.

**Con-glu′ti-nāte′**, *v. t.* പററിക്കുക, സംഘടിപ്പിക്കുക. *v. i.* പററുക, ഒട്ടുക. **=nā′tiŏn**, *n.* ഒട്ടൽ, സംശ്ലേഷം.

**Con-grat′ū-lāte**, *v. t.* അഭിവന്ദിക്കുക, സന്തോഷം പ്രസ്താവിക്കുക. **to c. one's self** പ്രസാദിക്കുക, ഭാഗ്യശാലി എന്ന് ഭാവിക്കുക. **=lā′tiŏn**, *n.* മംഗലവാദം, പ്രസാദപ്രസ്താവം. **=lā′tŏr-y**, *a.* ആനന്ദവാഹകമായ, സന്തോഷം പ്രസ്താവിക്കുന്ന. **c.y letter, c.y address** മംഗലപത്രം, അഭിവാദ്യപത്രിക.

**Con′gre-gāte**, *v. t.* കൂട്ടിവരുത്തുക; 2. കൂമ്പാരമാക്കുക, സംഗ്രഹിക്കുക. *v. i.* സഭകൂടുക, കൂടിവരിക. **-gā′tiŏn**, *n.* കൂട്ടിവരുത്തൽ; ശേഖരം, കൂട്ടം; സഭ, യോഗം, സംഘം, സമൂഹം. **-gā′tiŏn-al**, *a.* സഭക്കുള്ള, സഭാസംബന്ധമായ.

**Con′gress**, *n.* കൂടിവരവ്; 2. തമ്മിൽ മുട്ടൽ, കമ്പം; 3. ഭോഗം; 4. യോഗം, സമാജം, സഭ; 5. രാജസഭ, പ്രതിനിധി—. **-iŏn**, *n.* സമാഗമനം, കൂടിവരവ്.

**Con-grue′**, *v. i.* പററുക, ഉചിതം ആയിരിക്കുക, യുക്തം—. **=′gru-ence, =′gru-en-cy**, *n.* അനുരൂപത, യോജ്യത, യുക്തി. **=′gru-ent**, *a.* തക്ക, ചേൎച്ചയുള്ള. **=gru′i-ty**, *n.* ചേൎച്ച, ഔചിത്യം; തുല്യത, സാരൂപ്യം (*geom.*). **=′gru-ŏus**, *a.* യോജിപ്പുള്ള, യുക്തമായ, ചേൎച്ചയുള്ള, പററിയ.

**Con′ic**, *see under* **Cone**.

**Con-ject′**, *v. i.* ഊഹിക്കുക. **=′tū-rable**, *a.* ഊഹനീയമായ, സംശയിക്കാവുന്ന. **=′tū-ral**, *a.* ഊഹമുള്ള, സംശയകരമായ. **=′tūre**, *n.* ഊഹം, അഭിപ്രായം, വിചാരം, സങ്കല്പം. *v. t. & i.* ഊഹിക്കുക, സംശയിക്കുക, തോന്നുക.

**Con-join′**, *v. t.* തമ്മിൽ യോജിപ്പിക്കുക, —ഇണെക്കുക. *v. i.* തമ്മിൽ ചേരുക, —കൂടുക. **=joint′**, *a.* ചേൎന്ന, ഒന്നിച്ചുകൂടിയ. **=joint′ly**, *ad.* യോജിപ്പായി, ഒരുമിച്ച.

**Con′ju-gal**, *a.* വിവാഹസംബന്ധമായ, ദാമ്പത്യാവസ്ഥയിലുള്ള, ദമ്പതിധൎമ്മം ആയ, ദമ്പതിമാൎക്ക് യോഗ്യം—. **-i-ty**, *n.* വിവാഹസംബന്ധം, —സംസൎഗ്ഗം. **=gāte**, *a.* ഇണയായ, യുഗളം—; ധാതുസംബന്ധമുള്ള (*gr.*). *v. t.* വിവാഹസംബന്ധം ചെയ്യിക്കുക; ക്രിയാരൂപം ചൊല്ലുക (*gr.*). **=gā′tiŏn**, *n.* സംയോഗം; കൂട്ടം, ജോട്, ഇണ; ക്രിയാരൂപം, ക്രിയാരൂപാഖ്യാനം (*gr.*).

**Con-junct′**, *a.* സംയുക്തം ആയ, തുല്യം—, ചേൎന്നിരിക്കുന്ന. **=′tiŏn**, *n.* സംയോഗം, സന്ധി, സമാഗമനം; യോഗം (*astr.*); സമുച്ചയപദം, സംയോജകാവ്യയം (*gr.*). **=′tive**, *a.* സംയോജകമായ; ഉററചേൎച്ചയുള്ള. **c.e mood** പക്ഷാൎത്ഥകക്രിയാരൂപം (*gr.*). **=′tūre**, *n.* സംയോഗം, സംബന്ധം; സന്ധ്, തരുണം; അവസ്ഥ.

**Con-jure′**, *v. t.* സത്യം ചെയ്തു ചോദിക്കുക; 2. താല്പൎയ്യമായി അപേക്ഷിക്കുക; 3. മന്ത്രവാദം ചെയ്യുക, ക്ഷുദ്രം—. **to c. up** മന്ത്രത്താൽ ആവാഹിക്കുക; കെട്ടിക്കൂട്ടിയുണ്ടാക്കുക. *v. i.* ആണയിട്ടു പറക; 2. കൂടിമന്ത്രിക്കുക, ദുസ്സ്രൂറ് കൂട്ടുക; 3. മന്ത്രവാദംചെയ്യു, വശീകരിക്കുക. **=ju-rā′tiŏn**, *n.* ആണ, സത്യം, ശപഥം; സത്യം ചെയ്യിക്കൽ; കെഞ്ചൽ; മാരണം, ഒടി, വശീകരണം, ഉച്ചാടനം; കൂട്ട്കെട്ട്, ദുസ്സ്രൂറ്. **=ju′rĕr**, *n.* ഇന്ദ്രജാലക്കാരൻ, മന്ത്രവാദി, മോടിവിദ്യക്കാരൻ. **-ment**, *n.* കഠിനകല്പന; താല്പൎയ്യാപേക്ഷ.

**Con′nāte**, *a.* സഹജമായ, കൂടപ്പിറന്ന, ജനനാൽ ഉള്ള, പിറവിയിലെ—.

**Con-nect′**, *v. t.* തമ്മിൽ ചേൎക്കുക, ഇണെക്കുക, സംബന്ധമുണ്ടാക്കുക; 2. ഇടവാട് ചെയ്യിക്കുക, സംസൎഗ്ഗം ഉണ്ടാക്കുക.

*v. i.* ചേരുക, ചേൎന്നിരിക്കുക, സംയോജിച്ചിരിക്കുക. =nec'tiŏn, =nex'iŏn, *n.* സംബന്ധം, ചേൎച്ച; സംസൎഗ്ഗം; കെട്ട്, ബന്ധം; ബന്ധുത്വം, ചാൎച്ച; ബന്ധുജനം, പരിഷ, പക്ഷം. in this c.n ഇത് സംബന്ധമായി.

**Con-nīve'**, *v. i. & t.* കണ്ണ് ഇമെക്കുക; 2. കണ്ണിട്ട് കൊട്ടുക; 3. (at) നോക്കാതിരിക്കുക, കണ്ണ് ചിമ്മിക്കളക; 4. മനഃപൂൎവ്വം ഉപേക്ഷ കാട്ടുക; 5. കണ്ടിട്ടില്ലെന്നു വെക്കുക; 6. സഹായിക്കുക. =nī'vance, *n.* കണ്ണുചിമ്മൽ, കണ്ടിട്ടില്ലെന്ന ഭാവം; മൌനാനുവാദം.

**Con'nois-sĕur'** (kon'nis-sĕr), *n.* നിപുണൻ, പ്രവീണൻ; 2. ഗുണദോഷജ്ഞൻ.

**Con-nōte'**, *v. t.* കുറിക്കുക, സൂചിപ്പിക്കുക; 2. ഉൾപ്പെടുത്തിപ്പറക.

**Con-nū'bi-al**, *a.* വിവാഹസംബന്ധമുള്ള; 2. ദാമ്പതിധൎമ്മം ആയ. -i-ty, *n.* ദാമ്പത്യലക്ഷണം.

**Con'quĕr** (-kĕr), *v. t.* ജയിക്കുക, വെല്ലുക; 2. സ്വാധീനമാക്കുക, കീഴ്പെടുത്തുക; 3. കരസ്ഥമാക്കുക, സമ്പാദിക്കുക. *v. i.* തോല്പിക്കുക, പരാഭവിക്കുക. -a-ble, *a.* ജയിപ്പാൻ പാടുള്ള, സ്വാധീനമാക്കത്തക്ക. -ess, *n.* ജയശാലിനി. -ŏr, *n.* ജയശാലി. =quest, *n.* വിജയം, വെററി; അധീനമാക്കൽ; കാൎയ്യസിദ്ധി; സമ്പാദ്യം.

**Con-saṅ-guin'ē-ŏus** (-gwin'i-), *a.* രക്തസംബന്ധമുള്ള, ജനന—. =guin-i-ty, *n.* രക്തസംബന്ധം, കുഡുംബ—.

**Con'science** (-shens), *n.* ചേതസ്സ്, സ്വയബോധം; 2. മനോബോധം, മനസ്സാക്ഷി; 3. നീതിബോധം, ധൎമ്മ—; 4. ഭയ, മനസ്സലിവ്. in c., in all c. മനസ്സാക്ഷിപ്രകാരം, ന്യായമായി. to make c. of, to make a matter of c. മനസ്സാക്ഷിപ്രകാരം മാത്രം പ്രവൃത്തിക്കുക. -less, *a.* മനസ്സാക്ഷിയില്ലാത്ത, ശങ്കാരഹിതമായ. =sci-en'tiŏus (-shus), *a.* ന്യായം ഉള്ള, വിശ്വസ്തത—, പരമാൎത്ഥം—; മനസ്സാക്ഷിപ്രകാരം പ്രവൃത്തിക്കുന്ന. =sci-en'tiŏus-ly, *ad.* മനസ്സാക്ഷിപ്രകാരം, ന്യായമായി. =sci-en'tiŏus-ness, *n.* വിശ്വസ്തത, പരമാൎത്ഥം ='sciŏn-a-ble (-shun-), *a.* മനസ്സാക്ഷിപ്രകാരമുള്ള, ന്യായം ആയ, യോഗ്യം—. =sciŏn-a-bly, *ad.* നീതിയോടെ. ='sciŏus (-shŭs), *a.* (of) സുബോധം ഉള്ള; അറിവ്—, പരിചയം—. =sciŏus-ly, *ad.* സുബോധത്തോടെ, അറിവോടെ, മനഃപൂൎവ്വം. -sciŏus-ness, *n.* ബോധം, ചേതനത്വം; അറിവ്, അനുഭവം; മനോബോധം, അപരാധ—.

**Con'script**, *a.* പേർ ചാൎത്തീട്ടുള്ള. *n.* നിൎബ്ബന്ധച്ചേകബാദ്ധ്യതയുള്ളവൻ. =scrip'tiŏn, *n.* പേർചാൎത്തൽ; നിൎബ്ബന്ധച്ചേകം, —യുദ്ധസേവ.

**Con'se-crāte**, *v. t.* പ്രതിഷ്ഠിക്കുക, വിശുദ്ധമെന്നു കല്പിക്കുക, ദൈവസേവാൎത്ഥം സമൎപ്പിക്കുക; 2. അദ്ധ്യക്ഷനായി പ്രതിഷ്ഠിക്കുക (*Chr.*); 3. പുണ്യവാളനാക്കുക (*R. C.*); 4. വിശുദ്ധീകരിക്കുക, പ്രാമാണ്യം ആക്കുക, വന്ദ്യം—. =crā'tiŏn, *n.* പ്രതിഷ്ഠ; സമൎപ്പണം; അദ്ധ്യക്ഷസ്ഥാനസംസ്കാരം. -crā'tor, *n.* സംസ്കാരകൎത്താവ്.

**Con-se-cū'tiŏn**, *n.* തുടൎച്ച, അനുഗമനം, ആശ്രയം. =sec'ū-tive, *a.* അനുഗതം ആയ, ഇടവിടാത്ത, തുടൎച്ചയായി വരുന്ന; ഫലമായ, പിൻതുടരുന്ന. =sec'ū-tive-ly, *ad.* തുടൎച്ചയായി, അനുക്രമം—, നിരന്തരം—.

**Con-sen'sus**, *n.* സൎവ്വസമ്മതം, ഐകമത്യം. =sen'sụ-al, *a.* പരസ്പരാനുമതിയാലുള്ള; സ്വമേധാരഹിതമായ (*phys.*).

**Con-sent'**, *n.* ഒരുമ; 2. യോജിപ്പ്; 3. സമ്മതം, അനുമതി. *v. i.* ഐകമത്യപ്പെടുക; 2. സമ്മതിക്കുക, വഴിപ്പെടുക, അനുസരിക്കുക. =tā-ne-ī'ty, *n.* ഐകമത്യം. =tā'ne-ŏus, *a.* യോജിപ്പായ, പററിയ. ='ti-ent, *a.* മനസ്സൊപ്പമുള്ള.

**Con'se-quence**, *n.* കാൎയ്യം, ഫലം; 2. അനുമാനം (*log.*); 3. കാരണകാൎയ്യസംബന്ധം; 4. പ്രാമുഖ്യത; 5. ഗൌരവം, സ്വാധീനം, പദവി, ഫലവിശേഷം. in

c. നിമിത്തം, അത്കൊണ്ട്, അത് ഹേതുവായി. in c. of കാരണത്താൽ; ഫലമായി. =quent, *n.* സാദ്ധ്യം, ഫലം; അനുമാനം, സിദ്ധാന്തം. *a.* സാദ്ധ്യം ആയ, ഫലം—; സിദ്ധാന്തം— (*l.*). =quent-ly, *ad.* അത്കൊണ്ട്, ആയത്—, അത് ഹേതുവായി, നിമിത്തം, ആകയാൽ. [നുരൂപത.

**Con-sĕr'tiŏn,** *n.* സംയോജനം, അ

**Con-sĕrve',** *n.* മധുരദ്രവ്യം, കട്ടിയിലിട്ട സാധനം. *v. t.* സംരക്ഷിക്കുക, കേടുവരാതെ സൂക്ഷിക്കുക; 2. പഞ്ചസാരയിലിട്ടു വെക്കുക, പഞ്ചസാര വിളയിക്കുക. ='van-cy, *n.* കേട് വരാതെ സൂക്ഷിക്കൽ, ഭദ്രത. =vā'tiŏn, *n.* സംരക്ഷണം, പരിപാലനം. ='va-ble, *a.* സംരക്ഷണീയമായ, സൂക്ഷിക്കാവുന്ന. ='va-tive, *a.* സംരക്ഷണശക്തിയുള്ള, രക്ഷണാർത്ഥമായ; പഴമസംരക്ഷകമായ, സമ്പ്രദായ—, നവീകരണവിരോധിയായ; പൂർവ്വസ്ഥിതി സംരക്ഷണപക്ഷത്തിലുള്ള. *n.* സംരക്ഷകൻ; സമ്പ്രദായസംരക്ഷണതല്പരൻ, പഴമപ്രിയൻ; സ്ഥിതിസംരക്ഷണ പക്ഷക്കാരൻ. =vā'tor, *n.* സംരക്ഷകൻ, പരിപാലകൻ. ='va-tor-y, *a.* സംരക്ഷണ്യശക്തിയുള്ള. *n.* പരിത്രാണസാധനം; സംരക്ഷണസ്ഥലം, സസ്യസംരക്ഷണാസ്ഥലം; വിദ്യാസംരക്ഷണാലയം.

**Con-sid'ĕr,** *v. t.* വിചാരിക്കുക, ആലോചിക്കുക; 2. ശ്രദ്ധവെക്കുക; 3. കരികൊൾക; 4. ബഹുമാനിക്കുക; 5. വിലമതിക്കുക; 6. എണ്ണുക. -a-ble, *a.* ചിന്തിക്കത്തക്ക, ആലോചിക്കത്തക്ക, ഓക്കത്തക്ക; പ്രമാണം ആയ, വിശ്രുതം—; മുഖ്യം—, ഗൌരവം—; അനല്പം—, വലിയ. -a-ble-ness, *n.* യോഗ്യത; ഗൌരവം; വില; വലിപ്പം. -a-bly, *ad.* വളരെ, അധികം, അനല്പം, ധാരാളം. -āte, *a.* വിചാരം ഉള്ള, സൂക്ഷ്മം—; പാകത—; ദയ—, പരിതാപം—. -ā'tiŏn, *n.* വിചാരം, ആലോചന, ശ്രദ്ധ; ആദരം, ബഹുമാനം; പരിതാപം, കൃപ; ഗൌരവം; അഭിപ്രായം; ഹേതു, സംഗതി, കാരണം; പ്രതിഫലം (*l.*).

**Con-sīgn'** (-sīn'), *v. t.* ഏല്പിച്ചുകൊടുക്കുക, സമർപ്പിക്കുക. to c. the body to the grave ശവം മറചെയ്യുക; 2. ഭരമേല്പിക്കുക, അമാനമായി വെക്കുക; 3. —അയക്കുക, —കയററി— (*com.*); 4. നീക്കിവെക്കുക, നിയമിച്ചു—. *v. i.* വഴിപ്പെടുക, സമ്മതിക്കുക. =sig-nā'tiŏn (-sig-), *n.* അമാനമായി അയച്ചുകൊടുക്കൽ; സമർപ്പണം; ഉറപ്പിക്കൽ; ഒപ്പിടൽ; ലക്ഷണം, സൂചകം. =sīg-nēe (-sī-nē'), *n.* കാര്യക്കാരൻ, അമാനിയാൾ; (ചരക്ക്) അയച്ചുകിട്ടിയവൻ. -ment, *n.* ചരക്കയച്ചുകൊടുക്കൽ; ചരക്ക്. =sī-gnŏr (-sīnor), =sīgn'ĕr (-sī-n'ĕr), *n.* ചരക്ക് അമാനമായി അയക്കുന്നവൻ, മുതലാളി.

**Con-sist',** *v. i.* ഉറച്ചു നില്ക്കുക, ചേന്നു—, ഉണ്ടാക; 2. (of, in) ആക, ഉള്ളതായിരിക്കുക; 3. (with) യോജിപ്പായിരിക്കുക. ='tence, ='ten-cy, *n.* സംസ്ഥിതി, ഉറപ്പ്, നില്പ്; മുഴപ്പ്; സംയോഗം; ഈട്, വാസ്തവ്യം; യോജ്യത. ='tent, *a.* സ്ഥിരമുള്ള, കട്ടിയായ; ചേച്ചുള്ള, യോജിപ്പ്—; വിശ്വാസപ്രകാരം നടക്കുന്ന. ='tent-ly, *ad.* ഉറപ്പായി, ചേച്ചയായി. ='tŏr-y, *n.* യോഗം, സഭ; സഭാദ്ധ്യക്ഷസഭസ്സ് (*Chr.*); പ്രധാനാദ്ധ്യക്ഷയോഗം, കർദ്ദിനാലസഭസ്സ് (*R. C.*); സഭാപരിപാലകസംഘം.

**Con-sō-ci-ā'tiŏn,** *n.* ഉററചേർച്ച; 2. സഖ്യത; 3. സഭാപ്രതിനിധിയോഗം.

**Con-sōle',** *v. t.* ആശ്വാസിപ്പിക്കുക, സാന്ത്വനം പറക, ധൈര്യപ്പെടുത്തുക. =la-ble, *a.* ആശ്വാസനീയമായ, ശമിക്കുന്ന. =lā'tiŏn, *n.* ആശ്വാസം, ഉപശാന്തി. =lĕr, =lā'tŏr, *n.* ആശ്വാസം പറയുന്നവൻ, ആശ്വാസപ്രദൻ. =lā-tŏr-y, *a.* ആശ്വാസകരമായ. *n.* സാന്ത്വനവാക്ക്, —കത്ത്.

**Con-sol'i-dāte,** *v. t.* ഉറപ്പിക്കുക, ഒതുക്കുക; 2. കൂട്ടിച്ചേർക്കുക, സംയോജിപ്പിക്കുക; 3. മുറികൂട്ടുക (*med.*). *v. i.* കട്ടിയായിപ്പോക; 2. തമ്മിൽ ചേന്ന് ഒന്നായ്തീരുക. =dā'tiŏn, *n.* ഏകീകരിക്കൽ, സംയോജനം, ചേർച്ച.

**Con-sols'**, *n. pl.* സൎക്കാർ കടപത്രം.

**Con'sō-nance**, =**nant**, *n.* സ്വരസമ്മേളനം; 2. പൊരുത്തം, യോജ്യത; 3. സഖ്യത, ഒരുമ. =**nant**, *a.* ചേച്ചയുള്ള, അനുസാരം ആയ, അനുരൂപം—; സമോച്ചാരണം ഉള്ള, സ്വരമേളം—; വ്യഞ്ജന സംബന്ധം— (*gr.*). *n.* വ്യഞ്ജനം, ഹല്ല് (*gr.*).

**Con'sort**, *n.* കൂട്ടാളി, സഹവാസി; 2. പതി; 3. പത്നി; 4. യോജിപ്പ്, ഐക്യത; 5. കൂട്ടം, യോഗം; 6. കൂട ഓടുന്നകപ്പൽ. **Prince C.** വാഴുന്ന രാജ്ഞിയുടെ ഭൎത്താവ്, കോയിൽ തമ്പുരാൻ. **Queen C.** രാജപത്നി, രാജ്ഞി, കെട്ടിലമ്മ. *v. i.* (with) ഒന്നിച്ചുകൂടുക, ഒരുമിച്ചു പാൎക്കുക. *v. t.* സംയോജിപ്പിക്കുക; 2. വിവാഹം കഴിപ്പിക്കുക; 3. കൂടപ്പോക.

**Con-spic'ū-ŏus**, *a.* പ്രത്യക്ഷം ആയ, സ്പഷ്ടം—, കണ്ണിൽ പെടുന്ന. **-ly**, *ad.* തെളിവായി, കാണത്തക്കവണ്ണം, ബോദ്ധ്യമാക—. **-ness**, =**spic'ū-i-ty**, *n.* പ്രത്യക്ഷത; സ്വച്ഛത, വ്യക്തി.

**Con-spīre'**, *v.t.* ദ്രോഹക്കൂട്ടുക, മത്സരം മന്ത്രിക്കുക; 2. യോജിക്കുക. =**spir'-a-cy**, *n.* കൂട്ടുകെട്ട്, ദ്രോഹക്കൂറ്; രാജദ്രോഹം; സംയോഗം. =**spi-r'ā-tor**, *n.* മത്സരക്കാരൻ, സ്വാമിദ്രോഹി.

**Con'sta-ble**, *n.* സമാധാനസംരക്ഷകപ്രമാണി; 2.'പോലീസ്സ്'കാരൻ (*Ind.*). **to overrun** *or* **outrun the c.** വരവിലധികം ചിലവ് ചെയ്യുക, കടം പിടിക്കുക.

**Con'stan-cy**, *n.* സ്ഥിരത, മാററമില്ലായ്മ; 2. മനസ്സുറപ്പ്, ധൈൎയ്യം; 3. സഹിഷ്ണുത, വിശ്വസ്തത. ='**stant**, *a.* ഇളകാത്ത; മാറാത്ത, നിത്യം ആയ; സ്ഥിരം—, നിരന്തരം—; ചഞ്ചലമില്ലാത്ത; വിശ്വസ്തത ഉള്ള; ദൃഢത—. ='**stant-ly**, *ad.* ഇടവിടാതെ, എപ്പോഴും; സ്ഥിരമായി.

**Con-stel-lā'tiŏn**, *n.* നക്ഷത്രം, നക്ഷത്രരാശി (*as.*); 2. ശ്രേഷ്ഠന്മാരുടെ കൂട്ടം; 3. യോഗം, ഗ്രഹചാരം (*astr.*).

**Con-stĕr-nā'tiŏn**, *n.* അമ്പരപ്പ്, സംഭ്രമം, പരിഭ്രമം.

**Con'sti-pāte**, *v.t.* തടസ്ഥം വരുത്തുക, മലബന്ധം വരുത്തുക. =**pā'tiŏn**, *n.* ഞെരുക്കം, തിക്കൽ; മലബന്ധം (*med.*).

**Con'sti-tūte**, *v. t.* സ്ഥാപിക്കുക, നിയമിക്കുക; 2. ആയിരിക്കുക, ആക; 3. ആക്കിത്തീൎക്കുക, നിശ്ചയിക്കുക, വരിക്കുക. **c.d authorities** നിയമാനുസാരമുള്ള അധികാരികൾ. =**stit'ū-en-cy**, *n.* വരിക്കുന്നവർ, നിയോജകക്കൂട്ടം. =**stit'-ū-ent**, *n.* കാരണഭൂതൻ; അംശം, മുഖ്യാംശം, മൂലധാതു, —പദാൎത്ഥം; പ്രതിനിധിയെ നിശ്ചയിക്കുന്നവൻ, നിയോജകൻ; കക്ഷി, മുതലാളി (*l.*). *a.* മൂലാംശം ആയ, —പദാൎത്ഥം—; നിയോഗാധികാരമുള്ള. =**tū'tiŏn**, *n.* സ്ഥാപനം; നിയോഗം; നിൎമ്മാണം; സ്ഥിതി, വ്യവസ്ഥ; ദേഹക്കൂറ്, ശരീരപ്രകൃതി, —സൌഖ്യം, —ശക്തി; സുഖശരീരം; സ്വഭാവം, ശീലഗുണം; വാഴ്ചക്രമം, ഭരണവ്യവസ്ഥ; ഉദ്യോഗ—; നിയമം, ധൎമ്മം, പ്രമാണം. =**tū'tiŏn-al**, *a.* സ്വഭാവികം ആയ, സഹജം—, ജാത്യാലുള്ള; രാജ്യധൎമ്മാനുസാരം ആയ, നിയമാനുസാരം—; രാജ്യവാഴ്ച സംബന്ധിച്ച, —ഭരണം—; ശരീരസുഖാൎത്ഥമായ. *n.* ഉലാവൽ, സുഖത്തിനുള്ള നടത്തം. =**tū-tive**, *a.* മൂലപദാൎത്ഥം ആയ, സാധകം—, മുഖ്യം—; നിൎമ്മിക്കുന്ന, നിയമനിൎമ്മാണാധികാരം ഉള്ള, സ്ഥാപനാധികാരം—.

**Con-strāin'**, *v. t.* കെട്ടുക, ബന്ധിക്കുക; 2. ഞെരുക്കുക, മുറുക്കുക; 3. തടുക്കുക; 4. നിൎബ്ബന്ധിക്കുക, ഹേമിക്കുക; 5. ഉണ്ടാക്കിത്തീൎക്കുക. **-a-ble**, *a.* ബലാല്ക്കാരം ചെയ്വാൻ പാടുള്ള, നിൎബ്ബന്ധാധീനമായ. **-ed-ly**, *ad.* ബലാല്ക്കാരേണ. =**strāint**, *n.* ഞെരുക്കം, നിൎബ്ബന്ധം, സാഹസം.

**Con-strict'**, *v.t.* മുറുക്കുക, കെട്ടുക, അമുക്കുക. ='**tiŏn**, *n.* ഞെരുക്കം, ഇട്ടുക്കം, ഇറുക്കം. [മുറുക്കുക.

**Con-stringe'** (-strinj), *v.t.* ഇറുക്കുക,

**Con-struct'**, *v. t.* ഉണ്ടാക്കുക, കെട്ടുക, നിൎമ്മിക്കുക; 2. സങ്കല്പിക്കുക, രചിക്കുക, സ്ഥാപിക്കുക. =**struc'tiŏn**, *n.* കെട്ട് പണി, നിൎമ്മാണം, സങ്കല്പം, രചി

തം; നിൎമ്മാണവിധം, വിധാനം; അന്വയം, അന്വയസംബന്ധം (*gr.*); വ്യാഖ്യാനം, അൎത്ഥം. =′**tive**, *a.* നിൎമ്മാണശക്തിയുള്ള, കെട്ടിയുണ്ടാക്കുന്ന; അന്വയാശ്രിതം ആയ, വ്യാഖ്യാനജന്യം—.

**Con′strue**, *v. t.* അന്വയിക്കുക, വാക്യസംബന്ധം കാണിക്കുക; 2. വ്യാഖ്യാനിക്കുക, പൊരുൾ തിരിക്കുക.

**Con′stū-prāte**, *v. t.* ബലാൽസംഗം ചെയ്യുക, അപരാധിക്കുക. =**prā′tiŏn**, *n.* ബലാൽസംഗം.

**Con-sub-stan′tial** (-′shal), *a.* തുല്യസ്വഭാവമുള്ള. =**stan-ti-ā′tiŏn** (-shā′-shun), *n.* നിൎവ്വികാരസാന്നിദ്ധ്യം (*theo.*).

**Con′suē-tūde** (-′swē-tūd), *n.* ആചാരം, വഴക്കം, സമ്പ്രദായം.

**Con′sul**, *n.* രാജനിയുക്തൻ, —പ്രതിനിധി, —കാൎയ്യസ്ഥൻ. **-ship**, *n.* —പ്രതിനിധിസ്ഥാനം.

**Con-sult′**, *v. i.* കൂടിയാലോചിക്കുക, അഭിപ്രായം ചോദിച്ചറിയുക. *v. t.* ആലോചനചോദിക്കുക, അഭിപ്രായം—; 2. കരുതിക്കൊൾക, വിചാരിക്കുക; 3. നിമന്ത്രിക്കുക; 4. ഉപായത്താൽ സാധിപ്പിക്കുക. =**tā′tiŏn**, *n.* അഭിപ്രായം അറിയൽ; ആലോചന, കൂടിവിചാരം; വൈദ്യാലോചനയോഗം, വ്യവഹാരി—. =**tĕr**, *n.* അഭിപ്രായം അന്വേഷിക്കുന്നവൻ.

**Con-sūme′**, *v. t.* നശിപ്പിക്കുക, ചീച്ചുകളക, ധ്വംസനം ചെയ്ക, ദഹിപ്പിക്കുക; 2. ഉപയോഗിച്ചു തീൎക്കുക, ചെലവാക്കിക്കളക, നഷ്ടമാക്കി—, തിന്നുതീൎക്കുക. *v. i.* അഴിഞ്ഞുപോക, ക്ഷയിച്ചു—, ദഹിച്ചു—. =**sū′ma-ble**, *a.* നശ്വരം ആയ, ക്ഷേയം—, ചിലവായ്പോകുന്ന. **-r**, *n.* തിന്നി; വിനാശകൻ. =**sump′tiŏn** (-sum′shun), *n.* നാശം, കേട്, ദുൎവ്യയം, അഴിച്ചൽ; ക്ഷയം, രാജയക്ഷ്മാവ്, ക്ഷയക്കര (*med.*). =**sump′tive** (-sum′tiv), *a.* നാശകരമായ, നഷ്ടം വരുത്തുന്ന; ക്ഷയകാസം സംബന്ധിച്ച, —ഉള്ള (*med.*). *n.* ക്ഷയരോഗി (*med.*).

**Con-sum′māte**, *v. t.* പൂൎത്തിയാക്കുക, അഗ്രത്തിലെത്തിക്കുക, അവസാനിപ്പിക്കുക, സാധിപ്പിക്കുക. =**mā′tiŏn**, *n.* നിവൃത്തി, സമാപ്തി, സമ്പൂൎത്തി; അന്ത്യം, മരണം; ലോകാവസാനം.

**Con′tact**, *n.* ഉറ്റചേൎച്ച, അടുപ്പം, [സ്പൎശനം.

**Con-tā′giŏn** (-tā′jun), *n.* പകൎച്ച, സ്പൎശപ്പകൎച്ച (*med.*); 2. രോഗവിഷം; 3. വ്യാപനം. **c. of example** ദൃഷ്ടാന്തവ്യാപ്തി. =**gi-ŏus** (-jus), *a.* സ്പൎശപ്പകൎച്ചയുള്ള, രോഗവിഷം—; പകരുന്ന, വിഷകരമായ; വ്യാപകം ആയ, സ്പൎശജനകം—.

**Con-tāin′**, *v. t.* കൊള്ളുക, പിടിക്കുക, അടക്കുക: **to be c.ed** അടങ്ങുക, ഉൾപ്പെടുക; 2. ആക, ഉണ്ടാക: **a foot c.s 12 inches** ഒരടി 12 അംഗുലമാണ്; 3. ഒതുക്കുക, അമൎത്തുക; 4. (*refl.*) സഹിക്കുക. *v. i.* ഇന്ദ്രിയനിഗ്രഹം ചെയ്ക, ജിതേന്ദ്രിയനായിരിക്കുക. =**tents′**, *n.* (*pl.*) പൊരുളടക്കം, അകത്ത് ഉള്ളത്, ഉള്ളിൽ—; പാത്രത, വലിപ്പം, വിസ്താരം; പരിമാണം (*geom.*). **table of c.s** പൊരുളടക്കം, അനുക്രമണിക.

**Con-tam′i-nāte**, *v. t.* അഴക്ക് ആക്കുക, അശുദ്ധം—, വഷൾ—. =**nā′tion**, *n.* അശുദ്ധിയാക്കൽ; തീണ്ടൽ, വഷളത്വം, മാലിന്യം, കറ.

**Con-temn′** (-tem′), *v. t.* തുച്ഛീകരിക്കുക, നിരസിക്കുക, പുച്ഛിക്കുക. **-ĕr**, *n.* നിന്ദകൻ, അപഹാസി. =**tempt′** (-temt′), *n.* പരിഭവം, തുച്ഛീകാരം, തിരസ്കാരം; ലജ്ജ; കുത്സിതം, അപമാനം; ധിക്കാരം, നിന്ദ: **c.t of court** ന്യായസഭാധിക്കാരം, കോടതി അപമാനിക്കൽ. =**temp′ti-ble**, *a.* നിന്ദ്യം ആയ, നീചം—, വെറുക്കത്തക്ക; നികൃഷ്ടം ആയ, നിസ്സാരം—, ആഭാസം—. =**temp′ti-ble-ness**, =**temp-ti-bil′i-ty**, *n.* ജളത്വം. =**temp′ti-bly**, *ad.* നിന്ദ്യം ആയി, നികൃഷ്ടം—. =**temp′tū-ŏus**, *a.* നിന്ദാഭാവം ഉള്ള, ധിക്കാരം—, അഹങ്കാരിയായ. =**temp′tū-ŏus-ness**, *n.* നിന്ദാഭാവം, തുച്ഛീകാരം; പൊങ്ങച്ചം.

**Con-tem′plāte**, *v. t.* സൂക്ഷ്മമായി ആലോചിക്കുക, ധ്യാനിക്കുക, പൎയ്യേഷണം ചെയ്ക; 2. ഭാവിക്കുക, ഉദ്ദേശിക്കുക.

*v. i.* ചിന്തിച്ചുകൊണ്ടിരിക്കുക. =plā'tiŏn, *n.* നിരൂപണം, വിചാരം, ശ്രദ്ധ, അഭ്യ യനം; ധ്യാനനിഷ്ഠ; താല്പര്യം; ആന്തരം, പ്രതീക്ഷ. to have in c.n ഭാവിക്കുക. =pla-tive, *a.* ആലോചനാസംബന്ധം ആയ, —പൂർവ്വകം—, ധ്യാനനിഷ്ഠഉള്ള, നി രൂപണശക്തി—.

Con-tem'pō-rar-y (-rĕr-i), *a.* ഒരേ കാലത്തുള്ള, സഹവർത്തിയായ. *n.* സഹ ജീവി; —പത്രം.

Con-tempt', *etc. see under* Con- [temn.

Con-tend', *v.i.* പോരാടുക, എതിക്കു ക; 2. സ്പൎദ്ധിക്കുക; 3. തൎക്കിക്കുക, വാദി ക്കുക. =tent', *n.* എതിരാളി. -ĕr, *n.* സ്പൎദ്ധാലു. -ten'tiŏn, *n.* പോര്, മത്സ രം, ശണ്ഠ; വിവാദം, കലഹം; സ്പൎദ്ധ, എരിവ്; വാദവിഷയം, —വിധം, —ന്യാ യം. -ten'tioŭs (-shus), *a.* കലഹരസം ഉള്ള; മത്സരഭാവം—; തൎക്കശീലം—; തൎക്ക സംബന്ധം ആയ; വിവാദകാരണം—; വ്യ വഹാരത്തിൽ പെട്ട; വാദം തീൎക്കുവാൻ അധികാരമുള്ള.

Con-tent', *v. t.* തൃപ്തിപ്പെടുത്തുക, തൃപ്തിവരുത്തുക, സന്തുഷ്ടി—; സുഖം—; പ്രസാദിപ്പിക്കുക; ശമിപ്പിക്കുക; 2. തൃ പ്തിയാംവണ്ണം കൊടുക്കുക. *n.* അലംഭാവം, തുഷ്ടി; 2. അഭീഷ്ടം. *a.* അടക്കമുള്ള, പിറു പിറുക്കാത്ത; 2. തൃപ്തിഉള്ള, അലമ്മതി—. -ed, *a.* തൃപ്തമായ, സന്തുഷ്ടിയുള്ള. -ed-ly, *ad.* തൃപ്തിയോടെ, മുറുമുറുക്കാതെ. -ment, *n.* തൃപ്തി, അലംഭാവം, സന്തുഷ്ടി.

Con'test, *n.* തൎക്കം, വാഗ്വാദം; 2. സ്പൎദ്ധ, മത്സരം; 3. പോര്, യുദ്ധം. con-test', *v. t.* തൎക്കിക്കുക, വിവാദിക്കുക; വി രോധം പറക; 2. പൊരുതുക; തടുത്തുനി ല്ക്കുക; 3. വാദിക്കുക, വ്യവഹരിക്കുക (*l.*): to c. an election വരണാൎത്ഥം യത്നിക്കു ക; തെരിഞ്ഞെടുപ്പ് ശരിയല്ലെന്നു തൎക്കിക്കു ക. *v.i.* (with) വാദിക്കുക; പോരാടുക; സ്പ ൎദ്ധിക്കുക. =ta-ble, *a.* വാദിക്കാവുന്ന, വാ ദമുള്ള. -ant, *n.* വാദി, എതിൎകക്ഷി. =tā'tiŏn, *n.* തൎക്കം, മത്സരം, പോര്, ശ ണ്ഠ; സാക്ഷ്യം.

Con'text, *n.* പൂൎവ്വാപരവാക്യസംബ ന്ധം; ഔചിത്യം. *a.* കൂട്ടിനെയ്ത; ഉറ പ്പുള്ള. =tex'tūre, *n.* അംശച്ചേൎച്ച, ഇ ഴയടുപ്പം; നിൎമ്മാണസ്വഭാവം, പ്രകൃതി.

Con-ti-gū'i-ty, *n.* സാമീപ്യം, അടു പ്പം. =tig'ū-ŏus, *a.* തൊട്ടിരിക്കുന്ന, അ യൽവക്കത്തുള്ള, അടുത്ത.

Con'ti-nence, =nen-cy, *n.* അടക്കം, തന്റേടം; 2. ഇച്ഛാനിഗ്രഹം, ജിതേന്ദ്രി യത്വം; 3. നിരന്തരഗതി. =nent, *a.* അടക്കം ഉള്ള; മിതഭാവം—, ഇന്ദ്രിയനി ഗ്രഹം—; വ്രതം—, പാതിവ്രത്യം—; തുട ൎച്ചയായ. =nent-ly, *ad.* ദുഷ്കാമവിരക്തി യോടെ, ചാരിത്രശുദ്ധിയോടെ, മിതമായി.

Con'ti-nent, *n.* ആശയം, പാത്രം; 2. ഭൂഖണ്ഡം, വൻകര (*geog.*). the c. യൂരോപ്പവങ്കരയിൽ ഇംഗ്ലന്ത് ഒഴികെയു ള്ള രാജ്യങ്ങൾ. =nen'tal, *a.* ഭൂഖണ്ഡം സംബന്ധിച്ച; യൂരോപ്പഖണ്ഡത്തിലുള്ള.

Con-tin'ġence, =ġen-cy, *n.* അടു പ്പം, ചേൎച്ച; 2. സംഭവ്യഅവസ്ഥ, —സ്ഥി തി; 3. പക്ഷാൎത്ഥസംഭവം (*l.*); ആകസ്മി കം—, ഭാഗ്യം. =ġent, *n.* സംഭവ്യം, അ നിശ്ചയസംഭവം; ഓഹരി, വീതം; സേ നാംശം (*mil.*). *a.* സംഭവ്യമായ; മുൻ കാണാത്ത, യദൃച്ഛയാഉള്ള; നിശ്ചയമി ല്ലാത്ത; ആശ്രയിച്ചിരിക്കുന്ന; പക്ഷാൎത്ഥ കമായ (*l.*).

Con-tin'ūe, *v.i.* പാൎക്കുക, നില്ക്കുക; 2. നിലനില്ക്കുക, ഈട്—, ഉറപ്പായിരി ക്കുക; 3. ചെയ്തുകൊണ്ടിരിക്കുക, തുടരുക. the army c.d to advance സൈന്യം മുമ്പോട്ട് പൊയ്ക്കൊണ്ടിരുന്നു. *v. t.* ചെ യ്തുകൊണ്ടിരിക്കുക, മുടക്കാതിരിക്കുക; 2. പരത്തുക, വൎദ്ധിപ്പിക്കുക, ദീൎഘമാക്കുക, തുടൎന്നുചെയ്യുക; 3. നിൎത്തുക, ജീവനോടെ ശേഷിപ്പിക്കുക. =tin'ū-al, *a.* ഇടവി ടാതെയുള്ള, തുടൎച്ചആയ, നിരന്തരം—; കൂടക്കൂടെ ഉള്ള, നിത്യേന—, തുടരത്തുട രെ—. =tin'ū-al-ly, *ad.* ഇടമുറിയാതെ, എപ്പോഴും; കൂടക്കൂട. =tin'ū-ance, *n.* നിലനില്പ്; ഉത്സാഹം; ഈട്; തുടൎച്ച; വ ൎദ്ധന; നിത്യത; നിൎത്തിവെക്കൽ (*l.*). =tin'ū-āte, *a.* ഉററചേൎച്ചയുള്ള; തുടൎച്ച

ആയ, നിരന്തരം—. =tin-ū-ā'tiŏn, *n.* തുടച്ച്, പിന്തുടച്ച്; നിതൃത; മുമ്പോട്ടുള്ളത്, പരിശിഷ്ടം, ഉത്തരാംശം. =tin'ūed, *a.* ഇടവിടാത്ത; തീരാത്ത; തുടച്ചയായ, ശേഷമുള്ള. =tin'ūed-ly, *ad.* ഇടവിടാതെ, നിരന്തരമായി. =ti-nū'i-ty, *n.* അട്ടപ്പം; തുടച്ച്; നിരന്തരത്വം. law of c.y നൈരന്തൎയ്യധൎമ്മം. =tin'ū-ous, *a.* ഇടമുറിയാത്ത, നിരന്തരമായ; നീണ്ടുകിടക്കുന്ന, ഭംഗമില്ലാത്ത, തുടരത്തുടരെയുള്ള; രൂപഭേദം ഇല്ലാത്ത; കമ്പ് —(*b.*). =tin'ū-ous-ly, *ad.* എല്ലപ്പോഴും, സമാശ്ലോഴും, ശാശ്വതമായി.

Con-tort', *v.t.* പിരിക്കുക, ചുളുക്കുക, വിരൂപമാക്കിക്കളക. ='tiŏn, *n.* മുറുക്കം, ചുളുക്കം, വക്രത, വൈരൂപ്യം.

Con-tour' (-tur'), *n.* രൂപം, ആകൃതി; 2. പരിമാണം, പ്രാന്തൃരേഖ.

Con'tra, *pf.* എതിരെ, എതിർ, പ്രതി, നേരെ. -band, *n.* കള്ളച്ചരക്ക്, ചുങ്കംവീട്ടാത്ത ചരക്ക്.

Con-tract', *v.t.* ചുരുക്കുക, കുറെക്കുക; 2. ചുളിക്കുക; 3. ശീലിക്കുക, പെട്ടുക, പിടിക്കുക, തട്ടുക: to c. a habit അഭ്യസിക്കുക; to c. a debt കടം വാങ്ങുക; to c. a disease ദീനം കിട്ടുക; 4. കരാർ ചെയ്യു, ഉടമ്പടി—; 5. വിവാഹം നിശ്ചയിക്കുക; 6. ലോപിപ്പിക്കുക (*gr.*). *v.i.* ചുരുങ്ങുക, സങ്കോചമാക; 2. കരാർചെയ്യു, നിശ്ചയിക്കുക. con'tract, *n.* കരാർ, ഉടമ്പടി, ഉഭയസമ്മതം; 2. നിശ്ചയരേഖ, കരാറാധാരം; 3. വിവാഹനിശ്ചയം. -ed, *a.* സംക്ഷേപമായ; ചുളുങ്ങിയ; ചെറിയ; ഔദാൎയ്യമില്ലാത്ത, സ്വാൎത്ഥബുദ്ധിയുള്ള; നിശ്ചയിച്ച, കല്യാണനിശ്ചയം കഴിഞ്ഞ. -ed-ness, *n.* സങ്കോചത്വം; കൃപണത്വം. -i-bil'i-ty, *n.* സങ്കോചനീയത്വം. -i-ble, *a.* സംക്ഷേപ്യമായ. ='tiŏn, *n.* ഇട്ടക്കം, ഇറുക്കം, വലിച്ചൽ; പിടിക്കൽ, സമ്പാദനം; സംക്ഷേപം; ലോപം (*gr.*). =tŏr, *n.* കരാർകാരൻ.

Con-tra-dict', *v.t.* വിപരീതം പറക, തൎക്കം—, വിരോധം—, നിഷേധിക്കുക, മറുത്തുപറക, എതിൎത്തു—, അല്ലെന്നു—; 2. എതിൎത്തുനില്ക്കുക, തട്ടുത്തു—. *v.i.* നിഷേധിച്ചുപറക, പ്രതികൂലം—. -ĕr, -ŏr, *n.* നിഷേധകൻ. =dic'tiŏn, *n.* നിഷേധം, പരസ്പരവിരുദ്ധം, വിപരീതം. =dic'tive, *a.* വിപരീതം ആയ. =dic'tŏr-y, *a.* പരസ്പരവിരുദ്ധം—, അയുക്തി—; വിരോധം—. *n.* വിപരീതം.

Con-tra-dis-tin'guish (-gwish), *v.t.* വിപരീതലക്ഷണങ്ങളാൽ വേൎതിരിക്കുക, വിശേഷതപ്പെടുത്തുക, വ്യത്യാസപ്പെടുത്തുക. =tinc'tiŏn, *n.* വ്യത്യാസം, വ്യതിരേകം. in c.n വ്യത്യസ്തമായി.

Con-tra-pō-ṣi'tiŏn (-zish'nn), *n.* എതിർ വെക്കൽ; സമ്മുഖസ്ഥിതി.

Con'tra-ry, *a.* എതിർ ആയ, പ്രതികൂലം—, മറെറാരു; 2. വിപരീതം ആയ, വിരുദ്ധം—, യോജിക്കാത്ത; 3. വിരോധഭാവമുള്ള, വികൃതിആയ, വികടക്കാരൻ—. *n.* വിപരീതം, വിരോധം, വിരുദ്ധം, ഏടാകൂടം; 2. (*pl.*) പരസ്പരവിരുദ്ധപ്രസ്താവം. on the c. നേരെ മറിച്ച്. to the c. എതിരായി, ഭേദറെ പ്രകാരം. =rī'e-ty, *n.* വൈപരീത്യം, വ്യത്യാസം, പ്രതികൂലഭാവം; പരസ്പരവിരുദ്ധം. =ri-ly, =rị-wīṣe, *ad.* മറിച്ച്, വിപൎയ്യാസം ആയി, പ്രതികൂലം—, പ്രതി—.

Con'trast, *n.* വിപരീതോപമാനം, വ്യത്യാസപരിശോധന; 2. വ്യത്യാസം, വൈപരീത്യം. con-trast', *v.i.* വിപരീതം ആയിരിക്കുക, വിരോധം—, അതുല്യം—. *v.t.* വ്യത്യാസം ഒത്തുനോക്കുക.

Con-tra-val-lā'tiŏn, *n.* വാട, അകിഴ്, വാടി.

Con-tra-vēne' (-vēn'), *v.t.* എതിരാസ്ഥരിക, എതിക്കുക, നിഷേധിക്കുക, മുടക്കുക; 2. ലംഘിക്കുക, ദുൎബ്ബലപ്പെടുത്തുക. =ven'tiŏn, *n.* വിരോധം, തടസ്ഥം, അതിക്രമം, ലംഘനം.

Con-trib'ūte, *v.t. & i.* വരി കൊട്ടുക്കുക, വീതം—, പൊലിക്കുക, പൊതുകാൎയ്യാൎത്ഥം ദാനംചെയ്യു, പണം സഹായിക്കുക. =bū'tar-y, *a.* സഹായിക്കുന്ന; പോഷകമായ. =bū'tiŏn, *n.* വീതം കൊടുക്കൽ; വരി, ശേഖരം; ദാനം, സ

ഹായം; യുദ്ധകരം. =bū'tŏr, *n.* കൊ ട്ടുക്കുന്നവൻ; വൎത്തമാനപത്രസഹായകൻ, പ്രബന്ധലേഖകൻ. =bū'tŏr-y, *a.* കൊ ട്ടുക്കുന്ന, സഹായിക്കുന്ന, വൎദ്ധകമായ. c.y negligence സ്വയോപേക്ഷ (*l.*). *n.* വീതം കൊട്ടുക്കുന്നവൻ, —കൊട്ടുപ്പാൻ ബാ ദ്ധ്യൻ.

**Con'trīte,** *a.* ചതഞ്ഞ, നുറുങ്ങിയ; 2. അനുതാപം ഉള്ള, പശ്ചാത്താപം—. *n.* അനുതാപി. -ness, =tri'tiŏn (-trish'-un), *n.* പശ്ചാത്താപം, മനസ്താപം.

**Con-trīve',** *v.t.* സങ്കല്പിക്കുക, ഭാവി ക്കുക, നിൎമ്മിക്കുക. *v.i.* കൌശലം പ്ര വൃത്തിക്കുക, യന്ത്രിക്കുക. =trī'va-ble, *a.* സങ്കല്പനീയമായ, കൃത്രിമിച്ചുണ്ടാക്കാ കുന്ന. =trī'vance, *n.* സങ്കല്പനാപ്രാ പ്തി; സൂത്രപ്പണി; തന്ത്രം, കൃത്രിമം, വിദ്യ. =trī'vĕr, *n.* യന്ത്രി, ഉപായി.

**Con-trōl',** *n.* തടസ്ഥം, മുടക്കം; 2. മേൽവിചാരം, നോട്ടം, അധികാരം. *v.t.* പരിശോധിക്കുക; 2. മേൽവിചാരം നട ത്തുക, ഭരിക്കുക, അടക്കുക, ഒതുക്കുക. -la-ble, *a.* അടക്കുവാൻ പാടുള്ള, ശാസ നീയമായ. -lĕr, *n.* അധീനമാക്കുന്ന വൻ, ഒത്തുനോക്കുന്നവൻ; മേൽവിചാര കൻ; ദ്രവ്യാദ്ധ്യക്ഷൻ, കണക്ക് പരിശോ ധകൻ. -ment, *n.* മേൽവിചാരണ; തടസ്ഥം, വിരോധം.

**Con'tro-vĕr-sy,** *n.* വാദം, തൎക്കം; 2. അഭിപ്രായഭേദം; പിണക്കം, കലഹം; 3. വ്യവഹാരം. =vĕr'sial, *a.* വിവാദം ഉള്ള, അഭിപ്രായഭേദം—. c.l divinity വിശ്വാസപ്രതിവാദവിദ്യ (*theo.*). =vĕrt, *v.t.* വാദിക്കുക, ആക്ഷേപിക്കുക, വിരോ ധമായി പ്രസ്താവിക്കുക. =vĕr'ti-ble, *a.* വാദിക്കത്തക്ക, തൎക്കമുള്ള, സംശയകര മായ. =vĕr-tĕr, =vĕr-tist, *n.* താൎക്കി കൻ, പ്രതിവാദി.

**Con'tū-ma-cy,** *n.* ദുശ്ശാഠ്യം, ധിക്കാ രം, മറുതലിപ്പ്; 2. കോടതികല്പന ലം ഘനം (*l.*). =mā'ciŏus (-shus), *a.* ശാ ഠ്യം ഉള്ള, തിരസ്കാരഭാവം—, അനധീന മായ, അനുസരണംകെട്ട. =mā'ciŏus-ness, *n.* പുച്ഛം.

**Con'tū-mel-y,** *n.* ധിക്കാരം, തുച്ഛീ കാരഭാവം, അഹങ്കാരം, നിന്ദ, അപമാ നം. =mē'li-ŏus, *a.* അലക്ഷ്യഭാവം ഉള്ള, അധിക്ഷേപം—, അഹങ്കാരം—. =mē'li-ŏus-ness, *n.* പുച്ഛഭാവം.

**Con-tūse',** *v.t.* ചതക്കുക, ഞെരി ക്കുക. c.d wound ചതവ്. =tū'siŏn, *n.* ഇടിക്കൽ, മൎദ്ദനം; ചതവ്, കരുവാളി പ്പ് (*med.*).

**Cō-nun'drum,** *n.* കടങ്കഥ, മറിപ്പ്, കൊക്ക, പ്രഹേളിക.

**Con-va-les'cence,** =les'cen-cy, *n.* രോഗശാന്തി, സൌഖ്യാരംഭം. =les'cent, *a.* രോഗം ഭേദമായ, കളിച്ച. *n.* രോ ഗത്തിൽ നിന്നെഴുന്നീററവൻ, ദീനം മാ റിയവൻ.

**Con-vēne',** *v.i.* കൂടിവരിക, സം യോജിക്കുക; 2. സഭയായി കൂടുക, യോ ഗമായി—. *v.t.* കൂട്ടിവരുത്തുക; 2. സ ഭായോഗം കൂട്ടുക, ക്ഷണിക്കുക; 3. കൂടിവ രുവാൻ കല്പിക്കുക. =vēnĕr, *n.* കൂട്ടിവരു ത്തുന്നവൻ, നാഥൻ. ='vent, *n.* കൂടിവ രവ്, യോഗം; സന്ന്യാസിമഠം, കന്യാ സ്ത്രീ— (*R.C.*). =ven'ti-cle, *n.* ചെറുകൂ ട്ടം, രഹസ്യയോഗം; സ്വകാൎയ്യപ്രാൎത്ഥ നാ—. =ven'tiŏn, *n.* സമാഗമനം, സം യോഗം; ലോകാചാരം, മൎയ്യാദ; പ്രതിനി ധിയോഗം; സന്ധി, ഉടമ്പടി. =ven'-tiŏn-al, *a.* നിശ്ചയപ്രകാരമുള്ള; വഴ ക്കം ആയ, രൂഢി—.

**Con-vē'ni-ence,** =en-cy, *n.* ഏനം, ഔചിത്യം, യോഗ്യത, സൌകൎയ്യം; സു ഖം, അനുകൂലം; ഉപകാരം, സുഖാനുഭോ ഗം; തരം, സാവകാശം. =ent, *a.* തക്ക ത് ആയ, യുക്തം—; സൈ്വരം ഉള്ള; ഉപയോഗം—; ഒതുക്കം—; അനുകൂലം ആ യ; കാലൊചിതം—, എളുപ്പം—, തഞ്ചമുള്ള; അടുക്കെയുള്ള. =ent-ly, *ad.* ഉചിതം ആയ, യോഗ്യം—, സാവകാശം—; വിഷ മംകൂടാതെ.

**Con-vĕrge',** *v.i.* ഒരു ദിക്കിൽ ചെന്നു ചേരുക, ചായുക, അടുത്തുവരിക. *v.t.* അടുപ്പിക്കുക, കൂട്ടിവരുത്തുക. =vĕr'-gence, =vĕr'gen-cy, *n.* അടുപ്പം, ഒരു

മിക്കൽ, ചാച്ച്. =vĕr'ġent, =vĕr'ġing, *a.* അന്യോന്യം അടുത്തുവരുന്ന, ഒരു ദിക്കിൽ അവസാനിക്കുന്ന.

**Con-vĕrse'**, *v. i.* (with) സഹവാസം ചെയ്ക, ഉററസംസൎഗ്ഗം—; 2. സംസാരിക്കുക, വിശേഷം പറക; 3. പരിചയം ഉണ്ടാക, അറിയുക. **con'vĕrse**, *n.* പെരുമാററം, ഉററപരിചയം; 2. സംഭാഷണം, സല്ലാപം. *a.* മറിച്ചാമ്പാട്ടുള്ള, വ്യതിക്രമം ആയ, എതിർ—, വിപരീതം—, പരസ്പരം—. -ly, *ad.* വിപരീതമായി, മറിച്ചു, അന്യോന്യം. =vĕr'sant, *a.* പരിചയം ഉള്ള, മമത—; (with, in) അറിവ്—, വ്യുല്പത്തി—; സംബന്ധിച്ച, വിഷയമായ. =vĕr-sā'-tiŏn, *n.* നടപ്പ്, പെരുമാററം; സംസൎഗ്ഗം, ഇടവാട്, പരിചയം; വ്യാപാരം, കൊള്ളക്കൊടുക്ക; സംഭാഷണം, സല്ലാപം; ഭോഗം. =vĕr-sā'tiŏn-al, *a.* സംഭാഷണസംബന്ധം ആയ, —രീതി—.

**Con-vĕrt'**, *v. t.* തിരിക്കുക, മാററുക; 2. വികാരംവരുത്തുക; 3. വിശ്വാസമാററം—, മതമാററം—, പക്ഷം മാററുക; 4. മാനസാന്തരംവരുത്തുക, സ്വഭാവമാററം—; 5. അപഹരിക്കുക; 6. വിററുപണമാക്കുക; 7. രൂപഭേദം വരുത്തുക; 8. പരിഭാഷപ്പെടുത്തുക. *v. i.* മനന്തിരിയുക, മാനസാന്തരപ്പെടുക. **con'vĕrt**, *n.* മതാവലംബി, മാൎഗ്ഗത്തിൽ ചേൎന്നവൻ; 2. പുതിയക്രിസ്ത്യാനി; 3. പക്ഷം കൂടിയവൻ. =ti-ble, *a.* രൂപഭേദം വരുത്താകുന്ന; അന്യോന്യം മാററാകുന്ന. c.e terms പൎയ്യായപദം. =ti-bil'i-ty, =ti-ble-ness, *n.* പരിണാമ്യത, മാററുവാൻ പാട്ടുള്ള സ്ഥിതി. =vĕr'siŏn, *n.* മാററം, പരിണാമം; മതമാററം, മാനസാന്തരം; അപഹരണം (*l.*); ഭാവാന്തരം.

**Con'vex**, *a.* പുറവളവുള്ള, നൃബ്ജം ആയ, ഗണ്ഡാകാരം—, മദ്ധ്യോന്നതം—, ഗോളവടിവുള്ള. -'i-ty, *n.* പുറവളവ്, നൃബ്ജത.

**Con-vey'** (-vā'), *v. t.* ചുമന്നു കൊണ്ടു പോക, കടത്തിക്കൊണ്ടു—, കൊണ്ടാക്കുക, കൊണ്ടുകൊടുക്കുക; 2. വഹിക്കുക, വാഹകം ആയിരിക്കുക, മാൎഗ്ഗം—; 3. കൈമാററം ചെയ്ക, വിക്രയം—, തീറ് കൊടുക്കുക; സമ്പ്രിക്കുക; 4. ഗ്രഹിപ്പിക്കുക, ധരിപ്പിക്കുക; 5. അനുഷ്ഠിക്കുക; 6. അപഹരിക്കുക; 7. കൂടപ്പോക. *v. i.* കള്ളനെന്നു നടിക്കുക, കക്കുക. -ance, *n.* കടത്തൽ; വാഹനം, മാൎഗ്ഗം; പാരമ്പൎയ്യം; തീറ്, വിക്രയം (*l.*); തീരാധാരം (*l.*); ഉപായം. -an-cĕr, *n.* ആധാരമെഴുത്തുകാരൻ. -ĕr, *n.* വാഹകൻ, വാഹകം; കൃത്രിമക്കാരൻ, കള്ളൻ.

**Con-vi-cin'i-ty**, *n.* സാമീപ്യം, അയൽ, അയൽവക്കം.

**Con'vict**, *n.* കുററക്കാരൻ, ശിക്ഷിതൻ; 2. ചങ്ങലക്കാരൻ. **con-vict'**, *v.t.* കുററം സ്ഥാപിക്കുക, കുററക്കാരനെന്ന് തീൎച്ചപ്പെടുത്തുക; 2. കളവെന്നു തെളിയിക്കുക; 3. തെളിയിക്കുക, തുമ്പുണ്ടാക്കുക; 4. അപജയപ്പെടുത്തുക. =tiŏn, *n.* കുററത്തെളിവ്; കുററക്കാരനെന്ന തീൎപ്പ്; ആക്ഷേപം; നിശ്ചയം, വിശ്വാസം; പാപബോധം. =tive, *a.* നിശ്ചയംആയ, ബോദ്ധ്യം—, തിട്ടം—. =tive-ness, *n.* ബോദ്ധ്യം, ഉറപ്പ്.

**Con-vince'**, *v.* t. കീഴടക്കുക, ജയിക്കുക; 2. ബോദ്ധ്യം വരുത്തുക, സമ്മതം—; 3. ഖണ്ഡിക്കുക, അബദ്ധമെന്ന് തെളിയിക്കുക; 4. കുററക്കാരനെന്ന് തീൎച്ചപ്പെടുത്തുക. =vin'ci-ble, *a.* ബോദ്ധ്യം വരുത്തത്തക്ക, വശത്താക്ക—; ആക്ഷേപ്യമായ. =vin'cing-ly, *ad.* ബോദ്ധ്യമാകത്തക്കവണ്ണം.

**Con-viv'i-al**, *a.* സദ്യാസംബന്ധമായ, ഉത്സവഘോഷം ഉള്ള; 2. ഉല്ലാസം—, സന്തോഷം—. -'i-ty, *n.* സല്ലാരോല്ലാസം, ആനന്ദം.

**Con'vo-cāte**, =vōke', *v. t.* സഭക്കൂട്ടുക, കൂട്ടിവരുത്തുക, വിളിച്ചു—. =cā'tiŏn, *n.* വിളിച്ചുകൂട്ടൽ; യോഗം; ബോധകസഭ (*Chr.*); സൎവ്വകലാശാലാസദസ്സ്.

**Con-volve'**, *v. t.* പിരിക്കുക, ചുരുട്ടുക, മടക്കുക. =vo-lu'tiŏn, *n.* ചുരുട്ടൽ; ചുരുൾ, പിരി, മടക്ക്.

**Con-voy'**, *v. t.* വഴിത്തുണ പോക, കാവലായി കൂടപ്പോക. *n.* കാവൽയാത്ര; 2. സംരക്ഷണം; 3. കാവൽഗണം, വഴിത്തുണ സൈന്യം, കാവല്ക്കപ്പൽക്കൂട്ടം; 4. വാഹനം; 5. വട്ടക്ക്.

**Con-vulse'**, *v.t.* വലിക്കുക, വലിവു ണ്ടാക്കുക. to be c.d വലിയുണ്ടാക, കോച്ചിപ്പോക, കൃച്ചി—; കലുക്കുക, വിറ പ്പിക്കുക. =vul'siŏn, *n.* വലി, കോച്ചൽ, അപസ്മാരം; കലുക്കം, വിറ, കമ്പനം. =vul'sive, *a.* അപസ്മാരസംബന്ധമായ; വലി ഉള്ള, കട്ച്ചൽ—. [ട്ടൻ.

**Cō'ny**, *n.* മുയൽ, ശശം (*z.*); 2. പൊ

**Coo**, *v.i.* കുറുകുക, കുറുണ്ടുക, കുറുമ്മു ക; 2. പ്രിയം കാട്ടുക.

**Cook**, *n.* വെപ്പുകാരൻ, അട്ടുക്കളക്കാ രൻ, 'കുസിനി'ക്കാരൻ, ശ്രമക്കാരൻ, കട്ടി ല്പട്ടർ. *v.t.* വെക്കുക, പാകംചെയ്ക, പ ചിക്കുക, തീനുണ്ടാക്കുക; 2. (up) കെട്ടിയു ണ്ടാക്കുക, നിൎമ്മിക്കുക, കളവായി മാററുക. c.-maid വെപ്പുകാരത്തി. c.-room അ ട്ടുക്കള, വടക്കിനി, 'കുസിനി', നീറാലി (*M.*). -'ĕr-y, *n.* പാചകവൃത്തി, വെപ്പ് പണി, അട്ടുക്കള—, സൂദശാസ്ത്രം.

**Cool**, *a.* തണുപ്പ് ഉള്ള, കുളിർ—, ഉ ഷ്ണം ഇല്ലാത്ത; 2. കോപം—, രസം—, ശു ഷ്കാന്തി—, ബദ്ധപ്പാട് —, സാവധാനം ഉ ള്ള, ജിതേന്ദ്രിയത്വം—, തന്റേടം—, ധൈ ൎയ്യം—, ഉദാസീനഭാവം—, വിചാരപൂൎവ്വ കം ആയ, നിഷ്ക്ഷോഭ—; 3. നേൎമ്മ—, ഘനം കുറഞ്ഞ; 4. അകല്ച്ചയുള്ള, ഇഷ്ടമില്ലാത്ത, പ്രിയംകുറഞ്ഞ; 5. ബഹുമാനം ഇല്ലാത്ത, മ ൎയ്യാദ—, അഹങ്കാരമുള്ള. c. hundred (rupees) കുറയാതെ നൂറ്, നൂറ് നകത്തുറു പ്പിക, തലവണ്ടിഉറുപ്പിക നൂറ്. *n.* ശീതം, കുളിർ, തണുപ്പ്. *v.t.* ആററുക, തണുപ്പി ക്കുക; 2. ശമിപ്പിക്കുക, ശാന്തതപ്പെടുത്തുക. to c. the heels കാത്തു കെട്ടിനില്ക്കുക. *v.i.* ആറുക, കുളുക്കുക; 2. ശമിക്കുക, ത ണിയുക. -'ing, *a.* തണുപ്പിക്കുന്ന, ഉഷ്ണ ശമനം വരുത്തുന്ന. c.g card ഇച്ഛാഭം ഗം വരുത്തുന്ന കാൎയ്യം. c.g time കോ പം ശമിപ്പാൻ മതിയായ സമയം, ഇട. -'ly, *ad.* കോപംകൂടാതെ, സാവധാന ത്തിൽ. നിൎവ്വിചാരഭാവത്തോടെ, വേണ മെന്ന് വെച്ച്. -'ness, *n.* തണുപ്പ്; ശാ ന്തമനസ്സ്; ഉദാസീനത; അകല്ച്ച; ധാൎഷ്ട്യം.

**Coo'ly, Coo'lie**, *n.* കൂലിക്കാരൻ, ച മട്ട്കാരൻ.

**Coom**, *n.* അട്ടക്കരി, ഇല്ലട്ടക്കരി, ഇ രുന്നൽപൊടി, കല്ക്കരിപ്പൊടി.

**Coop**, *n.* പീപ്പ; 2. തൊഴുത്ത്; 3. കോ ഴിക്കൂട്. *v.t.* (up, in) തൊഴുത്തിലാക്കു ക, മുളെക്കുക; കൂട്ടിലിടുക; പൂട്ടിയിടുക, നിരോധിക്കുക. -'ĕr, *n.* പീപ്പപ്പണിക്കാ രൻ. -ĕry, *n.* പീപ്പപ്പണി.

**Cō-op'ĕr-āte**, *v.i.* കൂടെ പ്രവൃത്തി ക്കുക, യോജിച്ചു—. =ā'tiŏn, *n.* കൂട്ട് പ്രവൃ ത്തി, സഹയത്നം; സഹായം, തുണ.

**Cō-or'di-nāte**, *a.* തുല്യസ്ഥാനം ഉള്ള. സമനിലയിലിരിക്കുന്ന, തുല്യാധികാരമു ള്ള. *v.i.* സമനിലയിൽ വെക്കുക; 2. ക്രമമാക്കുക, ശരിപ്പെടുത്തുക. =nā'tiŏn, *n.* സ്ഥാനതുല്യതവരുത്തൽ, അധികാര—; ക്രമപ്പെടുത്തൽ; സമസ്ഥാനം; —മാനം; സമാനാധികരണം (*gr.*).

**Coot**, *n.* ഒരുവക നീർപക്ഷി (*z.*).

**Cop**, *n.* ശിഖരം, കൊട്ടുമുടി, അഗ്രം, തുഞ്ചം.

**Cō-pär'cen-ĕr**, *n.* സമാവകാശി, കൂട്ട വകാശി, സമഭാഗഹരിക്കാരൻ (*l.*). =pär'-ce-ny, *n.* തുല്യോംഹരി (*l.*).

**Co-pärt'nĕr** *n.* കൂട്ടാളി, കൂറ് കാരൻ, കൂററുകച്ചവടക്കാരൻ, ഓഹരിക്കാരൻ. -ship, *n.* കൂററായ്മ, കൂറ്; കൂട്ട് കച്ചവടം.

**Cōpe**, *n.* തൊപ്പി; 2. തട്ട്, ആകാശം, മേൽപുര; 3. ബോധകവസ്ത്രം. *v.i.* മാ ററുക, നേരിടുക, ഇടപെടുക; 2. (with) എതിൎക്കുക, പോരാടുക. *v.t.* കച്ചവടമാ ക്കുക; 2. പകരം ചെയ്യുക; 3. എതിൎക്കുക, പൊരുതുക. cō'ping, *n.* ഉത്തരക്കല്ല്, തൊപ്പി— (*arch.*).

**Cō'pi-ŏus**, *a.* അധികം ആയ, ധാ രാളം—, പെരുത്ത, അനേകം. -ness, *n.* ബഹുത്വം, ആധിക്യം, പരിപൂൎണ്ണത, വിശാലത; രീതിവിശേഷം.

**Cop'pĕr**, *n.* ചെമ്പ്, താമ്രം (*min.*); 2. ചെമ്പ് നാണ്യം, പൈസ, കാശ്; 3. ചെമ്പ് പാത്രം, —വട്ടളം. *v.t.* ചെമ്പ് പൂശുക, —പൊതിയുക, —അടിക്കുക. c.-as അന്നഭേദി (*min.*). c.-nose ചോ രമൂക്ക്. c.-plate ചെമ്പിൽ കൊത്തി യത്. c.-smith ചെമ്പ് കൊട്ടി. c.-

works — പണിശാല. ='pĕr-y, *a.* —ഉള്ള, —കൊണ്ട് ഉണ്ടാക്കിയ.

**Cop'pice, copse,** *n.* ചുള്ളിക്കാട്, കുറുങ്കാട്, മുറിക്കാട്.

**Cop'ū-la,** *n.* സംബന്ധപദം, സംയോഗ— (*gr.*). =lāte, *v.i.* സംയോഗം ചെയ്യുക, ഇണചേരുക, പരിഗ്രഹിക്കുക. =lā'tive, *a.* സംയോജകമായ, സംയോഗാർത്ഥമുള്ള. *n.* സംയോഗപദം (*gr.*). =lā'tiŏn, *n.* സംയോജനം, ചേൎച്ച, സംബന്ധം; ഭോഗം.

**Cop'y,** *n.* പെരുപ്പം, ആധിക്യം, ബാഹുല്യം; 2. പേൎപ്പ്, പകൎപ്പ്, 'നക്കൽ', പത്രിക; 3. പ്രതി, പുസ്തകം, ഗ്രന്ഥം; 4. അസ്സൽ, മാതൃക; 5. കൈയെഴുത്ത് പകൎപ്പ് (*print.*). c.-book കയ്യക്ഷരാഭ്യാസപുസ്തകം. examined c., compared c. ഒത്തുനോക്കിയ പകൎപ്പ് (*l.*). attested c., certified c., exemplified c. സാക്ഷ്യപ്പെടുത്തിയ പകൎപ്പ് (*l.*). c.-right പകൎപ്പവകാശം, ഉടമയവകാശം, പുസ്തകം അച്ചടിച്ചു വില്പാനുള്ള അവകാശം (*l.*). *v.t.* (out, off) നോക്കി എഴുതുക, പകൎത്ത്—, അച്ചടിച്ചു പെരുക്കുക; അനുകരിക്കുക. *v.i.* പകൎപ്പ് എടുക്കുക; അനുകരിക്കുക; പകൎന്നു വരിക. cop'i-ĕr, cop'y-ist, *n.* പകൎത്തെഴുതുന്നവൻ, പകൎപ്പ്ഗുമസ്തൻ; അനുകാരി, കൃത്രിമക്കാരൻ. -ing, *a.* പകൎപ്പെടുക്കുന്ന.

**Cō-quet'** (-ket'), *v.t.* വശീകരിക്കുക, ആകൎഷിക്കുക, കൊഞ്ചുക, മയക്കുക. *v.i.* സ്നേഹനാട്യം കാണിക്കുക, പകിട്ടുക, കളിക്കുക. =quette (-ket'), *n.* മിനുക്കിച്ചി, തുള്ളിച്ചി, കൊഞ്ചൽകാരത്തി, ലീലാവതി. -ry, *n.* കൊഞ്ചൽ, പകിട്ട്, മയക്കം, മോഹവിലാസം.

**Cor'al,** *n.* പവിഴം, പ്രവാളം, വിദ്രുമം; പവിഴപ്പുററ് (*z.*). red c. ചെമ്പവിഴം. white c. വെള്ളപ്പവിഴം, പൂപ്പവിഴം. black c. കരിമ്പവിഴം. false c., counterfeit c. മൺപവിഴം. c.-reef പവിഴപ്പുററ്, പവിഴപ്പാറ, പവിഴദ്വീപ്. c.-line പവിഴപ്പുററ്.

**Cor'ban,** *n.* വഴിപാട്, നേൎച്ച; 2. ധൎമ്മപ്പെട്ടി, ഭണ്ഡാരപ്പെട്ടി.

**Cord** (kārd), *n.* ചരട്, കയറ്, കമ്പ; 2. ഘനവ്യ കണ്ടിയടിയുള്ള കണ്ടിയളവ്; 3. പാശം, ബന്ധം, നിബ്ബന്ധം, ആകൎഷണം; 4. ഞരമ്പ്, മജ്ജുവള്ളി (*an.*). cor'dāge, *n.* കയറ്, കപ്പൽക്കയറ്, കമ്പ. cor'ded കയർകെട്ടിയ, —കൊണ്ടുണ്ടാക്കിയ; വരയുള്ള. c.-wood വിറക്. cor'don, *n.* സൂത്രം, സ്ഥാനചിഹ്നപ്പട്ട; കാവൽചേവകനിര. c.n bleu നല്ല വെപ്പുകാരൻ. c.n sanitaire പകൎച്ചവ്യാധിയുള്ള ദിക്കിൽ ഗതാഗതം മുടക്കുവാൻ വെച്ചിരിക്കുന്ന കാവൽസൈന്യം.

**Cor'di-al,** *n.* ആശ്വാസം വരുത്തുന്ന സാധനം, സന്തോഷം—; 2. ദീപനൌഷധം (*med.*); 3. മധുരമദ്യം, —പാനകം. *a.* ഹൃദയജന്യം ആയ, മനഃപൂൎവ്വം—, സ്നേഹപൂൎവ്വം—, നിഷ്കപടം—, മുഖ്യം—, ഹൃദ്യം—, സന്തോഷപ്രദം—. -i-ty, *n.* വാത്സല്യം, അനുരാഗം, മനോരഞ്ജന. -ly, *ad.* പ്രീതിയോടെ, താല്പൎയ്യത്തോടെ, സ്നേഹപൂൎവ്വം.

**Cō-rē'gent,** *n.* സഹവാഴി, —രാജൻ.

**Cō-rē-lā'tiŏn,** *n.* തുല്യബന്ധു.

**Cō-rel-i'giŏn-ist,** *n.* ഒരേമതക്കാരൻ.

**Cōre,** *n.* ഹൃദയം, ഉള്ള്, കഴമ്പ്, കാമ്പ്, കാതൽ; 2. കേന്ദ്രം, നടു; 3. കാൎയ്യം, സാരം. [ധാന്യം (*b.*).

**Cor-i-an'dĕr,** *n.* കൊത്തമ്പാലരി,

**Cork,** *n.* ഒരു മരത്തോൽ; 2. അടപ്പ്, കിടെശ്, തിരിക്ക്. c.-jacket ഉതളി. c.-screw തിരുക്ക്‌വലി, കിടാരമുള്ള്. *v.t.* അടപ്പ് ഇടുക, തിരിക്ക്—.

**Cor'mō-rant,** *n.* കടല്ക്കാക്ക (*z.*); 2. തിന്നിഭ്രാന്തൻ, ശാപ്പാട്ട്‌രാമൻ. *a.* ബുഭുക്ഷയുള്ള, അത്യാശ—.

**Corn** (kārn), *n.* മണി, കരു, വിത്ത്, ബീജം; 2. ധാന്യം, 'കൊസ്സ്', ചോളം (*b.*); 3. വിള, കററ; 4. തരി; 5. തഴമ്പ്, ആണി (*med.*). c.-ball പൊരിയുണ്ട. c.-bread ചോളറൊട്ടി. c.-popper പൊരിയോട്. c.-rent വാരനെല്ല്. c.-mill തിരികല്ല്. Indian c. വിലാത്തിച്ചോളം, അമേരിക്കച്ചോളം. yellow c. മഞ്ഞച്ചോളം. white c., southern c. വെള്ള

ച്ചോളം. pop c. പൊരിച്ചോളം, അരിച്ചോളം, കാക്കച്ചോളം, ഇറുങ്ക്. *v. t.* മാംസം ഉപ്പിട്ടു സൂക്ഷിക്കുക; 2. തരിതരിയാക്കുക; 3. കതിരക്ക് തീൻ (മുതിര) കൊടുക്കുക; 4. ലഹരിയാക്കുക. c.ing-house, *n.* വെടിമരുന്ന് തരിയാക്കുന്ന സ്ഥലം. ='ny, *a.* ധാന്യം ഉള്ള, മണി—; ലഹരി—.

Cor'nē-a, *n.* (കണ്ണിലെ) ശുക്ലചർമ്മം, —മണ്ഡലം, കാചപടലം (*an.*).

Cor-nē'li-an, *n.* ഒരുവക രത്നം (*min.*).

Cor'nĕr, *n.* കോൺ, മൂല, കോടി, മുക്ക്; 2. പുറം, ഭാഗം, ദിക്ക്; 3. ഏകാന്തം, രഹസ്യസ്ഥലം; 4. കച്ചവടക്കൂട്ട്കെട്ട്. in a c. രഹസ്യത്തിൽ. c.-stone മൂലക്കല്ല്. *v. t.* മുക്കിലാക്കുക; 2. ബുദ്ധിമുട്ടിക്കുക; 3. കച്ചവടക്കാർ ഒരു കയ്യായി വിലകയററുക.

Cor'net, *n.* കഴൽ, ഒരുവക വായിവാദ്യം (*mus.*); 2. കടലാസ്സ് പൊതി; 3. കതിരപ്പടക്കൂട്ടം, കതിരപ്പടക്കൊടി, കതിരപ്പടക്കൊടിക്കാരൻ.

Cor'nice, *n.* വളർ, തലക്കെട്ട്, 'കണ്ണീസ്സ്'.

Co-rol'lă, *n.* ഇതൾ, ദലം (*b.*).

Cor'ol-lar-y (-lĕr-), *n.* ജാസ്തി, അധികം, ശിഷ്ടം (ചിട്ടം) (*N.*), ചിലവാനം (*S.*); 2. അനുമാനം, ഊഹം; 3. ഉപസൂത്രം (*geom.*)

Co-rō'na, *n.* കിരീടം, മകുടം, ശിഖരം; 2. സ്തംഭാഗ്രം (*arch.*); 3. നെറുക, മൂൎദ്ധാവ് (*an.*); 4. സൂൎയ്യപരിപ്രഭ (*as.*); 5. ദലമുകടം (*b.*); 6. ദീപവൃത്തം. cor'o-nal, *n.* കിരീടം, മുകടം, മാല; നെററിയെല്ല്, ലലാടാസ്ഥി (*an.*). *a.* കിരീടസംബന്ധമായ, രാജകിരീട—, കിരീടാഭിഷേക—; മൂൎദ്ധാവ്— (*an.*). c.l suture ലലാടസന്ധി (*an.*). cor-ō-nā'tiŏn, *n.* കിരീടധാരണം, പട്ടാഭിഷേകം, അരിയിട്ട് വാഴ്ച.

Cor'ō-nĕr, *n.* അപമൃത്യുകാരണാന്വേഷകൻ. c.'s inquest —കാരണാന്വേഷണം. c.'s jury —കാരണാന്വേഷകസഭ.

Cor'ō-net, *n.* പ്രഭുപട്ടം, —കിരീടം.

I. Cor'pō-ral, *n.* ചേവകമുഖ്യൻ, 'നായകൻ'. lance c. ഉപ'നായകൻ'. c.'s guard ചെറിയ കാവൽക്കൂട്ടം, അല്പം ചിലർ.

II. Cor'pō-ral, *a.* ശരീരസംബന്ധം ആയ, ദേഹസംയുക്തം—. ശാരീരികം—, ജഡികം—, ദേഹമുള്ള. c. punishment ദേഹശിക്ഷ, മരണശിക്ഷ, തടവ്, അടി. -i-ty, *n.* ശാരീരികത്വം, ദൈഹികജീവനം; സംഘം. =pō-rāte, *a.* സമാജികം ആയ, സംസ്ഥാപിതസംഘം—; —സംബന്ധിച്ച; ഏകീഭൂതം ആയ; സാധാരണം—. =pō-rā'tiŏn, *n.* സംഘം, സംസ്ഥാപിതസംഘം, സമാജം, സമൂഹം. =pō're-al (-ri-al). *a.* ശരീരമുള്ള, ജഡമയം ആയ, ജഡം—; ജഡികം—, അനാത്മികം—.

Cōrps (kōr, *pl.* korz), *n.* കൂട്ടം; 2. പടഗണം, പട്ടാളം. army c. സൈന്യവ്യൂഹം. c. diplomatique രാജപ്രതിനിധിഗണം.

Corpse (korps), *n.* ശരീരം, ദേഹം; 2. ശവം, പിണം. c. candle കൊള്ളിച്ചൂട്ട.

Cor'pus, *n.* ശരീരം, ദേഹം; 2. ശവം; 3. പദാൎത്ഥം. =pū-lence, =pū-len-cy, *n.* തടി, വണ്ണം, കിണ(ക്കം)പ്പ്, ശരീരപുഷ്ടി. =pū-lent, *a.* പൊണ്ണത്തടിയുള്ള, കംഭയുള്ള, സ്ഥൂലിച്ച.

Cor-pus'cle (-pus'l), *n.* കണം, അണു; 2. രക്തകണം, ചോരയണു (*an.*).

Cor-rā-di-ā'tiŏn, *n.* രശ്മിച്ചേൎച്ച, കിരണസംയോഗം.

Cor-rect', *a.* ശരി ആയ, തിരുത്തം—, കൃത്യം—, യോഗ്യം—, യഥാവിധി—, ഉചിതം—, നേരെ ഉള്ള, നേർ—, കുറവില്ലാത്ത, ഒത്ത. *v. t.* നേരെ ആക്കുക, ശരി—, സത്യം—, ന്യായം—; 2. തെററ് തീൎക്കുക, തിരുത്തുക, നന്നാക്കുക; 3. വഴിപ്പെടുത്തുക, ഗുണീകരിക്കുക, ശിക്ഷിക്കുക; 4. മാററുക. =tiŏn, *n.* തിരുത്തൽ; പിഴ തീൎക്കൽ, ഭേദം, മാററം; ശിക്ഷ, ശാസന; തിരുത്ത്, സുബദ്ധം; ഉപശാന്തി; കിഴിവ്. house of c.n കാരാഗൃഹം.

under c.n അബദ്ധം ഒഴികെ, പക്ഷെ അബദ്ധമായിരിക്കാം. ='tive, *a.* ദോഷഘ്നം ആയ, ഹരം—, ശരിയാക്കുന്ന; ക്ലിപ്തപ്പെടുത്തുന്ന, വിശേഷകമായ. *n.* ഗുണീകരണസാധനം, പ്രത്യൌഷധം. -'ly, *ad.* ശരി ആയി, കൃത്യം—, നേർ—, യഥാർത്ഥം—. -'ness, *n.* കൃത്യത, തിരുത്തം, ശുദ്ധി. ='tor, *n.* ശിക്ഷകൻ, ശാസകൻ; അച്ച്പിഴ തിരുത്തുന്നവൻ; പ്രത്യൌഷധം.

**Cor-re-lā'tion,** *n.* പരസ്പരസംബന്ധം, തുല്യത. =rel'a-tive, *a.* പരസ്പരസംബന്ധമുള്ള, അനുരൂപമായ. *n.* അന്യോന്യസംബന്ധമുള്ളത്; 2. പ്രതിസംജ്ഞസൂചിതനാമം (*gr.*).

**Cor're-spond,** *v.i.* (with, to) തുല്യം ആയിരിക്കുക, സദൃശം—, സമം—; 2. (to) ഉചിതം—, അനുരൂപം—, ഒക്കുക, പററുക; 3. (with) ഇടപെടുക, ഇടവാട് ചെയ്ക, കത്തിടവാടുണ്ടാക, എഴുത്തുകുത്തുകൾ നടത്തുക. c.ing member of a society ലേഖകാംശം. =dence, *n.* കൊള്ളക്കൊടുക്ക, പെരുമാററം, കത്തിടവാട്; എഴുത്ത് കുത്ത്; ചേർച്ച, യോജ്യത, അനുരൂപത, സാദൃശ്യം, തുല്യത. =dent, *n.* എഴുത്തിടവാട്കാരൻ; ലേഖകൻ. *a.* തക്ക, പററിയ, അനുസാരം ആയ, വിധേയം—.

**Cor'ri-dōr,** *n.* നട, നടപ്പുര.

**Cor-ri-gen'dum,** *n.* (*pl.* =gen'dä) ശുദ്ധപത്രം, പിഴപ്പട്ടിക.

**Cor'ri-gent,** *n.* മേല്പൊടി, അനുപാനം (*med.*).

**Cor'ri-gi-ble,** *a.* ശരിയാക്കാവുന്ന, തിരുത്തത്തക്ക; 2. വഴങ്ങുന്ന, ഒതുക്കമുള്ള; 3. ശിക്ഷായോഗ്യമായ; 4. തിരുത്തുവാൻ പ്രാപ്തിയുള്ള.

**Cor-rī'val,** *n.* സഹമത്സരി, —സ്പർദ്ധകൻ, കൂട്ടാളി.

**Cor-rob'o-rāte,** *v.t.* ശക്തികൂട്ടുക; 2. ഉറപ്പിക്കുക, സ്ഥിരപ്പെടുത്തുക, പ്രമാണം ആക്കുക, ദൃഢം—. =rā'tiōn, *n.* സ്ഥിരപ്പെടുത്തൽ, സ്ഥിരത, ഉറപ്പ്, ബലം. =rā-tive, *a.* ഉറപ്പ് കൂട്ടുന്ന, സ്ഥിരമാക്കുന്ന.

**Cor-rōde',** *v.t.* തിന്നുകളക, ക്രമേണനശിപ്പിക്കുക, ദ്രവിപ്പിക്കുക; 2. തിന്നുതീർക്കുക, ചെലവഴിക്കുക, തേമാനം വരുത്തുക, കേട്—. *v.i.* ദ്രവിപ്പിക്കുന്നതായിരിക്കുക; 2. തിന്നുപോക, ക്ഷയിച്ചു—, മണ്ണ് പിടിക്കുക. =rō'sion, *n.* ക്ഷയം, ദ്രവിച്ചുപോകൽ; തേമാനം, തുരുമ്പ്. =rō'sive, *a.* ക്ഷയകാരണമായ, അരിച്ചുകളയുന്ന, തിന്നു—; വെറുപ്പിക്കുന്ന. *n.* നാശഹേതു, അസഹ്യം.

**Cor'ru-gāte,** *v.t.* ചുളിക്കുക, മടക്ക് വീഴിക്കുക, ചാല് ചാലാക്കുക. c.d iron ചുളുക്കത്തകിട്, ചാല്ത്തകിട്.

**Cor-rupt',** *a.* കെട്ട് കടുമ്പിയ, അഴുകിയ, ചീഞ്ഞ; ചീത്തയായ; കറപ്പെട്ട; ദുഷിച്ചുപോയ; 2. തെററായ, നേരില്ലാത്ത, സത്യം വിട്ട, വഷളായ; 3. പിഴയുള്ള. *v.t.* കെടുത്തുക, ചീക്കുക; 2. ചീത്തആക്കുക, നീചം—; 3. നേർ മറിക്കുക, —ഇല്ലാതെയാക്കുക, സത്യം തെററിക്കുക; 4. അബദ്ധമാക്കുക, കളവാക്കിത്തീർക്കുക; 5. നശിപ്പിക്കുക, തിന്നുനഷ്ടമാക്കുക; 6. വില കെടുക്കുക. *v.i.* ചീഞ്ഞഴിയുക, ദ്രവിച്ചുപോക; ദുഷിച്ചു—, അശുദ്ധമായി—. -ĕr, *n.* വഷളാക്കുന്നവൻ. ='ti-ble, *a.* നശ്യം ആയ, ക്ഷയം—; ദൂഷ്യംവരുത്താവുന്ന. *n.* ക്ഷയമുള്ളത്, ദേഹം. =ti-bil'i-ty, ='ti-ble-ness, *n.* കേട്, ദൂഷ്യം, നാശം. ='ti-bly, *ad.* കേട് തട്ടത്തക്കവണ്ണം, വഷളാകുംവണ്ണം, നാശകരമായി. =tiōn, *n.* കേട്, പൂതലിക്കൽ, അഴുക്കം; നാററം; അഴുകിയ സാധനം; വഷളത്വം, അസത്യം, അന്യായം; കൈക്കൂലി; അബദ്ധം. c.n of blood കുററം നിമിത്തമുള്ള അവകാശനഷ്ടം. -ly, *ad.* അന്യായമായി, കൈക്കൂലിയാൽ. -ness, *n.* ദൂഷ്യം, കേട്, നാശം.

**Cor'sāir** (-sār), *n.* കടൽ കൊള്ളക്കാരൻ, കടല്ക്കള്ളൻ.

**Corse'let,** *n.* കവചം.

**Cor'set,** *n.* അങ്കി, കുപ്പായം; 2. അടിക്കുപ്പായം, മെയ്യൊതുക്കി—.

**Cor'tege** (-tāzh), *n.* പരിവാരം, എഴുന്നെള്ളത്തം.

**Cor'tēs**, *n.* (*pl.*) സ്പാന്യ, പൊൎത്തു ഗാൽ രാജ്യങ്ങളിലെ ആലോചനസഭ.

**Cor'ti-cal**, *a.* ചൎമ്മമയമായ, തോൽ ഉള്ള; പുറമേ—. [(*min.*).

**Cŏ-run'dum**, *n.* ഒരുവക രത്നം

**Co-rus'cāte**, *v. i.* മിന്നുക, ഒളിയുക. =**cant**, *a.* ഉജ്ജ്വലിക്കുന്ന. =**cā'tiŏn**, *n.* തിളക്കം, ദീപ്തി; ബുദ്ധിശോഭ.

**Cor-vette'** (-vet'), *n.* പടക്കപ്പൽ, യുദ്ധക്കപ്പൽ.

**Cō'sey**, *a.* *see* Cozy.

**Cō'sīne**, *n.* ജ്യാവ് (*geom.*).

**Cos-met'ic**, *n.* കാന്തിവൎദ്ധകസാധനം, ശോഭജനകക്കൂട്ട്. -**al**, *a.* സൌന്ദൎയ്യവൎദ്ധകമായ, അഴകുണ്ടാക്കുന്ന.

**Cos'mos**, *n.* ജഗൽ, പ്രപഞ്ചം, ലോകം, ചരാചരം; 2. സൃഷ്ടിവിദ്യ. =**mic**, =**mi-cal**, *a.* വിശ്വസംബന്ധമായ. =**mog'o-ny**, *n.* ലോകസൃഷ്ടി, ജഗദുൽപത്തി; ജഗദുല്പത്തിപുരാണം. =**mog'ra-phy** (-fi), *n.* പ്രപഞ്ചവൎണ്ണനം, ലോകവിവരണവിദ്യ; ജഗന്നിൎമ്മാണശാസ്ത്രം. =**mop'o-līte**, =**mō-pol'i-tan**, *n.* സ്വദേശം ഇല്ലാത്തവൻ; സൎവ്വദേശപ്രിയൻ; ലോകപൌരൻ. *a.* സ്ഥിരവാസമില്ലാത്ത; സൎവ്വത്രവാസിയായ; ഔദാൎയ്യം ഉള്ള; സൎവ്വക്കും—; എല്ലാടവും—.

**Coss**, *n.* ക്രോശം; 2. കാൎയ്യം. **rule of c.** ബീജഗണിതം, അക്ഷര—.

**Cos'set**, *n.* തള്ളയില്ലാത്ത ആട്ടിക്കുട്ടി; 2. ഓമനക്കുട്ടി. *v. t.* ഓമനിക്കുക, താലോലിക്കുക.

**Cost**, *v. t. ir.* (**cost**, **cost**) വില പിടിക്കുക; ചെലവുണ്ടാക; 2. കാരണം ആക, ഹേതു—, സംഗതിവരുത്തുക; 3. സഹിക്കേണ്ടിവരിക. **to c. dear** വളരെ വിലപിടിക്കുക, —ചിലവ്—, —ചേതം വരിക, —അദ്ധ്വാനം ഉണ്ടാക, —വേദന—. *n.* വില, മൂല്യം, ചെലവ്, വ്യയം; 2. നഷ്ടം, കഷ്ടം, വേദന, വ്യസനം. **to my c.** വ്യസനത്തോടെ, വേദനയോടെ, നഷ്ടം നേരിട്ടും വണ്ണം, കാലക്കേടിനു. **c. free** സൌജന്യമായി. **c. price** വാങ്ങിയവില, മുതൽ. -'**li-ness**, *n.* പ്രിയം, ബഹുമൂല്യത; അത്യന്തചെലവ്; സല്ക്കാരവൃദ്ധി. -'**ly**, *a.* വിലയേറിയ, അമൂല്യമായ; ഘോഷമായ, മികെച്ച.

**Cos'ta**, *n.* വാരിയെല്ല് (*an.*); 2. ഇലഞരമ്പ് (*b.*). =**tal**, *a.* വാരിയെല്ല് സംബന്ധിച്ച, വാരിഭാഗം—. [ന്നവൻ.

**Cos'tĕr-mon-gĕr**, *n.* പഴം വില്ക്കു

**Cos'tive**, *a.* മലബന്ധമുള്ള, വയറൊഴിയാത്ത; 2. തടിച്ച, മന്ദമായ; 3. ഉണങ്ങിയ, ഉറച്ച, പതമില്ലാത്ത. -**ness**, *n.* മലബന്ധം; വാഗ്വൈഭവമില്ലായ്മ.

**Cos-tūme'**, *n.* ഉടുപ്പുമയം, വേഷം, കോലം.

**Cō'sy**, *a.* *see* Cozy.

I. **Cot**, *n.* കൊട്ടിൽ, ചാള, ചെററപ്പുര, ചെറിയവീട്; 2. തൊഴുത്ത്, ആല, കൂട്; 3. ഉറ, മൂടി; 4. ചെറുതോണി, വള്ളം. -'**tĕr**, -'**tar**, -'**tiĕr**, *n.* കടിൽവാസി. ='**taġe** (-tij), *n.* പുര, ചെറിയവീട്. ='**taġ-ĕr** (-tij-), *n.* പുരക്കാരൻ.

II. **Cot**, *n.* കട്ടിൽ, മഞ്ചം, തൂക്ക് കട്ടിൽ; 2. തൊട്ടിൽ; 3. ഉറക്കിടം.

**Cōte**, *n.* കൊട്ടിൽ, ആട്ടാല.

**Cō'tĕr-iē**, *n.* ചങ്ങാതിക്കൂട്ടം, മിത്രയോഗം.

**Cott'on** (kot'n), *n.* പഞ്ഞി, പരുത്തി; 2. നൂൽ; 3. തുണി. **c. plant** പരുത്തിച്ചെടി (*b.*). **silk-c.** പൂളപ്പഞ്ഞി, ഉന്നം. **s.-c. tree** ഉന്നമുരിക്ക്, പൂള, ഇലവം (*b.*). **c. mill** പരുത്തിനൂല്ക്കുന്ന യന്ത്രം, നൂൽയന്ത്രശാല.

**Couch**, *v. t.* കിടത്തുക; 2. (*refl.*) വിധാനം ചെയ്ക, പരന്നു കിടക്കുക; 3. അട്ടുക്കിവെക്കുക, ചിക്കുക; 4. അടക്കിവെക്കുക, ഒളിച്ച്—, ഗൎഭിച്ചിരിക്കുക; 5. (in, under) രീതിയിൽ പ്രസ്താവിക്കുക. **a well c.ed letter** നല്ലവാചകത്തിലുള്ളകത്ത്. **to c. a spear** *or* **lance** കുത്തുന്നപന്തിയിൽ കുന്തം പിടിക്കുക, —വെക്കുക. *v. i.* കിടക്കുക, ചാരിയിരിക്കുക, ശയിക്കുക; 2. മറഞ്ഞിരിക്കുക, ഉൾപ്പെട്ടിരിക്കുക; 3. കനിയുക, വണങ്ങുക. *n.*

കിടക്ക; 2. കട്ടിൽ; 3. ചാൎകട്ടിൽ, ഇരിക്കക്കട്ടിൽ; 4. മട, മാളം, ഗുഹ.

**Cough** (kof), *n.* കുര, ചുമ, കാസം. hooping c., whooping c. കൊക്കക്കുര. *v.i.* കുരക്കുക, ചുമെക്കുക. *v.t.* (up) കുരച്ചുതുപ്പുക, കാക്കിക്കുക; 2. കുരച്ച് തൊണ്ടയിലെക്കുക. to c. down കള്ളക്കുരയാൽ സംസാരം കേൾക്കാതാക്കുക.

**Could** (kood), *p.p. of* Can.

**Coun'cil,** *n.* ആലോചനസഭ, വിചാരണയോഗം; 2. മന്ത്രിസഭ, —വൎഗ്ഗം; 3. പ്രതിനിധിസഭ; 4. ആലോചന, മന്ത്രണം. city c., town c. നഗരവിചാരണസഭ. c.-board, c.-table ആലോചന—. c.-chamber മന്ത്രമണ്ഡപം. c. of war നിരൂപണസഭ. ecumenical c. സാമാന്യ സഭായോഗം (*eccl.*). executive c. മന്ത്രിവൎഗ്ഗം, ഭരണസഭ. legislative c. നിയമനിൎമ്മാണ—. -ŏr, -lŏr, *n.* മന്ത്രി, മന്ത്രിസഭാംഗം, ആലോചന—.

**Coun'sel,** *n.* ആലോചന, മന്ത്രണം, നിരൂപണം; 2. ബുദ്ധിവിവേകം; 3. —ഉപദേശം, ഗുണദോഷം; 4. നിൎണ്ണയം, ഭാവം, താല്പൎയ്യം; 5. രഹസ്യം, സ്വകാൎയ്യം; 6. വക്കീൽ (*l.*). in c. രഹസ്യമായി. to keep c., to keep one's own c. പ്രസ്താവിക്കാതിരിക്കുക, സ്വകാൎയ്യമായി വെക്കുക *v.t.* ആലോചനപറക, ബുദ്ധിയുപദേശിക്കുക; 2. മന്ത്രിക്കുക, അഭിപ്രായം പറയുക. -lor, *n.* ആലോചനക്കാരൻ, ഉപദേശകൻ; മന്ത്രി; വക്കീൽ. -lŏr-ship, *n.* മന്ത്രിസ്ഥാനം.

I. **Count,** *v.t.* എണ്ണുക, ഗണിക്കുക; 2. കണക്കിടുക, ആരോപിക്കുക; 3. വിചാരിക്കുക, നിരൂപിക്കുക, മതിക്കുക. to c. out ഒഴിച്ചുവിടുക; ആൾദൌൎലഭ്യത്താൽ പ്രവൃത്തിനിൎത്തുക. *v. i.* എണ്ണത്തിൽ പെടുക, കണക്കിൽ—; കൂട്ടാക്കുക, സാരമാക്കുക; 2. (on, upon) ആശ്രയിക്കുക, ഊന്നുക, പ്രമാണമാക്കുക; 3. വാഗ്വാദം ചെയ്യുക (*l.*). *n.* ഗണനം, എണ്ണം, തുക; 2. ഗണ്യം, ലക്ഷ്യം; 3. വാദസംഗതി. -'ĕr, *n.* കണക്ക്കാരൻ; എണ്ണക്കുറി, എണ്ണക്കരു; കാരാഗൃഹം; പണം; ഗണനയന്ത്രം; പണമെണ്ണുന്നമേശ, വിലങ്ങ്—. -'less, *a.* കണക്കില്ലാത്ത, അനവധി.

II. **Count,** *n.* ഇടപ്രഭു, കലീനൻ. -'ess, *n.* ഇടപ്രഭുസ്ത്രീ, —പത്നി.

**Coun'te-nance,** *n.* മുഖം, മുഖഭാവം, —രൂപം, കാഴ്ച; 2. മുഖപ്രസാദം, ആദരം, അനുകൂലം, സഹായം; 3. നാട്യം, ഭാവം. to put in c. ധൈൎയ്യം ജനിപ്പിക്കുക. out of c. മുഖം വാടിയ, ലജ്ജാപൂൎണ്ണ, തലതാഴ്ത്തിയ. to keep the c. മനോവികാരമില്ലാതിരിക്കുക. *v.t.* സഹായിക്കുക, അനുകൂലിക്കുക; 2. ഭാവം നടിക്കുക.

**Coun'tĕr,** *pf.* എതിർ, പ്രതി, വിപരീത, വിരോധ. *ad.* എതിർ ആയി, വികടം—, വിപരീതം—; 2. നേർവഴിവിട്ട്; 3. അഭിമുഖമായി, മുഖത്തിന്നു നേരെ. *a.* എതിർ ആയ, വിരോധം—, പ്രതികൂലം—. *n.* കപ്പലിന്റെ അമരഭാഗം; 2. ചെരിപ്പിന്റെ മടമ്പ്—. -act, *v.t.* വിപരീതമായി പ്രവൃത്തിക്കുക, എതിരെ—, നിഷ്ഫലമാക്കുക. -action, *n.* പ്രതികൂലം, വിരോധം, തടസ്ഥം. -balance, *v.t.* പടിയൊപ്പിക്കുക; തുല്യബലത്താൽ തട്ടുക; തുല്യമാക്കുക. *n.* എതിർബലം, —തൂക്കം. -buff, *n.* ഉന്ത്, തള്ള്. *v.t.* തട്ടുക, ഉന്തുക. -charge, -case, -complaint, *n.* എതിരന്യായം. -charm, *n.* ഉച്ചാടനം, മാററ്മന്ത്രം. -draw, *v.t. ir.* (-drew, -drawn) വെച്ചുവരക്കുക. -fĕit, *n.* സാദൃശ്യം, പ്രതിമ; കൃത്രിമം, നിൎമ്മിതം; വേഷധാരി, ആൾമാററക്കാരൻ, ചതിയൻ. c.t coin കള്ളനാണ്യം. c.t note —നാണ്യപത്രം. *a.* പോലെയുള്ള, മാതിരിആയ; കൃത്രിമം—, കളവ്—, കപടഭാവമുള്ള, വേഷം കെട്ടിയ. *v.t.* അനുകരിക്കുക; കളവായുണ്ടാക്കുക; കള്ളഒപ്പിടുക; —നാണ്യം അടിക്കുക; നിൎമ്മിക്കുക. *v.i.* നടിക്കുക, ചതിക്കുക. -fĕit-ĕr, *n.* അനുകാരി, കള്ളഒപ്പിടുന്നവൻ; —നാണ്യം അടിക്കുന്നവൻ; വഞ്ചകൻ. -foil, *n.* (ചീട്ട്) കുററി. -irritation, *n.* പൊള്ളിക്കൽ, ചൂടുവെക്കൽ (*med.*). -lease, *n.* മറുപാട്ടാധാരം, മറുപാട്ടം (*l.*). -mand, *v.t.* വിപരീതം കല്പിക്കുക, കല്പന ദുൎബ്ബലപ്പെടു

ത്തുക; നിഷേധിക്കുക, വിരോധിക്കുക. *n.* വിരോധകല്പന, ഭംഗ്ലപ്പെടുത്തൽ, നീക്കം. -march, *v.i.* മടങ്ങിപ്പോക, തിരിച്ചു—. *n.* മടക്കം, പിന്തിരിവ്. -mine, *n.* മറുതുരങ്കം (*mil.*); —കൈ, പ്രത്യുപായം. *v. t.* മറുതുരങ്കംവെക്കു, ക (*mil.*); നിഷ്ഫലമാക്കുക, തടുക്കുക. -movement *n.* പ്രതിഗമനം, എതിർപ്രയോഗം. -natural, *a.* പ്രകൃതിവിരുദ്ധമായ, സ്വഭാവ—. -pane, *n.* പകൎപ്പ്, പ്രതിക, മറുരേഖ; കട്ടിൽ വിരിപ്പ്. -part, *n.* തുല്യഭാഗം, പ്രതി, ഇരണ, മറുരേഖ, പകൎപ്പ്; രൂപതുല്യൻ; ഗുണപൂരം, സഹായം. -plead, *v. t.* & *i.* എതിരായി വാദിക്കുക. -plot, *n.* പ്രത്യുപായം, കൊക്കക്ക് കൊടിൽ. -point, *n.* സ്വരമൊത്തരാഗം; കട്ടിൽതുണി. -poise, *n.* എതിൎത്തൂക്കം; തുല്യമായ എതിർ ബലം, വിരോധം; തുല്യഘനം. *v. t.* തൂക്കമൊപ്പിക്കുക; തുല്യശക്തിയോടെ എതിൎക്കുക, ഒപ്പമാക്കുക. -pole, *n.* നേരെ വിപരീതം, എതിർമുന. -sense, *n.* മാററൎത്ഥം. -seal, *n.* ഇരട്ടമുദ്ര. -sign, *v.t.* മേലൊപ്പ് വെക്കുക, സമ്മതയൊപ്പ്—. -signature, *n.* സമ്മതയൊപ്പ്. -stand, *n.* വിരോധം, എതിൎഭാവം. -statement, *n.* വിപരീതപ്രസ്താവം. -stroke, *n.* പകരത്തല്ല്, മറുകൈ. -term, *n.* വിപൎയ്യായപദം. view, *n.* അഭിമുഖസ്ഥിതി; വിരോധം. -vote, *v.t.* വിരോധാഭിപ്രായം പറക. *n.* എതിർചീട്ട്. -work, *v.t.* പ്രതികൂലം പ്രവൃത്തിക്കുക.

**Cŏun'try** (kun-), *n.* നാട്, ദേശം, പ്രദേശം, രാജ്യം; 2. സ്വന്ത—, ജന്മദേശം, സ്വ—; 3. തറ, നാട്ടുപുറം, ഉൾനാട്; 4. ദേശക്കാർ, —നിവാസികൾ, പൊതുജനം; 5. വ്യവഹാരപഞ്ചായക്കാർ, 'ജൂരി'. to put *or* throw one's self upon the country തെരിഞ്ഞെടുപ്പിന്ന് നില്ക്കുക; ജൂരിമുഖേനയുള്ള വിസ്താരത്തിന്ന് അപേക്ഷിക്കുക. c.-house, c.-seat ഉല്ലൂർ ഭവനം. c.-language സ്വഭാഷ. c. -life തറവാസം. c.-man ദേശക്കാരൻ, സ്വരാജ്യക്കാരൻ; തറക്കാരൻ. c.-woman നാട്ടുകാരത്തി; തറക്കാരത്തി. *a.* നാട്ടുപുറത്തുള്ള; നാഗരീകതചമില്ലാത്ത; സ്വരാജ്യസംബന്ധമായ.

**Coun'ty**, *n.* താലൂക്ക്.

**Coup** (kōō), *a.* പെട്ടന്നുള്ള പ്രവൃത്തി, —കാൎയ്യം. c.-de-grace (degrās) തലതെറുപ്പിക്കുന്ന വെട്ട്. c.-de-main (de man) പെട്ടന്നുള്ള ആക്രമം. c.-d'etat (de-tā') രാജ്യഭരണത്തിൽ പെട്ടന്നുള്ള മാററം.

**Cŏup'le** (kŭp'l), *n.* രണ്ട്, ഇരണ, ഇരട്ട; 2. ഇണ, ജോട്, കൂട്ടം, യുഗം, യുഗളം; 3. ഭാൎയ്യാഭൎത്താക്കന്മാർ, ദമ്പതിമാർ. *v.t.* തമ്മിൽ കെട്ടുക, യോജിപ്പിക്കുക, കൂട്ടിച്ചേൎക്കുക; 2. വിവാഹം കഴിപ്പിക്കുക. *v.i.* തമ്മിൽ ചേരുക, ഇണചേരുക, ഭോഗിക്കുക. =let, *n.* വൃത്തം, ശ്ലോകം, ശീരിണ. =ling, *n.* കടുക്ക്, കൊളുത്ത്. [നറുക്ക്.

**Cou'pŏn**, *n.* പലിശച്ചീട്ട്, ചീട്ട്മുറി,

**Cŏur'āġe** (kur'āj), *n.* മനസ്സ്, ശീലം, സ്വഭാവം; 2. ധൈൎയ്യം, ശൌൎയ്യം, ഉയിർ, നെഞ്ഞുറപ്പ്. *v. t.* ധൈൎയ്യപ്പെടുത്തുക. =ā-ġeŏus (-jus), *a.* ധൈൎയ്യം ഉള്ള, വീൎയ്യം—, മനസ്സുറപ്പ്—. =ā-ġeŏus-ly, *ad.* ധീരതയോടെ, ശൂരതയോടെ.

**Cour'i-ĕr** (kur-), *n.* ഓട്ടാളൻ, അഞ്ചല്ക്കാരൻ, ദൂതൻ; 2. പാന്ഥപരിചാരകൻ.

**Cōurse** (kōrs), *n.* ഗതി, ഓട്ടം, സഞ്ചാരം, ഗമനം, പോക്ക്; 2. വഴി, മാൎഗ്ഗം; 3. നിവൃത്തി, നിൎവ്വാഹം; 4. നട, സ്ഥിതി; 5. നടവടി, ചരിതം; 6. സമ്പ്രദായം, വഴക്കം; 7. രീതി, ക്രമം; 8. കൂട്ടം; 9. അനുക്രമം, തുടൎച്ച; 10. ഊഴം, മുറ; 11. വിളമ്പൽ, ഒരൂഴം വിളമ്പിയത്; 12. കല്പപ്പായി; 13. ആൎത്തവം. c. of exchange ദ്രവ്യവാണിഭസ്ഥിതി. in c. തുടൎച്ചയായി. of c. നിശ്ചയം—, തീൎച്ച—. a matter of c. സഹജമായ കാൎയ്യം. in the c. of ഇടയിൽ, മദ്ധ്യേ. in the c. of next month വരുന്നമാസത്തിന്നകം. in the c. of our conversation സംഭാഷണമദ്ധ്യേ. in due c. പതിവ് പോലെ, തക്കസമയം, ക്രമാനുസാരം. by

due c. of law നിയമാനുസാരം. a c. of lectures പാഠകാവലി. c. of study പാഠവിഷയം. mathematical c. ഗണിതവിദ്യാഭ്യാസം. in c. of time കാലക്രമേണ, ക്രമത്താലെ. there is no other c. വേറെ നിൎവ്വാഹം ഇല്ല. *v. t. & i.* പിന്തുടരുക, അനുഗമിക്കുക, പിന്നാലെ ഓട്ടുക; 2. ആട്ടുക, നായാട്ടുക; 3. പന്തയത്തിൽ ഓട്ടുക, പായുക. cōur'sing, *n.* നായാട്ട്. -r, *n.* ഓട്ടക്കാരൻ, വേട്ടക്കാരൻ; വേഗതയുള്ള കുതിര, പന്തയക്കുതിര, പടക്കുതിര; ഒരുവക പക്ഷി (*z.*).

**Cōurt** (kōrt), *n.* മുററം, പ്രാകാരം; 2. കോവിലകം, കൊട്ടാരം, അരമന, രാജമന്ദിരം; 3. —പരിവാരം; 4. —സഭ; 5. സേവ, വന്ദനം, മുഖസ്തുതി; 6. ന്യായസ്ഥാനം, ആസ്ഥാനം, 'കോടതി', കച്ചേരി; ന്യായസഭ; ന്യായാസനം; ന്യായാധിപൻ, ന്യായാധിപസംഘം; 7. കോടതിയധികാരം; 8. പന്തടിസ്ഥലം. to pay one's c. സേവിച്ചുനില്ക്കുക. to put out of c. വിചാരണ ചെയ്യാതിരിക്കുക. c.-breeding കോവിലകവഴക്കം. c.-craft —തന്ത്രം, —മറിമായം. c.-chaplain രാജപുരോഹിതൻ. c.-circular കോവിലകവൃത്താന്തപത്രം. c.-day കച്ചേരിദിവസം. c.-dress രാജസന്നിധിയിൽ ചെല്ലുമ്പോൾ ധരിക്കേണ്ടും ചമയം. c.-fool കോമാളി. c.-hand കച്ചേരിവടിവ്. c.-martial സൈനികവിസ്താരസഭ (*mil.*). c. of inquiry കാൎയ്യാന്വേഷക— (*l.*). c. of the Lord ദേവാലയം, പള്ളി. c.-yard മുററം. *v. t.* സേവ ചെയ്യുക, പൂജിക്കുക; 2. സ്ത്രീപ്രേമാൎത്ഥം യത്നിക്കുക; വിവാഹത്തിന്നു ചോദിക്കുക; 3. അപേക്ഷിക്കുക, യാചിക്കുക; 4. വശീകരിക്കുക, മോഹിപ്പിക്കുക. -'eōus (-'yus), *a.* ഉപചാരഭാവം ഉള്ള, സന്മൎയ്യാദ—. -'eōus-ness, *n.* അനുനയം, ലോക്യം. -iër (-yĕr), *n.* സ്ത്രീസേവകൻ; വിവാഹതല്പരൻ; മുഖസ്തുതിക്കാരൻ. =te-san, =te-zan, *n.* ഗണിക, പരസ്ത്രീ, വേശ്യ. cŏur'te-sy, *n.* ലോക്യം, ആചാരം, നയശീലം; വന്ദനം, വണക്കം; ഉപകാരം, ഗുണം, കൃപ; സൌജന്യം, ബഹുമാനം. c.y title നാമപദവി. -'iër (-'yĕr), *n.* രാജഭൃത്യൻ, കോവിലകക്കാരൻ; ഉപകാരാൎത്ഥി, ആശ്രിതൻ. -'li-ness, *n.* സദാചാരം, നയശീലം. -'ly, *a.* ഉപചാരം ഉള്ള, മൎയ്യാദ—. -'ship, *n.* സേവ, പൂജ; അംഗനാൎത്ഥനം, പെണ്ണ് ചോദിക്കൽ.

**Cōus'in** (kuz'n), *n.* (സംക്ഷേപരൂപം: coz.) ജ്യേഷ്ഠാനുജജ്യേഷ്ഠത്തിയനുജത്തിമക്കൾ തമ്മിലുള്ള സംബന്ധം, ജ്യേഷ്ഠൻ, ജ്യേഷ്ഠത്തി, അനുജൻ, അനുജത്തി; 2. മച്ചൂനൻ, മച്ചൂനച്ചി, ദായാതി. first c., c. german ജ്യേഷ്ഠാനുജമക്കൾ, ജ്യേഷ്ഠത്തിയനുജത്തി—.

**Cōve**, *n.* ഉള്ളറ, മട, പള്ളം; 2. ഉൾക്കടൽ, അഴിമുഖം.

**Cŏv'e-nant**, *n.* ഉടമ്പടി, ഉഭയസമ്മതം, സന്ധിനിയമം; 2. നിയമം (*Bl.*); 3. പ്രതിജ്ഞ, നിശ്ചയം; 4. കരാർ, നിശ്ചയരേഖ, കരാർലംഘന വ്യവഹാരം (*l.*). arc of c. സാക്ഷ്യപ്പെട്ടകം (*Bl.*). *v. i. & t.* ഐകമത്യപ്പെടുക, പ്രതിജ്ഞ ചെയ്ക, വാഗ്ദത്തം—. -ĕr, *n.* ഉടമ്പടിക്കാരൻ.

**Cŏv'en-try**, *n.* ഇംഗ്ലാന്തിലെ ഒരു പട്ടണം. c.-blue നല്ല നീലനൂൽ. to send to c. പന്തിവൎജ്ജനം ചെയ്ക.

**Cŏv'ĕr**, *v. t.* മൂടുക, പുതെക്കുക, പൊതിയുക; 2. രോക്കുക; 3. ധരിക്കുക; 4. മറെക്കുക; 5. പൊരുന്നുക; 6. മുക്കിക്കളയുക, കവിഞ്ഞൊഴുകുക; 7. കാക്കുക, സംരക്ഷണം ചെയ്ക; 8. മറന്നുകളക, ക്ഷമിക്കുക, മോചിക്കുക; 9. എത്തുക, മതിയാക, ഒപ്പമാക, കൊള്ളുക, പററുക; 10. സംബന്ധിക്കുക; 11. തലമൂടുക, തലയിൽ ഇടുക; 12. ഇണചേരുക. to c. ground, to c. distance കടന്നുപോക, ദൂരം—. to c. into മാററിവെക്കുക. *n.* ഉറ, മൂടി, അടെപ്പ്, വിരിപ്പ്, പടലം, ലക്കോട്ട്; 2. പുതപ്പ്, മറ, മൂടുപടം, വേഷം; 3. മറവ്, രക്ഷ, ശരണം; 4. കാട്; 5. തീൻപാത്രം. to break c. മടയിൽനിന്ന് പുറത്തിറങ്ങുക. under c. ഉറക്കകത്ത്. -iṅg, *n.* മൂടി, ഉറ; മറവ്; മേല്പുര; പുതപ്പ്, ഉടുപ്പ്. c.g party കാവൽസൈന്യം. -let, *n.* വിരിപ്പ്, കിടക്കത്തുണി; മൂടി.

**Cŏv'ĕrt**, *a.* ഒളിവില്ലുള്ള, സ്വകാര്യം ആയ, ഗൂഢം—; 2. ഏകാന്തം—, മറവുള്ള; 3. രക്ഷയിങ്കീഴുള്ള. **feme-c., c.-baron** ഭൎത്തൃരക്ഷയിലുള്ള സ്ത്രീ, മംഗല്യ—. *n.* രക്ഷാസ്ഥലം, ശരണം, സങ്കേതം. **-ly**, *ad.* സ്വകാര്യം ആയി, ഗുപ്തം—. **-ness**, *n.* ഗോപ്യം, രഹസ്യം. **=tūre**, *n.* മറവ്, ശരണം, ഗോപനം; മംഗല്യാവസ്ഥ, വിവാഹിത സ്ത്രീനില.

**Cŏv'et**, *v. t.* ആഗ്രഹിക്കുക, കാംക്ഷിക്കുക; 2. മോഹിക്കുക, കൊതിക്കുക. **-ā-ble**, *a.* മോഹനീയം ആയ, കാമ്യം—. **=e-tŏus**, *a.* ആശയുള്ള, ഇച്ഛ—; ലോഭം—, ദുർമ്മോഹം—. **=tŏus-ly**, *ad.* അത്യാശയോടെ, ലുബ്ധോടെ. **=tŏus-ness**, *n.* ആകാംക്ഷ; അതിമോഹം; പൊന്നാശ, ഒയ്യാഗ്രഹം.

**Cŏv'ey** (ku'vi), *n.* ഒന്നായി മുറിഞ്ഞു കിഴിഞ്ഞ പക്ഷിക്കുട്ടികൾ, പക്ഷിക്കൂട്ടം; 2. സമൂഹം, സുന്ദരിസമൂഹം.

I. **Cow**, *n.* പശു, ഗോ, കാലി, മാട്, എരുമ; 2. പെൺകടലാന, —തിമിംഗലം; 3. കടൽപശു. **young c.** ആനാവ്, കടച്ചി, പശുക്കിടാവ്. **jungle c.** കാട്ടെരുമ. **c.-boy, c.-herd** കാലിച്ചെറുക്കൻ, ഗോപാലൻ; കവച്ചക്കാരൻ. **c.-dung** ചാണകം, ചാണം. **c.-feeder** പാല്ക്കച്ചവടക്കാരൻ. **c.-hearted** ഭീരുവായ. **c.-hide** പശുവിന്തോൽ, മൃരി—; തോൽചമ്മട്ടി. **c.-hage, c.-itch** നായ്ക്കുരണ (*b.*). **c.-leech** പശുവൈദ്യൻ. **c.-pox** ഗോവസൂരി. **c.-house** പശുവാല, തൊഴുത്ത്.

II. **Cow**, *v. t.* മെരിട്ടുക, അരട്ടുക; 2. കീഴമൎത്തുക.

**Cow'ard** (-ĕrd), *n.* ഭീരു, പേടിക്കുടലൻ, പേടിക്കാരൻ; 2. പൊണ്ണൻ. **-ice, -li-ness**, *n.* ഭീരുത്വം, പേടി. **-ly**, *a.* ഭീരുവായ, പേടിയുള്ള. *ad.* ഭീരുതയോടെ.

**Cow'ĕr**, *v. i.* ഉക്കാറു കത്തിരിക്കുക, ഉക്കിച്ചു—, പതുങ്ങുക; 2. പെടിച്ചുമിറുകുക.

**Cowl**, *n.* മഠസന്ന്യാസിത്തൊപ്പി.

**Cow'rie, cow'ry**, *n.* കവടി, കവിടിപ്പുരൽ.

**Cox'cōmb** (-kōm), *n.* മാച്ചാൻ തൊപ്പി; 2. മൂൎദ്ധാവ്, തല; 3. സുന്ദരവിഡ്ഢി; 4. വിദ്യാനാട്യക്കാരൻ.

**Coy**, *a.* അച്ചടക്കം ഉള്ള; 2. ലജ്ജാശീലം—, ശങ്ക—; 3. അടുത്തുകൂടാത്ത; 4. മാൎദ്ദവം ഉള്ള, സൌമ്യത—. *v. t.* വശീകരിക്കുക, ആകൎഷിക്കുക്; 2. തലോട്ടുക, ഓമനിക്കുക. **-'ness**, *n.* ശങ്ക, നാണം; അടക്കം, ഒതുക്കം; മുരട്ട് ശീലം.

**Coz**, *n.* *see* **Cousin**.

**Coz'en** (kuz'n), *v. t.* & *i.* തോല്പിക്കുക, മയക്കുക. **-āge**, *n.* ഉപായം, ചതി. **-ĕr**, *n.* വഞ്ചകൻ, മായാവി.

**Cō'zy**, *a.* ചൂടുള്ള; ചെറിയ; സുഖമുള്ള; തൃപ്തികരമായ; 2. വാചാലത്വം ഉള്ള; ഇണക്കം—; സല്ലാപതാല്പൎയ്യം—.

I. **Crab**, *n.* ഞണ്ട്, കൎക്കടം, കുളീരം (*z.*); 2. കൎക്കിടകരാശി (*as.*). **river c.** പുഴഞണ്ട്. **sea c.** കടൽ—. **black c.** വയൽ—. **c.-louse** ശീലപ്പേൻ, ചെള്ളപ്പേൻ, വെള്ളപ്പേൻ.

II. **Crab**, *v. t.* പുളിപ്പിക്കുക; 2. മുഷിപ്പിക്കുക, കൈപ്പാക്കുക. *a.* പുളിപ്പുള്ള; പരുഷം ആയ; ഖണ്ഡിതം—. **c.-faced** മുഖം വീൎപ്പിച്ച, —ഘനപ്പിച്ച, മുഷിച്ചലുള്ള. **-'bed**, *a.* പുളിരസം ഉള്ള; നീരസഭാവം—, ദുശ്ശീലം—, വെറുതിപിടിച്ച, കടിച്ചെത്തുന്ന; ചവൎപ്പുള്ള, വിരസം ആയ; വിഷമം—; വൃത്തികെട്ട. **='bed-ness**, *n.* കട്ടപ്പം; വിരസം; പ്രയാസം.

**Crack**, *v. t.* പൊട്ടിക്കുക, ചീന്തുക; 2. ദുഃഖിപ്പിക്കുക, വ്യസനം വരുത്തുക, ബുദ്ധിഭ്രമം—; 3. ശബ്ദിപ്പിക്കുക; 4. തമാശപറക; 5. (up) വളൎത്തിപ്പറക, പുകഴ്ത്തുക. **to c. a bottle** കുടിക്കുക. **to c. a crib** ചുമർ മുറിക്കുക, തുരക്കുക. **to c. on** വൎദ്ധിപ്പിക്കുക. *v. i.* ചീന്തിപ്പോക, പൊട്ടിപ്പോക; 2. നശിച്ചുപോക, പൊളിഞ്ഞു—; 3. മുഴങ്ങുക; 4. (of) വമ്പ് പറക, വീമ്പ്—, നാമൃസ്സ്—. *a.* മികച്ച, ശ്ലാഘനീയമായ. *n.* പൊട്ട്, വിള്ളൽ; 2. ഭംഗം, കറവ്; 3. ഒച്ച; 4. പുരുഷസ്വരം; 5. തലക്കാച്ചൽ, ചിത്തഭ്രമം; 6. അരഭ്രാന്തൻ; 7. വമ്പ്, പൊങ്ങച്ചം; 8. പാ

തിവ്രത്യഭംഗം; 9. ചുണ്ണയുള്ളകട്ടി; 10. നൊടിനേരം; 11. നേരമ്പോക്ക്, സല്ലാപം. c.-brained നൊസ്സുള്ള. c.s'man അറമുറിയൻ, പാരക്കാരൻ. -'ĕr, *n.* പൊട്ടിക്കുന്നവൻ; പൊങ്ങച്ചക്കാരൻ; ചടകം, പടക്കം; ഉണക്കപ്പം. -'le, *v.i.* കിറുകിറുക്കുക, ഞെരിയുക. -'ling, -'le, *n.* കിറുകിറുശബ്ദം, പടപട—; പിഞ്ഞാണപാത്രത്തിന്നുള്ള ഞെരിച്ചൽ.

Crā'dle, *n.* ആട്ടുകട്ടിൽ, തൊട്ടിൽ; 2. ഉറവിടം, ഉത്ഭവസ്ഥാനം; 3. ശിശുത്വം, ശൈശവം. *v.t.* തൊട്ടിലിൽ കിടത്തുക, തൊട്ടിലാട്ടുക; 2. പോററിവളർത്തുക. *v.i.* തൊട്ടിലിൽ കിടക്കുക.

Craft, *n.* ഊക്ക്, ബലം; 2. കൌശലം, കൈത്തൊഴിൽ; 3. ഒരേപ്രവൃത്തിക്കാർ, തൊഴിൽവൎഗ്ഗം; 4. കസൂതി, കപടം, വ്യാജം; 5. കപ്പൽ, ഉരു. small c. ചെറുതരം ഉരുക്കൾ. c.s'man കൈത്തൊഴിൽകാരൻ, കൈവേലക്കാരൻ. ='ti-ly, *ad.* ഉപായത്തോടെ, കൌശലത്തോടെ. ='ti-ness, *n.* ഉപായം, ദുൎയ്യുക്തി, കൌശലം, കൌടില്യം. ='ty, *a.* നൈപുണ്യംഉള്ള, ഉപായം—, കയുക്തി—.

Crag, *n.* കട്ടുത്തുക്കമുള്ള പാറ, കത്തനെനില്ക്കുന്ന—; 2. കഴുത്ത്, കണ്ഠം. -'ged, -'gy, *a.* പാറഉള്ള; പരുപരുപ്പ്—, വിഷമം—. -'ged-ness, *n.* പരുപരുപ്പ്, വൻപാറക്കഷണം, കട്ടുന്തുക്കപ്പാറ.

Crāke, *v.t.* & *i.* ശബ്ദിക്കുക, ഉറക്കെനിലവിളിക്കുക; 2. വമ്പ് പറക, പ്രശംസിക്കുക. ='ĕr, *n.* നാമൂസ് കാരൻ.

Cram, *v.t.* (with) അമൎത്തിനിറക്കുക, കത്തി—; 2. മൂക്കോളം തിററുക, മട്ടുപ്പ് വരുവോളം—; 3. മനഃപാഠം ചെയ്യിക്കുക, തലയിൽ കത്തിക്കയററുക. *v.i.* ആൎത്തിയോടെ തിന്നുക, കത്തിനിറക്കുക; 2. തല്ക്ഷണാവശ്യാൎത്ഥം പഠിക്കുക. *n.* തലയിൽ കത്തിക്കയററൽ; കാണാപ്പാഠം പഠിച്ചവിദ്യ. -'ming, *n.* തല്ക്ഷണവിദ്യാഭ്യാസം; മനഃപാഠവിദ്യ. -'mĕr, *n.* ക്ഷണികവിദ്യാൎത്ഥി.

Cramp, *n.* മുറുക്ക്, തടസ്ഥം, മുടക്കം; 2. പട്ട, ചങ്ങല, കൊളുത്ത്; 3. മുറുക്ക് ചട്ടം, —സൂത്രം (*carp.*) 4. മീൻപാച്ചൽ, വണ്ണവലി, കുച്ചൽ (*med.*). *v.t.* ഒതുക്കിവെക്കുക, അമൎത്തി—, കുച്ചുക, തടസ്ഥം ചെയ്ക; 2. പട്ടയിട്ട് മുറുക്കുക; 3. കൂട്ടിക്കെട്ടുക, സംയോജിപ്പിക്കുക; 4. മീൻപാച്ചൽ എട്ടപ്പിക്കുക, കോച്ചിവലിക്കുക. ='py, *a.* കുച്ചിവലിക്കുന്ന, മീൻപാച്ചലുള്ള.

Crāne, *n.* കൊക്ക്, കൊച്ച, കൊററി, ബകം (*z.*); 2. തിരിപ്പ് കയററ് യന്ത്രം; 3. തിരിപ്പ് കുഴൽ. *v.t.* (up) വലിച്ചുകയററുക; 2. കഴുത്തുയൎത്തുക. *v.i.* ഏന്തിനോക്കുക.

Crā'ni-um, *n.* തലയോട്, മണ്ട, കപാലം, മസ്തകം. crā'ni-al, *a.* തലയോട് സംബന്ധിച്ച. cra'ni-ol-o-gy, *n.* കപാലവിദ്യ, —ശാസ്ത്രം.

Crānk, *n.* കൈപ്പിടി; 2. വഴിതിരിച്ചൽ, തിരിപ്പ്, മറി; 3. വക്രോക്തി, വ്യാജം; 4. തന്നിഷ്ടം, താന്തോന്നിത്വം, മുൻകോപം; 5. മനോലോലത്വം, മനശ്ചാപല്യം; 6. രോഗി. *a.* രോഗിയായ; 2. ചുരുചുരുപ്പ് ഉള്ള, ധൈൎയ്യം—. *v.i.* വളഞ്ഞുപുളഞ്ഞു ഒഴുകുക, ചുററിപ്പോക. ='ki-ness, -'ness, *n.* എളുപ്പത്തിൽ കമിഴ്ന്നുപോകുന്നസ്ഥിതി (*naut.*); ശക്തി, ചൈതന്യം, സൌഖ്യം. -'ky, *a.* ബലം ഉള്ള, ചുണ—; തോന്നിയവാസം—, അസാധാരണാഭിപ്രായം—. -'kle, *v.t.* & *i.* വളയുക, തിരിയുക.

Cran'ny, *n.* വിള്ളൽ, ചീന്തൽ, വിടവ്. *v.i.* വിണ്ട് പോക, ചീന്തിപ്പോക; 2. വിള്ളലിൽ കൂടി കടക്കുക.

Crāpe, *n.* കറുത്തപട്ട് ചുരുൾതുണി. *v.t.* ചുരുട്ടുക, ചുരുളാക്കുക.

Cra-pū'lence, *n.* മദ്യപാനരോഗം, ലഹരി. =pū-lŏus, *a.* കുടിച്ചുബോധമില്ലാത്ത, ലഹരിയുള്ള.

Crash, *v.t.* പൊട്ടിക്കുക, തകൎക്കുക. *v.i.* ചടചടശബ്ദത്തോടെ വീണുപൊട്ടുക, തകൎന്നുപോക. *n.* ഝടഝടശബ്ദം, പൊട്ടൽ; 2. നാശം, പൊളിച്ചൽ.

Crā'sis, *n.* രസസമ്മിശ്രണം; ദേഹാവസ്ഥ, ശരീരക്കൂറ്, പ്രകൃതി; 2. സ്വരസന്ധി (*gr.*).

**Crass**, *a.* വണ്ണമുള്ള, പരുത്ത. c. ignorance പട്ടമൂഠാളത്വം.

**Cratch**, *n.* ആലവല്ലം, പശുത്തൊട്ടി, പുല്ലൂട്.

**Crāte**, *n.* വള്ളിക്കൊട്ട. [യി.

**Crā'tĕr**, *n.* അഗ്നിപൎവ്വതമുഖം, —വാ

**Crāunch** (kränsh), *v.t.* കടിച്ചു മുറിച്ചുതിന്നുക.

**Cra-vat'**, *n.* കണ്ഠവസ്ത്രം, കഴുത്ത് പട്ട.

**Crāve**, *v.t.* കെഞ്ചിയാചിക്കുക, മുട്ടിച്ചപേക്ഷിക്കുക; 2. കാംക്ഷിക്കുക, തിരക്കാക്കുക. =′ĕr, *n.* അൎത്ഥി, യാചകൻ, ഇഷ്ടു. =′ving, *n.* അഭിലാഷം, ആഗ്രഹം, കൊതി. -′ness, *n.* അത്യാഗ്രഹം, മോഹം.

**Crā'ven**, *n.* ഭീരു, ചുണകെട്ടവൻ.

**Cra̤w**, *n.* മിടറ, പൊട്ടി; 2. തീൻപണ്ടം. [റ്റാക്കൊഞ്ചൻ.

**Cra̤w'fish** (kra̤′-), **crāy'fish**, *n.* ചി

**Cra̤wl** (kra̤l), *v. i.* ഇഴയുക, മുട്ടിട്ടിഴയുക, നിരങ്ങുക; 2. പതുക്കെ നടക്കുക, പേടിയോടെ—; 3. അതിവണക്കം കാണിക്കുക, പൂജിക്കുക. *n.* ഇഴച്ചൽ; 2. കണ്ടിതട്ടത്ത് മീൻപിടിക്കൽ. -ĕr, *n.* പാദപൂജകൻ; ഇഴജന്തു (*z.*).

**Crāy'on**, *n.* ഛായക്കോൽ, ചിത്രക്കോൽ.

**Crāze**, *v. t.* ഉടെക്കുക, തകൎക്കുക, പൊടിയാക്കുക; 2. കേട് വരുത്തുക, ബലഹീനമാക്കുക; 3. ചിത്തഭ്രമം വരുത്തുക. *v. i.* ഭ്രമിച്ചുപോക, ബുദ്ധിഭ്രമം ഉണ്ടാക. *n.* ഭ്രമത; 2. തോന്നൽ, മായാവിചാരം; 3. ഭ്രമം, മോഹം. =′zi-ness, *n.* പൊളിച്ചൽ, ക്ഷീണം, ക്ഷയം; തലകാച്ചൽ, ഭ്രാന്ത്. =′zy, *a.* ക്ഷീണിച്ച, ബലഹീനമായ, പൊളിഞ്ഞ; ബുദ്ധിക്ക് തരക്കേടുള്ള.

**Crēak** (krēk), *v. i.* കിറുകിറുക്കുക, കരയുക. *v. t.* കിറുകിറുക്കിക്കുക. -′y, *a.* കിറുകിറുക്കുന്ന, കരയുന്ന.

**Crēam** (krēm), *n.* പാല്പാട, മണ്ഡം; 2. പാട, സാരം; 3. പാൽപലഹാരം. c. faced മഞ്ഞളിച്ച; ഭയമുള്ള. -′y, *a.* പാല്പാടഉള്ള, സാരം—, മിനുക്കം—.

**Crēase** (krēs), *n.* മടക്ക്, ചുളിവ്, ചുളുക്ക്. *v. t.* മടക്കുക, ഞെറിയുക, ചുളുക്കുക.

**Crē-āte'**, *v. t.* സൃഷ്ടിക്കുക, ഉണ്ടാക്കുക, നിൎമ്മിക്കുക; 2. കാരണം ആയിരിക്കുക, ഹേതു—, രൂപിക്കുക, ഉരുവാക്കുക, പുതുക്കുക; 3. നിയമിക്കുക, ആക്കുക, പദവികൊടുക്കുക. =ā'tiŏn, *n.* സൃഷ്ടി, ലോകസൃഷ്ടി, നിൎമ്മാണം; വിശ്വം, ചരാചരം; നിശ്ചയം, നിയമിക്കൽ; പദവികൊടുക്കൽ. =ā'tor, *n.* സ്രഷ്ടാവ്, പടച്ചവൻ, നിൎമ്മാതാവ്. **crēa'tūre** (krē'tūr), *n.* പടപ്പ്, സൃഷ്ടി, ജീവപ്രാണി; മനുഷ്യൻ, ആൾ; ആശ്രിതൻ, ദാസൻ, ശരണാഗതൻ; ആയുധം, പാവ; കുതിര, കാള, etc. c.e-comforts അന്നവസ്ത്രാദികൾ. poor c.e സാധു. pretty c.e സുന്ദരി. sweet c.e ഓമന. [വായ.

**Crē'ā-tic**, *a.* മാംസാഹാരത്താൽ ഉള

**Crē'dence**, *n.* വിശ്വാസം, ആശ്രയം; 2. വിശ്വാസ്യം, പ്രമാണം; 3. തളിക; പലക (*R. C.*). letter of c. അധികാരപത്രം. =den-dum, *n.* വിശ്വാസപ്രമാണം. =dent, *a.* വിശ്വാസമുള്ള; വേഗം വിശ്വസിക്കുന്ന; വിശ്വാസയോഗ്യതയുള്ള, പ്രാമാണ്യമായ. =den'tial, *n.* വിശ്വാസയോഗ്യത, —സാക്ഷ്യം; (*pl.*) സാക്ഷ്യപത്രം, അധികാര—. **cred'i-ble**, *a.* വിശ്വാസ്യം ആയ, പ്രാമാണ്യം—. **cred'i-ble-ness, cred-i-bil'i-ty**, *n.* വിശ്വാസയോഗ്യത. =dū'li-ty, *n.* ക്ഷണവിശ്വാസം, വകതിരിവില്ലാത്ത—. **cred'ū-lŏus**, *a.* കേട്ടമാത്രക്ക് വിശ്വസിക്കുന്ന, കേട്ടതൊക്കയും—, പച്ചപ്പരമാൎത്ഥിയായ.

**Cred'it**, *n.* വിശ്വാസം; 2. കീൎത്തി, നാണ്യം; 3. ഗുരുത്വം; നേർ, വിശ്വസ്തത; 4. ബഹുമാനം; 5. ജനസ്വാധീനം, —രഞ്ജന; 6. വ്യാപാരവിശ്വാസം, കടം കിട്ടൽ; 7. കടത്തിന്നുള്ള അവധി; 8. വരവ് കണക്ക്, കണക്കിൽ വരവ്ഭാഗം (*com.*). take upon c. കടം വാങ്ങുക. to pass to one's c. പേരിൽ വരവ് പിടിക്കുക. letter of c., circular letter of c. പണച്ചീട്ട്, അവാൽ. it

does you c. അത് നിങ്ങൾക്ക് മാനം തന്നെ. *v.t.* വിശ്വസിക്കുക, പ്രമാണിക്കുക; 2. മാനംവരുത്തുക; 3. കണക്ക് പുസ്തകത്തിൽ വരവ് പിടിക്കുക. to c. with ബഹുമാനംകൊടുക്കുക. ='i-ta-ble, *a.* വിശ്വാസ്യം ആയ; മാനയോഗ്യം—; ശ്ലാഘനീയം—, ബഹുമാനമുള്ള. ='i-ta-bly, *ad.* വിഹിതം ആയി, യോഗ്യം—, മാനം—. ='i-ta-ble-ness, *n.* ബഹുമാനയോഗ്യത. ='i-tŏr, *n.* വാക്ക് വിശ്വസിക്കുന്നവൻ; കടം കൊടുത്തവൻ, മുതലാളി.

Crēed, *n.* വിശ്വാസം, വിശ്വാസപ്രമാണം, മാൎഗ്ഗോപദേശസാരം.

Crēek, *n.* ഉൾക്കടൽ, കടൽപള്ള; 2. ചെറുപുഴ; 3. വളവ്.

Crēep, *v.i. ir.* (crept, crept) ഇഴയുക, ഇരിയുക, അരിച്ചുനടക്കുക, ഇഴഞ്ഞു—; 2. പതുങ്ങി—, പേടിയോടെ—; 3. നുഴഞ്ഞുവരിക, അറിയാതെകണ്ട്—; 4. പൂജിക്കുക; 5. പടരുക; 6. കോൾമയിർ കൊള്ളുക. -'ẽr, *n.* വള്ളി, ലത (*b.*); ഇഴജാതി, കൃമി (*z.*). c.r-hole അള, മട; ഒഴികഴിവ്. -'ing-ly, *ad.* പതുങ്ങിക്കൊണ്ട്.

Cre-mā'tiŏn, *n.* ശവദഹനം, —ദാഹം. =māte', *v.t.* ശവം ദഹിപ്പിക്കുക. =mā'tŏr-y, *n.* ചുട്ടുകാട്, ചുടല; ശവദാഹമന്ധപം.

Crep'i-tāte, *v.i.* കിറുകിറുക്കുക, ഞെരിയുക. =tā'tiŏn, *n.* കിറുകിറുപ്പ്, പൊട്ടൽ.

Crē-pus'cū-lar, =cū-lŏus, *a.* സന്ധ്യാവെളിച്ചമുള്ള; 2. നല്ലവണ്ണം കാണാത്ത.

Crept, *p.t. of* Creep.

Cres'cent, *n.* അൎദ്ധചന്ദ്രൻ, പഞ്ചമി—; 2. അൎദ്ധചന്ദ്രാകൃതി; 3. തുൎക്കിരാജചിഹ്നം. *a.* അൎദ്ധചന്ദ്രാകാരമുള്ള; വൎദ്ധിച്ചുവരുന്ന.

Cres'cive, *a.* വളരുന്ന, വൎദ്ധിക്കുന്ന.

Cres'set, *n.* തീക്കുടുക്ക, തീക്കുററി, ഒരു വക പന്തം.

Crest, *n.* ശിഖ, കോഴിപ്പൂ, ചൂഡ; 2. ശിരസ്സ്രുഭൂഷണം, തലക്കോരിക; 3. തിരമുകിൽ; 4. പൎവ്വതശിഖരം; 5. ധൈൎയ്യം, ശൌൎയ്യം. c.-tile മുകൾഓട്, പാത്തി—. c.-fallen തലതാഴ്ത്തിയ, ധൈൎയ്യമില്ലാത്ത, ഖിന്നഭാവമുള്ള. -'ed, *a.* ശിരസ്സ്രാലങ്കാരം ഉള്ള, ചൂഡ—. -'less, *a.* മുകുടമില്ലാത്ത; കുലഹീനനായ.

Crē-tā'ceŏus (-shus), *a.* ചുണ്ണാമ്പ് ഉള്ള, ചുണ്ണാമ്പ് ഗുണം—. [വ്യാജം.

Cre'ti-cism, cre'tism, *n.* കളവ്,

Crev'et, *n.* മൂശ.

Crev'ice, *n.* വിള്ളൽ, വിടവ്, ചീന്ത്.

Crew (kru), *n.* സമൂഹം, സംഘം; 2. കപ്പല്പണിക്കാർ, 'കലാശി'കൾ; 3. വൎഗ്ഗം, കൂട്ടം.

Crew'el, *n.* റുല്യണ്ട. c. work ഒരു വക ചിത്രത്തയ്യൽ.

Crib, *n.* വല്ലം, തൊട്ടി; 2. ആല, തൊഴുത്ത്; 3. കട്ടിക്കട്ടിൽ; 4. പത്തായം; 5. കുടിഞ്ഞിൽ, ചെററപ്പുര; 6. മരത്തിരപ്പം; 7. മോഷണം, അപഹൃതം; 8. പാഠസഹായപ്പുസ്തകം. *v.t.* കൂട്ടിലിടുക; 2. മോഷ്ടിക്കുക; 3. ഗ്രന്ഥത്തിൽനിന്നു പകൎത്തെടുക്കുക.

Crib'ble, *n.* ചല്ലട, അരിപ്പ. *v.t.* അരിക്കുക, ചേറുക.

Cri-brā'tiŏn, *n.* അരിക്കൽ, തെള്ളൽ.

Crick, *n.* കിറുകിറുശബ്ദം; 2. കഴുത്തുളുക്ക്, ഞരമ്പുപിടക്കൽ, —വലി.

Crick'et, *n.* മണ്ണട്ട, ചീരാങ്കീരി; 2. പലക, മുക്കാലി, നാല്ക്കാലി; 3. പന്തടിക്കളി, 'ക്രിക്കററ്'.

Crī'ẽr, *see under* Cry.

Crīme, *n.* നിയമലംഘനം, തെററ്; 2. കുററം, പാതകം; 3. ദുഷ്ടത, പാപം. capital c. മരണശിക്ഷക്ക് ഹേതുവായ കുററം. heinous c. ഏററകുററം. -'ful, *a.* കുററകരമായ, ദുഷ്ടതയുള്ള. -'less, *a.* കുററമില്ലാത്ത, നിരപരാധിയായ. crim'-i-nal, *n.* കുററക്കാരൻ, പാതകൻ. *a.* പാതകം ആയ, പാപം—; കുററകരം—. കുററനിയമസംബന്ധമായ, 'ക്രിമിനാൽ'

(*l.*). c.l action 'പോലീസ്സ്', 'പോലീസ്സന്യായം' (*l.*). c.l conversation വ്യഭിചാരകററം (*l.*). c.l law പോലീസ്സ് നിയമം, ലംഘന—. crim-i-nal'i-ty, *n.* കുററം, ശിക്ഷായോഗ്യത. crim'i-nal-ly, *ad.* കററകരമായി, ലംഘനനിയമപ്രകാരം. crim'i-nāte, *v. t.* കുററം പറക, —ചുമത്തുക; കുററത്തിൽ ഉൾപ്പെടുത്തുക, കുററക്കാരനാക്കിത്തീക്കുക. crim-i-nā'-tion, *n.* കുററാരോപണം, അന്യായപ്പെടൽ.

**Crimp,** *v. t.* മടക്ക് മടക്കാക്കുക, ഞെറിക്കുക; 2. നുള്ളിപ്പിടിക്കുക; 3. സൈന്യത്തിൽ ഉപായത്താൽ എഴുതിക്കുക. *n.* കരിക്കച്ചവടക്കാരൻ; 2. കപ്പൽചേകത്തിൽ ആളുകളെ ചതിച്ചുചേക്കുന്നവൻ; 3. ചുരുണ്ടതലമുടി. *a.* പൊടിഞ്ഞുപോകുന്ന, ഭംഗുരം ആയ; 2. ബലഹീനം—; പരസ്പരവിരുദ്ധം—, അയുക്തി—.

**Crim'ple,** *v. t.* ചുളുക്കുക, ചുരുട്ടുക. crim'py, *a.* ചുരുണ്ട.

**Crim'son** (-zn), *n.* കടുഞ്ചുവപ്പ്, രക്തവണ്ണം. *a.* കരിഞ്ചുവപ്പായ, ലോഹിതവണ്ണമുള്ള. *v. t.* ചുവപ്പിക്കുക. *v. i.* രക്തവണ്ണമാക, മുഖം ചുവക്കുക, —കരുവാളിക്കുക.

**Crin'cum,** *n.* പിരി, വളവ്.

**Cringe,** *v. i.* താണുവീണുവണങ്ങുക, പൂജിക്കുക. *v. t.* വളക്കുക, കോട്ടുക. *n.* ദണ്ഡനമസ്കാരം, പാദസേവ. -'ling, *n.* പാദപൂജകൻ. ='gėr, *n.* പാദസേവകൻ

**Cri-nig'ėr-ous,** *a.* രോമമുള്ള.

**Cri'nīte,** *a.* കട്ടമയുള്ള, രോമോപമമായവാലുള്ള. -ni-tor-y, *a.* രോമസംബന്ധമായ.

**Crin'kle,** *v. t.* ചുളുക്കുക, ചുരുട്ടുക. *v. i.* ചുറവുക, ഞെറിവുണ്ടാക. *n.* വളവ്, ചുളിപ്പ്. =kled, *a.* വളഞ്ഞുപുളഞ്ഞ.

**Crin'ō-līne** (-lēn), *n.* സ്ത്രീകളുടെ അടിപ്പാവാട, അകവസ്ത്രം.

**Crip'ple,** *n.* അംഗഹീനൻ, മുടന്തൻ, തൊത്തക്കയ്യൻ. *v. t.* അംഗഭംഗം വരുത്തുക, മുടന്ത് ആക്കുക; 2. ബലമില്ലാതെ—, പ്രാപ്തിയില്ലാതെ—. =pled, *a.* നൊണ്ടിയായ. -ness, *n.* മുടന്ത്, ഊനം.

**Crī'sis,** *n.* ലഗ്നം, മുഹൂർത്തം; 2. സന്ധ്; 3. രോഗാധിക്യം, അത്യാസന്നം.

**Crisp,** *a.* ചുരുണ്ട; 2. ഓളമുള്ള; 3. ഉതിന്നുപോകുന്ന, അടന്നു—; 4. വാടാത്ത, പച്ചയായ; 5. പതക്കുന്ന, വീയ്യമുള്ള; 6. ജ്വലിച്ചു കത്തുന്ന. *v. t.* ചുരുട്ടുക, മെടയുക; 2. ചുളിക്കുക, ഓളമുണ്ടാക്കുക; 3. മൊരിക്കുക. *v. i.* മോതയുണ്ടാക, ഇളകിക്കൊണ്ടിരിക്കുക. -ā'tion, *n.* മൊരി, നുറുങ്ങൽ, ചുരുട്ടൽ; ഞരമ്പ് വലി (*med.*). -'ness, *n.* ചുരുള് മുടി; ഭംഗുരത്വം. ='py, *a.* ചുരുണ്ട; പൊട്ടിപ്പോകുന്ന.

**Criss'cross,** *n.* എഴുത്തറിഞ്ഞുകൂടാത്തവൻെറ ഒപ്പടയാളം. *a.* വിലങ്ങനെ, എതിരായി.

**Crī-tē'ri-on,** *n.* (*pl.* crī-tē'ri-a) ലക്ഷണം, പ്രമാണം, സൂത്രം, പരീക്ഷ.

**Crit'ic,** *n.* ഗുണദോഷജ്ഞൻ, പരിശോധകൻ; 2. ആക്ഷേപകൻ, ദൂഷ്യം പറയുന്നവൻ, ഗുണവും ദോഷവും—; 3. ഗുണദോഷപരിശോധന. =i-cal, *a.* പരിശോധനാസാമത്ഥ്യമുള്ള; സൂക്ഷ്മം ആയ; വിവേചനാപ്രാപ്തിയുള്ള; ആക്ഷേപരസം—, കുററം പറയുന്ന; വകതിരിവോട് കൂടിയ; കലശൽ ആയ, വിഷമം—. =cal-ly, *ad.* കൃത്യമായി, വകതിരിവോട് കൂടി; സന്ധിങ്കൽ, വിഷമനിലയിൽ. =cal-ness, *n.* തിട്ടം; വൈഷമ്യം. -as-tėr, *n.* ദുരാക്ഷേപകൻ. =icīsa-ble, *a.* ആക്ഷേപം പറയത്തക്ക, പരിശോധിക്കത്തക്ക. ='i-cīse, ='i-cīze, *v. t.* പരിശോധിക്കുക, ഗുണദോഷപരീക്ഷ കഴിക്കുക; ആക്ഷേപിക്കുക. *v. i.* (on, upon) പരിശോധനാപ്രവൃത്തി ചെയ്യു, ദോഷം പറക. =i-cism, *n.* ഗുണദോഷപരീക്ഷ, ഗുണദോഷാഭിപ്രായം; പരിശോധനാവിദ്യ, വിവേചനാ—, ആക്ഷേപം. =tīque' (-tīk), *n.* സൂക്ഷ്മപരിശോധന, വിവേചനം; പരിശോധകൻ.

**Crōak,** *v. i.* (തവള, കാക്ക) കരയുക, നിലവിളിക്കുക; 2. പിറുപിറുക്കുക, ദുശ്ശകുനമായിരിക്കുക. *v. t.* വല്ലാതെ ശബ്ദിക്കുക; മുന്നറിയിക്കുക, ലക്ഷണം കാട്ടുക. *n.* തവളക്കരച്ചൽ, കാക്കക്കരച്ചൽ, ഉരത്ത

ശബ്ദം. -'ĕr, *n.* ആവലാധിക്കാരൻ; ദുഃഖ്യക്ഷണക്കാരൻ.

**Crō'chet** (krō'shā), *n.* പിന്നൽപ്പണി. c. hook, c. needle —സൂചി.

**Crock,** *n.* മൺപാത്രം, കലം, ചട്ടി; 2. കലക്കരി, അട്ടക്കരി. -'ĕr-y, *n.* മൺപാത്രങ്ങൾ, പിഞ്ഞാണ—.

**Croc'ō-dīle,** *n.* ചീങ്കണ്ണി, മണ്ണൻ, മുതല, നക്രം. c. tears കള്ളക്കരച്ചൽ, കള്ളക്കണ്ണുനീർ.

**Crō'cus,** *n.* കുങ്കുമപ്പൂ. =conic, *a.* മഞ്ഞവണ്ണമുള്ള. =cē-ŏus, *a.* കുങ്കുമമയം, മഞ്ഞവണ്ണം ഉള്ള, മഞ്ഞൾപോലെ—.

**Crœ'sus,** *n.* വൈശ്രവണൻ, കുബേരൻ.

**Croft,** *n.* പറമ്പ്, വളപ്പ്, തൊടിക. c. land നല്ലുണ്ടം. -'ĕr, *n.* കൊഴനടപ്പ്കാരൻ.

**Croi-sāde', croi-sā'do,** *see under* Cross.

**Crom'lech,** *n.* ശിലാജ്ഞാപകം.

**Crōne,** *n.* തൊണ്ടി; തൊണ്ടൻ. [ൻ.

**Crō'ny,** *n.* ചങ്ങാതി, ഉററസ്നേഹിത

**Crook,** *n.* തിരിച്ചൽ, വളവ്, മറി; 2. ഇടയക്കോൽ; 3. അദ്ധ്യക്ഷസ്ഥാനദണ്ഡ്; 4. ഉപായം, മട്ടം, പൊള്ള്; 5. കള്ളൻ, കള്ളന്മാരുടെ സഖി. by hook or by c. ന്യായമായിട്ടോ അന്യായമായിട്ടോ, എങ്ങിനെയെങ്കിലും. *v.t.* വളെക്കുക, കലെക്കുക്; 2. നേര് മറിച്ചുകളക, ദുഃപ്രയോഗം ചെയ്ക. *v.i.* വളയുക, തിരിയുക. c.-back കൂനൻ, കൂനി. *a.* വളഞ്ഞ. -ed, *a.* കോട്ടം ഉള്ള, വളവ്—, വിരൂപമായ; നേര്കെട്ട; കള്ളത്തരം ആയ, ചതി—. c.-liquor ചുങ്കം വീട്ടാത്തമദ്യം, കള്ള—. -ed-ly, *ad.* വഞ്ചനആയി, വികടം—. -ed-ness, *n.* കോട്ടം, വക്രത; വൈരൂപ്യം.

**Croon,** *n.* മൂളൽ, മൂളിപ്പാട്ട്. *v.t.* & *i.* ഞരങ്ങുക, മൂളുക.

**Crop,** *n.* മിട, പൊട്ടി; 2. തുഞ്ചം, അഗ്രം; 3. കൊയ്ത്ത്; 4. ഫലം, ധാന്യം, വിള; 5. മുന്നെടുത്തത്; 6. പററക്കത്രിച്ച മുടി; 7. വെള്ളിയത്തിൻെറ അയിർ. neck and c. മുഴുവനും, വന്നപാടെ. c.-ear മൂളികാതൻ, മുറികാതൻ, ചെവിമുറിയൻ. -'ful മിടനിറഞ്ഞ, വയറ്—, മതിയായ. c.-tailed മുറിവാലൻ, വാല്മുറിയൻ. *v.t.* വെട്ടുക, തുഞ്ചം മുറിക്കുക; 2. കത്രിക്കുക; 3. കാരുക; 4. മുരുക, കൊയ്യുക; 5. ശേഖരിക്കുക; 6. വിളയിക്കുക. *v.i.* വിളയുക. to c. out വെളിപ്പെട്ടുവരിക. to c. up മുളച്ചു—, ഉണ്ടായി—.

**Croquet** (krō'kā), *n.* ഒരുവക കാരവടിക്കളി.

**Cro-quette'** (krō-ket'), *n.* ചോററുരുള, ഇറച്ചിയുരുള.

**Crōre,** *n.* കോടി, നൂറ് ലക്ഷം.

**Crō'si-ĕr,** *n.* അദ്ധ്യക്ഷസ്ഥാനവടി, മേത്രാൻെറസ്ഥാനദണ്ഡ്, അംശവടി(*S.*).

**Cross,** *n.* കഴ, ശൂലം, 'ക്രൂശ്'; 2. 'ക്രൂശ്'ചിഹ്നം, ക്രിസ്തുവിൻെറ മരണ—; 3. കഷ്ടസങ്കടം, ക്ലേശം, പരീക്ഷ; 4. പണം, നാണ്യം; 5. പദവിചിഹ്നം; 6. 'ക്രൂശ്' ജ്ഞാപകസ്തംഭം; 7. കപ്പടയാളം; 8. വിലങ്ങനെയുള്ള വര; 9. സമ്മിശ്രജാതി. c. and pile ത്രാസ് മറിക്കൽ കളി. to do a thing on the c. കളവായി പ്രവൃത്തിക്കുക. to take up the c. കഷ്ടസങ്കടങ്ങളനുഭവിക്കുക. *a.* വിലങ്ങനെ ഉള്ള, മുറിയത്തിൽ—; 2. അനിഷ്ടം ആയ, പ്രതികൂലം—, വിപരീതം—; 3. ദുശ്ശീലമുള്ള, ശുണ്ഠിആയ, ഇളിഭ്യം—; 4. അന്യോന്യവിരുദ്ധം—. c.-action, c.-bill, c.-case, c.-complaint, c.-suit അങ്ങോട്ടും ഇങ്ങോട്ടും ഉള്ള അന്യായം, —വ്യവഹാരം, എതിരന്യായം. c. armed കൈകെട്ടിയ. c.-bar വിലങ്ങനെയുള്ള മരം. c.-birth വിഷമപ്രസവം. c.-bite ചതി. c.-bow പറങ്കിപ്പാത്തി, ചുണ്ട് വില്ല്. c. breed സമ്മിശ്രജാതി. c. buttock നിനയാത്ത തോലപി. c.-cut, c. country കുറുക്ക്‌വഴി. c.-cut saw വലിയ ഈർച്ചവാൾ. c. days സ്വർഗ്ഗാരോഹണദിവസത്തിന്നു മുമ്പുള്ള മൂന്ന് ദിവസം (*Chr.*). c.-examination,

**c.-question** എതിർവിസ്താരം (*l.*). **c.-fire** എതൃവെടി. **c.-eye** കോങ്കണ്ണ്. **c.-grained** പ്രതിലോമമുള്ള; വഴങ്ങാത്ത, പ്രതികൂലമായ. **c.-legged** ചമ്രംപടിയായി, ചമ്മണപ്പടിയായി, പത്മാസനമായി. **c.-patch** ദുശ്ശീലക്കാരൻ. **c.-piece** വിലങ്ങനെ വെച്ച കഷണം. **c.-purpose** വിപരീതതാല്പര്യം. **to be at c.-purposes** വിപരീതമായി ധരിക്കുക, —പ്രവൃത്തിക്കുക. **to go c.-lots** കുറുക്ക് വഴിയായി പോക. **c. reference** ഒരേഗ്രന്ഥത്തിൽ പലഭാഗങ്ങളിലെ പരസ്പരപരിശോധന. **c.-row** അക്ഷരമാല, നിലത്തെഴുത്ത്. **c.-stitch** കുറുക്കിഴ. **c.-stroke** വിലങ്ങനെയുള്ള വര. **c.-tree** പരിമാൻ (*naut*). **c.-week** സ്വര്ഗ്ഗാരോഹണവാരം (*Chr.*). *v. t.* വിലങ്ങനെ വെക്കുക, മുറിയത്തിൽ—; 2. വിലങ്ങനെ വരക്കുക; 3. കടന്നുപോക, അക്കരെ—, തരണം ചെയ്ക; 4. അന്യോന്യം കടന്നു പോക; 5. എതിരായി ചെല്ലുക, തട്ടുകേട് വരുത്തുക, വിലക്കുക, തടുക്കുക; 6. മുടക്കിക്കളക; 7. (*refl.*) 'ക്രൂശ്' വരക്കുക; 8. (out, off, over) കത്തിക്കളക, തടഞ്ഞുകളക, നീക്കിക്കളക; 9. ജാതി ഇടകലൎത്തുക. **to c. the arms** കൈകെട്ടുക. **to c. one's path** താല്പര്യം മുടക്കുക. **to be c.ed in love** വിവാഹനിശ്ചയത്തിന്നു ഭംഗം വരിക. *v. i.* വിലങ്ങത്തിൽ കിടക്കുക; 2. യാത്രചെയ്ക; 3. സമ്മിശ്രജാതിയായ്ത്തീരുക. *prep.* വിലങ്ങനെ, മുറിയത്തിൽ. **='sing,** *n.* തരണം, കടപ്പ്; 'ക്രൂശ്'വരക്കൽ; ജാതിസമ്മിശ്രണം; വഴിമുറിയൽ, മുക്കോലപ്പെരുവഴി. കടവ്; എതിൎവാക്ക്, വിരോധം; വിഘ്നം. **-'let,** *n.* ചെറു'ക്രൂശ്'. **-'ly,** *ad.* എതിർ ആയി, വിപരീതം—, ശുണ്ഠിയോടെ, രസക്കേടോടെ. **-'ness,** *n.* ദുശ്ശീലം. **-'wīse,** *a.* ക്രൂശാകൃതിയായി; വിലങ്ങനെ, മുറിയത്തിൽ. **cru̱'ci-al,** *a.* ക്രൂശാകാരമുള്ള; കഠിനം ആയ, കൃത്യം—; തീൎച്ച—. **cru̱'ci-āte,** *v. t.* ദണ്ഡിപ്പിക്കുക, ഹിംസിക്കുക, ഉപദ്രവിക്കുക. **cru̱'ci-ble,** *n.* മൂശ; തീച്ചൂള, ഭയങ്കരപരീക്ഷ. **cru̱'ci-fȳ,** *v. t.* ക്രൂശിൽ തറച്ചുകൊല്ലുക, ശ്രൂലത്തിലേറുക; അടക്കുക, നിഗ്രഹിക്കുക, മരിപ്പിക്കുക, ഉപദ്രവിക്കുക. **cru̱'ci-fix,** *n.* ക്രിസ്തുവിന്റെ ക്രൂശാരോഹണരൂപം; —'ക്രൂശ്'; ക്രിസ്ത്യാനിമാൎഗ്ഗം. **cru̱-ci-fix'iön** (-fik'-shun), *n.* ക്രൂശാരോഹണം, ക്രൂശിലെ മരണം; മഹാകഷ്ടം, കഠിനപരീക്ഷ. **cru̱'-ci-form,** *a.* ക്രൂശാകൃതിയുള്ള. **cru̱-sāde',** **croi-sāde',** **croi-sā'dō,** *n.* ക്രൂശയുദ്ധം, മത—; പോരാട്ടം. *v. i.* പോരാടുക, യുദ്ധം ചെയ്ക. **cru̱-sā'dėr,** *n.* പോരാട്ടക്കാരൻ, ക്രൂശയോദ്ധാവ്. **crux,** *n.* വിഷമം, പ്രയാസം.

**Crotch** (kroch), *n.* കവ, കവച്ചം. **-'et,** *n.* കവരക്കാൽ; ആവരണചിഹ്നം; തോന്നിയവാസം.

**Crō'ton,** *n.* നീർവ്വാളം, നീർവട്ടി, നീ[രട്ടി (*b.*).

**Crouch,** *v. i.* കുനിയുക, പതുങ്ങുക, വണങ്ങുക, പൂജിക്കുക. *v. t.* ക്രൂശ് വരക്കുക; അനുഗ്രഹിക്കുക; 2. മണങ്ങിക്കുക; നമസ്കരിപ്പിക്കുക.

**Crou̱p** (kru̱p), *n.* നാല്ക്കാലിച്ചന്തി; 2. കുതിരപ്പുറം; 3. തൊണ്ടയിലെ മുള്ള്, കള്ളപ്പല്ല് (*med.*). **=pier',** *n.* രണ്ടാമൻ; സഹായകൻ.

**Cröuse** (kru̱s), *a.* ചുറുക്ക് ഉള്ള, ച്ചണ—, ധൈര്യം—.

**Crōw** (krō), *n.* കാക്ക, കാകൻ (*z.*); 2. ഇരിമ്പ്പാര; 3. കോഴിക്കൂകൽ; 4. കടൽവല. **carrion c.** അന്തൻകാക്ക, ബലിക്കാക്ക. **as the c. flies** നേരെ, ശരമാൎഗ്ഗം. **to pick or pluck a c.** ശണ്ഠതീൎക്കുക. **c.-bar** കടപ്പാര, ഇരിമ്പ്—. **c.'s foot** മുഖവര, ജര. **c.-keeper** കാക്കയാട്ടി; മരപ്പാവ. **c.-trodden** ജരയുള്ള. *v. i.* കോഴികൂകുക; 2. വമ്പ്പറക; 3. സന്തോഷശബ്ദം പുറപ്പെടുവിക്കുക. **to c. over** ജയസന്തോഷം കൊള്ളുക.

**Crowd,** *n.* കൂട്ടം, സമൂഹം; 2. പുരുഷാരം, ആൾത്തിരക്ക്; 3. ഭൂരിജനം, സാമാന്യ—; 4. കിന്നരം. *v. t.* ഉന്തുക, തള്ളുക; 2. തിക്കുക, ഞെരുക്കുക; 3. തിരക്കുക, തുരുതുരെപോക; 4. ബുദ്ധിമുട്ടിക്കുക. **to c. out** ഇടമില്ലാതെ പുറ

ത്താഴ്ത്തുക, —നിറുത്തിവെക്കുക. to c. sail മുഴുവൻ പായികൊട്ടുത്തോട്ടുക. *v. i.* തിങ്ങിവിങ്ങിയിരിക്കുക; 2. തിക്കിത്തിരക്കിക്കടക്കുക; 3. വീണമീട്ടുക.

**Crown,** *n.* പുഷ്പമാല; വിരുത്, പ്രതിഫലം; 2. കിരീടം, മുകടം, രാജമുടി; 3. (the) കിരീടപതി, രാജാവ്; 4. രാജ്യഭാരം; 5. ഭൂഷണം, മഹിമ, ബഹുമാനം; 6. തികവ്, പൂൎത്തി; 7. ശിഖരം, അഗ്രം; 8. നെറുക, മൂൎദ്ധാവ്; 9. തൊപ്പിമൂട്; 10. പല്ലിന്റെ മുകൾഭാഗം; 11. രണ്ടര ഉറുപ്പികക്കുള്ള ഒരു നാണ്യം; 12. പട്ടംവെട്ടൽ (*R.C.*); 13. കിരീടാകൃതി. c.-jewels പള്ളിയാഭരണം, രാജഭൂഷണം. c.-land പണ്ടാരനിലം. c.-lawyer 'സൎക്കാർ' വക്കീൽ. c.-office കററവിചാരണസ്ഥാനം. c.-prince കിരീടാവകാശി, യുവരാജൻ, ഇളമ. pleas of the c. ക്രിമിനാൽ വ്യവഹാരം. c.-saw ചക്രവാൾ. *v. t.* കിരീടം ധരിപ്പിക്കുക, പട്ടാഭിഷേകം ചെയ്യുക, അരിയിട്ട് വാഴിക്കുക; 2. വിരുത് കൊട്ടുക്കുക, വീരചങ്ങല—, പട്ടം വളയും—, ബഹുമാനിക്കുക; 3. പൂൎത്തിയാക്കുക. **crowned,** *p. p.* & *a.* കിരീടം ധരിച്ച; ബഹുമതി പ്രാപിച്ച; സമാപ്തം ആയ; കൃതാൎത്ഥം—. c.d with conquest ജയസിദ്ധിയുള്ള. c.d with glory മഹത്വം പൂണ്ട. **-'less,** *a.* ആധിപത്യമില്ലാത്ത. **-'let,** *n.* ചെറുമുകടം.

**Cru'ci-al, Cru'ci-ble, Cru'ci-fy,** *see under* Cross.

**Crude,** *a.* പച്ചയായ, പാകം ചെയ്യാത്ത; 2. മൂപ്പെത്താത്ത, പഴക്കാത്ത; 3. ഭാഷയാക്കാത്ത, നന്നാക്കാത്ത; നന്നായി ആലോചിച്ചിട്ടില്ലാത്ത; 4. ജീൎണ്ണിച്ചിട്ടില്ലാത്ത, ദഹിക്കാത്ത; പോഷണത്തിന്നുതകാത്ത; 5. അറിവുകുറഞ്ഞ, ബുദ്ധി—; 6. ഭംഗി—; 7. കട്ടം ചായമുള്ള. **-'ness, ='di-ty,** *n.* അപാകത; പ്രാകൃതസ്ഥിതി; പററായ്മ; അജ്ഞാനം.

**Cru'el,** *a.* ക്രൂരം ആയ, അമാനുഷം—, കഠിനമനസ്സുള്ള, ദയയില്ലാത്ത; 2. ഉപദ്രവകരം ആയ, ഉഗ്രം—, അറുകല—. **-ly,** *ad.* ക്രൂരം ആയി, കഠിനം—, ക്ഷമയില്ലാതെ; വല്ലാതെ. **-ty,** *n.* ക്രൂരത, നിഷ്ഠുരത. c.y to animals പ്രാണിഹിംസ. **='els,** *n.* (*pl.*) കണ്ഠമാല (*med.*).

**Cru'et,** *n.* പളുങ്ക് പാത്രം, കാച—, ചെറുകപ്പി.

**Cruise,** *n.* ചെറിയകപ്പി; 2. കപ്പലോട്ടം, പടക്കപ്പലോട്ടം. *v. t.* കപ്പൽ അങ്ങോട്ടും ഇങ്ങോട്ടും ഓട്ടുക; 2. അലഞ്ഞു നടക്കുക. **=sĕr,** *n.* കൊള്ളക്കപ്പൽ, പടക്കപ്പൽ.

**Crum, crumb,** *n.* നുറുക്ക്, അപ്പക്കഷണം; 2. അല്പം, അസാരം; 3. അപ്പക്കാമ്പ്. to a c. പൂൎണ്ണമായി. *v. t.* കൈകൊണ്ടു മുറിക്കുക, നുറുക്കുക. **='ble,** *v. t.* നുറുക്കുക, ഉതിൎക്കുക. *v. i.* നുറുങ്ങിപ്പോക, നശിച്ചുപോക, പൊടിയുക. **crum'-my,** *a.* കാമ്പ് ഉള്ള, പതം—.

**Crump,** *a.* കൂൻഉള്ള; 2. ഉറപ്പ്—; 3. മൊരിഞ്ഞ. **='ple,** *v. t.* ചുരുട്ടുക, ഞെറിക്കുക. *v. i.* ചുരുളുക, ചുളിയുക.

**Crunch,** *v. t.* & *i.* കടിച്ചുപൊട്ടിക്കുക, കടിച്ചു ചവച്ചു തിന്നുക.

**Cru'or,** *n.* നിണം (*an.*). **-in,** *n.* രക്തകണം (*an.*).

**Crup,** *a.* ചെറിയ, പൊട്ടുന്ന. *n.* കുതിരപ്പൃഷ്ഠം. **-pĕr,** *n.* കുതിരയുടെ പിൻഭാഗം; വാൽക്കട്ട, —തോൽ.

**Cru-sāde',** *see under* Cross.

**Cruse,** *n.* പാത്രം, തളിക; 2. കപ്പി, കാചക്കുപ്പി.

**Cru'set,** *n.* മൂശ.

**Crush,** *v. t.* ചതെക്കുക, ഞെക്കുക; 2. ഇടിക്കുക, പൊടിക്കുക; 3. അടിച്ചമൎത്തുക, താഴ്ത്തുക, ഒതുക്കുക; 4. ജയിച്ചമൎത്തുക. to c. a cup കടിക്കുക. to c. out പിഴിഞ്ഞുകളക, നശിപ്പിക്കുക. *v. i.* ഉടഞ്ഞുപോക, ചതഞ്ഞു—, ഒട്ടിപ്പോക. *n.* ഞെരുക്കം, ചതവ്; 2. തിക്കും തിരക്കും, ഉന്തുംതള്ളും, ആൾത്തിരക്ക്. **-'ing,** *n.* ഞെരിക്കൽ, മൎദ്ദനം, പൊടിക്കൽ.

**Crust,** *n.* പുറം പൊളി, തോട്; 2. അപ്പത്തോൽ; ഉണക്കപ്പക്കഷണം; 3. പോള; 4. ഭൂമിയുടെ ഉപരിഭാഗം, —ബഹിർ—

(*geol.*); 5. ഓട്, ആമത്തോട്, ഞണ്ടോട് (*z.*); 6. പൊററ (*med.*). *v. t.* പോള പൊതിയുക. *v. i.* പുറം ഉറച്ചുപോക, പുറമ്പൊളിയുണ്ടാക, പുറം മൊരിയുക. ='ty, *a.* —മൊരിഞ്ഞ; പുറമ്പൊളിഉള്ള, ഓട്—; പരുപരുപ്പ്—, പുറമെ പാരുഷ്യ ഭാവം—. ='ti-ly, *ad.* ശുണ്ഠിയോടെ, ദുശ്ശീലത്തോടെ. ='ti-ness, *n.* മൊരിവ്, ഉറപ്പ്; കൎക്കശത്വം, രൂക്ഷത. crus-tā'-ce-ans, *n.* (*pl.*) കവചപ്രാണിവൎഗ്ഗം, —ജന്തു—.

**Crutch** (kruch), *n.* മുടന്തന്മാരുടെ കവരവടി, —ഊന്നുകോൽ.

**Crux**, *see under* Cross.

**Crȳ**, *v.i.* നിലവിളിക്കുക, കൂക്കിപ്പറക, അപേക്ഷിക്കുക, പ്രാൎത്ഥിക്കുക; അറിയിക്കുക; 2. കരയുക, വിലപിക്കുക; 3. ശബ്ദിക്കുക, മുരളുക, മൂളുക. to c. on, to c. upon വിളിച്ചപേക്ഷിക്കുക. to c. out നിലവിളിക്കുക, സങ്കടം പറക. to c. out against ആക്ഷേപിക്കുക. to c. out on *or* upon അധിക്ഷേപിക്കുക. to c. to പ്രാൎത്ഥിക്കുക. I c. you mercy ക്ഷമിക്കണം. *v. t.* ഉച്ചത്തിൽ വിളിച്ചുപറക, അട്ടഹസിക്കുക, പ്രസിദ്ധമാക്കുക; 2. കരഞ്ഞു സാധിപ്പിക്കുക; 3. കിണ്ണം മുട്ടുക, പരസ്യമാക്കുക; 4. വിവാഹപരസ്യം ചെയ്ക. to c. one's self to sleep കരഞ്ഞുകരഞ്ഞു ഉറങ്ങിപ്പോക. to c. down സാരമില്ലാതാക്കുക, ദൂഷ്യം പറക. to c. out പ്രത്യക്ഷമാക്കുക. to c. quits തോററുവെന്നു സമ്മതിക്കുക. to c. up വൎണ്ണിച്ചുപറക. *n.* നിലവിളി, മുരൾച്ച, ശബ്ദം, കൂക്കൽ; 2. കലഹം, തുമുലം; 3. കരച്ചൽ; 4. ആൎപ്പുവിളി, ജയഘോഷം; 5. കെഞ്ചൽ; 6. കിണ്ണം മുട്ടൽ, പരസ്യം; 7. ശ്രുതി, വൎത്തമാനം; 8. പോർവിളി, പരിഷ—; 9. നായാട്ടുനായിക്കൂട്ടം; 10. നിസ്സാരസമൂഹം; 11. മുഴക്കം. a far c. വളരെദൂരം. crī'ẽr, *n.* തമുക്കടിക്കുന്നവൻ, കിണ്ണം മുട്ടുന്നവൻ. -'ing, *a.* പരസ്യം ആയ; ഭയങ്കരം—; ശ്രദ്ധവെക്കത്തക്ക.

**Crypt**, *n.* നിലയറ. ='tic, ='ti-cal, *a.* ഗുപ്തം ആയ, രഹസ്യം—. ='tō-gam, ='tog-raph, *n.* ഗുപ്തലിപി. ='tog-raphy, *n.* ഗോപ്യാക്ഷരവിദ്യ. -ol'o-gy, *n.* ഗോപ്യഭാഷ. ='to-nym, *n.* ഗുപ്തനാമം.

**Crys'tal**, *n.* പളുങ്ക്, സ്ഫടികം, സൂൎയ്യകാന്തം; 2. കട്ടിയായ്തീരുമ്പോളുള്ള ബഹുകോണാകൃതി; 3. കല്ലുണ്ടം; 4. കല്ലുണ്ണാടി; 5. സാച്ഛസാധനം. rock c. ശുദ്ധസ്ഫടികം. -line, *a.* പളുങ്ക്പോലെ ഉള്ള, പളുങ്ക്കൊണ്ട്—, സ്വച്ഛമായ. -li-sā'tiŏn, *n.* സ്ഫടികരൂപണം, വിളയൽ. -līse, -līze, *v. i.* കല്ലിക്കുക, സ്ഫടികാകൃതിയായി വിളയുക; *v. t.* കല്ലിപ്പിക്കുക, വിളയിക്കുക; സ്ഫടികാകൃതി വരുത്തുക.

**Cub**, *n.* മൃഗക്കുഞ്ഞ്, മൃഗക്കുട്ടി; 2. ചെക്കൻ, ചെറുക്കൻ; 3. പെണ്ണ്; 4. തൊഴുത്ത്. *v. t.* & *i.* (മൃഗം) പെറുക.

**Cūbe**, *n.* കണ്ടി, ഘനം; ഘനപ്പെരുക്കം. c. root ഘനമൂലം (*an.*). to find the c. root ഘനം മൂലിക്കുക. cū'bic, *a.* കണ്ടിയളവായ. c.c foot കണ്ടിയടി. c.c number ഘനനം, ഘനപ്പെരുക്കം. cū'ba-tūre, *n.* കണ്ടിയളത്തം.

**Cū'beb**, *n.* വാൽമുളക്, വാൽ—, ചീന— (*b.*).

**Cū'bi-lōse**, *n.* പക്ഷിക്കേല.

**Cū'bit**, *n.* മുഴക്കൈ; 2. മുഴം, മുളം.

**Cuck'old**, *n.* വേശ്യയുടെ ഭൎത്താവ്, വ്യഭിചാരിണിയുടെ—.

**Cuc'koo**, *n.* കയിൽ, കോകിലം (*z.*).

**Cū'cum-bẽr**, *n.* കക്കരി, കക്കിരി, വെള്ളരി (*b.*). bitter c. പെയ്പൂമ്മട്ടി. കാട്ടുവെള്ളരി. c. tree ബിലിമ്പിമരം (*b.*). snake c. പടവലം (*b.*). star c. കൊട്ടപ്പീരക്ക (*b.*).

**Cud**, *n.* അയവിറക്കുന്ന തീൻ, തേക്കിത്തിന്നുന്ന—; 2. വായിലിട്ട പുകയില. chew the c. അയവിറക്കുക, തേക്കിയരക്കുക; (of) നിരൂപിക്കുക, ഓൎത്തുധ്യാനിക്കുക.

**Cud'den**, *n.* ആഭാസൻ, നിസ്സാരൻ.

**Cud'dle**, *v.i.* ചേൎന്നുകിടക്കുക, പതുങ്ങിക്കിടക്കുക. *v. t.* ആലിംഗനം ചെയ്ക, ലാളിക്കുക. *n.* ആശ്ലേഷം.

**Cud'dy**, *n.* കഴുത, ഗർദ്ദഭം (*Z.*); 2. പൊട്ടൻ, ഭോഷൻ; 3. കപ്പലറ; കപ്പലടുക്കള.

**Cudg'el** (kuj'el), *n.* കുറുവടി, ഗദ, യഷ്ടി. *v. i.* വടികൊണ്ടടിക്കുക. to cross the c.s പോരാട്ടം നിറുത്തുക. to take up the c. for ആരാനും വേണ്ടി പോരിന്നു പുറപ്പെടുക. to c. one's brains തലതല്ലുക.

**Cūe** (kū), *n.* വാല്, പുച്ഛം; അററം; കട്ടമ; 2. അവസാനവാക്ക്, സൂചകപദം; 3. ഇംഗിതം, സൂചന; 4. മുറ, ഭാഗം; 5. ഇച്ഛ, വാസന; 6. മേശപ്പന്താട്ടക്കോല്. *v. t.* പിന്നുക, മെടയുക.

**Cuēr'po** (kwĕr'po), *n.* ദേഹം. in c. നഗ്നമായി, അർദ്ധനഗ്നതയോടെ.

**Cuff**, *v. t.* അടിക്കുക, കുത്തുക; 2. മുഷ്ടിചുരുട്ടിക്കുത്തുക. *v. i.* യുദ്ധം ചെയ്ക, അടിപിടികൂടുക, കുത്തുക. *n.* തല്ല്, കുമ; 2. കപ്പായക്കയ്യറം.

**Cui-rass'** (kwi-), *n.* മാർക്കവചം, ഉരസ്ത്രാണം, കൂർപ്പാസം. =siēr, *n.* കവചധാരി.

**Cui'sine'**, *n.* അടുക്കള, 'കുസിനി'; 2. പാചകക്രമം.

**Cū'li-nar-y** (-nĕr-), *a.* അടുക്കളസംബന്ധമായ; പാചകവിദ്യ—.

**Cull**, *v. t.* വകതിരിച്ച് എടുക്കുക, വേർതിരിച്ച്—, പറിച്ച്—, തെരിഞ്ഞ്—. *n.* വിടുവിഡ്ഢി, ശുദ്ധൻ. -'iŏn, *n.* വഷളൻ, നീചൻ, ആഭാസൻ. ='ly, *n.* ഭോഷൻ, മടയൻ. *v. t.* ചതിക്കുക, തോല്പിക്കുക.

**Culm**, *n.* പുൽത്തണ്ട്, കമ്പുള്ള തണ്ട്, പൊള്ളയായ—; 2. ഒരുവക നിലക്കരി (*min.*).

**Cul'mi-nāte**, *v. t.* ഊർദ്ധ്വഗതി പ്രാപിക്കുക, ഉച്ചയിലെത്തുക; 2. വളർച്ചതികയുക, എണ്ണം—, ശ്രേഷ്ഠത—. *a.* മേല്പെട്ട് വളരുന്ന. =nā'tiŏn, *n.* ഊർദ്ധ്വഗതി, ഉച്ച; അഗ്രം, ശിഖരം; ആധിക്യം; ശ്രേഷ്ഠത.

**Cul'pa-ble**, *a.* ആക്ഷേപകരം ആയ, ശിക്ഷായോഗ്യം—; 2. കുററകരം—. -ness, =bil'i-ty, *n.* ദണ്ഡയോഗ്യത, കുററം. cul'prit, *n.* കുററക്കാരൻ, പാതകൻ, കള്ളൻ.

**Cult**, *n.* ശ്രദ്ധ, വണക്കം; 2. മാർഗ്ഗവ്യവസ്ഥ, ചടങ്ങാചാരം. -us, *n.* മാർഗ്ഗസമ്പ്രദായം, ആരാധനക്രമം.

**Cul'ti-vāte**, *v. t.* ശ്രദ്ധയോടെ രക്ഷിക്കുക, —പ്രവൃത്തിക്കുക; കൃഷിചെയ്ക; 2. ശ്രദ്ധിക്കുക, ശ്രമിക്കുക, അദ്ധ്വാനിക്കുക; 3. ചങ്ങാതത്തിന്നു യത്നിക്കുക, പരിചയത്തിന്നു ശ്രമിക്കുക; 4. പഠിപ്പിക്കുക, അഭ്യസിപ്പിക്കുക; പരിഷ്കരിക്കുക; 5. നട്ടുവളർത്തുക. =vā'tiŏn, *n.* ഉഴവ്, കൃഷിപ്രവൃത്തി; കൃഷി; അഭിവൃദ്ധിക്കായുള്ള യത്നം; നാഗരീകത്വം, പരിഷ്കാരം. =vā-tor, *n.* കൃഷിക്കാരൻ; പരിഷ്കാരകൻ, അഭിവർദ്ധകൻ. =va-ble, =vā'ta-ble, *a.* കൃഷിചെയ്യത്തക്ക. cul'tūre, *n.* കൃഷിപ്രവൃത്തി; അഭ്യാസനം, ഗുണീകരണം; പരിഷ്കാരം, വിദ്യാഭ്യാസം. *v. t.* കൃഷിചെയ്ക; വിദ്യാഭ്യാസം—. cul'tūred, *a.* വിളയിട്ടിരിക്കുന്ന, കൃഷിചെയ്ത; അഭ്യാസം തികഞ്ഞ, വിദ്യയുള്ള.

**Cul'vĕrt**, *n.* ഓവ്പാലം.

**Cum'bĕr**, *v. t.* ഭാരമായിരിക്കുക, മുടക്കുക, കുഴക്കുക. *n.* ബുദ്ധിമുട്ട്, അസഹ്യം. -sŏme, *a.* ഭാരമുള്ള, തടസ്ഥം ആയ, വിഘ്നം—; ഒതുക്കം ഇല്ലാത്ത, സ്വാധീനം—. -sŏme-ness, *n.* അസഹ്യത, വൈഷമ്യം. cum'brŏus, *a.* ഭാരം ആയ, ദുഷ്കരം—, വിഷമമുള്ള; ഉപദ്രവകരമായ. cum'brance, *n.* ഭാരം, കുഴക്ക്, വിഘ്നം.

**Cum'in**, *n.* ജീരകം, ദീപ്യകം (*b.*). black c. കരിഞ്ജീരകം (*b.*). wild c. കാട്ടുജീരകം (*b.*).

**Cū'mū-lāte**, *etc.*, *see* Accumulate.

**Cū'mū-la-tive**, *a.* പലതുകൂടി ഒന്നായ; 2. ബലം വർദ്ധിച്ചുവരുന്ന; 3. ഉറപ്പിക്കുന്ന (*b.*). c. action കൂട്ട്ഫലം. c. poison —വിഷം (*med.*). c. vote —ശീട്ട്.

**Cunc-tā'tiŏn**, *n.* താമസം, കാലവിളംബനം.

**Cū'ni-form,** *a.* അമ്പുമുനയുള്ള, അസ്രാകൃതിയായ. **c. letters** ആപ്പെഴുത്ത്.

**Cun'ning,** *a.* അറിവ് ഉള്ള, സാമർത്ഥ്യം—; 2. കൌശലം—, ഉപായം—; 3. യുക്തി—, കരകൌശലം—, ചമല്കാരമായ; 4. രസികത്വമുള്ള. *n.* അറിവ്, പരിചയം, മിടുമ; 2. തന്ത്രം, കയ്യുക്തി, കള്ളത്തരം. **-ly,** *ad.* ഉപായത്തോടെ, ചതിവായി. **-ness,** *n.* കൌശലം, യുക്തി.

**Cup,** *n.* പാനപാത്രം, ഭാജനം, പിഞ്ഞാണം, 'കോപ്പ'; 2. പാനീയം; 3. മദ്യപാനം; 4. കഷ്ടാനുഭവം; 5. ലഹരി; 6. കൊമ്പ്. **c. and can** ഉററചങ്ങാതികൾ. **c.-bearer** പാനപാത്ര വാഹകൻ. **c.-board** പിഞ്ഞാണത്തട്ട്. **c.-b.-love** സ്വാത്മബുദ്ധിയുള്ള സ്നേഹം. **to cry c.-b.** വിശക്കുക. **to be in one's c.s** ലഹരിയായിരിക്കുക. *v. t.* ചോരകൊത്തുക, കൊമ്പ് വെക്കുക (*med.*). **-'pĕr,** *n.* കൊമ്പ് വെക്കുന്നവൻ (*med.*). **-'ping,** *n.* ചോരകൊത്തൽ (*med.*).

**Cū'pel,** *n.* മൂശ. **-lā'tion,** *n.* സ്ഫുടം വെക്കൽ.

**Cū'pid,** *n.* കാമദേവൻ. **-'i-ty,** *n.* കാമം, മോഹം, പ്രേമം; 2. ദ്രവ്യാഗ്രഹം, ലോഭം. [ഖികം.

**Cū'po-la,** *n.* ഗോളാകാരാഗ്രം; 2. താ

**Cū'prum,** *n.* ചെമ്പ്, താമ്രം (*med.*). **cū'pre-ŏus, cū'prŏus, cū'pric, cū-prif'ĕr-ŏus,** *a.* ചെമ്പ് ഉള്ള, ചെമ്പ് കൊണ്ട്—, താമ്രമയമായ.

**Cur,** *n.* പറനായി, ഊപ്പട്ടി; 2. നീചൻ, കശ്മലൻ. **-'rish,** *a.* നായിക്കൊത്ത; കലഹിക്കുന്ന, ഇളിഭ്യമായ; ഈർഷ്യതഉള്ള; മൃഗസ്വഭാവം—.

**Cū'ra-ble,** *see under* **Cure.**

**Cū-ra-cōa'** (kū-ra-sō'), *n.* മധുരമദ്യം.

**Cū'rāte, Cū'ra-cy,** *etc. n. see under* **Cure.**

**Curb,** *v. t.* കടിഞ്ഞാണിട്ടു നടത്തുക; 2. അടക്കുക, ഒതുക്കുക; 3. ആൾമറകെട്ടുക; 4. നെല്ലിപ്പടി വെക്കുക. *n.* നിഗ്രഹം, അടക്കം, തടസ്ഥം; 2. കടിവാളം; 3. ആൾമറ; 4. നെല്ലിപ്പടി. **c.-stone** ആൾമറ.

**Curd,** *n.* തയിര്, ദധി; 2. കട്ടി, കട്ട. *v. t. & i.* കട്ടിയാക്കുക, കട്ടപ്പിടിക്കുക; ഉറകൂട്ടുക. **='dle,** *v. t.* തയിരാക്കുക, ഉറകൂട്ടുക. *v. i.* —കൂടുക, കട്ടിയാക. **='dy,** *a.* തയിരായ, കട്ടിയായ.

**Cūre,** *n.* സൂക്ഷ്മം, വിചാരണ; 2. ആത്മശുശ്രൂഷ, സഭാപരിപാലനം; ബോധകപ്പവൃത്തി; 3. വൈദ്യം; 4. രോഗശാന്തി; 5. മരുന്ന്. *v. t.* ചികിത്സിക്കുക; 2. പൊറുപ്പിക്കുക, ശമിപ്പിക്കുക; 3. മാററുക, ഭേദം വരുത്തുക; 4. ഉപ്പിലിട്ട് സൂക്ഷിക്കുക, ഉണക്കി—. *v. i.* ശ്രദ്ധവെക്കുക, ശുശ്രൂഷ ചെയ്ക; 2. സൌഖ്യം വരുത്തുക; 3. രോഗം ഭേദമാക. **c. all** സർവ്വരോഗൌഷധം. **cū'ra-ble,** *a.* ഭേദം വരുന്ന, —വരുത്താവുന്ന. **cū'rāte,** *n.* സഭാബോധകൻ (*eccl.*); 2. ഉപബോധകൻ, ബോധകസഹായി. **cū'ra-cy, cū'rāte-ship,** *n.* സഭാബോധകോദ്യോഗം. **=rā'tor,** *n.* സംരക്ഷകൻ, വിചാരകൻ; വസ്തുപരിപാലകൻ, 'ക്യൂറേട്ടർ' (*l.*); രക്ഷാകർത്താവ്. **=rā'trix,** *n.* രക്ഷാകർത്തൃത്വമുള്ള സ്ത്രീ. **=rāte-ship,** *n.* പരിപാലകസ്ഥാനം. **cū'ra-tive,** *a.* സുഖം വരുത്തുന്ന; ചികിത്സാർത്ഥമായ. **-'less,** *a.* സുഖപ്പെടാത്ത; മരുന്ന് ഇല്ലാത്ത; പരിഹാരം—. **cū'ring,** *n.* ഉണക്കിസൂക്ഷിക്കൽ. **fish c.g** മത്സ്യം ഉണക്കൽ. **=rĕr,** *n.* വൈദ്യൻ; ഉണക്കിസൂക്ഷിക്കുന്നവൻ.

**Cur'few** (kĕr'fū), *n.* സന്ധ്യാമണി, ഉറക്ക്—; 2. തീമൂടി. [രണസ്ഥലം.

**Cū'ri-a,** *n.* ആസ്ഥാനം, ന്യായവിചാ

**Cū'ri-ō,** *n.* കൌതുകസാധനം. **=os'i-ty,** *n.* അപൂർവ്വത; കൃത്യത; വൈശിഷ്ട്യം; കുതൂഹലബുദ്ധി, ജിജ്ഞാസ; അപൂർവ്വവസ്തു, കൌതുകസാധനം. **-sō,** *n.* കൌതുകബുദ്ധിയുള്ളവൻ, ജിജ്ഞാസു. **=ŏus,** *a.* കൃത്യം ഉള്ള, കണിശം—, ഖണ്ഡിതം—; ഭംഗി—, ശില്പം ആയ, ചമൽക്കാരം—, കൌശലപ്പണി—; (after, of) ജിജ്ഞാസു—, വിദ്യാതാല്പര്യമുള്ള; ആശ്ചര്യം ആയ, അത്ഭുതം—, ഉല്ലംഭം—. **c.s arts** മന്ത്രവാദം. **=ŏus-ness,** *n.* ശ്രദ്ധ; കുതൂഹലം; ചമ

ത്സാരം, കൌതുകം, സൂത്രപ്പണി, യുക്തി, വിശേഷത; വിദ്യാമോഹം.

**Curl** (kĕrl), *v. t.* ചുരുട്ടുക, പിരിക്കുക; 2. ചുറെക്കുക; 3. അളകംകൊണ്ടലങ്കരിക്കുക, കുറുൾ അണിയുക; 4. ഓളമുണ്ടാക്കുക. *v. i.* ചുരുളുക; 2. ചുരുള് ചുരുളായിരിക്കുക; 3. മോതയുണ്ടാക. *n.* കുറുൾ, അളകം, ചുരുൾമുടി; 2. വക്രരേഖ. ='ly, *a.* കുറുൾ ഉള്ള; ഓളം—.

**Cur-mudge'ŏn** (-muj'un), *n.* ഈററപ്പൊററ, പിശുക്കൻ.

**Cur-mur'ring,** *a.* പിറുപിറുക്കുന്ന.

**Cur'rant,** *n.* ചെറുമുന്തിരിങ്ങ, കുരുവില്ലാമുന്തിരിപ്പഴം, 'കിസ്മിസ്' (*b.*).

**Cur'rent,** *n.* ഒഴുക്കം, ചലനം, ഓട്ടം, വല്യ; 2. പുഴ, ആറ്; 3. ഗതി, നടവടി. *a.* ഒഴുക്കം ഉള്ള, ഓട്ടം—; 2. നടക്കുന്ന, ഈ, നടപ്പുള്ള, തല്ക്കാലത്തെ; അഴിച്ചലായ; പൊതുവിലുള്ള; 3. സൎവ്വസമ്മതം ആയ, പ്രസിദ്ധം—; 4. സ്വീകാരയോഗ്യം—; നേര്—. c. money അഴിച്ചലായ നാണ്യം. -ly, *ad.* നടപ്പായി, സാമാന്യമായി, പൊതുവെ. -ness, *n.* നടപ്പ്, രൂഢി. =ren-cy, *n.* നീരോട്ടം; ഗതി; അഴിച്ചൽ; നാണ്യം; നാണിഭം; നാണ്യപത്രം; ഒഴുക്കം; മതിപ്പ്, നിരക്ക്. paper c.y പത്രനാണ്യം.

**Cur-ric'ū-lum,** *n.* ഓട്ടക്കളം; 2. വിദ്യാഭ്യാസക്രമം; പാഠവിഷയപ്പട്ടിക.

**Cur'ry,** *v. t.* തോൽ പതമാക്കുക, —പണിക്കൊരുക്കുക; 2. കുതിരയെ തുടക്കുക. c.-comb കരപ്പും, ഇരിമ്പ്ചീപ്പ്. *v. t.* കരപ്പമിടുക, തുടക്കുക; 2. അടിക്കുക, പരിക്കേല്പിക്കുക. to c. favor പാട്ടിലാക്കുക. *n.* കറി, കൂട്ടാൻ. c.-powder മസാലപ്പൊടി. =ri-ĕr, *n.* തോല്പ്പൊല്ലൻ; തോൽ ഊറക്കിടുന്നവൻ.

**Curse,** *v. t.* ശപിക്കുക, പ്രാകുക; 2. ദോഷം വരുത്തുക, ഹാനി—, ഭ്രംശിപ്പിക്കുക. *v. i.* ശാപവാക്ക് പറക, ശപഥം ചെയ്യുക. *n.* ശാപം, പ്രാക്ക്; 2. ശൂന്യം, ദൈവശിക്ഷ; 3. മഹാകഷ്ടം. the c. of Scotland കളിക്കുന്ന കുത്തിലെ ഒമ്പതാംപുള്ളി. cursed (kĕrsd), *a.* ശാപമുള്ള, ശൂന്യം പിടിച്ച, അറെക്കത്തക്ക. ='sed-ly, *ad.* നിന്ദ്യമായി, അധികം. ='sed-ness, *n.* ശാപഗ്രസ്തനില; ദുഷ്ടത, ശാപവാക്ക്; ദുശ്ശാഠ്യം.

**Cur'sive,** *a.* ഓട്ടം ഉള്ള, ഒഴുക്കം—. c. hand കയ്യോട്ടമുള്ള എഴുത്ത്; നീണ്ട വടിവ്.

**Cur'sŏr-y,** *a.* ഓട്ടത്തിലുള്ള; 2. തത്രപ്പാടോടെ ചെയ്യു, പെട്ടന്നുള്ള; ലേശമായ; ശ്രദ്ധയില്ലാത്ത. in a c. manner ശ്രദ്ധയില്ലാതെ, തിരക്കിൽ.

**Curt, cur'tal,** *a.* ചുരുക്കം ആയ, സംക്ഷേപം—, കണക്കിലേറ ചുരുങ്ങിയ. -ly, *ad.* ചുരുക്കമായി. =tāil' (-tāl'), *v. t.* വാൽ മുറിച്ചുകളക; കുറുതാക്കുക, ചുരുക്കുക, കുറച്ചുകളക. =tāil'ment, *n.* കുറവ്, ചുരുക്കം, സംക്ഷേപം.

**Cur'tain** (kĕr'tin), *n.* തിര, തിരശ്ശീല, മറ. behind the c. രഹസ്യമായി. c. lecture ഭാൎയ്യ ഭൎത്താവിനെ ചെയ്യുന്ന ശകാരം. the c. falls ധനാശിപാടുക; സമാപിക്കുക. the c. rises കളി ആരംഭിക്കുക; കാൎയ്യം—. to draw the c. അത്തലക്ക് മണ്ണിടുക, പൊത്തിവെക്കുക; കപ്പ ചിന്തുക, വെളിച്ചത്താക്കുക; കളി ആരംഭിക്കുക, —അവസാനിപ്പിക്കുക. to drop the c. തീൎക്കുക, നിൎത്തുക, പോകട്ടെ എന്ന് വെക്കുക. *v. t.* മറയിലാക്കുക, തിരശ്ശീല തൂക്കുക.

**Cur-tā'na, cur-tēin',** *n.* മുനയില്ലാത്ത വാൾ, കരുണാ—.

**Cur'til-āġe,** *n.* പുരമുററം, വളപ്പ്.

**Curte'sy,** *n.* ലോക്യം, ഉപചാരം.

**Cū'rule,** *a.* ഉദ്യോഗസംബന്ധമായ.

**Curve,** *n.* വളവ്; 2. ചാപരേഖ. *v. t.* വളെക്കുക, കുനിക്കുക, വില്ലിക്കുക. *v. i.* വളയുക, കലയുക. =vā'tiŏn, *n.* വളക്കൽ. ='va-tūre, *n.* കോട്ടം, വക്രത.

**Cur'vet,** *n.* ചാട്ടം; 2. കളി. *v. i.* കുതിച്ചോട്ടുക, നാല്കാലും പറിച്ചു പായുക; 2. ഗോഷ്ഠികാട്ടുക. *v. t.* കുതിക്കുമാറാക്കുക.

**Cush'iŏn,** *n.* തലയണ, തലക്കണ, ഉപധാനം; 2. തെരിക; 3. മെത്ത, കി

ടക്ക; 4. ഒരു വിധം നൃത്തം. *v.t.* തലയണ വെക്കുക; 2. തലയണയുടെ മേൽ—; 3. മറച്ചു—; 4. ചാരിക്കുത്തിരിക്കുക.

**Cusp,** *n.* അൎദ്ധചന്ദ്രശിഖ (*as.*); 2. പല്ലിന്റെ മുന (*an.*); 3. മുന.

**Cus'tard,** *n.* അണ്ഡക്ഷീരാദിമണ്ഡം. c. apple ആത്തിച്ചക്ക (*b.*).

**Cus'to-dy,** *n.* കാവൽ, സൂക്ഷ്മം, ആധീനം, 'ബന്ത്', തടവ്, 'ബന്തോവസ്ത്'. =tō'di-an, *n.* കാവല്ക്കാരൻ, പരിപാലകൻ.

**Cus'tŏm,** *n.* വഴക്കം, ശീലം; 2. പതിവ് കച്ചവടം, കൊള്ളകൊടുക്ക; 3. മേശമൎയ്യാദ, ജാത്യാചാരം, സമ്പ്രദായം; 4. ചുങ്കംപിരിക്കൽ; 5. (*pl.*) ചുങ്കം. c.-house 'ചവുക്കി', ചുങ്കപ്പുര. -a-ble, *a.* നടപ്പുള്ള, പതിവായ; ചുങ്കം വീട്ടത്തക്ക. -ar-y, *a.* രൂഢിആയ, മൎയ്യാദ—, നടപ്പുള്ള. -ar-i-ly, *ad.* വഴക്കപ്രകാരം, പതിവായി. =mĕr, *n.* കൊള്ളുന്നവൻ, കോള്കാരൻ; ഇടവാട്കാരൻ; ആൾ, ചങ്ങാതി, വിദ്വാൻ.

**Cut,** *v.t. ir.* (cut, cut) മുറിക്കുക, കഷണിക്കുക; 2. വെട്ടുക, അറുക്കുക, അരിയുക, മുരുക; 3. മുറിച്ചുകളക, ചെത്തുക, കൊത്തുക; 4. വരി ഉടെക്കുക; 5. വേദനപ്പെടുത്തുക, മുറിവേല്പിക്കുക; 6. കൊത്തുപണി ചെയ്യു; 7. വിലങ്ങനെ ചെല്ലുക, മുറിയത്തിൽ—; 8. കണ്ടാൽ മിണ്ടാതിരിക്കുക, പരിചയമില്ലാത്ത ഭാവം നടിക്കുക; 9. വരാതെ ഇരിക്കുക, ഹാജരാകാതെ—. to c. a caper ഗോഷ്ഠികാട്ടുക. to c. the cards കളിക്കുന്ന കത്തു പകുത്തുവെക്കുക. to c. a dash *or* figure പ്രകടിപ്പ്കാട്ടുക. to c. down വെട്ടിക്കളക, മുറിച്ചിടുക; താഴ്ത്തിക്കളക, ഇല്ലാതാക്കുക; കറച്ചുകളക. to c. the knot *or* Gordian knot നിനയാത്തവിധം വിഷമം തീൎക്കുക. to c. lots നറുക്ക് ഇടുക, ചീട്ട്—. to c. off വേൎപ്പെടുത്തുക; കൊല്ലുക, ഒടുക്കിക്കളക; മുടക്കിക്കളക; തടസ്ഥം ചെയ്യു; അവസാനിപ്പിക്കുക. to c. out ചെത്തിനീക്കുക; മുറിച്ചു രൂപമാക്കുക; വെട്ടിത്തെളിയിക്കുക; യന്ത്രിക്കുക, കണ്ടുവെക്കുക; തോല്പിക്കുക; മുടക്കുക. to c. to pieces കഷണമാക്കുക; വെട്ടിക്കൊല്ലുക. to c. rates നിരക്കുകറക്കുക. to c. short പെട്ടന്ന് നിറുത്തുക, മതിയാക്കുക. to c. stick ഒളിച്ചുപോക. to c. teeth പല്ല് വരിക. to have c. one's eye-teeth ഉപായി ആയിരിക്കുക, യുക്തിമാൻ—. to c. one's wisdom teeth യുക്തവയസ്സ് തികയുക. to c. under വില താഴ്ത്തിവില്ക്കുക. to c. up കഷണമാക്കുക; ഛേദിക്കുക, നശിപ്പിക്കുക; വ്യസനത്തിലാക്കുക. *v.i.* മൂൎച്ചയുണ്ടാക; 2. മുറിയുക; 3. ശസ്ത്രപ്രയോഗം ചെയ്യു; 4. ചമ്മട്ടികൊണ്ടടിക്കുക; 5. പോയ്ക്കളക; 6. കത്ത് പകുക്കുക. to c. across നേരെപോക, ശരേണ ചെല്ലുക. to c. and run ബദ്ധപ്പെട്ടോടുക. to c. in *or* into മദ്ധ്യേ പറക. to c. up ശോഷ്കികാട്ടുക; ശേഷക്കാൎക്കായി മുതൽ വെച്ചേക്കുക. *n.* മുറിവ്, വെട്ട്പാട്; 2. വെട്ട്, കൊത്ത്, അടി; 3. ആക്ഷേപം, തുച്ഛീകാരം; 4. ചാല്, വഴി; 5. മുറിവായി; 6. കഷണം, തുണ്ടം; 7. കൊത്ത് ചിത്രം, ചിത്രമുദ, ചിത്രം; 8. കത്ത് പകുക്കൽ; 9. രൂപം, ഭാഷ, ഉടുപ്പിന്റെ മുറി; 10. നൂൽകൈ. a c. in rates നിരക്ക് കറക്കൽ. a short c. കുറുക്ക് വഴി, ഊട്—. the c. of one's jib രൂപം, ആകൃതി. to draw c.s ചീട്ടിടുക. *a.* മുറിപ്പെട്ട; 2. കൊത്തിയ; 3. ലഹരിയുള്ള. c. and dried മുമ്പ് കൂട്ടികരുക്കിയ. c. away മൂലവളച്ച് മുറിച്ച. c. glass സ്ഫടികം. c. grass മൂൎച്ചയുള്ള പുല്ല്. -'let തറിച്ച ഇറച്ചിയുരുള, 'കട്ലീസ്'. c. off കുറുക്ക്വഴി, അട്ടത്ത—. c.-purse കോന്തലമുറിയൻ. c.-throat തലമുറിയൻ, കുലപാതകൻ. c.-water നാന്ത്. c.-work ചിത്രത്തയ്യൽ. -'lĕr, *n.* കത്തി മുതലായ ആയുധം ഉണ്ടാക്കുന്നവൻ, കൊല്ലൻ. -lĕr-y, *n.* കത്തിമുതലായ മൂൎച്ചയുള്ള ആയുധങ്ങൾ. -'tĕr, *n.* കൊത്ത്പണിക്കാരൻ, ഉടുപ്പ് മുറിക്കുന്നവൻ, കല്ല്കൊത്തി; കത്തി, മുറിക്കുന്ന യന്ത്രം; മുന്നാരപ്പല്ല്, ഉമ്മരപ്പല്ല്; പടക്, ഓടി, ചെറിയകപ്പൽ. -'ting, *n.* മുറിക്കൽ; കഷണം, കൊത്ത്; തുരങ്കം. *a.*

മുറിക്കുന്ന; കഠിനശീതമുള്ള; കത്തുന്ന, വേദനപ്പെടുത്തുന്ന. [cle.

**Cū-tā'nē-ŏus,** *a. see under* **Cuti-**

**Cū'ti-cle,** *n.* പുറന്തോൽ, ബാഹ്യചർമ്മം (*an.*); 2. പാട (*an.*). =**ti'cū-lar,** =**tā'nē-ŏus,** *a.* ചർമ്മസംബന്ധമായ (*an.*).

**Cut'lass,** *n.* ചെറുവാൾ, ചൊട്ട—, ചൂരി—. **c.-fish** തളയൻ, കതിരവാലി.

**Cut'tle,** *n.* കത്തി; 2. ഷീത്തപറയുന്നവൻ. **c.-fish** ഒരുവക ക്രന്തൽമീൻ (*z.*). **c.-bone** കടനാക്ക്.

**Cȳ'cle,** *n.* ആകാശമണ്ഡലം, വ്യോമ—; 2. കാലചക്രം; 3. യുഗം, കല്പം; 4. പഞ്ചാംഗം; 5. വട്ടം, വൃത്തം, ചക്രം; 6. ഉരുള്, ഉരുൾക്കുതിര, ചവിട്ടുവണ്ടി, ത്രിചക്രം. **c. of the moon, metonic c.** ചന്ദ്രവട്ടം, —പൎയ്യായകാലം (19 കൊല്ലം). **c. of the sun, solar c.** സൂൎയ്യവട്ടം (28 കൊല്ലം). *v. i.* തിരിയുക, മാറിമാറിപ്പോക, പൎയ്യായമായി സംഭവിക്കുക; 2. ഉരുൾക്കുതിര കയറി ഓടിക്കുക. =**clic,** =**cli-cal,** *a.* പൎയ്യായസംബന്ധമായ, ചക്ര—.

**Cȳ'clōne,** *n.* ചുഴലിക്കാററ്, കൊട്ടക്കാററ്, 'തുഫാൻ'. =**clō-nic,** *a.* കൊട്ടക്കാററുപോലെയുള്ള.

**Cȳ-clō-pē'an,** *a.* ഏററവും വലിയ, മഹാഭയങ്കരമായ.

**Cȳ-clō-pē'di-a,** *n.* ശാസ്ത്രമണ്ഡലം, വിദ്യാചക്രം, സൎവ്വവിദ്യാനിഘണ്ടു, —കോശം.

**Cȳ-clō'stȳle,** *n.* കയ്യക്ഷരപ്പകൎപ്പ് യന്ത്രം, എഴുത്തച്ച്.

**Cyg'net,** *n.* അരയന്നക്കുഞ്ഞ് (*z.*).

**Cyl'in-dĕr,** *n.* ഗോളസ്തംഭം, വട്ടത്തൂണ്; 2. നാളം, കാചക്കുഴല്.

**Cym'bal,** *n.* തപ്പിട്ട, തപ്പ്, കൈത്താളം (*mus.*).

**Cyn'ic,** *n.* സുഖവിരക്തൻ, ലോകാചാര—; സ്വാൎത്ഥബുദ്ധി; 3. സല്ഗുണനിന്ദകൻ. =**i-cal,** *a.* ശ്വാനസ്വഭാവമുള്ള; സുഖത്യാഗിയായ; സല്ഗുണനിന്ദഉള്ള, ധിക്കാരശീലം—. =**i-cism,** *n.* നിന്ദാശീലം; വക്രബുദ്ധി.

**Cȳ'nō-sure,** *n.* സപ്തൎഷിരാശി, ധ്രുവൻ (*as.*); 2. വഴികാട്ടി; 3. ശ്രദ്ധാവിഷയം.

**Cȳ'phĕr** (-fĕr), *n.* അക്കം, പൂജ്യം, സൊന്ന, ഭേദം, ശൂന്യം.

**Czär** (zär), *n.* റക്ഷ്യചക്രവൎത്തി. **-ī'na,** *n.* റക്ഷ്യചക്രവൎത്തിനി. **-witch, -o-witz,** *n.* റക്ഷ്യയുവരാജൻ, റക്ഷ്യകിരീടാവകാശി. **-ev'na,** *n.* റക്ഷ്യഇളയരാജപത്നി.

# D

**D,** ഇംഗ്ലീഷ് ഭാഷയിൽ നാലാമത്തെ അക്ഷരം. വ്യഞ്ജനം. പേര്: 'ഡീ'. ഉച്ചാരണം: 'ഡ്'.

**D,** *a.* 500, അഞ്ഞൂറ്, ൫൦൦.

**Dab,** *n.* സമൎത്ഥൻ; 2. തട്ട്, കൊത്ത്. *v. t.* തട്ടുക, മിടിക്കുക; 2. പൂശുക. **-'stĕr,** *n.* മിടുക്കൻ, നിപുണൻ.

**Dab'ble,** *v. t.* കടയുക, തളിക്കുക, തെറിപ്പിക്കുക. *v. i.* വെള്ളത്തിൽ കളിക്കുക, ചേററിൽ പിരളുക; 2. അല്പം വൃത്തിയായി ചെയ്ക. =**'blĕr,** *n.* വെള്ളത്തിൽ കളിക്കുന്നവൻ; അല്പജ്ഞൻ.

**Dac'oit,** *n.* കൂട്ടായ്മക്കവൎച്ചക്കാരൻ (*l.*). **-y,** *n.* കൂട്ടായ്മക്കവൎച്ച, തീപട്ടിക്കൊള്ള (*l.*).

**Dac'tyl,** *n.* ഭഗണം (*pros.*); 2. കൈവിരൽ, കാൽ— (*an.*). **-og'ra-phy** (-fi), *n.* രത്നലേഖനവിദ്യ. **-i-ol'o-gy,** *n.* അംഗുലീയ—. **-ol'o-gy,** *n.* കൈസംജ്ഞ; ആംഗ്യഭാഷ. **-on'o-my,** *n.* അംഗുലഗണനം.

**Dad, Dad'dy,** *n.* അപ്പൻ, അച്ഛൻ, താതൻ, തന്ത.

**Dad'dle**, *v.i.* ആടിനടക്കുക; 2. പതുക്കെച്ചെയ്യു. [ആടി—.

**Dāde**, *v.i.* പിച്ചനടക്കുക, മെല്ലെ—,

**Dæ'dal, Dæ-da'li-an**, *a.* കൌശലം ഉള്ള, യുക്തി—; ചമത്കാരമായ; 2. ഉപായമുള്ള.

**Dœ'mon**, *see* **Demon**.

**Daff**, *n.* മുട്ടാളൻ. *v.i.* പൊട്ടത്തരം കാട്ടുക. [തമാശ—.

**Daft**, *a.* ഭോഷത്വം ഉള്ള, ഭ്രാന്ത്—;

**Dag'gĕr**, *n.* കട്ടാരം, ചൊട്ട, ചൂരിക; 2. + എന്ന വിലങ്ങടയാളം. **to look** *or* **speak d.s** ക്രൂരതയോടെ നോക്കുക, നിന്ദയോടെ സംസാരിക്കുക. **double d.** ‡ എന്ന ഇണവിലങ്ങടയാളം.

**Dag'gle**, *v.t.* ചേററിൽ ഇഴെക്കുക, വെള്ളത്തിൽ—, ചേറ് പിരട്ടുക, നനക്കുക. *v.i.* നനയുക, ചേറ് പിരളുക. **d.-tail, d.-tailed** ഉടുപ്പിൻെറ കീഴെഅററം മണ്ണു പിരണ്ട. **d.-tail** വൃത്തികെട്ട സ്ത്രീ.

**Da-guerre'o-tȳpe** (-ger'o-), *n.* ഒരുവക ഛായാലേഖനം; —പടം.

**Dāi'ly**, *see under* **Day**.

**Dāin'ty**, *n.* വില, പ്രിയം; 2. രുചികരമായ പദാൎത്ഥം, രസം. *a.* സ്വാദ് ഉള്ള, രസം—; കോമളം ആയ, മനോഹരം—, പ്രിയം ഉള്ള; ഖണ്ഡിതം—, കൃത്യം—, പ്രസാദവൈഷമ്യം—. **to make d.** കണക്കിലേറ കൃത്യം നടിക്കുക. **=ti-fȳ**, *v.t.* രുചികരം ആക്കുക; ഖണ്ഡിതം—. **=ti-ly**, *ad.* രുചികരമായി; ഭംഗിയോടെ; ഖണ്ഡിതമായി. **=ti-ness**, *n.* മുക്ഷ്മത, സ്വാദ്; ഭംഗി, അഴക്; കൃത്യത.

**Dāi'ry**, *n.* പാലറ; 2. ക്ഷീരവ്യാപാരം, തൈര്കാരൻ, ഗോപൻ. **d.-maid, d.-woman** തൈര്കാരത്തി, ഗോപി.

**Dā'is**, *n.* തറ, പീഠം, തിണ്ണ; 2. മുഖ്യാസനം; 3. വിതാനം.

**Dāi'sy**, *n.* ഒരുവക പുഷ്പം (*b.*).

**Däk** (*or* dawk), *n.* തപ്പാൽ, അഞ്ചൽ. **d. boat** അഞ്ചത്തോണി. **d. bungalow** 'മുസാവരി', സത്രം. **to travel by d.** വാഹനം തപ്പാൽവെച്ച യാത്രചെയ്യു.

**Dal**, *n.* പരിപ്പ്, പരുപ്പ്.

**Dāle**, *n.* മലയടിവാരം, താഴ്വര; 2. ചാല്, തൊട്ടി.

**Dal'ly**, *v.i.* & *t.* ലീലാവിനോദത്താൽ നേരമ്പോക്കുക, മിനക്കേടുക; 2. കൊഞ്ചുക, ക്രീഡിക്കുക. **=li-ĕr**, *n.* ലീലാവിലാസി, നേരമ്പോക്കുന്നവൻ. **=li-ance**, *n.* നേരമ്പോക്ക്, വിളയാട്ടം; താമസം, കാലവിളംബനം; സല്ലാപം.

**Dal-tō'ni-an**, *n.* വൎണ്ണാന്ധൻ. **dal'-tonism**, *n.* വൎണ്ണാന്ധത (*med.*).

**Dam**, *n.* (മൃഗങ്ങളുടെ) അച്ചി, തള്ള; 2. ചിറ, അണ. *v.t.* (in, up) ചിറകെട്ടിനിൎത്തുക; 2. തടുക്കുക, മുട്ടിക്കുക. **to d. out** അണകെട്ടിത്തടുക്കുക.

**Dam'āge**, *n.* ചേതം, മാനഹാനി, അപകടം; 2. (*pl.*) നഷ്ടപ്രതിഫലം (*l.*). **examplary d.s** ഘോരനഷ്ടം (*l.*). **nominal d.s** ലഘു— (*l.*). **vindictive d.s** ശിക്ഷാ— (*l.*). **d. feasant** കാലിയാലുള്ള വിളനഷ്ടം (*l.*). *v. t.* കേട്ട് വരുത്തുക, നഷ്ടം—, ചേതം—. *v.i.* കേട് വരിക, ഹാനി—. **=āge-a-ble**, *a.* ചേതം വരത്തക്ക; നഷ്ടം കിട്ടത്തക്ക.

**Dam'ask**, *n.* പൂപ്പട്ട്; 2. മേശപ്പുത്തുണി; 3. പനിനീർപുഷ്പവൎണ്ണം. *v. t.* പൂപ്പണിനെയ്യുക.

**Dāme**, *n.* ഗൃഹസ്ഥ, കലീനസ്ത്രീ, നായിക; 2. വീട്ടമ്മ. 3. ഉപാദ്ധ്യായിനി; 4. സ്ത്രീ, കിഴവി; 5. അമ്മ, അച്ചി.

**Damn** (dam), *v. t.* കുററം വിധിക്കുക, ശിക്ഷകല്പിക്കുക; 2. ശപിക്കുക; 3. തള്ളുക; 4. നിന്ദിക്കുക. *v.i.* പ്രാകുക. **='na-ble**, *a.* ശാപയോഗ്യമായ, ബന്ധ—; **='na-ble-ness, =na-bil'i-ty**, *n.* ശിക്ഷായോഗ്യത, നീചത്വം, നികൃഷ്ടത. **=nā'tiŏn**, *n.* ശാപം, ശിക്ഷാവിധി; നിത്യനാശം, നരകശിക്ഷ; മഹാപാതകം. **='na-tŏr-y**, *a.* ശിക്ഷവിധിക്കുന്ന. **damned** (damd), *a.* നാശത്തിന്നേല്പിച്ച; ശാപമുള്ള, നീചമായ; ശൂന്യംപിടിച്ച. **='ni-fȳ**, *v. t.* ചേതംവരുത്തുക, ഹാനി—. **='num**, *n.* മുതൽനഷ്ടം, മാന— (*l.*).

**Damp,** *n.* നനവ്, ഈറം; 2. കുളമ്പ്, മഞ്ഞ്; 3. മനസ്സിടിവ്, ഖേദം; 4. ഒരുവക ബാഷ്പം. **choke-d.** ഇരുന്താമലമയ—. **fire-d.** അംഗാരകജലജ—. *a.* തണുപ്പ് ഉള്ള, ചതുപ്പ്—; വിഷാദം—. **-'en,** *v.t.* നനക്കുക, പൊതിർക്കുക; പൊലിച്ചുകളക, കെടുത്തു—, കണ്ണിതം വരുത്തുക, ഭംഗം—, ധൈര്യക്ഷയം—. **-'ness,** *n.* ഓതം, കതിമ്മ; മഞ്ഞ്, മൂടൽ.

**Dam'sel,** *n.* കലീനകുമാരൻ;—കുമാരി; 2. പെണ്കുട്ടി, ബാല്യക്കാരത്തി.

**Dance,** *v.i.* ചുവട് വെക്കുക, നൃത്തം ചെയ്യു; 2. കൂത്താടുക. **to d. on a rope** *or* **on nothing** തൂക്ക് മരത്തിന്മേൽ മരിക്കുക. *v.t.* തുള്ളിക്കുക, നൃത്തം ചെയ്യിക്കുക. **to d. attendance** കാത്ത് കെട്ടിനില്ക്കുക. *n.* നൃത്തം, കൂത്ത്; 2. നൃത്തപ്പാട്ട്. **d. of death** കാലനൂർയാത്ര. **to lead one a d.** നാനാപ്രകാരമുള്ള അവസ്ഥകളിൽ നടത്തുക. **temple-d.** ദൈവാട്ടം. **sword-d.** പലിശത്തട്ട്. **='cing,** *n.* നർത്തനം, നാട്യം. **d.g-girl** ദേവഅടിയാത്തി, തേവിടിച്ചി, വേശ്യ. **d.g-master** നട്ടുവൻ, നർത്തകൻ. **d.g room, d.g school** നൃത്യശാല, കളരി. **='cĕr,** *n.* നർത്തകൻ, നർത്തകി. **the merry d.rs** ധ്രുവപ്രഭാകിരണങ്ങൾ (*as.*).

**Dan'de-li-on,** *n.* ഒരുവക മഞ്ഞപ്പൂ (*b.*).

**Dan'dĕr, Dan'driff, Dan'druff,** *n.* ചുണങ്ങ്, തലപ്പുററ്, പൃഴനടപ്പ്; 2. കോപം, മുഷിച്ചൽ.

**Dan'dle,** *v.t.* കളിക്കുക; 2. താലോലിക്കുക, ലാളിക്കുക; 3. നേരം പോക്കുക, താമസിപ്പിക്കുക. **=dlĕr,** *n.* കൊഞ്ചുന്നവൻ.

**Dan'dy,** *n.* മോടിക്കാരൻ, പച്ചസുന്ദരൻ, ഭോഷ്കൻ. **d.-cock** അഴക് രാമൻ, സുന്ദരവിഷ്ണു. **d.-hen** മിനുക്കിച്ചി.

**Dān'gĕr,** *n.* ആപത്ത്, അപകടം; 2. വൈഷമ്യം; 3. കൊഞ്ചൽ. **in one's d.** ഒരുവന്റെ അധീനത്തിൽ. **to do d.** അപായം വരുത്തുക. **-ŏus,** *a.* ആപല്ക്കരം ആയ; വിഷമം—, പ്രാണാപായം ഉള്ള; പ്രസാദിപ്പിപ്പാൻ ഞെരുക്കം—; മെരുക്കം കുറഞ്ഞ. **-ŏus-ly,** *ad.* അപകടംവരത്തക്കവണ്ണം, കലശലായി. **-ŏus-ness,** *n.* വിപത്ത്, അപകടാവസ്ഥ.

**Dan'gle,** *v.i.* ഞേലുക, തൂങ്ങുക, ആടുക. **to d. about** *or* **after** ആശ്രയിക്കുക, പാറുക. *v.t.* ആട്ടുക, വീശുക, ഞേത്തുക. **=glĕr,** *n.* പെൺപററി, സ്ത്രീലോലൻ, നിസ്സാരൻ.

**Dank,** *n.* ആവി, നനവ്. *a.* ഈറം ഉള്ള, തണുപ്പ്—.

**Dan'seuse** (dăn'sēz), *n.* നർത്തകി.

**Dap,** *v.i.* പറച്ചുങ്ങലിടുക.

**Dap'per,** *a.* ചുറുക്ക് ഉള്ള, മിടുക്ക്—, ചൊങ്ക്—, വൃത്തി—. **-ling,** *n.* കള്ളൻ, വാമനൻ.

**Dap'ple, Dap'pled,** *a.* പുള്ളിഉള്ള, നാനാവണ്ണം—. *v.t.* കല്മാഷം ആക്കുക, വിചിത്രം—.

**Där'bies** (där'biz), *n. pl.* കയ്യാമം.

**Dāre,** *v.i. & ir.* (durst, dāred) തുനിയുക, ധൈര്യപ്പെടുക; 2. വിചാരിക്കുക. *v.t.* പുറപ്പെടുക, സമാരംഭിക്കുക; 2. മറുത്തുനില്ക്കുക, ധിക്കരിക്കുക, പേടിപ്പിക്കുക. **to d. larks** പക്ഷികളെ ഭയപ്പെടുത്തിപ്പിടിക്കുക. *n.* തുനിവ്, ധൃതി, ഉയിർ. **d. devil** എന്തും ചെയ്യാൻ മടിക്കാത്തവൻ. **d. deviltry** അമൂലക്രിയ. **dā'ring,** *n.* ധൈര്യം, ശൌര്യം, നിർഭയം, വീര്യപ്രവൃത്തി. *a.* ഉയിരുള്ള, തുനിഞ്ഞ് പുറപ്പെടുന്ന, ഭയമില്ലാത്ത. **='ring-ly,** *ad.* ധീരതയോടെ, നിശ്ശങ്കം. **='ring-ness,** *n.* നെഞ്ഞുറപ്പ്, സാഹസം.

**Därk,** *a.* വെളിച്ചമില്ലാത്ത, ഇരുട്ടായ, മങ്ങലുള്ള; കറുത്ത, നിഷ്പ്രഭം ആയ; 2. അസ്പഷ്ടം—, ഗുപ്തം—; 3. അറിവ് ഇല്ലാത്ത, പഠിപ്പ്—, പരിഷ്കാരം—; 4. ക്രൂരതയുള്ള, മഹാ; 5. ദുർല്ലക്ഷണം ഉള്ള, വ്യസനം—, സംശയകരം ആയ, അശുഭം—; 6. കണ്ണ് കാണാത്ത. **d. villain** നീചകശ്മലൻ. **d. deed** പാതകപ്രവൃത്തി. **a d. horse** അറിയാത്ത കുതിര;—ആൾ. **d. house, d. room** ഭ്രാന്തകാരാഗൃഹം. **the d. ages** പ്രാചീനകാലം, ക്രിസ്തുശകം 500 മുതൽ 1500 വരെ. **to keep d.** ഒന്നും പ

റയാതിരിക്കുക. *n.* ഇരുൾ, അന്ധകാരം; 2. അറിയായ്മ, അജ്ഞാനം; 3. രഹസ്യം; 4. നിഴൽ, ഛായ. **-'en,** *v. t.* ഇരുട്ടാക്കുക; കറുപ്പിക്കുക; മയക്കുക, കണ്ണ് കാണാതെ ആക്കുക; അവ്യക്താ—; ഭ്രമിപ്പിക്കുക; സന്തോഷഭംഗം വരുത്തുക; മലിനമാക്കുക. *v. i.* ഇരുണ്ട് പോക. **-'ish,** *a.* കറുപ്പ് ഛായയുള്ള. **-'ling,** *ad.* ഇരുട്ടത്ത്. *a.* ഇരുണ്ട. **-'ly,** *ad.* അസ്പഷ്ടം ആയി, അനിശ്ചയം—; ക്രൂരം—. **-'ness,** *n.* ഇരുൾ; കറുപ്പ്, വ്യസനം; രഹസ്യം; അന്ധത; ദുഷ്ടത, അശുദ്ധി; അസ്പഷ്ടത; കഷ്ടം. **prince of d.s** അന്ധകാരപ്രഭു, പിശാച്. **-'sŏme,** *a.* ഇരുണ്ട; അവ്യക്തമായ; വ്യസനമുള്ള. **-y,** *n.* കാപ്രി.

**Där'ling,** *n. see under* Dear.

**Därn,** *v. t.* ഇഴയിടുക. *n.* ഇഴയിടൽ. **d.ing needle** ഇഴസൂചി.

**Därt,** *n.* അമ്പ്, അസ്ത്രം; ചാട്ട് കുന്തം; 2. കുത്ത് വാക്ക്. *v. t.* ചാട്ടുക, എറിയുക; 2. എയ്യുക, പൊഴിക്കുക. *v. i.* പറക്കുക; 2. ഓടുക.

**Dash,** *n.* തട്ട്; മുട്ടൽ; 2. വിഘ്നം, ഭംഗം; 3. കലപ്പ്, കൂട്ട്; 4. ചാട്ടം, ആക്രമം, അടി; 5. ചൈതന്യം, ചുറുക്ക്; 6. വമ്പ്, ആടോപം; 7. ചെറുവര (—), ഭംഗചിഹ്നം. *v. t.* (against) എറിയുക, മുട്ടുക; 2. തകർത്തുകളക; 3. നിഷ്ഫലമാക്കുക; ലജ്ജിപ്പിക്കുക; ഭ്രമിപ്പിക്കുക; 4. തെറുപ്പിക്കുക; കലർത്തുക; 5. (off) വന്നപാട് ചെയ്യുക; 6. (out) കുത്തിക്കളക. *v. i.* അലെക്കുക; അടിക്കുക; നേരെപായുക. **d.-board** വണ്ടിയുടെ ചിറക്, —മൺപലക. **-ĕr,** *n.* കടകോൽ, മന്ഥ്. **-'ing,** *a.* ധീരതയുള്ള, ചുണ—. **-'ing-ly,** *ad.* പ്രത്യക്ഷമായി. **-'ism,** *n.* അനാവശ്യഘോഷം, നാട്യം. **-'y,** *a.* മോടിയുള്ള.

**Das'tard** (-tĕrd), *n.* പേടിക്കുടലൻ, ഭീരു; നികൃഷ്ടൻ. *a.*, **-ly,** *a.* ഭീരുത്വം ഉള്ള; നീചത്വം—. **=dīse,** *v. t.* ഭീരുവാക്കുക, ഭയപ്പെടുത്തുക, ധൈര്യക്ഷയം വരുത്തുക. **-li-ness, -ness, -y,** *n.* ഭീരുത്വം, പേടി.

**Dā'ta,** *n. pl. of* Dā'tum.

I. **Dāte,** *n.* തിയ്യതി, ദിവസം; 2. സമയം, കാലം; 3. അവധി, പൂർത്തി; 4. ആയുഷ്ക്കാലം; ഈട്. **to bear d.** തിയ്യതി വെച്ചിരിക്കുക. **out of d.** നടപ്പില്ലാത്ത. *v. t.* തിയ്യതിവെക്കുക; 2. കാലം നിർണ്ണയിക്കുക. *v. i.* (from) തുടങ്ങുക, കാലം കണക്ക് കൂട്ടുക.

II. **Dāte,** *n.* ഈത്തപ്പഴം, കാരക്ക; 2. ഈത്തപ്പന. **d.-palm** ഈത്തപ്പന (*b.*).

**Dā'tive,** *n.* ചതുർത്ഥിവിഭക്തി, സമ്പ്രദാന—. *a.* കൊടുപ്പാൻ അധികാരമുള്ള (*l.*); ഉദ്യോഗത്തിൽനിന്നു നീക്കാകുന്ന (*l.*); കോടതി കല്പിച്ചിട്ടുള്ള (*l.*). **d. executor** കോടതി നിശ്ചയിച്ച വസ്തുപരിപാലകൻ (*l.*). **-ly,** *ad.* ദാനമായി.

**Dā'tum,** *n.* (*pl.* dā'ta) സമ്മതം; 2. ദത്തം; 3. ആധാരം, അടിസ്ഥാനം.

**Da-tū'ra,** *n.* ഉമ്മം, ഉമ്മത്തം, മാതുലം (*b.*). **=tū'rine,** *n.* ഉമ്മത്തസത്ത് (*ch.*).

**Daub,** *v. t.* തേക്കുക, പിരട്ടുക; 2. കന്മായം ഇടുക; 3. ചായം—; 4. വേഷം ധരിക്കുക, മറെച്ച് വെക്കുക; 5. മുഖസ്തുതി പറക; 6. അലങ്കാരം വെച്ച് കെട്ടുക. *v. i.* പൂശുക, മുഖസ്തുതിപറക. *n.* തേപ്പ്, ലേപനം; 2. പട്ടചിത്രം. **-'ĕr,** *n.* പൂശുന്നവൻ; പട്ടചിത്രക്കാരൻ; മുഖസ്തുതിക്കാരൻ. **-'ing,** *n.* പൂശൽ, പൂച്ച്, തേപ്പ്. **-'y,** *a.* പററുള്ള, ലേപമായ, പിരളുന്ന.

**Daugh'tĕr** (da'tĕr), *n.* മകൾ, പുത്രി, ദുഹിതൃ; 2. വംശജ, സ്ത്രീ; 3. പുത്രഭാര്യ, മരുമകൾ; 4. പ്രിയവാദം. **d.-in-law** മകന്റെ ഭാര്യ, മരുമകൾ, സ്നുഷ. **-li-ness,** *n.* പുത്രിസ്ഥാനം, —ഭാവം. **-ly,** *a.* പുത്രിഭാവമുള്ള.

**Daunt,** *v. t.* ജയിക്കുക; 2. ധൈര്യം കെടുത്തുക, പേടിപ്പിക്കുക, അരട്ടുക. **-'less,** *a.* ഭയം ഇല്ലാത്ത. **-'less-ly,** *ad.* നിർഭയമായി. **-'less-ness,** *n.* നിർഭയം, ധൈര്യം.

**Dau'phin** (da'fin), *n.* പണ്ടേത്ത പരന്ത്രീസ്സ് രാജ്യകിരീടാവകാശി. **-ess,** *n.* —കിരീടാവകാശിപത്നി.

**Dā'vy Jōnes**, *n.* സമുദ്രപ്രേതം. D. J.'s locker കടൽ. gone to D. J.'s locker ചത്തു കടലിൽഇട്ട.

**Daw**, *n.* ഒരുവക കാക്ക (*z.*).

**Daw'dle**, *v. t.* & *i.* നേരം പോക്കുക, വെടിപറയുക. =dlĕr, *n.* സല്ലാപക്കാരൻ.

**Dawk** (dak), *v. t.* മുറിക്കുക, കൊത്തുക. *n.* മരത്തിന്റെ വയറ്, —കോടരം.

**Dawn** (dan), *v. i.* നേരം പുലരുക, —വെളുക്കുക, വെള്ളകീറുക; 2. തോന്നുക, പ്രത്യക്ഷമാക, ഉദിക്കുക. *n.* പുലൎച്ച, ഉഷസ്സ്, പ്രഭാതം, അരുണോദയം; 2. ആരംഭം, അഭ്യുദയം.

**Dāy**, *n.* പകൽ; 2. ദിവസം, ദിനം, വാരം; തിയ്യതി; 3. നിത്യപ്രവൃത്തികാലം; 4. സമയം, കാലം, യുഗം; 5. (the) വിശേഷദിവസം. anniversary d. ആണ്ട്. astronomical d. അഹോരാത്രം, ഉച്ചമുതൽഉച്ചവരെ. born d.s ജീവകാലം. canicular d.s അത്യുഷ്ണ—. civil d. രാപ്പകൽ, അൎദ്ധരാത്രിമുതൽ അൎദ്ധരാത്രിവരെ. d.-blindness ദിവാന്ധത (*med.*). d.-school ദിനാന്തപാഠശാല. d.-scholar ദിനാന്തവിദ്യാൎത്ഥി. d. by d., d. after d. ദിവസേന, ദിനമ്പ്രതി. lunar d. തിഥി, പക്കം. from d. to d. കാലക്രമേണ. Mahomedan d., Jewish d. അസ്തമാനം മുതൽ അസ്തമാനം വരെയുള്ള ദിവസം. mean solar d. അഹോരാത്രം. one d., one of these d.s ഒരിക്കൽ, അടുക്കെ, ഒരുകാലം. only from d. to d. തൽക്കാലത്തേക്ക്, അന്നന്ന്. siderial d. നാൾ, നക്ഷത്രം. to win the d. ജയിക്കുക, കാൎയ്യസിദ്ധിയുണ്ടാക. week-d., working d. ഞായറാഴ്ചയല്ലാത്ത ദിവസം. d.-book നാൾവഴിപ്പുസ്തകം (*com.*). d.-break പുലൎച്ച. d.-dream മനോരാജ്യം, സങ്കല്പം. d.-fly ഒരുനാൾപാററ (*z.*). d.-labour കൂലിപ്പണി. d.-labourer കൂലിപ്പണിക്കാരൻ. d.-light സൂൎയ്യപ്രകാശം, (*pl.*) കണ്ണ്. d.'s man നടുവൻ, മദ്ധ്യസ്ഥൻ. d.-mare മയക്കം. d.-net കെണി. d.-spring പുലൎച്ച; ആരംഭം. d.-star കൊററി (*as.*); സൂൎയ്യൻ. d.-time പകൽ, പകൽകാലം. dāi'ly, *a.* ദിവസേനയുള്ള, അന്നദിനം—, ദിനചൎയ്യമായ. *ad.* ദിനംപ്രതി, നാൾതോറും, നിത്യേന.

**Dāze**, *v. t.* ഭ്രമിപ്പിക്കുക, തരിപ്പിക്കുക, കണ്ണ് കുച്ചിക്കുക. *n.* സ്തംഭനം, ഭ്രമം, കൺകുച്ചൽ.

**Daz'zle**, *v. t.* കണ്ണ് കുച്ചിപ്പിക്കുക, —മഞ്ഞിക്കുക, പ്രതാപത്താൽ ഭ്രമിപ്പിക്കുക. *v. i.* മഹാപ്രഭയുള്ളതായിരിക്കുക, ശോഭയാൽ വിസ്മയം ജനിപ്പിക്കുക; 2. കണ്ണ് കുച്ചിപ്പോക, —മഞ്ഞിപ്പോക. *n.* മഹാപ്രഭ. -ment, *n.* അതിദീപ്തി.

**De**, *pf.* വി, അപ, അവ etc.

**Dēa'con** (dē'kn), *n.* ഉപബോധകൻ, സഭാശുശ്രൂഷകൻ (*eccl.*); 2. സഭാനാഥൻ. -ess, *n.* സഭാശുശ്രൂഷക്കാരത്തി; രോഗിപാലിക. -hood, -ry, -ship, *n.* സഭാശുശ്രൂഷസ്ഥാനം.

**Dead**, *see under* Die.

**Deaf** (def), *a.* ചെവികേൾക്കാത്ത, ചെവിടനായ; 2. (to) കേൾപ്പാൻ മനസ്സ് ഇല്ലാത്ത, ശ്രദ്ധ—, കൂട്ടാക്കാത്ത; 3. ചെവിടടച്ച; 4. മന്ദമായി കേൾക്കുന്ന; 5. രുചികെട്ട, ചീത്തയായ. d. and dumb, d. mute പൊട്ടൻ. -'en, *v. t.* ചെവിടനാക്കുക, ശ്രവണമില്ലാതെ—; ശബ്ദം കേൾക്കാതെ—. -'en-ing, *a.* ചെവിടടെക്കുന്ന, ഘോരമായ. *n.* ഒച്ച പുറത്തുപോകാതാക്കൽ; സ്വരവാഹകശക്തി കുറക്കുന്ന സാധനം. -ness, *n.* ചെവി കേളായ്ക, ശ്രവണമില്ലായ്മ, ബധിരത, കാതടപ്പ്; അനുസരണക്കേട്.

**Dēal** (dēl), *n.* അംശം, ഓഹരി; 2. പെരുമ, ആധിക്യം: a d. of trouble ഒരുപാട്. a good d. വളരെ; 3. കത്ത്പകുക്കൽ; ഒരു കളിക്കാരന്റെ ഓഹരിക്കുള്ള കത്ത്; 4. വിഭാഗം, വിഭജനം; 5. പലക; 6. പീഞ്ഞമരം. *v. t.* (out) ഭാഗിക്കുക, പങ്കിടുക, വിളമ്പിക്കൊടുക്കുക; 2. കത്ത് പകുക്കുക. *v. i.* ഓഹരിവെക്കുക, ചീട്ട് പകുക്കുക; 2. കച്ചവടം ചെയ്ക, വ്യാപാരം—; 3. (between, with) മദ്ധ്യ

സ്ഥൻ ആയിരിക്കുക, കാൎയ്യസ്ഥൻ—; 4. ഇടപെടുക, പെരുമാറുക; 5. (with) എതിൎക്കുക. to d. by പെരുമാറുക. to d. well by ദയകാണിക്കുക. to d. ill by നിഷ്ഠുരത—. to d. in ഇടപെടുക; കച്ചവടം ചെയ്ക. to d. with പെരുമാറുക; കൊള്ളക്കൊടുക്ക ചെയ്ക, ഇടവാട്—; ശാസിക്കുക. -'ĕr, *n.* ഇടപെടുന്നവൻ; കച്ചവടക്കാരൻ; കത്ത് പകുക്കുന്നവൻ. -'ing, *n.* കാൎയ്യം, ഇടവാട്, വ്യാപാരം. double d.g വ്യാജം, ചതി. plain d.g സത്യം, പരമാൎത്ഥം.

Dēan (dēn), *n.* പ്രധാനബോധകൻ (*eccl.*); 2. വിദ്യാശാലസ്ഥാനി; 3. പ്രമാണി, മുഖ്യൻ. d. and chapter പ്രധാനദൈവാലയപരിപാലകസഭ (*eccl.*). -'ĕr-y, *n.* പ്രധാനബോധക ഉദ്യോഗം; —വൃത്തി;—ഗൃഹം;—അധികാരം. -'ship, *n.* പ്രധാനോപദേഷ്ടാസ്ഥാനം.

Dēar (dēr), *a.* (dēar'ĕr, dēar'est) വിലപിടിച്ച, —ഏറിയ, ചിലവ് ഉള്ള; 2. ക്ഷാമം—, ദുൎല്ലഭമായ; 3. പ്രിയമുള്ള; 4. ഉററ. d. cause താല്പൎയ്യകാൎയ്യം. d. wish ഏദയവാഞ്ഛ. d. peril മഹാവിപത്ത്. d.est foe ബദ്ധവൈരി. d. born നാല്വരുൾവഞ്ചി. d. bought വിലയേറിയ, പ്രയാസേന സാധിച്ച. *n.* പ്രിയൻ, കാന്തൻ; പ്രിയ, കാന്ത. *ad.* -'ly, *ad.* വാത്സല്യപൂൎവ്വം; അധികവിലക്ക്. -'ness, *n.* പ്രിയം, ബഹുമൂല്യത; വാത്സല്യം, അനുരാഗം. -y, *n.* പ്രിയൻ; പ്രിയ. där'ling, *n.* ഓമനക്കുട്ടി; പ്രിയൻ; പ്രിയ. *a.* ഓമനയായ, അതിവാത്സല്യമുള്ള.

Dearth (derth), *n.* വറുതി, ദുൎഭിക്ഷം, ക്ഷാമം.

Death, *see under* Die.

De-bac'le, *n.* പൊട്ടൽ, ജലപ്രവാഹം.

De-bär', *v. t.* (from, of) പ്രവേശം തടുക്കുക, മുടക്കുക; അനുഭവം ഇല്ലാതാക്കുക; പുറത്താക്കുക; നിഷേധിക്കുക. -ment, *n.* നീക്കം, പുറത്താക്കൽ.

De-bärk', *v. t & i.* കപ്പലിൽ നിന്ന് ഇറങ്ങുക, —ഇറക്കുക. -ā'tiŏn, *n.* ഉരുവിറങ്ങൽ.

De-bāse' (*or* -bāz), *v. t.* താഴ്ത്തുക, എളിമപ്പെടുത്തുക, വഷളാക്കുക, അപമാനിക്കുക. ='sĕr, *n.* വഷളാക്കുന്നവൻ. -ment, *n.* അധോഗതി, ഭ്രഷ്ട്.

De-bāte', *v. t.* പോരാടുക; 2. തൎക്കിക്കുക, വ്യവഹരിക്കുക. *v. i.* (on, upon) വിവാദിക്കുക, ആലോചിക്കുക. *n.* പോരാട്ടം; 2. വാദം; 3. തൎക്കവിഷയം. ='ta-ble, *a.* വാദം ഉള്ള, സംശയം—. -ful, *a.* കലഹം—. ='tĕr, *n.* തൎക്കക്കാരൻ. =bā'ting, *n.* വിവാദം. d.g society *or* club വിവാദസഭ.

De-bauch', *v. t. & i.* വഷൾ ആക്കുക, മലിനം—; വശീകരിക്കുക; അപരാധിക്കുക. *n.* അതിഭക്ഷണം; മദ്യപാനം; 2. ദുൎന്നടപ്പ്; 3. കൃത്താട്ടം. =bauched, *a.* തെമ്മാടിയായ, ദുൎന്നടപ്പുള്ള. deb-au-chēe', *n.* കടിയൻ; സ്ത്രീസക്തൻ. -ĕr, *n.* വശീകരിക്കുന്നവൻ. -ĕr-y, *n.* അവിശപ്തത, വിഷയലമ്പടത്വം.

*De be'ne es'se, a.* തല്ക്കാലത്തേക്ക്, പക്ഷാൎത്ഥമായി (*l.*).

De-ben'tūre, *see under* Debt.

De-bil'i-ty, *n.* ബലക്ഷയം, ക്ഷീണം. =i-tāte, *v. t.* ബലക്ഷയം വരുത്തുക, ക്ഷയിപ്പിക്കുക. =i-tā'tiŏn, *n.* ക്ഷീണിപ്പിക്കൽ, ബലഹീനത. =i-tant, *a.* ശക്തിക്ഷയം വരുത്തുന്ന.

Deb-o-nāir', *n.* ശാന്തൻ, യോഗ്യൻ, മൎയ്യാദക്കാരൻ.

Deb'ris (deb'rē), *n.* നുറുക്ക്, ശേഷിപ്പ്; കപ്പ.

Debt (det), *n.* കടം, ഋണം; കററി; 2. കററം, ലംഘനം, പാപം; 3. ഇടവാട്, വ്യവഹാരം. d. of nature മരണം. -ēe', *n.* കടംകിട്ടേണ്ടുന്നവൻ, മുതലുടമ (*l.*). -'ŏr, *n.* കടക്കാരൻ, കടം വീട്ടേണ്ടുന്നവൻ. de-ben'tūre, *n.* ഋണപത്രം; കടം; പണയം. deb'it, *n.* ചിലവ് ഭാഗത്ത് എഴുതിയ കണക്ക് (*com.*). *v. t.* കടം എഴുതുക, കണക്കിൽ ചിലവ്— (*com.*).

De-but' (de-bu), *n.* ആദ്യശ്രമം, —നടനം. deb'u-tant (-tan), *n.* നടാടെ അരങ്ങത്ത് വരുന്നവൻ (വൽ).

**Dec'āde**, *n.* ദശകം, വൎഷ—, പത്തു കൊല്ലം. =**a-dal**, *a.* പത്തു പിടിച്ച, —വീതമുള്ള.

**De-cā'dence**, ='**den-cy**, *n.* താഴ്ച, അധോഗതി, ഇടിച്ചൽ.

**Dec'a-gon**, *n.* ദശകോണം, ദശാസ്രം; ദശഭുജ (*geom.*). **regular d.** സമദശഭുജ.

**Dec'a-lōgue** (-lŏg), *n.* പത്തു കല്പനകൾ, ദശവാക്യം, ദശാജ്ഞ.

**De-camp'**, *v. t.* പാളയം പൊളിക്കുക, —വിട്ടു പുറപ്പെടുക; 2. പോയ്ക്കളക. **-ment**, *n.* ഓടിപ്പോക്ക്.

**De-cant'**, *v. t.* പകൎന്നു വെക്കുക. ='**tĕr**, *n.* 'വീഞ്ഞ്'കുപ്പി.

**De-cap'i-tāte**, *v. t.* ശിരച്ഛേദം ചെയ്ക, തലകൊത്തുക; 2. ഉദ്യോഗത്തിൽനിന്നു നീക്കുക. =**tā'tiŏn**, *n.* ശിരച്ഛേദം, തലവെട്ടൽ. [വധ്യം (Z.).

**Dec-ap'ō-da**, *n.* ദശപാത്, കൊഞ്ചൻ

**De-cāy'**, *v. i.* ക്ഷയിക്കുക, ചീയുക, പൃതലിക്കുക. *v. t.* നശിപ്പിക്കുക. *n.* താഴ്ച, കുറവ്, അഴിവ്, നാശം; 2. നാശകാരണം.

**De-cēase'** (-sēs), *n.* നിൎയ്യാണം, പുറപ്പാട്, മരണം. *v. i.* കഴിഞ്ഞുപോക, മരിക്കുക, തീൎപ്പെടുക, അന്തരിക്കുക. =**cēased**, *a.* മരിച്ച, കാലംചെന്ന, മൃതപ്പെട്ട. **the d.d** മരിച്ചവൻ. **de-cē'dent**, *n.* മൃതപ്പെട്ടവൻ.

**De-cēit'**, *see under* **Deceive.**

**De-cēive'** (-sēv'), *v. t.* ചതിക്കുക, തോല്പിക്കുക; കട്ടുക; 2. നേരം കളയുക, —പോക്കുക; 3. വഞ്ചിപ്പെടുക്കുക. =**cēiv'-a-ble**, *a.* ചതിപറ്റിക്കുന്ന; —പറ്റുന്ന. =**cēiv'a-ble-ness**, *n.* കാപട്യം. ='**ĕr**, *n.* ചതിയൻ, വഞ്ചകൻ, കള്ളൻ. =**cēit'**, =**cep'tiŏn**, *n.* വ്യാപ്തി, വഞ്ചന, ചതി; കൃത്രിമം, ഉപായം. =**cēit'ful**, *a.* വഞ്ചനയുള്ള, തട്ടിക്കുന്ന. -**cēit'ful-ness**, *n.* മറിമായം, വ്യാജം. =**cep'ti-ble**, *a.* ചതിപറ്റുന്ന, തോല്പിപ്പാൻ എളുപ്പമുള്ള. =**cep-ti-bil'i-ty**, *n.* വഞ്ചനീയത്വം. =**cep'tive**, *a.* വ്യാപ്തിഉള്ള, മായം—.

**De-cem'bĕr**, *n.* ഡിസെമ്പ്രമാസം, ധനു മകര—; 2. അവസാനം, അന്തം.

**Dē'cen-cy**, *n.* ഔചിത്യം, യോഗ്യത; 2. മൎയ്യാദ; 3. വിനയം, സാത്വികത്വം, =**cent**, *a.* ഉചിതം ആയ, വിഹിതം—. തക്ക, മൎയ്യാദയുള്ള; സാത്വികമായ; ഭംഗി ഉള്ള, ലക്ഷണം—; മതിയായ, മിതം—, പൊരുത്തവരുത്തുള്ള, സാമാന്യം നല്ല. =**cent-ly**, *ad.* യോഗ്യമായി, ഉചിതമായി, മതിയാകുംവണ്ണം.

**De-cep'tiŏn**, *see under* **Deceive.**

**De-cen'nar-y** (-nĕr-), *n.* വൎഷദശകം. =**cen'ni-al**, *a.* പത്തു കൊല്ലം കൂടിയ; പതുപ്പത്തു കൊല്ലം കൂടിയാല്യണ്ടാകുന്ന. =**cen'ni-um**, *n.* പത്തു കൊല്ലം.

**Dē'cent**, *see under* **Decency.**

**De-cen'tral-īse**, =**īze**, *v. t.* പകുക്കുക; അധികാരം വിഭാഗിക്കുക. =**li-sā'-tiŏn**, =**li-zā'tiŏn**, *n.* അധികാരവിഭജനം, വിയോഗം.

**De-chärm'**, *v. t.* മന്ത്രശക്തികെടുക്കുക, മാററു മന്ത്രം ചെയ്ക.

**De-cīde'**, *v. t.* അറുത്തുകളക, വേൎപ്പെടുത്തുക; 2. നിൎണ്ണയിക്കുക, തീൎച്ചപ്പെടുത്തുക. *v. i.* തീൎപ്പു കല്പിക്കുക, വിധിക്കുക. ='**ded**, *a.* സ്പഷ്ടം ആയ, തീൎച്ച—, സംശയമില്ലാത്ത. ='**ded-ly**, *ad.* തീൎച്ചആയി, തിട്ടം—, നിശ്ചയം—. =**cisi'ŏn**, *n.* വേൎപ്പാട്; തീൎച്ചപ്പെടുത്തൽ, തീൎപ്പ്; വിധി; സ്ഥിരത, മനോനിൎണ്ണയം. =**cī'sive**, *a.* നിൎണ്ണയിക്കുന്ന, തീൎച്ചആയ; സ്ഥിരം—, ഖണ്ഡിതം—. =**cī'sive-ly**, *ad.* തിട്ടം ആയി, ഖണ്ഡിതം—. =**cī'sive-ness**, *n.* നിഷ്കൎഷ, സ്ഥൈൎയ്യം.

**Dec'i-dence**, *n.* വീഴ്ച, പതനം, ത്യാഗം. =**cid'ū-ŏus**, *a.* ഉതിരുന്ന, കൊഴിഞ്ഞു പോകുന്ന.

**De-cil'liŏn** (-sil'yun), *n.* അറുപത്തൊന്നു സ്ഥാനമുള്ള സംഖ്യ (*Eng.*); മുപ്പത്താറ്— (*Am. & Fr.*).

**Dec'i-mal**, *a.* ദശകം ആയ, ദശഗുണിതം—, ദശാംശ—. **d. arithmetic** ദശകഗണിതം, സാധാരണ—. **d. fraction** ദശാംശഭിന്നിതം, ദശോഹരി—, ദ

ശക— (*ar.*). d. point ദശകവിന്ദു (*ar.*). d. system ദശകഗണനം. d. number ദശകസംഖ്യ,—ഗുണിത—; —ഭിന്നിതം (*ar.*). circulating, circulatory, recurring *or* repeating d. ആവൎത്തിതദശാംശം. =māte, *v.t.* ദശാംശം എടുക്കുക, പതാരം വാങ്ങുക; പത്താലൊന്നു് കൊല്ലുക; മഹാനാശം ചെയ്ക. =mā'tiŏn, *n.* പതാരം; ദശാംശഹത്യ, മഹാസംഹാരം.

Dec-i-mo-sex'tō, *n.* (16 mo., 16°) ഒരു പായി കടലാസ് പതിനാറായി മടക്കിയുണ്ടാക്കിയ പുസ്തകം.

De-cī'phĕr (-fĕr), *v. t.* ഗുപ്തലിപി ഭാഷ്യമാക്കുക; 2. തിരിയാത്ത എഴുത്ത് വായിക്കുക; 3. പൊരുൾതിരിക്കുക; 4. കണ്ടുപിടിക്കുക, തുമ്പുണ്ടാക്കുക. -a-ble, *a.* തിരിച്ചെടുക്കാവുന്ന, വായിച്ചു മനസ്സിലാക്കാവുന്ന, ഗ്രഹിക്കാവുന്ന. -ment, *n.* ഗുപ്തലേഖനവായന.

Deck, *v.t.* വിരിക്കുക, മൂടുക; 2. അണിയിക്കുക, അലങ്കരിക്കുക; 3. കപ്പലിന്നു തട്ടിടുക. *n.* കപ്പലിന്റെ മേൽത്തട്ട്; 2. മേൽക്കൂട്ട്, മേല്പുര; 3. കളിക്കുന്ന കെത്ത്. to clear the d.s കപ്പൽയുദ്ധത്തിന്ന് ഒരുക്കുക. to sweep the d. ചീട്ട്കളിയിൽ വെച്ച പന്തയമൊക്കയും നേടുക. -'ĕr, *n.* അലങ്കരിക്കുന്നവൻ; പലതട്ടുള്ള കപ്പൽ.

De-clāim', *v.i.* പ്രസംഗിക്കുക; സഭാമുമ്പാകെ കവിതചൊല്ലുക; പ്രസംഗം അഭ്യസിക്കുക; 2. വാഗ്വൈഭവം കാണിക്കുക, ഘോഷമായി സംസാരിക്കുക; ആക്ഷേപിക്കുക. *v. t.* സഭയിൽ വെച്ച് പ്രസ്താവിക്കുക, —പ്രസംഗിക്കുക; 2. ചാതുൎയ്യത്തോടെ വാദിക്കുക. -ĕr, dec'la-mā-tŏr, *n.* പ്രസംഗി, വാഗീശൻ. dec-la-mā'tiŏn, *n.* പാഠകം; അലങ്കാരയുക്തപ്രസംഗം, പ്രസംഗാഭ്യാസം; വാഗ്മിത്വം, വാചാലത്വം; വ്യൎത്ഥവാദം.

De-clāre', *v.t.* തെളിയിക്കുക; 2. പ്രസ്താവിക്കുക; 3. സാക്ഷീകരിക്കുക, ഉറപ്പിച്ചുപറക; 4. വിവരം—. to d. off നിശ്ചയത്തിൽനിന്നു് പിൻവാങ്ങുക. to d. one's self ഇന്നപക്ഷമാണെന്ന് പ്രത്യക്ഷമാക്കുക. *v. i.* (for, against) പ്രത്യക്ഷമാക; ഭാഗം തിരിയുക. =clā'ra-ble, *a.* പ്രസ്താവനീയമായ, പരസ്യമാക്കത്തക്ക. dec-la-rā'tiŏn, *n.* പ്രസ്താവം, പരസ്യം; സത്യബോധപ്പെടുത്തൽ (*l.*); വാദത്തം; പ്രകടനാപത്രം. ='red-ly, *ad.* സ്പഷ്ടം ആയി, പ്രത്യക്ഷം—. =clar'a-tŏr-y, *a.* സ്പഷ്ടമാക്കുന്ന, ഉറപ്പിക്കുന്ന; സ്ഥാപനക്കുള്ള (*l.*).

De-clīne', *v. i.* കനിയുക, താഴോട്ട് ചായുക, തലതാഴ്ത്തിയിരിക്കുക; 2. ക്ഷയിക്കുക, നശിക്കുക, ചുരുങ്ങുക, കഴിവാറാക; 3. തെററിപ്പോക, വളഞ്ഞു—; 4. വേണ്ടെന്ന് വെക്കുക, ത്യജിക്കുക. *v.t.* കനിയിക്കുക, താഴ്ത്തുക; 2. കറച്ച്കളക; 3. തെററിക്കുക, അകററുക, വഞ്ചിക്കുക; 4. രൂപം ചൊല്ലുക, വിഭക്തിമുതലായ്പറക (*gr.*). *n.* അധോഗതി, ക്ഷയം, കറവ്, വാൎദ്ധക്യം; 2. ശമനം (*med.*); 3. ക്ഷയരോഗം. =clen'siŏn, *n.* ചരിവ്; വീഴ്ച, അധോഗതി; വളവ്; പിൻവാങ്ങൽ; ത്യാഗം; ക്രാന്തി (*as.*); വിഭക്തിമാല (*gr.*). =cliv'-i-ty, *n.* താഴ്വര, കിഴിച്ചൽ, കട്ടത്തുക്കം.

De-coct', *v.t.* പുഴുങ്ങിയെടുക്കുക, കഷായം വെക്കുക; 2. ദഹിക്കുക, ജീൎണ്ണമാക (*phys.*); 3. ചൂട് വരുത്തുക, ബലംകൂട്ടുക. =tiŏn, *n.* കഷായം, സാരം (*med.*).

De-col'lāte, *v. t.* തലകൊത്തിക്കളക. =lā'tiŏn, *n.* ശിരച്ഛേദം.

De-col'ŏur, *v.t.* നിറം കളക, വെളുപ്പിക്കുക. -ā'tiŏn, *n.* നിറം പോക്കൽ; —ഇല്ലായ്മ.

Dē-com-pōse', *v.t.* ധാതുവിയോഗം വരുത്തുക; 2. ലയിപ്പിക്കുക, ക്ഷയിപ്പിക്കുക, പൂതലിപ്പിക്കുക, ചീയിക്കുക. *v. i.* മൂലധാതുക്കളായ്പിരിയുക; 2. ക്ഷയിച്ചുപോക, ദ്രവിച്ചു—, അഴുകിപ്പോക. =pō-siti'ŏn, *n.* ധാതുവിയോഗം, വിഗ്രഹം; ലയം, ചീച്ചൽ.

Dec'ō-rāte, *v. t.* അലങ്കരിക്കുക, ശൃംഗരിക്കുക; 2. ബഹുമാനപദവി കൊടുക്കുക. =rā'tiŏn, *n.* മണ്ഡനം, ശൃംഗാരം; ഭൂഷണം; വിരുത്, വീരചങ്ങല, വിരുത്മുദ്ര. =rā-tive, *a.* അലങ്കാരം ആയ,

ഭൂഷണം—. d.e art ശൃംഗാരവിദ്യ. =rā-tor, *n.* അലങ്കാരശില്പി, ശൃംഗാരകൻ. de-cō'rŏus, *a.* യുക്തം ആയ, യോഗ്യം—, പററിയ, കാലോചിതം ആയ, അവസ്ഥോചിതം—. de-cō'rŏus-ly, *ad.* യുക്തം ആയി, ഹിതം—, നല്ലവണ്ണം; തക്കത്തിൽ. de-cō'rum, *n.* യോഗ്യത, സദാചാരം, ഔചിത്യം.

De-cor'ti-cāte, *v. t.* തോല് ഉരിക്കുക, —പൊളിക്കുക.

De-coy', *v. t.* കുടുക്കിക്കളക, ചതിപിണെക്കുക, വശീകരിക്കുക. *n.* കണി, ചതിപ്പു യോഗം; ഇര; 2. ഇരണ്ടപ്പാത്തി. d.-duck വശീകരണപ്പക്ഷി; വശീകരിക്കുന്നവൻ.

De-crēase' (-krēs'), *v. i.* കുറഞ്ഞ് വരിക, ചുരുങ്ങിപ്പോക, ക്ഷയിക്കുക. *v. t.* കുറെച്ച് കളക, ചുരുക്കുക. *n.* കുറച്ചൽ, ക്ഷയം; 2. ചന്ദ്രക്ഷയം (*as.*). =cres'-cent, *a.* കുറഞ്ഞുകുറഞ്ഞു വരുന്ന, ക്ഷയമുള്ള. d.t moon ക്ഷയചന്ദ്രൻ.

De-crēe', *n.* കല്പന, ആജ്ഞ; 2. വിധി, തീൎപ്പ് (*l.*); 3. ചട്ടം, വെപ്പ് (*eccl.*). *v. t.* നിശ്ചയിക്കുക, തീൎച്ചപ്പെടുത്തുക, വിധികല്പിക്കുക, നിയമം വെക്കുക; 2. ദൈവയോഗത്താൽ ഉണ്ടാക. *v. i.* ചട്ടം വെക്കുക. =crē'tal, *a.* സന്ദേശസംബന്ധം ആയ, കല്പന—. d.l money വിധിമുതൽ (*l.*). *n.* നിയമം, നിയോഗം; പാപ്പാവിന്റെ സന്ദേശപത്രം (*R. C.*).

Dec're-ment, *n.* ചുരുക്കം, കുറവ്; നഷ്ടം.

De-crep'it, *a.* ജരാനരഉള്ള, വാൎദ്ധക്യക്ഷീണം—, വയോധികനായ. =i-tūde, *n.* വാൎദ്ധക്യക്ഷീണത, പ്രായാധിക്യം.

De-crȳ', *v. t.* ഹീനതപ്പെടുത്തുക, താഴ്ത്തിപ്പറക, കുററംപറക, ആക്ഷേപം—, അപവാദം—. =crī'al, *n.* നിന്ദ, അപമാനം, അധിക്ഷേപം.

De-cum'bence, =ben-cy, *n.* കിടത്തം. =bent, *a.* കിടന്ന.

Dec'ū-ple, *n.* പത്ത് ഇരട്ടി. *a.* —മടങ്ങായ. [ടെ മേധാവി.

De-cū'ri-on, *n.* പത്ത് പടയാളികളു

De-cur'sive, *a.* താഴോട്ട് വീഴുന്ന, —ഒഴുകുന്ന.

Ded'i-cāte, *v. t.* നേരുക; 2. പ്രതിഷ്ഠിക്കുക, നിവേദിക്കുക; 3. സമൎപ്പിക്കുക. =cā'tiŏn, *n.* സമൎപ്പണം, പ്രതിഷ്ഠ; പരോപകാരദാനം =cā-tēe', *n.* സമൎപ്പണം പ്രാപിച്ചവൻ. =cā-tor, *n.* സമൎപ്പകൻ. =cā-tō'ri-al, =cā-tor-y, *a.* സമൎപ്പകം ആയ, പ്രതിഷ്ഠാസംബന്ധം—.

De-dūce', *v. t.* നടത്തിക്കൊണ്ടുപോക; 2. കിഴിച്ചെടുക്കുക; 3. (from, out of) അനുമാനിക്കുക, നിൎണ്ണയിക്കുക. -ment, *n.* അനുമാനം. =dū'ci-ble, *a.* അനുമേയമായ, ഊഹിക്കത്തക്ക. =duct', *v. t.* പുറത്തേക്ക് കൊണ്ടുപോക; കിഴിക്കുക, തള്ളുക; കുറെക്കുക, ചുരുക്കുക. =duc'tiŏn, *n.* അനുമാനം, കിഴിക്കൽ; ഊഹം; കിഴിവ്, കമ്മി. =duc'tive, *a.* അനുമേയം ആയ, ഊഹനീയം—.

Dēed, *n.* പ്രവൃത്തി, ക്രിയ, കാൎയ്യം; 2. വീൎയ്യപ്രവൃത്തി, പരാക്രമം; 3. പ്രവൎത്തനശക്തി; 4. വസ്തുത, ഉണ്മ; 5. ആധാരം, രേഖ, കരണം; 6. അനുഷ്ഠാനം. prior d. അടിആധാരം, കീഴ്—. in d. വാസ്തവം ആയി, നിശ്ചയം—, ഉണ്മ—, സത്യം—. *v. t.* തീറ് കൊടുക്കുക (*U. S.*).

Dēem, *v. t.* തീൎച്ചപ്പെടുത്തുക, ശിക്ഷകല്പിക്കുക; 2. എണ്ണുക, നിരൂപിക്കുക. *v. i.* വിചാരിക്കുക, തോന്നുക.

Dēep, *a.* ആഴമുള്ള, അഗാധമായ; 2. വിസ്താരമുള്ള; 3. താണ; 4. ദുൎഗ്രാഹ്യമായ, വ്യക്തമല്ലാത്ത; 5. സാമൎത്ഥ്യം ഉള്ള, ബുദ്ധിക്രമ്മത—, ആലോചനാഗൌരവം—; 6. കഠിനം ആയ, അരിഷ്ടം—, പൂൎണ്ണം—, മഹാ; 7. കടുത്ത; 8. നീചസ്വരമുള്ള, ഗംഭീരമായ; 9. ചളിഉള്ള, പൂഴി—. a d. line of operations ദീൎഘത്തിലുള്ള. d. mourning മുഴവിലാപവസ്ത്രം. d.-mouthed വളരെ ഒച്ചയുള്ള. d. read നല്ല പഠിപ്പുള്ള. *n.* ആഴം, അഗാധം; ഗംഭീരം; 2. അപ്രമേയം, അഗോചരം. d. of night അൎദ്ധരാത്രി. *ad.* ആഴത്തിൽ, അഗാധമായി. d.-laid കൌശലത്തോടെ ചെയ്ത. -'en, *v. t.* ആഴം ആക്കുക; കട്ടപ്പം—, കഠിനം—; വ

ദ്ധിപ്പിക്കുക; ഗംഭീരസ്വരമാക്കുക. *v.i.* ആഴം വൎദ്ധിക്കുക. -'ly, *ad.* ആഴത്തിൽ; തികവ് ആയി, അധികം—; കട്ടപ്പം—, ഏററവും; ഗംഭീരമായി; സാമൎത്ഥ്യത്തോടെ. d.y red കടുഞ്ചുകപ്പുള്ള. -'ness, *n.* അഗാധം, വിശാലത, പൂൎത്തി, മൎമ്മം; വിവേകബുദ്ധി. depth, *n.* ആഴം; വിശാലത; ആധിക്യം; പൂൎണ്ണത; ഗംഭീരത്വം; മദ്ധ്യം. depth'less, *a.* ആഴമില്ലാത്ത; മഹാ അഗാധമായ.

Dēer, *n.* മൃഗം, കാട്ട് മൃഗം (*z.*); 2. മാൻ, കലമാൻ, പുള്ളിമാൻ(*z.*). small d. ചെറിയനായാട്ടുരു; നിസ്സാരകാൎയ്യം. d.-skin മാന്തോൽ. d.-hound ഒരുവക നല്ല നായാട്ട് നായി. d.-neck മെലിഞ്ഞ കഴുത്ത്. d.-stalker ഒളിവിൽ മാൻവേട്ടയാടുന്നവൻ.

De-fāce', *d.t.* വിരൂപം ആക്കുക, കരൂപം—, ലക്ഷണം കെടുക്കുക; 2. നശിപ്പിക്കുക, മാച്ചുകളക. -'ment, *n.* മാച്ചൽ; വൈരൂപ്യം; നാശം.

De-fal'eāte, *v.t.* മുറിച്ചുകളക; 2. എടുത്തുകളക, അപഹരിക്കുക. *v.i.* അപഹരിച്ചെടുക്കുക. =eā'tiōn, *n.* അപഹരണം, മോഷണം. =eā'tor, *n.* അപഹാരി.

De-fāme', *v.t.* അപകീൎത്തിപ്പെടുത്തുക, ദൂഷിക്കുക; 2. അപമാനിക്കുക, ദുഷ്കീൎത്തി പരത്തുക, അപവാദം പറക; 3. കുററം ആരോപിക്കുക. ='mĕr, *n.* അപകീൎത്തിപ്പെടുത്തുന്നവൻ, അപവാദി. def-a-mā'tion, *n.* അപകീൎത്തി (*l.*). =fam'-a-tŏr-y, *a.* മാനഹാനിവരുത്തുന്ന, ദൂഷണമായ.

De-fault' (-falt'), *n.* ഉപേക്ഷ, ഉദാസീനത; 2. കുററം, ദോഷം, ബുദ്ധികേട്; 3. ലംഘനം; 4. ബാക്കി; 5. ഹാജരില്ലായ്മ. in d. of ഇല്ലാഞ്ഞാൽ, വ്യത്യാസം വന്നുപോയാൽ. to suffer a d. ഹാജരാകാതിരിക്കുക (*l.*). *v.i.* പ്രവൃത്തിക്ക് കുറവ് വരുത്തുക, വ്യത്യാസം—; 2. ലംഘിക്കുക, തെററുക; 3. ഹാജരില്ലാതിരിക്കുക. *v.t.* ചെയ്യാതിരിക്കുക, ഉപേക്ഷകാട്ടുക; 2. ഹാജരില്ലെന്നു കാണിക്കുക; 3. വിട്ടുകളക. -ĕr, *n.* ഹാജരില്ലാത്തവൻ; ഉപേക്ഷക്കാരൻ; ബാക്കിക്കാരൻ; അപഹാരി.

De-fēa'sance, *n.* തോല്വി, അപജയം; 2. നീക്കം, ദൌൎബ്ബല്യം, അസാധുത്വം; 3. ദുൎബ്ബലനിശ്ചയം. -sanced, -fēa'-si-ble, *a.* അസാധുവാകാവുന്ന.

De-fēat', *v.t.* നശിപ്പിക്കുക, വിരൂപമാക്കുക; 2. ദുൎബ്ബലപ്പെടുത്തുക, ഇല്ലായ്മയാക്കുക; 3. ജയിക്കുക, തോല്പിക്കുക; 4. തടുക്കുക. *n.* നീക്കം, നാശം; 2. ഭംഗം, വിഘ്നം, നിഷ്ഫലത്വം; 3. തോല്വ, അപജയം. ='tūre, *n.* തോല്പി.

Def'e-eāte, *v.t.* തെളിയിച്ചെടുക്കുക, ശുദ്ധിയാക്കുക. *v.i.* തെളിയുക, ശുദ്ധമാക. *a.* തെളിയിച്ച, ശുദ്ധിചെയ്ത. =eā'tiŏn, *n.* ശുദ്ധിയാക്കൽ.

De-fect', *n.* ഊനം, കുറവ്; 2. കുററം, ദൂഷ്യം, കളങ്കം. =fec'tiŏn, *n.* ഉപേക്ഷ; പരിത്യാഗം; വിശ്വാസഭംഗം. =fec'tive, *a.* കേട് ഉള്ള, ഊനം—, ദോഷം—. d.e verb ഊനക്രിയ (*gr.*). d.e noun ഊനനാമം (*gr.*).

De-fend', *v.t.* തടുത്ത് നീക്കുക, നിവാരണം ചെയ്ക; 2. വിലക്കുക, വിരോധിക്കുക; 3. കാക്കുക, പരിപാലിക്കുക; 4. എതിൎക്കുക; തൎക്കിക്കുക (*l.*). ='da-ble, *a.* നിവാൎയ്യമായ, രക്ഷിക്കത്തക്ക. ='dant, *n.* നിവാരകൻ, പരിരക്ഷകൻ; പ്രതി, പ്രതിവാദി, എതിൎകക്ഷി; കുററാരോപിതൻ (*l.*). ='dēe, *n.* രക്ഷഅനുഭവിക്കുന്നവൻ, കാവൽ—. ='dĕr, *n.* രക്ഷകൻ, പരിത്രാതാവ്. -ress, *n.* രക്ഷിക്കുന്നവൾ. =fence', =fense', *n.* രക്ഷ, ഗോപനം, കാവൽ; പ്രതിവാദം, തൎക്കം; സ്വയരക്ഷ. self-d.e സ്വയരക്ഷ (*l.*). to be *or* to stand on the d.e സ്വയരക്ഷക്കായി തടുത്ത് നില്ക്കുക. =fence'less, *a.* തുണയില്ലാത്ത; എതിൎക്കുവാൻകഴിയാത്ത. =fen'si-ble, *a.* രക്ഷിക്കത്തക്ക, പ്രതിവാദിക്കത്തക്ക. =fen'sive, *a.* രക്ഷാൎത്ഥം ആയ, നിവാരണാൎത്ഥം—; ആക്രമനിവാരണാൎത്ഥം—; സ്വയരക്ഷക്കുള്ള. =fen'sŏr, *n.* പ്രതിവാദിക്കുന്ന വക്കീൽ; രക്ഷകൻ.

**De-fĕr′**, *v. t.* നിൎത്തിവെക്കുക, നീട്ടി—, മുടക്കുക; 2. (to) സമൎപ്പിക്കുക, ഏല്പിക്കുക. *v. i.* താമസിപ്പിക്കുക, കാത്ത് നില്ക്കുക; 2. (to) കീഴ്പ്പെടുക. **def′ĕr-ence**, *n.* വണക്കം. **-en′tial**, *a.* വണക്കം കാട്ടുന്ന. **-en′tial-ly**, *ad.* മൎയ്യാദയോടെ, വണക്കത്തോടെ. **-ĕr**, *n.* താമസിപ്പിക്കുന്നവൻ.

**De-fĕr-ves′cence**, **=ves′cen-cy**, *n.* ഉഷ്ണശമനം; ശീതോഷ്ണസ്ഥിതി.

**De-fī′ance**, *see under* **Defy**.

**De-fici′ent** (-fish-), *a.* തികയാത്ത, മതിയാകാത്ത; പററാത്ത; ന്യൂനതയുള്ള. **=fici′en-cy**, **=fici′ence**, *n.* പോരായ്മ, കുറവ്. **=fici′ent-ly**, *ad.* കുറവായി. **def′i-cit**, *n.* കുറവ്, 'കമ്മി'.

**De-fīle′**, *v. i.* അണിയായി നടക്കുക. *v. t.* അശുദ്ധമാക്കുക; 2. കേട് വരുത്തുക, അപമാനം—; 3. വഷളാക്കുക; 4. അപരാധിക്കുക; 5. തീണ്ടുക. *n.* ഇടുക്ക് വഴി, ഇട—, ചുരം. **-ment**, *n.* ഇഴക്ക്, തീണ്ടൽ. **=fī′lĕr**, *n.* വഷളാക്കുന്നവൻ, അപരാധിക്കുന്നവൻ.

**De-fil-i-ā′tiŏn**, *n.* ശിശുമോഷണം.

**De-fīne′**, *v. t.* അതിർവെക്കുക; അതൃത്തിനിജപ്പെടുത്തുക; 2. അവസാനിപ്പിക്കുക; 3. നിശ്ചയിക്കുക; 4. തെളിവായി കാണിക്കുക; 5. അൎത്ഥം തിട്ടപ്പെടുത്തുക, വിവരിക്കുക. **=fī′na-ble**, *a.* ക്ലിപ്തപ്പെടുത്തത്തക്ക, നിശ്ചയിക്കത്തക്ക, വൎണ്ണിക്കത്തക്ക. **=fī′na-bly**, *ad.* തെളിവാകുംവണ്ണം. **=def′i-nite**, *a.* ക്ലിപ്തം ആയ, തിട്ടം—, തീൎച്ച—; സൂക്ഷ്മം—; നിജപ്പെടുത്തുന്ന. **d.e article** നിശ്ചയോപപദം (*gr.*). **def′i-nite-ly**, *ad.* തിട്ടം ആയി, ഖണ്ഡിതം—. **def′i-nite-ness**, *n.* നിശ്ചയം; കൃത്യത. **def-i-ni′tiŏn**, *n.* ക്ലിപ്തപ്പെടുത്തൽ; വിവരണം; അൎത്ഥം; സ്വഭാവം; വ്യാഖ്യ, ലക്ഷണം (*log.*); വ്യക്തി. **de-fin′i-tive**, *a.* നിശ്ചയാൎത്ഥകമായ (*gr.*). **de-fin′i-tive-ly**, *ad.* കൃത്യമായി. **de-fin′i-tive-ness**, *n.* വ്യക്തി, ഖണ്ഡിതം.

**Def-la-grā′tiŏn**, *n.* അഗ്നിബാധ, —പ്രളയം.

**De-flect′**, *v. t.* തെററിക്കുക, വളക്കുക. *v. i.* വഴിപിഴെക്കുക, നേൎവ്വഴിവിട്ടുകളക. **=ted**, *a.* വളഞ്ഞ; പിഴെച്ച; കനിഞ്ഞ. **=flec′tiŏn**, **=flex′iŏn**, *n.* മാൎഗ്ഗഭ്രമണം; പിഴ; വളവ്. **=flec′tiŏn-īse**, *v. t.* വ്യാകരണരൂപഭേദം ഇല്ലാതാക്കുക. **=flec′tive**, *a.* തെററിക്കുന്ന. **d.e forces** ആകൎഷണശക്തി. **=flexed** (-flexed), *a.* താഴോട്ട് വളഞ്ഞ, അകത്തോട്ട്—. **=flex′-ūre**, *n.* വളവ്; കുനിച്ചൽ.

**De-flour′**, **=flower′**, *v. t.* പുഷ്പം പറിച്ചുകളക; 2. സൌന്ദൎയ്യം പോക്കുക, ഭൂഷണം കളക; 3. കന്യകാവ്രതം—, അപരാധിക്കുക. **=flō-rā′tiŏn**, *n.* കന്യകാപരാധം.

**De-flux′iŏn**, *n.* മൂക്കൊലിക്കൽ (*med.*).

**De-fō-li-ā′tiŏn**, *n.* ഇലയുതിരൽ.

**De-fōrce′**, *v. t.* ന്യായരഹിതമായി കൈവശം വെക്കുക (*l.*); 2. നിയമാനുസാരമായ പ്രവൃത്തിക്ക് തടസ്ഥം ചെയ്യുക. **-ment**, *n.* ന്യായരഹിതകൈവശം; സൎക്കാരുദ്യോഗസ്ഥന്റെ പ്രവൃത്തിതടസ്ഥം.

**De-for′est**, *v. t.* കാട് വയക്കുക, —നീക്കുക.

**De-form′**, *v. t.* കോലംകെടുക്കുക, ഭാഷ—, വിരൂപമാക്കുക; 2. ഭംഗിഇല്ലാതാക്കുക, തികവ്—, ചന്തം കെടുക്കുക, അപമാനം വരുത്തുക. **-ed**, *a.* കുരൂപമായ, ഭാഷയില്ലാത്ത. **def-or-mā′tiŏn**, *n.* കോലംകെടുക്കൽ, വികൃതരൂപം; രൂപമാററം. **=formed′**, *a.* വികൃതരൂപമുള്ള, കുരൂപമായ, ലക്ഷണം കെട്ട. **=for′mi-ty**, *n.* വൈരൂപ്യം, ഊനം; ആചാരഭംഗം; ദോഷരൂപം; നിയമലംഘനം; വഷളത്വം; ഭംഗികേട്.

**De-fraud′**, *v. t.* (of) തോല്പിക്കുക, ചതിക്കുക, വഞ്ചിച്ച് എടുക്കുക, വൎജ്ജിച്ച്—, അപഹരിക്കുക. **=dā′tiŏn**, **-ment**, *n.* വ്യാപ്തി, കളവ്.

**De-frāy′**, *v. t.* ചിലവ് ആക്കുക, —ഇടുക, —അഴിക്കുക, —നിൎവ്വഹിക്കുക; 2. പ്രായശ്ചിത്തം ചെയ്യു, ശമിപ്പിക്കുക; തൃപ്തിപ്പെടുത്തുക. **-al**, **-ment**, *n.* ചിലവിടൽ.

**Deft,** *a.* തക്ക, ഉചിതമായ; 2. സാമ ത്ഥ്യം ഉള്ള; 3. ഒതുക്കം—; 4. വൃത്തി—. **-'ly,** *ad.* വിഹിതം ആയി, യോഗ്യം—; സാമ ത്ഥ്യത്തോടെ. **-'ness,** *n.* ഔചിത്യം, ഭംഗി.

**De-funct',** *a.* അവസാനിച്ച, മരിച്ച. *n.* മരിച്ചവൻ. **=tiŏn,** *n.* മരണം. **=tive,** *a.* ശ്മശാനക്രിയസംബന്ധിച്ച.

**De-fȳ',** *v. t.* തള്ളുക; 2. പോരിന്ന് വിളിക്കുക; 3. അലക്ഷ്യമാക്കുക, കൂട്ടാക്കാ തിരിക്കുക. *n.* വീരവാദം. **=fī'ance,** *n.* എതിർഭാവം, വീരവാദം; തുച്ഛീകാരം; മ ത്സരം. **to bid d.e, to set at d.e** ത ള്ളേറ് പറക, —കാട്ടുക. **=fī'ant,** *a.* ധി ക്കാരം ഉള്ള, ധാഷ്ട്യം—. **=fī'ant-ly,** *ad.* ധാഷ്ട്യഭാവത്തോടെ. **=fī'ant-ness,** *n.* തള്ളേറ്, നിന്ദ.

**De-ġen'ĕr-āte,** *v. i.* താണുപോക; വഷളായ്തീരുക; ഹീനമാക. *a.* വിലകു റഞ്ഞ; സാരമററ; നീചമായ. **=a-cy,** *n.* അധഃപതനം, നികൃഷ്ടത, താഴ്ച. **=āte-ly,** *ad.* നിസ്സാരം ആയി, അയോഗ്യം—. **=āte-ness,** *n.* വഷളത്വം. **=ā'tiŏn,** *n.* ഭ്രഷ്ട്യം, പതനം, ഭ്രഷ്ട്, അധമത്വം; അ പകർഷം, മാററം (*phys.*). **fatty d.n** കൊഴുപ്പ്പിടിക്കൽ. **=a-tive,** *a.* താഴ്ച പററിയ; —വരുത്തുന്ന.

**De-glụ'ti-nāte,** *v. t.* പററ് നീക്കുക, വേപെട്ടുത്തുക. **=nā'tiŏn,** *n.* വേപെ ടുക്കൽ.

**De-glụ-ti'tiŏn,** *n.* ഭക്ഷണം ഇറ ക്കൽ, വിഴുങ്ങൽ, ഗ്രസനം.

**De-grāde',** *v. t.* താഴ്ത്തുക; ഉദ്യോഗ ഭ്രംശം വരുത്തുക; സ്ഥാനമാനം ഇല്ലാതാ ക്കുക; 2. വിലകുറക്കുക; അപമാനിക്കുക; 3. ഇടിച്ചുതാഴ്ത്തുക. *v. i.* ജാതികെടുക (*biol.*). **deg-ra-dā'tiŏn,** *n.* സ്ഥാനഭ്ര ഷ്ട്; താഴ്ച, ഹീനത; ശക്തിക്ഷയം; ഇടി ച്ചൽ; ജാതിഭ്രഷ്ട്; അരച്ച് (*phys.*)., **=grā'ded,** *a.* മാനഹീനം ആയ, നീ ചം—. **-ment,** *n.* സ്ഥാനഭ്രംശം.

**De-grēe',** *n.* പടി, കോണി; 2. പ തനം, നില; താരതമ്യം; 3. അവസ്ഥ, സ്ഥിതി; 4. തരം, വീതം, അളവ്; 5. വിദ്യാപദവി; 6. ഡിഗ്രി; 7. സ്ഥാനം (*ar.*); 8. ഇലി, ഭാഗം, അംശം (*as.*). **by d.s** ക്രമേണ, പടിപടിയായി. **d. of latitude** അകലപ്പടി, അക്ഷാംശം. **d. of longitude** നീളപ്പടി, ധ്രുവകാംശം. **to a d.** വളരെ, അധികമായി.

**Deg-us-tā'tiŏn,** *n.* രുചിയറിവ്, ര സം (*phys.*).

**De-hors'** (de-hor, dē-horz'), *prep.* ഇല്ലാത്ത, അന്യമായി (*l.*).

**Dē-hort',** *v. t.* മുടക്കുക, തടുക്കുക.

**Dē-hū'man-īse, =īze,** *v. t.* മനുഷ്യ പ്പററ് ഇല്ലാതാക്കുക, ദയ—.

**Dē'i-fȳ,** *v. t.* ദൈവീകരിക്കുക, ദിവ്യ ത്വം സങ്കല്പിക്കുക; 2. ആരാധിക്കുക; 3. ദിവ്യമാക്കിത്തീർക്കുക. **=if'ic, =if'i-cal,** *a.* ദിവ്യമാക്കുന്ന; ദൈവത്വം കല്പിക്കുന്ന. **=fi-cā'tiŏn,** *n.* ദൈവീകരണം; അതിവ ന്ദനം. **=fīed** (-fīd), *a.* ആരാധ്യം ആയ, ദൈവതുല്യം—. **=fī-ĕr,** *n.* ദേവീകരി ക്കുന്നവൻ. **=form,** *n.* ദൈവസാദൃശ്യം; ദൈവേക്ഷാനുരൂപ്യം. **dē'ism,** *n.* ഏക ദൈവത്വമതം. **dē'ist,** *n.* ഏകദൈ വത്വമതക്കാരൻ, കേവലേശ്വരവാദി. **Dē'i-ty,** *n.* ദൈവം, ദൈവത്വം. **the D.y** സർവ്വേശ്വരൻ.

**Deịgn** (dān), *v. t.* യോഗ്യനെന്നെ ണ്ണുക; 2. ദയതോന്നികൊടുക്കുക; പ്രസാ ദിക്കുക. *v. i.* തിരുവുള്ളം തോന്നുക.

**De-ject',** *v. t.* കുണ്ഠിതം വരുത്തുക, ധൈര്യക്ഷയം—. **-a,** *n.* (*pl.*) മലമൂത്ര ങ്ങൾ. **=ted,** *a.* മനസ്സ് ചത്ത, ക്ഷീണി ച്ച, ഖിന്നമായ. **=ted-ly,** *ad.* സങ്കടത്തോ ടെ. **-ed-ness,** *n.* ഖേദം, ദുഃഖം. **='tiŏn,** *n.* വിഷാദം, മനോവ്യസനം; താഴ്ച; ആ ധി; ഉന്മേഷക്കുറവ്, മാന്ദ്യം; മലമൂത്രവി സജ്ജനം; മലം. **='tŏ-ry,** *a.* മാന്ദ്യം വ രുത്തുന്ന; വിരേചകമായ. **=tūre,** *n.* അമേദ്ധ്യം.

*Dē jū'rē,* *a.* അവകാശവഴിക്ക്; നി [യമംകൊണ്ട് (*l.*).

**De-lac-tā'tion,** *n.* പാല് കുടിമാററൽ.

**De-lap'siŏn,** *n.* വീഴ്ച, പതനം.

**De-las-sā'tiŏn,** *n.* തളച്ച, ക്ഷീണം.

**De-lāte′**, *v. t.* എടുത്ത്കൊണ്ട്പോക; 2. പരത്തുക; 3. കുററപ്പെടുത്തുക; 4. നടത്തുക. =**lā′tiŏn**, *n.* കുററാരോപണം; സംവാഹനം.

**De-lāy′** (-lā′), *n.* താമസം, വിളംബനം; 2. മന്ദത; 3. തടസ്ഥം. *v. t.* താമസിപ്പിക്കുക, നിൎത്തിവെക്കുക; 2. വിഘ്നം വരുത്തുക, വൈകിക്കുക; 3. ശമിപ്പിക്കുക. *v. i.* മെല്ലെപോക; തങ്ങുക; വൈകുക. **-iṅg-ly**, *ad.* വൈകിക്കൊണ്ട്.

**De-lec′tāte**, *v. t.* ആനന്ദിപ്പിക്കുക, മനോഹരമാക്കുക. =**lec′ta-ble**, *a.* ഇമ്പമുള്ള, വിശിഷ്ടമായ. =**lec′ta-ble-ness**, *n.* വൈശിഷ്ട്യം. =**tā′tiŏn**, *n.* ആഹ്ലാദം, ഇമ്പം.

**Del′e-gāte**, *n.* പ്രതിനിധി, സ്ഥാനാപതി. *a.* നിയുക്തമായ. *v. t.* നിയോഗിക്കുക, സ്ഥാനാപതി ആയി അയക്കുക, —അധികാരപ്പെടുത്തുക; 2. ഭരമേല്പിക്കുക. =**gā′tiŏn**, *n.* നിയോഗം; പ്രതിനിധികൾ. =**gā′tor-y**, *a.* സ്ഥാനാപത്യമായ.

**De-lēte′**, *v.t.* തടഞ്ഞുകളക, മാച്ചുക. =**lē′tiŏn**, *n.* കുത്തൽ.

**Del-e-tē′ri-ŏus**, *a.* ദോഷകരമായ, ഹാനിവരുത്തുന്ന, വിഷമുള്ള. **-ness**, *n.* ദൂഷ്യം, വിഷം, കേട്.

**Delf**, *n.* കുഴി, കല്ലുകുഴി, കല്ലുണ, ഖനി. **delve**, *v. t.* കിളെക്കുക, കുഴിക്കുക; ഉള്ളറിയുക, ഗ്രഹിക്കുക. *v. i.* കൊത്തുക, കൈക്കോട്ട്പണി എടുക്കുക; കണ്ടുപ്പിണി—. *n.* കണ്ട്, ഗുഹ. **delv′ĕr**, *n.* കൈക്കോട്ട് പണിക്കാരൻ.

**Delft, Delft′wāre**, *n.* പിഞ്ഞാണപ്പാത്രം, കവിടിക്കൂട്ടുള്ള പിഞ്ഞാണം.

**De-lib′ĕr-āte**, *v. t.* ആലോചിക്കുക, വിചാരിക്കുക. *v. i.* ചിന്തിക്കുക. *a.* ആലോചിച്ച; സൂക്ഷ്മം ഉള്ള; സാവധാനം—; 2. കരുതിക്കൂട്ടിയ. **-ly**, *ad.* മുൻകരുതലോടെ, സാവധാനത്തോടെ. **ness**, *n.* മുൻകരുതൽ, സാവധാനം. =**ā′tiŏn**, *n.* ആലോചന, മുൻകരുതൽ; നിരൂപണം. =**a-tive**, *a.* കൂടിയാലോചിക്കുന്ന. =**a-tive-ly**, *ad.* ആലോചനയോടെ. =**ā-tor**, *n.* ആലോചനക്കാരൻ.

**Del′i-cāte**, *a.* സുഖഭോഗം ഉള്ള; 2. രസം—, രുചികരം ആയ; 3. മോഹനം—, ഭംഗിയുള്ള; 4. മെലിഞ്ഞ, നേൎമ്മആയ; 5. മാൎദ്ദവം—; 6. ഇമ്പം—; 7. മനോരഞ്ജകം—; 8. ഇളയ; ബലം കുറഞ്ഞ; 9. സൂക്ഷിക്കത്തക്ക; വിഷമം ഉള്ള; 10. കൎമ്മം—, കൃത്യമായ; 11. വിവേചനശക്തിഉള്ള, സൂക്ഷ്മം—. *n.* രുചികരപദാൎത്ഥം; 2. സുഖിയൻ. =**ca-cy**, *n.* രസം; മൃദുത്വം, നേൎമ്മ; കോമളത്വം, കൃശത; കൃത്യത, ശങ്ക; സുഖഭോഗം, ഭോഗേച്ഛ; സൂക്ഷ്മം, വിവേചനം; മനോഹരത, ലാവണ്യം, മാധുൎയ്യം. =**cāte-ly**, *ad.* സൂക്ഷ്മത്തോടെ. =**cāte-ness**, *n.* കൃത്യത.

**De-lici′ŏus** (-lish′us), *a.* ആനന്ദകരം ആയ, ഇഷ്ടകരം—, മനോഹരം—; ലാവണ്യം ഉള്ള, മാധുൎയ്യം—. **-ly**, *ad.* മൃഷ്ടമായി, സന്തോഷകരമായി. **-ness**, *n.* സ്വാദ്, രമ്യത; ഭോഗപുഷ്ടി.

**Del′i-gāte**, *v. t.* മുറികെട്ടുക. =**gā′tiŏn**, *n.* മുറികെട്ടൽ, കെട്ട്.

**De-līght′** (-līt′), *n.* ആനന്ദം, ആഹ്ലാദം; 2. സന്തോഷകാരണം. *v. t.* ഉല്ലാസം ജനിപ്പിക്കുക; തൃപ്തിവരുത്തുക. *v. i.* (in) രസം തോന്നുക, ഇമ്പം—, ഇഷ്ടമാക. **-ed**, *a.* മഹാസന്തോഷം ഉള്ള, സന്തുഷ്ടി—. **-ed-ly**, *ad.* സമ്മോദം, ഉല്ലാസത്തോടെ. **-ĕr**, *n.* ആനന്ദം വരുത്തുന്നവൻ; ഹൃഷ്ടമാനസൻ. **-fụl, -sŏme**, *a.* രമ്യം ആയ, മനോഹരം—. **-fụl-ly, -iṅg-ly, -sŏme-ly**, *ad.* ആനന്ദകരമായി. **-fụl-ness, -sŏme-ness**, *n.* രമ്യത, സന്തുഷ്ടി. **-iṅg**, *a.* അഭിരാമം ആയ, ആനന്ദജനകം—.

**De-lim′it**, *v. t.* അതൃത്തിനിശ്ചയിക്കുക, —തീൎച്ചപ്പെടുത്തുക; അതിർവെക്കുക, —ഇടുക. =**ā′tiŏn**, *n.* അതിർനിൎണ്ണയം.

**De-lin′ē-āte** (-i-āt), *v.t.* വരച്ചുകാണിക്കുക, കൃത്യമായികാട്ടുക; 2. വിവരിക്കുക. =**a-ment**, =**ā′tiŏn**, *n.* വരക്കൽ, ചിത്രമെഴുത്ത്; ചിത്രം, രൂപം; വൎണ്ണനം. =**ā′tor**, *n.* ചിത്രം വരക്കുന്നവൻ. =**ā′tor-y**, *a.* വൎണ്ണകമായ.

**De-lin'quent,** *n.* ഉപേക്ഷക്കാരൻ, കുററക്കാരൻ, കള്ളൻ. *a.* ഉപേക്ഷയുള്ള, കുററകരമായ. =**lin'quen-cy,** *n.* ഉപേക്ഷ, ലംഘനം, തെററ്, പാതകം.

**De-li-quesce'** (-kwes'), *v. i.* അലിഞ്ഞ് പോക, നനഞ്ഞ് വെള്ളമാക. =**ques'-cence,** *n.* അലിച്ചൽ. =**ques'cent,** *a.* അലിച്ചലുള്ള.

**De-liq'ui-āte** (-lik'wi-āt), *v. i.* അലിഞ്ഞുപോക. =**ā'tiŏn,** *n.* അലിച്ചൽ.

**De-lir'i-um,** *n.* ഉന്മാദം, ബോധക്ഷയം, സന്നി; 2. ഭ്രമം, മൂർച്ഛ, ഭ്രാന്ത്. **d. tremens** മദ്യോന്മാദം, ക്ഷിപ്രസന്നി. **traumatic d.** അപകട—. =**lir'i-ŏus,** *a.* സ്ഥിരബുദ്ധിയില്ലാത്ത, ചിത്തഭ്രമം ഉള്ള, ബോധക്കേട്—. =**lir'i-ŏus-ly,** *ad.* ബോധമില്ലാതെ. =**lir'i-ŏus-ness,** *n.* സന്നി.

**Del-i-tesc'ence** (-tes'ens), *n.* ഒളിച്ചിരിക്കൽ, മറവ്. =**tesc'en-cy,** *n.* ഒളിവ്. -**tesc'ent,** *a.* ഒളിവിൽ ഉള്ള, മറവിൽ—.

**De-liv'ĕr,** *v. t.* (from, out of) വിടുക, മോചിക്കുക, ഉദ്ധരിക്കുക; 2. (up, over, to, into) ഏല്പിച്ച് കൊടുക്കുക, കൈമാററം ചെയ്ക, കൈവശം കൊടുക്കുക, ഒഴിഞ്ഞ് —, വിട്ട് —; 3. പറക, അറിയിക്കുക; പാഠകം കഴിക്കുക, പ്രസംഗിക്കുക; 4. (അടി, കത്ത്) കൊടുക്കുക, എറിയുക, വെടിവെക്കുക; 5. (of) പ്രസവിക്കുക; 6. കാണിക്കുക; 7. ആലോചിക്കുക; 8. സമ്മതിക്കുക. -**a-ble,** *a.* ഏല്പിച്ച് കൊടുക്കാവുന്ന; വിട്ട് കൊടുക്കേണ്ടുന്ന. -**ance,** *n.* രക്ഷ, മോചനം, വിടുതൽ, സ്വാതന്ത്ര്യം; പ്രസവം; സംസാരം; തീർപ്പ്, അഭിപ്രായം; ബോധം. -**ĕr,** *n.* രക്ഷകൻ, ഉദ്ധാരകൻ; പ്രസ്താവകൻ. -**y,** *n.* മോചനം, രക്ഷ; ഏല്പിച്ച് കൊടുക്കൽ, ഒഴിഞ്ഞ് —, ഏററ് —; സംസാരം, പ്രസ്താവരീതി; പേററ്; ഏററ്, അടി.

**Dell,** *n.* താഴ്വര, കൊല്ലി, മലയിടുക്ക്.

**Del-phic** (-fik), *a.* ഗോപ്യമായ, ഉപയാർത്ഥമുള്ള.

**Del'ta,** *n.* മുക്കോൺതുരുത്തി, കോൺ—, അഴിപ്രദേശം. =**tic,** *a.* അഴിനാട് സംബന്ധിച്ച; —പോലെയുള്ള.

**De-lụde',** *v. t.* സത്യം തെററിക്കുക, അബദ്ധത്തിൽ ചാടിക്കുക, തോല്പിക്കുക, ചെണ്ടകൊട്ടിക്കുക; 2. നിഷ്ഫലമാക്കുക, വ്യർത്ഥമാക്കുക. -**r,** *n.* ചതിയൻ. =**lụ'ṣiŏn,** *n.* അബദ്ധം, മിത്ഥ്യ, ഭ്രാന്തി; വഞ്ചിതാവസ്ഥ; ഭോഷ്ക്ക്, അബദ്ധവിശ്വാസം. =**lụ'ṣiŏn-al,** *a.* മായയായ. =**lụ'ṣive,** =**lụ'ṣŏr-y,** *a.* അബദ്ധം ആയ, മിത്ഥ്യ—, വഞ്ചന—.

**Del'ūge,** *n.* വെള്ളപ്പൊക്കം, പെരുവെള്ളം, പ്രവാഹം; 2. കലാപം, മഹാനാശം. **the d.** (നോഹയുടെ കാലത്തുണ്ടായ) ജലപ്രളയം; *v. t.* മുക്കിക്കളയുക, വെള്ളക്കേട് വരുത്തുക, പ്രവഹിക്കുക; 2. മൂടിക്കളയുക, നിറക്കുക, നശിപ്പിക്കുക.

**Delve,** *v. t. see under* **Delf.**

**Dem'a-gogue** (-gog), *n.* ജനസംഘത്തലവൻ, മത്സരപ്രമാണി, പ്രജകളെ കലഹിപ്പിക്കുന്നവൻ. =**gog'ic,**=**gog'i-cal,** *a.* മത്സരഭാവമുള്ള. =**gog'iṣm,**=**gog-y,** *n.* കലഹപ്രേരണം. [ജന്മഭൂമി.

**De-māin',** *n.* സ്വന്തകൈവശമുള്ള

**De-mand',** *v. t.* മുട്ടിച്ച് ചോദിക്കുക; 2. അവകാശപ്രകാരം—, അധികാരത്തോടെ—, തിരക്കാക്കുക, നിർബ്ബന്ധിക്കുക; 3. ആവശ്യപ്പെടുക; 4. കല്പിക്കുക (*l.*). *v. i.* ചോദിക്കുക, അന്വേഷിക്കുക. *n.* ചോദ്യം, ബുദ്ധിമുട്ടിക്കൽ; തേച്ച്; കല്പന; 2. തിരക്കൽ; 3. വീഴ്ച, ചിലവ്, അഴിച്ചൽ; 4. അവകാശം; 5. കടം (*l.*). **in d.** അഴിച്ചലുള്ള. **on d.** ചോദിക്കുമ്പോൾ. =**da-ble,** *a.* ചോദിക്കാവുന്ന. =**dant,**=**dĕr,** *n.* ചോദിക്കുന്നവൻ, ആവശ്യപ്പെടുന്നവൻ, അന്യായക്കാരൻ.

**De-mär'cāte,** *v. t.* അതിർവെക്കുക, അതൃത്തി നിശ്ചയിക്കുക, വേർതിരിക്കുക, വക—. =**mär-cā'tiŏn,** =**mär-kā'tiŏn,** അതിർ വെക്കൽ, —ഇടൽ, അതൃത്തി, അതിർക്കല്ല്, വേപ്പാട്, വ്യത്യാസം.

De-mēan′ (-mēn′), *v. t.* നടത്തുക, ചെയ്യുക; 2. (*refl.*) നടക്കുക, പെരുമാറുക, വ്യാപരിക്കുക; 3. (*refl.*) താഴ്ത്തുക, മാനക്കേട് വരുത്തുക; അവസ്ഥപൊയ്പോക. -ŏr, -ŏur, *n.* നടപ്പ്, പെരുമാററം, ഭാവം, നടവടി.

De-ment′, *v. t.* ബുദ്ധികെടുക്കുക, ഭ്രാന്താക്കുക. *a.* ചിത്തഭ്രമമുള്ള. =men′cy, *n.* ബുദ്ധിഭ്രമം. =′tāte, *v. t.* ബുദ്ധിക്ക് സ്ഥിരക്കേട് വരുത്തുക. *a.* തലക്ക് സ്ഥിരമില്ലാത്ത. =tā′tiŏn, *n.* ഭ്രാന്താക്കൽ; ഭ്രാന്ത്. -ed, *a.* ഭ്രാന്ത് പിടിച്ച. =′ti-a, *n.* ഉന്മാദം.

De-mer′it, *n.* അപാത്രത; 2. അയോഗ്യത; 3. ആക്ഷേപയോഗ്യത; തെററ്, കുററം. *v. i.* അപാത്രമായിരിക്കുക.

De-mĕr′siŏn, *n.* മുങ്ങൽ, ആണ്ടുപോകൽ; 2. ലയം.

De-mēsne′ (-mēn), *see* Demaîn.

Dem′i, *pf.* പകുതി, അൎദ്ധം, അര. d.-god ദേവത. d.-john വലിയ പനിനീർകുപ്പി. d.-lance ചെറിയകുന്തം. d.-man കിന്നരൻ. d.-mondé വെപ്പാട്ടി. literary d. അസഭ്യഗ്രന്ഥരചകൻ. d.-official ഉദ്യോഗനിലയും സ്വന്തനിലയും കൂടിയ. d.-rep ദുൎന്നടപ്പ്കാരത്തി.

De-mīse′, *n.* തീർ‍കൊടുക്കൽ, ചാൎത്ത്; ദാനം—; അന്യാധീനപ്പെടുത്തൽ; വാഴ്ചമാറൽ; 2. മരണം, കാലം ചെയ്യൽ, —ചെല്ലൽ, തീപ്പെടൽ, നാട്നീക്കം; 3. ചാൎത്ത്പണയം, കാണം, ഒററി (*l.*). *v. t.* തീർ‍കൊടുക്കുക, ദാനം—, ഒസ്യത്താൽ—; 2. കാണത്തിന്ന് വെക്കുക, കാണം ചാൎത്തുക.

De-mis′siŏn (-mish′un), *n.* താഴ്ച, കഞ്ഞിതം; 2. ഉദ്യോഗം രാജികൊടുക്കൽ.

Dem′i-urġe, *n.* ദൈവം, സൃഷ്ടികൎത്താവ്.

De-mob′i-līse, *v. t.* പട്ടാളം പൊളിക്കുക, പടയാളികളെ വിട്ടയക്കുക. =li-sā′tiŏn, *n.* പട്ടാളം പൊളിക്കൽ.

De-moc′ra-cy, *n.* പ്രജാവാഴ്ച; 2. പ്രതിനിധി—; 3. പ്രജകൾ; 4. പ്രജാഭരണപ്രമാണം. dem′o-crat, *n.* പ്രജാധിപത്യപക്ഷക്കാരൻ. =crat-ic, =crat′-i-cal, *a.* പ്രജാപ്രഭുത്വസംബന്ധമായ, പ്രജാവാഴ്ചയുള്ള; പ്രജാധിപത്യപക്ഷത്തിൽപെട്ട; പ്രജോപകാരമായ. de-moc′ra-tise, *v. t.* പ്രജാധിപത്യമാക്കുക.

De-mog′ra-phy (-fi), *n.* നരകുലശാസ്ത്രം.

Dem-oi-selle′ (-ä′zel), *n.* ബാലിക, ബാല്യക്കാരത്തി, യുവതി; 2. ദാസി.

De-mol′ish, *v. t.* ഇടിക്കുക, നിലംപരിചാക്കുക, നിൎമ്മൂലമാക്കുക. -ĕr, *n.* പൊളിക്കുന്നവൻ, നാശകൻ. -ment, dem-o-liti′ŏn, *n.* ഇടിക്കൽ, അഴിവ്, നാശം, ഭംഗം.

Dē′mon, *n.* ദേവത, ഭൂതം, പിശാച്; 2. കുലദേവത. -ess, *n.* പിശാചി. =mō′-ni-ae, =mō′ni-al, *a.* പൈശാചികമായ, ഭൂതോപദ്രവമുള്ള. =mō′ni-ac, *n.* ഭൂതഗ്രസ്തൻ, ഭ്രാന്തൻ. =mō′ni-a-cism, *n.* ഭൂതോപദ്രവം. -i-al, -i-an, -ic, *a.* ഭൂതസംബന്ധമായ. -ism, *n.* ദുൎഭൂതവിശ്വാസം. -īse, *v. t.* പ്രേതം കൂടുക. -ol′a-try, *n.* ഭൂതാരാധന. -ol′o-ġy, *n.* ഭൂതവിദ്യ.

De-mon′e-tīse, *v. t.* നാണ്യമല്ലാതാക്കുക, നാണിഭം നിൎത്തുക. =ti-sā′tiŏn, *n.* നാണ്യം എടുക്കായ്ക, —നടക്കായ്ക.

De-mon′strāte, *v. t.* കാണിക്കുക, വിവരിക്കുക; 2. സിദ്ധാന്തപ്പെടുത്തുക. =stra-ble, *a.* നിസ്സംശയമായി തെളിയിക്കാവുന്ന; സൂക്ഷ്മമായ. dem′on-strā-tĕr, =strā-tŏr, *n.* തെളിയിക്കുന്നവൻ; ശരീരശാസ്ത്രവ്യാഖ്യാനി. =strā′tiŏn, *n.* തെളിയിക്കൽ; നിരാക്ഷേപമായ തെളിവ്; ഭാവപ്രത്യക്ഷത; സിദ്ധാന്തം. direct d.n, positive d.n സ്ഥാപനപ്രമാണം. in-direct d.n, negative d.n നിഷേധ—. =stra-tive, =stra′tŏr-y, *a.* തെളിയിക്കുന്ന, പ്രത്യക്ഷമാക്കുന്ന. =stra-tive-ly, *ad.* ദൃഷ്ടാന്തപൂൎവ്വം.

De-mor′al-īse, *v. t.* ആചാരഭ്രംശം വരുത്തുക, നേര് ഇല്ലാതാക്കുക, നീതി—, മൎയ്യാദകെടുക്കുക. =i-sā′tiŏn, *n.* ക്രമം

കെട്ടുക്കൽ; ധൈൎയ്യക്ഷയം; അവിധേയത്വം.

**De-mot'ic**, *a.* ജനങ്ങൾക്കുള്ള, പ്രജാസംബന്ധം ആയ, സാധാരണം—.

**De-mul'cent**, *a.* ആശ്വാസം വരുത്തുന്ന, ശമിപ്പിക്കുന്ന. *n.* ശമനൌഷധം (*med.*).

**De-mur'**, *v. i.* താമസിക്കുക, ശങ്കിക്കുക; 2. നിൎത്തിവെക്കുക; 3. വിരോധം പറക; 4. വാദിക്കുക. *v. t.* സംശയിക്കുക, താമസിപ്പിക്കുക. *n.* നിൎത്തൽ, താമസം; സന്ദേഹം. =**rāġe**, *n.* കപ്പലിൻെറ താമസച്ചിലവ്. =**ral**, *n.* ചഞ്ചലം, ചാപല്യം.

**De-mūre'**, *a.* ഗംഭീരഭാവമുള്ള; 2. വിനയം നടിക്കുന്ന. **-ly**, *ad.* ഗൌരവനാട്യത്തോടെ. **-ness**, *n.* ഘനഭാവം, ലജ്ജാനാട്യം.

**Den**, *n.* മട, ഗുഹ; 2. വൃത്തികെട്ടതെരു, ചെററപ്പുര; തിന്മയുടെ കൂട്; 3. സ്വൈരസ്ഥാനം. *v. i.* ഗുഹയിൽ പാൎക്കുക.

**De-nati'ŏn-al-īs̱e** (-nash'un-), *v. t.* രാജ്യഭ്രഷ്ട് വരുത്തുക, രാജ്യാവകാശം ഇല്ലാതാക്കുക. =**al-i-s̱ā'tiŏn**, *n.* രാജ്യഭ്രഷ്ട്.

**De-nat'ū-ral-īs̱e**, *v. t.* സ്വഭാവവിരുദ്ധമാക്കുക; 2. പൌരത്വം ഇല്ലാതാക്കുക.

**Den-drol'o-ġy**, *n.* വൃക്ഷശാസ്ത്രം.

**Den'gue** (deṅ'gā), *n.* മുടക്കുപ്പനി, മുടന്തൻ— (*med.*).

**De-nī'al**, *see under* **Deny**.

**Den'i-grāte**, *v. t.* കരിങ്കറുപ്പാക്കുക; 2. കറപ്പെടുത്തുക, മാനക്കേട് വരുത്തുക. =**grā'tiŏn**, *n.* കറുപ്പിക്കൽ; അപകീൎത്തി. =**grā'tŏr**, *n.* അപകീൎത്തിപ്പെടുത്തുന്നവൻ.

**De-nīze'**, *v. t.* പൌരത്വം കൊടുക്കുക. **den-i-zā'tiŏn**, *n.* പൌരനാക്കിത്തീൎക്കൽ. **den'i-zen**, *n.* രാജ്യവാസി; പൌരനായ്തീൎന്നപരദേശി; അന്യരാജ്യവാസി. *v. t.* പുരവാസിയാക്കിത്തീൎക്കുക; പരദേശത്ത് നിന്ന് കൊണ്ടുവന്ന് പാൎപ്പിക്കുക.

**De-nom'i-nāte**, *v. t.* പേരിടുക, നാമകരണം കഴിക്കുക; 2. വിശേഷത കല്പിക്കുക; 3. അവകാശം—. *a.* നാമധേയമുള്ള, വസ്തുനാമമായ. =**nā'tiŏn**, *n.* നാമകരണം; വിശേഷണനാമം; അഭിധാനം, സ്ഥാനപ്പേർ; മതഭേദം, സമുദായം. =**nā'tiŏn-al**, *a.* വകയായ, വകയിൽപെട്ട. =**nā'tive**, *a.* നാമദായകം ആയ; ജാതിനാമം—; പ്രത്യേകനാമം—; നാമോത്ഭവം— (*gr.*). =**nā'tŏr**, *n.* പേരിടുന്നവൻ, നാമോല്പത്തി; നാമധാരി (*ar.*).

**De-nōte'**, *v. t.* കാണിക്കുക; 2. ചൂണ്ടിക്കാട്ടുക; 3. സൂചിപ്പിക്കുക. =**nō-tā'tiŏn**, *n.* കുറിക്കൽ, രേഖിരിക്കൽ. =**nō-ta'tive**, *a.* ചൂണ്ടിക്കാട്ടുന്ന, കുറിച്ചുകാട്ടുന്ന.

**De-noue'ment** (-nụ'moṅ), *n.* കാൎയ്യം, നിൎവ്വഹണം.

**De-nounce'**, *v. t.* അറിവ് കൊടുക്കുക; 2. ഭയപ്പെടുത്തുക; 3. ആക്ഷേപിക്കുക; കുററപ്പെടുത്തുക. **-ment**, *n.* പ്രസ്താവം; ശകാരം; ഭീഷണി. ='**cĕr**, *n.* ഭീഷണിക്കാരൻ, അപവാദി. =**nun'ci-āte**, *v. t.* ആക്ഷേപിക്കുക. =**nun-ci-ā'tiŏn**, *n.* പരസ്യം; കുററാരോപണം, ഭീഷണി. =**nun'ci-ā-tŏr**, *n.* ആക്ഷേപകൻ.

**Dense**, *a.* ആരട്ടപ്പമുള്ള, കട്ടിയായ, തിങ്ങിയ, നിബിഡമായ; 2. ബുദ്ധികെട്ട, മടയനായ. -'**ly**, *ad.* തിങ്ങിവിങ്ങി. -'**ness**, **den'si-ty**, *n.* ആരട്ടപ്പം, നിബിഡത; താരതമ്യഘനം.

I. **Dent**, *n.* അടി; 2. ചതവ്; 3. ചളുക്ക്, കുത. *v. t.* കുതക്കുക, ചെത്തുക.

II. **Dent**, *n.* ദന്തം, പല്ല്. ='**tal**, *a.* ദന്തസംബന്ധം ആയ, ദന്ത്യം—. **d.l surgeon** ദന്തവൈദ്യൻ. *n.* ദന്ത്യാക്ഷരം(*gr.*). ='**ta-ry**, *a.* പല്ല് മുളക്കുന്ന. =**tā'tiŏn**, *n.* ദന്തോത്ഭവം. ='**ti-cle**, =**tic-u-lā'tiŏn**, *n.* ചെറിയപല്ല്; പൽമുന. ='**ti-fĕr-ŏus**, =**tiġ'ĕr-ŏus**, *a.* പല്ല് ഉണ്ടാകുന്ന, —ഉള്ള. ='**ti-form**, *a.* ദന്താകൃതിയായ. ='**ti-frice**, *n.* ദന്തശോധനചൂൎണ്ണം, ഉമിക്കരി. ='**ti-la-bi-al**, *n.* ദന്ത്യോഷ്ഠ്യാക്ഷരം(*gr.*). ='**ti-lā-ted**, *a.* പല്ല് ഉള്ള. =**ti-lā'tiŏn**, =**ti-tiŏn**, *n.* —വരൽ, —മുളക്കൽ. ='**ti-lāve**..

*n.* മുഖധാവനം, ദന്ത—, കവിളുന്ന മരുന്ന് (*med.*). =to-lin′gual (-gval), *n.* ദന്ത്യജിഹ്വാക്ഷരം (*gr.*). =til′o-quist, *n.* പല്ല് കടിച്ച് സംസാരിക്കുന്നവൻ. =′tīne, *n.* ദന്താസ്ഥി, നാഗദന്തവസ്തു (*an.*). =′tist, *n.* ദന്തവൈദ്യൻ. =′tis-tic, =′tis-ti-cal, *a.* —വൈദ്യസംബന്ധമായ. =′tis-try, *n.* —വൈദ്യം. =′toid, *a.* ദന്താകൃതിയായ. =′tūre, *n.* കെട്ടിച്ചപല്ല്.

De-nūde′, *v. t.* ഉടുത്തതുരിയുക, നഗ്നമാക്കുക; ഇല്ലായ്മചെയ്ക. den-ū-dā′-tiŏn, *n.* മറവ് നീക്കം; വസ്ത്രം ഉരിയൽ, നഗ്നമാക്കൽ, അനാവൃതം.

De-nȳ′, *v. t.* നിഷേധിക്കുക, അല്ലെന്നു പറക; 2. തള്ളുക, കൂട്ടാക്കാതെ ഇരിക്കുക; 3. കൊടുക്കാതെ—; വിരോധിക്കുക; 4. നിരാകരിക്കുക. to d. one's self ആത്മനിരസനംകാട്ടുക, ഇന്ദ്രിയനിഗ്രഹം ചെയ്യുക. *v. i.* നിഷേധിക്കുക, ഇല്ലെന്നുപറക. =nī′a-ble, *a.* നിഷേധിക്കാകുന്ന; നിഷേധിക്കത്തക്ക. =nī′al, *n.* നിഷേധം, ഇല്ല (അല്ല) എന്ന വാക്ക്; വിരോധം, തർക്കം; ഉപേക്ഷിക്കൽ; മറുത്ത് പറയൽ. self-d.l ആത്മനിരസനം, ഇച്ഛയടക്കം. =nī′ĕr, *n.* വിശ്വാസത്യാഗി, തള്ളിപ്പറയുന്നവൻ.

De-ob′strụ-ent, *n.* വിരേചനൌഷധം (*med.*).

Dē′ō-dand, *n.* വഴിപാട്.

De-ō′dŏr-īṣe, =īze, *v. t.* ദുർഗ്ഗന്ധം ഇല്ലാതാക്കുക, നാററം പോക്കുക. =dŏr-ant, *a.* മണം ഇല്ലാതാക്കുന്ന. =i-ṣā′tiŏn, =i-zā′tiŏn, *n.* ദുർഗ്ഗന്ധം പോക്കൽ.

De-on-tol′o-ġy, *n.* നീതിശാസ്ത്രം. =ġist, *n.* —ശാസ്ത്രി.

De-pāint′, *v. t.* ചിത്രിക്കുക, വർണ്ണിക്കുക; 2. ചായം ഇടുക; അടയാളം—.

De-pärt′, *v. i.* പിരിയുക, അകലുക; 2. (from) പുറപ്പെട്ട് പോക, യാത്രയാക; 3. (from) വിടുക, തെററുക; 4. നീങ്ങിപ്പോക, ഇല്ലാതാക; 5. മരിക്കുക. to d. with ഉപേക്ഷിക്കുക. *v. t.* വേർപിരിക്കുക; 2. ഭാഗംചെയ്യുക; 3. വിട്ട് പോക; 4. അന്തരിക്കുക. -ment, *n.* പുറപ്പാട്; ഓഹരി, അംശം; വക, ഉദ്യോഗം, തൊഴിൽ, പാർപ്പിത്വം; വകുപ്പ്; താലൂക്ക്. -men-tal, *a.* ഉദ്യോഗസംബന്ധമായ. =pär′tūre, *n.* പുറപ്പാട്, വിടകൊള്ളൽ; മരണം; തെററ്; ഉപേക്ഷിക്കൽ. to take a d.e കപ്പലിൻെറ ഗതി നിർണ്ണയിക്കുക.

De-pend′, *v. i.* തൂങ്ങിനില്ക്കുക, ഊന്നി—; 2. നിലവിൽ ഇരിക്കുക; 3. (on, upon) നിലെച്ച്—, ആധാരമായി—, ആശ്രയിക്കുക; 4. (on, upon) ഉറപ്പിക്കുക, തേറുക; 5. സേവിക്കുക. -a-ble, *a.* വിശ്വാസയോഗ്യമായ. =′dance, =′dence, *n.* ഊന്ന്; കാരണം, ഹേതു; സഹായം; ആശ്രയം; വിശ്വാസം, കരുത്ത്; ആധാരം; തൂക്കം; സംശയസ്ഥിതി. =′dan-cy, =′den-cy, *n.* ആശ്രയം, അധീനത; തൂക്കം; അനുബന്ധം; അധീനരാജ്യം. =′dant, =′dent, *a.* തൂങ്ങിനില്ക്കുന്ന; (on, upon) ആശ്രയിച്ചിരിക്കുന്ന, അധീനമായിരിക്കുന്ന; അന്യാധീനപ്പെട്ട; സംശയകരമായ. d.t covenant *or* contract പക്ഷാന്തനിശ്ചയം. *n.* ആശ്രയിക്കുന്നവൻ, ആശ്രിതൻ; ഫലം. =′dent-ly, *ad.* അധീനമായി, അന്യാശ്രയത്തോട് കൂടി. =′dĕr, *n.* അധീനൻ, ആശ്രിതൻ.

De-pict′, *v. t.* ചിത്രംവരക്കുക, വർണ്ണംകൊടുക്കുക; 2. വിവരിക്കുക, വർണ്ണിക്കുക. =′tiŏn, *n.* ചിത്രം, രൂപം. =′tūre, *v. t.* ചിത്രമെഴുതുക, വർണ്ണിക്കുക.

Dep′i-lāte, *v. t.* രോമം പറിക്കുക, തൊപ്പ—, രോമമരിക്കുക. =lā′tiŏn, *n.* മൊട്ടയാക്കൽ. de-pil′a-tŏr-y, *a.* രോമം കൊഴിയുന്ന. =lŏus, *a.* കഷണ്ടിയായ.

De-plan-tā′tiŏn, *n.* ഞാററ് പറിക്കൽ, —പൊരിക്കൽ.

De-plēte′, *v. t.* ഒഴിക്കുക, വയറിളക്കുക, ചോരകളക; 2. ഒഴിവാക്കിക്കളക. =plē′tiŏn, *n.* ഒഴിച്ചുവെക്കൽ; കൊമ്പ്—, വയറിളക്കൽ (*med.*).

De-plōre′, *v. t.* ദുഃഖിക്കുക, പ്രലാപിക്കുക, പരിതപിക്കുക; 2. സങ്കടം പറക; 3. ഉപേക്ഷിക്കുക. *v. i.* അലയും മുറയും

ഇട്ടക. =plo-ra-bil′i-ty, =plo′ra-ble-ness, *n.* വ്യസനം, കഌിതം. =plo′ra-ble, *a.* വിലാപകരം ആയ, അരിഷ്ടം—, പരിതപിക്കത്തക്ക. =plo′ra-bly, *ad.* ക്ലേശത്തോടെ. =plo-rā′tiŏn, *n.* പ്രലാപം, തൊഴിക്കൽ. =′red-ly, *ad.* വ്യസനകരമായി. =plō′riṅg-ly, *ad.* പ്രലാപപൂൎവ്വം.

De-plūme′, *v. t.* തുവൽ പറിക്കുക, തൊപ്പ—. =plū′māte, *a.* തുവലില്ലാത്ത; തൊപ്പപറിച്ച. =plū-mā′tiŏn, *n.* തുവൽ പറിക്കൽ, —കൊഴിയൽ; പക്ഷ്മശാതം (*med.*).

De-pōne′, *v. t.* & *i.* സത്യംചെയ്തുപറക, സാക്ഷി—. =pō′nent, *n.* സത്യം ചെയ്തുപറയുന്നവൻ, സത്യത്തിന്മേൽ 'കസ്സീത്ത്'കൊടുക്കുന്നവൻ (*l.*).

De-pop′ū-lāte, *v. t.* നിൎജ്ജനമാക്കുക, ജനനിഗ്രഹം ചെയ്യുക, കടിനീക്കുക, നശിപ്പിക്കുക. =lā′tiŏn, *n.* ജനസംഹാരം, നിൎമ്മൂലനാശം. =lā-tŏr, *n.* ജനോന്മൂലകൻ.

De-pōrt′, *v. t.* നാട്കടത്തുക, രാജ്യത്തിൽനിന്ന ഭ്രഷ്ടാക്കുക, അയച്ചുകളക; 2. (*refl.*) നടക്കുക, പെരുമാറുക. *n.* നടപ്പ്, ഭാവം. =tā′tiŏn, *n.* നാട്കടത്തൽ, രാജ്യഭ്രഷ്ട്. -ment, *n.* നടത്തം, ഭാവം, ആചാരം, ചൎയ്യം.

De-pōs̱e′, *v. t.* വെപ്പിക്കുക; 2. വീഴ്ത്തുക; 3. സ്ഥാനഭ്രഷ്ട് വരുത്തുക, സിംഹാസനഭ്രംശം—, നീക്കുക; 4. സത്യം ചെയ്ത്പറക, സത്യത്തിന്മേൽ 'കസ്സീത്ത്'കൊടുക്കുക; 5. സത്യം ചെയ്യിക്കുക. *v. i.* സാക്ഷിപറക, 'കസ്സീത്ത്' കൊടുക്കുക. =pō′s̱al, *n.* സിംഹാസനഭ്രഷ്ട്, നീക്കം. =′s̱ēr, *n.* സ്ഥാനഭ്രഷ്ട് വരുത്തുന്നവൻ; 'കസ്സീത്ത്' കൊടുക്കുന്നവൻ. =pos̱′it, *v. t.* ഊറുക; വെക്കുക, കൂട്ടുക; സൂക്ഷിച്ച് വെക്കുക, സംഗ്രഹിച്ച്—; സൂക്ഷിപ്പാൻ കൊടുക്കുക, ഖജാനക്കിടുക; 'അമാനം' വെക്കുക; ഉപേക്ഷിക്കുക. *n.* ഊറൽ, മട്ട്; 'അമാനം' വെക്കൽ; ഖജാനക്കിടൽ, സൂക്ഷിപ്പാൻ കൊടുക്കൽ; പണ്യം, ഈട്; പണം സൂക്ഷിക്കൽ; 'അനാമത്ത്', 'അമാനം' (*l.*); ഖജാന, ഭണ്ഡാരം. in d.t, on d.t 'അമാനം' ആയി; സൂക്ഷിപ്പാൻ കൊടുത്തതായി. =pos̱′i-tar-y, *n.* 'അമാനി', പണം സൂക്ഷിപ്പാൻ വാങ്ങിയവൻ; പാണ്ടികശാല; മുതൽ സൂക്ഷിക്കുന്നവൻ (*l.*). =pō-s̱iti′ŏn, *n.* ഇടൽ, വെക്കൽ, കൂട്ടൽ; ഊറൽ; പ്രത്യക്ഷമാക്കൽ; സ്ഥാനംനീക്കൽ, പദവി—, ഉദ്യോഗം—, സിംഹാസനഭ്രംശം; ഒലിച്ച്കൂടിയമണ്ണ്; പ്രസ്താവം, വാദം; 'കസ്സീത്ത്'. =pos̱′i-tŏr, *n.* 'അമാനം' വെക്കുന്നവൻ; സൂക്ഷിപ്പാൻ കൊടുക്കുന്നവൻ. =pos̱′i-tor-y, *n.* പാണ്ടികശാല, വ്യാപാര—; 'അമാനി'. =pōt′ (-pō′), *n.* കൊട്ടിൽ, വ്യാപാരശാല; സേനാസംഭാര—, കലവറ; തീവണ്ടിസ്ഥാനം (*U. S.*).

De-prāve′, *v. t.* ദുഷിക്കുക; 2. കെടുക്കുക, ഭ്രഷ്ടപ്പെടുത്തുക. dep-ra-vā′tiŏn, *n.* വിലകെടുക്കൽ; വഷളാക്കൽ; കേട്, ദോഷം, നീചത്വം; പാരിക്കൽ (*med.*). =′ved-ly, *ad.* വഷളായി. =′ved-ness, -ment, *n.* അധമത്വം. =prā′viṅg-ly, *ad.* ചീത്തയാകത്തക്കവണ്ണം. =prav′i-ty, *n.* കാലുഷ്യം, കേട്, ദുൎവൃത്ത്, നികൃഷ്ടത, അഴിമതി. total d.y ജന്മപാപം.

Dep′re-cāte, *v. t.* നിവാരണാൎത്ഥം പ്രാൎത്ഥിക്കുക; 2. അതിയായി ദുഃഖിക്കുക; 3. കഠിനമായി ആക്ഷേപിക്കുക. =ca′ble, *a.* നീങ്ങിക്കിട്ടേണ്ടുന്ന; ആക്ഷേപ്യമായ. =cā′tiṅg-ly, *ad.* ആക്ഷേപ്യമായി. =cā′tiŏn, *n.* നിവാരണ അപേക്ഷ, ഉദ്ധാരണ—; വിസമ്മതം, വിരോധം; ക്ഷമാപേക്ഷ; ശാപം. =cā′tive, =cā′tŏr-y, *a.* ആക്ഷേപകരമായ; അവിധപറയുന്ന. =cā′tive-ly, *ad.* ആക്ഷേപത്തോടെ. =cā′tŏr, *n.* നിവാരണാപേക്ഷകൻ.

De-prē′ci-āte, *v. t.* വിലകറക്കുക, എളിമപ്പെടുത്തുക, താഴ്ത്തിവിചാരിക്കുക. *v. i.* വിലഇടിയുക, —താഴുക; നാണ്യം കറയുക. =ā′tiŏn, *n.* വിലകറക്കൽ, മാനം—; വിലക്കുറച്ചം; താഴ്ച. =ā-tive, =ā-tŏr-y, *a.* വിലകറക്കുന്ന; മാനം—, താഴ്ത്തിപ്പറയുന്ന. =ā-tive-ly, *ad.* താഴ്ത്തികൊണ്ട്. =ā-tŏr, *n.* താഴ്ത്തുന്നവൻ.

**Dep're-dāte,** *v. t.* കവച്ചചെയ്യിക്കുക, കൊള്ളയിട്ടവിക്കുക; 2. തിന്നുകളക. *v. i.* കൊള്ളയിട്ടുക. =**dā-tiŏn,** *n.* കൊള്ള, ആക്രമം. =**dā-tŏr,** *n.* കൊള്ളക്കാരൻ, കവച്ചക്കാരൻ. **known d.r** പതിവായ കുററക്കാരൻ, 'കേഡി'. =**dā-tŏr-y,** *a.* കവച്ചചെയ്യുന്ന.

**Dep-re-hend',** *v.t.* പിടിക്കുക, കുററം ചെയ്യുമ്പോൾ കണ്ട് പിടിക്കുക; 2. തുമ്പുണ്ടാക്കുക.

**De-press',** *v.t.* താഴ്ത്തുക; 2. താഴ്ച വരുത്തുക; 3. ക്ലേശം—; 4. മന്ദം ആക്കുക, അമാന്തം—; 5. വിലകുറക്കുക, നയമാക്കുക. *a.* നടുകഴിഞ്ഞ, ഒട്ടലുള്ള. =**pressed',** *a.* ഇടിവ് പററിയ; താണ; ധൈയ്യമററ; ക്ലിഷ്ടമായ. **-ing-ly,** *ad.* ഉന്മേഷമില്ലാതെ. =**pres'siŏn,** *n.* താഴ്ച; കുണ്ഠിതം; കഴിവ്, ഒട്ട്; ഗവ്വം താഴ്ത്തൽ; മന്ദത, ആശാഭംഗം, വിഷാദം; ഇടിവ്, കുറവ്. =**pres'sive,** *a.* കുണ്ഠിതം ജനിപ്പിക്കുന്ന. =**pres'sŏr,** *n.* ദ്രോഹി, ഉപദ്രവി.

**De-prīve',** *v. t.* ഇല്ലായ്മയാക്കുക, നശിപ്പിക്കുക; 2. (of) കളക, കൈവശം വിട്ടുത്തുക, കിട്ടാതാക്കുക, കൊടുക്കാതിരിക്കുക; 3. സ്ഥാനം ഇല്ലാതാക്കുക, അധികാരം—. =**prī'va-ble,** *a.* ഇല്ലാതാക്കത്തക്ക, നീക്കത്തക്ക. **dep-ri-vā'tiŏn,** *n.* അപഹാരം, നീക്കം, ഇല്ലായ്മ; ദാരിദ്ര്യം, നഷ്ടം, ബുദ്ധിമുട്ട്; ബോധകസ്ഥാനനീക്കം.

**Depth,** *see under* **Deep.**

**De-pulse',** *v.t.* ഓടിച്ച് കളക. =**pul'-siŏn,** *n.* ഓടിക്കൽ, തുരത്തൽ.

**Dep'ū-rāte,** *v. t.* തെളിയിക്കുക, ശുദ്ധമാക്കുക. *a.* തെളിയിച്ചെട്ടത്ത, ശുദ്ധമാക്കിയ. =**rā'tiŏn,** *n.* തെളിയിക്കൽ, കഴുകിവെടിപ്പാക്കൽ.

**De-pūte',** *v. t.* പ്രതിനിധിയായി നിശ്ചയിക്കുക, കായ്യസ്ഥനായി—; നിയോഗിക്കുക; 2. തെരിഞ്ഞെടുക്കുക. *n.* പ്രതിനിധി, കായ്യസ്ഥൻ. =**pū'ta-ble,** *a.* നിയോഗിക്കത്തക്ക. **dep-ūtā'tiŏn,** *n.* നിയോഗം; നിയുക്തസ്ഥാനം; —ജനം. **by d.n, in d.n** നിയുക്തനായി, 'ബദലായി'. **dep'ū-tīse,** =**tize,** *v. t.* പ്രതിനിധിയായി നിയോഗിക്കുക, —അധികാരപ്പെടുത്തുക. **dep'ū-ty,** *n.* പ്രതിനിധി, 'ബദലാൾ', കായ്യസ്ഥൻ, സഹായകൻ; പരന്ത്രീസ് പ്രജാസഭാംഗം. **chamber of deputies** —പ്രജാസഭ.

**De-rac'i-nāte,** *v. t.* വേരോടെ പറിക്കുക, നിമ്മൂലമാക്കുക. =**nā'tiŏn,** *n.* ഉന്മൂലനാശം.

**De-rāil',** *v. t.* തീവണ്ടി ഇരിമ്പ് പാതയിൽനിന്നു തെററിപ്പോക. **-ment,** *n.* പാതതെററൽ.

**De-rānge',** *v. t.* നാനാവിധം ആക്കുക, ക്രമക്കേട്—, കലക്കുക; 2. യന്ത്രം കേട് വരുത്തുക; 3. ബുദ്ധിഭ്രമം—. =**rānged',** *a.* ക്രമം തെററിയ, ബുദ്ധി—. **-ment,** *n.* അമാന്തം, താറ് മാറ്, ചിത്തഭ്രമം.

**Der'e-lict,** *a.* വിട്ട് കളഞ്ഞ, ത്യജിച്ച; 2. പൊയ്പോയ, ഒഴുകിപ്പോയ; 3. ഇല്ലാത്ത, സൂക്ഷ്മമില്ലാത്ത; ഉപേക്ഷയായ, അവിശ്വസ്തതയുള്ള. *n.* മനഃപൂവ്വം ഉപേക്ഷിച്ച സാധനം, വിട്ട് കളഞ്ഞ കപ്പൽ (*l.*); കടൽ തുറന്നുണ്ടായസ്ഥലം. =**lic'tiŏn,** *n.* ത്യാഗം; ഉപേക്ഷ; അനാഥത്വം; കടൽ നീങ്ങിയുണ്ടായസ്ഥലം (*l.*).

**De're-lig'iŏn-īse,** =**īze,** *v. t.* മതവിശ്വാസം കളയുക, ഭക്തികെടുക്കുക.

**De-rīde',** *v. t.* പരിഹസിക്കുക, ചിരിക്കുക, കളിയാക്കുക. =**rīd'ing-ly,** *ad.* നിന്ദയോടെ. =**risi'ŏn,** *n.* അപഹാസം, കളിയാക്കൽ; പരിഹാസവിഷയം. =**rī-sive,** *a.* നിന്ദ്യമായി. =**rī'sive-ly,** *ad.* ചിരിയോടെ. =**ri'sive-ness,** *n.* ഹാസ്യം. =**rī'sŏr-y,** *a.* ഹാസ്യകരമായ.

**De-rīve',** *v. t.* (to, into, on, upon) വെള്ളം തിരിക്കുക; 2. (from) ഉത്ഭവിക്കുക; 3. പരമ്പരയായി വരിക; 4. കിട്ടുക; 5. അനുമാനിക്കുക; 6. ധാതുകാണുക (*gr.*). *v.i.* ഉറന്ന് വരിക; 2. ഉല്പത്തിയാക; 3. ഊഹിക്കുക. =**rī'va-ble,** *a.* കിട്ടാകുന്ന; അനുമാനിക്കാകുന്ന; ധാതുകാണാകുന്ന. =**rī'-va-bly** *ad.* ഉത്ഭവമായി. **der-i-vā'tiŏn,** *n.* ലഭ്യം; ഉത്ഭവം; കായ്യം; അനുമാനം; വംശപാരമ്പയ്യം; ഉല്പത്തി (*gr.*); മൂലം; ഊഹം. =**i-vā'tiŏn-al,** *a.* ഉല്പത്തിസംബ

ന്ധമായ. =riv'a-tive, *a.* ഉല്പന്നമായ; മൂലം അല്ലാത്ത, മുഖ്യം—; ജനിച്ച് വരുന്ന; ഉപ, കിഴായ. *n.* ഉല്പന്നം; ഉല്പന്നപദം. -ment, *n.* അനുമാനം.

Dĕrm, *n.* തോല്, ത്വക്. ='mal, ='mic, *a.* ചൎമ്മസംബന്ധമായ. =ma-tol'o-ġy. *n.* ചൎമ്മശാസ്ത്രം. ='mis, *n.* അന്തശ്ചൎമ്മം,

Der'ni-ĕr, *a.* ഒടുക്കത്തെ, അവസാനത്തെ. d. resort അററകൈ.

Der'ō-gāte, *v. t.* കുറേശ്ശ കുറച്ചുപ്പെടുത്തുക, ക്ലിപ്തപ്പെടുത്തുക; 2. കുറക്കുക; 3. അപമാനിക്കുക. *v. i.* (from) കുറച്ച് കളയുക; 2. ലഘുത്വം കാട്ടുക. *a.* മാനംകെട്ട, താണ. -ly, *ad.* പോരായ്മയായി. =gā'tiŏn, *n.* (of, from, to) അസാധുവാക്കൽ; കുറവ്, താഴ്ച. =rog'a-tive, =rog'ant, =rog'-a-tŏr-y, *a.* വിലകുറക്കുന്ന; ലഘുത്വം ആയ, ഭൂഷ്യം—. =rog'a-tive-ly, =rog'a-tŏr-i-ly, *ad.* ഘനക്കുറവായി. =rog'a-tŏr-i-ness, *n.* ലാഘവം.

Des'cant, *n.* പാട്ട്; 2. പ്രസംഗം. *v.i.* സാഹിത്യസഹിതം പാടുക, ക്രമായി—; 2. വ്യാഖ്യാനിക്കുക, സവിസ്താരം പ്രസംഗിക്കുക.

De-scend', *v. i.* കിഴിയുക, ഇറങ്ങുക; 2. അധോഗതി പ്രാപിക്കുക; 3. അസ്തമിക്കുക; 4. ഒഴുകുക, പെയ്യുക; 5. ധ്യാനിക്കുക; 6. (on, upon) ആക്രമിക്കുക; 7. താണ്പോക; 8. ജനിക്കുക; 9. അവകാശമായി കിട്ടുക. *v. t.* ഇറങ്ങിപ്പോക; 2. താഴുക. ='dant, ='dent, *a.* വംശജൻ ആയ; ഇറങ്ങുന്ന. -'dant, *n.* അനന്തിരവൻ, സന്താനം. ='di-ble, *a.* അനന്തരപ്പാടായി കിട്ടാകുന്ന. =di-bil'i-ty, *n.* പിന്തുടൎച്ച. -iṅg, *a.* താഴുന്ന. ='diṅg-ly, *ad.* താണ്കൊണ്ട്. =scen'siŏn, *n.* താഴ്ച; അസ്തമാനം; ഹീനത. =scen'sive, *a.* താഴ്ചയുള്ള. =scent', *n.* ഇറക്കം; (on, upon) ആക്രമം; കിഴിച്ചൽ, അധോഗതി; ഉല്പത്തി; പിന്തുടൎച്ച; ചരിവ്; മക്കൾ; അകല്ച്ച; കരുന്തല.

De-serībe', *v. t.* വരക്കുക, എഴുതുക; 2. വിവരിക്കുക; 3. ഓഹരിചെയ്യുക. *v. i.* വൎണ്ണിക്കുക. =serī'ba-ble, *a.* വൎണ്ണനീയമായ, വിവരിക്കത്തക്ക. =serip'tiŏn, *n.* വിവരണം; വൎണ്ണനം; വക, തരം. =serip'tive, *a.* തെളിയിക്കുന്ന; വിവരമുള്ള, വൎണ്ണനയായ. =serip'tive-ly, *ad.* വിവരമായി. =serip'tive-ness, *n.* വൎണ്ണനം.

De-serȳ', *v. t.* ദൂരത്ത്നിന്ന് കാണുക, കണ്ട്തിരിയുക; 2. ആരാഞ്ഞറിയുക; 3. കണ്ട്പിടിക്കുക, വെളിവാക്കുക. *n.* കാഴ്ച.

Des'e-erāte, *v. t.* സംസ്കാരഭ്രഷ്ടം ആക്കുക, അശുദ്ധം—, തീണ്ടൽ—; ഹീനം—, അയോഗ്യം—. =tĕr, =tŏr, *n.* തീണ്ടിക്കുന്നവൻ. =erā'tiŏn, *n.* അശുദ്ധമാക്കൽ; സംസ്കാരഭ്രഷ്ടം; മാലിന്യം; ഹീനത.

I. De-s̱ërt', *n.* *see under* Deserve.

II. Des̱'ĕrt, *n.* മരുഭൂമി, ശൂന്യപ്രദേശം; 2. വനാന്തരം, അരണ്യം, നിൎജ്ജനപ്രദേശം. *a.* മരുഭൂമിസംബന്ധമായ; 2. ഉപേക്ഷിച്ച; 3. തരിശ് ആയ, നിഷ്ഫലം—, ശൂന്യം—, വിജനം—. *v. t.* കൈവിടുക, ഉപേക്ഷിക്കുക; ഒഴിച്ചിടുക; 2. പട്ടാളത്തിൽനിന്ന് പോയ്ക്കളക. de-s̱ĕrt', *v. i.* ഉദ്യോഗം വിട്ട്—, പട്ടാളത്തിൽനിന്ന് ഓടിപ്പോക. -ĕr, *n.* വിട്ട് പോയ്ക്കളയുന്നവൻ; പട്ടാളത്തിൽനിന്ന് പോയ്ക്കളഞ്ഞവൻ, കപ്പൽച്ചേകത്തിൽനിന്ന്—. ='tiŏn, *n.* ഉപേക്ഷിക്കൽ; പട്ടാളത്തിൽനിന്നുള്ള ഓടിപ്പോക്ക്; അനാഥത്വം; നിരാശസ്ഥിതി. =s̱ĕr'trice, =s̱ĕr'trix, *n.* ഉപേക്ഷിച്ച് പോകുന്നവൾ.

De-s̱ĕrve', *v. t.* യോഗ്യമാക്കുക; പാത്രമാക; 2. ശുശ്രൂഷിക്കുക. *v. i.* പാത്രമായിരിക്കുക. ='ved-ly, *ad.* യോഗ്യം ആയി, വിഹിതം—. ='ved-ness, *n.* യോഗ്യത, പാത്രത. =s̱ĕr'viṅg, *n.* ശ്രേഷ്ഠത. *a.* സുകൃതമുള്ള; യോഗ്യമായ. =s̱ĕr'viṅg-ly, *ad.* യോഗ്യമായി. ='s̱ĕrt', *n.* യോഗ്യത, പാത്രത; സല്ക്രിയ. ='s̱ĕrt-fuḷ, *a.* സുകൃതം ഉള്ള, പുണ്യം—.

Des̱-ha-bïlle', Dis'ha-bille (dez-a-bēl), *n.* തക്കചമയമില്ലായ്മ, വൃത്തികെട്ട ചമയം.

Des'ic-cāte, *v. t.* ഉണക്കുക, വെയിലത്തിടുക; 2. ശോഷിപ്പിക്കുക. *v. i.* ഉണങ്ങുക. =cant, *a.* ഉണക്കുന്ന. *n.* ശോഷകൌഷധം. =cā'tion, *n.* ഉണക്കൽ; ഉണക്കം. =ca-tive, =cā'tōr-y, *a.* ഉണങ്ങുന്ന, ഉണക്കംവെക്കുന്ന.

De-sid'ēr-āte, *v. t.* ആഗ്രഹിക്കുക, വേണമെന്ന് ഭാവിക്കുക; 2. ഇല്ലാതെ ബുദ്ധിമുട്ടുക. =sid'ēr-a-ble, *a.* ഇച്ഛിക്കത്തക്ക. =ā'tiŏn, *n.* ആവശ്യം, ബുദ്ധിമുട്ട്. =a-tive, *a.* ഇച്ഛാത്മകമായ, വേണ്ടിവരുന്ന. *n.* ഇച്ഛാവിഷയം; ഇച്ഛാത്മകക്രിയ(*gr.*). =ā'tum, *n.* (*pl.* =ā'ta) കുറവുള്ളത്, ആവശ്യമായത്.

De-sīgn' (-sīn *or* zīn), *v. t.* സ്വരൂപം വരക്കുക; മാതൃകയുണ്ടാക്കുക, രൂപിക്കുക; 2. കാണിക്കുക, നിശ്ചയിക്കുക; 3. നിർമ്മിക്കുക, ആലോചിക്കുക; 4. (for, to) ഉദ്ദേശിക്കുക. *v. i.* യന്ത്രിക്കുക, ഭാവിക്കുക, ചെയ്യാൻ ആലോചിക്കുക. d. for പുറപ്പെടുക, പോവാൻ നിശ്ചയിക്കുക. *n.* പടം, മാതൃക; 2. ആലോചന, ഭാവം; 3. തന്ത്രം, കൂട്ടുകെട്ട്; 4. ഉദ്ദേശം; 5. ശില്പപ്രവൃത്തി. =a-ble, *a.* പ്രത്യേകിക്കത്തക്ക; വകതിരിച്ചറിയാകുന്ന. des'ig-nāte, *a.* നിശ്ചയിച്ച. *v. t.* അടയാളം പറഞ്ഞ് കാട്ടുക; ചൂണ്ടിക്കാട്ടുക; പേര് പറയുക; സൂചിപ്പിക്കുക; വകതിരിച്ച് പറയുക; പ്രത്യേകസ്ഥാനം—; (to, for) നിശ്ചയിച്ചാക്കുക. des-ig-nā'tiŏn, *n.* സൂചന, നിശ്ചയം; നിയോഗം; പേര്; സ്ഥാനം; അർത്ഥം, പ്രയോഗം. des'ig-nā-tive, des'ig-na-tōr-y, *a.* കാണിക്കുന്ന. des'ig-nā-tōr, *n.* നിർണ്ണയിക്കുന്നവൻ. -ed-ly, *ad.* മനഃപൂർവ്വമായി, വേണമെന്ന് വെച്ച്. -ēr, *n.* സങ്കല്പിക്കുന്നവൻ; തന്ത്രക്കാരൻ. -ful, -'ing, *a.* കസൂതിയുള്ള, കൂട്ടുകെട്ടുണ്ടാക്കുന്ന. *n.* സങ്കല്പനം; സൂത്രപ്പണി.

Des'i-nence, *n.* അന്ത്യം, അവസാനം, അററം. =nen-tial, *a.* അവസാനമായ.

De-sīre', *v. t.* കാത്തിരിക്കുക, വാഞ്ഛിക്കുക; 2. ഇച്ഛിക്കുക, അപേക്ഷിക്കുക; 3. ആവശ്യപ്പെടുക, അവകാശപ്പെടുക; 4. ഇല്ലാഞ്ഞ് ദുഃഖിക്കുക. *n.* രസം, ആഗ്രഹം; 2. താല്പര്യം, അപേക്ഷ; 3. ഇച്ഛാവിഷയം, പ്രത്യാശ; 4. അത്യാശ, ദുർമ്മോഹം; 5. ഖേദം. =sī-ra-bil'i-ty, *n.* കാമ്യത; ഔചിത്യം. =sī'ra-ble, *a.* ഇച്ഛായോഗ്യം ആയ, ഹിതം—, യുക്തം—, നല്ല. =sī'ra-ble-ness, *n.* ഔചിത്യം. =sī'ra-bly, *ad.* വിഹിതമായി. =sī'rŏus, *a.* ആഗ്രഹം ഉള്ള, അപേക്ഷ—, മോഹം—. =sī'rŏus-ly, *ad.* താല്പര്യത്തോടെ. =sī'rŏus-ness, *n.* ഇച്ഛ.

De-sist', *v. i.* (from) ഒഴിഞ്ഞ് നില്ക്കുക, വിടുക, മടിക്കുക, നിൎത്തുക. -ance, *n.* മടി, ശങ്ക, പിൻവാങ്ങൽ.

Desk, *n.* മേശ, എഴുത്ത് മേശ; 2. വായനപീഠം; 3. പ്രസംഗ—; 4. ബോധകോദ്യോഗം. d.-work എഴുത്ത് പ്രവൃത്തി.

Des'ō-lāte, *a.* ഉപേക്ഷിച്ച; നിർജ്ജനം ആയ; 2. ഭയങ്കരം—; 3. ശൂന്യം—, നാശം—, പൊളിഞ്ഞ; 4. അനാഥം ആയ, ഏകാകി—, സഖിഇല്ലാത്ത, ശരണം—; 5. ലജ്ജാഹീനമായ; 6. കുറവായ. *v. t.* ശൂന്യം ആക്കുക; 2. പാഴ്—. -ly, *ad.* പാഴായി. -ness, *n.* ഏകാന്തഭാവം. =lā-tēr, =lā-tōr, *n.* പാഴാക്കുന്നവൻ. =lā'tiŏn, *n.* ജനവാസമില്ലാതാക്കൽ; നാശം; ഏകാന്തം, ഭയങ്കരം; ശൂന്യപ്രദേശം.

De-spāir', *v. i.* (of) നിരാശപ്പെടുക, അഴിനിലയാക. *v. t.* ആശവെടിയുക. *n.* ആശാഭംഗം, അഴിനില. -ēr, *n.* ആശാഭഗ്നൻ. -ing, *a.* ഇച്ഛാഭംഗമുള്ള, അഴിനിലപൂണ്ട. des'pēr-āte, *a.* ആശയററ; നിർവ്വാഹമില്ലാത്ത; തികമുട്ടിയ; വിവേകമററ; മൂഢസ്വഭാവമുള്ള, ശങ്കവെടിഞ്ഞ. des'pēr-āte-ly, *ad.* കുശൽ ഇല്ലാതെ, നിവൃത്തി—; ഉരത്തോടെ. des-pēr-ā'tiŏn, *n.* ആശാരഹിതഭാവം; അതിധൈര്യം. des-pēr-ā'dō, *n.* മൂഢൻ, ഒരുമ്പെട്ടവൻ, ഉരന്തിരിഞ്ഞവൻ.

De-spatch', Dis-patch' (-spach'), *v. t.* ബദ്ധപ്പാടോടെ ചെയ്യു; വേഗം തീർക്കുക; അവസാനിപ്പിക്കുക; 2. അയച്ച് കളയുക, തിരക്കോടെ അയക്കുക; 3. ആളെ, ദൂത്—, കത്ത്—, കല്പന—; 4. കഥകഴിക്കുക,

കൊല്ലുക. *v. i.* ബദ്ധപ്പെടുക; കാര്യം തീക്കുക; പ്രവൃത്തി—. *n.* ദൂതയക്കൽ; 2. അയച്ച്കളയൽ, നീക്കം; 3. വേഗത, ശീഘ്രത, ജാഗ്രത; 4. പ്രവൃത്തിത്തീച്ച; 5. അടിയന്തരക്കത്ത്, —വൎത്തമാനം; 6. (*pl.*) ഉദ്യോഗസംബന്ധമായ ലേഖനം, രാജ്യഭാര— കല്പന; 7. കമ്പിവൎത്തമാനം. **d.-boat** അഞ്ചൽത്തോണി. **d.-box** കത്ത്പെട്ടി; യാത്രപ്പെട്ടി. **-ĕr,** *n.* അയക്കുന്നവൻ.

**De-spīse′,** *v.t.* നീരസം കാട്ടുക, ആക്ഷേപിക്കുക, തിരസ്കരിക്കുക, നിന്ദിക്കുക. **des′pi-ca-ble,** *a.* നിസ്സാരം ആയ, നീചം—, താണ. **des′pi-ca-ble-ness,** *n.* നീചത്വം, വഷളത്വം. **des′pi-ca-bly,** *ad.* നിന്ദ്യമായി. **=spī′sĕr,** *n.* നിന്ദകൻ, ധിക്കാരി. **=spī′sing-ly,** *ad.* നിന്ദയോടെ.

**De-spīte′,** *n.* വിരോധം, ദ്വേഷം, ഈൎഷ്യ; ഉച്ഛീകാരം. **in d.** അലക്ഷ്യമായി. **in d. of** കൂട്ടാക്കാതെ; വിരോധിച്ചിട്ടും. **in your d.** നിന്നെ വകവെക്കാതെ. *v.t.* മുഷിപ്പിക്കുക; പുച്ഛിക്കുക. *prep.* എന്നിട്ടും, കൂട്ടാക്കാതെ, എതിരായി, വിരോധമായി. **-ful,** *a.* പകയുള്ള. **-ful-ly,** *ad.* ഈൎഷ്യതയോടെ, വെറുപ്പോടെ. **-ful-ness,** *n.* വിരോധം, സിദ്ധാന്തം.

**De-spoil′,** *v.t.* (of) പിടിച്ച്പറിക്കുക, അപഹരിക്കുക, കൊള്ളയിടുക. **-ĕr,** *n.* അപഹാരി, കവൎച്ചക്കാരൻ. **-ment, =spol-i-ā′tiŏn,** *n.* കൊള്ള, അപഹരണം.

**De-spond′,** *v. t.* അഴിനിലയാക, ധൈൎയ്യം വെടിയുക. **=′dence, =′den-cy,** *n.* നിരാശ, അഴിനില. **-ent,** *a.* ആശയററ. **-ĕr,** *n.* ആശയററവൻ.

**De-spon′so-ry,** *n.* വിവാഹനിശ്ചയരേഖ.

**Des′pot,** *n.* സ്വയാധികാരി; 2. പ്രജാപീഡകൻ, നിഷ്ഠുരകൻ. **-at,** *n.* സ്വയാധിപത്യം. **-′ie, -′i-cal,** *a.* സ്വയാധികാരം ഉള്ള, താന്തോന്നിത്വം—; ഇച്ഛാനുസാരം വാഴുന്ന; ക്രൂരതയുള്ള. **=po-tism,** *n.* സ്വേച്ഛാധിപത്യം, കൊട്ടുരവാഴ്ച; ഏകച്ഛത്രാധിപത്യം.

**Des′pū-māte,** *v. t.* & *i.* പതച്ച്പൊങ്ങുക. **=mā′tiŏn,** *n.* പതപ്പിച്ച് തെളിയിക്കൽ, ശുദ്ധിയാക്കൽ.

**Des-sĕrt′,** *n.* പലഹാരം, ഫലാഹാരം, മുഖവാസന. **d. spoon** പലഹാരക്കരണ്ടി; നട്ടുത്തരം കഴിയൽ.

**Des′tine, Des′ti-nāte,** *v. t.* (to, for) മുൻനിൎണ്ണയിക്കുക, —നിയമിക്കുക, തീൎമ്മാനിച്ച് വെക്കുക. **=ti-na-ble,** *a.* കല്പിതം ആയ, വിധി—. **=ti-na-bly,** *ad.* മുൻനിൎണ്ണയാനുസാരം. **=ti-nā′tiŏn,** *n.* മുൻനിശ്ചയം; ഉദ്ദേശം, താല്പൎയ്യം; എത്തേണ്ടുന്നസ്ഥലം, ലാക്ക്. **=ti-ny,** *n.* വിധി; ദശ, ഭാഗ്യം.

**Des′ti-tūte,** *v. t.* ഉപേക്ഷിക്കുക, ബുദ്ധിമുട്ടിൽ ആക്കുക; 2. (of) ഇല്ലായ്മ—, ഇച്ഛാഭംഗം വരുത്തുക. *a.* (of) അനാഥം ആയ, നിൎഗ്ഗതി—, ബുദ്ധിമുട്ട് ഉള്ള, ദാരിദ്ര്യം—; ഇല്ലാത്ത. **=tū′tiŏn,** *n.* വലച്ചൽ, ഞെരുക്കം, അരിഷ്ടത, നിരാധാരത്വം.

**De-stroy′, De-struct′,** *v. t.* ഇടിച്ച്കളയുക, നശിപ്പിക്കുക; 2. ശൂന്യം ആക്കുക, ഇല്ലാതെ—; 3. നിൎമ്മൂലം—; 4. കൊല്ലുക. **-ĕr,** *n.* നാശകൻ, അന്തകൻ. **=struc-ti-bil′i-ty,** *n.* നശ്വരത്വം. **=struc′ti-ble,** *a.* നശ്യമായ; നശിപ്പിക്കത്തക്ക. **=struc′tiŏn,** *n.* ഇടിവ്, നാശം, പ്രളയം; ശൂന്യം, സംഹാരം. **=struc′tiŏn-ist,** *n.* നശിപ്പിക്കുന്ന ഗുണമുള്ളവൻ. **=struc′tive,** *a.* (of, to) നശിപ്പിക്കുന്ന, ഹാനിവരുത്തുന്ന, മരണകരമായ. *n.* ഉടച്ച് വാക്കുന്നവൻ. **=struc′tive-ly,** *ad.* നശിപ്പിക്കത്തക്കവണ്ണം. **=struc′tive-ness,** *n.* നാശം, ശൂന്യം. **=struc′tŏr,** *n.* നാശകൻ. [സ്വേദം (*med.*).

**Des-ū-dā′tiŏn,** *n.* വിയക്കൽ, അതി

**Des′uē-tūde** (des′wē-tūd), *n.* വഴക്കം ഇല്ലായ്മ, നടപ്പ്—.

**Des′ul-tŏr-y,** *a.* തുള്ളിത്തുള്ളിനടക്കുന്ന; 2. ഒന്നിൽനിന്ന് മറെറാന്നിൽ തുള്ളുന്ന; ക്രമംകെട്ട; അസംബന്ധമായ, ഉദ്ദേശമില്ലാത്ത; 3. വഴിതെററിയ, കാൎയ്യ

സംബന്ധമില്ലാത്ത. =tŏr-i-ly, *ad.* ക്രമമില്ലാതെ, വന്നപാട്. =tŏr-i-ness, *n.* ക്രമം ഇല്ലായ്മ, അസംബന്ധം.

**De-tach′**, *v. t.* പിരിക്കുക, വേൎപ്പെടുത്തുക; 2. വേൎതിരിക്കുക, പ്രത്യേകിച്ച് നിയോഗിക്കുക. *v. i.* പിരിഞ്ഞ് പോക, അകന്ന്—. -a-ble, *a.* വേൎപിരിക്കാകുന്ന. =tached (-tachd), *a.* വെവ്വേറെയായ, സംബന്ധമററ. -ment, *n.* വേൎപിരിക്കൽ; പ്രത്യേകനിയുക്തസൈന്യം, —സൈന്യം; വിരക്തി, വൈരാഗ്യം.

**De-tāil′**, *n.* ചെറിയഖണ്ഡം, —അംശം, ചില്ലറ; 2. (*pl.*) വിവരം; 3. വിവരമായ വൎണ്ണന; 4. പ്രത്യേകനിയോഗം (*mil.*); 5. നിയുക്തസൈന്യം (*mil.*). in d. വിവരം വിവരമായി. *v. t.* എണ്ണിയെണ്ണിപ്പറയുക, വിവരം വിവരമായി പറയുക, പ്രത്യേകിച്ച്—; 2. പ്രത്യേകമായി നിയോഗിക്കുക (*mil.*).

**De-tāin′**, *v. t.* പിടിച്ച് വെക്കുക, കൊടുക്കാതിരിക്കുക; 2. തടഞ്ഞ് നിൎത്തുക, മുടക്കം വരുത്തുക, താമസിപ്പിക്കുക; 3. തടവിൽ വെക്കുക. -ĕr, *n.* നിൎത്തുന്നവൻ; ന്യായരഹിത കൈവശം (*l.*). =ten′tiŏn, *n.* പിടിച്ച് വെക്കൽ; തടസ്ഥം, താമസം, തടവ്.

**De-tect′**, *v. t.* കണ്ട് പിടിക്കുക, —കിട്ടുക, തുമ്പുണ്ടാക്കുക; 2. കുററം ചുമത്തുക. =′ta-ble, =′ti-ble, *a.* കണ്ട് പിടിക്കാവുന്ന, തുമ്പുണ്ടാകുന്ന. =tĕr, =tŏr, *n.* തുമ്പുണ്ടാക്കുന്നവൻ. =tec′tiŏn, *n.* തുമ്പ് കിട്ടൽ, തെളിവ്. =tive, *a.* തുമ്പുണ്ടാക്കുവാൻ സാമൎത്ഥ്യമുള്ള. *n.* കുററം തുമ്പുണ്ടാക്കുന്നവൻ, —തെളിയിക്കുന്നവൻ; ചാരൻ.

**De-tĕr′**, *v. t.* ഭയപ്പെടുത്തി മുടക്കുക, പേടിപ്പിക്കുക, മുടക്കുക. -ment, *n.* തടസ്ഥം, ഭീഷണി. -rence, *n.* തടസ്ഥം. -rent, *a.* മുടക്കുന്ന. *n.* തടസ്ഥം.

**De-tĕrġe′**, *v. t.* വെടിപ്പാക്കുക, മൊട നീക്കുക. =′ġen-cy, *n.* ശുദ്ധിവരുത്തുന്ന ഗുണം. =′ġent, *a.* ശുദ്ധിയാക്കുന്ന. *n.* വെടിപ്പ് വരുത്തുന്ന സാധനം, —ഔഷധം.

**De-tē′ri-ō-rāte**, *v. t.* താഴ്ത്തുക, കെടുത്തുക, ചീത്തയാക്കുക. *v. i.* വഷളാക, കെട്ട് പോക, ഹീനമാക. =rā′tiŏn, *n.* അധമത്വം, വഷളത്വം. =ō′ri-ty, *n.* നീചത്വം, ഹീനത.

**De-tĕr′mine**, *v. t.* ക്ളിപ്തപ്പെടുത്തുക, അതിർവെക്കുക, വേൎതിരിക്കുക; 2. അവസാനിപ്പിക്കുക, സമാപ്തിയാക്കുക; 3. രൂപം നിൎണ്ണയിക്കുക, ആകൃതിപ്പെടുത്തുക, തീൎച്ചപ്പെടുത്തുക, ക്രമപ്പെടുത്തുക; 4. (to) വഴിതിട്ടപ്പെടുത്തുക, നടത്തുക, നിൎബ്ബന്ധിക്കുക; 5. വകതിരിച്ച് അറിയുക, —നിശ്ചയിക്കുക; 6. തീൎപ്പ് കല്പിക്കുക; 7. തീൎമ്മാനിക്കുക. *v. i.* അവസാനിക്കുക; 2. (on) തീൎച്ചയിലെത്തുക. =min-a-bil′i-ty, *n.* നിൎണ്ണയത്വം. =min-a-ble, *a.* തീൎച്ചപ്പെടുത്താകുന്ന, അവസാനിപ്പിക്കാകുന്ന. =mi-nant, *a.* തീൎച്ചവരുത്തുന്ന. =min-āte, *v. t.* അവസാനിപ്പിക്കുക, തീൎച്ചപ്പെടുത്തുക. *a.* തിട്ടം ആയ, കൃത്യം—; നിശ്ചയാൎത്ഥകം—, നിൎവ്വാദം—, നിസ്സംശയം—; നിഷ്കൎഷയുള്ള. =min-āte-ly, *ad.* തീൎച്ചയായി; നിഷ്കൎഷയോടെ. =mi-nā′tiŏn, *n.* തീൎച്ചപ്പെടുത്തൽ; സമാപ്തി; ഉത്സാഹം, നിഷ്കൎഷ; മനഃസ്ഥിരത; വിധി, തീൎപ്പ്; മനോനിൎണ്ണയം; ചോരതാഴ്ച (*med.*). =mi-nā-tive, *a.* ക്ളിപ്തപ്പെടുത്തുന്ന; തീൎച്ചയായ. =mined (-mind), *a.* മാറാത്ത, കട്ടത്ത. =mined-ly, *ad.* സ്ഥിരതയോടെ.

**De-test′**, *v. t.* സാക്ഷിപറക, കുററം ചുമത്തുക; 2. വെറുക്കുക, അറപ്പ് കാട്ടുക. =′ta-ble, *a.* അറപ്പ് ആയ, മ്ലേച്ഛം—. =tā′tiŏn, *n.* വെറുപ്പ്, അസഹ്യം.

**De-thrōne′**, *v. t.* സിംഹാസനത്തിൽനിന്ന് തള്ളുക, രാജത്വം കളയുക, സ്ഥാനത്തിൽനിന്ന് പിഴക്കുക. -ment, *n.* സിംഹാസനഭ്രഷ്ട്.

**Det′ō-nāte**, *v. i.* വെടിപൊട്ടുക, മുഴങ്ങുക. *v. t.* വെടിപൊട്ടിക്കുക. =nā′-tiŏn, *n.* മുഴക്കം, ധ്വനി. =ni-s̱ā′tiŏn, *n.* മുഴക്കം. =nīs̱e, *v. t.* & *i.* വെടിപൊട്ടിക്കുക.

**De-tort′**, *v. t.* അൎത്ഥം മറിക്കുക, —മാററുക, കോട്ടിക്കളയുക. =tor′tiŏn, =tor-siŏn, *n.* മറിപ്പ്, കോട്ടം; മറിക്കൽ, കോട്ടൽ.

De'tour, *n.* വളവ്, തിരിവ്.

De-tract', *d.t.* കറച്ച് കളയുക, ഇടിച്ച് പറയുക, കെട്ടത്തിപ്പറയുക; 2. ദൂഷിക്കുക, അപകീൎത്തിപ്പെടുത്തുക. *v. i.* (from) ദൂഷണം പറയുക, നിന്ദിക്കുക. ='tĕr, ='tŏr, *n.* ദൂഷകൻ, അവഗുണം പറയുന്നവൻ. ='ting-ly, *ad.* ദൂഷ്യമായി. =trac'tion, *n.* എളിമപ്പെടുത്തൽ; താഴ്ത്തിപ്പറയൽ; ഏഷണി. =trac'tive, *a.* ഹീനതപ്പെടുത്തുന്ന. =trac'tor-y, *a.* അപകീൎത്തിപ്പെടുത്തുന്ന, ദൂഷണമായ.

Det'ri-ment, *n.* ചേതം, കേട്, ഹാനി, ഊനം. =tal, *a.* നഷ്ടകരം ആയ, ദോഷകരം—. [പോകൽ, തേമാനം.

De-tri'tiŏn (-rish-un), *n.* തഴഞ്ഞ്

De-trude', *v. t.* ഉന്തുക, തള്ളുക, വീഴ്ത്തുക. =tru'sion, *n.* തള്ളൽ, പുറത്താക്കൽ. =tru'sive, *a.* തള്ളിയിടുന്ന.

De-trun'eāte, *v. t.* വെട്ടിക്കളയുക, ഛേദിക്കുക. =trun-eā'tiŏn, *n.* തലകൊത്തൽ, ശിരച്ഛേദം.

Deūce, *n.* രണ്ട്, ഇരട്ട, ഇണ, ജോട്; 2. പിശാച്, ദുൎഭൂതം. ='ced, *a.* പൈശാചികമായ, ഏററവും, വളരെ.

Deū-tĕr-og'a-my (dū-tĕr-), *n.* പുനൎവ്വിവാഹം. =og'a-mist, *n.* പുനൎവിവാഹിതൻ, —വിവാഹിത.

Deū-tĕr-on'o-my, *n.* ദ്വിതീയന്യായം, ആവൎത്തനപുസ്തകം, മോശെ എഴുതിയ അഞ്ചാം പുസ്തകം (*Bl.*).

Deū-tĕr-os'eo-py, *n.* ഭാവിജ്ഞാനം; 2. ഗോപ്യാൎത്ഥം.

Dev'as-tāte, *v. t.* ശൂന്യം ആക്കുക, തരിശ്—, നശിപ്പിക്കുക. =tā'tion, *n.* നാശം, ശൂന്യം; പാഴാക്കൽ.

De-vel'op, =vel'ōpe, *v. t.* തുറക്കുക, വിടൎത്തുക; പ്രത്യക്ഷമാക്കുക; 2. ഉത്ഭവിപ്പിക്കുക; 3. വളരുമാറാക്കുക, വൎദ്ധിപ്പിക്കുക, ആക്കിത്തീൎക്കുക; 4. അഭിവൃദ്ധി ആക്കുക, പൂൎത്തി—. *v. i.* വികസിക്കുക, വളരുക; 2. കാണാറ്യുരിക. -ment, *n.* വികാസം, വിടച്ച; വളച്ച.

De-vĕr'ġence, *see* Divergence.

De-vest', *see* Divest.

Dē'vi-āte, *v. i.* വഴിവളക്കുക, നേൎവ്വഴിവിടുക; തെററിപ്പോക, മാറുക, പിഴെക്കുക. *v. t.* തെററിക്കുക. =ā'tion, *n.* വഴിതെററൽ; ആചാരഭംഗം, —ലംഘനം; പിഴ, തെററ്, കററം. dē'vi-ŏus, *a.* വളഞ്ഞ, ചുററിപ്പോകുന്ന; അബദ്ധം ആയ, തെററ്—. =vi-ŏus-ly, *ad.* തെററായി. =vi-ŏus-ness, *n.* വളവ്; അബദ്ധം, പിഴ.

De-vīce', *n. see under* Devise.

Dev'il, *n.* പിശാച്, 'ശൈത്താൻ' (*M.*), 'സാത്താൻ'; 2. ദുരാത്മാവ്, ദുൎഭൂതം; 3. പരമദുഷ്ടൻ; 4. മഹാപാതകം; 5. (the) തീച്ചതന്നെ, വലിയപുതുമ. d. may care ആരെയും കൂട്ടാക്കാത്ത, —പേടിയില്ലാത്ത. the d.'s tattoo വിരല് കൊണ്ട് മുട്ടുക. printer's d. അച്ചടിപ്പണിക്കാരൻ. to play the d. with ഉപദ്രവിക്കുക, നശിപ്പിക്കുക. *v. t.* പിശാചാക്കുക; പൈശാചികഗുണം സങ്കല്പിക്കുക. -ish, *a.* പൈശാചികമായ, ദുഷ്ടതയുള്ള; വളരെ, ഏററവും. -ry, *n.* പൈശാചികവൃത്തി, —സ്വഭാവം; മഹാപാതകം; പിശാചവൎഗ്ഗം. -try, *n.* പൈശാചികപ്രവൃത്തി, ദുഷ്ടസ്വഭാവം. dī-a-bol'ie, dī-a-bol'i-eal, *a.* പൈശാചികമായ, മഹാദുഷ്ടതയുള്ള. dī-ab'ol-ism, *n.* പൈശാചികഗുണം; ഭൂതോപദ്രവം. dī-ab'lĕr-y, *n.* പൈശാചികപ്രവൃത്തി, മന്ത്രവാദം.

Dē'vi-ŏus, *see under* Deviate.

De-vīse', *v. t.* ആലോചിക്കുക, സങ്കല്പിക്കുക, യന്ത്രിക്കുക; 2. സൂത്രം ആലോചിക്കുക; ശ്രമിക്കുക; 3. പറക, വിവരിക്കുക; 4. ഊഹിക്കുക; 5. 'ഒസ്യത്ത്' മൂലം കൊടുക്കുക. *v. i.* ഉപായം നിരൂപിക്കുക, മാൎഗ്ഗം—, സൂത്രം ചെയ്യുക. *n.* മരണപത്രികയാൽ കൊടുക്കൽ; 2. 'ഒസ്യത്ത്'; 3. 'ഒസ്യത്താൽ' കൊടുത്ത വസ്തു. =vīce', *n.* സൂത്രം, ഉപായം; ചതി; കൌശലബുദ്ധി; സങ്കല്പനം; മുദ്ര, കുഡുംബചിഹ്നം; മനോരാജ്യം; വിനോദക്കാഴ്ച; അഭിപ്രായം; തീൎപ്പ്. dev'ī-sēe, *n.* 'ഒസ്യത്താൽ'

കിട്ടിയവൻ (*l.*). -vī'ṣẽr, *n.* ആലോചി ക്കുന്നവൻ, സങ്കല്പകൻ. =vī'ṣŏr, *n.* 'ഒ സ്യത്താൽ' കൊടുക്കുന്നവൻ.

Dē-vī'tal-īṣe, *v.t.* ജീവനാശം വരു ത്തുക, നിൎജ്ജീവമാക്കുക.

Dē-vō'cal-īṣe, *v.t.* സ്വരം ഇല്ലാതെ ആക്കുക, നിശ്ശബ്ദം—.

De-void', *v.t.* ഇല്ലാതാക്കുക, ഒഴിക്കു ക, നീക്കുക. *a.* (of) ഇല്ലാത്ത, രഹിതം ആയ, ശൂന്യം—.

Dev-oir' (dev-ar'). *n.* മുറ, മൎയ്യാദ; ധൎമ്മം; 2. ഉപചാരം, സല്ക്കാരം.

De-volve', *v.t.* ഉരുളുക, വീഴുക, ഒ ഴുകുക; 2. (upon, to, into) ചുമത്തുക, ഏ ല്പിക്കുക, സമൎപ്പിക്കുക. *v.i.* (on, upon, to, into) പിന്തുടൎച്ചയായി കിട്ടുക, അന ന്തരാവകാശമായി—. -ment, dev-ō-lụ'tiŏn, *n.* കൈവശം, പിന്തുടൎച്ച, സങ്ക്ര മണം; സമൎപ്പണം; ലബ്ധി.

De-vōte', *v.t.* നേരുക, അൎപ്പിക്കുക, വഴിപാട് കൊടുക്കുക; 2. ശപിക്കുക; 3. (*refl.*) സമൎപ്പിക്കുക, ഏല്പിച്ച് കൊടുക്കുക. =vō'ted, *a.* പ്രതിഷ്ഠിതമായ; അതിരഞ്ജ നമുള്ള, വൈരാഗ്യം—, ഭക്തി—. ='ted-ly, *ad.* ഭക്തിപൂൎവ്വകം. dev'ō-tēe, *n.* ഭക്തൻ, വൈരാഗി, മതനിഷ്ഠയുള്ളവൻ. =vọ'tẽr, *n.* പൂജകൻ; ആരാധിക്കുന്നവൻ. =vō'-tiŏn, *n.* പ്രതിജ്ഞ, പ്രതിഷ്ഠ, നിഷ്ഠ; ഭ ക്തി, ശ്രദ്ധ, ആസ്ഥ; പ്രിയം, രസം; ദൈവാരാധനം, പ്രാൎത്ഥന; വിശുദ്ധകാ ൎയ്യം, ഭക്തിവിഷയം. =vō'tiŏn-al, *a.* ഭ ക്തിപൂൎവ്വകമായ, ശ്രദ്ധയുള്ള. =vout', *a.* ദൈവഭയം ഉള്ള, —ഭക്തി—; ഈശ്വര വിചാരം—; ഭക്തിപുരസ്സരം ആയ; നി ഷ്കപടം—, യഥാൎത്ഥം—; ശ്രദ്ധഉള്ള, താ ല്പൎയ്യം—. the d.t സത്യദൈവഭക്തിയു ള്ളവർ. =vout'ly, *ad.* ശ്രദ്ധപൂൎവ്വം; പരമാൎത്ഥമായി. =vout'ness, *n.* ഭക്തി, ദൈവവിചാരം.

De-vour', *v.t.* തിന്ന് കളയുക, വിഴു ങ്ങുക; 2. പിടിച്ച് ചീന്തുക; നശിപ്പിക്കുക; 3. ആൎത്തികാട്ടുക. -ẽr, *n.* ഭക്ഷകൻ; ബു ഭുക്ഷു. -iṅg-ly, *ad.* കൊതിയോടെ; വിഴുങ്ങത്തക്കവണ്ണം.

De-vout', *see under* Devote.

Dew (dū), *n.* മഞ്ഞ്; 2. തണുപ്പ്; ആശ്വാസം; 3. പ്രഭാതം; 4. യൌവനം. *v.t.* മഞ്ഞ് പെയ്യുക, —വീഴുക, നനക്കുക. d.-claw ചെറുകുളമ്പ്. d.-drop മഞ്ഞ് തുള്ളി. d.-fall മഞ്ഞ് പെയ്യൽ, —വീഴു ന്നനേരം. d.-lap താട. d.-worm ഭൂനാഗം, നിലത്തിര (*z.*). -'i-ness, *n.* മഞ്ഞുള്ളസ്ഥിതി. -'y, *a.* മഞ്ഞുള്ള; മഞ്ഞി നൊത്ത; മന്ദമായിവരുന്ന.

Dex'tẽr (dek'stẽr), *a.* വലഭാഗത്തുള്ള, വലങ്കൈക്ക് ചേൎന്ന. -i-ty, *n.* വലങ്കൈ വശം; കരകൌശലം, സാമൎത്ഥ്യം; ബുദ്ധി വൈഭവം. -ŏus, *a.* മെയ്യൊതുക്കം ഉള്ള, കൈത്തഴക്കം—, മിടുക്ക്—; ചാതുൎയ്യം—; ശേഷി—. -ŏus-ly, *ad.* ചമത്കാരമായി, ചാതുൎയ്യത്തോടെ. -ŏus-ness, *n.* വൈഭ വം, പ്രാപ്തി.

Di, *pf.* ഇരു, ഉഭയ.

Dī-a-bē'tēṣ, *n.* അതിമൂത്രരോഗം, മൂ ത്രപ്രമേഹം (*med.*). =bet'ic, =bet'i-cal, *a.* പ്രമേഹസംബന്ധമായ, —രോഗമുള്ള.

Dī-a-bol'ic, *etc. and* Dī-ab'lẽr-y, *see under* Devil. [ദ്ധ്വ, സ്വരം—.

Dī-a-cạus'tic (-kạz-), *n.* ധ്വനിവി

Dī'a-dem, *n.* കിരീടം, മകുടം; 2. രാ ജത്വം, വാഴ്ച. *v.t.* കിരീടം ധരിപ്പി ക്കുക.

Dī'ag-nōse, =nos'ti-cāte, *v.t.* & *i.* രോഗം നിദാനിക്കുക, ലക്ഷണം നോക്കി രോഗം നിൎണ്ണയിക്കുക. =nō'sis, *n.* രോഗ നിദാനം (*med.*); വിവേചനം, സൂക്ഷ്മപ രിശോധന. =nos'tics, *n.pl.* നിദാനം.

Dī-ag'o-nal, *n.* കൎണ്ണരേഖ, കൎണ്ണം (*geom.*).

Dī'a-gram, *n.* രൂപം, പടം, ചിത്രം; ക്ഷേത്രം, യന്ത്രം.

Dī'al, *n.* സൂൎയ്യഘടികാരം, ഛായാ—; 2. ഘടികാരമുഖം.

Dī'a-lect, *n.* ഭാഷ; 2. ഭാഷാഭേദം; ദേശഭാഷ; പട്ടു—, ഗ്രാമ്യം. =lec'tal, =lec'tic, =lec'ti-cal, *a.* ഭാഷാരീതിസം ബന്ധമായ. =lec'tics, *n.pl.* തൎക്കശാസ്ത്രം.

**Dī'a-logue** (-log), *n.* സംഭാഷണം, സംവാദം; 2. സംഭാഷണരീതിയിലുള്ള ഗ്രന്ഥം.

**Dī-am'e-tĕr,** *n.* വ്യാസം, വിട്ടം, മദ്ധ്യരേഖ (*geom.*); 2. വണ്ണം, ഘനം. =**met'ric,** =**met'ri-cal,** *a.* വ്യാസസംബന്ധമായ; അകന്നിരിക്കുന്ന, നേരെ എതൃഭാഗത്തുള്ള. =**met'ri-cal-ly,** *ad.* കേവലം, നേരെ.

**Dī'a-mŏnd,** *n.* വജ്രരത്നം, വൈരക്കല്ല് (*min.*); 2. കളിക്കുന്ന കത്തിൽ ഒരു ജാതി. **black d.** കല്ക്കരി. **d. drill** വജ്രത്തുരപ്പണം. **glazier's d.** കണ്ണാടി മുറിക്കുന്ന വജ്രം.

**Dī-a-pā'son,** *n.* സ്വരാക്ഷകം (*mus.*).

**Dī-aph'a-nŏus,** *a.* സ്വച്ഛം ആയ, പ്രസന്നം—, ഉള്ളിൽ കൂടികാണുന്ന.

**Dī-a-phō-rē'sis,** *n.* വിയൎപ്പ്, അതിസ്വേദം (*med.*). =**ret'ic,** =**ret'i-cal,** *a.* സ്വേദവൎദ്ധകമായ. *n.* സ്വേദവൎദ്ധകൌഷധം (*med.*).

**Dī'a-phragm** (-fram), *n.* വിഭജനവിതാനം, വിഭാജകചൎമ്മം (*an.*); 2. മറ. =**phrag-mat'ic** (-frag-), *a.* വിഭജനവിതാനത്തോടു പററിയ. [(*med.*).

**Dī'ap-noic,** *a.* സ്വേദജനകമായ

**Dī'ar-chy** (dī'ar-ki), *n.* ദ്വയാധികാരം, ദ്വയഭരണം.

**Dī-ar-rhē'a,** =**rhœ'a** (-rē'a), *n.* അതിസാരം, പോക്ക്, തുറൽ, വയറിളക്കം (*med.*). =**al,** *a.* അതിസാരസംബന്ധമായ. =**rhet'ic,** =**rhœt'ic,** *a.* അതിസാരം ഉണ്ടാക്കുന്ന (*med.*).

**Dī'a-ry,** *n.* ദിനവൎത്തമാനം, നാൾവിവരം, ദിനചരി. *a.* ഒരുദിവസം നില്ക്കുന്ന. =**ā'ri-al,** =**ā'ri-an,** *a.* ദിനചരിസംബന്ധമായ; ദിനചൎയ്യമായ.

**Dī'a-stāse,** *n.* മധുരീകര ശക്തി (*phys.*).

**Dī-as'to-lē,** *n.* ഹൃദപികാസം, പൊന്തൽ (*phys.*); 2. ദീൎഘമാക്കൽ (*gr.*).

**Dī-ath'e-sis,** *n.* ദേഹപ്രകൃതി (*med.*).

**Dī-a-ton'ic,** *a.* അക്ഷസ്വരം സംബന്ധിച്ച. **d. scale** സ്വരാക്ഷകം (*mus.*).

**Dī'a-trībe,** *n.* ദീൎഘവാദം, അധിക്ഷേപം; ചീത്തപറയൽ. [പാര.

**Dib'bĕr, Dib'ble,** *n.* ചെറിയ ഇരിമ്പ്

**Dīce,** *n. pl. of* **Die** പകിട. *v. i.* പകിട കളിക്കുക, ചൂതാടുക.

**Dick'ens,** *n.* or *inter.* പിശാച്.

**Dic'tāte,** *v. t.* പറഞ്ഞെഴുതിക്കുക; രചിക്കുക; 2. കല്പിക്കുക, ചൊല്ലിക്കൊടുക്കുക. *v. i.* ആജ്ഞാപിക്കുക; അധികാരം നടത്തുക; ആവശ്യപ്പെടുക; 2. ഗ്രന്ഥം രചിക്കുക. *n.* കല്പന. =**tā'tiŏn,** *n.* ആജ്ഞ, കല്പിക്കൽ; പറഞ്ഞെഴുതിക്കൽ, പറഞ്ഞെഴുത്ത്, കേട്ടെഴുത്ത്. =**tā'tŏr,** *n.* കല്പിക്കുന്നവൻ; സൎവ്വാധികാരി. =**ta-tō'ri-al,** *a.* പൂൎണ്ണാധികാരം ഉള്ള; അഹങ്കാരം—, കയൎക്കുന്ന, ആജ്ഞാരൂപമായ. =**tā'tŏr-ship,** *n.* സൎവ്വാധികാരിത്വം. =**tā'tŏr-y,** *a.* കല്പിക്കുന്ന, കീഴമൎക്കുന്ന.

**Dic'tiŏn,** *n.* വാഗ്ഭംഗി, വാഗ്രസം; 2. വാചകരീതി; 3. —പുക്തി, ഭാഷാവിശേഷം.

**Dic'tiŏn-ar-y** (-ĕr-i), *n.* നിഘണ്ടു, അകാരാദി, ശബ്ദകോശം, —സംഗ്രഹം, ശബ്ദാവലി; 2. അകാരാദിവിവരണം.

**Dic'tum,** *n.* (*pl.* **Dic'ta**) തീൎപ്പ്, അഭിപ്രായം; 2. പ്രമാണവാക്യം.

**Did,** *p. t. of* **Do.**

**Di-dac'tic,** =**ti-cal,** *a.* ഉപദേശകം ആയ, പ്രബോധനാത്മകം—, അദ്ധ്യാപകം—. =**tics,** *n. pl.* അദ്ധ്യാപകശാസ്ത്രം, —വിദ്യ.

**Did'dle,** *v. t.* ചതിക്കുക, തോല്പിക്കുക. =**dlĕr,** *n.* ചതിയൻ. **Jeremy d.r** വലച്ചലുള്ള ഉപായി.

**Dī'do,** *n.* ഉപായം, കൌശലം. **to cut a d.** കൌശലം പ്രയോഗിക്കുക.

I. **Dīe** (dī), *v. i. ir.* (**dīed, dead**) നിൎജ്ജീവമാക; 2. ജീവൻപോക, ചാക, മരിക്കുക, നാട് നീങ്ങുക, അപായം വരിക, തീൎപ്പെടുക, മൃതിപ്പെടുക; 3. നശിക്കുക; ഇല്ലാതെയാക; 4. തളരുക, ക്ഷീണിക്കുക;

5. വിരസം വരിക; 6. സ്വാതന്ത്ര്യം പ്രാപിക്കുക; 7. (away, out) തിന്ന് പോക, മാഞ്ഞ്—; 8. വീണ്ടും കെട്ട്—. to d. in the last ditch മരിക്കുവോളം പൊരുതുക. to d. out ക്രമേണ ക്ഷയിച്ചു പോക. dead (ded), *a.* നിർജ്ജീവമായ, ജീവനില്ലാത്ത, ചത്ത, മരിച്ച; 2. ജഡം ആയ; 3. മൃത്യുതുല്യം—, ഗാഢം—; 4. ചൈതന്യമില്ലാത്ത; 5. ഭാരമായ; 6. സ്വാരവാഹകമല്ലാത്ത; 7. ഫലമില്ലാത്ത, മുടങ്ങിക്കിടക്കുന്ന; 8. പ്രഭയില്ലാത്ത, ജീവലക്ഷണം—; 9. കെട്ട് പോയ, പൊലിഞ്ഞ; 10. ഏകരീതിയായ, മാററമില്ലാത്ത; 11. നിശ്ചയം ആയ, പൂർണ്ണം—, തെററാത്ത; 12. മരണകരമായ; 13. ആത്മികജീവൻ ഇല്ലാത്ത; 14. മിനുക്കം—, തിളക്കം—; 15. പൌരത്വം പോയ; 16. ചലനമില്ലാത്ത. d.d ahead നേരെ മുമ്പിൽ (*naut.*). d.d born ചാവടപ്പിള്ള. d.d-calm മഹാശാന്തത, കാററ് കേവലം ഇല്ലാതിരിക്കുക. d.d-colour തിളക്കമില്ലാത്തവർണ്ണം. d.d-hand കൈമാററാധികാരമില്ലാത്തവൻ. d.d-hearted ചുണകെട്ട. d.d heat പന്തയത്തിൽ ഒന്നിച്ചെത്തുക; തുല്യജയം. d.d horse കൂലിവകക്ക് അച്ചാരം കൊടുത്ത പണം. d.d-house ശവമുറി. d.d-language സംസാര നടപ്പില്ലാത്തഭാഷ, പുരാതന—. d.d-letter മേൽവിലാസക്കാരനെ കണ്ട് കിട്ടാത്തകത്ത്; നടക്കാത്തനിയമം, —കല്പന. d.d level ഒരുപോലെ പരന്നപ്രദേശം. d.d-lift നിർവ്വാഹമില്ലാത്തനില. d.d-light കപ്പലിലെ ജാലകക്കതക്. d.d load നിശ്ചലഭാരം. d.d-lock തടസ്ഥം, മുടക്കം. d.d-march വിലാപവാദ്യഘോഷം. d.d-pledge പണയം, കാണം. d.d-reckoning കപ്പലുള്ള ദിക്കറിയൽ. d.d-shot നല്ലവെടിക്കാരൻ, വെക്കുമെന്ന തീർച്ചയുള്ളവെടി. d.d-wall വാതിൽ ഇല്ലാത്ത ചുമര്. d.d-water കപ്പലോട്ടമ്പോളുണ്ടാകുന്ന ചുഴിപ്പ്. d.d-weight കട്ടത്ത ചുമട്; ഭാരമുള്ളചരക്ക്; വാഹനഘനം. d.d-wind എതിർക്കാററ്. d.d-wood ഉണക്ക്മരം. d.d works കപ്പലിൽ ചരക്ക് നിറച്ചശേഷം വെള്ളത്തിന്മീതെ കാണുന്നഭാഗം. to be d.d മരിക്കുക. *ad.* മരിച്ചപോലെ, അത്യന്തം. d.d-drunk കുടിച്ച് ബോധമില്ലാത്ത. *n.* മൌനത, ശാന്തത; മരിച്ചവർ. dead'en, *v. t.* മൃതപ്രായമാക്കുക; ക്ഷയിപ്പിക്കുക; മൂർച്ചകുറക്കുക; വേഗത—; വീര്യം കളക; തിളക്കമില്ലാതാക്കുക. dead'ly, *a.* മരണകരമായ, നാശ—; കട്ടത്ത, ഉഗ്രമായ; ഇണങ്ങാത്ത; മർത്യനായ. d.y enemy പ്രാണശത്രു. *ad.* മരിച്ചാലുള്ള പോലെ; മരണകരമായി; ഉഗ്രമായി; ഏററവും. dead'ness, *n.* നിർജ്ജീവത്വം; നിശ്ചേതനത്വം, മന്ദത, ഉന്മേഷക്കുറവ്, അശ്രദ്ധ. death (deth), *n.* നിർജ്ജീവാവസ്ഥ, ചാവ്, മരണം, മൃത്യു; 2. ഇല്ലായ്മ, ക്ഷയം; 3. മരണവിധം; 4. മരണഹേതു; 5. അന്തകൻ; 6. പ്രാണാപായം; 7. കലപാതകം, നരഹത്യ; 8. ആത്മീകമരണം; 9. മൃത്യുതുല്യമായ കാര്യം. civil d.th രാജ്യഭ്രഷ്ട്, പൌരത്വനഷ്ടം. d.th-bed മൃത്യുശയ്യ, അവസാനരോഗം. d.th-bell, d.th-knell മരിച്ചിരിക്കുന്നവെന്ന് അറിയിപ്പാനുള്ള മണിമുട്ടൽ. d.th-blow മരണകരമായ അടി, —കുത്ത്, —വെട്ട; നാശകാരണം. d.th-damp മരണസ്വേദം. d.th-grapple പ്രാണരക്ഷക്കായുള്ളപോര്. d.th-head കപാലം. d.th in life ജീവശവം. d.th's man മരണശിക്ഷ നടത്തുന്നവൻ. d.th-rate മരണവീതക്കണക്ക്. d.th-rattle കഫം കറുക്കൽ, ഊർദ്ധ്വശ്വാസം. d.th's door ജീവാവസാനം. d.th-stroke മരണകരമായവെട്ട്. d.th-throe മരണയാതന. d.th-token മൃത്യുലക്ഷണം. d.th-warrant കൊല്ലുവാനുള്ളകല്പന; നിരാശ. d.th-wound മരണകരമായ മുറിവ്. the gates of d.th ശവക്കുഴി. the second d.th നരകശിക്ഷ. spiritual d.th പാപകനഷ്ടം; ആത്മീകമരണം. to be the d.th of മരണത്തിന്ന് ഹേതുവായിരിക്കുക, കൊല്ലുക. death'ful, *a.* കലപ്പെടുത്തുന്ന; മർത്യം ആയ. death'less, *a.* അമർത്യം—. death'like, *a.* മൃത്യുതുല്യം—, ഭയങ്കരം—. death'ly, *a.* മരണകരം ആയ, നാശകരം—. dȳ'ing, *a.* ചാക

ന്ന, മൎത്യം ആയ; മരണസംബന്ധം—. *n.* മരണം. dy'ing-ly, *ad.* മരിക്കുംപ്രകാരം; മരണസമയത്ത്.

II. Dīe (dī), *n.* പകിട, കരു, തായം, വാര; 2. ചെറിയചതുരഖണ്ഡം; 3. ഭാഗ്യം, ദശ, യോഗം. the d. is cast ചെയ്യാതെ നിൎവ്വാഹമില്ല, പിൻവാങ്ങാൻ തരമില്ല, നനച്ചിറങ്ങി.

Dīes, *n.* കച്ചേരിഇല്ലാത്തദിവസം.

I. Dī'et, *n.* നിത്യാഹാരം, ഭക്ഷ്യം, ഭോജ്യം; 2. പത്ഥ്യം; നല്ലിരിക്ക. *v. t.* & *i.* ഭക്ഷണം കഴിക്കുക; 2. പത്ഥ്യം എടുക്കുക; നല്ലിരിക്ക—. =e-tar-y, *a.* ഭക്ഷണസംബന്ധമായ; പത്ഥ്യമായ. =e-tet'ic, =e-tet'i-cal, *a.* പത്ഥ്യസംബന്ധമായ. =e-tet'ics, *n.* പത്ഥ്യക്രമം; —ശാസ്ത്രം.

II. Dī'et, *n.* രാജസഭ.

Dif'fĕr, *v. i.* (from) ഭേദിച്ചിരിക്കുക; 2. (from, with) യോജിക്കാതിരിക്കുക, അഭിപ്രായഭേദമുണ്ടാക; 3. കലഹിക്കുക, കലമ്പുക. -ence, *n.* ഭേദം, വ്യത്യാസം, ഏറക്കുറവ്; വാദം, അഭിപ്രായഭേദം; വാദവിഷയം; ലക്ഷണം, വിശേഷം; ശേഷം (*ar.*). *v. t.* വ്യത്യാസപ്പെടുത്തുക. -ent, *a.* പ്രത്യേകം ആയ, അതുല്യം—; അന്യം—, ഇതരം—; വ്യത്യാസമുള്ള. -en'tial (-shal), *a.* ഭേദസൂചകമായ; വ്യത്യാസം വരുത്തുന്ന, വകതിരിക്കുന്ന, പ്രത്യേകമായ. -en'ti-āte (-shi-āt), *v. t.* വകതിരിക്കുക, പ്രത്യേകമാക്കുക; വ്യത്യാസലക്ഷണം പറയുക. -ent-ly, *ad.* വേറെപ്രകാരം, പലവിധമായി, വെവ്വേറെ. -ing-ly, *ad.* ഭേദപ്പെട്ടതായി.

Dif'fi-cult, *a.* വിഷമം ഉള്ള, പ്രയാസം—, അദ്ധ്വാനം—; 2. കഠിനസ്വഭാവം—; 3. അതികൃത്യം—; 4. ശാഠ്യം—. -ly, *ad.* പ്രയാസേന. =cul-ty, *n.* വിഷമം, പ്രയാസം; ദുൎഗ്ഗമ്യത; മിനക്കേട്, മുഷിച്ചൽ; മുടക്കം, തടസ്ഥം; വാദം, ശണ്ഠ; *pl.* വലച്ചൽ, ഞെരുക്കം, കൈക്കുറച്ചൽ.

Dif'fi-dence, *n.* സംശയം, ശങ്ക; 2. ധൈൎയ്യക്ഷയം; വിനയം, ലജ്ജാഭാവം. =dent, *a.* പേടിഉള്ള, ഭീരുത—; വിനയം—. -dent-ly, *ad.* ശങ്കയോടെ.

Dif-fract', *v. t.* ഭിന്നിപ്പിക്കുക, വിയോഗിപ്പിക്കുക.

Dif-fūse', *v. t.* പരത്തുക. *v. i.* വ്യാപിക്കുക. *a.* പരന്ന; നിറവ് ആയ, പുഷ്കലം—; പുഷ്ടിഉള്ള. =fūsed', *a.* പരക്കെ—; പൊതുവെ—. -ness, *n.* പരപ്പ്, വിസ്താരം. =fū'siōn, *n.* വ്യാപനം, വ്യാപകഗുണം, വിസ്തരണം. =fū'sive, *a.* എങ്ങും എത്തുന്ന; ധാരാളമായ. =fū'sive-ness, *n.* പരപ്പ്; അതിവാചകത്വം.

Dig, *v.t. ir.* (dug, dug) മണ്ണ് മറിക്കുക, ചിള്ളുക, കൊത്തുക, കിളെക്കുക; 2. കഴിക്കുക, കുഴിച്ചെടുക്കുക; 3. കിണറ് തോണ്ടുക, —കുത്തുക. to d. down കുഴിച്ച് മറിച്ചിടുക. to d. from, out of, out, up കുഴിച്ചെടുക്കുക, കിളെച്ചെടുക്കുക. to d. in മണ്ണ് കൂട്ടുക, വളം—, കൊത്തിമൂടുക. *v. i.* കൈക്കോട്ട് പണിഎടുക്കുക, കൊത്തുക; 2. അദ്ധ്വാനിച്ച് പഠിക്കുക (*U. S.*). *n.* കുത്ത്; മുഷിഞ്ഞ് പഠിക്കുന്നവൻ. ='ging, *n.* കുഴിച്ചെടുക്കൽ; കുഴി; *pl.* ഖനി; *pl.* പ്രദേശം.

Dig'a-mist, *n.* പുനൎവ്വിവാഹം ചെയ്യുന്ന ആൾ. =a-my, *n.* പുനൎവ്വിവാഹം; പുനൎവ്വിവാഹിതാവസ്ഥ.

Di-ġest', *v. t.* ക്രമപ്പെടുത്തുക, ഒരുക്കുക; 2. ജീൎണ്ണിപ്പിക്കുക, ദേഹത്തിൽ ഫലിപ്പിക്കുക (*phys.*); 3. മനസ്സിലാക്കുക; ധ്യാനിക്കുക; 4. ഉൾക്കൊള്ളുക; 5. സഹിക്കുക; 6. ചലയിക്കുക (*med.*); 7. പക്വമാക; 8. ശമിക്കുക. *v. i.* ദഹിക്കുക. *n.* സംഗ്രഹം, വ്യവസ്ഥാവാക്യം. ='ted-ly, *ad.* ക്രമമായി. -ĕr, *n.* ക്രമപ്പെടുത്തുന്നവൻ; അഗ്നിവൎദ്ധക ഔഷധം, —പദാൎത്ഥം. =ti-bil'i-ty, *n.* ദഹനത്വം. ='ti-ble, *a.* ജീൎണ്ണിക്കത്തക്ക. =ġes'tiōn (-jest'yun), *n.* അനുക്രമണം, ധ്യാനം; ദീപനം, ദഹനം (*phys.*); ചലം വെക്കൽ, പഴക്കൽ (*med.*). ='tive, *a.* ദഹനസംബന്ധമായ, ദഹിക്കുന്ന. d.e apparatus ദഹനേന്ദ്രിയങ്ങൾ. *n.* ദഹനവൎദ്ധകപദാൎത്ഥം.

Dīght (dīt), *v. t.* ഒരുക്കുക; അലങ്കരിക്കുക.

Dig'it, *n.* കൈവിരല്; കാൽ—; 2. വിരലകലം ($\frac{3}{4}$ അംഗുലം); 3. ഏകസ്ഥാനസംഖ്യ (*ar.*); 4. സൂൎയ്യകല, ചന്ദ്ര— (*as.*).

**Dig'ni-fȳ**, *v.t.* ബഹുമാനിക്കുക, മഹിമപ്പെടുത്തുക, സ്ഥാനമാനം കൊടുക്കുക. **dig'ni-tar-y**, *n.* സ്ഥാനി, മഹാൻ; അദ്ധ്യക്ഷൻ. **dig'ni-ty**, *n.* മാന്യത, ശ്രേഷ്ഠത; മാഹാത്മ്യം; ഉയൎന്നപദവി; മഹത്വം; ഗൌരവം, പ്രതാപം; വലിയസ്ഥാനി; പ്രമാണം. to stand upon one's d.y ദുരഭിമാനം കാട്ടുക.

**Di-gress'**, *v.i.* വിട്ട് തിരിയുക; വിഷയം തെററിപ്പറയുക; സംബന്ധംവിട്ട് എഴുതുക; 2. നേർവ്വഴിതെററുക; തെററ് ചെയ്യുക. **=gressi'ŏn** (-gresh'un), *n.* അസംബന്ധം, അന്യപ്രസ്താവം; ലംഘനം, കുററം; അൎത്ഥാന്തരന്യാസം (*gr.*). **=gres'siŏn-al**, **=gres'sive**, *a.* സംബന്ധം വിട്ട് പറയുന്ന, വിഷയഭേദമുള്ള.

**Dīke, Dȳke**, *n.* ചാല്, ഓവ്, തോട്; 2. ചിറ. *v.t.* ചിറകെട്ടുക; 2. ചാല് കീറുക. *v.i.* കിളെക്കുക.

**Di-lac'ĕr-āte**, *v.t.* കീറുക, പറിച്ച് ചീന്തുക. **=ā'tiŏn**, *n.* ചീന്തൽ.

**Di-lap'i-dāte**, *v.t.* പാഴാക്കുക, കേട് വരുത്തുക; 2. ദുർവ്യയം ചെയ്യുക, മുടിക്കുക. *v. i.* ജീൎണ്ണിച്ച് പോക, കേട് പററുക. **=dā-ted**, *a.* പഴക്കമുള്ള, കേട് പററിയ, ജീൎണ്ണിച്ച. **=dā'tiŏn**, *n.* പാഴാക്കൽ, നശിപ്പിക്കൽ; നാനാവിധമാക്കൽ; ഇടിക്കൽ, കേട് വരുത്തൽ.

**Dī-lāte'**, *v.t.* വലുതാക്കുക, വിസ്താരമാക്കുക, വണ്ണം വെപ്പിക്കുക, വീൎപ്പിക്കുക; 2.വിസ്തരിച്ച് പറയുക. *v.i.* വിശാലമാക; 2. (on, upon) ദീൎഘമായി സംസാരിക്കുക, സവിസ്താരം പ്രസ്താവിക്കുക. **=ted**, *a.* വിസ്താരം ആയ, വലുത്—. **dil-a-tā'tiŏn**, **=lā'tiŏn**, *n.* വിസ്താരം, വികാസം. **dil'a-tŏr-i-ly**, *ad.* സാവകാശമായി, താമസത്തോടെ. **dil'a-tŏr-i-ness**, *n.* മന്ദഗതി, വിളംബനം. **dil'a-tŏr-y**, *a.* ദീൎഘസൂത്രത്വം ഉള്ള, താമസം—; സാവധാനമായ.

**Dī-lem'ma**, *n.* വിഷമം, ഇറുക്കം, ദുൎഘടം, ബുദ്ധിമുട്ട്, വികല്പം. horns of a d. കച്ചിട്ടിറക്കാനും മത്തിട്ട് തുപ്പാനും പാടില്ലാത്തനില, വിഷമം.

**Dil-e-ttan'te**, *n.* (*pl.* **dil-e-ttan'tī**) വിദ്യാതല്പരൻ; ശൃംഗാരവിദ്വാൻ.

**Dil'i-ġence**, *n.* ഉത്സാഹം, ജാഗ്രത, ശ്രദ്ധ; 2. യത്നം, അദ്ധ്വാനശീലം; 3. ഒരുവക നാലുരുൾവണ്ടി. to do one's d., give d., use d. പരിശ്രമിക്കുക, പ്രയത്നിക്കുക. **=ġent**, *a.* ഉത്സാഹം ഉള്ള, ജാഗ്രത—; മുഷിഞ്ഞ് പ്രവൃത്തിക്കുന്ന. **=ġent-ly**, *ad.* ഉത്സാഹത്തോടെ.

**Dil'ly-dal-ly**, *v.i.* മിനക്കേട്ട് നില്ക്കുക, നേരം പോക്കുക.

**Di-lụte'**, *v. t.* നേൎപ്പിക്കുക; 2. വീൎയ്യം കുറക്കുക, വെള്ളംകൂട്ടുക. *d. i.* നേൎക്കുക. *a.* നേൎത്ത, വീൎയ്യംകുറഞ്ഞ. **='ted**, *a.* നേൎപ്പിച്ച, കട്ടപ്പം കുറച്ച. **=lụ'tiŏn**, *n.* നേൎപ്പിക്കൽ; വെള്ളം കൂട്ടിയത്.

**Di-lụ'vi-al**, **=vi-an**, *a.* ജലപ്രളയസംബന്ധമായ; 2.ജലപ്രളയത്താലുണ്ടായ.

**Dim**, *a.* മങ്ങിയ, ഇരുണ്ട, തിമിരം ഉള്ള, മൂടൽ—; 2. കൺവലച്ചൽ—, ദൃഷ്ടികുറവ്—, മന്ദബുദ്ധിയായ. **d.-sighted** കാഴ്ചകുറഞ്ഞ. *v. t.* മങ്ങിക്കുക, ഇരുട്ടാക്കുക, മൂടുക, മറക്കുക, പ്രഭകുറക്കുക; 2. കാഴ്ച—, കുരുടാക്കുക; 3. ബുദ്ധിമയക്കുക. *v. i.* കാഴ്ചകുറഞ്ഞ് വരിക. **-'ly**, *ad.* മങ്ങലായി. **-'ness**, *n.* മങ്ങൽ, മൂടൽ; ബുദ്ധിമാന്ദ്യം.

**Di-men'siŏn**, *n.* (*pl.*) അളവ്, പരിമാണം; നീളം, വീതി, വണ്ണം; വിസ്താരം, പരപ്പ്, വലിപ്പം; 2. ഘനം, ഗൌരവം, പ്രാമുഖ്യത, സാരം. space of one d. നീളം. space of two d.s നീളവും വീതിയും. space of three d.s നീളവും വീതിയും ഘനവും. d. lumber, d. scantling, d. stock പണിത്തരമായി ഈൎന്ന മരം, പണിത്തരം.

**Di-min'ish**, *v. t.* ചെറുതാക്കുക; 2. താഴ്ത്തുക, ബലം കുറക്കുക, സ്ഥാനം—, മാനം—, അധികാരം—; 3. എടുത്ത് കളയുക, കിഴിക്കുക. *v.i.* കുറഞ്ഞ് വരിക. **dim-i-nū'tiŏn**, *n.* ചെറുതാക്കൽ, കുറക്കൽ; താഴ്ത്തൽ; ഹീനത, താഴ്ച, കുറവ്. **di-min'ū-tive**, *a.* ചെറിയ; അല്പവാചിയായ (*gr.*);

കറക്കുന്ന. *n.* അല്പകാൎയ്യം; നിസ്സാരസാധനം; അല്പാൎത്ഥനാമം (*gr.*).

**Dim'i-ty,** *n.* ഒരുവക ചീട്ടിത്തുണി, 'ഡിംടിച്ചീട്ടി'.

**Dim'ple,** *n.* ഗണ്ഡതരംഗം, കവിൾകുഴി, നുണക്കുഴി, ഓമനക്കുഴി; 2. കുഴി.

**Din,** *n.* ഒച്ച, ശബ്ദം; അലച്ച, ഗജ്ജനം. *v. t.* മുഴക്കുക; 2. നിലവിളിച്ച് പറയുക, ഉച്ചത്തിൽ—. **to d. into** പിന്നെയും പിന്നെയും പറഞ്ഞ് മനസ്സിലാക്കിക്കൊടുക്കുക. *v. i.* മുഴങ്ങുക, ധ്വനിക്കുക.

**Dīne,** *v. i.* ഊണ് കഴിക്കുക, മുത്താഴം—, തിൻ—. **to d. with Duke Humphrey** പട്ടിണിയാല്ലോക. *v. t.* ഊണ് കൊടുക്കുക, സല്ക്കരിക്കുക; 2. തിന്നുക, ഭക്ഷണം കഴിക്കുക. **d. out** ചങ്ങാതിമാരോടുകൂടെ പുറമെ ഉണ്ട് രസിക്കുന്നവൻ. **dī'niṅg,** *a.* ഭക്ഷണം കഴിക്കുന്ന. **din'nĕr,** *n.* ഊണ്, മുത്താഴം. **din'nĕr-less,** *a.* പട്ടിണിയായ.

**Diṅg,** *v.t. ir.* (**daṅg, duṅg**) എറിഞ്ഞ് കളയുക; 2. മുഴക്കുക. **to d. (any-thing) in one's ears** പിന്നെയും പിന്നെയും ഉച്ചത്തിൽ പറഞ്ഞ് ഗ്രഹിപ്പിക്കുക. *v. i.* മണിമുട്ടുക, —അടിക്കുക; 2. കശ്നത്തോടെ സംസാരിക്കുക, ചെപ്പുക. *n.* മണിമുട്ടൽ, —ശബ്ദം. **d.-dong** ഘണ്ടാനാദം.

**Diṅ'gey, Diṅ'gy, Diṅ'ghy,** *n.* ഒരുവക ചെറിയ തോണി; 2. കപ്പലിലെ ചെറിയ 'വക്കാസ്'.

**Diṅ'gle,** *n.* ഇടുങ്ങിയ താഴ്വര, ചെറിയ—. **-daṅ-gle,** *ad.* അങ്ങോട്ടും ഇങ്ങോട്ടും ആടിക്കൊണ്ട്, ചാഞ്ചാടിക്കൊണ്ട്.

**Diṅ'ġy,** *a.* തവിട്ട് നിറമുള്ള; 2. ചേറ് പിരണ്ട, ഇഴുങ്ങിയ.

**Diṅk,** *a.* വൃത്തിഉള്ള, വെടിപ്പ്—. **-'ly,** *ad.* വൃത്തിയായി.

**Dint,** *n.* വെട്ട്, കൊത്ത്; 2. വെട്ടിന്റെവടു; 3. ശക്തി, ഊക്ക്. **by d. of** ഊക്ക് കൊണ്ട്. *v. t.* വടുവുണ്ടാക്കുക.

**Dī'o-cēse,** *n.* ഇടവക, അദ്ധ്യക്ഷാധികാരപ്രദേശം (*Chr.*). **=oc'e-san,** *a.* ഇടവകസംബന്ധമായ, ഇടവകയോട് ചേൎന്ന. *n.* അദ്ധ്യക്ഷൻ; (*pl.*) ഇടവകയിൽപെട്ട ബോധകവൎഗ്ഗം; —ജനങ്ങൾ.

**Dip,** *v. t.* മുക്കുക, തുവെക്കുക, നനക്കുക; 2. പുതൎത്തുക, കതൎത്തുക; 3. ഉപ്പെട്ടുക, പെട്ടുക; 4. (out) മുക്കിയെടുക്കുക, കോരുക; 5. പണയം വെക്കുക; കാണം ചാൎത്തുക. **to d. snuff** പുകയിലപ്പൊടി വായിലിടുക. **to d. the colours** കൊടിയാൽ അഭിവാദ്യം ചെയ്യു (*naut.*). *v. i.* മുങ്ങുക, ആണ്ട് പോക; 2. മുക്കിയെടുക്കുക; 3. (in, into) നോക്കുക; 4. (in, into) ലേശം നോക്കുക, ഒരുവിധമായി—; 5. താഴുക; 6. പുകയിലപ്പൊടി വായിലിടുക. *n.* മുക്കൽ; 2. താഴ്ച, ചാസ്സ്, ചരിവ്; 3. മെഴുകുതിരി. **-'pĕr,** *n.* മുക്കുന്നവൻ, കോരുന്നവൻ; കരണ്ടി, തവി. **-'piṅg,** *n.* മുക്കൽ; ചരിവ്, കോരൽ.

**Diph'thoṅg** (dip'thoṅg), *n.* സ്വരമിശ്രിതം, —സംയോഗം, —സന്ധി; സംയുക്തസ്വരം.

**Di-plō'ma,** *n.* സ്ഥാനസാക്ഷ്യപത്രിക, യോഗ്യതാസാക്ഷ്യപത്രം.

**Di-plo'ma-cy,** *n.* രാജനയം, നയോപായം; 2. അന്യരാജ്യപ്രതിനിധിവൎഗ്ഗം. **=mat, =māte, =ma-tist,** *n.* നയോപായി, രാജനയ പ്രവീണൻ, രാജ്യവ്യവഹാരസൂത്രജ്ഞൻ. **=mat'ic, =mat'i-cal,** *a.* രാജ്യനയസംബന്ധമായ, സ്ഥാനാപത്യ—; നയോപായം ഉള്ള, ചാതുൎയ്യം—, കൌശലം—. **=mat'ic,** *n.* അന്യരാജ്യപ്രതിനിധി, —സ്ഥാനാപതി. **=mat'i-cal-ly,** *ad.* രാജ്യനയസൂത്രപ്രകാരം; ഉപായേണ. **=mat'ics,** *n.* പുരാതനശാസനവിദ്യ.

**Dip-set'ic,** *a.* ദാഹജനകമായ. **=sō-mā'ni-a,** *n.* ദാഹരോഗം; മദ്യഭ്രാന്ത് (*med.*).

**Dīre,** *a.* ആപൽലക്ഷണമുള്ള, —സൂചകം ആയ; 2. ഭയങ്കരം—, ഘോരം—, കഠിനം—, രൌദ്രം—, ആപല്ക്കരം—. **-'fụl,** *a.* ഭീകരം—, ദുഃഖകരം—. **-'fụl-ly,** *ad.* അതിദുഃഖത്തോടെ, ഭയങ്കരമായി. **-'ly,** *ad.* ഉഗ്രമായി, കൊടുമയോടെ.

**Di-rect′**, *a.* നേരെഉള്ള, ചൊവ്വ്—, വളവും തിരിവും ഇല്ലാത്ത; അടുത്ത; 2. നിഷ്കപടഭാവം ഉള്ള, പരമാൎത്ഥം—, യഥാൎത്ഥം—; 3. സാക്ഷാൽ; തെളിവ് ആയ, സ്പഷ്ടം—, നിസ്സംശയം—; 4. ഒരേതാവഴിയായ. d. discourse, d. quotation, d. speech ക്രമഭാഷണം, സ്വ— (*gr.*). d. evidence സാക്ഷിതെളിവ് (*l.*). d. examination പ്രഥമവിസ്താരം (*l.*). d. tax നിലനികുതി. *v.t.* നേരെ ആക്കുക, —വെക്കുക; ചൂണ്ടുക; കുറിനോക്കുക; 2. വഴികാട്ടുക, —തിരിച്ച് കൊടുക്കുക, നടത്തുക; 3. ഗതിനിൎണ്ണയിക്കുക; 4. ഭരിക്കുക; 5. കല്പിക്കുക, ആജ്ഞാപിക്കുക, ഉപദേശിക്കുക; 6. മേൽവിലാസം എഴുതുക, —കുറിക്കുക. *v.i.* വഴികാണിക്കുക, കൂടപ്പോക. ='tĕr, ='tŏr, *n.* നായകൻ, പരിപാലകൻ, അദ്ധ്യക്ഷൻ. ='tiŏn, *n.* നടത്തിപ്പ്, പരിപാലനം; കല്പന, ചട്ടം; മേൽവിലാസം, —എഴുത്ത്; ഗതി; നായകസഭ, പരിപാലക—. ='tive, *a.* നടത്തിക്കുന്ന, വഴികാട്ടുന്ന. -'ly, *ad.* നേരെ, ചൊവ്വെ; യഥാൎത്ഥമായി; അന്യസംബന്ധം കൂടാതെ; സ്പഷ്ടം ആയി, പ്രത്യക്ഷം—, തെളിവ്—; തന്നെ; പരമാൎത്ഥപ്രകാരം; പരസ്യമായി; ഉടനെ, ക്ഷണം. -'ness, *n.* ചൊവ്വ്; പരമാൎത്ഥം; വേഗത. ='tŏr-āte, *n.* നായകത്വം; നായകസഭ. =tō′ri-al, *a.* നായകത്വം സംബന്ധിച്ച, മേൽവിചാരം—; നായകാധികാരമുള്ള. ='tŏr-ship, *n.* നായകസ്ഥാനം. =tŏr-y, *n.* ചട്ടം; പ്രാൎത്ഥനാസംഗ്രഹം; പേർവിവരം പട്ടിക, മേൽവിലാസപ്പട്ടിക; നായകസഭ. ='tress, ='trix, *n.* നായകി, നായികാ.

**Di-rep′tiŏn**, *n.* കവൎച്ച, അപഹരണം. =rep-ti′tiŏus, *a.* കൊള്ളയിടുന്ന. =rep-ti′tiŏus-ly, *ad.* ന്യായരഹിതമായി, ബലാല്ക്കാരേണ.

**Dĭrġe**, *n.* ദുഃഖപ്പാട്ട്, വിലാപഗീതം, ശ്മശാന—. -'fụl, *a.* ശ്മശാനസംബന്ധമായ, വിലാപമുള്ള.

**Dĭrk**, *n.* കട്ടാരം. d. knife വലിയമടക്ക് കത്തി. *v.t.* കട്ടാരംകൊണ്ട് കുത്തുക.

**Dĭrt**, *n.* ചേറ്, കാഷ്ഠം, മലം, ചളി, കപ്പ്; 2. നീചത്വം; 3. ഈററ. to eat d. ചീത്തകേട്ട് അനന്താതിരിക്കുക. *v.t.* മലിനം ആക്കുക. dĭr′ti-ly, *ad.* വൃത്തികേടായി; നീചഭാവത്തിൽ; ഈററയോടെ. dĭr′ti-ness, *n.* നീചത്വം, അഴുക്ക്. dĭr′ty, *a.* ചേറ്പിരണ്ട, ചൊത്തയായ, വൃത്തികെട്ട, അശുദ്ധം ആയ; മങ്ങൽ—, പുകപിടിച്ച; ലുബ്ധുള്ള, ഈററപ്പൊററയായ; കൊട്ടകാററ് ഉള്ള, കാററും കൊളും—. *v.t.* അഴുക്കാക്കുക; കറപ്പെടുത്തുക, മാനക്കേട് വരുത്തുക.

**Dis**, *pf.* വേൎപ്പാട്, വിരോധം, പ്രതി, വി, എതിർ, അ, നിർ, നിഃ.

**Dis-ā′ble**, *v. t.* ശക്തികെടുക്കുക, അനുചിതം ആക്കുക, ഉപയോഗമില്ലാതെ—, യോഗ്യതയില്ലാതെ—, ക്ഷയിപ്പിക്കുക, കേട് വരുത്തുക; 2. അസാധ്യആക്കുക; അവകാശമില്ലാതെ— (*l.*); 3. നിസ്സാരം—; താഴ്ത്തിപ്പറയുക, കുറവ് പറയുക. =a-bil′i-ty, *n.* പ്രാപ്തിക്കുറവ്, യോഗ്യതയില്ലായ്മ, ശേഷികേട്. -ment, *n.* അയോഗ്യത.

**Dis-a-bū̱se′**, *v. t.* അബദ്ധം തീൎക്കുക, തെററായ ധാരണ മാററുക, ശരിയാക്കുക.

**Dis-ac-cord′**, *n.* വിസമ്മതം, യോജിപ്പില്ലായ്മ. -ant, *a.* ചേൎച്ചയില്ലാത്ത, മേളഭംഗമുള്ള.

**Dis-ac-cus′tŏm**, *v. t.* അഭ്യാസം മാററുക, പതിവ്—, മൎയ്യാദഇല്ലായ്മചെയ്ക.

**Dis-a-dorn′**, *v. t.* അലങ്കാരം നീക്കുക, ഭൂഷണം—.

**Dis-ad-van′tāġe**, *n.* കുറവ്; മുടക്കം; ഊനം; അനനുകൂലം, സൌകൎയ്യക്കുറവ്; 2. ചേതം, ഹാനി. *v. t.*, നഷ്ടം വരുത്തുക; മുടക്കുക. =tā′ġeŏus, *a.* അനനുകൂലമായ, ഹാനിവരുത്തുന്ന. =tā-ġeŏus-ly, *ad.* അനുകൂലമില്ലാതെ, ബുദ്ധിമുട്ടോട് കൂടി.

**Dis-af-fect′**, *v. t.* പ്രിയം കെടുക്കുക, ഇഷ്ടം—, സ്നേഹമില്ലാതാക്കുക, നീരസം ജനിപ്പിക്കുക, വിരോധം—, തൃപ്തികേട് വരുത്തുക; 2. ക്രമക്കേട്—, സുഖക്കേട്—. =ted, *a.* വിരസം തോന്നുന്ന, രാജഭക്തി

കറഞ്ഞ. =fec'tiŏn, *n.* രസക്കേട്, വെ രുപ്പ്, വിരോധം, അനിഷ്ടം; സുഖക്കേട്.

Dis-af-fīrm', *v. t.* മുമ്പ് പറഞ്ഞതിന്ന് വിപരീതം പറയുക, നിഷേധിക്കുക; 2. ദുർബ്ബലപ്പെടുത്തുക (*l.*). -'ance, *n.* നിഷേ ധം; ദുർബ്ബലപ്പെടുത്തൽ (*l.*). -ā'tiŏn, *n.* നിഷേധം, ഖണ്ഡനം.

Dis-ag'gre-gāte, *v. t.* കൂട്ടം പിരി ക്കുക, ഭിന്നിപ്പിക്കുക. =gā'tiŏn, *n.* വേ ർപാട്, വിയോഗം.

Dis-a-grēe', *v. i.* സമ്മതിക്കാതെ ഇ രിക്കുക, യോജിക്കാതെ—, ഭേദമായി—, വിപരീതമായി—; 2. അഭിപ്രായത്തിൽ ഭേദിക്കുക, വിരോധാഭിപ്രായം പറയുക; തൎക്കിക്കുക, കലഹിക്കുക; 3. പററാതിരി ക്കുക. -a-ble, *a.* ചേരാത്ത, ചേൎച്ചയി ല്ലാത്ത, പ്രതികൂലമായ, പററാത്ത; അറ പ്പ് വരുത്തുന്ന, ഓക്കാനം—; അനിഷ്ടമായ. -a-ble-ness, *n.* രസക്കേട്; അരുചി. -a-bly, *ad.* പററാത്തവിധം, വെറുപ്പ് തോന്നത്തക്കവണ്ണം. -ment, *n.* ചേൎച്ച ക്കേട്, ഭേദം, വ്യത്യാസം; അയോഗ്യത; വിസമ്മതം, അഭിപ്രായഭേദം; വാദം, ര സക്ഷയം.

Dis-al-low', *v. t.* സമ്മതിക്കാതെ ഇരിക്കുക, അനുവദിക്കാതെ—, ഉപേക്ഷി ക്കുക. -a-ble, *a.* സമ്മതിപ്പാൻ പാ ടില്ലാത്ത, സഹിപ്പാൻ—. -ance, *n.* അ നുവദിക്കായ്ക; തള്ളൽ.

Dis-an-i-mā'tiŏn, *n.* ഉന്മേഷമില്ലാ യ്മ, ചുണകേട്; കജ്ഞിതം.

Dis-an-nul', *v. t.* ദുർബ്ബലപ്പെടുത്തുക, അസാധുവാക്കുക. -ment, *n.* ദൌർബ്ബ ല്യം, നീക്കം.

Dis-ap-pēar' (-pēr'), *v. i.* മാറിപ്പോ ക, നിന്ന്പോക; 2. കാണാതെ—, അപ്ര ത്യക്ഷമാക. -ance, *n.* ഇല്ലാതെപോ കൽ, അപ്രത്യക്ഷത.

Dis-ap-point', *v. t.* ആശാഭംഗം വ രുത്തുക; 2. വാക്ക് തെററുക; 3. നിഷ്ഫല മാക്കുക, തടുക്കുക. -ment, *n.* ഇച്ഛാഭം ഗം, നിഷ്ഫലത്വം, വിഘ്നം; ആശാഭംഗ കാരണം.

Dis-ap-prōve', *v. t.* സമ്മതിക്കാതി രിക്കുക, വിരോധം പറയുക, ആക്ഷേപി ക്കുക; 2. തള്ളുക. =prō-bā'tiŏn, =prō'-val, *n.* വിസമ്മതം; ആക്ഷേപം. =prō'-ving-ly, *ad.* സമ്മതമില്ലാതെ.

Dis-ärm', *v. t.* ആയുധം വെപ്പിക്കുക, നിരായുധപാണി ആക്കുക; തടുക്കാതെ—; 2. ദോഷമില്ലാതെ—. ='ma-ment, *n.* ആ യുധം വെപ്പിക്കൽ.

Dis-ar-rānge', *v. t.* അക്രമമാക്കുക, അമ്പരപ്പിക്കുക. -ment, *n.* താറ് മാറ്, സംഭ്രമം.

Dis-ar-rāy', *n.* ക്രമക്കേട്, അണി തെററൽ, സംഭ്രമം; 2. ചമയക്കുറവ്, വ സ്ത്രഹീനത. *v. t.* ക്രമം തെററിക്കുക, അണി—; നാനാവിധമാക്കുക, ചിതറിപ്പി ക്കുക; 2. തുണിയുരിയുക, ഉടുപ്പഴിക്കുക.

Dis-as-sō'ci-āte (-sō'shi-āt), *v. t.* സംബന്ധം വിടുത്തുക, ചേൎച്ച—.

Dis-as'tĕr, *n.* ഗ്രഹപ്പിഴ, ദുൎദ്ദശ, നിൎഭാഗ്യം; 2. വിഘ്നം, അപകടം. *v. t.* നിൎഭാഗ്യം വരുത്തുക, ഗ്രഹപ്പിഴ—, ദോ ഷം—. =as'trous, *a.* കാലക്കേടുള്ള; ദുഃ ഖകരം ആയ, ഭയങ്കരം—. =as'trous-ly, *ad.* കാലക്കേടിന്ന് തക്കവണ്ണം, ഗ്രഹ പ്പിഴകൊണ്ട്.

Dis-a-vow', *v. t.* നിഷേധിക്കുക, സ മ്മതിക്കാതിരിക്കുക, ഇല്ലെന്ന് പറയുക, നി ഷ്കൎഷിച്ച്—; 2. ഇല്ലെന്ന് തെളിയിക്കുക. -al, *n.* നിഷേധം, നിഷേധനിഷ്കൎഷ.

Dis-band', *v. t.* ബന്ധമഴിക്കുക, വി യോഗം വരുത്തുക, പിരിച്ചയക്കുക; 2. പട്ടാളം പൊളിക്കുക. *v. i.* പിരിഞ്ഞ് പോക, ചിതറിപ്പോക; പടച്ചേകം വിടുക.

Dis-be-liēf' (-lēf'), *n.* അവിശ്വാസം; ഭക്തിയില്ലായ്മ. =liēve', *v. t.* വിശ്വസി ക്കാതിരിക്കുക; ഭക്തിയില്ലാതാക. =liēv'ĕr, *n.* അവിശ്വാസി.

Dis-bos-cā'tiŏn, *n.* കാട് നീക്കിനില മാക്കൽ, മുളിനീക്കൽ.

Dis-bur'den (-bur'dn), *v. t.* ഭാരം നീക്കുക, ചുമടിറക്കുക; 2. മനസ്സ് തുറന്ന് പറയുക; ആശ്വാസം പ്രാപിക്കുക. *v. i.* മനോഭാരമൊഴിക്കുക.

**Dis-burse′** (-bĕrs′), *v. t.* ചിലവിടുക. **d.ing officer** ചിലവ് ചെയ്യുന്ന ഉദ്യോഗസ്ഥൻ. **-ment,** *n.* ചിലവഴിക്കൽ, ചിലവ്.

**Disc,** *n. see* **Disk.**

**Dis-cärd′,** *v. t.* തള്ളിക്കളയുക, പണിപിരിച്ച് കളയുക, വിട്ട്—, ഉപേക്ഷിക്കുക.

**Dis-cĕrn′** (diz-zĕrn′), *v. t.* വിവേചിക്കുക; 2. തിരിച്ച് അറിയുക, കണ്ട്—, —തിരിക്കുക. *v. i.* വ്യത്യാസം ഗ്രഹിക്കുക, വകതിരിച്ചറിയുക, ഗുണദോഷം മനസ്സിലാക. **-i-ble,** *a.* കാണാകുന്ന, തിരിച്ചറിയാസ്സരുന്ന. **-ing,** *a.* തിരിച്ചറിവ് ഉള്ള, കാര്യബോധം—. **-ment,** *n.* വിവേചനം, സൂക്ഷ്മബുദ്ധി, വകതിരിവ്, വിവേകം.

**Dis-cĕrp′,** *v. t.* ചീന്തിക്കളയുക, കീറിക്കളയുക; 2. വേപ്പിരിക്കുക. **-siŏn,** *n.* ഭിന്നമാക്കൽ.

**Dis-chärġe′,** *n.* ചുമട്കിഴിക്കൽ, ചരക്കിറക്കൽ; 2. വെടിപൊട്ടൽ; മുഴക്കം; 3. കുററനിവാരണം; 4. കടം വീട്ടൽ; 5. പണിപിരിക്കൽ, നീക്കം; 6. ഉദ്ധാരണം, മോചനം, സ്വാതന്ത്ര്യം; 7. ഒഴിവ്; 8. പുക്ക്ശീട്ട്; 9. സ്രാവം, പോക്ക്. *v. t.* ചുമട് ഇറക്കുക, ചരക്ക്—; 2. തോക്കൊഴിക്കുക, വെടിപൊട്ടിക്കുക; 3. ഒഴിവാക്കുക, കുററനിവാരണം വരുത്തുക; 4. കടം വീട്ടുക; 5. പുറത്തിടുക; 6. തടവിൽനിന്ന് വിടുക; 7. എയ്യുക, വെടിവെക്കുക; 8. വിധിമാററുക, —ദുബ്ബലപ്പെടുത്തുക; 9. നിവൃത്തിക്കുക; 10. പണിപിരിക്കുക; 11. പുറത്താക്കുക; 12. നിരോധിക്കുക. *v. i.* ഭാരം നീക്കുക; ഒഴിക്കുക; പെയ്യുക.

**Dis-cī′ple,** *n.* ശിഷ്യൻ, മാണാക്കൻ, വിദ്യാത്ഥി; 2. അനുചാരി, തഥാഗതൻ. **-ship,** *n.* ശിഷ്യത്വം.

**Dis′ci-pline** (-plin), *n.* ഉപദേശം, വിദ്യാഭ്യാസം, ബുദ്ധിവികാസം; 2. അനുസരണം; 3. കീഴടക്കം; 4. തിരുത്തൽ; 5. ശിക്ഷ; 6. വിദ്യ, പഠിപ്പ്; 7. പള്ളിശിക്ഷ; 8. ബന്ധനം, തപസ്സ്. *v. t.* ഉപദേശിക്കുക, വിദ്യ അഭ്യസിപ്പിക്കുക; 2. ശിക്ഷിച്ച് വളത്തുക; 3. സന്മാൎഗ്ഗം ശീലിപ്പിക്കുക, സദാചാരം—; 4. പള്ളിശിക്ഷകല്പിക്കുക. **=plin-ā′ri-an,** *n.* ഖണ്ഡിതമുള്ള ഗുരു; കൃത്യക്കാരൻ.

**Dis-clāim′,** *v. t.* ഉപേക്ഷിക്കുക; 2. തേച്ചുവിടുക, ഉത്തരവാദിത്വം—; 3. കൊടുക്കാതിരിക്കുക; 4. അവകാശം നിഷേധിക്കുക (*l.*); 5. ഉത്തരവാദിത്വം ഏല്ക്കാതിരിക്കുക (*l.*).

**Dis-clōse′,** *v. t.* മൂട്ടഴിരിക്കുക; 2. തുറക്കുക, മൂടിനീക്കുക, മറവ്—; 3. വെളിവ് ആക്കുക, വെളിച്ചത്ത്—, പ്രത്യക്ഷം—. **=clō′sure** (-zhur), *n.* വെളിപ്പെടുത്തൽ; വെളിപ്പാട്.

**Dis-cŏl′ŏur,** *v. t.* നിറം മാററുക; കറയാക്കുക; 2. ചായം കയററുക. **=cŏl-ŏr-ā′tiŏn,** *n.* നിറം മാററൽ; വണ്ണപ്പകച്ച; കറ. **=cŏl′ŏured,** *a.* നിറം പകന്ന; കളങ്കം പററിയ.

**Dis-cŏm′fit,** *v. t.* ചിതറിക്കുക, ഓടിക്കുക, തോല്പിക്കുക; 2. താറ് മാറാക്കുക, മുടക്കം വരുത്തുക. **=fit-ūre,** *n.* തോല്വ, അപജയം; തട്ട്കേട്, വിഘ്നം.

**Dis-cŏm′fŏrt** (-fĕrt), *v. t.* ധൈയ്യക്ഷയം വരുത്തുക, കുണ്ഠിതം—; 2. സൈ്വരക്കേടാക്കുക. *n.* മുഷിച്ചൽ, സുഖക്കേട്.

**Dis-com-mend′,** *v. t.* ആക്ഷേപിക്കുക; 2. രസക്കേട് വരുത്തുക, വിരോധമാക്കിത്തീക്കുക.

**Dis-com-pōse′,** *v. t.* നാനാവിധം ആക്കുക, താറ് മാറ്—; 2. കലക്കം വരുത്തുക, സൈ്വരക്കേട്—; 3. സ്ഥാനഭ്രഷ്ടാക്കുക, പണിപിരിക്കുക. **=pō′sure,** *n.* മനഃകലക്കം, അസഹ്യം, സൈ്വരക്കേട്.

**Dis-con-cĕrt′,** *v. t.* നാനാവിധമാക്കുക, ഭിന്നിപ്പിക്കുക; 2. ഭ്രമിപ്പിക്കുക, ലജ്ജിപ്പിക്കുക.

**Dis-con-form′i-ty** (-fa̤rm-), *n.* ചേച്ചക്കേട്, അയുക്തി.

**Dis-cŏn-gru̥′i-ty,** *n.* ഭേദം, അനൌചിത്യം, യുക്തിഭംഗം.

**Dis-con-nect′,** *v. t.* ഭേദിപ്പിക്കുക, സംബന്ധം വിടുത്തുക, വേപ്പിരിക്കുക. **=nec′tiŏn,** *n.* വേപ്പാട്.

**Dis-con'sō-lāte,** *a.* ആശ്വാസമററ, സംക്ലേശം ഉള്ള, അതിദുഃഖം—; 2. ഉല്ലാസരഹിതമായ.

**Dis-con-tent',** *n.* തൃപ്തികേട്, അസന്തുഷ്ടി; 2. മനഃസ്വസ്ഥതയില്ലായ്മ. **-ed,** *a.* അലംഭാവമില്ലാത്ത. *v.t.* അലമ്മതിയില്ലാതാക്കുക, തൃപ്തികേട് വരുത്തുക. **-ment,** *n.* തൃപ്തികേട്, സന്തുഷ്ടിക്കുറവ്, വെറുപ്പ്.

**Dis-con-tin'ūe,** *v. t.* നിൎത്തുക, അവസാനിപ്പിക്കുക, വിട്ട് കളയുക, ഉപേക്ഷിക്കുക. *v. i.* ചേൎച്ചഅററ് പോക, തുടൎച്ച—, ഭിന്നിക്കുക. **=tin'ū-ance,** *n.* നിന്ന് പോകൽ, നിൎത്തൽ; വേൎപാട്, ഭിന്നത. **=tin-ū-ā'tiŏn,** *n.* നിൎത്തൽ, വേൎപാട്. **=ti-nū'i-ty,** *n.* യോജ്യതക്കുറവ്.

**Dis'cord,** *n.* ഭിന്നത, വിരോധം, വഴക്ക്; 2. മേളക്കുറവ്, സ്വരഭംഗം. **='dance, ='dan-cy,** *n.* ഭേദം, ചേൎച്ചക്കേട്, യുക്തിഭംഗം. **='dant,** *a.* അപസ്വരമായ, താളംകെട്ട; തമ്മിൽ ചേരാത്ത; വിപരീതമായ. **='dant-ly,** *ad.* ചേൎച്ചയില്ലാതെ.

**Dis'count,** *n.* കിഴിപ്പ്, വാശി; 2. മുങ്കൂറ് പലിശ; 3. പലിശവീതം. **at a d.** രസം ഇല്ലാത്ത, വീൎയ്യം—. *v.t.* കിഴിവ് കൊടുക്കുക, വാശിവെച്ച്—; 2. പലിശമുങ്കൂറ് എടുക്കുക; 3. മുൻകൂട്ടി നിൎണ്ണയിക്കുക; 4. കണക്കിൽ തള്ളുക.

**Dis-coun'te-nance,** *n.* ശീതഭാവം, അകല്ച; 2. വൈമുഖ്യം, പ്രതികൂലത. *v. t.* മുഖം കറുപ്പിക്കുക, അമ്പരിപ്പിക്കുക, നാണിപ്പിക്കുക; 2. ധൈൎയ്യം കെടുക്കുക; 3. സമ്മതിക്കാതെ ഇരിക്കുക, അനുകൂലിക്കാതെ—; 4. വിലക്കുക.

**Dis-cŏur'āge,** *v. t.* ധൈൎയ്യം കെടുക്കുക, അധൈൎയ്യപ്പെടുത്തുക; 2. വിലക്കുക, മുടക്കുക. **-ment,** *n.* ഉയിർകെടുക്കൽ, ധൈൎയ്യക്ഷയം, ശങ്ക; വിഘ്നം, തടസ്ഥം.

**Dis-cōurse'** (-kōrs'), *n.* സംഭാഷണം, സംസാരം; 2. സംസാരവിദ്യ; 3. പ്രസംഗം; പാഠകം; പ്രബന്ധം. *v.i.* സംസാരിക്കുക, സംഭാഷണം കഴിക്കുക; 2. വിവരിക്കുക, പ്രസംഗിക്കുക. *v. t.* പ്രസ്താവിക്കുക, സംസാരിക്കുക. **=cōur-sĕr,** *n.* പ്രസംഗി; രചകൻ. **=cōur'sive,** *a.* അനുമാനിക്കുന്ന; സംസാരിക്കുന്ന; സംഭാഷണരൂപമായ.

**Dis-cōurt'eŏus** (-kōrt'yus), *a.* മൎയ്യാദ ഇല്ലാത്ത, ഉപചാരശീലം—. **-ly,** *ad.* അനാചാരമായി. **=cŏur'te-sy** (-kĕr-ti-), *n.* അനാചാരം, മൎയ്യാദക്കുറവ്, നിൎമ്മൎയ്യാദം.

**Dis-cŏv'ĕr,** *v. t.* തുറന്ന് വെക്കുക; 2. വെളിച്ചത്താക്കുക; 3. കാണുക, കണ്ടെത്തുക, കണ്ട് പിടിക്കുക; തുമ്പുണ്ടാക്കുക; 4. പരീക്ഷിക്കുക. *v. i.* കാണാറ്യുരിക. **-a-ble,** *a.* കാണത്തക്ക. **-ĕr,** *n.* കണ്ട് പിടിച്ചവൻ, ആദ്യമായി കണ്ടവൻ; ഒററ്കാരൻ; രാജ്യപരിശോധകൻ. **=cŏv'-ĕrt,** *n.* ഭൎത്തൃരക്ഷയിലല്ലാത്തവൾ, കന്യക, വിധവ (*l.*). **-tūre,** *n.* നിൎവ്വിവാഹസ്ഥിതി (*l.*). **-y,** *n.* പ്രത്യക്ഷമാക്കൽ; അറിയിക്കൽ; കണ്ടെത്തൽ; ആദ്യമായുണ്ടായ അറിവ്; രാജ്യപരിശോധന.

**Dis-cred'it,** *n.* വിശ്വാസയോഗ്യമല്ലാതാക്കൽ; വിശ്വസിക്കായ്ക; 2. അപമാനം. *v. t.* വിശ്വസിക്കാതെ ഇരിക്കുക; 2. പ്രമാണിക്കാതെ—; 3. വിശ്വാസമില്ലാതാക്കുക, നേരല്ലെന്ന് വരുത്തുക, —വിചാരിക്കുക.

**Dis-crēet',** *a.* സൂക്ഷ്മം ഉള്ള, ബുദ്ധിവിവേകം—; 2. പ്രത്യേകം ആയ. **=crēte',** *a.* പ്രത്യേകം—, വകതിരിച്ച് പറയുന്ന. **=cre'tiŏn** (-kresh'un), *n.* പ്രത്യേകത; വകതിരിവ്, ബുദ്ധി; വിവേചനം; സ്വാതന്ത്ര്യം. **age of d.n** വകതിരിവുള്ള പ്രായം. **at d.n** നിശ്ചയങ്ങളൊന്നുമില്ലാതെ, മനസ്സ് പോലെ. **=cre'tiŏn-al, =cre'tiŏn-ar-y** (kresh'nn-ĕr-i), *a.* യുക്തംപോലെ ചെയ്യാകുന്ന, കൃത്യസ്വാതന്ത്ര്യമുള്ള.

**Dis-crep'ance, =crep'an-cy,** *n.* വിപരീതം, പരസ്പര വ്യത്യാസം. **=crep'-ant,** *a.* വിരുദ്ധമായ, ഭേദമുള്ള.

**Dis-crim'i-nāte,** *v.t.* ഭേദപ്പെടുത്തുക, വകതിരിച്ചറിയുക. *v.i.* വിവേചിക്കുക. *a.* പ്രത്യേകമായ; വിശേഷലക്ഷ

ണമുള്ള. =nā'tiŏn, *n.* വകതിരിവ്, തിരിച്ചറിവ്; വിദവചനം, തരഭേദം; പ്രത്യേകലക്ഷണം. =nā'tive, *a.* ഭേദപ്പെട്ട, പ്രത്യേകലക്ഷണമുള്ള. =nā'tŏr-y, *a.* വകതിരിച്ചറിയുന്ന.

Dis-cur'siŏn, *n.* വാദം, സംസാരം, ആലോചനാവിശാലത. =cur'sive, *a.* സവിസ്തരം സംസാരിക്കുന്ന, വിഷയം വിട്ട്—, അതുമിതുമെടുത്ത് പറയുന്ന; വഴിവഴിയായി വാദിക്കുന്ന. =cur'sŏr-y, *a.* മൊഴിപ്പ കാരം—.

Dis'cus, *n.* ചക്രം.

Dis-cuss', *v. t.* വിവേചിക്കുക, പരിശോധിക്കുക; 2. വിവാദിക്കുക; 3. പര്യാലോചിക്കുക; 4. വിട്ട് കളയുക; 5. തിന്നുക, കഴിച്ച് കൂട്ടുക. =cus'siŏn (-kush'un), *n.* പരിശോധന; സംവാദം, പര്യാലോചന.

Dis-dāin', *n.* അധിക്ഷേപം; 2. ധിക്കാരം, നിന്ദ; 3. വജ്ജ്യം; 4. ലജ്ജ. *v. t.* ഹീനമായി വിചാരിക്കുക, തുച്ഛീകരിക്കുക; 2. ധിക്കരിക്കുക, വെറുപ്പ് കാട്ടുക. *v. i.* അഭിമാനം ഭാവിക്കുക. -ful, *a.* നിന്ദാഭാവം ഉള്ള, അഹമ്മതി—.

Dis-ēase' (-ēz'), *n.* സുഖക്കേട്, അസഹ്യം, അസൌഖ്യം; 2. വ്യാധി, രോഗം, ദീനം, ദണ്ഡം. *v. t.* ദീനം പിടിക്കുക; 2. ബുദ്ധിഭ്രമം വരുത്തുക. =ēased' (-ēzd), *a.* രോഗം ഉള്ള, —പിടിപെട്ട.

Dis-em-bärk', *v. t.* & *i.* കരക്ക് ഇറക്കുക, —ഇറങ്ങുക, കരപററുക. =kā'tiŏn, *n.* കരയണവ്, കപ്പലിറങ്ങൽ.

Dis-em-bar'rass, *v. t.* വിഷമം തീക്കുക, സംശയം പരിഹരിക്കുക, വിടുവിക്കുക. -ment, *n.* സംശയപരിഹാരം, വിഘ്നനിവാരണം.

Dis-em-bell'ish, *v. t.* അലങ്കാരം നീക്കുക.

Dis-em-bit'tĕr, *v. t.* കൈപ്പ് പോക്കുക, —നീക്കുക.

Dis-em-bod'y, *v. t.* രൂപം കളയുക, അശരീരിയാക്കുക; 2. പട്ടാളം പൊളിക്കുക. =bod'i-ment, *n.* അശരീരീകരണം.

Dis-em-bōgue' (-bōg'), *v. t.* & *i.* ഒഴുകിവീഴുക, ഒഴുകിച്ചേരുക; 2. കടലിൽ ചെന്ന് ചേരുക. -ment, *n.* ഒഴുക്കം.

Dis-em-bow'el, *v. t.* കുടല് പുറത്താക്കുക, —എടുത്ത് കളയുക. -ment, *n.* കുടലെടുക്കൽ.

Dis-em-broil', *v. t.* കുടുക്ക് തീക്കുക, കുഴക്ക്—.

Dis-en-ā'ble, *v. t.* ക്ഷീണിപ്പിക്കുക; 2. ശേഷികെടുക്കുക.

Dis-en-am'ŏur, *v. t.* പ്രേമബന്ധമഴിക്കുക.

Dis-en-chant', *v. t.* മന്ത്രശക്തി നീക്കുക. -ment, *n.* മന്ത്രനിവാരണം, —മോചനം; മാററ് മന്ത്രം.

Dis-en-cum'bĕr, *v. t.* ഭാരം നീക്കുക. -cum'brance, *n.* വിഘ്നനിവാരണം; ശമനം.

Dis-en-dow', *v. t.* ദാനം ദുർബ്ബലപ്പെടുത്തുക. -ment, *n.* ദാനനിരാകരണം.

Dis-en-fran'chīse, *v. t.* പൌരത്വം ഇല്ലാതാക്കുക. -ment, *n.* പൌരത്വനഷ്ടം.

Dis-en-gāge', *v. t.* കെട്ടഴിക്കുക, വിടുവിക്കുക; 2. വലിച്ചെടുക്കുക, കുഴപ്പം തീക്കുക; 3. മുടക്കുക. *v. i.* അകന്ന് പോക, വിട്ട്—. =gāged', *a.* ഒഴിവുള്ള, പണിയില്ലാത്ത; വാക്ക് കൊടുത്തിട്ടില്ലാത്ത. =gāged'ness, *n.* സ്വാതന്ത്ര്യം; കയ്യൊഴിച്ചൽ. -ment, *n.* വിടുതൽ; അവസരം, മിനക്കേട്.

Dis-en-nō'ble, *v. t.* കുലഹീനമാക്കുക, താഴ്ത്തുക.

Dis-en-rōll', *v. i.* പട്ടികയിൽനിന്ന് നീക്കിക്കളയുക, തടഞ്ഞ് കളയുക.

Dis-en-slāve', *v. t.* അടിമപ്പാടില്ലാതാക്കുക, സ്വാതന്ത്ര്യം വരുത്തുക.

Dis-en-tan'gle, *v. t.* കുടുക്ക് തീക്കുക, ചമ്മല—; 2. ബുദ്ധിമുട്ട്—, പരിഭ്രമം—. -ment, *n.* വിടുതൽ.

Dis-en-thrạl', *v. t.* സ്വാതന്ത്ര്യം വരുത്തുക.

Dis-en-thrōne', *v. t.* സിംഹാസനഭ്രഷ്ട് വരുത്തുക.

Dis-en-tī'tle, *v. t.* അവകാശമില്ലാതാക്കുക.

Dis-en-tōmb' (-tụm'), *v. t.* ശവം മാന്തുക.

**Dis-es-tab'lish,** *v. t.* ഇളക്കുക, ഛിന്നഭിന്നമാക്കുക; 2. സഭാകാൎയ്യം രാജ്യാധികാരത്തിൽനിന്ന് പിരിക്കുക. **-ment,** *n.* സഭാധികാരസ്വാതന്ത്ര്യം.

**Dis-es-tēem',** *n.* തിരസ്കാരം, ഉൾനിന്ദ; 2. പുച്ഛം. *v. t.* ബഹുമാനിക്കാതെ ഇരിക്കുക, വകവെക്കാതെ—; 2. നിസ്സാരമാക്കുക, തുച്ഛീകരിക്കുക. **=es-ti-mā'tiŏn,** *n.* നിന്ദ.

**Dis-fā'vŏur, =vŏr,** *n.* രസക്ഷയം, അനാദരം; 2. വൈമുഖ്യം, ഇഷ്ടക്കേട്; 3. നിൎദ്ദയ, കാഠിന്യം. *v. t.* അനുകൂലമില്ലാതിരിക്കുക, വിരോധം കാട്ടുക, അനിഷ്ടം—; 2. വിരൂപമാക്കുക.

**Dis-fel'lōw-ship,** *v. t.* കൂടിക്കഴിയാതിരിക്കുക, സഹവാസം ഉപേക്ഷിക്കുക, വൎജ്ജിച്ച് വെക്കുക.

**Dis-fig'ūre,** *v. t.* കുരൂപമാക്കുക; 2. വക്ഷളാക്കുക, ഊനം വരുത്തുക. **=fig-ū-rā'tiŏn,** *n.* കോലം കെടുക്കൽ, രൂപം—, വൈരൂപ്യം.

**Dis-fran'chīse,** *v. t.* അവകാശം ഇല്ലാതാക്കുക, പൌരത്വം കളയുക. **-ment,** *n.* അവകാശനഷ്ടം, പൌരത്വ—.

**Dis-fur'nish,** *v. t.* സാമാനമെടുത്ത് കളയുക; 2. യോഗ്യതയില്ലാതാക്കുക.

**Dis-gorge',** *v. t.* തുപ്പിക്കളയുക, ഛൎദ്ദിക്കുക; 2. മടക്കിക്കൊടുപ്പിക്കുക; പ്രായശ്ചിത്തം ചെയ്യിക്കുക.

**Dis-grāce',** *n.* അനിഷ്ടം, പ്രസാദക്കേട്; 2. അപമാനം, നാണക്കേട്; 3. ദുഷ്കീൎത്തി, കറവ്, ഊനം; 4. അനാദരം. *v. t.* രസക്കേട് കാട്ടുക; 2. അപമാനിക്കുക, നിന്ദിക്കുക; 3. ആക്ഷേപിക്കുക. **-fụl,** *a.* കറവ് ആയ, മാനക്കേട്—; പററാത്ത. **=grā'ciŏus** (-shus), *a.* അനിഷ്ടമായ.

**Dis-guīse'** (-gīz'), *v. t.* വേഷം മാറുക, —ധരിക്കുക; 2. നടിക്കുക; 3. മറെച്ച് വെക്കുക; 4. അമലാക്കുക. *n.* ഛന്നവേഷം, മറു—, വേഷമാററം; 2. കാപട്യം; 3. ലഹരി.

**Dis-gust',** *v. t.* (at, with, by) അറെപ്പ് വരുത്തുക, വെറുപ്പ്—, നീരസം—; 2. ചെടിപ്പ്—. *n.* അറെപ്പ്, വെറുപ്പ്, ബീഭത്സം; 2. ചെടിപ്പ്; മനംപിരട്ടൽ. **-fụl,** *a.* അറെപ്പുള്ള, അരോചകമായ.

**Dish,** *n.* താലം, തളിക; 2. ഭക്ഷ്യം, വിവിധമായ ഭക്ഷണപദാൎത്ഥം; 3. കഴിവ്, കഴി; 4. ഖനിജന്മഭോഗം. *v. t.* വിളമ്പുക; 2. കഴിവാക്കുക; 3. മുടക്കുക; നശിപ്പിക്കുക. **to d. out** തളികയിൽനിന്ന് കോരിവിളമ്പുക. **to d. up** അടുപ്പത്ത് നിന്ന് തളികയിലാക്കുക.

**Dis-hal'lōw** (-lō), *v. t.* അശുദ്ധമാക്കുക, തീണ്ടിക്കുക.

**Dis-heärt'en** (-härt'n), *v. t.* ധൈൎയ്യം ഇല്ലാതാക്കുക, മനസ്സിടിക്കുക. **-ment,** *n.* അധൈൎയ്യം, പേടി, കുണ്ഠിതം.

**Dis-her'it,** *v. t.* പിന്തുടൎച്ചഇല്ലാതാക്കുക; അവകാശം—.

**Di-shev'el,** *v. t.* തലമുടിഅഴിച്ചിടുക.

**Dis-hon'est** (-on'est), *a.* നേര്കെട്ട, പരമാൎത്ഥമില്ലാത്ത; 2. ചതിഉള്ള, വഞ്ചന—, കടിലമായ; 3. മാനംകെട്ട, ചാരിത്രശുദ്ധിയില്ലാത്ത. **-'ly,** *ad.* കളവായി, ചതിയായി. **=ty,** *n.* നേര്കേട്, പരമാൎത്ഥക്കുറവ്; കളവ്, അവിശ്വസ്തത; വഞ്ചന, ധൂൎത്ത്; നടപ്പ്ദോഷം.

**Dis-hon'ŏur, -hon'ŏr** (-on'ĕr), *n.* അപമാനം, മാനക്കേട്; 2. ഉണ്ടികപിടിക്കായ്ക (*com.*). *v. t.* അപമാനിക്കുക, മാനഹാനിവരുത്തുക; 2. പുച്ഛം ആക്കുക, നിസ്സാരം—; 3. അപരാധിക്കുക; 4. ഉണ്ടികപിടിക്കാതിരിക്കുക (*com.*). **-a-ble,** *a.* മാനംകെട്ട, നിന്ദ്യം ആയ, നികൃഷ്ടം—, താണ.

**Dis-horse',** *v. t.* കുതിരപ്പുറത്ത്നിന്നിറങ്ങുക.

**Dis-il-lụ'ṣiŏn** (-zhun), *v. t.* മായയകററുക, മനോരാജ്യംനീക്കുക. **-īṣe,** *v. t.* മന്ത്രശക്തി ഇല്ലാതാക്കുക. **-ment,** *n.* മായാമോചനം.

**Dis-im-pröve',** *v. t.* വക്ഷളാക്കുക. *v. i.* താണ്പോക, വക്ഷളായ്ത്തീരുക. **-ment,** *n.* അധോഗതി, താഴ്ച.

**Dis-in-clīne′**, *v. t.* (from) മനസ്സ് മുഷിപ്പിക്കുക, അനിഷ്ടം വരുത്തുക, രസക്കേട്—; 2. സുഖക്കേട്—; 3. അകററുക. =**cli-nā′tiŏn**, *n.* അനിഷ്ടം, മനസ്സ്കേട്; ഉന്മേഷക്കുറവ്, മാന്ദ്യം, ജാള്യത; സുഖക്കേട്.

**Dis-in-fect′**, *v.t.* വ്യാധിവിഷം പോക്കുക, രോഗപ്പകൎച്ച നീക്കുക, —തടുക്കുക, ശുദ്ധിയാക്കുക. =**′tant**, *n.* വായുശുദ്ധീകരൌഷധം, ശുദ്ധീകരണപദാൎത്ഥം, വായുവിഷഹരം. =**′tiŏn**, *n.* രോഗപ്പകൎച്ചയകററൽ.

**Dis-in-ġe-nū′i-ty**, =**ġen′ū-ŏus-ness**, *n.* ഹീനോപായം, നീചബുദ്ധി, ദുൎയ്യുക്തി; 2. യോഗ്യതക്കുറവ്. =**ġen′ū-ŏus**, *a.* യോഗ്യത ഇല്ലാത്ത, നേര്—; കള്ളക്കൌശലമുള്ള.

**Dis-in-hĕr′it**, *v. t.* പിന്തുടൎച്ച ഇല്ലാതാക്കുക, അവകാശം—. =**hĕr′i-tance**, *n.* അവകാശഭ്രഷ്ട്.

**Dis-in′te-grāte**, *v. t.* ഭിന്നിപ്പിക്കുക, കഷണമാക്കുക, അറുക്കുക. =**grā′tiŏn**, *n.* അഴിവ്, ചിന്നിക്കൽ.

**Dis-in-tĕr′**, *v. t.* കഴിച്ചെടുക്കുക, ശവം മാന്തുക.

**Dis-in′tĕr-est-ed**, *a.* സ്വാൎത്ഥബുദ്ധിയില്ലാത്ത, പരോപകാരതാല്പൎയ്യമുള്ള; 2. നിഷ്പക്ഷമായ. **-ly**, *ad.* പക്ഷഭേദം ഇല്ലാതെ, മുഖപക്ഷം—. **-ness**, *n.* സ്വാൎത്ഥരഹിതത്വം, നിഷ്പക്ഷഭാവം, പാരപക്ഷമില്ലായ്മ.

**Dis-jec′tiŏn**, *n.* നാശം, ശൂന്യം.

**Dis-join′**, *v. t.* വേൎപ്പെടുത്തുക, പിരിക്കുക. *v. i.* പിരിഞ്ഞ്പോക, അകന്ന്—. =**joint**, *a.* ബന്ധമററ. *v. t.* സന്ധ് മുറിക്കുക, ബന്ധം—; 2. ഏപ്പ് തെററിക്കുക, ഉളുക്കുമാറാക്കുക; 3. ചേൎച്ചയില്ലാതാക്കുക. =**junct**, *a.* പിരിഞ്ഞ, ഭിന്നിച്ച. =**junc′-tiŏn**, *n.* വേൎപ്പാട്, വിയോഗം. =**junc′-tive**, *a.* പിരിക്കുന്ന, വേൎതിരിക്കുന്ന. *n.* വിയോഗാവ്യയം (*gr.*).

**Disk**, *n.* ചക്രം; 2. മണ്ഡലം; 3. കണം.

**Dis-līke′**, *n.* അനിഷ്ടം, മട്ടുപ്പ്; 2. നീരസം, വെറുപ്പ്; 3. പ്രസാദക്കുറവ്, വൈമുഖ്യം; 4. രസക്ഷയം. *v.t.* ഇഷ്ടക്കേടാക, ഇഷ്ടമില്ലാതിരിക്കുക, നീരസം കാട്ടുക; 2. സമ്മതിക്കാതിരിക്കുക; ആക്ഷേപിക്കുക; 3. വെറുപ്പ് തോന്നിക്കുക.

**Dis′lō-cāte**, *v. t.* സ്ഥലം മാററുക, തെററിക്കുക; 2. ഉളുക്കുമാറാക്കുക (*med.*). =**cā′tiŏn**, *n.* തെററൽ; ഉളുക്ക് (*med.*).

**Dis-lodġe′** (-loj′), *v. t.* പാൎപ്പിടം വിട്ടുപോകുമാറാക്കുക, നീക്കിവെക്കുക, കുടിനീക്കുക; 2. ഓടിക്കുക, നായാട്ടുക. =**lodġ′-ment** (-loj-), *n.* നീക്കിവെക്കൽ; കുടിനീക്കം.

**Dis-loy′al**, *a.* രാജഭക്തിയില്ലാത്ത, അവിശ്വാസ്യതഉള്ള; 2. ദ്രോഹവിചാരം—; 3. പാതിവ്രത്യം ഇല്ലാത്ത. **-ty**, *n.* സ്വാമിഭക്തിയില്ലായ്മ, അവിശ്വാസ്യത; വ്രതഭംഗം.

**Dis̱′mal**, *a.* ഭയങ്കരം ആയ, അഘോരം—; 2. വിഷാദം ഉള്ള, വ്യസനം—; 3. ഗ്രഹപ്പിഴ—. **-ly**, *ad.* ഭയങ്കരമായി.

**Dis-man′tle**, *v. t.* തുണി ഉരിയുക, —അഴിക്കുക, നഗ്നമാക്കുക; 2. ഇടിച്ച്കളയുക, പൊളിക്കുക.

**Dis-mast′**, *v. t.* കപ്പലിന്റെ കൊമ്പ് മുറിക്കുക, —താഴ്ത്തുക.

**Dis-mā̆y′** (-mā′), *n.* ഭയം, ഭീതി, പേടി, മെരുൾ; 2. കുഴപ്പം; 3. വിറ; 4. നാശം. *v. t.* പേടിപ്പിക്കുക, നടുക്കുക, ഞെട്ടിക്കുക, ഭ്രമിപ്പിക്കുക; 2. മിരട്ടുക, ധൈൎയ്യം കെടുക്കുക. *v. i.* പേടിച്ച് മുറുകുക, —ഉരുകുക.

**Dis-mem′bĕr**, *v. t.* അംഗവിച്ഛേദനം ചെയ്യുക, അംഗഭംഗം വരുത്തുക; 2. ഖണ്ഡിക്കുക, തുണ്ടിക്കുക; 3. സംബന്ധം അറുക്കുക.

**Dis-miss′**, *v. t.* അയച്ച്കളയുക, പറഞ്ഞയക്കുക, വിടകൊടുക്കുക; 2. നീക്കുക, പിരിക്കുക; 3. ഉപേക്ഷിക്കുക, നീക്കിക്കളയുക. =**sal**, *n.* സ്ഥാനഭ്രഷ്ട്, നീക്കം. =**miss′iŏn** (-mish-un), *n.* പറഞ്ഞയക്കൽ; ഉദ്യോഗനീക്കം; തള്ളൽ.

**Dis-mount′**, *v. i.* കുതിരയിറങ്ങുക, കിഴിയുക. *v.t.* താഴ്ത്തുക; 2. കുതിരപ്പുറത്ത് നിന്ന് കിഴിക്കുക.

**Dis-ō-bey′** (-bā′), *v.t.* അനുസരിക്കാതെ ഇരിക്കുക, കൂട്ടാക്കാതെ—, ലംഘിക്കുക. *v. i.* അനുസരണക്കേട് കാട്ടുക. =**bē′di-ence**, *n.* അനുസരണക്കേട്, ലംഘനം. =**bē′di-en-cy**, *n.* അവിധേയത്വം. =**bē′di-ent**, *a.* പറഞ്ഞാൽ കേൾക്കാത്ത, അനുസരണം കെട്ട, കീഴടക്കമില്ലാത്ത, വഴങ്ങാത്ത. =**bē′di-ent-ly**, *ad.* അനുസരിക്കാതെ, കൂട്ടാക്കാതെ.

**Dis-ō-blīge′**, *v. t.* ഉപചാരക്കുറവ് കാട്ടുക; 2. രസക്കേട് വരുത്തുക, നീരസം—. =**ō-blī′ging**, *a.* അനാദരവായ, മര്യാദഇല്ലാത്ത, ആചാരം—; ഉപകാരം ചെയ്യാത്ത.

**Dis-or′dĕr**, *n.* ക്രമക്കേട്, അക്രമം; 2. നാനാവിധം, താറ് മാറ്; 3. ചിതക്കേട്; 4. നിയമലംഘനം; സമാധാന—, കലശൽ, കലമ്പ്; 5. സുഖക്കേട്, രോഗം. *v.t.* ക്രമക്കേട് ആക്കുക, അമാന്തം—; 2. സുഖക്കേട് വരുത്തുക; 3. ബോധകസ്ഥാനത്തിൽനിന്ന് നീക്കുക. **-ly**, *a.* ക്രമം ഇല്ലാത്ത, കീഴ്മേൽ—; അഴിമതിയുള്ള; നിയമവിരോധം പ്രവൃത്തിക്കുന്ന, കലഹിക്കുന്ന. *ad.* ക്രമക്കേടായി, നാനാവിധമായി.

**Dis-or′gan-īse**, =**īze**, *v.t.* പൊളിക്കുക, ഇടിക്കുക, ഭിന്നിപ്പിക്കുക, താറ് മാറാക്കുക. **-i-sā′tiŏn**, *n.* നാനാവിധമാക്കൽ, ക്രമക്കേട്.

**Dis-ōwn′** (-ōn′), *v.t.* തൻേറതെന്ന് സമ്മതിക്കാതിരിക്കുക, നിഷേധിക്കുക; 2. തള്ളിപ്പറയുക; 3. കൈക്കൊള്ളാതിരിക്കുക.

**Dis-par′āge**, *v.t.* താഴ്ത്തുക, ഇടിച്ച് പറയുക; 2. വിലകുറെക്കുക, മാനം—, ഹീനമാക്കുക; 3. താണകുലത്തിൽ വിവാഹം ചെയ്യിക്കുക. **-ment**, *n.* കുലം കെട്ട വിവാഹം, അതുല്യസംബന്ധം; ഇളപ്പം, പോരായ്മ; (to) അപമാനം, നിന്ദ.

**Dis-par′i-ty**, *n.* (between, in, of, as, to) അതുല്യത, വ്യത്യാസം, പരസ്പരഭേദം.

**Dis-pas′siŏn** (-pash′un), *n.* ശാന്തമനസ്സ്, സൌമ്യത; 2. വൈരാഗ്യം, വിരക്തി. =**pas′siŏn-āte** (-pash′un-), *a.* രാഗഹീനമായ, വിരക്തിയുള്ള; നിഷ്പക്ഷമായ, മുൻവിധിയില്ലാത്ത; 3. ശാന്തം ആയ, സ്വസ്ഥം—.

**Dis-patch′**, *n.* *see* **Despatch**.

**Dis-pel′**, *v.t.* ചിതറിക്കുക, ചിന്നിക്കുക, നീക്കുക, അകറ്റുക.

**Dis-pense′**, *v.t.* ഓഹരിചെയ്ത് കൊടുക്കുക, പകുത്ത്—, നല്കുക; 2. മരുന്ന് കൂട്ടിക്കലർത്തിക്കൊടുക്കുക; 3. ഉപയോഗപ്പെടുത്തുക, നടത്തുക; 4. പ്രായശ്ചിത്തം ചെയ്ക; 5. (from) ഒഴിവാക്കുക, മോചിക്കുക. *v.i.* നിയമം വെക്കുക. **to d. with** ഒഴിവാക്കുക, വേണ്ടെന്ന് വെക്കുക, ഉപേക്ഷിക്കുക. =**pen′sar-y**, *n.* ഔഷധവിക്രയസ്ഥലം, ധർമ്മമരുന്ന്ശാല. =**pen-sā′tiŏn**, *n.* വിഭാഗം, അംശം; ദൈവകൃത്യം, —കല്പിതം, —കല്പന; പ്രകടനം, അറിയിപ്പ്, ആചാരവ്യവസ്ഥ, ധർമ്മ—; ഒഴിവ്, മോചനം, അനുവാദം.

**Dis-pēo′ple** (-pē′pl), *v. t.* നിർജ്ജനമാക്കുക, കുടിയില്ലാതാക്കുക.

**Dis-pĕrse′**, *v.t.* ചിതറിക്കുക, ചിന്നിക്കുക, പരത്തുക; 2. ഇല്ലാതാക്കുക. *v.i.* പിരിയുക, ചിതറിപ്പോക; 2. മുതൽ ദാനം ചെയ്യുക. =**pĕr′siŏn**, *n.* പിരിച്ചൽ, വേറ്പാട്.

**Dis-pir′it**, *v.t.* സന്തോഷം കെടുക്കുക, —ഇല്ലാതാക്കുക, ധൈര്യം പോക്കുക, ചഞ്ചലം വരുത്തുക; 2. മനസ്സിടിച്ച് കളയുക. **-ed-ness**, *n.* അധൈര്യം, ഭീതി, വിഷാദം, കുണ്ഠിതം.

**Dis-plāce′**, *v.t.* സ്ഥലം മാററുക, മാററിവെക്കുക, നീക്കി—; 2. തിക്കിപ്പുറത്താക്കുക; 3. നീക്കിപകരമായി നില്ക്കുക, സ്ഥാനം അപഹരിക്കുക; 4. നീക്കുക, പിരിച്ച് കളയുക; 5. ഓടിച്ച്—, പുറത്താക്കുക. **-ment**, *n.* സ്ഥലമാററം, നീക്കം; ഘനം, ഭാരം (*ph.*).

**Dis-plant′**, *v. t.* പറിച്ച് കളയുക, പൊരിച്ച്—, നിർമ്മൂലം ആക്കുക; 2. നിർജ്ജനം—, ജനനിഗ്രഹം ചെയ്ക. **-ā′tiŏn**, *n.* പൊരിക്കൽ; കുടിനീക്കം.

**Dis-plāy′**, *n.* പ്രത്യക്ഷമാക്കൽ; 2. ദൃഷ്ടാന്തം; അടയാളം; തെളിവ്; 3. ആഡംബരം, കോലാഹലം, നാട്യം. *v. t.* വിടൎത്തിക്കാണിക്കുക, പരത്തുക; 2. കാട്ടുക; 3. ഘോഷിക്കുക, പ്രദൎശിപ്പിക്കുക, മോടികാട്ടുക. *v. i.* പൊങ്ങച്ചം—, ഞെളിയുക.

**Dis-plēase′** (-plēz′), *v. t.* (with, at) ഇഷ്ടക്കേടാക്കുക, മുഷിപ്പിക്കുക, മുഷിച്ചൽ വരുത്തുക. =**plēasing**, *a.* ചൊടിവരുത്തുന്ന, പരിഭവം—. =**pleas′ure** (-plezh′ur), *n.* അനിഷ്ടം, രസക്കേട്, കോപം; തെററ്, കുററം, മുഷിച്ചൽ.

**Dis-plume′**, *v. t.* തൂവൽ പറിക്കുക; 2. പദവികളയുക, താഴ്ത്തുക, അപമാനിക്കുക.

**Dis-pōrt′**, *v. i.* വിനോദിക്കുക, കളിക്കുക. *v. t.* തമാശയാക്കുക, ഉല്ലസിപ്പിക്കുക; 2. കൊണ്ട് പോയ്ക്കളക. *n.* വിനോദം, നേരമ്പോക്ക്.

**Dis-pōse′**, *v. t.* നിശ്ചയിക്കുക, നിയോഗിക്കുക, നിൎത്തുക; 2. ക്രമപ്പെടുത്തുക, ചട്ടം കെട്ടുക; 3. തീൎച്ചപ്പെടുത്തുക; 4. കരുതിവെക്കുക, നീക്കി—; ഉപയോഗിക്കുക; 5. (to, for) തോന്നുക, ചായുക, മനസ്സ് വെക്കുക, ഭാവിക്കുക. **to d. of** തീൎച്ചപ്പെടുത്തുക, കൊടുത്ത് കളയുക, കൈമാററം ചെയ്യുക, വില്ക്കുക. =**pō′sal**, *n.* നിൎത്തൽ; ഭരണം, പരിപാലനം, നടത്തിപ്പ്; തീൎപ്പ്; കൈമാററം; ആധീനം, അധികാരം. =**pōsed** (-pōzd) *a.* താല്പൎയ്യം ഉള്ള, ഭാവം—, മനസ്സ്—. **well d.d** നല്ല സ്ഥിതിയിൽ—; സുഖം—; പ്രിയം—; ദയ—. =**pō′sēr**, *n.* ചെയ്യുന്നവൻ, കൊടുക്കുന്നവൻ, കൎത്താവ്, അധികാരി. =**pō-si′tiōn** (-zish′un), *n.* കൊടുക്കൽ, കൈമാററം; ചട്ടം, ക്രമം, സ്ഥിതി; പ്രകൃതി, സഹജഗുണം; ഭാവം, താല്പൎയ്യം; ശീലം, സ്വഭാവം. =**pō′sure**, *n.* തീൎപ്പാക്കൽ, തീൎപ്പ്; അധികാരം; ഭരണം, ഇഷ്ടം.

**Dis-pō-ssess′** (-zes′), *v. t.* (of) അപഹരിക്കുക, പിടിച്ച് പററുക, കൈവശമില്ലാതാക്കുക; 2. ഒഴിപ്പിക്കുക, കുടിയിറക്കുക. =**sses′siōn** (-zesh′un), *n.* കൈവശം ഇല്ലാതാക്കൽ, കയ്യേററം, അപഹരണം (*l.*), ഒഴിപ്പിക്കൽ. =**sōr**, *n.* കയ്യേററക്കാരൻ, അപഹാരി (*l.*).

**Dis-prāise′**, *n.* ആക്ഷേപം, ശാസന; 2. നിന്ദ, അപവാദം. *v. t.* അധിക്ഷേപിക്കുക, കുററം പറയുക.

**Dis-prō-pōr′tiōn**, *n.* അനുപാതരഹിതത്വം, ചേൎച്ചക്കേട്, ഭംഗിക്കുറവ്; 2. വിസമത്വം; 3. പോരായ്മ, കുറവ്, കൊള്ളരുതായ്മ, പററായ്മ. *v. t.* ചേൎച്ചക്കേട് വരുത്തുക, ഭംഗികെടുത്തുക, അനുപാതം ഇല്ലാതാക്കുക. **-a-ble, -al, -āte,** *a.* യോജിപ്പ് ഇല്ലാത്ത, അനുപാതം—; പോരാത്ത; ഭംഗികെട്ട, ലക്ഷണം—; കൊത്ത് വരാത്ത. **-a-bly, -al-ly, -āte-ly,** *ad.* ചേൎച്ച ഇല്ലാതെ, പൊരുത്തം—.

**Dis-prōve′**, *v. t.* നിരാകരിക്കുക, നിഷേധത്തെളിവ് കൊടുക്കുക; 2. ആക്ഷേപിക്കുക. =**proof′**, *n.* എതിർ തെളിവ്, നിഷേധത്തെളിവ്, ആക്ഷേപം.

**Dis-pūte′**, *v. i.* വാദിക്കുക, വ്യവഹരിക്കുക, പിണങ്ങുക, പിശകുക, ശണ്ഠയിടുക. *v. t.* സംവാദം ചെയ്യുക; 2. എതിൎവ്വാദിക്കുക, നിഷേധിക്കുക, നിരാകരിക്കുക; 3. പോരാടുക; 4. ചെറുത്ത് നില്ക്കുക. *n.* കലമ്പ്, വാദം, തൎക്കം, സംവാദം; 2. കലഹം, യുദ്ധം. **beyond d., without d.** നിൎവ്വാദമായി. =**pū-ta-ble**, *a.* വാദിക്കത്തക്ക, വാദമുള്ള; സംശയകരമായ; അഭിപ്രായഭേദം ഉള്ള, തൎക്കം—. =**pū-tant**, *n.* വാദി, താൎക്കികൻ. *a.* വിവാദിക്കുന്ന. =**pū-tā′tiōn**, *n.* തൎക്കം, വിവാദം; തൎക്കാഭ്യാസം, വാദപ്രവാദം. =**pū-tā′tiōus** (-shus), =**pū′ta-tive**, *a.* തൎക്കസ്വഭാവമുള്ള.

**Dis-qual′i-fȳ**, *v. t.* (for, from) യോഗ്യത ഇല്ലാതാക്കുക, പ്രാപ്തി—, അയോഗ്യം ആക്കുക, പോരാതെ—, കൊള്ളാതെ—, പററാതെ—; 2. അധികാരം എടുത്ത് കളയുക, അവകാശം ഇല്ലാതാക്കുക. =**fi-cā′-tiōn**, *n.* അയോഗ്യത, ശേഷിക്കേട്; ദൂഷ്യം, തടസ്ഥം, അപവാദം.

**Dis-quī′et**, *n.* സൈ്വരക്കേട്, അലോസരം; 2. ചിന്താകുലം, ആധി; 3. കുഴക്ക്. *v. t.* അലമ്പൽ ആക്കുക, സൈ്വ

രക്കേട് —; 2. ഭയം വരുത്തുക; 3. അസഹ്യപ്പെടുത്തുക. **-ly**, *ad.* സൈ്വരമില്ലാതെ, വേവലാധിയോടെ. **-ness, =e-tūde**, *n.* വേവലാധി, വ്യാകുലം, കിടിലം, ചഞ്ചലം.

**Dis-qui-ṣi'tiŏn** (zish'un), *n.* സൂക്ഷ്മപരിശോധനം, പൂൎണ്ണവിവേചനം; 2. വിവരമായ പ്രബന്ധം. **-al, -ar-y**, *a.* പരിശോധനാൎത്ഥം ആയ, —സംബന്ധം—. **=qui'ṣi-tive**, *a.* വിവേചനാഗുണം ഉള്ള, —ശീലം—, ആരാഞ്ഞറിയുന്ന.

**Dis-re-gärd'**, *n.* വകവെക്കായ്ക, ബഹുമാനം ഇല്ലായ്ക; 2. പുച്ഛം, നിന്ദ. *v.t.* തുച്ഛീകരിക്കുക, കൂട്ടാക്കാതിരിക്കുക; 2. നിസ്സാരമാക്കുക. **-fụl**, *a.* അലക്ഷ്യമാക്കുന്ന, ഉദാസീനഭാവമുള്ള; വകവെക്കാത്ത.

**Dis-rel'ish**, *n.* രുചികേട്, ഉന്മേഷക്കുറവ്; 2. വെറുപ്പ്, മനമ്പിരട്ടൽ. *v.t.* വിരോധം തോന്നുക, വെറുപ്പ് —; ഓക്കാനം വരിക.

**Dis-re-pūte'**, *n.* അപകീൎത്തി, മാനക്കുറവ്. **=rep'ū-ta-ble**, *a.* മാനം കെട്ട, ദുഷ്കീൎത്തിയുള്ള; മാനക്കേട് വരുത്തുന്ന. **=rep-ū-tā'tiŏn**, *n.* അപമാനം, അപവാദം, ദുശ്ശ്രുതി.

**Dis-re-speet'**, *n.* നിൎമ്മൎയ്യാദം, അനാദരവ്, ധിക്കാരം. *v.t.* വണക്കം കാട്ടാതിരിക്കുക, ബഹുമാനം—. **-fụl**, *a.* ശങ്കഇല്ലാത്ത, ഓച്ഛാനം—, നിന്ദഉള്ള, ധിക്കാരം—. **-fụl-ly**, *ad.* മൎയ്യാദഇല്ലാതെ, വണക്കം—.

**Dis-rōbe'**, *v.t.* & *i.* വസ്ത്രം ഉരിയുക; 2. അലങ്കാരം ഇല്ലാതാക്കുക; പദവി—.

**Dis-rōōf'**, *v. t.* മേല്പുരപൊളിക്കുക.

**Dis-rōōt'**, *v.t.* വേരോടെ പൊരിച്ച് കളയുക, ഉന്മൂലമാക്കുക.

**Dis-rout'**, *v.i.* ഓടിക്കുക, തുരത്തുക.

**Dis-rud'dĕr**, *v.t.* ചുക്കാൻ എടുത്തുകളയുക.

**Dis-rupt'**, *a.* അടൎന്ന, പൊട്ടിയ, മുറിഞ്ഞ. *d. t.* അടൎത്തുക, പൊട്ടിക്കുക. **=rup'tiŏn**, *n.* പൊട്ടൽ, വിള്ളൽ, കീറ്. **=rup'tive**, *a.* ഭേദിപ്പിക്കുന്ന, ഭിന്നിപ്പിക്കുന്ന.

**Dis-sat'is-fȳ**, *v.t.* തൃപ്തിവരുത്താതിരിക്കുക, തൃപ്തികേട് തോന്നുക, ഇച്ഛാഭംഗം—. **=sat-is-fac'tiŏn**, *n.* തൃപ്തികേട്, പരിഭവം; അനിഷ്ടം. **=sat-is-fac'tŏr-y**, *a.* സന്തോഷം ഇല്ലാത്ത, തൃപ്തി—, അനിഷ്ടമായ.

**Dis-sect'**, *v.t.* മുറിക്കുക, കഷണംകഷണമാക്കുക; 2. കീറിനോക്കുക, —പരിശോധിക്കുക; 3. വിഗ്രഹിക്കുക. **-ed**, *a.* ഖണ്ഡം ഖണ്ഡമായ. **=sec'ti-ble**, *a.* തുണ്ടിക്കാവുന്ന. **=tiṅg**, *a.* മുറിക്കുന്ന, കീറുന്ന. **='tiŏn**, *n.* ശവം കീറൽ, കീറിമുറിക്കൽ; വിഗ്രഹം.

**Dis-sēiṣe'**, **=sēize'**, *v.t.* (of) കയ്യേറ്റത്താൽ കൈവശപ്പെടുത്തുക, ബലമായി— (*l.*). **=sēi-ṣēe'**, **=sēi-zēe'**, *n.* കയ്യേറ്റത്താൽ വസ്തു കൈവശം പൊയ്പോയവൻ (*l.*). **=sēiṣ'in**, **=sēiz'in**, *n.* കയ്യേറ്റം, ബലംപ്രമാണമായ കൈവശം (*l.*). **=sēiṣ'ŏr**, **=sēiz'ŏr**, *n.* കയ്യേറ്റക്കാരൻ (*l.*).

**Dis-sem'ble**, *v.t.* മറച്ച് വെക്കുക, ഭാവം നടിക്കുക, വ്യാപ്തികാട്ടുക. *v.i.* വേഷം ധരിക്കുക, ഉള്ളിൽ കള്ളം കരുതുക. **=sem'blance**, *n.* വേഷധാരിത്വം, കാപട്യം. **=sem'bliṅg**, *a.* വ്യാജഭാവമുള്ള.

**Dis-sem'i-nāte**, *v.t.* വിതക്കുക, വിതറുക, പരത്തുക; 2. പ്രസിദ്ധം ആക്കുക, പരസ്യം—, വ്യാപിപ്പിക്കുക. **=nā'tiŏn**, *n.* വാളൽ, പ്രസ്താവം, പ്രസാരണം, ഘോഷണം. **=nā'tive**, *a.* പരക്കുന്ന, പകരുന്ന.

**Dis-sent'**, *v.t.* (from) ഇതരമായി ഭാവിക്കുക, യോജിക്കാതിരിക്കുക, അഭിപ്രായഭേദമുണ്ടാക; 2. ആചാരവ്യത്യാസമുണ്ടാക, വിശ്വാസ— (*eccl.*); 3. സ്വഭാവവിരുദ്ധമുണ്ടാക. *n.* വിസമ്മതം, ഭിന്നത, ഭിന്നാഭിപ്രായം; സഭാവേപ്പാട് (*eccl.*); സ്വഭാവവ്യത്യാസം. **=sen'siŏn**, *n.* അഭിപ്രായവിരോധം; ഛിദ്രം; കലഹം, ശണ്ഠ; കക്ഷി, പരിഷ; വിവാദം. **=sen'siŏus**, *a.* ഭിന്നതഉള്ള, ഛിദ്രം—. **=sen'tĕr**, *n.* വിപരീതാഭിപ്രായക്കാരൻ; അങ്ഗ്ലീയസഭാചാരത്യാഗി, മതവിപരീതക്കാ

രൻ (*eccl.*). =sen'ti-ent, *a.* യോജിക്കാത്ത, ഭിന്നാഭിപ്രായമുള്ള. *n.* ഭിന്നമതി. =sen'tiŏus (-shus), *a.* കലഹപ്രിയം ഉള്ള, പിണങ്ങുന്ന.

Dis-sĕr-tā'tiŏn, *n.* പാഠകം, പ്രസംഗം; പ്രബന്ധം; 2. വ്യാഖ്യാനം. -al, *a.* പ്രബന്ധസംബന്ധം ആയ, പ്രബന്ധാനുരൂപം—. -ist, =sĕr-tā'tŏr, *n.* പ്രബന്ധകൻ; വ്യാഖ്യാനി.

Dis-sĕrve', *v.t.* സേവിക്കാതിരിക്കുക; 2. ദോഷം വരുത്തുക, തോല്പിക്കുക, നഷ്ടപ്പെടുത്തുക. =sĕr'vice, *n.* കേട്, ചേതം, ഹാനി. =sĕr'vice-a-ble, *a.* ദോഷകരമായ, ഉപയോഗമില്ലാത്ത, ഉതകാത്ത.

Dis-sev'ĕr, *v.t.* രണ്ടിക്കുക, പകുക്കുക; 2. പിരിച്ച് കളയുക, വേർതിരിച്ച്—; 3. ഭിന്നിപ്പിക്കുക. *v.i.* പിരിഞ്ഞ് പോക. =sev-ĕr'ance, =sev-ĕr-ment, *n.* വേർപാട്, ഭിന്നത.

Dis'si-dent, *n.* മതവിപരീതക്കാരൻ (*eccl.*). *a.* യോജിക്കാത്ത, ഭേദിച്ചിരിക്കുന്ന; അന്യം ആയ, ഇതരം—. =dence, *n.* ഭിന്നത; മതവൈപരീത്യം.

Dis-sim'i-lar (-lĕr), *a.* അതുല്യം ആയ, വിപരീതം—, വ്യത്യാസപ്പെട്ട; 2. വിവിധമായ, തരഭേദമുള്ള. =lar'i-ty, =si-mil'i-tūde, *n.* അസമത്വം, ഭേദം, അനുരൂപരഹിതത്വം.

Dis-sim'ū-lāte, *v.i.* നടിക്കുക, കപടമായി ഭാവിക്കുക. =lā'tiŏn, *n.* വേഷധാരിത്വം, ഉൾക്കപടം, നാട്യം; കപടഭക്തി.

Dis'si-pāte, *v. t.* ചിന്നുക, ചിന്നിപ്പിക്കുക, പാററിക്കളയുക; 2. ദുർവ്യയം ചെയ്ക. *v. i.* ചിതറിപ്പോക, ലയിച്ച് പോക, ഇല്ലാതെ—; 2. നാനാവിധമായിപ്പോക. =pā-ted, *a.* ദുർവ്വിലവാക്കിയ; തെമ്മാടിആയ, മുടിയൻ—, തുമ്പ് കെട്ട, പോക്കണം—. =pā'tiŏn, *n.* ചിന്തൽ; ദുർവ്യയം, ധ്വംസനം; പോക്കാളിത്തനം, ദുർവ്യത്ത്; ഛിന്നക്കേട്.

Dis-sō'ci-āte, *v. t.* വിയോജിപ്പിക്കുക, തമ്മിൽ പിരിക്കുക, സഹവാസം വിട്ടുക. =a-ble, *a.* കൂട്ടുകൊള്ളാത്ത, ചേർച്ചയില്ലാത്ത; സഹവാസവിരക്തിയുള്ള; സഹവാസത്തിന്ന് പററാത്ത. =sō'cial (-shal), *a.* സമുദായവിരുദ്ധമായ; സ്വാർത്ഥബുദ്ധിയുള്ള. =sō'cial-īse, =sō'cial-īze, *v. t.* മെരുക്കമില്ലാതാക്കുക.

Dis'sō-lute, *a.* ദുർന്നടപ്പുള്ള, തെമ്മാടി ആയ, പോക്കിരി—. -ness, *n.* പോക്കാളിത്തനം, മുടിയന്തരം; വിഷയലമ്പടത്വം.

Dis-solve', *v. t.* വിഗ്രഹിക്കുക, മൂലധാതുക്കളായി പിരിക്കുക; 2. വിയോജിപ്പിക്കുക; 3. അവസാനിപ്പിക്കുക, നിർത്തുക, പിരിക്കുക; 4. സംബന്ധം അറുക്കുക, വേർപിരിക്കുക; 5. ഉരുക്കുക, അലിക്കുക, കലക്കുക; 6. തെളിയിക്കുക; 7. വീര്യമില്ലാതാക്കുക; 8. ദുർബ്ബലപ്പെടുത്തുക (*l.*). *v. i.* ലയിച്ച് പോക, രേവിച്ച്—, അലിയുക; 2. ക്ഷീണിച്ച് പോക, ക്ഷയിക്കുക; 3. ഇല്ലാതാക. =sol'vent, *a.* ഉരുക്കുന്ന; ദഹിപ്പിക്കുന്ന. dis'sol-ū-ble, *a.* ദ്രാവ്യമായ, അലിഞ്ഞ് പോകുന്ന, കലങ്ങിപ്പോകുന്ന. =sol-ū-ble-ness, =sol-ū-bil'i-ty, *n.* അലിച്ചൽ, ലയം. =so-lū'tiŏn, *n.* വേർപാട്; അലിച്ചൽ, വിലയത്വം; രൂപാന്തരം, പരിണാമം; സഭാവിയോഗം; ക്രറ് പിരിയൽ; മരണം; പ്രളയം, നാശം. dis-sol'ving, *a.* ഉരുകിപ്പോകുന്ന; കാണാതാകുന്ന. d.g view ദീപപ്രഭാദർശനചിത്രം.

Dis'sō-nance, *n.* മേളരഹിതസ്വരം; 2. പൊരുത്തക്കേട്. =nant, *a.* താളം കെട്ട, അപസ്വരമായ; (from) വ്യത്യാസപ്പെട്ട, വിപരീതമായ.

Dis-suāde' (-swād'), *v. t.* മുടക്കം പറയുക, വിലക്കുക; 2. (from) മനസ്സ് മാററിക്കുക, അഭിപ്രായം തെററിക്കുക. =suā'siŏn (-swā'zhun), *n.* മുടക്കം, മടക്കം, വിലക്കം. =suā'sive (-swā'siv), *a.* മനസ്സ് മാററുന്ന, വ്യാവർത്തകം ആയ, നിഷേധകം—.

Dis-syl'la-ble, *n.* ദ്വയാക്ഷരപദം.

Dis'taff, *n.* വെട്ടത്തല, പിടിത്തല (*w.*); 2. സ്ത്രീവർഗ്ഗം. descent by d. അമ്മവംശം.

**Dis-tāin′**, *v. t.* നിറം കൊട്ടുക്കുക, —മാറുക; 2. കറപ്പെടുത്തുക, അശുദ്ധമാക്കുക.

**Dis′tal**, *a.* എതിരഗ്രത്തിലുള്ള.

**Dis′tance**, *n.* ദൂരം; 2. അന്തരം; 3. ദൂരമിക്ക്; 4. വിപരീതം; 5. താമസം; 6. കാച്ചാനം; 7. രസക്ഷയം; 8. അകല്ച. **to keep one's d.** നിലയറിഞ്ഞ് അകന്ന് നില്ക്കുക. *v. t.* അകലെ വെക്കുക; 2. ദൂരമുണ്ടെന്ന് തോന്നിക്കുക; 3. മുന്തിനില്ക്കുക. **to keep one at a d.** അകററി വെക്കുക, അടുപ്പിക്കാതിരിക്കുക. **=tant**, *a.* ദൂരമുള്ള, അകന്ന, പിരിഞ്ഞ; ആകലെഉള്ള; അകല്ച—; അസ്പഷ്ടം ആയ; വിപരീതം—. **=tant-ly**, *ad.* അകലെ നിന്ന്, അടുക്കാതെ.

**Dis-tāste′**, *n.* രുചികേട്, അരോചകം, വെറുപ്പ്; 2. നീരസം, മുഷിച്ചൽ; 3. സുഖക്കേട്. *v. t.* വെറുപ്പ് തോന്നുക, നീരസം—; 2. വിരോധം ജനിപ്പിക്കുക, മുഷിപ്പിക്കുക; 3. രുചികെടുത്തുക, രസം—. *v. i.* രുചികേട് തോന്നുക. **-fu̦l**, *a.* മനം പിരട്ടുന്ന; രസിക്കാത്ത; വിമ്മിഷ്ടമുള്ള.

**Dis-tem′pĕr**, *v. t.* യോഗം പിഴപ്പിക്കുക; കൂട്ട് തെററിക്കുക; 2. ക്രമക്കേട് വരുത്തുക, സുഖക്കേട്—; 3. ശീലം വിടക്കാക്കുക; 4. ലഹരിപിടിപ്പിക്കുക. *n.* ദുശ്ശീലം; 2. സുഖക്കേട്, രോഗം; 3. മൃഗരോഗം; 4. പിത്തക്കോപം, ക്രോധം; 5. കലഹം, മത്സരം. **=pĕr-ā′tūre**, *n.* കാലദോഷം, ഋതുഭേദം; കലക്കം, അമളി; സുഖക്കേട്; മനഃകലക്കം.

**Dis-tend′**, *v. t.* വിപ്പിക്കുക, വണ്ണം വെപ്പിക്കുക, വലുതാക്കുക. *v. i.* വീക്കുക, ഉന്തി വരിക. **=ten′tiŏn**, *n.* വീക്കൽ, ചീപ്പ്, വീക്കം; വിസ്താരം.

**Dis′tich** (-tik), *n.* രണ്ട് വരിയുള്ള ശ്ലോകം; വൃത്തം.

**Dis-til′**, *v. t.* വാററുക, കാച്ചുക; 2. ഇററിററ് വീഴിക്കുക. *v. i.* തുള്ളിയായി വീഴുക, വാരുക. **-la-ble**, *a.* വാററിയെടുക്കാവുന്ന. **-lāte**, *n.* ദ്രാവകം. **-lā′tiŏn**, *n.* വാററിയെടുക്കൽ, കാച്ച്, തട്ട് കെട്ടൽ; ഇററിററ് വീഴൽ; ദ്രാവകം. **-lā′tŏr-y**, *a.* കാച്ചിനുള്ള. **=til′lĕr-y**, *n.* കാച്ച് സ്ഥലം, —പുര, 'കാക്കാണി'.

**Dis-tinct′**, *a.* ഭേദപ്പെട്ട; 2. അടയാളമുള്ള; 3. (from) ഇതരം ആയ; 4. പ്രത്യേകം—; 5. തെളിവ്—. **=tinc′tiŏn**, *n.* വകതിരിവ്; വിവേചനം; വിശേഷം; ഭേദം, വ്യത്യാസം; ശ്രേഷ്ഠത, വലിപ്പം, മേന്മ. **=tinc′tive**, *a.* പ്രത്യേകമായ, വിശേഷഗുണം ഉള്ള; വിവേചനം—. **=tinc′tive-ly**, **=tinct′ly**, *ad.* പ്രത്യേകം ആയി; സ്പഷ്ടം—, തെളിവ്—. **-ness**, *n.* വ്യക്തി, സ്പഷ്ടത; കൃത്യത.

**Dis-tin′guish**, *v. t.* അടയാളം തിരിക്കുക, തിരിച്ചറിയുക; 2. വകതിരിക്കുക; 3. ലക്ഷണം കൊണ്ടറിയുക; 4. വ്യത്യാസപ്പെടുത്തുക; 5. (by, for) കീൎത്തി ഉണ്ടാക്കുക, ശ്രുതി—. *v. i.* (between) വകതിരിച്ചറിയുക; ഉരുത്തിരിയുക. **-a-ble**, *a.* വകതിരിച്ചറിയാകുന്ന, വ്യത്യാസപ്പെട്ട; യോഗ്യതയുള്ള. **=guished** (-gwisht), *a.* പ്രത്യേകം ആയ; വിശ്രുതം—, കീൎത്തിപ്പെട്ട. **-ing**, *a.* പ്രത്യേകം ആയ, വിശേഷം—.

**Dis-tort′**, *v. t.* പിണെക്കുക, കോട്ടുക; 2. വക്രം ആക്കുക; 3. വിരൂപം—, അൎത്ഥം മാററുക. **=tor′tiŏn**, *n.* കോട്ടൽ; കോട്ടം; ദുരൎത്ഥം; വളവ്; ചുളുക്കം, വൈരൂപ്യം.

**Dis-tract′**, *v. t.* തെററിക്കുക, പിരിക്കുക; 2. ശ്രദ്ധതെററിക്കുക, വികടമാക്കുക; 3. ഭ്രമിപ്പിക്കുക; 4. ഭ്രാന്താക്കുക. **=′ted**, *a.* ചിത്തഭ്രമമുള്ള. **=′ted-ly**, *ad.* ബുദ്ധിഭ്രമത്തോടെ. **=trac′tiŏn**, *n.* ശ്രദ്ധഭംഗം, വ്യഗ്രത; താറുമാറ്, നാനാവിധം; അമളി, ഭ്രമണം; ആധി, വ്യാകുലം; ഭ്രാന്ത്.

**Dis-trāin′**, *v. t.* ഭാരപ്പെടുത്തുക, നിൎബ്ബന്ധിക്കുക; 2. 'ജപ്തി'ചെയ്യു (*l.*). **-ĕr**, *n.* 'ജപ്തി'ചെയ്യുന്നവൻ (*l.*). **-t**, *n.* 'ജപ്തി' (*l.*). **dis-tress′**, *n.* 'ജപ്തി' (*l.*); അസഹ്യം, വേദന, സങ്കടം; അരിഷ്ടത, കഴക്ക്; അപകടം. *v. t.* വേദനപ്പെടുത്തുക, അസഹ്യപ്പെടുത്തുക; നിൎബ്ബന്ധിക്കുക; 'ജപ്തി'ചെയ്യു (*l.*). **dis-tress′fu̦l**, *a.* ദുഃഖപരവശമായ, അരിഷ്ടം ഉള്ള, വ്യാകുലം—.

dis-tress'ing, *a.* ദുഃഖകരം ആയ; അസഹ്യം—.

Dis-trib'ūte, *v.t.* പകുക്കുക, ഭാഗിച്ച് കൊടുക്കുക, ഓഹരിചെയ്യ്—; 2. നടത്തുക; 3. വകതിരിക്കുക; 4. അക്ഷരം പിരിക്കുക (*print.*). *v. i.* പങ്കിടുക. =trib'ū-ta-ble, *a.* ഓഹരിചെയ്യാവുന്ന. =trib'ū-tiṅg, *a.* പകുത്ത് കൊടുക്കുന്ന. =tri-bū'tiŏn, *n.* വിഭാഗം, പകുക്കൽ; അനുക്രമണം; ദാനം, ധൎമ്മം; അക്ഷരം പിരിക്കൽ (*print.*). =trib'ū-tive, *a.* വിഭാഗിച്ച് കൊടുക്കുന്ന; വിഭജന (*gr.*). *n.* വിഭജനപദം (*gr.*). =trib'ū-tive-ly, *ad.* ഓരോരുത്തനോരോന്നായി.

Dis'trict, *n.* ജില്ല, 'ഡിസ്ട്രിക്ക്', 'തുക്കിടി'; 2. പ്രദേശം, ഭാഗം, ഖണ്ഡം.

Dis-trust', *n.* ശങ്ക, ധൈൎയ്യക്കുറവ്; 2. അവിശ്വാസം; 3. സംശയം. *v. t.* വിശ്വസിക്കാതിരിക്കുക, വിശ്വാസം വെക്കാതിരിക്കുക, സംശയിക്കുക. -ful, *a.* ധൈൎയ്യമില്ലാത്ത, ശങ്കയുള്ള; വിശ്വാസമില്ലാത്ത; സംശയിക്കുന്ന.

Dis-turb', *v. t.* വികടമാക്കുക, അസഹ്യപ്പെടുത്തുക, വിഘ്നം വരുത്തുക; 2. ഭ്രമം—, കലക്കം—. =tur'bance, *n.* മുടക്കം, വിഘ്നം; മനഃകലക്കം, താറുമാറ്; കലഹം, കലാപം, മത്സരം, പട.

Dis-ū'ni-ŏn (*or* -yun), *n.* വിയോഗം, വേൎപ്പാട്; 2. ഭിന്നത, പിരിച്ചൽ; 3. ഛിദ്രം. =ū-nīte', *v. t.* സംബന്ധം വിടുത്തുക, —അറുക്കുക, പിരിക്കുക, ഭിന്നിപ്പിക്കുക; ഐകമത്യം ഇല്ലാതാക്കുക. *v. i.* പിരിഞ്ഞ് പോക. =ū'ni-ty, *n.* ഛിദ്രം, വേൎപ്പാട്.

Dis-ūse', Dis-ū'sāġe, *n.* നിൎപ്രയോഗം, ഉപയോഗമില്ലായ്മ; 2. നടപ്പ്—, വഴക്കം—, അനാചാരം. =ūṣe, *v. t.* ഉപയോഗമില്ലാതാക്കുക; അഭ്യാസം ഉപേക്ഷിക്കുക.

Dis-val'ūe, *v. t.* വിലകുറക്കുക, മാനം—. *n.* അപമാനം. =val-ū-ā'tiŏn, *n.* വിലതാഴ്ത്തൽ; അപകീൎത്തി, നിന്ദ.

Dis-yōke', *v. t.* കെട്ട് വള്ളി അഴിക്കുക, അമിക്കയർ—, നുകം എടുക്കുക; 2. അഴിച്ച് വിടുക.

Ditch (dich), *n.* തോട്, ചാല്; 2. അകിഴ്. *v. t.* ചാല് കീറുക; 2. അകിഴ് തോണ്ടുക; 3. കുഴിയിലിടുക. *v. i.* തോട് കീറുക.

Dit'tō, *n.* മേല്പടി, മേപ്പടി, 'ടി'. *ad.* മുൻപറഞ്ഞപ്രകാരം, അപ്രകാരം തന്നെ.

Dit'ty, *n.* ശ്ലോകം; കവിത; പാട്ട്. *v. i.* പാടുക, രാഗം മൂളുക.

Dī-ū-ret'ic, *a.* മൂത്രവൎദ്ധകമായ (*med.*). *n.* മൂത്രവൎദ്ധകൌഷധം (*med.*).

Dī-ur'nal, *a.* പകൽ സംബന്ധമായ, പകലത്തെ; 2. ദിനമ്പ്രതിയുള്ള; 3. ഒരു ദിവസം നില്ക്കുന്ന; 4. ദിവസക്കണക്കിന് ഹേതുവായ. d. motion of the earth ഭൂമിയുടെ സ്വയം തിരിച്ചൽ. -ly, *ad.* ദിനമ്പ്രതി, ദിവസേന.

Dī-va-gā'tiŏn, *n.* വഴിതെറ്റൽ; 2. അസംബന്ധം.

Di-van', *n.* പൎയ്യങ്കം, ഇരിക്കക്കട്ടിൽ; 2. ആലോചനസഭ, മന്ത്രശാല; 3. മന്ത്രിപ്രവരൻ.

Dī-var'i-cāte, *v. i.* രണ്ടായി പിരിയുക, കവരമായി—; 2. തമ്മിൽ—. *v. t.* ഇരുശാഖയായി പിരിക്കുക. *a.* തമ്മിൽ പിരിഞ്ഞിരിക്കുന്ന. =cā'tiŏn, *n.* രണ്ടായി പിരിയൽ, വേൎപ്പാട്; ദ്വയാൎത്ഥം; അഭിപ്രായഭേദം.

Dīve, *v. i.* മുങ്ങുക, മഗ്നം ചെയ്യുക; 2. ആരായുക, ഉൾപ്രവേശിക്കുക. *v. t.* മുക്കുക, ആഴ്ത്തുക. d.ing bell ജലമജ്ജനയന്ത്രം. *n.* മുങ്ങൽ. ='vĕr, *n.* മുങ്ങക്കാരൻ; അഗാധം കണ്ടവൻ.

Di-vĕrġe', *v. i.* തമ്മിൽ അകന്ന് പോക, —പിരിഞ്ഞ്—; 2. വിട്ട് മാറുക, ഭേദം വരിക. -ment, =vĕr'ġence, =vĕr'ġen-cy, *n.* വേൎപ്പാട്, പിരിച്ചൽ; ഭേദഗതി, വ്യത്യാസം. =vĕr'ġent, *a.* തമ്മിൽ അകന്നകന്ന് പോകുന്ന; വ്യത്യാസപ്പെട്ട. =vĕr'ġiṅg, *a.* അകന്ന് പോകുന്ന.

Dī'vĕrs̱, Dī-vĕrse', *a.* പലവിധമായ, നാനാപ്രകാരമുള്ള; 2. പല, അനേകം. -ly, *ad.* പലപ്രകാരേണ. di-vĕr'si-fȳ, *v. t.* പലവിധം ആക്കുക, നാനാപ്രകാരം—, കല്മാഷം—; ഭേദം വരുത്തുക, മാററം—; വ്യത്യാസപ്പെടുത്തുക. =vĕr-si-fi-cā'tiòn, *n.* വികാരം, ഭേദം; വിചിത്രത്വം, കല്മാഷം. =vĕr'si-fīed, *a.* രൂപാന്തരവിശേഷമുള്ള. di-vĕr'si-ty, *n.* നാനാത്വം, വ്യത്യാസം, വിപരീതം; കല്മാഷം.

Di-vĕrt', *v. t.* വളയുക, തിരിയുക, തെററുക; 2. വിട്ടുമാറുക; 3. ഉല്ലസിക്കുക; 4. രസിപ്പിക്കുക, കളിപ്പിക്കുക. -ĕr, *n.* തിരിക്കുന്നവൻ; രസിപ്പിക്കുന്നവൻ. ='tiǹg, ='tive, *a.* ഉല്ലാസകരം ആയ, രസികം—. =vĕr'siòn, *n.* തിരിവ്, വളവ്, മാററം; അസംബന്ധം; കളി, നേരമ്പോക്ക്, വിനോദം.

Dīv'ēs̱, *n.* ആഡംബരകോലാഹലങ്ങളോടെ ജീവിക്കുന്ന ധനികൻ, സുഖിയൻ.

Di-vest', *v. t.* വസ്ത്രം അഴിക്കുക, നഗ്നം ആക്കുക; 2. ഇല്ലാതെ—, കളയുക, ഒഴിപ്പിക്കുക. =ti-tūre, *n.* വസ്ത്രം ഉരിയൽ; ഇല്ലായ്മയാക്കൽ; ഒഴിപ്പിക്കൽ, നീക്കം.

Di-vīde', *v. t.* വിഭാഗിക്കുക, പകുക്കുക; 2. പങ്കിടുക, ഭാഗം ചെയ്യുക; 3. അതിരായിരിക്കുക; 4. തമ്മിൽ ഭേദിക്കുക, —ഛിദ്രിക്കുക; 5. പക്ഷം തിരിക്കുക; 6. വർഗ്ഗം—, വക—; 7. ഹരിക്കുക (*ar.*). *v. i.* പിരിയുക, പങ്കായി തിരിയുക; 2. ചേർച്ച വിടുക; 3. തമ്മിൽ തെററുക; 4. ഓഹരിക്ക് കൂടുക, കൂറ് —; 5. ചീട്ടിടുക. div'i-dend, *n.* ഓഹരി, വീതം; ലാഭം; ഹാര്യം (*ar.*). =vis̱-i-bil'i-ty, *n.* വിഭാജ്യത (*ph.*). =vis̱'i-ble, *a.* പകുക്കാവുന്ന. =vis̱i'on, *n.* വിഭാഗം, ഭാഗം ചെയ്യൽ; വേപ്പാട്; അതിര്, നടുച്ചുവര്; പങ്ക്; ഛിദ്രം, ഭിന്നത; വ്യത്യാസം, ഭേദം; കക്ഷിപിരിയൽ; ഹരിക്കൽ, ഹരണം (*ar.*); വർഗ്ഗമാക്കൽ; സേനാഭാഗം (*mil.*); യുദ്ധക്കൂപ്പൽക്കൂട്ടം; പ്രസംഗവിഭാഗം. long d.n ദീർഘഹരണം (*ar.*). short d.n ഹ്രസ്വ—(*ar.*). =vis̱i'ŏn-al, *a.* പകുക്കുന്ന; പ്രദേശത്തിന്ന് ഉള്ള, ഖണ്ഡത്തിന്ന്—. =vī's̱ive, *a.* ഭാഗം കറിക്കുന്ന; ഭിന്നതയുണ്ടാക്കുന്ന. =vī's̱ŏr, *n.* ഹാരകൻ (*ar.*).

Di-vīne', *v. t.* മുൻകൂട്ടി അറിയുക, —കാണുക, ഊഹിക്കുക; 2. ദീർഘദർശനം പറയുക, പ്രവചിക്കുക, മുന്നറിയിക്കുക; 3. ദിവ്യമാക്കുക. *v. i.* പ്രശ്നം വെക്കുക, ശകുനം നോക്കുക, ലക്ഷണം പറയുക; 2. മുൻതോന്നുക, ലക്ഷണം കാണുക; 3. ഊഹിക്കുക. *n.* വേദപണ്ഡിതൻ; 2. ബോധകൻ. *a.* ദിവ്യം ആയ, ദൈവികം—; ദൈവകല്പിതം—; ദൈവാരാധനസംബന്ധം—, വിശുദ്ധം—; ദിവ്യം—; ദൈവതുല്യം—, സ്വൎഗ്ഗീയം—, അതിമഹത്ത് —. div-i-nā'tiòn, *n.* പ്രശ്നം, ലക്ഷണം നോക്കൽ, —പറയൽ; ശകുനം, ലക്ഷണം, മുൻസൂചന. =vīne'ly, *ad.* ദിവ്യം ആയി, പരിശുദ്ധം—; ദൈവകൃത്യം—. -ness, *n.* ദിവ്യത്വം. =vī'nĕr, *n.* ശകുനക്കാരൻ, പ്രശ്നക്കാരൻ, ലക്ഷണം പറയുന്നവൻ. =vī'nĕr-ess, *n.* ലക്ഷണം പറയുന്നവൾ. =vin'i-ty, *n.* ദിവ്യത്വം, ദൈവത്വം; ദൈവം, ജഗദീശൻ; ദേവത; സിദ്ധൻ, സ്വൎഗ്ഗീയൻ; അമാനുഷത്വം; വേദവിജ്ഞാനം, ദൈവവിദ്യ.

Di-vōrce', *v. t.* വിവാഹബന്ധം അറുക്കുക, ഉപേക്ഷണചീട്ട് കൊടുക്കുക, ഭാൎയ്യയെ ഉപേക്ഷിക്കുക, ഭൎത്താവിനെ—, സംബന്ധം വിടുക, ന്യായം കൊടുക്കുക, ആചാരം—; മൊഴി—, —ചൊല്ലുക (*M.*); 2. പിരിക്കുക; 3. നീക്കുക, എടുത്ത് കളയുക. *n.* ഉപേക്ഷണം, ഞായം കൊടുക്കൽ; മൊഴി—(*M.*); ആചാരം—; 2. വിവാഹമോചനവിധി; 3. വേപ്പാട്, പിരിച്ചൽ. -ment, *n.* വിവാഹമോചനം; വേപ്പാട്.

Di-vulġe', *v. t.* പരസ്യം ആക്കുക, പ്രസിദ്ധം—, രഹസ്യം പുറത്ത് —; 2. അറിയിക്കുക; 3. കീൎത്തിക്കുക. *v. i.* പരസ്യമായ്തീരുക. -ment, *n.* വെളിവാക്കൽ.

Di-vul'siŏn, *n.* പറിച്ചെടുക്കൽ, പിരിക്കൽ. =vul'sive, *a.* പറിച്ചെടുക്കുന്ന.

Diz'en, *v. t.* മോടിയായി ഉടുപ്പിക്കുക, ചമയിക്കുക.

**Diz'zy**, *a.* തലതിരിച്ചൽ ഉള്ള, —ചുററൽ—, മോഹാലസ്യം—; 2. തലതിരിച്ചൽ വരുത്തുന്ന; 3. വിവേകം ഇല്ലാത്ത. *v. t.* തലതിരിച്ചൽ വരുത്തുക; ഭ്രമിപ്പിക്കുക. =zi-ly, *ad.* മോഹാലസ്യത്തോടെ. =zi-ness, *n.* മയക്കം, മോഹാലസ്യം.

I. **Do**, *n.* Ditto എന്നതിന്റെ സംക്ഷിപ്തരൂപം.

II. **Dŏ**, *v. t. ir.* (did, dōne) ചെയ്യുക, നിവൃത്തിക്കുക, പ്രവൃത്തിക്കുക; 2. ഉണ്ടാക്കുക, വരുത്തുക; 3. സാധിപ്പിക്കുക, സംഭവിപ്പിക്കുക; 4. തീക്കുക, മതിയാക്കുക; 5. പാകം ചെയ്യുക, വേവിക്കുക; 6. ആക്കിത്തീക്കുക; 7. തോല്പിക്കുക, ചതിക്കുക; 8. ഒൗഷിക്കുക. to d. homage, honour, favour, etc. വണക്കം കാട്ടുക; പ്രിയം— to d. justice നീതിനടത്തുക; വിഹിതമായി പ്രവൃത്തിക്കുക. to d. to death മരണം വരുത്തുക. to d. away, to d. away with ഉപേക്ഷിക്കുക, വിട്ട് കളയുക. to d. on ധരിക്കുക. to d. off അഴിക്കുക. to d. into രൂപത്തിലാക്കുക. *a. v.* നിശ്ചയാത്ഥകം: I d. say so ഞാനത് തീച്ചയായി പറയുന്നു; പ്രശ്നാത്ഥകം: d. you love me? നീ എന്നെ സ്നേഹിക്കുന്നുവോ? വിധിയത്ഥകം: d. be quiet മിണ്ടാതിരിപ്പിൻ; നിഷേധാത്ഥകം: I d. not wish to see them എനിക്ക് അവരെ കാണ്മാൻ മനസ്സില്ല. to d. one's best *or* diligence ആകുന്നേടത്തോളം യത്നിക്കുക. to d. one's business കഥകഴിക്കുക, ആണാംപെണ്ണുമല്ലാതാക്കുക. to d. one shame നാണക്കേട് വരുത്തുക. to d. over ഏല്പിച്ച് കൊടുക്കുക; രണ്ടാമത് ചെയ്യുക; പൂശുക, തേക്കുക. to d. up ഉയത്തുക; കൂട്ടികെട്ടുക; സാധിപ്പിക്കുക; കഞ്ഞിമുക്കുക; 'ഇസ്ത്രി' യിടുക. what to d. with എന്ത് വേണ്ടു? to have to d. with സംബന്ധം, കാൎയ്യം. d. little വളരെ പറഞ്ഞ് അല്പം ചെയ്യുന്നവൻ. d. naught *or* nothing മടിയൻ. *v. i.* നടക്കുക, പെരുമാറുക; 2. ആയിരിക്കുക; 3. മതിയാക; പററുക. how d. you d. to-day ഇന്ന് നിങ്ങൾക്ക് എങ്ങിനെയിരിക്കുന്നു? that will d. അത് മതി. to d. for (done for) പററുക; കാൎയ്യം തീരുക, നശിക്കുക. to d. without കൂടാതെ കഴിക്കുക. to have done സമാപിക്കുക, അവസാനിപ്പിക്കുക. to have done with തീക്കുക, മതിയാക്കുക. well-to-d. വകഉള്ള, പൊരുത്ത് വരുത്ത്—, മുതൽ—. *n.* ഉരുസൽ; 2. ചതിയൻ. d. all സവ്വാധികാൎയ്യക്കാരൻ. -a-ble, *a.* ചെയ്യാകുന്ന. dŏ'ing, *n.* ചെയ്യുത്, ക്രിയ, പ്രവൃത്തി; (*pl.*) നടപ്പ്. dōne, *p. p. of* do. ചെയ്യു, തീന്ന; അങ്ങിനെ തന്നെ. d.e brown ചെണ്ടകൊട്ടിച്ചു, തോററുപോയി. d.e for തളന്ന് പോയി; വയ്യാ, വഹിയാ; നശിച്ച് പോയി, മരിച്ച്—. d.e up പൊതിഞ്ഞ്; ക്ഷീണിച്ച് പോയി. -'ĕr, *n.* ചെയ്യുന്നവൻ, കത്താവ്, കമ്മി; അഭിനയിക്കുന്നവൻ; കാൎയ്യസ്ഥൻ.

**Doc'ile, dō'cīle**, *a.* പഠിപ്പിക്കാകുന്ന; 2. പഠിക്കുന്ന; പറഞ്ഞാൽ കേൾക്കുന്ന; മെരുക്കമുള്ള. doc'i-ble, *a.* എളുപ്പത്തിൽ പഠിക്കുന്ന; അടക്കമുള്ള. dō-cil'i-ty, =ci-bil'i-ty, ='i-ble-ness, *n.* വിദ്യാവാസന, പഠിപ്പാനുള്ള മനസ്സ്; ഇണക്കം.

I. **Dock**, *n.* വാൽക്കുററി; 2. തോല്യo. *v. t.* നറുക്കുക, മുറിച്ച് കളയുക; 2. കറച്ച്—; കിഴിവെട്ടുക; 3. നശിപ്പിക്കുക.

II. **Dock**, *n.* കപ്പൽകോതി, ശോഭി; 2. കോടതിയിൽ കററക്കാരൻ നില്ക്കുന്ന കൂട്. dry d. കരക്കോതി. wet d. കടക്കോതി, പുഴക്കോതി. d.-yard കപ്പൽ വെപ്പിക്കുന്ന കോതി. *v. t.* കപ്പൽ കോതിയിൽ കയററുക.

**Dock'et**, *n.* കുറിപ്പ്, ചുരുക്കം, സാരം, ഘോഷവാർ; 2. നറുക്ക്; 3. വിധിസാരം (*l.*); 4. പ്രവൃത്തിവിവരം പട്ടിക. on the d. ആലോചിച്ച് വരുന്ന, ചെയ്യ്—. *v. t.* സാരം പുറമെ കുറിക്കുക; 2. സംക്ഷേപം എഴുതിവെക്കുക; 3. നറുക്ക് പററിക്കുക, —കെട്ടുക.

**Doc'tŏr**, *n.* പണ്ഡിതൻ, ഗുരു, ശാസ്ത്രി; 2. സവ്വകലാശാലയിലെ ഉയന്ന ബഹുമാനപദവി; 3. വൈദ്യൻ, ചികിത്സകൻ. D. of Divinity (D. D.) വൈദി

കപണ്ഡിതൻ. D. of Laws (LL. D.) ധൎമ്മശാസ്ത്ര—. D. of Philosophy (Ph.D.) തത്വശാസ്ത്ര—. D. of Civil Law (D.C.L.) രാജ്യ—. D. of Science (D. Sc.) പ്രകൃതിശാസ്ത്ര—. D. of Medicine (M. D.) വൈദ്യശാസ്ത്ര—. D. of Music (D. Mus.) സംഗീതശാസ്ത്ര—. d.'s stuff വിരേചകൌഷധം; മരുന്ന്. *v. t.* ചികിത്സിക്കുക, നന്നാക്കുക; 2. പണ്ഡിതസ്ഥാനം കൊടുക്കുക; 3. കള്ളത്തരം ചെയ്യു; കൂട്ടികലൎത്തുക. *v. i.* വൈദ്യം ചെയ്യുക. -al, *a.* വൈദ്യനുള്ള; പണ്ഡിതനുള്ള. -āte, -ship, *n.* പണ്ഡിതസ്ഥാനം. -āte, *v. t.* പണ്ഡിതനാക്കുക. -ess, -'tress, *n.* വിദുഷി; 2. ചികിത്സക്കാരത്തി, വൈദ്യം ചെയ്യുന്ന സ്ത്രീ.

**Doc'trine,** *n.* പഠിപ്പ്, വിദ്യാഭ്യാസം; 2. ഉപദേശം, വിശ്വാസവിഷയം, —പ്രമാണം. =tri-nāire', =tri-nā'ri-an, *n.* പുതിയ ഉപദേശക്കാരൻ. =tri-nal, *a.* ഉപദേശസംബന്ധമായ; വിദ്യാഭ്യാസ—. *n.* വിശ്വാസവിഷയം, —വ്യവസ്ഥ. =tri-nal-ly, *ad.* ഉപദേശരൂപം ആയി; കല്പന—.

**Doc'ū-ment,** *n.* രേഖ, ആധാരം, പ്രമാണം, കരണം; 2. ഉപദേശ; പാഠം. =men-tal, =men'tar-y, *a.* ആധാരം സംബന്ധമായ. d.y evidence രേഖാതെളിവ്.

**Dod, Dodd,** *v. t.* മുറിക്കുക, നറുക്കുക. ='ded, *a.* കൊമ്പില്ലാത്ത; താടിയില്ലാത്ത.

**Dod'dĕr,** *v. t. & i.* വിറക്കുക, നട്ടങ്ങുക, ഇളകുക. =dĕred, *a.* നുറുങ്ങിയ, ക്ഷീണിച്ച.

**Dodge** (doj), *v. t. & i.* തെററിക്കളയുക, മാറിക്കളയുക; 2. ഉപായത്താൽ ഒഴിഞ്ഞ് കളയുക; 3. കള്ളത്തരം കാട്ടുക, കൃത്രിമം പ്രയോഗിക്കുക. *n.* തെററൽ, മുങ്ങൽ; 2. ഉപായം, കൃത്രിമം.

**Dod'i-pōll,** *n.* മൂഢൻ, പൊട്ടൻ, മുഠാളൻ.

**Dōe** (dō), *n.* മാൻപേട. d. skin [—തോൽ.

**Dōes,** 3*rd per. sing. prs. of* Do.

**Doff,** *v. t.* അഴിച്ച് വെക്കുക, ഉരിഞ്ഞിടുക; ഒഴിച്ച്കളയുക, നീക്കിക്കളയുക; 2. വസ്ത്രം അഴിക്കുക; 3. ഉപേക്ഷിക്കുക. *v. i.* ഉടുപ്പഴിക്കുക; 2. തൊപ്പിയെടുക്കുക.

**Dog,** *n.* നായി, ശ്വാവ്, ശുനകൻ, പട്ടി (*z.*); 2. നിസ്സാരൻ; 3. ചങ്ങാതി. a dead d. ഉപയോഗമില്ലാത്തത്, നിസ്സാരം. a d. in the manger തനിക്ക് വേണ്ടെങ്കിലും വേണ്ടുന്നവൎക്ക് കൊടുക്കാത്തവൻ. d.-ape ആൺകരങ്ങ് (*z.*). d.-cheap വളരെ സഹായമുള്ള. d.-flea നായിച്ചെള്ള്. d.-Latin പട്ടഭാഷ. d.-louse നായ്പേൻ. d.'s-meat എച്ചിൽ, താണമാംസം. to give *or* throw to the d.s ചാടിക്കളയുക. to go to the d.s നശിച്ച്പോക, ശൂന്യമായി—. d.-bee ആൺതേനീച്ച (*z.*). d.-bolt മഹാനിസ്സാരൻ. d.-cart ഒററക്കുതിര കെട്ടുന്ന രണ്ട് ചക്രവണ്ടി. d.-days (*pl.*) അത്യുഷ്ണകാലം. d.-draw മാൻവേട്ട. d.-eared കടലാസ്സ് മൂലമടങ്ങിയ (പുസ്തകം). d.-fancier നായിപ്രിയൻ. d.-fox ആൺകുറുക്കൻ (*z.*). d.-hearted ക്രൂരതയുള്ള. d.-hole ചാള. d.-rose കാട്ട്പനിനീർ പുഷ്പം (*b.*). d.'s-ear കടലാസ്സിൻെറ മൂലമടക്ക്. d.-sick വളരെ സുഖക്കേടുള്ള. d.-sleep കള്ളയുറക്കം; നായുറക്ക്, കണ്ണ്കാച്ചൽ. d.-tooth കുഞ്ചമ്പല്ല് (*an.*). d.-trick മൃഗസ്വഭാവം; ക്രൂരത. d.-weary അത്യന്തം ക്ഷീണിച്ച. *v. t.* പിന്തുടരുക, നായാടുക; 2. മടങ്ങാതെ പിന്തുടരുക; 3. നായ്ക്കളോട് കൂട വേട്ടയാടുക; 4. ബുദ്ധിമുട്ടിക്കുക, അസഹ്യപ്പെടുത്തുക. -'ged, *a.* കുണ്ഠിതഭാവം ഉള്ള; വാശി—, നിഷ്ഠ—, പിൻമാറാത്ത. -'ged-ly, *ad.* വാശിയോടെ. -'ged-ness, *n.* നിഷ്ഠ, വാശി; സ്ഥിരോത്സാഹം. -'gish, *a.* നായ്പ്പോലത്ത, മുരട്ട്ശീലമുള്ള. -'gish-ly, *ad.* മുരട്ട്ഭാവത്തോടെ. -'gish-ness, *n.* നായിസ്വഭാവം.

**Dog'gĕr-el,** *n.* പട്ടകാവ്യം, —ശ്ലോകം.

Dog'ma, *n.* ഉപദേശം, അഭിപ്രായം, മതം; 2. സൂത്രം, വിധി, പ്രമാണം, സിദ്ധാന്തം; 3. അടിമതം. =mat'ic, =mat'i-cal, *a.* ഉപദേശസംബന്ധം ആയ, പ്രമാണാനുസാരം—; അധികാരപൂർവ്വം—, കല്പനാരൂപം—. =mat'i-cal-ly, *ad.* ശാസ്ത്രം ആയി, ഉറപ്പ്—. =ma-ti'cian, =ma-tist, =ma-tī'ser, *n.* ഉപദേശപ്രസ്താവകൻ, പ്രമാണം പറയുന്നവൻ, സിദ്ധാന്തിക്കുന്നവൻ. =mat'ics, *n.* ഉപദേശസംഹിത, ക്രിസ്ത്യാനിവിശ്വാസവിഷയസംഹിത (*theol.*). -tīse, *v. i.* സ്ഥാപിച്ച് പറയുക, തെളിഞ്ഞ്—, സിദ്ധാന്തിക്കുക, അതിധൈര്യത്തോടെ പ്രസ്താവിക്കുക. *v. t.* പ്രമാണമായി പറക.

Dōl'drums, *n. pl.* കാററില്ലാത്തകടൽ. to be in the d. ഉന്മേഷമില്ലാതെ ഇരിക്കുക, മിനക്കെട്ട്—.

I. Dōle, *n.* ദുഃഖം, വിലാപം. -'ful, -'sōme, *a.* ദുഃഖകരം ആയ, പരിതാപകരം—, വ്യസനമുള്ള. -'ful-ly, *ad.* ദുഃഖത്തോടെ. -'ful-ness, *n.* വ്യസനം, പ്രലാപം.

II. Dōle, *v. t.* നുള്ളിക്കൊടുക്കുക, അല്പാല്പമായി വിഭാഗിച്ച് കൊടുക്കുക. *n.* പങ്കിടൽ, നുള്ളിക്കൊടുക്കൽ; 2. നുള്ള്, പിടി, ഓഹരി; 3. ഭിക്ഷ, സവ്വാണി, ധർമ്മം; 4. അതിര്, അതിക്കല്ല്. d. beer, d. bread ഭിക്ഷാന്നം.

Doll, Dol'ly, *n.* പാവ, 'ബൊമ്മ', പാവാച്ചി. d.y-shop പഴയസാമാനം വില്ക്കുന്നസ്ഥലം.

Dol'lar (-lĕr), *n.* രണ്ട് ഉറുപ്പികക്കുള്ള അമെരിക്കവെള്ളിനാണ്യം.

Dol'man, *n.* നിലയങ്കി.

Dō'lŏr, Dō'lŏur, *n.* നോവ്, ദുഃഖം. =rif'ĕr-ŏus, =rif'ic, =rif'i-cal, *a.* വേദനവരുത്തുന്ന, വ്യസനം—. dol'o-rŏus, *a.* വ്യസനം ഉള്ള, വ്യാകലം—, ദുഃഖകരമായ. =rŏus-ly, *ad.* വേദനയോടെ, സങ്കടത്തോടെ.

Dol'phin (-fin), *n.* കടൽപന്നി, ഏടി (*z.*). =net, *n.* പെണ്ണേടി.

Dōlt, *n.* ഭോഷൻ, പൊട്ടൻ, വിട്ടുവിഡ്ഢി. -'ish, *a.* വിഡ്ഢിത്വമുള്ള.

Dō'lus, *n.* ദുഷ്ടവിചാരം, ചതി.

Dom, *suf.* അധികാരം, വാഴ്ച, രാജ്യം; സ്ഥിതി.

Dom'a-ble, *a.* മെരുക്കാവുന്ന; 2. ഇണങ്ങുന്ന, മെരുങ്ങുന്ന.

Dō-māin' (-mān'), *n.* രാജ്യം, വാഴ്ച, അധികാരം; 2. ചക്രവർത്തിത്വം, സാമ്രാജ്യം; 3. നിലം പറമ്പുകൾ, ഭൂമി; 4. ജന്മിത്വം. public d. തിരുനിലം, പണ്ടാരഭൂമി. right of eminent d. സർക്കാരാവശ്യത്തിലേക്ക് അന്യരുടെ ഭൂമി എടുപ്പാനുള്ള അധികാരം (*l.*).

Dōme, *n.* ഭവനം, നിർമ്മാണം; 2. കുംഭഗോപുരം. dōmed (dōmd), *a.* കുംഭഗോപുരമുള്ള, കുംഭാകൃതിയായ. dom'i-cal, *a.* കുംഭഗോപുരാകൃതിയുള്ള.

Dōmes'dāy (dumz'dā), *see* doom's day *under* Doom.

Dō-mes'tic, *a.* ഗൃഹസംബന്ധമായ, കുഡുംബ—, വീട്ടിൽ ഉള്ള; 2. സ്വരാജ്യത്ത്—; 3. സ്വഗൃഹവാസതാല്പര്യം—; 4. വീട്ടിൽ വളർത്തുന്ന, നാട്ടിലുള്ള, നാട്ട്, നാടൻ; 5. സ്വഗൃഹത്തിൽ ഉണ്ടാക്കിയ, —രാജ്യത്തിൽ—. *n.* വീട്ട് പണിക്കാരൻ, ബാല്യക്കാരൻ, കുട്ടിപ്പട്ടര്; ഇരിക്കുന്നവൾ, ഇരുത്തി, ദാസി; 2. (*pl.*) സ്വരാജ്യത്തിലുണ്ടാക്കിയ ചരക്ക്, തുണിച്ചരക്ക്. =ti-cal-ly, *ad.* ഗൃഹകാര്യമായി, സ്വകാര്യമായി. =ti-cāte, *v. t.* ഗൃഹവാസപരിചയം വരുത്തുക; സ്വന്തമാക്കിത്തീർക്കുക; മെരുക്കുക, ഇണക്കുക. =cā'tiŏn, *n.* മെരുക്കൽ; ഗൃഹവാസം. =tic'i-ty, *n.* ജീവനം.

Dom'i-cile (*or* -cīle), *n.* വാസസ്ഥാനം, മന്ദിരം, ഭവനം, വീട്; 2. സ്ഥിരപാർപ്പ്, രാജ്യം (*l.*). *v. t.* സ്ഥിരം പാർപ്പാക്കുക, സ്ഥിരമായി താമസിക്കുക, കുടിയിരുത്തുക. -cil'i-ar, *n.* വീട്ട് പണിക്കാരൻ, ഭൃത്യൻ. -cil'i-ar-y, *a.* വാസസ്ഥാനസംബന്ധമായ. d.y visit ഭവനശോധന (*l.*). -cil'i-āte, *v. t.* സ്ഥിരമായി പാർപ്പിക്കുക, വീട്ടിൽ ഇരുത്തുക; കുടിപാ

ച്ലിക്കുക; മെരുക്കുക. -cil-i-ā'tiŏn, *n.* കുടിയിരുത്തൽ; സ്ഥിരം പാപ്പ്.

**Dom'i-nāte,** *v.t.* മുന്തിനില്ക്കുക; 2. വാഴുക, അധികരിക്കുക. *v. i.* അധികാരം നടത്തുക. =nance, =nan-cy, *n.* ശ്രേഷ്ഠത, മുമ്പ്; അധികാരം. =nant, *a.* വാഴുന്ന, ഭരിക്കുന്ന, അധികാരം നടത്തുന്ന; മുന്തിനില്ക്കുന്ന, പ്രബലതയുള്ള. =nā'-tiŏn, *n.* വാഴ്ച, ആധിപത്യം, അധികാരം, കർത്തൃത്വം, ശ്രേഷ്ഠത; അധികാരമുള്ള പരിഷ; (*pl.*) സ്വൎഗ്ഗീയദൂതരിൽ ഒരുവൎഗ്ഗം (*Bl.*). =nā'tive, *a.* അധികാരം ഉള്ള, കർത്തൃത്വം—. -nēer', *v.t.* & *i.* (over) അധികാരം നടിക്കുക, കർത്തൃത്വം—, ഭരിച്ചമൎക്കുക. =nēer'ing, *a.* കീഴമർത്തു വാഴുന്ന, അഹങ്കരിക്കുന്ന. =nēer'ing-ly, *ad.* അഹമ്മതിയോടെ. =in'iŏn, *n.* രാജത്വം, അധിനായകത്വം; ശ്രേഷ്ഠത, ഉന്നതി, മുമ്പ്, വലിപ്പം; രാജ്യം, സാമ്രാജ്യം; (*pl.*) ശ്രേഷ്ഠസ്വൎഗ്ഗദൂതവൎഗ്ഗം (*Bl.*). =niē, *n.* ഗുരുനാഥൻ; ബോധകൻ.

**Do-min'i-cal,** *a.* ഞായറാഴ്ചസംബന്ധം ആയ, കർത്തൃവാരസൂചകം—; 2. യേശുക്രിസ്തുവിനെ കുറിച്ചുള്ള; യേശു ഉപദേശിച്ച. d. prayer കർത്തൃപ്രാർത്ഥന (*Chr.*). d. letter ഞായറാഴ്ച സൂചകാക്ഷരം. *n.* ഞായറാഴ്ച; കർത്തൃപ്രാർത്ഥന. =min'i-can, *n.* രോമസഭയിലെ ഒരുവക സന്ന്യാസി (*R. C.*).

**Do-min'i-cīde,** *n.* യജമാനഹത്യ; 2. —ഹന്താവ്

**Dom'i-nō,** *n.* ഒരുവിധം ശിരോവസ്ത്രം; 2. സ്ത്രീകളുടെ വിലാപമൂടുപടം; 3. വേഷവസ്ത്രം, പോമുഖം; 4. ഒരുവക കളി. [മയ്യക.

**Don,** *v. t.* ധരിക്കുക, അണിയുക, ച

**Dō'nāte,** *v.t.* കൊടുക്കുക, ദാനം ചെയ്ക. =nā'tiŏn, *n.* പ്രദാനം; ദാനം, സൌജന്യം. don'a-tive, *n.* ധർമ്മം, ദാനം. *a.* ദാനം കിട്ടിയ, —ആയ. =nā'tŏr, =nŏr, *n.* ദാനം കൊടുക്കുന്നവൻ, ദാതാവ്, ദാനകർത്താവ് (*l.*). =nā'tŏr-y, *n.* ഭൂമികൈവൽ കിട്ടിയവൻ (*l.*). dōne, *a.* നല്കിയ, കല്പിച്ച. =nēe', *n.* ദാനം കിട്ടിയവൻ (*l.*).

**Don'key** (-ki), *n.* കഴുത (*z.*); 2. ബുദ്ധികെട്ടവൻ.

**Doo,** *n.* പ്രാവ് (*z.*).

**Doo'dle,** *n.* നേരമ്പോക്ക്കാരൻ, പച്ചപ്പരമാർത്ഥി, പച്ചപ്പശു.

**Doom,** *n.* തീൎപ്പ്, വിധി, ശിക്ഷാവിധി; 2. തലയിലെഴുത്ത്, ഈശ്വരകല്പിതം; കാലക്കേട്; ശിക്ഷ; 3. നാശം, മരണം; 4. വിവേചനം. *v. t.* തീൎപ്പ്കല്പിക്കുക; 2. ശിക്ഷ—; 3. —നിൎണ്ണയിക്കുക, പിഴകല്പിക്കുക; 4. നികുതികെട്ടുക; 5. തലയിലെഴുതുക. dooms'dāy, *n.* ശിക്ഷാവിധി, മരണദിവസം; അന്ത്യന്യായവിസ്താരനാൾ (*Chr.*). d.s-day-book ഇംഗ്ലാന്തിലെ പുരാതന പയിമാശിക്കണക്ക്.

**Dōor** (dōr), *n.* വാതിൽ, പ്രവേശനം; 2. കതക്, നിര, വാതിൽപലക; 3. പ്രവേശനമാൎഗ്ഗം; 4. വീട്. in-d.s, within d.s വീട്ടിന്നകത്ത്, അകത്ത്. next d. to അടുത്ത, അയൽവക്കത്തുള്ള, തൊട്ട. out of d.s, without d.s, out-d.s വീട്ടിന്ന് പുറത്ത്, വെളിയിൽ; അകലെ, ദൂരെ; പോയ്പോയി. to lay at one's d. കുററം ചുമത്തുക, ആക്ഷേപിക്കുക. to lie at one's d. കുററക്കാരൻ ആയിരിക്കുക, ഉത്തരവാദി—. d.-case, d.-frame കട്ടിള. d.-cheek, d.-post കട്ടിളക്കാൽ. d.-keeper ദ്വാരപാലകൻ. d.-nail വാതിലിന്ന് മുട്ടുവാൻ വാതിലിന്മേൽ തറച്ചിരിക്കുന്ന കൊടയാണി. d.-sill വാതിൽപടി, ഉമ്മരപ്പടി. d.-stead വാതിൽ, ചുമരിലുള്ള വാതിൽ മറി. d.-way പ്രവേശനവാതിൽ. d.-yard കിഴക്കെമുററം, വാതില്ക്കലെ—, ഉമ്മരത്തെ—. -'ing, *n.* കട്ടിള.

**Dor,** *n.* ഒരുവക വണ്ട് (*z.*); 2. കളി, തമാശ; ചെണ്ടകൊട്ടിക്കൽ. to give one the d. തമാശആക്കുക; വിഡ്ഢി—; തോല്പിക്കുക.

**Dor'mant,** *a.* ഉറങ്ങിക്കിടക്കുന്ന; 2. അനങ്ങാത്ത, മിണ്ടാത്ത, സ്വസ്ഥമായ്ക്കിടക്കുന്ന. 3. രഹസ്യമായിരിക്കുന്ന, ഉള്ളിൽ കിടക്കുന്ന, പുറത്ത് വന്നിട്ടില്ലാത്ത. d.

partner പ്രവൃത്തി ചെയ്യാതെ മുതൽ മുട ക്കുക മാത്രം ചെയ്യുന്ന ക്രൂരകാരൻ. *n.* വി ട്ടം, പിട്ടം, തൊണ്ടിക (*arch.*). =mi-tive, *a.* ഉറക്കം വരുത്തുന്ന. *n.* ഉറക്കിനുള്ള മരുന്ന്, നിദ്രജനകൌഷധം (*med.*). =mi-tŏr-y, *n.* ഉറക്കറ, ശയനഗൃഹം; —ശാല; ശ്മശാനം.

Dor'sum, *n.* പുറം, മുതുക് (*an.*). =sal, *a.* പിൻവശത്ത് ഉള്ള, മുതുകത്ത് —, പിൻഭാഗത്ത് —, പൃഷ്ഠം സംബന്ധിച്ച.

Dōse, *n.* മാത്ര; 2. തക്കഅളവ്, മി തമായ—, ഓഹരി, വീതം; 3. മനസ്സില്ലെ ങ്കിലും കുടിക്കാതെ നിവൃത്തിയില്ലാത്തത്; മനമില്ലാമനസ്സോടെ ചെയ്യേണ്ടിവരുന്ന ത്. *v. t.* മാത്രയാക്കുക; 2. മരുന്ന് കൊ ടുക്കുക. —കുടിപ്പിക്കുക; 3. തിക്തകം സേ വിപ്പിക്കുക.

Dos'sĕr, *n.* കുട്ട, കൊട്ട, വട്ടി.

Dŏst, 2*nd. pers. sing. of* Do.

I. Dot, Dōte, *n.* സ്ത്രീധനം (*l.*), കാശ് പണം (*M.*). ='tal, *a.* സ്ത്രീധനം ആയ, —സംബന്ധിച്ച. -tā'tiŏn, *n.* സ്ത്രീധനം; സ്ത്രീധനം കൊടുക്കൽ; പരോപകാരദ്രവ്യ ദാനം.

II. Dot, *n.* വിന്ദു, കുത്ത്, പുള്ളി, കുറി, നിത്ത്; 2. ചെറിയത്, ചിമിട്ട്. *v. t.* കുത്തിടുക; 2. പുള്ളികുത്തുക. *v. i.* കു ത്തിടുക. -'ted, *a.* പുള്ളികുത്തിയ.

Dōte, Dōat, *v. i.* ഭോഷത്വം പ്രവൃ ത്തിക്കുക; 2. പ്രായാധിക്യംകൊണ്ട് ബു ദ്ധിമന്ദിക്കുക; 3. നൊടിയുക; 4. (on) കണ ക്കില്ലാതെ സ്നേഹിക്കുക. =tāġe, =tar-y, *n.* വാൎദ്ധക്യത്താലുള്ള ബുദ്ധിമാന്ദ്യം, അ ത്തും പിത്തും, വാൎദ്ധക്യശൈശവം; നൊ ടിച്ചൽ; മതിമറന്നസ്നേഹം, അതിപ്രേമം, വാത്സല്യഭ്രമം. ='tard, ='tant, *n.* വാൎദ്ധ ക്യഭ്രമമുള്ള ആൾ, അത്തുംപിത്തുമായ—. ='tard-ly, *ad.* ബുദ്ധിവൈകല്യത്തോടെ. ='ted, *a.* ഭോഷത്വമുള്ള; പൊതലിച്ച. ='tĕr, *n.* ബുദ്ധിലോപംഉള്ളവൻ; സ്നേ ഹഭ്രമം—. ='tĕr-y, *n.* നൊടിച്ചൽ. ='tiṅg, *a.* ബുദ്ധിവൈകല്യം ഉള്ള, ഭോ ഷത്വം—; അതിസ്നേഹം—. ='tiṅg-ly, *ad.* പ്രേമഭ്രാന്തോടെ. ='tish, *a.* ബുദ്ധി കെട്ട, ബലഹീനമായ. ='ty, *a.* പൊതലിച്ച.

Dot'tĕr-el, *n.* എളുപ്പത്തിൽ പിടി പ്പാൻ കഴിയുന്ന ഒരു പക്ഷി (*z.*); 2. ക വാട്, അണ്ണാരപ്പൊണ്ണൻ.

Dŏub'le, *a.* ഇരട്ടിയായ, ഇരട്ടിച്ച; 2. ഇണആയ, കൂട്ടം—, ഇരണ—. 'ജോ ട്'—; 3. രണ്ട് വിധം—, അകത്ത് കത്തി യും പുറത്ത് പത്തിയും—, കപടഭാവമുള്ള. d.-dagger ‡ എന്ന ഇണവിലങ്ങ് കുറി. d.-drum ചെണ്ട. d.-standard പൊ ന്നും വെള്ളിയും നാണ്യമായ. d.-star ഇണനക്ഷത്രം (*as.*). d.-time ഓട്ടം (*mil.*). *ad.* രണ്ടുരു, രണ്ട് വട്ടം, ഇരട്ടി യായി. *v. t.* ഇരട്ടിക്കുക; 2. (up) മട ക്കുക, ചുരുട്ടുക; 3. ഇരട്ടിയായിരിക്കുക; 4. ചുററിപ്പോക. *v. i.* ഇരട്ടിയായി പെ രുകുക; 2. വന്നവഴിക്ക് തന്നെപോക; 3. ചതിക്കുക, തോല്പിക്കുക. to d. upon നടുവിലാക്കി ഇരുഭാഗത്ത് നിന്നും വെടി വെക്കുക (*mil.*). *n.* ഇരട്ടി; 2. മടക്ക്; 3. തിരിച്ചൽ, മറിച്ചൽ, ഉപായം; 4. തത്തു ല്യൻ, പോലെയുള്ളവൻ, സദൃശൻ; 5. 'ഡബൽ'. d.-barrelled ഇരട്ടക്കുഴലുള്ള. d.-dealer ചതിയൻ. d.-dealing ചതി. d.-decker ഇരട്ടത്തട്ട് യുദ്ധക്കപ്പൽ. d.-dye രണ്ടുരുചായംമുക്കിയ, കട്ടുംചായ മുള്ള; തികഞ്ഞ (കള്ളൻ). d.-eyed ക ള്ളക്കണ്ണ് ഉള്ള. d.-faced രണ്ട് തല—; കാപട്യം—. d.-handed ഇരുകൈ—; കള്ളത്തരം—, ചതി—. d.-headed ഇര ട്ടത്തല—. d.-hearted വഞ്ചന—. d.-minded ബുദ്ധിചാപല്യം—. d.-quick ഓട്ടം, പാച്ചൽ (*mil.*). d.-threaded പിരിച്ചനൂലുള്ള. d.-tongue ഇരുനാവ്, വ്യാജം. -ness, *n.* ഇരട്ട; കപടഭാവം. ='let, *n.* ഇണ; കുപ്പായം. ='liṅg, *n.* ഇരട്ടിക്കൽ, മടക്കൽ; മറിപ്പ്, തിരിപ്പ്. d. a cape മുനമ്പ് ചുററിയോടുക (*naut.*). ='ly, *ad.* ഇരട്ടിയായി; ചതിവായി.

Doubt (dout), *v. t.* & *i.* സംശയിക്കു ക, ചഞ്ചലപ്പെടുക; 2. ഭയപ്പെടുക, ശങ്കി ക്കുക; 3. വിശ്വസിക്കാതെ ഇരിക്കുക, സമ്മതിക്കാതെ—. to d. not but സം ശയം ഇല്ല. *n.* സന്ദേഹം, ചഞ്ചലം.

ശങ്ക; 2. സംശയസ്ഥിതി, —സ്ഥാനം; 3. ഭയം; 4. ആക്ഷേപം. **no d.** നിസ്സംശയം, തീൎച്ചതന്നെ. **out of d.** സംശയം ഇല്ലാതെ. **-'a-ble,** *a.* സംശയകരമായ. **-'ful,** *a.* തീൎച്ചയില്ലാത്ത, സംശയകരമായ; സ്പഷ്ടമല്ലാത്ത; ഭയാൎത്ഥം ഉള്ള; ഭയം—. **-'ful-ly,** *ad.* സംശയത്തോടെ. **-'ful-ness,** *n.* വ്യക്തിയില്ലായ്മ; അനിശ്ചയം. **-'ing,** *a.* സംശയിക്കുന്ന, ശങ്കയുള്ള. **-'ing-ly,** *ad.* നിശ്ചയമില്ലാതെ. **-'less,** *ad.* സംശയരഹിതമായി.

**Douce,** *a.* ബോധം ഉള്ള, ബുദ്ധി—, വിനയം—. **=cĕur',** *n.* സൌമ്യത, നയശീലം; പ്രതിഫലം, സമ്മാനം, വിരുത്.

**Dooche** (dush), *n.* ചികിത്സാൎത്ഥം വെള്ളം അടിക്കൽ; 2. വസ്തി (*med.*).

**Dough** (dō), *n.* കുഴച്ചമാവ്, പിട്ട്; 2. കൊഴുത്തസാധനം. **to have one's cake d.,** *s. u.* **Cake. d.-baked** നല്ലവണ്ണം വേകാത്ത; ബുദ്ധിമാന്ദ്യമുള്ള. **d.-face** ഭീരു, തന്റേടമില്ലാത്തവൻ; പതം. **d. kneaded** കുഴച്ചമാവു് പോലെ ഉള്ള, പതം—. **d.-nut** നെയ്യപ്പം. **-'i-ness,** *n.* പതം, പശിമ. **-'y** (dō'i), *a.* കുഴച്ചമാവ് പോലെ ഉള്ള, പതം—, ഘനം—; വിളൎന്ന.

**Dough'ty** (dow'ti), *a.* ഊക്ക് ഉള്ള, ധൈൎയ്യം—, വീൎയ്യം—. **=ti-ly,** *ad.* പരാക്രമത്തോടെ. **=ti-ness,** *n.* ധീരത, വമ്പ്.

**Dou-loc'ra-cy,** *n.* അടിമവാഴ്ച.

**Doupe,** *n.* ഒരുവക കാക്ക (*z.*).

**Dour,** *a.* ഉറപ്പ് ഉള്ള; 2. കഠിനമായ, ശാഠ്യമുള്ള.

**Dou'ra,** *n.* ഒരുവക തിന (*b.*).

**Douse,** *v. t.* വെള്ളത്തിൽ മുക്കുക, ആഴ്ത്തുക; 2. താഴ്ത്തുക; 3. അഴച്ച് കൊട്ടുക. *v. i.* വെള്ളത്തിൽ വീഴുക.

**Dŏve,** *n.* പ്രാവ്, കപോതം (*z.*); 2. സൌമ്യൻ. **soiled d.** വേശ്യ. **d.-cot, d. cote** പ്രാക്കൂട്. **d.-eyed** സൌമ്യതയുള്ള. **d.-let** പ്രാക്കുഞ്ഞ്. **d.-like** ശുദ്ധിഉള്ള, സൌമ്യത—. **d.-tail** പരുന്തിൻവാൽഏപ്പ് (*carp.*). **dŏv'ish,** *a.* ദോഷം ചെയ്യാത്ത.

**Dow, Dhow,** *n.* അറബിക്കപ്പൽ.

**Dow'a-ger,** *n.* സ്ത്രീധനം ഉള്ള വിധവ, സ്വകാൎയ്യസ്വത്തുള്ള—; 2. പ്രഭു—. **queen-d.** രാജ—. **-ism,** *n.* വിധവത്വം.

**Dow'dy,** *a.* പപ്രച്ഛമായ. *n.* പപ്രച്ഛസ്ത്രീ. **=di-ly,** *ad.* വൃത്തികേടായി. **=di-ness,** പപ്രച്ഛവേഷം. **=ish,** *a.* വൃത്തികെട്ട.

**Dow'ĕr, Dowe'ry, Dow'ry,** *n.* ദാനം, വരം, പ്രാപ്തി; 2. സ്ത്രീധനം, കാശ് (കായി) പണം (*M.*); 3. വിധവസ്വത്ത് (*l.*). **='ĕred** (-ĕrd), *p. a.* ദാനം കിട്ടീട്ടുള്ള, സ്ത്രീധനം—. **=dow'ress,** *n.* സ്ത്രീധനത്തിന്ന് അവകാശമുള്ള സ്ത്രീ.

**Dowle,** *n.* പക്ഷിയുടെ തൊപ്പ, —ഇളന്തുവൽ, പപ്പ്.

I. **Down,** *n.* മാൎദ്ദവരോമം; 2. പക്ഷിയുടെ തൊപ്പ, —പൂട (പൊകട); 3. മുളച്ച് വരുന്ന മീശയും താടിയും, പൃച്ചരോമം; 4. കിടക്ക; തലയണ; 5. സുഖം. *v. t.* തൊപ്പനിറക്കുക. **-'i-ness,** *n.* മാൎദ്ദവം, പതം. **-'y,** *a.* പപ്പ് ഉള്ള, മൃദുത്വം—; സുഖം—; ഉപായം—.

II. **Down,** *n.* (*pl.*) പൂഴിക്കുന്ന്.

III. **Down,** *ad.* താഴോട്ട്, കീഴോട്ട്; 2. താഴത്ത്, താഴെ, കീഴെ; 3. അടിയിൽ, അടിവാരത്തിൽ; 4. അസ്തമിച്ച; 5. അധമമായി, താഴ്ചയിൽ. **the rain came d.** പെയ്തു. **the moon is d.** അസ്തമിച്ചു. **come d. to us** വരിക. **boil d.** കുറുക്കുക. **to fall d.** വീഴുക. **to load d.** കത്തിയമൎത്തി നിറക്കുക. **he went d. to town** പോയി. **go, come, pounce d. on** *or* **upon** ആക്രമിക്കുക, റാഞ്ചുക. **d. with** പൊളിക്കുക, നീക്കുക. **to be d. on** ദ്വേഷ്യപ്പെടുക. **cry d.** ദൂഷ്യം.പറയുക. **to cut d.** മുറിച്ച്കളയുക. **up and d.** മേലും കീഴും; അങ്ങുമിങ്ങും; ചുററും. *prep.* താഴോട്ട്, കീഴോട്ട്; (പുഴയിൽ) താഴോട്ട്. **d. the country** അഴികൊള്ളെ. **d. the sound** കടലിലേക്ക്. *v. t.* ഇറക്കുക, കിഴിക്കുക,

താഴ്ത്തുക; 2. മറിച്ചിടുക, തള്ളിയിടുക; 3. തോല്പിക്കുക. *v.i.* ഇറങ്ങുക, കിഴിയുക. *a.* കുഞ്ഞിതം ആയ; 2. തിച്ച—; 3. കീഴോട്ടുള്ള; ചാഞ്ഞ. **d. in the mouth** ഇച്ഛാഭംഗം ഉള്ള, കുഞ്ഞിതം—. **d.-bear** താഴ്ത്തുക. **d.-cast** മുഖം വാടിയ, തല താഴ്ത്തിയ, അധോമുഖത്വം ഉള്ള; ലജ്ജ—, ഭയം—. **d.-come** വീഴ്ച, അപജയം. **d.-fall** വീഴ്ച; വിലക്കുറച്ചം; അപകീൎത്തി; നാശം. **d.-fallen** ശൂന്യമായ, താഴ്ചപ്പറ്റിയ. **d.-hearted** മനസ്സിടിഞ്ഞ. **d.-hill** കിഴിച്ചൽ, ഇറക്കം. **d.-lying** ഉറക്കിന്റെ നേരം. **at the d.** ഈററ് നോവ് സമയം. **d.-pour** വൎഷം, മഴ, മാരി. **d.-right** (-rīt) കുത്തനെ, നേരെതാഴോട്ട്; ഉടനെ; ആചാരം ഇല്ലാത്ത; പച്ച, സാക്ഷാൽ. **d.-sitting** ഇരിപ്പ്, ഇരുത്തം. **d.-stairs** താഴെത്തട്ട്, മാളികയുടെ താഴെ. **d.-stream** താഴോട്ട്. **d.-stroke** കീഴ്പ്പെട്ടുള്ള വര. **d.-trod, d.-trodden** ചവിട്ട് കൊള്ളുന്ന, ഉത—; ശകാരം ഏററ. **d.-weigh** ഭാരമായിരിക്കുക. *n. pl.* അധോഗതി. **-'ward, -'wards,** *ad.* കീഴോട്ട്; അധോഗതി ആയി; പരമ്പര—. **-'ward,** *a.* കീഴ്പ്പെട്ട് ഉള്ള; മനഃകുഞ്ഞിതം—.

**Dowse** (dous), *v. t.* മുക്കുക, ആഴ്ത്തുക; 2. അടിക്കുക. *v. i.* കിണററിന്ന് കുററിയിടുക. *n.* ചെള്ളക്കുള്ള അടി, ഗണ്ഡതാഡനം.

**Dox-ol'o-ġy,** *n.* ദൈവസ്തുതി, സ്തോത്രഗീതം. **=loġ'i-cal,** *a.* ദൈവസ്തുതിയായ. **=ġīse,** *v.i.* —സ്തുതിപാടുക.

**Dōze,** *v. i.* ഉറക്കം തൂക്കുക, —തൂങ്ങുക, മയങ്ങിക്കിടക്കുക. *v. t.* ഉറങ്ങിക്കഴിക്കുക; 2. മന്ദതവരുത്തുക. *n.* നിദ്രാമയക്കം. **dozer,** *n.* ഉറക്കം തൂക്കി. **='zi-ness,** *n.* മയക്കം, ആലസ്യം. **dō'zy,** *a.* നിദ്രാമയക്കമുള്ള, ഉറക്ക് പററിയ.

**Dŏz'en** (duz'n), *n.* പന്ത്രണ്ട്, പന്ത്രണ്ടെണ്ണം, ഈരാറ്, 'ഡജൻ'; 2. കറെ. **a baker's d., a long d.** പതിമ്മൂന്ന്. **=enth,** *a.* പന്ത്രണ്ടാമത്തെ.

**Drab,** *n.* നീച സ്ത്രീ, വൃത്തികെട്ട—; 2. പര—, കാമുകി; 3. ഒരുവകതുണി; 4. ചെമ്മൺനിറം. *v. i.* പരസ്ത്രീസംസൎഗ്ഗം ചെയ്യുക. **-'bĕr,** *n.* ദുൎന്നടപ്പ്കാരൻ. **-'bish,** *a.* മൺനിറം ഉള്ള; വേശ്യാവൃത്തി—.

**Drab'ble,** *v. t.* ചേററിലിട്ട് വലിക്കുക; 2. മലിനമാക്കുക. *v. i.* ചൂണ്ടലിടുക.

**Drachm** (dram), *n.* ദ്രമ്മ; 2. *see* **Dram.** **='ma,** *a.* പുരാതനകാലത്തെ ഒരു ചെറിയ വെള്ളിനാണ്യം.

**Dra'cō,** *n.* ചതുപ്പ് നിലത്തിൽനിന്ന് പൊങ്ങുന്ന പ്രഭാവായു; കൊള്ളിച്ചൂട്ട.

**Draff,** *n.* എച്ചിൽ; 2. മട്ട്; 3. കല്ക്കം; 4. കാടിവെള്ളം. **='fish, ='fy,** *a.* നിസ്സാരം ആയ, എച്ചിൽ—.

**Draft,** *n.* വലി, വാഹനം; 2. തെരിഞ്ഞെടുത്ത സൈന്യം; 3. അവാല, ദ്രവ്യപത്രം (*com.*); 4. കിഴിപ്പ്, കിഴിവ്; 5. പടം; 6. പകൎപ്പ്, കരട്; 7. കപ്പൽ ഓടുവാൻ വേണ്ടുന്ന കയം; 8. കാററ് മുഖം. *a.* വാഹനത്തിന്ന് കെട്ടുന്ന; 2. കാററോട്ടം സംബന്ധിച്ച. *v. t.* വരക്കുക; 2. രചിക്കുക; 3. പട്ടാളം കെട്ടുക; പടയാളികളെ തെരിഞ്ഞെടുക്കുക; 4. അവാലകൊടുക്കുക (*com.*).

**Drag,** *v. t.* ഇഴെച്ച് വലിക്കുക; മരം—; വല—; 2. കട്ടയുടക്കുക; ഊൎച്ചകഴിക്കുക; 3. ബുദ്ധിമുട്ടോടെ കഴിച്ച് കൂട്ടുക, വേദനയോടെ—. **to d. an anchor** നങ്കൂരം വലിഞ്ഞ് പോക. *v. i.* ഇഴയുക; 2. പ്രയാസേന കഴിഞ്ഞ് പോക; 3. തടസ്ഥമായിരിക്കുക; 4. കരവലവീശുക. *n.* വലി; 2. വല; 3. ഭാരവണ്ടി; 4. ഊൎച്ചപ്പലക; 5. മുട്ടി, വട്ടക്ക്; വിഘ്നം; 6. ഇഴെക്കൽ. **d.-man** വലവീച്ചക്കാരൻ. **d.-net** കരവല, വീച്ച്—.

**Drag'gle,** *v. t.* ചേററിൽ കൂടി ഇഴെക്കുക. *v. i.* ഇഴഞ്ഞ് ചേറ് പിരളുക.

**Drag'ō-man, Drog'man, Drog'ō-man,** *n.* ഭാഷാന്തരക്കാരൻ, തൎജ്ജമക്കാരൻ, ദ്വിഭാഷി, മുൻഷി.

**Drag'on,** *n.* മിത്ഥ്യാസൎപ്പം (*myth.*); 2. ശൂൎപ്പണഖ, കലഹക്കാരത്തി; 3. കുളി

ച്ചൂട്ട; 4. ഒരുവക ചെറിയതോക്ക്; 5. പാറോന്ത് (*z.*). **flying-d.** കൊള്ളിമീൻ. **-nāde,** *n.* കൊള്ള, ആക്രമം.

**Dra-goon′,** *n.* കുതിരപ്പടയാളി; 2. ഒരുവക പ്രാവ്. (*z.*). *v.t.* കൊള്ളയിട്ട് നശിപ്പിക്കുക; 2. ഞെരുക്കുക, ബലാല്ക്കാരം ചെയ്ക.

**Drāin,** *v.t.* വലിച്ചെടുക്കുക; വാക്കുക; ഇല്ലാതാക്കുക; 2. വററിക്കുക, ഉണക്കുക; 3. പണം ഇല്ലാതാക്കുക; 4. അരിക്കുക. *v.i.* ക്രമേണ ഒഴുകിപ്പോക, വററുക. *n.* നീക്കം, ഒഴുക്കം; 2. ചാല്, ഓവ്, തോട്. **-′a-ble,** *a.* വററിക്കാവുന്ന. **-′āġe,** *n.* വെള്ളം വാക്കൽ; രാജ്യത്തിലെ നീരൊഴുക്കം, നദീവ്യവസ്ഥ; നീരൊഴുക്ക് സാഹിത്യങ്ങൾ; നദിപ്പ്രദേശം; ചലം കളയൽ (*med.*). **-′ẽr,** *n.* വെള്ളം വാക്കുന്നവൻ; അടച്ചൂററി. **-′iṅg,** *n.* വെള്ളം വററിക്കൽ. **d.g pipe** പാത്തി, ഓവ്, കുഴൽ.

**Drāke,** *n.* ആൺതാറാവ്, —വാത്ത്, —വത്ത്, —ആളി. **ducks and d.s** വെള്ളത്തിന്മേൽ കല്ല് തുള്ളിക്കൽ.

**Dram,** *n.* മരുന്നുതൂക്കം, കാൽപലം, രണ്ടരഉറുപ്പികയിട; 2. അല്പം; 3. ഒരു ചുക്കിരി; മദ്യം. **d.-seller** ചാരായവ്യാപാരി. **d.-shop** ചാരായക്കട. *v.t. & i.* ചുക്കിരി ചുക്കിരിയായി കുടിക്കുക. **-′miṅg,** *n.* ചുക്കിരികുടിക്കൽ.

**Dram′a,** *n.* നാടകം; 2. മുഖ്യസംഭവം; 3. നാടകഗ്രന്ഥങ്ങൾ. **dra-mat′ic, =mat′i-cal,** *a.* —സംബന്ധം ആയ, പ്രത്യക്ഷം—. **=mat′i-cal-ly,** *a.* നാടകം പോലെ, നാടകരൂപേണ; സ്പഷ്ടമായി. **dramatis personæ,** *n.* നാടകത്തിലെ നായക നായകിമാർ. **-tist,** *n.* നാടകം രചിക്കുന്നവൻ, നാടകകവി. **-tīs̱′a-ble, -tīz′a-ble,** *a.* നാടകം കെട്ടാകുന്ന. **-tis̱-ā′tiȯn, -tiz-ā′tiȯn,** *n.* —കെട്ടൽ. **-tīs̱e, -tīze,** *v.t.* —ആക്കുക, —രചിക്കുക. **-tur-ġic,** *a.* നാടക വിദ്യാസംബന്ധമായ. **-tur-ġist,** *n.* —ശാസ്ത്രി. **-tur-ġy,** *n.* —വിദ്യ.

**Draṅk,** *p.t. of* **Drink.**

**Drā′pẽr,** *n.* തുണിക്കച്ചവടക്കാരൻ. **=pẽr-y,** *n.* തുണിഉണ്ടാക്കൽ; —വ്യാപാരം; തുണി; തുണികൊണ്ടുള്ള ശൃംഗാരം, ചിത്രപടം; തിരശ്ശീല, മറ.

**Dras′tic,** *a.* ഉടൻ ഫലംചെയ്യുന്ന, വീര്യം ഉള്ള; സഫലമായ (*med.*). *n.* കഠിനമായ വിരേചകൌഷധം (*med.*).

**Draught** (draft), *n.* വലിക്കൽ; ചരക്ക് കടത്തൽ; 2. വലവലിക്കൽ, —വീശൽ; 3. കുടിക്കൽ, കുടി; 4. ആക്രമം; 5. പട്ടാളം കെട്ടൽ; 6. വരക്കൽ; 7. വാഹനം; 8. മീൻപിടിത്തം; 9. സൈന്യഭാഗം; 10. ഇറക്ക്, മാത്ര; 11. പടം; 12. അവാല (*com.*); 13. കാററ്മുഖം; 14. വാഹനത്തിന്ന് കെട്ടുന്ന മൃഗം; 15. മറപ്പുര; 16. കപ്പലോട്ടത്തിന്ന് വേണ്ടുന്ന കുഴം; 17. കിഴിവ് (*com.*); 18. (ചതുരംഗം) കരുനീക്കം, —വെപ്പ്. **on d.** പീപ്പയിൽ നിറച്ച. *a.* ഭാരം വലിക്കുന്ന; 2. കാറേറാട്ടം സംബന്ധിച്ച; 3. വരക്കുന്നതിൽ ഉപയോഗിക്കുന്ന; 4. പീപ്പയിൽനിന്ന് എടുത്ത. **d.-horse, d.-ox** ഭാരവണ്ടിക്ക് കെട്ടുന്ന കുതിര (കാള), ഉഴുന്ന—. **d.-net** വീച്ച് വല. *v.t.* വലിച്ചെടുക്കുക, വിളിച്ച് വരുത്തുക; 2. എടുത്ത് തീർക്കുക; 3. വരക്കുക. **d.-house** മറപ്പുര. **d.s-man** ഹരജിയെഴുത്ത്കാരൻ; പടം വരക്കുന്നവൻ; കളിയിലെ കരു. *n. pl.* ഒരുവക കളി. **=′ty,** *a.* കാററ്മുഖമായ; സുഖമില്ലാത്ത.

**Dra̤w** (dra̤), *v.t. ir.* (drew, dra̤wn) വലിക്കുക, ഇഴെക്കുക; 2. ആകൎഷിക്കുക; 3. വരുത്തുക, ചോരവരുത്തുക; എടുക്കുക, കോരുക; വലിച്ചെടുക്കുക; 4. (വാൾ) ഊരുക; 5. സത്തെടുക്കുക; 6. ഫേമിച്ച് പറയിക്കുക; 7. അനുമാനിക്കുക; പഠിക്കുക; 8. പണം വാങ്ങുക, —മടക്കി എടുക്കുക; 9. നറുക്ക് കിട്ടുക, സോടതി—, നേടുക; 10. നറുക്കിട്ടെടുക്കുക; 11. ഒഴിക്കുക, വററിക്കുക; 12. കുടൽ എടുത്ത് കളയുക; 13. ശപനിക്കുക; 14. പുകവലിക്കുക; 15. കമ്പി—; 16. പടംവരക്കുക, ചിത്രം—; 17. വണ്ണിക്കുക; 18. രചിക്കുക; 19. വെള്ളത്തിൽ താണ് കിടക്കുക (*naut.*). **to d. a bow** വില്ല് കുലെക്കുക. **to d. a cover** കാടിളക്കുക.

to d. a curtain മറച്ച് കളയുക; മറയ്ക്കുക. to d. a line അതിര് വെക്കുക, ക്ലിപ്തപ്പെടുത്തുക. to d. back മടക്കിവാങ്ങുക. to d. breath ശ്വാസം കഴിക്കുക. to d. in വലിച്ചിടുക; കുടുക്കുക, വശീകരിക്കുക. to d. interest പലിശ ഉണ്ടാക. to d. off പിൻവാങ്ങുക. to d. on ഉണ്ടാക്കിത്തീർക്കുക. to d. (one) out ഉപായത്താലെ ഉള്ളറിയുക. to d. out നീട്ടുക. to d over വശത്താക്കുക. to d. the long bow വലുതാക്കി പറയുക; കളവായി—. to d. (one) to *or* on to (something) ചെയ്യിക്കുക, പ്രേരേപിക്കുക. to d. up എഴുതിയുണ്ടാക്കുക; അണിയായി നിൎത്തുക. *v. i.* വലിക്കുക; 2. കോരിയെടുക്കുക; 3. വശീകരിക്കുക; 4. പൊള്ളുക (*med.*); 5. പുകകഴിഞ്ഞ് പോക; 6. വാളൂരുക; 7. ചിത്രം വരക്കുക; 8. ചുരുങ്ങുക; 9. ചലിക്കുക, പോക, വരിക; 10. (on, upon) അവാല എഴുതുക, ഉണ്ടിക—(*com.*); 11. (വണ്ടി) ഓട്ടുക; 12. വെള്ളത്തിൽ താഴുക. to d. away മുമ്പിൽ പോക. to d. back വഴിയോട്ട് നില്ക്കുക; —പോക. d. level നിരയായി—; എത്തിപ്പിടിക്കുക. to d. off ഒഴിഞ്ഞ് നില്ക്കുക. to d. on മുമ്പോട്ട് ചെല്ലുക. d. up അണിയായി നില്ക്കുക. to d. near, d. nigh, d. towards അടുക്കുക. to d. together ഒന്നിച്ച് കൂടുക. to d. to a head ഉരുണ്ട് കൂടുക, കണ്ണുണ്ടാക, പഴുക്കുക (*med.*); പാകം ആക, തരം—. *n.* വലിക്കൽ, വലി; 2. നറുക്ക്, കുറി, ചീട്ട്; 3. സമമായപോര്; ഇരുഭാഗവും ജയിക്കാത്തയുദ്ധം; 4. മടക്ക് പാലം. d.-back കുറവ്, ഊനം, തടസ്ഥം. d.-bridge മടക്ക് പാലം. d.-cansir പോക്കണം കെട്ടവൻ. d.-cut ഒററക്കൊത്ത്. d.-loom, d.-boy ഒററക്കാൽ തറി, —മഗ്ഗം (*w.*). draw'ee, *n.* അവാലവരുന്നവൻ (*com.*). -'ĕr, *n.* വലിക്കുന്നവൻ; മദ്യം പകരുന്നവൻ; ചിത്രം വരക്കുന്നവൻ; അവാല അയക്കുന്നവൻ (*com.*); (*pl.*) അടിക്കാൽചട്ട; വലിപ്പ്. chest of d.s വലിപ്പ്പെട്ടകം. -'ing, *n.* വലിക്കൽ; ചിത്രംവരക്കൽ, ചിത്രം; കമ്പിവലിക്കൽ; നറുക്കെടുക്കൽ. d.g-room ഇരിപ്പറ; വിരുന്ന്കാർ; കൂടിക്കാഴ്ച. drawn, *p. p. of* draw. d.n-butter ഉരുക്ക് നെയി. d.n-fowl കുടൽ നീക്കിയ കോഴി. d.n-game, d.n-battle ഇരുഭാഗവും ജയിക്കാത്ത യുദ്ധം; സമമായ കളി.

Drawl (dral), *v. t. & i.* ഇഴച്ച് വലിച്ച് സംസാരിക്കുക. *n.* ഇഴഞ്ഞ സംസാരം.

Dray (drā), d.-cart, *n.* സാമാന വണ്ടി. d.-horse ചരക്ക് വലിക്കുന്ന കുതിര. d.-man സാമാനവണ്ടിക്കാരൻ. -'āge, *n.* വണ്ടിയിൽ സാമാനം കടത്തൽ; കടത്ത് കൂലി.

Dread (dred), *v. t.* ഭയപ്പെടുക, ഞെട്ടുക, നടുങ്ങുക, ഭ്രമിക്കുക. *v. i.* പേടിച്ചിരിക്ക. *n.* ഭീതി, ഭ്രമം; ഭയം, ശങ്ക. *a.* ഭയങ്കരമായ; 2. വണക്കം ഉള്ള, ശങ്ക—. -'a-ble, *a.* ഭയപ്പെടത്തക്ക. -'ful, *a.* ഭയജനകമായ. -'ful-ly, *ad.* ഭയങ്കരമായി. -'ful-ness, *n.* ഭയങ്കരത. -'less, *a.* ഭയമില്ലാത്ത; ഭീമമായ. -'less-ness, *n.* നിർഭയം. d.-naught ധീരൻ, പേടിയില്ലാത്തവൻ; തടിച്ചതുണി.

Dream (drēm), *n.* സ്വപ്നം, കിനാവ്; 2. മിത്ഥ്യാവിചാരം, മായാമോഹം. d.-land മനോരാജ്യം, മായാലോകം, മിത്ഥ്യാ—. *v. i. & t. ir.* (dreamt, dreamt) സ്വപ്നം കാണുക, സ്വപ്നിക്കുക; 2. വ്യൎത്ഥമായി നിരൂപിക്കുക. to d. away, d. out, d. through വെറുതെ സമയം കളയുക. -'ĕr, *n.* സ്വപ്നം കാണുന്നവൻ; മായാമോഹക്കാരൻ. -'ful, *a.* അതിസ്വപ്നമുള്ള. -'i-ly, *ad.* ഉറക്കം തൂങ്ങിക്കൊണ്ട്, സാവധാനത്തിൽ. -'i-ness, *n.* സ്വപ്നാവസ്ഥ. -'ing-ly, *ad.* കിനാവ് കണ്ട്കൊണ്ട്. -'less, *a.* സ്വപ്നം കാണാത്ത, ഗാഢമായ. -'y, *a.* അധികം സ്വപ്നം കാണുന്ന; മനോരാജ്യമായ.

Drear (drēr), *a.* ഭയങ്കരമായ, വ്യസനം ഉള്ള, ചിന്താകുലം—. -'i-ly, *ad.* മനോവ്യാകുലത്തോടെ. -'i-ness, *n.* ആധി, ക്ലേശം. -'i-sōme, *a.* സങ്കടമായ. -'y, *a.* ദുഃഖകരം ആയ, ആധികരം—, ഭയങ്കരം—, ഘോരം—.

**Dredge** (drej), *n.* കടലടിവാരി, അടിവാരിക്കൊട്ട, ഒരുവക വല, മണ്ണ് കോരുന്ന യന്ത്രം. *v. t.* കഴം വരുത്തുക; 2. മാവ് വിതറുക.

**Dreg,** *n.* ഊറൽ, കീടം; 2. നിസ്സാരഭാഗം, ചണ്ടി, ചവറ്. **-'gi-ness,** *n.* മട്ട്. **-'gish,** *a.* അടിയായ. **-'gy,** *a.* ഊറലുള്ള.

**Drench,** *v. t.* ബലമായി കടിപ്പിക്കുക; 2. അധികമായി വിരേചിപ്പിക്കുക; 3. പുതത്തുക, വെള്ളത്തിൽ മുക്കുക, ആഴ്ത്തുക. *n.* പാനീയം, പാനകം; 2. മരുന്ന്.

**Dress,** *v. t.* ക്രമപ്പെടുത്തുക; 2. ഒരുക്കുക, തയ്യാറാക്കുക; 3. നന്നാക്കുക, നിറത്തുക; 4. അരിക്കുക; 5. ചേറിപ്പാററി വെടിപ്പാക്കുക; 6. ഉടുപ്പിക്കുക; 7. ശീലം വരുത്തുക; 8. ശരിപ്പെടുത്തുക; 9. നേരെ നിത്തുക (*mil.*); 10. കഴകിമരുന്ന് വെച്ച്കെട്ടുക (*med.*). **to d. up, to d. out** മോടിയായി ഉടുപ്പിക്കുക. **to d. a ship** കപ്പലിൽ ധാരാളം കൊടികൾ പറപ്പിക്കുക. *v. i.* ശരിയായിനില്ക്കുക (*mil.*); 2. വസ്ത്രം ധരിക്കുക. *n.* വസ്ത്രം, ചമയം; 2. സ്ത്രീകളുടെ മേലങ്കി, ഉടുപ്പ്; 3. വസ്ത്രധാരണം. **d.-coat** പിൻഭാഗം മാത്രം താഴ്ച്ചയുള്ള കുപ്പായം, മുന്മുറിക്കുപ്പായം. **d.-goods** അങ്കിശീലത്തരം. **d.-maker** തുന്നക്കാരൻ. **d.-making** ഉടുപ്പ് തുന്നൽ. **-ĕr,** *n.* നന്നാക്കുന്നവൻ; തയ്യാറാക്കുന്നവൻ; ചമയിക്കുന്നവൻ; വൈദ്യസഹായി (*med.*); ഭക്ഷണസാധനങ്ങൾ ഒരുക്കിവെക്കുന്ന മേശ; —പാത്രത്തട്ട്. **-'ing,** *n.* വസ്ത്രാലങ്കാരം; മുറികെട്ടൽ (*med.*); വളമിടൽ (*agr.*); കൂട്ടാൻ, കറി, ചാറ്; കഞ്ഞിമുക്കൽ; ശൃംഗാരപ്പണി; ശിക്ഷ, ശാസന. **d.g-case** ഉടുചമയപ്പെട്ടി. **d.g-gown** നേരിയ അങ്കി. **d.g-room** വസ്ത്രധാരണമുറി. **d.g-table** —മേശ. **top d.g** വളം പാററൽ. **=’sy,** *a.* മോടിയായി ഉടുത്ത് ചമയുന്ന. **drest,** *p. p. of* **dress.**

**Drev'il,** *see* **Drivel.**

**Drew,** *p. t. of* **Draw.**

**Drib,** *v. t.* കാന്ന് എടുക്കുക, അല്പാല്പമായി—; 2. അപഹരിക്കുക, കക്കുക; 3. വശീകരിക്കുക.

**Drib'ble,** *v. i.* ഇററിററു വീഴുക. *v. t.* തുള്ളിതുള്ളിയായി ഉററിക്കുക. *n.* ചാറൽമഴ. **drib'blet, drib'let,** *n.* ചില്ലറ.

**Drift,** *n.* ഓട്ടം, ഒഴുക്കം; 2. ഊക്ക്, ശക്തി; 3. ഗതി; 4. ലാക്ക്, ഉദ്ദേശം; താല്പര്യം, അർത്ഥം, സാരം; 5. ഒഴകിപ്പോകുന്നത്; 6. മൃഗക്കൂട്ടം, പക്ഷിക്കൂട്ടം; 7. കപ്പച്ചാൽ തെററിയദൂരം. *v. i.* ഒഴകിപ്പോക; 2. പാറിക്കൂടുക. *v. t.* ഒഴകിപ്പോക; 2. കൂമ്പാരമാക്കുക. *a.* ഒഴകിപ്പോകുന്ന. **d.-way** നാല്ക്കാലിമാർഗ്ഗം. **d.-wind** ഒരുവിധം ചുഴലിക്കാററ്. **d.-wood** ഒലിച്ച് വന്നമരം. **-'āge,** *n.* കപ്പൽ ഗതിവിട്ട് പോകൽ; ഒഴകിവന്ന സാധനം. **-'less,** *a.* ഉദ്ദേശം ഇല്ലാതെ, ലാക്ക്—, കാര്യം—. **-'y,** *a.* ഒഴുക്കുള്ള, ഹിമം പെയ്യുന്ന.

**Drill,** *v. t.* തുളക്കുക; 2. അഭ്യസിപ്പിക്കുക; 3. ആയുധാഭ്യാസം ശീലിപ്പിക്കുക; 4. ദേഹാഭ്യാസം—. *v. i.* അഭ്യസിക്കുക. *n.* തുരപ്പണം, തുളക്കുന്ന യന്ത്രം; 2. ആയുധാഭ്യാസം, ‘കവാത്ത്’; 3. ദേഹാഭ്യാസം, വ്യായാമം; 4. ഒരുവക തുണി. **=’ling,** *n.* തുളക്കൽ; അഭ്യസിക്കൽ; ഒരുവക തുണി.

**Drink,** *v. i. ir.* (**drank; drunk, drunk'en**) കടിക്കുക, ഇറുമ്പുക, മോന്തുക; 2. മദ്യപിക്കുക, ലഹരിയാക. **to d. to** അഭിവാദ്യംചെയ്യ് കടിക്കുക. *v. t.* കടിക്കുക, പാനം ചെയ്യുക; 2. നുകരുക, വലിച്ചെടുക്കുക; 3. അനുഭവിക്കുക. **to d. down** കടിയാൽ ശമനം വരുത്തുക. **to d. in** അനുഭവിക്കുക, നിത്യം പെരുമാറുക. **to d. off, to d. up** ഒര് വലിക്ക് കടിക്കുക. **to d. the health of, to d. to the health of** മംഗലംചൊല്ലി കടിക്കുക. *n.* വെള്ളം, കടിപ്പാൻ, പാനം, പാനകം; 2. ഔഷധം; 3. മദ്യം. **d.-money, d. penny** തണ്ണിക്കൂലി. **d.-offering** പാനീയകാഴ്ച (*Bl.*). **in d.** മദ്യപിച്ചിരിക്കുക. **strong d.** മദ്യം, ചാരായം. **-'a-ble,** *a.* കടിപ്പാൻ തക്ക. **-'a-ble-ness,** *n.* കടിക്കത്തക്കസ്ഥിതി. **-'ing,** *n.* പാനം; ലഹരിയാകൽ; മദ്യസല്ക്കാരം.

d.g-horn കൊമ്പ് കററി,'വമ്പ്'. drunk, *a.* കടിച്ച, മത്തനായ, ലഹരിയുള്ള; മുങ്ങിയ, നനഞ്ഞ. *n.* ലഹരിയായസ്ഥിതി. drunk'ard (-ĕrd), *n.* കടിയൻ, വെറിയൻ. drunk'en, *a.* ലഹരിപിടിച്ച, കടിച്ച് ബോധം കെട്ട; നനഞ്ഞ; കടിയാലുണ്ടായ. drunk'en-ness, *n.* അമല്, ലഹരി, മത്ത്.

Drip, *v. i.* ഉററുക, ഒലിക്കുക. *v. t.* ഉററിക്കുക. *n.* ഉററ്; 2. ഇറവെള്ളം. -'ping, *n.* ഉററൽ, ഇററിററ് വീഴൽ; കൊഴുപ്പ്, നെയി.

Drīve, *v. t. ir.* (drōve, driv'en) ഓടിക്കുക, ഓട്ടുക; 2. തെളിക്കുക; 3. (ആണി) തറക്കുക; 4. വണ്ടികാട്ടുക, വണ്ടിയിൽ കയററിക്കൊണ്ട് പോക; 5. ബുദ്ധിമുട്ടിക്കുക, ഞെരുക്കുക; 6. നടത്തുക; 7. ഒഴിക്കുക, ഇല്ലാതാക്കുക; 8. നേരം കളയുക. to d. one mad ഭ്രാന്ത് പിടിപ്പിക്കുക. *v. i.* തിക്കിത്തിരക്കി നടക്കുക, ഉഗ്രമായി പോക; 2. ഓടിക്കൊണ്ട്—; 3. വണ്ടിസവാരി ചെയ്യുക; 4. (at) കാൎയ്യാൎത്ഥം ശ്രമിക്കുക. to let d. ആക്രമിക്കുക. *n.* വണ്ടിസവാരി, —സഞ്ചാരം; 2. വണ്ടിപ്പാത; 3. ഉഗ്രഗതി; തിരക്ക്, ബാദ്ധപ്പാട്; 4. കൂട്ടം; 5. മരത്തിരപ്പം. drī'vĕr, *n.* ഓടിക്കുന്നവൻ; തീവണ്ടി ഓടിക്കുന്നവൻ; വണ്ടിക്കാരൻ; തെളിക്കുന്നവൻ; വിചാരിപ്പ് കാരൻ, 'മേസ്ത്രി'. drī'ving, *a.* ഊക്കുള്ള, ഉഗ്രമായ. *n.* ഓട്ടം.

Driv'el, *v. i.* തുപ്പൽ ഒലിപ്പിക്കുക; 2. നൊടിയുക. *n.* ഉമിനീരൊഴുക്കം; 2. നൊടിച്ചൽ, ചിലെക്കൽ.

Driz'zle (driz'l), *v. i.* ചാറുക, അല്പാല്പം പെയ്യുക, പാറുക. *v. t.* പാററുക. *n.* ചാററൽമഴ; 2. മഞ്ഞ്. driz'zly, *a.* ചാററൽ ഉള്ള; നനവ്—, സുഖമില്ലാത്ത.

Droll, *a.* രസികമായ, നേരമ്പോക്കുള്ള, ചിരിക്കത്തക്ക. *n.* കോമാളി, വിദൂഷകൻ; 2. പാവ. *v. t.* കളിക്കുക, തമാശകാട്ടുക, വിനോദം—; 2. കളിയാക്കുക. *v. i.* പുറാട്ട് പുറപ്പെടുക, കോമാളിയാക. ='lĕr-y, *n.* രസം, വിനോദം; പുറാട്ട്; പാവക്കളി, പാവക്കൂത്ത്. ='ling-ly, *ad.* തമാശയായി. ='lish, *a.* വിനോദമുള്ള.

Drŏm'e-dar-y (-dĕr-), *n.* ഒട്ടകം, ഉഷ്ട്രം (z.).

Drōne, *n.* ആൺതേനീച്ച (z.); 2. ആരാൻ നേടിയത് തിന്നുന്നവൻ; മടിയൻ; 3. മുഴക്കം. *v. i.* മൂളുക, മുരളുക; 2. സ്വസ്ഥവൃത്തിയായിരിക്കുക. d.-bee ആൺതേനീച്ച (z.). drō'nish, drō'ny, *a.* മടിയുള്ള. drō'nish-ly, *ad.* മടിയോടെ.

Drool, *v. i.* തുപ്പലൊലിപ്പിക്കുക.

Droop, *v. i.* തലതാഴ്ത്തുക, —കനിക്കുക; 2. ക്ഷീണിക്കുക; 3. ഇച്ഛാഭംഗം തോന്നുക, വ്യസനം—; 4. അവസാനിക്കുക. *n.* തലതാഴ്ത്തൽ, കനിപ്പ്. -'ing-ly, *ad.* അധോമുഖനായി.

Drop, *n.* തുള്ളി, വിന്ദ്, ഉററ്; 2. മണി, ഞേലം; ഉണ്ട; 3. താഴ്ത്തുന്നയന്ത്രം; 4. തൂക്ക് മരം; 5. തിരശ്ശീല, മറ; 6. (*pl.*) ഔഷധൌഷധം; 7. വീഴ്ച. d. by d. കരേശ്ശയായി. d.-lake ചുവപ്പ് ചായം. d.-letter തപ്പാലിൽ ഇട്ടന്നാളിക്കിലേക്ക് തന്നെയുള്ള കത്ത്. *v. t.* ഉററിക്കുക, വാററുക; 2. വീഴ്ത്തുക, ഇടുക; 3. നീക്കുക, ഉപേക്ഷിക്കുക, വിട്ട് കളയുക; 4. സൂചനകൊടുക്കുക; 5. താഴ്ത്തുക; 6. എഴുതിയയക്കുക; 7. പെറുക; 8. മണിമണിയായി അലങ്കരിക്കുക. to d. a vessel (കപ്പൽ) മുന്തിയോട്ടുക. *v. i.* ഉററിവീഴുക; 2. വീണുപോക, വീഴുക; 3. പെയ്യുക; 4. മരിക്കുക; 5. മറന്ന് പോക, വിട്ട്—; 6. (in, into) നിനെയാത്ത നേരം വരിക; 7. വളയുക; 8. ലാക്കിൽ എത്താതെപോക; 9. ആഴമുണ്ടാക. to d. astern കപ്പൽ പിമ്പിലായ്പ്പോക. to d. down —പുഴയിൽ താഴോട്ട് ഓട്ടുക. to d. off ഉറങ്ങിപ്പോക; മരിക്കുക. -'let, *n.* ചെറുതുള്ളി; കണ്ണുനീർ. -'ping, *n.* വീഴ്ച, വീഴൽ; (*pl.*) മൃഗകാഷ്ഠം, പിട്ട, ചാണകം. d.g-fire ഇടവിടാതെ ക്രമം വിട്ട് വെടിവെക്കൽ. -'ping-ly, *ad.* തുള്ളിത്തുള്ളിയായി. dropt, *p. p. of* drop. -'wise, *ad.* തുള്ളിയായി.

**Drop'sy,** *n.* വീക്കം, നീര്, നീർവീക്കം; മഹോദരം (*med.*). =**si-cal,** *a.* മഹോദരം ഉള്ള, നീര്—, വീങ്ങിയ; മഹോദര സംബന്ധമായ. =**sied**(-sid), *a.* നീര് വന്ന് വീങ്ങിയ.

**Dross,** *n.* കിട്ടം, കീടം, കറ, തുരുമ്പ്; 2. ചണ്ടി, ചവറ്. -'**less,** *a.* കിട്ടമില്ലാത്ത. ='**sy,** *a.* കറഉള്ള, കീടൻ—. ='**si-ness,** *n.* കന്മഷം.

**Drought** (drot), **drouth,** *n.* വറൾ്ച, ഉണക്കം; നീർപഞ്ചം; 2. ദാഹം; 3. ക്ഷാമം. ='**ti-ness,** *n.* അനാവൃഷ്ടി. ='**ty,** *a.* മഴഇല്ലാത്ത, വെള്ളം—, ഉണക്കം പററിയ; ദാഹമുള്ള.

I. **Drōve,** *p.t. of* **Drīve.**

II. **Drōve,** *n.* നാല്ക്കാലിക്കൂട്ടം; 2. ജന്തുക്കളുടെ കൂട്ടം, പുലപ്പ്, ചേപ്പ്; 3. നടന്ന് പോകുന്ന പുരുഷാരം; 4. നാല്ക്കാലിവഴി; 5. നീച്ചാൽ (*agr.*); 6. കല്ല് ചെത്തുന്ന മഴ. **drō'vĕr,** *n.* കന്നുകാലികളെ തെളിച്ച് കൊണ്ടുപോകുന്നവൻ.

**Drown,** *v.i.* മുങ്ങിച്ചാകുക. *v.t.* വെള്ളത്തിൽ മുക്കുക; 2. കവിഞ്ഞൊഴുകുക; 3. നിമഗ്നമാക; 4. മുക്കിക്കൊല്ലുക; 5. ഒച്ച കേൾക്കാതാക്കുക.

**Drowse,** *v.i.* മയക്കമുണ്ടാക, ഉറക്കം തൂക്കുക. *v.t.* ഉറക്കം തൂങ്ങുമാറാക്കുക, ആലസ്യം വരുത്തുക. *n.* അരയുറക്കം, ഉറക്കം തൂക്കൽ. ='**si-ly,** *ad.* മയക്കത്തോടെ. ='**si-ness,** *n.* മയക്കം. ='**sy,** *a.* നിദ്രാമയക്കം ഉള്ള, ഉറക്കമല്—; ഉറക്കം വരുത്തുന്ന; ബുദ്ധിമാന്ദ്യമുള്ള. **d.y-head,** *n.* നിദ്രാമയക്കം.

**Drub,** *v.t.* വടികൊണ്ടടിക്കുക. *n.* [അടി.

**Drudge** (druj), *v.i.* താണപണികൾ ചെയ്യുക, നയിക്കുക, പാട് പെടുക, ദേഹദണ്ഡം ചെയ്യുക, കണ്ടപേറുക. *v.t.* (away) ഞെരുങ്ങി കഴിച്ച് കൂട്ടുക. *n.* നയിക്കുന്നവൻ, കണ്ടപ്പണിക്കാരൻ. **drudg'ĕr,** *n.* കണ്ടപേറി. =**gĕr-y,** *n.* അദ്ധ്വാനം, പാട്; നീചപ്രവൃത്തി, കണ്ടപ്പണി. **drudg'ing-ly,** *ad.* നയിപ്പോടെ, ബുദ്ധിമുട്ടി കൊണ്ട്.

**Drug,** *n.* മരുന്ന്, അങ്ങാടി—; പറി—, പച്ച—; 2. വിലയാകാത്ത ചരക്ക്. *v.i.* മരുന്ന് കൊട്ടുക, —സേവിപ്പിക്കുക. *v.t.* മരുന്ന് കൊണ്ട് ബോധംകെടുത്തുക; 2. ദോഷകരമായ സാധനംകൊണ്ട് നിറം കൊടുക്കുക; 3. മാത്രഅധികരിച്ച് ഔഷധം സേവിപ്പിക്കുക. -'**gist,** *n.* ഔഷധവ്യാപാരി, മരുന്ന് കച്ചവടക്കാരൻ.

**Dru'id,** *n.* പുരാതനബ്രിത്താന്യാചാര്യൻ. -**ism,** *n.* 'ദ്രുയിത'മാർഗ്ഗം.

**Drum,** *n.* ചെണ്ട, മദ്ദളം, ഭേരി; 2. ചെവിക്കുന്നി (*an.*); 3. ജനക്കൂട്ടം; 4. അതിഥിക്കൂട്ടം. *v.i.* മുട്ടുക, കൊട്ടുക, അടിക്കുക; 2. കിണ്ണം മുട്ടുക (*l.*); 3. (for) അന്വേഷിച്ച് നടക്കുക. *v.t.* മുഴക്കുക; 2. (out) കിണ്ണംമുട്ടി പുറത്താക്കുക, കൈകൊട്ടി—; 3. (up) വിളിച്ച് കൂട്ടുക. **d.-beat** ചെണ്ടകൊട്ട്, കിണ്ണംമുട്ടൽ. **d.-head** ചെണ്ടത്തോൽ. **d.-court-martial** പോക്കളത്തിലെ സൈനിക ന്യായവിചാരണ. **d.-stick** ചെണ്ടക്കോൽ. -'**mĕr,** *n.* ചെണ്ടക്കാരൻ, മദ്ദളക്കാരൻ. -'**ming,** *n.* കൊട്ട്, മുട്ടൽ.

**Drum'ly,** *a.* കലക്കുള്ള, കലങ്ങിയ.

**Drȳ,** *a.* ഉണങ്ങിയ, വറണ്ട, വെള്ളം വററിയ, പുകിൽ ഇല്ലാത്ത; 2. വാടിയ, നീര് വററിയ; 3. കറവ് മാറിയ, —വററിയ; 4. ദാഹമുള്ള; 5. കണ്ണുനീരില്ലാത്ത; 6. വറൾ്ച്ചയുള്ള (*med.*); 7. രസമററ; 8. മൂർച്ഛഉള്ള, കാഠിന്യം—. **d.-blow** പരിക്കില്ലാത്ത അടി, ചോരപൊട്ടാത്ത— (*med.*). **d.-light** സൂക്ഷ്മമായ അഭിപ്രായം, നിഷ്പക്ഷമായ—. **d.-measure** ധാന്യയളവ്. **d.-wine** മധുരമില്ലാത്ത വീഞ്ഞ്. *v.t.* ഉണക്കുക, ആററുക, തുവത്തുക, തുടക്കുക. **to d. up** വെള്ളം വററിക്കുക; നിർത്തുക, അവസാനിപ്പിക്കുക. **to d., to d. up (a cow)** കറവ് മാററുക. *v.i.* ഉണങ്ങുക; 2. (up) വററിപ്പോക; 3. ശോഷിച്ച്—, ശുഷ്കിച്ച്—. **d.-beat** കഠിനമായി അടിക്കുക. **d.-boned** മാംസരഹിതാസ്ഥിയുള്ള. **d.-dock** വററ് 'ഗോതി'. **d.-eyed** കണ്ണുനീര് വററിയ. **d.-fisted** കൃപണതയുള്ള, പിഞ്ഞാനായ.

d.-goods തുണിച്ചരക്ക്. d.-nurse കുട്ടിദാതി, 'ആയ'. d.-rub നനക്കാതെ തുടച്ച് വെടിപ്പാക്കുക. d.-shod കാൽനനയാതെ. d.-stone കുമ്മായം കൂടാതെ കല്ല് കെട്ടിയ. drīed, *a.* ഉണങ്ങിയ, ഉണക്കിയ, ഉണക്ക്. drī'ĕr, drȳ'ĕr, *n.* ഉണക്കുന്നവൻ, വരട്ടുന്നത്. drī'ĕr, *a. c. d.* അധികം ഉണങ്ങിയ. drī'est, *a. s. d.* ഏററവും ഉണങ്ങിയ. -'ing, *a.* വരൾച്ചയുള്ള, —വരുത്തുന്ന; വേഗം ആറുന്ന. -'ly, *ad.* ഇഷ്ടം ഇല്ലാതെ, രസം—, താല്പര്യം—. -'ness, *n.* ഉണക്കം.

Dū'ad, *n.* ദ്വിത്വം, ഇരട്ട.

Dū'al, *a.* രണ്ട് ആയ, ദ്വൈധം—, രണ്ടിനുള്ള, ഇരു, ദ്വി. d.-number ദ്വിവചനം (*gr.*). -ism, *n.* ദ്വൈതവാദം. -ist, *n.* —വാദി; ഇരുസ്ഥാനമുള്ളവൻ. -is'tic, *a.* ദ്വൈതമായ. -'i-ty, *n.* ദ്വിഗുണം, ദ്വൈതം.

Dū'ar-chy, *n.* ദ്വയാധിപത്യം.

Dub, *v. t* ഖഡ്ഗസ്പർശപദവികൊടുക്കുക; 2. സ്ഥാനമാനം—; 3. വിചാരിക്കുക; 4. വിളിക്കുക; 5. ചമയിക്കുക, അണിയിക്കുക; 6. ചെത്തിക്കുറെക്കുക; മിനുക്കുക. *v. i.* മുഴങ്ങുക. *n.* അടി, വെട്ട്; 2. നീർക്കുണ്ട്. -'bĕr, *n.* പദവിദായകൻ. -'bing, *n.* പദവിപ്രദാനം; മിനുസമാക്കൽ; കഞ്ഞിയിടൽ, കാന്തങ്ങടെക്കൽ (*w.*).

Dū'bi-ŏus, *a.* തീർച്ചയില്ലാത്ത, സംശയം ഉള്ള, ചഞ്ചലം—; 2. സന്ദേഹകരമായ, വ്യക്തമല്ലാത്ത, അസ്പഷ്ടം ആയ; 3. സംശയസ്ഥാനം—. -'ly, *ad.* സംശയകരമായി. -ness, *n.* സംശയസ്ഥിതി. =bī'e-ty, *n.* അനിശ്ചയം. -os'i-ty, *n.* സംശയവാക്ക്, —അവസ്ഥ. =bi-ta-ble, *a.* —ഹേതുകമായ. =bi-tan-cy, =bi-tā'tion, *n.* സംശയം. =bi-tāte, *v. i.* സംശയം തോന്നുക. =bi-ta-tive, *a.* സംശയഭാവമുള്ള.

Dū'cal, *a. s. u.* Duke.

Duc'at, *n.* ഒര് പുരാതനപൊൻനാണ്യം; 2. —വെള്ളി—. =a-toon, *n.* —വെള്ളി—.

Duch'ess, *n.* Duch'y, *n. s. u.* Duke.

I. Duck, *n.* ഓമന, ആരോമൽ; 2. രട്ട്തുണി.

II. Duck, *v. t.* മുക്കിയെടുക്കുക; 2. തല പിടിച്ച് വെള്ളത്തിൽ മുക്കുക; 3. തലകുനിക്കുക; തലയാട്ടി നടക്കുക. *v. i.* വെള്ളത്തിൽ മുങ്ങിയും പൊങ്ങിയും ഇരിക്കുക; മുങ്ങുക; തല വെള്ളത്തിൽ മുക്കുക; 2. തല താഴ്ത്തുക; വണക്കം കാട്ടുക. *n.* താറാവ്, 'വാത്ത്', 'ആളി'; ഇരണ്ട (*z.*). to make d.s and drakes, *s. u.* Drake. to play d.s and drakes മുതല് നാനാവിധമാക്കുക. d.-billed പരന്ന കൊക്ക് ഉള്ള. d.-legged കുറുങ്കാൽ—. -'ĕr, *n.* മുങ്ങക്കാരൻ; മുക്കുന്നവൻ; പാദസേവകൻ. -'ing, *n.* മുക്കൽ. d.g-stool വാവിഷ്ഠാണക്കാരെ വെള്ളത്തിൽ മുക്കുവാനുള്ള ഇരുത്തിപ്പലക. -'ling, *n.* ആളിക്കുട്ടി.

Duct, *n.* കുഴൽ, പാത്തി, ഓവ്, നാളം. =tile, *a.* ഒതുക്കം ഉള്ള, അനുസരണം—, വിധേയത—, പറഞ്ഞാൽ കേൾക്കുന്ന; പതമുള്ള; തല്ലിനീട്ടാകുന്ന. =tile-ness, =til'i-ty, *n.* പശിമ, മയം; ഒതുക്കം.

Dud'dĕr, *v. t.* ഒച്ചയാൽ ഞെട്ടിക്കുക. *v. i.* വിറക്കുക, നടുങ്ങുക, ഞെട്ടിപ്പോക.

Dūde, *n.* മോടിക്കാരൻ, അഴക്രാവണൻ, പച്ചസുന്ദരൻ. dū'dish, *a.* മോടിനാട്യമുള്ള.

Dudg'eon (duj'un), *n.* വാൾപ്പിടി, കത്തിപ്പിടി; 2. കട്ടാരം; 3. പക, കോപം, നീരസം. *a.* പട്ടതരമായ. [വക.

Duds, *n. pl.* കീറത്തുണി; 2. വസ്തു

Dūe, *a.* കടം പെട്ടിരിക്കുന്ന, —ആയ; 2. ന്യായം—, വിഹിതം—, യോഗ്യം—, തക്ക; 3. മതിആയ, കൃത്യം—, നിയമാനുസാരം—; 4. പറഞ്ഞ്വെച്ച, നിശ്ചയിച്ച; 5. ഹേതുആയ, മൂലം—, കാരണം—. *ad.* നേരെ, കൃത്യമായി. *n.* കടം, കടമ (*S.*), മുറ, കൊടുക്കേണ്ടത്; 2. കരം, ചുങ്കം; 3. ഭോഗം. d.-bill കടച്ചീട്ട് (*com.*). dū'ly *ad.* വിഹിതം ആയി, യോഗ്യം—, ശരി—; പതിവ് പോലെ. -'ness, *n.* കടം, മുറ; വിഹിതം. dū'ty, *n.* മുറ, കടം; പ്രവൃ

ത്തി; വണക്കം, ബഹുമാനം; ചുങ്കം, നികുതി, വരി. specific d·y പ്രത്യേകചുങ്കം. on d.y പ്രവൃത്തിയിലിരിക്കുന്ന. **dū'te-ŏus**, *a.* മുറനിവൃത്തിക്കുന്ന; വണക്കം ഉള്ള; വിധേയത—, അധീനമായ. **dū'te-ŏus-ly**, *ad.* വണക്കത്തോടെ. **dū'te-ŏus-ness**, *n.* ബഹുമാനം. **dū'ti-a-ble**, *a.* ചുങ്കംഉള്ള, —വീട്ടേണ്ടുന്ന. **dū'tied** (-tid), *a.* —ഉള്ള. **dū'ti-fụl**, *a.* അനുസരണം—, വണക്കം—; മുറ കരുതിച്ചെയ്യുന്ന. **dū'ti-fụl-ly**, *ad.* അനുസരണത്തോടെ.

**Dū'el**, *n.* ദ്വന്ദ്വയുദ്ധം. trial by d. ദ്വന്ദ്വയുദ്ധത്താലുള്ള തീൎപ്പ്. **-liṅg**, *n.* ദ്വന്ദ്വയുദ്ധം. *a.* അങ്കം കുറെക്കുന്ന. **-lĕr, -list**, *n.* ദ്വന്ദ്വയുദ്ധം ചെയ്യുന്നവൻ.

**Dụ-en'na**, *n.* യുവതിയുടെ പരിരക്ഷക്കുള്ള സ്ത്രീ, അനുചാരിണി, അനുവൎത്തികാ.

**Dū-et'**, *n* ഒരുവക പാട്ട്.

**Duff**, *n.* കുഴച്ചമാവ്, പിട്ട്.

**Duf'fĕr**, *n.* നടന്ന് കച്ചവടം ചെയ്യുന്നവൻ; 2. ചതിയൻ.

I. **Dug**, *n.* സ്തനം; 2. അകിട്.

II. **Dug**, *p. t. of* Dig.

**Dug'out**, *n.* കുഴിച്ചുണ്ടാക്കിയ തോണി; 2. —ഗ്രഹം.

**Dūke**, *n.* രാജപ്രഭു; 2. ഇടപ്രഭു, നാട്‌വാഴി. to dine with D. Humphrey *s. u.* Dine. **-'dŏm**, *n.* ഇടവാഴ്ച; രാജപ്രഭുസ്ഥാനം, —പദവി. **-'ship**, *n.* —പദവി; രാജപ്രഭു. **dū'eal**, *a.* രാജപ്രഭുവിനുള്ള; രാജപ്രഭുത്വം സംബന്ധിച്ച. **dū'eal-ly**, *ad.* രാജപ്രഭുവിന്ന് ഒത്തവണ്ണം, —യോഗ്യമായി. **duch'ess**, *n.* രാജപ്രഭുസ്ത്രീ. **duch'y**, *n.* രാജപ്രഭുത്വം; രാജപ്രഭുവിന്റെ ഇടവാഴ്ച.

**Dul'cet**, *a.* രുചികരമായ; 2. ഇമ്പം ഉള്ള, കൎണ്ണരസം—. **=ci-fi-cā'tiŏn**, *n.* മധുരമാക്കൽ. **=ci'fīed**, *a.* മധുരം വരുത്തിയ. **=ci-fȳ**, *v. t.* മധുരമാക്കുക; പ്രസാദിപ്പിക്കുക. **=cil'o-quy**, *n.* വാമ്മധുരം, നല്ല വാക്ക്. [(*mus.*).

**Dul'ci-mĕr**, *n.* ഒരുവക കമ്പിവാദ്യം

**Dul-cin'e-a**, *n.* പ്രിയ, വിശ്വാസക്കാരത്തി, രഹസ്യക്കാരത്തി.

**Dul'eo-rāte**, *v. t.* മധുരം വരുത്തുക. **=eo-rā'tiŏn**, *n.* മധുരമാക്കൽ.

**Dū'li-a**, *n.* ദൈവദൂതന്മാരെയും വിശുദ്ധന്മാരെയും ഉള്ള ബഹുമാനം, വണക്കം (*R. C.*).

**Dull**, *a.* മന്ദബുദ്ധിയായ, ഗ്രാഹ്യശക്തി ഇല്ലാത്ത, ബുദ്ധികെട്ട; 2. മന്ദഗതിയായ, ഉദാസീനതയുള്ള; 3. വേധഹീനമായ, രാഗ—; 4. മൂൎച്ചയില്ലാത്ത; 5. മന്ദമായ, മങ്ങലുള്ള; 6. ജഡപദാൎത്ഥമായ; 7. രസമില്ലാത്ത; 8. മൂടലുള്ള. *v. t.* മൂൎച്ചകളയുക, മന്ദമാക്കുക; 2. മന്ദത വരുത്തുക, ചുണകെടുക്കുക; 3. മങ്ങിക്കുക; 4. രസമില്ലാതാക്കുക, ആലസ്യപ്പെടുത്തുക. *v. i.* ബുദ്ധിമാന്ദ്യം വരിക. d.-brained പൊട്ടനായ, ബുദ്ധിയില്ലാത്ത. d.-browed കുണ്ഠിതമുള്ള. d.-eyed കണ്ണ് മങ്ങിയ, കണ്ണിൽ പ്രഭയില്ലാത്ത. d.-head മൂഢൻ, പൊണ്ണൻ. d.-sighted കണ്ണിന്ന് വലച്ചലുള്ള. d.-witted മടയനായ. **='lard**, *n.* മൂഢൻ. *a.* ഭോഷത്വമുള്ള. **-'ish**, *a.* രസം കുറഞ്ഞ. **-'ness, dul'ness**, *n.* മാന്ദ്യം, ഉന്മേഷക്കുറവ്, നിശ്ചേതനത്വം, ആലസ്യം. **='ly**, *ad.* മന്ദതയോടെ, നിൎജ്ജീവമായി.

**Dū'mal**, *a.* മുള്ളുള്ള; പൊന്തൽ കെട്ടിയ. **dū-mōse', dū'mŏus**, *a.* മുള്ളും ചെടിയും പെരുകിയ.

**Dumb** (dum), *a.* ഊമൻ ആയ, പൊട്ടൻ—, വായില്ലാത്ത, സംസാരിപ്പാൻ വഹിയാത്ത; 2. മിണ്ടാത്ത, ഉരിയാടാത്ത; 3. പ്രഭയില്ലാത്ത. deaf and d. ഊമനായ ചെകിടൻ. d.-animal വായില്ലാത്ത ജന്തു. d.-show കഥകളി, ആട്ടക്കഥ. to strike d. തരിച്ച്പോക. d.-bell ദേഹാഭ്യാസാൎത്ഥമുള്ള കൈഭാരം. d.-found, dumfound പരിഭ്രമം വരുത്തുക. d.-founder, dumfounder വിസ്മയം—, തരിപ്പ്—. **-'ly**, *ad.* മിണ്ടാതെ, മൌനമായി. **-'ness**, *n.* ഊമത്വം, മൌനവ്രതം. **dum'my**, *a.* കച്ചയില്ലാത്ത, മിണ്ടാത്ത;

കളിയായ, കളിക്കുള്ള. *n.* ഊമൻ, ഊമ; മാതൃക; മൂഠാളൻ.

**Dumps,** *n. pl.* മനഃകഞ്ഞിതം, ആധി; 2. മനോരാജ്യം; 3. നിശ്ശബ്ദം. *v. t.* ഇടിക്കുക; 2. തള്ളിയിടുക; 3. ഒന്നായി ചൊരിയുക. **dump'ish,** *a.* മാന്ദ്യം ഉള്ള, ക്ലേശം—. **dum'py,** *a.* തടിച്ച് കുറുതായ; വെറുതിപിടിച്ച.

**Dum'pling,** *n.* ഒര് ഭോജ്യം, ഒര് വക കഴക്കട്ട.

I. **Dun, Dūne,** *n.* എകരം, ചെറിയകുന്ന്; പൂഴിക്കുന്ന്.

II. **Dun,** *v. t. & i.* ബുദ്ധിമുട്ടിക്കുക, പാട്കിടക്കുക, തിരക്കാക്കുക. *n.* ബുദ്ധിമുട്ടിക്കുന്നവൻ; 2. തിരക്കാക്കൽ.

III. **Dun,** *a.* കറുപ്പ്ഛായയുള്ള, ഇളംകറുപ്പായ. **-'nish,** *a.* കറുപ്പോടടുത്ത നിറമുള്ള.

**Dunce,** *n.* അറിവ്കുറഞ്ഞവൻ, മടയൻ. **-'dom,** *n.* മാടത്തരം. **=cĕr-y,** *n.* ബുദ്ധിമാന്ദ്യം. **='ci-cal,** *a.* മന്ദബുദ്ധിയായ.

**Dun'dĕr-head, Dun'dĕr-pāte,** *n.* മടയൻ, ഭോഷൻ. **=headed,** *a.* ബുദ്ധികെട്ട.

**Dung,** *n.* ചാണകം, വളം, മൃഗക്കാഷ്ഠം. *v. i.* ചാണകമിടുക. **d.-hill** കുപ്പക്കുന്ന്; ചാള. **d.-mēer** വളക്കുണ്ട്. **d.-yard** വളമുററം. **-'y,** *a.* കുപ്പയുള്ള; വൃത്തികെട്ട.

**Dun'ġeŏn** (-jun), *n.* കാരാഗൃഹം, കുണ്ടറത്തടവ്. *v. t.* തടവിൽ ആക്കുക, —പാപ്പിക്കുക. ൻ—.

**Dun'ny,** *a.* ചെകിടൻ ആയ; മൂഠാള

**Dū-o-dec'i-mal,** *n.* പന്ത്രണ്ടാലൊന്ന്; 2. പന്തിരുപ്പെരുക്കക്കണക്ക് (*ar.*). **=dec'i-mō,** *n.* ഒരുപായി കടലാസ് പന്ത്രണ്ടായി മടക്കീട്ടുള്ള പുസ്തകം.

**Du-o-dē'num,** *n.* പക്വാശയം (*an.*).

**Dūpe,** *n.* ഭോഷൻ, പൊട്ടൻ, പച്ചപ്പരമാത്ഥി. *v. t.* ചതിക്കുക, പററിക്കുക. **='pĕr,** *n.* ചതിയൻ. **='pĕr-y,** *n.* ചതി.

**Dū'ple, Dū'plex,** *a.* ഇരട്ടആയ, ഇരട്ടി—. **=pli-cāte,** *v. t.* ഇരട്ടിക്കുക, ആവത്തിക്കുക; പകപ്പ് ഉണ്ടാക്കുക, —എടുക്കുക. *n.* തുല്യമായത്; പകപ്പ്, അച്ച്; പ്രതിരേഖ (*l.*). *a.* ഇരട്ടിയായ. **=pli-cā'tiŏn,** *n.* ഇരട്ടിക്കൽ; മടക്കൽ, മടക്ക്. **=pli-cā-tive,** *a.* ഇരട്ടിക്കുന്ന. **=pli-cā'tūre,** *n.* മടക്ക്. **-plic'i-ty,** *n.* ദ്വിഭാവം; ഇരുവാക്ക്, നേര്കേട്.

**Dūre,** *v. i.* നിലനില്ക്കുക; ഈട്—. *a.* കഠിനം ആയ, വിഷമം—; അദ്ധ്വാനമുള്ള. **=ra-bil'i-ty,** *n.* നില്പ്, ഈട്, സ്ഥിരത. **='ra-ble,** *a.* നിലനില്ക്കുന്ന, ഉറപ്പ് ഉള്ള, അക്ഷയമായ, മാററമില്ലാത്ത. **='ra-ble-ness,** *n.* ഉറപ്പ്, ഈട്. **='ra-bly,** *ad.* സ്ഥിരം ആയി, ചിരം—. **='rance,** *n.* നില്പ്; തടവ്, ബന്ധനം; ഒര് വക തടിച്ചതുണി. **=ran'te,** *prep.* കാലത്തോളം. **=rā'tiŏn,** *n.* ഈട്; തുടച്ച, നിത്യത; നില്ക്കുന്നകാലം. **='ra-tive,** *a.* തുടച്ചയായ; തീന്നിട്ടില്ലാത്ത. **=ress',** *n.* പ്രയാസം, ബുദ്ധിമുട്ട്; ബലാല്ക്കാരം, ബന്ധനം, കുററം ചെയ്യാനുള്ള നിബ്ബന്ധം (*l.*). *v. t.* നിബ്ബന്ധിക്കുക. **=res'sor,** *n.* കുററം ചെയ്യാൻ നിബ്ബന്ധിക്കുന്നവൻ (*l.*). **='ring,** *prep.* കാലം, കാലത്തിൽ, ഇടയിൽ, ഉള്ളേടത്തോളം. **='ri-ty,** *n.* ക്രൂരത, കാഠിന്യം.

**Dur'bār,** *n.* സഭാമണ്ഡപം; 2. മഹാന്മാർ തമ്മിലുള്ള കൂടിക്കാഴ്ച, രാജസദസ്സ്; മഹായോഗം.

**Durst** (dĕrst), *p. t. of* **Dare.**

**Dūse,** *n.* ഭൂതം, ദേവത.

**Dusk,** *a.* സാമാന്യം ഇരുണ്ട, —കറുത്ത, ഇരുളോട് അടുത്ത, കറുപ്പോട്—. *n.* മയ്യൽ, സന്ധ്യ; പുലകാലം, പ്രഭാതം; സന്ധ്യാവെളിച്ചം; 2. ഇളങ്കറുപ്പ്നിറം. *v. t.* ഇരുളിക്കുക. *v. i.* ഇരുട്ടാക. **='ki-ly,** *ad.* ഇളങ്കറുപ്പായി. **-'ness, ='ki-ness,** *n.* ഇടത്തരം ഇരുൾ; ഇളങ്കറുപ്പ്. **='kish,** *a.* ഏതാനും കറുത്ത. **='ky,** *a.* വെളി

ച്ചം കറവായ, അല്പം ഇരുളുള്ള; ഇളങ്കറുപ്പായ, എൾനിറമുള്ള; ആധിനിറഞ്ഞ; ബുദ്ധിമയങ്ങിയ.

**Dust**, *n.* പൊടി, ധൂളി; 2. മണ്ണ്; 3. ഭൂമി, ശ്മശാനം; 4. ഭസ്മം; അസ്ഥി; ദേഹാവശിഷ്ടം; 5. നിസ്സാരം, ചണ്ടി; 6. നികൃഷ്ടസ്ഥിതി, അരിഷ്ടത; 7. കനകപ്പൊടി; 8. നാണ്യം, പണം. down with the d. പണം റൊക്കം കൊടുക്കുക. gold d. കനകപ്പൊടി. in d. and ashes വലിയ ദുഃഖത്തോടെ, അനുതാപത്തോടെ. to bite the d., *s. u.* Bite. to raise *or* kick up d. ഉരുസൽ ആക്കുക, ലഹള—. to throw d. in one's eyes കണ്ണിൽ പൊടിയിടുക, തോല്പിക്കുക. *v. t.* പൊടിതുടക്കുക, വെടിപ്പാക്കുക; 2. പൊടിവിതറുക; 3. ധൂളിപ്പിക്കുക. to d. one's jacket അടിക്കുക, ശിക്ഷിക്കുക. d.-brush പൊടിതുടക്കുന്ന കച്ച്. d.-man അടിച്ച് വാരുന്നവൻ. d.-pan ചേറ്മുറം. -'ĕr, *n.* അടിച്ച് വാരുന്നവൻ; തുടക്കുന്ന തുണി; മേലാട. ='ti-ness, *n.* മണ്ണും പൊടിയും നിറഞ്ഞസ്ഥിതി. ='ty, *a.* പൊടിപാറിയ, —നിറഞ്ഞ; —ആക്കിയ; മൺനിറമുള്ള.

**Dutch** (duch), *a.* ഹൊല്ലന്ത് രാജ്യസംബന്ധമായ, ലന്തക്കാരുടെ. D. concert നാനാവിധം, ഓരോരുവൻ വെവ്വേറെ പാട്ടായി എല്ലാവരും ഒരുമിച്ച് പാടുന്ന സംഗീതയോഗം. D. courage ലഹരിധൈര്യം. D. door മറിവാതിൽ, അര—. D.-foil, D.-leaf, D.-gold, D.-mineral, D.-metal പിച്ചളത്തകിട് കടലാസ്. *n.* (*pl.*) ലന്തക്കാർ; 2. ലന്തഭാഷ.

**Dwarf**, *n.* കറിയത്, കള്ളൻ, മുണ്ടൻ, വാമനൻ. *v. t.* വളരാതാക്കുക, അരട്ടുക, കുറുതാക്കുക. *v. i.* കുറുതാക. ='fish, *a.* ചെറിയ, കറിയ. -'ling, *n.* കുറുങ്കള്ളൻ.

**Dwell**, *v. i. ir.* (dwelt, dwelt) പാക്കുക, വസിക്കുക, താമസിക്കുക; 2. കുടിപാക്കുക, —ഇരിക്കുക. to d. in ആശ്രയിച്ചിരിക്കുക. to d. on, to d. upon ദീർഘമായി ചിന്തിക്കുക; വളരെ പറയുക; മുറുകെ പിടിക്കുക. ='lĕr, *n.* നിവാസി, കുടിയാൻ. ='ling, *n.* പാപ്പിടം, ഭവനം, കുടിയിരിപ്പ്; പൌരത്വം. d.g-house ഗൃഹം. d.g-place പാപ്പിടം.

**Dwin'dle**, *v. i.* കുറഞ്ഞ് പോക, അലിഞ്ഞ്—, ചുരുങ്ങിപ്പോക; 2. വീണ് പോക; 3. ക്ഷയിക്കുക. *v. t.* കുറക്കുക; 2. പൊട്ടിക്കുക; 3. ചിതറിക്കുക. *n.* കുറച്ചൽ; 2. ക്ഷയം. -ment, *n.* താഴ്ച, കുറവ്.

**Dȳe** (dī), *v. t.* ചായം തേക്കുക, —ഇടുക, വണ്ണം കയറ്റുക. to d. in the grain, to d. in the wool നല്ലവണ്ണം നിറം കയറ്റിയ; നന്നായി ശീലിച്ച. *n.* ചായം, വണ്ണം, റങ്ക്, നിറം. d.-house ചായമുറി. d.-stuff ചായക്കൂട്ട്. d.-wood ചായം ഉണ്ടാക്കുന്ന മരം. -'ing, *n.* ചായമുക്കൽ.

**Dȳke**, *see* Dike.

**Dy-nam'ics**, *n.* ചലനശാസ്ത്രം. =ic, ='i-cal, *a.* —ശാസ്ത്രസംബന്ധമായ.

**Dyn'a-mīte**, *n.* പാറമരുന്ന്; പൊരു—.

**Dyn-a-mom'e-tĕr**, *n.* ശക്തിമാപകയന്ത്രം, ബലമാത്രു.

**Dy'nast**, *n.* വാഴുന്നവൻ, നാട് വാഴി, ഇടവാഴ്ചക്കാരൻ. dy-nas'tic, dy-nas'ti-cal, *a.* രാജവംശ സംബന്ധമായ. dyn'as-ty, *n.* വാഴ്ച, അധികാരം, രാജ്യം; രാജവംശം, —കുലം; തുടച്ചയായ വാഴ്ച.

**Dys'en-tĕr-y**, *n.* രക്താതിസാരം, ഉഷ്ണാതിസാരം, അശ്സ്, വയറ് പഴുപ്പ്. ='tĕr'ic, =tĕr'i-cal, *a.* രക്താതിസാരസംബന്ധമായ.

**Dys-men-or-rhē'a**, *n.* ദുഃഖാർത്തവം, രക്തഗുന്മൻ (*med.*).

**Dys-pep'si-a, Dys-pep'sy**, *n.* അജീർണ്ണം, അഗ്നിമാന്ദ്യം, ഗ്രഹണി, കടൽവായു (*med.*). =pep'tic, =pep'ti-cal, *a.* അഗ്നിമാന്ദ്യമുള്ള, ഗ്രഹണിസംബന്ധിച്ച. *n.* ഗ്രഹണിക്കാരൻ.

**Dys-ū'ri-a, Dys'ū-ry**, *n.* മൂത്രകൃച്ഛ്രം, അശ്മരി (*med.*). =ū'ric, *a.* മൂത്രകൃച്ഛ്രം ഉള്ള, —സംബന്ധിച്ച.

# E

**E**, ഇംഗ്ലീഷ് ഭാഷയിൽ അഞ്ചാമത്തെ അക്ഷരം. സ്വരം. പേര്: 'ഈ'. ഉച്ചാരണം: ഇ, ഈ; എ.

**Ēach** (ēch), *a. or a. pron.* ഓരോന്ന്; ഓരോരുത്തൻ; 2. ഓരോ. e. and every എല്ലാം. e. other അന്യോന്യം.

**Ēa'gĕr**, *a.* മൂർച്ചയുള്ള; 2. താല്പര്യം—, ശ്രദ്ധ—. -ly, *ad.* വാഞ്ഛയോടെ. -ness, *n.* ഇച്ഛാതുരം, ആഗ്രഹം, ആശ.

**Ēa'gle** (ē'gl), *n.* കഴുകൻ (*z.*); 2. പുരാതനറോമരുടെ ധ്വജം. e.-eyed സൂക്ഷ്മദൃഷ്ടിയുള്ള. e.-sighted ദൂരദൃഷ്ടി—. e.-winged വേഗത—. -'gless, *n.* പെൺകഴുക്. =glet, *n.* കഴുകുഞ്ഞ്.

**Ēa'gre, Ēgre** (ē'gĕr), *n.* വൻതിര, തിരമാല; ഏററത്തിര.

I. **Ēar** (ēr), *n.* ചെവി, കാത് (*an.*); 2. ശ്രവണം, സ്വരവാസന; 3. പിടി, കാത്; 4. ശ്രദ്ധ. *v.t.* കേൾക്കുക, ശ്രവിക്കുക. about the e.s സമീപം. e.-finger ചെറുവിരൽ. e.-trumpet ശ്രവണസൂത്രം. to give e. to ചെവി കൊടുക്കുക. to have one's e. സ്വകാര്യം പറഞ്ഞ് ധരിപ്പിപ്പാൻ തരമുണ്ടാക. up to the e.s മുങ്ങിയിരിക്കുക. e.-ache ചെവിക്കുത്ത് (*med.*). e.-bored കാത് കുത്തിയ. e.-cap ചെവിമറ. e.-drop, e.-ring കാതുപ്പൂ, കുണുക്ക്, കടുക്കൻ. e.-drum ചെവിക്കുന്നി (*an.*). e.-lap കാത് (*an.*). e.-pick ചെപ്പിത്തോണ്ടി. e.-reach, e.-shot പറഞ്ഞാൽ കേൾക്കുന്ന ദൂരം. e.-shrift കുമ്പസാരം (*R. C.*). e.-sore കണ്ണുകഠോരം. e.-splitting ചെവിടടക്കുന്ന. e.-wax ചെവിപ്പീ (*an.*). e.-wig നിമന്ത്രിക്കുന്നവൻ. e.-witness സ്വന്ത ചെവികൊണ്ട് കേട്ടവൻ. ēared (ērd), *a.* ചെവിയുള്ള. -'less, *a.* ചെകിടനായ.

II. **Ēar**, *n.* കതിര് (*b.*). e.-cockle ചാഴി (*b.*). *v.i.* കതിരിടുക, കതിക്കുക. *v.t.* ഉഴുക. -'a-ble, *a.* കൃഷിചെയ്യാകുന്ന. -'ing, *n.* കതിക്കൽ; ഉഴവ്.

**Ēar'i-ness**, *n.* പ്രേതഭയം.

**Ĕarl** (ĕrl), *n.* പ്രഭുവരൻ. e.-dom പ്രഭുവരപദവി; പ്രഭുവരന്റെ ഇടവാഴ്ച.

**Ĕar'ly** (ĕr'li), *a.* നേരത്തെ ഉള്ള, കാലത്തെ—; 2. ആദ്യമായ; 3. തക്കസമയത്ത് ഉള്ള; 4. മുമ്പ്—. *ad.* നേരത്തേ, വേഗം; 2. ഇളമ്പ്രായത്തിൽ. e. in the morning നന്നരാവിലെ. -ĕar'li-ness, *n.* മുമ്പ്; ജാഗ്രത.

I. **Ĕarn** (ĕrn), *v.t.* സമ്പാദിക്കുക, നയിച്ചുണ്ടാക്കുക; 2. പ്രാപിക്കുക. -'ing, *n.* (*pl.*) സമ്പാദ്യം; കൂലി; മുതൽ.

II. **Ĕarn** (ĕrn), *v. i.* തെരുത്ത് പോക, മുറിഞ്ഞ്—.

**Ĕarn'est** (ĕrn-), *n.* ഗൌരവം, നിഷ്കർഷ: in e. കാര്യത്തിൽ; 2. അച്ചാരം (*l.*). e.-money അച്ചാരം (*l.*). *a.* ശ്രദ്ധയുള്ള, ഉത്സാഹം—; 2. മനഃപൂർവ്വമായ; 3. നിഷ്ഠയുള്ള. -ly, *ad.* താല്പര്യമായി. -ness, *n.* യഥാർത്ഥത.

**Ĕarth** (ĕrth), *n.* ഭൂലോകം; 2. ഭൂമി; 3. മണ്ണ്; 4. നാട്; 5. ഭൌമികവിഷയം; 6. ലോകം; 7. മാളം. e.-hunger മണ്ണാശ. e.-light ഭൂപ്രഭ (*as.*). e.-oil മണ്ണെണ്ണ. e.-bank ചിറ, കൊള്ള്. e.-board കൊഴു (*agr.*). e.-born ഭൌമ്യമായ. e.-bred നീചമായ. e.-quake, e.-quave, e.-shock ഭൂകമ്പം. e.-work കൊത്തളം. e-worm ഭൂനാഗം; ഈററപ്പൊററ. what on e. shall I do? ഞാൻ എന്ത് ചെയ്യട്ടപ്പാ. *v. t.* മാളത്തിൽ ഒളിക്കുക; 2. (up) കുഴിച്ചിടുക. *v. i.* മാളം കുഴിക്കുക. -'en, *a.* മണ്ണ് കൊണ്ടുണ്ടാക്കിയ. e.n-hearted ദയയില്ലാത്ത; ലുബ്ധുള്ള. e.n-ware മൺപാത്രം. -'i-ness, *n.* നീചഭാവം. -'li-ness, *n.* ലൌകികഭാവം; മണ്മയത്വം, നശ്വരത്വം. -'ling, *n.* മ

ത്തുൻ. -′ly, *a.* മൺമയം ആയ, ജഡമയം—, മാനുഷികം—, ഐഹികം—; സാദ്ധ്യം—. e.y-minded ജഡികമായ. *ad.* ലൌകികമായി. -′y, *a.* മണ്ണ് ആയ; ഐഹികം—; നീചം—.

Ēase (ēz), *n.* സുഖം; 2. സ്വസ്ഥത; 3. ആശ്വാസം; 4. സ്വാതന്ത്ര്യം; 5. അനായാസം; 6. ലളിതം. at e. സ്വൈരമായി. ill at e. ആധിയോടെ. to stand at e. അണിതെററാതെ സ്വസ്ഥമായി നില്ക്കുക (*mil.*). with e. എളുപ്പമായി. *v. t.* & *i.* (of) ശമിപ്പിക്കുക; 2. ലഘൂവാക്കുക; 3. അഴച്ചിടുക. -′fụl, *a.* ആശ്വാസമുള്ള. -′fụl-ly, *ad.* സ്വൈരമായി. -′fụl-ness, *n.* വിശ്രാന്തി. -′less, *a.* സ്വൈരമില്ലാത്ത. -′ment, *n.* ഗുണം; സൌകര്യാവകാശം (*l*). ēa′-s̱i-ly, *ad.* എളുപ്പത്തിൽ, വിഷമം കൂടാതെ; സൌഭാഗ്യമായി; വിരോധം ഇല്ലാതെ; സാവധാനമായി. ēa′s̱i-ness, *n.* എളുപ്പം; സ്വസ്ഥത; അനുകൂലം; ലളിതം. ēa′s̱y, *a.* സുഖമുള്ള; എളുപ്പം ആയ; സുഭിക്ഷം—; വിട്ടുകൊടുക്കുന്ന; സുലഭമായ. e.y-chair ചാരുകസേല. e.y-going സുഖപ്രിയമുള്ള.

Ēa′s̱el (ē′zl), *n.* ചിത്രാധാരം.

Ēast (ēst), *n.* കിഴക്ക്, പൂർവ്വദിക്ക്. *a.* കിഴക്കെ. *ad.* കിഴക്കോട്ട്. *v. i.* കിഴക്കോട്ട് പോക. -′ĕr-ly, *a.* കിഴക്കൻ. *ad.* പൂർവ്വദിക്ക്കൊള്ളെ. -′ĕrn, *a.* പൂർവ്വദിക്കിലുള്ള. -′ĕrn-mōst, *a.* ഏററവും കിഴക്കുള്ള. -′ward, -′wards (-wĕrds), *ad.* കിഴക്കോട്ട്.

Ēas′tĕr (ēs′tĕr), *n.* ക്രിസ്തുവിൻെറ പുനരുത്ഥാനോത്സവനാൾ (*Chr.*).

Ēat (ēt), *v. t. ir.* (āte, ēat′en) തിന്നുക, ഉണ്ണുക; 2. വേപ്പിച്ച് കളയുക, ഇല്ലാതാക്കുക. to e. humble pie നിന്ദയനുഭവിക്കുക. to e. of ഓഹരി തിന്നുക. to e. one's words വാക്ക്പോലെ കാര്യം ആകാതിരിക്കുക. to e. out തീത്ത് കളയുക. *v. i.* ഭക്ഷണം കഴിക്കുക; 2. രുചിതോന്നുക. to e., to e. in, to e. into കാന്ന് കളയുക, തിന്ന്—. -′a-ble, *a.* തിന്മാൻതക്ക. *n.* (*pl.*) ഭക്ഷ്യം, പലഹാരം. -′ing, *n.* വേവിച്ച് പോകൽ; ഭക്ഷ്യം. e.g-house ചോററ്പുര.

*Eau′-de-Cō-logne′* (ō′de-kō-lon′), *n.* ഒര് വക പരിമളനീര്. =*vie′* (ō′de-vē′), *n.* ചാരായം, 'റാക്ക്'.

Ēaves̱ (ēvz), *n.* (*pl.*) ഇറ; 2. കൺപോള, പുരികം (*an.*). ēaves̱-drop, ēves̱′-drop, *n.* ഇറവെള്ളം. *v. i.* ഒളിച്ച്നിന്ന് കേൾക്കുക. e.-dropper ഒളിച്ച് നിന്ന് കേൾക്കുന്നവൻ. e.-dropping പതുങ്ങിക്കേൾക്കൽ (*l.*).

Ebb, *n.* ഇറക്കം, വേലിയിറക്കം; 2. ക്ഷയം. e. and flow ഇറക്കവും ഏററവും. e.-tide വേലിയിറക്കം. *v. i.* വേലിഇറങ്ങുക, ഇറക്കം വെക്കുക; 2. ക്ഷയിക്കുക. *a.* ഇറക്കം വെക്കുന്ന, കുറയുന്ന.

Eb′on-y, Eb′on, *n.* കരിമരം (*b.*) മന്താരം. *a.* കരിമരം കൊണ്ടുണ്ടാക്കിയ; 2. കറുത്ത. eb′on-īs̱e, *v. t.* കറുപ്പിക്കുക, കരിമരം പോലെ ആക്കുക.

E-brī′e-ty, *n.* അമല്, മത്ത്. =bri-osi-ty, *n.* ലഹരിശീലം. =′bri-ŏus, *a.* ലഹരിപ്രിയമുള്ള.

Eb-ul-li′tiŏn (-lish′un), *n.* പതക്കൽ; 2. പതച്ച് പൊങ്ങൽ, പത; 3. തിളപ്പ്. =lience, =′lien-cy, *n.* പതച്ച് മറിയൽ. =lient, *a.* തിളെച്ച് വരുന്ന.

Ec-cen′tric, *a.* കേന്ദ്രം തെററിയ; 2. കേന്ദ്രവ്യത്യാസം ഉള്ള; 3. ഉദ്ദേശഭേദം—; 4. പതിവ് തെററിയ; പ്രത്യേകസ്വഭാവമുള്ള. *n.* കേന്ദ്രഭേദവൃത്തം; 2. അസാധാരണസ്വഭാവമുള്ളവൻ. =tri-cal, *a.* കേന്ദ്രഭേദം ഉള്ള, ക്രമഭേദം—. =tri-cal-ly, *ad.* നടപ്പല്ലാത്ത വിധം. =tric′i-ty, *n.* അസാമാന്യശീലം.

Ec-chy-mō′sis (ekki-), *n.* കരുവാളിപ്പ്, തിണ്ണപ്പ് (*med.*). =mot-ic, *a.* കരുവാളിപ്പ് സംബന്ധമായ.

Ec-clē′s̱i-a, *n.* സഭ, പള്ളി. =ärch, *n.* പള്ളിപ്രവൃത്തിക്കാരൻ, കപ്യാര് (*S.*). =as′tēs̱, *n.* സഭാപ്രസംഗിപുസ്തകം (*Bl.*). =as′tic, =as′ti-cal, *a.* സഭാസംബന്ധ

മായ; സഭാധികാരത്തിൽ പെട്ട. =as'tic, *n.* സഭാദബാധകൻ. =as'ti-cal-ly, *ad.* സഭാചട്ടപ്രകാരം.

**Ec-crit'ic,** *n.* വമനൌഷധം (*med.*).

**Ec'dy-sis,** *n.* ഉച്ഛുളികളയൽ; 2. ഓട്—(*z.*).

**Ech'ō** (ek'ō), *n.* മാറ്റൊലി, പ്രതിധ്വനി; 2. ഉത്തരം, സമ്മതം. to applaud to the e. ബഹുനേരം കൈകൊട്ടിവാഴ്ത്തുക. *v.t.* മാറ്റൊലി പുറപ്പെടുവിക്കുക; 2. ആവൎത്തിച്ച് പറയുക; 3. അംഗീകരിക്കുക. *v.i.* മാറ്റൊലിയുണ്ടാക. -less, *a.* പ്രതിധ്വനി ഇല്ലാത്ത; മറുവടി—.

**E-clāir'cīse,** *v. t.* സ്പഷ്ടമാക്കുക. =cīse-ment, *n.* തെളിവ്.

**E-clāt'** (e-klä'), *n.* മോടി, ആഡംബരം, കോലാഹലം; 2. സ്തുതി; അനുരാഗചിഹ്നം.

**Ec-lipse',** *n.* ഗ്രഹണം (*as.*); 2. മറവ്; കറവ്. solar e., e. of the sun സൂൎയ്യഗ്രഹണം. lunar e., e. of the moon ചന്ദ്ര—. total e. പൂൎണ്ണ—. partial e. പാൎശ്വ—. annular e. കങ്കണ—. visible e. പ്രത്യക്ഷ—. invisible e. പാതാള—. cycle of e.s ഗ്രഹണപൎയ്യായം. *v.t.* മറക്കുക, ആച്ഛാദിക്കുക, ഗ്രസിക്കുക; 2. ശോഭകുറക്കുക; 3. കവിഞ്ഞ് ശോഭിക്കുക. *v. i.* ഗ്രഹണം പിടിക്കുക.

**E-clip'tic,** *n.* ക്രാന്തിചക്രം, —മണ്ഡലം (*as.*), ഭൂപന്ഥാവ്. *a.* ക്രാന്തിവൃത്തംസംബന്ധിച്ച; 2. ഗ്രഹണസംബന്ധമായ.

**E-con'ō-my,** *n.* ഗൃഹനയം, —ഭരണം, —നയസൂത്രം; 2. ആയവ്യയഭരണം; 3. പ്രമാണം, സൂത്രം; 4. വ്യയകൃത്യത, മിതവ്യയം, സൂക്ഷ്മം. domestic e. ഗൃഹനയവിദ്യ, —ശാസ്ത്രം. political e. രാജ്യനയവിദ്യ, —ശാസ്ത്രം. =nom'ic, =nom'i-cal, *a.* ഗൃഹസംബന്ധമായ; —ഭരണ—; ദുൎവ്യയം ചെയ്യാത്ത, ചിരതമുള്ള; ആയവ്യയ സംബന്ധമായ; ക്രമാനുചിതമായ. =nom'i-cal-ly, *ad.* ചിലവ് ചുരുക്കീട്ട്. =nom'ics, *n.* ഗൃഹഭരണവിദ്യ; രാജ്യപരിപാലനശാസ്ത്രം. =con-ō-m'ist, *n.* ചിലവ് കൃത്യക്കാരൻ; രാജ്യനയശാസ്ത്രജ്ഞൻ. =nom-isā'tiŏn, =nom-izā'tiŏn, *n.* സഫലപ്രയോഗം. =’ō-mīse, =’ō-mīze, *v.t.* മിതമായി ചിലവറുക്കുക. ഉറിശമായി ഗൃഹകാൎയ്യം നടത്തുക. =ō-mī'sĕr, =ō-mī'zĕr, *n.* മിതവ്യയക്കാരൻ.

**Ec'pha-sis** (ek'fa-), *n.* സ്പഷ്ടപ്രസ്താവം (*rhet.*).

**Ec-pho-nē'sis** (ek-fo-), *n.* തീക്ഷ്ണഭാഷണം (*rhet.*).

**Ec'sta-sy,** *n.* പാരവശ്യം; 2. ആനന്ദോന്മാദം; 3. സംഭ്രമം, ഭ്രാന്ത്; 4. തരിപ്പ് (*med.*). =stat'ic, =stat'i-cal, *a.* പാരവശ്യം ആയ; ആഹ്ലാദകരം—. =stat'i-cal-ly, *ad.* പരമാനന്ദത്തോടെ.

**Ect, Ec'to,** *pf.* ബഹിർ, പരി; പുറത്ത്, പുറമെ, കൂടാതെ.

**Ec'tad,** *a.* പുറമെ ഉള്ള, ബഹിൎഭാഗത്ത്— (*an.*).

**Ec'tal,** *a.* മേൽഭാഗത്ത് ഉള്ള, പുറമെ— (*an.*).

**Ec'ta-sis,** *n.* ലഘുഗുരുവാക്കൽ (*pros.*).

**Ec-ū-men'ic,** =i-cal, *a.* സൎവ്വസാധാരണമായ; 2. സൎവ്വസഭാസംബന്ധമായ (*Chr.*).

**Ec'zē-ma,** *n.* തഴുതണം (*med.*).

**E-dā'ciŏus** (-dā'shus), *a.* തിന്നിഭ്രാന്തുള്ള. e-dac'i-ty, *n.* ബുഭുക്ഷ, അത്യാശ.

**Ed'dĕr,** *n.* അണലി, സൎപ്പം (*z.*).

**Ed'dy,** *n.* ചുഴിപ്പ്, ചുഴി. e. wind ചുഴലിക്കാററ്. *v.i.* ചുററുക, ചുഴിയുണ്ടാക. *v. t.* ചുഴററുക.

**Ē'den,** *n.* ഏദൻ തോട്ടം, ഭാഗ്യസ്ഥലം. -ic, *a.* പരദീസിൽ ഉള്ള. -īzed, *a.* ഭാഗ്യത്തിലെത്തിയ.

**E-den-tā'ta,** *n. pl.* ദന്തരഹിതമൃഗങ്ങൾ (*z.*). =’tāte, =’tū-lŏus, *a.* പല്ലില്ലാത്ത. =tā'tiŏn, *n.* പല്ലുകഴിയൽ.

**Edġe** (ej), *n.* വായ്ത്തല; 2. മുന, അരു; 3. മൂൎച്ച; 4. ഇച്ഛാതുരം; 5. അററം. to be on e. നിത്തം കൊള്ളാതിരിക്കുക.

to set the teeth on e. പല്ല് പുളിക്കുമാറാക്കുക. *v. t.* വായ്ത്തലവെക്കുക; അണെക്കുക; 2. അരുചെത്തുക; 3. ഞേലം വെക്കുക; 4. ഉത്സാഹിപ്പിക്കുക, കത്തിപ്പൊന്തിക്കുക (*N.*). edg'y, *a.* മുങ്കോപമുള്ള.

Ed'i-ble, *a.* വേവിച്ച് തിന്മാൻ തക്ക, ഭക്ഷണത്തിന്ന് പററിയ. =bil'i-ty, -ness, *n.* ഭോജനീയത്വം.

Ē'dict, *n.* രാജശാസനം, നീട്ട്, തീട്ട്, നിയമം. -al, *a.* രാജാജ്ഞയായ.

Ed'i-fȳ, *v. t.* പണിയിക്കുക; 2. ഉപദേശിച്ചുറപ്പിക്കുക. *v. i.* അഭിവൃദ്ധി പ്രാപിക്കുക. =fi-cant, *a.* പണിയുന്ന. =fi-cā'tiŏn, *n.* സ്ഥിരത; പരിഷ്കാരം. =fi-cā-tŏr-y, *a.* ഉറപ്പിക്കുന്ന. =fice, *n.* കെട്ടിടം, എടുപ്പ്, മന്ദിരം. =fici'al, *a.* നിൎമ്മാണസംബന്ധമായ. =fī-ĕr, *n.* ഉറപ്പിക്കുന്നവൻ, ഗുണോല്കൎഷം വരുത്തുന്നവൻ. -ing, *a.* അഭിവൎദ്ധകമായ. -ing-ly, *ad.* ഉറപ്പിക്കത്തക്കവണ്ണം. -ing-ness, *n.* സ്ഥിരപ്പെട്ടത്തൽ.

Ed'it, *v.t.* ഗ്രന്ഥാദികൾ പരിശോധിച്ച് പ്രസിദ്ധം ചെയ്ക; 2. വൎത്തമാനപത്രം രചിക്കുക; പത്രാധിപത്യം വഹിക്കുക. e-di'tiŏn (-dish'un), *n.* പരിശോധിച്ച് പ്രസിദ്ധമാക്കിയ പുസ്തകം; ഒരിക്കലായിട്ട് അച്ച് പതിച്ച പുസ്തകസഞ്ചയം, പതിപ്പ്. =i-tŏr, *n.* ഗ്രന്ഥപ്രചാരകൻ; രചകൻ; പത്രാധിപൻ. =tō'ri-al, *a.* രചനാസംബന്ധമായ; പത്രാധിപത്യ—. *n.* പത്രാധിപലേഖ. =tō'ri-al-ly, *ad.* പത്രകൎത്തൃത്വാധികാരപ്രകാരം. =i-tŏr-ship, *n.* പത്രകൎത്തൃത്വം; ഗ്രന്ഥ—.

Ed'ū-cāte, *v.t.* ശിക്ഷിച്ച് വളൎത്തുക; 2. പഠിപ്പിക്കുക; 3. ബുദ്ധിവികാസം വരുത്തുക; 4. പരിഷ്കാരം—; 5. സല്ഗുണം അഭ്യസിപ്പിക്കുക; 6. വിദ്യ—. ='ted, *a.* വിദ്യാഭ്യാസം തികഞ്ഞ, പഠിപ്പുള്ള. =cā'tiŏn, *n.* പഠനം, വിദ്യാഭ്യാസം; അറിവ്; സുശിക്ഷ; സുശീലം. higher e.n ഉൽകൃഷ്ടവിദ്യാഭ്യാസം. secondary e.n സാമാന്യ—. primary e.n പ്രാഥമിക—. =cā'tiŏn-al, *a.* വിദ്യാഭ്യാസസംബന്ധമായ. =cā'tiŏn-ist, *n.* അദ്ധ്യാപകൻ; അദ്ധ്യാപകശാസ്ത്രജ്ഞൻ. =cā'tive, *a.* അഭ്യാസാൎത്ഥം ആയ, വിദ്യാദായകം—. =cā'tor, *n.* അദ്ധ്യാപകൻ, ഗുരു.

E-dūce', *v.t.* പ്രത്യക്ഷമാക്കുക; രൂപിക്കുക. =dū'ci-ble, *a.* പ്രത്യക്ഷമാക്കാവുന്ന. ē'duct, *n.* സാരം; വെളിപ്പെട്ടത്. ē-duc'tiŏn, *n.* പ്രത്യക്ഷമാക്കൽ. =duc'tive, *a.* വലിച്ചെടുക്കുന്ന.

E-dul'cō-rāte, *v. t.* മധുരമാക്കുക; 2. ശുദ്ധിയാക്കുക.

Ēel, *n.* ആരൽ (*z.*).

Ēe'rie, ēe'ry, *a.* ഭയങ്കരമായ; 2. പേടിയുള്ള. ēe'ri-ly, *ad.* ഭീകരമായി. ēe'ri-sŏme, *a.* ഭീതിഹേതുകമായ.

Ef'fa-ble, *a.* പ്രസ്താവിക്കത്തക്ക; തെളിയിക്കാവുന്ന.

Ef-fāce', *v.t.* മായിച്ച്കളയുക, തടഞ്ഞ്—; കാണാതാക്കുക, അവ്യക്തമാക്കുക; 2. നിഗ്രഹിക്കുക, മറക്കുമാറാക്കുക. -ment, *n.* മാച്ചൽ; തേഞ്ഞ് മാഞ്ഞ് പോകൽ.

Ef-fect', *n.* നടപ്പാകൽ; 2. ലക്ഷണം; 3. കാൎയ്യം, ഫലം; 4. അനുഭവം; 5. ബലം, സാദ്ധ്യം; 6. (to) താല്പൎയ്യം; 7. സാരം; 8. സത്വം; 9. (*pl.*) മുതൽ. for e. മനസ്സിൽ പതിയത്തക്കവണ്ണം. in e. യഥാൎത്ഥത്തിൽ. of no e., of none e., to no e., without e. നിഷ്ഫലം ആയി, വൃഥാവിൽ. to give e. to സാധുവാക്കുക, ഫലിപ്പിക്കുക. to take e. ഫലിക്കുക, പററുക. *v. t.* ഉളവാക്കുക, സാധിപ്പിക്കുക; 2. നടപ്പാക്കുക, സംഭവിപ്പിക്കുക, ഫലിപ്പിക്കുക. ='tĕr, ='tŏr, *n.* സാധിപ്പിക്കുന്നവൻ. ='ti-ble, *a.* സാദ്ധ്യകരമായ. ='tive, *a.* സഫലം ആയ, സാദ്ധ്യം—. *n.* കാരണം; പോരാളി; പണം. ='tive-ly, *ad.* പൂൎണ്ണമായി. ='tive-ness, *n.* സാഫല്യം. ='tū-al, *a.* പോരുന്ന, തക്ക. ='tū-al-ly, *ad.* സഫലമാംവണ്ണം. ='tū-al-ness, *n.* സാഫല്യം. ='tū-āte, *v.t.* സഫലമാക്കുക, സാധിപ്പിക്കുക. =tū-ā'tiŏn, *n.* നിവൃത്തിക്കൽ.

Ef-fem'i-nāte, *v.t.* പൌരുഷം കളയുക, സ്ത്രീസ്വഭാവമാക്കുക, ബലം കുറക്കുക. *v.i.* ആണത്വമില്ലാതാക. *a.* സ്ത്രീസ്വഭാവം ഉള്ള, ആണത്വം ഇല്ലാത്ത; ബലഹീനമായ; 2. സൽഗുണം ഉള്ള, പ്രേമം—. =na-cy, *n.* പൌരുഷമില്ലായ്മ, ഭീരുത്വം. -ly, *ad.* സൌമ്യതയോടെ. -ness, *n.* ആണത്വമില്ലായ്മ.

Ef'fe-rent, *a.* പുറത്തേക്കുള്ള (*phys.*).

Ef-fĕr-vesce' (-ves'), *v. i.* പതച്ച് പൊങ്ങുക; 2. തിളച്ച് വരിക. =ves'cence, =ves'cen-cy, *n.* പതച്ച് പൊങ്ങൽ. =ves'cent, *a.* നുരയുള്ള, പതവരുന്ന. =ves'ci-ble, *a.* പതവരത്തക്ക. =ves'cive, *a.* തിളച്ച് വരുന്ന.

Ef-fēte' (-fēt'), *a.* അഫലം ആയ, നിഷ്ഫലം—; 2. വാൎദ്ധക്യമുള്ള; 3. ക്ഷയം പററിയ; 4. തരിശായ.

Ef'fi-ca-cy, *n.* വീൎയ്യം, മാഹാത്മ്യം, സത്വം; 2. ഫലം, സാധകശക്തി. =cā'ciŏus (-shus), *a.* ഫലപ്രദമായ. =cā'ciŏus-ly, *ad.* സാദ്ധ്യകരമായി. =cā'ciŏus-ness, *n.* പ്രഭാവം.

Ef-fici'ence, =fici'en-cy (-fish-), *n.* പ്രാപ്തി, സാദ്ധ്യശക്തി, നൈപുണ്യം. =fici'ent, *a.* കാൎയ്യപ്രാപ്തി ഉള്ള, മിടുക്ക്—, സാമൎത്ഥ്യം—; കാൎയ്യത്തിന്ന് പോന്ന. *n.* മൂലകാരണം, ഹേതു. =fici'ent-ly, *ad.* ശേഷിയോടെ.

Ef'fi-ġy, *n.* പ്രതിമ, സ്വരൂപം; വിഗ്രഹം. =fig'i-āte, *v.t.* വിഗ്രഹം ഉണ്ടാക്കുക; കൊള്ളിക്കുക. =fig-i-ā'tiŏn, *n.* വിഗ്രഹമുണ്ടാക്കൽ; പ്രതിമ.

Ef-flāte', *v. t.* കാററ് നിറക്കുക, ഊതിവീൎപ്പിക്കുക. =flā'tiŏn, *n.* വീൎപ്പിക്കൽ.

Ef-flō-resce' (-res'), *v. i.* പൂവിടുക, പൂക്കുക. =res'cence, *n.* പുഷ്പിക്കൽ; പുഷ്പകാലം.

Ef'flu-ence, =en-cy, *n.* ഒഴുക്കം, ഉത്ഭവം; 2. ഊറൽ; ്രാവകം; 3. ഫലം. =ent, *a.* പ്രവഹിക്കുന്ന. *n.* ശാഖാനദി (*geog.*). [നാററം.

Ef-flu'vi-um, *n.* (*pl.* =vi-a) ദുൎവ്വായു,

Ef'flux, *n.* ഒഴുക്കം, ഒലിക്കൽ; 2. സ്രാവം; 3. ചലം; 4. പ്രവാഹം. -'ion, *n.* ചൊരിച്ചൽ, പ്രവാഹം; ഉറന്ന് വരുന്നത്; ദുൎവ്വായു.

Ef'fort, *n.* ശ്രമം, പ്രയത്നം; അദ്ധ്വാ

Ef-frŏn'tĕr-y, *n.* ധിക്കാരം, ധാൎഷ്ട്യം.

Ef-fulġe', *v.t.* ശോഭിപ്പിക്കുക. *v.i.* ശോഭിക്കുക. =ful'ġence, *n.* തേജസ്സ്, കാന്തി. =ful'ġent, *a.* പ്രകാശം ഉള്ള, ആഭ—, ഒളിയുന്ന. =ful'ġent-ly, *ad.* പ്രഭയോടെ.

Ef-fūse', *v.t.* പ്രവഹിപ്പിക്കുക. *v.i.* ഒഴുകുക, ചൊരിയുക. =fū'sion, *n.* ഒഴുക്കം, ചൊരിച്ചൽ; രക്തം; ഉത്പന്നം; വാഷ്പ (*med.*). =fū'sive, *a.* ചൊരിയുന്ന. =fū'sive-ly, *ad.* ഒഴുകിക്കൊണ്ട്.

E-gad', *int.* ഓഹോ, ഹാ, എന്ത്!

E-ġest', *v.t.* വിസൎജ്ജിക്കുക; 2. മലമൂത്രം വിസൎജ്ജിക്കുക. -a, *n. pl.* മലമൂത്രം. -'iŏn, *n.* വിസൎജ്ജനം; മലമൂത്രവിസൎജ്ജനം.

Egg, *n.* മുട്ട, അണ്ഡം. e.-plant വഴുതിനി (*b.*). e.-shaped അണ്ഡാകൃതിയായ. e.-shell മുട്ടത്തോട്. the white of an e. വെള്ള, വെള്ളക്കരു. the yolk of an e. മഞ്ഞക്കരു, ചുവപ്പ്. *v.t.* എരിച്ച് കൂട്ടുക, ഉത്സാഹിപ്പിക്കുക.

E-glom'ĕr-āte, *v. t.* ചുററഴിക്കുക, നിവിൎത്തുക.

Ē'gō, *n.* അഹം; അഹംതത്വം. -ism, *n.* സ്വാത്മബുദ്ധി; അഹമ്മതി. -ist, *n.* അഹമ്മതിക്കാരൻ; തന്നെപ്പോററി. -is'tic, -is'ti-cal, *a.* സ്വാത്മബുദ്ധിഉള്ള; തൻചരതം—. -is'ti-cal-ly, *ad.* അഹമ്മതിയോടെ; സ്വാത്മബുദ്ധിയോടെ. eg'ō-tism, *n.* ഞാനെന്ന ഭാവം, അഹം—; ആത്മസ്തുതി. eg'ō-tist, *n.* അഹങ്കാരി; ആത്മപ്രശംസകൻ. eg-ō-tis'tic, eg-ō-tis'ti-cal, *a.* ഡംഭുള്ള. eg-ō-tis'ti-cal-ly, *ad.* തന്മിട്ടമായോടെ. ='ō-tīse, *v.t.* ആത്മപ്രശംസചെയ്ക.

E-grē'ġi-ŏus, *a.* വമ്പിച്ച, ശ്രുതിപ്പെട്ട; 2. മുരത്ത. -ly, *ad.* നന്നായി, വല്ലാതെ. -ness, *n.* ഘോരത.

**Ē'gress,** *n.* പുറപ്പാട്, ഗമനം. *v.t.* പുറപ്പെട്ടുപോക, ഗമിക്കുക.

**Eh** (*or* ā), *int.* ഹേ, ഓഹൊ.

**Ei'dĕr, e. duck,** *n.* ഒരുവക കടലിരണ്ട (*z.*). **e. down** കടലിരണ്ടപ്പുപ്പ്.

**Eigh** (ā), *int.* ആഹാ.

**Eight** (āt), *n.* എട്ട്, അഷ്ടം. *a.* എൺ. **='tēen** (ā'tēn), *n.* പതിനെട്ട്. *a.* പതിനെൺ. **='tēenth,** *a.* പതിനെട്ടാമത്തെ. *n.* പതിനെട്ടാലൊന്ന്. **-fold,** *a.* എട്ടിരട്ടി, എണ്മടങ്ങ്. **eighth** (āt'th), *n.* എട്ടാമത്തേത്; എട്ടിലൊന്ന്. *a.* എട്ടാമത്തെ. **eighth'ly,** *ad.* എട്ടാമത്തേതായി. **eigh'ti-eth,** *a.* എണ്പതാമത്തെ; എണ്പതിലൊന്നായ. *n.* എണ്പതിലൊന്ന്. **='ty,** *n.* എണ്പത്. *a.* എണ്പതാമത്തെ.

**Ei'kon,** *n.* പ്രതിമ, ബിംബം.

**Ei-ren'ic,** *a.* സമാധാനം ഉള്ള, ശാന്തത—.

**Ēi'thĕr** (*or* ī'thĕr), *a.* & *pron.* രണ്ടിലൊന്ന്, രണ്ടാലൊന്ന്, രണ്ടിൽ ഏതെങ്കിലും; ഏതെങ്കിലും, വല്ലതും, ആരെങ്കിലും; രണ്ടിലൊരാൾ; 2. ഇരു, ഇതും അതും, രണ്ടും; 3. ഉം: **he neither loves nor e. cares for him** അവന്ന് അവനെ സ്നേഹമില്ല, വിചാരവും ഇല്ല. *conj.* ഓ + ഓ, ആകട്ടെ + ആകട്ടെ, എങ്കിലും + എങ്കിലും: **he is e. writing or reading** അവൻ എഴുതുകയോ വായ്ക്കയോ ചെയ്യുന്നു, —എഴുതുകയാകട്ടെ വായ്ക്കയാകട്ടെ—, —എഴുതുകയെങ്കിലും വായ്ക്കയെങ്കിലും—.

**E-jac'ū-lāte,** *v.t.* എയ്യുക; 2. ഉച്ചത്തിൽ പറയുക; 3. ജപിക്കുക. *v.i.* പറഞ്ഞൂട്ടുക. **=lā'tion,** *n.* ഏറ്; ഉച്ചാരണം; ജപം; തെറിക്കൽ (*phys.*). **=la-tŏr-y,** *a.* പെട്ടന്നുള്ള; ചെറുവാചകമുള്ള; വിസർജ്ജിക്കുന്ന.

**E-jeet',** *v.t.* പുറത്താക്കുക, തള്ളുക; 2. ഒഴിപ്പിക്കുക, ഇറക്കുക (*l.*). **=jec'tiŏn,** *n.* തള്ളൽ; വിസർജ്ജനം (*phys.*); ഭ്രഷ്ട്. **-ment,** *n.* നീക്കം; ഒഴിപ്പിക്കൽ (*l.*).

**Ej-ū-lā'tiŏn,** *n.* വിലാപം, മുറവിളി.

**Ēke,** *v.t.* (out) വൎദ്ധിപ്പിക്കുക, കൂട്ടുക, നീട്ടുക. *ad.* കൂടെ, സഹ.

**E-lab'ō-rāte,** *v.t.* നയിച്ചുണ്ടാക്കുക; 2. അദ്ധ്വാനിച്ച് നന്നാക്കുക. *a.* മുഷിഞ്ഞ് പ്രവൃത്തിച്ച, സൂക്ഷ്മത്തോടെ ഉണ്ടാക്കിയ, കൃത്യം ആയ, പരിഷ്കൃതം—. **-ly,** *ad.* സാഹസത്തോടെ, വിവരമായി. **-ness,** *n.* സമ്പൂൎത്തി. **=rā'tiŏn,** *n.* യത്നം; പരിഷ്കാരം; പരിണാമം (*phys.*). **=ra-tive,** *a.* കൃത്യം ആയ, വിവരം—. **e.e faculty** വിവേചനശക്തി. **=rā-tŏr,** *n.* പരിഷ്കാരകൻ. **=rā-tŏr-y,** *a.* പരിഷ്കാരകമായ.

**E-lapse',** *v.i.* കഴിഞ്ഞുപോക, ചെല്ലുക. **=lap'siŏn,** *n.* കഴിയൽ.

**E-las'tic, =cal,** *a.* അഴവുള്ള; 2. പൂൎവ്വസ്ഥിതി ശമ്യമായ, വലിയുന്ന. **e.-fluids** സ്ഥിതിസ്ഥാപകദ്രവ്യങ്ങൾ. **='ti-cal-ly,** *ad.* അഴവോടെ. **el-as-tic'i-ty, -ness,** *n.* അഴവ്; യഥാസ്ഥിതിത്വം, സ്ഥിതിശമ്യത; സഹനശക്തി.

**E-lāte',** *v.t.* ഉയൎത്തുക; 2. പുളെക്കുക, പൊങ്ങച്ചം കാട്ടുക. *a.* ഉയൎന്ന; 2. ഉല്ലാസം ഉള്ള; 3. നിഗളഭാവം—. **=lā'-ted-ly,** *ad.* ആനന്ദത്തോടെ. **=lā'ted-ness,** *n.* പൊങ്ങച്ചം. **=lā'tiŏn,** *n.* ഉദ്ധതത്വം. **=lā'tive,** *a.* ഉൽകൃഷ്ടഗുണ സൂചകമായ (*gr.*).

**El'bōw** (el'bō), *n.* കൈമുട്ട് (*an.*); 2. വളവ്. **e.-chair** കൈക്കസേല. **e.-grease** കയ്യൂക്ക്. **e.-room** ഇടം, സ്ഥലം. **at the e.** നന്നഅടുക്കെ. **out at the e.** വലച്ചലുള്ള. *v.t.* തിക്കുക, കുത്തുക. **to e. one's way** തിക്കിത്തിരക്കി നടക്കുക. *v.i.* വളഞ്ഞിരിക്കുക; 2. ഉന്തിത്തിക്കി നടക്കുക.

**El'dĕr,** *a.* (*see* **Old**) മൂപ്പ് ഉള്ള, അധികപ്രായം—; 2. വയസ്സ് മൂത്ത, ജ്യേഷ്ഠത്വമുള്ള. *n.* മൂത്തവൻ, കാരണവൻ; 2. പൂൎവ്വികൻ; 3. മൂപ്പൻ, ജാതിക്കാരണവൻ; 4. ബോധകൻ. **-ly,** *ad.* സാമാന്യപ്രായം ചെന്ന. **-ship,** *n.* ജ്യേഷ്ഠത്വം, മൂപ്പ്; മൂപ്പസ്ഥാനം.

**El'dest**, *a.* (*see* Old) ഏററവും പ്രായം ഉള്ള, അധികപഴക്കം—; 2. ആദ്യജാതൻ ആയ, —ജാത—, കടിഞ്ഞൂൽ—.

*El Dō-rä'dō*, *n.* മഹാ ഐശ്വൎയ്യപ്രദേശം; നിധി.

**E-lect'**, *v.t.* തെരിഞ്ഞെടുക്കുക; 2. വരിക്കുക; 3. നിയമിക്കുക. *a.* വരിച്ച. *n.* വരിക്കുന്നവൻ; 2. (*pl.*) രക്ഷിതർ (*Chr.*). **-ant, -or**, *n.* വരിക്കുന്നവൻ; വരണാവകാശമുള്ളവൻ. **='tiŏn**, *n.* തെരിഞ്ഞെടുപ്പ്, വരണം; വരിക്കൽ; കൃത്യസ്വാതന്ത്ര്യം; വിവേകം; മുന്നിർണ്ണയം (*Bl.*). **to make one's e.** തെരിഞ്ഞെടുക്കുക. **='tiŏn-ēer**, *v.i.* വരണപരിശ്രമം ചെയ്ക. *n.* വരണശ്രമക്കാരൻ. **='tive**, *a.* തെരിഞ്ഞെടുക്കുന്ന; വരണസംബന്ധം ആയ; ഐച്ഛികം—. *n.* ഐച്ഛികവിഷയം. **e.e affinity, e.e attraction** പ്രത്യേകസംശ്ലിഷ്ടാകൎഷണം. **='tive-ly**, *ad.* തെരിഞ്ഞെടുപ്പു പ്രകാരം. **=tŏr-al, =tō'ri-al**, *a.* വരണാൎത്ഥമായ. **=tŏr-āte**, *n.* ഇടപ്രഭുത്വം; വരണാവകാശിഗണം.

**E-lec'tric, =cal**, *a.* വിദ്യുച്ഛക്തിസംബന്ധം ആയ, —ജന്യം—; 2. ഞെട്ടിപ്പിക്കുന്ന. **e.-fluid** വിദ്യുച്ഛക്തി, മിന്നൽ. **e.-light** വിദ്യുദ്ദീപം. **e.-railway, e.-tramway** വിദ്യുച്ഛകടം. **=cal-ly**, *ad.* മിന്നൽപോലെ; ഞെട്ടലോടെ. **=cian** (-shan), *n.* വിദ്യുത്സൂത്രജ്ഞൻ. **=tric'i-ty** (-tris'i-), *n.* വിദ്യുൽശക്തി, മിന്നൽ—; വിദ്യുച്ഛക്തിശാസ്ത്രം; ഞെട്ടിക്കുന്ന ഗുണം. **=tri-fī-a-ble**, *a.* വിദ്യുച്ഛക്തി ഏല്ക്കത്തക്ക. **=tri-fi-cā'tiŏn, =tri-s̱ā'tiŏn, =tri-zā'tiŏn**, *n.* വിദ്യുത്പ്രവേശനം. **='tri-fȳ, ='trīs̱e, ='trīze**, *v.t.* വിദ്യുച്ഛക്തിയേല്പിക്കുക; ഞെട്ടിപ്പിക്കുക. *v. i.* വിദ്യുച്ഛക്തിയേല്ക്കുക.

**E-lec'trō**, *pf.* വിദ്യുച്ഛക്തിയാലുള്ള, വിദ്യുത്. **e.-guilding** മിന്നൽ പൊൻമുക്ക്. **e.-meter** വിദ്യുൽമാത്രം. **e.-motive** വിദ്യുജ്ജനകമായ. **e.-motor** വിദ്യുജ്ജനകയന്ത്രം: വിദ്യുച്ചലനയന്ത്രം. **e.-pathy** വിദ്യുച്ചികിത്സ (*med.*). **e.-plating** മിന്നൽ വെള്ളിമുക്ക്.

**E-lec'tū-ar-y**, *n.* ലേഹ്യം, രസായനം (*med.*).

**El-ee-mos̱'y-nar-y**, *a. s.u.* **Alms.**

**El'e-gance, =gan-cy**, *n.* ചന്തം, ഭംഗി, മോടി; 2. കൌതുകമായ സാധനം. **=gant**, *a.* വിശിഷ്ടം ആയ, രഞ്ജകം—, മനോഹരം—; രസവാസനയുള്ള. **=gant-ly**, *ad.* മനോരമ്യമായി, അഴകോടെ, മൊഞ്ചോടെ.

**El'e-ġy**, *n.* ശോകകവിത, വിലാപഗീതം. **ēl-e'ġi-ac, =ġi'a-cal**, *a.* കരുണാരസമുള്ള; പ്രലാപകരം ആയ; പ്രലാപകാൎത്ഥം—. *n.* പ്രലാപശ്ലോകം. **=ġī'ast, =ġist**, *n.* പ്രലാപകവി. **=gīs̱e, =gīze**, *v.t.* വിലപിക്കുക, ശോകസംഗീതം പാടുക.

**El'e-ment**, *n.* മൂലം, പ്രമാണം; 2. മൂലധാതു (*ch.*); 3. അംശം; 4. മൂലപ്രകൃതി, തത്വം; 5. (*pl.*) മൂലസൂത്രം, ആരംഭം; 6. (*pl.*) രേഖാക്ഷരങ്ങൾ; 7. പഞ്ചഭൂതങ്ങളിൽ ഒന്ന്; 8. കാററ്, വായു; 9. പ്രാകൃതസ്ഥിതി, സ്വഭാവനില; 10. (*pl.*) വിശ്വം; 11. (*pl.*) തിരുവത്താഴ സാധനങ്ങൾ (*Chr.*). *v. t.* കൂട്ടിഉണ്ടാക്കുക, കൊണ്ട്—. **-al**, *a.* പഞ്ചഭൂതമയം ആയ, ഭൌതികം—. **=men'tar-y**, *a.* ഏകഭൂതം—; ആദ്യപാഠസംബന്ധം—, ആദ്യ; പഞ്ചഭൂതസംബന്ധമായ.

**El'e-phant** (-fant), *n.* ആന, ഗജം, കരി (*z.*); 2. ദന്തം. **e.-seal** കടലാന (*z.*). **e.'s tusk** ആനക്കൊമ്പ്, ദന്തം. **='ti-ac**, *a.* പെരിക്കാലുള്ള (*med.*). **=tī'a-sis**, *n.* പെരിക്കാൽ, മന്ത്, ഗജചൎമ്മം (*med.*). **=tine**, *a.* ഗജതുല്യമായ; വലിയ; ഘനമേറിയ. **e.e step** ആനച്ചന്തം. **=toid, =toi'dal**, *a.* ഗജാകൃതിയുള്ള.

**El'e-vāte**, *v. t.* പൊന്തിക്കുക, ഉയൎത്തുക; 2. കയററം കൊടുക്കുക; 3. ധൈൎയ്യപ്പെടുത്തുക; 4. ശ്രേഷ്ഠത വരുത്തുക; 5. സ്വരം ഉയൎത്തുക; 6. ലഹരിയാക്കുക; 7. കറക്കുക. **=vā-ted**, *a.* ഉന്നതം ആയ, ശ്രേഷ്ഠം—. **=vā-ted-ness**, *n.* ഔന്നത്യം.

=vā'tiŏn, *n.* ഉയത്തൽ, ആരോഹണം; ഉയച്ച, ശ്രേഷ്ഠത; ഉന്നതസ്ഥിതി; ഉയരം, കന്ന്. =vā'tŏr, *n.* ഉയത്തുന്നവൻ; ഉയത്തുന്നയന്ത്രം. =vā'tŏr-y, *a.* ഉയത്തുന്ന.

**E-lev'en** (-lev'n), *n.* പതിനൊന്ന്; 2. 'ക്രിക്കെട്ട്' പന്താട്ടത്തിലെ ഒര് പക്ഷം. ='enth, *a.* പതിനൊന്നാമത്തെ; പതിനൊന്നിലൊന്നായ. *n.* പതിനൊന്നിലൊന്ന്.

**Elf,** *n.* വേതാളം; ദേവത; കട്ടിച്ചാത്തൻ; 2. കള്ളൻ. *v. t.* കടുക്കിലാക്കുക. -'in, -'kin, *n.* കട്ടിപ്പിശാച്; ചെറുക്കൻ. -'ish, elv'ish, *a.* കട്ടിച്ചാത്തനെ പോലെയുള്ള; അമാനുഷമായ; ദോഹബുദ്ധിയുള്ള. -'land, *n.* ഭൂതലോകം, പാതാളം. -'lock, *n.* പിന്നിയമുടി; ജട.

**E-lic'it** (-lis'it), *v. t.* വെളിവാക്കുക; കണ്ട് പിടിക്കുക. =tā'tiŏn, *n.* വെളിവാക്കൽ.

**E-līde',** *v. t.* ലോപിപ്പിക്കുക (*gr.*). =lisi'ŏn, *n.* ലോപം (*gr.*).

**Ĕl'i-ġi-ble,** *a.* വരണയോഗ്യമായ; അഹതയുള്ള; 2. തക്ക, പററിയ. =ġi-bil'i-ty, =ble-ness, *n.* യോഗ്യത. =ġi-bly, *ad.* യോഗ്യമായി.

**E-lim'i-nāte,** *v. t.* തള്ളുക; വിട്ട്കളയുക; 2. നിരാകരിക്കുക, ലോപിപ്പിക്കുക (*math.*); 3. ഉപേക്ഷിക്കുക; 4. അനുമാനിച്ചെടുക്കുക; 5. വിസജ്ജിക്കുക (*phys.*). =nā'tiŏn, *n.* വിസജ്ജനം (*phys.*); ലോപം (*math.*); അനുമാനം. =nā'tive, *a.* വിസജ്ജിപ്പിക്കുന്ന (*phys.*).

**E'lïte** (e'lēt), *n.* പ്രമാണിവഗ്ഗം, യോഗ്യന്മാർ.

**E-lix'ir,** *n.* രസായനം; വിശിഷ്ടൌഷധം (*med.*); 2. സത്ത്, സാരം.

**Elk,** *n.* കടമാൻ, മ്ലാവ്, മലമാൻ (*z.*).

**Ell,** *n.* ഏകദേശം 3 മുഴമുള്ള ഒര് തുണിയളവ്.

**El-lipse',** *n.* അണ്ഡവൃത്തം, ഉപ—, ഉപമണ്ഡലം (*geom.*); 2. അന്തൎഭാവം (*gr.*); 3. ഗ്രഹപന്ഥാവ് (*as.*). =lip'-sis, *n.* ലോപം, അദ്ധ്യാരോപം (*gr.*). =lip'tic, =lip'ti-cal, *a.* അണ്ഡാകൃതിആയ, നെട്ടവട്ടം— (*geom.*); ലോപമുള്ള (*gr.*). =lip'ti-cal-ly, *ad.* ദീഘവൃത്തമായി; അന്തൎഭവിച്ചതായി. =lip-tic'i-ty, *n.* വൃത്തദൈഘ്യം.

**Elm,** *n.* ഇരിമ്പകവൃക്ഷം (*b.*).

**El-ō-cū'tiŏn,** *n.* പ്രസംഗം; 2. വാക്ശ്രൂരം; 3. വാഗ്മിത്വം. -ar-y (-ĕr-i), *a.* വാക്ചാതുയ്യം സംബന്ധിച്ച. -ist, *n.* വാഗ്മി, വാചാലൻ

**El'ō-ġy,** *n.* സ്തുതി, പുകഴ്ച.

**E-loṅ'gāte,** *v. t.* നീട്ടുക, ദീഘിപ്പിക്കുക. *v. i.* അകന്ന് പോക. *a.* നീണ്ടിരിക്കുന്ന. =gā'tiŏn, *n.* ദീഘിക്കൽ, നീളം; തുടച്ച; പിൻവാങ്ങൽ; ദൂരം.

**E-lōpe',** *v. i.* ഒളിച്ച് പോയ്ക്കളയുക, അന്യസ്ത്രീപുരുഷന്മാർ ഒന്നിച്ച് കൂടി ഓടിപ്പോയ്ക്കളയുക. -ment, *n.* ഒളിച്ച് പോകൽ.

**El'ō-quent** (-kwent), *a.* വാക്ചാതുയ്യം ഉള്ള, വാക്സാമത്ഥ്യം—. -ly, *ad.* വാഗ്വൈഭവത്തോടെ. =quence, *n.* വാഗ്മിത്വം, വാക്പടുത്വം, വാചാലത്വം.

**Else,** *a.* & *pron.* മററ്, വേറെ, വല്ല, അന്യ. *ad.* & *conj.* അല്ലാതെ, കൂടാതെ, പുറമെ, മാത്രമല്ല, അത്രയുമല്ല, എന്ന് തന്നെയല്ല; 2. അല്ലാഞ്ഞാൽ, അല്ലായ്കിൽ, അല്ലായിരുന്നുവെങ്കിൽ. -'where (-hwâr), *ad.* മറെറങ്ങും, മററ് വല്ലേടവും. വേറെ എവിടെയെങ്കിലും, വേറെ എവിടെയും; മററും. e.-whither മററ് വല്ലേടത്തേക്കും, മറെറങ്ങാനും. e.-wise അല്ലാഞ്ഞാൽ.

**E-lu̧'ci-dāte,** *v. t.* തെളിവ് ആക്കുക, സ്പഷ്ടം—. =dā'tiŏn, *n.* വിവരണം, വ്യാഖ്യാനം. =dā-tive, =dā-tŏr-y, *a.* വ്യക്തമാക്കുന്ന. =dā-tŏr, *n.* വ്യാഖ്യാനി.

**Ē-lu̧de',** *v. t.* ഉപായത്താൽ തെററിക്കളയുക, തോല്പിച്ച് പോയ്ക്കളയുക, ഒളിച്ച് പോരുക; ഒഴിഞ്ഞ് കളയുക. =lu̧'di-ble, *a.* തെററിപ്പോരാകുന്ന. =lu̧'si̧ŏn, *n.* തെററിക്കളയൽ, തെററിപ്പോരൽ; ഒഴിച്ചൽ; ഉപായം. =lu̧'si̧ve, *a.* തോല്പി

ക്കുന്ന, വലിഞ്ഞ് കളയുന്ന; മായം ഉള്ള. =lu̥'sōr-y, *a.* ചതി—, കപടം—, ച്ചുററിക്കുന്ന; മിത്ഥ്യയായ.

**E-lu̥'tri-āte**, *v. t.* അരിക്കുക, ശുദ്ധിയാക്കുക. =ā'tion, *n.* വടികെട്ടൽ, ശുദ്ധീകരണം.

**E-lys̱'i-um**, *n.* ദേവലോകം, കൈലാസം, നന്ദവനം; 2. സ്വൎഗ്ഗം, മോക്ഷം; 3. ഭാഗ്യസ്ഥാനം, സുഖസ്ഥലം. =i-an, *a.* പരമാനന്ദപ്രദമായ; സ്വൎഗ്ഗീയ; ദേവലോകതുല്യമായ.

**E-mā'ci-āte** (-mā'shi-), *v. i.* മെലിഞ്ഞ് പോക, ക്ഷയിച്ച്—, ഉരുകിപ്പോക. *v. t.* ശോഷിപ്പിക്കുക. *a.* മെലിഞ്ഞ, ശുഷ്കിച്ച. =ā'tion, *n.* ക്ഷയിപ്പിക്കൽ; ക്ഷയം, മെലിച്ചൽ, കൃശത.

**Em'a-nāte**, *v. i.* ഉറന്ന് വരിക, പുറപ്പെട്ട്—, ഒഴുകുക; 2. ഉല്പത്തിയാക, ജനിച്ച് വരിക. =nāte, =nant, =nā-tive, =nā'tōr-y, *a.* ഉത്ഭവിച്ച് വരുന്ന. =nā'tiŏn, *n.* പുറപ്പാട്, നിൎഗ്ഗമനം; ഒഴുക്കം, ഉത്ഭവം.

**E-man'ci-pāte**, *v.t.* അഴിച്ച് വിടുക, സ്വാതന്ത്ര്യം കൊടുക്കുക, അടിമത്തനം പോക്കുക. *a.* സ്വാതന്ത്ര്യം കിട്ടിയ. =pā'tiŏn, *n.* ദാസ്യമോചനം, വിട്ടതൽ. =pā-tōr, *n.* വിമോചകൻ, ഉദ്ധാരകൻ. =pā-tŏr-y, *a.* ദാസ്യമോചകമായ. =pist, *n.* തടവിൽനിന്ന് വിട്ട് വന്നവൻ.

**E-mas'cū-lāte**, *v. t.* വൃഷണം ഛേദിക്കുക, കാല് കെട്ടുക, ഉടക്കുക; 2. പൌരുഷം കളയുക, ബലമില്ലാതാക്കുക. *a.* ഷണ്ഡനായ; ആണത്വമില്ലാത്ത. =lā'tiŏn, *n.* ഉടക്കൽ; നപുംസകത്വം; ആണത്വമില്ലായ്മ. =lā'tōr-y, *a.* വൃഷണഛേദം ചെയ്യുന്ന.

**Em-bälm'** (-bäm'), *v. t.* സുഗന്ധം പൂശുക; 2. ശവം സുഗന്ധങ്ങളിട്ട് സൂക്ഷിക്കുക; 3. സുഗന്ധം ഉളവാക്കുക; 4. സ്മരണ നിലനിൎത്തുക. -ment, *n.* ശവരക്ഷണം.

**Em-bank'**, *v. t.* ചിറകെട്ടുക; 2. തടുക്കുക; 3. അതിരിടുക. -ment, *n.* ചിറപിടിക്കൽ; ചിറ, വാട.

**Em-bär'**, *v. t.* അഴിഇടുക, ഓടാമ്പൽ—, പൂട്ടുക; 2. തടുക്കുക, നിൎത്തൽ ചെയ്ക.

**Em-bär'gō**, *n.* കപ്പലോട്ടനിരോധം; വ്യാപാരതടസ്ഥം. *v. t.* കപ്പലോട്ടം മുടക്കുക, വ്യാപാരം—.

**Em-bärk'**, *v. t.* കപ്പൽ കയററുക; 2. ഉദ്യോഗിപ്പിക്കുക; (പണം) മുടക്കുക. *v. i.* കപ്പൽ കയറുക; 2. പ്രവേശിക്കുക, ഉൾപ്പെടുക. =kā'tiŏn, =cā'tiŏn, *n.* കപ്പലേററം.

**Em-bar'rass**, *v. t.* ഭ്രമിപ്പിക്കുക, വ്യാകലപ്പെടുത്തുക; 2. മുടക്കുക, മിനക്കെടുക്കുക; 3. ബുദ്ധിമുട്ടിലാക്കുക; കടം പിടിപ്പിക്കുക. -ment, *n.* പരിഭ്രമം, പരുങ്ങൽ; കുഴപ്പം, കുഴക്ക്; കൈവലച്ചൽ, പണഞെരുക്കം.

**Em-bāse'ment**, *n.* താഴ്ച, അധോഗതി, ഹീനത്വം.

**Em-bas'sa-dor**, *n.* *see* Ambassador.

**Em'bas-sy**, *n.* രാജപ്രതിനിധിസ്ഥാനം, —ഉദ്യോഗം; 2. രാജ്യദൂത്; 3. വിശേഷവൎത്തമാനം; 4. പ്രതിനിധിപ്പരിഷ; 5. പ്രതിനിധിവാസസ്ഥലം. =sāge, *n.* ദൂത്; വൎത്തമാനം.

**Em-bat'tle** (-bat'l), *v.t.* പാളയം ഇറങ്ങുക, യുദ്ധത്തിന് അണി നിരക്കുക.

**Em-bed'**, *v. t.* അമിഴ്ത്തുക, പതിക്കുക. -ment, *n.* അമിഴ്ത്തൽ, പതിക്കൽ.

**Em-bel'lish**, *v. t.* ഭംഗിവരുത്തുക, രസം—. -ment, *n.* അലങ്കരിക്കൽ; ശൃംഗാരം, ഭൂഷണം.

**Em'bĕr**, *a.* മുമ്മൂന്ന് മാസം കൂടുമ്പോൾ ഉണ്ടാകുന്ന. e.-days നോമ്പ് ദിവസം (*R. C.*). e.-week നോമ്പ് ദിവസമുള്ള ആഴ്ചവട്ടം (*R. C.*).

**Em'bĕrs̱**, *n. pl.* തീക്കനൽ.

**Em-bez'zle** (-bez'l), *v. t.* (സൂക്ഷിപ്പാൻ കിട്ടിയമുതൽ) അപഹരിച്ചെടുക്കുക, (വിശ്വാസവഞ്ചനയാൽ) മുതൽ പററുക. -ment, *n.* അപഹരണം. =zlĕr, *n.* അപഹാരി.

**Em-bit'tĕr**, *v. t.* കൈപ്പാക്കുക, മുഷിപ്പിക്കുക, ദുഃഖിപ്പിക്കുക. **-ment**, *n.* കൈപ്പാക്കൽ; ദുഃഖഹേതു.

**Em-blāze'**, **=blā'zon** (-blāzn', *v. t.* മിനുക്കിയലങ്കരിക്കുക, ശൃംഗരിക്കുക, മിന്നമാറാക്കുക; 2. പടവിചിഹ്നം വരക്കുക. **=blā'zon-ment**, *n.* ശൃംഗാരം.

**Em'blem**, *n.* വിചിത്രാലങ്കാരം; 2. കുറി, അടയാളം. *v. t.* കുറിക്കുക, സൂചിപ്പിക്കുക. **=mat'ic**, **=mat'i-cal**, *a.* കുറിത്തുയ, ലക്ഷണം—. **=mat'i-cal-ly**, *ad.* അടയാളമായി. **=mat'i-cīse**, **=mat'-i-cīze**, *v. t.* അടയാളമായി വിചാരിക്കുക. **=ma-tist**, *n.* ലക്ഷണം സങ്കല്പിക്കുന്നവൻ. **=ma'tīse**, **=ma'tīze**, *v. t.* കുറിയാൽ സൂചിപ്പിക്കുക, അടയാളം സങ്കല്പിക്കുക:

**Em-bloom'**, **=blos'sŏm**, *v. t.* പുഷ്പം കൊണ്ടലങ്കരിക്കുക.

**Em-bod'y**, *v. t.* രൂപമാക്കിത്തീൎക്കുക; 2. കൂട്ടിച്ചേൎക്കുക; 3. ദേഹത്തിൽ പെട്ടിരിക്കുക; 4. ദേഹം സങ്കല്പിക്കുക. **=bod'y**, **im-bod'y**, *v. i.* ഒന്നായിചേരുക. **=bod'i-ment**, *n.* ആകൃതിപ്പെട്ടുത്തൽ; ആകൃതി; ദേഹം; സാക്ഷാൽരൂപം, മൂൎത്തി.

**Em-bōld'en**, *v. t.* ധൈൎയ്യപ്പെടുത്തുക. **-ĕr**, *n.* ശൌൎയ്യം വരുത്തുന്നവൻ.

**Em-bŏs'om** (-buz'um), *v. t.* അംഗീകരിക്കുക, ഉൾക്കൊള്ളുക; പ്രേമത്തോടെ സ്മരിക്കുക; 2. ചുററിവളയുക, മറക്കുക; മൂടുക.

**Em-boss'**, *v. t.* കൊത്തിപ്പൊന്തിക്കുക; 2. രൂപംകൊത്തി ഉയൎത്തുക. **=bossed'** (-bost'), *a.* കൊത്ത് പണിയായ, പൊന്തിനില്ക്കുന്ന. **-ment**, *n.* പൊന്തൽ, ഉയൎച്ച.

**Em-brāce'**, *v. t.* ആലിംഗനം ചെയ്യുക, കെട്ടിപ്പിടിക്കുക; 2. പററിക്കൊൾക; വാത്സല്യം കാട്ടുക; 3. കൈക്കൊൾക, സ്വീകരിക്കുക; 4. അവലംബിക്കുക; 5. ചുററിവളയുക; 6. ഉൾപ്പെടുത്തുക, സംഗ്രഹിക്കുക; 7. വഴങ്ങുമാറാക്കുക, അധീനമാക്കുക. *v. i.* പുണരുക. **=brāce'**, **-ment**, *n.* ആശ്ലേഷം.

**Em-brā'sure**, *n.* ഒഴിവ്, വിടവ്.

**Em'brō-cāte**, *v. t.* തടവുക, പിരട്ടുക, തേക്കുക, ഉഴിയുക (*med.*). **=cā'tiŏn**, *n.* പൂശൽ, മൎദ്ദനം; കുഴമ്പ്, തൈലം.

**Em-brōg'lio**, *see* **Imbroglio**.

**Em-broi'dĕr**, *v. t.* വിചിത്രമായി തുന്നുക, ചിത്രത്തയ്യൽ ചെയ്യു. **-ĕr**, *n.* ചിത്രത്തയ്യൽ വേലക്കാരൻ. **=dĕr-y**, *n.* വിചിത്രത്തുന്നൽ, ചിത്രത്തയ്യൽ; വിചിത്രാലങ്കാരം.

**Em-broil'**, *v. t.* കലാപത്തിലാക്കുക; ഛിദ്രിപ്പിക്കുക; കലഹത്തിൽ ഉൾപ്പെടുത്തുക; കുഴക്കുക; 2. കൂട്ടിക്കലൎത്തുക. **=broil'**, **-ment**, *n.* കുഴപ്പം, താറുമാറ്, അമളി.

**Em-brue'**, *see* **Imbrue**.

**Em'bry-ō**, **=on**, *n.* കരു, ഗൎഭപിണ്ഡം; 2. മുള. **in e.** ആലോചിച്ച് വരിക, ഗൎഭിച്ചിരിക്കുക. *a.* കരുപ്പിടിച്ച; 2. ഗൎഭപിണ്ഡസംബന്ധമായ; 3. വികാസം പ്രാപിച്ചിട്ടില്ലാത്ത. **=og'o-ny**, *n.* കരുവാകൽ. **=ol'o-gy**, *n.* ഗൎഭപിണ്ഡശാസ്ത്രം. **=on'ic**, *a.* ഗൎഭപിണ്ഡസംബന്ധമായ; ആരംഭം സംബന്ധിച്ച.

**E-mend'**, *v. t.* തിരുത്തുക, നന്നാക്കുക, ശുദ്ധിയാക്കുക. **=dā'tiŏn**, *n.* ശുദ്ധീകരണം; തിരുത്തൽ. **='da-tŏr-y**, *a.* തിരുത്തമായ.

**Em'ĕr-ald**, *n.* പച്ചക്കല്ല്, പച്ച, മരതകരത്നം (*min.*). *a.* പച്ചനിറമുള്ള.

**E-mĕrge'**, *v. t.* പൊങ്ങിവരിക, പുറപ്പെട്ട്—, ഉത്ഭവിച്ച്—, കാണാക. **='gence**, *n.* പൊങ്ങിവരൽ, പ്രത്യക്ഷത. **='gen-cy**, *n.* ആകസ്മികപ്രത്യക്ഷത; അടിയന്തരാവശ്യം, ബുദ്ധിമുട്ട്. **='gent**, *a.* കാണാറ്റരുന്ന; അടിയന്തരമായ. **=gent-ly**, *ad.* അടിയന്തരമായി. **='gent-ness**, *n.* അടിയന്തരം, അത്യാവശ്യം.

**Em'ĕr-il**, *n.* കണ്ണാടിമുറിക്കുന്ന വൈരം (*min.*).

**Em'er-ods**, **=oids**, *n. pl.* മൂലവ്യാധി, മൂലക്കുരു, അൎശസ്സ്.

**E-mĕr'siŏn**, *n.* പൊങ്ങിവരൽ; ഉദയം; 2. ഗ്രഹണമോചനം, പുനൎപ്രത്യക്ഷത (*as.*).

**Em'ĕr-y**, *n.* കൊപ്പുമണൽ; 2. ഇരിമ്പ് പൊടി.

**Em'e-sis**, *n.* ഛൎദ്ദി, വമനം (*med.*). **e-met'ic**, *a.* വമനകമായ. *n.* വമനൌഷധം (*med.*). **e-met'i-cal**, *a.* ഛൎദ്ദിപ്പിക്കുന്ന.

**E̱-meute'** (-mūt'), *n.* മത്സരം, ലഹള.

**Em-i-că'tiŏn**, *n.* തെറിക്കൽ, പാറൽ.

**E-mic'tiŏn**, *n.* മൂത്രമൊഴിവ്; 2. മൂത്രം. **=mic'tŏr-y**, *a.* മൂത്രവൎദ്ധകമായ.

**Em'i-grāte**, *v. i.* പരദേശത്ത് സ്ഥിരവാസം ചെയ്ക. **=grā'tiŏn**, *n.* പരദേശഗമനം; പരദേശക്കുടിയേററം; പരദേശവാസഗാമികൾ. **=grant**, **=grā'tŏr**, *n.* പരദേശവാസഗാമി. **=grant**, *a.* —ഗാമികളെ കൊണ്ട് പോകുന്ന.

**Em'i-nence**, *n.* ഉയൎച്ച, ഉയരം; 2. ഔന്നത്യം, മേന്മ, ശ്രേഷ്ഠത; 3. കൎദ്ദിനാലബഹുമാനവാചി (*R. C.*). **=nen-cy**, *n.* വലിപ്പം, കീൎത്തി. **=nent**, *a.* ഉയരമുള്ള; വിശ്രുതനായ, ശ്രേഷ്ഠതയുള്ള. **=nent-ly**, *ad.* ഏററവും, നന്നായി, അതിശയമായി.

**Em'is-sar-y** (-sĕr-i), *n.* ചാരൻ, നിയുക്തൻ, ഒററ്കാരൻ. *a.* ഒറററിയുന്ന. **-ship**, *n.* ചാരകത്വം.

**E-mit'**, *v. t.* പുറപ്പെടുവിക്കുക, ഉളവാക്കുക; 2. വരിക. **-tent**, **=mis'sive**, *a.* വിടുന്ന, പുറത്താക്കുന്ന. **=mis'siŏn** (-mish'un), *n.* വിടൽ; പ്രസാരണം, ഒഴുക്കം.

**Em'met**, *n.* ഉറുമ്പ് (*z.*).

**E-mol-les'cence**, *n.* മാൎദ്ദവം; ദ്രവത്വം. **='li-āte**, *v. t.* ദ്രവമാക്കുക. **='li-ent**, *a.* മാൎദ്ദവം വരുത്തുന്ന. *n.* കുഴമ്പ് (*med.*). **em-o-li'tiŏn** (-lish'un), *n.* അഴവ് വരുത്തൽ.

**E-mol'ū-ment**, *n.* പ്രതിഫലം, ശമ്പളം, വൃത്തി. **=men-tal**, *a.* ലാഭം ഉള്ള, കാൎയ്യം—.

**E-mō'tiŏn**, *n.* മനഃകലക്കം, മനോവികാരം, പരിഭ്രമം. **-al**, *a.* മനസ്സിളക്കം ഉള്ള, സംഭ്രമം—. **=mō'tive**, *a.* ഭ്രമം—.

**Em-pāle'**, *v. t.* വിള്പ്പിക്കുക; 2. തറിനാട്ടുക, വേലികെട്ടുക; 3. വളച്ച്—; 4. കഴുവേററുക. **-ment**, *n.* വേലി; ശൂലാരോഹണം.

**Em-pan'nel**, *see* **Impannel.**

**Em-pa̤wn'** (-pa̤n'), *v. t.* പണയം വെക്കുക.

**Em-per'il**, *v. t.* അപായത്തിലാക്കുക.

**Em'pĕr-ŏr**, *s. u.* **Empire.**

**Em'pha-sis** (-fa-), *n.* അവധാരണം; 2. ഗൌരവം, ദൃഢത. **=sīse**, **=sīze**, *v. t.* സ്വരഭാരത്തോടെ ഉച്ചരിക്കുക; ഉറപ്പിച്ച് പറയുക. **=phat'ic**, **=phat'i-cal** (-fat-), *a.* സ്വരഭാരം ഉള്ള; വാഗ്ബലം—; മുഖ്യം ആയ; മനസ്സിന്ന് തട്ടുന്ന. **=phat'i-cal-ly** (-fat-), *ad.* ഊക്കോടെ.

**Em'pīre**, *n.* ചക്രവൎത്തിസ്ഥാനം; 2. കോയ്മ, അധികാരം; 3. സാമ്രാജ്യം, മഹാരാജ്യം, ചക്രവൎത്തിത്വം. **em'pĕr-ŏr**, *n.* ചക്രവൎത്തി, സാമ്രാട്ട്, അധിരാജൻ. **em'pĕr-ŏr-ship**, *n.* ചക്രവൎത്തിസ്ഥാനം. **em'press**, *n.* ചക്രവൎത്തിനി; 2. ചക്രവൎത്തിപത്നി; 3. യജമാനത്തി. *See* **Imperial.**

**Em-pir'ic**, **=pir'i-cist** (-sist), *n.* അനുഭവജ്ഞൻ; 2. അശാസ്ത്രവൈദ്യൻ, കട്ടുക്ക—. **=i-cal**, *a.* അനുഭവസിദ്ധം ആയ; പരിചയോത്ഭവം—. **=i-cal-ly**, *ad.* തഴക്കംകൊണ്ട്, അശാസ്ത്രമായി. **=i-cism** (-sizm), *n.* പരിചയമാൎഗ്ഗം; അശാസ്ത്രവൈദ്യം; അഭ്യാസജ്ഞാനവാദം. **=pi-ris'tic**, *a.* പരീക്ഷോത്ഭവമായ.

**Em-plas'tic**, *a.* പററുള്ള. *n.* മലബന്ധകൌഷധം (*med.*).

**Em-plēad'**, *v. t.* കുററം ആരോപിക്കുക.

**Em-ploy'**, *v. t.* ഉപയോഗിക്കുക; 2. ഉദ്യോഗിപ്പിക്കുക; 3. മിനക്കെടുക്കുക; 4. പണിക്കേല്പിക്കുക. **to e. one's self** ഉദ്യോഗിക്കുക, പ്രവൃത്തിക്കുക. *n.* പ്രവൃത്തി, ഉദ്യോഗം. **to be in one's e.** പണിയിൽ ഇരിക്കുക, പണിക്കാരൻ ആയിരിക്കുക. **-a-ble**, *a.* ഉപയോഗിക്കത്തക്ക. **=ploy'ē**, **=ploy'ēe**, *n.* ഉദ്യുക്തൻ; വേല

ക്കാരൻ. =ploy'ĕr, *n.* പ്രവൃത്തിക്കാക്കുന്നവൻ, യജമാനൻ. -ment, *n.* ഉപയോഗം; പണി, തൊഴിൽ; ഉദ്യോഗം.

Em-poi'ṣon (-poi'zn), *v. t.* വിഷം കൊടുക്കുക. -ment, *n.* വിഷം കൊടുക്കൽ.

Em-pōr'i-um, *n.* കച്ചവടസ്ഥലം, മഹാവ്യാപാരസ്ഥാനം.

Em-pov'ĕr-ish, *see* Impoverish.

Em-pow'er (-pow'r), *v.t.* അധികാരപ്പെടുത്തുക; 2. മുക്ത്യാർനാമം കൊടുക്കുക; 3. ശേഷിവരുത്തുക. [ശൌൎയ്യം.

Em-prīṣe', *n.* വീൎയ്യപ്രവൃത്തി; 2.

Emp'tiŏn (em'shun), *n.* വിക്രയം. -al, *a.* വിലക്ക് വാങ്ങത്തക്ക.

Emp'ty (em'ti), *a.* ഒഴിഞ്ഞ, ഒന്നുമില്ലാത്ത: on an e. stomach വെറും വയററിൽ; 2. (of) ഇല്ലാത്ത; 3. വെറും കൈയായ; 4. കാൎയ്യം ഇല്ലാത്ത, സാരം—; 5. മിത്ഥ്യയായ; 6. അഫലം ആയ; നിഷ്ഫലം—; 7. കറവുള്ള; 8. വാസ്തവമല്ലാത്ത. e.-handed വെറുങ്കയ്യായി. e.-headed ആലോചന ഇല്ലാത്ത. e.-hearted ദയ—. *n.* ഒഴിഞ്ഞപാത്രം. *v.t.* ഒഴിക്കുക, പകന്ന് കളയുക; വാൎത്ത്—. *v. i.* ഒഴുകിച്ചേരുക; ഒഴിവാക. ='ti-neṣs, *n.* ഒഴിവ്; മായ, മിത്ഥ്യത്വം; ബുദ്ധികേട്. -iṅg, *n.* ഒഴിക്കൽ; മട്ട്.

Em-pur'ple, *v. t.* രക്തവൎണ്ണമാക്കുക.

Em-pyr'e-al (-pir'i-), *a.* തേജോമയം ആയ; 2. അഗ്നിമയം—; 3. സ്വൎഗ്ഗലോകസംബന്ധം—. =rē'an, *n.* തേജോലോകം. *a.* സ്വൎഗ്ഗലോകസംബന്ധമായ.

Ē'mū, E'meū, E'mew, *n.* ഒര് വക ഒട്ടകപ്പക്ഷി (*z.*).

Em'ū-lāte, *v. t.* സ്പൎദ്ധിക്കുക, മുന്തുവാൻ ശ്രമിക്കുക, ജയിപ്പാൻ—, മത്സരിക്കുക. =lā'tiŏn, *n.* പോര്, ഞാനോ നീയോ എന്ന ഭാവം; ജയേച്ഛ; വൈരാഗ്യം; അസൂയ. =lā-tive, *a.* സ്പൎദ്ധയുള്ള. =lā-tive-ly, *ad.* ഞാനോ നീയോ എന്ന് വെച്ച്. =lā-tŏr, *n.* ജയേച്ഛു; സ്പൎദ്ധാലു. =lāt-ŏry, *a.* പോരുള്ള. =lā-tress, *n.* പോര് കാരത്തി. =lŏus, *a.* (of) ജയേച്ഛുഉള്ള; അസൂയ—.

E-mul'siŏn, *n.* ക്ഷീരപ്രായ ഔഷധം, കഷമ്പ്; 2. പായസം. =mul'sive, *a.* മാൎദ്ദവം വരുത്തുന്ന, പാല്പോലെ ഉള്ള; എണ്ണ—.

En-ā'ble, *v. t.* കഴിവുണ്ടാക്കുക, പ്രാപ്തിവരുത്തുക; തക്കതാക്കുക. -ment, *n.* കഴിവ്; ശേഷിയാക്കൽ.

En-act', *v. t.* കല്പിക്കുക; 2. നിയമം ആക്കുക, —ഉണ്ടാക്കുക; 3. ചെയ്യുക; 4. അഭിനയിക്കുക. =ac'tive, *a.* നിയമനിൎമ്മാണാധികാരമുള്ള. -ment, *n.* നിയമസ്ഥാപനം; നിയമം, പ്രമാണം; വിധി.

En-am'el, *n.* മിനുക്കൽ, പളുങ്ക്പൂശൽ; 2. കോപ്പക്കൂട്ട്, കവിടിക്കൂട്ട്; 3. വിചിത്രപ്പണി; 4. ദന്തകാചം, കാചപദാൎത്ഥം (*an.*). *v.t.* കാചക്കൂട്ടിടുക; 2. വൎണ്ണം കയററുക; 3. കവിടിയിടുക; 4. മുഖലേപനം ചെയ്ക. =elled (-eld), *a.* കവിടിയിട്ട.

En-am'ŏr, =am'ŏur, *v. t.* (of, with) മയക്കുക, വശീകരിക്കുക. -ment, *n.* മോഹാന്ധത; വശീകരണം.

En-cāge', *v. t.* കൂട്ടിലിടുക, കുടുക്കുക.

En-camp', *v. i.* പാളയം ഇറങ്ങുക, —അടിക്കുക. *v. t.* —അടിപ്പിക്കുക. -ment, *n.* പാളയം ഇറങ്ങൽ; പാളയം.

En-cāse', *v. t.* പെട്ടിയിൽ ഇടുക; 2. ഉറയിൽ—. -ment, *n.* ഉറയിലിടൽ; ഉറ.

En-cash', *v. t.* നാണ്യമായി മാറുക. -ment, *n.* ദ്രവ്യപത്രം മാറി പണം കൊടുക്കൽ.

En-cāve', *v.t.* ഗുഹയിൽ ഒളിപ്പിക്കുക.

Eṅ-ceinte' (aṅ-sāṅ') *a.* ഗൎഭമുള്ള, ഗൎഭിണിയായ. (ച്ചോറ് *an.*).

En-ceph'a-lon, =los (-sef-), *n.* തല

En-chāin', *v. t.* ചങ്ങലക്കിടുക; 2. ബന്ധിക്കുക; 3. കൂട്ടിച്ചേൎക്കുക.

En-chant', *v. t.* മന്ത്രത്താൽ വശത്താക്കുക, വശീകരിക്കുക; 2. മയക്കുക, രസിപ്പിക്കുക, ആനന്ദം ജനിപ്പിക്കുക. -ed, *a.* മന്ത്രാധീനം ആയ; മോഹിതം—.

-ĕr, *n.* മന്ത്രവാദി. -iṅg, *a.* മന്ത്രശക്തിയുള്ള; മോഹനീയമായ. -ment, *n.* മന്ത്രവാദം, മാരണം; സ്തംഭനം. മന്ത്രബന്ധനം; മനോഹരത്വം. -ress, *n.* ആഭിചാരക്കാരത്തി; മോഹിനി, മയക്കിച്ചി.

En-chāse', *v. t.* അമിഴ്ത്തുക; 2. അലങ്കരിക്കുക; 3. ചിത്രം കൊത്തുക.

En-cĭr'cle, *v. t.* വൃത്തം വരക്കുക; വളയുക; പൊത്തിപ്പിടിക്കുക, കൊത്തിപ്പിടിക്കുക.

En-clōse', *v. t.* ഉറയിലിടുക, അടക്കം ചെയ്ക, അകത്ത് വെക്കുക. =clos'ūre, *n.* വളവ്; കെട്ടിനകം; അകത്തുള്ളത്, അടക്കം ചെയ്യുത്.

En-cō'mi-um, *n.* സ്തുതി, പുകഴ്ച. =mi-ast, *n.* ശ്ലാഘിക്കുന്നവൻ, വന്ദി. =mi-as'tic, =mi-as'ti-cal, *a.* പ്രശംസയായ.

En-cŏm'pass, *v. t.* ചുററുക, വളയുക; പ്രദക്ഷിണം ചെയ്ക, —വെക്കുക. -ment, *n.* വളവ്, ആവരണം, ചുററൽ.

En-cōre' (äṅ-kōr'), *ad. or int.* ഇനിയും ഒരിക്കൽ. *n.* ആവൎത്തനാൎത്ഥമായ വിളി. *v.t.* ശ്ലാഘിക്കുക.

En-coun'tĕr, *v.t.* നേരിടുക; എതിൎക്കുക. *v.i.* ഇടപെടുക, തമ്മിൽകാണുക; പൊരുതുക. *n.* കൂടിക്കാഴ്ച; ഈടുമുട്ട്; 2. പോരാട്ടം, യുദ്ധം. -ĕr, *n.* എതിരാളി, ശത്രു.

En-cŏur'āge, *v.t.* ധൈൎയ്യപ്പെടുത്തുക, ചുണകൂട്ടുക; ഉത്സാഹം ജനിപ്പിക്കുക. -ment, *n.* ധൈൎയ്യം കൂട്ടൽ; ഉത്സാഹകാരണം; അനുകൂലം. =cŏur'āg-iṅg-ly, *ad.* അനുകൂലമായി; ധൈൎയ്യം ജനിക്കത്തക്കവണ്ണം. [ത്തുക.

En-crā'dle, *v. t.* തൊട്ടിലിൽ കിട

En-crim'son (-krim'zn), *v. t.* ചുവപ്പിക്കുക, അരുണമാക്കുക.

En-crōach' (-krōch'), *v. i.* (on, upon) നുഴയുക, കയ്യേറുക, അതിക്രമിക്കുക; 2. കയ്യിടുക; 3. അപഹരിച്ചെടുക്കുക. -ĕr, *n.* ആക്രമി; അപഹാരി. -iṅg-ly, *ad.* കയ്യേററമായി. -ment, *n.* കയ്യേററം, ആക്രമണം; അതിർനീക്കം (*l.*); അപഹൃതം.

En-crust', *v. t.* പൊതിയുക. -ment, *n.* പുറം പൊളി, പൊതി, പോള; മൂടൽ.

En-cum'bĕr, *v. t.* ഭാരം ചുമത്തുക, മുടക്കം വരുത്തുക; കുഴക്കുക, വിഷമിപ്പിക്കുക; 2. കടം ചുമത്തുക, കടത്തിലാക്കുക. -ment, =cum'brance, *n.* ചമ്മല; തടസ്ഥം, മുട്ടി; കടം. =cum'bran-cĕr, *n.* വസ്തു കടത്തിലാക്കുന്നവൻ, കാണം പണയം ചാൎത്തുന്നവൻ.

En-cȳ-clic, =cal, *a.* പൊതുവെയുള്ള, സാധാരണമായ. *n.* പരസ്യലേഖനം.

En-cȳ-clō-pē'di-a, =pæ'di-a, *n.* വിജ്ഞാനനിഘണ്ടു, കലാകോശം, വിദ്യാമഞ്ജരി; 2. വിദ്യാകല്പതരു. -cal, =pē'di-an, =pē'dic, =pē'di-cal, *a.* നാനാവിഷയസംബന്ധം ആയ; സൎവ്വവിദ്യാസംഗ്രഹം—. =pē'dism, *n.* സമസ്തവിദ്യാനിഘണ്ടുരചന; സൎവ്വവിദ്യാവിജ്ഞാനം. =pē'dist, *n.* വിജ്ഞാനനിഘണ്ടുരചകൻ; സൎവ്വശാസ്ത്രജ്ഞൻ.

End, *n.* അററം, അഗ്രം; അതിര്, അവധി; 2. അവസാനം, സമാപ്തി, തീൎച്ച, ഒടുവ്; 3. ഫലം; 4. ഒടുക്കം, അന്ത്യം, മരണം; 5. നാശകാരണം; 6. ലാക്ക്, താല്പൎയ്യം; 7. ശേഷിപ്പ്, ഉച്ഛിഷ്ടം. an e. കുത്തനെ; തുടൎച്ചയായി. e. for e. മറിച്ചാമ്പാട്. e.s of the earth ദൂരപ്രദേശം. in the e. ഒടുക്കം. on e. കുത്തനെ, നെട്ടങ്ങനെ. to the e. . . . . ആയ്ക്കൊണ്ട് . . . . അൎത്ഥം. to make both e.s meet കടം കൂടാതെ കഴിച്ച്കൂട്ടുക, അഹസ്സ്കഴിക്കുക. to put an e. to തീൎക്കുക, അവസാനിപ്പിക്കുക. *v.t.* തീൎക്കുക, സമപ്പിക്കുക, പൂൎത്തിയാക്കുക; 2. അവസാനം നില്ക്കുക; 3. നശിപ്പിക്കുക, കൊല്ലുക. *v.i.* തീരുക, കാലം എത്തുക. -'all, *n.* പരമാവസാനം. -'iṅg, *n.* ഒടുവ്; തീൎപ്പ്; നാശം; മരണം; പദാന്തം, പ്രത്യയം (*gr.*). e.g-day മരണദിവസം. -'less, *a.* തീരാത്ത; നിത്യം ആയ, ശാശ്വതം—; അനന്തം—, അനവധി—, അതിരില്ലാത്ത; നിഷ്ഫലമായ, കാൎയ്യമില്ലാത്ത. e.ls-chain മാലച്ചങ്ങല. -'less-ly, *ad.* ഒടുക്കമില്ലാതെ, ഇടവിടാതെ. -'less-ness, *n.* നിത്യത. -'long, *ad.* & *prep.* നെ

ടുങ്ങനെ, നീളത്തിൽ. -'mōst, *a.* അററത്ത് ഉള്ള; ബഹുദൂരം—. -'wāys, -'wīse, *ad.* കുത്തനെ; നെടുങ്ങനെ; ഇളന്തലമുന്നോക്കമായി.

En-dān'ġĕr, *v. t.* അപകടത്തിലാക്കുക; 2. ദോഷം വരുത്തുക, ഭംഗം—. -ment, *n.* ആപത്ത്, അപായം, നഷ്ടം.

En-dēar' (-dēr'), *v. t.* പ്രിയം വരുത്തുക; 2. വിലകയററുക. =dēar'ed-ly, -iṅg-ly, *ad.* വാത്സല്യത്തോടെ. =dēared-ness, *n.* സ്നേഹം. -iṅg, *a.* പ്രിയമുള്ള; പ്രേമോല്ലാസകമായ. -ment, *n.* പ്രീതി; രസം. a word of e.t പ്രേമവാചി; താലോലം. name of e.t ഓമനപ്പേര്.

En-deav'ŏr, =deav'ŏur (-dev'ĕr), *v. t.* ശ്രമിക്കുക, യത്നിക്കുക; തുനിയുക. to e. one's self ശുഷ്കാന്തികാട്ടുക. *v. i.* അദ്ധ്വാനിക്കുക, ഉത്സാഹിക്കുക. *n.* ശ്രമം, പ്രയത്നം. to do one's e. ചെയ്യേണ്ടതു ചെയ്യുക; കാര്യാർത്ഥം അദ്ധ്വാനിക്കുക.

En-dem'ie, =i-cal, *a.* പ്രത്യേകം ആയ, സഹജം—, ദേശജം— (*med.*). =dem'-ie, *n.* പ്രത്യേകരോഗം (*med.*).

En-dĕr'mie, *a.* ചർമ്മമാർഗ്ഗേണയുള്ള (*med.*). e. method ചർമ്മൌഷധപ്രയോഗം (*med.*).

En-dīct' (-dīt'), -ment, en-dīte', *see* Indict, Indite.

En-dō-eär'di-um, *n.* ഹൃദയാന്തഃചർമ്മം (*an.*). =eär'di-ae, =eär'di-al, *a.* ഹൃദയാന്തഃചർമ്മസംബന്ധമായ, ഹൃദയാന്തർജ്ജന്യമായ (*med.*).

En-dog'a-my, *n.* സ്വകുലവിവാഹം. =mŏus, *a.* സ്വകുലത്തിൽ മാത്രം വിവാഹം ചെയ്യുന്ന.

En-dorse', *etc.*, *see* Indorse, *etc.*

En-dow' (-dou'), *v. t.* മുതൽ സമർപ്പിക്കുക, —പ്രതിഷ്ഠിക്കുക, പരോപകാരാർത്ഥം ദ്രവ്യം കൊടുക്കുക; വൃത്തിക്ക് മുതൽ തിരിച്ച് വെക്കുക; സ്ത്രീധനം കൊടുക്കുക; 2. (with) ദാനം കൊടുക്കുക; വരം—, പ്രസാദം—. -ment, *n.* വസ്തുദാനം; സമുദായസ്വത്ത്, പരോപകാര ദാനദ്രവ്യം; സ്ത്രീധനം; പ്രാപ്തിവിശേഷം, ബുദ്ധിവരം.

En-dūe', *v. t.* (with) നല്കുക, വരം കൊടുക്കുക. -ment, *n.* കൃപാവരം, അനുഗ്രഹം, പ്രസാദം.

En-dūre', *v. i.* ഈട് നില്ക്കുക, നില—, സ്ഥിരപ്പെടുക; 2. സഹിച്ച് നില്ക്കുക, പൊറുക്കുക; വഹിക്കുക. =dū'ra-ble, *a.* സഹ്യമായ, പൊറുക്കാവുന്ന. =dū'ra-bly, *ad.* സഹനീയമായി. =dū'-ra-ble-ness, *n.* പൊറുമ. =dū'rance, *n.* ഈട്; സ്ഥിരത; സഹിഷ്ണുത, ക്ഷമ. =dū'rant, *a.* പൈദാഹം സഹിക്കുന്ന. =dū'rĕr, *n.* സ്ഥൈര്യം ഉള്ളവൻ; ക്ഷാന്തി—. =dū'riṅg, *a.* ഈട് നില്ക്കുന്ന; ദീർഘക്ഷമയുള്ള. =dū'riṅg-ly, *ad.* ക്ഷമയോടെ. =dū'riṅg-ness, *n.* ക്ഷാന്തി.

E'nē-ma, *n.* ഗുദാവസ്തിപ്രയോഗം, 'പിസ്കാരി' അടിക്കൽ (*med.*).

En'e-my, *n.* ശത്രു, മാററാൻ, വിരോധി. the e. ശത്രുസൈന്യം. en'mi-ty, *n.* പക, വിരോധം, മാററം, ശത്രുത; എതിർഭാവം, മത്സരം. in-im'i-cal, *a.* വിരോധം ഉള്ള, ഈർഷ്യ—, ശത്രുത്വ—; അനനുകൂലമായ. in-im'i-cal-ly, *ad.* മറുതലിപ്പായി, വിരോധത്തോടെ.

En'ĕr-ġy, *n.* ഉള്ളുക്ക്, ബലം; 2. ശേഷി, വൈഭവം; 3. ചൈതന്യം, ചുറുക്ക്; 4. ശക്തി (*ph.*). =ġet'ic, =ġet'i-cal, *a.* ചുറുചുറുപ്പ് ഉള്ള; ഊക്ക്—, പ്രാപ്തി—. =ġet'i-cal-ly, *ad.* ശുഷ്കാന്തിയോടെ. =ġet'ics, *n.* ശക്തിശാസ്ത്രം (*ph.*). =nĕr'-ġie, =ġi-cal, *a.* പ്രവർത്തകമായ; ബലമുള്ള. =ġīse, =ġīze, *v. i.* ഊക്ക് കാട്ടുക, പ്രവൃത്തിക്കുക. *v. t.* ചുണകൂട്ടുക, ബലം വരുത്തുക; പ്രവൃത്തിപ്പിക്കുക.

E-nĕr'vāte, *v. t.* ബലമില്ലാതാക്കുക, ധൈര്യക്ഷയം വരുത്തുക, ക്ഷീണിപ്പിക്കുക, ഉയിര് കെടുത്തുക. *a.* ബലഹീനമായ, ഊക്കില്ലാത്ത. =vā'tiŏn, *n.* ബലം കെടുക്കൽ; ആണത്വമില്ലായ്മ. =vā-tive, *a.* ശക്തികുറക്കുന്ന. =vŏus, *a.* ഊക്കററ.

En-fam'ish, *v. t.* പട്ടിണികിടത്തുക, ആഹാരം കൊടുക്കാതിരിക്കുക.

**En-fee'ble**, *v. t.* ക്ഷീണിപ്പിക്കുക, ശക്തികെടുക്കുക, ബലഹീനമാക്കുക. -ment, *n.* ബലക്ഷയം.

**En-fet'tėr**, *v. t.* ബന്ധിക്കുക, ചങ്ങലക്കിടുക.

**En-fōld'**, *see* Infold.

**En-fōrce'**, *v. t.* ബലം കാട്ടുക; 2. നിൎബ്ബന്ധിക്കുക; ഹേമിക്കുക, ബലാല്ക്കാരേണ സാധിപ്പിക്കുക; 3. എറിയുക; ഓടിക്കുക; 4. ബലപ്പെടുത്തുക, ബലംകൂട്ടുക; 5. നടപ്പാക്കുക, നടത്തുക. *v. i.* ബലം ഏല്പിക്കുക. *n.* ശക്തി. -a-ble, =fōr'ci-ble, *a.* നടപ്പാക്കാകുന്ന; നിൎബ്ബന്ധിക്കാവുന്ന. =fōrced' (-fōrsd'), *a.* നിൎബ്ബന്ധത്താലുള്ള, മനഃപൂൎവ്വമല്ലാത്ത. =fōr'ced-ly, *ad.* ഹേമത്തോടെ. -ment, *n.* നിൎബ്ബന്ധം, ബലബന്ധം (*S.*); നടപ്പാക്കൽ; പ്രയോഗം; ഹേമം. =fōr'cive, *a.* നിൎബ്ബന്ധരൂപമായ.

**En-for'est**, *v. t.* കാടാക്കുക.

**En-frāme'**, *v. t.* ചട്ടത്തിൽ ഇടുക, —ആക്കുക.

**En-fran'chise**, *v. t.* സ്വാതന്ത്ര്യം കൊടുക്കുക, തടവിൽനിന്ന് വിടുക; 2. പൌരത്വം കൊടുക്കുക; 3. ചേൎക്കുക, സ്വീകരിക്കുക. -ment, *n.* ബന്ധമോചനം, വിടുതൽ; പൌരത്വദാനം.

**En-gāge'**, *v. t.* വാക്ക് കൊടുക്കുക, ഉറപ്പ്—, നിശ്ചയം ചെയ്ക; 2. വിവാഹത്തിന്ന് നിശ്ചയിക്കുക; 3. പണിക്കാക്കുക, പറഞ്ഞേല്പിക്കുക; 4. സ്വാധീനകരിക്കുക; 5. ഉദ്യോഗിപ്പിക്കുക; 6. ഉൾപ്പെടുത്തുക; 7. പോരേല്ക്കുക; 8. കടുക്കുക. *v. i.* വാഗ്ദത്തം ചെയ്ക; ഭരമേല്ക്കുക; 2. ഉൾപ്പെടുക; 3. പ്രവൃത്തിയിൽ ഏൎപ്പെടുക; 4. യുദ്ധം ചെയ്ക; 5. കടുങ്ങിയിരിക്കുക. =gāged' (-gājd'), *a.* പണിത്തിരക്കുള്ള; പണിയിൽ ഏൎപ്പെട്ട; വിവാഹനിശ്ചയം കഴിഞ്ഞ, പറഞ്ഞ് വെച്ച; അതിശ്രദ്ധയുള്ള, രസം—; ഉൾപ്പെട്ട; പോരേററ. =gā'ged-ly, *ad.* താല്പൎയ്യത്തോടെ. =gā'ged-ness, *n.* ശ്രദ്ധ, ശുഷ്കാന്തി. -ment, *n.* ഏൎപ്പെടൽ; നിശ്ചയം, വാഗ്ദത്തം; കരാർ; വിവാഹനിശ്ചയം; കാൎയ്യം, പ്രവൃത്തി; പ്രവേശനം; യുദ്ധം, പട. =gā'ging, *a.* മനോഹരമായ, ലാവണ്യമുള്ള. =gā'ging-ly, *ad.* ഇഷ്ടകരമായി.

**En-gär'land**, *v. t.* മാലയിടുക.

**En-gar'ri-son**, *v. t.* കാവൽപട വെക്കുക.

**En-gen'dėr**, *v. t.* ഉല്പാദിപ്പിക്കുക, ജനിപ്പിക്കുക; 2. ഉണ്ടാക്കുക, മുളപ്പിക്കുക. *v. i.* ഉല്പാദിക്കുക, ഉളവാക; 2. ആശ്ലേഷിക്കുക.

**En'gine**, *n.* പ്രാപ്തി; 2. യന്ത്രം, ഉപകരണം; 3. ആയുധം. e.-driver, e.-man യന്ത്രനായകൻ. *v. t.* യന്ത്രം വെക്കുക. en-gi-neer', *n.* സൂത്രജ്ഞൻ. ശില്പശാസ്ത്രി; യന്ത്രനായകൻ; മിടുക്കൻ, കാൎയ്യസാധകൻ. *v. t.* നിൎമ്മാണപ്രവൃത്തി ചെയ്ക; യന്ത്രപ്പണി—; കാൎയ്യം സാധിപ്പിക്കുക. mining e.r ഖനിശാസ്ത്രജ്ഞൻ. en-gi-neer'ing, *n.* യന്ത്രനായകത്വം; ശില്പശാസ്ത്രം, സൂത്രവിദ്യ. civil e.g നിൎമ്മാണവിദ്യ, തച്ച് ശാസ്ത്രം, ശില്പശാസ്ത്രം. bachelor of civil e.g ശില്പശാസ്ത്രപ്രവീണൻ. master of civil e.g ശില്പശാസ്ത്രഗുരു. mechanical e.g യന്ത്രവിദ്യ. bachelor of mechanical e.g യന്ത്രവിദ്യാപ്രവീണൻ. mining e.g ഖനിശാസ്ത്രം. =neer-y, *n.* യന്ത്രനായകത്വം; യുദ്ധായുധങ്ങൾ; യന്ത്രം.

**En-gird'**, =gird'le, =girt', *v. t.* ചൂഴുക, ചുററുക; 2. അരമുറുക്കുക, കച്ചകെട്ടുക.

**En'glish** (in-), *a.* ഇംഗ്ലാന്ത് രാജ്യത്തിലുള്ള; 2. ഇംഗ്ലിഷ്കാരെ സംബന്ധിച്ച; 3. അങ്ക്ല വംശജനായ. *n.* (the) ഇംഗ്ലിഷ്കാര്; 2. ഇംഗ്ലീഷ് ഭാഷ. the King's E., the Queen's E. ഇംഗ്ലീഷിൽ ശുദ്ധഭാഷ. *v. t.* ഇംഗ്ലീഷാക്കുക, പൊരുള് തിരിക്കുക, തെളിയിച്ച് പറയുക. -ism, *n.* ഇംഗ്ലീഷ് രീതി. -man, *n.* ഇംഗ്ലീഷ്കാരൻ. -woman, *n.* ഇംഗ്ലീഷ്കാരത്തി.

**En-glue'**, *v. t.* പററിക്കുക, ഒട്ടിക്കുക.

**En-gorge'**, *v. t.* നിറക്കുക; 2. തിന്നുക, വിഴുങ്ങുക. *v. i.* അലച്ചയോടെ തിന്നുക. =gorged' (-gorjd'), *a.* വിഴുങ്ങിയ; രക്തം നിറഞ്ഞ; ചോരകെട്ടിയ (*med.*). -ment, *n.* വിഴുങ്ങൽ, പെരുന്തീററി, ബുഭുക്ഷ; ചോരകെട്ടൽ (*med.*).

**En-grāve'**, *v. t.* മരത്തിൽകൊത്തുക, കല്ലിൽ—, ലോഹത്തിൽ—; 2. മനസ്സിൽ പതിക്കുക. =**grāved'**, *a.* കൊത്ത്പണി യായ. -**ment**, *n.* —പണി. =**grā'vĕr**, *n.* —പണിക്കാരൻ. =**grā'vĭng**, *n.* കൊ ത്തൽ; കൊത്ത്പണി; ചിത്രം.

**En-gross'**, *v. t.* വലുതാക്കുക; 2. കൂ ട്ടുക; 3. പകൎത്തെഴുതുക, 'അസ്സലാക്കുക'; 4. മുഴുകിയിരിക്കുക; 5. വകപ്പടിയായി വാങ്ങുക; 6. അതിക്രമിച്ചെടുക്കുക. e.**ing-hand** നല്ലകയ്യക്ഷരം. -**ĕr**, *n.* അസ്സലെ ഴുതുന്നവൻ; വകപ്പടിയായി വാങ്ങുന്ന വൻ; മുൻകൂട്ടി വാങ്ങിക്കളയുന്നവൻ. -**ment**, *n.* എഴുത്ത്; രേഖ.

**En-gulf'**, *v. t.* മുക്കിക്കളയുക, വിഴ ങ്ങിക്കളയുക.

**En-hance'**, *v. t.* ഉയൎത്തുക; കയററുക; 2. വൎദ്ധിപ്പിക്കുക, അധികമാക്കുക. e.ed punishment അധികശിക്ഷ (*l.*). *v. i.* പെരുകുക, വൎദ്ധിക്കുക. -**ment**, *n.* പൊ ന്തൽ; ആധിക്യം.

**En-här'bŏur**, *v. t.* സങ്കേതം പ്രാപി ക്കുക, പാൎക്കുക.

**En-heärt'en** (-härt'n), *v. t.* ധൈൎയ്യ പ്പെടുത്തുക, ഉയിര് കൂട്ടുക.

**En-hun'gĕr**, *v. t.* വിശപ്പിക്കുക.

**E-nig'ma**, *n.* കടങ്കഥ, മറപൊരുൾ; 2. രഹസ്യം, മൎമ്മം. =**mat'ic**, =**mat'i-cal**, *a.* മറപൊരുൾആയ, ദുൎഗ്രാഹ്യം—. =**mat'-i-cal-ly**, *ad.* ഗൂഢാൎത്ഥമായി. =**ma-tist**, *n.* കടങ്കഥക്കാരൻ. =**ma-tīse**, =**ma-tīze**, *v. t.* കടങ്കഥയായി പറയുക, മറവാ യി—. =**mat-og'ra-phy**, =**mat-ol-ō-ġy**, *n.* കടങ്കഥാവിദ്യ.

**En-join'**, *v. t.* കല്പിക്കുക, ആജ്ഞാ പിക്കുക; 2. വിരോധിക്കുക (*l.*). -**ment**, *n.* വരുതി, നിദ്ദേശം, ശാസനം.

**En-joy'**, *v. t.* ആസ്വദിക്കുക, അനു ഭവിക്കുക, രസിക്കുക; 2. ഉണ്ടാക; 3. ഭോ ഗിക്കുക. to e. one's self സുഖം തോ ന്നുക. *v. i.* തൃപ്തിഉണ്ടാക, തുഷ്ടി—. -**a-ble**, *a.* സുഖപ്രദമായ. -**ment**, *n.* അനുഭോഗം, സന്തുഷ്ടി; ഭാഗ്യം.

**En-kin'dle**, *v. t.* തീപ്പിടിപ്പിക്കുക, കത്തിക്കുക; 2. എരിച്ച് കൂട്ടുക.

**En-lärġe'**, *v. t.* വലുതാക്കുക, വൎദ്ധി പ്പിക്കുക; 2. വിശാലം ആക്കുക; 3. സ്വാ തന്ത്ര്യപ്പെടുത്തുക. to e. an order അ വധി നീട്ടിക്കൊടുക്കുക (*l.*). to e. one's self വിസ്തരിച്ച് പറയുക. to e. the heart ഔദാൎയ്യശീലം കാട്ടുക. *v. i.* വലു താക; 2. സവിസ്താരം പറയുക. =**lärġed'** (-lärjd'), *a.* വൎദ്ധിച്ച; വണ്ണംവെച്ച, വീ ങ്ങിയ. -**ment**, *n.* വിസ്തീൎണ്ണത, വലി പ്പം; വീക്കം; വൎദ്ധനവ്, വികാസം; സ്വാ തന്ത്ര്യം; ദീൎഘപ്രസ്താവം, വിവരണം.

**En-līght'en** (-līt'n), *v. t.* പ്രകാശി പ്പിക്കുക, പ്രകാശം കൊടുക്കുക; 2. അറി വ്—; തെളിയിച്ച്—; ബോധം വരുത്തുക. -**ment**, *n.* പ്രകാശം; അറിവ്, ബോധം.

**En-list'**, *v. t.* ചാൎത്തുക, പട്ടികയിൽ എഴുതുക; 2. പട്ടാളത്തിൽ എഴുതിക്കുക; 3. അനുകൂലിപ്പിക്കുക; സമ്പാദിക്കുക. *v. i.* പട്ടാളത്തിൽ ചേരുക; 2. കാൎയ്യാൎത്ഥം ഉ ത്സാഹിക്കുക. -**ment**, *n.* ചാൎത്ത്, പട്ടാ ളത്തിൽ ചേരൽ; പടച്ചേൎച്ച രേഖ.

**En-līv'en** (-līv'n), *v. t.* ജീവിപ്പിക്കു ക, ചൈതന്യം വരുത്തുക; 2. സന്തോ ഷം ജനിപ്പിക്കുക.

**En-mesh'**, *v. t.* വലയിൽ പെടുത്തു ക, കുടുക്കുക.

**En-mossed'** (-most'), *a.* പൂപ്പ് പ ററിയ.

**En-nō'ble**, *v. t.* കലീനത വരുത്തു ക, ശ്രേഷ്ഠത—; പദവികൊടുക്കുക; 2. വി ശേഷപ്പെടുത്തുക. -**ment**, *n.* കലീന മാക്കൽ, ഉയൎത്തൽ; വൈശിഷ്ട്യം; പദവി.

***En'nui*** (än'wi), *n.* നിരുത്സാഹതത്വം, ഉന്മേഷമില്ലായ്മ, ചടപ്പ്, മന്ദത.

**E-nor'mi-ty**, *n.* ക്രമവിരോധം; 2. ആധിക്യം; 3. ഘോരത, ഗൌരവം; 4. വൈരൂപ്യം. =**nor'mŏus**, *a.* അപൂൎവ്വം ആയ; പാതകം—; ഉഗ്രം—. =**nor'mŏus-ly**, *ad.* വളരെ, അത്യധികമായി.

**E-nŏugh'** (e-nuf'), **e-now'** (-nou'), *a.* മതിയായ, വേണ്ടുന്ന, തക്ക. *ad.* തൃപ്തി യാവോളം; 2. ധാരാളം, നന്നായി; 3. തര

ക്കേടില്ലാതെ, ഒര് വിധം. *n*. പിടിപ്പത്, വേണ്ടുവോളം. *int*. മതി! മതി!

E-nounce′, *v. t.* പറയുക, പ്രസ്താവിക്കുക; 2. ഉച്ചരിക്കുക. -ment, *n*. പ്രസ്താവം. =nun′ci-āte, *v. t.* പ്രസ്ഥാപിക്കുക, പ്രമാണമായിപറയുക; ഉച്ചരിക്കുക. *v. i.* വ്യക്തമായി ഉച്ചരിക്കുക. =nun-ci-ā′tiŏn, *n*. പ്രസ്ഥാപന; ഉച്ചാരണവ്യക്തി; പ്രമാണവാക്യം. =nun′ci-a-tive, =nun′ci-a-tŏr-y, *a*. പ്രസ്ഥാപനാരൂപമായ. =nun′ci-ā-tŏr, *n*. പ്രസ്ഥാപകൻ.

En-quīre′, *etc.*, *see* Inquire, *etc.*

En-rāġe′, *v. t.* കോപിപ്പിക്കുക, കോപം വരുത്തുക, —ജനിപ്പിക്കുക. -ment, *n*. ക്രോധപാരവശ്യം.

En-rap′tūre, *v. t.* ആഹ്ലാദം ജനിപ്പിക്കുക, പരമാനന്ദം—. =rapt′, *p. a.* സന്തോഷപാരവശ്യമുള്ള. =rav′ish, *v. t.* സന്തോഷസംഭ്രമം വരുത്തുക. =rav′ish-ing-ly, *ad*. ആഹ്ലാദകരമായി. =rav′ish-ment, *n*. ആനന്ദാതിരേകം; പ്രമോദം.

En-rich′, *v. t.* ധനവാനാക്കുക, ഐശ്വര്യം വൎദ്ധിപ്പിക്കുക; 2. അലങ്കരിക്കുക; 3. വളമിടുക, ഫലപ്രദമാക്കുക; 4. ജ്ഞാനം സമ്പാദിക്കുക. -ment, *n*. ഐശ്വര്യവൎദ്ധന; ധനസമൃദ്ധി; അലങ്കാരം.

En-rōbe′, *v. t.* ചമയിക്കുക, അലങ്കരിക്കുക.

En-rōll′, *v. t.* പട്ടികയിൽ എഴുതുക, —ചാൎത്തുക, —ചേൎക്കുക. -ment, *n*. ചാൎത്തൽ; പട്ടിക; രേഖ.

En-root′, *v. t.* വേരൂന്നുക.

*En route* (-rut), വഴിയായി; പോകുംവഴിക്ക്.

En-sam′ple, *n*. ഉദാഹരണം, ദൃഷ്ടാന്തം, മാതൃക.

En-san′guine, *v. t.* ചോരപിരട്ടുക; രക്തവൎണ്ണമാക്കുക.

En-scōnce′, *v. t.* മറക്കുക, ഒളിപ്പിക്കുക.

En-sēam′ (-sēm′), *v. t.* തുന്നിക്കൂട്ടുക; 2. ഉറപ്പെടുത്തുക.

*En-sem′ble* (ăn-săn′bl), *ad*. ആകപ്പാടെ, ഒന്നായി.

En-shiēld′, *v. t.* തടുക്കുക, മറക്കുക, രക്ഷിക്കുക.

En-shrīne′, *v. t.* അടച്ച് സൂക്ഷിക്കുക; മനസ്സിൽ നിക്ഷേപിച്ച് വെക്കുക.

En-shroud′, *v. t.* ചുററിക്കെട്ടുക, മൂടുക.

En′sīgn (en′sīn), *n*. കൊടി, ധ്വജം; 2. അടയാളം, കുറി; 3. പദവിചിഹ്നം; 4. പട്ടാളത്തിലെ താണഉദ്യോഗസ്ഥൻ (*mil.*). e.-bearer ധ്വജവാഹി (*mil.*).

En-slāve′, *v. t.* അടിമപ്പെടുത്തുക, അടിമയാക്കുക. -ment, *n*. ദാസീകരണം; അടിമപ്പാട്.

En-snāre′, *v. t.* കെണിക്കുക, വലയിൽ കടുക്കുക.

En-sūe′, *v. t.* പിന്തുടരുക. *v. i.* വഴിയെ വരിക, അടുത്ത് സംഭവിക്കുക; ഫലിക്കുക. =sū′ing, *a*. വരുന്ന, അടുത്ത.

En-sure′ (-shur′), *v. t.* നിശ്ചയപ്പെടുത്തുക, നിശ്ചയം വരുത്തുക, തീൎച്ചയാക്കുക.

En-tāil′, *n*. പ്രത്യേകപിന്തുടൎച്ചക്രമം (*l.*). *v. t.* അവകാശമായി കൊടുക്കുക; 2. പാരമ്പൎയ്യമായി നിശ്ചയിക്കുക; 3. ചിത്രം കൊത്തുക.

En-tăn′gle, *v. t.* ചിക്കാക്കുക, കുഴക്കുക; 2. കുഴപ്പമാക്കുക. -ment, *n*. കുടുക്ക്; ഭ്രമം.

En′tĕr, *v. t.* പ്രവേശിക്കുക, ഉൾപ്പൂകുക; 2. ചേരുക; 3. ഏറ്റെടുക്കുക; 4. പ്രാപിക്കുക; 5. കടത്തുക, ചേൎക്കുക; 6. ചാൎത്തുക; 7. കൈവശപ്പെടുത്തുക, പ്രവേശിക്കുക (*l.*). *v. i.* (in) അകത്ത് കടക്കുക, തുടങ്ങുക; (into) പ്രവേശിക്കുക, ഉൾപ്പെടുക; (into) ആലോചിക്കുക. en′trance, *n*. പ്രവേശം; പ്രവേശനാനുവാദം; വാതിൽ, വഴി; ആരംഭം. en′try, *n*. പ്രവേശം; തുടക്കം; ചാൎത്ത്, രേഖപ്പെടുത്തൽ; രേഖ, ലക്ക്യം; വാതിൽ; കൈവശപ്പെടുത്തൽ; അകത്ത് കടക്കൽ (*l.*). en-tree′ (ăn-trā′), *n*. പ്രവേശനസമ്മതം. en-trant′, *n*. പ്രവേശനാൎത്ഥി, ഉമേദവാരൻ.

En-ter-al′ġi-a, *n*. ആന്ത്രശൂല (*med.*).

En-tĕr′ic, *a*. കുടൽസംബന്ധമായ. e. fever വിഷമജ്വരം, സന്നി, പകൎച്ചപ്പനി (*med.*).

**En'tĕr-prīse**, *n.* യത്നം, പരിശ്രമം; 2. ധീരത, മനസ്സൊരുക്കം. *v. t.* തുനിയുക, ഭരമേല്ക്കുക, പുറപ്പെടുക. *v. i.* ശൌൎയ്യപ്രവൃത്തിക്ക് പുറപ്പെടുക. =**prī-sing**, *a.* തുനിഞ്ഞ് പുറപ്പെടുന്ന, മടിക്കാത്ത; പരിശ്രമസ്വഭാവം ഉള്ള; ശൌൎയ്യം—.

**En-tĕr-tāin'**, *v. t.* പോററുക; 2. പാലിക്കുക; 3. പണിക്ക് വെക്കുക; 4. സല്ക്കരിക്കുക; 5. രസിപ്പിക്കുക; 6. സ്വീകരിക്കുക; 7. നിരൂപിക്കുക; തോന്നുക. *v. i.* ആതിത്ഥ്യം കാട്ടുക; സദ്യ കഴിക്കുക. **-ing**, *a.* രസികമായ. **-ment**, *n.* അംഗീകാരം; സല്ക്കാരം; സദ്യ; കളി, വിനോദം, രസം; പണിക്ക് വെക്കൽ; പണി.

**En-thral'**, =**thrall'**, *v. t.* ദാസീകരിക്കുക, അടിമയാക്കുക; *see* Inthral.

**En-thrōne'**, *v. t.* സിംഹാസനത്തിൽ ഇരുത്തുക, രാജാവാക്കുക, വാഴിക്കുക; 2. അദ്ധ്യക്ഷനാക്കുക. **-ment**, *n.* സിംഹാസനാരോഹണം, അരിയിട്ട് വാഴ്ച. =**thrō-ni-sā'tiŏn**, =**thrō-ni-zā'tiŏn**, *n.* അദ്ധ്യക്ഷസ്ഥാനത്താക്കൽ. =**thrō'-nīse**, =**thrō'nīze**, *v. t.* സിംഹാസനത്തിൽ ഇരുത്തുക; അദ്ധ്യക്ഷസ്ഥാനത്താക്കുക.

**En-thu'si-asm**, *n.* ആവേശം; 2. അത്യാസക്തി, മതഭക്തി; —ഭ്രാന്ത്; 3. ആനന്ദം; ആഹ്ലാദം; 4. ഉത്സാഹം, കശ്നം, ശുഷ്കാന്തി; 5. സന്തോഷോന്മാദം. =**ast**, *n.* മതഭ്രാന്തൻ, അത്യാസക്തൻ. =**as'tic**, =**as'ti-cal**, *a.* ആസക്തി ഉള്ള; ആനന്ദപരിഭ്രമം—; എരിവ്—.

**En-tīce'**, *v. t.* വശീകരിക്കുക; ഉത്സാഹിപ്പിക്കുക. **-a-ble**, *a.* മോഹിതമായ്തീരാകുന്ന. **-ment**, *n.* വശീകരണം, ആകൎഷണം; മോഹവിഷയം. =**ti'cĕr**, *n.* വശീകരക്കാരൻ. =**tī'cing**, *a.* മനോഹരമായ. =**tī'cing-ly**, *ad.* മോഹനീയമായി.

**En-tīre'**, *a.* ആസകലം ആയ, അശേഷം—, പൂൎണ്ണം—; 2. കേവലം—, ശുദ്ധം—. *n.* മുഴവൻ. **-ly**, *ad.* തീരെ, ആകപ്പാടെ; പരമാൎത്ഥമായി. **-ness**, *n.* പരിപൂൎണ്ണത; യഥാൎത്ഥം; ഏകാഗ്രത. **-ty**, *n.* പൂൎത്തി, സമഗ്രത.

**En-tī'tle**, *v. t.* സ്ഥാനപ്പേര് കൊടുക്കുക; പേര് പറയുക, —വിളിക്കുക; 2. അവകാശം ഉണ്ടാക്കുക, യോഗ്യത—; 3. സങ്കല്പിക്കുക.

**En-ti'tūle**, *v. t.* പേര് പറയുക.

**En'ti-ty**, *n.* ഉണ്മ, ആസ്തിക്യം; സത്വം, വസ്തുത. =**ta-tive**, *a.* സാക്ഷാൽതത്വമായ. =**ta-tive-ly**, *ad.* നിസ്സംബന്ധമായി, സ്വതേ.

**En-toil'**, *v. t.* വലയിൽ കുടുക്കുക; അകപ്പെടുത്തുക.

**En-tömb'** (-töm'), *v. t.* കല്ലറയിൽ വെക്കുക, കഴിച്ചിടുക. **-ment**, *n.* കഴിച്ചിടൽ, ശവം മറചെയ്യൽ, ശ്മശാനക്രിയ.

**En-tom'ic**, =**i-cal**, *a.* കീടസംബന്ധം ആയ. ='**to-moid**, *a.* കീടതുല്യം—. =**to-mol'o-ġy**, *n.* കീടശാസ്ത്രം. [(*z.*)

**En-tō-zō'a**, *n. pl.* ജഠരകീടവൎഗ്ഗം.

**En'trāils**, *n. pl.* കടൽമാല, കരള്; 2. അന്തൎഭാഗം.

**En-train'**, *v. t.* വലിച്ച് കൊണ്ട് പോക; 2. തീവണ്ടികയററുക. *v. i.* —കയറുക.

I. **En'trance**, *s. u.* Enter.

II. **En-trance'**, *v. t.* പാരവശ്യം വരുത്തുക; 2. ബോധം കെടുത്തുക; 3. മോഹിപ്പിക്കുക; ആനന്ദപാരവശ്യം വരുത്തുക. **-ment**, *n.* മോഹാലസ്യം; ആനന്ദപരിഭ്രമം.

**En-trap'**, *v. t.* കെണിയിൽ അകപ്പെടുത്തുക; ഉപായത്താൽ പിടിക്കുക, കുടുക്കുക; കഴക്കുക.

**En-trēat'** (-trēt'), *v. t.* അപേക്ഷിക്കുക, കെഞ്ചുക; 2. പ്രാൎത്ഥനയാൽ പ്രാപിക്കുക; മനസ്സ് വരുത്തുക. *v. i.* യാചിക്കുക. **-ing-ly**, *ad.* കെഞ്ചിക്കൊണ്ട്. =**trēat'y**, *n.* അപേക്ഷ, അൎത്ഥന.

**En-tre-pot** (än-tre-pō'), *n.* പാണ്ടികശാല; കൊട്ടിൽ (*P.*).

**En-trust'**, *see* Intrust.

**En-twīne'**, **In-twīne'**, *v. t.* പിരിക്കുക; ചുററുക; വളച്ച് വെക്കുക.

**E-nū′cle-āte**, *v. t.* ഉരിക്കുക, തൊലിക്കുക; പുറത്ത് ആക്കുക; 2. വെളിച്ചത്ത്—.

**E-nū′me-rāte**, *v. t.* എണ്ണുക, കണക്ക് കൂട്ടുക; 2. എണ്ണിയെണ്ണി പറയുക, ഓരോന്നോരോന്നായി—, വിവരമായി—. **=ā′tiŏn**, *n.* എണ്ണൽ, ഗണനം; വിവരം; ആവൎത്തനം.

**E-nun′ci-āte**, *etc.*, *s. u.* Enounce.

**En-ūre′**, *see* Inure.

**En-vēi′gle**, *v. t.* വശീകരിക്കുക; *see* Inveigle.

**En-vel′op**, *v. t.* ഉറ ഇടുക, ഉറയിൽ—, 'ലക്കോട്ടാക്കുക'; പൊതിയുക. **=′vel-ōpe**, *n.* ഉറ, 'ലക്കോട്ട്'; മൂടൽ, പരിവേഷം; വാൽനക്ഷത്രാവരണം (*as.*).

**En-ven′om**, *v. t.* വിഷം ഇടുക, —തേക്കുക, —കലൎത്തുക; 2. വിരോധം ജനിപ്പിക്കുക.

**En-vī′ron**, *v. t.* ചുററുക, ചൂഴുക, വളയുക. **-ment**, *n.* ചുററ് വട്ടം; പരിസ്ഥിതി. **=′vi-rons**, **=vī′rons**, *n. pl.* അയല്പക്കം; ഉപഗ്രാമം.

**En′voy**, *n.* ദൂതൻ; രാജനിയുക്തൻ, —പ്രതിനിധി.

**En′vy**, *n.* (of) അസൂയ, കാണരായ്ക, പൊറുക്കായ്ക; 2. പക; 3. പോര്. *v. t.* അസൂയകാട്ടുക; 2. ഖേദിക്കുക; 3. മോഹിക്കുക, കാംക്ഷിക്കുക. *v. i.* (at) അസൂയപ്പെടുക; 2. വിരോധം ഭാവിക്കുക. **en′vi-a-ble**, *a.* അസൂയതോന്നത്തക്ക; ഇച്ഛിക്കത്തക്ക. **en′vi-ŏus**, *a.* (of, at, against) അസൂയഉള്ള; വിരോധം—; അസൂയതോന്നിക്കുന്ന; അതിജാഗ്രതയുള്ള. **en′vi-ŏus-ly**, *ad.* അസൂയയോടെ.

**En-wrap′** (en-rap′), *v. t.* ചുററുക, പൊതിയുക, പുതപ്പിക്കുക. **-ment**, *n.* മൂടൽ; പുതപ്പ്.

**Ē′on, Æ′on**, *n.* യുഗം, കല്പം, അനന്തകാലം, നിത്യത.

**Ep′au-let**, **=lette** (ep′a-let), *n.* കണ്ഠാഭരണം; 2. അംസാലങ്കാരം (*mil.*).

**E-phem′e-ra** (-fem′e-), *n.* ഒരു നാൾ പനി (*med.*); 2. പാററജാതി (*z.*). **e-phem′er-al**, *a.* ഒരു ദിവസം മാത്രം നില്ക്കുന്ന; ക്ഷണികമായ, ദിവസേന യുള്ള. *n.* ഏകാഹികപ്രാണി, ക്ഷണിക—, പാററ (*z.*). **e-phem′er-ist**, *n.* ഗണിതക്കാരൻ, ഗ്രഹചാരപരിശോധകൻ.

**Ep′ic**, *n.* വീരചരിതവൎണ്ണനം, മഹാകാവ്യം.

**Ep′i-cūre**, *n.* ശാപ്പാട്ടുരാമൻ, ഭോജനപ്രിയൻ; സുഖിയൻ; വിഷയാസക്തൻ. **=cū-rē′an**, *a.* ഉദരംഭരിആയ, വിഷയലമ്പടൻ—.

**Ep-i-dem′ic**, **=i-cal**, *a.* പകരുന്ന; 2. പൊതുവ്യാപകമായ. **=dem′ic**, *n.* പകൎച്ചവ്യാധി.

**Ep′i-dĕrm**, **=dĕr′mis**, *n.* പരിചൎമ്മം, തൊക്ക്, തോല് (*an.*). **=′mal**, **=′mic**, *a.* ചൎമ്മസംബന്ധമായ.

**Ep-i-gas′tri-um**, *n.* മേൽവയറ്, ആമാശയം (*an.*).

**Ep-i-glot′tis**, *n.* ചെറുനാക്ക് (*an.*).

**Ep′i-gram**, *n.* ചെറുകവിത, ലഘുകാവ്യം; ഹാസ്യകവിത; 2. പടുതഭാഷണം. **=gram′ma-tist**, *n.* ലഘുകവി.

**Ep′i-graph** (-graf), *n.* ശിലാശാസനം; 2. കുറിവാക്യം. **=′graph-y**, *n.* ശിലാശാസനവിദ്യ.

**Ep′i-lep-sy**, *n.* അപസ്മാരം (*med.*). **=lep′tic**, *n.* അപസ്മാരരോഗി; —ഔഷധം. *a.* അപസ്മാരസംബന്ധമായ; അപസ്മാരമുള്ള. e.c fit അപസ്മാരം.

**Ep′i-lōgue** (-lōg), *n.* സമാപ്തിവാക്യം, ഉപസംഹാരം. **e-pil′ō-ġīse**, **e-pil′ō-ġīze**, *v. t.* സമാപ്തിവാക്യം പറയുക, മംഗലവാക്യം—.

**E-piph′a-ny** (-pif′a-), *n.* പ്രത്യക്ഷത; 2. പ്രകാശനദിനോത്സവം (*Chr.*).

**E-pis′co-pāte**, *n.* അദ്ധ്യക്ഷസ്ഥാനം; 2. —വൎഗ്ഗം; 3. —വാഴ്ചകാലം; 4. ഇടവക. *v. i.* അദ്ധ്യക്ഷ സ്ഥാനം വഹിക്കുക. **=pa-cy**, *n.* —സഭാഭരണം. **=pal**, **=pā′li-an**, *a.* അദ്ധ്യക്ഷന്മാരുള്ള; അദ്ധ്യക്ഷ. **=pā′-**

li-an, *n.* അദ്ധ്യക്ഷസഭാംഗം. =pīṣe, =pīze, *v. t.* അദ്ധ്യക്ഷനായി പ്രതിഷ്ഠിക്കുക. *v. i.* അദ്ധ്യക്ഷോദ്യോഗം നടത്തുക.

Ep'i-sōde, *n.* കഥ, ഉപകഥ. =sō'-di-al, =sod'ic, =sod'i-cal, *a.* ഉപകഥാസംബന്ധമായ.

E-pis'tle (-pis'l), *n.* പത്രം, ലേഖനം, കറി (*Syr.*); 2. ലേഖനപുസ്തകം (*Chr.*). =pis'tō-lar-y (-lĕr-i), *a.* ലേഖനസംബന്ധമായ; പത്രികയെഴുത്തിന്നു തക്ക; പത്രങ്ങളാൽ ഉള്ള, പത്രങ്ങളിൽ—. =pis'tō-le-an, *n.* ലേഖകൻ. =pis'tō-let, *n.* ചെറുലേഖനം. ep-is-tol'ic, =is-tol'i-cal, *a.* പത്രികസംബന്ധമായ. =pis'tō-līṣe, =pis'tō-līze, *v. t.* ലേഖനമെഴുതുക. =pis'to-lō-gra-phy (-fi), *n.* പത്രികലേഖനവിദ്യ.

Ep'i-taph (-taf), *n.* കല്ലറമേലുള്ള എഴുത്ത്, ശ്മശാനലിപി; സ്മരണശാസനം. *v. t.* സ്മരണശാസനമെഴുതുക.

Ep-i-thal'a-my, =tha-lā'mi-um, *n.* മംഗലപ്പാട്ട്, പരിണയഗീതം, വിവാഹ—.

Ep-i-thē'li-um, *n.* അകത്തൊലി, അന്തശ്ചർമ്മം (*an.*).

Ep'i-thet, *n.* വിശേഷണം, ഗുണവാചകം; 2. സ്ഥാനപ്പേര്, വിശേഷണപ്പേര്. *v. t.* വിശേഷണമായി പറയുക. -ic, -'i-cal, *a.* വിശേഷണസംബന്ധമായ.

E-pit'ō-mē, *n.* സാരം, ചുരുക്കം, 'ഷോക്ഷവാർ'. =mīṣe, =mīze, *v. t.* സംഗ്രഹിക്കുക, ചുരുക്കിപ്പറയുക. =mī-ṣĕr, =mī-zĕr, =mist, *n.* സംഗ്രഹകൻ.

Ē'poch, *n.* കാലക്കണക്ക്, ശകം; 2. വിശേഷകാലം, കാലം. -al, *a.* ശകസംബന്ധമായ.

Ep'ōde, *n.* ഉപഗീതം, —ഗാനം.

Ep'sŏm salt, e. salts, *n.* വയറിളക്കുന്ന ഉപ്പ് (*med.*).

Ep-ū-rā'tiŏn, *n.* ശുദ്ധീകരണം.

Eq'ua-ble (ek'wa-), *a.* ഒരുപോലെയുള്ള, തുല്യമായ. =bil'i-ty, =ness, *n.* തുല്യത, സമത്വം. -bly, *ad.* തുല്യമായി.

Ē'qual (ē'kwol), *a.* തുല്യമായ, ഒത്ത, ഒരുപോലെ ഉള്ള, പോലെ—; 2. മതിയായ, പ്രാപ്തിയുള്ള, പോരുന്ന; 3. നിഷ്പക്ഷമായ. *n.* തുല്യം; 2. തുല്യത. *v. t.* ഒപ്പിക്കുക, തുല്യമാക്കുക; 2. തുല്യമായി പകരം ചെയ്യുക; 3. ഒത്തുവരിക. -'i-ty, *n.* തുല്യത, സമത്വം. =i-ṣā'tiŏn, =i-zā'-tiŏn, *n.* തുല്യമാക്കൽ. -īṣe, -īze, *v. t.* ഒപ്പം ആക്കുക; തുല്യം—. -ly, *ad.* ഒരുപോലെ, തുല്യമായി. -ness, *n.* തുല്യത.

Ē-quan'gū-lar, Ē-qui-an'gū-lar, *a.* തുല്യകോണങ്ങളുള്ള (*geom.*).

Ē-qua-nim'i-ty, *n.* മനഃപാകത, —ശാന്തത, ക്ഷമ. =qua'ni-mŏus, *a.* സാത്വികത്വമുള്ള.

Ē-quāte', *v. t.* തുല്യം ആക്കുക, സമാനം—. =quā'tiŏn, *n.* സമത്വം; സമമാക്കൽ; ബീജഗണിതത്തിൽ ഒരു ഭാഗം (*math.*).

Ē-quā'tŏr, *n.* ഭൂമദ്ധ്യരേഖ, വിഷുവൽ—. =tō'ri-al, *a.* ഭൂമദ്ധ്യരേഖസംബന്ധിച്ച; ഭൂമദ്ധ്യപ്രദേശത്തുള്ള.

Eq'uer-ry, Eq'uer-y (ek'wer-i), *n.* കുതിരലായം; 2. അശ്വപാലകൻ.

E-ques'tri-an, *n.* അശ്വാരൂഢൻ; കുതിര'സവാരി' ചെയ്യുന്നവൻ. *a.* കുതിരസംബന്ധമായ, കുതിര'സവാരി'—; 2. കുതിരപ്പുറത്തുള്ള. -iṣm, *n.* കുതിര'സവാരി'വിദ്യ, —വൈഭവം. =ques'tri-enne (-en), *n.* കുതിര'സവാരി'ക്കാരത്തി.

Ē'qui, *pf.* തുല്യ, ഒരുപോലെയുള്ള, ഒത്ത, സമമായ.

Ē-qui-bal'ance, *n.* സമതൂക്കം, ഒത്തഘനം. *v. t.* ഘനം ഒപ്പിക്കുക, തൂക്കം—.

Ē-qui-dis'tance, *n.* തുല്യദൂരം. =dis'-tant, *a.* തുല്യദൂരമുള്ള.

Ē-qui-lat'ĕr-al, *a.* സമഭുജയുള്ള (*geom.*). *n.* തുല്യഭുജ (*geom.*).

Ē-qui-lib'ri-um, *n.* സമതൂക്കം; 2. സമനില; 3. നിശ്ചലസ്ഥിതി; 4. സ്ഥിരത, തുല്യഭാവം. [—ഗുണിതം.

Ē-qui-mul'ti-ple, *n.* തുല്യപ്പെരുക്കം,

Ē'quīne, Ē-quī'nal, *a.* കതിരയെ സംബന്ധിച്ച, —പോലെയുള്ള. ē'qui-dæ, *n. pl.* അശ്വവർഗ്ഗം.

Ē'qui-nox, *n.* വിഷുവൽകാലം. vernal e. മേഷവിഷുവൽ—. autumnal e. തുലാവിഷുവൽ—. =noc'tial (-shal), *a.* രാവും പകലും തുല്യദീൎഘമായ; ഭൂമദ്ധ്യപ്രദേശത്തുള്ള; വിഷുവൽക്കാലത്തുണ്ടാകുന്ന. e.l line വിഷുവൽച്ചക്രം, വിഷുമണ്ഡലം. e.l point അയനം.

E-quip', *v. t.* കോപ്പ് കൂട്ടുക, സംഭരിക്കുക; 2. ചമയിക്കുക. eq'ui-pāge (ek'-wi-), *n.* സന്നാഹം; ചമയം; പരിവാരം; കോലാഹലം. -ment, *n.* ഒരുക്കം, കോപ്പ്; ചമയം.

E'qui-poīse, *n.* ഭാരസമത്വം, തുല്യത; 2. എതിർബലം.

Ē-qui-pol'lence, =pol'len-cy, *n.* തുല്യബലം; 2. ഏകാൎത്ഥം. =pol'lent, *a.* തുല്യബലമുള്ള; അൎത്ഥസമത്വമുള്ള.

Ē-qui-pon'dĕr-ance, =pon'dĕr-an-cy, *n.* തുല്യഘനം, ഭാരസമത്വം.

Eq'ui-ty (ek'wi-), *n.* അവകാശതുല്യത; ന്യായം, ധൎമ്മം; 2. അവകാശം (*l.*); 3. നീതിന്യായം (*l.*). e. of redemption വസ്തു വീണ്ടെടുപ്പാനുള്ള അവകാശം (*l.*). =ta-ble, *a.* നീതിയായ, നിഷ്പക്ഷം—, ന്യായം—. =ta-bly, *ad.* ന്യായമായി.

Ē-quiv'a-lent, *a.* തുല്യം ആയ, സമം—. *n.* ഒത്തത്; 'ബദൽ'; പ്രായശ്ചിത്തം; 2. തുല്യാൎത്ഥം. =lence, =len-cy, *n.* തുല്യത, സമത്വം; തുല്യബലം, —സംഖ്യ.

Ē-quiv'ō-cal, *a.* നാനാൎത്ഥം ഉള്ള, ദ്വയാൎത്ഥം—, അൎത്ഥനിശ്ചയമില്ലാത്ത; 2. സംശയകരമായ; 3. സംശയിക്കത്തക്ക. -ly, *ad.* സംശയാൎത്ഥമായി. -ness, *n.* അനിശ്ചയസ്ഥിതി. =cāte, *v. i.* ദ്വയാൎത്ഥമായി പറയുക; പരമാൎത്ഥം വിട്ട് സംസാരിക്കുക, ഉരുട്ട് പറയുക. *v. t.* ദ്വയാൎത്ഥമാക്കുക. =cā'tiŏn, *n.* നേര് കേടായ വാക്ക്, ഉരുട്ട്. =cā-tŏr, *n.* കളവ് പറയുന്നവൻ. =cā'tŏry, *a.* നേര് കേടായ. =qui-vōke, -qui-vōque (-kwi-vōke), *n.* ദ്വയാൎത്ഥമുള്ള വാക്ക്; വ്യാജം, പൊളള്.

Er, *suf.* ചെയ്യുന്നവൻ, കാരി, കൎത്താവ്. [ബ്ദം; 3. കാലം.

Ē'ra, *n.* കാലാരംഭം; 2. ശകം, അ

E-rad'i-cāte, *v. t.* സമൂലം നീക്കുക, വേരോടെ പൊരിച്ച് കളയുക; 2. ഉന്മൂലമാക്കുക, നശിപ്പിക്കുക. =cā'tiŏn, *n.* നിൎമ്മൂലനാശം.

E-rāse', *v. t.* മാച്ച് കളയുക, ചുരണ്ടിക്കളയുക. =rāsed', *a.* തടഞ്ഞ് കളഞ്ഞ, നീക്കിക്കളഞ്ഞ. -ment, *n.* നീക്കം, മാച്ചൽ. =rā'sĕr, *n.* മാച്ചുന്നവൻ; മാച്ചുന്ന പശത്തുണ്ടം, 'റബറ്'. =rā'siŏn, =rā'sure, *n.* മാച്ചൽ, നീക്കം.

Ere, *prep.* & *ad.* മുമ്പ്, മുമ്പായി; മുമ്പെ തന്നെ; 2. . . . കാൾഎളുപ്പം. e.-long താമസിയാതെ, ഉടനെ. e. now പണ്ടും, മുമ്പും, കീഴ്ക്കൂട. e. that മുമ്പ്. e.-while, e.-whiles കുറെമുമ്പ്.

Ē-rect', *v. t.* നേരെ നിൎത്തുക, കുത്തനെ—; ഉയൎത്തുക; 2. പണിയിക്കുക; കെട്ടിപ്പിക്കുക; 3. പുകഴ്ത്തുക; 4. ധൈൎയ്യം വരുത്തുക; 5. അനുമാനിക്കുക; 6. സ്ഥാപിക്കുക. -ing shop യന്ത്രശാല. *v. i.* നിവിൎന്ന് നില്ക്കുക. *a.* നേരെ നില്ക്കുന്ന, നിവിൎന്ന്—; 2. മേല്പെട്ട് നോക്കുന്ന; 3. ധീരതയുള്ള; 4. ജാഗ്രത—; 5. കുത്തനെ നില്ക്കുന്ന. =ta-ble, =tile, *a.* ഉയൎത്താകുന്ന. =tĕr, *n.* നിൎമ്മാണികൻ. =til'i-ty, *n.* ഉയൎച്ച. ='tiŏn, *n.* നിവിൎത്തൽ; പണിയിക്കൽ; സ്ഥാപനം; ധൈൎയ്യപ്പെടുത്തൽ; ഉയൎച്ച; ഉറപ്പ്; നിഗളം; എഴുന്നീല്പ്; നിൎമ്മാണം; കെട്ടിടം, കെട്ട് പണി. ='tive, *a.* നിവിൎത്തുന്ന, ഉയൎത്തുന്ന. -ly, *ad.* കുത്തനെ.

Er'e-mīte, *n.* സന്ന്യാസി. =mi-tāge, *n.* ആശ്രമം. =mit'ic, =mit'i-cal, =mit'ish, *a.* വാനപ്രസ്ഥമായ. =mit-ism, *n.* വാനപ്രസ്ഥാശ്രമം.

Ĕr'gō, *conj.* or *ad.* അത് കൊണ്ട്, ആകയാൽ. [(*z.*).

Ē-ri'ci-us (-shi-us), *n.* മുള്ളൻപന്നി

Ē'rin, *n.* അയൎല്ലാണ്ട് രാജ്യം.

**Er'mine**, *n.* വെള്ള നീർനായി (*z.*); 2. നീർനായി രോമചർമ്മം; 3. ന്യായാധിപതിസ്ഥാനം.

**E-rōde'**, *v.t.* തിന്ന് കളയുക, കാന്ന്—. =**rō'dent**, *n.* പൊള്ളിക്കുന്ന മരുന്ന് (*med.*). =**rō'ṣiōn**, *n.* ഭേദിച്ച് പോകൽ; അൾച്ചരം. =**rō'ṣive**, *a.* തിന്ന് കളയുന്ന.

**E-rot'ie**, =**i-eal**, *a.* അനുരാഗദീപകമുള്ള, —സംബന്ധമായ. =**rot'ie**, *n.* അനുരാഗകാവ്യം.

**Err**, *v.i.* തെറ്റുക, അലഞ്ഞ് നടക്കുക; 2. ലാക്ക് പിഴെക്കുക; 3. തെറ്റിപ്പോക, അബദ്ധത്തിൽ ചാടുക; 4. തെറ്റ് ചെയ്ക, കുറ്റം—. -**'a-ble**, *a.* തെറ്റിപ്പോകാകുന്ന. -**'a-ble-ness**, *n.* വീഴ്ച. -**'a-bund**, =**rat'ie**, *a.* വക്രഗതിയുള്ള; താന്തോന്നിതവുമുള്ള; ക്രമം കെട്ട. =**'rant**, *a.* വക്രഗതിയുള്ള; അലഞ്ഞ് നടക്കുന്ന; കേവലംആയ, മുരത്ത; ചുറ്റിസഞ്ചരിക്കുന്ന. =**'ran-try**, *n.* അലഞ്ഞ് നടക്കൽ; ശൂരപ്രവൃത്തി തിരഞ്ഞ് നടക്കൽ. =**rat'ie**, *n.* താന്തോന്നി. =**rā'tum**, *n.* (*pl.* =**rā'ta**) അബദ്ധം, പിഴ. =**rō'ne-ōus**, *a.* അബദ്ധം ആയ, കളവ്—. =**rō'ne-ōus-ly**, *ad.* തെറ്റായി. **er'rŏr**, *n.* തെറ്റ്, പിഴ; അബദ്ധം, കളവ്; അപരാധം. =**'rŏr-ist**, *n.* അബദ്ധപ്രിയൻ.

**Er'rand**, *n.* ദൂത്, നിയോഗം; വർത്തമാനം; വന്നകാര്യം, പോയ—.

**Ērst**, *ad.* ആദ്യമായി; 2. മുമ്പ്, പണ്ട്, കീഴ്ക്കൂട. **at e.** ആദ്യം. **now at e.** ഇപ്പോൾ. **e.-while** അത് വരെ, ഇത് വരെ, ഇത്രോടം.

**E-ruct'**, **E-rue'tāte**, *v.t.* ഏമ്പലിടുക, തേട്ടുക. =**tā'tiōn**, *n.* ഏമ്പക്കം, തേട്ടൽ; അഗ്നിപർവ്വതപ്രവാഹം (*geol.*).

**Er'ū-dīte**, *a.* വ്യുല്പത്തിഉള്ള, അറിവ്—, വിദ്യ—. -**ly**, *ad.* പരിചയത്തോടെ. -**ness**, =**di'tiŏn** (-dish'un), *n.* വിദ്യാഭ്യാസം; പഠിപ്പ്; വ്യുല്പത്തി.

**Er'ụ-gāte**, *a.* ജരഇല്ലാത്ത, ചുളിവ്—; മിനുസമായ.

**E-rụg'i-nōus**, *a.* താമ്രലക്ഷണം ഉള്ള; കിളപ്പ്—, കിളാവ്—.

**E-rupt'**, *v.t.* പൊട്ടിക്കുക; പുറത്ത് തള്ളുക. =**'tiŏn**, *n.* പുറപ്പെടൽ; അഗ്നിപ്രവാഹം; സൈന്യാക്രമം; കലക്കം; പൊട്ടൽ; പ്രലാപം; പൊന്തൽ; ചർമ്മരോഗം (*med.*). =**'tiŏn-al**, *a.* പൊട്ടിത്തെറിക്കുന്ന. =**'tive**, *a.* പൊട്ടിയൊഴുകുന്ന; പൊന്തിവരുന്ന (*med.*); അഗ്നിപ്രവാഹത്താലുണ്ടായ.

**Er-y-sip'e-las**, *n.* അഗ്നിവിസർപ്പം; തീയങ്കാളപ്പൻ (*med.*). (*med.*).

**Er-y-thē'ma**, *n.* ചുവപ്പ് രോഗം

**Es-ea-lāde'**, *n.* ഘോരാക്രമം (*mil.*). *v.t.* ഏണിചാരിക്കയറുക; മതിൽ കയറിമറിയുക.

**Es-eāpe'**, *v.t.* തെറ്റിഒഴിയുക, തെറ്റിപ്പോക, രക്ഷപ്പെടുക; 2. വിട്ട് പോക, ശ്രദ്ധയിൽ പെടാതെപോക. *v.i.* (from, out of) തെറ്റി രക്ഷപ്പെടുക; 2. ഓടിയൊളിക്കുക; 3. ചാടിപ്പോക (*l.*); 4. പോയ്പോക. *n.* തെറ്റിപ്പോകൽ, ഉദ്ധാരണം, ഒഴിവ്, ഓടിപ്പോക്ക്; 2. അബദ്ധം; 3. സാമർത്ഥ്യം; 4. ചാടിപ്പോക്ക് (*l.*); 5. ചോർച്ച, ചോന്ന് പോകൽ. =**eā'pa-ble**, *a.* ഒഴിച്ച് കൊള്ളുവാൻ പാടുള്ള. =**ea-pāde'**, *n.* കുതിരത്തുള്ളൽ; താന്തോന്നിതവം, തോന്നിയവാസം. -**ment**, *n.* തെറ്റിയൊഴിയൽ; പുറത്തേക്കുള്ള മാർഗ്ഗം.

**Es'ehar** (-kar), *n.* പൊറ്റ (*med.*).

**Es-chēat'** (-chēt'), *n.* ജന്മിക്കടങ്ങൽ (*l.*); 2. അവകാശിയില്ലാതെ സർക്കാരിലേക്കടങ്ങൽ, 'എസ്ചീറ്റ്'; 3. പണ്ടാരത്തിലടങ്ങിയ ഭൂമി; 4. ആദായം. *v.i.* വസ്തുസർക്കാരിലേക്കടങ്ങുക (*l.*). *v.t.* വസ്തുപണ്ടാരത്തിലടക്കുക (*l.*). -**a-ble**, *a.* ഭണ്ഡാരത്തിലടങ്ങത്തക്ക.

**Es-chew'** (-chụ'), *v.t.* ഉപേക്ഷിക്കുക, വിട്ടകലുക; 2. തെറ്റിരക്ഷപ്പെടുക. -**ment**, *n.* അകന്ന് നില്ക്കൽ, വർജ്ജനം.

**Es'eort**, *n.* പരിവാരം; വഴിത്തുണ; കാവല്ക്കാര്; 2. രക്ഷ, കാവല്. **es-eort'**, *v.t.* കാവലായി പോക; കൂടപ്പോക; തുണയായിരിക്കുക. [(*geom.*).

**Ēs-erībed'**, *a.* പുറത്ത് വരച്ച

**Es'crōw** (-krō), *n.* എഴുതി മദ്ധ്യസ്ഥൻപക്കൽ വെച്ചരേഖ (*l.*).

**Es-cū-lā'pi-us,** *see* **Æsculapius.**

**Es'cū-lent,** *a.* തിന്നാകുന്ന. *n.* ഭക്ഷ്യം, ഭോജ്യം. [പടവിമുദ്ര.

**Es-cutch'eŏn,** *n.* കുലചിഹ്നപത്രം,

**Ē-soph'a-gus** (-sof'a), *n.* തൊണ്ട, ഭക്ഷണനാളം (*an.*).

**Es-ō-tĕr'ic, =i-cal,** *a.* ഗൂഢം ആയ, ഗോപ്യം—. **=i-cal-ly,** *ad.* രഹസ്യമായി. **=tĕr'i-cism,** *n.* മർമ്മോപദേശം. **=tĕr'ics,** *n.* ഗൂഢോപദേശം, ഗുപ്തശാസ്ത്രം.

**Es-pe'cial** (-pesh'al), *a.* പ്രത്യേകം ആയ, വിശേഷം—. **-ly,** *ad.* വിശേഷവിധിയായി. **-ness,** *n.* പ്രാധാന്യം.

**Es-pla-nāde',** *n.* മൈതാനം; 2. പുൽമാലി.

**Es-pouse',** *v.t.* വിവാഹം നിശ്ചയിക്കുക; 2. വേളികഴിക്കുക; 3. അവലംബിക്കുക, പക്ഷം എടുക്കുക. **=pou'sal,** *n.* (*pl.*) വിവാഹനിശ്ചയം; പാണിഗ്രഹണം; പക്ഷാവലംബനം. **-ment,** *n.* പരിണയം. **=pou'sĕr,** *n.* മണവാളൻ; പക്ഷം പിടിക്കുന്നവൻ.

**Es-pȳ',** *v.t.* ദൂരത്ത്നിന്ന് കാണുക, ഒർനോക്ക്—, ദൃഷ്ടിയിൽ പതിയുക; 2. പതിയിരുന്ന് നോക്കുക, ഒററ്—. *v.i.* പരിശോധിച്ച്—, പാർത്തിരിക്കുക. **=pī'al,** *n.* കാഴ്ച, ദൃഷ്ടി; ഒററ്കാരൻ.

**Es'pi-ō-nāġe,** *n.* ഒററിടൽ, ഒററ് നോക്കൽ, ചാരവൃത്തി.

**Es-quīre',** *n.* ബഹുമാനവാചി, —സ്ഥാനം; രാജമാന്യരാജശ്രീ. *v.t.* കാത്ത്നില്ക്കുക, സേവിച്ച്—.

**Es'sāy,** *n.* യത്നം, ശ്രമം; 2. പ്രബന്ധം; 3. മാററ്നോക്കൽ. *v.t.* ശ്രമിക്കുക, പ്രയത്നിക്കുക; ഉരച്ച്നോക്കുക, മാറററിയുക. **-ist,** *n.* പ്രബന്ധകൻ.

**Es'sence,** *n.* സാരം, ജീവൻ, കാതൽ; 2. സത്വം, സത്ത്; 3. വീര്യം; 4. തൈലം; 5. പരിമളം. **es-sen'tial** (-shal), *a.* സത്ത് ആയ; വസ്തുത—, സാക്ഷാൽ; മുഖ്യം ആയ, പ്രധാനം—; ശുദ്ധം—, കലൎപ്പില്ലാത്ത; അത്യാവശ്യമായ; സ്വതെയുള്ള (*med.*). **e.l character** ലക്ഷണം. **e.l oils** തൈലം. **=sen-ti-al'i-ty, =sen'tial-ness,** *n.* പ്രാധാന്യം. **=sen'tial-ly,** *ad.* മുഖ്യമായി.

**Es-tab'lish,** *v. t.* ഉറപ്പിക്കുക; 2. സ്ഥാപിക്കുക; 3. നിയമിക്കുക; 4. സ്ഥിരമായി പാൎക്കുക; —ചെയ്യുക; നിലെക്കുക. **-ment,** *n.* സ്ഥാപനം; സ്ഥിരപ്പെടുത്തൽ; സ്ഥിതി; സംസ്ഥിതി, മതവ്യവസ്ഥ; പണിക്കാര്, പ്രവൎത്തകസാഹിത്യം; ഗൃഹം; ഗൃഹനയനവ്യവസ്ഥ; പ്രവൃത്തിസ്ഥലം; ശാല.

**Es-tāte',** *n.* നില, അവസ്ഥ; 2. സ്ഥിതിഭേദം; 3. പ്രമാണി; 4. സ്വത്ത്; 5. രാജ്യകാൎയ്യം; 6. (*pl.*) വൎഗ്ഗം; 7. അവകാശനില (*l.*). **the fourth e.** വൎത്തമാനപത്രങ്ങൾ.

**Es-tēem',** *v. t.* വിലവെക്കുക, വക—; വിലമതിക്കുക; 2. ബഹുമാനിക്കുക, പ്രിയം ഭാവിക്കുക. *v. i.* അഭിമാനിക്കുക, വിചാരിക്കുക. *n.* മതിപ്പ്, വില; 2. ബഹുമാനം, വണക്കം; അനുകൂലാഭിപ്രായം. **-a-ble,** *a.* ബഹുമാനയോഗ്യതയുള്ള. **es'ti-ma-ble,** *a.* വിലമതിക്കത്തക്ക; വിലയേറിയ; വന്ദ്യമായ. *n.* വിശേഷം. **es'ti-ma-ble-ness,** *n.* ബഹുമാനയോഗ്യത. **es'ti-ma-bly,** *ad.* ശ്ലാഘ്യമായി. **='ti-māte,** *v. t.* വിലമതിക്കുക; കണക്കിട്ട് നോക്കുക. *n.* അടങ്ങൽ; മതിപ്പ്. **=ti-mā'tiŏn,** *n.* വിലമതിക്കൽ; മതിപ്പ്; കാഴ്ച; ബഹുമാനം; ഊഹം. **=ti-mā'tive,** *a.* മതിപ്പാൻ പ്രാപ്തിയുള്ള; മതിപ്പ്സംബന്ധമായ. **=ti-mā'tŏr,** *n.* വിലമതിക്കുന്നവൻ; ചിലവ് കണക്കിടുന്നവൻ.

**Es-thet'ic, =i-cal,** *a.* അലങ്കാരസംബന്ധമായ. **=thet'ics,** *n.* ശൃംഗാരവിദ്യ.

**Es-top',** *v. t.* തടസ്ഥപ്പെടുത്തുക (*l.*). **-pel,** *n.* തടസ്ഥം, വാദതടസ്ഥം (*l.*).

**Es-trāde',** *n.* തിണ.

**Es-trānġe',** *v. t.* അകററുക, അകല്ച വരുത്തുക; 2. ഉപയോഗം ഭേദപ്പെടുത്തു

ക; 3. അന്യാധീനപ്പെടുത്തുക; 4. അന്യഭാവം വരുത്തുക, രസക്ഷയം—. =tran'ġed-ness, *n.* അന്യഭാവം; വിരോധം. -ment, *n.* അകല്ച; മിത്രഭേദം. [കൈവഴി.

Es'tū-a-ry, *n.* അഴിമുഖം; ഉൾക്കടൽ,

Es'tū-āte, *v. i.* പതക്കുക, മറിയുക. =ā'tiŏn, *n.* കലക്കം, തിളെപ്പ്, പൊങ്ങൽ.

Et-cet'e-ra, =cæt'e-ra, etc., *a.* മറ്റും, ആദിയായ, മുതലായ, ഇത്യാദി.

Etch (ech), *v.t.* മരത്തിൽ കൊത്തുക, —വരക്കുക. *v.i.* കൊത്ത് പണിചെയ്ക. -'ěr, *n.* കൊത്ത് പണിക്കാരൻ. -'ing, *n.* ചിത്രം കൊത്തൽ; കൊത്ത് പണി; —ചിത്രം.

Ē-těr'nal, *a.* ആദ്യന്തഹീനം ആയ; 2. നിത്യം—, അമർത്യം—; 3. മാററമില്ലാത്ത; 4. മഹാ, മുരത്ത, അതി. some e. villain ഏതൊ ഒരു പരമദുഷ്ടൻ. *n.* നിത്യൻ, ദൈവം; 2. നശ്വരമല്ലാത്തത്. -īse, -īze, *v. t.* നിത്യമാക്കുക. -ly, *ad.* എന്നെന്നേക്കും. =ni-ty, *n.* ആദ്യന്തരഹിതത്വം; നിത്യത; മരണാനന്തരമുള്ള നില; അമർത്യത്വം. =ni-sā'tiŏn, =ni-zā'tiŏn, *n.* നിത്യസ്മരണ, —കീർത്തി. =těr'nīse, =těr'nīze, *v. t.* നിത്യതവരുത്തുക, നിത്യസ്മരണ ഉണ്ടാക്കുക.

Ē'thěr, *n.* വായു, ആകാശം; 2. 'ഈതർ' എന്ന ഒരു ദ്രാവകം. =thē're-al, *a.* വായുസംബന്ധമായ; മേലാകാശത്തിലുള്ള; സ്വൎഗ്ഗീയമായ; ലഘുത്വമായ, ആത്മരൂപം—, സൂക്ഷ്മം—. =thē're-al-ism, =thē-re-al'i-ty, *n.* വായുരൂപം, ആത്മ—. =thē-re-al-i-sā'tiŏn, =thē-re-al-i-zā'tiŏn, *n.* വായവ്യസ്ഥിതി. =thē're-al-īse, =thē're-al-īze, *v. t.* ദ്രാവകമാക്കുക; വായുആക്കുക; അശരീരി—. -īse, -īze, *v. t.* 'ഈതർ' എന്ന ദ്രാവകമാക്കുക; ബോധം കെടുത്തുക.

Eth'ic, =i-cal, *a.* നീതിസംബന്ധമായ; ആചാര—. =cal-ly, *ad.* നീതിയനുസാരമായി. =ics, *n.* നീതിസംഹിത, ധൎമ്മശാസ്ത്രം, ഗുണനിദാനം.

Eth'nic, =ni-cal, *a.* നാനാമാനുഷവൎഗ്ഗസംബന്ധമായ; 2. പുറജാതിആയ, വിഗ്രഹാരാധകൻ—. =ni-cal-ly, *ad.* വിവിധകുലാനുസാരമായി. eth-nog'ra-phy, *n.* നരകുലശാസ്ത്രം. eth-nol'o-ġy, *n.* നരകുലവിവരണം.

Eth-ol'o-ġy, *n.* നീതിശാസ്ത്രം.

Et-i-quette' (-ket'), *n.* നടവടി, ആചാരരീതി, —ധൎമ്മം, സദാചാരപദ്ധതി.

Et-y-mol'o-ġy, *n.* ശബ്ദശാസ്ത്രം(*gr.*), പദോല്പത്തി—; പദകാണ്ഡം. =log'i-cal, *a.* വ്യുല്പത്തിവിഷയമായ. =ġist, *n.* ശബ്ദശാസ്ത്രി.

Eū'cha-rist (ū'ka-), *n.* തിരുവത്താഴകൎമ്മം, —സംസ്കാരം, 'കുറുബാന' (*Syr.*).

Eū'clid (ū'klid), *n.* ക്ഷേത്രഗണിതശാസ്ത്രം; ക്ഷേത്രഗണിതം. -i-an, *a.* ക്ഷേത്രഗണിതസംബന്ധമായ. e.n space പരപ്പ്, വിശാലത.

Eū'lō-ġy (ū'lō-), *n.* സ്തുതി, പുകഴ്ച. =log'ic, =log'i-cal, *a.* വന്ദനാവിഷയമായ. =log'i-cal-ly, *ad.* പ്രശംസയായി. =ġist, *n.* വന്ദി, പ്രശംസകൻ. =ġis'tic, =ġis'ti-cal, *a.* സ്തോത്രസംബന്ധമായ. ='ġi-um, *n.* സ്തുതി, മംഗലവാക്യം. =ġīse, =ġīze, *v. t.* വാഴ്ത്തിപ്പറയുക, പുകഴ്ത്തുക.

Eū'nuch (ū'nuk), *n.* ഷണ്ഡൻ, നപുംസകൻ. -āte, *v. t.* ഷണ്ഡത്വം വരുത്തുക. -ism, *n.* നപുംസകത്വം, ക്ലീബത്വം.

Eū-pep'sy (ū-), *n.* ദീപനം, ദഹനശക്തി (*med.*). =pep'tic, *a.* അഗ്നിബലമുള്ള.

Eū'phem-ism (ū'fem-), *n.* മംഗലോക്തിയലങ്കാരം, മംഗലവാക്യം. =is'tic, =is'ti-cal, *a.* മംഗലോക്തിസംബന്ധമായ. =īse, =īze, *v. t.* സൌമ്യവാക്കായി പറയുക, മംഗലോക്തിയായി—.

Eū'phō-ny (ū'fō-), *n.* സ്വരമേളനം; കൎണ്ണരസം; ലാവണ്യസ്വരം. =phon'ic, =phon'i-cal, =phō'ni-ŏus, *a.* സ്വരലാവണ്യമുള്ള, ഇമ്പമായ. =phō'ni-ŏus-ly, *ad.* കൎണ്ണരസത്തോടെ.

Eū-rā'si-an (ū-), *n.* ഭാരതീയയൂരോപ്യസമ്മിശ്രസന്താനം.

**Eū-rē'ka** (ū-rē'ka), *int.* കിട്ടിപ്പോയി! കിട്ടിപ്പോയി!

**Eū'rōpe** (ū'rōp-), *n.* യൂരോപ്പ്, വിലാത്തി. =**pē'an,** *a.* യൂരോപ്പ്യ, ഐരോപ്പ്യ, വിലാത്തി. *n.* വിലാത്തിക്കാരൻ. =**pē'an-īse,** =**pē'an-īze,** *v. t.* വിലാത്തിച്ചമയം ധരിപ്പിക്കുക; യൂരോപ്പ്യമൎയ്യാദ പഠിപ്പിക്കുക.

**Eū'ryth-my** (ū-), *n.* നാഡിക്രമം [(*med.*).

**Eū-stā'chi-an** (ū-stā'ki-), *a.* കണ്ണാന്തനാളസംബന്ധമായ (*an.*). **e.n tube** കണ്ണാന്തനാളം (*an.*).

**Eū-than-ā'si-a,** =**than'a-sy,** *n.* സ [മരണം.

**E-vac'ū-āte,** *v.t.* ഒഴിച്ച് കളയുക, പകൎന്ന്—; 2. ഇല്ലാതാക്കുക; 3. വിസൎജ്ജിക്കുക; 4. വിട്ട് പോക; 5. അഴിക്കുക, ദുൎബ്ബലപ്പെടുത്തുക. =**ā'tiōn,** *n.* ഒഴിക്കൽ; വിസൎജ്ജനം; ഉപേക്ഷിക്കൽ; വിസൎജ്ജിതം, മലം. =**ā'tive,** *a.* ഒഴിവ് വരുത്തുന്ന, വിരേചനം—. =**ā'tōr-y,** *n.* വിരേചനൌഷധം.

**E-vāde',** *v.t.* തെററിക്കളയുക, ഒഴിഞ്ഞ് കളയുക. *v. i.* (from) ചോൎന്ന് കളയുക, ഒഴിഞ്ഞ് കൊള്ളുക. =**vā'di-ble,** =**vā'si-ble,** *a.* ഒഴിഞ്ഞ് മാററത്തക്ക. =**vā'siōn,** *n.* ഉപായം, വിദ്യ; മുങ്ങിക്കളയൽ. =**vā'sive,** *a.* തക്കിടിയായ, ഉപായമുള്ള. =**vā'sive-ly,** *ad.* ഒഴികഴിവായി.

**Ev-a-gā'tiōn,** *n.* സഞ്ചാരം, അലഞ്ഞ് നടക്കൽ.

**Ev-a-nesce'** (-nes'), *v. i.* അപ്രത്യക്ഷമാക, ഇല്ലാതാക. =**nes'cence,** *n.* അപ്രത്യക്ഷത; ക്ഷണികത്വം. =**nes'cent,** *a.* ആവിയായി പോകുന്ന, ഇല്ലാതെ—; അപ്രത്യക്ഷമായ. =**nes'cent-ly,** *ad.* അഗോചരമായി, അറിയാതെ.

**Ē-van'gel,** *n.* സുവാൎത്ത; സുവിശേഷം. -'**i-an,** *a.* സ്തോത്രമയമായ. -'**ic,** *a.* സുവിശേഷത്തിലുള്ള; സുവിശേഷസംബന്ധമായ. -'**i-cal,** *a.* സുവിശേഷങ്ങളിലുള്ള; സുവിശേഷാനുസാരമായ; സുവിശേഷസത്യമുള്ള. **e.l church** സുവിശേഷസഭ. -'**i-cal-ism,** *n.* സുവിശേഷാനുസരണം. -'**i-cal-ly,** *ad.* സുവിശേഷപ്രകാരം. -'**i-cism** (-sism), -**ic'i-ty** (-is'i-ty), *n.* സുവിശേഷസത്യം. -**ism,** *n.* സുവിശേഷഘോഷണം. -**ist,** *n.* സുവിശേഷകൻ, സുവിശേഷപ്രസംഗി. -**is'tic,** *a.* സുവിശേഷങ്ങളിലുള്ള; സുവിശേഷഘോഷണസംബന്ധമായ. -**i-sā'tiōn,** -**i-zā'tiōn,** *n.* സുവാൎത്താപ്രസാരണം; സുവിശേഷവ്യാപനം. -**īse,** -**īze,** *v. t.* സുവിശേഷം ഉപദേശിക്കുക, ക്രിസ്ത്യാനിമാൎഗ്ഗം—, —ഘോഷിക്കുക. *v. i.* സുവിശേഷം പ്രസംഗിക്കുക.

**E-van'ish,** *v. i.* കാണാതെ പോക, ഇല്ലാതെ—, മായയായി—. -**ment,** *n.* അപ്രത്യക്ഷത.

**E-vap'ō-rāte,** *v.i.* ആവിയായ്ത്തീരുക; കറുകക, വററുക; 2. ഇല്ലാതെ പോക, കാണാതെ—. *v. t.* കറുക്കുക; 2. ആററുക; 3. പ്രസ്താവിക്കുക. =**rā'tiōn,** *n.* കറുക്കൽ; ആവിയാക്കൽ; ആവി. =**rā'tive,** *a.* കറുക്കുന്ന.

**Ēve** (ēv), **Ē'ven,** *n.* സന്ധ്യ, വൈകുന്നേരം; 2. ഉത്സവത്തലനാൾ. **e.n-song** സന്ധ്യാകീൎത്തനം, —വന്ദനം. **e.n-tide,** **e.n-fall** സന്ധ്യാകാലം, അന്തിനേരം, മൃവന്തി—. **ē'ven-ing,** *n.* സായംകാലം, വൈകുമ്പാട്; അസ്തമാനകാലം; ക്ഷയ—. **e.g-star** ശുക്രൻ.

**Ē'ven,** *a.* നിരന്ന, തട്ടൊത്ത; ഒര് പോലെയുള്ള; 2. സാത്വികഗുണമുള്ള; 3. തുല്യം ആയ; 4. നിഷ്പക്ഷം—, ശരി—, ഇര് ഭാഗവും ഒത്ത; 5. നിഷ്കളങ്കം ആയ; 6. ഇരട്ട—, യുഗ്മം—. **on e. ground** തുല്യാനുകൂലത്തോടെ. **e.-handed** പക്ഷഭേദമില്ലാത്ത. **e.-minded** തുല്യചിത്തനായ, ശാന്തഭാവമുള്ള. *v. t.* നിരത്തുക, പരപ്പ് ആക്കുക; 2. തുല്യം—, ഒപ്പം—; 3. ശരി—, പൂൎത്തി—; 4. ഒത്ത് നടക്കുക. *v. i.* തുല്യമായിരിക്കുക. -**ly,** *ad.* തുല്യം ആയി, കൃത്യം—; പൂൎണ്ണം—, കേവലം—; പോലും, ഉം + കൂടെ, ഉം; ശേഷവും, പിന്നെയും; തന്നെ. -**ness,** *n.* പരപ്പ്, മിനുസം; നിഷ്പക്ഷത്വം.

**E-vent',** *n.* സംഭവം; 2. കാൎയ്യം; 3. ഫലം. -**ful,** *a.* വിഖ്യാതമായ, വിശേ

ക്കങ്ങളുള്ള. -less, *a.* സാമാന്യമായ. -ū-al, *a.* ഫലമായ; വഴിയെ ഉള്ള, അവസാനം—; സംഭവാനുസാരമായ (*l.*). -ū-al′i-ty, *n.* സംഭവ്യാവസ്ഥ. -ū-al-ly, *ad.* ഒടുവിൽ. -ū-āte, *v. i.* സംഭവിക്കുക; ഉത്ഭവിക്കുക. -ū-ā′tiōn, *n.* ഫലം.

Ev′ĕr, *ad.* ഒരിക്കലും; 2. എപ്പോഴും; 3. എന്നേക്കും. as much as e. they can എത്രകഴിയുമോ അത്ര. e. and anon കൂടക്കൂട, പലപ്പോഴും. e. in one ഇടവിടാതെ. e. so എത്രയായാലും. for e. എന്നേക്കും. for e. and e. എന്നെന്നേക്കും. for e. and a day സദാസ്സോഴും. or e. മുമ്പെ. e.-during നിത്യമായ. e.-green സദാപച്ചയായ, ഇലയുതിരാത്ത. e.-greens (*pl.*) ശൃംഗാരലതകൾ. e.-living അമർത്യം ആയ, നിത്യം—. -mōre, *ad.* എപ്പോഴും. for e.-m. എന്നേക്കും. -last′ing, *a.* നിത്യം ആയ, അനന്തം—; ദീർഘകാലമായി ഉള്ള; നിത്യേന—. *n.* നിത്യത. the e.g ദൈവം.

E-vĕrse′, e-vĕrt′, *v. t.* മറിച്ച്കളയുക, നശിപ്പിക്കുക. e-vĕr′siōn, *n.* നാശം, ക്ഷയം. e-vĕr′sive, *a.* (of) മറിച്ച്കളയുന്ന.

Ev′ĕr-y, *a.* & *a. pron.* എല്ലാം; ഓരോരൊ. e.-each ഓരോരുത്തൻ. e. now and then കൂടക്കൂട. e.-body എല്ലാവരും. e.-day ദിവസേന ഉള്ള, സാധാരണമായ. e.-one ഓരോരുത്തൻ. e.-thing സകലവും. e.-when എപ്പോഴും. e.-where എല്ലാടവും; പൂർണ്ണമായി, ആകപ്പാടെ.

Ēves̱′drop, Ēves̱′drop-pĕr, *s. u.* Eaves.

E-vict′, *v. t.* ഒഴിപ്പിക്കുക, കുടിയിറക്കുക (*l.*). e-vic′tion, *n.* ഒഴിപ്പിക്കൽ, കുടിയിറക്കൽ (*l.*).

Ev′i-dence, *n.* വ്യക്തി, ദൃഷ്ടാന്തം; 2. സാക്ഷി; 3. തെളിവ്. circumstantial e. അവസ്ഥോത്ഭവമായ തെളിവ് (*l.*). conclusive e. പൂർത്തിയായ തെളിവ്, നിർവ്വാദമായ— (*l.*). Crown's e., King's e., Queen's e., State's e. മാപ്പ്സാക്ഷി (*l.*). *v. t.* തെളിയിക്കുക; കാണിക്കുക. =den-cĕr, *n.* സാക്ഷി. =dent, *a.* ഗോചരം ആയ, സ്പഷ്ടം—, തെളിവുള്ള. =dent-ly, *ad.* സ്പഷ്ടമായി, തീർച്ചയായി.

Ē′vil, *a.* ദുഷ്ട, ദോഷകരമായ, ആകാത്ത; 2. തിന്മയായ, വഷൾ—; 3. വ്യസനകരം—, ആപൽകരം—. e. times ദുഷ്കാലം. e.-eye കണ്ണേറ്, കണ്ണ്കൊള്ളൽ, കരിങ്കണ്ണ്. e.-speaking ദൂഷണം, ദൂറ്. the e.-one പിശാച്, സാത്താൻ. *n.* കേട്, ദോഷം, അപകടം; 2. ദുർനടപ്പ്, പാപം; 3. രോഗം, ദീനം. king's-e. കണ്ഠമാല. *ad.* ദോഷം ആയി, തിന്മ—. e.-favoured കുരൂപിയായ. e.-minded ദ്രോഹവിചാരമുള്ള. -ness, *n.* തിന്മ, ആകായ്മ.

E-vince′, *v. t.* ജയിക്കുക; 2. തെളിയിക്കുക, സ്പഷ്ടമായി കാണിക്കുക. -ment, *n.* തെളിവ്. e-vin′ci-ble, *a.* തെളിയിക്കാവുന്ന. e-vin′ci-bly, *ad.* സ്പഷ്ടമായി. e-vin′cive, *a.* വ്യക്തമാക്കുന്ന.

E-vis′cĕr-āte, *v. t.* കുടൽനീക്കുക.

Ev′i-ta-ble, *a.* ഒഴിക്കാകുന്ന, നിവാര്യമായ.

Ev′o-cāte, *v. t.* വിളിക്കുക, വിളിച്ച് വരുത്തുക. =cā′tiōn, *n.* വിളി, ക്ഷണനം. =cā′tive, *a.* വിളിക്കുന്ന.

E-vōke′, *v. t.* വിളിക്കുക; 2. വിളിപ്പിക്കുക.

E-volve′, *v. t.* വികസിപ്പിക്കുക, സ്പഷ്ടമാക്കുക; 2. പുറപ്പെടുവിപ്പിക്കുക. *v. i.* വിടരുക, വിരിയുക. ev-ō-lu̱′tiōn, *n.* വിരിവ്, വികാസം, വളർച്ച; ശ്രേണി; മൂലീകരണം (*ar.*); സ്ഥിതിമാററം, വിസ്തരണം (*mil.*); ജീവപരിണാമപാരമ്പര്യം. theory of e. ജീവവികാസധർമ്മസങ്കല്പം. ev-ō-lu̱′tiōn-al, =lu̱′tion-ar-y, *a.* ജീവപരിണാമ വിഷയമായ. ev-ō-lu̱′tiōn-is̱m, *n.* ജീവവികാസധർമ്മവാദം. ev-ō-lu̱′tion-ist, *n.* —വാദി. -ment, *n.* വികാസം, പാരമ്പര്യം, തുടർച്ച.

Ev-ul′siōn, *n.* പറിച്ച്നീക്കൽ, നിർമ്മൂലമാക്കൽ.

Ewe (ū), *n.* പെണ്ണാട് (*z.*).

**Ew'ĕr** (ū'ĕr), *n.* ജലപാത്രം, പിടി മൊന്ത.

**Ex**, *pf.* പുറത്ത്, ബഹിർ.

**Ex-ac'ĕr-bāte**, *v.t.* കോപിപ്പിക്കുക; 2. രോഗം വൎദ്ധിപ്പിക്കുക. =bā'tiŏn, *n.* പ്രകോപനം; രോഗവൎദ്ധനം, പാരിക്കൽ. =bes'cence, *n.* ക്രോധവൎദ്ധനം; രോഗ—.

**Ex-ac'i-nāte** (-sin-), *v.t.* കാമ്പ് നീക്കുക. =nā'tiŏn, *n.* കാമ്പ് നീക്കൽ.

**Ex̱-act'**, *a.* ഒത്ത; ശരിആയ; 2. സൂക്ഷ്മം—, കൃത്യം—. *v.t.* (from) മുട്ടിച്ച് ചോദിക്കുക; കല്പിക്കുക; ബുദ്ധിമുട്ടിക്കുക; ഞെരുക്കുക, അപഹരിക്കുക. ='tĕr, ='tŏr, *n.* അപഹാരി. ='ting, *a.* ഖണ്ഡിതം ഉള്ള, കാഠിന്യം—. ='ting-ly, *ad.* കഠിനത്തോടെ. ='tiŏn, *n.* നിൎബ്ബന്ധം, ഹേമം; അപഹരണം; അപഹൃതം. ='ti-tūde, *n.* കൃത്യത, ഖണ്ഡിതം. -ly, *ad.* ശരിആയി, ഭംഗി—. -ness, *n.* കണിശം; പരമാൎത്ഥം.

**Ex̱-ag'gĕr-āte**, *v.t.* കൂട്ടിച്ചേൎക്കുക; 2. വളൎത്തിപ്പറയുക. =ā-ted, *a.* അതിവൎണ്ണനയായ; നേര് കെട്ട. =ā-ted-ly, *ad.* നേര് കേടായി. =ā-ting, *a.* പെരുക്കിപ്പറയുന്ന. =ā-ting-ly, *ad.* അതിവൎണ്ണനയായി. =ā'tiŏn, *n.* കുമ്പാരമാക്കൽ; അതിവൎണ്ണന; അതിശയോക്തിയലങ്കാരം (*rhet.*). =ā-tive, -ā-tŏr-y, *a.* കൂട്ടിപ്പറയുന്ന. =ā-tŏr, *n.* അതിവൎണ്ണനക്കാരൻ.

**Ex̱-alt'** (egz-alt'), *v.t.* ഉയൎത്തുക; 2. കയററുക; 3. പുകഴ്ത്തുക, സ്തുതിക്കുക; 4. ഉല്ലസിക്കുക, തുള്ളുക; 5. ശബ്ദം ഉയൎത്തുക; 6. ശുദ്ധിയാക്കുക; 7. മുഴപ്പിക്കുക. =tā'tiŏn, *n.* സ്തുതി; ഉയൎച്ച; വീൎയ്യം കൂട്ടൽ; ഗ്രഹത്തിന്റെ ഉച്ചസ്ഥിതി (*as.*). =ted, *a.* ഉയൎന്ന, മഹിമയുള്ള.

**Ex̱-am'ine** (egz-), *v.t.* പരീക്ഷിക്കുക, പരിശോധിക്കുക; 2. വിസ്തരിക്കുക, ചോദ്യം ചെയ്യുക. =am'in-a-ble, *a.* പരിശോധിക്കാകുന്ന. =am'in-ant, =am'i-nā-tŏr, =am'i-nĕr, *n.* പരീക്ഷകൻ, പരീക്ഷാകൎത്താവ്; വിസ്താര—. =am'i-nāte, =am'i-nēe, *n.* പരീക്ഷാൎത്ഥി, പരീക്ഷിതൻ. =am-in-ā'tiŏn, *n.* പരീക്ഷ, പരിശോധന; വിസ്താരം, അന്വേഷണം. e.n in chief, direct e.n പ്രഥമ വിസ്താരം (*l.*). cross-e.n എതൃവിസ്താരം (*l.*). re-e.n, re-direct e.n പുനർ വിസ്താരം (*l.*). =am'i-nĕr-ship, *n.* പരീക്ഷകസ്ഥാനം, —ഉദ്യോഗം. =am'-in-ing, *a.* വിചാരണചെയ്യുന്ന; പരീക്ഷിക്കുന്ന.

**Ex̱-am'ple** (egz-), *n.* മാതിരി; മാതൃക; 2. വഴക്കം, കീഴ്ക്കടനടവടി; 3. ദൃഷ്ടാന്തം; 4. ഉദാഹരണം. for e. ഉദാഹരണം. *v.t.* ദൃഷ്ടാന്തം ആക്കുക, ഉദാഹരണം—. =em'plar (-plĕr), *n.* മാതൃക; ഉദാഹരണം. =em'plar-y, *a.* മാതൃക ആയ, ദൃഷ്ടാന്തം—; പഠിപ്പിന്നുള്ള; അനുകരിക്കത്തക്ക, മാതൃകയാക്കത്തക്ക; ശ്ലാഘനീയമായ. e.y punishment കഠിനശിക്ഷ (*l.*). e.y damages അധികനഷ്ടം (*l.*). =em'pli-fȳ, *v.t.* ഉദാഹരണത്താൽ കാണിക്കുക.

**Ex̱-an'i-māte**, *v.t.* നിൎജ്ജീവമാക്കുക, ചൈതന്യം കളയുക. =mā'tiŏn, *n.* വിചേതനത്വം, നിരുത്സാഹം.

**Ex-är-tic-ū-lā'tiŏn**, *n.* ഉളുക്ക് (*med.*).

**Ex̱-as'pĕr-āte**, *v.t.* കോപം ജ്വലിപ്പിക്കുക; 2. കഠിനവിരോധം വരുത്തുക. =ā'tiŏn, *n.* പ്രകോപനം; ഉഗ്രകോപം; ഉഗ്രത.

**Ex-cär'nāte**, =cär'ni-fi-cāte, *v.t.* അശരീരിയാക്കുക. =cär-nā'tiŏn, =cär-ni-fi-cā'tiŏn, *n.* ശരീരത്യാഗം, അശരീരിതാവലംബനം.

**Ex'ca-vāte**, *v.t.* തോണ്ടുക, കഴിക്കുക; കഴിച്ചെടുക്കുക. =vā'tiŏn, *n.* കഴിക്കൽ; കഴി, ഗുഹ.

**Ex-cēed'** (ek-sēd'), *v.t.* കവിയുക; 2. അതിക്രമിക്കുക; 3. അധികമാക. *v.i.* അതിർ കടക്കുക; 2. സൎവ്വാധികാരിയാക. -ing, *a.* കണക്കിലേറയുള്ള; അസാധാരണമായ; സീമയില്ലാത്ത; അധികം, അതി. *ad.* അത്യധികമായി. -ing-ly, *ad.* വളരെ. =cess' (ek-ses'), *n.* ആധിക്യം, ബാഹുല്യം; അതിക്രമം; മിതമില്ലായ്മ; ജാ

സ്ഥി, മികവ്, ഭേദം. =ces′sive, *a.* പെരുത്ത; ഗാഢമായ. =ces′sive-ly, *ad.* കണക്കില്ലാതെ, വളരെ.

Ex-cel′ (ek-sel′), *v. t.* ഏറുക, മികെക്കുക; വിശേഷം ആക; 2. കവിയുക, കടക്കുക. *v.i.* തേറിവരിക, മുന്തിനില്ക്കുക. ='cel-lence, *n.* വലിപ്പം, ഉൽകൃഷ്ടത; മേന്മ; മാഹാത്മ്യം; ഗുണം; (ബഹുമാനമഹത്വം, തിരുവടി, അങ്ങ്. ='cel-len-cy, *n.* വാചി) ശ്രേഷ്ഠത; (ബഹുമാനവാചി) ബഹുമാനപ്പെട്ട, അങ്ങ്. ='cel-lent, *a.* വിശിഷ്ടം ആയ, ഉത്തമം—; നല്ല; മികെച്ച; വല്ലാത്ത. ='cel-lent-ly, *ad.* അതിശയം ആയി, ബഹുഭംഗി—.

Ex-cel′si-or (ek-sel′-), *a.* കയറിക്കയറി പോകുന്ന, മേല്പട്ട് മേല്പട്ട്—.

Ex-cept′ (ek-sept′), *v. t.* ഒഴിച്ച് വെക്കുക, നീക്കി—, വൎജ്ജിക്കുക. *v. i.* (to, against) വിരോധമുണ്ടാക, സമ്മതമല്ലാതിരിക്കുക. *prep.* ഒഴിച്ച്, അന്യെ, വിനാ, അല്ലാതെ. *conj.* അല്ലാതെ, ആൽഅല്ലാതെ, ഒഴികെ. =tant, *a.* ഒഴിവാക്കുന്ന. =ting, *prep.* & *conj.* ഒഴിച്ച്, ഒഴികെ, കൂടാതെ, അല്ലാതെ. =cep′tiŏn (-shun), *n.* പ്രതിഷേധം, സൂത്രലംഘനം, പിഴ; (to) ഒഴിവ്; പ്രത്യേകത; ആക്ഷേപം (*l.*); (to, against) വിരോധം. =cep′tiŏn-a-ble, *a.* ആക്ഷേപകരമായ. =cep′tiŏn-al, *a.* അപൂൎവ്വം ആയ, പ്രത്യേകം—, അസാധാരണം—. =cep′tiŏn-al-ly, *ad.* വിശേഷാൽ, പ്രത്യേകമായി. =cep′tŏr, *n.* ആക്ഷേപകൻ.

Ex-cĕrpt′ (ek-sĕrpt′), *v. t.* തെരിഞ്ഞെടുക്കുക; എടുത്ത് പറയുക. =cĕrp′-tiŏn, *n.* സാരം, സംഗ്രഹം; അംശീകൃതം.

Ex-chānġe′, *n.* മാററൽ; 2. മാററം, പ്രതിപത്രം; 3. ഇടവാട്; 4. ഉണ്ടിക (*com.*); 5. വൎത്തകയോഗസ്ഥാനം. e.-broker സറാപ്പ്. in e. പകരം. bill of e. അവാല, ഉണ്ടിക. par of e. തുല്യവില. *v. t.* (for) മാറുക; പകരം കൊടുക്കുക, —വാങ്ങുക; ഒത്ത് മാറുക. *v. i.* മാറിക്കിട്ടുക. -a-bil′i-ty, *n.* മാററം. -a-ble, *a.* മാറത്തക്ക; മാററത്തക്ക.

Ex-cheq′uĕr (-chek′ĕr), *n.* ഭണ്ഡാരം, ഖജാന; 2. മുതല്, ആസ്തി. chancellor of the e. ദ്രവ്യകാൎയ്യമന്ത്രി.

Ex-cīde′, Ex-cīșe′ (ek-sīz′), *v. t.* മുറിച്ച് കളയുക, —നീക്കുക. =ciși′ŏn, *n.* ഖണ്ഡനം, നീക്കം.

Ex-cīșe′ (ek-sīz′), *n.* ചുങ്കം; കത്തക. *v. t.* ചുങ്കം ചുമത്തുക; കരം—. e.-man, e.-officer ചുങ്കം ഉദ്യോഗസ്ഥൻ.

Ex-cīte′ (ek-sīt′), *v. t.* ഉണൎത്തുക, ഇളക്കുക, ഉത്സാഹിപ്പിക്കുക; 2. ഭ്രമം വരുത്തുക, മനശ്ചഞ്ചലം—; 3. ഉജ്ജ്വലിപ്പിക്കുക; കോപം ജനിപ്പിക്കുക; കലഹം—. =cī-ta-bil′i-ty, *n.* ശുണ്ഠി, മുൻകോപം; ഇളക്കം. =cī′ta-ble, *a.* കോപനശീലമുള്ള. =ci-tā′tiŏn (-shun), *n.* ഉജ്ജ്വലനം, ഉത്സാഹിപ്പിക്കൽ. -ment, *n.* ഉത്സാഹം, പ്രേരേപണം; വിഭ്രമം; ഹേതു. =cī′tiṅg, *a.* ജ്വലനശക്തിയുള്ള, ഉത്സാഹജനകമായ. e.g causes രോഗഹേതു (*med.*). =cī′tiṅg-ly, *ad.* പരിഭ്രമത്തോടെ; ഉത്സാഹിപ്പിക്കത്തക്കവണ്ണം.

Ex-clāim′, *v. t.* & *i.* ക്രുക്കിപ്പറയുക, അട്ടഹസിച്ച് പറയുക, നിലവിളിക്കുക; 2. ആക്ഷേപിക്കുക. *n.* നിലവിളി. =cla-mā′tiŏn, *n.* ആൎപ്പ്, ക്രുക്കൽ, ഘോഷം; ആക്ഷേപം; ആശ്ചൎയ്യാനുകരണശബ്ദം. sign of e.n, e.n point ആശ്ചൎയ്യചിഹ്നം (*gr.*). =clam′a-tŏr-y, *a.* അട്ടഹാസത്തോട് കൂടിയ, ആൎപ്പ് വിളിയോട്—.

Ex-clụde′, *v. t.* (from) പുറത്ത് ആക്കുക, —വെക്കുക; വിലക്കുക; മുടക്കുക; കൂട്ടാതിരിക്കുക; ത്യജിക്കുക; 2. പെറുക. =clụ′-șiŏn, *n.* നീക്കം, ഭ്രഷ്ട്, തടസ്ഥം; പ്രസവം; വിസൎജ്ജിതം. =clụ′șiŏn-ar-y, *a.* ബഹിഷ്കാരകമായ. =clụ′sive, *a.* നിഷേധകം ആയ; സ്വാതന്ത്ര്യം—, സ്വകാൎയ്യം—, പ്രത്യേകം—; അന്യപ്രവേശനമില്ലാത്ത; (of) കൂടാതെ, ഒഴികെ, . . . ന്ന് പുറമെ. =clụ′sive-ly, *ad.* പ്രത്യേകമായി. =clụ′sive-ness, *n.* പ്രത്യേകത.

Ex-coġ′i-tāte, *v. t.* ആലോചിച്ച് കാണുക, നിരൂപിക്കുക. =tā′tiŏn, *n.* ആലോചന; ഉപായം, സൂത്രം.

Ex-com-mū'ni-cāte, *v. t.* ഭ്രഷ്ട്ക ല്പിക്കുക, —ആക്കുക, തള്ളുക; 2. വജ്ജി ച്ച് വെക്കുക. =cant, *n.* ഭ്രഷ്ടൻ. =cā'-tiŏn, *n.* ഭ്രഷ്ട്, സഭാഭ്രഷ്ട്, പന്തിവി രോധം.

Ex-cō'ri-āte, *v. t.* തോല് ഉരിക്കുക, —പൊളിക്കുക. =ā'tiŏn, *n.* തോലുരി ക്കൽ; അപഹരണം. [—ഭേദനം.

Ex-cor-ti-cā'tiŏn, *n.* ചമ്മഭഞ്ജനം,

Ex-cres'cence (-kres'ens), *n.* മുഴ; 2. ഉപദ്രവം. =cres'cent, *a.* മുഴആയ; അനാവശ്യം—; ഉപദ്രവകരം—.

Ex-crēte', *v. t.* വിസജ്ജിക്കുക. =crē'tión, *n.* വിസജ്ജനം; വിസജ്ജി തം; മലം, അമേദ്ധ്യം. ='cre-ment, *n.* കാഷ്ഠം, പുരീഷം. =crē'ta, *n. pl.* തീട്ടം.

Ex-cru'ci-āte, *v. t.* ദണ്ഡിപ്പിക്കുക, ബാധിക്കുക; ഭേദ്യംചെയ്യ. =ā-ting, *a.* തീവ്രവേദനയുള്ള, അതി—. =ā'tiŏn, *n.* പീഡ, ഹിംസ, ഭേദ്യം.

Ex-cul'pāte, *v. t.* കുററനിവാരണം ചെയ്യുക, നിദ്ദോഷിയാക്കുക. =pā'tiŏn, *n.* കുററനിവാരണം; ഒഴിവ്, ക്ഷമ. =pa-tŏr-y, *a.* കുററനിവാരണം ചെ യ്യുന്ന; 'മാപ്പ്'കൊടുക്കുന്ന.

Ex-cur'siŏn, *n.* പുറപ്പാട്, യാത്ര; 2. ഉലാവൽ; 'സവാരി'; 3. അസംബന്ധം പറയൽ. -ist, *n.* ഉലാവുന്നവൻ, സ ഞ്ചാരി. =cur'sive, *a.* സഞ്ചാരപ്രിയം ഉള്ള, —വാസന—.

Ex-cūse', *v. t.* കുററനിവാരണം ചെ യ്യുക, നിദ്ദോഷിയാണെന്ന് വരുത്തുക; 2. ക്ഷമിക്കുക, 'മാപ്പ്'കൊടുക്കുക; 3. ഒഴിവാ ക്കുക; 4. കണ്ണ് ചിമ്മുക; 5. ക്ഷമചോദി ക്കുക, അവിധപറയുക. =cūse', *n.* ക്ഷമ, ഒഴിവാക്കൽ; 2. അവിധ, ഒഴികഴിവ്; 3. സമാധാനം; 4. പരിഹാരം. ='sa-ble, *a.* ക്ഷമിക്കത്തക്ക, ഒഴിവാക്കത്തക്ക.

Ex'e-crāte, *v. t.* പ്രാകുക, ശപിക്കുക, വെറുക്കുക. =cra-ble, *a.* നാശം പിടി ച്ച, ശൂന്യം—, അറെക്കത്തക്ക; നിന്ദ്യമായ. =crā'tiŏn, *n.* പ്രാക്ക്, ശപഥം, ശാപവാ ക്ക്; അറപ്പ്.

Ex'e-cūte, *v. t.* സാധിപ്പിക്കുക; ചെ യ്യുക, അനുഷ്ഠിക്കുക, നിവൃത്തിക്കുക; 2. രേ ഖഎഴുതി ഒപ്പിടുക; 3. കല്പനനടത്തുക, വിധി—, ശിക്ഷ—; 4. മരണശിക്ഷ—, തൂക്കിക്കൊല്ലുക; 5. പാടുക, മീട്ടുക. *v. i.* (പ്രവൃത്തി) തീക്കുക; 2. പാടുക. =cū-ta-ble, *a.* നിവൃത്തിക്കാവുന്ന. =cū-tant, *n.* ആധാരം എഴുതി ഒപ്പിടുന്നവൻ; പാ ട്ട് പാടുന്നവൻ. =cū'tiŏn, *n.* സിദ്ധി, പൂത്തി, അനുഷ്ഠാനം; മരണശിക്ഷനട ത്തൽ; പ്രവൃത്തി; വിധിനടത്തൽ, ശി ക്ഷ—, കല്പന— (*l.*); ആധാരം എഴുതി കൊടുക്കൽ (*l.*). to do e.n കാൎയ്യം നട ത്തുക. ='tiŏn-ĕr, *n.* ചെയ്യുന്നവൻ; മര ണശിക്ഷ നടത്തുന്നവൻ. ex-ec'ū-tive, *a.* കാൎയ്യം നടത്തുന്ന; ഭരണസംബന്ധ മായ. *n.* കോയ്മ, ഭാരവാഹി. ex-ec'ū-tŏr, *n.* പ്രവത്തകൻ; മരണശാസനം ന ടത്തുന്നവൻ (*l.*). ex-ec'ū-tŏr-ship, *n.* മരണപത്രികപ്രകാരം കാൎയ്യം നടത്തുവാ നുള്ള അധികാരം. =ec'ū-tŏr-y, *a.* അനു ഷ്ഠാനസംബന്ധമായ; വഴിയെ നടപ്പാ നുള്ള (*l.*). =ec'ū-trix, *n.* മരണശാസ നം നടത്തുന്നവൾ.

Ex-e-ġē'sis, *n.* വ്യാഖ്യാനം, വിവര ണം. =ġet'ic, =ġet'i-cal, *a.* വ്യാഖ്യാ നം ആയ, വിവരണം—; വ്യാഖ്യാനസം ബന്ധമായ.

Ex'em-plar-y, *s. u.* Example.

Ex-empt' (egz-emt'), *v. t.* ഒഴിവാക്കു ക; ഇല്ലാതാക്കുക. *n.* ഒഴിവ് കിട്ടിയവൻ. *a.* അസാധാരണമായ; 2. ഒഴിവ് ആക്കി യ, —കിട്ടിയ; 3. പ്രത്യേകസ്വാതന്ത്ര്യം ഉള്ള. =emp'tiŏn (-em'shun), *n.* ഒഴി വ്, വിടുതൽ.

Ex'e-quies (-kwiz), *n. pl.* ശ്മശാന ക്രിയ, ഉദക—, ശവസംസ്കാരം.

Ex'ĕr-cīse, *n.* ശ്രമം, ഉത്സാഹം; 2. അഭ്യാസം; 3. വ്യായാമം, ദേഹാഭ്യാസം; 4. കമ്മം, ക്രിയ, ആചരണം; 5. പാഠം; 6. പരീക്ഷ. *v. t.* പ്രയത്നിക്കുക, ചെയ്യു ക, ഉത്സാഹിക്കുക; 2. അഭ്യസിപ്പിക്കുക, ശീലിപ്പിക്കുക; 3. ഭാരപ്പെടുത്തുക; 4. ന ടത്തുക. *v. i.* ശ്രമിക്കുക; പരിചയിക്കുക. =ci-si-ble, *a.* ചെയ്യാവുന്ന, നടത്താകുന്ന.

**Ex̱-ĕrt′** (egz-), *v. t.* അദ്ധ്വാനിക്കുക, ഉപയോഗിക്കുക; 2. ശ്രമിക്കുക, അനുഷ്ഠിക്കുക. **to e. one's self** പരിശ്രമിക്കുക. **=ĕr′tiŏn,** *n.* പ്രയത്നം, അദ്ധ്വാനം, ശ്രമം.

**Ex-hāle′,** *v. t.* ശ്വാസം വിടുക; വിടുക, പുറപ്പെടുവിക്കുക; 2. വലിച്ചെടുക്കുക. *v. i.* പുറപ്പെടുക, അപ്രത്യക്ഷമാക. **=ha-lā′tiŏn,** *n.* നിശ്വാസം; ദുരാവി; വാസന, നാററം.

**Ex-haust′** (-hast′), *v. t.* വാൎത്തുകളയുക, വററിച്ച്—; 2. ഒഴിക്കുക; 3. തീൎത്തുകളയുക, ചിലവാക്കുക; 4. പൂൎത്തിയായി ആലോചിക്കുക, —പറയുക. *a.* ക്ഷീണിച്ച, തളൎന്ന, ഊക്കററ. **-ing,** *a.* ക്ഷീണം വരുത്തുന്ന. **-ing-ly,** *ad.* തളൎന്നു പോകും വണ്ണം. **-iŏn** (-yun), *n.* വാൎക്കൽ, വററിക്കൽ; ഒടുങ്ങൽ. **=′tive,** *a.* സമ്പൂൎണ്ണമായ. **=′tive-ly,** *ad.* പൂൎത്തിയായി.

**Ex-hib′it,** *v. t.* കാണിക്കുക, പ്രത്യക്ഷമാക്കുക; 2. രേഖകാണിക്കുക, ലക്ഷ്യമായി സ്വീകരിക്കുക (*l.*); 3. സേവിപ്പിക്കുക (*med.*). **to e. a foundation** വിദ്യാഭ്യാസാൎത്ഥം സ്വത്തു കൊടുക്കുക. *n.* കാഴ്ച; 2. കാഴ്ചക്കോപ്പു; 3. ലക്ഷ്യരേഖ (*l.*). **=bi′-tiŏn** (-bish′un), *n.* കാഴ്ച; കാഴ്ചസാധനങ്ങൾ; കാഴ്ചച്ചന്ത; ദൎശനശാല; വിദ്യാഭ്യാസാൎത്ഥശമ്പളം; മരുന്നു കൊടുക്കൽ (*med.*). **=bi′tiŏn-ĕr,** *n.* ശമ്പളവിദ്യാൎത്ഥി.

**Ex-hil′ar-āte** (-ĕr-āt), *v. t.* ഉന്മേഷം ജനിപ്പിക്കുക, ഉല്ലാസം—, സന്തോഷിപ്പിക്കുക. *v. i.* ആനന്ദിക്കുക. **=ant,** *a.* ഉന്മേഷമുണ്ടാക്കുന്ന. *n.* ഉല്ലാസകരസാധനം, —കാൎയ്യം. **=ā′ting,** *a.* ആനന്ദകരമായ. **=ā′tiŏn,** *n.* സന്തോഷിപ്പിക്കൽ; മോദം, ആനന്ദം, ഉന്മേഷം.

**Ex̱-hort′,** *v. t.* ഉത്സാഹിപ്പിക്കുക, പ്രബോധിപ്പിക്കുക. *v. i.* ബുദ്ധിയുപദേശിക്കുക. **=tā′tiŏn,** *n.* ഗുണദോഷിക്കൽ; ബുദ്ധിയുപദേശം. **=′ta-tive, =′ta-tŏr-y,** *a.* പ്രബോധകമായ. **=′tĕr,** *n.* ഉപദേശകൻ.

**Ex-hūme′,** *v. t.* കഴിച്ചെടുക്കുക; ശവം മാന്തുക. **=mā′tiŏn,** *n.* ശവം മാന്തൽ.

**Ex′i-ġence, =ġen-cy,** *n.* ആവശ്യം, മുട്ടു, തിരക്കു. **=ġent,** *a.* അടിയന്തരം ആയ, അത്യാവശ്യം—. **=ġi-ble,** *a.* മുട്ടിച്ചു ചോദിക്കാവുന്ന.

**Ex̱′īle,** *n.* നാടുകടത്തൽ; പ്രവാസം, പരവാസം; 2. രാജ്യഭ്രഷ്ടൻ; 3. സ്വദേശത്യാഗി. *v. t.* നാടുകടത്തുക, രാജ്യത്തിൽനിന്നു പുറത്താക്കുക. **-ment,** *n.* രാജ്യഭ്രഷ്ടു.

**Ex̱-ist′,** *v. i.* ഉണ്ടാക, ഇരിക്കുക; ജീവിക്കുക. **=′tence,** *n.* ഉണ്മ, സ്ഥിതി, അസ്തിത്വം; സംഭവം, അവസ്ഥ; ജീവി, പ്രാണി. **=′tent,** *a.* ഉള്ള, ജീവൻഉള്ള, അസ്തിത്വം—; തല്ക്കാലം—, നടക്കുന്ന. **=′ting,** *a.* ഇപ്പോഴത്തെ, തല്ക്കാലത്തെ.

**Ex′it,** *n.* പുറപ്പാടു, ഗമനം; 2. മരണം; 3. വഴി; 4. മറഞ്ഞു, നിഷ്ക്രാന്തനായി (*dr.*). *ex′ĕ-unt, n. pl.* അവർ നിൎഗ്ഗമിച്ചു. *e.t om′nes* എല്ലാവരും—.

**Ex′ō-dus,** *n.* പുറപ്പാടു, യാത്ര; 2. ഇസ്രയേൽ ജനങ്ങൾക്കു മിസ്രയിൽനിന്നുണ്ടായ പുറപ്പാടു (*Bl.*); 3. പുറപ്പാടുപുസ്തകം (*Bl.*).

*Ex of-fic′i-ō, n.* ഉദ്യോഗനിലയിൽ.

**Ex-og′a-my,** *n.* പരകുലവേളി.

**Ex̱-on′ĕr-āte,** *v. t.* ഭാരം ഇറക്കുക; 2. കുററനിവാരണം വരുത്തുക, പരിഹാരം ചെയ്യുക; 3. ഒഴിവാക്കുക. **=ā′tiŏn,** *n.* കുററമോചനം, നിൎദ്ദോഷത്വം.

**Ex′o-ra-ble,** *a.* മനസ്സിളകുന്ന, ആൎദ്രതഉള്ള, അലിവു—, ഉരുക്കം—.

**Ex̱-or′bi-tance, =tan-cy,** *n.* അതിക്രമം, ആധിക്യം. **=tant,** *a.* പതിവല്ലാത്ത, ക്രമവിരുദ്ധം ആയ, അന്യായം—, കഠിനം—. **=tant-ly,** *ad.* കഠിനം ആയി.

**Ex′or-cīs̱e,** *v. t.* ഉഴിഞ്ഞുമാററുക, നീക്കൽ കഴിക്കുക. **=cis̱m,** *n.* മാററൽ, ഉച്ചാടനം. **=cist, =cī′s̱ĕr,** *n.* മന്ത്രവാദി.

**Ex̱-or′di-um,** *n.* ആരംഭം, ഉപന്യാസം, തോടയം. **=or′di-al,** *a.* മുഖവുരആയ, അവതാരിക—. [ശാരം.

**Ex-or-nā′tiŏn,** *n.* അലങ്കാരം, ശൃം

**Ex-or'tive**, *a.* ഉദിച്ച് വരുന്ന, കിഴക്കൻ.

**Ex-ō-tĕr'ic, =i-cal**, *a.* പുറമെയുള്ള, പരസ്യം ആയ; 2. സുഗ്രാഹ്യം—. **=tĕr'i-cism** (-sizm), *n.* പരസ്യോപദേശം. **ex'o-tĕr-y**, *n.* പൊതുകാര്യം.

**Ex-ot'ic, =i-cal**, *a.* അന്യദേശ്യമായ, പരദേശത്ത് നിന്ന് വന്ന. **=i-cism**, *n.* പരദേശീയത്വം.

**Ex-pand'**, *v. t.* വിടർത്തുക, വിസ്തീർണ്ണമാക്കുക; 2. പരത്തുക. *v. i.* വികസിക്കുക. **=panse'**, *n.* വിശാലത; വിരിവ്, വിതാനം; ആകാശം. **=pan-si-bil'i-ty**, *n.* വിസ്തരണീയത്വം. **=pan'siŏn**, *n.* വികാസം; വിസ്തീർണ്ണത; ഇടം; വർദ്ധന. **=pan'sive**, *a.* വിടരുന്ന; പരന്ന, വിശാലമായ. **=pan'sive-ly**, *ad.* വിസ്തീർണ്ണമായി.

*Ex pär'tē*, *a.* ഒരു പക്ഷമായ, മറുകക്ഷി ഹാജരില്ലാത്ത; ഹാജരില്ലാത്ത (*l.*).

**Ex-pā'ti-āte** (-pā'shi-āt), *v. i.* പരക്കെ സഞ്ചരിക്കുക; 2. ധാരാളം പ്രസ്താവിക്കുക, വിവരം ആയി—, വർണ്ണിച്ച് പറയുക. *v. t.* പരത്തുക, നീട്ടുക. **=ā'tiŏn**, *n.* വിസ്തരിപ്പ്, വർണ്ണനം.

**Ex-pā'tri-āte**, *v. t.* നാട്കടത്തുക; സ്വരാജ്യത്തിൽനിന്ന് പുറത്താക്കുക; 2. (*refl.*) പൌരത്വം ഉപേക്ഷിച്ച് കളയുക. **=ā'tiŏn**, *n.* നാട്കടത്തൽ, സ്വദേശഭ്രംശം.

**Ex-pect'**, *v. t.* കാത്തിരിക്കുക; 2. കാംക്ഷിക്കുക, ആശിച്ചിരിക്കുക, വിചാരിക്കുക, കരുതുക. **-a-ble**, *a.* കാത്തിരിക്കത്തക്ക. **='tance, ='tan-cy**, *n.* നോക്കിപ്പാർക്കൽ, കാത്തിരിപ്പ്, ആകാംക്ഷ. **='tant**, *a.* നിരീക്ഷ ഉള്ള, പ്രത്യാശ—. *n.* ആശിച്ചിരിക്കുന്നവൻ. **=tā'tiŏn**, *n.* ആശാബന്ധം, —പാശം; ആഗ്രഹം, ഇച്ഛ, അഭിലാഷം; ആശാവിഷയം.

**Ex-pec'tō-rāte**, *v. i.* കഫം തുപ്പുക, കാക്കലിച്ച്—. **=rā'tiŏn**, *n.* കാക്കിക്കൽ, കഫം തുപ്പൽ; കഫം. **=rant**, *n.* കഫഹരൌഷധം (*med.*).

**Ex-pē'di-ent**, *a.* വേഗതഉള്ള, ബദ്ധപ്പാട്—; 2. ഉപയോഗമുള്ള, പററിയ, തക്ക, യുക്തം ആയ, വിഹിതം—, ഉചിതം—. *n.* മാൎഗ്ഗം, ഉപായം, യുക്തി. **=ence, =en-cy**, *n.* ഗുണം, യോഗ്യത, നിർവ്വാഹം. **-ly**, *ad.* യഥോചിതം, അനുകൂലംപോലെ.

**Ex'pe-dīte**, *v. t.* തടസ്ഥം നീക്കുക, എളുപ്പം ആക്കുക, ശീഘ്രം—; 2. അടിയന്തരമായി അയക്കുക. *a.* തടസ്ഥമില്ലാത്ത; 2. വേഗതയുള്ള. **-ly**, *ad.* വേഗം, തീവ്രമായി. **=di'tiŏn** (-dish'un), *n.* വേഗത, ബദ്ധപ്പാട്; നിയോഗം; യാത്ര, യുദ്ധയാത്ര. **=di'tiŏn-a-ry**, *a.* സഞ്ചാരനിയുക്തമായ. **=di'tiŏus** (-dish'us), *a.* ത്വരിതഗതിഉള്ള, ചുറുക്ക്—. **=di'tiŏus-ly**, *ad.* വേഗേന, ജാഗ്രതയോടെ, അടിയന്തരമായി.

**Ex-pel'**, *v. t.* തള്ളുക; 2. നാട്ടിൽനിന്ന് പുറത്താക്കുക; 3. ഭ്രഷ്ട്കല്പിക്കുക, നീക്കുക; 4. തട്ടുക; 5. അയക്കുക, വിടുക. **=pul'siŏn**, *n.* നീക്കം, ത്യാഗം; ഭ്രഷ്ട്. **=pul'sive**, *a.* തള്ളുന്ന; നീക്കുവാൻ അധികാരമുള്ള.

**Ex-pend'**, *v. t.* ചിലവ് ചെയ്യുക, —ഇടുക, —അറുക്കുക, —ആക്കുക. *v. i.* ചിലവായ്പോക; 2. വ്യയം ചെയ്യുക. **='di-tūre**, *n.* ചിലവ്, വ്യയം. **=pense'**, *n.* ചിലവ്; വില; നഷ്ടം. **=pen'sive**, *a.* ചിലവുള്ള; വിലയേറിയ; ദുർവ്വ്യയം ചെയ്യുന്ന. **=pen'sive-ly**, *ad.* അധികച്ചിലവോടെ.

**Ex-pē'ri-ence**, *n.* അനുഭവം; പരിജ്ഞാനം; 2. പരിചയം, ശീലം. *v. t.* അനുഭവിച്ചറിയുക, പരിചയിച്ചറിയുക; 2. ശീലിക്കുക. **=enced** (-enst), *a.* പരിചയം ഉള്ള, അഭ്യാസം—.

**Ex-pĕr'i-ment**, *n.* പരീക്ഷ, പ്രയോഗം. *v. i.* (on, upon, in, with, by) പരീക്ഷിച്ച് നോക്കുക, പ്രയോഗിച്ച്—. **=tal**, *a.* പരീക്ഷാസംബന്ധം ആയ, പരീക്ഷാത്ഥം—; കൈകണ്ട. **=tal-ly**, *ad.* പരീക്ഷാർത്ഥമായി.

**Ex-pĕrt'**, *a.* പരിചയം ഉള്ള, ശീലം—; 2. ജ്ഞാനത്വം—. *n.* അനുഭവജ്ഞൻ; പരിചയം ഉള്ളവൻ, വിദഗ്ദ്ധൻ,

പ്രവീണൻ. -ly, *a.* വൈദഗ്ദ്ധ്യത്തോടെ. -ness, *n.* നൈപുണ്യം, സാമൎത്ഥ്യം.

**Ex'pi-āte,** *v. t.* പ്രായശ്ചിത്തം ചെയ്യുക, പരിഹാരം—; 2. ശുദ്ധീകരിക്കുക, പുണ്യാഹം ചെയ്യുക. =a-ble, *a.* പരിഹരിക്കാകുന്ന. =ā'tiŏn, *n.* പ്രതിശാന്തി, മോക്ഷപ്രായശ്ചിത്തം; പാപപരിഹാരം; പ്രായശ്ചിത്തകൎമ്മം. =ā'tŏr-y, *a.* ഉപശമനാൎത്ഥം ആയ, പരിഹാരകം—.

**Ex-pi-lā'tiŏn,** *n.* കവൎച്ച, മോഷണം.

**Ex-pīre',** *v. t.* നിശ്വസിക്കുക, ഉച്ഛ്വാസം കഴിക്കുക; 2. വിടുക; 3. അവസാനിപ്പിക്കുക. *v. i.* ശ്വാസം വിടുക; 2. ഊൎദ്ധ്വശ്വാസം—, പ്രാണൻ—, മരിക്കുക; 3. തീരുക, നശിച്ച് പോക; അവധികഴിയുക. =pī'ra-ble, *a.* തീൎന്ന് പോകുന്ന; അവസാനിപ്പിക്കാകുന്ന. =pi-rā'tiŏn, *n.* ഉച്ഛ്വാസം, നിശ്വാസം (*phys.*); ആവി; വായു; ശബ്ദം; മരണം; അവസാനം, നാശം. =pī'ra-tŏr-y, *a.* ഉച്ഛ്വാസസംബന്ധമായ (*phys.*). =pī'ring, *a.* നിശ്വസിക്കുന്ന; ആവിയിടുന്ന; പ്രാണൻ വിടുന്ന; അവസാനിക്കുന്ന; മരിക്കുമ്പോൾ പറഞ്ഞ, അവസാനത്തെ. =pī'ry, *n.* കാലാവധി.

**Ex-plāin',** *v. t.* പറയുക; 2. സ്പഷ്ടമാക്കുക, വിവരിക്കുക. to e. away വിവരണത്താൽ വിഷമം ഇല്ലായ്മചെയ്യുക. *v. i.* സമാധാനം പറയുക. -a-ble, *a.* വ്യക്തമാക്കാവുന്ന; സമാധാനം പറയാകുന്ന. =pla-nā'tiŏn, *n.* തെളിവാക്കൽ, തെളിവ്; വ്യാഖ്യാനം, അൎത്ഥം; പറഞ്ഞ് തീൎക്കൽ, സമാധാനം. =plan'a-tive, =plan'a-tŏr-y, *a.* വ്യാഖ്യാനം ആയ; സമാധാനം—, തെളിവ് വരുത്തുന്ന.

**Ex'ple-tive,** *a.* പൂൎത്തിക്കുള്ള; നിരൎത്ഥമായ. *n.* നിരൎത്ഥപദം; പാദപൂരണം.

**Ex'pli-cāte,** *v. t.* വിവരിക്കുക, വ്യാഖ്യാനിക്കുക. =ca-ble, *a.* തെളിവാക്കാവുന്ന. =cā'tiŏn, *n.* വ്യാഖ്യാനിക്കൽ; അൎത്ഥം, വ്യാഖ്യാനം. =cā-tive, =cā-tŏr-y, *a.* സ്പഷ്ടമാക്കുന്ന, തിട്ടമായ. =plic'it, *a.* വ്യക്തം ആയ, നിസ്സംശയം—; യഥാൎത്ഥം—. =plic'it-ly, *ad.* തെളിവായി.

**Ex-plōde',** *v. i.* തീപ്പിടിച്ച് പൊട്ടുക; 2. വെടി—; 3. പൊട്ടിത്തെറിക്കുക; ജ്വലിക്കുക. *v. t.* ആൎത്തോടിക്കുക; 2. തള്ളുക, ത്യജിക്കുക; 3. വെടിപൊട്ടിക്കുക; 4. ബലാല്ക്കാരേണ ഓടിക്കുക. =plō'siŏn, *n.* പൊട്ടൽ; വെടിപൊട്ടൽ; ആളിപ്പ്. =plō'sive, *a.* വെടിപൊട്ടുന്ന, ആളിക്കുന്ന. *n.* വെടിപ്പൊട്ട് സാധനം.

**Ex-ploit',** *n.* വീൎയ്യപ്രവൃത്തി, ശൌൎയ്യം, വിജയം, പരാക്രമം. *v. t.* പ്രാപിക്കുക, സാധിപ്പിക്കുക; 2. ഉപയോഗപ്പെടുത്തുക; 3. ന്യായരഹിതമായി ആദായമുണ്ടാക്കുക.

**Ex-plōre',** *v. t.* അന്വേഷിച്ച് പോക; 2. ആരായുക, പരിശോധിക്കുക. =plō'rĕr, *n.* അന്വേഷകൻ, സഞ്ചാരി; പരിശോധകൻ. =plo-rā'tiŏn, *n.* രാജ്യാന്വേഷണസഞ്ചാരം; പരിശോധന.

**Ex-pō'nent,** *n.* വൃദ്ധിസംജ്ഞ (*math.*); 2. പ്രതിനിധി; 3. വ്യാഖ്യാനി. ='tial, *a.* വൃദ്ധിസംജ്ഞസംബന്ധമായ.

**Ex-pōrt',** *v. t.* കയററിയയക്കുക. =tā'tiŏn, *n.* കയററിയയക്കൽ, ഏററ് മതി; 2. കയററിയയക്കുന്ന ചരക്ക്. ='tĕr, *n.* ചരക്ക് കയററിയയക്കുന്നവൻ.

**Ex-pōs̱e',** *v. t.* കാഴ്ചക്കായി വെക്കുക; കാണിക്കുക; 2. തുറന്ന് വെക്കുക; 3. അപകടം വരത്തക്കവണ്ണം വെക്കുക; 4. കാററ് തട്ടിക്കുക; വെയിൽ കൊള്ളിക്കുക; 5. ആക്ഷേപത്തിന്ന് ഇടവരുത്തുക; 6. പുറത്ത് ആക്കുക, വെളിച്ചത്ത്—; 7. സ്പഷ്ടം—. =pŏ's̱ĕr, *n.* വെളിപ്പെടുത്തുന്നവൻ. =pō-s̱i'tiŏn (-zish'un), *n.* കാണിക്കൽ; തെളിയിക്കൽ, വ്യാഖ്യാനം; കാഴ്ചച്ചന്ത. =pos̱'i-tŏr, *n.* വ്യാഖ്യാനി. =pos̱'i-tŏr-y, *a.* വ്യാഖ്യാനസംബന്ധമായ. =pō's̱ure, *n.* വെളിപ്പെടുത്തൽ; കേട് തട്ടത്തക്കനില; കാററ് കൊള്ളൽ, വെയിൽ—, മഞ്ഞ്—; വെളിച്ചം തട്ടിക്കൽ.

**Ex-pos'tū-lāte,** *v. t.* (with) ബുദ്ധി പറയുക, ആക്ഷേപിക്കുക. =lā'tiŏn, *n.* ബുദ്ധിയുപദേശം, ഗുണദോഷം. =lā'tŏr-y, *a.* പ്രബോധകമായ.

**Ex-pound′**, *v. t.* തെളിയിക്കുക, വ്യാഖ്യാനിക്കുക. -ĕr, *n.* വ്യാഖ്യാനി.

**Ex-press′**, *v. t.* പിഴിയുക; 2. പറയിക്കുക; 3. തുല്യരൂപമായിരിക്കുക; 4. സൂചിപ്പിക്കുക, കാണിക്കുക; 5. (*refl.*) പറഞ്ഞറിയിക്കുക; 6. പ്രസ്താവിക്കുക, പറയുക; 7. അടിയന്തരമായി അയക്കുക. *a.* കൃത്യം ആയ, തുല്യം—; 2. സ്പഷ്ടം—, നിസ്സംശയം—; 3. പ്രത്യേകം—. *n.* പ്രത്യേകദൂതൻ, —അഞ്ചല്ക്കാരൻ; 2. —വാഹനം, —തീവണ്ടി; 3. —വൎത്തമാനം, അടിയന്തര—. ='si-ble, *a.* പ്രസ്താവിക്കാവുന്ന. =pres′siŏn (-presh′un), *n.* പിഴിയൽ; പറയിക്കൽ; പ്രസ്താവം; ഭാവം; വാക്ക്. past e.n, beyond e.n വാചാതീതമായ. ='sive, *a.* (of) സൂചകമായ; അൎത്ഥം ഉള്ള, അൎത്ഥപുഷ്ടി—. ='sive-ly, *ad.* തീൎച്ചയായി, ഖണ്ഡിതമായി. -ly, *ad.* പ്രത്യേകാൽ, സൂക്ഷ്മമായി.

**Ex-pūgn′** (-pūn′), *v. t.* ആക്രമിക്കുക; 2. ജയിക്കുക.

**Ex-pul′siŏn**, *s. u.* Expel.

**Ex-punġe′**, *v. t.* തടഞ്ഞ് കളയുക, മാച്ച്—; 2. നശിപ്പിച്ച്—, തീരെ ഇല്ലാതാക്കുക. =punc′tiŏn, *n.* മാച്ചൽ; നീക്കം.

**Ex-pur′gāte**, *v. t.* ശുദ്ധിയാക്കുക; ദൂഷ്യം നീക്കുക. =gā′tiŏn, *n.* ശുദ്ധീകരണം. =ga-tŏr-y, *a.* തിരുത്തിനന്നാക്കുന്ന.

**Ex′qui-site**, *a.* തെരിഞ്ഞെടുത്ത, വിശേഷം ആയ, അതിശയം—, മനോഹരം—; 2. അത്യന്തം—, കഠിനം—; 3. കൃത്യം—, സൂക്ഷ്മം—. -ly, *ad.* അത്യന്തം ആയി; ഭംഗി—, വിശേഷം—. -ness, *n.* വിശിഷ്ടത, ഭംഗി.

**Ex-sic′cāte**, *v. t.* ആററുക, ഉണക്കുക. =cā′tiŏn, *n.* ഉണക്കം, വരൾച്ച. =ca-tive, *a.* വരട്ടുന്ന.

**Ex′tant**, *a.* ഉന്തിനില്ക്കുന്ന; 2. ഇപ്പോൾ ഉള്ള, ശേഷിച്ചിരിക്കുന്ന; 3. പരസ്യമായ.

**Ex′ta-sy**, *etc.*, *see* Ecstasy, *etc.*

**Ex-tem′pō-ral**, =rā′ne-ŏus, =rar-y, *a.* മുന്നാലോചന ഇല്ലാതെ, ഒരുക്കം—; 2. തല്കാലം പറഞ്ഞ, തല്ക്ഷണകൃതം ആയ, അയത്നകൃതം—; 3. സമയോചിതം—. =tem′pō-rē, *ad.* തല്ക്ഷണകൃതിയായി; മുന്നൊരുക്കം ഇല്ലാതെ. =tem′pō-rīse, =rīze, *v. t.* പൊട്ടുന്നനവെ ചെയ്യു, ബദ്ധപ്പാട്ടിൽ ഉണ്ടാക്കുക. *v. i.* തല്ക്ഷണപ്രസംഗം ചെയ്യു.

**Ex-tend′**, *v. t.* നീട്ടുക, മുമ്പോട്ട് ചെലുത്തുക; 2. വിസ്താരം ആക്കുക; 3. വൎദ്ധിപ്പിക്കുക, അധികമാക്കുക; 4. ഏന്തുക; 5. നല്കുക; 6. കൂട്ട് കൂട്ടി വൎദ്ധിപ്പിക്കുക. *v. i.* ചെല്ലുക, എത്തുക. -ed-ly, *ad.* വിസ്തീൎണ്ണമായി. =ten′siŏn, *n.* വിശാലമാക്കൽ; വിസ്തരണം (*ph.*); വിശാലത; നീട്ടൽ, നിവിൎത്തൽ; ഇടകൊടുക്കൽ. =ten′sive, *a.* വലിയ; വിശാലം ആയ; അധികം—. =ten′sive-ly, *ad.* അധികം, വളരെ, ധാരാളമായി. =tent′, *n.* വിസ്താരം; വലിപ്പം; അളവ്, മട്ട്. to a great e.t അധികമായി. to some e.t ഒട്ടൊക്കെ. to a certain e.t ഒട്ടേടം, കുറച്ചൊക്കെ.

**Ex-ten′ū-āte**, *v. t.* നേൎമ്മആക്കുക, കൃശം—; 2. ഘനം കുറക്കുക, ഗൌരവം—, ഉഗ്രത—. *v. i.* മെലിയുക; ഒഴികഴിവ് പറയുക. =ā′tiŏn, *n.* വണ്ണം കുറക്കൽ; ഊക്ക്—; ലഘുവാക്കൽ.

**Ex-tē′ri-ŏr**, *a.* പുറമെയുള്ള, ബഹിർ; 2. അന്യം ആയ, ഇതരം—. *n.* പുറഭാഗം, മേൽ—; 2. വേഷം, ആചാരം.

**Ex-tĕr′mi-nāte**, *v. t.* പുറത്താക്കുക; 2. നശിപ്പിക്കുക, ശൂന്യമാക്കുക. =nā′tiŏn, *n.* നിൎമ്മൂലനാശം.

**Ex-tĕr′nal**, *a.* ബാഹ്യമായ, പുറമെയുള്ള, പുറത്ത് നിന്നുള്ള; 2. അന്യം ആയ; 3. ജഡികം—; 4. സംബന്ധോത്ഭവം—; 5. ഇതരം—. *n.* (*pl.*) ബാഹ്യാവസ്ഥ. -ly, *ad.* പുറമെ, കാഴ്ചക്ക്.

**Ex-tin′guish** (-gvish), *v. t.* പൊലിച്ച് കളയുക, കെടുത്ത്—; കഥകഴിക്കുക, നശിപ്പിക്കുക, ഇല്ലാതാക്കുക; 2. മറച്ച് കളയുക. -a-ble, *a.* ഊതിക്കളവാൻ പാട്ടുള്ള; നശിപ്പിച്ച് കളവാൻ—. =tinct′, *a.* പൊലിഞ്ഞ് പോയ, കെട്ട്—; ക്ഷയിച്ച്—; ദുൎബ്ബലമായി—. =tinc′tiŏn, *n.* കെടുക്കൽ, നശിപ്പിക്കൽ; അവസാനം; നാശം.

**Ex-tĭr'pāte,** *v.t.* ഉന്മൂലമാക്കുക, വേരോടെ പറിച്ച് നീക്കുക, നശിപ്പിക്കുക, ഇല്ലായ്മയാക്കുക. =**pā'tiŏn,** *n.* നിർമ്മൂലനാശം.

**Ex-tol',** *v.t.* ഉയൎത്തുക, പൊന്തിച്ച് വെക്കുക; 2. വളൎത്തിപ്പറയുക, സ്തുതിച്ച് പറയുക, വാഴ്ത്തുക, പ്രശംസിക്കുക. -**lĕr,** *n.* പുകഴ്ത്തുന്നവൻ.

**Ex-tort',** *v.t.* ബലമായി പററുക; ഭേദ്യം ചെയ്യ് പറയിക്കുക; 2. ഭയപ്പെടുത്തിയപഹരിക്കുക (*l.*). ='**tiŏn,** *n.* ഹേമിച്ച് പറയിക്കൽ; ഭയപ്പെടുത്തിയപഹരണം (*l.*); അപഹൃതം.

**Ex'tra,** *pf.* പുറമെ, കവിഞ്ഞ, അധികമായ, പ്ര, വി. *a.* കണക്കിൽ ഏറെയുള്ള, പതിവിൽ—; മികെച്ച, മുന്തിയ. *n.* ജാസ്തി, ചില്ലറ, പുറംചിലവ്; പുറമെയുള്ളത്.

**Ex-tract',** *v.t.* വലിച്ചെടുക്കുക, പൊരിക്കുക, പറിക്കുക; 2. പിഴിഞ്ഞ് എടുക്കുക, വാററി—; സത്ത്—; 3. തെരിഞ്ഞെടുക്കുക; സംഗ്രഹിക്കുക. **to e. the root** വൃദ്ധിമൂലം കാണുക (*math.*). *n.* പറിച്ചെടുത്തത്; 'ശ്ലോകക്ഷവാർ', ചുരുക്കം; കഷായം; തൈലം; വാശം. ='**tiŏn,** *n.* പറിക്കൽ, പൊരിക്കൽ; ഉത്ഭവം; സത്ത്. **e.n of roots** വൃദ്ധിമൂലം കാണൽ (*math.*).

**Ex-tra-di'tiŏn** (-dish'un), *n.* ഓടിവന്ന അന്യപ്രജയെ അവന്റെ കോയ്മക്ക് ഏല്പിച്ച് കൊടുക്കൽ, കോയ്മസമൎപ്പണം. **e. treaty** കോയ്മസമൎപ്പണോടമ്പടി.

**Ex-tra-ju-di'cial** (-dish'al), *a.* അധികാരമില്ലാത്ത. [കമായ.

**Ex-tra-mun'dāne,** *a.* പാരലൌകി

**Ex-trā'nē-ŏus,** *a.* സംബന്ധം അററ, ആധീനം—; 2. അന്യമായ.

**Ex-traor'di-nar-y** (-tror'di-nĕr-), *a.* അസാധാരണം ആയ, പ്രത്യേകം—, അപൂൎവ്വം—; 2. പ്രത്യേകനിയുക്തൻ—. *n.* (*pl.*) പ്രത്യേകസംഗതികൾ.

**Ex-trav'a-gance,** =**gan-cy,** *n.* അതിർകടന്ന നടത്തം, വഴിപിഴെച്ചനടപ്പ്; 2. ദുൎച്ചിലവ്; 3. ദുൎന്നടപ്പ്, മിതമില്ലായ്മ. =**gant,** *a.* ദുൎന്നടപ്പുള്ള, അടക്കമില്ലാത്ത; ധാരാളത്വം ഉള്ള, ദുൎച്ചിലവ് ചെയ്യുന്ന. *n.* ക്രമം കെട്ടവൻ, ദുൎച്ചിലവകാരൻ, താന്തോന്നി. [(*phys.*).

**Ex-trav-a-ṣā'tiŏn,** *n.* ചോരകെട്ടൽ

**Ex-trēme',** *a.* അഗ്രത്തിൽ ഉള്ള, ദൂരത്ത്—; 2. ഒടുക്കത്തെ, അന്ത്യ; 3. ഉത്തമം ആയ; അധമം—; അതി, മഹാ; കവിഞ്ഞ, മട്ട്തെററിയ; അററകൈയായ, ഉഗ്രതയുള്ള; 4. കേവലം വിപരീതമായ. **e. unction** അന്ത്യാഭിഷേകം (*R. C.*). *n.* അററം; 2. അതൃത്തി; 3. അസാധാരണകാൎയ്യം; 4. (*pl.*) വിപരീതമായ കാൎയ്യങ്ങൾ; 5. അത്യാപത്ത്. **in the e.** മഹാ, പാട്ടുള്ളേടത്തോളം. -**ly,** *ad.* ഏററവും, വളരെ, അത്യന്തം. =**trem'i-ty,** *n.* അതിര്, അററം; പ്രാന്ത്യം; അംശം, കൈ, കാല് (*an.*); ഉച്ചം, ഉഗ്രത; മഹാബുദ്ധിമുട്ട്, ദാരിദ്ര്യം; പരവശത.

**Ex'tri-cāte,** *v.t.* ഉദ്ധരിക്കുക, രക്ഷിക്കുക, വിടുവിക്കുക; 2. ആററുക. =**cā'tiŏn,** *n.* കുഴപ്പം തീൎക്കൽ, കുഴക്ക്—, ഉദ്ധാരണം; ആററൽ. [ഹ്യമായ.

**Ex-trin'sic,** *a.* പുറമെയുള്ള, ബാ

**Ex-trụde',** *v.t.* പുറത്താക്കുക, തള്ളുക. =**trụ'ṣiŏn,** *n.* ത്യാഗം.

**Ex-tū'bĕr-ance,** *n.* വീക്കം, മുഴ, വിദ്ധി (*med.*).

**Ex̱-ū'bĕr-ance,** =**ū'bĕr-an-cy,** *n.* കവിച്ചൽ, ധാരാളത്വം, സമൃദ്ധി; ഐശ്വൎയ്യം, സുഭിക്ഷം. =**ant,** *a.* യഥേഷ്ടം ആയ, പരിപൂൎണ്ണം—, പുഷ്കലം—. =**āte,** *v.i.* ധാരാളമായുണ്ടാക.

**Ex-ūde',** *v.t. & i.* വാൎന്ന് വരിക, ഒഴുകുക, പുറത്ത് വരിക. =**dā'tiŏn,** *n.* വാൎച്ച, ഒഴുക്കം, നനവ്; വിയൎപ്പ്.

**Ex̱-ult',** *v.i.* സന്തോഷിച്ച് തുള്ളുക; ആനന്ദിക്കുക, ജയഘോഷം ചെയ്യുക. ='**tant,** *a.* സന്തോഷപരിഭ്രമമുള്ള. =**tā'tiŏn,** *n.* അത്യാനന്ദം, ഉല്ലാസോന്മാദം, ജയഘോഷം.

**Ex-ust'iŏn** (-ust'yun), *n.* ദഹനം, ഭസ്മീകരണം.

Ex-ū'vi-a, *n.* (*pl.* ex-ū'vi-æ) ഉച്ചിളി, ഓട് (*z.*). =ā'tiŏn, *n.* ഉച്ചിളി കളയൽ.

Eȳe (ī), *n.* പക്ഷിക്കൂട്ടം (*z.*); 2. കണ്ണ്, നേത്രം (*an.*); 3. കാഴ്ച, ദൃഷ്ടി; സൂക്ഷ്മം; 4. നോട്ടം, അഭിപ്രായം; 5. മുഖം, എതിര്; 6. ശ്രദ്ധ; 7. മയിൽപീലിക്കണ്ണ്, ചന്ദ്രകം; 8. (വിത്തിന്റെ) മുള; 9. വെടിക്കുറിപ്പലപ്പുള്ളി; 10. കൊളുത്ത്; 11. സൂചിക്കുഴ; 12. തുള, കുഴ; 13. സത്ത്; 14. നിറം. *v. t.* നോക്കുക, സൂക്ഷിക്കുക. *v. i.* കാണുക. e.-ball കണ്മിഴി. e.-beam നോട്ടം. e.-brow കൺപുരികം. e.-cup, e.-glass കൺകിണ്ണം. e.-doctor നേത്രവൈദ്യൻ, കൺചികിത്സക്കാരൻ. e.-drop കണ്ണുനീര്. e.-flap കുതിരക്കണ്ണട. e.-ful കണ്ണ് പുളിക്കുവോളം, തൃപ്തിയാവോളം. e.-glance നോട്ടം. e.-glass ഒററക്കണ്ണട; കുഴലിന്റെ കണ്ണാടി; കൃഷ്ണമണി, —മിഴി. e.-hole കുഴ, കൊളുത്ത്. e.-lash ഇമ, പക്ഷ്മം. e.-let ചെറുദ്വാരം; ചെറിയ പിച്ചളക്കുഴ. e.-lid കൺപോള. e.-piece കുഴലിലെ കണ്ണാടി. e.-reach കണ്ണെത്തുന്നേടത്തോളം. e.-salve കൺതൈലം. e.-servant ദൃഷ്ടിസേവകൻ. e.-service ദൃഷ്ടിസേവ. e.-shot നോട്ടം, കാഴ്ച; അഭിപ്രായം. e.-sore കൺശൂല; കുററം. e.-string കൺഞരമ്പ്. e.-tooth കൂർച്ചപ്പല്ല്, കലപ്പല്ല്. to cut one's e.-teeth ബുദ്ധിവെക്കുക. e.-wash, e.-water കൺധാര. e.-wink കണ്ണ് ചിമ്മൽ. e.-witness ദൃക്സാക്ഷി. e. of day, e. of the morning, e. of heaven സൂര്യൻ. e.s of a ship കപ്പണിയം. by the e. ധാരാളം. half an e. കാഴ്ചക്കുറവ്; അരക്കണ്ണ്, സൂക്ഷ്മതയില്ലാത്തനോട്ടം. to catch one's e. ശ്രദ്ധയിൽ പെടുത്തുക. to find favour in the e.s of പ്രസാദം ലഭിക്കുക. to have an e. to താല്പര്യപ്പെടുക; സൂക്ഷിക്കുക. to keep an e. on നോക്കിക്കൊൾക. to set the e.s on നോക്കുക, കാംക്ഷിക്കുക. in the e. of the wind കാററിന്നെതിരായി. eyed (īd), *a.* കണ്ണുള്ള. eyen, *n.* (*pl.*) കണ്ണുകൾ. ey'ĕr (ī'ĕr), *n.* നോക്കുന്നവൻ.

Ēy'rie, Ey'ry (ē'ri *or* ī'ri), *n.* കഴുക്കൂട്.

# F

F, ഇംഗ്ലീഷിൽ ആറാമത്തെ അക്ഷരം. വ്യഞ്ജനം. പേര്: 'എഫ്'. ഉച്ചാരണം: ഏതാണ്ടും 'ഫ്' പോലെ.

Fā'bi-an, *a.* താമസിപ്പിച്ച് തോല്പിക്കുന്ന. f. policy ദീർഘസൂത്രത്വം.

Fā'ble, *n.* കെട്ടുകഥ, ഉപമാ—; 2. കററുകെട്ട്; 3. പഴമ്പുരാണം; 4. പൊള്ള്. *v. i.* കഥകെട്ടുക, കെട്ടിച്ചമക്കുക; 2. വ്യാജം പറയുക. *v. t.* നടിക്കുക; വ്യാപ്തിപറയുക. fab'ū-list, *n.* കഥകെട്ടുന്നവൻ. fab'ū-līse, =līze, *v. i.* കഥകെട്ടുക; —പറയുക. fab'ū-lŏus, *a.* നാട്യം ആയ, സങ്കല്പം—; പറഞ്ഞാൽ വിശ്വസിക്കാത്ത, അത്യധികമായ. f.s age ഏററവും പുരാതനമായ കാലം.

Fab'ric, *n.* കൃതി, പണി; 2. ഉടല്; 3. എടുപ്പ്; 4. തുണിച്ചരക്ക്; 5. നിർമ്മാണം; 6. രചനം. fab'ri-cāte, *v. t.* പണിയിക്കുക; നെയ്ത് ഉണ്ടാക്കുക; കെട്ടി—; കളവായി നിർമ്മിക്കുക; കള്ളാധാരം—. =cā'tiŏn, *n.* നിർമ്മാണം, രചന; കെട്ടിച്ചമച്ചത്, കള്ളക്കൃതി, കളവ്, ഭോഷ്ക്. =cā-tŏr, *n.* ഉണ്ടാക്കുന്നവൻ, രചകൻ; കെട്ടിയുണ്ടാക്കുന്നവൻ.

Fāce, *n.* മുഖം, മുകറ് (*S.*), മീട് (*N.*); 2. മുൻഭാഗം, ഉമ്മരം, മുഖവാരം; 3. കാഴ്ച, പുറം; 4. ഭാവം; 5. ധാർഷ്ട്യം; 6. മുഖപ്രസാദം. f.-cloth ശവത്തിന്റെ മുഖത്തിടുന്ന തുണി. before the f. of മുഖത്ത് നോക്കി. in the f. of മുമ്പിൽ. to the f. of നേരെ. from the f. of മുമ്പിൽനിന്ന്. f. to f. മുഖാമുഖമായി,

മുഖദാവിൽ, നേരിട്ട്. to f. the enemy ശത്രുവോട് നേരിടുക. to fly in the f. നേരിടുക. to make a f. കൊഞ്ഞനം കാട്ടുക. to set one's f. against വിരോധം നില്ക്കുക. *v. t.* എതിർക്കുക; 2. ധാഷ്ട്യം കാട്ടുക; 3. നേരെ ഇരിക്കുക, അഭിമുഖമായി—; 4. മുഖപ്പിടുക; 5. അകശീലവെക്കുക; 6. മേലെ—; 7. ചെത്തിമിനുക്കുക; 8. തിരിയുമാറാക്കുക. to f. down ധാഷ്ട്യത്താൽ മിണ്ടാതാക്കുക. to f. (a thing) out ശാഠ്യം കാട്ടുക. *v. i.* വേഷം നടിക്കുക. —കെട്ടുക; 2. തിരിയുക; 3. എതിരായി നില്ക്കുക. fāced (fāst), *a.* മുഖമുള്ള. fā'cĕr, *n.* നാട്യക്കാരൻ; കുമ; അപജയം. fac'et, fac'ette, *n.* മുഖം, കണം. *v. t.* മുഖം കൊത്തുക. fā'ci-al, *a.* മുഖത്തുള്ള, മുഖസംബന്ധമായ. fā cing, *n.* ഉറ; തൊങ്ങൽ; (*pl.*) തിരിച്ചൽ.

**Fa-cē'tiŏus** (-sē'shus), *a.* നേരമ്പോക്കായ, വിനോദം ഉള്ള; 2. ചിരിപ്പിക്കുന്ന. -ly, *ad.* തമാശയായി. -ness, *n.* രസികതപം; ഉന്മേഷം.

**Fac'ile** (fas'il), *a.* എളുപ്പം ആയ, ലഘു—; 2. ഇണക്കം ഉള്ള, ലോക്യം—; 3. വഴക്കം—; 4. ഒരുക്കം—, വേശത—. fa-cil'i-tāte, *v. t.* എളുപ്പം ആക്കുക, സുലഭം—; അദ്ധ്വാനം ചുരുക്കുക. =cil'i-ty, *n.* സൌകൎയ്യം; തഴക്കം, സാമൎത്ഥ്യം; തന്റേടമില്ലായ്മ; (*pl.*) അനുകൂലം; നയഭാവം.

**Fac-sim'i-le** (-li), *n.* ഒപ്പുമുദ; 2. തത്തുല്യപ്പകൎപ്പ്.

**Fact,** *n.* കാൎയ്യം, വസ്തുത; സംഭവം; അവസ്ഥ; 2. നേര്, യഥാൎത്ഥം; 3. വിവരം; 4. തെളിവ് (*l.*). as a matter of f. വസ്തുതയിൽ, സൂക്ഷ്മത്തിൽ.

**Fac'tiŏn,** *n.* പക്ഷം, കൂറ്, പരിഷ; 2. ഭിന്നത. =tiŏus (-shus), *a.* കക്ഷിപിരിയുന്ന; കലഹം ജനിപ്പിക്കുന്ന.

**Fac-ti'tiŏus** (-tish'us), *a.* കൃത്രിമം ആയ, ശില്പനിൎമ്മിതം—; 2. കള്ള; 3. നാട്യമായ.

*Fac'to,* വസ്തുതയിൽ; കാൎയ്യംകൊണ്ട്.

**Fac'tŏr,** *n.* കാൎയ്യസ്ഥൻ, 'ഉല്ലാലി'; 2. അംശം, ഭാജ്യം, ഗുണ്യം (*ar.*); 3. കാൎയ്യം, ഹേതു. -āge, *n.* 'ഉല്ലാലി'വട്ടം, തരക്. =tŏr-y, *n.* പാണ്ടികശാല; തൊഴിൽ—. fac-tō'tum, *n.* സൎവ്വകൎമ്മഭൃത്യൻ.

**Fac'ul-ty,** *n.* പ്രാപ്തി; 2. മനഃശക്തി, അന്തഃകരണം; 3. വരം, വൈഭവം; 4. അധികാരം; 5. അനുവാദം; 6. വിദ്യാംശം; 7. വിദ്വത്സമാജം; 8. സൎവ്വകലാശാലാദ്ധ്യക്ഷസഭാഭാഗം.

**Fad,** *n.* ഭ്രമം, ഭ്രാന്ത്.

**Fad'dle** (fad'l), *v. i.* കളിക്കുക. *v. t.* ഓമനിക്കുക, ലാളിക്കുക.

**Fāde,** *v. i.* വാടിപ്പോക; 2. മങ്ങിപ്പോക; 3. ക്രമേണക്ഷയിക്കുക. *v. t.* വാട്ടുക. fā'ded, *a.* വാട്ടം പററിയ, മങ്ങിയ. fā'ding, *a.* വാട്ടം പിടിച്ച; മങ്ങലായ. *n.* വാട്ടം, മങ്ങൽ.

**Fadġe** (faj), *v. i.* പററുക, കൊള്ളുക.

**Fæ'cēs, Fē'cēs** (fē'cēz), *n. pl.* ഊറല്, മട്ട്; 2. മലം. =cal, *a.* മലസംബന്ധമായ.

**Fag,** *v. i.* തളരുക; 2. അദ്ധ്വാനിക്കുക; 3. ദാസവൃത്തി ചെയ്ക. to f. out പിരിയുടയുക. *v. t.* ക്ഷീണിപ്പിക്കുക; 2. കണ്ടപ്പണി ചെയ്യിക്കുക. *n.* കണ്ടപ്പണിക്കാരൻ; 2. അദ്ധ്വാനം. f.-end ഉലന്തല; അന്ത്യം; ഉച്ഛിഷ്ടം. -'ging, *n.* കണ്ടപ്പണി.

**Fag'ot,** *n.* ചുള്ളല്, വിറക്കെട്ട്; 2. തൊണ്ടി, കിഴവി. *v. t.* കെട്ടാക്കുക; വാരിക്കൂട്ടുക.

**Fāil,** *v. i.* പോരാതെ വരിക; ഇല്ലാതെപോക; 2. (of) കറയുക, മുട്ടുണ്ടാക; 3. സാദ്ധ്യമാകാതെ പോക; 4. ക്ഷീണിച്ച്—, ക്ഷയിച്ച്—; 5. മരിക്കുക; 6. നിഷ്ഫലമാക; 7. തോററ് പോക; 8. തെററിപ്പോക, പിഴച്ച് പോക; 9. ദീവാളി എടുക്കുക. *v. t.* കറവ് വരിക; 2. കിട്ടാതെ പോക. *n.* തെററ്; ഉപേക്ഷ; 2. മരണം. -'ing, *n.* കറവ്, ദൂഷ്യം; രോഗം; നിദ്ധനതപം. *a.* ക്ഷീണംപററിയ. f.g health സുഖക്കേട്, ക്ഷീണം. -'ūre, *n.* ഇല്ലായ്മ; ലംഘനം; ഉപേക്ഷ; തോല്വി, അപജയം; ക്ഷയം; ദീവാളിയാകൽ; പിഴ.

**Fāin**, *a.* രസം ഉള്ള, ഇട—; 2. തൃപ്തി—. *ad.* (would) സന്തോഷത്തോടെ, താല്പൎയ്യത്തോടെ.

**Fāint**, *a.* തളൎന്ന, മോഹാലസ്യം ഉള്ള; 2. ധൈൎയ്യക്ഷയം—; 3. മന്ദം ആയ, മങ്ങൽ—; 4. ലേശം—. *n.* ബോധക്കേട്. *v. i.* (away) ബോധം കെടുക; 2. ക്ഷീണിച്ച് പോക; 3. കാണാതെ—. *v. t.* ക്ഷീണിപ്പിക്കുക; ധൈൎയ്യം കുറക്കുക. f.-hearted ഭീരുത്വമുള്ള. f.-heartedly പേടിയോടെ. f.-heartedness ഭയം. -'ing, *n.* മോഹാലസ്യം. f.g fit ബോധക്കേട്. -'ly, *ad.* അല്പമായി; ക്ഷീണത്തോടെ; ശങ്കയോടെ. -'ness, *n.* മൂൎഛ; തളൎച്ച; അസ്വസ്ഥത; ഭീതി.

I. **Fāir**, *a.* ശുഭ്രം ആയ; 2. മനോഹരം—; 3. വെളുത്ത; 4. വെക്കം ഉള്ള, തോൎച്ച—; 5. തുറസ്സ് ആയ; 6. ന്യായം—; 7. ലാവണ്യം ഉള്ള, അനുകൂലം—; 8. വ്യക്തി—; 9. തരക്കേടില്ലാത്ത; നട്ടത്തരമായ. f.-haired വെണ്മക്കുറായ കേശം ഉള്ള. f.-minded ന്യായം—. f.-natured സല്ഗുണം ഉള്ള. f.-one സുന്ദരി. f. play നിഷ്പക്ഷതാപം; നീതി. f.-spoken ലോഗ്യംഉള്ള. f.-weather സുഖകരമായ; നല്ലകാലത്ത് മാത്രം കാണുന്ന. f.-weather sailor പേര് മാത്രമുള്ള കപ്പലോട്ടക്കാരൻ. f. world സൌഭാഗ്യസ്ഥിതി. from f. to middling സാമാന്യം നല്ല. the f. sex സ്ത്രീകൾ. *ad.* വെളിവിൽ സ്പഷ്ടം ആയി; യഥാൎത്ഥം—; മൎയ്യാദ—; അനുകൂലം—; പരമാൎത്ഥം—; ശുഭം—; ഭംഗി—. f. and square നേരെ, ഞെറിയായി. to bid f. പോലെ തോന്നുക, ഭാവം കാണുക. to speak f. ലോക്യമായി പറയുക, യഥാൎത്ഥമായി—. *n.* സൌന്ദൎയ്യം; സുന്ദരി; പ്രിയ; മംഗലം; ശ്രീ. the f. അഴക്; സ്ത്രീവൎഗ്ഗം. *v. t.* ഭംഗിയാക്കുക, നന്നാക്കുക. -'ish, *a.* സാമാന്യം നല്ല. -'ly, *ad.* നന്നായി, പൂൎണ്ണം ആയി, സ്പഷ്ടം—; അനുകൂലം—; നേര്—, ശരി—; സാവധാനം—. -'ness, *n.* നിൎമ്മലത; ന്യായം.

II. **Fāir**, *n.* ചന്ത; 2. ഉത്സവം; 3. കാഴ്ചചന്ത. after the f. കാൎയ്യം കഴിഞ്ഞശേഷം; വൈകീട്ട്.

**Fāi'ry**, *n.* യക്ഷി; കിന്നരസ്ത്രീ; മോഹിനി. *a.* യക്ഷികളെ കുറിച്ചുള്ള. f.-land മായാലോകം.

**Fāith**, *n.* വിശ്വാസം; ആശ്രയം, ഭക്തി, ശ്രദ്ധ; 2. മതം, മാൎഗ്ഗം; 3. വിശ്വസ്തത, നേര്; 4. ആസ്ഥ; 5. സത്യം, വാക്ക്, വാഗ്ദത്തം; 6. ഉറപ്പ്. in good f. ഉത്തമവിശ്വാസ്യമായി. *int.* നിശ്ചയം! സത്യം! -'fụl, *a.* വിശ്വാസം ഉള്ള, ആശ്രയം—; വിശ്വസ്തത—; ഭക്തി—; വിശ്വാസയോഗ്യമായ. the f.l മുഹമ്മദീയര്, ശിഷ്യന്മാര്. -'fụl-ly, *ad.* വിശ്വസ്തതയോടെ. -'fụl-ness, *n.* വിശ്വസ്തത. -'less, *a.* വിശ്വാസം ഇല്ലാത്ത; ഭക്തി—; വാക്കിന്ന് നേര്—; വിശ്വസ്തത—; സ്വാമിഭക്തി—; പാതിവ്രത്യം—, പതിവ്രത്യം—; മായയായ. -'less-ly, *ad.* വഞ്ചനയായി. -'less-ness, *n.* ചതി, വിശ്വാസപാതകം.

**Fāke**, *v. t.* വഞ്ചിക്കുക. *n.* ഉപായം, [ചതി.

**Fal-cā'tiŏn**, *n.* വക്രത, വളവ്.

**Fa̤l'chiŏn** (-shun), *n.* കട്ടാരം, അസിലത.

**Fa̤l'con** (fa̤l'kn *or* fa̤'kn), *n.* രാജാളി, പ്രാപ്പിടിയൻ (z.). -ry, *n.* പുള്ള് വേട്ട.

**Fa̤ll**, *v. i. ir.* (fell, fa̤ll'en) വീഴുക, ഉതിരുക; 2. സാഷ്ടാംഗം വീഴുക; 3. ഒഴുകിച്ചേരുക; 4. ചാക, പട്ട് പോക; 5. ശമിക്കുക; 6. പിറക്കുക; 7. കുറയുക, താഴുക, ക്ഷയിക്കുക; 8. തോല്ക്കുക, നശിച്ച് പോക; 9. പിഴകിപ്പോക; 10. അബദ്ധത്തിൽ ചാടുക, പിഴെക്കുക; 11. (മുഖം) വാടുക; 12. ക്ഷീണിക്കുക; 13. വരിക; അകപ്പെടുക; ആയ്തീരുക: to f. asleep ഉറക്കം വരിക, ഉറങ്ങിപ്പോക; to f. into a passion കോപം വരിക, കോപിച്ച് പോക; to f. in love അനുരാഗം ജനിക്കുക; 14. സംഭവിക്കുക; അവസാനിക്കുക; 15. ആക; 16. തുടങ്ങുക; 17. കിട്ടുക; കൈവശമായ്പോക; 18. സ്വന്തം ആക; 19. പറഞ്ഞ് പോക. to f. aboard of കപ്പലുകൾ തമ്മിൽ മുട്ടിപ്പോക. to f. among അകപ്പെടുക. to f. astern പിറകിൽ ആയ്പോക. to f. away മെലിയുക; മത്സരിക്കുക; വിശ്വാസത്യാഗം ചെയ്യ

ക; നശിച്ച് പോക; ക്രമേണക്ഷയിക്കുക. **to f. back** പിൻവാങ്ങുക; വാക്ക് തെററി നടക്കുക. **to f. back upon** അഭയം പ്രാപിക്കുക; ആശ്രയിക്കുക. **to f. calm** കാററ് തളരുക. **to f. down** നമസ്കരിക്കുക; നിലത്ത് വീഴുക. **to f. flat** നിഷ്ഫലമായ്പോക. **to f. foul of** തമ്മിൽ മുട്ടുക; —കുടുങ്ങുക; എതിൎക്കുക. **to f. from** പിൻവാങ്ങുക. **to f. home** അകത്തോട്ട് വളയുക; —വീഴുക. **to f. in** പൊളിഞ്ഞ് വീഴുക; അണിയായിനില്ക്കുക; നിന്ന് പോക. **to f. into one's hands** അകപ്പെടുക. **to f. in with** യദൃച്ഛയാകാണുക; യോജിക്കുക. **to f. off** വീണ് പോക; ഉപേക്ഷിച്ച് കളയുക; ഇല്ലാതെ പോക; വിശ്വാസത്യാഗം ചെയ്യുക; വിട്ട് കളയുക; കുറഞ്ഞ് പോക. **to f. on** അകപ്പെടുക; എത്തുക; തിന്മാൻ തുടങ്ങുക; എതിൎപ്പാൻ—; ഇറങ്ങിവരിക. **to f. out** കലഹിക്കുക; സംഭവിക്കുക; അണിവിട്ട പോക. **to f. over** മത്സരിക്കുക; പക്ഷം വിടുക; കടന്ന് പോക. **to f. short** പോരാതെ വരിക. **to f. through** നിഷ്ഫലം ആയ്പോക. **to f. to** തുടങ്ങുക. **to f. under** അധീനമായിരിക്കുക; വിഷയമായിരിക്കുക; ഉൾപ്പെടുക. **to f. upon** ആക്രമിക്കുക; ശ്രമിക്കുക; കയൎക്കുക. *v. t.* വീഴ്ത്തുക; 2. താഴ്ത്തുക; 3. കുറക്കുക; 4. പെറുക; 5. മുറിച്ചിടുക. *n.* വീഴ്ച, പതനം; 2. നാശം, മരണം; 3. അധഃപതനം; 4. ശത്രുവശമാകൽ; 5. കുറവ്; 6. സ്വരപതനം; 7. ചരിവ്; 8. (*pl.*) അരുവി, ജലപ്രപാതം; 9. ഒഴുകിച്ചേരൽ; 10. താഴ്ച; 11. ഉതിൎച്ച; ശിശിരകാലം; 12. പെയ്യൽ; വൎഷം; 13. മരം മുറിക്കൽ; 14. പാപത്തിൽ അകപ്പെടൽ. **to try a f.** 'കസ്തി' പിടിക്കുക; മല്ല് കെട്ടുക. **-'en,** *a.* വീണ് പോയ; പാപത്തിൽ അകപ്പെട്ട; ശൂന്യമായ; പട്ട്പോയ. **-'ing,** *n.* വീഴ്ച; *a.* വീഴുന്ന. **f.g away, f.g off,** *see* **to f. away and f. off.** **f.g sickness** അപസ്മാരം. **f.g star** കൊള്ളിമീൻ. **f.g stone** വാനശില, കൊള്ളിമീൻ—. **f.g tide** വേലിയിറക്കം. **f.g weather** മഴക്കാലം.

**Fal'la-cy,** *n.* അബദ്ധം; മായ; ചതി. =**lā'ciŏus** (-shus), *a.* തെററ് ആയ, മിത്ഥ്യ—, വഞ്ചകം—.

**Fal'li-ble,** *a.* പിഴവരാകുന്ന, തെററ്—, വഞ്ചകമായ. =**bil'i-ty,** *n.* ഭ്രമം; വീഴ്ച.

**Fal'lōw** (-lō), *a.* തവിട്ട്നിറമുള്ള; 2. തരിശായ. **f. deer** ഒരു വക മാൻ (*z.*). *n.* തരിശ്നിലം, ഉഴവ്. *v. t.* ഉഴുതുടച്ചിടുക.

**Fa̤lse,** *a.* കളവ്പറയുന്ന; 2. നേര് കെട്ട; അവിശ്വാസ്യതയുള്ള; 3. കളവായ; 4. കപടമുള്ള; കള്ള; 5. അബദ്ധം ആയ; 6. അകാരണം—, മിത്ഥ്യ—; 7. അപസ്വരം— (*mus.*). **f. imprisonment** അന്യായമായ തടവ് (*l.*). **f. key** മറുതാക്കോൽ. **f. personation** ആൾമാററം (*l.*). *ad.* കളവായി, കപടഭാവത്തോടെ. **f.-faced** കാപട്യമുള്ള. **f.-hearted** വഞ്ചനയുള്ള. **-'hood,** *n.* വ്യാജം; വിശ്വാസവഞ്ചന; വേഷം. **-'ly,** *ad.* കളവ് ആയി; തെററ്—; ചതിവ്—. **-'ness,** *n.* അസത്യം; വഞ്ചന; അബദ്ധം. **fa̤l'si-fȳ,** *v. t.* കളവാക്കുക; കളവായി പ്രസ്താവിക്കുക; —ഉണ്ടാക്കുക; കളവാണെന്ന് തെളിയിക്കുക; വാക്ക് തെററുക; തെററിക്കളയുക; അബദ്ധമാക്കിത്തീൎക്കുക; കള്ളാധാരം നിൎമ്മിക്കുക. *v. i.* കളവ് പറയുക; സത്യലംഘനം ചെയ്ക. **fa̤l'si-fī-a-ble,** *a.* കളവാക്കാവുന്ന. **fa̤l-si-fi-cā'tiŏn,** *n.* കൃത്രിമം; കളവാക്കൽ; അസത്യവാദം; അബദ്ധമാക്കൽ. **fal'si-fī-ĕr,** *n.* കള്ളൻ, കളവ് നിൎമ്മിക്കുന്നവൻ. **fa̤ls'ism,** *n.* വ്യാജം. **fa̤l'si-ty,** *n.* നേര്കേട്; കളവ്.

**Fa̤l'tĕr,** *v. i.* സംശയിക്കുക, വിക്കിവിക്കിപറയുക; 2. വിറക്കുക; 3. ശങ്കിക്കുക; 4. പോരാതെ വരിക. *v. t.* ഇടറിപ്പറയുക, ശബ്ദമായിപറയുക. *n.* താമസം; വിറ; വിക്ക്. **-ing,** *a.* വിറയുള്ള; വിക്ക്—. *n.* ഇടൎച്ച; ശങ്ക. **-ing-ly,** *ad.* വിക്കിവിക്കി.

**Fāme,** *n.* ശ്രുതി, വൎത്തമാനം; 2. കീൎത്തി, യശസ്സ്. *v. t.* ശ്രുതിപരത്തുക; 2. ശ്ലാഘിക്കുക. **fā'mŏus,** *a.* (for) ശ്രുതി

പ്പെട്ട, പേർപോന്ന. fā'mŏus-ly, *ad.* കീർത്തിയോടെ.

Fa-mil'iar, *etc. s. u.* Family.

Fam'i-ly, *n.* വീട്ടുകാര്; കുഡുംബങ്ങൾ; 2. ഭാൎയ്യയും ഭൎത്താവും മക്കളും; 3. വംശം, കുലം; 4. വംശപാരമ്പൎയ്യം, താവഴിവിവരം; 5. തറവാട്ടുകാരൻ; 6. വൎഗ്ഗം. f. circle കുഡുംബം. f.-man പുത്രകളത്രാദികളുള്ളവൻ; സ്വഗൃഹപ്രിയൻ. in a f. way കുഡുംബത്തിൽ ഒരുത്തനെപോലെ. in the f. way ഗൎഭമുള്ള. fa-mil'iar (-mil'yĕr), *a.* കുലത്തിൽ ഉള്ള; കുഡുംബത്തിൽ—; പരിചയം—; ഇണക്കം—; നടപ്പായ. f.r spirit യക്ഷി. *n.* ചങ്ങാതി; കുലദേവത. fa-mil-i-ar'i-ty, *n.* മമത, ലോഗ്യം; (*pl.*) ഏളുത്തം; നിൎമ്മൎയ്യാദം. fa-mil-iar-i-sā'tiŏn, fa-mil-iar-i-zā'tiŏn, *n.* പരിചയം, തഴക്കം. fa-mil'iar-īse, fa-mil'iar-īze, *v. t.* പരിചയം വരുത്തുക; ശീലം—. fa-mil'-iar-ly, *ad.* മമതയോടെ.

Fam'ine, *n.* ക്ഷാമം, പഞ്ചം, വറുതി; 2. ദാരിദ്ര്യം, മുട്ട്.

Fam'ish, *v.t.* പട്ടിണിയിട്ടു കൊല്ലുക; 2. വിശപ്പിച്ച് ബുദ്ധിമുട്ടിക്കുക; 3. ഇല്ലാതാക്കി കൊല്ലുക, കൊടുക്കാതെ കൊല്ലുക; 4. ക്ഷാമം വരുത്തുക. *v. i.* പട്ടിണി ഇടുക, —കിടക്കുക; 2. പൈദാഹത്താൽ വലയുക; 3. ഇല്ലാതെ—. -ment, *n.* ക്ഷാമം, വറം, ക്ഷുൽപീഡ.

Fan, *n.* വിശറി, വീപാള, ചുഴററി; 'പങ്ക'; 2. മുറം, തുററുകിടിൽ. f.-palm കുടപ്പന (*b.*). *v.t.* വീശുക; 2. തണുപ്പിക്കുക, ആശ്വസിപ്പിക്കുക; 3. കാററുവീശുക; 4. പാററുക, തൂററുക; 5. ജ്വലിപ്പിക്കുക, വൎദ്ധിപ്പിക്കുക. -'nĕr, *n.* തൂററുന്നവൻ.

Fa-nal', *n.* ദീപസ്തംഭം.

Fa-nat'ic, *a.* മതവൈരാഗ്യം ഉള്ള, —ഭ്രാന്ത്—; 2. അതിസക്തി—; 3. അസാധാരണയായ അഭിപ്രായം—. *n.* മതഭ്രാന്തൻ. =i-cal, *a.* അതിസക്തിയുള്ള. =i-cal-ly, *ad.* മതവൈരാഗ്യത്തോടെ. =i-cism, *n.* മതഭ്രാന്ത്.

Fan'cy, *n.* നിരൂപണശക്തി; 2. സങ്കല്പം; 3. മനോരാജ്യം; 4. അഭീഷ്ടം; 5. രസം, വാസന. the f. ഭ്രമമുള്ളവര്. *v. i.* നിരൂപിക്കുക. *v. t.* ഭാവിക്കുക, സങ്കല്പിക്കുക; 2. അഭിരുചിതോന്നുക; 3. ധരിച്ച്പോക. *a.* മനോരഞ്ജകം ആയ; 2. അപൂൎവ്വം—. f.-ball വിവിധവേഷനൃത്തം. f.-fair മോഹനച്ചന്ത. f.-free അനുരാഗചേഷ്ടയില്ലാത്ത. f.-goods നാനാവൎണ്ണത്തുണി. f.-sick കാമനോവുള്ള. f.-work ചിത്രത്തയ്യല്. =cied (-sid), *a.* തോന്നൽആയ, മിത്ഥ്യ—. =ci-ĕr, *n.* സങ്കല്പക്കാരൻ; പ്രിയൻ. =ci-ful, *a.* തോന്നിയവാസമുള്ള; മനോരാജ്യം ആയ; അപൂൎവ്വാകൃതി—.

Fāne, *n.* മന്ദിരം, ദൈവാലയം, ക്ഷേത്രം; 2. കൊടി; 3. കാററുകാട്ടി.

Fang, *n.* പല്ല്, തേററ; ദംഷ്ട്രം; 2. വിഷപ്പല്ല്; 3. പല്ലിന്റെ വേര് (*an.*); 4. കൊറുക്ക. in a f. ഇറുങ്ങിയ, കുടുങ്ങിമറിഞ്ഞ. to lose the f. ജലയന്ത്രത്തിലെ വെള്ളം തീൎന്ന്പോക. *v.t.* കടിച്ച്പിടിക്കുക; 2. പിടിച്ച് ചീന്തുക. to f. a pump ജലയന്ത്രത്തിൽ വെള്ളം നിറക്കുക. fanged (fangd), *a.* പല്ല് ഉള്ള, വിഷപ്പല്ല്—.

Fan'gle, *n.* പുതുമ, ശൃംഗാരപ്പണി. =gled (-gld), *a.* പുതിയ, മോടിയായ.

Fan'tasm, *n.* നിരൂപണം, മിത്ഥ്യാഭാവം, മായാവിചാരം; 2. മനോരഥസൃഷ്ടി, സങ്കല്പം. =tas'tic, =tas'ti-cal, *a.* വാസ്തവമല്ലാത്ത, മനോരാജ്യമായ; തോന്നിയവാസമുള്ള; വികൃതരൂപമായ, ആശ്ചൎയ്യ—; ചഞ്ചലഭാവമുള്ള. =tas'tic, *n.* സുന്ദരവിഷ്ഠി. =tas'ti-cal-ly, *ad.* അപൂൎവ്വരീതിയായി. =tas'ti-cism, *n.* താന്തോന്നിതം. =ta-sy, *n.* തോന്നൽ, നിരൂപണം; തോന്നിയവാസം; വിചിത്രരൂപം.

Fan'tom, *see* Phantom.

Făr, *a.* ദൂരമായ, അകലെ ഉള്ള; 2. അകല്ച—; 3. വിപരീതമായ. f. about വഴിവിട്ടകന്ന. f. between ദൂരപ്പെട്ട. by f. വളരെ അധികം. *ad.* ദൂരെ; 2.

ദൂരത്തോളം; 3. അധികഭാഗം; 4. അത്യധികമായി. f.-fetched സഹജമല്ലാത്ത; അസാധാരണമായ; നിരൂപിച്ചുണ്ടാക്കിയ. f. most ഏററവും അകലെഉള്ള. f. off അകലെ, അകന്ന്. f. other കേവലം അന്യമായ. f.-seeing ദൂരദൃഷ്ടി ഉള്ള; മുൻകാഴ്ച—. f.-sighted ദൂരദൃഷ്ടി—; ബുദ്ധിക്രമ്മത—. f.-sightedness ബുദ്ധിക്രമ്മത. f.-stretched കണക്കിലേറ നീട്ടിയ. as f. as ഓളം, എത്രയോ അത്ര. f. and near എല്ലാടവും. f. and wide വിശാലമായി. from f. ദൂരത്ത് നിന്ന്. -'thĕr, *a.* അധികം ദൂരമുള്ള; മററും, ഇനിയും; *ad.* അധികം ദൂരത്തേക്ക്; അത് കൂടാതെ, ഇനി. no f.r മിണ്ടരുത്, മതി. -'thĕr-mōst, -'thest, *a.* ഏററവും ദൂരത്തുള്ള. *ad.* ഏററവും അകലെ.

**Färce,** *v. t.* നിറക്കുക, തടിപ്പിക്കുക. *n.* നിറ, പൂരണം; 2. പുറാട്ട് കഥ, ഹാസ്യനാടകം; 3. കോപ്പിരാട്ടി, നാമമാത്രം, വേഷ—; കളി. ='ci-cal, *a.* ഹാസ്യകരം ആയ; അപൂർവ്വം—; വാസ്തവമല്ലാത്ത, കോപ്പിരാട്ടിയായ. ='ci-cal-ly, *ad.* തമാശയായി.

**Fāre,** *v. i.* പോക, സഞ്ചരിക്കുക; 2. ആക, ഇരിക്കുക, സംഭവിക്കുക, നേരിടുക; 3. സുഖിക്കുക, രമിക്കുക; കാലക്ഷേപം കഴിക്കുക. *n.* വഴിയാത്ര; 2. കൂലി; 3. ഉത്സവൽ; 4. വത്തമാനം; 5. ഭക്ഷ്യം; 6. കോള്; 7. മീൻപട. bill of f. ഭോജ്യവിവരം. -'well, *int.* നന്നായിരിക്കട്ടെ, ശുഭമസ്തു; സലാം; *n.* സ്വസ്തി, മംഗലവാക്ക്; വിടവാങ്ങൽ, —കൊള്ളൽ; *a.* വിയോഗസംബന്ധമായ; ഒടുക്കത്തെ.

**Fa-rī'na,** *n.* മാവ്, പിട്ട്, നൂറ്, ഊറല്. far-i-nā'ceous (-shus), *a.* മാവ് പോലെ ഉള്ള, പൊടി—.

**Färm,** *n.* പാട്ടം, വാരം; 2. പാട്ടനടപ്പ്, കൊഴഅവകാശം; 3. പാട്ടപ്പറമ്പ്, കൊഴനിലം; 4. കൃഷിസ്ഥലം, —ഭൂമി; 5. കത്തക. f.-house കൃഷിക്കാരൻെറ വീട്. f.-stead കളപ്പുര, കളപ്പാട്. f.-yard കളം, കളമുററം. *v. t.* നടപ്പിന്ന് കൊടുക്കുക, പാട്ടത്തിന്ന് ഏല്പിക്കുക, —കൊടുക്കുക; 2. —വാങ്ങുക; 3. കത്തകയായി കൊടുക്കുക; 4. കത്തക എടുക്കുക, —ഏല്ക്കുക; 5. കൃഷിചെയ്യുക. to f. let, to let to f. വാരത്തിന്ന് കൊടുക്കുക. *v. i.* കൃഷിപ്രവൃത്തി ചെയ്ക, നിലം നടക്കുക, പറമ്പ് കിളെക്കുക. -'a-ble, *a.* കൃഷിക്ക് കൊടുക്കാവുന്ന; കത്തകക്ക്—. ='mĕr, *n.* കൃഷിക്കാരൻ; കുടിയാൻ; കത്തകക്കാരൻ. ='mĕr-ess, *n.* കൃഷിക്കാരത്തി. ='mĕr-ship, *n.* കൃഷിസാമത്ഥ്യം. ='mĕr-y, *n.* കളം, കളപ്പുര; വീട്. -'ing, *a.* കൃഷിസംബന്ധമായ. *n.* കൃഷിപ്രവൃത്തി, വ്യവസായം.

**Far-rā'gō,** *n.* സമ്മിശ്രപദാൎത്ഥം. =rag'i-nŏus, *a.* നാനാസാധനങ്ങൾ കൂടിയുണ്ടായ; സമ്മിശ്രമായ.

**Far'rand,** *n.* ആചാരം, നാട്ട്നടപ്പ്.

**Fär'ri-ĕr,** *n.* 'ലാട'ക്കാരൻ; 2. 'ലാട' വൈദ്യൻ, മൃഗ—. *v. i.* 'ലാട'പ്രവൃത്തി ചെയ്ക. -y, *n.* 'ലാട'പ്രവൃത്തി; മൃഗചികിത്സ; 'ലാട'പ്പുര, കൊട്ടിൽ.

**Fär'rōw** (-rō), *n.* പന്നിക്കുട്ടിക്കൂട്ടം. *v. t. & i.* (പന്നി) പെറുക. *a.* ആണ്ട് പേറില്ലാത്ത (പശു).

**Färt,** *n.* വളി, അധോവായു. *v. t.* വളിവിടുക, —ഇടുക.

**Fär'thing,** *n.* അരപൈസ്സക്കുള്ള ഒരു ഇംഗ്ലീഷ് നാണ്യം; പെനിയുടെ കാലോഹരി; 2. അല്പം; 3. നിലത്തിൻെറ ഒരളവ്.

**Fär'thin-gāle,** *n.* സ്ത്രീകളുടെ അടിപ്പാവാട.

**Fas'ci-nāte,** *v. t.* മയക്കുക, മോഹിപ്പിക്കുക; 2. വശീകരിക്കുക, ആഭിചാരം ചെയ്ക. =nā-ting, *a.* മനോഹരമായ. =nā'tiŏn, *n.* വശീകരണം, മന്ത്രം; മോഹനം; രസം, ഭ്രമം.

**Fash'iŏn,** *n.* ഭാഷ, മാതിരി; 2. വേഷാകൃതി; 3. ആചാരം, നടപ്പ്, സമ്പ്രദായം; 4. സമ്പ്രദായം; 5. ശീലം. after a f. ഏതാനും; ഒര് വിധം. f.-monger സുന്ദരവിഷ്ഠി. *v. t.* രൂപിക്കുക, ആകൃതിപ്പെടുത്തുക; 2. (to) തക്കതാക്കുക, കൊള്ളിക്കുക; 3. വഴക്കപ്രകാരം ഉണ്ടാക്കുക; 4. കളവായി നിമ്മിക്കുക. -a-ble, *a.* നട

വടിയായ; നടപ്പ് ഉള്ള, വഴക്കം ആയ; മോടി—; സമ്പ്രദായമുള്ള. *n.* (*pl.*) ശൃംഗാരക്കാര്. -a-bly, *ad.* സമ്പ്രദായപ്രകാരം; മോടിയായി. =iŏned (-und), *a.* മാതിരിയായ, മട്ടിലുള്ള. -less, *a.* ഭാഷയില്ലാത്ത.

I. **Fast,** *v. i.* പട്ടിണികിടക്കുക; 3. നോമ്പ് നോല്ക്കുക, —എടുക്കുക, ഉപോഷിക്കുക. f.ing day വ്രതം, നോമ്പ്. *n.* പട്ടിണി; 2. നോമ്പ്, ഉപവാസം; 3. നോമ്പ്കാലം. f.-day ഉപവാസദിവസം. to break one's f. പ്രാതൽ കഴിക്കുക, വെള്ളക്കഞ്ഞി—; കത്തലടക്കുക, കള്ളത്തത് കടിക്കുക.

II. **Fast,** *a.* ഉറച്ച, സ്ഥിരം ആയ; 2. ഭദ്രം—, ഉറപ്പ് ഉള്ള; 3. ദൃഢത—, വിശ്വസ്തത—; 4. നിറം പോകാത്ത, ചായം—; 5. ഗാഢമായ; 6. അടക്കമില്ലാത്ത; 7. തെമ്മാടിയായ. f.-handed ഈററയുള്ള. f. and loose സ്ഥിരതയില്ലാത്ത, ചാപല്യമുള്ള. to play f. and loose നേര്കേട് കാട്ടുക; ചപലത—. hard and f! (കപ്പൽ)നന്ന ഉറച്ച് പോയ. to make f. ഉറപ്പിക്കുക, കെട്ടുക (*naut.*). *ad.* ഉറപ്പ് ആയി; ശീഘ്രം—; വേഗം; സൂക്ഷ്മമില്ലാതെ, ദൃഢിലവായി. f. by, f. beside അടുക്കെ, സമീപം. *n.* കററി; കയറ്, ചങ്ങല. -'en (fas'n), *v. t.* കെട്ടുക, ഉറപ്പിക്കുക; കൂട്ടികെട്ടുക; ഓർമ്മവെക്കുക; ഫലിപ്പിക്കുക. to f.n a charge *or* a crime upon one കററക്കാരനാണെന്ന് വരുത്തുക. to f.n one's eyes upon കണ്ണ് പറിക്കാതെ നോക്കുക, ഉററ്—. *v. i.* ഉറച്ച് നില്ക്കുക, സ്ഥിരമായി—. -'en-ing, *n.* കെട്ട്; തഴുത്; ഓടാമ്പൽ; കൊക്ക; താവ്, പൂട്ട്. -'ness, *n.* ദൃഢത; വിശ്വസ്തത; ഉള്ള്; ഭദ്രമായസ്ഥലം; കോട്ട; വേഗത.

**Fas-tid'i-ŏus,** *a.* ബഹുകൃത്യമുള്ള; എത്രയായാലും തൃപ്തിതോന്നാത്ത; ആമാടക്ക് പുഴുത്തുള നോക്കുന്ന. -ly, *ad.* ബഹുഖണ്ഡിതമായി. -ness, *n.* തൃപ്തികുറവ്, കൃത്യത.

**Fas'tū-ŏus,** *a.* അഹങ്കാരം ഉള്ള, പ്രൌഢി—, ധിക്കാരം—.

**Fat,** *a.* കൊഴുപ്പുള്ള, നെയിവെച്ച; 2. തടിച്ച, പുഷ്ടിഉള്ള; 3. എണ്ണപ്പശ—; 4. മന്ദം ആയ, മൌഢ്യം—; 5. ഫലപുഷ്ടിഉള്ള, വളം—; 6. ആദായം—; 7. ഐശ്വര്യം—. f.-brained മന്ദബുദ്ധി ആയ. f.-kidneyed പൊണ്ണത്തടിയൻ—. f.-witted പൊണ്ണൻ—, കംഭയുള്ള. *n.* കൊഴുപ്പ്, മേദസ്സ്; 2. എണ്ണ; 3. പുഷ്ടി, സുഭിക്ഷം. *v. t.* പുഷ്ടിയാക്കുക, തടിപ്പിക്കുക. *v. i.* കൊഴുപ്പ് വെക്കുക. -'ling, *n.* കൊഴുപ്പുള്ള പശുക്കിടാവ്, —ആട്ടിൻകുട്ടി. -'ly, *ad.* പുഷ്ടിയോടെ. -ness, *n.* പൊണ്ണത്തടി, വണ്ണം; കൊഴുപ്പ്; വളം, ഐശ്വര്യം. -'ten (fat'n), *v. t.* തടിപ്പിക്കുക; വളമിടുക. *v. i.* പുഷ്ടിവെക്കുക, തടിക്കുക. -'ty, *a.* കൊഴുപ്പ് ഉള്ള, നെയി—; പരുത്ത. =tū'i-tŏus, *a.* ഭോഷത്വമുള്ള. =tū'i-ty, *n.* പൊണ്ണത്തരം; മന്ദബുദ്ധി. -'ū-ŏus, *a.* ബുദ്ധിമാന്ദ്യം ഉള്ള, ഭോഷത്വം—; മായയായ.

*Fā'ta mor-gā'na,* *n.* കാനൽജലം, മരീചികാ, മൃഗതൃഷ്ണ.

**Fāte,** *n.* അദൃഷ്ടം, ഭാഗ്യം; 2. അംശം, ദശ; 3. നാശം, മരണം; 4. തലയിലെഴുത്ത്, വിധി. fā'tal, *a.* ബ്രഹ്മകല്പിതം ആയ, വിധി—; ആപല്ക്കരം—, മരണകരം—. fā'tal-ism, *n.* അദൃഷ്ടവാദം; ദൈവാധീനത. fā'tal-ist, *n.* അദൃഷ്ടവാദി. fā-tal-is'tic, *a.* അദൃഷ്ടവാദസംബന്ധമായ. fa-tal'i-ty, *n.* ഗ്രഹപ്പിഴ, ദുർദ്ദശ; വിപത്ത്; മരണം; ദൈവകല്പിതം. fā'tal-ly, *ad.* വിധിവിഹിതം; ആപല്ക്കരം ആയി, മരണകരം—. fā'tal-ness, *n.* അദൃഷ്ടം; ദുഷ്കാലം. fa'ted, *a.* ഭാഗ്യഹീനമായ, വിധിപോലെ വരുന്ന; ദൈവാധീനമായ. -ful, *a.* ഗ്രഹപ്പിഴഉള്ള, നിർഭാഗ്യം—; ആപത്സൂചകമായ.

**Fäth'ĕr,** *n.* ജനകൻ, താതൻ, അച്ഛൻ, പിതാവ്, തന്ത, അപ്പൻ; ബാപ്പ, ഉപ്പ (*M.*); 2. (*pl.*) പൂർവ്വികന്മാര്; തലവന്മാര്, കാരണവന്മാര്; 3. രക്ഷിതാവ്, പരിപാലകൻ; 4. ബഹുമാനവാചി; 5. ഉപദേഷ്ടാവ്, ബോധകൻ, 'പാതിരി', അച്ചൻ (*Chr.*); 6. *pl.* (the) സഭാപിതാവ് (*Chr.*); 7. കാരണഭൂതൻ; 8. (the) പി

താവായ ദൈവം (*theol.*). f.-land സ്വരാജ്യം, പിതൃദേശം. adoptive f. ദത്തച്ഛൻ, പോററച്ഛൻ. natural f., putative f. അവിവാഹനിലയിൽ ജനിച്ച കുട്ടിയുടെ അച്ഛൻ. spiritual f. ആത്മികപിതാവ്. step-f. പിറക്കാത്തച്ഛൻ. f. in God ആത്മികപിതാവ് (അദ്ധ്യക്ഷനുള്ള ബഹുമാനവാചി). f.-in-law അമ്മായപ്പൻ, അപ്പച്ഛൻ, പെണ്ണപ്പൻ, ശ്വശുരൻ. f. of lies അസത്യത്തിൻ പിതാവ്, പിശാച്. f.s of the city നഗരാദ്ധ്യന്മാർ. most reverend f. in God ബഹുമാനമേറിയ ആത്മികപിതാവ് (പ്രധാനാദ്ധ്യക്ഷന്മാൎക്കുള്ള ബഹുമാനവാചി). the holy f. പാപ്പാവ് (*R. C.*). *v. t.* ജനിപ്പിക്കുക; അച്ഛനായ്ത്തീരുക; 2. ദത്തെടുക്കുക; തൻെറ കുട്ടിയാണെന്ന് പറയുക; 3. തൻെറതാണെന്ന്—; 4. അച്ഛനെ കിട്ടുക. to f. on, to f. upon ഉത്തരവാദിത്വം സങ്കല്പിക്കുക; ഒരാളുടെ കുട്ടിയാണെന്ന് വിചാരിക്കുക; —കൃതിയാണെന്ന്—. -hood, *n.* പിതൃസ്ഥാനം, പൈത്രാധികാരം, പിതൃത്വം; പിതൃദേശം. -less, *n.* അച്ഛനില്ലാത്തകുട്ടി, അനാഥകുട്ടി. -less-ness, *n.* അനാഥത്വം. -li-ness, *n.* പിതൃവാത്സല്യം. -ly, *a.* അച്ഛനൊത്ത; പൈതൃക; പിതൃഭാവം ഉള്ള; വാത്സല്യം—, ദയ—; *ad.* പിതൃഭാവത്തോടെ. -ship, *n.* പിതൃത്വം.

Fath'om, *n.* ആറടി, മാറ്, ആള് ആഴം, —വെള്ളം; 2. ബുദ്ധിക്കരുത്ത്. *v. t.* പൊത്തിപ്പിടിക്കുക, വണ്ണം നോക്കുക; 2. ആഴം അളന്ന്—; 3. ഉള്ളറിയുക, ഗ്രഹിക്കുക. -a-ble, *a.* ഗ്രഹിക്കാവുന്ന, ബുദ്ധിഎത്താകുന്ന. -less, *a.* ആഴമററ; അഗാധം ആയ; അഗ്രാഹ്യം—.

Fa-tĭgue' (-tĭg'), *n.* ക്ഷീണം, ആലസ്യം; 2. അദ്ധ്വാനം. *v. t.* തളച്ചവരുത്തുക; ക്ഷീണിപ്പിക്കുക; 2. ഭണ്ഡിപ്പിക്കുക.

Fau'cēs (fa'sēz), *n. pl.* കണ്ഠനാളം, തൊണ്ട (*an.*). fau'cal, fau'cial, *a.* കണ്ഠസംബന്ധം ആയ; കണ്ഠ്യം—.

Fault (falt), *n.* ഊനം; കുറവ്; 2. ദൂഷ്യം; 3. തെററ്, കുററം. f.-finder കുററം നോക്കുന്നവൻ, ആക്ഷേപകൻ. f.-finding കുററം പറയൽ; തെററ് പിടിക്കൽ. at f. വിഷമത്തിൽ ആക; തെററിപ്പോക. to a f. കണക്കിലേറ, അതിര് കടന്ന. to be in the f. തെററ്കാരൻ ആക. to find f. with ആക്ഷേപിക്കുക, കുററം പറയുക. for f. of ഇല്ലാത്തത്കൊണ്ട്. ='ti-ly, *ad.* അബദ്ധമായി. ='ti-ness, *n.* കുറവ്, അബദ്ധം. -'less, *a.* അബദ്ധം ഇല്ലാത്ത; കളങ്കം—; ശരിയായ, കൃത്യം—. ='ty, *a.* കുറവുള്ള, ദൂഷ്യം—; പററാത്ത; ആക്ഷേപകരമായ.

Faun (fan), *n.* വനദേവത. fau'na, *n.* ജീവജാലം, മൃഗജീവങ്ങൾ. fau'nal, *a.* മൃഗജീവസംബന്ധമായ.

Fa-vel', *n.* മുഖസ്തുതി. to curry f. പാട്ടിലാക്കുക.

Fa-vō'ni-an, *a.* പടിഞ്ഞാറൻ കാററ് സംബന്ധം ആയ; 2. ശാന്തം—, മന്ദം—.

Fā'vŏr, Fā'vŏur, *n.* ഇഷ്ടം, രസം, പക്ഷം; 2. സഹായം; 3. ഉപകാരം; 4. കൃപ, ദയ; 5. കൃപാവിഷയം; 6. സ്നേഹചിഹ്നം; 7. മുഖരൂപം; 8. പക്ഷഭേദം (*l.*); 9. കത്ത്. in f. of ഗുണം ആയി, അനുകൂലം—. in f. with സഹായംകൊണ്ട്, ഉത്സാഹം—. to curry f. സേവപിടിക്കുക. with one's f., by one's f. കൃപയുണ്ടായിട്ട്. *v. t.* പ്രസാദിക്കുക, ആദരവ്കാട്ടുക, ദാക്ഷിണ്യം—; തുണക്കുക; ഇഷ്ടപക്ഷം കാണിക്കുക; 2. അനുകൂലിക്കുക; 3. മുഖരൂപം ഒത്തിരിക്കുക, പോലെയിരിക്കുക. -a-ble, *a.* കൃപഉള്ള, ഇഷ്ടം—, ശുഭമായ; അനുകൂലം ഉള്ള, തഞ്ചം—; സൌന്ദൎയ്യം—. -a-bly, *ad.* അനുകൂലമായി. =vŏured (-vērd), *a.* പക്ഷമുള്ള, കൊണ്ടകൈ ആയ; രൂപമുള്ള, പോലെ തോന്നുന്ന. well-f.d സുരൂപി ആയ. ill-f.d കുരൂപി—. hard-f.d കൎക്കശഭാവമുള്ള. -ĕr, *n.* ഉപകാരി, അനുകൂലി. -ess, *n.* ഉപകാരിണി. -ing, *a.* അനുകൂലിക്കുന്ന. -ite, *n.* ഇഷ്ടൻ, സേവകൻ, പ്രിയൻ, പ്രിയ; *pl.* കുറുനിര; പന്തയത്തിൽ ജയിക്കുമെന്ന് അധികം

പേക്ഷം തോന്നുന്നവൻ (തോന്നുന്നത്). *a.* രസം ഉള്ള, പ്രിയം—. **-it-ism,** *n.* പാരപക്ഷം, പക്ഷഭേദം. **-less,** *a.* നിസ്സഹായം ആയ, അനനുകൂലം—.

**Fawn** (fan), *n.* മാൻകുട്ടി, ഇളമാൻ (൭.); 2. പിംഗലവൎണ്ണം; 3. മുഖസ്തുതി. **f.-coloured** പിംഗലവൎണ്ണമുള്ള. *v. i.* (മാൻ)പെറുക; 2. (on, upon) സേവപിടിക്കുക. **-'ĕr,** *n.* മുഖസ്തുതിക്കാരൻ. **-'ing-ly,** *ad.* കൊഞ്ചലോടെ.

**Fāy,** *v. t.* എഴുത്ത് മുറി കഴിക്കുക, നന്നായി കൂട്ടിച്ചേൎക്കുക (*carp.*).

**Fēa'ber-ry,** *n.* നെല്ലിക്ക (*b.*).

**Fē'al-ty,** *n.* യജമാനപ്രീതി; സ്വാമിഭക്തി, രാജ—; 2. വിശ്വസ്തത.

**Fēar** (fēr), *n.* ഭയം, പേടി; ആധി; 2. ഭയഭക്തി; വണക്കം, ശങ്ക; 3. ഭയഹേതു, ആപത്ത്. **f.-naught** ധീരൻ. **for f.** ശങ്കിച്ചിട്ട്, വിചാരിച്ചിട്ട്. *v. t.* പേടിക്കുക, ഭ്രമിക്കുക; 2. ശങ്കിക്കുക; 3. ഭയപ്പെടുത്തുക. *v. i.* ഭയപ്പെടുക. **-'ĕr,** *n.* ഭയപ്പെടുന്നവൻ. **-'ful,** *a.* ഭയമുള്ള; ഭീരുആയ; ഭയജന്യം—; ഭയജനകം—. **-'ful-ly,** *ad.* ഭയങ്കരമായി. **-'less,** *a.* നിൎഭയമായ, ധൈൎയ്യമുള്ള. **-'less-ly,** *ad.* പേടിയില്ലാതെ. **-'sŏme,** *a.* ഭയങ്കരം ആയ; പേടിക്കുടലൻ—.

**Fēa'si-ble** (fē'zi-), *a.* സാദ്ധ്യമായ, ചെയ്യാൻ കഴിയുന്ന, പാങ്ങുള്ള, നിൎവ്വാഹ്യമായ. **=bil'i-ty,** *n.* ശക്യത, നിവൃത്തി, നിൎവ്വാഹം. **=bly,** *ad.* പാങ്ങ്പോലെ.

**Fēast** (fēst), *n.* ഉത്സവം, അടിയന്തരം, പെരുനാൾ; 2. സദ്യ, വിരുന്ന്, സല്ക്കാരം, കോപ്പ്; 3. സന്തുഷ്ടി, മൃഷ്ടം. **f.-day** വിശേഷദിവസം. *v. i.* പന്തിഭോജനം കഴിക്കുക, വിരുന്നുണ്ണുക; 2. തൃപ്തിപ്പെടുക; അത്യാനന്ദം തോന്നുക. *v. t.* സല്ക്കരിക്കുക, വിരുന്നൂട്ടുക, സദ്യകഴിക്കുക; 2. മൃഷ്ടമാക്കുക. **-'ĕr,** *n.* ഭോജനസുഖിയൻ; സദ്യകഴിക്കുന്നവൻ. **-'ful,** *a.* ഘോഷം ഉള്ള, ഉത്സവം—; മൃഷ്ടമായ. **fes'tal,** *a.* അടിയന്തരം സംബന്ധിച്ച, ഉത്സവം—; ഘോഷം ഉള്ള, ഉല്ലാസം—. **fes'tal-ly,** *ad.* ആഘോഷത്തോടെ. *See* Festive.

**Fēat** (fēt), *n.* കൎമ്മം, ക്രിയ, പ്രവൃത്തി; 2. സാഹസം, പരാക്രമം, മിടുമ. *a.* മിടുക്ക് ഉള്ള, സാമൎത്ഥ്യം—. **-'ly,** *ad.* വൃത്തിയായി; സാമൎത്ഥ്യത്തോടെ. **-'ness,** *n.* മിടുക്ക്, ചാതുൎയ്യം.

**Feath'ĕr** (feth'ĕr), *n.* തൂവല്, തൊപ്പ്; 2. വൎഗ്ഗം, സ്വഭാവം; 3. അസ്ത്രപത്രം; 4. കുതിരക്കുഞ്ചിരോമം. **f.-bed** തൂവൽനിറച്ചകിടക്ക. **f.-brained** ലഘുബുദ്ധിയായ. **f.-edge** അരു, വായിത്തല. **f.-head** ഭോഷൻ. **f.-headed** മൌഢ്യമുള്ള. **f.-heeled** ചുണഉള്ള, വേഗം—; തുള്ളിക്കളിക്കുന്ന. **f.-pated** ബുദ്ധികെട്ട. **f.-weight** ലഘുഭാരം. **a f. in the cap** ബഹുമാനം, പദവിചിഹ്നം. **to be in full f.** മോടിയായി ഉടുത്ത് ചമയുക. **to be in high f.** ആനന്ദപരവശനാക; ധൈൎയ്യത്തോടെ ഇരിക്കുക. **to cut a f.** വമ്പ് നടിക്കുക. **to shew the white f.** ഭീരുത്വം കാട്ടുക, ഓടിക്കളയുക. *v. t.* തൂവല് കെട്ടുക, —വെക്കുക; 2. അലങ്കരിക്കുക; തൊങ്ങൽ വെക്കുക; 3. ലഘുവാക്കുക, പറപ്പിക്കുക; 4. സമ്പാദ്യം ഉണ്ടാക്കുക; ഗുണം ചെയ്യുക; 5. (പക്ഷി) ഇണചേരുക. **to f. one's nest** ആരാന്റെ മുതൽകൊണ്ട് സമ്പാദ്യം ഉണ്ടാക്കുക; തന്നെക്കരുതുക. **to tar and f. a person** അപമാനിക്കുക, ശിക്ഷിക്കുക. *v. i.* (out) തൂവല് മുളക്കുക, —ആററുക; 2. തെരുത്ത് പോക; 3. തണ്ട് മലൎത്തുക; 4. തൂവല് പോലെയിരിക്കുക. **=ĕred** (-ĕrd), *a.* ചിറക് ഉള്ള, തൂവല്—, —വെച്ച; രോമം ഉള്ള; ശൃംഗാരം—. **-i-ness,** *n.* തൂവൽ ഉള്ള സ്ഥിതി; മാൎദ്ദവം. **-ing,** *n.* തണ്ട് മലൎത്തൽ; പപ്പ്, പൂട. **-y,** *a.* തൂവലിനൊത്ത; തൂവലുള്ള.

**Fēa'tūre** (fē'tūr *or* fē'chur), *n.* മുഖരൂപം, —ഭാവം; 2. (*pl.*) മുഖം; 3. ആകൃതി, വിശേഷം; ലക്ഷണം. **=tūred** (-tūrd), *a.* ആകൃതിയായ; രൂപവിശേഷമുള്ള. **-ly,** *a.* രൂപവിശേഷം ഉള്ള, ഭംഗി—, മുഖരൂപം—.

**Fēaze,** *v. t.* പിരിഉടക്കുക.

**Feb-ri-fā'cient** (-fā'shent), **=rif'ĕr-ŏus, =rif'ic, ='ri-fūge,** *etc., s.u.* Fever.

**Feb'ru-ar-y,** *n.* രണ്ടാമത്തെ ഇംഗ്ലീഷ് മാസം, ഫെബ്രുവരി, വിപ്രുവരി; മകരം കുംഭം; ഫാല്ഗുനം ചൈത്രം.

**Fec'ū-la,** *n.* മാവ്, നൂറ്, ഊറൽ, പൊടി. =lent, *a.* കലക്കുള്ള, കലങ്ങിയ; ചളിആയ, ചൊത്ത—. =lence, =len-cy, *n.* ചേറ്, കൊത്ത; മട്ട്, ഊറൽ.

**Fec'und,** *a.* സന്താനസമ്പന്നനായ; വളരെ മക്കൾഉള്ള; 2. ഫലപുഷ്ടി—. =dāte, ='di-fȳ, *v. t.* പെററ് പെരുകുക; 2. ഫലവൃദ്ധിവരുത്തുക. =dā'tiŏn, *n.* ഗൎഭോല്പാദനം; ഫലവൎദ്ധന. =di-ty, *n.* ഫലോല്പാദകത്വം; സന്താനാഭിവൃദ്ധി; അതിപ്രസവം; മുളക്കുന്ന ശക്തി; പ്രസവ—; പുഷ്ടി; പുഷ്കളത്വം, ധാരാളത്വം.

**Fed,** *p. t. of* Feed.

**Fed'ĕr-al,** *a.* ഉടമ്പടിസംബന്ധിച്ച, ഉഭയസമ്മതം—; 2. സന്ധികരാറിനാൽ തമ്മിൽ ചേൎന്ന; 3. സംസ്ഥാനൈകമത്യ സംബന്ധമായ; 4. സംയുക്തസംസ്ഥാന രാജ്യഭാര—. -ist, *n.* ഐകമത്യരാജ്യഭാരാനുകൂലി. -ism, *n.* സംസ്ഥാനൈകമത്യം. -īse, -īze, *v. t.* ഉടമ്പടിയാൽ ഒന്നായി ചേൎക്കുക. =āte, *a.* സംയുക്തമായ, ഉടമ്പടിയാൽ ചേൎന്ന. =ā'tiŏn, *n.* ഉടമ്പടിസംബന്ധം; സന്ധി; ഐകമത്യവാഴ്ച.

**Fēe,** *n.* വസ്തുവക, ആസ്തി; 2. പ്രതിഫലം, 'ഫീസ്'; 'ദസ്തൂരി'; 3. വൃത്തിഭൂമി; കുടിമ; 4. ജന്മാവകാശം. f.-estate വിരുത്തിഭൂമി. f.-farm കൊഴനിലം; ശാശ്വതാവകാശം. f.-farm rent ശാശ്വതജന്മഭോഗം, പുറപ്പാട്. f.-simple ജന്മഭൂമി. f.-tail പിന്തുടൎച്ചക്കു ക്ലുപ്തപ്പെട്ടതിയ—. *v. t.* കൂലികൊടുക്കുക, പ്രതിഫലം—, കയ്ക്കൂലി—.

**Fēe'ble,** *a.* ക്ഷീണിച്ച, ബലഹീനമായ; 2. ചുണകെട്ട, ചുറുക്കില്ലാത്ത. f.-minded ബുദ്ധിശക്തി കുറഞ്ഞ; ചഞ്ചലഭാവമുള്ള. -ness, *n.* ക്ഷീണം, സുഖക്കേട്. fēe'bly, *ad.* ചൈതന്യമില്ലാതെ.

**Fēed,** *v. t. ir.* (fed, fed) തീററുക, പോഷിപ്പിക്കുക, വിശപ്പ് തീൎക്കുക; 2. തൃപ്തിപ്പെടുത്തുക, ആശതീൎക്കുക; 3. ബുദ്ധിമട്ട്—; കൊടുക്കുക, എത്തിക്കുക; 4. പോററുക, പാലിക്കുക; 5. മേയ്ക്കുക; 6. വെള്ളവും പുല്ലും കാട്ടുക, തീൻകൊടുക്കുക, —ഇടുക. *v. i.* തിന്നുക, ആഹാരം കഴിക്കുക; 2. (on, upon) ഉപജീവിക്കുക; 3. മേയുവാൻ വിടുക; 4. പുഷ്ടിവെക്കുക, തടിക്കുക. *n.* ആഹാരം, തീൻ; 2. മേച്ചൽ; 3. ഭക്ഷണം കഴിക്കൽ. f.-bag 'തോബറ', 'തോപ്പ്'. f.-head പോഷകജലാശയം. -'ĕr, *n.* പോററുന്നവൻ; കലവറക്കാരൻ; ഉത്സാഹിപ്പിക്കുന്നവൻ; തിന്നുന്നവൻ; തിന്നുന്നജന്തു; അറുക്കുവാനുള്ള മൃഗത്തെ പോററുന്നവൻ; ഉപനദി, പോഷക—; പോഷകമാൎഗ്ഗം, ഉപ—, —വിഷയം. -'ing, *n.* തീററി; തീററൽ; ഭക്ഷണസാധനം; മേച്ചൽ. f.g-bottle മുലക്കുപ്പി.

**Fēel,** *v. t. ir.* (felt, felt) സ്പൎശിക്കുക; 2. (out) തൊടുക, തൊട്ട് നോക്കുക; തടവുക; 3. തോന്നുക, അനുഭവിക്കുക, ഉണ്ടാക; 4. അറിയുക, ഗ്രഹിക്കുക, മനസ്സിലാക; 5. കാണുക. to f. the helm ചുക്കാന്ന് ഒതുങ്ങിഓടുക. *v. i.* തൊട്ടറിയുക; 2. തട്ടുക, കൊള്ളുക; 3. തോന്നുക, ഉണ്ടാക; 4. ബോധം ഉണ്ടാക, നിശ്ചയം—; 5. സ്പൎശനത്താൽ തോന്നുക. to f. after തപ്പിനോക്കുക, തിരഞ്ഞ്—. to f. of തൊട്ട്—. *n.* അനുഭവം, അറിവ്; 2. സ്പൎശബോധം. -'ĕr, *n.* മീശ, തപ്പിനാർ (*z.*); പരീക്ഷാൎത്ഥകാൎയ്യം. -'ing, *a.* അലിവ് ഉള്ള; വേദന—; *n.* സ്പൎശേന്ദ്രിയം, തൊട്ടറിവ്; ബോധം, അനുഭവം, അറിവ്; ആൎദ്രത, കരുണ; ഭാവം. fellow-f.g സഹതാപം, കൃപ. -'ing-ly, *ad.* പരിതാപത്തോടെ, കൃപയോടെ.

**Fēet,** *n. pl. of* Foot.

**Fēeze,** *v. t.* പിരിമുറുക്കുക; 2. അടിക്കുക, ശിക്ഷിക്കുക. to f. up കോപിപ്പിക്കുക.

**Feign** (fān), *v. t.* ഭാവിക്കുക, നിരൂപിക്കുക; 2. നടിക്കുക; 3. വ്യാപ്തികാട്ടുക. feigned (fānd), *a.* മായം ആയ, വ്യാജം—. -'ed-ly, *ad.* കൃത്രിമം ആയി, നാട്യം—. -'ĕr, *n.* നടിക്കുന്നവൻ, മായാപി. -'ing, *a.* കാപട്യമായ, യഥാൎത്ഥമല്ലാത്ത. -'ing-ly, *ad.* ഉപായമായി. feint (fānt), *n.*

നാട്യം, കപടം; ഒഴികഴിവ്, ഉപായം; ഉപായമായ ഓങ്ങൽ.

Feld'spär, Fel'spär, Feld'spath, Fels'path, *n.* അഭ്രം (*min.*).

Fe-lic'i-tāte, *a.* ഭാഗ്യശാലിയായ. *v.t.* ഭാഗ്യം വരുത്തുക, സന്തോഷിപ്പിക്കുക; 2. മംഗലവാക്ക് പറയുക; കൊണ്ടാടുക. f. one's self സന്തോഷിക്കുക. =tā'tiŏn, *n.* അഭിവാദ്യം; സ്തുതി, പ്രശംസ. =tŏus, *a.* ഭാഗ്യം ഉള്ള, സന്തോഷം—; സാമർത്ഥ്യം—; സുഭിക്ഷം ആയ, യോഗ്യം—. =tŏus-ly, *ad.* ആനന്ദത്തോടെ. ='i-ty, *n.* സൌഭാഗ്യം, ധന്യത, സുഖാനുഭോഗം; നന്മ; ചാതുര്യം, രസം, വിശേഷം.

Fe'lis, *n.* മാർജ്ജാരവർഗ്ഗം; സിംഹം, പുലി, പൂച്ച (*z.*). fē'līne, *a.* മാർജ്ജാരവർഗ്ഗത്തിൽപെട്ട; പൂച്ചയെപോലെ ഉള്ള; ഉപായം—, വ്യാപ്തി—.

I. Fell, *p.t. of* Fall.

II. Fell, *a.* ക്രൂരതയുള്ള; ഭയങ്കരംആയ, നിർദ്ദയം—, കഠോരം—; 2. വാഞ്ഛയുള്ള, താല്പര്യം—. -'ness, *n.* കാഠിന്യം, ഉഗ്രത.

III. Fell, *n.* കോപം, കൈപ്പ്; 2. രോമമുള്ള തോല്; 3. പാറക്കുന്ന്, പൊട്ടപ്പാറ; 4. തരിശ് നിലം, ചതുപ്പ്—.

IV. Fell, *v.t.* തള്ളിയിടുക, വീഴ്ത്തുക; മരം മുറിക്കുക, വെട്ടുക; 2. മടക്കിത്തുന്നുക. -'a-ble, *a.* മുറിക്കത്തക്ക. ='lĕr, *n.* മരം മുറിക്കുന്നവൻ. ='ling, *n.* മടക്കിത്തുന്നൽ.

Fel'lōw (-lō), *n.* ചങ്ങാതി, മിത്രം, കൂട്ടാളി; സഹായി; കൂറ്കാരൻ; 2. നിസ്സാരൻ; 3. സമൻ, തുല്യൻ; സ്വജനം; സവയസ്സൻ; 4. ജോഡിൽ ഒററ, ഇണയിൽ—, ഇണ; 5. ആള്, വിദ്വാൻ; 6. വിദ്യാശാലാപദവിക്കാരൻ; 7. സർവ്വകലാശാലാംശം; 8. സഭാംശം, സദസ്യൻ. f.-citizen സഹപൌരൻ, ഒരേപട്ടണക്കാരൻ. f. commoner വിദ്യാർത്ഥി. f. creature സമസൃഷ്ടി, സഹ—. f.-countryman സ്വദേശസ്ഥൻ, രാജ്യക്കാരൻ. f.-feeling അന്യോന്യഭാവം; ഐകമത്യം. f.-mortal പോലെയുള്ള മനുഷ്യൻ, തുല്യനായ—. f.-student സഹാദ്ധ്യായി, സഹപാഠകൻ. f.-labourer, f.-servant, f.-workman കൂട്ട്പ്രവൃത്തിക്കാരൻ, —ദാസൻ. f.-passenger —യാത്രക്കാരൻ. bed-f. കൂടക്കിടക്കുന്ന ആള്. play-f. കൂടക്കളിക്കുന്നവൻ. my good f. എടോ, ചങ്ങാതീ. to play the good f. തക്കതികാട്ടുക. *v.t.* ഇണെക്കുക, യോജിപ്പിക്കുക; ഇണയാക്കുക. -less, *a.* കൂച്ചില്ലാത്ത; അതുല്യം ആയ, അനന്യം—. -līke, *a.* തുല്യം—; ചങ്ങാതിയാക്കത്തക്ക. -ship, *n.* മൈത്രി; ഇണക്കം, സംസർഗ്ഗം, കൂട്ടായ്മ; കൂറ്; കൂട്ടാളികൾ; കുഡുംബക്കാര്; ജാതിക്കാര്; വിദ്യാർത്ഥിസഹായധനം; ലാഭഭേദവിതരണിതം (*ar.*). good f.p സൌഹാർദ്ദം, കൂറ്. *v.t.* ക്രിസ്ത്യാനിസംസർഗ്ഗത്തിൽ ചേർക്കുക (*Chr.*). [വട്ട്.

Fel'lōe, Fel'ly, *n.* ചക്രത്തിന്റെ

*Fē'lo-de-sē*, *n.* ആത്മഹന്താവ്, സ്വയഹത്യക്കാരൻ.

Fel'on, *n.* ഏററകുററം ചെയ്യുവൻ, വൻകുററം— (*l.*); 2. പാതകൻ; 3. കുഴിനഖം, വിരൽക്കുരു (*med.*). *a.* ദുഷ്ടതയുള്ള, വഞ്ചന—; സ്വാമിഭക്തിയില്ലാത്ത. fe-lō'ni-ŏus, *a.* ദുഷ്ടബുദ്ധിയോട് കൂടിയ; ഏററകുററം ആയ; രാജദ്രോഹം—. fe-lō'ni-ŏus-ly, *ad.* പാതകവിചാരത്തോടെ. -ry, *n.* പാതകപ്പരിഷ; തടവുകാരുടെ കൂട്ടം. -y, *n.* കുററം; ഏററകുററം; മരണശിക്ഷായോഗ്യമായ—.

I. Felt, *p.t. of* Feel.

II. Felt, *n.* ചർമ്മശീല, രോമ—, തടിപ്പ്—; 2. ശീലത്തൊപ്പി; 3. തോല്. f. grain മരച്ചുറ. *v.t.* മെടയുക, തടിപ്പാക്കുക.

Fē'māle, *n.* സ്ത്രീ, പെണ്ണ്, പിട; 2. പെൺമരം (*b.*). f.-dove പ്രാപ്പിട. f.-elephant പിടിയാന. *a.* പെൺ, സ്ത്രീയായ; സ്ത്രീകൾക്കൊത്ത, സ്ത്രീഭാവമുള്ള. f.-rhymes ദ്വയാനുപ്രാസം. f.-screw 'ചപ്പിഞ്ഞ'. -īse, -īze, *v.t.* സ്ത്രീയാക്കിത്തീർക്കുക, സ്ത്രീയായി സങ്കല്പിക്കുക. feme (fem), *n.* സ്ത്രീ. f.e-covert വിവാഹിതഭാര്യ. f.e-sole ഏകാകിനി; കന്യക; വിധവ; ത്യക്ത. fem-i-nē'i-ty, *n.* സ്ത്രീഗുണം. fem'i-nine (-nin), *a.* സ്ത്രീആയ;

പെണ്ണ്—; സ്ത്രീഭാവമുള്ള; സ്ത്രീകൾക്കു വിഹിതമായ; അടക്കം ഉള്ള; സൌന്ദര്യം—; പ്രേമം—; ബലഹീനത—; ഭീരുത്വം—; മോടിപ്രിയം—; സ്ത്രീലിംഗരൂപമായ (*gr.*). *n.* സ്ത്രീ; സ്ത്രീലിംഗപദം (*gr.*). fem'i-nine-ly, *ad.* സ്ത്രീകൾക്കൊത്തവണ്ണം. fem'i-nine-ness, fem-i-nin'i-ty, *n.* സ്ത്രീസ്വഭാവം. fem'i-nīse, fem'i-nīze, *v. t.* സ്ത്രീസ്വഭാവമാക്കുക. *femme* (fem), *n.* സ്ത്രീ. *f.e de chambre* ദാസി, ഇരുത്തി.

Fē'mur, *n.* (*pl.* fem'o-rä) ഊൎവ്വസ്ഥി, തുടയെല്ല് (*an.*); തുട. fem'o-ral, *a.* തുടയിലുള്ള, ഊൎവ്വസ്ഥിസംബന്ധമായ.

Fen, *n.* ചതുപ്പ്നിലം, കഴിപ്പാട്, കഴിക്കണ്ടം. -'nish, -'ny, *a.* കൈപ്പാട്ടിൽ ഉള്ള; ഈറം—.

Fence, *n.* രക്ഷ, മറവ്; പരിച; 2. വേലി, കിള, കിടങ്ങ്; അകിഴ്; 3. പയററ്, പൊയ്ത്ത്, കളരിവിദ്യ; 4. തൎക്കനൈപുണ്യം; 5. കളവ്മുതൽ കൈവശം വെക്കുന്നവൻ; —സൂക്ഷിക്കുന്ന സ്ഥലം (*l.*). f.-time പൊരുന്നുന്ന കാലം, പെറുന്ന—. to be on the f. കക്ഷിചേരാതെ ഇരിക്കുക. *v.t.* തടുക്കുക, കാക്കുക, രക്ഷിക്കുക; 2. വേലികെട്ടുക, വാടകോരുക. to f. the tables തിരുവത്താഴാൎത്ഥികളെ പ്രബോധിപ്പിക്കുക (*Chr.*). *v.i.* കാത്ത് കൊള്ളുക, തടുക്കുക; 2. വാളഭ്യാസം ചെയ്യുക, പയററുക; 3. വാദിക്കുക. -'less, *a.* വേലിയില്ലാത്ത; തുറസ്സായ. fen'cĕr, *n.* പൊയ്ത്ത്കാരൻ, അഭ്യാസി. fen'cing, *n.* കളരിവിദ്യ, വാളുംപലിശയഭ്യാസം; വാദം, തൎക്കം; വേലിക്കോപ്പ്; വേലികെട്ടൽ; വേലി. f.g-school കളരി. f.g-master ഗുരുക്കൾ (*N.*), കളിയച്ഛൻ (*S.*).

Fend, *v. t.* (off) മുടക്കുക; തടുക്കുക. *v. i.* എതിൎക്കുക, തടുത്ത്നില്ക്കുക; തട്ടിക്കളയുക. -'ĕr, *n.* തീമറ; തെരിക; വണ്ടിച്ചിറക്, വണ്ടിപ്പലക; മൂലരക്ഷക്കുററി.

Fen'er-āte, *v.i.* പലിശക്ക് കൊടുക്കുക, പൊലിവിന്ന്—. =ā'tiŏn, *n.* പലിശക്ക് കൊടുക്കൽ; പലിശ, പൊലി.

Fen'nel, *n.* ശതകുപ്പ; വലിയ ജീരകം (*b.*). Azorean f., sweet f. പെരിഞ്ജീരകം (*b.*). [(*b.*).

Fen'ū-grēek, *n.* ഉലുവ, വെന്തയം

Feo'dar-y (fū'dĕr-y), *n.* സഹായകൻ, ഉത്സാഹിപ്പിക്കുന്നവൻ.

Feoff (fef), *v. t.* ശാശ്വതം കൊടുക്കുക; അട്ടിപ്പേറ്—. *n. see* Fief. ='fēe (fef'fē), *n.* ജന്മംകിട്ടിയവൻ, കുടിമ—(*l.*). -ment, *n.* കുടിമജന്മം; കുടിമജന്മാധാരം (*l.*). ='fŏr, ='fĕr, *n.* ശാശ്വതം കൊടുക്കുന്നവൻ (*l.*).

Fe-rā'ceŏus (-shus), *a.* ഫലപ്രദം ആയ, പുഷ്ക്കലം—.

*Fē'ræ, n. pl.* മാംസഗ്രാസജന്തു (*z.*). *f.-naturæ* കാട്ട്മൃഗം. *fē'ral, a.* മെരുങ്ങാത്ത, കാട്ട്.

Fer'fōrth, *ad.* അധികമായി. as f. as കഴിയുന്നേടത്തോളം. so f. ഓളം, വണ്ണം.

Fē'rīne, *a.* കാട്ട്, മെരുങ്ങാത്ത; ഉഗ്ര. *n.* കാട്ട്മൃഗം.

Fĕr'ment, *n.* പുളിപ്പിക്കുന്ന സാധനം; 2. പതപ്പ്, തിളപ്പ്, കലക്കം; 3. പുളിപ്പ്; നുര. fĕr-ment', *v. t.* പുളിപ്പിക്കുക, പതവരുത്തുക; കലക്കമുണ്ടാക്കുക, ഇളക്കുക. *v. i.* പുളിച്ച്പൊന്തുക, നുരച്ച്—; 2. മനഃകലക്കം ഉണ്ടാക, പരിഭ്രമം—. =ta-bil'i-ty, *n.* പതക്കുന്ന ഗുണം. =ta-ble, *a.* നുരഉണ്ടാകുന്ന, പുളിപ്പ്—. =tā'tiŏn, *n.* പുളിക്കൽ, പതച്ച്പൊങ്ങൽ; കലക്കം, ഭ്രമം, വ്യാകുലം. =ta-tive, *a.* പതവരുത്തുന്ന, പുളിപ്പ്—.

Fern, *n.* പന്നച്ചെടി, പനച്ചെടി (*b.*). f.-shaw പനച്ചെടിക്കാട്. -'ĕr-y, *n.* പനച്ചെടിത്തോട്ടം. -'ti-cle, *n.* മറു, കാക്കപ്പുള്ളി. -'y, *a.* പനച്ചെടിയുള്ള.

Fe-roc'i-ty, *n.* കാട്ടാളത്വം, മൃഗത്വം; ഉഗ്രത, ക്രൌൎയ്യം, കന്നത്വം. =rō'-ciŏus (-shus), *a.* ഭയങ്കരം ആയ, ഘോരം—, ക്രൂരം—; ബുഭുക്ഷയുള്ള. =rō'ciŏus-ly, *ad.* കൊടൂരമായി. fe'rŏus, *a.* മ്ലേച്ഛതഉള്ള, കാട്ടാളത്വം—.

Fer'ŏus, *suf.* പ്രദം ആയ, ജനകം—.

Fer'ret, *n.* വെള്ളക്കീരി (*z.*). *v.t.* തുരത്തുക; 2. (out) മാന്തിഎടുക്കുക, മാന്തി പ്പുറത്താക്കുക.

Fer'ri, Fer'rō, *suf.* അയഃ, ഇരി മ്പുള്ള. fer'rŏus, *a.* അയോജന്യം ആയ. fer-rug'i-nŏus, *a.* —മയം—; ചെമ്നിറ മുള്ള. [കെട്ട്.

Fer'rule, *n.* ചുററ്, വളപ്പ്, ചുറ,

Fer-ru'mi-nāte, *v.t.* കൂട്ടിവിളക്കുക. =nā'tiŏn, *n.* വിളക്കൽ, സംഘടിപ്പിക്കൽ.

Fer'ry, *n.* തോണിക്കടവ്; 2. കടവ് തോണി. f.-boat —തോണി. f.-man —കടത്തുന്നവൻ. *v. t.* —കടത്തുക, തോ ണി—. *v. i.* കടവ് കടക്കുക. fer'ri-āge, *n.* —കൂലി. fer'ri-ĕr, *n.* കടവുകാരൻ.

Fĕr'tile (-til, -tīl), *a.* പുഷ്ടിഉള്ള, വളം—; 2. ഫലപ്രദം ആയ, —ഭരിതം—; 3. സമൃദ്ധി—. -ly, *ad.* ഫലവത്ത് ആ യി, ബഹുലം—. -ness, =til'i-ty, *n.* സാഫല്യം, വളപുഷ്ടി, വളം; സാരം; സുഭിക്ഷത, സമൃദ്ധി; പുഷ്ടിഉളവ്; വേ ഗത. =til-i-sā'tiŏn, =til-i-zā'tiŏn, *n.* വളമിടൽ; ഉല്പാദനം. =til'īse, =til'-īze, *v.t.* പുഷ്ടിവരുത്തുക; വളംചേർക്കുക; ഉല്പാദിപ്പിക്കുക. =til'ī-sĕr, =til'ī-zĕr, *n.* പുഷ്ടിവരുത്തുന്നവൻ; വളം.

Fer'ūle, *n.* കട്ടികളെ അടിക്കുന്ന വ ടി, ചൂരല്. *v. t.* അടിക്കുക, ശിക്ഷി ക്കുക. =lā'ceŏus (-shus), *a.* ചൂരലി നൊത്ത; ഓടപോലെയുള്ള.

Fĕr'vent, *a.* ഉഷ്ണം ഉള്ള, ചൂട്—, വേവുന്ന; 2. എരിവ് ഉള്ള, ഉത്സാഹം—, ശുഷ്കാന്തി—. -ness, =ven-cy, *n.* ശ്ര ദ്ധ, താല്പര്യം, ചൊടി, തീക്ഷ്ണത. -ly, *ad.* ചുറുചുറുപ്പോടെ. =ves'cent, *a.* പതച്ച് വരുന്ന.

Fĕr'vid, *a.* അത്യുഷ്ണമുള്ള, പതക്കുന്ന, കത്തിക്കരിയുന്ന; 2. ഉഗ്രം ആയ, തീ ക്ഷ്ണം—, ഉത്സാഹം ഉള്ള, വൈരാഗ്യം—. -ly, *ad.* ചൊടിയോടെ. -ness, *n.* ആസക്തി.

Fĕr'vŏr, Fĕr'vŏur, *n.* വേവൽ, വെ മ്പൽ, കമിച്ച; 2. ഭക്തിവൈരാഗ്യം, തീ ക്ഷ്ണത.

Fes'tĕr, *v.i.* പഴക്കുക, ചലം കെട്ടു ക, വ്രണമാക; 2. വീങ്ങുക, ചീയുക, അ ഴുകുക. *v. t.* പുണ്ണാക്കുക. *n.* കരു, പു ണ്ണ്, വ്രണം.

Fes'ti-nāte, *a.* ബദ്ധപ്പാടുള്ള. =nā'-tiŏn, *n.* വേഗത, തിടുക്കം.

Fes'ti-val, *n.* ഉത്സവം, പെരുന്നാൾ, അടിയന്തരം. =tive, =tiv-ŏus, *a.* ഘോഷം ഉള്ള, സന്തോഷം—; ഉത്സവ സംബന്ധമായ. =tiv'i-ty, *n.* ഉല്ലാസം, ഘോഷം, ഉത്സവം, അടിയന്തരം.

Fes-toon', *n.* പുഷ്പമാല, ലതാ—, തോ രണം. *v. t.* തോരണം തൂക്കുക, അലങ്ക രിക്കുക. -y, *a.* തോരണം കെട്ടിയ, —പോലെയുള്ള.

Fetch (fech), *v. t.* കൊണ്ട് വരിക, പോയികൊണ്ട്—, കിട്ടുക; 2. വിലകിട്ടു ക, —ഉണ്ടാക; 3. (to) സുബോധം വരു ത്തുക; 4. തള്ളിയിടുക; 5. ചെയ്യുക, വ രുത്തുക; 6. ചെല്ലുക, എത്തുക; 7. ആക്കുക, ഉണ്ടാക്കുക. to f. one's breath ശ്വാസം വലിക്കുക. to f. a blow അടിക്കുക. to f. a compass വളച്ച് പോക. to f. a leap ചാടുക. to f. a sigh നെടുവീർപ്പിടു ക. to f. headway മുമ്പോട്ട് പോക. to f. sternway വഴിയോട്ട്—. to f. out വികസിപ്പിക്കുക, തെളിയിക്കുക. to f. up എത്തിപ്പിടിക്കുക; നിറുത്തുക. *v. i.* എ ത്തുക, ആയത്തിരുക; മുമ്പോട്ട് പോക; തി രിയുക. to f. about ചുററിത്തിരിയുക. to f. and carry പാദസേവ ചെയ്യുക. *n.* ഉപായം, കൌശലം, വിളവ്; മായ ക്കാഴ്ച. f.-candle കുളിച്ചൂട്ട, മൃത്യുദീപം.

Fete (fāt), *n.* ഉത്സവം, ഘോഷം, സദ്യ. *v. t.* സല്ക്കരിക്കുക.

Fē'tich, fē'tish, *n.* പ്രകൃതിവിഗ്ര ഹം; 2. ദേവൻ, ജീവൻ. -ism, =cism, *n.* പ്രകൃതിവിഗ്രഹാരാധന; അതിപ്രി യം, —ഭക്തി; മൂഢവിശ്വാസം. -ist, *n.* പ്രകൃതിവിഗ്രഹാരാധകൻ. -is'tic, *a.* —വിഗ്രഹാരാധനസംബന്ധമായ.

**Fē'tid,** *a.* നാററമുള്ള. **-i-ty, -ness,** *n.* ദുൎഗ്ഗന്ധം. **=tŏr,** *n.* ചൂര്, നാററം, ദുൎഗ്ഗന്ധം.

**Fet'lock,** *n.* കതിരക്കണങ്കാൽ, കതിരക്കണങ്കാൽരോമം.

**Fet'tĕr,** *n.* ബന്ധം; 2. (*pl.*) ചങ്ങല, വിലങ്ങ്, തള; 3. പ്രതിബന്ധം, തടസ്ഥം. *v. t.* കെട്ടിയിടുക, ചങ്ങലക്കിടുക, തളക്കുക; 2. തടുക്കുക.

**Fet'tle,** *v. t.* & *i.* നന്നാക്കുക, ഒരുക്കുക, ക്രമപ്പെടുത്തുക. *n.* ക്രമമാക്കൽ. **in fine f.** സന്തോഷത്തോടെ, ധൈൎയ്യത്തോടെ.

**Fē'tus, fœ'tus,** *n.* കരു, ഗൎഭപിണ്ഡം. **='tal,** *a.* ഗൎഭപിണ്ഡസംബന്ധമായ. **=tā'tiŏn,** *n.* കരുവാകൽ, ഗൎഭം. **=ti-cīde,** *n.* ഗൎഭം കലക്കൽ.

**Feū** (fū), *n.* വൃത്തിനിലം, വിരുത്തി—, കുടിമജന്മം; 2. വെറും കൊഴഅവകാശം. **-'ar** (-ĕr), *n.* കുടിമജന്മി; പാട്ടനടപ്പ് കാരൻ.

I. **Feūd** (fūd), *n.* കലപ്പക, വംശപ്പക, രക്തപ്പക; 2. കലഹം, ശണ്ഠ; കുടുംപക, ബദ്ധവിരോധം.

II. **Feūd,** *n.* കുടിമജന്മ അവകാശം (*l.*); 2. —ഭൂമി. **='dal,** *a.* —സംബന്ധമായ. **='dal-ism,** *n.* കുടിമസമ്പ്രദായം, —നിയമം. **='da-tŏr-y,** *n.* കുടിമക്കുടിയാൻ.

*Feu'de-joie* (fu'de-zhwä), ഉല്ലാസമേലേരി; 2. —വെടി, ബഹുമാന—.

**Fē'vĕr,** *n.* പനി, ജ്വരം; 2. വ്യാവലാധി, പരിഭ്രമം. **ardent f.** കഠിനജ്വരം. **eruptive f.** അഞ്ചാംപനി, വസൂരിപ്പനി, **bilious f.** പിത്തപ്പനി. **inflammatory f.** ദാഹപ്പനി. **intermittent f.** വിട്ട്പനി. **malarial f., f. and ague** മലം—, വിറപ്പനി, കല്യക്കിപ്പനി, തുള്ളപ്പനി, പനിയും വിറയും. **phlegmatic f.** കഫജ്വരം. **puerperal f.** പ്രസവപ്പനി. **remittent f.** വിഷമജ്വരം. **slight f.** കാച്ചൽ, നീറൽ. **typhoid f., enteric f.** വിഷപ്പനി, വസന്തജ്വരം, അതിസാരപ്പനി, സന്നിപാതം, സന്നി. **f.-blister** പനിതുറൽ. *v. t.* പനിവരുത്തുക, തപിപ്പിക്കുക. **-ish,** *a.* കാച്ചലുള്ള; ജ്വരസംബന്ധം ആയ, —ലക്ഷണമുള്ള; ഉണങ്ങിയ, വരണ്ട, വറൾച്ചയുള്ള; സുഖമില്ലാത്ത; ആധിയുള്ള. **-ish-ness,** *n.* കാച്ചൽ, ഇളമ്പനി; ആധി, താപം. **-ŏus,** *a.* പനിപിടിച്ച,—ഉള്ള; ജ്വരോല്പാദകമായ. **feb-ri-fā'cient, fe-brif'ĕr-ŏus, feb-ri'-fic,** *a.* ജ്വരജനകമായ, പനിവരുത്തുന്ന. **feb-ri-fā'cient,** *n.* ജ്വരകാരകം. **fe-brif'ū-gal,** *a.* ജ്വരഹാരകമായ. **feb'-ri-fūge,** *n.* ജ്വരഹാരകൌഷധം. **feb'-rile,** *a.* ജ്വരസംബന്ധമായ.

**Few** (fū), *a.* അല്പം, കുറെ; ചുരുക്കം പേര്, ചിലര്. **a f.** അല്പം, ചില. **in f.** ചുരുക്കിപ്പറഞ്ഞാൽ, ചുരുക്കത്തിൽ. **no f.** അധികം, അനേകം. **the f.** അല്പപക്ഷം. **-'ness,** *n.* അല്പത, ചുരുക്കം, കുറവ്.

*Fi'ancée* (fēansā), *n.* മണവാട്ടി, വിവാഹത്തിന്ന് നിശ്ചയിച്ചവൾ, മോതിരപ്പരിചയം കഴിഞ്ഞവൾ.

**Fī-as'cō,** *n.* അമാന്തം, മിത്ഥ്യ, മോശം.

**Fī'at,** *n.* തീൎപ്പ്, കല്പന, വിധി.

**Fib,** *n.* പൊളള്, നുണ, വെടി (*N.*), ഭോഷ്ക്. *v. t.* & *i.* പൊളിപറയുക. **-'bĕr,** *n.* പൊള്ളൻ.

**Fī'bĕr, Fī'bre,** *n.* നാര്, ചകിരി; നൂല്; 2. ഞരമ്പ്; ഊക്ക്, നെഞ്ഞുറപ്പ്. **f.-faced** നാര് പൊന്തിക്കാണുന്ന. **fī'bri-form,** *a.* —പോലെയുള്ള. **fī'bril,** *n.* ചെറുനാര്. **fī'brin,** *n.* നാരൻപശ (*phys.*); മാംസനാര്. **fī'brŏus,** *a.* നാര് ഉള്ള, —കൊണ്ട്—.

**Fib'ū-la,** *n.* (*pl.* **fib'ū-læ**) കാൽവണ്ണയെല്ല്, സ്ഥാപനാസ്ഥി (*an.*).

**Fic'kle,** *a.* സ്ഥിരതയില്ലാത്ത, ചാപല്യം ഉള്ള. **f.-minded** ക്ഷണികബുദ്ധിയായ. **-ness,** *n.* ചഞ്ചലം, ചപലത.

**Fic'tiŏn,** *n.* നിരൂപണം; 2. കെട്ട്കഥ, കുററ്—, കബന്ധം, കൃതി; 3. സങ്കല്പം; 4. വ്യാജം. **-al, ='tiŏus, =ti'tiŏus,** *a.* വാസ്തവമല്ലാത്ത, കെട്ടിച്ചുട്ടി ഉണ്ടാക്കിയ, വകഞ്ഞ്—, കൃത്രിമമായ. **=ti'tiŏus-ly,**

*ad.* നിൎമ്മാണമായി. =ti'tious-ness, *n.* സങ്കല്പനം.

**Fid'dle**, *n.* കമ്പിവാദ്യം, വീണ, കിന്നരം, സാരംഗി. f.-bow, f.-stick വീണവില്ല്, ശാരികാ. f.-string വീണക്കമ്പി. Scotch f. ചിരങ്ങ്. to play first f. മുമ്പൻ ആയിരിക്കുക, അഗ്രേസരൻ—. to play second f. മറ്റൊരുവന്റെ ചൊൽപടിക്കു നടക്കുക, സഹായമായി പ്രവൃത്തിക്കുക. f.-dee-dee ഹേയി, ഛെഃ. f.-faddle നിസ്സാരത്വം; മൂഢത്വം പറയുക. *v. i.* വീണമീട്ടുക; 2. നേരംപോക്കുക. *v. t.* വീണവായിക്കുക.

**Fi-del'i-ty**, *n.* വിശ്വസ്തത, നേര്; 2. ഭക്തി; 3. പാതിവ്രത്യം, പത്നി—; 4. വിശ്വാസ്യത.

**Fidg'et** (fij'et), *v. i.* ഇളകുക, സ്വസ്ഥതയില്ലാതിരിക്കുക; ചഞ്ചലിക്കുക. *n.* സൈ്വരക്കേട്; 2. (*pl.*) ഇളക്കം. =ti-ness, *n.* അസ്വസ്ഥത, ചാപല്യം. =e-ty, *a.* സൈ്വരമില്ലാത്ത, വേവലാധിയുള്ള.

**Fī-dū'ci-al**, *a.* വിശ്വാസം ഉള്ള, ആശ്രയം—, തേററം—; 2. വിശ്വസിച്ചേല്പിച്ച. -ly, *ad.* വിശ്വാസമായി. =ar-y, *a.* നിസ്സംശയമായ, വിശ്വാസമുള്ള; വിശ്വാസത്തിന്മേൽ ഏല്പിച്ച. *n.* ഭരമേല്പുകാരൻ; ഊരാളൻ, സമുദായി.

**Fīe**, *int.* ഛീ, ഹെഃ ഹെഃ.

**Fiēf** (fēf), *n.* വൃത്തിഭൂമി; 2. പ്രതിഫലം.

**Fiēld** (fēld), *n.* വയല്, നിലം; 2. പുല്പാട്, വെളിംപ്രദേശം, മൈതാനം; 3. വയൽപ്രദേശം; 4. പോൎക്കളം; 5. യുദ്ധം; 6. വിശാലപ്രദേശം; 7. കാഴ്ച—; 8. അനുകൂലം, തരം, തഞ്ചം; 9. പന്തയവൎഗ്ഗം. f.-artillery, f.-piece, f.-gun വണ്ടിപ്പീരങ്കി. f.-colours കൊടി. f.-cricket മണ്ണട്ട (*z.*). f.-day യുദ്ധാഭ്യാസദിവസം; പുറത്തു പ്രവൃത്തിയുള്ള—; പണിത്തിരക്കുള്ള—; സന്തോഷ—. f.-glass ഇരട്ടക്കുഴൽ കണ്ണാടി. f.-marshal സേനാധിപപ്രവരൻ. f.-mouse കാട്ടെലി. f.-officer പടനായകൻ, ധളവായി. f.-sport കളി; നായാട്ട്. f.-work കൊത്തളം, മൺകോട്ട. coal-f. കല്ക്കരിപ്രദേശം. ice-f., f. of ice ഒഴുകുന്ന ഹിമപ്പരപ്പ്. f. of view കുഴൽകണ്ണാടിക്കാഴ്ച. to keep the f. യുദ്ധം നടത്തിപ്പോരുക; ചെറുത്തുനില്ക്കുക. to take the f. യുദ്ധം തുടങ്ങുക. *v. t.* പന്തു പിടിക്കുക, —എറിയുക.

**Fiēnd** (fēnd), *n.* ഉഗ്രശത്രു; 2. രാക്ഷസൻ, പിശാച്. -'ish, *a.* പൈശാചികം ആയ, അതിദുഷ്ടതയുള്ള. -'ish-ly, *ad.* പൈശാചികമായി.

**Fiērce** (fērs), *a.* ഭയങ്കരം ആയ, ഘോരം—, ഉഗ്രം—, കഠോരം—; 2. ക്രോധം ഉള്ള, കാഠിന്യം—, ക്രൂരത—; 3. അതിതാല്പൎയ്യം—, വാഞ്ഛ—. -'ly, *ad.* കൊട്ടരമായി. -'ness, *n.* മൂൎഖത, കൊടുമ.

**Fīer'y**, *etc. s. u.* **Fire.**

**Fīfe**, *n.* കുഴൽ, വേണു, ചീനി. *v. i.* കുഴലൂതുക, ചീനിവിളിക്കുക.

**Fif'tēen**, *a.* പതിനഞ്ച്. *n.* പതിനഞ്ചെണ്ണം. ='tēenth, *a.* പതിനഞ്ചാമത്തെ; പതിനഞ്ചിൽ ഒന്നായ. *n.* പതിനഞ്ചാലൊന്ന്.

**Fifth**, *etc. s. u.* **Five.**

**Fif'ty**, *a.* അമ്പത്, ഐമ്പത്. *n.* അമ്പത് എണ്ണം, —എന്നസംഖ്യ. =ti-eth, *a.* അമ്പതാമത്തെ; അമ്പതിലൊന്നായ. *n.* അമ്പതാലൊന്ന്.

**Fĭg**, *n.* അത്തിമരം (*b.*); 2. അത്തിപ്പഴം (*b.*); 3. നിസ്സാരം, പുല്ല്, തൃണം; 4. വേഷം, രൂപം. f.-leaf അത്തിയില; കള്ളത്താഴ്. f.-tree അത്തിമരം.

**Fīght** (fīt), *v.i.ir.* (fought, fought, *pr.* fat) (with, against) പൊരുതുക, പോരാട്ടുക; 2. ചെറുത്തുനില്ക്കുക, എതിൎത്ത്—. to f. shy ഒളിച്ചു പൊരുതുക, അകലെനില്ക്കുക. *v. t.* പടവെട്ടുക, യുദ്ധം ചെയ്യുക; 2. വാദിക്കുക; 3. കലശൽകൂട്ടുക; 4. പോരാട്ടം നടത്തുക. to f. one's way പൊരുതു സാധിപ്പിക്കുക. to f. it out തീൎച്ചവരെ പൊരുതുക, സാദ്ധ്യമാമവോളം—. *n.* പോര്, യുദ്ധം; 2. ശണ്ഠ, അടിപിടി; 3. കലഹസ്വഭാവം. running f. ശത്രുവിനെ പിന്തുടൎന്നുള്ള യുദ്ധം, തീൎച്ചയാകാത്ത—. sham-f. കാഴ്ച

പ്പട, കളിപ്പട. f.-wite അടിപിടിക്കുള്ള പിഴ. -'ing, *a.* യുദ്ധത്തിന്ന് പോന്ന; യുദ്ധം നടക്കുന്ന, യുദ്ധത്തിൽ പെട്ട. a f.g chance യുദ്ധം ഏകനിൎവ്വാഹമായിരിക്കുന്ന സ്ഥിതി. -'ing-ly, *ad.* വിരോധത്തോടെ.

**Fig'ment**, *n.* കൃത്രിമം, സങ്കല്പം, നാട്യം.

**Fig'ūre** (*or* -ur), *n.* രൂപം, ഛായ, ആകൃതി; 2. സ്വരൂപം, പ്രതിമ; 3. മാതൃക, ചിത്രം; 4. ക്ഷേത്രം (*geom.*); 5. അവസ്ഥ, സ്ഥിതി; 6. വമ്പ, പ്രതാപം, മോടി; 7. അക്കം, എണ്ണം; 8. വില; 9. മുൻകുറി, പ്രതിച്ഛായ, നിഴല്; 10. അലങ്കാരം; 11. ജാതകം. f.-caster, f.-flinger ജ്യോതിഷക്കാരൻ. f.-flinging ജാതകം ഗണിക്കൽ. f.-painting മനുഷ്യചിത്രം. f. of speech വാക്യാലങ്കാരം. f.-weaving ചിത്രനെയ്ത്ത്. to cut a f. വിളങ്ങുക, വിശ്രുതനാക. *v.t.* രൂപിക്കുക, ഉരുആക്കുക, ഭാഷ—; ആകൃതി—; നിരൂപിക്കുക; 2. അലങ്കരിക്കുക; 3. എണ്ണം കാട്ടുക, ഗണിക്കുക; 4. വൎണ്ണിക്കുക; 5. സൂചിപ്പിക്കുക; 6. മുൻകാട്ടുക, —കുറിക്കുക. to f. out നിവൃത്തികാണുക; ഗണിച്ച്—. to f. up കണക്ക് കൂട്ടുക. *v. i.* ശോഭിക്കുക, വിളങ്ങുക; 2. കൃത്രിമം ചെയ്ക. =ū-ra-ble, *a.* ആകൃതിപ്പെടുത്താകുന്ന. =ū-ral, *a.* ചിത്രിതം ആയ, രൂപസൂചിതം—. =ū-rāte, *a.* ആകാരകൃത്യതയുള്ള. =ū-rā'tiŏn, *n.* രൂപനിൎണ്ണയം. =ū-ra-tive, *a.* രൂപകം ആയ, ഉപമ—; ഭാവാൎത്ഥം—; വാക്യാലങ്കൃതം—; ചിത്രസംബന്ധം—. =ū-ra-tive-ly, *ad.* ഉപമ ആയി, ഭാവാൎത്ഥം—. =ūred (-ūrd), *a.* രൂപമുള്ള. =ū-rine, *n.* ചെറുപ്രതിമ.

**Fi-lā'ceŏus**, *a.* നാര് കൊണ്ടുള്ള. fil'a-ment, *n.* നാര്, നൂല്. [(*z.*).

**Fil'an-dĕr**, *n.* ഒര് വക മൃഗം, 'കങ്കരു'

**Filch**, *v. t.* ചില്ലറക്കളവ് ചെയ്യുക, ഇറുക്കുക. -'ĕr, *n.* ചില്ലറക്കള്ളൻ. -'ing-ly, *ad.* മോഷ്ടണമായി.

I. **Fīle**, *n.* ചാല്, അണി, നിര; 2. ശ്രേണി, അട്ടി; 3. അട്ടിക്കമ്പി; 4. പട്ടിക. f.-leader ചാലിൽ ഒന്നാമൻ. f.-marching അണിനടത്തം. Indian f., single f. ചാലായി. rank and f. പടയാളിവൎഗ്ഗം, പ്രവൃത്തിക്കാര്. *v. t.* വഴിക്ക് വഴിയായി വെക്കുക, ക്രമപ്പെടുത്തി സൂക്ഷിക്കുക; 2. ബോധിപ്പിക്കുക (*l.*); 3. കോടതിയിൽ സ്വീകരിക്കുക. രേഖയാക്കുക (*l.*). *v. i.* വഴിക്ക് വഴിയായി നടക്കുക. to f. with തുടൎന്ന്—.

II. **Fīle**, *n.* അരം; 2. ഉപായി. f.-cutter അരം ഉണ്ടാക്കുന്നവൻ. *v. t.* രാവുക, മിനുക്കുക; അണക്കുക; 2. (off) രാവിവെടിപ്പാക്കുക. fī'ling, *n.* രാവിയ പൊടി.

**Fĭl'i-al**, *a.* മക്കൾക്കുള്ള, പുത്രഭാവമുള്ള, പുത്രി—; 2. മകൻ ആയിരിക്കുന്ന, മകൾ—. -ly, *ad.* പുത്രഭാവത്തിൽ, പുത്രി—. fil'i-āte, *v. t.* ദത്തെടുക്കുക, മക്കളാക്കുക. fil-i-ā'tiŏn, *n.* പുത്രത്വം, പുത്രിത്വം; അച്ഛനെ തീൎച്ചപ്പെടുത്തുക (*l.*). fil'i-cīde, *n.* പുത്രഹന്താവ്, പുത്രി—. fil'i-e-ty, *n.* പുത്രത്വം.

**Fil'i-bus-tĕr**, *n.* കവൎച്ചക്കാരൻ. *v. i.* കവൎച്ചക്കാരനായി നടക്കുക; 2. നിയമനിൎമ്മാണതടസ്ഥം ചെയ്യുക.

**Fil'i-grēe**, *n.* കസവ് ചിത്രത്തയ്യൽ.

**Fill**, *v. t.* നിറക്കുക, നിറഞ്ഞിരിക്കുക; 2. ധാരാളം കൊടുക്കുക; 3. കവിഞ്ഞ് പോക; 4. മുക്കുമാക്കുക, തൃപ്തിവരുത്തുക; 5. സ്ഥാനം വഹിക്കുക, സ്ഥാനത്തിരിക്കുക; 6. ഒഴിവിന്ന് ആളെ നിശ്ചയിക്കുക; 7. കപ്പലിന്ന് പായികൊടുക്കുക; 8. തുക്കുക, നികത്തുക. to f. in ചേൎത്തെഴുതുക. to f. out വിസ്തീൎണ്ണം ആക്കുക, പൂൎത്തി—. to f. up എഴുതുക; നിറക്കുക; ആളെ നിശ്ചയിക്കുക. *v. i.* നിറയുക, ധാരാളം ഉണ്ടാക; മട്ടപ്പ് വരിക; 2. നിറയ പകരുക. to f. up നികന്ന് വരിക. *n.* നിറവ്, പിടിപ്പത്, വേണ്ടുന്നതു. ='lĕr, *n.* നിറക്കുന്നവൻ; പൂരണം. ='ling, *n.* പൂരണം; ഊട (*w.*).

**Fil'let**, *n.* മുടി കെട്ടുന്ന നാട; 2. പട്ട; 3. എല്ലില്ലാത്ത മാംസക്കഷണം; 4. ക

തിരച്ചൽ. 5. തുണിന്റെ വളര് (*arch.*). *v.t.* കെട്ടുക; അലങ്കരിക്കുക.

**Fil'lip,** *v. t.* ചൊട്ടുക; നൊടിക്കുക, മിടിക്കുക; 2. തെരുപ്പിക്കുക. *n.* ചൊട്ട്; 2. ചുണവരുത്തുന്ന സാധനം.

**Fil'ly,** *n.* പെണ്കുതിരക്കുട്ടി (*z.*).

**Film,** *n.* പാട; മൂടൽ; 2. വണ്ണാൻ വലനാര്. *v. t.* പാടകൊണ്ട് മൂടുക.

**Fil'tĕr,** *n.* അരിപ്പ, അരിയാട; ഏണിപ്പാനി. =**tĕr,** =**trāte,** *v. t.* അരിക്കുക, വടികെട്ടുക, തെളിയിക്കുക; ശുദ്ധിയാക്കുക. *v. i.* ഊറുക. =**trāte,** *n.* അരിച്ചത്; ശുദ്ധിയാക്കിയവെള്ളം. =**trā'tiŏn,** *n.* തെളിതാര; ഊററൽ.

**Filth,** *n.* ചേറ്, അഴുക്ക്, ചളി; 2. കന്മഷം, വഷളത്വം, അശുദ്ധി. ='**thi-ly,** *ad.* മലിനമായി. ='**thi-ness,** *n.* വൃത്തികേട്; മാലിന്യം, തീണ്ടൽ. ='**thy,** *a.* അഴുക്ക് ആയ, ചീത്ത—, അഴുകിയ, വഷളായ.

**Fim'bri-āte,** *v.t.* അരു തുന്നുക, വിളുമ്പുരുട്ടുക, വക്ക്തിരെക്കുക; 2. തൊങ്ങൽ വെക്കുക.

**Fin,** *n.* മീൻചിറക്. **f.-back** കടലേടി (*z.*). **f.-footed** ജാലപാദമുള്ള. -'**ny,** *o.* ചിറകുള്ള; മത്സ്യവർഗ്ഗത്തിൽ പെട്ട, —സംബന്ധമായ; മത്സ്യം ഉള്ള.

**Fī'nal,** *a.* ഒടുക്കത്തെ, അവസാനത്തെ; 2. തീച്ചആയ, നിസ്സംശയം—; 3. ലാക്ക്—, ഉദ്ദേശം—. **f. cause** ആദ്യകാരണം, മൂലഹേതു. **fi-nä'le** (fi-nä'lā), *n.* സമാപ്തി, കലാശം; ധനാശി. -'**i-ty,** *n.* തീച്ച; നിശ്ചയം, നിണ്ണയം; കാര്യകാരണസംബന്ധം. -**ly,** *ad.* ഒടുക്കം, ഒടുവിൽ, അവസാനം; കേവലം, നിർമ്മൂലമായി. **fīne,** *n.* ഒടുവ്, സമാപ്തി. **in f.e** ഒടുവായി, ചുരുക്കിപ്പറകയാണെങ്കിൽ. *v. t. & i.* അവസാനിക്കുക, സമപ്പിക്കുക. **fīne'-less,** *a.* അവസാനം ഇല്ലാത്ത, അതിര്—.

**Fi-nance',** *n.* മുതലെടുപ്പ്, രാജ്യപിരിവ്, —ഭണ്ഡാരം; വരവ്; വരുമാനം; 2. (*pl.*) മുതൽ, പണം; 3. ആയവ്യയശാസ്ത്രം. =**nan'cial** (-nan'shal), *a.* ഭണ്ഡാര സംബന്ധമായ; ദ്രവ്യകാര്യ—. =**nan'cial-ist,** =**nan'ciēr,** *n.* രാജ്യഭണ്ഡാരി, ഭണ്ഡാരവിചാരകൻ; ആയവ്യയശാസ്ത്രജ്ഞൻ. =**nan'cial-ly,** *ad.* ദ്രവ്യസംബന്ധമായി. =**nan'cier,** *v. t.* ദ്രവ്യപരിപാലനപ്പ വൃത്തി ചെയ്യുക.

**Finĉh,** *n.* ഒര് വക ചെറുപക്ഷി (*z.*). **to pull a f.** പൊട്ടന്മാരെ ചതിക്കുക. **f.-backed** വരഉള്ള, പുള്ളി—.

**Fīnd,** *v.t. ir.* (found, found) കാണുക, തമ്മിൽ—, അറിയുക; പരിചയിച്ചറിയുക; പരീക്ഷിച്ച് കാണുക; കണ്ടെത്തുക; 3. തിരഞ്ഞ് കാണുക; 4. പ്രാപിക്കുക; 5. കിട്ടുക, ഉണ്ടാക: **to f. time** നേരം—; **to f. means** നിവ്വാഹം—; 6. കൊടുക്കുക: **he f.s his nephew in money** പണം എത്തിച്ച് കൊടുക്കുന്നു; 7. അഭിപ്രായപ്പെടുക, തീച്ചപ്പെടുത്തുക: **they f. him guilty** കററക്കാരനാണെന്ന് അഭിപ്രായമായിരിക്കുന്നു. **to f. out** കണ്ട് പിടിക്കുക; അറിയുക; അത്ഥം കാണുക; ഗ്രഹിക്കുക. **to f. fault with** കററം പറയുക, ആക്ഷേപിക്കുക. **how do you f. yourself to-day** ഇന്ന് നിങ്ങൾക്ക് എങ്ങിനെയിരിക്കുന്നു. *v. i.* തീച്ചപ്പെടുത്തുക (*l.*). *n.* കണ്ട് കിട്ടൽ; വെപ്പ്, നിധി. -'**ing,** *n.* കണ്ടത്, കിട്ടിയത്; *pl.* പണിയായുധം; വക, മുതല്; ചിലവ്; തീപ്പ്, അഭിപ്രായം (*l.*).

I. **Fīne,** *a.* സമ്പൂണ്ണമായ, ശുദ്ധിയാക്കിയ; നിമ്മലം ആയ, വിശേഷം—, മനോഹരം—, ഭംഗി—; നല്ല; 2. ശോഭതേടിയ, മോടിആയ; 3. വിചിത്രം—, ചമത്കാരം—, സാമത്ഥ്യം ഉള്ള, കൌശലം—; 4. നേരിയ, നേമ്മആയ, സൂക്ഷ്മം—, ലഘു—; 5. മൂച്ചഉള്ള; 6. മാററ്—. **f. arts** കലാവിദ്യ, സംഗീത—, ശില്പ—, ചിത്രമെഴുത്ത്. **f. goods** മേത്തരം തുണിച്ചരക്ക്. **f. stuff** മിനുസക്കമ്മായം. **f.-day** വെക്കാനം ഉള്ള ദിവസം, വെയിൽ—. **f.-draw** നന്നായി ഇഴയിടുക. **f.-drawn** ചമത്കാരത്തോടെ വരച്ച, കൃത്രിമമായുണ്ടാക്കിയ. **f.-grained** ആരട്ടപ്പം ഉള്ള. **f.-featured** രൂപവിശേഷം—. **f.-spoken** വാഗ്വിശേഷം—. **f.-spun** നേമ്മയായി നൂററ;

കമ്പിവലിച്ച; മായയായ, വസ്തുതയല്ലാത്ത. f.-still കാച്ചുക, ഢാററുക, ഇറക്കുക. *v.t.* ശുദ്ധിയാക്കുക, സ്ഫുടം വെക്കുക, കാച്ചുക. -'ly, *ad.* ഭംഗിആയി; നേൎമ്മ—. -'ness, *n.* വിശേഷം, ഗുണം; തെളിവ്, ശുദ്ധി; മാററ്; സൂക്ഷ്മം; നേൎമ്മ; ചന്തം, മോടി. fī'nĕr, *n.* ശുദ്ധിയാക്കുന്നവൻ; സ്ഫുടം വെക്കുന്നവൻ. fī'nĕr-y, *n.* ഭംഗി, ശൃംഗാരം; മോടി. fī'niṅg, *n.* ശുദ്ധിയാക്കൽ, സ്ഫുടം വെക്കൽ. f.g pot മൂശ, സ്ഫുടപാത്രം.

II. Fīne, *n.* പ്രായശ്ചിത്തം; പിഴ; 2. മാനഷ്ടം, ശീലക്കാശ്, കസ്സൂലി. *v.t.* പിഴകല്പിക്കുക, പിഴെപ്പിക്കുക. *v.i.* പിഴെക്കുക, പിഴകൊടുക്കുക; —അടക്കുക.

III. Fīne, *n. s. u.* Final.

Fiṅ'gĕr, *n.* കൈവിരല്; 2. ഘടികാരസൂചി; 3. അംഗുലം, വിരല്; 4. വാദ്യവായനവൈഭവം. second-f., fore-f. ചൂണ്ടാണി, ചൂണ്ട്‌വിരല്. middle-f. നടു—. ring-f. പവിത്ര—, മോതിര—. little-f., ear-f. ചെറു—. f.-alphabet ആംഗ്യാക്ഷരമാല. f.-board വീണയുടെ കൈപ്പലക. f.-bowl, f.-glass കൈ കഴുകുന്ന പളുങ്ക്‌പാത്രം. f.-post വഴികാട്ടിമരം. f.-reading അന്ധാക്ഷരം. f.-steel കത്തിയണ. to burn one's f.s നഷ്ടപ്പെടുക. to have a f. in കയ്യിടുക, ഉൾപ്പെടുക. to have at one's f.'s ends നല്ല നിശ്ചയം ഉണ്ടാക, മുഖസ്ഥമായിരിക്കുക. *v.t.* തൊടുക; എടുക്കുക; 2. കളിക്കുക; 3. വാദ്യം വായിക്കുക; 4. മോഷ്ടിക്കുക; 5. ചമത്കാരപ്രവൃത്തി ചെയ്യുക. *v.i.* മീട്ടുക. =gĕred (-gĕrd), *a.* വിരലുള്ള. -ĕr, *n.* മോഷ്ടാവ്. -iṅg, *n.* സ്പൎശം; വാദ്യവായന; ചമത്കാരപ്രവൃത്തി.

Fiṅ'gle-faṅ-gle, *n.* നിസ്സാരത്വം, പീറത്തരം.

Fin'ish, *v.t.* തീൎക്കുക, സമാപ്പിക്കുക, അവസാനിപ്പിക്കുക; 2. പൂൎത്തിയാക്കുക; തികവ് വരുത്തുക; 3. വെടിപ്പ്—. *v.i.* സമാപിക്കുക, ഒടുങ്ങുക. *n.* ഒടുവ്, അന്ത്യം; സമ്പൂൎത്തി; 2. മിനുക്കം; 3. തീൎപ്പ്. =ished (-isht), *a.* പരിപൂൎണ്ണം ആയ, ഉൽകൃഷ്ടം—. -ĕr, *n.* തികെക്കുന്നവൻ; പൎയ്യവസാനം. -iṅg, *n.* ഓപ്പം. *a.* അവസാനത്തെ. fi'nis, *n.* സമാപ്തി.

Fī'nīte, *a.* അന്തത്തിൽ ഉള്ള, അവസാനം—; ക്ലിപ്തമായ. f. verb പൂൎണ്ണക്രിയ (*gr.*). -ly, *ad.* ക്ലിപ്തം ആയി, നിശ്ചയം—. -ness, *n.* അവസാനം, അന്ത്യം, തീൎപ്പ്.

Fĭr, *n.* ദേവദാരു, ദേവതാരമരം (*b.*).

Fīre, *n.* തീ, അഗ്നി, വഹ്നി; 2. തീക്കനല്; 3. അഗ്നിബാധ; 4. ഊഷ്മാവ്, കോപം, ചൂട്; 5. ശുഷ്ക്കാന്തി; 6. അനുരാഗം; 7. തേജസ്സ്; 8. നക്ഷത്രം; 9. കഷ്ടം, പഞ്ചാഗ്നി; 10. വെടി. blue f., red f., green f. മത്താപ്പ്'. f.-arm തോക്ക്. f.-ball ചട്ടിത്തോക്കുണ്ട, തീക്കുടുക്ക; കൊള്ളിമീൻ. f.-blast കരിയൽ. f.-brand തീക്കൊള്ളി; കൊള്ളിവെക്കുന്നവൻ; ഏഷണിക്കാരൻ. f.-brigade, f.-company അഗ്നിരക്ഷാസൈന്യം. f.-cracker ചടകം, പടക്കം. f.-damp അംഗാരജലവായു. f.-drake അഗ്നിസൎപ്പം; കൊള്ളിമീൻ; വാണം. f.-drill അരണി, തീയുരമ്മി. f.-eater കനൽതിന്നുന്ന വിദ്യക്കാരൻ; കലഹപ്രിയൻ. f.-engine ജലയന്ത്രം, 'ബോമ്പ'. f.-fly മിന്നാമിനുങ്ങ് (*z.*). f.-insurance അഗ്നിഭീമ. f.-irons, f.-set കൊടിൽ. f.-lock തീത്തോക്ക്, ചക്ക്മുക്കിത്തോക്ക്. f.-man ജലയന്ത്രകൻ; തീമൂട്ടി. f.-new പുതിയ, കോടിയായ. f.-office അഗ്നിഭീമസ്ഥലം. f.-pan നെരിപ്പോട്. f.-place അടുപ്പ്, തിത്തിണ. f.-proof തീപ്പിടിക്കാത്ത, അദാഹ്യമായ. f.-side അടുപ്പ്തിണ; സ്വഭവനം; കുഡുംബജീവനം; ഗൃഹസുഖം. f.-stone ചക്ക്മുക്കിക്കല്ല്. f.-water ചാരായം, റാക്ക്. f.-wood വിറക്. f.-works കരിമരുന്ന്പ്രയോഗം, വെടികെട്ട്. f.-worship അഗ്ന്യാരാധന. submarine f. ബഡവാഗ്നി. on f. എരിയുന്ന; ക്രോധപാരവശ്യം ഉള്ള; പ്രേമ—. running f. നിരവെടി. St. Anthony's f. വിസൎപ്പം. to set on f. തീകൊളുത്തുക. to take f. കത്തുക; കോപിക്കുക.

*v. t.* കത്തിക്കുക, ചുടുക; 2. ചൂളവെക്കുക; 3. എരിക്കുക, കോപിപ്പിക്കുക; 4. ചുണവരുത്തുക, ചൈതന്യം—; 5. വിറകിടുക, തീമൂട്ടുക; 6. പ്രകാശിപ്പിക്കുക; 7. വെടിവെക്കുക; 8. വാണം വിടുക; 9. ചൂട് വെക്കുക. **to f. up** തീപ്പിടിപ്പിക്കുക. *v. i.* തീപ്പിടിക്കുക; 2. കോപം ജ്വലിക്കുക; 3. വെടിപൊട്ടിക്കുക. **to f. up** ക്രുദ്ധിക്കുക. **fī'rĕr,** *n.* കൊള്ളി വെക്കുന്നവൻ, തീ—. **fī'ring,** *n.* വെടി; വെടിവെക്കൽ; ചൂട്—; ചൂള—; തീക്കൊടുക്കൽ. **fīer'y** (fīr'i), *a.* അഗ്നിമയമായ; തീയുള്ള; എരിയുന്ന, ഉജ്ജ്വലിക്കുന്ന; ചൊടിഉള്ള; ചുണ—, ചുറുക്ക്—; പൊള്ളുന്ന. **fīer'i-ness,** *n.* ചൊടി, കോപം.

**Fĭr'kin,** *n.* പീപ്പ; 2. ഒരു അളവ്.

**Fĭrm,** *a.* ഉറപ്പുള്ള; 2. നിശ്ചലം ആയ, സ്ഥിരം—, മാറാത്ത; 3. കട്ടിയായ; 4. ഊക്കുള്ള. *n.* വ്യാപാരസംഘം; കൂറ്കച്ചവടം; കച്ചവടസ്ഥലം. *v. t.* ഉറപ്പിക്കുക. **-'ly,** *ad.* സ്ഥിരമായി. **-'ness,** *n.* സ്ഥിരത.

**Fĭr'ma-ment,** *n.* അടിസ്ഥാനം; 2. വാനം, അംബരം, ആകാശവിരിവ്, ആകാശത്തട്ട്, ആകാശവിതാനം; 3. വായുമണ്ഡലം. **-al,** *a.* സ്വൎഗ്ഗീയമായ.

**Fĭr'man,** *n.* രാജശാസനം, നീട്ട്, തീട്ട്, തിരുവെഴുത്ത്.

**Fĭrst,** *a.* ആദ്യത്തെ, ഒന്നാം; 2. മികെച്ച, അഗ്രഗണ്യമായ; 3. മുമ്പിലുള്ള. **at f. blush** നടാടെ കാണുമ്പോൾ, ആദ്യത്തെ നോട്ടത്തിന്ന്. **at f.-hand** നേരെ, നേരിട്ട്; കൈമാറാതെ. **f. day** ഞായറാഴ്ച. **f. floor** താഴെനില; ഒന്നാം തട്ട്. **f.-fruit, f.-fruits** ആദ്യഫലം, —അനുഭവം. **f. mate, f. officer** കച്ചവടക്കപ്പലുദ്യോഗസ്ഥരിൽ രണ്ടാമൻ. **f. name** സ്വന്തം പേര്. **f.-watch** ആദ്യയാമം. **f.-water** ഉത്തമരത്നം; ഉത്തമം. *ad.* ആദ്യമായി, മുമ്പായി. **at f., at the f.** ആദ്യം. **f. or last** വല്ലപ്പോഴും, എപ്പോഴെങ്കിലും ഒരിക്കൽ. **f.-born** കടിഞ്ഞൂൽ ആയ; മെച്ചം—. **f. class** ഒന്നാം തരം. **f.-rate** മുന്തിയ; ഒന്നാം തരം പടക്കപ്പൽ. **-'ling,** *n.* (മൃഗ)കടിഞ്ഞൂൽ; ആദ്യപ്രവൃത്തി. **-'ly,** *ad.* ആദ്യമായി.

**Fisc,** *n.* രാജ്യഭണ്ഡാരം. **='cal,** *a.* ഭണ്ഡാരസംബന്ധമായ, നികതി—. *n.* ഭണ്ഡാരി, 'ഖജാൻജി'.

**Fish,** *n.* മത്സ്യം, മീന്; ജലജന്തു (*z.*); 2. *pl.* മീനരാശി (*as.*); 3. മത്സ്യമാംസം. **f.-bellied** കുംഭയുള്ള. **f.-bone** മീൻമുള്ള്. **f.-culture** മത്സ്യരക്ഷ. **f.-curing** മീനുണക്കൽ. **f.-curing yard** മീൻകളം, —ചാപ്പ. **f. day** നോമ്പ്ദിവസം. **f.-garth** കണ്ടിതടുക്കൽ, കാപ്പ് കലക്കൽ. **f.-hook** ചൂണ്ടല്. **f.-line** ചൂണ്ടക്കണ്ണി. **f.-maw, f. sound** മീൻപൊട്ടി. **f.-monger** മീൻകെട്ടി, —വില്ക്കുന്നവൻ. **f.-oil** മീനെണ്ണ, വിളക്കെണ്ണ. **f.-pot** കണ്ടാച്ചിവല. **f.-spawn** ഇണറ്. **f.-story** കള്ളക്കഥ. **f.-slice, f.-trowel** മീൻകത്തി. **f.-wife, f.-woman** മീങ്കാരത്തി. **neither f. nor flesh** ആണുമല്ല പെണ്ണുമല്ലാത്ത, ഒന്നുമല്ലാത്ത. *v. i.* മീൻപിടിക്കുക, ചൂണ്ടലിടുക, വലവീശുക; 2. അന്വേഷിക്കുക. *v. t.* തോണ്ടിയെടുക്കുക; 2. സൂക്ഷ്മമായി തിരഞ്ഞ് നോക്കുക; 3. വക്കുക. **-'ĕr, -'ĕr-man,** *n.* മീൻപിടിക്കുന്നവൻ, മുക്കുവൻ. **-'ĕr-y,** *n.* മീൻപിടുത്തം; —പിടിക്കുന്ന സ്ഥലം; —പിടിപ്പാനുള്ള അവകാശം (*l.*). **-'i-fȳ,** *v. t.* മത്സ്യമാക്കുക. **-'i-ness,** *n.* മത്സ്യാകാരം; കളവ്. **-'ing,** *n.* മീൻപിടിത്തം; —പിടിക്കുന്ന സ്ഥലം. *a.* —പിടിക്കുന്ന. **f.g-fly** കള്ളയിര. **f.g-line** ചരട്ചൂണ്ടല്. **f.g-net** മീൻവല. **f.g-rod** പറച്ചൂണ്ടല്. **f.g-smack** മീൻതോണി. **-'y,** *a.* മീനുള്ള; മീനിനൊത്ത; മീൻനാറുന്ന; കളവ് ആയ, അസംഭവ്യം—.

**Fisk,** *v. i.* തുള്ളിച്ചാടുക, തുള്ളിക്കളിക്കുക.

**Fis'siŏn** (fish'un), *n.* ചീന്ത്, വിള്ളല്. **fis'sile,** *a.* ചീന്താകുന്ന, കീറാകുന്ന. **fis'sure** (fish'ur), *n.* പൊട്ട്, പിളപ്പ്. *v. t.* പിളക്കുക, ചീന്തുക.

**Fist,** *n.* മുഷ്ടി; 2. ☞ എന്നസൂചകം, കൈക്കുറി. **hand over f.** വേഗം, ഉടനടി. *v. t.* കൈമടക്കിക്കുത്തുക, മുഷ്ടിചുരുട്ടികുത്തുക. **='tic,** *a.* കുത്തുകൂടുന്ന;

മുഷ്ടിയുദ്ധസംബന്ധമായ. =′ti-cuff, *n.* മുഷ്ടിപ്രഹരം, കുത്ത്; *pl.* കുത്തുകൂടൽ, മുഷ്ടിയുദ്ധം.

**Fis′tū-la,** *n.* ഓട, വേഴം; 2. നീർകഴൽ; 3. നാഡിപ്പുണ്ണ്, വ്രണം. anal f. ഭഗന്ദരം (*med.*).

I. **Fit,** *a.* തക്ക, പററിയ, യുക്തം ആയ; 2. തയ്യാറ്—; 3. ഉചിതം—, വിഹിതം—. *v. t.* കൊള്ളിക്കുക, തക്കത് ആക്കുക; പററുമാറ്—. to f. out സംഭരിക്കുക. to f. up ചമയിക്കുക. *v. i.* യോഗ്യമായിരിക്കുക; 2. പററുക. *n.* ചേച്ച, യോജ്യത; ഔചിത്യം. -′ly, *ad.* യോഗ്യം ആയി, ഉചിതം—. -′ness, *n.* യോഗ്യത. -′tĕr, *n.* തുന്നക്കാരൻ; ഇരിമ്പ് പണിക്കാരൻ. -′ting, *n.* കോപ്പ്; *pl.* മരപ്പണി. *a.* തക്ക, പററിയ.

II. **Fit,** *n.* അടി, വെട്ട്; 2. രോഗപ്പിടിത്തം, രോഗാക്രമം: f. of fever പനി; 3. മൂഛ്ശ, അപസ്മാരം: fainting f. മോഹാലസ്യം; 4. പാരവശ്യം; 5. മനോഭാവം, ഭാവവികാരം; ക്ഷണശുഷ്ക്കാന്തി; 6. തെറിക്കൽ. f. of anger കോപാകുലം. f. of melancholy ചിന്താക്രാന്തം. f. of laughter ചിരിത്തിട്ടക്കം, ചിരിബാധ. f. of madness ഭ്രാന്ത്. a drunken f.ലഹരിപ്രമാദം. a f. of flame തീനാളം. by f.s, by f.s and starts ഓരൊരിക്കൽ, ഇടക്കിടെ, ക്രമവിരുദ്ധമായി. -′fụl, *a.* അസ്ഥിരം ആയ, ചഞ്ചലം—.

**Fitch, Fitch′et** (fich′et), **Fitch′ew** (fich′ū), *n.* ഒര് വക കള്ളുതിന്നിമെരു, കല്ലുണ്ണി; പോക്കാൻ പൂച്ച (*z.*).

**Fīve,** *a.* അഞ്ച്, പഞ്ചം. *n.* അഞ്ചെണ്ണം. f.-fold പഞ്ചകം, അഞ്ചുരു; അഞ്ചിരട്ടി. **fifth,** *a.* അഞ്ചാമത്തെ, പഞ്ചമ; അഞ്ചാലൊന്നായ. *n.* അഞ്ചിലൊന്ന്. **fifth′ly,** *ad.* അഞ്ചാമതായി.

**Fix,** *v. t.* ഉറപ്പിക്കുക, പതിക്കുക, അമിഴ്ത്തുക, കഴിച്ചിടുക; തറക്കുക; 2. തിട്ടമാക്കുക, തീൎച്ചപ്പെടുത്തുക, നിശ്ചയിക്കുക; 3. ശ്രദ്ധവെക്കുക; ഏകാഗ്രതയോടെ നോക്കുക; 4. ക്രമമാക്കുക, ചട്ടപ്പെടുത്തുക. *v. i.* നിലെക്കുക; വസിക്കുക; സ്ഥിരമാക; 2. ഉറക്കുക, കട്ടിയാക. to f. on തീൎച്ചപ്പെടുത്തുക. *n.* വിഷമം, കുടുക്ക്, ബുദ്ധിമുട്ട്. -′a-ble, *a.* വെച്ച്പിടിപ്പിക്കാകുന്ന. -ā′tiŏn, *n.* സ്ഥൈൎയ്യം; കട്ടിയാകൽ. -′ed, *a.* സ്ഥിരം ആയ, നിശ്ചലം—, അനക്കം ഇല്ലാത്ത, ഇളക്കം—. f.d fact പ്രസിദ്ധകാൎയ്യം. f.d stars (സ്ഥിര)നക്ഷത്രം (*as.*). -′ed-ly, *ad.* സ്ഥിരമായി, മാറാതെ. -′ed-ness, -′i-ty, *n.* നിശ്ചലത്വം; നിഷ്ഠ; അണഞ്ചേൎച്ച. -′ing, *n.* ഉറപ്പിക്കൽ; *pl.* ശൃംഗാരം. **fix′tūre,** *n.* ഉപകരണം, അനുബന്ധം; സ്ഥിരത; നിൎവ്വികാരത്വം; സ്ഥാവരദ്രവ്യം.

**Fizz,** *n.* ശ്രുല്ക്കാരം, ചീററം. *v. i.* ശ്രുല്ക്കാരം പുറപ്പെടുവിക്കുക, ചീറുക. f.-gig വാണം; തുള്ളിച്ചിപ്പെണ്ണ്. =′zle, *v. i.* ശ്രുല്ക്കാരമിടുക; അമാന്തമായ്തീരുക. to f.e out ശോഷിആയ്പോക. *n.* പൊക്കം, അസാദ്ധ്യം, ത്രിശോചി.

**Flab′by,** *a.* പതമുള്ള, മൃദുവായ; തുടിച്ച. =bi-ness, *n.* അഴവ്; തുടിപ്പ്.

**Flac′cid,** *a.* ഉറപ്പ് ഇല്ലാത്ത, കട്ടപ്പം—; ബലം—; പതമുള്ള. -ly, *ad.* അഴവായി. -ness, -′i-ty, *n.* തുടിപ്പ്, മൃദുത്വം.

I. **Flag,** *v. i.* അഴഞ്ഞ്തൂങ്ങുക, തൂങ്ങിക്കിടക്കുക; 2. മനസ്സിടിയുക; ക്ഷയിക്കുക. *v. t.* മുറുക്കം കുറക്കുക, ഊക്ക്—; 2. ക്ഷീണിപ്പിക്കുക, മനസ്സിടിക്കുക. -′gy, *a.* ക്ഷീണിച്ച; ശിഥിലം ആയ; ചപ്പ—, രുചിയില്ലാത്ത. -′gi-ness, *n.* അഴവ്; ശൈഥില്യം. -′ging, *a.* ബലഹീനമായ; താമസമുള്ള.

II. **Flag,** *n.* കൊടി, കൊടിക്കൂറ, പതാക. f.-man കൊടിക്കാരൻ. f.-officer പടക്കപ്പൽസേനാനായകൻ. f.-ship പടക്കപ്പൽസൈന്യനായകക്കപ്പൽ. f.-staff കൊടിമരം. f. of truce സന്ധിധ്വജം. national f. രാജ്യകേതു. red f. ആപത്സൂചകചിഹ്നം. to dip the f. കൊടിയാൽ വന്ദിക്കുക. to hang out the white f. സന്ധിക്കപേക്ഷിക്കുക. to hang the f. half mast high *or* half-staff വിലാപകൊടി തൂക്കുക. to

strike *or* lower the f. വഴങ്ങുക, അധീനപ്പെടുക. yellow f. 'ക്രാന്തി'ക്കൊടി; കപ്പലിലെ പകർച്ചവ്യാധിസൂചകക്കൊടി. *v.t.* കൊടികാണിക്കുക; 2. കൊടിയാൽ അറിയിക്കുക; 3. കൊടിതൂക്കുക.

III. Flag, *n.* പാവ്കല്ല്, തളക്കല്ല്. *v.t.* പാവുക, പടുക്കുക. f.-stone പാവ്കല്ല്. -'ging, *n.* കല്ല്പടുത്തവഴി.

Flag'el-lāte, *v. t.* ചമ്മട്ടികൊണ്ട് അടിക്കുക. =lā'tiŏn, *n.* കരടാവടി, ശിക്ഷ. fla-gel'li-form, *a.* നേരിയ, കൃത്ത. =gel'lum, *n.* വള്ളിക്കൊടി.

Flage'o-let, *n.* കുഴൽ, മുരളി, വേണു.

Flag'i-tāte, *v.t.* ബുദ്ധിമുട്ടിച്ച് ചോദിക്കുക. =tā'tiŏn, *n.* നിർബ്ബന്ധം, തിരക്കാക്കൽ. fla-giti'ŏus (-jish'us), *a.* നീചം ആയ, അധമം—, അറുകല—; ദുഷ്കൃതയുള്ള; പാതകൻ ആയ, ദുർവൃത്തൻ—; വക്കൽ—. =giti'ŏus-ly, *ad.* നിന്ദ്യം ആയി, ലജ്ജാകരം—. =giti'ŏus-ness, *n.* പാതകത്വം, കൊട്ടൂരം, ഉഗ്രത.

Flăg'on, *n.* മൺകുപ്പി, ഭരണി.

Flā'grant, *a.* ചുടുന്ന, ജ്വലിക്കുന്ന; പൊള്ളുന്ന; തീക്ഷ്ണമായ; 2. നടപ്പായിരിക്കുന്ന; കലശൽ ആയ; 3. പ്രസിദ്ധം—, വമ്പിച്ച; പാതകമായ. =grance, =gran-cy, *n.* ജ്വാല; ഭയങ്കരത്വം, ഗൌരവം, ഉഗ്രത. -ly, *ad.* ചൂടോടെ, ഘോരമായി.

Flāil, *n.* മെതിക്കോല്, പുല്ല്തല്ലിക്കോല്, പുത്തരിക്കൊള്ളി, പുത്തരിക്കോല്.

Flāke, *n.* പാട, കട്ടി, അടുക്ക്; 2. കണം, പൊരി; 3. വേലി, തട്ട്, തട്ടി. f. of snow ഹിമകണം. f.-knife കല്ലുത്തി. *v.t.* അടുക്കായി വെക്കുക. *v.i.* അടരുക; ഉരിയുക. flā'ky, *a.* അടുക്കടുക്കായ.

Flăm, *n.* കളവ്, ഒഴികഴിവ്. *v.t.* തോല്പിക്കുക.

Flāme, *n.* അഗ്നിശിഖ, ജ്വാല, തീനാളം; 2. ആസക്തി, ശുഷ്കാന്തി, ഔത്സുക്യം; ഊഷ്മാവ്; 3. പ്രേമാഗ്നി; 4. പ്രിയ. f.-bridge പാലത്തിൻെറ ആൽമറ. f.-colour മഞ്ഞനിറം. *v. i.* ജ്വലിക്കുക, എരിയുക; 2. ഉജ്ജ്വലിക്കുക. *v.t.* കത്തിക്കുക; ജ്വലിപ്പിക്കുക. -'let, *n.* ചെറുജ്വാല. flā'ming, *a.* കത്തിയെരിയുന്ന, ജ്വലിക്കുന്ന; പ്രഭയുള്ള; ആസ്ഥയോട് കൂടിയ. flā'my, *a.* ജ്വാല ഉള്ള, പ്രകാശം—. flam'beau (flam'bō), *n.* പന്തം, ദീപട്ടി, ചൂട്ട.

Fla-min'gō, *n.* രാജഹംസം (*z.*).

Flank, *n.* ചന്നു; പാൎശ്വഭാഗം; 2. അണിയഗ്രങ്ങൾ (*mil.*). f.-attack പാൎശ്വാക്രമം. *v. t.* പാൎശ്വത്തിൽ നില്ക്കുക, തൊട്ട്—; 2. പാൎശ്വരക്ഷ ചെയ്യുക. *v.i.* അടുത്ത് നില്ക്കുക, തൊട്ട്—, പാൎശ്വത്തിൽ—. ['ഫ്ലാനൽ'.

Flan'nel, *n.* ഒരുവക കമ്പിളിത്തുണി,

Flap, *n.* മൂടി, കവാടം; 2. തൂക്ക്പലക; 3. കടച്ചൽ ശബ്ദം. *v. t.* ചിറകടിക്കുക, അടിക്കുക. to f. in the mouth അധിക്ഷേപിക്കുക, നിന്ദിക്കുക. *v. i.* ചിറകടിച്ച് പറക്കുക; 2. തൂങ്ങിക്കിടക്കുക. f.-eared തളക്കാത് ഉള്ള, മുരട്ട്ചെവി—. f.-jack കലത്തപ്പം. f.-mouthed ചുണ്ട് തുടിച്ച, —മലന്ന.

Flāre, *v. i.* അലഞ്ഞ് കത്തുക; 2. പാളുക; ഒളിയുക; 3. തിളങ്ങുക; 4. വെയിലത്തിടുക; 5. മലന്നിരിക്കുക. to f. up ചൊടിക്കുക. *n.* അലയുന്ന വെളിച്ചം, പാളുന്ന—, തിളക്കം; 2. മലച്ച.

I. Flash, *v. i.* എറിക്കുക; 2. മിന്നുക; പെട്ടന്ന് തോന്നുക, —ഉദിക്കുക; 3. ചെന്ന് ചാടുക. to f. in the pan പുകഞ്ഞ് പോക, നിഷ്ഫലമായി—. *v. t.* ജ്വാലപുറപ്പെടുവിക്കുക; 2. കമ്പിയടിക്കുക; 3. പൊട്ടുന്നനവെ തോന്നിക്കുക; 4. അണിയിക്കുക; 5. അടിച്ച് തെറിപ്പിക്കുക. *n.* മിന്നൽപിണറ്, ഏറ്; 2. തിളക്കം; 3. നിമിഷം, ക്ഷണം, നൊടിനേരം. *a.* വിലഇല്ലാത്ത, സാരം—, കാഴ്ചക്ക് മാത്രമുള്ള; 2. കള്ള മോടിധരിച്ച. f.-house വേശ്യാഗൃഹം. -'ĕr, *n.* മിന്നുന്നത്; നാട്യപ്രസംഗമുള്ളവൻ. -'i-ly, *ad.* കാഴ്ചക്ക് മാത്രം. -'i-ness, *n.* പ്രഭ. -'ing, *a.* ജ്വലിക്കുന്ന, പാളിക്കത്തുന്ന. f.g point ആ

ളിപ്പ് പാകംപാകം. -'y, *a.* ക്ഷണിക ശോഭ ഉള്ള; ചൊടി—; മോടിയായ; രസം അററ, ചൈതന്യം—.

II. **Flash,** *n.* നിസ്സാരഭാഷ, താണ—.

III. **Flash,** *n.* പാത്തിച്ചീപ്പ്, അണക്കെട്ട്ചീപ്പ്, മഞ്ച.

**Flask,** *n.* കുപ്പി; 2. അളു. -'**et,** *n.* ചെറുകപ്പി; കൂട്ട.

**Flat,** *a.* പരന്ന, നിരന്ന, തട്ടൊത്ത; പതിഞ്ഞ; പരപ്പായ; 2. സാഷ്ടാംഗം വീണ, ദണ്ഡനമസ്കാരം ചെയ്യുന്ന; 3. പരാജിതനായ; നശിച്ച; 4. ഏകരീതിയായ, വിശേഷമില്ലാത്ത; 5. രസഹീനം ആയ, ചപ്പ—; നിസ്സാരം—, വിരസം—; 6. മന്ദം—, തിരക്കില്ലാത്ത; തളൎന്ന; 7. കേവലം ആയ, തീൎച്ച—, സാക്ഷാൽ, മുരത്ത; 8. ലഘുസ്വരമായ (*mus.*). **flat, f.-bottomed boat,** *n.* അടിപരന്ന തോണി. **f. cap** ലണ്ടൻ നഗരക്കാരൻ. **f. chisel** കല്ലുളി. **f.-footed** കാലുറപ്പ് ഉള്ള; ശാഠ്യം—. **f.-nail** കടയാണി. **f.-nose** ചപ്പമൂക്ക്. **f. tint** ഒററനിറം. **to fall f.** നിരൎത്ഥം ആക. *ad.* കേവലം, തീരെ; നേരെ. *n.* പരപ്പ്, മൈതാനം; 2. മണൽതിട്ട, മാട്; 3. അകലം, വീതി; 4. (വീട്ടിന്റെ) തട്ട്; 5. മുറാളൻ, പൊട്ടൻ; 6. ലഘുസ്വരചിഹ്നം (*mus.*). *v. t.* പരപ്പാക്കുക; തട്ടൊപ്പിക്കുക; 2. മന്ദം ആക്കുക; ലഘുസ്വരം—. *v. i.* പരന്ന്പോക. **to f. out** അമാന്തിക്കുക; ഇച്ഛാഭംഗം വരുത്തുക. -'**ly,** *ad.* പരപ്പ്ആയി, നിരപ്പ്—; കേവലം, തീരെ, തീൎച്ചയായി. -'**ness,** *n.* പരപ്പ്; മന്ദത, രസക്ഷയം; സ്വരലഘുത്വം. -'**ten,** *v. t.* പരത്തുക, നിരത്തുക, വിതാനം ഒപ്പിക്കുക; തള്ളിയിടുക; അപജയം വരുത്തുക; ധൈൎയ്യക്ഷയം—; രുചിയില്ലാതാക്കുക. *v. i.* നിരന്ന്വരിക; മന്ദമായ്തീരുക. -'**ting,** *n.* അടിച്ച് പരത്തൽ, തകിടാക്കൽ. -'**tish,** *a.* ഏതാനും പരന്ന. -'**wise,** *a. & ad.* കിടത്തി; മലൎത്തി; കമിഴ്ത്തി.

**Flat'tĕr,** *v. t.* സ്തുതിക്കുക, മുഖസ്തുതി പറയുക, വാഴ്ത്തിപ്പറയുക, വളൎത്തിപ്പറയുക; 2. പുന്നാരം പറയുക; മിത്ഥ്യാകാംക്ഷ ജനിപ്പിക്കുക; 3. പക്ഷമായി വൎണ്ണിക്കുക. *v. i.* മുഖപ്രശംസചെയ്യുക. -**ĕr,** *n.* മുഖസ്തുതിക്കാരൻ. -**ing,** *a.* പ്രശംസയായ. -**ing-ly,** *ad.* മുഖസ്തുതിയായി. -**y,** *n.* —സ്തുതി, വ്യാജ—.

**Flat'ū-lent,** *a.* കടൽവായു ഉള്ള, ആന്ത്രശൂല—; 2. വായുജനകമായ; 3. —നിറഞ്ഞ; 4. പൊങ്ങച്ചമുള്ള, മിത്ഥ്യയായ. =**lence,** =**len-cy,** *n.* കടൽവായു (*med.*); പൊങ്ങച്ചം. **flā'tus,** *n.* കടൽവായു (*med.*).

**Flaunt** (flant *or* flänt), *v. i.* 'വടായി' കാട്ടുക, ഭാവം നടിക്കുക. *v. t.* കെട്ടിച്ചമഞ്ഞ് നടക്കുക. *n.* മോടി. -'**ing-ly,** *ad.* പൊങ്ങച്ചത്തോടെ.

**Flā'vŏr, Flā'vŏur,** *n.* മണം, വാസന; 2. രുചി, ചുവ; 3. സ്വാദ് വരുത്തുന്ന സാധനം; 4. ലാവണ്യം, രസം. *v. t.* വാസനവരുത്തുക, സ്വാദ്—, വറവിടുക, താളിക്കുക. =**vŏured** (-vĕrd), *a.* പകാരിച്ച, വറവ് ചേൎത്ത; പ്രത്യേകരുചിയുള്ള. -**ŏus,** *a.* രുചിവരുത്തുന്ന, മണം—.

**Flaw** (fla), *n.* ഉടവ്, പൊട്ട്, വിള്ളല്; ഊനം; 2. തെററ്; കററം, കറ, കുറവ്; 3. ആരവാരം; 4. കാററൂത്ത്. *v. t.* വിള്ളുമാറാക്കുക; 2. ലംഘിക്കുക. -'**y,** *a.* വിണ്ട, വിണ്ട്കീറിയ; ഊനമുള്ള; പെട്ടന്ന് കാററൂതുന്ന.

**Flax,** *n.* ചണം, വക്ക് (*b.*). **f.-seed** ചണവിത്ത്. **f.-wench** വക്കനൂല്ക്കുന്ന സ്ത്രീ; വേശ്യ. -'**en,** -'**y,** *a.* ചണനിറമുള്ള.

**Flāy,** *v. t.* തോല്പൊളിക്കുക.

**Flēa** (flē), *a.* ചെള്ള്, അണുങ്ങ് (*z.*). **dog f.** നായ്ച്ചെള്ള്. **a f. in the ear** കൎണ്ണകഠോരം. **f.-bite** ചെള്ള്കടി; അല്പവേദന; പൊരുളിക്കാനില്ലാത്ത മുറിവ്. **f.-bane** കരിനൊച്ചിൽ (*b.*); കാട്ട്ജീരകം (*b.*).

**Fled,** *p. t. of* **Flee.**

**Fledge** (flej), *v. t. & i.* തുവലാറുക, ചിറക് വെക്കുക; പറക്കുമാറാക; 2. രോമം വരിക. *a.* തുവല് വെച്ച, പറക്കുവാൻ കഴിയുന്ന. -'**ling,** *n.* പക്ഷിക്കുഞ്ഞ്.

**Flēe,** *v. i.* & *t. ir.* (fled, fled) ഓടി കളയുക, പാഞ്ഞ് പോക; (from) വിട്ട് മണ്ടുക, —മാറുക; തെററി രക്ഷപ്പെടുക.

**Flēece,** *n.* ആട്ട് രോമത്തോല്; ഒര് കത്രിക്കലിൽ ഉള്ള ആട്ട്രോമം; 2. മുട്ട ചമ്മം. f.-wool കത്രിച്ചെടുത്ത ആട്ട് രോമം. *v. t.* രോമം കത്രിക്കുക; തോലു രിക്കുക; 2. തോല്പിച്ചെടുക്കുക, അപഹരി ക്കുക. flēeced (flēst), *a.* രോമചമ്മമുള്ള; തോലുരിച്ച; മുതൽ അപഹരിച്ച് പോയ, അപഹൃതനായ. ='cĕr, *n.* അപഹാരി. ='cy, *a.* രോമചമ്മതുല്യമായ; രോമം ഉള്ള; രോമംകൊണ്ടുണ്ടാക്കിയ.

**Flēer,** *v. t.* & *i.* മുഖം ചുളിക്കുക, കൊഞ്ഞനം കാട്ടുക; പരിഹസിക്കുക, ഇ ളിക്കുക. *n.* കൊഞ്ഞനം കാട്ടൽ, പരി ഹാസശോക്തി, —വാക്ക്. -'ing-ly, *ad.* ഹാസ്യം ആയി, നിന്ദ—.

I. **Flēet,** *v. i.* പായികൊട്ടത്തോടുക; 2. വേഗം പോക, പറന്ന് —. *v. t.* ക്ഷ ണം കഴിഞ്ഞ് —; 2. ഉല്ലാസത്തിൽ കഴിക്കു ക. *a.* വേഗതഉള്ള, ത്വരിതം—, ചുറുക്ക് —; 2. തടികുറഞ്ഞ, ലഘുവായ. f.-foot വേ ഗം നടക്കുന്ന. -'ing, *a.* ക്ഷണികമായ; സ്ഥിരതയില്ലാത്ത. -'ing-ly, *ad.* ശീഘ്ര മായി. -'ness, *n.* വേഗത, ഓട്ടം.

II. **Flēet,** *n.* യുദ്ധക്കപ്പൽക്കൂട്ടം; നൌ ശണം, കപ്പൽസൈന്യം.

III. **Flēet,** *v. t.* പാൽപാട നീക്കുക. -'en, *n.* പാടനീക്കിയ പാല്. f.-n face വെളുവെള വെളുത്തമുഖം; ഭീരു. -'ings, *n. pl.* തൈര്. [ക്കുക.

**Flense,** *v. t.* തോലുരിക്കുക; നെയ്യെടു

**Flesh,** *n.* മാംസം, ഇറച്ചി; 2. മാം സാഹാരം; 3. ശരീരം, ജഡം; 4. നരവം ശം; 5. മാനുഷത്വം, ദയ; 6. ജഡമോ ഹം, ജഡികഭാവം; 7. ബന്ധു, ചോര; 8. കാമ്പ്. f.-monger ഇറച്ചിവില്ക്കുന്ന വൻ; കൂട്ടികൊടുക്കുന്നവൻ. f.-pot ഇ റച്ചിക്കലം; (*pl.*) സുഭിക്ഷം; സുഖഭക്ഷ ണം. f.-wound മാംസമുറിവ്. after the f. മാനുഷപ്രകാരം. an arm of f. മാ നുഷശക്തി, —സഹായം. f. and blood രക്തസംബന്ധി, സന്താനം; മനുഷ്യസ്വ ഭാവം, ജഡരക്തം. f.-broth മാംസക്ക ഷായം. f.-eater മാംസഭോജി. f.-meat മാംസാഹാരം. f.-side ചമ്മത്തിന്റെ ഉ ൾഭാഗം. f.-tint മാംസവണ്ണം. f.-worm കൃമി. to gather f. പുഷ്ടിവെക്കുക. to take f. അവതരിക്കുക. to be one f. വി വാഹബന്ധത്തിൽ ചേരുക. *v. t.* ഇറച്ചി തീററുക; 2. ശീലിപ്പിക്കുക, അഭ്യസിപ്പി ക്കുക; 3. ആദ്യമായി മുറിപ്പെടുത്തുക; 4. മട്ടപ്പ് വരുത്തുക, അരിയായി തിന്നിക്കുക; 5. കഠിനപ്പെടുത്തുക; 6. തോല് നന്നാ ക്കുക. fleshed (fleshd), *a.* തടിച്ച, പു ഷ്ടിയുള്ള; മട്ടപ്പ് വന്ന. -'ĕr, *n.* 'കസാ പ്പ്'കാരൻ, 'കസായി'. -'hood, *n.* അവ താരം. -'i-ness, *n.* പുഷ്ടി, തടി; മാംസ ളത്വം. -'less, *a.* മെലിഞ്ഞ. -'li-ness, *n.* ജഡമോഹം, കാമവികാരം. -'ling, *n.* ജഡികൻ. -'ly, *a.* ശാരീരിക; ജീവ ജന്തുവായ, പ്രാണനുള്ള; ഐഹികം ആ യ, മാനുഷം—; ജഡമോഹം ഉള്ള, വിഷ യാസക്തി—. -'y, *a.* തടിച്ച, കൊഴുപ്പു ള്ള; ജഡമയമായ.

**Flew,** *p. t. of* **Fly.**

**Flex,** *v. t.* മടക്കുക, കുറുക്കുക. -i- bil'i-ty, -'i-ble-ness, *n.* ഉലച്ചൽ, വള യുന്ന ഗുണം, മയം; വിധേയത്വം. -'i- ble, -'ile, *a.* വളയുന്ന, ഉലയുന്ന; ഒതു ക്കം ഉള്ള, അനുസരണം—, ചാപല്യം—; മനമിളകുന്ന; വഴങ്ങുന്ന, ഇച്ഛാനുസാരം ആകൃതിപ്പെടുത്താവുന്ന. -'iōn, *n.* വള ക്കൽ, മടക്കൽ; വളവ്; രൂപഭേദം (*gr.*). -'ŏr, *n.* കുറുക്ക്പേശി (*an.*). -'ū-ŏus, *a.* മടക്ക് ഉള്ള, വളവ്—; സ്ഥിരമില്ലാ ത്ത, ചപലമായ. -'ūre, *n.* കുനിയൽ; വണക്കം; വളവ്, മടക്ക്.

**Flib'bĕr-ġib,** *n.* ഏഷണിക്കാരൻ; മുഖസ്തുതിക്കാരൻ.

**Flick,** *v. t.* കടയുക, തട്ടിക്കളയുക. *n.* പാശ്ചമാംസം. flick'ĕr, *v. i.* ചിറക് അടിക്കുക, —കടയുക; 2. ഇളകിക്കൊണ്ടി രിക്കുക; അലയുക. *n.* തിരിയലച്ചൽ, പ ാളൽ. =ĕr-ing-ly, *ad.* ചഞ്ചലമായി.

**Flīght** (flīt), *n.* ഓട്ടം; പറക്കൽ; 2. ഓടിപ്പോക്ക്, പലായനം; 3. കയററം, ഉ യർച്ച: f. of imagination മതിവിലാസം.

4. ശ്രേണി, പക്ഷിക്കൂട്ടം; 5. പിക്കെട്ട്, കോവണി; 6. ഉമി. f. shot വെടിച്ചാട്, അമ്പേറ്. to put to f., to turn to f. ഓടിക്കുക, മണ്ടിക്കുക. -'ed, *a*. ഓടിപ്പോകുന്ന. -'i-ly, *ad*. ഓട്ടമായി. -'i-ness, *n*. ഓട്ടം; ഭ്രമത. -'y, *a*. ക്ഷണികമായ, ഓടിപ്പോകുന്ന; ചിത്തക്ഷോഭമുള്ള.

**Flim'sy**, *a*. ലോലം ആയ, ബലഹീനം—, നിസ്സാരം—. *n*. നേരിയ കടലാസ്. =si-ly, *ad*. സാരമില്ലാതെ, പൊട്ടായി. =si-ness, *n*. ഉറപ്പില്ലായ്മ, കരുത്തില്ലായ്മ, ശൈഥില്യം.

**Flinch**, *v.i.* പിൻമാറുക, തെററിക്കളയുക, വഴുതിക്കളയുക, മടിക്കുക. *n*. പിൻവാങ്ങൽ. -'ing-ly, *ad*. ശങ്കയോടെ.

**Flin'ders**, *n. pl.* നുറുക്ക്, കഷണം.

**Fling**, *v.t. ir.* (flung, flung) എറിയുക, ചാട്ടുക; 2. പാററുക, വിതറുക; 3. തള്ളിയിടുക; അപജയപ്പെടുത്തുക. to f. about പാററുക, വിതറുക. to f. away ഉപേക്ഷിക്കുക. to f. down ചാടിക്കളയുക; തോല്പിക്കുക. to f. in കണക്കിൽ കൂട്ടാതിരിക്കുക. to f. off കിട്ടാതാക്കുക; പോയ്ക്കളയുക. to f. open ഉന്തിത്തുറക്കുക. to f. out ഉച്ചരിക്കുക, പറയുക. to f. up വിട്ടുകളയുക. *v.i.* തള്ളിയിടുക; 2. ചീത്തപറയുക, തെറി—, നിന്ദിക്കുക; 3. പുറത്ത് ചാട്ടുക. to f. out മുരട്ടുശീലം കാണിക്കുക; വാവിഷ്ഠാണം ചെയ്യുക. *n*. ഏറ്, ചാടൽ; ചവിട്ട്; 2. നിന്ദ, അധിക്ഷേപം; 3. നിസ്സാരകാര്യം. to have one's f. തോന്നിയവാസം പ്രവൃത്തിക്കുക. f.-dust കാൽനടക്കാരൻ; നീചസ്ത്രീ. -'er, *n*. നിന്ദകൻ.

**Flint**, *n*. തീക്കല്ല്, ചക്കുമുക്കിക്കല്ല് (*min.*); 2. കാഠിന്യം. f. glass സ്ഫടികം. f.-hearted ഹൃദയകാഠിന്യമുള്ള, നിർദ്ദയമായ. f.-lock തോക്കിന്റെ കൊത്തി; ചക്കുമുക്കിത്തോക്ക്. f.-ware മേത്തരം പിഞ്ഞാണം. to skin a f. പണത്തിന്ന് വേണ്ടി എന്തും ചെയ്യുക. -'y, *a*. തീക്കല്ല് ഉള്ള; തീക്കല്ല് കൊണ്ട്—; തീക്കല്ല് പോലെ—.

**Flip**, *v.t.* മേല്പെട്ട് ചാട്ടുക, —എറിയുക.

**Flipe**, *v.t.* അകഭാഗം പുറത്താക്കുക, മറിക്കുക.

**Flip'pant**, *a*. വാക്കിന്ന് ഒഴുക്കം ഉള്ള; വാചാതുര്യം—; 2. എന്തെങ്കിലും ഏതെങ്കിലുംസംസാരിക്കുന്ന, നിർവ്വിചാരഭാവമുള്ള, ഉൾക്കരുത്തില്ലാത്ത; 3. വ്യർത്ഥം ആയ, നിസ്സാരം—. *n*. വാഗ്മി. =pan-cy, *n*. വാചാലത്വം, വാക്ചാപല്യം; നിസ്സാരഭാഷണം. -ly, *ad*. ഘോരളില്ലാതെ. -ness, *n*. വായ്പാടിത്വം.

**Flirt**, *v.t.* തെറുപ്പിക്കുക, എറിയുക; 2. അങ്ങോട്ടും ഇങ്ങോട്ടും ആട്ടുക; 3. പരിഹസിക്കുക. *v.i.* തുള്ളിച്ചാടുക; 2. കൊഞ്ചുക, മയങ്ങുക; വിനോദിക്കുക; 3. വാവിഷ്ഠാണം ചെയ്യുക. *n*. തെറുപ്പിക്കൽ; ഏറ്; ചാട്ടം; നിന്ദ; 2. തുള്ളിച്ചി, കൊഞ്ചല്ക്കാരത്തി, ചപല. -a'tion, *n*. തട്ടൽ; ലീലാവിനോദം, കൊഞ്ചല്. -'ing-ly, *ad*. മയങ്ങിക്കൊണ്ട്.

**Flisk**, *n*. തുള്ളൽ, ചാട്ടം.

**Flit**, *v.i.* പറന്ന് പോക, ഓടിപ്പോക, പാറിപ്പോക; 2. ചിറകടിക്കുക; 3. ഒന്ന് വിട്ട് മറെറാന്നിൽ പോക; മാറിപ്പോക; 4. സ്ഥിരമില്ലാതിരിക്കുക, ചഞ്ചലം കാട്ടുക. -'ter, *v.t.* കടയുക. *n*. കീറത്തുണി. f.r-mouse കടവാതിൽ (*z.*). -'ti-ness, *n*. അസ്ഥിരത, മനോലഘുത്വം. -'ting, *n*. പാറല്, പറക്കല്; പ്രവാസം. -'ting-ly, *ad*. അസ്ഥിരമായി.

**Float** (flōt), *n*. പൊങ്ങിയൊഴുകുന്നത്; തിരപ്പം; പൊങ്ങത്തി; തൊങ്ങിര; 2. കമ്മായക്കത്തി; 3. ഒരുവക അരം; 4. സമൂഹം; 5. തിരമാല. *v.i.* വെള്ളത്തിൽ പൊങ്ങിയിരിക്കുക, നീന്തുക; 2. പൊങ്ങിയൊഴുകുക, വെള്ളത്തിന്മേൽ ചലിക്കുക, ആകാശത്തിൽ—. *v.t.* വെള്ളത്തിന്മീതെ ഒലിച്ച് പോക; 2. കവിഞ്ഞൊഴുകുക, വെള്ളം കയറുക; 3. കമ്മായം മിനുക്കുക; 4. സംഘം സ്ഥാപിക്കുക; —നടത്തുക. -'a-ble, *a*. ഒഴുക്കാകുന്ന. -'age, -a'tion, *s. u.* Flota. -'ing, *a*. വെള്ളത്തിൽ പൊങ്ങിനില്ക്കുന്ന; ബന്ധമററ; സ്ഥിരപ്പെട്ടിട്ടില്ലാത്ത, തീർച്ചയാകാത്ത. f.g capital വ്യാപാരമുതൽ. f.g debt കണക്കറിയാത്ത കടം. f.g bridge ചങ്ങാടപ്പാലം.

f.g rib പാഴ് വാരിയെല്ല് (*an.*). -'ing-ly, *ad.* പൊങ്ങിയൊഴുകിക്കൊണ്ട്. -'y, *a.* പൊങ്ങുന്ന, ഘനം കുറഞ്ഞ.

**Flock**, *n.* ആട്ടിൻകൂട്ടം; പക്ഷിക്കൂട്ടം; 2. സഭ (*Chr.*). *v.i.* കൂട്ടമായി കൂടുക.

**Flōe** (flō), *n.* പൊങ്ങിയൊഴുകുന്ന ഹിമഖണ്ഡം.

**Flog**, *v.t.* അടിക്കുക, തല്ലുക, പ്രഹരിക്കുക. -'ging, *n.* അടി.

**Flood** (flud), *n.* ജലപ്പെരുക്കം, —പ്രളയം; വെള്ളപ്പൊക്കം; 2. വേലി, ഏററം, വേലിയേററം; 3. ആധിക്യം, ബഹുലം, പ്രളയം; 4. മാസക്കുളി. f.-gate ഷീപ്പ്. f.-tide വേലിയേററം. the f. നോഹയുടെ കാലത്തുണ്ടായ ജലപ്രളയം. *v.t.* കവിഞ്ഞൊഴുകുക; 2. വെള്ളം കയറുക; 3. നിറക്കുക. -'ing, *n.* വെള്ളപ്പൊക്കം, —ക്കേട്; രക്തസ്രാവം.

**Flōor** (flōr), *n.* നിലം, തളം; 2. തട്ട്. *v.t.* പലകയടിക്കുക; 2. നിലത്ത് തള്ളിയിടുക; തക്ക ഉത്തരത്താൽ മിണ്ടാതാക്കുക; 3. അവസാനിപ്പിക്കുക. -'āge, *n.* തളം. -'ĕr, *n.* അടി, കുത്ത്; തക്ക മറുവടി; അസാദ്ധ്യപ്രവൃത്തി. -'ing, *n.* നിലം, നിലപ്പടവ്; തിണ്ണ, തറ.

**Flop**, *v.t.* ചിറകടിക്കുക; 2. തിരിക്കുക. *v.i.* വീഴുക.

**Flō'ra**, *n.* പുഷ്പദേവി (*myth.*); 2. വൃക്ഷസസ്യാദികൾ; സ്ഥാവരവർണ്ണനം (*b.*). flō'ral, *a.* പുഷ്പം കൊണ്ടുണ്ടാക്കിയ; പുഷ്പത്തിന്നുള്ള. ='ral-ly, *ad.* പൂപോലെ. flō-res'cent (-sent), *a.* പുഷ്പിക്കുന്ന. flō'ret, *n.* ചെറുപുഷ്പം. flō'ri-āge, *n.* പുഷ്പം, പൂ. flō'ri-ā-ted, *a.* പുഷ്പാലങ്കാരമുള്ള. flor'i-cul'tūre, *n.* പുഷ്പകൃഷി, തോട്ടകൃഷി. flor'id, *a.* പുഷ്പമുള്ള; 2. ചുവന്ന; 3. രക്തപ്രസാദം ഉള്ള; 4. ഭാഷാലങ്കാരം—; 5. ഇമ്പമായ, മേളമൊത്ത. flor-id'i-ty, flor'id-ness, *n.* പ്രസന്നത; ഭാഷാലങ്കാരം, വാഗ്വിശേഷം. flor'id-ly, *ad.* ചുവപ്പായി; അലങ്കാരത്തോടെ. flō-rif'ĕr-ŏus, *a.* പുഷ്പോല്പാദകം ആയ; പുഷ്പപ്രദം—. flo-ri-fi-cā'tiŏn, *n.* പുഷ്പകാലം. flor'i-form, *a.* ആകൃതിയായ. flō'ri-lege, *n.* പുഷ്പറിക്കൽ. flō'rist, *n.* പൂക്കാരൻ, പുഷ്പകൻ; സ്ഥാവരശാസ്ത്രി.

**Flor'in**, *n.* ഒര് ഉറുപ്പികക്കുള്ള ഒര് വെള്ളിനാണ്യം.

**Floss**, *n.* പൂവാര്; 2. പിരിക്കാത്ത പട്ട്നൂല്. f. silk ഇഴപ്പട്ട്. =si-fi-cā'-tiŏn, *n.* പുഷ്പിക്കൽ. =sy, *a.* മിനുക്കം ഉള്ള, മാർദ്ദവം—; ലഘുവായ.

**Flō'ta**, *n.* കപ്പൽക്കൂട്ടം. =tāge, *n.* ഒഴുക്കം; പൊങ്ങിയൊഴുകുന്നത്. =tā'tiŏn, *n.* ഒഴുക്കൽ; പൊങ്ങിയൊഴുകുന്നസ്ഥിതി. =til'la, *n.* ചെറിയ കപ്പൽക്കൂട്ടം.

**Flot'sam, Flot'son**, *n.* കപ്പൽ പൊളിഞ്ഞ് കടലിൽവീണ ചരക്ക് (*l.*).

I. **Flounce, Floun'dĕr**, *v.i.* കുടയുക, പിടക്കുക, തെറുപ്പിക്കുക. *n.* കുടച്ചല്.

II. **Flounce**, *n.* തൊങ്ങല്. *v.t.* തൊങ്ങലാൽ ശൃംഗരിക്കുക.

**Flour**, *n.* ധാന്യപ്പൊടി, മാവ്; 2. നേരിയപൊടി. f.-bolt അരിപ്പ, ചല്ലട. f.-mill ആസ്, തിരികല്ല്. *v.t.* പൊടിക്കുക, മാവാക്കുക; 2. പൊടിവിതറുക; 3. മണിമണിയായി ഉരുട്ടുക. ='ry, *a.* പൊടിയുള്ള, മാവ് പൊതിഞ്ഞ.

**Flŏur'ish** (flur'ish), *v. i.* വളരുക, പുളെക്കുക, പോളിക്കുക; 2. വർദ്ധിക്കുക, അഭിവൃദ്ധിയാക, പുഷ്പിച്ച് വരിക, വൃത്തി—, ഉന്നതി പ്രാപിക്കുക; 3. അലങ്കാരഭാഷയായി പറയുക, —എഴുതുക; 4. വീശുക; 5. വിചിത്രമായി എഴുതുക; 6. വാദ്യം ഘോഷിക്കുക; 7. വീമ്പ് പറയുക, 'വടായി'—. *v.t.* അലങ്കരിക്കുക; 2. ഓങ്ങുക, വീശുക, ഇളക്കുക. *n.* പുഷ്പി, അഭിവൃദ്ധി; 2. ശൃംഗാരം; 3. ആഡംബരം, മോടി; 4. വാചകാലങ്കാരം; 5. ചിത്രലിപി; 6. വാദ്യഘോഷം; 7. ഓങ്ങൽ, ചുഴററൽ, ഭ്രമണം. -ing-ly, *ad.* കോലാഹലത്തോടെ.

**Flout**, *v.t.* നിന്ദിക്കുക, പുച്ഛിക്കുക. *v. i.* (at) പരിഹസിക്കുക, തുച്ഛീകരിക്കുക. -'ing-ly, *ad.* പുച്ഛമായി.

**Flōw** (flō), *v. i.* ഒഴുകുക; 2. ഉരുകുക; 3. ഉണ്ടാക, ഉത്ഭവിച്ച് വരിക, പുറപ്പെട്ട്—; 4. ഒഴുക്കമായിരിക്കുക; 5. കവിഞ്ഞൊഴുകുക; നിറഞ്ഞിരിക്കുക; 6. പാറുക; 7. വേലിയേററം ഉണ്ടാക; 8. ശബ്ദസ്രാവം—. *v. t.* മുക്കുക; 2. കവിഞ്ഞൊഴുകുക. *n.* ഒഴുക്കം, പ്രവാഹം; 2. ധാരാളത്വം; 3. ഗതി, പദ്ധതി; 4. വേലിയേററം. **-'āge**, *n.* വെള്ളപ്പൊക്കം. **-'ing**, *a.* ഒഴുകുന്ന; ഒഴുക്കമുള്ള; ധാരാളമായ. **-'ing-ly**, *ad.* ഒഴുക്കത്തോടെ.

**Flow'er** (flow'r), *n.* പൂ, പുഷ്പം, കുസുമം, മലർ; 2. ഉത്തമാംശം, മണി, സത്ത്; 3. ധാന്യമാവ്; 4. (*pl.*) ചൂർണ്ണം; 5. ശബ്ദാലങ്കാരം; 6. ചിത്രാക്ഷരം; 7. *pl.* ഋതുസ്നാനം. **f.-bed** പൂത്തടം. **f.-bud** പൂമൊട്ട്. **f.-bunch** പുഷ്പമഞ്ജരി. **f.-pot** പൂച്ചട്ടി. **f.-vase** പുഷ്പാശയം. *v. i.* പൂക്കുക, പുഷ്പിക്കുക; 2. വിശിഷ്ടമാക; യൌവനം പ്രാപിക്കുക; ഉന്നതി—; 3. നരക്കുക; 4. ചൂർണ്ണമാക. *v. t.* അലങ്കരിക്കുക, വിചിത്രമാക്കുക. **-āge**, *n.* പുഷ്പനില; പുഷ്പങ്ങൾ. **-ĕr**, *n.* പുഷ്പിക്കുന്ന ചെടി. **-et**, *n.* ചെറുപുഷ്പം. **-ful**, *a.* പൂ നിറഞ്ഞ. **-i-ness**, *n.* പുഷ്പിതനില. **-ing**, *a.* പൂവിടുന്ന. *n.* പുഷ്പകാലം; പൂക്കൽ; പുഷ്പാലങ്കാരം. **=ery** (-ri), *a.* പുഷ്പം നിറഞ്ഞ; ഭാഷാലങ്കാരമുള്ള.

**Flōwn** (flōn), *p. p. of* **Fly.**

**Fluc'tū-āte**, *v. i.* ഇളകുക, ലാഞ്ചുക; 2. ചഞ്ചലിക്കുക, സ്ഥിരമില്ലാതിരിക്കുക. *v. t.* കല്ലോലിക്കുക. **=ā'tiŏn**, *n.* കല്ലോലത്വം; ആട്ടം; ചാഞ്ചാട്ടം, ചഞ്ചലം; ഏറക്കുറവ്, അസ്ഥിരത; വ്യത്യാസം. **=tif'-ĕr-ŏus**, *a.* ഓളമുണ്ടാക്കുന്ന. **='tū-ant**, *a.* ഇളകുന്ന; ചാഞ്ചാട്ടമുള്ള; ഞെങ്ങുന്ന (*med.*).

**Flue**, *n.* വായുദ്വാരം; 2. പുകക്കുഴൽ; 3. മൃദുരോമം; —നാര്.

**Flu'ent**, *a.* പ്രവഹിക്കുന്ന; ദ്രാവകമായ; 2. വാചാലത്വം ഉള്ള, ഒഴുക്കം—. *n.* നീച്ചാല്, തോട്. **='ence, ='en-cy**, *n.* ദ്രവത്വം; ഒഴുക്കം, വാക്ചാതുര്യം. **-ly**, *ad.* തടസ്ഥമില്ലാതെ.

**Fluff**, *n.* പപ്പ്, പൂട. **-'y**, *a.* മാർദ്ദവമുള്ള. **-'i-ness**, *n.* മൃദുത്വം.

**Flu'id**, *a.* ഒഴുകുന്ന; ദ്രാവകം ആയ. *n.* ദ്രാവകം, നീര്. **-al**, *a.* ദ്രാവകസംബന്ധമായ. **-'i-ty, -ness**, *n.* ദ്രവത്വം. **-īse, -īze**, *v. t.* ദ്രവരൂപമാക്കുക.

**Fluke**, *n.* നങ്കൂരക്കൊക്ക്, നങ്കൂരപ്പല്ല്; 2. തഞ്ചം, ഭാഗ്യം.

**Flume**, *n.* ഓവ്; ചാല്. **flu'mi-nŏus**, *a.* നദീസംബന്ധമായ; അനവധി പുഴകളുള്ള. [തി; 3. നിസ്സാരം.

**Flum'mĕr-y**, *n.* കുള്; 2. മിത്ഥ്യാസ്തുതി

**Flung**, *p. t. of* **Fling.**

**Flunk**, *v. t. & i.* അന്ധാളിക്കുക; 2. വലിഞ്ഞ് കളയുക, പിൻവാങ്ങിക്കളയുക. *n.* അന്ധാളിപ്പ്, അമാന്തം. **='ky**, *n.* ദാസൻ; പാദസേവകൻ; വിഡ്ഢി. **='ky-ism**, *n.* നീചാശ്രയം, പാദപൂജ.

**Flur'ry**, *n.* കാററൂത്ത്, കാററ് വീശൽ; ഇളങ്കാററ്; 2. പരിഭ്രമം, വേവലാധി, തിരക്ക്, ഉരുസൽ. *v. t.* ഭ്രമിപ്പിക്കുക, വേവലാധിപ്പെടുത്തുക. **=ried** (-rid), *a.* വെമ്പലുള്ള. **=ried-ly**, *ad.* ബദ്ധപ്പാടോടെ.

**Flush**, *v. i.* ഒഴുകുക, ചാടുക; 2. മുഖം ചുവക്കുക, ഉളത്ത് പോക, നാണം തോന്നുക; 3. മുഖപ്രസന്നതയുണ്ടാക; 4. പറന്ന് കളയുക. *v. t.* നിറക്കുക, കവിയുമാറാക്കുക; 2. മുഖം കരുവാളിപ്പിക്കുക; നാണിപ്പിക്കുക; ഭ്രമിപ്പിക്കുക; 3. രക്തപ്രസാദം വരുത്തുക; 4. ഉണർത്തുക, വദ്ധിപ്പിക്കുക; 5. പറപ്പിക്കുക. *n.* ഒഴുക്കം, ചാട്ടം; 2. ചുവപ്പ്, കരുവാളിപ്പ്; 3. മുഖപ്രസന്നത; 4. വിഹ്വലത. *a.* ചൈതന്യം ഉള്ള, പ്രസന്നത—; 2. വക—; 3. ഔദാര്യം—, ദ്രവ്യയം ചെയ്യുന്ന; 4. വിതാനമൊത്ത. *ad.* നിരപ്പായി. **-'ing-ly**, *ad.* സംഭ്രമത്തോടെ; നാണത്തോടെ. **-'ness**, *n.* സമൃദ്ധി.

**Flus'tĕr, Flus'trāte**, *v. t.* മദ്യപാനത്താൽ ഉന്മിപ്പിക്കുക, —ഉമ്പ് കെടുക്കുക. *v. i.* ചൂടാന്തരം കിട്ടുക. **Flus'tĕr, -ā'tiŏn, =trā'tiŏn**, *n.* സംഭ്രമം, തൻേറാടമില്ലായ്മ.

**Flute**, *n.* കുഴല്, വേണു. *v.i.* കുഴലൂതുക, ചീനിവിളിക്കുക. *v. t.* ചാലയിട്ടു പാട്ടുക. ='ted, *a.* നേരിയ; തെളിവുള്ള. -'tĕr, ='tist, *n.* കുഴലൂതുന്നവൻ.

**Flut'tĕr**, *v.i.* ചിറകടിക്കുക; 2. ഉത്കണ്ഠ കാട്ടുക; 3. പതറുക, ചഞ്ചലിക്കുക. *v.t.* ചിറകടിച്ചു പറക്കുക; 2. അമ്പരിപ്പിക്കുക, *n.* ഒച്ചപ്പാട്, ഇളക്കം; 2. ഉത്സൽ; കിടിലം.

**Flu'vi-al, Flu-vi-a'tic, Flu'vi-a-tīle**, *a.* നദീസംബന്ധമായ; പുഴയിൽ ഉണ്ടാകുന്ന.

**Flux**, *n.* ഒഴുക്കം, പ്രവാഹം; 2. മാററം; 3. വേലി, ഏററം; 4. ഉരുകൽ; 5. വാച്ച, സ്രാവം; അതിസാരം (*med.*). *a.* വികാരമുള്ള; അസ്ഥിരമായ. *v. t.* മാററുക, ഭേദഗതി വരുത്തുക; 2. ഉരുക്കുക; 3. വിരേചിപ്പിക്കുക. -ā'tiŏn, *n.* ഒഴുക്കം, മാററം. -'īle, -'i-ble, *a.* ഉരുക്കാവുന്ന. -i-bil'i-ty, *n.* ദ്രവത്വം. -'iŏn, *n.* പ്രവാഹം; നീര്; ഉരുകൽ; ചോരയിറക്കം (*med.*); മാററം. -'iŏn-al, -'iŏn-a-ry, *a.* വികാരമുള്ള, സ്ഥിരമില്ലാത്ത. -'ive, *a.* ഒഴുകുന്ന; കുഴഞ്ഞനെയുള്ള.

**Flȳ** (flī), *v. t.* (flew *pr.* flu, flōwn *pr.* flōn) പറക്കുക; 2. പാറുക; 3. പായുക; 4. ചുഴററുക; 5. മണ്ടിപ്പോക; 6. ഊക്കോടെ പോക. to f. about കാററ് മാറിമാറി വീശുക (*naut.*). to f. around അങ്ങുമിങ്ങും ഓടിച്ചാടി നടക്കുക. to f. at നേരെ പായുക, എതിർക്കുക. to f. in the face of ധിക്കരിക്കുക; എതിർക്കുക. to f. off തെറിച്ചു പോക; മത്സരിക്കുക. to f. on ആക്രമിക്കുക. to f. open ഉന്തിതുറക്കുക. to f. out പുറത്തേക്ക് ചാടുക; ക്രുദ്ധിക്കുക; താന്തോന്നിയായി നടക്കുക. to let f. വിടുക, എയ്യുക. *v.t.* പറപ്പിക്കുക; 2. വിട്ടോടിപ്പോക, അകന്നുനില്ക്കുക. to f. a kite പട്ടം പറപ്പിക്കുക; ഉണ്ടികമേൽ പണം കടം വാങ്ങുക. *n.* ഈച്ച (*z.*); 2. ചൂണ്ടലിര; 3. ഒററക്കുതിരവണ്ടി; 4. കാററുകാട്ടി; 5. തവുക്കക്കുറി; 6. നെടുന്തൂക്കം (*w.*). fire-f. മിന്നാമിനുങ്ങ് (*z.*); f.-fishing ചൂണ്ടലിടൽ. f.-leaf പുറങ്കടലാസ്. f.-net കൊതുമറ. on the f. വീഴുമ്പോൾ (നിലത്ത് തട്ടും മുമ്പെ). f.-blown പുഴുത്ത, ചീഞ്ഞ. f.-boat തോണി; ചെറുകപ്പൽ. f.-case പ്രാണികളുടെ ഓട്. f.-catcher ഒരു വക പക്ഷി (*z.*). f.-man വണ്ടിക്കാരൻ. f.-speck കുത്ത്, വിന്ദു. *a.* മനസ്സിലായ, ഗ്രഹിച്ച. -'ĕr, flī'ĕr, *n.* ഓടിപ്പോകുന്നവൻ. -'iṅg, *a.* പറക്കുന്ന; ചിറകുള്ള; വേഗം ഓടുന്ന. f.g-colours പാറുന്ന കൊടി. to come off with f.g-colours സാദ്ധ്യം പ്രാപിക്കുക, ജയം—. f.g-dragon കൊള്ളിമീൻ (*as.*). f.g Dutchman മായക്കപ്പൽ. f.g-fish പാററമീൻ (*z.*). f.g-fox കടവാതിൽ, നരിച്ചീറ് (*z.*). f.g-frog മരത്തവള (*z.*). f.g-lizard പാറോന്ത് (*z.*). f.g-machine ആകാശനീന്തം, വിമാനം. f.g-party, f.g-army, f.g-artillery ശീഘ്രസൈന്യം. f.g-shot പറക്കുമ്പോളുള്ള വെടി.

**Fōal** (fōl), *n.* കുതിരക്കുട്ടി, കഴുതക്കുട്ടി (*z.*). f.-teeth കുതിരയുടെ ആദ്യപ്പല്ല്. in f., with f. കുതിരക്ക് ഗർഭമുണ്ടാക, കഴുതക്ക്—. *v. t. & i.* കുതിരപെറുക, കഴുത—.

**Fōam** (fōm), *n.* നുര, പത. *v.i.* നുരക്കുക, നുരവരിക, പതക്കുക; 2. കോപിക്കുക. *v.t.* തിളപ്പിക്കുക, നുരപ്പിക്കുക; 2. (out) നുരച്ചുതള്ളുക. -'iṅg-ly, *ad.* നുരയോടുകൂടി. -'y, *a.* നുരയുള്ള; തിളെക്കുന്ന.

**Fob**, *n.* ഗഡിയാൾ കീശ. f.-chain —ചങ്ങല. *v. t.* ചതിക്കുക, തോല്പിക്കുക. to f. off ഉപായത്താൽ മാററിക്കളയുക.

**Fō'cus**, *n.* രശ്മികേന്ദ്രം, ദൃഷ്ടി—, തേജസംകക്ഷ—; 2. മദ്ധ്യസ്ഥാനം. fō'cal-īse, fō'cal-īze, *v. t.* ഏകകേന്ദ്രമാക്കുക, ദൃഷ്ടികൃത്യം വരുത്തുക; 2. ഏകീകരിക്കുക, സംഗ്രഹിക്കുക. fō'cal, *a.* ദൃഷ്ടികേന്ദ്രസംബന്ധമായ, രശ്മി—. fō-cal-i-sā'-tiŏn, fō-cal-ī-zā'tiŏn, *n.* തേജസംകക്ഷകേന്ദ്രം കാണൽ.

**Fod'dĕr**, *n.* കാലിത്തീന്, പുല്ല്, വൈക്കോല്; മേച്ചല്. *v. t.* തീൻകൊടുക്കുക. പുല്ലിടുക.

**Fōe** (fō), *n.* ശത്രു; 2. ശത്രുസൈന്യം; 3. വിരോധി. **f.-man** എതൃപക്ഷം. **-hood,** *n.* ശത്രുത്വം.

**Fœ'tus,** *etc. see* **Fetus,** *etc.*

I. **Fog,** *n.* വൃശ്ചികപ്പുല്ല് (*agr.*). *v.t.* വൃശ്ചികപ്പുല്ല് തീററുക (*agr.*). *v.i.* നീചപ്രവൃത്തി ചെയ്യുക. **-'gĕr,** *n.* ആഭാസൻ.

II. **Fog,** *n.* മൂടൽമഞ്ഞ്, കുളമ്പുക; 2. മനക്കലക്കം. *v.t.* മഞ്ഞ് മൂടുക; 2. മങ്ങലാക്കുക; 3. മറക്കുക. *v.i.* മങ്ങിക്കാണുക. **-'gi-ness,** *n.* മൂടല്. **-'gy,** *a.* മഞ്ഞ് ഉള്ള, കുളമ്പുക—; തെളിവില്ലാത്ത.

**Fō'gy, Fō'gey, Fō'gie,** *n.* (old) മുഠാളക്കിഴവൻ; പഴമക്കാരൻ. **-ism,** *n.* പഴമ.

**Fōh** (fō), *int.* ഛീഃ, ഛെഃ, ഫൂഃ.

**Foi'ble,** *a.* ബലഹീനമായ. *n.* കുറവ്, വീഴ്ച, കുററം, ബുദ്ധിമോശം.

I. **Foil,** *v.t.* ചവിട്ടിക്കുരട്ടുക; 2. തോല്പിക്കുക, അസാദ്ധ്യം ആക്കുക; 3. മന്ദം—, ചൂര് ഇല്ലാതെ—. *n.* ഇച്ഛാഭംഗം; അപജയം, മുടക്കം; 2. അഭ്യാസവാള്; 3. മുശച്ചവിട്ടടി. **to run a f.** തെററിച്ച് കളയുക. **-'a-ble,** *a.* തോല്പിക്കാവുന്ന. **-'ing,** *n.* മാൻചവിട്ടടി.

II. **Foil,** *n.* ഇലത്തകിട്; കാക്കപ്പൊന്ന്; 2. ശൃംഗാരം; 3. കണ്ണാടിയുടെ ഇൗയരസത്തകിട്. **f.-stone** കള്ളരത്നം.

**Foin,** *v.i.* വെട്ടുക, കുത്തുക.

**Foi'son,** *n.* നല്ലവിള, സുഭിക്ഷം, ധാരാളം.

**Foist,** *v.t.* (in) കളവായി ചേർക്കുക; അറിയാതെ ചെരുതുക; ഇല്ലാത്തത് വെച്ച് കെട്ടുക; കൃത്രിമം ചെയ്യുക. *n.* കൃത്രിമക്കാരൻ, ചതിയൻ; 2. ചതി.

I. **Fōld,** *v.t.* മടക്കുക, മിടയുക; 2. കൈകെട്ടുക; 3. പൊത്തുക; 4. ആശ്ലേഷിക്കുക; 5. മറച്ച് വെക്കുക. *v.i.* മടങ്ങുക; 2. തമ്മിൽ പിണെയുക. *n.* മടക്ക്, മിടച്ചൽ; 2. വട്ടം, പ്രാവശ്യം, തവണ, ഉരു; മേനി, ഇരട്ടി; 3. ആലിംഗനം, കെട്ടിമുത്തം. **-'ĕr,** *n.* കടലാസ്കത്തി. **-'ing,** *n.* മടക്കൽ; മടക്ക്. **f.g chair** മടക്ക്കസേല. **f.g door** —വാതിൽ.

II. **Fōld,** *n.* ആട്ടാല; 2. ആട്ടിൻകൂട്ടം; 3. സഭ, സമുദായം (*Chr.*); 4. അതിര്. **f.-yard** ആട്ട്കൊട്ടിൽ, തൊഴുത്ത്. *v.t.* & *i.* ആലയിൽ ആക്കുക. **-'ing,** *n.* മുളെക്കൽ.

*Fol'de-rol, n.* ഭോഷത്വം, മുഠാളത്വം.

**Fō'li-āġe,** *n.* പത്രം, ഇല, ചപ്പ്; 2. കൃത്രിമലതാപുഷ്പങ്ങൾ. *v.t.* ലതകളാൽ അലങ്കരിക്കുക. **=ā'ceŏus** (-ā'shus), *a.* പത്രാകൃതിയായ. **=āġed** (-ājd), **=āte,** *a.* ഇലയുള്ള. **=ar,** *a.* ഇലകൾ കൊണ്ടുള്ള, പത്രസംബന്ധമായ. **=āte,** *v.t.* ഇലത്തകിടായി അടിക്കുക; കണ്ണാടിക്ക് രസം തേക്കുക. **=ā-ted,** *a.* ലതാകൃതിആയ; തകിട്—; രസം പൂശിയ. **=ā'tiŏn,** *n.* പത്രാകൃതിയാക്കൽ; തകിടടിക്കൽ; രസം പൂശൽ; പത്രോല്പത്തി. **=lif'ĕr-ŏus,** *a.* പത്രോല്പാദകമായ.

**Fō'li-ō,** *n.* ഒററമടക്കിയ കടലാസ്; 2. പുസ്തകത്തിലെ ഒര് ഏട്, —പാളി, —കടലാസ്; 3. വലിയ പുസ്തകം; 4. കണക്ക്പുസ്തകത്തിൽ ഒരു ഭാഗം. *v.t.* ഏടിന്ന് അക്കമിടുക. **=ōse,** *a.* ഇലകൾ അധികമുള്ള. **=os'i-ty,** *n.* വണ്ണം, വലിപ്പം. **fō'li-ŏus,** *a.* പത്രതുല്യമായ, നേരിയ; പൊരുളില്ലാത്ത. **fō'li-um,** *n.* ഇല, നേരിയതകിട്.

**Folk** (fok), **Folks** (foks), *n.* (*col.* & *pl.*) ജനം, കൂട്ടര്; 2. *pl.* വർഗ്ഗം, വകക്കാര്; 3. സ്വന്തക്കാര്, കുഡുംബങ്ങൾ. **f.-mote** ജനസഭ. **f.-song** പഴമ്പാട്ട്. **f.-speech** പട്ടഭാഷ. **old f.s** വയസ്സന്മാര്. **poor f.s** സാധുക്കൾ. **-'lōre,** *n.* പഴമ്പുരാണം.

**Fol'lōw** (fol'lō), *v.t.* വഴിയെ പോക, പിന്നാലെ—, കൂട—, ഒന്നിച്ച്—; അനുഗമിക്കുക; 2. പിന്തുടരുക; അന്വേഷിച്ച് പോക; നായാട്ടുക; തുടന്ന് പ്രവൃത്തിക്കുക; 3. അനുസരിക്കുക, കേട്ട് നടക്കുക, കൈക്കൊൾക; കോല്യക, പെരുമാറുക; 4. പോലെ ചെയ്യുക; അനുകരിക്കുക; 5. വഴിയെ ഉണ്ടാക, —സംഭവിക്കുക; 6. അന

ന്തരവനായിരിക്ക; 7. സംഭൃതമാക; 8. അനുമാനമായിരിക്ക; 9. നോക്കിക്കൊണ്ടിരിക്കുക; 10. ശ്രദ്ധയോടെ കേൾക്കുക; 11. മനസ്സിലാക്കുക; 12. തൊഴില് ചെയ്യുക. to f. the hounds നായാട്ട് കഴിക്കുക. to f. suit (ചീട്ട് കളിയിൽ) ജാതി ഇറക്കുക; മറ്റുള്ളവര് ചെയ്യും പോലെ ചെയ്യുക. to f. up വിടാതെ പിന്തുടരുക. v. i. അനുശമിക്കുക; 2. വഴിയെ പായുക; 3. അനുയാത്ര പോക; 4. ഫലമായിരിക്കുക; 5. ദൃഷ്ടാന്തമാക്കുക. as f.s ഇപ്രകാരം, ഇവ്വണ്ണം, താഴെ കറിച്ചപ്രകാരം, ചുവടെ—, വഴിയെ—, ആവിത്, എന്തെന്നാൽ. -ĕr, n. അനുകാരി, അനുസാരി; ശിഷ്യൻ, ഭക്തൻ; പരിചാരകൻ; അകമ്പടി; പ്രാണപ്രിയൻ, —പ്രിയ. -ing, n. ആൾക്കാര്, കക്ഷി, പക്ഷക്കാര്; പ്രവൃത്തി, തൊഴില്, ഉദ്യോഗം. a. പിന്നേത്ത, മറു, അടുത്ത. f.g day പിറേറന്ന്. the f.g words ഈ വാക്കുകൾ, പിൻവരുന്ന—, വഴിയെ വരുന്ന—, താഴെ പറയുന്ന—, ചുവടെ കറിച്ച—.

Fol'ly, s. u. Fool.

Fō-ment', v. t. ഒത്തണം വെക്കുക, കിഴി—, വേത് പിടിക്കുക; 2. കിളത്തുക, ഉളവാക്കുക. =tā'tiŏn, n. ഒത്തണം, വേത്; ജനിപ്പിക്കൽ, എരിച്ച് കൂട്ടൽ, കിളത്തൽ. -'ĕr, n. കിളത്തുന്നവൻ, ഉത്സാഹിപ്പിക്കുന്നവൻ.

Fond, a. ബുദ്ധികെട്ട, ബലഹീനമായ; 2. ലാളനം ഉള്ള, താലോലം—; 3. വാത്സല്യം—, സ്നേഹം—; 4. (of) രസം—, ഇഷ്ടം—, പത്ഥ്യമായ. ='dle, v. t. തലോടുക, ഓമനിക്കുക. -'ling, n. ലാളനം, താലോലം; ആററമകൻ; ഓമനക്കുട്ടി; പൊട്ടൻ. -'ly, ad. ഭോഷത്വമായി; പ്രേമത്തോടെ. -'ness, n. ഭോഷത്വം; പ്രിയം; താല്പര്യം, വാസന.

Font, n. നീരുറവ്; 2. സ്നാനജലപാത്രം (Chr.).

Food, n. ഭക്ഷണം, ഭക്ഷ്യം, ഭോജനം, തീന്; 2. ഇര, ആഹാരം, പോഷണം. -'ful, a. സുഭിക്ഷം ആയ, ഫലപ്രദം—, പുഷ്ടിയുള്ള. -'y, a. തിന്മാൻ തക്ക; ഫലപ്രദമായ.

Fool, n. മൂഢൻ, പൊട്ടൻ, ഭോഷൻ; 2. ബുദ്ധികെട്ടവൻ; 3. ദുഷ്ടൻ (Bl.); 4. കോമാളി. f.-hardy ധാഷ്ട്യമുള്ള, വിവേകമില്ലാത്ത. f.'s-cap മൌഢ്യചിഹ്നം. f.'s-errand വിഡ്ഢിത്വം. f.'s paradise വിഡ്ഢ്യാസുരത്വം, വിഡ്ഢാൻവിലാസിത്വം. to make a f. of വിഡ്ഢിത്വം കാട്ടുക. to play the f. കോമാളിത്തരം—. v. i. ഭോഷത്വം—; 2. നിസ്സാരമാക്കുക; 3. വിനോദിക്കുക, നേരം പോക്കുക. v. t. മയക്കുക, മോഹിപ്പിക്കുക; 2. വിഡ്ഢിയാക്കുക; 3. തോല്പിക്കുക, ചെണ്ടകൊട്ടിക്കുക. to f. away നാനാവിധമാക്കുക, ധൂളിപാടുക. -'ĕr-y, n. മുഠാളത്വം. -'ish, a. പൊട്ടത്തരം ആയ; വിഡ്ഢിത്വം—. -'ish-ly, ad. ബുദ്ധികേടായി. -'ish-ness, n. ഭോഷത്വം, ബുദ്ധികേട്. fol'ly, n. ബുദ്ധിമാന്ദ്യം; ഭോഷത്വം; തെററ്, കുററം.

Fo͝ot, n. (pl. Fēet) പാദം, കാലടി; അടി, കാല്; 2. അടിവാരം, മുരട്, ചുവട്; അററം; കാൽഭാഗം; 3. (sing. only) പ്രമാണം; 4. (sing. only) നില, സ്ഥിതി; 5. അടിയളവ്, പന്ത്രണ്ടംഗുലം; 6. കാലാൾപട; 7. ഗണം (pros.). f.-ball കാൽപന്താട്ടം. f.-bath പാദോഷ്ണമജ്ജനം. f.-board കാല്പലക. f.-boy, f.-page ബാല്യക്കാരൻ, പരിചാരകൻ. f.-breadth കാലകലം. f.-bridge നടപ്പാലം. f.-cloth കതിരച്ചമയം. f.-fall കാലടി, ചവിട്ടടി; കാലൊച്ച. f.-fight കാലാൾയുദ്ധം. f.-gear പാദരക്ഷ. f.-hold കാലുറപ്പ്; പിടിത്തം, നില. f.-hot തല്ക്ഷണം, ഉടനടി, ഉടനെ. f.-iron വണ്ടിച്ചവിട്ട്; ചങ്ങല. f.-licker പാദസേവകൻ; മുഖസ്തുതിക്കാരൻ. f.-light അരങ്ങ് വിളക്ക്. before the f.-lights അരങ്ങത്ത്; വേഷക്കാരനായി. f.-man കാലാൾ പടയാളി; പരിചാരകൻ. f.-mark, f.-print ചവിട്ടടി. f.-note സൂചകം. f.-pace ചുവട്; തിണ്ണ, പീഠം; കോണിത്തളം. f.-pad കവച്ചക്കാരൻ. f.-path, f.-way ഊടുവഴി. f.-passenger കാല്നടക്കാരൻ. f.-pavement നട. f.-post അഞ്ചല്. f.-race

കാട്ടപ്പന്തയം. f.-rot കളമ്പ് വ്യാധി. f.-soldier കാലാൾ പടയാളി. f.-sore നടന്ന് കാല് പൊട്ടിയ, —വീങ്ങിയ. f.-sore ഉള്ളങ്കാല്, ഉള്ളനടി. f.-stalk തണ്ട്, ഞെട്ടി. f.-step ചവിട്ടടി; വഴി; അടയാളം; ഗതി, മാൎഗ്ഗം. follow the f.-steps അനുകരിക്കുക, പോലെ നടക്കുക. f.-stone ശവക്കുഴിക്കലെ കാല്ക്കല്ല്. f.-stool പാദപീഠം, കാൽകസേല. f.-worn നടന്ന് ക്ഷീണിച്ച; ചവിട്ടിത്തഴഞ്ഞ, ചവിട്ടിയമൎന്ന. by f., on f. കാൽ നടയായി. cubic f. കണ്ടിയടി. f. by f. ക്രമേണ, കുറേശ്ശകുറേശ്ശയായി. from head to f. ആപാദചൂഡം, പാദാദികേശം. square f. ചതുരശ്രയടി. to be on f. നടന്ന് കൊണ്ടിരിക്കുക, ചെയ്യ് —. to keep the f. മൎയ്യാദയായിരിക്കുക. to put one's f. down ഉറച്ച് നില്ക്കുക, തീൎമ്മാനത്തോടെയിരിക്കുക. to put the best f. foremost കഴിയുന്നത്രയോഗ്യത കാട്ടുക, ആവോളം യത്നിക്കുക. to set on f. ആരംഭിക്കുക, നടത്തുക. to put *or* set one on his feet നിലയിൽ ആക്കുക, തുണക്കുക. under f. കാൽകീഴ്, ആധീനത്തിൽ; കുറഞ്ഞവിലക്ക്. *v. i.* കാൽകൊണ്ട് താളം പിടിക്കുക; നൃത്തം ചെയ്ക; 2. നടക്കുക, കാൽനടയായി പോക. *v. t.* ചവിട്ടുക; ഉതെക്കുക; 2. ആരംഭിക്കുക; 3. മെതിച്ച് നടക്കുക, ചവിട്ടി—; 4. (up) തുകക്കൂട്ടിയിടുക; 5. റാഞ്ചുക. to f. a bill കണക്ക് പ്രകാരം പണം കൊടുക്കുക. to f. it കാൽനടയായി പോക; നൃത്തം വെക്കുക. -'ed, *a.* കാൽ ഉള്ള, പാദം—; സ്ഥിരത—, നില—. -'ing, *n.* നില, കാലിടം, നില്പ്, അടിസ്ഥാനം; ഉദ്യോഗം, പണി; സ്ഥിതി, അവസ്ഥ; ചവിട്ടടി, കാലൊച്ച; തുകയിടൽ; ആകത്തുക. on that f.g ആ കാരണത്തിന്മേൽ; ആ അടിസ്ഥാനത്തിന്മേൽ. to pay one's f.g കൈനിട്ടക്കൂലി കൊടുക്കുക. foots, *n. pl.* അടി, മട്ട്, ഊറൽ. -'y, *a.* താണ; ഒരിപ്പുനായ.

Fop, *n.* മോടിക്കാരൻ, അഴക്രാവണൻ, പച്ചസുന്ദരൻ; 2. മിനുക്കിച്ചി. -'doo-dle, *n.* വിടഭോഷ്കൻ. -'ling, *n.* ചെറുഡാഭി. -'pĕr-y, *n.* സുന്ദരവിഡ്ഢിത്വം; ഡംഭം. -'pish, *a.* ആഡംബരം ഉള്ള, പച്ചസുന്ദരത്വം—. -'pish-ly, *ad.* മോടിയായി.

For, *pf.* പ്രതിഷേധ ഉപസൎഗ്ഗം; ആധിക്യ—. *prep.* (by reason of) ആൽ, കൊണ്ട്, നിമിത്തം, ഹേതുവായിട്ട്, കാരണം, മൂലം. 2. (with the object) ന്ന്, ആയി, ആയ്ക്കൊണ്ട്, വേണ്ടി, അൎത്ഥം; 3. (in favour of) ന്ന് വേണ്ടി, പക്ഷത്തിൽ, അനുകൂലമായി: what are you f.? നിങ്ങളുടെ അഭിപ്രായം എന്താകുന്നു?; I am f. acquitting വിടേണമെന്നാണ് എന്റെ പക്ഷം; I am f. him ഞാൻ അവന്റെ പക്ഷമാണ്; I am f. peace യുദ്ധം വേണ്ടെന്നാണ് എന്റെ അഭിപ്രായം; it is f. men's health to be temperate മിതാനുഭവം സുഖത്തിലേക്ക് വേണ്ടതാകുന്നു; 4. (direction of motion) ക്ക്, ലേക്ക്, ങ്കലേക്ക്: he left Madras f. Calcutta അവൻ മദ്രാസിൽനിന്ന് കല്കത്തക്ക് പുറപ്പെട്ടു; 5. (fit for) ന്ന്, ക്ക്, ഉചിതം, യോഗ്യം: it is not f. me to go to him ഞാൻ അവന്റെ അട്ടക്കെ പോകുന്നതല്ല വെടിപ്പ്; 6. (instead of) പേക്ക്, പേരിൽ, പകരം, പ്രതി, പ്രതിയായി: I got it f. a song എനിക്ക് അത് വളരെ സഹായത്തിൽ കിട്ടി; f. how much do you sell this? ഇതിന്ന് എന്താണ് വില? ഇതെന്ത് വിലക്ക് വില്ക്കുന്നു?; I spoke f. him ഞാൻ അവന്റെ പേൎക്ക് പറഞ്ഞു; I acted f. him ഞാൻ അവന്റെ ബദലായിരുന്നു; Jesus died f. us യേശു നമ്മുടെ പ്രതിഭൂവായി മരിച്ചു; he had a pen f. a sword തൂവലായിരുന്നു അവന്ന് വാള്; 7. (in the character of) ആയി, എന്ന് വെച്ച്, എന്നപോലെ: I took him f. a scholar അവൻ വിദ്വാനാണെന്ന് ഞാൻ ഭാവിച്ച് പോയി; he took a meteor f. a star കൊള്ളിമീൻ കണ്ടിട്ട് നക്ഷത്രമെന്ന് വിചാരിച്ചു; he lay f. dead ചത്തപോലെ കിടന്നിരുന്നു; I took him f. my brother അവനെ കണ്ടിട്ട് എന്റെ സഹോദരനാണെന്ന് തോന്നിപ്പോയി; take

it f. granted അങ്ങിനെയാണെന്ന് ഇരിക്കട്ടെ, —വെക്കുക; let her go f. an ungrateful woman നന്ദികെട്ട ആസ്ത്രീ പോകട്ടെ; 8. (duration, etc.) ഓളം, വരെ, ത്തോക്ക്, കാലത്തേക്ക്, പൎയ്യന്തം; 9. (proportion) അവസ്ഥക്ക്, നോക്കിയാൽ, വിചാരിച്ചാൽ: he is tall f. his age അവന്റെ പ്രായാവസ്ഥക്ക് അവന്ന് നെട്ടപ്പം ഏറും; 10. (in spite of) ആയിട്ടും, പറഞ്ഞാലും; വിരോധമായി: f. all (ought, anything) he said എത്ര പറഞ്ഞിട്ടും, പറഞ്ഞത് കൂട്ടാക്കാതെ, പറഞ്ഞതിന്ന് വിരോധമായി; 11. (according to) പ്രകാരം, ഏടത്തോളം: he is a respectable man f. ought I know ഞാൻ അറിഞ്ഞേടത്തോളം അവൻ മൎയ്യാദക്കാരനാണ്; f. the most part അധികവും; 12. (wish) ഉണ്ടെങ്കിൽ കൊള്ളായിരുന്നു, കിട്ടിയെങ്കിൽ എത്ര നന്ന്, ആയാൽ നന്നായിരുന്നു: o f. a heart to love God ദൈവത്തെസ്നേഹമുള്ളൊരു ഹൃദയമുണ്ടെങ്കിൽ എത്ര നന്നായിരുന്നു; o f. better times കാലം നന്നായെങ്കിൽ കൊള്ളായിരുന്നു. as f. me ഞാനൊ. f. me, f. all me എന്റെ അവസ്ഥയൊ. f. all that എത്രയൊക്കയായിട്ടും. f. all the world തീരെ, കേവലം, സാക്ഷാൽ. f. as much as കൊണ്ട്, ആകയാൽ. f. ever എന്നും, എന്നേക്കും. f. ever and ever എന്നന്നേക്കും. f. my life, f. the life of me അശേഷം, ഒട്ടും. f. that, f. the reason that കൊണ്ട്, നിമിത്തം. f.-thy ഇത് നിമിത്തം. f.-to ആശ്ശേല്ലാണ്ട്. were it not f., if it were not f., had it not been f. ഇല്ലായിരുന്നു വെങ്കിൽ, അല്ലായിരുന്നുവെങ്കിൽ. *conj.* നിമിത്തം കൊണ്ട്; 2. എന്തെന്നാൽ, എന്ത് കൊണ്ടെന്നാൽ, എങ്ങിനെയെന്നാൽ, കാരണം. f. as much as കൊണ്ട്, നിമിത്തം, ആകയാൽ. f. why എന്ത് നിമിത്തം, എന്തിന്ന്. *n.* അനുകൂലപക്ഷം. the f.s and againsts അനുകൂലക്കാരും പ്രതികൂലക്കാരും.

**For'āge,** *n.* തീൻ അന്വേഷണം, —ശേഖരണം; 2. നാല്ക്കാലിത്തീന്. *v.i.* തീൻതിരഞ്ഞ് നടക്കുക; 2. ആഹാരം ശേഖരിക്കുക; 3. കവൎച്ചചെയ്യുക. *v.t.* ആഹാരം കൊള്ളയിടുക; 2. തീൻ സംഭരിക്കുക.

**For'āy,** *n.* ആക്രമണം, യുദ്ധാക്രമം; 2. കൊള്ളയിടൽ. *v.t.* കൊള്ളയിടുക, കവൎച്ചചെയ്യുക.

**For-bade',** *p.t. of* **Forbid.**

**For-bēar',** *n.pl.* പൂൎവ്വന്മാർ; *v.i. ir.* (=bōre', =bōrne') ചെയ്യാതിരിക്കുക, മുടങ്ങുക, വൎജ്ജിക്കുക; 2. കൂട്ടാക്കാതെ ഇരിക്കുക, കേൾക്കാതെ—; 3. അടങ്ങി—, ക്ഷമിക്കുക. *v.t.* വിട്ട്കളയുക; 2. പൊറുക്കുക. **-ance,** *n.* അടക്കം, ക്ഷാന്തി, സഹിഷ്ണുത. **-ing,** *a.* ദീൎഘക്ഷമയുള്ള. **-ing-ly,** *ad.* പൊറുമയോടെ.

**For-bid',** *v. t. ir.* (=bāde, =bid'-den) വിലക്കുക, വിരോധിക്കുക, മുടക്കുക; 2. തടുക്കുക. *v.i.* അരുതെന്ന് പറയുക, വേണ്ടെന്ന് —. God f. ആകാതെ ഇരിക്കട്ടെ, വരാതെ—, ഇല്ലാതെ—. **-'den,** *a.* വിലക്കിയിരിക്കുന്ന. f.n-fruit നിഷിദ്ധകാൎയ്യം. **-'den-ly,** *ad.* ന്യായരഹിതമായി, സമ്മതമില്ലാതെ. **-'ding,** *a.* തടസ്ഥം ഉള്ള; അറപ്പ്—, നാററം—; വെറുപ്പ് തോന്നുന്ന. **-'ding-ly,** *ad.* ബീഭത്സമായി.

**Fōrce,** *n.* ഊക്ക്, ബലം, ശേക്തി, നിൎവ്വാഹം; 2. ഹേമം, ബലബന്ധം, ബലാല്ക്കാരം; 3. *pl.* സൈന്യം, യുദ്ധബലം; ആൾക്കൂട്ടം; 4. ബലമേല്പിക്കൽ, കയ്യേററം (*l.*); 5. സാധുത (*l.*); 6. ശക്തി (*ph.*). f. and arms ബലമേല്പിക്കൽ (*l.*). in f., of f. ബലത്തിലുള്ള, സാധുവായിരിക്കുന്ന, നടപ്പുള്ള. no f. തിരക്കില്ലാത്ത; കൂട്ടാക്കുവാൻ ആവശ്യമില്ലാത്ത. of f. നിശ്ചയമായി. physical f. പ്രകൃതിശക്തി; കയ്യൂക്ക്. vital f. ജീവശക്തി. *v.t.* നിൎബ്ബന്ധിക്കുക, ഹേമിക്കുക; 2. വരുത്തുക, ഉണ്ടാക്കുക; 3. ബലമേല്പിക്കുക; 4. ബലാൽ സംഗം ചെയ്യുക; 5. പിടിച്ച് പറിക്കുക, —എടുക്കുക, പിടിക്കുക; 6. സാധുആക്കുക, നടപ്പ്—; 7. അദ്ധ്യാനിക്കുക. f. away പിടിച്ച് പറുക, അപഹരിക്കുക. f. from തള്ളി

യിടുക; കിറഞ്ഞ് വാങ്ങുക. f. back വഴിയോട്ടാക്കുക, അരട്ടുക. f. down അമൎത്തുക f. forward മുമ്പോട്ട് തള്ളുക. f. in അമുക്കുക. f. out വലിച്ചെടുക്കുക; ഞെക്കിത്തുറപ്പിക്കുക. f. upon ബലാല്ക്കാരം ചെയ്യുക; വെച്ച് കെട്ടുക. f. meat തറിച്ച ഇറച്ചി. *v. i.* ബലമേല്പിക്കുക; 2. വിഷമമാക്കുക; 3. മുഖ്യം ആയിരിക്കുക, കാൎയ്യം—. fōrced (fōrst), *a.* ഉണ്ടാക്കിത്തീൎത്ത, കൃത്രിമമായ, സഹജമല്ലാത്ത. f.d march തിരക്കുള്ള നടത്തം. ='ci-ble, *a.* ബലം ഉള്ള, ഊക്ക്—. f.e entry and detainer കയ്യേററക്കൈവശം (*l.*). ='ci-bly, *ad.* ബലാല്ക്കാരേണ. ='cing, *n.* നിൎബ്ബന്ധം.

For'ceps, *n. pl.* കൊടില്.

Fōrd, *n.* നടന്ന് കടക്കുന്ന കടവ്; 2. പുഴ. *v. t.* നടന്ന് കടക്കുക. -'a-ble, *a.* നടന്ന് കടപ്പാൻ കഴിയുന്ന.

Fōre, *ad.* മുമ്പിലെ, മുൻഭാഗത്തെ; 2. പണ്ടേത്തെ; 3. അണിയത്ത് (*naut.*). f. and aft അണിയം മുതൽ അമരം വരെ, ഉടനീളത്തിൽ (*naut.*). *a.* മുമ്പിൽ ഉള്ള, അഗ്രത്തിൽ—, ആദ്യം—, മുമ്പ്—, മുന്നോട്ട്—, പൂൎവ്വ. to the f. മുമ്പായി, ഒരുക്കമായി; കാണത്തക്കവണ്ണം; ജീവനോടെ. *prep.* മുമ്പിൽ. *pf.* മുൻ; മുക്കൂട്ടി.

Fōre-ad-mon'ish, *v.t.* മുക്കൂട്ടി ബുദ്ധിയുപദേശിക്കുക.

Fōre-ad-vīse', *v. t.* മുമ്പ്ക്കൂട്ടി ആലോചന പറയുക.

Fōre-al-lege', *v.t.* മുൻസൂചിപ്പിക്കുക.

Fōre-ap-point', *v. t.* മുന്നിശ്ചയിക്കുക.

Fōre-ārm', *n.* ഭുജം, മുൻകൈ, കൈത്തണ്ട. *v. t.* മുന്നൊരുക്കുക, മുങ്കരുതുമാറാക്കുക.

Fōre-beār', *n.* പൂൎവ്വജൻ.

Fōre-bōde', *v. t.* മുൻപറയുക, —സൂചിപ്പിക്കുക; 2. —തോന്നുക, —അറിയുക; ഭയപ്പെടുക. *v. i.* ദുശ്ശകുനം ആയിരിക്കുക, ലക്ഷണം—. -ment, *n.* ലക്ഷണം പറയൽ; ദുശ്ശകുനം. ='ding, *n.* ദുൎല്ലക്ഷണം.

Fōre'cab-in, *n.* അണിയക്കാമറ [(*naut.*).

Fōre-cast', *v. t. ir.* (=cast', =cast') മുമ്പ്ക്കൂട്ടി യന്ത്രിക്കുക, —പ്രവൃത്തിക്കുക; 2. മുങ്കാണുക, ഗണിക്കുക; മുൻകരുതുക. *v. i.* —ആലോചിക്കുക. *n.* —സൂത്രം, —നിശ്ചയം; 2. —നോട്ടം, —കരുതൽ, ചരതം.

Fōre'cas-tle (-käs-l *or* fok-sl), *n.* അണിയക്കാമറ, കലാശിക്കാമറ (*naut.*).

Fōre-chō'sen, *a.* മുൻനിയമിച്ച, —തെരിഞ്ഞെടുത്ത. [സൂചിപ്പിച്ച.

Fōre-cī'ted, *a.* മുൻപറഞ്ഞ, —പ്ര

Fōre-clōse', *v. t.* മുടക്കുക, തടുക്കുക, ഇല്ലാതാക്കുക. to f.-c. a mortgager കാണവസ്തു വീണ്ടെടുപ്പാനുള്ള അവകാശം ഇല്ലാതാക്കുക (*l.*). to f.-c. a mortgage കാണവസ്തു കാണക്കടത്തിന്ന് വില്പിക്കുക (*l.*). =clo'sure, *n.* കാണം വീട്ടുവാനുള്ള അവകാശം ഇല്ലാതാക്കൽ.

Fōre-dāte', *v. t.* മുൻതിയ്യതി വെച്ചെഴുതുക. [(*naut.*).

Fōre-deck', *n.* അണിയത്തട്ട്

Fōre-dēem', *v. t.* മുൻകൂട്ടി തീൎച്ചപ്പെടുത്തുക.

Fōre-de-sīgn' (de-sīn'), *v. t.* മുന്നാലോചിച്ച് പ്രവൃത്തിക്കുക. [ടുക്കുക.

Fōre-dis-pōse', *v. t.* മുൻകൂട്ടി കൊ

Fōre-doom', *v. t.* മുന്നിയമിക്കുക. *n.* മുന്നിൎണ്ണയം; 2. തലയിലെഴുത്ത്, വിധി.

Fōre-dōor', *n.* മുൻവാതിൽ, ഉമ്മറ—.

Fōre-el'dėr, *n.* പൂൎവ്വികൻ.

Fōre-end', *n.* ആരംഭം.

Fōre-fāth'ėr, *n.* പൂൎവ്വജൻ, പൂൎവ്വികൻ; 2. *pl.* പിതൃക്കൾ, കാരണവന്മാർ.

Fōre-fend', *v. t.* തടുക്കുക, മുടക്കുക, വിലക്കുക. [ണ്ടാണി.

Fōre-fin'gėr, *n.* ചൂണ്ട് വിരൽ, ചൂ

Fōre'foot, Fōre'leg, *n.* മൃഗത്തിന്റെ മുൻകാൽ, —കൈ.

Fōre'frŏnt, *n.* മുന്നണി.

**Fōre'gift,** *n.* മാനഷ്ടം, മാനസം, ശീലക്കാശ്, കസ്സൂലി.

**Fōre'glēam,** *n.* അരുണോദയം.

**Fōre-gō',** *v.t.ir.* (=went', =gone') ഉപേക്ഷിക്കുക, ത്യജിക്കുക, വിടുക; 2. വിട്ടുകളയുക, കളഞ്ഞ്—. *v.i.* കഴിയുക; 2. മുഞ്ചെല്ലുക. **f.-gone conclusion** മുൻകണ്ട കാൎയ്യം, കരുതിയ—, തീൎച്ചപ്പെടുത്തിയ—. **=gō'ĕr,** *n.* അഗ്രഗാമി; പൂൎവ്വജൻ, പൂൎവ്വികൻ; ത്യാഗി. **=gō'ing,** *a.* മേൽപറഞ്ഞ, മുൻ—.

**Fōre'hand,** *n.* കുതിരയുടെ മുൻഭാഗം; 2. മുഖ്യ—; 3. മുമ്പ്, ശ്രേഷ്ഠത; 4. ഗുണം. *a.* മുൻകൂട്ടി ചെയ്യു. **-ed,** *a.* നേരത്തെയുള്ള; തക്കസമയത്തെ; പൊത്ത് വരുത്ത് ഉള്ള, വക—.

**Fore'head** (for'ed), *n.* നെററി, നെററിത്തടം; 2. മുഖം, നോട്ടം; ധൈൎയ്യം; 3. ഉമ്മറം, മുൻഭാഗം.

**Fōre-hēar',** *v.i. & t. ir.* (=hĕard', =hĕard') മുൻകേൾക്കുക.

**For'eign** (for'in), *a.* പുറമെയുള്ള, വേറ്പെട്ട; ഇതര; 2. പരദേശ, അന്യദേശ്യ; 3. അകലെയുള്ള; 4. പററാത്ത, ചേൎച്ചയില്ലാത്ത. **f.-bill** അന്യരാജ്യ ഉണ്ടിക. **f.-body** ഇതരദ്രവ്യം. **f.-office** അന്യരാജ്യകാൎയ്യ മന്ത്രസംബന്ധം. **-ĕr,** *n.* പരദേശി, അന്യരാജ്യക്കാരൻ. **-ism,** *n.* അന്യദേശീയത്വം. **-ness,** *n.* അസംബന്ധം; അന്യത, അകല്ച, അയോഗ്യത; ഇതരഭാവം.

**Fōre-judge',** *v.t.* മുൻവിധി കല്പിക്കുക; 2. ഉദ്യോഗത്തിൽനിന്ന് നീക്കുക; 3. വിധിയാൽ ഇല്ലായ്മയാക്കുക.

**Fōre-knōw'** (-nō'), *v.t.ir.* (=knew' *pr.* nū', =known' *pr.* nōn') മുന്നറിയുക. **=knowlĕdge** (-nŏl'ĕj), *n.* മുന്നറിവ്.

**Fōre'land,** *n.* മുനമ്പ്, കൊടി.

**Fōre-lāy',** *v.t. ir.* (=lāid, =lāid) മുൻവെക്കുക; 2. പതിയിരിക്കുക.

**Fōre-lēad'ĕr,** *n.* അഗ്രേസരൻ.

**Fōre'lock,** *n.* മുൻതലയിലെ മുടി; കുടുമ. **to take time** *or* **occasion by the f.** തഞ്ചം നോക്കി പ്രവൃത്തിക്കുക, കാററിന്ന് തൂററുക.

**Fōre'man,** *n.* (*pl.* =men) പ്രധാനി, മുഖ്യൻ, മേൽവിചാരക്കാരൻ, 'മേസ്ത്രി'; 2. പഞ്ചായപ്രമാണി, പഞ്ചായത്തലവൻ.

**Fōre'mast,** *n.* അണിയക്കൊമ്പ്, അണിയപ്പാമരം (*naut.*). **f.t-hand, f.t-man** കലാശി.

**Fōre-men'tiŏned** (-men'shund), *a.* മുൻപറഞ്ഞ.

**Fōre'milk,** *n.* പ്രസവസമയമോ മുമ്പോ ഉള്ളപാല്, നീൎപ്പാല്.

**Fōre'mōst,** *a.* മുന്തിയ, മികെച്ച, ശ്രേഷ്ഠമായ; 2. ആദ്യത്തെ; 3. അഗ്രേസരൻ ആയ; 4. മുഖ്യം—, പ്രമാണം—. **-ly,** *ad.* ഒന്നാമത് ആയി, ആദ്യം—.

**Fōre-mŏth'ĕr,** *n.* പൂൎവ്വീക.

**Fōre'nāme,** *n.* സ്വന്തം പേര്. *v.t.* മുമ്പായി പറയുക. **=nāmed** (nāmd), *a.* മുൻപ്രസ്താവിച്ച.

**Fōre'nīght** (-nīt), *n.* രാത്രിയത്തെ ആദ്യയാമം, പൂൎവ്വരാത്രി.

**Fōre'noon,** *n.* പൂൎവ്വാഹ്നം, അകത്തുച്ച, ഉച്ചക്ക് മുമ്പ്.

**Fōre'nō-tice,** *n.* മുന്നറിയിപ്പ്.

**Fo-ren'sic, =si-cal,** *a.* രാജ്യധൎമ്മസംബന്ധമായ, 'കോടതി'—. **f. medicine** ധൎമ്മശാസ്ത്രായുൎവ്വേദം, ആയുൎവ്വൈദികധൎമ്മശാസ്ത്രം (*l.*).

**Fōre-or-dāin', Fōre-ord'i-nāte,** *v. t.* മുൻനിയമിക്കുക, —നിൎണ്ണയിക്കുക. **=nā'tiŏn,** *n.* മുന്നിൎണ്ണയം.

**Fōre'pärt,** *n.* ആദ്യഭാഗം; ആരംഭം.

**Fōre-prom'ised** (-ist), *a.* മുൻവാക്ക് കൊടുത്ത, മുമ്പ് കൂട്ടി വാഗ്ദത്തം ചെയ്യു.

**Fōre-quō'ted** (-kwō'ted), *a.* മുൻപറഞ്ഞ, —എഴുതിയ. [മേന്മ.

**Fōre'rank,** *n.* മുന്നണി; ശ്രേഷ്ഠത,

**Fōre'rent,** *n.* തലപ്പാട്ടം, മുൻവാരം.

**Fōre-run',** *v.t. ir.* (=ran', =run') പുരോഗമിക്കുക, മുന്നോടുക, മുമ്പിൽ പോ

ക; 2. അച്ചാരമായിരിക്കുക; അറിയിക്കുക. **-nĕr,** *n.* അഗ്രഗാമി; 2. ലക്ഷണം.

**Fōre-sēe′,** *v. t. ir.* (=saw′ *pr.* -sa′), =sēen′) മുൻകാണുക, —അറിയുക.

**Fōre-shad′ōw,** *v. t.* മുങ്കുറിക്കുക, പ്രതിബിംബിക്കുക.

**Fōre-shōre′,** *n.* കടൽപുറം, —തീരം.

**Fōre-shōw′,** *v. t. ir.* (=shōwed′, =shōwn′) മുൻകാട്ടുക; ലക്ഷണം—, ലക്ഷണം പറയുക.

**Fōre′sīde,** *n.* മുൻഭാഗം; 2. കടൽതീരം; 3. പുറമ്പൊളി.

**Fōre′sīght** (-sīt), *n.* ദീഘദൃഷ്ടി, ഭാവിജ്ഞാനം; 2. ചരതം, മുങ്കരുതൽ; 3. (തോക്കിന്റെ) കുറിയാണി.

**Fōre′skin,** *n.* അഗ്രചമ്മം (*an.*).

**For′est,** *n.* അരണ്യം, കാട്; 2. വളത്തുകാട്. *a.* വനാന്തരമായ. **f.-law** വളത്തുകാട് നിയമം, മലവാര—. **f.-tree** കാട്ടുമരം. *v. t.* കാടാക്കുക. **-āge,** *n.* മലവാരം. **-al,** *a.* കാട് സംബന്ധമായ. **-ĕr,** *n.* കാട്ടാളൻ; മലവാര ഉദ്യോഗസ്ഥൻ; കാട്ടുമരം. **=′try,** *n.* വളത്തുകാട് വിദ്യ, അരണ്യശാസ്ത്രം.

**Fōre-stall′,** *v. t.* മുങ്കൂട്ടി എടുക്കുക, —ആലോചിക്കുക; 2. ആദ്യം കൈവശപ്പെടുത്തുക, മുന്തിയെടുക്കുക; 3. (of) വരാതെ ആക്കുക, ഇല്ലാതെ—; 4. തടസ്ഥം ചെയ്യു (*l.*).

**Fōre-tāste′,** *n.* മുൻരുചി, —അനുഭവം. *v. t.* മുങ്കൂട്ടി രുചിനോക്കുക, —അനുഭവിക്കുക.

**Fōre-tell′,** *v. t. ir.* (=tōld′, =tōld′) മുന്നറിയിക്കുക; പ്രവചിക്കുക, ദീഘദശനം പറയുക; ലക്ഷണം—.

**Fōre′thought** (-that), *a.* മുന്നാലോചിച്ച; മനഃപൂവ്വകമായ. *n.* മുങ്കരുതല്, ചരതം.

**Fōre′tīme,** *n.* കഴിഞ്ഞകാലം, ഭൂത—, പൂവ്വ—, പണ്ടേത്ത—.

**Fōre-tō′ken,** *n.* ലക്ഷണം, ശകുനം. *v. t.* മുൻസൂചിപ്പിക്കുക.

**Fōre′tooth,** *n.* മുൻപല്ല്, ഉമ്മരപ്പല്ല് [(*an.*).

**Fōre-top′,** *n.* കുതിരയുടെ നെററിരോമം.

**Fōre′ward,** *n.* സേനാമുഖം.

**Fōre-warn′,** *v. t.* മുന്നറിവ് കൊടുക്കുക; 'താക്കീത്' ചെയ്യു.

**Fōre′wit,** *n.* തലവൻ; 2. മുങ്കരുതല്, വിവേകം. [മൂപ്പത്തി.

**Fōre′wo-man,** *n.* (*pl.* =wom-en)

**Fōre′wōrd,** *n.* മുഖവുര, പീഠിക.

**Fōre-worn′,** *a.* പഴകിയ, പുരാണമായ.

**For′feit** (-fit), *n.* നഷ്ടം; 2. പ്രായശ്ചിത്തം, പിഴ, ശിക്ഷ. *a* പ്രായശ്ചിത്തമായ; പിഴയായി അടങ്ങത്തക്ക. *v. t.* നഷ്ടമാക, കുററം നിമിത്തം പൊയ്പ്പോക; അവകാശം നശിച്ച്പോക; 2. (to) പണ്ടാരത്തിൽ അടക്കുക. *v. i.* കുററക്കാരനായിരിക്കുക. **-a-ble,** *a.* നഷ്ടമാകത്തക്ക; പിഴയായി പൊയ്പ്പോകത്തക്ക. **-ĕr,** *n.* ശിക്ഷക്ക് വസ്തുപോയ്പ്പോയവൻ. **-ūre,** *n.* നഷ്ടമാകൽ; ശിക്ഷാനഷ്ടം; പിഴ; നഷ്ടമായ മുതൽ.

**For-fend′,** *v. t.* വിലക്കുക, മുടക്കുക.

**For-gāve′,** *p. t. of* **Forgive.**

**Fōrġe,** *n.* കൊല്ലന്റെ കൊട്ടിൽ; 2. ലോഹത്തൊഴിലിടം. *v. t.* പഴുപ്പിച്ചടിക്കുക; അടിച്ച്നീട്ടുക; 2. ആകൃതിപ്പെടുത്തുക; ഉണ്ടാക്കുക; 3. നാണ്യം അടിക്കുക; 4. കളവായി നിമ്മിക്കുക; കള്ളാധാരം ഉണ്ടാക്കുക; 5. മുമ്പോട്ട് ഓടിക്കുക. *v. i.* കള്ളാധാരം നിമ്മിക്കുക; 2. മന്ദമായി പോക; തിക്കിത്തിരക്കിച്ചെല്ലുക. **to f. ahead** മുമ്പോട്ട് ഓടുക. **=′ġĕr,** *n.* കള്ളാധാരം നിമ്മിക്കുന്നവൻ. **=′ġĕr-y,** *n.* കള്ളാധാരമുണ്ടാക്കൽ; കള്ളാധാരം. **=′ġing,** *n.* ലോഹമടിച്ച് പരത്തൽ; കള്ളരേഖ നിമ്മിക്കൽ; പച്ചയിരിമ്പ്.

**For-get′,** *v. t. ir.* (=got′, =got′ten) മറക്കുക, മറന്ന് പോക; 2. ശ്രദ്ധയില്ലാതെ ഇരിക്കുക; മറന്ന് കളയുക, പൊരുളിക്കാതെ ഇരിക്കുക, അലക്ഷ്യമാക്കുക. **f.-me-not** ഒരുവക പുഷ്പം (*b.*); വിശ്വസ്തതാചിഹ്നം. **to f. one's self** മതിമറക്കു

ക; സ്വാതന്ത്ര്യമില്ലാതിരിക്കുക; തന്റേടം വിട്ട് നടക്കുക. **-fu̥l**, *a.* മറതിഉള്ള, ഓൎമ്മക്കേട്—; നിൎവ്വിചാരിയായ; സൂക്ഷ്മംഇല്ലാത്ത; ധാരണ—; ഓൎമ്മകെടുത്തുന്ന. **-fu̥l-ly**, *ad.* സ്മരണയില്ലാതെ. **-fu̥l-ness**, *n.* ഓൎമ്മക്കേട്, വിസ്മൃതി. **-ta-ble**, *a.* മറന്ന് കളയത്തക്ക. **-tĕr**, *n.* മറതിക്കാരൻ. **-tiṅg-ly**, *ad.* ഓൎമ്മവെക്കാതെ.

**For-give′**, *v. t. ir.* (=gāve′, =giv′-en) കൊടുത്ത കളയുക; 2. പകവിട്ട്—, പ്രായശ്ചിത്താവകാശം വിട്ട്—; 3. വിട്ട് കൊടുക്കുക, ക്ഷമിക്കുക; പൊറുക്കുക, 'മാപ്പാ'ക്കുക. **-ness**, *n.* ക്ഷമ, മോചനം, 'മാപ്പ്'; ക്ഷമാഗുണം. **=giv′iṅg**, *a.* ക്ഷമിക്കുന്ന, പൊറുമയുള്ള. **=giv′iṅg-ly**, *ad.* പൊറുത്ത്.

**For-gō′**, *v. t. ir.* (=went′, =gone′) വിട്ട് കളയുക, —കൊടുക്കുക, ഉപേക്ഷിക്കുക.

**Fo-ris-fa-mil′i-āte**, *v.t.* അവകാശം കൊടുത്ത് പിരിക്കുക (*l.*). *v. i.* അവകാശം വാങ്ങിപ്പിരിയുക. **=ā′tiŏn**, *n.* അവകാശം പിരിക്കൽ.

**Fork**, *n.* കാപ്പ്, മുപ്പല്ലി, മുള്ള്; 2. സ്വരദൎശിനി (*mus.*); 3. കവരം; കവച്ചം; 4. ശൂലം; 5. കത്രിപ്പൂട്ട്. **f.-tailed** കവരവാലുള്ള. **the f.s of a river** *or* **road** പുഴക്കവരം, വഴിക്കവരം. *v. i.* ചിനെക്കുക, കവരം പൊട്ടുക; 2. രണ്ടായി പിരിയുക. *v. t.* കത്രിപ്പൂട്ട് കൊടുത്ത് പൊന്തിക്കുക; 2. ചിള്ളുക. **to f. over, to f. out** പണം എണ്ണി കൊടുക്കുക. **forked** (forkt), *a.* കവരമുള്ള; രണ്ടായ്പിരിഞ്ഞ; വളഞ്ഞ് പുളഞ്ഞ. **f.d lightning** വിദ്യുല്ലത, മിന്നൽ പിണറ്. **f.d counsel** ദ്വയാൎത്ഥാഭിപ്രായം. **-′y**, *a.* കവരമുള്ള; വിടൎന്ന.

**For-lorn′** (-lo̤rn′), *a.* കൈവെടിഞ്ഞ, ഉപേക്ഷിതം ആയ, നഷ്ടം—; 2. ഗതികെട്ട, ആശയററ, ദിക്കില്ലാത്ത. **f. hope** അററകൈ; ആക്രമസേന. *n.* അനാഥൻ. **-ly**, *ad.* നിരാശയോടെ. **-ness**, *n.* നിരാശ.

**Form** (fo̤rm), *suf.* പോലെയുള്ള, ആകൃതിയായ. *n.* രൂപം, ആകൃതി, ഭാഷ; 2. തരം, വിധം, രീതി; 3. വ്യവസ്ഥ, ചട്ടം; 4. മൎയ്യാദ, ചടങ്ങ്; 5. സൌകൎയ്യം, വടിവ്, ഭംഗി; 6. കരു, പ്രതിമ; ഭ്രൂതം; 7. അച്ച്, മൂശ; 8. ദീൎഘാസനം, 'ബാങ്ക്'; 9. പാഠശാലയിലെ തരം; 10. പദരൂപം (*gr.*); 11. സത്വം, തത്വം; 12. ആകാരം. **bad f.** നിൎമ്മൎയ്യാദം, തിറക്കേട്. **good f.** തിറം. മൎയ്യാദം. *v. t.* ആകൃതിപ്പെടുത്തുക, നിൎമ്മിക്കുക, ഉണ്ടാക്കുക; 2. ഭാഷആക്കുക, കോലം—; ശീലിപ്പിക്കുക; 3. ആയിരിക്കുക; 4. രൂപിക്കുക (*gr.*). *v. i.* ആയ്തീരുക. **=′mal**, *a.* ആകൃതിയുള്ള; സാരം ആയ; ആചാരപുരസ്സരം—. നിയമാനുസാരം—; പ്രത്യക്ഷം—; ക്രമാനുചിതം—; കൃത്യം—; ആചാരപ്രിയം ഉള്ള; പുറമെ—; വെറും; വഴക്കപ്രകാരമുള്ള; തക്ക. **=′mal-is̱m**, *n.* ആചാരാനുസരണം. **=′mal-ist**, *n.* ആചാരപ്രിയൻ; വേഷധാരി. **=mal′i-ty**, *n.* ആചാരം, മൎയ്യാദ; കൃത്യം; നിസ്സാരം; ആചാരാനുഷ്ഠാനം; നടവടി, സമ്പ്രദായം; *pl.* സ്ഥാനവേഷം; ആകാരം; കാൎയ്യം, സാരം. **=′mal-īs̱e**, **=mal-īze**, *v. t.* ആകൃതിആക്കുക; പ്രമാണാനുസാരം—. **=′mal-ly**, *ad.* ആചാരപൂൎവ്വം, നിയമാനുസാരമായി. **=mā′tiŏn**, *n.* ആകൃതിപ്പെടുത്തൽ; രൂപം; നിൎമ്മാണം; ഉരുത്തിരിവ്; മുഴ; ഏൎപ്പാട്. **=′ma-tive**, *a.* രൂപദായകം ആയ, —ജന്യം—. *n.* ജന്യപദം (*gr.*). **=′mĕr**, *n.* സ്രഷ്ടാവ്. **-′less**, *a.* നിരാകാരമായ.

**For′mĕr**, *a.* മുമ്പേത്ത, പുരാതനമായ, പൂൎവ്വം; 2. ആദ്യത്തെ, മുമ്പറഞ്ഞ; 3. ഒന്നാമത്തെ. **-ly**, *ad.* പണ്ട്, മുമ്പ്.

**For′mi-da-ble**, *a.* ഭയങ്കരം ആയ, ഭീകരം—. **=da-bil′i-ty, -ness**, *n.* ഭയങ്കരത. **=da-bly**, *ad.* പേടിതോന്നും വണ്ണം.

**Form′ū-la**, *n.* (*pl.* **form′ū-læ**) മാൎഗ്ഗം, രീതി, പദ്ധതി; 2. വിശ്വാസപ്രമാണം (*Chr.*); 3. സൂത്രം, പ്രമാണം (*math.*); 4. യോഗം, വിധി (*med.*); 5. സൂത്രസംജ്ഞ (*ch.*). **=lar-y**, *n.* സൂത്രവിധാനം, പദ്ധതിപ്രമാണം. *a.* വിധിച്ച, നിശ്ചയിച്ച. **=lāte**, *v. t.* സൂത്രമാക്കുക; സ്പഷ്ടമായി പ്രസ്താവിക്കുക.

**For′ni-ĉāte,** *v. i.* പുലയാട്ടുക. **=ĉā′-tiŏn,** *n.* പുലയാട്ട്, ദുന്നടപ്പ്; വിഗ്രഹാരാധന. **=ĉā-tŏr,** *n.* പുലയാടി. **=ĉā-tress,** *n.* പുലയാടിച്ചി, കൃത്തിച്ചി.

**For-sāke′,** *v. t. ir.* (=sook′, =sā′-ken) വിട്ട് കളയുക, ഉപേക്ഷിക്കുക, ത്യജിക്കുക. **=sā′ken,** *a.* തള്ളിക്കളഞ്ഞ, അനാഥമായ.

**For-sooth′,** *ad.* സത്യം ആയി, നിശ്ചയം—, തീൎച്ച—.

**For-swear′** (-swār′), *v. t. ir.* (=swōre′, =sworn′) സത്യം ചെയ്ത് തള്ളുക; സത്യത്തിന്മേൽ നിഷേധിക്കുക. **to f. one's self** സത്യംചെയ്ത് കളവ് പറയുക. *v. i.* കള്ളസത്യം ചെയ്ക.

**Fōrt, -′ress,** *n.* കോട്ട, ദുൎഗ്ഗം, കൊത്തളം. **fōrte** (fōrt), *n.* മുഖ്യഭാഗം, ബല—, ഊക്ക്, സാമൎത്ഥ്യം. **=′ti-fȳ,** *v. t.* ഉറപ്പാക്കുക, ബലപ്പെടുത്തുക; കോട്ടകെട്ടിയുറപ്പിക്കുക. **=′ti-fī-a-ble,** *a.* ഉറപ്പ് വരുത്താകുന്ന. **=ti-fi-ĉā′tiŏn,** *n.* ഉറപ്പിക്കൽ; കോട്ടകെട്ടൽ; കോട്ട. **-′let,** *n.* ചെറുകോട്ട. **=′ti-tūde,** *n.* ഉറപ്പ്, ധൈൎയ്യം, ധീരത. **=ti-tū′di-nŏus,** *a.* നെഞ്ഞുറപ്പുള്ള.

**Fōrth,** *ad.* മേൽ, മേല്പട്ട്, മുമ്പോട്ട്, പൎയ്യന്തം; 2. പുറത്തേക്ക്; 3. വെളിയിൽ; 4. പൂൎണ്ണമായി. **f. of, f. from** പുറത്ത്. **to bring f.** പെറുക, പ്രസവിക്കുക. **so f.** ആദിയായ, മുതലായ. *prep.* ഇൽനിന്നു. **f.-coming** അടുത്ത, വരുന്ന. **f.-going** പുറപ്പാട്, ഗമനം; പ്രസ്താവം. **f.-putting** ധിക്കാരമുള്ള. **f.-right** നേരെ; നേരസ്ഥനായ; നേൎവ്വഴി. **f.-right-ness** സ്പഷ്ടത. **f.-with** ഉടനെ, തല്ക്ഷണം, ഉടനടി.

**For-ti′tiŏn** (-tish′un), *n.* ഭാഗ്യം, യോഗം. **=tū′i-tŏus-ness, =tū′i-ty,** *n.* ആകസ്മികസംഭവം, അദൃഷ്ടം. **=tū′i-tŏus** (-tus), *a.* അകസ്മാത്ത് ആയ, ദൈവയോഗം—; യദൃച്ഛയാസംഭവിക്കുന്ന (*l.*). **=tū′i-tŏus-ly,** *ad.* ദൈവാൽ.

**Fort′nīght** (-nīt), *n.* പക്ഷം, വാരദ്വയം. **-ly,** *a.* പക്ഷം തോറുമുള്ള.

**For′tūne** (*or* -chun), *n.* ആകസ്മികം, അദൃഷ്ടം; 2. യോഗ്യഭാഗ്യം, യോഗം; വിധി; 3. ഭാഗ്യം; 4. ആസ്തി, മുതൽ, ധനം. **f.-hunter** പൊന്നാശക്കാരൻ; സ്ത്രീധനകാംക്ഷി. **f.-teller** കൈനോക്കുന്നവൻ (വൾ), കോടങ്കി. **f.-telling** കൈനോക്കൽ, സാമുദ്രികാലക്ഷണം നോക്കൽ. *v. t.* ഭാഗ്യവാനാക്കുക; 2. മുതൽ കൊടുക്കുക; 3. ലക്ഷണം പറയുക. *v. i.* സംഭവിക്കുക. **=tū-nāte,** *a.* ഭാഗ്യശാലിആയ; ശുഭം—. **=tū-nāte-ly,** *ad.* ഭാഗ്യവശാൽ. **-less,** *a.* ഭാഗ്യഹീനമായ; വകയില്ലാത്ത.

**For′ty,** *a.* നാല്പത്. *n.* നാല്പതെണ്ണം. **=ti-eth,** *a.* നാല്പതാമത്തെ; നാല്പതിലൊന്നായ. *n.* നാല്പതാലൊന്ന്.

**Fō′rum,** *n.* ചന്തസ്ഥലം, മൈതാനം; 2. വിചാരണസഭ, കോടതി.

**For′ward, For′wards** (-wĕrdz), *ad.* മുമ്പോട്ട്, മേല്പട്ട്. *a.* ആദ്യത്തെ, മുമ്പുള്ള; 2. ദ്രുതഗതി—, ധിക്കാരം—; 3. എടുപ്പ്—; 4. നേരത്തേ—, കാലത്തെ. *v. t.* തുണെക്കുക, വൎദ്ധിപ്പിക്കുക; വേഗത്വരുത്തുക; 2. അയച്ച് കൊടുക്കുക. **-iṅg,** *n.* അയച്ച് കൊടുക്കൽ. *a.* അയച്ച് കൊടുക്കുന്ന. **-ly,** *ad.* തിരക്കോടെ. **-ness,** *n.* ശുഷ്കാന്തി; വൎദ്ധന; തിളെപ്പ്; ധാൎഷ്ട്യം; വേഗത.

**Fosse, foss** (fos), *n.* അകിഴ്. **-′sette,** *n.* നുണക്കുഴി.

**Fos′sil,** *a.* കഴിച്ചെടുത്ത; 2. കല്ലായ്തീൎന്ന. *n.* കല്ലിച്ച സ്ഥാവരജംഗമങ്ങൾ; 2. പഴമക്കാരൻ. **-if′ĕr-ŏus,** *a.* ശിലാജാതമായ. **-i-fi-ĉā′tiŏn,** *n.* കല്ലായ്തീരൽ. **-ism,** *n.* ശിലാദ്രവ്യജ്ഞാനം; പഴമ്പിടുത്തം. **-ist,** *n.* ശിലാദ്രവ്യശാസ്ത്രി. **-i-sā′tiŏn, -i-zā′tiŏn,** *n.* ശിലാഭവം. **-īse, -īze,** *v. t.* കല്ല് ആക്കുക; പഴമ—, നിൎജ്ജീവം—. *v. i.* കല്ലായ്തീരുക; ഉറച്ച് പോക. **-īsed, -īzed** (-īzd), *a.* കല്ല് ആയ; പഴമ—; ഉറച്ച് പോയ.

**Fos′tĕr,** *v. t.* പോററുക, പോററിവളൎത്തുക; 2. മനസ്സിൽ കരുതുക. *v. i.* ഒന്നിച്ച് വളരുക. *a.* പോഷക, പോററുന്ന. **f.-babe, f.-child** പോററ്കുട്ടി. **f.-brother** —സഹോദരൻ, **f.-dam,**

f.-nurse ധാത്രി, ആയ; ആമ. f.-earth പറിച്ച് നട്ടഭൂമി. f.-father, f.-parent പോററച്ഛൻ. f.-land മത്ത് ഭൂമി. f.-mother, f.-parent പോററമ്മ. f.-sister —സഹോദരി. f.-son പോററ് മകൻ. -āġe, *n*. പോററൽ; പോററ് കൂലി. -inġ, *a*. സംരക്ഷകമായ. -linġ, *n*. പോററ് കട്ടി. fos'tress, *n*. പോററുന്നവൾ, ധാത്രി.

Fought, *p. t. of* Fight.

Foul, *a*. ചീഞ്ഞ, നാറുന്ന; ഇഴഞ്ഞിയ, ചേറ് പിരണ്ട; മലിനം ആയ; ചീത്ത—; 2. അസഭ്യം പറയുന്ന, ചീത്ത—; 3. അസഹ്യം ആയ, വെറുപ്പ്—; 4. അറപ്പ്—; 5. കുരൂപം—; 6. പ്രതികൂലം—, തരംകെട്ട; മഴഉള്ള, കോള്—; 7. ന്യായം അല്ലാത്ത, മര്യാദ—; ചതിവായ; 8. കട്ടക്ക് ഉള്ള, കഴക്ക്—. f.-berth കപ്പലുകൾ തമ്മിൽ മുട്ടത്തക്കസ്ഥിതി. f.-bill, f.-bill of health കപ്പലിൽ പകച്ചവ്യാധിയുണ്ടെന്ന സാക്ഷ്യപത്രിക. f.-copy കരട്. f.-mouthed, f.-spoken വാവിഷ്ഠാണം ചെയ്യുന്ന. to fall f. of തമ്മിൽ തെററുക, —പിണങ്ങുക; —മുട്ടുക. *v. t.* അഴക്കാക്കുക, ഇഴക്കുക; 2. കരിപിടിപ്പിക്കുക; 3. മുരു—; 4. കട്ടക്കാക്കുക. *v. i.* കരിപിടിക്കുക; 2. കഴക്കാകുക. *n*. കഴക്ക്; 2. തമ്മിൽ മുട്ടൽ. -'ly, *ad*. മ്ലേച്ഛം ആയി, അശുദ്ധം—, അഴക്ക്—; ഉളുപ്പില്ലാതെ; ചതിവായി. -'ness, *n*. മാലിന്യം, അശുദ്ധി, അഴക്ക്.

I. Found, *p. t. of* Find. -'linġ, *n*. അനാഥശിശു.

II. Found, *v. t.* വാക്കുക, വാത്തുണ്ടാക്കുക. ='dĕr, *n*. വാപ്പ് പണിക്കാരൻ, മൂശാരി, കന്നാൻ. ='dĕr-y, =dry, *n*. വാപ്പ് പണി; —ശാല.

III. Found, *v. t.* തറകെട്ടുക, അടിസ്ഥാനം ഇടുക; ഉറപ്പിക്കുക, സ്ഥിരമാക്കുക; 2. പണിയിക്കുക, സ്ഥാപിക്കുക. =dā'tiŏn, *n*. അടിസ്ഥാനമിടൽ, സ്ഥാപനം; കഴിയാട്ട, അസ്തിവാരം; ധമ്മസ്വത്ത്; —ശാല. f.n school —പാഠശാല. to be on a f.n വിദ്യാഭ്യാസാത്ഥം ധമ്മദ്രവ്യസഹായം പ്രാപിക്കുക. =dā'tiŏn-ĕr, *n*. ധമ്മദ്രവ്യവിദ്യാത്ഥി. ='dĕr, *n*. സ്ഥാപകൻ.

Fount, Foun'tāin, *n*. ഉറവിടം, നീരുറവ്; 2. നീക്കുഴല്. f.n-head ആദ്യകാരണം; മൂല—. f.n-pen മഷിത്തൂവല്.

Fōur (fōr), *a*. നാല്, ചതുർ. *n*. നാല് എണ്ണം. all f.s —കാൽ; തുല്യം, തൃത്യം. f.-cornered നാല്മൂലയുള്ള. f.-fold നാലിരട്ടി, നാന്മടങ്ങ്. f.-footed നാല്ക്കാലിയായ. f.-handed നാല് കൈ ഉള്ള; —ആൾ വേണ്ടുന്ന. f.-in-hand —കുതിരകെട്ടിയ വണ്ടി. f.-o'clock പതിററടിപ്പൂ (*b.*). f.-poster മേക്കട്ടിയുള്ള കട്ടില്. f.-square സമചതുരമായ. -'linġ, *n*. നാലൊററപെററകുട്ടി. -'tēen, *a*. പതിനാല്. *n*. പതിനാലെണ്ണം. -'tēenth, *a*. പതിനാലാമത്തെ; പതിനാലിലൊന്നായ. *n*. പതിനാലാലൊന്ന്. fōurth (fōrth), *a*. നാലാമത്തെ; നാലാലൊന്നായ. *n*. നാലിലൊന്ന്. fōurth'-ly, *ad*. നാലാമതായി.

Fowl (foul), *n*. പക്ഷിജാതി (*z.*); 2. കോഴി, 'വാത്ത്', തക്കി. barn-door f., barn-yard f. കോഴി. *v. i.* പക്ഷികളെ പിടിക്കുക, —വെടിവെക്കുക. -'inġ-piece ചെറുതരം തോക്ക്. -'ĕr, *n*. പക്ഷിപിടിയൻ, വേട്ടക്കാരൻ.

Fox, *n*. കുറുക്കൻ, കുറുനരി, ജംബുകൻ (*z.*); 2. ഉപായി; 3. ഒര് വക വാള്. f.-bat ആവല് (*z.*). f.-brush കുറുക്കന്റെ വാല്. f.-evil മുടി കൊഴിയൽ. f.-hound ഒര് വക നായാട്ട് നായി. f.-hunting കുറുനരിവേട്ട. f.-hunter കുറുക്കനാട്ടി. f.-sleep കള്ളയുറക്കം. f.-terrier ഒര് വക നല്ല നായി. f.-wedge ആപ്പ്, പൂള്. f.-wolf കാട്ട് നായി. sea-f. ഒര് വക സ്രാവ്, കള്ളൻ (*z.*). f. and geese ഒര് വക കളി. *v. t.* ലഹരിയാക്കുക; 2. പുളിപ്പിക്കുക. *v. i.* പുളിച്ച് പോക. foxed (foxt), *a*. നിറം മങ്ങിയ; തുന്നിനന്നാക്കിയ. -'i-ness, *n*. കൌശലം; നിറംമങ്ങൽ; പഴക്കം; പുളിപ്പ്. -'līke, *a*. കള്ളക്കൌശലമുള്ള. -'ship, *n*. ഉപായം. -'y, *a*. കൌ

ശലം ഉള്ള; തവിട്ട്നിറം—; ചൂര്—; പൃ
ളിപ്പ്—. [ഹം, ലഹള.

**Frā-căs'** (-kä'), *n.* തകരാറ്, കല

**Frac'tion,** *n.* കഷണം, അറുക്ക്; 2. ഭിന്നിതം, ചില്ലണക്ക് (*math.*). **common f., vulgar f.** ഭിന്നിതം. **complex f.** വിഷമ—. **compound f.** സമ്മിശ്ര—. **improper f.** അക്രമ—. **proper f.** ക്രമ—. **fract,** *v. t.* പൊട്ടിക്കുക, അറുക്കുക; 2. ലംഘിക്കുക. **-al,** *a.* ഭിന്നിതം ആയ, ഭിന്നിതസംബന്ധം—; ചെറിയ, അല്പം ആയ. **=tious** (-shus), *a.* ഇളിക്കുന്ന, ചീറുന്ന. **=tious-ly,** *ad.* ഇളിച്ചലോടെ. **=tious-ness,** *n.* ചീററം. **-'tūre,** *n.* പൊട്ട്, വിള്ളല്; എല്ല്മുറിയൽ (*med.*). *v. t.* പൊട്ടിക്കുക, പൊളിക്കുക.

**Frag'ile** (fraj'il), *a.* എളുപ്പത്തിൽ പൊട്ടുന്ന, അറുങ്ങിപ്പോകുന്ന; ബലഹീനമായ, വേഗം പോയ്പോകുന്ന. **-ly,** *ad.* ഊക്കില്ലാതെ. **=gil'i-ty,** *n.* ഭംഗുരത്വം; ഇളമ; നേമ്മ; ഉറപ്പില്ലായ്മ; ബലഹീനത.

**Frag'ment,** *n.* കഷണം, ഖണ്ഡം, അറുക്ക്. **='tal, ='tar-y,** *a.* തുണ്ടം തുണ്ടമായ, വിട്ട്നില്ക്കുന്ന, അപൂണ്ണമായ. **='tar-i-ly,** *ad.* ഭാഗംഭാഗമായി.

**Frā'gor,** *n.* മുഴക്കം, ഒച്ച; പൊട്ടൽ; 2. സുഗന്ധം.

**Frā'grant,** *a.* സൌരഭ്യമായ, പരിമളമുള്ള. **=grance, =gran-cy,** *n.* സുഗന്ധം, നന്മണം. **-ly,** *ad.* സൌരഭ്യമായി.

**Frāil,** *n.* കൂട്ട, കൊട്ട. *a.* വേഗം പൊട്ടിപ്പോകുന്ന, —ഉടഞ്ഞ്—, ഉറപ്പ് ഇല്ലാത്ത, ഈട്—; ബലഹീനം ആയ, നശ്വരം—; 2. ആദ്രതയുള്ള; 3. എളുപ്പത്തിൽ തെററിപ്പോകുന്ന, ചാപല്യമുള്ള; 4. പാതിവ്രത്യമില്ലാത്ത. **-'ly,** *ad.* ക്ഷീണത്തോടെ. **-'ness, -'ty,** *n.* ബലഹീനത; സ്ഥിരക്കേട്; അബദ്ധം, വീഴ്ച.

**Frāme,** *v. t.* ചട്ടം കൂട്ടുക; 2. രചിക്കുക, ഉണ്ടാക്കുക; കെട്ടിച്ചമക്കുക; 3. കൊള്ളിക്കുക, ആകൃതിപ്പെടുത്തുക; 4. ചട്ടത്തിൽ ഇടുക. *n.* കെട്ട്പണി, നിമ്മാണം; 2. ഉടല്; ദേഹക്കൂറ്, ശരീരപ്രകൃതി; 3. യന്ത്രം; 4. ആകൃതി, ക്രമം, വ്യവസ്ഥ; 5. മനോഭാവം; 6. തന്ത്രം. **f.-level** തുക്ക്മട്ടം, ലംബം. **f.-work** കൂട്ട്. **='mĕr,** *n.* കൂട്ടുന്നവൻ, നിമ്മാണികൻ, രചകൻ. **frā'ming,** *n.* ചട്ടം കൂട്ടൽ; ചട്ടം.

**Frănc,** *n.* 6ണ 8പൈകുള്ള ഒര് വെള്ളിനാണ്യം.

**Fran'chīse,** *n.* സ്വാതന്ത്ര്യം; പൌരത്വം; 2. വരണാവകാശം; 3. സങ്കേതം; 4. ഔദാൎയ്യശീലം. **elective f.** ചീട്ടവകാശം. *v. t.* സ്വാതന്ത്ര്യം കൊടുക്കുക. **-ment,** *n.* പൌരത്വം; സ്വാതന്ത്ര്യം.

**Fran'gi-ble,** *see* **Fragile.**

I. **Frank,** *n.* പന്നിക്കൂട്. *v. t.* കൂട്ടിലിടുക; 2. തടിപ്പിക്കുക.

II. **Frank,** *a.* സ്വാതന്ത്ര്യമുള്ള; 2. യഥാൎത്ഥം ഉള്ള, നിഷ്കപടമായ; തുറന്നമനസ്സ് ഉള്ള; 3. ഔദാൎയ്യം—; 4. തെമ്മാടിത്തരം—. *v. t.* സക്കാര് ചിലവിന്മേൽ കത്തയക്കുക; കത്തിന്ന് കൂലിവാങ്ങാതിരിക്കുക; ഒപ്പിട്ട് സാക്ഷ്യപ്പെടുത്തുക. *n.* സക്കാര് ചിലവിന്മേൽ കത്തയപ്പാനുള്ള അവകാശം; 2. ഒപ്പ് സാക്ഷ്യം. **-'ly,** *ad.* കപടമില്ലാതെ. **-'ness,** *n.* യഥാൎത്ഥത്വം.

**Frank'in-cense,** *n.* കുന്തുരുക്കം.

**Fran'tic,** *a.* ചിത്തഭ്രമം ഉള്ള, ഭ്രാന്ത്—; ഉഗ്രം ആയ; കൊടൂരം—. **-al-ly, -ly,** *ad.* കടുമയോടെ.

**Fra-tĕr'nal,** *a.* ഭ്രാതൃ; സഹോദര. **-ly,** *ad.* സഹോദരതയോടെ. **='ni-ty,** *n.* സഹോദരത്വം; ഭ്രാതൃസംഘം; കൂട്ടായ്മ; സമുദായം. **frat'ĕr-nīse, frat'ĕr-nīze,** *v. t.* കൂട്ടത്തിൽ ചേക്കുക. *v. i.* കൂട്ടായ്മഭാവമുണ്ടാക.

**Frat'ri-cīde,** *n.* സഹോദരവധം; 2. ഭ്രാതൃഹന്താവ്. **=cī-dal,** *a.* ഭ്രാതൃഹത്യസംബന്ധമായ; —പോലെയുള്ള.

**Fraud** (frad), *n.* ചതി, ഉരുട്ട്; 2. മോശവിചാരം (*l.*). **-'ful,** *a.* വഞ്ചന ഉള്ള, കള്ളത്തരം—. **-'ful-ly,** *ad.* വ്യാജമായി. **-'ū-lence, -'ū-len-cy,** *n.* കൌടില്യം, മായം. **-'ū-lent,** *a.* ചതിവായ, കള്ള. **-'ū-lent-ly,** *ad.* കളവായി, വഞ്ചനയായി.

**Fraught** (frạt), *a.* (with) ഉള്ള, നിറഞ്ഞ, പൂൎണ്ണം ആയ, ഭരിതം—.

**Frāy** (frā), *n.* കലശല്, ശണ്ഠ, കലഹം; പോര്. *v.t.* ഭയപ്പെടുത്തുക; 2. ഉരക്കുക, ഉരമ്മുക. *v.i.* ഉരയുക; 2. തേയുക. *n.* ഉരവ്.

**Frēak** (frēk), *v.t.* വിചിത്രമാക്കുക. *n.* മനോവികാരം; കമതി; ചാപല്യം, ലോലബുദ്ധി. f. of nature പ്രകൃതിലീല. -'ish, *a.* ചഞ്ചലബുദ്ധി ഉള്ള, ഓരൊരിക്കൽ ഓരൊ ബുദ്ധി—. -'ish-ly, *ad.* ചാപല്യത്തോടെ, തോന്നിയവാസമായി. -'ish-ness, *n.* ചിത്തവികാരം, മനോഭ്രമം.

**Freck'le,** *n.* മറു, കാക്കപ്പുള്ളി. *v.t.* പുള്ളികുത്തുക. *v.i.* —ഉണ്ടാക. =led, *a.* —ഉള്ള.

**Frēe,** *a.* സ്വാതന്ത്ര്യം ഉള്ള, സ്വേച്ഛ—, സ്വാധീനമായ; 2. സ്വയതന്ത്രമുള്ള; യുക്തവയസ്സെത്തിയ; 3. നിൎദ്ദോഷമായ; 4. മെരുക്കം ഉള്ള, ഇണക്കം—; 5. താന്തോന്നി ആയ, തെമ്മാടി—; 6. ഔദാൎയ്യമുള്ള; 7. (from, of) മാറിയ, നീങ്ങിയ, ഇല്ലാത്ത, രഹിതം ആയ; 8. ലളിതം—; 9. ചുണ ഉള്ള; 10. (of) പ്രത്യേകാവകാശം—; 11. എല്ലാവൎക്കും ചെല്ലാകുന്ന, സ്വാതന്ത്ര്യപ്രവേശനം ഉള്ള, തുറന്ന; 12. ധൎമ്മം ആയ, സൌജന്യം—; 13. ബഹുമാനമുള്ള; 14. പ്രത്യേകം ആയ, സ്വകാൎയ്യം— (*l.*); 15. അന്യസംബന്ധമില്ലാത്ത. f.-agency ചിത്തസ്വാതന്ത്ര്യം. f. and easy പെരുമാററസ്വാതന്ത്ര്യമുള്ള; നിശ്ശങ്കമായ. f.-booter കവൎച്ചക്കാരൻ; കടല്ക്കള്ളൻ. f.-bootery കൊള്ള. f.-booting പിടിച്ച്പറി. f.-born സ്വതന്ത്രനായിജനിച്ച. f.-goods ചുങ്കമില്ലാത്ത ചരക്ക്. f.-hand കൈകൊണ്ട് വരച്ച. f.-handed ധൎമ്മിഷ്ഠനായ. f.-hearted പരമാൎത്ഥഭാവം ഉള്ള. f.-hold ജന്മാവകാശം (*l.*). f.-living ജഡാഭിലാഷജീവനം. f.-man സ്വതന്ത്രൻ. f.-minded ചിന്താകലമില്ലാത്ത. f.-school ധൎമ്മപാഠശാല. f.-spoken, f.-tongued തുറന്ന് പറയുന്ന. f.-thinker നാസ്തികൻ, നിൎദ്ദേവൻ. f.-thinking അവിശ്വാസം, നിൎദ്ദേവത്വം. f.-thought സ്വയാഭിപ്രായം. f.-trade സ്വാതന്ത്ര്യവ്യാപാരം. f.-will ചിത്തസ്വാതന്ത്ര്യം; മനഃപൂൎവ്വകമായ, സ്വമേധയായ; സൌജന്യമായി. to make f. with ഇണക്കം കാട്ടുക; കക്കുക. *v.t.* സ്വാതന്ത്ര്യം കൊടുക്കുക, —വരുത്തുക; 2. (from, of) ഒഴിവാക്കുക, വിടുക; 3. തടസ്ഥം നീക്കുക. frēed'man, *n.* സ്വാതന്ത്ര്യം പ്രാപിച്ച അടിമ. -'dŏm, *n.* സ്വാതന്ത്ര്യം, സ്വയാധീനത; അവകാശം; ചിത്തസ്വാതന്ത്ര്യം; ഒഴക്കം, ലളിതം; പരമാൎത്ഥം; മൎയ്യാദലംഘനം; ഔദാൎയ്യം. f.m of the city പൌരത്വം. -'ly, *ad.* തടസ്ഥം ഇല്ലാതെ, ശങ്ക—, സ്വാതന്ത്ര്യം ആയി, ധാരാളം—, യഥേഷ്ടം, ഇച്ഛാനുസാരം. -'ness, *n.* സ്വാതന്ത്ര്യം; യഥാൎത്ഥം; ഔദാൎയ്യം; സൌജന്യം.

**Frēeze** (frēz), *v.i.* തണുപ്പ് കൊണ്ട് ഉറച്ച് പോക, കട്ടിയായ്തീരുക; 2. കളിക്കുക, കോട്ടുക, മരവിക്കുക. to f. up അകല്ച ഭാവിക്കുക. *v.t.* ശീതംകൊണ്ട് കട്ടിയാക്കുക; 2. ശുഷ്കാന്തിയില്ലാതാക്കുക. *n.* കട്ടിയാക്കൽ; കട്ടിയാകൽ. frēez'ing, *a.* ശൈത്യം കൊണ്ടുറച്ച് പോകുന്ന; ഇണക്കം കറഞ്ഞ, അട്ടപ്പം—. f.g point വെള്ളം ഉറക്കുന്ന തണുപ്പ്, നീഹാരശൈത്യം. frēez'-ing-ly, *ad.* അതിശൈത്യമായി. frō'zen, *a.* ശീതംകൊണ്ട് ഉറച്ച, —കട്ടിയായ; കളിരുള്ള; ദയയില്ലാത്ത. frō'zen-ness, *n.* പരിതാപമില്ലായ്മ.

**Freight** (frāt), *n.* കയററ്, കേവ്; ചരക്ക്; 2. കടത്ത്കൂലി, കേവ്—; 3. ചരക്ക് കയററിക്കൊണ്ട് പോകൽ. *a.* —കയററുന്ന. *v.t.* —കയററുക. -'āge, *n.* കടത്ത്കൂലി, കേവ്—; കടത്തൽ; ചരക്ക്കയററൽ; ചരക്ക്. -'ĕr, *n.* ചരക്ക് കയററുന്നവൻ; കേവിന്ന് പിടിക്കുന്നവൻ; കേവ്കപ്പൽ.

**Fre-net'ic,** =i-cal, *a.* ഭ്രാന്ത് ഉള്ള, ചിത്തഭ്രമം—.

**Fren'zy,** *n.* പരിഭ്രമം; ചിത്തക്ഷോഭം; ക്രോധപാരവശ്യം; ഭ്രാന്ത്. *a.* ബുദ്ധിഭ്രമമുള്ള. *v.t.* പരിഭ്രമിപ്പിക്കുക, ഭ്രാ

ന്താക്കുക. =zied (-zid), *a.* പൈത്യം ഉള്ള, സംഭ്രമം—. =zied-ly, *ad.* ഉന്മാദത്തോടെ. =zi-cal, *a.* ചിത്തഭ്രമമുള്ള.

Frē'quent (-kwent), *a.* കൂടക്കൂടയുള്ള; 2. പതിവ് ആയ, വഴക്കം—, സാധാരണം—. *v. t.* കൂടക്കൂട പോക, പതിവായി—. =quen-cy, *n.* സാധാരണത്വം; ആധിക്യം. -a-ble, *a.* കൂടക്കൂട ചെല്ലാവുന്ന. =tāge, =tā'tiŏn, *n.* പതിവായി ചെല്ലൽ; പോക്ക് വരവ്. ='ta-tive, *n.* ആവൎത്തനക്രിയ (*gr.*). ='tĕr, *n.* പതിവ്കാരൻ; പരിചയക്കാരൻ. -ly, *ad.* കൂടക്കൂട, പലപ്പോഴും, പിന്നെയും പിന്നെയും, സാധാരണമായി. -ness, *n.* പതിവ്.

Fres'cō, *n.* കുളിൎക്കാററ്; 2. ചുമർചിത്രമെഴുത്ത്.

Fresh, *a.* വീൎയ്യം ഉള്ള, ചൈതന്യം—, പുതുക്കം—, ഊക്ക്—; 2. വീണ്ടും—, പിന്നെയും—; 3. പുതിയ, പഴക്കം ഇല്ലാത്ത, കേട്—; പച്ചയായ; 5. യൌവനമുള്ള; 6. ശീലം ഇല്ലാത്ത; 7. ശൌൎയ്യം ഉള്ള, ഒരുക്കം—; 8. ശുദ്ധമായ, നല്ല, ഉപ്പില്ലാത്ത. f. air ശുദ്ധവായു. f. breeze ഇടത്തരം കാററ്. f. fruit പുതുപഴം. f. gale ഊക്കൻ കാററ്. f. meat ഉപ്പിടാത്തമാംസം, പച്ച—. f. news നൂതനവൎത്തമാനം. f. supply of goods പുതിയ ചരക്ക്. f. vegetables പച്ചത്തക്കാരി. f. water തല്ക്ഷണം കോരിയ വെള്ളം, ഉപ്പില്ലാത്ത—, നല്ല—, കുളിർ—; നല്ല വെള്ളത്തിലുള്ള. f. way അധികവേഗത (*naut.*). *n.* നല്ലവെള്ളത്തിന്റെ ഉറവ്; 2. വെള്ളപ്പൊക്കം; നല്ല വെള്ളത്തിന്റെയും ഉപ്പ്വെള്ളത്തിന്റെയും കലൎപ്പ്. -'en, *v. t.* നന്നാക്കുക, ഉപ്പില്ലാതാക്കുക. to f.n the way ഓട്ടം കൂട്ടുക (*naut.*). *v. i.* ഉപ്പ്കുറയുക, നന്നാക. -'et, *n.* മലവെള്ളം, വെള്ളക്കയററം. -'ly, *ad.* പുതുതായി; ഊക്കോടെ; ഈയിടെ; തണുപ്പായി. -'ness, *n.* നവീനത, പുതുക്കം; വീൎയ്യം.

I. Fret, *v. t.* ഉരമ്മുക; തിന്നുകളയുക; 2. കേട്വരുത്തുക, ക്രോധം—, കറക്കുക; 3. അലപ്പിക്കുക; 4. വെറുപ്പിക്കുക, വേദനപ്പെടുത്തുക. *v. i.* തേഞ്ഞ്പോക; 2. അരിച്ച്—; 3. തുളുമ്പുക; 4. കടിച്ചെത്തുക; 5. ചിനുങ്ങുക, ഇളിയുക. *n.* അലച്ചൽ, മോത; 2. ഈറ, ശുണ്ഠി; 3. തഴതണം (*med.*). -'fụl, *a.* ഈറപിടിച്ച, മുഷിഞ്ഞ. -'fụl-ly, *ad.* ശുണ്ഠിയോടെ. -'ted, *a.* ഉരിഞ്ഞ; കപിതമായ.

II. Fret, *v. t.* വിചിത്രമായി കൊത്ത്പണി ചെയ്ക. *n.* വിചിത്രക്കൊത്ത്. f.-work ശില്പപ്പണി.

Frī'a-ble, *a.* ഉതിരുന്ന, പൊടിയുന്ന. =bil'i-ty, -ness, *n.* ഉതിൎച്ച; ധ്വംസനത്വം.

Frī'ar, *n.* റോമസന്യാസി (*R. C.*). f.'s lantern കൊള്ളിച്ചൂട്ട. -y, *n.* സന്യാസിമഠം.

Frib'ble (frib'l), *n.* നിസ്സാരൻ, വിട്ടവായൻ, തകൃതിക്കാരൻ.

Fric'tiŏn, *n.* ഉരമ്മൽ, ഉരയൽ; 2. ഉരസൽ (*phys.*); 3. മുട്ടൽ, തൎക്കം, ശണ്ഠ. -al, *a.* ഉരസലിനാലുണ്ടായ; ഉരച്ചലുള്ള.

Frī'dāy, *n.* വെള്ളിയാഴ്ച, ശുക്രവാരം.

Friend (frend), *n.* സ്നേഹിതൻ (ത, തി), ഇഷ്ടൻ (ട്ട), മിത്രം, ചങ്ങാതി (തിച്ചി); 2. അനുകൂലൻ, പക്ഷക്കാരൻ. a f. at court *or* in court വലിയവരുടെ സഹായം. to be f.s with ചങ്ങാതിമാരായിരിക്കുക. to make f.s with ഇണങ്ങുക. -'li-ly, *ad.* സ്നേഹാചാരമായി. -'li-ness, *n.* മൈത്രി, സൌഹാൎദ്ദം. -'ly, *a.* ഇഷ്ടം ഉള്ള, സ്നേഹം—; പ്രേമമാൎന്ന; ശത്രുതയില്ലാത്ത, സഖിത്വത്തിലിരിക്കുന്ന; അനുകൂലമായ, തക്ക. -'ship, *n.* രസം, സ്നേഹം, ഇണക്കം, ചങ്ങാതിത്വം.

Frig'āte, *n.* ഒര്വക പടക്കപ്പൽ.

Frīght (frīt), *n.* ഭയം, പേടി, നടുക്കം, വിഭ്രമം; 2. ഭയങ്കരം. *v. t.* വിരട്ടുക, പേടിപ്പിക്കുക, വിറപ്പിക്കുക. -'en, *v. t.* മെരിട്ടുക, അരട്ടുക. -'fụl, *a.* ഭയങ്കരം ആയ, ബീഭത്സം—. -'fụl-ly, *ad.* ഭയങ്കരമായി, വല്ലാതെ, ഉഗ്രമായി. -'fụl-ness, *n.* ഭയങ്കരത.

Frig'id, *a.* തണുപ്പ് ഉള്ള, ശൈത്യം—; 2. ഉഷ്ണം ഇല്ലാത്ത, ചൈതന്യം—, തൃഷ്ണ—; മന്ദമായ; 3. ധാതുക്ഷയമുള്ള. f.-zone ശീതമേഖല. =gid'i-ty, *n.* ശൈത്യം; രസക്ഷയം, സ്നേഹക്കുറവ്; ഭാവമാന്ദ്യം; ബലഹീനത, ധാതുക്ഷയം. -ly, *ad.* തണുപ്പായി; ഭാവക്ഷയത്തോടെ, പ്രിയമില്ലാതെ. -ness, *n.* ശീതം; ചൂടില്ലായ്മ; രസക്കുറവ്; ഭാവക്ഷയം.

Frill, *v.i.* വിറക്കുക; 2. ചുരുളുക. *v.t.* ചുരുൾതൊങ്ങല് വെക്കുക. *n.* ചുരുൾതൊങ്ങല്. frilled (frild), *a.* ചുരുൾശൃംഗാരമുള്ള.

Fringe, *n.* തൊങ്ങല്, ഞേലം; 2. കര; മുന്താണി. *v.t.* തൊങ്ങല് വെക്കുക; ഞേലം തൂക്കിയലങ്കരിക്കുക. fringed (frinjd), *a.* ഞേലം ഉള്ള. ='gent, *a.* കര—. ='gy, *a.* തൊങ്ങല്—.

Fripp'ĕr-y, *n.* ഉടുത്ത് പഴകിയതുണി; 2. പഴമോടി, പ്രസരിപ്പ്; 3. പഴന്തുണിവ്യാപാരം. *a.* പൊരുളില്ലാത്ത, നിസ്സാരമായ.

Frisk, *n.* തുള്ളൽ, ചാട്ടം. *v.i.* തുള്ളിക്കളിക്കുക, തുള്ളുക, ചാടുക. ='kĕr, *n.* കളിക്കാരൻ; തുമ്പ് കെട്ടവൻ. -'ful, *a.* ചുറുക്ക് ഉള്ള, തമാശ—. ='ki-ly, *ad.* തുള്ളിച്ചാടി. ='ki-ness, *n.* ചാട്ടം, കളി, വിനോദം. ='ky, *a.* ഉല്ലാസം ഉള്ള, കളിഭാവം—.

Frith, *n.* ഉൾക്കടൽ, അഴി, അഴിമുഖം [(*geog.*).

Frit'tĕr, *n.* തുണ്ടം, കഷണം, നുറുക്ക്. *v. t.* നുറുക്കുക, ചൂര്ചൂരാക്കുക. to f. away കറക്കുക, ക്രമേണ ഇല്ലാതാക്കുക.

Fri-vol'i-ty, Friv'o-lism, *n.* നിസ്സാരത്വം, ലഘുത്വം, സാരമില്ലായ്മ. friv'-ō-lŏus, *a.* ലഘുവായ, പൊരുള് ഇല്ലാത്ത, സാരം—; അല്പരസമുള്ള, തുച്ഛ—. =ō-lŏus-ly, *ad.* നിസ്സാരമായി. =ō-lŏus-ness, *n.* പൊരുളില്ലായ്മ.

Friz, *n.* ചുരുള്, കരുള്. *v.t.* തലമുടി ചുരുളാക്കുക, കരുള് ഉണ്ടാക്കുക; ചുരുട്ടുക. -'zette (-zet), *n.* തലകെട്ടി, മുടിപ്പൂരണം. -'zle (-l), *v.t.* തലമുടി ചുരുളാക്കുക, ചുരുട്ടുക. *n.* ചുരുള്, കരുള്. -zly (-li), -zy (-i), *a.* ചുരുള് ആയ, കരുള്—.

Frō, *ad.* ഇൽനിന്ന്, അകലെ, പിന്നോട്ട്. to and f. അങ്ങോട്ടും ഇങ്ങോട്ടും.

Frock (frok), *n.* അങ്കി, പുറക്കുപ്പായം, നീളക്കുപ്പായം; 2. റോമസന്യാസിയുടെ അങ്കി. f.-coat മുറിക്കുപ്പായം. *v.t.* അങ്കി ഉടുപ്പിക്കുക; 2. സന്യാസിയാക്കുക.

Frog, *n.* തവള, മണ്ഡൂകം, പേക്കൻ (*z.*). -'gy, *a.* തവളയുള്ള.

Frol'ic, Frol'ick, *a.* ഉല്ലാസം ഉള്ള, തമാശ—, തുള്ളുന്ന, കളിക്കുന്ന. *n.* നേരമ്പോക്ക്, വിനോദം; തമാശ. *v.i.* കളിക്കുക, കൊഞ്ചുക. -ful, -sŏme, *a.* വിനോദം ഉള്ള. -sŏme-ly, *ad.* തമാശയായി. -sŏme-ness, *n.* ലീല.

From, *prep.* ഇൽനിന്ന്, മുതൽ, തുടങ്ങി; ഹേതുവായിട്ട്.

Frond, *n.* ഇലയും തണ്ടും, ഓലയും മടലും (*b.*). -ā'tiŏn, *n.* ഓലകൊത്തൽ. -ent, *a.* ഇലയുള്ള.

Frŏnt, *n.* നെററി; മുഖം; മുഖഭാവം; 2. ധൈര്യം; നെഞ്ഞുറപ്പ്; ധാർഷ്ട്യം; 3. മുൻഭാഗം, മുഖപ്പ്; 4. മുമ്പ്; 5. പ്രത്യക്ഷഭാഗം; മുന്നണി; 6. ആരംഭം. f.-door ഉമ്മരവാതിൽ, കിഴക്കെ—. to come to the f. അഗ്രേസരനാക, ശ്രേഷ്ഠതപ്രാപിക്കുക. *a.* മുൻഭാഗത്തെ; മുമ്പിലുള്ള. *v.t.* മുഖത്തോട് മുഖം നോക്കുക, അഭിമുഖമാക; 2. എതിർക്കുക; 3. തമ്മിൽ കാണുക; 4. എതിരെയിരിക്കുക; 5. കൊള്ളെമുഖമായിരിക്കുക; 6. മുഖവാരം അലങ്കരിക്കുക. *v. i.* മുഖമായിരിക്കുക. -'āġe, *n.* ഉമ്മറം, ദർശനം. -'al, *a.* മുൻഭാഗത്തുള്ള; നെററിസംബന്ധമായ. *n.* നെററിപ്പട്ടം; പീഠമുഖം (*Chr.*); ലലാടാസ്ഥി (*an.*). -'āte, -'ā-ted, *a.* അകലം വർദ്ധിച്ച് വർദ്ധിച്ച് വരുന്ന. -ed, *a.* മുഖപ്പുള്ള. ='tiĕr, *n.* അതിര്, അതൃത്തി, പ്രാന്ത്യം. *a.* അതൃത്തിയായിരിക്കുന്ന, അതിരിൽ കിടക്കുന്ന, തൊട്ടിരിക്കുന്ന; പ്രാന്ത്യപ്രദേശസംബന്ധമായ. -'ing-ly, *ad.* എതിരായി, നേക്ക്നേരെ. ='tis-pièce, *n.* ഗ്രന്ഥദർശനചിത്രം. -'less, *a.*

നാണം കെട്ട, ഉളപ്പില്ലാത്ത. -'let, *n.* നെററിപ്പട്ടം; നെററിച്ചുളിപ്പ്.

**Frost,** *n.* ഉറച്ച് പോകൽ; 2. കുളിര്, ശൈത്യം; 3. ഉറച്ചമഞ്ഞ്, തുഷാരം; 4. കാഠിന്യം, നിർദ്ദയാഭാവം. f.-bite തരിപ്പ്, മരവിക്കൽ. f.-bitten കുളിർകൊണ്ട് കേട്പററിയ. f.-smoke കുളമ്പക. black f. കട്ടംകുളിര്. hoar-f., white f. ഹിമം. *v. t.* ശീതത്താൽ കേട വരുത്തുക, മരവിപ്പിക്കുക, വിറങ്ങലിപ്പിക്കുക; 2. നീഹാരം പെയ്യുക; 3. വെണ്മവരുത്തുക. -'ed, *a.* ഉറച്ചമഞ്ഞ് മൂടിയ; വെണ്മയാക്കിയലങ്കരിച്ച; കുളിര് കൊണ്ട് കേട്പററിയ. -'ing, *n.* പഞ്ചസാരയടിക്കൽ. ='ty, *a.* കുളിരുള്ള; വെള്ളം കട്ടിയാക്കുന്ന; ഉറച്ചമഞ്ഞ് മൂടിയ; പ്രിയം കറഞ്ഞ; ധൈര്യം—; വെണ്മയായ.

**Froth,** *n.* നുര, പത; 2. നുരപ്പിണ്ടി; 3. വാഗ്ലാടിത്വം; 4. ലഘുത്വം. *v. t.* നുരക്കുക; 2. നുരപ്പിണ്ടികാരുക. *v. i.* നുരവരിക, —കാരുക. -'i-ly, *ad.* നുരച്ച്. -'i-ness, *n.* നുരക്കൽ. -'ing, *n.* പെരിമ, വീൺവാക്ക്. -'y, *a.* പതഉള്ള, നുര—; ഉറപ്പ് ഇല്ലാത്ത, സ്ഥിരത—; ഘനം—, സാരം—, പൊരുള്—.

**Frou'sy, Frow'zy,** *a.* കാറിയ, കാറലുള്ള, ചീഞ്ഞ, ഹീത്തയായ, നാറുന്ന; 2. വൃത്തികെട്ട; പച്ഛന്നമായ.

**Frō'ward** (-wĕrd), *a.* ശാഠ്യം ഉള്ള, മുരട്ട് ശീലം—. -ly, *ad.* ദുർവ്വാശിയോടെ. -ness, *n.* ശഠത, താന്തോന്നിത്വം.

**Frown,** *v. i.* നെററിചുളിക്കുക, മുഖം—, —ഘനപ്പിക്കുക; 2. കോപംകാട്ടുക, മുഷിച്ചൽ—. *v. t.* കണ്ണുരുട്ടുക, വെറുപ്പ്കാട്ടുക. *n.* മുഖം കറുപ്പിക്കൽ; കണ്ണുരുട്ടൽ; 2. വെറുപ്പ്, കോപം. -'ing-ly, *ad.* ക്രോധത്തോടെ.

**Frōze, Frō'zen,** *s. u.* Freeze.

**Fruc'ti-fȳ,** *s. u.* Fruit.

**Fru'gal,** *a.* സൂക്ഷ്മം ഉള്ള, ചുരുതം—, മിതം ആയ, ദുരിശം—. -'i-ty, -ness, *n.* മിതവ്യയം, സൂക്ഷ്മം, വ്യയകൃത്യത; ചുരുക്കം, കറവ്. -ly, *ad.* അരിഷ്ടിച്ച്, ചിലവ് ചുരുക്കി.

**Fru-ġif'ĕr-ŏus,** *a.* ഫലപ്രദമായ, കായുള്ള. =ġiv'ō-rŏus, *a.* പഴം തിന്നുന്ന, ഫലഭക്ഷകമായ.

**Fruit** (frut), *n. pl.* വിളവ്, ധാന്യം; 2. കായി, പഴം; 3. പ്രജ, സന്താനം; 4. ഫലം, അനുഭവം; 5. സാദ്ധ്യം; സമ്പാദ്യം; ലാഭം. f.-bud മിടി, അരുമ്പ്, പൂതല് (*b.*). f.-tree ഫലവൃക്ഷം. *v. i.* കായ്ക്കുക, ഫലമുണ്ടാക. -'āġe, *n.* പഴങ്ങൾ; ഫലം. -'ĕr-ĕr, *n.* പഴവ്യാപാരി. -'ĕr-ess, *n.* പഴക്കച്ചവടക്കാരത്തി. -'ĕr-y, *n.* പഴങ്ങൾ; പഴക്കൊട്ടിൽ. -'ful, *a.* അധികം കായുള്ള, ഫലപുഷ്ടിയുള്ള, ധാന്യ—; സന്താനഭരിതമായ; വളമുള്ള; സുഭിക്ഷമായ. -'ful-ly, *ad.* വൃദ്ധിആയി, പുഷ്ടി—. -'ful-ness, *n.* സമൃദ്ധി. -'ing, *a.* ഫലസംബന്ധം ആയ; —പ്രദം—. *n.* കായ്ക്കൽ. fru-i'tiŏn, *n.* അനുഭോഗം, അനുഭവം. -'less, *a.* നിഷ്ഫലം ആയ, നിഷ്പ്രയോജനം—; അഫലം—; സന്താനമില്ലാത്ത. -'less-ly, *ad.* ഉപകാരമില്ലാതെ. -'y, *a.* പഴം പോലെയുള്ള; ഫലപ്രദമായ. fruc'ti-fȳ, *v. i.* കായ്ക്കുക, ഫലമുണ്ടാക. *v. t.* ഫലപ്രദമാക്കുക; വളമിടുക. fruc-tic'ū-lōse, fruc-tif'ĕr-ŏus, *a.* ഫലഭരിതം ആയ, —പ്രദം—, കായുള്ള. fruc-ti-fi-cā'tiŏn, *n.* കായ്ക്കൽ, ഫലിക്കൽ; ഫലദായകത്വം. fruc'tū-a-ry, *n.* ഫലാനുഭോഗി, അനുഭവം എടുക്കുന്നവൻ. fruc-tū-ā'tiŏn, *n.* ഫലം. fruc-tes'cence, *n.* കായി മൂക്കുന്ന കാലം.

**Fru-men-tā'ceŏus** (-shus), *a.* കോതമ്പ് കൊണ്ടുള്ള; ധാന്യം—.

**Frus'trāte,** *a.* മിത്ഥ്യആയ, വ്യർത്ഥം—; നിഷ്ഫലം—, അസാധ്യ—. *v. t.* നിഷ്ഫലമാക്കുക; ഇച്ഛാഭംഗം വരുത്തുക; പററാതാക്കുക; തോല്പിക്കുക; തട്ടുക്കുക; 2. ദുർബ്ബലപ്പെടുത്തുക, അസാധുവാക്കുക. =trā'tiŏn, *n.* തടസ്ഥം, മുടക്കം; അപജയം, ആശാഭംഗം.

**Frut'i-cōse,** *a.* ചെടിപോലെയുള്ള, പടന്ന (*b.*).

I. **Frȳ,** *v. t.* വറക്കുക, പൊരിക്കുക; കാച്ചുക, വാട്ടുക; വരട്ടുക. *v. i.* പൊരി

യുക; 2. ചൂടാന്തരം എടുക്കുക. *n.* വറുത്തത്, പൊരിച്ചത്; 2. എരിപൊരി. -'ing, *n.* വറക്കൽ. frying-pan ഓട്; നെയ്യുട്ടി.

II. Fry̆, *n.* മീൻപരല് (z.); 2. പരൽക്കൂട്ടം; 3. ചെറിയത്, ചില്ലറ.

**Fub'ber-y,** *n.* ചതി, പിത്തളാട്ടം.

**Fub'by, Fub'sy,** *a.* തുടുത്ത, തുടിച്ച, തടിച്ച.

**Fū'cāte,** =ted, *a.* ചായംപൂശിയ; 2. കള്ളമോടിയുള്ള, വേഷംകെട്ടിയ.

**Fud'dle,** *v. t.* കടിപ്പിച്ച് തരം കെടുക്കുക; ലഹരിയാക്കുക. *v. i.* മതിമറന്ന് കടിക്കുക. ='dlĕr, *n.* കടിയൻ, വെറിയൻ.

**Fudġe** (fuj), *n.* കെട്ട്കഥ, കള്ളക്കഥ; 2. നിസ്സാരം. *int.* ഛീ. *v. t.* ഉണ്ടാക്കുക, നിർമ്മിക്കുക; 2. കെട്ടിപ്പറയുക; കളവായി ചേർക്കുക.

**Fū'el,** *n.* വിറക്, ഇരുന്നല്; 2. എരിച്ച്കൂട്ടൽ.

**Fuff,** *v. t. & i.* ഊതി വീപ്പിക്കുക; വീക്കുക. -'y, *a.* ലഘുവായ, ഊതിവീപ്പിച്ച, വീത്ത് കെട്ടിയ.

**Fū-gā'ciŏus** (-shus), *a.* പറന്ന് പോകുന്ന, ക്ഷണം ഇല്ലാതാകുന്ന. =găc'i-ty, *n.* ലീനത്വം, ആവിയായി പോയ്പോകൽ; അസ്ഥിരത; ക്ഷണികത്വം.

**Fūgh** (fū), *int.* ഫോഃ, ഫോഃ.

**Fū'ġi-tive,** *a.* തെററിക്കളയുന്ന, ഓടിക്കളയുന്ന, മണ്ടിക്കളയുന്ന, വിട്ടോടുന്ന; 2. നില്ക്കാത്ത, പോയ്പോകുന്ന, ഈടില്ലാത്ത. *n.* ചാടിപ്പോകുന്നവൻ; 2. പിടിക്കാൻകിട്ടാത്തത്. f. from justice ചാടിപ്പോയ കററക്കാരൻ (*l.*). -ly, *ad.* മണ്ടിക്കളയുംവണ്ണം. -ness, *n.* ലയം; അസ്ഥിരത.

**Fū'gle,** *v. i.* അങ്ങോട്ടും ഇങ്ങോട്ടും ഇളകുക, ആടുക. f.-man വഴികാട്ടി; അണിത്തലപ്പടയാളി. -fụl, *suf.* ഉള്ള, പൂർണ്ണ, ഭരിത, അന്വിത.

**Ful'crum,** *n.* (*pl.* ful'cra) ഊന്ന്, താങ്ങ്; 2. മെത്ത.

**Fụl-fil',** *v. t.* നിറക്കുക, പൂർത്തിയാക്കുക; 2. നിവൃത്തിക്കുക, സാധിപ്പിക്കുക. -ment, *n.* നിവൃത്തി, പൂർത്തി.

**Ful'ġent, Ful'ġid,** *a.* മിന്നുന്ന, പ്രഭയുള്ള, അത്യന്തശോഭ—. =ġen-cy, =ġid'i-ty, *n.* മിന്നല്, ആഭ.

**Fū-lig'i-nŏus,** *a.* കരിപിടിച്ച, അട്ടക്കരിയുള്ള, കറുത്ത; 2. പുകപോലെയുള്ള. =nos'i-ty, *n.* കരി, ഇല്ലട്ടക്കരി. =nŏus-ly, *ad.* പുകപോലെ.

I. **Fụll,** *a.* നിറഞ്ഞ, പൂർണ്ണം ആയ; 2. ധാരാളം—, മതി—, വേണ്ടുവോളം; 3. സമ്പൂർണ്ണം ആയ, പൂർത്തി—, തക്ക; 4. മട്ടപ്പ് വന്ന; 5. തികഞ്ഞ; 6. നിമഗ്നമായ; 7. തിങ്ങിവിങ്ങിയിരിക്കുന്ന. at f. നിറഞ്ഞാൽ. f. age യുക്തവയസ്സ് (*l.*). f. binding മുഴവൻ തോലിട്ട് കെട്ടിയ. f.-blooded നല്ലജാതി. f.-bloomed നന്നായി വികസിച്ച. f.-blown മുഴവനും വിടൎന്ന. f. butt ഊക്കോടെ. f. brother, f. sister ഉടപ്പിറന്ന ആങ്ങള, —പെങ്ങള്. f.-cry മുറുക്കമുള്ള നായാട്ട്. f. dress സ്ഥാനവസ്ത്രം. f. drive മുഴവേഗതയോടെ. f.-formed ഉരുണ്ട. f.-grown മൂപ്പെത്തിയ. f.-hearted ധൈര്യമുള്ള. f.-hot തീപ്പോലത്തെ. f.-manned ആൾതികച്ചുള്ള. f. moon പൂർണ്ണചന്ദ്രൻ; പൌർണ്ണമി, വെളുത്തവാവ്. f. sea വേലിയേററം. f. swing ഊററത്തോടെ, തടസ്ഥമില്ലാതെ. f.-winged പറക്കുവാൻ ഒരുങ്ങിയ; താല്പര്യമുള്ള. in f. വിസ്തീർണ്ണമായി; കുറക്കാതെ; അക്ഷരത്തിൽ. *n.* തികവ്, പൂർണ്ണത. f. of the moon പൌർണ്ണമി. *ad.* പൂർണ്ണമായി, മുഴവനും, മുററും, ആകപ്പാടെ, ഒട്ടൊഴിയാതെ; കൃത്യമായി. *v. i.* പൂർണ്ണമാക, നിറയുക. -'ness, fụl'ness, *n.* നിറവ്, തികവ്, പരിപൂർണ്ണത. ='ly, *ad.* മുഴവനും; പൂർണ്ണമായി, നല്ല.

II. **Fụll,** *v. t.* കഞ്ഞിമുക്കി ഇസ്ത്രിയിടുക. *v. i.* കഞ്ഞിപിടിക്കുക, തടിപ്പാക. -'āġe, *n.* അലക്ക്കൂലി. ='lĕr, *n.* അലക്ക്കാരൻ; ഇസ്ത്രിക്കാരൻ. f.r's earth ചവക്കാരം, ചാരം. ='lĕr-y, *n.* അലക്ക്പുര. ='liṅg, *n.* ഇസ്ത്രിയിടൽ; ഇസ്ത്രിപ്പണി.

**Ful'mi-nāte,** *v. i.* ഇടിമുഴങ്ങുക, ഉച്ചത്തിൽ പൊട്ടുക, വെടി—; 2. ശാസനം അയക്കുക; നിഷ്കർഷിക്കുക. *v. t.* മുഴക്കുക; 2. ആജ്ഞാപിക്കുക. =**nant,** *a.* ഇടിമുഴക്കമുള്ള. =**nā-ting,** *a.* മുഴക്കുന്ന; ശപിക്കുന്ന. =**nā'tiŏn,** *n.* മുഴക്കം, ഗർജ്ജനം, പൊട്ടൽ; ശപിക്കൽ; ശാപം. =**nā'tŏr-y,** *a.* ഭയജനകമായ.

**Fu̧l'sŏme,** *a.* മട്ടപ്പ് വരുത്തുന്ന, വെറുപ്പ് ഉള്ള, അറെപ്പ്—, നാററം—, അസഹ്യമായ. **-ly,** *ad.* ഓക്കാനം വരുത്തുന്ന, മനംപിരട്ടുന്ന. **-ness,** *n.* ആഭാസത്വം, വഷളത്വം; മനംപിരിച്ചൽ.

**Fum'ble,** *v. i.* തപ്പുക, പരതുക; 2. ഭ്രമത്തോടെ തിരയുക; 3. കശക്കുക, മറിക്കുകയും തിരിക്കുകയും ചെയ്യു. *v. t.* വാരിവലിച്ചിടുക. ='**bling-ly,** *ad.* പരതികൊണ്ട്, കിഴ്മേലായി.

**Fūme,** *n.* പുക, ആവി; 2. ക്രോധപാരവശ്യം; 3. വ്യർത്ഥനിരൂപണം, —സങ്കല്പം, മായാമോഹം; 4. പുകഴ്ച, മുഖസ്തുതി. **in a f.** പതറലോടെ. *v. i.* പുകയിക്കുക, ആവികൊട്ടുക്കുക; 2. പുകപിടിക്കുക; മന്ദമാക, തരിച്ച് പോക; 3. ആവിയായി പോസ്സോക; 4. ക്രുദ്ധിക്കുക. **to f. away** ചീറുക; ആവിയായി പോസ്സോക. *v. t.* പുകകൊട്ടുക്കുക, —ഏല്പിക്കുക; 2. പുകഴ്ത്തുക; 3. ആവിയായി കയറുക. **fū'mid,** *a.* ആവിയായ. **fū-mid'i-ty, fū'mid-ness,** *n.* പുകയൽ. **fū'mi-gāte,** *v. t.* പുകഇടുക, ആവി—, പുകെക്കുക; രോഗപ്പകച്ച് നീക്കുക, വിഷവായു—; സുഗന്ധം പുകയിക്കുക. **fū-mi-gā'tiŏn,** *n.* പുകയിടൽ; പുകയാവി. **fū-mi-gā'tŏr,** *n.* പുകയിക്കുന്നവൻ; പുകപ്പാത്രം. **fū-mi-gā'tŏr-y,** *a.* ആവിയാൽ ശുദ്ധിയാക്കുന്ന. **fū'mi-ly,** *ad.* പുകയോടെ. **fū'ming,** *a.* പുകയുന്ന. **fū'ming-ly,** *ad.* കോപത്തിളെപ്പോടെ. **fū'mish,** *a.* പുകയുന്ന; ഉഷ്ണിച്ച, കോപമുള്ള. **fū'mish-ness,** *n.* എരിച്ചൽ, ക്രോധം. **fū'mŏus, fū'my,** *a.* പുകയുന്ന, ആവിയുള്ള; പുകയുണ്ടാക്കുന്ന.

**Fun,** *n.* തമാശ, കേളി, കളി, വിനോദം. **to make f. of** പരിഹസിക്കുക, കാററ് ആക്കുക, 'മക്കാറ്'—. **-'ny,** *a.* ഹാസ്യകരമായ, രസം ഉള്ള, നേരമ്പോക്ക്—. **-'ni-ly,** *ad.* രസികമായി; തമാശയായി.

**Fū-nam'bū-lāte,** *v. i.* ഞാണിന്മേൽ നടക്കുക, —കളിക്കുക. =**lā'tiŏn,** *n.* ഞാണിന്മേൽ കളി. =**lā-tor-y,** *a.* ഇടുക്കമായ, വിസ്താരമില്ലാത്ത. =**list,** *n.* ഞാണിന്മേൽ കളിക്കാരൻ.

**Func'tiŏn,** *n.* പ്രവൃത്തി, ഉദ്യോഗം; കർമ്മം, വ്യാപാരം, തൊഴില്; മുറ; 2. ഉത്സാഹം. **-āte,** *v. i.* പ്രവൃത്തിക്കുക, ചെയ്യുക. **-al,** *a.* ഉദ്യോഗസംബന്ധമായ, പ്രവൃത്തി—. **-al-īse, -al-īze,** *v. t.* ഉദ്യോഗത്തിന്നാക്കുക. **-al-ly,** *ad.* പ്രവൃത്തിസംബന്ധമായി. **-ar-y,** *n.* ഉദ്യോഗസ്ഥൻ. **-less,** *a.* കർമ്മരഹിതമായ, കരണ—.

**Fund,** *n.* മുതല്, നിധി; 2. മൂലമുതല്; 3. *pl.* രാജ്യകടം, രാജ്യകടച്ചീട്ട്, രാജ്യകടപത്രം; 4. നിക്ഷേപം. **public f.s** സർക്കാര് കടമുതൽ. **sinking f.** കടം വീട്ടാൻ നീക്കിവെച്ച സ്വത്ത്. *v. t.* മുതൽ കരുതുക, —ഉപയോഗിക്കുക; 2. പണം വല്ല മുതലിലും ഉറപ്പിക്കുക; 3. കടപത്രം കൊടുക്കുക.

**Fun'da-ment,** *n.* അടിസ്ഥാനം; 2. ആസനം, ചന്തി; മൂലാധാരം (*an.*). =**tal,** *a.* അടിസ്ഥാനം ആയ, ആധാരം—; സാരം—, മുഖ്യം—; ആദ്യം—. **f.l colours** ചുവപ്പ് പച്ച നീല വർണ്ണങ്ങൾ. *n.* പ്രമാണം, പ്രധാനകാര്യം. =**tal-ly,** *ad.* ആദ്യം ആയി, മുഖ്യം—; ഉല്പത്തിയിൽ; അടിസ്ഥാനത്തിൽ.

**Fū'ner-al,** *n.* ശ്മശാനക്രിയ, ശവാപ്പണം, ശവസംസ്കാരം; —ദാഹം; ഉത്തരക്രിയ, ഉദക—; പുലകളി. *a.* ശ്മശാനസംബന്ധമായ, ശേഷക്രിയ—. **f.-pile** ചിത. =**nē'rē-al,** *a.* ശവസംസ്കാരസംബന്ധം ആയ; പ്രലാപകരം—. =**nē'rē-al-ly,** *ad.* വിലാപത്തോടെ.

**Fuṅ'gus,** *n.* (*pl.* **fuṅ'gī**) കമില്, കൂന് (*b.*); 2. അരിമ്പുണ്ണ് (*med.*). ='**gal,**

='goid, *a.* കമില് സംബന്ധമായ. ='gŏus, *a.* കമില് പോലെ ഉള്ള, പതം—.

**Fū'ni-cle,** *n.* നാര് (*b.*). =nic'ū-lar, *a.* നാര് ഉള്ള, നാര് പോലെ—. fū'nis, *n.* പൊക്കിള് വള്ളി (*an.*).

**Fuṅk,** *n.* നാററം, ചൂര്. *v. i.* കെട്ട്നാറുക; 2. പിൻവാങ്ങുക. to f. out പേടിച്ച് പിൻവാങ്ങുക. -'iṅg, *n.* പേടിച്ച് പിൻവാങ്ങൽ. ='ky, *a.* ഭയമുള്ള.

**Fun'nel,** *n.* നാളം; കുഴല്; പാത്തി.

**Fur,** *n.* രോമചൎമ്മം, തൊപ്പത്തോല്; 2. *pl.* രോമചൎമ്മവസ്ത്രം. *a.* രോമചൎമ്മം കൊണ്ടുണ്ടാക്കിയ. -'ri-ĕr, *n.* രോമചൎമ്മവ്യാപാരി. -'ri-ĕr-y, *n.* രോമചൎമ്മങ്ങൾ; രോമചൎമ്മവ്യാപാരം. -'ry, *a.* രോമചൎമ്മം ഉള്ള, —ധരിച്ച; ചൎമ്മതുല്യമായ.

**Fur'bish,** *v. t.* അണച്ച് മിന്നിക്കുക; തുടച്ച്—.

**Fur'cāte, Fur'cā-ted,** *a.* കവരമുള്ള. =cā'tiŏn, *n.* കവരമാകൽ, കവക്കൽ.

**Fur'fur,** *n.* തലപ്പുററ്, ചുണങ്ങ് (*med.*).

**Furl,** *v. t.* ചുരുട്ടുക, മടക്കുക.

**Fur'loṅg,** *n.* അരക്കാല് നാഴിക, 220 വാരയുള്ള നീളമളവ്, 'പൎലൊങ്ങ്'.

**Fur'lōugh** (fĕr'lō), *n.* കല്പന, 'രജ', ഉത്തരവ്.

**Fur'nāce,** *n.* അട്ടപ്പ്, ഉല, ചൂള; ചൂട്ടാല; 2. ശിക്ഷ, ബന്ധനം; ശോധന; സംകഷ്ടം, ക്ലേശം. portable f. ചൂട്ടപ്പ്.

**Fur'nish,** *v. t.* എത്തിച്ച് കൊടുക്കുക, സംഭരിച്ച്—; 2. നല്കുക; 3. അലങ്കരിക്കുക. ='ni-tūre (*or* -chụr), *n.* സംഭാരം, സാമാനം, കോപ്പുകൾ; ഉട്ടുരുട്ട്, വീട്ട് സാമാനം; ഉപകരണം.

**Fur'rōw** (-rō), *n.* ഉഴവ് ചാല്; 2. ചാല്; 3. ചുളി (പ്പ്). to draw a straight f. കൃത്യത്തോടെ ജീവനം കഴിക്കുക, തെററിനടക്കാതിരിക്കുക. *v. t.* ഉഴുക, ചാലിടുക; 2. ചുളിക്കുക. -y, *a.* ചാൽഉള്ള; ചുളി—.

**Fur'thĕr,** *ad.* അധികം ദൂരെ, അപ്പുറം, അകലെ; 2. ഉം കൂടെ; മാത്രമല്ല, അത്രയുമല്ല, അതുകൂടാതെ. f. off അകലെ, ദൂരെ. *a. c. d.* അധികം ദൂരെഉള്ള, മുമ്പിൽ—, അപ്പുറം—; 2. കൂടാതെ—, പുറമെ—. *v. t.* അനുകൂലിക്കുക, സഹായിക്കുക, അഭിവൃദ്ധി വരുത്തുക. -ance, *n.* സഹായം, ഉതവി, വൎദ്ധന. -ĕr, *n.* അഭിവൃദ്ധിയാക്കുന്നവൻ, സഹായി. -mōre, *ad.* or *conj.* എന്ന് മാത്രമല്ല, അത്രയുമല്ല, കൂടാതെ, അതിന്ന് പുറമെ. -mōst, *a. s. d.* ഏററവും അകലെയുള്ള, അങ്ങെഅററത്തെ. -sŏme, *a.* അനുകൂലഭാവം ഉള്ള, ആദായം—. fur'thest, *a. s. d.* ഏററവും അകലെഉള്ള, അഗ്രത്തിൽ—. *ad.* നന്നദൂരെ.

**Fur'tive,** *a.* കട്ട, കളവ് ചെയ്യു; കൌശലമുള്ള, കള്ള. -ly, *ad.* കളവായി.

**Fū'ruṅ-cle,** *n.* കുരു, പരു (*med.*). ='cū-lar, *a.* കുരുവുള്ള.

**Fū'ry,** *n.* രൌദ്രം, കോപപാരവശ്യം; 2. ഘോരത, ഉഗ്രത; 3. സംഭ്രമം; 4. ദുഷ്ടണങ്ങ. fū'ri-ŏus, *a.* ക്രുദ്ധിച്ചിരിക്കുന്ന; മദം ഉള്ള, മോട്ട്—; മൂഢ്, ഉഗ്രതഉള്ള; ഊററം—, ഊക്ക്—. fū'ri-ŏus-ly, *ad.* കഠോരമായി, മൂഢതയോടെ. fū'ri-ŏus-ness, *n.* ക്രോധം, കോപഭ്രാന്ത്; ഉന്മാദം.

**Fus'cŏus,** *a.* തവിട്ട് നിറമുള്ള; ഇളം കറുപ്പായ.

**Fūṣe,** *v. t.* ഉരുക്കുക, ദ്രവിപ്പിക്കുക; 2. കൂട്ടിക്കലൎത്തുക, കൂട്ടിയുരുക്കുക. *v. i.* ഉരുകുക, ദ്രവിക്കുക; 2. കൂടിക്കലരുക. *n.* തോക്ക് തിരി. fū-ṣēe', fūze, fū-zēe', *n.* വെടിമരുന്ന് തിരി. fū-ṣi-bil'i-ty, *n.* ദ്രവത്വം. fū'ṣi-ble, *a.* ഉരുകുന്ന, ഉരുക്കാവുന്ന. f.e metal വിളക്കായി. fū'-ṣiŏn, *n.* ഉരുക്കൽ; ഉരുക്കം; കൂട്ട്.

**Fū'ṣil,** *n.* ഒരുവക ചെറിയതോക്ക്. =lēer, =liēr, *n.* പടയാളി. -āde, *n.* കൂട്ട്വെടി. *v. t.* കൂട്ടം ഒന്നിച്ച് വെടിവെക്കുക. [അഴക്—.

**Fū'sŏme,** *a.* ഭംഗിഉള്ള, ചന്തം—,

**Fuss,** *n.* ഉരുസല്, തിരക്ക്, ലഹള; 2. ഉരുസല് കാരൻ. *v. i.* ഉരുസലാക്കുക. -'i-ly, *ad.* തകൃതിയായി. -'i-ness, *n.*

ഉരുസല്, അമളി. -'y, *a.* ഉരുസല് ഉള്ള, തകൃതി—.

**Fust,** *n.* മുഴഞ്ഞ്, ചൂര്, നാററം. *v.i.* മുഴഞ്ഞ് നാറുക. ='ti-ness, *n.* ദുൎഗ്ഗന്ധം, ചൂര്. ='ty, *a.* മുഴഞ്ഞ് മണം ഉള്ള, നാററം—.

**Fust'i-an,** *n.* തടിച്ചതുണി; 2. പ്രകടിപ്പുള്ള എഴുത്ത്. *a.* പൊന്തത്തുണി കൊണ്ടുണ്ടാക്കിയ; 2. പ്രസരിപ്പ് ഉള്ള, വിദ്യാനാട്യം—.

**Fū'tīle,** *a.* വൃഥാലാപം ആയ; 2. നിഷ്ഫലം—, നിസ്സാരം—, വൃഥാവിലുള്ള. -ly, *ad.* വ്യൎത്ഥമായി. =til'i-ty, *n.* വ്യൎത്ഥവാക്ക്; നിഷ്പ്രയോജനത്വം.

**Fū'tūre** (*or* -chụr), *a.* ഭാവിയിൽ ഉള്ള, വരുവാൻ—, ഉണ്ടാവാൻ—. f. tense ഭാവികാലം (*gr.*). *n.* ഭാവി, ഭവിഷ്യത്ത്; 2. സംഭവിപ്പാനുള്ള കാൎയ്യം, മേലാൽ ഉണ്ടാകുന്ന—, മേലാലത്തെ ഗുണം; 3. ഭാവികാലം (*gr.*). to deal in f.s മേലാലത്തെ ലാഭം കരുതി കച്ചവടം ചെയ്ക. =tū'ri-ty, *n.* ഭാവിയവസ്ഥ; വരും കാലം; ഭവിപ്പാനുള്ള കാൎയ്യം.

**Fȳ,** *int.* ഛീ, ഛത്ത്; ധൂഃ.

**Fȳke,** *n.* മാല്.

---

# G

**G,** ഇംഗ്ലീഷിൽ ഏഴാമത്തെ അക്ഷരം. വ്യഞ്ജനം. പേര്: 'ജി'. ഉച്ചാരണം: 'ഗ്', 'ജ്', N നോട് കൂടിയാൽ 'ങ്'.

**Gab,** *n.* വായി; 2. നൊടിച്ചൽ, വാഗ്വാടിത്വം. gift of g. വാചാലത്വം. gab, -'ble, *v.i.* നൊടിയുക, പിറ് പിറെ പറയുക. -'bĕr, -'blĕr, *n.* വാഗ്വാടി. -ble, *n.* വൃഥാലാപം.

**Gab-ar-dīne', Gabĕr-dīne'** (-dēn'), *n.* പരുക്കൻ കുപ്പായം; താണവസ്ത്രം.

**Gā'bel,** *n.* ചുങ്കം, നികുതി, വരി.

**Gā'ble,** *n.* (വീട്ടിന്റെ) നെററി, നെററിപ്പുറം; 2. ചാമ്പറപ്പടിയട്ടം; 3. നെടുമ്പുര.

**Gā'by,** *n.* പൊണ്ണൻ, ഭോഷൻ.

**Gad,** *n.* കന്തമുന, അസ്ത്രം—; 2. എഴുത്താണി; 3. കുത്തുവടി; 4. ഭണ്ഡ്. upon the g. ബദ്ധപ്പാട്ടിൽ. g.-fly പോന്ത (*z.*). *v.i.* അലഞ്ഞ് നടക്കുക; 2. പോളിക്കുക. g.-about തെണ്ടിനടക്കുന്നവൻ. -'dĕr, *n.* തെണ്ടി. -'ding, *n.* തെണ്ടല്. -'ding-ly, *ad.* തെണ്ടിക്കൊണ്ട്. -'dish, *a.* തെണ്ടൽ ഉള്ള. -'dish-ness, *n.* —ശീലം.

**Gāel** (gāl), *n.* ഗാലവംശക്കാര്, സെൽററ്—, കെൽററ്—. ='lic, *a.* ഗാല്യ. *n.* ഗാല്യഭാഷ.

**Gaff,** *n.* ഉടക്ക് കന്തം, തോട്ടി; ചാട്ടുളി. *v.t.* കന്തംകൊണ്ട് കുത്തുക; കത്തിയെടുക്കുക. ='fĕr, *n.* കിഴവൻ, തൊണ്ടൻ; മൂപ്പൻ, 'മേസ്ത്രി'. ='fle, *n.* കോഴിക്കത്തി.

**Gag,** *v.t.* വായിഅടക്കുക, —കെട്ടുക; വായിൽ തുണിതിരുകുക; വായിപൊത്തിക്കുക, മിണ്ടാതാക്കുക; 2. വായിതിക്കിത്തുറക്കുക; 3. തേട്ടിപ്പിക്കുക. *v.i.* തേട്ടുക. *n.* വായികെട്ട്, വായ്പൂട്ട് g.-tooth കൊന്ത്രമ്പല്ല്. -'gĕr, *n.* വായികെട്ടുന്നവൻ.

I. **Gāġe,** *n.* ഈട്, പണയം; ജാമ്യം; 2. വീരവാദം; പോര് വിളി. *v.t.* പണയം വെക്കുക; 2. ജാമ്യം നില്ക്കുക, —കൊടുക്കുക.

II. **Gāġe,** *n.* അളവ്. *v.t.* അളക്കുക.

**Gag'gle,** *v.i.* വാത്ത് ശബ്ദിക്കുക, പനട്ടുക, ചിലക്കുക. *n.* എരണ്ടക്കൂട്ടം (*z.*).

**Gāi'e-ty, Gāi'ly,** *s. u.* Gay.

**Gāin,** *n.* ആദായം; 2. നേട്ടം, സമ്പാദ്യം; 3. ഫലം. *v.t.* സമ്പാദിക്കുക; 2. നേടുക, ജയിക്കുക; 3. വശത്താക്കുക; 4. എത്തുക, പ്രാപിക്കുക; 5. നേരിടുക. to

g. ground അഭിവൃദ്ധി പ്രാപിക്കുക, മുന്നുക. to g. over വശത്താക്കുക. to g. pain നയിച്ച് കൊണ്ടുവരുന്നവൻ; കൂലി ച്ചേകവാള്. to g.-say എതിര് പറയുക, നിഷേധിക്കുക, വാദിക്കുക. g.-sayer എതിർവാദി. g.-stand ചെറുത്ത് നില്ക്കുക. g.-strive എതിര് പൊരുതുക. *v. i.* ലാഭംഉണ്ടാക; ഐശ്വര്യം—; വദ്ധനവ്—. to g. on *or* upon അതിക്രമിക്കുക; സ്വാധീനം പ്രാപിക്കുക; മുന്നുക; അനുകൂലമുണ്ടാക. *a.* തക്ക, ഭംഗിയുള്ള. -′a-ble, *a.* കിട്ടാകുന്ന, എത്താകുന്ന. -′āġe, *n.* കൊഴുലാഭം, ചേറ്—; കൃഷിഭൂമി; കൃഷിക്കോപ്പ്; കാലി. -′fụl, -′sŏme, *a.* ആദായം ഉള്ള, വരവ്—. -′ly, *ad.* ഒതുക്കത്തോടെ, സാമർത്ഥ്യത്തോടെ.

Gāit, *n.* ഗമനം; ഗതി, വഴി; ചന്തം, നടത്തം. =′ted, *a.* ചന്തമുള്ള. =′tĕr, *n.* കാൽരക്ഷ; പാദുകം.

Gā′la, *n.* മോടി, ആഡംബരം, ഘോഷം. g.-day ഉത്സവദിവസം.

Gal′ax-y, *n.* ആകാശഗംഗ (*as.*); 2. വിശിഷ്ടഗണം.

Gāle (gāl), *n.* വിശറ്, കോള്; 2. കാററ്; 3. കോലാഹലം.

Gạll, *n.* പിത്തം, പിത്തനീര് (*phys.*); 2.—കോശം (*an.*); 3. കൈപ്പ്; പക; 4. ധാർഷ്ട്യം; 5. ഉരഞ്ഞ് പൊട്ടൽ. g.-bladder പിത്തകോശം (*an.*). g.-nut കടുക്ക (*b.*). g.-sickness പിത്തജ്വരം (*med.*). *v. t.* ഉരച്ച് പൊട്ടിക്കുക; 2. ഉപദ്രവിക്കുക; 3. കേട് വരുത്തുക. *v. i.* പരിഹസിക്കുക. -′ing, *a.* പരിഹസിക്കുന്ന. -′ing-ly, *ad.* തൊന്തരവായി. -′y, *a.* കൈപ്പുള്ള.

I. Gal′lant, *a.* ഭംഗിഉള്ള, മോടി—, പ്രതാപം—, വിശേഷമായ; 2. ശൌര്യമുള്ള, ധീരൻ ആയ. -ly, *ad.* ധൈര്യത്തോടെ. -ness, *n.* ശൌര്യം. =try, *n.* പ്രതാപം; ധീരത; വീരന്മാര്.

II. Gal-lant′, *a.* സ്ത്രീലോലൻ ആയ, —ജിതൻ—. *n.* പ്രസരിപ്പ്കാരൻ; ശൃംഗാരി; 2. പെൺപററി; 3. വിവാഹാർത്ഥി; പ്രിയൻ; 4. വശീകരക്കാരൻ. *v. t.* പെൺപററി നടക്കുക. -ly, *ad.* നയശീലമുള്ള. =′try, *n.* വണക്കം; സ്ത്രീസേവ; രഹസ്യം. [ക്കപ്പൽ.

Gal′le-on, *n.* പണ്ടേത്ത വലിയ പാ

Gal′lĕr-y, *n.* നട; കയ്യാല; 2. ചിത്രശാല, —മണ്ഡപം; —സഞ്ചയം; 3. രംഗാസനം, കളപ്പടവാസനം, തട്ടിരിപ്പിടം.

Gal′ley (-li), *n.* തണ്ട് വലിച്ചോട്ടുന്ന കപ്പൽ; 2. പടക്കപ്പൽതോണി; 3. കപ്പലടുക്കള. g.-slave തണ്ട് വലി ശിക്ഷയനുഭവിക്കുന്ന തടവ്കാരൻ. g.-worm ചേരട്ട, തേരട്ട (*z.*).

Gal′lic, *a.* പരന്ത്രീസ് സംബന്ധമായ.

Gal′li-pot, *n.* ഭരണി. [ഭരണി.

Gal′lŏn, *n.* നാല് കപ്പിയളവ്, കററി,

Gal-loon′, *n.* നാട; കര, കസവ്. =looned (-lụnd), *a.* കസവുള്ള.

Gal′lŏp (-lup), *v. i.* കാൽപറിച്ചോട്ടുക, കുതിക്കുക; 2. കുതിരയോടിക്കുക; 3. ദ്രുതഗതിയായി നോക്കുക. *v. t.* കുതിച്ചോടിക്കുക. *n.* കുതിച്ചോട്ടം. hand-g. മന്ദവല്ഗനം.

Gal′lōws (-lōz), *n.* തൂക്ക്മരം; 2. പാതകൻ; 3. *pl.* കാലുറത്തൂക്ക്പട്ട. g.-tree തൂക്ക്മരം.

Ga-lŏche′, Ga-loshe′ (-losh′), *n.* മെതിയടി, പാദുകം; മേൽചെരിപ്പ്, മഴച്ചെരിപ്പ്.

Gal-van′ic, *a.* വിദ്യുച്ഛക്തി ജനകം ആയ, വിദ്യുദ്ധാതുസംബന്ധം—. g.-battery വിദ്യുദ്ധാതുജനകയന്ത്രം. gal′van-ism, *n.* വിദ്യുദ്ധാതു. =van-i-sā′tiŏn, =van-i-zā′tiŏn, *n.* വിദ്യുദ്ധാതുവ്യാപനം. =′van-īse, =′van-īze, *v. t.* വിദ്യുച്ഛക്തിയേല്പിക്കുക; വിദ്യുച്ഛക്തിയാൽ പൊന്ന് മുക്കുക; ദേഹത്തിൽ വിദ്യുദ്ധാതു വേററുക; ഇരിമ്പിന്ന് നാകം പൂശുക. g.ed iron നാകം പൂശിയ ഇരിമ്പ് തകിട്. =van-ol′o-ġist, *n.* വിദ്യുദ്ധാതുശാസ്ത്രി. =van-ol′o-ġy, *n.* —ശാസ്ത്രം. =van-om′e-tĕr, *n.* —മാത്ര.

Gam′bier (-bēr), *n.* കാററ്, കാത്ത് (*b.*).

**Gam'ble**, *v. i.* ചൂതുകളിക്കുക, —ആടുക. *v. t.* (away) പണം കളിച്ചുതോല്ക്കുക. ='blĕr, *n.* ചൂതാടി, കളിക്കാരൻ. ='bling, *n.* ചൂതുകളി.

**Gam'bol**, *n.* തുള്ളല്, തുള്ളിച്ചാട്ടം. *v. i.* തുള്ളിക്കളിക്കുക.

I. **Gāme**, *a.* നൊണ്ടിയായ, മുടന്ത്—.

II. **Gāme**, *n.* കളി, ആട്ടം; 2. വിനോദം; 3. നേട്ടം, ജയം; 4. സൂത്രം, നോട്ടം; 5. വേട്ടയുരു. g.-cock കൊത്തുകോഴി. to make g. of പരിഹസിക്കുക, കളിയാക്കുക. to be g. വിട്ടുകൊടുക്കാതിരിക്കുക. to die g. ചാകുവോളം പൊരുതുക. *a.* ശൌര്യമുള്ള, പിൻവാങ്ങാത്ത. *v. i.* കളിക്കുക; 2. പണം വെച്ച്—, ചൂതാടുക. -'ly, *ad.* ധീരതയോടെ, ശൌര്യത്തോടെ. -'ness, *n.* ധൈര്യം, ആണത്വം. -'sōme, *a.* ഉല്ലാസം ഉള്ള, കളിഭാവം—. -'stĕr, *n.* കളിക്കാരൻ; ചൂതാട്ടക്കാരൻ; വേശ്യ. gā'ming, *n.* കളി; ചൂത്.

**Gam'in**, *n.* തെമ്മാടിച്ചെറുക്കൻ.

**Gam'mĕr**, *n.* കിഴവി, തൊണ്ടി, തള്ള.

**Gam'mŏn**, *n.* ഉണക്കിയ പന്നിത്തുട; 2. ഒരുകളി; 3. ചതി. *v. t.* പന്നിത്തുട ഉണക്കുക; 2. കളിയിൽ തോല്പിക്കുക; 3. ചതിക്കുക.

**Gam'ut**, *n.* സരളി; സപ്തസ്വരവിധാനം, സ്വരഗ്രാമം.

**Gan'dĕr**, *n.* ആൺവാത്ത് (*z.*).

**Gang**, *n.* സഞ്ചാരം; 2. ആൾക്കൂട്ടം; 3. കൂട്ടം, കോപ്പ്. g.-master കൂലിമേസ്ത്രി. g.-way കപ്പലിലെ നട. to bring to the g.-way ശിക്ഷയായി അടിക്കുക. *v. i.* പോക, നടക്കുക. -'ĕr, *n.* മേലാള്, മൂപ്പൻ.

**Gan'gli-on**, *n.* (*pl.* gan'gli-a) മജ്ജാതന്തുയോഗം (*phys.*). -ic, *a.* —സംബന്ധമായ.

**Gan'grēne** (-grēn), *n.* വ്രണം, പുണ്ണ്, അഴുകൽ (*med.*). *v. t.* & *i.* ചീഞ്ഞഴിയുക; അഴുകൽവ്യാധിയുണ്ടാക.

**Gănt'let**, *n.* പട്ടാളത്തിലെ ഒരുശിക്ഷ. to run the g. ശിക്ഷഏല്ക്കുക, ആക്ഷേപം—, ഉപദ്രവം—.

**Gāol** (jāl), *n.* തടവ്, കാരാഗൃഹം, തുറുങ്ക്. -'ĕr, *n.* കാരാഗൃഹവിചാരകൻ.

**Gap**, *n.* വിടവ്, പിളപ്പ്, കണ്ടി, കണ്ടിവാതിൽ. to stand in the g. പരരക്ഷാർത്ഥം ഉപദ്രവം ഏല്ക്കുക; എതിർക്കുക; തോററവന്നുപകരം നില്ക്കുക. to stop a g. കേടുതീർക്കുക. *v. t.* പൊളിക്കുക; വഴിയുണ്ടാക്കുക. g.ing stock ആശ്ചര്യപാത്രം, —വിഷയം. g.-toothed പല്ലിൽ വിടവുള്ള. gāpe, *v. i.* വായിതുറക്കുക; ആവിഇടുക, കോട്ടുവായി—; അതിശയിക്കുക; 2. പിളരുക; 3. (for, after, at) കാംക്ഷിക്കുക, കാത്തിരിക്കുക. *n.* വായിമലർത്തൽ; കോട്ടുവായി; 2. വായിവിസ്താരം. g.e-seed അപൂർവ്വക്കാഴ്ച. gā'-ping, *n.* വിശേഷം കാണൽ.

**Gärb**, *n.* ഉടുചമയം, സ്ഥാനവസ്ത്രം; വേഷം; 2. കാഴ്ച, ഭാവം. *v. t.* ഉടുപ്പിക്കുക, ചമയിക്കുക. gärbed (gärbd), *a.* വസ്ത്രം ധരിച്ച.

**Gär'bāge**, *n.* മീൻകുടല്, അശുദ്ധ്, ചവറ്; 2. ചണ്ടി; കാട്ടം. *v. t.* കുടല് നീക്കുക, അശുദ്ധ്—; വെടിപ്പുവരുത്തുക.

**Gär'ble**, *v. t.* ചേറുക; അരിക്കുക; 2. പെറുക്കുക; 3. തിരിച്ചുമറിച്ചു പറയുക. gärble, gär'blings, *n. pl.* കരട്.

**Gär'den**, *n.* പൂത്തോട്ടം; തക്കാരിത്തോട്ടം, തോപ്പ്; ആരാമം; 2. വളപ്പ്, തൊടിക, പറമ്പ്; 3. പുഷ്പപ്രദേശം. g.-house ഗ്രീഷ്മവസ്തി; മറപ്പുര (*U. S.*). g.-husbandry തക്കാരികൃഷി, ചെറുകൃഷി. g.-party ഉദ്യാനസല്ക്കാരം. g.-stuff പച്ചക്കറിസാധനങ്ങൾ, ഇലക്കറി—, തക്കാരി. g.-truck, g.-ware വില്പനത്തക്കാരി. kitchen-g. പച്ചക്കറിത്തോട്ടം. market-g. വ്യാപാരത്തക്കാരിത്തോട്ടം. *v. i.* തോട്ടമുണ്ടാക്കുക, തോട്ടപ്പണി ചെയ്യു; പുഷ്പങ്ങൾ നട്ടുണ്ടാക്കുക. *v. t.* തോട്ടത്തിൽ കൃഷിചെയ്യു. -ĕr, *n.* തോട്ടക്കാരൻ. -ing, *n.* തോട്ടപ്പണി; പുഷ്പകൃഷി. -ly, *ad.* ഉദ്യാനതുല്യമായി.

Gär'fish, *n.* കഴലമീൻ (*z.*).

Gär-gan'tū-an, *a.* ആനപോലത്തെ, മാമല—, മല—, പെരും.

Gär'gle, *v.t.* കൊപ്പിളിക്കുക, കവിളുക, വായികൊള്ളുക. *n.* കവിളുന്ന വെള്ളം, —ഔഷധം.

Gā'rish, *a.* അഴക്കാട്ടുന്ന, മോടി—; 2. പ്രഭയുള്ള; 3. പ്രസരിപ്പ്—; 4. അതിശൃംഗാരം—. -ly, *ad.* പച്ചസുന്ദരനായി. -ness, *n.* സുന്ദരവിഷ്ഠിതം; അതിശൃംഗാരം.

Gär'land, *n.* ലതാമകുടം, രത്ന—; മാല; 2. അഗ്രം; മകുടമണി; 3. പാഠമാല. *v. t.* പൂമ്പും ചൂടുക; മാലയിടുക.

Gär'lic, *n.* വെള്ളുള്ളി, ചിററുള്ളി, വെള്ളവെങ്കായം (*b.*). cloves of g. ചിററുള്ളിച്ചുള. -ky, *a.* വെള്ളുള്ളി ഉള്ള, —പോലെ—.

Gär'ment, *n.* ഉടുപ്പ്, തുണി. =ted, *a.* ചമയം ധരിച്ച. =tūre, *n.* വസ്ത്രം.

Gär'nĕr, *n.* കളം, കളപ്പുര, പത്തായപ്പുര, കളപ്പാട്. *v. t.* സൂക്ഷിച്ച് വെക്കുക, നിക്ഷേപിച്ച്—; പത്തായത്തിൽ ഇടുക.

Gär'net, *n.* ഒരു വക ചുവപ്പ് കല്ല്, പുഷ്പരാഗം (*min.*).

Gär'nish, *v. t.* അലങ്കരിക്കുക, ജ്ഞേലം തൂക്കുക; 2. എത്തിക്കുക, കൊടുക്കുക; 3. ചങ്ങലക്കിടുക; 4. അറിയിപ്പയക്കുക (*l.*). *n.* ശൃംഗാരം; മോടിവസ്ത്രം; 2. ചങ്ങല. -ment, *n.* അലങ്കാരം; അറിയിപ്പ് (*l.*). =ni-tūre, *n.* അലങ്കാരസാധനം, ജ്ഞേലം, വീട്ട് സാമാനം; ഉട് വസ്ത്രം.

Gar'ret, *n.* മച്ചറ, മേൽമാളിക മുറി.

Gar'ri-sŏn, *n.* കോട്ടകാവൽ സൈന്യം; 2. കാവൽ സൈന്യക്കോട്ട. in g. കാവൽസൈന്യമായി; —പ്രവൃത്തിചെയ്യുന്ന. *v.t.* സൈന്യം കാവൽവെക്കുക; കാക്കുക.

Gar-rōte', *v. t.* വേളപിടിച്ച് ഞെക്കുക. *n.* ഞെക്കികൊല്ലൽ.

Gar'ru̥-lŏus, *a.* അതിഭാഷണം ഉള്ള, പിറുപിറെ പറയുന്ന. -ly, *ad.* ചിലെച്ച് കൊണ്ട്. =ru̥l'i-ty, -ness, *n.* വാചാലത്വം.

Gär'tĕr, *n.* മേജോട് ബന്ധിനി, —നാട, കാലുറക്കെട്ട്; 2. ഇംഗ്ലാന്തിലെ ഒര് മഹാ പദവി, —മഹാ പദവി ചിഹ്നം. *v. t.* മേജോട് കെട്ടുക; 2. മഹാപദവി കൊടുക്കുക.

Gas, *n.* വായു, വാഷ്പം; 2. കല്ക്കരിവാഷ്പം. g.-burner, g.-jet, g.-light അംഗാരവാഷ്പദീപം. g.-coal ഒര് വക കല്ക്കരി. g.-generator വാഷ്പജനകയന്ത്രം. g.-light വായുകടക്കാത്ത. g.-tar താറ്, ഖാറ്, കീല്. g.-well വാഷ്പഖനി. g.-works അംഗാരവാഷ്പജനകസ്ഥാനം. gā'sē-ŏus, -'i-form, *a.* വാഷ്പരൂപമായ; തുമ്പം വാല്യംഇല്ലാത്ത. -i-fi-cā'tiŏn, *n.* വാഷ്പീകരണം. -'i-fȳ, *v. t.* വാഷ്പമാക്കുക. *v. i.* വായുരൂപമാക്കുക. -'mē-tĕr, =om'e-tĕr, *n.* വാഷ്പമാത്ര. -'sing, *n.* പൊങ്ങച്ചം, ആത്മപ്രശംസ. -'sy, *a.* വാഷ്പരൂപമായ; 'വടായി'യുള്ള.

Gas-con-āde', *n.* പൊങ്ങച്ചം, ആത്മപ്രശംസ. *v. i.* 'വടായി' പറയുക. =ā'dĕr, *n.* 'നാമൂസ്'കാരൻ.

Gash, *v. t.* കത്തിമുറിക്കുക, —വാരുക, കത്തിപ്പിളക്കുക, മുറിവേല്പിക്കുക. *n.* മുറിവ്, പിളപ്പ്. -'fu̥l, *a.* ഭയങ്കരമായ.

Gasp, *v. i.* വീപ്പ് മുട്ടുക; കിതെക്കുക; 2. അത്യാശ ഉണ്ടാക, വാഞ്ഛ—. *v.t.* (forth, out, away) കിതെച്ച് പറയുക, വിക്കിവിക്കി—. *n.* ശ്വാസംമുട്ടൽ, മുട്ടല്, കിതെപ്പ്. at the last g. ചക്രശ്വാസം വലിക്കുമ്പോൾ, മരിപ്പാറായ സമയം.

Gast'ly, *see* Ghastly.

Gas'tric, *a.* ജീൎണ്ണകോശ സംബന്ധമായ. g. digestion ദീപനം. g. fluid, g. juice ആമാശയരസം. g. fever ഒര് വക വിഷമജ്വരം. =tril'o-quist, *see* Ventriloquist. =trī'tis, *n.* ആമാശയവീക്കം. =trol'o-gy, *n.* ആമാശയശാസ്ത്രം. =′tro-man-cy, *n.* ഒര് വക മന്ത്രവാദം. =′trō-nōme, =tron'ō-mĕr, =tron'o-mist, *n.* തിന്നി, വയറൻ, കടലൻ. =trō-nom'ic, =trō-nom'i-cal,

*a.* ആമാശയസംബന്ധമായ; അതിഭക്ഷകമായ, ഭക്ഷണപ്രിയമുള്ള. =tron'o-my, *n.* ഭക്ഷണസുഖസൂത്രം; പെരുന്തീററി; സന്തോഷം. ='tro-scōpe, *n.* ആമാശയദൎശിനി. =tro'sco-py, *n.*—ദൎശനം. =tro'sto-my, =tro'to-my, *n.* വയററ് കീറൽ (*med.*).

Gāte, *n.* ആനവാതില്, പടി—, പ്രവേശനം; 2. വാതില്; 3. വഴി; 4. ചീപ്പ്, മഞ്ചപ്പലക; 5. നടത്തം; മാതിരി. g.-house പടിപ്പുര. g.-man ദ്വാരപാലകൻ. g.-way കടായി. to stand in the g. *or* g.s അനുകൂലമുള്ള ദിക്കിൽ ഇരിക്കുക. *v. t.* വാതില് വെക്കുക. ='ted, *a.* പടിവാതിലുള്ള. -'wīse, *ad.* പടിവാതിലാകൃതിയിൽ.

Gath'ẽr, *v. t.* കൂട്ടിച്ചേൎക്കുക, കൂട്ടിവരുത്തുക, ശേഖരിക്കുക; 2. പെറുക്കിയെടുക്കുക; 3. മൂരുക, കൊയ്യുക; പറിക്കുക; 4. സമ്പാദിച്ച് വെക്കുക; 5. ചുരുക്കിടുക, ഞെറിയുക; 6. അനുമാനിക്കുക, അറിയുക; 7. ജയിക്കുക; 8. ചുരുക്കുക; 9. വലിച്ചെടുക്കുക. to be g.ed to one's people *or* to one's fathers മരിക്കുക. to g. breath ശ്വാസം നേരെയാക. to g. one's self together ഒരുങ്ങിപ്പുറപ്പെടുക്കുക. *v. i.* കൂടുക; ഉരുക്കൂടുക; 2. ഉരുണ്ട്—; 3. വല്യതാക; 4. കൂട്ടിച്ചേൎക്കുക. *n.* ചുരുക്ക്, ഞെറി. -a-ble, *a.* കൂട്ടിച്ചേൎക്കാവുന്ന; അനുമാനിക്കാവുന്ന. -ing, *n.* സംയോഗം; സംഘം, ജനശേഖരം; ധൎമ്മപ്പണശേഖരണം; കുരു, വീക്കം (*med.*). *a.* കൂടിവരുന്ന. g.g coal മൂടിയിട്ട തീ.

Gat'ling gun, *n.* യന്ത്രത്തോക്ക്, യന്ത്രപ്പീരങ്കി.

*Gauche* (gōsh), *a.* ഇടങ്കൈയായ; ഒതുക്കം ഇല്ലാത്ത, സൌകൎയ്യം—; ചേൎച്ചയായ; 2. വക്രിച്ച, വളഞ്ഞ് തിരിഞ്ഞ. -'rie (-rē), *n.* വല്ലായ്മ; നിൎമ്മൎയ്യാദം.

Gaud (gad), *n.* നേരമ്പോക്ക്; 2. ചതി; 3. വിലകുറഞ്ഞ ആഭരണം. *v. i.* വിനോദിക്കുക. *v. t.* ശൃംഗരിക്കുക. -'ẽr-y, *n.* ഭൂഷണം; മോടിനാട്യം. -'i-ly, *ad.* മോടിയായി. -'i-ness, *n.* അഴക്, ചന്തം. -'ish, -'y, *a.* അതിമോടിയായ; ഉല്ലാസമുള്ള. -'y, *n.* ഉത്സവം.

Gāuġe (gāj), *v. t.* അളക്കുക; 2. മതിക്കുക, കണ്ട് കെട്ടുക. gāuġe, gāġe, *n.* അളവ്, മാത്ര, പ്രമാണം; 2. മതിപ്പ്; 3. അളവ് കോല്; —പാത്രം, —യന്ത്രം; 4. ഇരിമ്പ് പാതയിട. joiner's g. മട്ടക്കോല്. rain-g. മാരിമാത്ര. salt-g., brine-g. ലവണ—. sea-g. അഗാധമാത്ര. standard g. കൃത്യപ്പാത. broad g., wide g. വിശാലപ്പാത. narrow g. ഇടുക്കപ്പാത. steam-g. ബാഷ്പമാത്ര. tide-g. പ്രവാഹ—. wind-g. മരുത്മാത്ര. -'a-ble, *a.* അളക്കാവുന്ന. gāuġed (gājd), *a.* അളന്ന; അളവൊത്ത.

Gaul (gal), *n.* പൂൎവ്വപരന്ത്രീസ്കാരൻ.

Gaunt (gant), *a.* മെലിഞ്ഞ, ശോഷിച്ച. -'let, *n.* ലോഹക്കയ്യുറ, ഹസ്തരക്ഷ. to take up the g.t ദ്വന്ദ്വയുദ്ധത്തിന്ന് തുനിയുക, —യുദ്ധക്ഷണനം സ്വീകരിക്കുക. to throw down the g.t —യുദ്ധത്തിന്ന് ക്ഷണിക്കുക, വീരവാദം പറയുക. -'ly, *ad.* ശുഷ്കിച്ച്; കറവായി.

Gauze (gaz), *n.* ദുകൂലം, നേൎമ്മത്തുണി, പട്ട്. *a.* നേൎമ്മആയ, ലഘു—. gau'zi-ness, *n.* നേൎമ്മ, ലഘുത്വം. gau'zy, *a.* നേരിയ.

Gāve, *p. t. of* Give.

Gav'e-lock, *n.* കുന്തം; 2. ശരം; 3. ഇരിമ്പ് പാര.

Gā'vi-al, *n.* മുതല, നക്രം (*z.*).

Gaw'by (ga'bi), *n.* പൊണ്ണൻ, വിഡ്ഢി.

Gawk (gak), *n.* കയില് (*z.*); 2. പൊട്ടൻ, അണ്ണാരപ്പൊണ്ണൻ. ='ky, *a.* ഭോഷത്വമുള്ള. *n.* വിട്ഭോഷൻ.

Gāy (gā), *a.* ആനന്ദമുള്ള, സന്തോഷകരമായ; 2. വൎണ്ണശോഭഉള്ള, അഴക്—; 3. മോടിയായി ഉടുത്ത; 4. വിഷയാസക്തിയുള്ള. -'ē-ty, -'ness, gāi'ē-ty, *n.* ആഹ്ലാദം, ഉല്ലാസം; *pl.* തമാശ; വസ്ത്രമോടി. -'ly, gāi'ly, *ad.* ഉല്ലാസത്തോടെ; മോടിയായി, ആഡംബരത്തോടെ. -'sōme, *a.* പ്രസരിപ്പുള്ള.

Gāze, *v. i.* ഉററ്നോക്കുക. *v. t.* സൂക്ഷിച്ച്—, തുറിച്ച്—; നോക്കിനില്ക്കുക. ='zing stock കുത്ത്കാഴ്ച, നിന്ദാവിഷയം. *n.* നോട്ടം, വിസ്മയാലോകനം.

Ga-zel', Ga-zelle' (-zel), *n.* രോഹിമൃഗം, രൌഹിഷം, ഇളമാൻ(*z.*). g.-eyed പേടമാൻകണ്ണി.

Ga-zette' (-zet'), *n.* വൎത്തമാനപത്രം; 2. സൎക്കാര്പത്രിക, 'ഗജട്ട്'. *v.t.* ഗജട്ടിൽ പ്രസിദ്ധം ചെയ്യുക. gaz'et-tēer, *n.* പത്രികകൎത്താവ്; പത്രിക; നിഘണ്ടു; ഭൂഗോളശാസ്ത്രനിഘണ്ടു.

Gēar (gēr), *n.* വസ്ത്രം, ആഭരണം, ചമയം; 2. വസ്തുവക, സാമാനം; 3. നിൎമ്മാണം; 4. 'ജിന്', കോപ്പ്; 5. ആയുധസംഭാരം; 6. ആചാരം, മൎയ്യാദ; 7. കാൎയ്യം, പ്രവൃത്തി; 8. പൽചക്രം; 9. യന്ത്രക്കോപ്പ്; 10. ചേൎച്ച, യോജിപ്പ്; 11. വിശ്ലിതം, നിസ്സാരകാൎയ്യം. g.-wheel പൽചക്രം. in g. തമ്മിൽ ഘടിച്ചിരിക്കുന്ന. out of g. സംഘടനം വിട്ട; ഉപയോഗമില്ലാത്ത. to throw in g. യന്ത്രങ്ങൾ തമ്മിൽ ഘടിപ്പിക്കുക; പ്രവൃത്തിക്ക് തക്കതാക്കുക. to throw out of g. യന്ത്രങ്ങൾ തമ്മിൽ വേൎപ്പെടുത്തുക; പ്രവൃത്തിക്ക് ഉതകാത്തതാക്കുക. *v. t.* ഉടുപ്പിക്കുക; കോപ്പിടുക; ഉപകരണങ്ങൾ ഉണ്ടാക്കുക. *v. i.* തമ്മിൽ ഘടിക്കുക. -'ing, *n.* കതിരമട്ടം, കതിരക്കോപ്പ്; യന്ത്രസാഹിത്യം.

Gec'kō, *n.* പല്ലി (*z.*).

Gēese, *pl. of* Goose.

Ġe-las'tic, *a.* ഹാസസംബന്ധമായ; ചിരിക്കുമ്പോൾ ഉപയോഗപ്പെടുന്ന.

Ġel'a-tin, Ġel'a-tine (-tin), *n.* മാംസപ്പശ. blasting g. ഒര്വിധം പാറമരുന്ന്. ġe-lat'i-nāte, =nīse, =nīze, *v. t.* മാംസപ്പശയുണ്ടാക്കുക. ġe-lat'i-nŏus, *a.* പശയുള്ള, പററുന്ന.

Ġe-lā'tiŏn, *n.* തണുത്ത് കട്ടിയാകൽ.

Geld, *n.* പണം; 2. വരി; 3. പ്രായശ്ചിത്തം; 4. പ്രതിഫലം. *v. t.* ഉടെക്കുക, കാലറുക്കുക, വൃഷണം നീക്കുക; 2. വേണ്ടുന്നത് ഇല്ലാതാക്കുക; 3. ആക്ഷേപം നീക്കുക. -'ing, *n.* കാൽകെട്ടിയ മൃഗം, —കതിര; ഷണ്ഡൻ.

Ġel'id, *a.* അതിശീതളമായ; ഉറച്ചുപോയ. ġe-lid'i-ty, *n.* കട്ടിയാകൽ. -ly, *ad.* അതിശൈത്യമായി. -ness, *n.* —ശൈത്യം.

Ġel'ly, *see* Jelly.

Ġem, *n.* മൊട്ട്, അരിമ്പ് (*b.*); 2. രത്നം, കല്ല്; 3. ആഭരണം; 4. അതിവിശേഷസാധനം. artificial g. കള്ളക്കല്ല്. *v. t.* മൊട്ടിടുക; 2. രത്നം പതിക്കുക; 3. അലങ്കരിക്കുക. -'ma-ry, *a.* രത്നസംബന്ധമായ. *n.* രത്നങ്ങൾ. -'māte, *a.* മൊട്ടുള്ള. -'mē-ŏus, *a.* രത്നതുല്യമായ. -'my, *a.* രത്നം ഉള്ള; പ്രഭ—; ചുണ—.

Ġem'i-nal, *n.* ഇണ, ഇരണ. =nāte, *a.* ഇരട്ടആയ, ഇണ—. *v. t.* ഇരട്ടിക്കുക. =nā'tiŏn, *n.* ഇരട്ടിക്കൽ, ആവൎത്തനം. =ni, *n.* മിഥുനരാശി (*as.*). =nŏus, *a.* ഇരണആയ, കൂട്ടം—, ജോട്—. =ny, *n.* ഇരട്ടക്കുട്ടി.

Ġen, *suf.* ജനകം, പ്രദം.

Ġen'dĕr, *n.* വക, വിധം; 2. ലിംഗഭേദം; ആണ്, പെണ്ണ്; 3. ലിംഗം (*gr.*). *v. t.* ജനിപ്പിക്കുക. *v. i.* മൈഥുനം ചെയ്ക, ഇണയെടുക്കുക; 2. പെറുക. -less, *a.* അലിംഗമായ, ലിംഗഭേദമില്ലാത്ത.

Ġē-nē-al'o-ġy, *n.* വംശാവലി, വംശപാരമ്പൎയ്യം. =loġ'i-cal, *a.* —പാരമ്പൎയ്യസംബന്ധമായ. =loġ'i-cal-ly, *ad.* വംശാവലിപ്രകാരം.

Ġen'er-a, *pl. of* Genus.

Ġen'er-al, *a.* സാധാരണമായ, പൊതുവെയുള്ള; 2. ക്ലിപ്തമില്ലാത്ത; 3. ഭൂരിയായ; 4. എല്ലാവക്കുമുള്ള, സൎവ്വസാമാന്യമായ; 5. ആകപ്പാടെയുള്ള; 6. പതിവായ. g. agent സാധാരണമുക്ത്യാർനാമക്കാരൻ, സാധാരണകാൎയ്യസ്ഥൻ (*l.*). g. assembly സാധാരണ സഭായോഗം. g. court-martial സൈനിക ശ്രേഷ്ഠന്യായസഭ, നാവിക—. g. dealer പല ചരക്ക്കച്ചവടക്കാരൻ. g. epistle പൊതുലേഖനം. g. officer സേനാനായകൻ. g. order സൎവ്വസാമാന്യകല്പന. g. prac-

titioner വൈദ്യൻ. *n.* ആക, ആകത്തുക, ഒട്ടാക; സമസ്തം, സൎവ്വം; 2. സേനാനായകൻ, സേനാപതി; 3. പെരിമ്പറയടി; 4. തലവൻ, പ്രമാണി; 5. ജനങ്ങൾ, ദേശവാസികൾ, പ്രജകൾ. **bri-gadier-g.** സേനാംശനായകൻ (*mil.*). **lieutenant-g.** സഹനായകൻ (*mil.*). **major-g.** ഉപനായകൻ (*mil.*). **in g.** മിക്കവാറും, ഏതാനുമെല്ലാം. **-i-a,** *n. pl.* സാധാരണകാൎയ്യം, സമഷ്ടി. **-is'si-mō,** *n.* സെനാധിപാഗ്രേസരൻ. **=al'i-ty, -ty,** *n.* സാധാരണത്വം; സാമാന്യവിവരം; അധികാംശം, അധികം പേര്. **-ī-s̱a-ble, -ī-za-ble,** *a.* സാധാരണപ്രമാണമാക്കാവുന്ന. **-i-s̱ā'tiŏn, -i-zā'-tiŏn,** *n.* —സൂത്രമാക്കൽ; —അനുമാനം. **-īs̱e, -īze,** *v. t.* വൎഗ്ഗത്തിൽ പെടുത്തുക: സാധാരണാൎത്ഥത്തിൽ ഉപയോഗിക്കുക; സാമാന്യപ്രമാണം ആക്കുക, —അനുമാനം—. *v. i.* വൎഗ്ഗത്തിൽ ഉൾപ്പെടുക; സാധാരണാൎത്ഥം ധരിക്കുക. **-ly,** *ad.* സാമാന്യം ആയി, ധാരാളം—; പലപ്പോഴം; ആകപ്പാടെ; സമഷ്ടിയായി. **-ness,** *n.* സാധാരണത്വം. **-ship,** *n.* സേനാധിപത്യം; യുദ്ധസാമൎത്ഥ്യം; നായകത്വം.

**Ġen'er-āte,** *v. t.* ജനിപ്പിക്കുക; 2. ഉളവാക്കുക; ഉണ്ടാക്കുക. **=ant,** *a.* ഉത്ഭവിപ്പിക്കുന്ന. *n.* ഉല്പാദകൻ. **=ā'tiŏn,** *n.* ജനിപ്പിക്കൽ; ജനനം; ഉല്പാദനം; ഉല്പന്നം; സന്തതി; തലമുറ, കരുന്തല, പൃരുഷാന്തരം, 33 കൊല്ലം; യുഗം; കുലം, അന്വയം, വംശം; വക. **=ā-tive,** *a.* ഉല്പാദകമായ. **g.e organ** ലിംഗം; യോനി. **=ā-tŏr,** *n.* ജനകൻ; ആവിജനകപാത്രം.

**Ġe-ner'i¢, =i-¢al,** *a.* വൎഗ്ഗത്തിൽ പെട്ട, ജാതിയിൽ—; 2. സാമാന്യമായ, സാധാരണ. **=¢al-ly,** *ad.* വൎഗ്ഗസംബന്ധമായി.

**Ġen'er-ŏus,** *a.* കുലീനമായ, ബഹുമാനം ഉള്ള; 2. യോഗ്യത—; ധൈൎയ്യം—; 3. ധൎമ്മിഷ്ഠനായ; ലുബ്ധില്ലാത്ത; 4. ധാരാളമായ; 5. വീൎയ്യമുള്ള. **-ly,** *ad.* ഔദാൎയ്യമായി. **-ness,** *n.* ദാനശീലം. **=os'i-ty,** *n.* കുലീനത്വം, മാഹാത്മ്യം, ശ്രേയസ്സ്; ധൎമ്മശീലം.

**Ġen'e-sis,** *n.* ഉല്പത്തി, ജനനം; ആരംഭം; 2. സത്യവേദത്തിലെ ആദ്യപുസ്തകം, ഉല്പത്തിപുസ്തകം (*Bl.*).

**Ġē'ni-al,** *a.* ഉല്പാദക; 2. ആനന്ദപ്രദം ആയ; രമ്യം—, രമണീയം—, മനോഹരം—; 3. സഹജം—, ജാത്യാൽഉള്ള; 4. ബുദ്ധിവിശേഷം—. **-'i-ty, -ness,** *n.* ഉചിതഭാവം, രസികത്വം, പ്രസന്നത, സല്ഗുണം, വിശേഷം. **-ly,** *ad.* സന്തോഷത്തോടെ, പ്രസന്നമായി.

**Ġen-i¢'ū-lāte,** *a.* കമ്പ് ഉള്ള, വളവ്—. *v. t.* കമ്പ് ഉണ്ടാക, മൊട്ട്—. **=lā'tiŏn,** *n.* മുട്ട്കുത്തൽ; വളവ്.

**Ġen'i-tal,** *a.* ഉല്പാദകസംബന്ധമായ, ഉല്പാദകേന്ദ്രിയ—. **=tals,** *n. pl.* ഉല്പാദനേന്ദ്രിയങ്ങൾ; ഉപസ്ഥം; ശിശ്നം.

**Ġen'i-tive,** *a.* ഷഷ്ഠിവിഭക്തിസംബന്ധമായ (*gr.*). *n.* ഷഷ്ഠിവിഭക്തി, സംബന്ധ— (*gr.*).

**Ġen'i-tŏr,** *n.* ജനകൻ; ഉല്പാദകൻ. **=ture,** *n.* ഉല്പാദനം, ജനനം.

**Ġē'ni-us** (*pl.* **ġēni-ī**), *n.* ഭൂതം; ജിന്ന്; ദേവത. **good g.** സുദൈവം. **evil g.** ദുൎദ്ദൈവം; 2. (*pl.* **ġē'ni-us-es̱**) ബുദ്ധിശക്തി, —വരം; പ്രാപ്തി; 3. പ്രത്യേകഗുണം, വിശേഷലക്ഷണം, പ്രകൃതിവിശേഷം; 4. അതിശയബുദ്ധി, ബുദ്ധിമാഹാത്മ്യം; 5. മഹാ ബുദ്ധിശാലി.

**Ġen-tēel',** *a.* കുലീനഭാവം ഉള്ള, സുശീലം—; ഉന്നതബുദ്ധിയായ; 2. അഴക് ഉള്ള, ചാരുത്വം—, യോഗ്യത—; 3. ഉചിതമായ, അവസ്ഥയോട് കൂടിയ. **-ish,** *a.* പൊത്ത് വരുത്തായ. **-ly,** *ad.* ഉചിതമാംവണ്ണം. **-ness,** *n.* കുലീനത്വം, മാഹാത്മ്യം.

**Ġen'tīle,** *n.* യൂദനോ ക്രിസ്ത്യാനിയോ അല്ലാത്തവൻ; ഇതരമതക്കാരൻ, പുറജാതിക്കാരൻ, കള്ളദേവാരാധകൻ. *a.* അന്യമതസംബന്ധമായ; 2. വംശസൂചകമായ; 3. ദേശ— (*gr.*). **=tīl-ish,** *a.* ഇതരമതക്കാരനായ. **=tīl-is̱m,** *n.* അന്യമാൎഗ്ഗം, കള്ളദേവാരാധന; വംശപ്പേറ്.

**Ġen'tle,** *a.* തറവാട്ട്കാരൻ ആയ, തറവാടി—, നല്ലകുലത്തിൽ പിറന്ന; 2. നയശീലം ഉള്ള, സന്മൎയ്യാദ—, സൌമ്യത—, പരിപാകം—; 3. മാന്യ (ബഹുമാനവാചി); 4. മെരുക്കം ഉള്ള, ഇണക്കം—; 5. മൃദുവായ; മെല്ലനെയുള്ള. **the g. craft** ചെരിപ്പ്കുത്തിപ്പണി. **g. folk, g. folks** (fōks) തറവാട്ട്കാർ, മൎയ്യാദക്കാർ, പ്രമാണികൾ. **g.-hearted** അലിവ് ഉള്ള, കൃപ—. **g.-heartedness** ആൎദ്രത. **g.-man** തറവാടി, ജന്മി; മാന്യൻ; മഹാൻ, സന്മൎയ്യാദക്കാരൻ; പ്രഭുപരിചാരകൻ; *pl.* ജനങ്ങൾ, പൌരന്മാർ, മാന്യന്മാർ. **g.-man-usher** രാജസന്നിധിയകമ്പടിക്കാരൻ. **g.-man-usher of the black rod** ഇംഗ്ലാന്തിലെ പ്രഭുസഭാഭൃതൻ. **g.-men-at-arms, g.-men pensioners** രാജയകമ്പടിക്കാർ. **g.-manhood** തറവാടിത്വം. **g.-manlike, g.-manly** സന്മൎയ്യാദഉള്ള, നയശീലം—. **g.-manliness** തറവാട്ട്മഹിമ, —വലിപ്പം. **g.-manship** —യോഗ്യത. **g.-woman** തറവാട്ട്കാരത്തി; മൎയ്യാദക്കാരത്തി; പ്രഭുസ്ത്രീദാസി. *n.* കലീനൻ, മൎയ്യാദസ്ഥൻ. *v.t.* കലീനത വരുത്തുക; 2. ഹിതമാക്കുക; 3. ഇണക്കുക. **-ness,** *n.* ആഭിജാത്യം, കുലവിശേഷം; മൎയ്യാദ; നയശീലം, സൌമ്യത. **ġent'ly,** *ad.* വണക്കത്തോടെ, സൌമ്യതയോടെ. **ġen'try,** *n.* തറവാട്ട്കാർ, ഗൃഹസ്ഥന്മാർ, മൎയ്യാദക്കാർ, മഹാന്മാർ.

**Ġen'ū,** *n.* കാൽമുട്ട് (*an.*). **-flect,** *v. i.* മുട്ടുകുത്തി നമസ്കരിക്കുക. **-flec'tion,** *n.* മുഴങ്കാൽനമസ്കാരം.

**Ġen'ū-ine** (-in), *a.* ശുദ്ധ, നിഷ്കളങ്കം ആയ, നിൎമ്മലം—, കലൎപ്പില്ലാത്ത; കൃത്യം ആയ, പരമാൎത്ഥം—, സുബദ്ധം—. **-ly,** *ad.* കൂട്ടില്ലാതെ, ശുദ്ധമായി. **-ness,** *n.* നിൎമ്മലത, പരമാൎത്ഥം.

**Ġē'nus,** *n.* (*pl.* **gen'er-a**) വൎഗ്ഗം, വക, തരം, ജാതി.

**Ġē-od'e-sy,** *n.* ഭൂരൂപവിദ്യ, —ശാസ്ത്രം.

**Ġē-og'nō-sis, Ġē-ŏg'nō-sy,** *n.* ഭൂവൎണ്ണജ്ഞാനം, ഭൂതത്വശാസ്ത്രം.

**Ġē-og'o-ny,** *n.* ഭൂരചനവിദ്യ, —ശാസ്ത്രം.

**Ġē-og'ra-phy** (-fi), *n.* ഭൂമിശാസ്ത്രം, ഭൂഗോള—. **astronomical g., mathematical g.** ഗണിതഭൂവൎണ്ണനം. **physical g.** പ്രകൃതി—. **political g.** രാജ്യ—. **=phĕr** (fĕr), *n.* ഭൂഗോളശാസ്ത്രജ്ഞൻ. **=graph'ic, =graph'i-cal,** *a.* ഭൂമിശാസ്ത്രസംബന്ധമായ. **=gra-ph'i-cal-ly,** *ad.* —പ്രകാരം.

**Ġē-ol'o-ġy,** *n.* ഭൂതത്വശാസ്ത്രം, ഭൂഗൎഭ—, ഭൂവൎണ്ണജ്ഞാനം. **structural g.** ഭൂതത്വധാതുശാസ്ത്രം. **historical g.** ഭൂരചനാശാസ്ത്രം. **dynamical g.** ഭൂതത്വവികാരശാസ്ത്രം. **=ġĕr, =ġi-an, =ġist,** *n.* ഭൂതത്വശാസ്ത്രി. **=ġic, =log'i-cal,** *a.* —സംബന്ധമായി. **=log'i-cal-ly,** *ad.* ഭൂതത്വാനുസാരമായി.

**Ġē'o-man-cy,** *n.* ക്ഷേത്രപ്രശ്നം, ക്ഷേത്രസാമുദ്രികം.

**Ġē-om'e-try,** *n.* ക്ഷേത്രഗണിതം, രേഖാ—. **=tĕr, =tri'cian** (trish'an), *n.* ക്ഷേത്രഗണിതജ്ഞൻ. **=met'ric, =met'ri-cal,** *a.* രേഖാഗണിതസംബന്ധമായ. **=met'ri-cal-ly,** *ad.* —സൂത്രപ്രകാരം.

**Ġĕrm, ='men,** *n.* വിത്ത്, ബീജം; മുള; 2. ആരംഭം, മൂലം. **disease g.** വ്യാധിജനകപ്രാണി. **g.-cell** ബീജകോശം, —കൂടം. *v. i.* പൊടിക്കുക, മുളക്കുക. **='mi-cīde,** *n.* വ്യാധിജനകപ്രാണിഹരം. **='mi-nal,** *a.* ബീജസംബന്ധമായ. **='mi-nant,** *a.* മുളവരുന്ന, അകെക്കുന്ന. **='mi-nāte,** *v. i.* പൊടിക്കുക; വളരുക. *v. t.* പൊടിപ്പിക്കുക. **='mi-nā'tion,** *n.* മുളവരൽ. **='mi-na-tive,** *a.* —സംബന്ധമായ; വികസിക്കുന്ന.

**Ġĕr'main, Ġer-māne',** *a.* അടുത്തബന്ധുവായ; 2. ഉററചേൎച്ചയുള്ള; 3. പററിയ, തക്ക, സംബന്ധപ്പെട്ട.

I. **Ġĕr'man,** *a.* അടുത്തബന്ധുവായ, ഉററസംബന്ധമുള്ള. **brothers-g.** ഉടപ്പിറന്ന ജ്യേഷ്ഠാനുജന്മാർ. **cousins-g.** ജ്യേഷ്ഠാനുജമക്കൾ, ജ്യേഷ്ഠത്തിയനുജത്തി—, മച്ചുനന്മാർ.

II. **Ġĕr'man,** *n.* ജൎമ്മൻകാരൻ, ശൎമ്മാന്യൻ; 2. ജൎമ്മൻഭാഷ. **high G.** ദക്ഷിണ

ഗമ്മാന്യഭാഷ. low G. ഉത്തരഗമ്മാന്യ—. G.-silver മേത്തരം വെള്ളോട്. =ny, *n.* ജമ്മൻദേശം, ഗമ്മാന്യരാജ്യം.

Ger′und, *n.* ക്രിയാനാമം (*gr.*).

Gest, *n.* സാധ്യം; 2. നാടകം, കളി; 3. കഥ; 4. ആംഗ്യം; ഭാവം; 5. യാത്രത്താവളം. =′tant, *a.* ധരിച്ചിരിക്കുന്ന, ഗർഭം ധരിച്ചിരിക്കുന്ന =tā′tiŏn, *n.* വസ്ത്രധാരണം; ഗർഭം, ഗർഭധാരണം; സവാരി. =′ta-tor-y, *a.* ഗർഭസംബന്ധമായ, —ധാരണ—. =′tic, *a.* ആയുധാഭ്യാസ—; നടനം ഉള്ള, ആംഗ്യം—. =tic′ū-lāte, *v. i.* ആംഗ്യംകാണിക്കുക; കൈ—. *v. t.* അഭിനയിക്കുക. =tic-ū-lā′tiŏn, *n.* ചേഷ്ടു; അംഗവിക്ഷേപണം; ആംഗ്യം. =tic′ū-lā-tŏr, *n.* ആംഗ്യംകാട്ടുന്നവൻ. =tic′ū-lā-tor-y, *a.* ആംഗ്യസൂചകം ആയ, —സംബന്ധം—. =′tūre (*or* -′chur), *n.* നടത്തം; അംഗവിക്ഷേപണം, ഭാവം. *v.t.* & *i.* ആംഗ്യം കാട്ടുക; അഭിനയിക്കുക.

Get, *v. t. ir.* (got, got, got′ten, *pr.* got′n) കിട്ടുക, പ്രാപിക്കുക; ലഭിക്കുക, നേടുക, വശത്താക്കുക; 2. (have, had) കൈക്കൽ ഉണ്ടാക, പക്കൽ—, വശം—; 3. ജനിപ്പിക്കുക; 4. (out) പഠിക്കുക, മനസ്സിൽ ആക്കുക; 5. ചെയ്യിക്കുക: g. him to say his prayers പ്രാൎത്ഥന ചൊല്ലിക്കുക, പ്രാൎത്ഥിപ്പിക്കുക; 6. (*refl.*) പോക, വിട്ടുപോയ്ക്കളയുക. g. penny ആദായമുള്ള കാൎയ്യം. to g. by heart കാണാപ്പാഠമാക്കുക. to g. in അകത്ത് ആക്കുക, —കൊണ്ട് വന്ന് വെക്കുക. to g. off നീക്കിക്കളയുക. to g. out പുറത്താക്കുക, വലിച്ചെടുക്കുക. to g. the day ജയിക്കുക. to g. the better of or the best of മുന്തിനില്ക്കുക, ജയിക്കുക. to g. together കൂട്ടിച്ചേൎക്കുക. to g. up ഉണ്ടാക്കുക; സ്ഥാപിക്കുക; രചിക്കുക. *v. i.* ലാഭം ഉണ്ടാക, ആദായം—, അഭിവൃദ്ധി പ്രാപിക്കുക, വൎദ്ധിച്ച് വരിക; 2. എത്തുക, ആകുക, ആയ്ത്തീരുക. to g. up ആകൃതി, ഭാഷ; രചന, നിൎമ്മാണം; വേഷം, ചമയം. to g. abroad പ്രസിദ്ധമാക. to g. acquitted വിട്ട് പോക. to g. ahead മുന്തിപ്പോക, ഉന്നതി പ്രാപിക്കുക. to g. along മുമ്പോട്ട് പോക, സാധ്യം കാണുക, —പ്രാപിക്കുക; നന്നാക. to g. a mile ഒരു നാഴിക ദൂരം പോക, —നടക്കുക. to g. among കൂട്ടത്തിൽ ചെല്ലുക, —കൂടുക. to g. asleep ഉറങ്ങിപ്പോക. to g. astray വഴിതെറ്റിപ്പോക. to g. at എത്തുക, അടുക്കെ ചെല്ലുക. to g. awake ഉണരുക. to g. away തെറ്റിപ്പോക, തെറ്റിക്കളയുക. to g. away with പിടിച്ചെടുക്കുക, കൊണ്ട് പൊയ്ക്കളയുക; തോല്പിക്കുക. to g. back മടങ്ങിവരിക, —എത്തുക. to g. beaten തോററ് പോക. to g. before മുമ്പിൽ എത്തുക; മുമ്പോട്ട്—; ആദ്യം—. to g. behind വഴിയിലാമ്പോക. to g. between മദ്ധ്യേ എത്തുക. to g. beyond കടക്കുക; അധികരിക്കുക. to g. clear വിട്ട് പോക, ആപത്തൊഴിഞ്ഞ്—, രക്ഷപ്പെടുക. to g. down ഇറങ്ങുക, കിഴിയുക. to g. drunk ലഹരിയാക. to g. forward മുന്തിപ്പോക, സമ്പത്ത് വൎദ്ധിക്കുക. to g. home വീട്ടിൽ എത്തുക; ലാക്കിൽ—, കാൎയ്യം സാധിക്കുക. to g. in അകത്ത് കടക്കുക, —വരിക, —ചെല്ലുക, പ്രവേശിക്കുക. to g. into കയറുക, കടക്കുക; നടപ്പാക. to g. loose *or* free വിടുതൽ പ്രാപിക്കുക, വിട്ട് പോരുക. to g. near അടുത്ത് ചെല്ലുക, —വരിക. to g. off വാഹനത്തിൽനിന്ന് ഇറങ്ങുക; തെറ്റിപ്പോക, ഓടിപ്പോക; ഒഴിഞ്ഞ് പോരുക. to g. on മുമ്പോട്ട് പോക; അഭിവൃദ്ധി പ്രാപിക്കുക; സാധ്യം—. to g. over കടക്കുക; ജയിക്കുക; രക്ഷപ്രാപിക്കുക, സുഖം—. to g. out ഒഴിഞ്ഞ് പോരുക, തെറ്റിക്കളയുക. to g. rid of ഉപദ്രവം തീരുക; വിട്ട് കളയുക, അയച്ച്—, പറഞ്ഞയക്കുക. to g. sober സുബോധം വരിക. to g. through സഞ്ചരിക്കുക; തീൎക്കുക, തീരുക. to g. to എത്തുക. to g. together കൂടിവരിക, സഭകൂടുക. to g. up എഴുന്നീററ് നില്ക്കുക; എഴുന്നീല്ക്കുക; കയറുക. *n.* സന്തതി, കട്ടി. -′ta-ble, *a.* കിട്ടാകുന്ന. -′tẽr, *n.* പ്രാപിക്കു

ന്നവൻ; സമ്പാദിക്കുന്നവൻ; ജനകൻ. -'ting, *n.* സമ്പാദ്യം; സമ്പാദനം.

**Gew'gaw** (gū'ga), *n.* വിലയില്ലാത്ത മോടിസാധനം; 2. കളിക്കോപ്പ്. *a.* വാസ്തവമല്ലാത്ത; 2. നിസ്സാരമായ; 3. പ്രസരിപ്പുള്ള.

**Gey'sĕr** (gī'zĕr), *n.* പതച്ചവെള്ളച്ചാട്ടം, ഉഷ്ണജലപ്രവാഹം.

**Ghast'ly** (gast'li), **Gast'ly**, *a.* പ്രേതതുല്യമായ, മൃത്യു—; 2. വിളർത്ത; 3. ഭയങ്കരം ആയ; 4. ബീഭത്സം—. *ad.* അഘോരമായി. =li-ness, *n.* ഭയങ്കരത്വം.

**Ghat, Ghaut** ((gat), *n.* ചുരം, കണ്ടിവാതിൽ; 2. പർവ്വതനിര; 3. ഘട്ടം, കടവ്.

**Ghēe** (gē), *n.* പശുവിൻ നൈ, ഉരുക്ക്—, നെയ്, ആജ്യം.

**Ghōst** (gōst), *n.* ആത്മാവ്, ദേഹി; 2. ഭൂതം, പ്രേതം; മായക്കാഴ്ച; 3. ഛായ, നിഴല്; 4. ലേശം: not a g. of a chance ലേശം പോലും പഴുതില്ല. Holy G. പരിശുദ്ധാത്മാവ്, വിശുദ്ധാത്മാവ് (*Bl.*). to give *or* yield up the g. മരിക്കുക. -'less, *a.* ആത്മാവ് ഇല്ലാത്ത, ചൈതന്യം—. -'līke, *a.* ഭയങ്കരം ആയ; പ്രേതതുല്യം—. -'li-ness, *n.* ആത്മഭാവം, —തത്വം. -'ly, *a.* ആത്മിക(യ); പ്രേതതുല്യമായ. *ad.* ആത്മപ്രകാരം. -ol'o-gy, *n.* ഭൂതകഥ, പ്രേത—.

**Gī'ant**, *n.* അസുരൻ, രാക്ഷസൻ; 2. മല്ലൻ, അതികായൻ; 3. അതിശയബുദ്ധി; 4. അത്ഭുതപ്രാണി; —വൃക്ഷം; —സാധനം. *a.* രാക്ഷസതുല്യം ആയ; മല്ലൻ—; ഊക്കേറിയ. -ess, *n.* രാക്ഷസി. -ly, *a.* രാക്ഷസഭാവമുള്ള. gī-gan'tic, gī-gan'ti-cal, *a.* രാക്ഷസതുല്യമായ, മഹാ; ഭയങ്കരം ആയ, ഗംഭീരം—. gī-gan'ti-cal-ly, *ad.* രാക്ഷസഭാവം ആയി, ഭയങ്കരം—. gī-gan'ti-cīde, *n.* അസുരവധം.

**Gib'bĕr**, *v.i.* ജല്പിക്കുക, നൊടിയുക, തുമ്പില്ലാതെ സംസാരിക്കുക. -ish, *n.* ചിലക്കൽ; അർത്ഥമില്ലാത്ത വാക്ക്; തുമ്പ് കെട്ട സംസാരം.

**Gib'bet** (jib'et), *n.* ശൂലം, കഴുമരം; തൂക്ക്—. *v.t.* കഴുഏറ്റുക, ശൂലത്തിൽ—, തൂക്കുക; 2. നിന്ദിക്കുക, അപമാനിക്കുക.

**Gib-bōse', Gib'bŏus**, *a.* ഉന്തിനില്ക്കുന്ന, കുംഭയുള്ള, വളഞ്ഞ, കൂനുള്ള. =bos'i-ty, *n.* വളവ്, കൂന്. ='bŏus-ly, *ad.* വക്രമായി. ='bŏus-ness, *n.* കൂന്, വളവ്, ഉന്തിനില്ക്കൽ.

**Gībe**, *v.i.* നിന്ദിക്കുക, ഹാസ്യമാക്കുക. *v.t.* ശകാരിക്കുക, പരിഹസിക്കുക. *n.* അപഹാസം, ശകാരം. ='bing-ly, *ad.* നിന്ദയോടെ.

**Gib'lets**, *n. pl.* കോഴിയുടെ കക്കം കരളും.

**Gid'dy**, *a.* തലതിരിച്ചൽ ഉള്ള, മോഹാലസ്യം—; 2. നിർവ്വിചാരം—, ചാപല്യം—; 3. ഏററവും ഉയരം—; 4. ചുററി ച്ചുററിത്തിരിയുന്ന; 5. സ്ഥിരതയില്ലാത്ത, ചഞ്ചലഭാവമുള്ള. g.-head വകതിരിവില്ലാത്തവൻ. g.-paced ചാപല്യമുള്ള. *v.i.* തലതിരിയുക. *v.t.* ബോധക്കേട് വരുത്തുക. =di-ly, *ad.* മോഹാലസ്യമായി. ='di-ness, *n.* ബോധക്കേട്, തലച്ചുററല്. [വാട്.

**Giff'gaff**, *n.* കൊള്ളക്കൊടുക്ക, ഇട

**Gift**, *s.u.* Give.

I. **Gig**, *n.* ചാട്ടുളി, കന്തം. *v.t.* മീൻ കുത്തുക, ഉളിചാടി മീൻപിടിക്കുക.

II. **Gig, -'let, -'lot,** *n.* തുള്ളിച്ചിപ്പെണ്ണ്, കൊഞ്ചൽ കാരത്തി. -lot, *a.* അസ്ഥിരമായ.

III. **Gig**, *n.* പമ്പരം; 2. രണ്ടുരുൾ ഒററക്കുതിരവണ്ടി; 3. കപ്പത്തോണി, 'വക്കാസ്'.

**Gī-gan'tic**, *a.*, *s.u.* Giant.

**Gig'gle**, *v.i.* കലുങ്ങിച്ചിരിക്കുക, അടക്കിച്ചിരിക്കുക. *n.* കലുക്കിച്ചിരി, കള്ളച്ചിരി. =glĕr, *n.* കളുകളെ ചിരിക്കുന്നവൻ. =gly, *a.* കള്ളച്ചിരിയുള്ള.

**Gild**, *v.t.* (*p.t.* & *p.p.* gild'ed *or* gilt) പൊന്ന് പൂശുക, —മുക്കുക; 2. അലങ്കരിക്കുക; 3. പുറമെ പൂശുക; 4. കടിച്ച് കണ്ണ് ചുവപ്പിക്കുക. -'ĕr, *n.* പൊൻപൂ

ശൂന്നവൻ; ഒര് ലന്ത നാണ്യം. -'ing, *n.* പൊൻപൂച്ച്, —മുക്ക്; —തകിട്; വേഷം. gilt, *a.* പൊന്ന് പൂശിയ, —നിറമുള്ള; അലങ്കരിച്ച. *n.* പൊന്ന്; പൊന്ന് പൂശൽ; പണം.

I. Ġill, *n.* ചെളുക്ക (*an.*); 2. താടിമാംസം; 3. വൈദ്യൻ; 4. താഴ്വര. g.-net ചാളവല. [ളവ്.

II. Ġill, *n.* ആഴക്ക് കൊള്ളുന്ന ഒര് അ

III. Ġill, *n.* ബാല്യക്കാരത്തി; പ്രിയ; കൊഞ്ചല് കാരത്തി; 2. ഒര് വക മദ്യം. g.-flirt തുള്ളിച്ചിപ്പെണ്ണ്. g.-house മദ്യപ്പീടിക.

Ġil'lie, Ġil'ly, *n.* ബാല്യക്കാരൻ, ഭൃത്യൻ, പരിചാരകൻ.

Gilt, *a.*, *s. u.* Gild.

Ġim, *a.* വൃത്തിഉള്ള, ചന്തം—. g.-crack കളിക്കോപ്പ്.

Gim'let, Gimb'let, *n.* തുരപ്പണം, തിരുകളി, തമര്. g.-eye കോങ്കണ്ണ്. *v. t.* തുളക്കുക.

Gimp, *a.* ഭംഗിയുള്ള, നല്ല. *n.* നാട. g.-nail മുള്ളാണി.

I. Ġin, *n.* 'ജിൻ' എന്നറാക്ക്. Holland-g. 'ജിൻ'. g.-shop ചാരായപ്പീടിക.

II. Ġin, *n.* കെണി, വല, കടുക്ക്; 2. കപ്പിക്കാമരം; 3. പരുത്തിറാട്ട്; 4. ഭേദ്യയന്ത്രം. *v. t.* കുടുക്കുക; പരുത്തിഞെക്കുക.

Ġin'gĕr, *n.* ഇഞ്ചി, എരിക്കിഴങ്ങ് (*b.*). dry g. ചുക്ക്, ശുണ്ഠി. wild g. മലയിഞ്ചി. g.-beer, g.-ale, g.-pop ഇഞ്ചിപ്പാനകം. g.-cordial ഇഞ്ചിമദ്യം. g.-wine —രസം. -ly, *ad.* പേടിയോടെ; കൃത്യതയോടെ; സംശയത്തോടെ. -ness, *n.* സൂക്ഷ്മം; അലിവ്.

Ġin'ġe-lēy, *n.* എള്ള് (*b.*). g.-oil എണ്ണ, എള്ളെണ്ണ, നല്ലെണ്ണ.

Ġip, Ġyp, *n.* ഭൃത്യൻ, വേലക്കാരൻ, ബാല്യക്കാരൻ.

Ġip'sy, Ġyp'sy, *n.* വിലാത്തിക്കുറവൻ, (ത്തി). [(*z.*).

Ġi-raffe' (ji-raf'), *n.* ഒട്ടകപ്പുള്ളിമാൻ

I. Gĭrd (gĕrd), *n.* അടി, കുത്ത്; 2. വേദന; 3. പരിഹാസം. *v. t. & i.* കുത്തുക; 2. കളിയാക്കുക.

II. Gĭrd (gĕrd), *v. t.* (*p. t. & p. p.* gĭrd'ed, gĭrt) ചുററിക്കെട്ടുക, ബന്ധിക്കുക; 2. കെട്ടാക്കുക; 3. വളയുക; 4. വസ്ത്രം ധരിക്കുക, തുണിചുററുക, —ഉടുപ്പിക്കുക; 5. ഒരുക്കുക, അരകെട്ടുക. to g. on അരക്ക് കെട്ടുക, ധരിക്കുക. to g. up അരമുറുക്കുക. girt up —മുറുക്കിയ, തെരുത്തുകയററിയ; ചുറുക്കുള്ള. -'ĕr, *n.* മുറുക്കുന്നവൻ; വിട്ടം, തെണ്ടിക. -'iṅg, *n.* അരക്കച്ച. ='dle, *n.* കച്ച; കാഞ്ചി, അരഞ്ഞാണം, നൂല്, തുടര്; രാശിചക്രം; ഭൂമദ്ധ്യരേഖ, വിഷുവരേഖ. g.e-stead അര. to have under the g.e ആശ്രിതനായിരിക്കുക. *v.* . അരക്ക് കെട്ടുക, കച്ച—; 2. ചുററിവളയുക. -'lĕr, *n.* കച്ചകെട്ടുന്നവൻ; —ഉണ്ടാക്കുന്നവൻ.

Gĭrl, *n.* പെങ്കുട്ടി, പെണ്ണ്, ബാലാ; 2. ബാല്യക്കാരത്തി, യുവതി; 3. ദാസി; 4. മാൻപേട. -'hood, *n.* കൌമാരം, ബാലികപ്രായം. -'ish, *a.* ബാലസ്വഭാവമുള്ള; മായമില്ലാത്ത; പ്രായം തികയാത്ത; ബലഹീനമായ. -'ish-ly, *ad.* ബാലബുദ്ധിയോടെ. -'ish-ness, *n.* കുട്ടിപ്രായം, കുട്ടിസ്വഭാവം.

Gĭrth (gĕrth), Gĭrt (gĕrt), *n.* നടുക്കെട്ട്; ഉടഞ്ഞാണ്; 2. വണ്ണം, ചുററളവ്. gĭrt, *v. t.* ചുററിക്കെട്ടുക, വളച്ച് കെട്ടുക, നടുക്കെട്ട്—; വണ്ണം അളന്ന് നോക്കുക.

Ġist, *n.* സാരം, കാര്യഭാഗം, പൊരുള്.

Git'tĕrn, *n.* ഒര് വക വാദ്യം, വീണ.

Give, *v. t. ir.* (gāve, giv'en) ദാനം ചെയ്ക; സമ്മാനിക്കുക, കൊടുക്കുക, തരിക, നല്കുക; സമ്മതിക്കുക; വിട്ട് കൊടുക്കുക; 2. ഏല്പിച്ച്—, സമർപ്പിച്ച്—, പകരം—, വില—; 3. ഉളവാക്കുക, ഉണ്ടാക്കുക, കിട്ടുക, പുറപ്പെടുക: to g. a sound ഒച്ചപ്പെടുക; to g. a scream നിലവിളിക്കുട്ടുക; 4. പറക, അറിയിക്കുക; 5. അധികാരപ്പെടുത്തുക, നിയോഗിക്കുക; 6. ആയിരിക്കുക, ഉണ്ടാക: the division g.s four hundred to each ship ഓഹ

രിയിട്ടാൽകച്ചൽ ഒന്നിന്ന് നാന്നൂറ് വീതം വീഴും; 7. (*refl.*) ചെയ്യുക: the soldiers g.themselves to plunder പടയാളികൾകൊള്ളക്ക് മുതിൎന്നു; 8. ആകുക, ചെയ്തു വരിക, പതിവ് ഉണ്ടാക, വഴക്കം—: the people are g.n to drinking ജനങ്ങൾക്ക് മദ്യപാനം പതിവാണ്; 9. ദത്തമായിരിക്കുക (*math.*); 10. വിചാരിക്കുക, അനുമാനിക്കുക: I g. not heaven for lost സ്വൎഗ്ഗം ഇനി കിട്ടുകയില്ലെന്ന് ഞാൻ എണ്ണുന്നില്ല; 11. സങ്കല്പിക്കുക; 12. ജനിപ്പിക്കുക, വരുത്തുക: to g. offence രസക്കേട് വരുത്തുക; to g. pleasure സന്തോഷം ജനിപ്പിക്കുക; to g. pain വേദനപ്പെടുത്തുക; 13. വാക്ക് കൊടുക്കുക; 14. മനസ്സിലാക്കിക്കൊടുക്കുക. to g. away കൊടുത്ത് കളയുക. to g. back മടക്കിക്കൊടുക്കുക. to g. the bag, to g. the sack ചതിക്കുക. to g. battle പോരേല്ക്കുക. to g. birth to പ്രസവിക്കുക; ഉണ്ടാക്കുക, ആരംഭിക്കുക. to g. chase പിന്തുടരുക. to g. in charge ഭരമേല്പിക്കുക. to g. credit വിശ്വസിക്കുക; കടം കൊടുക്കുക; ബഹുമാനം—. to g. ear to കേൾക്കുക. to g. edge മൂൎച്ചയാക്കുക. to g. forth പ്രസ്താവിക്കുക. to g. ground *or* place പിൻവാങ്ങുക. to g. the hand കയ്യുടിക്കുക, സഖ്യം ചെയ്യുക. to g. the hand of വിവാഹം ചെയ്യുക; ഭാൎയ്യയായി കൊടുക്കുക. to g. the head വിട്ട്—, ഇഷ്ടത്തിന്ന് ഏല്പിക്കുക. to g. a hearing സങ്കടം കേൾക്കുക, വിചാരണ ചെയ്ക. to g. in ഉപേക്ഷിക്കുക, വിട്ട് കൊടുക്കുക; 'കമ്മി'ചെയ്യുക; അറിയിക്കുക, വെച്ച് കാട്ടുക. to g. the lie to (a person) ഒരുവൻ പറയുന്നത് കളവാണെന്ന് കാണിക്കുക. to g. off പുറപ്പെടുവിക്കുക, ഉളവാക്കുക. to g. one's self away ഓൎമ്മയില്ലാതെ കള്ളി പുറത്താക്കുക. to g. out പ്രസ്താവിക്കുക, പ്രസിദ്ധമാക്കുക; പുറപ്പെടുവിക്കുക. to g. over കൈവിടുക, ഉപേക്ഷിച്ച് കളയുക; ആശയററ് പോക; മതിമറന്ന് ചെയ്ക; ലയിച്ച് പോക. to g. points (കളിയിൽ) വിട്ട് കൊടുക്കുക; ഗുണദോഷം പറയുക. to g. a portion സ്ത്രീധനം കൊടുക്കുക. to g. rein *or* the rein to താന്തോന്നിത്വം കാട്ടുക. to g. rise ഹേതുവാക. to g. the slip തെററിപ്പോക, വഴുതിപ്പോക. to g. and take തട്ടിക്കഴിക്കുക; അന്യോന്യം പറയുക; —അടിക്കുക; —കൊടുക്കുക. to g. thanks നന്ദിപറയുക, ഉപചാരം—. to g. time ഇടകൊടുക്കുക. to g. the time of the day കാലവാചി ചേൎത്ത് വന്ദിക്കുക. to g. tongue കുരക്കുക. to g. up ഉപേക്ഷിക്കുക; വെളിവാക്കുക. to g. up the ghost മരിക്കുക. to g. one's self up കൈവെടിയുക; ഏല്പിച്ച് കൊടുക്കുക; ലയിച്ച് പോക, മഗ്നമായി—. to g. a visit കാണ്മാൻ ചെല്ലുക, —വരിക, സന്ദൎശിക്കുക. to g. way മാറിനില്ക്കുക; ഒഴിഞ്ഞ് കളയുക; പൊളിഞ്ഞ് പോക, വീണ്—; തണ്ട് വലിക്കുക. to g. way together ഒന്നായി തണ്ട് വലിക്കുക. *v.i.* ധൎമ്മം കൊടുക്കുക; 2. പതമാക, താഴുക; 3. അഴവ് ഉണ്ടാക, പതൎമ്മ—, മയമാക; 4. പിൻവാങ്ങുക; 5. കരയുക; 6. സംശയം തോന്നുക; 7. വഴിയായിരിക്കുക, ചെല്ലുക. to g. back പിന്തിരിയുക, ഓടിപ്പോക. to g. in വഴങ്ങുക, സമ്മതിക്കുക. to g. off നിൎത്തുക, മതിയാക്കുക. to g. on *or* upon നേരിടുക, ആക്രമിക്കുക; നേരെ ആയിരിക്കുക, മുമ്പിൽ—. to g. out തളൎന്ന് പോക, ഇടിഞ്ഞ്—, താണ്—, വീണ്—. to g. over മതിയാക്കുക. to g. up വിട്ട് കളയുക, ചെയ്യാതിരിക്കുക. **giv'en** (giv'n, *a.* ദത്തം ആയ, സങ്കല്പം—; ശീലം ഉള്ള, സ്വഭാവം—. virtuously g.n സല്ക്കൎമ്മവാസന—; നിശ്ചയിച്ച, നിൎണ്ണയിച്ച, തിട്ടപ്പെടുത്തിയ. in a g.n time നിശ്ചയിച്ചകാലത്തിൻെറ ശേഷം. g.n name സ്വന്തം പേര്. =’ĕr, *n.* ദാതാവ്, കൊടുക്കുന്നവൻ, ദായകൻ. **giv'ing,** *n.* കൊടുക്കൽ; ദാനം, സമ്മാനം, ഉപകാരം; നനവ് പററൽ. g.g in ഇടിച്ചൽ, ഇടിവ്, വീഴ്ച. g.g out വാക്ക്, പ്രസ്താവം. **gift,** *n.* സൌജന്യം, സമ്മാനം, കാഴ്ച; കൊടുപ്പാനുള്ള അധികാരം: the office is in the g.t of the minister

ആ ഉദ്യോഗത്തിന്ന് ആളെ നിശ്ചയിക്കേണ്ടത് മന്ത്രിയാണ്; കോഴ, കയ്ക്കൂലി; വരം, പ്രാപ്തി; ദാനം (*l.*). **gift,** *a.* ദാനം കിട്ടിയ. *v.t.* വരം കൊടുക്കുക; ശേഷിയാക്കുക. **gift'ed-ness,** *n.* വരം, പ്രാപ്തിവിശേഷം.

**Gīves,** *pl. of* **Gyve.**

**Giz'zard** (giz'ẽrd), *n.* പക്ഷിക്കക്ക്; 2. പക്വാശയം (*an.*). **to fret the g.** ബുദ്ധിമുട്ടിക്കുക, അലമ്പലാക്കുക. **to stick in one's g.** തൊണ്ടയിൽഇറങ്ങാതിരിക്കുക; വിരോധം തോന്നുക.

**Glā'brŏus,** *a.* മിനുസമുള്ള, പരപ്പായ; രോമമില്ലാത്ത. **glab'ri-ty,** *n.* മിനുസം; കഷണ്ടി.

**Glā'ci-al** (-shi-al), *a.* ഹിമം ആയ, —സംബന്ധിച്ച; ശൈത്യത്താൽ ഉറച്ച; 2. ഹിമതുല്യമായ. **g. drift** ഹിമപ്രവാഹത്തിലെ കല്ലും മണ്ണും. **g. epoch, g. period** ഹൈമബന്ധയുഗം. ='**ci-āte** (-shi-), *v.i.* ഹിമമായ്തീരുക. *v.t.* ഹിമമാക്കുക; ഹിമത്താൽ മൂടുക. =**ci-ā'tiŏn** (-shun), *n.* കട്ടിയാകൽ; ഹിമം. =**ci-ẽrs** (*or* glas'i-ẽrs), *n.* ഹിമപ്പരപ്പ്; ഹിമവാഹിനി. [ചരിവ് സ്ഥലം.

**Glā'cis** (*or* gla-sēs), *n.* മലഞ്ചരിവ്,

**Glad,** *a.* (of, at, that) സന്തോഷം ഉള്ള, ആനന്ദം—, സന്തുഷ്ടി—; 2. പ്രസന്നം ആയ, സന്തോഷകരം—, മനോഹരം—. **glad, -'den** (glad'n), *v.t.* സന്തോഷിപ്പിക്കുക, പ്രസന്നമാക്കുക, സന്തുഷ്ടിവരുത്തുക. *v.i.* ആനന്ദിക്കുക, ഉല്ലസിക്കുക. -'**ly,** *ad.* സാമോദം, രസത്തോടെ. -'**ness,** *n.* ആഹ്ലാദം, മോദം. -'**sŏme,** *a.* പ്രസാദമുള്ള; രസികം ആയ. -'**sŏme-ly,** *ad.* ആനന്ദപൂർവ്വകം. -'**sŏme-ness,** *n.* ആമോദം, ഹർഷം.

**Glāde,** *n.* കാട്ടിലെ ഊട് വഴി, —തുറസ്സ്, വെട്ടിത്തെളിയിച്ചസ്ഥലം.

**Glad'i-āte,** *a.* വാളാകൃതിയായ. =**ā-tŏr,** *n.* വാളഭ്യാസി, പയറ്റുകാരൻ; അങ്കം കുറക്കുന്നവൻ; പോരാളി. =**a-tūre,** *n.* വാളഭ്യാസം.

**Glāir,** *n.* മുട്ടയുടെ വെള്ള; 2. കൊഴുത്തസാധനം. *v.t.* മുട്ടവെള്ള പൂശുക. -'**y,** *a.* കൊഴുത്ത, മിനുസം ആയ, പ്രസന്നം—.

*Gla'ma, n.* പീള, ചീ (*med.*).

**Glam'ŏur,** *n.* കണ്കെട്ട് വിദ്യ; 2. മഹേന്ദ്രജാലം; 3. മൂടല്, പുക. **g. gift, g. might** ഇന്ദ്രജാലശക്തി; സ്ത്രീകൾക്കുള്ള മനോഹരണശക്തി, —രമണീയത്വം.

**Glance,** *n.* തിളക്കം, ഒളി, മിന്നല്; 2. വീക്ഷണം, നോട്ടം; 3. നിരൂപണം. *v.i.* മിന്നുക, ഉളിയുക, എറിക്കുക; 2. ചാളിപ്പോക, പാളിപ്പോക, തെറിച്ച് പോക; 3. പെട്ടന്ന് നോക്കുക, ബദ്ധപ്പാടിൽ—; 4. (at) ഓർക്കുക; 5. സൂചിപ്പിക്കുക; 6. ഇളകികൊണ്ടിരിക്കുക, ഉളിയുക. *v.t.* തുറിച്ച് നോക്കുക; 2. സൂചിപ്പിക്കുക. ='**ciṅg,** *a.* എറിക്കുന്ന; തെറിച്ച് പോകുന്ന. ='**ciṅg-ly,** *ad.* തിരക്കിൽ, ക്ഷണം കൊണ്ട്, മറവുള്ളക്രുട്ടത്തിൽ.

**Gland,** *n.* നീരുല്പത്തിസ്ഥാനം, മണി; 2. പിണ്ഡം, മാംസഗ്രന്ഥി(*an.*). **lachrymal g.** അശ്രുപിണ്ഡം. **lymphatic g.** രസ—. **salivary g.** ലാലോല്പാദകമണി. **sebacious g.** നെയ്—. **sweat g.** സ്വേദപിണ്ഡം. ='**dū-lar,** ='**dū-lŏus,** *a.* പിണ്ഡം സംബന്ധിച്ച, —ഉള്ള.

**Glāre,** *v.i.* തിളങ്ങുക, മിന്നുക; 2. തുറിച്ച് നോക്കുക, ഉററ്—; 3. ഒളിയുക; 4. ഓളാങ്കമാടുക. *v.t.* പുറപ്പെടുവിക്കുക, എറിക്കുക. *n.* പ്രഭ, തിളക്കം, മിന്നല്; 2. തുറിച്ചനോട്ടം, ഭയങ്കര—. *a.* മിനുസമുള്ള, മിന്നുന്ന. ='**rŏus, glā'ry,** *a.* അത്യന്തപ്രഭഉള്ള, തിളക്കം—. **glā'ri-ness, glā'riṅg-ness,** *n.* മഹാപ്രഭ, തേജസ്സ്. **glā'riṅg,** *a.* പ്രത്യക്ഷം ആയ; ഘോരം—, മുരത്ത. **a g.g falsehood** പച്ചക്കളവ്. **glā'riṅg-ly,** *ad.* ധാർഷ്ട്യത്തോടെ, പ്രത്യക്ഷമായി, മുഖത്ത് നോക്കി.

**Glass,** *n.* കണ്ണാടി, സ്ഫടികം, കാചം; 2. പളുങ്ക്പാത്രം; 3. നാഴികച്ചിരട്ട; 4. മുഖക്കണ്ണാടി, ദർപ്പണം; 5. പാനപാത്രം, 'തമ്പ്ലൊറ്'; 6. മദ്യം, ചാരായം: **he took a g. at dinner** അവൻ

ഉണ്ണുമ്പോൾ ഒരു ചുക്കിരി സേവിച്ചു; 7. കഴൽ കണ്ണാടി, ചീനക്കുഴൽ; 8. *pl.* കണ്ണട; 9. ഋതുഭേദമാത്ര, വായുഘ്നം—. **g.-bottle** പളുങ്കുകുപ്പി. **g.-blower, g.-maker** കണ്ണാടി ഊതുന്നവൻ. **g.-blowing, g.-making, g.-work** കണ്ണാടിവാപ്പ്. **g.-cutter** കണ്ണാടിക്കാരൻ; വജ്രം. **g.-paper** വജ്രക്കടലാസ്. **g.-pane** കണ്ണാടിച്ചില്ല്. **g.-silvering** കണ്ണാടിക്ക് രസം പൂശൽ. **g.-staining** —നിറം കൊടുക്കൽ. **window-g.** കണ്ണാടിച്ചില്ല്. **g.-faced** തന്റേടമില്ലാത്ത, കേട്ട് പറയുന്ന. **g.-house** കണ്ണാടിവാപ്പ്ശാല; —വ്യാപാര—, സ്ഫടികമന്ദിരം. **g.-ware** കാചസാമഗ്രികൾ. *v. t.* പ്രതിബിംബിക്കുക, മുഖം കാണുക; പ്രത്യക്ഷമാക; 2. കണ്ണാടിച്ചട്ടത്തിൽ ഇടുക; 3. കണ്ണാടിച്ചില്ല് വെക്കുക; 4. കവിടിയിടുക, മിനുക്കുക. **-'ful,** *a.* തിളങ്ങുന്ന. *n.* ഒര് ചുക്കിരി. **='si-ly,** *ad.* സ്ഫടികതുല്യമായി. **='si-ness,** *n.* കാചത്വം, —രൂപം. **='sy,** *a.* സ്ഫടിക; തെളിഞ്ഞ, സ്വച്ഛ; ക്ഷണം പൊട്ടുന്ന; പ്രഭയില്ലാത്ത, മങ്ങലുള്ള. **g.-y eye** ചത്തമീനിന്റെ കണ്ണ് പോലെയുള്ള കണ്ണ്. **glāze,** *v. t.* കണ്ണാടിവെക്കുക; —പൂശുക, കവിടിയിടുക; വണ്ണത്തേപ്പ് തേക്കുക. *v. i.* മിനുസമാക. *n.* കവിടിത്തേപ്പ്. **glā'zĕr,** *n.* കവിടിയിടുന്നവൻ; മിനുക്കുന്നവൻ. **glā'ziĕr** (-zhĕr), *n.* കണ്ണാടിവെക്കുന്നവൻ. **g.-r's diamond** കണ്ണാടിവജ്രം. **glā'zing,** *n.* കണ്ണാടി വെക്കൽ; —പൂശൽ; കണ്ണാടിക്കൂട്ട്, കവിടിക്കൂട്ട്. **glā'zy,** *a.* മിനുസമുള്ള, മിന്നുന്ന.

**Glaum** (glam), *v. i.* തപ്പിനടക്കുക. **to g. at** പിടിച്ച് പറിക്കുക; മോഹിക്കുക.

**Glēam** (glēm), *n.* രശ്മി, നാളം, കിരണം; 2. പ്രകാശം, ശോഭ. *v. i.* പ്രകാശിക്കുക, ഉലിക്കുക; ശോഭിക്കുക. *v. t.* എറിക്കുക. **-'y,** *a.* തിളങ്ങുന്ന, ഒളിയുന്ന.

**Glēan** (glēn), *v. t.* കാലായി പെറുക്കുക, കാലിൽ—; 2. പെറുക്കിഎടുക്കുക, തിരഞ്ഞ്—; സമ്പാദിക്കുക. *v. i.* കാലായി പെറുക്കുക, താഴ്പിടി—; കുറേശ്ശകുറേശ്ശയായി കൂട്ടിച്ചേർക്കുക. *n.* പിടിത്താൾ. **-'ĕr,** *n.* താഴ്പിടിപെറുക്കുന്നവൻ; സംഗ്രഹിക്കുന്നവൻ. **-'ing,** *n.* കാലായി പെറുക്കൽ; പെറുക്കിക്കൂട്ടിയത്.

**Glēbe** (glēb), *n.* മൺകട്ട; 2. മണ്ണ്, നിലം, ഭൂമി; 3. പള്ളിസ്വത്ത്, —നിലം. **-'less,** *a.* നിലംഇല്ലാത്ത, സ്വത്ത്—. **=bos'i-ty,** *n.* വളം, ഫലപുഷ്ടി. **='bŏus, ='by,** *a.* വളമുള്ള.

**Glēde, Glēed, Glīde,** *n.* പരുന്ത്, കൃപ, ഗൃദ്ധ്രം (*z.*).

**Glēe,** *n.* സന്തോഷം, ഉല്ലാസം; സദ്രാഘോഷം. **-'ful, -'sŏme,** *a.* ഉല്ലാസം ഉള്ള, രസം—. **-'man,** *n.* തെയ്യമ്പാടി, തെണ്ടിപ്പാടി.

**Glēed, Glēde,** *n.* തീക്കനല്, തീക്കട്ട.

**Glēet,** *n.* മേഹസ്രാവം (*med.*).

**Glen,** *n.* താഴ്വര, മലയിടുക്ക്.

**Glib,** *a.* മിനുസം ഉള്ള, വഴവഴപ്പ്—; 2. ഒഴുക്കം—, വാചാലത്വം—, തടസ്ഥമില്ലാത്ത. **-'ly,** *ad.* ഒഴുക്കത്തോടെ. **-'ness,** *n.* ഒഴുക്കം, വാചാലത്വം.

I. **Glīde,** *v. i.* വഴുതുക, വാരുക, കനിയുക; 2. ഇഴയുക. *n.* ഊരിപ്പോകൽ; 2. കനിച്ചൽ, ചോച്ച്; 3. ഇരിച്ചൽ. **glī'ding-ly,** *ad.* അരിച്ച് കൊണ്ട്.

II. **Glīde,** *see* **Glede.**

**Gliff,** *n.* പെട്ടന്നുള്ള കാഴ്ച; 2. നടുക്കം; 3. നിമിഷം, ക്ഷണനേരം.

**Glim'mĕr,** *v. i.* ലേശം പ്രകാശിക്കുക, വെള്ളകീറുക; 2. മങ്ങിക്കത്തുക. *n.* മങ്ങൽവെളിച്ചം, സന്ധ്യാ—, മൈമ്പ്, മന്ദപ്രകാശം; 2. തിളക്കം. **-ing,** *n.* മങ്ങല്; നിഴല്, ഛായ; ലേശമായ ഓർമ്മ.

**Glimpse,** *n.* മിന്നല്, തിളക്കം; 2. ക്ഷണദർശനം, ഒര് നോട്ടം; 3. നിഴല്, സൂചന. *v. i.* മിന്നിക്കാണുക, ഒര് നോട്ടംകാണുക. *v. t.* ക്ഷണനേരത്തേക്ക്—, മിന്നിമിന്നിക്കാണുക.

**Glint,** *n.* ഒര് നോട്ടം, മിന്നല്. *v. i.* മിന്നുക, കാണായിവരിക. *v. t.* നോക്കുക, കണ്ണ് മറിക്കുക.

**Glist'en** (glis'n), *v. i.* മിന്നുക, ഉളി[യുക.

**Glis'tĕr,** *v. i.* മിന്നുക, തിളങ്ങുക, ശോഭിക്കുക. *n.* മിന്നല്, പ്രഭ. **-ing-ly,** *ad.* തിളക്കത്തോടെ.

**Glit'tĕr,** *v. i.* മിന്നുക, ഒളിയുക, തിളങ്ങുക. *n.* തിളക്കം, മിന്നല്. **-ing-ly,** *ad.* മിന്നലോടെ.

**Glōam** (glōm), *v. i.* സന്ധ്യ ആക, മൈമ്പ്—; ഇരുളുക; 2. കുണ്ഠിതം തോന്നുക. *n.* സന്ധ്യാവെളിച്ചം, മൈമ്പ്. **='ming,** *n.* മൈമ്പ്, സന്ധ്യ; വിഷണ്ണത, വിഷാദം.

**Glōat** (glōt), *v. i.* തുറിച്ച് നോക്കുക, മിഴിച്ച്—; 2. ഇടങ്കണ്ണാലെ—; 3. ദുരാശയോടെ—.

**Glōbe,** *n.* ഗോളം, ഉണ്ട, പന്ത്; 2. കണ്മിഴി; 3. ദീപഗോളം; 4. (the) ഭൂമി, ഭൂചക്രം, —ലോകം, —ഗോളം. **artificial g., terrestrial g.** ഭൂപടഗോളം. **celestial g.** ആകാശപട—. **g.-shaped** ഗോളാകൃതിയായ. **g.-trotter** ഭൂചക്രസഞ്ചാരി. *v. t.* ഗോളാകാരമാക്കുക, ഉരുട്ടുക. **=bōse', ='bŏus, glob'ū-lar,** *a.* ഗോളാകാരമുള്ള, ഉരുണ്ട. **=bōse'ly, glob'ū-lar-ly,** *ad.* ഗോളാകൃതിയായി. **=bos'i-ty, glob-ū-lar'i-ty, glob'ū-lar-ness,** *n.* ഗോളാകൃതി. **glob'ūle, glob'ū-let,** *n.* ചെറുഗോളം, ഉരുള, മണി; ഗുളിക.

**Glom'ĕr-āte,** *a.* ഉരുണ്ട് കൂടിയ, ചുരുണ്ട്—. *v. t. & i.* —കൂട്ടുക, ഉരുണ്ട്—, ചുരുട്ടിക്കൂട്ടുക, ഉരുട്ടിക്കൂട്ടുക. **=ā'tiŏn,** *n.* ഉരുണ്ട് കൂടൽ; ഉണ്ട.

**Gloom,** *n.* മങ്ങല്, ഇരുള്, മൂടല്; 2. നിഴല്; 3. കുണ്ഠിതഭാവം, ആകുല—, ഉന്മേഷക്കുറവ്. *v. i.* മങ്ങിക്കാണുക, അസ്പഷ്ടമായി കാണുക; 2. ഇരുട്ട് ആക, സന്ധ്യ—; 3. വിഷാദം തോന്നുക. *v. t.* ഇരുട്ടാക്കുക; 2. വിഷാദിപ്പിക്കുക, വ്യാകലപ്പെടുത്തുക. **-'i-ly,** *ad.* ശോകത്തോടെ. **-'i-ness,** *n.* അന്ധകാരം; മനോവിഷാദം. **-'ing,** *n.* മൈമ്പ്, മൂവന്തി. **-'y,** *a.* മങ്ങിയ, ഇരുണ്ട; ഭയങ്കരമായ; മൂടല് ഉള്ള, കാറ്—; വിഷണ്ണത—.

**Glō'ry,** *n.* സ്തുതി, ബഹുമാനം, മഹത്വം, കീർത്തി; 2. മഹിമ, മാഹാത്മ്യം, വൈശിഷ്ട്യം; 3. ആത്മപ്രശംസ, പൊങ്ങച്ചം; 4. ദൈവസന്നിധി, ദിവ്യത്വം, സ്വൎഗ്ഗീയമഹത്വം; 5. പ്രഭാമണ്ഡലം. *v. i.* ആനന്ദിക്കുക; 2. പ്രശംസിക്കുക, അഹങ്കരിക്കുക. **=ri-fi-cā'tiŏn,** *n.* മഹത്വീകരണം; തേജസ്കരണം. **=ri-fȳ,** *v. t.* മഹിമപ്പെടുത്തുക, തേജസ്കരിക്കുക; അധികാരം കൊടുക്കുക; സ്വൎഗ്ഗീയഭാഗ്യം നല്കുക; പുകഴ്ത്തുക, ആരാധിക്കുക. **=ri-ŏus,** *a.* മഹിമയുള്ള, ശ്രേഷ്ഠം ആയ, വിശിഷ്ടം—, ദിവ്യം—; മഹൽ, മഹാ; പ്രതാപം ഉള്ള, പൊങ്ങച്ചം—, ബഹുമാനകാംക്ഷ—. **=ri-ŏus-ly,** *ad.* ബഹുമാനപൂൎവ്വം. **=ri-ŏus-ness,** *n.* ശ്രേയസ്സ്, പ്രഭാവം.

I. **Gloss,** *n.* മിനുക്കം, മെഴപ്പ്; 2. പുറങ്കാഴ്ച. *v. t.* മിനുക്കുക, മെഴുകുക. **='si-ly,** *ad.* മിനുസമായി, തിളക്കത്തോടെ. **='si-ness,** *n.* മിനുക്കം; പ്രഭ. **-'ly,** *ad.* മിനുക്കിക്കൊണ്ട്; കളവായി. **='sy,** *a.* മിനുസം ഉള്ള, പ്രഭ—, പ്രസന്നമായ; മിനുക്കിപ്പറയുന്ന, അകത്ത് കത്തിയും പുറത്ത് പത്തിയുമായ, ഉള്ളിൽ കള്ളമുള്ള.

II. **Gloss,** *n.* അന്യദേശ്യപദം, വിഷമ—; 2. ടീക്ക, വ്യാഖ്യാനം; 3. അബദ്ധവ്യാഖ്യാനം. *v. t.* വ്യാഖ്യാനിക്കുക; 2. പുറമെ നന്നായി കാണിക്കുക. *v. i.* വ്യാഖ്യാനിക്കുക, വിവരിക്കുക; 2. കുത്തിപ്പറയുക, ചൂണ്ടിപ്പറയുക. **-'a-ry,** *n.* ശബ്ദകോശം, വ്യാഖ്യാന—, നിഘണ്ടു. **='sĕr,** *n.* വ്യാഖ്യാനി. **=sol'o-ġy,** *n.* നിഘണ്ടു; ഭാഷാവിദ്യ.

**Glos'sa,** *n.* (*pl.* **glos'sæ**) പ്രാണികളുടെ നാവ് (*z.*). **=al,** *a.* നാക്ക് സംബന്ധിച്ച; ഭാഷാസംബന്ധമായ.

**Glot'tis,** *n.* ചെറ് നാക്ക് (*an.*). **='tal, ='tic, =tid'e-an,** *a.* ചെറ് നാക്ക് സംബന്ധമായ. **=tol'o-ġy,** *n.* ഭാഷാവിദ്യ.

**Glŏve** (gluv), *n.* കയ്യുറ, കരച്ഛദം. **g.-fight** അങ്കം, മുഷ്ടിയുദ്ധം. **g.-money, g.-silver** 'ഇനാം', സമ്മാനം. **to be hand and g. with** ഒരു കയ്യായിരിക്കുക.

to handle without g.s കാറിന്യത്തോടെ പെരുമാറുക, മയയില്ലാതെ—. to take up the g. ദ്വന്ദ്വയുദ്ധനിബ്ബന്ധം സ്വീകരിക്കുക, പോര് കയ്യേല്ക്കുക. to throw down the g. ദ്വന്ദ്വയുദ്ധത്തിന്ന് വിളിക്കുക, വീരവാദം ചെയ്ക. *v.t.* കയ്യുറയിടുക. -'ĕr, *n.* കയ്യുറ ഉണ്ടാക്കുന്നവൻ, കയ്യുറക്കച്ചവടക്കാരൻ.

Glōw (glō), *v.i.* ജ്വലിക്കുക, കത്തിയെരിയുക; 2. ശോഭിക്കുക, മിന്നുക; മുഖം ചുവക്കുക; 3. പൊള്ളുക, വെന്തുക; 4. (കോപം, സ്നേഹം, ദുഃഖം etc.) തിളെച്ച് വരിക; വേവുക, അഴലുക. *v.t.* ജ്വലിപ്പിക്കുക; രക്തപ്രസാദം വരുത്തുക, മുഖശോഭ—. *n.* ജ്വാല, പ്രഭ; 2. മുഖപ്രസാദം, രക്ത—, കരുവാളിപ്പ്; 3. പതക്കൽ, അനല്പ, ഉരുക്കം; 4. എരിപൊരി, കമിച്ച, ചൂട്. -'wŏrm, *n.* മിന്നാമ്പുഴ, മിന്നാമ്പൂച്ചി; മിന്നാമ്മിനുങ്ങ് (*z.*). -'ing-ly, *ad.* പ്രഭയോടെ; കത്തലോടെ.

Glow'ĕr, *v.i.* തുറിച്ച് നോക്കുക, കോപത്തോടെ—.

Glōze, *v.i.* മുഖസ്തുതിപറയുക, പൊന്തിച്ച്—, മിനുക്കിപ്പറയുക; 2. കളവായി പറയുക; തെററായി വ്യാഖ്യാനിക്കുക. *v.t.* പൂശിപ്പറയുക, ഒഴികഴിവ് പറയുക. *n.* മുഖസ്തുതി, പ്രശംസ; ചക്കരവാക്ക്; 2. കള്ളവേഷം. ='zĕr, *n.* മുഖസ്തുതിക്കാരൻ.

Glue (glu), *n.* പശ, വജ്രം, ശോന്ത്. *v.t.* ഒട്ടിക്കുക, പററിക്കുക. ='ey, *a.* കുഴഞ്ഞനെ ഉള്ള, പശ—. ='ey-ness, *n.* കുഴമ്പിക്കൽ. glu'ish, *a.* കറേശ്ശ ഒട്ടലുള്ള.

Glum, *a.* കുഞ്ഞിതമായ, വിഷാദം ഉള്ള, ഖേദം—. *n.* മുഖവാട്ടം, വിമ്മിഷ്ടം. *v.i.* മുഖം ഘനപ്പിക്കുക. -'ly, *ad.* വിമ്മിഷ്ടത്തോടെ. -'ness, *n.* വെറുപ്പ്, മനഃകുഞ്ഞിതം. glump, *v.i.* വെറുമുഖം കാട്ടുക. -'py, *a.* മുഖം വീപ്പിച്ച.

Glut, *v.t.* വിഴുങ്ങുക, നിറെക്കുക; 2. മട്ടപ്പ് വരുത്തുക. to g. the market ചരക്ക് അഴിച്ചലില്ലാതെ കിടക്കുക. *v.i.* ആശതീരതിന്നുക, മൃദ്ക്കാളം—. *n.* വിഴുങ്ങിയത്; 2. ചെടിപ്പ്; കവിച്ചൽ; 3. തിരുക്ക്, അടപ്പ്; 4. പൂള്, ആപ്പ്. -'ton (glut'n), *n.* തിന്നി, ശാപ്പാട്ട് രാമൻ, തിന്നിപ്പണ്ടാരി; പെരുങ്കൊതിയൻ, ആശതീരാത്തവൻ; ഒര് മൃഗം (*z.*). ='ton-ish, ='ton-ŏus, *a.* ബുഭുക്ഷയുള്ള, അത്യാർത്തി—. ='ton-īse, ='ton-īze, *v.i.* അത്യാർത്തിയോടെ തിന്നുക. ='ton-ŏus-ly, *ad.* അതിമോഹത്തോടെ. ='ton-ŏus-ness, *n.* പെരുന്തീററി. ='ton-y, *n.* തിന്നിഭ്രാന്ത്; കുക്ഷിംഭരിത്വം.

Glu'ten, *n.* കോതമ്പ് മാവിൽ പശയുള്ള ഭാഗം. ='ti-nāte, *v. t.* പശകൊണ്ട് പററിക്കുക. =ti-nā'tiŏn, *n.* ഒട്ടിക്കൽ. =ti-nā'tive, =ti-nŏus, *a.* പററ് ഉള്ള, പശ—, കുഴമ്പായ. =ti-nos'-i-ty, =ti-nŏus-ness, *n.* പശിമ, പററല്.

Gnärl (närl), *v.i.* മുരളുക. *n.* മരച്ചുറ. -ed (närld), -'ly, *a.* ചുറയുള്ള.

Gnash (nash), *v. t.* തമ്മിൽ മുട്ടുക. *v.i.* പല്ല് കടിക്കുക, —ഇറുമ്മുക. -'ing-ly, *ad.* പല്ല് കടിച്ച് കൊണ്ട്.

Gnat (nat), *n.* കൊതുക്, പിറുക്ക്, അണുങ്ങ് (*z.*). g.-catcher, g.-snapper ഒര് വക ചെറിയപക്ഷി (*z.*). g.-strainer കൊതുകരിച്ചെട്ടുക്കുന്നവൻ, കിറുക്കൃത്യക്കാരൻ.

Gnaw (na), *v. t.* & *i.* കടിക്കുക, കാരുക; 2. തെഞ്ഞ് പോക.

Gnōme (nōm), *n.* പൊന്ന് കാക്കുന്ന ഭൂതം; 2. കള്ളൻ; ക്രൂരൻ; കുരൂപി.

Gnō'mon (nō'mon), *n.* സൂര്യഘടികാരസൂചി.

Gnos'tics (nos'tiks), *n.pl.* ജ്ഞാതാക്കൾ, ജ്ഞാതവാദികൾ. gnos'tic, *a.* ജ്ഞാതവാദസംബന്ധമായ. gnos'ti-cism, *n.* ജ്ഞാതവാദം.

Gnū, Gnoo (nū), *n.* അഫ്രിക്കയിലെ ഒര് വക മാൻ, കതിരമാൻ (*z.*).

Gō, *v. t. ir.* (went, gone) ചലിക്കുക, ചരിക്കുക; പോക, വരിക, ഗമിക്കുക, ചെല്ലുക; 2. നടക്കുക, നടന്ന് പോക; 3. (for) നടപ്പ് ആക, നാണ്യം—; വിചാരിച്ച് വരിക; 4. ആക, സംഭവിക്കുക, ആ

ചാരമാക; 5. (with an infinitive) ഫലം ആക, സാദ്ധ്യം—, ഉതകിവരിക, ഉണ്ടാക: this g.s to shew ഇതിനാൽ തെളിവാകുന്നു; 6. (with an infinitive) പുറപ്പെടുക, ഭാവിക്കുക, തുടങ്ങുക, ആരംഭിക്കുക, തുനിയുക: I was g.ing to say ഞാൻ പറവാൻ ഭാവിച്ചു; I am g.ing to sell the house ഞാൻ ആ വീട് വില്ക്കാൻ പോകുന്നു; 7. (over, through) ആലോചിക്കുക, ചിന്തിക്കുക, വായിച്ച് നോക്കുക: g. over these pages once more ഈ ഏട് പിന്നെയും ഒരിക്കൽ വായിച്ച് നോക്ക്; 8. ഗർഭമായിരിക്കുക: the fruit she g.s with അവളുടെ ഗർഭത്തിലുള്ള പൈതല്; 9. പിരിഞ്ഞ് പോക, വിട്ട്—, പുറപ്പെട്ട്—; 10. കഴിഞ്ഞ്—, പോയി—, തീരുക, നശിക്കുക, മരിക്കുക; 11. എത്തുക, വഴിയാക: his land g.s to the river അവന്റെ നിലം പുഴവരെക്കും ഉണ്ട്; this road g.s to Calicut ഇത് കോഴിക്കോട്ടേക്കുള്ള വഴിയാണ്; 12. ചെയ്യുക, പ്രവൃത്തിക്കുക. to g. to law വ്യവഹാരപ്പെടുക. g. to വാ; പോ; പോയ്ക്കോ. to g. a-begging ആക്കും വേണ്ടാതിരിക്കുക; ആളെ തിരഞ്ഞ് നടക്കുക. to g. about പുറപ്പെടുക, ഭാവിക്കുക. to g. abroad പരദേശത്ത് പോക; വീട്ടിൽനിന്ന് കിഴിഞ്ഞ്—; പ്രസിദ്ധമാക. to g. against ആക്രമിക്കുക; എതിൎക്കുക; വിരോധമായിരിക്കുക. to g. ahead മുമ്പിൽപോക; മുന്തിപ്പോക, അഭിവൃദ്ധിയാക. to g. and come മാറിക്കൊണ്ടിരിക്കുക; അങ്ങോട്ടും ഇങ്ങോട്ടും ഇളകുക. to g. along അനുഗമിക്കുക, അനുകൂലിക്കുക. to g. aside പിൻവാങ്ങുക; തെററിപ്പോക, പിഴച്ച് പോക. to g. asunder പിരിഞ്ഞ്—, പൊട്ടിപ്പോക; to g. back on വഴിയോട്ട് പോക, —നടക്കുക; ഉപേക്ഷിക്കുക; ഒററിക്കൊടുക്കുക. to g. backwards വഴിയോട്ട് പോക. to g. below കപ്പലിന്നകത്ത് കിഴിയുക. to g. between നടുവനായിരിക്കുക, മദ്ധ്യസ്ഥം ചെയ്യുക; വാങ്ങിക്കൊടുക്കുക, കൂട്ടിക്കൊടുക്കുക. a g.-between മൂന്നാമൻ; ആൾക്കാരൻ; കൂട്ടി.

to g. beyond അതിര് കടക്കുക. to g. by അറിയാതെ കടന്ന് പോക; മൂലക്കിടുക. the g.-by ഉപേക്ഷ; തള്ളൽ. to g. by the board കപ്പലിൽനിന്ന് കടലിൽ വീഴുക. to g. down ഇറങ്ങുക; (സൂൎയ്യൻ) അസ്തമിക്കുക; മുങ്ങിപ്പോക; വിഴുങ്ങുക, ഇറക്കുക. to g. far ദൂരെപോക; വിലഉണ്ടാക; ബലം—. to g. for അന്വേഷിച്ച് പോക; പകരം നില്ക്കുക; എണ്ണുക; അനുകൂലിക്കുക, പക്ഷമായി വാദിക്കുക; ആക്രമിക്കുക; അടികലശൽ ചെയ്യുക; വില്ക്കുക. to g. for nothing വൃഥാവിൽ ആക, നിഷ്ഫലം—; കണക്ക് വെക്കാതിരിക്കുക. to g. forth പുറപ്പെട്ട് പോക; പ്രസ്താവത്തിൽ ആക, പ്രസിദ്ധം—. to g. hard with, to g. ill with കഷ്ടം ആക, ദോഷം—. to g. in ഉൾപ്പെടുക; കൂടുക. to g. in and out പ്രവൃത്തിക്കുക; ജീവിക്കുക; പ്രവേശം ഉണ്ടാക. to g. in for പക്ഷം നില്ക്കുക, അനുകൂലിക്കുക; കാംക്ഷിക്കുക, കിട്ടുവാൻ ശ്രമിക്കുക; പഠിക്കുക. to g. in to, to g. unto അടുക്കെ ചെല്ലുക; ഭോഗിക്കുക. to g. into ആലോചിക്കുക; കൂറ് കൂടുക. to g. large ഓട്ടം മുറുകുക (*naut.*). to g. off പിരിഞ്ഞ് പോക, വിട്ട്—; മാറുക, സുഖമാക; മരിക്കുക; വെടിപൊട്ടുക; വിററ് പോക; കഴിയുക, കഴിഞ്ഞ് കൂടുക. to g. on മുമ്പോട്ട് പോക; ചെയ്യ്കൊണ്ടിരിക്കുക; പറയുക. to g. on all fours കൃത്യമായി ഒക്കുക, തുല്യമാക; നാല്കാലിന്മേൽ നിരങ്ങുക. to g. out പുറപ്പെടുക; സഞ്ചാരത്തിന്ന് പോക; പ്രസിദ്ധമാക; മരിക്കുക; ഇല്ലാതാക; കെട്ട് പോക. to g. over കടക്കുക; കടന്ന് പോക; ഭാഗം മാറുക; വായിക്കുക; മനസ്സിലാക്കുക; പരിശോധിക്കുക; കവിയുക, മുന്നുക; നിൎത്തിവെക്കുക. to g. through സാധിപ്പിക്കുക; സഹിക്കുക; മുടിക്കുക; അപഹരിക്കുക. to g. through with നിവൃത്തിക്കുക, തീൎക്കുക. to g. to the ground മാളത്തിൽ കടക്കുക; യുദ്ധത്തിൽ പട്ട് പോക. to g. to naught നിഷ്ഫലമാക. to g. under (സൂൎയ്യൻ) അസ്തമിക്കുക; പേരുണ്ടാക; മുങ്ങിപ്പോക; തോ

ററ് പോക; നശിച്ച്—; ഇരയായി—. to g. up വെറുതെ ആക, നിഷ്പ്രയോജനം—. to g. upon പ്രമാണമായി വിചാരിക്കുക. to g. to the wall പൊരുളില്ലാതെ ആക, മൂലയിൽ—. to g. with കൂടപ്പോക; യോജിക്കുക; പററുക, കൊള്ളുക. to g. well with ഗുണമാക. to g. without ഇല്ലാതെയിരിക്കുക. to g. without saying സ്വതവെ സ്പഷ്ടം. to g. wrong വഴിതെററുക; തെററിപ്പോക; നിർഭാഗ്യവശാൽ സംഭവിക്കുക; കളത്തിൽ ഇറങ്ങുക; അസാദ്ധ്യമായ്പ്പോക. to let g. വിട്ടുകളയുക. g.-cart കുട്ടികൾ നടക്കാൻപഠിക്കുന്ന വണ്ടി, ഉന്ത്—. *v. t.* ക്രറ് കൂട്ടുക; ഉത്തരവാദി ആക; പങ്കാളി—; 2. വാത് പിടിക്കുക, പന്തയംപറയുക. to g. halves പകുതിക്ക് കൂടുക. to g. it നിലവിളി കൂട്ടുക, ഉരുസലാക്കുക; നടത്തുക; മുമ്പോട്ട് പോക; അഭിവൃദ്ധി പ്രാപിക്കുക. to g. it blind കണ്ണ് ചിമ്മി പ്രവൃത്തിക്കുക; ധാഷ്ട്യം കാട്ടുക. to g. one's way കാണിക്കുക; പുറപ്പെട്ട് പോക; തന്റെ പാട്ടിൽ—. *n.* കർമ്മം, പ്രവൃത്തി; 2. സംഭവം; 3. വഴക്കം, നടപ്പ്, നടവടി; 4. കോലാഹലം; 5. ഒര് ചുക്കിരിമട്ട്യം; 6. ചുണ, പ്രാപ്തി: there is no g. in him അവന്ന് ചുണ ഇല്ല. no g. അപജയം. on the g. സ്ഥിരമില്ലാത്ത, ചഞ്ചലമായ. -'ĕr, *n.* പോകുന്നവൻ; നടത്തക്കാരൻ; കുതിര. -'ing, *n.* പോക്ക്, നടത്തം, ഗതി; പുറപ്പാട്; ഗർഭധാരണം; ഗർഭം. *pl.* നടപ്പ്, അവസ്ഥ, പ്രവൃത്തി. g.g forth പ്രവേശനം, വാതിൽ; അതൃത്തി. g.g out, g.gs out അതിര്; പുറപ്പാട്, സഞ്ചാരം. g.gs on ദുഷ്പ്രവൃത്തി; നടപ്പ്. gone'ness, *n.* തളർച്ച, പൈദാഹക്ഷീണം (*U. S.*).

Gōad (gōd), *n.* മുടിങ്കോൽ, അങ്കുശം; തോട്ടി; 2. നിർബ്ബന്ധം, കുത്തിപ്പൊന്തിക്കൽ. *v. t.* കുത്തുക, കുത്തിയോടിക്കുക; 2. ഉത്സാഹിപ്പിക്കുക, ഉണർത്തുക.

Gōal (gōl), *n.* ഓട്ടക്കളത്തിന്റെ അതിര്; 2. ലക്ഷ്യം, ലാക്ക്; 3. ഉദ്ദേശം, താല്പര്യം.

Gōat (gōt), *n.* ആട്, കോലാട്, അജം (*z.*). wild g., bezoar g. കാട്ടാട്, മലയാട്. g.-house ആല, ആട്ട്കൊട്ടിൽ; വേശ്യാഗൃഹം. g.-herd ആട്ടിടയൻ. g.-skin ആട്ടിൻതോല്. *a.* ആട്ട്തോല് കൊണ്ടുണ്ടാക്കിയ. -'ish, -'līke, *a.* ആട്ടിന്ന് തുല്യമായ. -'ish-ly, *ad.* ആട്ട്പോലെ.

Gob, *n.* വായി; 2. ഒര് വായി, അല്പം. -'bet, *n.* നുറുക്ക്, ഒര് പിടി. *v. t.* കൊതിയോടെ വിഴുങ്ങുക. -'ble, *v. t.* & *i.* തിരക്കിട്ട് തിന്നുക, കട്ടങ്ങനെ ഇറക്കുക; (തക്കി) കൊക്കിക്കുക. to g.e up പിടിക്കുക, കൂട്ടടങ്ങനെ പിടിക്കുക. *n.* കൊക്കിക്കൽ. -'blĕr, *n.* ആൺതക്കി (*z.*).

Gobe-mouche' (-mush'), *n.* വായി തുറന്ന് കേൾക്കുന്നവൻ, പൊട്ടൻ, കേട്ടതൊക്കയും വിശ്വസിക്കുന്നവൻ.

Gob'let, *n.* പിടിമൊന്ത; പഞ്ചപാത്രം, പാന—. [കുട്ടിച്ചാത്തൻ.

Gob'lin, *n.* ഭൂതം, പ്രേതം; ദേവത;

God, *n.* ഈശ്വരൻ, ദേവൻ, ദൈവം, സ്രഷ്ടാവ്; 2. ആരാധനാവിഷയം, സേവാ—. act of G. ദൈവകൃത്യം, അദൃഷ്ടം (*l.*). gallery g.s നാടകശാലയിൽ താണതരത്തിൽ കുത്തിരിക്കുന്നവര്. G.'s-acre, G.'s-field ശ്മശാനഭൂമി. G.'s-house ധർമ്മശാല; ദേവാലയം. G.'s-penny അച്ചാരം. G.'s Sunday പുനരുത്ഥാനനാൾ. g.-child, g.-daughter, g.-son തലതൊട്ട കുട്ടി, ജ്ഞാനപ്പിള്ള; തലതൊട്ട മകൾ, —മകൻ. g.-father തലതൊട്ടപ്പൻ, ജ്ഞാനപ്പിതാവ്, 'കമ്പാതിരി'. G.-fearing ദൈവഭയം ഉള്ള, —വിചാരം—, —ഭക്തി—. G.-head, G.-hood ദൈവത്വം, ദിവ്യത്വം, ദൈവതത്വം; സർവ്വേശ്വരൻ, ജഗദീശൻ. G.-ild ദൈവം അനുഗ്രഹിക്കട്ടെ, നന്നായിരിക്കട്ടെ, ഗുണംവരട്ടെ. g.-mother തലതൊട്ടമ്മ, ജ്ഞാനമാതാവ്. g.-send ദൈവാനുഗ്രഹം; ഭാഗ്യം. G.-speed സാദ്ധ്യം, അനുകൂലയാത്ര; വന്ദനം. G.-ward ദൈവത്തിങ്കലേക്ക്. G.-willing (*contr.* D. V.) ദൈവേഷ്ടമെങ്കിൽ, ദൈവം സ

ഹായിച്ചാൽ. -'dess, *n.* ദേവി; അതിസുന്ദരി, സീമന്തിനി. -'less, *a.* നിർദ്ദേവനായ; ദൈവഭക്തി ഇല്ലാത്ത, —വിചാരം—; ദുഷ്ടതയുള്ള. -'less-ly, *ad.* ഭക്തി ഇല്ലാതെ, ദൈവവിചാരം—. -'less-ness, *n.* അഭക്തി. -'līke, *a.* ദിവ്യം ആയ, അത്യുത്തമം—. -'līke-ness, *n.* ദിവ്യതചം, ദൈവസാദൃശ്യം. -'li-ly, *ad.* നീതിയോടെ, ന്യായമായി. -'li-ness, *n.* ഈശ്വരവിചാരം, —ഭക്തി. -'ling, *n.* കുട്ടിദൈവം. -'ly, *a.* ദൈവഭയം ഉള്ള, —ഭക്തി—; നീതി—. *ad.* ദൈവഭക്തിയോടെ. -'ship, *n.* ദൈവതചം.

Gō'down, *n.* പാണ്ടികശാല, കൊട്ടിൽ; 'ഗെഡൌങ്ങ്' മറി.

Gog'gle (gog'l), *v. i.* കണ്ണ് മിഴിക്കുക, —ഉരുട്ടുക. *a.* തുറിച്ച കണ്ണുള്ള, ഉണ്ടക്കണ്ണുള്ള. *n.* കണ്ണുരുട്ടൽ; *pl.* നേത്രരക്ഷ. g.-eyed മണ്ടക്കണ്ണുള്ള. ='gled (-'ld), *a.* കണ്ണുരുട്ടിയ.

Gog'let, Gur'glet, *n.* 'കൂജ', കൃശ.

Goi'ter, Goi'tre (goy'tr), *n.* കണ്ഠരോഗം, ഗോളപിണ്ഡവീക്കം, തൊണ്ട— (*med*).

Gōld, *n.* പൊന്ന്, സ്വൎണ്ണം, തങ്കം; 2. പണം, ധനം, ദ്രവ്യം; 3. മഞ്ഞനിറം; 4. വിലയേറിയത്; 5. ശുദ്ധമായത്. age of g. കൃതയുഗം. g.-beating പൊൻതകിട് ഉണ്ടാക്കൽ. g.-beater —അടിക്കുന്നവൻ. g.-bound —പൊതിഞ്ഞ. g.-cloth, g.-tissue പൊൻനീരാളം. g.-diggings, g.-washings —അരിപ്പുസ്ഥലം. g.-dust കനകപ്പൊടി. g.-end —തുണ്ടം. g.-end-man സറാപ്പ്; തട്ടാപ്പണി പഠിക്കുന്നവൻ; ആഭരണക്കച്ചവടക്കാരൻ. g.-fever പൊന്നെടുപ്പാനുള്ള ആശ. g.-field കനകപ്രദേശം. g.-finder പൊന്നെടുക്കുന്നവൻ; തോട്ടി. g.-foil പൊൻതകിട്. g.-lace, g.-thread —'കസവ്'. g.-leaf —കടലാസ്സ്. g.-mine സ്വൎണ്ണഖനി. g.-nugget പൊൻകട്ടി. g.-plate —പാത്രങ്ങൾ. g.-smith —പണിക്കാരൻ, തട്ടാൻ. g.-solder പൊൻവിളക്കായി. g.-stick ഇംഗ്ലന്ത് രാജമേസ്ത്ഥാവൽ സേനാധിപൻ. g.-tooling പുസ്തകപ്പുറത്ത് പൊന്ന് പതിക്കൽ. ='den, *n.* സ്വൎണ്ണംകൊണ്ടുള്ള, പൊന്മയമായ; സ്വൎണ്ണവൎണ്ണമുള്ള; വിലയേറിയ; വിശിഷ്ടം ആയ. g.n age കൃതയുഗം; വിശിഷ്ടഗ്രന്ഥരചനാകാലം. g.n eagle രാജകഴുക്. g.n grease കൈക്കൂലി. g.n mean മിതം, മദ്ധ്യമാൎഗ്ഗം. g.n number ചന്ദ്രപൎയ്യായ വൎഷസംഖ്യ. g.n rule മററുള്ളവർ നമ്മോട് എങ്ങിനെ പെരുമാറേണമെന്ന് നാം ഇച്ഛിക്കുന്നുവോ അങ്ങിനെ തന്നെ നാം അവരോടും പെരുമാറേണമെന്ന് യേശുക്രിസ്തു ഉപദേശിച്ച സ്വൎണ്ണപ്രമാണം. g.n wedding ദാമ്പത്യപഞ്ചാശദ്വത്സരോത്സവം. ='den-ly, *ad.* അതിവിശേഷമായി.

Golf, *n.* കാരവടിപന്താട്ടം. -'ĕr, *n.* കാരവടിപന്താട്ടക്കാരൻ.

Gon'dō-la, *n.* ഉല്ലാസത്തോണി. =liēr (-lēr), *n.* കേളിവള്ളം തുഴയുന്നവൻ.

Gone, *p. p. of* Go.

Gong, *n.* ചേമ്മങ്ങലം, ചെങ്ങലം; 2. മുട്ട് മണി. g.-bell ഒര് വക മുട്ട് മണി. g.-metal ഓട്.

Gon-or-rhē'a, =or-rhœ'a (-rē'a), *n.* വാച്ച; അസ്ഥിസ്രാവം, ശുക്ല—(*med.*).

Gọọd, *a.* നല്ല, വിശേഷം ആയ, ഹിതം—, ശുഭം—, തക്ക, ഗുണംആയ, —ഉള്ള; 2. സല്ഗുണം—, സുകൃതം—, ദൈവവിചാരം—; 3. (to, toward, unto) ദയ—, കൃപ—, ഇഷ്ടം—, ഗുണം ചെയ്യുന്ന, ഉപകാരം—; 4. (for) ഉതകുന്ന, പ്രയോജനം ഉള്ള, പററിയ; 5. (at) സാമൎത്ഥ്യം ഉള്ള; ഒരുക്കം—; ഒതുക്കം—; 6. മതിയായ, പോരുന്ന, ഊനം ഇല്ലാത്ത; ബലം ആയ, സാധു—; വിശ്വസിക്കത്തക്ക; വകയുള്ള; 7. വസ്തുതയായ, സാക്ഷാൽ: in g. earnest കാൎയ്യം ആയി, യഥാൎത്ഥം—; in g. sooth നേരായി; 8. ധാരാളം, വളരെ: a g. deal പിടിപ്പത്; a g. way ഒട്ട് ദൂരം, ഇശ്ശി—; a g. degree സാമാന്യം, കണക്കോളം; 9. നിറയ, പൂൎണ്ണമായ; 10. മാനമുള്ള, ആക്ഷേപമില്ലാത്ത. as g. as തുല്യമായ; . . . . ഓളം ഗുണമുള്ള. for g.,

for g. and all പൂൎണ്ണമായി, കേവലം, തീരെ; മടങ്ങിവരാതവണ്ണം. g. afternoon (അപരാഹ്ന) കശലം, സലാം. g. breeding സന്മൎയ്യാദ. g.-by, g.-bye ഗമനവന്ദനം, —സല്ക്കാരം, നന്നായിരിക്കട്ടെ. g. cheap നയമുള്ള, വിലകുറഞ്ഞ. g. consideration വാത്സല്യം; ന്യായമായ പ്രതിഫലം, തക്ക—. g. day (മദ്ധ്യാഹ്ന) കശലം, രാമരാമ, സലാം. g. evening സന്ധ്യാകശലം, സലാം. g. fellow ശുദ്ധൻ; നല്ലചങ്ങാതി. g. folk, g. people കിന്നരന്മാർ, ഗന്ധൎവ്വന്മാർ; സജ്ജനങ്ങൾ. g. for nothing ഒന്നിന്നും കൊള്ളാത്ത, പോരാത്ത, നിസ്സാരമായ. G. Friday തിരുവെള്ളിയാഴ്ച, ദുഃഖ—. g. humour രസികത്വം. g.-looking സൌന്ദൎയ്യമുള്ള. g. man ചങ്ങാതി, മൂപ്പര്; ഭൎത്താവ്, ഗൃഹസ്ഥൻ. g. morning (പൂൎവ്വാഹ്ന) കശലം, സലാം. g. nature സല്ഗുണം, ദയ. g. night (രാത്രി) കശലം, സലാം. g. speed ശുഭം, മംഗലം. g. turn ഉപകാരം. g. wife ഭാൎയ്യ, ഗൃഹിണി, വീട്ടെജമാനത്തി. g.-will പരോപകാരശീലം; പ്രവൃത്തിയവകാശം, കച്ചവടപ്പ്രവൃത്തി (*l.*). in g. time കാലോചിതം ആയി; കൃത്യം—, തക്ക സമയത്ത്. to hold g. മാറാതെ ഇരിക്കുക, സാധുവായി—; പററുക. to make g. നിവൃത്തിക്കുക; കുറവ് തീൎക്കുക; നഷ്ടം വെച്ച് കൊടുക്കുക; സ്ഥാപിക്കുക; കററമില്ലെന്ന് വരുത്തുക. to think g. യുക്തമായി തോന്നുക. *n.* നന്മ, ശുഭം, ഭാഗ്യം, ഉപയോഗം, വിശേഷം, ഹിതം; 2. ആദായം, ഗുണം, ഉപകാരം, സൌഭാഗ്യം; 3. *pl.* ചരക്ക്, മുതല്, ഇളകുന്ന സ്വത്ത്, ജംഗമ—. dress g.s, dry g.s തുണിച്ചരക്ക്, ജവളിച്ചരക്ക്. *ad.* നന്നായി, അതേപ്രകാരം. as g. as വസ്തുതയിൽ, സൂക്ഷ്മത്തിൽ. -'ish, *a.* തരക്കേടില്ലാത്ത, മോശമല്ലാത്ത, സാമാന്യം നല്ല, ഏതാനും—. -'li-ness, *n.* അഴക്, സൌന്ദൎയ്യം. -'ly, *a.* സന്തോഷമുള്ള, നല്ല; മനോഹരമായ, ഭംഗിഉള്ള, സൌന്ദൎയ്യം—; വളരെ; അനേകം; വലിയ. -'ness, *n.* നന്മ, ഗുണം; സല്കൃതി, ഉപകാരം; സുശീലം. -'y, *n. pl.* അപ്പം, പലഹാരം; വീട്ടമ്മ.

**Goose,** *n.* വൻവാത്ത്, 'ഗ്രൂസ്', ഗ്രാമഹംസം (*z.*); 2. കണ്ടിയപ്പൻ (*z.*); 3. 'ഇസ്ത്രി'പ്പെട്ടി; 4. പൊണ്ണൻ; 5. ഒരു വക ആട്ടം. a wild g. chase കിട്ടാമോഹം, അസാദ്ധ്യശ്രമം. g.-cap അണ്ണാരപ്പൊണ്ണൻ. g.-flesh, g.-skin കോൾമയിര്. g.-quill പേന, തൂവല്. goose'ber-ry, *n.* നെല്ലിക്ക, അരിനെല്ലിക്ക (*b.*); പൊട്ടൻ, വിഡ്ഢി. goos'ĕr-y, *n.* വാത്ത്കൂട്; പൊണ്ണത്തരം, വിഡ്ഢിത്വം. gos'let, *n.* ചെറുവാത്ത് (*z.*). gos'ling, *n.* വാത്തുകുഞ്ഞ് (*z.*).

**Gor'cock,** *n.* കളകോഴി (*z.*).

**Gor'crōw** (-krō), *n.* ബലിക്കാക്ക, അന്തങ്കാക്ക (*z.*).

**Gor'di-an,** *a.* കുഴപ്പമായ, വിഷമമുള്ള. g. knot കുടുക്ക്, മഹാവിഷമം. to cut the g. knot ശൌൎയ്യംകൊണ്ട് വിഷമം ഇല്ലാതാക്കുക.

**Gōre,** *n.* ചളി, ചേറ്; 2. രക്തം, ചോരക്കട്ട. *v. t.* കുത്തുക, മുറിവേല്പിക്കുക. gō'ry, *a.* ചോരപിരണ്ട; കുലപാതകമായ.

**Gorġe,** *n.* തൊണ്ട, ഭക്ഷണനാളം (*an.*); 2. മലയിടുക്ക്, ചുരം; 3. വിഴുങ്ങിയത്; 4. വഴിതടസ്ഥം. *v. t.* വിഴുങ്ങുക, അത്യാൎത്തിയോടെ തിന്നുക; 2. കുത്തിനിറക്കുക, മട്ടപ്പ് വരുത്തുക. *v. i.* വാരിവിഴുങ്ങുക; ചെടിക്കുക. gorġed (gorjd), *a.* തൊണ്ടയുള്ള; നിറഞ്ഞ; മൂക്കോളം തിന്ന.

**Gor'ġe-ŏus** (-ji-us), *a.* ശോഭയുള്ള, ഭംഗി—, മഹിമ—; കൌതുകം—, വിശേഷമായ, മഹത്തായ. -ly, *ad.* മോടിയായി, കോലാഹലത്തോടെ. -ness, *n.* ഓളാങ്കം, ആഡംബരം.

**Gor'ġet,** *n.* കണ്ഠകവചം, —രക്ഷ.

**Gor'gon,** =gō'ni-an, *a.* കുരൂപം ആയ, ബീഭത്സം—. *n.* ഭയങ്കരരൂപം, അവലക്ഷണ—. =gō'nīse, =gō'nīze, *v. t.* ഭയപ്പെടുത്തുക, പെടിപ്പിച്ച് കല്ലാക്കിത്തീൎക്കുക.

**Gō-ril'la**, *n.* ഒരു വക വലിയ കുരങ്ങ് (*z.*).

**Gor'mand, =dī-sĕr, gour'mand**, *n.* ബുഭുക്ഷു, തിന്നി, പെരുന്തീററിക്കാരൻ. *a.* അത്യാൎത്തിയുള്ള. **=dism**, *n.* തിന്നിഭ്രാന്ത്. **=dīse, =dīze**, *v. i.* & *t.* ആൎത്തിയോടെ തിന്നുക. [ള്പ്പ് (*b.*).

**Gorse, Goss**, *n.* മുൾച്ചെടി, —പട

**Gō'ry**, *a.*, *s. u.* **Gore.**

**Gos'let, Gos'ling**, *n.*, *s. u.* **Goose.**

**Gos'pel**, *n.* സൽവാൎത്ത, സുവിശേഷം; 2. പുതിയ നിയമത്തിലെ സുവിശേഷപുസ്തകം (*Bl.*); 3. സുവിശേഷപാരായണവാക്യം (*Chr.*); 4. ഉപദേശം; 5. പരമാൎത്ഥം. **he took his words for g.** സാക്ഷാൽ പരമാൎത്ഥമെന്ന് കരുതി. *a.* സുവിശേഷസംബന്ധമായ. **-ĕr, -lĕr**, *n.* പുതിയനിയമത്തിലെ സുവിശേഷരചകരിൽ ഒരുവൻ; സുവിശേഷപാരായണാംശം വായിക്കുന്നവൻ. **-īse, -īze**, *v. t.* സുവിശേഷപ്രകാരം ആക്കുക; സുവിശേഷം പഠിപ്പിക്കുക.

**Gos'sa-mĕr**, *n.* മാറാല, വണ്ണാൻവല; 2. നേരിയതുണി; 3. നനവ് പററാത്ത—, മെഴുക്—.

**Gos'sip**, *n.* തലതൊട്ടപ്പൻ, —അമ്മ; 2. ചങ്ങാതി; 3. വൎത്തമാനം പറഞ്ഞ് നടക്കുന്നവൻ; വായാടി, വിട് വായൻ; 4. കള്ളവൎത്തമാനം, വിട് വാക്ക്. *v. i.* കള്ളവൎത്തമാനം പരത്തുക; വെടിപറയുക. **-ĕr**, *n.* വൎത്തമാനക്കാരൻ. **-rēde**, *n.* തലതൊട്ട സംബന്ധം. **-ry**, *n.* ആത്മ—; ഉററ ചേൎച്ച, —പരിചയം; വൃഥാലാപം. **-y**, *a.* വൎത്തമാനം പറഞ്ഞ് നടക്കുന്ന. [*of* **Get.**

**Got, Got'ten** (got'n), *p. t.* & *p. p.*

**Goth**, *n.* ഗോഥവംശക്കാരൻ; 2. മ്ലേച്ഛൻ, നാഗരികം ഇല്ലാത്തവൻ; മൎയ്യാദ—; ഭോഷൻ. **-'ic**, *a.* ഗോഥസംബന്ധമായ, പരിഷ്കാരം ഇല്ലാത്ത; ഗോഥ ശില്പവിദ്യാസംബന്ധമായ. *n.* —ഭാഷ. **-'i-cism**, *n.* —ഭാഷാരീതി; —തച്ച്; നിൎമ്മൎയ്യാദം. **-'i-cīse, -'i-cīze**, *v. t.* രണ്ടാമതും മ്ലേച്ഛനാക്കുക.

**Goth'a-mist**, *n.* പൊണ്ണൻ.

**Gouge** (gouj *or* guj), *n.* കോരുളി (*carp.*); 2. ചാല് കൊത്തൽ; 3. ചതി, പിരട്ട്; 4. ചതിയൻ. *v. t.* ചൂല്ലുക; 2. ചാല് കൊത്തുക, —കീറുക.

**Gourd** (gōrd *or* gurd), *n.* ചുരങ്ങ, ചുരക്ക (*b.*); 2. കക്കിരി, വെള്ളരി, വത്തക്ക; കുമ്പളങ്ങ; 3. ചുരത്തൊണ്ട്, ചുരപ്പ, ചുരപ്പക്കുററി; കപ്പി. **bottle-g.** ചുരങ്ങ. **bitter g.** കാട്ട് ചുരക്ക. **snake-g.** പടവലങ്ങ.

**Gout**, *n.* രക്തവാതം, സന്ധ്—(*med.*). **rheumatic g.** വാതശ്രോണിതം (*med.*). **-'y**, *a.* രക്തവാതരോഗമുള്ള.

**Gŏv'ĕrn** (guv'ĕrn), *v. t.* ഭരിക്കുക; 2. സ്വാധീനപ്പെടുത്തുക; ക്രമപ്പെടുത്തുക, നടത്തുക; 3. വിഭക്തിയെ ആശ്രയിക്കുക (*gr.*). *v. i.* രാജ്യഭാരം ചെയ്യുക, വാഴുക. **-a-bil'i-ty, -a-ble-ness**, *n.* വിധേയത്വം, വഴക്കം; അടക്കം. **-a-ble**, *a.* ഒതുക്കം ഉള്ള, അനുസരണം—. **-ance**, *n.* ഭരണം, അധികാരം, വാഴ്ച, ക്രമം. **-ante** (-ant), **=ness**, *n.* നടത്തിപ്പ്കാരത്തി; ഗൃഹോപാദ്ധ്യായനി, സൈരന്ധ്രി. **-ing**, *a.* അധികാരം ഉള്ള, ഊക്ക്—, പ്രാബല്യം—; ആശ്രിതമായ (*gr.*). **-ment**, *n.* ഭരണം, പാൎത്ഥ്യം, അധികാരം; നാട് വാഴ്ച; രാജത്വം; സൎക്കാർ; മന്ത്രിസഭ; വാഴികൾ; കോയ്മ; ദേഹഭരണം; ആശ്രിതപ്രയോഗം (*gr.*). *a.* സൎക്കാര് കല്പിച്ച. **-men-tal**, *a.* വാഴ്ചസംബന്ധമായ; സൎക്കാര് കല്പിച്ച, —നിശ്ചയിച്ച. **-ŏr**, *n.* നാട് വാഴി; ദേശാധിപതി; വിചാരകൻ; ഉപാദ്ധ്യായൻ; ആക്കാട്ടി. **g.r-general** സൎവ്വദേശാധിപതി. **-ŏr-ship**, *n.* ദേശാധിപത്യം, ഇടവാഴ്ച. **gū-ber-na-tō'ri-al**, *a.* ദേശാധിപതിയെ സംബന്ധിച്ച, ദേശാധിപത്യം—, ദേശാധിപതിക്കുള്ള.

**Gown**, (goun), *n.* സ്ത്രീകളുടെ ഉടുപ്പ്; 2. അങ്കി, നിലയങ്കി; 3. വേഷം, ചമയം. *v. i.* അങ്കിയുടുക്കുക. **g.-man, g.s-man** അങ്കിക്കാരൻ; ബോധകൻ; വക്കീല്; വിദ്യാൎത്ഥി; ശാസ്ത്രി.

**Grab,** *v. t. & i.* പിടിച്ച് പറിക്ക. *n.* പിടിച്ച്പറി. **-'bĕr,** *n.* പിടിച്ച്പറിക്കാരൻ. **-'ble** (grab'l), *v. i.* തപ്പുക; ഇഴയുക, നിരങ്ങുക.

**Grāce,** *n.* ദയ, കൃപ, ഉപകാരം; പ്രസാദം, അനുഗ്രഹം; 2. ദൈവകൃപ, കടാക്ഷം; പാപക്ഷമ; 3. മാപ്പ്, ക്ഷമ (*l.*); 4. (hard, sorry) ഭാഗ്യം, ദശ; 5. ശ്രീ, ചാരുത്വം, ലാവണ്യം, രമണീയത്വം; 6. സൌന്ദൎയ്യം; വൈശിഷ്ട്യം; 7. *pl.* ദേവി, സരസ്വതി; 8. ശ്രീമൽ, (രാജപ്രഭുക്കന്മാരെയും രാജപ്രഭുസ്ത്രീകളെയും, പ്രധാനാദ്ധ്യക്ഷന്മാരെയും രാജാക്കന്മാരെയും സംബന്ധിച്ച് ഉപയോഗിക്കുന്ന ബഹുമാനവാചി); 9. *pl.* നന്ദി, ഉപകാരസ്മരണ; 10. ഭക്ഷണത്തിന്ന് മുമ്പും പിമ്പും ഉള്ള പ്രാൎത്ഥന; 11. സൎവ്വകലാശാലാജ്ഞ. **act of g.** മാപ്പ്, ക്ഷമ. **day of g.** കൃപാകാലം. **days of g.** ഉണ്ടികയുടെ ശരിയായ അവധികഴിഞ്ഞശേഷമുള്ള മൂന്ന് ദിവസത്തെ സൌജന്യാവധി. **good g.s** ഇഷ്ടം, രമ്യത, സേവ. **g.-stroke** അവസാനപ്രവൃത്തി. **means of g.** കൃപാസാഹിത്യം. **to do g.** ബഹുമാനം വരുത്തുക. **to say g.** ഭക്ഷണത്തിന്ന് മുമ്പും പിമ്പും ദൈവത്തെ പ്രാൎത്ഥിക്കുക; വാഴ്ത്തുക. **with a good g.** യോഗ്യതയോടെ. **with a bad g.** വല്ലായ്മയോടെ; നന്ദിയില്ലാതെ. *v. t.* അലങ്കരിക്കുക, ബഹുമാനം വരുത്തുക; 2. —നല്കുക, മാനിക്കുക, ഉയൎത്തുക; 3. ദിവ്യകൃപനല്കുക. **grāced** (grāst), *a.* കോമളത്വം ഉള്ള, യോഗ്യത—, ബഹുമാനം—. **-'fụl,** *a.* ചന്തം ഉള്ള, ലാവണ്യം—. **-'fụl-ly,** *ad.* ഇമ്പമായി. **-'fụl-ness,** *n.* സരസത്വം. **-'less,** *a.* ശ്രീയില്ലാത്ത; ദൈവകൃപപ്രാപിക്കാത്ത; ദുഷ്ട, പാതകം ആയ; ഭാഗ്യഹീനം—. **-'less-ly,** *ad.* വല്ലായ്മയോടെ. **-'less-ness,** *n.* ലക്ഷ്മീത്വമില്ലായ്മ. **='ciŏus** (-'shus), *a.* കാരുണ്യം ഉള്ള, കൃപാപൂരം ആയ, ദയാന്വിതം—; മനോഹരം—, ലക്ഷ്മീവിലാസം ഉള്ള; ദൈവകൃപയാൽ—. **='ciŏus-ly,** *ad.* ആദരവോടെ, ഉപചാരഭാവത്തോടെ. **='ciŏus-ness,** *n.* കൃപാകടാക്ഷം.

**Grāde,** *n.* പടി, സ്ഥാനം, തരം; 2. കയററം; 3. കിഴിച്ചല്. **at g.** സമനിരപ്പായി. **down-g.** കിഴിച്ചലായി. **up-g.** കയററമായി. *v. t.* പടിപടിയായി വെക്കുക, തരംതരമായി—; 2. നിരപ്പാക്കുക. **=dāte',** *v. t.* നിരനിരയായി വെക്കുക. **=dā'tiŏn,** *n.* പടിപടിയായി വെക്കൽ, തരം തിരിക്കൽ; തരത്തിൽ ആക്കൽ, നിലക്ക് വെക്കൽ; തരം, നില; നിറഭേദം; സ്വരക്കയററം, സ്വരക്കിഴിച്ചൽ (*mus.*). *v. t.* പടിപടിയായി വെക്കുക. **=dā'tiŏn-al,** *a.* ക്രമോല്കൃഷ്ടമായ. **=dā'tŏr-y,** *a.* ക്രമേണയുള്ള. *n.* പടിക്കെട്ട്, കോവണി, പതനം. **-'ly,** *a.* വൃത്തിഉള്ള, ക്രമം—. *ad.* ക്രമേണ, വെടിപ്പായി. **='di-ent,** *a.* നടക്കുന്ന; നടത്തത്തിന്ന് പററിയ; ക്രമാനുസാരമായി കയററം ഉള്ള, —കിഴിച്ചല്—. *n.* ക്രമേണയുള്ള കയററം, —കിഴിച്ചല്; കയററമുള്ള വഴി, കിഴിച്ചലുള്ള—; കയററത്തിന്റെ വീതം, കിഴിച്ചലിന്റെ—. **='dĭng,** *n.* നിരപ്പാക്കൽ. **='ū-al,** *a.* ക്രമേണഉള്ള, പടിപടിആയ; സാവധാനം—; അഭിവൃദ്ധിയാകുന്ന. *n.* പടിക്കെട്ട്. **='ū-al-ly,** *ad.* ക്രമേണ, മേല്ക്കുമേല്. **=ū-al'i-ty, ='ū-al-ness,** *n.* ക്രമോല്കൃഷ്ടം, ക്രമഭേദം. **='ū-āte,** *v. t.* പടിസൂചിപ്പിക്കുക; വിദ്യാപദവി കൊടുക്കുക; ക്രമമാക്കുക; കുറുക്കുക. *v. i.* ക്രമാനുസാരമായി മാറുക; ക്രൎത്ത് വരിക; വിദ്യാപദവി പ്രാപിക്കുക. *n.* വിദ്യാപദവിക്കാരൻ. *a.* പടിപടിആയ, ക്രമാനുസാരം—. **='ū-ā-ted,** *a.* തരം തിരിച്ച, പടിപടിയാക്കിയ. **=ū-ā'tiŏn,** *n.* തരം തിരിക്കൽ; വിദ്യാപദവിപ്രാപ്തി; പടി. **='ū-ā-tŏr,** *n.* ക്രമപ്പെടുത്തുന്നവൻ; വിഭജനയന്ത്രം.

**Graff, Graft,** *v.t.* മരം തമ്മിൽ ഒട്ടിച്ച്ചേൎക്കുക; 2. ഉററ്ചേൎക്കുക. *v. i.* വൃക്ഷം ഒട്ടിക്കുക. *n.* ഒട്ടിക്കൽ; ഒട്ട്മരം. **-'ĕr,** *n.* ഒട്ടിക്കുന്നവൻ; ഒട്ടിപ്പാനുള്ള കൊമ്പ് മുറിച്ചെടുത്തമരം. **-'ĭng,** *n.* മരം ഒട്ടിക്കൽ.

1. **Grāin,** *n.* മണി, കരു; 2. ധാന്യം; 3. തരി; 4. നെന്മണിത്തൂക്കം (റാത്തലിന്ന് 7000); 5. ചുവപ്പ്ചായം; 6. ആര്; 7.

ആരട്ടപ്പം; 8. ഉടല്; 9. തോലിൽ രോമമുള്ള ഭാഗം; 10. *pl.* ചണ്ടി; 11. സ്വഭാവം; 12. അല്പം. **g.-field** നെല്ലണ്ടം, വയല്. **g.-leather** ഊറക്കിട്ട കതിരത്തോല്; കറുപ്പിച്ചതോല്. **g.-moth** അരിക്കൊത്തൻ. **g.-worm** അരിപ്പുഴ. **against the g.** മനമില്ലാമനസ്സോടെ. **a g. of allowance** അല്പസ്വാതന്ത്ര്യം. **g.s of paradise** ഏലത്തരി. **in g.** ഇളകാത്തചായം; സ്ഥിരം ആയ, സഹജം—. **to dye in g.** ഇളകാത്ത ചുവപ്പ് ചായം കൊട്ടുക്കുക. **to go against the g. of** വെറുക്കുക; ബുദ്ധിമുട്ടിക്കുക. *v.t.* മരത്തിന്റെ ആര് പോലെ നിറം കൊട്ടുക്കുക; 2. തരിതരിയാക്കുക; 3. തോലിന്മേൽനിന്ന് രോമം കളയുക. *v.i.* ഫലം കൊട്ടുക്കുക; 2. തരിതരിയാകുക. **grāined** (grānd), *a.* തരിഉള്ള; പരുപരുപ്പ്—; കട്ടം ചായം—. **-'ing**, *n.* കൊതക്കൽ, പല്ല്പല്ല് ആക്കൽ, പരുപരുപ്പ്—; തോല്മയം—. **-'y**, *a.* തരിതരിയായ. **gran-iv'o-rŏus**, *a.* ധാന്യഭക്ഷകമായ. **gran'ūle**, *n.* തരി, മണി, കണം, അണ. **gran'ū-lāte**, *v.t.* തരിതരിആക്കുക, മണിമണി—; മുള്ള് മുള്ള്—, പരുപരുപ്പ്—. *v.i.* തരിയാക. **gran'ū-lar, gran'ū-lar-y, gran'ū-lŏus**, *a.* തരിതരിയായ. **gran'ū-lar-ly**, *ad.* മണിയായി. **gran-ū-lā'tiŏn**, *n.* തരിയാക്കൽ; മണിപ്പിടിക്കൽ, മണിത്തിരട്ട്; അരിപ്പുണ്ണ് (*med.*).

II. **Grāin**, *n.* കൊമ്പ്, തണ്ട്, മട്ടല്; 2. *pl.* ഒര് വക ചാട്ടുളി, —കന്തം; 3. വാളലക്, കത്തിയലക്.

I. **Gram**, *n.* മുതിര, പയറ് &c. (*b.*). **cow g.** വെള്ളവര, മൊച്ചക്കൊട്ട, കപ്പലവര. **horse-g.** മുതിര. **green g.** ഉഴുന്ന്; ചെറുപയറ്, പച്ചപ്പയറ്. **white g.** വെള്ളപ്പയറ്, മൺപയറ്. **Bengal g.** കടലക്ക.

II. **Gram, Gramme** (gram), *n.* ഒര് തൂക്കം (ഏകദേശം $15\frac{1}{2}$ ഗ്രേയിൻ).

**Gram'a-rīe**, *n.* ക്ഷുദ്രപ്രയോഗം, മന്ത്രവാദം.

**Gra-mĕr'cy**, *int.* നന്നായി, നന്നായിരിക്കട്ടെ, ഗുണം വരട്ടെ.

**Gra-min-ā'ceŏus** (-ā'shus), **gra-min'e-al, gra-min'e-ŏus**, *a.* പുല്ല് സംബന്ധമായ, —പോലെയുള്ള. [ന്ന.

**Gram-in-iv'ŏ-rŏus**, *a.* പുല്ല് തിന്നു

**Gram'mar** (-mĕr), *n.* വ്യാകരണം; ശബ്ദശാസ്ത്രം; 2. ശുദ്ധഭാഷ; 3. പ്രമാണശാസ്ത്രം. **g.-school** (യവനലത്തീന വ്യാകരണങ്ങളും കൂട പഠിപ്പിക്കുന്ന) മദ്ധ്യമപാഠശാല. **=mā'ri-an**, *n.* വ്യാകരണശാസ്ത്രി, വൈയാകരണി. **=mat'ic, =mat'i-cal**, *a.* വ്യാകരണസംബന്ധമായ. **=mat'i-cal-ly**, *ad.* —പ്രകാരം. **=mat'i-cīse, =mat'i-cīze**, *v.t.* —പ്രകാരമാക്കുക. **='ma-tist**, *n.* —നാട്യക്കാരൻ.

**Gran'a-ry**, *n.* കളപ്പുര, പത്തായപ്പുര; 2. ധാന്യപുഷ്ടിയുള്ള രാജ്യം.

**Grand**, *a.* വലിയ, വിശാലം ആയ, പ്രധാനം—, മഹാ, വൻ; 2. വിശേഷം ആയ, വിശിഷ്ടം—; 3. ശ്രേഷ്ഠം—, മാഹാത്മ്യം ഉള്ള, ഔന്നത്യം—; 4. രണ്ട് കരിന്തല അകന്ന. **g.-aunt** മുത്താച്ചി. **g.-child** പേരക്കുട്ടി. **g.-cordon** മഹാപദവിചിഹ്നം; —പദവിക്കാരൻ. **g.-cross** ഇംഗ്ലാന്തിലെ ഒര് മഹാപദവി; മാടമ്പിസ്ഥാനി. **g.-daughter** പൌത്രി. **g.-days** ഇംഗ്ലാന്തിൽ കച്ചേരിയിൽ കല്പനയുള്ള ദിവസം. **g.-ducal** രാജപ്രഭുവരന്നുള്ള. **g.-duchess** നാട് വാഴ്ചയുള്ള രാജപ്രഭുവര പത്നി, —സ്ത്രീ; റഷ്യാചക്രവത്തികമാരി. **g.-duke** നാട് വാഴ്ചയുള്ള രാജപ്രഭുപ്രവരൻ; റഷ്യാചക്രവത്തികമാരൻ. **g.-father, g.-pa, g.-papa, g.-sire** മുത്തച്ഛൻ, അച്ചാച്ചൻ, വലിയച്ഛൻ, പിതാമഹൻ. **g.-jury** മഹാപഞ്ചായം, —'ജൂരി'. **g.-mother, g.-ma, g.-mamma** മുത്തച്ചി, മുത്താച്ചി, അമ്മാമ, വലിയമ്മ, അച്ഛമ്മ. **g.-nephew** സഹോദരപൌത്രൻ, സഹോദരി—. **g.-niece** സഹോദരപൌത്രി, സഹോദരി—. **g.-son** പൌത്രൻ. **g.-stand** മുഖ്യസ്ഥാനം. **g.-uncle** മുത്തച്ഛൻ, വലിയമ്മാമൻ. **g.-vizier** പ്രധാനമന്ത്രി. **=dam**, *n.* കിഴവി, മുത്താച്ചി. **=dēe'**, *n.* മഹാൻ, പ്രഭു. **=dēe'ship**, *n.* പ്രഭുത്വം. **-'eur** (-yĕr *or*

-yur), -'ness, *n.* മേന്മ, മഹത്വം, ശ്രേഷ്ഠത, വൈശിഷ്ട്യം, വൈഭവം. -if'ic, *a.* മഹത്വം വരുത്തുന്ന. =dil'ō-quence (-kwens), *n.* പെരിമവാക്ക്, ഉയൎന്നഭാഷ. -'i-ōse, *a.* ഗൌരവം ഉള്ള, ഗാംഭീൎയ്യം—, മനോഹരമായ; പെരിമനാട്യമുള്ള. -i-os'i-ty, *n.* ഗൌരവശോഭ. -'ly, *ad.* വിശേഷമായി.

Grānġe, *n.* കൃഷിക്കാരന്റെ ഭവനം, കളം; 2. കൃഷിഭൂമി.

Gran'ite, *n.* കരിങ്കല്ല്, കൃഷ്ണശില. =nit'ic, =nit'i-cal, *a.* കരിങ്കല്ല് ആയ, —ഉള്ള.

Gran'ny, *n.* മുത്താച്ചി; കിഴവി.

Grant, *v. t.* കൊടുക്കുക, തരിക, നല്കുക, സമ്മതിച്ച് കൊടുക്കുക, ഏല്പിച്ച്—; 2. ദാനം—, സമ്മാനം—; 3. സമ്മതിക്കുക, അനുവദിക്കുക. *n.* സമ്മതം, അനുവാദം; 2. ദാനം; 3. വാദസമ്മതം; 4. തീര്; കൌള് (*l.*). -'a-ble, *a.* നല്കത്തക്ക. -tēe', *n.* കിട്ടിയവൻ (*l.*). -ĕr, -ŏr, *n.* കൊടുക്കുന്നവൻ.

Gran'ūle *etc.*, *s.u.* Grain.

Grāpe, *n.* മുന്തിരിങ്ങ, മുന്തിരിപ്പഴം, ദ്രാക്ഷാ (*b.*); 2. മുന്തിരിവള്ളി (*b.*); 3. പീരങ്കിച്ചില്ല്. g.-stone മുന്തിരിക്കുരു. sour g.s കിട്ടാൻ കഴിയാത്തത് സാരമില്ലെന്ന് വെക്കുന്ന ഭാവം. g.-vine മുന്തിരിവള്ളി. ='pĕr-y, *n.* മുന്തിരിത്തോട്ടം. grā'py, *a.* മുന്തിരിപ്പഴം ഉള്ള, മുന്തിരിപ്പഴം പോലെ—.

Graph, *suf.* എഴുത്ത്, ലേഖ, രേഖ; ലേഖനം; ലേഖകൻ. -'y, *suf.* എഴുത്ത്; വിവരണം, ഗ്രന്ഥം. -'ic, -'i-cal, *a.* ചിത്രമെഴുത്ത് സംബന്ധമായ; എഴുത്ത്—; എഴുതിയ; വരച്ച; കൊത്തിയ; സ്പഷ്ടം ആയ, വൎണ്ണിതം—; വൎണ്ണനാവൈഭവമുള്ള. -'i-cal-ly, *ad.* വിവരമായി. -i'c-ness, -'i-cal-ness, *n.* വൎണ്ണന. -'ics, *n.* ചിത്രവിദ്യ, —ശാസ്ത്രം. -ol'o-ġy, *n.* ലിഖിത ലക്ഷണവിദ്യ.

Grap'nel, Grap'līne, *n.* ചെറിയ നങ്കൂരം. *also* Crapnel.

Grap'ple, *v. t.* പിടിക്കുക; 2. കൊളുത്തുക, ഉറപ്പ് ചേൎക്കുക. *v. i.* കെട്ടിപ്പിടിക്കുക, പൊ(കൊ)ത്തിപ്പിടിക്കുക, ഊപ്പടങ്ങെ പിടിക്കുക; പിടികൂടുക. to g. with ധീരതയോടെ പൊരുതുക, —എതിൎക്കുക. *n.* പിടിത്തം, കെട്ടിപ്പിടിത്തം; 2. കൊക്ക, കൊളുത്ത്. ='pling, *n.* മുറുക്കിപ്പിടിത്തം; പിടിത്തം, പോരാട്ടം; നങ്കൂരം. g.g-iron ഇരിമ്പ് കൊക്ക.

Grasp, *v. t.* മുറുക്കിപ്പിടിക്കുക, പിടിക്കുക; വശം ആക്കുക; 2. മനസ്സിൽ—, ഗ്രഹിക്കുക. *v. i.* പിടികൂടുക; പോരാടുക. to g. at പിടിപ്പാൻ ശ്രമിക്കുക. *n.* പിടിത്തം; ആശ്ലേഷം; 2. എത്താത്തത്; 3. വശം, ആധീനം; 4. ഗ്രഹണശക്തി; 5. വാൾപിടി; തണ്ട്—. -'a-ble, *a.* പിടിക്കാവുന്ന. -'ing, *a.* പിടിക്കുന്ന; ആലിംഗനം ചെയ്യുന്ന; ലോഭം ഉള്ള, ഈററ—. a g.g man കൃപണൻ. -'ing-ly, *ad.* ലുബ്ധ്യോടെ. -'ing-ness, *n.* പിടിത്തം; ഉദ്യോഗ്രഹം.

Grass, *n.* പുല്ല്, തൃണം; 2. മേച്ചല്; 3. വസന്തകാലം, പുഷ്പ—; 4. നിസ്സാരം, ക്ഷണികം. g.-cloth plant നാരുപ്പട്ട് ചെടി. g.-green പച്ചപ്പുല്ലുള്ള; ശുദ്ധപച്ചനിറമുള്ള. g.-grown പുല്ല് മുളച്ച് പോയ, കാട് കെട്ടിയ. g.-hoppĕr തുള്ളൻ, വെട്ട്ക്കിളി (*z.*). g.-land പുൽമാലി. g.-oil പച്ചച്ചായതൈലം, പുല്ലെണ്ണ. g.-plot പുല്പറമ്പ്, മൈതാനം. g.-widow ഭൎത്താവെ പിരിഞ്ഞ് താമസിക്കുന്ന ഭാൎയ്യ. g.-widower ഭാൎയ്യയെ —ഭൎത്താവ്. to put to g., to put out to g. മേച്ചലിന്നിളക്കുക. *v. t.* പുൽക്കട്ട വെക്കുക; 2. വെയിലത്തിടുക, ഉണക്കുക. *v. i.* പുല്ല് മുളക്കുക. -'i-ness, *n.* —ഉള്ള സ്ഥിതി. ='sy, *a.* —ഉള്ള; —പോലെ—; പച്ചയായ.

I. Grāte, *n.* അഴി, ഇരിമ്പഴി; 2. ഇരിമ്പടുപ്പ്. *v. t.* അഴിഇടുക. =ted, *a.* —ഉള്ള. ='ting, *n.* അഴിച്ചമര്; അഴിക്കകം.

II. Grāte, *v. t.* ഉരമ്മുക, ഉരക്കുക; 2. ഉരച്ച് പൊടിയാക്കുക; 3. ആധിപിടിപ്പിക്കുക, വ്യസനം വരുത്തുക; മുഷിച്ചല്—.

to g. the teeth പല്ല് കടിക്കുക. *v. i.* കിറ് കിറുക്കുക; 2. ഉരയുക; 3. കോപം കിളൎത്തുക, മുഷിപ്പിക്കുക. ='tĕr, *n.* ഉരക്കോല്. ='ting, *a.* ഉരയുന്ന; കിറ് കിറുക്കുന്ന. *n.* കിറ് കിറുശബ്ദം. ='ting-ly, *ad.* കിറ് കിറുപ്പോടെ.

III. Grāte, *a.* ഇഷ്ടകരമായ. -'ful, *a.* നന്ദിഉള്ള, അറിവ് —, കൃതജ്ഞത—; സന്തോഷകരം ആയ, തൃപ്തികരം—, രുചികരം—, സുഖകരം—. -'ful-ly, *ad.* നന്ദിയോടെ. -'ful-ness, *n.* അറിവ്, ഉപകാരസ്മരണ. grat'i-tūde, കൃതജ്ഞത, അറിവ്, നന്ദിഭാവം. grat'u-lāte, *v. t.* അഭിനന്ദിക്കുക. *a.* അഭിനന്ദിക്കത്തക്ക. grat-u-lā'tiŏn, *n.* അഭിനന്ദി, അഭിവാദ്യം. grat'ū-lā-tŏr-y, *a.* അഭിനന്ദിക്കുന്ന.

Grat'i-fȳ, *v.t.* രസം വരുത്തുക, തൃപ്തി—, പ്രസാദിപ്പിക്കുക; 2. പ്രതിഫലം കൊടുക്കുക. =fi-cā'tiŏn, *n.* തൃപ്തി, സന്തുഷ്ടി; ഇഷ്ടകരം; പ്രതിഫലം. =fīed (-fīd), *a.* പ്രസന്നം ആയ, തൃപ്തികരം—. =fī-ĕr, *n.* തൃപ്തിവരുത്തുന്നവൻ.

Grā'tis, *ad.* സൌജന്യം ആയി, ധൎമ്മം—, വെറുതെ. gra-tū'i-tŏus, *a.* സൌജന്യം ആയ, ധൎമ്മം—; യോഗ്യതയില്ലാത്ത; അനാവശ്യം ആയ, അകാരണം—, വൃഥാവിലുള്ള. gra-tū'i-tŏus-ly, *ad.* വെറുതെ, അഹേതുവായി. gra-tū'i-tŏus-ness, *n.* സൌജന്യം; നിരാധാരവാദം. gra-tū'i-ty, *n.* ദാനം, സമ്മാനം; പ്രതിഫലം; ദാനദ്രവ്യം.

I. Grāve, *v. t.* ഉരുവിന്ന് താറ് തേക്കുക, —വിളക്കണകൊടുക്കുക. grāves, *n. pl.* ചെരുവിച്ചണ്ടി. ='ving, *n.* കപ്പലടിചുരണ്ടല്. g.g-dock കപ്പല് ചുരണ്ടുന്ന ഗോതി.

II. Grāve, *a.* ഘനമുള്ള; 2. മുഖ്യംആയ; 3. ഘനഭാവം ഉള്ള, ഗൌരവം—; 4. ഗംഭീരം ആയ; മന്ദം— (*mus.*). -'ly, *ad.* ഗൌരവമായി. -'ness, *n.* ഗൌരവം, ഘനം. grav'i-ty, *n.* ഘനം; ഗുരുത്വം, ഗൌരവം; പ്രാമുഖ്യത; ഘോരത, ഉഗ്രത; ഘനാകൎഷണം (*ph.*); ഗാംഭീൎയ്യം (*mus.*). centre of g.y ഭൂവാകൎഷണകേന്ദ്രം, ഗുരുത്വ— (*ph.*). line of g.y —രേഖ (*ph.*). specific g.y വിശിഷ്ടഗുരുത്വം, ലക്ഷണ— (*ph.*). universal g.y ആകൎഷണശക്തി (*ph.*). grav'i-tāte, *v.i.* വീഴുക, ആകൎഷിതമാക; ആകൎഷണശക്തിക്കധീനമാക. gra-vi-tā'tiŏn (-shun), *n.* വീഴ്ച; കേന്ദ്രാകൎഷണം; ഘനാകൎഷണം (*ph.*). attraction of g.n, universal g.n ആകൎഷണശക്തി (*ph.*). law of g.n ആകൎഷണധൎമ്മം.

III. Grāve, *v. t.* കഴിക്കുക; 2. വരക്കുക; 3. ചെത്തിഉണ്ടാക്കുക, കൊത്തി—; 4. മനസ്സിൽ പതിക്കുക; 5. കഴിച്ചിടുക. *v.i.* കല്ലിൽ etc. കൊത്തുക; കൊത്ത് പണി ചെയ്യുക. *n.* ശവക്കുഴി, കവറ് (*M.*), ശ്മശാനസ്ഥലം; കല്ലറ; 2. മരണം, നാശം. g.-clothes ശവശീല, ശവത്തിന്റെ മുഖത്തിടുന്ന തുണി. g.-digger ശവക്കുഴി കഴിക്കുന്നവൻ. g.-stone കല്ലറക്കല്ല്, ശവക്കുഴിത്തലക്കല്ല്; സ്മാരകരേഖാശില. g.-yard ശ്മശാനഭൂമി. grā'-ven (-'vn), *a.* കൊത്തിയുണ്ടാക്കിയ. g.n image പ്രതിമ, വിഗ്രഹം. grā'vĕr, *n.* കൊത്ത് പണിക്കാരൻ; കല്ലാശാരി; കല്ലുളി, കൊത്തുളി. grā'vĕr-y, *n.* കൊത്ത് പണി. ='ving, *n.* കൊത്ത് പണി; അഭിപ്രായം.

Grav'el, *n.* ചരല്, ചരല്ക്കല്ല്; 2. കല്ലടപ്പ്, അശ്മരി; മൂത്രകൃച്ഛ്രം (*med.*). g.-powder തരിവെടിമരുന്ന്. *v.t.* ചരല് ഇടുക, —നിരത്തുക; 2. കപ്പല് കരക്ക് കയറിപ്പോക, —അടിയുക; 3. വിഷമിപ്പിക്കുക. g.-stone ചരല്, വെണ്കല്ല്. -ing, -ling, *n.* ചരലിടൽ; കരട്ടിചരല്. -ly, *a.* ചരലുള്ള.

Grā'vy, *n.* ചാറ്, രസം, 'ആണം', കറിയിലെ നീര്.

Grāy (grā), *a.* മയിലനിറം, വെണ്ണീര്—; 2. നരച്ച, വൃദ്ധനായ; 3. പ്രായമുള്ള, പക്വമായ. *n.* വെണ്ണീര്നിറം, ചാമ്പല്—, മയില—; 2. മയിലൻ. g.-back കടലേടി (*z.*); വെള്ളപ്പേൻ, ചെള്ളപ്പേൻ. g.-beard വൃദ്ധൻ. -hound, *n.* ചോണങ്കിനായി. -'ish, *a.* ഇളഞ്ചാ

മ്പൽ നിറമുള്ള. -'ness, *n.* വെണ്ണീറ് നിറം; നര.

**Grāze,** *v.t.* പുല്ല് തീററുക, മേയ്ക്കുക; തിന്നിടുക; 2. മേഞ്ഞ് തിന്നുക, പുല്ല് മേയുക; 3. കാലികളെ മേയ്ക്കുക; 4. ഉരഞ്ഞ് കൊണ്ട് പോക. *v. i.* മേയുക, പുല്ല് തിന്നുക; 2. —മുളക്കുക, —ഉണ്ടാക; 3. തൊട്ട് കൊണ്ട് പോക, ഉരഞ്ഞ്—. *n.* മേയ്ക്കൽ; 2. ഉരയൽ. **grā'zĕr,** *n.* മേയുന്നത്, കാലി. ='**ziĕr** (-zhĕr), *n.* കാലികളെ പോററിവില്ക്കുന്നവൻ. ='**ziṅg,** *n.* മേയ്ക്കൽ; മേയൽ; പുൽമാലി.

**Grēase** (grēs), *n.* കൊഴുപ്പ്, ചെരുവി, നെയി. *v.t.* ചെരുവിഇടുക; എണ്ണകൊട്ടുക്കുക; 2. കയ്ക്കൂലി—; 3. ചതിക്കുക. **to g. in the hand** കയ്ക്കൂലിയാൽ വശത്താക്കുക. ='**si-ly,** *ad.* മെഴുക്കോടെ; അസഭ്യം ആയി, നീചം—. ='**si-ness,** *n.* വഴുവഴുപ്പ്; മെഴുക്ക്; നീചഭാവം. ='**sy,** *a.* കൊഴുപ്പ് ഉള്ള, നെയ്—, എണ്ണപ്പശ—; മെഴുക്ക് പിരണ്ട; മിനുക്കം ഉള്ള; പുഷ്ടി—; നീചം ആയ, അസഭ്യം—.

**Greāt** (grāt), *a.* വലിയ, വിശാലമായ, മഹാ, വൻ; 2. അനേകം, വളരെ, ഇശ്ശി; 3. ദീർഘകാലം, അധികനേരം, ചിരം; 4. ശ്രേഷ്ഠം ആയ, വിശിഷ്ടം—, മനോഹരം—; 5. മാഹാത്മ്യം ഉള്ള, വമ്പ്—, വൈഭവം—; 6. മുഖ്യം ആയ, വിശ്രുതം—, പ്രമാണം—; 7. ഔന്നത്യം ഉള്ള; 8. ഗൌരവം—, ഘനം—; 9. ഗർഭം—; 10. കണക്കിലേറത്തിയ, ധാരാളം—; 11. ഒര് തലമുറഅകന്ന: **g.-grand-father** പിതാമഹൻ; **g.-great-grand-father** പിതൃപിതാമഹൻ; **g.-grand-mother** മുത്തച്ചിയുടെ അമ്മ, മുത്മുത്തച്ചി **g.-grand-son** പ്രപൌത്രൻ. **g.-bear** സപ്തർഷികൾ (*as.*). **g.-bellied** കുംഭ ഉള്ള; ഗർഭം—. **g.-cattle** കന്ന് കാലി. **g. charter** മഹാരേഖ, സ്വാതന്ത്ര്യപത്രിക. **g.-coat** മേല്ക്കുപ്പായം. **g.-hearted** ഔദാര്യമനസ്സുള്ള. **the g. lakes** ഉത്തരാമേരിക്കയിലെ പഞ്ചസരസ്സുകൾ. **the g. powers** ഇംഗ്ലാന്ത് ഫ്രാൻസ് ജെർമ്മനി ഔസ്ത്ര്യ റുഷ്യ ഇററലി കോയ്മകൾ. **g. sea** മദ്ധ്യതരന്ന്യാഴി. **g. seal** രാജ്യമുദ്ര; —മുദ്രാമന്ത്രി. **the g.** മഹാനായ. **the g. spirit** ഇന്ത്യാനരുടെ മുഖ്യദേവത. **to be g.** (with one) ഇഷ്ടം ആയിരിക്കുക, ഉററപരിചയം—. *n.* ആകപ്പാടെ, ഒട്ട്, മുഴുവനും. -'**en,** *v.t.* വലുതാക്കുക; വണ്ണം വെപ്പിക്കുക, വിസ്തീർണ്ണമാക്കുക; ഉന്നതി വരുത്തുക, മഹത്വം—. *v.i.* വലുതാക. -'**ly,** *ad.* അനവധി, വളരെ; മഹിമയോടെ; ഔദാര്യത്തോടെ; യോഗ്യമായി. -'**ness,** *n.* വലിപ്പം, മഹത്വം, മാഹാത്മ്യം; പെരിമ, ഗർവ്വം.

**Grēaves** (grēvs), *n. pl.* പാദകവചം.

**Grē'cian,** *a.*, *s. u.* **Greek.**

**Grēed,** *n.* ആർത്തി, അത്യാശ, കൊതി, മോഹം. ='**di-ly,** *ad.* അത്യാർത്തിയോടെ. ='**di-ness,** *n.* നണ; അതിമോഹം, ഇച്ഛാതുരം. ='**dy,** *a.* (of) വിശപ്പ് ഉള്ള, പൈദാഹം—; ബുഭുക്ഷ—, പെരുങ്കൊതി—; ലോഭം—. **g.y gut** കടലൻ, വയറൻ.

**Grēek,** *a.* യവനരാജ്യസംബന്ധമായ. **G. fire** വെള്ളത്തിൽ കത്തുന്ന കരിമരുന്ന്. *n.* യവനൻ; 2. യവനഭാഷ; 3. ചതിയൻ, പിരട്ടി; 4. മനസ്സിലാകാത്തത്: **it was all G. to me** എനിക്ക് ഒന്നും മനസ്സിലായില്ല. -'**liṅg,** *n.* മാനം കറഞ്ഞവൻ. **Grē'cian** (-shan), *a.* യവനരാജ്യസംബന്ധമായ. **G.-bend** സ്ത്രീകളുടെ നെഞ്ഞുന്തിനടത്തം. *n.* ഗ്രേക്കൻ; യവനഭാഷാപണ്ഡിതൻ.

**Grēen,** *a.* പച്ചനിറം ഉള്ള; 2. വിളപ്പ് —, പിത്തഹരായ—; 3. പുതിയ, വീര്യം ഉള്ള, ഊക്ക് —; 4. പച്ച, പഴക്കാത്ത; ചള്ള്; 5. വേവിക്കാത്ത; 6. പ്രായം കറഞ്ഞ; പരിചയം—; 7. ഉണക്കം ചെല്ലാത്ത, പച്ചവിടാത്ത. **g.-eyed** പിത്തകാമലക്കണ്ണ് ഉള്ള; വൈരാഗ്യ—. **g.-grocer** തക്കാരിവില്ക്കുന്നവൻ. **g.-hand** ശീലമില്ലാത്തവൻ. **g.-horn** പൊട്ടൻ, പൊണ്ണൻ. **g.-house** ലതാഗൃഹം. **g.-room** അണിയറ. **g. sea** കപ്പലിലടിച്ച് കയറുന്നതിര. **g.-sickness** പിത്തകാമല. **g.-stall** പച്ചക്കറിപ്പീടിക. **g.-sward** പുല്ലുള്ളനിലം. **g. vitriol**

ഈരൊക്കാസ്, അന്നഭേലി. **g.-wood** കാട്. *n.* പച്ചവൎണ്ണം; 2. പുൽമാലി, പുലം, മൈതാനം; 3. *pl.* കരുത്തോല; കരുന്ന്, തളിര്; 4. *pl.* ചീര. *v.t.* പച്ചളിപ്പിക്കുക. *v.i.* പച്ചളിക്കുക. **-'ĕr-y,** *n.* ലതകൾ. **-'head, -'hood,** *n.* പച്ചളിപ്പ്; പൃക്കി. **-'ish,** *a.* ഇളമ്പച്ചനിറമുള്ള. **-'ish-ness,** *n.* —നിറം. **-'ly,** *a.* പച്ചനിറത്തിൽ; പുതുക്കം ആയി; പച്ച—; മൂപ്പെത്താതെ. **-'ness,** *n.* പച്ചനിറം; പുതുക്കം, വീൎയ്യം; മൂപ്പില്ലായ്മ; പരിചയക്കുറവ്. **grēenth,** *n.* പച്ചളിപ്പ്.

**Grēet,** *v.t.* വന്ദിക്കുക, ആചാരം പറയുക, ഉപചാരം—; 'സലാം' കൊടുക്കുക, —പറയുക, നമസ്കരിക്കുക; 2. എതിരേല്ക്കുക, കണ്ടെത്തുക; 3. ഉരിയാടുക, സംസാരിക്കുക. *v. i.* അഭിവാദ്യം ചെയ്യുക, 'സലാം'—. **-'ing,** *n.* വന്ദനം, അഭിവാദ്യം, നമസ്കാരം, 'സലാം'.

**Gre-gā'ri-ŏus,** *a.* കൂട്ടമായി സഞ്ചരിക്കുന്ന, —പാൎക്കുന്ന, സാഹവാസികമായ. **-ly,** *ad.* കൂട്ടമായി. **-ness,** *n.* സഹവാസസ്വഭാവം.

**Gre-nāde',** *n.* ചക്കുണ്ട, തീക്കുടുക്ക (*mil.*). **gren'a-diēr,** *n.* പടയാളി, പ്രത്യേക പട്ടാളക്കാരൻ.

**Grew'sŏme, Grue'sŏme** (-sum), *a.* കുരൂപം ആയ, ബീഭത്സം—.

**Grey,** *the same as* **Gray. Grey-hound,** *s. u.* **Gray.**

**Grid'dle** (grid'l), *n.* അപ്പത്തട്ട്; തവി; 2. ഇരിമ്പരിപ്പ.

**Grīde,** *v.i.* മുറിയുക, തുളയുക; ചെത്തിപ്പോക. *n.* ചെത്തൽ.

**Grid'īron** (-īrn), *n.* ഇരിമ്പട്ടപ്പ്.

**Griēf** (grēf), *n.* ആധി, ദുഃഖം, വ്യസനം; 2. കഷ്ടം, ഉപദ്രവം; 3. സുഖക്കേട്, രോഗം, വലച്ചല്. **to come to g.** നശിച്ച്പോക; അപകടം നേരിടുക. **-'ful,** *a.* മനോവേദനയുള്ള, ക്ലേശം—. **griēv'ance,** *n.* സങ്കടം, ആവലാധി; വ്യസനം, സങ്കഷ്ടം. **griēve** (grēv), *v.t.* ദുഃഖിപ്പിക്കുക, സങ്കടപ്പെടുത്തുക, വേദനപ്പെടുത്തുക; ആധിപൂണ്ടിരിക്കുക, വിചാരിച്ച് ദുഃഖിക്കുക. *v.i.* (at, for, over) വ്യസനിക്കുക, ക്ലേശിക്കുക. **griēv'ing,** *a.* ദുഃഖമുള്ള; ദുഃഖകരമായ. **griēv'ŏus,** *a.* വ്യസനകരം ആയ, ദുസ്സഹം—, ലോക്ഷകരം—; ഉഗ്രം—, ഘോരം—; ദുഃഖാനിതം—. **g.s hurt** കഠിനോപദ്രവം (*l.*). **griēv'ŏus-ly,** *ad.* വ്യസനകരമായി; ഭയങ്കരമാംവണ്ണം. **griēv'ŏus-ness,** *n.* ഗൌരവം, കാഠിന്യം.

**Grill,** *n.* ഇരിമ്പട്ടപ്പ്; 2. പൊരിച്ചത്, വരട്ടിയത്. *v.t.* വരട്ടുക; പൊരിക്കുക; വറക്കുക; 2. ഉപദ്രവിക്കുക, കഷ്ടപ്പെടുത്തുക. **=lāde',** *n.* വരട്ടൽ; വരട്ടിയത്.

**Grim,** *a.* ഉഗ്രം ആയ, ക്രൂരം—, രൂക്ഷതയുള്ള. **-'ly,** *a.* ഭീകരമായ. *ad.* ഭയങ്കരമായി, ഉഗ്രമായി. **-'ness,** *n.* കാഠിന്യം, രൂക്ഷത.

**Gri-māce',** *n.* മുഖം കോട്ടൽ, കൊഞ്ഞനം കാട്ടൽ; മുഖക്കോട്ടം. *v.i.* കൊഞ്ഞനം കാട്ടുക. **=māced** (-māst), *a.* മുഖം കോട്ടിയ, വികൃതമുഖമായ.

**Grīme,** *n.* അഴുക്ക്, ചേറ്, കരി. *v. t.* കരിപിടിപ്പിക്കുക, അഴുക്കാക്കുക. **='mi-ly,** *ad.* അഴുക്കായി. **='mi-ness,** *n.* ചേറ്, ചൊ(കൊ)ത്ത. **='my,** *a.* ചേറ്പിരണ്ട, അഴുക്കായ.

I. **Grin,** *n.* കെണി, കുടുക്ക്, വല.

II. **Grin,** *v. i.* പല്ലിളിക്കുക, മുരളുക; 2. ഇളിക്കുക. *v. t.* പല്ലിളിച്ച് ചിരിക്കുക. *n.* ഇളി, പല്ലിളിക്കൽ. **-'nĕr,** *n.* ഇളിക്കുന്നവൻ. **-'ning-ly,** *ad.* ഇളിച്ച്കൊണ്ട്.

**Grīnd,** *v.t. ir.* (**ground, ground**) അരക്കുക, പൊടിക്കുക; 2. രാവുക, അണക്കുക, ചാണപിടിക്കുക; ഉരമ്മുക; 3. പിടിച്ച്പറുക, ഭേമിച്ച്വാങ്ങുക; 4. മുക്കിഞ്ഞ്പഠിക്കുക. *v. i.* അരക്കുക, പൊടിയാക്കുക; ആസ്തിരിക്കുക; 2. പൊടിയുക; 3. മിനുങ്ങുക; 4. മൂൎച്ഛയാക; 5. ഉരയുക; 6. പാട്പെടുക, മുക്കിഞ്ഞ് പ്രവൃത്തിക്കുക. *n.* അരവ്, അണക്കൽ, ചാണപിടിക്കൽ; 2. അദ്ധ്വാനം; 3. മുക്കിഞ്ഞ് പഠിക്കുന്നവൻ. **g.-stone** ചാണ

കല്ലു്, കടച്ചക്കല്ലു്. to hold, to put *or* to bring one's nose to the g.-stone ഉപദ്രവിക്കുക, താഴ്ത്തിവെക്കുക. -'ed, *a.* പൊടിയായ. -'ĕr, *n.* പൊടിക്കുന്നവൻ; അമ്മി; ആസ്; അണപ്പല്ലു്, അണ്ണിയിലെ പല്ലു് (*an.*). -'ĕr-y, *n.* തോൽപണിയായുധങ്ങൾ. -'ing, *a.* പൊടിക്കുന്ന; അണക്കുന്ന. *n.* പൊടിക്കൽ; അണക്കൽ. g.g-mill ആസ്; ചാണക്കല്ലു്. -'ing-ly, *ad.* അരച്ചുകൊണ്ടു്.

I. **Grip**, *n.* ചാലു്. *v. t.* ചാലു് കീറുക.

II. **Grip**, *n.* മുറുക്കിപ്പിടിത്തം, മുറുക്കം; 2. കൈപിടിക്കൽ; 3. പിടി; 4. കൊടിൽ. *v. t.* മുറുക്കിപ്പിടിക്കുക. grīpe, *v. t.* പിടിക്കുക, അമർത്തുക; കെട്ടിപ്പിടിക്കുക, ആലിംഗനം ചെയ്യു; നുള്ളുക; വേദനപ്പെടുത്തുക; വയറ്റുകടി ഉണ്ടാക്കുക. *v. i.* പിടിക്കുക; നുള്ളുക; വയറ്റുകടിയുണ്ടാക. *n.* പിടിത്തം, മുറുക്കം; പിടി; ഷേമം, ഞെരുക്കം; വയറ്റുകടി, —വേദന, ശൂല—. g. of poverty ദാരിദ്ര്യദുഃഖം. g.-penny ഈററപ്പിശുക്കൻ. gripe'ful, *a.* പിടിച്ചുപറിയുള്ള, ഞെരുക്കം ചെയ്യുന്ന. ='ping-ly, *ad.* ബലാല്ക്കാരത്തോടെ; വയറ്റുകടിയോടെ.

**Gris'ly**, *a.* ഭയങ്കരം ആയ, ഉഗ്രം—. =li-ness, *n.* ഭയങ്കരത്വം, ഉഗ്രത.

**Grist**, *n.* പൊടിച്ചധാന്യം, മാവു്; പൊടിപ്പാൻ കൊണ്ടുവന്നധാന്യം; 2. സംഭാരങ്ങൾ, ഭക്ഷണസാധനം; 3. ഇഴയുടെവണ്ണം. g.-mill തിരികല്ലു്. all is g. that comes to his mill അവൻ തൊട്ടതൊക്കയും ലാഭം. to bring g. to the mill ആദായമുണ്ടാക്കുക.

**Gris'tle** (gris'l), *n.* ഉപാസ്ഥി, ക്രച്ഛം (*an.*). =tly (-li), *a.* ഉപാസ്ഥിയായ.

**Grit**, *n.* മണലു്, ചരലു്; 2. മാവിൻെറ തരി; 3. *pl.* ധാന്യനുറുക്കു്, പാറലു്; 4. ക്രട്ടു്, അണുച്ചേച്ച, ആരട്ടപ്പം; 5. സ്ഥൈര്യം, ധിരത. *v. i.* കിറുകിറുക്കുക, ഉരയുക. *v. t.* ഉരമ്മുക, അരക്കുക. -'ti-ness, *n.* അണുച്ചേച്ച, പൊരിപ്പില്ലായ്മ. -'ty, *a.* തരിഉള്ള; ധൈര്യം—, പിൻവാങ്ങാത്ത.

**Griz'zle** (griz'l), *n.* വെണ്ണീറ്റുനിറം, ചാമ്പലു്—. =zled (-ld), *a.* —നിറം ഉള്ള, വെളുപ്പും കറുപ്പും കലൎന്ന. ='zly (-li), *a.* വെണ്ണീറു് നിറമുള്ള.

**Grōan** (grōn), *v. i.* ഞരങ്ങുക; 2. ഉററു് ശ്രമിക്കുക. *v. t.* ഞരക്കത്താൽ അലിവു് തോന്നിക്കുക. *n.* ഞരക്കം; വിമ്മിഷ്ടസ്വരം. -'ful, *a.* വേദനഉള്ള, കഷ്ടം—.

**Groat**, *n.* എട്ടുപൈസക്കുള്ള ഒരു പുരാതന വെള്ളിനാണ്യം; 2. ചില്ലറപ്പൈസ.

**Grō'cĕr**, *n.* ചില്ലറക്കച്ചവടക്കാരൻ. -y, *n.* കാപ്പി ചായ പഞ്ചസാര മുതലായ സാമാനങ്ങൾ.

**Groff**, *a.* നിലത്തു് വീണു് കിടക്കുന്ന, [നീചമായ.

**Grog**, *n.* ചാരായം, റാക്കു്, മദ്യം. g.-blossom കടിയാലുള്ള മുഖച്ചുവപ്പു്, ചെക്കിരിക്കണ്ണു്. g.-shop റാക്കു് പീടിക. -'gĕr-y, *n.* ചാരായക്കട. -'gi-ness, *n.* അമലു്, ലഹരി. -'gy, *a.* കടിച്ചു് ചാഞ്ചാടുന്ന, മത്തനായ.

**Groin**, *n.* ഊര, അര (*an.*).

**Groom**, *n.* ചെറുക്കൻ, ബാല്യക്കാരൻ; പണിക്കാരൻ; 2. കുതിരക്കാരൻ; 3. കോവിലകഭൃത്യൻ; 4. മണവാളൻ, പുതിയ ചെറുക്കൻ, —മാപ്പിള. *v. t.* അശ്വപാലനം ചെയ്യു, കുതിരപ്പണിഎടുക്കുക. groom's man, *n.* തോഴൻ, തോഴമക്കാരൻ (*S.*), ചങ്ങാതി (*N.*).

**Groove**, *n.* ആണി, ചാലു്; 2. ജീവനസമ്പ്രദായം, ദിനചര്യം, നിത്യത്തൊഴിലു്. *v. t.* ആണികീറുക. groov'ing, *n.* ചാലു് കീറൽ; ചാലു്.

**Grōpe**, *v. i.* തപ്പുക; 2. തപ്പിനോക്കുക, —നടക്കുക. *v. t.* തപ്പി—, പരതി—; ='pĕr, *n.* തപ്പിനടക്കുന്നവൻ. ='ping-ly, *ad.* തപ്പിത്തപ്പി.

**Grōss** (grōs), *a.* തടിച്ച, വണ്ണംഉള്ള, വലിയ; 2. പരുക്കനായ, പരുപരുപ്പുള്ള; 3. മന്ദബുദ്ധിയായ, ചുണകെട്ട; 4. നീചം ആയ, അസഭ്യം—, ആഭാസം—; 5. സ്ഥൂലം—, തടിപ്പുള്ള; 6. കാൎയ്യം ആയ, കഠിനം—; ഘോരം—, പ്രത്യക്ഷം—; 7. ആക

പ്പാടെ ഉള്ള, ഒട്ടാകെ—, മൊത്തമായ. g. adventure കപ്പൽപ്പണയകടം. g. average —നഷ്ടവീതം. g.-headed മണ്ടത്തലയൻ ആയ, മന്ദബുദ്ധി—. g. receipts മൊത്തവരവ്, ചിലവ് കിഴിക്കാത്ത—. g. weight മൊത്തഘനം. *n.* മുഖ്യഭാഗം; *s.* &. *pl.* പന്ത്രണ്ട് 'ഡജൻ', നൂററിനാല്പത്ത് നാല് എണ്ണം. a great g. 144 ഡജൻ. by the g. വകപ്പടിയായി. in the g., in g. ആകപ്പാടെ, എല്ലാം കൂടി. =si-fi-cā'tiŏn, *n.* തടിപ്പാക്കൽ; തടിപ്പ്. -'ly, *ad.* അധികം ആയി; പരുക്കൻ—; മാനമര്യാദഇല്ലാതെ, നാണക്കേടായി, വഷളായി.

**Grot, Grot'tō,** *n.* ഗുഹ, ഗഹ്വരം; അറ, നിലയറ.

**Grō-tesque'** (-tesk'), *a.* വിരൂപം ആയ, അവലക്ഷണം—; വികൃതം—; അപൂർവ്വം—, അതിശയരൂപമുള്ള; തോന്നിയവാസമായ. *n.* ഹാസ്യകരരൂപം; കുരൂപം; 2. ശിലാരേഖ. -ly, *ad.* വിലക്ഷണമായി. -ness, *n.* വൈരൂപ്യം, അപൂർവ്വതപം.

I. **Ground,** *p. t.* & *p. p. of* Grind.

II. **Ground,** *n.* നിലം, മണ്ണ്; 2. ഭൂതലം, ഭൂമി; 3. പ്രദേശം, രാജ്യം, സ്ഥലം; 4. നിലം പറമ്പ്, വസ്തുവക; 5. *pl.* പറമ്പ്, തൊടിക, പുരയിടം; 6. അടിസ്ഥാനം, ആധാരം, പ്രമാണം, കാരണം; 7. പടം; 8. *pl.* ഊറല്, മട്ട്, കല്ക്കം. g.-angling കയററ് ചൂണ്ടല്. g.-chamber, g.-room അടിത്തട്ട് മുറി. g.-floor, g.-story അടിത്തട്ട്, താഴത്തെനില. g.-form പ്രകൃതി (*gr.*). g.-game വേട്ടമൃഗം. g.-ice വെള്ളത്തിന്നടിയിലെ കട്ടി. g.-mail ശ്മശാനവരി, ശവക്കുഴിപ്പണം. g.-nut വേർക്കടല, നിലക്കടല (*b.*). g.-plan നിലപടം. g.-plot അടിസ്ഥാനം, തറ. g.-rent കടിയിരിപ്പ്, കാരായ്മ. g.-sea, g.-swell തിരപ്പൊക്കം. g.-substance മൂലപദാർത്ഥം (*an.*). g.-tier അടിയിലെ അട്ടി. g.-work അസ്തിവാരം, തറക്കെട്ട്. to bite the g. നിലത്ത് വീഴുക. to break the g. ഉഴുക, കാലിവെക്കുക. to come to the g., to fall to the g. നിഷ്ഫലമായ്പ്പോക, കാര്യം പററാതെപോക. to gain g. മുമ്പോട്ട്—, ജയിക്കുക; സ്വാധീനം വൎദ്ധിക്കുക, ബഹുമാനം—. to get g., to gather g. വൎദ്ധിക്കുക. to give g. പിൻവാങ്ങുക. to lose g. പിൻവാങ്ങുക; ക്ഷയിക്കുക, തോല്ക്കുക. to stand one's g. നിലക്ക് നില്ക്കുക; എതിർത്ത്—, തട്ടത്ത്—. to take the g. കപ്പൽ ഉറച്ച് പോക. *v. t.* നിലത്ത് വെക്കുക; 2. താഴത്ത് തട്ടുക; 3. ഉറപ്പിക്കുക, അടിസ്ഥാനപ്പെടുത്തുക; 4. ആദ്യപാഠം പഠിപ്പിക്കുക; 5. പൊതിയുക. *v. i.* കരക്ക് കയറുക, ഉറച്ച് പോക. -'āġe, *n.* നങ്കൂരപ്പണം. -'ed-ly, *ad.* സ്ഥിരമായി, ഉറപ്പായി. -'iṅg, *n.* തറകെട്ടൽ; ആദ്യപാഠം. -'less, *a.* ആധാരമില്ലാത്ത, കള്ള. -'less-ly, *ad.* അകാരണമായി.

**Grōup** (grup), *n.* കൂട്ടം, സഞ്ചയം, സംഘം; 2. തരം, വൎഗ്ഗം. *v. t.* കൂട്ടുക, ഒന്നിച്ച് ചേൎക്കുക.

**Grouse,** *n. s.* & *pl.* ഒര് വക കളക്കോഴി (*z.*). *v. i.* കളക്കോഴി വേട്ടയാടുക.

**Grout,** *n.* തരി, മാവ്; 2. ഒര് വക മദ്യം; 3. മട്ട്, ഊറല്; 4. തരിക്കുമ്മായം; 5. മിനുസക്കുമ്മായം. *v. t.* മിനുസക്കുമ്മായം ഇടുക. -y, *a.* കടിച്ചെത്തുന്ന, ശുണ്ഠിയായ.

**Grōve,** *n.* മരക്കൂട്ടം, തോപ്പ്, തോട്ടം. grov'y, *a.* മരക്കൂട്ടത്തിൽ ഉള്ള, തോപ്പ് പോലെ—; തോപ്പിൽ സഞ്ചരിക്കുന്ന.

**Grov'el,** *v. i.* ഇഴയുക, കവിണ്ണ് വീഴുക, സാഷ്ടാംഗം—, താഴുക; 2. ആഭാസതപം കാട്ടുക. -ĕr, -lĕr, *n.* ജളൻ, ഇളിഭ്യൻ. -iṅg, -liṅg, *a.* നിരങ്ങുന്ന; അധമം ആയ, നീചം—.

**Grōw** (grō), *v. i. ir.* (grew *pr.* grụ, grown *pr.* grōn) വളരുക, ഊൎക്കുക, വായ്ക്കുക; 2. വൎദ്ധിക്കുക, പെരുകുക, അധികമാക; അതിക്രമിച്ച് വരിക; 3. വിളയുക, ഉണ്ടാക; 4. ആയ്തീരുക; 5. ഉറച്ച് പോക. g.n over കാട് കെട്ടിയ, —മൂടിയ. to g. out of മുളച്ച് വരിക,

പൊട്ടി—. to g. up പ്രായം തികയുക, —എത്തുക. to g. up, to g. together തുന്ന് വരിക. to g. old പ്രായം ചെല്ലുക, വയസ്സനാക. to g. into ആയ്തീരുക. to g. on അണഞ്ഞ് വരിക. to g. short കുറഞ്ഞ്—. *v.t.* വളൎത്തുക, നട്ടുണ്ടാക്കുക, കൃഷിചെയ്യുക. -'a-ble, *a.* നട്ടുണ്ടാക്കാവുന്ന. -'ĕr, *n.* കൃഷിക്കാരൻ, നട്ടുണ്ടാക്കുന്നവൻ; വളരുന്നത്. grōwth, *n.* വളൎച്ച, വൃദ്ധി, വൎദ്ധന; മുതിൎച്ച, പെരുകൽ; ആധിക്യം; പ്രാബല്യം; ഉല്പന്നം; ഫലം. grōwth'ful, *a.* വളൎച്ചയുള്ള.

Growl, *v.i.* മൂളുക, മുരളുക. *v.t.* മുരളിപ്പറയുക. *n.* മുരൾച്ച. -'ĕr, *n.* മുരളുന്നവൻ; ഒരു വക നാലുരുളു വണ്ടി.

Grub, *v. i.* കിളെക്കുക, കുഴിക്കുക; 2. കണ്ടെപ്പണി എടുക്കുക. *v. t.* (up) പൊരിച്ച് നീക്കുക, കൊത്തിപ്പൊരിക്കുക; 2. ഊണ് കൊടുക്കുക, ഭക്ഷണം—. *n.* കള്ളൻ; 2. ഊണ്, ഭക്ഷണം, കഞ്ഞി. g.-ax, g.-axe കൊക്കോട്ട്. g.-hoe വലിയ കൈക്കോട്ട്. g.-street സാരമില്ലാത്ത പുസ്തകങ്ങൾ. -'by, *a.* മണ്ണ് പിരണ്ട; വൃത്തിയില്ലാത്ത.

Grudġe (gruj), *v. t.* മോഹിക്കുക, കാംക്ഷിക്കുക; 2. അസൂയപ്പെടുക; അനിഷ്ടം തോന്നുക; 3. പിറുപിറുക്കുക, മുഷിയുക; 4. ഖേദിക്കുക; 5. മനമില്ലാമനസ്സോടെ കൊടുക്കുക, വെറുപ്പോടെ—; 6. സിദ്ധാന്തം കാട്ടുക; മത്സരം കരുതുക. *v.i.* മോഹിക്കുക; അസൂയപ്പെടുക; 2. തൃപ്തികേട് കാട്ടുക, പിറുപിറുക്കുക; ആവലാധിപറയുക; 3. ഖേദിക്കുക; 4. മനസ്സില്ലാതിരിക്കുക. *n.* അസൂയ, കാണരായ്മ; 2. സിദ്ധാന്തം, ഇന്നാങ്കം; പക; 3. രോഗലക്ഷണം. -'fụl, *a.* അസൂയഉള്ള, വേവൽ—. ='ĕr, *n.* അസൂയക്കാരൻ, അസൂയക്കുടുക്ക (*N.*). -'ing-ly, *ad.* അസൂയയോടെ, വെറുപ്പോടെ. -'ing-ness, *n.* പൊറുക്കറായ്മ, വെറുപ്പ്, മനമില്ലാമനസ്സ്.

Grụ'el, *n.* കഞ്ഞി, കൂഴ്.

Gruff, *a.* കൎക്കശഭാവമുള്ള, പരുഷ—, ശുണ്ഠിആയ; 2. ഗംഭീരം—. -'ly, *ad.* രൂക്ഷതയോടെ. -'ness, *n.* പാരുഷ്യം, ഉഗ്രത; ഗംഭീരം.

Grum, *a.* മുഷിഞ്ഞമുഖം ഉള്ള, വെറുമുഖം—; 2. മുഴക്കം ഉള്ള. -'ble, *v. i.* പിറുപിറുക്കുക, മുറുമുറുക്കുക; മുരളുക; മുഴങ്ങുക. *v.t.* പിറുപിറുപ്പോടെ പറയുക. *n.* കൎക്കശതരം; പിറുപിറുപ്പ്, തൃപ്തികേട്. -'blĕr, *n.* പിറുപിറുപ്പുകാരൻ. -'bling-ly, *ad.* മുറുമുറുപ്പോടെ. -'ly, *ad.* കൎക്കശഭാവത്തോടെ.

Grụme, *n.* കഴമ്പ്, കട്ട. ='mŏus, *a.* കഴങ്ങനെയുള്ള, കട്ടയായ. ='mŏus-ness, *n.* കഴമ്പ് പാകം.

Grum'py, *a.* തൃപ്തിയില്ലാത്ത, വെറുപ്പുള്ള. ='pi-ly, *ad.* വെറുപ്പോടെ.

Grunt, *v. i.* കുറുട്ടുക; തൊണ്ടയിൽനിന്ന് ശബ്ദം പുറപ്പെടുവിക്കുക. -'ing ox യാക്ക് എന്ന മൃഗം (*z.*). *n.* കുറുട്ടൽ. -'ĕr, *n.* കുറുട്ടുന്നജന്തു, പന്നി. -'ing-ly, *ad.* കുറുട്ടലോടെ. -'ling, *n.* പന്നിക്കുട്ടി.

Guä'na (gwä'na), *n.* ഉടുമ്പ് (*z.*).

Gụ-ä'nō, *n.* പക്ഷിക്കാഷ്ഠവളം.

Guar'an-tēe, =ty (gar-), *n.* ജാമ്യം, ആള്, ഉറപ്പ്. *v.t.* ജാമ്യം നില്ക്കുക, ആളായി—, ഉത്തരവാദം ചെയ്ക. -tēe, -tŏr, *n.* ജാമ്യൻ, ഉത്തരവാദി.

Guärd (gärd), *v.t.* കാക്കുക, സൂക്ഷിക്കുക, രക്ഷിക്കുക, പാലിക്കുക; 2. കാവല് ചെയ്യുക, പാറാവ്—; 3. തൊങ്ങൽവെക്കുക, കര—. *v. i.* കരുതലോടെ ഇരിക്കുക, സൂക്ഷ്മത്തോടെ—. *n.* കാവല്, രക്ഷ; 2. കാവല്ക്കാര്, പാറാവ്; 3. തീവണ്ടിപാലകൻ; 4. വാൾപിടി; 5. തൊങ്ങല്; 6. ഘടികാരച്ചങ്ങല; 7. ആൾമറ, അഴി—, കൈപ്പിടി; 8. തടുക്കൽ; 9. ചരതവാക്ക്; 10. സൂക്ഷ്മം, കരുതൽ. advanced g., van-g. മുൻപട, സേനാഗ്രം. body-g., life-g. മെയ്ക്കാവൽ സൈന്യം. coast-g. ചുങ്കക്കാവൽ—. g.-boat കാവത്തോണി. g.-chamber, g.-room കാവലറ. g.-detail പാറാവ് കാര്. g.-duty —പ്രവൃത്തി. g.-house കാരാഗൃഹം, തുറുങ്ക്, തടവ്മുറി. g.-lock അണച്ചിപ്പ്. g. of honor അകമ്പടി. g.-ship കാവക്ക

ല്പ്. off one's g. ഓക്കാത്തസമയം, സൂക്ഷിക്കാത്ത—. on g. കാവൽ ചെയ്യു മ്പോൾ, പാറാവ് പ്രവൃത്തിയിൽ. on one's g. സൂക്ഷ്മത്തോടെ ഇരിക്കുമ്പോൾ, കരുതി—. to mount g. പാറാവ് നില്ക്കുക. to run the g. അനുവാദം കൂടാതെ കാവലതിര് കടക്കുക. -'a-ble, *a.* സൂക്ഷിക്കാവുന്ന, കാത്ത് രക്ഷിക്കാവുന്ന. -'ed, *a.* മുങ്കരുതൽഉള്ള, സൂക്ഷ്മം—. -'ed-ly, *ad.* ചരതത്തോടെ. -'ed-ness, *n.* സൂക്ഷ്മം. -'en-āġe, *n.* രക്ഷാകർത്തൃത്വം. -'i-an, *n.* പാലകൻ; രക്ഷിതാവ്, രക്ഷാകർത്താവ് (*l.*). *g.n ad litem* വ്യവഹാരരക്ഷാകർത്താവ് (*l.*). *a.* പരിപാലനം ചെയ്യുന്ന, കാക്കുന്ന. g.n angel രക്ഷാദൂതൻ; പരിപാലകൻ. g.n spirit കുലദേവത. -'i-an-ess, *n.* കാവല്ക്കാരത്തി. -'i-an-less, *a.* രക്ഷാകർത്താവില്ലാത്ത. -'i-an-ship, *n.* രക്ഷാകർത്തൃത്വം, പരിപാലകസ്ഥാനം; പരിപാലനം, കാവല്. guärds, *n. pl.* വിശിഷ്ടപടയാളികൾ. g.s-man കാവലാളി.

Guä'va (gwä'va), *n.* പേരക്കാ, കൊയ്യക്കാ (*b.*).

Gū-bĕr-na-tō'ri-al, *s.u.* Govern.

Gudġe'ŏn (guj'un), *n.* ഒര് മീൻ (*z.*); 2. പൊണ്ണൻ. *v.t.* തോല്പിക്കുക.

Guer'don (gĕr'don), *n.* പ്രതിഫലം, സമ്മാനം; പ്രതിക്രിയ. *v. t.* പ്രതിഫലം കൊടുക്കുക; പകരം ചെയ്യുക. -a-ble, *a.* പ്രതിഫലപാത്രമായ.

Guer-il'la, Guer-ril'la (gĕr-), *n.* ചില്ലറപ്പട; ക്രമംകെട്ട യുദ്ധം, ഒളി—.

Guess (ges), *v. t.* ഊഹിക്കുക; 2. സങ്കല്പിക്കുക, അനുമാനിക്കുക; 3. ഊഹത്താൽ കണ്ട് പിടിക്കുക; 4. വിചാരിച്ച് കാണുക, നിരൂപിക്കുക. *v. i.* (at, about) ഊഹിക്കുക, തോന്നുക. *n.* ഊഹം, നിനവ്, തോന്നല്, സങ്കല്പം. g.-work ഊഹപ്രവൃത്തി, ഊഹം. -'a-ble, *a.* ഊഹിക്കാവുന്ന. -'ĕr, *n.* ഊഹക്കാരൻ. -'ing-ly, *ad.* ഊഹാപോഹമായി.

Guest (gest), *n.* അതിഥി, വിരുന്ന്കാരൻ; 2. വിട്ടുതിക്കാരൻ; 3. വഴിപോക്കൻ. g.-wise അതിഥിയെ പോലെ.

Guīde (gīd), *v. t.* വഴികാട്ടുക; മുമ്പിൽ നടക്കുക; ആക്കാട്ടിയാക; 2. നടത്തുക, ഭരിക്കുക, അഭ്യസിപ്പിക്കുക. *n.* വഴികാട്ടി; പരിചാരകൻ; 2. നായകൻ, വിചാരകൻ. g.-board, g.-post വഴികാട്ടിമരം. g.-book മാർഗ്ഗദർശിനിപ്പുസ്തകം. guī'da-ble, *a.* നടത്താവുന്ന; പറഞ്ഞാൽ കേൾക്കുന്ന. guī'dāġe, *n.* വഴികാട്ടിയതിന്നുള്ള പ്രതിഫലം; നടത്തിപ്പ്, വിചാരണ. guī'dance, *n.* നടത്തൽ, പരിപാലനം, വിചാരണ.

Guī'dŏn (gī'dŏn), *n.* കൊടി, ധ്വജം.

Guild (gild), *n.* തൊഴിൽ യോഗം, —സംഘം; 2. ധർമ്മസഭ. g.-hall തൊഴിൽ യോഗമണ്ഡപം, നഗര—.

Guīle (gīl), *n.* ഉപായം, കൌശലം, ചതി. *v. t.* ചതിക്കുക, മറച്ച് വെക്കുക. -'fụl, *a.* വിളവ് ഉള്ള, വഞ്ചന—. -'fụl-ly, *ad.* ചതിവായി. -'fụl-ness, *n.* മായം, കപടം. -'less, *a.* മായമില്ലാത്ത, യഥാർത്ഥമായ. -'less-ly, *ad.* നിർമ്മായമായി. -'less-ness, *n.* പരമാർത്ഥം.

Guil'lō-tīne (gil'lō-), *n.* ശിരച്ഛേദയന്ത്രം. *v. t.* ശിരച്ഛേദം ചെയ്ക.

Guilt (gilt), *n.* കുററം, അപരാധം, ദോഷം, പാതകത്വം; പിഴ, തെററ്; 2. ശിക്ഷായോഗ്യത. g.-sick conscience കത്തുന്ന മനസ്സാക്ഷി. -'i-ly, *ad.* കുററകരമായി. -'i-ness, *n.* അപരാധത്വം. -'less, *a.* നിർദ്ദോഷിയായ; ശീലം വരാത്ത. -'less-ly, *ad.* നിർദ്ദോഷമായി. -'less-ness, *n.* നിരപരാധിത്വം. -'ty, *a.* (of) കുററം ചെയ്യു, കുററക്കാരൻആയ; ദോഷകരം—, കുററകരം—; ദോഷസൂചകം—.

Guin'ēa (gin'ē), *n.* പത്തരഉറുപ്പിക (ഇപ്പോൾ $15\frac{3}{4}$ ക.) വിലക്കുള്ള പണ്ടേത്ത ഇംഗ്ലീഷ് നാണ്യം. g.-fowl, g.-hen ശീമക്കോഴി (*z.*). g.-grains ഏലത്തരി (*b.*). g.-pig ഒര് വക ചെറുപന്നി (*z.*); നിസ്സാരൻ, വഷളൻ. g.-worm മാനുഷമാംസത്തിന്നുള്ളിൽ ഉണ്ടാകുന്ന ഒര് വക പുഴ (*z.*); കുങ്കമ്പുണ്ണ് (*med.*).

**Guise** (gīz), *n.* വഴക്കം, മൎയ്യാദ, ആചാരം; 2. വേഷം, ചമയം; ആകൃതി; 3. കപടവേഷം, വേഷധാരണം.

**Gui-tär′** (gi-tär′), *n.* വീണ, കമ്പിവാദ്യം, തംബുരു.

**Gulf**, *n.* അഗാധം, പാതാളക്കുഴി; 2. നീൎച്ചുഴി, ചുഴിപ്പ്; 3. ഉൾക്കടല് (*geog.*); 4. തൊണ്ട, ഗളനാളം (*an.*). **-′y**, *a.* ചുഴിപ്പുള്ള.

I. **Gull**, *v. t.* ചതിക്കുക, തോല്പിക്കുക, ചെണ്ടകൊട്ടിക്കുക. *n.* ചതി, ഉപായം, വിളവ് (*N.*); 2. പൊണ്ണൻ. **=′lĕr**, *n.* ചതിയൻ. **=′lĕr-y**, *n.* വഞ്ചന. **=′li-ble**, *a.* പററിക്കാവുന്ന. **=li-bil′i-ty**, *n.* ഭോഷത്വം, പൊണ്ണത്തരം.

II. **Gull**, *n.* കടല്ക്കാക്ക (*z.*). [(*an.*).

**Gul′lĕt**, *n.* ഭക്ഷണനാളം, തൊണ്ട

**Gul′ly**, *n.* നീൎച്ചാല്. *v.t.* ചാല് കീറുക.

**Gul-os′i-ty**, *n.* ബുഭുക്ഷ; ഭോജനപ്രിയം; കൊതി, നണ.

**Gulp**, *v. t.* വിഴുങ്ങുക, കട്ടങ്ങനെ ഇറക്കുക. **to g. up** തേട്ടുക; ഛൎദ്ദിക്കുക. *n.* വിഴുങ്ങല്; ഒര് വായി; 2. ഛൎദ്ദി; തേട്ടല്.

I. **Gum**, *n.* നൊണ്ണ്, ഊന് (*an.*). *v. t.* ഊൎച്ചവാൾപല്ല് രാവുക.

II. **Gum**, *n.* പശ, മരക്കറ, 'ഗോന്ത്'. *v. t.* പശതേക്കുക; പററിക്കുക. *v. t.* പശതേക്കുക; പററിക്കുക. *v. i.* കറവാരുക; പശ ആക. **-′my**, *a.* —ഉള്ള.

**Gump**, *n.* മൂഠാളൻ, അണ്ണാരപ്പൊണ്ണൻ (*N.*).

**Gump′tiŏn** (gum′shun), *n.* പ്രാപ്തി, യുക്തി, സാമൎത്ഥ്യം.

**Gun**, *n.* തോക്ക്; 2. പീരങ്കി; 3. *pl.* കൊട്ടുങ്കാററ്. **great g.** വലിയതോക്ക്; കേമൻ. **g.-barrel** തോക്ക്കുഴൽ. **g.-boat** പീരങ്കിക്കപ്പൽ, ചെറിയ പടക്കപ്പൽ. **g.-carriage** പീരങ്കിവണ്ടി. **g.-cotton** വെടിപ്പരുത്തി. **g.-fire** നിയമവെടി. **g.-flint** തോക്കിൽവെക്കുന്ന തീക്കല്ല്. **g.-lock** തോക്കിന്നകത്തെ സൂത്രം. **g.-metal** ഓട്. **g.-port** കപ്പലിൽ തോക്കിൻവായിക്ക് നേരേയുള്ള ദ്വാരം. **g.-powder** വെടിമരുന്ന്. **g.-reach** വെടിപ്പാട്. **g.-room** കപ്പലിലെ തീൻമുറി. **g.-shot** വെടിപ്പാട്; വെടിയാലുണ്ടായ. **g.-smith** തോക്കുണ്ടാക്കുന്നവൻ. **g.-stick** അച്ച്കോൽ. **g.-stock** തോക്ക്ചട്ടം. **g.-stone** വലിയ തോക്കിന്റെ ഉണ്ട. **to blow great g.s** കോളെടുക്കുക. *v.i.* വെടിയഭ്യസിക്കുക. **-′nāge**, *n.* യുദ്ധകപ്പലിലെ തോക്കുകൾ. **-′nĕr**, *n.* പീരങ്കിക്കാരൻ; കപ്പലിലെ ആയുധപ്രമാണി. **-′nĕr-y**, *n.* പ്രക്ഷേപണവിദ്യ. **-niṅg**, *n.* 'ശിക്കാറ്', നായാട്ട് വെടി.

**Gun′nel**, *see* **Gunwale.**

**Gun′ny**, *n.* രട്ട്, ചാക്ക് തുണി, 'പരദാൻ'. **g.-bag** ചാക്ക്. **g.-cloth** ചാക്ക് ശീല.

**Gun′wale** (gun′el), *n.* കപ്പപ്പാളി, തോണിപ്പാളി.

**Gur′gle**, *v.i.* കട് കട് ശബ്ദത്തോടെ ഒഴുകുക. *n.* നീരൊഴുക്കം; കട് കട് ശബ്ദം, ഇരച്ചല്.

**Gush**, *v. i.* വെള്ളം ചാടുക, ഒഴുകുക; 2. അനുചിതമായി പ്രിയം നടിക്കുക, ബുദ്ധികേടായി—; കോപ്പിരാട്ടി കാട്ടുക. *n.* ധാര, വെള്ളച്ചാട്ടം, പ്രവാഹം; 2. കോപ്പിരാട്ടി. **-′iṅg**, *a.* പ്രവഹിക്കുന്ന; ധാരാളം ഒഴുകുന്ന; കോപ്പിരാട്ടി കാട്ടുന്ന. **-′iṅg-ly**, *ad.* ധാരാളമായി; കോപ്പിരാട്ടിയോടെ.

**Gus′set**, *n.* ഉറപ്പിന്ന് ചേൎത്ത തുണിക്കഷണം; 2. ഇരിമ്പ് കെട്ട്, —പട്ട.

I. **Gust**, *n.* കാറേറാട്ടം, വിശറ്, കോള്, കൊട്ടുങ്കാററ്; 2. ക്ഷോഭം, ക്രോധം. **-′fu̥l**, **=′ty**, *a.* കോളും കാററും ഉള്ള, കാററും വിശറും—; കോപാകുലം—.

II. **Gust**, *n.* രസം, രുചി, സ്വാദ്; 2. ഇഷ്ടം, സന്തുഷ്ടി, അനുഭോഗം; 3. വാസന. **=ta-ble**, *a.* രുചികരമായ. **=tā′-tiŏn**, *n.* രുചിനോക്കൽ. **=tā-tŏr-y**, *a.* രസബോധകമായ. **-′less**, *a.* സ്വാദില്ലാത്ത, ചപ്പളായ, ചപ്പട്ട—. **gus′tō**, *n.* രുചി, രസം, വാസന.

**Gut**, *n.* നീർച്ചാല്; 2. കുടല്, *pl.* കുടല്മാല. *v. t.* കുടല് എടുക്കുക; 2. കൊള്ളയിടുക.

**Gut'ta**, *n.* (*pl.* **gut'tæ**) തുള്ളി. **g.-percha** ഒര്വക മരക്കറ, —'റബ്ബറ്'.

**Gut'tĕr**, *n.* പാത്തി; 2. ആണിച്ചാല്, ഓവ്. *v. t.* ചാലുണ്ടാക്കുക; 2. ആണിച്ചാല് കീറുക, ഓവ്—.

**Gut'tur-al**, *a.* കണ്ഠ്യമായ. *n.* കണ്ഠ്യസ്വരം; —അക്ഷരം.

**Guȳ** (gī), *n.* പ്രതിമ; 2. കോമാളി. *v. t.* കാററാക്കുക, പരിഹസിക്കുക, 'മക്കാറാക്കുക'.

**Guz'zle**, *v. i.* വല്ലാതെ കുടിക്കുക, കണക്കിലേറ മദ്യപാനം ചെയ്യുക. *v. t.* മോന്തുക. *n.* പെരുങ്കുടിയൻ. =**zlĕr**, *n.* മുരത്തകുടിയൻ.

**Ġym-nā'ṣi-um**, *n.* കളരി; 2. വിദ്യാശാല. ='**nast**, *n.* ഗുരുക്കള്; അഭ്യാസി. =**nas'tic**, =**nas'ti-cal**, *a.* ദേഹാഭ്യാസസംബന്ധമായ, വ്യായാമ—. =**nas'tics**, *n.* പയററ്, അഭ്യാസം.

**Ġyn-æ'cē-um**, **Ġyn-æ'ci-um**, *n.* [അന്തഃപുരം.

**Ġyp'sum**, *n.* ചുണ്ണാമ്പ്കല്ല്; വിലാത്തിനൂറ് (*min.*).

**Ġyp'sy**, **Ġyp'sey**, **Ġip'sy**, *n.* വിലാത്തിക്കുറവൻ; 2. 'ജിപ്സി'ഭാഷ; 3. കരിമ്പൻ (*N.*); 4. ഉപായി.

**Ġȳ'rāte** (jī'rāt), *v. i.* വട്ടം തിരിയുക, ചക്രം ചുററുക. =**rā'tiŏn**, *n.* വട്ടം തിരിയൽ, വട്ടാട്ടം. *a.* ചുറച്ചുറയായ. =**ra-tor-y**, *a.* ചക്രംചുററുന്ന.

**Ġȳte**, *a.* ബോധമില്ലാത്ത; ഭ്രാന്തുള്ള.

**Ġȳve**, **Ġīve**, *n.* കയ്യാമം; 2. ചങ്ങല. *v. t.* തോളത്തിൽ ഇടുക, ചങ്ങലക്ക്—; 2. ആമംവെക്കുക.

---

# H

**H**, ഇംഗ്ലീഷ്ഭാഷയിലെ എട്ടാമത്തെ അക്ഷരം. പേര്: 'ഏയിച്ച്'; വ്യഞ്ജനം; ഉച്ചാരണം: ഹ്, ഃ.

**Hä**, *int.* ഹാ; ഹേ; അയ്യോ; **hä hä** [ഹഹഹ.

*Hă'be-as cor'pus*, *n.* വല്ല ആളെയും ഹാജരാക്കേണമെന്ന കോടതികല്പന; ബന്ധനാന്വേഷണം (*l.*).

**Hab'ĕr-dash**, *v. i.* ചില്ലറക്കച്ചവടം ചെയ്യു. -**ĕr**, *n.* സൂചിനൂല് മുതലായത് വില്ക്കുന്നവൻ; വസ്ത്രാലങ്കാരോപകരണവ്യാപാരി. -**ĕr-y**, *n.* വസ്ത്രോപകരണക്കോപ്പ്; നിസ്സാരസാധനം.

**Ha-bĕr'ġe-ŏn**, **Hau-bĕr'ġe-ŏn**, *n.* കണ്ഠരക്ഷ; 2. മാർക്കവചം.

**Ha-bil'i-ment**, *n.* ഉടുപ്പ്; 2. *pl.* ചമയം; വേഷം. ='**la-tŏr-y**, *a.* വസ്ത്രം സംബന്ധിച്ച; —ധരിക്കുന്ന.

**Hab'it**, *n.* അവസ്ഥ; 2. പ്രകൃതി, ഗുണം, സ്വഭാവം; 3. ആചാരം, സമ്പ്രദായം, വഴക്കം; 4. ശീലം; 5. വേഷം; ചമയം. **a bad h.**, **vicious h.** ദുരഭ്യാസം, വ്യസനം. *v. t.* വസിക്കുക; 2. ചമയുക, വസ്ത്രം ധരിക്കുക, വേഷം—; 3. അഭ്യസിക്കുക. =**i-ta-ble**, *a.* നിവാസ്യമായ; ജനവാസമുള്ള. =**i-ta-ble-ness**, =**i-ta-bil'i-ty**, *n.* നിവാസ്യത്വം. =**i-ta-bly**, *ad.* വസിക്കത്തക്കവണ്ണം. -**a-cle**, *n.* പാർപ്പിടം. -**ant**, *n.* നിവാസി. =**i-tat**, *n.* വളരുന്നദിക്ക്; ഇടം. =**i-tā'tiŏn**, *n.* പാർപ്പ്; പാർപ്പവസ്ഥ; വാസസ്ഥലം, പാർപ്പിടം. =**ted**, *a.* വേഷം ധരിച്ച; വാസമുള്ള. **ha-bit'ū-al**, *a.* പരിചയിച്ചറിഞ്ഞ; വഴക്കം ആയ, സാധാരണം—, എപ്പോഴുമുള്ള. **ha-bit'ū-al-ly**, *ad.* നിത്യേന, പതിവായി. **ha-bit'ū-al-ness**, *n.* രൂഢി. **ha-bit'ū-āte**, *v. t.* ശീലിപ്പിക്കുക; പതിവ് ആക്കുക; നിവാസി—. *a.* സമ്പ്രദായം ആയ, പതിവ്—. **ha-bit-ū-ā'tiŏn**, *n.* ശീലിപ്പിക്കൽ; അഭ്യാസം. =**i-tūde**, *n.* അവസ്ഥ, സ്വഭാ

വം; ഇടവാട്; സഹവാസം; ശീലം. **ha-bit'ue**, *n.* പതിവ്കാരൻ.

I. **Hack**, *n.* തട്ടി; ചട്ടം.

II. **Hack**, *v. t.* കൊത്തിനുറുക്കുക, കൊത്തിച്ചതക്കുക; കതക്കുക; 2. വിക്കിവിക്കി പറയുക. *v. i.* ചിനക്കിക്കുരക്കുക. *n.* കൊത്ത്, കത; 2. കതക്കുന്ന ആയുധം; 3. വിക്ക്, തടസ്ഥം. **-'ĕr**, *n.* കതക്കുന്ന ആയുധം. **-'stĕr**, *n.* മൂഢൻ, കലപാതകൻ. **-'le**, *n.* ചണഞ്ചീവി; നൂല്ക്കാത്ത പട്ട്; കോഴിത്തൂവല്; *v. t.* ആഞ്ഞൊട്ടുക്കുക; ചിക്ക്തീക്കുക; പിച്ചിപ്പറിക്കുക, ഛിന്നഭിന്നമാക്കുക. **-'ly**, *a.* പരുപരുപ്പായ.

III. **Hack**, *n.* കൂലിക്കുതിര; പണിക്കുതിര; 2. കൂലിക്ക് ഉള്ള വണ്ടി; 3. കൂലിക്ക് പുസ്തകം രചിക്കുന്നവൻ; നയിപ്പ്കാരൻ. *a.* കൂലിക്ക് ഉള്ള, പണിക്ക്—. **h.-writer** കൂലിക്ക് പുസ്തകം രചിക്കുന്നവൻ. **h.-man** വണ്ടിക്കാരൻ. *v. t.* കൂലിക്ക് കൊടുക്കുക; 2. വഷളാക്കുക. *v. i.* കൂലിക്ക് നില്ക്കുക; വേശ്യാവൃത്തി ചെയ്ക; 2. കണ്ടപ്പണിയെടുക്കുക. **-'ney**, *n.* കുതിര; കൂലിക്കുതിര; കൂലിവണ്ടി; കൂലിക്ക് ചെയ്യുന്നവൻ; വേശ്യ. *a.* കൂലിക്ക് കൊടുക്കുന്ന; അധികോപയോഗമുള്ള; നീചമായ. *v. t.* അധികമായി ഉപയോഗിക്കുക; പൊതുപയോഗത്താൽ തേഞ്ഞ്പോക; പട്ടത്തരമായ്തീരുക. **h.y-man** വണ്ടി കൂലിക്ക് കൊടുക്കുന്നവൻ; കുതിര—.

**Had**, *s. u.* **Have.**

**Hā'dēs**, *n.* അധോലോകം, യമ—, പാതാളം; 2. ശവക്കുഴി.

**Hæ'ma-, Hæ'ma-to-, Hæ'mo-, He'ma**, *pf.* രക്തസംബന്ധമായ. **-tic**, *a.* രക്തമുള്ള, —സംബന്ധമായ. **-tol'o-ġy**, *n.* —ശാസ്ത്രം. **hæm'or-rhāġe** (hem'-or-rāj), *n.* —സ്രാവം, രക്തം പോകൽ (*med.*). **he-ma-to-tō'ma**, *n.* തിണപ്പ് (*med.*).

**Haft**, *n.* പിടി, കൈ, കാത്, കാല്, തള്ള, തായി; 2. വാൾപിടി, കത്തിപ്പിടി; 3. വീട്, പുര. *v. t.* പിടിയിടുക.

**Hag**, *n.* ക്ഷുദ്രക്കാരത്തി; 2. ജ്യേഷ്ഠക്കിഴവി, മൂധേവി; 3. ശൂപ്പ്ണഖ, രാക്ഷസി. *v. t.* ബുദ്ധിമുട്ടിക്കുക, വലക്കുക. **-'gard** (-gĕrd), *a.* എല്ലും തോലും ആയ, അസ്ഥിക്കൂടം—; കണ്ണ്നട്ട; അവലക്ഷണരൂപം ഉള്ള; മോട്ട്—, വഴങ്ങാത്ത. *n.* മോട്ടുള്ളജന്തു. **-'gard-ly**, *ad.* വിരൂപം ആയി, കുരൂപം—. **-'ged, -'gish**, *a.* മെലിഞ്ഞ, തോല് ചുളുങ്ങിയ. **-'gish-ly**, *ad.* ജരയോടെ.

**Hag'gle**, *v. t.* കൊത്തിത്തറിക്കുക, കൊത്തിനുറുക്കുക. *v. i.* പിശയുക, വില ചൊല്ലി വാദിക്കുക; നിസ്സാരകാൎയ്യത്തിന്ന് തക്കിക്കുക. *n.* പിശകൽ, പേയൽ. **-'glĕr**, *n.* പിശകുന്നവൻ; 'ഉല്ലാലി'.

**Ha'ġi-är-chy, Ha-ġi-oc'ra-cy**, *n.* പുരോഹിതവാഴ്ച, —കോയ്മ.

**Hag-i-og'ra-pha** (-fa), *n. pl.* ക്രിസ്ത്യാനിവേദപുസ്തകത്തിൽ പഴയനിയമത്തിലെ പവിത്രലേഖകൾ എന്ന മൂന്നാം ഖണ്ഡം (*theo.*).

I. **Hāil**, *n.* കന്മഴ. **h.-stone** ആലിപ്പഴം. **h.-storm** കന്മഴക്കൊടുങ്കാററ്. *v. i.* കന്മഴ പെയ്യുക, ആലിപ്പഴം വീഴുക. *v. t.* പെയ്യിക്കുക, വീഴിക്കുക. **-'y**, *a.* കന്മഴയുള്ള; ആലിപ്പഴം വീഴുന്ന.

II. **Hāil**, *a.* സുഖമുള്ള. *v. t.* ഉറക്കെ പറയുക, വിളിച്ച്—; സംസാരിക്കുക, വന്ദിക്കുക; 2. പേര് ഇടുക, —വിളിക്കുക, —പറയുക. *v. i.* (from) വരിക; കപ്പല് വരുന്ന ദിക്ക്പറയുക, സ്വന്തരാജ്യം ഇന്നതെന്ന്—. *int.* ശുഭം; സ്വസ്തി. **all h.** മംഗലം; ശുഭമസ്തു. *n.* സല്ക്കാരവചനം; വന്ദനം; വിളി, കൂക്ക്. **h.-fellow** ഉററചങ്ങാതി, ഇഷ്ടൻ.

**Hāir**, *n.* രോമം; 2. തലമുടി, —നാര്; 3. ലേശം, അല്പം: **h.-breadth** തലനാരിട; അത്ഭുതമായ. **h.-brained** തൻേറടം ഇല്ലാത്ത; ധാൎഷ്ട്യമുള്ള. **h.-brush** തലമിനുക്കി. **h.-dresser** ക്ഷുരകൻ. **h.-line** സൂക്ഷ്മരേഖ. **h.-pencil** ചിത്രകൂച്ച്. **h.-pin** മുടിസൂചി, കൊണ്ട—. **h.-splitter** നിസ്സാരവാദി. **against the h.** വിരോധമായി; പാരുഷ്യത്തോടെ. **not worth a h.** തുച്ഛം; പൊരുളില്ലാത്തത്. **to a h.** കട്ടുകിറി, ഏററവും തൂ

ത്ഥംആയി. to split h.s കട്ടകീറുക; നിസ്സാരമായ വ്യത്യാസം നോക്കുക. **hāired** (hārd), *a.* രോമം ഉള്ള, തലമുടി—. **-'i-ness**, *n.* രോമമുള്ളസ്ഥിതി. **-'less**, *a.* രോമമില്ലാത്ത; കഷണ്ടിആയ, പൃവട്ട—, മൊട്ട—. **-'y**, *a.* രോമമുള്ള.

**Hal'bĕrd, Hal'bĕrt**, *n.* വെണ്മഴു, പരശു; ഒര്വക കന്തം. **=diĕr**, *n.* കന്തക്കാരൻ.

**Hal'ci-an, Hal'cy-on**, *a.* ശാന്തം ആയ, സുഖകരം—, ശുഭം—, ഭാഗ്യമുള്ള.

I. **Hāle**, *a.* സൌഖ്യം ഉള്ള, ആരോഗ്യം—; ക്ഷീണം ഇല്ലാത്ത, ഊനം—. *n.* സുഖാവസ്ഥ.

II. **Häle**, *v. t.* വലിക്കുക, ഇഴെക്കുക.

**Hälf** (häf), *a.* അര, പകുതി, അൎദ്ധം; 2. അല്പം ആയ, അപൂൎണ്ണം—. **h.-beak** കഴലമീൻ (*z.*). **h.-binding** മുതുകിന്നും മൂലക്കും തോലിട്ട് പുസ്തകംകെട്ടൽ. **h.-blood, h.-brother, h.-sister** ഒരച്ഛൻ രണ്ടമ്മ മക്കൾ, ഒരമ്മ രണ്ടച്ഛൻ—. **h.-bred, h.-strained** മൎയ്യാദ കുറഞ്ഞ. **h.-breed, h.-caste** ഇരുജാതി. **at h.-cock** അരകൊത്തിമേൽ നിൎത്തിയ. **to go off h.-cocked** ഓൎക്കാതെ പറയുക. **h.-cracked** അരപ്പിച്ചുള്ള. **h.-faced** മെലിഞ്ഞ. **h.-heard** സൂക്ഷ്മമായി കേൾക്കാത്ത, മുഴുവനും—. **h.-hearted** നിൎദ്ദയമായ; ഉന്മേഷം ഇല്ലാത്ത. **h.-learned** മുറിവൈദ്യൻ ആയ, അല്പജ്ഞൻ—. **h.-moon** അഷ്ടമിചന്ദ്രൻ; അൎദ്ധചന്ദ്രാകാരം. **h.-penny** (hā'pen-ni) ഒന്നരപ്പൈസ്സ വിലക്കുള്ള ഒര് ഇംഗ്ലീഷ് നാണ്യം. **h.-price** സഹായവില. **h.-read** നല്ല അറിവില്ലാത്ത. **h.-seas-over** അമലുള്ള. **h.-sighted** കണ്ണിന്ന് വലച്ചലുള്ള. **h.-sword** മെയ്യോട് മെയിയുദ്ധം. **h.-way** മദ്ധ്യേ; മിക്കവാറും, ഒര്വിധം. **h.-wit** പൊട്ടൻ, പൊണ്ണൻ. *ad.* പകുതിയായി, ഏതാനും, മിക്കവാറും. *n.* (*pl.* hälves *pr.* hävz), *n. pl.* ഭാഗം, പങ്ക്; 2. (of) പകുതി. **better h.** അൎദ്ധാംഗി, ഭാൎയ്യ. **by h.s** പകുതി ആയി, കുറേശ്ശ കുറേശ്ശ—. **in h.** രണ്ടായി. **in one's h., on one's h.** . . . ക്ക്വേണ്ടി. **to cry h.s** പകുതിയവകാശത്തിന്ന് തേച്ചപറയുക. **to go h.s** പകുതിപ്പകുതിയായി ഓഹരിചെയ്യു. **h. and h.** പപ്പാതി; ഇരുജാതിമദ്യം. **-'ness**, *n.* അൎദ്ധത്വം, അപൂൎണ്ണത. **hälve** (häv), *v. t.* പകുതിയാക്കുക. **hälved** (hävd), *a.* പകുതിമാത്രം കാണുന്ന; —മുറിച്ചെട്ടത്ത.

**Hal'li-ĕr**, *n.* പക്ഷിവല, കെണി.

**Hal'i-dŏm**, *n.* വിശുദ്ധി, പരിശുദ്ധി; 2. ആണ; 3. വിശുദ്ധകാൎയ്യങ്ങൾ; 4. —സ്ഥലം; 5. ലോകാവസാനനാൾ.

**Hal-i-eū'tics**, *n.* മത്സ്യശാസ്ത്രം.

**Hal-i-og'raph-y** (-raf-i), *n.* സമുദ്രവൎണ്ണന, —ശാസ്ത്രം.

**Ha-lit'ū-ŏus**, *a.* വായുജന്യം ആയ, —പ്രായം—, ആവി—.

**Hall**, *n.* മണ്ഡപം; 2. തളം, പുറന്തളം; 3. കയ്യാല; നടപ്പുര; 4. ആസ്ഥാനം; 5. വിദ്യാശാല; 6. വിദ്യാശാലാഗ്ര—, —മുത്താഴം. **h.-mark** പൊന്നും വെള്ളിയും മായമില്ലാത്തതാണെന്നുള്ളതിന്നുള്ള രാജ്യമുദ്ര; സാക്ഷ്യം.

**Hal-le-lu'iah, Hal-le-lu'jah** (-li-lū'ya), *n.* & *int.* യഹോവയെ സ്തുതിപ്പിൻ, ഹല്ലെലൂയാ (*Bl.*).

**Hal-lōa'** (-lō'), **Hal-loo'** (-lu'), *n.* കൂക്കിവിളി, കൂക്ക്. *v. i.* കൂക്കുക, വിളിക്കുക. *v. t.* ചുണകൂട്ടുക; 2. കൂക്കിയോടിക്കുക; 3. കൂക്കുക. *int.* കൂവേ, എടോ.

**Hal'lōw** (hal'lō), *v. t.* പരിശുദ്ധമാക്കുക; പ്രതിഷ്ഠിക്കുക; 2. ആരാധിക്കുക, വണങ്ങുക.

**Hal-lu'ci-nāte**, *v. i.* തെറ്റിപ്പോക, പിഴെച്ച്പോക. **=nā'tiŏn**, *n.* അബദ്ധം, മിത്ഥ്യാഭാവന, മനോഭ്രമണം; ചിത്തവിഭ്രമം, മായാവിചാരം, —കാഴ്ച (*med.*). **=nā-tŏr**, *n.* മനോഭ്രമമുള്ളവൻ. **=nā-tŏr-y**, *a.* മായാവിചാരമുള്ള.

**Hal'lux**, *n.* കാലിന്റെ പെരുവിരല് [(*an.*).

**Hā'lō**, *n.* പ്രഭാമണ്ഡലം, പരിവേഷം; 2. വിശുദ്ധിചിഹ്നം; 3. ബഹുമാനം, പൂജ. *v. t.* & *i.* പരിവേഷം ഉണ്ടാക്കുക, തേജോമണ്ഡലം—. **=lōed** (-lōd), *a.* പരിവേഷമുള്ള; തേജസ്സുതമായ.

**Halt**, *n.* നില്പ്, നിറുത്ത്, താമസം; 2. നൊണ്ടല്, മുടന്ത്. *v. i.* നില്ക്കുക, നിറുത്തുക; 2. മുടന്തിനടക്കുക; 3. ശണഭംശം ഉണ്ടാക. *v. t.* നില്ക്കുമാറാക്കുക, നിറുത്തുക. *a.* മുടന്തുള്ള. -'ĕr, *n.* മുടന്തൻ, നൊണ്ടി. -'ing-ly, *ad.* മുടന്തായി.

**Hal'tĕr**, *n.* കയറ്; 2. ചളുങ്ങക്കയറ്. *v.t.* കഴുത്തിന്ന് കെട്ടുക; 2. തൂക്കിക്കൊല്ലുക.

**Ham**, *n.* തുട (*an.*); 2. മൃഗത്തുട; 3. ഉപ്പിട്ടുണക്കിയ പന്നിത്തുട. h.-string തുടഞരമ്പ്. *v.t.* (h.-strung, h.-strung) —ഞരമ്പ് വെട്ടുക; മുടന്താക്കുക, മുടക്കുക; ശേഷിയില്ലാതാക്കുക.

**Ham'let**, *n.* ചെറുഗ്രാമം, ഊര്, തെരുവ്.

**Ham'mĕr**, *n.* മുട്ടി, കൂടം, ചുററിക; 2. മണിനാക്ക്; 3. തോക്ക്കൊത്തി; 4. നാശകൻ. h.-dressed പരുക്കനായി കൊത്തിയ. h.-harden അടിച്ച് കട്ടപ്പമാക്കുക. h.-head കണ്ണുഞ്ചിറാവ് (*z.*). h.-man കൊല്ലൻ. to bring to the h. ലേലം ചെയ്തു വില്ക്കുക. *v. t.* മുട്ടുക; 2. അടിച്ച് പരത്തുക, ആകൃതിപ്പെടുത്തുക; 3. (out) ആലോചിച്ചുണ്ടാക്കുക. *v. i.* അദ്ധ്വാനിക്കുക; 2. മുട്ടിക്കൊണ്ടിരിക്കുക. -a-ble, *a.* ആകൃതിപ്പെടുത്താവുന്ന. -ĕr, *n.* മുട്ടുന്നവൻ; കൊല്ലൻ. -less, *a.* കൊത്തിയില്ലാത്ത.

**Ham'mock**, *n.* ഊഞ്ചൽ കിടക്ക, ഉഴിഞ്ഞാൽ—.

I. **Ham'pĕr, Han'a-pĕr**, *n.* കൂട്ട, കൊട്ട. *v. t.* കൂട്ടയിലിടുക.

II. **Ham'pĕr**, *v.t.* കെട്ടിക്കിടുക, ബന്ധിക്കുക; കെണിക്കുക; തടസ്ഥപ്പെടുത്തുക; ഭാരപ്പെടുത്തുക. *n.* ചങ്ങല; തടസ്ഥം.

**Ham'sha-ckle**, *v. t.* മൃഗങ്ങളുടെ കഴുത്തും കയ്യും കൂട്ടിക്കെട്ടുക; 2. കെട്ടുക, തടസ്ഥപ്പെടുത്തുക.

**Ham'ūle, Ham'ū-lus**, *n.* ചെറുകൊക്ക. =lar, =lāte, =lōse, *a.* കൊക്കയുള്ള.

**Hand**, *n.* കൈ, കരം, ഭുജം; 2. മൃഗക്കാല്; 3. ഘടിയാരസൂചി; 4. നാലംഗുലമുള്ള ഒരളവ്; 5. പാർശ്വം, ഭാഗം; പക്ഷം; പരിഷ; 6. പങ്ക്, കൂട്ട്; 7. സാമർത്ഥ്യം, കരകൌശലം: to try one's h. ശ്രമിക്കുക; ഒരു കൈ നോക്കുക; 8. പ്രവൃത്തി, കാര്യം; നായകത്വം; 9. ആള്, പ്രവൃത്തിക്കാരൻ, സഹായി; 10. കയ്യക്ഷരം; ഒപ്പ്; 11. *pl.* കൈവശം, ആധീനം, വശം; 12. കയ്യായി, കയ്യായ; 13. വീതം; വില; 14. ഉത്സാഹം, പണി; 15. അധികാരം, ഊക്ക്; 16. ഐക്യം, സ്നേഹം; 17. ഉടമ്പടി, വിവാഹനിശ്ചയം. h.-bill ഒററക്കടലാസ്; പരസ്യം; അരുവാള്, കോങ്കത്തി. h.-book സംഗ്രഹഗ്രന്ഥം. h.-breadth ഉള്ളങ്കൈയളവ്. h.-cloth, h.-kerchief ഉറുമാല്. h.-craft കൈത്തൊഴില്. h. craftsman കൈവേലക്കാരൻ. h.-cuff കയ്യാമം, തോളം. h.-fast സ്ഥിരതയുള്ള. h.-language ആംഗ്യഭാഷ; കരവല്ലഭം. h.-made കൈപ്പണിയായ. h.-maid, h.-maiden ദാസി. h.-money അച്ചാരം. h.-rail കയ്യാക്കം. h.-spring മലക്കം, മറിച്ചല്. h.-staff കന്തം. h.-work കൈപ്രവൃത്തി. h.-writing കയ്യക്ഷരം. the h.-writing on the wall വിധി; ദുശ്ശകുനം. all h.s എല്ലാവരും. at all h.s, on all h.s എല്ലാഭാഗത്ത് നിന്നും, പൊതുവെ. at any h., at no h. യാതൊരു പ്രകാരത്തിലും, ഒന്ന് കൊണ്ടും. at first h. പുതിയതായി. to buy at first h. ഉണ്ടാക്കുന്നവരോട് നേരിട്ട് വാങ്ങുക. at second-h. പഴക്കപ്പെട്ടതായി. a second-h. article പെരുമാറിയ സാധനം. at h. അടുക്കെ, സമീപം. at the h. of . . . നാൽ, . . . ൽനിന്ന്, പ്രവൃത്തിയാൽ. bridle-h. ഇടങ്കൈ. by h. യന്ത്രസഹായം കൂടാതെ. clean h.s കൈക്കൂലിവാങ്ങാത്ത. a farm-h. കൃഷിപ്പണിക്കാരൻ. from h. to h. കൈ മാറിമാറി. h. in h. ഏകോപിച്ച്; ന്യായമായി. h. over h., h. over fist ശീഘ്രമായി. h. over head സൂക്ഷിക്കാതെ, ധാർഷ്ട്യത്തോടെ. h. running തുടച്ചയായി. h.s off തൊടൊല്ലാ, വിട്. h. to h. അടുത്ത്, തൊട്ട്, മെയ്യോട് മെയ്. heavy h. ഞെരുക്കം, ഉപദ്രവം.

in h. റൊക്കം; ഇപ്പോഴുള്ള; ആലോചിച്ച് വരുന്ന, ചെയ്ത്—. in one's h. *or* h.s ആധീനത്തിൽ; ആപല്ക്കരമായി. laying on of h.s ഹസ്താർപ്പണം, കരവൃരണം. light h. നയശീലം, സൌമ്യത. an old h. at speaking സംസാരവൈഭവമുള്ളവൻ. note of h. ഉണ്ടിക, വാഗ്ദത്തപത്രം. off h., out of h. ഉടനടി, തല്ക്ഷണം; ശങ്കഇല്ലാതെ, താമസം—. off one's h.s അന്യാധീനം. on h. റൊക്കം, കെട്ടിയിരിപ്പ്. on one's h.s വശം. with a mighty h. കയ്യൂക്കോടെ, ബലമായി. right h. വലങ്കൈ; വലഭാഗം; ബഹുമാനസ്ഥാനം. to give the right h. കയ്യടിക്കുക. slack h. മടിവ്, ഉപേക്ഷ; ശേഷിയില്ലായ്മ. strict h. കൃത്യം, കൎശനം. to ask the h. പെണ്ണ് ചോദിക്കുക. to bear a h. തുണക്കുക; ബദ്ധപ്പെടുക. to bear in h. പറഞ്ഞ് തോല്പിക്കുക. to be h. and glove with, to be in glove with ഒര് കൈയായിരിക്കുക; യോജിക്കുക. to be on the mending h. സുഖപ്പെടുക. to bring up by h. കപ്പിപ്പാല് കൊടുത്ത് വളൎത്തുക. to change h. കൈമാറുക. to change h.s —മാറുക; മറുപക്ഷം തിരിയുക. to clap the h.s കൈമുട്ടുക, —കൊട്ടുക. to come to h. എത്തുക, കൂട്ടുക. to get h. സ്വാധീനമുണ്ടാക. to get one's h. in തുടങ്ങുക; ശീലം വരിക. to have a h. in കൈഉണ്ടാക, കൊഹരി—, കൂറ്—. to have in h. കൈവശമുണ്ടാക; ചെയ്ത് വരിക, ആലോചിച്ച്—. to have one's h.s full പണിത്തിരക്ക് ഉണ്ടാക, വിഷമം—, അവസരം ഇല്ലാതിരിക്കുക. to have *or* to get the higher *or* upper h. ജയം ഉണ്ടാക, അധികം അനുകൂലം—. to one's *or* his *or* my h.s ഒരുക്കമുള്ള. to hold h. മത്സരിച്ച് ജയിക്കുക. to lay h.s on പിടിക്കുക; ബലമേല്പിക്കുക. to lend a h. തുണക്കുക. to lift *or* put forth the h. against എതിൎക്കുക, ആക്രമിക്കുക; കൊല്ലുക. to live from h. to mouth അന്നന്ന് നയിച്ച് തിന്നുക. to make one's h. ലാഭം കിട്ടുക. to put the h. unto കക്കുക. to put the last *or* finishing h. to പൂൎത്തിയാക്കുക. to set the h. to കൈവെക്കുക; ചെയ്യുക; തൊടുക. to stand one in h. ഒരാളെ സംബന്ധിക്കുക. to strike h.s കൈയടിക്കുക; കരാർപ്പണം ചെയ്ക; ജാമ്യം നില്ക്കുക. to take in h. ശ്രമിക്കുക; ഭരമേല്ക്കുക; പിടിച്ചുപദ്രവിക്കുക. to wash the h.s of പിൻവാങ്ങുക, ഒഴിഞ്ഞ് കളയുക. under the h. of സ്വന്തകയ്യക്ഷരമായി; ഒപ്പിട്ട്. *v. t.* കൊടുക്കുക, ഏല്പിക്കുക, എത്തിക്കുക; 2. കൈപിടിച്ച് നടത്തുക; 3. പ്രവൃത്തി—; 4. പിടിക്കുക; 5. കൈയടിക്കുക; 6. കപ്പൽപായി ചുരുട്ടുക. to h. down പാരമ്പൎയ്യമായി കൊടുക്കുക. to h. over ഏല്പിച്ച്—. *v. i.* കൂടിപ്രവൃത്തിക്കുക. -'ed, *a.* കൈകോൎത്ത് പിടിച്ച; —ഉള്ള; —ആയി. left-h.d ഇടങ്കൈ വശമുള്ള. single h.d ഏകനായി. -'ĕr, *n.* ഏല്പിച്ച് കൊടുക്കുന്നവൻ, പരമ്പരയായി—. -'ful, *n.* പോങ്ങ, കൈനിറയ; അല്പം ചില, കുറെ. to have one's h.l അവസരമില്ലാതിരിക്കുക. han'di-cap, *n.* സ്ഥിതിയൊപ്പിക്കൽ; വാശി; കതിരപ്പന്തയം; ഓട്ടപ്പന്തയം. *v.t.* തടസ്ഥം വെക്കുക, ഭാരം—; പ്രതികൂലം പ്രവൃത്തിക്കുക. ='di-craft, *n.* കൈത്തൊഴില്. h.tsman തൊഴിലാളി. -'i-ly, *ad.* വൃത്തിആയി, ഭംഗി—; അനുകൂലം—; സാമൎത്ഥ്യത്തോടെ. -'i-ness, *n.* ഒതുക്കം, ചന്തം. -'di-wŏrk, *n.* കൈവേല. han'dle, *v. t.* തൊടുക; ഉപയോഗിക്കുക; വൈഭവം കാട്ടുക; തഴക്കം വരുത്തുക; പ്രവൃത്തിക്കുക; നോക്കിരക്ഷിക്കുക; ഇടവാട് ചെയ്ക; തൊഴില്—; നടത്തുക; പെരുമാറുക; ഭരിക്കുക, ഒതുക്കുക; വിഷയം ആക്കുക; —ആയി പറയുക, —ആയി എഴുതുക. to h.l without gloves നിൎദ്ദയമായി പെരുമാറുക. *v. i.* തൊടുക; പ്രവൃത്തിക്കുക. *n.* കൈ; പിടി; കാല്; തായി; തള്ള; കാത്; ആയുധം. to give a h.l to ഹേതു ഉണ്ടാക്കുക. ='dling, *n.* സ്പൎശം; പെരുമാററം; ഭാഷ, ആകൃതി. -sel, hansel, *n.* വിക്രയം; തീര്; കൈ

മാററം; അച്ചാരം; കൈനിട്ടം; ആദ്യസമ്മാനം. h.l Monday കൊല്ലന്തോറും ആദ്യത്തെ തിങ്കളാഴ്ച; സമ്മാനം കൊടുക്കുന്ന ദിവസം. *v. t.* കൈനിട്ടം കൊടുക്കുക; നടാടെ ചെയ്യുക, പുത്തരിയായി—. -'sŏme, *a.* സാമൎത്ഥ്യം ഉള്ള, ചമത്കാരം—, ഒതുക്കം—, അനുകൂലം—; ഭംഗി—, ചന്തം—, മനോഹരം ആയ, ഭാഷ—; സൌന്ദൎയ്യം ഉള്ള, സൌഭാഗ്യം—, അഴക്—; ഉചിതം ആയ, വിഹിതം—; ഔദാൎയ്യശീലം ഉള്ള; ഉൽകൃഷ്ടഭാവം—; ധാരാളം ആയ, പുഷ്കലം—. to do the h.e thing ഔദാൎയ്യമായി പ്രവൃത്തിക്കുക. *v. t.* ഭംഗിയാക്കുക. -'sŏme-ly, *ad.* യോഗ്യതയോടെ, ഭംഗിയായി; സൂക്ഷ്മം—; ക്രമത്തിൽ. -sŏme-ness, *n.* ചാരുത്വം. ='dy, *a.* കൈവേലയായ; വൈഭവം ഉള്ള; ഒതുക്കം—; പാങ്ങ്—, അനുകൂലം—; ഉപയോഗം—; അടുക്കെ—. h.y fight മുഷ്ടിയുദ്ധം. h.y gripe കെട്ടിപ്പിടിത്തം. h.y stroke അടി, കത്ത്. h.y-work കൈവേല.

**Hăng**, *v. t. ir.* (hŭng, hŭng) (up, out) കെട്ടിത്തൂക്കുക, തൂക്കിഇടുക, അയലിന്മേൽ—; 2. ഞേത്തുക; 3. (*p. t.* hanged) തൂക്കിക്കൊല്ലുക; 4. ചിത്രം തൂക്കുക, തോരണം—, ശൃംഗരിക്കുക; 5. പതിക്കുക; 6. തലതാഴ്ത്തുക. to h. down താഴ്ത്തിഇടുക, തൂക്കി—. to h. fire ശങ്കിക്കുക; നിൎത്തിവെക്കുക. *v. i.* തൂങ്ങുക; പാറുക; ആടുക; നില്ക്കുക; 2. ഞേലുക; 3. തൂങ്ങിച്ചാകുക; മരണശിക്ഷയനുഭവിക്കുക; 4. (on, upon) പററിക്കൊള്ളുക, പിടിച്ച് കൊള്ളുക; . . . ന്റെ മേൽനില്ക്കുക; 5. ഭാരമായിരിക്കുക; 6. (over) അടുത്തിരിക്കുക, തൂങ്ങിനില്ക്കുക; 7. ചായുക; 8. സംശയിക്കുക, പതുക്കെയാക്കുക. to h. about ചുററിപ്പററി നടക്കുക. to h. back മടിക്കുക. to h. by the eyelids മുടിനാരിന്മേൽ നില്ക്കുക; പൂൎത്തിയാകാതിരിക്കുക. to h. in doubt സംശയിക്കുക; വേവലാധിപ്പെടുക. to h. on പിടിച്ച് കൊള്ളുക, വിടാതിരിക്കുക. to h. on the words *or* lips etc. കേട്ട് രസിക്കുക. to h. out കാണത്തക്കവണ്ണം തൂക്കിയിടുക; ഉന്തിനില്ക്കുക; സമ്മതിക്കാതിരിക്കുക. to h. over മേലെ കവിഞ്ഞ് നില്ക്കുക; ചാഞ്ഞ്—. to h. to പററിക്കൊള്ളുക. to h. together ചേൎന്ന് നില്ക്കുക; പൂൎവ്വാപരവിരുദ്ധമില്ലാതിരിക്കുക, യോജിപ്പായിരിക്കുക. to h. upon അനുരാഗം കാട്ടുക, പ്രേമം—; പിന്തുടരുക. *n.* തൂക്കം; 2. ചേൎച്ച, യോജിപ്പ്; 3. ചരിവ്, ഇറക്കം. to get the h. of ക്രമം മനസ്സിലാക്കുക; ശീലംവരിക. h.-bird കാരേളപ്പക്ഷി, സാരസം (*z.*). h.-by ആശ്രിതൻ. h.-dog ജളൻ, കള്ളൻ; കലപാതകൻ; നീചം ആയ, ലജ്ജാകരം—. h.-man ചളുങ്ങക്കാരൻ, ആരാച്ചാര്, മരണശിക്ഷ നടത്തുന്ന പണിക്കാരൻ, ഘാതകൻ; നീചൻ. h.-nest ഏളക്കൂട്. -'ĕr, *n.* തൂങ്ങിച്ചാകുന്നവൻ; തൂക്കിക്കൊല്ലുന്നവൻ; ഘാതകൻ; താഴ്വര. h.r-on ആശ്രിതൻ; തൂക്കി, തൂക്കിപ്പെറുക്കി. -'ĭng, *a.* തൂക്കിക്കൊല്ലത്തക്ക, മരണയോഗ്യമായ; പാതകഭാവമുള്ള; തൂങ്ങുന്ന, ഞേലുന്ന. *n.* തൂക്കൽ, തൂങ്ങൽ; തൂങ്ങിച്ചാകൽ; തൂക്കിക്കൊല്ലൽ; *pl.* ശൃംഗാരം, തോരണം.

**Hănk**, *n.* കൈനൂല്; 2. കയറ്; 3. പിടിത്തം, അധികാരം. *v. t.* നൂല് കയ്യാക്കുക; 2. കയറ് കൊണ്ട് കെട്ടുക.

**Hăn'kĕr**, *v. i.* (for, after) കൊതിക്കുക, ആൎത്തിയോടിരിക്കുക; കാംക്ഷിക്കുക; 2. കാത്ത് കെട്ടിയിരിക്കുക. -ĭng-ly, *ad.* അത്യാൎത്തിയോടെ.

**Hăn'key-păn'key** (-ki), *n.* കയ്യടക്കം, ചെപ്പിടിവിദ്യ.

**Han'särd**, *n.* ഇംഗ്ലാന്തിലെ ആലോചനസഭാപ്രവൃത്തിവിവരം.

**Han'sŏm, -cab**, *n.* ഒര് വക രണ്ടുരുള് വണ്ടി.

I. **Hap**, *v. t.* ഉടുപ്പിക്കുക, പൊതപ്പിക്കുക. *n.* അങ്കി. -'ped, *a.* പൊതിഞ്ഞ, മൂടിക്കെട്ടിയ.

II. **Hap**, *n.* സംഭവം, അദൃഷ്ടം; ഭാഗ്യം, യോഗം, വിധി. *v. i.* സംഭവിക്കുക, യദൃച്ഛയാ ഉണ്ടാക. h.-hazard യോഗ്യഭാഗ്യം, യോഗം, ഗ്രഹചാരം. -'lĕss, *a.* ഭാഗ്യഹീനമായ, നിൎഭാഗ്യമുള്ള. -'less-ly, *ad.* ഭാഗ്യമില്ലാതെ. -'ly, *ad.* ഭാഗ്യവശാൽ, ദൈവാൽ; പക്ഷെ. -'pen (hap'n),

*v. i.* യദൃച്ഛയാ ഉണ്ടാക, സംഭവിക്കുക; നേരിടുക, ഇടകൂടുക, വന്ന്—, ഭവിക്കുക. to h.n in യദൃച്ഛയാ ചെന്ന് കാണുക. to h.n on കണ്ടെത്തുക. ='py, *a.* ഭാഗ്യം ഉള്ള, സുഖം—, തൃപ്തി—, ധന്യം ആയ, ശുഭം—; ആനന്ദം ഉള്ള, സമാധാനം—; സാമൎത്ഥ്യം—, വൈഭവം—. h.y family പ്രകൃത്യാവിരോധികളായിരിക്കുന്നവൎ തമ്മിലുള്ള സന്ധി. h.y go-lucky നിൎവ്വിചാരിയായ; സൂക്ഷ്മം ഇല്ലാത്ത. ='pi-ly, *ad.* ദൈവാൽ; ഭാഗ്യവശാൽ; ധന്യം ആയി, സുഖം—; സാദ്ധ്യകരം—; വൈഭവത്തോടെ. ='pi-ness, *n.* കാൎയ്യസിദ്ധി, ശുക്രദശ, നല്ലകാലം; ഭാഗ്യം, സുഖം, ആനന്ദം, ധന്യത; സഹജമായ ലാവണ്യം.

**Ha-rangue'** (-rang'), *n.* പ്രസംഗം, പാഠകം, ഭാഷണം; 2. ക്രുററാരം, ഊറ്റാരം. *v. i.* & *t.* പ്രസംഗിക്കുക, പാഠകം പറയുക, ഘോഷിക്കുക. -ĕr, *n.* പ്രസംഗി.

**Har'ass,** *v. t.* (out) ക്ഷീണിപ്പിക്കുക, വലക്കുക, ബുദ്ധിമുട്ടിക്കുക, ശരണം കൊടുക്കാതിരിക്കുക, ഞെരുക്കുക. *n.* നാശം, ശൂന്യം; 2. വെറുപ്പ്, തൊന്തരവ്, ശരണക്കേട്, അസഹ്യം. -ment, *n.* ഉപദ്രവം, തൊന്തരം, വേവലാധി.

**Här'bin-gĕr,** *n.* പാൎപ്പിടം ഒരുക്കുന്നവൻ; 2. അഗ്രഗാമി; ദൂതൻ. *v. t.* കൂട്ടിക്കൊണ്ട് വരിക; വൎത്തമാനമെത്തിക്കുക.

**Här'bŏr, Här'bŏur,** *n.* വിശ്രമസ്ഥാനം; സങ്കേതം; 2. വഴിയമ്പലം; 3. ഇടം (*as.*); 4. തുറമുഖം, 'ബന്തറ്'. h.-dues ബന്തറ് കൂലി. h.-master ബന്തറധികാരി. h.-seal നീൎനായി (*z.*). *v. t.* പാൎപ്പിടം കൊടുക്കുക, പാൎപ്പിക്കുക; അതിഥിസല്ക്കാരം ചെയ്ക; സങ്കേതം കൊടുക്കുക, ശരണം—; ചേൎത്ത് കൊള്ളുക; ഒളിപ്പിക്കുക; കരുതുക, ഭാവിക്കുക, നിനെക്കുക. *v. i.* താമസിക്കുക, പാൎക്കുക; സങ്കേതം പ്രാപിക്കുക; തുറമുഖത്ത് വെക്കുക. -āge, *n.* സങ്കേതം; ഇടം; ആതിത്ഥ്യം. *n.* അഭയം കൊടുക്കുന്നവൻ.

**Härd,** *a.* ഉറപ്പുള്ള, കട്ടിആയ; 2. കഠിനം—, വിഷമം—, പ്രയാസം ഉള്ള; 3. അദ്ധ്വാനം—, തടസ്ഥം—, ദുസ്സാദ്ധ്യമായ; 4. ഊക്കുള്ള, എതിൎത്ത് നില്പാൻ കഴിയാത്ത; 5. ദുസ്സഹം ആയ, കൊടൂരം—, ഉഗ്രം—; കൊടിയ; ഞെരുക്കം ഉള്ള, ബുദ്ധിമുട്ട്—; 6. കൎശനം ആയ, ക്രൂരം—, കരുണയില്ലാത്ത; 7. കൎക്കശമായ, പരുപരുത്ത; 8. പുളിപ്പുള്ള; വിരസമായ; 9. കഠിന ഉച്ചാരണമുള്ള, ഖര— (*gr.*); 10. ഒഴുക്കം ഇല്ലാത്ത; ഇമ്പം—; കഠോരമായ. h.-finish മിനുസക്കുമ്മായം, മിനുക്കത്തേപ്പ്. h.-lines ബുദ്ധിമുട്ട്; വിഷമം. h.-money റൊക്കം പണം, നാകത് ഉറുപ്പിക. h.-water ധാതുമിശ്രജലം, ഘന—. h.-wood കട്ടപ്പമുള്ള മരം. in h. condition ഓട്ടത്തിന്ന് കരുത്തുള്ള. *ad.* നിഷ്കൎഷയോടെ, നിൎബ്ബന്ധത്രപേണ; 2. അടിയന്തരം ആയി; 3. താല്പൎയ്യം—, ഉത്സാഹത്തോടെ; 4. പ്രയാസേന; 5. മനഃസുഖമില്ലാതെ; 6. ബുദ്ധിമുട്ടോടെ; 7. പതുകെ, മെല്ലെ; 8. വൈഷമ്യം ഉണ്ടാകത്തക്കവണ്ണം: the question is h.-set വിഷമമാക്കാൻ ചോദിച്ച ചോദ്യമാണ്; 9. ഞെരുങ്ങി, മുക്കിയും മൂളിയും; 10. ഊക്കോടെ: it rains h. മഴകഠിനമായി പെയ്യുന്നു; he ran h. അവൻ വേഗം ഓടി; 11. അടുക്കെ: the house joined h. to the shop പുര പീടികക്ക് നന്ന സമീപം ആയിരുന്നു. h.-by അടുക്കെ; സമീപം. h.-pushed, h.-run ബുദ്ധിമുട്ടുക, ഞെരുങ്ങുക. h.-up ഇല്ലാതെ വലയുക, ബുദ്ധിമുട്ടുക; കൈക്കുറച്ചലുണ്ടാക. *n.* കടവ്; 2. *pl.* ചണ്ടി, ചിക്ക്. h.-bake ഒര് വക പലഹാരം. h.-favoured അവലക്ഷണരൂപമുള്ള. h.-favouredness വൈരൂപ്യം. h.-featured കരൂപിയായ, ഇമ്പം തോന്നാത്ത. h.-fisted കയ്യൂക്ക് ഉള്ള; ഈററ—, ലോഭം—. h.-fought തിമിൎത്ത, ഘോരമായ. h.-handed കൈക്ക് തഴമ്പുള്ള. h. head തലതമ്മിൽ മുട്ടൽ. h.-headed ബുദ്ധിക്രൂമതഉള്ള; ഉപായം—, യുക്തി—. h.-headedness ബുദ്ധിസാമൎത്ഥ്യം. h.-hearted മനഃകാഠിന്യം ഉള്ള, ക്രൂരത—; കൃപയില്ലാത്ത. h.-heartedness നിൎദ്ദയാഭാവം. h.-laboured പാട്പെട്ടുണ്ടാക്കിയ; പരിശ്രമപൂൎവ്വകമായ. h.-

mouthed കടിഞ്ഞാണിന്നമരാത്ത; ഒതുക്കമില്ലാത്ത. h.-shell ദുശ്ശാഠ്യമുള്ള; പറഞ്ഞാൽ ബോദ്ധ്യമാകാത്ത; മക്കടമുഷ്ടിയായ. h.-spun പിരിമുറുക്കമുള്ള. h.-visaged കക്കശമുഖമുള്ള, ഗംഭീര—. h.-ware കത്തിമുതലായ ആയുധങ്ങൾ; ഇരിമ്പ് സാമാനം. h.-wareman ഇരിമ്പ്—ഉണ്ടാക്കുന്നവൻ, ഇരിമ്പ്— വില്ക്കുന്നവൻ. ='den (-'dn), *v.t.* ഉറപ്പ് ആക്കുക, കട്ടി—, കട്ടപ്പം—; ശീലം വരുത്തുക, അഭ്യാസം—, തഴക്കം—; തഴമ്പുണ്ടാക്കുക; മരവിപ്പിക്കുക; കഠിനമാക്കുക. *v.i.* കട്ടിയാക, ഉറക്കുക; ഉറച്ച് പോക, മുണ്ടിപ്പോക, നിമഗ്നമാക. ='dened (-dnd), *a.* കട്ടപ്പമായ, തഴമ്പ് കെട്ടിപ്പോയ; ഉറച്ച് പോയ; ദുശ്ശാഠ്യമുള്ള. ='den-ĕr, *n.* കട്ടിയാക്കുന്നവൻ, കട്ടപ്പം കൂട്ടുന്നവൻ. ='den-ing, *n.* കട്ടപ്പമാക്കൽ. ='di-head, ='di-hood, *n.* ധീരത, ശൌൎയ്യം; സഹനശീലം; നിൎഭയം; ധാൎഷ്ട്യം, മുഠാളത്വം. =di-ly, *ad.* ധൈൎയ്യത്തോടെ; നിശ്ശങ്കയോടെ. ='di-ness, *n.* സഹിഷ്ണുത; ധൃതി; പൌരുഷം; ശൂരത. -'ish, *a.* ഏതാനും ഉറപ്പുള്ള. -'ly, *ad.* പ്രയാസേന; മനമില്ലാ മനസ്സോടെ, അര—; അസാദ്ധ്യമായി; ഇല്ലാതെ: you can h.ly find him നീ അവനെ കാണുന്ന കാൎയ്യം പ്രയാസം; ദയയില്ലാതെ, നിഷ്കരുണമായി. -'ness, *n.* ഉറപ്പ്; സ്ഥൈൎയ്യം; ആരട്ടപ്പം, അണച്ചേച്ച്; ജലഘനം. -'ship, *n.* സങ്കടം, ബുദ്ധിമുട്ട്, ഞെരുക്കം; അദ്ധ്വാനം, പ്രയാസം, വിഷമം; അന്യായം, വേദന. ='dy, *a.* ധൈൎയ്യം ഉള്ള, ശൌൎയ്യം—; നെഞ്ഞൂറപ്പ്—; പേടിഇല്ലാത്ത; ഉളപ്പ്—; അതിധൈൎയ്യം ഉള്ള; ഊക്ക്—, ഉറപ്പ്—; സഹനശീലം—; തഴക്കം വന്ന; കളിര് സഹിക്കുന്ന.

Hāre, *n.* മുയല്, ചെവിയൻ, ശശം (*z.*). h.s and hounds ഒര് വക ഓട്ടക്കളി. h.-brained തോന്നിയവാസമായ, ബുദ്ധികെട്ട; സൂക്ഷ്മം ഇല്ലാത്ത, വിചാരം—. h.-hearted ഭീരുതയുള്ള, പേടിക്കുടലനായ. -'lip, *n.* മുച്ചിറി. -'lipped (-'lipt), *a.* മുച്ചിറിയുള്ള. hār'ish, *a.* ശശതുല്യമായ.

Hā'rem, Hā'ram, Hā'rim, *n.* അന്തഃപുരം, സ്ത്ര്യാഗാരം; 2. ജായാവൎഗ്ഗം.

Härk, *int.* കേൾക്ക, കേട്ടാലും; ഹേ, എടോ, കേട്ടോ. h.-back പുറപ്പെട്ടേടത്തേക്ക് മടങ്ങിച്ചെന്ന് തിരികെ പുറപ്പെടുക. -'ken, *v.t.* & *i.* കേൾക്കുക, ചെവികൊടുക്കുക.

Här'le-quin (-kĭn *or* -kwĭn), *n.* ധിട്ടക്കൻ, പൊറാട്ട്കാരൻ. *v.i.* പൊറാട്ട് പുറപ്പെടുക, ചേഷ്ടകാട്ടുക. *v.t.* ജപിച്ച് നീക്കുക, മന്ത്രിച്ച്—. -āde, *n.* പോറാട്ട്; മാച്ചാൻകളി, ഗോഷ്ഠി.

Här'lot, *n.* നീചൻ, വഷളൻ; 2. കള്ളൻ, ചതിയൻ; 3. വേശ്യ, കലട, പരസ്ത്രീ, തേവിടിച്ചി, ചൂളച്ചി. *a.* നീചം ആയ, വഷളത്തരം—; 2. കാമാൎത്തിയുള്ള. *v. i.* വേശ്യയായിരിക്കുക, പുലയാട്ടുക. -ry, *n.* വേശ്യാവൃത്തി.

Härm, *n.* ദുഃഖം, ഊനം, തരക്കേട്, അപകടം, കേട്; 2. ദുഷ്ടം, അനൎത്ഥം; 3. ദോഷം. *v.t.* വേദനപ്പെടുത്തുക; കേട് വരുത്തുക, ദുഃഖപ്പെടുത്തുക, ദ്രോഹിക്കുക. -'ful, *a.* ദോഷകരമായ, നഷ്ട—. -'ful-ly, *ad.* ദുഃഖമായി. -ful-ness, *n.* ദുഷ്ടം. -'less, *a.* നിൎദ്ദോഷമായ, ദുഃഖം ഇല്ലാത്ത; ഉപദ്രവം—, ദോഷം ചെയ്യാത്ത, സാധുപ്രകൃതിയുള്ള. -'less-ly, *ad.* തരക്കേട് കൂടാതെ. -'less-ness, *n.* ദുഃഖമില്ലായ്മ; സാധുത്വം.

Här'mō-ny, *n.* യോജിപ്പ്, ചേച്ച്; 2. ഒരുമ, സൌഹാൎദ്ദം, ഇണക്കം; 3. സംഗ്രഹഗ്രന്ഥം, സംയോഗ—; 4. മേളം; ഏകതാളം (*mus.*). =mon'ic, =mon'i-cal, *a.* മേളമൊത്ത; സ്വരച്ചേൎച്ചയുള്ള (*mus.*); ഏകതാളമായ; അനുപാതമൊത്ത (*math.*). =mon'ic, *n.* ഉച്ചസ്വരം; 2. *pl.* സ്വരശാസ്ത്രം. =mon'i-ca, *n.* ഒര് സ്ഫടികവാദ്യം. =mon'i-cal-ly, *ad.* ഐകമത്യമായി, യോജിപ്പോടെ; അനുപാതമായി. =mon'i-con, *n.* ഒര് വായിവാദ്യം. =mō'ni-ŏus, *a.* യോജിപ്പ് ഉള്ള, ചേച്ച്—; ഐകമത്യം—, സംപ്രീതി—, സമാധാനം—; ഏകോപിച്ച് പ്രവൃത്തിക്കുന്ന; മനപ്പൊരുത്തം ഉള്ള; സ്വരച്ചേച്ച്—. =mō'ni-ŏus-ly, *ad.* യോജിപ്പായി.

=mō'ni-ŏus-ness, *n.* ഐക്യം. ='mo-nist, *n.* സംഗ്രഹഗ്രന്ഥരചകൻ; സംഗീതശാസ്ത്രി. =mŏ'ni-um, *n.* കിന്നരപ്പെട്ടി. =mo-ni-sā'tiŏn, =mo-ni-zā'-tiŏn, *n.* യോജിപ്പിക്കൽ. ='mō-nīse, ='mō-nīze, *v. i.* ഒത്ത് വരിക, ഏകോപിക്കുക; ഐക്യം ആയിരിക്കുക, സ്നേഹം—; താളമൊക്കുക. *v. t.* യോജിപ്പിക്കുക, കൂട്ടിച്ചേൎക്കുക; തുല്യമാക്കുക; ഇണെക്കുക.

Här'ness, *n.* പടച്ചമയം; പടക്കുതിരക്കോപ്പ്; പോൎക്കവചം; 2. വണ്ടിക്കുതിരക്കോപ്പ്; 3. അച്ച്, റക്ക (*w.*). to die in h. കവചധാരിയായി മരിക്കുക; പ്രവൃത്തിമദ്ധ്യേ മരിക്കുക. *v. t.* കവചം ധരിപ്പിക്കുക; കുതിരയെ ചമയിക്കുക; 2. ഭദ്രമാക്കുക; 3. വണ്ടിക്ക് കെട്ടുക; പ്രവൃത്തിയിലാക്കുക.

Härp, *n.* ഒര് കമ്പിവാദ്യം, സാരംഗി; 2. അരിപ്പ. *v. i.* സാരംഗി വായിക്കുക; 2. (on, upon) പറഞ്ഞത് തന്നെ പറയുക. to h. on one string പാടിയത് തന്നെ പാടുക, ഒര് കാൎയ്യത്തെപ്പററി കണക്കിലേറപറയുക. *v. t.* വീണവായിക്കുക; ഭാഷയാക്കുക; മുഴക്കുക; തൊടുക, തട്ടുക. -'ĕr, -'ist, *n.* വൈണികൻ. -'ress, *n.* വൈണിക. -'si-chord (-kard), *n.* ഒര് വക കിന്നരപ്പെട്ടി.

Här-poon', *n.* ചാട്ടുളി, ചാട്ടുളിക്കുന്തം. *v. t.* ഉളിചാടിക്കൊല്ലുക; ചാട്ടുളി എറിയുക. -ĕr, *n.* ചാട്ടുളികൊണ്ട് മീൻപിടിക്കുന്നവൻ.

Här'py, *n.* സ്ത്രീമുഖമുള്ള ഒര് തിന്നികഴുകൻ (*myth.*); 2. ബുഭുക്ഷു; ദുൎമ്മോഹി; 3. അപഹാരി.

Här'que-bus, =buse (-buz), *n.* പുരാതനതിരിത്തോക്ക്.

Har'ri-dan, *n.* വൃദ്ധവേശ്യ; കള്ളത്തി.

Har'ri-ĕr, *n.* മുയല് വേട്ടനായി (*z.*).

Har'rōw (har'rō), *n.* പല്ല്തടി, പല്ലിത്തടി; ഊച്ചമരം, ഊച്ചുപ്പലക. under the h. ഭേദ്യംചെയ്യുക, ഹിംസിക്കുക. *v. t.* ഊച്ചപിടിക്കുക, നിരത്തുക; വിത്ത് മാററുക; 2. ഉടെക്കുക; 3. വാരുക, മുറിവേല്പിക്കുക, ഭേദ്യം ചെയ്യുക. *int.* അയ്യയ്യോ. -ĕr, *n.* ഊച്ചപിടിക്കുന്നവൻ.

Har'ry, *v. t.* ശൂന്യമാക്കുക, കൊള്ളയിടുക; 2. ഉപദ്രവിക്കുക. *v. i.* കവൎച്ച ചെയ്യുക. ='ri-ĕr, *n.* കൊള്ളക്കാരൻ.

Härsh, *a.* പരുപരുത്ത, മിനുസമില്ലാത്ത; ചവൎപ്പുള്ള; കൎക്കശം ആയ; 2. അനിഷ്ടം—, വെറുപ്പുള്ള; നിൎദ്ദയം ആയ, കഠിനം—, കഠോരം—; 3. ചേൎച്ചയില്ലാത്ത. -'ly, *ad.* തീക്ഷ്ണം ആയി, രൂക്ഷം—. -'ness, *n.* പാരുഷ്യം, ഉഗ്രത, നിഷ്ഠുരത.

Härs'let, *see* Haslet.

Härt, *n.* കലമാൻ (*z.*). h.'s horn കലങ്കൊമ്പ്, മാൻകൊമ്പ്.

Hā'rum-scā'rum, *a.* ബുദ്ധികെട്ട, താന്തോന്നിയായ, ധാൎഷ്ട്യമുള്ള.

Här'vest, *n.* മൂൎച്ച, കൊയ്ത്ത്; പറി; 2. വിളവ്, ധാന്യം; ഫലം, കായ്; 3. ലാഭം, ആദായം. *v. t.* മൂരുക, കൊയ്യുക, അറുക്കുക, പറിക്കുക. h.-home കൊയ്ത്ത്; കൊയ്ത്ത്കാലം; മൂൎച്ചപ്പാട്; കൊയ്ത്താരാധന; സമ്പാദ്യകാലം. -ĕr, *n.* കൊയ്യുന്നവൻ; കൊയ്ത്ത്യന്ത്രം. -ing, *a.* മൂരുന്ന. *n.* കൊയ്ത്ത്. -less, *a.* മേനികുറഞ്ഞ; അഫലമായ. -ry, *n.* മൂൎച്ച; വിളവ്.

Has, 3rd *pers. s. pres. t. of* Have.

Hash, *n.* നുറുക്ക്; 2. പഴമപ്പുതുക്കം. *v. t.* തറിക്കുക, നുറുക്കുക.

Has'let, *n.* മൃഗക്കുല, മാങ്ങ, കരല്; 2. പന്നിക്കുടല്.

Hasp, *n.* കീലം, കൊളുത്ത്; ചങ്ങല, കൊക്ക; 2. 'നല്ലി', നിലോടി (*w.*). *v. t.* കൊളുത്തിട്ട് പൂട്ടുക.

Hāste, *n.* വേഗത, ത്വര, ജാഗ്രത; 2. തിരക്ക്, ബദ്ധപ്പാട്, തത്രപ്പാട്; ഉരുസല്. to make h. ബദ്ധപ്പെടുക, വേഗമാക്കുക. *v. t.* & ബദ്ധപ്പെടുത്തുക, വേഗത കൂട്ടുക. ='sten (hā'sn), *v. t.* ഉന്തുക, തിരക്കാക്കുക; വേഗതപ്പെടുത്തുക. *v. i.* ഓടുക, വിരയുക, ശീഘ്രമായിപോക. ='sten-ĕr, *n.* ബദ്ധപ്പെടുത്തുന്നവൻ. =sti-ly, *ad.* വേഗം, തീവ്രമായി, ക്ഷണം; വിരവോടെ; മുന്നുംപിന്നും നോക്കാതെ; ദ്രുതഗ

തിയായി. =sti-ness, *n.* വേഗത, തത്രപ്പാട്; അവിവേകം; മുങ്കോപം. hā'sty, *a.* ശീഘ്രമായ; തിരക്കുള്ള; അടിയന്തരമായ; വിവേകമില്ലാത്ത; മുങ്കോപമുള്ള; മുന്നാലോചനയില്ലാത്ത; കാലത്തെയുള്ള.

**Hat,** *n.* തൊപ്പി. h.-band തൊപ്പിപ്പട്ട. h.-rack, h.-stand, h.-tree തൊപ്പിക്കുററി. to pass around the h. ധർമ്മമായിപണം പിരിക്കുക. -'ted, *a.* തൊപ്പിയിട്ട. -'tĕr, *n.* തൊപ്പി ഉണ്ടാക്കുന്നവൻ, —വില്ക്കുന്നവൻ. -'ting, *n.* തൊപ്പിപ്പണി.

I. **Hatch** (hach), *v. t.* കുള്ളികൊത്തുക, വര—; 2. കറപ്പെടുത്തുക; ഛായം മുക്കുക. -'ing, *n.* നേരിയ വരകൊത്തൽ.

II. **Hatch** (hach), *v. t.* പൊരുത്തിന്ന് വെക്കുക, അട—; മുട്ടമുറിപ്പിക്കുക; 2. കൃതിക്കുക, നിരൂപിച്ച് ഉണ്ടാക്കുക; കെട്ടി—, കൃത്രിമിച്ച്—. *v. i.* മുട്ടമുറിഞ്ഞ് പുറപ്പെടുക, മുട്ടവിരിയുക. *n.* പൊരുന്നൽ; 2. ഒന്നായി വിരിഞ്ഞകുഞ്ഞുകൾ; 3. വെളിവാകൽ, വികാസം. -'ĕr, *n.* മുട്ടമുറിപ്പിക്കുന്നവൻ; പൊരുന്നുന്നപക്ഷി; അടയന്ത്രം; സങ്കല്പകൻ, കൃതിച്ചുണ്ടാക്കുന്നവൻ. -'ĕr-y, *n.* പൊരുത്തറ.

III. **Hatch** (hach), *n.* അരവാതിൽ; 2. ചേണ്; 3. മഞ്ചപ്പാത്തിപ്പലക, ചീപ്പ്; 4. കട്ടിള്; 5. കപ്പലിലെ ചരക്കറ; 6. ഖനിവായി. *v. t.* പൂട്ടുക, അടക്കുക. h.-way അറവായി, —വാതിൽ. to batten down the h.s അറ മൂടിയിട്ടുറപ്പിക്കുക (*naut.*). to be under h.s കപ്പലറയിൽ ഇട്ട് പൂട്ടുക; ബന്ധനത്തിലാക്കുക.

**Hatch'el** (hach'el), **Hack'le, Heck-le,** *n.* ചണച്ചീപ്പ്. *v. t.* ചണം ചീവിയെടുക്കുക; 2. ഉപദ്രവിക്കുക, അസഹ്യപ്പെടുത്തുക; ഭേദ്യം ചെയ്യുക.

**Hatch'et** (hach'et), *n.* കോടാലി, ചെറുമഴു; 2. വെണ്മഴു; 3. മടവാള്. h.-face ക്രൂരമുഖം. to bury the h. ഇണങ്ങുക, സന്ധിക്കുക. to take up the h. പോരിന്നിറങ്ങുക.

**Hāte,** *v. t.* പകെക്കുക, വെറുക്കുക; അറെക്കുക; 2. വിരോധമുണ്ടാക, ഇഷ്ടമില്ലാതിരിക്കുക: I h. waste ദുർച്ചിലവ് എനിക്ക് വിരോധമാണ്. -'ful, *a.* പകഉള്ള, വിരോധം—; ശ്രുന്ന്യംപിടിച്ച, അസത്തായ. -'ful-ly, *ad.* വെറുപ്പോടെ, പകയോടെ. -'ful-ness, *n.* ദ്വേഷം. ='tĕr, *n.* പകയാളി, ശത്രു. hā'tred, *n.* പക, സിദ്ധാന്തം, വിരോധം, ഈർഷ്യ, വെറുപ്പ്.

**Hath,** *old form of* **Has.**

**Hau'bĕrk, Hau'berg, Hau'bĕrque, Haw'bĕrk** (ha'bĕrk), *n.* കവചം, ഉരസ്ത്രാണം, പടച്ചട്ട.

**Haugh** (ha), *n.* മിട്ടാൽപ്രദേശം.

**Haugh'ty** (ha'ti), *a.* ഉന്നതമായ; 2. ഗർവ്വംഉള്ള, പൊങ്ങച്ചം—; അഹംഭാവം—. =ti-ly, *ad.* പെരിമയോടെ, ഡംഭോടെ. =ti-ness, *n.* അഹങ്കാരം, നിഗളം, പ്രൌഢി.

**Haul** (hal), *v. t.* വലിക്കുക, ഇഴെക്കുക; 2. ഇഴെച്ച് വലിക്കുക, വലിച്ച് കയററുക. to h. over the coals ആക്ഷേപിക്കുക, ശാസിക്കുക. to h. the wind കാററിന്ന് നേരെ ഓട്ടുക (*naut.*). *v. i.* കാററിന്ന് നേരെ ഓട്ടുക; 2. എതിരായി വലിക്കുക. to h. around കാററ് മാറി മാറിയടിക്കുക. to h. off അകന്ന് നില്ക്കുക. *n.* വലി; 2. വലവലിക്കൽ, —വീശൽ; മീൻപിടിത്തം; 3. നേട്ടം; 4. ദൂരം. -'āge, *n.* വലിക്കൽ.

**Haulm** (ham), **Haum, Hawm** (ham), *n.* തണ്ട്, പുല്ല്, താള്.

**Haunch** (hansh), *n.* ഊര, ഉക്ക്, ഇടുപ്പ് (*an.*); 2. തുടയും ചന്തിയും കൂടിയ മാംസക്കഷണം. to sit on the h.s ഉക്കിച്ചിരിക്കുക. haunched (hansht), *a.* ഇടുപ്പുള്ള.

**Haunt** (hant), *v. t.* കൂടക്കൂടചെല്ലുക, ചെന്നുപദ്രവിക്കുക; 2. ബാധിക്കുക, ഭൂതവാസം ഉണ്ടാക, —ഉപദ്രവം—; 3. അഭ്യസിക്കുക. *v. i.* ചെല്ലുക, താമസിക്കുക. *n.* പോക്ക് വരവുള്ള സ്ഥലം; ഗതാഗതം ഉള്ള—; വാസസ്ഥാനം, ഇരിപ്പിടം; 3. പോക്ക് വരവ്; 4. സാമർത്ഥ്യം, ശീലം. -'ed, *a.*

ശ്രുതവാസം ഉള്ള, —ഗതാഗതം—, —ഉപദേ വം—. -'ĕr, *n.* ഗതാഗതം ചെയ്യുന്നവൻ.

**Haut'boy** (hō'boi), *n.* കുഴല്, വല്ലകി, നാഗസ്വരം. -ist, *n.* കുഴലൂത്ത്കാരൻ.

**Hau-tĕur'** (hạ-tĕr'), *n.* ഡംഭ്, നിഗ ളം, പൊങ്ങച്ചം; പ്രസരിപ്പ്.

**Have,** *v.t. ir.* (had, had) ഉണ്ടാക, കൈവശം ആയിരിക്കുക, അധീനം—; 2. ഉടമ—; 3. സ്വീകരിക്കുക, കൈക്കൊൾക: will you h. me എന്നെ കൈക്കൊള്ളുമോ?; will you h. this book വേണം; ഈ പുസ്തകം വേണമോ?; 4. കിട്ടുക, പ്രാപിക്കുക, ലഭിക്കുക; 5. ചെയ്യിക്കുക: I *had* it written ഞാൻ അത് എഴുതിച്ചു; I *had* it described to me എനിക്ക് അത് വിവരിച്ച് കിട്ടി; 6. സാധിപ്പിക്കുക; നിർബ്ബന്ധിക്കുക; ആവശ്യപ്പെടുക: would you h. me turn traitor ഞാൻ വിശ്വാസഘാതകനായ്ത്തീരേണമെന്നാണോ?; 7. പ്രസവിക്കുക: she *has* just *had* a child അവൾ ഇപ്പോൾ തന്നെ പ്രസവിച്ചു; 8. എണ്ണുക, മതിക്കുക: of them I shall be *had* in honour അവര് എന്നെ ബഹുമാനിക്കും; 9. പോകമാറാക്കുക: the stars h. us to bed നക്ഷത്രങ്ങൾ നമ്മെ ഉറക്കിന്നയക്കുന്നു; 10. എടുക്കുക: h. out all men from me എന്റെ ഒന്നിച്ചുള്ളവരെ ഒക്കയും കൂട്ടിക്കൊണ്ട് പോക; 11. ഒരുങ്ങുക, പുറപ്പെടുക: to h. after one പിന്തുടരുക; to h. at a thing ലാക്കാക്കുക; to h. with a companion എതിൎക്കുക; 12. (infinitive) വേണ്ടിവരിക: I shall h. to go ഞാൻ പോകേണ്ടിവരും; he *has* to be a merchant അവന്ന് കച്ചവടക്കാരൻ ആകാതെ നിർവ്വാഹമില്ല; 13. ഗ്രഹിക്കുക. you h. me, h. you not? ഞാൻ പറഞ്ഞത് നിങ്ങൾക്ക് മനസ്സിലായില്ലേ; 14. കടുക്കുക. തോല്പിക്കുക: that is where he *had* him അതിലാണ് അവൻ അവനെ കെണിച്ചത്. to h. a care സൂക്ഷിക്കുക. to h. (a man) out ദ്വന്ദ്വയുദ്ധം ചെയ്യുക, അങ്കം കുറക്കുക. to h. done (with) മതിയാക്കുക; വേണ്ടെന്ന് വെക്കുക. to h. it out തുറന്ന് പറയുക; തീൎച്ചയാക്കുക. to h. on ധരിക്കുക. to h. to do with ഇടവാട് ഉണ്ടാക, കാൎയ്യം—. hav'ing, *n.* സമ്പാദ്യം, മുതല്, വസ്തുവക. had, *p.t.* & *p.p.* ഉണ്ടായിരുന്നു. h.d as lief, h.d rather, h.d better, h.d as soon . . കാൾ ഉത്തമം, . . . ആകുന്നു അവിടെ നല്ലത്, . . . ആണ് ഭേദം. you h.d rather stay നിങ്ങൾ താമസിക്കയാണ് നല്ലത്. has *3rd pers. s. pres. t.*

**Hā'ven** (hā'vn), *n.* തുറമുഖം, ബന്തറ്; 2. ആശ്രയസ്ഥാനം, സങ്കേതം. *v.t.* തുറമുഖത്തെത്തുക; അഭയം പ്രാപിക്കുക. -āge, *n.* തുറമുഖക്കൂലി. =vened (-vnd), *a.* തുറമുഖത്തെത്തിയ.

I. **Hā'vĕr,** *v.i.* നൊടിയുക, ചിലെക്കുക.

II. **Hav'ĕr,** *n.* 'ഓട്ട്' എന്ന ധാന്യം. h. bread, h. cake ഓട്ടപ്പം. h. sack പടയാളികളുടെ തീൻകോപ്പ് സഞ്ചി.

**Hav'oc,** *n.* സംഹാരം, നാശം, ഉന്മൂലനം. *v.t.* നിൎമ്മൂലം ആക്കുക, ശൂന്യം—, പാഴ്—, നശിപ്പിക്കുക. *int.* സംഹാരം സംഹാരം എന്ന പോര്‌വിളി.

I. **Haw** (hạ), *n.* വേലി; 2. തോട്ടം, തൊടിക; 3. കളം.

II. **Haw** (hạ), *n.* ഒര് കണ്ണടലം (*an.*).

III. **Haw** (hạ), *n.* സംസാര തടസ്ഥം; പതച്ച, ചിനക്കൽ. *v.i.* പതറുക; നിത്തിനിത്തി സംസാരിക്കുക. h.-haw പൊട്ടിച്ചിരിക്കുക (*U. S.*).

IV. **Haw** (hạ), *v.i.* & *t.* നേരെ തിരിയുക, —തിരിക്കുക. to h. and gee ചഞ്ചലിക്കുക; 2. ഇഷ്ടംപോലെ നടത്തുക.

I. **Hawk** (hạk), *n.* പ്രാപ്പിടിയൻ (*z.*); 2. ഗൃദ്ധ്രം. *a. i.* പക്ഷിവേട്ടയാടുക. h.-bill വെള്ളാമ (*z.*). h.-eyed സൂക്ഷ്മദൃഷ്ടിയുള്ള. hawked (hạkd), *a.* വളഞ്ഞ. -'ĕr, *n.* പക്ഷിവേട്ടക്കാരൻ.

II. **Hawk** (hạk), *v.i.* ചിനെക്കുക. *v.t.* കാക്കിക്കുക, കാക്കലിക്കുക. *n.* ചിനെക്കൽ, കാറൽ. കാക്കലിപ്പ്.

III. **Hawk** (hạk), *n.* കമ്മായപ്പലക.

IV. **Hawk** (hak), *v.t.* നടന്ന് വില്ക്കുക, വീട് വീടാന്തരം കൊണ്ട് ചെന്ന് —. =′ĕr, *n.* തെണ്ടിക്കച്ചവടക്കാരൻ; 'ആക്കർ'.

**Hawse** (haz), *n.* കപ്പലിലെ കമ്പദ്വാരം; 2. നങ്കൂരനില; 3. നങ്കൂരക്കമ്പ; 4. കപ്പലണിയം. to come in at the h. holes പടകപ്പൽസൈന്യത്തിൽ ചേരുക. =′ĕr, *n.* കമ്പ, ആലാത്ത്, തടിച്ച കയറ്.

I. **Hāy** (hā), *n.* വേലി; 2. മുയൽവല. h.-ward വേലികാവല്ക്കാരൻ. to dance the h. ചുററിനിന്ന് നൃത്തം ചെയ്യുക. *v.i.* വലവെക്കുക.

II. **Hāy**, *n.* ഉണക്ക് പുല്ല്, വരട്ട് —, വൈക്കോല്. h.-cock, h.-rick, h.-stack പുല്ലുതിരി, വൈക്കോൽകുണ്ട. h.-cutter പുല്ല് തറിക്കുന്ന യന്ത്രം. h.-fever ജലദോഷപ്പനി (*med.*). h.-field പുല്പാട് h.-loft പുല്ലുതിരിപ്പുറം. h.-maker പുല്ല് അറുത്തുണക്കുന്നവൻ; —അറുക്കുന്ന യന്ത്രം. h.-stalk പുല്ലുത്തണ്ട്. *v.i.* പുല്ലറുത്തുണക്കുക.

**Haz′ard** (-′ĕrd), *n.* ചൂത് കളി, ഭാത് —; 2. ഭാഗ്യം, യോഗം, യോഗ്യഭാഗ്യം; 3. അപകടം, പ്രാണാപായം; 4. പന്തയം, ചൂത് പണയം. to run the h. തുനിഞ്ഞിറങ്ങുക, നെഞ്ഞ് കൊട്ടുക്കുക. *v.t.* ഭാഗ്യം പരീക്ഷിക്കുക; അപകടത്തിൽ ആക്കുക, പണയത്തിൽ—; 2. തുനിയുക, പുറപ്പെടുക. *v.i.* യോഗ്യഭാഗ്യമനുഭവിക്കുക; 2. അപകടം സഹിക്കുക, നഷ്ടം—. -a-ble, *a.* യോഗംപോലെ വരുന്ന; സംശയകരം ആയ; ആപല്ക്കരം—; പന്തയം വെക്കത്തക്ക. -ĕr, *n.* തുനിയുന്നവൻ. -ŏus, *a.* ആപല്ക്കരം ആയ, നഷ്ടകരം—. -ŏus-ly, *a.* അപകടം നേരിടുംവണ്ണം. ŏus-ness, *n.* അപായം. -ry, *n.* ചൂത് കളി; ധാഷ്ട്യം; കണ്ണും മൂക്കും ഇല്ലാത്ത പ്രവൃത്തി.

**Hāze**, *n.* പുക, മഞ്ഞ്, മൂടല്; 2. മങ്ങല്; അസ്പഷ്ടത. *v.i.* മൂടിക്കെട്ടുക. *v.t.* ഞെരുക്കുക; 2. കളിയാക്കുക. hā′zi-ly, *ad.* മൂടലായി; തെളിവില്ലാതെ; പരിഭ്രമത്തോടെ. hā′zi-ness, *n.* മൂടല്; മങ്ങല്. hā′zy, *a.* മങ്ങലുള്ള, മൂടലുള്ള; അസ്പഷ്ടമായ; തെളിവില്ലാത്ത.

**Hā′zel** (hā′zl), *n.* ഒര് വക ഫലവൃക്ഷം (*b.*). h.-nut ഹേസൽമരക്കായി. hā′zel, =zel-ly, *a.* പിംഗലവർണ്ണമുള്ള.

**Hē**, *pron.* അവൻ, അദ്ദേഹം, അയാള്, ഇവൻ, ഈയാള്, ഇദ്ദേഹം, താൻ. *n.* പുരുഷൻ. him, *pron.* അവനെ, അദ്ദേഹത്തെ; അവന്; ഇവനെ, ഇദ്ദേഹത്തെ; ഇവന്. him-self′, *pron.* താൻതന്നെ; തൻേറടം; തനിയെ. he h.f അവൻ തന്നെ, താൻ—. he saved h.f തന്നെത്തന്നെ. the man has come to h.f തൻേറടം. by h.f ഏകനായി, തനിയെ. he studies by h.f സ്വാകാര്യം. to leave one to h.f താന്തോന്നിത്വത്തിന്ന് വിട്ടേക്കുക. beside h.f സുബോധം വിട്ട്; പരവശനായി. of h.f സ്വമേധയാ. for h.f അവനെത്തന്നെ വിചാരിച്ചാൽ. it is like h.f അത് അവൻെറ മാതിരി തന്നെ. his, *pron.* അവൻെറ, അദ്ദേഹത്തിൻെറ; ഇവൻെറ, ഇദ്ദേഹത്തിൻെറ; തൻെറ; അവൻേറത്.

**Head** (hed), *suf.* ത്വം *etc.*, *see* Hood. *n.* തല, ശിരസ്സ്, ഉത്തമാംഗം; 2. മസ്തകം; മണ്ട; മുതുതല; ആണിക്കുട, കുട; കത്തിമടമ്പ്; ഓലക്കുടമ്പ്; 3. തലഭാഗം; 4. തലവൻ, പ്രമാണി; അഗ്രേസരൻ; 5. മുമ്പ്, ശ്രേഷ്ഠത, അധികാരം, അഗ്രസ്ഥാനം; 6. എണ്ണം: four acres for every h. ആളെണ്ണം നന്നാല് കാണി; a thousand h. of cattle ആയിരം എണ്ണം കാലി; 7. തലച്ചോറ്, ബുദ്ധി; ജ്ഞാനം, അറിവ്; മനസ്സ്; 8. ഉറവിടം, ഉത്ഭവസ്ഥാനം; 9. വെള്ളത്തിൻെറ ഊക്ക്, —ചാട്ടം; 10. മുനമ്പ്; 11. മുഖ്യഭാഗം, —വിഷയം: h.s of a sermon പ്രസംഗപ്പിരിവുകൾ; 12. തികവ്; ബലം, മൂച്ഛ്: gathering h. പ്രബലതയോടെ; the indisposition has grown to such a h. that it must come to an end വ്യാധിയുടെ ഊക്ക് പൂർത്തിയായിരിക്കകൊണ്ട്; 13. സൈന്യം, പടബലം: the enemy has gathered h. എതിർപക്ഷം സേനാബലം കൂട്ടിയിരിക്കുന്നു; 14. തൊപ്പി, തലപ്പാവ്; തലമുടി; 15. കതിര്; 16. പൂക്കുല; 17. തളിർക്കൂട്ടം, ഇലക്കൂട്ടം; 18. മാൻകൊമ്പ്;

19. നര; 20. *pl.* ഇറയോട്. **h.-ache** തലവേദന, തലകുത്ത്. **h.-achy** തലനോവുള്ള. **h.-band** തലക്കെട്ട്, തലക്കച്ച. **h.-board** തലപ്പലക. **h.-dress, h.-gear, h.-tire** ശിരോവസ്ത്രം; തൊപ്പി, തലപ്പാവ്; തലമുടികെട്ടൽ. **h. first, h. foremost** തലമുമ്പിലായി. **h.-hunter** കലപാതകൻ. **h.-hunting** കല. **h.-land** മുനമ്പ്. **h.-line** മേലെഴുത്ത്. **-'long,** *a.* സാഷ്ടാംഗം; സാക്ഷാൽ, പച്ച. **h.g folly** വെറും ഭോഷത്വം. **h.-lugged** തലപിടിച്ചിഴെച്ച. **h.-man** മുഖ്യസ്ഥൻ, തലവൻ. **h.-most** എല്ലാററിലും മുമ്പിലുള്ള. **h.-note** തലസൂചകം. **h.-pan** തലയോട്. **h.-piece** തല; ശിരസ്ത്രം; ബുദ്ധി. **h.-quarters** തലസ്ഥാനം, മുഖ്യ—; മേലധികാരം. **h.-race** നീർച്ചാല്. **h.-shake** തലകുലുക്കൽ, —ആട്ടം. **-'ship,** *n.* അഗ്രസ്ഥാനം, നായകത്വം. **h.p-man** വധിക്കുന്നവൻ, ആരാച്ചാര്. **h.-spring** ഉറവിടം; ഉല്പത്തിസ്ഥാനം. **h.-stone** മൂലക്കല്ല്; ശവക്കുഴിത്തലക്കല്ല്. **h.-strong** ഒതുക്കം ഇല്ലാത്ത, അടക്കം—; താന്തോന്നിയായ, ശഠതയുള്ള; തന്നിഷ്ടപ്രകാരം—. **h.-strongness** ദുശ്ശാഠ്യം. **h.-way** മതിച്ച, ജയം; ഓട്ടം. **h.-work** ബുദ്ധിപ്രവൃത്തി. **h.-money, h.-pence** തലവരി. **h.-sea** എതിർവലി. **h.-wind** എതിർക്കാററ്. **a buck of the first h.** വളച്ച് തികഞ്ഞ മാൻ. **from h. to foot** ആപാദചൂഡം, —കേശം, മുഴുവനും. **h. and ears** ആകപ്പാടെ, ആസകലം. **h. and shoulders** ബലാല്ക്കാരേണ; വളരെ, അധികം. **h. or tail** ഇതൊ അതൊ, ഇപ്പുറമൊ അപ്പുറമൊ. **neither h. nor tail** വാലും തലയും ഇല്ലാതെ, തുമ്പ്—; തീച്ചയും മൂച്ചയും—. **out of one's own h.** സ്വയങ്കൃതം. **over the h. of** ബുദ്ധിയെ കവിഞ്ഞ, മനസ്സിലാകാത്ത. **to be out of one's h.** തലക്കാച്ചല് ഉണ്ടാക, ഭ്രാന്തായിരിക്കുക. **to break one's h.** ആലോചിച്ച് ബുദ്ധിമുട്ടുക. **to come or draw to a h.** പഴുക്കുക; പാകം ആക, കാലം—. **to give (one) the h., to give h.** വിട്ട്കൊടുക്കുക. **to his h.** മുഖത്ത് നോക്കി. **to lay h.s together** കൂടിയാലോചിക്കുക. **to lose one's h.** തല വെട്ടിപ്പോക; ഭ്രമിച്ച്പോക, തന്റേടം വിട്ട്—. **to make h., or to make h. against** ചെറുത്ത്നില്ക്കുക; അതിക്രമിച്ച് ചെല്ലുക. **to put into one's h.** തോന്നിച്ച്കൊടുക്കുക. **to shew one's h.** കാണാപ്പുറിക. **to turn h.** തിരിഞ്ഞ്നില്ക്കുക. *a.* ഒന്നാമത്തെ; മുഖ്യം ആയ, പ്രമാണം—; പ്രധാനി—. *v.t.* തലവനായിരിക്കുക; നടത്തുക; 2. കടവെക്കുക; 3. ശിരഃഛേദം ചെയ്യുക; 4. കൊമ്പ്മുറിക്കുക, തുപ്പ് വെട്ടുക; 5. മുമ്പിൽ പോക; തടുക്കുക: **the wind h.s a ship** കാററ് കപ്പലിന്ന് എതിരായിരിക്കുന്നു; 6. തലയിൽ ചുമക്കുക, പേറുക. **to h. off** എത്തിപ്പിടിക്കുക. **to h. up** മൂടിതറക്കുക. *v. i.* ചുരന്ന്വരിക, ഉത്ഭവിച്ച്—; 2. പോക, ചായുക; 3. തലവെക്കുക, —ഉണ്ടാക. **-'ed,** *a.* ബുദ്ധിവിവേകം ഉള്ള; തല—; ഉരുണ്ട്കൂടിയ. **-'ĕr,** *n.* ആണിക്കുടയന്ത്രം; തലവൻ, പ്രമാണി; കൊയ്ത്ത് കാരൻ; തലകീഴായചാട്ടം. **-'i-ly,** *ad.* ദ്രുതഗതിയായി; ധാർഷ്ട്യത്തോടെ, ശാഠ്യത്തോടെ. **-'i-ness,** *n.* പാച്ചലും വീഴലും, തത്രപ്പാട്. **-'ing,** *n.* നായകത്വം, നാഥത്വം; ഉരുണ്ട്കൂടൽ; മേലെഴുത്ത്; മൂടി. **-'less,** *a.* തലയില്ലാത്ത, ശിരഃഛേദം ചെയ്ത; അരാജകമായ; ഭോഷത്വംഉള്ള, തോന്നിയവാസം—. **-'y,** *a.* അടക്കം ഇല്ലാത്ത, തന്നിഷ്ടമുള്ള; തലക്ക് പററുന്ന, ലഹരിയുള്ള; ഉഗ്രമായ.

**Hēal** (hēl), *v. t.* സൌഖ്യമാക്കുക, സുഖപ്പെടുത്തുക, പൊറുപ്പിക്കുക; 2. മാററുക, ഭേദം വരുത്തുക; 3. നന്നാക്കുക, യഥാസ്ഥാനപ്പെടുത്തുക; 4. ഇണക്കുക, സന്ധിപ്പിക്കുക. *v. i.* (up, over) സുഖമാക, ശമനം വരിക, ഗുണമാക, മാറുക. **-'a-ble,** *a.* ശമിക്കുന്ന, മാറുന്ന. **-'ĕr,** *n.* സുഖകരൌഷധം; സുഖം വരുത്തുന്നവൻ; വൈദ്യൻ. **-'ing,** *a.* ശമനകരം, സുഖ—. **h.g art** വൈദ്യം; ആയുർവ്വേദം. **-'ing-ly,** *ad.* ശമനകരമായി. **health** (helth), *n.* സുഖം, ആരോഗ്യം, ക്ഷേമം, സൌഖ്യം; സ്വാസ്ഥ്യം; സ്വാസ്ഥ്യവാക്യം. **bill**

of h.th കപ്പലിൽ പകൎച്ചവ്യാധിയില്ലെന്നുള്ള സാക്ഷ്യപത്രം. h.th-lift വ്യായാമോപകരണം. h.th-officer നഗരസുഖധൎമ്മവിചാരകൻ. to drink one's h.th സ്വസ്ഥിവാക്യം ചൊല്ലി കുടിക്കുക. health'fụl, heal'thy, health'sōme (helth-), *a.* ആരോഗ്യം ഉള്ള, സുഖം—; സുഖകരം ആയ, —പ്രദം—; —ലക്ഷണം—; അനുകൂലം—. health'fụl-ly (helth-), *ad.* സുഖേന, ക്ഷേമത്തോടെ. health'fụl-ness, *n.* ക്ഷേമലാഭം, സുഖാനുഭോഗം. health'i-ly, *ad.* സുഖത്തോടെ. health'i-ness, *n.* സൌഖ്യം, ക്ഷേമം. health'less, *a.* സുഖമില്ലാത്ത, രോഗമുള്ള; സുഖവിരുദ്ധമായ. health'less-ness, *n.* സുഖക്കേട്. health'ward (helth'wĕrd), *a.* & *ad.* ഭേദമായിക്കൊണ്ടു വരുന്ന, സുഖമായിക്കൊണ്ട്.

Heald (hēld), *n.* അച്ച്, റക്ക (*w.*).

Hēam (hēm), *n.* മൃഗമറു, മാച്ച്.

Hēap (hēp), *n.* കൂട്ടം, സംഘം; 2. എണ്ണം, സമൂഹം; 3. കൂമ്പാരം, കുന്ന്, കൂമ്പല്. *v. t.* (up) വാരിക്കൂട്ടുക, ശേഖരിക്കുക, സ്വരൂപിക്കുക; 2. (up, on) കുന്നിക്കുക, കൂമ്പാരമാക്കുക; 3. നിറച്ചുളക്കുക. -'y, *a.* കുനലായ.

Hēar (hēr), *v. t. ir.* (hĕard, hĕard *pr.* hĕrd) കേൾക്കുക, ശ്രവിക്കുക, ചെവികൊള്ളുക; 2. ശ്രദ്ധിക്കുക; അനുസരിക്കുക; 3. വിസ്താരം നടത്തുക, അന്വേഷണം—: to h. a case വിചാരണചെയ്യുക; 4. ശ്രോതാവായിരിക്കുക, ചെന്ന് കേൾക്കുക: to h. a concert സംഗീതം കേൾപാൻ പോക; 5. കേട്ട് തീൎച്ചയാക്കുക; 6. സങ്കടം കേൾക്കുക; പ്രാൎത്ഥന—. to h. a bird sing ഒററ് കിട്ടുക; സ്വകാൎയ്യമായി അറിയുക. to h.-say പറഞ്ഞ് കേൾക്കുക, ശ്രുതി—. *v. i.* ശ്രവണമുണ്ടാക, കാത് കേൾക്കുക; 2. കേൾക്കുക, ചെവികൊടുക്കുക; ശ്രദ്ധവെക്കുക; 3. വൎത്തമാനം കേൾക്കുക. to h. ill ശാസനകിട്ടുക. to h. well പുകഴ്ച—. h. hear, h. him കേട്ടൊളീൻ. കേട്ടോളീൻ, 'ശവാസ്' 'ശവാസ്'. -'ēr, *n.* കേൾക്കുന്നവൻ; ശ്രോതാവ്, കേൾവിക്കാരൻ. -'ing, *n.* കേൾവി, ശ്രോത്രം; ശ്രദ്ധ; പറഞ്ഞ് കേൾപ്പിപ്പാനുള്ളതരം; വിചാരണ; ക്കുററ് പാട്, കേൾക്കത്തക്ക ദൂരം. -'sāy, *n.* കേൾവി, കിംവദന്തി, ശ്രുതി, കേട്ടറിവ്. h.y evidence ശ്രുതിത്തെളിവ് (*l.*).

Heär'ken (här'kn), *v. i.* കേൾക്കുക; ചെവിയിൽ വീഴുക; അനുസരിക്കുക; 2. അന്വേഷിക്കുക. *v. t.* ചെവിക്കൊടുക്കുക, കേൾക്കുക; 2. ശ്രദ്ധവെക്കുക. to h. out തിരഞ്ഞ് നോക്കുക. -ĕr, *n.* കേൾക്കുന്നവൻ.

Hĕarse (hĕrs), *n.* പ്രേതമഞ്ചം, മയ്യത്ത് കട്ടിൽ (*M.*); 2. ശവക്കുഴി, ശവപ്പെട്ടി, ശവക്കല്ലറ; 3. ശവവണ്ടി. h.-cloth ശവത്തുണി. h.-like ശ്മശാനതുല്യമായ.

Heärt (härt), *n.* ഹൃദയം, രക്തകോശം, മാങ്ങ (*an.*); 2. ഹൃത്ത്, മനസ്സ്; നെഞ്ച്; അകതളിര്, —താറ്, ഉൾക്കാമ്പ്, ഉള്ളം; 3. മദ്ധ്യപ്രദേശം, ഉൾഭാഗം; 4. സാരം, സത്ത്, കാതല്; 5. ഉയിര്, ധൈൎയ്യം, ശൌൎയ്യം; പ്രാഗത്ഭ്യം; 6. പുഷ്ടി, വളം; 7. ഹൃദയാകൃതി; 8. കളിക്കുന്ന ചീട്ടിൽ ഒര് വക, 'ആട്ടിൻ'; 9. ശ്രദ്ധാൎത്ഥം; രഹസ്യം, ആന്തരം; 10. പ്രിയൻ, പ്രിയ: I speak to thee my h. എന്റെ പൊന്നേ, —മുത്തേ. h.-ache ആധി, ദുഃഖം, മനോവേദന. h.-break നെഞ്ച് പൊട്ടൽ, കരള് കടച്ചൽ. h.-breaking നെഞ്ച് പൊട്ടുന്ന, കരള് കത്തുന്ന. h.-broken ആധിപിടിച്ച. h.-burn *or* h.-burning നെഞ്ച് വേവല്, —കീറല്, —പുകച്ചല്; തൃപ്തികേട്; അസൂയ; തൃപ്തികെട്ട. h.-dear അതിപ്രിയമുള്ള. h.-deep മനസ്സിൽ പതിഞ്ഞ, —ഉറച്ച. h.-eating മനോവേദനയുള്ള. h.-felt ഹൃദ്യം ആയ; മനഃപൂൎവ്വം—; യഥാൎത്ഥം—. h.-grief മനഃക്ലേശം. h.-hardness കഠിനമനസ്സ്, നിൎദ്ദയ; ഹൃദയകാഠിന്യം, ആത്മികനിൎവ്വിചാരം. h.-heaviness ആധി; മനോഭാരം. h.-quake നെഞ്ഞിടിപ്പ്, ഭയം. h.-rending നെഞ്ച് കത്തുന്ന; മഹാവ്യസനകരമായ. h.-rising എതിർഭാവം, വൈമനസ്സ്. h.-robbing ആഹ്ലാദം ഉള്ള, ആനന്ദവിഹ്വലത—; മനോഹര

മായ; വശീകരിക്കുന്ന. h.-shaped ഹൃദയാകൃതിയായ. h.-sick മനഃക്ലേശം ഉള്ള, ആധി—; നിരാശയായ. h.-sickness ആധി, മനഃക്ലേശം, ഉരുക്കം. h.-sōme, *a.* ഉല്ലാസം ഉള്ള, സന്തോഷം—. h.-stricken ഞെട്ടിപ്പോയ, പരിഭ്രമമുള്ള. h.-strike മനസ്സിന്ന് തട്ടിക്കുക. h.-string ഹൃദയഞരമ്പ്. h.-struck മനസ്സിൽ അമ്പേററ, —തട്ടിയ, —ഉറച്ച; ആധിപിടിച്ച, വിഭ്രമം—. h.-swelling മനസ്സ് കത്തുന്ന, അസൂയയുള്ള. h.-whole പ്രേമബദ്ധൻ അല്ലാത്ത; വിവാഹേഛു—; ധൈൎയ്യം ഉള്ള; പരമാൎത്ഥം—, ഏകാഗ്രമനസ്സ്—. h.-wood കാതല്. h.-wounded മലർബാണമേററ, ദുഃഖാധിയുള്ള. h.'s-ease മനഃസ്വാസ്ഥ്യത; ശാന്തമനസ്സ്. after one's own h. മനസ്സിന്ന് പററിയ; സമ്മതനായ. at h. ഉള്ളിൽ; സൂക്ഷ്മത്തിൽ, വസ്തുതയിൽ. by h. മനഃപാഠമായി, കാണാ—; നന്നായി. for my h. എന്തൊക്കയായിട്ടും. h. and hand ഒത്തൊരുമിച്ച്, ഒര് കയ്യായി. h. and soul മനഃപൂൎവ്വമായി; ശുഷ്കാന്തിയോടെ. in good h. ധൈൎയ്യത്തോടെ; പ്രത്യാശയോടെ. out of h. ധൈൎയ്യക്ഷയമുള്ള. poor h. പാവം!, 'സാധു'!. to break the h. of ആധിപിടിപ്പിക്കുക; ഇടിവ് വരുത്തുക; പ്രവൃത്തിമിക്കവാറും തീക്കുക. to find in the h. മനസ്സ് വരിക, —ഉണ്ടാക. to have at h. വാഞ്ഛിക്കുക. to have in the h. ഭാവിക്കുക. to have the h. in the mouth പേടിച്ച് മറുകുക. to lose h. ധൈൎയ്യമില്ലാതാക, മനസ്സ് വെടിയുക. to lose one's h. പ്രേമബദ്ധനാക; വാത്സല്യം തോന്നുക, അനുരാഗം—. to set the h. at rest ശാന്തമായിരിക്കുക. to set the h. upon മനസ്സ് വെക്കുക; മോഹിക്കുക; രസം പററുക. to take h. of grace പ്രാഗത്ഭ്യം കാട്ടുക; ധൈൎയ്യപ്പെടുക. to take to h. വിചാരിച്ച് ദുഃഖിക്കുക, ഖേദിക്കുക. to wear one's h. upon one's sleeve കള്ളിപുറത്താക്കുക, ഉള്ള് വെളിച്ചത്താക്കുക. with all one's h., with one's whole h. അതിശ്രദ്ധയോടെ; പൂൎണ്ണമായി; ഭക്തിപുരസ്സരം. *v.i.* ഉള്ള് തുറന്ന് വരിക. -'ed, *a.* മനസ്സ് ഉള്ള; ഭാവം—; ഹൃദയാകൃതി—; മനസ്സിൽ പതിഞ്ഞ. -'ed-ness, *n.* താല്പൎയ്യം; യഥാൎത്ഥത; മനഃപൂൎവ്വം. -'en, *v.t.* ധൈൎയ്യപ്പെടുത്തുക; ഉജ്ജീവിപ്പിക്കുക; വീൎയ്യം ജനിപ്പിക്കുക; വളം കൂട്ടുക; പുഷ്ടിവരുത്തുക. -'en-ĕr, *n.* ധൈൎയ്യപ്പെടുത്തുന്നവൻ; വളമിടുന്നവൻ. -'i-ly, *ad.* മനസ്സോടെ, ഹൃദയപൂൎവ്വകം; യഥാൎത്ഥമായി; ശുഷ്കാന്തിയോടെ, ആസക്തിയോടെ. to eat h.y മുഷ്ടം ആയുണ്ണുക, ഹൃദ്യം—. -'i-ness, *n.* മനഃപൂൎവ്വം, ഹൃദ്യത. -'less, *a.* ധൈൎയ്യം ഇല്ലാത്ത, ചൈതന്യം—; പ്രീതി—, ദയ—, അയ്യോഭാവം—. -'less-ly, *ad.* നിഷ്ഠുരണം. -'less-ness, *n.* നിൎദ്ദയത്വം, നിഷ്ഠുരത്വം. -'let, *n.* ചെറിയഹൃദയം. -'lings, *int.* ഇക്കോ!, ചങ്ങാതീ!. -'y, *a.* ഹൃദയപൂൎവ്വകം ആയ; ഹൃദ്യം—; യഥാൎത്ഥം—; സന്തോഷം ഉള്ള, ഉന്മേഷം—, ഉത്സാഹം—, താല്പൎയ്യം—; ആരോഗ്യം—, സുഖം—; പുഷ്ടിപ്രദം ആയ, ധാരാളം—. *n.* ഇക്കൻ.

**Heärth** (härth), *n.* അടുപ്പിൻതിണ, വിതനപ്പുറം; അടുപ്പ്; 2. ഭവനം, ഗൃഹം. h.-money, h.-penny അടുപ്പ് വരി. h.-stone വിതനക്കല്ല്; അടുപ്പിൻ തിണ; ഗൃഹം.

**Hēat** (hēt), *n.* ചൂട്, ഉഷ്ണം; 2. ചൂടാന്തരം, കമ്പൽ, കമിച്ച്; 3. പുകച്ചൽ, വേവൽ; ചൂട്പൊന്തൽ: it has raised h. in their faces മുഖത്ത് ചൂട് പൊന്തിയിരിക്കുന്നു; 4. പഴുപ്പിക്കൽ, കാച്ചൽ: he made the horse-shoe in a certain number of h.s പലവുരു പഴുപ്പിച്ചുണ്ടാക്കി; 5. വീപ്പ്; ചൂത്, വര; കൈ: he won two h.s out of three അവൻ മൂന്ന ചൂത് (വര) കളിച്ചതിൽ രണ്ട് നേടി; I finished the book at one h. ഒരൊററവിപ്പിന്ന് (അടിക്ക്); 6. ഘോരത, ഉഗ്രത; 7. ചൊടി, എരിവ്, രൂക്ഷത; 8. നിഷ്കൎഷ, ആസക്തി; 9. മേളി, ബഹളി; 10. പുളിപ്പ്. *v.t.* അനത്തുക, ചൂട് ആക്കുക, —പിടിപ്പിക്കുക; 2. ഉഷ്ണിപ്പിക്കുക, പതപ്പിക്കുക;

ചൈതന്യം വരുത്തുക; 3. ചുണ—, ചൊടിപ്പിക്കുക, എരിവ് പിടിപ്പിക്കുക. *v. i.* ചൂട് ആക, —പിടിക്കുക; 2. കമിറുക. -'ĕr, *n.* ചൂട് പിടിപ്പിക്കുന്നവൻ; അടുപ്പ്. -'ing, *a.* ചൂടുള്ള; ഉഷ്ണകരമായ. -'ing-ly, *ad.* ചൂട് പിടിക്കത്തക്കവണ്ണം. **hot,** *a.* (*c. d.* hot'tĕr, *s. d.* hot'test) ഉഷ്ണംഉള്ള, ചൂട്—, വെമ്പല്—; 2. ഊക്കാവ്—, ക്രോധം—, മുങ്കോപം—, വൈരാഗ്യം—; 3. ദുർമ്മോഹം—, കാമാതുരം—; 4. കാരം—, തീക്ഷ്ണം—, എരു—. **hot-bed** പുളിവളത്തടം; ഉത്ഭവസ്ഥാനം, വളച്ച—. **a hot-bed of sedition** മത്സരമുണ്ടുള്ള ഇടം. **hot-blast** ഉഷ്ണക്കാററ്. **hot-blooded** ചോരത്തിളപ്പുള്ള; വേഗം മുഷിയുന്ന, കോപംഉള്ള, തീക്ഷ്ണത-; കാമാതുരം-. **hot-brained, hot-headed, hot-spirited** ക്രോധാധിക്യം ഉള്ള, ധാർഷ്ട്യം—, താന്തോന്നിത്വം—. **hot cockles** കണ്ണ് പൊത്തിക്കളി, —പൊത്തിച്ചൊട്ടൽ. **hot foot, foot-hot** ശീഘ്രമായി, വേഗം. **hot-head** കോപി, ശുണ്ഠി. **hot-house** സസ്യോഷ്ണശാല; കളിപ്പുര; വേശ്യാഗൃഹം; ചൂട്ടാല, ചൂള. **hot-livered** ശുണ്ഠിയായ. **hot-mouthed** ശാഠ്യംഉള്ള, മോട്ട്—. **hot press** 'ഇസ്ത്രി' ഇടുക, കവിടി—. **hot-pressed** 'ഇസ്ത്രി'യിട്ട. **hot-short** കാച്ചിയാൽ പൊട്ടുന്ന, പഴുപ്പിച്ചാൽ—. **hot spur** കോപി, ഉഗ്രൻ. **hot-spurred** ക്രോധംഉള്ള, ഉഗ്രത—. **in hot-water** കുടുക്കിൽ, വിഷമത്തിൽ. **hot'ly,** *ad.* ചൂടോടെ, വിവേകമില്ലാതെ, ബദ്ധപ്പാട്ടിൽ; കാമാതുരത്തോടെ. **hot'ness,** *n.* ഉഷ്ണസ്വഭാവം; ക്രോധം, തീക്ഷ്ണത; ആസക്തി.

**Hēath** (hēth), *n.* ഒര് വക കാട്ട് ചെടി; കറുംകാട്, കററിക്കാട്; 2. തരിശ് ഭൂമി. **h.-clad** പൊന്തയായ. **heath'ĕr** (heth'-ĕr), *n.* കററിക്കാട്. -'ĕr-y, -'y, *a.* പൊന്തക്കാട് ആയ, തരിശ്—.

**Hēa'then** (hē'then), *n.* അവിശ്വാസി; സത്യദൈവവിശ്വാസംഇല്ലാത്തവൻ; പുറജാതിക്കാരൻ, അന്യമാർഗ്ഗക്കാരൻ; വിഗ്രഹാരാധകൻ; 2. ഭക്തിഹീനൻ, അഭക്തൻ. **the h.** യൂദനോ ക്രിസ്ത്യാനിയോ അല്ലാത്തവൻ. *a.* അന്യമതക്കാരനായ, ക്രിസ്ത്യാനിയല്ലാത്ത; 2. മ്ലേച്ഛനായ; പരിഷ്കാരമില്ലാത്ത; 3. ഭക്തികെട്ട. **-dŏm, -ry,** *n.* ബിംബാരാധന നടപ്പുള്ള രാജ്യങ്ങൾ, വിഗ്രഹാരാധനക്കാര്; വിഗ്രഹസേവ. **-ish,** *a.* അന്യമാർഗ്ഗസംബന്ധം ആയ; ബിംബാർച്ചകര്—; നാഗരികമില്ലാത്ത; നിഷ്ഠുര; ഭക്തിഹീനമായ. **-ish-ly,** *ad.* ക്രിസ്ത്യാനിഭാവമില്ലാതെ. **-ish-ness,** *n.* വിഗ്രഹസേവ. **-ism,** *n.* ബിംബാരാധന; കള്ളദേവാരാധന; നിർമ്മര്യാദം. **-īse, -īze,** *v. t.* വിഗ്രഹാരാധനക്കാരനാക്കുക. **-ness,** *n.* മതേതരത്വം.

**Hēave,** *v. t. r. & ir.* (hōve; hōve, hō'ven) ഉയർത്തുക; (up) പൊന്തിക്കുക, ഉന്തിക്കയററുക; 2. എറിയുക, ചാട്ടുക; 3. ചെലുത്തുക; ഇളക്കുക; ചാടിക്കളയുക; 4. ശ്വാസംവിടുക, —വലിക്കുക; 5. വീപ്പിക്കുക. **to h. a cable short** നങ്കൂരക്കയറ് കപ്പലിന്ന് കത്തനെയാക്കുക. **to h. a ship ahead** കപ്പല് കമ്പ കെട്ടി വലിക്കുക. **to h. a ship down** കപ്പല് ചരിച്ച് വെക്കുക. **to h. a ship to** അണിയം കാററിന്ന് നേരെയാക്കുക. **to h. about** കപ്പല് തിരിക്കുക. **to h. out a sail** കപ്പപ്പായി വിരിക്കുക. **to h. the lead** ഈയമിടുക, ആഴമളക്കുക. **to h. up anchor** നങ്കൂരം വലിക്കുക, ഇരിമ്പെടുക്കുക. *v. i.* ഉയരുക, പൊന്തിവരിക; 2. പൊന്തിയും താണും ഇരിക്കുക; 3. വീക്കുക; 4. അദ്ധ്വാനിക്കുക, പാട് പെടുക; 5. യത്നിക്കുക, മുക്കുക; 6. ഓക്കാനിക്കുക; ത്തേട്ടുക. **to h. at** പ്രയത്നിക്കുക; എതിർക്കുക. **to h. in sight** കാണാറ്റുരിക. **to h. up** ഛർദ്ദിക്കുക. *n.* ഉന്തൽ, പൊക്കൽ; ഏന്തൽ; 2. പൊങ്ങൽ, പൊന്തൽ. **h.-offering** ഉയർത്തിയ വഴിപാട്, ഉച്ചിത—. =ĕr, *n.* പൊന്തിക്കുന്നവൻ, കയററുന്നവൻ; മെത്ത. **hēaves** (hēvz), *n.* കുതിരകൾക്കുള്ള ഒര് രോഗം; മുട്ടടപ്പ്, കിതെപ്പ്. **hēav'ing,** *n.* പൊന്തൽ, കയററം; കിതെപ്പ്. ='y, *a.* മുട്ടടപ്പുള്ള.

**Heav'en** (hev'n), *n. pl.* വാനം, ആകാശം; 2. സ്വർഗ്ഗം, വിണ്ണ്, മോക്ഷം; 3. ദൈവം; സിദ്ധന്മാർ; 4. സൌഭാഗ്യസ്ഥ

ലം; ഭാഗ്യം; പരമാനന്ദം. *comp.* സ്വൎഗ്ഗീയ, സ്വർ. *v. t.* മോക്ഷം കൊടുക്കുക, സ്വൎഗ്ഗം പൂകിക്കുക. -īse, -īze,; *v. t.* സ്വൎഗ്ഗതുല്യം ആക്കുക; —പാത്രം—. -li-ness, *n.* സ്വൎഗ്ഗീയഭാവം. -ly, *a.* സ്വൎഗ്ഗീയമായ; ഭാഗ്യനിറവുള്ള; പവിത്രം. *ad.* സ്വൎഗ്ഗീയമായി; സ്വൎഗ്ഗീയസഹായത്തോടു കൂടെ. h.y-minded സ്വൎഗ്ഗീയഭാവം ഉള്ള, ഭക്തി—. -ward, *a.* & *ad.* സ്വൎഗ്ഗത്തിലേക്ക്; സ്വൎഗ്ഗത്തിലേക്കുള്ള.

Heav'y, *a.* ഘനം ഉള്ള, ഭാരം—; 2. വണ്ണം—; വൻ; വലിയ; 3. അധികമായ; 4. ഊക്കുള്ള; 5. കടുത്ത, കഠിനം ആയ, ഉഗ്രം—; 6. പ്രയാസം ഉള്ള, വിഷമം—; 7. ദുഃഖകരമായ; വ്യസനമുള്ള; ഭാരപ്പെട്ടിരിക്കുന്ന, 8. മന്ദം ആയ, നിൎജ്ജീവം—, വിരസം—; ഭോഷത്വം ഉള്ള, ഉദാസീനത—; 9. കൊടിയ, ഭയങ്കരം ആയ; 10. ഗംഭീരം—, ഗാഢം—, ഉച്ചത്തിലുള്ള; 11. കാറ് മൂടിയ, ഇരുണ്ട; 12. പശിമ ഉള്ള, തടസ്ഥം—: h.-soil പറവുള്ള മണ്ണ്; a h. road ചളിയുള്ള വഴി; 13. പൊന്താത്ത: h. bread പൊന്തിവരാത്ത അപ്പം; 14. പരുത്ത: h. food ജീൎണ്ണിക്കാത്ത ആഹാരം; 15. വീൎയ്യമുള്ള: h. wine കട്ടപ്പമുള്ള വീഞ്ഞ്; 16. ശബ്ദമുള്ള. h. artillery വൻതോക്ക്, പീരങ്കിപ്പട്ടാളം. h. fire ഇടമുറിയാത്ത വെടി. h. metal കാളത്തോക്ക്, വലിയ ഉണ്ട. h. metals പൊന്ന്, വെള്ളി. h.-armed പടച്ചട്ടധരിച്ച; വലിയ തോക്കുള്ള. h.-handed ഒതുക്കമില്ലാത്ത; പരുക്കനായ. h.-headed ബുദ്ധിമാന്ദ്യമുള്ള. h.-hearted ആധിപിടിച്ച. heav'y, heav'i-ly, *ad.* ഭാരമായി; പ്രയാസേന; ദുഃഖേന. heav'i-ness, *n.* ഘനം; ഭാരം; ദുഃഖം; മന്ദത; തടിപ്പ്; വണ്ണം; ഞെരുക്കം. heav'i-sŏme, *a.* ഭാരമായ, ഘനമുള്ള.

Heb'dom-ad, *n.* ആഴ്ചവട്ടം, വാരം.

Heb'e-tāte, *v. t.* മന്ദമാക്കുക; മൂൎച്ഛകെടുക്കുക. *a.* മന്ദമായ; ഭോഷത്വമുള്ള. =tā'tiŏn, *n.* മൂൎച്ഛകെടുക്കൽ; മന്ദത. =tūde, *n.* ഭോഷത്വം.

Hē'brew (hē'bru̧), *n.* എബ്രായൻ, യൂദൻ; 2. എബ്രായഭാഷ. -ess, *n.* യൂദസ്ത്രീ.

Hec'a-tomb (-tom), *n.* ശതബലി, —യാഗം; മഹാബലി; 2. അറുകുല.

Heck, *n.* ഓടാമ്പല്, അഴി, തഴത്; 2. വല്ലം, തൊട്ടി; 3. വാതില്; 4. പുഴവളവ്.

Heck'le, *see* Hack'le, *u.* Hack.

Hec'tic, *a.* പതിവായ; ജനനാലുള്ള; 2. ക്ഷയരോഗസംബന്ധമായ; ക്ഷയമുള്ള; hectic, h. fever ക്ഷയജ്വരം (*med.*).

Hec'tŏr, *n.* പോക്കിരി; ധിക്കാരി; തൊന്തരവുകാരൻ, ഉപദ്രവി. *v. t.* ധിക്കാരം കാട്ടുക; ഭയപ്പെടുത്തുക; അലമ്പലാക്കുക. *v. i.* കറുമ്പു കാട്ടുക; അഹങ്കരിക്കുക. -ism, *n.* ഉരന്തിരിച്ചൽ. -ly, *a.* അഹമ്മതിയുള്ള.

Hed'dle, *n.* അച്ച്, റക്ക (*w.*). *v. t.* അച്ചിൽ കൂടിവലിക്കുക. h. eye അച്ച് കണ്ണി.

Hedge (hej), *n.* ചെടിക്കൂട്ടം; 2. വേലി. h.-bill ഒരുവക അരുവാള്. h.-born കുലഹീനനായ. h.-hog, h.-pig മുള്ളമ്പന്നി (*z.*). h.-marriage സ്വകാൎയ്യവിവാഹം. h.-note നിസ്സാരകത്ത്. h.-priest അറിവില്ലാത്തബോധകൻ. h.-row വേലി. h.-school തറയെഴുത്ത് പള്ളി. h.-writer നീചഗ്രന്ഥരചകൻ. to breast up a h. വേലിവയക്കുക. to hang in the h. നിന്നുപോക, തടസ്ഥപ്പെട്ടു—. *v. t.* വേലികെട്ടുക; 2. (up, out) വേലികെട്ടിയടക്കുക; 3. കാക്കുക, രക്ഷിക്കുക; 4. ചുററിവളയുക. *v. i.* ഒളിക്കുക; ചോന്നുകളയുക; 2. ഉരുണ്ടുപിരണ്ടു സംസാരിക്കുക.

He-don'ic, *a.* ഉല്ലാസസംബന്ധമായ. h.-sect ഉല്ലാസാനുഭോഗവാദികൾ. ='ics, *n.* —ജ്ഞാനം. ='don-ism, *n.* —വാദം. ='don-ist, *n.* —വാദി.

Hēed, *v. t.* & *i.* ശ്രദ്ധിക്കുക, ഓൎക്കുക, കരുതുക, വിചാരിക്കുക. *n.* (take, give) ശ്രദ്ധ, കരുതൽ; സൂക്ഷ്മം; 2. ജാഗ്രത; 3. സമ്പ്രേക്ഷ. -'fu̧l, *a.* ശ്രദ്ധ ഉള്ള, ചരതം—. -'fu̧l-ly, *ad.* ജാഗ്രതയോടെ. -'fu̧l-ness, *a.* സമ്പ്രേക്ഷ, മുൻകരുതൽ. -'less, *a.* ജാഗ്രതയില്ലാത്ത; ഉപേക്ഷയു

ള്ള. -'less-ly, *ad.* ഉദാസീനമായി. -'less-ness, *n.* അലക്ഷ്യഭാവം.

I. Hēel, *v. i.* ചരിയുക.

II. Hēel, *n.* മടമ്പ്, കതികാല്; കാല്; 2. ചെരിപ്പ് മടമ്പ്: 3. ശേഷിപ്പ്, കററി; 4. മുഴ; 5. മുതുതല, പിൻ—, മുരട്; 6. കത്തിമടമ്പ്, വാൾ—; 7. കതിരമുള്ള്. h.-ball കരിമെഴുക്. h.-piece മടമ്പ് രക്ഷ; ചെരിപ്പിന്റെ മടമ്പ്തോല്; അററം. h.-tap ചെരിപ്പിന്റെ മടമ്പ്തോല്; മിഞ്ചിയ മദ്യം. neck and h.s ഉടല് മുഴവനം. to be at the h.s of പിന്തുടരുക, വഴിയെ പായുക. to be down at the h., to be out at the h. വൃത്തിയില്ലാതിരിക്കുക; ഞെരുക്കത്തിലാക. to cool the h.s കാത്ത്കെട്ടി നില്ക്കുക. to go h.s over head തലകുത്തി മറിയുക; തുമ്പില്ലാതെ ചെയ്യുക, തത്രപ്പാടോടെ—. to have the h.s of കടന്നോട്ടുക. to lay by the h.s ചങ്ങലക്കിടുക. to shew the h.s, to take to the h.s ഓടിക്കളയുക. to throw up another's h.s തള്ളിയിടുക. to tread upon one's h.s പിന്തുടരുക, വഴിയെ തന്നെ ചെല്ലുക. *v. t.* തള്ളുക, കുതിക്കുക; 2. മടമ്പ് വെക്കുക; 3. കോഴിക്ക് കത്തികെട്ടുക. -'ēr, *n.* ചവിട്ടുന്ന കോഴി; ആശ്രിതൻ.

Heft, *n.* തൂക്കം, ഘനം; 2. അധികഭാഗം. *v. t.* ഉയർത്തുക; പൊന്തിച്ച് നോക്കുക. -y, *a.* സാമാന്യം ഘനമുള്ള.

Hē'ġe-mon-y, *n.* നായകത്വം, പ്രാധാന്യത. =mon'ic, =mon'i-cal, *a.* കർത്തൃത്വം ഉള്ള, അധികാരം—; പ്രധാനം ആയ, പ്രബലം—.

Heif'er (hef'ĕr), *n.* പശുക്കുട്ടി, പശുക്കിടാവ്, കടച്ചി (*z.*).

Heigh-hō (hī'hō), *int.* ഹാ! അയ്യോ! അയ്യയ്യോ.

Height (hīt), *s. u.* High.

Hei'nŏus (hā'nus), *a.* കൊടിയ, ഘോരം ആയ, മഹാപാതകം—, അസഹ്യം—, ഏററകുററം—. -ly, *ad.* അതിദുഷ്ടതയോടെ. -ness, *n.* ദാരുണത്വം, കഠോരത.

Heir (âr), *n.* അവകാശി; 2. വംശജൻ. h.-apparent അടുത്ത അവകാശി, —പിന്തുടച്ചക്കാരൻ, ഇളമ, യുവരാജൻ. h.-at-law നിയമാവകാശി. h.-presumptive സംഭാവ്യാവകാശി. *v. t.* അവകാശം കിട്ടുക, അവകാശിയായ്തീരുക. -'dŏm, *n.* അവകാശം; മുതല്. -'ess, *n.* അവകാശക്കാരത്തി. -'loom, *n.* കലധനം; പാരമ്പര്യദ്രവ്യം, —അവകാശം. -'ship, *n.* അവകാശന്യായം, പിന്തുടച്ച.

Held, *p. t. of* Hold.

He-lī'a-cal, *a.* ചുറച്ചുറആയ, പിരിപിരി—.

He'li-ō, *pf.* സൌര്യ, സൂര്യ. -graph (-graf), *n.* ഛായ, പടം, ചിത്രം; 2. സൂര്യപടലേഖനയന്ത്രം; 3. —കിരണഭൂതയന്ത്രം. =og'ra-phy (-fi), *n.* ഛായാലേഖനവിദ്യ.

Hell, *n.* പാതാളം, നരകം; 2. മഹാവേദന, യാതന; 3. കാരാഗൃഹം, തുറുങ്ക്; 4. ചൂത്കളിസ്ഥലം. h.-born പാതാളജന്യം ആയ. h.-bred നരകോത്ഭവം—. h.-braved പാതാളകൃതം—. h.-broth മന്ത്രവാദക്കോപ്പ്. h.-cat, h.-hag ക്ഷുദ്രക്കാരത്തി. h.-doomed നരകശിക്ഷക്കുള്ള. h.-haunted നരകസംബന്ധമായ; പൈശാചികവാസമുള്ള. h.-hound യമകിങ്കരൻ. ='lish, *a.* അധോലോകസംബന്ധം ആയ; നരകപ്രായം—, പൈശാചസ്വഭാവമുള്ള; മഹാപാതകമായ. ='lish-ly, *ad.* പൈശാചികമായി. ='lish-ness, *n.* പൈശാചികത്വം. -'ward, *ad.* നരകത്തിലേക്ക്. ='ly, *a.* നരകസ്വഭാവമുള്ള.

Hel'lēne (-lēn), *n.* യവനൻ. =lē'nic, *a.* യവനരാജ്യസംബന്ധമായ.

I. Helm, *n.* പുൽത്തണ്ട്.

II. Helm, *n.* ചുക്കാൻ; 2. നായകത്വം, കർത്തൃത്വം; 3. നായകൻ; മാലുമി. to feel the h. (കപ്പൽ) ചുക്കാന്നനുസരിച്ച് പോക. h.s-man ചുക്കാങ്കാരൻ, മാലുമി. *v. t.* കപ്പലോടിക്കുക; കാര്യം നടത്തുക, ഭരിക്കുക. -'āge, *n.* നടത്തിപ്പ്.

III. **Helm**, *n.* ശിരസ്ത്രം; 2. പൎവ്വതാഗ്ര മേഘം. *v. t.* തലക്കോരിക ധരിപ്പിക്കുക. **helmed**, *a.* ശിരസ്ത്രം ധരിച്ച. **-'et**, *n.* ശിരസ്ത്രാണം; സ്ഥാനചിഹ്നമുള; ഒര് വക തൊപ്പി. **-ĕt-ĕd**, *a.* ശിരസ്ത്രമുള്ള.

**Hel'minth**, *n.* പാമ്പൻ, ഇര (*z.*).

**Hel'ot**, *n.* അടിമ. **=tism**, *n.* ദാസത്വം. **-ry**, *n.* അടിമക്കൂട്ടം.

**Help**, *v.t.* സഹായിക്കുക, തുണക്കുക, ഉതവിചെയ്യുക, ഒത്താശ—; 2. ഉദ്ധരിക്കുക; 3. രോഗം മാററുക; 4. നിവൃത്തികാണുക; 5. തടുക്കുക; 6. നിൎവ്വാഹമുണ്ടാക; 7. വിളമ്പിക്കൊടുക്കുക. **to h. forward** അഭിവൃദ്ധിയാക്കുക. **to h. off** നേരം പോക്കുക; മാററിവെക്കുക. **to h. on** ഉതവിചെയ്യുക. **to h. out** ബുദ്ധിമുട്ട് തീൎക്കുക. **to h. over** പിടിച്ച് കയററുക. **to h. to** വിളമ്പുക, എടുത്ത് തിന്നുക. **to h. up** പിടിച്ചെഴുന്നീല്പിക്കുക. *v. i.* തുണയായിരിക്കുക; ഉതകുക, ഉപകരിക്കുക. **to h. out** ബുദ്ധിമുട്ട് തീൎക്കുക, ഒത്താശചെയ്യുക. *n.* സഹായം, തുണ, ഉതവി; 2. സഹായി; 3. കടം വാങ്ങു; 4. നിവൃത്തി, നിൎവ്വാഹം; 5. പണിക്കാരൻ, ഭൃത്യൻ; വേലക്കാരത്തി, ദാസി. **h.-mate, h.-meet** സഹായി, തുണ; ഭാൎയ്യ. **-'ĕr**, *n.* സഹായകൻ, തുണയാളി. **-'ful**, *a.* സഹായം ചെയ്യുന്ന, ഉതവി—, ഉപകാരമുള്ള. **-'ful-ly**, *ad.* ഉപകാരമായി. **-'ful-ness**, *n.* ഉപകാരം, സഹായം. **-'less**, *a.* നിസ്സഹായമായ, തുണഇല്ലാത്ത; നിവൃത്തി—; (of) ഞെരുക്കമുള്ള. **-'less-ly**, *ad.* ശരണം ഇല്ലാതെ; നിവൃത്തി—. **-'less-ness**, *n.* നിൎവ്വാഹമില്ലായ്മ, വശക്കേട്. [തുര് തുരെ; യദൃഛാതദൃഛാ.

**Hel'tĕr-skel'tĕr**, *ad.* കീഴ് മേലായി,

**Helve**, *n.* മഴത്തള്ള, മഴത്തായി. *v. t.* തള്ള ഇടുക, തായി—.

**Hel-vē'tian** (-vē'shan), **Hel-vet'ic**, *a.* സ്വിസ്സ് ദേശസംബന്ധമായ, സ്വിത്സൎല്ലാണ്ട് ദേശ—.

I. **Hem**, *int.* ഹ്ഹം. *n.* സംശയാത്മക സ്വരം. *v. i.* മൂളുക, ചിനക്കുക; സംശയിക്കുക; ശങ്കിക്കുക.

II. **Hem**, *n.* തൊങ്ങല്, വക്ക്, വിളമ്പ്, അരു; 2. ഓരം, തീരം, അതിര്, പ്രാന്ത്യം; 3. മടക്ക്. *v. t.* തൊങ്ങല് വെക്കുക; 2. അരുതുന്നുക, വിളമ്പ് ഉരുട്ടുക; —തോടിക്കുക; 3. അതിര് ഇടുക. **to h. about, to h. around, to h. in** വളഞ്ഞ് നിൎത്തുക; ചുററിവളയുക. **to h. out** അകത്ത് കടക്കാതാക്കുക.

**Hem'a**, *see* **Hæma.**

**Hem-ĕr-a-lō'pi-a**, *n.* പകൽകാഴ്ച, രാക്കണ്ണ് കാണായ്ക (*med.*).

**Hem'i**, *pf.* അര, അൎദ്ധ, പകുതി. **-erā'ni-a, -erā'ny**, *n.* ഒററച്ചെന്നിക്കുത്ത് (*med.*). **-cȳ'cle**, *n.* അൎദ്ധവൃത്തം, —ചന്ദ്രാകാരം; —വൃത്താകാരമുറി. **-ō'pi-a, -op'si-a**, *n.* അൎദ്ധാന്ധത, അൎദ്ധദൃഷ്ടി (*med.*). **-plē'gi-a, -plē'gy**, *n.* പക്ഷവാതം, പക്ഷാഘാതം. **-sect**, *v. t.* പകുതിചെയ്യുക, തുല്യമായി രണ്ടാക്കുക. **-sec'tiŏn**, *n.* പകുതിചെയ്യൽ; പകുതി. **-sphēre** (-sfēr), *n.* അൎദ്ധഗോളം, ഗോളാൎദ്ധം; ഭൂവൎദ്ധഗോളപടം; —നിവാസികൾ. **-sphĕr'ic** (-sfĕr-), **-sphĕr-i-cal**, *a.* അൎദ്ധഗോളസംബന്ധം ആയ. —ഗോളാകൃതി—. **-sphĕr'oid**, *n.* അൎദ്ധാണ്ഡം. **-spher-oid'al**, *a.* അൎദ്ധാണ്ഡാകൃതിയായ. **-spher'ule**, *n.* ഗോളാൎദ്ധമണി. **-stich**, *n.* അൎദ്ധശ്ലോകം, —വൃത്തം, അപൂൎണ്ണ—.

**Hem'lock**, *n.* വിഷമുള്ള ഒര് ചെടി (*b.*).

**He'mel**, *n.* ആല, തൊഴുത്ത്.

**He-mo**, *pf. s. u.* **Hœma. hem-or-rhāge**, *n.* രക്തസ്രാവം, ചോരയൊഴുക്കം (*med.*). **hem-or-rhag'ic**, *a.* രക്തംപോകുന്ന; രക്തസ്രാവസംബന്ധമായ. **=or-rhoids**, *n. pl.* മൂലവ്യാധി, മൂലക്കുരു, അൎശസ്സ് (*med.*). **=or-rhoi'dal**, *a.* അൎശസ്സ് സംബന്ധമായ, —സ്വഭാവമുള്ള; ഗുദം സംബന്ധിച്ച.

**Hemp**, *n.* ചണച്ചെടി; വക്ക് ചെടി; ചണം, വക്ക് (*b.*). **=’pen**, *a.* വക്ക് കൊണ്ടുണ്ടാക്കിയ; —പോലെയുള്ള. **=’py**, *a.* വക്കിന്ന് തുല്യമായ.

Hen, *n.* പിടക്കോഴി (*z.*); 2. പക്ഷി പ്പിട. h.-bane കരാശാണി, കരുസാണി (*b.*). h.-coop, h.-house, h.-roost കോഴിക്കൂട്. h.-hearted ഭീരുത്വമുള്ള, പേടിക്കുടലനായ. h.-hussy സ്ത്രീകളുടെ കാൎയ്യത്തിൽ കയ്യിടുന്ന പുരുഷൻ. h.-pecked ഭാൎയ്യാവശൻ ആയ, സ്ത്രീജിതൻ—. -'nĕr-y, *n.* കോഴിക്കളം.

Hence, *ad.* ഇവിടന്നു, ഇവിടെനിന്നു, ഇങ്ങുന്നു; 2. ഇതുമുതൽ, മുമ്പോട്ടു, മേലാൽ, ഇനി: a week h. ഇന്നുമുതൽ ഒരാഴ്ച കഴിഞ്ഞിട്ടു; 3. അതുകൊണ്ടു, ആയതു—, ആകയാൽ; 4. അതുനിമിത്തം, —ഹേതുവായി. *int.* പൊയ്ക്കൊ, പോ. -'fōrth, -for'ward (-wĕrd), *a.* മേലാൽ, ഇനിമേൽ.

Hench'boy, *n.* ബാല്യക്കാരൻ, ഭൃത്യൻ. hench'man, *n.* ഭൃത്യൻ, ആശ്രിതൻ.

Hen-dec'a-gon, *n.* ഏകാദശ ഭുജക്ഷേത്രം; ഏകാദശകോണു (*geom.*).

Hen'na, *n.* മയിലാഞ്ചി (*b.*).

Hen'o-thē-ism, *n.* അനേകൈകദൈവമതം, —ആരാധന.

He-not'ic, *a.* യോജിപ്പു വരുത്തുന്ന, സന്ധിപ്പിക്കുന്ന.

Hē-pat'ic, ='i-cal, *a.* കരളുസംബന്ധമായ; ഈരലു—; 2. ഈരൽനിറം ഉള്ള, —ആകൃതി—. h.c duct പിത്തനാളം (*an.*). hē-pa-tī'tis, *n.* കരളുവീക്കം (*med.*).

Hep'ta, *pf.* സപ്ത, ഏഴു. =tāde, *n.* ഏഴു. -glot, *n.* സപ്തഭാഷാഗ്രന്ഥം. -gon, *n.* സപ്തഭുജക്ഷേത്രം, സപ്തകോണു (*geom.*). hep-tag'o-nal, *a.* സപ്തഭുജ ഉള്ള, —കോൺ—. -he'dron, *n.* സപ്തമുഖക്ഷേത്രം (*geom.*). -an'gū-lar, *a.* സപ്തകോണമുള്ള. =tär-chy, *n.* സപ്തപുരുഷഭരണം.

Hĕr, *pron.* & *a.* അവളെ, അവൾക്കു, അവളുടെ, അവൾക്കുള്ള. hĕrs, *pron.* അവളുടെതു. -self', *pron.* അവളുതന്നെ, —താന്തന്നെ; തന്റേടമുള്ളവളു. by h.f അവളു തനിയെ, ഏകയായി.

Her'ald, *n.* രാജദൂതൻ; 2. പ്രസാരകൻ, ഘോഷകൻ; 3. അഗ്രഗാമി; 4. ദൂതൻ. *v.t.* അറിയിക്കുക, പ്രസിദ്ധമാക്കുക, ഘോഷിക്കുക, മുന്നറിയിക്കുക. =al-dry, *n.* കുലജ്ഞാനവിദ്യ.

Hĕrb, *n.* ചെടി, സസ്യം; മൂലിക (*b.*); 2. പുല്ലു, തൃണം. ='bā-ceous (-shus), *a.* സസ്യഗുണം ഉള്ള, —ആകൃതി—; —സംബന്ധമായ. ='bāġe, *n.* ചെടികൾ, പച്ച, പുല്ലു, മേച്ചൽ; മേച്ചലവകാശം (*l.*). ='bāġed (-bājd), *a.* പുല്ലുമൂടിയ. ='bal, *a.* സസ്യസംബന്ധമായ. *n.* മൂലികശാസ്ത്രം; ശുഷ്കസസ്യശേഖരം. ='bal-ism, *n.* സസ്യജ്ഞാനം. ='bal-ist, =bā'ri-an, ='bar-ist, -'ist, ='bor-ist, *n.* സസ്യശാസ്ത്രി; മരുന്നു പറിക്കുന്നവൻ; പച്ചമരുന്നു വില്ക്കുന്നവൻ. =bā'ri-um, *n.* ശുഷ്കസസ്യശേഖരം. ='bar-y, *n.* സസ്യത്തോട്ടം. =bes'cent, *a.* ചെടിയായി വളരുന്ന. =bif'ĕr-ŏus, *a.* സസ്യം മുളക്കുന്ന. =biv'-o-ra, *n. pl.* സസ്യഭുക്കു, തൃണാഗ്രാസമൃഗങ്ങൾ. ='biv-ōre, *n.* —മൃഗം (*z.*). =biv'ō-rŏus, *a.* തൃണാഗ്രാസ; തൃണാഗ്രാസമൃഗസംബന്ധമായ. -'let, *n.* ചെറുചെടി. ='bor-īṣe, ='bor-īze, *v. i.* സസ്യാദികളെ വകതിരിക്കുക. =bōse', ='bōus, സസ്യപുഷ്ടിഉള്ള. ='by, *a.* —ഗുണം—; സസ്യം നിറഞ്ഞ, പച്ചയായ.

Hĕr'cū-lēṣ, *n.* മഹാവീരൻ, ഭഗീരഥൻ. h.-powder ഒരുവക പാറമരുന്നു. ='le-an, *a.* അത്യന്തം വിഷമം ആയ, ദുസ്സാദ്ധ്യം—; ഭഗീരഥ; അതിബലം ഉള്ള, അത്യന്തവലിപ്പം—.

Hĕrd, *n.* മൃഗക്കൂട്ടം, നാല്കാലിക്കൂട്ടം; 2. നീചപ്പരിഷ; 3. മൃഗപാലകൻ. *v.i.* കൂട്ടമായിരിക്കുക; 2. കൂട്ടത്തിൽ കൂടുക; 3. ഇടയപ്പവൃത്തി ചെയ്യുക. *v.t.* മൃഗങ്ങളെ കൂട്ടമായി ചേൎക്കുക. -'ĕr, -'man, hĕrds'man, *n.* ഗോപാലകൻ. hĕrds-woman, -'ess, *n.* ഗോപസ്ത്രീ.

Hēre (hēr), *ad.* ഇവിടെ, ഇങ്ങു, ഇഹ; 2. ഐഹികജീവനിൽ, ആയുഷ്കാലത്തിൽ; 3. ഇവിടേക്കു, ഇങ്ങോട്ടു; 4. ഇപ്പോൾ, അപ്പോൾ: the prisoner h. attempted to rise ഇപ്പതനത്തിൽ തട

വുകാരൻ എഴുനീല്പാൻ ശ്രമിച്ചു; 5. ഇതാ: h. goes a man ഇതാ ഒരാള്; h. is (a health) to you ഇതാ നിന്റെ സ്വസ്ഥിയൎത്ഥം കുടിക്കുന്നു. h. and there അങ്ങുമിങ്ങും; നാനാവിധമായി. it is neither h. nor there അസംബന്ധം ആയി; വിസ്മൃതിപ്പം—. -′a-bout, -′a-bouts, *ad.* ഇവിടെ എവിടെയോ, —എങ്ങാനും, അടുക്കെ എവിടെയൊ; ഇതിനെപ്പററി. -af′tĕr, *ad.* അനന്തരം, വഴിയെ, ഇനി, മേലാൽ; ഭാവിയവസ്ഥ; പാരത്രികജീവൻ. -′at, *ad.* ഇതിങ്കൽ, ഇത് നിമിത്തം, അത്—. -′bȳ, *ad.* ഇതിനാൽ; അടുക്കെ. h.-in ഇതിൽ, ഇതിങ്കൽ. -in-af′tĕr, *ad.* താഴെ, ചുവടെ, വഴിയെ. -in-bē′fōre, *ad.* മേൽ, മുമ്പ്, മേലെ. -in′tö, *ad.* ഇതിലേക്ക്. h.-of ഇതിന്റെ; ഇത് സംബന്ധമായി; —മുതൽ, മേലാൽ. -on′, *ad.* അപ്പോൾ, അത് കേട്ടിട്ട്, —കഴിഞ്ഞിട്ട്, പിന്നെ. h.-to ഇതിന്ന്, ഇതിൽ. -tö-fōre′, *ad.* ഇത് വരെ, ഇത്രോളം, മുമ്പ്, പണ്ട്, കീഴ്കൂട. -un-tö′, *ad.* ഇതിലേക്ക്, ഇതിന്നായ്ക്കൊണ്ട്; ഇത്രോടം, ഇത് വരെ; ഇതിന്ന്. -up-on′, *ad.* അപ്പോൾ, അനന്തരം, പിന്നെ. -with, *ad.* ഇതോട് കൂട.

He-red′i-ty, *n.* വംശപാരമ്പൎയ്യം, —ഗുണം; പ്രകൃതി; ജാതിഗുണം. =ta-bil′i-ty, *n.* പാരമ്പൎയ്യം. her-ed′i-ta-ble, *a.* അവകാശമായനുഭവിക്കാവുന്ന; അവകാശയോഗ്യതയുള്ള. =ta-bly, *ad.* അവകാശവഴിക്ക്, അനന്തരാവകാശപ്രകാരം. =dit-a-ment, *n.* ആസ്തി, മുതല്, വസ്തുവക (*l.*). =red′i-ta-ri-ly, *ad.* പരമ്പരയായി; അവകാശന്യായപ്രകാരം. =red′i-tar-y, *a.* പാരമ്പൎയ്യം ആയ, അനന്തരാവകാശം—; അവകാശപ്രകാരം ഉള്ള; ജാത്യാൽ—; വംശഗുണമായ.

Hĕr′e-mit, Hĕr′e-mīte, *n.* see Hermit.

Her′e-sy, *n.* മതവിരുദ്ധവാദം, —ഉപദേശം; മതവൈപരീത്യം. her′e-tic, *n.* പാഷണ്ഡി, മതദ്രോഹി, —ഭ്രഷ്ടൻ; ഇടത്തൂട്ട്കാരൻ (*Syr.*). =ret′i-cal, *a.* മതവിരുദ്ധമായ. =ret′i-cal-ly, *ad.* വൈപരീതോപദേശമായി. =ret′i-cāte, *v. t.* മതവൈപരീത്യമെന്ന് തീൎച്ചപ്പെടുത്തുക; പാഷണ്ഡിയെന്ന്—. =ret-i-fi-cā′tiŏn, *n.* മതദ്രോഹമെന്ന് വിധിക്കൽ.

Hĕr′i-ot, *n.* ഒര് വക ജന്മഭോഗം; 2. ജന്മിയെ വെച്ച് കാണൽ. h.-custom നാട്ട്നടപ്പ് പ്രകാരം വെക്കുന്ന കാഴ്ച. h.-service ചാൎത്തിലെ നിശ്ചയപ്രകാരം ചെയ്യേണ്ടുന്ന പ്രവൃത്തി (*l.*).

Her′i-tāġe, *n.* അവകാശം; പിത്രാൎജ്ജിതധനം; തറവാട്ട് മുതല്. =ta-ble, *a.* അവകാശമായനുഭവിക്കാവുന്ന; അനുഭോഗ്യമായ; അനന്തരാവകാശമായി കിട്ടുക. h.e rights ഇളകാത്ത സ്വത്തിനുള്ള അവകാശം. =ta-bil′i-ty, *n.* അവകാശാനുഭോഗ്യത. =tance, *n.* അവകാശം. =tŏr, *n.* ജന്മി.

Hĕr-maph′rō-dīte (-maf-), *n.* സ്ത്രീപുരുഷലിംഗയുക്തജീവി. *a.* ഉഭയലിംഗയുക്തമായ. =dit′ic, =dit′i-cal, *a.* സ്ത്രീപുരുഷഗുണങ്ങളുള്ള. =dit′i-cal-ly, *ad.* —ലക്ഷണയുക്തമായി. =diṣm, =dit-iṣm, *n.* —ലക്ഷണായുക്തി, ഉഭയലിംഗത്വം.

Hĕr-me-neū′tic, =ti-cal, *a.* വ്യാഖ്യാനരൂപം ആയ, —സംബന്ധം—; വ്യാഖ്യാനം—. =ti-cal-ly, *ad.* വ്യാഖ്യാനപ്രകാരം. =neū′tics, *n.* വ്യാഖ്യാനശാസ്ത്രം, ടീകാവിദ്യ.

Her-met′ic, =i-cal, *a.* രസവാദശാസ്ത്രസംബന്ധമായ; 2. ആയുൎവ്വേദ—; 3. കാററ് കടക്കാതവണ്ണം അടച്ച, ഭദ്രമായി—. h.-art രസവാദപ്രയോഗം. h.-books ജ്യോതിഷഗ്രന്ഥങ്ങൾ; വിദ്യാ—. =cal-ly, *ad.* രസവാദ പ്രയോഗപ്രകാരം; കാററ് കടക്കാതവണ്ണം.

Her′mit, *n.* വാനപ്രസ്ഥൻ, സന്യാസി; തപസ്വി, യോഗി. =mi-tāġe, *n.* ആശ്രമം. =tar-y, *n.* തപോമണ്ഡപം. -ess, *n.* തപസ്വിനി, സന്യാസിസ്ത്രീ, സ്ത്രീസന്യാസി. -i-cal, *a.* യോഗിയെ സംബന്ധിച്ച, വാനപ്രസ്ഥനുള്ള.

Her′ni-a, *n.* വീക്കം, കുടല് ചാട്ടം, —വീഴ്ച; ആന്ത്രവീക്കം, ക്രസ്സ് (*M.*); ഓ

തം (*S.*) (*med.*). =al, *a.* വൃദ്ധിവിഷം സംബന്ധിച്ച. =ni-ot'o-my, *n.* വൃദ്ധി കീറൽ (*med.*).

**Hē'rō,** *n.* വീരൻ, വിരുതൻ, ശൂരൻ, വമ്പൻ; വിക്രമി; 2. കഥാപുരുഷൻ, നായകൻ. h.-worship വീരപൂജ, ശൂരാരാധന. -'ic, -'i-cal, *a.* വീരസംബന്ധമായ; വീരന്മാരുണ്ടായിരുന്ന; വീര്യപരാക്രമം ഉള്ള, ശൌര്യം—. h.c age കൃതത്രേതാദ്വാപരയുഗങ്ങൾ,പരാക്രമശാലികാലം. h.c poetry ഇതിഹാസകാവ്യം. h.c verse —കാവ്യവൃത്തം. h.c treatment, h.c remedies അററകൈ ചികിത്സ (*med.*). -'i-cal-ly, *ad.* വീര്യപരാക്രമത്തോടെ. -'i-cal-ness, *n.* ശൌര്യം, ധീരത. her'ō-ine, *n.* ശൌര്യമുള്ള സ്ത്രീ; കഥാനായകി, നായികാ. her'ō-ism, *n.* വിക്രമം, പൌരുഷം, പരാക്രമം, വമ്പ്. -ship, *n.* പരാക്രമശാലിത്വം.

**Her'ŏn,** *n.* ബകം, കൊച്ച, കൊക്ക്, കൊററി (*z.*); 2. ഞാറ, നാരായണപ്പക്ഷി, സാരസം.

**Hĕr'pēs,** *n.* ചൊറി, തഴതണം; പുഴനടപ്പ് (*med.*). =pet'ic, *a.* ചൊറിസംബന്ധമായ.

**Her-pe-tol'o-ġy,** *n.* ഇഴജാതിശാസ്ത്രം. =log'ic, =log'i-cal, *a.* —ശാസ്ത്രസംബന്ധമായ. =ġist, *n.* —ശാസ്ത്രജ്ഞൻ.

**Her'ring,** *n.* ഒരുവക മത്തി (*N.*), ചാള (*S.*), കൊവ്വ (*z.*). h.-hog കടലേടി, കടൽപന്നി (*z.*). h.-bone മത്തിമുള്ള്. h.-b. stitch കമ്പിളിയിഴത്തുന്നൽ.

**Hĕrs,** *s.u.* Her.

**Hĕrse,** *n.* കോട്ടയുടെ ഇരിമ്പഴിവാതിൽ; 2. ശവമഞ്ചം.

**Hes'i-tāte,** *v.i.* താമസിക്കുക, ശങ്കിക്കുക, അറച്ചുനില്ക്കുക; 2. വിക്കിവിക്കിപ്പറയുക. *v.t.* ശങ്കിച്ചുപറയുക, സംശയത്തോടെ—. =tan-cy, *n.* ശങ്ക, വികല്പം; ചഞ്ചലം; വിക്ക്, കൊഞ്ഞ്. =tant, *a.* മന്ദഗതിയായ, സംശയം തീരാത്ത, വാക്കിന്നു തടസ്ഥമുള്ള. =tant-ly, =tā-ting-ly, *ad.* സന്ദേഹത്തോടെ, ശങ്കയോടെ, മെല്ലെ. =tā'tiŏn, *n.* താമസം, സാവധാനം; സംശയം; ചാപല്യം; വിക്ക്. =ta-tive, *a.* സംശയലക്ഷണം ഉള്ള, താമസം—, ശങ്ക—. =tā-tor-y, *a.* വികല്പമുള്ള, സന്ദേഹാന്വിതമായ.

**Hes'pĕr, -us,** *n.* സന്ധ്യാനക്ഷത്രം, ശുക്രൻ (*as.*); 2. സന്ധ്യ. -i-an, *a.* പശ്ചിമ, പടിഞ്ഞാറുള്ള. *n.* പശ്ചിമദിക്കുകാരൻ.

**Hes'per-id,** *n.* ഒരുവക ചിത്രശലഭം, പാപ്പാത്തി (*N.*), ഓണപ്പക്ഷി (*z.*). =pē'ri-an, *a.* ചിത്രശലഭസംബന്ധമായ.

**Hest,** *n.* കല്പന, ആജ്ഞ, വരുതി.

**Hes'tĕrn, -al,** *a.* ഇന്നലത്തെ.

**He-tāi'rism, Het'a-rism,** *n.* പൊതുദാമ്പത്യസാമൂഹ്യസ്ഥിതി. [വേറെ.

**Het'er-ō,** *pf.* ഇതര, അന്യ, മററ്,

**Het'er-ŏ-clīte,** *n.* ക്രമവിരുദ്ധരൂപം (*gr.*); 2. നിയമം തെററിയവൻ. *a.* ക്രമഭംഗമുള്ള, അക്രമം ആയ, അസാധാരണം—. =clit'ic, =clit'i-cal, *a.* ക്രമവിരുദ്ധം—.

**Het'er-o-dōnt,** *n.* ദന്തനാനാത്വമുള്ള ജന്തു (*z.*). *a.* നാനാതരം പല്ലുള്ള.

**Het'er-ō-dox,** *a.* ഇതരോപദേശകം ആയ; 2. പാഷണ്ഡിത്വം—. -ly, *ad.* മതവിപരീതമായിട്ടോടെ. -ness, *n.* ഉപദേശേതരത്വം. -al, *a.* മതവൈപരീത്യമുള്ള. -y, *n.* വിരുദ്ധോപദേശവാദം, മതവിരുദ്ധോപദേശം.

**Het-er-ō-ġē'ne-ŏus, =ġē'ne-al,** *a.* വർഗ്ഗവ്യത്യാസം ഉള്ള; ലക്ഷണഭേദം—; ഇതരഗുണം—. -ly, *ad.* വ്യപരീതഗുണത്തോടെ. -ness, =ġe-ne'i-ty, *n.* ലക്ഷണവൈപരീത്യം; ഗുണഭേദം; വർഗ്ഗേതരത്വം.

**Het-er-ō-ġen'e-sis, ='ġen-y,** *n.* സ്വയോല്പാദകത്വം (*z.*). =ġe-net'ic, =ġē'nŏus, *a.* സ്വയോല്പാദകമായ. =ġen-ist, *n.* സ്വയോല്പാദകവാദി.

**Het-er-og'ra-phy** (-fi), *n.* ഉച്ചാരണനാനാത്വം. =graph'ic (-graf-), *a.* —ബഹുത്വമുള്ള.

**Het-er-ol'o-ġy,** *n.* വകഭേദം, ഭ്രത നാനാത്വം (*z.*). =**gŏus,** *a.* ഭ്രതനാനാത്വം ഉള്ള, ഭ്രതേതരത്വം—.

**Het-er-on'o-my,** *n.* അന്യനിയമാധീനത്വം, —കോയ്മാധീനത്വം. =**mŏus,** *a.* —ഭരണാധീനമായ.

**Het'er-o-nym,** *n.* നാമേതരത്വം, അന്യനാമം. =**nym-ŏus,** *a.* നാമഭേദമുള്ള. =**nym-ŏus-ly,** *ad.* വെവ്വേറെ പേരോടെ.

**Het-er-o-ou'si-an,** =**ou'si-ŏus,** *a.* തത്വവ്യത്യാസം ഉള്ള, —ഭേദം—.

**Het-er-op'a-thy,** *n.* *see* Allopathy.

**Het-er-o'phem-y,** *n.* ഭാവനേതരഭാ[ഷണാലങ്കാരം (*rhet.*).

**Hew** (hū), *v. t.* & *ir.* (hewed; hewed, hewn) (down, off) മുറിച്ച് കീറുക, കൊത്തിക്കുറെക്കുക; 2. (out) ചെത്തി ഉണ്ടാക്കുക, കൊത്തി—; 3. തറിക്കുക, അരിയുക. -'ĕr, *n.* കീറുന്നവൻ. h.r of wood വിറക് വെട്ടി. hewn (hūn), *a.* ചെത്തിക്കുറച്ച; കൊത്തിയെടുത്ത; കീറിയ.

**Hex'a, Hex,** *pf.* ആറ്, ആറാമത്തെ, ഷൾ, ഷൺ. =**a-gon,** *n.* ഷൾകോണക്ഷേത്രം (*geom.*). =**ag'o-nal,** *a.* ആറ് കോൺഉള്ള; ഷൾഭുജ—(*geom.*). -**he'-dron,** *n.* ഷൾഭുജക്ഷേത്രം, ഷണ്മുഖ—(*geom.*). -**hem'er-on,** *n.* ആറ് ദിവസകാലം; വിശുദ്ധവേദത്തിലെ സൃഷ്ടിവിവരം. =**am'e-tĕr,** *n.* ഷൾഗണവൃത്തം (*pros.*). -**met'ric, -met'ri-cal,** *a.* ഷൾഗണവൃത്തം ആയ. =**an'gū-lar,** *a.* ആറ് മൂലഉള്ള; ഷൾകോണം— (*geom.*). =**a-pod,** *n.* ഷൾപാത്ത് (*z.*). *a.* ആറ് കാലുള്ള. =**a-pod'ŏus,** *a.* ഷൾപാത്തായ.

**Hey** (hā), *int.* ഹേ, ആണ്ടാ; 2. (നായിനെ പിടിക്കുട്ടൽ) സെപാഃ, സെപാഃ. -**day,** *int.* ഹഹഹ, ഹോ. *n.* ഉല്ലാസം, ആമോദം, കോലാഹലം.

**Hī-ā'tus,** *n.* വിടവ്; ന്യൂനത, ഒഴിവ്; 2. സ്വരഭേദയത്വം (*gr.*).

**Hi-bĕr'nal,** *a.* ഹിമകാലത്തുള്ള, ഹേമന്തം സംബന്ധിച്ച. =**na-cle,** *n.* ഹേമന്തവസ്തി. =**nāte,** *v. i.* ഹിമകാലം കഴിക്കുക; ശീതകാലം മുഴുവനും ചുരുണ്ട് കിടക്കുക. =**nā'tiŏn,** *n.* ജീവകാലം കഴിക്കൽ.

**Hi-bĕr'ni-an,** *a.* ഐർലാണ്ട് രാജ്യം സംബന്ധിച്ച; —ദേശത്തെ. *n.* ഐറീക്കാരൻ.

**Hi-bis'cus,** *n.* വെണ്ടച്ചെടി; വെണ്ട[ക്കായി (*b.*).

***Hic'ci-us doc'ti-us*** (hĭk'shĭ-us dok'shĭ-us), *n.* ചെപ്പിടിവിദ്യക്കാരൻ, മോടി—, കയ്യടക്കക്കാരൻ.

**Hic'cough** (hik'kup), **Hic'kup,** *n.* എക്കിള്, എക്കിട്ട, ഏമ്പക്കം (*med.*). *v. i.* എക്കിട്ടഇടുക, ഏമ്പക്കം—.

**Hid, Hid'den** (hid'n), *see* *p. t.* & *p. p. of* Hide III.

I. **Hīde, Hȳde,** *n.* പുര, ഭവനം, പുരയിടം (*l.*); 2. ഒരു ഭൂമിയളവ്.

II. **Hīde,** *n.* മൃഗത്തോല്; പച്ചമൃഗത്തോല്; കതിരത്തോല്, മൂരിത്തോല് etc.; 2. മനുഷ്യചർമ്മം. *v. i.* വാറ് കൊണ്ടടിക്കുക, അടിക്കുക. h.-bound തോലോട് പററിയ; ശാഠ്യം ഉള്ള; പിടിച്ചേടം വരുത്തുന്ന, മക്കടമുഷ്ടിആയ; ഓവി—. hī'ding, *n.* തല്ല്, പ്രഹരം.

III. **Hīde,** *v. t. ir.* (hid; hid, hid'den) ഒളിച്ച് വെക്കുക, മറച്ച് കളയുക; പൊത്തുക; 2. അറിയിക്കാതിരിക്കുക, മറവിൽ വെക്കുക, രഹസ്യമായി—; 3. ഒളിപ്പിക്കുക. to h. one's self ഒളിച്ചിരിക്കുക. to h. the face മുഖം കൊടുക്കാതിരിക്കുക, മുഷിയുക. to h. the face from കുററം നോക്കാതിരിക്കുക, ക്ഷമിക്കുക; രസക്കേട് കാട്ടുക, മുഷിയുക. *v. i.* ഒളിച്ച് പാക്കുക, മറവിൽ ഇരിക്കുക. h. and seek ഒളിച്ച് കളി, കണ്ണാടൻപൊത്ത് (*N.*). hī'ding, *n.* ഒളിക്കൽ; ഒളിപ്പിക്കൽ; മറച്ച് കളയൽ. h.g place മറവിടം, സങ്കേതം. hid'den, *a.* ഒളിച്ച് വെച്ച, ഒളിഞ്ഞ് കിടക്കുന്ന, മറവായിരിക്കുന്ന, രഹസ്യം ആയ, അറിവിൽ പെടാത്ത. hid'-den-ly, *ad.* ഗൂഢമായി, ആരും അറിയാതെ.

**Hid'ē-ŏus,** *a.* ഭയങ്കരം ആയ, വിരൂപം—; 2. കഠോരം—, ഘോരം—; 3. അറുകല—, അറെക്കത്തക്ക, ഉളുത്ത്പോകുന്ന, ബീഭത്സമായ. **-ly,** *ad.* ഭീകരമായി. **-ness,** *n.* ഭയങ്കരത്വം, വൈരൂപ്യം.

**Hīe,** *v. i.* വേഗം പോക, തത്രപ്പെട്ട്—, പായുക.

**Hī'e-rärch** (-rärk), *n.* അദ്ധ്യക്ഷശ്രേഷ്ഠൻ, —അധിപൻ, പുരോഹിതശ്രേഷ്ഠൻ, ഗുരു. **=chal, =chic,** *a.* അദ്ധ്യക്ഷവരനുള്ള. **='chi-cal,** *a.* അദ്ധ്യക്ഷാധിപത്യസംബന്ധമായ, പുരോഹിതവാഴ്ചയുള്ള. **='chi-cal-ly,** *ad.* ആചാര്യവാഴ്ചയായി. **=chism** (-kizm), *n.* പൌരോഹിത്യാധിപത്യധർമ്മം. **=chy** (-ki), *n.* അദ്ധ്യക്ഷവാഴ്ച, മതാധികാരി—; —ശ്രേണി; ആചാര്യസ്ഥാനിവർഗ്ഗം; അദ്ധ്യക്ഷാധിപത്യം; സിദ്ധശ്രേണി.

**Hī-e-rat'ic,** *a.* പ്രതിഷ്ഠിതം ആയ, വിശുദ്ധകാര്യസംബന്ധം—; പൌരോഹിത്യം—. **h. character** പുരാതന മിസ്രലിപി.

**Hī-e-roc'ra-cy,** *n.* മതാധികാരിവാഴ്ച, പൌരോഹിത്യാധിപത്യം.

**Hī-e-rō-glyph** (-glif), **-'ic,** *n.* പവിത്രലിപി; മിസ്രയിലെ പുരാതനചിത്ര—; 2. ഗൂഢ—; തിരിയാത്ത എഴുത്ത്. **-'ic, -'i-cal,** *a.* സാദൃശ്യം ഉള്ള, സാദൃശ്യാർത്ഥം—; തിരിയാത്ത. **-'i-cal-ly,** *ad.* ഗുപ്താർത്ഥമായി; തിരിയാത്തവിധം.

**Hī-e-rō-gram,** *n.* പവിത്രലിപി, വിശുദ്ധാക്ഷരം.

**Hī-e-rog'ra-phy** (-fi), *n.* പവിത്രലേഖനം.

**Hī-e-rol'a-try,** *n.* സിദ്ധാരാധന, പുണ്യവാളാരാധന; വിശുദ്ധസാധനപൂജ.

**Hī-er-ol'o-gy,** *n.* പവിത്രകാര്യശാസ്ത്രം; 2. പുരാതനലിപി—.

**Hī'e-ro-man-cy,** *n.* ബലിപ്രശ്നം.

**Hī'er-on,** *n.* ക്ഷേത്രം, വിശുദ്ധമന്ദിരം, പ്രതിഷ്ഠിതമണ്ഡപം.

**Hig'gle** (hig'l), *v. i.* പലഹാരം നടന്ന്വില്ക്കുക; 2. തർക്കിക്കുക, പിശകുക. **=gler,** *n.* പിശകുന്നവൻ.

**Hig-gle-dy-pig'gle-dy** (hig'l-di-pig'l-di), *ad.* കീഴ്മേലായി, താറ്മാറായി.

**Hīgh** (hī), *a.* ഉന്നതമായ, ഉയരം ഉള്ള, ഉയൎന്ന; 2. മുന്തിയ, ശ്രേഷ്ഠം ആയ, വിശ്രുതം—; 3. ഉത്തമം—, പ്രധാനം—, പ്രമാണം—; 4. കലീനം—, പ്രമാണി—; ബഹുമാനം ഉള്ള; 5. ഊക്ക്—; മഹാ, വൻ, ഉഗ്രം ആയ; 6. മഹത്ത്—; 7. വിലയേറിയ, പ്രിയം ഉള്ള; 8. ഗൎവ്വം—, ധാൎഷ്ട്യം—, ആത്മസ്തുതിആയ; 9. കഠിനം—, അധികം—; പൂൎണ്ണം—; 10. രൂക്ഷതയുള്ള; 11. ഉച്ചമായ (*mus.*). *ad.* മുന്തിയവിധം; 2. ഉയരത്തിൽ; 3. അധികമായി, വളരെ; 4. ഉത്തമമായി; 5. ശക്തിയോടെ; 6. നന്നായി. *n.* ഉയൎന്നഭിക്ക്; വിശിഷ്ടപ്രദേശം; കുന്ന്; 2. ആകാശം; 3. സ്വൎഗ്ഗം; 4. മഹാന്മാര്, വലിയവര്. **h.-admiral** നൌഗണസേനാധിപാഗ്രേസരൻ. **h. altar** പ്രധാനപീഠം. **h.-binder** പാതകൻ. **h.-blown** പൊങ്ങച്ചമുള്ള. **h.-born** കലീനതഉള്ള, ആഭിജാത്യം—. **h.-bred** നല്ലകലത്തിൽ പിറന്ന, തറവാടിയായ. **h.-built** പൊക്കമുള്ള. **h.-church** ആചാരപ്പ്രമാണപ്പരിക്ഷ (*eccl.*). **h.-churchism** ആചാരപ്പ്രമാണവാദം. **h.-churchman** —വാദി. **h.-colour** കട്ടനിറം. **h.-coloured** കട്ടനിറമുള്ള; സ്പഷ്ടം ആയ; അതിവൎണ്ണന—, വളൎത്തിപ്പറയുന്ന. **h.-day** ഉത്സവദിവസം. **h.-faluting** പെരിമഭാഷ. **h.-fed** ഭോജനസുഖം ശീലിച്ച. **h.-festival** വലിയ പെരുന്നാള്. **h.-finished** മെച്ചമായുണ്ടാക്കിയ; മിനുസമാക്കിയ. **h.-flying** ധംഭുള്ള. **h.-flier** അഹംഭാവി. **h.-flown, h.-flushed** പൊങ്ങച്ചമുള്ള, ഉയൎന്ന. **h.-go** മദ്യപാനഘോഷം. **h.-handed** സ്വേച്ഛആയ; ക്രൂരം—, ഉഗ്രം—; ഞെരുക്കം ചെയ്യുന്ന. **h.-hearted** ധൈൎയ്യം ഉള്ള; യോഗ്യത—. **h.-heartedness** ധീരത; മാഹാത്മ്യം. **h.-heat** അത്യുഷ്ണം. **h.-jinks** തുള്ളല്യം ചാട്ടവും, കോലാഹലം. **h.-land** മലപ്രദേശം. **h.-lands** സ്കോട്ലാണ്ട്രാജ്യത്തിലെ മലപ്രദേശം. **h.-lander** സ്കോട്ലാണ്ട്മലവാസി. **h.-landry** സ്കോട്ലാണ്ട് മലവാസി കലങ്ങൾ.

h.-latitude വിഷുവരേഖയിൽനിന്ന് ദൂരപ്പെട്ടിരിക്ക്; ഉത്തര—; ദക്ഷിണ— (*geog*.). h. life ആഭിജാത്യം, കുലീനത. h. liver ഭോജനസുഖിയൻ. h. living —സുഖം. h.-low ഒര്വക ചെരിപ്പ്. h.-mettled ഉയിര്ഉള്ള, ചുണ—. h.-milling നേർമ്മപ്പൊടിയാക്കൽ. h.-minded അഹംഭാവം ഉള്ള; അഭിമാനം—; ഔദാര്യശീലം—. h.-mindedness അഭിമാനം; യോഗ്യത. h.-noon നട്ടുച്ച. h. note ഉച്ചസ്വരം. h.-place മരക്കാവ്, കോട്ടം. h.-pleasure അത്യാനന്ദം. h.-price വലിയവില. h.-priest മഹാപുരോഹിതൻ, മഹാചാര്യൻ (*Bl*.). h.-priesthood, h.-priestship മഹാചാര്യസ്ഥാനം. h.-principled ഔദാര്യബുദ്ധിയായ. h.-proof കട്ടപ്പം ഉള്ള, വീര്യം—; സകലത്തെയും കവിഞ്ഞ് നില്ക്കുന്ന. h.-raised പൊന്തിനില്ക്കുന്ന; എകന്ന്—; ആശവലിയ; പൊങ്ങച്ചമുള്ള. h.-reaching വലിയ ഭാവംഉള്ള, അഭിമാനകാംക്ഷ—. h.-relief കൊത്ത്പണിയായ. h.-road പെരുവഴി, നിരത്ത്—, പാത, രാജമാർഗ്ഗം. h.-school ഉയന്നതരം പാഠശാല, ഉത്തമ—. h.-seas പുറംകടല്; കരയിൽനിന്ന് മൂന്ന് നാഴികയിലപ്പുറമുള്ള—(*l*.). h.-seasoned എരുഉള്ള. h.-seasoning എരു. h.-sighted അഹംഭാവമുള്ള, കണ്ണ്തുറക്കാത്ത. h.-souled മാനം ഉള്ള, അഭിമാനം—. h.-sounding വലിയ; മോടിഉള്ള, പെരിമ—. h.-spirited ചുറുക്ക്—; ധൈര്യം—; അഹങ്കാരം—; താന്തോന്നിതപം—. h.-stepper കാല് പൊക്കി നടക്കുന്നകുതിര; നാട്ട്യക്കാരൻ, പൊങ്ങച്ചക്കാരൻ. h.-stomached ഡംഭ്ഉള്ള. h.-strung ചുണ—. h.-swelling ഊതിവീപ്പിച്ച, വീർത്ത്കെട്ടിയ; പൊങ്ങച്ചമുള്ള. h.-tide വേലിയേററം, വേലി, ഏററം. h.-time തക്കസമയം, കാലം ആയ സ്ഥിതി; —വൈകിയ—; കോലാഹലം; മദ്യപാനഘോഷം. h.-toned ഉച്ചസ്വരത്തിൽ ഉള്ള; അഭിമാനം—, ബഹുമാനകാംക്ഷ—. h.-top കപ്പല്പാമരത്തിൻെറ അററം. h.-treason രാജദ്രോഹകുററം (*l*.). h.-water വെള്ളപ്പൊക്കം; വേലിയേററം. h.-water-mark ഏററത്തിന്ന് വെള്ളം എത്തുന്ന ദിക്ക്; വെള്ളം കയറിയ വട്ട. h.-way പെരുവഴി, ചെത്ത്—, നിരത്ത്. h.-wayman വഴിക്കവച്ചക്കാരൻ, പിടിച്ച്പറിക്കാരൻ (*l*.). h.-way robbery പെരുവഴിക്കവച്ച, പിടിച്ച്പറി (*l*.). h.-wrought ചമത്കാരമായുണ്ടാക്കിയ; കുത്തിപ്പൊന്തിച്ച; വർദ്ധിപ്പിച്ച; പൊങ്ങിയ. h. and dry കരക്ക്കയറിയ (*naut*.). h. and low എങ്ങും, എല്ലാടവും. h. and mighty അഹങ്കാരം ഉള്ള, ഡംഭം—. to be on a h. horse വലിയഭാവം നടിക്കുക, പൊങ്ങച്ചം കാട്ടുക. on h. ഉയരത്തിൽ, മേലെ. the Most H. അത്യുന്നതൻ, ദൈവം. with a h. hand ഊക്കോടെ; ബലം പ്രമാണമായി; സ്വേച്ഛപ്രകാരം. *v. i.* പൊന്തുക. -ĕr′ing, *a.* ഉയരുന്ന; കയററമുള്ള. -′ly, *ad.* വളരെ, അധികം; ഉയരത്തിൽ, ഉയന്നതരത്തിൽ; ധാരാളം; ഗുണമായി; വളത്തി. -′ness, *n.* ഔന്നത്യം, ഉയച്ച. His *or* Her H.s (H. H.) രാജാവായ, രാജകീയപദവി ഉള്ള, —ബഹുമാനം—. His *or* Her Royal H.s (H. R. H.) മഹാരാജാവായ, മഹാരാജകീയപദവിഉള്ള, —മഹിമ—, heīght (hīt), hīght (hīt), *n.* ഉയച്ച, ഔന്നത്യം; ഉയരം, പൊക്കം; എകച്ച, നീളം; കന്ന്, മല; ഉൽകൃഷ്ടത, മാഹാത്മ്യം; ഉന്നതി, നില; ഉച്ചം, അഗ്രം. on h.t ഉറക്കെ. heīght′en (hīt′en), *v. t.* ഉയത്തുക, എകരം കൂട്ടുക; വർദ്ധിപ്പിക്കുക; പുരോഗതിവരുത്തുക; അഭിവൃദ്ധിയാക്കുക; ബലം കൂട്ടുക.

Hīght (hīt), *v. t.* & *i. ir.* (hīght, hot; hīght, hote, hot′en) പേര്വിളിക്കുക, —ഇടുക.

Hi-lar′i-ty, *n.* ഉല്ലാസം, സന്തോഷം, മകിഴ്ച; സന്തോഷകോലാഹലം. =lā′ri-ŏus, *a.* ആനന്ദം ഉള്ള, ആഹ്ലാദം—; കൊണ്ടാട്ടമായ.

Hil′dĭng, *n.* നിസ്സാരൻ, നീചൻ, ആഭാസൻ.

Hill, *n.* കന്ന്, മേട്, മല; എകരം; 2. തറ, കള്ളി. *v. t.* മണ്ണ്കൂട്ടുക, ഏരി

യെടുക്കുക. -'i-ness, *n.* ഉയച്ച്, എകച്ച്. -'ing, *n.* മണ്ണ് കയററൽ, തറംഎടുക്കൽ. -'ock, *n.* ചെറിയകന്ന്. -'side, *n.* ചരിവ്. -'top, *n.* കന്നിൻപുറം, —മുകൾ. ='ly, *a.* കന്നം മേട്ടം ആയ, ഉയരമുള്ള.

Hilt, *n.* പിടി, വാൾപിടി. -'ed, *a.* പിടിഉള്ള, —ഇട്ട.

Hi'lum, *n.* കണ്ണ്, മൊത്തി (*b.*).

Him, *s.u.* He.

I. Hīnd, *n.* പെൺമാൻ, മാൻപേട (*z.*).

II. Hīnd, *n.* ഭൃത്യൻ, വീട്ട് പണിക്കാരൻ; 2. കൃഷിക്കാരൻ; കൈക്കോട്ട് പണിക്കാരൻ; 3. തറക്കാരൻ.

III. Hīnd, *a.* പിൻ, പിറകിൽ ഉള്ള, പിമ്പിൽ—, വഴിയെ—, പിറകെ—. h.-brain മസ്തിഷ്കം, ഉപമേശാമം (*an.*). h.-gut പിൻകടല്, മലവാഹിനി, മൂലഭാരം (*an.*). -'ĕr, *a.* പിമ്പിൽ ഉള്ള, ഒട്ടവിൽ—, വഴിയിലത്തെ; വാല്ഭാഗത്തെ. -'mōst, -'ĕr-mōst, *a.* അവസാനത്തെ, ഒട്ടുക്കത്തെ, എല്ലാററിലും വഴിയെയുള്ള.

Hin'dĕr, *v.t.* (from) പിമ്പിലാക്കുക; മുടക്കുക, തടഞ്ഞ്നിൎത്തുക; 2. വിലക്കുക, ഭംഗം വരുത്തുക. *v.i.* മുടക്കം ആയിരിക്കുക, വിഘ്നം—. -ance, ='drance, *n.* തട്ടുക്കൽ; തടസ്ഥം, മുടക്കം, വിഘ്നം. -ĕr, *n.* മുടക്കുന്നവൻ; പ്രതിബന്ധം.

Hinġe, *n.* തിരുകുററി, ഉരൽ—, അരഞ്ഞൽ—, ചുഴി—, മതിയം; 2. 'വിശാഗരി'; 3. ആധാരം, പ്രമാണം, കേന്ദ്രം; 4. ചതുൎക്കുകളിൽ ഒന്ന്. h.-joint തിരിക്കുററിക്കെണിപ്പ്, മതിയസന്ധ് (*an.*). to be off the h.s നില തെററിയ. *v.t.* 'വിശാവരി' തറക്കുക; അരഞ്ഞൽകററിയിടുക. *v.i.* (on) ഉരക്കുററിയിൽ തിരിയുക, 'വിശാഗരി'മേൽ—, —നില്ക്കുക; 2. ആശ്രയിച്ചിരിക്കുക, അടിസ്ഥാനപ്പെട്ടിരിക്കുക. hinġed (hinjd), *a.* 'വിശാഗരി'യുള്ള.

Hiṅk, *n.* മൂച്ചക്കത്തി, അരുവാൾക്കത്തി, അരുവാള്.

Hin'ny, *n.* കാമന, ആരോമൽ.

Hint, *v.t.* സൂചിപ്പിക്കുക, തോന്നിക്കുക. *v.i.* ഉന്നിപ്പറയുക, കത്തിപ്പറയുക. to h. at സൂചിപ്പിക്കുക. *n.* സൂചന, ചാട, സംജ്ഞ; 2. തുമ്പ്, ഒററ്; 3. ഊഹം; 4. ഹേതു, കാരണം. -'iṅg-ly, *ad.* സൂചനആയി, സൂചകം—.

I. Hip, *n.* ഉക്കെട്ട്, ഉക്ക്, എളി (*S.*), ഇടുപ്പ് (*P.*), ഊര (*N.*), നട്. h.-bone ഉക്കെല്ല്, ഇടുപ്പെല്ല്, അരക്കെട്ടെല്ല് (*an.*). h.-joint ഉക്കെണിപ്പ് (*an.*). h.-halt നട്ടവൊടിയൽ (*med.*). h.-roof, h.ped roof ചതുരെറററിമേല്പുര. h.-shot നട്ടഉളുക്കിയ. h.-tile മൂലയോട്. to catch upon the h., to have on the h. മുട്ടുക, ജയിക്കുക. to smite h. and thigh തീരെ അപജയപ്പെടുത്തുക. *v.t.* ഊരഉളുക്കുമാറാക്കുക; 2. ചരിച്ച് തള്ളിയിടുക; 3. നാല്നെറററിയുള്ള മേല്പുര ഉണ്ടാക്കുക.

II. Hip, *int.* ഹോ, ഹോ.

Hipped (hipt), Hip'pish, *a.* ആധിപിടിച്ച; താമസഗുണമുള്ള.

Hip-pō'crat-iṣm, *n.* വൈദ്യശാസ്ത്രം, ആയുൎവ്വേദം. =ic, *a.* വൈദ്യശാസ്ത്രസംബന്ധമായ. h.c face വിളൎത്തമുഖം, ശവ—. h.c oath വൈദ്യസത്യം.

Hip-po-pa-thol'o-ġy, *n.* അശ്വവൈദ്യശാസ്ത്രം; മൃഗചികിത്സാ—.

Hip-poph'a-ġy (-pof'a-), *n.* അശ്വമാംസഭോജനം. =ġī, *n.pl.* —ഭുക്കുകൾ. =ġiṣm, *n.* —ഭോജനം. =ġist, *n.* —ഭുക്ക്. =gŏus, *a.* കുതിരയിറച്ചി തിന്നുന്ന.

Hip'po-phīle (-fīl), *n.* അശ്വപ്രിയൻ.

[നദികുതിര (*z.*).

Hip-pō-pot'a-mus, *n.* നദീതുരഗം,

Hĭr'cine, =cin-ŏus, *a.* കോലാട് പോലെയുള്ള, —സംബന്ധമായ; 2. ആട്ടുചൂരുള്ള.

Hīre, *n.* കൂലി, പ്രതിഫലം; വാടക; പുറപ്പാട്. *v.t.* കൂലിക്ക് വെക്കുക; —വാങ്ങുക, വാടകക്ക്—; പാട്ടത്തിന്ന്—; പലിശക്ക്—; (out) കൂലിക്ക് കൊടുക്കുക, വാടകക്ക്—. -'liṅg, *n.* കൂലിക്കാരൻ. *a.* കൂലിക്ക് പണിഎടുക്കുന്ന. ='rĕr, *n.* കൂലിക്ക് വെക്കുന്നവൻ.

**Hĭr'sūte**, *a.* രോമം നിറഞ്ഞ, —എഴുന്നുനില്ക്കുന്ന; 2. പരുപരുത്ത; പപ്രച്ഛമായ; 3. മുടി ഉള്ള (*b.*); മുള്ള്—; 4. കാലിന്ന് തൂവല്—(*z.*). -'ness, *n.* രോമമുള്ളസ്ഥിതി, പരുപരുപ്പ്.

**Hi-ru̦'do**, *n.* അട്ട (*z.*).

**His**, *s. u.* He.

**His-pan'ic**, *a.* സ്പാന്യരാജ്യസംബന്ധമായ, —ഭാഷ—.

**His'pid**, *a.* രോമം ഉള്ള, മുള്ള്—, പരുപരുത്ത; 2. തടിച്ചരോമമുള്ള (*b.*, *z.*). -'ū-lŏus, *a.* നേരിയ—.

**Hiss**, *v. i.* ശ്രൂല്ക്കാരം ചെയ്ക, 'സ്' എന്ന് ശബ്ദിക്കുക; 'ഛീ'—; ചീറുക, (പാമ്പ്) ഊതുക; തുച്ഛീകരിക്കുക, തുച്ഛീകാരശബ്ദം പുറപ്പെടുവിക്കുക. *v. t.* നിന്ദാശബ്ദം—, പുച്ഛിക്കുക; 2. ശ്രൂല്ക്കാരം ചെയ്ക. *n.* ശ്രൂല്ക്കാരം, 'സ്' എന്ന ശബ്ദം; ചീററം; ഊത്ത്; 2. നിന്ദ. ='sing, *n.* ശ്രൂല്ക്കാരമിടൽ; തുച്ഛീകാരം; പുച്ഛം. ='sing-ly, *ad.* ശ്രൂല്ക്കാരത്തോടെ.

**His-tol'o-ġy**, =ti-ol'o-ġy, *n.* ദേഹധാതു തത്വശാസ്ത്രം. =ton'o-my, *n.* —ധമ്മ—.

**His'to-ry**, *n.* അന്വേഷണജ്ഞാനം; സംഭവ—; വിവരം, വർണ്ണന; രേഖ; 2. സംഭവവിവരം, കഥ, ചരിത്രം, ഇതിഹാസം; ചരിത്രശാസ്ത്രം. h.-piece ചരിത്രചിത്രം; —അഭിനയം. natural h. പ്രകൃതിശാസ്ത്രം. =tō'ri-an, *n.* ചരിത്രക്കാരൻ, ചരിത്രമെഴുത്ത്കാരൻ; ചരിത്രജ്ഞൻ, —ശാസ്ത്രി. =tor'ic, =tor'i-cal, *a.* —സംബന്ധമായ, ഐതിഹാസിക. h.l painting ചരിത്രചിത്രം. h.l sense അവസ്ഥോചിതാത്ഥം. the h.c sense ഐതിഹാസികബോധം. =tor'i-cal-ly, *ad.* ചരിത്രപ്രകാരം, സംഭവാനുക്രമമായി. =tor'i-cīse, =tor'i-cīze, ='to-rīse, ='to-rīze, *v. t.* ചരിത്രരൂപമായി വർണ്ണിക്കുക. ='to-ried (-rid), *a.* —പ്രസ്താവിതമായ. =to-ri-ette' (-et'), *n.* ഹ്രസ്വചരിത്രം, കഥ. =tor'i-fȳ, *v. t.* ചരിത്രമായി പ്രസ്താവിക്കുക. =to-ri-og'ra-phy (-fi), *n.* ചരിത്രലേഖനവിദ്യ, ചരിത്രമെഴുത്ത്. =to-ri-og'ra-phĕr (-fĕr), *n.* ചരിത്രലേഖകൻ.

**His'tri-on**, *n.* നാടകക്കാരൻ, അഭിനയിക്കുന്നവൻ. -ic, -i-cal, *a.* നാടകസംബന്ധമായ, അഭിനയ—; നാടകാഗാര—. -i-cal-ly, *ad.* നാടകപ്രകാരം. -i-cism, *n.* —വിദ്യ. -ism, *n.* നാടകം, അഭിനയം; നാട്യം. =nīse, =nīze, *v. t.* നാടകം അഭിനയിക്കുക.

**Hit**, *v. t. ir.* (hit, hit) തല്ലുക, തട്ടിക്കുക, കൊള്ളിക്കുക, ഏശിക്കുക; 2. സാധിക്കുക, പററുക; 3. ഊഹിക്കുക, കണ്ട് പിടിക്കുക. to h. off കൃത്യത്തോടെ ലളിതമായി വർണ്ണിക്കുക. to h. out ഭാഗ്യവശാൽ നിവൃത്തിക്കുക. *v. i.* (against, on) തട്ടുക, കൊള്ളുക; ഏശുക; 2. പററിപ്പോക, ഭാഗ്യാൽ സാധിക്കുക. to h. on, to h. upon യദൃച്ഛയാ കണ്ടെത്തുക. *n.* ചൊട്ട്, തട്ട്, കുത്ത്; 2. ഭാഗ്യവശാലുള്ള സാദ്ധ്യം: he made a h. കായ്യം പററിപ്പോയി; 3. തോന്നൽ: a happy h. പററിയ യുക്തി; 4. (കളിയിൽ) അടി, തള്ള്, ചവിട്ട്. -'tĕr, *n.* അടിക്കുന്നവൻ, കൊള്ളിക്കുന്നവൻ.

**Hitch** (hich), *v. i.* കുടുങ്ങുക, പിണെയുക, പററുക; 2. നിരങ്ങുക; 3. തമ്മിൽ മുട്ടിപ്പോക; 'ജോഃടടിക്കുക'; തടസ്ഥപ്പെടുക. *v. t.* കൊളുത്തുക, കുടുക്കുക. നുകം വെക്കുക; 2. നിരക്കുക. to h. up കെട്ടുക; വണ്ടിക്ക് കെട്ടുക. *n.* പിടിത്തം, കൊക്ക, കൊളുത്ത്; കുടുക്ക്, കഴപ്പം; 2. കൊളുത്തൽ; 3. നിത്ത്, ഇടച്ച്; വിക്ക്; തടസ്ഥം, മുടക്കം; 4. വലി; 5. ച്ചുറ, കെട്ട് (*naut.*).

**Hith'ĕr**, *ad.* ഇവിടേക്ക്, ഇങ്ങോട്ട്; 2. ഇതിലേക്ക്, ഇതിങ്കൽ, ഇവിടെ. h. and thither അങ്ങോട്ടുമിങ്ങോട്ടും, അങ്ങുമിങ്ങും, മുമ്പോട്ടും വഴിയോട്ടും. *a.* ഇപ്പുറമുള്ള; 2. ഇളയ, കുറഞ്ഞ. on the h. side of twenty years ഇരുപത് വയസ്സിൽ താഴെ. h.-most നന്ന ഇപ്പുറമുള്ള, ഇങ്ങുന്നടുത്ത. h.-to ഇത്രത്തോളം, ഇത്രോടം; ഇത് വരെ, ഇക്കാലത്തോളം, കീഴ്ക്കൂടെ. h.-ward ഇങ്ങോട്ടേക്ക്, ഇവിടേക്ക്.

**Hīve**, *n.* തേനീച്ചക്കൂട്, തേൻകൂട്; 2. തേനീച്ചക്കൂട്ടം; 3. സമൂഹം, പുരുഷാരം. **h. bee** തേനീച്ച (*z.*). *v. t.* കൂട്ടിൽ ആക്കുക, —ചേൎത്ത് വെക്കുക; 2. ശേഖരിച്ച്—, കരുതി—. *v. i.* കൂടിപ്പാൎക്കുക, കൂട്ടമായി വസിക്കുക.

**Hīves**, *n.* കള്ളപ്പുല്ല്, തൊണ്ടയിലെ മുള്ള് (*med.*); 2. ലഘുവസൂരി, പൊട്ടി (*med.*).

**Hō, Hōa** (hō), *int.* ഹേ, എടൊ, അഹോ, ഭോ. *n.* നിൎത്ത്; നില്ക്കൽ, താമസം; സാവധാനം.

**Hōar** (hōr), *a.* വെളുത്ത, വെണ്ണീറ് നിറമുള്ള, മയില—; 2. നരച്ച, വൃദ്ധനായ; 3. പൂപ്പ് പിടിച്ച. **h.-frost, hore-frost** പൊടിമഞ്ഞ്. **h.-stone** അതിക്കല്ല്. *n.* നര; പഴക്കം. *v. i.* പൂപ്പ് പററുക, പൂത്ത് പോക. **-'i-ness**, *n.* വെണ്മ; നര, വാൎദ്ധക്യം. **-'y**, *a.* വെളുത്ത, ചാമ്പല് നിറമുള്ള; നരച്ച; പുരാതനമായ, പണ്ടേത്ത; പൂപ്പ് പിടിച്ച.

I. **Hōard** (hōrd), *n.* കൂട്ടം, ശേഖരം; നിധി, നിക്ഷേപം; വെപ്പ്. *v. t.* ശേഖരിച്ച് വെക്കുക, കൂട്ടി—; അറക്കിടുക, ഒളിച്ച് വെക്കുക. *v. i.* സമ്പാദിച്ച്—, കൂട്ടി—.

II. **Hōard, -'ing**, *n.* ചാപ്പ, മറ; 2. വേലി; തടസ്ഥം, മറവ്.

**Hōarse** (hōrs), *a.* ഒച്ചചിലെച്ച; ചിലെപ്പുള്ള; 2. രൂക്ഷം ആയ, കൎക്കശം—. **-ly**, *ad.* പരുഷശബ്ദത്തോടെ. **='sen**, *v.t.* ഒച്ചചിലെപ്പിക്കുക. **-'ness**, *n.* ഒച്ചയടപ്പ്, ചിലെപ്പ്; ശബ്ദപാരുഷ്യം.

**Hōax** (hōks), *n.* തോല്പിക്കൽ, ചെണ്ട കൊട്ടിക്കൽ, ഭള്ള്, നേരമ്പോക്ക്, കളി. *v. t.* പററിക്കുക, പൊള്ള് പറഞ്ഞ് വിശ്വസിപ്പിക്കുക.

I. **Hob**, *n.* ചക്രത്തിന്റെ അര(ട്)ട; 2. അടുപ്പിന്മേലുള്ള ഇരിമ്പ് തട്ട്. **h.-nail** കടയാണി. *v. t.* ചവിട്ടിത്തേക്കുക. **h.-nailed** കടയാണിതറച്ച.

II. **Hob**, *n.* ഭൂതം; 2. തറക്കാരൻ; മുരടയൻ.

**Hob'bism**, *n.* ഏകച്ഛത്രാധിപത്യവാദം. **='bist**, *n.* —വാദി.

**Hob'ble**, *v. i.* നൊണ്ടുക, ഇഴച്ച് വലിച്ച് നടക്കുക; 2. ഒഴുക്കമില്ലാതിരിക്കുക. *v. t.* കാല് കെട്ടുക, മുട്ടി—; 2. ഭ്രമിപ്പിക്കുക. വിഷമിപ്പിക്കുക. *n.* ചട്ട (*N.*), മുടന്ത്, നൊണ്ടല്; 2. മുട്ടി; 3. ഭ്രമം, സംശയം. **-de-hoy, -te-hoy**, *n.* വാലിഭപ്രായക്കാരൻ; പൊണ്ണച്ചെറുക്കൻ. **='blĕr**, *n.* മുടന്തൻ. **='bling-ly**, *ad.* ചട്ടയായി (*N.*). **='bly**, *a.* കണ്ടും കുഴിയുമുള്ള; മുടന്ത് വരുത്തുന്ന. [(*z.*).

I. **Hob'by**, *n.* ഒര് വക പ്രാപ്പിടിയൻ

II. **Hob'by, -horse**, *n.* ചുണയുള്ള ഒര് വക കുതിര (*z.*); 2. കുട്ടികൾ കുതിരകയറുന്നവടി; 3. മരക്കുതിര; 4. ഓമനക്കാൎയ്യം, ഭ്രമം, ഏകചിന്ത, നിത്യപ്പാട്ട്; ദുൎവ്യസനം. **h.-horsical** ഭ്രമമുള്ള, നിത്യപ്പാട്ടായ. [ത.

**Hob-gob'lin**, *n.* ദുൎഭൂതം; 2. കലദേവ

**Hō'bit**, *n.* ഒര് വക ചട്ടിപ്പീരങ്കി.

**Hob'nob, Hob'a-nob, Hob'and-nob, Hob'or-nob**, *ad.* വേണമോ വേണ്ടയോ; കുടിക്കുന്നോ ഇല്ലയോ; 2. കുടിപ്പാൻ സല്ക്കരിച്ച് കൊണ്ട്. *n.* മമത, ചങ്ങാതിത്വം.

**Hob'son's choice**, *n.* ഏകാവസരം, ഒരേകര് തഞ്ചം.

**Hock, Hough** (hok), *n.* മൃഗത്തിന്റെ കാൽമുട്ട്; 2. പന്നിക്കാൽകഷണം. *v. t.* കുതിഞരമ്പ് മുറിക്കുക, മുടന്താക്കുക. **-'le**, *v. t.* കുതിഞരമ്പ് വെട്ടുക; അരിയുക.

**Hock'ey, Hook'ey, Hawk'ey**, *n.* കാറവടിക്കളി; 2. കാറവടി.

**Hō'cus**, *v. t.* ചതിക്കുക, തോല്പിക്കുക; 2. കൂട്ടിക്കലൎത്തുക; 3. മരുന്നിടുക; 4. മരുന്നിട്ട മദ്യത്താൽ ബോധം കെടുത്തുക. *n.* ചതിയൻ; 2. മരുന്നിട്ടമദ്യം. **-pō'cus**, *n.* ഇന്ദ്രജാലക്കാരുടെ ഉപായമന്ത്രം; ചെപ്പിടിവിദ്യക്കാരൻ; കയ്യടക്കം, കള്ള(ത്രാ)ത്രാണം.

**Hod**, *n.* കുമ്മായപ്പെട്ടി; 2. കല്ക്കരിത്തൊട്ടി. **h.-man** പെര് തേരിയാൾ.

**Hodġe'podġe** (hoj'poj), *n.* കൂട്ടിക്കലപ്പ്, സകലകലാശി, ഷൾഗവി.

**Hōe** (hō), *n.* പടന്ന, കൈക്കോട്ട് (*N.*), തുമ്പ (*S.*). *v. t.* ചിള്ളുക, കൊത്തുക, കിളെക്കുക. **to h. one's row** തന്റെ ഓഹരിപണി ചെയ്യുക. *v. i.* കൈക്കോട്ട്പണി എടുക്കുക.

**Hog,** *n.* പന്നി, സൂകരം; നാട്ട്പന്നി (*z.*); 2. തിന്നി; വൃത്തികെട്ടവൻ; 3. രോമം കത്രിക്കാത്ത ആട്. **h.-back** നട്ടവിൽ മേല്പട്ടുള്ള വളവ്; ശിഖരം കൂർത്ത കന്ന്. **h.-cote, h.-pen, h.-sty** പന്നിക്കൂട്. **h.-fish** ഒര്വക വലിയമത്സ്യം (*z.*). **h.-herd** പന്നിമേയ്ക്കുന്നവൻ. **h.s-head** പീപ്പ. **h.-skin** പന്നിത്തോല്. **h.-wash** പന്നിക്കഞ്ഞി. *v. t.* രോമം കററിയാക്കി കത്രിക്കുക. **hogged** (hogd), *a.* നട്ടമേല്പട്ട് വളഞ്ഞ. **-'gĕr-y,** *n.* പന്നിസ്വഭാവം; സ്വാൎത്ഥബുദ്ധി; പെരുങ്കൊതി. **-'ging,** *a.* നട്ടപൊന്തിയ. **-'gish,** *a.* പന്നിസ്വഭാവമുള്ള; അലച്ചപിടിച്ച, കൊതിയേറിയ; വൃത്തികെട്ട; തന്നെപ്പോററിയായ. **-'gish-ly,** *ad.* പന്നിയെപ്പോലെ. **-'gish-ness,** *n.* പന്നിസ്വഭാവം.

**Hog'man-āy,** *n.* കൊല്ലത്തിന്റെ അവസാനദിവസം.

**Hoi'den,** *n.* ആഭാസനായ യുവാവ്; 2. തുള്ളിച്ചിപ്പെണ്ണ്. *a.* മൎയ്യാദഇല്ലാത്ത, നാഗരീകം—; 2. നെഞ്ഞൂറപ്പുള്ള. *v. i.* മൎയ്യാദകെട്ട് തുള്ളുക. **-hood,** *n.* ആഭാസത്വം. **-ish,** *a.* തുള്ളിച്ചിസ്വഭാവത്തിന്നൊത്ത.

**Hoist,** *v. t.* ഉയൎത്തുക, പൊക്കുക, പൊന്തിക്കുക, വലിച്ച് കയററുക. **to h. a flag** കൊടിയേററുക. *n.* വലിച്ച് കയററുന്ന യന്ത്രം; 2. കയററൽ, പൊക്കൽ; 3. കൊടിയുയരം. **h. bridge** കയററ് പാലം. **h.-away** —യന്ത്രം.

**Hoi'ty-toi'ty,** *a.* നിൎവ്വിചാരഭാവം ഉള്ള, പൊങ്ങച്ചം—, യജമാനത്വം—. *int.* ഛീ, ഛെഃ, ഛത്ത്.

I. **Hōld,** *n.* കപ്പലിലെ ചരക്കറ, ചരക്ക്കള്ളി. **-'ĕr,** *n.* കപ്പലിലെ ചരക്കറപ്പണിക്കാരൻ.

II. **Hōld,** *v. t. ir.* (held; held, hold-en) പിടിക്കുക, പിടിച്ച് നിൎത്തുക, —കൊള്ളുക, താങ്ങുക, തട്ടക്കുക; 2. കൈവശംവെക്കുക, ആധീനത്തിൽ—, വിടാതിരിക്കുക, സൂക്ഷിക്കുക; 3. ഉണ്ടാക, കൈക്കലുണ്ടാക, ഉടമസ്ഥനായിരിക്കുക; 4. വശത്താക്കുക; 5. സ്ഥാനം വഹിക്കുക: **to h. office** ഉദ്യോഗം ഭരിക്കുക; 6. തട്ടുക്കുക, തടുത്ത് വെക്കുക, പിടിച്ച് —, തടസ്ഥം—, ബന്ധിക്കുക: **to h. one's tongue, to h. one's peace** മിണ്ടാതെ ഇരിക്കുക, ചുമ്മ— (*S.*); 7. നടത്തുക, നിറവേററുക, നിലനിൎത്തുക; നിലനില്ക്കുക, നിൎത്തിപ്പോരുക, നിന്ന് —; 8. ചെയ്യുക, കൂട്ടുക, കഴിക്കുക: **to h. a court** കച്ചേരിചെയ്യുക, വിചാരണ—; **to h. a meeting** സഭകൂട്ടുക; **to h. a council** ആലോചനസഭ—; **to h. a festival** ഉത്സവം കൊണ്ടാടുക; **to h. a service** ദൈവാരാധന നടത്തുക, —കഴിക്കുക; **to h. a talk** സംഭാഷണം—, —ചെയ്യുക; 9. കൊള്ളുക, നില്ക്കുക: **this pail h.s three quarts** ഈ കട്ടക്കയിൽ മുക്കാൽകററി കൊള്ളും; **broken cisterns can h. no water** പൊളിഞ്ഞ തൊട്ടിയിൽ വെള്ളം നില്ക്കയില്ല; 10. അംഗീകരിക്കുക, സ്ഥിരപ്പെട്ട് നില്ക്കുക; അഭിപ്രായപ്പെടുക, തീൎച്ചപ്പെടുത്തുക; മുറുകെപിടിക്കുക: **to h. the traditions** സമ്പ്രദായം പ്രമാണിക്കുക; **he *held* his purpose to depart** പോകേണമെന്നുള്ള താല്പൎയ്യം അവൻ വിട്ടില്ല; 11. വിചാരിക്കുക, എണ്ണുക, മതിക്കുക: **I h. him but a fool** അവൻ മൂഢനാണെന്നേഞാൻ വിചാരിക്കുകയുള്ളു; **I shall never h. that man my friend** അവൻ എന്റെ സ്നേഹിതനാണെന്ന് ഞാൻ ഒരിക്കലും നിരൂപിക്കയില്ല; **I h. you responsible** നീ ഉത്തരവാദിയാണെന്ന് ഞാൻ കരുതും; **the Lord will not h. him guiltless** അവൻ കററമില്ലാത്തവനാണെന്ന് ദൈവം വിചാരിക്കയില്ല; 12. നടക്കുക, വെക്കുക: **he h.s himself erect** അവൻ നെഞ്ഞുന്തി നടക്കുന്നു; **he h.s his head high** അവൻ തലപൊക്കി—. **to h. a wager** വാത്പിടിക്കുക, പന്തയം വെ

ക്കുക. to h. forth കൈനീട്ടുക, വെച്ച് കാട്ടുക, കാണിക്കുക, പ്രസ്താവിക്കുക. to h. in പിടിച്ച് വെക്കുക, തടുത്ത് നിറുത്തുക. to h. in hand കളിപ്പിക്കുക; ആശതോന്നിക്കുക; അധീനത്തിൽ വെക്കുക. to h. in play സ്വാധീനപ്പെടുത്തുക; കളിക്കുക. to h. off അകന്ന് നില്ക്കുക. to h. on പിടിച്ച് നിൎത്തുക. to h. one's day വാക്ക് തെററാതെ നടക്കുക. to h. one's own പിന്നിലാകാതെ ഇരിക്കുക, കുറയാതെ—; നിലതെററാതെ—. h. your tongue മിണ്ടല്ലാ. to h. out വെച്ച് കാട്ടുക, വാഗ്ദത്തം ചെയ്യുക; സഹിച്ച് നില്ക്കുക, നില്ക്കുക. to h. up നിവിൎത്തുക, ഉയൎത്തുക; കാക്കുക; കാണിക്കുക; പിടിച്ച് നിൎത്തുക. to h. water ചോരാതെ ഇരിക്കുക; ശരിയായി—; നില്ക്കുക: his words will not h. water അവന്റെ വാക്കും പഴയ ചാക്കുംഒക്കും. *v. i.* സ്ഥിരമായി നില്ക്കുക, ഉറച്ച്—; ഇളകാതെ—, അനങ്ങാതെ—; 2. (*imp.*) നില്ല്, വിട്, മിണ്ടാതിരി, ചുമ്മാഇരി (*S.*); 3. തോല്ക്കാതെ ഇരിക്കുക; അകന്ന് പോകാതെ—; നിന്ന് പോരുക: our force has nobly *held* വീൎയ്യത്തോടെ ചെറുത്ത് നിന്ന് പോന്നിരിക്കുന്നു; 4. നിലനില്ക്കുക, കുറയാതിരിക്കുക: while our obedience h.s നമ്മുടെ അനുസരണം കുറയാതിരിക്കുന്നേടത്തോളം; 5. ശരിയായിരിക്കുക, പററുക: this rule h.s in every thing ഈ പ്രമാണം എല്ലാററിന്നും പററും; to h. good കൃത്യമായിരിക്കുക, പററുക; 6. (with, to, for) വിട്ട്പോകാതെ ഇരിക്കുക, ഉപേക്ഷിക്കാതെ—, പററിക്കൊള്ളുക, —നില്ക്കുക; 7. അടക്കിവെക്കുക, ചെയ്യാതിരിക്കുക; 8. (of) കിട്ടുക, പ്രാപിക്കുക: my crown h.s of none എന്റെ രാജത്വം ആരും തന്നതല്ല; his imagination he h.s from nature അവന്ന് സങ്കല്പനാശക്തി ജനനാൽ ഉള്ളതാണ്. h. on, h. up നില്ക്ക്, നില്ല്; അരുത്. to h. forth പ്രസംഗിക്കുക, ഘോഷിച്ച് പറയുക. to h. in അമൎത്തുക, പിടിച്ച് നിൎത്തുക. he wanted to laugh and could hardly h. in അവന്ന് ചിരിഅടക്കുവാൻ കഴിഞ്ഞില്ല. to h. off അകന്ന് നില്ക്കുക. to h. on മുറുക്കിപ്പിടിക്കുക; നടന്ന് പോരുക, നിലനിന്ന്—. to h. out നിന്ന്—, നിലനില്ക്കുക; എതിൎത്ത്—; സഹിക്കുക. to h. over പിന്നെയും നില്ക്കുക; കൈവശം നിന്ന് പോക. to h. to, to h. with പക്ഷം നില്ക്കുക, അനുകൂലിക്കുക, അഭിപ്രായത്തിൽ നില്ക്കുക. to h. together കൂടിനില്ക്കുക, പററി—, ചേൎന്നിരിക്കുക. to h. up നിവിൎന്ന് നില്ക്കുക; ഇളകാതിരിക്കുക; മഴ ചോരുക (തുവരുക); ഒന്നിച്ച് തന്നെ പോക, പിന്നിലാമ്പോകാതിരിക്കുക. *n.* (take, lay) പിടിക്കൽ, പിടിത്തം; കൈവശം; 2. അവകാശം, അധികാരം, ബലം, തേച്ച്: the law hath yet another h. on you നിയമം കൊണ്ട് നിണക്ക് ഇനിയും ഒര് കട്ടുക്കുണ്ട്; 3. കൎത്തവ്യം, പ്രാബല്യം; 4. ആധാരം, സഹായം, താങ്ങ്; 5. കാവൽസ്ഥലം, തടവ്; 6. സങ്കേതം, കോട്ട: strong-h. കോട്ട; 7. ദീൎഘചിഹ്നം (*mus.*). h. back തടസ്ഥം, മുടക്കം, വിഘ്നം; വണ്ടിയുടെ ഏൎക്കാൽ കൊളുത്ത്. h. fast കുററി, കൊളുത്ത്, കൊക്ക. -'ĕr, *n.* പിടിക്കുന്നവൻ; കുടിയാൻ; ഉണ്ടികകൈവശക്കാരൻ, ഉണ്ടികപ്രകാരം പണം കിട്ടേണ്ടുന്നവൻ (*com.*). share-h.r ഓഹരിക്കാരൻ, കൂറ് കാരൻ, office-h.r ഉദ്യോഗസ്ഥൻ. h.r-forth പ്രസംഗി. -'ing, *n.* പിടിക്കൽ, പിടിത്തം; പാട്ടനടപ്പ്, കൊഴു—, പാട്ടം; പിടിക്കുന്നത്; ബലം, പ്രാബല്യം; ധ്രുവകം (*mus.*).

**Hōle** (hōl), *n.* കുഴി, ഓട്ട, ദ്വാരം, വിള്ളല്; 2. മാളം, മട; 3. ചെററ, കുടിഞ്ഞില്. h. and corner ഉള്ളാലെയുള്ള, വഞ്ചനയായ, കളവ്—. h. board ഓട്ടക്കടലാസ്സ് (*w.*). *v. t.* കുഴിക്കുക, തുളക്കുക, തുരക്കുക; 2. മാളത്തിൽ ആക്കുക, കുഴിയിൽ—. *v. i.* മാളിയിൽ പോക, കുഴിയിൽ വീഴുക.

**Hol'i-dāy**, *n.* വിശേഷദിവസം, അടിയന്തര—, ഉത്സവം, പെരുന്നാള്; 2. പണിയൊഴിവ് ദിവസം, കല്പന—; 3. കച്ചേരിഇല്ലാത്ത— (*l.*). the h.s 'ക്രിസ്തുസ്'കല്പനകാലം. *a.* വിശേഷദിവസം

ആയ; സന്തോഷം ഉള്ള; 2. എപ്പോഴെങ്കിലും ഉണ്ടാവുന്ന; പതിവല്ലാത്ത.

**Hō'li-ness**, *etc.*, *s.u.* Holy.

**Hol'land**, *n.* ലന്തരാജ്യം; 2. വക്ക്തുണി, ചണത്തുണി. **-ĕr**, *n.* ലന്തക്കാരൻ; ഒര് വക ഇക്ഷുക. **-ish**, *a.* ലന്തരാജ്യത്തുള്ള, —രാജ്യസംബന്ധമായ. **-s**, *n.* ഒര് വക ചാരായം, 'ജിൻ'.

**Hol'la, Hol-lō', Hol-lōa'** (hol'lō), **Hol-lōw'** (-lō), *int.* ഹേ, എടോ, കൂ. *n.* കൂക്കല്, കൂക്ക്വിളി. *v.i.* കൂക്കുക, വിളിക്കുക, വിളിച്ച്പറയുക. *v.t.* —കൂട്ടുക.

**Hol'lōw** (hol'lō), *a.* പൊത്ത്ഉള്ള, പൊള്ളയായ, കാമ്പില്ലാത്ത; 2. കഴിഞ്ഞ, ഉൾവളവുള്ള; 3. മുഴങ്ങുന്ന, ഗാഢസ്വരം ആയ; 4. കപടം—, യഥാൎത്ഥമല്ലാത്ത, കള്ള; ഉൾക്കരുത്തില്ലാത്ത. **h. ware** ചീനച്ചട്ടിപാത്രം. **with h. eyes** കണ്ണ്നട്ട. *n.* പൊള്ള, കോടരം; കഴി; ഗുഹ. **h. of the hand** കരപുടം, ഉള്ളങ്കൈ; കഴിപ്പാട്, താഴ്വര. *v.t.* കഴിക്കുക, പൊള്ളയാക്കുക. *ad.* കേവലം, തീരെ, പൂൎണ്ണമായി. **h.-hearted** കാപട്യമുള്ള, നേരില്ലാത്ത. **h.-horned** പൊള്ളക്കൊമ്പുള്ള. **to beat the other all h.** മുന്തിനില്ക്കുക, കവിഞ്ഞ്—; ഇതിന്റെ ഇടക്ക് മറേറത് ഏതുമില്ല. **-ly**, *ad.* ചതിവായി, കളവായി. **-ness**, *n.* പൊള്ള; വഞ്ചന, മായം. [(*b.*).

**Hol'ly**, *n.* ഒര് വിധം കാരമുൾച്ചെടി

**Hōlm** (*or* hōm), *n.* പുഴത്തുരുത്തി; 2. താണപ്രദേശം, പരന്ന—.

**Hol'ō-caust** (-kast), *n.* ഹോമബലി, ഹോമ—; 2. മഹാനാശം.

**Hol'ō-graph** (-graf), *n.* സ്വഹസ്താക്ഷരരേഖ. [ളളിവിടം.

**Hōlt**, *n.* മരക്കാവ്; 2. കഴി, കഴം;

**Hō'ly**, *a.* ദൈവപ്രതിഷ്ഠിതം ആയ, വിശുദ്ധം—, പവിത്രം—; തിരു; 2. നിഷ്കളങ്കം ആയ; നിൎദ്ദോഷം—, നിൎമ്മലാത്മാവ്—, പുണ്യമൂൎത്തി—; സുകൃതം ഉള്ള, ഭക്തി—, നല്ല. **h. communion, h. supper** തിരുവത്താഴം, രാ(ത്രി)ഭോജനം, കുൎബ്ബാന— (*Chr.*). **h. cross** ക്രിസ്തുവിന്റെ യാഗചിഹ്നമായ ക്രൂശ് (*Chr.*). **h. day** ഉത്സവദിവസം, പെരുന്നാള്. **h. father** പാപ്പാവ് (*R. C.*). **H. Ghost, H. Spirit** പരിശുദ്ധാത്മാവ്, ആത്മാവായ ദൈവം (*Bl.*). **h. land** പലസ്തീനരാജ്യം. **h. office** മതദ്രോഹികളെ ശിക്ഷിക്കുന്ന പ്രവൃത്തി, 'ഇങ്ക്വിസിഷൻ' (*R. C.*). **H. of Holies** അതിപരിശുദ്ധസ്ഥലം (*Bl.*). **H. One** ദൈവം, പരിശുദ്ധൻ (*Bl.*). **h. orders** ബോധകത്വം, ബോധകസ്ഥാനം (*Chr.*). **H.-rood** പള്ളിയിലെ ക്രൂശടയാളം (*R. C.*). **h. Saturday** തിരുശനിയാഴ്ച, മഹാശാബ്ബത്ദിവസം (*Chr.*). **h. Thursday** യേശുവിന്റെ സ്വൎഗ്ഗാരോഹണനാള്; തിരു(ദുഃഖ)വ്യാഴാഴ്ച (*Chr.*). **h. war** ക്രൂശയുദ്ധം. **h. water** തിരുസ്നാനജലം (*R. C.*). **h. water stoup** —പീഠം (*Chr.*). **h. week** യേശുവിന്റെ കഷ്ടാനുഭവാഴ്ചവട്ടം, തിരുവാരം (*Chr.*). **h. writ** പവിത്രരേഖ, വിശുദ്ധവേദം, തിരുവെഴുത്ത് (*Chr.*). **hō'li-ly**, *ad.* വിശുദ്ധമായി; ഭക്തിയോടെ; അലംഘ്യമായി. **hō'li-ness**, *n.* വിശുദ്ധി, പരിശുദ്ധി; പാപമില്ലായ്മ; നിൎദ്ദോഷത്വം, നിൎമ്മലത്വം; വിശുദ്ധസ്ഥിതി, പവിത്രത; ദൈവാൎപ്പണം. **his h.s** പുണ്യമൂൎത്തിയായ, (പാപ്പാവിന്ന് ഉപയോഗിച്ച്വരുന്ന ബഹുമാനവാചി) (*R. C.*).

**Hom'āġe**, *n.* ജന്മിവണക്കം; 2. വണക്കം, നമസ്കാരം; 3. പൂജ, സേവ, ഭക്തി; അത്യന്തപ്രീതി. **to do h.** വണങ്ങുക. *v.t.* നമസ്കരിക്കുക, പൂജിക്കുക, ആരാധിക്കുക. **-a-ble**, *a.* വന്ദ്യമായ. **=ġĕr**, *n.* നമസ്കാരി.

**Hōme** (hōm), *n.* സ്വഗൃഹം, ഭവനം, പുര; തറവാട്; വാസസ്ഥാനം; ജന്മദേശം; 2. സ്വരാജ്യം, പൂൎവ്വന്മാരുടെ—; 3. പ്രേമവിഷയസ്ഥാനം; 4. ഉള്ളറിക്ക്, പ്രദേശം; ധാരാളം ഉള്ളേടം; 5. സങ്കേതം, ധൎമ്മശാല; 6. വിശ്രമസ്ഥലം, ശവക്കുഴി, ശ്മശാനഭൂമി; 7. മോക്ഷം, സ്വൎഗ്ഗം. **at h.** സ്വഗൃഹത്തിൽ; സ്വരാജ്യത്തിൽ: **peace abroad and at h.** പരദേശത്തും സ്വദേശത്തും സമാധാനം; അവസരം: **he is**

not at h. ആരെയും കാണ്മാൻ അവന്ന് അവസരമില്ല. h. department സ്വദേശഭരണോദ്യോഗവൎഗ്ഗം. h. secretary, secretary for h. affairs സ്വദേശകാൎയ്യമന്ത്രി. to be at h. on any subject വിഷയം മുഖസ്ഥമായിരിക്കുക. to feel at h. സുഖം തോന്നുക. to make one's self at h. യഥോചിതം പെരുമാറുക. *a.* സ്വഗൃഹത്തിലുള്ള, സ്വദേശ; ഗൃഹസംബന്ധമായ; സ്വരാജ്യ—, സ്വരാജ്യത്തിലുണ്ടാകുന്ന; 2. അടുത്ത; പ്രത്യേകമായ; കൊണ്ട, തട്ടിയ, ഏററ: a h.-thrust കൊള്ളത്തക്കവണ്ണമുള്ള കുത്ത്, ഏല്പിനുള്ള—; പററിയന്യായം. h.-farm, h.-grounds പുരപ്പുറമ്പ്, പുരക്ക് ചുററുമുള്ള ഭൂമി. h.-rule സ്വയഭരണം; സ്വയഭരണവാദം. h.-ruler —വാദി. *ad.* സ്വഗൃഹത്തിലേക്ക്, സ്വരാജ്യത്തിലേക്ക്, പുരകൊള്ളെ; 2. അടുത്ത്; കൃത്യമായി; 3. സ്വസ്ഥാനത്തേക്ക്; 4. മുഴവനും: to drive a nail h. ആണിമുഴവനും അടിച്ച്താഴ്ത്തുക; put the rapier h. കട്ടാരം ഉള്ളിൽ തട്ടത്തക്കവണ്ണം കുത്തുക, തുളഞ്ഞ് പോകത്തക്കവണ്ണം—. h.-born ദേശ്യ, നാട്ട്; സ്വഗൃഹത്തിലുള്ള. h.-bound, h.-dwelling വീട് വിട്ട് പോകാത്ത, വീട്ടിൽ താമസിക്കുന്ന. h.-bred വീട്ടിൽ ഉണ്ടായ, —വളൎന്ന; സ്വരാജ്യസംബന്ധമായ; മൎയ്യാദകറഞ്ഞ, നാഗരീകത്വമില്ലാത്ത. h.-coming സ്വദേശാഗമനം, സ്വഗൃഹയാത്ര, മടങ്ങിവരവ്. h.-driven മുഴവനും ചെന്ന, അട്ടത്ത്—. h.-felt സ്വന്തമനസ്സിലുള്ള, സ്വകാൎയ്യമായ. h.-field വീട്ടിൻ താഴെനിലം. h.-keeping വീടടങ്ങിപ്പാൎക്കുന്ന; വീടടങ്ങിപ്പാൎക്കൽ. h.-like സ്വഗൃഹം പോലെയുള്ള; സുഖകരമായ; സന്തോഷമുള്ള. h.-made വീട്ടിലുണ്ടാക്കിയ; സ്വദേശനിൎമ്മിതമായ. h.-sick നാട്ടാധിയുള്ള. h.-sickness വിരഹതാപം. h.-speaking നേരെയുള്ള വാക്ക്, ഏശുന്ന—. h.-spun സ്വന്തവീട്ടിൽ നൂററ, താണമാതിരിയായ; നാഗരികത്വമില്ലാത്ത, മൎയ്യാദകറഞ്ഞ. h.-stall വീട്, പുരയിടം. h.-stead ഭവനം; പറമ്പ്; തറവാട്, വീട്; ഉല്പത്തിസ്ഥാനം; പുരയും പറമ്പും (*l.*). to bring h. *s.u.* Bring. to come h. തനിക്ക് തട്ടുക; ബോധ്യമാക. to go h. സ്വരാജ്യത്തേക്ക് മടങ്ങിപ്പോക. -'ward, *ad.* സ്വഗൃഹത്തിലേക്കുള്ള, സ്വരാജ്യത്തേക്കുള്ള. h.d bound സ്വരാജ്യത്തേക്ക് പോകുന്ന,—പുറപ്പെട്ട. -'wards, *ad.* വീട്ടുകൊള്ളെ; സ്വരാജ്യത്തിലേക്ക്. -'li-ly, *ad.* പട്ടമാതിരിയായി, പരുക്കനായി. -'li-ness, *n.* വീട്ട്വിചാരം; മമത; സാധാരണത്വം, ചന്തമില്ലായ്മ; പാരുഷ്യം, ഇളപ്പം, പട്ടതരം. -'ling, *n.* വീട്ടിലുള്ളത്; രാജ്യത്തുള്ളത്; ദേശസ്ഥം, ദേശ്യം. -'ly, *a.* സ്വഗൃഹത്തിൽ ഉള്ള; നല്ലപരിചയം—, മമത—; മോടിയില്ലാത്ത; സാമാന്യമായ; പരിഷ്കാരമില്ലാത്ത; പരുക്കൻ ആയ, സാധാരണം—, അഴകില്ലാത്ത. *ad.* താണമാതിരിയിൽ, പട്ടതരമായി. =′mĕr, *n.* അഞ്ചൽപ്രാവ് (*z.*). hōm′ing, *a.* (അഞ്ചൽപ്രാവ്) ഗൃഹത്തിലേക്ക് മടങ്ങിവരുന്ന. hōm′ish, *a.* ഗൃഹതുല്യമായ.

Hō-mē-op′a-thy, *n.* തുല്യരോഗോല്പാദകചികിത്സ, 'ഹൊമെയൊപ്പതി' വൈദ്യസമ്പ്രദായം.

Hom′i-cīde, *n.* നരഹത്യ, കുലപാതകം. culpable h. കുററകരമായ നരഹത്യ (*l.*), =cī′dal, *a.* കുലപാതകമായ.

Hom′i-ly, *n.* പ്രസംഗം; ബുദ്ധിയുപദേശം. =let′ic, =let′i-cal, *a.* മമത ഉള്ള, ഇണക്കം—. =let′ics, *n.* പ്രസംഗവിദ്യ. =list, *n.* പ്രസംഗി.

Hom′mock, *n.* കുത്തുകുന്ന്, കുന്ന്, എകരം. -y, *a.* കുന്ന്കുന്നായ.

Hō′mō, *pf.* അതേ, ഏക, തുല്യ. -ġē′nē-ŏus, -ġē′nē-al, *a.* തുല്യഗുണം ഉള്ള, —ലക്ഷണം—, —അംശം—. -ġē′nē-ŏus-ness, -ġē′nē-al-ness, -ġĕ-nē′i-ty, *n.* തുല്യത, സ്വഭാവസമത്വം. -ġē′-ny, *n.* ഉല്പത്തിതുല്യത. -ġe-net′ic, -ġē′-nē-ŏus, *a.* ഉല്പത്തിതുല്യതഉള്ള, രൂപതുല്യത—. =mol′o-ġy, hom′ō-logue (-log), *n.* ആനുരൂപ്യം, സമത്വം; സംബന്ധം; യോജ്യത. =mol′o-gāte, *v.t.* സമ്മതിക്കുക, ഉറപ്പിക്കുക (*l.*). =mol-o-gā′tiŏn, *n.*

സ്ഥിരപ്പെടുത്തൽ; സമ്മതം (*l.*). -log'i-cal, -log-in'ic, *a.* ആനുരൂപ്യം ഉള്ള, രൂപയുക്തി—. -log-ou'mē-na, *n. pl.* പൃതിയനിയമാംഗീകൃതഗ്രന്ഥങ്ങൾ (*Chr.*). =mol'o-gŏus, *a.* അനുരൂപം ആയ, തുല്യം—; നിർമ്മാണസമത്വംഉള്ള, പരിമാണതുല്യത—; സ്ഥിതിസമത്വം—. -mor'phy, *n.* ആകൃതിതുല്യത. hom'ō-nym,-nyme, *n.* തുല്യോച്ചാരണഭിന്നാർത്ഥപദം. hō-mon'y-my, *n.* നാമതുല്യത; സംബന്ധ—; നാനാർത്ഥത്വം, ദ്വയാർത്ഥത്വം. hō-mon'-y-mŏus, *a.* പേരൊന്നായ, അതേ പേര് ഉള്ള, ഏകനാമം—; സംബന്ധതുല്യത—; ദ്വന്ദ്വാർത്ഥം—, നാനാർത്ഥം—. =mon'y-mŏus-ly, *ad.* ഏകനാമം ആയി; ദ്വയാർത്ഥം—. hō-moph'o-ny, *n.* ഉച്ചാരണതുല്യത, —സമത്വം; സ്വരമേളനം, മേളം. hom'ō-phōne (-fōne), *n.* തുല്യോച്ചാരണാക്ഷരം; തുല്യോച്ചാരണഭിന്നാർത്ഥപദം. -phon'ic (-fon'ik), hō-moph'o-nŏus, *a.* ഏകസ്വരമായ; സ്വരമേളനമുള്ള. =ot'o-nŏus, *a.* തുല്യസ്വരമുള്ള; തുല്യമായ, മാററമില്ലാത്ത. [(*med.*).

I. Hōne, *n.* കവിൾവീക്കം, ചെള്ള—

II. Hōne, *n.* അണക്കല്ല്, കത്തിയണക്കുന്ന കല്ല്; മുരിക്കണ. *v. t.* അണക്കുക, മൂച്ഛയാക്കുക.

III. Hōne, *v. i.* ക്ലേശിക്കുക, വിഷാദിക്കുക, വിലാപിക്കുക.

Hon'est (on'est), *a.* ഉചിതം ആയ, പററിയ; 2. ബഹുമാനം ഉള്ള; 3. നേര്—; നീതി—; വിശ്വാസ്യത—, കള്ളം ഇല്ലാത്ത; 4. യഥാർത്ഥഭാവം ഉള്ള; 5. വിശ്വസ്തത—, പാതിവ്രത്യം—, പത്നിവ്രത്യം—; സുകൃതം—. -ly, *ad.* ഉചിതമായി; പരമാർത്ഥമായി, തുറന്ന മനസ്സോടെ. to come h.y by ന്യായമായി കിട്ടുക, —സമ്പാദിക്കുക; അവകാശമായി കിട്ടുക. =ty, *n.* യോഗ്യത, ഔചിത്യം; പരമാർത്ഥം, വിശ്വസ്തത; പാതിവ്രത്യം; അച്ചടക്കം.

Hŏn'ey (hun'i), *n.* തേന്, മധു; 2. മധുരസാധനം; മാധുര്യം, ലാവണ്യം; 3. ഓമന, മുത്ത്, മാണിക്യക്കല്ല്. *v. i.* സൌമ്യതകാട്ടുക, മയക്കുക; ഓമനിക്കുക, താലോലിക്കുക; മട്ടം കൂട്ടുക (*N.*). *v. t.* രസം വരുത്തുക, മധുരിപ്പിക്കുക. h.-ant പുളിയിറുമ്പ് (*z.*). h.-bag മധുകോശം. h.-bee തേനീച്ച (*z.*). h.-comb തേൻ അടോലം, —പലക, —കട്ട. h.-dew ഇലമഞ്ഞ്. h.-harvest തേനെടുക്കൽ. h.-month, h.-moon ദാംപത്യാദ്യമാസം. h.-mouthed, h.-tongued വാഗ്മധുരം ഉള്ള, വാക്കിമ്പം—, വാഗ്രസം—. h.-suckle ഒര് വക പുഷ്പച്ചെടി (*b.*). h.-sweet തേന്മധുരമുള്ള. hon'eyed, hon'ied (hun'id), *a.* തേനിൽ മുക്കിയ; മാധുര്യമുള്ള.

Hon'ŏr, Hon'ŏur (on'ẽr), *n.* മാനം, ബഹുമാനം, വില; വണക്കം, സേവ, പൂജ; 2. യോഗ്യത; അഭിമാനം; പദവി; ധൈര്യം; വിശ്വസ്തത; മാഹാത്മ്യം; സല്ഗുണം; സത്യം, വിശ്വാസ്യത; മെയ്യക്ക, ചാരിത്രശുദ്ധി, പാതിവ്രത്യം; 3. ഞെറി, ന്യായം; 4. ശ്രേഷ്ഠത, കലീനത, ആഭിജാത്യം; 5. പ്രതാപം; കീർത്തി, യശസ്സ്; 6. വെഹുമതി, ബഹുമാനചിഹ്നം; 7. അലങ്കാരം: he is an h. to his nation അവൻ രാജ്യത്തിന്ന് ഒരു ഭൂഷണം ആകുന്നു; 8. ശ്രീമൽ: his h. the mayor ബഹുമാനപ്പെട്ട നഗരാദ്ധ്യൻ; 9. ഇടപ്രഭുത്വം; 10. സമ്മാനം, വിരുത്. h.s in classics പുരാതനഭാഷാപരിജ്ഞാനവൈശിഷ്ട്യം. affair of h. ദ്വന്ദ്വയുദ്ധം, ദ്വന്ദ്വയുദ്ധത്താൽ തീർച്ചപ്പെടുത്തത്തക്കകാര്യം. court of h. പദവിവിചാരണസഭ. debt of h. സന്ധ്വാഗ്ദത്ത്കടം. h. bright സത്യമായി, നിശ്ചയമായി. h.s of war തോററപക്ഷത്തിന്ന് ജയിച്ചപക്ഷം അനുവദിച്ച്കൊടുക്കുന്ന സൌകര്യം. law of h., code of h. സാമുദായിക നടവടിക്രമം. maid of h. രാജ്ഞിയുടെ അകമ്പടി സ്ത്രീ. on one's h. നേരായി, പരമാർത്ഥമായി. point of h. ബഹുമാനശങ്ക. to do the h.s ബഹുമാനിക്കുക; അതിഥിസല്ക്കാരം ചെയ്യുക. to do one h. സ്ഥാനമാനങ്ങൾ കൊടുക്കുക. to have the h. ബഹുമാനമെന്ന് വിചാരിക്കുക; വണക്കമായി ചെയ്യുക. word of h. തന്നാണ, വാശത്തം. your h. താങ്ക

ൾ, ഇങ്ങുന്ന്, ശ്രീമൽഭവാൻ. *v. t.* ബഹുമാനിക്കുക, വണക്കം കാട്ടുക, ശങ്കിക്കുക; പൂജിക്കുക, ആരാധിക്കുക; 2. ബഹുമതിനല്കുക, സല്കരിക്കുക, സ്ഥാനമാനങ്ങൾ കൊടുക്കുക; കലിനനാക്കുക; ഉപചാരം കാട്ടുക; 3. ഉണ്ടികപിടിച്ച് അവധിക്ക് പണം അടക്കുക (*com.*). **-a-ble,** *a.* ബഹുമാനപ്പെട്ട, മാനംഉള്ള, ബഹുമാനയോഗ്യത—, കീൎത്തി—, ശ്രേയസ്സ്—, ഉൽകൃഷ്ടഭാവം—, സത്യം—, നീതിന്യായം—; വന്ദ്യം ആയ, അനിന്ദ്യം—, യോഗ്യം—, വിഹിതം—; ബഹുമാനദായകം—, ശ്ലാഘനീയം—, ബഹുമാനപൂൎവ്വകം—; ശ്രീമൽ, ബഹുമാനപ്പെട്ട. **h.e gentleman** ശ്രീമൽമഹാൻ. **my h.e friend** ബഹുമാന്യമിത്രം. **right h.e** മഹാശ്രീമൽ, അത്യന്തബഹുമാനമുള്ള, എത്രയും ബഹുമാനപ്പെട്ട. **h.e wounds** വീരചിഹ്നമായ പരിക്കുകൾ. **-a-ble-ness,** *n.* ബഹുമാന്യത, ശ്രേഷ്ഠത; ഞെറി, പരമാൎത്ഥതാല്പൎയ്യം; സല്കീൎത്തി. **-a-bly,** *ad.* മാനമായി, യോഗ്യതയോടെ. **=rā'ri-um, -a-ry,** *n.* വിരുത്, വീരചങ്ങല, പട്ടും വളയും; പ്രതിഫലം. **-a-ry,** *a.* ബഹുമാനാൎത്ഥം ആയ, ശമ്പളം ഇല്ലാത്ത, —വാങ്ങാത്ത. **h.y services** സൌജന്യപ്രവൃത്തി. **h.y degree** ബഹുമാനാൎത്ഥമായ വിദ്യാപദവി. **='oured** (on'ërd), *a.* സന്മൎയ്യാദയായ. **an h.d custom** എല്ലാവരും ആചരിച്ച് വരുന്ന നടവടി. **-if'ic,** *a.* ബഹുമാനസൂചകം ആയ; ബഹുമാനാൎത്ഥം—; ബഹുമാനദായകം—.

**Hoo** (hoo *or* hō), *int.* ആഹാ ആഹാ.

I. **Hood,** *suf.* സ്ഥിതി, നില, അവസ്ഥ; സ്വഭാവം, ത്വം.

II. **Hood,** *n.* സ്ഥിതി, നില; 2. ഒര് വക ശിരോവസ്ത്രം, തലമറ; 3. വണ്ടിമേലാപ്പ്; 4. പുകക്കുഴൽ തൊപ്പി; 5. പക്ഷിപ്പൂട്; 6. പടം, പത്തി. *v. t.* മൂടുക, മറക്കുക; കണ്ണ് കെട്ടുക. **h.-man blind** കണ്ണ് പൊത്തിക്കളി, കണ്ണാടമ്പൊത്ത്. **-'ed,** *a.* തലമറച്ച; പൂടഉള്ള; പത്തി—, പടം—. **-'less,** *a.* തലമറയില്ലാത്ത; പടം—. **-'lum,** *n.* പോക്കിരി, തെമ്മാടി. **-'wink,** *v. t.* കണ്ണ് കെട്ടുക, —പൊത്തുക; ചതിക്കുക, തോല്പിക്കുക.

**Hoof,** *n.* കുളമ്പ്; 2. നാല്ക്കാലി; മൃഗം. *v. i.* നാല്കാലിന്മേൽ നടക്കുക; 2. കാൽനടയായി പോക, നടക്കുക. **to h. it** നടക്കുക; നൃത്തം ചെയ്യുക. **-bound,** *a.* ശുഷ്കിച്ചകുളമ്പുള്ള, മുടന്തായ. **hoofed** (huft), *a.* കുളമ്പുള്ള.

**Hook,** *n.* കൊക്ക, കൊളുത്ത്; 2. ചൂണ്ടല്; 3. തോട്ടി; 4. ചെറുനങ്കൂരം; 5. തയ്യൽ പണിക്കുള്ള കൊക്കസ്സൂചി; 6. ഉടുപ്പിന്ന് പിടിപ്പിക്കുന്ന കൊളുത്ത്; 7. വിശാഗരിക്കുററി; 8. അരുവാള്, കോങ്കത്തി; 9. വല, കെണി; 10. മൃഗങ്ങളുടെ ചുണ്ണയെല്ല്. **h.-bill** വളഞ്ഞകൊക്ക്. **h.-ladder** കൊളുത്തേണി. **h. nosed** കിളിമൂക്കുള്ള. **by h. or by crook** നയം കൊണ്ടോ ഭയം കൊണ്ടോ, എങ്ങിനെയെങ്കിലും. **off the h.s** നിലതെററിയ, വേവലാധിപിടിച്ച. **on one's own h.** സ്വമേധയാ, താനായിട്ട്. **to go off the h.s** മരിക്കുക. **bid h.** ചെറിയ നങ്കൂരം. **h. and eye** കൊളുത്തും കുഴയും. *v. t.* കൊളുത്തുക; കട്ടുക്കുക; ചൂണ്ടലിൽ കുടുക്കുക; വശീകരിക്കുക, ഉപായത്താൽ പിടിക്കുക; കെണിക്കുക; 2. (മൃഗം) കുത്തുക; 3. കക്കുക, ഇറുക്കുക. **to h. on** കൊളുത്തുക. *v. i.* വളയുക, കൊക്കപോലെയാക. **-'ed,** *a.* വളഞ്ഞ, കൊക്കയായ; കൊളുത്തുള്ള. **-'ed-ness,** *n.* വളവ്. **-'ër,** *n.* കൊളുത്തുന്നവൻ; രണ്ട്കൊമ്പൻ കപ്പല്; പുരാതനമാതിരിയിലുള്ള—; മീന്തോണി. **-'let,** *n.* ചെറുകൊളുത്ത്. **-'y,** *a.* കൊക്കയുള്ള; കൊളുത്ത് സംബന്ധമായ.

I. **Hoop,** *n.* വളയം, പട്ട; 2. വള; 3. (*pl.*) പാവാടവളയം; 4. നാഴികൊള്ളുന്നകററി, വമ്പ്. *v. t.* പട്ടകെട്ടുക; വളയുക, ചുററിപ്പിടിക്കുക. **-'ër,** *n.* പീപ്പപ്പണിക്കാരൻ.

II. **Hoop,** *v. i.* കൂക്കുക; ആൎക്കുക; 2. (കഫം) വലിക്കുക. **h.ing cough** കൊക്കുര (*med.*). *v. t.* ആൎത്തോടിക്കുക; 2. കൂക്കിവിളിക്കുക. *n.* നിലവിളി; 2. (കഫം) വലി. **-'ër,** *n.* ഒര് വക കാട്ടരയന്നം (*z.*).

**Hoot,** *v. i.* ആട്ടുക, പൊ പൊ എന്ന് പറയുക, പുച്ഛിച്ചാൎക്കുക; 2. (നത്ത്) ചി

ലക്കുക. *v.t.* നിന്ദിച്ചാക്കുക; വഴിയെ നടന്ന് പരിഹസിക്കുക. *n.* പരിഹാസാപ്പ്; 2. നത്തല.

Hoove, *n.* (കാലികളുടെ) പള്ളവീപ്പ് രോഗം. hov'en, *a.* —രോഗമുള്ള.

I. Hop, *v.i.* തുള്ളുക, തത്തുക, ഒററക്കാലിന്മേൽ നടക്കുക; 2. മുടന്തി—; 3. നൃത്തം ചെയ്യുക. *n.* ഒററക്കാൽ തുള്ളൽ; 2. തത്തൽ; 3. ചാട്ടം; 4. ഒരു വക നൃത്തം. -'pĕr, *n.* തുള്ളുന്നവൻ. -'pĕr, h.-scotch, *n.* അടാവുടിക്കളി, ചൊട്ട്കളി. -'ping, *n.* തുള്ളൽ, ചാട്ടം.

II. Hop, *n.* ഒരു ചെടി (*b.*); 2. 'ബീര്' ഉണ്ടാക്കുവാൻ കൂട്ടുന്ന കൈപ്പ്കായി. *v.t.* കൈപ്പ്രസം കൂട്ടുക. *v.i.* 'ഹൊപ്പ്'കായി പറിക്കുക. -'ped, *a.* 'ഹൊപ്പ്'രസം കൂട്ടിയ. -'ping, *n.* 'ഹൊപ്പ്' കായി പറിക്കൽ.

Hōpe, *n.* ആശ, കാംക്ഷ, തേറൽ; പ്രതീക്ഷ; 2. ആശാകാരണം; 3. —വിഷയം. *v. i.* (for) ആശിക്കുക, ആശയോടെയിരിക്കുക, കാത്തിരിക്കുക, പ്രതീക്ഷിക്കുക; 2. (in) ആശ്രയിക്കുക, തേറുക, പ്രത്യാശവെക്കുക. *v. t.* ആശിച്ച്പാക്കുക, വാഞ്ഛിക്കുക, കാംക്ഷിക്കുക. I h. he understands me ഞാൻ പറഞ്ഞത് അവന്ന് മനസ്സിലായിരിക്കുന്നുവെന്ന് ഞാൻ നിരൂപിക്കുന്നു. -'fụl, *a.* പ്രത്യാശഉള്ള, കാംക്ഷ—, കാത്തിരിക്കുന്ന; ആശിക്കത്തക്ക, ആശാപ്രദമായ. -'fụl-ly, *ad.* പ്രതീക്ഷയോടെ. -'fụl-ness, *n.* ആശാബന്ധം, തേററം. -'less, *a.* ആശയററ. -'less-ly, *ad.* ആശയില്ലാത്ത. -'less-ness, *n.* നിരാശ. hō'ping-ly, *ad.* ആശാപൂവ്വകം.

Hop'o-my-thumb, Hoph'tumb, *n.* കള്ളൻ, കുറുമുണ്ടൻ, വാമനൻ.

Hop'pet, *n.* കൈക്കൂട്ട, കൈക്കൊട്ട; 2. കൈക്കുട്ടി.

Hop'ple, *v.t.* കാല്കൂട്ടിക്കെട്ടുക, തടസ്ഥപ്പെടുത്തുക. *n. pl.* കാലികളുടെ കാല്കൂട്ടിക്കെട്ടൽ.

Hor'al *etc.*, *s. u.* Hour.

Hōrde, *n.* സഞ്ചാരക്കൂട്ടം, സഞ്ചാരപ്പരിഷ; 2. ഇടയസഞ്ചാരിവൎഗ്ഗം; 3. കവച്ചക്കൂട്ടം.

Ho-rī'zŏn, *n.* ക്ഷിതിജം, ദിഗന്തരം, മണ്ഡലം, ദിക്ചക്രം. apparent h., sensible h., visible h. ദൃശ്യാംബരം. rational h., celestial h. സങ്കല്പാംബരം. artificial h. കൃത്രിമാംബരം. hor-i-zon'tal, *a.* ക്ഷിതിജസംബന്ധമുള്ള, ചക്രവാളത്തിന്നടുത്ത; സമനിരപ്പായ, ഒരേ വിതാനത്തിലുള്ള; നേരെയുള്ള. h.l line ക്ഷിതിജരേഖ, തിൎയ്യഗ്രേഖ (*geom.*). hor-i-zon-tal'i-ty, *n.* സമത്വം, വിതാനം. hor-i-zon'tal-ly, *ad.* ഒരേവിതാനത്തിൽ, —പരപ്പായി.

Horn, *n.* കൊമ്പ്, ശൃംഗം, കൂടം; 2. കലമ്മകൊമ്പ്, മാൻകൊമ്പ്; 3. കൊമ്പ് (വാദ്യം), കുഴല്, കാഹളം, ശംഖ്; 4. പാനപാത്രം; 5. തൈലക്കുററി; 6. കതിരമട്ടക്കുററി; 7. പഞ്ചമിച്ചന്ദ്രമണ്ഡലാഗ്രം; 8. കൊമ്പ്കൂട്ട്; 9. അധികാരം; ഗൎവ്വം (*Bl.*). h.-beak, h.-fish, h.-pike കുഴലമീന് (*z.*). h.-bill വേഴാമ്പൽപക്ഷി (*z.*). h.-blower കൊമ്പ്വിളിക്കുന്നവൻ, ശംഖ്—. h.-book പാഠാരംഭപുസ്തകം. h.-distemper കൊമ്പ്വ്യാധി. h.-foot കുളമ്പുള്ള. h.-mad മുരത്തഭ്രാന്തുള്ള. h.-owl കൂമൻ (*z.*). h.-pipe കുഴല് (വാദ്യം); കുഴൽരാഗം; ഒരുവകനൃത്തം. h.-pox ഒരുവക വസൂരി, പൊട്ടി (*med.*). h.-shell ശംഖ്. h. of a dilemma സംശയസ്ഥിതി. to haul in one's h.s തലതാഴ്ത്തുക, വമ്പ്വിടുക. to raise the h., to lift the h. അഹങ്കരിക്കുക. to take a h. മദ്യപിക്കുക. *v. t.* കൊമ്പുണ്ടാക്കുക, കൊമ്പാകൃതിവരുത്തുക. -'ed, *a.* കൊമ്പുള്ള. -'ĕr, *n.* കൊമ്പ്പണിക്കാരൻ; —ഊതുന്നവൻ. -'net, *n.* കടന്നല് (*z.*). to stir up a h.t's nest കടന്നക്കൂട്ടിൽ കല്ലെറിയുക; അനേകരുടെ വിരോധം സമ്പാദിക്കുക. -'ing, *n.* പഞ്ചമിച്ചന്ദ്രക്കല. letters of h.g വിധിനടത്തുന്ന കല്പന (*l.*). -'ish, *a.* കൊമ്പ്പോലെ ഉള്ള; കട്ടപ്പം—. -'less, *a.* കൊമ്പില്ലാത്ത, മോഴയായ.

='ny, *a.* കൊമ്പുള്ള; കൊമ്പ് കൊണ്ടുണ്ടാക്കിയ; കട്ടപ്പുമുള്ള, കഠിനമായ, തഴമ്പുള്ള. **h.y-handed** തഴമ്പ് കെട്ടിയ.

**Ho-rog'ra-phy** (-fi), **Hor'o-lōgue** (-lōg), **Ho-rol'o-ġy**, **Hor'o-scōpe**, *etc.*, } *s.u.* **Hour.**

**Hor'rent,** *a.* എറിച്ച് നില്ക്കുന്ന; 2. പന്നിരോമം പോലെയുള്ള.

**Hor'rŏr,** *n.* രോമഹൎഷണം; 2. കോപം; കലക്കം; 3. ഭയം, വിറ; നട്ടക്കം; അറെപ്പ്; 4. ഭയങ്കരം, ഭീഷണം. **the h.s** സന്നിപാതം, വിഷമസന്നി. **h.-stricken** ഭ്രമം പിടിച്ച, ഭയപരവശമായ. **h.-struck** ധിഭ്രമമുള്ള. **='ri-ble,** *a.* ഭയങ്കരം ആയ, ഘോരം—. **='ri-ble-ness,** *n.* ഉഗ്രത. **='ri-bly,** *ad.* ഘോരം ആയി, ഭയങ്കരം—. **='rid,** *a.* പരുക്കൻ ആയ, മുള്ള് മുള്ള്—; ഭയജനകം—, ഭയങ്കരം—, ഭീഷ്മം—, നട്ടക്കം തോന്നിക്കുന്ന; അറെപ്പ്—. **='rid-ly,** *ad.* ഉഗ്രതയോടെ, ഘോരമായി. **='rid-ness,** *n.* ഭയങ്കരത്വം. **='ri-fy̆,** *v.t.* ഭയം ജനിപ്പിക്കുക, —വരുത്തുക, പേടിപ്പിക്കുക. **=rif'ic,** *a.* ഭയങ്കരമായ, നട്ടക്കം തോന്നിക്കുന്ന. **=ri-fi-cā'tiŏn,** *n.* പേടിപ്പിക്കൽ; ഭയജനകകാൎയ്യം.

**Hor-ri-pil-ā'tiŏn,** *n.* കോൾമയിര്, രോമാഞ്ചം, രോമഹൎഷം (*med.*).

**Hōrs-de-com'bat** (hōr-de-con'ba), *a.* പോരാട്ടത്തിൽനിന്ന് പിൻ വാങ്ങിയ, പോരിന്ന് വശംകെട്ട.

**Horse,** *n.* കുതിര, അശ്വം, തുരഗം (*z.*); 2. ആൺകുതിര; 3. കുതിരപ്പട, കുതിരപ്പട്ടാളം; 4. മരച്ചട്ടം: **clothes-h.** അയൽച്ചട്ടം; 5. മരക്കുതിര; 6. ഏകചിന്ത, നിത്യവിഷയം. **h.-aloes** ഒര് വക വലിയകൈത (*b.*). **h.-ant, h.-emmet** കട്ടെറുമ്പ്, വലിയ ഇറുമ്പ് (*z.*). **h.-artillery** കുതിരപ്പീരങ്കിപ്പട്ടാളം (*mil.*). **h.-back** കുതിരയുടെ പുറം; ചരൽപ്രദേശം. **on h.-back** കുതിരപ്പുറമേ. **h.-bean** ഒര് വക അവരക്ക (*b.*). **h.-box, h.-car** ഇരിമ്പ് പാതക്കുതിരവണ്ടി. **h.-breaker, h.-trainer** കുതിരകളെ അഭ്യസിപ്പിക്കുന്നവൻ. **h.-couch** വലിയ ശംഖ് (*z.*). **h.-courser** കുതിരയെ പന്ത്യത്തിന്ന് വിടുന്നവൻ; പന്തയക്കുതിരയെ പോററുന്നവൻ; കുതിരക്കച്ചവടക്കാരൻ. **h.-drench** കുതിരശോധനൌഷധം; മരുന്ന് കഴല്. **h.-fly** പോന്ത, കുതിരയീച്ച (*z.*). **h.-guards** കുതിരപ്പട്ടാളം; ഇംഗ്ലാണ്ടിലെ രാജകാവൽപട. **the h.-guards** ഇംഗ്ലീഷ് സേനാധിപവര പ്രവൃത്തിസ്ഥലം. **h.-hair** കുതിരരോമം, —വാല്. **h.-hide** കുതിരത്തോല്. **h.-jockey** പന്തയക്കുതിര ഓടിക്കുന്നവൻ; കുതിരയെ അഭ്യസിപ്പിക്കുന്നവൻ; കുതിരക്കച്ചവടക്കാരൻ. **h.-laugh** അട്ടഹാസം, പൊട്ടിച്ചിരി. **h.-leech** മൂരിയട്ട (*z.*); ലാടവൈദ്യൻ, കുതിര—; ലാടക്കാരൻ. **h.-leechery** ലാടപ്രവൃത്തി; കുതിരവൈദ്യം. **h.-litter** കുതിരമഞ്ചം. **h.-mackarel** കണയമ്പാരമീന് (*z.*). **h.-man** കുതിരസവാരിക്കാരൻ; —ഓട്ടത്തിൽ സമൎത്ഥൻ; കുതിരപ്പടയാളി. **h.-manship** കുതിരസവാരിവിദ്യ. **h.-marine** പൊണ്ണത്തടിയൻ. **h.-mint** കാട്ട് തൃത്താവ്, കാട്ടുതുത (*b.*). **h.-nail** ലാടയാണി. **h.-play** ആപ്പ് വിളിയോട് കൂടിയകളി, ആറാട്ട്. **h.-pond** കുതിരത്തൊട്ടി. **h.-power** ഒര് കുതിരക്കുള്ള ശക്തി; ഒര് നിമിഷംകൊണ്ട് 33000 റാത്തൽ തൂക്കമുള്ള സാധനം ഒരടി പൊന്തിക്കുന്ന യന്ത്രശക്തി; കുതിരവലിക്കുന്ന യന്ത്രം. **h.-race, h.-racing** കുതിരച്ചാട്ടം, കുതിരപ്പന്തയം. **h.-radish** ഒര് വക മുള്ളങ്കി (*b.*). **h.-railroad** കുതിരവണ്ടിയിരിമ്പ് പാത. **h.-sense** വിവേകം, തിരിച്ചറിവ്. **h.-shoe** ലാടം; കുതിരലാടാകൃതിയുള്ള സാധനം. **h.-shoer** ലാടക്കാരൻ. **h.-shoeing** ലാടം കെട്ടൽ. **h.-soldier** കുതിരപ്പടയാളി. **h.-sugar** ഒര് ചെടി (*b.*). **h.-tail** ഒര് ചെടി (*b.*); വെഞ്ചാമരം. **h.-whip** കുതിരച്ചാട്ടി; 'ചബുക്ക്'കൊണ്ട് അടിക്കുക. **h.-woman** കുതിരസവാരി ചെയ്യുന്ന സ്ത്രീ. **iron-h.** തീവണ്ടി. **salt-h.** ഉപ്പിട്ട പശുവിറച്ചി. **to look a gift h. in the mouth** ദാനം കിട്ടിയ പശുവിന്റെ പല്ല് നോക്കുക. **to take h.** കുതിര കയറി

പ്പോക; —ഇണചേരുക. *v. t.* കുതിരകൊടുക്കുക; —കയറുക; 2. കാല്കവച്ചിരിക്കുക; 3. കുതിര ഇണചേരുക; 4. ചുമലിൽ കയററിക്കൊണ്ട് പോക; 5. മരക്കുതിരപ്പുറത്തിരുത്തി അടിക്കുക, ശിക്ഷിക്കുക. *v. i.* കുതിരകയറുക. **hors'i-ness,** *n.* കുതിരഗുണം; —പ്രിയം. **hors'y,** *a.* കുതിരസംബന്ധമായ; കുതിരപ്പന്തയം സംബന്ധിച്ച.

**Hor-tā'tiŏn,** *n.* ബുദ്ധിയുപദേശം, ഗുണദോഷം. **='ta-tive, ='ta-tor-y,** *a.* ബുദ്ധിയുപദേശകമായ. *see* Exhort.

**Hor'ti-cul-tūre,** *n.* പൂത്തോട്ടമുണ്ടാക്കൽ, ഫലവൃക്ഷം നടൽ; തോട്ടകൃഷി, ചെറുകൃഷി, നട്ടതലകൃഷി. **=cul-tor, =cul'tū-rist,** *n.* തോട്ടക്കാരൻ, തോട്ടകൃഷിക്കാരൻ. **=cul'tū-ral,** *a.* തോട്ടപ്പണിസംബന്ധമായ.

**Hor'tus sic'cus,** *a.* ഉണക്കിസൂക്ഷിച്ച സസ്യവൎഗ്ഗമാതൃക.

**Hō-san'na,** *n.* 'ഇപ്പോൾ ഞങ്ങളെ രക്ഷിക്കേണമേ', എന്ന അനുഗ്രഹവാക്യം, ദൈവസ്തുതി.

**Hōse** (hōz), *n.* (*pl.* hōse, hō'sen) അരമുതൽ മുട്ടോളം എത്തുന്ന ഇറുക്കക്കാലുറ; 'ജട്ടി', കട്ടിച്ചല്ലണം; 2. കാലുറ, മേൽജോട്, ചെരിപ്പുറ; 3. നീക്കുഴല്. **hō'si-ĕr** (*or* -zhĕr), *n.* ചെരിപ്പുറക്കച്ചവടക്കാരൻ. **ho'si-ĕr-y,** *n.* കാലുറവ്യാപാരം; കാലുറ; പിന്നൽവസ്ത്രം.

**Hos'pi-tal,** *n.* സങ്കേതസ്ഥലം; സല്ക്കാര—; വഴിയമ്പലം; 2. ചികിത്സാഗൃഹം, ധൎമ്മവൈദ്യശാല, രോഗി—, 'ആസ്പത്രി'. **-ship,** *n.* സമുദ്രവൈദ്യശാല. **=ta-ble,** *a.* ആതിത്ഥ്യം ഉള്ള, സല്ക്കാരശീലം—; ഔദാൎയ്യശീലം—. **=ta-ble-ness,** *n.* അതിഥിസല്ക്കാരം. **=ta-bly,** *ad.* ആതിത്ഥ്യഭാവത്തോടെ. **-lĕr,** *n.* അതിഥിസേവക്കാരൻ; രോഗിശുശ്രൂഷകൻ; പണ്ടുണ്ടായിരുന്ന ഒര് ക്രിസ്ത്യാനിമാടമ്പിവൎഗ്ഗം. **-'i-ty,** *n.* അതിഥിപൂജ, സല്ക്കാരം. **=pi'ti-um,** *n.* സത്രം, വഴിയമ്പലം; വക്കീൽ പ്രവൃത്തിയഭ്യാസശാല (*l.*).

**hos'pīce,** *n.* സഞ്ചാരിസങ്കേതമഠം. സത്രം; ഊട്ട്പുര.

I. **Hōst,** *n.* മീസബലിയിൽ ഉപയോഗിക്കുന്ന പ്രതിഷ്ഠിത അപ്പം (*R. C.*).

II. **Hōst,** *n.* സൈന്യം, സേന, പട; 2. പുരുഷാരം, ജനക്കൂട്ടം. **-'ing,** *n.* പട, രണം; സൈന്യപരിശോധന.

III. **Hōst,** *n.* അതിഥിസേവകൻ; അതിഥികൾ വന്ന ഭവനത്തിലെ ഗൃഹസ്ഥൻ; വീട്ട്കാരൻ, വീട്ടുടമസ്ഥൻ. *v. t.* ആതിത്ഥ്യം ചെയ്യുക. *v. i.* അതിഥിയായി പാൎക്കുക. **-'ess,** അതിഥിപൂജ ചെയ്യുന്നവൾ; ഗൃഹസ്ഥ; വിട്ടുതിപ്പുരക്കാരത്തി. **-'ess-ship,** *n.* ഗൃഹസ്ഥസ്ഥാനം, വഴിയമ്പലക്കാരത്തി—. **-'lĕr** (os'lĕr), *n.* വഴിയമ്പലക്കാരൻ; വഴിയമ്പലത്തിലെ കുതിരക്കാരൻ; അശ്വപാലകൻ.

**Hos'tāge,** *n.* ജാമ്യമായി പാൎക്കുന്നവൻ, ജാമ്യാതിഥി, ഈടാള്.

**Host'el,** *n.* വഴിയമ്പലം; വിദ്യാൎത്ഥിപാൎപ്പിടം. **-ĕr,** *n.* സത്രക്കാരൻ, വഴിയമ്പലക്കാരൻ; വിദ്യാൎത്ഥി. **-ry,** *n.* വഴിയമ്പലം, വിട്ടുതിപ്പുര.

**Hos'tīle,** *a.* ശത്രുവിനുള്ള, ശത്രുസംബന്ധമായ; ശത്രുത്വം ഉള്ള, വിരോധം—, പക—; ശത്രുവശമായ, എതൃപക്ഷത്തിലുള്ള. **he is h. to a sudden change** പെട്ടന്നുള്ള മാററത്തിന്ന് അവൻ പ്രതികൂലിയാണ്. *n.* ശത്രു, എതിൎപ്പക്ഷം. **-ly,** *ad.* എതിരായി, പ്രതികൂലമായി. **=til'i-ty,** *n.* ശത്രുത്വം, നൈരാശ്യം, മാററിത്വം, സിദ്ധാന്തം; (*pl.*) ആക്രമണം, യുദ്ധം, പോര്.

**Hot,** *etc., s. u.* Heat.

**Hotch'pot** (hoch'pot), **=potch** (-poch), *n.* പലതും കൂടിയ പുഴുക്ക്, പത്തും കൂട്ടിപ്പുഴുക്ക്; സമ്മിശ്രസാധനം; 2. ഭാഗാൎത്ഥം വസ്തു ഒന്നായി കൂട്ടൽ (*l.*).

**Hō-tel',** *n.* വഴിയമ്പലം; വിട്ടുതിപ്പുര, ചോററ്പുര; 2. കോവിലകം, മഹാന്മാരുടെ ഭവനം. **h. de ville** (ō-tel' de vēl') നഗരമന്ധപം. **h. Dieu** (ō-oel'dū) ധൎമ്മവൈദ്യശാല. [ക്.

**Hot'ten-tot-ism,** *n.* ഒര്വക വി

**Hough** (hok), *see* **Hock**.

**Hou'let**, *n.* നത്ത്, കൂമൻ (*z.*).

**Hound**, *n.* നായാട്ടുനായി (*z*); 2. നിസ്സാരൻ; 3. ഒരു വക സ്രാവ് (*z.*). **h.-fish** ഒരു വക സ്രാവ് (*z.*). **to follow the h.s** നായ്ക്കളോട് കൂട വേട്ടയാടുക. *v.t.* നായിനെ പിടിക്കുക; —ഉരുവിൻെറ നേരെവിടുക; 2. നായ്ക്കളോട് കൂട നായാടുക.

**Hour** (our), *n.* മണിക്കൂറ്, അഹോരാത്രത്തിൻെറ ഇരുപത്തുനാലാൽ ഒന്ന്, രണ്ടരനാഴിക, അറുപത് നിമിഷം; 2. നാഴിക, ഹോര, നേരം, മണി: **what is the h.?** എത്ര മണി ആയി? നേരം എത്ര ആയി? **at what h. shall we meet?** എത്ര മണിക്കാണ് നാം തമ്മിൽ കാണുക?; 3. നാഴിക, മുഹൂർത്തം, സമയം, കാലം, അവസരം: **the h. of greatest peril** അത്യാപത്ത് കാലം. **the man for the h.** കാലത്തിന്ന് തക്ക ആള്; 4. *pl.* അത്തുനേരം ചൊല്ലേണ്ടുന്ന പ്രാർത്ഥന (*R.C.*); 5. ഒരു മണിക്കൂറ് കൊണ്ട് എത്തുന്നദൂരം: **Cannanore is two h.s from Tellicherry** തലശ്ശേരിയിൽനിന്ന് കണ്ണൂരേക്ക് രണ്ട് മണിക്കൂറത്തെ വഴിയുണ്ട്. **h.-hand** ഘടികാരത്തിലെചെറിയസൂചി. **h.-glass** നാഴികച്ചിരട്ട. **h.-line** സൂര്യഘടികാരത്തിലെ മണിക്കൂറ് വര. **h.-plate** ഘടികാരമുഖം. **after h.s** പതിവായനേരം കഴിഞ്ഞ് ചെയ്യുന്ന പ്രവൃത്തി, അധികപ്പ്രവൃത്തി. **the small h.s** രാത്രി പാതിരകഴിഞ്ഞ സമയം. **to keep good h.s** പതിവായി നേരത്തെ ഉറങ്ങുക. **-'ly**, *a.* മണിക്കൂറ് തോറും ഉള്ള; കൂടക്കൂട—; നിത്യം—. *ad.* നാഴികതോറും; കൂടക്കൂട; എല്ലാനേരവും. **hours**, *n. pl.* കാലദേവികൾ (*myth.*). **hōr'al**, *a.* നാഴികസംബന്ധമായ. **hōr'a-ry**, *a.* ഹോര—; മണിക്കൂറ് കാട്ടുന്ന; —തോറുമുള്ള; ഒരു മണിക്കൂറ് നേരം നില്ക്കുന്ന; മണിക്കൂറിൽ ഒരിക്കൽ ഉണ്ടാകുന്ന; ക്ഷണികമായ. **hō-rog'ra-phy** (-fi), *n.* മണിക്കൂറ് കണക്ക്; ഘടികാര നിർമ്മാണവിദ്യ. **hor'o-loge**, *n.* വാങ്ക് കൊടുക്കുന്നവൻ (*M.*), നേരം വിളിച്ച് പറയുന്നവൻ; സമയസൂചകയന്ത്രം, നാഴികമണി. **hor'-o-log-ĕr**, *n.* നാഴികമണി നിർമ്മാണകൻ; ഘടികാരവ്യാപാരി; —സൂത്രജ്ഞൻ. **hor-o-log'i-cal**, *a.* —വിദ്യാസംബന്ധമായ. **hor-o-lō-gi-og'ra-phĕr, ho-rol'o-gist**, *n.* ഘടികാരപ്പണിക്കാരൻ. **hor-o-lō-gi-og-raph'ic** (-raf-), *a.* ഘടികാരനിർമ്മാണ വിദ്യാ സംബന്ധമായ. **hor-o-lō-gi-og'ra-phy** (-fi), *n.* ഘടികാരവിവരം; —നിർമ്മാണവിദ്യ. **ho-rol'-o-gy**, *n.* കാലമാന—; ഘടികാരനിർമ്മാണസൂത്രം. **ho-rom'e-tĕr**, *n.* നാഴികമണി, കാലമാനയന്ത്രം. **hor-o-met'ri-cal**, *a.* —ഗണിതസംബന്ധമായ. **ho-rom'e-try**, *n.* —ഗണനവിദ്യ. **hor'o-scōpe**, *n.* ജാതകം; രാശിചക്രം; കാലഗണനപ്പട്ടിക. **hor'o-scō-pĕr, hor-o-scō'-pist**, *n.* ജ്യോതിഷക്കാരൻ, ജ്യോത്സ്യൻ. **ho-ros'co-py**, *n.* ജാതകഗണനം; ജനനകാലത്തെ ഗ്രഹസ്ഥിതി.

**Hou'ri**, *n.* ദേവസ്ത്രീ; 2. മൈക്കണ്ണി.

**House**, *n.* കെട്ടപ്പ്, പുര, വീട്, ഭവനം; ഗൃഹം, പാർപ്പിടം; മാടം, മാളിക; കോവിലകം, അരമന; കുടില്, ചെററ; ആല, തൊഴുത്ത്; 2. ഗൃഹകാര്യം, —കൃത്യം, ഭവനപരിപാലനം; 3. വീട്ടുകാര്, കുഡുംബങ്ങൾ, തറവാട്ടുകാര്; 4. തറവാട്, കുലം, വംശം, ഗോത്രം: **the h. of Hanover** ഹനോവരവംശം; **the h. of Judah** യൂദകുലം; 5. ആലോചനസഭ, രാജ്യഭരണ—, നിയമനിർമ്മാണ—; 6. കൂറ്കച്ചവടസംഘം, വർത്തകസ്ഥാനം (*com.*); 7. ചാരായക്കട; 8. വഴിയമ്പലം, സത്രം, ഊട്ടുപുര, വിട്ടുതിപ്പുര, ചോററുപുര; 9. രാശിസ്ഥാനം, ഇടം (*astr.*); 10. ചതുരംഗക്കളം; 11. ശരീരം; 12. (narrow) ശവക്കുഴി. **h.-ant** ഇരുമ്പ്, നെയ്യിരുമ്പ് (*z.*). **h.-bote** കുടിയാന്മാൎക്ക് പുരപ്പണിക്കും വിറകിന്നുമായി ജന്മിയുടെ മരം മുറിപ്പാനുള്ള അവകാശം. **h.-boat** പാർപ്പിടമായി ഉപയോഗിക്കുന്ന തോണി. **h.-cricket** ചെണ്ണട്ട (*z.*). **h.-flag** കപ്പലുടമക്കൊടി. **h.-fly** ഈച്ച. **h.-martin** ഒരു വക വീട്ടുപക്ഷി (*z.*). **h.-mouse** ചുണ്ടെലി (*z.*). **h.-**

physician, h.-surgeon സ്ഥിരംവൈദ്യൻ. h.-sparrow വീട്ടുപക്ഷി, കരികിൽപക്ഷി (z.). h.-spider എട്ടുകാലി, വണ്ണാൻ (z.). h.-breaker ഭവനഭേദനം ചെയ്യുന്നവൻ (l.). h.-breaking ഭവനഭേദനം (l.), ചുമരുതുരക്കൽ, —മുറിക്കൽ. h.-breaking and theft ഭേദിച്ചകളവ് (l.). h.-builder ശില്പി. h.-hold തറവാട്ടുകാര്, കുഡുംബങ്ങൾ, കുഡുംബം; വീട്ടിലുള്ള. h.d-furniture വീട്ടിലെ മരസാമാനം. h.d-affairs ഗൃഹകൃത്യം. h.d-bread വീട്ടിൽ ചുട്ട അപ്പം, താണ—. h.d-gods കുലദേവത; പ്രിയസാധനം. h.d-troops രാജകാവൽ സൈന്യം, —രക്ഷാ—. h.-holder വീട്ടുള്ളവൻ, ഗൃഹസ്ഥൻ. h.-keeper ഗൃഹസ്ഥൻ, ഗൃഹസ്ഥ, ഭവനപരിപാലനക്കാരത്തി; ഗൃഹകാൎയ്യം മേൽവിചാരം ചെയ്യുന്നവൾ; ആതിത്ഥ്യമുള്ളവൻ; സ്വഗൃഹപ്രിയൻ, വീട്പററി; വീട്ടുനായി. h.-keeping വീട്വാങ്ങിപ്പാൎക്കൽ; ഗൃഹനയനം; ആതിത്ഥ്യം; ഗൃഹസംബന്ധമായ, വീട്ടിൽ വേണ്ടുന്ന. h.-maid പണിക്കാരത്തി, ദാസി, ഇരിക്കുന്നവൾ, ഇരുത്തി. h.-maid's-knee കാൽമുട്ടുവീക്കം (med.). h.-mate ഒന്നിച്ച് താമസിക്കുന്നവൻ, സഹവാസി. h.-room ഇടം. h.-warming കുററിപൂജ, കുടിയല്. h.-wife ഗൃഹസ്ഥന്റെ ഭാൎയ്യ; വീട്ടെജമാനത്തി; വീട്ടമ്മ; (pr. huz'if) തുന്നൽ സാമാനസഞ്ചി (see hussy and huswife). h.-wife, h.-wive സൂക്ഷ്മത്തോടെ ഗൃഹകാൎയ്യം നടത്തുക; തുരിശമായി ചിലവിടുക. h.-wifely വീട്ടമ്മക്കുള്ള, ഗൃഹസ്ഥക്ക് പററിയ; ഗൃഹകാൎയ്യം സംബന്ധിച്ച; വീട്ടിലുള്ള; ചിലവ്ചുരുങ്ങിയ; ബുദ്ധിവിവേകം ഉള്ള, കാൎയ്യസാമൎത്ഥ്യം—. h.-wifery വീട്ടമ്മയുടെ പ്രവൃത്തി; സ്ത്രീഗൃഹനയനം. h.-work വീട്ടുപണി; വെപ്പ്—. h.-wright വീട്പണിയുന്നവൻ; നിൎമ്മാണകൻ. h. of bishops അദ്ധ്യക്ഷയോഗം. h. of call കുടിവരവ്സ്ഥലം. H. of Commons, the Lower H. ഇംഗ്ലാന്തിലെ പ്രജാപ്രതിനിധിസഭ. h. of correction കാരാഗൃഹം, തടവ്. H. of God പള്ളി, ദേവാലയം, ദൈവാലയം. h. of ill fame വേശ്യാഗൃഹം. H. of Lords, the Upper H. ഇംഗ്ലാന്തിലെ പ്രഭുസഭ. h. of representatives പ്രജാപ്രതിനിധിസഭ. religious h. സന്ന്യാസിമഠം, കന്യാസ്ത്രീ-- (R. C.). the white-h. ഐകമത്യസംസ്ഥാനവാഴി കോവിലകം. to bring down the h. അരങ്ങത്തുള്ളവരൊക്കയും കൈകൊട്ടി ആൎക്കുക. to keep h. ഗൃഹഭാരം നടത്തുക. to keep the h. open ആതിത്ഥ്യം കാട്ടുക. v. t. കുടിയിരുത്തുക; 2. വീട്ടിൽ പാൎപ്പിക്കുക; 3. പുരക്കകത്ത് വെക്കുക: to h. farming utensils കൃഷിയായുധങ്ങൾ അകത്താക്കുക; to h. cattle കാലികളെ ആലയിലാക്കുക; 4. മറവിടത്തിലേക്ക് കൊണ്ട്പോക; 5. വീട്ടിൽ ചേൎത്ത് കൊള്ളുക, കൂടപാൎപ്പിക്കുക; 6. ശവക്കുഴിയിൽ അടക്കം ചെയ്യു; 7. അകത്താക്കി സൂക്ഷിക്കുക; 8. താഴ്ത്തിവെക്കുക (naut.). v. i. വീട്വാങ്ങിപ്പാൎക്കുക, പാൎക്കുക, വസിക്കുക, താമസിക്കുക; 2. ഇടത്തായിരിക്കുക (astr.). -'less, a. പാൎപ്പിടം ഇല്ലാത്ത, വീട്ടും കുടിയും—. hous'ing, n. വീട്ടിന്നകത്താക്കൽ, പാൎപ്പിക്കൽ; പാൎപ്പിടം; കൊത, അറുപ്പ്; ചുമരിലുള്ളമാടം; ചട്ടം.

Hou'sel, n. തിരുവത്താഴകൎമ്മം (Chr.). v. t. തിരുവത്താഴം കൈക്കൊള്ളുക. hous'ling, a. തിരുവത്താഴസംബന്ധമായ.

Hous'ing, Houss, n. കുതിരത്തുണി; 2. കുതിരക്കോപ്പ്.

Hove, p. t. & p. p. of Heave.

Hov'el, n. ആല, കളം; 2. ചെററ, കുടിഞ്ഞില. v. t. തൊഴുത്തിലാക്കുക; രക്ഷാസ്ഥലത്താക്കുക. -ĕr, n. പൊളിഞ്ഞ് പോയ കപ്പലിൽനിന്ന് ആളുകളെയും ചരക്കും രക്ഷിക്കുന്നവൻ.

Hov'ĕr, n. മൂടി, മറവ്, രക്ഷ. v. i. ചുററിപ്പറക്കുക; തൂങ്ങിനില്ക്കുക; 2. ചുററിപ്പററി നടക്കുക, —നില്ക്കുക. -ing-ly, ad. ചുററിപ്പററിക്കൊണ്ട്.

How (hou), ad. എങ്ങിനെ, ഏത്പ്രകാരം, —വിധം; 2. എത്ര, എത്രത്തോളം: O h. I love thy law ഹാ നിന്റെ ധൎമ്മ

ത്തോട് എനിക്കുള്ള താല്പൎയ്യം എന്തു; 3. എന്ത് സംഗതിക്ക്: h. now, why is your cheek so pale? എന്താണിത്, നിന്റെ മുഖം ഇങ്ങിനെ വാട്ടുവാൻ കാരണം എന്ത്?; 4. ഏത് നിലയിൽ: h. and with what reproach shall I return? ഏത് നിലയിലാണ്, എത്ര അപമാനത്തോടെയാണ് ഞാൻ മടങ്ങിച്ചെല്ലേണ്ടത്?; 5. എന്ത് (പേര്): h. are you called? നിങ്ങളെ എന്തെന്നാണ് വിളിക്കാറ്?; 6. വില എങ്ങിനെ: h. a score of sheep now? ഇരുപതാട്ടിന്ന് ഇപ്പോൾ എന്താണ് വില? -bē'it, *conj.* എങ്കിലും, ആകിലും, എന്നിട്ടും, എത്രയായിട്ടും, എങ്ങിനെയെങ്കിലും, ആയിട്ടും, എന്നാലും. -ev'ĕr, *ad.* എത്ര ആയാലും, ഏത് വിധം—, എത്രതന്നെ; എങ്ങിനെ ആയാലും, —എങ്കിലും. *conj.* എന്നാലും, എങ്കിലും, എന്ന് വരികിലും, എന്നിട്ടും. -sō-ev'ĕr, *ad.* & *conj.* ഏത് വിധം ആയാലും, എങ്ങിനെ—; എത്ര—.

How'dah (hou'da), *n.* അമ്പാരി.

How'dy, *n.* പേററിച്ചി, പേററി (*N.*), വയററാട്ടി (*S.*).

How'el, *n.* ഒര് വക ചിപ്പുളി. *v.t.* ചിപ്പുളിയിടുക, മിനുസമാക്കുക.

How'itz-ĕr (-its-ĕr), *n.* ഒര് വക ചട്ടിപ്പീരങ്കി.

Howl, *v.i.* ഓരിയിടുക, ഓളിയിടുക, നിലവിളിക്കുക; 2. ദുഃഖശബ്ദം പുറപ്പെടുവിക്കുക, മോങ്ങുക (*S.*), കരഞ്ഞാക്കുക, വിലാപിക്കുക, അലയും മുറയും ഇടുക; 3. ആൎക്കുക, മുഴങ്ങുക: wild h.ed the wind കാററിന്റെ മുഴക്കം ഭയങ്കരമായിരുന്നു. h.ing wilderness മഹാ വനാന്തരം, ശൂന്യപ്രദേശം. *v.t.* നിലവിളിക്കുക, ആൎപ്പ് കൊട്ടുക്കുക, ഉച്ചത്തിൽ പറയുക. *n.* ഓരി, ഓളി; 2. വിലാപം, മുറവിളി, ആൎപ്പ്. -'ĕr, *n.* ഓരിയിടുന്നവൻ; ഒര് വക കരങ്ങ് (*z.*).

How'let, *n.* നത്ത്, കൂമൻ (*z.*).

I. Hoy, *n.* പടക്, മഞ്ചു, ഓടി, വള്ളം, പത്തമ്മാരി. h.-man മഞ്ചുക്കാരൻ.

II. Hoy, *int.* ഹേ, എടോ; ആരത്; നില്ക്ക്, നില്ല്.

Hub, *n.* (*see* Hob) ചക്രത്തിന്റെ അരട; 2. (വാൾ)പിടി, കത്തിപ്പിടി; 3. മുഴ; എകരം; തടസ്ഥം. up to the h. പൂണ്ട് പോക; എത്ര പാട്ടുണ്ടോ അത്രത്തോളം, ഏതാൻ മുഴവനും. -'by, *a.* മുഴയുള്ള, അവിടവിടെ ഉയൎന്ന.

Hub'ble-bub'ble, *n.* തൊണ്ട്, പുകത്തൊണ്ട്, തൊണ്ടും കുഴലും, —ചുരയും, 'ഉക്ക' (*M.*).

Hub'bub, *n.* ആരവാരം, കൂക്കിവിളി, ആൎപ്പ്—, കോലാഹലം, ഘോഷം, അമളി.

Huc'kle (huk'l), *n.* ഊര, ഉക്ക്; ചണ്ണ (*an.*); 2. മുഴ, കമുള. h.-bone ഇടുപ്പെല്ല്; ചാട്ടെല്ല് (*an.*). h.-backed ഉരുണ്ട ചുമലുള്ള.

Huck'stĕr, *n.* നടന്ന് കച്ചവടം ചെയ്യുന്നവൻ, മാററക്കാരൻ (*P.*); 2. നീചൻ, ഉപായി. *v.i.* ചില്ലറക്കച്ചവടം ചെയ്യുക. -āge, *n.* തെണ്ടിക്കച്ചവടം, നടത്തക്കച്ചവടം. -ĕr, *n.* നടത്തക്കച്ചവടക്കാരൻ. =stress, *n.* നടത്തക്കച്ചവടക്കാരത്തി, മാററക്കാരത്തി (*P.*).

Hud, *n.* തൊണ്ട്, തോട്, മടല്.

Hud'dle (hud'l), *v.i.* തിക്കും തിരക്കുമാക, തിങ്ങിവിങ്ങിക്കൂടുക, താറ് മാറാക; കൂട്ടമായി കൂടുക. *v.t.* ചാറച്ചപ്പയായിടുക, വാരിവലിച്ച് കൂട്ടുക; ഉന്തിത്തിരക്കിക്കൂട്ടുക; 2. തത്രപ്പാടോടെ ചെയ്യുക, മുക്കാലും കാലുമായി—. h. on, h. together വാരിവലിച്ചിടുക. h. up ദ്രുതഗതിയായി ചെയ്യുക. *n.* കൂട്ടം, പുരുഷാരം, താറ് മാറ്, കോലാഹലം, അമളി.

Hudge (huj), *n.* ഇരിമ്പ് തൊട്ടി.

I. Hūe (hū), *n.* നിറം, വൎണ്ണം; 'റങ്ക്', ഛായം. hūed (hūd), *a.* വൎണ്ണം ഉള്ള. many h.d നാനാവൎണ്ണം—, പലനിറം—.

II. Hūe, *n.* നിലവിളി, കൂക്കി—, ആൎപ്പ്. h. and cry കള്ളനൊ കള്ളനൊ എന്നാൎത്ത് വഴിയെ പായൽ; പിടിപ്പാനുള്ള ഓട്ടം; —പരസ്യം (*l.*).

**Huff,** *v. t.* ഊതിവീപ്പിക്കുക, ഊതിക്കെട്ടുക, വീപ്പിക്കുക; 2. ധിക്കാരം കാട്ടുക, അധിക്ഷേപിക്കുക; മെരിട്ടുക. *v. i.* വീക്കുക, വീങ്ങുക, ചീക്കുക; 2. മുഖം വീക്കുക; പൊങ്ങച്ചം കാട്ടുക; ചീറുക. *n.* വീപ്പിക്കൽ, മുഷിച്ചൽ, ഇളിച്ചൽ; ക്രോധം; 2. സ്വപ്രശംസക്കാരൻ, ഡംഭി. to take h. പിണങ്ങുക, മുഷിയുക. ='fĕr, *n.* ഗർവ്വി, പൊങ്ങച്ചക്കാരൻ. ='fi-ness, *n.* പരുഷഭാവം, ശുണ്ഠി. ='fing-ly, *ad.* ധിക്കാരത്തോടെ, നിഗളത്തോടെ. ='fish, *a.* അഹംഭാവം ഉള്ള, ഇളിച്ചല് —. ='fish-ly, *ad.* പെരിമയോടെ. ='fish-ness, *n.* പൊങ്ങച്ചം, വലിപ്പം. ='fy, *a.* ചീൎത്ത, പൊന്തിവന്ന; ഇളിച്ചസ്വഭാവം ഉള്ള, വേഗം മുഷിയുന്ന.

**Hug,** *v. t.* കെട്ടിപ്പിടിക്കുക, ആലിംഗനം ചെയ്യുക, പുണരുക; 2. പററിക്കൊള്ളുക, മുറുക്കിപ്പിടിക്കുക; താലോലിക്കുക; 3. കരപററിയോട്ടുക, അട്ടത്തിരിക്കുക (*naut.*). to h. one's self to ആനന്ദിക്കുക, ഉല്ലസിക്കുക. *n.* ആശ്ലേഷം, ആലിംഗനം, കെട്ടിപ്പിടിത്തം. -'gĕr, *n.* ആശ്ലേഷിക്കുന്നവൻ. -'gle, *v. t.* ആലിംഗനം ചെയ്യുക.

**Hūge,** *a.* വണ്ണമുള്ള, പെരുത്ത, മഹാ, വലിയ, വൻ; പെരു. -'ly, *ad.* അത്യന്തം, അത്യധികം. -'ness, *n.* മഹാവലിപ്പം, വന്മ, മാഹാത്മ്യം, ഭീമത്വം.

**Hug'gĕr-mug'gĕr,** *n.* രഹസ്യം, സ്വകാര്യം. in h. രഹസ്യത്തിലും തത്രപ്പാട്ടിലും. *a.* രഹസ്യം ആയ; കളവ് —; കൌശലമുള്ള; 2. വൃത്തികെട്ട; നീചം ആയ, താറ് മാറ് —.

**Hulk,** *n.* കപ്പലുടല്, ഉരുപ്പള്ള; പഴങ്കപ്പല്; 2. കോലംകെട്ട കപ്പല്; 3. വണ്ണമുള്ള സാധനം, ഒതുക്കമില്ലാത്ത—. the h.s തടവ് കപ്പല്. *v. t.* കടല് നീക്കുക. -'ing, -'y, *a.* പൊണ്ണത്തടിയുള്ള, കോലംകെട്ട (*N.*).

**Hull,** *n.* തോട്, തൊണ്ട്; മടല്; ഉമി, പോണ്ടി, ചുണങ്ങ്; 2. കപ്പലുടല്. h.-down ദൂരെകാണുന്ന കപ്പല്. *v. t.* തോലുരിക്കുക, തോട് നീക്കുക; നെല്ല് കുത്തുക, ഉമികളയുക, ചുണങ്ങ് —; 2. കപ്പൽപള്ള വെടിവെച്ച് തുളക്കുക (*naut.*). *v. i.* വെള്ളത്തിന്മുകളിൽ ചാഞ്ചാട്ടുക. **hulled** (huld), *a.* ഉമിനീക്കിയ, തൊലിച്ച. ='lĕr, *n.* ഉമികളയുന്നവൻ; നെല്ല് കുത്തുന്ന യന്ത്രം. -'ly, *a.* ഉമിഉള്ള; തോട് —.

**Hulla-ba-loo',** *n.* ആരവാരം, ഊയ്യാരം, കൂക്കിവിളി, ആൎപ്പ് —.

**Hum,** *v. i.* മൂളുക, ഹുങ്കാരമിടുക; 2. മുരളുക; 3. തൊണ്ടചിനെക്കുക, ഇടറിപ്പറയുക; 4. സമ്മതം മൂളുക; 5. ചെവി—. my head h.s എന്റെ ചെവി മൂളുന്നു. *v. t.* രാഗം മൂളുക, മൂളിപ്പാട്ടുക, ചിന്ത് പാടുക; 2. സമ്മതം മൂളുക; 3. മൂളിതോല്പിക്കുക, ചതിക്കുക. *n.* മൂളല്, മുഴക്കം, ഝങ്കാരം; 2. ഇരച്ചല്; കലി, മുരൾച്ച; 3. സമ്മതം; 4. ചതി; 5. തൊണ്ടചിനെക്കൽ, വാക്കിടച്ച്; 6. ഒരു്വക ചാരായം. *int.* സംശയാൎത്ഥാനുകരണശബ്ദം: ഇം, ഹ്ഹം. -'mĕr, *n.* മൂളുന്നവൻ; സ്തുതിക്കുന്നവൻ; ഝങ്കാരപ്പക്ഷി (*z.*). -'ming, *a.* മൂളുന്ന, ഝങ്കാരശബ്ദം പുറപ്പെടുവിക്കുന്ന. *n.* ഹുങ്കാരം; മുരൾച്ച. h.g ale എരിക്കുന്ന കള്ള്. h.g bird ഝങ്കാരപ്പക്ഷി (*z.*).

**Hū'man,** *a.* മനുഷ്യ, മാനുഷം ആയ, മൎത്ത്യം—; മാനുഷലക്ഷണം ഉള്ള, —സ്വഭാവം—, നരകുലത്തിൽ—. h. sacrifice നരമേധം, —ബലി. *n.* മനുഷ്യൻ. =māne', *a.* മാനുഷമായ; മനുഷ്യപ്പററ് ഉള്ള, ലൌകികം—, കൃപ—, അലിവ്—, പരോപകാരശീലം—; ഉൽകൃഷ്ടം ആയ; ശ്രേഷ്ഠത വരുത്തുന്ന. =māne'ly, *ad.* ആൎദ്രതയോടെ. =māne'ness, *n.* ദയ, ഉപചാരശീലം. -'ies, *n.* മാനുഷതത്വവിദ്യ. -'i-fȳ, *v. t.* മനുഷ്യനാക്കുക, മാനുഷത്വം സങ്കല്പിക്കുക; അവതരിക്കുക. -'ism, *n.* മാനുഷത്വം, മനുഷ്യത്വം; ഉൽകൃഷ്ടവിദ്യാഭ്യാസം. -'ist, *n.* ഉൽകൃഷ്ടവിദ്യാഭ്യാസി; മാനുഷതത്വജ്ഞാനി. -'ist-ic, *a.* മാനുഷസംബന്ധമായ; ഉൽകൃഷ്ടവിദ്യാ—. -i-tā'ri-an, *n.* ക്രിസ്തുമാനുഷത്വൈകവാദി (*theo.*); മാനുഷത്വമതാനുസാരി (*phil.*); പരോപകാരി. *a.* ക്രിസ്തുമാനുഷത്വൈകവാദ സംബന്ധമായ; മാനുഷത്വമത—; പരോപകാരിയായ.

-i-tā'ri-an-ism, *n.* ക്രിസ്തുമാനുഷത്വൈകവാദം; മാനുഷത്വമതം. -'i-ty, *n.* മാനുഷത്വം, മനുഷ്യലക്ഷണം; നരകുലം, —വംശം; രഞ്ജന, ദയ, കരളലിവ്; ഉൽകൃഷ്ടവിദ്യാഭ്യാസം; *pl.* കാവ്യാലങ്കാരാദി വിദ്യകൾ. -īse, -īze, *v. t.* മാനുഷഗുണമുണ്ടാക്കുക; ദയാഭാവം ഉളവാക്കുക, സൌമ്യത വരുത്തുക; പരിഷ്കരിക്കുക; മാനുഷത്വം സങ്കല്പിക്കുക; മാനുഷദേഹത്തിലാക്കുക (*med.*). *v. i.* കൃപതോന്നുക, അയ്യോഭാവം—; പരിഷ്കാരമുണ്ടാക. -i-sā'tion, -i-zā'tion, *n.* മാനുഷഗുണമുളവാക്കൽ. -ī-sĕr, -ī-zĕr, *n.* മാനുഷത്വം വരുത്തുന്നവൻ; പരിഷ്കരിക്കുന്നവൻ. -kind, *n.* മനുഷ്യകുലം. -ly, *ad.* മാനുഷപ്രകാരം, മനുഷ്യക്കൊത്തവണ്ണം; ദയയോടെ. -ness, *n.* മാനുഷത്വഗുണം.

Hū-mā'tion, *n.* കഴിച്ചിടൽ, ശവം മറചെയ്യൽ.

I. Hum'ble, *a.* താണ, എളിയ; 2. താഴ്മയുള്ള, വിനയം—, സാധുഗുണം—, വണക്കം—, പൊങ്ങച്ചമില്ലാത്ത. h. plant തൊട്ടാൽവാടി (*b.*). to eat h. pie മിണ്ടാതെ അപമാനം സഹിക്കുക. *v. t.* താഴ്ത്തുക, താഴ്ത്തിവെക്കുക; അധികാരമില്ലാതാക്കുക, അധീനപ്പെടുത്തുക; മാനഹാനി വരുത്തുക; 2. (*refl.*) താഴുക, ഗർവ്വം വെടിയുക, വണക്കം കാട്ടുക, ഒതുങ്ങുക. -ness, *n.* താഴ്മ, മനോവിനയം, നമ്രത്വം, സൌമ്യത. hum'bly, *ad.* എളിമയായി, താഴ്മയോടെ. hū-mil'i-āte, *v. t.* താഴ്ത്തുക, ഇളപ്പമാക്കുക, അപമാനിക്കുക. hū-mil'i-ant, *a.* എളിമവരുത്തുന്ന, താഴ്ത്തുന്ന. hū-mil-i-ā'tion, *n.* നിഗളമില്ലാതാക്കൽ, താഴ്ത്തിവെക്കൽ; പോരായ്മ, നാണക്കേട്, താഴ്ച. hū-mil'i-ty, *n.* താഴ്മ, വിനയഭാവം; വണക്കം, ആചാരം, ഓച്ഛാനം.

II. Hum'ble, Hum'mel, *a.* കൊമ്പില്ലാത്ത, മോഴയായ; 2. ഓക്കയില്ലാത്ത (*b.*).

Hum'bug, *n.* ചതി, കള്ളന്ത്രാണം; 2. പിത്തളാട്ടം, പിട്ട്, കൌശലം, വിളവ് (*N.*); 3. ചതിയൻ, പിരട്ടി, കള്ളൻ. *v. t.* ചതിക്കുക, തോല്പിക്കുക, പററിക്കുക; 2. ചെണ്ടകൊട്ടിക്കുക. -gĕr, *n.* ചതിയൻ, ചുഴിപ്പൻ. -gĕr-y, *n.* ചുഴിപ്പ്, വ്യാപ്തി (*N.*), ചതി.

Hum'drum, *a.* ഏകതാളം ആയ, മന്ദം—, സാധാരണം—, രസമില്ലാത്ത. *n.* വിരസം വരുത്തുന്നവൻ, മന്ദൻ; 2. ഏകരീതിത്വം.

Hū'mĕr-us, *n.* ഭുജാസ്ഥി, പ്രഗണ്ഡാസ്ഥി (*an.*); 2. ഭുജം (*an.*). =mĕral, *a.* ഭുജാസ്ഥിസംബന്ധമായ, ഭുജത്തിനുള്ള.

Hū'mid, *a.* ഞളപ്പ് ഉള്ള, ഓതം—. -'i-ty, -ness, *n.* നനവ്, ഈറം, കളപ്പം.

Hum'mel, *see* Humble. II.

Hum'mock, *n.* വൃത്താഗ്രക്കുന്ന്.

Hum'mum, *n.* സ്വേദസ്നാനം; 2. വ്യായാമസ്ഥലം.

Hū'mor, Hū'mŏur (hū'mur), *n.* നീര്, ദേഹനീര്, രസം, ധാതു; 2. ദുർന്നീര് (*med.*); 3. ഗുണം, സ്വഭാവം, ശീലം; 4. ചാപല്യം, ചേഷ്ട; 5. നേരമ്പോക്ക്, വിനോദം. good h. നല്ലശീലം. bad h. ദുശ്ശീലം. to be out of h., to be in an ill h. കുപിതനായി ഇരിക്കുക, വെറുതിപിടിച്ച്—. hū'mŏr, hū'mŏur, -īse, -īze, *v. t.* പ്രസാദിപ്പിക്കുക, താളത്തിന്ന് നില്ക്കുക, രസിപ്പിക്കുക. good h.ed സുശീലം ഉള്ള; സൌജന്യം—. ill-h.ed ശുണ്ഠിയായ, ഈറപിടിച്ച. -al, *a.* ത്രിദോഷസംബന്ധമായ. -al-ist, -ist, *n.* —വാദി. -ism, *n.* —വാദം; ചേഷ്ട, നേരമ്പോക്ക്. -ist, *n.* മനശ്ചാപല്യമുള്ളവൻ; തമാശക്കാരൻ; രസികൻ. -is'tic, *a.* വിനോദമായ. -less, *a.* ഉല്ലാസഗുണമില്ലാത്ത. -ŏus, *a.* നനവ് ഉള്ള; സ്ഥിരതയില്ലാത്ത; രസികമായ. -ŏus-ly, *ad.* ചഞ്ചലഭാവത്തോടെ; തമാശയായി. -sŏme, *a.* ചാപല്യമുള്ള; വിനോദമുള്ള. -sŏme-ly, *ad.* വെറുപ്പോടെ; രസികമായി. -sŏme-ness, *ad.* രസികത്വം; സ്ഥിരമില്ലായ്മ.

Hump, *n.* കുന്ന്, മുഴ; 2. പൂഞ്ഞ (*z.*). h.-back വളവ്; കൂനൻ; ഒര്വക തിമിംഗലം (*z.*). h.-backed കൂനുള്ള. h.-shouldered ചുമല് പൊന്തിയ. humped

(humpt), *a.* ക്രൻഉള്ള; പൃഞ്ഞ—. ='py, *a.* മുഴഉള്ള, ക്രൻ—; പൃഞ്ഞ—.

**Humph** (hump), *int.* ആഹാ; ഛിഃ, ഛത്ത്.

**Hū'mus,** *n.* വളമണ്ണ്.

**Hunch,** *n.* ക്രന്, മുഴ; 2. കട്ട, ഖണ്ഡം, വലിയകക്ഷണം; 3. ഉന്ത്, തിക്ക്. *v. t.* കൈമുട്ട്കൊണ്ട് തിക്കുക; 2. മുഴ ആക, ക്രന്—. h.-back ക്രന്; ക്രനൻ. h.-backed ക്രനുള്ള.

**Hun'dred,** *n.* നൂറ്, ശതം; 2. ദേശം, തറ. *a.* നൂറെണ്ണമുള്ള. h.-fold നൂറ് ഇരട്ടി, —മടങ്ങ്. h.-weight ശതത്തുക്കം, 112 റാത്തൽ, 'അന്തറ്'. =dredth, *a.* നൂറാമത്തെ; നൂററിലൊന്നായ. *n.* നൂററിലൊന്, ശതാംശം.

**Hun'gĕr,** *n.* വിശപ്പ്, ക്ഷുത്ത്, കത്തല്; പൈദാഹം; 2. ആകാംക്ഷ, അത്യാശ. *v. i.* വിശക്കുക, കത്തലെടുക്കുക; 2. മോഹിക്കുക, കൊതിക്കുക; കാത്തിരിക്കുക. *v. t.* പട്ടിണിയിടുക. -ĕr, *n.* വിശപ്പുള്ളവൻ; കാത്തിരിക്കുന്നവൻ. =gĕred, =gĕred (-gĕrd), =gry, *a.* വിശപ്പ്ഉള്ള, പൈദാഹം—; ആൎത്തി—; വളം ഇല്ലാത്ത, ഫലവത്തല്ലാത്ത. =gri-ly, *ad.* വിശപ്പോടെ; ബുഭുക്ഷയോടെ.

**Hung,** *p. t. & p. p. of* Hang.

**Hunk,** *n.* വലിയകക്ഷണം, —തുണ്ടം.

**Hun'kĕr,** *n.* പരിഷ്കാരവിരോധി, പഴമപ്രിയൻ. -ism, *n.* —താല്പൎയ്യം; പരിഷ്കാരവിരോധം.

**Hunks,** *n.* ലുബ്ധൻ, ഈററയൻ; ലോഭി.

**Hunt,** *v. t.* നായാടുക, വേട്ടയാടുക; 2. (out, up) തിരയുക, അന്വേഷിക്കുക; വഴിയെ പായുക, പിന്തുടരുക; 3. (down, from, away) ഓടിച്ച്കളയുക; 4. പിടിക്കുട്ടുക; 5. നായാട്ട്കഴിക്കുക. *v. i.* —ചെയ്ക; 2. (for, after) തിരയുക, പിന്തുടരുക. to h. counter വേട്ടയിൽ വഴിയോട്ട് മണത്ത്പോക; വന്നവഴിക്ക് തന്നെ മടങ്ങുക. *n.* വേട്ട, നായാട്ട്; പിന്തുടൎച്ച; തിരച്ചൽ, അന്വേഷണം; 2. വേട്ടയുരു; 3. നായാട്ട്നായ്ക്കൂട്ടം; 4. —സംഘം; 5. —പ്രദേശം. -'ĕr, *n.* വേടൻ; നായാട്ട്കാരൻ, 'ശികാറ്'കാരൻ; നായാട്ട്നായി; —കുതിര; അന്വേഷകൻ; ഒര് വക പല്ലി (*z.*); അടപ്പ് കൈഘടികാരം. fortune-h.r ധനാഭിലാഷി. place-h.r ഉദ്യോഗാൎത്ഥി. ='ing, *n.* നായാട്ട്. h.g-box, h.g-lodge, h.g-seat വേട്ടപ്പന്തല്, പറം. h.g-cat, h.g-leopard ചീറ്റപ്പുലി (*z.*). h.g-dog കാട്ട്നായി (*z.*). h.g-ground കാട്. h.g-horn വേട്ടക്കാഹളം. -'ress, *n.* വേടത്തി, നായാട്ട്കാരത്തി. hunts'man, *n.* വേട്ടക്കാരൻ; നായാട്ട്പ്രമാണി. hunts'man-ship, *n.* നായാട്ട്വിദ്യ, —പ്രവൃത്തി.

**Hur'dle,** *n.* തട്ടി; വേലി, ചീനവേലി. h.-race തട്ടിക്കുതിരപ്പന്തയം. h.-work മിടച്ചൽ പണി. *v. t.* വേലികെട്ടുക, വളച്ച്—.

**Hur'dy-gur'dy,** *n.* ഒര് കമ്പിവാദ്യം, ഒര് വക വീണ.

**Hurl** (hĕrl), *v. t.* ചാടുക, എറിയുക, ചുഴററി എറിയുക, വീശി—, പ്രക്ഷേപിക്കുക; 2. ഉഗ്രമായി പ്രസ്താവിക്കുക; 3. പിരിക്കുക. *v. i.* ഊക്കോടെ പായുക; ബദ്ധപ്പെട്ട് നടക്കുക; 2. എറിയുക; 3. പന്തേറ്കളിക്കുക. *n.* ഏറ്, ചാട്ടം, വീശൽ, ചുഴററിയെറിയൽ; 2. അമളി, ലഹള, കോലാഹലം. ='lĕr, *n.* എറിയുന്നവൻ; പന്തേറ്കളിക്കാരൻ. ='ling, *n.* ചാടൽ, എറിയൽ; പന്തേറ്കളി. ='ly, ='ly-bur-ly, *n.* ആരവാരം, ഘോഷം.

**Hur-räh', Hur-rä',** *int.* ജയ, ജയ; ആഹാ ആഹാ; 'ശബാസ്', 'അസ്സൽ', ഒന്നാന്തരം. *n.* സന്തോഷധ്വനി, ജയഘോഷം. h.s nest താറ്മാറ്. *v. i.* ജയഘോഷം പുറപ്പെടുവിക്കുക. *v. t.* —സല്ക്കാരം ചെയ്യുക.

**Hur'ri-cāne,** *n.* കൊടുങ്കാററ്, കോള്, കാററും കോളും, 'തൂഫാൻ'.

**Hur'ry,** *v. t.* തിരക്കാക്കുക, ബദ്ധപ്പെടുത്തുക; 2. ത്വരപ്പെടുത്തുക; നിൎബ്ബന്ധിക്കുക; 3. വേഗതപ്പെടുത്തുക. *v. i.* ബദ്ധപ്പെടുക, നടത്തം മുറുക്കുക. to h. up ബദ്ധപ്പെട്ട് നടക്കുക. *n.* ബദ്ധപ്പാട്.

തിരക്ക്, തിട്ടക്കം, വേശത. **h.-skurry** ഉരുസല്, പാച്ചല്യം വീഴല്യം. **-ing-ly,** *ad.* ത്വരിതമായി.

**Hurst** (hĕrst), *n.* മരക്കോട്ടം, മരക്കാവ്, മരത്തോട്ടം.

**Hurt** (hĕrt), *v. t.* വേദനപ്പെടുത്തുക, പരിക്കേല്പിക്കുക, മുറിപ്പെടുത്തുക; ഉപദ്രവം ഏല്പിക്കുക (*l.*); 2. കേട് വരുത്തുക, ഊനം—, ഛേദം—; 3. വ്യസനം—, സങ്കടപ്പെടുത്തുക; 4. വക്ഷളാക്കുക; 5. എളിമപ്പെടുത്തുക; 6. മുഷിപ്പിക്കുക. *n.* വേദന, നോവ്, ചതവ്, പരിക്ക്, മുറിവ്; 2. മനോവേദന, വ്യസനം; 3. ഇളപ്പം; 4. കന്മഷം, കളങ്കം; 5. ദോഷം, കേട്, ഭൂഷ്യം, ഊനം, നഷ്ടം. **simple h.** ഉപദ്രവം (*l.*). **grievous h.** കഠിനോപദ്രവം (*l.*). **to cause h.** ഉപദ്രവംഏല്പിക്കുക (*l.*). **-'ful,** *a.* ഉപദ്രവകരം ആയ, നഷ്ടകരം—; വേദനപ്പെടുത്തുന്ന. **-'ful-ly,** *ad.* കേട് പററത്തക്കവണ്ണം, വേദന—. **-'ful-ness,** *n.* കേട്, ഭൂഷ്യം.

**Hurt'le,** *v. i.* ഊക്കോടെ തമ്മിൽ മുട്ടിപ്പോക; 2. ശീഘ്രമായി നടക്കുക; 3. പെട്ടന്ന് തിരിയുക, ചുററിത്തിരിയുക; 4. പൊരുതുക; 5. മുഴങ്ങുക, ഭയങ്കരധ്വനിയുണ്ടാക. *v. t.* ചുഴററുക, വീശുക, പുളയിക്കുക; 2. ഉന്തുക, തള്ളുക; എറിയുക.

**Hus'band,** *n.* ഗൃഹപതി, കുഡുംബത്തലവൻ; 2. കൃഷിക്കാരൻ; 3. ചരതമുള്ള വീട്ട് വിചാരകൻ; 4. ഭർത്താവ്, പുരുഷൻ, കെട്ടിയവൻ, കാന്തൻ, മാപ്പിള (*M.*); 5. ഇണജന്തുക്കളിലെ ആണ്. **h.-man** വീട്ടപ്പൻ; കൃഷിക്കാരൻ. **a ship's h.** കപ്പൽ കാര്യസ്ഥൻ. *v. t.* തുരിശമായി ചിലവഴിക്കുക, ചരതത്തോടെ കാര്യം നടത്തുക; നൽകാര്യസ്ഥനായിരിക്കുക; നന്നായി ഉപയോഗിക്കുക; 2. കൃഷിചെയ്യുക, കണ്ടം കൊത്തുക; 3. ഭർത്താവിനെ സമ്പാദിച്ച് കൊടുക്കുക. **-a-ble,** *a.* സൂക്ഷ്മത്തോടെ കാര്യം നടത്താകുന്ന. **-āge,** *n.* കപ്പൽ കാര്യസ്ഥന്നുള്ള പ്രതിഫലം. **-less,** *a.* പുരുഷനില്ലാത്ത. **-'ly,** *a.* തുരിശമായ, ചരതം ഉള്ള, ചിലവിൽ മിതം—. **=dry,** *n.* ഗൃഹഭരണം; സൂക്ഷ്മം, ചരതം; കൃഷിപ്പൃവൃത്തി.

**Hush,** *v. t.* മൌനം ആക്കുക, മിണ്ടാതെ—; ഒച്ചയില്ലാതെ ആക്കുക; 2. ശമിപ്പിക്കുക, സമാധാനം ആക്കുക, സാവധാനം—, ആശ്വസിപ്പിക്കുക. **to h. up** മിണ്ടാതെ ആക്കുക, പുറത്താകാതെ—, അമർത്തിക്കളയുക, പൂത്തിക്കളയുക. *v. i.* മിണ്ടാതിരിക്കുക. *imp.* മിണ്ടല്ല, അനങ്ങൊല്ലാ, മിണ്ടാതിരി, ചുമ്മായിരി (*S.*). *n.* മൌനം, ശാന്തത, സാവധാനം. **h.-money** സ്വകാര്യം പുറത്ത് പറയാതിരിപ്പാനുള്ള കയ്ക്കൂലി. *a.* ശാന്തമായ, അനക്കമില്ലാത്ത.

**Husk,** *n.* ഉമി; തോട്; തോല്; പൊതി; മടല്. *v. t.* ഉരിക്കുക, തൊലിക്കുക, തോട് കളയുക, ഉമി—, **husked** (huskt), *a.* ഉമിഉള്ള, തോട്—; ഉമികളഞ്ഞ, തോട്—. **-'ing,** *n.* ഉമിനീക്കൽ; കുത്തൽ. **-'y,** *a.* ഉമിഉള്ള, തോട്—; മടല്പോലെ—.

**Husk'y,** *a.* പരുപരുത്ത, കക്കശം ആയ; 2. സ്വരസാദം ഉള്ള. **=husk'i-ly,** *ad.* പരുഷമായി. **=husk'i-ness,** *n.* കക്കശത്വം; സ്വരസാദം, ഒച്ചയടപ്പ്, ഒച്ചിലപ്പ്. [ഭടൻ.

**Hus-sär',** *n.* കതിരപ്പടയാളി, അശ്വ

I. **Hus'sy,** *n.* വീട്ടെജമാനത്തി; 2. നീചപ്പെണ്ണ്; 3. തുള്ളിച്ചി, കൊഞ്ചല്കാരത്തി.

II. **Hus'sy,** *n.* സഞ്ചി, പൊക്കണം.

**Hus'tings,** *n. pl.* ഒര് വക ചെറിയ 'അദാലത്ത് കോടതി'; 2. ഇംഗ്ലാന്തിൽ പ്രതിനിധി സഭാംശങ്ങളെ തെരിഞ്ഞെടുക്കുന്ന തല്ക്കാലക്കച്ചേരി; 3. പ്രതിനിധി സഭാംശേച്ഛുക്കളുടെ സംസാരപീഠം.

**Hus'tle** (hus'l), *v. t.* കലുക്കുക; 2. തിക്കുക, ഉന്തുക; ഉന്തിത്തള്ളി പുറത്താക്കുക. *v. i.* തിക്കം തിരക്കുമാക; തിക്കിത്തിരക്കിപ്പോക; ബദ്ധപ്പെട്ട് നടക്കുക.

**Hus'wife** (hus'wif), *n.* വീട്ട് വിചാരണക്കാരത്തി; ചരതമുള്ള സ്ത്രീ; 2. നിസ്സാര—; 3. തുന്നൽസഞ്ചി. *v. t.* സൂക്ഷ്മത്തോടെ ഗൃഹകാര്യം നോക്കുക. **-ly,** *a.* സാമർത്ഥ്യം ഉള്ള, ചരതം—. *ad.* സൂക്ഷ്മത്തോടെ. **-ry,** *n.* ഗൃഹഭരണവൈഭവം.

**Hut**, *n.* കടില്, ചാള; ചെററപ്പുര, ചാപ്പ, പന്തല്, കാവല്ച്ചാള, പറം. *v.t.* & *i.* കടിഞ്ഞിലിൽ പാൎപ്പിക്കുക; ചെററയിൽ പാൎക്കുക.

**Hutch** (huch), *n.* പെട്ടി, പെട്ടകം, പത്തായം; കൂട്, പഞ്ജരം, മഞ്ച. *v.t.* പത്തായത്തിൽ ഇടുക, സൂക്ഷിച്ച് വെക്കുക.

**Huz-zä′**, *int.* ആഹാ ആഹാ; ജയ ജയ; 'ശവാസ്', ഹഹഹ. *n.* സന്തോഷഘോഷം. *v.i.* സന്തോഷിച്ചാൎക്കുക. *v.t.* ആൎപ്പോടെ കൈക്കൊള്ളുക.

**Hȳ′a-cinth**, *n.* ഒര് പുഷ്പച്ചെടി (*b.*); 2. ഒര് വക രത്നം (*min.*).

**Hȳ-a-les′cence**, *n.* സ്വച്ഛത, സ്ഫടികത്വം. =**line** (-lin), *a.* കണ്ണാടിആയ; സ്ഫടികതുല്യം—; പ്രസന്നം—. *n.* ആകാശം; സമുദ്രം. =**log′ra-phy** (-fi), *n.* സ്ഫടികലേഖനം. **hȳ′a-loid**, *a.* —തുല്യമായ.

**Hȳ-bėr′na-cle**, *see* Hibernacle *under* Hibernal.

**Hȳ′brid** (hi′brid), *a.* സമ്മിശ്രം ആയ, സങ്കരം—; ഇര് ജാതി ചേൎന്നുണ്ടായ. *n.* —സന്താനം. -**ism**, -′**i-ty**, *n.* ജാതിസങ്കരത്വം.

**Hȳ′da-toid**, *a.* ജലമയം ആയ; ജലതുല്യം—.

**Hȳ′dr, Hȳ′dro**, *pf.* ജല, ജലമയ, നീര്.

**Hȳ′dra**, *n.* ബഹുശിരഃസൎപ്പം (*myth.*); 2. ഭയങ്കരപ്രാണി; 3. നാനാദോഷസഞ്ചയം; 4. ഒര് നക്ഷത്രഗണം (*as.*).

**Hȳ-dræ′mi-a**, *n.* നീർപിത്തം, രക്തക്കുറവ് (*med.*).

**Hȳ′dra-gogue** (-gog), *a.* നീര് വാററുന്ന (*med.*). *n.* നീര്പോക്കി ഔഷധം.

**Hȳ-drau′lic**, =**i-cal** (-dral), *a.* ചലന ജലസംബന്ധം ആയ, ജലചലിതമായ. **h.-press** നീര്ഞെക്കി, ജലത്തിരക്ക്. =′**ic-on**, *n.* ജലവാദ്യം. =**ics**, *n.* ജലചലനവിദ്യ, —പ്രയോഗ—.

**Hȳ′dri-ad**, *n.* ജലദേവത (*myth.*).

**Hȳ-dro-ba-rom′e-tėr**, *n.* അഗാധമാത്ര.

**Hȳ′dro-cēle** (-sēl), *n.* ആന്ത്രശൂല, വൃദ്ധിവീക്കം, ഓതം, 'ക്രസ്' (*med.*).

**Hȳ-dro-ceph′a-lus** (-sef′a-), *n.* ശിരോഗ്രഹം, തലച്ചോറ് നീര് വ്യാധി, ശിരശ്ശൂല (*med.*). =**lic**, *a.* തലച്ചോറ് നീര് വ്യാധി സംബന്ധമായ. =**lŏus**, *a.* ശിരശ്ശൂലയുള്ള.

**Hȳ-drō-dy-nam′i-cal**, *a.* ജലശക്തിവിദ്യാസംബന്ധമായ. =**cals**, *n.* —വിദ്യ. =**dyn-amom′e-tėr**, *n.* ജലവേഗതമാത്ര.

**Hȳ′dro-ġen**, *n.* ജലവായു, ജലജവാഷ്പം (*ch.*). =**droġ′e-nŏus**, *a.* ജലവായു സംബന്ധമായ, ജലവായു ഉള്ള.

**Hȳ-drog′ra-phy** (-fi), *n.* ജലാശയവിവരണം. =**phėr**, *n.* —ശാസ്ത്രി. =**dro-graph′ic**, =**graph′i-cal** (-graf-), *a.* —വൎണ്ണനാസംബന്ധമായ.

**Hȳ-dro-mel**, *n.* ജലമധു.

**Hy-drom′e-tėr**, *n.* ദ്രവകമാത്ര; ജലമാത്ര (*ph.*).

**Hȳ-drop′a-thy**, *n.* ജലവൈദ്യം, ജലപ്രയോഗചികിത്സ.

**Hȳ′dro-phid** (-fid), *n.* കടൽപാമ്പ്, സമുദ്രസൎപ്പം (*z.*).

**Hȳ-dro-phō′bi-a**, =**phō′by** (-fō′-), *n.* ജലഭയരോഗം; 2. പേനായ്വിഷം, ഭ്രാന്തന്നായി—, പേജന്തു—. =**phob′ic** (-fob′ik), *a.* ഭ്രാന്തന്നായി വിഷമുള്ള.

**Hȳ′drop-sy**, *n.* നീര് വീക്കം (*med.*). =**drop′ic**, =**drop′i-cal**, *a.* നീര് വീക്കം സംബന്ധിച്ച.

**Hȳ′drō-scōpe**, *n.* ജലദൎശനയന്ത്രം; 2. നാഴികച്ചിരട്ട.

**Hȳ-drō-stat′ic**, =′**i-cal**, *a.* ജലസ്ഥിതി വിദ്യാസംബന്ധമായ. =′**i-cals**, *n.* —വിദ്യ.

**Hȳ-drō-ther′a-py**, *n.* *see* Hydropathy.

**Hȳdrō-thėr′mal**, *a.* ഉഷ്ണജലസംബന്ധമായ; ചൂട് വെള്ളത്തിന്നുള്ള.

**Hȳ-drō-thō′rax**, *n.* മാൎന്നീര് (*med.*).

**Hȳ-drot′ic**, *a.* നീര് വാററുന്ന, കഫം ഇളക്കുന്ന (*med.*). *n.* നസ്യൌഷധം (*med.*).

Hȳ'drŏus, *a.* വെള്ളമുള്ള; ജലമയം ആയ, ജലപ്രായം—.

Hȳ-ē'mal, *a.* ഹൈമ്യ, ഹേമന്ത. =māte, *v. i.* ഹിമകാലം കഴിക്കുക. =mā'tiŏn, *n.* ഹേമന്തകാലവാസം; —വാസസ്ഥാനം.

Hȳ-ē'na, Hȳ-æ'na, *n.* തരക്ഷു, കഴുതപ്പുലി (*z.*). h.-dog കാട്ടുനായി (*z.*).

Hȳ'e-tal, *a.* മഴസംബന്ധമായ; വഷവിതവൎണ്ണന—. =tog-raph, *n.* വഷക്രമപ്പടം. =tog'ra-phy, *n.* വഷവിതവിവരണം.

Hy-ġēi'a (-jē'a), *n.* ആരോഗ്യദേവത (*myth.*). =ġēi'an (-jē'an), *a.* ദേഹസൌഖ്യം സംബന്ധിച്ച. hȳ'ġē-ist, ='ġiē-ist, =ġi-ēn-ist, *n.* സുഖസൂത്രജ്ഞൻ. ='ġi-ēne, '=ġi-ēn-ism, *n.* —സൂത്രം, ആരോഗ്യശാസ്ത്രം. =ġi-en'ic, *a.* സുഖപരിപാലനാൎത്ഥമായ. =ġi-en'ics, *n.* —പരിപാലനവിദ്യ. =ġi-ol'o-ġy, *n.* —സൂത്രഗ്രന്ഥം. [(*med.*).

Hȳ-grol'o-ġy, *n.* ദേഹരസശാസ്ത്രം

Hȳ-grom'e-tĕr, *n.* ക്ലേദമാത്ര.

Hȳ'lic, *a.* ജഡപദാൎത്ഥസംബന്ധമായ. =lism, *n.* പ്രകൃതിദോഷവാദം. =lō-ism, =lō-thē-ism, *n.* —ദൈവ—. =lō-ist, =lō-thē-ist, *n.* —ദൈവവാദി.

Hȳ'men, *n.* കന്യാചൎമ്മം (*an.*); 2. വിവാഹദേവത; മന്മഥൻ (*myth.*); 3. വിവാഹം, വേളി, പരിണയം; ഉററസംബന്ധം. -ē'al, -ĕ'an, *a.* ദാമ്പത്യസംബന്ധം ആയ, വൈവാഹികം—. *n.* വിവാഹകീൎത്തനം.

Hymn (him), *n.* കീൎത്തനം, സ്തുതി, പാന, പാട്ടു, ഗീതം. *v. t.* സ്തുതിക്കുക, കീൎത്തനം പാടുക, സ്തോത്രം ചെയ്യുക. *v. i.* പാടിസ്തുതിക്കുക. ='nal, *n.* പാട്ടുപുസ്തകം. ='nic, *a.* കീൎത്തനം സംബന്ധിച്ച. -'ing, *a.* സ്തുതിപാടുന്ന. *n.* കീൎത്തനം പാടൽ. ='nist, *n.* ഗീതരചകൻ. ='no-dy, *n.* കീൎത്തനസംഗ്രഹം. =nog'ra-phy (-fi), *n.* —വിവരണം; ഗീതരചന. =nog'ra-phĕr (-tĕr), =nol'o-ġist, *n.* —രചകൻ; —ശാസ്ത്രജ്ഞൻ. =nol'o-ġy, *n.* —സംഗ്രഹം; —ശാസ്ത്രം.

Hȳ'oid, ='de-al, ='de-an, *a.* വളവുള്ള; 2. ജിഹ്വാസ്ഥിസംബന്ധമായ (*an.*). h. arch അണ്ണാക്കു (*an.*). h. bone ജിഹ്വാസ്ഥി (*an.*). *n.* ജിഹ്വാസ്ഥി; നാവു.

Hyp, *v. t.* & Hyps, *n. pl. see* Hypochondria.

Hȳ'pĕr, *pf.* ഉപരി, മേൽ, അധി; അതി; മഹാ.

Hȳ-pĕr-ae'mi-a, *n.* അതിരക്തരോഗം (*med.*). [രം (*gr.*).

Hȳ-pĕr'ba-ton, *n.* ക്രമഭേദപദാലങ്കാ

Hy-pĕr'bō-lē, *n.* അതിശയോക്തിയലങ്കാരം (*rhet.*). =bol'ic, =bol'i-cal, *a.* അതിവൎണ്ണനമായ. =bol'i-cal-ly, *ad.* അതിശയോക്തി ആയി. =bō-lism, *n.* —പ്രയോഗം. =bō-list, *n.* അതിവൎണ്ണനക്കാരൻ. =bō-līse, *v. i.* അതിയായി വൎണ്ണിക്കുക. *v. t.* അതിവൎണ്ണനം ചെയ്യുക.

Hȳ-pĕr-bō're-an, *a.* ഏററവും വടക്കുള്ള; 2. അതിശൈത്യം—. *n.* ഉത്തരദിഗ്വാസി; 2. ശൈത്യപ്രദേശവാസി.

Hȳ-pĕr-crit'ic, *n.* അതിസൂക്ഷ്മവിചാരി, —കൃത്യക്കാരൻ; കണക്കിലേറ കുററം പറയുന്നവൻ, ആമാടക്കു പുഴുത്തുള നോക്കുന്നവൻ. =i-cal, *a.* അത്യാക്ഷേപമായ, അതികൃത്യമുള്ള. =i-cal-ly, *ad.*—ഖണ്ഡനത്തോടെ. =crit'i-cīse, *v. t.* അതിരു കവിഞ്ഞാക്ഷേപിക്കുക. =crit'i-cism, *n.* അതിഖണ്ഡനം.

Hȳ-pē'ri-on, *n.* സൂൎയ്യദേവൻ (*myth.*).

Hȳ-pĕr'trō-phy (-fi), *n.* അതിവളൎച്ച (*med.*).

Hȳ'phen (-fen), *n.* സംയോഗചിഹ്നം, വിയോഗ—, (-) എന്നരേഖ. *v. t.* രേഖയാൽ സംയോജിപ്പിക്കുക; —പിരിക്കുക.

Hyp-nō'sis, *n.* നിദ്രാമയക്കം (*med.*). =na-gog'ic, *a.* നിദ്രാമയക്കമായ. =nō'bāte, *n.* ഉറക്കത്തു നടക്കുന്നവൻ, നിദ്രാചാരൻ. =nol'o-ġy, *n.* —ശാസ്ത്രം. =nol'o-ġist, *n.* —ശാസ്ത്രജ്ഞൻ. =not'ic, *a.* ഉറക്കം വരുത്തുന്ന, നിദ്രാജനകമായ;

ദേഹകാന്തമയക്കം ഉള്ള, —സംബന്ധിച്ച, —വരാകുന്ന. *n.* നിദ്രജനകൌഷധം, ഉറക്ക് മരുന്ന് ; ദേഹകാന്തമയക്കമുള്ളവൻ. ='not-ism, *n.* ദേഹകാന്തമയക്കം. =not-i-sā'tiŏn, =not-i-zā'tiŏn, *n.* ദേഹകാന്തമയക്കം വരുത്തൽ. ='not-īse, ='not-īze, *v. t.* —വരുത്തുക. ='not-īs-ĕr, ='not-īz-ĕr, *n.* —വരുത്തുന്നവൻ.

Hȳ'pō, *pf.* അല്പ, ലഘു; അധീന, കീഴ്.

Hȳ'pō, *n. see* Hypochondria.

Hȳ-pob'ō-lē, *n.* പ്രതിവാദഖണ്ഡനാലങ്കാരം (*rhet.*).

Hyp-o-chon'dri-a, =dri'a-sis, =dri-asm, *n.* മിത്ഥ്യാരോഗഭയം, അല്പൽവ്യാധി, പിത്തോന്മാദം (*med.*). =chon'-dri-ac, *a.* പിത്തോന്മാദമുള്ള. h.c region പാൎശ്വപ്പള്ള (*an.*). *n.* മിത്ഥ്യാരോഗഭീരു.

Hy-po-co-ris'tic, *a.* ഓമനത്തയ, വത്സല—.

Hy-poc'ri-sy, *n.* കാപട്യം, കപടഭക്തി, വേഷധാരിത്വം. hyp'o-crite, *n.* കപടഭക്തൻ, വേഷധാരി, കടിലൻ. =o-crite-ly, =crit'i-cal-ly, *ad.* കപടമായി, കപടഭക്തിയോടെ. =crit'ic, =crit'i-cal, *a.* വേഷം കെട്ടിയ, കൌടില്യം ഉള്ള; കള്ളഭക്തി—.

Hȳ-po-dĕr'mic, *a.* ചൎമ്മാന്തൎഭാഗത്തുള്ള (*med.*). h. medication, h. injection ചൎമ്മൌഷധപ്രയോഗം (*med.*). h. syringe —സൂചി (*med.*).

Hy-pos'ta-sis, *n.* മൂലവസ്തു, സത്വം, ഭാവം; 2. തത്വം, സ്വഭാവം; പുരുഷൻ (*theo.*); 3. ആദിഭൂതം, മൂലതത്വം; 4. ഊറല് (*med.*). =stat'ic, =stat'i-cal, *a.* മൂലതത്വസംബന്ധമായ; പുരുഷത്വ— (*theo.*); ഊറലുള്ള (*med.*). h.c union ക്രിസ്തുവിൻെറ ദിവ്യത്വമാനുഷത്വസംബന്ധം (*theo.*). =pos'ta-tīse, =pos'ta-tīze, *v.t.* പ്രത്യേകത്വം സങ്കല്പിക്കുക; പ്രത്യേകാസ്തിക്യം—.

Hȳ-pos'tro-phē (-fi), *n.* രോഗപ്പുനരാഗമനം (*med.*).

Hȳ-pot'e-nūse, =poth'e-nūse, *n.* കൎണ്ണം, വിപുലരേഖ (*geom.*).

Hȳ-poth'ec, *n.* കുടിയാൻെറ വിളമേൽ ജന്മിക്ക് വാരത്തിന്നുള്ള പണയാവകാശം (*l.*).

Hȳ-poth'e-cāte, *v.t.* പണയം ചാൎത്തുക, പണയമായി വെക്കുക (*l.*). =cā'-tiŏn, *n.* പണയം, വെറും പണയം, ചൂണ്ടിപ്പണയം, തൊട്ടുപണയം (*l.*). h.n bond പണയ ആധാരം. h.n debt —കടം. =cā-tŏr, *n.* പണയം വെക്കുന്നവൻ (*l.*).

Hȳ-poth'e-sis, *n.* ഉപന്യാസം, പ്രതിജ്ഞ, സങ്കേതം; 2. സങ്കല്പം, ഊഹം, അനുമാനം; 3. പ്രമാണം, സിദ്ധാന്തം. working h. അനുമാനപ്രമാണം. =thet'ic, =thet'i-cal, *a.* സങ്കല്പം ആയ, പക്ഷാൎത്ഥം—. =thet'i-cal-ly, *ad.* പക്ഷാൎത്ഥം ആയി; അനുമാനം—. =poth'e-tist, *n.* ഉപന്യാസകൻ.

Hy-pō-tȳ-pō'sis, *n.* വിശിഷ്ടവൎണ്ണനാലങ്കാരം (*rhet.*). [വിദ്യ.

Hyp-som'e-try, *n.* ഔന്നത്യമാപക

Hȳ'sŏn, *n.* പരിമളച്ഛായയില (*b.*).

Hys'sŏp, *n.* ഒര് ചെടി, കസ്തൂരിപ്പച്ച (*b.*).

Hys-tē'ri-a, =ter'ics, *n.* മോഹാലസ്യം, സൂതികാലസ്യം, ഗൎഭമൂൎഛ, സ്ത്രീകൾക്കുള്ള തളൎച്ച; വാതോന്മാദം. =ter'ic, =ter'i-cal, *a.* ഗൎഭാലസ്യം ഉള്ള, തളൎച്ച—, മോഹാലസ്യം—.

Hys-ter-ol'o-ġy, *n.* ഭാവഭേദപ്രസ്താപാലങ്കാരം (*rhet.*).

# I

**I,** ഇംഗ്ലീഷിൽ ഒമ്പതാമത്തെ അക്ഷരം. പേര്: ഐ. ഉച്ചാരണം: ഇ; ഐ; എ; ഈ; യ്.

**I,** *a.* ഒന്ന് എന്ന അക്കം. II. രണ്ട്, III. മൂന്ന്; 2. *pron.* ഞാൻ, അഹം, അടിയൻ, ഇദ്ദേഹം; നാം, നോം.

**Ī-am-a-tol′o-ġy,** *n.* ഔഷധിശാസ്ത്രം (*med.*).

**Ī′amb, Ī-am′bus, Ī-am′bic,** *n.* ഒര് ലഘുവും ഒര് ഗുരുവും കൂടിയ ഗണം (*pros.*). **ī-am′bic,** *a.* ലഘുഗുരുഗണമായ.

**Ī-at′ric, =cal,** *a.* ഔഷധസംബന്ധമായ; വൈദ്യ—.

**Ī-be′ri-an,** *a.* സ്പാന്യരാജ്യസംബന്ധമായ. *n.* സ്പാന്യക്കാരൻ; 2. —ഭാഷ.

**Ī′bex,** *n.* ഒര് വക കാട്ടാട്, മലയാട് (*z.*).

**Ib-ī′dem** (*ab.* ibid, ib), *ad.* അവിടെത്തന്നെ, അതേസ്ഥലത്ത്.

**Ī′bis,** *n.* വെള്ളഞാറ, ഞാറഹംസം [(*z.*).

**I-ble,** *see* Able.

**Ic,** *suf.* സംബന്ധമായ, സംബന്ധിച്ച; ലക്ഷണമുള്ള.

**Īce** (īs), *n.* നീർക്കട്ട, ഹിമക്കട്ട; 2. പഞ്ചസാരക്കട്ടി; 3. ഒര് പാനകം; 4. വെളുത്ത് കട്ടിയായ സാധനം. **i.-berg** ഒഴുകുന്ന ഹിമക്കുന്ന്. **i.-blink** ഹിമവെളിച്ചം. **i.-bound** ഹിമത്തിൽ ഉറച്ച് പോയ. **i.-built** ഹിമം കൊണ്ടുണ്ടാക്കിയ. **i.-cream, i.d cream** ശീതപാനകം. **i.-fall** നീർകട്ടി അരുവി. **i.-field** ഹിമപ്രദേശം. **i.-float, i.-floe** പൊങ്ങിയൊഴുകുന്ന ഹിമപ്പരപ്പ്. **i.-foot** കരക്കുള്ള ഹിമം. **i.-house** ഹിമശാല. **i.-machine** വെള്ളം കട്ടിയാക്കുന്ന യന്ത്രം. **i.-man** ഹിമപ്രദേശസഞ്ചാരി; നീർക്കട്ടിവ്യാപാരി. **i.-pack** പൊങ്ങിയൊഴുകുന്ന ഹിമഖണ്ഡം. **i.-paper** എണ്ണക്കടലാസ്. **i.-quake** ഹിമകമ്പം. **i.-water** ശൈത്യജലം. to break the i. *s. u.* Break. water i. ഒര് വക മധുരം. *v.t.* ഹിമം പൊതിയുക; —ആക്കുക, —പോലെ—; 2. പഞ്ചസാര പൂശുക; കട്ടിയിലിടുക; 3. കളിപ്പിക്കുക. **īced** (īst), *a.* ഹിമം പൊതിഞ്ഞ; ഹിമത്താൽ തണുത്ത; പഞ്ചസാര പൊതിഞ്ഞ. **īc′i-cle,** *n.* ഹിമത്തരി, ഹിമക്കതിര്. **īc′i-ly,** *ad.* തണുപ്പായി, ചൂട് ഇല്ലാതെ, ഉന്മേഷം—; വിരസത്തോടെ. **īc′i-ness,** *n.* അതിശൈത്യം. **īc′ing,** *n.* പഞ്ചസാരയടിക്കൽ. **īc′y,** *a.* ഹിമം ഉള്ള; ഹിമസംബന്ധം ആയ; ഹിമതുല്യം—; അതിശൈത്യം ഉള്ള; മന്ദഭാവം—, രസം കുറഞ്ഞ.

**Ich-neū′mon** (ik-nū′mon), *n.* കീരി, നകുലം (*z.*).

**Ich-nog′ra-phy** (ik-nog′ra-fi), *n.* ഗൃഹനിലപടം.

**Ī′chōr,** *n.* വ്രണനീര്, ചലം.

**Ich′thy-ic** (ik′-), *a.* മത്സ്യസംബന്ധമായ; മീന് പോലെയുള്ള. **=thy-og′ra-phy** (-fi), *n.* മത്സ്യവിവരണം. **=thy-ol′-o-ġy,** *n.* —ശാസ്ത്രം. **=thy-o-loġ′ic, =thy-o-loġ′i-cal,** *a.* —ശാസ്ത്രസംബന്ധമായ. **=thy-ol′o-ġist,** *n.* —ശാസ്ത്രജ്ഞൻ. **=thy-oph′a-ġy** (-of′a-), *n.* —ഭോജനം. **=thy-oph′a-ġist,** *n.* മീൻതിന്നി. **=thy-oph′a-gŏus,** *a.* —തിന്നുന്ന; മത്സ്യം ആഹാരമായുള്ള. **=thy-ō′sis,** *n.* ഗജചർമ്മരോഗം (*med.*).

**Ī′con,** *n.* വിഗ്രഹം, രൂപം, ചിത്രം. **-′i-cal,** *a.* രൂപം ഉള്ള, പ്രതിമ—; —സംബന്ധമായ. **-iṣm,** *n.* രൂപമുണ്ടാക്കൽ; വർണ്ണനം. **-īṣe, -īze,** *v.t.* വിഗ്രഹം ഉണ്ടാക്കുക, രൂപം—. **-′o-claṣm,** *n.* വിഗ്രഹഭേദനം, —വിരോധം. **-′o-clast,** *n.* ബിംബാച്ഛനനിഷേധകൻ; അബദ്ധോപദേശ—, പരിഷ്കാരകൻ. **-′o-dūle, -′o-dū-list,** *n.* ബിംബാച്ഛകൻ. **=og′ra-phĕr** (-fĕr), *n.* വിഗ്രഹനിർമ്മാണകൻ. **=og′ra-phy** (-fi), *n.* രൂപവിവരണം; പ്രതിമാജ്ഞാനം. **-ol′a-tŏr,** *n.* വിഗ്രഹാരാധകൻ. **-ol′a-try,** *n.* വിഗ്രഹാരാധന. **-ol′o-ġy,** *n.* വിഗ്ര

ഹശാസ്ത്രം. -om'a-chy, *n.* —വിരോധം. -om'i-cal, *a.* —നിഷിദ്ധമായ.

Ī-cos-a-hē'dron, *n.* വിംശതി മുഖക്ഷേത്രം, വിംശകഭുജ— (*geom.*).

Ics, *suf.* വിദ്യ, ജ്ഞാനം.

Ic'te-rus, *n.* പിത്തകാമല (*med.*). =ter'ic, *n.* പിത്തത്തിനുള്ള മരുന്ന്. ='i-cal, *a.* പിത്തരോഗസംബന്ധമായ; —കാമലയുള്ള; —കാമലക്ക് പററുന്ന. =ter-i'tious (-shus), =ter'i-tous, *a.* മഞ്ഞനിറമുള്ള.

Ic'tus, *n.* സ്വരഭാരം; 2. തട്ട്, കുത്ത് (*med.*). ic'tic, *a.* അടികൊണ്ട് ഉള്ള; പൊട്ടുന്നനവെ—.

Ī-dē'a, *n.* ഭാവനാരൂപം; നിരൂപണം, സങ്കല്പം; 2. അറിവ്; 3. ഭാവന, ഊഹം, തോന്നല്; നിരൂപണവിഷയം; 4. അഭിപ്രായം, വാദം; 5. ഭാവം, താല്പര്യം; 6. ബോധം; 7. മായാസങ്കല്പന. abstract i. നിസ്സംബന്ധഭാവന. association of i.s ഭാവനാസംബന്ധം. =dē'al, *a.* സങ്കല്പം ആയ; മാനസികം—; ഗുണാതീതം—, സൎവ്വഗുണസംയുക്തം—; മനോരഥം—; പരമഗുണം ഉള്ള, തികവ്—; മാതൃകയാക്കത്തക്ക; മനോരാജ്യം ആയ; പ്രപഞ്ചശൂന്യവാദ സംബന്ധം— (*phil.*); ആനുമാനികം— (*math.*). *n.* വിശിഷ്ടം, പരമം, തികവ്. beau i.l പരിപൂൎണ്ണമാതൃക. -lism, *n.* വൈശിഷ്ട്യം; പരമബോധം; പ്രപഞ്ചശൂന്യവാദം, പ്രപഞ്ചാസ്തിക്യനിഷേധ—, ഭാവനാദ്വൈത—(*phil.*). -list, *n.* മായാമോഹമുള്ളവൻ; ഭാവനൈകവാദി. =lis'tic, *a.* —വാദസംബന്ധമായ. =al'i-ty, *n.* സങ്കല്പകത്വം; പരമഗുണഗ്രാഹ്യപ്രാപ്തി; ഗ്രഹണേന്ദ്രിയം. =al-īse, =al-īze, *v.t.* മാതൃകയാക്കുക; രൂപം സങ്കല്പിക്കുക; വിശിഷ്ടഗുണം ആരോപിക്കുക. *v.i.* പരമഗുണം സങ്കല്പിക്കുക. =al-ly, *ad.* മാനസികമായി. -logue (-log), *n.* മനോരാജ്യക്കാരൻ. =dē'at, =dē'āte, *n.* സാക്ഷാൽ ആസ്തിക്യം. =dē'āte, *v.t.* നിരൂപിക്കുക; ഗ്രഹിക്കുക. =dē-ā'tion, *n.* ഗ്രഹണേന്ദ്രിയം; —ശക്തി. Id-e-ol'o-gy, *n.* ഭാവനാശാസ്ത്രം.

Ī'dem, *pron.* or *a.* അത് തന്നെ, മേല്പറഞ്ഞത്, അതേ.

Ī-den'ti-fȳ, *v.t.* ഏകീകരിക്കുക, ഒന്ന് ആക്കുക; 2. ഒന്നെന്ന്—; രണ്ടല്ലെന്ന് വരുത്തുക; അനുരൂപം—; 3. കണ്ട് തിരിക്കുക; അത് തന്നെയെന്ന് സ്ഥാപിക്കുക. to i. stolen property കളവ് മുതല് കണ്ട് തിരിക്കുക. *v. i.* ഒന്നായ്തീരുക. ='tic, ='ti-cal, *n.* അതേ, സാക്ഷാൽ, അന്യമല്ലാത്ത; ഏകവാദം ആയ; തുല്യം—, വ്യത്യാസമില്ലാത്ത. ='ti-cal-ly, *ad.* സാക്ഷാത്തായി. i.y the same സാക്ഷാൽ ഒന്ന് തന്നെ, അത്—. =fī-a-ble, *a.* കണ്ട് തിരിപ്പാൻ കഴിയുന്ന. =fi-cā'-tion, കണ്ട് തിരിക്കൽ, തിരിച്ചറിയൽ. ='tism, ='ti-ty, *n.* ആനുരൂപ്യത, സമത്വം, തുല്യത; ഏകത്വം; അത് തന്നെയെന്ന വസ്തുത.

Id'i-o, *pf.* സ്വന്ത, നിജ.

Id-i-oc'ra-sy, *n.* *see* Idiosyncracy.

Id'i-o-cy, =ot-cy, =ot-ry, *n.* ബുദ്ധിശൂന്യത, —ഭ്രമം (*med.*). =ŏt, *n.* സ്വയം പ്രവൃത്തിക്കാരൻ; വിദ്യാഹീനൻ; പൊണ്ണൻ, വിട്ടുഭോഷൻ; ബുദ്ധിശൂന്യൻ, പൊട്ടൻ, അണ്ണാരപ്പൊണ്ണൻ; പച്ചപ്പശു. =ot-ed, *a.* പൊട്ടനായ്പ്പോയ. =ot'ic, =ot'i-cal, *a.* സാധാരണം ആയ; പൊണ്ണത്തരം—; മുഢത്വം ഉള്ള, വിഡ്ഢിത്വം—. =ot'i-cal-ly, *ad.* മൌഢ്യമായി. =ot-ish, *a.* ഭോഷത്വമുള്ള. =ot-ism, *n.* മൌഢ്യം, ബുദ്ധിശൂന്യത. =ot-īse, =ot-īze, *v. i.* മന്ദബുദ്ധിയായ്തീരുക.

Id'i-o-graph (-graf), *n.* സ്വന്തഅടയാളം, പ്രത്യേക—; കച്ചവട—.

Id-i-ol'a-try, *n.* സ്വയം പൂജ; സ്വയാഭിമാനം.

Id'i-ŏm, *n.* രീതി, ഭാഷാരീതി, നടപ്പ്; 2. രൂഢിഅൎത്ഥം, പ്രയോഗ—; 3. ഭാഷാഭേദം. =o-mat'ic, =o-mat'i-cal, *a.* നടപ്പായ, ഭാഷാസമ്പ്രദായപ്രകാരമുള്ള. =o-mat'i-cal-ly, *ad.* രീതിപ്രകാരം, രൂഢിയായി. =o-mat-ism, *n.* ഭാഷാരീതി,

ശുദ്ധിയർത്ഥം. =o-mat'i-con, *n.* ഭാഷാനിഘണ്ടു.

Id-i-o-mor'phŏus (-mor'fus), =mor'phic (-mor'fik), *a.* നിജരൂപം ഉള്ള, സ്വയ—, പ്രത്യേക—.

Id-i-op'a-thy, *n.* പ്രത്യേകലക്ഷണം; 2. സ്വയവ്യാധി, സ്വതരോഗം (*med.*).

Id-i-o-plas'ma, *n.* പാരമ്പര്യജീവധാതു (*biol.*).

Id-i-o-syn'cra-sy, *n.* ദേഹക്കൂറ്, ശരീരക്കൂറ്; 2. മനശ്ചേഷ്ട; 3. ലക്ഷണഗുണം; 4. ദേഹസ്വഭാവം; 5. ജാതി—. =crat'ic, =crat'i-cal, *a.* അസാധാരണസ്വഭാവമുള്ള, പ്രത്യേക—.

Ī'dle, *a.* നിസ്സാരം ആയ, നിഷ്പ്രയോജനം—; മിത്ഥ്യ—, നീചം—; 2. ഒഴിവ്—, ഉപയോഗമില്ലാത്ത; 3. മിനക്കെട്ട് നില്ക്കുന്ന, പ്രവൃത്തിയില്ലാത്ത, ഒന്നും ചെയ്യാത്ത; 4. മടിവ് ഉള്ള, ഉദാസീനത—, ജാഗ്രത ഇല്ലാത്ത, പണിക്ക് മനസ്സ്—; 5. നിർവ്വിചാരഭാവം ഉള്ള, ഭോഷത്വം—. i.-headed, i.-pated മൌഢ്യമുള്ള; ശ്രദ്ധയില്ലാത്ത. in i. വൃഥാ, വ്യർത്ഥമായി. *v.i.* വെറുതെ ഇരിക്കുക, മിനക്കെട്ട്—. *v.t.* (away) നേരം പോക്കുക, സമയം വെറുതെകളയുക. -ness, īd'less, *n.* മടിവ്, ഉപേക്ഷ, ശുഷ്കാന്തിക്കുറവ്; നിഷ്ഫലത്വം; നിസ്സാരത്വം. ī'dlĕr, *n.* നേരം വെറുതെ കളയുന്നവൻ, മടിയൻ, ശോമാരി. ī'dly, *ad.* മടിവോടെ.

Ī'dŏl, *n.* രൂപം, പ്രതിമ; 2. ദൈവപ്രതിമ, വിഗ്രഹം, ബിംബം; കള്ളദൈവം; 3. പ്രേമവിഷയം, വന്ദനാ—, പ്രിയവസ്തു: he was the people's i. ജനങ്ങൾ അവനെ പൂജിച്ചു; 4. തെററായ ധാരണ, അബദ്ധം. -'a-tĕr, *n.* വിഗ്രഹാരാധകൻ, കള്ളദേവപൂജകൻ; വന്ദിക്കുന്നവൻ. -'a-tress, *n.* വിഗ്രഹാരാധനക്കാരത്തി. -'a-trīse, -'a-trīze, *v.t.* വിഗ്രഹമുണ്ടാക്കുക; പൂജിക്കുക. *v.i.* ബിംബാരാധന ചെയ്യുക. -'a-trŏus, -'a-tri-cal, *a.* വിഗ്രഹാരാധനസംബന്ധമായ; —ചെയ്യുന്ന; അതിവന്ദനയുള്ള. -'a-trŏus-ly, *ad.* വിഗ്രഹാരാധനയായി. -'a-try, *n.* ബിംബാർച്ചന, കള്ളദേവാരാധന; പൂജ, അതിവാത്സല്യം. -īse, -īze, *v.t.* വിഗ്രഹമുണ്ടാക്കുക; വിഗ്രഹാരാധന ചെയ്യുക; ദൈവമെന്ന് വിചാരിക്കുക, കണക്കിലേറ സ്നേഹിക്കുക. *v.i.* വിഗ്രഹപൂജ ചെയ്യുക. -'īs-ĕr, -'īz-ĕr, *n.* പൂജകൻ, ഭക്തൻ; വിഗ്രഹാർച്ചകൻ. -'o-clast, *n.* വിഗ്രഹഭഞ്ജകൻ.

Ī-dō'ne-ŏus, *a.* തക്ക, ഉചിതം ആയ, വിഹിതം—.

Ī'dyl, Ī'dyll, *n.* ചെറുകവിത, വർണ്ണനാ—, സരസ—. -lic, *a.* വർണ്ണനാകവിത സംബന്ധിച്ച; —ആയ.

I. e. (*id est*) എന്ന് വെച്ചാൽ, അതായിത്: അതായത്, എന്തെന്ന് വെച്ചാൽ.

If, *conj.* എങ്കിൽ, ആകിൽ, എന്ന് വരികിൽ; പക്ഷം; 2. ഓ + എന്ന്, എന്ന കാര്യത്തിൽ: she doubts i. two and two make four രണ്ടും രണ്ടും നാല് തന്നെയൊ എന്ന് അവൾക്ക് സംശയമായിരിക്കുന്നു. as i. എന്ന പോലെ, —ഭാവത്തിൽ, . . . ആയിരുന്നാൽ എങ്ങിനെയൊ അങ്ങിനെ. [ത്യം.

I' fāith' (in faith), *a.* നിശ്ചയം, സ

Ig-na'tius bean (-na'shus), *n.* കാഞ്ഞിരക്കുരു (*b.*).

Ig-nīte', *v.t.* തീക്കത്തിക്കുക, തീകൊളുത്തുക, ചുടുക; 2. പഴുപ്പിക്കുക. *v.i.* തീപ്പററുക, തീപ്പിടിക്കുക, കത്തുക, ജ്വലിക്കുക, ദഹിക്കുക. ='ne-ŏus, *a.* അഗ്നിസംബന്ധം ആയ; —മയം—; തീഉള്ള, —പോലെ—, ജ്വലിക്കുന്ന; അഗ്നിജന്യമായ. =nes'cent, *a.* തീപാറുന്ന, തിളപ്പൊരി—. =nic'o-list, *n.* അഗ്നിപൂജകൻ. =nif'er-ŏus, *a.* —ജനകമായ. ='ni-fȳ, *v.t.* തീയാക്കുക. =nig'e-nŏus, *a.* അഗ്നിജന്യമായ. =nip'o-tence, *n.* അഗ്ന്യധീനത. =nip'o-tent, *a.* അഗ്നിയധികാരമുള്ള. *ig'nis fat'ū-us*, *n.* കൊളളിച്ചുട്ട, കൊള്ളിയൻ, മിത്ഥ്യാഗ്നി, മിത്ഥ്യാദീപ്തി. =nī'ti-ble, *a.* ജ്വലിപ്പിക്കാവുന്ന, കത്തിക്കാകുന്ന. =nī'tiŏn (-nish'un), *n.* തീപ്പിടിപ്പിക്കൽ, തീകൊളുത്തൽ, ജ്വലിപ്പിക്കൽ; ജ്വലനം. =nī'tĕr, =nī'tŏr, *n.* തീകൊ

ളുത്തി; തിരിസ്സൂത്രം. =niv'ō-mŏus, *a.* അഗ്നിചരട്ടിക്കുന്ന.

Ig-nō'ble, *a.* താണകുലത്തിലുള്ള, കുലഹീനം ആയ, ഹീനം—, സാമാന്യം—; 2. നീചം—; മാനംകെട്ട; 3. ഔദാൎയ്യമില്ലാത്ത. *v.t.* കുലംകെട്ടുക്കുക. -ness, *n.* ഹീനത, ആഭാസത്വം. =nō'bly, *ad.* മാനക്കേടായി.

Ig'nō-min-y, =nō-my, *n.* അപമാനം, നിന്ദ, പോരായ്മ; 2. ചീറത്തരം. =min'i-ŏus, *a.* മാനം കെട്ട, നാണം—; നിന്ദ്യം ആയ; മാനം കെടുക്കുന്ന. =min'i-ŏus-ly, *ad.* മാനക്കേടോടെ, നീചമായി.

Ig'nō-rance, *n.* അറിവില്ലായ്മ, അവിദ്യ; അജ്ഞാനം; 2. ഉപേക്ഷ (*theo.*). invincible i. അനിവ്വാഹ്യാജ്ഞാനം (*theo.*). =rā'mus, *n.* വിഡ്ഢി; ഡംഭി. =rant, *a.* അറിവ് ഇല്ലാത്ത, പഠിപ്പ്—; (of) പരിചയം—, ആരും അറിയാത്ത, —കാണാത്ത; തിരിപാടില്ലാത്ത. *n.* നിരക്ഷരകുക്ഷി; വിദ്യാഹീനൻ; വിഡ്ഢി. =rant-ism, *n.* അജ്ഞാനഗുണവാദം. =rant-ist, *n.* —വാദി. =rant-ly, *ad.* അറിയാതെ, അറിവില്ലാതെ; ഓൎക്കാതെ. =nōte', *n.* അറിയപ്പെടാത്തവൻ.

Ig-nōre', *v.t.* അറിയാതിരിക്കുക, പരിചയമില്ലാതിരിക്കുക; 2. നീക്കുക (*l.*); 3. കൂട്ടാക്കാതെ ഇരിക്കുക, പൊരുളിക്കാതെ—, തിരസ്കരിക്കുക; ഇല്ലെന്ന് വെക്കുക.

Ig-uā'na, *n.* ഉടുമ്പ്, ഗോധം, ഗോധികം (*z.*).

Il, *pf.* (നിഷേധോപസൎഗ്ഗം) അ, നി, വി; ഇല്ലാത്ത, അല്ലാത്ത; 2. (സ്ഥലസൂചകോപസൎഗ്ഗം) ഇൽ, ഇടയിൽ.

Il'e-um, il'e-on, *n.* കൃശാന്ത്രം (*an.*). il'e-ac, il'i-ac, *a.* കൃശാന്ത്രംസംബന്ധിച്ച. i.c pain ആന്ത്രശൂല, ശൂലനൊമ്പലം (*med.*). i.c passion ഉദാവൎത്തം, ഉദാവൎത്തനം (*med.*). il-e-ō-cæ'cal, *a.* കൃശാന്ത്രസംബന്ധമായ (*an.*). il-e-ō-col'ic, *a.* കൃശസ്ഥൂലാന്ത്ര— (*an.*). il'e-us, *n.* ഉദാവൎത്തം (*med.*).

Il'i-um, *n.* ഉക്കെല്ല്, അരക്കെട്ടെല്ല് (*an.*). il'i-al, il'i-ac, il'i-a-cal, *a.* ഉക്കെല്ലിനുള്ള; ഉക്കെല്ല് സംബന്ധിച്ച (*an.*).

Ilk, *a.* അതേ, ഏക; 2. ഓരോ, ഓരോരുത്തൻ. of that i. അതേപേരുള്ള, തറവാട്ട് പേരും വീട്ട് പേരും ഒന്നായ.

Ill, *a.* (*c. d.* worse, *s.d.* worst) ചീത്ത, ആകാത്ത, വിടക്ക്, ദുർ, ദുഃ, ദുഷ്; 2. അനനുകൂലം ആയ, പ്രതികൂലം—, അനിഷ്ടം—, ദുൎഭാഗ്യമുള്ള; 3. തിന്മ ആയ, തെറ്റ്—, പാപം—, അയോഗ്യം—, അക്രമം—, ദോഷം—, ദുഷ്ടതഉള്ള; 4. ദീനം—, രോഗം—, സുഖമില്ലാത്ത; 5. ക്രമം തെറ്റിയ, പിഴയായ; 6. പറ്റാത്ത, ഭംഗിയില്ലാത്ത. i. blood പക, ശത്രുത്വം, ഈൎഷ്യത. i.-breeding നിൎമ്മൎയ്യാദം. i.-fame ദുഷ്കീൎത്തിയുള്ള. house of i.-fame വേശ്യാഗൃഹം. i.-humour ദുശ്ശീലം, ക്രോധം, വെറുതി. i.-nature നിൎദ്ദയ, കൎക്കശഭാവം. i.-temper ശേച്ഛ്യം, ഇളിച്ചല്. i.-turn നിൎദ്ദയ, ദോഷം; സുഖക്കേട്. i.-will സിദ്ധാന്തം, ഇന്നാകം. i. at ease മനഃസുഖം ഇല്ലാത്ത, ആധിഉള്ള, വേവലാധി—. *n.* ദോഷം, ആപത്ത്, അപകടം; 2. വേദന, രോഗം; 3. തിന്മ; 4. തെറ്റ്, കുറ്റം, ദുഷ്ടത. *ad.* ചീത്തയായി; 2. സുഖക്കേടായി, ക്ഷീണമായി. i.-boding, i.-omened ദുശ്ശകുനമായ, ദുൎല്ലക്ഷണമുള്ള. i.-bred, i.-nurtured നിൎമ്മൎയ്യാദമായ. i.-favoured രൂപലക്ഷ്മി ഇല്ലാത്ത, സൌന്ദൎയ്യം—; വിരൂപം ആയ. i.-judged വിവേകം ഇല്ലാത്ത. i.-lived ദുൎവൃത്തുള്ള. i.-looking ഭംഗിയില്ലാത്ത; കോപഭാവമുള്ള; ഭയജനകമായ. i.-mannered മൎയ്യാദകെട്ട. i.-minded വിരോധമുള്ള. i.-natured ശുണ്ഠിയായ; ഈൎഷ്യതയുള്ള, കൃഷിക്ക് പറ്റാത്ത (*agr.*). i.-starred ഗ്രഹപ്പിഴയുള്ള. i.-tempered വെറുതിപിടിച്ച; സുഖമില്ലാത്ത. i.-timed അകാലം ആയ, കാലക്കേട്—. i.-treat ഉപദ്രവിക്കുക, ഹിംസിക്കുക, ദ്രോഹിക്കുക. i.-used ദുരുപയോഗപ്പെടുത്തിയ; അന്യായം അനുഭവിച്ച. i.-wisher ശത്രു, മാറ്റാൻ. -'ness, *n.* ആകായ്മ; സുഖക്കേട്, രോഗം, വ്യാധി; തെറ്റ്, ദോഷം.

Il-lapse', *v. i.* (into) വീഴുക; 2. കടക്കുക. *n.* വഴുതല്; 2. ഉൾപ്രവേശം; 3. പതനം; 4. ആക്രമണം. =laps'a-ble, *a.* വഴുതുവാൻ ഇടയില്ലാത്ത; തെററ് വരാത്ത.

Il-lā'que-āte, *v. t.* കെണിക്കുക, കടുക്കുക; പിടിക്കുക. =a-ble, *a.* വലയിലകപ്പെടുത്താവുന്ന. =ā'tiŏn, *n.* കട്ടുക്കൽ; വല, കെണി.

Il-lā'tiŏn, *n.* അനുമാനം, ഊഹം. ='la-tive, *a.* ആനുമാനികം ആയ, സിദ്ധാന്തം—. *n.* കാരണവാചി. i.e word കാര്യ്—. i.e sense കാര്യകാരണബോധശക്തി. ='la-tive-ly, *ad.* അനുമാനപ്രകാരം.

Il-laud'a-ble (-lad'a-), *a.* അപ്രശസ്യം ആയ, ആക്ഷേപ്യം—.

Il-lē'gal, *a.* ശാസ്ത്രവിരോധം ആയ; 2. ന്യായരഹിതം—; തെററ്—. -'i-ty, -ness, *n.* നിയമവിരുദ്ധം; അന്യായം, കുററം. -īse, -īze, *v. t.* നിയമവിരോധം ആക്കുക; —ആണെന്ന് സ്ഥാപിക്കുക. -ly, *ad.* നിയമവിരോധം ആയി.

Il-leg'i-ble, *a.* വായിപ്പാൻ കഴിയാത്ത. i. writing തിരിയാത്ത എഴുത്ത്. -ness, =bil'i-ty, *n.* വ്യക്തിക്കുറവ് =bly, *ad.* അക്ഷരവ്യക്തിയില്ലാതെ.

Il-le-ġit'i-māte, *a.* നിയമാനുസാരമല്ലാത്ത, തെററായ; 2. അവിവാഹ നിലയിൽ ജനിച്ച, ജാരജംആയ; 3. പ്രമാണവിരുദ്ധമായ; 4. സമ്പ്രദായ—, നടപ്പ് അല്ലാത്ത; 5. ശുദ്ധം—. =ma-tīse, =ma-tīze, *v. t.* ന്യായവിരുദ്ധമാക്കുക; അനൌരസമാക്കുക, ജാരജാതമെന്ന് സ്ഥാപിക്കുക. =ma-cy, *n.* കൌലടേയത്വം. -ly, *ad.* ന്യായരഹിതമായി, വ്യഭിചാരത്തിൽ. =mā'tiŏn, *n.* ജാരജമാക്കൽ; അനൌരസത്വം.

Il-lē'sive, *a.* ദോഷം വരുത്താത്ത, [ഹാനി—.

Il-lev'i-a-ble, *a.* വസൂലാക്കുവാൻ പാടില്ലാത്ത.

Il-lib'ĕr-al, *a.* ഔദാര്യഗുണമില്ലാത്ത, പിശുക്കുള്ള; 2. മര്യാദയില്ലാത്ത; 3. ഭംഗിയല്ലാത്ത. -ism, -'i-ty, -ness, *n.* കൃപണത്വം, ഈററ; ആഭാസത്വം, നീചത്വം. -īse, -īze, *v. t.* ഔദാര്യമില്ലാതാക്കുക. -ly, *ad.* ലുബ്ധ്യോടെ, ഔദാര്യമില്ലാതെ.

Il-lic'it, -ŏus, *a.* നിഷിദ്ധം ആയ, നിയമവിരോധം—; 2. അന്യായം—. i. trade കള്ളക്കച്ചവടം. i. intercourse ദുസ്സംസർഗ്ഗം, രഹസ്യം. i. pleasure അയോഗ്യമായ ഉല്ലാസം, തെററായ—. -ly, *ad.* നിയമവിരോധം ആയി, അക്രമം—; അനുവാദമില്ലാതെ. -ness, *n.* ന്യായരഹിതത്വം.

Il-lim-it-a-ble-ness, =ā'tiŏn, *n.* അതിര് ഇല്ലായ്മ, അമിതത്വം. =a-ble, *a.* അളവ് ഇല്ലാത്ത, അപാരം ആയ, സീമയററ. =a-bly, *ad.* കണക്കില്ലാതെ, അനവധിയായി, എത്രയെങ്കിലും. =lim'it-ed, *a.* അളവററ, അവസാനമില്ലാത്ത. =lim'it-ed-ness, *n.* അതിരില്ലായ്മ.

Il-li-ni'tiŏn, *n.* തേപ്പ്, പൂശല്, തടവല്; 2. തൈലം, കുഴമ്പ്; 3. പൂച്ച്.

Il-li-quā'tiŏn, *n.* കലക്കൽ.

Il-lis'iŏn, *n.* തട്ടല്, മുട്ടല്, ഏറ്.

Il-lit'ĕr-āte, *a.* അക്ഷരവിദ്യ ഇല്ലാത്ത, എഴുത്തും വായനയും ശീലം—; പഠിപ്പ്—, നിരക്ഷരകുക്ഷിയായ. =ac-y, -ness, =a-tūre, *n.* എഴുത്തറിയായ്മ, അക്ഷരപരിജ്ഞാനം ഇല്ലായ്മ; അറിവ്—; അബദ്ധം, പിഴ. =al, *a.* അക്ഷരപ്രകാരമല്ലാത്ത. -ly, *ad.* അക്ഷരപരിജ്ഞാനം ഇല്ലാതെ, അറിവ്—.

Il-log'i-cal, *a.* അയുക്തിആയ, ന്യായവിരുദ്ധം—, തർക്കശാസ്ത്രവിരുദ്ധം—. -ly, *ad.* അയുക്തിആയി, ബുദ്ധിക്കൊക്കാതവണ്ണം. -ness, *n.* തർക്കശാസ്ത്ര വൈപരീത്യം, ന്യായവിരോധം; അയുക്തി.

Il-lụde', *v. t.* തോല്പിക്കുക, കളിപ്പിക്കുക, ആശകൊടുത്ത് ചതിക്കുക. =lụ'siŏn, *n.* മിത്ഥ്യാകാഴ്ച, മായ, മനോഭ്രമം, മോഹനം; ഇന്ദ്രജാലം; മന്ത്രവാദം, അബദ്ധധാരണ (*phys.*). =lụ'siŏn-a-ble, *a.* മായാമയമായ. =lụ'siŏn-ist, *n.* മായാദർശകൻ; —മോഹി, മനോരാജ്യക്കാരൻ. =lụ'sive, =lụ'sŏr-y, *a.* മായആയ, മായാപി—, കള്ള, ചതിയായ, വാസ്തവമല്ലാ

ത്ത. =lṳ'sive-ly, *ad.* മിത്ഥ്യയായി. =lṳ'sive-ness, *n.* മിത്ഥ്യത്വം, കാപട്യം.

Il-lṳme', Il-lṳ'mine (-min), Il-lṳ'mi-nāte, *v. t.* പ്രകാശിപ്പിക്കുക, ശോഭിപ്പിക്കുക; പ്രകാശമുളവാക്കുക; 2. ദീപശ്രേണിയാൽ അലങ്കരിക്കുക; ശൃംഗരിക്കുക; 4. തെളിവ് ആക്കുക, വെളിവ്—, വ്യാഖ്യാനിക്കുക. ='mi-nāte, *v. i.* ഉത്സവദീപം കത്തിക്കുക. *a.* അറിവുള്ള. *n.* അറിവാളി; ബുദ്ധിനാട്യമുള്ളവൻ. ='mi-na-ble, *a.* ശോഭിപ്പിപ്പാൻ തരമുള്ള. ='mi-nant, *n.* പ്രകാശകം. ='mi-nar-y, ='mi-na-tive, *a.* തെളിയിക്കുന്ന, വെളിവാക്കുന്ന. ='mi-nā-ting, *a.* പ്രകാശദായകമായ. =mi-nā'tiŏn, *n.* പ്രകാശിപ്പിക്കൽ; ശോഭനം; ദീപഅലങ്കാരം, ചിത്രം—; അലങ്കൃതഗ്രന്ഥം, ശൃംഗാരഗ്രന്ഥം; വെളിച്ചം, പ്രഭ, വ്യുല്പത്തി; ദൈവനിശ്വാസം (*theo.*). ='mi-nā-tŏr, *n.* ശൃംഗാരകൻ. ='mi-nŏus, *a.* ആഭയുള്ള, തേജസ്സ്—.

Il-lṳ's̤iŏn *etc.*, *s. u.* Illude.

Il-lus'trāte, *v. t.* തെളിയിക്കുക, പ്രകാശിപ്പിക്കുക; 2. വെളിവ് ആക്കുക; 3. സ്പഷ്ടം—, ഗ്രാഹ്യം—, ഉദാഹരിക്കുക; 4. ചിത്രാലങ്കൃതമാക്കുക; 5. യശസ്സുണ്ടാക്കുക. =trā'tiŏn, *n.* തെളിയിക്കൽ, വ്യക്തി; ഉദാഹരണം; ചിത്രം. =tra-tive, =trā-tŏr-y, *a.* തെളിവ് വരുത്തുന്ന, ഉദാഹരിക്കുന്ന. =tra-tive-ly, *ad.* വ്യാഖ്യാനമായി. =trā-tŏr, *n.* തെളിയിക്കുന്നവൻ.

Il-lus'tri-ŏus, *a.* പ്രഭയുള്ള, ശോഭനം ആയ, മനോഹരം—; 2. ശ്രേഷ്ഠം—, പരമം—; പ്രബലതയുള്ള; 3. മഹാ, വിശ്രുതമായ. -ly, *ad.* ശോഭനമായി. -ness, *n.* മഹിമ, വലിപ്പം, മേന്മ, യശസ്സ്, പ്രാബല്യം.

Il-lṳ-tā'tiŏn, *n.* പങ്കസ്നാനം, ചളിപ്പൂശൽ.

Il-lux̤-ū'ri-ŏus (-lug-zū-), *a.* തുരിശം ആയ, മിതം—.

Im, *pf.* നിഷേധോപസൎഗ്ഗം: അ, നിഃ, വി; 2. സ്ഥലസൂചകോപസൎഗ്ഗം: ഇൽ, അകത്ത്, ഉൾ, ഉള്ളിൽ.

Im'āġe, *n.* സ്വരൂപം, സാദൃശ്യം, ചിത്രം, മാതൃക, പ്രതി, പകൎപ്പ്; 2. വിഗ്രഹം, ബിംബം, പ്രതിമ; 3. കാഴ്ച, മുഖം; 4. മൂശ; 5. ഭാവന, നിരൂപണം; 6. ഉപമാലങ്കാരം (*rhet.*); 7. പ്രതിഛായ, —ബിംബം. i.-breaker വിഗ്രഹഭഞ്ജകൻ. i.-graver, i.-maker കല്ലാശാരി, ശിലാശില്പി. i.-worship വിഗ്രഹാരാധന. graven i. കൊത്ത് വിഗ്രഹം. molten i. വാൎപ്പ്—. reflected i. പ്രതിബിംബം. *v. t.* ഛായകാണിക്കുക, പ്രതിമയുണ്ടാക്കുക; നിരൂപിക്കുക. -a-ble, *a.* പ്രതിരൂപമുണ്ടാക്കത്തക്ക. -less, *a.* പ്രതിമയില്ലാത്ത. =a-gĕr-y, *n.* പ്രതിമാപ്രവൃത്തി, നാട്യം; തോന്നല്, മനോരാജ്യം; വിവരണാലങ്കാരം; ഭാഷാലങ്കാരം.

Im-ag'ine (-aj'in), *v. t.* ഭാവിക്കുക, വിചാരിക്കുക; 2. യന്ത്രിക്കുക, ആലോചിക്കുക; 3. ഊഹിക്കുക, കരുതുക. *v. i.* നിനെക്കുക, സങ്കല്പിക്കുക, ധരിക്കുക, തോന്നുക. =in-a-bil'i-ty, =in-a-ble-ness, *n.* ഭാവനാശക്തി, സങ്കല്പനാ—. -in-a-ble, *a.* നിരൂപിക്കാവുന്ന; ഗ്രഹിക്കാവുന്ന; സംഭാവ്യം ആയ; ഊഹ്യം—. =in-a-bly, *ad.* ഊഹ്യമായി. =in-al, *a.* സങ്കല്പകമായ; നിരൂപണശക്തിയുള്ള; ഭാഷാലങ്കാരം—. =in-ar-y, *a.* സങ്കല്പം ആയ, തോന്നൽ—, വാസ്തവമല്ലാത്ത. i.y line ഊഹരേഖ. =in-ar-i-ly, *ad.* മായയായി, തോന്നൽ—. =in-ar-i-ness, *n.* മിത്ഥ്യത്വം, യഥാൎത്ഥരഹിതത്വം. =in-ā'tiŏn, *n.* നിരൂപണശക്തി; സങ്കല്പനാ—; ഭാവന, ധാരണ, തോന്നല്; ഊഹം. =in-a-tive, =in-ŏus, *a.* സങ്കല്പകം ആയ, ഊഹനീയം—; നിരൂപണശക്തിയുള്ള, സങ്കല്പനാവൈഭവം—. =in-a-tive-ly, *ad.* സങ്കല്പമായി. =in-a-tive-ness, *n.* സങ്കല്പകത്വം.

Im-bälm' (-bäm'), *v. t.*, *s. a.* Embalm.

Im-ban', *v. t.* ശപിക്കുക, ഭ്രഷ്ട്കല്പിക്കുക.

Im-band', *v. t.* തമ്മിൽ യോജിക്കുക, സഖ്യതചെയ്യുക.

Im-bank', *etc.*, *s. a.* Embank, *etc.*

Im-ban'nĕred (-nĕrd), *a.* കൊടിയുള്ള.

Im-bär'go, *n.*, *s. a.* Embargo.

Im-bärk', *v. t. & i.*, *s. a.* Embark.

Im-bāthe', *v. t.* കുളിപ്പിക്കുക; 2. കുളിക്കുക; 3. മുക്കുക.

Im'be-cīle (-sēl), *a.* ക്ഷീണിച്ചിരിക്കുന്ന; ശക്തിഇല്ലാത്ത, മനോബലം—; ബുദ്ധിശൂന്യമായ. *n.* മനശ്ചാപല്യമുള്ളവൻ. im'be-cīle, =cil'i-tāte, *v. t.* ക്ഷീണിപ്പിക്കുക, ധൈൎയ്യക്ഷയം വരുത്തുക. =cil'i-ty, *n.* ക്ഷീണം, ബലഹീനത; ദൌൎബ്ബല്യം, മനശ്ചാപല്യം, ബുദ്ധിശൂന്യത.

Im-bed', *v. t.* ഇട്ട് മൂടുക; മൂടിക്കളയുക. *s. a.* Embed.

Im-bez'zle, *v. t.*, *s. a.* Embezzle.

Im-bībe', *v. t.* നുകരുക, വലിച്ചെടുക്കുക, ഇറുമ്പുക; 2. വശമാക്കുക, പഠിക്കുക, അഭ്യസിക്കുക. =bī'bĕr, *n.* ഇറുമ്പുന്നവൻ; പഠിക്കുന്നവൻ. =bi-bi'tiŏn, *n.* നുകച്ച; ഇറുമ്പൽ.

Im-bit'tĕr, *v. t.*, *s. a.* Embitter.

Im-blāze, =blā'zon, *s. a.* Emblaze.

Im-bod'y, *v. i.*, *s. a.* Embody.

Im-bōld'en, *v. t.*, *s. a.* Embolden.

Im-bor'dĕr, *v. t.* അതിരുവെക്കുക; അതിരാക്കുക.

Im-bos'ŏm, *v. t.*, *s. a.* Embosm.

Im-boss', *v. t.*, *s. a.* Emboss.

Im-bōw' (-bō'), *v. t.* വില്ലിപ്പിക്കുക, വളക്കുക, കോട്ടുക. -ment, *n.* വളക്കൽ; വളവ്, കമാൻ.

Im-box', *v. t.* പെട്ടിയിലിട്ട് വെക്കുക.

Im-bran'gle, *v. t.* വലയിൽ കുടുക്കുക; സമ്മിശ്രമാക്കുക.

Im'bri-cāte, *v. t.* തുടരത്തുടര അമിൎത്തിവെക്കുക, അടുക്കടുക്കായി കവിച്ച്—, im'bri-cāte, =cā-ted, *a.* അടുക്കടുക്ക് ആയ, പോളപോളയായി ചേൎത്തിരിക്കുന്ന. =cā'tiŏn, *n.* ഇതൾപ്പണി, കവിഞ്ഞ് നില്ക്കൽ; അടുക്ക്, പോള; കൃത്രിമാകൃതി.

Im-bro-cā'do, *n.* നീരാളം.

Im-brōg'lio (-brōl'yō), *n.* കലാവിക്ഷമം; 2. കുഴപ്പം, കുടുക്ക്, കുടുക്ക്മസാല.

Im-brown', *v. t.* തവിട്ട്നിറം ആക്കുക, മഞ്ഞൾ—; കറുപ്പിക്കുക.

Im-brue', *v. t.* നനക്കുക, വെള്ളത്തിൽ മുക്കുക, ചോരയിൽ—, പുതൎത്തുക, തുവെക്കുക. -ment, =bru'ment, *n.* നനക്കൽ, മുക്കൽ, കുതൎത്തൽ.

Im-brute', *v. t.* മൃഗപ്രായം ആക്കുക; നീചം—. *v. i.* മൃഗപ്രായം ആകുക. -ment, *n.* —ആക്കൽ.

Im-būe', *v. t.* ചായം മുക്കുക, നിറം കയറുക; 2. പിടിപ്പിക്കുക; മനസ്സിൽ കടത്തുക, നിറക്കുക. -ment, =bū'ment, *n.* നിറംപിടിപ്പിക്കൽ; ഉറപ്പിക്കൽ; കട്ടച്ചായം; ധാരണ.

Im-burse', *v. t.* പണം കൊടുക്കൽ. -ment, *n.* —കൊടുക്കൽ; കെട്ടിയിരിപ്പ്.

Im'i-tāte, *v. t.* പോലെ നടക്കുക, —ചെയ്ക, കണ്ട്—, മാതിരിനോക്കി—; അനുകരിക്കുക, അനുരൂപമായി പ്രവൃത്തിക്കുക; 2. ഭാവം നടിക്കുക; ചേഷ്ടകാട്ടുക, ഗോഷ്ഠി—; 3. തുല്യമായി ഉണ്ടാക്കുക; പ്രതിച്ഛായയായി—; പകൎക്കുക; 4. പോലെ ഇരിക്കുക, സാദൃശ്യമുണ്ടാക. =ta-ble, *a.* അനുകരിക്കത്തക്ക, മാതൃക ആക്കത്തക്ക, മാതിരി—; ഉത്തമം ആയ, യോഗ്യം—. =ta-bil'i-ty, *n.* അനുകരണീയത്വം. =ta-ble-ness, *n.* അനുസാരയോഗ്യത. =tan-cy, *n.* —ഗുണം. =tā'tiŏn, *n.* അനുസരണം; മാതിരി, തുല്യത, ആകൃതി, സാദൃശ്യം; പകൎപ്പ്. *a.* കാഴ്ചക്ക് തുല്യമായ, പോലെയുള്ള; കള്ള, കൃത്രിമമായ. i.n gold കള്ളപ്പൊന്ന്, മുക്ക്, പൂച്ച്. =tā'tiŏn-al, *a.* അനുസാരമായ. =ta-tive, *a.* അനുരൂപമായി ചെയ്യുന്ന; തുല്യമായ, ഒത്ത; മാതൃകപ്രകാരം ഉണ്ടാക്കിയ. *n.* തുല്യാൎത്ഥക്രിയ (*gr.*). =ta-tive-ly, *ad.* സാദൃശ്യമായി. =ta-tive-ness, *n.* കണ്ട്ചെയ്യൽ. =tā-tŏr, *n.* പോലെ ചെയ്യുന്നവൻ, കണ്ട്—. =tā-tŏr-ship, *n.* അനുസരണീയത്വം. =tā-tress, =tā-trix, *n.* പോലെ ചെയ്യുന്നവൾ, കണ്ട് പ്രവൃത്തിക്കുന്നവൾ.

**Im-mac'ū-lāte,** *a.* കളങ്കം ഇല്ലാത്ത; പരിശുദ്ധം ആയ; സ്വച്ഛം—. **i. conception** ജന്മപാപരഹിത ഗർഭധാരണോപദേശം (*R. C.*). **-ly,** *ad.* ശുദ്ധമായി, പാപമില്ലാതെ. **-ness,** *n.* വിശുദ്ധി, പവിത്രത.

**Im-māiled'** (-māld'), *a.* കവചം ധരിച്ച. *See* **Mail.**

**Im-mal'le-a-ble,** *a.* അടിച്ച് പരത്താൻ കഴിയാത്ത, തച്ച്നീട്ടാൻ—. *See* **Malleable.**

**Im-man'a-cle,** *v. t.* ചങ്ങലക്കിടുക, ബന്ധിക്കുക; തടവിലാക്കുക; 2. മുടക്കുക. *See* **Manacle.**

**Im-ma-nā'tiŏn,** *n.* ഒഴുകിവരൽ, ആഗമനം.

**Im'ma-nent,** *a.* ഉള്ളിലുള്ള, അന്തർഭവം ആയ; 2. സഹജം—; 3. സ്ഥിരം—; 4. സ്വതവേഉള്ള; 5. ഉണ്മ—, ആസ്തിക്യം—. **=nence, =nen-cy,** *n.* ഉണ്മ; സഹജത്വം; അന്തർഭാവം.

**Im-man'i-ty,** *n.* അമാനുഷത്വം; കാട്ടാളസ്വഭാവം.

**Im-man'ū-el,** *n.* 'ദൈവം നമ്മുടെ ഇടയിൽ' എന്നൎത്ഥമുള്ളതായിയേശുക്രിസ്തുവിന്റെ ഒര് പേര്, 'ഇമ്മാനുവേൽ'.

**Im-mask',** *v. t.* വേഷം മാറുക; ഒളിച്ചിരിക്കുക.

**Im-ma-tē'ri-al,** *a.* ജഡികമല്ലാത്ത, അശരീരി ആയ, ആത്മകം—; 2. സാരം അല്ലാത്ത, കാൎയ്യം—; പൊരുളില്ലാത്ത; ലഘുവായ. **-ism,** *n.* ആത്മവാദം; പ്രപഞ്ചശൂന്യ—, ഭാവനൈക—(*phil.*). **-ist,** *n.* പ്രപഞ്ചശൂന്യവാദി. **-'i-ty, -ness,** *n.* അമൂൎത്തിത്വം, നിരവയവത്വം. **-ise, -ize,** *v. t.* അശരീരിആക്കുക, ആത്മികം—. **-ly,** *ad.* അമൂൎത്തം ആയി; നിസ്സാരം—.

**Im'ma-tūre, =tūred** (-tūrd), *a.* മൂപ്പെത്താത്ത, പക്വം ആകാത്ത, പൂൎത്തി—; 2. അകാലമായ, കാലമാകാത്ത. **-ly,** *ad.* പാകമാകാതെ; കാലം തികയാതെ. **-ness, =tū'ri-ty,** *n.* അപാകം; ഇളമ്പ്രായം; അകാലം, ബദ്ധപ്പാട്; അപൂൎണ്ണത.

**Im-me-a-bil'i-ty,** *n.* അചലത്വം; 2. ഓട്ടമില്ലായ്മ.

**Im-meas'ur-a-ble,** *a.* അളവില്ലാത്ത, അമിതം ആയ, അനവധി—; 2. അതിരില്ലാത്ത, വിശാലമായ. **-ness,** *n.* ബഹുത്വം, വിസ്തീൎണ്ണത. **=a-bly,** *ad.* അപരിമിതമായി.

**Im-mē'di-āte,** *a.* അടുത്ത, തൊട്ട, അരികെഉള്ള, അയൽ ആയ; 2. അനന്തരം—; 3. നിരന്തരം—; 4. തല്ക്ഷണം—, പെട്ടന്നുള്ള, ഇടയില്ലാത്ത; ഉടനടിയായ; 5. നേരെയുള്ള, സാക്ഷാൽ ആയ; 6. ഉററ. **i. cause** അടുത്തകാരണം, തല്ക്ഷണഹേതു. **-ly,** *ad.* നേരെ, അന്യസംബന്ധമില്ലാതെ; അടുത്ത്; ഉടനെ, തല്ക്ഷണം, അപ്പോൾ തന്നെ; കഴിയുന്നവേഗം. **-ness, =a-cy, =a-tism,** *n.* നിരന്തരത്വം; സാമീപ്യം, അടുപ്പം; തല്ക്ഷണത്വം; നിസ്സഹായത്വം.

**Im-med'i-ca-ble,** *a.* മാറാത്ത, സുഖപ്പെടാത്ത.

**Im-me-lō'di-ŏus,** *a.* സ്വരഭംഗി ഇല്ലാത്ത, —മേളനം—.

**Im-mem'o-ra-ble,** *a.* സ്മരണയോഗ്യമല്ലാത്ത.

**Im-me-mō'ri-al,** *a.* ഓൎമ്മയെത്താത്ത, ആൎക്കും ഓൎമ്മയില്ലാത്ത; പണ്ട്പണ്ടേയുള്ള, പുരാതനമായ. **from time i.** പണ്ട്പണ്ടെ, പുരാതനമേ, അധികം കാലമായി. **-ly,** *ad.* പൂൎവ്വകാലം മുതല്ക്കേ; ഓൎമ്മയെത്താതവണ്ണം.

**Im-mense',** *a.* അപരിമേയം ആയ, അനവധി—, സീമയററ; മഹാ, ബഹുലം ആയ, വിപുലം—. **-ly,** *ad.* അത്യധികമായി, അതിരില്ലാതെ, വളരെ, ഏററവും. **-ness,** *n.* അമിതത്വം, അതീവത്വം. **=men'si-ty,** *n.* വിപുലത്വം; അപാരത്വം, ബാഹുല്യം; വലിപ്പം, മാഹാത്മ്യം.

**Im-men'sūr-a-ble,** *a., s. a.* **Immeasurable.**

**Im-men'sū-rāte,** *a.* അളവില്ലാത്ത; അതിരററ.

**Im-mĕrge',** *v. t.* മുക്കുക. *v. i.* നിമഗ്നമാക; മുങ്ങിപ്പോക; കാണാതാക.

**Im-mer'it,** *n.* അയോഗ്യത, പോരായ്മ.

**Im-mĕrse′**, *v. t.* മുക്കുക, ആഴ്ത്തുക; മറചെയ്യുക; 2. വെള്ളത്തിൽ മുക്കി സ്നാനസംസ്കാരം ചെയ്യുക (*Chr.*); 3. നിമഗ്നമാക്കുക. =**mĕrsed′** (-mĕrst′), *a.* മുങ്ങിയ; ലയിച്ച; കുടുങ്ങിയ, അകപ്പെട്ട; വെള്ളത്തിന്നടിയിൽ വളരുന്ന (*b.*). =**mĕr′si-ble**, *a.* മുക്കാകുന്ന; മുക്കുവാൻ പാടില്ലാത്ത. =**mĕr′siŏn**, *n.* മുക്കൽ; മുങ്ങൽ; മഗ്നസ്നാനകർമ്മം (*Chr.*); ലയം; അപ്രത്യക്ഷത (*as.*). =**mĕr′siŏn-ist**, *n.* മഗ്നസ്നാനവാദി (*Chr.*).

**Im-mesh′**, *v. t.* കുടുക്കുക, വലയിൽ അകപ്പെടുത്തുക, കെണിക്കുക.

**Im-me-thod′i-cal**, *a.* ക്രമം കെട്ട. -**ly**, *ad.* ക്രമമില്ലാതെ. -**ness**, *n.* താറുമാറ്. =**meth′o-dīse**, =**meth′o-dīze**, *v.t.* കീഴ്മേലാക്കുക.

**Im-met′ri-cal**, *a.* ഗണം ഒക്കാത്ത, വൃത്തം—.

**Im′mi-grāte**, *v.i.* പരദേശത്ത് വന്ന് പാക്കുക, കുടിയേറിപ്പാക്കുക. =**grant**, *n.* അന്യരാജ്യത്തിൽനിന്ന് വന്ന് പാക്കുന്നവൻ,കുടിയേററക്കാരൻ. =**grā′tiŏn**, *n.* കുടിയേററവാസം.

**Im′mi-nent**, *a.* ഉടൻ ഉണ്ടാകുന്ന, അടുത്ത, എത്തിപ്പോയ: **i. danger** അടുത്ത ആപത്ത്; 2. ആപല്ക്കരം ആയ, അപായകരം—; 3. (upon) ദൃഷ്ടിപതിച്ച, ശ്രദ്ധവെച്ച. =**nence**, *n.* അടുപ്പം; ഭയം; സംഭവ്യാപത്ത്. -**ly**, *ad.* ഏററവും അടുക്കെ.

**Im-min′gle**, *v. t.* കൂട്ടിക്കലർത്തുക.

**Im-mi-nū′tiŏn**, *n.* കുറവ്, കുറച്ചൽ.

**Im-mis′ci-ble**, *a.* കൂട്ടിക്കലർത്തുവാൻ പാടില്ലാത്ത.

**Im-mit′**, *v. t.* ഉൾപ്രവേശിപ്പിക്കുക, അകത്താക്കുക. =**mis′siŏn** (-mish′un), *n.* ഉൾപ്രവേശനം; അകത്ത് കടത്തൽ.

**Im-mit′i-ga-ble**, *a.* നിശ്ശമനീയമായ; ലഘുവാക്കുവാൻ പാടില്ലാത്ത. =**ga-bly**, *ad.* നിശ്ശമനീയമായി, ലഘുവാക്കുവാൻ പാടില്ലാതെ.

**Im-mix′**, *v. t.* കൂട്ടിക്കലർത്തുക. -**a-ble**, *a.* കൂട്ടിക്കലർത്തുവാൻ പാടില്ലാത്ത. -**tūre**, *n.* കലൎപ്പില്ലായ്മ, ശുദ്ധി.

**Im-mō′bile**, *a.* ഇളകുവാൻ വഹിയാത്ത; നിശ്ചലം ആയ, ഉറപ്പ്—. =**bil′i-ty**, *n.* സ്ഥിരത, സ്ഥാവരത്വം. =**mob′-il-īse**, =**mob′il-īze**, *v.t.* ഇളകാതാക്കുക, ഉറപ്പിക്കുക.

**Im-mod′ĕr-āte**, *a.* അമിതമായ; മട്ടില്ലാത, അതിർകടന്ന; കവിഞ്ഞ; 2. ക്രമംകെട്ട; 3. അത്യന്തം ആയ, കഠിനം—, വലിയ, കട്ട. =**a-cy**, =**an-cy**, -**ness**, *n.* കവിച്ചൽ, ആധിക്യം, അതിക്രമം. -**ly**, *ad.* കണക്കില്ലാതെ, വളരെ, കണക്കോളം. =**ā′tiŏn**, *n.* മിതം ഇല്ലായ്മ, പരിപാകം—; അടക്കം—.

**Im-mod′est**, *a.* ക്രമംകെട്ട; 2. വിനയം ഇല്ലാത്ത, അച്ചടക്കം—; മൎയ്യാദകെട്ട; 3. ഉളുപ്പ്—; അസഭ്യം ആയ, വഷള്—. -**ly**, *ad.* നാണം ഇല്ലാതെ, അടക്കം—. -**y**, *n.* അച്ചടക്കമില്ലായ്മ; നിൎമ്മൎയ്യാദം; ഉളുപ്പ്കേട്; അസഭ്യത.

**Im′mō-lāte**, *v. t.* ബലിഅൎപ്പിക്കുക, —കൊടുക്കുക, വെട്ടിബലി—; അറുക്കുക. =**lā′tiŏn**, *n.* ബലിയൎപ്പണം; ബലി, യാഗം; വഴിപാട്. =**lā-tŏr**, *n.* ബലിയൎപ്പകൻ.

**Im-mō′ment**, -′**ŏus**, *a.* നിസ്സാരമായ, പൊരുളില്ലാത്ത.

**Im-mor′al**, *a.* ദുൎമ്മാൎഗ്ഗം ആയ, ദുരാചാരം—, പതിച്ച്കെട്ട; നീതി—, അന്യായം ആയ, ദുഷ്കൃതം—, ധൎമ്മവിരുദ്ധം—, ദുഷ്ട, കള്ള, നടപ്പ്ദോഷമുള്ള. =**ral′i-ty**, *n.* ദുൎന്നടപ്പ്, ദുൎവ്വൃത്ത്, പാപം; പുലയാട്ട്, വ്യഭിചാരം. -**ly**, *ad.* ദുഷ്കൃതം ആയി, ആചാരവിരുദ്ധം—.

**Im-mor′tal**, *a.* മരണമില്ലാത്ത, അമൎത്ത്യം ആയ; 2. അക്ഷയം—, നശ്യമല്ലാത്ത; 3. നിത്യമായ, എന്നേക്കുമുള്ള, നിലനില്ക്കുന്ന; 4. വലിയ, കഠിനമായ. **i. flowers** ഒരുവക പുഷ്പം (*b.*). *n.* അമരൻ, മരണമില്ലാത്തവൻ, നിത്യൻ. -**ist**, *n.* ആത്മാമരത്വവാദി. -′**i-ty**, *n.* അമരത്വം, അമൎത്ത്യത; നിത്യത്വം, അക്ഷയത്വം. -**īse**, -**īze**, *v.t.* മരിക്കാതാക്കുക, എന്നും ഇ

രിക്കമാറാക്കുക; ഓൎമ്മനിലനിൎത്തുക, ശാശ്വതകീൎത്തിയുണ്ടാക്കുക. *v.i.* അമരത്വം പ്രാപിക്കുക. -i-sā'tiŏn, -i-zā'tiŏn, *n.* ഓൎമ്മനിലനിൎത്തൽ; ശാശ്വതകീൎത്തി. -ly, *ad.* അമൎത്യം ആയി; അക്ഷയം—.

Im-mor-ti-fi-cā'tiŏn, *n.* ഇന്ദ്രിയനിഗ്രഹമില്ലായ്മ, അജിതേന്ദ്രിയത്വം.

Im-mö'va-ble, *a.* ഇളക്കിക്കൂടാത്ത; ഇളകാത്ത, ഉറച്ച്നില്ക്കുന്ന; 2. സ്ഥിരമായ, മാററം വരാത്ത; 3. ചഞ്ചലമില്ലാത്ത; മനസ്സിളകാത്ത, മനസ്സുറപ്പുള്ള; 4. അലിവ്തോന്നാത്ത; 5. സ്ഥാവരമായ (*l.*). i. feasts തിയ്യതി മാറാത്ത ഉത്സവം, സ്ഥിരോത്സവം (*Chr.*). *n.* സ്ഥിരമായത്; (*pl.*) സ്ഥാവരസ്വത്ത് (*l.*). -ness, *n.* നിശ്ചാപല്യം, മനഃസ്ഥിരത; —കാഠിന്യം. =mö'va-bly, *ad.* ഇളക്കം ഇല്ലാതെ, അനക്കം—.

Im-mund', *a.* വെടിപ്പില്ലാത്ത, വൃത്തികെട്ട. =dic'i-ty, *n.* ശുചിയില്ലായ്മ, മലിനത.

Im-mū'ni-ty, *n.* ഒഴിവ്, വിട്ടുതല്, 'മാന്യം'; 2. ഇല്ലായ്മ, രഹിതത്വം. i. from error അബദ്ധരഹിതത്വം. i. from danger അഭയം, നിൎഭയം.

Im-mūre', *v.t.* വളച്ച്കെട്ടുക; നിരോധിക്കുക; അടച്ച് പൂട്ടിയിടുക; തടവിൽ ആക്കുക. *n.* ചുമര്. -ment, *n.* ബന്ധനം, തടവ്.

Im-mū'si-cal, *a.* സ്വരഭംഗമുള്ള, മേളമൊക്കാത്ത.

Im-mūte', *v.t.* മാററുക, ഭേദം വരുത്തുക. =mū'ta-ble, *a.* മാററമില്ലാത്ത, നിൎവ്വികാരമായ, ഭേദം ഇല്ലാത്ത, —വരാത്ത. =mū-ta-bil'i-ty, =mū'ta-ble-ness, *n.* നിൎവ്വികാരത്വം, അവ്യയത്വം. =mū'ta-bly, *ad.* അഭേദ്യമായി, മാറാതെ. =mū-tā'tiŏn, *n.* മാററം, വികാരം, ഭേദം.

Imp, *n.* അക, അവ, അരിമ്പ്; 2. കട്ടി, സന്താനം, സന്തതി; 3. കട്ടിപ്പിശാച്, കട്ടിച്ചാത്തൻ; 4. വികൃതി, നിസ്സാരൻ; 5. ഇഴെച്ച്ക്രൂട്ടിയത്. *v.t.* ഒട്ടിച്ച്ചേൎക്കുക; 2. കഷ്ണണം—; 3. നന്നാക്കുക, വലുതാക്കുക, ബലപ്പെടുത്തുക. -'ish, *a.* പൈശാചികസ്വഭാവം ഉള്ള; വികൃതി ആയ. -'ish-ly, *ad.* —ആയി, ദുൎബ്ബുദ്ധി—.

Im-pā'ca-ble, *a.* ശമിപ്പിപ്പാൻ വഹിയാത്ത. =bly, *ad.* ശമനം വരാതെ, അമൎച്ചയില്ലാതെ.

Im-pack'ment, *n.* ഹിമബന്ധനം.

Im'pact, *v.t.* അമൎത്തുക, ഞെരിക്കുക, ഒതുക്കുക; 2. ചെരുതുക. *n.* തട്ടിപ്പോകൽ, തമ്മിൽ മുട്ടൽ, മുട്ട്; 2. തള്ള്; 3. ഊക്ക്.-'ed, *a.* തിങ്ങിയ. =pac'tiŏn, *n.* തിങ്ങൽ; അടെപ്പ്.

Im-pāint', *v.t.* ചിത്രിക്കുക; കല്പാക്ഷ[മാക്കുക.

Im-pāir', *v.t.* ചീത്തആക്കുക, വഷള്—; ഹീനം—; 2. കേട്വരുത്തുക, കുറവ്—; 3. ക്ഷീണിപ്പിക്കുക. *v.i.* ദൂഷ്യം പററുക, കേട്—; 2. ക്ഷയിക്കുക. -ment, *n.* ഊനം, ദൂഷ്യം, കുറവ്, ചേതം.

Im-pal'a-ta-ble, *a.* വായിൽ വെക്കാനാകാത്ത, രുചിഇല്ലാത്ത, സ്വാദ്—.

Im-pāle', *v.t.* ശൂലത്തിലേററുക; 2. വളച്ച്കെട്ടുക. -ment, *n.* ശൂലാരോഹണം; വേലികെട്ടൽ; വേലി; വളപ്പ്.

Im-pälm' (-päm'), *v. t.* മുറുക്കിപ്പിടിക്കുക, അടക്കിപ്പിടിക്കുക.

Im-pal'pa-ble, *a.* തൊട്ടറിവാൻ കഴിയാത്ത, അസ്പൃശ്യം ആയ, സൂക്ഷ്മം—; 2. ജഡികമല്ലാത്ത, അശരീരിആയ; 3. അഗ്രാഹ്യം—, ദുൎഗ്രാഹ്യം—, അഗോചരം—; വാസ്തവമല്ലാത്ത. =pal-pa-bil'i-ty, *n.* അസ്പൃശ്യത. =pal'pa-bly, *ad.* അതിസൂക്ഷ്മം ആയി, നിഃസ്പൎശനീയം—.

Im-pal'sy, *v.t.* പക്ഷവാതം വരുത്തുക, ശക്തിഇല്ലാതാക്കുക, ജീവൻ—.

Im-pa-nā'tiŏn, *n.* നിൎവ്വികാരസാന്നിദ്ധ്യം (*Chr.*). =pa-nā'tŏr, *n.* നിൎവ്വികാരസാന്നിദ്ധ്യവാദി (*Chr.*).

Im-pan'nel, =pan'el, *v.t.* പട്ടികയിൽ പെടുത്തുക; 2. പഞ്ചായക്കാരായി നിശ്ചയിക്കുക, 'ജൂരി'യായി ഇരുത്തുക. *n.* പഞ്ചായത്തിന്നിരുത്തൽ; പഞ്ചായക്കാരനായിരിക്കൽ.

Im-par'a-dīse, *v.t.* 'പരദീസ'സുഖം നല്കുക; സൌഭാഗ്യം വരുത്തുക.

**Im-par′i-ty**, *n.* ഏറക്കുറവ്, വ്യത്യാസം, അനുപാതരഹിതത്വം; 2. അതുല്യത; അയുക്തി, ചേൎച്ചക്കേട്; പരസ്പരവിരോധം; 3. അതുല്യവിഭാജ്യത.

**Im-pärk′**, *v. t.* പൂങ്കാവനമാക്കുക; 2. അകത്തിട്ടടക്കുക.

**Im-pärt′**, *v. t.* ഓഹരികൊടുക്കുക, കൊടുക്കുക, നല്കുക; 2. പങ്കിട്ടുക, ഓഹരിക്ക് കൂട്ടുക; 3. അറിയിക്കുക, അറിവ് കൊടുക്കുക, പറയുക, വെളിവാക്കുക. *v. i.* പങ്ക്കൊടുക്കുക; 2. കൂടിനിരൂപിക്കുക, —ആലോചിക്കുക. =**tā′tiŏn**, =**pärt′ance**, **-ment**, *n.* അറിയിക്കൽ; അറിവ്. **-i-ble**, *a.* അറിയിക്കത്തക്ക. **-i-bil′i-ty**, *n.* കഥനീയത്വം.

**Im-pär′tial** (-pär′shal), *a.* നിഷ്പക്ഷമായ, പക്ഷഭേദം ഇല്ലാത്ത, തുല്യഭാവമുള്ള; ന്യായമായ. **-ist**, *n.* നിഷ്പക്ഷവാദി, മുഖപക്ഷമില്ലാത്തവൻ. **-ness**, =**ti-al′i-ty** (-shi-al′i-), *n.* പക്ഷപാതമില്ലായ്മ, നിഷ്പക്ഷത്വം, ന്യായം. **-ly**, *ad.* നീതിയായി, മുഖപക്ഷം കൂടാതെ.

**Im-pärt′i-ble**, *a.* അവിഭജ്യമായ, ഭാഗിപ്പാൻ പാടില്ലാത്ത. =**i-bil′i-ty**, *n.* അവിഭാജ്യത.

**Im-pas′sa-ble**, *a.* കടന്ന്പോവാൻ വഹിയാത്ത, നടക്കുവാൻ വിഷമമുള്ള, ചീത്തയായ; വഴിയില്ലാത്ത. **-ness**, *n.* കടന്ന്കൂടായ്മ; വഴിവിഷമം. =**pas′sa-bly**, *ad.* വഴിപോവാൻ കഴിയാതെ.

**Im-pas′si-ble**, =**pas′sive**, *a.* വേദനയില്ലാത്ത, —തട്ടാത്ത, കേട്പററാത്ത; 2. രാഗദ്വേഷം ഇല്ലാത്ത, മനഃക്ഷോഭം—; 3. പരിതാപഹീനമായ; 4. മരവിച്ച. **-ness**, =**bil′i-ty**, =**sive-ness**, =**siv′i-ty**, *n.* തരിപ്പ്, വേദനയില്ലായ്മ, പരിതാപരഹിതത്വം. =**sive-ly**, *ad.* പരിതാപമില്ലാതെ.

**Im-pas′siŏn** (-pash′un), *v.t.* രാഗവശമാക്കുക. **-a-ble**, *a.* രാഗം ജനിപ്പിക്കാകുന്ന. **-āte**, *a.* രാഗവശമായ. *v. t.* രാഗദ്വേഷാദിജനിപ്പിക്കുക. *a.* രാഗദ്വേഷമില്ലാത്ത. =**pas′siŏned** (-pash′und), *a.* ആസക്തിഉള്ള, വൈരാഗ്യം—, തൃഷ്ണ—; രാഗാന്വിതമായ, ക്രോധപരവശമായ.

**Im-pāste′**, *v. t.* മാവ്കുഴക്കുക, പിട്ടാക്കുക.

**Im-päs′tūre**, *v. t.* മേയ്ക്കുക, പോററു[ക.

**Im-pat′i-ble**, *a.*, *s. a.* Impassible.

**Im-pā′tience** (-pā′shens), *n.* ക്ഷമഇല്ലായ്മ, സഹിഷ്ണുത—, ഇളിച്ചല്; ബദ്ധപ്പാട്. =**pā′tient** (-shent), *a.* (at, for, of, under) ക്ഷാന്തിയില്ലാത്ത; സഹിക്കാത്ത; വേവലാതിഉള്ള, എരിപൊരി—, തിരക്ക്—; ക്രോധം—; അവിവേകം ആയ; അക്ഷമാസൂചകം—. *n.* പൊറുമയില്ലാത്തവൻ. =**pā′tient-ly**, *ad.* ക്ഷമയില്ലാതെ.

**Im-pāve′**, *v. t.* പടുക്കുക.

**Im-pav′id**, *a.* നിൎഭയമായ. **-ly**, *ad.* പേടിയില്ലാതെ.

**Im-pawn′** (-pan′), *v.t.* പണയം വെ[ക്കുക.

**Im-pēach′**, *v.t.* മുടക്കുക; 2. കുററം ചുമത്തുക; ഉദ്യോഗസ്ഥന്റെ മേൽ കുററം ആരോപിക്കുക; ഉദ്യോഗസ്ഥനെ വിസ്തരിക്കുക; 2. കുററപ്പെടുത്തുക, ആക്ഷേപിക്കുക; 4. ദൂഷ്യം പറയുക; ശരിയല്ലെന്ന് കാണിക്കുക; അസാധുവാണെന്ന്— (*l.*). *n.* തടസ്ഥം. **-a-ble**, *a.* കുററമാരോപിക്കാവുന്ന; കുററകരമായ; ആക്ഷേപിക്കത്തക്ക. **-ment**, *n.* മുടക്കം; കുററം ചുമത്തൽ; വിചാരണ; ആക്ഷേപം, ദോഷാരോപണം. **i.t of waste** നഷ്ടത്തിനുള്ള വ്യവഹാരം (*l.*).

**Im-pēarl′** (-pẽrl′), *v.t.* മുത്താകൃതിയാക്കുക; 2. മുത്ത്കൊണ്ടലങ്കരിക്കുക.

**Im-pec′ca-ble** (-pek′a-), *a.* പാപരഹിതമായ, തെററ്വരാത്ത. *n.* പാപരഹിതൻ; പാപരഹിതവാദി. =**bil′i-ty**, *n.* പാപരഹിതത്വം, തെററ് ഇല്ലായ്മ. =**pec′can-cy**, *n.* പാപം—. =**pec′cant**, *a.* —ചെയ്യാത്ത.

**Im-pe-cū′ni-ŏus**, *a.* പണമില്ലാത്ത, ദരിദ്രകുക്ഷിആയ, ദാവി—. =**cū-ni-os′i-ty**, *n.* ദാരിദ്ര്യം.

**Im-pēde′**, *v. t.* തടുക്കുക, നിൎത്തൽ ചെയ്യുക. =**ped′i-ble**, *a.* മുടക്കാവുന്ന.

=ped'i-ment, *n.* തടസ്ഥം, ഇടച്ച്, വിഘ്നം, വിരോധം. i.t in speech വിക്ക്, കൊഞ്ഞ്. =ped-i-men'tal, *a.* തടസ്ഥമായ, മുടക്കം വരുത്തുന്ന. im'pe-dīte, *a.* മുടങ്ങിയ. =ped'i-tive, *a.* വിഘ്നകരമായ.

Im-pel', *v.t.* ഉന്തുക, പ്രേരേപിക്കുക, കത്തിപ്പൊന്തിക്കുക. -lent, *a.* നിബ്ബന്ധിക്കുന്ന. *n.* ഉത്സാഹിപ്പിക്കൽ, ഉന്ത്.

Im-pen', *v.t.* കൂട്ടിലിട്ടടക്കുക, തൊഴുത്തിലാക്കുക.

Im-pend', *v.i.* തുങ്ങിനില്ക്കുക, അടുത്തിരിക്കുക; ഭയപ്പെടുത്തുക; നേരിടുക, വന്നെത്തുക. =pen'dence, =pen'den-cy, *n.* തുങ്ങിനില്പ്, സാമീപ്യം. =pen'-dent, *a.* അണഞ്ഞുവന്ന; ഭയങ്കരമായ. =pen'ding, *a.* തുങ്ങിനില്ക്കുന്ന; അടുത്തിരിക്കുന്ന; ഭയജനകമായ.

Im-pen'e-tra-ble, *a.* അപ്രവേശ്യം ആയ, ദുൎഗ്ഗമം—; അഭേദ്യം—; കട്ടി—; 2. അവ്യാപ്യമായ (*ph.*); 3. ഗ്രാഹ്യശക്തിയില്ലാത്ത; മനസ്സിൽ ഏശാത്ത, മനമിളകാത്ത, കഠിനമനസ്സുള്ള. =bil'i-ty, -ness, *n.* ഉറപ്പ്, കട്ടപ്പം; അനതിക്രമണം, അവ്യാപകത്വം (*ph.*); ബുദ്ധിമാന്ദ്യം, നിബോധനീയത്വം, മൌഢ്യം; മനഃകാഠിന്യം. =bly, *ad.* പഴുതില്ലാതെ; മനസ്സിൽ ഏശാതെ.

Im-pen'i-tent, *a.* അനുതാപമില്ലാത്ത്; 2. ഹൃദയകാഠിന്യമുള്ള. *n.* അനുതാപമില്ലാത്തവൻ. =tence, =ten-cy, *n.* പശ്ചാത്താപമില്ലായ്മ; ഹൃദയകാഠിന്യം. -ly, *ad.* അനുതാപം തോന്നാതെ, ഖേദം—.

Im-pen'nŏus, *a.* ചിറകില്ലാത്ത.

Im-per'a-tive, *a.* കല്പനത്തായ, നിയോഗം—; 2. നിബ്ബന്ധം—; നിഷ്കൎഷ—, തീൎച്ച—; 3. വിധിരൂപം—; നിമന്ത്രണരൂപം— (*gr.*). *n.* വിധിരൂപം; നിമന്ത്രണം— (*gr.*). -ly, *ad.* അത്യാവശ്യം ആയി, തീൎച്ച—. ='per-ant, *a.* ശാസനയായ. =ti'val, *a.* വിധിരൂപസംബന്ധമായ (*gr.*). =tŏr, *n.* ആജ്ഞാപിക്കുന്നവൻ, നായകൻ; ചക്രവൎത്തി. =tŏ'ri-al, *a.* കല്പിക്കുന്ന, അധികാരമുള്ള; ചക്രവൎത്തിക്കുള്ള, ചക്രവൎത്തിത്വം സംബന്ധിച്ച. =tŏr-y, *a.* കല്പനയായ.

Im-pĕr-cep'ti-ble, =ceiv'a-ble, *a.* കാണ്മാൻ കഴിയാത്ത, അഗോചരം ആയ, ഇന്ദ്രിയാതീതം—, അഗ്രാഹ്യം—. =cep-ti-bil'i-ty, -ness, =ceiv'a-ble-ness, *n.* അപ്രത്യക്ഷത, അപ്രമേയത്വം; സൂക്ഷ്മത. =cep'ti-bly, *ad.* അവ്യക്തമായി; അറിയാതെ; പരോക്ഷമായി. =cep'tiŏn, *n.* അറിവില്ലായ്മ, ബോധരഹിതത്വം. =cep'-tive, *a.* അഗ്രാഹ്യമായ. =cip'i-ent, *a.* ഗ്രഹിക്കാത്ത; ഗ്രാഹ്യശക്തിയില്ലാത്ത.

Im-pĕr'fect, *a.* അപൂൎണ്ണമായ; ന്യൂനതയുള്ള; 2. ഊനം—; 3. പോരാത്ത, ഭൂഷ്യമുള്ള. i. tense ഭൂതകാലം, ലങ് (*gr.*). *n.* ഭൂതകാലം (*gr.*). =fec'ti-ble, *a.* സമ്പൂൎണ്ണമാക്കുവാൻ പാടില്ലാത്ത. =fec'-tiŏn, -ness, *n.* അപൂൎണ്ണത, കറവ്; കറം. -ly, *ad.* തികയാതെ, പൂൎത്തിയാകാതെ, ഒരു വിധം.

Im-pĕr'fō-rāte, =rā-ted, *a.* ദ്വാരം ഇല്ലാത്ത; വായി—. =ra-ble, *a.* തുളപ്പാൻ പാടില്ലാത്ത. =rā'tiŏn, *n.* തുരവില്ലായ്മ.

Im-pē'ri-al, *a.* (from empire) സാമ്രാജ്യസംബന്ധമായ; ചക്രവൎത്തിക്കുള്ള; 2. മേല്കോയ്മക്കുള്ള; രാജകീയ; 3. വലിയ, വിശേഷമായ. i. weights and measures ഇംഗ്ലാന്തിലെ സൎക്കാര് തൂക്കവും അളവും. *n.* ചിറിത്താടി; 2. വലിയ കടലാസ്; —ചിത്രം; 3. റുഷ്യ പൊൻനാണ്യം (24ക.). -ism, *n.* സാമ്രാട്ടധികാരം; ശ്രേഷ്ഠാധികാരം. -ist, *n.* ചക്രവൎത്തി പക്ഷക്കാരൻ. =al'i-ty, =al-ty, *n.* ശ്രേഷ്ഠാധികാരം; മേല്കോയ്മ; രാജഭോഗം. -ise, -ize, *v.t.* ചക്രവൎത്തിആക്കുക; സാമ്രാജ്യം—. -ly, *ad.* രാജകീയമായി. =pē'ri-ŏus, *a.* അഭിമാനം ഉള്ള; അധികാരപ്രിയം—; സാഹസഭാവം—; അടിയന്തരമായ. =pē'ri-ŏus-ly, *ad.* അഹങ്കാരത്തോടെ. =pē'ri-ŏus-ness, *n.* ഞെളിവ്, എടുപ്പ്.

Im-per'il, *v.t.* അപകടത്തിലാക്കുക. -ment, *n.* അപകടത്തിലാക്കൽ; അത്യാപത്ത്.

**Im-per'ish-a-ble,** *a.* അഴിവില്ലാത്ത, നശ്വരമല്ലാത്ത, അക്ഷയമായ; നിലനില്ക്കുന്ന, ശാശ്വതമായ. **-ness, =a-bil'i-ty,** *n.* അവ്യയത്വം, നാശമില്ലായ്മ. **=a-bly,** *ad.* കേട് വരാതെ; നിത്യമായി.

**Im-pĕr'ma-nent,** *a.* അസ്ഥിരം ആയ, അനിത്യം—, താല്ക്കാലികം—. **=nence, =nen-cy,** *n.* ഈടില്ലായ്മ, ക്ഷണികത്വം.

**Im-pĕr'mē-a-ble,** *a.* അപ്രവേശ്യമായ; വെള്ളം കടക്കാത്ത; കാററ്—. **-ness, =a-bil'i-ty,** *n.* നിബിഡത്വം, ആരട്ടപ്പം; അപ്രവേശ്യത. **=a-bly,** *ad.* വെള്ളം കടക്കാതെ.

**Im-pĕr-mis'si-ble,** *a.* അനുവദിപ്പാൻ പാടില്ലാത്ത.

**Im-pĕr'son-al,** *a.* അമൂൎത്തമായ, മൂൎത്തിത്വം ഇല്ലാത്ത; പുരുഷവ്യക്തി—; പൊതുവെയുള്ള. **i. verb** കൎത്തൃരഹിതക്രിയ(*gr.*). **=al'i-ty,** *n.* പുരുഷവ്യക്തിയില്ലായ്മ; അമൂൎത്തിത്വം. **-ly,** *ad.* പുരുഷഭേദമില്ലാതെ. **=pĕr'son-āte,** *v. t.* മൂൎത്തിത്വം സങ്കല്പിക്കുക; സജീവമാക്കുക; മൂൎത്തീകരിക്കുക; വേഷം നടിക്കുക. **=pĕr-son-ā'tiŏn, =pĕr-son-i-fi-cā'tiŏn,** *n.* മൂൎത്തിത്വസങ്കല്പനം; സജീവമാക്കൽ; വേഷം കെട്ടൽ. **=pĕr'son-ā-tŏr,** *n.* നാട്യക്കാരൻ, കളിക്കാരൻ.

**Im-pĕr-spic'ū-ŏus,** *a.* അസ്പഷ്ടമായ; നാനാൎത്ഥമുള്ള. **=cū'i-ty,** *n.* വ്യക്തിക്കുറവ്, തെളിവില്ലായ്മ.

**Im-pĕr-suā'da-ble, =suā'si-ble** (-swā-), *a.* പറഞ്ഞ് മനസ്സാക്കിക്കുവാൻ വഹിയാത്ത, കട്ടം പിടിയായ. **=ness, =suā-si-bil'i-ty,** *n.* ദുശ്ശാഠ്യം, വാശി.

**Im-pĕr'ti-nent,** *a.* അസംബന്ധം ആയ, അനുചിതം—, പററാത്ത; 2. ധാൎഷ്ട്യമുള്ള, നിൎമ്മൎയ്യാദം ആയ; 3. നിസ്സാരം—, ശ്രദ്ധയററ, വീണത്തരമുള്ള. *n.* ദുൎബ്ബുദ്ധി, ധിക്കാരി. **=nence, =nen-cy,** *n.* അസംബന്ധം; നിൎമ്മൎയ്യാദം, അധികപ്രസംഗം, തെറി; അനൌചിത്യം, അല്പത. **-ly,** *ad.* മൎയ്യാദകേടായി, വണക്കമില്ലാതെ.

**Im-pĕr-tran'si-ble,** *a.* ഉള്ളിൽ കൂടി കടപ്പാൻ കഴിയാത്ത.

**Im-pĕr-turb'a-ble,** *a.* മനഃകലക്കം വരാത്ത, ക്ഷോഭമില്ലാത്ത, സാവധാനതയുള്ള. **=a-bil'i-ty, =tur-bā'tiŏn,** *n.* അമൎച്ച, നിശ്ചഞ്ചലത്വം, നിൎവ്വികാരത്വം, ശാന്തത. **=turb'a-bly,** *ad.* സമാധാനമായി. **=turbed'** (-tĕrbd'), *a.* കലുക്കമില്ലാത്ത.

**Im-pĕr'vi-ŏus, =pĕr'vi-a-ble,** *a.* അപ്രവേശ്യമായ; വെള്ളം കടക്കാത്ത; കാററ്—; ഓരായം ചേൎന്ന, അശമ്യമായ. **=ŏus-ness, ='vi-a-ble-ness, =vi-a-bil'i-ty,** *n.* നിബിഡത്വം, അണുഭേദമില്ലായ്മ, കട്ടപ്പം. **=ŏus-ly,** *ad.* വെള്ളം കടക്കാതെ; കാററ്—.

**Im'pe-tus,** *n.* ഓട്ടത്തിന്റെ ഊക്ക്, ചലനശക്തി, ചാട്ടം; 2. പ്രേരേപണം; 3. ബലം; 4. വേഗത; 5. ഉയരം. **=pet-ū-os'i-ty, =pet'ū-ŏus-ness,** *n.* സാഹസം, കട്ടമ, തീക്ഷ്ണത; കട്ടക്കോപം. **=pet'ū-ŏus,** *a.* ഘോരം ആയ; അവിവേകം—, മുങ്കോപം ഉള്ള, ഉഗ്രത—. **=pet'ū-ŏus-ly,** *ad.* കൊട്ടമയോടെ; തീവ്രമായി.

**Im-pī'e-ty,** *n. s. u.* **Impious.**

**Im-pinge',** *v. i.* (on, upon) തട്ടുക, ഉരയുക; തമ്മിൽ കൊള്ളുക, എതിരാപ്പിരിക. **-ment,** *n.* മുട്ടിപ്പോകൽ. **=pin'-gent,** *a.* തമ്മിൽ ഇടയുന്ന.

**Im-pi'ŏus,** *a.* ദൈവവിചാരം ഇല്ലാത്ത, —ഭക്തി—; —ദൂഷണം ആയ, അധൎമ്മം—; പാപകരം—, ദുഷ്ട. **-ly,** *ad.* ഭക്തിഇല്ലാതെ, ദൈവഭയം—; ദുൎമ്മാൎഗ്ഗമായി. **-ness, =pī'e-ty,** *n.* ഭക്തികേട്, അഭക്തി, അവിശ്വാസം; ദൈവനിന്ദ; ദുഷ്കൃതം, പാപം.

**Im-plā'ca-ble,** *a.* ശാന്തമാകാത്ത, സമാധാനപ്പെടാത്ത; കാഠിന്യമുള്ള; 2. ശമിക്കാത്ത; തീരാത്ത; 3. ഇണങ്ങാത്ത; പ്രാണശത്രുത്വം ഉള്ള, നെട്ടം പക—. **-ness, =bil'i-ty,** *n.* അശമനീയത്വം; ബദ്ധവൈരം. **=bly,** *ad.* കട്ടം പകയോടെ, ശമിക്കാതെ; ഇണങ്ങാതെ.

**Im-pla-cen'tal,** *a.* മറുവില്ലാത്ത.

**Im-plant′**, *v. t.* നട്ടുക; 2. നാട്ടുക, ഉറപ്പിക്കുക; 3. മനസ്സിൽ പതിക്കുക, —കടത്തുക; പഠിപ്പിക്കുക. =tā′tiŏn, *n.* കുഴിച്ചിടൽ; നാട്ടൽ; അഭ്യസിപ്പിക്കൽ.

**Im-plāte′**, *v. t.* തകിട് അടിക്കുക; 2. —പൊതിയുക.

**Im-plau′si-ble** (-pla′zi-bl), *a.* അസംഭവ്യമായ, വിശ്വാസയോഗ്യമല്ലാത്ത. -ness, =bil′i-ty, *n.* അയുക്തി, സംശയം; അവിശ്വാസ്യത. =bly, *ad.* നേരിന്റെ ഛായ ഇല്ലാതെ, നേരെന്ന് തോന്നാതെ.

**Im-plēad′** (-plĕd′), *v. t.* വ്യവഹാരത്തിൽ ഉൾപ്പെടുത്തുക, കക്ഷിയാക്കുക (*l.*); ആവലാധി ബോധിപ്പിക്കുക. *v.i.* വ്യവഹരിക്കുക. -a-ble, *a.* സമാധാനം കേൾക്കാത്ത; കഠിനമായ. -ĕr, *n.* അന്യായക്കാരൻ, വാദി (*l.*).

**Im-pledġe′** (-plej′), *v. t.* പണയം വെക്കുക; 2. വാക്ക് കൊടുക്കുക.

**Im′ple-ment**, *n.* ഉപകരണം; സാഹിത്യം, പണിയായുധം, ഉട്ടുരുട്ട്. i.s of husbandry കൃഷിക്കോപ്പ്. *v. t.* സാധിപ്പിക്കുക; 2. പണിക്കോപ്പ് കൊടുക്കുക; 3. നിവൃഹിക്കുക. -al, *a.* യന്ത്രസംബന്ധമായ.

**Im-plē′tiŏn** (-shun), *n.* നിറക്കൽ; നിറവ്, പൂർത്തി; പൂരണം.

**Im′plex**, *a.* കുഴപ്പം ഉള്ള, വിഷമം—. -iŏn, *n.* വലെക്കൽ, കുടുക്കൽ; കുഴക്ക്.

**Im-plī′a-ble**, *a.* ഉലയാത്ത, വളയാത്ത, ഒതുങ്ങാത്ത.

**Im′pli-cāte**, *v. t.* മിടയുക, ഇണെക്കുക; 2. കുടുക്കുക, ഉൾപ്പെടുത്തുക. =cā′tiŏn, *n.* ഉൾപ്പെടുത്തൽ; കുടുക്ക്. =cā-tive, *a.* അകപ്പെടുത്തുന്ന. =cā-tive-ly, *ad.* ഉൾപ്പെടുത്തും വണ്ണം.

**Im-plic′it**, *a.* ഉൾപ്പെട്ട; 2. അർത്ഥം ഉള്ള, ഭാവം—; അനുമാനിക്കത്തക്ക; 3. കരുത്താക്കിയ, തേറിയ; ആശ്രയമുള്ള; 4. സംശയമില്ലാത്ത, നിശ്ശങ്കം ആയ, പൂർണ്ണം—. -ly, *ad.* സന്ദേഹം വിനാ, മിണ്ടാതെ, വിശ്വാസത്തോടെ; കേവലം; സൂക്ഷ്മത്തിൽ, കാര്യം കൊണ്ട്; അർത്ഥാൽ; സാക്ഷാൽ. -ness, -y, *n.* ശങ്കയില്ലായ്മ, പൂർണ്ണവിശ്വാസം.

**Im-plōre′**, *v. t.* നിലവിളിച്ചപേക്ഷിക്കുക, കെഞ്ചുക. *v.i.* ഇരക്കുക, പ്രാർത്ഥിക്കുക. =plō-rā′tiŏn, *n.* യാചന; പ്രാർത്ഥന. =′plo-rā-tŏr, =plōr′ĕr, *n.* അർത്ഥി. =rā-tŏr-y, *a.* അർത്ഥനയായ. =plōr′iṅg, *a.* അപേക്ഷിക്കുന്ന. =plōr′iṅg-ly, *ad.* കെഞ്ചിക്കൊണ്ട്.

**Im-plō′sion**, *n.* അമന്ന് പൊട്ടൽ; ചതവ്; പതുങ്ങൽ.

**Im-plūmed′** (-plūmd), *a.* ചിറകില്ലാത്ത, തൂവൽ വെക്കാത്ത.

**Im-plunġe′**, *v. t.* മുക്കുക, ആഴ്ത്തുക.

**Im-plȳ′**, *v. t.* മിടയുക; 2. കുടുക്കുക; 3. ഉൾപ്പെടുത്തുക; 4. സൂചിപ്പിക്കുക; 5. ഭാവിക്കുക, ഊഹിക്കുക; 6. ആയ്തീരുക, എന്ന് വരിക, അർത്ഥമാക. =plīed′ (-plīd′), *a.* കാര്യംകൊണ്ടുള്ള, വാസ്തവം ആയ, അനുമാനം—. silence is i.d consent മൌനം അനുവാദമെന്നാണ് വരുന്നത്. =pli-cā′tiŏn, *n.* ഭാവം; സൂചന; അനുമാനം. =′pli-cā-tive-ly, =plī′ed-ly, *a.* ഭാവംകൊണ്ട്; അർത്ഥത്തിൽ; സൂചകമായി.

**Im-poi′ṡon**, *v. t.* വിഷം ആക്കുക, —കലർത്തുക; കൈപ്പാക്കുക, കററവാഴ നീരുററിക്കുക; ദുഷ്യം വരുത്തുക.

**Im-pō-līte′**, *a.* ഉപചാരശീലം ഇല്ലാത്ത, നയഭാവം—, നിർമ്മര്യാദമായ. -ly, *ad.* മാനമര്യാദയില്ലാതെ. -ness, *n.* നിർമ്മര്യാദം, ആചാരഭംഗം.

**Im-pol′i-tic**, *a.* യുക്തിക്കുറവുള്ള; അയുക്തം ആയ, അവിവേകം—, ബുദ്ധികെട്ട. =pol′i-cy, *n.* ദുർന്നയം, ബുദ്ധികേട്. -ly, *ad.* അവിവേകമായി. -ness, *n.* നയഭംഗം.

**Im-pon′dĕr-a-ble**, =pon′dĕr-ŏus, *a.* ലഘുവായ, ഘനമില്ലാത്ത; 2. തൂക്കിയറിവാൻ കഴിയാത്ത; 3. അതിസൂക്ഷ്മമായ. -ness, =a-bil′i-ty, *n.* ലഘുത്വം; തൂക്കമില്ലായ്മ.

**Im-pō′rŏus**, *a.* സുഷിരഹീനമായ, ആരട്ടപ്പമുള്ള, കട്ടിയായ. =ros′i-ty, *n.*

അണഞ്ചേച്ച്, ആരട്ടപ്പും, സുഷിരരഹിതത്വം.

**Im-pōrt′**, *v. t.* പരദേശത്ത്നിന്ന് കൊണ്ട്വരിക, പുറം ദിക്കിൽനിന്ന് വരുത്തുക, ഇറക്കുക; 2. അൎത്ഥം ഭാവിക്കുക, —ധരിപ്പിക്കുക, സൂചിപ്പിക്കുക; 3. മുഖ്യം ആയിരിക്കുക, സാരം—, സംബന്ധിച്ചിരിക്കുക, കറിക്കുക. *v. i.* പൊരുൾ ആയിരിക്കുക, താല്പൎയ്യം—, കാൎയ്യം—. *n. pl.* പുറം ചരക്ക്, ഇറക്ക്മതി; 2. സാരം, ഭാവം, താല്പൎയ്യം; വ്യാഖ്യാനം; 3. പ്രാമുഖ്യത, ഗൌരവം; 4. ഫലം. **-a-ble**, *a.* പുറരാജ്യത്ത്നിന്ന്കൊണ്ട്വരാകുന്ന. **-ance**, *n.* വൈശിഷ്ട്യം, മഹത്വം, പ്രബലത; ഘനം, ഗൌരവം; പൊരുള്; വിഷയം; സാരം; അപേക്ഷ. **-ant**, *a.* ഭാരപ്പെട്ട; കാൎയ്യം ആയ, വിശേഷം—, ഗൌരവം—, സാരം—, കേമിച്ച; വലിയ; തിട്ടക്കമുള്ള. **-ant-ly**, *ad.* മുഖ്യമായി, പ്രധാനമായി. **=tā′tiŏn**, *n.* കൊണ്ട്വരൽ; ചരക്ക് വിളിപ്പിക്കൽ, —വരുത്തൽ; പുറം ചരക്ക്, ഇറക്ക്മതി. **-ẽr**, *n.* ചരക്ക്വിളിപ്പിക്കുന്നവൻ.

**Im-por-tūne′**, *v. t.* ബുദ്ധിമുട്ടിക്കുക, അലമ്പാക്കുക; ഉപദ്രവിക്കുക. *a.* തഞ്ചം കെട്ട; അകാലമായ; 2. തൊന്തരവുള്ള. **=tūn′ẽr**, *n.* ഉപദ്രവി. **=tū′ni-ty**, *n.* തിരക്കാക്കൽ, മുട്ടിക്കൽ; തിട്ടക്കം. **=por′tū-na-cy**, **=por′tū-nāte-ness**, *n.* തിരക്ക്; അലമ്പല്, അസഹ്യം. **=por′tū-nāte**, *a.* മുട്ടിക്കുന്ന, അലമ്പാക്കുന്ന; തിട്ടക്കം ആയ, തിരക്ക്—; ദുസ്സഹം—. **=por′tū-nāte-ly**, *ad.* ഉപദ്രവകരമായി; നിൎബ്ബന്ധത്തോടെ. **=por′tū-ŏus**, *a.* തുറമുഖമില്ലാത്ത.

**Im-pōs̱e′**, *v. t.* ഇടുക, വെക്കുക; 2. ചുമത്തുക, ബാദ്ധ്യനാക്കുക; 3. നികിതി കെട്ടുക; 4. നിയോഗിക്കുക; 5. ശിക്ഷകല്പിക്കുക; 6. വസൂലാക്കുക; 7. തലമേൽ കൈവെച്ചനുഗ്രഹിക്കുക (*Chr.*); 8. ആണിയക്ഷരം നിരത്തി ശരിയാക്കുക (*print.*). *v. i.* കളിപ്പിക്കുക; തോല്പിക്കുക, ചെണ്ടകൊട്ടിക്കുക. to i. on, to i. upon ചതിക്കുക, പററിക്കുക. *n.* ആജ്ഞ. **=pō′s̱a-ble**, *a.* വെക്കത്തക്ക; ചുമത്താകുന്ന. **=pō′s̱a-ble-ness**, *n.* നിക്ഷേപ്യത്വം. **=pō′s̱ẽr**, *n.* വഞ്ചകൻ, പിരട്ടി. **=pō′s̱ing**, *a.* നിൎബ്ബന്ധം ആയ, കല്പന—; ഗംഭീരം—; അത്ഭുതം—, വിസ്മയകരം—; മായം—, കളത്തിൽ ഇറക്കുന്ന. *n.* അക്ഷരം നിരത്തൽ (*print.*). **=pō′s̱ing-ly**, *ad.* അതിശയം തോന്നത്തക്കവണ്ണം; ഗൌരവത്തോടെ. **=pō′s̱ing-ness**, *n.* ഗുരുപ്രഭാവം; ആശ്ചൎയ്യം. **=si′tiŏn** (-zish′un), *n.* വെക്കൽ; ചുമത്തൽ; അനുഭവിപ്പിക്കൽ; കററം; ഭാരം, മുറ; നികിതി, ചുങ്കം; എഴുത്ത്ശിക്ഷ; അപഹരണം, ചതി; ഹസ്താൎപ്പണം (*Chr.*); ആണിയക്ഷരം നിരത്തൽ (*print.*). **im′pōst**, *n.* ചുമത്തിയത്; നികുതി, കരം, കപ്പം; ചുങ്കം. **im-pos′tŏr**, *n.* വഞ്ചകൻ, കള്ളൻ; വേഷധാരി. **im-pos′tress, im-pos′trix**, *n.* വഞ്ചകി. **im-pos′trŏus, im-pos′tūr-ŏus**, *a.* ചതിയായ. **im-pos′tūre, im-pos′tūr-āg̱e**, *n.* വഞ്ചന; കള്ളത്ത്രാണം.

**Im-pos′si-ble**, *a.* കഴിയാത്ത, അസാദ്ധ്യം ആയ; 2. അസംഭവ്യം—; 3. അശക്യം—, ദുഷ്കരം—; 4. നടക്കാത്ത; ഇല്ലാത്ത; വഹിയാത്ത. **=bil′i-ty**, *n.* അസാദ്ധ്യം; ആവതില്ലായ്മ, ശതിയില്ലായ്മ; കഴിവ്കേട്; അസംഭാവ്യത. **=bly**, *ad.* വഹിയാതെ, നിൎവ്വാഹമില്ലാതെ.

**Im-post′hūme**, **=mā′tiŏn**, *n.* വീക്കം, പഴുപ്പ്; കുരു, വിദ്രധി (*med.*).

**Im′po-tent**, *a.* ബലഹീനമായ, ശക്തിഇല്ലാത്ത, പ്രാപ്തി—; 2. അടക്കം—, ഇന്ദ്രിയനിഗ്രഹം—; പിടിച്ച്നിൎത്തുവാൻ വഹിയാത്ത; ക്രോധപാരവശ്യം ഉള്ള; 3. ധാതുബലമില്ലാത്ത, ഷണ്ഡത്വം ഉള്ള; മച്ചിആയ; 4. നിഷ്ഫലം—; വ്യൎത്ഥം—. *n.* ധാതുബലമില്ലാത്തവൻ. **=tence**, **=ten-cy**, *n.* ബലക്ഷയം, —ഹീനത; അശക്തി, ശേഷികേട്; അടക്കം ഇല്ലായ്മ, തൻേറടം—; ധാതുക്ഷയം; ക്ലീബത്വം, നപുംസകത്വം; വന്ധ്യത്വം; നിരൎത്ഥകത്വം. **-ly**, *ad.* ശേഷിയില്ലാതെ.

**Im-pound′**, *v. t.* അടച്ച്വെക്കുക; ആലയിലാക്കിയടക്കുക, സൎക്കാരാലയിലാക്കുക; 2. കോടതിബന്തിൽവെക്കുക;

കോടതിക്കയച്ച് കൊടുക്കുക. -āġe, *n.* ആലയിലാക്കൽ; കോടതിബന്തോവസ്സിൽ വെക്കൽ; ആലപ്പിഴ, ആലക്കൂലി. -ĕr, *n.* ആലയിലാക്കുന്നവൻ; ബന്തിൽ വെക്കുന്നവൻ.

**Im-pov'ĕr-ish,** *v. t.* ദരിദ്രമാക്കുക, ദാരിദ്ര്യം വരുത്തുക; 2. പണം ഇല്ലാതാക്കുക, ധനം നശിപ്പിക്കുക; 3. ശേഷികെടുക്കുക; വീര്യം—; 4. പുഷ്ടി—, വളം ഇല്ലാതാക്കുക. -ĕr, *n.* വീര്യം കെടുക്കുന്നവൻ; മുതല് നശിപ്പിക്കുന്നവൻ. -ly, *ad.* ദാരിദ്ര്യം വരുത്തത്തക്കവണ്ണം. -ment, *n.* ദരിദ്രമാക്കൽ; ദാരിദ്ര്യം, നിൎദ്ധനത്വം; ഇല്ലായ്മ.

**Im-pow'er,** *n. see* Empower.

**Imp'pōle,** *n.* ഏകരത്തുണ്ട്.

**Im-prac'ti-cal,** *a.* ക്രിയാസംബന്ധമല്ലാത്ത; 2. ഉപയോഗം ഇല്ലാത്ത; 3. സാമൎത്ഥ്യം—; 4. പരിചയം—. =ca-ble, *a.* ആവതില്ലാത്ത, കഴിയാത്ത, അസാദ്ധ്യമായ; പാട്ടിൽ വരാത്ത, പറഞ്ഞാൽ കേൾക്കാത്ത; മുരട്ട് ശീലമുള്ള, പട്ടുപോക്കിരിയായ, മെരുങ്ങാത്ത; ഉപയോഗിപ്പാൻ പാടില്ലാത്ത; ദുൎഗ്ഗമമായ. =ca-ble-ness, =ca-bil'i-ty, *n.* അശക്യത; അസാദ്ധ്യകാൎയ്യം; ദുശ്ശാഠ്യം, മുരടത്വം. =ca-bly, *ad.* ആവതില്ലാതെ, മേലാതെ (*S.*).

**Im'pre-cāte,** *v. t.* ശപിക്കുക, പ്രാകുക. =cā'tiŏn, *n.* പ്രാക്ക്, ആക്രോശം; ശപനം; ശപഥം. =cā-tŏr-y, *a.* ശാപം ആയ, ശപഥം—.

**Im-pre-ci'ṣiŏn** (-sizh'un), *n.* കൃത്യക്കുറവ്, കൃത്യമില്ലായ്മ.

**Im-preg'nāte,** *v. t.* ഗൎഭം ധരിപ്പിക്കുക, —ഉണ്ടാക്കുക; —ആക; 2. ഫലവത്ത് ആക്കുക, ഫലപ്രദം—; വളപുഷ്ടി വരുത്തുക; 3. സാരം കടത്തുക; 4. ചെലുത്തുക, കലത്തുക, നിറക്കുക. *v. i.* ഗൎഭം ധരിക്കുക. *a.* നിറഞ്ഞ; ഗൎഭം ഉള്ള; ഫലപുഷ്ടി—. =na-ble-ness, =na-bil'i-ty, *n.* അനതിക്രമണീയത്വം, നിരപജയത്വം, ജയിച്ച് കൂടായ്മ. =na-ble, *a.* പിടിച്ചടക്കുവാൻ കഴിയാത്ത, ജയിക്കുവാൻ കഴിയാത്ത, ആക്രമം തട്ടാത്ത; അലംഘനീയമായ; എതിൎത്ത് നില്പാൻ കഴിവുള്ള; ഗൎഭമുണ്ടാകത്തക്ക. =na-bly, *ad.* കൈവശപ്പെടുത്തുവാൻ കഴിയാതവണ്ണം. =nant, *n.* ഗൎഭഹേതു. *a.* വന്ധ്യം ആയ, ഫലശൂന്യം—. =nā'tiŏn, *n.* ഗൎഭം ധരിപ്പിക്കൽ; ഗൎഭധാരണം; ഫലവൎദ്ധന; കൂടികലൎപ്പ്, സംയോഗം.

**Im-pre-ṣa'ri-o,** *n.* മേളപ്രമാണി, മേളനായകൻ, കളിയച്ചൻ.

**Im-pre-scrip'ti-ble,** *a.* പോയ്പോകാത്ത, നശ്വരമല്ലാത്ത, നശിക്കാത്ത; 2. സ്വയമേവയായ, സ്വൎഗ്ഗം—. =bil'i-ty, *n.* നാശമില്ലായ്മ. =bly, *ad.* പ്രത്യക്ഷമായി.

**Im-press',** *v. t.* അമൎത്തുക; പതിക്കുക; 2. മുദ്രകുത്തുക, അച്ച്—, അടയാളം വെക്കുക; 3. മനസ്സിൽ പതിപ്പിക്കുക, ഹൃദയസ്ഥമാക്കുക; ഉപദേശിക്കുക, പഠിപ്പിക്കുക; 4. ഹേമിച്ച് പടച്ചേകം ചെയ്യിക്കുക, പട്ടാളത്തിൽ നിൎബ്ബന്ധിച്ചെഴുതിക്കുക; രാജഭണ്ഡാരത്തിലേക്ക് പണം പിടിച്ച് പറ്റുക. *n.* അമൎത്തൽ; മുദ്രവെക്കൽ; 2. വടു, അച്ച്, മുദ്ര; 3. അടയാളം, കുറി; ലക്ഷണം; 4. മനോഭാവം; 5. നിൎബ്ബന്ധച്ചേകം. i. gang പടക്കപ്പച്ചേകത്തിന്ന് ആളുകളെ പിടിക്കുന്നവര്. i. money നിൎബ്ബന്ധച്ചേകപ്പണം. =si-bil'i-ty, ='si-ble-ness, *n.* പശിമ, പതം; അനുകൂല്യത, ക്ഷണാനുഭാവ്യത. ='si-ble, *a.* പതം ഉള്ള, പിടിത്തം—, ക്ഷണാനുഭവം—. ='si-bly, *ad.* മനസ്സിൽ പതിയും വണ്ണം. =pres'siŏn (-presh'un), *n.* പതിക്കൽ; മുദ്രകുത്തൽ; അച്ച്—; —പതിക്കൽ; ചിഹ്നം; മുദ്ര; അനുഭവം; രസം; ഫലം; ധാരണ, ഓൎമ്മ; വിശ്വാസം; ഗൌരവം; അച്ചടി; കുറിപ്പ്പ്രതി; പതിപ്പ് (*print.*); പകൎപ്പ്. ='siŏn-a-ble-ness, ='siŏn-a-bil'i-ty, *n.* പശിമ; അനുഭാവ്യത. ='siŏn-a-ble, *a.* പതിയത്തക്ക; വികാരാനുകൂലമായ. ='sive, *a.* പതിയുന്ന; മനസ്സിന്ന് തട്ടുന്ന. ='sive-ly, *ad.* മനസ്സിൽ പതിയത്തക്കവണ്ണം. ='sive-ness, *n.* ഗൌരവം. -ment, *n.* നിൎബ്ബന്ധസേവ.

**Im-pre-vent'a-ble,** *a.* അനിവാൎയ്യമായ. =bil'i-ty, *n.* അനിവാൎയ്യത.

**Im-pri-mā'tur,** *n.* ഗ്രന്ഥപ്രസിദ്ധകാനുവാദം.

**Im-prī'mis,** *ad.* ആദ്യം, ഒന്നാമത്.

**Im-print',** *v.t.* പതിക്കുക, അമൎത്തുക; 2. മുദ്രകുത്തുക; അച്ച് പതിക്കുക, അച്ചടിക്കുക; 3. മനസ്സിൽ പതിയുമാറാക്കുക. **im'print,** *n.* വട്ട, അടയാളം.

**Im-pris̱'on** (-priz'n), *v.t.* തടവിലാക്കുക, ബന്ധോവസ്ഥിൽ വെക്കുക; 2. തട്ടുക്കുക, അതിര് വെക്കുക. **-ĕr,** *n.* ബന്ധനത്തിലാക്കുന്നവൻ. **-ment,** *n.* തടവിലാക്കൽ; തടവ്, ബന്ധനം. false i.t അന്യായമായ തടവ് (*l.*).

**Im-prob'a-ble,** *a.* അസംഭവ്യമായ; 2. നേരായിരിപ്പാൻ ഇടയില്ലാത്ത; വിശ്വാസയോഗ്യമല്ലാത്ത. **-ness, =bil'i-ty,** *n.* അസംഭാവ്യത; സംശയം. **=a-bly,** *ad.* സംശയകരമായി.

**Im-prō-bā'tiŏn,** *n.* സമ്മതമില്ലായ്മ. **='ba-tive, ='ba-tŏr-y,** *a.* വിസമ്മതസൂചകമായ.

**Im-prob'i-ty,** *n.* വ്യാജം, ഭോഷ്ക്, നേര്കേട്, അസത്യം, കളവ്.

**Im-pro-fici'ence, =pro-fici'en-cy** (-fish'-), *n.* വൈദഗ്ദ്ധ്യക്കുറവ്.

**Im-pro-gres'sive,** *a.* വൎദ്ധനവില്ലാത്ത. **-ly,** *ad.* അഭിവൃദ്ധിയില്ലാതെ.

**Im-prompt',** *a.* മുന്നൊരുക്കമില്ലാത്ത. **=promp'tū,** *a.* & *ad.* തല്ക്ഷണരചിതമായ; തല്ക്കാലമായി. *n.* തല്ക്ഷണരചനം, —പ്രസംഗം.

**Im-prop'ĕr,** *a.* ക്രമംകെട്ട, പററാത്ത, വിഹിതമല്ലാത്ത, കൊള്ളരുതാത്ത, അസംബന്ധം ആയ; അസഭ്യം—; 2. അബദ്ധം—. i. fraction അക്രമഭിന്നിതം. **-ly,** *ad.* അയോഗ്യം ആയി, അനുചിതം—. **=pro-prī'e-ty,** *n.* പോരായ്മ, മൎയ്യാദകേട്; പോരാത്തരം.

**Im-prōve',** *v.t.* നന്നാക്കുക, ഗുണം വരുത്തുക, അഭിവൃദ്ധി—; 2. നന്നായി ഉപയോഗിക്കുക; ആദായമാക്കുക; 3. പരിഷ്കരിക്കുക. *v.i.* നന്നായ്തീരുക, സുഖം വരിക; 2. വൎദ്ധിക്കുക, മികെച്ച് വരിക; 3. വിലപൊന്തുക. to i. on, to i. upon പരിഷ്കാരം വരുത്തുക. **-ment,** *n.* വൎദ്ധിപ്പിക്കൽ; ഗുണം, വൃദ്ധി, പരിഷ്കാരം; സദുപയോഗം; നന്മ; വളൎച്ച്; *pl.* സൌകൎയ്യങ്ങൾ; *pl.* ഉഭയം, ചമയം, കഴിക്കൂറ് (*l.*). **=prō-va-bil'i-ty, =prō'va-ble-ness,** *n.* പരിഷ്കരണീയത്വം. **=prō'va-ble,** *a.* നന്നാക്കാവുന്ന, ഉപയുക്തമായ. **=prō'va-bly,** *ad.* നന്നായ്തീരും വണ്ണം. **=prō'viṅg,** *a.* നന്നായ്വരുന്ന; ഉപകാരമുള്ള. **=prō'viṅg-ly,** *ad.* ഗുണകരമായി.

**Im-prov'i-dent,** *a.* ചരതം ഇല്ലാത്ത; മുങ്കരുതൽ—. **=dence,** *n.* അസമ്പ്രേക്ഷ, സൂക്ഷ്മമില്ലായ്മ; നിൎവ്വിചാരത്വം. **=den'-tial-ly, =dent-ly,** *ad.* മുൻവിചാരമില്ലാതെ.

**Im-prō-vīs̱e', =prov'i-sāte, =vis̱'-a-tīs̱e, =vis̱'a-tīze,** *v.t.* & *i.* തല്ക്ഷണം കവിത രചിക്കുക; 2. മുന്നൊരുക്കം കൂടാതെ സാധിപ്പിക്കുക; 3. തല്ക്കാലനിവൃത്തി കാണുക. **=prov'i-sāte,** *a.* തല്ക്ഷണരചിതമായ. **=sā'tiŏn,** *n.* തല്ക്ഷണരചന; —കവിത. **=vīs̱'ĕr, =s̱ā-tŏr,** *n.* ക്ഷണകവി. **=sā-tō'ri-al, =sā-to-ry,** *a.* തല്ക്ഷണരചനസംബന്ധമായ.

**Im-pru̱'dent,** *a.* ബുദ്ധികെട്ട, വിവേകം ഇല്ലാത്ത, വകതിരിവ്—. **=pru̱'-dence,** *n.* ബുദ്ധിഭ്രംശം, അവിവേകം, സൂക്ഷ്മക്കേട്; ദ്രുതഗതി. **=dent-ly,** *ad.* വകതിരിവില്ലാതെ.

**Im-pū'bĕr-al,** *a.* ഋതുവാകാത്ത, പ്രായം തികയാത്ത. **=pū'bĕr-ty,** *n.* ചെറുപ്പം, ചെറുപ്രായം.

**Im'pū-dent,** *a.* ധാൎഷ്ട്യം ഉള്ള, ധിക്കാരം—, ഗുരുത്വം കെട്ട, നാണം—. **=dence, =den-cy,** *n.* താന്തോന്നിത്വം, ഉളുപ്പില്ലായ്മ, അധികപ്രസംഗം. **-ly,** *ad.* ലജ്ജയില്ലാതെ. **=dic'i-ty,** *n.* ഗുരുത്വക്കേട്.

**Im-pūgn'** (-pūn'), *v.t.* എതിര് പറയുക; 2. ആക്ഷേപിക്കുക; 3. നിഷേധിക്കുക. **-a-ble,** *a.* ആക്ഷേപ്യമായ. **-ĕr,** *n.* ആക്ഷേപകൻ. **-ment,** *n.* ദൂഷ്യം പറയൽ; എതിൎവ്വാദം.

**Im-pū'is-sant**, *a*. ശേക്ഷികെട്ട, ബലഹീനമായ. =**sance**, *n*. ധാതുക്ഷയം, ശേക്ഷികേട്.

**Im'pulse**, *n*. ഉന്തല്; കരുത്ത്; 2. ഊക്ക്; വേഗത; 3. പ്രവൃത്തി; 4. പ്രോത്സാഹം, പ്രേരണം; മുതിച്ച; തോന്നല്. =**pul'siōn**, *n*. തള്ളല്; പ്രവൎത്തനം; മനോനിബ്ബന്ധം. =**pul'sive**, *a*. പ്രേരകമായ; തോന്നിയവാസമുള്ള. *n*. പ്രേരണശക്തി. =**pul'sive-ly**, *ad*. തോന്നിയപോലെ; കരുത്തോടെ. =**pul'sive-ness**, *n*. ഉത്സാഹം; കരുത്ത്; താന്തോന്നിത്വം.

**Im-pū'ni-ty**, *n*. ശിക്ഷഇല്ലായ്മ; അപായം—; നിൎഭയത്വം. with i. പേടികൂടാതെ.

**Im-pūre'**, *a*. മലിനം ആയ, അശുദ്ധം—; വൃത്തികെട്ട; 2. കൂട്ട്കൂട്ടിയ; 3. പാപകന്മഷമുള്ള; 4. വഷളായ; 5. തീണ്ടലുള്ള; 6. അബദ്ധമായ. -**ly**, *ad*. ശുദ്ധിയില്ലാതെ. -**ness**, =**pū'ri-ty**, *n*. അഴക്ക്, അശൌചം; മലം; വഷളത്വം; അശുദ്ധി.

**Im-pur'ple**, *v. t*. ചുവപ്പിക്കുക, രക്ത [വൎണ്ണമാക്കുക.

**Im-pūte'**, *v. t*. ചുമത്തുക, ആരോപിക്കുക; 2. കണക്കിടുക, എണ്ണുക (*theo.*). =**pū'ta-ble**, *a*. ആരോപിക്കത്തക്ക. =**pū-ta-bil'i-ty**, =**pū'ta-ble-ness**, *n*. ആരോപണീയത്വം. =**pū'ta-bly**, *ad*. ആരോപിതമായി. =**tā'tiōn**, *n*. അപവാദം, ദൂഷണം; അദ്ധ്യാരോപണം (*phil.*); അഭ്യാരോപണം (*theo.*). =**pū'ta-tive**, *a*. ആരോപിതമായ. =**pū'ta-tive-ly**, *ad*. ആരോപിതമായി.

**In**, *pf*. ഇൽ, അന്തഃ; 2. ഇല്ലാത്ത, അല്ലാത്ത, നിഃ, അ, വി. *prep*. ഇൽ, ഇടത്ത്, സ്ഥലത്ത്: i. a blaze of light പ്രകാശജ്വാലയുള്ളേടത്ത്; i. rain മഴയത്ത്; 2. കാലം, സമയത്ത്, നേരത്ത്, പോൾ: i. the daytime പകൽകാലം; i. the evening വൈകുന്നേരം; i. all my life എന്റെ ജീവകാലം മുഴുവനും; i. the meantime അതിന്നിടക്ക്; i. the act ചെയ്യുമ്പോൾ; 3. ഇൽ വെച്ച്, ന്ന, ക്ക്: five i. the hundred നൂററിന്ന് അഞ്ച്പ്രകാരം; i. duty bound മുറെക്ക്, ന്യായപ്രകാരം; the first i. his family അവന്റെ കുഡുംബത്തിൽവെച്ച് ഒന്നാമത്തവൻ; 4. ആൽ, കൊണ്ട്: he spent his money i. drink അവൻ തന്റെ മുതല് കുടിയാൽ നശിപ്പിച്ചു; it is not i. man അത് മനുഷ്യനാൽ കഴിയുന്നതല്ല; i. writing എഴുത്ത്മൂലം; fettered i. amorous chains പ്രേമശൃംഖലകൊണ്ട് ബദ്ധനായി; to end i. death മരണത്തോട്കൂടഅവസാനിക്കത്തക്കവണ്ണം; 5. ഓടെ: i. fear ഭയത്തോടെ. i. contempt നിന്ദയോടെ; 6. ഉള്ളിൽ, അകത്ത്: to put seed i. the ground വിത്ത് മണ്ണിൽ (മണ്ണിന്നടിയിൽ) ഇടുക; to deposit i. their caskets പെട്ടിക്കകത്ത് വെക്കുക: 7. ശേഷം: i. an hour ഒര് മണിക്കൂറ് കഴിഞ്ഞിട്ട്; 8. ഇൽ, ആയി: i. waiting പരിചാരകമായി; i. humour നല്ല ശീലത്തോടെ; 9. ഇൽ ഉള്ള, ലെ: fowl i. the air വാനത്തിലെ പക്ഷിവൎഗ്ഗം; belief i. God ദൈവത്തിലുള്ള വിശ്വാസം. castles i. the air ഗഗനകുസുമം. three feet i. breadth മൂന്നടി അകലം. i. small quantities ചില്ലറയായി. I am i. doubt എനിക്ക് സംശയമുണ്ട്. he drives i. a carriage അവൻ വണ്ടിയിൽ കയറിപ്പോകുന്നു. the room is i. darkness അകത്ത് ഇരുട്ടാണ്. i. pieces കഷണംകഷണമായി. i. hand 'റൊക്കം', ഒരുക്കം. to fall i. love with അനുരാഗം ഭാവിക്കുക. he goes i. black അവൻ കറുപ്പ് വസ്ത്രം ഉടുത്ത് നടക്കുന്നു. to believe i. God ദൈവത്തെ വിശ്വസിക്കുക. the people rose i. arms ജനം യുദ്ധത്തിന്നൊരുങ്ങി. i. comparison to ഒത്ത്നോക്കിയാൽ. i. conclusion ഒടുവായി. i. the meantime അതിന്നിടയിൽ. i. short ആകപ്പാടെ, എന്തിന്ന് വളരെ പറയുന്നു. i. some shape വല്ലവിധവും. i. the first place ആദ്യമായി. i. time കാലം കൊണ്ട്, ക്രമേണ; തക്ക സമയം. i.-as-much as ഓളം, പ്രകാരം, കൊണ്ട്, നി

മിത്തം. i. that കൊണ്ട്, നിമിത്തം. i. the name of ക്ക്വേണ്ടി, പേരിൽ, ആയ്ക്കൊണ്ട്, നിമിത്തം: i. the name of God ദൈവത്തെ വിചാരിച്ച്. to be i. for it താല്പര്യപ്പെടുക, ശ്രമിക്കുക; കടുങ്ങിപ്പോക. to be i. with, to keep i. with അണഞ്ഞ്നില്ക്കുക, ഇക്ഷുത്തിലായിരിക്കുക, മമതയുണ്ടാക. *ad.* ഉള്ളിൽ, അകത്ത്: he came i. അവൻ അകത്ത് വന്നു; he takes i. the situation അവന്ന് കാര്യം മനസ്സിലായി. the Liberals were i. അധികാരം പരിഷ്കാരപക്ഷത്തിന്നായിരുന്നു. lying-i. പെററ് കിടക്കുന്ന. he is not i. അവൻ വീട്ടിൽ ഇല്ല. to put a horse i. കുതിരയെ മെരുക്കുക. *n. pl.* ഉദ്യോഗത്തിൽ ഇരിക്കുന്നവൻ; 2. മൂല. i.s and outs മറിച്ചും തിരിച്ചും, ഉള്ള്. -'ly, *a.* ഉള്ളിലുള്ള; രഹസ്യമായ. *ad.* ഉള്ളിൽ; മനസ്സിൽ. -'mōst, *a.* നന്ന ഉള്ളിലുള്ള, ആഴത്തിലുള്ള. -'nĕr, *a.* ഉള്ളിലുള്ള, അകത്തെ; ആത്മസംബന്ധമായ; അസ്പഷ്ടമായ. -'nĕr-mōst, *a.* ഏററവും അകത്തുള്ള.

In-a-bil'i-ty, *n.* ശേഷിക്കേട്, പ്രാപ്തിക്കുറവ്, സാമർത്ഥ്യമില്ലായ്മ.

In-ac-cess'i-ble (-ses'i-bl), *a.* അടുത്ത് കൂടാത്ത, കയറിക്കൂടാത്ത; 2. അസാദ്ധ്യമായ; 3. കിട്ടാത്ത. =bil'i-ty, -ness, *n.* അഗമ്യത; ദുർല്ലഭ്യം. =bly, *ad.* എത്താതവണ്ണം; കിട്ടാത—.

In-ac-cord'ant, *a.* യോജിപ്പില്ലാത്ത; ഭിന്നിച്ചിരിക്കുന്ന.

In-ac'cū-rāte, *a.* കൃത്യം അല്ലാത്ത, നേര്—; തെററായ, വ്യത്യാസമുള്ള. =ra-cy, *n.* കൃത്യം ഇല്ലായ്മ, ഭേദം, അബദ്ധം, പിഴ. =rāte-ly, *ad.* തിട്ടം ഇല്ലാതെ, സൂക്ഷ്മം—; തെററായി.

In-ac-quāint'ance, *n.* പരിചയം ഇല്ലായ്മ, അറിവ്—.

In-ac-qui-es'cent, *a.* സമ്മതമില്ലാത്ത.

In-ac'tive, *a.* നിഷ്കാരകമായ; 2. ഉത്സാഹം ഇല്ലാത്ത, ശക്തി—; പ്രവൃത്തി ചെയ്യാത്ത; മടിയുള്ള. =ac'tiŏn, *n.* നിഷ്കാരകത്വം; പ്രവൃത്തിയില്ലായ്മ; ഉദാസീനത; വിശ്രാമം. -ly, *ad.* നിരുത്സാഹമായി, ആലസ്യത്തോടെ. =tiv'i-ty, *n.* നിശ്ചേതനത്വം, നിശ്ചേഷ്ട; ഉദാസീനത, മടിവ്, മന്ദത; മിനക്കേട്.

In-ad-ap-tā'tiŏn, *n.* അയുക്തി, അനൌചിത്യം.

In-ad'e-quāte (-kwāt), ഒക്കാത്ത; 2. മതിയാകാത്ത, പോരാത്ത, കുറവുള്ള. -ness, =qua-cy, *n.* പോരായ്മ, കുറവ്. -ly, *ad.* തികയാതെ; പററാതെ.

In-ad-hē'rent, *a.* പററലില്ലാത്ത; 2. നിരാശ്രയമായ. =hē'siŏn (hē'zhun), *n.* നിസ്സംശ്ലിഷ്ടത.

In-ad-mis'si-ble, *a.* അകത്ത് കടത്തുവാൻ പാടില്ലാത്ത; കൈക്കൊൾവാൻ—, സ്വീകാരയോഗ്യമല്ലാത്ത. =bil'i-ty, *n.* അനംഗീകരണീയത്വം, ചേർത്ത് കൂടായ്മ. =bly, *ad.* സ്വീകരിപ്പാൻ പാടില്ലാതവണ്ണം.

In-ad-vĕr'tent, *a.* ശ്രദ്ധഇല്ലാത്ത, സൂക്ഷ്മം—, ജാഗ്രത—. =vĕr'tence, =vĕr'-ten-cy, *n.* നിർവിചാരം, അശ്രദ്ധ, ഉപേക്ഷ; അബദ്ധം, പിഴ. -ly, *ad.* ഓർക്കാതെ, ഉദാസീനമായി.

In-af'fa-ble, *a.* സഹവാസശീലം ഇല്ലാത്ത, ഇണക്കം—; 2. മൌനതയുള്ള. =bil'i-ty, *n.* മെരുക്കമില്ലായ്മ; മൌനത.

In-af-fec-tā'tiŏn, *n.* നാട്യമില്ലായ്മ, സഹജത്വം.

In-āid'a-ble, *a.* സഹായിപ്പാൻ തരമില്ലാത്ത; നിസ്സഹായിയായ.

In-āl'i-en-a-ble, *a.* അന്യാധീനപ്പെടുത്തുവാൻ പാടില്ലാത്ത (*l.*); 2. അകററുവാൻ—. -ness, =bil'i-ty, *n.* അന്യാധീനപ്പെടുത്തുവാൻ പാടില്ലായ്മ. =bly, *ad.* അന്യാധീനപ്പെടുത്തുവാൻ പാടില്ലാതെ.

In-al'tĕr-a-ble, *a.* മാററുവാൻ പാടില്ലാത്ത. -ness, =bil'i-ty, *n.* സ്ഥിരത, മാററമില്ലായ്മ. =bly, *ad.* മാറാതെ.

In-am'ō-rāte, *a.* അനുരാഗ വിവശതയുള്ള. -ly, *ad.* കാമാതുരത്തോടെ. =rā'ta, *n.* കാമുകി; രഹസ്യക്കാരത്തി, വിശ്വാസക്കാരത്തി. =rā'tō, *n.* കാമുകൻ; ജാരൻ, വിശ്വാസക്കാരൻ.

**In-āne′**, *a.* ഒഴിവായ, ഒന്നുമില്ലാത്ത; 2. ഒന്നിന്നും കൊള്ളാത്ത; നിഷ്പ്രയോജനം ആയ, നിസ്സാരം—. *n.* ഒഴിവ്, ശൂന്യത. **-ly**, *ad.* വ്യൎത്ഥമായി, ഒന്നുമില്ലാതെ. **=a-ni′tiŏn** (-nish′un), *n.* ഒഴിവ്, ക്ഷുൽക്ഷീണം, പോഷണമില്ലായ്മ. **=an′-i-ty**, *n.* വെറുമ; നിസ്സാരത്വം; *pl.* മായ. **=an-i′ti-āte**, *v.t.* പട്ടിണിയാൽ ക്ഷീണിപ്പിക്കുക.

**In-an′i-māte**, *a.* നിൎജ്ജീവം ആയ, ജഡം—, ചൈതന്യം ഇല്ലാത്ത, ശുഷ്കാന്തി—, ചുണകെട്ട. **=mā-ted**, *a.* ജീവനില്ലാത്ത. **-ness**, *n.* നിൎജ്ജീവത്വം. **=mā′tiŏn**, *n.* നിശ്ചേതനത്വം; ചുണകേട്.

**In-ap-pēal′a-ble** (-pēl′a-), **=pel′la-ble**, *a.* 'അപ്പീൽ' ഇല്ലാത്ത, തീൎച്ചയായ. **=bil′i-ty**, *n.* തീൎച്ച.

**In-ap-pēas′a-ble** (-pēz′a-), *a*, നിശ്ശമനീയമായ; 2. തൃപ്തിവരാത്ത.

**In-ap′pe-tence**, **=ten-cy**, *n.* ഉന്മേഷക്കുറവ്.

**In-ap′pli-ca-ble**, *a.* അയുക്തമായ, പററാത്ത; 2. ഉപയോഗമില്ലാത്ത. **-ness**, **=bil′i-ty**, *n.* അനൌചിത്യം, അയോഗ്യത. **=bly**, *ad.* പററാതെ, കൊള്ളാതെ. **=cā′tiŏn**, *n.* ഉത്സാഹമില്ലായ്മ, ഉപേക്ഷ, മടിവ്.

**In-ap′pō-site**, *a.* പററാത്ത, അയുക്തമായ. **-ly**, *ad.* ചേൎച്ചയില്ലാതെ.

**In-ap-prē′ci-a-ble**, *a.* വിലമതിപ്പാൻപാടില്ലാത്ത, അമൂല്യമായ; 2. കാണ്മാൻ ഇല്ലാത്ത, പൊരുൾ—, അല്പമായ. **=ā′tiŏn**, *n.* അഗണ്യത, അമൂല്യത; നിസ്സാരത്വം.

**In-ap-pre-hen′si-ble**, *a.* തിരിയാത്ത, അഗ്രാഹ്യമായ. **=hen′siŏn**, *n.* അഗ്രാഹ്യത. **=hen′sive**, *a.* നിൎവ്വിചാരം ആയ; നിൎഭയം—; കൂട്ടാക്കാത്ത.

**In-ap-prōach′a-ble** (-prōch′a-), *a.* അടുത്തു് കൂടാത്ത; 2. അതുല്യമായ. **=bly**, *ad.* അടുപ്പാൻ വഹിയാതവണ്ണം.

**In-ap-prō′pri-āte**, *a.* സ്വന്തമല്ലാത്ത; 2. (to, for) അയോഗ്യമായ, പററാത്ത, ചേൎച്ചയല്ലാത്ത. **-ly**, *ad.* അനുചിതമായി. **-ness**, *n.* ചേൎച്ചക്കേട്, അനൌചിത്യം.

**In-apt′**, *a.* കൊള്ളരുതാത്ത, പററാത്ത. **-ly**, *ad.* ചേൎച്ചയില്ലാതെ. **-ness**, *n.* പൊരുത്തമില്ലായ്മ. **=′ti-tūde**, *n.* പററായ്മ; പോരായ്മ.

**In-är-tie′ū-lāte**, **=lā-ted**, *a.* ഉച്ചാരണ സ്പഷ്ടതയില്ലാത്ത, അവ്യക്തമായ; 2. സന്ധുക്കളില്ലാത്ത (Z.); 3. സംസാരിപ്പാൻ വഹിയാത്ത. **-ly**, *ad.* വിക്കിവിക്കി. **-ness**, **=lā′tiŏn**, വ്യക്തമല്ലാത്ത സംസാരം.

**In-är-ti-fi′cial** (-fish′al), *a.* കൃത്രിമമല്ലാത്ത, പ്രകൃത്യാ ഉള്ള; 2. യഥാൎത്ഥമായ. **-ly**, *ad.* യുക്തിയില്ലാതെ. **-ness**, *n.* പരമാൎത്ഥം.

**In′as-much**, *ad.*, *s. u.* In.

**In-at-ten′tive**, *a.* ശ്രദ്ധ ഇല്ലാത്ത, സൂക്ഷ്മം—. **-ness**, **=ten′tiŏn**, *n.* അശ്രദ്ധ, ഉപേക്ഷ. **-ly**, *ad.* ജാഗ്രതയില്ലാതെ, ഉപേക്ഷയായി.

**In-au′di-ble** (-a′di-), *a.* കേൾപ്പാൻ കഴിയാത്ത; 2. ഒച്ചയില്ലാത്ത; 3. മൌനമായ. **-ness**, **=bil′i-ty**, *n.* നിശ്ശബ്ദം. **=bly**, *ad.* കേൾപ്പാൻ കഴിയാതവണ്ണം.

**In-au′gū-rāte** (-a′gū-), *v. t.* സ്ഥാനത്താക്കുക, അരിയിട്ട് വാഴിക്കുക; 2. ആരംഭിക്കുക; 3. പ്രതിഷ്ഠിക്കുക. *a.* സ്ഥാനത്താക്കിയ; 2. ആരംഭിച്ച. **=ral**, *a.* പ്രതിഷ്ഠാസംബന്ധം ആയ; ആദ്യ, പ്രാരംഭ. **=rā′tiŏn**, *n.* പട്ടാഭിഷേകം, സ്ഥാനാരോഹണം, പ്രതിഷ്ഠ; സ്ഥാപനം; പ്രാരംഭം. **=rā-tŏr**, *n.* സംസ്കാരകൻ. **=rā-tŏr-y**, *a.* പ്രതിഷ്ഠാൎത്ഥമായ.

**In-au′rāte** (-a′rāt), *v. t.* പൊന്നു് പൊതിയുക, —പൂശുക. *a.* —പൊതിഞ്ഞ, —മുക്കിയ. **=rā′tiŏn**, *n.* —പൊതിയൽ.

**In-au-spi′ciŏus** (-a-spish′us), *a.* അശുഭം ആയ, ശകുനം പിഴെച്ച. **-ly**, *ad.* അശുഭമായി. **-ness**, *n.* മുഹൂൎത്തമില്ലായ്മ, അശുഭത.

**In-au-thor′i-ta-tive** (-a-thor′i-), *a.* അധികാരമില്ലാത്ത.

In-bē'iṅg, *n.* സഹജാസ്തിക്യം.

In'born, *a.* ജന്മനാ ഉള്ള, ജാത്യാ—, സഹജമായ.

In'breāk, -iṅg, *n.* ആക്രമണം, ഭേദനം.

In-breāthe' (-brēth'), *v. t.* ഊതിക്കയററുക, നിശ്വസിപ്പിക്കുക.

In-breēd', *v. t.* മനസ്സിൽ ജനിപ്പിക്കുക. ='bred, *a.* പ്രകൃത്യാലുള്ള; അന്തർജ്ജന്യമായ.

In'burn-iṅg, *a.* ഉള്ളിൽ ജ്വലിക്കുന്ന. =burnt, *a.* ചൂടു വെച്ച, മാഞ്ഞുപോകാത്ത.

In-cāġe', En-cāġe', *v. t.* കൂട്ടിലാക്കുക.

In-cal'cū-la-ble, *a.* അഗണ്യം ആയ, അസംഖ്യം—, വളരെ. -ness, *n.* അഗണ്യത. =bly, *ad.* മട്ടില്ലാതെ.

In-can-des'cent, *a.* ചൂടുകൊണ്ടു പഴുത്ത; 2. മിന്നുന്ന, ശോഭയുള്ള. i. lamp വിദ്യുദ്ദീപം. =des'cence, *n.* ചുട്ടുപഴുപ്പ്.

In-can-tā'tiōn, *n.* മന്ത്രവാദം; മന്ത്രം. =can'tā-tōr-y, *a.* മന്ത്രവാദസംബന്ധമായ.

In-cā'pa-ble, *a.* പോരാത്ത, കൊള്ളാത്ത, കഴിവു ഇല്ലാത്ത, ശേഷി—; 2. രഹിതമായ; ചെയ്യാത്ത: i. of dishonesty കള്ളത്തരം കാട്ടാൻ കഴിവില്ലാത്ത, —കാട്ടാത്ത; 3. പററാത്ത, തട്ടാത്ത: i. of injury അപകടം തട്ടുവാൻ പാടില്ലാത്ത; 4. അഹതയില്ലാത്ത (*l.*). *n.* അപ്രാപ്തൻ. -ness, =bil'i-ty, *n.* ശേഷികേടു; അനഹത. =bly, *ad.* ശേഷികേടായി. =pā'-ciōus, *a.* പ്രാപ്തിയില്ലാത്ത; കടുങ്ങിയ, ചെറിയ; ബലഹീനമായ. =pā'ciōus-ness, *n.* ബലഹീനത; ചെറുപ്പം. =pac'i-tāte, *v. t.* ശേഷി ഇല്ലാതാക്കുക, —കെടുക്കുക; അയോഗ്യനാക്കുക (*l.*). =pāc'i-ty, =pac-i-tā'tiōn, *n.* ശേഷികേടു, ബുദ്ധിയില്ലായ്മ, പ്രാപ്തിക്കുറവു; അയോഗ്യത (*l.*).

In-cap'sū-lāte, *v. t.* അടച്ചുകളയുക (*phys.*). =lā'tiōn, *n.* അടഞ്ഞുപോകൽ.

In-cär'cēr-āte, *v. t.* തടവിലാക്കുക, ബന്ധിക്കുക; വളഞ്ഞിടുക. *a.* ബന്ധനത്തിലുള്ള. =ā'tiōn, *n.* തടവിലാക്കൽ; തടവു. =ā-tōr, *n.* തടവിലാക്കുന്നവൻ.

In-cär'na-dīne, *v. t.* ചുവപ്പിക്കുക.

In-cär'nāte, *v. t.* മാംസം ധരിക്കുക; അവതരിക്കുക (*Chr.*); 2. മനുഷ്യാകൃതി സങ്കല്പിക്കുക. *v. i.* മാംസമുണ്ടാക; 2. മുറികൂടുക (*med.*). *a.* മാംസം ധരിച്ച; മനുഷ്യാകൃതിയുള്ള. =nā'tiōn, =cär-ni-fi-cā'tiōn, *n.* മാംസധാരണം; മനുഷ്യരൂപം ധരിക്കൽ; അവതാരം; പിറപ്പു; മുറികൂടൽ (*med.*). =cär'na-tive, *a.* മാംസം വെക്കുന്ന; സുഖപ്പെടുന്ന.

In-cāse', *v. t.* ഉറയിലിടുക; 2. പൊതിയുക. -ment, *n.* പൊതിയൽ, ഉറക്കകത്താക്കൽ; ഉറ.

In-cas'tel-lā-ted, *a.* കോട്ടയിലിട്ടടച്ച.

In-cau'tiōus (-ka'shus), *a.* സൂക്ഷ്മം ഇല്ലാത്ത, ചരതിക്കാത്ത. -ly, *ad.* സൂക്ഷിക്കാതെ. -ness, *n.* അജാഗ്രത.

In-cen'di-a-ry, *n.* തീവെക്കുന്നവൻ, കൊള്ളി—; 2. കലഹം ജനിപ്പിക്കുന്നവൻ. *a.* പുരക്കു തീവെക്കുന്നതായ; 2. മത്സരം ജനിപ്പിക്കുന്ന. =rism, *n.* പുരച്ചുടു, കൊള്ളിവെക്കൽ.

I. In-cense', *v. t.* തീക്കത്തിക്കുക; 2. കോപം ജ്വലിപ്പിക്കുക. =censed' (-senst'), *a.* ക്രോധം പൂണ്ട. -ment, *n.* അത്യുഷ്ണം; മഹാകോപം. =cen'sēr, =cen'sōr, *n.* കോപിപ്പിക്കുന്നവൻ. =cen'siōn, *n.* ദഹനം, ജ്വലനം. =cen'sive, *a.* കോപം തോന്നിക്കുന്ന. =cen'tive, *a.* ഉത്സാഹിപ്പിക്കുന്ന; എരിച്ചുകൂട്ടുന്ന. *n.* പ്രേരേപണം, പ്രോത്സാഹം; 2. ആകർഷണം; 3. ഹേതു, കാരണം. =cen'tive-ly, *ad.* പ്രേരണത്തോടെ.

II. In'cense, *n.* ധൂപം; 2. കുന്തുരുക്കം, സാമ്പ്രാണി; 3. പ്രാർത്ഥന. *v. t.* ധൂപം കാട്ടുക, കുന്തുരുക്കം പുകയിക്കുക. =cen'sōr-y, *n.* ധൂപകലശം, ധൂപക്കുററി.

In-cen'tēr, *n.* ത്രികോണാന്തർവൃത്തകേന്ദ്രം (*geom.*).

In-cep'tiōn, *n.* പ്രാരംഭം, തുടക്കം; 2. അംഗീകരണം. =cep'tive, *a.* ആദ്യ; ആരംഭസൂചകമായ. *n.* ആദ്യപദം.

=cep'tive-ly, *ad.* തുടക്കമായി. =cep'-tŏr, *n.* ആദ്യപാഠി.

In-cĕr-ā'tiŏn, *n.* അരക്ക് പൂശൽ, —പൊതിയൽ. =a-tive, *a.* പററുള്ള.

In-cĕr'ti-tūde, *n.* അനിശ്ചയം, സംശയം, ശങ്ക. =cĕr'tum, *a.* വികല്പം ഉള്ള, സന്ദേഹം—; ആകൃതിവ്യവസ്ഥയില്ലാത്ത.

In-ces'sant, *a.* ഇടവിടാത്ത, അനവരതം ആയ; 2. അനന്തം—. -ly, *ad.* ഇടവിടാതെ, എപ്പോഴും, നിത്യം. =san-cy, *n.* നിരന്തരത്വം, ഇടമുറിയായ്മ, തുടച്ച.

In'cest, *n.* അഗമ്യഗമനം, നിഷിദ്ധബന്ധുസാംഗമം, —ബന്ധുവിവാഹം. ='tū-ŏus, *a.* വൎജ്യബന്ധുവിവാഹസംബന്ധം ഉള്ള; —ആയ. ='tū-ŏus-ly, *ad.* അഗമ്യഗമനമായി. ='tū-ŏus-ness, *n.* അഗമ്യഗമ്യത.

Inĉh, *n.* വിരല്, അംഗുലം; 2. അല്പദൂരം; 3. —കാലം. i.-meal ഒരംഗുലം നീളമുള്ള കഷണം. by i.-meal അല്പാല്പമായി. by i.es ക്രമേണ, വരവര. *v.t.* ക്രമേണ അകററുക; അല്പാല്പം കൊടുക്കുക. *v.i.* മെല്ലെപോക. inĉhed (insht), *a.* അംഗുലമുള്ള. *ad.* കുറേശ്ശകുറേശ്ശയായി, ക്രമേണ.

In-chant', *see* Enchant.

In-chāse', *see* Enchase.

In-chest', *v.t.* പെട്ടിയിലിടുക.

In'ĉhō-āte, *a.* തുടക്കമായ, ആരംഭമായ, അങ്കുരിച്ച് വരുന്ന; 2. പൂൎണ്ണമാകാത്ത. -ly, *ad.* അപൂൎണ്ണമായി. =ā'tiŏn, *n.* പ്രാരംഭം, തുടക്കം. =a'tive, *a.* നടാടെയുള്ള, ആദ്യ.

In'ci-dent, *a.* വീഴുന്ന, തട്ടുന്ന; 2. പെട്ടന്നുണ്ടാകുന്ന, ആകസ്മികം ആയ; 3. സംഭവ്യം—; സാധാരണസംഭവം—; 4. സംബന്ധിതം—, ആശ്രിതം— (*l.*). *n.* സംഭവം, സംഗതി, കാൎയ്യം; 2. അനുവൃത്തം; 3. അനുബന്ധസംഭവം, സംബന്ധിതം—. ='tal, *a.* യദൃച്ഛയാഉണ്ടാകുന്ന, അകസ്മാത്ത് ആയ; സംബന്ധിതം—. *n.* സംഭവം; *pl.* ചില്ലറച്ചിലവ്, കാണാത്തചിലവ്. ='tal-ly, *ad.* അന്യസംബന്ധത്തിൽ; നിനയാതെ. ='tal-ness, *n.* ആകസ്മികത്വം.

In-cin'ĕr-āte, *v.t.* ദഹിപ്പിക്കുക, ഭസ്മമാക്കുക. =a-ble, *a.* ഭസ്മമാക്കുവാൻ പാടുള്ള. =ā'tiŏn, *n.* ദഹനം; ശവദാഹം.

In-cip'i-ent, *a.* ആരംഭം ആയ, തുടക്കം—. -ly, *ad.* ആദ്യമായി.

In-cĭr'cle, *see* Encircle.

In-cĭr-cum-scrip'tiŏn, *n.* അതിരില്ലായ്മ. =scrip'ti-ble, *a.* ക്ലിപ്തപ്പെടുത്തുവാൻ കഴിയാത്ത.

In-cĭr'cum-spect, *a.* സൂക്ഷ്മം ഇല്ലാത്ത, വകതിരിവ്—. =spec'tiŏn, *n.* സൂക്ഷ്മക്കേട്, അജാഗ്രത.

In-cīse', *v.t.* ചെത്തിയുണ്ടാക്കുക; കൊത്തിവരക്കുക; 2. കത്തികൊണ്ട് മുറിക്കുക; വരിയുക, വാരുക, അരിയുക. =cīsed' (sīzd'), *a.* കൊത്തിയ; പല്ല് പല്ലായ (*b.*). i.d wound കത്തി(യാലുള്ള) മുറിവ്. -ly, *ad.* കൊത്തായി. =cisi'ŏn (-sizh'un), *n.* കൊത്തൽ; മുറിവ്, വാരല്. =cī'sive, *a.* മുറിപ്പെടുത്തുന്ന; കത്തുന്ന; പരിഹാസമുള്ള; മുന്നാരപ്പല്ല് സംബന്ധിച്ച (*an.*). =cī'sŏr, *n.* മുൻപല്ല്, മുന്നാരപ്പല്ല് (*an.*). in-cīse', =cī'sŏr-y, *a.* മുറിക്കുന്ന; മുന്നാരപ്പല്ല് സംബന്ധിച്ച. =cis'ure, *n.* മുറി, പരിക്ക്.

In-cīte', *v.t.* ഉത്സാഹിപ്പിക്കുക, കത്തിപ്പൊന്തിക്കുക; ധൈൎയ്യപ്പെടുത്തുക. =cī'-tant, *a.* പ്രേരേപിക്കുന്ന; ചുണവരുത്തുന്ന. *n.* ഉണൎച്ചവരുത്തുന്ന സാധനം. =ci-tā'tiŏn, =cīte'ment, *n.* ഉത്സാഹിപ്പിക്കൽ; പ്രേരണം; ഹേതു, കാരണം, വിത്ത്. =cī'tĕr, *n.* എരിച്ച് കൂട്ടുന്നവൻ. =cī'ting-ly, *ad.* പ്രോത്സാഹത്തോടെ. =cī-to-mō'tŏr, =cī-to-mō'tŏr-y, *a.* ചലനഹേതുകമായ (*phys.*).

In-ci-vil'i-ty, *n.* മൎയ്യാദയില്ലായ്മ, ലോകൃക്കുറവ്; നിൎമ്മൎയ്യാദം, അലൌകികം; 3. നാഗരീകത്വമില്ലായ്മ. =civ-i-li-sā'-tiŏn, =civ-i-li-zā'tiŏn, *n.* പരിഷ്കാരഹീനത.

In-clasp', En-clasp', *v. t.* കെട്ടിപ്പിടിക്കുക, ഊന്നപ്പടങ്ങപിടിക്കുക; ആശ്ലേഷിക്കുക. [ട്ടാത്ത.

In-clau'dent, *a.* അടയാത്ത; പൂ

In'cla-vā-ted, *a.* ആണിതറച്ചുറപ്പിച്ച.

In-clem'ent, *a.* സൌമ്യതയില്ലാത്ത, അനാദരവ് ആയ, നിൎദ്ദയം—; കൊടൂരം—, കഠിനം—; 2. ഉഗ്രത ഉള്ള, മഴക്കോള്—, കാററും വിശറും—, നന്ന കളിര്—. =en-cy, *n.* നിൎദ്ദയത്വം, കൊടുമ, കാഠിന്യം; മഴ, കൊടുങ്കാററ്, മഹാശൈത്യം. -ly, *ad.* നിൎദ്ദാക്ഷിണ്യം ആയി, ക്രൂരം—.

In-clīne', *v. i.* ചായുക, ചരിയുക, വളയുക; 2. മനസ്സ് വെക്കുക, —ഉണ്ടാക, ഭാവം—; 3. തുങ്ങുക, അനുകൂലിക്കുക; 4. കനിയുക, വണങ്ങുക. *v. t.* ചരിക്കുക, വളക്കുക; ചായ്ക്കുക; 2. മനസ്സ് വരുത്തുക, താല്പൎയ്യം ജനിപ്പിക്കുക; തിരിക്കുക; 3. കനിക്കുക, താഴ്ത്തുക. *n.* ചരിവ്, ചായ്പ്പ, കയററം; കിഴിച്ചല്. ='na-ble, *a.* ചാഞ്ഞ; ഭാവം ഉള്ള, താല്പൎയ്യം—. ='na-ble-ness, =cli-nā'tiŏn, *n.* ചായ്ക്കൽ, കനിക്കൽ; വളവ്, ചരിവ്, ചായ്വ്; താല്പൎയ്യം, രസം, വാസന; പററ്, അനുകൂലം, പ്രിയം; കാംക്ഷ, ഇച്ഛ; കോണ് (*geom.*). i.n of a planet ചരിവ്, പരമാപമം (*as.*). the greatest i.n of a planet വിക്ഷേപധ്രുവം (*as.*). i.n of the magnetic needle ക്രാന്തി, വീഴ്ച (*as.*). =cli'na-tor-y, *a.* ചരിവുള്ള. =clīned' (klīnd'), *a.* ചായ്വുള്ള; താല്പൎയ്യം ഉള്ള, പ്രിയം—, കാംക്ഷ—; മുറിയത്തിൽ വരുന്ന, കോണുണ്ടാകുന്ന (*math.*). =clī'-ning, *n.* ഭാവം, താല്പൎയ്യം; പക്ഷം; പക്ഷക്കാര്.

In-clip', *v. t.* കൂട്ടിപ്പിടിക്കുക, മൂടുക.

In-clōse', (*see* Enclose), *v. t.* വളയുക, നിരോധിക്കുക; ഉൾപ്പെടുത്തുക; വളഞ്ഞിടുക, ചുററിവളയുക; 2. ഉറയിലിടുക, അകത്ത് വെച്ച് മടക്കുക; അടക്കം ചെയ്യുക; 3. വേലിക്കകത്താക്കുക; 4. കതിരക്ക് കോപ്പിടുക. =clō'sure, *n.* വളഞ്ഞിടൽ; ആവരണം; അകത്ത് വെച്ചത്, അടക്കം ചെയ്യുത്; വളപ്പ്; വേലി.

In-cloud', *v. t.* കാറ് മൂടുക; ഇരുട്ടാക്കുക.

In-clude', *v. t.* ഉൾപ്പെടുത്തുക, കൊള്ളുക, അടങ്ങിയിരിക്കുക; 2. തീൎക്കുക, അവസാനിപ്പിക്കുക. =clu'ded, *a.* ഉൾപ്പെട്ട, അകത്ത് ഉള്ള. =clu'ding, *a.* ഉൾപ്പെടെ—. =clu'di-ble, *a.* ഉൾപ്പെടത്തക്ക. =clu'-siŏn, *n.* അടക്കം, ഉൾപ്പെടുത്തൽ; ക്ലിപ്തം, അതിര്. =clu'sive, *a.* ചുററും ഉള്ള; വട്ടത്തിൽ—; ഉൾപ്പെടെ—: from Monday to Saturday i.e തിങ്കളാഴ്ചയും ശനിയാഴ്ചയും ഉൾപ്പെടെ (അടക്കം) ആറ് ദിവസം. =clu'sive-ly, *ad.* ഉൾപ്പെടുത്തുംവണ്ണം; ആകപ്പാടെ. [കയററുക.

In-cōach' (-kōch'), *v. t.* വണ്ടിയിൽ

In-cog'i-ta-ble, *a.* അറിയാത്ത; അഗ്രാഹ്യമായ. =tance, =tan-cy, *n.* നിൎവ്വിചാരം, ബുദ്ധികേട്. =tant-ly, *ad.* അഗ്രാഹ്യമായി. =ta-tive, *a.* വിചാരശക്തിയില്ലാത്ത, അബുദ്ധിയായ.

In-cog', -ni-tō, *a.* & *ad.* കണ്ടറിവാൻ പാടില്ലാതെ, വേഷഛന്നമായി, ആൾമാററമായി. *n.* ആരും അറിയാത്തവൻ; 2. ഛന്നവേഷൻ; 3. വേഷധാരണം; 4. വേഷം. -ni-ta, *n.* വേഷഛന്നയായ സ്ത്രീ.

In-cog'ni-sa-ble, =za-ble (-kog'ni- *or* -kon'i-), *a.* തിരിച്ചറിവാൻ കഴിയാത്ത, കണ്ട് തിരിപ്പാൻ—. =sance, =zance, *n.* തിരിച്ചറിയായ്മ, അഗ്രാഹ്യത. =sant, =zant, *a.* അറിയാത്ത, മനസ്സിലാകാത്ത.

In-cō-hē'rent, *a.* സംബന്ധമററ, പററില്ലാത്ത, ഇളകിയ; 2. അസംയുക്തമായ, ചേൎച്ചഇല്ലാത്ത, പൊരുത്തം—; 3. വിപരീതമായ. -ness, =cō-hē'rence, =cō-hē'ren-cy, *n.* ചേൎച്ചക്കേട്, അസംബന്ധം; വ്യത്യാസം; ഭേദം. =cō-hē'-rent-ly, *ad.* ചേൎച്ചയില്ലാതെ; പിച്ചും പെയ്യും. [ജിക്കാത്ത.

In-cō-in'ci-dent, *a.* ഒക്കാത്ത, യോ

**In-com-bus'ti-ble**, *a.* തീപ്പററാത്ത, വെന്ത് പോകാത്ത. **=bly**, *ad.* കത്തിപ്പോകാതെ. **-ness**, *n.* അദാഹ്യത.

**In'cŏme**, *n.* പ്രവേശനം; 2. ഉത്സാഹം, ധൈര്യം; 3. ആദായം, പിരിവ്, കാലാനുഭവം, വരവ്; 4. പോഷണം (*phys.*). **i.-tax** ആദായനികിതി. **=cŏm-ĕr**, *n.* വരുന്നവൻ; പിന്തുടച്ചക്കാരൻ. **=cŏm-ing**, *a.* വരുമാനമുള്ള; പിന്തുടരുന്ന. *n.* വരവ്.

**In-com-men'sū-ra-ble**, **=rāte**, *a.* അളവിലൊക്കാത്ത, പ്രമാണതുല്യതയില്ലാത്ത; 2. അതുല്യമായ; 3. പോരാത്ത, ഒക്കാത്ത.

**In-com-mōde'**, *v. t.* സൌകര്യമില്ലാതാക്കുക; അസഹ്യപ്പെടുത്തുക, ഞെരുക്കുക. **=mō'di-ŏus**, *a.* സൌകര്യം ഇല്ലാത്ത, ഇടം—; പററാത്ത; ബുദ്ധിമുട്ടുള്ള. **=mō'di-ŏus-ly**, *ad.* ഇറുങ്ങി. **=mō'di-ŏus-ness**, *n.* ഇട്ടക്കം. **=mod'i-ty**, *n.* അനുകൂലക്കുറവ്, ഉപദ്രവം.

**In-com-mū'ni-ca-ble**, *a.* പറഞ്ഞറിയിപ്പാൻ പാടില്ലാത്ത; 2. ദാതവ്യമല്ലാത്ത. **-ness**, **=ca-bil'i-ty**, *n.* അപ്രസ്താവനീയതത്വം; അദാതവ്യത. **=ca-bly**, *ad.* അവാച്യമാംവണ്ണം. **=ca-tive**, *a.* പറയാത്ത, മിണ്ടാത്ത, മൌനിയായ; അന്യസഹവാസമില്ലാത്ത. **=ca-tive-ly**, *ad.* മിണ്ടാതെ. **=ca-tive-ness**, *n.* മൌനത.

**In-com-mū'ta-ble**, *a.* മാററിക്കൂടാത്ത. **-ness**, **=bil'i-ty**, *n.* മാററിക്കൂടായ്മ. **=bly**, *ad.* മാററിക്കൂടാതവണ്ണം.

**In-com-pact'**, **=pact'ed**, *a.* ചേച്ചയില്ലാത്ത; വെവ്വേറെയായ.

**In-com'pa-ra-ble**, *a.* അതുല്യം ആയ; അതിശ്രേഷ്ഠം—. **-ness**, *n.* അനന്യത. **=ra-bly**, *ad.* നിസ്തുലമായി, അനുപമീയമായി.

**In-com-pas'siŏn-āte** (-shun-āt), *a.* പരിതാപം ഇല്ലാത്ത, ഖേദം—. **-ly**, *ad.* നിർദ്ദയമായി. **-ness**, *n.* അലിവില്ലായ്മ.

**In-com-pat'i-ble**, **=pet'i-ble**, *a.* ഒരുമഇല്ലാത്ത, യോജിപ്പ്—; ചേച്ച—; 2. ധാതുവൈപരീത്യമുള്ള (*ch.*). **-ness**, **=bil'i-ty**, *n.* വൈപരീത്യം; ഗുണവ്യത്യാസം. **=bly**, *ad.* അയുക്തമായി; യോജിപ്പില്ലാതെ.

**In-com'pe-tent**, *a.* ശേഷികെട്ട; പററാത്ത, പോരാത്ത; 2. അൎഹതഇല്ലാത്ത (*l.*); 3. അധികാരം—. **=tence**, **=ten-cy**, *n.* പ്രാപ്തിക്കുറവ്, ശേഷികേട്; വകയില്ലായ്മ; അയോഗ്യത (*l.*). **-ly**, *ad.* സാമൎത്ഥ്യമില്ലാതെ; പററാതെ.

**In-com-plēte'**, *a.* പൂൎത്തിയാകാത്ത, തീരാത്ത; 2. തികയാത്ത; 3. അപൂൎണ്ണമായ; 4. ന്യൂനതയുള്ള. **-ly**, *ad.* കുറവായി; അപൂൎണ്ണമായി. **-ness**, **=plē'tiŏn**, *n.* തികവില്ലായ്മ; കുറവ്.

**In-com'plex**, *a.* കൂട്ടില്ലാത്ത, സമ്മിശ്രമല്ലാത്ത, ശുദ്ധമായ.

**In-com-plī'ant**, *a.* സമ്മതമാകാത്ത, അനുകൂലിക്കാത്ത, കൂട്ടാക്കാത്ത; 2. ശാഠ്യമുള്ള. **=plī'a-ble**, *a.* അനുസരണമില്ലാത്ത. **=plī'ance**, *n.* വിസമ്മതം, മക്കടമുഷ്ക്കിതത്വം; പ്രതികൂലം. **-ly**, *ad.* കൂട്ടാക്കാതെ.

**In-com'pos-ite**, *a.* സംയോഗസാധനമല്ലാത്ത; 2. തനിആയ; 3. ഒററ—.

**In-com-pre-hen'si-ble**, *a.* അപ്രമേയം ആയ; 2. അഗോചരം—; 3. അജ്ഞേയം—. **-ness**, **=bil'i-ty**, *n.* അഗ്രാഹ്യത. **=bly**, *ad.* മനസ്സിലാകാതവണ്ണം. **=hen'siŏn**, *n.* അറിവില്ലായ്മ; മനസ്സിലാകായ്മ. **=hen'sive**, *a.* അഗ്രാഹ്യമായ; ഉൾപ്പെടാത്ത; ചുരുങ്ങിയ. **=hen'sive-ly**, *ad.* ക്ലിപ്തമായി. **=hen'sive-ness**, *n.* ക്ലിപ്തം; അഗോചരതത്വം.

**In-com-pres'si-ble**, *a.* അമൎത്തുവാൻ പാടില്ലാത്ത, ചുരുക്കുവാൻ—; 2. ഒതുങ്ങാത്ത. **-ness**, **=bil'i-ty**, *n.* അമരായ്മ, ഒതുക്കമില്ലായ്മ.

**In-com-pū'ta-ble**, *a.* അഗണ്യമായ.

**In-con-cēal'a-ble** (-sēl'a-bl), *a.* മറച്ച് വെപ്പാൻ വഹിയാത്ത, വെളിവായ.

**In-con-cēiv'a-ble**, *a.* അഗ്രാഹ്യമായ, ബുദ്ധിക്കെത്താത്ത; ഗൂഢമായ. **-ness**, **=bil'i-ty**, *n.* അഗോചരതത്വം. **=bly**,

*ad.* ഗ്രഹിപ്പാൻ വഹിയാതവണ്ണം; രഹസ്യമായി.

**In-con-clụ′sive,** *a.* തീൎച്ചഇല്ലാത്ത, തിട്ടം—; നിൎണ്ണയിപ്പാൻ പാടില്ലാത്ത. **-ly,** *ad.* തിട്ടമില്ലാതെ. **-ness,** *n.* തീൎച്ചയില്ലായ്മ.

**In-con-den′sa-ble, =den′si-ble,** *a.* ചുരുക്കിക്കൂടാത്ത; 2. കറുക്കിക്കൂടാത്ത, മുഴപ്പിച്ചുകൂടാത്ത; 3. വാററിയെടുപ്പാൻ കഴിയാത്ത.

**In-con-ġeal′a-ble** (-jēl′a-bl), *a.* കട്ടിയാക്കുവാൻ പാടില്ലാത്ത.

**In-con-ġē′ni-al,** *a.* പററാത്ത, ചേരാത്ത; 2. സ്വഭാവവൈപരീത്യമുള്ള. **-′i-ty,** *n.* അയോജ്യത.

**In-con′grụ-ŏus, =con′grụ-ent,** *a.* ചേൎച്ചയില്ലാത്ത; തമ്മിൽ ചേരാത്ത; 2. വിരുദ്ധം ആയ; 3. അയോഗ്യം—, പററാത്ത. **-ness, =con′grụ-ence, =grụ′i-ty,** *n.* അനൌചിത്യം; പൊരുത്തക്കേട്; വിരോധം. **-ly,** *ad.* ചേൎച്ചയില്ലാതെ, പററാതവണ്ണം.

**In-con-sec′ū-tive-ness,** *n.* തുടൎച്ചക്കേട്.

**In-con′se-quent, =quen′tial** (-shal), *a.* അസംബന്ധം ആയ, അനുമാനവിരോധം—, തോന്നിയവാസം—; 2. അല്പം—. **=quence, =quen-tial′i-ty,** *n.* അസംബന്ധം; തിട്ടമില്ലായ്മ. **=quen′tial-ly,** *ad.* നിസ്സാരമായി.

**In-con-sid′ẽr-a-ble,** *a.* സാരമില്ലാത്ത; 2. ലഘുആയ; 3. അല്പം—. **-ness,** *n.* ലഘുത്വം; നിസ്സാരത്വം. **=bly,** *ad.* സ്വല്പമായി.

**In-con-sid′ẽr-āte,** *a.* വിചാരം ഇല്ലാത്ത; 2. സൂക്ഷ്മം—; 3. വിവേകം—; 4. അലക്ഷ്യഭാവം ഉള്ള; 5. ദ്രുതഗതി—; 6. ലഘുമനസ്സ്—. **-ly,** *ad.* നിൎവ്വിചാരഭാവത്തോടെ. **-ness,** *n.* അവിവേകം, മനോലഘുത്വം. **=ā′tiŏn,** *n.* നിശ്ശങ്ക; ചരതമില്ലായ്മ; അലക്ഷ്യം.

**In-con-sis′tent,** *a.* അയുക്തമായ; ചേൎച്ചയില്ലാത്ത; 2. വിപരീതം ആയ, പൂൎവ്വാപരവിരുദ്ധം—; 3. ചഞ്ചലം—. **=sis′tence, =sis′ten-cy,** *n.* അസംബന്ധം; അയുക്തത; വൈപരീത്യം, പൂൎവ്വാപരവിരോധം; അസ്ഥിരത, ചാപല്യം. **-ly,** *ad.* യോജിപ്പില്ലാതെ, വികടമായി.

**In-con-sō′la-ble,** *a.* ശമിപ്പിപ്പാൻ വഹിയാത്ത; 2. ആശ്വാസമററ; അതിദുഃഖമുള്ള. **-ness,** *n.* അനാശ്വാസനീയത്വം, ശോകാകുലത്വം. **=bly,** *ad.* ആശ്വാസം കൈക്കൊള്ളാതെ; ശമനം വരാതെ.

**In-con′sō-nant,** *a.* ചേൎച്ചയില്ലാത്ത, അയുക്തം ആയ; 2. വിപരീതം ആയ. **=nance, =nan-cy,** *n.* പൊരുത്തക്കേട്; വിരുദ്ധം; സ്വരഭംഗം. **-ly,** *ad.* ഒരുമയില്ലാതെ.

**In-con-spic′ū-ŏus,** *a.* അദൃശ്യമായ, കാണ്മാൻ കഴിയാത്ത. **-ly,** *ad.* പ്രത്യക്ഷമാകാതെ. **-ness,** *n.* അസ്പഷ്ടത.

**In-con′stant,** *a.* അസ്ഥിരം ആയ, ചപലം—; 2. ക്ഷണികം—; 3. മാറിമാറിപ്പോകുന്ന. **=′stance, =′stan-cy,** *n.* ചഞ്ചലഭാവം, അസ്ഥിരത. **-ly,** *ad.* ബുദ്ധിചാപല്യത്തോടെ.

**In-con-sū′ma-ble,** *a.* ദഹിച്ചുപോകാത്ത; 2. തിന്നു—; 3. അവ്യയമായ. **=bly,** *ad.* കത്തിപ്പോകാതെ; ചിലവായ്പോകാതെ.

**In-con-sum′māte,** *a.* പൂൎത്തിയാകാത്ത, തീരാത്ത. **-ness,** *n.* അപൂൎണ്ണത.

**In-con-tam′i-nāte,** *a.* നിഷ്കളങ്കം ആയ, ശുദ്ധം—. **-ness,** *n.* പവിത്രത.

**In-con-tes′ta-ble,** *a.* തൎക്കമററ, നിൎവ്വാദം ആയ, സൎവ്വസമ്മതം—. **-ness, =bil′i-ty,** *n.* നിസ്സംശയം. **=bly,** *ad.* നിരാക്ഷേപമായി, തെളിവായി. **=test′ed,** *a.* തൎക്കമില്ലാത്ത.

**In-con-tig′ū-ŏus,** *a.* തൊടാതെയുള്ള, അകന്നുനില്ക്കുന്ന. **-ly,** *ad.* തമ്മിൽ തൊടാതെ, ദൂരെദൂരെ.

**In-con′ti-nent,** *a.* അടക്കം ഇല്ലാത്ത, ജിതേന്ദ്രിയത്വം—; കാമാതുരമായ; നടപ്പുദോഷമുള്ള; 2. തനിയെ ഒഴുകുന്ന (*med.*). *n.* ദുൎന്നടപ്പുകാരൻ. *ad.* ഉടനെ, തല്ക്ഷണം. **=nence, =nen-cy,** *n.* ഇച്ഛയടക്കമില്ലായ്മ, അമിതത്വം, അജി

തേന്ദ്രിയത്വം, വിഷയലമ്പടത്വം; സ്വ തഃസ്രവം (*med.*). -ly, *ad.* ഇന്ദ്രിയനി ഗ്രഹം ഇല്ലാതെ, അടക്കം—; ഉടനെ, ക്ഷണം.

In-con-trōl'la-ble, *a.* പിടിച്ച് നി ൎത്തുവാൻ കഴിയാത്ത, അടക്കുവാൻ—. =bly, *ad.* ഭരിപ്പാൻ കഴിയാതവണ്ണം.

In-con-trō-vĕr'ti-ble, *a.* തൎക്കം പ റവാനില്ലാത്ത; സൂക്ഷ്മമായ. -ness, =bil'i-ty, *n.* പ്രതിവാദമില്ലായ്മ. =bly, *ad.* നിൎവ്വാദ്യമായി.

In-con-vē'ni-ent, *a.* പററാത്ത, അ നുചിതം ആയ; 2. അനനുകൂലം—, സൌ കൎയ്യം ഇല്ലാത്ത; തരം—; അവസരം—; ഇടം—; ഞെരുക്കമുള്ള. =vē'ni-ence, =vē'ni-en-cy, *n.* അനനുകൂലം, സൌക ൎയ്യക്കുറവ്; തഞ്ചക്കേട്; വല്ലായ്മ; അനൌ ചിത്യം; സുഖക്കേട്; വിഷമം. =vē'ni-ence, *v. t.* ബുദ്ധിമുട്ടിലാക്കുക; അസഹ്യ പ്പെടുത്തുക. -ly, *ad.* വശം കെട്ട്; അനു കൂലമില്ലാതെ; തരക്കേടായി; പററാതെ.

In-con'vĕr-sant, *a.* പരിചയം ഇ ല്ലാത്ത; അറിവ്—.

In-con-vĕr'ti-ble, *a.* രൂപഭേദം വ രുത്തിക്കൂടാത്ത, മാററുവാൻ കഴിയാത്ത. -ness, =bil'i-ty, *n.* മാററിക്കൂടായ്മ, നി ൎവ്വികാരത്വം. =bly, *ad.* മാററുവാൻ ക ഴിയാതെ.

In-con-vin'ci-ble, *a.* ബോധ്യം വ രുത്തുവാൻ കഴിയാത്ത, പറഞ്ഞ് മനസ്സി ലാക്കുവാൻ—. =bly, *ad.* ബോധ്യപ്പെടു ത്തുവാൻ കഴിയാതവണ്ണം.

In-cō-or'di-nāte, *a.* ഐക്യതയില്ലാ ത്ത. =nā'tiŏn, *n.* യോജിപ്പില്ലായ്മ.

I. In-cor'pō-rāte, *a.* ശരീരം ആയ്തീ ൎന്ന; 2. ഐകമത്യസംഘം—; 3. കൂടിച്ചേ ൎന്ന, ഉൾപ്പെട്ട. *v. t.* സംയോജിപ്പിക്കുക; 2. ശരീരത്തിൽ ആവാഹിക്കുക, —ആവ സിക്കുക; 3. രൂപം ധരിപ്പിക്കുക; 4. (with, into) കൂട്ടിക്കലൎത്തുക; 5. കൂട്ടി ച്ചേൎക്കുക, അംഗീകരിക്കുക; ഒന്നാക്കിത്തീ ൎക്കുക; 6. നിയമാനുസാരം സംഘമാക്കി ത്തീൎക്കുക. *v. i.* (with) കൂടിക്കലരുക; ഒ ന്നായ്തീരുക. =rā-ted, *a.* ഒന്നായി തീ ൎന്ന; സംഘമായി—. =rā'tiŏn, *n.* സം യോജനം; സംയോഗം; കൂട്ടിക്കലൎത്തൽ, കലൎപ്പ്; ഏകീകരണം; അംഗീകരണം; ഉററസംബന്ധം; സംഘമാക്കിത്തീൎക്കൽ (*l.*); സംഘം (*l.*). =ra-tive, *a.* സം യോജകമായ. =rā-tŏr, *n.* സംഘസ്ഥാ പകൻ; സംഘാവയവം.

II. In-cor'pō-rāte, *a.* ജഡികമല്ലാത്ത, ആത്മമയമായ; 2. നിയമാനുസാരം സം ഘമായ്തീരാത്ത. =pō're-al, *a.* അശരീ രിആയ; അഭൌതികം—; ജഡപദാൎത്ഥമ ല്ലാത്ത; ഭാവനാരൂപം ആയ; അപ്രത്യ ക്ഷം— (*l.*). =pō're-al-ism, *n.* ആത്മാ സ്തിക്യം; ആത്മമയത്വം; ആത്മാസ്തിക്യ വാദം. =pō're-al-ist, *n.* —വാദി. =pō-re-al'i-ty, =po-rē'i-ty, *n.* അശരീരി ത്വം; അഭൌതികത്വം. =pō're-al-ly, *ad.* അശരീരി ആയി, ആത്മമയം—.

In'cor-rect, *a.* ശരിയല്ലാത്ത, പിഴ യുള്ള; തെററ് ആയ; അയോഗ്യം—, നേ ൎകെട്ട. -ly, *ad.* തപ്പായി. -ness, *n.* അബദ്ധം, നേർകേട്, തെററ്.

In-cor'ri-ġi-ble, *a.* നന്നാക്കുവാൻ കഴിയാത്ത, തിരുത്തുവാൻ—; 2. അസാ ദ്ധ്യം ആയ, അത്യന്തം വഷളായ, ഗുണ പ്പെടാത്ത. *n.* യാതൊന്ന് കൊണ്ടും നന്നാ കാത്തവൻ. -ness, =bil'i-ty, *n.* ശി ക്ഷാതീതത്വം, നന്നാകായ്മ. =bly, *ad.* നന്നാക്കുവാൻ പാടില്ലാതവണ്ണം.

In-cor-rō'di-ble, *a.* കറപിടിക്കാ ത്ത, ദ്രവിച്ച് പോകാത്ത.

In-cor-rupt', *a.* ക്ഷയം ഇല്ലാത്ത, കേട്—, —പററാത്ത; 2. നിൎമ്മലമായ; 3. കൈക്കൂലി വാങ്ങാത്ത, പരമാൎത്ഥമുള്ള. =rup'ti-ble, *a.* നശ്യമല്ലാത്ത; കറപിടി ക്കാത്ത; കോഴവാങ്ങാത്ത, നീതിയുള്ള. =rup-ti-bil'i-ty, =rup'ti-ble-ness, *n.* അക്ഷയത്വം, നാശമില്ലായ്മ. =rup'ti-bly, *ad.* അഴിവില്ലാതെ; നേരായി. =rup'tiŏn, *n.* കേടില്ലായ്മ, അക്ഷയം; കൈക്കൂലിവാങ്ങായ്മ. =rup'tive, *a.* കേ ട്തട്ടാത്ത. -ly, *ad.* നിൎമ്മലമായി; കേടി ല്ലാതെ; പരമാൎത്ഥമായി. -ness, *n.* നി ഷ്കളങ്കത്വം, നിൎദ്ദയത്വം; സത്യം.

**In-cras'sāte,** *v.t.* മുഴപ്പിക്കുക. *v.i.* കൊഴുത്തു വരിക. *a.* മുഴുത്ത. =**sā'tiŏn,** *n.* കൊഴുപ്പിക്കൽ; മുഴുപ്പു.

**In-crēase'** (-krōs'), *v.i.* വലുതാക; വളരുക; പെരുകുക, വൎദ്ധിക്കുക; ഊറുക; വിസ്താരമാക; 2. പെറ്റുപെരുകുക, സന്താനഭരിതമാക; ഫല—; 3. (ചന്ദ്രകല) വൃദ്ധിയാക (*as.*). *v.t.* വൎദ്ധിപ്പിക്കുക, പെരുക്കുക. **in'crēase,** *n.* പെരുപ്പം, ആധിക്യം; വൎദ്ധന, അഭിവൃദ്ധി; വളൎച്ച; ഉന്നതി, അഭ്യുദയം; സമൃദ്ധി; 2. പൊലിവു, ലാഭം, പലിശ; 3. സന്താനം; ഫലം; 4. കലാവൃദ്ധി (*as.*). =**crēas'ing-ly,** *ad.* അധികമധികമായി. ='**cre-ment,** *n.* വളൎച്ച, വൎദ്ധന; വൃദ്ധി, സങ്കലിതം, ജാസ്തി; ഫലം; വിസ്തരണാലങ്കാരം (*rhet.*). =**cre-men'tal,** *a.* വളൎച്ചയായുള്ള. =**cres'-cent,** *a.* വളരുന്ന, വൎദ്ധിക്കുന്ന; കലാവൃദ്ധിയാകുന്ന.

**In-cred'i-ble,** *a.* വിശ്വാസയോഗ്യം അല്ലാത്ത, നേരു—; വിശ്വാസാതിതം ആയ, അസംഭവ്യം—. **-ness,** =**bil'i-ty,** *n.* അവിശ്വാസ്യത, അപ്രാമാണ്യത, അതിശയം; നേര കേടു. =**bly,** *ad.* വിശ്വസിപ്പാൻ പാടില്ലാതവണ്ണം.

**In-cred'ū-lŏus,** *a.* വിശ്വസിക്കാത്ത, നമ്പാത്ത; അവിശ്വാസി ആയ; 2. സംശയാത്മകം—; 3. അവിശ്വാസ്യം—. **-ness,** =**dū'li-ty,** *n.* അവിശ്വാസം, സംശയം. **-ly,** *ad.* നമ്പാതെ, ശങ്കയോടെ.

**In'cre-māte,** *v.t.* ദഹിപ്പിക്കുക; ശവം ചുടുക; ഭസ്മമാക്കുക. **in-crem'a-ble,** *a.* ദഹിച്ചുപോകാത്ത, വെന്തു—. =**mā'-tiŏn,** *n.* ദഹനം; ശവദാഹം.

**In'cre-ment, In-cres'cent,** *s. u.* **Increase.**

**In-crim'i-nāte,** *v.t.* കുറ്റപ്പെടുത്തുക, കുറ്റം ചുമത്തുക. =**nā'tiŏn,** *n.* കുറ്റാരോപണം. =**nā-tŏr-y,** *a.* കുറ്റപ്പെടുത്തുന്ന.

**In-crust',** *v.t.* പൊതിയുക; 2. അമിഴ്ത്തുക. ='**tāte,** *a.* പൊതിഞ്ഞ. =**tā'-tiŏn,** *n.* പൊതിയൽ; പുറ്റു, തൂതമ്പു; അമിഴ്ത്തൽ.

**In'cū-bāte,** *v.i.* & *t.* പൊരുന്നുക, കാപ്പിലിരിക്കുക. =**bā'tiŏn,** *n.* പൊരുന്നൽ; രോഗപ്രത്യക്ഷത. **period of i.n, stage of i.n** രോഗപ്രത്യക്ഷകാലം. =**ba-tive,** *a.* പൊരുത്തിനുള്ള; രോഗപ്രത്യക്ഷസംബന്ധമായ. =**bā-tŏr,** *n.* പൊരുത്തുയന്ത്രം. =**bā-tŏr-y,** *a.* മുട്ടവിരിപ്പിക്കുന്ന.

**In'cū-bus,** *n.* ദുൎഭൂതം, യക്ഷി; യക്ഷൻ; 2. ദുഃസ്വപ്നം; 3. ഭാരം, തടസ്ഥം.

**In-cul'cāte,** *v. t.* പറഞ്ഞുപറഞ്ഞു മനസ്സിലാക്കുക, പഠിപ്പിക്കുക, ഉപദേശിക്കുക; നിഷ്കൎഷിക്കുക. =**cā'tiŏn,** *n.* പറഞ്ഞു മനസ്സിലാക്കൽ; ഖണ്ഡിതപ്രബോധനം, അനുശാസനം. =**cā-tŏr,** *n.* പ്രബോധകൻ.

**In-cul'pa-ble,** *a.* കുറ്റമില്ലാത്ത, നിൎദ്ദോഷമായ. **-ness,** *n.* നിരപരാധിത്വം. =**bly,** *ad.* കുറ്റമില്ലാതെ.

**In-cul'pāte,** *v. t.* കുറ്റപ്പെടുത്തുക, അപരാധം ചുമത്തുക, കുറ്റത്തിൽ ഉൾപ്പെടുത്തുക. =**pā'tiŏn,** *n.* കുറ്റം, ദോഷാരോപണം. =**pa-tŏr-y,** *a.* കുറ്റപ്പെടുത്തുന്ന.

**In-cult',** *a.* കൃഷിചെയ്യാത്ത, തരിശായ; 2. പരിഷ്കാരമില്ലാത്ത.

**In-cum'bent,** *a.* കിടക്കുന്ന, ചാഞ്ഞ, ചാരിയ, മേലെവീണ; 2. (on, upon) മുറ ആയ, ബാദ്ധ്യത—; 3. കീഴോട്ടു വളഞ്ഞിരിക്കുന്ന (*z.*). *n.* ഉദ്യോഗം നടത്തുന്നവൻ, ബോധകൻ. =**cum'ben-cy,** *n.* ചരിവു, ചാച്ചു; ഭാരം; ഋണം, ധൎമ്മം; ഉദ്യോഗഭരണം. **-ly,** *ad.* ചാഞ്ഞു.

**In-cum'bĕr,** *etc., see* **Encumber.**

**In-cur',** *v. t.* നേരിടുക, അകപ്പെടുക, ഇടവരിക, —ആക. **to i. expenses** ചിലവിടുക. **to i. debts** കടം പിടിക്കുക. *v. i.* കടക്കുക, പ്രവേശിക്കുക. **-rence,** *n.* അകപ്പെടൽ, പിടിപെടൽ, നേരിടൽ.

**In-cū'ra-ble,** *a.* മാറാത്ത, സുഖപ്പെടാത്ത; 2. അനിവാൎയ്യമായ; നിവൃത്തിയില്ലാത്ത; 3. നന്നാകാത്ത. *n.* മാറാത്തരോഗം പിടിപെട്ടവൻ. **-ness,** =**bil'i-ty,**

*n.* മാറായ്മ, സുഖപ്പെടായ്മ; അനിവാൎയ്യത്വം. =bly, *ad.* മാറാതെ.

In-cū'ri-ŏus, *a.* കൌതുകം ഇല്ലാത്ത; 2. ശ്രദ്ധ—, സൂക്ഷ്മം—. -ness, =os'i-ty, *n.* നിൎവ്വിചാരഭാവം, അശണ്യത, ഉപേക്ഷ. -ly, *ad.* അലക്ഷ്യമായി.

In-cur'siŏn, *n.* ഒഴക്കം, പ്രവേശനം; 2. ആക്രമം, അഭിയോഗം; 3. കൊള്ള. =cur'sive, *a.* ആക്രമിക്കുന്ന; കൊള്ളയിടുന്ന.

In-curve', *v. t.* വളക്കുക, കലെക്കുക. =cur'vāte, *a.* വളഞ്ഞ. *v. t.* വളയുക, വക്രമാക. =cur-vā'tiŏn, *n.* വളക്കൽ; വക്രത; വണക്കം. =cur'vi-ty, *n.* ഉൾവളവ്.

In'cus, *n.* അടകല്ല്; 2. അടകല്ലെല്ല് (*an.*).

In-cūse', In-cuss', *v. t.* അടിച്ചുണ്ടാക്കുക, നാണ്യം അടിക്കുക. =cūse', *a.* കൊത്തിയുണ്ടാക്കിയ.

In-debt' (-det'), *v. t.* കടക്കാരനാക്കുക, ഋണബാദ്ധ്യത വരുത്തുക. -ed, *a.* കടംപെട്ട, ബാദ്ധ്യതയുള്ള; വീട്ടേണ്ടുന്ന; നന്ദികാട്ടേണ്ടുന്ന. we are i.ed to our parents for their care of us in infancy ചെറുപ്പത്തിൽ നമ്മെ പോററി വളൎത്തിയതിന്ന് നാം നമ്മുടെ മാതാപിതാക്കൾക്ക് നന്ദികാട്ടേണ്ടത് നമ്മുടെ മുറൎത്തകനു, —ധൎമ്മം—. -ed-ness, -ment, *n.* ബാദ്ധ്യത, കടം, ഋണം; മുറ.

In-dē'cent, *a.* അസഭ്യം ആയ, വഷളു—, ചീത്ത, നാണംകെട്ട. =cen-cy, *n.* നാണക്കേട്, വഷളത്വം, അവലക്ഷണം, അയോഗ്യത, അസഭ്യത; ചീത്തവാക്ക്, ചീത്തത്തരം. -ly, *ad.* നിൎമ്മൎയ്യാദം ആയി, അസഭ്യം—.

In-de-cid'ū-ŏus, =cid'ū-āte, *a.* കൊഴിഞ്ഞ് പോകാത്ത; 2. നിലനില്ക്കുന്ന, സ്ഥിരമായ; 3. വാടാത്ത.

In-de-cī'phĕr-a-ble (-sī-fĕr-a-bl), *a.* വായിപ്പാൻ കഴിയാത്ത; 2. അഗ്രാഹ്യമായ, തിരിച്ചറിവാൻ വഹിയാത്ത. =bly, *ad.* മനസ്സിലാക്കുവാൻ കഴിയാതവണ്ണം.

In-de-cis̱i'ŏn (-sizh'un), *n.* തീൎച്ചയില്ലായ്മ; അസ്ഥിരത, ചഞ്ചലം, അരമനസ്സ്.

=cī'sive, *a.* തീൎച്ചയും മുൎച്ചയും ഇല്ലാത്ത, നിശ്ചയം—; തീൎച്ചപ്പെടാത്ത. =cī'sive-ly, *ad.* തിട്ടമില്ലാതെ; അവസാനിക്കാതെ. =cī'sive-ness, *n.* ഇരുമനസ്സ്; സംശയം; ചഞ്ചലഭാവം.

In-de-elī'na-ble, *a.* രൂപഭേദം ഇല്ലാത്ത, വിഭക്തിഭേദം— (*gr.*). *n.* അവ്യയപദം (*gr.*). =bly, *ad.* മാററമില്ലാതെ; രൂപഭേദമില്ലാതെ (*gr.*).

In-de-cō'rŏus, *a.* നിൎമ്മൎയ്യാദം ആയ, അനാചാരം—; 2. അനുചിതം—; 3. ചേൎച്ചയല്ലാത്ത. -ly, *ad.* അയോഗ്യം ആയി, അവലക്ഷണം—. -ness, =cō'rum, *n.* മൎയ്യാദക്കുറവ്, ചിതക്കേട്; പോരായ്മ.

In-dēed', *ad.* നിശ്ചയം ആയി, സത്യം—; 2. അതെ, തന്നെ, സംശയമില്ല, സംശയമുണ്ടോ; 3. അതെയോ!; തന്നെയോ!, എന്ത്!, അങ്ങിനെയാണോ!

In-de-fat'i-ga-ble, *a.* തളരാത്ത, ക്ഷീണമില്ലാത്ത; കറയാത്ത; 2. മിനക്കെടാത്ത, മുതിൎച്ചഉള്ള, സ്ഥിരോത്സാഹം—. -ness, =bil'i-ty, *n.* അനാലസ്യം, ജാഗ്രത; നിഷ്ഠ. =bly, *ad.* മടുക്കാതെ, ഉദാസീനതയില്ലാതെ.

In-de-fēas̱'i-ble (-fēz'i-bl), *a.* അപജയംവരാത്ത; 2. ദുൎബ്ബലപ്പെടാത്ത, അസാധുവാകാത്ത. =bil'i-ty, *n.* ദുൎബ്ബല്യമില്ലായ്മ. =bly, *ad.* റദ്ദാകാതെ.

In-de-fec'ti-ble, *a.* കറവ് വരാത്ത, അക്ഷയമായ; 2. കൈകണ്ട. =bil'i-ty, *n.* ഊനമില്ലായ്മ. =fec'tive, *a.* ന്യൂനതയില്ലാത്ത; പൂൎത്തിയായ.

In-de-fen'si-ble, *a.* രക്ഷിപ്പാൻ കഴിയാത്ത, അരക്ഷണ്യം ആയ; 2. അപ്രതിവാദനീയം—; 3. നീതീകരിപ്പാൻ പാടില്ലാത്ത. =bil'i-ty, *n.* അരക്ഷണീയത്വം. =bly, *ad.* കാത്ത് രക്ഷിപ്പാൻ കഴിയാതെ; ഉത്തരമില്ലാതെ.

In-de-fī'na-ble, *a.* ക്ലിപ്തപ്പെടുത്തുവാൻ പാടില്ലാത്ത; 2. വിവരിപ്പാൻ കഴിയാത്ത. =bly, *ad.* അൎത്ഥം പറവാൻ കഴിയാതെ.

**In-def'i-nite,** *a.* ക്ലിപ്തം ഇല്ലാത്ത, നിശ്ചയം—, കൃത്യമല്ലാത്ത; 2. അതിരററ, അതിവിസ്തീൎണ്ണമായ; 3. അവധികററിക്കാത്ത; 4. അനന്തമായ. i. article അനിശ്ചയാത്മകപ്രതിപദം (*gr.*). i. numeral adjective പ്രതിസംഖ്യാപദം (*gr.*). -ly, *ad.* തിട്ടം ഇല്ലാതെ, നിജം—; ഉമ്പ്—. -ness, *n.* അനിശ്ചയം, തിട്ടമില്ലായ്മ.

**In-del'i-ble,** *a.* മായ്ക്കുവാൻ കഴിയാത്ത; 2. അഴിയാത്ത, മാഞ്ഞ്പോകാത്ത; 3. മറന്ന്—. i. colours മങ്ങാത്തനിറം. i. ink —മഷി. -ness, =bil'i-ty, *n.* അക്ഷയത്വം. =bly, *ad.* മായാതെ, അഴിയാതെ.

**In-del'i-cāte,** *a.* ശങ്കയില്ലാത്ത, നിൎമ്മൎയ്യാദമായ, ഉളുപ്പില്ലാത്ത. =ca-cy, *n.* അസഭ്യത, വഷളത്വം, നാണക്കേട്. -ly, *ad.* മൎയ്യാദകേടായി; ശങ്കയില്ലാതെ.

**In-dem'ni-fȳ,** *v. t.* നഷ്ടമില്ലാതാക്കുക; നഷ്ടോത്തരവാദം ചെയ്യുക; 2. പ്രായശ്ചിത്തം—, നഷ്ടം വെച്ച്കൊടുക്കുക. =fi-cā'tiŏn, *n.* നഷ്ടം വെച്ച്കൊടുക്കൽ; പ്രായശ്ചിത്തം. =dem'ni-ty, *n.* ഉത്തരവാദം, 'ജാമ്യം'; ക്ഷമ, 'മാപ്പ്'; പ്രായശ്ചിത്തം, നഷ്ടപ്രതിഫലം. i.y bond ഉത്തരവാദാധാരം (*l.*). i.y paper അഭയപത്രം. act of i.y ബന്ധമോചനനിയമം.

**In-de-mon'stra-ble,** *a.* പ്രത്യക്ഷമാക്കുവാൻ വഹിയാത്ത, തെളിയിക്കുവാൻ—. -ness, =bil'i-ty, *n.* വ്യാഖ്യാനാസാദ്ധ്യത.

**In-dent',** *v. t.* കരുക്കുക, കതക്കുക; 2. പതിക്കുക; 3. അരം കൊത്തുക; 4. തൊഴിലഭ്യാസോടമ്പടി ചെയ്യു; തൊഴിലഭ്യാസത്തിന്നാക്കുക; 5. സംഭാരങ്ങൾക്ക് ആവശ്യപ്പെടുക. *v.i.* പല്ല്കൊത്തുക, അരുപ്പിടുക; 2. വളക്കുക; 3. ഉടമ്പടി ചെയ്യു. *n.* കത, പല്ല്; 2. സംഭാരപ്പട്ടിക. =tā'tiŏn, *n.* കതക്കൽ; അലുക്ക്; ഒട്ടല്, ചതവ്. -ed, *a.* പല്ല്പല്ലായ; വളവുള്ള. -ed-ly, *ad.* കരുക്കായി. -ing, *n.* പല്ല്വട്ടം.

**In-den'tūre,** *n.* ഉടമ്പടി, കരാറ് (*l.*). *v. t.* ചുളിക്കുക, ഒട്ടിക്കുക, കതക്കുക; ഉടമ്പടിയാൽ ബന്ധിക്കുക. *v. i.* വളഞ്ഞ് പുളഞ്ഞിരിക്കുക; കരുക്കുക.

**In-de-pen'dent,** *a.* അനാശ്രിതം ആയ, അനധീനം—, സ്വാതന്ത്ര്യം ഉള്ള; 2. പൊത്ത് വരുത്ത്—, മുട്ടില്ലാത്ത; 3. സ്വയതന്ത്രം ഉള്ള, സ്വയാഭിപ്രായം—; 4. തൻേറടം—, ധൈൎയ്യം—, ശങ്കയില്ലാത്ത; 5. (of) സ്വതവേയുള്ള, അന്യസംബന്ധമില്ലാത്ത; 6. ഒഴിച്ച്; 7. സഭാധികാരവാദിയായ (*theo.*); 8. കക്ഷിയാകാത്ത (*pol.*). *n.* സഭാധികാരവാദി (*theo.*); 2. നിഷ്പക്ഷക്കാരൻ (*pol.*). =dence, =den-cy, *n.* സ്വാതന്ത്ര്യം; പരാധീനമില്ലായ്മ; സ്വേച്ഛ; സ്വയതന്ത്രത്വം. -ly, *ad.* തനിയെ, സ്വതവെ; സ്വയാധീനമായി, സ്വേച്ഛപ്രകാരം.

**In-dep're-ca-ble,** *a.* ആക്ഷേപത്തിന്ന് വകയില്ലാത്ത.

**In-dep-re-hen'si-ble,** *a.* കണ്ട്പിടിപ്പാൻ കഴിയാത്ത.

**In-de-prī'va-ble,** *a.* നീക്കിക്കൂടാത്ത, എടുത്ത്കളവാൻ പാടില്ലാത്ത.

**In-de-scrī'ba-ble,** *a.* അവൎണ്ണനീയം ആയ, വാചാതീതം—. =bly, *ad.* വിവരിപ്പാൻ കഴിയാതവണ്ണം. =scrip'tive, *a.* വിവരമില്ലാത്ത.

**In-de-struc'ti-ble,** *a.* നശിച്ച്പോകാത്ത, വിനാശമില്ലാത്ത, അക്ഷയമായ. -ness, =bil'i-ty, *n* അനശ്വരത്വം, അക്ഷയത്വം. =bly, *ad.* അഴിയാതവണ്ണം.

**In-de-tĕr'min-a-ble,** *a.* അപരിമിതം ആയ; 2. അനിശ്ചയം—, നിൎണ്ണയിപ്പാൻ വഹിയാത്ത; നിദാനിപ്പാൻ—; 3. സംശയസ്ഥിതിയായ. *n.* അനിൎണ്ണിതം. =bly, *ad.* തീൎമ്മാനിപ്പാൻ കഴിയാതവണ്ണം. =nāte, *a.* തിട്ടം ഇല്ലാത്ത, കൃത്യം—, സന്ദിഗ്ദ്ധമായ. =nāte-ly, *ad.* തീൎച്ചയില്ലാതെ. =nāte-ness, *n.* അസ്ഥിരത; തീൎച്ചയില്ലായ്മ. =nā'tiŏn, *n.* സന്ദേഹം, അസ്ഥിരത, ചഞ്ചലം. =mined (-mind), *a.* തീൎച്ചപ്പെടാത്ത.

**In-de-vō'tiŏn,** *n.* അഭക്തി, അവിശ്വാസം. =vout', *a.* ഭക്തിയില്ലാത്ത. =vout'ly, *ad.* ഭക്തികേടായി.

**In'dex,** *n.* അടയാളം, കുറി, സൂചന; 2. സൂചി; തുലാനാക്ക്; 3. കൈക്കുറി, ഹസ്തചിഹ്നം (☞); 4. വഴികാട്ടിമരം; 5. അനുക്രമണിക; 6. മുഖവുര; 7. ചൂണ്ട് വിരല്, ചൂണ്ടാണി (*an.*); 8. (*pl.* **in'di-cēs**) മൂലദർശിനി, പ്രകാശിക (*math.*). **i.-finger** ചൂണ്ട് വിരല്. *i. expurgatorius, i. prohibitorius* വജ്ജ്യഗ്രന്ഥപ്പട്ടിക (*R. C.*). *v. t.* അനുക്രമണികയുണ്ടാക്കുക. **-'i-cal,** *a.* സൂചകം ആയ; അനുക്രമണിക—. **-'i-cal-ly,** *ad.* അകാരാദിപ്പട്ടികയായി.

**In-dex-ter'i-ty,** *n.* അകൌശലം, സാമത്ഥ്യമില്ലായ്മ.

**In'di-a,** *n.* ഇന്ത്യ, ഹിന്തുസ്ഥാനം, ഭാരതഖണ്ഡം. **I.-ink** മെള. **I.-man** വലിയ കച്ചവടക്കപ്പൽ. **I. matting** പരമ്പ്, അത്താറ്. **I.-rubber** 'റബ്ബറ്' പശ, ഒരു മരക്കറ. **=an,** *a.* ഹിന്തുസ്ഥാനത്തിലെ; ഭാരതഖണ്ഡസംബന്ധമായ; അമേരിക്കയിലെ പുരാതനനിവാസികളെ (ഇന്ത്യാനരെ) സംബന്ധിച്ച; ചോളത്തിൻെറ. **I.n bread** മരക്കിഴങ്ങ്, പൂളക്കിഴങ്ങ്, കൊള്ളിക്കിഴങ്ങ് (*b.*). **I.n club** പന്തീരാംവടി, മുച്ചാൺ—. **I.n cordage** ചൂടിക്കയറ്; കമ്പ. **I.n corn, I.n wheat** അമേരിക്കച്ചോളം. **I.n fig** ആല്, പേരാല്, വടവൃക്ഷം. **I.n file** ഒററച്ചാല്. **I.n fire** നിലാത്തിരി, 'മത്താപ്പ്'. **I.n meal** ചോളപ്പൊടി. *n.* ഹിന്തുസ്ഥാനക്കാരൻ; ഇന്ത്യാനൻ. **In'dies,** *n. pl.* ഹിന്തുസ്ഥാനം; വെസ്റ്റിന്ത്യാദ്വീപ്കൂട്ടം.

**In'di-cāte,** *v. t.* ചൂണ്ടികാണിക്കുക, സൂചിപ്പിക്കുക; വെളിവാക്കുക, അറിയിക്കുക; 2. ലക്ഷണമായിരിക്കുക (*med.*). **=cant,** *a.* കുറിക്കുന്ന. *n.* സൂചകം. **=cā'-ted,** *a.* കാണിക്കുന്ന, സൂചിതമായ. **=cā'-tiŏn,** *n.* സൂചന; ലക്ഷ്യം, കുറി, ചിഹ്നം; ലക്ഷണം; തെളിവ്; അറിവ്, തുമ്പ്. **=dic'a-tive, =cā-tŏr-y,** *a.* കാട്ടുന്ന, കുറിക്കുന്ന; സൂചകമായ. **indicative, i.e mood** നിശ്ചയാത്ഥകക്രിയാരൂപം (*gr.*). **=dic'a-tive-ly,** *ad.* സൂചകമായി. **=cā-tŏr,** *n.* സൂചകസൂത്രം.

**In-dīct'** (-dīt'), *v. t.* എഴുതുക, എഴുതിക്കുക; 2. പരസ്യമാക്കുക; 3. കുററം ചുമത്തുക, കുററപ്പെടുത്തുക (*l.*). **-a-ble,** *a.* കുററം ചുമത്തത്തക്ക; കുററകരമായ. **-ēe,** *n.* കുററാരോപിതൻ, കുററക്കാരൻ (*l.*). **-ĕr, -ŏr,** *n.* കുററം ചുമത്തുന്നവൻ. **=dic'-tiŏn,** *n.* അറിയിപ്പ്; പതിനഞ്ച് വഷവട്ടം. **=dic'tive,** *a.* പരസ്യമായ. **-ment,** *n.* കുററം ചുമത്തൽ; ചുമത്തിയ കുററം (*l.*); കുററാരോപണം, അപവാദം. **bill of i.t** കുററപത്രം (*l.*).

**In-dif'fĕr-ent,** *a.* നിർഭേദമായ; 2. സാരമില്ലാത്ത, പൊരുളിക്കാത്ത, വകവെക്കാത്ത; 3. മദ്ധ്യമം ആയ, ഏകദേശം—; 4. നിഷ്പക്ഷം—; 5. നിർവിചാരി—, ശ്രദ്ധവെക്കാത്ത; 6. പാരപക്ഷമില്ലാത്ത (*l.*). **it is i. to me** എന്തായാലും എനിക്ക് ഒരുപോലെ. **=ence, =en-cy,** *n.* നിർഭേദം, തുല്യഭാവം, സമചിത്തം; നടുത്തരം, ഇടത്തരം; നിഷ്പക്ഷത്വം; മനോലാഘവം, ഉപേക്ഷ, ഉദാസീനത. **-iṣm,** *n.* അജ്ഞാനത്വവാദം, നിർദ്ദ്വത്വ—. **-ist,** *n.* അജ്ഞാനവാദി. **-ly,** *ad.* ഭേദമില്ലാതെ; ഇടത്തരം ആയി, ഒരു വിധം—, ഏതാനും.

**In'di-ḡēen, =ḡēne,** *a.* ദേശ്യമായ; ദേശത്ത് ജനിച്ച, —ഉണ്ടായ. **=diḡ'e-nŏus,** *a.* ദേശ്യമായ; ദേശത്ത് പ്രകൃത്യാ ഉള്ള; നാടനായ; സ്വതവെയുള്ള, സഹജമായ.

**In'di-ḡent,** *a.* ദാരിദ്ര്യം ഉള്ള, അഹസ്സിന്ന് മുട്ട്—, വകയില്ലാത്ത, നിഗ്ഗതിയായ. **=ḡence, =ḡen-cy,** *n.* ദാരിദ്ര്യം, പരാധീനം, വലച്ചല്. **=ḡent-ly,** *ad.* ഞെരുക്കത്തോടെ, ബുദ്ധിമുട്ടോടെ.

**In-di-ḡes'tiŏn** (-jesh'un *or* -jest'yun), *n.* ദഹനക്കേട്, അജീണ്ണം, അഗ്നിമാന്ദ്യം. **=ḡest'ed,** *a.* ദഹിക്കാത്ത; ആലോചിക്കാത്ത; ക്രമംകെട്ട; (കുരു) പഴുക്കാത്ത; (മുറിവ്) വാട്ടം വെക്കാത്ത (*med.*); വേകാത്ത; ചൂട് വെള്ളത്തിൽ വാട്ടാത്ത. **=ḡest'-ed-ness,** *n.* ദീപനമില്ലായ്മ; പാകമാകായ്മ. **=ḡest'i-ble,** *a.* ജീണ്ണം ആകാത്ത; ഗ്രാഹ്യം—; പററാത്ത. **=ḡest-i-bil'i-ty, =ḡest'i-ble-ness,** *n.* അജീണ്ണത്വം. **=ḡest'i-bly,** *ad.* ദഹിക്കാതവണ്ണം.

In-dĭgn′ (-dīn′), *a.* അയോഗ്യം ആയ, അപാത്രം—; 2. മാനംകെട്ട. =dig′-nant, *a.* ചൊടിഉള്ള, ദേഷ്യം—. =dig′-nant-ly, *ad.* കോപത്തോടെ. =dig-nā′tiŏn, *n.* വെറുപ്പ്; ക്രോധം; ഉഗ്രത; ശിക്ഷ. =dig′ni-ty, *n.* അപമാനം, പുച്ഛം, നിന്ദ.

In′di-gō, *n.* നീലവൎണ്ണം; 2. നീലം, പൂനീലം. i.-blue കരിനീലം. i.-plant അമരി (*b.*).

In-di-rect′, *a.* ചൊവ്വില്ലാത്ത, വളഞ്ഞ; ചുററുള്ള; 2. ഉപായം ഉള്ള, കയ്യക്തി—; വക്രത—; 3. കള്ള, നേരില്ലാത്ത; 4. അകലെയുള്ള. i. demonstration പരോക്ഷപ്രമാണം (*geom.*). i. discourse, i. speech, i. narration, i. quotation അസരളോക്തി (*gr.*) i.-proof അനുമാനത്തെളിവ്, അവസ്ഥാന്തരവത്തെളിവ് (*l.*). =rec′tiŏn, *n.* വളവ്; കൌടില്യം. -ly, *ad.* വളവായി; കളവായി; അസ്പഷ്ടമായി. -ness, *n.* വക്രത; നേരുകേട്, വഞ്ചന.

In-dis-cĕrn′i-ble (-diz-zĕrn′i-), *a.* കാണ്മാൻ കഴിയാത്ത, അദൃശ്യം ആയ; അതിസൂക്ഷ്മം—. -ness, *n.* അദൎശനീയത്വം, അസ്പഷ്ടത, അഗ്രാഹ്യത. =bly, *ad.* കാണ്മാൻ കഴിയാതവണ്ണം.

In-dis-cŏv′ĕr-a-ble, *a.* കണ്ടുപിടിപ്പാൻ കഴിയാത്ത.

In-dis-crēet′, *a.* അവിവേകം ആയ, അസമ്പ്രേക്ഷ്യം—, വകതിരിവില്ലാത്ത. -ly, *ad.* വിവേകമില്ലാതെ. -ness, *n.* അവിവേകം, ബുദ്ധികേട്. =crēte′, *a.* വേൎപിരിയാത്ത, ഒന്നായിരിക്കുന്ന. =cre′tiŏn (-krish′un), *n.* ബുദ്ധിമോശം, അവിവേകം; അജിതേന്ദ്രിയത്വം.

In-dis-crim′i-nāte, *a.* വകതിരിവില്ലാത്ത, തരാതരം നോക്കാത്ത; 2. സമ്മിശ്രം ആയ, വന്നപാട്—. -ly, *ad.* വിവേചനം ഇല്ലാതെ, താരതമ്യവിചാരം—. =nā-ting, *a.* വ്യത്യാസം നോക്കാത്ത. =nā-ting-ly, *ad.* —നോക്കാതെ, ഒരുപോലെ. =nā′tiŏn, *n.* താരതമ്യരഹിതത്വം; നിഷ്പക്ഷത്വം. =nā-tive, *a.* ഭേദാഭേദം ഇല്ലാത്ത, വകതിരിവ്—.

In-dis-pen′sa-ble, *a.* കഴിച്ചുകൂടാത്ത, കൂടാതെ കഴിയാത്ത, വേണ്ടെന്ന് ചൊല്ലുവാൻ പാടില്ലാത്ത, ഇല്ലാതെ നിൎവ്വാഹമില്ലാത്ത; കൂടിയേകഴിയൂ എന്നുള്ള, അത്യാവശ്യം ആയ; 2. ഖണ്ഡിതം—. -ness, =bil′i-ty, *n.* അത്യാവശ്യം. =bly, *ad.* കൂടിയേകഴിയൂ എന്നവണ്ണം.

In-dis-pōse′, *v. t.* പററാതെ ആക്കുക, അനുചിതം—; 2. സുഖം ഇല്ലാതെ—, സുഖക്കേട് വരുത്തുക; 3. മനം ഇല്ലാതാക്കുക, ഉന്മേഷം—. =pō-si′tiŏn (-zish′un), *n.* വിമ്മിഷ്ടം, ജാള്യം, മനസ്സുകേട്; സുഖക്കേട്.

In-dis′pū-ta-ble, *a.* തൎക്കമില്ലാത്ത, സൎവ്വസമ്മതം ആയ, നിരാക്ഷേപം—. -ness, =bil′i-ty, *n.* നിൎവ്വിവാദ്യത. =bly, *ad.* നിൎവ്വാദമായി. =pū′ted, *a.* വാദമില്ലാത്ത.

In-dis′sol-ū-ble, *a.* അലിയാത്ത, കലങ്ങാത്ത, ഉരുകാത്ത; കട്ടിയായ; 2. അഴിപ്പാൻ പാടില്ലാത്ത; വേൎപിരിപ്പാൻ—; 3. സ്ഥിരം ആയ; ബാധകം—. -ness, =bil′i-ty, *n.* അഭേദ്യത്വം; അലംഘനീയത്വം; സ്ഥിരത. =bly, *ad.* അലിയാതവണ്ണം; പിരിയാതെ. =dis-sol′va-ble, *a.* അലിപ്പാൻ കഴിയാത്ത; വേൎപിരിപ്പാൻ—; സ്ഥിരമായ. =sol′va-ble-ness, *n.* അലിച്ചുകൂടായ്മ; പിരിച്ച്—.

In-dis-tinct′, *a.* തിരിച്ചറിവാൻ വഹിയാത്ത; 2. തെളിവില്ലാത്ത, അസ്പഷ്ടം ആയ, മങ്ങൽ—, സംശയകരം—. =tinc′-tiŏn, *n.* അവ്യക്തി; ഭേദമില്ലായ്മ; അനിശ്ചയം. =tive, *a.* അവിശേഷ്യം ആയ, സാമാന്യം—. =tive-ness, *n.* അവൈശിഷ്ട്യം, സാധാരണത്വം. -ly, *ad.* അസ്പഷ്ടമായി, നിഴല് പോലെ. -ness, *n.* മങ്ങല്; അസ്പഷ്ടത; സംഭ്രമം.

In-dis-tin′guish-a-ble (-tin′gwish-), *a.* വകതിരിച്ചറിവാൻ കഴിയാത്ത; 2. കാണ്മാൻ—; 3. അവിജ്ഞേയമായ. =bly, *ad.* തിരിച്ചറിയാതവണ്ണം.

In-dis-tur′bance, *n.* കലക്കമില്ലായ്മ; സ്വൈരം; 2. ജാള്യം; ഉന്മേഷക്കുറവ്.

In-ditch′ (-dich′), *v. t.* കഴിയിൽ ഇടുക, കഴിച്ചിടുക.

**In-dīte′**, *v. t.* കൃതിക്കുക, എഴുതുക; പറഞ്ഞെഴുതിക്കുക; തോന്നിക്കുക; 2. ക്ഷണിക്കുക; 3. കററം ചുമത്തുക. *v. i.* രചിക്കുക, കവിതകെട്ടുക. **-ment**, *n.* രചന.

**In-di-vid′ū-al**, *a.* അവിഭക്തം ആയ, ഏകം—, ഒററ—; 2. പ്രത്യേകം—, ഓരോരുത്തര്—, ഓരോന്ന്—, ഓരോരുത്തക്കുള്ള; 3. സ്വീയ, സ്വന്ത. *n.* ഒന്ന്, ഒരുവൻ; ആള്. **-iṣm**, *n.* ഏകത്വം, പ്രത്യേകത്വം; സ്വാത്മബുദ്ധി. **-is′tic**, *a.* പ്രത്യേകത്വമുള്ള, പ്രത്യേകമായ. **-′i-ty**, **=dū′i-ty**, *n.* വ്യക്തി, പ്രത്യേകത്വം; ഐക്യത; പ്രത്യേക ലക്ഷണം, —സ്വഭാവം. **-i-ṣā′tiŏn, -ī-zā′tiŏn, =vid-ū-ā′tiŏn**, *n.* പ്രത്യേകിക്കൽ; പ്രത്യേകത്വം. **-īṣe, -īze, =vid′ū-āte**, *v. t.* പ്രത്യേകിക്കുക, വിശേഷിപ്പിക്കുക, വകതിരിക്കുക. **-ly**, *ad.* പ്രത്യേകം പ്രത്യേകം ആയി, ഓരോരുത്തര്—, ഓരോന്ന്—; അവിഭജ്യം—.

**In-di-vis′i-ble**, *a.* അവിഭജ്യം ആയ, അഭേദ്യം—, ഭാഗിപ്പാൻ കഴിയാത്ത; 2. അശേഷഹാൎയ്യമല്ലാത്ത (*math.*). *n.* പരമാണു; അനംശ്യരാശി (*geom.*). **-ness, =bil′i-ty**, *n.* അവിഭാജ്യത. **=bly**, *ad.* പകുപ്പാൻ കഴിയാതവണ്ണം.

**In-do′ci-ble**, *a.* പഠിപ്പിപ്പാൻ കഴിയാത്ത, മന്ദബുദ്ധിയായ; 2. ഒതുങ്ങാത്ത, അടങ്ങാത്ത. **-ness, =bil′i-ty**, *n.* ബുദ്ധിമാന്ദ്യം; അവിധേയത്വം. **=dŏ′cile**, *a.* പഠിക്കാത്ത; മൌഢ്യമായ; മുരട്ട് ഗുണമുള്ള. **=dō-cil′i-ty**, *n.* ദുശ്ശാഠ്യം; മൌഢ്യം.

**In-doc′trin-āte**, *v. t.* (in) ഉപദേശിക്കുക, പഠിപ്പിക്കുക, അഭ്യസിപ്പിക്കുക. **=ā′tiŏn**, *n.* ഉപദേശിക്കൽ; ഉപദേശം.

**In′dō-lent**, *a.* മടിഉള്ള, ഉദാസീനത—; 2. വേദനയില്ലാത്ത, മരവിച്ച (*med.*). **=lence, =len-cy**, *n.* മടിവ്, ഉപേക്ഷ. **-ly**, *ad.* മടിയോടെ.

**In-dom′i-ta-ble**, *a.* അധീനപ്പെടാത്ത, ജയിപ്പാൻ കഴിയാത്ത; വഴങ്ങാത്ത, മെരുങ്ങാത്ത.

**In′dōor** (-dōr), *a.* വീട്ടിന്നകത്തുള്ള. **=dōors**, *ad.* വീട്ടിന്നകത്ത്.

**In-dorse′**, *etc.*, *see* **Endorse**, *etc.*

**In-dow′ment**, *see* **Endowment**.

**In-dū′bi-ŏus**, *a.* സംശയമില്ലാത്ത, നിശ്ചയമായ; 2. സംശയിക്കാത്ത. **=dū′-bi-ta-ble**, *a.* നിസ്സംശയം ആയ, തീച്ച—, സ്പഷ്ടം—, നിൎവ്വാദം—. *n.* നിസ്സംശയം. **=dū′bi-ta-ble-ness**, *n.* സംശയരഹിതത്വം. **=dū′bi-ta-bly**, *ad.* നിസ്സംശയമായി.

**In-dūce′**, *v. t.* ചെയ്യിക്കുക, മനസ്സ് വരുത്തുക, സമ്മതം—, പ്രേരേപിക്കുക; 2. ഉണ്ടാക്കുക, വരുത്തുക, കാരണമായിരിക്കുക. **-′ment**, *n.* മനസ്സാക്കൽ; സമ്മതം; ഹേതു, കാൎയ്യം, ആകൎഷണം. **=dū′-ci-ble**, *a.* മനസ്സ് വരുത്താകുന്ന.

**In-duct′**, *v. t.* പ്രവേശിപ്പിക്കുക; 2. ആരംഭിക്കുക; 3. സ്ഥാനത്താക്കുക, പ്രതിഷ്ഠിക്കുക. **=duc′tiŏn**, *n.* പ്രവേശിപ്പിക്കൽ; പ്രവേശനം; തുടക്കം; പ്രാരംഭം, മുഖവുര, പ്രത്യേകതോത്ഭവപ്രമാണം (*phil.*); ഉദ്ദേശപ്രതിഷ്ഠ; പ്രത്യേകതോത്ഭവപ്രമാണം (*math.*); വിദ്യുൽപ്രേരേപണം (*ph.*). **=′tiŏn-al**, *a.* പ്രത്യേകതോത്ഭവപ്രമാണപ്രകാരമുള്ള (*phil.*). **=′tive**, *a.* (to) പ്രേരേപിക്കുന്ന, വശീകരിക്കുന്ന; മനസ്സ് വരുത്തുന്ന; പ്രത്യേകതോത്ഭവപ്രമാണപ്രകാരമുള്ള (*phil.*); വിദ്യുൽപ്രേരേപകമായ (*ph.*). **=′tive-ly**, *ad.* അനുമേയമായി. **=tŏr**, *n.* പ്രതിഷ്ഠകൻ.

**In-dūe′**, *v. t.*, *see* **Endue**.

**In-dulġe′**, *v. t.* വിട്ട് കൊടുക്കുക, ഇളക്കാരം—, സമ്മതിക്കുക, തടുക്കാതിരിക്കുക; 2. സഞ്ജിക്കുക, രസിക്കുക, . . .ൽ വളന്ന് വരിക, ശീലിക്കുക; 3. പ്രസാദിപ്പിക്കുക, രസിപ്പിക്കുക, ഇഷ്ടത്തിന്ന് വിടുക; 4. സമ്മതിച്ച് കൊടുക്കുക; 5. ഉപകാരം ചെയ്ക. *v. i.* (in) അനുഭവിക്കുക, ഭോഗിക്കുക, രസിക്കുക, ലയിക്കുക, ദുരഭ്യാസം ചെയ്യുക. **=dul′ġence, =dul′ġen-cy, -ment**, *n.* ഇളക്കാരം, ഏളത്തം; സക്തി; ദയ, ഉപകാരം; ശിക്ഷാമോചനം, പാപ— (*R. C.*); —മോചനപത്രിക (*R. C.*).

=dul'gence, *v.t.* ശിക്ഷാമോചനം കൊടുക്കുക. =dul'gent, *a.* ഇഷ്ടത്തിന്ന് വിടുന്ന; അനുകൂലിക്കുന്ന; മുടക്കാത്ത; ഏളത്തം വെച്ച് കൊടുക്കുന്ന. =dul-gen'tial, *a.* ശിക്ഷാമോചനസംബന്ധമായ. =dul'-gent-ly, *ad.* ഇളക്കാരത്തോടെ; കടാക്ഷത്തോടെ, പൊറുമയോടെ. =dult', =dul'tō, *n.* മോചനം, ശിക്ഷാമോചനം.

In'dū-ment, *n.* തുവല്, പപ്പ് (*z.*).

In'dū-rāte, *a.* ഉറച്ച്പോയ, പതം ഇല്ലാത്ത; 2. സുശ്ശബോധം—, മരവിച്ച; 3. കട്ടപ്പമുള്ള. *v.t.* കല്ലിപ്പിക്കുക, കട്ടപ്പം ആക്കുക; തൊട്ടറിവില്ലാതെ—; കഠിനം—. *v.i.* ഉറക്കുക, കഠിനമായ്തീരുക. =rā-ted, *a.* ഉറച്ച, കഠിനമായ. =rā'-tiŏn, *n.* കട്ടപ്പമാക്കൽ; കട്ടപ്പം; കാഠിന്യം; ക്രൂരത.

In'dus-try, *n.* ഉത്സാഹം, ശ്രദ്ധ; 2. പ്രവൃത്തി, തൊഴില്, വ്യാപാരം; 3. അദ്ധ്വാനം, മിനക്കേട്, പ്രവൃത്തി (*p.c.*). ='tri-al, *a.* ഉദ്യോഗസംബന്ധമായ, കൈത്തൊഴില്—. i.l establishment തൊഴിൽശാല. i.l exhibition കൈവേലക്കാഴ്ച്ചന്ത. i.l school തൊഴിലഭ്യാസശാല. ='tri-al-ism, *n.* തൊഴിൽശ്രദ്ധ; കൈവേല; ശുഷ്കാന്തി; കൈത്തൊഴിൽ പ്രമാണം. ='tri-al-ly, *ad.* തൊഴിൽ സംബന്ധമായി. ='tri-ŏus, *a.* ഉത്സാഹം ഉള്ള, അദ്ധ്വാനശീലം—; തൃഷ്ണ—. ='tri-ŏus-ly, *ad.* ശുഷ്കാന്തിയോടെ. ='tri-ŏus-ness, *n.* ജാഗ്രത.

In'dwell, *v. t.* & *i.* നിവസിക്കുക, ആവസിക്കുക, അകത്ത് പാക്കുക; 2. കൈവശക്കാരനായിരിക്കുക. ='lĕr, *n.* നിവാസി, പാപ്പ്കാരൻ. =ling, *n.* അന്തവാസം.

In-ē'bri-āte, *v.t.* കടിപ്പിക്കുക, ലഹരിയാക്കുക; 2. ചിത്തഭ്രമം വരുത്തുക; ബുദ്ധിയില്ലാതാക്കുക; ബോധം കെടുത്തുക. *v.i.* അമലാക. *a.* മത്തനായ, ബോധം കെട്ട. *n.* മുരത്തകടിയൻ. =ant, *a.* ലഹരിഉള്ള. *n.* —സാധനം. =ā'tiŏn, *n.* ലഹരി; ഉന്മാദം. =brī'e-ty, *n.* കടി, മദ്യപാനം. =bri-ŏus, *a.* സാമാന്യം ലഹരിയുള്ള; അമലാകുന്ന.

In-ed'i-ted, *a.* അച്ചടിക്കാത്ത, പ്രസിദ്ധം ചെയ്യാത്ത.

In-ef'fa-ble, *a.* വാചാതീതം ആയ, നിർവ്വാച്യം—. -ness, =bil'i-ty, *n.* അവർണ്ണനീയത്വം, ഭാഷാതീതത്വം. =bly, *ad.* പറഞ്ഞാൽ തീരാതവണ്ണം.

In-ef-fā'cea-ble, *a.* മായാത്ത; 2. നിർമ്മൂലമാകാത്ത. =bly, *ad.* മാച്ച്കളവാൻ കഴിയാതവണ്ണം.

In-ef-fec'tive, =fec'tū-al, =fi-cā'-ciŏus, =fici'ent (-fish'ent), *a.* നിഷ്ഫലം ആയ, നിഷ്പ്രയോജനം—; പ്രാപ്തിയില്ലാത്ത, പോരാത്ത. -ly, =fec'tū-al-ly, =fi-cā'ciŏus-ly, =fici'ent-ly, *ad.* ഫലമില്ലാതെ, വ്യർത്ഥമായി; ശേഷികേടായി. -ness, =fec-tū-al'i-ty, =fec'tū-al-ness, =fi-ca-cy, =fi-cā'ciŏus-ness, =fici'en-cy, *n.* നിരർത്ഥകത്വം; ശേഷികേട്.

In-ef-fer-ves'cence, *n.* പതഇല്ലായ്മ. =ves'cent, *a.* —ഇല്ലാത്ത.

In-e-lab'ō-rāte, *a.* സൂക്ഷ്മത്തോടെ ചെയ്യാത്ത; 2. തീരാത്ത; 3. പട്ടതരമായ.

In-e-las'tic, *a.* സ്ഥിതിസ്ഥാപകത്വമില്ലാത്ത. =el-as-tic'i-ty, *n.* സ്ഥിതിസ്ഥാപകരഹിതത്വം.

In-el'e-gant, *a.* അഴക് ഇല്ലാത്ത, ഭംഗി—; പരിഷ്കാരം—; അവലക്ഷണമായ. =gance, =gan-cy, *n.* ഭംഗികേട്, ലാവണ്യക്കുറവ്, വൈരൂപ്യം. -ly, *ad.* അഭംഗിയായി, ചന്തമില്ലാതെ.

In-el'i-gi-ble, *a.* അർഹത ഇല്ലാത്ത, യോഗ്യത—, കൊള്ളാത്ത. =bil'i-ty, *n.* അയോഗ്യത, അനർഹത. =bly, *ad.* പററാത്തവിധം.

In-el'ō-quent (-kwent), *a.* വാഗ്വൈഭവമില്ലാത്ത. -ly, *ad.* വാക്ചാതുര്യമില്ലാതെ.

In-ept', *a. etc.*, *see* Inapt.

In-e-qual'i-ty, *n.* അതുല്യത; വ്യത്യാസം, ഭേദം; 2. വിതാനഭേദം; 3. മാററം; 4. അസ്ഥിരത; 5. പോരായ്മ.

In-eq'ui-ta-ble (-ek'wi-), *a.* അന്യായമായ, നീതികെട്ട. =eq'ui-ty, *n.* അന്യായം, ന്യായക്കേട്.

In-e-rad'i-ca-ble, *a.* ഉന്മൂലമാക്കുവാൻ പാടില്ലാത്ത. =bly, *ad.* നിർമ്മൂലമാകാതവണ്ണം.

In-er'ra-ble, *a.* തെററ് വരാത്ത, പിഴ്ച്ച—. -ness, =bil'i-ty, *n.* അബദ്ധരഹിതത്വം. =bly, *ad.* തെററാതെ. =er'ring-ly, *ad.* വിഴ്ച്ചവരാതെ.

In-er-rat'ic, *a.* വഴിവിട്ട്പോകാത്ത; സ്ഥിരമായ.

In-ĕrt', *a.* സ്വയചലനമില്ലാത്ത; അചലം ആയ; നിശ്ചേതനം—; 2. മന്ദം—, അലസം—; 3. ജഡം—, നിർജ്ജീവം—; ചുണകെട്ട; 4. നിസ്സാരകമായ. =ĕr'ti-a (-shi-a), *n.* നിസ്സാരകത്വം (*ph.*); നിശ്ചലനം; മന്ദത, മടിവ്. -ly, *ad.* ചൈതന്യം ഇല്ലാതെ, അനക്കം—; മന്ദമായി. -ness, *n.* ജഡത, ഉദാസീനത, മന്ദത; അചലത്വം.

In-er'ū-dīte, *a.* വ്യുല്പത്തിഇല്ലാത്ത, പഠിപ്പ്—, അറിവ്—. [ത്തായ.

*In es'se, a.* ഇപ്പോൾ ഉള്ള, സക്ഷാ

In-es-sen'tial (-sen'shal), *a.* ആസ്തിക്യം ഇല്ലാത്ത, സത്ത്—; സാരം—.

In-es'ti-ma-ble, *a.* കണക്കില്ലാത്ത; അമൂല്യമായ. =bly, *ad.* മതിപ്പാൻ കഴിയാതവണ്ണം, അമൂല്യമായി.

In-ev'i-dent, *a.* തെളിവില്ലാത്ത, അസ്പഷ്ടമായ.

In-ev'i-ta-ble, *a.* അകററുവാൻ പാടില്ലാത്ത, തെററിക്കുവാൻ—; തട്ടത്ത് കൂടാത്ത; നിവൃത്തിയില്ലാത്ത; 2. നിശ്ചയമായ. -ness, =bil'i-ty, *n.* തിട്ടം; നിർവ്വാഹമില്ലായ്മ. =bly, *ad.* തീർച്ചയായി; നിവൃത്തിയില്ലാതെ.

In-ex̱-act' (-egs-akt'), *a.* കൃത്യം അല്ലാത്ത, ശരി—; 2. നേര്—; 3. തെററായ. -ness, =ac'ti-tūde, *n.* അബദ്ധം; കൃത്യമില്ലായ്മ. -ly, *ad.* തെററായി; കൃത്യമില്ലാതെ.

In-ex-cī'ta-ble, *a.* സംഭ്രമം വരാത്ത; ചുണതോന്നാത്ത; 2. മന്ദം ആയ, നിശ്ചേതനം—. =bil'i-ty, *n.* ചുണകേട്.

In-ex-cū'sa-ble, *a.* ഒഴികഴിവ് ഇല്ലാത്ത, സമാധാനം—; 2. ക്ഷമിപ്പാൻ പാടില്ലാത്ത. -ness, *n.* ഒഴികഴിവില്ലായ്മ; അക്ഷമ്യത. =bly, *ad.* ഒഴികഴിവില്ലാതവണ്ണം.

In-ex-e-cū'ta-ble, *a.* ചെയ്യാൻ കഴിയാത്ത, നടത്തിപ്പാൻ—, നിവൃത്തിപ്പാൻ—. =cū'tiŏn, *n.* നടത്തായ്മ; അസാദ്ധ്യത.

In-ex̱-ĕr'tiŏn, *n.* ശുഷ്കാന്തിക്കുറവ്; ഉപേക്ഷ, മടിവ്.

In-ex-hạust'ed (-eks-hạst'-), *a.* തീരാത്ത; ചിലവാകാത്ത; 2. ക്ഷീണിക്കാത്ത. -ly, *ad.* തളരാതെ. =hạust'i-ble, =hạus'tive, *a.* തീരാത്ത, ധാരാളം ആയ; വററാത്ത. =hạust-i-bil'i-ty, =hạust'i-ble-ness, *n.* പുഷ്കലത്വം, അററമില്ലായ്മ. =hạust'i-bly, *ad.* ഒടുങ്ങാതവണ്ണം.

In-ex'o-ra-ble, *a.* അപേക്ഷകേൾക്കാത്ത; 2. മനസ്സിളകാത്ത; 3. ദയയില്ലാത്ത. -ness, =bil'i-ty, *n.* നിഷ്ഠുരത്വം, നിഷ്കൃപ. =bly, *ad.* ഇളക്കമില്ലാതെ; അലിവ് തോന്നാതെ, കഠിനമായി.

In-ex-pē'di-ent, *a.* അയുക്തം ആയ, പററാത്ത; 2. ബുദ്ധികേടായ. =ence, =en-cy, *n.* അനൌചിത്യം. -ly, *ad.* പാടില്ലാതെ, പാങ്ങില്ലാതെ.

In-ex-pen'sive, *a.* ചിലവ് ഇല്ലാത്ത, —ചുരുങ്ങിയ; സഹായമുള്ള, നയമായ.

In-ex-pē'ri-ence, *n.* പരിചയക്കുറവ്, ശീലമില്ലായ്മ. =enced (-enst), *a.* അഭ്യാസമില്ലാത്ത.

In-ex-pĕrt', *a.* വൈഭവം ഇല്ലാത്ത, വൈദഗ്ദ്ധ്യം—. -ness, *n.* അകൌശലം, നൈപുണ്യക്കുറവ്.

In-ex'pi-a-ble, *a.* പ്രായശ്ചിത്തം ഇല്ലാത്ത, പരിഹാരം—; 2. ശമിക്കാത്ത. -ness, *n.* പ്രതിശാന്തിയില്ലായ്മ. =bly, *ad.* ഉപശമനമില്ലാതെ.

In-ex'pli-ca-ble, =plāin'a-ble, *a.* തെളിവാക്കുവാൻ കഴിയാത്ത; 2. അർത്ഥം

പറവാൻ—; 3. അസ്പഷ്ടമായ. -ness, =bil'i-ty, *n.* അവ്യക്തി. =bly, *ad.* വ്യാഖ്യാനിപ്പാൻ കഴിയാതവണ്ണം. =plic'-it, *a.* അവ്യക്തമായ; തുമ്പ് ഇല്ലാത്ത; തിട്ടം—.

In-ex-pres'si-ble, *a.* അവാച്യം ആയ, വാചാതീതം—, പറഞ്ഞാൽ തീരാത്ത. *n. pl.* കാല്വറ. =bly, *ad.* പറവാൻ കഴിയാതവണ്ണം. =pres'sive, *a.* പറഞ്ഞറിയിപ്പാൻ കഴിയാത്ത; അൎത്ഥമില്ലാത്ത; തിരിയാത്ത. =pres'sive-ness, *n.* അപ്രസ്താവനീയതചം.

In-ex-tĕr'mi-na-ble, *a.* ഉന്മൂലമാക്കുവാൻ കഴിയാത്ത.

In-ex-tin'guish-a-ble, *a.* കെടുക്കുവാൻ കഴിയാത്ത; 2. ശമിപ്പിപ്പാൻ—. =bly, *ad.* ശമിക്കാതവണ്ണം.

In-ex'tri-ca-ble, *a.* കഴക്ക് തീൎപ്പാൻ കഴിയാത്ത; 2. വിടുത്തുവാൻ—, ഉദ്ധരിപ്പാൻ—. -ness, *n.* കഴപ്പം. =bly, *ad.* കുടുക്കായി.

In-fal'li-ble, *a.* തെററ് വരാത്ത, അബദ്ധം പ്രവൃത്തിപ്പാൻ പാടില്ലാത്ത; പിഴെച്ച് പോകാത്ത; 2. നിസ്സംശയം ആയ, നിശ്ചയം—, ഉറപ്പുള്ള; 3. ഉപദേശപ്പിഴ വരാത്ത (*R. C.*). -ness, =bil'i-ty, *n.* അബദ്ധരഹിതതചം, തെററ് വരായ്മ. papal i.y പാപ്പാബദ്ധരഹിതതചവാദം. =bly, *ad.* തെററാതെ; തീൎച്ചയായി.

In'fa-mŏus, *a.* ദുഷ്കീൎത്തിഉള്ള; 2. അറെപ്പ് ആയ, നീചം—; 3. നിന്ദ്യം—; 4. കററത്തിൽ ഉൾപ്പെട്ട; 5. ശ്രുന്യം പിടിച്ച; 6. ആപല്കരമായ. -ly, *ad.* അപമാനകരമായി; നീചമായി. -ness, *n.* ആഭാസതചം, നീചതചം. =my, *n.* മാനക്കേട്; അപകീൎത്തി, ദുഷ്കീൎത്തി; ഹീനത, വഷളതചം.

In'fant, *n.* ശിശു, പിള്ള, ഉണ്ണി, പൈതല്, കുഞ്ഞൻ, കുട്ടി; 2. യുക്തവയസ്സ് തികയാത്ത ആൾ (*l.*). *a.* ശൈശവ, ഇളമ്പ്രായം ഉള്ള; ശിശുക്കൾക്ക് തക്ക. i. school ശിശുശാല. =fan-cy, *n.* ശൈശവം, ബാലപ്രായം; ആരംഭകാലം; പ്രായം തികയായ്മ (*l.*). =fan'ta, *n.* സ്വാന്യപൊത്തുഗാൽ രാജ്യങ്ങളിൽ രാജകമാരികൾക്കുള്ള സ്ഥാനപ്പേര്, തമ്പാട്ടി. =fan'te, *n.* സ്വാന്യപൊത്തുഗാൽ രാജ്യങ്ങളിൽ രാജകമാരന്മാൎക്കുള്ള സ്ഥാനപ്പേര്, തമ്പാൻ. ='ti-cīde, *n.* ശിശുഹത്യ; —ഹന്താവ്. =tīle, =tīne, *a.* ശിശുക്കൾക്കുള്ള, പിള്ള, ശിശുഭാവമുള്ള. =try, *n.* കട്ടികളുടെ കൂട്ടം; കാലാൾ പട.

In'fāre, *n.* കടിയല്; 2. ദമ്പതിഗൃഹപ്രവേശസല്ക്കാരം.

In-fat'ū-āte, *v. t.* ഭോഷനാക്കുക, മൌഢ്യം വരുത്തുക; ബുദ്ധികെടുക്കുക; 2. ഭ്രാന്ത് പിടിപ്പിക്കുക. =āte, =ā-ted, *a.* ബുദ്ധിമയങ്ങിയ. =ā'tiŏn, *n.* —മയക്കം, ഭ്രമം.

In-fēa'si-ble, *a.* വഹിയാത്ത, അശക്യം ആയ. -ness, =bil'i-ty, *n.* അസാദ്ധ്യത.

In-fect', *v. t.* രോഗവിഷമേല്പിക്കുക; 2. രോഗം പകരുമാറാക്കുക; 3. വഷളാക്കുക. =fec'ti-ble, *a.* പകൎച്ചയേല്ക്കാകുന്ന. =fec'tiŏn, *n.* രോഗപ്പകൎച്ച; രോഗവിഷം; പകരുന്ന വ്യാധി; വഷളതചം; ന്യായരഹിതതചം (*l.*); പ്രേരേപണം. =fec'tiŏus (-shus), =fec'tivĕ, *a.* പകരുന്ന, പകൎച്ചയുള്ള; ചീത്തയാക്കുന്ന; കററകരമായ (*l.*); വ്യാപിക്കുന്ന. =fec'tiŏus-ly, *ad.* പകരുംവണ്ണം. =fec'tiŏus-ness, *n.* പകൎച്ച. [നിഷ്ഫലതചം.

In-fe-cun'di-ty, *n.* വന്ധ്യതചം; 2.

In-fe-lic'i-ty (-lis'i-), *n.* ദുൎഭാഗ്യം, അരിഷ്ടത; 2. അനൌചിത്യം. =tŏus, *a.* നിൎഭാഗ്യമുള്ള; പററാത്ത.

In-fĕr', *v. t.* വരുത്തുക; 2. ഉപദേവമേല്പിക്കുക; 3. വാദിക്കുക; 4. അനുമാനിക്കുക, ഊഹിക്കുക; 5. തെളിയിക്കുക. -a-ble, -ri-ble, *a.* ഊഹിക്കത്തക്ക, അനുമേയമായ. in'fĕr-ence, *n.* അനുമാനം, ഊഹം; സിദ്ധാന്തം. -en'tial (-en'shal), *a.* ആനുമാനികം ആയ; തൎക്കസിദ്ധം—. -en'tial-ly, *ad.* അനുമാനമായി.

In-fē'ri-ŏr, *n.* താണ, അധമമായ, കീഴ്; 2. പടുതരമായ; 3. സൂൎയ്യന് ഭൂമിയേക്കാൾ അടുത്തിരിക്കുന്ന (*as.*). 4. ക്ഷി

തിജത്തിന്നപ്പുറമുള്ള (*as.*); 5. കീഴദ്ദ്യോഗസ്ഥനായ. i. court കീഴ്ക്കോടതി. *n.* താണവൻ, എളിയവൻ, കിഴിഞ്ഞവൻ; 2. ഇളയവൻ. -′i-ty, *n.* താഴ്ച, ഹീനത, അധമത്വം; ഇളമ്പ്രായം. -ly, *ad.* കീഴായി. =fĕr′nal, *a.* അധോലോകത്തിലുള്ള, പാതാളസംബന്ധമായ; നരകത്തിലുള്ള; പൈശാചിക. i.l machine മഹാനാശകയന്ത്രം. =fĕr′nal-ly, *ad.* പൈശാചികമായി.

In-fĕr′tīle, *a.* വളം ഇല്ലാത്ത; ഫലപുഷ്ടി—. -ly, *ad.* വളമില്ലാതെ. =til′-i-ty, *n.* അഫലത്വം.

In-fest′, *v.t.* ബാധിക്കുക, ഉപദ്രവിക്കുക, പീഡിപ്പിക്കുക. -ā′tiŏn, *n.* ഉപദ്രവിക്കൽ; ബാധ, അസഹ്യം.

In′fi-del, *a.* മതവിശ്വാസമില്ലാത്ത; 2. ക്രിസ്ത്യാനിമാൎഗ്ഗ—. *n.* അവിശ്വാസി; 2. ക്രിസ്ത്യാനിമാൎഗ്ഗവിശ്വാസമില്ലാത്തവൻ; 3. അന്യമതക്കാരൻ; 4. നാസ്തികൻ; 5. 'കാഫറ്' (*M.*). -′i-ty, *n.* അവിശ്വാസം; പാതിവ്രത്യഭംഗം; അവിശ്വസ്തത, വഞ്ചന.

In-fil′tĕr, *v.t.* & *i.* തെളിയിക്കുക, അരിക്കുക. =′trāte, *v.i.* ചോരുക, ഊറുക, വെള്ളം കടക്കുക; അരിക്കുക. *v.t.* ക്രമേണചെലുത്തുക. =trā′tiŏn, *n.* ചോച്ച, വെള്ളം കടക്കൽ; ഊറൽ.

In′fi-nite, *a.* അനന്തമായ, അതിരില്ലാത്ത; 2. നിത്യ; 3. അതീതം ആയ, അപാരം—; പരമ; 4. വൻ, മഹാ, അമിതം ആയ, അത്യധികം—; 5. പരാൎദ്ധ്യ (*math.*); 6. പരിവൎത്തന (*mus.*). *n.* നിത്യത, അപാരത്വം; 2. പരാൎദ്ധ്യം (*math.*); 3. അനവധി; 4. (the) ആദ്യന്തഹീനൻ, ദൈവം. -ly, *ad.* അത്യധികം; ഏററവും, വളരെ. -ness, *n.* അനന്തത്വം, അസീമത. =tes′i-mal, *a.* അത്യല്പം ആയ, അതിസൂക്ഷ്മം—; പരമാണു—. *n.* പരമാല്പം (*math.*). =tes′-i-mal-ly, *ad.* അത്യല്പമായി. =tī′val, *a.* ക്രിയാനാമസംബന്ധമായ. =tive, *a.* അളവില്ലാത്ത, അതിരററ, ക്ലിപ്തപ്പെടുത്താത്ത. =tive, *n.*, i.e mood ഭാവരൂപം; ക്രിയാനാമം; ക്രിയാപുരുഷ—; ഭാവിക്രിയാന്യൂനം; തുമുന്നവ്യയം. =tive-ly, *ad.* ക്രിയാനാമമായി. =nī′to, *n.* ആവൎത്തനരാഗം (*mus.*). =tūde, *n.* അനന്തത്വം, അസീമത; അപാരത്വം, അസംഖ്യം; എണ്ണമററക്കൂട്ടം. =′i-tū-ple, *a.* അനവധിയിരട്ടിയായ. =fin′i-ty, *n.* നിത്യത; അപാരത്വം; അമിതഗുണം; അസംഖ്യം; പരാൎദ്ധ്യം (*math.*), അസീമത്വം (*geom.*). circle at i.y അസീമവൃത്തം.

In-fĭrm′, *a.* ഉറപ്പില്ലാത്ത; 2. നന്നല്ലാത്ത; 3. രോഗം ഉള്ള, ക്ഷീണം—; 4. ബലഹീനമായ; 5. മനഃസ്ഥിരതയില്ലാത്ത, ചഞ്ചലഭാവമുള്ള; 6. അസ്ഥിരമായ. =a-ry, *n.* രോഗിശാല, വൈദ്യ—. -ness, =′mi-ty, *n.* ക്ഷീണം, ബലഹീനത; സുഖക്കേട്, രോഗം; ദോഷം, കറവ്; തെററ്. -ly, *ad.* സ്ഥിരതയില്ലാതെ.

In-fix′, *v.t.* ഉറപ്പിക്കുക; തറച്ച്നിൎത്തുക; 2. മനസ്സിൽ പതിക്കുക, —ഉറപ്പിക്കുക.

In-flāme′, *v.t.* കത്തിക്കുക, ജ്വലിപ്പിക്കുക; 2. ഉജ്ജ്വലിപ്പിക്കുക; 3. കോപിപ്പിക്കുക; 4. പുകച്ചല് വരുത്തുക; വീക്കം— (*med.*). *v.i.* ചൂടാന്തരമെട്ടക്കുക; 2. ക്രുദ്ധിക്കുക; 3. വീങ്ങുക. =flāmed′ (-flāmd′), *p. a.* ചൂടാന്തിരംകിട്ടിയ; കത്തിയെരിയുന്ന; കോപാകലമുള്ള. =flam′ma-ble, *a.* കത്തിയെരിക്കാവുന്ന; എളുപ്പത്തിൽ തീപ്പിടിപ്പിക്കാവുന്ന; വേഗം തിപ്പിടിക്കുന്ന; ചുണ്ടത്ത് കോപമുള്ള. i.e air ജ്വലവായു. =flam-ma-bil′i-ty, =flam′-ma-ble-ness, *n.* ജ്വലനീയത്വം; മുങ്കോപം. =flam′ma-bly, *ad.* ജ്വലിക്കും വണ്ണം. =flam-mā′tiŏn, *n.* ഉജ്ജ്വലനം; വീക്കം (*med.*); എരിച്ചല്. =flam′ma-tive, =flam′ma-tor-y, *a.* പുകച്ചല് വരുത്തുന്ന, വീക്കം— (*med.*); കോപജനകമായ; കലഹ—.

In-flāte′, *v.t.* ഊതിവീൎപ്പിക്കുക, വീൎപ്പിക്കുക; 2. ചീൎക്കുമാറാക്കുക; 3. കണക്കിലേറ വലുതാക്കുക, അധികം പരത്തുക. *v. i.* വീൎക്കുക; ചീൎക്കുക; വണ്ണംവെക്കുക. *p. a.* ഊതിവീൎപ്പിച്ച, കാററ്നിറച്ച.

=flā'ta-ble, *a.* വണ്ണം വെപ്പിക്കാവുന്ന. =flā'ted, *a.* വായുനിറച്ച; പൊഞ്ഞച്ചമുള്ള; കൃത്രിമമായി വൎദ്ധിപ്പിച്ച. =flā'-ting-ly, *ad.* വീൎത്ത് വരും വണ്ണം. =flā'-tion, *n.* കാററ് നിറക്കൽ; ചീൎപ്പ്; ഡംഭം, നിഗളം; ആധിക്യം. =flā'tus, *n.* നിശ്വാസം.

In-flect', =flex', *v. t.* വളക്കുക; 2. വണങ്ങുക; 3. രൂപഭേദം വരുത്തുക (*gr.*); 4. സ്വരഭേദം—. =flect'ed, =flex'ed (-flakst'), *a.* തെററിയ, വക്രിച്ച; രൂപഭേദമുള്ള (*gr.*). =flec'tion, =flex'ion, *n.* വളക്കൽ; മടക്ക്, തിരിപ്പ്, വളവ്; സ്വരഭാരം (*gr.*); പദരൂപഭേദം (*gr.*); സ്വര—(*mus.*). point of i.n വക്രാഗ്രം. =flec'-tion-al, *a.* രൂപവികാരം ഉള്ള. =flec'-tive, =flex'ive, *a.* —വരുത്താകുന്ന, —ഉള്ള. i.e language വികാരാന്വിതഭാഷ.

In-flex'i-ble, *a.* വളയാത്ത, ഉലയാത്ത; 2. മനസ്സ് ഇളകാത്ത, —മാറാത്ത; 3. സ്ഥിരതയുള്ള; 4. വികാരം വരാത്ത. -ness, =bil'i-ty, *n.* ഉറപ്പ്, കട്ടി; സ്ഥിരത; കാഠിന്യം; മാററമില്ലായ്മ. =bly, *ad.* ഇളകാതെ, ദൃഢതയോടെ.

In-flict', *v. t.* അടിക്കുക; 2. (ദോഹം) ഏല്പിക്കുക, ശിക്ഷകൊടുക്കുക; 3. ഭാരപ്പെടുത്തുക, ചുമത്തുക; 4. വേദനപ്പെടുത്തുക, ഉപദ്രവിക്കുക. =flic'tion, *n.* ഏല്പിക്കൽ; കഴിക്കൽ; ദണ്ഡനം; ദണ്ഡം; ആപത്ത്; അപമാനം. =flic'tive, *a.* ദണ്ഡിപ്പിക്കുന്ന.

In-flō-res'cence, *n.* പൂക്കൽ, പുഷ്പിക്കൽ; വികാസം.

In'flu-ence, *n.* ഒഴുക്കം, ആവേശം; 2. സാദ്ധ്യശക്തി, കൎത്തവ്യം, സ്വാധീനം; 3. പ്രഭാവം, വീൎയ്യം; 4. പ്രേരേപണം; 5. ദശ, ഗ്രഹചാരം; 6. നാണ്യം, പ്രബലത, ശ്രേഷ്ഠത; രഞ്ജന, ജനസ്വാധീനം. *v.t.* ഉത്സാഹിപ്പിക്കുക; പ്രേരേപിക്കുക; 2. സാധിപ്പിക്കുക; 3. നടത്തുക; 4. കൎത്തവ്യമുണ്ടാക. =en-cive, =ent, =en'tial, *a.* സ്വാധീനം ഉള്ള, അധികാരം—, ബലം—; ജനസ്വാധീനം—. =en'tial-ly, *ad.* പ്രാബല്യത്തോടെ.

In-flu-en'za, *n.* തൊരളപ്പനി, ജലദോഷം (*med.*).

In'flux, *n.* ഒഴുക്കം; 2. പ്രവേശം; 3. പ്രവാഹം; 4. ആധിക്യം, പെരുക്കം; 5. വരവ്.

In-fōld', *v. t.* പൊതിയുക, മൂടുക; 2. ആശ്ലേഷിക്കുക. -ment, *n.* ആലിംഗനം.

In-form', *v. t.* രൂപമാക്കുക, ആകൃതിപ്പെടുത്തുക; 2. ജീവിപ്പിക്കുക; ചൈതന്യമുളവാക്കുക; 3. (of) അറിയിക്കുക, ഗ്രഹിപ്പിക്കുക; 4. അറിവ് കൊടുക്കുക; കുററ്—. *v. i.* അറിയിക്കുക. to i. against അന്യായപ്പെടുക. ='mant, *n.* അറിവ് കൊടുക്കുന്നവൻ. =mā'tion, *n.* ബോധനം; ബോധം, അറിവ്; വൎത്തമാനം; അന്യായം, കുററാരോപണം (*l.*). -a-tive, *a.* രൂപിപ്പാൻ കഴിയുന്ന; ജീവിപ്പിപ്പാൻ—. ='mer, *n.* അറിവ് കൊടുക്കുന്നവൻ; കുററവിവരം അറിവ്—, അന്യായക്കാരൻ (*l.*).

In-for'mal, *a.* പതിവല്ലാത്ത, ആചാരഭംഗം ഉള്ള, ക്രമവിരുദ്ധമായ; 2. നിയമാനുസാരമല്ലാത്ത. =mal'i-ty, *n.* നിയമവിരുദ്ധം; ആചാരഭംഗം. -ly, *ad.* നിയമാനുസാരമല്ലാതെ.

In'fra, *pf.* & *ad.* കീഴെ, താഴെ, ചുവടെ; 2. വഴിയെ.

In-frac'tion, *n.* ലംഘനം, ഭംഗം; 2. അതിക്രമണം. =frac'tor, *n.* ലംഘിക്കുന്നവൻ.

In-frā'grant, *a.* സൌരഭ്യം ഇല്ലാത്ത, പരിമളം—. [യില്ലുള്ള.

In-fra-mun'dāne, *a.* ഭൂമിയുടെ അടി

In-fran'chīse, *v.t.*, *s. a.* Enfranchise.

In-fran'gi-ble, *a.* പൊട്ടിപ്പാൻ കഴിയാത്ത, അഭഗ്നം ആയ, അഭേദ്യം—; 2. അലംഘ്യം—. -ness, =bil'i-ty, *n.* അഭേദ്യത; അലംഘനീയത്വം.

In-frē'quent, *a.* അസാധാരണം ആയ; 2. ദുൎല്ലഭം—; 3. അപൂൎവ്വം—. =quence, =quen-cy, *n.* ദുൎല്ലഭത്വം; അപൂൎവ്വത; ഏ

കാന്തതം. -ly, *ad.* ചിലപ്പോൾ, ദുല്ലഭമായി.

In-fringe′, *v. t.* ലംഘിക്കുക, തെററുക; 2. ഇല്ലായ്മയാക്കുക. *v.i.* തെററിനടക്കുക; 2. ഭൂഷ്യം വരുത്തുക; 3. മുഷ്കിപ്പിക്കുക; 4. (on, upon) അതിക്രമിക്കുക, കയ്യേററം ചെയ്യുക. -ment, *n.* ലംഘനം, ഭംഗം; ആക്രമണം, കയ്യേററം.

In-fru̦′gal, *a.* മിതം ഇല്ലാത്ത; സൂക്ഷ്മം—; 2. അധികച്ചിലവായ.

In-fru̦-ġif′ĕr-ŏus, *a.* അഫലമായ, കായ്ക്കാത്ത.

In′fū-cāte, *v.t.* ചായം തേക്കുക; മുഖം എഴുതുക. =cā′tiŏn, *n.* മുഖമെഴുതൽ.

In′fū-māte, *v.t.* പുകകൊള്ളിക്കുക; പുകയത്ത് ഉണക്കുക. =mā-ted, *a.* കാറുള്ള; മങ്ങലായ. =mā′tiŏn, *n.* പുകയത്തുണക്കൽ. =fūmed′ (-fūmd′), *a.* പുകകൊള്ളിച്ച, പുകയത്തുണക്കിയ.

In-fur-cā′tiŏn, *n.* കവരം; കവച്ചം.

In-fū′ri-āte, *v. t.* കോപിപ്പിക്കുക, ക്രോധപരവശമാക്കുക. *a.* ഉഗ്രകോപം ഉള്ള, കോപപാരവശ്യം—. =ā-ted, *a.* കോപഭ്രാന്ത് —.

In-fus′cāte, *v. t.* ഇരുട്ടുക, മങ്ങലാക്കുക; 2. കറുപ്പിക്കുക. =fus′cā-ted, *a.* കറുത്തിരുണ്ട. =fus-cā′tiŏn, *n.* ഇരുട്ടാക്കൽ; ഇരുള് ; അസ്പഷ്ടത.

In-fūse′, *v. t.* പകരുക, ഒഴിക്കുക; 2. ഉൾപ്രവേശിപ്പിക്കുക, ഉപദേശിക്കുക; 3. (with) നിറക്കുക, ആവേശിപ്പിക്കുക; 4. പുതത്തുക, കതത്തുക; 5. ഇടിച്ച് പിഴിയുക. =fū-si-bil′i-ty, =fū′si-ble-ness, *n.* ദ്രവതാം; ഉപദേശനീയതാം. =fū′si-ble, *a.* പകരാവുന്ന; പഠിപ്പിക്കാവുന്ന. =fū′siŏn, *n.* ഒഴിക്കൽ; പിഴിയൽ; പ്രേരേപണം; ഉപദേശം; തോന്നൽ; മുക്കൽ; പുതത്തൽ (*med.*); പിഴിഞ്ഞനീര്, രസം, ശീതകഷായം, ഫാണ്ട— (*med.*). =fū′siŏn-ism, *n.* പ്രവിഷ്ടാത്മവാദം, അസൃഷ്ടാത്മ—. =fū′sive, *a.* പ്രേരേപകമായ.

In-fū′si-ble, *a.* ഉരുകാത്ത, ഉരുക്കുവാൻ കഴിയാത്ത. -ness, =bil′i-ty, *n.* നിദ്രവതാം.

In-fū-sō′ri-a, *n. pl.* അദൃശ്യാണുപ്രാണിവൎഗ്ഗം (*z.*). =sō′ri-al, =sŏr-y, *a.* അദൃശ്യാണുപ്രാണി ഉള്ള; —സംബന്ധമായ; —വൎഗ്ഗത്തിലുള്ള. =sō′ri-an, =sŏr-y, *n.* അദൃശ്യാണുപ്രാണി (*z.*).

In-gath′ĕr-ing, *n.* കൂട്ടിച്ചേൎക്കൽ; 2. കൊയ്ത്ത്, മൂച്ച്; 3. പറി.

In-ġem′i-nāte, *v.t.* ഇരട്ടിക്കുക; 2. ആവൎത്തിച്ച് പറയുക. *a.* ഇരട്ടിപ്പായ. =nā′tiŏn, *n.* ഇരട്ടിക്കൽ; ആവൎത്തനം.

In-ġen′dĕr, *v. t., s. a.* Engender.

In-ġen′ĕr-a-ble, *a.* ഉണ്ടാക്കുവാൻ പാടില്ലാത്ത; 2. സ്വതേയുള്ള. =a-bil′i-ty, *n.* ഉളവാകായ്മ. =a-bly, *ad.* ഉളവാക്കുവാൻ പാടില്ലാതവണ്ണം.

In-ġen′ĕr-āte, *v. t.* ജനിപ്പിക്കുക; ഉളവാക്കുക. *a.* ജനിച്ച; 2. സ്വതവേയുള്ള. =ā′tiŏn, *n.* ജനിപ്പിക്കൽ.

In-ġē′ni-ŏus, *a.* സാമൎത്ഥ്യം ഉള്ള, സങ്കല്പനാവൈഭവം—; 2. ചമത്കാരം ആയ, കൌതുകം—; 3. ചാതുൎയ്യം ഉള്ള, യുക്തി—, ബുദ്ധികൌശലം—. -ly, *ad.* യുക്തിയോടെ, സാമൎത്ഥ്യത്തോടെ. -ness, =ġe-nū′i-ty, *n.* സങ്കല്പനാശക്തി; യുക്തിവൈഭവം, ജാണതാം; ചമത്കാരം, സൂത്രം.

In-ġen′ū-ŏus, *a.* ആഭിജാത്യമുള്ള, കലീനം ആയ, ശ്രേഷ്ഠം—; 2. ഉചിതം—, മാഹാത്മ്യം ഉള്ള, ഔദാൎയ്യം—; 3. യഥാൎത്ഥം ആയ, നിഷ്കപടം—. -ly, *ad.* പരമാൎത്ഥമായി, വെളിവിൽ. -ness, *n.* നേര്, യഥാൎത്ഥത, നിഷ്കപടതാം.

In-ġĕr′mi-nāte, *v. t.* മുളപ്പിക്കുക, പൊടിപ്പിക്കുക.

In-ġest′, *v. t.* വയററിൽ ആക്കുക, കടലിൽ—. =ġes′ta, *n. pl.* പോഷണം, ആഹാരം (*phys.*). =ġes′tiŏn (-jest′-shun), *n.* ആഹാരം കഴിക്കൽ.

In-ġirt′, *v. t.* ചുററുക, ചുറക്കുക, വളയുക. *a.* ചുററിയിരിക്കുന്ന.

In-glō′bāte, *a.* ഗോളാകാരമുള്ള.

In-glō'ri-ŏus, *a.* കീൎത്തിയില്ലാത്ത; താണ, സാധുത്തരത്തിലുള്ള; 2. മാനം കെട്ട, നീചമായ. -ly, *ad.* നികൃഷ്ടമായി, നാണക്കേടായി. -ness, *n.* നിഷ്കീൎത്തി, അപമാനം.

In-glu̦'vi-al, *a.* പക്ഷിമേടസംബന്ധമായ. =glū'vi-ēs̱, *n.* പക്ഷിമേട.

In-gō'iṅg, *n.* വരവ്; 2. പ്രവേശനം. *a.* വരുന്ന; 2. പ്രവേശിക്കുന്ന.

In-gorġe', *v. t. & i.*, *s. a.* Engorge.

In'got, *n.* മൂശ; 2. വാളം, കട്ടി. i. mold മൂശ.

In-graft', En-graft', *v. t.* ഒട്ടിച്ച് ചേൎക്കുക; കൂട്ടിച്ചേൎക്കുക, വെച്ച് പിടിപ്പിക്കുക; 2. ഒട്ട്കൊമ്പ് മുറിക്കുക. -ment, *n.* ഒട്ടിക്കൽ; ഒട്ട്കൊമ്പ്.

In-grāin', En-grāin', *v. t.* ഇഴയിഴയായി ചായം മുക്കുക; 2. സ്വഭാവം ആക്കുക; —ആയ്പോക; 3. കറപ്പെടുത്തുക.

In'grāte, *a.* നന്ദിഇല്ലാത്ത. *n.* —കെട്ടവൻ. -fu̦l, *a.* കൃതജ്ഞതയില്ലാത്ത; അരുചിയുള്ള. -fu̦l-ly, *ad.* അറിവില്ലാതെ. -fu̦l-ness, *n.* കൃതഘ്നത, അറിവ്കേട്. =grat'i-tūde, *n.* നന്ദികേട്, ഉപകാരസ്മരണയില്ലായ്മ, അറിവില്ലായ്മ.

In-grā'ti-āte (-grā'shi-), *v. t.* (with) പാട്ടിലാക്കുക, സേവപിടിക്കുക. *v. i.* കൊണ്ടകൈ ആയിരിക്കുക.

In-grē'di-ent, =ence, *n.* യോഗാംശം, കൂട്ട്; 2. സാധനം; 3. ആമിശ്രതം, മൂലധാതു. *a.* അംശമായിരിക്കുന്ന.

In'gress, *n.* പ്രവേശനം; 2. പ്രവേശന അനുവാദം; —മാൎഗ്ഗം; 3. (ഗ്രഹണ) സ്പൎശം (*as.*); സങ്ക്രമം (*astr.*). *v. i.* ഉൾപൂകുക. ='siŏn (-gresh'un), *n.* പ്രവേശനം.

In'grōwth (-grōth), *n.* ഉൾവളൎച്ച, അക—.

In'guen (-gwen), *n.* അര, ഇടുപ്പ് (*an.*). -guin-al, *a.* ഊരസംബന്ധിച്ച.

In-gulf', *v. t.* വിഴുങ്ങുക, മുക്കിക്കളയുക. -ment, *n.* മുക്കൽ, വിഴുങ്ങൽ.

In-gur'ġi-tāte, *v. t.* വാരിവിഴുങ്ങുക; 2. മോന്തുക; 3. മുക്കിക്കളയുക. *v. i.* വലിച്ച് കുടിക്കുക. =tā'tiŏn, *n.* വിഴുങ്ങൽ; മോന്തൽ; ഉരുള; ഇറക്ക്.

In-gust'a-ble, *a.* രുചിയില്ലാത്ത, ചപ്പയായ.

In-hab'it, *v. t.* പാൎക്കുക, നിവസിക്കുക, താമസിക്കുക. *v. i.* കുടിപാൎക്കുക. =ta-ble, *a.* പാൎപ്പിന്ന് കൊള്ളാകുന്ന, നിവാസയോഗ്യമായ. =tance, =tan-cy, *n.* നിവാസം; പാൎപ്പ്, താമസം; നിവാസാവകാശം, ധൎമ്മാശനാവകാശം (*l.*). =tant, *n.* സ്ഥിരം പാൎപ്പ്കാരൻ, നിവാസി; കുടിയിരിപ്പ്കാരൻ (*l.*). =tā'tiŏn, *n.* വാസം, താമസം. =ta-tive-ness, =tive-ness, *n.* സ്ഥിരവാസശീലം; ഗൃഹസുഖേച്ഛ; സ്വദേശപ്രീതി.

In-hāle', *v. t.* ഉശ്വസിക്കുക, ശ്വാസം വലിക്കുക; 2. മണക്കുക; വലിക്കുക. =hā'-lant, *a.* വലിക്കുന്ന. *n.* പുകക്കുഴല്, ആവിക്കുഴല്; ആവി, പുക. =lā'tiŏn, *n.* വലിക്കൽ; ആവി, പുക. =hā'lent, *a.* വലിപ്പാൻ ഉപയോഗിക്കുന്ന. =hā'lĕr, *n.* വലിക്കുന്നവൻ; ആവിക്കുഴല്; വായുശുചീകരയന്ത്രം; ജലമജ്ജനശ്വാസയന്ത്രം.

In-hance', *v. t.*, *s. a.* Enhance.

In-här'mo-ny, *n.* പൊരുത്തക്കേട്, യോജിപ്പില്ലായ്മ. =mon'ic, =mon'i-cal, =mō'ni-ŏus, *a.* ചേൎച്ചയില്ലാത്ത; മേളമൊക്കാത്ത, സ്വരഭംഗമുള്ള. =mō'ni-ŏus-ly, *ad.* യോജിപ്പില്ലാതെ. =mō'ni-ŏus-ness, *n.* സ്വരഭംഗം; യോജിപ്പ്കേട്, വിരോധം.

In-hĕarse' (-hĕrs'), *v. t.* ശവമഞ്ചത്തിൽ കിടത്തുക, ശവപ്പെട്ടിയിൽ—.

In-hēre' (-hēr'), *v. i.* സഹജമായിരിക്കുക; 2. ഉള്ളതായിരിക്കുക, ഉണ്ടാക; 3. പററിയിരിക്കുക. =hē'rence, =hē'ren-cy, =hē'ṣiŏn, *n.* സംഹജത്വം; നിൎവ്വിയോഗസംബന്ധം. =hē'rent, *a.* പിരിയാതെയുള്ള; സഹജമായ. =hē'rent-ly, *ad.* സഹജമായി; പിരിപ്പാൻ കഴിയാതവണ്ണം.

In-her'it, *v. t.* അനന്തരാവകാശമായി കിട്ടുക (*l.*); 2. അവകാശമായനുഭവി

ക്കുക; 3. മാതാപിതാക്കന്മാരിൽനിന്ന് കിട്ടുക, പാരമ്പൎയ്യമായി ഉണ്ടാക, ജനനാൽ—. *v. i.* അവകാശിയായിരിക്കുക. =ta-bil'i-ty, *n.* പാരമ്പൎയ്യം. =ta-ble, *a.* അവകാശമായനുഭവിക്കാവുന്ന; പൈതൃകമായി കിട്ടാകുന്ന. i.e blood അൎത്ഥസംബന്ധം; ദായാദി. =ta-bly, *ad.* അവകാശപ്രകാരം. =tance, *n.* അവകാശാനുഭവം, പിന്തുടച്ച; അവകാശം, സ്വത്ത്; വരം, ദാനം; സമ്പാദ്യം, കൈവശം; പാരമ്പൎയ്യം (*biol.*); പൂൎവ്വാൎജ്ജിത സ്വത്ത്, പാരമ്പൎയ്യ— (*l.*). =tŏr, *n.* അവകാശി, അനന്തരവൻ. =tress, =trix, *n.* അവകാശിനി.

**In-hē'sion**, *n.*, *s. u.* Inhere.

**In-hib'it**, *v. t.* തടുക്കുക, തടസ്ഥം ചെയ്യുക; 2. വിലക്കുക, മുടക്കുക. =bi'tiŏn (-bish'un), *n.* തടസ്ഥം, മുടക്കം; പ്രതിബന്ധം (*phys.*); വിചാരണ തടസ്ഥകല്പന (*l.*). -ĕr, *n.* പ്രതിബന്ധകം. =tŏr-y, *a.* പ്രതിബന്ധകമായ. i.y nerve പ്രതിബന്ധകമജ്ജാതന്തു.

**In-hos'pi-ta-ble**, *a.* ആതിത്ഥ്യം ഇല്ലാത്ത, സല്ക്കാരശീലം—; 2. പാൎപ്പിന്ന് കൊള്ളരുതാത്ത, ശൂന്യപ്രദേശമായ. -ness, =tal'i-ty, *n.* അനാതിത്ഥ്യം; ഔദാൎയ്യമില്ലായ്മ. =bly, *ad.* സല്ക്കാരശീലമില്ലാതെ.

**In-hū'man**, *a.* അമാനുഷം ആയ; 2. ക്രൂരം—, നിൎദ്ദയം—; നിഷ്ഠുരം—. -'i-ty, *n.* ക്രൌൎയ്യം, അറുകലസ്വഭാവം. -ly, *ad.* ദയയില്ലാതെ, നിഷ്ഠുരണമായി.

**In-hūme'**, =hū'māte, *v. t.* കഴിച്ചിടുക, ശവം മറചെയ്യുക; 2. മണ്ണിൽ കഴിച്ചിടുക. =mā'tiŏn, *n.* ശവസംസ്കാരം; മണ്ണിൽ കഴിച്ചിടൽ; മണലിൽക്കുഴിവെക്കൽ (*med.*).

**In-im'i-cal**, *a.*, *s. u.* Enemy.

**In-im'i-ta-ble**, *a.* അതുല്യം ആയ; 2. അസാധാരണം—; 3. അനനുകാൎയ്യം—; 4. അതിവിശേഷം—. -ness, =bil'i-ty, *n.* നിസ്തുലത, അനുപമേയത്വം. =bly, *ad.* അനന്യമായി, വിശിഷ്ടമായി.

**In-iq'ui-ty** (-ik'wi-), *n.* അന്യായം, നേരുകേട്; നീതി—; 2. അകൃത്യം, ദുഷ്കൃത, പാപം, അപരാധം. =tŏus, *a.* ദുഷ്കൃതം ആയ, അന്യായം—, ദുഷ്ട. =tŏus-ly, *ad.* അനീതിയായി.

**In-it'ial** (-ish'al), *a.* ആദ്യത്തെ, ആരംഭ, പ്രഥമ; ഒന്നാമത്തെ, അഗ്രത്തിൽ ഉള്ള; 2. തുടക്കത്തിൽ—. *n.* ആദ്യാക്ഷരം; 2. പേരക്ഷരം, ചുരുക്കപ്പേര്; 3. ചുരുക്കൊപ്പ്. *v. t.* ചുരുക്കൊപ്പിടുക. -ly, *ad.* ആദ്യമായി, ആരംഭത്തിൽ.

**In-it'i-āte** (-ish'i-āt), *v. t.* പ്രാരംഭിക്കുക, തുടങ്ങുക; 2. ആദ്യകൎമ്മം ചെയ്യിക്കുക; 3. —പാഠം പഠിപ്പിക്കുക, മൂലസൂത്രം—; 4. ചേൎക്കുക, അംഗമാക്കുക. *v. i.* ആദ്യകൎമ്മം ചെയ്യുക. *a.* ആരംഭിച്ച; 2. ആദ്യാഭ്യാസം കഴിഞ്ഞ; 3. പുതുതായിചേൎത്ത. *n.* പുതുതായി ചേൎന്നവൻ. =it-i-ā'tiŏn (-ish-i-ā'shun), *n.* ദീക്ഷ; പ്രവേശനം, അംഗീകരണം; അംഗീകരണകൎമ്മം, —സംസ്കാരം. =it'i-a-tive (-ish'i-), *a.* പ്രഥമം ആയ, പ്രാരംഭം—. *n.* ആരംഭം; തുടങ്ങുവാനുള്ള അവകാശം. =it'i-ā-tŏr (-ish'i-), *n.* പ്രാരംഭകൻ. =it'i-ā-tŏr-y (-ish'i-), *a.* തുടക്കമായ; ആരംഭത്തിന്ന് പററിയ; ആദ്യപാഠമായ.

**In-ject'**, *v. t.* അകത്ത് കടത്തുക, ഉള്ളിലേക്ക് ആക്കുക, ഉള്ളിൽ ചെലുത്തുക; 2. വസ്തിപിടിക്കുക, 'പിസ്കാരി' അടിക്കുക; 3. തോന്നിച്ച് കൊടുക്കുക, ഉപദേശിക്കുക; 4. ദേഹാശയത്തിൽ ദ്രവകം നിറക്കുക (*an.*). =jec'tiŏn, *n.* (വെള്ളം) ചാമ്പൽ, —അടിക്കൽ; വസ്തിപ്രയോഗം; —ദ്രവകം; ദേഹാശയപൂരണം. =ject'-ŏr, *n.* വസ്തിക്രിയ ചെയ്യുന്നവൻ; വസ്തിക്കുഴല്, 'പിസ്കാരി'.

**In-ju-di'ciŏus** (-dish'us), *a.* അവിവേകമായ, ബുദ്ധികെട്ട, വകതിരിവില്ലാത്ത. -ly, *ad.* ബുദ്ധികേടായി. -ness, *n.* അവിവേകം, ബുദ്ധിഹീനത.

**In-junc'tiŏn**, *n.* നിയോഗം; 2. കല്പന, വിരോധം; 3. നിരോധകല്പന (*l.*). temporary i. തല്ക്കാലനിരോധ— (*l.*). perpetual i. ശാശ്വതനിരോധ— (*l.*).

In'jure (*or* -jur), *v. t.* കേട് വരുത്തുക, ദൂഷ്യം—; 2. അപകടം—; 3. നഷ്ടം—; 4. മുറിവേല്പിക്കുക; 5. അപകീർത്തിപ്പെടുത്തുക; 6. വേദനപ്പെടുത്തുക, ഉപദ്രവിക്കുക. =ju'ri-ous, *a.* ദോഷകരം ആയ, വിരോധം—, ദൂഷ്യം വരുത്തുന്ന, ഹാനി—. =ju'ri-ous-ly, *ad.* അപകടംവരത്തക്ക വണ്ണം. in'ju-ry, =ju'ri-ous-ness, *n.* ഊനം, ഹാനി, അപകടം; മുറിവ്, പരിക്ക്; ചേതം, നഷ്ടം; കേട്, ദൂഷ്യം; ദോഹം.

In-jus'tice, *n.* നീതികേട്, അന്യായം; 2. തെററ്, കററം; പാപം; 3. ദോഷം; 4. മുഖപക്ഷം; 5. ദ്രോഹം.

Ink, *n.* മഷി; 2. കറുപ്പ് ചായം. black i. കറുത്തമഷി. blue i. നീല—. copying i. പകപ്പ്—. India i. മേള. printing i., printer's i. അച്ച് മഷി. red i. ചുവപ്പ്—. i.-fish കൂന്തല് മീന് (*z.*). i.-horn, i.-stand മഷിക്കുപ്പി. i.-hornism വിദ്യാനാട്യം. *v. t.* മഷി ഇടുക, —തേക്കുക; കറുപ്പിക്കുക. -'ness കറുപ്പ്. -'ing, *a.* മഷിയിടുന്ന. ink'y, *a.* മഷിഉള്ള; —പ്രായമായ, കറുത്ത.

I. In'kle, *n.* ഒര് വക നാട.

II. In'kle, *v. t.* ഊഹിക്കുക, ഊഹിച്ചെടുക്കുക. ink'ling, *n.* ഊഹം, നിഴല്, ഛായ, തുമ്പ്.

In-knee' (in-nē'), *n.* വളകാല്.

In-knot' (in-not'), *v. t.* കട്ടക്കിടുക, കെട്ടുക.

In-la-gā'tion, *n.* രാജ്യഭ്രംശമോചനം.

In-lāid', *p. p. of* Inlay.

In'land, *a.* നാട്ടിലുള്ള; ഉൾനാട്ടിലുള്ള; 2. കരസംബന്ധിച്ച; 3. സ്വരാജ്യസംബന്ധമായ. *n.* ഉൾനാട്, ഉൾപ്രദേശം. *ad.* ഉൾനാട്കൊള്ളെ.

In-lap'i-dāte, *v. t.* കല്ലാക്കുക, കല്ലിപ്പിക്കുക.

In-law' (-la'), *v. t.* രാജ്യഭ്രഷ്ട് നീക്കുക; 2. നിയമാനുസാരം രക്ഷിക്കുക.

In-lāy', *v. t. ir.* (inlaid, inlaid) അമിഴ്ത്തുക, പതിക്കുക; 2. അലങ്കരിക്കുക. *n.* അമിഴ്ത്തൽ; 2. ഖചിതം.

In-lēague' (-lēg'), *v. t.* സഖിത്വം കെട്ടുക, യോജിക്കുക.

In'let, *n.* വഴി; പ്രവേശനം, വാതില്; 2. ഉൾക്കടല്, കായല്; ഇടക്കടല്; 3. ഖചിതം, അമിഴ്ത്ത് പണി.

In-light'en, *v. t.*, *s. a.* Enlighten.

In-list', *v. t.*, *s. a.* Enlist.

In-lock', *v. t.* ചുററിവളയുക, ചുററിപ്പിടിക്കുക; ഊപ്പ്ടങ്ങനെ പിടിക്കുക.

*In lō'co, a.* ആ സ്ഥലത്ത്, തക്ക—, വേണ്ടുന്നേടത്ത്.

In'ly, *a.*, *s. u.* In.

In'māte, *n.* പാക്കുന്നവൻ, പാപ്പ്കാരൻ; സഹവാസി; വാസി.

In'mēats, *n. pl.* കരള്, കുല; അകമാംസം, അകത്തിറച്ചി (*P.*).

In-mesh', *v. t.* വലയിൽ അകപ്പെടുത്തുക, കട്ടക്കുക.

In'mōst, In'nĕr, In'nĕr-mōst, *s. u.* [In.

Inn, *n.* വഴിയമ്പലം, സത്രം; ഊട്ട്പുര, ചോററ്—, —പീടിക; 2. കലീനഗൃഹം; 3. ധർമ്മശാസ്ത്രമണ്ഡപം; —ശാസ്ത്രിസഭ. I.s of Chancery ധർമ്മശാസ്ത്രാഭ്യാസശാല. I.s of Court —ശാസ്ത്രിസഭ. i.-holder, i.-keeper വഴിയമ്പലക്കാരൻ. സത്രാധിപൻ. i.-yard വഴിയമ്പലമിററം.

In'nāte, *a.* സഹജമായ, പ്രകൃത്യാഉള്ള, ജന്മനാ—; 2. സ്വാഭാവികം ആയ, നൈസർഗ്ഗികം— (*phil.*). i. ideas സ്വാഭാവികബോധം, നൈസർഗ്ഗിക—. -ly, *ad.* ജാത്യാൽ, സഹജാതമായി. -ness, *n.* സഹജത്വം.

In-nav'i-ga-ble, *a.* കപ്പലോട്ടത്തിന്ന് തരമില്ലാത്ത. =bly, *ad.* ഉരുവോട്ടത്തിന്ന് അനുകൂലമില്ലാതെ.

In-nĕrve', *v. t.* ഊക്ക് വരുത്തുക, ശക്തിപ്പെടുത്തുക; 2. ധൈര്യപ്പെടുത്തുക; 3. ഉത്സാഹിപ്പിക്കുക. =nĕr'vāte, *v. t.* ഞരമ്പുണ്ടാക (*an.*). =nĕr-vā'tion, *n.* ശക്തിപ്പെടുത്തൽ; മജ്ജാതന്തുശക്തി (*phys.*); —വ്യവസ്ഥ (*an.*).

**In'nings**, *n. pl.* ഊഴം, കളിഊഴം, അധികാര—, —കാലം; 2. കടലു് തുറന്നുണ്ടായഭൂമി.

**In'nō-cent**, *a.* ദോഷം ഇല്ലാത്ത; 2: കററം—, തെററ്—, കളങ്കം—; 3. കററം ചെയ്യാത്ത, നിൎദ്ദോഷമായ; 4. ശുദ്ധ, നിഷ്കപട; 5. ദോഷതചമുള്ള; 6. നിയമാനുസാരം ആയ, ന്യായം—; 7. ചുങ്കം വീട്ടിയ. *n.* നിൎദ്ദോഷി, ശുദ്ധൻ; 2. കട്ടി; 3. പച്ചപ്പശു, പൊട്ടൻ. =**cence**, =**cen-cy**, *n.* ദോഷരഹിതതചം, നിൎദ്ദോഷതചം, ദ്രോഹമില്ലായ്മ; നിരപരാധിതചം, കററമില്ലായ്മ; പൊട്ടത്തരം. **-ly**, *ad.* കററമില്ലാതെ; ഒന്നും വിചാരിക്കാതെ, വെറുതെ.

**In-noc'ū-ŏus**, *a.* കേടു് വരുത്താത്ത, ഹാനി—, ഉപദ്രവം ഇല്ലാത്ത. **-ly**, *ad.* ദ്രോഹമില്ലാതെ, ഹാനിവരുത്താതെ. **-ness**, =**cū'i-ty**, *n.* ഹാനിയില്ലായ്മ, ദോഷരഹിതതചം; പത്ഥ്യത.

**In-nom'i-nāte**, *a.* പേരില്ലാത്ത, നാമഹീനമായ.

**In'nŏ-vāte**, *v. t.* പുതുക്കുക, നവീനമാക്കുക; 2. നൂതനമായി ഉണ്ടാക്കുക. *v. i.* (in, on) മാററുക; 2. നൂതനം ചേൎക്കുക. =**vā'tiŏn**, *n.* നൂതനമാക്കൽ; മാററം; പുതുക്കം; പുതുമ. =**vā'tiŏn-ist**, *n.* നൂതനപ്രിയൻ. =**va-tive**, *a.* നൂതനം ആയ; —ആക്കുന്ന. =**vā-tŏr**, *n.* നൂതനക്കാരൻ.

**In-nox'i-ŏus** (-nok'shi-us), *a.* ഹാനി വരുത്താത്ത, ദോഷം—; 2. കററം ചെയ്യാത്ത, നിരപരാധിയായ. **-ly**, *ad.* ഉപദ്രവം ഇല്ലാതെ, —ചെയ്യാതെ. **-ness**, *n.* ഹാനിയില്ലായ്മ, ദോഷരഹിതതചം.

**In-nū-en'dō**, *n.* സൂചന, ഛാട, കുത്തുവാക്കു്; 2. എന്നു് വെച്ചാൽ, അൎത്ഥാൽ (*l.*).

**In-nū'mĕr-a-ble**, =**nū'mĕr-ŏus**, *a.* അസംഖ്യമായ, കണക്കു് ഇല്ലാത്ത, എണ്ണം—; 2. അനേകാനേകം. **-ness**, =**bil'-i-ty**, *n.* എണ്ണമില്ലായ്മ; അനേകതചം; ധാരാളതചം. =**bly**, *ad.* കണക്കില്ലാതെ.

**In-nū-tri'tiŏn** (-trish'un), *n.* പോഷണമില്ലായ്മ, പോഷണക്ഷയം. =**tri'-tiŏus** (-trish'us), ='**tri-tive**, *a.* പോഷണശക്തി ഇല്ലാത്ത, ദേഹത്തിൽ പിടിക്കാത്ത.

**In-ob-sēr'vant**, *a.* നോട്ടം ഇല്ലാത്ത, ശ്രദ്ധ—; 2. സൂക്ഷ്മം—; 3. കൂട്ടാക്കാത്ത. =**sēr'va-ble**, *a.* കാണ്മാൻ പാടില്ലാത്ത. =**sēr'vance**, *n.* അശ്രദ്ധ; ലംഘനം; അനാചരണം. **-ly**, *ad.* കൂട്ടാക്കാതെ, പ്രമാണിക്കാതെ.

**In-ob-tru'sive**, *a.* ബുദ്ധിമുട്ടിക്കാത്ത, ഉപദ്രവം ഇല്ലാത്ത; 2. സാവധാനമായ. **-ly**, *ad.* അലമ്പലാക്കാതെ; സാവധാനത്തിൽ. **-ness**, *n.* സാവധാനം.

**In-oc-cū-pā'tiŏn**, *n.* മിനക്കേടു്, സചസ്ഥവൃത്തി, പ്രവൃത്തിയില്ലായ്മ.

**In-oc'ū-lāte**, *v. t. & i.* തെഴപ്പിക്കുക; 2. ഒട്ടിച്ചു് ചേൎക്കുക (*b.*); 3. കുത്തിവെക്കുക, കീറി— (*med.*); 4. മനസ്സിൽ കടത്തുക. =**lā'tiŏn**, *n.* മരം ഒട്ടിക്കൽ (*b.*); കീറിവെക്കൽ, ഗോവസൂരിപ്രയോഗം (*med.*); മനസ്സിൽ പതിക്കൽ. =**lā-tŏr**, *n.* മരം ഒട്ടിക്കുന്നവൻ (*b.*); കുത്തിവെക്കുന്നവൻ (*med.*).

**In-ō'dŏr-ŏus**, *a.* നിൎഗ്ഗന്ധമായ, മണമില്ലാത്ത. **-ness**, *n.* ഗന്ധമില്ലായ്മ.

**In-of-fen'sive**, *a.* മുഷിപ്പിക്കാത്ത; സാവധാനമായ, സൌമ്യതയുള്ള; 2. ഹാനിയില്ലാത്ത, ദ്രോഹം വരുത്താത്ത; 3. തടസ്ഥം—. **-ly**, *ad.* രസക്കേടു് വരുത്താതെ. **-ness**, *n.* സാധുതചം; സൌമ്യത.

**In-of-fi'cial** (-fish'al), *a.* ഉദ്യോഗസംബന്ധം അല്ലാത്ത; 2. നിയമാനുസാരം—; 3. അധികാരരഹിതമായ; 4. സചകാൎയ്യനിലയിലുള്ള. **-ly**, *ad.* അധികാരസംബന്ധമില്ലാതെ. =**fi'ciŏus** (-fish'us), *a.* ധൎമ്മലംഘനം ആയ; നിൎദ്ദയം—. =**fi'ciŏus-ly**, *ad.* നിശ്ശ്രദ്ധമായി.

**In-op'ĕr-a-tive**, *a.* അസാധുആയ, നിഷ്ഫലം—, വ്യൎത്ഥം—.

**In-op'por-tūne**, *a.* തഞ്ചം തെററിയ, അകാലം ആയ; 2. അനനുകൂലം—, സൌകൎയ്യമില്ലാത്ത. **-ly**, *ad.* അനുകൂലമില്ലാതെ, തരക്കേടായി. =**tū'ni-ty**, *n.* തഞ്ചക്കേടു്; അവസരക്കുറവു്.

**In-op-pres'sive**, *a.* ഭാരം ഇല്ലാത്ത; 2. ഞെരുക്കം ചെയ്യാത്ത.

In-op′ū-lent, *a.* വകയില്ലാത്ത, ഐശ്വൎയ്യം—, ദാരിദ്ര്യമുള്ള.

In-or′di-nāte, *a.* സീമയററ, അതിരില്ലാത്ത; 2. ക്രമംകെട്ട; 3. അത്യധികം ആയ, അതി—. -ly, *ad.* ക്രമം തെററി. =na-cy, -ness, *n.* ക്രമലംഘനം; ആധിക്യം.

In-or-gan′ic, =i-cal, *a.* അനൈന്ദ്രികം ആയ; 2. നിൎജ്ജീവം—, ജഡം—. i.c chemistry ധാതുരസായനവിദ്യ. =i-cal-ly, *ad.* ജഡമായി. =i-s̱ā′tiŏn, =i-zā′tiŏn, *n.* വ്യവസ്ഥയില്ലായ്മ. =or′-gan-īs̱ed, =or′gan-īzed (-īzd), *a.* അനൈന്ദ്രികം ആയ; കരണരഹിതം—; നിൎജ്ജീവം—.

In-os′cū-lāte, *v. i.* തൊട്ട് ചേരുക; 2. തമ്മിൽ—. *v. t.* തൊട്ടത്ത് ചേൎക്കുക; 2. ഉററ്—; 3. ഒരുമിപ്പിക്കുക. =lā′tiŏn, *n.* തൊട്ടുകൂടൽ; സംയോജനം.

In-ox′i-dīs̱e, =dīze, *v.t.* കറപിടിക്കാതെ ആക്കുക, ദ്രവിച്ച് പോകാതെ— (*ch.*). =dī′s̱a-ble, =dī′za-ble *a.* കറപിടിക്കാത്ത, ദ്രവിച്ച് പോകാത്ത (*ch.*).

*In pos′sē, a.* ഉണ്ടാവാൻ തരമുള്ള, സംഭവ്യമായ.

In′quest, *n., s. u.* Inquire.

In-quī′e-tūde, *n.* സ്വസ്ഥതക്കേട്, അസ്വസ്ഥത.

In-quīre′, En-quīre′, *v. i.* ചോദിച്ചറിയുക, അന്വേഷിക്കുക; 2. പരിശോധിക്കുക. *v. t.* ചോദിക്കുക, അന്വേഷണം ചെയ്യുക, പരിശോധന—; വിചാരണ—. =′quest, *n.* അന്വേഷണം, വിചാരണ; അപമൃത്യുപരിശോധന, ശവം നോക്കിയന്വേഷണം. coroner′s i.t അപമൃത്യുവിചാരണ (*l.*). i.t report ശവം നോക്കിയാദാസ്സ് (*l.*). =quī′ring, *a.* പരിശോധനാതാല്പൎയ്യം ഉള്ള, കൌതുകബുദ്ധി—; അന്വേഷണം നടത്തുന്ന. =quī′ring-ly, *ad.* അന്വേഷണാൎത്ഥമായി; ചോദ്യഭാവത്തിൽ. =quī′ry, *n.* ചോദ്യം; അന്വേഷണം; പരിശോധന, പരീക്ഷ; അന്വേഷണവിചാരണ (*l.*). Court of I.y അന്വേഷണവിചാരണസഭ; —വിചാരണക്കോടതി (*l.*).

In-quis̱′i-tive, *a.* ചോദ്യശീലം ഉള്ള; പരകാൎയ്യാന്വേഷണബുദ്ധി—; 2. കൌതുകസ്വഭാവം—; 3. പരിശോധനാവാസന—. if I am not i. മുഷിയരുതേ; അഹിതമാണെങ്കിൽ വേണ്ട. *n.* പരകാൎയ്യാന്വേഷകൻ, അറിയാത്തിരക്ക്കാരൻ; പരിശോധനാതല്പരൻ, ശ്രദ്ധാലു. =s̱i′-tiŏn (-zish′un), *n.* അന്വേഷണം, പരിശോധന; വിചാരണ, അപമൃത്യുപരിശോധന (*l.*); മതദ്രോഹവിചാരണസഭ (*R. C.*). -ly, *ad.* ശ്രദ്ധാപൂൎവ്വം, ബഹുശ്രദ്ധയോടെ. -ness, *n.* കൌതുകശീലം; അന്വേഷണതാല്പൎയ്യം; അഹിതശ്രദ്ധ, അറിയാത്തിരക്ക്. =tō′ri-al, *a.* അന്വേഷണസംബന്ധമായ, ഹേമിച്ച് ചോദിക്കുന്ന, ദുമ്പുണ്ടാക്കുന്ന; മതദ്രോഹാന്വേഷണസംബന്ധമായ. =tō′ri-al-ly, *ad.* ഹേമചോദ്യമായി.

In-rac′i-nāte, *v. t.* നട്ടുക; വേരുന്നിക്കുക. [ക്കുകത്താക്കുക.

In-rāil′, *v. t.* വളച്ച്കെട്ടുക, അഴി

In′rōad, *n.* ആക്രമണം, ശത്രുപ്രവേശനം; 2. കയ്യേററം.

In-roll′, *v. t., s. a.* Enroll.

In′run-niṅg, *n.* പ്രവേശനം, കയററം; 2. വാതില്.

In′rush, *n.* ഓട്ടം; കയററം.

In-sal-i-vā′tiŏn, *n.* ലാലസമ്മിശ്രണം (*phys.*).

In-sa-lu̱′bri-ŏus, *a.* സുഖകരമല്ലാത്ത, രോഗജനകമായ. =lu̱′bri-ty, *n.* സുഖക്കേട്; അഹിതത്വം.

In-sal′u̱-tar-y, *a.* പത്ഥ്യമല്ലാത്ത, സുഖവിരുദ്ധമായ; 2. ക്ഷേമകരമല്ലാത്ത, ദോഷകരമായ.

In-san′a-ble, *a.* സുഖപ്പെടാത്ത, മാറാത്ത. -ness, =bil′i-ty, *n.* മാറായ്മ. =bly, *ad.* ഭേദമാകാതവണ്ണം.

In-sāne′, *a.* ചിത്തഭ്രമമുള്ള, ബുദ്ധിക്ക് സ്ഥിരമില്ലാത്ത; 2. ഭ്രാന്തന്മാൎക്കുള്ള; 3. ഭ്രാന്ത് വരുത്തുന്ന; 4. ബുദ്ധിനാശം ആ

യ, മൌഢ്യം—. -ly, *ad.* ബുദ്ധികേടായി; ഭ്രാന്തായി. -ness, =san'i-ty, *n.* ബുദ്ധിഭ്രമം, ഭ്രാന്ത്, പിച്ച്.

In-san'i-tar-y, *a.* ക്ഷേമവിരുദ്ധമായ, അശുചിയായ. =tā'tiŏn, *n.* ക്ഷേമവിരുദ്ധത്വം, വൃത്തികേട്.

In-sā'ti-a-ble (-sā'shi-), =sā'ti-āte (-sā-shi-), *a.* തൃപ്തിഇല്ലാത്ത, —വരാത്ത, അലംഭാവമില്ലാത്ത; 2. അത്യാശയുള്ള. -ness, =bil'i-ty, =tī'e-ty, *n.* തൃപ്തികേട്; അതിമോഹം. =bly, =āte-ly, *ad.* മതിയാകാതെ, തൃപ്തിപ്പെടാതെ.

In-sat'ū-ra-ble, *a.* പൊതിപ്പാൻ കഴിയാത്ത; 2. തൃപ്തിപ്പെടുത്തുവാൻ—.

In-sconce', *v.t., s. a.* Ensconce.

In-scrībe', *v. t.* എഴുതുക, വരക്കുക; 2. കൊത്തുക; 3. അച്ചുപതിക്കുക; 4. സമൎപ്പിക്കുക, പ്രതിഷ്ഠിക്കുക; 5. മനസ്സിൽ പതിക്കുക; 6. അന്തൎല്ലേഖനം ചെയ്യുക (*geom.*). =scrī'ba-ble, =scrip'ti-ble, *a.* അന്തൎല്ലേഖ്യമായ (*geom.*). =scrī'ba-ble-ness, *n.* അന്തൎല്ലേഖനീയത്വം. =scrip'tiŏn, *n.* ലേഖനം; എഴുത്ത്, ലിഖിതം, മേലെഴുത്ത്; ശിലാലിപി, —ശാസനം; സമൎപ്പണം. =scrip'tive, *a.* കൊത്തീട്ടുള്ള; ലിഖിതരൂപമായ.

In-scrōll', =scrōl', *v. t.* ചാൎത്തുക, രേഖപ്പെടുത്തുക.

In-scru'ta-ble, *a.* അവിവേചനീയം ആയ; 2. അഗോചരം—, അഗാധം—; 3. ദുൎഗ്രാഹ്യം—, മനസ്സിലാകാത്ത, തിരിയാത്ത. -ness, =bil'i-ty, *n.* അപ്രമേയത്വം. =bly, *ad.* ബുദ്ധിക്കെത്താത്ത വിധം.

In-sec'a-ble, *a.* അഛേദ്യമായ, മുറിപ്പാൻ പാടില്ലാത്ത. =sec'tiŏn, *n.* മുറിക്കൽ, ഛേദനം; മുറിവ്.

In'sect, *n.* ക്ഷുദ്രജന്തു, ചെറുപ്രാണി, കൃമി, പുഴ, പൂച്ചി (*z.*); 2. നിസ്സാരം; 3. നിസ്സാരൻ. *a.* കീടസംബന്ധമായ; 2. ചെറിയ; 3. നീചം ആയ; 4. ക്ഷണികം—. i.-powder കൃമിഘ്നചൂൎണ്ണം. =sec'ta, *n. pl.* ക്ഷുദ്രജന്തുവൎഗ്ഗം (*z.*). -ed, =sec'tīle, *a.* പ്രാണിസ്വഭാവമുള്ള; കീടതുല്യമായ. =sec'ti-cīde, *n.* കൃമിഘ്നം; കൃമിഘ്നൻ. =sec-tiv'ōre, *n.* (*pl.* =tiv'ō-ra), പാററതീനി, ഉറുമ്പ്— (*z.*). =tiv'ō-rŏus, *a.* കീടഗ്രാസമായ.

In-sec'tiŏn, *n., s. u.* Insecable.

In'se-cūre, *a.* ഭദ്രമല്ലാത്ത, ഉറപ്പ് ഇല്ലാത്ത; 2. വിശ്വാസം—, സംശയകരം ആയ; 3. അരക്ഷിതം—; കേടുവരാകുന്ന; 4. അസ്ഥിരമായ. -ly, *ad.* ഉറപ്പില്ലാതവണ്ണം. -ness, =cū'ri-ty, *n.* അഭദ്രത; അപകടനില; അവിശ്വാസം, ശങ്ക.

In-sen'sāte, *a.* അബുദ്ധിയായ, മൌഢ്യമുള്ള. -ly, *ad.* ബുദ്ധികേടായി. -ness, *n.* നിൎബ്ബോധം, മൌഢ്യം.

In-sen'si-ble, *a.* ബോധം അററ, —ഇല്ലാത്ത; 2. (of, to) രാഗഹീനമായ; 3. വിചാരം ഇല്ലാത്ത; 4. കൃപ—; 5. അഗോചരം ആയ; 6. അദൃശ്യം—; 7. മന്ദം—, സാവധാനം—; 8. ക്രമേണയുള്ള. -ness, =bil'i-ty, *n.* ബോധക്ഷയം, ഓൎമ്മകേട്; മൌഢ്യം. =bly, *ad.* അദൃശ്യമായി; ക്രമേണ. =sen'si-tive, *a.* സ്പൎശബോധമററ. =sen'sū-ŏus, *a.* അനൈന്ദ്രികമായ. =sen'ti-ent (-sen'shi-), *a.* നിൎബ്ബുദ്ധിയായ.

In-sep'a-ra-ble, *a.* വേൎപിരിപ്പാൻ കഴിയാത്ത, അഭേദ്യമായ. -ness, =bil'i-ty, *n.* നിൎവ്വിയോജ്യത. =bly, *ad.* തമ്മിൽ പിരിച്ച് കൂടാതവണ്ണം. =rāte, *a.* ഉററു ചേൎന്നിരിക്കുന്ന, വേൎപിരിയാത്ത.

In-sĕrt', *v.t.* തിരുകുക, ചെരുതുക; 2. ഉൾപ്പെടുത്തുക; 3. ചേൎക്കുക; ചേൎത്തെഴുതുക; 4. പതിക്കുക. =sĕr'tiŏn, *n.* ചേൎക്കൽ; തൊങ്ങല്; പതിക്കൽ; പതിപ്പ്.

In-ses'siŏn, *n.* (വെള്ളത്തിൽ) ഇരുത്തൽ (*med.*).

In'set, *n.* ചേൎപ്പ്; 2. പതിപ്പ്.

In-sev'ĕr-a-ble, *a.* തമ്മിൽ പിരിപ്പാൻ കഴിയാത്ത.

In-shā'ded, *a.* പലവൎണ്ണം ഉള്ള, [—നിറം—.

In-shēathe', *v. t.* ഉറയിലിടുക.

In-shōre', *a.* കരക്കൊള്ളെയുള്ള.

In-shrīne', *v. t., s. a.* Enshrine.

In-sic-cā'tiŏn, *n.* ഉണക്കം, വാട്ടം.

In'sīde, *prep.* or *ad.* അകത്ത്, ഉള്ളിൽ; 2. അകായിൽ. *a.* അകത്തെ, ഉള്ളിലുള്ള; 2. ഉള്ളിലേക്ക് തക്ക. *n.* അകം, അന്തർഭാഗം; 2. ഉള്ളിലുള്ളത്; 3. *pl.* കടല്—; 4. മനോഗതം.

In-sid'i-ŏus, *a.* പതിയിരിക്കുന്ന; 2. ചതിയുള്ള, കള്ള; 3. കട്ടക്ക് ഉള്ള, ഉപായം—. i. disease ഉൾവ്യാധി. -ly, *ad.* ചതിവായി. -ness, *n.* കാപട്യം, കള്ളത്തരം.

In'sīght (-sīt), *n.* (into) ഉൾകാഴ്ച, ദൃഷ്ടി, അറിവ്; 2. കാൎയ്യബോധം, പരിജ്ഞാനം.

In-sig'ni-a, *n. pl.* ലക്ഷണം, ചിഹ്നം; 2. രാജചിഹ്നം, പദവി—.

In-sig-nif'i-cant, *a.* അൎത്ഥമില്ലാത്ത; 2. നിസ്സാരം ആയ, ലഘു—, അല്പം—; 3. പ്രയോജനമില്ലാത്ത; 4. നീചം ആയ. =cance, =can-cy, *n.* അനൎത്ഥകത്വം; അല്പത; അധമത്വം. -ly, *ad.* നിരൎത്ഥകമായി. =ca-tive, *a.* അനൎത്ഥകമായ.

In-sin-cēre' (-sēr'), *a.* യഥാൎത്ഥതയില്ലാത്ത, കപടഭാവം ഉള്ള, കള്ള. -ly, *ad.* കളവായി. =cer'i-ty, *n.* പരമാൎത്ഥക്കുറവ്, കാപട്യം, വ്യാപ്തി, നേര്കേട്, അവിശ്വസ്തത.

In-sin'ū-āte, *v.t.* മെല്ലെ ചെലുത്തുക; 2. നുഴഞ്ഞ് കടത്തുക, ചെരുതുക; 3. ഉപായേന മനസ്സിലാക്കുക; 4. സൂചിപ്പിക്കുക, കുത്തിപ്പറയുക, ഉന്നിപ്പറയുക; 5. (*refl.*) സേവപിടിക്കുക. *v.i.* ഇരിയുക; 2. കനിയുക; 3. നുഴയുക; 4. പാട്ടിലാക്കുക, ഉപായേന വശത്താക്കുക. =ā-ting, *a.* ഇരിയുന്ന; കനിയുന്ന; സൂചകം ആയ; മനോഹരം—. =ā-ting-ly, *ad.* സൂചനയായി. =ā'tiŏn, *n.* അരിക്കൽ; കനിച്ചൽ; അനുക്രമം; സേവ; നയവഞ്ചന; മനോഹരത്വം; ഛേകോക്തി. =a-tive, =a-tŏr-y, *a.* പാട്ടിലാക്കുന്ന, പുന്നാരം ആയ; സൂചന—. =ā'-tŏr, *n.* കുത്തിപ്പറയുന്നവൻ.

In-sip'id, *a.* രുചിഇല്ലാത്ത, ഉപ്പ്—, ചപ്പയായ; 2. ചുണകെട്ട; 3. രസമില്ലാത്ത, അരോചകമായ. -ness, =pid'i-ty, *n.* സ്വാദില്ലായ്മ; വൈരസ്യം. -ly, *ad.* ചപ്പയായി; ലാവണ്യമില്ലാതെ.

In-sip'i-ent, *a.* ബുദ്ധികെട്ട, മൂഢ. *n.* മൂഢൻ. =ence, *n.* ഭോഷത്വം, മൌഢ്യം.

In-sist', *v.i.* (in, on, upon) ഊന്നുക, ചാരുക; 2. (on, upon, that) നിഷ്കൎഷിക്കുക, കിറയുക, നിൎബ്ബന്ധിക്കുക. =sist'-ence, *n.* നിഷ്കൎഷ, കിറച്ചല്, തിരക്ക്. =sist'ent, *a.* ഊന്നിനില്ക്കുന്ന; നിഷ്കൎഷയുള്ള. =sist'ent-ly, *ad.* നിഷ്കൎഷയോടെ.

In-si'tiŏn, *n.* ഒട്ടിക്കല്.

*In si'tu*, *a.* സാക്ഷാൽ നിലയിൽ, വേണ്ടുന്നേടത്ത്, നിലക്ക്.

In-snāre', *v.t.*, *see* Ensnare.

In-sō-brī'ē-ty, *n.* അമിതത്വം, ആധിക്യം; 2. ലഹരി; കുടി.

In-sō'ci-a-ble (-sō'shi-), *a.* മെരുക്കം ഇല്ലാത്ത; 2. സംസൎഗ്ഗവിരക്തിയുള്ള; 3. മൌനിയായ. =bly, *ad.* ഇണക്കമില്ലാതെ.

In'sō-lāte, *v.t.* വെയില് കൊള്ളിക്കുക, വെയിലത്ത് വെക്കുക; 2. മൂപ്പിക്കുക. =lā'tiŏn, *n.* സൂൎയ്യപുടം; മൂൎച്ഛ (*med.*); വെയില് കായൽ (*med.*).

In'sō-lent, *a.* ധാൎഷ്ട്യം ഉള്ള, ധിക്കാരം—; മുഷ്കരത്വം—, അഹങ്കാരം—; 2. അപൂൎവ്വ—. =lence, =len-cy, *n.* മൌഢ്യം, ധിക്കാരം, എടുപ്പ്. -ly, *ad.* തിരസ്കാരഭാവത്തോടെ. [ഹീനത.

In-so-lid'i-ty, *n.* ഉറപ്പില്ലായ്മ, ബല

In-sol'ū-ble, *a.* അലിയാത്ത, ഭേദിക്കാത്ത; 2. തീരാത്ത, തീൎപ്പാൻ കഴിയാത്ത. -ness, =bil'i-ty, *n.* അലിയായ്മ; തീരായ്മ; അപ്രമേയത്വം.

In-sol'va-ble, *a.* തെളിയിപ്പാൻ കഴിയാത്ത, തിരിയാത്ത; 2. അഭേദ്യമായ.

In-sol'vent, *a.* കടം വീട്ടുവാൻ വകയില്ലാത്ത, 'ദീവാളി'ആയ, നിൎദ്ധനൻ— (*l.*); 2. നിൎദ്ധനസംബന്ധമായ. i. law നിൎദ്ധനത്വനിയമം. *n.* 'ദീവാളി' എടു

ത്തവൻ, നിർദ്ധനൻ (*l.*). =sol′va-ble, *a.* കടം വീട്ടുവാൻ കഴിയാത്ത. =sol′-ven-cy, *n.* നിർദ്ധനത്വം (*l.*); 'ഭീവാളി' കളിക്കൽ. act of i.y നിർദ്ധനത്വനിയമം.

In-som′ni-a, =som′nō-lence, *n.* ഉറക്കില്ലായ്മ, വീതനിദ്രത്വം. =som′ni-ŏus, *a.* ഉറക്കില്ലാത്ത.

In′sō-much, *ad.* (that, as) അത്ര, അത്രോളം; 2. ആയിരിക്കുംവണ്ണം; 3. ആകകൊണ്ട്.

In-sō-nō′rŏus, *a.* സ്വരഭംഗമുള്ള, അസ്പഷ്ടമായ.

In-sooth′, *ad.* നിശ്ചയം ആയി, സത്യം—, തീർച്ച—.

In-spect′, *v.t.* നോക്കുക, പരിശോധിക്കുക; 2. മേലന്വേഷണം ചെയ്യുക. =spec′tiŏn, *n.* പരിശോധന, അന്വേഷണം; മേൽവിചാരം. =spec′tive, *a.* പരിശോധന നടത്തുന്ന. =spec′tŏr, *n.* മേൽവിചാരകൻ, മേനോക്കി. =spec′-tress, *n.* മേൽവിചാരക്കാരത്തി. =spec′-tŏr-āte, =spec′tŏr-ship, *n.* മേൽവിചാരകോദ്യോഗം; മേലന്വേഷണപ്രദേശം.

In-spĕrse′, *v. t.* തളിക്കുക. =spĕr′-siŏn, *n.* പ്രോക്ഷണം; അഭിഷേകം.

In-spex′i-mus, *n.* തരക്.

In-spīre′, *v. t.* ഊതുക, കാററ്നിറക്കുക; 2. ജീവിപ്പിക്കുക; 3. ശ്വാസം വലിക്കുക; 4. പ്രേരേപിക്കുക, വെളിപ്പെടുത്തുക; 5. ആവേശിക്കുക; ഉത്സാഹിപ്പിക്കുക, ധൈര്യപ്പെടുത്തുക. *v. i.* ഉച്ഛ്വസിക്കുക. =spīred′ ((spīrd′), *a.* ഉച്ഛ്വസിച്ച; ദൈവപ്രബുദ്ധം ആയ, —പ്രേരിതം—; പവിത്രം—, വിശുദ്ധം—. =spī′-rĕr, *n.* പ്രേരേപകൻ. =spī′ring, *a.* മനസ്സിളക്കുന്ന; ആനന്ദകരമായ; ഉജ്ജീവിപ്പിക്കുന്ന.

In-spir′it, *v. t.* ഉജ്ജീവിപ്പിക്കുക, ചൈതന്യം വരുത്തുക; 2. ധൈര്യപ്പെടുത്തുക.

In-spis′sāte, *v. t.* മുഴപ്പിക്കുക, കുറുക്കുക. *a.* മുഴത്ത. =sā′tiŏn, *n.* മുഴപ്പിക്കൽ; മുഴപ്പ്.

In-stā′ble, *a.* അസ്ഥിരമായ, ചഞ്ചലമുള്ള. -ness, =bil′i-ty, *n.* അസ്ഥിരത, ചാപല്യം.

In-stall′, *v. t.* ഇരുത്തുക, ഇടം കൊടുക്കുക; 2. നിലക്ക് ആക്കുക; 3. ഉദ്യോഗത്തിൽ—, സ്ഥാനത്ത്—; പട്ടാഭിഷേകം കഴിക്കുക, വാഴിക്കുക; 4. പ്രതിഷ്ഠിക്കുക. =stal-lā′tiŏn, *n.* സ്ഥാനാരോഹണം; പ്രതിഷ്ഠ. -′ment, =stal′ment, *n.* പട്ടാഭിഷേകം; പ്രതിഷ്ഠ.

In-stal′ment, =stall′ment, *n.* 'കിസ്ത്', 'ഗഡു', അവധി, തവണ.

In′stant, *a.* ബുദ്ധിമുട്ടിക്കുന്ന, തിരക്കുള്ള; 2. അഭിനിവേശിക്കുന്ന; 3. തല്ക്ഷണം ഉള്ള, ഉടനെ—; 4. തല്കാലത്തെ, ഇപ്പോഴത്തെ. *ad.* തല്ക്ഷണം. *n.* ക്ഷണം, നിമിഷം; 2. നടക്കുന്ന മാസത്തെ (തിയ്യതി). =stance, *n.* തിരക്ക്, ബദ്ധപ്പാട്; അപേക്ഷ; തരുണം; ഉദാഹരണം; അടയാളം, ചിഹ്നം. in the first i.e ആദ്യമായി. court of first i.e ആദ്യകോടതി. for i.e ഉദാഹരണം. *v. t.* പറയുക, കാട്ടുക; ഉദാഹരണമായി കാണിക്കുക. =stan-tā-ne′i-ty, *n.* ക്ഷണികത്വം. =tā′ne-ŏus, *a.* തല്ക്ഷണം ആയ, ക്ഷണികം—; ക്ഷണനേരത്തില്ലുള്ള. =tā′ne-ŏus-ly, *ad.* തല്ക്ഷണംകൊണ്ട്. =tā′ne-ŏus-ness, *n.* തല്ക്ഷണത്വം. =stan′tĕr, *ad.* തല്ക്ഷണം, ഉടനടി. -ly, *ad.* ഉടനെ, അപ്പോൾ തന്നെ; ബുദ്ധിമുട്ടിച്ച്, നിഷ്കർഷയോടെ.

In-stāte′, *v. t.* ആക്കുക, വെക്കുക, സ്ഥാപിക്കുക; 2. സ്ഥാനത്താക്കുക.

In-stau-rā′tiŏn, *n.* ജീർണ്ണോദ്ധാരണം, പുതുക്കൽ, നന്നാക്കൽ.

In-stead′ (-sted′), *ad.* (of) പകരം, 'ബദല്'; വേണ്ടി.

In′step, *n.* പുറങ്കാല്, കാൽപുറവടി.

In′sti-gāte, *v. t.* ഉത്സാഹിപ്പിക്കുക, കത്തിപ്പൊന്തിക്കുക; 2. ഉണ്ടാക്കിത്തീർക്കുക; 3. കിണ്ടുക, കിളുത്തുക. =gā-ting-

ly, *ad.* നിബ്ബന്ധത്തോടെ. =gā'tiŏn, *n.* ഉദ്ബോധന; പ്രേരപണം, ഉത്സാഹം; കത്തിപ്പൊന്തിക്കൽ. =gā-tŏr, *n.* കാരണഭൂതൻ, ഉത്സാഹിപ്പിക്കുന്നവൻ.

In-stil', =still', *v.t.* ഉററിക്കുക, ഇററിററ് വീഴിക്കുക; 2. ക്രമേണ ചെലുത്തുക; 3. ഉൾപ്രവേശിപ്പിക്കുക; 4. മനസ്സിൽ കടത്തുക; പഠിപ്പിക്കുക. =stil-lā'tiŏn, =stil'ment, =still'ment, *n.* കടത്തൽ; ഉപദേശം.

In-stim-ū-lā'tiŏn, *n.* ഉത്സാഹം, ശുശ്രൂഷ[ഷ്കാന്തി.

In'stinct, *a.* ഉൾനിബ്ബന്ധം ഉള്ള; 2. സ്വതഃശക്തി—; 3. ചൈതന്യം—; ജീവൻ—. *n.* പ്രകൃതിബോധം, ജന്മജ്ഞാനം, സ്വതഃ—; 2. പ്രകൃതിഗുണം, ജന്തുധൎമ്മം (*z.*); 3. ജന്മവാസന, സ്വഭാവം. =stinc'tive, *a.* പ്രകൃത്യാഉള്ള; ജന്മനാ—, സ്വാഭാവികമായ; തന്നിയെ തോന്നുന്ന. =stinc'tive-ly, *ad.* പ്രകൃത്യാ, സ്വഭാവേന, ജന്മനാ.

In'sti-tūte, *v.t.* സ്ഥാപിക്കുക, സങ്കല്പിക്കുക; 2. വെക്കുക; 3. തുറക്കുക; 4. നിയമിക്കുക; 5. ആരംഭിക്കുക, തുടങ്ങുക; 6. അഭ്യസിപ്പിക്കുക; 7. ബോധകനായി നിയമിക്കുക. *n.* സങ്കല്പം; 2. ധൎമ്മം, നിയമം; 3. മൎയ്യാദ; 4. മൂലസൂത്രം, പ്രമാണം; 5. *pl.* ധൎമ്മസംഹിത; 6. ശാല; പാഠശാല, വിദ്യാ—; മണ്ഡപം. i.s of medicine വൈദ്യസൂത്രം, —പ്രമാണം. =tū'tiŏn, *n.* സ്ഥാപനം; വിദ്യാഭ്യാസം; ബോധകസ്ഥാനപ്രതിഷ്ഠ; മൎയ്യാദ, ചട്ടം, നടവടി, വെപ്പ്; നിയമം, രാജ്യധൎമ്മം; സഭ, സമാജം; മണ്ഡപം; ഗ്രന്ഥം; സംഹിത. =tū'tiŏn-al, *a.* ധൎമ്മസംബന്ധം ആയ; അധികാരനിയുക്തം—; ആദ്യപാഠം—. =tū'tiŏn-ar-y, *a.* ധൎമ്മസംബന്ധം ആയ; പ്രാരംഭസൂത്രം—, ആദ്യപാഠം—. =tū'tive, *a.* സ്ഥാപകം ആയ; സ്ഥാപനാൎത്ഥം—; സ്ഥാപിതം—; ക്രമാനുസാരം—. =tū'tive-ly, *ad.* നിയമാനുസാരം, ചട്ടപ്രകാരം. =tū'tŏr, *n.* സ്ഥാപകൻ; ഗുരു.

In-struct', *v.t.* പഠിപ്പിക്കുക; 2. ഉപദേശിക്കുക; പറഞ്ഞ്കൊടുക്കുക; 3. കല്പിക്കുക, ആജ്ഞാപിക്കുക. =struc'ti-ble, *a.* അഭ്യസിപ്പിക്കാവുന്ന; പറഞ്ഞാൽ കേൾക്കുന്ന. =struc'tiŏn, *n.* അറിവ്; പഠിപ്പ്; കല്പന; ചട്ടം; ഉപദേശം. =struc'tiŏn-al, *a.* ബോധനീയം ആയ; വിദ്യാഭ്യാസാൎത്ഥകം—. =struc'tive, *a.* പ്രബോധകം—; സാരം—; പ്രയോജനമുള്ള. =struc'tive-ly, *ad.* അറിവുണ്ടാകത്തക്കവണ്ണം. =struc'tive-ness, *n.* പ്രബോധകത്വം; പ്രയോജനം. =struc'tĕr, =struc'tŏr, *n.* ഉപദേശകൻ, ഗുരു. =struc'tress, *n.* ഉപാദ്ധ്യായി.

In'stru-ment, *n.* കരണം, ആയുധം, ശസ്ത്രം, ഉപകരണം, സാമഗ്രി, യന്ത്രം, പണിക്കോപ്പ്; 2. സാധകം; 3. വാദ്യം; 4. രേഖ, ആധാരം, പ്രമാണം, ലക്ഷ്യം, ശാസനം (*l.*); 5. കാരണം, നിമിത്തം, ഹേതു; ആള്; മാൎഗ്ഗം. *v.t.* വാദ്യം വായിക്കുക, മീട്ടുക. =men'tal, *a.* കാരണം ആയ, ഹേതു—, കാരകം—; ഉപയോഗം ഉള്ള, പ്രയോജനം—; വാദ്യ; കരണമായ. i.l music വാദ്യം. i.l case കരണവിഭക്തി. i.l errors യന്ത്രപ്പിഴ. =men'tal-ist, =men'tist, *n.* വാദ്യക്കാരൻ. =men-tal'i-ty, *n.* ഹേതു, കാരണം; മാൎഗ്ഗം. =men'tal-ly, *ad.* സാധകമായി, മാൎഗ്ഗേണ; വാദ്യസമേതമായി. =men-tā'tiŏn, *n.* യന്ത്രപ്രയോഗം, സാഹിത്യം; സാധകമാൎഗ്ഗം; മാൎഗ്ഗം, ഉപായം; വാദ്യപ്രയോഗം.

In-sub-jec'tiŏn, *n.* അവിധേയത്വം, അനധീനത; ശഠത.

In-sub-mis'siŏn (-mish'un), *n.* അനുസരണക്കേട്, അവിധേയത്വം.

In-sub-or'di-nāte, *a.* ഒതുക്കം ഇല്ലാത്ത, അടക്കം—; 2. അനുസരണംകെട്ട; 3. ശഠതയുള്ള. =nā'tiŏn, *n.* ധിക്കാരം, അവിധേയത്വം.

In-sūe', *v. i.*, *see* Ensue.

In'sue-tūde (-swe-), *a.* ശീലമില്ലായ്മ, പരിചയക്കുറവ്.

In-suf'fĕr-a-ble, *a.* ദുസ്സഹമായ, പൊറുക്കാവതല്ലാത്ത; 2. അററപ്പായ. =bly, *ad.* അസഹ്യമായി.

**In-suf-fi'cient** (-fish'ent), *a.* പോരാത്ത, എത്താത്ത, മതിയാകാത്ത; 2. പ്രാപ്തിയില്ലാത്ത, പററാത്ത, കൊള്ളാത്ത. =**fi'cience** (-fish'ens), =**fi'cien-cy** (-fish'en-si), *n.* പോരായ്മ, കുറവ്; ശേഷികേട്. -**ly**, *ad.* പോരാതെ, തികയാതെ.

**In-suf-flā'tiŏn**, *n.* ഊതൽ; 2. സ്നാനവൃത്ത് (*R. C.*); 3. നസ്യം, ഊതിക്കടത്തൽ (*med.*).

**In'sū-lar**, *etc.*, *s. u.* Island.

**In'sū-lāte**, *v. t.* പിരിച്ച് വെക്കുക, അകററി—; വേറെ ആക്കുക, പ്രത്യേകം—; 2. ഉഷ്ണവ്യാപ്തി തടുക്കുക (*ph.*); വിദ്യുദ്ധാതുവ്യാപ്തി— (*ph.*). =**ting stool** ദുർന്നേതൃപീഠം. =**lā-ted**, *p. a.* പിരിഞ്ഞ് നില്ക്കുന്ന, അകന്ന്—, തനിയെ—; ദുർന്നേത്രാച്ഛന്നമായ (*ph.*); ആകർഷണാതീതമായ (*as.*). **i.d wire** ദുർന്നേത്രാച്ഛന്നപ്പാക (*ph.*). =**lā'tiŏn**, *n.* പിരിക്കൽ, അകററൽ; വേർപാട്, പ്രത്യേകത്വം; ഉഷ്ണവ്യാപ്തി ഖണ്ഡനം (*ph.*); വിദ്യുദ്ധാതുവ്യാപ്തി—, വിദ്യുദ്ധാതുവ്യാപ്തി തടസ്ഥം (*ph.*). =**lā'tŏr**, *n.* അകററുന്നവൻ; ദുർന്നേത്രു (*ph.*). =**līte**, *n.* ദുർന്നേത്രുപദാർത്ഥം (*ph.*).

**In'sult**, *n.* നിന്ദ, തുച്ഛീകാരം; വാവിക്ഷ്വാണം; ധിക്കാരം; നിർമ്മര്യാദം. =**sult'**, *v. t.* ചീത്തപറയുക, അപമാനിക്കുക, പുച്ഛിക്കുക. *v. i.* ചാടുക, തുള്ളുക; ധിക്കാരം കാട്ടുക. =**sult'ing**, *a.* ചീത്ത പറഞ്ഞപമാനിക്കുന്ന, നിന്ദാകരമായ. =**sult'ing-ly**, *ad.* നിന്ദയോടെ.

**In-sū-pĕr-a-ble**, *a.* ദുസ്തരമായ, കടപ്പാൻ കഴിയാത്ത; 2. ജയിപ്പാൻ—; 3. ദുസ്സാദ്ധ്യം ആയ. -**ness**, =**bil'i-ty**, *n.* അസാദ്ധ്യത; നിർജ്ജയത്വം. =**bly**, *ad.* നിർവ്വാഹമില്ലാതെ.

**In-sup-pōrt'a-ble**, *a.* ദുസ്സഹമായ, സഹിക്കാവതല്ലാത്ത. -**ness**, *n.* ദുർവ്വഹനീയത്വം. =**bly**, *ad.* അസഹ്യമായി.

**In-sup-pō'ṣa-ble**, *a.* നിരൂഹ്യം ആയ, അഗ്രാഹ്യം—.

**In-sup-pres'si-ble**, *a.* അടക്കിവെപ്പാൻ കഴിയാത്ത, അമർത്തിക്കളവാൻ—; 2. നിവാര്യമല്ലാത്ത. =**bly**, *ad.* മറച്ച് വെപ്പാൻ കഴിയാതവണ്ണം.

**In-sụre'**, **En-sụre'** (-shur'), *v. t.* രക്ഷിക്കുക, ഉറപ്പിക്കുക, ഭദ്രപ്പെടുത്തുക; 2. ഭീമതീക്കുക. *v. i.* —ഏല്ക്കുക. =**sụ'ra-ble**, *a.* —യോഗ്യമായ. =**sụ'rance**, *n.* —തീക്കൽ; —വട്ടം; —സംഖ്യ. **accident i.e** ആപൽഭീമ. **endowment i.e** ക്ലിപ്തപ്രായ ജീവ—. **fire i.e** അഗ്നി—. **life i.e** ജീവ—. **i.e company** ഭീമസംഘം. **i.e policy** ഭീമക്കരാറ്, ഭീമപത്രം. =**sụ'rant**, *n.* —തീക്കുന്നവൻ. =**sụ'rĕr**, *n.* —ഏല്ക്കുന്നവൻ.

**In-sur'ġent**, *a.* മത്സരിക്കുന്ന, മത്സരഭാവമുള്ള. *n.* മത്സരക്കാരൻ, രാജദ്രോഹി. =**ġence**, =**ġen-cy**, =**sur-re͡c'tiŏn**, *n.* മത്സരം, രാജ്യകലഹം, രാജദ്രോഹം. =**sur-re͡c'tiŏn-al**, *a.* മത്സരസംബന്ധം ആയ, കലഹ—. =**sur-re͡c'tiŏn-ar-y**, *a.* മത്സരഭാവമുള്ള, രാജദ്രോഹമായ. **in-sur-re͡c'tiŏn-ist**, *n.* മത്സരക്കാരൻ, കലഹക്കാരൻ.

**In-sur-mount'a-ble**, *a.* കടന്ന് പോവാൻ കഴിയാത്ത; 2. ജയിപ്പാൻ—; 3. അസാദ്ധ്യമായ. -**ness**, =**bil'i-ty**, *n.* നിർജ്ജയത്വം; അസാദ്ധ്യത. =**bly**, *ad.* അസാദ്ധ്യമായി.

**In-sur-re͡c'tiŏn**, *etc.*, *s. u.* Insurġent.

**In-sus-cep'ti-ble**, *a.* ഗ്രഹിക്കാത്ത, ഏശാത്ത, തോന്നാത്ത; 2. ഇളകാത്ത. =**bil'i-ty**, *n.* നിർവ്വികാരത്വം. =**bly**, *ad.* ഏശാതെ, തട്ടാതെ.

**In-swāthe'**, *v. t.* പൊതിയുക, ചുററുക.

**In-ta͡ct'**, *a.* തൊടാത്ത; 2. ഊനം തട്ടാത്ത, കേട് പററാത്ത; കുറവില്ലാത്ത; 3. സമ്പൂർണ്ണമായ. =**ta͡c'ti-ble**, =**ta͡c'ta-ble**, *a.* അസ്പൃശ്നീയമായ, തൊട്ടറിവാൻ പാടില്ലാത്ത.

**In-tagl'iō** (-tal'yō), *n.* പതിച്ച് കൊത്തൽ; 2. അമിഴ്ത്തിക്കൊത്തിയ ചിത്രം.

**In-tāil'**, *v. t.*, *see* Entail.

**In'tāke**, *n.* തളം; 2. നാളയിറുക്കം; 3. ഉൾക്കൊണ്ടത്.

**In-tan'ġi-ble**, *a.* തൊടുവാൻ കഴിയാത്ത, പിടിപ്പാൻ—, അസ്പൃശ്യമായ.

-ness, =bil'i-ty, *n.* അസ്പൃശ്നീയത്വം. =bly, *ad.* തൊട്ടറിവാൻ കഴിയാതവണ്ണം.

**In'te-ġẽr,** *n.* പൂൎണ്ണസംഖ്യ, തിക—; മുഴവൻ. =gra-bil'i-ty, *n.* പൂൎണ്ണത (*math.*). =gra-ble, *a.* പൂൎണ്ണമാക്കാവു ന്ന (*math.*). =gral, *a.* തികവായ, കുറ വില്ലാത്ത, പരിപൂൎണ്ണം ആയ, അശേ ഷം—; തികെപ്പാൻ ആവശ്യം—; മുഖ്യം—; പൂൎണ്ണസംഖ്യ— (*math.*). *n.* പൂൎണ്ണത, തി കസംഖ്യ; ഒരാള്. =gral-ly, *ad.* മുഴ വനേ, പൂൎണ്ണമായി. =grant, *a.* പൂൎണ്ണ താഭാഗം ആയ; തികവിലേക്ക് ആവ ശ്യം—; പൂൎണ്ണം—. i.t parts or parti-cles അംശം. =grāte, *v. t.* പൂൎണ്ണമാക്കു ക, തികെക്കുക; പുതുക്കുക; കുറവില്ലാതാ ക്കുക; ആകത്തുകകാണിക്കുക. =grā'-tiŏn, *n.* തികെക്കൽ, പൂൎണ്ണമാക്കൽ. =teg'-ri-ty, *n.* പരിപൂൎണ്ണത, അഭിന്നത; വി ശ്വസ്തത, പരമാൎത്ഥം; നിൎമ്മലത.

**In-teg'ū-ment,** *n.* തോട്, തൊലി; 2. തോല്, ചൎമ്മം (*an.*). =mā'tiŏn, *n.* ചൎമ്മശാസ്ത്രം. =men'tar-y, *a.* ചൎമ്മസം ബന്ധമായ, ചൎമ്മം കൊണ്ടുള്ള. =men-tā'tiŏn, *n.* ചൎമ്മാച്ഛാദനം; ചൎമ്മാച്ഛന്ന സ്ഥിതി.

**In'tel-leċt,** *n.* ബോധേന്ദ്രിയം, ഗ്ര ഹണശക്തി, വിചാര—, വിവേചന—; ബുദ്ധി. =leċ'tiŏn, *n.* മനൊവൎത്തിത്വം, ഗ്രഹണം; സങ്കല്പം. =leċ'tive, *a.* ബു ദ്ധിശക്തിയാലുള്ള, ബുദ്ധിസംബന്ധമായ; ബോധശക്തിയുള്ള, സബുദ്ധിആയ; മ നോഗോചരം—. =leċ'tū-al, *a.* ബോ ധശക്തിഉള്ള, ബുദ്ധിപ്രാപ്തി—; മാനസി കം ആയ, മനഃസംബന്ധം—. *n.* ബോ ധശക്തി, ഗ്രഹണ—. =leċ'tū-al-iṣm, *n.* മനഃശക്തി, സബുദ്ധിത്വം; ബോധ ജ്ഞാനവാദം. =leċ'tū-al-ist, *n.* —വാദി. =leċ-tū-al'i-ty, *n.* അന്തഃകരണം; സ ബുദ്ധിത്വം. =leċ'tū-al-īṣe, =leċ'tū-al-īze, *v. t.* മാനസികം ആക്കുക, ബു ദ്ധിമയം—; സബുദ്ധി—; സങ്കല്പിക്കുക. =leċ'tū-al-ly, *ad.* മാനസികം ആയി; ബുദ്ധിപൂൎവ്വകം—.

**In-tel'li-ġent,** *a.* സബുദ്ധിയായ; 2. ബുദ്ധിഉള്ള, അറിവ്—, വിവേകം—, ബുദ്ധിശാലിയായ. =ġence, *n.* ബോ ധം, കാൎയ്യബോധം; ഗ്രഹണം; ബുദ്ധി പ്രാപ്തി; അറിവ്; വൎത്തമാനം, വൃത്താ ന്തം; പഠിപ്പ്, വ്യുല്പത്തി; സിദ്ധൻ. =ġen-cẽr, *n.* ദൂതൻ. =ġen'tial (-shal), *a.* ബുദ്ധിസംബന്ധമായ, —ഉള്ള; അശ രീരിയായ. =ġent-ly, *ad.* ബുദ്ധിയോ ടെ, വകതിരിവോടെ. =ġi-ble, *a.* ഗ്ര ഹിക്കാവുന്ന, തെളിവുള്ള, സ്പഷ്ടമായ. =ġi-bil'i-ty, =ġi-ble-ness, *n.* സ്പഷ്ടത, തെളിവ്, കൃത്യത. =ġi-bly, *ad.* സ്പഷ്ട മായി, വ്യക്തിയോടെ.

**In-tem'pẽr-ant,** =āte, *a.* അമിതാനു ഭവമുള്ള, ഇച്ഛയടക്കം ഇല്ലാത്ത, ഇന്ദ്രിയ നിഗ്രഹം—; 2. ലഹരിപതിവായ, മദ്യ പാനിയായ; 3. അടക്കം ഇല്ലാത്ത, അതി ൎകടന്ന; 4. കഠിനമായ; 5. ക്രമംകെട്ട. =ance, =an-cy, *n.* അജിതേന്ദ്രിയത്വം; മിതമില്ലായ്മ; വിഷയലമ്പടത്വം; കടി. -ly, *ad.* അമിതമായി, അതിയായി; അ ടക്കമില്ലാതെ. -ness, *n.* അജിതേന്ദ്രിയ ത്വം, വിഷയലമ്പടത്വം; കോള്, വിശ റ്; മഴ.

**In-tend',** *v. t.* വലിച്ച്നീട്ടുക; 2. വ ൎദ്ധിപ്പിക്കുക; 3. ശ്രദ്ധപൂൎവ്വം ചെയ്യുക; 4. വളക്കുക, തിരിക്കുക; 5. (to, that) ഭാവി ക്കുക, നിരൂപിക്കുക, നിനെക്കുക; ആ ലോചിക്കുക, വിചാരിക്കുക; അഭിപ്രായ പ്പെടുക; 6. ആകൃതിപ്പെടുത്തുക; 7. നടി ക്കുക. -an-cy, *n.* മേൽവിചാരണോ ദ്യോഗം. -ant, *n.* മേൽവിചാരകൻ. -ed, *a.* നീട്ടിയ, മുറുക്കിയ; ഭാവിച്ച, ആ ലോചിച്ച; വിവാഹനിശ്ചയം ചെയ്യു. *n.* വിവാഹം നിശ്ചയിച്ചവൻ, —നിശ്ച യിച്ചവൾ. -ment, *n.* മേൽവിചാരം; അഭിപ്രായം; ശരിയായ അൎത്ഥം, താല്പൎയ്യം (*l.*). =tent', *n.* ഉദ്ദേശം, ഭാവം; ലാക്ക്, പോക്ക്. to all i.ts and purposes വസ്തുതയിൽ, സൂക്ഷ്മത്തിൽ, കാൎയ്യം കൊ ണ്ട്. *a.* സശ്രദ്ധമായ, നിഷ്കൎഷ ഉള്ള, താല്പൎയ്യം—; (on) കരുതിയ, ഭാവിച്ച, നോ ട്ടമുള്ള. =ten'tiŏn (-shun), *n.* ശ്രദ്ധ; ഭാ വം, ആലോചന, അഭിപ്രായം; ലാക്ക്, താല്പൎയ്യം; വലിച്ചൽ; ഭാവന (*log.*). =ten'tiŏn-al, *a.* മനഃപൂൎവ്വമായ, കല്പിച്ച്

കൂട്ടിയ. =ten-tiŏn-al′i-ty, *n*. ഭാവം, താല്പൎയ്യം, ഉദ്ദേശം. =ten′tiŏn-al-ly, *ad*. വേണമെന്ന് വെച്ച്, മനഃപൂൎവ്വമായി. =ten′tiŏned (-shund), *a*. ഭാവമുള്ള. well i.d സത്ഭാവമുള്ള. =tent′ly, *ad*. സ്ഥിരമായി, ആതുരമായി, (കണ്ണ്) പറിക്കാതെ. =tent′ness, *n*. സ്ഥിരത, ശ്രദ്ധ.

In-ten′er-āte, *v.t.* മൃദുവാക്കുക, പതം വെപ്പിക്കുക. =ā′tiŏn, *n*. —ആക്കൽ.

In-tense′, *a*. വലിഞ്ഞ, മുറുകിയ, മുറുക്കം ഉള്ള; 2. അതിശ്രദ്ധ—; 3. അതി ആയ, അതീവം—, കഠിനം—, ഉഗ്രം—, കൊടൂരം—, കടു. =ten′sa-tive, *a*. കഠിനം ആക്കുന്ന, അധികം—, വൎദ്ധിപ്പിക്കുന്ന. -ly, *ad*. അത്യധികം, ഏററവും. -ness, =ten′si-ty, =ten′sive-ness, *n*. ആധിക്യം; കാഠിന്യം, ഉഗ്രത; ഊക്ക് (*ph.*). =ten-si-fi-cā′tiŏn, *n*. അധികം ആക്കൽ, ഘോരം—. =ten′si-fȳ, *v.t.* അധികമാക്കുക, വൎദ്ധിപ്പിക്കുക. *v.i.* കടുക്കുക; ശുഷ്കാന്തിയോടെ പ്രവൃത്തിക്കുക. =ten′siŏn (-shun), *n*. മുറുക്കൽ; മുറുക്കം, ഊക്ക്. =ten′sive, =ten′si-tive, *a*. വലിഞ്ഞ, മുറുകിയ; വൎദ്ധിപ്പിക്കാവുന്ന; പ്രകൎഷകമായ (*gr.*). *n*. പ്രകൎഷകക്രിയ (*gr.*); —പദം (*gr.*). =ten′sive-ly, *ad*. അതീവമായി, ആധിക്യത്തോടെ.

I. In′tĕr-, *pf*. തമ്മിൽ, മദ്ധ്യേ, ഇടയിൽ, അന്തർ, അന്യോന്യം.

II. In-tĕr′, *v.t.* കഴിച്ചിടുക, മറചെയ്യുക. -ment, *n*. കഴിച്ചിടൽ, ശ്മശാനക്രിയ.

In-tĕr-act′, *n*. മദ്ധ്യനാടകം; 2. ഇടയിലുള്ള കാലം; 3. —പ്രവൃത്തി. *v.i.* അന്യോന്യം വൎത്തിക്കുക. =ac′tiŏn, *n*. തന്മദ്ധ്യപ്രവൃത്തി, പരസ്പരവൎത്തനം.

In-ter-ad′di-tive, *a*. മദ്ധ്യേചേൎത്ത, അന്തൎന്യസ്തമായ.

In-tĕr-brēed′, *v.t.* & *i.* ജാതികലൎത്തിപ്പെരുക്കുക.

In-tĕr′ca-lāte, *v.t.* പഞ്ചാംഗത്തിൽ കൂട്ടിച്ചേൎക്കുക; ചേൎക്കുക. =lar, =lar-y (-lĕr-), *a*. പഞ്ചാംഗത്തിൽ കൂട്ടിച്ചേൎത്ത; ഫിബ്രുവരി ൨൯-ാം നു- ആയ; കൂട്ടിച്ചേൎത്ത, അധികമുള്ള. i.r day രോഗം വിട്ട് നില്ക്കുന്ന ദിവസം. =lā′tiŏn, *n*. ദിവസം കൂട്ടിച്ചേൎക്കൽ; കൂട്ടിച്ചേൎപ്പ്.

In-tĕr-cēde′, *v.i.* (with, for) നടുപറയുക, മദ്ധ്യസ്ഥം ചെയ്യുക, പക്ഷവാദം—. =ces′siŏn, *n*. മദ്ധ്യസ്ഥം, പക്ഷവാദം. =ces′siŏn-al, *a*. പക്ഷവാദം ആയ; മദ്ധ്യസ്ഥസംബന്ധം—. =ces′sŏr, =cē′dĕr, *n*. പക്ഷവാദി, മദ്ധ്യസ്ഥൻ, നടുവൻ. =ces′sŏr-y, =ces-sō′ri-al, *a*. മദ്ധ്യസ്ഥ, പക്ഷവാദ.

In-tĕr-cept′, *v. t.* വഴിക്കൽവെച്ച് പിടിക്കുക; 2. തടുക്കുക; 3. നിരോധിക്കുക; 4. നടുവിലാക്കുക; 5. ഖണ്ഡിക്കുക (*math.*). *n*. ഖണ്ഡം. =cep′tiŏn, *n*. വഴിയിൽ വെച്ച്പിടിക്കൽ; തടസ്ഥം. =cep′tive, *a*. തടസ്ഥമായ, തടുക്കുന്ന. =cip′i-ent, *a*. തടുത്ത് വെക്കുന്ന. *n*. തടുത്ത് വെക്കുന്നവൻ.

In-tĕr-chāin′, *v.t.* കണ്ണികൂട്ടിച്ചേൎക്കുക; 2. ഉററ് ബന്ധിക്കുക.

In-tĕr-chānġe′, *v.t.* തമ്മിൽ മാററുക; 2. പരസ്പരം കൊടുക്കുക; ഇടവാട് ചെയ്യുക; 3. ഇടകലൎത്തുക. *v.i.* ഒത്ത് മാറുക; 2. ഇടകലരുക. in′tĕr-chānġe, *n*. പരസ്പരമാററം; അന്യോന്യപെരുമാററം; 2. ഇടവാട്, കൊള്ളക്കൊടുക്ക; 3. മാററക്കച്ചവടം, വ്യാപാരം; 4. ഇടകലൎപ്പ്. =chānġe-a-bil′i-ty, =chānġe′a-ble-ness, *n*. പരസ്പരവൎത്തിത്വം. =chānġe′a-ble, *a*. ഒത്ത് മാറാകുന്ന; ഇടകലൎന്ന് വരുന്ന. =chānġe′a-bly, *ad*. കൊള്ളക്കൊടുക്കയായി.

In-tĕr-clụde′, *v.t.* തടുത്ത് വെക്കുക, അകററി—, നിരോധിക്കുക, മുടക്കുക. =clụ′ṣiŏn, *n*. തടസ്ഥം.

In-tĕr-com′mon, *v.t.* പൊതുസ്ഥലത്ത് കാലികളെ മേയുവാൻ വിടുക. -aġe, *n*. പൊതുമേച്ചലവകാശം.

In-tĕr-com-mū-ni-cā′tiŏn, *n*. അന്യോന്യവൎത്തമാനം, —പെരുമാററം.

In-tĕr-com-mūn′iŏn, *n*. പരസ്പരസംബന്ധം, ഇടവാട്, കൂടിക്കഴിയൽ.

In-tĕr-con-vĕr′ti-ble, *a*. തമ്മിൽ തമ്മിൽ മാറാകുന്ന.

**In-tĕr-cos′tal,** *a.* വാരിമദ്ധ്യേയുള്ള. **i. muscle** വാരിപേശി (*an.*).

**In′tĕr-cōurse** (-kōrs), *n.* കൊള്ളക്കൊടുക്ക, പെരുമാററം, സംസൎഗ്ഗം, സഹവാസം. **sexual i.** സംയോഗം.

**In-tĕr-cross′,** *v. t. & i.* മുറിയത്തിൽ വരിക; 2. ജാതികലൎത്തിപ്പെരുക്കുക. *n.* ജാതികലൎത്തിപ്പെരുക്കൽ.

**In-tĕr-cur′rent,** *a.* മദ്ധ്യേസംഭവിക്കുന്ന; 2. ഏതു കാലത്തും ഉണ്ടാകുന്ന; അനരോഗമായ (*med.*). *n.* മദ്ധ്യസംഭവം. **=cur′rence,** *n.* —സംഭവം.

**In-tĕr-cū-tā′ne-ŏus,** *a.* തോലിനുള്ളിലുള്ള.

**In-tĕr-dash′,** *v. t.* ചിതറിക്കുക, പാറുക.

**In-tĕr-den′tal,** *a.* ദന്തമദ്ധ്യേയുള്ള; 2. ദന്തമദ്ധ്യോത്ഭവമായ.

**In-tĕr-de-pen′dence, =pen′den-cy,** *n.* പരസ്പരാശ്രയം. **=pen′dent,** *a.* അന്യോന്യം ഊന്നിനില്ക്കുന്ന.

**In-tĕr-dict′,** *v. t.* വിലക്കുക, വിരോധിക്കുക, മുടക്കുക; 2. സഭാഭ്രഷ്ടു കല്പിക്കുക (*R. C.*). **in′tĕr-dict, =dic′tiŏn,** *n.* വിലക്കം, നിഷേധം; മതാചാരവിലക്കം, ഭ്രഷ്ട്, ശാപം (*R. C.*), 'മഹറോൻ' (*Syr.*). **=dic′tive,** *a.* വിലക്കുവാനധികാരമുള്ള. **=dic′tŏr-y,** *a.* വിലക്കമായ, വിലക്കുന്ന.

**In-tĕr-dig′i-tāte,** *v. i.* വിരല് കോക്കുക.

**In′tĕr-est,** *v. t.* ശ്രദ്ധജനിപ്പിക്കുക, താല്പൎയ്യം തോന്നിക്കുക, രസം വരുത്തുക. *n.* ശ്രദ്ധ, രസം, ഹിതം; 2. പക്ഷം, സംബന്ധം; 3. ഓഹരി, കൂറ്, ആദായം; 4. അവകാശം; 5. ഗുണം, ഉപകാരം, നന്മ; 6. പലിശ, 'വട്ടി', പൊലി, ലാഭം; 7. സംബന്ധപ്പെട്ടവര്; 8. വ്യാപാരിവൎഗ്ഗം. **compound i.** പെരുക്കുപ്പലിശ, പലിശപ്പലിശ. **simple i.** പലിശ. **-ed,** *a.* ശ്രദ്ധഉള്ള; പക്ഷം—. **i.d witness** പക്ഷം പറയുന്നസാക്ഷി, സംബന്ധപ്പെട്ട—. **-ed-ness,** *n.* പക്ഷം; സ്വാൎത്ഥം. **-ing,** *a.* സരസം ആയ, വിശേഷം—, മനോജ്ഞം—. **-ing-ly,** *ad.* രസികമായി. **-ing-ness,** *n.* രസം, മനോരഞ്ജകത്വം.

**In-tĕr-fēre′** (-fēr′), *v. i.* തമ്മിൽ മുട്ടുക, വിലങ്ങുക, എതിരാക, പരസ്പരവിരുദ്ധമാക; 2. കൈയിടുക, തല—, ഇടപെടുക; 3. കാല് തമ്മിൽ മുട്ടുക, ജോടടിക്കുക; 4. അന്യോന്യം വൎത്തിക്കുക (*ph.*). **=fē′rence,** *n.* തടസ്ഥം, ഇടപെടൽ; കയ്യിടൽ, പരകാൎയ്യാന്വേഷണം; പരസ്പരവൎത്തനം (*ph.*). **=fē′ring-ly,** *ad.* തടസ്ഥമായി, ഇടപെട്ട്, വേണ്ടാത്തതിൽ കയ്യിട്ട്.

**In-tĕr-fūse′,** *v. t.* പരത്തുക, വ്യാപിപ്പിക്കുക; 2. ഉൾപ്രവേശിപ്പിക്കുക; 3. കൂട്ടിക്കലൎത്തുക; 4. കൂടിക്കഴിയുക.

**In′tĕr-im,** *n.* ഇട, മദ്ധ്യകാലം, അന്തരം, അന്തരാളം. **in the i.** തന്മദ്ധ്യേ.

**In-tē′ri-ŏr,** *a.* ഉള്ളിൽ ഉള്ള, അകത്ത്—; 2. ഉൾനാട്ടിൽ—. **i. angle** അന്തഃകോണം (*geom.*). **i. planets** സൂൎയ്യന് ഭൂമിയെക്കാൾ അടുത്ത് നില്ക്കുന്ന ഗ്രഹങ്ങൾ (*as.*). *n.* ഉള്ള്, അകം, അന്തൎഭാഗം; കാമ്പ്, കാതല്; 2. ഉൾനാട്, ഉള്ളൂര്. **-′i-ty, =tĕr-nal′i-ty,** *n.* അന്തൎഭാവം. **-ly,** *ad.* മനസ്സിൽ, ഉള്ളിൽ. **=tĕr′nal,** *a.* അകത്തെ, ഉൾ; സ്വയജാതമായ, തന്നിൽ തന്നെ ഉള്ള; സ്വദേശത്ത്—, ദേശ്യം ആയ; ആത്മികം—, ഹൃദയത്തിലുള്ള; സഹജമായ. **i.l angle** അന്തഃകോണം. **=tĕr′nal-ly,** *ad.* അകത്ത്, ഉള്ളിൽ; അടിയിൽ; മാനസികമായി.

**In-tĕr-jā′cent,** *a.* മദ്ധ്യേഉള്ള, നടുവിൽ—. **=jā′cence, =jā′cen-cy,** *n.* മദ്ധ്യസ്ഥിതി; മദ്ധ്യത്തിലുള്ളത്.

**In-tĕr-ject′,** *v. t.* മദ്ധ്യേവെക്കുക; 2. ഇടയിൽ ചേൎക്കുക; 3. തടുക്കുക. *v. i.* ഏല്പെടുക, ഇടപെടുക. **=jec′tiŏn,** *n.* ഇടപെടൽ; ഭാവാനുകരണപദം, ഭാവസൂചക— (*gr.*). **=jec′tiŏn-al, =jec′tiŏn-ar-y,** *a.* തസ്യാന്തരേന്യസ്തം ആയ; ഭാവസൂചകം—; ഭാവാനുകരണപദസംബന്ധം—. **=jec′tiŏn-al-īse, =jec′tiŏn-al-īze,** *v. t.* ഭാവാനുകരണപദമാക്കുക. **=jec′tiŏn-al-ly,** *ad.* ഭാവസൂചകമായി; ഭാവാനുകരണപദമായി.

In-tĕr-lāce′, *v. t.* & *i.* തമ്മിൽ പിണെക്കുക; 2. മിടയുക.

In-tĕr-lärd′, *v. t.* ഇടയിൽ ചെലുത്തുക; 2. കൂട്ടിച്ചേൎക്കുക, കലൎത്തുക, സമ്മിശ്രമാക്കുക.

In-tĕr-leaf′, *n.* ഇടവെള്ള, ഇടവെള്ളക്കടലാസ്. =leave′, *v. t.* ഇടവെള്ള ഇടുക, —ഇട്ടു കെട്ടുക.

In-tĕr-līne′, *v. t.* വരിമദ്ധ്യേ എഴുതുക, ഇടയിലെഴുതുക; 2. വരികൾക്കിടവിട്ടെഴുതുക; 3. വരയിടുക, വരയുക. =lin′e-al, =lin′e-ar, *a.* വരിമദ്ധ്യേ ഉള്ള, ഇടയെഴുത്ത്—. =line-ar-ly, *ad.* വരിമദ്ധ്യേ. =lin-e-ā′tiŏn, =lī′niṅg, *n.* ഇടയിലെഴുതൽ; ഇടയെഴുത്ത്; വരിയിടയെഴുത്ത്; തിരുത്ത്, ചേൎപ്പ്.

In-tĕr-lock′, *v. i.* ഇണെക്കുക; 2. അണെക്കുക, ആശ്ലേഷിക്കുക, പുണരുക; 3. കൊളുത്തുക; 4. തമ്മിൽ ചേരുക. *v. t.* അന്യോന്യം കോൎക്കുക.

In-tĕr-lō-eū′tiŏn, *n.* സംഭാഷണം, സംവാദം, കൂടിയാലോചന; 2. തല്ക്കാല കല്പന, —വിധി (*l.*); 3. —വാദം, —ന്യായം (*l.*). =loc′ū-tŏr, *n.* സംഭാഷണക്കാരൻ; 'തജ്ജുമ'ക്കാരൻ; തല്ക്കാലവിധി (*l.*). =loc′ū-tŏr-y, *a.* സംവാദരൂപം ആയ, സംഭാഷണം—; മദ്ധ്യേ ഉള്ള, തല്ക്കാല (*l.*). =loc′ū-trice, *n.* സംഭാഷണക്കാരത്തി.

In-tĕr-lōpe′, *v. i.* നടുവെ ചാടുക, ഇടയിൽ വന്നു വീഴുക; 2. ന്യായരഹിതമായി വ്യാപാരം ചെയ്യുക; 3. വേണ്ടാത്തതിൽ കയ്യിടുക. =lō′pĕr, *n.* അകം ചാടി, കള്ളക്കച്ചവടക്കാരൻ; അനാവശ്യമായി കയ്യിടുന്നവൻ.

In′tĕr-lụde, *n.* മദ്ധ്യാരംഗം, വിഷ്കംഭം, പ്രവേശകം, ഉപനാടകം; 2. ഉല്ലാസനാടകം; 3. മദ്ധ്യവാദ്യം.

In-tĕr-lụ′nar (-nĕr), =lụ′nar-y, *a.* അമാവാസിയായ (*as.*).

In-tĕr-mar′ry, *v. i.* പെണ്ണെടുക്കുകയും കൊടുക്കുകയും ചെയ്യുക, അന്യോന്യവിവാഹസംബന്ധം—. =′riaġe (-rij), *n.* അന്യോന്യവിവാഹം; കെട്ടും വാഴ്ചയും (*M.*).

In-tĕr-med′dle (-med′l), *v. i.* പരകാൎയ്യാന്വേഷണം ചെയ്യുക, വേണ്ടാത്തതിൽ കയ്യിടുക. =med′dlĕr, *n.* പരകാൎയ്യാന്വേഷകൻ. -sŏme, *a.* വേണ്ടാത്തതിൽ കയ്യിടുന്ന. -sŏme-ness, *n.* പരകാൎയ്യാന്വേഷണം. =med′dliṅg, *n.* അനാവശ്യപ്രവേശം.

In-tĕr-mēde′, *n.* വിഷ്കംഭം, ഉപനാടകം.

In-tĕr-mē′di-āte, =mē′di-al, =mē′di-ar-y, *a.* മദ്ധ്യേ ഉള്ള, ഇടയിൽ—. i. state ആത്മാന്തരാവസ്ഥ (*theo.*). *v. i.* നടുവിൽ വീഴുക, തടുക്കുക; ഇടയിൽ കഴിയുക. =mē′di-ar-y, *n.* നടുവൻ, മൂന്നാമൻ, ഇടയാള്. -ly, *ad.* മൂന്നാം കൈയായി; തടസ്ഥമായി. =mē-di-ā′tiŏn, *n.* മദ്ധ്യസ്ഥം; തടസ്ഥം. =mē′di-ā-tŏr, *n.* മദ്ധ്യസ്ഥൻ. =mē′di-um, *n.* അന്തരം; നടുവൻ; ആയുധം.

In-tĕr′ment, *n.* *s. u.* Inter.

In-tĕr′mi-nāte, *a.* അനന്തമായ, തീരാത്ത. =na-ble, *a.* അനവധിയായ, അററമില്ലാത്ത, സീമയററ; ചിരമായ. =na-ble-ness, *n.* ഒടുക്കമില്ലായ്മ. =na-bly, *ad.* തീരാതെ, ഒടുങ്ങാതെ.

In-tĕr-min′gle, *v. t.* കൂട്ടിക്കലൎത്തുക. *v. i.* സമ്മിശ്രമാക; 2. ഒന്നായ്തീരുക.

In-tĕr-mit′, *v. t.* തല്ക്കാലത്തേക്കു നിൎത്തുക, ഇടക്കിടെക്കു വിടുത്തുക. *v. i.* വിട്ടുനില്ക്കുക, ഇടവിട്ടു പനിക്കുക. =mit′tence, =mis′siŏn (-mish′un), *n.* നിൎത്തൽ; നിരുപയോഗം; നിന്നുപോകൽ; ഇട, വിശ്രമം; തല്ക്കാലശമനം, വിട്ടുനില്ക്കൽ, ഒഴിവുസമയം (*med.*). =mit′tent, =mis′sive, *a.* ഇടമുറിഞ്ഞ, ഇടവിട്ട, ഇടവിട്ടുണ്ടാകുന്ന. i.t fever വിറപ്പനി. =mit′tent, *n.* ഇടവിട്ടുണ്ടാകുന്നരോഗം; മുറപ്പനി. =mit′tent-ly, =mit′tiṅg-ly, *ad.* ഇടവിട്ടു, വിട്ടുവിട്ടു.

In-tĕr-mix′, *v. t.* കൂട്ടിക്കലൎത്തുക. *v. i.* കൂടിക്കലരുക. -ed-ly, *ad.* കലൎപ്പായി. =mix′tūre, *n.* കലൎപ്പു, കൂട്ടു; യോഗം.

In-tĕr-mon′tāne, *a.* പൎവ്വതമദ്ധ്യേ ഉള്ള, മലകളുടെ നടുവെ—.

In-tĕr-mū′ral, *a.* ചുമരുകളുടെ ഇടയിൽ ഉള്ള; 2. ചുററും ചുമര്—.

In-tĕr-mū-tā′tiŏn, *n.* അന്യോന്യമാററം.

In-tĕrn′, *v.t.* ഉള്ളിലാക്കുക; 2. ഉൾനാട്ടിൽ പാർപ്പിക്കുക; 3. ഒരിടത്തിൽ—. -ment, *n.* ഉൾനാട്ടിൽ പാർപ്പിക്കൽ.

In-tĕr′nal, *etc.*, *s.u.* Interior.

In-tĕr-na′tiŏn-al (-nash′un-), *a.* രാജ്യപരസ്പരം ആയ; പൊതുവെയുള്ള; 2. രാജ്യസംസർഗ്ഗസംബന്ധമായ. i. code കൊടിയടയാളപ്രമാണം. i. law രാജ്യവ്യവഹാരനിയമം. -ism, *n.* —സംസർഗ്ഗധർമ്മം. -ist, *n.* —വ്യവഹാരധർമ്മജ്ഞൻ. -īse, -īze, *v.t.* രാജ്യങ്ങൾക്ക് പൊതുവെയുള്ളതാക്കുക; രാജ്യസംസർഗ്ഗസംബന്ധമാക്കുക. -ly, *ad.* രാജ്യങ്ങൾക്ക് പൊതുവെയായി; രാജ്യവ്യവഹാരപ്രകാരം.

In-tĕr-nē′cīne, *a.* പരസ്പരനിഗ്രഹമായ, അന്യോന്യം നശിപ്പിക്കുന്ന.

In-tĕr-nun′ci-ō (-shi-ō), *n.* ദൂതൻ; 2. പാപ്പാപ്രതിനിധി (*R. C.*).

In-tĕr-ō-ce-an′ic (-shi-), *a.* സമുദ്രങ്ങൾക്ക് മദ്ധ്യേയുള്ള; 2. സമുദ്രങ്ങളെ തമ്മിൽ ചേർക്കുന്ന.

In-tĕr-oc′ū-lar (-lĕr), *a.* കണ്ണുകളുടെ ഇടയിൽ ഉള്ള; 2. കണ്ണിന്നകത്തുള്ള.

In-tĕr-os′cū-lāte, *v.t.* അന്യോന്യം ചുംബിക്കുക, തമ്മിൽ തൊടുക. =lant, *a.* തമ്മിൽ തട്ടുന്ന; —മുറിച്ച് ചെല്ലുന്ന.

In-tĕr-pel′lāte, *v. t.* അധികാരപൂർവ്വം ചോദിക്കുക; 2. നിയമനിർമ്മാണസഭയിൽ വെച്ച് സമാധാനം—. =pel′lant, *a.* തടസ്ഥമായ. *n.* തടസ്ഥം വരുത്തുന്നവൻ. =pel-lā′tiŏn, *n.* തടസ്ഥം വരുത്തൽ; തടസ്ഥം; പക്ഷവാദം; നിയമനിർമ്മാണസഭാചോദ്യം; അധികാര—; വാദം; ഹാജർകല്പന.

In-tĕr-plan′et-ar-y (-ĕr-), *a.* ഗ്രഹങ്ങൾക്ക് മദ്ധ്യേയുള്ള.

In′tĕr-plāy (-plā), *n.* പരസ്പരവൎത്ത[നം.

In-tĕr-plēad′ (-plēd′), *v.i.* പരസ്പരവാദം ചെയ്യുക. -ĕr, *n.* പരസ്പരവാദി; പരതക്കനിവൃത്തിമാർഗ്ഗം (*l.*). i.r suit പരതക്കനിവൃത്തിവ്യവഹാരം (*l.*).

In-tĕr′pō-lāte, *v.t.* മാററുക; കൂട്ടിച്ചേർക്കുക; വഷളാക്കുക. =lā-ted, *a.* മൂലഗ്രന്ഥത്തോട് കൂട്ടിച്ചേർത്ത; ഭേദം വരുത്തിയ; വഷളാക്കിയ. =lā′tiŏn, *n.* കൂട്ടിച്ചേർക്കൽ; ഗ്രന്ഥം വഷളാക്കൽ; കൂട്ടിച്ചേർത്തത്. =lā-tŏr, *n.* ഗ്രന്ഥം വഷളാക്കുന്നവൻ.

In-tĕr-pōṣe′, *v. t.* നടുവിൽ വെക്കുക; 2. തടുക്കുക, മദ്ധ്യേവരിക, പ്രവേശിക്കുക; 3. തുണെക്കുക; 4. ബുദ്ധിമുട്ടിക്കുക; 5. മദ്ധ്യേപ്രസ്താവിക്കുക. *v. i.* ഇടപെടുക; 2. ചാതിക്കാരം പിടിക്കുക; മദ്ധ്യസ്ഥം ചെയ്യുക, തമ്മിൽ തീർക്കുക; 3. ഇടയിൽ പറയുക. =pō′ṣĕr, *n.* മദ്ധ്യേവരുന്നവൻ; തടസ്ഥം; നടുവൻ. =pō′ṣit, *n.* മദ്ധ്യസ്ഥാനം. =pō′ṣal, -pō-ṣi′tiŏn (-zish′un), *n.* ഇടപെടൽ; തടസ്ഥം; നടുപറയൽ; ചാതിക്കാരം.

In-tĕr′pret, *v. t.* അൎത്ഥം പറയുക; 2. വ്യാഖ്യാനിക്കുക; 3. 'തൎജ്ജമ'ആക്കുക, ഭാഷാന്തരം—; 4. തെളിയിക്കുക; വിവരിക്കുക; 5. പ്രത്യക്ഷപ്പെടുത്തുക. *v. i.* ദ്വിഭാഷിയായിരിക്കുക. -a-ble, *a.* അൎത്ഥമുള്ള; വ്യാഖ്യാനിക്കാവുന്ന. =pre-tā′-tiŏn, *n.* അൎത്ഥം പറയൽ; വ്യക്തമാക്കൽ; പൊരുള് തിരിക്കൽ; ഭാഷാന്തരം, 'തൎജ്ജമ'; ടീക, ഭാഷ്യം; അൎത്ഥം; പ്രദൎശകരീതി. =tā-tive, *a.* വ്യാഖ്യാനമായ; അൎത്ഥമുള്ള. =tā-tive-ly, *ad.* അൎത്ഥമായി. -ĕr, *n.* ദ്വിഭാഷി, തൎജ്ജമക്കാരൻ; വ്യാഖ്യാനി.

In-tĕr-punc′tiŏn, *n.* വിരാമമിടൽ.

In-tĕr-reg′num, *n.* വാഴ്ചാന്തരകാലം, രാജാന്തരം; 2. അരാജകത്വം, അനായകസ്ഥിതി. =rē′gent, =′tĕr-rex, *n.* വാഴ്ചാന്തരകാലത്തെ രാജ്യഭാരവാഹി.

In-tĕr′rō-gāte, *v.t.* ചോദ്യം ചെയ്യുക, വിസ്തരിക്കുക. *v. i.* ചോദ്യം ചോദിക്കുക. =ga-tēe′, *n.* വിസ്തരിക്കപ്പെടുന്നവൻ (*l.*). =gā′tiŏn, *n.* ചോദ്യം ചെയ്യൽ, വിസ്താരം; ചോദ്യം; ചോദ്യചിഹ്നം. point of i.n (?) എന്ന ചോദ്യക്കുറി. =rog′a-tive, *a.* ചോദ്യസൂചകം ആയ, പ്രശ്നരൂപം—.

*n.* ചോദ്യപ്രതിസംജ്ഞ (*gr.*); പ്രശ്നാത്മക പദം (*gr.*). =rog'a-tive-ly, *ad.* ചോദ്യമായി. =gā-tŏr, *n.* പ്രശ്നകൻ. =rog'a-tŏr-y, *n.* പ്രത്യേകചോദ്യം, അന്വേഷണം; രേഖാചോദ്യം, ചോദ്യരേഖ (*l.*). *a.* പ്രശ്നാത്മകമായ.

In-tĕr-rupt', *v. t.* ഭിന്നിപ്പിക്കുക; 2. തടസ്ഥപ്പെടുത്തുക; നിൎത്തുക; 3. ഭംഗം വരുത്തുക. =rup'ted, *a.* വിഘ്നമുള്ള, ഇടവിട്ടുള്ള; പെട്ടന്ന് നിന്ന്പോയ; ക്രമഭംഗമുള്ള. =rup'ted-ly, *ad.* മുടക്കത്തോടെ, വിട്ട്വിട്ട്. =rup'tĕr, *n.* മുടക്കുന്നവൻ; തടസ്ഥം ചെയ്യുന്നവൻ. =rup'tiŏn, *n.* മുടക്കൽ; തടസ്ഥം, വിഘ്നം. =rup'tive, *a.* ഭംഗം വരുത്തുന്ന, തടസ്ഥം—. =rup'tive-ly, *ad.* വിഘ്നം വരത്തക്കവണ്ണം.

In-tĕr-sect', *v. t.* മദ്ധ്യേമുറിക്കുക, അന്യോന്യം—; 2. —വിലങ്ങുക. *v. i.* മുറിയത്തിൽ വരിക. =sec'tiŏn, *n.* വിലങ്ങൽ; തമ്മിൽ മുറിക്കുന്ന സ്ഥലം; ഛേദബിന്ദു (*geom.*).

In'tĕr-spāce, *n.* അന്തരാളം, മദ്ധ്യ [സ്ഥലം.

In-tĕr-spĕrse', *v. t.* ഇടക്കിടെ വെക്കുക, വിതറുക; 2. വിതറിയലങ്കരിക്കുക. =spĕr'siŏn, *n.* വിതറൽ; പരന്ന്കിടക്കൽ.

In-tĕr'stice, *n.* വിടവ്, ഓരായം, വിള്ളല്, പിളൎപ്പ്, ഓട്ട; 2. *pl.* പട്ടാന്തരകാലം (*R. C.*).

In-tĕr-tan'gle, *v. t.* കുടുക്കുക, തമ്മിൽ പിണെക്കുക.

In-tĕr-tex'tūre, *n.* നെയ്യൽ, മിടയൽ; 2. മിടച്ചല്.

In-tĕr-twīne', In-tĕr-twist', *v. t.* തമ്മിൽ പിണെക്കുക, മിടയുക. *v. i.* പിണെഞ്ഞിരിക്കുക. *n.* മിടയൽ; മിടച്ചല്.

In'tĕr-val, *n.* അന്തരം, അന്തരാളം; 2. ഒഴിവിടം; 3. ഇട; 4. സ്വരോച്ചനീചത്വം (*mus.*). at i.s ഇടവിട്ടുണ്ടാകുന്ന; കൂടക്കൂട. augmented i. അധോച്ചസ്വരം (*mus.*).

In-tĕr-vēne' (-vēn'), *v. i.* (between) മദ്ധ്യേ ആയിരിക്കുക, —വരിക; 2. ഇടയുണ്ടാക, ഇടയിൽ സംഭവിക്കുക; 3. മദ്ധ്യസ്ഥം ചെയ്യുക; 4. കക്ഷിചേരുക (*l.*). =vē'nĕr, *n.* കക്ഷിചേരുന്നവൻ (*l.*). =ven'-tiŏn, *n.* ഇടപെടൽ; തടസ്ഥം; സഹായം, ഒത്താശ; മദ്ധ്യസ്ഥം; കക്ഷിചേരൽ (*l.*).

In'tĕr-view (-vū), *n.* കൂടിക്കാഴ്ച, സന്ദൎശനം; 2. കൂടിയാലോചന; 3. സംഭാഷണം. -view', *v. t.* കണ്ട് ചോദിക്കുക. -'ĕr, *n.* കണ്ട് ചോദിക്കുന്നവൻ. -'ing, *n.* ചോദിച്ചറിയൽ.

In-tĕr-volve', *v. t.* വളയുക, ചുരുണ്ട്കിടക്കുക. =vo-lū'tiŏn, *n.* ചുരുണ്ട് കിടക്കൽ, ചുരുളൽ.

In-tĕr-wēave' (-wēv'), *v. t. ir.* (-wōve', -wō'ven) കൂട്ടിനെയ്യുക, കലൎത്തി—; 2. കൂട്ടിക്കലൎത്തുക.

In-tes'tāte, *a.* ഒസ്യത്തെഴുതിവെക്കാത്ത, മരണപത്രികയില്ലാത്ത; 2. ഒസ്യത്താൽ നിശ്ചയം ചെയ്യാത്ത. *n.* ഒസ്യത്തെഴുതിവെക്കാതെ മരിച്ചവൻ. =tes'ta-ble, *a.* ഒസ്യത്തെഴുതുവാൻ കഴിവില്ലാത്തവൻ; മരണപത്രിക എഴുതുവാൻ അൎഹതയില്ലാത്തവൻ. =tes'ta-cy, *n.* ഒസ്യത്തില്ലായ്മ; മരണപത്രിക എഴുതിവെക്കാതെയുള്ള മരണം.

In-tes'tine (-tin), *a.* അകത്തെ, ഉൾ; 2. സ്വദേശത്തുള്ള, നാട്ടിലെ; 3. സ്വഭാവാശ്രിതമായ. *n.* കടല്, ആന്ത്രം (*an.*). large i. സ്ഥൂലാന്ത്രം (*an.*). small i. കൃശാന്ത്രം (*an.*). =tes'ti-nal, *a.* ആന്ത്രസംബന്ധമായ. i.l worm ഇര, പാമ്പൻ; കൃമി (*z.*).

In-thral', In-thrall', En-thral', En-thrall', *v. i.* അടിമയാക്കുക, ദാസീകരിക്കുക. -ment, *n.* ദാസീകരണം; അടിമത്തനം, ദാസ്യം.

In-thrōne', =thrō'nīse, =thrō'nīze, *v. t.*, *see* Enthrone.

1. In'ti-māte, *a.* ഉള്ളിൽ ഉള്ള, ഉൾക്കരുന്നിൽ—, ഗാഢമായ; 2. അടുത്ത, തല്പക്ഷണം ആയ, പൂൎണ്ണം—; 3. ഉററ. i. friend പ്രാണസ്നേഹിതൻ. *n.* ഉററ

ചങ്ങാതി. =ma-cy, *n.* പ്രാണസ്നേഹം, ആപ്തത്വം. -ly, *ad.* അടുത്ത്, ഉററ്.

II. In'ti-māte, *v.t.* അറിയിക്കുക, പ്രസ്താവിക്കുക; 2. തോന്നിക്കുക, സൂചിപ്പിക്കുക. =mā'tiŏn, *n.* സൂചന; പ്രസ്താവം, അറിവ്, പരസ്യം; ഇംഗിതം.

In-tim'i-dāte, *v. t.* പേടിപ്പിക്കുക, മെരിട്ടുക. =dā'tiŏn, *n.* ഭയപ്പെടുത്തൽ. criminal i.n കററകരമായ ഭയപ്പെടുത്തൽ (*l.*). =dā'tŏr-y, *a.* ഭയം തോന്നത്തക്ക; ഭയപ്പെടുത്തുന്ന.

In-tinc'tiŏn, *n.* നിറം കൊടുക്കൽ; 2. സംയുക്തരാത്രിഭോജനം (*Chr.*).

In-tīre', *a.*, In-tīre'ly, *ad.*, *see* Entire, Entirely.

In-tī'tle, *v.t.*, *see* Entitle.

In-ti'tūle, *v. t.* പേരിടുക. =ti'-tūled (-tūld), *a.* നാമധേയമുള്ള.

In'tö, *prep.* ഉള്ളിലേക്ക്, അകത്ത്; ....ഇലേക്ക്, ....ഇൽ; 2. ഉള്ളിൽ; 3. ആയി: ice is convertible i. water ഹിമം വെള്ളം ആക്കിത്തീക്കാം.

In-tol'ĕr-ant, *a.* സഹിച്ച്കൂടാത്ത. പൊറുത്ത്—, കണ്ട്—; 2. വൈപരീത്യം സഹിക്കാത്ത; 3. അന്യമതദ്വേഷിയായ, *n.* മതവൈരാഗ്യക്കാരൻ. =a-bil'i-ty, =a-ble-ness, *n.* അന്യാഭിപ്രായവിരോധം. =a-ble, *a.* അസഹ്യം ആയ, ദുസ്സഹം—; വിരോധം ഉള്ള; മഹാ, ഏററവും അധികം, എത്രയെങ്കിലും. =ance, =an-cy, =ā'tiŏn, *n.* അസഹനീയത്വം; ക്ഷമയില്ലായ്മ; അന്യാഭിപ്രായദ്വേഷം; മതവൈരാഗ്യം. =a-bly, -ly, *ad.* ക്ഷമഇല്ലാതെ, സഹിക്കുത—. =ā-ted, *a.* ദുസ്സഹമായ.

In-tomb', *v.t.*, *see* Entomb.

In-tōne', *v.t.* രാഗത്തിൽ ചൊല്ലുക, പാടുക. *v.i.* നീട്ടിവായിക്കുക. in'tō-nāte, *v.t.* സരിഗമപാടുക; രാഗത്തിൽ ചൊല്ലുക. *v.t.* പാടുക. =nā'tiŏn, *n.* അക്ഷരസ്വരഗാനം; രാഗം; വാദ്യവായന; രാഗച്ചൊല്ലു്.

In-tort', *v.t.* പിരിക്കുക, പിണെക്കുക, ചുറെക്കുക; 2. പിഴിയുക. =tor'tiŏn, =tor'siŏn (-shun), *n.* ചുററൽ, വളക്കൽ, പിരിക്കൽ; ചരിവ് (*b.*).

*In tō'tō, n.* മുഴുവനും, സമസ്തം, ആസകലം, ആകപ്പാടെ, സമഷ്ടിയായി.

In-tox'i-cāte, *v. t.* വിഷം കൊടുക്കുക, മരുന്നിടുക; 2. കുടിപ്പിക്കുക, ലഹരിപിടിപ്പിക്കുക; 3. മദം ജനിപ്പിക്കുക; 4. പരവശനാക്കുക. =cāte, =cā-ted, *a.* അമലേറിയ, മത്തനായ; ഉന്മാദമുള്ള. =cant, *n.* ലഹരിസാധനം. =cā-ting, *a.* ലഹരിവരുത്തുന്ന, അമലുള്ള. =cā'-tiŏn, *n.* ലഹരിവിഷമേല്ക്കൽ (*med.*); ലഹരി, അമല്, മത്ത്; മദ്യപാനം, കുടി; ഉന്മാദം; പരമാനന്ദം, പാരവശ്യം.

In'tra, *pf.* ....ൽ, ഉള്ളിൽ, അകത്ത്, അകത്തെ, ഉൾ.

In-trac'ta-ble, *a.* മെരുങ്ങാത്ത, അടങ്ങാത്ത, വഴങ്ങാത്ത; 2. മുരട്ട്, ശഠതയുള്ള. -ness, =bil'i-ty, *n.* അടക്കമില്ലായ്മ; മുരട്ട്ഗുണം, ദുശ്ശാഠ്യം, വികടം. =bly, *ad.* ആക്കം അടങ്ങാതെ.

In-trac'tile, *a.* നീട്ടുവാൻ കഴിയാത്ത, വലിച്ചാൽ നീളാത്ത.

In-tran-quil'li-ty, *n.* സമാധാനക്കേട്; നിശ്ശാന്തത.

In-trans-gres'si-ble, *a.* അലംഘ്യമായ, കടന്ന്പോവാൻ കഴിയാത്ത.

In-tran'si-ent, *a.* ക്ഷണികമല്ലാത്ത; 2. അഭംഗുരം ആയ; 3. സ്ഥിരം—; ഈട്നില്ക്കുന്ന.

In-tran'si-gent, *a.* സന്ധിക്കാത്ത, നിരപ്പാകാത്ത.

In-tran'si-tive, *a.* കമ്മം ഇല്ലാത്ത, അകമ്മകമായ (*gr.*). -ly, *ad.* അകമ്മകമായി.

*In tran'si-tu, a.* കൊണ്ട്പോകുമ്പോൾ, വഴിയിൽ വെച്ച് (*l.*).

In'trant, *a.* ഉൾപ്രവേശിക്കുന്ന, അകത്ത്കടക്കുന്ന. *n.* പ്രവേശകൻ; 2. ഉദ്യോഗപ്രവേശകൻ.

In-trap', *v.t.*, *see* Entrap.

**In-tra-pa-rī'e-tal,** *a.* മറവിന്നകത്തുള്ള, മറച്ച്കെട്ടിയ; 2. സ്വകാൎയ്യം ആയ, രഹസ്യം—.

**In-trēat',** *v. t.*, *see* **Entreat.**

**In-trēat'a-ble,** *a.* മനസ്സ് ഇളകാത്ത, മനസ്സുറപ്പുള്ള.

**In-trench',** *v. t.* ചാല് കീറുക, ഉഴവുചാല് ഉണ്ടാക്കുക; 2. അകിഴ് കീറുക; വാടകോരുക; കൊത്തളം കൊണ്ടുറപ്പിക്കുക. *v. i.* കയ്യേറികൈവശപ്പെടുത്തുക, ആക്രമിക്കുക. **-ment,** *n.* വാടകോരൽ; കൊത്തളം കൊണ്ടുറപ്പിക്കൽ; അകിഴ്, കൊത്തളം, കിടങ്ങ്; രക്ഷ; ആക്രമണം.

**In-trep'id,** *a.* നടുക്കമില്ലാത്ത, നിൎഭയമായ; ധൈൎയ്യമുള്ള. **=tre-pid'i-ty,** *n.* ധീരത, നെഞ്ഞുറപ്പ്, വീൎയ്യം. **-ly,** *ad.* അഞ്ചാതെ, ശൂരതയോടെ.

**In'tri-cāte,** *a.* ചിക്ക് ആയ, കുഴപ്പം ഉള്ള, വിഷമം—. **-ness, =ca-cy,** *n.* കുഴക്ക്, വൈഷമ്യം, ദുൎഘടം. **-ly,** *ad.* കടുക്കായി, പ്രയാസേന.

**In-trīgue'** (-trēg'), *v. i.* ദുസ്സൂറ് കൂട്ടുക, കൂട്ട്കെട്ടുണ്ടാക്കുക, തന്ത്രോപായം ചെയ്യുക; 2. രഹസ്യം—. *n.* ദുസ്സൂറ്, തന്ത്രം; കഥായുക്തി; രഹസ്യം. **in-tri-gante'** (-gant'), *n.* രഹസ്യക്കാരത്തി; ദുസ്സൂറ്കാരത്തി. **=trī'guĕr** (-gĕr), *n.* രഹസ്യക്കാരൻ; തന്ത്രക്കാരൻ. **=trī'guĕr-y,** *n.* കൂട്ട്കെട്ട്; രഹസ്യം. **=trī'guing-ly** (-ging-), *ad.* ദുസ്സൂറായി; രഹസ്യമായി.

**In-trin'sic, =si-cal,** *a.* ഉള്ളിലുള്ള; സാക്ഷാൽ, സഹജം ആയ, യഥാൎത്ഥം—; 2, അന്തസ്ഥം— (*an.*). **i.c energy** സ്വതശ്ശക്തി (*ph.*). **i.c value** സാക്ഷാൽ വില, —വീൎയ്യം. **=cal'i-ty, =cal-ness,** *n.* സ്വാഭാവികത്വം, യഥാൎത്ഥത്വം. **=cal-ly,** *ad.* സ്വതവെ, സ്വാഭാവികം ആയി, വാസ്തവത്തിൽ.

**In'trō,** *pf.* അന്തഃ, ഉള്ളിൽ, . . . ലേക്ക്, . . . കൊള്ളെ.

**In-tro-ces'siŏn** (-sesh'un), *n.* താഴ്ച, വീഴ്ച (*med.*).

**In-trō-dūce',** *v. t.* കൂട്ടിക്കൊണ്ട് ചെല്ലുക, —വരിക; 2. ചെലുത്തുക, കടത്തുക; 3. തമ്മിൽ പരിചയം ആക്കുക; 4. നടപ്പ്—, വഴക്കം—; 5. ഉളവാക്കുക; 6. പ്രസ്താവത്തിൽ കൊണ്ട് വരിക. **=dū'cĕr, =duc'tŏr,** *n.* പ്രവേശകൻ, അറിമുഖമാക്കുന്നവൻ; നടപ്പാക്കുന്നവൻ. **=duc'tiŏn,** *n.* കൂടിക്കാഴ്ച; പ്രസ്താവം; അറിമുഖമാക്കൽ; മുഖവുര, പീഠിക, ആരംഭപ്രസ്താവം, അവതാരിക; പ്രവേശകശാസ്ത്രം; പ്രാരംഭഗ്രന്ഥം. **=duc'tive, =duc'tŏr-y,** *a.* പ്രവേശകം ആയ, പ്രസ്താവന—. **=duc'tive-ly, =duc'tŏr-i-ly,** *ad.* പ്രാരംഭമായി, മുഖവുരയായി. **=duc'tress,** *n.* അറിമുഖമാക്കുന്നവൾ.

**In-tro-gres'siŏn** (-gresh'un), *n.* പ്രവേശനം, ഉൾപൂകൽ.

**In-troit',** *n.* പ്രവേശനം; 2. പ്രവേശനഗീതം (*R. C.*); 3. തിരുവത്താഴ—; 4. ആരംഭ—.

**In-trō-mit',** *v. t.* അകത്താക്കുക; 2. ചേൎക്കുക; 3. അകത്ത് കടത്തുക. **=mis'siŏn** (-mish'un), *n.* ചേൎക്കൽ; അകത്ത് കടത്തൽ; പ്രവേശനം. **=mit'tent,** *a.* ഉള്ളിലേക്ക് ചെല്ലുന്ന.

**In-tro-re-cep'tiŏn,** *n.* ഉൾപ്രവേശനം.

**In-tro-spect',** *v. t.* അകത്തേക്ക് നോക്കുക; ഉള്ള് പരിശോധിക്കുക. **=spec'tiŏn,** *n.* ഉൾനോട്ടം, മനഃപരിശോധന, ആത്മപരീക്ഷ, ഉൾബോധം. **=spec'tiŏn-ist,** *n.* അന്തൎദ്ദൎശകൻ (*met.*). **=spec'tive,** *a.* ഉൾബോധമുള്ള, അന്തരാലോകനമായ; ഗോചരത്വം.

**In-tro-sus-cep'tiŏn,** *n.* അംഗീകരണം.

**In-trō-vĕrt',** *v. t.* അകത്തേക്ക് വളയുക; 2. മനഃപരിശോധന ചെയ്യുക. **=vĕr'siŏn,** *n.* ഉൾവളവ്; അന്തരാലോകനം.

**In-trude',** *v. i.* വിളിക്കാതെ ചെല്ലുക, അഹിതമായി—, അനുവാദം കൂടാതെ—, ചെന്നുകൂടുക; 2. ബലമായി ചെല്ലുക, കയ്യേറുക, ആക്രമിക്കുക. *v. t.* ചെലുത്തുക; 2. അനുവാദം ചോദിക്കാതെ ചെല്ലുക;

3. ചോദിക്കാതെ പറയുക. =trụ'dĕr, *n.* വിളിക്കാതെ ചെല്ലുന്നവൻ; ആക്രമി, കയ്യേററക്കാരൻ. =trụ'dress, *n.* അനു വാദമില്ലാതെ ചെല്ലുന്നവൾ. =trụ's̱iŏn (-zhun), *n.* അനാവശ്യപ്രവേശം; കയ്യേ ററം. =trụ's̱iŏn-al, *a.* ആക്രമമായ. =trụ's̱ive, *a.* വിളിക്കാതെ ചെല്ലുന്ന; ആക്രമമായ; കയ്യേറുന്ന. =trụ's̱ive-ly, *ad.* ആക്രമമായി. =trụ's̱ive-ness, *n.* അഹിതപ്രവേശനം.

In-trust', *v.t.* ഏല്പിക്കുക, ഭരം ഏ ല്പിക്കുക, പറഞ്ഞ്—, വിശ്വസിച്ച്—.

In-tū-bā'tiŏn, *n.* കുഴൽവെക്കൽ (*med.*).

In-tū-i'tiŏn (-ish'un), *n.* സഹജ ജ്ഞാനം, സ്വഭാവ—; 2. ഉടനറിവ്; 3. പ്ര ഥമതത്വം. -al, *a.* സഹജജ്ഞാനജന്യം ആയ; അന്തർജ്ഞാനമയം—. -al-is̱m, -is̱m, *n.* സഹജജ്ഞാനവാദം (*met.*). -al-ist, -ist, *n.* —വാദി. ='i-tive, *a.* ദൃഷ്ടി വ്യക്തിയുള്ള; സ്വതഃജ്ഞാനമുള്ള; അന്ത ർജ്ഞാനലബ്ധമായ. ='i-tive-ly, *ad.* സ ഹജബോധമായി. ='i-tiv-is̱m, *n.* ഗുണ ദോഷാന്തർജ്ഞാനവാദം.

In-tū-mesce' (-mes'), *v.i.* പൊങ്ങു ളിക്കുക; 2. പതച്ച് മറിയുക. =mes'cence, *n.* —പൊന്തൽ, പതക്കൽ; വീക്കം, മുഴ. =mes'cent, *a.* വീക്കമുള്ള, വിങ്ങിവരുന്ന.

In-tūne', *v.t.* പാടുക.

In-tus-sus-cep'tiŏn, *n.* ഉൾപ്രവേ ശം; 2. ആന്ത്രപതനം, വൃദ്ധി (*med.*); 3. പോഷണസ്വീകാരം (*phys.*).

In-twīne', *v.t.* മിടയുക. *See* Entwine.

In-twist', *v.t.* തമ്മിൽ പിണെക്കു ക, പിരിക്കുക.

In-ū-en'dọ, *n.*, *see* Innuendo.

In-unctū-os'i-ty, *n.* എണ്ണപ്പശയി ല്ലായ്മ.

In-un'dāte, *v.t.* വെള്ളപ്പൊക്കമുണ്ടാ ക, കവിഞ്ഞൊഴുകുക, നാട് മുങ്ങുക; 2. നി റയുക, വഴിയുക. =dā'tiŏn, *n.* വെള്ള പ്പൊക്കം, വെള്ളക്കേട്; ജലപ്രളയം, പ്ര വാഹം, പ്രളയം.

In-ur-bāne', *a.* മര്യാദകെട്ട; 2. നാഗ രികമല്ലാത്ത. -ly, *ad.* നിർമ്മര്യാദമായി. -ness, =ban'i-ty, *n.* ആചാരഭംഗം.

In-ūre', En-ūre', *v.t.* പതിവ് ആ ക്കുക, ശീലം—, തഴക്കം—; അഭ്യസിപ്പിക്കു ക. *v. i.* തഴക്കം വരിക; 2. തഴമ്പ് കെ ട്ടുക; 3. അനുഭവമാക. -ment, *n.* ഉപ യോഗം; ശീലം; നടവടി, മര്യാദ.

In-urn', *v. t.* സഞ്ചയനം ചെയ്യുക; സമാധിയിൽ വെക്കുക, കഴിച്ചിടുക, ശ വം മറചെയ്യുക.

In-ū-til'i-ty, *n.* നിഷ്പ്രയോജനത്വം, നിഷ്ഫലത്വം. [നിർവ്വാച്യം—.

In-ut'tĕr-a-ble, *a.* അവാച്യം ആയ,

*In vac'ū-ō*, *a.* വായുരിക്താശയ ത്തിൽ, വായുശൂന്യസ്ഥലത്ത്, ഒഴിവിൽ (*ph.*).

In-vāde', *v. t.* അതിക്രമിക്കുക; ആ ക്രമിക്കുക; 2. ലംഘനം ചെയ്യുക, ഭംഗം വ രുത്തുക; 3. വ്യാപിക്കുക. *v. i.* അന്യരാ ജ്യാക്രമം ചെയ്യുക. =vā'dĕr, *n.* ആക്രമി. =vā's̱iŏn (-zhun), *n.* കയ്യേററം, ആക്രമം; യുദ്ധാക്രമം, സേനാപ്രവേശം; പിടിത്തം, തുടക്കം. =vā's̱ive, *a.* ആക്രമണമായ.

In-vag'i-nāte, *v.t.* ഉറയിലിടുക; 2. ചെലുത്തുക.

In-val'id, *a.* നിഷ്ഫലം ആയ, ദുർബ്ബ ലം—, ബലഹീനം—; 2. അസാധു—, നി രർത്ഥകം—. in-va-lĭd', =lĭde', *n.* ക്ഷീ ണൻ; രോഗി. *a.* സുഖമില്ലാത്ത, രോ ഗിയായ. *v. t.* രോഗാർത്തമാക്കുക; സുഖ ക്കേട് വരുത്തുക; രോഗിയെന്നെണ്ണുക. =val'i-dāte, *v.t.* ബലം കെടുക്കുക; അ സാധുആക്കുക, നിരർത്ഥം—, ദുർബ്ബലപ്പെടു ത്തുക. =val-i-dā'tiŏn, *n.* അസാധുവാ ക്കൽ, ദുർബ്ബലീകരണം. ='va-lid-is̱m, *n.* രോഗനില, രോഗം. -ness, =va-lid'i-ty, *n.* ദൌർബ്ബല്യം, നിരർത്ഥകത്വം, മിത്ഥ്യാത്വം.

In-val'ŏr-ŏus, *a.* ശൌര്യമില്ലാത്ത, ഭീരുത്വമുള്ള.

In-val'ū-a-ble, *a.* അമൂല്യം ആയ; അഗണ്യം—; 2. വില ഏറിയ; —മതിപ്പാ ൻ പാടില്ലാത്ത. =bly, *ad.* അമൂല്യമായി.

**In-vā'ri-a-ble,** *a.* നിൎവ്വികാരമായ, മാററം ഇല്ലാത്ത; 2.—വരുത്തുവാൻ പാടില്ലാത്ത; 3. എപ്പോഴും ഏകപ്രകാരമായ. *n.* നിൎവ്വികാരസംഖ്യ (*math.*). -ness, *n.* നിൎവ്വികാരത്വം. =bly, *ad.* മാററമില്ലാതെ; ഒരേപ്രകാരം; എപ്പോഴും; സാധാരണമായി. =vā'ri-ant, *n.* നിൎവ്വികാരസംഖ്യ (*math.*).

**In-vā'sion,** *n.*, *s. u.* Invade.

**In-vec'tive,** *a.* വാവിഷ്ഠാണം ആയ, ചീത്തവാക്ക്—; 2. ദൂഷണം—; 3. പരിഹാസം—. *n.* (against) ചീത്തവാക്ക്, വാവിഷ്ഠാണം; 2. നിന്ദ; 3. ആക്ഷേപം. -ly, *ad.* ചീത്തപറഞ്ഞ് കൊണ്ട്.

**In-veigh'** (-vā'), *v. i.* (against) വാവിഷ്ഠാണം ചെയ്യുക, ചീത്തപറയുക, വായ്—(*N.*); 2. ദൂഷിക്കുക, നിന്ദിക്കുക; 3. ആക്ഷേപിക്കുക. -ĕr, *n.* ആക്ഷേപകൻ.

**In-vēi'gle** (-vē'gl), *v. t.* വഴിതെററിക്കുക, വശീകരിക്കുക, കുടുക്കുക. -ment, *n.* വശീകരണം; ഉന്മോഹനം; വശീകരം. =vēi'glĕr, *n.* വശീകരിക്കുന്നവൻ.

**In-vēil'** (-vēl'), *v. t.* മറയിടുക, മറക്കുക.

**In-ven'di-ble,** *a.* വില്പാൻ കഴിയാത്ത, വിലയാകാത്ത. -ness, =bil'i-ty, *n.* അഴിച്ചലില്ലായ്മ.

**In-ven'om,** *v. t.*, *see* Envenom.

**In-vent',** *v. t.* കണ്ട്പിടിക്കുക, യന്ത്രിക്കുക; 2. സങ്കല്പിക്കുക, കൃതിച്ച് ഉണ്ടാക്കുക, കൃത്രിമിച്ച്—. =ven'tĕr, =ven'tŏr, *n.* സങ്കല്പകൻ, യന്ത്രികൻ, സൂത്രജ്ഞൻ. =ven'ti-ble, *a.* കൃത്രിമിക്കത്തക്ക. =ven'-ti-ble-ness, *n.* സങ്കല്പനിയത്വം. =ven'tiŏn, *n.* കണ്ട്പിടിത്തം, നിൎമ്മാണം; കൃതി; വിചാരം, ഭാവം; കൃത്രിമം, കെട്ട്കഥ; സങ്കല്പനാശക്തി. i.n of the cross ക്രൂശ്പെരുന്നാള് (*R. C.*). =ven'tive, *a.* നിൎമ്മാണശക്തിഉള്ള, യുക്തിസാമൎത്ഥ്യം—; തല്ക്കാലയുക്തി—. =ven'-tive-ly, *ad.* യുക്തികൌശലത്തോടെ. =ven'tive-ness, *n.*—വൈഭവം. =ven'-tress, *n.* സങ്കല്പകാ, സങ്കല്പിക്കുന്നവൾ.

**In'ven-tŏr-y,** *n.* മൃതപ്പെട്ടവന്റെ സ്വത്ത്പട്ടിക; 2. വസ്തുവിവരം—; 3. ചരക്ക്—. *v. t.* വിവരം പട്ടികയുണ്ടാക്കുക. =tō'ri-al, *a.* പട്ടികസംബന്ധമായ. =tō'ri-al-ly, *ad.* പട്ടികയായി.

**In-ve-rac'i-ty,** *n.* നേര്കേട്, പരമാൎത്ഥക്കുറവ്.

**In-ver-i-si-mil'i-tūde,** *n.* അസംഭാവ്യത, യുക്തിഭംഗം.

**In-vĕrse',** *a.*, *s. u.* Invert.

**In-vĕrt',** *v. t.* മറിക്കുക, കീഴ്മേലാക്കുക, തലകീഴാക്കുക, മറിച്ച് വെക്കുക. =vĕrt'ed, *a.* —വെച്ച, വിപരീതമായ. =vĕrt'ed-ly, *ad.* മറിച്ചാമ്പാട്. =vĕr'-si-ble, *a.* മറിച്ച് വെക്കാകുന്ന. =vĕrse', ='vĕrse, *a.* നേരെ വിപരീതം ആയ, മറിച്ചാമ്പാട്—; അന്യോന്യം—; മറിഞ്ഞ; പ്രതികൂലമായ. i.e or reciprocal proportion വിപരീതാനുപാതം (*math.*). *n.* പ്രതികൂലം, വിപരീതം. =vĕrse'ly, *ad.* നേരെമറിച്ച്. i.y proportional വിപരീതാനുപാതമായ (*math.*). =vĕr'siŏn, *n.* മറിപ്പ്, വ്യതിക്രമം; വിപരീതാനുപാതം (*math.*); പദവിപൎയ്യാസം (*gr.*); വാദവിപൎയ്യാസം (*rhet.*).

**In-vest',** *v. t.* (with, in) വസ്ത്രം ധരിപ്പിക്കുക; ധരിപ്പിക്കുക, അണിയിക്കുക; 2. അധികാരപ്പെടുത്തുക; 3. പദവികൊടുക്കുക, സ്ഥാനം—; 4. വസ്തു—; ക്രുടപ്പോക; 5. ചുററിയിരിക്കുക; 6. നിരോധിക്കുക, വളയുക (*mil.*); 7. പണം മുടക്കുക. *v. i.* (in) പണം വസ്തുവിൽ ഉറപ്പിക്കുക. =ves'ti-tūre, *n.* സ്ഥാനത്താക്കൽ, പ്രതിഷ്ഠാകൎമ്മം; ചമയം. -ment, *n.* അധികാരം കൊടുക്കൽ; വസ്ത്രം; നിരോധം (*mil.*); പണമുടക്കം; പണം വസ്തുവിൽ ഉറപ്പിക്കൽ. =vest'ŏr, *n.*—ഉറപ്പിക്കുന്നവൻ.

**In-ves'ti-gāte,** *v. t.* ആരായുക, പരിശോധിക്കുക; അന്വേഷിക്കുക. *v. i.* ആരാഞ്ഞറിയുക; അന്വേഷണം നടത്തുക. =ga-ble, *a.* പരിശോധിക്കത്തക്ക; ശോധനീയമായ. =gā'tiŏn, *n.* പരിശോധന, അഭ്യാസം; അന്വേഷണം. =gā-

tive, *a.* പരിശോധനാശീലം ഉള്ള, കൌതുകബുദ്ധി—; അന്വേഷിച്ചറിയുന്ന. =gā-tŏr, *n.* പരീക്ഷകൻ, പരിശോധകൻ; അന്വേഷകൻ.

In-vet′ĕr-āte, *a.* പഴക്കം ചെന്ന; 2. കഠിനമായ; 3. ഗാഢ; ബദ്ധ; 4. പതിവായ; തഴക്കം ഉള്ള; 5. കട്ടപ്പം—. =a-cy, -ness, *n.* പഴക്കം; തഴക്കം; കൊട്ടമ. -ly, *ad.* നിഷ്ഠുരമായി, കൊട്ടമയോടെ, കട്ടപ്പമായി.

In-vid′i-ŏus, *a.* അസൂയതോന്നത്തക്ക; സ്പൎദ്ധജനിപ്പാൻ ഇടയുള്ള. -ly, *ad.* മത്സരംതോന്നത്തക്കവണ്ണം. -ness, *n.* വിരുദ്ധം, സ്പൎദ്ധ.

In-vig′i-lance, =lan-cy, *n.* അജാഗ്രത, സൂക്ഷ്മക്കുറവ്.

In-vig′ō-rāte, *v. t.* ബലപ്പെടുത്തുക, ചൈതന്യം വരുത്തുക, ഊററപ്പെടുത്തുക. =rā′tiŏn, *n.* ബലവൎദ്ധനം, —വൃദ്ധി.

In-vin′ci-ble, *a.* ജയിപ്പാൻ കഴിയാത്ത, അവിജയ; 2. അനധീനം ആയ; ദുസ്തരം—. -ness, =bil′i-ty, *n.* തോല്ക്കായ്മ; അവിജയതാം. =bly, *ad.* തോല്ക്കാതെ.

In-vī′ō-la-ble, *a.* അലംഘ്യമായ; 2. കേട് പററാത്ത, ഭ്രഷ്ട്യം വരാത്ത; 3. അശുദ്ധമാകാത്ത; 4. അലംഘനീയമായ. -ness, =bil′i-ty, *n.* അലംഘനീയതാം, അഭഗ്നതാം. =bly, *ad.* തെററാതെ. =la-cy, =lāte-ness, *n.* സ്ഥിരത, അലംഘനീയതാം. =lāte, =lā-ted, *a.* ഊനമില്ലാത്ത, ഭ്രഷ്ട്യം പററാത്ത; അഭിന്നമായ; അശുദ്ധമാകാത്ത; പാതിവ്രത്യമുള്ള; ശുദ്ധമായ. =lāte-ly, *ad.* ഭംഗം വരാതെ.

In-vir′īle (*or* -il), *a.* പൌരുഷം ഇല്ലാത്ത, ആണത്താം—, ശൌൎയ്യം—. =vi-ril′i-ty, *n.* നിഷ്പൌരുഷം; സ്ത്രീഭാവം; ധൈൎയ്യക്ഷയം.

In-vis′i-ble, *a.* കാണ്മാൻ കഴിയാത്ത, അദൃശ്യം ആയ, അപ്രത്യക്ഷം—; 2. അസ്പഷ്ടം—. i. bird ഒരുവക ചെറുപക്ഷി (*z.*). i. green കരിമ്പച്ചനിറം. *n.* അദൃശ്യൻ, ദൈവം. -ness, =bil′i-ty, *n.* അദൃശ്യത; സൂക്ഷ്മത. =bly, *ad.* കാണാതവണ്ണം.

In-vīte′, *v. t.* വിളിക്കുക, ക്ഷണിക്കുക; അടിയന്തരം പറയുക; 2. വശീകരിക്കുക, ആകൎഷിക്കുക; 3. ഇടവരുത്തുക. *v. i.* അറിയിച്ച് ചെല്ലുക. =vi-tā′tiŏn, *n.* വിളിക്കൽ; ക്ഷണ(ന)ം; വശീകരണം. =vī′tā-tŏr-y, *a.* ആമന്ത്രണ. *n.* ആമന്ത്രണസങ്കീൎത്തനം (*Chr.*). =vī′tĕr, *n.* ക്ഷണിക്കുന്നവൻ. =vī′ting, *a.* മോഹനമായ. =vī′ting-ly, *ad.* മനോഹരമാംവണ്ണം. =vī′ting-ness, *n.* മനോരഞ്ജകതാം.

In-vit′i-āte (-vish′i-āt), *a.* മോക്ഷരഹിതമായ, ഊനമില്ലാത്ത.

In′vō-cāte, *etc.*, *s. u.* Invoke.

In′voīce (-voīs), *n.* ചരക്ക് വിവരം പട്ടിക; കണക്ക്; 2. ചരക്ക്. *v. t.* ചരക്ക് പട്ടികയെഴുതുക, പട്ടികയിൽ ചേൎക്കുക.

In-vōke′, In′vō-cāte, *v. t.* അപേക്ഷിക്കുക, മുറയിടുക, പ്രാൎത്ഥിക്കുക; 2. അഭിമന്ത്രിക്കുക; 3. അഭയം ചൊല്ലുക. =vō-cā′tiŏn, *n.* സംബോധനം, ആവാഹനം; മുറയിടൽ, പ്രാൎത്ഥന. =vō-cā-tŏr-y, *a.* അഭിവന്ദനീയമായ.

In-vō-lū′cre (-lū′kĕr), *n.* മൊത്തി (*b.*); 2. ഓല (*b.*); പാള (*b.*).

In-vol′un-tar-y (-tĕr-i), *a.* മനഃപൂൎവ്വകമല്ലാത്ത; 2. നിൎബ്ബന്ധരൂപേണയുള്ള; 3. ഇച്ഛാധീനമല്ലാത്ത; അനൈച്ഛികമായ, സ്വാതന്ത്ര്യ. i. muscle സ്വാതന്ത്ര്യപേശി (*an.*). =tar-i-ly, *ad.* മനമല്ലാമനസ്സോടെ; മനസ്സില്ലാതെ; വിചാരിക്കാതെ, ഓൎക്കാതെ. =tar-i-ness, *n.* മനസ്സില്ലായ്മ; സ്വാതന്ത്ര്യതാം.

In-volve′, *v. t.* ചുററുക, ചുററുക; 2. മൂടുക, മറെക്കുക; 3. കട്ടക്കാക്കുക; 4. സംബന്ധിപ്പിക്കുക, തുടരുമാറാക്കുക; 5. കൂട്ടിക്കലൎത്തുക; സമ്മിശ്രമാക്കുക; 6. കട്ടക്കുക; ഉൾപെടുത്തുക; 7. നിമഗ്നമാക്കുക, ലയിപ്പിക്കുക; 8. വൎഗ്ഗീകരിക്കുക (*math.*). ='vo-lute, ='vo-lu-ted, =volved′ (-volvd), *a.* അകത്തേക്ക് ചുരുണ്ട (*b.*). =vo-lu′tiŏn, *n.* ചുററൽ; ചുററ; കഴക്ക്; ഉറ; മൂടി; സമ്മിശ്രീകരണം (*gr.*); സം

വശ്ശീകരണം (*math.*); ചുരുങ്ങൽ (*med.*). =volv'ed-ness, =volve'ment, *n.* സമ്മിശ്രണം.

In-vul'nĕr-a-ble, =vul'nĕr-āte, *a.* മുറിവേല്പിക്കുവാൻ കഴിയാത്ത, ഊനം പററാത്ത; 2. വജ്രദേഹമുള്ള; 3. പ്രതിവാദമില്ലാത്ത; 4. നിരാക്ഷേപമായ. -ness, =bil'i-ty, *n.* അഭേദ്യത്വം; വജ്രശരീരത്വം.

In-wall', *v.t.* ചുററും ചുമര് കെട്ടുക, —കിടങ്ങ് —. *n.* അകച്ചുമര്.

In'ward (-wĕrd), *a.* അകത്തെ, ഉള്ളിലുള്ള; 2. മാനസികമായ, ഉൾക്കമലത്തിലുള്ള; 3. സ്വകാര്യ. *n.* ഉള്ളിലുള്ളത്; 2. *pl.* അന്തഃകോശങ്ങൾ; 3. *pl.* അന്തഃകരണങ്ങൾ; 4. ഉററചങ്ങാതി. ='ward, ='wards, *ad.* അകത്തേക്ക്, ഉള്ളിലേക്ക്; 2. മനസ്സിൽ. -ly, *ad.* ഉള്ളിൽ, അകത്തോട്ട്; മനസ്സിൽ, അന്തരംഗത്തിൽ. -ness, *n.* ഉൾപ്പൊരുള്; സാക്ഷാൽ സ്വഭാവം; രസം, താല്പര്യം; ശ്രദ്ധ.

In-wēave' (-wēv'), *v.t.* കൂട്ടിനെയ്യുക, മിടയുക, പിന്നുക.

In-wŏrk', *v. t. ir.* (in-wrought', in-wrought, *pr.* -rạt') കൂട്ടിമിടയുക. =wrought' (-rạt'), *p.a.* മിടഞ്ഞുണ്ടാക്കിയ; പൂപ്പണിയായ.

In-wrap' (-rap'), En-wrap', *v.t.* മൂടുക; 2. പൊതിയുക.

In-wreathe' (-rēth'), En-wrēathe' (-rēth'), *v.t.* മാലയിടുക; 2. ചുററുക.

In-wrought', *s.u.* Inwork.

Ī'ō, *n.* or *int.* ഹഹ, 'ശബാസ്', ഒന്നാന്തരം.

I'o moth, *n.* ഒര് വക ചിത്രശലഭം, പാപ്പാത്തി (*z.*). [തി, ത്വം.

I'on, *suf.* പ്രവൃത്തി, അവസ്ഥ, സ്ഥി

Ī-ō'tā, *n.* അല്പം, സ്വല്പം, ലവം, ലേശം, ശിഥിലം, തുച്ഛം.

Ī Ō Ū (=I owe you), കൈക്കണക്ക്, കടക്കുറിപ്പ്, കടച്ചീട്ട്.

*Ip'se dix'it*, *a.* സ്വകല്പിതം.

*Ip'so fac'to*, *a.* തന്നിമിത്തം, ആകായ്യംകൊണ്ട് തന്നെ.

Ir, *pf.* നിഷേധോപസൎഗ്ഗം: നിഃ, നിർ, വി, അ etc.

Ī-ras'ci-ble, *a.* ശുണ്ഠിയായ, മുൻകോപമുള്ള. -ness, bil'i-ty, *n.* രോഷം, അരിശം, ക്രോധം. =bly, *ad.* ദേഷ്യത്തോടെ. i-rāte', *a.* കോപമുള്ള; കുപിതനായ, ക്രുദ്ധിച്ച.

Īre, *n.* കോപം, രോഷം. -'fụl, *a.* ദേഷ്യമുള്ള, രുഷ്ടനായ. -'fụl-ly, *ad.* അരിശത്തോടെ. -'fụl-ness, *n.* ഈറ, ശുണ്ഠി.

Ī-ren'ic, -al, *a.* സമാധാനപ്രദമായ, സന്ധിപ്പിക്കുന്ന. i.l theology, =ren'-ics, *n.* സഭായോജകവിദ്യ (*eccl.*).

Īre'stōne, *n.* കട്ടമ്പാറ.

Ī'ri-an, Ī'ri-dal, Ī-ri-des'cent, Ī-rid'i-an, Ī-rid'ic, *s.u.* Iris.

Ī-rid'i-um, *n.* 'അയിറിടിയം' എന്ന ലോഹം (*min.*).

Ī'ris, *n.* മഴവില്ല്, ആകാശ—, ഇന്ദ്രധനുസ്സ്; 2. വൎണ്ണചക്രം; 3. താരാമണ്ഡലം, മിഴിപടലം; മഴവിൽ— (*an.*), ī'ri-an, ī-rid'ic, *a.* താരാമണ്ഡലസംബന്ധമായ. ī'ri-dal, ī-rid'i-an, *a.* മഴവില്ലിനുള്ള; വൎണ്ണചക്രസംബന്ധമായ. ī-ri-des'cent, ī-rid'i-ā-ted, ī'ris-ā-ted, ī'rised (-rist), *a.* മഴവിൽ നിറമുള്ള; വൎണ്ണചക്രരൂപമായ. ī-ri-des'cence, *n.* —പ്രഭ. ī-ri'tis, *n.* മിഴിപടലവീക്കം (*med.*).

Ī'rish, *a.* അയല്ലാണ്ടിലുള്ള, അയല്ലാണ്ട് രാജ്യസംബന്ധമായ. i.-man അയല്ലാണ്ട്കാരൻ. i.-man's hurricane മഹാശാന്തത, കാററ് വീഴ്ച. *n. s.* & *pl.* അയല്ലാണ്ട് ദേശക്കാര്; 2. കെല്ററിക് ഭാഷ. -ry, *n.* അയല്ലാണ്ട് നിവാസികൾ.

Ĭrk, *v. t.* (*impers.*) ക്ഷീണം ആയിരിക്കുക; 2. വേദന ഉണ്ടാക; 3. വെറുപ്പ് തോന്നുക. -'sŏme, *a.* അസഹ്യമായ; ആലസ്യംവരുത്തുന്ന. -'sŏme-ly, *ad.* മുഷിച്ചൽ തോന്നുംവണ്ണം. -'sŏme-ness, *n.* പ്രയാസം, ബുദ്ധിമുട്ട്.

I'ron (i'ẽrn), *n.* ഇരിമ്പ്, ലോഹം, അയസ് (*min.*); 2. ഇരിമ്പായുധം; 3. *pl.* ചങ്ങല, ആമം, ബന്ധനം; 4. ഊക്ക്; 5. അധികാരം; 6. കാഠിന്യം. *a.* ഇരിമ്പ് കൊണ്ടുള്ള; അയോമയമായ; 2. കറുത്ത; 3. ഉറപ്പ് ഉള്ള; കട്ടപ്പം—, ശക്തി—. *v. t.* 'ഇസ്ത്രിയിടുക', മിനുക്കുക; 2. ചങ്ങലക്കിടുക. ആമം വെക്കുക; 3. ഇരിമ്പ് പിടിയിടുക. bar i., wrought i., malleable i. പച്ചിരിമ്പ്, ഇരിമ്പ് വാളം. cast i., white i., gray i., pig i. വാർപ്പിരിമ്പ്, കല്ലിരിമ്പ്, ചീനച്ചട്ടിയിരിമ്പ്. i. age കലിയുഗം. i. bar പാര. i.-bound ഇരിമ്പ് കെട്ടിയ; പരുപരുപ്പ് ഉള്ള, പാറ—; അലംഘ്യമായ. i.-cased, i.-clad ഇരിമ്പ് പൊതിഞ്ഞ; കഠിനമായ; ഇരിമ്പ് ചുറക്കപ്പൽ, യുദ്ധക്കപ്പൽ. i.-fisted ഈററയുള്ള. i.-founder ഇരിമ്പ് വാർപ്പ് പണിക്കാരൻ. i.-foundery, i.-works —പണിസ്ഥലം. i.-furnace ഉല, ഇരിമ്പാല. i.-grey ചാമ്പൽവണ്ണം, ധൂമ്ര—. i.-hat ശിരസ്ത്രം. i.-hearted ക്രൂരത ഉള്ള, കഠിനഹൃദയം—. i.-horse തീവണ്ടി. i.-man യന്ത്രറാട്ട്. i.-master, i.-monger ഇരിമ്പ് വ്യാപാരി. i.-mongery, i.-ware —ആയുധങ്ങൾ, —സാമാനം. i.-mold *or* mould —കറ. i-ore —അയിര്. i.-sick —കറപിടിച്ച് തുളഞ്ഞ. i.-sides ഊക്കൻ, കെല്ലൻ; കവചധാരി. i.-smith കരുവാൻ, കൊല്ലൻ, പെരുങ്കൊല്ലൻ. i.-stone അയിക്കല്ല്. i.-wood ഇരിമ്പകം, ഉരുപ്പ് (*b.*). too many i.s in the fire ഒരേ സമയം ചെയ്യാനുള്ള പല കാര്യം. -ẽr, *n.* 'ഇസ്ത്രിക്കാരൻ'. -ing, *n.* 'ഇസ്ത്രി ഇടൽ'; —ഇട്ടതുണി. i.g board ഇസ്ത്രിപ്പലക. -ish, *a.* ഇരിമ്പ് ചുവയുള്ള. -y, *a.* അയോമയമായ.

I'ron-y, *a.* നാട്യം, കാപട്യം; 2. വക്രോക്തി, നിന്ദാസ്തുതി; 3. വിപരീതലക്ഷണം. =ron'ic, =ron'i-cal, *a.* വ്യാജോക്തിയായ; നിന്ദാസ്തുതി ചെയ്യുന്ന. =ron'i-cal-ly, *ad.* വക്രോക്തിയായി. =ron'i-cal-ness, *n.* വ്യാജഭാവം, പരിഹാസം. ī'ron-ist, *n.* വ്യാജോക്തിക്കാരൻ.

Ir-rā'di-āte, *v. t.* പ്രകാശിപ്പിക്കുക, ശോഭിപ്പിക്കുക; 2. ബുദ്ധിതെളിയിക്കുക; 3. ചൈതന്യം വരുത്തുക; 4. വ്യാപിപ്പിക്കുക. *v. i.* കിരണം വീശുക; തിളങ്ങുക, ശോഭിക്കുക. *a.* തേജസ്സുള്ള. =ance, =an-cy, =ā'tiŏn, *n.* പ്രകാശനം; ദ്യുതി, ദീപ്തി, പ്രഭ; ബുദ്ധിപ്രകാശം. =ant, *a.* കാന്തിയുള്ള; പ്രകാശിപ്പിക്കുന്ന.

Ir-ra'tiŏn-al (-rash'un-), *a.* അബുദ്ധി ആയ, നിർബ്ബുദ്ധി—; 2. ബുദ്ധികെട്ട, തുമ്പില്ലാത്ത; 3. ന്യായവിരുദ്ധമായ. -ness, =al'i-ty, *n.* ബുദ്ധിഹീനത്വം, മൌഢ്യം. -ly, *ad.* യുക്തികേടായി, ബുദ്ധിയില്ലാതെ.

Ir-re-but'ta-ble, *a.* അഖണ്ഡ്യമായ, നിർവ്വാദമായ; 2. നിഷേധിപ്പാൻ പാടില്ലാത്ത.

Ir-re-cep'tive, *a.* ഏല്ക്കാത്ത, ഏശാത്ത; 2. അപ്രാപ്യമായ.

Ir-re-clāim'a-ble, *a.* മടക്കിക്കിട്ടുവാൻ കഴിയാത്ത; 2. നന്നാക്കുവാൻ—; നന്നാകാത്ത. =bly, *ad.* നന്നായ്തീരാത്ത വണ്ണം.

Ir-rec-og-ni'tiŏn (-nish'un), *n.* തിരിച്ചറിയായ്മ, മനസ്സിലാകായ്മ. =nī'sa-ble, =nī'za-ble, *a.* കണ്ട് തിരിപ്പാൻ കഴിയാത്ത.

Ir-rec-on-cī'la-ble, *a.* തമ്മിൽ യോജിപ്പിപ്പാൻ കഴിയാത്ത, തമ്മിൽ ചേരാത്ത; 2. പരസ്പരവിരുദ്ധമായ; 3. സന്ധിക്കാത്ത, തമ്മിൽ നിരന്ന് വരാത്ത. -ness, =bil'i-ty, *n.* പരസ്പരവിരോധം, അയുക്തി; നിരപ്പ് കേട്. =bly, *ad.* തമ്മിൽ ഇണങ്ങാതെ. ='on-cīle-ment, =cil-i-ā'tiŏn, *n.* വിരോധം, വൈപരീത്യം.

Ir-re-cord'a-ble, *a.* രേഖപ്പെടുത്തുവാൻ കഴിയാത്ത; —യോഗ്യമല്ലാത്ത.

Ir-re-cŏv'ẽr-a-ble, *a.* മടക്കിക്കിട്ടാത്ത, വസൂലാക്കുവാൻ കഴിയാത്ത; 2. നിർവ്വാഹമില്ലാത്ത; 3. മാറാത്ത. -ness, *n.* നിരാശ; നിവൃത്തിയില്ലായ്മ. =bly, *ad.* മടക്കിക്കിട്ടാതവണ്ണം; സുഖപ്പെടാതെ.

**Ir-re-cū'pĕr-a-ble**, *a.* മടക്കിക്കിട്ടാത്ത. =bly, *ad.* തിരികെ കിട്ടാതവണ്ണം.

**Ir-re-cū'sa-ble**, *a.* അനിഷേദ്ധ്യമായ; പ്രതിഷേധമില്ലാത്ത.

**Ir-re-dēem'a-ble**, *a.* വീണ്ടുകൊള്ളുവാൻ കഴിയാത്ത; 2. പണമായിമാറുവാൻ—. -ness, =bil'i-ty, *n.* വീണ്ടെടുത്തുകൂടായ്മ; മാററിക്കൂടായ്മ. =bly, *ad.* വീണ്ടെടുപ്പാൻ കഴിയാതവണ്ണം.

**Ir-re-dū'ci-ble**, *a.* കുറപ്പാൻ കഴിയാത്ത; 2. രൂപഭേദം വരുത്തുവാൻ—, പൊടിയാക്കുവാൻ—; 3. യഥാസ്ഥിതിക്ക് വരാത്ത; 4. ചുരുക്കിക്കൂടാത്ത (*math.*). -ness, =bil'i-ty, *n.* നിർവ്വികാരത്വം. =bly, *ad.* ചുരുങ്ങാതവണ്ണം.

**Ir-re-flec'tive**, *a.* പ്രതിഛായയില്ലാത്ത. =flec'tiŏn, *n.* പ്രതിഛായയില്ലായ്മ.

**Ir-re-form'a-ble**, *a.* നന്നാക്കുവാൻ വഹിയാത്ത; 2. ഗുണപ്പെടാത്ത.

**Ir-ref'ra-ga-ble**, *a.* നിരാക്ഷേപ്യമായ; 2. നിഷേധിപ്പാൻ കഴിയാത്ത. -ness, =bil'i-ty, *n.* അഖണ്ഡനീയത്വം. =bly, *ad.* എതിർ പറവാൻ കഴിയാതവണ്ണം.

**Ir-re-fran'gi-ble**, *a.* ഗതിതെററാത, മാൎഗ്ഗഭ്രമണം ഇല്ലാത്ത; 2. പൊട്ടൽ—. -ness,=bil'i-ty,*n.* വിഭ്രമണരഹിതത്വം.

**Ir-re-fū'ta-ble**, *a.* നിർവ്വാദം ആയ. -ness, *n.* അഖണ്ഡനീയത്വം. =bly, *ad.* നിരാക്ഷേപമായി.

**Ir-reg'ū-lar** (-lĕr), *a.* ക്രമവിരുദ്ധം ആയ; അനാചാരം—; 2. പ്രകൃതിവിരോധം—; 3. അസാധാരണം—; 4. ക്രമംകെട്ട; നേര്—; 5. വളഞ്ഞ; ചൊവ്വ് അല്ലാത്ത; ശരി—; 6. അക്രമം ആയ, സൂത്രവിരോധം— (*gr.*). *n.* ക്രമം കെട്ടവൻ; 2. തല്ക്കാലസൈനികൻ (*mil.*). -ist, *n.* ക്രമമില്ലാത്തവൻ. =lar'i-ty, *n.* ക്രമക്കേട്, അക്രമം. -ly, *ad.* ക്രമക്കേടായി; പതിവ് തെററി.

**Ir-re-ject'a-ble**, *a.* ഉപേക്ഷിപ്പാൻ പാടില്ലാത്ത; 2. തട്ടത്തുകൂടാത്ത.

**Ir-re-lap'sa-ble**, *a.* വീഴ്ചവരാത്ത; 2. ഭദ്രമായ.

**Ir-rel'a-tive**, =lāte, *a.* അസംബന്ധിതമായ, ചേൎച്ചയില്ലാത്ത. =lā'tiŏn, *n.* അയോജ്യത, സംബന്ധമില്ലായ്മ. -ly, *ad.* ചേൎച്ചയില്ലാതെ.

**Ir-rel'e-vant**, *a.* അസംബന്ധമായ, കാൎയ്യസംബന്ധമില്ലാത്ത; 2. പററാത്ത; 3. അനുചിതം ആയ; 4. അന്യം ആയ. =vance,=van-cy, *n.* അസംബന്ധം; അനൌചിത്യം. -ly, *ad.* അസംബന്ധമായി.

**Ir-re-liēv'a-ble**, *n.* നിശ്ശമനീയമായ; 2. മാറാത്ത; 3. ആശയററ.

**Ir-re-lig'i'ŏus** (-lij'us), *a.* ദൈവഭിചാരം ഇല്ലാത്ത, —ഭക്തി—; 2. ആകാത്ത, ദുഷ്ട. =lig'i'ŏn (-lij'un), *n.* ഭക്തികേട്. =lig'i'ŏn-ist, *n.* ഭക്തിഹീനൻ, നാസ്തികൻ. -ly, *ad.* ദൈവഭയമില്ലാതെ. -ness, *n.* അഭക്തി.

**Ir-re-mē'di-a-ble**, *a.* പ്രതിവിധിയില്ലാത്ത; 2. നന്നാക്കുവാൻ പാടില്ലാത്ത; 3. മാറാത്ത. -ness, *n.* നിവൃത്തിയില്ലായ്മ, അനിർവ്വഹനീയത്വം. =bly, *ad.* ഭേദമാകാതവണ്ണം; വശക്കേടായി.

**Ir-re-mis'si-ble**, =mit'ta-ble, *a.* ക്ഷമിപ്പാൻ പാടില്ലാത്ത, വിട്ടുകൊടുപ്പാൻ—. -ness, *n.* അക്ഷമ്യത. =bly, *ad.* ഇളച്ചുകൊടുപ്പാൻ വഹിയാതവണ്ണം. =mis'siŏn (-mish'un), *n.* ക്ഷമയില്ലായ്മ. =mis'sive, *a.* 'മാപ്പ്'ാക്കാത്ത, ഇളെച്ചുകൊടുക്കാത്ത, പൊറുക്കാത്ത.

**Ir-re-mŏ'va-ble**, *a.* അനക്കുവാൻ പാടില്ലാത്ത, നീക്കുവാൻ—, ഇളക്കുവാൻ—; സ്ഥിരമായ. =bil'i-ty, *n.* അചലത്വം, ഇളക്കമില്ലായ്മ. =bly, *ad.* അനക്കുവാൻ പാടില്ലാതവണ്ണം.

**Ir-re-mū'nĕr-a-ble**, *a.* പ്രതിഫലം കൊടുപ്പാൻ വഹിയാത്ത, പ്രതിഫലത്തിന്ന് തരമില്ലാത്ത.

**Ir-rep'a-ra-ble**, *a.* നന്നാക്കുവാൻ കഴിയാത്ത; 2. മടക്കിക്കിട്ടാത്ത; 3. പ്രതിവിധിയില്ലാത്ത, അസാദ്ധ്യമായ. -ness, =bil'i-ty, *n.* പ്രതിവിധി ഇല്ലായ്മ, ഉപശമനം—. =bly, *ad.* നന്നാക്കു

വാൻ പാടില്ലാതവണ്ണം; ഉപശാന്തിയി ല്ലാതെ.

**Ir-re-pēal'a-ble** (-pēl'a-), *a.* ദുൎബ്ബല പ്പെടുത്തുവാൻ വഹിയാത്ത. -ness, =bil'-i-ty, *n.* ദൌൎബ്ബല്യരഹിതത്വം; സ്ഥിരത. =bly, *ad.* അസാധുവാക്കുവാൻ കഴിയാത വണ്ണം.

**Ir-re-pen'tance,** *n.* അനുതാപമില്ലാ യ്മ; പശ്ചാത്താപരഹിതത്വം.

**Ir-re-plev'i-a-ble,** =plev'i-sa-ble, *a.* ജാമ്യത്തിന്മേൽ വിട്ടുവിക്കുവാൻ പാടി ല്ലാത്ത (*l.*).

**Ir-rep-re-hen'si-ble,** *a.* നിരാക്ഷേ പ്യമായ; കുററമില്ലാത്ത. -ness, *n.* നി ൎദ്ദോഷത്വം. =bly, *ad.* ആക്ഷേപമി ല്ലാതെ.

**Ir-rep-re-sent'a-ble,** *a.* പ്രതിനി ധിയുണ്ടാവാൻ തരമില്ലാത്ത; 2. ദൃക്ഷ്ടി ഗോചരമാക്കുവാൻ കഴിയാത്ത; വിവരി പ്പാൻ—.

**Ir-re-pres'si-ble,** *a.* അടക്കിവെ പ്പാൻ വഹിയാത്ത, അമൎത്തുവാൻ—; ഒതു ക്കിക്കൂടാത്ത. =bly, *ad.* അടക്കിവെ പ്പാൻ കഴിയാതെ.

**Ir-re-prōach'a-ble** (-prōch'a-), **Ir-re-pröv'a-ble,** *a.* നിരാക്ഷേപ്യം ആ യ, അനിന്ദ്യം—; 2. കുററമില്ലാത്ത. -ness, *n.* ദോഷരഹിതത്വം; യഥാൎത്ഥത്വം. =bly, *ad.* ദൂഷ്യംപറവാൻ വഹിയാതവണ്ണം.

**Ir-re-sil'i-ent,** *a.* തെറിക്കാത്ത; മറി ച്ചടിക്കാത്ത.

**Ir-re-sist'i-ble,** *a.* ചെറുത്ത്നില്പാ ൻ കഴിയാത്ത, എതിൎപ്പാൻ—, തടുത്ത്കൂ ടാത്ത; 2. അനിവാൎയ്യമായ. =sist'ance, *n.* വിരോധമില്ലായ്മ, വഴക്കം, അധീനത. -ness, =bil'i-ty, *n.* അനിവാൎയ്യത്വം; എ തിൎത്ത്കൂടായ്മ. =bly, *ad.* തടുത്ത്കൂടാത വണ്ണം.

**Ir-res'ol-u-ble,** *a.* അലിയാത്ത; ക ലങ്ങാത്ത. -ness, *n.* കലങ്ങായ്മ, അദ്രാ വ്യത്വം.

**Ir-res'ol-ute,** *a.* സ്ഥിരതയില്ലാത്ത, ചഞ്ചലമുള്ള. -ly, *ad.* ശങ്കയോടെ. -ness, *n.* ചാപല്യം, സംശയം. =lu'tiŏn, *n.* അ സ്ഥിരത, ചഞ്ചലഭാവം.

**Ir-re-sol'va-ble,** *a.* നിൎണ്ണയിപ്പാൻ കഴിയാത്ത; 2. യോഗം തിരിപ്പാൻ—. -ness, =bil'i-ty, *n.* അനിൎണ്ണയത്വം.

**Ir-re-spec'tive,** *a.* നിരപേക്ഷമായ; 2. നോക്കാതെ, എണ്ണാതെ. i. of ഒഴി കെ, അന്യെ, ഒഴിച്ച്. -ly, *ad.* അന്യ സംബന്ധമില്ലാതെ, സ്വതവെ.

**Ir-res'pi-ra-ble,** *a.* ശ്വസിപ്പാൻ കൊള്ളരുതാത്ത; ജീവസന്ധാരണത്തിന്ന് പററാത്ത.

**Ir-re-spon'si-ble,** *a.* ഉത്തരവാദമി ല്ലാത്ത; 2. വിശ്വാസയോഗ്യമല്ലാത്ത, ന മ്പുവാൻ പാടില്ലാത്ത. =bil'i-ty, *n.* ഉ ത്തരവാദമില്ലായ്മ. =bly, *ad.* ഉത്തരവാ ദത്വമില്ലാതെ. =spon'sive, *a.* ഉത്തരം പറയാത്ത.

**Ir-re-sus'ci-ta-ble,** *a.* പുനൎജ്ജീവി പ്പിപ്പാൻ കഴിയാത്ത. =bly, *ad.* പുന രാരംഭിപ്പാൻ കഴിയാതെ.

**Ir-re-ten'tive,** *a.* പിടിത്തം ഇല്ലാ ത്ത. =ten'tiŏn, *n.* പിടിത്തമില്ലായ്മ; ഓൎമ്മക്കേട്.

**Ir-re-trāce'a-ble,** *a.* മടങ്ങിപ്പോ വാൻ കഴിയാത്ത; 2. തിരികെ കണ്ടെ ത്തുവാൻ—.

**Ir-re-triēv'a-ble,** *a.*, *s. a.* Irreparable and Incurable.

**Ir-re-turn'a-ble** (-tērn'a-), *a.* മടക്കി കൊടുപ്പാൻ പാടില്ലാത്ത.

**Ir-re-vēal'a-ble** (-vēl'a-), *a.* വെളി പ്പെടുത്തുവാൻ പാടില്ലാത്ത. =bly, *ad.* സ്വകാൎയ്യമായി.

**Ir-rev'ĕr-ent,** *a.* വണക്കം ഇല്ലാത്ത, ശങ്ക—. =ence, *n.* അച്ചടക്കം ഇല്ലായ്മ, വണക്കം—, ഓച്ഛാനം—. -ly, *ad.* ബ ഹുമാനമില്ലാതെ.

**Ir-re-vĕr'si-ble,** *a.* മറിപ്പാൻ വഹി യാത്ത; 2. ദുൎബ്ബലപ്പെടുത്തുവാൻ—; മാ ററിക്കൂടാത്ത; സ്ഥിരമായ. -ness, =bil'i-ty, *n.* മാററമില്ലായ്മ, സ്ഥിരത. =bly, *ad.* ഭേദപ്പെടുത്തുവാൻ പാടില്ലാതവണ്ണം.

**Ir-rev′ō-ca-ble**, =ō-ka-ble, *a.* ദുഞ്ചലപ്പെടുത്തുവാൻ പാടില്ലാത്ത. **-ness**, =bil′i-ty, *n.* മാററിക്കൂടായ്ക, ഉറപ്പ്. =bly, *ad.* സ്ഥിരമായി.

**Ir-rhe-tor′ic**, =i-cal, *a.* അലങ്കാര രഹിതമായ.

**Ir′ri-gāte**, *v.t.* നനക്കുക; വെള്ളം തളിക്കുക; 2. —വിടുക, —കോരുക; ധാര യിടുക. =gā′tiŏn, *n.* നനക്കൽ, വെള്ളം കോരൽ, —തേകൽ, തേക്ക്; ജലധാര (*med.*).

**Ir-risi′ŏn** (-rizh′un), *n.* ചിരി, പരി ഹാസം; 2. കളിയാക്കൽ.

I. **Ir′ri-tāte**, *v.t.* ഉണൎത്തുക, കിളൎത്തു ക, ഉഷ്ണിപ്പിക്കുക; 2. കോപിപ്പിക്കുക; വി രോധം ജനിപ്പിക്കുക; 3. കിക്കിളിയാക്കു ക (*phys.*); 4. പുകച്ചല് വരുത്തുക; ചൊ റിച്ചല്—(*phys.*); 5. അഴല്ച—, വേദന പ്പെടുത്തുക (*med.*). =ta-bil′i-ty, =ta-ble-ness, *n.* മുൻകോപം, വെറുപ്പ്, ചീ ററം; കിക്കിളി (*phys.*); എരിച്ചല്; ചൊ റിച്ചല്; കാറല് (*med.*). =ta-ble, *a.* ഉ ണൎത്താകുന്ന; ശുണ്ഠിയായ, മുൻകോപം ഉ ള്ള; കിക്കിളി— (*phys.*); എരിച്ചല്— (*med.*). =ta-bly, *ad.* ചൊടിപ്പിക്കത്ത ക്കവണ്ണം. =tan-cy, *n.* ശുണ്ഠി; ചൊറി ച്ചല്. =tant, *a.* ക്ഷോഭം വരുത്തുന്ന; പുകച്ചല്—. *n.* കോപഹേതു; ക്ഷാരം, എരിച്ചല് വരുത്തുന്ന സാധനം (*med.*); വിഷം. counter i.t പ്രതിക്ഷാരം. =tā′-tiŏn, *n.* കിളൎത്തൽ; വെറുപ്പ്; കോപം; ഉണൎച്ച; കിക്കിളി (*phys.*); എരിച്ചല്, പുകച്ചല് (*med.*). =tā-tive, *a.* ഉണൎത്തു ന്ന; പുകച്ചല് വരുത്തുന്ന; —ഉള്ള.

II. **Ir′ri-tāte**, *v. t.* ദുഞ്ചലപ്പെടുത്തുക (*l.*). =tant, *a.* അസാധുവാക്കുന്ന, ദുൎബ്ബ ലപ്പെടുത്തുന്ന.

**Ir-rup′tiŏn**, *n.* പൊട്ടൽ, കയററം; 2. അഭിയോഗം; ആക്രമണം. =rup′-tive, *a.* അതിക്രമിച്ച് വരുന്ന.

**Is**, *v.i.* 3*rd. s. p.t. of* be.

**Is′a-bel**, i. colour, **Isa-bel′la**, i.a colour, *n.* ഒരു വക പിംഗലവൎണ്ണം. =bel′line, *a.* പിംഗലവൎണ്ണമുള്ള.

**Ī-sa-gog′ic**, =′i-cal, *a.* പീഠികാവി ദ്യാസംബന്ധമായ (*theo.*). =gog′ics, *n.* പീഠികാവിദ്യ, പ്രവേശകശാസ്ത്രം (*theo.*).

**Ī′sa-gon**, *n.* തുല്യബഹുകോണക്ഷേ ത്രം (*geom.*).

**Īs-ap-os-tol′ic**, *a.* അപോസ്തല തു ല്യാധികാരമുള്ള (*Chr.*).

**Is′chi-ac** (-ki-ak), =ad′ic, =al, =at′ic, *a.* ഊരസംബന്ധിച്ച, ഉക്കെല്ല്— (*an.*).

**Is′chū-ry** (-kū-), *n.* നീരടപ്പ്, മൂത്ര കൃച്ഛ്രം (*med.*). =ret′ic, *a.* മൂത്രകൃച്ഛ്രത്തി ന്നുള്ള.

**Ish**, *suf.* പോലെയുള്ള, തുല്യമായ; സംബന്ധിച്ച; ഛായയുള്ള.

**Ī′sin-glass**, *n.* മീൻപശ, പൊട്ടി പ്പശ; 2. അഭ്രം, കാക്കപ്പൊന്ന് (*min.*).

**Is′lam**, *n.* മുഹമ്മദീയമതം, —രാജ്യം; മുഹമ്മദീയര്, 'ഇസ്ലാം'.

**Īs′land** (ī′land), **Īsle** (īl), *n.* ദ്വീപ്, ദ്വീപം, തുരുത്തി; പുളിനം. *v.t.* തുരു ത്തിയാക്കുക. -ĕr, *n.* ദ്വീപാന്തരവാസി. īs′ly, *a.* ദ്വീപിലുള്ള; ദ്വീപ്നിറഞ്ഞ. īs′let (ī′let), *n.* ചെറുതുരുത്തി. in′sū-lar, *a.* ദ്വീപിലുള്ള; ദ്വീപിന്നൊത്ത; ദ്വീപവാസികളെ പോലെയുള്ള; വിശാ ലബുദ്ധിയില്ലാത്ത, അല്പബുദ്ധിയായ. in-sū-lar′i-ty, *n.* ദ്വീപത്വം; ബുദ്ധി സങ്കോചത്വം. in′sū-lar-ly, *ad.* ഉദാ രബുദ്ധിയില്ലാതെ.

**Ism**, *suf.* ത്വം, പ്രവൃത്തി, സ്ഥിതി, അവസ്ഥ, സ്വഭാവം. *n.* ഉപദേശം, വാദം, ജ്ഞാനം.

**Ī′sō, Is**, *pf.* അതേ, തുല്യ.

**Ī′so-cheīm**, *n.* തുല്യശീതരേഖ (*geog.*).

**Ī-sō-chro-mat′ic**, *a.* ഒരേവൎണ്ണമുള്ള.

**Ī-soch′ro-nal**, =nic, =nŏus, *a.* കാ ലതുല്യതയുള്ള; 2. തുല്യകാലത്തിൽ സംഭ വിക്കുന്ന.

**Ī′soch-rŏus**, *a.* ഒരേനിറമുള്ള.

**Ī-sō-dy-nam′ic**, =′ŏus, *a.* തുല്യബ ലമുള്ള. i. foods തുല്യബലദായകാഹാരം.

**Ī-sō-gon-ic**, *a.* തുല്യകോണസൂചകമായ (*geom.*).

**Ī-sog'ra-phy** (-fi), *n.* തുല്യെഴുത്ത്, കൈയക്ഷരതുല്യത. =**graph'ic** (-graf'-ik), *a.* —തുല്യതയുള്ള.

**Ī'sō-lāte**, *v. t.* അകററിവെക്കുക, വേൎപ്പെടുത്തുക; 2. ശുദ്ധിയാക്കുക. **ī'sō-lā-ted**, *a.* വേൎപിരിഞ്ഞ, തനിയെനില്ക്കുന്ന. **ī'sō-lā-ted-ly**, *a.* വേൎതിരിഞ്ഞ, ഏകാന്തമായ. **ī-so-lā'tion**, *n.* വേൎപാട്, ഏകാന്തത്വം. **ī-sō'la-ble**, *a.* ശുദ്ധമായി കിട്ടാകുന്ന.

**Ī-sol'ō-gous**, *a.* തുല്യാനുപാതം ഉള്ള; 2. തുല്യസംബന്ധം—; 3. —ഭേദം—.

**Ī-sō-mer'ic**, *a.* അനുപാതതുല്യതയുള്ള. =**som'er-ism**, *n.* —തുല്യത.

**Ī-son'o-my**, *n.* തുല്യനിയമം; 2. —അവകാശം; 3. തുല്യത. =**nom'ic**, *a.* നിയമതുല്യത ഉള്ള, സമാവകാശം—; തുല്യമായ.

**Ī'sō-pod**, *a.* തുല്യപാത്തായ.

**Ī-sor-rop'ic**, *a.* തുല്യവിലയുള്ള.

**Ī-sos'ce-lēs**, *a.* ദ്വിഭുജതുല്യമായ. **i. triangle** തുല്യദ്വിഭുജത്രികോണക്ഷേത്രം (*geom.*).

**Ī'sō-thērm**, *n.* തുല്യഋതുരേഖ (*geog.*). =**mal**, *a.* —ഋതുസംബന്ധമായ. **i.l line** —ഋതുരേഖ. **i.l zone** —ഋതുമേഖല.

**Ī-sō-ton'ic**, *a.* സ്വരതുല്യതയുള്ള.

**Iṣ'rā-el-īte**, *n.* ഇസ്രയേല്യൻ, യൂദൻ, എബ്രായൻ. =**it'ic**, =**it'ish**, *a.* യൂദകുലസംബന്ധമായ.

**Is'sūe** (ish'shū), *n.* പുറപ്പാട്, ഒഴുക്കം; 2. അയക്കൽ; 3. കൊടുക്കൽ; 4. പ്രവാഹം; 5. സഞ്ചയം; 6. അച്ചടിപ്പ്, പതിപ്പ്; പത്രം; ഗ്രന്ഥം; 7. കുട്ടി, മക്കള്, സന്താനം; 8. അനുഭവം, ചേൎലാഭം, കൊഴ—; 9. സ്രാവം; 10. പൊള്ളിച്ച പുണ്ണ് (*med.*); 11. ഫലം; സമാപ്തി; സംഭവം; 12. വാദം, പോര്; 13. പരീക്ഷ. 14. വാദവിഷയം, തൎക്ക—; 15. വാദമുഖം, തെളിവ് യാദാസ്ത് (*l.*). **at i.** വാദത്തിൽപെട്ട; വിപരീതമായ. **to join or take i.** കക്ഷിപിരിയുക. *v. i.* ഒഴുകുക; 2. പുറപ്പെടുക; 3. പുറപ്പെട്ട് വരിക; 4. ജനിക്കുക, ഉത്ഭവിക്കുക; 5. എത്തുക, ചേരുക; 6. ഉണ്ടായ്വരിക; 7. അവസാനിക്കുക; 8. വാദമുഖം നിൎണ്ണയിക്കുക (*l.*). *v. t.* അയക്കുക; പരിവൎത്തിപ്പിക്കുക; 2. കൊടുക്കുക; 3. പുറപ്പെടുവിക്കുക. **is'sū-a-ble**, *a.* വാദസംബന്ധം ആയ; വാദോല്പാദകം—; വാദമുഖം നിൎണ്ണയിക്കാവുന്ന; അയക്കാവുന്ന; കൊടുക്കാവുന്ന. **is'sū-a-bly**, *ad.* വാദമായി. **is'sū-ance**, *n.* കൊടുക്കൽ; അയക്കൽ. **-less**, *a.* മക്കൾ ഇല്ലാത്ത, അനാപത്യമായ. **is'sū-ēr**, *n.* പുറപ്പെടുവിക്കുന്നവൻ; പ്രസിദ്ധകൻ; കൊടുക്കുന്നവൻ.

**Isth'mus** (-ist'mus), *n.* കരയിടുക്ക് (*geog.*). **isth'mi-an**, *a.* കരയിടുക്ക് സംബന്ധിച്ച. **i.n games** യവനക്കേളികൾ.

**It**, *pron.* അത്; അതിനെ. **i. is I** ഞാൻ തന്നെ. **i. is wrong to do this** ഇങ്ങിനെ ചെയ്യുന്നത് തെററാണ്. **i. rains** മഴപെയ്യുന്നു. **what is i. that you want?** എന്താണ് നിങ്ങൾക്ക് വേണ്ടത്? **to foot i.** നടക്കുക, കാല്നടയായി പോക. **its**, *pron.* അതിന്റെ. **-self'**, *pron.* അത് തന്നെ, താന്തന്നെ; തന്നിൽതന്നെ.

**It'a-la**, *n.* ക്രിസ്ത്യാനിവേദപുസ്തകത്തിന്റെ പുരാതന ലത്തീനഭാഷാന്തരം.

**I-tal'ian** (-tal'yan), *a.* ഇത്തലിരാജ്യസംബന്ധമായ, —ഭാഷാ—; ഇത്താല്യരാജ്യക്കാൎക്കുള്ള; —ഭാഷാസംബന്ധമായ. *n.* ഇത്താല്യക്കാരൻ; 2. ഇററാല്യഭാഷ. =**tal'ic**, *a.* ഇത്തലിസംബന്ധമായ; ചരിച്ചെഴുത്ത്—. **i.c languages** പുരാതനലത്തീനഭാഷകൾ. *n.* ഇംഗ്ലീഷ് ചരിഞ്ഞക്ഷരം. =**tal'i-cīṣe**, =**tal'i-cīze**, *v. t.* & *i.* ചരിഞ്ഞക്ഷരത്തിൽ അടിക്കുക, ചുവടെ വരക്കുക.

**I'ta pälm** (ē'ta päm), *n.* ഒര് വക അമേരിക്കപ്പന (*b.*).

**Itch** (ich), *v. i.* ചൊറിയുക, ചൊറിച്ചലെടുക്കുക, കിരുമ്പുക; 2. കാംക്ഷ ഉള്ള, ആശ—. *n.* ചൊറി; ചിരങ്ങ്; 2. ചൊറിച്ചല്; 3. അതിമോഹം. **itch'i-ness**,

*n.* ചൊറിച്ചല്. -'less, *a.* ചിരങ്ങ് ഇല്ലാത്ത. -'y, *a.* —ഉള്ള; ചൊറിച്ചല്—.

Īte, *suf.* വംശക്കാരൻ, ഗോത്രക്കാരൻ, കുലജൻ.

Ī'tem, *n.* സാധനം, 'നമ്പ്ര്'; 2. പ്രസ്താപം. *v.t.* കുറിച്ച് വെക്കുക. *ad.* ഉം... കൂടെ.

It'ĕr-āte, *v.t.* ആവൎത്തനം ചെയ്യുക, തിരികെ പറയുക, ആവൎത്തിക്കുക. =ant, =ā-tive, *a.* ആവൎത്തിക്കുന്ന. -ly, =ā-tive-ly, *ad,* ആവൎത്തനമായി. =ā'tiōn, *n.* ആവൎത്തനം.

Ī-tin'ĕr-āte, *v. i.* സഞ്ചരിക്കുക; പ്രസംഗസഞ്ചാരം ചെയ്യുക. =a-cy, =an-cy, *n.* പ്രസംഗസഞ്ചാരം. =ant, =a-ry, *a.* ചുററിസഞ്ചരിക്കുന്ന, സ്ഥിരവാസമില്ലാത്ത, സഞ്ചാര. *n.* സഞ്ചാരപ്രസംഗി; സ്ഥിരവാസമില്ലാത്തവൻ. =ant-ly, *ad.* സഞ്ചാരമായി. =a-ry, *n.* സഞ്ചാരവിവരം; മാൎഗ്ഗദൎശിനി.

Ī-ū'lus, *n.* ചേരട്ടവൎഗ്ഗം (*z.*).

I-van', I-van'o-vitch (-vich), *n.* റഷ്യക്കാരൻ.

Ī'vō-ry, *n.* ദന്തം; 2. ആനക്കൊമ്പ്; 3. ദന്തസാധനം; 4. *pl.* പല്ല്. i.-bill ഒര് വക മരംകൊത്തിപ്പക്ഷി (*z.*). i. type ഒര് വക ചിത്രമെഴുത്ത്.

Ī'vy, *n.* വള്ളിപ്പന്ന (*b.*).

Iz'e-di (-dē), *n.* സാത്താന്യമതക്കാരൻ. =dism, *n.* സാത്താന്യമതം.

Iz'zard, Iz'ard, *n.* ഒര് വക ചെറുമാൻ (*z.*).

---

# J

J, ഇംഗ്ലീഷ് ഭാഷയിലെ പത്താമത്തെ അക്ഷരം. വ്യഞ്ജനം. പേര്: 'ജേ'. ഉച്ചാരണം: 'ജ്'.

Jab, *v. t.* തട്ടുക, കത്തുക, തുളക്കുക. *n.* തട്ട്, കുത്ത്.

Jab'bĕr, *v. i.* നൊടിയുക, ചിലെക്കുക, പിറ് പിറെ പറയുക. *v. t.* അവ്യക്തമായി സംസാരിക്കുക. *n.* നൊടിച്ചല്, ചിലക്കല്, ജല്പനം.

Jab'i-ru, *n.* ഒര് വക വലിയ നീൎപ്പക്ഷി, കണ്ടിയപ്പൻ (*z.*).

Jac'a-mär, *n.* ഒര് വക മീങ്കൊത്തിപ്പക്ഷി (*z.*).

Ja-cā'na, *n.* ഒര് വക നീൎപ്പക്ഷി (*z.*).

I. Jack, Jak, *n.* പിലാവ് (*b.*). j.-fruit ചക്ക, പനസം. j.-tree പിലാവ്. j.-wood പിലാവ്.

II. Jack, *n.* ജോൺ എന്ന പേരിന്റെ പരിഹാസരൂപം; 2. നിസ്സാരൻ, ആഭാസൻ, വഷളൻ; 3. തറക്കാരൻ; 4. പണിക്കാരൻ; 5. കപ്പല്ക്കാരൻ, 'കലാശി'; 6. യന്ത്രം; 7. ആൺകഴുത; 8. മല്യക്കുററി, 'വമ്പ്'; 9. കപ്പല്ക്കൊടി; 10. (കളിക്കുന്ന കത്തിലെ) 'ഗുലാം'. j.-a-float, j.-tar 'കലാശി'. j.-boots നീളച്ചെരിപ്പ്. j.-a-dandy പൊങ്ങച്ചക്കാരൻ, പച്ചസുന്ദരൻ. j.-a-lent പാവ. j.-a-napes കരങ്ങ്; സുന്ദരവിഡ്ഢി. j.-ass ആൺകഴുത; മൂഢൻ. j.-daw കാക്ക (*z.*). j.-hare ആൺമുയൽ (*z.*). j.-ketch തൂക്ക്മരപ്രവൃത്തിക്കാരൻ, ആരാച്ചാര്. j.-knife മടക്ക്കത്തി. j.-man കതിരപ്പടയാളി. j.-o-lantern, j.-with-a-lantern കൊള്ളിച്ചൂട്ട. j.-pudding കോമാളി; ഓണപ്പൊട്ടൻ. j.-rabbit ചെവിയൻ, ക്രൂരൻ (*z.*). j.-rafter കറുകഴക്കോല്. j.-sauce മൂഢൻ. j.-slave കണ്ടപ്പണിക്കാരൻ. j.-straw പാവ. blue-j. തുത്ഥം, തുരിശ്. hydraulic j. കയററ് യന്ത്രം. j.-at-a-pinch മുട്ട്ശാന്തിക്കാരൻ, തല്ക്കാല'ബദല്'കാരൻ. j.-at-all-trades എല്ലാററിന്നും സമൎത്ഥൻ. j.-in-office ഉദ്യോഗപ്രസരിപ്പുകാരൻ. j.-on-both-sides മാലോകരമ്മായി. j.-out-of-office ഉദ്യോഗഭ്രഷ്ടൻ. union-j. കപ്പല്ക്കൊടി. yellow-j. ക്രാന്തിക്കൊടി; ഒര് വക പനി (*med.*). *v. i.* രാത്രി വേട്ടയാടുക.

*v. t.* പൊന്തിക്കുക, വലിച്ച് കയററുക. -'ēen, *n.* വെറിയൻ, തെമ്മാടി.

**Ja-ck'al**, *n.* ഓരിക്കുറുക്കൻ (*z.*); 2. ആരാന്ന് വേണ്ടി നീചപ്രവൃത്തി ചെയ്യുന്നവൻ.

**Ja-ck'et**, *n.* കുപ്പായം, കഞ്ചുകം; 2. ഉറ; 3. പൊങ്ങക്കുപ്പായം. blue-j. കപ്പച്ചേകവൻ. cork-j. പൊങ്ങക്കുപ്പായം. to dust one's j. പ്രഹരിക്കുക. *v. t.* കുപ്പായം ഇടുക; 2. ഉറ—; 3. അടിക്കുക. -ed, *a.* കുപ്പായം ഇട്ട; —ഉള്ള. -ing, *n.* കുപ്പായത്തുണി.

**Ja-c'ō-bin**, *n.* മത്സരക്കാരൻ. jac'-ō-bin, -'ic, -'i-cal, *a.* മത്സരഭാവമുള്ള. -'i-cal-ly, *ad.* മത്സരത്തോടെ. -ism, *n.* രാജദ്രോഹം, മത്സരം.

**Ja-cō'bus**, *n.* 18¾കക്കുള്ള ഒര് പുരാതന പൊൻനാണ്യം.

**Ja-c'ō-net, Ja-c'cō-net**, *n.* ജഗന്നാത്ത് തുണി.

**Ja-c'quärd** (jak'ärd), *a.* പൃനെത്ത്യ സംബന്ധിച്ച (*w.*). j.-apparatus or arrangement പൃനെത്ത്യ്, ഒററക്കാൽ—(*w.*). j.-card പൃനെത്ത്യ് കടലാസ് (*w.*). j.-loom ഒററക്കാൽ തറി, —മഗ്ഗം (*w.*).

**Ja-c-tā'tiŏn**, *n.* ദേഹത്തിൻെറ കല്യക്കം, കടച്ചല്; വിറ.

**Jac-ti-tā'tiŏn**, *n.* വ്യാജപ്രസ്താപം, വൃഥാ— (*l.*); 2. ഉരുളല്, കടച്ചല് (*med.*). j. of marriage കള്ളവേളിപ്രസ്താപം.

**Ja-c'ū-lāte**, *v. t.* എറിയുക, ചാട്ടുക, എയ്യുക. =lā'tiŏn, *n.* ഏറ്, വിടൽ. =lā-tŏr-y, *a.* എറിയുന്ന; എയ്യ; കരേറ്റുകരേറ്റയായി പറഞ്ഞ.

I. **Jāde**, ='dīte, *n.* അക്കിക്കല്ല്, 'പേറേസ്'കല്ല്.

II. **Jāde**, *n.* തളന്ന് പോയ കുതിര, പൊട്ടക്കുതിര; 2. വേശ്യ, പരസ്ത്രീ; 3. ആഭാസൻ; 4. ബാല്യക്കാരത്തി. *v. t.* ക്ഷീണിപ്പിക്കുക, ചവികെട്ടുക്കുക; ബുദ്ധിമുട്ടിക്കുക. *v. i.* തളന്ന് പോക. jā'dĕr-y, *n.* വശീകരണം. jā'dish, *a.* മോട്ടുള്ള (കുതിര); ഒുന്നടപ്പ് കാരത്തിയായ.

**Jag, Jagg**, *n.* കുത; പൊട്ട്; വിള്ളല്; പല്ല്; 2. കഷണം; 3. മൂട, പൊതി. *v. t.* കുതക്കുക, കരക്കുക, പല്ല് വെക്കുക; 2. ചുമന്ന് കൊണ്ട് പോക. -'ged, *a.* പല്ല് പല്ലായ. -'ged-ly, *ad.* പല്ല് പല്ലായി. -'ged-ness, *n.* കുത. -'gĕr, *n.* ചുമട്ടുകാരൻ; തെണ്ടിക്കച്ചവടക്കാരൻ. -'gy, *a.* പല്ലുള്ള.

**Jag'gĕr-y, jag'ghĕr-y**, *n.* ചക്കര; 2. വെല്ലം, ശക്കര, ഗുളം.

**Jag'ū-ar'** (*or* -gwar), *n.* ഒര് വക പുള്ളിപ്പുലി (*z.*).

**Jäh**, *n.* യഹോവ (*Bl.*).

**Jāil** (jāl), *n.* കാരാഗൃഹം, തടവ്, തുറുങ്ക്. j.-bird ചങ്ങലക്കാരൻ; തടവിൽ കിടന്നവൻ. -'ĕr, -'ŏr, *n.* കാരാഗൃഹപ്രമാണി.

**Jākes**, *n.* മറപ്പുര, 'തണ്ടാസ്' 'കക്കൂസ്', ചൂളി (*M.*).

**Jal'ap**, *n.* പകന്ന, ത്രികോൽപകന്ന, പഴന്ന (*b.*). false j. പതിററടിപ്പൂ (*b.*).

**Jal-öu-sie'** (zhal-ö-zē'), *n.* ഇലക്കിടിക്കി.

I. **Jam**, *v. t.* ഇറുക്കുക, ഞെരുക്കുക; 2. ചതക്കുക. *n.* തിക്ക്, വിങ്ങല്, തിങ്ങല്; 2. ചതവ്, ഞെരിവ്.

II. **Jam**, *n.* പഴപ്പാവ്, പഴക്കട്ടി.

**Jamb** (jam), *n.* കുറുമ്പടി.

**Jāne**, *n.* ഒര് പുരാതന പൊൻനാണ്യം; 2. ഒര് വക തുണി. j. of apes വികൃതിപ്പെണ്ണ്; മക്കടബുദ്ധി.

**Jan'gle**, *v. i.* ചിലമ്പുക; 2. ചിലെക്കുക; 3. വാക്കുണ്ടാക, ശണ്ഠചെയ്യുക. *v. t.* ചിലമ്പിക്കുക. *n.* ചിലപ്പ്; 2. ചിലമ്പല്, അപശബ്ദം; 3. വാഗ്വാദം, വക്കാണം. =glĕr, *n.* വായ്പാടി. =glĕr-ess, *n.* ചിലെക്കുന്നവൾ. =gling, *a.* ചിലെപ്പുള്ള. *n.* വായാട്ടം; വൃഥാവാദം; വാക്കേററം.

**Jan'i-tŏr**, *n.* ദ്വാരപാലകൻ; വാതില് കാവല്ക്കാരൻ. =tress, =trix, *n.* —കാവല്ക്കാരത്തി.

**Jan'sen-ism,** *n.* ചിത്തസ്വാതന്ത്ര്യ നിഷേധവാദം (*eccl.*).

**Jant,** *etc. s. u.* **Jaunt.**

**Jan'ū-ar-y,** *n.* വത്സരാരംഭമാസം, 'ജനവരി'; ധനുമകരം, പുഷ്യമാഘം.

**Jā'nus,** *n.* ദ്വിമുഖദേവത (*myth.*). **j.-faced** ഇരുമുഖം ഉള്ള; ചതി—. **j.-headed** ഇരുതല—.

**Ja-pan',** *n.* യാപ്പാനപ്പണി; 2. ഒര് വക മരപ്പശ. **j.-black** —കീല്. **j.-camphor** ചൂടൻ കപ്പൂരം. **j.-ink** ഒര് വക കറുത്തമഷി. **j.-varnish** —മരപ്പശ. *v. t.* കീല് തേക്കുക; പശ—; മിനുക്കുക.

**Jāpe,** *n.* കളി, നേരമ്പോക്ക്, 'തമാശ'.

I. **Jär,** *n.* ഭരണി, 'ജാടി', കപ്പി; 2. ഒര് അളവ്.

II. **Jär,** *n.* തിരിച്ചല്. **on the j.** തിരിച്ചലിൽ; അല്പം തുറന്നതായി.

III. **Jär,** *v. i.* കിര്കിരുക്കുക, അപശബ്ദം പുറപ്പെട്ടുവിക്കുക; 2. തമ്മിൽ തെററുക, —മുട്ടുക; കലഹിക്കുക; വാദിക്കുക. *v. t.* കലുക്കുക, ഇളക്കുക. *n.* കിര്കിരുശബ്ദം; 2. വിരുദ്ധം, വാദം, സിദ്ധാന്തം, ഇന്നാങ്കം; 3. ആട്ടം. **-'ring,** *a.* കലുക്കം ഉള്ള; വിരോധം—. *n.* കലുക്കം, അനക്കം; പിണക്കം, 'തകരാറ്'. **-'ring-ly,** *ad.* നിരപ്പില്ലാതെ.

**Jär'gon,** *n.* ചിലെപ്പ്; അനൎത്ഥസംസാരം, നൊടിച്ചല്; 2. പട്ടഭാഷ, —വാക്ക്. *v. i.* ചിലെക്കുക; നൊടിയുക, **-ist,** *n.* പട്ടഭാഷക്കാരൻ.

**Jas'mine,** *n.* മുല്ല, മല്ലിക (*b.*).

**Jas'pēr,** *n.* ഒര് വക തീക്കല്ല്; സൂൎയ്യകാന്തക്കല്ല് (*min.*). **-y,** *a.* സൂൎയ്യകാന്തതുല്യമായ.

**Jaun'dice** (jan'dis), *n.* മഞ്ഞപ്പിത്തം, പിത്തകാമല, കാമല (*med.*). *v. t.* പിത്തംപിടിപ്പിക്കുക; 2. അസൂയ തോന്നിക്കുക. **='diced** (-dist), *a.* പിത്തകാമലയുള്ള.

**Jaunt** (jant), **jant,** *v. i.* ചുററിനടക്കുക, സഞ്ചരിക്കുക; 2. വണ്ടിയിൽ പോക. **-'ing car** ഒര് വക തപ്പാൽവണ്ടി. *n.* ഉല്ലാസയാത്ര; 2. സഞ്ചാരം; ഉലാവല്.

**Jaun'ty** (jan'ti), *a.* കാററ് ഉള്ള; 2. ആഡംബരം—; 3. നാട്യം—. **jaun'ti-ly,** *ad.* മോടിആയി, മെച്ചം—. **jaun'ti-ness,** *n.* മൊഞ്ച്; നാട്യം.

**Jave'lin** (jav'lin), *n.* ചാട്ട്കുന്തം, ഈട്ടി, വേല്. *v. t.* കുന്തം കൊണ്ട് കുത്തുക. **-iēr',** *n.* കുന്തക്കാരൻ.

**Jaw** (ja), *n.* താടിയെല്ല് (*an.*); അണ്ണാടി; *pl.* വായി; 2. പ്രവേശനം, വാതില്; 3. പല്ല്; 4. വാവിഷ്ഠാണം. **j.-bone** അണലെല്ല്. **j.-fall** അണ്ണാടിവീഴ്ച; കുഞ്ഞിതം. **j.-breaker** ഉച്ചരിപ്പാൻ പ്രയാസമുള്ള വാക്ക്. **j.s of death** മരണപാശം. **j.-fallen** കുഞ്ഞിതമുള്ള, ധൈൎയ്യമില്ലാത്ത. **j.-tooth** അണപ്പല്ല്. *v. i. & t.* ശകാരിക്കുക, ചീത്ത പറയുക. **jawed** (jawd), *a.* അണ്ണാടിയുള്ള. **-'ing,** *n.* വാവിഷ്ഠാണം. **-'y,** *a.* അണ്ണാടിസംബന്ധമായ.

**Jāy** (jā), *n.* ഒര് വക പക്ഷി (*z.*).

**Jeal'ŏus** (jel'us), *a.* ശുഷ്കാന്തിഉള്ള, ജാഗ്രത—; 2. ശങ്ക—, സംശയം—; 3. വൈരാഗ്യം—; 4. സ്പൎദ്ധ—; 5. ജാരശങ്ക—; 6. അസൂയ—. **a j. husband** ജാരശങ്കിതൻ. **a j. wife** പരസ്ത്രീശങ്കിനി. **-ly,** *ad.* വൈരാഗ്യത്തോടെ. **-ness,** *n.* മാത്സൎയ്യം. **-y,** *n.* ശുഷ്കാന്തി; ശ്രദ്ധ; അസൂയ; ജാരശങ്ക; പരസ്ത്രീ—.

**Jēames** (jēmz), *n.* ഭൃത്യൻ, ബാല്യക്കാരൻ.

**Jeăn** (jān), *n.* ഒര് വക നല്ലതുണി. **satin j.** കട്ടിയുള്ള മിനുസത്തുണി.

**Jed'ding axe,** *n.* പെരിതേരിമഴു.

**Jēel,** *n.* ചളിപ്രദേശം.

**Jēer,** *v. i.* ഹാസ്യമാക്കുക, പരിഹസിക്കുക. *v. t.* നിന്ദിക്കുക, പുച്ഛിക്കുക. *n.* നിന്ദ; അപഹാസം. **-ēr,** *n.* പരിഹാസി. **-'ing,** *a.* നിന്ദയായ. *n.* പുച്ഛം. **-ing-ly,** *ad.* തുച്ഛീകാരമായി.

**Je-hō'väh** (-hō'vä), *n.* യഹോവ, സൎവ്വേശ്വരൻ (*Bl.*).

Je'hū, *n.* തേരാളി, സാരഥി, വണ്ടിക്കാരൻ.

Jē-jūne', *a.* ഒഴിഞ്ഞ, ഒന്നും ഇല്ലാത്ത; 2. രസം—, ചപ്പയായ. =jū'nal, *a.* ശൂന്യാന്ത്രസംബന്ധമായ (*an.*). =jūne'ly, *ad.* ശൂന്യമായി. -ness, =jūn'i-ty, *n.* വിരസം. =jū'num, *n.* ശൂന്യാന്ത്രം (*an.*).

Jel'ly, *n.* കഴമ്പ്; പാവ്, പാനി; 2. ഫലസത്ത്, പഴക്കുഴമ്പ്. j.-bag അരിപ്പത്തുണി. j.-fish കടച്ചൊറി (*z.*). j.-powder ഒരു വക വെടിമരുന്ന്. *v. i.* കഴമ്പാക. jel'lied (jel'lid), *a.* കഴമ്പ് പാകമാക്കിയ, കറുകിയ.

I. Jem'my, *a.* വൃത്തി ആയ, അഴക്—. jem'mi-ness, *n.* ചന്തം, മോടി.

II. Jem'my, Jim'my, *n.* ഇരിമ്പ് പാര, പാര.

Jen'kins, *n. pl.* മുഖസ്തുതിക്കാരൻ.

Jen'net, *n.* ഒരു വക ചെറുകുതിര (*z.*).

I. Jen'ny, *n.* ഒരു വക പക്ഷി (*z.*). j.-ass പെണ്കഴുത (*z.*).

II. Jen'ny, *n.* നൂല് നൂല്ക്കുന്ന യന്ത്രം, യന്ത്രറാട്ട്.

Jeop'ard (jep'ĕrd), =ar-dīse, =ar-dīze, *v. t.* അപായപ്പെടുത്തുക, ഹാനി വരുത്തുക, അപകടത്തിൽ ആക്കുക, സംശയത്തിൽ—. =ar-dŏus, *a.* ആപല്ക്കരമായ. =ar-dŏus-ly, *ad.* അപകടത്തിലാകുംവണ്ണം. =ar-dy, *n.* പ്രാണാപായം, നഷ്ടം, അപകടം.

Jer-ēed', =id', *n.* മടക്കുന്തം.

Je-re-mī'ad, =mī'ade, *n.* ആവലാധി, സങ്കടം; 2. പ്രലാപകഥ.

I. Jĕrk, *v.t.* ചീന്തിയുണക്കുക.

II. Jĕrk, *v. t.* തട്ടുക, മുട്ടുക, ഉന്തുക; 2. എറിയുക. *v. i.* തെറിക്കുക; 2. പുച്ഛിക്കുക. *n.* വലി, തള്ള, ഉന്ത്; 2. തുള്ളല്, ചാട്ടം. -'ĕr, *n.* തെറിപ്പിക്കുന്നവൻ; തെറിച്ച് നടക്കുന്നവൻ. -'ing, *n.* തട്ട്, മുട്ട്. -'ing-ly, *ad.* തെറിച്ച് കൊണ്ട്. -'y, *a.* കലുക്കമുള്ള.

Jĕr'kin, *n.* കറുങ്കുപ്പായം.

Jĕrqu'ing (jĕrk'ing), *n.* കപ്പൽശോധന. jĕrqu'ĕr (jĕrk'ĕr), *n.* —പരിശോധകൻ.

Jer'ry-built (-bilt), *a.* പട്ടുതരമായി പണിത.

Jĕr'sey (-zi), *n.* മികെച്ച ആട്ട് രോമം; —കമ്പിളിനൂല്; 2. പിന്നൽ കുട്ടത്ത, 'കഞ്ചിപ്രാക്ക്'; 3. ഒരു വക നല്ല ജാതി കാലി.

Je-ru̧'sa-lem, *n.* ഫലസ്തീനയിലെ യരുശലേം പട്ടണം. The New J. സ്വൎഗ്ഗം.

Jes'sa-mine, *n.*, *s. a.* Jasmine.

Jes'se, *n.* ക്രിസ്തുവിന്റെ വംശപാരമ്പര്യം; 2. വൎണ്ണക്കണ്ണാടിയിലെ ക്രിസ്തുവിന്റെ വംശാവലിപ്പട്ടിക; 3. കവരവിളക്ക്. tree of j. കവരവിളക്ക്. j.-window വൎണ്ണസ്ഫടികജാലകം.

Jest, *n.* പ്രവൃത്തി; 2. നാടകം; 3. തമാശ, നേരമ്പോക്ക്; 4. പരിഹാസം. in j. കളിക്ക്, തമാശയായി. j.-book നൎമ്മാലാപഗ്രന്ഥം. *v. i.* കളിക്കുക; 2. കളിയാക്കുക. -'ĕr, *n.* കോമാളി, വിദൂഷകൻ; കളിക്കാരൻ. -'ful, *a.* നേരമ്പോക്കുള്ള. -'ing, *a.* കളി ആയ, തമാശ—; *n.* വിനോദം, നേരമ്പോക്ക്. -'ing-ly, *ad.* കളിയായി.

Jes'ū-it, *n.* 'യെശുവിത്തൻ', ഒരു വക സന്ന്യാസി (*R. C.*); 2. ഉപായി, കയ്യുക്തിക്കാരൻ. J.'s bark 'കപയിനാവ് തോല്; ജ്വരഹരിത്തോല്. J.'s powder 'കപയിനാവ്' പൊടി. -ess, *n.* 'യെശുവിത്ത' കന്യാസ്ത്രീ. -'ie, -'i-cal, *a.* 'യെശുവിത്ത'സംബന്ധമായ; കയ്യുക്തിയുള്ള, ചതി—. -'i-cal-ly, *ad.* ഉപായമായി. -ism, *n.* 'യെശുവിത്തോ'പദേശം; ചതി, കള്ളക്കൌശലം.

Jē'sus, *n.* യേശു, രക്ഷിതാവ്. the Society of J. *s. a.* Jesuit.

I. Jet, *n.* കൃഷ്ണാമ്പര്, കൃഷ്ണപ്രസ്തരം (*min.*). j.-black കരിങ്കറുപ്പായ, കറുകറക്കറുത്ത, കറുത്തിരുണ്ട. -'ti-ness, *n.* കരിങ്കറുപ്പ്. -'ty, *a.* കൃഷ്ണാമ്പര് കൊണ്ടുണ്ടാക്കിയ; കറുത്ത.

II. **Jet**, *n.* നീൎത്തെറിപ്പ്, ധാര, പ്രവാഹം, ജലോൽക്ഷേപം; 2. താല്പൎയ്യം, അഭിപ്രായം. *v. i.* തുറിക്കുക, തെറിക്കുക, ഉന്തിനില്ക്കുക. *v. t.* തെറുപ്പിക്കുക, പ്രവഹിക്കുക. **-d'eau'** (zhā-dō'), **-teau'** (-tō'), *n.* ജലധാരയന്ത്രം, നീൎത്തെറിപ്പ്—.

**Jet'sam, =son,** *n.* കടലിൽ ആണ്ടുപോയ സാധനം; 2. കോളിൽ കടലിലിട്ട്കളഞ്ഞ—.

**Jet'ti-son,** *n.* കോള്സമയം ചരക്ക് കടലിൽ ഇട്ട്കളയൽ; 2. കടലിൽ ആണ്ട്പോയ സാധനം.

**Jet'ty, Jet'tēe,** *n.* പാതാറ്, പാതാരം, കടൽപാലം; അണ; 2. പുറയില്ലി, മിഞ്ചാമ്പരം.

*Jeu' d'esprit* (zhe d'esprē), യുക്തിഭാഷണം, രസികവാക്ക്.

**Jew** (jū *or* ju̱), *n.* യൂദൻ, യഹൂദ്യൻ, ഇസ്രയേല്യൻ. **J.-fish** ഒര്വക വലിയ മത്സ്യം (*z.*). **J.'s frankincense** സാമ്പ്രാണി. **J.'s pitch** 'അസ്ഫാൽട്ട്'. **the wandering J.** (സങ്കല്പ)ശാപഗ്രസ്തൻ. **-'ess,** *n.* യൂദസ്ത്രീ. **-'ish,** *a.* യഹൂദ്യ; യൂദകുലത്തിലുള്ള. **-'ish-ly,** *ad.* യൂദസ്വഭാവപ്രകാരം. **-'ish-ness,** *n.* യൂദസ്വഭാവം. **-'ry,** *n.* യഹൂദ്യദേശം; യൂദഭാഗം.

**Jew'el** (ju̱'el), *n.* ആഭരണം, നക; 2. രത്നം, രത്നക്കല്ല്; 3. പ്രിയസാധനം. *v. t.* അലങ്കരിക്കുക, രത്നം പതിക്കുക. **-ĕr, -lĕr,** *n.* തട്ടാൻ, ആഭരണവ്യാപാരി, രത്ന—, തട്ട്വാണിഭക്കാരൻ. **-ry, -lĕr-y,** *n.* തട്ടാപ്പണി, തട്ട്വാണിഭം; മെയ്യാഭരണം.

I. **Jib,** *n.* മുക്കോൺ കപ്പല്പായി. **the cut of one's j.** കോലം, വേഷം.

II. **Jib,** *v. i.* (കുതിര) വഴിയോട്ട് നടക്കുക, ഓരത്തിൽ—. **-bĕr,** *n.* മുരട്ട്കുതിര.

**Jībe,** *v. i.* യോജിക്കുക, ഒത്തിരിക്കുക.

**Jif'fy,** *n.* നിമിഷം, ക്ഷണം.

**Jig,** *n.* തുള്ളപ്പാട്ട്; 2. നൃത്തം; 3. ഒര്വക പണിയായുധം; 4. കളി, തമാശ. *v. t.* പാടുക; 2. തോല്പിക്കുക, പറഞ്ഞ്മയക്കുക; 3. ലോഹം അരിക്കുക. *v. i.* നൃത്തംചെയ്യുക. **-'gĕr,** *n.* പൊന്നരിക്കുന്നവൻ; അരിപ്പ; കുശവചക്രം. **-'ging,** *n.* അരിപ്പപ്പണി. **j.g machine** അരിപ്പയന്ത്രം. **-'gish,** *a.* നൃത്തത്തിന്ന് തക്ക; തമാശയായ. **-'gle,** *v. i.* കലുക്കുക; തുള്ളിക്കളിക്കുക. **-'jog,** *n.* കലുക്കം, ഇളക്കം. *a.* കലുക്കമുള്ള.

**Jill,** *n.* യുവതി; 2. പ്രിയ. *See* **Gill.** **j.-flirt** തുള്ളിച്ചി, മിനുക്കിച്ചി, മോഹിനി.

**Jilt,** *n.* തുള്ളിച്ചി; ചപലസ്ത്രീ, പ്രതാരികാ. *v. t.* പ്രേമവഞ്ചന ചെയ്യുക, തോല്പിക്കുക. *v. i.* പ്രേമഭംഗം വരുത്തുക, വഞ്ചിക്കുക.

**Jim'my,** *n.*, *see* **Jemmy.**

**Jimp,** *n.* അഴക് ഉള്ള, വൃത്തി—, മനോഹരമായ.

**Jin'gle, Ġin'gle,** *v. i.* ചിലമ്പുക, മണിയുക. *v. t.* മണിക്കുക, കിലുക്കുക. *n.* മണിച്ചല്, ചിലമ്പല്. **jin'gling,** *n.* മണിക്കല്; മണിച്ചല്, കിലുക്കം. **jin'-gling-ly,** *ad.* മണിയത്തക്കവണ്ണം, മണിച്ചലോടെ.

**Jin'gō,** *n.* ശപഥവാക്ക്; 2. പരകാൎയ്യത്തിൽ കൎത്തൃത്വം നടിക്കുന്ന മന്ത്രി. **-ism,** *n.* പരകാൎയ്യകൎത്തൃത്വനാട്യം.

**Jip'pō,** *n.* സ്ത്രീകളുടെ ഒര്വക അകക്കുപ്പായം.

**Jō,** *n.* പ്രിയ, ഓമന.

I. **Job,** *n.* കൊത്ത്, വെട്ട്; 2. ചില്ലറപ്പണി, സൊരം; 3. സ്വന്തലാഭം കരുതിച്ചെയ്യുന്ന പ്രവൃത്തി; 4. കാൎയ്യം; 5. ഉദ്യോഗം, വേല, പണി. **j.-lot** കലമേനി. **j.-master** വണ്ടി കുതിര മുതലായത് കൂലിക്ക് കൊടുക്കുന്നവൻ. **j.-printer** ചില്ലറയച്ച്പണിക്കാരൻ. **odd j.s** ചില്ലറപ്പണി. **by the j.** കരാറ്പണിയായി. *v. t.* കുത്തുക, കുത്തിവാരുക; 2. പണി ചില്ലറചില്ലറയായി ചെയ്യുക, —മുറിച്ച് കൊടുക്കുക; 3. ദല്ലാലിക്കച്ചവടം ചെയ്യുക (*com.*); 4. സ്ഥിരംകൂലിക്ക് കൊടുക്കുക. *v. i.* ചില്ലറപ്പണി ചെയ്യുക; 2. സ്വന്ത ആദായം നോക്കുക; 3. വകപ്പടിയായി വാങ്ങി ചി

ല്ലറക്കാക്ക് വില്ലുക. -'bĕr, *n.* കരാറ് പണിക്കാരൻ; ഒല്ലാലി; വകപ്പടിയായി വാങ്ങി ചില്ലറക്കാക്ക് വില്ലുന്നവൻ; സ്വന്തലാഭം നോക്കുന്നവൻ; ഉപായി, നീചൻ. j.r-nowl മൂഢൻ. -'bĕr-y, *n.* ചില്ലറപ്പണി; വഞ്ചന, കള്ളക്കൌശലം. -'biṅg, *a.* ചില്ലറപ്പണിയെടുക്കുന്ന; വഞ്ചനയുള്ള. j.g-house വകപ്പടിവാങ്ങി ചില്ലറക്കാക്ക് വില്ലുന്ന വ്യാപാരസ്ഥലം.

II. Job, *n.* യോബ് എന്ന പുരുഷൻ; ക്ഷമയുള്ളവൻ. J.'s comforter കള്ളസ്നേഹിതൻ; കരു. J.'s news ദുഃഖവൎത്തമാനം. -ā'tiŏn, *n.* ശാസന, ഭീഷ്മാക്ഷേപം.

Jock'ey (jok'i), *n.* പന്തയസവാരിക്കാരൻ; 2. കുതിരക്കച്ചവടക്കാരൻ; 3. ചതിയൻ; കള്ളക്കച്ചവടക്കാരൻ. *v. t.* കുതിരയോടിച്ച് തള്ളിയിടുക; 2. തോല്പിക്കുക. *v. i.* കച്ചവടത്തിൽ ചതിക്കുക. -iṅg, *n.* ചതി, വഞ്ചന. -ism, *n.* ചതിപ്പവൃത്തി. -ship, *n.* പന്തയസവാരിപ്പണി; —സവാരിക്കാരൻ.

Jo-cōse', Joc'ū-lar, Joc'und, *etc., s. u.* Joke.

Jōe, *see* John.

Joe Miller, *n.* നൎമ്മഗ്രന്ഥം; പഴന്തമാശ.

Jog, *v. t.* തട്ടുക, തോണ്ടുക; 2. തോന്നിക്കുക, സൂചിപ്പിക്കുക; ഓൎമ്മപ്പെടുത്തുക; 3. കലുക്കിനടത്തുക. *v. i.* (on, over) കലുക്കിനടക്കുക, പതുക്കെ—. *n.* തട്ട്; 2. തോണ്ടൽ; 3. മുടക്കം, തടസ്ഥം; 4. പൊട്ട്. j.-trot മന്ദമായ ചന്തം; ദിനചൎയ്യം. -'gĕr, *n.* തോണ്ടുന്നവൻ. -'giṅg, *n.* തോണ്ടൽ; സാവധാനയാത്ര. -'gle, *v. t.* കലുക്കുക; ഉന്തിയിടുക. *v. i.* വിറക്കുക; ചാളിപ്പോക. *n.* പല്ല് (*arch.*).

John (jon), *n.* യോഹന്നാൻ, ജോൺ. J. Bull ഇംഗ്ലീഷ്കാരൻ. J. Bullism ഇംഗ്ലീഷ് സ്വഭാവം. J. Chinaman ചീനക്കാരൻ. J. a-dreams മടിയൻ. John'ny, *n.* യോഹന്നാൻ (അല്പനാമം). J.y-cake ചോളയപ്പം. J.y-crapaud (kra'pō) ഫ്രെഞ്ച്കാരൻ, പരന്ത്രീസ്കാരൻ. Jo-han'nēs, Jōe, *n.* പതിനാറ് ഉറുപ്പികക്കുള്ള പൊൎത്തുഗീസ് പൊൻനാണ്യം.

John-so-nēse', =sō'ni-an-ism, -son-ism, *n.* പ്രൌഢഭാഷാരീതി. =sō'ni-an, *a.* പ്രതാപരീതിയായ.

Join, *v. t.* കൂട്ടിച്ചേൎക്കുക; അടുപ്പിക്കുക; യോജിപ്പിക്കുക; ഇഴെച്ച് ചേൎക്കുക; ചേൎത്ത് വെക്കുക; സഹവാസം ചെയ്യിക്കുക; 2. ചേരുക, കൂടുക; 3. വിവാഹം ചെയ്യിക്കുക; 4. പ്രവേശിക്കുക; 5. തുടരുക. to j. battle പടയേല്ക്കുക. to j. issue കക്ഷിപിരിയുക. j. hand കൂട്ടക്ഷരം. *v. i.* തൊട്ടിരിക്കുക; തമ്മിൽ ചേരുക; ഒന്നായ്തീരുക. *n.* രണ്ട് വിന്ദുക്കളെ തമ്മിൽ ചേൎക്കുന്ന രേഖ (*geom.*); 2. വിലങ്ങനെയുള്ള രേഖകൾക്ക് പൊതുവെയുള്ള വിന്ദു (*geom.*). -'dĕr, *n.* ചേൎച്ച, സംബന്ധം; കക്ഷിചേൎക്കൽ (*l.*); വാദമുഖം സമ്മതിക്കൽ (*l.*); വ്യവഹാര കാരണം കൂട്ടിച്ചേൎക്കൽ (*l.*). -'ĕr, *n.* കൂട്ടിച്ചേൎക്കുന്നവൻ; ആശാരി, തച്ചൻ; തച്ച്യന്ത്രം. -'ĕr-y, *n.* തച്ച്പണി, ആശാരിപ്പണി. joint, *n.* ഏപ്പ്, സന്ധ്, ചേൎപ്പ്; കമ്പ്, മുട്ട്; വലിയ മാംസഖണ്ഡം; ഓരായം. out of j.t കെണിപ്പ്തെററിയ; ഉളുക്കിയ. *a.* യോജിച്ചുള്ള, ഐകമത്യമായ; കൂട്ടായ; കൂട്ട്, സഹ. j.t and several ഓരോരുത്തരായും എല്ലാവരും കൂടിയും (*l.*). j.t stock കൂട്ട്മുതൽ. j.t-stock company കൂട്ട്മുതൽ സംഘം. *v. t.* ഇഴെച്ച്ചേൎക്കുക; കൂട്ടിച്ചേൎക്കുക; സന്ധുക്കളുണ്ടാക; ഖണ്ഡങ്ങളായി മുറിക്കുക. *v. i.* ഓരായം ചേരുക. joint'ed, *a.* മുട്ട്മുട്ടായ, കമ്പ്കമ്പായ. joint'iṅg, *n.* കട്ടമയുണ്ടാക്കൽ; കട്ടമ. joint'less, *a.* കമ്പില്ലാത്ത. joint'ly, *ad.* ഒരുമിച്ച്, ഒന്നായി, യോജിപ്പായി. juṅc'tiŏn, *n.* ചേൎച്ച; ചേൎപ്പ്; യോജിപ്പ്; സന്ധിസ്ഥാനം; തീവണ്ടിവഴികൾ തമ്മിൽ ചേരുന്നസ്ഥലം. juṅc'tūre, *n.* ചേൎപ്പ്; സന്ധ്; സമയം, തരം, സന്ദൎഭം.

Joint'ūre, *n.* സ്ത്രീധനം, ഭാൎയ്യക്ക് കൊടുത്ത സ്വത്ത്. *v. t.* സ്ത്രീധനമായി കൊടുക്കുക. -less, *a.* സ്ത്രീധനമില്ലാത്ത.

**joint'ūr-ess, joint'ress,** *n.* സ്ത്രീധനമുള്ളവൾ.

**Joist,** *n.* തുലാം. *v. t.* തുലാംവെക്കുക.

**Jōke,** *n.* രസം, തമാശ; 2. കളിവാക്ക്. **in j.** കളിയായി. **practical j.** നേരമ്പോക്ക് കാര്യം, 'മസ്കരി' (*M.*). *v. t.* തമാശയാക്കുക. *v. i.* കളിക്കുക. **jō'kĕr,** *n.* വിനോദം പറയുന്നവൻ. **jō'king-ly,** *ad.* നേരമ്പോക്കായി. **jo-cōse', joc'ū-lar, joc'ū-lar-y,** *a.* തമാശ ആക്കുന്ന;—ആയ, വിനോദമുള്ള. **jo-cōse'ly, joc'ū-lar-ly,** *ad.* കളിയായി, രസത്തിന്ന്. **jo-cōse'ness,** *n.* വിനോദം. **jo-co-sē'ri-ŏus,** *a.* ഗൌരവോല്ലാസമുള്ള. **jo-cos'i-ty,** *n.* തമാശ. **joc'und,** *a.* രസംഉള്ള, ഉല്ലാസം—, തമാശ—. **joc'und-ly,** *ad.* വിനോദമായി, സന്തോഷത്തോടെ. **joc'und-ness, jo-cun'di-ty,** *n.* ഉല്ലാസഭാവം, സരസത്വം.

**Jōle, Jōll,** *s. a.* **Jowl.**

**Jol'ly,** *a.* ഉല്ലാസം ഉള്ള, ഉന്മേഷം—, ആനന്ദം—; 2. ഉല്ലാസകരമായ; 3. വിശേഷമായ, നല്ല. **j.-boat** കപ്പൽതോണി, 'വക്കാസ്' (*naut.*). **=lli-fi-cā'tiŏn,** *n.* ഉല്ലാസഘോഷം. **jol'li-ly,** *ad.* ആഹ്ലാദം. **jol'li-ness, jol'li-ty,** *n.* വിളയാട്ട്, സന്തോഷകോലാഹലം.

**Jōlt,** *v. i.* കുലുങ്ങുക, ഇളകുക. *v. t.* കുലുക്കുക. *n.* കുലുക്കം. **j.-head** വിഡ്ഢി. **-'ĕr,** *n.* കുലുക്കുന്നവൻ. **j.r-head** മുഠാളൻ. **-'ing-ly,** *ad.* കുലുങ്ങിക്കൊണ്ട്. **-'y,** *a.* കുലുങ്ങുന്ന, കുലുക്കമുള്ള.

**Jō'nah,** *n.* യോനാപ്രവാചകൻ (*Bl.*); 2. ലക്ഷണം കെട്ടവൻ, ശ്രൂന്യം പിടിച്ചവൻ.

**Jon'glēur** (jon'glĕr), **Jon'glĕr,** *n.* ഇന്ദ്രജാലക്കാരൻ, മറിമായക്കാരൻ.

**Joss,** *n.* ചീനക്കുലദേവത. **j.-house** ചീനക്ഷേത്രം. **j.-stick** ചന്ദനത്തിരി.

**Jos'tle** (jos'l), **Just'le,** *v. t.* തട്ടിക്കുലുക്കുക, ഉന്തിത്തള്ളുക, തിക്കുക, ഞെരുക്കുക. *v. i.* ഉന്തുക; തിങ്ങിവിങ്ങിവരിക. *n.* തിക്ക്, മുട്ട്. **-ment,** *n.* തിക്കും തിരക്കും.

**Jot,** *n.* പുള്ളി, വിന്ദു, കുത്ത്; ലേശം. *v. t.* (down) എഴുതുക, കുറിക്കുക. **-'tĕr,** *n.* കുറിച്ച് വെക്കുന്നവൻ; കുറിപ്പ് പുസ്തകം.

**Jounce,** *v. t.* & *i.* കുലുക്കുക, ഇളകുക. *n.* കുലുക്കം.

**Jŏur'nal** (jĕr'nal), *a.* ദിവസേനയുള്ള. *n.* ദിനസരി, ദിനവൃത്താന്തം; 2. നാൾവഴിക്കണക്ക് (*com.*); 3. നാൾവഴി കപ്പലോട്ട വിവരം (*naut.*); 4. നാൾവഴി പ്രവൃത്തി—; 5. ദിനവൎത്തമാനപത്രം; 6. വൎത്തമാനപത്രം; 7. പത്രിക; 8. തിരിയാണി. **-ism,** *n.* വൎത്തമാനപത്ര പ്രവൃത്തി; പത്രരചന—. **-ist,** *n.* പത്രകൎത്താവ്, —ലേഖകൻ. **-is'tic,** *a.* —സംബന്ധമായ. **-īse, -īze,** *v. t.* ദിനവൃത്താന്തത്തിൽ ചേൎക്കുക. *v. i.* പത്രപ്രവൃത്തി ചെയ്യുക.

**Jŏur'ney** (jĕr'ni), *n.* ഒര് ദിവസത്തെ യാത്ര; —പണി; 2. യാത്ര, സഞ്ചാരം; ജീവയാത്ര. **j.-man** ദിവസപ്പണിക്കാരൻ; തൊഴിലാളി. **j.-work** ദിവസപ്പണി. *v. i.* സഞ്ചരിക്കുക, യാത്ര ചെയ്യുക. *v. t.* സഞ്ചാരം ചെയ്യുക. **-ĕr,** *n.* യാത്രക്കാരൻ.

**Joust** (just), **Just,** *v. i.* കുതിരപ്പുറത്ത് നിന്നുള്ള കളിയുദ്ധം. *n.* കളിപ്പോര്. **-'ĕr,** *n.* കളിപ്പോരാളി.

**Jōve,** *n.* റോമരുടെ ദേവേന്ദ്രൻ, 'ജൂപിററർ'; 2. വ്യാഴം (*astr.*); 3. വെള്ളീയം. **bird of J.** കഴുകൻ. **Jō'vi-an,** *a.* ദേവേന്ദ്രനുള്ള; വ്യാഴത്തിന്നുള്ള.

**Jō'vi-al,** *a.* ദേവേന്ദ്രനെ സംബന്ധിച്ച; 2. വ്യാഴസംബന്ധമായ; 3. വെയിലുള്ള; 4. ശാന്തമായ; 5. ഉല്ലാസം ഉള്ള, സന്തോഷം—, ആനന്ദകരം ആയ, രസികം—. **-ist,** *n.* ആഡംബരക്കാരൻ. **-ness, =al'i-ty,** *n.* ഉല്ലാസം, വിനോദം. **-ly,** *ad.* സന്തോഷത്തോടെ.

**Jowl, Joul, Jōle, Jōll** (jōl), *n.* കവിള്, ഗണ്ഡം. **cheek by j.** അടുത്തടുത്ത്, തൊട്ട്. **-'ĕr,** *n.* ഒര് വക നായ് (*z.*).

**Joȳ,** *n.* സന്തോഷം, ആഹ്ലാദം; 2. ആനന്ദഹേതു; 3. ഉല്ലാസം, കോലാഹലം. *v. i.* സന്തോഷിക്കുക, മോദിക്കുക.

-'ance, -'an-cy, -'fu̥l-ness, *n.* ആനന്ദം, ഉല്ലാസഘോഷം. -'fu̥l, *a.* സന്തോഷമുള്ള; ആനന്ദകരമായ. -'fu̥l-ly, *ad.* സന്തോഷത്തോടെ. -'less, *a.* ഉല്ലാസഹീനമായ. -'less-ly, *ad.* സന്തോഷമില്ലാതെ. -'less-ness, *n.* സന്തോഷമില്ലായ്മ. -'ŏus, *a.* ഉല്ലാസമുള്ള; (of) ആനന്ദകരമായ. -'ŏus-ly, *ad.* സാമോദം. -'ŏus-ness, *n.* ആഹ്ലാദം.

Ju̥'bi-lant, *a.* ഉല്ലാസഘോഷമുള്ള, ജയ—. -ly, *ad.* സന്തോഷകോലാഹലത്തോടെ. =lā'tiŏn, *n.* ആനന്ദഘോഷം.

Ju̥'bi-lēe, *n.* അമ്പതാംവഷം, 'യോവേൽ'—; 2. പഞ്ചാശദബ്ദോത്സവം; 3. മഹാസന്തോഷം.

Ju̥'dah-īte, *n.* യൂദവംശജൻ, യഹൂദ്രൻ.

Jū'dā-is̱m, *n.* യഹൂദ്യമതാചാരം, മോശെധമ്മാചാരം. =dā'ic, =dā'i-cal, *a.* യഹൂദ്യ, യൂദ. =dā'i-cal-ly, *ad.* യൂദാചാരപ്രകാരം. =ist, *n.* യഹൂദ്യമതക്കാരൻ. =is'tic, *a.* യൂദമതസംബന്ധമായ. =īs̱e, =īze, *v. i.* യൂദാചാരപ്രകാരം നടക്കുക. *v. t.* യൂദമതം അവലംബിപ്പിക്കുക. =ī's̱ĕr. =ī'zĕr, *n.* മോശെധമ്മാനുസാരിയായ ക്രിസ്ത്യാനി. =dĕ'an, *n.* യൂദൻ.

Jū'das, *n.* ക്രിസ്തുവിനെപ്പററി ഒററുകൊടുത്ത ശിഷ്യൻ (*Bl.*); 2. ചതിയൻ, വഞ്ചകൻ. *a.* വഞ്ചനയായ. J.-hole ഒളിദ്വാരം. J.-kiss കള്ളസ്നേഹം, 'അകത്ത് കത്തിയും പുറത്ത് പത്തിയും'. J.-coloured ചുവപ്പ്നിറമുള്ള.

Judg̈e (juj), *n.* ന്യായാധിപതി, വിധികത്താവ്, നീതിയധിപൻ; 2. കാര്യസാരജ്ഞൻ; 3. മദ്ധ്യസ്ഥൻ, പഞ്ചായക്കാരൻ; 4. ന്യായാധിപതി (*Bl.*); 5. *pl.* പവിത്രരേഖകളിൽപെട്ട ന്യായാധിപതിമാരുടെ പുസ്തകം (*Bl.*). j.-advocate സൈന്യവ്യവഹാരകത്താവ്. j.-advocate-general സൈന്യന്യായവിചാരണ സഭാദ്ധ്യക്ഷൻ. *v. i.* വിധികല്പിക്കുക, തീപ്പാക്കുക; 2. വിധിക്കുക, ആക്ഷേപിക്കുക; 3. വിവേചിക്കുക; അഭിപ്രായപ്പെടുക. *v. t.* വിധിപറയുക; 2. ശിക്ഷ കല്പിക്കുക; 3. ആക്ഷേപിക്കുക, വിധിക്കുക; 4. എണ്ണുക, മതിക്കുക; 5. ഭരിക്കുക. judg̈'ĕr, *n.* വിധിക്കുന്നവൻ. -'ship, *n.* നീതിയധിപസ്ഥാനം. judg̈'ment, judg̈e-ment, *n.* വിധിക്കൽ, വിവേചനം; വിവേകം, നീതി, ന്യായം; തീപ്പ്. അഭിപ്രായം; വിധി; വിധിന്യായം (*l.*); ദൈവകല്പന; വിവേചനാശക്തി; ദൈവശിക്ഷാവിധി. j.t-day അന്ത്യന്യായവിസ്താരദിനം (*Bl.*). j.t-debt വിധികടം (*l.*). j.t-hall ന്യായസഭാമണ്ഡപം. j.t-seat ന്യായസ്ഥാനം. j.t of God ദോഷപരീക്ഷ. ju̥'di-ca-ble, *a.* വിധിക്കാവുന്ന, തീപ്പ്കല്പിക്കാവുന്ന; തീച്ചപ്പെടുത്താകുന്ന. ju̥'di-cā-tive, *a.* തീച്ചപ്പെടുത്തുവാൻ അധികാരമുള്ള, വിചാരണസംബന്ധമായ. ju̥'di-cā-tŏr-y, *a.* ന്യായവിചാരണസംബന്ധമായ, നീതിനടത്തുന്ന. *n.* ന്യായവിചാരണസ്ഥലം, 'കോടതി'; നീതിപരിപാലന. ju̥'di-cā-tūre, *n.* നീതിയാധിപത്യം; ന്യായസ്ഥാനം; ന്യായവിചാരണാധികാരം. ju̥-di'cial (-dish'al), *a.* 'കോടതി'സംബന്ധമായ, ന്യായാധിപ—; 'കോടതി' കല്പിച്ച; വിവേചനാശീലമുള്ള; നീതിയാധിപത്യസംബന്ധമായ. ju̥-di'cial-ly, *ad.* ന്യായവിചാരണാധികാരത്തോടെ. ju̥-di'ci-ar-y, *a.* 'കോടതി'സംബന്ധമായ. *n.* ന്യായവിചാരണാധിപത്യം; ന്യായവിചാരണകോടതികൾ; ന്യായാധിപതിമാര്, ju̥-di'ciŏus (-dish'us), *a.* 'കോടതി'സംബന്ധമായ; വിവേകംഉള്ള, വകതിരിവ്—, കാര്യബോധം—, ന്യായമായ. ju̥-di'ciŏus-ly, *ad.* ബുദ്ധിപൂവ്വം, ന്യായത്തോടെ. ju̥-di'ciŏus-ness, *n.* കാര്യബോധം, വിവേകം.

Jug, *n.* ഒര് വക ഭരണി; 2. പിടിപ്പാത്രം, 'ജഗ്ഗ്'; 3. തടവ്, കാരാഗൃഹം. *v. t.* ഭരണിയിലിട്ടടച്ച് ഭരണി വെള്ളത്തിൽവെച്ച് പുഴുങ്ങുക; 2. തടവിലാക്കുക. *v. i.* പക്ഷിശബ്ദം പുറപ്പെടുവിക്കുക; 2. പക്ഷികളെ കൂട്ടിലാക്കുക.

Jug'gle, *v. i.* കയ്യടക്കം കാട്ടുക, ചെപ്പിടിവിദ്യ—; ഇന്ദ്രജാലം പ്രവൃത്തിക്കുക; വിനോദം കാട്ടുക; 2. ചതിക്കുക, തോല്പി

ക്കുക. *v.t.* ഉപായത്താൽ തോല്പിക്കുക. *n.* കയ്യടക്കം; 2. ചതി; 3. തടിമരം. **jug'glĕr,** *n.* ചെപ്പിടിവിദ്യക്കാരൻ, ഇന്ദ്രജാലക്കാരൻ; ചതിയൻ. **jug'glĕr-ess,** *n.* ഇന്ദ്രജാലക്കാരത്തി. **jug'glĕr-y, jug'gling,** *n.* കയ്യടക്കം, മഹേന്ദ്രജാലം; വഞ്ചന. **jug'gling,** *a.* തോല്പിക്കുന്ന, ചതിയായ. **jug'gling-ly,** *ad.* ചതിവായി.

**Ju'gū-lum,** *n.* തൊണ്ട, കഴുത്ത് (*an.*). =**lar** (-lĕr), *a.* കഴുത്തിലുള്ള, കണ്ഠ (*an.*); കണ്ഠനാഡിസംബന്ധമായ. *n.* കണ്ഠരക്തനാഡി (*an.*).

**Juice** (jus), *n.* രസം, നീര്; 2. ചാറ്, ചുന. **-'less,** *a.* നീരില്ലാത്ത, ഉണങ്ങിയ, നിസ്സാരമായ. **jui'ci-ness,** *n.* രസഭരിതത്വം. **jui'cy,** *a,* സത്ത് ഉള്ള, രസം—, ചാറ്—.

**Jūke, Jook, Joūk,** *v.i.* തലകുനിക്കുക. *n.* പക്ഷിത്തല.

**Ju'lep,** *n.* ഒര് പാനകം; 2. അനുപാനം (*med.*).

**Ju'li-an,** *a.* യൂല്യൻകൈസരെ സംബന്ധിച്ച. **J. calendar** 365 ഉം നാല് കൊല്ലത്തിലൊരിക്കൽ 366 ഉം ദിവസങ്ങളുള്ള സാധാരണവത്സരപഞ്ചാംഗം. **J. epoch** യൂല്യൻശകം. **J. period** 7980 വൎഷം. **J. year** 365 ദിവസവും 6 മണിക്കൂറും ഉള്ള സാധാരണവത്സരം.

**Jū'li-enne,** *n.* ഒര് വക മാംസക്കഷായം.

**Ju'lȳ,** *n.* ഏഴാമത്തെ മാസം; 'ജൂലായി'—, മിഥുനം കൎക്കിടകം, ആഷാഢശ്രാവണം.

**Jum'ble,** *v.t.* (together, up) വാരിവലിച്ചിടുക, താറുമാറാക്കുക. *v.i.* കീഴ്മേലാക്കുക. *n.* കുഴപ്പം, മിശ്രം, താറുമാറ്; 2. ഒര് വക വട. **-ment,** *n.* സമ്മിശ്രം. =**blĕr,** *n.* താറുമാറാക്കുന്നവൻ. =**bling-ly,** *ad.* കീഴ്മേലായി.

I. **Jump,** *n.* ഒര് വക കുപ്പായം; 2. *pl.* സ്ത്രീകളുടെ മാൎക്കുപ്പായം. ='**pĕr,** *n.* മേലങ്കി.

II. **Jump,** *v.i.* തുള്ളുക, ചാടുക; 2. ചാടിക്കടക്കുക; 3. (with) ഒത്ത് വരിക, യോജിക്കുക. **to j. at** നേരെ ചാടുക; ചാടിപ്പിടിക്കുക; ഇച്ഛാതുരം കാട്ടുക. *v.t.* കടന്ന് ചാടുക; 2. ചാടിക്കുക; 3. അപകടത്തിലാക്കുക. **to j. a claim** മുൻകൈവശക്കാരന്നെതിരായി സ്വത്ത് കൈവശപ്പെടുത്തുക (*l.*). **to j. one's bail** ജാമ്യപ്രകാരം ഹാജരാകാതിരിക്കുക. *n.* ചാട്ടം, തുള്ളല്; 2. ഭ്രമം; 3. ചാടിക്കടന്ന ദൂരം. **from the j.** ആദ്യംമുതല്ക്ക്. **j.-seat** വണ്ടിയിൽ മാററിവെക്കാകുന്ന ഇരിപ്പിടം. ='**pĕr,** *n.* തുള്ളുന്നവൻ. **-'ing,** *p. a.* തുള്ളുന്ന. **j.g jack** പാവ.

**Junc'tiŏn, Junc'tūre,** *n., s. u.* Join.

**June,** *n.* ആറാമത്തെ മാസം, 'ജൂൻ'—, ഇടവം മിഥുനം, ജ്യേഷ്ഠആഷാഢം.

**Jun'gle,** *n.* കാട്, കററിക്കാട്, മുററ് കാട്. **j.-cock, j.-fowl** കാട്ട്കോഴി (*z.*). **jun'gly,** *a.* കാട്പിടിച്ച, —തുററ.

**Ju'ni-ŏr,** *a.* ഇളമ്പ്രായമുള്ള, ചെറുപ്പമായ, കനിഷ്ഠ. 2. ഒരേ പേരുള്ളവരിൽ ഇളയ; ഇളമയായ; 3. സ്ഥാനത്തിൽ എളിയ; രണ്ടാമനായ; 4. പഴക്കം കുറഞ്ഞ; 5. താണ; 6. ഇളമ്പ്രായത്തിലുള്ള; ആദ്യത്തെ. *n.* ഇളമ്പ്രായക്കാരൻ, ചെറുപ്പക്കാരൻ; 2. സ്ഥാനത്തിൽ താണവൻ; 3. പഴക്കം കുറഞ്ഞവൻ. **-'i-ty,** *n.* ഇളമസ്ഥാനം, എളിമ.

I. **Junk,** *n,* വലിയ കഷണം.

II. **Junk,** *n.* പഴയ കയററ്കഷണം; 2. പഴയ ഇരിമ്പ് മുതലായ സാമാനം; 3. ഉപ്പിട്ടകപ്പലിറച്ചി. **j.-bottle** തടിച്ച കുപ്പി. **j.-dealer** പഴഞ്ചരക്ക് കച്ചവടക്കാരൻ. **j.-ring** ആശ്രിതൻ. **j.-shop** പഴഞ്ചരക്ക്പീടിക.

III. **Junk,** *n.* ഒര് വക ചീനക്കപ്പല്.

**Jun'kĕr,** *n.* ശമ്മാന്യപ്രഭുവംശജൻ. **-ism,** *n.* ശമ്മാന്യകുലീനത്വം.

**Jun'ket,** *n.* അപ്പം, പലഹാരം, വിശേഷഭോജ്യം; 2. സദ്യ, സല്ക്കാരം. *v.i.* സദ്യ കഴിക്കുക, വിരുന്ന്—. *v.t.* സല്ക്കരിക്കുക. **-ing,** *n.* സദ്യ, സല്ക്കാരം.

**Ju̥'nō**, *n.* ഒരു റോമദേവി, 'ജൂപിററിൻെറ സഹോദരി; —ഭായ്യ; ഇന്ദ്രാണി; 2. 'ജൂനൊ' എന്ന ഗ്രഹം (*as.*). bird of J. മയിലു.

**Ju̥n'ta** (*or* ji-u̥n'ta), *n.* ആലോചന സഭ; 2. സ്പാന്യദേശത്തിലെ മഹാലോചനസഭ.

**Jun'tō**, *n.* രഹസ്യാലോചന സഭ; ദുഷ്കൂർസംഘം; പരിഷ.

**Ju̥pe**, *n.*, *see* Jupon.

**Ju̥'pi-tĕr**, *n.* റോമരുടെ ദേവേന്ദ്രൻ; 'ജൂപിററർ'; 2. വ്യാഴം (*as.*).

**Ju̥-pon', Ju̥-ppon', Ju̥pe**, *n.* കയ്യില്ലാത്ത അരയങ്കി; 2. പാവാട.

**Ju̥'ral**, *a.* ന്യായാവകാശമുള്ള; 2. നിയമസംബന്ധമായ (*l.*).

*Ju̥'ra-men-tum*, *n.* സത്യം, ആണ.

**Ju̥'rat**, *n.* സത്യംചെയ്തു സ്ഥാനം പ്രാപിച്ച ഉദ്യോഗസ്ഥൻ; 2. സത്യസാക്ഷ്യവിവരം (*l.*). =tor-y, *a.* സത്യസംബന്ധമായ.

**Ju̥-rid'ic, =rid'i-cal**, *a.* രാജ്യനിയമസംബന്ധമായ; ന്യായവിചാരണ—; 2. ന്യായാധിപതിക്കുള്ള. j.l days കച്ചേരിയുള്ള ദിവസം. =cal-ly, *ad.* 'കോടതി'നിയമപ്രകാരം.

**Ju̥-ris-dic'tiŏn**, *n.* വിചാരണാധികാരം (*l.*); 2. അധികാരം, വാഴ്ച; 3. അധികാരാതൃത്തി. -al, *a.* വിചാരണാധികാരസംബന്ധമായ. =dic'tive, *a.* അധികാരമുള്ള.

**Ju̥-ris-pru̥'dence**, *n.* വ്യവഹാരശാസ്ത്രം. medical j. വ്യവഹാരവൈദ്യ—. =pru̥'dent, *a.* വ്യവഹാരശാസ്ത്രപരിജ്ഞാനമുള്ള. =pru̥-den'tial (-den'shal), *a.* വ്യവഹാരശാസ്ത്രസംബന്ധമായ.

**Ju̥'rist, Ju̥-ris-con'sult**, *n.* രാജ്യധർമ്മശാസ്ത്രി; നിയമപരിജ്ഞാനമുള്ളവൻ; രാജ്യനിയമഗ്രന്ഥകർത്താവു. =ris'-tic, =ris'ti-cal, *a.* നിയമസംബന്ധമായ.

I. **Ju̥'ry**, *a.* തല്ക്കാലത്തേക്കുള്ള, തല്ക്ഷണം ഉണ്ടാക്കിയ, മുട്ടിന്നുള്ള (*naut.*). j.-mast മുട്ടുപായ്മരം. j.-rudder —ചുക്കാൻ. j.-rigged തല്ക്കാലം പായികൊട്ടപ്പാൻ ഒരുക്കിയ.

II. **Ju̥'ry**, *n.* വ്യവഹാരവിചാരണപഞ്ചായസഭ, 'ജൂരി'; 2. പഞ്ചായയോഗം. j. of inquest മരണഹേതു വിചാരണപഞ്ചായസഭ. j.-man, ju̥'rŏr, *n.* പഞ്ചായക്കാരൻ.

**Just**, *a.* നീതി ഉള്ള, ന്യായം—, നേരു—; 2. ഒത്ത, ശരി ആയ; 3. ഉചിതം—, ന്യായം—; 4. നിഷ്കൃഷ്ടം—. just, -'ly, *ad.* കൃത്യം ആയി, ശരി—; 2. ഏതാനും, ഏകദേശം, അടുത്തു; 3. അല്പം, ലേശം, ഇത്തിരി; മാത്രം, തന്നെ: j. now ഇപ്പോൾ തന്നെ, ഉടനെ. j. here ഇവിടെത്തന്നെ. -'ness, jus'tice, *n.* നീതി, ന്യായം, പരമാർത്ഥം; യഥാർത്ഥത്വം; ഞെറി; ന്യായവിചാരണാധികാരി, 'ഹൈക്കോടതി ജഡ്ജി'. chief j.e ന്യായാധിപാഗ്രേസരൻ, 'ഹൈക്കോടതിയിലെ ഒന്നാം ജഡ്ജി'. j.e of the peace ന്യായവിചാരണാധികാരി, 'മജിസ്ത്രേട്ടു'. ='tice-hood, ='tice-ship ന്യായാധിപോദ്യോഗം. =tic'i-ar, =tic'i-ar-y, *n.* ന്യായാധിപതി. ='ti-fī-a-ble, *a.* നീതീകരിക്കാകുന്ന, ന്യായമെന്നു തെളിയിക്കാകുന്ന. ='ti-fī-a-ble-ness, *n.* നിർദ്ദോഷസ്ഥാപനീയത്വം. ='ti-fī-a-bly, *ad.* നീതീകരിക്കത്തക്കവണ്ണം. =ti-fi-cā'tiŏn, *n.* നീതീകരണം; ശരിയാണെന്നു വരുത്തൽ; ന്യായവാദം (*l.*); നീതീകരണം എന്ന ദൈവവരം (*Bl.*); അച്ചില്വറപ്പിക്കൽ (*print.*). ='ti-fi-cā-tive, ='ti-fi-cā-tŏr-y, *a.* നീതീകരണാധികാരമുള്ള; നീതീകരിക്കുന്ന; പ്രതിവാദകമായ. jus'ti-fi-cā-tŏr, jus'ti-fī-ĕr, *n.* നീതീകരിക്കുന്നവൻ; നിർദ്ദോഷീകരിക്കുന്നവൻ. jus'ti-fȳ, *v.t.* ന്യായമാണെന്നു കാണിക്കുക; കുററമില്ലെന്നു സ്ഥാപിക്കുക; പാപം മോചിക്കുക, നീതി കണക്കിടുക, നീതീകരിക്കുക (*theo.*); അച്ചടിക്കു ശരിപ്പെടുത്തുക (*print.*). *v.i.* ആണിയക്ഷരങ്ങൾ നേരെയാക്കുക (*print.*); ജാമ്യത്തിന്നു തക്ക മുതലുണ്ടെന്നു സത്യം ചെയ്യുക (*l.*).

**Jus'tle** (jus'l), *v. i.*, *see* **Jostle.**

**Jut,** *v. i.* ഉന്തിനില്ക്കുക, തുറിച്ച് —. *n.* പുറപ്പെട്ട് നില്ക്കുന്നത്, കവിച്ചൽ; പ്രലംബനം. **-'ting,** *a.* ചാടിനില്ക്കുന്ന, ഉന്തി—. **-'ting-ly,** *ad.* ഉന്തിക്കൊണ്ട്. **-'ty,** *n.* പുറയില്ലി; പാതാറ്, പാലം.

**Jute,** *n.* വക്ക്, ചണം (*b.*).

**Ju've-nīle,** *a.* ഇളമ്പ്രായം ഉള്ള, യൌവനം—; 2. യുവജനങ്ങൾക്കുള്ള. *n.* ചെറുപ്പക്കാരൻ, ചെറുക്കൻ; ചെറുമി. **=nes'cence,** *n.* ബാല്യംവെക്കൽ. **=nes'cent,** *a.* —വെക്കുന്ന. **-ness,** *n.* യൌവന്യം, ഇളമ്പ്രായം. **=nil'i-ty,** *n.* കൌമാരം, ബാല്യപ്രായം; ബാലസ്വഭാവം; പാകതക്കുറവ്.

**Jux-ta-pōse',** **=pō'sit,** *v. t.* തൊട്ടത്ത് വെക്കുക, അടുപ്പിച്ച് —. **=pō-si'tiŏn** (-zish'un), *n.* സാമീപ്യം, അടുപ്പം; അണച്ച് വെക്കൽ, അടുപ്പിപ്പ്.

---

# K

**K,** ഇംഗ്ലീഷ് ഭാഷയിൽ പതിനൊന്നാമത്തെ അക്ഷരം. വ്യഞ്ജനം. പേര്: 'കെ'. ഉച്ചാരണം: 'ക്'.

**Kab'a-la,** *n.* ഗൂഢജ്ഞാനം. *See* [Cabal.

**Ka-bo͝ok',** *n.* ചെമ്മൺകല്ല് (*min.*).

**Kāf'fĭr, Ka'fĭr,** *n.* കാപ്രി; 2, മുഹമ്മദീയനല്ലാത്തവൻ, 'കാഫറ്' (*M.*). **k.-corn** തിന (*b.*).

**Kā'han,** *n.* ഒര് വക കരഞ്ഞ് (*z.*).

**Kāil, Kāle,** *n.* ഒര് വക 'ഗോസ്സ്'; 2. തക്കാരി; 3. ചാറ്; 4. തീന്. **k.-yard** പച്ചക്കറിത്തോട്ടം.

**Kāin,** *n.* കടിയാൻ ജന്മിക്ക് കൊടുക്കേണ്ടുന്ന കോഴി.

**Kai'sẽr,** *n.* ചക്രവൎത്തി; 2. ജൎമ്മൻചക്രവൎത്തി.

**Ka'ka,** *n.* ഒര് ജാതി തത്ത, —കിളി [(*z.*).

**Ka-lei'do-phon, =phōne** (-fōn), *n.* സ്വരദൎശകയന്ത്രം.

**Ka-lei'do-scōpe,** *n.* ബഹുരൂപദൎശിനി. **=scop'ic, =scop'i-cal,** *a.* ബഹുരൂപദൎശിനിസംബന്ധമായ; നാനാവൎണ്ണമുള്ള; കല്പാക്ഷമായ. [Calends.

**Kal'ends, Kal'en-dar,** *etc.*, *s. a.*

**Ka-ma'la,** *n.* കങ്കമപ്പൂ (*b.*). [(*z.*).

**Ka'mi-chi,** *n.* കോഴികാപ്പൻപക്ഷി

**Kan'chil,** *n.* ഒര് വക ചെറുമാൻ (*z.*).

**Kand,** *n*, അഭ്രം (*min.*).

**Kan'ga-roo,** *n.* 'കങ്കരു'മൃഗം (*z.*).

**Kā'ō-lin, =line,** *n.* വെള്ളക്കളിമണ്ണ്.

**Kā'ra-īte,** *n.* വേദപാഠകപ്പരിക്ഷ. **=ism,** *n.* വേദപാഠകവാദം.

**Kā'rob,** *n.* ഒര് ഗ്രേയിനിൽ ഇരുപത്തിനാലാലൊന്നായ ഒര് തൂക്കം.

**Kaw** (ka), *v. i.* & *t.* കാക്കകരയുക.

**Kāy'ak,** *n.* ഒര് വക തോൽതോണി.

**Keck, Kee'kle,** *v. i.* ഓക്കാനിക്കുക. *n.* ഓക്കാനം. **-lish,** *a.* മനംപിരട്ടുന്ന.

**Kee'kle,** *v.t.* കമ്പച്ചുറച്ചിടുക. **kee'-kling,** *n.* കമ്പച്ചുറ. [രം.

**Kedge** (kej), **Kedg'ẽr,** *n.* ചെറുനങ്കൂ

**Kēel,** *n.* കപ്പലിന്റെ അടിമരം; 2. കപ്പൽ; 3. കല്ക്കരിവഞ്ചി. **on even k.** ഒരേ വിതാനത്തിൽ. *v.i.* കപ്പൽ ഓട്ടുക; 2. അടിമറിക്കുക. **to k. over** കമിഴ്ത്തുക. **-'āge,** *n.* കപ്പൽനികുതി, നങ്കൂരപ്പണം. **-'sŏn,** *n.* കപ്പലടിമരത്തോട് ചേൎന്ന മരം.

I. **Kēen,** *a.* മൂൎച്ച ഉള്ള; 2. ബുദ്ധികൂൎമ്മത—; 3. ഉഗ്രം ആയ; 4. കൊട്ടരം—; 5. കഠിനം—. *v.t.* മൂൎച്ചയാക്കുക. **-'ly,** *ad.* ഉഗ്രമായി. **-'ness,** *n.* മൂൎച്ച.

II. **Kēen,** *n.* മരണവിലാപം. *v.i.* പ്രലാപിക്കുക. **-'ẽr,** *n.* വിലാപക്കാരൻ.

**Kēep,** *v.t.* (kept, kept) കൈവശം വെക്കുക; മനസ്സിൽ—; 2. നിലനിൎത്തുക, ഉണ്ടാക; 3. വെക്കുക; 4. സൂക്ഷിക്കുക; 5. രക്ഷ

സ്യമായി വെക്കുക, മറച്ച്—; 6. (sheep) നോക്കിരക്ഷിക്കുക, പാലിക്കുക; 7. (accounts) എഴുതിവെക്കുക; 8. (a servant) നിൎത്തുക, പണിക്ക് വെക്കുക; 9. (a dog) പോററുക; 10. (a woman) വെച്ച് കൊണ്ടിരിക്കുക; 11. (boarderers) വിട്ടതികൊടുക്കുക; 12. (a school-house) നടത്തുക; 13. (for sale) വില്പാൻ വരുത്തിവെക്കുക; 14. ഇരിക്കുക: to k. silence മൌനമായിരിക്കുക; to k. one's word വാക്ക് തെററാതെ നടക്കുക; to k. possession വിട്ട്കൊടുക്കാതിരിക്കുക; to k. company ചങ്ങാതിത്വം കെട്ടുക, ഒന്നിച്ചിരിക്കുക; to k. watch കാവൽനില്ലുക; ഉണൎന്നിരിക്കുക; 15. അനുസരിച്ച് നടക്കുക: to k. commandment കല്പനപ്രകാരം നടക്കുക; to k. faith വിശ്വാസത്തിൽ സ്ഥിരമായിരിക്കുക, വിശ്വാസത്തിന്ന് ഭംഗംവരുത്താതിരിക്കുക; 16. വിട്ട്പോകാതിരിക്കുക: to k. one's house or room വീട്ടിൽ (അകത്ത്) തന്നെ ഇരിക്കുക. to k. one's bed കിടപ്പിലാക; 17. കഴിക്കുക, ഘോഷിക്കുക: to k. a feast സദ്യകഴിക്കുക; to k. a holiday ഉത്സവം ആചരിക്കുക. to k. at arm's length അടുപ്പിക്കാതിരിക്കുക, അകററിവെക്കുക. to k. back മറച്ച്—; തടുത്ത് നിൎത്തുക. to k. company with ചങ്ങാതിത്വം കെട്ടുക, സഹവാസം ചെയ്യുക; കൂടെ പോക. to k. counsel, s. u. Counsel. to k. down കീഴമൎത്തുക. to k. good (bad) hours നേരത്തെ (താമസിച്ച്) വരിക; നേരത്തെ (താമസിച്ച്) ഉറങ്ങുക. to k. house പ്രത്യേകം വീട് വാങ്ങി താമസിക്കുക; ഗൃഹകാൎയ്യം നോക്കുക; ദിവാളി എടുക്കുക. to k. one's hand in നിത്യം ചെയ്യുക, നടത്തിവരിക. to k. open house ആതിത്ഥ്യം കാട്ടുക. to k. the peace സമാധാനലംഘനം ഉണ്ടാക്കാതിരിക്കുക. to k. a stiff upper lip ധൈൎയ്യം വിടാതിരിക്കുക. to k. term വിദ്യാശാലയിൽ (വ്യവഹാരാഭ്യാസശാലയിൽ) താമസിച്ച് പഠിക്കുക. to k. touch കാൎയ്യം ശരിയായി ചെയ്യുക. to k. under കീഴമൎത്തുക; ഞെരുക്കുക. to k. up നിലനിൎത്തുക. *v. i.* നില്ലുക, ഇരിക്കുക: to k. at a distance അകന്ന് നില്ലുക; to k. out of company കൂട്ടംവിട്ട്—; 2. ഈട് നില്ലുക, കേട് വരാതെ—; 3. പാൎക്കുക; 4. സൂക്ഷിക്കുക; 5. പ്രവൃത്തിനടക്കുക. to k. from ചെയ്യാതിരിക്കുക. to k. in with ഇണങ്ങിയിരിക്കുക. to k. on മുന്നോട്ട് നടക്കുക. to k. to ഉപേക്ഷിക്കാതിരിക്കുക, തെററാതെ നടക്കുക. to k. up അധീനമാകാതിരിക്കുക; കിടക്കാതിരിക്കുക. *n.* പരിപാലനം, സൂക്ഷ്മം, കാവല്; 2. നോട്ടം, രക്ഷ; 3. തീന്; 4. കോട്ട, രക്ഷാസ്ഥലം. k.-sake സ്മാരകചിഹ്നം. kēep'ẽr, *n.* സൂക്ഷിക്കുന്നവൻ, കാവല്ക്കാരൻ; പരിപാലകൻ; പട്ടു; ഗൃഹവാസി. k.r of the great seal രാജ്യമുദ്രപരിപാലകമന്ത്രി. k.r of the king's conscience നീതിയധിപമന്ത്രി. k.r of the privy seal രാജമുദ്രപരിപാലകമന്ത്രി. -'ẽr-ship, *n.* പരിപാലകസ്ഥാനം. -'ing, *n.* വശം, അധീനം, സൂക്ഷ്മം; രക്ഷ, തീന്; ചേൎച്ച, യോജിപ്പ്. k.g-room ഗൃഹശാല. kept, *p. a.* അധീനമായ; പോററിയ. k.t mistress വെപ്പാട്ടി, വീടാരക്കാരത്തി.

Keg, *n.* ചെറുപീപ്പ.

Kē'hul, *n.* സുമ്മ.

Kelp, *n.* ഒര് വക ക്ഷാരം; 2. ഒര് സമുദ്രച്ചെടി (*b.*).

Kel'pie, Kel'py, *n.* ജലദേവത.

Kel'tẽr, Kil'tẽr, *n.* നില, ക്രമം.

Kemp, Kemp'ty, *n.* പരുത്തരോമം, ജട.

I. Ken, *n.* പുര; കള്ളന്മാരുടെ താവളം.

II. Ken, *v. t.* അറിയുക; 2. കാണുക, കണ്ട് തിരിയുക, മനസ്സിലാക. *n.* അറിവ്, ഗോചരം; 2. കാഴ്ച; 3. കാഴ്ചപ്പാട്. k.-speckle പ്രത്യേകരൂപമുള്ള; കണ്ടാൽ മറക്കാത്ത. -'ning, *n.* കടലിലെ കാഴ്ചപ്പാട്, ഇരുപത് നാഴിക ചുററ് വട്ടം.

I. Ken'nel, *n.* ആണിച്ചാല്; 2. കാണ, ചാക്കട; 3. ചളിക്കുണ്ട്.

II. Ken'nel, *n.* നായ്ക്കൂട്; 2. നായ്ക്കൂട്ടം; 3. മാളം, മട; 4. ചെററപ്പുര. *v. i.* കൂട്ടിൽ കിടക്കുക, മടയിൽ—. *v. t.* കൂട്ടിലാക്കുക.

Ken'tle, *n.* ഒരു ശതത്തൂക്കം, ഒരു 'അന്തറ്', മൂന്നര തുലാം.

Kent'ledge (-lej), *n.* നങ്കൂരയിരിമ്പ് (*naut.*).

Ker-a-mo-graph'ic (-graf'ik), *a.* മേലെ എഴുതുവാൻ പാട്ടുള്ള.

Ke-rä'na, *n.* ഒരു വക നീളക്കാഹളം.

Kĕrb, Kĕrb'-stōne, *n.* കിണററിന്റെ ആൾമറ.

Kĕr'chief (-chif), *n.* തട്ടം; ഉറുമാല്, ലേസ് (*S.*). =chiefed (-chift), *a.* ധരിച്ച; മറച്ച; ഉറുമാൽ ഉള്ള, തട്ടമിട്ട.

Kĕrf, *n.* കീറ; ചാല്; പിളപ്പ്.

Kĕrn, Kĕrne, *n.* താണ കാലാൾപടയാളി; 2. മടിയൻ; തെണ്ടി.

Kĕr'nel, *n.* കഴമ്പ്; പരിപ്പ്; 2. മണി, കുരു; 3. കേന്ദ്രം; 4. ഉള്ള്, സാരം. *v. i.* കഴമ്പുണ്ടാക; ഉറച്ച് വരിക. =nelled (-neld), -led, *a.* കഴമ്പുള്ള. -ly, *a.* കഴമ്പൂററം ഉള്ള; കാമ്പ് പോലെ—.

Ker'ō-sēne, *n.* മണ്ണെണ്ണ, 'കെരസിൻ' എണ്ണ, 'ചിമ്നി'—.

Kĕr'sey (-zi), *n.* ഒരു വക പരുക്കൻ കമ്പിളിത്തുണി. -mēre, *n.* നേർമ്മക്കമ്പിളിത്തുണി.

I. Ketch (kech), *n.* പുരാതനമാതൃകയിലുള്ള ഒരു കപ്പല്.

II. Ketch, Jack Ketch (kech), *n.* തൂക്കിക്കൊല്ലുന്നവൻ, വധകൻ, ആരാച്ചാര്.

Ketch'up (kech-), *n.* ചാറ്, 'ആണം', രസം.

Ket'tle, *n.* വെള്ളം പതപ്പിക്കുന്ന വാലുള്ള ലോഹപാത്രം, 'ജവന', 'കേററ്ല'. k.-drum പെരിമ്പറ, ഭേരി.

Kex, *n.* ഓട്, തോട്, മടല്.

I. Kēy (kē), *n.* താക്കോല്, ചാവി; 2. സൂത്രം; 3. കിന്നരപ്പെട്ടിപ്പല്ല്; 4. സ്വരനിദാനം; 5. ആണി; 6. കമാനിലെ ആണിക്കല്ല്; 7. സ്വരം. k.-board കിന്നരപ്പെട്ടിപ്പൽനിര. k.-cold ജീവനില്ലാത്ത, ചത്ത. k.-hole താക്കോൽ തുള. k.-note, k.-tone സ്വരനിദാനം; സാരം. k.-stone ആണിക്കല്ല്. k. of a position വാതില്. power of the k.s സ്വർഗ്ഗത്തിൽ കടത്തുവാനും കടത്താതിരിപ്പാനും പാപ്പാവിന്നുണ്ടെന്ന് നടിക്കുന്ന അധികാരം. *v. t.* ഉറപ്പിക്കുക, പൂള് വെക്കുക. to k. up ഉയർത്തുക; മുറുക്കുക. kēyed (kēd), *a.* താക്കോലുള്ള. kēys (kēs), *n. pl.* മണൽത്തുരുത്തികൾ.

II. Kēy, *n.* (*s. a.* Quay) പാതാറ്; അണവ് പാതാറ്.

Khan, *n.* നാട് വാഴി, രാജാവ്, ഇടപ്രഭു. -'āte, *n.* ഇടപ്രഭുത്വം.

I. Kib'ble, *n.* ഇരിമ്പ് തൊട്ടി, —കൊട്ടക്കോരി.

II. Kib'ble, *v. t.* ചതക്കുക, ഞെരിക്കുക.

Kībe, *n.* വിണ്ട് കീറൽ, പൊട്ടൽ (*med.*). kībed (kībd), *a.* വിണ്ട് കീറിയ. kī'by, *a.* പൊട്ടുള്ള.

Kick, *v. t.* ചവിട്ടുക, ഉതെക്കുക. to k. the beam ത്രാസ് പൊന്തിപ്പോക; തൂക്കം കുറഞ്ഞിരിക്കുക. to k. the bucket മരിക്കുക. *v. i.* കാല് കുടയുക; 2. എതിർക്കുക; 3. (തോക്ക്) ചവിട്ടുക. *n.* ചവിട്ട്, ഉത; 2. (തോക്കിന്റെ) ചവിട്ട്. -'a-ble, *a.* ചവിട്ട് കൊള്ളത്തക്ക, —കിട്ടേണ്ടുന്ന. -'ĕr, *n.* ചവിട്ടുന്നവൻ.

Kick'shaw (kik'sha), Kick'shōe, *n.* കിണ്ണാങ്കൃതി; കളിക്കോപ്പ്; 2. രുചികരമായ ഭോജനം.

Kick'sy-wick'sy, Kick'y-wick'y, *n.* ഇളക്കം, പരിഭ്രമം, സൈ്വരക്കേട്. *a.* ചാഞ്ചാട്ടമുള്ള.

Kid, *n.* കോലാട്ടിൻ കുട്ടി (*z.*); 2. പിള്ള; 3. പൊണ്ണൻ; 4. മൃദുത്വമുള്ള ആട്ടിൻതോല്; 5. ആട്ടിന്തോൽ കയ്യുറ; 6. ഭക്ഷണമരവി. k.-fox കുറുക്കന്റെ കുട്ടി (*z.*). *v. i.* കോലാട് പെറുക. -'dy, *n.* ചെറുക്കൻ; നീചകള്ളൻ. *v. t.* തോല്പിക്കുക, ചതിക്കുക. -'dy-ish, *a.* കളിസ്വഭാവമുള്ള. -'ling, *n.* ചെറിയ ആട്ടിൻകുട്ടി.

**Kid'dĕr-min-ster**, *n.* ഒരു് വക പരവതാനി, രത്നകമ്പിളി.

**Kid'dle** (kid'l), *n.* ഒരു് വക ഒററല്.

**Kid'nap**, *v.t.* ആൾക്കളവ് ചെയ്യുക, ബലമായി പിടിച്ച് കൊണ്ടുപോയ്ക്കളയുക. =napped (-napt), *a.* പിടിച്ച് കൊണ്ട് പോയ്ക്കളഞ്ഞ. =nap-pĕr, -ĕr, *n.* ആൾക്കളവ് ചെയ്യുന്നവൻ.

**Kid'ney** (-ni), *n.* കരള് (*an.*); 2. സ്വഭാവം, പ്രകൃതി; 3. പരിചാരകൻ. floating k., movable k., wandering k. ഒരു് വക കരൾരോഗം. k.-bean ഒരു് വക പയറ്. k.-form, k.-shaped കരളാകൃതിയായ. k.-ore ഒരു് വക ഇരിമ്പയിര്. of the same k. ഒരേ സ്വഭാവമുള്ള.

**Kil'dĕr-kin, Kin'dĕr-kin**, *n.* പതിനെട്ട് കററി കൊള്ളുന്ന പീപ്പ.

**Kill**, *v.t.* കൊല്ലുക, ഹനിക്കുക, നിഗ്രഹിക്കുക; 2. ഇല്ലാതാക്കുക; 3. ശമിപ്പിക്കുക; 4. നിരാകരിക്കുക. k.-joy കുണ്ഠിതം ജനിപ്പിക്കുന്നവൻ. to k. time നേരംപൊക്കുക. -'ĕr, *n.* കൊല്ലുന്നവൻ, ഹന്താവ്, ഒരു് വക തിമിംഗലം(*z.*). -'ing, *a.* പ്രാണഹാനി വരുത്തുന്ന; അദ്ധ്വാനമുള്ള; നെഞ്ഞ് പൊട്ടുന്ന; തട്ടുത്ത് കൂടാത്ത; വശീകരിക്കുന്ന. *n.* ഹത്യ. -'ing-ly, *ad.* മനോഹരമായി. [(*naut.*).

**Kil'lick, Kil'lock**, *n.* ചെറുനങ്കൂരം

**Kil'lōw** (-lō), *n.* ഒരു് വക കരിമണ്ണ്.

**Kiln** (kil), *n.* ചൂള; 2. ചൂട്ടാല. k.-dry ചൂളയിൽ വെച്ചുണക്കുക. k.-hole ചൂളവായി.

**Ki'lō**, *pf.* ആയിരം, സഹസ്രം. *n.* ഏകദേശം രണ്ടേകാൽ റാത്തൽ തൂക്കം. k.-gram, k.-gramme —രണ്ടേകാൽ റാത്തൽ തൂക്കം. k.-liter, k.-litre 35ൽ ചില്വാനം കണ്ടിഅടി; ഇരുപതര കററി. k.-meter, k.-metre 3280 അടിയുള്ള നീളയളവ്. k.-stere 35317 കണ്ടിയടി.

**Kilt**, *n.* മുഴങ്കാൽ പാവാട. *v.t.* തിരച്ച് കയററുക, തെരുത്ത് —.

**Kim'bō, Kim'bōw**, *a.* വളഞ്ഞ, വക്രിച്ച. to set the arms a-k. ഊരക്ക് കൈകൊട്ടുത്ത് നില്ക്കുക.

I. **Kin**, *suf.* ചെറിയ. man'i-kin ചെറുമനുഷ്യൻ. lamb'kin ചെറിയ ആട്ടിങ്കുട്ടി.

II. **Kin**, *n.* ഒരു് വക കമ്പിവാദ്യം.

III. **Kin, Kin'dred**, *n.* സപിണ്ഡൻ, രക്തസംബന്ധമുള്ളവൻ; ബന്ധു; 2. ചാർച്ചക്കാരൻ, വംശക്കാരൻ. kith and k. സമ്പന്ധുക്കൾ. *a.* ബന്ധുവായ; 2. ഒരേസ്വഭാവമുള്ള; 3. ഏകവർഗ്ഗമായ. kins'folk (-fok), *n.* ബന്ധു, ചാർച്ചക്കാരൻ. -'ship, kins'man-ship, *n.* ബന്ധുത്വം, ചാർച്ച. kins'man (*pl.* ='men), *n.* ബന്ധു. kins'wōm-an (*pl.*='wom-en), *n.* ചാർച്ചക്കാരത്തി.

**Kin'cob**, *n.* പട്ട്നീരാളം.

**Kīnd** (*fr.* kin), *a.* പ്രകൃത്യാ ഉള്ള, ഏകസ്വഭാവം—; 2. ദയ—, അലിവ്—; 3. കരുണ—, കൃപ—; 4. ആദരവ്—; 5. ഒതുക്കം—, മെരുക്കം—. k.-hearted ദയ—. k.-heartedness ദയ, അലിവ്. to take it k. ഉപകാരമായി വിചാരിക്കുക; വിപരീതം ഭാവിക്കാതിരിക്കുക. *n.* പ്രകൃതി; 2. ജാതി, വർഗ്ഗം, വക, വംശം, തരം; 3. സ്വഭാവം, മാതിരി, വിധം. a k. of ഒരു് വക, —വിധം. in k. സാധനമായിട്ട്; പണമായിട്ടല്ല. -'li-ness, *n.* സല്ഗുണം, കൃപ; ശാന്തത; ഹിതകരത്വം. -'ly, *a.* പ്രകൃത്യാ ഉള്ള; പരോപകാരശീലം—; ദയ—; അനുകൂലം ആയ, ഹിതം—. *ad.* സാദരം, ദയവായി. -'ness, *n.* ദയ, കൃപ; ഉപകാരം.

**Kin'dĕr-gär-ten**, *n.* ശിശുപാഠശാല. =gärtnĕr, *n.* ശിശുപാഠകൻ.

**Kin'dle**, *v.t.* തീകത്തിക്കുക, —കൊളുത്തുക, —പിടിപ്പിക്കുക; 2. ജ്വലിപ്പിക്കുക; എരിച്ച് കൂട്ടുക; ജനിപ്പിക്കുക. *v.i.* കത്തുക, എരിയുക; 2. ഉജ്ജ്വലിക്കുക. kin'dlĕr, *n.* ജ്വലിപ്പിക്കുന്നവൻ, കത്തിക്കുന്നവൻ.

**Kin'dred**, *n.*, *s.u.* Kin.

**Kīne,** *n. pl.* പശുക്കൂട്ടം, ഗോവൃന്ദം. **k.-pox** ഗോവസൂരി.

**Kin-e-mat′ics, Kin-et′ics,** *n.* ചലനശാസ്ത്രം. **=mat′ic, =mat′i-cal,** *a.* —ശാസ്ത്രസംബന്ധമായ. **=et′ic,** *a.* ചലനം ഉള്ള; പ്രവൎത്തനം—.

**Kin-ē-si-at′rics, =si-ther′a-py, =sip′a-thy,** *n.* പേശി ചലനവൈദ്യം (*med.*).

I. **King,** *n.* ഒരുവക വാദ്യം.

II. **King,** *n.* രാജാവു്, അരചൻ, നൃപൻ; 2. പ്രധാനി, പ്രമാണി; 3. (ചീട്ടുകളിയിൽ) രാജാവു്; 4. (ചതുരംഗത്തിൽ) ദേവൻ; 5. *pl.* രാജാക്കന്മാരുടെ പുസ്തകം (*Bl.*). **k.-bird** ഒരുവക ചെറുപക്ഷി (*z.*). **k.-craft** രാജനയം. **k.-fish** ഒരുവക മത്സ്യം (*z.*). **k.-fisher** പൊന്മ (*z.*). **k.-post** നെട്ടുകുത്തുകാലു് (*arch.*). **k.-at-arms, k.-of-arms** രാജ്യപദവിചിഹ്നവിചാരകൻ. **k.-auk** കടൽപ്രാവു് (*z.*). **k.-cotton** പരുത്തിക്കുഷി. **k.-crow** അണ്ടങ്കാക്ക (*z.*). **k.-eagle** രാജകഴുകു് (*z.*). **k. of terrors** മരണം, അന്തകൻ. **k.'s (queen's) bench** പ്രധാനാസ്ഥാനം. **k.'s (queen's) counsel** പ്രധാന 'വക്കീൽ', സൎക്കാർ—. **k.'s (queen's) English** ശുദ്ധഭാഷ. **k.'s (queen's) evidence** മാപ്പുസാക്ഷി. **k.'s-evil** കണ്ഠമാല. *v. t.* രാജാവാക്കുക. **-′dŏm,** *n.* രാജത്വം; ആധിപത്യം; രാജപദവി; രാജ്യം; വൎഗ്ഗം. **animal k.m,** *s. u.* **Animal. k.m of God** വിശ്വം; സ്വൎഗ്ഗം; ദൈവരാജ്യം, —വാഴ്ച. **mineral k.m** ധാതുവൎഗ്ഗം. **United K.m** ഇംഗ്ലീഷ് രാജ്യം, (ഇംഗ്ലാന്തു്, സ്കോട്ട്ലാണ്ടു്, ഐൎല്ലാണ്ടു്). **vegetable k.m** സ്ഥാവരവൎഗ്ഗം. **-′hood, -′ship,** *n.* രാജത്വം; രാജലക്ഷണം. **-′less,** *a.* അരാജകമായ. **-′let, -′ling,** *n.* ചെറുരാജാവു്. **-′li-hood, -′li-ness,** *n.* രാജത്വം. **-′ly,** *a.* രാജകീയമായ, മഹാ, പ്രതാപമുള്ള. *ad.* രാജകീയമായി.

I. **Kiṅk,** *n.* കുടുക്കു്, ചുറക്കെട്ടു്; 2. മായാവിചാരം, മനോരാജ്യം. *v. i.* കെട്ടിടുക. **-′y,** *a.* ചുരുളുള്ള, ചുരുട്ടയായ.

II. **Kiṅk,** *n.* ചുമ, കുര; 2. ചിരി.

**Kī′nō,** *n.* കാത്തു്, കാററു് (*b.*).

**Ki-nol′o-ġy,** *n.* ചലനവിദ്യ.

**Kins′folk, Kins′man,** *etc., s. u.* **Kin.**

**Kī-osk′,** *n.* പന്തലു്, കൂടാരം.

**Kip, k.-skin, k.-leather,** *n.* പശുക്കുട്ടിത്തോലു്.

**Kīpe,** *n.* ഒററലു്.

I. **Kip′pĕr,** *n.* ഉപ്പിട്ടുണക്കിയ മീനു്. *v. t.* മത്സ്യം ഉപ്പിട്ടുണക്കുക.

II. **Kip′pĕr,** *a.* വാത്സല്യം ഉള്ള; 2. ചുണ—; 3. വേഗത—.

**Kĭrk,** *n.* പള്ളി; 2. സ്കോത്ത്ലാണ്ടു് പള്ളി; 3. —സഭ. **k.-man** സ്കോത്ത ബോധകൻ; —സഭാംഗം. **k.-session** മൂപ്പസഭ. **k.-yard** ശ്മശാനം.

**Kĭr′tle** (kĕrtl), *n.* ചെറിയ മേല്ക്കുപ്പായം. **kĭr′tled,** *a.* മേല്ക്കുപ്പായം ഇട്ട.

**Kiss,** *v. t.* ചുംബിക്കുക, മുത്തംകൊടുക്കുക; 2. തൊടുക. *v. i.* ചുംബനം കൊടുക്കുക; 2. തമ്മിൽ തൊടുക. *n.* ചുംബനം, ഉമ്മ, ഉമ്മകം, 'കീസ്'; 2. ഒരു പലഹാരം.

**Kist,** *n.* പെട്ടി; 2. ശവപ്പെട്ടി.

I. **Kit, -′liṅg, -′ten,** *n.* പൂച്ചക്കുട്ടി. **-′ten,** *v. t. & i.* പൂച്ച പെറുക. **-′ten-ish,** *a.* പൂച്ചക്കുട്ടിയെ പോലെ ഉള്ള, കളിസ്വഭാവം—. **-′tle,** *v. t.* പൂച്ച പെറുക.

II. **Kit,** *n.* ഒരുവക വീണ.

III. **Kit,** *n.* വലിയ കുപ്പി; 2. മരവി, തൊട്ടി; 3. മീൻകൊട്ട; 4. പണിയായുധപ്പെട്ടി; 5. ആയുധക്കോപ്പു്; 6. കൂട്ടം.

**Kitch′en** (kich′en), *n.* അടുക്കള, വെപ്പുപുര, വടക്കിനി, നീറാലി (*M.*), 'കുസ്നി'; 2. മാംസം വറക്കുന്ന പാത്രം. **k.-garden** തൎക്കാരിത്തോട്ടം. **k.-maid** അടുക്കളപ്പണിക്കാരത്തി, ഇരിക്കുന്നവൾ, ഇരുത്തി, വെപ്പുകാരത്തി, **k.-range** അടുപ്പു്. **k.-stuff** ചുരണ്ടി നീക്കിയകൊഴുപ്പു്. **-ĕr,** *n.* വെപ്പുകാരൻ, 'കുസ്നിക്കാരൻ', കുട്ടിപ്പട്ടരു്.

**Kīte,** *n.* പരന്ത്, കൃവ (*z.*); 2. അത്യാഗ്രഹി; 3. പട്ടം; 4. ഒര് കപ്പപ്പായി; 5. കടംവാസ്സ ഉണ്ടിക. *v. i.* ഉണ്ടിക എഴുതിക്കൊടുത്ത് പണം വാങ്ങുക. **k.-flying, kī'tiṅg** പട്ടംപറപ്പിക്കൽ; ഉണ്ടികമേൽ പണം വാങ്ങൽ. **k.-flier** —വാങ്ങുന്നവൻ; പട്ടംപറപ്പിക്കുന്നവൻ.

**Kith,** *n.* പരിചയക്കാരൻ, ചാർച്ചക്കാരൻ. **k. and kin** സംബന്ധുക്കൾ.

**Kit'ten,** *s. u.* **Kit** I.

**Kit'ti-wāke,** *n.* ഒര് വക കടല്ക്കാക്ക [(*z.*).

**Kit'tle, Kit'tel,** *v. t.* കിക്കിളി ആക്കുക. *a.* —ഉള്ള; 2. വിഷമം—; 3. ഒതുങ്ങാത്ത. =**tlish,** *a,* കിക്കിളിയുള്ള.

**Kit-ty-sol',** *n.* ചീനക്കുട, പീലിക്കുട.

**Kī-vi-kī'vi, Kī-wi-kī'wi,** *n.* ചിറകില്ലാത്ത ഒര് വക പക്ഷി (*z.*).

**Klep-tō-mā'ni-a, Klō-pe-mā'ni-a,** *n.* ചൌര്യതല്പരതാരോഗം (*med.*).

**Kliċk,** *n., s. a.* **Click.**

**Knaċk** (nak), *v. i.* നാട്യമായി സംസാരിക്കുക. *n.* കളിക്കോപ്പ്; 2. വൈഭവം, സാമർത്ഥ്യം; ഉപായം; 3. സൂത്രപ്പണി. **knick-k.s** കളിക്കോപ്പ്; കാഴ്ചക്ക് മാത്രമുള്ള നിസ്സാരസാധനം; **-'ĕr,** *n.* കളിക്കോപ്പുണ്ടാക്കുന്നവൻ. **-'y,** *a.* കൌശലമുള്ള.

**Knaċk'ĕr** (nak'ĕr), *n.* കുതിര'ജീനി' ഉണ്ടാക്കുന്നവൻ.

**Knag** (nag), *n.* മരപ്പിരി, ചുറ, മുഴ, കമ്പ്; 2. ഉടുപ്പ് തൂക്കുന്ന കററി; 3. മാങ്കൊമ്പ്; 4. കന്നിന്റെ നെറുക. **-'ged, -'gy,** *a.* മുഴ ഉള്ള; പാറ—; ശുണ്ഠിയായ. **-'gi-ness,** *n.* മുരട്ട്ശീലം.

I. **Knap** (nap), *n.* മുഴ, വീക്കം; 2. എകരം; 3. മൊട്ട്.

II. **Knap** (nap), *v. t.* കടിക്കുക; നറുക്കുക; 2. തട്ടുക, ചൊട്ടുക. *v. i.* നൊട്ടുക. *n.* തട്ട്, അടി. **-'sack** പൊക്കണം; പട്ടാളമാറാപ്പ്. **-'ple,** *v. i.* കാരുക.

**Knärl** (närl), *n.* മരപ്പിരി, ചുറ, കമ്പ്. **knärled** (närld), **knärred** (närd), **knär'ry** (när'ry), *a.* ചുറയുള്ള.

**Knāve** (nāv), *n.* ചെറുക്കൻ; 2. ഭൃത്യൻ; 3. ചതിയൻ, ചുഴിപ്പൻ, തിരുടൻ; 4. (കളിക്കുന്ന കത്തിലെ) മന്ത്രി, 'കോന്തി', 'ഗുലാം'. **knā'vĕr-y, knā'vish-ness,** *n.* കള്ളത്തനം, കള്ളത്ത്രാണം, കൌടില്യം. **knā'vĕr-y,** *pl.* പിത്തളാട്ടം, ചുഴിപ്പ്, മറിമായം. **knā'vess,** കള്ളത്തി. **knā'vish,** *a.* വഞ്ചനഉള്ള. കള്ളക്കൌശലം—; കുറുമ്പ്—, കനിഷ്ട്—. **knā'vish-ly,** *ad.* ചതിവായി; ദോഹബുദ്ധിയോടെ.

**Knēad** (nēd), *v. t.* കുഴെക്കുക, മട്ടിക്കുക; 2. അടിച്ച് പൊടിപാററുക. **-ing trough** മാവ് തൊട്ടി. **-'a-ble,** കുഴക്കാവുന്ന. **-'ĕr,** *n.* കുഴെക്കുന്നവൻ. **-'iṅg-ly,** *ad.* മട്ടിക്കുംവണ്ണം.

**Knēe** (nē), *n.* കാൽമുട്ട്, മുഴങ്കാല്, ജാനു; 2. വണക്കം. **k.-breeches** ജട്ടി, 'കട്ടിച്ചല്ലണം', ചെറുകാല്ശറ. **k.-cap** മുട്ട് ചിരട്ട (*an.*); ജാനുരക്ഷ. **k.-crooking** പാദപൂജ. **k.-deep** മുട്ടോളം ആഴം ഉള്ള. **k.-high** —ഉയരം—. **k.-joint** മുട്ട്കെണിപ്പ്, ജാനുസന്ധി (*an.*). **k.-pan** ജാനുസന്ധി, മുട്ട്ചിരട്ട (*an.*). **knēed** (nēd), *a.* മുട്ട് ഉള്ള. **weak k.d** കാൽകുഴഞ്ഞ. **knēel** (nēl), *v. i. r.* or *ir.* **knelt, knelt** (nelt) *or* **knēeled, knēeled** (nēld), മുട്ട് കുത്തുക, മുഴങ്കാല് വണങ്ങുക. **knēel'ĕr,** *n.* മുട്ട്കുത്തുന്നവൻ; ജാനുപീഠം. **knēel'iṅg-ly,** *ad.* മുട്ട്കുത്തിക്കൊണ്ട്.

**Knell** (nel), *n.* ചാവ്മണി, പ്രേതഘണ്ടാനാദം. *v. i.* ചാവ്മണി മുട്ടുക. *v. t.* —മുട്ടിയറിയിക്കുക. **knōll** (nōl), *v. t.* മണിയടിക്കുക; കിണ്ണം മുട്ടുക; *v. i.* മണി—. *n.* മണിമുട്ടൽ; ചാവ്മണി. **knōl'lĕr,** *n.* മണിമുട്ടുന്നവൻ.

**Knew** (nū), *v. i. p. t. of* **Know.**

**Kniċk'ĕr** (nik-), *n.* മൺഗോട്ടി.

**Kniċk'er-bockĕrs** (nik-), *n. pl.* കട്ടിക്കാല്ചട്ടപ്പായം.

**Kniċk'naċk** (nik'nak), *n.* കളിക്കോപ്പ്. **-ĕr-y,** *n.* നിസ്സാരസാധനങ്ങൾ.

**Knīfe** (nīf), (*pl.* **knīves,** *pr.* nīvz), *n.* കത്തി, പീശ്ശാങ്കത്തി, ചൂരി; 2. വാള്. **table-k.** മേശക്കത്തി. **dessert-k.** അര

മേശക്കത്തി. pen-k. പേനക്കത്തി. folding k. മടക്ക്കത്തി. chopping k. വെട്ട്—, കൊട്ടവാള്. tapping k. ചെത്ത്കത്തി, ഏററ്—. k.-blade അലക്. k.-board അണ, മുരിക്കണ. k.-edge തുലാസൂചി. war to the k. മരണപൎയ്യന്തമുള്ള പോര്; ഘോരയുദ്ധം. *v. t.* ചെത്തിവെട്ടിപ്പാക്കുക; 2. കത്തിവാരുക, മുറിപ്പെടുത്തുക.

**Knīght** (nīt), *n.* ഭൃത്യൻ; 2. ചേകവൻ; 3. അശ്വാരൂഢയോദ്ധാവ്; 4. ശ്രീമാൻ, മാടമ്പി; 5. പക്ഷക്കാരൻ, രക്ഷി; 6. (ചതുരംഗത്തിലെ) കതിര. k.-bachelor കീഴ്മാടമ്പി. k.-banneret മേൽ—. k.-baronet പാരമ്പൎയ്യ—. k.-errant സഞ്ചാര—; ഭോഷൻ. k.-errantry സഞ്ചാരമാടമ്പിഗുണം; പരാക്രമം; വിടഭോഷത്വം. k.-marshal പള്ളിയാസ്ഥാനപതി. k. of the post കള്ളസ്സാക്ഷിത്തൊഴിലാളി; ചതിയൻ. k. of the shire താലൂക്ക്പ്രതിനിധി. k.-commander നായകമാടമ്പി. k.-companion സഹ—. k.-grand cross മഹാ—. k.s of labour തൊഴിലാളിപരിപാലകസഭ. *v. t.* മാടമ്പിപ്പട്ടംകൊടുക്കുക, ശ്രീമാനാക്കുക. -'āge, *n.* മാടമ്പിവൎഗ്ഗം. -'hood, *n.* —സ്ഥാനം; —വൎഗ്ഗം. -'liness, *n.* ശ്രീത്വം; പരാക്രമം. -'ly, *a.* ശ്രീത്വം ഉള്ള, പരാക്രമം—. *ad.* ശ്രീത്വത്തോടെ.

**Knit** (nit), *v. t.* കട്ടക്ക് ഇടുക, കെട്ട്—; കെട്ടുക; 2. നെയ്യുക, മിടയുക; പിന്നുക; 3. കൂട്ടിച്ചേൎക്കുക. യോജിപ്പിക്കുക; 4. ചുളുക്കുക. *v. i.* പിന്നുക; 2. പിണ്ണെയുക. to k. up സമാപ്തിയാക്കുക. *n.* പിന്നൽപ്പണി. -'stěr, *n.* പിന്നൽപ്പണിക്കാരത്തി. -'těr, *n.* പിന്നുന്നവൻ; പിന്നൽയന്ത്രം. -'ting, *n.* പിന്നല്പണി; ചേപ്പ്. k.g-machine പിന്നൽയന്ത്രം. k.g-needle —സൂചി.

**Knob, Knop** (nob, nop), *n.* കമ്പ്; മുഴ; മൊട്ട്; 2. പിടി, കൈപ്പിടി; 3. വട്ടക്കുന്ന്. k.-latch കൈപ്പിടിപ്പൂട്ട്. k.-stick കൂട്ടത്തിൽ കൂടാത്തവൻ. knobbed (nobd), -'by, *a.* മുഴ ഉള്ള, മൊട്ട്—, ഉരുണ്ട്കൂടിയ; കമ്പുള്ള. -'biness, *n.* മുഴയുണ്ടാകൽ; മൊട്ട്.

**Knock** (nok), *v. i.* തട്ടുക, മുട്ടിപ്പോക; 2. മുട്ടുക. to k. about അലഞ്ഞ് നടക്കുക, തെണ്ടുക. to k. up തളരുക, വലയുക. to k. off നിൎത്തുക. to k. under വഴിപ്പെടുക. *v. t.* മുട്ടുക, അടിച്ച് തെറുപ്പിക്കുക; 2. വാതിലിന്ന് മുട്ടുക. to k. down അടിച്ച് തള്ളിയിടുക; ലേലം തീൎച്ചപ്പെടുത്തുക. to k. in (on) the head തല തച്ച്കീറുക; തീൎത്ത്കളയുക; നീക്കിക്കളയുക, തള്ളിക്കളയുക. to k. off തട്ടിപ്പറിക്കുക; ലേലം തീൎച്ചയാക്കുക; വിട്ട്കളയുക. to k. over മറിക്കുക. to k. out അടിച്ച് തെറുപ്പിക്കുക. to k. up വാതിലിന്ന് മുട്ടിയുണൎത്തുക; ക്ഷീണിപ്പിക്കുക. *n.* തട്ട്, മുട്ട്, ഇടി; 2. വാതിലിന്ന് മുട്ടൽ. k.-down തള്ളിയിടൽ; ഊക്കുള്ള. k.-knee വളകാല്. -'ěr, *n.* മുട്ടുന്നവൻ; മുട്ടി, ദ്വാരതാഡനി. -'ing, *n.* മുട്ടൽ; മുട്ട്.

I. **Knōll** (nōl), *n.* എകരം, കുന്ന്.

II. **Knōll**, *v. t. etc.*, *s. u.* Knell.

**Knop**, *n.*, *see* Knob.

**Knot** (not), *n.* കട്ടക്ക്, കെട്ട്; 2. ബന്ധനം; 3. വിഷമം, വികടം; 4. കളം, കള്ളി; 5. കൂട്ടം, സഞ്ചയം; കല (*b.*); 6. മരപ്പിരി, ച്വറ; 7. മുഴ; കമ്പ്; 8. സാരം, പൊരുള്; 9. അളത്തച്ചരട്; 10. കടൽനാഴിക (ഒന്നേയരക്കാൽ നാഴിക); 11. ഒര്വക ഉറുക്ക്. *v. t.* കെട്ട് ഇടുക, കട്ടക്ക്—; 2. കട്ടക്കിക്കളയുക; 3. ബന്ധിക്കുക, കൂട്ടിക്കെട്ടുക; 4. കുഴക്കുക, വിഷമിപ്പിക്കുക. *v. i.* കമ്പുണ്ടാക; 2. കട്ടങ്ങുക; 3. അരുകെട്ടുക. -'less, *a.* കെട്ടില്ലാത്ത. -'ted, *a.* കെട്ടുള്ള; പിണ്ണെഞ്ഞ, മിടഞ്ഞ; കളം ഉള്ള; കട്ടക്ക്—. -'ti-ness, *n.* കെട്ട്, കട്ടക്ക്; വിഷമം. -'ty, *a.* കെട്ട് ഉള്ള; പ്രയാസം—, വിഷമം—, ചമ്മല—.

**Knout** (nout *or* nōt), *n.* ഒര്വക തോൽവാൎച്ചമ്മട്ടി.

**Knōw** (nō), *v. t. ir.* (*pl.* knew *pr.* nū, knōwn *pr.* nōn) അറിയുക, ഗ്രഹിക്കു

ക, ബോധിക്കുക, തിരിയുക; 2. ബോദ്ധ്യം വരിക, നിശ്ചയം—; 3. പരിചയമുണ്ടാക; 4. കണ്ട് തിരിയുക; 5. സംസൎഗ്ഗമുണ്ടാക. to k. how തിരിയുക, മനസ്സിലാക. k.-all സൎവ്വജ്ഞൻ; വിദ്യാനാട്യക്കാരൻ. *v. i.* (of) തിരിച്ചറിയുക; 2. ഉറക്കുക. to k. of ബോധിക്കുക. -'a-ble, *a.* അറിയാകുന്ന. ഗ്രഹിക്കാവുന്ന. -'a-ble-ness, *n.* ഗ്രഹണീയതപം. -ěr, *n.* അറിവാളി. -'iṅg, *a.* അറിവ് ഉള്ള, ബുദ്ധി—; കയുക്തി—. *n.* അറിവ്, പരിചയം. -'iṅg-ly, *ad.* അറിവോടെ, കല്പിച്ച് കൂട്ടി. -'iṅg-ness, *n.* ബുദ്ധിസാമൎത്ഥ്യം; യുക്തി. knowl-edġe (nol'ej), *n.* അറിവ്, ഗ്രാഹ്യം; ബോധം; 2. (*pl.*) വിദ്യ; 3. പഠിപ്പ്, വ്യുല്പത്തി; 4. പരിചയം; 5. ശ്രദ്ധ. carnal k.e സംസൎഗ്ഗം. knōwn (nōn), *p. a.* ഗ്രഹിച്ച, അറിഞ്ഞ.

Knubs (nubz), *n.* പട്ട് ചണ്ടി.

Knuck'le (nuk'l), *a.* വിരലെല്ലിണിപ്പ്, വിരൽമടക്ക്; 2. (മൃഗത്തിന്റെ) കാൽമുട്ട്; 3. കമ്പ് (*b.*); 4. ഒര് വക ലോഹക്കയ്യുറ. k.-duster ലോഹക്കയ്യുറ. k.-joint തുളയാണിക്കെണിപ്പ്, പൽവായി—. k. of veal പശുക്കുട്ടിമാംസം. *v. i.* (down, to, under) കീഴ്പെടുക. വഴങ്ങുക. to k. to കീഴ്പെടുക, തോല്ക്കുക; അത്യന്തം ഉത്സാഹിക്കുക. *v. t.* ചൊട്ടുക.

Knur (nur), Knurl (nurl), *n.* മരച്ചുറ, പിരി; 2. മുരട്ട് ശീലക്കാരൻ. knurl, *v. t.* അരിമ്പ് കൊത്തുക, പല്ല്—. knurl-ed, *a.* പിരി ഉള്ള; അരിമ്പ്—. knur'ry, knur'ly, *a.* ചുറ—.

Kō'bold, *n.* ഒര് വക ഗൃഹദേവത.

Kōhl (kōl), *n.* കൺമഷി, മൈ.

Kō'peck, *n.* ഒര് പയിസക്കുള്ള റഷ്യ ചെമ്പ് നാണ്യം.

Kos'mos, *n.*, *s. a.* Cosmos.

Kräal (kräl *or* kral), *n.* കടിഞ്ഞിൽ; 2. കടിഞ്ഞിൽഗ്രാമം; 3. തൊഴുത്ത്; ആനത്തൊഴുത്ത്.

Krāit (krāt), *n.* ഒര് വക പാമ്പ്, വളവളപ്പൻ (*z.*).

Kreut'zěr, Kreu'zer (kroit'sěr), *n.* രണ്ട് പൈസക്കുള്ള ഒര് ഗൎമ്മാന്യ ചെമ്പ് നാണ്യം.

# L

L, ഇംഗ്ലീഷ് ഭാഷയിലെ പന്ത്രണ്ടാമത്തെ അക്ഷരം: വ്യഞ്ജനം, പേര്: 'എൽ'. ഉച്ചാരണം: 'ൽ, ല്; ൾ, ള്'.

L, *a.* അമ്പത്, അയിമ്പത്, 50, ൫൦.

Lä, *n.* ധൈവതം, 'ധ' (*mus.*). *int.* ഇതാ!, നോക്ക്!; 2. (me) അയ്യോ!

Lab'e-fȳ, *v. t.* ക്ഷീണിപ്പിക്കുക; 2. ദുൎബ്ബലപ്പെടുത്തുക. =fac'tiȯn, *n.* ക്ഷീണിപ്പിക്കൽ; ക്ഷീണം; നാശം.

Lā'bel, *n.* പററ് നറുക്ക്; മേൽവിലാസം; 2. ആധാരമുദ്ര; 3. മരണോപപത്രിക; 4. ഔന്നത്യമാത്ര. *v. t.* നറുക്ക് പതിക്കുക; 2. പേര്—.

Lā'bi-al', *etc.*, *s. u.* Lip.

Lā'bŏr, Lā'bŏur, *n.* പ്രവൃത്തി, വേല; 2. അദ്ധ്വാനം, യത്നം; 3. പ്രസവവേദന; 4. വേദന, കഷ്ടം; 5. കപ്പലിന്റെ ആട്ടം. l.-saving എളുപ്പംവരുത്തുന്ന; ചുരുക്കം ആൾ മതിയാകുന്ന. *v. i.* നയിക്കുക, പണിയെടുക്കുക; 2. പ്രയത്നിക്കുക; 3. (under, of) ബുദ്ധിമുട്ടുക, വേദനപ്പെടുക; അദ്ധ്വാനിക്കുക; 4. ഈററ് നോവുണ്ടാക, നൊമ്പലം കിട്ടുക; 5. കപ്പൽ ഇളകുക. *v. t.* വേലയെടുക്കുക, തൊഴിൽ ചെയ്യുക; കൊത്തുക, കിളെക്കുക; 2. ഉണ്ടാക്കുക; 3. അദ്ധ്വാനത്താൽ സാധിപ്പിക്കുക. =bŏured (-běrd), *a.* അദ്ധ്വാനിച്ചുണ്ടാക്കിയ; ലളിതമല്ലാത്ത. =bŏured-ly, *ad.* വിഷമത്തോടെ. -ěr, *n.* കൂലിപ്പണിക്കാരൻ, കൈക്കോട്ട് പണിക്കാരൻ. -iṅg, *a.* പ്രവൃത്തിചെയ്യുന്ന; പ്രവൃത്തിക്കുള്ള; വേദന ഉള്ള, വിഷമം—. l.g-oar വിഷമഭാഗം. la-bō'ri-ŏus,

*a.* അദ്ധ്വാനം ഉള്ള, വിഷമം—; അദ്ധ്വാനശീലം—, മുഷിഞ്ഞ് പ്രവൃത്തിക്കുന്ന. **la-bō'ri-ŏus-ly**, *ad.* പണിപ്പെട്ട്, ബുദ്ധിമുട്ടി, **la-bō'ri-ŏus-ness**, *n.* പ്രയത്നം; വിഷമം. **-less**, *a.* പണിയില്ലാത്ത; എളുപ്പമായ. **-sŏme**, *a.* ഉരുൾച്ചയുള്ള (*naut.*).

**Lab'o-ra-tŏr-y**, *n.* പുടശാല; 2. വിദ്യാപരിശോധന—; 3. പ്രവൃത്തി—.

**Lā'brōse** (-brōs), *a.* സ്ഥൂലോഷ്ഠമുള്ള, ചുണ്ട് തടിച്ച.

**Lā'brum**, *n.* (*pl.* lā'bra) വക്ക്; അരു.

**Lab'y-rinth**, *n.* വിഭ്രമമന്ദിരം; 2. ഭ്രമണപ്രദേശം; 3. വളവ്, വിഷമം; 4. ദുഷ്ടം, മഹാകുഴക്ക്; 5. അന്തഃകർണ്ണം, വിഭ്രമകന്ദരം (*an.*); 7. വിഭ്രമചിത്രാകൃതി (*arch.*). **=rinth'al**, **=rinth'i-an**, **=rinth'ic**, **=rinth'i-cal**, **=rinth'īne**, *a.* വിഷമാകൃതിയുള്ള; മാർഗ്ഗഭ്രമണം വരുത്തുന്ന; ദുഷ്ടമായ. **=rinth'i-form**, *a.* വിഭ്രമമന്ദിരാകൃതി ഉള്ള; 'സൊല്ല'—.

I. **Lac**, **Lakh**, *n.* ലക്ഷം, നൂറായിരം; 2. അനവധി.

II. **Lac**, *n.* അരക്ക്, ലാക്ഷാ. **seed-l.**, കോലരക്ക്; അരക്ക് തിരി. **shell-l.**, **shel'lac** പച്ചരക്ക്. **='cic**, *a.* ലാക്ഷാസംബന്ധമായ; അരക്ക് കൊണ്ടുണ്ടാക്കിയ.

**Lāce**, *n.* ചരട്, വാറ്; 2. വിചിത്രനാട, പൂ—. **gold-l.** പൊൻകസവ്. **silver-l.** വെള്ളിക്കസവ്. *v. t.* ചരടിട്ട് മുറുക്കുക, വാറ് കെട്ടുക; 2. കരവെക്കുക, കസവ്—; 3. അടിക്കുക. *v. i.* വാറിട്ട് കെട്ടുക. **lāced** (lāst), *a.* വാറിട്ട് മുറുക്കിയ; വിചിത്രനാട വെച്ചലങ്കരിച്ച. **strait-l.d** അല്പബുദ്ധിയായ. **l.d-mutton** വേശ്യ. **lāc'ing**, *n.* കെട്ട്; വാറ്.

**Lac'ĕr-āte**, *v. t.* കീറുക, ചീന്തുക; ഛിന്നഭിന്നമാക്കുക; അരിയുക; 2. മുറിപ്പെടുത്തുക, വേദനപ്പെടുത്തുക. **=āte**, **=ā-ted**, *a.* ഭിന്നമായ, ചീന്തുള്ള. **=a-ble**, *a.* ചീന്താകുന്ന. **=ā'tiŏn**, *n.* കീറൽ; മുറിക്കൽ. **=a-tive**, *a.* കീറുവാൻ ശക്തിയുള്ള.

**La-cĕr'ta**, *n.* ഒര് വക പല്ലി. **=cĕr'ti-an** (-shi-), **=lac'ĕr-tine**, **=til'i-an**, **=cer'-ti-loid**, *a.* ഗൌളിതുല്യമായ. **=cer'ti-an**, **=til'i-a**, *n.* —വർഗ്ഗം.

**Lache**, **Lach'es**, *n.* കുററകരമായ ഉപേക്ഷ (*l.*).

**Lach'ry-mal**, *a.* അശ്രുസംബന്ധമായ; ബാഷ്പോല്പാദകമായ; 2. കണ്ണീർപിണ്ഡസംബന്ധമായ (*an.*). **l. canals** അശ്രുനാളം (*an.*). **l. gland** അശ്രുപിണ്ഡം (*an.*). **l. ducts** ബാഷ്പനാളം (*an.*). **=mar-y**, *a.* കണ്ണീരുള്ള. **=mā'tiŏn**, *n.* അശ്രുധാര. **=mā'tŏr-y**, *n.* പ്രേതാശ്രുപാത്രം. **=mōse**, *a.* കണ്ണീരൊഴുകുന്ന; ദുഃഖകരമായ. **=mōse-ly**, *ad.* വ്യസനത്തോടെ.

I. **Lack**, *n.* കുറവ്; 2. കുറച്ചൽ, ബുദ്ധിമുട്ട്, ഇല്ലായ്മ; ഹീനത. *v. t.* കുറവായിരിക്കുക, ആവശ്യപ്പെടുക. *v. i.* (of) ഇല്ലാതിരിക്കുക; 2. ബുദ്ധിമുട്ടുക. **l.-brain** പൊട്ടൻ, മൂഢൻ. **l.-luster**, **l.-lustre** പ്രഭയില്ലാത്ത, മങ്ങലുള്ള; ഭാവഹീനമായ.

II. **Lack**, *int.* അയ്യോ! ആഹാ. **l.-a-day** അയ്യയ്യോ, കഷ്ടം കഷ്ടം! **l.-a-daisy** വയ്യോ, വഹിയാ. **l.-a-daisy**, **l.-a-daisi-cal** ചിന്താക്രാന്തം ആയ; സങ്കല്പിതം—. **l.-a-daisically** ചിന്താകുലത്തോടെ.

**Lack'ĕr**, *see* **Lacquer.**

**Lack'ey** (lak'i), *n.* പരിചാരകൻ, ഭൃത്യൻ, ബാല്യക്കാരൻ. *v. t.* ശുശ്രൂഷിക്കുക; സേവിച്ച് നില്ക്കുക. *v. i.* പാദപൂജ ചെയ്യുക, ആശ്രയിക്കുക.

**La-con'ic**, **=con'i-cal**, *a.* സംക്ഷേപം ആയ, ചുരുക്കം—; 2. മിതഭാഷണമുള്ള; 3. ലഘു ആയ; 4. കഠിനം—, ക്രൂരം—. **='i-cal-ly**, *ad.* ചുരുക്കത്തിൽ; അത്ഥപുഷ്ടിയോടെ; തിട്ടമായി. **=con'i-cism**, **lac'on-ism**, *n.* സംക്ഷിപ്തരീതി; വാചകച്ചുരുക്കം; മിതഭാഷണം. **=nīse**, **=nīze**, *v. i.* ചുരുക്കിപ്പറയുക; ലോഭം കാട്ടുക.

**Lacqu'ĕr** (lak'ĕr), **Lack'ĕr**, *n.* ഒര് വക തേപ്പ്; ചായം, 'വാർണ്ണീഷ്'. *v. t.* ചായം പൂശുക; 'വാർണ്ണീഷ്' തേക്കുക. **-ing**, *n.* പൂശൽ; തേപ്പ്.

Lac-ri-mō'so, *a.* ദുഃഖസ്വരമായ (*mus.*).

Lac-tā'tion, *n.* മുലകൊടുക്കൽ; 2. പാല് ചുരത്തൽ. ='tāge, *n.* പാല്; പാല് വെണ്ണ മുതലായ ദ്രവ്യങ്ങൾ. ='tant, *a.* മുലകുട്ടി; മുലകൊടുക്കൽ. ='ta-rēne, *n.* ഒര് വക തൈക്കട്ടി. ='tē-al, *a.* പാല് ഉള്ള; —സംബന്ധിച്ച; പാല്പ്രായമായ; രസയാണിസംബന്ധമായ (*an.*). *n.* രസയാണി, രസമുള്ള് (*an.*). ='te-an, ='te-ŏus, *a.* പാലുള്ള; രസവാഹകമായ. ='te-ŏus-ly, *ad.* ക്ഷീരപ്രായമായി. =tesc'-ence (-tes'ens), *n.* ക്ഷീരഭായകത്വം; —മയത്വം. =tes'cent (-tes'ent), *a.* ക്ഷീരഭായകമായ, പാലുള്ള (*b.*). ='tic, *a.* ക്ഷീരസംബന്ധം ആയ; ക്ഷീരോല്പാദിതം—. =tif'ĕr-ŏus, *a.* ക്ഷീരവാഹകം—; പാലുള്ള. =tif'ic, =tif'i-cal, *a.* പാലുണ്ടാകുന്ന; ക്ഷീരപ്രദമായ. ='ti-fūge, *n.* പാല് വററിക്കുന്ന മരുന്ന് (*med.*). ='tine, ='tōse, *n.* ക്ഷീരശക്കര. =tom'e-tĕr, *n.* —മാത്ര.

La-cū'na (*pl.* la-cū'næ), *n.* വിടവ്, പിളപ്പ്; കുഴി; 2. ഇട. =cū'nal, =cū'-nar, *a.* വിടവുള്ള. =cū'nar, *n.* മച്ച്, ചട്ടപ്പാക്ക്. =cū'nōse, =cū'nŏus, *a.* കുഴിഞ്ഞ, ചാല് ചാലായ. [Lake II.

La-cus'tral, La-cus'trine, *a.*, *s.u.*

Lad, *n.* ചെറുക്കൻ, ചെക്കൻ; യുവാവ്, ചെറുപ്പക്കാരൻ; 2. ചങ്ങാതി. lad'-die, *n.* ചെറുക്കൻ; പ്രിയൻ.

Lad'a-num, Lab'da-num, *n.* ഒര് വക കണ്ടിവെണ്ണ, ഒര് വക 'മുറു'.

Lad'dĕr, *n.* ഏണി, ഇട്ടേണി; 2. ഔന്നത്യമാൎഗ്ഗം. l.-handle കോവണിക്കൈപ്പിടി.

I. Lāde, *v.t.r.* or *ir.* (lā'ded, lā'ded *or* lā'den) ചുമട് ഏററുക, ഭാരം കയററുക; പേറ് കെട്ടുക; 2. മുക്കിപ്പകരുക, കോരിയൊഴിക്കുക. *v. i.* കമ്മത്തുണ്ടാക (*naut.*). l.-man പേറ് കയററുന്നവൻ. lā'den, *p.* & *a.* കയററിയ, നിറച്ച; ഭാരപ്പെട്ട. lā'ding, *n.* കയററൽ; കയററ്, ചരക്ക്. bill of l.g കേവ് ശീട്ട്, 'ബില്ലടി'.

II. Lāde, *n.* ഓവ്, ആണി, ചാല്.

Lā'dle, *n.* കയില്, തവി, ഓവ്വി, കഴിയല്; 2. ചക്രപ്പലക. l.-board ചക്രപ്പലക. *v. t.* മുക്കുക, കോരുക; 2. അളക്കുക; 3. വിളമ്പുക. -ful, *n.* കയില് നിറയ കൊള്ളുന്നത്, ഒര് കഴിയല്.

La-drōne', *n.* കവച്ചക്കാരൻ; 2. കടല്ക്കള്ളൻ; 3. കള്ളൻ, തിരുടൻ.

Lā'dy, *n.* വീട്ടെജമാനത്തി, ഗൃഹസ്ഥ; 2. ശ്രീമതി; കലീനസ്ത്രീ, പ്രഭുപത്നി, —പുത്രി; 3. പ്രിയ; 4. സ്ത്രീ; മാന്യസ്ത്രീ, കുല—, തറവാട്ട് കാരത്തി; 5. ഭാൎയ്യ. *a.* സ്ത്രീകൾ കുചിതമായ; 2. കലീനയായ. ladies' man അംഗനാരസികൻ. l.-chapel കന്യമറിയപ്പള്ളി (*R. C.*). l.-in-wait-ing അരമനത്തോഴി. l.'s maid തോഴി. Our L. കന്യകമറിയ (*R. C.*). l.-beetle, l.-bird, l.-bug, l.-clock, l.-cow, l.-fly ഒര് വക വണ്ട് (*z.*). L.-Day കന്യാമറിയപ്പെരുന്നാള്, മാൎച്ച് 25-ാംനു- (*R.C.*). l.-hood സ്ത്രീഗുണം; —സ്വഭാവം. l.-killer സ്ത്രീമോഹിതൻ. l.-killing സ്ത്രീമോഹനം. l.-kin ചെറിയ സ്ത്രീ; പ്രിയ. lā'kin കന്യകമറിയ (*R. C.*). l.-like തറവാട്ട് കാരത്തിയായ; സ്ത്രീകൾക്ക് പററിയ; ബലംകുറഞ്ഞ; സ്ത്രീസ്വഭാവമുള്ള. l.-love പ്രിയ; ജാരിണി; വിശ്വാസക്കാരത്തി, രഹസ്യക്കാരത്തി. -ship, *n.* കലീനത്വം. her *or* your l.p ഇങ്ങുന്ന്, ഇവിടേക്ക്, ഭവതി. [മുള്ള (*b.*).

Læ'vi-gāte, =gā'tŏus, *a.* മിനുസ

Lag, *a.* മന്ദമായ, വഴിയെയുള്ള. l.-end അവസാനം. *n.* വാല്ക്കഷണം; 2. അധമവൎഗ്ഗം. *v.i.* പതുക്കെ നടക്കുക; വഴിയെ ആയ്പ്പോക; താമസിക്കുക. -'gard (lag'ĕrd), *a.* മന്ദമായ, മടിയുള്ള; വഴിയോട്ടായ. -gard, -'gĕr, *n.* താമസക്കാരൻ, മന്ദഗതിക്കാരൻ. -ging-ly, *ad.* താമസത്തോടെ, മന്ദമായി.

Lā'gĕr-bēer, *n.* പഴകിയ 'ബീര്'മദ്യം. lā'gĕr-wine, *n.* പഴകിയ 'വീഞ്ഞ്', —ദ്രാക്ഷാരസം.

Lag'o-morph (-morf), *n.* മുയല് (*z.*). =mor-pha (-fa), *n. pl.* ശശവൎഗ്ഗം.

**La-goon′, La-gūne′,** *n.* കായല്, ചിറ; 2. ലവീപസരസ്സ്. **l.-island** മോതിരത്തുരുത്തി.

**Lag-oph-thal′mi-a, =thal′mos,** *n.* വാതഹതനേത്രരോഗം (*med.*).

**Lā′ic, Lā′i-cal,** *etc.*, *s. u.* **Lay** II.

**Lāid,** *p. t.* & *p. p. of* **Lay** IV.

**Lāin,** *p. p. of* **Lie** II.

**Lāir,** *n.* കാട്ട്മൃഗം കിടക്കുന്ന സ്ഥലം, മട, മാളം, ഗുഹ; 2. ശ്മശാനഭൂമി.

**Lāird** (lārd), *n.* പ്രഭു; ജന്മി. **-ship,** *n.* ജന്മിത്വം.

***Lāis′sez fāire*** (lā′sā fār) കയ്യിടാതിരിക്കൽ, തൊടാതിരിക്കൽ.

**Lā′i-ty,** *s. u.* **Lay** II.

I. **Lāke,** *n.* ഒര് വക രക്തവർണ്ണം; ചുവപ്പ്ഛായം. **lā′ky,** *a.* പ്രസന്നമായ.

II. **Lāke,** *n.* തടാകം, സരസ്സ്. **l.-dwellers** യൂരോപ്പിലെ മഹാപുരാതനവാസികൾ. **-′let,** *n.* ചിറ. **lā′ky,** *a.* തടാകസംബന്ധമായ. **la-cus′tral, la-cus′trine,** *a.* സരസ്സിൽ ഉള്ള, കുളത്തിൽ ഉണ്ടാകുന്ന; തടാകസംബന്ധമായ.

**Lä′ma,** *n.* തീബെത്തിലെ ബുദ്ധമതഗുരു. **the grand l., Delai-l.** —ഗുരുവരൻ. **-ism,** *n.* 'ലാമ'മതം, തീബെത്തിലെ ബുദ്ധ—. **-ist, -īte,** *n.* 'ലാമ' മതക്കാരൻ. **-ser-y,** *n.* 'ലാമ'സന്ന്യാസിമഠം.

**Lamb** (lam), *n.* ജടയാട്ടിൻകുട്ടി, ചെമ്മരിയാട്ടിൻ— (*z.*); 2. ശാന്തൻ, സാധു; 3. പൊട്ടൻ. **L. of God, The L.** മാനുഷകുലത്തിൻെറ പാപപരിഹാരാർത്ഥം തന്നെത്തന്നെ യാഗമായി അർപ്പിച്ച ലോകരക്ഷിതാവായ യേശുക്രിസ്തു. **-′kin,** *n.* ചെറിയ ആട്ടിങ്കുട്ടി. **l.-like** ശാന്തമായ. **l.-skin** കുട്ടിയാട്ടിന്തോല്. *v.i.* ആട് പെറുക. **-′āle,** *n.* ആട്ട്രോമം കത്രിക്കുന്ന അടിയന്തരം.

**Lam′ba-tive,** *n.* ലേഹ്യം, രസായനം (*med.*). *a.* നക്കിത്തിന്മാനുള്ള.

**Lam′bent,** മുകളിൽ മാത്രമുള്ള; ലേശമായി തൊട്ട; ഉള്ളില്ലാത്ത; 2. ഉളിയുന്ന; 3. അലയുന്ന.

**Lāme,** *a.* ഊനമുള്ള, ഇളക്കുവാൻ പ്രയാസം ഉള്ള; മുടന്തായ; 2. അപൂർണ്ണമായ. **l.-duck** അവധിക്ക് പണം കൊടുപ്പാൻ കഴിയാത്തവൻ. *v. t.* ചട്ടയാക്കുക. **-′ly,** *ad.* നൊണ്ടിക്കൊണ്ട്. **-′ness,** *n.* നൊണ്ടല്, ചട്ട, മുടന്ത്. **lā′mish,** *a.* അല്പം ചട്ടയുള്ള.

**La-mel′la,** *n.* (*pl.* **la-mel′læ**) നേർമ്മത്തോല്; 2. അടുക്ക്. **la-mel′lär, lam′-el-lāte, lam′el-lā-ted,** *a.* പരന്ന, നേർമ്മ ആയ. **la-mel′lär-ly,** *ad.* അടുക്കടുക്കായി.

**Lam-el-li-bran′chi-a, =bran′chi-a-ta,** *n. pl.* ഇളമ്പക്കവർഗ്ഗം, ഇത്തിള്— (*z.*).

**La-ment′,** *v. i.* വിലപിക്കുക, ദുഃഖിക്കുക. *v. t.* ഓർത്ത് ദുഃഖിക്കുക, പ്രലാപിക്കുക. *n.* പ്രലാപം, കരച്ചല്; 2. പ്രലാപകാവ്യം. **lam′en-ta-ble,** *a.* വിലാപ; ദുഃഖകരമായ; വ്യസനിക്കത്തക്ക; അരിഷ്ടം ആയ; നിസ്സാരം—. **lam′en-ta-ble-ness,** *n.* പ്രലാപനീയത്വം. **lam′en-ta-bly,** *ad.* വ്യസനകരമാംവണ്ണം; ഏററവും. **lam-en-tā′tiŏn, -ing,** *n.* അല, മുറ, കരച്ചല്, നിലവിളി; *pl.* വേദപുസ്തകത്തിലെ വിലാപങ്ങൾ എന്ന പുസ്തകം (*Bl.*). *a.* പ്രലാപിതമായ. **-ēr,** *n.* പ്രലാപകൻ. **-ing-ly,** *ad.* വിലാപപൂർവ്വം.

**La-met′ta,** *n.* ശലാക, കമ്പി; തകിട്.

**Lam′i-a,** *n.* ഗന്ധർവ്വി; 2. വേതാളം; 3. ക്ഷുദ്രക്കാരത്തി.

**Lam′i-na,** *n.* (*pl.* **lam′i-næ,** *pr.* -nē) പൊളി, തകിട്, അടുക്ക്; 2. ചെതുമ്പല് (*z.*); 3. ഞെട്ടി, മുക്ക് (*b.*). **=na-ble,** *a.* പൊളുക്കയാക്കാകുന്ന, പൊളിപൊളിയായ. **=nal, =nar, =nar-y,** *a.* കവചാംകവചമായ. **=nāte,** *a.* അടുക്കടുക്കായ. *v. t.* തകിടാക്കുക; അടുക്കടുക്കാക്കുക. *v. i.* അടരുക. **=nā′tiŏn,** *n.* അടരൽ, പൊളുക്കയാകൽ.

**Lam′mas,** *n.* ആദ്യഫലോത്സവം; പുത്തരി (*R.C.*). **l.-day, l.-tide** ആഗസ്റ്റ് 1-ാം നം.

**Lam′mēr-geīr, =geī-ēr,** *n.* ഒര് വക പരുന്ത്, ഗൃധ്രം. (*z.*).

Lamp, *n.* വിളക്ക്, ദീപം; hanging l. തൂക്ക്വിളക്ക്. safety l. ഭദ്രദീപം. wall-l. ചുവര് വിളക്ക്. table-l. നില—. l.-black മഷി. l.-burner തിരിക്കൂട്. l.-fount എണ്ണക്കുടം. l.-light വിളക്കിന്റെ പ്രകാശം; വിളക്ക് വെക്കുന്ന സമയം. l.-lighter വിളക്ക് കത്തിക്കുന്നവൻ. l.-post വിളക്ക് തൂണ്. -'ic, *a.* വിളക്കിൽനിന്നുണ്ടാകുന്ന. -'less, *a.* വെളിച്ചമില്ലാത്ത; മന്ദമായ, മങ്ങിയ.

Lam-poon', *n.* പരിഹാസലേഖനം, —കവിത. *v. t.* പരിഹാസപ്പാട്ട് കെട്ടുക. -ĕr, *n.* നിന്ദാലേഖകൻ; പരിഹാസകവി. -ry, *n.* പരിഹാസപ്പാട്ട് കെട്ടൽ; പരിഹാസകവിത.

Lam'prey (-pri), Lam'pron, *n.* ഒര് വക ആരല് (*z.*). lam'pĕrn, *n.* കളിർനീരാരല് (*z.*).

Lā'nāte, ='ted, *a.* നീണ്ട രോമമുള്ള.

Lance, *n.* കുന്തം, ഈട്ടി, വേൽ; 2. കുന്തക്കാരൻ. l.-bucket കതിരജീനിലുള്ള കുന്തക്കുഴി. l.-corporal ഉപ'നായ്ക്കൻ' (*mil.*). l.-knight കൂലിച്ചേകവൻ. free l. കൂലിപ്പടയാളി; സ്വയതന്ത്രാക്ഷേപകൻ. to break a l. തമ്മിൽ പൊരുതുക, ദ്വന്ദ്വയുദ്ധം ചെയ്യുക. *v. t.* കുത്തുക, തുളെക്കുക; 2. കീറുക, മുറിക്കുക; 3. ചാട്ടുക. ='cē-o-lar, ='cē-o-lāte, ='cē-o-lā-ted, *a.* അററംകൂൎത്ത. lan'cĕr, *n.* കുന്തക്കാരൻ, കുന്തപ്പടയാളി. lan'cet, *n.* ശസ്ത്രം, കത്തി. l.t arch കൂപ്പ്'കമാന്' (*arch.*). lan-cif'ĕr-ŏus, *a.* കുന്തംപിടിച്ച. lan'ci-form, *a.* കുന്താകൃതിയായ.

Lan'ci-nāte, *v. t.* കീറുക, കുത്തുക, തുളെക്കുക, =nā-ting, *a.* തുളക്കുന്ന; ശൂലയായ. =nā'tiŏn, *n.* കീറൽ, മുറിക്കൽ.

Land, *n.* കര; 2. നാട്, ദേശം, രാജ്യം, പ്രദേശം; 3. മണ്ണ്: wet l. പുഞ്ച; dry l. നഞ്ച; 4. നിവാസികൾ; 5. ഇളകാത്ത മുതല്, സ്ഥാവരസ്വത്ത് (*l.*); 6. തിണ്ട്; 7. കണ്ടം (*agr.*). l.-agent, l.-steward കാൎയ്യസ്ഥൻ. l.-boat പായി കൊട്ടുത്തോട്ടുന്ന വഞ്ചി. l.-blink ഹിമത്തിളക്കം. l.-breeze, l.-wind കരക്കാററ്. l.-crab കരഞണ്ട്. l.-fall കൈവശക്കാരന്റെ മരണത്താലുള്ള ഭൂമികൈമാററം; കരകാണൽ (*naut.*). l.-fish നിലതെററിയവൻ. l.-flood വെള്ളപ്പൊക്കം. l.-force കരസൈന്യം. l.-grave ശർമ്മാന്യ ഇടപ്രഭു. l.-graviate —പ്രഭുത്വം. l.-gravine —പ്രഭുസ്ത്രീ. l. ho! കരയതാ! (*naut.*). l.-holder ജന്മി. l.-holding ജന്മിത്വം. l.-jobber ഭൂമിതരകൻ. l.-lady ജന്മിയായ സ്ത്രീ; (വിട്ടതി) വീട്ടുടമക്കാരത്തി; വഴിയമ്പലക്കാരത്തി. l.-leaper, l.-loper, l.-louper തെണ്ടി, പെറുക്കി, തുക്കി. l.-leech ഇമ്പുഴ (*z.*). l.-lock കരക്കുള്ളിലാക്കുക. l.-locked ചുററും കരഉള്ള, ചിറകെട്ടിയ, ചിറയില്ലുള്ള. l.-lord, l.-owner ജന്മി; (കൂലിക്ക് കൊടുത്ത) വീട്ടുടമസ്ഥൻ; സത്രക്കാരൻ. l.-lordism ജന്മിത്വം. l.-louping തുക്കിപ്പെറുക്കിനടക്കൽ. l.-lubber കരവാസി. l.-man കുടിയാൻ; കരവാസി. l.-mark അതിര്, അതിക്കല്ല്; അടയാളം, കുറി. l.-marks of history മുഖ്യസംഭവം. l.-measure ഭൂമിയളവ്. l.-owning ജന്മിത്വം; ജന്മിയായ. l.-reeve പ്രവൃത്തിക്കാരൻ. l. -service കരച്ചേകം. l.-shark ചതിയൻ. l.-slip, l.-slide മലയിടിവ്; ഇടിയുന്ന ഭൂമി. l.s-man കരവാസി; നടാടെയുള്ള 'കലാശി'. l.-spout ആകാശനീർച്ചുഴി. l.-tag ആലോചനസഭ. l.-tax ഭൂമിനികുതി, കരം. l.-tortoise, l.-turtle കാരാമ (*z.*). l.-urchin കൂരൻ (*z.*). l. or house of bondage ഈജിപ്ത് രാജ്യം (*Bl.*); ഉപദ്രവസ്ഥലം; പരവാസകാലം. l. of cakes സ്കോട്ട്ലാണ്ട് രാജ്യം. l. of Nod നിദ്ര. l. of Promise കനാൻരാജ്യം (*Bl.*); സുപ്രതീക്ഷ. to make l. കരകാണുക (*naut.*). to set the l. കര ഏത് ദിക്കിലാണെന്ന് ഗണിക്കുക. to shut in the l. കരമറഞ്ഞിരിക്കുക. *v. t.* കരക്കിറക്കുക, കിഴിക്കുക; 2. പിടിച്ച് കരക്കിടുക, പിടിക്കുക; 3. വീഴുക, എത്തുക, കിഴിയുക; 4. ആക്കുക. to l. one in difficulties വിഷമത്തിലാക്കുക. *v. i.* കപ്പലിൽനിന്നിറ

ങ്ങുക; 2. എത്തുക. -'ed, *a.* നിലംപറമ്പുകളുള്ള; സ്ഥാവരസ്വത്തായ. -'ĕr, *n.* ഇറങ്ങുന്നവൻ. -'ing, *a.* കരക്ക് ഇറങ്ങുവാനുള്ള; —വലിച്ചിടുന്ന. l.g charges ഇറക്ക്കൂലി. l.g net കണ്ടാച്ചി. l.g stage പൊങ്ങപ്പടി, പൊങ്ങത്തട്ട്. l.g waiter ചുങ്കമേനോക്കി. *n.* കരക്കിറങ്ങൽ; ഇറങ്ങുവാനുള്ള സ്ഥലം; പടി; കരക്ക് വലിച്ചിടൽ. -'less, *a.* ഭൂമിയില്ലാത്ത. -'scāpe, *n.* ദിഗ്ഭാവം, ദേശക്കാഴ്ച, കണ്ണാടിടം; ഭൂഭാഗചിത്രം; ദേശവൈചിത്ര്യം. l.e-gardening വിചിത്രത്തോട്ടം. -'scā-pist *n.* ഭൂചിത്രലേഖകൻ. -'ward, *ad.* കരകൊള്ളെ.

Lan'dau, *n.* ഒരു വക നാലുരുള് വണ്ടി. -let, *n.* ചെറിയ നാലുരുള്—.

Lāne, *n.* ഇടവഴി, ഇടയി; 2. വരമ്പ്; 3. ഇടത്തെരുവ്.

Lang-sȳne', *ad.* & *n.* പണ്ട്, പുരാണത്തിൽ.

Lan'guāge (-gwāj), *n.* ഭാഷ, വാക്ക്; 2. ഭാഷാരീതി; 3. വംശം, ഭാഷക്കാര്. *v.t.* വാക്കിൽ പറയുക, പ്രസ്താവിക്കുക. =guāged, *a.* ഭാഷ ഉള്ള; ഭാഷാവൈഭവം—. -less, *a.* ഭാഷയില്ലാത്ത, മൌനമായ. lin'gō, *n.* വാക്ക്, ഭാഷ. lin'guist (-gwist), *n.* ബഹുഭാഷാജ്ഞൻ, പലഭാഷയറിയുന്നവൻ. lin-guis'tic, *a.* ഭാഷാസംബന്ധമായ. lin-guis'tics, *n.* ബഹുഭാഷാവിദ്യ.

Lan'guet, *n.* നാക്ക്.

Lan'guid, *a.* തളൎന്ന, ക്ഷീണിച്ച, വാടിയ; 2. മന്ദം ആയ, സാവധാനം—; 3. ആലസ്യകരം—. -ly, *ad.* ഉന്മേഷം ഇല്ലാതെ, ചുണ—. -ness, *n.* മാഴ്ച, ആലസ്യം. =guish, *v.i.* ക്ഷീണിക്കുക, തളരുക; ചുണകെടുക; വാടുക; വലയുക; കടാക്ഷിക്കുക. =guish-ĕr, *n.* ക്ഷീണമുള്ളവൻ. =guish-ing, *a.* ക്ഷീണിച്ച; മെലിച്ചലുള്ള; പരിതാപകരമായ. =guish-ing-ly, *ad.* ക്ഷീണത്തോടെ. =guish-ment, *n.* ആലസ്യം, ക്ഷീണം; കടാക്ഷം; വിരഹം. =guŏr (-gwĕr), *n.* ചടെപ്പ്, ഉന്മേഷമില്ലായ്മ, മന്ദത; ആലസ്യം.

Lan'iard, Lan'yard, *n.* കയറ്, മാറ്.

Lan'i-ar-y, *a.* മുറിക്കുന്ന, പറിച്ച് ചീന്തുന്ന (*an.*). *n.* കലസ്ഥലം, അറപ്പ്പുര; 2. കൂൎച്ചമ്പല്ല് (*an.*). =ar'i-form, *a.* കൂൎച്ചമ്പല്ല്പോലെയുള്ള (*an.*). =āte, *v. t.* കടിച്ച് ചീന്തുക. =ā'tiŏn, *n.* കടിച്ച് ചീന്തൽ.

Lan-if'ĕr-ŏus, Lan-ig'ĕr-ŏus, *a.* രോമം ഉള്ള; 2.—ഉണ്ടാകുന്ന. =nif'i-cal, *a.* ആട്ട്രോമപ്പണി ചെയ്യുന്ന.

Lank, *a.* കൃശമായ, മെലിഞ്ഞ; ഒട്ടിയ, ചുളുങ്ങിയ. l.-hair നീണ്ട് നേൎത്ത തലമുടി. .-'i-ness, -'ness, *n.* മെലിച്ചല്. -'ly, *ad.* അഴവായി; ചുളുങ്ങിക്കൊണ്ട്. -'y, *a.* ഏതാനും നേൎമ്മയായ, വണ്ണംകുറഞ്ഞ.

Lan'nĕr, -et, *n.* ഒരു വക പ്രാപ്പിടിയൻ (*z.*).

Lant, *n.* മൂത്രം.

Lan'ta-na, *n.* അരിപ്പൂച്ചെടി (*b.*).

Lan'tĕrn, Lan'thŏrn, *n.* 'ലാന്തറ്', 'പാനൂസ്', പ്രച്ഛന്നദീപം; വിളക്ക്കൂട്; 2. ദീപസ്തംഭമാടം; 3. താഴികമാടം. dark-l. മറദീപം. magic-l. ജാലദീപം, ചിത്രപ്രദൎശക—, ചിത്രദൎശിനി. l.-fly, l.-carrier ഒരു വക മിന്നാമിനുങ്ങ് (*z.*). l.-jaws കൃൎത്തമുഖം. l.-jawed നീണ്ടമുഖമുള്ള.

La-nū'gi-nōse, =nŏus, *a.* മൃദുരോമം ഉള്ള, തൊപ്പ—. =nū'gō, *n.* ശദ്രോമം, പിറവി—.

1. Lap, *n.* തൊങ്ങല്; 2. തുണിക്കര, അരു; മടക്ക്; 3. പാവാട; 4. മുന്നാരത്തുണി; മടിത്തുണി; 5. മടിപ്രദേശം, അങ്കം; 6. കവിച്ചല്; മറ; 7. വട്ടോട്ടം; 8. മിനുക്കച്ചാണ. l.-board തുന്നപ്പലക. l.-dog ഒരു വക ചെറുനായി. l.-stone തോല്ക്കല്ല്, പട്ടടക്കല്ല്. l.-wing ടിട്ടിഭം, കോയമ്പ്ലി(*z.*) l.-work തൊങ്ങൽപണി. *v. t.* മടിയിൽ കുത്തിരിക്കുക,— കിടക്കുക; 2. ചാണപിടിക്കുക, മിനുക്കുക; 3. കവിച്ച് വെക്കുക; 4. ചുറക്കുക, പൊതിയുക; 5. കെട്ടിപ്പിടിക്കുക; 6. മടിയിൽ ഇരുത്തുക; ഓമനിക്കുക. *v. i.* മടങ്ങിക്കിടക്കുക,

കവിഞ്ഞ് വീഴുക, തൂങ്ങുക. la-pel', *n.* കുപ്പായത്തിന്റെ മാർമടക്ക്. la-pelled', (-peld') *a.* മാറ് തുറന്ന, മാറിന്ന് മടക്കുള്ള. -ful', *a.* മടി നിറയ. -'ling, *n.* ഓമനക്കുട്ടി, സുഖിയൻ. -'pĕr, *n.* മടക്കുള്ളത്. -'pet, അലങ്കാരക്കര.

II. Lap, *v. t.* നക്കിക്കുടിക്കുക, നക്കിത്തിന്നുക. 2. ഒച്ചയോടെ നക്കുക. *v. t.* നക്കുക. *n.* നക്കൽ; 2. നക്കുന്ന ഒച്ച. -'pĕr, *n.* നക്കിക്കുടിക്കുന്നവൻ.

Lap'is, *n.* (*pl.* lap'i-dēs) കല്ല്, ശില. l.-lazuli വൈഡൂര്യം, നീലോപലം (*min.*). lap'i-dar-y, lap'i-dist, *n.* രത്നച്ചാണക്കാരൻ; രത്നവാണിഭക്കാരൻ, തട്ട്—; രത്നജ്ഞൻ. l.y's lathe, mill *or* wheel രത്നച്ചാണ. *a.* രത്നച്ചാണസംബന്ധമായ; രത്നക്കൊത്ത്—; ശിലാലിപി—. l.y style സംക്ഷിപ്തരീതി. lap-i-dā'ri-an, *a.* ശിലാസംബന്ധം ആയ; —ലിഖിതം—, lap-i-dā'ri-ŏus, *a.* ശിലാമയം—. lap-i-des'cence, *n.* കല്ലിക്കൽ; കൽക്കൂട്ട്. lap-i-des'cent, *a.* കല്ലായ്ത്തീരുന്ന; കല്ലായ്ത്തീരാകുന്ന; കല്ലാക്കുന്ന. *n.* ശിലാകാരകം. lap-i-dif'ic, lap-i-dif'i-cal, *a.* ശിലാമയം ആയ; —കാരകം—. lap-id-i-fi-cā'tiŏn, *n.* കല്ലിപ്പിക്കൽ. lap-id'i-fȳ, *v. t.* കല്ലിപ്പിക്കുക, ശിലാമയമാക്കുക. *v. i.* കല്ലിക്കുക. la-pil-lā'tiŏn, *n.* ശിലാമയത്വം; ശിലാകാരകത്വം. la-pil'lī, *n. pl.* അഗ്നിപർവ്വതഭസ്മം. [Lap I.

Lap'pĕr, Lap'pet, Lap'ping, *s. u.*

Lapse, *n.* വീഴ്ച, താഴ്ച, പതനം; 2. അബദ്ധം; കുറവ്; പിഴ; 3. ഉപേക്ഷയാലുള്ള അവകാശനഷ്ടം (*l.*); 4. വിശ്വാസത്യാഗം (*theo.*). *v. i.* വഴുതിപ്പോക, കഴിഞ്ഞ് പോക; 2. തെറ്റ് ചെയ്യുക, കുറഠം—; 3. ഉപേക്ഷയാൽ അവകാശം പോയ്പോക (*l.*); 4. അസാധുവാക (*l.*). *v. t.* കഴിഞ്ഞ് പോകുമാറാക്കുക; 2. തരം വിട്ട് കളയുക; അവകാശം ഉപേക്ഷിക്കുക. lapsed (lapst), *a.* പോയ്പോയ, നഷ്ടമായ, കഴിഞ്ഞ് പോയ, ഇല്ലാതായ; ദുർബ്ബലപ്പെട്ട, 'റദ്ദാ'യ്പോയ. lap'sa-ble, *a.* നഷ്ടമായി പോകാവുന്ന, കഴിഞ്ഞ്—.

La-pū'tan, *a.* സങ്കല്പം ആയ, മനോരാജ്യം—; മൗഢ്യം—.

Lär, *n.* (*pl.* lā'rēs) കുലദേവത, ഗൃഹപ്രതിഷ്ഠ; 2. ഭവനം, ഗൃഹം.

Lär'bōard, *n.* (അണിയത്തേക്ക് മുഖമായി നില്ക്കുമ്പോൾ) കപ്പലിന്റെ ഇടഭാഗം. *a.* ഉരുവിന്റെ ഇടവശത്തുള്ള; —ഇടഭാഗംസംബന്ധിച്ച.

Lär'ce-ny, *n.* മോഷണം, കളവ് (*l.*). grand l. വൻകളവ്. petit l. ചില്ലറക്കളവ്. mixed l., compound l. ഭവനത്തിൽനിന്നുള്ള കളവ്; ദേഹത്തിൽനിന്നുള്ള—. simple l. വെറും—. =nĕr, =nist, *n.* മോഷ്ടാവ്, കള്ളൻ, കളവ് ചെയ്യുന്നവൻ. =nŏus, *a.* മോഷണസ്വഭാവമുള്ള; കക്കുന്ന. =nŏus-ly, *ad.* മോഷണമായി.

Lärd, *n.* പന്നിമാംസം; 2. പന്നിക്കൊഴുപ്പ്. l.-oil പന്നിനെയ്. leaf-l. —നെയ്യില. *v. t.* പന്നിയിറച്ചി നിറക്കുക; പന്നിച്ചെരുവിയിടുക; 2. തടിപ്പിക്കുക; 3. കൊഴുപ്പ് തേക്കുക; 4. ശോഭക്കൂട്ടുക, നന്നാക്കുക. =dā'ceŏus (-shus), -'y, *a.* പന്നിനെയ് ഉള്ള; —പോലെ—. =dĕr, *n.* കലവറ. ='dĕr-ĕr, *n.* കലവറക്കാരൻ. ='don, ='doon, *n.* പന്നിമാംസനുറുക്ക്.

Lā'rēs, *see* Lar.

Lärge, *a.* വലിയ, വണ്ണമുള്ള, മഹാ, വൻ; 2. ധാരാളം ആയ, പുഷ്കലം—; 3. വിസ്തീർണ്ണം—; വിശാലം—; 4. വിവരം—. l.-acred അധികഭൂസ്വത്തുള്ള. l.-handed കൈവലിയ; ഔദാര്യം ഉള്ള; പിടിച്ച് പറി— l.-hearted ഔദാര്യം—; യോഗ്യനായ. l.-heartedness ഉദാരത. at l. സ്വാതന്ത്ര്യമായി; പിടികിട്ടാതെ; വിസ്തീർണ്ണമായി. to give, go, run *or* sail l. വിലങ്ങനെ അടിക്കുന്ന കാറ്റ് പിടിച്ചോട്ടുക. *n.* ദീർഘസ്വരം (*mus.*). -'ly, *ad.* അധികം ആയി, ധാരാളം—. -'ness, *n.* വിശാലത; വലിപ്പം. lär'gess, lär'gesse, *n.* ഔദാര്യശീലം; ദാനം, സമ്മാനം. lär'gish, *a.* അല്പംവലിയ.

Lär'gō, *a.* & *ad.* പതുക്കെ, മുട്ടുവായി, മന്ദമായി (*mus.*).

**Lar'i-dæ** (-dē), *n. pl.* കടല്കാക്കവൎഗ്ഗം (*z.*). lar'īne, lar'oid, *a.* കടല്കാക്കവൎഗ്ഗത്തിലുള്ള.

I. **Lärk**, *n*, കളി, നേരമ്പോക്ക്. *v. i.* കളിക്കുക, ഉല്ലസിക്കുക. skȳ-lärk'ing, *n.* തമാശ, വിനോദം. -'ĕr, *n.* തമാശക്കാരൻ.

II. **Lärk**, *n.* വാനംപാടിപ്പക്ഷി, ഭരദ്വാജം (*z.*). l.-coloured തവിട്ട്നിറമുള്ള. *v. i.* പക്ഷിയെ പിടിക്കുക. -'ĕr, *n.* പക്ഷിപിടിയൻ.

**Lär'mi-ĕr**, *n*, ഇറ.

**Lar'rup**, *v. t.* പൊതിരെത്തല്ലുക. -ping, *n.* നല്ലപ്രഹരം.

**Lar'ry, Lor'ry, Lor'riē**, *n.* കല്ലൂരിവണ്ടി.

**Lar'um**, *n.* alarum എന്നതിന്റെ ചുരുക്കം.

**Lär'va**, (*pl.* lär'væ, *pr.*-vē), **Lärve** (*pl.* lärves), *n.* പ്രാണികളുടെ പുഴനില, മിട്ടില്, പുഴ, കീടം; (*z.*). 2. കൃമിപ്രായം (*z.*). =val, *a.* കീടസംബന്ധം ആയ. =vā-ted, *a.* വേഷഛന്നം—. =vi-form, *a.* കീടാകൃതി—. =vip'a-ra, *n. pl.* മിട്ടിലിടുന്ന പ്രാണികൾ. =vip'a-rŏus, *a.* മിട്ടിലിടുന്ന. [(*z.*).

**La'ry**, *n.* ഒരുവക വലിയ നീൎപ്പക്ഷി

**Lar'ynx** (-inks), *n.* കൃകം, ശ്വാസനാളദ്വാരം, തൊണ്ടവായി (*an.*). la-ryn'gē-al, la-ryn'ge-an, *a.* കൃകസംബന്ധമായ. lar-yn-gis'mus, *n.* —കവാടരോഗം (*med.*). lar-yn-gi'tis, *n.* —വീക്കം (*med.*). lar-yn-gol'o-ġy, *n.* —ശാസ്ത്രം; —നിദാനം. lar-yn'gō-scōpe, *n.* —ദൎശിനി. lar-yn-gō's-co-py, *n.* —ദൎശനം. [ത്യൻ, 'ലസ്കറ്'.

**Las-cär'**, *n.* 'കലാശി'; 2. പാളയഭൃ

**Las-civ'i-ŏus**, *a.* കാമാതുരം ഉള്ള, സ്ത്രീസക്തി—; 2. കാമജനകമായ. -ly, *ad.* കാമാതുരത്തോടെ. -ness, *n.* ലലനാലംപടത്വം, ഭോഗേച്ഛ.

I. **Lash**, *n.* കരടാവ്, 'ജാട്ടി'; 2. കണി; 3. അടി; 4. ആക്ഷേപം; 5. കണ്ണിമ; (*an.*). 6. അച്ച് (*weav.*). *v. t.* അടിക്കുക; 2. കടയുക; 3. ആക്ഷേപിക്കുക, ഖണ്ഡിക്കുക. *v. i.* 'ജാട്ടി' വീശുക; 2. അടിക്കുക; 3. അധിക്ഷേപിക്കുക. to l. out കടന്ന്കളയുക. -'ĕr, *n.* അടിക്കുന്നവൻ. -'ing, *n.* അടി, ശിക്ഷ. l.g out കടച്ചൽ; ധ്വംസനം.

II. **Lash**, *v. t.* കെട്ടുക, ബന്ധിക്കുക. -'ĕr, -'ing, *n.* കയറ്, ചരട്.

**Lass, Las'sie**, *n.* പെണ്ണ്, പെങ്കുട്ടി, ബാലിക; 2. പ്രിയ. -'lorn, *a.* സ്ത്രീവജ്ഞിതനായ.

**Las'si-tūde**, *n.* ക്ഷീണം, ആലസ്യം, ജാഡ്യം. [കുടുക്കുക.

**Las'sō**, *n.* ഊരാങ്കുടുക്കുള്ള കയറ്. *v.t.*

I. **Last**, *a.* & *ad.*, *s. u.* Late.

II. **Last**, *v. i.* നില്ക്കുക, ഉണ്ടാക; 2. നിലനില്ക്കുക, ഈട്—; എത്തുക. -'ing, *a.* നിലനില്ക്കുന്ന, ഈട്—. *n.* നിലനില്പ്; ഒരുവക ഉറപ്പുള്ള കമ്പിളിത്തുണി. -'ing-ly, *ad.* സ്ഥിരമായി.

III. **Last**, *n.* ചെരിപ്പച്ച്, കട്ട. darning l. 'മേജോടച്ച്'. to stick to one's l. താന്താന്റെ കാൎയ്യം നോക്കുക. *v. t.* അച്ചിലിടുക. -'ĕr, *n.* ചെരിപ്പ് ആകൃതിപ്പെടുത്തുന്നവൻ. -'ing, *n.* ചെരിപ്പ് ആകൃതിയാക്കൽ.

IV. **Last**, *n.* 4000 റാത്തലുള്ള ഒരു തൂക്കം; 2. കപ്പലിലെ ചരക്ക്. -'āġe, *n.* കപ്പലിൽ ചരക്ക് കയററൽ; നകാരം; കപ്പലിൽ ചരക്കിനുള്ള കള്ളി.

**Lat-a-kī'a**, *n.* ഒരുവക നല്ല തുക്കിപ്പുകയില.

**Latch** (lach), *n.* കൊളുത്ത്. *v. t.* കൊളുത്തുക, പൂട്ടുക. l.-key കൊളുത്ത് തുറക്കുന്നതാക്കോല്. l.-string കൊളുത്ത്കയറ്. to find the l.s out ആതിത്ഥ്യം കിട്ടുക. -'et, *n.* ചെരിപ്പിന്റെ വാറ്, —ചരട്.

**Lāte**, *a.* (*c. d.* lā'tĕr, lat'tĕr, *s. d.* lā'test, last) സമയം തെററിയ, വൈകിയ, താമസിച്ച; സാവധാനം ആയ; 2. കുടുവ്—, അവസാനം—; 3. മുമ്പേത്ത; അടുത്തകാലം മരിച്ച, —പോയ, —ഉദ്യോഗം ഒഴിഞ്ഞ; 4. അധികംകാലം കഴിയാ

ത്ത, അടുത്തകാലത്തെ; പുതിയ; 5. നേരം വൈകുവോളമുള്ള. *ad.* വൈകിട്ട്, താമസിച്ചിട്ട്; 2. അടുത്തകാലത്ത്; 3. അധികനേരത്തോളം. of l. ഇയ്യിടെ. too l. വൈകീട്ട്, കാൎയ്യം കഴിഞ്ഞശേഷം. last, *a.* അവസാനത്തെ, ഒടുവിലത്തെ, അററത്തെ; 2. ഇതിന്നുമുമ്പേത്ത, കഴിഞ്ഞ; 3. മുഖ്യമായ; 4. താണ; 5. ഒട്ടം ഇടയില്ലാത്ത: he is the l.t person to do it അവൻ അങ്ങിനെ ചെയ്യാൻ ഇടയില്ല, —ചെയ്യുന്നവനല്ല. at l.t എങ്ങിനെയെങ്കിലും, താമസിച്ചിട്ടെങ്കിലും; ഒടുക്കം. at the l.t ഒടുവിൽ. l.t heir അററാലടക്കക്കാരൻ. on one's l.t legs മുതൽ നശിക്കാറായ നിലയിൽ, പൊളിയാറായ—. to breathe one's l.t മരിച്ച്പോക, പ്രാണൻ വിടുക. to the l.t ഒടുക്കത്തോളം, തീരുവോളം. *ad.* ഒടുവിൽ, അവസാനം; 2. ഇതിന്നുമുമ്പേത്ത. last′-ly, *ad.* ഒടുവായി, സമാപ്തിയായി. -′ly, *ad.* ഇയ്യിടെ. -′ness, *n.* താമസം, വിളംബനം. lā′tĕr, lat′tĕr, *a.* അധികം അടുത്ത; മുമ്പ് ഉള്ള; വഴിയെ ഉള്ള, —പറഞ്ഞ; ഇക്കാലത്തെ, ഇപ്പോഴത്തെ. l.r harvest കൊയ്ത്ത്കാലാവസാനം. l.r spring വസന്തകാലാവസാനം, പുഷ്പകാലാവസാനം. l.r-day saint മൊമ്മോനസഭക്കാരൻ (*chr.*). lat′tĕr-ly, *ad.* വഴിയെ, അടുത്തകാലം, ഇയ്യിടെ. lā′tish, *a.* ഏതാനും വൈകിയ.

La-tēen′, *n.* ഉരുവിന്റെ മുക്കോൺപായി.

Lā′tent, *a.* അദൃശ്യമായ, മറഞ്ഞ്കിടക്കുന്ന, അടങ്ങിക്കിടക്കുന്ന, ഗുപ്തമായ. l. heat ഗൂഢോഷ്മം, അനനുഭൂതോഷ്ണം (*ph.*). l. period രോഗത്തിന്റെ ഗോപ്യനില (*med.*). lā′tence, lā′ten-cy, *n.* ഗൂഢാവസ്ഥ, ഗോപ്യത. -ly, *ad.* ഗൂഢമായി, കാണാതെ. =tes′cence, *n.* അല്പഗോപ്യത. =tes′cent, *a.* അല്പ ഗൂഢമായ.

Lat′ĕr-al, *a.* വിലങ്ങനെ ഉള്ള, കുറുങ്ങനെ—; 2. പാൎശ്വഭാഗത്ത്— (*an.*). =al′i-ty, *n.* പാൎശ്വത, വിലങ്ങൽ. -ly, *ad.* വിലങ്ങത്തിൽ.

Lat′ĕr-īte, *n.* കല്ല്, വെട്ട്കല്ല്, ചെത്ത്—, ചെങ്കല്ല്. =ĭ′tic, *a.* ചെങ്കല്ല് ആയ; —കൊണ്ടുള്ള. =i′tiŏus (ish′us), *a.* ഇഷ്ടികതുല്യമായ.

La-tes′cence, *etc.*, *s. u.* Latēnt.

Lā′tex, *n.* മരക്കറ, ചാറ് (*b.*). lat-i-cif′ĕr-ŏus, *a.* കറയുള്ള.

Läth, *n.* നേൎമ്മപ്പലക. *v. t.* പലകയടിക്കുക. -′ing, *n.* പലകയടിക്കൽ. -′y, *a.* നേൎത്ത്നീണ്ട.

Lāthe, *n.* കടച്ചക്രട്, കടച്ചചക്രം (*carp.*); 2. അച്ച്പടി (*w.*).

I. Lath′ĕr, *n.* 'സോപ്പ്'നുര, 'സാബൂൻ'—; 2. കുതിര—, നുരപ്പിണ്ടി, മജ്ജു, *v. t.* 'സോപ്പ്' തേക്കുക. *v. i.* നുരക്കുക, നുരവരിക.

II. Lath′ĕr, *v. t.* ചമ്മട്ടികൊണ്ടടിക്കുക, അടിക്കുക.

Lat-i-cif′ĕr-ŏus, *a.*, *s. u.* Latex.

Lat′in, *a.* റോമരാജ്യസംബന്ധമായ; 2. ലത്തീനഭാഷാ—. L. church റോമസഭ (*Chr.*). L. races 'പറങ്കിക'ൾ. L. union തുല്യനാണ്യോടമ്പടിരാജ്യങ്ങൾ. *n.* റോമരാജ്യക്കാരൻ; 6. ലത്തീനഭാഷ; 3. റോമസഭാംഗം (*Chr.*). dog L. അബദ്ധഭാഷ. late L., low L., law L, സമ്മിശ്രലത്തീനഭാഷ. -ism, *n.* ലത്തീനഭാഷാരീതി. -ist, *n.* ലത്തീനഭാഷാപ്രവീണൻ. -is′tic, *a.* ലത്തീനസംബന്ധമായ. la-tin′i-ty, *n.* ശുദ്ധലത്തീനരീതി. -īse, -īze, *v. t.* ലത്തീനരീതി ആക്കുക; റോമസഭ—(*Chr.*).

Lat′i-tūde, *n.* അകലം, വീതി; 2. ഇടം, വിശാലത; 3. സ്വാതന്ത്ര്യം; 4. പരപ്പ്, അൎത്ഥപുഷ്ടി; അകല്ച; 5. വിസ്താരം, വലിപ്പം; വിവരം; 6. അക്ഷം, അകലപ്പടി (*geog.*); 7. നിക്ഷേപം, പതനം (*as.*). degree of l. അക്ഷാംശം. high l. ശീതപ്രദേശങ്ങൾ, ധ്രുവ—. low l. ഉഷ്ണ—, വിഷുവദ്രേഖ—. middle l. ഉഷ്ണമേഖല—. parallels of l. അക്ഷവൃത്തങ്ങൾ, —രേഖകൾ (*geog.*). =tū′di-nal, *a.* അക്ഷസംബന്ധമായ. =tū-di-nā′ri-an, *a.* സ്വാതന്ത്ര്യം ഉള്ള, തോന്നി

യവാസം—; വിശ്വാസസ്വാതന്ത്ര്യം—; ഉപദേശകൃത്യം ഇല്ലാത്ത; ധൎമ്മനിഷ്ഠ—; വൃത്തികൃത്യം കുറഞ്ഞ. *n.* അഭിപ്രായ സ്വതന്ത്രൻ, തോന്നിയവാസി; ഭിന്നമതോപദേശകൻ. =tū-di-nā'ri-an-ism, *n.* മതാഭിപ്രായസ്വാതന്ത്ര്യം. =tū'di-nōus, *a.* വിശാലമായ.

La-tri'a, *n.* ആരാധനം, ദൈവാരാധന, തേവാരം (*R. C.*).

Lat-rīne' (lat-rēn'), *n.* മറപ്പുര, ചൂളി, തണ്ടാസ്, 'കക്കൂസ്'.

Lat'ten, *n.* പിച്ചളത്തകിട്; 2. തകരം; 3. ലോഹത്തകിട്. black l., shaven l. കമ്പിപ്പിത്തള. white l. വെള്ളോട്.

Lat'tice, *n.* അന്താഴപ്പണി, 'ക്രാസി' പ്പണി. l.-work ജാലപ്പണി. *v. t.* ജാലപ്പണി ചെയ്യുക, അന്താഴമിടുക. to l. up ജാലാന്തരത്തിലാക്കുക. =cing, *n.* അന്താഴമിടൽ.

Laud (lad), *n.* പുകൾ, പുകഴ്ച, സ്തുതി, ബഹുമാനം; 2. *pl.* സ്തോത്രാരാധന; 3. സ്തുതിപ്പാട്ട്. *v. t.* വാഴ്ത്തുക, സ്തുതിക്കുക. -a-bil'i-ty, -'a-ble-ness, *n.* വന്ദനീയത്വം. -'a-ble, *a.* സ്തുത്യം ആയ; സുഖകരം—, സുഖമുള്ള. -'a-bly, *ad.* സ്തുത്യമായി. =dā'tiōn, *n.* വാഴ്ത്തൽ; സ്തുതി. -'a-tive, -'a-tōr-y, *a.* സ്തുത്യം ആയ, സ്തോത്ര സംബന്ധം—. -'ēr, *n.* വന്ദി, സ്തുതിക്കുന്നവൻ.

Laud'a-num, *n.* 'അഫീൻ'സത്ത്, കറുപ്പ്— (*med.*).

Läugh (läf), *v. i.* ചിരിക്കുക, ഹസിക്കുക, പ്രഹസിക്കുക; 2. ഉല്ലസിക്കുക. to l. at പരിഹസിക്കുക. to l. in the sleeve ഉള്ളുകൊണ്ട് ചിരിക്കുക. to l. out പൊട്ടിച്ചിരിക്കുക. to l. out of the other corner (*or* side) of the mouth കരയുക, വ്യസനിക്കുക. *v. t.* ചിരിപ്പിക്കുക; 2. (out) ചിരിച്ച് പറയുക. to l. away ചിരിയാൽ ഇല്ലാതാക്കുക; ചിരിച്ച് കാലംകളയുക. to l. down ചിരിച്ച് മിണ്ടാതാക്കുക; പരിഹാസത്താൽ ഇല്ലാതാക്കുക. to l. one out of പരിഹസിച്ച് മുടക്കുക. to l. to scorn നിന്ദിക്കുക. *n.* ചിരി, അട്ടഹാസം. -'a-ble, *a.* ചിരിവരത്തക്ക, പ്രഹസനം ആയ; ഹാസ്യകരം—. -'a-ble-ness, *n.* പ്രഹസനീയത്വം. -'a-bly, *ad.* ചിരിക്കത്തക്കവണ്ണം. -'ēr, *n.* ചിരിക്കുന്നവൻ; ഒര് വക മാടപ്രാവ് (*z.*). -'ing, *a.* ചിരിവരുന്ന. *n.* ചിരി. l.g-falcon ഒര് വക പ്രാപ്പിടിയൻ (*z.*). l.g-gas പ്രഹസനബാഷ്പം (*Chr.*). l.g goose ഒര് വക വാത്ത് (*z.*). l.g-gull —കടല്കാക്ക (*z.*). l.g hyena —തരക്ക് (*z.*). l.g-jackass —വലിയ മീങ്കൊത്തി (*z.*). l.g-owl —നത്ത് (*z.*). l.g-stock പരിഹാസവിഷയം, —പാത്രം, കോമാളി. -'ing-ly, *ad.* ചിരിയോടെ. -'tēr, *n.* ചിരി, ഹാസം. -'tēr-less, *a.* ചിരിക്കാത്ത.

Launch, Länch, *v. t.* എറിയുക, ചാടുക, എയ്യുക; 2. വെള്ളത്തിൽ ഇറക്കുക, താഴ്ത്തുക; 3. അയക്കുക; പ്രവൃത്തിക്കാക്കുക; 4. ആരംഭിക്കുക. *v. i.* വഴുതിയോടുക; 2. വെള്ളത്തിൽ ഇറങ്ങുക; 3. തുടങ്ങുക. *n.* കപ്പലിറക്കൽ; തോണിതാഴ്ത്തൽ; 2. കിഴിക്കൽ; 3. പടക്കപ്പൽ വള്ളം; പടക്.

Laun'dēr, *n.* അലക്കുന്നവൾ; 2. പൊന്നരിപ്പുപ്പാത്തി. *v. t.* അലക്കി 'ഇസ്ത്രി' യിടുക. -ēr, *n.* 'ദോബി', വെളുത്തേടൻ, വണ്ണാത്തി. -ing, *n.* അലക്ക് പ്രവൃത്തി. laun'dress, *n.* അലക്ക്കാരത്തി. laun'dry, *n.* തുണി തിരുമ്പൽ, അലക്കൽ; അലക്ക്പുര, —കളം. l.y-man അലക്ക്കാരൻ. l.y-maid അലക്ക്കാരത്തി.

Lau'rē-āte, *etc.*, *s. u.* Laurel.

Laur'el (lar'el), *n.* ഒര് ലത (*b.*); 2. ലതാകിരീടം; 3. ബഹുമാനം, പദവി; 4. ഒര് പുരാതന ഇംഗ്ലീഷ് പൊൻനാണ്യം. lau'rē-āte, *a.* മാലചൂടിയ, വിരുത് കിട്ടിയ, വള—. poet l.e കോവിലകക്കവി, വന്ദിപ്രവരൻ. *n.* വീരചങ്ങലകിട്ടിയവൻ; 2. രാജകവി. *v. t.* മാലചൂടി ബഹുമാനിക്കുക; വിരുത് വള കൊടുക്കുക. ='rē-āte-ship, *n.* വന്ദിപ്രവരസ്ഥാനം. =rē-ā'tiōn, *n.* വീരചങ്ങല കൊടുക്കൽ;

വിദ്യാപദവി—. =eled, =elled (-eld), *a.* ലതാകിരീടം ധരിച്ച. laur'ic, *a.* ലതാസംബന്ധം ആയ; —ജനിതം—. lau-rif'ĕr-ŏus, *a.* ലതാകിരീടം കിട്ടുന്ന.

Lä'vä, *n.* അഗ്നിപർവ്വതപ്രവാഹം, ദ്രവശില. =vat'ic, lav'ic, *a.* ദ്രവശിലാസംബന്ധമായ.

I. Lāve, *v.t.* കഴുകുക, കളിപ്പിക്കുക; ധാരയിടുക. *v.i.* സ്നാനംചെയ്യുക. =vā'tīŏn, *n.* ക്ഷാളനം. lav'a-tŏr-y, *a.* കഴുകുന്ന; ശുദ്ധിയാക്കുന്ന. *n.* കളിപ്പുര; നീർത്തൊട്ടി; ധാര; പൊന്നരിപ്പുസ്ഥലം. -ment, *n.* സ്നാനം; വസ്തിപ്രയോഗം. lā'vĕr, *n.* നീർത്തൊട്ടി; ശുദ്ധിയാക്കുന്നത്.

II. Lāve, *v. t.* മുക്കുക, കോരുക, പകരുക. [ള്ളവര്.

III. Lāve, *n.* ശിഷ്ടം, ബാക്കി; 2. മററു

Lav'en-dĕr, *n.* കർപ്പൂരവള്ളി; 2. ഒര് വക പരിമളദ്രവ്യം. l.-water സൌരഭ്യനീര്. to lay in l. പരിമളം കടഞ്ഞ് വെക്കുക.

Lav'ish, *a.* ധാരാളിക്കുന്ന, ദുർവ്യയം ചെയ്യുന്ന; 2. ധാരാളം ആയ, ബഹുലം—. *v.t.* കണക്കിലേറെ ചിലവിടുക, —കൊടുക്കുക; 2. നാനാവിധമാക്കുക. -ĕr, *n.* ദുഷ്ചിലവ്കാരൻ. -ly, *ad.* ധാരാളമായി. -ment, *n.* ദുർവ്യയം. -ness, *n.* ധാരാളത്വം.

Law (la), *n.* നടവടി, ചട്ടം; 2. ന്യായം; 3. ന്യായപ്രമാണം, മോശെധർമ്മം (*Bl.*); 4. രാജ്യനിയമം, 'കാനൂല്', നിയമം (*l.*); 5. പ്രമാണം, ധർമ്മം (*ph.*); 6. ക്രമം (*math.*); 7. സൂത്രം; 8. ധർമ്മശാസ്ത്രം; 9. നിയമ—; 10. വ്യവഹാരം. by-l., bye-l. ഉപനിയമം. canon l., ecclesiastical l. ക്രിസ്ത്യാനി സഭാനിയമം, സഭാചട്ടം. ceremonial l., Jewish l., Mosaic l. മോശെധർമ്മം (*Bl.*). civil l. രോമരാജ്യനിയമം; 'അദാലത്ത്'—. club l. കയ്യൂക്കധികാരം, അരാജകത്വം. commercial l., l. merchant വ്യാപാരനിയമം. common l. അലിഖിത—, രാജ്യനടപ്പ്. criminal l. കുററനിയമം, ദണ്ഡനീതി. Grimm's l. അക്ഷരപരിണാമ ധർമ്മം. international l., l. of nations രാജ്യവ്യവഹാരനിയമം. lynch l. പ്രജാപ്രതികാര പ്രവൃത്തി. marine l., maritime l. നാവികനിയമം; സമുദ്രവ്യാപാര—. martial l. സൈനിക—; യുദ്ധ—. military l. സൈനിക—. moral l. നീതിധർമ്മം, —ശാസ്ത്രം. municipal l., positive l. സ്വരാജ്യനിയമം. physical l., l. of nature പ്രകൃതിധർമ്മം. Roman l. രോമരാജ്യധർമ്മശാസ്ത്രം. statute l. ലിഖിതനിയമം. sumptuary l. മിതജീവനധർമ്മം. l.-abiding നിയമം അനുസരിച്ച് നടക്കുന്ന, ധർമ്മാധീനമായ; നിയമാനുസരണമുള്ള. l.-binding, l.-calf പുസ്തകം മട്ടമായി തോലിട്ട് കെട്ടൽ. l.-book ധർമ്മസംഹിത, നിയമപ്പുസ്തകം. l.-breaking നിയമലംഘനം. l.-breaker —ലംഘി. l.-day കച്ചേരിയുള്ള ദിവസം; കാണാവധി. l.-giving നിയമനിർമ്മാണികമായ. l.-giver —നിർമ്മാണികൻ. l.-language 'കോടതി'ഭാഷ. l.-making നിയമനിർമ്മാണം. l.-maker ധർമ്മകർത്താവ്. l.-monger വ്യവഹാരപ്രവൃത്തകൻ. l. of the land രാജ്യനിയമം; നിയമനടവടി. l.s of honour സമുദായാചാരം. l.-suit വ്യവഹാരം, 'അദാലത്ത്' വ്യവഹാരം. to go to l. വ്യവഹാരം നടത്തുക. to take *or* have the l. of വ്യവഹാരത്തിൽ ഉൾപ്പെടുത്തുക. to take the l. into one's own hands സ്വയനീതി നടത്തുക, നിയമലംഘനനിവൃത്തി സ്വമേധയാ ചെയ്യുക. -ful, *a.* നിയമാനുസാരം ആയ; ന്യായം—. l.l age യുക്തവയസ്സ്. -'ful-ly, *ad* നിയമാനുസാരമായി. -'ful-ness, *n.* ന്യായം, ധർമ്മം. -'ing, *n.* വ്യവഹാരം. -'less, *a.* നിയമവിരോധമായ; ദുർന്നടപ്പായ; ധർമ്മാതീതമായ. -'less-ly, *ad.* നിയമം തെററി. -'less-ness നിയമലംഘനം. law'yĕr, *n.* രാജ്യധർമ്മജ്ഞൻ; വ്യവഹാരശാസ്ത്രി, 'വക്കീല്'. law'yĕr-līke, law'yĕr-ly, *a.* വക്കീലിനടുത്ത.

I. **Lawn** (lan), *n.* ഒഴിവ് സ്ഥലം, തരിശ്; 2. മൈതാനം; പുല്പുറം. **l.-tennis** വലപ്പന്താട്ടം. **-'y**, *a.* പുല്പാടായ.

II. **Lawn**, *n.* ഉരുക്കുലം; 2. അദ്ധ്യക്ഷസ്ഥാനം. **-'y**, *a.* നേർമ്മത്തുണികൊണ്ടുണ്ടാക്കിയ.

**Lax**, *a.* മുറുക്കമില്ലാത്ത, അഴഞ്ഞ, അഴച്ചലായ; 2. ഖണ്ഡിതം ഇല്ലാത്ത, കൃത്യം—; തീർച്ച—; 3. വയറ് അഴഞ്ഞ, അതിസാരമുള്ള (*med.*). *n.* വയററ് പോക്ക് (*med.*). **-ā'tiŏn**, *n.* അഴച്ചൽ; അഴവ്. **-'a-tive**, *a.* അഴവാക്കുന്ന; വിരേചിപ്പിക്കുന്ന (*med.*). *n.* വിരേചനൌഷധം (*med.*). **-'a-tive-ness**, *n.* അഴച്ചൽ. **-'i-ty**, **-'ness**, *n.* മുറുക്കമില്ലായ്മ, പതം. **-'ly**, *ad.* കൎശനമില്ലാതെ.

I. **Lāy** (lā), *p. t. of* **Lie** കിടക്കുക.

II. **Lāy** (lā), *a.* ബോധകനല്ലാത്ത, സഭക്കാരനായ; 2. പഠിപ്പില്ലാത്ത; 3. സാമാന്യമായ; പരിചയംകുറഞ്ഞ. **l.-baptism** ബോധകനല്ലാത്തവൻ കഴിക്കുന്ന സ്നാനകൎമ്മം. **l.-brother** പാദിയല്ലാത്ത സന്ന്യാസി (*R. C.*). **l.-days** കപ്പലിൽ ചരക്ക് കയററുവാനും ഇറക്കുവാനും വേണ്ടിവരുന്ന സമയം. **l.-figure** പാവ, ലഗ്നം, ചട്ടകം. **l.-man** സഭക്കാരൻ; സാമാന്യൻ, 'അയ്മേനി' (*Syr.*); പാവ. **lā'ic**, *n.* സഭക്കാരൻ. **lā'ic**, **lā'i-cal**, *a.* സഭാംശത്തിന്നുള്ള, അയ്മേനിക്കുള്ള. **lā-i-cal'i-ty**, *n.* സാമാന്യത്വം. **lā'i-cal-ly**, *ad.* സാമാന്യമായി. **lā'i-ty**, *n.* സഭക്കാര്; സാമാന്യന്മാര്, 'അയ്മേനികൾ'.

III. **Lāy** (lā), *n.* പദം, സംഗീതം, പാട്ട്, കീൎത്തനം; 2. രാഗം.

IV. **Lāy** (lā), *v. t. ir.* (**lāid**, **lāid**) കിടത്തുക; ഇടുക, വെക്കുക; 2. അമൎത്തുക; 3. വിരിക്കുക; 4. അടുക്കിവെക്കുക; 5. പതിക്കുക; 6, കെട്ടുക; ഉറപ്പിക്കുക; 7. ഒരുക്കിവെക്കുക, കരുതി—; 8. തേക്കുക; 9. ശമിപ്പിക്കുക, തണുപ്പിക്കുക; 10. മൈവമാട്ടുക, ഉച്ചാടനം ചെയ്യുക; 11. വീഴ്ത്തുക, തള്ളിയിടുക; കൊല്ലുക; 12. വാത് പിടിക്കുക, പന്തയം വെക്കുക; 13. മുട്ടയിടുക; 14. നികുതികെട്ടുക; —ചുമത്തുക; 15. പ്രവൃത്തിക്കുക; 16. കുററം ചുമത്തുക, ആരോപിക്കുക; 17. കല്പിക്കുക, ആജ്ഞാപിക്കുക; 18. മുമ്പാകെ വെക്കുക, പ്രസ്താവിക്കുക; 19. നിൎണ്ണയപ്പെടുത്തുക (*l.*); 20. കുറിനോക്കുക (*min.*). 21. (കയറ്) പിരിക്കുക. **to l. along** സാഷ്ടാംഗം വീഴുക. **to l. apart** വിടുക, ഉപേക്ഷിക്കുക. **to l. aside** വെച്ചേക്കുക, വിടുക. **to l. asleep** ഉറക്കുക; ശ്രദ്ധയില്ലാതാക്കുക. **to l. away** സൂക്ഷിച്ച് വെക്കുക. **to l. bare** ഉരിഞ്ഞിടുക, നഗ്നമാക്കുക. **to l. before** ബോധിപ്പിക്കുക; പ്രസ്താവിക്കുക; വെക്കുക; അഭിപ്രായത്തിന്ന് ഏല്പിക്കുക. **to l. by** (പണം) കെട്ടിവെക്കുക, ചരതിച്ച്—; അലക്ഷ്യമാക്കുക. **to l. damages** നഷ്ടത്തിൻെറ വില കണക്കാക്കുക. **to l. by the heels** തോളത്തിൽ വെക്കുക. **to l. down** പന്തയം—; പ്രായശ്ചിത്തം ചെയ്യുക; ഏല്പിച്ച് കൊടുക്കുക; അൎപ്പിക്കുക; ഒഴിയുക, 'രാജി' കൊടുക്കുക; ഉപേക്ഷിക്കുക; പ്രസ്ഥാപിക്കുക; നിയമിക്കുക. **to l. forth** നീട്ടുക; അദ്ധ്വാനിക്കുക. **to l. hands on**, **to l. hold of** *or* **on** പിടിക്കുക. **to l. hands** *or* **violent hands on one's self** തന്നെത്തന്നെ വേദനപ്പെടുത്തുക, ആത്മഹത്യ ചെയ്യുക. **to l. hands together** കൂടിയാലോചിക്കുക. **to l. in** സംഭരിച്ച് വെക്കുക. **to l. it on** മടിയില്ലാതെ പ്രവൃത്തിക്കുക. **to l. on** (പ്രഹരം) കൂട്ടുക, (തല്ല്) കൊടുക്കുക. **to l. one's self down** കിടന്നുറങ്ങുക. **to l. one's self out** പരിശ്രമിക്കുക. **to l. one's self open to** (ആക്ഷേപ) പാത്രമാക്കിത്തീൎക്കുക. **to l. open** വെളിച്ചത്താക്കുക. **to l. over** വിരിക്കുക; മൂടുക. **to l. out** പണം മുടക്കുക, ചിലവിടുക; വെളിവാക്കുക; പാങ്ങാക്കുക, ഉണ്ടാക്കുക; ശവം മറചെയ്യാൻ ഒരുക്കുക; യത്നിക്കുക. **to l. siege to** നിരോധിക്കുക, വളയുക; ഞെരുക്കുക. **to l. the course** നേരെ ഓട്ടുക (*naut.*). **to l. the land** കരവിട്ട്—(*naut.*). **to l. to** *or* **unto** ചുമത്തുക, ആരോപിക്കുക; ഉത്സാഹിക്കുക; കപ്പൽ നിൎത്തുക. **to l. to heart** മനസ്സിന്ന് തട്ടുക; കരുതിക്കൊ

ളുക. to l. under restraint ഒതുക്കുക, ആധീനം ആക്കുക; to l. under obligation ഉപകാരം ചെയ്യുക, കടക്കാരനാക്കുക. to l. up ചരതിച്ച് വെക്കുക; മുടക്കത്തിൽ ആക്കുക; മൂലക്ക് ഇടുക, ഉപയോഗിക്കാതിരിക്കുക. to be laid up കിടപ്പിലാക. to l. wait for പതിയിരിക്കുക. to l. waste പാഴാക്കുക, നശിപ്പിക്കുക. *v. i.* മുട്ടയിടുക; 2. തുക്കിൽ ഓടുക, —നില്ക്കുക (*naut.*); 3. വാതു് വെക്കുക. to l. about, to l. about one നാല് പാട്ടും കടയുക. to l. at അടിക്കുക. to l. for പിടിപ്പാൻ ഒരുങ്ങുക; എതിർപ്പാൻ—; പതിയിരിക്കുക. to l. on അടിക്കുക; എതിർക്കുക. to l. out ഭാവിക്കുക. *n.* വെപ്പ്; നിര, അട്ടി; 2. പിരി; 3. വാതു്, പന്തയം; 4. പണി; 5. വില; 6. ലാഭം; ലാഭത്തിൽക്കുറ്; 7. നൂലളവ്; 8. പാവ് (*w.*); 9. അച്ച്പടി (*w.*); 10. സൂത്രം; 11. ആലോചന. -'ĕr, *n.* ഇടുന്നവൻ, വെക്കുന്നവൻ; അട്ടി, അടുക്ക്, വരി; ചുള; പൊടിപ്പ്, മുള; മുരുത്തളം. -'ĕr-ing, *n.* പൊടിപ്പിക്കൽ. -'ing, *n.* വെപ്പ്, വെക്കൽ; മുട്ടഇടൽ; —ഇടുന്നകാലം; ഒര് തവണ ഇട്ട മുട്ട; കല്ലുമ്മായം ഇടൽ.

Lā'zar, *n.* കുഷ്ഠരോഗി. l.-house കുഷ്ഠരോഗിശാല. laz-a-ret', =ret'tō, *n.* —ശാല. -līke, -ly, *a.* വ്രണമുള്ള. =rō'ni, laz-za-rō'ni, *n.* ഇററലിയിലെ ഒര് വക ഭിക്ഷക്കാര്.

Laz'ū-li, Lap'is-laz'ū-li, *n.* ഒര് വക നീല വർണ്ണക്കല്ല് (*min.*). =līte, *n.* ഒര് വക ഇളനീല വർണ്ണക്കല്ല് (*min.*).

Lā'zy, *a.* അദ്ധ്വാനിപ്പാൻ മനസ്സില്ലാത്ത, മടിയുള്ള, ഉദാസീനം ആയ; 2. മന്ദം—. മന്ദശക്തി—. l.-back വണ്ടിച്ചാര്. l.-bones മടിയൻ. lāze, *v. i.* മടികാട്ടുക. *v. t.* ദിനക്കെടുക, നേരം കളയുക. lā'zi-ly, *ad.* ഉദാസീനമായി. lā'ziness, *n.* മടിവ്, ആലസ്യം.

I. Lēa (lē), *n.* ഒര് നൂലളവ് (120 വാര); 2. പാവ് (*w.*).

II. Lēa (lē), *n.* പുൽമാലി, മൈതാനം.

Lēach, *n.*, *see* Letch.

I. Lead (led), *n.* ഈയം, കാരീയം, വങ്കം; 2. ഈയസാധനം; ഈയക്കട്ടി; 3. ഈയക്കോല്, 'പെൻസിൽ'. black l. ഒര് വക കാരീയം; കറുത്ത 'പെൻസിൽ'. l.s-man കപ്പലിൽ ഈയക്കട്ടിയാൽ ആഴമളക്കുന്നവൻ. l.-pencil ഈയക്കോല്. red l. ഈയസിന്ദൂരം. sugar of l. വങ്കഭസ്മം. to cast *or* heave the l. ഈയം ഇടുക, കടലിന്റെ കഴം നോക്കുക. *v. t.* ഈയം പൊതിയുക. -'ed, *a.* —പിടിപ്പിച്ച. -'en, *a.* —കൊണ്ടുണ്ടാക്കിയ; ഈയവർണ്ണമുള്ള; മന്ദമായ. -'ing, *n.* ഈയസാധനങ്ങൾ. -'y, *a.* ഈയതുല്യമായ. leads, *n. pl.* ഈയത്തകിട് ഇട്ട മേല്പുര; ഇടപൂരണം (*print.*).

II. Lēad (lēd), *v. t. ir.* (led, led) കൈപിടിച്ച് നടത്തുക; 2. വഴി—, —കാട്ടുക; 3. തലവനായി നടത്തുക; 4. മുമ്പിൽ നടക്കുക; അഗ്രഗണ്യനായിരിക്കുക; 5. ആകർഷിക്കുക, വശീകരിക്കുക; അകപ്പെടുത്തുക; 6. ജീവനം കഴിക്കുക, നാള്—; 7. (ചീട്ട്) കളി ആരംഭിക്കുക, (ചീട്ട്) ഇറക്കുക. to l. a life വൃത്തൻ ആയിരിക്കുക, നടപ്പുള്ളവൻ—; ജീവനം ചെയ്യുക. to l. astray തെററിക്കുക. to l. captive അടിമപ്പെടുത്തുക. to l. the way മുമ്പിൽ നടക്കുക, വഴികാട്ടുക. *v. i.* മുമ്പിൽ നടക്കുക; അഗ്രേസരൻ ആയിരിക്കുക; 2. വഴി—: this path l.s to the river പുഴക്ക് ഇതാണ് വഴി; gambling l.s to other vices ചൂതുകളി കൊണ്ട് വേറെ ദുർന്നടപ്പും ഉണ്ടാകും. to l. off *or* out മുമ്പിൽ നടക്കുക; ആരംഭിക്കുക. *n.* നടത്തിക്കൽ, നായകത്വം; 2. മുമ്പ്, ആദ്യം എത്തൽ; 3. (ചീട്ട്) കളി തുടങ്ങൽ, (ചീട്ട്) ഇറക്കം. -'ĕr, *n.* നടത്തുന്നവൻ; വഴികാട്ടി; മുമ്പൻ, തലവൻ; സംഗീതപ്രമാണി; നീക്കുഴല്; വർത്തമാനപത്രികയിലെ മുഖ്യവിഷയം, പത്രപ്രകരണം, പത്രാധിപക്കുറി; (....) എന്ന കത്തടയാളം (*print.*). -'ĕr-ship, *n.* അഗ്രേസരത്വം, നായകത്വം. -'ing, *a.* നടത്തുന്ന; ഭരിക്കുന്ന; മുഖ്യമായ. l.g article പത്രപ്രകരണം. l.g case പ്രമാണവിധി (*l.*). l.g note 'നി' (*mus.*). l.g question

സൂചകചോദ്യം (*l.*) **l.g strings** കട്ടികൾക്കുള്ള നടത്തുച്ചരട്. **to be in l.g strings** അന്യാശ്രയത്തിലിരിക്കുക. *n.* നടത്തിക്കൽ; ഭരണം; വശീകരണം; സൂചന. **-'ing-ly,** *ad.* നടത്തിച്ച് കൊണ്ട്. **led,** *p. a.* നടത്തികൊണ്ട്പോയ. **l.d horse** പേറ് കതിര; ചമയക്കുതിര.

**Lēaf** (lēf), *n.* (*pl.* **lēaves**) ഇല, ഓല, പട്ട, ചപ്പ്, പത്രം (*b.*); 2. കടലാസ്, ഏട്; 3. കതക് പാളി; 4. തകിട്. **l.-bud** തളിര്, കരുന്ന്. **l.-metal** നേർമ്മത്തകിട്. **l.-sight** മടക്ക് കാണിക്കുററി. **l.-stalk** ഞെട്ടി, തണ്ട്; മട്ടല്. **to turn over a new l.** നന്നായ്ത്തീരുക, പുതുക്കംവരിക. *v. i.* ഇലവരിക, തളിക്കുക. **-'āge,** *n.* ചപ്പ്, ഇല. **lēafed** (lēft), *a.* ഇലയുള്ള. **-'et, -'let,** *n.* ചെറിയ ഇല; ഒററക്കടലാസ്; ചെറുപുസ്തകം. **-i-ness,** *n.* പച്ചത്വം. **-'less,** *a.* ഇല ഇല്ലാത്ത. **-'less-ness,** *n.* —ഇല്ലായ്മ. **-'y,** *a.* —തിങ്ങിയ, —നിറഞ്ഞ; —കൊണ്ടുള്ള. **lēave,** *v. i.* (out) ഇലവരിക, തളിക്കുക. **lēaved** (lēvd), *a.* ഇല ഉള്ള; മടക്ക്—. **lēaves** (lēvz), *n. pl.* ഇലകൾ.

I. **Lēague** (lēg), *n.* മൂന്ന് നാഴിക, കാതം, യോജന.

II. **Lēague** (lēg), *n.* സന്ധി, സമയം, സഖ്യത; 2. കൂട്ട്കെട്ട്. *v. i.* സഖ്യത ചെയ്യുക. *v. t.* ഒരുമിച്ച് കൂട്ടുക. **lēagu'ĕr** (lēg'ĕr), *n.* സഖ്യതക്കാരൻ.

**Lēak** (lēk), *n.* ഓട്ട, പൊട്ട്, വിള്ളല്; 2. ചോച്ച; 'കമ്മത്ത്'. **to spring a l.** ഓട്ടപ്പെടുക; കമ്മത്തുണ്ടാക. *v. i.* ചോരുക; 2. (in, out) ചോന്ന് പോക, ഇല്ലാതാക. **to l. out** പുറത്താക, പരസ്യമാക. *v. t.* ഓട്ടയിൽ കൂടിവിടുക. **-'āge,** *n.* ചോച്ച; 'കമ്മത്ത്'വെള്ളം; ചോച്ചവാശി. **-'i-ness,** *n.* ചോച്ച. **-'y,** *a.* ചോരുന്ന, കമ്മത്തുള്ള; രഹസ്യം പുറത്താക്കുന്ന, തുറന്ന വായുള്ള.

**Lēal** (lēl), *a.* വിശ്വസ്തത ഉള്ള, സ്വാമിഭക്തി—, പരമാൎത്ഥം—. **land of the l.** സ്വൎഗ്ഗം.

I. **Lēan** (lēn), *v. i.* ചരിയുക; കനിയുക; 2. (to, toward) ചായുക; 3. (on, upon, against) ഊന്നുക, ചാരുക. *v. t.* ചാരിവെക്കുക. **l. to** താഴ്വാരം, താഴ്ത്ത് കെട്ടി, ചാച്ച്—. **-'ing,** *n.* പക്ഷം, ചാട്ടം.

II. **Lēan** (lēn), *a.* ഇറച്ചി ഇല്ലാത്ത, കൊഴുപ്പ്—; 2. മെലിഞ്ഞ; നേരിയ; 3. പുഷ്ടി കുറഞ്ഞ, ഫലവത്തല്ലാത്ത; 4. കുറഞ്ഞ; 5. രസമില്ലാത്ത. **l.-faced** കൃശമുഖം ഉള്ള. **l.-witted** ബുദ്ധികുറവ്—. *n.* കൊഴുപ്പില്ലാത്ത മാംസം. **-'ly,** *ad.* പുഷ്ടിയില്ലാതെ. **-'ness,** *n.* മെലിച്ചല്, കൃശത.

I. **Lēap** (lēp), *n.* മീങ്കൊട്ട.

II. **Lēap** (lēp), *v. i.* കടന്ന് തുള്ളുക; 2. (സന്തോഷിച്ച്) തുള്ളുക. *v. t.* കടന്ന് ചാട്ടുക; 2. (മൃഗം) ഇണചേരുക; 3. കടന്ന് തുള്ളിക്കുക. *n.* ചാട്ടം, തുള്ളല്; 2. ഇണയെടുക്കൽ. **l.-frog** കടന്ന് തുള്ളക്കളി. **l. year** അധിവൎഷം. **-'ĕr,** *n.* തുള്ളുന്നവൻ. **-'ing,** *a.* കടന്ന് ചാട്ടുന്ന. *n.* —തുള്ളല്. **-'ing-ly,** *ad.* തുള്ളികൊണ്ട്.

**Lĕarn** (lĕrn), *v. t. ir.* (**lĕarned** *pr.* lĕrnd, *or* **lĕarnt, lĕarned** *or* **lĕarnt**) പഠിക്കുക, അഭ്യസിക്കുക, മനസ്സിലാക്കുക, ശീലിക്കുക; 2. അറിയുക, ഗ്രഹിക്കുക. *v. i.* പഠിക്കുക. **to l. by heart, to l. by rote** കാണാപ്പാഠം പഠിക്കുക. **-'a-ble,** *a.* പഠിക്കാകുന്ന. **-'ed,** *a.* വിദ്യാസംബന്ധമായ; പഠിപ്പുള്ള, വിദ്വാനായ; വിദ്യാലക്ഷണമുള്ള. **the l.d** വിദ്വാന്മാർ. **-'ed-ly,** *ad.* പഠിപ്പുള്ളതായി. **-'ed-ness,** *n.* വിദ്യ, അറിവ്. **-'ĕr,** *n.* പഠിക്കുന്നവൻ. **-'ing,** *n.* വിദ്യാഭ്യാസം; വിദ്യ, അറിവ്.

**Lēase** (lēs), *v. t.* (out) പാട്ടത്തിന്ന് കൊടുക്കുക, കൊഴവിന്ന്—; 2.—വാങ്ങുക, പാട്ടത്തിന്ന്—, (വസ്തു) നടക്കുക. *n.* പാട്ടത്തിന്ന് കൊടുക്കൽ; 2. പാട്ടം; കൊഴ; വെറുമ്പാട്ടം, പാട്ടനടപ്പ്; 3. —നിശ്ചയം; 4. —കാലം; 5. നിശ്ചയിച്ച—. **l.-hold, l.-holding** പാട്ടനടപ്പ്; കൊഴ—; പാട്ടവസ്തു. **l.-holder** പാട്ടക്കാരൻ. **lēas'-a-ble,** *a.* പാട്ടത്തിന്നേല്പിക്കാകുന്ന. **les-sēe',** *n.* പാട്ടത്തിന്ന് വാങ്ങിയവൻ, പാട്ടക്കാരൻ, കുടിയാൻ (*l.*). **les'sŏr,** *n.* പാട്ടത്തിന്ന് കൊടുത്തവൻ, ജന്മി (*l.*).

**Lēash** (lēsh), *n.* കയറ്, (നായ്)ചങ്ങല; 2. ഒരിണയും മററയും, മൂന്നെണ്ണം; 3. അച്ച്, 'റക്ക' (*w.*). *v. t.* കൂട്ടിക്കെട്ടുക, കയറ് പിടിച്ച് നടത്തുക.

**Lēa'ṣing** (lē'zing), *n.* കളവ് പറയൽ; 2. വ്യാജം, ഭോഷ്ക്. l.-making രാജനിന്ദ.

**Lēast**, *a.*, *s. u.* little.

**Lēat** (lēt), *n.* നീർച്ചാല്, തോട്.

**Leath'ĕr** (leth'ĕr), *n.* ഊറക്കിട്ട തോല്; 2. പച്ചത്തോല്. l.-back തോടില്ലാത്ത വലിയ കടലാമ (*z.*). *v. t.* അടിക്കുക. -et, -ette (-et), *n.* കൃത്രിമത്തോല്. leath'ĕrn, *a.* തോല് ഉള്ള; —കൊണ്ടുണ്ടാക്കിയ. -y, *a.* ചർമ്മമയമായ; പരുപരുത്ത.

I. **Lēave** (lēv), *v. t.*, *s. u.* Leaf.

II. **Lēave** (lēv), *n.* അനുവാദം, സമ്മതം; 2. കല്പന; 3. വിടവാങ്ങൽ, —കൊടുക്കൽ, അഭിവാദ്യം, വന്ദനം, 'സലാം'. l.-taking വിടവാങ്ങൽ. French l. സ്വയം കല്പന, അനുവാദമില്ലാത്ത മുടക്കം. to take l. വിടവാങ്ങുക.

III. **Lēave** (lēv), *v. t. ir.* (left, left) വിട്ട് പോക, പോയ്ക്കളയുക; 2. വിട്ടേക്കുക, നിൎത്തിവെക്കുക, ശേഷിപ്പിക്കുക, ബാക്കിയാക്കുക; 3. വിടുക, മതിയാക്കുക, നിൎത്തുക; 4. ഉപേക്ഷിക്കുക, ത്യജിക്കുക, വിട്ട് കളയുക; 5. ഏല്പിക്കുക: I l. you to judge തീൎച്ചപ്പെടുത്തുന്നത് നിങ്ങൾ ആയിക്കൊൾവിൻ; I l. him to his reflections അവനും അവന്റെ ധ്യാനവും ആയിക്കൊള്ളട്ടെ; 6. വെച്ചേക്കുക, മുമ്പാകെ വെക്കുക: the foot would l. its print നടന്നാൽ കാൽവടു ഉണ്ടാകും; he left a house to his niece അവൻ തന്റെ മരുമകൾക്ക് ഒരു പുര അവകാശമായി വെച്ചിരിക്കുന്നു. to l. alone വിട്ടേച്ച് പോരുക; തൊടാതിരിക്കുക. to l. off നിൎത്തുക; വിട്ട് കളയുക; ചെയ്യാതിരിക്കുക. to l. out വിട്ട് കളയുക; —പോക. to l. one to one's self അവന്റെ കാൎയ്യം അവൻ തന്നെ ആയിക്കൊള്ളട്ടെ എന്ന് വെക്കുക; അവന്റെ കാൎയ്യമേ വേണ്ടെന്ന് —. *v. i.* വിട്ട് പുറപ്പെടുക; 2. മതിയാക്കുക, നിൎത്തുക. to l. off മതിയാക്കുക, വേണ്ടെന്ന് വെക്കുക. lēav'ĕr, *n.* വിട്ട് പോകുന്നവൻ. lēav'iṅgṣ, *n. pl.* ശേഷിപ്പ്; ഉച്ഛിഷ്ടം, എച്ചില്.

**Leav'en** (lev'n), *n.* പുളിച്ചമാവ്; 2. ദൂഷ്യം. *v. t.* പുളിപ്പിക്കുക, പൊന്തുമാറാക്കുക; 2. ദൂഷ്യപ്പെടുത്തുക. -iṅg, *n.* പുളിക്കാൻ വെക്കൽ; പുളിപ്പിക്കുന്ന സാധനം. -ŏus, *a.* പുളിച്ചമാവുള്ള.

**Lech'ĕr**, -ĕr, സ്ത്രീലോലൻ, ദുൎന്നടപ്പ്കാരൻ, പുലയാടി. *v. i.* വ്യഭിചരിച്ച് നടക്കുക. -ŏus, *a.* കാമുകൻ ആയ; കാമജനകം—. -ŏus-ly, *ad.* സ്ത്രീലോലനായി. -ŏus-ness, *n.* കാമാതുരത്വം. -y, *n.* ദുൎന്നടപ്പ്, വിഷയലമ്പടത്വം.

**Lec'tūre** (*or* lek'chur), *n.* വായന; 2. പാഠകം; ഭാഷണം; പ്രസംഗം; 3. ശകാരം, ശാസന; 4. പാഠപ്രസംഗം.. *v. t.* പ്രസംഗം പറയുക; 2. ശാസിക്കുക. *v. i.* പാഠകം പറയുക. =ĕr, *n.* പാഠകൻ; ഉപപ്രസംഗി; പാഠ—. -ship, *n.* പാഠകസ്ഥാനം. ='tĕrn, ='turn, let'tĕrn, *n.* ദേവാലയ വായനപീഠം; പാഠക—, വായന—. ='tiŏn, *n.* പാരായണവേദാംശം, വേദപാഠം (*Chr.*); വായന; പാഠാന്തരം. ='tiŏn-ar-y, *n.* വേദപാഠസംഗ്രഹപ്പുസ്തകം (*Chr.*). ='tŏr, *n.* വേദപാഠകൻ.

**Lec'tū-al**, *a.* കിടപ്പിലായ (*med.*).

**Led**, *p. t. of* Lead.

**Ledġe** (lej), *n.* തട്ട്; 2. പാറത്തട്ട്; 3. അട്ടി, അടുക്ക്; 4. അയിര് ഞരമ്പ്. ledġ'y, *a.* പാറത്തട്ടുള്ള.

**Ledġ'ĕr** (lej'ĕr), leġ'ĕr, *n.* പേൎവ്വഴി കണക്ക് പുസ്തകം (*com.*); 2. ശവക്കുഴിക്കല്ല്; 3. മച്ചുത്തരം (*arch.*).

**Lēe**, *n.* മറവിടം; കാററ് തട്ടാത്ത സ്ഥലം; 2. സങ്കേതം, രക്ഷാസ്ഥലം; 3. കാററ് ഏത് ഭാഗം കൊള്ളെ അടിക്കുന്നുവോ ആ ഭാഗം (*naut.*). under the l. of കാററ് തട്ടാത്ത ഭാഗം. *a.* കാററ് തട്ടാത്ത ഭാഗത്തുള്ള (*naut.*). l.-shore കപ്പലിൽ കാററ് തട്ടാത്ത ഭാഗത്തുള്ള കര. l.-tide കാററ് തട്ടാത്ത ഭാഗത്തേക്കുള്ള വേലിയേ

റവും ഇറക്കവും. on the l.-beam കാററ് തട്ടാത്ത ഭാഗം കൊള്ളെ. -'ward, *a.* കാററ് തട്ടാത്ത ഭാഗത്തുള്ള. *n.* കപ്പലിൽ കാററ് തട്ടാത്തഭാഗം. *ad.* —ഭാഗം കൊള്ളെ.

I. Lēech, Lēach, *n.* കപ്പല്പായരു.

II. Lēech, *n.* വൈദ്യൻ; 2. അട്ട, നൂലട്ട, ജളൂകം; 3. ചോരക്കൊമ്പ്. horse-l. കൃരിയട്ട. l.-craft വൈദ്യം. *v. t.* ചികിത്സിക്കുക; 2. അട്ടയിടുക.

Lēek, *n.* ഒര് വക ചെടി (*b.*); 2. വേത്സ് രാജ്യചിഹ്നം.

I. Lēer, *a.* ഇല്ലാത്ത, ഒഴിഞ്ഞ; 2. നടത്തിക്കൊണ്ട് പോകുന്ന (കുതിര); 3. നിസ്സാരമായ.

II. Lēer, *n.* കള്ളക്കണ്ണ്; 2. തിറങ്കണ്ണാലെയുള്ള നോട്ടം; 3. കടാക്ഷം. *v. i.* കള്ളക്കണ്ണിടുക; 2. നിന്ദിക്കുക; 3. മോഹിക്കുക. *v. t.* വീക്ഷണം ചെയ്യുക, ഇടങ്കണ്ണിട്ട് മയക്കുക; 2. വശീകരിക്കുക. -'ing-ly, *ad.* മയക്കിക്കൊണ്ട്.

Lēere, *n.* നാട, കര; 2. ശൃംഗാരം. l.-side ഇടഭാഗം.

Lēes, *n. pl.* മട്ട്, കീടം, ഊറല്.

Lēet, *n.* ഉദ്യോഗാൎത്ഥിപ്പട്ടിക.

I. Left, *p. t.* & *p. p. of* Leave.

II. Left, *a.* ഇടത്തെ, ഇടഭാഗമുള്ള. l.-hand ഇടത്ത് വശമുള്ള. l.-hand rope ഇടമ്പിരിക്കയറ്. l.-handed ഇടമക്കയ്യനായ; വശംകെട്ട; ഇശലില്ലാത്ത; അശുഭം ആയ; കളവ്—, കള്ള. l.-handed marriage ക്രമവിരുദ്ധ വിവാഹം; കലങ്കെട്ട സംബന്ധം. l.-handedness, l.-handiness ഇടങ്കൈവശത; ചേച്ചയില്ലായ്മ, ഭംഗികേട്. over the l. shoulder, over the l. മറിച്ചാമ്പാട്. *n.* ഇടഭാഗം; 2. ആലോചനസഭയിലെ എതൃപക്ഷം. -'ward, *ad.* ഇടത്തോട്ട്.

Leg, *n.* കാല്, പാദം; 2. ഊന്ന്: l. of a table മേശക്കാല്; 3. ഉടുപ്പിൽ കാലിടുന്ന ഭാഗം; 4. ഭുജ (*geom.*). l.-bail ചാടിപ്പോക്ക്. on one's l.s നിന്ന് കൊണ്ട്. on one's last l.s ദിവാളിയേട്ടക്കാറായ നിലയിൽ. to have l.s ഓട്ടമുണ്ടാക. to stand on one's own l.s അന്യാശ്രയമില്ലാതെയിരിക്കുക. *v. t.* ഓടുക. legged (legd), *a.* കാലുള്ള. -'ging, -'gin, *n.* ചരണരക്ഷ. -'gy, *a.* കാല് നീളമുള്ള. -'less, *a.* —ഇല്ലാത്ത.

Leg'a-cy, *n.* മരണശാസനദാനം, 'ഒസ്യത്ത'വകാശം; 2. അവകാശം; 3. നിയുക്തകാൎയ്യം. l.-duty ഒസ്യത്തവകാശനികുതി. l.-hunter അവകാശാൎത്ഥം സേവിച്ച് നില്ക്കുന്നവൻ. =tar-y, =tēe, *n.* 'ഒസ്യത്ത'വകാശി (*l.*). =tŏr, *n.* 'ഒസ്യത്ത'വകാശദായകൻ.

Lē'gal, *a.* നിയമാനുസാരം ആയ, നിയമസംബന്ധം—; 2. കൎമ്മാനുഷ്ഠാനസംബന്ധം— (*theo.*); 3. മോശെധൎമ്മപ്രകാരമുള്ള (*theo.*); 4. ലിഖിത നിയമാധീനമായ. l. tendĕr നിയമാനുസാരമായ ഒരുക്കം; —നാണ്യം. -ism, *n.* നിയമകൃത്യത. -ist, *n.* —കൃത്യക്കാരൻ; കൎമ്മാനുഷ്ഠാനവാദി (*theo.*). =gal'i-ty, *n.* നിയമാനുസരണം; ന്യായം; അക്ഷരപ്രാമാണ്യം. (*theo.*). -i-sā'tiŏn, -i-zā'-tiŏn, *n.* നിയമാനുസാരമാക്കൽ. -īse, -īze, *v. t.* നിയമാനുസാരം ആക്കുക; ന്യായം—; നടപ്പ്—; അക്ഷരപ്രകാരം വ്യാഖ്യാനിക്കുക (*theo.*). -ly, *ad.* നിയമാനുസാരം; ന്യായപ്രകാരം.

Leg'āte, *n.* രാജദൂതൻ, സ്ഥാനാപതി; 2. പാപ്പാപ്രതിനിധി (*R. C.*). -ship, *n.* സ്ഥാനാപത്യം. =a-tine (-tin), *a.* സ്ഥാനാപത്യ സംബന്ധമായ; സ്ഥാനാപതിയാലുള്ള. =gā'tiŏn, *n.* നിയോഗം; സ്ഥാനാപതിജനം; —മന്ദിരം; സ്ഥാനാപത്യ പ്രദേശം.

Leg'end, *n.* പാഠകകഥ; 2. അത്ഭുത—; 3. പുരാണ—, പഴമ്പുരാണം; 4. ചിഹ്നലിപി. *v. t.* പുരാണം പറയുക. =dar-y, *a.* പുരാണസംബന്ധം ആയ; കെട്ട്കഥ—. *n.* പുരാണകഥാപുസ്തകം; കററ് കഥ; പുരാണം പറയുന്നവൻ.

I. Leg'ĕr, *n.* ഒരിടത്ത് താമസിക്കുന്നവൻ; 2. പേർവഴിക്കണക്ക് പുസ്തകം (*com.*). *a.* സ്ഥിരമായി താമസിക്കുന്ന.

II. Leġ'ĕr, *a.* ലഘു ആയ; 2. ശിഥിലം—, നേരിയ; 3. നിസ്സാരമായ. l.-line ഇത്താല്യരാശക്കുറിരേഖ.

Leġ-ĕr-de-māin', *n.* കയ്യടക്കം, മോടിവിദ്യ, ചെപ്പിടിക്കളി; 2. മായം, ചതി. -îst, *n.* കയ്യടക്കക്കാരൻ.

Leġ'i-ble, *a.* വായിക്കാകുന്ന; 2. പ്രത്യക്ഷമായ; തെളിവ് ഉള്ള; വ്യക്തി—; സ്പഷ്ടം ആയ. -ness, =bil'i-ty, *n.* വ്യക്തി. =bly, *ad.* വ്യക്തമായി.

Lē'ġiŏn (lē'jun), *n.* ആറായിരം ആളുള്ള റോമസേനാംശം, 'ലെഗ്യോൻ'; 2. പടസൈന്യം; സേനകൾ; 3. സമൂഹം, വൻതുക, അസംഖ്യം. l. of honour പരന്ത്രീസ് ബഹുമാനമഹാപദവി. -ar-y, *a.* 'ലെഗ്യോൻ' സംബന്ധം ആയ; അസംഖ്യം—. *n.* പടയാളി. =ġiōned (-jund), *a.* സേനാംശമായ.

Leġ'is-lāte, *v.i.* നിയമം നിർമ്മിക്കുക, —സ്ഥാപിക്കുക. =lā'tiŏn, *n.* നിയമനിർമ്മാണം; നിയമം. -lā-tive, *a.* നിയമനിർമ്മാണകം ആയ, —സ്ഥാപകം—; —നിർമ്മാണസംബന്ധം—; —നിർമ്മാണോചിതം—. l.e body, l.e council —നിർമ്മാണകസഭ. =lā-tive-ly, *ad.* —നിർമ്മാണകമായി. =lā-tŏr, *n.* —സ്ഥാപകൻ; —നിർമ്മാണസഭാംശം. =lā-tō'ri-al, *a.* —സ്ഥാപകസംബന്ധമായ; —സ്ഥാപനാ—. =lā-tŏr-ship, *n.* —നിർമ്മാണകോദ്യോഗം. =lā-tress, =lā-trix, *n.* —നിർമ്മാണികാ. =lā-tūre. *n.* രാജ്യനിയമനിർമ്മാണകസഭ; നിയമസ്ഥാപകന്മാര്. lē'ġist, *n.* നിയമജ്ഞൻ; നിയമഗ്രന്ഥരചകൻ. leġ-if'ic, *a.* —നിർമ്മാണസംബന്ധമായ.

Le-ġit'i-māte, *a.* നിയമാനുസാരമായ, ന്യായപ്രകാരമുള്ള; 2. ഔരസനായ, വിവാഹസന്താനമായ, ധർമ്മപത്നിയിൽ പിറന്ന; 3. സാക്ഷാൽ; കളങ്കംഇല്ലാത്ത, മായം—; 4. നീതം ആയ, ന്യായം—; 5. ഉചിതം—, വിഹിതം—. *v. t.* ന്യായപൂർവ്വകം ആക്കുക; 2. ഔരസൻ—. =ma-cy, *n.* ന്യായം; ഔരസത്വം, ധർമ്മജത്വം. -ly, *ad.* ധർമ്മ്യമായി; നിയമാനുസാരം; ധർമ്മജനായി. -ness, *n.* ഔരസത്വം; ന്യായാനുസരണത്വം. =mā'tiŏn, *n.* ന്യായമാക്കൽ; ധർമ്മ്യജനനം. =mā-tīse, =mā-tīze, =mīse, =mīze, *v. t.* ധർമ്മ്യം ആക്കുക; ഔരസൻ—. =mist, =ma-tist, *n.* രാജത്വവാദി; —പക്ഷക്കാരൻ. =mism, *n.* —വാദം.

Lē'gō-lit-ĕr-a-ry, *a.* ധർമ്മശാസ്ത്രസംബന്ധമായ.

Lē-gū-lē'ian (-lē'yan), *a.* വ്യവഹാരശാസ്ത്രിയെപ്പോലെയുള്ള; 2. നിയമാനുസാരമായ. *n.* വ്യവഹാരശാസ്ത്രി, 'വക്കീല്'.

Le-gūme', le-gū'men, *n.* (പയറ് അവര etc.) വാള്; തോട് (*b.*). 2. *pl.* പയറ് വാള്, അവരക്കാ, etc. le-gū'mi-nŏus, *a.* ഉഴുന്ന് ജാതിയിൽ പെട്ട; വാളിടുന്ന വർഗ്ഗത്തിൽ—.

Lei-ot'ri-ehŏus (-kus), *a*) മൃദുരോമമുള്ള. =ehan (-kan), *n.* മൃദുരോമനരകുലത്തിൽ പെട്ടവൻ. =ehī (kī), *n. pl.* —നരകുലം.

Lēi'sure (lē'zhur), *n.* മിനക്കേട്, പ്രവൃത്തിയൊഴിവ്, ഒഴിവ് സമയം; 2. ഇട, നേരം, അവസരം, സാവകാശം; തരം, സൌകര്യം, മനഃസ്വസ്ഥത. at l. മിനക്കേട് ഉള്ളപ്പോൾ, ഇട—; സാവകാശത്തിൽ. *a.* പ്രവൃത്തിയൊഴിവുള്ള. lēi'sured (lē'zhurd), *a.* നേരം ഉള്ള, അവസരം—. -ly, *a.* സാവകാശം ആയ, സാവധാനം—, മെല്ലനെയുള്ള. *ad.* സാവധാനത്തിൽ, മെല്ലെ, പതുക്കെ, ബദ്ധപ്പാടില്ലാതെ.

Lē'man, *n.* പ്രിയൻ; പ്രിയ; 2. ഉപപതി, ജാരൻ, രഹസ്യക്കാരൻ; 3. ഉപപത്നി, വിശ്വാസക്കാരത്തി. [(*math.*).

Lem'ma, *n.* ഉപസൂത്രം, —ന്യാസം

Lem'on, *n.* ചെറുനാരങ്ങ, വൃ—(*b.*); 2. ചെറുനാരകം (*b.*). l.-grass പച്ചച്ചായ, ജോനകപ്പുല്ല് (*b.*). -āde, *n.* ജംബീരരസം, നാരങ്ങപ്പാനകം.

Lē'mur, *n.* ഒര് വക കുരങ്ങ്; 2. *pl.* ഭൂതം, പ്രേതം. Lem'ū-ri-a, *n.* ഹിന്ദുസമുദ്രത്താൽ മുങ്ങിപ്പോയതായി വിചാരിക്കുന്ന ഒര് പുരാതന ഭൂഖണ്ഡം.

Lē'na, *n*. കുട്ടികൊടുക്കുന്നവൾ, കുട്ടി.

Lend, *v. t. ir.* (lent, lent) വായ്പ കൊടുക്കുക, ഇരവ്—; 2. കടം—; 3. കൊടുക്കുക; 4. വാടകക്ക് കൊടുക്കുക. to l. a hand സഹായിക്കുക, ഒത്താശചെയ്യുക. to l. an ear *or* one's ears കേൾക്കുക, ശ്രദ്ധവെച്ച് കേൾക്കുക. -'a-ble, *a*. ഇരവ് കൊടുക്കാകുന്ന. -'ĕr, *n*. കടംകൊടുക്കുന്നവൻ. money-l.r പണമിടവാട് കാരൻ. -'ing, *n*. മുട്ട് വായ്പകൊടുക്കൽ; സന്ധ് വായ്പ. money-l.g പണമിടവാട്.

Length, *etc*., *s. u.* Long

Lē'ni-ent, *a*. (of) അഴവുള്ള; 2. ശമനകരം ആയ, 3. മൃദു—; 4. സൌമ്യം—, ലഘു—; ദയയുള്ള. *n*. ശമനൌഷധം (*med.*). =ence, =en-cy, *n*. ദയ, സൌമ്യത; ലഘുത്വം. -ly, *ad*. ലഘുവായി; ദയയോടെ. len'i-fy̆, *v. t.* ശമിപ്പിക്കുക; മൃദുവാക്കുക; തണുപ്പിക്കുക. len'i-tive, *a*. ശമനകരമായ. *n*. ശമനൌഷധം (*med.*); സുഖവിരേചനൌഷധം (*med.*); ശമനം. len'i-tive-ness, *n*. ശമനകരത്വം. len'i-ty, *n*. ദയ, ആരെരവ്; സൌമ്യത, ശാന്തത; അലിവ്.

Lens, *n*. കണ്ണാടിച്ചില്ല്, കാചം. concave l. ഉത്താനകാചം, മദ്ധ്യനിമ്ന— convex l. ന്യുബ്ജ—, മദ്ധ്യോന്നത—. double concave l. ഉത്താനോത്താന—. double convex l. ന്യുബ്ജോന്നത—, യവ—. lentoid, *a*. കാചാകൃതിയായ.

I. Lent, *n*. (ക്രിസ്തോത്ഥാനോത്സവത്തിന്ന് മുമ്പുള്ള നാല്പത് ദിവസത്തെ) നോമ്പ് കാലം (*Chr.*). -'en, *a*. —കാലത്തുള്ള; തുരിശമായ, ചുരുങ്ങിയ മട്ടില്ലുള്ള, ചുരുങ്ങിയ. l.n colour കറുപ്പ് നിറം; നീലക്കറുപ്പ്—. l.n tide നോമ്പ് കാലം.

II. Lent, *p. t. of* Lend.

Len'ti-cel, *n*. മരമുഴ; 2. (മരത്തിന്മേൽ വേരോ തളിരോ പുറപ്പെടുന്ന) കണ്ണ് (*b.*).

Len-tic'ū-la, *n*. (*pl.* len-tic'ū-læ *or* len-tic'ū-las) ചുണങ്ങ്, പൊളുന്നര (*med.*); 2. ചെറുകാചം; 3. മരമുഴ (*b.*).
=lar, len'ti-form, *a*. മുഴപോലെ ഉള്ള; യവകാചാകൃതി—. =lar-ly, *ad*. വളവായി.

Len-tī'gō, *n*. ചുണങ്ങ്, പൊളുന്നിര (*med.*). =tig'i-nŏus, *a*. ചുണങ്ങുള്ള.

Len'tor, *n*. പാററ്; 2. കൊഴുപ്പ്; 3. മന്ദത; താമസം; മടിവ്. =tŏus, *a*. കൊഴുത്ത; പാറുന്ന.

Len-voi', Len-voy' (lon-wa'), *n*. സമാപ്തിവൃത്തം; 2. അവസാനം; 3. ഫലം.

Lē'ō, *n*. സിംഹരാശി, ചിങ്ങ—(*astr.*). -nid, *n*. കൊള്ളിമീൻ (*as.*). -nīne, *a*., *s. u.* Lion.

Leop'ard (lep'ard), *n*. പുള്ളിപ്പുലി, കട്ടവാ, ചിത്രകം, ചിത്രവ്യാഘ്രം (*z.*).

Lep'ĕr, *n*. കുഷ്ഠരോഗി, വെളുപ്പ്—. ='ĕred (-ĕrd), *a*. കുഷ്ഠംപിടിച്ച. -īse, -īze, *v. t.* കുഷ്ഠംപിടിപ്പിക്കുക. -ŏus, lep'rŏus, *a*. കുഷ്ഠമുള്ള; പകരുന്ന; ദോഷംവരുത്തുന്ന; വിഷകരമായ. lep'ra, *n*. ഒരുവക കുഷ്ഠം (*med.*). lep'rōse, *a*. മുളിപിടിച്ച; തുളിയുള്ള. le-pros'i-ty, *n*. മുളി, തുളി, ചെതുമ്പല്. lep'ro-sy, *n*. കുഷ്ഠം, വെളുപ്പ്, പാണ്ഡു (*med.*). lep'rŏus-ly, *ad*. കുഷ്ഠത്തോടെ. lep'rŏus-ness, *n*. വെളുപ്പ് രോഗം.

Le-pid'ō-līte, *n*. ഒരുവക അഭ്രം, കാക്കത്താലി (*min.*).

Lep-i-dop'tĕr-a, *n. pl.* ചിത്രശലഭവർഗ്ഗം (*z.*). =tĕr-al, =tĕr-ŏus, *a*. —വർഗ്ഗത്തിൽ പെട്ട. =tĕr-ist, *n*. —ശാസ്ത്രി.

Lep-i-do-sau'ri-a, *n. pl.* സർപ്പശൌലിവർഗ്ഗം (*z.*).

Le-pis'ma, *n*. വാലൻമൂട്ട, ഒരുവക പുഴപ്രാണി (*z.*).

Lep'o-rīne, *a*. ശശതുല്യമായ; 2. മുയലിന്നുള്ള.

Lep'ra, Lep'rōse, Lep'ro-sy, *etc*., *s. u.* Leper.

Lep-tol'o-ġy, *n*. അല്പകാര്യത്തെപ്പററിയുള്ള അതിഭാഷണം.

Lē'sion (lē'zhun), *n*. ഉപദ്രവം, നഷ്ടം; 2. കരാറ് ലംഘനനഷ്ടം (*l.*).

I. Less, *suf.* ഇല്ലാത്ത, ഹിനാ, ഹി, നിഃ, നിർ etc. [Little.

II. Less, Less'en, Les'sĕr, *etc.*, *s. u.*

Les-sēe', *n.*, *s. u.* Lease.

Les'ses, *n. pl.* ചാണകം, മൃഗകാഷ്ഠം.

Les'son, (les'n) *n.* പാഠം; 2. ഉപദേശം; 3. വേദപാരായണാംശം (*Chr.*); 4. ശാസന; 5. അഭ്യാസം (*mus.*). *v. t.* പഠിപ്പിക്കുക, ഉപദേശിക്കുക.

Les'sŏr, *n.*, *s. u.* Lease.

Lest, *conj.* ആകാതെയിരിപ്പാൻ തക്കവണ്ണം, ആകാതെയിരിപ്പാൻ; അല്ലാഞ്ഞാൽ, അല്ലാത്തപക്ഷം: let him take heed l. he fall അവൻ വീഴാതിരിപ്പാൻ ചരതിച്ച് കൊള്ളട്ടെ, ചരതിച്ച് കൊള്ളാഞ്ഞാൽ അവൻ വീഴും; love not sleep l. thou come to poverty ഉറക്കിൽ രസം അരുത് അല്ലാത്ത പക്ഷം ദാരിദ്ര്യം വന്നകപ്പെടും, ദാരിദ്ര്യംവന്നകപ്പെടാതിരിപ്പാൻ തക്കവണ്ണം ഉറക്കിൽ രസം ഭാവിക്കാതിരിക്കുക; 2. എന്ന്, എന്ന് വെച്ച്: I feared l. I might anger thee നിണക്ക് ക്രോധം വന്നെങ്കിലോഎന്ന് എനിക്ക് ശങ്കയുണ്ടായി.

I. Let, *suf.* ചെറു, ചെറിയ: (stream തോട്), stream'let ചെറ്തോട്.

II. Let, *v.t.* എതിർക്കുക, തടുക്കുക, തടസ്ഥപ്പെടുത്തുക. *n.* തടസ്ഥം, മുടക്കം; താമസം. without l. *or* hindrance മുടക്കവും തടസ്ഥവും കൂടാതെ. let'tĕr, *n.* തടസ്ഥം ചെയ്യുന്നവൻ.

III. Let, *v. t. ir.* (let, let) വിടുക, ഉപേക്ഷിക്കുക; 2. സമ്മതിക്കുക, അനുവദിക്കുക: l. us go നമുക്ക് പോകാം; l. him go അവൻ പോകട്ടെ; 3. (out) കൂലിക്ക് കൊടുക്കുക, വാടകക്ക്—; 4. (out) ഏല്പിച്ച്—, സമ്മതിച്ച്—; കരാറ്—. to l. alone തൊടേണ്ടാ; പോട്ടേ; വിട്. to l. blood കൊമ്പ് വെക്കുക, ചോര കൊത്തുക. to l. down ഇറക്കുക; പതമാക്കുക. to l. drive *or* fly എറിയുക, എയ്യുക. to l. in *or* into അകത്ത് കടത്തുക; ഘടിപ്പിക്കുക; പതിക്കുക; ചെലുത്തുക. to l. know അറിയിക്കുക. to l. loose ഇളക്കിക്കളയുക. l. off അഴവ് യന്ത്രം, —സൂത്രം. to l. off എയ്യുക; വെടിവെക്കുക; വിട്ട്കളയുക. to l. out വിടുക; വിട്ട്കൊടുക്കുക, അഴക്കുക; കൂലിക്ക് കൊടുക്കുക; കരാറ്—; വെളിച്ചത്താക്കുക. to l. slide ചിന്തപ്പെടാതെ ഇരിക്കുക, വിചാരിക്കാതെ—. *v. i.* ചെയ്യാതെ—; 2. വാടക കിട്ടുക. to l. on പറയുക; കള്ളി തുറക്കുക. l. up ഇടമുറിച്ചൽ; നിന്ന് പോകൽ. to l. up തളരുക, കറയുക, നിന്ന് പോക. let'tĕr, *n.* സമ്മതിക്കുന്നവൻ; വാടകക്ക് കൊടുക്കുന്നവൻ.

I. Letch (lech), *n.* മരത്തൊട്ടി. *v. t.* വെള്ളത്തിൽ കലക്കുക; 2. വെള്ളമൊഴിച്ച് അരിക്കുക. *v. i.* കലക്കി—. [ന്തി.

II. Letch (lech), *n.* അതിതാല്പര്യം, ഭ്രാ

Lē'thal, *a.* മരണകരമായ, പ്രാണാപായം വരുത്തുന്ന. -ly, *ad.* മരണകരമായി. =thal'i-ty, *n.* പ്രാണാപകടം; മരണം.

Leth'ar-ġy, *n.* മയക്കം, മഹാനിദ്രാമയക്കം; ഗാഢനിദ്ര; 2. മന്ദത; ആലസ്യം. =thär'ġic, =thär'ġi-cal, *a.* മയക്കംപിടിച്ച; ഉദാസീനതയുള്ള. =thär'ġi-cal-ly, *ad.* മഹാമയക്കത്തോടെ. -thär'ġi-cal-ness, -thär'ġic-ness, *n.* സുഷുപ്തി. =ġīse, =ġīze, *v. t.* മയക്കം വരുത്തുക.

Lē'thē, *n.* പാതാളനദി (*myth.*); 2. മറതി, ഓൎമ്മക്കേട്, വിസ്മൃതി. le-thē'an, *a.* പാതാള ജലതുല്യമായ.

Le-thif'ĕr-ŏus, *a.* മരണകരം ആയ, നാശകരം—.

Let'tĕr, *n.* എഴുത്ത്, അക്ഷരം, ലിപി; 2. കത്ത്, പത്രം, എഴുത്ത്, ലേഖനം, സന്ദേശം; 3. അക്ഷരാൎത്ഥം; 4. ആണിയക്ഷരം (*print.*); 5. *pl.* അറിവ്, വിദ്യ, പഠിപ്പ്. capital l. മഹാക്ഷരം (*gr.*). dead l., *s. u.* Die. drop l., *s. u.* Drop. small l. അല്പാക്ഷരം (*gr.*). l.-book കത്ത് പകൎപ്പ് പുസ്തകം. l.-box തപ്പാൽപ്പെട്ടി. l.-carrier അഞ്ചല്ക്കാരൻ, 'തപ്പാല്ക്കാരൻ'. l.-cutter അക്ഷരംകൊത്തുന്നവൻ. l.-lock അക്ഷരപ്പൂട്ട്, അ

ക്ഷരത്തായ്. l.-paper 'തപ്പാൽ' കടലാസ്. l.-punch ഉരുക്കക്ഷരം. l.-press (ചിത്രമല്ലാത്ത) അച്ചടി. l.s of administration (മരിച്ചവന്റെ) വസ്തുപരിപാലനാധികാരപത്രം (*l.*). l. of attorney 'മുക്ത്യാർ'നാമം (*l.*). l. of credit 'അവാല' (*com.*). l. of license (കടക്കാരന്ന് മുതലാളികൾ കടം വിട്ടാൻ കൊടുക്കുന്ന) അധികാവധി പത്രം (*com.*). l.s close *or* clause മുദ്രിത— (*l.*). l.s of orders പ്രതിഷ്ഠാസാക്ഷ്യ— (*eccl.*). l.s patent, overt *or* open അവകാശ സാക്ഷ്യ— (*l.*). l.s testamentary മരണശാസനാധികാര—, ഒസ്യത്താധികാര—. (*l.*). l.-writer കത്തെഴുതിക്കൊടുക്കുന്നവൻ; കത്തച്ച്; പത്രലേഖസഹായപുസ്തകം. *v. t.* അക്ഷരം പതിക്കുക, —കൊത്തുക. =tĕred (-tĕrd), *a.* വ്യുല്പത്തിഉള്ള, വിദ്യാപരിചയം—; —സംബന്ധമായ; അക്ഷരംകൊത്തിയ. -ĕr, *n.* —കൊത്തുന്നവൻ. -ing, *n.* —കൊത്തൽ, —എഴുതൽ; എഴുത്ത്. -less, *a.* നിരക്ഷരമായ; അക്ഷരമില്ലാത്ത. lit'er-al, *a.* അക്ഷരപ്രകാരം ഉള്ള; ശബ്ദാർത്ഥപ്രകാര—; കൃത്യമായ; അക്ഷരംകൊണ്ട് ഉള്ള, എഴുത്താൽ—; അക്ഷരവിഷ്ഠി ആയ, പച്ചപ്പരമാർത്ഥി—. l. l-contract രേഖാനിശ്ചയം (*l.*). lit'er-al-ism, *n.* അക്ഷരാനുരൂപ്യത; ശബ്ദാർത്ഥവ്യാഖ്യാനം; യഥാർത്ഥത (*paint.*). lit'er-al-ist, lit'er-al-ī-sĕr, lit'er-al-ī-zĕr, *n.* അക്ഷരാർത്ഥം പ്രമാണിക്കുന്നവൻ; അക്ഷരവിഷ്ഠി. lit-er-al'i-ty, lit'er-al-ness, *n.* അക്ഷരപ്രാമാണ്യത. lit-er-al-i-sā'tiŏn, lit-er-al-i-zā'tiŏn, *n.* അക്ഷരാർത്ഥമാക്കൽ. lit'er-al-īse, lit'-er-al-īze, *v. t.* അക്ഷരപ്രകാരമാക്കുക; ശബ്ദാർത്ഥപ്രകാരം വ്യാഖ്യാനിക്കുക; —ചെയ്യുക. lit'er-al-ly, *ad.* അക്ഷരപ്രകാരം, ശബ്ദാർത്ഥ—; വാക്ക് വാക്കായി; കൃത്യമായി. lit'er-ā-tive, *ad.* അക്ഷരപ്രകാരം. lit-er-ā'tiŏn, *n.* എഴുത്ത്. lit-er-ā'tŏr, *n.* അക്ഷരം പഠിപ്പിക്കുന്നവൻ; നിസ്സാര ഗ്രന്ഥാഭ്യാസി. lit'er-a-ry, *a.* വിദ്യാസംബന്ധമായ, ഗ്രന്ഥരചനാ-; ശാസ്ത്ര—; ശാസ്ത്രപരിജ്ഞാനമുള്ള; വിദ്വാന്മാരെ സംബന്ധിച്ച. l.y property ഗ്രന്ഥസ്വത്ത്; പുസ്തകപ്രസിദ്ധകാവകാശം, —വിക്രയാവകാശം. lit'er-a-cy, *n.* വിദ്വത്വം. lit'er-āte, *a.* ശാസ്ത്രപരിചയം ഉള്ള, വ്യുല്പത്തി—, പഠിപ്പ്—, വിദ്വാനായ. *n.* വിദ്യാപരിജ്ഞാനമുള്ളവൻ; ബോധകോദ്യോഗാർത്ഥി; വിദ്വാൻ. lit-er-ā'tī, *n. pl.* പണ്ഡിതവർഗ്ഗം, വിദ്വാന്മാർ. lit'er-a-tūre, *n.* വിദ്യ, വ്യുല്പത്തി, പരിജ്ഞാനം; ശാസ്ത്രസഞ്ചയം; പുസ്തകാവലി; വിശേഷകൃതി; ഗ്രന്ഥരചനാപ്രവൃത്തി. lit-er-a-teur' (-tĕr'), *n.* ശാസ്ത്രജ്ഞൻ, വിദ്വാൻ.

Let'tĕrn, *n.*, *s. u.* Lecture.

Let'tuce (let'tis), *n.* 'സല്ലാദ്', ഉവച്ചീര, ഹരീതകം (*b.*).

Leu̱'cō, Leu̱c, *pf.* വെളുത്ത, വെള്ള, ശ്വേത. -ē-thi-op'ic, *a.* ശ്വേതകൃഷ്ണ, കറുത്തവർഗ്ഗത്തിൽ വെളുത്തതായ; കാപ്രികളിലെ പാണ്ഡുപ്പിറപ്പ് സംബന്ധിച്ച. -ē-thi-ops', *n.* പാണ്ഡുപ്പിറപ്പ്, വെളുമ്പൻ. =cop'a-thy, *n.* പാണ്ഡുജനനം. -phleg-mat'ic (-fleg-), *a.* പിത്തപാണ്ഡു ഉള്ള; നീർവീക്കലക്ഷണം—; വിളർത്ത. -phleg'ma-cy, *n.* വിളപ്പ്, നീർവീക്കലക്ഷണം (*med.*). -phyl-lŏus (-fil-), *a.* വെള്ളിലയുള്ള (*b.*). -rrhœ'a (-rē'a), *n.* വെള്ളപോകുന്നത്, യോനിസ്രാവം (*med.*). leu̱'cŏus, *a.* വെളുത്ത, പാണ്ഡുപ്പിറപ്പായ.

Le-vant', *n.* മദ്ധ്യതരണ്യാഴിയുടെ കിഴക്കെ തീരപ്രദേശം; 2. ഒര് വക കൊട്ടുങ്കാററ്. *a.* കിഴക്കൻ, കിഴക്കെ. *v. i.* കടക്കാരെ പേടിച്ചോടുക; പൊയ്ക്കുളയുക. -ĕr, *n.* നാട് വിട്ട് പോയ്ക്കളയുന്നവൻ; മദ്ധ്യതരണ്യാഴിയിലെ ഒര് കൊട്ടുങ്കാററ്. -ine, *a.* കിഴക്കൻദിക്കിലുള്ള; *n.* മദ്ധ്യതരണ്യാഴി പൂർവ്വതീരവാസി.

Le-vā'tiŏn, *n.* ഉയർത്തൽ, പൊന്തിക്കൽ. =vā'tor, *n.* ഉയർപ്പേശി (*an.*).

1. Lev'ee, *n.* ഉദയം; 2. പ്രഭാതസന്ദർശനസഭ; 3. സന്ദർശനസഭ. *v. t.* —സഭക്ക് പോക.

II. **Lev'ee,** *n.* ചിറ, പാതാറ്. *v. t.* പാതാറ് കെട്ടിത്തടുക്കുക.

**Lev'el,** *n.* വിതാനം; 2. നില, അവസ്ഥ, സ്ഥിതി; 3. മട്ടം, വിതാനദർശിയന്ത്രം. **carpenter's l.** *or* **mason's l.** മട്ടം, സമനം. **l. of the sea** സമുദ്രവിതാനം. **plumb-l.** തൂക്ക്മട്ടം, സമനം. **surveyor's l.** രസമട്ടം. **water-l.** ജലമട്ടം. *a.* വിതാനം ഒത്ത, പരന്ന; 2. നേരെയുള്ള; 3. (with, to) ഉയരമൊത്ത, തുല്യം ആയ; 4. കൃത്യം—, യഥാർത്ഥം—; 5. ന്യായം—, നിഷ്പക്ഷം—; 6. സ്വരമൊത്ത. *v. t.* വിതാനമൊപ്പിക്കുക; 2. പരപ്പാക്കുക; 3. താഴ്ത്തുക, ഉയർച്ച കുറക്കുക; 4. നേരെ വെക്കുക; 5. കുറിനോക്കുക; 6. തുല്യം ആക്കുക, ഒരേനില—; 7. യുക്തം—. *v. i.* നേരെ വെക്കുക; 2. കുറിനോക്കുക; 3. തിരിക്കുക. **-ĕr,** *n.* വിതാനം ഒപ്പിക്കുന്നവൻ; സ്ഥിതിഭേദമില്ലാതാക്കുന്നവൻ; സ്ഥിതിസമത്വവാദി. **-ing,** *n.* വിതാനമാക്കൽ; വിതാനപരിശോധന. **-ism,** *n.* സ്ഥിതിസമത്വവാദം. **-ly,** *ad.* സമമായി, ശരിയായി. **-ness,** *n.* സമത്വം.

I. **Lē'vĕr,** *a.* രസം ഉള്ള, ഇഷ്ടം—. **to be l. than** അതാണ് അധികം നല്ലത്.

II. **Lē'vĕr,** *n.* മെത്ത, ചന്ന, കയററ് പാര; ഉത്തോലനദണ്ഡ്, തുലായന്ത്രം. **-āge,** *n.* മെത്തബലം.

**Lev'er-et,** *n.* മുയൽക്കുട്ടി (*z.*).

**Lev'i-a-ble, Lev'i-ĕr,** *s. u.* **Levy.**

**Le-vī'a-than,** *n.* മഹാജലജന്തു; തിമിംഗലം, കടലാന (*z.*).

**Lev'i-gāte,** *v. t.* മിനുസം ആക്കുക; 2. നേർമ്മ—, ശീലപ്പൊടി—; 3. ഉരസിക്കലർത്തുക. *a.* മിനുസം ആക്കിയ. **-ga-ble,** *a.* —വരുത്താകുന്ന. **=gā'tiŏn,** *n.* മിനുക്കൽ.

**Le'vĭr** *n.* ദേവര്, ദേവ്യ, ദേവരൻ, ഭർത്തൃസോദരൻ. **=vī'rāte, =vī-rat'i-cal,** *a.* ദേവരവിവാഹസംബന്ധമായ. **=vi-rā'tiŏn,** *n.* ദേവരവിവാഹം, സന്താനമില്ലാതെ മരിച്ച സഹോദരന്റെ ഭാര്യയെ വേളികഴിക്കൽ.

**Lev'i-ty,** *n.* ലഘുത്വം; 2. പ്ലാവനശക്തി (*ph.*); 3. ലഘുഭാവം, വിനോദം; 4. പൊങ്ങച്ചം; 5. ചാപല്യം, ചഞ്ചലഭാവം. **=tāte,** *v. i.* പൊങ്ങിപ്പോക. *v. t.* പൊങ്ങുമാറാക്കുക; പറപ്പിക്കുക. **=tā'tiŏn,** *n.* ലാഘവം; പ്ലാവനശക്തി (*ph.*); ഘനം കുറക്കൽ; പൊങ്ങിക്കൽ.

**Lē'vīte,** *n.* ലേവ്യൻ, ദേവാലയ ശുശ്രൂഷക്കാരൻ (*Bl.*); 2. ബോധകൻ. **le-vit'i-cal,** *a.* ലേവ്യക്കുള്ള: ബോധകസംബന്ധമായ; ലേവികപുസ്തകത്തിലുള്ള (*Bl.*). **l.l degrees** വിവാഹവർജ്ജിതബന്ധുഗണം. **=vit'i-cal-ly,** *ad.* ലേവ്യസമ്പ്രദായപ്രകാരം, —നിയമ—. **le-vit'-i-cus,** *n.* പഴയനിയമത്തിലെ മൂന്നാമത്തെ ഗ്രന്ഥം (*Bl.*).

**Lev'y,** *n.* പട ചേർക്കൽ, പട്ടാളം കൂട്ടൽ; 2. നികിതിപിരിപ്പിക്കൽ; 3. പട്ടാളം; 4. കരം, വരി, നികിതി; 5. ജപ്തിചെയ്യുക്കൽ (*l.*). **l. in mass** രാജ്യനിവാസികളെ പൊതുവായി യുദ്ധച്ചേകത്തിന്ന് ആവശ്യപ്പെടൽ. *v. t.* പടചേർക്കുക, പട്ടാളം കൂട്ടുക; 2. നികിതി പിരിപ്പിക്കുക, വസൂലാക്കുക; 3. പിരിക്കുക, ചുമത്തുക; 4. ജപ്തിചെയ്യുക്കുക. **to l. a fine** പിഴവസൂലാക്കുക; അവകാശസ്ഥാപനക്കുള്ള വ്യവഹാരം നടത്തുക (*l.*). **to l. war** യുദ്ധം നടത്തുക. *v. i.* 'ജപ്തി'ചെയ്യുക. **to l. on goods and chattels,** 'ജപ്തി' ചെയ്യുക. **lev'i-a-ble,** *a.* വസൂലാക്കാവുന്ന; പട്ടാളം കെട്ടാകുന്ന.

**Lewd** (lụd), *a.* ബോധകനല്ലാത്ത, സാധാരണക്കാരൻ ആയ; അജ്ഞനി—; 2. പഠിപ്പില്ലാത്ത; 3. പോക്കിരി ആയ; ആഭാസം—; 4. ദുർന്നടപ്പ് ഉള്ള; 5. കാമസക്തി—, അശുദ്ധമായ. **-'ly,** *ad.* കാമാതുരമായി. **-'ness,** *n.* വിടത്വം, കാമവികാരം.

*Lex,* *n.* നിയമം,' ധർമ്മശാസ്ത്രം. *l. fori* കോടതി നിയമം (*l.*). *l. loci* ദേശ—. *l. mercatoria* വ്യാപാര—. *l. talionis* പ്രതിക്രിയാ—. *l. terræ* രാജ്യ—.

**Lex'i-con**, *n.* നിഘണ്ടു, ശബ്ദകോശം; 2. പുരാതനഭാഷാനിഘണ്ടു. **lex'i-cal**, *a.* നിഘണ്ടു ആയ. **lex'i-cal-ly**, *ad.* —ആയി. =**cog'ra-phĕr** (-fĕr), =**cog'ra-phist** (-fist), **-ist**, *n.* —രചകൻ. =**co-graph'ic**, =**co-graph'i-cal** (-graph-), *a.* ശബ്ദകോശസംബന്ധമായ; നിഘണ്ടുപ്രകാരമുള്ള. =**co-graph'i-cal-ly**, *ad.* ശബ്ദകോശപ്രകാരം. =**cog'-ra-phy** (-fi), *n.* നിഘണ്ടുരചന; —രചനാമാൎഗ്ഗം. =**col'o-ġist**, *n.* പദധാതുതത്ത്വജ്ഞൻ. =**col'ō-ġy**, *n.* പദധാതുതത്ത്വ ശാസ്ത്രം; പദാൎത്ഥപ്രയോഗ—. **lex-i-graph'ic** (-graf-), *a.* പദാൎത്ഥവിവരണാസംബന്ധമായ. **lex-ig'ra-phy** (-fi), *n.* പദ വിവരണം, അൎത്ഥ—.

**Lex-i-phan'ic** (-fan-), *a.* പ്രൌഢപദ പ്രയോഗമുള്ള. =**phan'i-cism**, *n.* പ്രൌഢഭാഷാപ്രയോഗം.

I. **Lēy** (lē), *n.* നിയമം.

II. **Lēy** (lē), *n.* പുല്പാട്, പുൽമാലി, മേച്ചൽസ്ഥലം.

**Ley'den-jär'** (lā'dn-jär), **l.n-phial**, *n.* വിദ്യുത്കുടം (*ph.*).

**Lēze-maj'es-ty**, **Lēse-maj'es-ty**, *n.* രാജദ്രോഹകുറ്റം (*l.*).

**Lī'a-ble**, *a.* ബാദ്ധ്യതയുള്ള, ഉത്തരവാദിയായ; 2. (to) ഇട ഉള്ള, എളുപ്പം—. **-ness**, =**bil'i-ty**, *n.* ഉത്തരവാദിത്വം, ബാദ്ധ്യത. **limited l.y** ക്ലിപ്തബാദ്ധ്യത (*l.*). =**bil'i-ties** (-tiz), *n. pl.* കടം.

**Lĭ-āi-son** (lē-ā-zoṅ), *n.* സംസൎഗ്ഗം, ഇഷ്ടം; 2. രഹസ്യം, വിശ്വാസം.

**Lī'ar**, *n.*, *s. u.* **Lie** I.

**Lī-bā'tiŏn**, *n.* ഉദകദാനം, ജലനിവേദ്യം, തൎപ്പണം; 2. തൎപ്പണോദകം. **lī'bā-tŏr-y**, *a.* തൎപ്പണ സംബന്ധമായ.

**Lī'bel**, *n.* കടലാസ്; ഗ്രന്ഥം; 2. രേഖ; 3. നിന്ദാലേഖനം, അപകീൎത്തനരേഖ; 4. പരിഹാസകവിത; 5. രേഖാമൂലമായി അപകീൎത്തിപ്പെടുത്തൽ (*l.*); 6. രേഖാപകീൎത്തനകുറ്റം (*l.*); 7. അന്യായം. *v. t.* രേഖാരൂപേണ അപകീൎത്തിപ്പെടുത്തുക; 2. പരിഹസിക്കുക; 3. അന്യായപ്പെടുക. *v. i.* (against) രേഖാമൂലം അപകീൎത്തിപ്പെടുത്തുക. **-ant**, *n.* ദൂഷകൻ; അന്യായപ്പെടുന്നവൻ. =**bell-ĕr**, **-ist**, *n.* അപകീൎത്തിപ്പെടുത്തുന്നവൻ. **-'ŏus**, =**bell-ŏus**, *a.* അപകീൎത്തി ആയ, ദൂഷണം—. =**bell'ŏus-ly**, *ad.* അപകീൎത്തിയായി.

**Lib'ĕr-al**, *a.* സ്വതന്ത്രനായി ജനിച്ച; അടിമയല്ലാത്ത; സ്വാതന്ത്ര്യമുള്ള, 2. യോഗ്യതയുള്ള, കുലീനമായ; 3. ഔദാൎയ്യമുള്ള, ധാരാളമായി കൊടുക്കുന്ന; 4. ധാരാളം ആയ, മതി—; 5. ഭാവാൎത്ഥം ഉള്ള; 6. മനോവിശാലത—; 7. സ്വാൎത്ഥമില്ലാത്ത; 8. തോന്നിയവാസം നടക്കുന്ന, തെമ്മാടിയായ; 9. അഭിപ്രായ സ്വാതന്ത്ര്യമുള്ള; 10. നവീകരണേച്ഛു ആയ; നവീകരണവാദി—. **l. arts** സാധാരണ വിദ്യാസമഷ്ടി. **l. education** മനോവികാസക വിദ്യാഭ്യാസം, ഉത്കൃഷ്ട—, ബഹുവിഷയ ജ്ഞാനം. *n.* നൂതനതല്പരൻ; 2. നവീകരണവാദി. **-ism** —വാദം. **-ist**, —പക്ഷക്കാരൻ, നൂതന—, പുതുക്ക പ്രിയൻ. **-is'tic**, *a.* നവീകരണവാദ സംബന്ധമായ. =**al'i-ty**, *n.* ഉദാരത; ഔദാൎയ്യശീലം; മനോവിശാലത; മുന്നഭിപ്രായരഹിതത്വം; ദയ; ധൎമ്മശീലം; *pl.* ദാനധൎമ്മം. **-i-sā'tiŏn**, **-i-zā'tiŏn**, *n.* ഔദാൎയ്യശീലം വരുത്തൽ. **-īse**, **-īze**, *v. t.* ഔദാൎയ്യം വരുത്തുക; മനോവിശാലത—. **-īs-ĕr**, **īz-ĕr**, *n.* ഔദാൎയ്യം വരുത്തുന്നവൻ. **-ly**, *ad.* ഔദാൎയ്യമായി, ധാരാളമായി.

**Lib'ĕr-āte**, *v. t.* ബന്ധനം നീക്കുക, സ്വതന്ത്രമാക്കുക; 2. വിടുത്തുക. =**ā'tiŏn**, *n.* വിടുവിക്കൽ; വിടുതല്. =**ā-tŏr**, *n.* ഉദ്ധാരകൻ, സ്വാതന്ത്ര്യം വരുത്തുന്നവൻ. =**ā-tŏr-y**, *a.* മോചനം വരുത്തുന്ന.

**Lib-ĕr-tā'ri-an**, **Lib-ĕr'ti-cīde**, *s. u.* **Liberty**.

**Lib'ĕr-tīne**, *n.* സ്വാതന്ത്ര്യംപ്രാപിച്ച അടിമ; 2. സ്വാതന്ത്ര്യ ജീവനവാദി; 3. തെമ്മാടി, ആഭാസൻ; ദുൎന്നടപ്പ്കാരൻ, ഇച്ഛയടക്കമില്ലാത്തവൻ, സ്ത്രീലോലൻ,

വിടൻ. *a.* ഭ്രഷ്ടത്തായ, കാമാസക്തിയുള്ള. =tin-āge, =tin-ism, *n.* ദാസ്യമോചനം; സ്ത്രീവ്യസനം; തോന്നിയവാസം.

Lib'ĕr-ty, *n.* സ്വാതന്ത്ര്യം, അനധീനത്വം; 2. വിട്ടതല്, ബന്ധനമോചനം; 3. അനുവാദം, സമ്മതം; 4. മാന്യം; അവകാശം, അധികാരം; 5. അധികാരാതൃത്തി; 6. നിർമ്മര്യാദം, വക്ഷളത്വം; 7. ചിത്തസ്വാതന്ത്ര്യം, സ്വതന്ത്രേച്ഛ; 8. കല്പന, കരക്ക് പോവാനുള്ള അനുവാദം (*naut.*). at l. തടസ്ഥമില്ലാത്ത; സാവകാശമുള്ള. civil l. രാജ്യസ്വാതന്ത്ര്യം. if I may take the l. അനുവാദമുള്ള പക്ഷം. l. of the press പത്രപ്രസിദ്ധസ്വാതന്ത്ര്യം, ഗ്രന്ഥപ്രസിദ്ധ—; അഭിപ്രായ—. moral l. ചിത്ത—. religious l. മത—. to take =ties with നിർമ്മര്യാദം കാട്ടുക. =tā'ri-an, *a.* ചിത്ത സ്വാതന്ത്ര്യവാദസംബന്ധമായ. *n.* —സ്വാതന്ത്ര്യവാദി. =tā'ri-an-ism, *n.* —വാദം. =ti-cīde, *n.* രാജ്യസ്വാതന്ത്ര്യനഷ്ടം; —നാശകൻ.

Li-bid'i-nŏus, *a.* കാമസക്തി ഉള്ള, വിഷയലമ്പടത്വ—. =nist, *n.* കാമി, കാമുകൻ(കി). =nos'i-ty, *n.* കാമാതുരത്വം, വിടത്വം. -ly, *ad.* കാമവികാരത്തോടെ. -ness, *n.* ഭ്രഷ്ടത്ത്, സ്ത്രീവ്യസനം.

Lī'bra, *n.* തുലാരാശി (*astr.*) lī'brāte, *v. i.* ചാഞ്ചാടുക, അങ്ങോട്ടും ഇങ്ങോട്ടും തൂങ്ങുക; 2. തൂക്കം ഒത്തിരിക്കുക. *v. t.* —ഒപ്പിക്കുക. =brā'tiŏn, *n.* ചാഞ്ചാട്ടം; തൂക്കം ഒക്കൽ; ഇളക്കം (*as.*). l.n of the moon ചന്ദ്രമുഖ വികാരം (*as.*). =tŏr-y, *a.* തൂക്കമൊപ്പിക്കുന്ന; ഇളക്കമുള്ള.

Lī'bra-ry, *n.* ഗ്രന്ഥസഞ്ചയം; 2. —ശാലാ; പുസ്തകയറ. =brā'ri-an, *n.* ഗ്രന്ഥശാലാപരിപാലകൻ. -brā'ri-an-ship, *n.* —പരിപാലനോദ്യോഗം.

Līce, *n.*, *pl. of* Louse.

Lī'cence, Lī'cense, *n.* അനുവാദം, സമ്മതം, അധികാരം; 2. അനുവാദപത്രം, 'സനദ്' (*l.*); 3. താന്തോന്നിത്വം, സ്വേച്ഛാനുസാരവൃത്തി, വിടത്വം; 4. സ്വാതന്ത്ര്യം, നിരങ്കുശത്വം. *v. t.* അനുവദിക്കുക, അധികാരപ്പെടുത്തുക, 'സനദ്'കൊടുക്കുക (*l.*). lī'cens-a-ble, *a.* അനുവാദം കൊടുക്കത്തക്ക. lī'censed (-senst), *a.* അധികാരം ഉള്ള, 'സനദ്'—. l.d victualler ചോററുപുരവെപ്പാൻ അധികാരമുള്ളവൻ; ചോററുപുരയിൽ മദ്യം വില്പാൻ—. =sēe', *n.* അധികാരപത്രം കിട്ടിയവൻ, 'സനദ്'— (*l.*). =cens-ĕr, *n.* അനുവാദം കൊടുക്കുന്നവൻ. =cen'ti-āte (-sen'shi-), *n.* പ്രവൎത്തനാനുവാദം ലഭിച്ചവൻ; സൎവ്വകലാശാലയിലെ 'നൈപുണ്യ' പദവി. l.e (L. T.) in teaching ഉപാദ്ധ്യായ'നിപുണൻ'. l.e in medicine and surgery (L. M. S.) വൈദ്യനിപുണൻ. =cen'tiŏus (-sen'shus), *a.* അതിര് കടന്ന, കവിഞ്ഞ് പ്രവൃത്തിക്കുന്ന; കാമാസക്തിയുള്ള. =cen'tiŏus-ly, *ad.* കാമാതുരമായി. =cen'tiŏus-ness, *n.* വിഷയലമ്പടത്വം.

Lich, *n.* ശവം.

Lī'chen (lī'ken *or* lich'en), *n.* കൽപായല്, ശിലാവല്കം. -ŏus, *a.* കല്പായലുള്ള.

Lic'it, *a.* ന്യായമായ. -ly, *ad.* നിയമാനുസാരമായി. -ness, *n.* നിയമാനുസരണത്വം.

Li-ci-tā'tiŏn, *n.* അധികം വിലപറയുന്നവന്ന് വില്ക്കൽ.

I. Lick, *v. t.* നക്കുക; 2. നക്കിക്കുടിക്കുക. to l. the dust യുദ്ധത്തിൽ പട്ട്പോക. l.-penny പണം തിന്നി. l.-spittle പാദപൂജകൻ. to l. into shape ആകൃതിപ്പെടുത്തുക. to l. the spittle of പാദപൂജ ചെയ്യുക; ഓമനിക്കുക. to l. up വിഴുങ്ങിക്കളയുക. *n.* നക്കൽ; 2. പാററൽ; 3. തൊടൽ; 4. ലേശം; ഛായ; 5. ഉപ്പ് വിളയുന്ന സ്ഥലം. -'ĕr, *n.* നക്കുന്നവൻ, നക്കി. -'ĕr-ish, *a.* ആതുരമായ, കൊതി ഉള്ള; മോഹനം ആയ, രുചികരം—; സ്ത്രീസക്തിയുള്ള. -'ĕr-ish-ly, *ad.* മോഹത്തോടെ. -'ĕr-ish-ness, *n.* നണ, കൊതി. -'ing, *n.* നക്കൽ.

II. Lick, *v. t.* അടിക്കുക, തല്ലുക; 2. മല്പിടിത്തത്തിൽ ജയിക്കുക. *n.* തല്ല്, പ്രഹരം. -'ing, *n.* അടി, ശിക്ഷ.

**Lic'ŏr-ice, Liqu'ŏr-ice** (lik'ĕr-is), *n.* ഇരട്ടിമധുരം, അതി—, മധുകം (*b.*).

**Lic'tŏr,** *n.* ഒരു വക കോല്ക്കാരൻ.

**Lid,** *n.* മൂടി, അടപ്പു; 2. കൺപോള; 3. മൊത്തി (*b.*). **-'ded,** *a.* മൂടിയുള്ള, അടച്ച. **-'less,** *a.* മൂടിയില്ലാത്ത, അടക്കാത്ത, തുറന്ന; ഉറക്കില്ലാത്ത.

I. **Līe** (lī), *n.* കളവു, ഭോഷ്ക്കു, വ്യാജം, പൊളി, നുണ, വളതം; 2. ഭള്ളു സങ്കല്പം, കെട്ടുകഥ; 3. വഞ്ചന. to give the l. to പറഞ്ഞതു കളവാണെന്നു പറയുക; —വരിക. *v. i.* കളവു പറയുക; വ്യാജം പ്രവൃത്തിക്കുക. **lī'ar,** *n.* അസത്യം പറയുന്നവൻ, പൊള്ളൻ, കള്ളൻ. **lȳ'ing,** *n.* വ്യാജം പറയൽ; കളവു, പൊള്ളു. **lȳ'ing-ly,** *ad.* കളവായി.

II. **Līe,** *v. i. ir.* (lāy, lāin) ഉണ്ടാക: the books l. on the table ആ പുസ്തകങ്ങൾ മേശമേൽ ഉണ്ടു; 2. (down) കിടക്കുക; 3. ആക: Tellicherry l.s north of Calicut തലശ്ശേരി കോഴിക്കോട്ടുനിന്നു വടക്കു ആകുന്നു; 4. ഇരിക്കുക, ആയിരിക്കുക, കിടക്കുക: to l. waste തരിശായി കിടക്കുക; to l. hid മറഞ്ഞു—; to l. open തുറന്നു—; I l. under his displeasure അവന്നു എന്നോടു രസക്കേടാണു; 5. (in) ഉണ്ടാക: envy l.s between equals തുല്യന്മാൎക്കു തമ്മിലാണു അസൂയ ഉണ്ടാക; diversion may l. in hard labour അദ്ധ്വാനത്തിലും നേരമ്പോക്കു ഉണ്ടാകും; 6. താമസിക്കുക; 7. ഉറങ്ങുക; 8. ശമിക്കുക; 9. അവകാശമുണ്ടാക: an appeal l.s in this case ഈ വ്യവഹാരത്തിൽ അപ്പീലിന്നു അവകാശമുണ്ടു. to l. along the shore (കപ്പൽ) കരപിടിച്ചോടുക. to l. at the door of പക്കലായിരിക്കുക. to l. at the heart പ്രേമം തോന്നുക; കാംക്ഷിക്കുക; മനസ്സോടു പററിയിരിക്കുക. to l. at the mercy of അധീനമായിരിക്കുക; ആശ്രയത്തിലിരിക്കുക. to l. by പക്കൽ ഉണ്ടാക; അടുക്കെ—; സ്വസ്ഥമായിരിക്കുക. to l. down കിടക്കുക, ഉറങ്ങുക; ശവക്കുഴിയിൽ കിടക്കുക. to l. hard *or* heavy ഭാരമായിരിക്കുക; ബുദ്ധിമുട്ടിക്കുക. to l. in പെററുകിടക്കുക; പ്രസവിക്കുക. to l. in one കഴിവുണ്ടാക. to l. in the way തടസ്ഥമായിരിക്കുക. to l. in wait, to l. in ambush പതിയിരിക്കുക. to l. on *or* upon ധൎമ്മം ആയിരിക്കുക, മുറ—, കടം—. to l. low മറവിലിരിക്കുക; മിനക്കെട്ടിരിക്കുക. to l. on hand *or* on one's hands കിടപ്പായ്പോക, ബാക്കിയാക; ഉപയോഗമില്ലാതിരിക്കുക. to l. on the head of മേൽ ഇരിക്കുക, ഉത്തരവാദിയാക. to l. over അവധിക്കു കടം വീട്ടാതിരിക്കുക; നിൎത്തിവെക്കുക. to l. to നിന്നുപോക, താമസംവരിക (*naut.*). to l. under ബുദ്ധിമുട്ടുക. to l. under arm ആയുധം ധരിച്ചു നില്ക്കുക. to l. with ഒന്നിച്ചു പാൎക്കുക, കൂടക്കിടക്കുക; സംസൎഗ്ഗമുണ്ടാക; ചെയ്യേണ്ടുന്ന കാൎയ്യം ആയിരിക്കുക, മുറ—. *n.* കിടപ്പു, സ്ഥിതി. **lī'ĕr,** *n.* കിടക്കുന്നവൻ; ഒളിച്ചിരിക്കുന്നവൻ. **lȳ'ing,** *n* കിടപ്പു. l.g in പെററുകിടക്കൽ, ഈററു; പ്രസവം.

**Liēf** (lēf), *a.* ഓമന, പ്രിയമുള്ള 2. ഇഷ്ടം ആയ, ഉത്തമം—; 3. മനസ്സുള്ള. *n.* പ്രിയൻ; പ്രിയ. *ad.* സന്തോഷത്തോടെ, മനസ്സോടെ; 2. ധാരാളമായി. I had as l. go as not പോകുന്നതും പോകാത്തതും എനിക്കു ഒരുപോലെ.

**Liēge** (lēj), *a.* വാഴുന്ന, സ്വാതന്ത്ര്യം ഉള്ള; അധികാരം—, ശ്രേഷ്ഠം ആയ; 2. കുടിയാൻ—; സ്വാമിഭക്തിയുള്ള, വിശ്വസ്തൻ ആയ; 3. പരിപൂൎണ്ണം—. **l.-hom-age** വണക്കം, ഭക്തി. **l.-man** കുടിയാൻ. **liē'ġance, liē'ġi-an-cy, lī'ġe-ance,** *n.* ജന്മികുടിയാൻ സംബന്ധം.

**Lien** (lēn *or* lī'en), *n.* അവകാശം, തേച്ച (*l.*); 2. സ്വത്തുകൊണ്ടുള്ള ഉത്തരവാദിത്വം (*l.*); 3. കടക്കാരന്റെ സ്വത്തു പിടിച്ചു വെപ്പാനുള്ള അവകാശം (*l.*).

**Lī-ē'nal,** *a.* പ്ലീഹസംബന്ധമായ (*an.*).

**Lieu** (lū), *n.* സ്ഥലം, പകരം. in l. of പകരം, 'ബദൽ', പ്രതിയായി.

Lieu-ten'ant (lef-ten'ant *or* lū-ten'ant), *n.* ഉപസ്ഥാനികൻ; സ്ഥാനാപതി, പ്രതിനിധി; 2. പട്ടാളാംശോപനായകൻ; 'ലെഫ്റ്റനന്റ്', 'ജമെദാർ'; 3. നാവികോപനായകൻ. deputy l. രാജോപപ്രതിനിധി. lord l. രാജ—. l.-colonel പട്ടാളോപനായകൻ. l.-general സേനോപപതി. l.-governor ഉപദേശാധിപതി. =ten'an-cy, -ship, *n.* ഉപസ്ഥാനം; —നായകത്വം.

Līfe, *n.* (*pl.* līves), ജീവൻ, ഉയിര്, പ്രാണൻ; 2. ജീവകാലം, —ദശ; 3. —ശക്തി, ചൈതന്യം; 4. ജന്മം, ജീവനം, ജീവിതം; നടപ്പവസ്ഥ; 5. സാക്ഷാൽരൂപം; —സ്ഥിതി; 6. ആള്: many lives were lost വളരെ ആള് നഷ്ടമുണ്ടായി; 7. ജീവജാലം; —രാശി; —പ്രാണി; 8. രക്തം, ചോര; 9. ജീവചരിത്രം; 10. സുഖം; 11. ആത്മികജീവൻ; 12. സൌഭാഗ്യം, നിത്യജീവൻ; 13. അതിപ്രിയകാര്യം, പ്രാണൻ. l.-annuity വർഷാശനം, ആയുഷ്കാലശമ്പളം, 'മാലിഖാൻ'. l.-arrow അപകടത്തിലുള്ള കപ്പലിൽ പ്രാണരക്ഷണാർത്ഥം കയറ് എത്തിപ്പാൻ കരയിൽനിന്ന് വിടുന്ന അസ്ത്രം. l.-rocket —വാണം; l.-shot —ഉണ്ട. l.-assurance, l.-insurance ജീവനഷ്ടപ്രായശ്ചിത്ത കരാറ്, ജീവഭീമ. l.-blood, l.-drop ചോര; ജീവാധാരം. l.-belt പ്രാണരക്ഷപ്പട്ട. l.-boat പ്രാണരക്ഷത്തോണി. l.-buoy പ്രാണരക്ഷോതളി. l.-car പ്രാണരക്ഷപ്പെട്ടകം. l.-estate, l.-hold, l.-interest ജീവദശാവകാശം. l.-giving ജീവദായകമായ; ചൈതന്യം വരുത്തുന്ന. l.-guard മെയ്ക്കാവൽസൈന്യം. l.-land ആയുഷ്കാലപ്പാട്ടാവകാശം. l.-line പ്രാണരക്ഷക്കയറ്. l.-like ജീവനുള്ള പോലെയുള്ള. l.-likeness ജീവതുല്യത. l.-long ആയുഷ്കാലം മുഴുവനും ഉള്ള. l.-mate മരണപര്യന്തസഖി. l.-preserver ഉതളിയന്ത്രം. l.-preserving, l.-saving പ്രാണരക്ഷക്കുള്ള. l.-rate ഭീമവരി. l.-rent കാലാനുഭോഗത്തിന്മേലുള്ള ജീവദശാവകാശം. l.-school ആളെ നോക്കി ചിത്രമെഴുതുന്ന ശാല. l.-size ആൾവണ്ണമുള്ള. l.-spring ജീവോല്പത്തിസ്ഥാനം. l.-string പ്രാണഞരമ്പ്. l.-table ആയുഷ്കാലഗണനപ്പട്ടിക. l.-time ആയുസ്സ്, ആയുഷ്കാലം; ജീവദശ, ജന്മം. l.-weary ജീവവിരക്തിയുള്ള. to lose one's l. മരിക്കുക. to seek the l. of കൊല്ലുവാൻ നോക്കുക. to the l. സാക്ഷാൽ ഉള്ള പ്രകാരം. -'ful, *a.* ജീവചൈതന്യമുള്ള. -'less, *a.* ജീവൻ ഇല്ലാത്ത; ജീവജന്തുക്കൾ—; ധൈര്യം—; ചൈതന്യം—, ചുണ—; രസം—. -'less-ly, *ad.* ചൈതന്യമില്ലാതെ. -'less-ness, *n.* നിശ്ചേതനത്വം (*see* Live).

Lift, *n.* ആകാശം; വാനം; അന്തരീക്ഷം; 2. പൊന്തിക്കൽ, ഉയർത്തൽ; 3. ഉയരം; 4. സഹായം; വാഹനത്തിൽ കയററിക്കൊണ്ട് പോകൽ; 5. കയററ് യന്ത്രം; 6. കയററം, ഉയച്ച; 7. കയററ് വാതില്; ഷീപ്പ്. dead-l. മഹാ ഞെരുക്കം; വിഷമം. l.-bridge കയററ് പാലം. l.-gate —വാതില്. l.-lock —ഷീപ്പ്. *v.t.* ഉയർത്തുക, പൊന്തിക്കുക, കയററുക; 2. (up) ഉന്നതപ്പെടുത്തുക, ശ്രേഷ്ഠതപ്പെടുത്തുക; 3. പിരിക്കുക, വസൂലാക്കുക; 4. മോഷ്ടിക്കുക, കട്ട് കൊണ്ട് പോക. to l. up ഉയർത്തുക; ശൂലത്തിലേററുക. to l. up the eyes മേല്പെട്ട് നോക്കുക; പ്രാർത്ഥിക്കുക. to l. up the feet സഹായത്തിന്ന് ഉഴറിച്ചെല്ലുക. to l. up the hand സത്യം ചെയ്യുക; പ്രാർത്ഥിക്കുക; പ്രവൃത്തിചെയ്യുക. to l. up the hand against മത്സരിക്കുക; ആക്രമിക്കുക; ദോഷപ്പെടുത്തുക; ഞെരുക്കുക. to l. up one's head സന്തോഷിക്കുക. to l. up the heel against ധിക്കരിക്കുക; ഉപദ്രവിക്കുക. to l. up the voice ഉച്ചത്തിൽ പറയുക; നിലവിളിക്കുക. *v. i.* പൊന്തിച്ച് നോക്കുക; ഞെരുങ്ങിപ്പേരുക; 2. ഉയന്ന് കാണുക; 3. മോഷണത്താൽ ഉപജീവിക്കുക. -'a-ble, *a.* പൊന്തിക്കാവുന്ന. -'ēr, *n.* ഉയർത്തുന്നവൻ. -'ing, *a.* കയററുന്ന; പൊന്തിപ്പാനുള്ള (*see* Loft).

Li'gāte, *v.t.* ബന്ധിക്കുക, കെട്ടുക; വരിഞ്ഞ് കെട്ടുക, പൊതിഞ്ഞ് —. lig'a-ment, *n.* കെട്ട്; ബന്ധനം (*an.*). lig-a-

ment'al, liga-ment'ŏus, *a.* ബന്ധനമായ; കെട്ടുന്ന. lī-gā'tiōn, *n.* കെട്ടൽ; കെട്ട്; ബന്ധനം; സംബന്ധം. lig'a-tūre, *n.* കെട്ടൽ; കെട്ട്; നാട; തരിപ്പ്; വളവ്രേഖ (*mus.*); ലിപിസംയോഗാക്ഷരം (*print.*). *v. t.* മുറികെട്ടുക.

Lī'gan, Lā'gan, Lig'sam, *n.* പൊങ്ങത്തികെട്ടി കടലിൽ ഇട്ട സാധനം.

Lĭge'ance, Lĭge'an-cy, Liēg'ance, *n.* സ്വാമിഭക്തി, രാജ—.

Lig'gĕr, *n.* വെപ്പ്ചൂണ്ടല്.

I. Līght (līt), *n.* വെട്ടം, വെളിച്ചം, പ്രകാശം, ഒളിവ്, ഒളി, ദ്യുതി, പ്രഭ; 2. ജ്യോതിസ്സ്; വിളക്ക്; തിരി; ചൂട്ട; 3. പകല്; പ്രഭാതം; 4. കൺപ്രഭ; 5. വാതില്, ജാലകം; കണ്ണാടിച്ചില്ല്; 6. ജീവൻ; 7. വെളിവ്, തുറസ്സ്; പ്രസിദ്ധി; 8. ദൃഷ്ടി, കാഴ്ച; 9. ബോധം, അറിവ്; 10. സൌഭാഗ്യം, സന്തോഷം; 11. പ്രഭ (*paint.*); 12. സ്ഥിതി, അവസ്ഥ, സംബന്ധം; അർത്ഥം; 13. പ്രഖ്യാതി; 14. ദൃഷ്ടാന്തം; 15. 'മത്താപ്പ്'. l.-boat, l.-ship ദീപക്കപ്പല്. l.-dues, l.-money ദീപഗോപുര നികുതി (*naut.*). l.-house 'മിന്നാരം', ദീപഗോപുരം, വിളക്ക്മാടം. l.-keeper, l.-man ദീപഗോപുര പാലകൻ, വിളക്ക്മാടക്കാരൻ. l.-wood വേഗം കത്തുന്ന മരം. the l. of the countenance ദയ, കൃപ; പ്രസാദം. northern l.s ധ്രുവപ്രഭ. to bring to l. വെളിച്ചത്താക്കുക. to come to l. വെളിച്ചത്താകുക, അറിവായ്വരിക. to see the l. ജനിക്കുക; പ്രസിദ്ധമാക. to stand in one's own l. തന്റെ ഗുണം താൻ തന്നെ ഇല്ലാതാക്കുക, കൊമ്പത്തിരുന്ന് മുരട് മുറിക്കുക. *a.* പ്രകാശം ഉള്ള, പ്രഭ—; തെളിവ്—; 2. വെളുത്ത, ഇളം വെള്ളയായ; ഇളം നിറമുള്ള. *v. t.* (up) തീ കത്തിക്കുക, തിരി—, വിളക്ക്—, —കൊളുത്തുക; 2. (up) പ്രകാശിപ്പിക്കുക, പ്രകാശം കൊടുക്കുക; 3. വെളിച്ചം കാണിക്കുക. to l. a fire തീ പിടിപ്പിക്കുക. *v. i.* കത്തുക. 2. (up) വെളിച്ചമുണ്ടാക. -'a-ble, *a*, പ്രകാശം വരുത്താകുന്ന; līght'en (līt'n), *v. i.* മിന്നുക, പ്രകാശിക്കുക, തിളങ്ങുക, തെളിഞ്ഞ് വരിക; *v. t.* തെളിവാക്കുക; പ്രകാശിപ്പിക്കുക; ശോഭനമാക്കുക; വിളക്ക് കത്തിക്കുക; ബോധം വരുത്തുക; എറിക്കുക, അറിക്കുക; ദുഃഖനിവാരണം ചെയ്യുക. -'ĕr, *n.* വിളക്ക്കൊളുത്തുന്നവൻ. -'fụl, *a.* ശോഭനമായ. -'less, *a.* പ്രകാശമില്ലാത്ത, ഇരുണ്ട. -'ness, *n.* പ്രകാശം, ശോഭ; ഇളംനിറം. līght'niṅg (līt'niṅ), *n.* മിന്നല്, വിദ്യുച്ഛക്തി; പ്രകാശിപ്പിക്കൽ; ശോഭ; ബുദ്ധിപ്രകാശം. ball l.g ഇടിവാളം. chain l.g മിന്നൽപിണര്. heat l.g മിന്നലൊളി. sheet l.g മിന്നൽനിര. l.g-arrester, l.g discharger വിദ്യുദ്രക്ഷായന്ത്രം. l.g bug മിന്നാമിനുങ്ങ് (*z.*). l.g conductor, l.g rod വിദ്യുദ്രക്ഷാകമ്പി. l.g glance കടാക്ഷം. -'sŏme, *a.* പ്രകാശം ഉള്ള; -'sŏme-ly, *ad.* പ്രകാശത്തോടെ. -'sŏme-ness, *n.* പ്രകാശം.

II. Līght (līt), *a.* ലഘുവായ, ഘനം ഇല്ലാത്ത, —കുറഞ്ഞ; 2. (burden) ഭാരം—; 3. (task) എളുതായ, എളുപ്പമുള്ള, കഠിനമല്ലാത്ത; 4. (food) വേഗം ദഹിക്കുന്ന; പോഷണശക്തി കുറഞ്ഞ; 5. (troops) ലഘുവായുധം ധരിച്ച; 6. തടസ്ഥമില്ലാത്ത; വേഗതയുള്ള; 7. (ship) ഭാരം കയററാത്ത; 8. (error, mistake) നിസ്സാരമായ; 9. (bread) നല്ലവണ്ണം പുളിച്ച് പൊന്തിയ; 10. (rain) ചാറൽ ആയ; 11. (wind) മന്ദം—; 12. (touch) ചമത്കാരം—, നേർമ്മ—; 13. (mind) ചാപല്യം ഉള്ള, ചഞ്ചലം—; 14. മനോലഘുത്വം—; 15. (brain) ബുദ്ധിഭ്രമം—; 16. (faith) ശീഘ്രം ആയ, നിർവ്വിചാരം—; 17. (girl, woman) തുള്ളിച്ചി—, പാതിവ്രത്യമില്ലാത്ത; 18. (coin) തൂക്കത്തിൽ കുറവുള്ള; 19. (soil) ഉതിർന്ന, മണലുള്ള. l.-armed ലഘുവായുധമുള്ള. l. cavalry, l. horse തീവ്രാശ്വസേന. l.-eater അല്പാശനൻ. l.-fingered കളവ് ഉള്ള, മോഷണസാമർത്ഥ്യം—. l.-foot, l.-footed, l.-legged, l. of foot, l.-heeled വേഗത—. l.-handed (പണിക്ക്) ആൾക്കുറവ്—. l.-headed ചിത്തഭ്രമം—; ചഞ്ചലഭാവം—. l.-headedness ബുദ്ധിശൂന്യത; ചാപല്യം.

l.-hearted, l. of heart ഉല്ലാസഭാവമുള്ള. l.-heartedly സന്തോഷത്തോടെ. l.-heartedness ആമോദം. l.-minded മനഃസ്ഥിരതയില്ലാത്ത. l.-mindedness ചഞ്ചലഭാവം. l.-sleeper ലഘുനിദ്രാണൻ, വേഗം ഉറക്ക് ഞെട്ടുന്നവൻ. l. weight ഘനംകുറഞ്ഞവൻ. l.-winged വേഗം പറക്കുന്ന, പറന്ന് പോയ്പ്പോകുന്ന. to make l. of പുച്ഛമായി വിചാരിക്കുക; അലക്ഷ്യമാക്കുക, തുച്ഛീകരിക്കുക. to set l. by നിസ്സാരമാക്കുക; നിന്ദിക്കുക. *ad.* ലഘുവായി; 2. സഹായ വിലക്ക്; -'en, *v. t.* ലഘുവാക്കുക, ഘനം കുറക്കുക; ഭാരം—, ശമിപ്പിക്കുക; സന്തോഷിപ്പിക്കുക. -'ĕr, *n.* ചരക്കിറക്കുന്ന തോണി, മഞ്ചു. l.r-man മഞ്ചുക്കാരൻ. *v. t.* തോണിയിൽ കയററിക്കൊണ്ട് പോക. -'ĕr-āġe, *n.* തോണിക്കൂലി; തോണിയിലാക്കിക്കൊണ്ട് പോകൽ. -'ly, *ad.* ലഘുവായി; മെല്ലെ; വേഗം; മന്ദം ആയി; അല്പം—; എളുപ്പം—; അനാവശ്യം—; സന്തോഷത്തോടെ; നിർവ്വിചാരഭാവത്തിൽ; പാതിവ്രത്യമില്ലാതെ. -'ness, *n.* ലഘുത്വം; ലാഘവം; സന്തോഷം, ഉല്ലാസം; ചാപല്യം; വേഗത; മാർദ്ദവം, നേർമ്മ; ചമത്കാരം. -'en-ing, -'ning, *n.* ലഘുവാക്കൽ. lights (līts), *n. pl.* (മൃഗങ്ങളുടെയും പക്ഷികളുടെയും) ചെമ്പരത്തി; ശ്വാസകോശം (*an.*). -'sŏme, *a.* ഉല്ലാസമുള്ള. -'sŏme-ly, *ad.* ഉല്ലാസത്തോടെ. -'sŏme-ness, *n.* ഉല്ലാസം.

III. Light (līt), *v. i.* (from, off, on, upon, at, in) ഇറങ്ങുക, കിഴിയുക; 2. പറന്ന് ഇറങ്ങുക, —വന്ന് ഇരിക്കുക; 3. (on, upon) വീഴുക; 4. (on, upon) സംഭവിക്കുക, ഉണ്ടാക; ആയ്തീരുക; 5. (on, upon) കാണുക. -'en, *v. i.* ഇറങ്ങിവരിക.

Lign-al'ōes (līn-al'ōz *or* lig-nal'ōz), അകില്, അഗരു (*b.*).

Lig'nē-ŏus, *a.* മരംകൊണ്ടുണ്ടാക്കിയ; 2. മരമുള്ള; 3. മരത്തോട് തുല്യമായ; 4. മരംനിറഞ്ഞ. =nif'ĕr-ŏus, *a.* —ഉണ്ടാകുന്ന. lig-ni-fi-cā'tiŏn, *n.* —ആകൽ (*b.*). lig'ni-form, *a.* —പോലെയുള്ള. lig'ni-fȳ, *v. t.* —ആക്കുക (*b.*). lig-ni-pĕr'dŏus, *a.* —നശിപ്പിക്കുന്ന. lig'nīte, *n.* ഒര് വക കല്ക്കരി. lig-nit'ic, *a.* കല്ക്കരിതുല്യമായ.

Lig'sam, *n.*, see Ligan.

Lig'ūre, *n.* ഒര് വക രത്നം, പത്മരാഗം (*min.*).

I. Līke, *a.* (in) പോലെ ഉള്ള, പ്രകാരം—, ഒത്ത, തുല്യം ആയ, സന്നിഭം—; 2. അത്ര, സമമായ; 3. സംഗതിയുള്ള, സംഭവ്യമായ; 4. ഭാവം ഉള്ള, താല്പര്യം—: l.-figures തുല്യക്ഷേത്രങ്ങൾ (*geom.*). l.-minded തുല്യചിത്തമുള്ള. had l. ഏതാനും. such l. ഈവക, അങ്ങനേത്ത. nothing l. അതുല്യം, ഉത്തമം. it is l. him അത് ആള് അവൻ തന്നെ. -'wīse, *ad.* പോലെ തന്നെ; ഉംകൂടെ; എന്നപോലെ, പ്രകാരം. *n.* തുല്യൻ. *ad.* പോലെ, തുല്യമായി, പ്രകാരം, വണ്ണം; 2. പക്ഷെ. -'li-hood, -'li-ness, *n.* സത്യം, പരമാർത്ഥം; സംഭാവ്യത. -'ly, *a.* സംഭവ്യം ആയ; വിശ്വാസയോഗ്യം—; പോലെ തോന്നുന്ന; ഉണ്ടാവാൻ ഇടയുള്ള. *ad.* പക്ഷെ; ഏതാനും. līk'en (līk'n), *v. t.* തുല്യം ആയ്വിചാരിക്കുക, —ആക്കുക; ഒപ്പിച്ച് പറയുക. -'ness, *n.* സാമ്യം; ആനുരൂപ്യം; രൂപം, സ്വരൂപം; വേഷം; ചിത്രം, ഛായ.

II. Līke, *v. t.* പററുക; 2. ഇഷ്ടംതോന്നുക, രസം—, പ്രസാദം—, ഇഷ്ടപ്പെടുക; 3. സമ്മതമുണ്ടാക. *v. i.* തോന്നുക, ഇഷ്ടമുണ്ടാക; 2. ഏതാനും ആക, അടുത്തിരിക്കുക: he l.d to have been too late അവൻ എത്തുമ്പോഴേക്ക് കാര്യം അവസാനിച്ച് പോകമായിരുന്നു. *n.* (*pl.*) ഇഷ്ടം; രസം. -'a-ble, līk'a-ble, *a.* ഇഷ്ടംതോന്നത്തക്ക; മനോഹരമായ. -'ly, *a.* പററിയ; സുമുഖമുള്ള; ഇഷ്ടംതോന്നുന്ന; സൌന്ദര്യമുള്ള; ഉചിതമായ, കൊള്ളാകുന്ന. lī'king, *n.* യോഗ്യത; (for, to) ഇഷ്ടം, രസം, താല്പര്യം, മനസ്സ്; കാഴ്ച. on l.g പററുന്ന പക്ഷം, മനസ്സെങ്കിൽ.

Lil'ac (*or* lī'lak), Lil'ach, *n.* ഒര് ചെടി (*b.*); 2. ഒര് വക ഊതനിറം.

Lil-i-pū'tian (-pū'shan), *n.* ഏററവും ചെറിയവൻ, മഹാവാമനൻ, അംഗുഷ്ഠ

ല്യൻ. *a.* ഏററവും ചെറിയ, —കള്ളനായ, നന്ന മുണ്ടനായ.

**Lilt,** *v. i.* ചുറുക്കോടെ ചെയ്യുക; 2. തുള്ളിച്ചാടിനടക്കുക; 3. ഉല്ലസിച്ച് പാടുക. *v. t.* ചുണയോടെ പറയുക; 2. —പാടുക. *n.* തുള്ളല്; 2. ഉല്ലാസരാഗം.

**Lil'y,** *n.* (പല ജാതിയിലുള്ള) ഒര് വെള്ളപ്പൂച്ചെടി (*b.*); വെള്ളാമ്പല്, നെയ്തല്, നെയ്തലാമ്പല് (*b.*); താമര (*b.*); 2. (പലവക) വെള്ളപ്പൂ. **l.-handed** വെളുത്ത കയ്യുള്ള; മെലിഞ്ഞ—. **l.-livered** കരള് വെളുത്ത; ഭീരു ആയ, പേടിക്കുടലൻ—. **l.-white** നന്ന വെളുത്ത, തൂയ്യവെള്ളയായ. **lil-i-ā'ceŏus** (-ā'shus), *a.* നെയ്തല് വർഗ്ഗത്തിൽപെട്ട; —പോലെയുള്ള. **lil'i-al,** *a.* വെള്ളാമ്പല്—. **lil'ied** (-id), *a.* നെയ്തല് നിറഞ്ഞ.

**Lī-mā'ceŏus** (-shus), *a.*, *s. u.* Li-[max.

**Lī'man,** *n.* ചളി, ചേറ്.

**Lī-mā'tiŏn,** *n.* രാവൽ; 2. മിനുക്കൽ. **lī'māille** (lī'māl *or* le-mäy'), *n.* ലോഹം രാവിയ പൊടി. **lī'mā-tūre,** *n.* രാവൽ; രാവിയ പൊടി.

**Lī'max,** *n.* അച്ച് (*z.*). =**mā'ceŏus** (-mā'shus), *a.* അച്ച് വർഗ്ഗത്തിൽ ഉള്ള; —പോലെ—.

I. **Limb** (lim), *n.* കൊമ്പ്, കവരം, ശാഖ; 2. കൈ, ഹസ്തം; 3. കാല്, ചരണം; 4. ചിറക്; 5. അംഗം, അവയവം; 6. അനുബന്ധം; 7. (പൂട്ടിലെ) കള്ളൻ. **l. of the law** വക്കീല്; സർക്കാരുദ്യോഗസ്ഥൻ. *v. t.* അവയവം ഉണ്ടാക്കുക; 2. വിച്ഛേദിക്കുക, അംഗഭംഗം വരുത്തുക. **limbed** (limbd), *a.* അവയവം ഉള്ള. **-'less,** *a.* —ഇല്ലാത്ത.

II. **Limb** (lim), *n.* അരു, അററം, വക്ക്. **lim'bāte,** *a.* അരുവിലുള്ള.

**Lim'bat,** *n.* കടക്കാററ്.

I. **Lim'bĕr,** *n.* വലിയ തോക്ക് വണ്ടിയുടെ മുന്നംശം; 2. *pl.* ഏർക്കാല്, ഈത്ത്; 3. *pl.* കമ്മത്തോവ് (*naut.*). **l.-box, l.-chest** വെടിമരുന്ന് പെട്ടി. *v. t.* (up) വണ്ടിയോട് തോക്ക് ഇണക്കുക.

II. **Lim'bĕr,** *a.* വളയുന്ന, ഉലയുന്ന; 2. പതമുള്ള. *v. t.* ഉലക്കുക, വളക്കുക. **-ness,** *n.* ഉലച്ചൽ; പശിമ.

**Lim'bō, Lim'bus,** *n.* മൃതദേഹിവാസസ്ഥാനം, പാതാളം; 2. കാരാഗൃഹം, തടവ്; 3. അരു, അററം, പ്രാന്ത്യം (*an.*). **in l.** തടവിൽ, ബന്ധനത്തിൽ. *l.s patrum* സജ്ജനാപവർഗ്ഗം *l.s infantium* ശിശ്വപവർഗ്ഗം. *l.s fatuorum* ഭോഷാപവർഗ്ഗം. ='**bŏus,** *a.* അരുകവിഞ്ഞ് നില്ക്കുന്ന (*an.*).

I. **Līme,** *n.* നായ്ച്ചങ്ങല; കയറ്. **l.-hound** വേട്ടനായ്. **lī'mĕr,** *n.* നായാട്ട് നായ്.

II. **Līme,** *n.* ചെറുനാരങ്ങ, പൂ—; പുളി— (*b.*). **l.-juice** നാരങ്ങനീര്.

III. **Līme,** *n.* കൽച്ചുണ്ണാമ്പ്; ചുണ്ണാമ്പ്, കമ്മായം; നൂറ്; 2. പക്ഷിവലക്ക് തേക്കുന്ന പശ, വെളുന്നീര്, വെളിഞ്ഞിര്. **bird-l.** പക്ഷിവലപ്പശ. **caustic l.** നൂറ്. **quick-l.** ചുണ്ണാമ്പ്, കമ്മായം. **slacked l.** നീററിയ ചുണ്ണാമ്പ്, നൂറ്. **l.-burner** കമ്മായച്ചൂളക്കാരൻ. **l.-kiln** കമ്മായച്ചൂള. **l.-pit** കൽച്ചുണ്ണാമ്പ് കുഴി. **l.-rod, l.-twig** കെണി, പക്ഷിവല. **l.-twigged** കെണിവെച്ചിരിക്കുന്ന, കുടുക്കുള്ള. **l.-stone** കൽച്ചുണ്ണാമ്പ്. **l.-water** ചുണ്ണാമ്പ് നീര്. *v. t.* വെളിഞ്ഞിര് പിരട്ടുക. 2. കെണിയിൽ പെടുത്തുക, കുടുക്കുക; 3. കമ്മായം തേക്കുക; നൂറ്—; 4. കമ്മായത്തിൽ കെട്ടുക; 5. കമ്മായവളം ഇടുക. **lī'mi-ness,** *n.* പററ്; ചുണ്ണാമ്പ് ഗുണം. **lī'my,** *a.* പശതേച്ച; പററ് ഉള്ള; ചുണ്ണാമ്പ്—; —ഗുണം—.

**Lim'it,** *n.* അതിര്, അറുതി; അവസാനം, അററം, അഗ്രം; 2. പ്രദേശം, ഭാഗം; 3. അവധി; കാലം; 4. തടസ്ഥം, മുടക്കം; 5. ഗുണം (*log.*); 6. പരിമാണം (*math.*). *v. t.* അതിര് വെക്കുക; 2. ക്ലിപ്തപ്പെടുത്തുക; 3. അവധിവെക്കുക. **-a-ble,** *a.* അതിര് വെക്കാവുന്ന. =**tā'ri-an,** *a.* ക്ലിപ്തപ്പെടുത്തുന്ന. =**tar-y,** *a.* പ്രാന്ത്യത്തിലുള്ള; കാവലായ; അതിർക്കകത്തുള്ള; ക്ലിപ്തപ്പെടുത്തുന്ന. =**tar-y, lim'i-**

tŏur, *n.* ഭിക്ഷു. =tāte, *a.* രേഖക്കകത്തുള്ള. =tā'tiŏn, *n.* ക്ലിപ്തപ്പെടുത്തൽ; സീമ; തടസ്ഥം; വിശേഷണം; അവധി; കാലഹരണം (*l.*); നിശ്ചയം (*l.*); അധികാരാതൃത്തി (*l.*). to know one's own l.ns ശേഷിയറിയുക. -ed, *a.* പരിച്ഛിന്നം ആയ, ക്ലിപ്തം—. l.d company ക്ലിപ്തബാദ്ധ്യസംഘം (*l.*). -ed-ly, *ad.* ക്ലിപ്തമായി. -ed-ness, *n.* സീമ; ക്ലിപ്തം. =tĕr, *n.* അതൃത്തിവെക്കുന്നവൻ; ഭിക്ഷു. =tive, *a.* ചുരുക്കുന്ന, കുറെക്കുന്ന. -'less, *a.* അതിരില്ലാത്ത, സീമയററ, അപരിമിതമായ.

Lim'mĕr, *n.* നായാട്ടുനായി; 2. ആഭാസൻ; 3. വേശ്യ; 4. കോവണിക്കയറ് (*naut.*).

Limn (lim), *v. t.* ചിത്രിക്കുക, ചിത്രമെഴുതുക; 2. ശൃംഗരിക്കുക. ='nĕr, *n.* ചിത്രക്കാരൻ; ശൃംഗാരകൻ. -'ing, *n.* ചിത്രമെഴുത്ത്; ശൃംഗാരപ്പണി.

Lim-næ'a, *n.* നമിച്ചി, നവിച്ചി (*z.*).

Lī-mō'sis, *n.* അത്യഗ്നി, അതിവിശപ്പ് (*med.*).

Lī'mŏus, *a.* ചളിയുള്ള; 2. കഴമ്പ് ആയ, കട്ടി—.

I. Limp, *v. i.* മുടന്തുക, മുടന്തിനടക്കുക, നൊണ്ടുക. *n.* മുടന്ത്, ചട്ട. -ĕr, *n.* നൊണ്ടി, ചട്ടയൻ, മുടന്തൻ. -'ing-ly, *ad.* നൊണ്ടിക്കൊണ്ട്. -'ness, *n.* മുടന്ത്, നൊണ്ടൽ.

II. Limp, *a.* തൂങ്ങിക്കിടക്കുന്ന, പതുമയുള്ള; 2. ഉറപ്പ് ഇല്ലാത്ത, കട്ടപ്പം—. limp'sy, lim'sy, *a.* പതമുള്ള; ബലമില്ലാത്ത; ഉലയുന്ന.

Lim'pid, *a.* തെളിവുള്ള, തെളിഞ്ഞ, സ്വച്ഛമായ. -ness, =pid'i-ty, *n.* തെളിവ്, സ്വച്ഛത; ശുദ്ധി.

Lim'ū-lus, *n.* ഒരു വക വാലൻ ഞണ്ട് (*z.*).

Lin, Linn, Lyn, *n.* കളം, ജലാശയം; 2. അരുവി; 3. കൊല്ലി.

Linch'pin, *n.* വണ്ടിയാണി, ചീപ്പാണി.

Line'tūre, Linc'tus, *n.* ലേഹ്യം, രസായനം (*med.*). [(*b.*).

Lin'den, Lind, *n.* ഒരു വക വൃക്ഷം

I. Līne, *n.* നേരിയ വക്ക്, —ചണനൂല്.

II. Līne, *v. t.* അകശീലവെക്കുക, അകം പൊതിയുക; 2. അകത്ത് നിറക്കുക; 3. നിരനിരയായി നിൎത്തുക; 4. (മൃഗം) ഇണചേരുക. lī'nĕr, *n.* അകം പൊതിയുന്നവൻ. lī'ning, *n.* അകശീലയിടൽ; അകശീല; അകത്തുള്ളത്.

III. Līne, *n.* നൂല്, നാര്; ചരട്; ചൂണ്ടച്ചരട്, കണ്ണി; കയറ്; 2. കെണി; 3. വര; 4. വഴി, മാൎഗ്ഗം; 5. ഗതി; 6. വരി; 7. കുറിപ്പ്, ചീട്ട്; 8. ശീര്, വൃത്തം; ചരണം; കവിത; 9. കാൎയ്യം; വിഷയം; പ്രവൃത്തി; 10. രേഖ (*geom.*); 11. അതൃത്തി, അതിര്; 12. ഹസ്തരേഖ, മുഖ—, —ലക്ഷണം; 13. രൂപം, ആകൃതി, മുഖഛായ; 14. നിര; 15. വംശാവലി, വംശപാരമ്പൎയ്യം; 16. വ്യാപാരമാൎഗ്ഗം; 17. അക്ഷരേഖ (*geog.*); 18. ധ്രുവക— (*geog.*); 19. വിഷുവദ്രേഖ, മദ്ധ്യരേഖ (*geog.*); 20. അളത്തച്ചരട്; 21. ഓഹരി, അവകാശം (*Bl.*); 22. ഉപദേശം (*Bl.*); 23. ക്രമം, യോജിപ്പ്; 24. തീവണ്ടിപ്പാത; 25. സൈന്യനിര; 26. കാലാൾപട; 27. അകിഴ്; കൊത്തളം; 28. (*pl.*) കിള; തടസ്ഥം; 29. (*pl.*) ആകൃതി (*naut.*); 30. രാഗരേഖ (*mus.*); 31. (ചരക്ക്) വക (*com.*); 32. വൎത്തമാനക്കമ്പി; 33. (*pl.*) കടിഞ്ഞാണ്; 34. മുക്കാൽ തോര, $\frac{1}{12}$ അംഗുലം. l.-conch പിരിശംഖ്. l.-engraving ഒരു വിധം ചിത്രംകൊത്തൽ; കൊത്ത് ചിത്രം. l.-man ചരട് പിടിക്കുന്നവൻ; തീവണ്ടിപ്പാതപരിശോധകൻ; കമ്പിനന്നാക്കുന്നവൻ. l. of battle അണി. l. of battle ship, ship of the l. വലിയതരം പടക്കപ്പല്. l. of beauty ശൃംഗാരരേഖ. l. of conduct നടപ്പവസ്ഥ. l. of descent വംശക്രമം. l. of fire വെടിപ്പോക്ക്. l. of kings രാജാവലി. l. of life ജീവരേഖ. l. of lines, l. of numbers സംഖ്യാമാനച്ചരട്. l. of march സേനാഗതി. l. of operations യുദ്ധപ്രദേശം. l. of sight കുറിപ്പാട്. ascending l. പൂൎവ്വ വംശാവലി. branch-l. ശാഖാപാത. clothes-l. അയല്, അയക്ക, അയക്കക്കയറ്. curved l. വക്രരേഖ. descend-

ing l. ഉത്തരവംശാവലി. equinoctial l., the l. വിഷുവരേഖ, മദ്ധ്യരേഖ (*geog.*). female l. മാതൃവംശം. fishing l. ചൂണ്ടക്കണ്ണി, ചൂണ്ടക്കയറ്. hard l.s വിഷമം, കഷ്ടം. horizontal l. സമരേഖ, തുലാ—. male l. പിതൃവംശം. on the l. കണ്ണിന്നു നേരെ. parallel l. സമാന്തരരേഖ. perpendicular l. ലംബ—. right l., straight l. നേർ—, ഋജു—. to cross the l. വിഷുവരേഖ കടന്നു പോക. to give a person l. അഴച്ച് കൊടുക്കുക; വിട്ടേക്കുക, ഇഷ്ടത്തിന്ന് സമ്മതിക്കുക. tow-l. കമ്പ, ചങ്ങല. *v. t.* വരക്കുക, വരയിടുക, വരയുക; 2. ചിത്രംവരയുക; 3. വരിവരിയായി വായിക്കുക; 4. നിരയായി നിൎത്തുക. lin'e-āge, *n.* വംശാവലി, വംശപാരമ്പര്യം; സന്താനം; വംശം. lin'e-al, *a.* അന്വയ; പരമ്പര ആയ; രേഖാരൂപം—; നീളാളവ്—. l.l measure നീളാളവ്. lin-e-al'i-ty, *n.* പാരമ്പര്യം. lin'e-al-ly, *ad.* പരമ്പരയായി. lin'e-a-ment, *n.* (*pl.*) ആകൃതി, രൂപം, മുഖഛായ. lin'e-ar, lin'e-ar-y, *a.* രേഖാസംബന്ധം ആയ; —രൂപം—; കൃത്ത (*b.*). l.r-shaped രേഖാകൃതിയായ. l.r measure നീളാളവ്. lin'e-ar-ly, *ad.* രേഖാരൂപമായി. lin'e-ā-ted, *a.* വരയുള്ള (*z.*). lin-e-ā'tiŏn, *n.* വൎണ്ണനം, വിവരണം; വര. lī'nĕr, *n.* വരയിടുന്നവൻ; പതിവ് കപ്പല്; വലിയ പടക്കപ്പല്. lī'niṅg, *n.* വരയിടൽ, വരയൽ.

Lin'en, *n.* ചണത്തുണി, വക്ക് തുണി; 2. തുണി; 3. അടിക്കുപ്പായം: l.-draper തുണിക്കച്ചവടക്കാരൻ. *a.* ചണംകൊണ്ടുണ്ടാക്കിയ; 2. വക്ക് തുണിപോലെയുള്ള; 3. വെളുത്ത; 4. വിളൎത്ത.

Lī'nĕr, *n.*, *s. u.* Line II. & III.

I. Liṅg, *suf.* ചെറിയ, അല്പ, കുട്ടി; 2. ആയി, ഓടെ.

II. Liṅg, *n.* ഒര് വക മത്സ്യം, നോങ്ങല്, പൂഴാൻ.

Liṅ'gel, Liṅ'gle, *n.* തോൽനാക്ക്.

Liṅ'gĕr, *v. i.* വൈകുക, താമസിക്കുക; 2. മനമില്ലാമനസ്സോടെ ചെയ്യുക; 3. സംശയിക്കുക, ശങ്കിക്കുക. *v. t.* (out) കാലം കഴിക്കുക; 2. ദീൎഘിച്ച് നില്ക്കുക. -ĕr, *n.* താമസക്കാരൻ; -iṅg, *a.* താമസം ഉള്ള; ദീൎഘിച്ച് കിടക്കുന്ന. -iṅg-ly, *ad.* ശങ്കയോടെ; മെല്ലെ; പതുക്കെ.

Liṅ'gō, *n.* ഭാഷ, വാക്ക്; 2. ഭാഷാഭേദം.

Liṅ'gua (-gwa), *n.* നാവ്, ജിഹ്വ, രസനാ. *l. Franca* മദ്ധ്യതരന്ന്യാഴിയുടെ കിഴക്കെ തീരപ്രദേശത്ത് നടപ്പുള്ള കച്ചവടഭാഷ. liṅ'gual (-gwal), *a.* നാവിന്ന് ഉള്ള; നാവ് കൊണ്ട്—. *n.* ദന്ത്യാക്ഷരം. liṅ'gui-form (-gwi-), *a.* ജിഹ്വാകൃതിയായ. liṅ'guist (-gwist), *n.* ബഹുജ്ഞൻ; ഭാഷാനിപുണൻ. =guis'-tic, =guis'ti-cal, *a.* ഭാഷാസംബന്ധമായ. =guis'ti-cal-ly, *ad.* ഭാഷാസംബന്ധമായി. =guis'tics, *n.* ഭാഷാശാസ്ത്രം; പദ—. liṅ'gū-la, *n.* നാവ് പോലെയുള്ള സാധനം. liṅ'gū-lāte, *a.* നാവ് പോലെയുള്ള.

Lin'i-ment, *n.* തൈലം, ലേപം; കുഴമ്പ് (*med.*).

Lī'niṅg, *n.*, *s. u.* Line II. & III.

I. Liṅk, *n.* പന്തപ്പന്തം, ചൂട്ട. l.-boy, l.-man ചൂട്ടപിടിക്കുന്നവൻ.

II. Liṅk, *n.* കണ്ണി; 2. ബന്ധം, കെട്ട്; സംബന്ധം; 3. അണുസംബന്ധം (*ch.*). l.-work ചങ്ങലപ്പണി; തുടര്. *v. t.* കണ്ണികൊളുത്തുക; കൂട്ടിച്ചേൎക്കുക; കോൎക്കുക, തൊടുക്കുക. *v. i.* ചേൎന്നിരിക്കുക. -'āge, *n.* ഇണെക്കൽ; സംബന്ധം; കണ്ണിക്കൂട്ടം. [സീസ്'.

III. Liṅk, *n.* (*pl.*) മാംസക്കുടല്, 'സാ

Lin'net, *n.* ഒര് വക ചെറുപക്ഷി (*z.*).

Lin-ōl'ē-um, *n.* ചണയെണ്ണക്കട്ടി.

Lin'sēed, Lint'sēed, *n.* ചെറുചണവിത്ത് (*b.*). l.-cake ചണപ്പിണ്ണാക്ക്. l.-meal ചണപ്പിണ്ണാക്ക് പൊടി. l.-oil ചെറുചണ എണ്ണ, 'ലിൻസീട്—. l.-poultice ചണയെണ്ണപ്പത്തി.

Lin'sey, Lin'sey-wool'sey (-zi), *n.* നൂലും കമ്പിളിയും കൂട്ടിനെയ്ത തുണി.

lin'sey-wool'sey, *a.* രൂല്യംകമ്പിളിയും കൂടിയ; 2. യോജിപ്പില്ലാത്ത; 3. ഹീനമായ, താണ.

Lint, *n.* ചണപ്പഞ്ഞി.

Lin'tel, *n.* മെതിക്കല്ല്; 2. മേൽമതിയം.

Lī'on, *n.* സിംഹം, മൃഗരാജൻ, കോളരി, കേസരി; 2. സിംഹരാശി, ചിങ്ങ— (*astr.*); 3. അതിശയം; 4. മഹാപുരുഷൻ. l.'s share വലിയ ഭാഗം, മുക്കാലെയരക്കാല്യം, ഒട്ടുമുഴുവനും. l.-heart ധീരൻ. lē'o-nīne, *a.* സിംഹലക്ഷണമുള്ള; സിംഹത്തിന്റെ. lē'o-nīne-ly, *ad.* സിംഹതുല്യമായി. -el, -et, *n.* ചെറുകോളരി, സിംഹക്കുട്ടി. -ess, *n.* സിംഹി, പെൺസിംഹം. -hood, *n.* മാഹാത്മ്യം. -ism, *n.* അതിശയഭാവം; പൂജ. -īse, -īze, *v. t.* വലുതായി വിചാരിക്കുക, പൂജിക്കുക; അതിശയംക്രുറുക; വിശേഷങ്ങൾ കാണിക്കുക. -līke, -ly, *a.* സിംഹതുല്യമായ; ശൌൎയ്യമുള്ള.

Lip, *n.* ചുണ്ട്, ചിറി, അധരം, ഓഷ്ഠം; 2. വക്ക്, അരു; 3. തിരികുളിയുടെ വായ്ത്തല (*carp.*). l.-comfort അധരാശ്വാസം. l.-labour കപടവാക്ക്. l.-reading ചുണ്ടനക്കം നോക്കി വാക്ക് മനസ്സിലാക്കൽ, അധരചലനജ്ഞാനം. l.-salve കവിളുന്ന മരുന്ന്. l.-devotion, l.-service അധരസേവ. l.-wisdom തത്വഭാഷണം. l.-work സംസാരം; ചുംബനം. to make a l. ചുണ്ട്മലത്തുക; തുച്ഛീകരിക്കുക. to shoot out the l. ചുണ്ട്കൂപ്പിക്കുക; നിസ്സാരമാക്കുക. *v. t.* ചുംബിക്കുക; 2. സംസാരിക്കുക. -'less, *a.* ചിറിയില്ലാത്ത. -'let, *n.* ചെറുചുണ്ട്. lipped (lipt), *a.* ചുണ്ടുള്ള; വായരു വളഞ്ഞ. lā'bi-al, *a.* ചുണ്ട്കൊണ്ട് ഉള്ള; ഉച്ചരിക്കുന്ന. *n.* ഓഷ്ഠ്യാക്ഷരം. lā'bi-al-ly, *ad.* ഓഷ്ഠ്യമായി. lā'bi-āte, lā'bi-ā-ted, *a.* ചിറികൊണ്ടുള്ള. lā'bi-um (*pl.* lā'bi-a), *n.* പ്രാണികളുടെ കീഴ്ചിറി.

Lip'ic, Lip-in'ic, *a.* കൊഴുപ്പിൽനിന്നുണ്ടാകുന്ന.

Lī'pō-gram, *n.* ലോപാക്ഷരലിഖിതം, അക്ഷരലോപരചന. -mat'ic, *n.* അക്ഷരലോപമുള്ള. -'mat-ist, *n.* ലോപാക്ഷരലിഖിതരചകൻ.

Lī-poth'y-my, Leī-poth'y-my, *n.* മോഹാലസ്യം. =thym'ic, *a.* മോഹാലസ്യം വരുന്ന. =poth'y-mōus, *a.* —ഉള്ള.

Lip'pi-tūde, *n.* ചെങ്കണ്ണ് (*med.*).

Li'quāte (li'kwāt), *v. t.* ലോഹങ്ങൾ ഉരുക്കി വേൎതിരിക്കുക. ='qua-ble, *a.* ഉരുക്കാവുന്ന. =quā'tiōn, *n.* വെള്ളമാകൽ, ഉരുകൽ; ദ്രാവകത്വം; ലോഹംഉരുക്കി വേൎതിരിക്കൽ. liq-ue-fā'ci-ent (lik-we-fā'shi-ent), liq-ue-fā'ci-ant (-shi-ant), *n.* ദ്രാവകാരകം; മൃദുവരുത്തുന്ന ഔഷധം (*med.*). liq-ue-fac'tiōn, *n.* ദ്രവത്വം; ഉരുകൽ; ദ്രാവകത്വം; ബാഷ്പം വെള്ളമാക്കൽ (*ch.*). liq'ue-fī-a-ble, *a.* ഉരുകുന്ന, വെള്ളമാകുന്ന. liq'ue-fī-ēr, *n.* ഉരുക്കുന്ന സാധനം. liq'ue-fȳ, *v. t.* വെള്ളമാക്കുക; ഉരുക്കുക; കലക്കുക, അലിക്കുക. *v. i.* ദ്രാവകമാകുക. li-ques'cen-cy, *n.* ദ്രവത്വം. li-ques'-cent (-kwes'ent), *a.* ഉരുകുന്ന, ദ്രവസ്വഭാവമുള്ള.

Lĭ-quēur' (lē-kēr'), *n.* മധുരമദ്യം.

Liq'uid (lik'wid), *a.* ഒഴുകുന്ന; ജലമയമായ; കട്ടിയല്ലാത്ത; 2. ദ്രാവകമായ; 3. ഒഴുക്കമുള്ള; 4. രലാദി ആയ (*gr.*); 5. പ്രസന്നം—. *n.* ദ്രാവകം; 2. രലാദിയക്ഷരം (*gr.*). l.-measure ദ്രാവകമാത്ര. -'i-ty, *n.* ദ്രാവകത്വം. -īse, -īze, *v. t.* വെള്ളമാക്കുക. -ly, *ad.* ദ്രാവകമായി. -ness, *n.* ദ്രാവകത്വം; ഒഴുക്കം.

Liq'ui-dāte (lik'wi-), *v. t.* കടസംഖ്യ തിട്ടപ്പെടുത്തുക (*l.*); 2. കടംവീട്ടുക; 3. കടം വീട്ടേണ്ടതിലേക്ക് മുതൽ ഉപയോഗപ്പെടുത്തുക; 4. വ്യക്തമാക്കുക. l.d damages ക്ലിപ്തനഷ്ടം (*l.*) =dā'tiōn, *n.* കടസംഖ്യ കണിശമാക്കൽ; കടം തീൎക്കൽ; കടത്തിലേക്ക് മുതൽ ഉപയോഗപ്പെടുത്തൽ. to go into l.n പ്രവൃത്തി നിൎത്തി കടധനങ്ങൾ വല്ലവരെയും ഏല്പിക്കു

ക (*l.*). =dā-tŏr, *n.* കടംതീക്കുന്നവൻ; ബാദ്ധ്യഭാരവാഹി.

Liq′uŏr (lik′ĕr), *n.* ദ്രവദ്രവ്യം; 2. മദ്യം; ചാരായം; 3. ദ്രാവകൌഷധം (*med.*). l. of flints, *l. silicum* ദ്രവ്യസ്ഫടികം. *l.-sanguinis* നിണനീര് (*an.*). l.-thief പീപ്പക്കുഴല്. to be in l. ലഹരിയായിരിക്കുക. *v.t.* മദ്യംകൊടുക്കുക.

Liq′uŏr-ice (lik′ĕr-is), *n.*, *see* Licorice. [ലിനാണ്യം.

Lī′ra, *n.* 6 ണ 8 പ വിലക്കുള്ള ഇററ

Lisp, *v. i.* 'സ'കാരം 'ത'കാരമായി ഉച്ചരിക്കുക; 2. കൊഞ്ചിസംസാരിക്കുക, വിക്കിവിക്കിപ്പറയുക; 3. കശുകശുക്കുക. *v. t.* തെററായി ഉച്ചരിക്കുക; 2. വിക്കിപ്പറയുക; 3. നിമന്ത്രിക്കുക. *n.* കൊഞ്ച്, വിക്ക്, കക്ക്. -′ĕr, *n.* കൊഞ്ചൻ. -′ing-ly, *ad.* വിക്കിവിക്കി. [some.

Lis′sŏm, Lis′sŏme, *a.*, *see* Lithe-

I. List, *n.* (*pl.*) രംഗസ്ഥലം, കളരി. to enter the l.s അങ്കംപൊരുക; ദ്വന്ദയുദ്ധക്ഷണനം കൈക്കൊള്ളുക; വാദത്തിൽ ഉൾപ്പെടുക. *v. t.* അരങ്ങായി വളച്ച് കെട്ടുക.

II. List, *v. i.* ഇച്ഛിക്കുക, ഇഷ്ടപ്പെടുക, മനസ്സുണ്ടാക; 2. ചരിയുക (*naut.*). *n.* ചരിവ് (*naut.*). -′less, *a.* ശ്രദ്ധയില്ലാത്ത, ഉന്മേഷം—; നിവ്വിചാരഭാവമുള്ള. -′less-ly, *ad.* രസമില്ലാതെ. -′less-ness, *n.* ഉന്മേഷക്കുറവ്.

III. List, *n.* തുണിത്തൊങ്ങല്; തുണിക്കഷണം; 2. അററം, അതൃത്തി; 3. കാത്; ചെവി; 4. വരി; പട്ടിക. civil l. രാജ്യഭരണോദ്യോഗസ്ഥഗണം; —ചിലവ്; കോവിലകച്ചിലവ്. free l. ചുങ്കമില്ലാത്ത ചരക്ക്വിവരം; സൌജന്യപ്പട്ടിക. *v. t.* തുന്നിപ്പിടിപ്പിക്കുക; കരവെച്ച് തുന്നുക; 2. തുണിക്കീററ്കൊണ്ട് മറക്കുക; 3. ചാൎത്തുക, പട്ടികയിൽ ചേൎക്കുക; 4. പട്ടാളത്തിൽ—. *v. i.* പട്ടികയിൽ പെടുക; 2. സൎക്കാരുദ്യോഗത്തിൽ ചേരുക. -′ing, *n.* തുന്നല്; പട്ടികയാക്കൽ; തൊങ്ങല്; തിണ്ടെടുക്കൽ.

IV. List, List′en (lis′n), *v. i.* ശ്രദ്ധയോടെ കേൾക്കുക; ചെവികൊടുക്കുക, ചെവികൊള്ളുക; കേൾക്കുക; 2. കേട്ടനുസരിക്കുക. -′en-ĕr, *n.* കേൾക്കുന്നവൻ.

Lit′a-ny, *n.* പശ്ചാത്താപ പ്രാൎത്ഥന, വിജ്ഞാപന—. [മൂവുഴക്ക്.

Lī′tĕr, Lī′tre (lē′tr), *n.* മുക്കാൽകപ്പി;

Lit′er-al, Lit′er-a-ry, *s. u.* Letter.

Lith′ärge, *n.* സിന്ദൂരം, ചീനസിന്ദൂരം (*ch.*).

Līthe, *a.* ശാന്തമായ; 2. ഉലയുന്ന, കലയുന്ന, വളയുന്ന. -′ly, *ad.* മയമായി. -′ness, *n.* ഉലച്ചല്; മൃദുത്വം, മയം. -′sŏme, *a.* ശിഥിലമായ. -′sŏme-ness, *n.* ശിഥിലത്വം. līth′y, *a.* കലച്ചലുള്ള; വളയുന്ന.

Lith′ie, *a.* ശിലാസംബന്ധമായ; 2. അശ്മരി—. *n.* (*pl.*) അശ്മരി ഹരൌഷധം (*med.*). =i-a-sis, *n.* കല്ലടപ്പ്, അശ്മരി (*med.*).

Lith′ō, *pf.* ശില, കല്ല്. -eärp, *n.* ശിലാഭൂതഫലം. -ehrom′ies (-krom-), *n.* വൎണ്ണചിത്രമച്ചടിക്കൽ (*print.*). -elast, *n.* അശ്മരിശസ്ത്രം (*med.*). =og′e-nŏus, *a.* ശിലോല്പാദകമായ. -glyph (-glif), *n.* രത്നലിപി. -glyph-ĕr, *n.* രത്നത്തിന്മേൽ കൊത്തുന്നവൻ. -glyph′ie, *n.* രത്നലേഖനസംബന്ധമായ. -glyp′ties, *n.* —വിദ്യ. -graph (-graf), *n.* കല്ലച്ചെഴുത്ത് (*print.*). =og′ra-phĕr (-fĕr), *n.* കല്ലച്ച്പണിക്കാരൻ. -graph′ie, -graph′i-eal (-graf-), *a.* കല്ലച്ച്സംബന്ധിച്ച; —ആയ. l.c lime-stone അച്ച്കല്ല്. -graph′i-eal-ly, *ad.* കല്ലച്ചായി. =og′ra-phy (-fi), *n.* കല്ലച്ചടി. =oid′, =oi′dal, *a.* കല്ലാകൃതിയുള്ള. =ol′a-try, *a.* ശിലാപൂജ. =ol′o-gist, *n.* —ശാസ്ത്രി. =ol′o-gy, *n.* —ശാസ്ത്രം; അശ്മരിനിദാനം (*med.*). -man-ey, *u.* ശിലാലക്ഷണം. =oph′a-gŏus (-of′a-), *a.* കല്ല്തിന്നുന്ന; —തുളക്കുന്ന. -phō-tog′ra-phy (-fō-tog′ra-fi), *n.* ശിലാഛായലേഖനം. -phyl (-fil), *n.* ശിലാഭൂതപത്രം. -tint, *n.* ശിലാഛായാപിതചിത്രം. -tōme, *n.* അ

ശ്മരിശസ്ത്രം (*med.*). -ot′o-my, *n.* അശ്മരിശസ്ത്രപ്രയോഗം (*med.*). -trip-sy, =ot′ri-ty, *n.* അശ്മരിഭേദനം (*med.*). -tȳpe, *n.* വാള്പ്പച്ചടി (*print.*). -typ′-ic, *a.* വാള്പ്പച്ചടിയായ. =thot′y-py, *n.* വാള്പ്പച്ച്.

Li-thō′si-an, *n.* പാപ്പാത്തി (*N.*), ചിത്രശലഭം, ഓണപ്പക്ഷി (*z.*).

Lit′i-gāte, *v. t.* വ്യവഹാരം നടത്തുക, കോടതി കയറുക. *v. i.* വ്യവഹരിക്കുക. =ga-ble, *a.* വ്യവഹരിക്കാകുന്ന. =gant, *a.* വ്യവഹാരത്തിലുള്ള, വ്യവഹരിക്കുന്ന. *n.* വ്യവഹാരം നടത്തുന്നവൻ; ദു. വ്യവഹാരി. =gā′tiŏn, *n.* വ്യവഹാരം, അന്യായം. =gā-tŏr, *n.* വ്യവഹാരി. =tig′-iŏus (-tij′yus), *a.* വ്യവഹാരതാല്പൎയ്യംഉള്ള, —ഗുണം—; തൎക്കസ്വഭാവം—, കലഹാത്മാവായ; തൎക്കത്തിൽപെട്ട; സംശയകരം ആയ; വ്യവഹാരസംബന്ധം—. =tig′-iŏus-ly, *ad.* വ്യവഹാരമായി, വ്യവഹാരഭാവത്തിൽ. =tig′iŏus-ness, *n.* വ്യവഹാരഗുണം.

Lit′mus, *n.* ഒരു് വക നീലച്ചായം. l.-paper രസായനപരിശോധനക്കടലാസ് (*ch.*).

Lī′to-tēs, *n.* മുദ്ദലവാക്യാലങ്കാരം; ആക്ഷേപാലങ്കാരം (*rhet.*).

Lī-tram′e-tĕr, *n.* ഭാവകതാരതമ്യ ഛനമാത്ര.

Lī′tre, *n.*, *see* Liter.

Lit′tĕr (lit′ĕr), *n.* മഞ്ചല്, 'ഡോലി'; പാറം; മഞ്ചം; 2. വൈക്കോൽവിരിപ്പ്, 'ബിച്ചാണ'; 3. ചിതറിക്കിടക്കുന്ന സാധനം; കാക്ഷ്യം, ചണ്ടി; 4. നാനാവിധം, താറുമാറ്; 5. ഒരേപേറിലുള്ള മൃഗക്കുട്ടിക്കൂട്ടം; പന്നിക്കുട്ടിക്കൂട്ടം; 6. നീചവൎഗ്ഗം. *v. t.* 'ബിച്ചാണ'പ്പുല്ല് വിരിക്കുക, പുല്ല്—; 2. കാട്ടം ആക്കുക; നാനാവിധം—; 3. (മൃഗം. പന്നി) പെറുക. *v. i.* പുല്ല് വിരിച്ച് കിടക്കുക; 2. കഞ്ഞുകളെ പെറുക. -y, *a.* പുല്ല് വിരിച്ച.

Lit′tle (lit′l), *a.* (*c. d.* less, *s. d.* lēast) ചെറിയ, കുറിയ; കുറഞ്ഞ; 2. ചെറ്റ്, കുറച്ച്; 3. കിഞ്ചിൽ, അല്പം, സ്വല്പം; 4. തുച്ഛം ആയ, നിസ്സാരം—; 5. ലഘു—; 6. അധമം—. l. ease തോളം. l.-finger ചെറുവിരല്. l.-go സൎവ്വകലാശാലാദ്യപരീക്ഷ. l. ones കുട്ടികൾ, കുഞ്ഞുങ്ങൾ, പൈതങ്ങൾ. very l. നന്ന കുറച്ച്, ലവലേശം. *n.* അല്പം, കുറച്ച്, ഇത്തിരി, തെല്ല്, അസാരം; 2. ചെറുചിത്രം. a l. അല്പം; ഏതാനും; കുറെ. by l. and l., l. by l. കുറേശ്ശ കുറേശ്ശ, അല്പാല്പം; ക്രമേണ. *ad.* (a) കുറച്ച്, ലഘുവായി: the poor sleep l. സാധുക്കൾക്ക് ഉറക്ക് കുറയും. -ness, *n.* അല്പത്വം, നിസ്സാരത്വം; ദാരിദ്ര്യം. less, *a.*, *c. d.* (than) അധികം ചെറിയ; അധമമായ. *ad.* കുറവായി, കുറഞ്ഞ്. *n.* അല്പം; ചെറിയവൻ, ഇളയവൻ. less′en (les′n), *v. t.* ചുരുക്കുക, കുറെക്കുക; ചെറുതാക്കുക; താഴ്ത്തുക. *v. i.* കുറയുക, ചുരുങ്ങുക; കുറഞ്ഞ് വരിക. less′en-ĕr, *n.* കുറക്കുന്നവൻ. less′ĕr, *a.* ചെറിയ, ചിററ്; താണ, നിസ്സാരമായ. lēast (lēst), *a.*, *s. d.* (the) ഏററവും ചെറിയ; വളരെ കുറച്ച്; ഏററവും അല്പം; നന്നകുറിയ; —താണ; ഒട്ടം സാരമില്ലാത്ത. l.t-ways, l.t-wise എങ്ങിനെയെങ്കിലും, കുറഞ്ഞാൽ. at l.t, at the l.t ചുരുങ്ങിയപക്ഷം, കുറഞ്ഞാൽ; ഒന്നും ഇല്ലെങ്കിലും; എങ്ങിനെയെങ്കിലും; എത്രകുറഞ്ഞാലും; എന്ന് വെച്ചാൽ. in l.t, in the l.t അല്പംകൊണ്ട്, അല്പത്തിൽ; ഒട്ടം, അശേഷം, അല്പംപോലും. *ad.* നന്നകുറച്ച്.

Lit′tō-ral (lit′ō-ral), *a.* കടല്ത്തീരത്തുള്ള; തീരസംബന്ധമായ; 2. കടലോരത്തിലുള്ള. l.-concrete ഒരു് വക പാറ. l.-zone ഏററത്തിന്ന് വെള്ളം മൂടുന്ന സ്ഥലം.

Lit′ur-ġy, *n.* ദൈവാരാധനക്രമം; 2. —ക്രമസംഗ്രഹം; പ്രാൎത്ഥനാപുസ്തകം. =ur′ġic, =ur′ġi-cal, *a.* പ്രാൎത്ഥനാസംഗ്രഹം സംബന്ധിച്ച; —പോലെയുള്ള; ദൈവാരാധനാസംബന്ധമായ. =ur′ġi-cal-ly, *ad.* പ്രാൎത്ഥനാസംഗ്രഹംപോലെ, —ആയി. =ur′ġics, *n.* ദൈവാരാധനവിദ്യ; പ്രാൎത്ഥനാസംഗ്രഹവ്യാഖ്യാനം. =ur-ġi-ol′o-ġist, *n.* ദൈവാരാധനശാ

സ്രഷ്ടാൻ. =ur-gi-ol'o-gy, *n.* —ശാസ്ത്രം; പ്രാൎത്ഥനപ്പുസ്തക—. =gist, *n.* ദൈവാരാധന ക്രമാനുസാരി.

Live, *v. i.* (*fr.* life) ജീവനുണ്ടാക, ജീവിക്കുക, ഇരിക്കുക; 2. കാലം കഴിക്കുക; കാലക്ഷേപം ചെയ്യുക; 3. പാൎക്കുക, വസിക്കുക, വാസം ചെയ്യുക, താമസിക്കുക; 4. നില്ക്കുക, നിലനില്ക്കുക; 5. സൌഭാഗ്യമായിരിക്കുക; 6. (on) തിന്ന് ജീവിക്കുക; ആഹാരമായിരിക്കുക; 7. ആത്മികജീവനുണ്ടാക; 8. (on, by) വൃത്തികഴിക്കുക, നാള്—, നാൾപൊറുതി—; 9. ശേഷിക്കുക. to l. out ആരാന്റെ വീട്ടിൽ പണിയെടുത്ത് താമസിക്കുക. to l. with സഹവാസം ചെയ്യുക; വിട്ടുതി കഴിച്ച് പാൎക്കുക, വിററൂണ്—, വിട്ടുതിക്കാരനായിരിക്കുക; ഭാൎയ്യാഭൎത്താക്കന്മാരായിരിക്കുക; സംസൎഗ്ഗമുണ്ടാക. *v. t.* ജീവകാലം കഴിക്കുക; 2. അഹസ്സ്—; 3. കാലം—; 4. പതിവാക്കുക; ശീലിക്കുക. to l. down ഇല്ലാതാക്കത്തക്കവണ്ണം നടക്കുക. līve, *a.* ജീവനുള്ള, ജീവനോടെയിരിക്കുന്ന; 2. കത്തുന്ന, ജ്വലിക്കുന്ന: l. coal തീക്കനല്, തീക്കട്ട; 3. ചൈതന്യം ഉള്ള, ശുഷ്കാന്തി—; 4. പ്രഭ—; 5. ഇളക്കം—, ചലനം—. l. birth ജീവജനനം. l. load ചലനഭാരം. l. stock ആട്മാടുകൾ, കന്നുകാലികൾ, ജീവധനം. lived (livd) *a.* ജീവിക്കുന്ന. long-l.d ചിരഞ്ജീവിയായ; ദീൎഘകാലമുള്ള. short-l.d വേഗം തീന്ന് പോയ; അല്പകാലത്തേക്കുള്ള. -'li-hood, *n.* അഹോവൃത്തിമാൎഗ്ഗം, ജീവിതം; നിത്യാഹാരം. -'li-ness, *n.* ചുറുക്ക്, ചുണ, ഉന്മേഷം; ചൈതന്യം; (മദ്യം) ചൊടി, വീൎയ്യം. -'long, *a.* പൂൎണ്ണമായ, മുഴുവനെയുള്ള; ദീൎഘിച്ച, തീരാത്ത; നിലനില്ക്കുന്ന. līve'ly, *a.* ജീവൻ ഉള്ള; ചുറുക്ക്—; ഉല്ലാസഭാവം—; പ്രഭ—, ചൈതന്യം—. l.y-stones ദൈവഭക്തന്മാര് (*Bl.*). *ad.* ചുണയോടെ, വീൎയ്യത്തോടെ. liv'ĕr, *n.* ജീവിക്കുന്നവൻ; വാസി; വൃത്തൻ. fast l.r ദുൎച്ചിലവുകാരൻ, ദുൎവൃത്തൻ. free l.r, good l.r സുഖപ്രിയൻ, സുഖിയൻ. loose l.r വിഷയലമ്പടൻ, ദുൎന്നടപ്പുകാരൻ. līves, *n., pl. of* life. liv'ing, *a.* ജീവനുള്ള, ജീവ; ഊക്കുള്ള, വീൎയ്യം—; ഒഴുക്കം—; ജീവപ്രദമായ, ജ്വലിക്കുന്ന, കത്തിയെരിയുന്ന. l.g force ചലനശക്തി. l.g gale കൊടുങ്കാററ്. l.g rock, l.g stone കൊത്താത്ത കല്ല്. the l.g ജീവനോടെ ഉള്ളവൻ, —ഉള്ളവര്. *n.* ജീവൻ; ജീവനം; അഹോവൃത്തി, ദിവസവൃത്തി, കഴിച്ചല്; സുഖജീവനം; ബോധകവൃത്തി; സഭ. l.g room പൊതുവറ. liv'ing-ly, *ad.* ജീവനോടെ. liv'ing-ness, *n.* ജീവത്വം, ജീവസ്ഥിതി; ചൈതന്യം; ജീവദായകത്വം.

Liv'ĕr, *n.* കരള്, 'ഈരല്', യകൃത്ത്, കാളകം (*an.*). l.-brown, l.-colour ഈരൽനിറം. l.-grown കരള്വലിയ, കുംഭവെച്ച. l.-shark ഒര് വക വലിയ നെയിസ്രാവ് (*z.*). =ĕred (-ĕrd), *a.* ഈരല്ലുള്ള.

Liv'ĕr-y, *n.* വസ്തുകൈവശം കൊടുക്കൽ (*l.*); കൈവശരേഖ (*l.*); 2. സ്വായത്തുത്വലഞ്ഛി; ഉദ്ധാരണം; 3. (ഭൃത്യജനങ്ങൾക്ക് കൊടുക്കുന്ന) അന്നവസ്ത്രം; 4. കുലീനന്മാരുടെ ഭൃത്യവൎഗ്ഗചമയം; 5. സംഘാവയവത്വ—; 6. സംഘവൎഗ്ഗം; 7. ചമയം, വേഷം; 8. നിത്യച്ചിലവ്; 9. അശ്വപാലനം; 10. വിട്ടുതി; 11. കുതിരകളെ കൂലിക്ക് കൊടുക്കൽ. l.-gown സംഘചമയം. l.-man ഭൃത്യൻ; ലണ്ടൻനഗര പൌരൻ. l.-stable കൂലിക്കുതിര'ലായം'. *v. t.* ചമയം ധരിപ്പിക്കുക.

Liv'id, *a.* കരുവാളിച്ച, കരുവാളിപ്പുള്ള. =vid'i-ty, -ness, കരുവാളിപ്പ്.

Lī'vor, *n.* ഈൎഷ്യ; അസൂയ.

*Liv-rāi-son'*, *n.* പുസ്തകാംശം, ലക്കം, അംശം. [ന്ത്രീസ്നാണ്യം.

Lī'vre (lē'vr), *n.* ഒര് പുരാതന പര

Lix-iv'i-al, =iv'i-ŏus, *a.* ക്ഷാരമുള്ള. =āte, *v. t.* ക്ഷാരംകലക്കുക. =ā'tiŏn, *n.* —കലക്കൽ. =iv'i-um, *n.* ക്ഷാരജലം.

Liz'ard (-ĕrd), *n.* ഗൌളിവൎഗ്ഗം; 2. പല്ലി; 3. ഓന്ത്; 4. ഉടുമ്പ്; 5. അരണ; 6. മണ്ണൻ; 7. മുതല.

Llä'ma, *n.* ഒര് വക പൂഞ്ഞയില്ലാത്ത ഒട്ടകം (*z.*).

Llä'nōs, *n. pl.* വൃക്ഷശൂന്യവനാന്തരം.

Lloyd's, *n.* നാവികഭീമസംഘം; 2. —സംഘസ്ഥാനം. l.-list കപ്പലോട്ടവൎത്തമാനവിവരം. l.-register കപ്പൽ പട്ടിക.

Lō, *int.* ഇതാ, അതാ, നോക്ക്, കണ്ടാലും, നോക്കുവിൻ, അഹോ.

Lōad (lōd), *n.* ചുമട്, ഭാരം; 2. കയററ്; 3. ചിന്താകലം, മനോവ്യസനം; 4. കെട്ട്; 5. തോക്ക്നിറ; 6. യന്ത്രപ്രവൃത്തി. l.-line, l.-water-line കപ്പലിലെ നിറച്ചരക്ക്വര. *v. t.* ഭാരംകയററുക; 2. തോക്ക്നിറക്കുക; 3. കപ്പലിൽ ചരക്ക്കയററുക; 4. ഭാരപ്പെടുത്തുക, ഞെരുക്കുക; 5. ക്രമലായി കൊടുക്കുക, ധാരാളം—; 6. കൂട്ടിക്കലൎത്തുക. -'ẽr, *n.* കയററുന്നവൻ; തോക്ക്നിറക്കുന്നവൻ; —നിറയന്ത്രം. -ing, *n.* ഭാരം കയററൽ; ഭാരം, ചരക്ക്, ചുമട്.

Lōad'stär, Lōde'stär, *n.* ധ്രുവനക്ഷത്രം; 2. വഴികാട്ടി; 3. ആകൎഷകസാധനം.

Lōad'stōne, Lōde'stōne, *n.* അയസ്കാന്തം; സൂചികാന്തം, കാന്തം, കാന്തക്കല്ല് (*min.*).

I. Lōaf (lōf), *n.* (*pl.* lōaves, *pr.* lōvz), *n.* ഉരുള, ഉണ്ട, പിണ്ഡം; 2. അപ്പം, 'റൊട്ടി', കോതമ്പപ്പം. l.-sugar കട്ടപ്പഞ്ചസാര, വാൎപ്പ് പഞ്ചസാര.

II. Lōaf (lōf), *v. i.* മിനക്കെട്ട് നടക്കുക; തെണ്ടി—. *v. t.* (away) നേരം വെറുതെ കളയുക. -'ẽr, *n.* തെണ്ടി, പെറുക്കി, തുക്കിപ്പെറുക്കി നടക്കുന്നവൻ.

Lōam (lōm), *n.* ഒര്വക കളിമണ്ണ്; പശിമരാശി—; 2. കശ—; മൃശ—. *v. t.* പശിമരാശി മണ്ണിടുക. -'my, *a.* കളിമണ്ണ്പോലെയുള്ള; പശിമരാശിമണ്ണുള്ള.

I. Lōan (lōn), *n.* കടം കൊടുക്കൽ; 2. ഇരവ്, വായ്പ്; 3. കടം. l.-monger പണമിടവാടുകാരൻ. *v. t.* (out) കടം വായ്പുകൊടുക്കുക. -'a-ble, *a.* വായ്പുകൊടുക്കാവുന്ന.

II. Lōan, Lōan'in, Lōan'ing (lōn-), *n.* ഇടവഴി.

Lōath (lōth), Lōth, *a.* മനസ്സില്ലാത്ത, വിരോധമുള്ള; അസഹ്യമായ. lōathe (lōth), *v. t.* അറെപ്പ്തോന്നുക, വെറുപ്പ്—; 2. കണ്ട്കൂടാതിരിക്കുക; വളരെ വിരോധം തോന്നുക. *v. i.* ഓക്കാനിക്കുക, മനംപിരട്ടുക. lōath'ẽr, *n.* അറെപ്പുള്ളവൻ. -'ful, *a.* വെറുപ്പുള്ള; അറെപ്പ്തോന്നുന്ന. -'ing, *n.* ബീഭത്സം, അറെപ്പ്, വിരോധം. -'ing-ly, *ad.* അറെപ്പായി. lōth'ly, *a.* മനസ്സില്ലാത്ത; വെറുപ്പുള്ള. -'ly, lōth'ly, *ad.* മനസ്സില്ലാതെ, മനമില്ലാമനസ്സോടെ. -'ness, *n.* വിരസം, മനസ്സില്ലായ്മ. -'sŏme, lōth'-sŏme, *n.* ബീഭത്സമായ, അറെപ്പ്തോന്നുന്ന. -'sŏme-ly, *ad.* അറെപ്പ്തോന്നും വണ്ണം. -'sŏme-ness, *n.* ബീഭത്സത്വം.

Lōaves (lōvz), *n. pl. of* Loaf.

Lob, *n.* മടയൻ; 2. പൊണ്ണത്തടി. l.-cock മന്ദോദരൻ. *v. t.* (lobbed, lobbed, *pr.* lobd) തൂക്കിയിട്ടുക്കുക, പതുക്കെതാഴ്ത്തുക.

Lob'by, *n.* കോലായകം, അകത്തെ കോലായി, —ഇറയം, പ്രവേശനമുറി, ശാല, ഉപശാല; 2. ആലോചനസഭാമന്ദിരത്തിൽ കാണികൾ ഇരിക്കുന്നഭാഗം; 3. കാലിക്കൊട്ടില്.

Lōbe, *n.* തൊങ്ങല്; 2. ഇതളില (*b.*); 3. തൊങ്ങൽതോല് (*z.*); 4. ചിറക്; ഭാഗം, അംശം. 5. തട്ട, കാത് (*an.*). l.-foot തൊങ്ങലുള്ള പക്ഷി. l. of the ear കാത്, കാത്തട്ട, —വള്ളി. lō'bar, *a.* തട്ടപോലെ ഉള്ള. lō'bāte, lō'bā-ted, lōbed (lōbd), *a.* തൊങ്ങല്—; തട്ട—. lō'-bāte-ly, *ad.* തട്ടയായി. -'let, lob'ūle, lob'ū-lette (-let), *n.* ചെറുതട്ട, —തൊങ്ങല്. l.le of the ear കാത്വള്ളി. lob'ū-lar, *a.* തട്ടാകൃതിയായ. lob'ū-lāte, lob'ū-lā-ted, *a.* തട്ടതട്ടയായ.

Lo-bē'li-a, *n.* കാട്ട്പുകയില (*b.*).

Lob-lol'ly, *n.* കഞ്ഞി, കുള്. l.-boy കപ്പലിലെ വൈദ്യസഹായി. [(*naut.*).

Lob'scouse, *n.* മാംസപ്പുഴുക്ക്

Lob'sī-ded, Lop'sī-ded, *a.*, *s. v.* Lop II.

**Lob'stĕr**, *n.* ഒര് വക കൊഞ്ചൻ; 2. ചിററാക്കൊഞ്ചൻ (z.).

**Lō'cal**, *a.* സ്ഥലത്തുള്ള, പ്രദേശത്തിലെ, ദേശിക. **l. actions** കാൎയ്യം നടന്ന ദിക്കിലെ കോടതിയിൽ നടത്തേണ്ടുന്ന വ്യവഹാരം. **l. affection** ദേഹത്തിന്റെ വല്ല ഭാഗത്തും മാത്രമുള്ള രോഗം. **l. attraction** തവുക്ക സൂചിക്കുണ്ടാകുന്ന സ്ഥലാകൎഷണം. **l. battery** വൎത്തമാനയന്ത്രവിദ്യുച്ഛക്തിപ്പെട്ടകം. **l. circuit** പെട്ടകവിദ്യുദ്വ്യാപ്തി. **l. colour,** സാക്ഷാൽവൎണ്ണം; സ്ഥലവൎണ്ണനം. **l. custom** ദേശമൎയ്യാദ. **l. option** മദ്യവ്യാപാരം നിൎത്തൽ ചെയ്യാൻ അതത് ദിക്കിലെ നിവാസികൾക്കുള്ള സ്വാതന്ത്ര്യം, മദ്യവ്യാപാര വൎജ്ജന സ്വാതന്ത്ര്യം. *n.* ദേശാവശ്യവൎത്തിവൎണ്ടി; 2. തദ്ദേശവൎത്തമാനം. **lō-cāle'**, *n.* സ്ഥലം, ഇടം, ദിക്ക്, പ്രദേശം; ഗ്രാമ്യഭാഷ; ദേശനടവടി. **-ism**, *n.* ദേശികത്വം; ദേശപ്രിയം; ഗ്രാമ്യം. **=cal'i-ty**, *n.* സ്ഥലം, പ്രദേശം, ദിക്ക്; സ്ഥിതി; ഉള്ളസ്ഥലം, വാസ—; ദേശാവൃത്തി. **-i-sā'tiŏn, -i-zā'tiŏn**, *n.* സ്ഥലസങ്കല്പം. **-īse, -īze**, *v. t.* ദേശികമാക്കുക; സ്ഥലം സങ്കല്പിക്കുക. **-ly**, *ad.* സ്ഥലസംബന്ധമായി, ദിക്ക് കൊണ്ട്. **lō-cāte'**, *v. t.* സ്ഥലത്താക്കുക, ദിക്കിൽ പാൎപ്പിക്കുക; സ്ഥലം കുറിക്കുക, —നിൎണ്ണയിക്കുക; അതൃത്തി ക്ലിപ്തപ്പെടുത്തുക. *v. i.* പാൎപ്പാക്കുക, താമസിക്കുക. **lō-cā'tiŏn,** *n.* സ്ഥലത്താക്കൽ, സ്ഥാപിക്കൽ; സ്ഥിതി, നില്പ്; ഇടം; പാട്ടം ചാൎത്തൽ (*l.*); ഭൃത്യസേവക്കരാറ് (*l.*); ഇടംക്ലിപ്തപ്പെടുത്തൽ (*l.*). **lō'ca-tive**, *a.* സ്ഥലസൂചകമായ. *n.* സപ്തമിവിഭക്തി. **lō'ca-tŏr**, *n.* അതൃത്തി നിൎണ്ണയിക്കുന്നവൻ. *lō'cum tĕ'nens* 'ബദൽ'കാരൻ, തല്ക്കാലോദ്യോഗഭാരി. **lō'cus**, *n.* സ്ഥലം, ദിക്ക്; നിധാനം.

I. **Loch** (lok), *n.* തടാകം; സരസ്സ്; 2. ഉൾക്കടല്. **loch'an**, *n.* ചെറുതടാകം; ചിറ, കുളം.

II. **Loch** (lok), *n.* ലേഹ്യം, രസായനം [(*med.*).

**Lō-chab'ĕr-ax, =axe**, *n.* ഒര് വക വെണ്മഴു, പരശു. [പൻ.

**Loch'āge** (lok'āj), *n.* യവനശതാധിപൻ.

**Lō-chī'a** (*or* lō-kī'a), *n.* പ്രസവസ്രാവം. **lō'chi-al,** *a.* —സ്രാവസംബന്ധമായ.

I. **Lock**, *n.* കുടുമ, ശിഖ; 2. തലനാര്, —മുടി; 3. കുന്തല്; അളകം, കുറുനിര. **-'y**, *a.* മുടിയുള്ള.

II. **Lock**, *n.* പൂട്ട്, താഴ്; ആമപ്പൂട്ട്; 2. അടപ്പ്, തടസ്ഥം; 3. പൂട്ടിയസ്ഥലം, തടവ്; 4. ചീപ്പ്; 5. അണക്കെട്ട്; 6. (തോക്ക്) ചാപ്പ; 7. (ചക്രത്തിന്ന് വെക്കുന്ന) താക്കം; 8. പിടിത്തം. **l.-bay** ചീപ്പുകൾക്ക് മദ്ധ്യേ ഉള്ള തോട്. **l.-chamber** —സ്ഥലം. **l.-down** തിരുപ്പക്കെട്ട്. **l.-hospital** യോനിരോഗ വൈദ്യശാല. **l.-jaw, locked-jaw** (lokt'jạ) ഹനുസ്തംഭം, ഗന്ധശോഷം, വായികടിയിടൽ, ഭഗ്നനേത്രകസന്നി (*med.*). **l.-man** തുക്കികൊല്ലുന്നവൻ. **l.-out** പണിനിൎത്തൽ. **l.-ram** ഒര് വക ചണത്തുണി. **l.-smith** പൂട്ട് പണിക്കാരൻ, കൊല്ലൻ, കരുവാൻ. **l.-step** തുടൎനട. **l.-stitch** കൊളുത്തിഴ. **l.-up** പാറാവ്, തടവ്, തുറുങ്ക്. **l.-weir** ഓവ്, ചാല്. **dead-l.** തടസ്ഥം, നിന്ന് പോകൽ. **detector-l.** കള്ളപ്പൂട്ട്, തൊട്ടാലറിയുന്ന പൂട്ട്. **mortise-l.** പററ്—. **rim-l.** മുഖപ്പൂട്ട്. *v. t.* പൂട്ടുക, അടക്കുക; 2. (up) പൂട്ടിയിടുക; 3. (up) അകത്താക്കിപ്പൂട്ടുക; പുറത്താക്കി വാതിലടക്കുക; അകത്ത് സൂക്ഷിക്കുക: **to l. one's self in a room** വാതിലടച്ചകത്തിരിക്കുക; **to l. a secret in one's breast** ഗൂഢമായി വെക്കുക; 4. കോൎക്കുക; കെട്ടിപ്പിടിക്കുക; 5. ചീപ്പ് വെക്കുക; 6. ആയുധം പററിക്കളയുക. *v. i.* അമൎന്ന് പോക; തിങ്ങിപ്പോക. **to l. into** കുടുങ്ങിനില്ക്കുക. **-'āge**, *n.* ചീപ്പ് സാമാനം; —കെട്ട്; —ചുങ്കം; ചീപ്പിലെ ജലവിതാനഭേദം. **-'ĕr**, *n.* പൂട്ടുന്നവൻ; വലിപ്പ് പെട്ടി (*naut.*). **-'et**, *n.* സൂചിപ്പതക്കം; ചിത്രപ്പതക്കം. **-'less**, *a.* പൂട്ടില്ലാത്ത.

**Lō-co-mō'tiŏn**, *n.* ചരണം, സ്ഥലാന്തരഗമനം; സ്ഥലമാററം, ചലനം. **='tive**, *a.* ചരിക്കുന്ന; ചലനജനകമായ.

*n.* തീവണ്ടിയന്ത്രം, യന്ത്രവണ്ടി. =′tive-ness, =tiv′i-ty, *n.* ഗമനാഗമനശക്തി, ചലന—. =mō′tŏr, *a.* ചലനസംബന്ധമായ.

Lō′cust, *n.* തുള്ളൻ, വെട്ടുക്കിളി (*z.*). =cus′ta, *n.* പൂൽപൂ. =cus′tic, *a.* വെട്ടുക്കിളിസംബന്ധമായ. -ing, *p. a.* കൂട്ടമായി വരുന്ന; നാശംചെയ്യുന്ന.

Lo-cū′tiŏn, *n.* സംസാരം; 2. ഭാഷണം; 3. വാക്ക്, വാചകം; 4. രീതി. =tŏr-y, *n.* സംഭാഷണ സ്ഥലം.

Lōde, *n.* നീച്ചാല്; 2. ലോഹഞരമ്പ്, ധാതുരേഖ. l.-ship ആക്കാട്ടിക്കപ്പല്. l.-star, l.-stone, *see* Load-star, Loadstone.

Lodġe (loj), *n.* തങ്ങലിടം, ചാവടി, സങ്കേതം; 2. ചെററപ്പുര, കടിഞ്ഞില്; 3. ചെറുവീട്, പുര; 4. ഉപഗൃഹം; 5. ഉദ്യാന—; 6. ഗുഹ; 7. ഗുദ്ധസഭാമണ്ഡപം; 8. —സഭ; 9. കൂട്ടം; 10. കുഡുംബം, പുരക്കാര്. l.-gate പടിപ്പുര; ഉദ്യാനോപഗൃഹം. *v. i.* വിട്ടുതികഴിക്കുക, താമസിക്കുക, പാക്കുക; രാപാക്കുക, ഉറങ്ങുക; 2. ചാഞ്ഞ് വീഴുക; 3. തങ്ങുക, നിലെക്കുക, നിന്ന്പോക. *v. t.* ഇടം കൊടുക്കുക; രാത്രി പാപ്പിക്കുക, താമസിപ്പിക്കുക; 2. കൈക്കൊള്ളുക, ചേത്ത്—; 3. പിടിച്ച്—, നിക്ഷേപിച്ച്വെക്കുക; 4. ഒളിവിടത്തേക്ക് ഓടിക്കുക; കണ്ട്പിടിക്കുക (*hunt.*); 5. സൂക്ഷിപ്പാൻ വെക്കുക; 6. നിക്ഷേപിക്കുക; തറക്കുക; 7. ചാച്ച്കളയുക, വീഴ്ത്തുക. to l. an information അറിവ്കൊടുക്കുക; അന്യായം പറയുക, അന്യായപ്പെടുക. -′a-ble, *a.* പാപ്പിക്കാവുന്ന; ഇടമുള്ള; വാസോചിതമായ. lodġ′-ĕr, *n.* താമസക്കാരൻ, വിട്ടുതിക്കാരൻ. lodġ′iṅg, *n.* പാപ്പ്, വാസം; *pl.* വിശ്രമസ്ഥലം; ഉറക്കിടം; വിട്ടുതിപ്പുര, വാസസ്ഥലം, സങ്കേതം. l.g-house വിട്ടുതിവീട്. l.g-room —അറ. -′ment, lodġ′ment, *n.* പാപ്പ്; വാസം; കൂമ്പാരം; കൈവശപ്പെടുത്തൽ (*mil.*).

Loft, *n.* (*fr.* lift) ഉയരത്തിലുള്ളത്; ഉയരം; 2. മേൽമാടം, മേലെത്തട്ട്; 3. പള്ളിത്തിണ്ണ; 4. മാടം, മാളിക. *a.* പൊങ്ങച്ചമുള്ള. -′ti-ly, *ad.* ഉയന്നനിലയിൽ; ഗവ്വത്തോടെ. -′ti-ness, *n.* ഔന്നത്യം; ഗവ്വം; -′ty, *a.* ഉന്നതം ആയ; ശ്രേഷ്ഠം—, മാഹാത്മ്യം ഉള്ള, വൈശിഷ്ട്യം—; അഹംഭാവം—, നിഗളം—.

Log, *n.* തടിമരം, മരത്തടി, തടി; 2. കപ്പൽവേഗമാത്രു; 3. കപ്പലോട്ട വിവരം; 4. യന്ത്രപ്രവൎത്തന—. 5. logarithm എന്നതിൻെറ സംക്ഷേപരൂപം. l.-board കപ്പലോട്ടവിവരക്കുറിപ്പ് പലക. l.-book കപ്പലിലെ നാള്വിവരപ്പുസ്തകം. l.-cabin, l.-house മരവീട്. l.-canoe കുഴിത്തോണി. l.-chip, l.-ship കപ്പൽ വേഗാളത്തപ്പലക. l.-glass —നാഴികവട്ട. l.-line —വേഗാളത്തച്ചരട്. l.-man മരം കടത്തുന്നവൻ. l.-rolling മരം താഴ്ത്തൽ; അന്യോന്യസഹായം. l.-wood ചുകപ്പ്ചായത്തിനുപയോഗപ്പെടുന്ന ഒര് മരം (*b.*). rough l. കപ്പൽ നാള്വിവരക്കരട്. smooth l. കപ്പലിലെ 'അസ്സൽ' നാള്വിവരം. to heave the l. കപ്പലോട്ടവേഗത അറിയുക. *v. t.* കപ്പൽനാള്വിവരത്തിൽ എഴുതുക. *v. i.* മരം മുറിക്കുക; —താഴ്ത്തുക. logged (logd), *a.* ഘനം കൂട്ടിയ; വേഗത ചുരുക്കിയ; തടസ്ഥപ്പെട്ട. water-l.d നിന്ന്പോയ; വെള്ളംനിറഞ്ഞ് തടസ്ഥപ്പെട്ട. -′gĕr, *n.* മരം മുറിച്ച് താഴ്ത്തുന്നവൻ. -′giṅg, *n.* മരം മുറിച്ച് താഴ്ത്തൽ. -′gy, *a.* ഘനമേറിയ; മന്ദഗതിയുള്ള.

Log′a-rithm, *n.* വൎഗ്ഗമാനസംഖ്യ, ഘാതപ്രമാപക—. =met′ic, =met′i-cal, =rith′mic, =rith′mi-cal, *a.* വൎഗ്ഗമാനസംബന്ധം ആയ; —സംഖ്യ—. =met′i-cal-ly, =rith′mi-cal-ly, *ad.* ഘാതപ്രമാപകമായി, വൎഗ്ഗമാനമായി.

Log′gĕr-head (-hed), *n.* (*fr.* log) പൊണ്ണൻ, മടയൻ, മണ്ടൻ; 2. ഒര് വക വലിയ കടലാമ (*z.*). to be at l.s, to fall to l.s, to go to l.s കലഹിക്കുക; തമ്മിൽ തെററുക. -ed, *a.* മടയനായ, ബുദ്ധികെട്ട.

Log′ic, Log′ics, *n.* തൎക്കവിദ്യ, ന്യായ—; 2. തൎക്കശാസ്ത്രം, ന്യായ—, —ദൎശനം; 3. തൎക്കസൂത്രം; 4. യുക്തിവാദം. =′i-cal,

*a.* തക്കവിദ്യാസംബന്ധമായ; ന്യായശാസ്ത്രത്തിലുള്ള; തക്കസൂത്രാനുസൃതമായ; തക്കശാസ്ത്രപരിജ്ഞാനമുള്ള; ന്യായമായ. l. l conclusion നിഗമനം. =cal'i-ty, =cal-ness, *n.* തക്കസിദ്ധത, ന്യായയുക്തി. =cal-ly, *ad.* നൈയായികമായി, യുക്ത്യനുസാരമായി, ന്യായപൂൎവ്വം. lo-gi'-cian (-jish'an), നൈയായികൻ, താക്കികൻ, തക്കസൂത്രജ്ഞൻ.

**Lo-gis'tics,** *n. pl.* ക്ഷിപ്രമാണ ഗണിതം; 2. സേനാചലന വിദ്യ (*mil.*). =gis'tic, =gis'ti-cal, *a.* ക്ഷിപ്രമാണ ഗണിതമായ.

**Log-o-dæd'a-ly,** *n.* വാക്യവിലാസം, മറിവാക്ക്.

**Log'o-gram,** *n.* പദചിഹ്നം, പദസൂചകാക്ഷരം.

**Lō-gog'ra-phy** (-fi), *n.* പദമുദ്രണം (*print.*); 2. ഭാഷണലേഖനം. =phĕr (-fĕr), *n.* ചരിത്ര ലേഖകൻ; ഭാഷണ—. =graph'ic, =graph'i-cal (-graf-), *a.* ഭാഷണലേഖനസംബന്ധമായ.

**Log'o-griph** (-grif), *n.* ഒരു വക കടങ്കഥ, പദനിരൂപണം, പദമറക്കളി.

**Lō-gom'a-chy** (-ki), *n.* വാഗ്യുദ്ധം; 2. ശബ്ദാൎത്ഥ വിവാദം; 3. വാഗ്രൂപണവിനോദം. =chist (-kist), *n.* ശബ്ദവിവാദി.

**Log-ō-met'ric,** *a.* രസായനമാപക[മായ.

**Log'os,** *n.* വചനം; 2. ബുദ്ധി; 3. ഭാഷ; 4. ദിവ്യവചനമായവൻ, അവതാരമൂൎത്തിയായ ക്രിസ്തു (*Bl.*).

**Log'ō-tȳpe,** *n.* ഛിതാക്ഷരമുദ്ര[(*print.*).

**Lō'gy,** *suf.* ശാസ്ത്രം, വിദ്യ, വാദം.

**Loi'mic,** *a.* പകച്ചവ്യാധി സംബന്ധമായ.

**Loin,** *n.* അര, നട്ടു, ഇടുപ്പ്, കടീതടം; 2. ചണ്ണ.

**Loi'tĕr,** *v. i.* പതുക്കെ നടക്കുക; 2. താമസിക്കുക; 3. നേരം കളയുക, മിനക്കേടുക; മടികാട്ടുക. -ĕr, *n.* മടിയൻ; മിനക്കേട്ട് നില്ക്കുന്നവൻ. -ing-ly, *ad.* മടിയോടെ, താമസത്തോടെ.

**Lo-lī'go,** *n.* കൂന്തല് മീന് (*z.*).

**Loll,** *v. i.* മടികാട്ടുക; 2. ചാരിക്കിടക്കുക; 3. മൂരിവിടുക, നീണ്ട് നിവിന്ന് കിടക്കുക; 4. നാവ് പുറത്താക്കുക; 5. —പുറത്താക. *v. t.* —നീട്ടുക. ='lĕr, *n.* ഞെളിയുന്നവൻ. ='ling-ly, *ad.* മടിയോടെ. **lol'lop,** *v. i.* പതുക്കെ നടക്കുക; ചാരിക്കിടക്കുക; മടികാട്ടുക.

**Lol'lard, Lol'lĕr,** *n.* ഇംഗ്ലാന്തിലെ ആദ്യനവീകരണ പക്ഷക്കാരൻ. -ism, -y, *n.* ലൊല്ലാൎദ്ദവാദം, ആദ്യനവീകരണ—.

**Lō'ma,** *n.* (*pl.* lō'ma-ta) മാംസദലം, ഇറച്ചിത്തൊങ്ങല്. =mat'i-nōus, *a.* മാംസദലമുള്ള.

**Lom'bard,** *n.* ലൊമ്പാൎഡിരാജ്യക്കാരൻ; 2. പണമിടവാട് കാരൻ, 'സറാപ്പ്'; 3. പണമിടവാട് സ്ഥലം; 4. ഒരു വക വലിയ തോക്ക്. l.-house, lombar-house പണമിടവാട് സ്ഥലം; കടംവാങ്ങുശാല. l.-street ലണ്ടൻ നഗരത്തിലെ വ്യാപാണിഭത്തെരുവ്.

**Lō'ment,** *n.* (ചെടികളുടെ) വാള് കോച്ചല് (*b.*). =tā'ceōus (-tā'shus), *a.* വാളുള്ള; വാള് പോലെയുള്ള.

**Lōne,** *a.* തനിയെ ഉള്ള, ഏകാകിയായ; സഖി ഇല്ലാത്ത; 2. വിവാഹം കഴിയാത്ത, 'ഒണ്ടി' ആയ; കന്യക—; വിധവ—; ഭാൎയ്യയില്ലാത്ത; 3. ഏകാന്തമായ; 4. തനിയെ നില്ക്കുന്ന, അകന്ന്—. -'li-ness, *n.* ഏകാകിത്വം; ഏകാന്തം; ഏകാന്തവാസതാല്പൎയ്യം; വിരഹം. -'ly, *a.* അന്യപ്പെട്ട, ഏകാന്തം ആയ; ത്യക്തം—; നിസ്സഖി—; മനുഷ്യസഞ്ചാരമില്ലാത്ത; വിരഹതാപമുള്ള. -'sŏme, *a.* അന്യസംസൎഗ്ഗമററ; മനുഷ്യപ്പെരുമാററമില്ലാത്ത, ഏകാന്തമായ; വിരഹമുള്ള. -'sŏme-ly, *ad.* ഏകാന്തമായി. -sŏme-ness, *n.* ഏകാന്തം.

**Long,** *a.* നീളമുള്ള, ദീൎഘമായ, നീണ്ട; 2. നീണ്ട് നില്ക്കുന്ന; അധികംകാലത്തേക്കുള്ള; 3. വേഗംകഴിയാത്ത, താമസമുള്ള; ക്ഷീണം തോന്നിക്കുന്ന; 4. വളരെ കഴിഞ്ഞിട്ടുണ്ടാകുന്ന; 5. ദീൎഘംഉള്ള; 6. വിശാലമുള്ള—; 7. ദീൎഘമായുച്ചരിക്കുന്ന.

l. ago പണ്ട്, പുരാതനത്തിൽ. l.-armed ആജാനുബാഹുവായ. l.-boat കപ്പലിലെ വലിയ 'വക്കാസ്'; —തോണി. l.-bow കൈവില്ല്. to draw the l.-bow വളത്തിപ്പറയുക, പൊള്ള്പറയുക. l.-breathed, l.-winded അധികനേരം ശ്വാസംപിടിക്കുന്ന; വളരെനേരം സംസാരിക്കുന്ന, നീണ്ട. l.-cloth നല്ല വെള്ളത്തുണി, 'ലാങ്ക്ലാത്ത്'. l.-clothes ശിശുക്കളുടെ നീളക്കുപ്പായം. l.-division ദീർഘഹരണം (*math.*). l.-dozen പതിമൂന്നെണ്ണം. l.-drawn വളരെ നീളമുള്ള. l.-hand സാധാരണ എഴുത്ത്. l.-headed യുക്തിസാമൎത്ഥ്യമുള്ള. l.-headedness മുൻകാഴ്ച, കൌശലം. l.-home ശവക്കുഴി. l.-horn കൊമ്പുള്ള മൃഗം. l.-horned വലിയ കൊമ്പുള്ള. l.-hundred നൂററിരുപത്. l.-lived ദീൎഘായുസ്സുള്ള; ഈടനില്ക്കുന്ന. l.-measure, *s. u.* Measure. l.-meter, *s. u.* Meter. l.-price ചില്ലറവില. l. range വലിയവെടിപ്പാട്. l.-shanked കൊച്ചക്കാലുള്ള. l.-shore കടപ്പുറം. l.-shoreman കെട്ടെടുക്കുന്നവൻ, ചുമട്ടുകാരൻ. l.-sight, l.-sightedness ദൂരദൃഷ്ടി; കൌശലം, സാമൎത്ഥ്യം; ദൂരക്കാഴ്ച, സമീപക്കാഴ്ചയില്ലായ്മ (*med.*). l.-sighted ദൂരദൃഷ്ടി ഉള്ള; യുക്തി—; അടുത്ത് കാണാത്ത l.-spun ദീൎഘിച്ച, സവിസ്താരമായ. l.-sufferance പ്രതിക്രിയാരഹിതത്വം. l.-suffering ക്ഷമ, പൊറുമ, ദീൎഘക്ഷാന്തി. l. tail വാല്മുറിക്കാത്ത നായി; നീണ്ട വാലുള്ള ജന്തു. cut and l. tail കലഹിനരും കലീനരും, എല്ലാവകക്കാരും. l.-tom കപ്പലിലെ വന്തോക്ക്; അരിപ്പമരവി. l.-tongued നാവ് നീളമുള്ള; വളരെപറയുന്ന, വായ്പാടിയായ. l.-waisted ഉടല് നീണ്ട; നീളമേറിയ (കുപ്പായം). l.-ways, l.-wise നെടുങ്ങനെ, നീളത്തിൽ. l.-windedness ദീൎഘഭാഷണം. l. yarn കള്ളക്കഥ. in the l. run കാലംകൊണ്ട്, ഒടുക്കം. to have a l. head യുക്തിസാമൎത്ഥ്യമുണ്ടാക. not l. വേഗം. *n.* മുഴമാത്ര (*mus.*); 2. ദീൎഘസ്വരം; —അക്ഷരം; 3. പൂൎണ്ണവിസ്തീൎണ്ണത, മുഴവലിപ്പം. the l. and short of any thing ആകപ്പാടെ, പൊരുള്, സാരം, കാൎയ്യം. *ad.* വിസ്തീൎണ്ണമായി; 2. അധികം കാലം, വളരെനേരം; 3. കാലംമുഴുവനും: all night l. രാത്രി—; 4. കാലത്തേക്ക്, നാളേക്ക്: how l. will you be gone? നിങ്ങൾ എത്ര നാളേക്ക് ഇവിടെ ഇല്ലാതിരിക്കും? *v. i.* (*inf.* after, for) കാംക്ഷിക്കുക, കാത്തിരിക്കുക, വാഞ്ഛിക്കുക. length, *n.* നീളം, ദീൎഘം; 2. *pl.* അളവ്; എണ്ണം; 3. വലിപ്പം; 4. ദൂരം; 5. ഉടച്ച്, കൂട്ടം; 6. വിസ്തീൎണ്ണത; 7. സൂക്ഷ്മം. at l.th മുഴുവനും, ദീൎഘമായി; ഒടുവിൽ, അവസാനം. at arm's l.th തൊടത്തക്ക ദൂരം. length'en, *v. t.* (out) നീട്ടുക, വൎദ്ധിപ്പിക്കുക, അധികം ആക്കുക, ദീൎഘം—. *v. i.* നീളുക. length'i-ly, *ad.* ദീൎഘമായി; വിസ്തീൎണ്ണമായി. length'i-ness *n.* ദൈൎഘ്യം; വിസ്തീൎണ്ണത. length'wāys, length'wīse, *ad.* നെടുങ്ങനെ. length'y, *a.* നീണ്ട, ദീൎഘം ആയ; വിവരം—. -'ĕr, *a.* (*c. d. of* long) അധികം നീളമുള്ള. *n.* കാംക്ഷിക്കുന്നവൻ. -'ing, *a.* കാത്തിരിക്കുന്ന. *n.* അതികാംക്ഷ, പ്രതീക്ഷ, വാഞ്ഛ. -'ing-ly, *ad.* വാഞ്ഛയോടെ, ആശയോടെ. -'ish, *a.* സാമാന്യം നീളമുള്ള.

Lon-gē'vous, =gē'val, *a.* (*fr.* long) ദീൎഘായുസ്സുള്ള; ചിരഞ്ജീവിയായ; പ്രായാധിക്യമുള്ള. -gev'i-ty, *n.* ദീൎഘായുസ്സ്.

Lon-gi-lat'ĕr-al, *a.* ദീൎഘ ഭുജകളുള്ള; —ചതുരശ്രമായ.

Lon-gil'ō-quence, *n.* ദീൎഘഭാഷണം, അധികസംസാരം.

Lon-gim'a-nōus, *a.* ആജാനുബാഹുവായ, നീണ്ടകൈയുള്ള.

Lon-gim'ē-try, *n.* ദൂരമാപന വിദ്യ, ദൂരം അളക്കൽ.

Lon-gin'qui-ty, *n.* അത്യന്തദൂരത, ദൂരാധിക്യം.

Lon'gi-tūde, *n.* നീളം, ദീൎഘം; 2. ധ്രുവകം; ധ്രുവകാംശം, നീളപ്പടി (*geog.*); 3. സായനഭോഗം (*as.*). l. from കപ്പല് പുറപ്പെട്ട സ്ഥലത്തിന്റെ ധ്രുവകം. l. in —എത്തിയ—. =tū'di-nal, *a.* നീളം

സംബന്ധിച്ച; ധ്രുവകസംബന്ധമായ; നീളത്തിൽ ഉള്ള; നെട്ടങ്ങനെ—. *n.* തീവണ്ടിപ്പാതയിലെ നെടുമ്പാവ് മരം. =tū'di-nal-ly, *ad.* നെട്ടങ്ങനെ.

Lōo, *n.* ഒരു വക ചീട്ട് കളി. l.-table ചീട്ട് കളിമേശ. *v. t.* കത്ത് കളിയിൽ നേടുക.

Loob'y, *n.* പൊണ്ണത്തടിയൻ. loob'i-ly. *a.* ഒതുക്കമില്ലാത്ത, ചേപ്പറയായ. *ad.* ചേപ്പറയായി.

Look, *v. i.* നോക്കുക; 2. വിചാരിക്കുക, ആലോചിക്കുക; 3. കാണുക, തോന്നുക: the patient l.s better രോഗിക്ക് സുഖമുള്ളപോലെ തോന്നുന്നു; 4. ദർശനമായിരിക്കുക, നേരെ ഉണ്ടാക; 5. (*imp.*) നോക്ക്, ഇതാ, സൂക്ഷിച്ചൊ; 6. എത്തിനോക്കുക; 7. കാത്തിരിക്കുക. l.-out നോട്ടം, കാവല്; കാവൽസ്ഥലം, —പുര; കാവല്ക്കാരൻ; ശ്രദ്ധ, കാര്യം, ചരതം, ഉത്തരവാദിത്വം. to l. about നാല് പുറവും നോക്കുക, ചുററും—. to l. about one ജാഗ്രതയായിരിക്കുക, ചരതിക്കുക. to l. after നോക്കുക, രക്ഷിക്കുക, പരിപാലിക്കുക, കാത്തിരിക്കുക, ആശിക്കുക; അന്വേഷിക്കുക, തിരഞ്ഞ് നടക്കുക. to l. at നോക്കുക; ആലോചിക്കുക, വിചാരിച്ച് നോക്കുക. to l. black മുഖം കനപ്പിക്കുക, —വീപ്പിക്കുക. to l. blank കണ്ണ് മിഴിക്കുക, പരിഭ്രമിക്കുക. to l. down on *or* upon പുച്ഛിക്കുക, നിന്ദിക്കുക. to l. for കാത്തിരിക്കുക; തിരഞ്ഞ് നോക്കുക. to l. forth എത്തിനോക്കുക; പുറത്ത് വരുവാൻ ശ്രമിക്കുക. to l. into പരിശോധിക്കുക; സൂക്ഷിച്ച് നോക്കുക. to l. on വിചാരിക്കുക; എണ്ണുക, ഭാവിക്കുക; നോക്കിനില്ക്കുക. to l. out കാവല്—; ദൃഷ്ടിവെക്കുക. to l. over പരിശോധിക്കുക. to l. through ഉള്ളിൽകൂടി നോക്കുക; നോക്കിയറിക; പരിശോധിക്കുക. to l. to *or* unto കാക്കുക, സൂക്ഷിക്കുക; കരുതുക; തേറുക. to l. up തിരഞ്ഞ് കാണുക. to l. up to ബഹുമാനിക്കുക, വണക്കം കാട്ടുക. *v. t.* നോക്കുക; 2. തിരയുക; 3. കാത്തിരിക്കുക; 4. കണ്ണുരുട്ടുക, കീഴമർത്തുക; 5. പ്രത്യക്ഷമാക്കുക. to l. daggers കണ്ണുരുട്ടുക; നിന്ദിക്കുക. to l. in the face മുഖത്ത് നോക്കുക; ധൈര്യത്തോടെ—; ധാർഷ്ട്യം ഏല്ക്കുക. to l. out അന്വേഷിച്ച് നടക്കുക. *n.* ദർശനം, നോക്കൽ; 2. ദൃഷ്ടി, നോട്ടം; 3. കാഴ്ച; 4. മുഖഭാവം, ഭാവം; 5. ആകൃതി, രൂപം; ലക്ഷണം. -'ĕr, *n.* നോക്കുന്നവൻ, ദർശകൻ. l.r-on കാണി, നോക്കിനില്ക്കുന്നവൻ, -'ing, *a.* നോക്കുന്ന; രൂപം ഉള്ള: good-l.g സൌന്ദര്യം—, ചിതം—, കാണ്മാൻ നല്ല. l.g for പ്രതീക്ഷ. l.g-glass കണ്ണാടി, ദർപ്പണം.

I. Loom, *n.* തറി, 'മഗ്ഗം', നെയ്ത്തുയന്ത്രം (*w.*). hand-l. കൈനെയ്ത്തുതറി. heir-l, *s. u.* Heir. power-l. യന്ത്രമഗ്ഗം. jacquard-l. ഒററക്കാല്—, ചിത്രനെയ്ത്തുതറി.

II. Loom, *v. i.* മങ്ങിക്കാണുക, അസ്പഷ്ടമായി കാണുക; വലുതായി—; 2. ശോഭിക്കുക; ശ്രേഷ്ഠത കൂടുക. *n.* മങ്ങിക്കാഴ്ച; അബദ്ധക്കാഴ്ച; വികൃതക്കാഴ്ച. l.-gale ഇളങ്കാററ്. -'ing, *n.* വികൃതക്കാഴ്ച; വലുതായി കാണൽ.

I. Loon, *n.* ആഭാസൻ, നിസ്സാരൻ; 2. കള്ളൻ. -'y, lun'y, *n.* പിച്ചൻ, ഭ്രാന്തൻ. [രണ്ടു (*z.*).

II. Loon, *n.* ഒരു വക നീർപ്പക്ഷി, —ഇ

I. Loop, *n.* ഏതാനും ഉരുകിയ ഇരിമ്പ്, മെഴുകിരിമ്പ്. -'ing, *n.* ഇരിമ്പുരുകൽ.

II. Loop, *n.* കുടുക്ക്, നൂൽക്കുഴ; കയററ്കുഴ; ലോഹക്കുഴ; 2. പഴുത്, ചെറുതുള, ദ്വാരം. l.-hole, l.-light പഴുത്, ഓട്ട, ദ്വാരം. l.-holed ദ്വാരമുള്ള. l.-knot കുഴക്കുടുക്ക്. *v. t.* (up) കുഴവെക്കുക, 2. കുടുക്കുക. looped (lupt), *a.* മടക്കിയ, വളച്ച; കുഴയുള്ള.

Loose, *a.* കെട്ടാത്ത, അഴിച്ചിട്ട; 2. (from, of) സ്വാതന്ത്ര്യമുള്ള, നിബ്ബന്ധമില്ലാത്ത; ഒഴിവായ; 3. അഴഞ്ഞ; 4. ഇഴയടുപ്പമില്ലാത്ത; ദൂരെദൂരെയുള്ള; 5. കൃത്യമല്ലാത്ത; ചേർച്ചയില്ലാത്ത; 6. തോന്നിയവാസം ഉള്ള, ആചാരഭംഗം—; 7. സംബന്ധമററ, ഒററയൊററയായ; ചിതറിയിരിക്കുന്ന; 8. വയറഴഞ്ഞ, അതിസാരം ഉള്ള;

9. നടപ്പ് ദോഷം—; 10. അസഭ്യമായ. l.-box കതിരയറ. l. cash ചില്ലറ. at l. ends ക്രമംകെട്ട, കീഴ്മേലായ, താറ് മാറായ. fast and l. അങ്ങനെയും ഇങ്ങനെയും; വ്യാജമായി. to break l., *s. u.* Break. to let l. വിട്ടുതൽ കൊട്ടുക്കുക, വിട്ടുക. *n.* സ്വാതന്ത്ര്യം. to give a l. വിട്ട് കൊട്ടുക്കുക, തടസ്ഥമില്ലാതാക്കുക; യഥേഷ്ടം പ്രവൃത്തിക്കുക. *v. t.* കെട്ടഴിക്കുക, അഴിച്ച് വിട്ടുക; സ്വാതന്ത്ര്യംവരുത്തുക; ശമിപ്പിക്കുക; 2. ഒഴിവാക്കുക; ബാദ്ധ്യത ഇല്ലാതാക്കുക; മോചനം നല്കുക, വിട്ട് കൊട്ടുക്കുക; 3. അഴക്കുക; മുറുക്കം കുറെക്കുക. -'ly, *ad.* അഴച്ചലായി. loo'sen (lu̱'sn), *v. t.* അഴക്കുക, ഇള(യ)താക്കുക; 2. ഇളക്കുക; അഴിച്ച് വിട്ടുക, വിട്ടുക; 3. വിരേചിപ്പിക്കുക, അതിസരിപ്പിക്കുക. *v. i.* അഴഞ്ഞിരിക്കുക, ഇള(യ)താക. loo'sen-ĕr, *n.* അഴക്കുന്നവൻ. -'ness, *n.* അഴച്ചല്; ഭംഗം. l.s of the bowels അതിസാരം (*med.*). loos'ish, *a.* ഏതാനും അഴഞ്ഞ.

Loot, *n.* കൊള്ളയിടൽ; 2. കവച്ച്, കവന്നെട്ടത്ത മുതല്. *v. t. & i.* കൊള്ളയിട്ടുക; കവച്ച്യായി കൊണ്ട് പോക. -'ĕr, *n.* കൊള്ളക്കാരൻ.

I. Lop, *v. t.* അററം വെട്ടിക്കളയുക; ഛേദിക്കുക, മുറിക്കുക, നറുക്കുക; 2. വയക്കി നന്നാക്കുക. *n.* കഷണം, തുണ്ടം. -'pard, *n.* തലമുറിച്ചമരം. -'pĕr, *n.* നറുക്കുന്നവൻ. -'ping, *n.* മുറിക്കൽ; മുറിച്ച കൊമ്പ്; തുപ്പ്.

II. Lop, *v. i.* തൂങ്ങുക, തൂങ്ങിക്കിടക്കുക; ചായുക. *v. t.* തൂക്കിയിട്ടുക. *a.* തൂങ്ങിക്കിടക്കുന്ന. l.-eared കാത് നീണ്ട. l.-sided ചരിഞ്ഞ; സ്ഥിരതയില്ലാത്ത; ചഞ്ചലഭാവമുള്ള. -'py, *a.* ചാഞ്ഞ, ചരിവുള്ള.

Lōpe, *v. i.* തുള്ളുക, നൃത്തം ചെയ്യുക; 2. തുള്ളിനടക്കുക. *n.* ചാട്ടം; തുള്ളിനടത്തം. l.-man ഞാണിന്മേൽ കളിക്കാരൻ. lō'pĕr, *n.* കതിക്കുന്നവൻ; കതിച്ച് നടക്കുന്ന കതിര.

Lo-quā'ciŏus (-kwā'shus), *a.* സഭാനൊടിയുന്ന; വാചാലത്വമുള്ള; വാസ്സാടിയായ; 2. സംസാരഭാവമുള്ള; പ്രസ്താവകമായ; 3. തുറന്ന വായുള്ള, സ്വകാര്യം പുറത്താക്കുന്ന. -ly, *ad.* വാചാലതയോടെ. -ness, =quac'i-ty (-qwas'i-), *n.* ജല്പനം, നൊടിച്ചല്.

Lor'cha, *n.* ഒര് വക ചീനക്കപ്പല്.

I. Lord, *n.* ക്രന്നൻ.

II. Lord, *n.* അധികാരി, യജമാനൻ; നാട്ടുവാഴി; സ്വാമി; രാജാവ്; ഉടമ; 2. പ്രഭുപദവിക്കാരൻ; 3. സ്ഥാനപദവി; 4. ഭർത്താവ്; 5. ജന്മി; 6. ദൈവം, 'യഹോവ'; 7. യേശുക്രിസ്തു, കർത്താവ്. House of L.s പ്രഭുസഭ. L. High Chancellor ഇംഗ്ലാന്തിലെ നീതിയധിപാഗ്രേസരൻ, പ്രഭുസഭാനാഥൻ. L. High Constable ഇംഗ്ലാന്തിലെ പുരാതനസമാധാനരക്ഷാനാഥൻ. L. Justice-Clerk സ്കോട്ട്ലാണ്ടിലെ നീതിയധിപവരിൽ ദ്വിതീയൻ. L. Justice-General, L. President —നീതിയധിപാഗ്രേസരൻ. L. Keeper ഇംഗ്ലന്തിലെ രാജ്യമുദ്രാമന്ത്രി. L. Lieutenant രാജപ്രതിനിധി. l. of misrule ഉല്ലാസാധിപതി. L.s Spiritual പ്രഭുസഭയിലെ അദ്ധ്യക്ഷവർഗ്ഗം. L.s Temporal —പ്രഭുവർഗ്ഗം. my l. യജമാനാ; യജമാനനവർകൾ, തിരുമനസ്സ്. Our L. ലോകരക്ഷിതാവായ യേശുക്രിസ്തു. The L.'s Day കർത്തൃവാരം, ഞായറാഴ്ച. The L.'s Prayer യേശു പഠിപ്പിച്ച കർത്തൃപ്രാർത്ഥന. The L.'s Supper തിരുവത്താഴം, കർത്തൃഭോജനം, രാത്രി—. The L.'s Table തിരുവത്താഴപീഠം; രാഭോജനം. *v. t.* അധികാരി ആക്കുക, പ്രഭു—; 2. ഭരിക്കുക. *v. i.* (it, over) അധികാരം നടത്തുക, —നടിക്കുക; അധികാരപ്രൗഢി കാട്ടുക; സ്വേച്ഛാധികാരം നടത്തുക. -'kin, -'ling, *n.* ചെറുപ്രഭു; പ്രഭുകുമാരൻ. -'līke, *a.* പ്രാഭവമുള്ള; പ്രഭുവിന്ന് യോഗ്യമായ; ധിക്കാരം ഉള്ള, ഡംഭ്—. -'liness, *n.* പ്രഭുത്വം, പ്രാഭവം, മഹത്വം. -'ly, *a.* പ്രഭുവിന്ന് തക്ക, പ്രഭുസംബന്ധമായ; പ്രാഭവം ഉള്ള, ശ്രേഷ്ഠത—, ബഹുമാനം—; ഗർവ്വം—, ധാർഷ്ട്യം—. *ad.* പ്രഭുഭാവമായി, പ്രാഭവത്തോടെ. -ol'a-try, *n.* രാജപൂജ. -'ship, *n.* പ്രഭുപദവി;

ബഹുമാനവാചി: his l.p, your l.p ഇവിടുന്ന്, അങ്ങുന്ന്, യജമാനനവർകൾ; ഇടപ്രഭുത്വം; പ്രഭുമന്ദിരം; അധികാരം, ആധിപത്യം.

**Lōre**, *n.* വിദ്യ, ജ്ഞാനം, കലാ; 2. ഉപദേശം, ഗുണദോഷം.

**Lorgn-ette′** (lorn-yet′), *n.* ദൂരദർശിനി, ഒര് വക കുഴൽകണ്ണാടി.

**Lo-rī′ca**, *n.* (*pl.* lo-rī′cæ) ശിരസ്ത്രം; കവചം. **lor′i-cāte**, *v. t.* പൊതിയുക; പൂശുക. *a.* കവചം ധരിച്ച; പൊതിഞ്ഞ. *n.* കവചപ്രാണി (*z.*). **lor-i-cā′tiōn**, *n.* പൊതിയൽ; കവചം. [ളി (*z.*).

**Lor′i-kēet**, *n.* ഒര് വക തത്ത, —കി

**Lor′i-ot**, *n.* ഒര് വക പക്ഷി (*z.*).

**Lō′ris**, *n.* ഒര് വക കുരങ്ങ് (*z.*).

**Lorn**, *a.* പോയ്പോയ, ശൂന്യമായ; 2. ഉപേക്ഷിച്ച, ത്യക്തം ആയ; വിരഹിതം—. [ങ്ങി.

**Lor′riē, Lor′ry**, *n.* ഒര് വക കൈവ

**Lō′ry**, *n.* ഒര് വക തത്ത, വാഴത്തത്ത (*z.*).

**Löse**, *v. t. ir.* (lost, lost) പോയ്പോക, വീണ്പോക; 2. ചേതംവരിക; നഷ്ടം ആക; 3. ഇല്ലാതെ—, ക്ഷയിക്കുക; 4. നിഷ്ഫലമാക, വെറുതെ കളയുക; 5. വഴിതെററിപ്പോക; 6. നശിച്ച്പോക; 7. കാണാതെ—; 8. തോററ്—; 9. മനസ്സിലാകാതിരിക്കുക; 10. നഷ്ടമാക്കുക. to l. ground പിമ്പിലായ്പോക; താണ്താണ് പോക. to l. heart പേടിക്കുക, ധൈര്യക്ഷയം വരിക, ഭീരുവായ്തീരുക. to l. one's head പരിഭ്രമിക്കുക, അന്ധാളിക്കുക. to l. one's self വഴിതെററുക, ബിഭ്രമം വരിക; അന്ധാളിച്ച്പോക. to l. sight of കാണാതെ പോക; ഓർമ്മവെക്കാതെ—, വിട്ട്—. *v. i.* തോററ്—, അപജയം പററുക. **lö′sa-ble**, *a.* പോയ്പോകാവുന്ന. **lö′sẽr**, *n.* നഷ്ടംപററിയവൻ; പോയ്പോയവൻ. **lö′sing**, *a.* നഷ്ടംവരുന്ന, ചേതമായ. **lö′sing-ly**, *ad.* ചേതം പററത്തക്കവണ്ണം. **loss**, *n.* നഷ്ടം, ചേതം; 2. കേട്; 3. കുറവ്, 'കമ്മി'; 4. കപ്പൽച്ഛേദം; 5. തോല്വി; 6. ആൾച്ഛേദം; 7. ഭീമനഷ്ടം; 8. ഭീമപ്പണം. to bear a l.s നഷ്ടം സഹിക്കുക; പ്രായശ്ചിത്തം കൊടുക്കുക. to be at a l.s ഒന്നും തിരിയാതിരിക്കുക, ചഞ്ചലം ഉണ്ടാക; അന്ധാളിക്കുക. **lost**, *a.* പോയ്പോയ, കാണാതെ പോയ; 2. നഷ്ടമായ; 3. നേടാത്ത, അപജയം പററിയ; 4. നിഷ്ഫലമായ; 5. (in) വഴിതെററിയ; ആയ്പോയ; 6. നശിച്ച്പോയ; 7. (to) ഇല്ലാത്ത, കെട്ട; വിട്ട്പോയ; 8. (in) അദൃശ്യം ആയ, അഗോചരം—, കാണാതെ—; 9. (in) നിമഗ്നം—, ലയിച്ചിരിക്കുന്ന.

**Lot**, *n.* അദൃഷ്ടം, വിധി; 2. ആകസ്മികം; 3. നറുക്ക്, ചീട്ട്, ചിട്ടി (*S.*); 4. ദശ, ഭാഗ്യം, യോഗം; 5. പങ്ക്, ഓഹരി; കൂട്ടം; 6. പറമ്പ്; 7. ഒര് പാട്, വളരെ, അനവധി. to cast in one's l. with ഗുണത്തിന്നും ദോഷത്തിന്നും കൂട്ടാളിയായിരിക്കുക, യോഗ്യഭാഗ്യമനുഭവിപ്പാൻ മറെറാരാളോട് ചേരുക. to cast l.s, to draw l.s നറുക്ക് ഇടുക, ചീട്ട്—; നറുക്കെടുക്കുക. to pay scot and l. പ്രാപ്തിയനുസാരം നികിതികൊടുക്കുക.. *v. t.* ഓഹരി ആക്കുക, —വെക്കുക; 2. തരം തിരിക്കുക; 3. വിഭാഗിക്കുക. to l. on *or* upon കരുതുക, കാംക്ഷിക്കുക. **lot′tẽr-y**, *n.* 'സോടതി', ഭാഗ്യ'സോടതി'; യോഗ്യഭാഗ്യം. [Loath.

**Lōth, Lōth′ly, Lōth′sōme**, *s. u.*

**Lo-thā′ri-ō**, *n.* സ്ത്രീവശീകരക്കാരൻ; —ലോലൻ; ദുർന്നടപ്പ്കാരൻ.

**Lō′tiōn**, *n.* കഴുകവാനുള്ള കഷായം, ധാരക്കഷായം (*med.*).

**Lō′tos**, *n.*, *see* Lotus.

**Lot′tẽr-y**, *n.*, *s. u.* Lot.

**Lot′to**, *n.* ഒര് വക കത്ത്കളി.

**Lō′tus, Lō′tos, Lōte**, *n.* താമര, പങ്കജം, കമലം; 2. ആമ്പല്. **l.-eater, lō′to-pha-gī** (-fa-gī-), (*pl.*) കമലഭുക്ക് (*myth.*); മടിയൻ, സുഖിയൻ.

**Lou-chettes′**, *n. pl.* മറകണ്ണട.

**Loud**, *a.* ഉറക്കെ ഉള്ള, ഉച്ചത്തിൽ—; മഹാ, ഗംഭീരമായ, മുഴക്കമുള്ള; 2. നിലവിളിക്കുന്ന, തൊള്ളയിടുന്ന (*S.*); 3. നി

ബ്ബന്ധം ആയ, അടിയന്തരം—; കൎണ്ണം ഉള്ള; 4. കോലാഹലം—; ശോഭതേടിയ, മോടിയുള്ള. l.-mouthed തൊള്ളതുറന്ന; തൊണ്ടക്കുറവു ഉള്ള. l.-voiced കൂറവുള്ള; വൈരം കൊട്ടുക്കുന്ന. *ad.* ഉറക്കെ. -'ly, *ad.* ഉച്ചത്തിൽ, ഗംഭീരമായി. -'ness, *n.* ഉറച്ചശബ്ദം; വൈരം, ക്രക്കിവിളി, നില—; ഊയാരം, ഘോഷം, മുഴക്കം.

Lough (lok), *n.* തടാകം, സരസ്, കായല് (*S.*).

*Lou'is d'or* (lu̱'i-dōr), *n.* പതിനഞ്ച് (ഇപ്പോൾ 22½) ഉറുപ്പികക്കുള്ള ഒരു പുരാതന പരന്ത്രീസ് പൊൻനാണ്യം.

Lounge, *v. i.* നേരം വെറുതെകളയുക; 2. മിനക്കെട്ടു ഇരിക്കുക; മടിയനായി—; 3. ചാരി—, ചാരിക്കിടക്കുക. *n.* തെണ്ടല്; 2. ചാരിക്കിടത്തം; 3. ചാരിയിരിക്കുന്ന ഇടം; 4. ഇരിക്കക്കട്ടില്, രത്നമഞ്ചം, ചാരുകസേല, 'കോച്ച്'. loung'er, *n.* അലസൻ, മടിയൻ.

Lōup-lōup' (lu̱-lu̱'), *n.* ഒരുവക നായ് (*z.*). [(*z.*).

I. Lour, *n.* മത്തി, ചാള (*S.*), കൊവ്വ

II. Lour (lowr), *v. i. s. u.* Lower II.

Louse, *n.* (*pl.* līce) യൂകം, പേന്, ഈര്. body-l. ക്രൂറപ്പേന്, ശീലപ്പേന്, ചെള്ളപ്പേന്, വെള്ളപ്പേന്, വെള്ളച്ചി (*M.*). head-l. പേന്. louse, *v. t.* പേൻ നോക്കുക, —എടുക്കുക, lou's̱i-ly, *ad.* നീചമായി, ആഭാസമായി. lou's̱i-ness, *n.* വൃത്തികേട്, ഹീനത. lou's̱y, *a.* പേനുള്ള; നീചമായ, അറെക്കത്തക്ക.

Lout, *n.* പൊണ്ണൻ, പൊട്ടൻ. -'ish, *a.* മുരാളത്തരം ആയ; ആഭാസം—. -'is̱h-ly, *ad.* നിൎമ്മൎയ്യാദമായി. -'ish-ness, *n.* വിഷ്ഠിതം; നീചതം.

Lŏv'āġe, *n.* അജമോദകം, അയമോദകം, ഓമം (*b.*).

Lŏve, *n.* സ്നേഹം, പ്രേമം, പ്രീതി, വാത്സല്യം; 2. അനുരാഗം; വിശ്വാസം; ശൃംഗാരം, കാമം, മോഹം; 3. വിവാഹാൎത്ഥനം; പ്രേമസല്ലാപം; 4. (of) സഹിതം, ഇഷ്ടം, പ്രിയം, രസം, താല്പൎയ്യം; 5. മൈത്രി; 6. പ്രിയൻ; പ്രിയ; 7. മന്മഥൻ, മദനൻ, കാമദേവൻ; 8. ഒരുവക വള്ളി (*b.*); 9. (കളിയിൽ) 'കല്ലോത്തി'. l.-apple 'തക്കാളി' (*b.*). l.-bird ഒരുവക ചെറിയ തത്ത (*z.*). l.-broker കൂട്ടികൊടുക്കുന്നവൻ. l.-charm വശ്യൌഷധം; വശീകരണം. l.-child അനൌരസൻ; ജാരജം. l.-drink, l.-potion വശ്യപാനകം; കാമജനക—. l.-favour പ്രേമസ്മാരകം. l.-feast സ്നേഹസദ്യ (*Chr.*). l.-feat കാമലീല. l.-game 'കല്ലോത്തി'കൊട്ടുക്കൽ. l.-juice രാഗോല്പാദകദ്രാവകം. l.-knot പ്രേമഗ്രന്ഥി, —ബന്ധം. l-lass പ്രിയ. l.-letter ശൃംഗാരലേഖനം. l.-lock ഒരുവക കുറുനിര; ചെന്നിരോമം. l.-lorn വിരഹമുള്ള; ത്യക്തപ്രിയ. l.-making പ്രേമസല്ലാപം. l.-match —വിവാഹം. l.-rites സംഗമം. l.-sick കാമനോവുള്ള. l.-sickness —പീഡ. l.-scene പ്രേമനാട്യം. l.-story ശൃംഗാരകഥ. l.-suit വിവാഹാൎത്ഥനം. a labour of l. സൌജന്യപ്രവൃത്തി; സരസ—. free l. ഇച്ഛാനുസാര സ്ത്രീസംസൎഗ്ഗം; —സംസൎഗ്ഗവാദം. in l. അനുരാഗ ബദ്ധ(ൻ) ആയ, മോഹിത(ൻ)—; കാമപീഡയുള്ള, കാമാതുരമായ. the God of l., l.-god മന്മഥൻ. to make l. to വിവാഹാൎത്ഥനം ചെയ്യുക; രഹസ്യം ചോദിക്കുക. to play for l. പണം വെക്കാതെ കളിക്കുക. *v. t.* സ്നേഹിക്കുക, വാത്സല്യംകാട്ടുക; 2. അനുരാഗം ഉണ്ടാക; 3. ഇഷ്ടം—, രസം തോന്നുക. *v. i.* പ്രേമം—; 2. കാമപീഡയുണ്ടാക. -'a-ble, lŏv'a-ble, *a.* പ്രേമജനകം ആയ; സ്നേഹയോഗ്യം—. lŏv-ēe', *n.* പ്രിയ; വിശ്വാസക്കാരത്തി. -'less, *a.* സ്നേഹം ഇല്ലാത്ത, ദയ—; അഴക്—, മനോരഞ്ജകമല്ലാത്ത. -'li-ly, *ad.* പ്രിയത്തോടെ. -'li-ness, *n.* അഴക്, സൌന്ദൎയ്യം; ഭംഗി. -'ly, *a.* മനോരമ്യം ആയ. രസികം—, സൌന്ദൎയ്യം ഉള്ള, ഇമ്പം—; സ്നേഹിക്കത്തക്ക, രഞ്ജകമായ; പ്രിയമുള്ള; മനോഹരമായ. lŏv'ẽr, *n.* സ്നേഹിക്കുന്നവൻ; രമണൻ, പ്രിയൻ, ജാരൻ, വിശ്വാസക്കാരൻ, രഹസ്യക്കാരൻ; മിത്രം,

സഖി; തല്പരൻ, ഇഷ്ടൻ. l.r-wise രമണിരമണ തുല്യമായി. free l.r ഇച്ഛാനുസാര സ്ത്രീഭോഗവാദി. lŏv'ing, *a.* വാത്സല്യം ഉള്ള; ദയ—, ആദരവോട്കൂടിയ. l.g-kindness അനുകമ്പ, ആർദ്രത, അലിവ്, കടാക്ഷം. lŏv'ing-ly, *ad.* സ്നേഹപൂർവ്വം, വാത്സല്യത്തോടെ; കൃപയോടെ. lŏv'ing-ness, *n.* അമ്പ്; പ്രിയം; ദയ.

I. Lōw (lō), *v. i.* മുക്കിറയിടുക. *n.* മുക്കറ, മുക്കറശബ്ദം. -'ing, *n.* മുക്കറ.

II. Lōw (lō), *n.* തീ; ജ്വാല; പന്തം, ചൂട്ട, വിളക്ക്. *v. i.* കത്തുക, ജ്വലിക്കുക. l.-bell ഭയപ്പെടുത്തുക.

III. Lōw (lō), *a.*, (*c. d.* lōw'ĕr, *s. d.* lōw'est) താണ; 2. ഉയരം കുറഞ്ഞ; നീളം—; കുറിയ; 3. അധമം ആയ; 4. (സൂര്യൻ) അസ്തമാനം—; 5. (വേലി) ഇറക്കം—; 6. (വില) കുറഞ്ഞ, നയമായ, സഹായമുള്ള; 7. (ശബ്ദം) മുട്ട ആയ, പതുക്കെ—; 8. (സ്വരം) ഗംഭീരം—; 9. മദ്ധ്യരേഖക്കടുത്ത, വിഷുവൽപ്രദേശത്തുള്ള (*geog.*); 10. (സംഖ്യ) ചെറിയ, കുറഞ്ഞ, അല്പ; 11. വിഷാദമുള്ള, കുണ്ഠിതം ആയ; 12. സാധു—, കലഹീനം—; 13. നീചം—, കീഴ്—; 14. കിഴിഞ്ഞ; 15. താഴ്മ ഉള്ള, വണക്കം—; 16. ക്ഷീണിച്ച, ബലഹീനമായ; 17. (പനി) നീറിക്കൊണ്ടുള്ള, വെക്കയുള്ള; 18. ചുരുങ്ങിയ; 19. ലഘുവായ. l.-bell കടമണി. l.-born കലഹീനൻ. l.-bred നിർമ്മര്യാദം ആയ. നീചം—, ആഭാസം—. L. Church അല്പാചാരസഭ. L.-Churchism —വാദം. L.-Churchman —വാദി; —സഭാംഗം. L. Countries ഹൊല്ലന്ത് ബെൽജ്യംരാജ്യങ്ങൾ, താണനാടുകൾ (*geog.*). L. German ഉത്തരഗർമ്മാന്യഭാഷ. l. life ദാരിദ്ര്യാവസ്ഥ. l.-land കീഴ്നാട്. the L.-lands ഹൊല്ലന്ത് ബെൽജ്യംരാജ്യങ്ങൾ; സ്കോട്ട്ലണ്ടിലെ ദക്ഷിണപ്രദേശം. L.-lander ദക്ഷിണ സ്കോട്ട്ലണ്ട്കാരൻ. l.-lived നീചമായ. l.-minded നീചഭാവമുള്ള. l.-mindedness ആഭാസത്വം. l.-necked കഴുത്ത് താഴ്ത്തി മുറിച്ച. l.-pressure ഊക്ക് കുറഞ്ഞ. l.-spirits അഴിനില. l.-spirited മനോവ്യാകുലമുള്ള. l.-spiritedness കുണ്ഠിതം. l.-steel താണ ഉരുക്ക്. l.-Sunday പുനരുത്ഥാനാനന്തര ഞായറാഴ്ച (*Chr.*). l.-thoughted ശൈഥില്യ ബുദ്ധിയുള്ള. l.-tide, l.-water വേലിയിറക്കം, ഇറക്കം. l.-watermark ഇറക്കത്തിന്ന് വെള്ളം ഇല്ലാത്ത സ്ഥലം. l.-wines ആദ്യം ഇറങ്ങിയ ചാരായം. *ad.* കീഴെ, ചുവടെ, താഴെ; 2. താണ വിലക്ക്, സഹായത്തിൽ; 3. അധമമായി; 4. ഇപ്പുറം, അടുത്തകാലത്ത്; 5. മെല്ലെ, പതുക്കെ; 6. താണസ്വരത്തിൽ; 7. അമാന്തസ്ഥിതിയിൽ; 8. ക്ഷിതിജത്തോടടുത്ത്, ഉച്ചത്തിൽ (*as.*). -'ĕr, *a.*, *c. d.* അധികം താഴെ ഉള്ള, കീഴെ—, അടിയിലത്തെ. l.r case അല്പാക്ഷരം (*print.*). *v. t.* ഇറക്കുക, താഴ്ത്തുക; ഉയരം കുറക്കുക; ചുരുക്കുക, കുറക്കുക; എളിമപ്പെടുത്തുക. *v. i.* താഴുക; കുറയുക. -'ĕr-mōst, *a.* എല്ലാററിലും അടിയിലുള്ള. -'est, *a.*, *s. d.* ഏററവും താണ. -'ish, *a.* ഏതാനും താണ. -'li-ness, *n.* താഴ്മ, വിനയം; ദാരിദ്ര്യം. -'ly, *a.* ഉയരംകുറഞ്ഞ; താണ; എളിമ ഉള്ള; താഴ്മ—; *ad.* വിനയത്തോടെ; മോശമായി, ഹീനമായി. -'ness, *n.* താഴ്ച; താഴ്മ.

I. Lōw'ĕr, *a.*, *v. t.*, *etc.*, *s. u.* Low.

II. Lower, Lour (lowr), *v. i.* ഇരുളുക, കാറ് മൂടുക; 2. മുഖം കറുപ്പിക്കുക, —കനപ്പിക്കുക, —കോട്ടുക; നെററിചുളുക്കുക. *n.* മുഖം കനപ്പിക്കൽ, ദുർമ്മുഖം, കറുമുഖം. -'ing, *a.* ഇരുട്ടടച്ച് കെട്ടിയ, മൂടൽ ഉള്ള; വെറുമുഖം—. -'ing-ly, *ad.* മൂടലായി; കാലുഷ്യത്തോടെ. -'y, *a.* കാറ് മൂടിയ, മഴക്കോളുള്ള, ദുർദ്ദിനമായ.

Lox-ō-drom'ics, *n.* ദിഗ്ഗതി തെററാതെയുള്ള കപ്പലോട്ടം (*naut.*).

Loy, *n.* കൊക്കോട്ട്; കൈക്കോട്ട്.

Loy'al, *a.* നിയമനിഷ്ഠ ഉള്ള; അധികാരാധീനത—; രാജഭക്തി—, സ്വാമിഭക്തി—; 2. വിശ്വസ്തത—; പാതിവ്രത്യം—; ഭാര്യാനുരക്തി—; സഖ്യനിഷ്ഠ—. -ist, *n.* രാജഭക്തൻ. -ly, *ad.* വിശ്വസ്തതയോടെ; സ്വാമിഭക്തിയോടെ. -ness,

-ty, *n.* രാജഭക്തി; വിശ്വസ്തത; സഖ്യനിഷ്ഠ.

**Loz'enge,** *n.* വിഷമചതുരശ്ര ക്ഷേത്രം (*geom.*); 2. —ആകൃതി; 3. ഒരു വക മധുരദ്രവ്യം, 'പെപ്പർമിഠായി'. l.-shaped, loz'enged (loz'enjd), *a.* വിഷമചതുരശ്രാകാരമുള്ള (*geom.*). =gy, *a.* —ചതുരശ്രകളങ്ങളായി പകുത്ത.

**Lub'bĕr,** *n.* പൊണ്ണത്തടിയൻ; അണ്ണാരപ്പൊണ്ണൻ, മുഠാളൻ. land-l. കരയിൽ പാൎക്കുന്നവൻ. -ly, lub'bard, *a.* പൊണ്ണത്തടിയുള്ള. -ly, *ad.* ഏലില്ലാതെ; ചേപ്പുറയായി.

**Lu'bri-cāte,** =bric'i-tāte, *v. t.* മിനുസമാക്കുക, വഴുതിക്കുക; 2. കഴമ്പു ഇടുക, —പിരട്ടുക, അഭ്യംഗം ചെയ്യുക; 3. എണ്ണ ഇടുക, 'ചെരുവി'—, കൊഴുപ്പു തേക്കുക. lu'bric, lu'bri-cal, lu'bri-cŏus, *a.* മിനുക്കം ഉള്ള, വഴുതൽ—; വിഷയാസക്തി—. =cant, *a.* മിനുക്കംവരുത്തുന്ന. *n.* കഴമ്പു, എണ്ണ; കൊഴുപ്പു; 'താറ്', 'കീല്'. =cā'tiŏn, =bri-fi-cā'tiŏn, =bri-fac'tiŏn, *n.* മിനുക്കൽ; അഭ്യംഗം; 'ചെരുവി' ഇടൽ. =cā-tŏr, *n.* എണ്ണയിടുന്നവൻ; യന്ത്രത്തിലെ എണ്ണക്കിണ്ണം. =bric'i-ty (-bris'i-), *n.* മിനുക്കം, വഴുതൽ, പിടിത്തമില്ലായ്മ; വഴവഴക്കം; അസ്ഥിരത; വിഷയാസക്തി.

**Lu'cent,** *a.* മിന്നുന്ന, പ്രഭ ഉള്ള, തിളക്കം—. lu'cen-cy, *n.* തേജസ്സ്, ദീപ്തി.

I. **Lu'cĕrn,** *n.* ഒരു ജാതി നായ് (*z.*); 2. കാട്ടുപൂച്ച, പോക്കാൻ (*z.*); 3. ഒരു വക കതിരപ്പുല്ല് (*b.*).

II. **Lu'cĕrn,** *n.* വിളക്ക്. =cĕr'nal, *a.* ദീപസംബന്ധമായ. l.l microscope ദീപഭൂതക്കണ്ണാടി.

**Lu'cid,** *a.* മിന്നുന്ന, ഉളിയുന്ന, പ്രഭയുള്ള; 2. തെളിവായ, പ്രസന്നതയുള്ള; 3. സൂക്ഷ്മം ആയ, ലളിതം—; 4. സുബുദ്ധി ഉള്ള, സുബോധം—. -'i-ty, -ness, *n.* വ്യക്തി, തെളിവ്, സ്വച്ഛത. -ly, *ad.* തെളിവായി.

**Lu'ci-fĕr,** *n.* ശുക്രൻ, കൊററി; 2. 'സാത്താൻ', പിശാച്; 3. തീക്കുച്ച്. l.-match തീക്കുച്ച്. =fē'ri-an, *a.* പൈശാചികശവ്വമുള്ള, ഡംഭിയായ. =cif'ĕr-ŏus, *a.* പ്രകാശദമായ; വെളിവാക്കുന്ന. =cif'ĕr-ŏus-ly, *ad.* തെളിവായി. =cif'-ic, *a.* തേജോല്പാദകമായ. =form, *a.* പ്രകാശതുല്യമായ.

**Lu-cim'e-tĕr,** *n.* പ്രകാശമാത്ര, —മാനം, —മാപകയന്ത്രം.

**Luck,** *n.* യോഗം, ദശ, അദൃഷ്ടം; 2. ഭാഗ്യം. l.-penny 'വക്കത്ത്'. to be in l. നല്ലകാലം വരിക, ഭാഗ്യമുണ്ടാക. -'i-ly, *ad.* ഭാഗ്യവശാൽ, നല്ല കാലത്തിന്നു. -'i-ness, *n.* നല്ലദശ; ഭാഗ്യം. -'less, *a.* ഭാഗ്യഹീനം ആയ, ദുൎദ്ദശയുള്ള, ഭാഗ്യം കെട്ട. -'less-ly, *ad.* ഭാഗ്യമില്ലാതെ. -'less-ness, *n.* നിൎഭാഗ്യം. luck'y, *a.* ഭാഗ്യശാലിയായ; ഭാഗ്യവശാലുള്ള, ശുഭം ആയ; ഭാഗ്യകരം—.

**Lu'cra-tive,** *a.* ലാഭം ഉള്ള, ആദായം—; 2. ലോഭം—. -ly, *ad.* ആദായത്തോടെ. lu'cre (lu'kĕr), *n.* ദുല്ലാഭം, ദുരാദായം; ധനം.

**Luc-tā'tiŏn,** *n.* യത്നം, ശ്രമം, പോരാട്ടം.

**Lu'cū-brāte,** *v. i.* വിളക്കത്തു പഠിക്കുക, രാത്രിയിൽ—. *v. t.* അദ്ധ്യാനിച്ചുണ്ടാക്കുക. യത്നിച്ചു രചിക്കുക. =brā'-tiŏn, *n.* രാപ്പാഠം; ധ്യാനം; രാത്രിരചന; രചിതം, ഗ്രന്ഥം. =brā-tŏr, *n.* രാപ്പാഠകൻ; രചകൻ. =brā-tŏr-y, *a.* രാത്രിരചനയായ; അദ്ധ്യാനശീലമുള്ള.

**Lu'cūle,** *n.* ആദിത്യനിലെ അതിപ്രഭാപ്രദേശം (*as.*).

**Lu'cū-lent,** *a.* തെളിവുള്ള, സ്വച്ഛം ആയ, പ്രസന്നം—; 2. സ്പഷ്ടം—; 3. പ്രഭയുള്ള. -ly, *ad.* തെളിവായി.

**Lu-cul'līte,** *n.* കൃഷ്ണശില (*min.*).

**Lu'di-crŏus,** *a.* ചിരിവരുത്തുന്ന; ചിരിപ്പാൻ തക്ക, ഹാസ്യകരമായ; കളിയായ. -ly, *ad.* 'തമാശ'യായി. -ness, *n.* ചിരി, നേരമ്പോക്ക്, വിനോദം. =di-fi-cā'tiŏn, *n.* പരിഹാസം, കളിയാക്കൽ.

**Lu̥'ēs̱,** *n.* ഒര്വക പകച്ചരോഗം (*med.*); 2. ദുർവ്വ് ത്തോല്പന്നദരോഗം. *l. venerea* ഉഷ്ണപ്പുണ്ണ് മുതലായത്.

**Luff,** *n.* കപ്പലിൽ കാററിന്ന് നേരെയുള്ള ഭാഗം; 2. കപ്പല് കാററ് പിടിച്ച് ഓടൽ; 3. കപ്പലിൻെറ അണിയ വളവ്; 4. കപ്പപ്പായിത്തല. *v. i.* കപ്പല് കാററ് കൊള്ളെ തിരിക്കുക. to l. round, to l. a-lee കാററ് കൊള്ളെ ഓട്ടുക (*naut.*).

**Lug,** *n.* ചെവി, കാത് (*an.*); 2. പിടി, കാത്; 3. 'തൊള്ള്', ഏക്കാൽകണ്ണി; 4. (തഴത്) ഉട്ടമ്പ്, അരിമ. വലി; 2. ദണ്ഡ്. chimney-l., l.-pole തായൽ കോല്. l.-bolt തഴത്. l.-mark കാതടയാളം. l.-sail ഒരവക കപ്പപ്പായി. l.-worm ഒര്വക ഞാഞ്ഞല് (*z.*). *v. t.* വലിക്കുക, ഇഴെക്കുക. lug'gāġe, *n.* ചുമട്, കെട്ട്, 'മാറാപ്പ്'. l.e-van തീവണ്ടിയിലെ സാമാനവണ്ടി. lug'gĕr, *n.* ഒര്വക പായിക്കപ്പല്.

**Lu̥-gū'bri-ŏus,** *a.* ദുഃഖനാട്യം ഉള്ള; കഞ്ഞിതം—; പരിതാപകരം ആയ; ദുഃഖകരം—. -ly, *ad.* സങ്കടത്തോടെ. -ness, *n.* വ്യാകുലം, വ്യസനം.

**Lu̥ke'wa̤rm,** *a.* ശീതോഷ്ണമായ, സാമാന്യം ചൂട് ഉള്ള, വെക്ക—; 2. ഉന്മേഷം ഇല്ലാത്ത, കശ്മനം—, ഉത്സാഹം—, ചുണകെട്ട. മന്ദഭാവമുള്ള. -ly, *ad.* ഇടത്തരം ചൂടോടെ; അരമനസ്സായി. -ness, *n.* ഇളഞ്ചൂട്, മന്ദോഷ്ണം; മനമില്ലാ മനസ്സ്.

**Lull,** *v. t.* സാന്ത്വനപ്പെടുത്തുക, തഴുകി ശാന്തമാക്കുക; 2. മണിച്ചുറക്കുക; 3. ശമനം വരുത്തുക. *v. i.* ശമിക്കുക, ശാന്തമാക. *n.* സാന്ത്വനം; 2. താരാട്ട്, തൊട്ടിൽ പാട്ട്; 3. തല്ക്കാലശമനം. ='la-by̆, *n.* തൊട്ടിൽ പാട്ട്, താരാട്ട്, സാന്ത്വപശീതം. -'ĕr, *n.* ശമനകൻ. -'ing-ly, *ad.* സാവധാനപ്പെടുത്തിക്കൊണ്ട്, ശമനമായി.

**Lum,** *n.* പുകക്കുഴല്, പുകക്കുററി; 2. കാററ് നാളം; 3. താഴ്വരക്കാട്; 4. കുളം, ചിറ.

**Lum-bā'go,** *n.* ഊരവായു, നട്ടുവേദന (*med.*). =bag'i-nŏus, *a.* ഊരവായു സംബന്ധമായ.

**Lum'băr, Lum'băl,** *a.* ഊരസംബന്ധിച്ച; ഊരയോടടുത്ത (*an.*). l.-r region ഊര, നട്ടു, ഉക്ക്.

**Lum'bĕr,** *n.* പണയശാല; 2. പണയപ്പാട്; 3. പഴയസാമാനം, നിസ്സാരസാധനം; 4. ഈച്ചപ്പണിത്തരം. l.-kiln മരം ഉണക്കുന്ന ചൂള, മരച്ചൂള. l.-man മരം മുറിക്കുന്നവൻ. l.-room പഴയ സാമാനം ഇടുന്ന അറ. l.-wagon ചാട്, കട്ടവണ്ടി. *v. t.* കുമ്പാരമായിടുക; 2. പഴയസാമാനം നിറക്കുക. *v. i.* ഭാരപ്പെട്ട് നടക്കുക; 2. മുഴങ്ങുക; 3: മരംമുറിച്ചിടുക; —ചെത്തിക്കുറക്കുക. -'ĕr, *n.* മരം മുറിച്ച് താഴ്ത്തുന്നവൻ. -'ing, *n.* —താഴ്ത്തൽ.

**Lum'bric,** *n.* നിലത്തിര, ഭൂനാഗം (*z.*). =bri-cal, *a.* ഭൂനാഗാകൃതിയുള്ള. *n.* ഒര് മാംസപേശി (*an.*). =bric'i-form (-si-), *a.* ഭൂനാഗാകൃതി ഉള്ള. =coid, *a.* നിലത്തിര പോലെ—. =cus, *n.* ഭൂനാഗവർഗ്ഗം.

**Lu̥'mi-nar-y,** *n.* ജ്യോതിസ്സ്, ജ്യോതിർഗ്ഗോളം; 2. വിജ്ഞാനപ്രഭാകരൻ. =nant, =nŏus, *a.* പ്രഭ ഉള്ള, തിളക്കം—, തേജസ്—; പ്രകാശം—; അറിവ്—, ബുദ്ധി—; സ്പഷ്ടമായ. l.s paint തേജോവർണ്ണം. =nif'ĕr-ŏus, *a.* പ്രകാശദായകം ആയ; —വാഹകം—. -nos'i-ty, =nŏus-ness, *n.* ശോഭ, തേജസ്. =nŏus-ly, *ad.* തിളക്കത്തോടെ. പ്രഭയോടെ.

**Lum'mox,** *n.* പൊണ്ണത്തടിയൻ; അണ്ണാരപ്പൊണ്ണൻ.

**Lump,** *n.* കട്ട, കട്ടി, കുനല്; 2. കൂട്ടം, കുമ്പാരം. in the l., in a l. ഒട്ടുക്ക്, ആകപ്പാടെ; വകപ്പടിയായി, കലമേനിയായി. l.-coal കട്ടിക്കല്ക്കരി. l.-sugar കട്ടിപ്പഞ്ചസാര. l.-sum 'മൊത്തം', ഒട്ട് സംഖ്യ. *v. t.* കുനലായി ഇടുക, മൊത്തമായി—; 2. കൂട്ടങ്ങളെ എടുക്കുക; 3. അടക്കിപ്പറയുക; 4. കഴിച്ച് കൂട്ടുക. -'ĕr, *n.* കുനല് കൂട്ടുന്നവൻ; കപ്പൽചരക്ക് ഇറക്കുന്നവൻ, —കയററുന്നവൻ. -'i-ness, *n.* പിണ്ഡതാം. -'ing, *a.* വർണ്ണം ഉള്ള; ഘനം—. -'ish, *a.* നിശ്ചേതനമായ; വർണ്ണം ഉള്ള; ഘനം—; മന്ദമായ. -'ish-ly, *ad.*

മന്ദഗതിയായി. -'ish-ness, *n.* മന്ദത. lumps, *n. pl.* ഒരു വക ഓട്; —ഇക്ഷ്ടിക; മഞ്ഞു. -'y, *a.* കട്ടകട്ടയായ.

Lu'na, *n.* ചന്ദ്രൻ; 2. വെള്ളി (al.). -cy, *n.* ചന്ദ്രരോഗം, ചിത്തഭ്രമം, ഭ്രാന്ത്; മതഭ്രാന്ത്. lu'nar, lu'nar-y, *a.* ചന്ദ്രസംബന്ധം ആയ; —തുല്യം—; —മാനം—; —ലക്ഷണമുള്ള. l.r caustic 'കാസ്റ്റിക്ക്', പൊള്ളിക്കുന്ന മരുന്ന്. l.r cycle ചന്ദ്രവട്ടം (19 കൊല്ലം). l.r day തിഥി. l.r month ചന്ദ്രമാനമാസം (28 ദിവസം). l.r year —വർഷം (354 ദിവസം). =nā'ri-an, *n.* ചന്ദ്രവാസി. lu'nāte, lu'nā-ted, *a.* അർദ്ധചന്ദ്രാകാരമുള്ള. -tic, *a.* ചന്ദ്രരോഗം ഉള്ള, ബുദ്ധിഭ്രമം—; ഭ്രാന്തലക്ഷണം—; ഭ്രാന്തന്മാർക്ക് തക്ക; ഭ്രാന്തന്മാരുടെ. *n.* ഭ്രാന്തൻ. l.c asylum ഭ്രാന്തശാല. =nā'tiŏn, *n.* ചന്ദ്രപരിവർത്തനകാലം, ഒരു അമാവാസി മുതൽ മററാരു അമാവാസിവരെയുള്ള കാലം. ($29\frac{1}{2}$ ദിവസം); ചന്ദ്രമാനമാസം. lune, *n.* അർദ്ധചന്ദ്ര ആകാരം; —ക്ഷേത്രം (*geom.*). lu-nette' (-net'), *n.* ഒരു വക കണ്ണാടി; അല്പചന്ദ്രാകാരം; അർദ്ധചന്ദ്രാകാര ജാലകം. lu'ni-form, *a.* ചന്ദ്രാകൃതിയുള്ള. lu-ni-sō'lar, *a.* സൂര്യചന്ദ്രസംബന്ധമായ. l.r year സൂര്യചന്ദ്രപര്യായകാലം (532 കൊല്ലം). lu'ni-tī-dal, *a.* വേലിയേററവും ഇറക്കവും സംബന്ധിച്ച. lu'nū-la, (*pl.* lu'nū-læ), lu'nūle, *n.* അർദ്ധചന്ദ്രാകൃതി; അർദ്ധചന്ദ്രാകാരക്ഷേത്രം (*geom.*). lu'nū-let, *n.* ചന്ദ്രാകാരക്കുറി, ചന്ദ്രാകാരപ്പൊട്ട്, =nū-lar, =nū-lāte, =nū-lā-ted, *a.* പഞ്ചമിച്ചന്ദ്രാകാരം ഉള്ള. lu'ny, *a.* പിച്ച്—, ഭ്രാന്ത്—.

Lunch, Lun'cheŏn (lun'shun), *n.* ചിററുണ്ണ്, ഇടഭക്ഷണം, പലഹാരം കഴിക്കൽ, 'ടിഫ്ഫിൻ'. *v. i.* പലഹാരം കഴിക്കുക.

Lung, *n.* ശ്വാസകോശം, ചെമ്പരുത്തി. l.-fever ശ്വാസകോശ വീക്കം, ചെമ്പരുത്തി— (*med.*). l.-worm മൃഗങ്ങൾക്കുള്ള ചെമ്പരുത്തിപ്പുഴു. lunged (lungd), *a.* ശ്വാസകോശം ഉള്ള. -'less, *a.* —ഇല്ലാത്ത.

Lunge, *n.* വെട്ട്, കുത്ത്. *v. i.* കുത്തുക. *v. t.* കുതിരയെ ചുററി ഓടിക്കുക.

Lu-ni-form, Lu'ni-sō'lar, Lu'-nū-la, *s. u.* Luna.

Lunt, *n.* പീരങ്കിത്തിരി; 2. പുക.

I. Lu'pīne, *n.* ഒരു വക പയറ് (*b.*).

II. Lu'pīne, *a.* ചെന്നായിക്കൊത്ത, ബുഭുക്ഷയുള്ള.

Lu'pus, *n.* മുഖാർബ്ബുദം (*med.*); 2. അന്നിഷം, അനിഴം നക്ഷത്രം (*as.*).

I. Lurch, *n.* ഒരു വക പകിടകളി; 2. കളിയിലെ വൻജയം. to leave one in the l. (കളിയിൽ) കല്ലോത്തി കൊട്ടുക; വഴിയെ ആക്കിക്കളയുക; തുണക്കാതിരിക്കുക, കൈവിടുക.

II. Lurch, *n.* കപ്പലിൻെറ ആട്ടം; 2. ചാഞ്ചാട്ടം; 3. മനശ്ചാപല്യം. *v. i.* ആടുക; 2. കടിച്ച് ചാഞ്ചാടുക.

III. Lurch, *v. i.* മാറിനില്ക്കുക, ഒളിക്കുക, മറഞ്ഞ് കളയുക; 2. തോല്പിക്കുക, പററിക്കുക. -'ĕr, *n.* ഒളിച്ചിരിക്കുന്നവൻ, പതിയിരിക്കുന്നവൻ; ഒരു വക നായ് (*z.*).

Lure, *n.* ഇര; 2. മോഹനം, വശീകരണം, ആകർഷണം. *v. t.* കടുക്കുക, വശീകരിക്കുക, ആകർഷിക്കുക. *v. i.* മടക്കിവിളിക്കുക.

Lur'id, *a.* വിളർത്ത, മഞ്ഞളിച്ച; ക്ഷീണിച്ച; ഇരുണ്ട; ഭയങ്കരമായ; 2. മലിനപ്രഭയുള്ള, മഞ്ഞലായ; 3. പിംഗലവർണ്ണമുള്ള.

Lurk, *v. i.* ഒളിച്ച് ഇരിക്കുക. പതി—; 2. മറവിൽ—. l.ing-house-trespass പതിയിരിപ്പ് കററം, ഒളിക്കയ്യേററം (*l.*). -'ĕr, *n.* ഒളിച്ചിരിക്കുന്നവൻ; ചെറിയ മീന്തോണി.

Lus'ciŏus (lush'us), *a.* മധുരം ഉള്ള, സ്വാദ്—, രുചികരമായ; 2. മടുപ്പ് വരുത്തുന്ന; 3. വഷള് ആയ, അസഭ്യം—. -ly, *ad.* രുചികരമായി; മടുപ്പ് വരത്തക്കവണ്ണം. -ness, *n.* അതിമാധുര്യം; വിമ്മിഷ്ടം.

Lush, *a.* ചാറ് ഉള്ള, നീര്—, രസം—.

**Lusk'ish,** *a.* മടിയുള്ള. **-ly,** *ad.* മടിയോടെ.

**Lust,** *n.* കാംക്ഷ; 2. ദുരിച്ഛ, ദുർമ്മോഹം; 3. കാമേച്ഛ, കാമാതുരം; 4. ദുരുല്ലാഭം. *v. i.* (after) മോഹിക്കുക, കൊതിക്കുക. **-'ĕr,** *n.* കൊതിയൻ, ദുർമ്മോഹി. **-'fụl,** *a.* കാമാതുരം ആയ; കാമജന്യം—; —ജനകം—; ദുർമ്മോഹമുള്ള. **-'fụl-ly,** *ad.* കാമേച്ഛയോടെ. **-'fụl-ness,** *n.* ദുർമ്മോഹം. **-'less,** *a.* കാമേച്ഛയില്ലാത്ത. **lus'ty,** *a.* പുഷ്ടി ഉള്ള; ആരോഗ്യം—, ഊക്ക്—; കൊഴുപ്പ്—. **lus'ti-head, lus'ti-hood,** *n.* മദം, ഉരം, ആരോഗ്യം. **lus'ti-ly,** *ad.* ഉരത്തോടെ, മദത്തോടെ. **lus'ti-ness,** *n.* ആരോഗ്യം, ഊക്ക്; തിറം, വീര്യം.

**Lus'trāte,** *v. t.* പ്രായശ്ചിത്തം ചെയ്യുക; പുണ്യാഹം—, ശുദ്ധീകരിക്കുക. **=tĕr, =tre, =trum,** *n.* അഞ്ച് കൊല്ലം, പഞ്ചാബ്ദകാലം, വൎഷപഞ്ചകം. **=tral,** *a.* പുണ്യാഹസംബന്ധമായ, ശുദ്ധീകരണത്തിന്ന് ഉള്ള; അഞ്ച് കൊല്ലത്തേക്ക്—. **=trā'tiŏn,** *n.* പുണ്യാഹം, പ്രായശ്ചിത്തം; സൎവ്വജനപുണ്യാഹം. **=tri-cal,** *a.* ശുദ്ധീകരണത്തിനുള്ള. **=trum,** *n.* റോമജനപുണ്യാഹം.

**Lus'tĕr, Lus'tre** (-tr), *n.* മിനുക്കം, ഒളി, പ്രകാശം; ശോഭ, കാന്തി, ദ്യുതി, തേജസ്; 2. കീൎത്തി, ശ്രുതി, മഹിമ; 3. വിചിത്രദീപം; 4. തിളക്കം; 5. മിനുക്കക്കൂട്ട്; 6. തിളക്കമുള്ള ഒര് വക തുണി. **l.-ware** —മണ്പാത്രം. *v. t.* ശോഭിപ്പിക്കുക, തിളങ്ങിക്കുക. **-'ing,** *n.* മിനുക്കക്കൂട്ട് തേക്കൽ; ലോഹത്തിന്റെ ഒളി. **-'less,** *a.* നിസ്തേജമായ, മങ്ങലുള്ള, തിളക്കമില്ലാത്ത. **=tring,** *n.* മിനുക്കമുള്ള ഒര് വക പട്ട് തുണി. **=trŏus,** *a.* ശോഭതേടിയ, കാന്തിയുള്ള; മിന്നുന്ന, ഒളിയുന്ന. **=trŏus-ly,** *ad.* തിളക്കത്തോടെ.

*Lụ'sus nā-tū'ræ* പ്രകൃതിലീല; അപൂൎവ്വജനനം; വിരൂപസാധനം.

I. **Lụte,** *n.* പുററ് മണ്ണ്, ശീല—; 2. (കുപ്പികൾക്ക് റബ്ബർകൊണ്ടുള്ള) അടപ്പ് വളയം; 3. കട്ടപ്പെട്ടി; ഇക്കിളിയച്ച്. *v. t.* മണ്ണ് വെച്ചടക്കുക, ശീലചെയ്യുക. **lụ-tā'ri-ŏus,** *a.* കളിമണ്ണിന്ന് തുല്യമായ. **lụ-tā'tiŏn,** *n.* മണ്ണ്പൊരിയൽ, ശീലചെയ്യൽ. **lụ'tĕr,** *n.* ശീലചെയ്യുന്നവൻ. **lụ'ting,** *n.* മണ്ണശ. **lụ-tōse',** *a.* ചളിയുള്ള; ചേറ് പിരണ്ട. **lụ'tụ-lence,** *n.* ചളി; മുഴപ്പ്.

II. **Lụte,** *n.* കമ്പിവാദ്യം, വീണ, വല്ലകി, തന്ത്രി, പരിവാദിനി. **l.-backed** കൂനുള്ള. **l.-string** കമ്പി; ഒര് വക നല്ല പട്ട് തുണി. *v. t.* വീണവായിക്കുക, മീട്ടുക. *v. i.* വീണധ്വനി പുറപ്പെടുക. **lụ'ta-nist, lụ'te-nist, lụ'tĕr, lụ'tist,** *n.* വീണവായനക്കാരൻ, വൈണികൻ.

**Lụ'te-ŏus, Lụ-tes'cent,** *a.* മഞ്ഞനിറം ഉള്ള, പീതവൎണ്ണം—.

**Lux, Lux'āte,** *v. t.* എല്ല് തെററിക്കുക, ഉളുക്ക് വരുത്തുക. **=ā'tiŏn,** *n.* ഉളുക്ക്, അളുക്ക്.

*Luxe, n.* ധനവിലാസം. *édition de l.* വിലാസമുദ്രിത ഗ്രന്ഥം, വിലയേറിയ പ്രതി (*print.*).

**Lux'ū-ry,** *n.* ഭോഗസമൃദ്ധി, സുഖഭോഗം, —വിലാസം; വേഷാഡംബരം; ഭോജനസുഖം; 2. അപൂൎവ്വസാധനം, അമൂല്യ—; സുഖസാഹിത്യം. **lux̱-ū'ri-ance, lux̱-ū'ri-an-cy** (lug-zū'-), *n.* സമൃദ്ധി, പുഷ്ടി ബാഹുല്യം, പുഷ്കലത്വം; തഴപ്പ്, പുളെപ്പ്; പോളിപ്പ്, പട്ടാളിപ്പ്. **lux̱-ū'ri-ant** (lug-zū'-), *a.* ഉദ്രേകമായ, അതിപുഷ്ടിയുള്ള, ധാരാളം ആയ, അപാരം—, അത്യന്തം—; പോളിച്ച് പോയ. **lux̱-ū'ri-ant-ly,** *ad.* വളരെ, ബഹുലമായി, മഹാപുഷ്ടിയോടെ, പുളെപ്പോടെ. **lux̱-ū'ri-āte** (lug-zū'-), *v. i.* പുളെക്കുക, പട്ടാളിക്കുക, പുഷ്ടിക്കുക, സമൃദ്ധിയായി ഉണ്ടാക; മുഷ്ടമായി തിന്നുക, തിന്ന് സുഖിക്കുക; സുഖഭോഗം അനുഭവിക്കുക; യഥേഷ്ടം ലയിക്കുക. **lux̱-ū-ri-ā'tiŏn,** *n.* പോളിക്കൽ; പുഷ്ടിവെക്കൽ; സമൃദ്ധിയായി ഉണ്ടാകൽ. **lux̱-ū'ri-ŏus** (lug-zū'-), *a.* വിഷയാനുഭോഗം ഉള്ള, ഭോഗസമൃദ്ധി—, ആഡംബരഘോഷം—; ഭോഗകരം ആയ, ഭോഗാനുകൂലം—; സുഖവിലാസമയം—. **lux̱-ū'ri-ŏus-ly,** *ad.* മഹാ ആഡംബരത്തോടെ, അതിസുഖമായി.

**lux-ū'ri-ŏus-ness,** *n.* ആഡംബരം, സുഖഭോഗം, പുളെപ്പ്.

**Ly,** *suf.* പോലെയുള്ള, തുല്യമായ.

**Ly-can'thrō-py,** *n.* ഒര്വക ഭ്രാന്ത്, (താൻ ചെന്നായി എന്ന) ഭ്രാന്തവിചാരം (*med.*)

**Lȳ-cē'um,** *n.* പ്രസംഗമണ്ഡപം; 2. ഉത്കൃഷ്ടപാഠശാല; 3. വിദ്യാവിനോദസഭ, വിവാദ—.

**Lych'no-bīte** (lik'no-), *n.* രാത്രി പ്രവൃത്തിക്കുകയും പകൽ ഉറങ്ങുകയും ചെയ്യുന്നവൻ, രാവ്പകലാക്കുന്നവൻ.

**Lyd'i-an,** *a.* ഇമ്പമുള്ള, മൃദു ആയ, സാവധാനം—(*mus.*); 2. പതം ഉള്ള, സ്ത്രീഭാവം—, ആണത്തമില്ലാത്ത. **l.stone** ഉരകല്ല്.

I. **Lȳe** (lī), *n.* ക്ഷാരജലം, ചാരവെള്ളം; ചാരം, കാരം. [ത.

II. **Lȳe** (lī), *n.* തീവണ്ടിയുടെ ഉപപാദ

**Lȳ'ing,** *n.* **Lȳ'ing-ly,** *ad.*, *s. u.* **Lie** I. *and* **Lȳ'ing-in,** *n.*, *s. u.* **Lie** II.

**Lymph** (limf), *n.* നീരുറവ്; 2. നീര്, വെള്ളം; 3. ധാതുനീര്, പാല്, ദുഗ്ദ്ധനീര് (*an.*); 4. ചലം, പാല് (*med.*). =**phat'ic** (-fat'ik), *a.* ധാതുനീരുള്ള; —വാഹിയായ. **l.c gland** ശോഷപിണ്ഡം (*an.*); **l.c temperament** പിത്തക്കൂറ്; ചുണയില്ലായ്മ, മന്ദത. *n.* ധാതുവാഹിനി, ദുഗ്ദ്ധ—, മേദോ—(*an.*). **lym'phy** (-fi), *a.* ധാതുനീരുള്ള; ദുഗ്ദ്ധതുല്യമായ.

**Lyn'cē-an,** *a.*, *s. u.* **Lynx.**

**Lynch** (linsh), *v. t.* ജനക്കൂട്ടം ബലമായി ശിക്ഷനടത്തുക, —കൊല്ലുക. **l.-law** ബഹുജനശിക്ഷ, ബഹുജനപ്രതികാരം. **-'er,** *n.* ബലമായി ശിക്ഷനടത്തുന്നവൻ.

**Lynx** (links), *n.* കാട്ട്പൂച്ച, പോക്കാൻ (*z.*). **l.-eyed** സൂക്ഷ്മദൃഷ്ടിയുള്ള, തീക്ഷ്ണ—. **lyn'cē-an,** *a.* വനമാർജ്ജാരവർഗ്ഗത്തിലുള്ള (*z.*).

**Lȳre** (līr), *n.* കമ്പിവാദ്യം, വീണ, പരിവാദിനി. **l.-bird, l.-pheasant, l.-tail,** അതിമോഹനമായ ഒര് പക്ഷി (*z.*). **lyr'ic, lyr'i-cal,** *a.* പരിവാദിനിസംബന്ധമായ; വീണസമേതം പാടത്തക്ക; കീൎത്തനമായ. **lyr'ic,** *n.* കീൎത്തനകവിത; —കവി; *pl.* കീൎത്തനം. **lyr'i-cal-ly,** *ad.* കീൎത്തനമായി. **lyr'i-cism,** *n.* കീൎത്തനകാവ്യം. **lyr'ism,** *n.* വീണവായന. **lȳ'rist,** *n.* വൈണികൻ.

**Lȳ'sis,** *n.* രോഗം ക്രമേണ ഭേദമാകൽ, ക്രമോല്കൃഷ്ടസൌഖ്യം (*med.*).

**Lys'sa,** *n.* ഭ്രാന്തൻനായിവിഷരോഗം, പേനായിവിഷം (*med.*).

**Lȳ-tē'ri-an,** *a.* പൂൎണ്ണസുഖലക്ഷണമായ, രോഗം മാറിയെന്ന് കാണിക്കുന്ന (*med.*).

---

# M

**M,** ഇംഗ്ലീഷ്ഭാഷയിൽ പതിമൂന്നാമത്തെ അക്ഷരം. വ്യഞ്ജനം. പേര്: 'എം'. ഉച്ചാരണം: 'മ്', 'ം'.

**M,** *a.* ആയിരം, സഹസ്രം, 1000, ൧000. *n.* മാപ്പ്കിട്ടിയ കലപാതകന്ന് പണ്ട് വെച്ച്വന്നിരുന്ന ചൂടടയാളം (*l.*). **M. roof** നെട്ടങ്കുഴിയടിമേല്പുര.

**M. A.,** Master of Arts എന്നതിൻെറ സംക്ഷിപ്തരൂപം.

**Mä,** *n.* അമ്മ (കുട്ടിഭാഷ). *ad.* എന്നാൽ, എങ്കിലും (*mus.*).

**Ma'am** (mam), *n.* Madam എന്നതിൻെറ സംക്ഷിപ്തരൂപം: യജമാനത്തി; 2. മാന്യസ്ത്രീ.

**Mab,** *n.* വൃത്തികെട്ട സ്ത്രീ; 2. കിന്നര—, —രാജ്ഞി.

**Mab'by,** *n.* ഉരുളക്കിഴങ്ങ്ചാരായം.

**Mac,** *pf.* മകൻ, പുത്രൻ.

**Mac-ad'am-īse,** =**īze,** *v. t.* നിരത്ത് ചരലിട്ടുറപ്പിക്കുക. =**sā'tiŏn,** =**zā'tiŏn,** *n.* ചരലിട്ടുറപ്പിക്കൽ. =**ad'am-road,** *n.* ചരലിട്ട നിരത്ത്.

**Mac'a-rīse**, *v. t.* അഭിനന്ദിക്കുക, അഭിവാദ്യം ചെയ്യുക.

**Mac-a-rō'ni**, *n.* ഒര് വക ഇടിയപ്പം, —ഇടിയപ്പം; 2. സകലകലാളി; 3. കോമാളി. =**rō'ni-an**, =**ron'ic**, *a.* ഇടിയപ്പത്തിനുല്യം ആയ; സകലകലാളി—, സമ്മിശ്രം—; പരിഹാസകൃതി—. =**ron'ic**, *n.* സമ്മിശ്രക്കൂട്ടം, നാനാവിധം; ഹാസ്യകൃതി. =**roon'**, *n.* ഒര് വക മുട്ടയപ്പം.

**Ma-cas'sar oil**, *n.* ഒര് വക എണ്ണ; പരിമളം ചേർത്ത ആവണക്കെണ്ണ, —ഒലിവെണ്ണ.

**Ma-caw'** (ma-ka'), *n.* ഒര് വക തത്ത (*z.*). **m.-palm, m.-tree** അമേരിക്കത്തെങ്ങ് (*b.*).

**Mac'ca-boy, Mac'co-boy**, *n.* ഒര് വക നല്ല പുകയിലപ്പൊടി, 'മക്കാവ'പ്പൊടി.

I. **Māce**, *n.* ജാതിപത്രി (*b.*).

II. **Māce**, *n.* ഗദ, ദണ്ഡ്; 2. ദണ്ഡാധികാരദണ്ഡ്; 3. ദണ്ഡ്ധാരി; 4. തോല് പതമാക്കുന്ന ഇരിമ്പ്; 5. മേശപ്പന്താട്ടക്കോല്. **m.-bearer** ഗദക്കാരൻ. **mā'cĕr**, *n.* ദണ്ഡ്ധാരി, 'കോടതിശിപായി'.

**Mac'ĕr-āte** (mas'sĕr-āt), *v. t.* ക്ഷീണിപ്പിക്കുക; 2. ഉപവാസത്താൽ ഇന്ദ്രിയനിഗ്രഹം ചെയ്യുക; നിഗ്രഹിക്കുക; 3. പൊത്തുക; ചീയിക്കുക. =**ā-tŏr**, *n.* ചീയിക്കുന്നവൻ. =**ā'tiŏn**, *n.* ചീയിക്കൽ, കുതിർത്തൽ.

**Mach-i-a-vē'li-an** (mak-i-), *a.* യുക്തിതന്ത്രം ഉള്ള, കയുക്തി—, കള്ളക്കൌശലം—. *n.* ദുര്യുക്തിക്കാരൻ, കുതന്ത്രി. **-ism, mach'i-vel-ism**, *n.* ദുര്യുക്തി, കള്ളത്ത്രാണം; രാജതന്ത്രകൌശലം.

**Mach-i-cō-lā'tiŏn**, *n.* കോട്ടച്ചുമരിലെ ദ്വാരം, വെടിത്തുള; 2. ദ്വാരത്തിൽ കൂടി വെടിവെക്കൽ. **ma-chic'ō-lā-ted**, *a.* ചുമരിൽദ്വാരമുള്ള.

**Mach'i-nāte** (mak'i-nāt), *v. i.* മന്ത്രിക്കുക, യന്ത്രിക്കുക, ദോഷം നിരൂപിക്കുക, യുക്തിപ്രവൃത്തിക്കുക. *v. t.* ശ്രദ്ധമായി ആലോചിക്കുക, കൃത്രിമം ചെയ്യുക. =**nā'tiŏn**, *n.* ദുന്നിരൂപണം; തന്ത്രം, ദുര്യുക്തി. =**nā-tŏr**, *n.* തന്ത്രക്കാരൻ.

**Ma-chīne'** (ma-shēn'), *n.* യന്ത്രം, സൂത്രം; 2. ലഗ്നം, പാവ; 3. കൂട്ട്കെട്ട്; 4. (കവിതയിൽ) അമാനുഷ സാഹിത്യം. **elementary m.** പട്ടയന്ത്രം. **infernal m.** മഹാനാശക—. **sewing m.** തുന്ന്—. **m.-gun** യന്ത്രത്തോക്ക്. **m.-shop** യന്ത്രശാല. **m.-tool** —ഉളി. **m.-thread, m.-twist** തുന്ന് യന്ത്രനൂല്. **m.-work** യന്ത്രപ്രവൃത്തി. *v. t.* യന്ത്രത്താൽ പ്രവൃത്തിക്കുക; 2. —മുഴിക്കുക. =**chī'nal**, *a.* യന്ത്രസംബന്ധമായ. =**chī'nĕr**, *n.* യന്ത്രക്കാരൻ. =**chī'nĕr-y**, *n.* യന്ത്രങ്ങൾ; യന്ത്രസാമഗ്രികൾ; (കവിതയിൽ) അമാനുഷ സാഹിത്യം; (കഥയിൽ) വിഷമനിവൃത്തി; സാഹിത്യങ്ങൾ. =**chī'nist**, *n.* യന്ത്രികൻ; ശില്പശാസ്ത്രി; രംഗസഹായി.

**Mac'in-tosh**, *n.*, *s. a.* **Mackintosh.**

**Mack'ĕr-el**, *n.* അയിലമത്സ്യം (*z.*).

**Mack'in-aw, m. blanket**, *n.* ഒര് വക തടിച്ച കമ്പിളിപ്പുതപ്പ്.

**Mack'in-tosh**, *n.* ഒര് വക മെഴമേലാട.

**Mac'kle**, *v. t.* & *i.* വഴുതുക, ഇരട്ടിച്ച് പതിയുക (*print.*).

**Mac'rō**, *pf.* വലിയ, മഹാ.

**Mac-ro-bi-ot'ic**, *a.* ദീർഘായുസ്സുള്ള, ചിരഞ്ജീവിയായ. =**ot'ics**, *n.* ചിരഞ്ജീവിതവിദ്യ (*phys.*).

**Mac-rō-ceph'a-lŏus** (-sef'a-), *a.* വലിയ തലയുള്ള.

**Mac'rō-chem-is-try**, *n.* മഹാരസായനവിദ്യ.

**Mac'rō-cosm**, *n.* ബ്രഹ്മാണ്ഡം, അഖിലാണ്ഡം, പ്രപഞ്ചം. =**cos-mic**, *a.* വിശ്വസംബന്ധമായ.

**Mac'rō-dont**, *a.* വലിയ പല്ലുള്ള. *n.* —പല്ലുള്ള മൃഗം.

**Mac-rō-glos'si-a**, *n.* നാവ് തടിക്കൽ, ജിഹ്വാലസം (*med.*).

**Mac-rol'o-gy**, *n.* അതിഭാഷണം, വാഗ്ഡംബരം.

**Ma-crom'e-tĕr**, *n.* ദൂരസാധനമാത്ര.

Mā'cron, *n.* ദീൎഘചിഹ്നം.

Ma-croph'yl-lŏus, *a.* നീണ്ട ഇലയുള്ള (*b.*).

Ma-crop'ō-dŏus, *a.* ദീൎഘപാദത്തായ.

Ma-crō-scop'ic, ='i-cal, *a.* ദൃഷ്ടിഗോചരമായ. വെറുംകണ്ണാൽ കാണാകുന്ന. ='i-cal-ly, *ad.* —കാണത്തക്കവണ്ണം.

Ma-crō'tŏus, *a.* ദീൎഘകൎണ്ണം ഉള്ള.

Ma-cru'ra, *n.* കൊഞ്ചൻവൎഗ്ഗം (*z.*). =cru'rŏus, *a.* ദീൎഘപുച്ഛമുള്ള.

Mac'ū-la, *n.* കല, പുള്ളി. ma'cū-lāte, *v. t.* കലവരുത്തുക; 2. കറയാക്കുക. *a.* കറഉള്ള, കന്മഷം—, മലിനം ആയ, അശുദ്ധം—. =lā-ted, *a.* കളങ്കം ഉള്ള. =lā'tiŏn, *n.* പുള്ളികുത്തൽ; കറ, ഊനം. =lā-tŏr-y, *a.* കറപ്പെടുത്തുന്ന. mac'ūle, *n.* അച്ച് വഴുതൽ (*print.*). *v. t.* അച്ച് വഴുതുക. =lōse, *a.* പുള്ളിയുള്ള, കറപ്പെട്ട.

I. Mad, *a.* ചിത്തഭ്രമം ഉള്ള, ഭ്രാന്ത്—; 2. കോപഭ്രാന്ത്—; 3. കാമഭ്രാന്ത്—; ഭ്രമം—; 4. അമിതം ആയ; 5. ധാരാളിക്കുന്ന; 6. (തവുക്ക) കാന്തശക്തിയില്ലാത്ത. m.-brain ബുദ്ധികെട്ടവൻ. m.-cap പിച്ചൻ. m.-dog പേനായി. m.-headed അരപ്പിച്ചുള്ള. m.-house ഭ്രാന്തശാല. m.-man ഭ്രാന്തൻ, ഉച്ചൻ. like m. ഭ്രാന്തനെപോലെ, പരിഭ്രമത്തോടെ. to run m. പരിഭ്രമിക്കുക; പേനായി വിഷമേല്ക്കുക. to run m. after ഭ്രമമുണ്ടാക. *v. t.* ഭ്രാന്താക്കുക; 2. ക്രോധം ജനിപ്പിക്കുക. *v. i.* ബുദ്ധിഭ്രമം ഉണ്ടാക. -'den (mad'n), *v. t.* ചിത്തഭ്രമം വരുത്തുക, ഭ്രാന്താക്കുക; ക്രോധം ജനിപ്പിക്കുക. *v. i.* ഭ്രാന്താക. -'den-ing, *a.* പിച്ച് ഉള്ള; മഹാകോപം—. -'dish, *a.* അരപ്പിച്ച്—. -'ly, *ad.* ഭ്രാന്തായി; ബുദ്ധികേടായി. -'ness, *n.* ബുദ്ധിഭ്രമം, തലക്കാച്ചല് (*S.*), ഭ്രാന്ത്; ക്രോധപാരവശ്യം; ബുദ്ധിമോശം.

II. Mad, Māde, *n.* നിലത്തിര, ഭ്രനാശം, ഞാഞ്ഞൂല് (*z.*).

Mad'am, Mä-däme' (*pl.* Mes-dämes', *pr.* mä-däm'), *n.* കുലീനസ്ത്രീ, കുലസ്ത്രീ; 2. (ബഹുമാനവാചി) അമ്മാ, ഭവതി; 3. 'മദാമ്മ'.

Mad'är, *n.* എരിക്ക് (*b.*).

Mad'dĕr, *n.* മഞ്ജിഷ്ഠ, മഞ്ചെട്ടി (*b.*). m.-lake ഒരു വക വൎണ്ണം. -ing, *n*, ചായം മുക്കൽ.

Māde, *s. u.* Make.

Mad'ē-fȳ, *v. t.* നനക്കുക. =fac'tiŏn, =fi-cā'tiŏn, *n.* നനക്കൽ; നനവ്. mad'id, *a.* നനഞ്ഞ.

Ma-dēi'ra, *n.* വിശേഷമായ ഒരു വക വീഞ്ഞ്, ഉത്തമമോക്ഷാരസം.

Made-mō-i-selle' (mad-mō-a-zel'), *n.* (*pl.* mesde-mō-i-selles, *pr.* mād-mō-a-zel'), കുലകന്യക; 2. (ബഹുമാനവാചി) അമ്മാ, ഭവതി.

Ma-don'na, Ma-do'na, *n.* കുലീനസ്ത്രീ; 2. അമ്മാ, ഭവതി; 3. *pl.* കന്യകമറിയയുടെ രൂപം (*R. C.*).

Ma-drague' (-drag'), *n.* മീൻപിടിക്കുന്ന കണ്ണി; 2. കോരുവല.

Mad're-perl, *n.* മുത്ത് ചിപ്പി, ചിപ്പി.

Mad're-pōre, *n.* ഒരു വക പവിഴം, പവിഴപ്പുററ് (*z.*).

Mad'ri-gal, *n.* ഒരു വക അമ്മായി ശ്ലോകം, അമ്മായിപ്പാട്ട്; 2. ബഹുസ്വര സംഗീതം.

Māel'strom (māl'strom), *n.* വൻകടൽചുഴി; 2. ക്രോധപാരവശ്യം.

Mæ'nad (mē'nad), *n.* ശാക്തേയ യോഗിനി; 2. ശൃപ്പ്ണഖ, ഭ്രാന്ത.

Mä-es'tro, *n.* പ്രവീണൻ; 2. സംഗീതശാസ്ത്രി; 3. —രചകൻ.

Mag'a-zīne (-zēn), *n.* കലവറ; 2. യുദ്ധസംഭാര ശാല, ആയുധ—; 3. (വെടി) മരുന്നറ; 4. (കൈത്തോക്കിലെ) ചക്രത്തിരയന്ത്രം; 5. സാമയിക പുസ്തകം, അനുകാലികഗ്രന്ഥം, മാസികപ്രബന്ധം. m.-dress ശുദ്ധകമ്പിളി വസ്ത്രം. m.-gun യന്ത്രതോക്ക്. m.-stove യന്ത്രയടുപ്പ്. *v. t.* സംഭരിച്ച് വെക്കുക; 2. അറക്കിട്ടുക. =zīn'ĕr, =zīn'ist, *n.* അനുകാലിക ഗ്ര

ന്ഥാധിപൻ. =zīn′iṅg, *n.* മാസിക പ്രബന്ധാധിപത്യം; —പ്രബന്ധരചന.

**Mag′da-len**, *n.* സന്മാൎഗ്ഗിയായ്തീൎന്ന വേശ്യ.

**Māġe**, *n.*, *s. u.* Magic.

**Ma-ġen′ta**, *n.* ഒര് വക ഇളഞ്ചുവപ്പ് ചായം.

**Magged** (magd), *a.* തേഞ്ഞ, ഉരഞ്ഞ് കേട് വന്ന (*naut.*).

**Mag′got** (mag′ot), *n.* മിട്ടില്, കൃമി, കീടം; 2. തോന്നിയവാസം; 3. മായാമോഹം. -i-ness, *n.* കീടമയത്വം; നിരുപണത്വം. -ish, *a.* തോന്നിയവാസം ഉള്ള; മിട്ടില്—. -y, *a.* മിട്ടില് നിറഞ്ഞ; മായാമോഹമുള്ള.

**Mā′ġī**, *n. pl.* (*s.* mā′gus) പുരാതന പാൎസിശാസ്ത്രികൾ; പൂൎവ്വദിക്കിലെ വിദ്വാന്മാര്, 'മാഗർ'. =ġi-an, *a.* മാഗരെ സംബന്ധിച്ച. *n.* പാൎസിപുരോഹിതൻ. =ġi-an-iṣm, *n.* 'മാഗ്യ'വാദം.

**Maġ′ic**, *n.* മന്ത്രവാദം, ആഭിചാരം, ക്ഷുദ്രം, ഇന്ദ്രജാലം. celestial m. ഗ്രഹശക്തി. natural m. പ്രകൃതിന്ദ്രജാലം. superstitious *or* geotic m. സേവ, ദുൎമ്മന്ത്രം. maġ′ic, maġ′i-cal, *a.* ഇന്ദ്രജാലസംബന്ധമായ; മന്ത്രത്താലുള്ള; മന്ത്രാൎത്ഥം ആയ; അത്ഭുതകരം—. m.-circle മന്ത്രചക്രം. m.-lantern ജാലദീപം, ചിത്രദൎശിനി. m.-square മന്ത്രക്കളം. m.-wand മന്ത്രവടി, —ദണ്ഡ്. -al-ly, *ad.* മഹേന്ദ്രജാലത്താൽ, മന്ത്രവാദംകൊണ്ട്. māġe, ma-ġi′cian (-jish′an), *n.* മന്ത്രവാദി, ക്ഷുദ്രക്കാരൻ.

**Maġ′is-trāte**, *n.* അധികാരി, ശിക്ഷാധികാരി, 'മജിസ്ത്രേട്ട്'. =ġis′tĕr, *n.* യജമാനൻ; (ബഹുമാനവിളിരൂപം) യജമാനാ; പണ്ഡിതൻ. =tē′ri-al, *a.* അധികാരസംബന്ധമായ; മജിസ്ത്രേട്ടുദ്യോഗ—; അധികാരം ഉള്ള; അധികാരാഭിമാനം—; യജമാനത്വനാട്യം—, അഹന്ത—. =tē′ri-al-ly, *ad.* അധികാരസംബന്ധമായി. =tē′ri-al-ness, =tral′i-ty, *n.* യജമാനത്വം; അധികാരം. =tĕr-y, *a.* അധികാരം; മജിസ്ത്രേട്ടിന്റെ കല്പന; ഊറല്, ചൂൎണ്ണം. =tra-cy, *n.* മജിസ്ത്രേട്ടധികാരം; മജിസ്ത്രേട്ടുദ്യോഗം; മജിസ്ത്രേട്ട്മാര്. =tral, *a.* യജമാനന്ന് ഉള്ള; അധികാരം—; വീൎയ്യം—, കൈകണ്ട; തല്ക്കാലവിധി ആയ, യുക്തിവിധി— (*med.*). =trat′ic, =trat′i-cal, *a.* മജിസ്ത്രേട്ടധികാരമുള്ള; മജിസ്ത്രേട്ട് കല്പിച്ച.

**Mag′ma**, *n.* കല്ക്കം, ഊറല്; 2. ലേപം, കഴമ്പ് (*med.*); 3. വേശില (*geol.*); 4. കിട്ടം, കീടം (*ch.*).

**Mag′na Chär′ta** (-kär′ta), *n.* ഇംഗ്ലീഷ് പ്രജാസ്വാതന്ത്ര്യരേഖ; 2. സ്വാതന്ത്ര്യപ്രമാണം.

**Mag-nan′i-mŏus**, *a.* മനഃശ്രേഷ്ഠത ഉള്ള, മാഹാത്മ്യം—; 2. ഔദാൎയ്യം—; 3. ശൌൎയ്യം—; 4. മഹാനുഭാവനായ, ശ്രേഷ്ഠതയുള്ള; 5. സ്വാൎത്ഥബുദ്ധിയില്ലാത്ത. =nim′i-ty, *n.* മാഹാത്മ്യം; ഗുണവൈശിഷ്ട്യം; മഹാശയം. -ly, *ad.* ഉദാരമനസ്സോടെ, മഹാനുഭാവത്തോടെ.

**Mag′nāte**, *n.* കലീനൻ, മഹാൻ, പ്രഭു; 2. മഹാധികാരി.

**Mag-nē′si-a** (-nē′shi-a), =′si-um sul′phāte (-fāt), *n.* വയറിളക്കുന്ന ഉപ്പ് (*med.*).

**Mag′net**, *n.* കാന്തക്കല്ല്, കാന്തം, അയസ്കാന്തം; 2. കാന്തയിരിമ്പ് (*ph.*). artificial m. കാന്തയിരിമ്പ്. =net′ic, =net′i-cal, *a.* കാന്തഗുണം ഉള്ള; ഭ്രകാന്തശക്തി—; അയസ്കാന്തശക്തി പിടിപ്പിക്കാവുന്ന; വശീകരണഗുണമുള്ള, ആകൎഷണ—; ജീവകാന്തശക്തി സംബന്ധമായ. m.c attraction കാന്താകൎഷണം. m.c battery ലോഹകാന്ത സഞ്ചയം. m.c dip കാന്തപതനം. m.c compensator സൂചികാന്തരക്ഷ. m.c curve അയസ്കാന്തഗതി. m.c elements കാന്തധാതുക്കൾ. m.c equator സൂചികാന്തവിതനപ്രദേശം, വിഷുവവേദ—. m.c field, field of m.c force അയസ്കാന്തപ്രചാരണ—. m.c fluid കാന്തശക്തി. m.c iron ലോഹകാന്തം. m.c meridian സൂചികാന്ത നില. m.c needle സൂചികാന്തം. m.c poles കാന്താഗ്രം; ധ്രുവ

ങ്ങൾ. m.c storm ഭൂകാന്തഭ്രമണം. m.c telegraph അയസ്കാന്ത വിദ്യുൽലേഖനയന്ത്രം. =net'ic, *n.* കാന്തധാതു. =net'i-cal-ly, *ad.* കാന്തശക്തികൊണ്ട്; ആകൎഷണത്താൽ. =net'i-cal-ness, *n.* അയസ്കാന്തഗുണം. =ti'cian (-tish'un), -ist, *n.* അയസ്കാന്തശാസ്ത്രജ്ഞൻ. =net'ics, *n.* —ശാസ്ത്രം. =nif'er-ŏus, *a.* —ജനകമായ. -ism, *n.* —ശക്തി; —ശാസ്ത്രം; വശീകരണശക്തി, മോഹനീയത്വം. animal m.m ജീവകാന്തശക്തി. terrestrial m.m ഭൂകാന്ത—. -īte, *n.* ലോഹകാന്തം. -īs'a-ble, -īz'a-ble, *a.* കാന്തം പിടിപ്പിക്കാവുന്ന. -i-sā'tiŏn, -i-zā'tiŏn, *n.* കാന്തഗുണം പിടിപ്പിക്കൽ; കാന്തഗുണപ്രാപ്യസ്ഥിതി. -īse, -īze, *v. t.* കാന്തഗുണം പിടിപ്പിക്കുക; ആകൎഷിക്കുക, പ്രേരേപിക്കുക; ജീവകാന്തശക്തിക്കധീനമാക്കുക. -īs-ĕr, -īz-ĕr, *n.* കാന്തഗുണം പിടിപ്പിക്കുന്ന സാധനം; ആകൎഷിക്കുന്നവൻ. -ō-e-lec-tric'i-ty (-tris-i-), *n.* അയസ്കാന്ത വിദ്യുദ്ധാതു. -om'e-tĕr, *n.* കാന്തശക്തി മാത്രം. -ō-ther'a-py, *n.* കാന്തചികിത്സ (*med.*).

Mag'ni-fȳ, *v. t.* വലിയതാക്കുക, വൎണ്ണം വെപ്പിക്കുക; 2. വീൎയ്യംകൂട്ടുക; 3. മഹത്വീകരിക്കുക, വാഴ്ത്തുക; 4. വൎണ്ണിച്ച് പറയുക; 5. വലിപ്പത്തിൽ കാട്ടുക. to m. one's self പൊങ്ങച്ചം പറയുക, ആത്മപ്രശംസ ചെയ്യുക. to m. one's self against ധിക്കാരം കാട്ടുക, *v. i.* വലിപ്പത്തിൽ കാണിക്കുന്ന ഗുണമുണ്ടാക; വലിയതാക്കിക്കാട്ടുക. m.ing-glass ഭൂതക്കണ്ണാടി. =fī'a-ble, *a.* പ്രശംസിക്കാവുന്ന. =nif'i-cal, *n.* (കന്യകമറിയയുടെ) സ്തോത്രഗീതം (ലൂക്ക് 1, 40). =nif'i-cence, *n.* മഹൽകാൎയ്യം; ഘോഷം; മോടി; മഹിമ, മാഹാത്മ്യം; വിഭവം. =nif'i-cent, *a.* ശോഭനമായ, ഐശ്വൎയ്യം ഉള്ള; മേന്മ—, മഹത്തായ. =nif'i-cent-ly, *ad.* തിറമായി, ആഡംബരമായി. =nif'i-cō, *n.* വെനേത്യപ്രഭു; ശൎമ്മാന്യ സൎവ്വകലാശാലാദ്ധ്യക്ഷൻ. =fī-ĕr, *n.* ഭൂതക്കണ്ണാടി; വളൎത്തിപ്പറയുന്നവൻ; സ്തവകൻ.

Mag-nil'ō-quent, *a.* പ്രൌഢസംസാരം ഉള്ള; അനാവശ്യ പദപ്രയോഗം—; 2. 'വടായി'—. =quence, *n.* പ്രൌഢഭാഷണം, പ്രഗത്ഭോക്തി. =quent-ly, *ad.* 'വടായി'യോടെ.

Mag'ni-tūde, *n.* വണ്ണം, വിസ്താരം, വലിപ്പം; പരിമാണം; 2. ക്ഷേത്രം (*geom.*). 3. ആധിക്യം; 4. ശ്രേഷ്ഠത, മഹത്വം; 5. പ്രാമുഖ്യത. m. of a star നക്ഷത്രതരം.

Mag-nō'li-a, *n.* ഒര് വക സുഗന്ധചമ്മരം (*b.*).

*Mag'num*, *n.* വലിയ 'വീഞ്ഞ്'കുപ്പി. *m. bō'num* വിശേഷമായ ഓക്ഷാഫലം; അതിവിശിഷ്ടം.

Mag'pīe, *n.* ഒര് വക പക്ഷി (*z.*).

Ma-hog'a-ny, *n.* ഒര് വക നല്ല പണിത്തരമരം, —ചേലവീട്ടി (*b.*). to be under the m. നന്ന ലഹരിയായിരിക്കുക. to put one's legs under some one's m. ആരാൻറവിടെ ചെന്നുണ്ണുക.

Mä-hom'e-tan-ism, =hom'e-dan-ism, *n.* മുഹമ്മദ് മാൎഗ്ഗം. =hom'e-tan-īse, =hom'e-tan-īze, *v. t.* തൊപ്പിയിട്ടുവിപ്പിക്കുക, ചേലാവിൽ കൂട്ടുക.

Ma-hout', *n.* ആനപ്പാപ്പാൻ.

Māid, *n.* കന്യക, ബാല്യക്കാരത്തി, ബാലാ, യുവതി; 2. പണിക്കാരത്തി; 3. പെൺതിരണ്ടിമീൻ (*z.*). m.-child പെണ്കുട്ടി. m.-marian കളിരാജ്ഞി; സ്ത്രീവേഷം; ഒര് വക നൃത്തം. m.-pale വിളൎത്ത, രക്തപ്രസാദമില്ലാത്ത. m.-servant വേലക്കാരത്തി. m. of honour രാജ്ഞിപരിചാരിക. old m. അവിവാഹിതസ്ത്രീ. māid'en, *n.* അവിവാഹിതാ; കന്യകാ, ബാലികാ, തരുണി; ഒര് വക വധയന്ത്രം, —അലക്ക്—. *a.* യൌവന; കന്യാസംബന്ധമായ, —ലക്ഷണമുള്ള; അവിവാഹിതയായ, പുരുഷസംബന്ധം ചെയ്യാത്ത; സ്ത്രീസംസൎഗ്ഗം—; പുതിയ, മയക്കാത്ത; നിൎമ്മലമായ; മുമ്പ് ഉപയോഗിച്ചിട്ടില്ലാത്ത; അന്യാധീനമാകാത്ത (കോട്ട). m.n assize കുററവിചാരണയില്ലാത്ത വിസ്താരസഭ (*l.*). m.n hair ഒര് വക പച്ച, മോതിരക്കുണ്ണിപ്പച്ച. m.n name

വിവാഹത്തിന്ന് മുമ്പ് ഒര് സ്ത്രീക്കുള്ള തറവാട്ട്പേര്. m.n speech ആദ്യപ്രസംഗം. m.n tower ശത്രുക്കൾക്ക് പിടിപ്പാൻ കഴിയാത്ത ഗോപുരം. *v. t.* (it) ലജ്ജാശീലം കാട്ടുക, മാത്കളിക്കുക. m.n-head, *n.* കന്യകത്വം; കന്യകാചർമ്മം (*an.*). -hood, māid'en-hood, *n.* കൌമാരം, താരുണ്യം, കന്യത്വം; പുതുക്കം, നിർമ്മലത. māid'en-līke, *a.* അടക്കം ഉള്ള, ലജ്ജാശീലം—. māid'en-li-ness, *n.* ബാലികാഭാവം; അടക്കം, സാധുശീലം. māid'en-ly, *a.* കന്യാതുല്യമായ; അടക്കം ഉള്ള, ലജ്ജാശീലം—. *ad.* നാണത്തോടെ.

Ma-ieūt'ic, =ic-al (-yūt-), *a.* പ്രസവസഹായം ചെയ്യുന്ന, കുട്ടിയെടുക്കുന്ന; 2. പ്രസ്താവസഹായകമായ. =ieūt'ics, *n.* അഭിപ്രായ പ്രസ്താവനവിദ്യ.

Māi'gre (mā'gĕr), *a.* നോമ്പ്ദിവസത്തിനുള്ള. m. food വ്രതാഹാരം.

I. Māil, *a.* ഒര് പുരാതന വെള്ളിനാണ്യം; 2. പുറപ്പാട്; 3. കപ്പം; 4. വരി. black m. കസ്സൂലി; ന്യായരഹിതമായ വരി. m.s and duties പുറപ്പാട്. -'ing, *n.* കളം, കളപ്പാട് (*P.*).

II. Māil, *n.* പടച്ചട്ട, കവചം; 2. ഓട്; ചെതുമ്പല് (*z.*). *v. t.* കവചം ധരിപ്പിക്കുക. m.-clad —ധരിച്ച. māiled (māld), *a.* ഓട് ഉള്ള, ചെതുമ്പല്— (*z.*).

III. Māil, *n.* സഞ്ചി; 2. അഞ്ചൽ—; അഞ്ചല്; 3. 'തപ്പാൽ', കത്ത്; അഞ്ചൽ സാമാനം. m.-bag അഞ്ചൽസഞ്ചി. m.-boat അഞ്ചത്തോണി. m.-coach തപ്പാൽവണ്ടി. m.-train തപ്പാൽ തീവണ്ടി. *v. t.* തപ്പാലിൽ ഇടുക; തപ്പാൽവഴിയായി അയക്കുക. -'a-ble, *a.* തപ്പാലിൽ ഇടാവുന്ന.

IV. Māil, *n.* പുള്ളി; 2. കറ; ഇരിമ്പ്കറ. māiled (māld), *a.* പുള്ളിയുള്ള.

Māim, *v. t.* മുടന്താക്കുക, അംഗഭംഗം വരുത്തുക; 2. ഊനം—; 3. കറക്കുക. *n.* മുടന്താക്കൽ; 2. ഊനംവരുത്തൽ. -'ed-ly, *ad.* മുടന്തികൊണ്ട്. -'ed-ness, *n.* ഊനം, മുടന്ത്.

I. Māin, *n.* (ചൂത്കളിയിലെ) കൂച്ച്; 2. ചൂത്കളി; 3. കോഴികൊത്തിക്കൽ.

II. Māin, *n.* ഊക്ക്; 2. പ്രധാനഭാഗം; 3. വൻസമുദ്രം; 4. ഭൂഖണ്ഡം, വൻകര; 5. വൻപാത്തി. for the m., in the m. അധികവും, മുഖ്യമായി; ആകപ്പാടെ. with (all one's) might and m., പൂർണ്ണശക്തിയോടെ. *a.* ഊക്കുള്ള; 2. വൻ, മഹാ; 3. സാക്ഷാൽ, വെറും, കേവലം; 4. മുഖ്യം ആയ, ആദ്യം—. by m. force ബലംപ്രമാണമായി. by m. strength കയ്യൂക്ക്കൊണ്ട്. m.-chance, *s. u.* Chance. m.-deck കപ്പലിലെ മേൽത്തട്ട്. m.-guard പ്രധാനകാവല്. m.-land വൻകര, ദ്വീപോ അർദ്ധദ്വീപോ അല്ലാത്ത പ്രദേശം, തലനാട്. m.-mast (കപ്പലിലെ) വലിയ പാമരം. m.-sail (—) പെരുമ്പായി. m.-sheet (—) വലിയ പായിക്കയറ്. m.-spring മൂലവില്ല്; ഘടികാരത്തിലെ ചുരവില്ല്. m.-stay മുഖ്യാധാരം. m.-top (കപ്പലിലെ) വൻപാമരക്കൂട്. -'ly, *ad.* മുഖ്യമായി.

Māin'or, *n.* കള്ളൻെറ വശം പിടികിട്ടിയ കളവ്മുതല് (*l.*).

Māin'pĕr-nŏr, *n.* ജാമ്യം (*l.*).

Māin'prīse, *n.* ജാമ്യവാറണ്ട്. *v. t.* ജാമ്യത്തിന്മേൽ വിടുക.

Māin-tāin', *v. t.* നിലനിർത്തുക, രക്ഷിച്ച്പോരുക; 2. പിടിച്ച്കൊള്ളുക, കാത്ത്—; 3. തുടന്ന് കൊണ്ടിരിക്കുക; 4. രക്ഷിക്കുക, ചിലവിന്ന് കൊടുക്കുക; ചിലവിടുക; 5. വാദിച്ച് സ്ഥാപിക്കുക, പ്രസ്ഥാപിക്കുക, ഉറപ്പിച്ച് പറയുക. to m. one's self അഹോവൃത്തികഴിക്കുക, ദിവസം—. -a-ble, *a.* നിലനിർത്തിപ്പോരാകുന്ന; പോററിരക്ഷിക്കാകുന്ന. -ĕr, *n.* രക്ഷിക്കുന്നവൻ; ചിലവിന്ന് കൊടുക്കുന്നവൻ. -ŏr, *n.* വ്യവഹാരത്തിന്ന് പണസഹായം ചെയ്യുന്നവൻ (*l.*). ='ten-ance, *n.* സംരക്ഷണം, പരിപാലനം, നിലനിർത്തൽ; അന്നവസ്ത്രം, പോഷണം; കാലക്ഷേപമാർഗ്ഗം; വ്യവഹാരദ്രവ്യസഹായം (*l.*). cap of m.e കലീനചിഹ്നത്തൊപ്പി.

**Māize,** *n.* ചോളം, അമേരിക്കച്ചോളം, വിലാത്തിച്ചോളം (*b.*). m.-yellow ഇളമഞ്ഞനിറം.

**Maj'es-ty,** *n.* രാജശ്രീ; പ്രതാപം, മാഹാത്മ്യം, പ്രഭാവം, മഹത്വം; 2. രാജബഹുമാനവാചി: Her M. the Queen മഹാറാണിയങ്ങുന്ന്; His M. മഹാരാജാവ് തിരുമേനി; Your M. സ്വാമി, നിന്തിരുവടി. 3. ഗൌരവം, പ്രാഭവം. =jes'tic, =jes'ti-cal, *a.* മഹിമയുള്ള; രാജകീയ; മഹാ; ശ്രേഷ്ഠമായ. =jes'ti-cal-ly, *ad.* പ്രഭാവത്തോടെ. =jes'ti-cal-ness, =jes'tic-ness, *n.* രാജത്വം, രാജാംശം; തേജസ്സ്.

**Ma-jol'i-ca,** *n.* ഒരുവക നല്ല പിഞ്ഞാണപാത്രം.

**Mā'jŏr,** *a.* വലിയ; അധികം ആയ; മുഖ്യം—; 2. അധികബഹുമാനമുള്ള. m.-domo പ്രധാനകാൎയ്യസ്ഥൻ. m.-general സൈന്യഭാഗാധിപതി. m. offence വൻകുററം (*l.*). m. premise പ്രധാനോപന്യാസം, ഉദാഹരണം (*log.*). m. term മുഖ്യാവയവം (*log.*). drum-m. ഭേരിനാഥൻ (*mil.*). serjeant-m. സേനാധിപോപസഹായി (*mil.*). *n.* പട്ടാളോപനായകൻ, സഹസ്രാധിപസഹായി, 'മേജർ' (*mil.*); 2. യുക്തവയസ്സ് തികഞ്ഞവൻ, പ്രായം—; ത്യക്തശൈശവൻ (*l.*); 3. പ്രധാനോപന്യാസം, ഉദാഹരണം (*log.*). mä-jo-rät' (mä-zho-rä'), *n.* പ്രായാനുസാരപ്പിന്തുടൎച്ച; സ്ഥാനസ്വത്ത്. -āte, *n.* പട്ടാളോപനായകസ്ഥാനം;—ഉദ്യോഗം. ma-jor'i-ty, *n.* ശ്രേഷ്ഠത; പട്ടാളോപനായകത്വം; യുക്തവയസ്സ്; അധികപക്ഷം, ഭൂരി—; ആധിക്യം. to go over to *or* to join the m.y മരിക്കുക. -ship, *n.* പട്ടാളോപനായകസ്ഥാനം.

**Mak-a-roon',** *n.*, *see* Macaroon.

**Māke,** *v. t. ir.* (māde, māde) ഉണ്ടാക്കുക; ഉളവാക്കുക, സൃഷ്ടിക്കുക; ആകൃതിപ്പെടുത്തുക, രൂപിക്കുക; 2. (up) സങ്കല്പിക്കുക, കെട്ടിയുണ്ടാക്കുക; 3. പെടുക, പെടുത്തുക, ചെയ്യുക: to m. complaint അന്യായപ്പെടുക; to m. record രേഖപ്പെടുത്തുക; to m. abode പാൎക്കുക; 4. എഴുതുക: to m. a note കുറിച്ച് വെക്കുക; to m. a will ഒസ്യത്ത് എഴുതുക; 5. എണ്ണിഅറിയുക; തുക്കി—, കണക്ക് കാണുക; 6. ഓടുക, പോക, നടക്കുക; 7. സമ്പാദിക്കുക: to m. a profit ലാഭമുണ്ടാക്കുക; to m. an error അബദ്ധം പ്രവൃത്തിക്കുക; to m. a loss നഷ്ടപ്പെടുക; 8. മംഗലം വരുത്തുക, ശുഭപ്പെടുത്തുക; 9. ആക്കുക: to m. known അറിയിക്കുക; to m. public പരസ്യമാക്കുക; to m. fast കെട്ടുക, ഉറപ്പിക്കുക; to m. merry സദ്യ കഴിക്കുക; ഉല്ലസിക്കുക; to m. bold ധൈൎയ്യപ്പെടുക, തുനിയുക; to m. free സ്വാതന്ത്ര്യം കാട്ടുക; 10. വിചാരിക്കുക, പറയുക, എണ്ണുക; 11. ചെയ്യിക്കുക, ചെയ്യുമാറാക്കുക: I will m. them hear my words ഞാൻ അവരെക്കൊണ്ട് എന്റെ വാക്ക് കേൾപ്പിക്കും; I will m. him rise early ഞാൻ അവനെ നേരത്തെ എഴുന്നീല്പിക്കും; 12. ആയ്തീരുക: he will m. a good musician അവൻ നല്ല സംഗീതക്കാരനായ്തീരും; wool m.s warm clothing ആട്ട്രോമംകൊണ്ട് ചൂട്തുണി ഉണ്ടാക്കാം; 13. ആക: the heaven, the earth and the sea m. one temple വാനവും ഭൂമിയും സമുദ്രവും ഒരേ ആലയമാകുന്നു; 14. എത്തുക, കാണുക: they *made* the Indian shores അവർ ഇന്ത്യാതീരത്ത് എത്തി; sailing in the middle they *made* no land on either side കപ്പൽ ഓടിയത് ഒത്തനടുവിൽ ആയത്കൊണ്ട് ഇരുപുറവും കരകണ്ടില്ല. to m. a bed കിടക്ക വിരിക്കുക. to m. a card (ചീട്ട്കളിയിൽ) പിടിത്തം കിട്ടുക. to m. account and to m. account of, *s. u.* Account. to m. away ഇല്ലായ്മ ചെയ്യുക; കൊല്ലുക, നശിപ്പിക്കുക; അന്യാധീനപ്പെടുത്തുക. to m. a man സൌഭാഗ്യം വരുത്തുക. to m. a pen തുവല് ചെത്തുക. to m. believe നടിക്കുക. m.-believe, m.-belief കാപട്യം, നാട്യം. m.-believe കള്ള. to m. the cards (ചീട്ട്) കശക്കുക, കുഴക്കുക.

to m. choice of തെരിഞ്ഞെടുക്കുക. to m. danger പരീക്ഷാൎത്ഥം പ്രവൃത്തിക്കുക. to m. default ഹാജരാകാതിരിക്കുക; വീഴ്ചചെയ്യുക (*l.*). to m. the doors വാതിലടക്കുക. to m. free with നിൎമ്മൎയ്യാദം കാട്ടുക. to m. for നേരെ ചെല്ലുക, കൊള്ളെ—, m.-game പരിഹാസവിഷയം, കോമാളി. to m. good *or* amends പ്രതിവാദിക്കുക; വാദിച്ച് സ്ഥാപിക്കുക; നിവൃത്തിക്കുക; പ്രായശ്ചിത്തം ചെയ്യുക. to m. head മുതിൎച്ചയുണ്ടാക, അഭിവൃദ്ധി പ്രാപിക്കുക. to m. land കരകാണുക; —പിടിക്കുക. to m. light of വകവെക്കാതെ ഇരിക്കുക, ഗണ്യമാക്കാതെ—; അലക്ഷ്യം ആക്കുക. to m. little of നിസ്സാരം—; എളുപ്പത്തിൽ സാധിപ്പിക്കുക. to m. love to പ്രേമലാഭാൎത്ഥം യത്നിക്കുക, പ്രേമസേവ ചെയ്യുക. to m. meat ഇറച്ചി ഉണക്കുക (*U. S.*). to m. much of ബഹുമാനിക്കുക, വിലമതിക്കുക, കാൎയ്യമാക്കുക. to m. no bones ശങ്ക ഇല്ലാതിരിക്കുക. to m. no difference *or* matter കാൎയ്യം അല്ലാതിരിക്കുക, സാരം ഇല്ലാതിരിക്കുക. to m. no doubt സംശയം—. to m. oath സത്യം ചെയ്യുക (*l.*). to m. of മനസ്സിലാക; വിചാരിക്കുക, എണ്ണുക. to m. one's law നിരപരാധിയാണെന്ന് തെളിയിക്കുക (*l.*). to m. out കാണുക, തിരിയുക, മനസ്സിലാക; കണ്ട്പിടിക്കുക; തെളിയിക്കുക, സ്ഥാപിക്കുക; തികെക്കുക, പൂൎത്തിയാക്കുക. to m. over ഏല്പിച്ച്കൊടുക്കുക, കൈവശം—; തീര്—. m.-peace ഇണക്കുന്നവൻ. to m. sail (കപ്പല്) പായികൊടുക്കുക; (—) ഓട്ടം തുടങ്ങുക. to m. shift ഒപ്പിക്കുക, പററിക്കുക. m.-shift ഉപായം, യുക്തി, വിദ്യ. to m. stern way (കപ്പല്) വഴിയോട്ട് പോക. to m. strange അന്യഭാവം കാട്ടുക; അതിശയം കൂറുക. to m. suit to സേവിച്ച്കൂട്ടുക, പ്രേമസേവ ചെയ്യുക. to m. sure of ഉറപ്പിക്കുക; കൈവശപ്പെടുത്തുക. to m. up ആക്കുക; സമാധാനമാക്കുക, ഇണക്കുക; തികെക്കുക; ഉണ്ടാക്കുക; നഷ്ടം വെച്ച്കൊടുക്കുക, പ്രായശ്ചിത്തം ചെയ്യുക; (കണക്ക്) കഴിക്കുക; (മുഖം) എഴുതുക; (വേഷം) കെട്ടുക. to m. up a face (മുഖം) കോട്ടുക, കൊഞ്ഞനം കാട്ടുക. to m. up one's mind തീൎച്ചപ്പെടുത്തുക, ഉറെക്കുക. to m. water കമ്മത്തുണ്ടാക (*naut.*); മൂത്രിക്കുക. to m. way, to m. one's way കയറിപ്പോക, അഭിവൃദ്ധി പ്രാപിക്കുക; വഴിയുണ്ടാക്കുക. m.-weight ഇട, പടി, കട്ടി. to m. words വാക്ക് പെരുക്കുക. *v.i.* കയ്യിടുക; 2. ചെല്ലുക, പോക, വരിക; 3. (for, against) ആയ്തീരുക: it m.s for his advantage അത് അവന്ന് അനുകൂലമാകുന്നു; things which m. for peace സമാധാനത്തിന്നുള്ളവ. 4. വൎദ്ധിപ്പിക്കുക, പെരുക്കുക; 5. കവിത കെട്ടുക. to m. as if, to m. as though പോലെ തോന്നിക്കുക. to m. at എതിൎക്കുക. to m. away with അപഹരിക്കുക, കരകടത്തുക; ചിലവാക്കിക്കളയുക; നശിപ്പിക്കുക, കൊല്ലുക. to m. off പോയ്ക്കളയുക. to m. out സാധിക്കുക. to m. up നിരന്ന് വരിക. to m. up for പ്രായശ്ചിത്തം ചെയ്യുക, പകരം കൊടുക്കുക. to m. up to അടുക്കുക; പ്രേമസേവ ചെയ്യുക. to m. up with ഇണങ്ങുക. to m. with യോജിക്കുക. *n.* ഭാഷ, ആകൃതി, രൂപം; 2. നിൎമ്മാണം; 3. പണി. on the m. ലാഭമോഹമുള്ള. mak'a-ble, *a.* ഉണ്ടാക്കുവാൻ പാടുള്ള. -'less, *a.* കൃച്ചില്ലാത്ത. mā'kĕr, *n.* ഉണ്ടാക്കുന്നവൻ, സ്രഷ്ടാവ്, നിൎമ്മാതാവ്; 'അവാല' എഴുതുന്നവൻ (*l.*); കവി. mā'king, *n.* പ്രവൃത്തി; നിൎമ്മാണം, ഉണ്ടാക്കൽ; യോഗം, കൂട്ട്; പണി; കവിത; സാഹിത്യം; ആകൃതി. m.g up ചാരായം കട്ടപ്പമാക്കൽ; ഇണക്കം. māde, *p.t.* & *p.p.* māde, *a.* ഉണ്ടാക്കിയ, കൃത്രിമമായ; കൂട്ടിച്ചേൎത്തുണ്ടാക്കിയ. m.e up തികഞ്ഞ, മുരത്ത; കള്ള, കെട്ടിയുണ്ടാക്കിയ; കൃത്രിമമായ.

Mal-, Mal'e-, *pf.* ദോഷം ആയ, ചീത്ത—, വി, ക, അ, ദുഃ, ദുർ.

Mā'la, *n. pl.* (*s.* mā'lum) ദോഷം; കുററം, നിയമലംഘനം. *m. in se* സ്വ

തെ കററമായ കാൎയ്യം (*l.*). *m. prohibita* നിയമത്താൽ കററമായ— (*l.*).

Mal′a-bär, *n.* മലയാളരാജ്യം, കേരളം.

Mal-a-cos′te-on, *n.* അസ്ഥിമൃദുത്വ രോഗം (*med.*). [ത്വമുള്ള (*z.*).

Mal-a-cos′tō-mŏus, *a.* നൊണ്ണ്മാ

Mal-ad-dress′, *n.* അഹിതഭാഷണം.

Mal-ad-just′ment, *n.* അനുചിതതിരിപ്പ്.

Mal-ad-min-is-trā′tiŏn, mal-e-ad-min-is-trā′tiŏn, *n.* ദുർഭരണം, ദുൎന്നയം; അഹിതവാഴ്ച; കെട്ടകാൎയ്യം.

Mal-a-droit′, *a.* സാമൎത്ഥ്യമില്ലാത്ത; ചേപ്രയായ. -ly, *ad.* ഭംഗികേടായി. -ness, *n.* ചന്തക്കേട്.

Mal′a-dy, *n.* രോഗം, ദീനം; 2. മനോവ്യാധി. ജാള്യം [(*med.*)

Ma-lāise′ (-lāz′), *n.* അസ്വാസ്ഥ്യം,

Mal′an-dērs, *n. pl.* കതിരച്ചിരങ്ങ്.

Mal′a-pērt, *a.* ധാൎഷ്ട്യമുള്ള, ഉളുപ്പില്ലാത്ത. *n.* നാണം കെട്ടവൻ, അവിവേകി. -ly, *ad.* ഉളുപ്പില്ലാതെ. -ness, *n.* ധാൎഷ്ട്യം, നിൎമ്മൎയ്യാദം.

Mal-ap-rō-pōs′ (-pō′), *a.* അനുചിതമായ. *ad.* പററാതെ. =prop-ism, *n.* അനൌചിത്യം; അബദ്ധപദപ്രയോഗം; —പദം.

Mā′lar (-lĕr), *n.* ഗണ്ഡാസ്ഥി, തുന്തയെല്ല് (*an.*). *a.* തുന്തയിലുള്ള, കവിൾത്തടം സംബന്ധിച്ച.

Ma-lā′ri-a, *n.* വിഷക്കാററ്, ദുരാവി; ജ്വരവായു; 2. കാട്ടുപനി (*med.*). =al, =an, =lā′ri-ŏus, *a.* വിഷവായു ഉള്ള; മലമ്പനി—. m.l fever വിറപ്പനി (*med.*).

Mal-con-for-mā′tiŏn, male-con-for-mā′tiŏn, *n.* അപൂൎണ്ണാകൃതി; 2. വിരൂപാകൃതി.

Mal′con-tent, male′con-tent, =tent-ed, *a.* തൃപ്തികെട്ട, സന്തുഷ്ടിയില്ലാത്ത; 2. മത്സരഭാവമുള്ള. *n.* തൃപ്തിയില്ലാത്തവൻ; 2. മത്സരക്കാരൻ. =tent-ed-ly, *ad.* തൃപ്തികേടായി. =tent-ed-ness, *n.* അസന്തുഷ്ടി; മത്സരം.

Māle, *a.* ആണായ; 2. ആണിന്നുപററിയ; പൌരുഷമുള്ള; 3. ആണുങ്ങളുടെ. m. rhyme അന്ത്യാനുപ്രാസം. m. screw പിരിയാണി. m.-spirited ധൈൎയ്യം ഉള്ള, പൌരുഷം—. m. thread ആണിപ്പിരി. *n.* ആണ്, പുരുഷൻ.

Mal-e-dic′tiŏn, *n.* ശാപം, പ്രാക്ക്. =dict, *a.* ശാപഗ്രസ്തമായ, ശ്രന്ന്യംപിടിച്ച; കരിനാക്കുള്ള.

Mal′e-fac-tŏr, *n.* ദുൎവ്വൃത്തിക്കാരൻ; 2. കററക്കാരൻ, പാതകൻ. =fac′tiŏn, *n.* ദുഷ്കൎമ്മം; കററം. =fac-tress, *n.* ദുൎവ്വൃത്തിക്കാരത്തി; കററക്കാരത്തി.

Mal-e-fēa′sance, *n.*, *s. a.* Malfeasance.

Ma-lef′i-cent, mal-e-fi′cient (-fish′-ent), *a.* ദ്രോഹകരമായ. =ma-lef′ic, *a.* ദുഷ്കൃത്യംചെയ്യുന്ന. =cence, =fi′cience (-fish′ens), *n.* ദ്രോഹം, ദോഷംവരുത്തൽ. =fi′cial (-fish′al), *a.* ദുഷ്കൃത്യകരമായ.

Male-for-mā′tiŏn, *n.*, *s. a.* Malformation.

Ma-lev′o-lent, *a.* ദുഷ്ടത ഉള്ള, അസൂയ—, ദ്രോഹബുദ്ധി—. =lence, *n.* ദുഷ്ടത, മത്സരം, പൈശുന്യം. -ly, *ad.* അസൂയയോടെ.

Mal-fēa′sance (-fā′zans), *n.* ദുഷ്കൎമ്മം, അന്യായപ്രവൃത്തി (*l.*). [രൂപ്യം.

Mal-for-mā′tiŏn, *n.* ദുരാകൃതി, വൈ

Mal′ice, *n.* ഉൾപക, പക, വൈരം, ഈൎഷ്യ, സിദ്ധാന്തം, ദ്രോഹബുദ്ധി; 2. ദുഷ്ടവിചാരം (*l.*). m. aforethought, m. prepense മനഃപൂൎവ്വമായ ദുഷ്ടത. =li′ciŏus (-lish′us), *a.* പക ഉള്ള, വിരോധം—; ദുഷ്ടവിചാരത്തോടുകൂടിയ (*l.*). m.s abandonment ന്യായരഹിതത്യാഗം (ഭാൎയ്യയെ or ഭൎത്താവിനെ). m.s mischief ദ്രോഹം (*l.*). m.s prosecution *or* arrest കള്ള അന്യായം (*l.*). =li′ciŏus-ly (-lish′us-), *ad.* വിരോധംകൊണ്ട്. =li′ciŏus-ness (-lish′us-), *n.* ദുഷ്ടത, രാഗദ്വേഷം.

Ma-līgn′ (ma-līn′), *a.* ദ്വേഷം ഉള്ള, പക—; 2. ഗ്രഹപ്പിഴ—, ദുൎദ്ദശ ആയ, അ

ശുഭം—; 3. മാറാത്ത, അപായകരമായ. *v. t.* വിരോധം കാട്ടുക; 2. ദൂഷിക്കുക, നിന്ദിക്കുക, അപകീൎത്തിപ്പെടുത്തുക. =lig′nance, =lig′nan-cy, *n.* വൈരം, ഈൎഷ്യ; ദുഷ്ക്കാലം, ദോഷം; കൊട്ടമ, വൈഷമ്യം (*med.*); സിദ്ധാന്തം. =lig′nant, *a.* ബദ്ധവിരോധം ഉള്ള; ദുഷ്ടവിചാരം—, ദോഷം വരുത്തുന്ന; അപായം— (*med*). *n.* പകയൻ. =lig′nant-ly, *ad.* പകയോടെ. =līgn′ēr (līn′ĕr), *n.* ദൂഷകൻ. =lig′ni-fȳ, *v. t.* ദൂഷ്യപ്പെടുത്തുക. =lig′ni-ty, *n.* വിരോധം, കട്ടംപക; കൊട്ടമ; ഘോരത; വക്ഷളത്വം. =ly, *ad.* ദൂഷ്യമായി; പകയോടെ.

Ma-lin′gĕr, *v. i.* രോഗം നടിക്കുക, കള്ള ദീനമായിക്കിടക്കുക. -ĕr, *n.* രോഗനാട്യക്കാരൻ, -y, *n.* കള്ളരോഗം.

Mal′i-son (-sn), *n.* ശാപം, പ്രാക്ക്.

Ma̤l′kin, Ma̤u′kin (ma̤′kin), *n.* അട്ടക്കളപ്പെണ്ണു; കണ്ടപ്പണിക്കാരത്തി; 2. വൃത്തികെട്ടവൾ; 3. മാച്ചില്, ചൂല്; 4. പാവ.

Ma̤ll, *n.* മുട്ടി, കൂടം; 2. ഒരു വക കളി; 3. നട. *v. t.* അടിക്കുക, അടിച്ചു താഴ്ത്തുക, —കയററുക; 2. വാരുക, ചതക്കുക. -′et, *n.* ചുററിക; ഒരു വക പന്താട്ടക്കോല് (*z.*). [ഇരണ്ട (*z.*).

Mal′lard (mal′ĕrd), *n.* ആണാളി; 2.

Mal′le-a-ble, *a.* അടിച്ചുപരത്താകുന്ന, മയമുള്ള. m. iron പച്ചയിരിമ്പു. -ness, =bil′i-ty, *n.* മയം, പശിമ. -īs̱e, -īze, *v. t.* പശിമയാക്കുക. =le-āte, *v. t.*, അടിച്ചുപരത്തുക, തച്ചുനീട്ടുക. =le-ā′tiŏn, *n.* തകിടടിക്കൽ.

Mal-lē′ō-lus, *n.* (*pl.* mal-lē′ō-li) നരിയാണി (*an.*). =lē′ō-lar, *a.* നരിയാണി സംബന്ധമായ; —പ്രദേശത്തുള്ള.

Mal′let, *n.*, *s. u.* Mall.

Mal′lōw (-lō), Mal′lōws̱ (-lōz), *n.* ഊരം, തുത്തി (*S.*) (*b.*). mal-vā′ceŏus, *a.* തുത്തിവൎഗ്ഗത്തിലുള്ള (*b.*).

Mälm (mām), m.-brick, m.-rock, *n.* ഒരു വക ഇഷ്ടിക.

Mal-nū-tri′tiŏn (-trish′un), *n.* അപൂൎണ്ണദീപനം, ദൂഷ്യ— (*phys.*).

Mal-ob-s̱ēr-vā′tiŏn, *n.* അബദ്ധനോട്ടം.

Mal-ō′dŏur, *n.* ദുൎഗ്ഗന്ധം. -ŏus, *a.* ചൂരുള്ള. -ŏus-ness, *n.* നാററം.

Mal-po-s̱i′tiŏn (-zish′un), *n.* അബദ്ധസ്ഥിതി.

Mal-prac′tice, Male-prac′tice, *n.* ദുർവൃത്തി, ദുഷ്കൎമ്മം; 2. ന്യായരഹിതമായ പ്രവൃത്തി.

Ma̤lt, *n.* കതൎത്തിവറുത്തയവം; 2. യവമധുരം. *a.* —ഉള്ള; —കൂട്ടിയുണ്ടാക്കിയ. m. liquor യവസുര. m.-dust യവമധുരനുറുക്കു, യവാരിമ്പു. m.-house യവപാചകഗൃഹം. m.-kiln യവച്ചൂട്ടാല. m.-man യവമധുരക്കാരൻ. m.-worm കടിയൻ. *v. t.* യവമധുരം ഉണ്ടാക്കുക. *v. i.* —ഉണ്ടാക്കുക; —ആയ്തീരുക. -′in, ′īne, *n.* യവസുരസത്തു. -′ing, *n.* യവമധുരം ഉണ്ടാക്കൽ; —ആകൽ. -′stēr, *n.* —ഉണ്ടാക്കുന്നവൻ. -′y, *a.* —ഉള്ള. [ന്മദം.

Mal′tha, *n.* ഒരു വക മണ്ണെണ്ണ; —ക

Mal-thu̱′s̱i-an (mal-tho-zi-an), *a.* ജനവൎദ്ധനനിവാരണവാദ സംബന്ധമായ. *n.* —വാദി. -is̱m, *n.* —വാദം.

Mal-trēat′ (-trēt′), *v. t.* ഉപദ്രവിക്കുക, ഹിംസിക്കുക; 2. ശകാരിക്കുക. -ment, *n.* പീഡ, ഉപദ്രവം; ശകാരം, നിന്ദ.

Mā′lum, *n.* (*pl.* mā′la), *n.* ദോഷം, കേടു.

Mal-vā′ceŏus, *a.*, *s. u.* Mallow.

Mal-vēr-sā′tiŏn, *n.* ദുഷ്പ്രവൃത്തി; 2. വഞ്ചന; 3. കസ്സൂലി; 4. അപഹരണം.

I. Mam-mä′, Ma-mä′, Mam, Mä, Mam′my, *n.* അമ്മ.

II. Mam′ma, *n.* സ്തനം, മുല; 2. അകിടു, ചെരുന്നല്. =′mal, mam′mi-fēr, *n.* സസ്തനപ്രാണി, കുട്ടികൾക്കു മുലകൊടുക്കുന്ന— (*z.*). =mā′li-a, *n. pl.* സസ്തനപ്രാണിവൎഗ്ഗം. =mā′li-an, *a.* —വൎഗ്ഗത്തിലുള്ള. =mal-if′ēr-ŏus, *a.* —പ്രാണികളുടെ അസ്ഥികൾ ഉള്ള (*geol.*). =mal′ō-ġy, =mol′ō-ġy, *n.* —പ്രാണിശാ

ന്ത്രം. =mal′ō-ġist, *n.*—പ്രാണിശാസ്ത്രി. ='mar-y, *a.* സ്തനസംബന്ധമായ. mam-mif′ĕr-ŏus, *a.* മുലയുള്ള, സ്തന്യമായ. =form, *a.* സ്തനാകൃതി ഉള്ള. =mōse, *a.* —ആയ (*b.*).

Mam-mil′la, *n.* (*pl.* Mam-mil′læ), മുലക്കണ്ണ്. (*an.*). -ry, *a.* മുലക്കണ്ണ് സംബന്ധിച്ച; സ്തനം—; മൊത്തി ഉള്ള (*b.*). =mil-late, =′mil-lāted, *a.* മൊത്തി—(*b.*). =mil′li-form, =′mil-loid, *a.* മുലക്കണ്ണ് പോലെയുള്ള.

Mam′mon, *n.* ഐശ്വൎയ്യം, പണം; ലക്ഷ്മി; 2. കുബേരൻ, വൈശ്രവണൻ, ധനദേവത. -ish, *a.* ദ്രവ്യാഗ്രഹമുള്ള. -ism, *n.* പൊന്നാശ; ലൌകികഭാവം. -ist, -īte, *n.* ദ്രവ്യാഗ്രഹി. -i-sā′tiŏn, -i-zā′tiŏn, *n.* ലോഭം; ദ്രവ്യാഗ്രഹി ആക്കൽ. -īse, -īze, *v. t.* —ആക്കുക.

Mam′moth, *n.* പ്രാചീനഗജം, നിമ്മൂലമായ്പ്പോയ ഒര് മഹാമൃഗം (*z.*). *a.* പ്രാചീനഗജതുല്യമായ; 2. മഹാ, വൻ, പരുത്ത.

Man, *n.* (*pl.* men) മനുഷ്യൻ, നരൻ, മൎത്ത്യൻ, മനുജൻ; 2. പുരുഷൻ; 3. മനുഷ്യകുലം; 4. പുരുഷവൎഗ്ഗം; 5. വീൎയ്യപുരുഷൻ; 6. ഭൃത്യൻ; 7. കുടിയാൻ; 8. പ്രജ; 9. ചങ്ങാതി; 10. ഭൎത്താവ്; 11. ആള്, 'ആസാമി', വല്ലവനും, ഒരുത്തൻ, ആരോ ഒരുവൻ: a m. cannot make him laugh അവനെ ചിരിപ്പിപ്പാൻ ആൎക്കും (ഒരുത്തനും) കഴിയുന്നതല്ല; no m. can serve two masters രണ്ട് യജമാനന്മാരെ സേവിപ്പാൻ ആൎക്കും (യാതൊരുത്തനും) കഴിയുന്നതല്ല; 12. (കളിയിൽ) കാലാള്, പദാതി. *pf.* ആണ്, ആള്, കാരൻ: m.-child ആൺകുട്ടി; m.-eater ആൾപിടിയൻ; m.-killer ആളെക്കൊല്ലി; m.-servant പണിക്കാരൻ; m.-worship നരപൂജ. *suf.* കാരൻ, ആളൻ: milk-m. പാല്ക്കാരൻ; fire-m., wood-m. വിറക്കാരൻ; wood-m. കാട്ടാളൻ; show-m, കളിക്കാരൻ. m.-ape മനുഷ്യക്കുരങ്ങ് (*z.*). m.-bote ആൾക്കൊലപ്പ്രായശ്ചിത്തം. m.-engine ആൾതുലായന്ത്രം. m.-Friday പാദസേവകൻ. m.-hater നരദ്വേഷകൻ. m.-hole ആൾതുള. m.-midwife സൂതികാവൈദ്യൻ. m.-slaughter നരഹത്യ, കല (*l.*). m.-slayer നരഹന്താവ്, മനുഷ്യഘാതകൻ. m.-stealer ആൾക്കള്ളൻ. m-stealing ആൾക്കളവ്. m.-way നട, ഇടവഴി. m. at arms ആയുധപാണി. m. of straw പാവ; ലഗ്നം, ഊന്ന്; .ചട്ടുകം; ദ്രവ്യോത്തരവാദം ഇല്ലാത്തവൻ. m.-of-war യോധാവ്; പടക്കപ്പല്. to be one's own m. തന്റേടമുണ്ടാക. to make a m. of ആളാക്കുക, സ്ഥിതിക്കാക്കുക. *v. t.* ആളെ ആക്കുക, —വെക്കുക, —എത്തിക്കുക; പിടിപ്പതാളെ വെച്ച് പണിചെയ്യിക്കുക; 2. കാക്കുക; 3. ബലപ്പെടുത്തുക; 4. ഒരുക്കുക. to m. a yard പാമരത്തിന്മേൽ ആളെ കയറുക. to m. the yards പാമരത്തട്ടിന്മേൽ അഭിവാദ്യാൎത്ഥം ആള് നില്ക്കുക (*naut.*). -′a-kin, -′i-kin, *n.* ചെറുമനുഷ്യൻ; കുള്ളൻ, വാമനൻ, മുണ്ടൻ (*S.*); അസ്ഥിക്കൂടമാതൃക. -′fųl, *a.* ആണത്വം ഉള്ള, ശൌൎയ്യം—, ഉയിർ(ശി)ര്—. -′fųl-ly, *ad.* ധൈൎയ്യത്തോടെ. -′fųl-ness, *n.* പൌരുഷം. -′hōōd, *n.* മാനുഷത്വം; പുരുഷത്വം; ധീരത. -kīnd′, *n.* നരകുലം; പുരുഷവൎഗ്ഗം. -′less, *a.* ആളില്ലാത്ത. -′līke, *a.* മാനുഷപ്രായം ആയ; പൌരുഷം ഉള്ള, ഉചിതം—. -′li-ness, *n.* ആണത്വം, ധൈൎയ്യം. -′ly, *a.* പുരുഷത്വം ഉള്ള; ഉചിതം—, യോഗ്യനായ; ധൈൎയ്യമുള്ള. *ad.* ശൂരതയോടെ. -′nish, *a.* മൎത്ത്യപ്രായമായ; പൌരുഷമുള്ള. -′nish-ly, *ad.* മാനുഷഭാവത്തിൽ. -′nish-ness, *n.* മനുഷ്യാകൃതി; പുരുഷലക്ഷണം.

Man′a-cle, *n.* (*pl.*) കയ്യാമം, ആമം, വിലങ്ങ്. *v. t.* ആമംവെക്കുക, ആമത്തിൽ ഇടുക.

Man′āġe, *v. t.* നിൎവ്വഹിക്കുക, നടത്തുക; ഭരിക്കുക; 2. വശത്താക്കുക, കീഴമൎത്തുക, ഒതുക്കുക; 3. അഭ്യസിപ്പിക്കുക; 4. പാലിക്കുക; 5. സാധിപ്പിക്കുക. *v. i.* കാൎയ്യം നോക്കിനടത്തുക, —നിൎവ്വഹിക്കുക. -a-bil′i-ty, -a-ble-ness, *n.* നിൎവ്വഹണീയത്വം. -a-ble, *a.* നടത്താകുന്ന; ഒതു

ക്കം ഉള്ള, ആധീനഭാവം—; മെരുക്കം—; സാധുശീലം—. -a-bly, *ad.* നിൎവ്വാഹ്യമായി. -ment, *n.* പരിപാലനം; നടത്തിപ്പ്; ഭരണം; നായകത്വം; കൈകാൎയ്യം, ഇടവാട്; യുക്തി, ഉപായം; നായകഗണം, —സഭ, ='a-gĕr, *n.* കാൎയ്യസ്ഥൻ; നായകൻ; ചരതമുള്ളവൻ; ഉപായി; കസ്സ്രൂതിക്കാരൻ. =gĕ'ri-al, *a.* നിൎവ്വാഹസംബന്ധമായ. =a-gĕr-ship, *n.* കാൎയ്യസ്ഥസ്ഥാനം, പരിപാലകത്വം. =a-gĕr-y, *n.* പാലനം; പ്രയോഗം; നടത്തിപ്പ്; നായകത്വം; മിതച്ചിലവ്, സൂക്ഷ്മം.

Man'a-tēe, Man'a-ti, Man'a-ty, *n.* കടല്പശു (*z.*).

Man'ĉhin-ēel (-shin-ēl), *n.* ഒര് വക ചേര് മരം (*b.*).

Man'ci-ple, *n.* അഗ്രശാലാദ്ധ്യക്ഷൻ.

Man-dā'mus, *n.* കല്പന (*l.*).

Man-da-rīn' (-rēn'), *n.* ചീനരാജ്യത്തെ ഉപനാട്‌വാഴി, ചീനത്തെ അധികാരി. m. language —സംസാരഭാഷ. -'āte, *n.* ചീനദേശാധിപതിവൎഗ്ഗം. -'ing, *n.* പട്ടിന്ന് ചായം കയററൽ.

Man'dāte, *n.* കല്പന, അനുജ്ഞ; 2. പാപ്പാവിന്റെ ആജ്ഞ (*R. C.*); 3. കാൎയ്യനിയോഗക്കരാറ്. =da-tar-y, =tŏr-y, *n.* പാപ്പാനുജ്ഞ ലഭിച്ചവൻ; കാൎയ്യനിയുക്തൻ. =dā'tŏr, *n.* നായകൻ; ശാസകൻ; നിയോജകൻ. =da-tŏr-y, *a.* അനുജ്ഞയായ.

Man'di-ble, *n.* താടിയെല്ല് (*an.*); 2. (പക്ഷി) കൊക്ക്. =dib'ū-lar, *a.* താടിയെല്ല്സംബന്ധമായ; —പോലെയുള്ള. m.r arch അണ്ണാക്ക്. *n.* താടിയെല്ല്. =dib'ū-lāte, =dib'ū-lā-ted, *a.* താടിയെല്ലുള്ള.

Man'dil, -'iŏn, *n.* മേലങ്കി.

Man'di-oc, Man'di-o-ca, Man'i-hoc, Man'i-hot, Mā'ni-oc, *n.* മരക്കിഴങ്ങ്, പൂളക്കിഴങ്ങ്, കൊള്ളിക്കിഴങ്ങ് (*b.*).

Man'dō-lin, =līne, Man'-dōre, *n.* ഒര് കമ്പിവാദ്യം, ചെറുതരം വീണ.

Man'drāke, Man-drag'ō-ra, *n.* ഒര് വക വിഷച്ചെടി; 'ഌമായി' (*b.*).

Man'dū-eāte, *v. t.* ചവെക്കുക, ചവെച്ച്തിന്നുക. =ca-ble, *a.* ചവെക്കാവുന്ന; തിന്നാകുന്ന. =cā'tiŏn, *n.* ചവക്കൽ. =cā-tŏr-y, *a.* ചവെപ്പാൻ ഉപയോഗമാസ്സുതന്ന. =dū'cus, *n.* പേമുഖം.

Māne, *n.* കഞ്ചിരോമം, കേസരം. m. sheet കുതിരത്തൊപ്പി. māned (mānd), *a.* കേസരമുള്ള. m.d seal കടൽസിംഹം (*z.*). -'less, *a.* കഞ്ചിരോമം ഇല്ലാത്ത.

Man-ēge' (man-āzh'), *n.* അശ്വാരോഹണവിദ്യ, കുതിര 'സവാരി'—; 2. അശ്വദമന—, കുതിരയെ അഭ്യസിപ്പിക്കൽ; 3. സവാരിപാഠശാല, ചലന—.

Mā'nēs, *n.*, *pl.* പ്രേതാത്മാക്കൾ; 2. കാരണവന്മാര്; പിതൃഗണം; 3. കലദേവത. offerings to m. പിതൃകൎമ്മം, കാരണവന്മാൎക്ക്കൊടുക്കൽ, കൊടുക്ക(ൽ).

Ma-neu'vĕr, =nœu'vre (-nu'vĕr), *n.* സാമൎത്ഥ്യചലനം; സൈന്യ— (*mil.*); പടപ്പയററ്, യുദ്ധാഭ്യാസം; 2. യുക്തി, ഉപായം; യുക്തിവൈഭവം. *v. i.* പടപ്പയററ് നടത്തുക; 2. കൌശലം പ്രവൃത്തിക്കുക, തന്ത്രം—. *v. t.* സൈന്യഗതി മാററുക. -ĕr, *n.* പടപ്പയററ്കാരൻ, യുദ്ധാഭ്യാസം ചെയ്യിക്കുന്നവൻ.

Man'ful, *etc.*, *s. u.* Man.

Mānge, *n.* മൃഗച്ചിരങ്ങ്; 2. നായ്ച്ചൊറി. mān'gi-ly, *ad.* ചൊറിയോടെ. mān'gi-ness, *n.* ചിരങ്ങ്. mān'gy, *a.* ചൊറിയുള്ള.

Mān'gĕr, *n.* പശുത്തൊട്ടി, ആലവല്ലം; 2. (കപ്പലിന്റെ) അണിയത്തട്ട്.

I. Man'gle, *v. t.* കൊത്തിത്തറിക്കുക, കൊത്തിച്ചതക്കുക; ഛിന്നഭിന്നം ആക്കുക, തുണ്ടംതുണ്ടം—; പറിച്ച് ചീന്തുക; 2. കോലംകെടുത്തുക, നാനാവിധമാക്കുക; ഊനം വരുത്തുക. man'glĕr, *n.* ഛിന്നഭിന്നമാക്കുന്നവൻ, തറിക്കുന്നവൻ.

II. Man'gle, *n.* തുണിമിനുക്കയന്ത്രം, 'ഇസ്ത്രി'—. *v. t.* തുണിമിനുക്കുക, —ഒതു

ക്കുക, 'ഇസ്ത്രി'യിടുക. man'glėr, *n.* 'ഇസ്ത്രി'ക്കാരൻ.

Maṅ'gō, *n.* (*pl.* man'gōes) മാങ്ങ, മാമ്പഴം, ചൂതഫലം (*b.*). m.-tree മാവ്, ചൂതവൃക്ഷം (*b.*).

Maṅ'gō-stēen, =stan, *n.* ഒര് മധുരഫലവൃക്ഷം (*b.*); 2. ഒര് നല്ല പഴം (*b.*).

Man'grōve, *n.* കണ്ടൽവൃക്ഷം (*b.*).

Mā'ni-a, *n.* ചിത്തഭ്രമം, ഭ്രാന്ത്; 2. ഭ്രമം, വ്യാധി. *m. a potu* ലഹരിഭ്രാന്ത്, മദ്യോന്മാദം. =ac, ='a-cal, *a.* ബുദ്ധിഭ്രമം ഉള്ള, ഭ്രാന്ത്—. =ac, *n.* ഭ്രാന്തൻ, പിച്ചൻ. ='a-cal-ly, *ad.* ചിത്തവിഭ്രമത്തോടെ. [(*b.*).

Man'i-cāte, *a.* ജടകെട്ടിയ, —ഉള്ള

Mani-chœ'an (-kē'an), =chē'an, =chēe, =chē-ist, *n.* ദ്വയദേവവാദി. =chœ'an, =chē'an, *a.* —ദേവവാദസംബന്ധമായ. =chœ-ism, =chē-ism, *n.* —ദേവവാദം.

Man'i-chord (-kard), =chor'don, *n.* ഒര് കമ്പിവാദ്യം.

Man'i-fest, *a.* ഇന്ദ്രിയഗോചരം ആയ, പ്രത്യക്ഷം—, സ്പഷ്ടം—; തെളിവുള്ള; 2. (of) പിടിപെട്ട. *n.* പരസ്യം; 2. (ചുങ്കത്തെ) കേവ് വിവരംപട്ടിക, ഏററ് മതിച്ചീട്ട്. *v. t.* പ്രത്യക്ഷം ആക്കുക, സ്പഷ്ടം—; 2. ചുങ്കത്ത് വരവ് കൊടുക്കുക. =fest-a-ble, =fest-i-ble, *a.* പ്രത്യക്ഷമാക്കാകുന്ന. =tā'tiŏn, *n.* ആവിഷ്കരണം; പ്രത്യക്ഷത, പ്രകടനം; വെളിപ്പാട്. -ly, *ad.* സ്പഷ്ടമായി. -ness, *n.* പ്രത്യക്ഷത; വ്യക്തി. =fes'tō, *n.* രാജവിളംബരം; പരസ്യം, പ്രസിദ്ധപത്രം.

Man'i-fōld, *etc.*, *s. u.* Many.

Man'i-form, *a.* ഹസ്താകൃതിയായ.

Man'i-kin, *n.*, *s. u.* Man.

Ma-nil'iō (nil'yō), =nil'la, =nille' (-nil'), *n.* വള, കടകം, കങ്കണം; 2. കാല് വള, തണ്ട, പാദസരം.

Man'i-ple, *n.* പോങ്ങ; 2. പട്ടാളവകുപ്പ്; പടയാളിക്കൂട്ടം; 3. ചിത്രനാട (*R. C.*). =nip'ū-lar, *a.* പട്ടാളവകുപ്പ് സംബന്ധിച്ച; കരകൌശലം—. =nip'ū-lāte, *v. t.* കരകൌശലത്താൽ ചെയ്യുക; യുക്തിയോടെ ഉപയോഗിക്കുക; ഉപായേന നടത്തുക; കള്ളക്കൌശലം പ്രയോഗിക്കുക, ചതി—. *v. i.* ചമത്കാരമായി ചെയ്യുക; യന്ത്രോപയോഗം—. =nip-ū-lā'-tiŏn, *n.* ഹസ്തപ്രയോഗം, —വൎത്തനം; തടവൽ; ചതിപ്രയോഗം, ഉപായം. =nip'ū-lā-tive, *a.* കരകൌശലസംബന്ധം ആയ; ഹസ്തകൃതം—. =nip'ū-lā-tŏr, *n.* ഹസ്തപ്രയോഗക്കാരൻ; കരകൌശലക്കാരൻ. =nip'ū-lā-tŏr-y, *a.* കരകൌശലസംബന്ധമായ.

Mā'nis, *n.* ഒര് വക അള്ളുവൻ, —ഇത്തിൾപന്നി (*z.*).

Man'na, *n.* 'മന്നാ', ഇസ്രയേല്യൎക്ക് ദൈവം മരുഭൂമിയിൽവെച്ച് കൊടുത്ത ആഹാരം (പുറ. 16, 15.); ദൈവം നല്കുന്ന— (*Bl.*); 2. ഒര് വക ചെടി (*b.*); 3. ഒര് വക മധുരച്ചെടിക്കറ (*med.*). man'nīte, *n.* മന്നശൎക്കര. man-nit'ic, *a.* മന്നശൎക്കരകൊണ്ടുണ്ടായ.

Man'nėr, *n.* മാതിരി, ക്രമം, പ്രകാരം; 2. ശീലം, സ്വഭാവം, പ്രകൃതി; 3. പതിവ്, മൎയ്യാദ; 4. *pl.* നടപ്പ്, വൃത്തി; സദ്വൃത്തി; 5. രീതി, മട്ട്; 6. ഏതാനും, ഏകദേശം, ഒര് വിധം: it is in a m. done already അത് ഒര് വിധം തീൎന്നിരിക്കുന്നു; 7. വിധം, വക, തരം. by any m. of means എങ്ങിനെയെങ്കിലും, എന്ത് ചെയ്തിട്ടെങ്കിലും. in a m. ഒട്ടൊക്കെ. to make one's m.s വണക്കം കാട്ടുക, ആചാരം ചെയ്യുക, സലാം കാട്ടുക, വന്ദിക്കുക. m.s bit മിഞ്ചിയത്, ശേഷിപ്പ്, ഉച്ഛിഷ്ടം. =nėred (-nėrd), *a.* പതിവായ; സന്മൎയ്യാദയുള്ള; പ്രത്യേകവിധം ആയ, അസാധാരണം—. -ism, *n.* ഏകരീതിവാസന; പ്രത്യേകത; തോന്നിയവാസം. -ist, *n.* ഏകരീതിയനുസാരി; തോന്നിയവാസി. -li-ness, *n.* ഉപചാരഭാവം, സന്മൎയ്യാദ. -ly, *a.* ഉപചാരശീലം ഉള്ള, സദാചാരം—. *ad.* സന്മൎയ്യാദയായി.

Man'nish, *a.*, *etc.*, *s. u.* Man.

Ma-nœu'vre, *s.* Maneuver.

Man-om'e-tĕr, Man'o-scōpe, *n.* വായുഘനമാത്രം, ബാഷ്പ—. =met'ric, =met'ri-cal, *a.* വായുമാത്ര സംബന്ധമായ.

Man'ŏr, *n.* ജന്മാവകാശം; ജന്മി നടക്കുന്ന ഭൂമി. m.-house, m.-seat ജന്മിയുടെ ഭവനം. lord of the m. ജന്മി. =nō'ri-al, *a.* ജന്മവസ്തു സംബന്ധമായ.

Man'särd-roof, *n.* തട്ട് മേല്പുര.

Manse, *n.* കുടി, പുര; 2. പറമ്പും പുരയും; 3. ബോധകഗൃഹം. capital m. ജന്മിഗൃഹം.

Man'siŏn (-shun), *n.* പാൎപ്പിടം; 2. ജന്മിയുടെ ഭവനം; 3. വലിയ—; 4. കോവിലകം, അരമന, രാജമന്ദിരം; 5. ഇടം, രാശി. m.-house നഗരാദ്ധ്യഗൃഹം. -ar-y, *a.* സ്ഥിരവാസം ചെയ്യുന്ന.

Man-teau' (man'tō), *n.*, (*pl.* man'-teaux), സ്ത്രീകളുടെ മേലങ്കി.

Man'tel (-tl), m.-piece, man'tle *n.* അട്ടപ്പ്തിണ്ണ, വിതണ്ണപ്പലക. m.-shelf വിതണ്ണപ്പലക.

Man'tel-et, *n.* കുറുങ്കുപ്പായം; 2. സ്ത്രീകളുടെ ചെറിയ മേലങ്കി.

Man-til'la, *n.* സ്ത്രീകളുടെ പട്ട് മേലങ്കി; 2. ഒര് വക മൂട് പടം. [(*z.*).

Man'tis, *n.* ഒര് വക പച്ചത്തുള്ളൻ

Man-tis'sa, *n.* സംവൎഗ്ഗമാനഗണിത ദശമഭിന്നിതാംശം (*math.*).

Man'tle, *n.* മേലങ്കി, മേലാട; 2. മറ; 3. വിതന. *v. t.* മൂടുക, മറെക്കുക; 2. വേഷം മാററുക. *v. i.* വിരിക്കുക; 2. വിടൎത്തുക; 3. മൂടുക; 4. പാടകെട്ടുക. mant'let, *n.*, *see* Mantelet.

Man-tol'o-ġy, *n.* ലക്ഷണംനോക്കൽ; നഷ്ടംപറയൽ; പ്രശ്നം. =ġist, *n.* നഷ്ടക്കാരൻ, പ്രശ്നക്കാരൻ.

Man'tū-a (-tū-a, *or* -tū), *n.* ഒര് വക വിശേഷമായ പട്ട് തുണി; 2. സ്ത്രീകളുടെ മേലങ്കി. m.-maker തുന്നക്കാരൻ.

Man'ū-al, =ar-y, *a.* ഹസ്തസംബന്ധമായ; കൈകൊണ്ടുള്ള, കര. m. alphabet കൈസംജ്ഞാക്ഷരം. m. exercise ദേഹാഭ്യാസം; ആയുധാഭ്യാസം. m. labour കൈത്തൊഴില്; ദേഹദണ്ഡം, കൈപ്രയത്നം. seal-m. അംഗുലീയമുദ്ര. sign-m. കയ്യൊപ്പ്, തൃക്കൈവിളയാട്ടം. *n.* കൈപ്പുസ്തകം, സാരസംഗ്രഹം, സംക്ഷിപ്തഗ്രന്ഥം; 2. പ്രാൎത്ഥനാസംഗ്രഹം (*R. C.*); 3. കിന്നരപ്പെട്ടിപ്പല്ല്വരി; 4. ആയുധാഭ്യാസക്രമം. -ist, *n.* കൈവേലക്കാരൻ; ശില്പി. -ly, *ad.* കൈകൊണ്ട്.

Man-ū-duc'tŏr, *n.* സംഗീതപ്രമാണി, ഗായകാധിപതി.

Man-ū-fac'tūre, *n.* ഉണ്ടാക്കൽ, നിൎമ്മാണം; പ്രവൃത്തി, തൊഴില്; 2. നിൎമ്മിതസാധനം, ചരക്ക്, തൊഴില്ഫലം. *v. t.* ഉണ്ടാക്കുക; 2. തൊഴില് നടത്തുക. =fac'-tŏr-y, *n.* —ശാല. *a.* —സംബന്ധമായ. =fac'tūr-ĕr, *n.* തൊഴിലാളി, വ്യാപാരച്ചരക്കുണ്ടാക്കുന്നവൻ. =fac'tūr-ing, *a.* തൊഴില് ചെയ്യുന്ന; —സംബന്ധമായ.

Man-ū-mit', *v. t.* (*p. p.* -mit'ted, *pr. p.* -mit'ting) അടിമപ്പാട് നീക്കുക, അടിമയെ വിടുക; അടിമക്ക് സ്വാതന്ത്ര്യം കൊടുക്കുക. =mis'siŏn, *n.* ദാസ്യമോചനം; അടിമയെ വിടൽ.

Ma-nūre', *v. t.* വളംഇടുക, —കൂട്ടുക. *n.* വളം, ചാണകം, വെണ്ണീര്. =nū'rĕr, *n.* വളം ഇടുന്നവൻ. =nū'ri-al, *a.* —സംബന്ധിച്ച. =nū'ring, *n.* —ഇടൽ; വളം.

Man'ū-script, (ചുരുക്കം *s.* MS., *pl.* MSS.), *a.* കയ്യെഴുത്തായ. *n.* കയ്യെഴുത്ത് പുസ്തകം; 2. കയ്യെഴുത്ത്.

Man'y (men'i), *a.* (*c. d.* mōre, *s. d.* mōst) *or pron.* വളരെ, പല, അനേകം, അധികം, ബഹു, അനല്പം. m. a എത്രയോ, വളരെ, അനേകം. m. one പലര്, അനേകംപേര്. m. times കൂടക്കൂട, പലപ്പോഴും. m.-minded നാനാപ്രാപ്തിവിശേഷം ഉള്ള; നാനാവിഷയ പരിചയം—. m.-sided ബഹുഭുജ—; ബഹുവിഷയപരിജ്ഞാനം—. m.-ways, m.-wise പലപ്രകാരേണ. the m. അധികപക്ഷം. too m. കണക്കിലേറയുള്ള, അധികം; ഊക്കേറിയ. *n.* പ്രജാഗണം, ഭൂരിജനം, ജനസഞ്ചയം;

2. അധികപക്ഷം, 3. അധികംപേര്, അധികഭാഗം. man'i-fōld, *a.* നാനാ പ്രകാരം ഉള്ള, അനേകമായ; വളരെ; പലമടങ്ങ് ആയ; സമ്മിശ്രം—; സവ്വ. m.d writing പകൎപ്പ്സൂത്രം. *n.* ബഹുദ്വാരനാളം; സൂത്രപകൎപ്പെഴുത്ത്. *v.t.* സൂത്രത്താൽ പകൎപ്പെടുക്കുക. man'i-fōld-ly, *ad.* നാനാപ്രകാരേണ. man'i-fōld-ness, *n.* പെരുക്കം; നാനാത്വം.

Map, *n.* ഭൂപടം, പടം; 2. അനുക്രമണപ്പട്ടിക. *v. t.* (*p. p.* mapped, *pr.* mapt, *pr. p.* map'ping), പടം വരക്കുക, ഭൂസ്ഥിതി വരച്ച് കാട്ടുക; 2. (out) സൂക്ഷ്മമായി കാണിക്കുക, വിവരിക്കുക. -'līke, *a.* ഭൂപടാകൃതിയായ.

Mā'ple, *n.* ഒര് വക മരം (*b.*). m.-honey, m.-molasses, m.-syrup മരപ്പാനി, മരക്കട്ടി. m.-sugar മരശൎക്കര.

I. Mär, *n.* ചെറുതടാകം; ചിറ, കുളം.

II. Mär, *v. t.* (*p. p.* märred, *pr. p.* mär'ring) ഊനം വരുത്തുക, കേട്—; 2. കുരൂപം ആക്കുക; 3. ശൂന്യം—. *n.* കല; 2. ഊനം; 3. വൈരൂപ്യം. m.-plot തടസ്ഥക്കാരൻ. m.-text അബദ്ധപ്രസംഗി. -'rĕr, *n.* ഊനം വരുത്തുന്നവൻ.

Mar'a-bou (-bu), Ma'ra-bu, *n.* ഒര് വക കൊക്ക്, —ബകം (*z.*); 2. ബകത്തൂവല്, ബകപ്പൂട.

Ma-ras'mus, *n.* മെലിച്ചൽ; ക്ഷയം; രാജയക്ഷ്മാവ് (*med.*). *m. senilis* വയോധികക്ഷയം.

Ma-raud' (-rad'), *v. i.* കവൎന്ന് സഞ്ചരിക്കുക, കൊള്ളക്കായി നടക്കുക; കൊള്ളയിടുക. *n.* കവച്ചസഞ്ചാരം. -ĕr, *n.* കൊള്ളക്കാരൻ.

Mär'ble, *n.* മിനുസക്കല്ല്, വൎണ്ണക്കല്ല്, മണിശില; 2. 'ഗോട്ടി', 'കോട്ടി'. m.-edged ശൃംഗാരാരുവുള്ള (പുസ്തകം). *a.* വൎണ്ണക്കല്ല് കൊണ്ടുണ്ടാക്കിയ; 2. മണിശിലാതുല്യം ആയ; 3. കഠിനം—, ക്രൂരം—, നിൎദ്ദയം—. m.-paper വൎണ്ണക്കടലാസ്. *v. t.* വിവിധവൎണ്ണം കൊടുക്കുക. mar'bled (-bld), *a.* വൎണ്ണംകയററിയ. -īse, -īze, *v.t.* മണിശിലാകൃതിയാക്കുക. mär'blĕr, *n.* മണിശിലാശില്പി; 'റങ്ക്'പണിക്കാരൻ. mär'bling, *n.* വൎണ്ണപ്പണി. mär'bly, *a.* മണിശിലാതുല്യമായ.

I. Märe, *n.* പഴപ്പിണ്ണി, പഴച്ചണ്ടി.

II. Märe, *n.* ഒര് ത്തുക്കം; 2. ഇംഗ്ലാണ്ടിലെ ഒര് പുരാതനനാണ്യം; 3. ഒര് ശമ്മാന്യ—. [ലപ്പട്ട്.

Mär'cel-ine, *n.* നേൎമ്മപ്പട്ട്, അകശീ

Mär-ces'cent, *a.* വാട്ടുന്ന, ചീയുന്ന. =ces'ci-ble, *a.* വാട്ടംപററുന്ന.

I. Märch, *n.* മാൎച്ച്മാസം, മൂന്നാമത്തെ—; കുംഭം മീനം, ഫാല്ഗുനചൈത്രം. as mad as a m. hare, m.-mad മുന്നും പിന്നും നോക്കാത്ത, അവിവേകം കലശലായ; സാഹസശീലമുള്ള.

II. Märch, *n.* (*pl.*) അതൃത്തി, അതിര്, പ്രാന്ത്യം. m.-man പ്രാന്ത്യവാസി. m.-ward പ്രാന്ത്യരക്ഷകൻ. riding the m.es പ്രാന്ത്യസഞ്ചാരം, 'ജമാവന്തി'. *v. i.* അതിരായിരിക്കുക. to m. with അതിരായിരിക്കുക. -'ĕr, *n.* പ്രാന്ത്യരക്ഷാധികാരി.

III. Märch, *v. i.* നടക്കുക; അണിനടക്കുക; ഗൌരവമായി—; ആനച്ചന്തം വെക്കുക, അഭിഗമിക്കുക; 2. (പടഗണം) യാത്രചെയ്യുക. *v. t.* അണിയണിയായി നടത്തുക; 2. സൈന്യം—; 3. ആക്രമിക്കുക; 4. നടത്തിച്ച് കൊണ്ട് പോക. *n.* സൈന്യയാത്ര, അണിനടത്തം; 2. ആനച്ചന്തം; അഭിഗമനം, ഗതി; 3. (നടത്ത) ദൂരം; 4. സൈന്യവാദ്യഘോഷം. -'ĕr, *n.* നടക്കുന്നവൻ. -'ing, *n.* സൈന്യയാത്ര. *a.* നടക്കുന്ന. m.g money സഞ്ചാരശമ്പളം. 'ബത്ത'. in m.g order അണിയണിയായി. m.g regiment യുദ്ധത്തിൽപെട്ട പട്ടാളം; സ്ഥിരസൈന്യപ്പട്ടാളം.

Mar'chion-ess (-shon-es), *n.*, *s. u.* Marquis.

Mar'cid, *a.* വാടിയ, ഉണങ്ങിയ; 2. ക്ഷീണമുള്ള, ക്ഷയിച്ച. -'i-ty, *n.* വാട്ടം; മെലിച്ചല്.

Mar'ciōn-īte, *n.* ത്രിദേവവാദി.

**Mär-di-gräs′** (-grä′), *n.* നോമ്പിന്റെ തലനാള് (*R. C.*); 2. മഹോല്ലാസദിനം.

I. **Māre,** *n.* പെണ്കുതിര (*z.*); **m.'s nest** ശശശൃംഗം, —വിഷാണം. **m.'s tail** മഴക്കാറ്; ഒര് ചെടി(*b.*).

II. **Māre,** *n.* യക്ഷി (*myth.*). **night-m.** യക്ഷിബാധ, ദുസ്സ്വപ്നം.

**Mär′ga-rīte,** *n.* മുത്ത്; 2. ഒര് വക അഭ്രം. =**gar′ic,** =**ri-tā′ceous,** =**rit′ic,** *a.* മുക്തികോപമം ആയ, മുക്തമയം—.

**Mär′gin, Märge,** *n.* അരു, വക്ക്, വിളമ്പ്; 2. പ്രാന്ത്യം, തീരം; 3. കടലാസരു, ഒഴിവരു; 4. ലാഭം (*com.*); 5. കാണാച്ചിലവ്; 6. ഉല്ലാലി ജാമ്യം. *v. t.* അരുവെക്കുക; 2. ഒഴിവരുവിൽ എഴുതുക. **-al,** *a.* വിളമ്പത്ത് ഉള്ള; ഒഴിവരുവിൽ—. =**nā′li-a,** *n., pl.* ഒഴിവരുസൂചന. **-al-ly,** *ad.* ഒഴിവരുവിലുള്ളതായി. **-āte,** *v. t.* അരുവെക്കുക. *a.* കര ഉള്ള. **-ā-ted,** *a.* കര—. **-ed,** *a.* അരു—.

**Mar-gō′sa,** *n.* വേപ്പ് മരം (*b.*). **m. oil** വേപ്പെണ്ണ. **m. seed** വേപ്പിങ്കുരു (*b.*).

**Mär′grāve,** *n.* ഗർമ്മാന്ന്യയിലെ അതിര് കൎത്താവ്, അതിരധിപതി; 2. പ്രഭു. =**gra-vāte,** =**grā′vi-āte,** *n.* അതിരാധിപത്യം. =**vīne** (-vēn), *n.* അതിരധിപതിഭാൎയ്യ; പ്രഭുസ്ത്രീ.

**Mar′i-gōld,** *n.* ചെണ്ട് മല്ലികച്ചെടി (*b.*); 2. ചെണ്ട് മല്ലികപ്പൂ, ചെട്ടിപ്പൂ. **m.-window** വൃത്തജാലകം.

**Ma-rīne′** (-rēn′), *a.* സമുദ്രസംബന്ധമായ, കടലിലുണ്ടാകുന്ന; 2. കപ്പലോട്ടം സംബന്ധിച്ച; നാവിക. **m.-corps** നാവികപ്പട്ടാളം. **m.-engine** തീക്കപ്പല് യന്ത്രം. **m.-insurance** കടല് ഭീമ, ഉരുഭീമ. **m.-law** നാവികനിയമം. **m.-league** മുക്കാൽകാതം, മൂന്ന് നാഴിക. **m.-store** പഴഞ്ചരക്ക് പീടിക. *n.* കപ്പൽപ്പടയാളി; 2. നാവികവ്യവസ്ഥ; —ഭരണം; —ശാസ്ത്രം; 3. നൌഗണം. **tell that to the m.s** അത് പച്ചപ്പൊള്ളാണ്. =**mar′i-nēr,** *n.* കപ്പലോടി, ഓട്ടക്കാരൻ, 'കലാശി'. **m.r's compass** തവുക്ക, വടക്ക് നോക്കി.

**Mā-ri-ol′a-try, Mā-ry-ol′a-try,** *n.* കന്യകമറിയാപൂജ, മറിയാരാധന. =**ol′a-tĕr,** *n.* കന്യകമറിയാരാധകൻ.

**Mar-i-o-nette′** (-net′), *n.* പാവ; 2. *pl.* പാവക്കളി, പാവക്കൂത്ത് (*P.*).

**Mar′ish,** *see* **Marsh.**

**Mar′i-tal,** *a.* ഭൎത്തൃസംബന്ധമായ; ദാമ്പത്യ.

**Mar′i-tīme,** *a.* കടൽതീരത്തുള്ള; 2. സമുദ്രസംബന്ധമായ; 3. കപ്പൽസൈന്യം ഉള്ള; 4. സമുദ്രവ്യാപാരം—; 5. കപ്പലോട്ടംസംബന്ധിച്ച. **m. law** നാവികനിയമം, കപ്പലോട്ട—. **m. loan** കപ്പൽപ്പണയകടം. **m. nations** കടലോരരാജ്യക്കാര്; സമുദ്രവ്യാപാരമുള്ള രാജ്യങ്ങൾ; കപ്പൽസൈന്യമുള്ള—.

**Mär′jō-ram,** *n.* ഒര് വക ഒടതളം; —അത്രുത (*b.*).

I. **Märk,** *n.*, *see* **Marque.**

II. **Märk,** *n.* ഒര് പുരാതന തൂക്കം; 2. —നാണ്യം; 3. ഒരുറുപ്പികക്കുള്ള ഗർമ്മാന്ന്യ—.

III **Märk,** *n.* അടയാളം, കറി; 2. രൂപം; 3. മുദ്ര; 4. ചരക്കടയാളം; 5. ഒപ്പ്; 6. അതിക്കല്ല്; 7. വര, കല, വട്ട; 8. ലക്ഷണം; 9. ലക്ഷ്യം; 10. ബഹുമാനം; 11. നില; 12. പദവിചിഹ്നം; 13. ശ്രേഷ്ഠത, പൊരുള്; 14. ലക്ഷണം, പ്രമാണം(*log.*); 15. പ്രാപ്തിസൂചകചിഹ്നം, —സംഖ്യ, 'മാൎക്ക്'; 16. സന്താനം. **to be within the m.** നിലതെറ്റാതിരിക്കുക; ലാക്ക്—. **a man of m.** മഹാൻ, വിശ്രുതൻ. **to make one's m.** ഒപ്പിടുക; കീൎത്തി പ്രാപിക്കുക. **wide of the m.** ലാക്ക് പിഴെച്ച; അകാൎയ്യമായ. *v. t.* അടയാളം ഇടുക, —വെക്കുക; 2. കുറിക്കുക, കാണിക്കുക; 3. വട്ടവീഴുക, കല—; 4. കണക്ക് വെക്കുക; 5. നോക്കുക, കറിക്കൊള്ളുക. **to m. out** തിരഞ്ഞെടുക്കുക, പ്രത്യേകിച്ച് വെക്കുക; മായിച്ച് കളയുക. **to m. time** നില്ക്കച്ചുവട് വെക്കുക (*mil.*); താളം പിടിക്കുക (*mus.*). *v. i.* നോക്കുക, വിചാരിക്കുക; കറിക്കൊള്ളുക. **märked** (märkt), *a.* അടയാളംവെച്ച; —ഉള്ള; പ്രത്യക്ഷമായ. **a m.d man** വിശ്രുതൻ; മുമ്പൻ. **-ed-ly,** *ad.* പ്രത്യേകമായി. **-′ĕr,** *n.* അടയാളം

വെക്കുന്നവൻ; (കളിയിൽ) കണക്ക് കുറിക്കുന്നവൻ; ചൂത്കരു; അണിത്തലയാള് (*mil.*). -'ing, *n.* അടയാളമിടൽ, കുറിക്കൽ; കുറി; ചിത്രിക്കൽ. m.g-ink മങ്ങാത്തമഷി. m.g-nut ചേക്കുരു (*b.*). märks'man, *n.* (*pl.* -men) കുറിക്കാരൻ, വെടിക്കാരൻ; ഒപ്പടയാളം ഇടുന്നവൻ (*l.*). märks'man-ship, *n.* കുറി, നോട്ടം.

Mar'kab, *n.* പൂരുരുട്ടാതി നക്ഷത്രം; പൂരുട്ടാതി—, പൂർവ്വഭാദ്രം— (*astr.*).

Mar-kēe', *n.*, see Marquee.

Mär'ket, (*contr.* märt), *n.* ചന്ത; 2. ചന്തപ്പുര, വാണിഭസ്ഥലം, 'മാർക്കെറ്റ്', കട, പേട്ട; 3. അഴിച്ചല്, ചിലവ്; അഴിച്ചൽപ്രദേശം; 4. ക്രയവിക്രയം, കച്ചവടം; 5. വില, നിരക്ക്, അഴിച്ചല്, എക്കം. m.-day ചന്തദിവസം. m.-garden പച്ചക്കറിത്തോട്ടം. m.-house ചന്തപ്പുര. m.-place ചന്തസ്ഥലം. m.-price അങ്ങാടിവില, എക്കം. m.-town മുഖ്യനഗരം. *v. i.* കച്ചവടംചെയ്യുക, കൊള്ളക്കൊടുക്ക—. *v. t.* വില്ക്കുക, ക്രയവിക്രയം ചെയ്യുക. -a-ble, *a.* വില്പാൻതക്ക; നിരക്കായ; അഴിച്ചലുള്ള. -a-ble-ness, *n.* ക്രയവിക്രയയോഗ്യത. -ĕr, *n.* ചന്തക്കാരൻ. -ing, *n.* കൊള്ളക്കൊടുക്ക, ക്രയവിക്രയം; ചന്തസാമാനം.

I. Märl, *n.* ഒര് വക കളിമണ്ണ്. m.-pit കളിമണ്കുഴി. *v t.* കളിമണ്ണ് വളമായിടുക. =lā'ceous (-shus), *a.* കളിമണ്ണ് പോലെയുള്ള. ='līte, *n.* ഒര് വകകളിമണ്ണ്. =lit'ic, *a.* കളിമണ്ണ് ഛായയുള്ള. mär'ly, *a.* കളിമണ്ണുള്ള.

II. Märl, *v. t.* ചുറെക്കുക, വരിയുക (*naut.*). mär'line, *n.* ചുറച്ചരട് (*naut.*). *v. t.* ചരട് ചുറക്കുക.

Mär'ma-lāde, *n.* പഴക്കുഴമ്പ്, പഴച്ചാക്കട്ടി, പഴക്കട്ടി.

Mär-mō-rā'ceous (-rā'shus), ='mō-rāte, =rā-ted, =mō're-al, =mō're-an, *a.* വണ്ണക്കല്ല് പോലെയുള്ള; ചിത്രശിലാസംബന്ധമായ.

Mar'mō-set, =mō-zet, *n.* ചെറുകുരങ്ങ്, ക്ഷുദ്രവാനരൻ (*z.*).

Mär'mot, *n.* മലയെലി (*z.*); 2. ഒര് വക അണ്ണാൻ (*z.*).

I. Ma-roon', *n.* കാടിൽപ്പോയ അടിമ; സ്വാതന്ത്ര്യംകിട്ടിയ—. *v. t.* ഏകാന്തത്തിലാക്കുക. m.ing party ദീർഘവനഭോജനം.

II. Ma-roon', Ma-rōne', Mar-ron', Mar-roon', *n.* കരിഞ്ചുവപ്പ് വണ്ണം. *a.* കടുഞ്ചുവപ്പായ.

Mär'plot, *n.*, *s. u.* Mar.

Märque (märk), *n.* സ്വകാര്യയുദ്ധാനുവാദപത്രം. letters of m., letters of m. and reprisal —കപ്പൽയുദ്ധാനുവാദ—. letter of m. —യുദ്ധാനുവാദക്കപ്പല്.

Mär-quēe', Mär-kēe', *n.* പെരുങ്കൂടാരം, വൻ'തമ്പ്; രാജക്കൂടാരം.

Mär'quet-ry (-ket-ry), *n.* അമിഴ്ത്തുപണി.

Mär'quis (-kwis), Mär'quess (-kwes), *n.* മഹാപ്രഭു. mär-quise' (-kēz'), mär'chion-ess (-shon-es), lady marquess, *n.* മഹാപ്രഭുപത്നി; —സ്ത്രീ. =quis-āte, -ship, *n.* —പദവി, മഹാപ്രഭുത്വം; —പ്രഭുവിന്റെ ഇടവാഴ്ച.

Mar'riage (mar'ij), *etc.*, *s. u.* Marry.

Mar'rot, Mar'rott, Mor'rot, *n.* ക [ടല്ക്കാക്ക (*z.*).

Mar'rōw (-rō), *n.* മജ്ജമൂള (*an.*); 2. സാരം, സത്വം. spinal m. മജ്ജാതന്തു. m.-bone മജ്ജാസ്ഥി. m.-bones കാൽമുട്ട്, മുഴങ്കാല്. to get down on one's m.-bones മുട്ട്കുത്തുക. m.-fat ഒര് വക പയറ് (*b.*). *v. t.* മേദസ്സ്നിറക്കുക; 2. കത്തിനിറക്കുക. -less, *a.* മജ്ജ ഇല്ലാത്ത. -ish, *a.* മജ്ജാതുല്യമായ. -y, *a.* മജ്ജ ഉള്ള; കാതല്—.

Mar'ry, *v. t.* വിവാഹകർമ്മം കഴിച്ച് കൊടുക്കുക, വേളി—; 2. കല്യാണം കഴിക്കുക, മംഗലം—, സംബന്ധം ചെയ്യുക, കാനെഴുത്ത് കഴിക്കുക (*M.*), (പുരുഷൻ) പെണ്ണ് കെട്ടുക (*M.*), (സ്ത്രീ) വാഴുക (*M.*); 3. പെണ്ണ് കൊടുക്കുക; കെട്ടിച്ച്—; 4. ഉ

ററസംബന്ധമുണ്ടാക. *v. i.* ദാമ്പത്യസ്ഥിതിയിൽ പ്രവേശിക്കുക, കെട്ടുക. **m.-ing man** വിവാഹാർത്ഥി. **mar'riage** (-'ij), *n.* വിവാഹം, വേളി, പാണിഗ്രഹണം, മംഗലം, കല്യാണം, സംബന്ധം; കാനെഴുത്ത് (*M.*); കെട്ട് (*M.*); വാഴ്ച (*M.*); 2. വിവാഹസത്യ; 3. ഉററമേച്ച്. **m.e-brokerage** വിവാഹാർത്ഥയത്നം; വിവാഹാർത്ഥയത്നക്കൂലി. **m.e-favours** മംഗലപുഷ്പാവലി. **m.e-settlement** സ്ത്രീധനം (*l.*). **to give in m.e** പെണ്ണ് കൊടുക്കുക, കെട്ടിക്കുക. **=riage-a-bil'i-ty, =riage-a-ble-ness,** *n.* വിവാഹപ്രായം-വിവാഹ്യസ്ഥിതി. **=riage-a-ble, ='ri-a-ble,** *a.* വിവാഹയോഗ്യത ഉള്ള; —പ്രായം—. **mar'ried** (-rid), *a.* ദാമ്പത്യ, വിവാഹംകഴിഞ്ഞ; ദാമ്പത്യസ്ഥിതിസംബന്ധമായ. **mar'ri-ĕr,** *n.* വിവാഹം ചെയ്യുന്നവൻ.

II. **Mar'ry,** *int.* നിശ്ചയം, നേര്, പട്ടാങ്ങ്.

**Märs,** *n.* ചൊവ്വഗ്രഹം, കുജൻ (*as.*); 2. യുദ്ധദേവത (*myth.*); കാർത്തികേയൻ, സുബ്രഹ്മണ്യൻ. **m.-brown** പിംഗലവർണ്ണം.

**Mär'seill-āise hymn, the marseillaise** (mär'sāl-yāz), *n.* പരന്ത്രീസ് രാജ്യഗീതം, —രാജ്യകീർത്തനം.

**Mar-seilles'** (mär-sālz'), *n.* മിടച്ചൽതുണി.

**Märsh, Mär'ish,** *n.* ചതുപ്പ് നിലം, നീരാപ്പൊററ, കൈക്കണ്ടം, കഴിനിലം, കച്ഛപ്രദേശം. **m.-gas** ക്ലളിച്ചൂട്ട. **-'i-ness,** *n.* ചതുപ്പ്, ഈറം. **-'y,** *a.* ചതുപ്പായ, ചളി ഉള്ള; കൈക്കണ്ടത്തിൽ—.

**Mär'shal, Märe'schal** (mär'shal), *n.* രാജാശ്വപാലകപ്രമാണി; 2. രാജാകമ്പടി—; 3. സൈന്യാധിപവരൻ (*mil.*); 4. 'നാജര്' (*U. S.*). **field-m.** സേനാധിപപ്രവരൻ (*mil.*). *v. t.* ക്രമപ്പെടുത്തുക, അണിനിരത്തുക; 2. നടത്തുക; നായകനായിരിക്കുക. **-ĕr, -lĕr,** *n.* ക്രമപ്പെടുത്തുന്നവൻ. **-ing, -ling,** *n.* ക്രമപ്പെടുത്തൽ. **m.g of assets** മുതൽ ക്രമപ്പെടുത്തൽ (*l.*). **-ship,** *n.* സേനാധിപവരോദ്യോഗം.

**Mär-sū'pi-al, =sū'pi-āte,** *a.* സകോശം ആയ; 2. സകോശമൃഗസംബന്ധം—. *n.* —മൃഗം (*z.*). **=ā'li-a,** *n. pl.* —മൃഗവർഗ്ഗം. **=ā'li-an, =sū'pi-an,** *n.* —പ്രാണി. **=sū'pi-on, =sū'pi-um,** *n.* (*pl.* -sū'pi-a) ബഹിരുദരകോശം (*z.*).

**Märt,** *see* **Market.**

**Mär'tel,** *n.* മുട്ടി, വാളം, ചുററിക.

**Mär-tel'lō, m.-tower,** *n.* വൃത്തദുർഗ്ഗം.

**Mär'ten,** *n.* ഒര് രോമചർമ്മമൃഗം, ഒര് വക നീനായ് (*z.*).

**Mär'tial** (mär'shal), *a.* യുദ്ധസംബന്ധമായ; 2. സേനാ—; 3. യുദ്ധശീലം ഉള്ള; യുദ്ധതാല്പര്യം—; ധൈര്യം—; 4. കുജതുല്യമായ; 5. യുദ്ധദേവ—. **m. law** പടനിയമം, പോർക്കള—. **-īse, -īze,** *v. t.* യുദ്ധാഭ്യാസം വരുത്തുക; യുദ്ധവാസന—. **-ly,** *ad.* ധൈര്യത്തോടെ. **-ness,** *n.* ശൌര്യം.

**Mär'tin,** *n.* മീവൽപക്ഷി (*z.*).

**Mär'tin-et,** *n.* കൃത്യതയുള്ള സേനാധിപൻ; 2. കിറുകൃത്യക്കാരൻ. **-ism.** *n.* കൃത്യത; കിറുകൃത്യത.

**Mär'tin-gāle, =gāl,** *n.* കുതിരനെഞ്ഞ് വാറ്; 2. ഒര് കപ്പക്കയറ്; 3. പന്തയം ഇരട്ടിക്കൽ; ഇരട്ടിപ്പന്തയം.

**Mär'tyr** (-tĕr), *n.* (ക്രിസ്തുമത)രക്തസാക്ഷി; മതവിശ്വാസം നിമിത്തം മരണം അനുഭവിക്കുന്നവൻ; 2. ധർമ്മാർത്ഥം കഷ്ടനഷ്ടങ്ങൾ—. *v. t.* മതവിശ്വാസംനിമിത്തം കൊല്ലുക; 2. ഹിംസിക്കുക, ഭേദ്യം ചെയ്യുക. **-dŏm, -ship,** *n.* രക്തസാക്ഷിപ്പദവി; ധർമ്മാർത്ഥമരണം; ഹിംസ. **-īse, -īze,** *v.t.* രക്തസാക്ഷിയാക്കുക. **-i-sā'-tiŏn, -i-zā'tiŏn,** *n.* രക്തസാക്ഷിയാക്കൽ; ഹിംസ. **-ly,** *ad.* ധർമ്മസാക്ഷിയായി. **-ol'o-ġy,** *n.* രക്തസാക്ഷിചരിത്രം; ധർമ്മസാക്ഷിപ്പട്ടിക. **-o-loġ'ic, -o-loġ'i-cal,** *a.* രക്തസാക്ഷിചരിത്രസംബന്ധമായ. **-ol'o-ġist,** *n.* —ചരിത്രരചകൻ.

**Mär'vel,** *n.* അതിശയം, വിസ്മയം, ആശ്ചര്യം. **m. of Peru** പതിററടിപ്പൂ (*b.*). *v. i.* (*p. p.* **=velled** *pr.* -veld,

*pr. p.* -ling) അതിശയിക്കുക, അത്ഭുതപ്പെടുക. -lŏus, *a.* ആശ്ചൎയ്യകരം ആയ; അത്ഭുതം—; വിശ്വാസാതീതം—. the m.s അത്ഭുതം.- lŏus-ly, *ad.* അതിശയമായി, അപൂൎവ്വമായി. -lŏus-ness, *n.* അതിശയം, അത്ഭുതം. [try.

Mâ-ry-ol'a-try, *n.*, *see* Mariola-

Mas'cot, Mas'cotte, *n.* ഭാഗ്യശാലി, ലക്ഷ്മിയുള്ളവൻ; 2. ഭാഗ്യലക്ഷ്മി.

Mas'cū-line (-lin), *a.* പുരുഷവൎഗ്ഗത്തിൽ ഉള്ള; 2. ആണത്വം—, ഊക്ക്—, ശൌൎയ്യം—; 3. ആണുങ്ങൾക്കുള്ള; 4. പുല്ലിംഗമായ (*gr.*). m. gender പുല്ലിംഗം (*gr.*). -ly, *ad.* പൌരുഷത്തോടെ. -ness, =lin'i-ty, *n.* ശൂരത, പുരുഷത്വം.

Mash, *n.* ഇടിച്ച് കലക്കിയക്കൂട്ട്; കഞ്ഞി; ധാന്യക്കഷായം; 2. കാലിക്കഞ്ഞി. m.-tun, m.-tub തൊട്ടി. *v. t.* ഇടിച്ച് കലക്കുക; കഴെക്കുക, ചതെക്കുക; ഉടെക്കുക; 2. കഞ്ഞിയാക്കുക. -'ing-tub, *n.* കഞ്ഞിത്തൊട്ടി. -'ĕr, *n.* ചതെക്കുന്നവൻ; ഇടിയന്ത്രം; സ്ത്രീരസികൻ. -'y, *a.* ഇടിച്ച, ചതച്ച; കഴമ്പായ, കുളായ.

Mask, *n.* പേമുഖം, വേഷം; 2. കപടം; 3. കൂത്താട്ടം; 4. പേമുഖനാടകം; 5. പാവ; ശിലാമുഖം. *v. t.* മുഖം മറെക്കുക, —മൂടുക; 2. പേമുഖം കെട്ടുക; 3. മറച്ച് വെക്കുക, ഒളിപ്പിക്കുക; 4. പതിയിരിക്കുക; തടുത്ത് നിൎത്തുക (*mil.*). *v. i.* വേഷം കെട്ടിത്തുള്ളുക; 2. വേഷ്ഛന്നനായിരിക്കുക. masked (maskt), *a.* പേമുഖം കെട്ടിയ; വേഷം മാററിയ; ഒളിച്ച് വെച്ച. m.d ball വേഷനൃത്തം. m.d battery മറപ്പിരങ്കിക്കോട്ട (*mil.*). m.d pig ഒരു വക നാട്ട് പന്നി (*z.*). -'ĕr, *n.* ഛന്നവേഷം; വേഷനൎത്തകൻ.

Mas'lin, Mas'e-lyn, Mast'lin, Mes'-lin, Mis'lin, *n.* കലപ്പ്; 2. ഒരു വക ലോഹം, ഓട്; 3. ഓട്ട് പാത്രം. *a.* സകലകലാളിയായ, കലപ്പായ.

Mā'son (mā'sn), *n.* പെരിന്തേരി, പരവൻ, പരക്കുറുപ്പ്, കല്ലാശാരി, കല്പണിക്കാരൻ, പൂഴിത്തച്ചൻ; 2. 'ഫ്രീമേസൻ' എന്ന ഗോപ്യസഭക്കാരൻ. *v.t.* (up, in, over, etc.) കല്ല് കെട്ടുക, കെട്ടിപ്പൊന്തിക്കുക, ചെത്തിക്കെട്ടുക; 2. കല്പണിചെയ്യിക്കുക. ma-son'ic, *a.* 'ഫ്രീമേസൻ' സഭാസംബന്ധമായ. -ry, *n.* പെരിന്തേരിപ്പണി; കെട്ട്, കല്പണി; കെട്ടിടം; 'ഫ്രീമേസൻ' സഭാവ്യവസ്ഥ.

Masque (mask), *n.* പേമുഖം; 2. വേഷനൃത്തം. =quĕr-āde' (-kĕr-ād'), *n.* വേഷക്കൂത്താട്ടം; വേഷനാടകം; ഛന്നവേഷം; കാപട്യജീവനം; വേഷധാരിത്വം; ഒരു വക കതിരക്കൂത്ത്. *v. i.* പേമുഖക്കൂട്ടത്തിൽകൂടുക; വേഷംകെട്ടികൂത്താടുക; വേഷം നടിക്കുക. *v. t.* —മാററുക. =quĕr-ā'-dĕr, *n.* വേഷക്കൂത്ത് കാരൻ; പേമുഖം കെട്ടിയവൻ; വേഷഛന്നൻ.

I. Mass, *n.* 'കുറുബാൻ', 'കുറുവാന' (*Syr.*); 'മീസ', ദിവ്യബലി, തിരുവത്താഴപൂജ (*R. C.*); 2. 'മീസ'പ്പാട്ട് (*R. C.*). high m. പാട്ട് 'കുറുവാന' (*Syr.*). low m. നിത്യ'കുറുവാന'. m.-book പ്രാൎത്ഥനാപുസ്തകം (*R. C.*).

II. Mass, *n.* കട്ട, കട്ടി, പിണ്ഡം; 2. ഉരുള, ഉണ്ട; വട്ട് (*med.*); 3. കൂട്ടം, സഞ്ചയം; തുക; 4. വണ്ണം, വലിപ്പം; 5. മുഖ്യഭാഗം; 6. ഘനം (*ph.*) m.-centre ത്രിഭുജഘനകേന്ദ്രം (*geom.*). m.-copper ചെമ്പയിക്കട്ടി. m.-meeting ബഹുജനസഭ. the m.es സാമാന്യജനം, ഭൂരി—. *v. t.* കട്ടിയാക്കുക; 2. കൂട്ടമായിക്കൂട്ടുക; 3. സംഘംകൂട്ടുക. ='si-ness, ='sive-ness, *n.* വണ്ണം, വലിപ്പം. ='sive, ='sy, *a.* പിണ്ഡം ആയ, കട്ട—; വണ്ണം ഉള്ള, ഭാരം—. ='sive-ly, *ad.* കട്ടിയായി.

Mas'sa-cre (-kĕr), *n.* പെരുങ്കുല, അറുകുല, ജനസംഹാരം. *v. t.* കൂട്ടമായി കൊല്ലുക, സംഹരിക്കുക. =crĕr, *n.* ജനസംഹാരകൻ.

Mas'sāge, *n.* തടവൽ, ഉഴിയൽ, ഉഴിച്ചൽ (*med.*). mas-seur' (-sĕr'), mas-seuse' (-sez'), *a.* തടവുന്നവൻ, ഉഴിച്ചൽകാരൻ.

Mas'se-tĕr, *n.* അരവ് പേശി (*an.*). =tĕr'ic, =tĕr-ine (-in), *a.* അരവ് പേശിസംബന്ധമായ. [ച്ചായം.

Mas'si-cot, *n.* ഈയക്കാറ, ഒരു വക

I. **Mast**, *n.* കായി, അണ്ടി, കരട്ട, കരു (*b.*). -'ful, *a.* കായുള്ള. -less, *a.* കായില്ലാത്ത.

II. **Mast**, *n.* പാമരം, പായ്മരം, (കപ്പലിന്റെ) കൊമ്പ് (*naut.*). m.-head പാമരാഗ്രം; ശിക്ഷക്കായി പാമരാഗ്രത്തിൽ കയററുക. afore the m., before the m. 'കലാശിയായി' (*naut.*). *v. t.* കൊമ്പ് വെക്കുക; —നിൎത്തുക. -'ed, *a.* കൊമ്പുള്ള. ='tĕr, *n.* കൊമ്പൻകപ്പല്, —ഉരു. -'ing, *n.* കൊമ്പ് വെക്കൽ; പായ്മരവിദ്യ. -'less, *a.* കൊമ്പില്ലാത്ത.

**Mas'tĕr**, *n.* യജമാനൻ, ഉടയവൻ, മുതലാളി; 2. രാജാവ്, തമ്പുരാൻ; ജന്മി; 3. വീട്ടപ്പൻ, ഗൃഹസ്ഥൻ; കാരണവര്; 4. പ്രധാനഗുരുനാഥൻ; 5. ഗുരു—, ഉപാദ്ധ്യായൻ, ആശാൻ (*S.*), ഗുരുക്കള്; 6. തലവൻ; 7. വിരുന്ന് വാഴി; 8. ഉടമ, ഉടമക്കാരൻ; 9. (ഭൃത)സേവക്കാരൻ; 10. പ്രവീണൻ, വിദഗ്ധൻ; 11. (Mister, *contr.* Mr.) (പുരുഷോപചാരപദം) അവൎകള്, രാ. രാ. ശ്രീ, എന്നവര്; 12. ആണ്കുട്ടി, യുവാവ്, ചെറുപ്പക്കാരൻ; 13. കപ്പൽപ്രമാണി, 'തണ്ടേലൻ', 'മാല്മി', 'കപ്പിത്താൻ' (*naut.*); 14. തലവൻ, നാഥൻ; 15. (സൎവ്വകലാശാലയിലെ ഒര് പദവി) മഹോപാദ്ധ്യായൻ, ഗുരു. m.-attendant തുറമുഖപ്രമാണി. m.-builder പെരിന്തേരി 'മേസ്ത്രി'. m.-carpenter മൂത്താശാരി. m.-hand സമൎത്ഥൻ. m.-key പൊതുതാക്കോല്; —സൂത്രം. m.-mariner 'മാലുമിക്കലാശി'. m.-passion വ്യസനം, ഭ്രമം. m.-piece, m.-work ഉത്തമപ്രവൃത്തി, മഹൽകൎമ്മം; വിശിഷ്ടകൃതി. m.-smith പെരുന്തട്ടാൻ; പെരുങ്കൊല്ലൻ. m.-stroke കൊണ്ടകൈ, മിടുക്ക്, പററിയ വിദ്യ. m.-tailor പെരുവണ്ണാൻ; തുന്നൽ'മേസ്ത്രി'. m.-touch ജാണത്വം, സാമൎത്ഥ്യം. m.-workman 'മേസ്ത്രി', മൂപ്പൻ. m. in chancery ഉപന്യായാധിപതി. m. in surgery (C. M.) ശസ്ത്രവൈദ്യമഹോപാദ്ധ്യായൻ. m. of arts (M. A., A. M.) വിദ്യാഗുരു, —മഹോപാദ്ധ്യായൻ. m. of engineering (M. E., M. C. E.) ശില്പശാസ്ത്ര—. m. of laws (M. L., LL. M.) ധൎമ്മശാസ്ത്ര—. m. of the horse രാജാശ്വപതി. m. of the rolls രാജരേഖാപതി. the old m.s പുരാതനശില്പശാസ്ത്രജ്ഞന്മാര്. to be m. of one's self തന്റേടം ഉണ്ടാക; ജിതേന്ദ്രിയത്വം—. to be one's own m. ഇച്ഛാസ്വാതന്ത്ര്യം—, സ്വയംകൎത്തൃത്വം—. *v. t.* യജമാനനായിരിക്ക; ഭരിക്കുക; അധീനമാക്കുക, കീഴടക്കുക; 2. പഠിക്കുക, അഭ്യസിക്കുക; 3. നിപുണനായിരിക്ക. -dŏm, -ship, *n.* യജമാനത്വം; അധികാരം. -ful, *a.* കൎത്തൃത്വം ഭാവിക്കുന്ന, അധികാരനാട്യം ഉള്ള; സാമൎത്ഥ്യം—. -ful-ly, *ad.* അഹന്തയോടെ. -hood, *n.* യജമാനത്വം; അധികാരാഹന്ത. -less, *a.* ഉടമ ഇല്ലാത്ത; ഗുരു—; അനാഥമായ; അടങ്ങാത്ത. -less-ness, *n.* ഉടമയില്ലായ്മ; അനധീനത. -li-ness, *n.* വൈദഗ്ദ്ധ്യം; ഭരണശക്തി. -ly, *a.* സാമൎത്ഥ്യം ഉള്ള, ചമത്കാരം—; അധികാരാഹന്ത—. *ad.* പടുത്വത്തോടെ. -y, *n.* കൎത്തൃത്വം; ശ്രേഷ്ഠത; ജയം; മുമ്പ്; അഭ്യസിക്കൽ, പരിജ്ഞാനം.

**Mas'tic, Mas'tich** (-tik), *n.* ഒര് വക പശ; 3. —കുന്തുരുക്കം.

**Mas'ti-cāte**, *v. t.* (പല്ല് കൊണ്ട്) അരക്കുക, ചവക്കുക. =ca-ble, *a.* ചവെക്കാകുന്ന. =cā'dor, =gā'dor, *n.* കടിവാളം. =cā-tĕr, =cā-tŏr, *n.* ചവെക്കുന്നവൻ. =cā'tiŏn, *n.* ചവക്കൽ, അമുക്കൽ. =cā-tŏr-y, *a.* ചവെക്കുന്ന; ചവെപ്പാൻ ഉതകുന്ന. *n.* ചവെക്കുന്ന മരുന്ന് (*med.*).

**Mas'tiff**, *n.* ഒര് വക വലിയ നായ്, ചോണങ്കി— (*z.*).

**Mas-ti'tis**, *n.* മുലത്താര, മുലക്കുരു [(*med.*).

**Mas'tō-don**, *n.* പ്രാചീനമഹാഗജം (*z.*). =don'tic, *a.* മഹാഗജതുല്യമായ; മഹാ, പെരു.

**Mas-tō-dyn'i-a**, =tō-dyn'y, *n.* മുലകടച്ചല് (*med.*).

**Mas-tol'o-ġy**, *n.* സസ്തനപ്രാണിശാ [സ്ത്രം.

**Mas-tur-bā'tiŏn**, *n.* സ്വയഭോഗം.

I. **Mat, Matt,** *n.* ഒരു വക നല്ല വെള്ളോട്.

II. **Mat,** *n.* പായ്; തടുക്ക്; 2. മിടച്ചൽ പണി; 3. വല്ലിക്കെട്ട്. *v. t.* പായ് ഇടുക, —വിരിക്കുക; 2. മിടയുക. *v. i.* പിണെയുക. **-'ted,** *a.* പായിവിരിച്ച; ജടകെട്ടിയ. **-'ting,** *n.* മിടച്ചല്; പായി; മിടച്ചൽ പണി; കര.

**Mat'a-chin,** *n.* പലിശത്തട്ട്, വാളുമ്പലിശക്കളി.

**Mat'a-dōre, =dor,** *n.* നന്ദിഹന്താവ്; [ഘാതകൻ.

I. **Match** (mach), *n.* തീക്കുച്ച്, തീപ്പെട്ട്; 2. വെടിത്തിരി. **m.-box** തീപ്പെട്ടി. **m.-lock** തിരിത്തോക്ക്. **m.-making** തീപ്പെട്ടിപ്പണി. **quick-m.** ചട്ടിപ്പീരങ്കിത്തിരി. **slow-m.** പീരങ്കിത്തിരി.

II. **Match** (mach), *n.* ഇണ, ഉത്തി, കൂച്ച്; ഈട്, തുല്യൻ; ചങ്ങാതി; 2. പോരാട്ടം, പന്തയം; 3. വിവാഹം; 4. ഉടമ്പടി; 5. വിവാഹാൎത്ഥി; വിവാഹപ്പെണ്ണ്, വിവാഹച്ചെറുക്കൻ; 6. കിട (*S.*), തുല്യത; 7. യോജിപ്പ്, ചേൎച്ച. **m.-boarding** പകരം കൊത്തിയ പലക (*carp.*). **m.-game** പന്തയക്കളി. **m.-maker** വിവാഹ പ്രവൎത്തകൻ. **m.-making** —പ്രവൎത്തനം. *v. t.* ഇണ ആയിരിക്കുക, കൂച്ച്—; 2. ഒരു കൈ നോക്കുവാൻ കഴിവുണ്ടാക; 3. തുല്യം ആയിരിക്കുക, ഈട്—; 4. കൂച്ചാക്കുക, തുല്യബലത്താൽ എതിൎക്കുക; ചെറുത്തുനില്ക്കുക; 5. അനുരൂപം ആക്കുക, യോജിപ്പ്—; 6. ജോട്—, തരമൊപ്പിക്കുക; 7. വിവാഹം കഴിപ്പിക്കുക; പെണ്ണുകൊടുക്കുക; 8. പകരം കൊത്തുക, ഇണെക്കുക (*carp.*). *v. i.* വിവാഹം ചെയ്യുക; ഇണ ആയിരിക്കുക; 2. തുല്യം—, അനുരൂപം—; ഒക്കുക; പററുക. **-'a-ble,** *a.* കൂച്ച് ആക്കാകുന്ന, തുല്യം—; ചേൎച്ചയുള്ള; അനുരൂപമായ. **-'a-ble-ness,** *n.* യോജിപ്പ്. **-'ėr,** *n.* പററിയവൻ; പററിയത്. **-'less,** *a.* അതുല്യമായ. **-'less-ly,** *ad.* നിസ്തുലമായി. **-'less-ness,** *n.* അതുല്യത.

I. **Māte,** *n.* അടിയറവ്. *v. t.* അടിയറവാക്കുക; നിൎത്തുക. **check-m.** *s. u.* **check.**

II. **Māte,** *n.* കൂട്ടാളി, ചങ്ങാതി, തുണയാളി; 2. ഭൎത്താവ്, ഭാൎയ്യ; ഇണ; 3. കൂച്ച്, തുല്യൻ; 4. (കച്ചവടക്കപ്പലിൽ) രണ്ടാമത്തെ ഉദ്യോഗസ്ഥൻ, ഉപ'മാല്മി'; (യുദ്ധക്കപ്പലിൽ) സഹായി, കീഴുദ്യോഗസ്ഥൻ. *v. t.* സംബന്ധം ചെയ്യിക്കുക, വിവാഹം ചെയ്യുക; 2. ചെറുത്തുനില്ക്കുക, എതിൎക്കുക. *v. i.* ഇണ ആയിരിക്കുക; —ചേരുക. **-'less,** *a.* അതുല്യമായ; ഇണ ഇല്ലാത്ത; തുണ—.

III. **Mä'te** (mä'tā), *n.* ഒരു വക ചായ (*b.*).

**Mat'e-lōte,** *n.* മത്സ്യാഹാരം.

**Mā-te-ol'o-gy,** *n.* നിരൎത്ഥകപരിശോധന; നിഷ്പ്രയോജനപ്രസംഗം.

***Mā'tėr,*** *n.* അമ്മ, മാതാവ്. ***al'ma-m.*** പോററമ്മ; വിദ്യാശാല. ***du'ra-m., pi'a-m.*** മസ്തിഷ്കചൎമ്മം (*an.*). **-'nal,** *a.* മാതൃസംബന്ധമായ, മാതൃ. **-nal-ly,** *ad.* അമ്മയെ പോലെ. **=tėr'ni-ty,** *n.* മാതൃനില; —സംബന്ധം; —ഗുണം.

***Ma-tē'ri-a med'i-ca,*** *n.* വൈദ്യശാസ്ത്രം, ഗുണപാഠം.

**Ma-tē'ri-al,** *a.* പഞ്ചഭൂതാത്മകം ആയ, ജഡപദാൎത്ഥം—; 2. ജഡികം—, അനാത്മികം—, പ്രാപഞ്ചികം—; 3. പ്രകൃതിയിലുള്ള; 4. ശരീര സംബന്ധം ആയ; 5. ഘനം—, മുഖ്യം—, സാരം—; 6. വാസ്തവികം—, സാധനസംബന്ധം— (*log.*). **m. cause** ഉപാധികാരണം. **m. evidence** കാൎയ്യമായ തെളിവ് (*l.*). *n.* സാധനം, വസ്തു; 2. ഉപകരണം, സാമഗ്രി; 3. കോപ്പ്, പണ്ടം. **raw m.** ഉല്പന്നം, ഉല്പന്നസാധനം. **-ism,** *n.* അനാത്മവാദം, പ്രപഞ്ചാത്മ—, നിരീശ്വരവാദ—; ജഡഭാവം, പ്രപഞ്ചാനുരാഗം. **-ist,** *n.* അനാത്മവാദി, ദേഹാത്മ—, ചാൎവ്വാകൻ; പ്രപഞ്ചാസ്തിത്വവാദി. **-is'tic, -is'ti-cal,** *a.* അനാത്മവാദസംബന്ധമായ. **=al'i-ty,** *n.* പഞ്ചഭൂതാത്മകത്വം; പ്രപഞ്ചാസ്തിത്വം; ദേഹാസ്തിത്വം; പ്രാമുഖ്യത. **-i-sā'tiŏn, -i-zā'tiŏn,** *n.* ഇന്ദ്രിയഗോചരത്വം; പഞ്ചഭൂതാത്മകത്വ സങ്കല്പനം. **-īse, -īze,** *v. t.* പഞ്ചഭൂതാത്മകത്വം സങ്കല്പിക്കുക; ഇന്ദ്രിയഗോചരമാക്കുക; സാധനങ്ങളാൽ

തെളിയിക്കുക; ജഡപദാൎത്ഥമായി വിചാരിക്കുക; ജഡരൂപം സങ്കല്പിക്കുക; പ്രപഞ്ചാനുരാഗം കാട്ടുക; പ്രത്യക്ഷം ആക്കുക, ശരീരി—. *v. i.* രൂപം ധരിക്കുക. -ly, *ad.* ജഡമായി; സ്വഭാവേന, തന്നിൽ തന്നെ, സാക്ഷാൽ; മുഖ്യമായി, സാരമായി. -ness, *n.* പഞ്ചഭൂതാത്മകത്വം. ma-tē'ri-el, *n.* സാഹിത്യം; പടക്കോപ്പ്.

Ma-tĕr'nal, *a.*, *s. u.* Mater.

Math-e-mat'ics, *n. pl.* ഗണിതവിദ്യ, ഗണനശാസ്ത്രം, കണക്ക്. pure m. സംഖ്യാഗണനശാസ്ത്രം. mixed m. സാധനഗണന—. =mat'ic, =mat'i-cal, *a.* ഗണിതശാസ്ത്രസംബന്ധം ആയ; ഗണിതശാസ്ത്രാനുസാരം—; കൃത്യം—. =mat'i-cal-ly, *ad.* ഗണിതശാസ്ത്രപ്രകാരം. =ma-ti'cian (-tish'an), *n.* —ശാസ്ത്രി.

Math'e-sis, *n.* വിദ്യ, അറിവ്; 2. ഗണിതവിദ്യ.

I. Mat'in, *n.* ഒരുവക നായ് (*z.*).

II. Mat'in, *n.* പ്രഭാതം; 2. *pl.* ഉഷഃപ്രാൎത്ഥന, —കീൎത്തനം, സന്ധ്യാവന്ദനം; 3. പ്രഭാതപ്രാൎത്ഥനാസമയം. mat'in, mat'i-nal, *a.* പ്രഭാതസംബന്ധമായ; രാവിലെയുള്ള; പ്രഭാതനമസ്കാരസംബന്ധമായ. =i-nee (-nā), *n.* പകൽനാടകം. mat-ū-tī'nal, =tū-tī'nar-y, mat'-ū-tīne, *a.* പുലൎകാലെ ഉള്ള, നേരത്തെ—.

Mat'rass, *n.* വാററ്കുപ്പി.

Mat'ress, *n.*, *see* Mattress.

Mat'ri-ärch (-ärk), *n.* കുഡുംബവാഴിയമ്മ; 2. മരുമക്കത്തായ (പ്രകാരമുള്ള) നാട്ടുവാഴി. =ärch'al, *a.* മാതൃവാഴിക്കുള്ള; മാതൃവാഴികോയ്മയുള്ള. =ärch'āte, *n.* മാതൃവാഴികോയ്മ, മാതൃവാഴ്ച.

Mā'trice, *n.*, *see* Matrix.

Mat'ri-cīde, *n.* മാതൃഹന്താവ്; 2. മാതൃഹത്യ. =cī'dal, *a.* മാതൃഹത്യയായ, —സംബന്ധിച്ച.

Ma-tric'ū-lāte, *v. t.* പട്ടികയിൽ പതിക്കുക; 2. സഭാംഗമാക്കുക, സംഘത്തിൽ ചേൎക്കുക; 3. വിദ്യാശാലയിൽ ചേൎക്കുക, സൎവ്വകലാശാലയിൽ—. *v. i.* സഭാംഗമായ്ചിരുക; 2. വിദ്യാശാലാപ്രവേശനപ്പരീക്ഷ ജയിക്കുക. *a.* പ്രവേശനപ്പരീക്ഷ ജയിച്ച. *n.* —ജയിച്ചവൻ, 'മെറ്റ്രിക്കുലേഷൻ' പരീക്ഷ—. =lā'tiŏn, *n.* പ്രവേശം, പ്രവിഷ്ടസ്ഥിതി. m.n examination സൎവ്വകലാശാലാപ്രവേശനപ്പരീക്ഷ, 'മെറ്റ്രിക്കുലേഷൻ' പരീക്ഷ.

Mat'ri-mon-y, *n.* വിവാഹം, വേളി, കല്യാണം, മംഗലം; ദാമ്പത്യം; 2. ഒരുവക ശീട്ടുകളി. =mō'ni-al, =mō'ni-ŏus, *a.* വിവാഹസംബന്ധമായ; ദാമ്പത്യ. =mō'ni-al-ly, *ad.* വിവാഹസംബന്ധമായി.

Mā'trix, Mā'trice, *n.* (*pl.* mā'tri-cēs) ഗൎഭാശയം, ഗൎഭപാത്രം, ഗ്രന്ഥി (*an.*); 2. മൂലം, ഉത്ഭവസ്ഥാനം; 3. അക്ഷരാച്ച്; 4. *pl.* കറുപ്പ് വെളുപ്പ് ചുവപ്പ് നീല മഞ്ഞ എന്ന പഞ്ചവൎണ്ണങ്ങൾ; 5. നിൎജ്ജീവമാംസാംശം.

Mā'tron, *n.* ഗൃഹിണി; ഭാൎയ്യ; വിധവ; തള്ള; അമ്മച്ചി (*N.*); മൂപ്പത്തി; കിഴവി; 2. ഗൃഹപരിപാലകാ; ശാലാമാതാവ്; രോഗപരിപാലകാനായകി. jury of m.s ഗൎഭപരിശോധനപഞ്ചായം (*l.*). -āġe, *n.* ഗൃഹിണിത്വം; ഗൃഹിണിവൎഗ്ഗം. -al, *a.* ഗൃഹസ്ഥക്കുള്ള; മാതൃ; ഗൌരവമായ. -hood, *n.* മാതൃനില. -īse, -īze, *v. t.* ഗൃഹിണിയാക്കുക; പരിപാലിക്കുക, ശുശ്രൂഷിക്കുക. -līke, *a.* ഗൌരവമുള്ള. -ly, *a.* പ്രായംചെന്ന, മൂപ്പുള്ള, ഘനശാലിനിയായ.

Mat-rō-nym'ic, *n.*, *see* Metronymic.

Mat'ted, *a.*, *s. u.* Mat.

Mat'tĕr, *n.* സാധനം, പണ്ടം, വസ്തു; 2. സത്ത, സത്വം; 3. മൂൎത്തി; 4. പദാൎത്ഥം, ജഡപദാൎത്ഥം; 5. കാൎയ്യം, വിഷയം, സംഗതി; 6. വിശേഷം, സാരം; 7. കാരണം; 8. വിഷമം; 9. ഭാഗം; 10. ദൂരം; 11. നേരം; 12. എണ്ണം; 13. ചലം (*med.*); 14. തത്വം (*met.*); 15. എഴുത്ത്പകൎപ്പ് (*print.*). dead m. പതിപ്പ്കഴിഞ്ഞ ആണിയക്ഷരക്കൂട്ടം (*print.*). live m. പതിപ്പിന്നൊരുക്കിയ— (*print.*). m. in bar തീൎച്ചയായ പ്രതിവാദം (*l.*). m. of

fact വസ്തുത, കാൎയ്യം; കാൎയ്യനോട്ടമുള്ള; ഭാവചേഷ്ടയററ; സാധാരണമായ; രസമററ. m. of record രേഖ. no matter കാൎയ്യമല്ല, സാരമല്ല, ഏതുമില്ല; തരക്കേടില്ല, വേണ്ടതില്ല. upon the m., upon the whole m. ആകപ്പാടെ. *v. i.* മുഖ്യം ആയിരിക്കുക, സാരം—, കാൎയ്യം—; 2. ചലംവെക്കുക, ചലയിക്കുക, പഴുക്കുക (*med.*). -less, *a.* ജഡികമല്ലാത്ത. -y, *a.* ചലമുള്ള (*med.*); മുഖ്യം ആയ, സാരം—; കാൎയ്യപുഷ്ടിയുള്ള.

Mat′tock, *n.* ഒരുവക കൈക്കോട്ട്, 'പിക്കം'; കുന്താലി (*S.*).

Mat′tress, Mat′ress, *n.* മെത്ത, കോസടി, കിടക്ക, ശയ്യ.

Ma-tūre′, *a.* പാകം ആയ, പക്വം—, പഴുത്ത, മൂപ്പ് എത്തിയ; 2. പ്രായം—, തികഞ്ഞ, കാലംആയ; 3. ധാരാളം—, തക്ക; 4. പൂൎത്തി ആയ, ഒരുക്കം—; 5. മദ്ധ്യപ്രായം—, പ്രായംചെന്ന; 6. പഴുപ്പെത്തിയ, ചലംവെച്ച (*med.*). *v. t.* പാകമാക്കുക, മൂപ്പിക്കുക, പഴുപ്പിക്കുക; 2. പൂൎത്തിയാക്കുക. *v. i.* പാകംവരിക, പഴുക്കുക; 2. (ഉണ്ടിക) അവധി എത്തുക (*com.*). =rant, =ra-tive, *n.* പഴുപ്പിക്കുന്ന മരുന്ന് (*med.*). =rāte, *v. t.* മൂപ്പിക്കുക, പക്വമാക്കുക; പഴുപ്പിക്കുക (*med.*). *v. i.* പാകമാക, മൂക്കുക; ചലയിക്കുക (*med.*). =rā′tiŏn, *n.* പാകമാക്കൽ; ചലംവെക്കൽ, പഴുക്കൽ (*med.*). =ra-tive, *a.* പാകമാക്കുന്ന; പഴുപ്പ് വരുത്തുന്ന (*med.*). -ly, *ad.* പാകത്തിൽ; പൂൎണ്ണമായി; സൂക്ഷ്മതയോടെ, ധാരാളം ആലോചിച്ചിട്ട്; വേഗം, കാലത്തെ. -ness, =tū′ri-ty, *n.* പക്വത, മൂപ്പ്, പരുവം (*S.*), പ്രായം; തികവ്, സമ്പൂൎത്തി; അവധി (*com.*). to come to m.y, to arrive at m.y ഋതുവാക. =tū′rĕr, *n.* പക്വമാക്കുന്നവൻ. =res′cent, =tū′riṅg, *a.* മൂപ്പായ്ക്കൊണ്ട് വരുന്ന. [ല്ലാത്ത അപ്പം.

Matz′ōth, *n.* (യൂദന്മാരുടെ) പുളിപ്പി

Maud (mad), *n.* ഒരുവക 'സാലപാ'.

Maud′lin (mad′lin), *a.* കണ്ണുനീരൊഴുകുന്ന; വേഗം കരച്ചല് വരുന്ന; കരയിപ്പിക്കുന്ന; മനോബലമില്ലാത്ത; തൊട്ടാച്ചിനിങ്ങി ആയ; 2. ലഹരി—, കടിയൻ—; വെറിയുള്ള. -is̈m, *n.* ഇളമനസ്സ്; അമല്.

Mau′gĕr, Mau′gre (ma′gĕr), *prep.* എങ്കിലും, എന്ന് വരികിലും, എന്നിട്ടും, എന്നാലും; എന്തൊക്കയായിട്ടും, എന്ത് പറഞ്ഞാലും, —ആയാലും; കൂട്ടാക്കാതെ, എതിരെ. [2. മുയല് (*z.*).

Mau′kin (ma′kin), *n.*, *see* Malkin;

I. Maul (mal), *n.*, *see* Mall.

II. Maul (mal), *v. t.* അടിച്ച് ചതെക്കുക, കുത്തിച്ചീയിക്കുക; പരുക്കേല്പിക്കുക; 2. ഉടവ് വരുത്തുക, ഹാനി—. -′iṅg, *n.* അടി, കുത്ത്; പ്രഹരം.

Maul-stick, *n.* ചിത്രക്കാരുടെ കയ്യൂന്ന്. [തുലാം.

I. Maund (mand), *n.* ഒരു തൂക്കം, മന്ന്,

II. Maund (mand), Maun′dĕr (man′-), *v. i.* നൊടിയുക, പിറുപിറുക്കുക, ജല്പിക്കുക, മുറുമുറുക്കുക (*S.*). maun′dĕr, *v. t.* പിറുപിറുക്കുക, നൊടിയുക. -ĕr, *n.* നൊടിച്ചൽകാരൻ.

Maun′dy Thurs̈′dāy (man′di-), *n.* തിരുവ്യാഴാഴ്ച, ദുഃഖ— (*chr.*).

Mau-sō-lē′um, *n.* വിചിത്ര ശവക്കല്ലറ, മൃതസ്മാരകമണ്ഡപം. =lē′an, *a.* പ്രേതമണ്ഡപസംബന്ധം ആയ; സ്മാരകാൎത്ഥം—.

Mauve (mōv), *n.* ഒരുവക ഇളധൂമ്രവൎണ്ണം; —ഇളനീല—. mauv′īne (mōv′ēn), *a.* ഇളധൂമ്രവൎണ്ണമുള്ള.

Maw (ma), *n.* ഇരസഞ്ചി, മൃഗത്തിൻ പണ്ടം, പള്ള, ആമാശയം; പൊട്ടി. m.-worm വയററിലെ ഇര (*z.*).

Mawk′ish (mak′-), *a.* മട്ടപ്പ് വരുത്തുന്ന, അറെപ്പായ; മനംപിരട്ടുന്ന (*N.*); 2. വെറുതിയുള്ള. -ly, *ad.* അറപ്പായി. -ness, *n.* വിരക്തി, ഓക്കാനം; വെറുതി.

Maw′sēed (ma′sēd), *n.* 'കസ്കസ്', അഫീൻചെടിവിത്ത് (*b.*)

Max-il′la, *n.*, (*pl.* max-il′læ) താടിയെല്ല്; ഗണ്ഡാസ്ഥി, അണ്ണാക്കെല്ല് (*an.*). =′il-lar, =lar-y, *a.* അണ്ണാക്കെല്ല് സംബ

ഡം ആയ. =il'li-form, *a.* ഗണ്ഡാസ്ഥിതുല്യം—.

Max'im, *n.* സിദ്ധാന്തം, പ്രമാണം, ചൊല്ല്, മൊഴി, സുഭാഷിതം, പഴഞ്ചൊല്ല്, പഴമൊഴി; സൂത്രം.

Max'i-mum, *n.*, (*pl.* max'i-ma) മഹത്തമം, മഹത്സംഖ്യ, അധികാളവ്, അധികരിച്ച എണ്ണം, അഗ്രപരിമാണം; എത്ര ഉണ്ടാകാമോ അത്ര. *a.* അധികം ആയ, മഹത്തമം—.

I. Māy (mā), *a. v. ir.* (mīght, mīght *pr.* mīt) അനുവാദം ഉണ്ടാക, സമ്മതം—, ആം: m. come വരാം; m. I say a few words ചില വാക്ക് പറവാൻ എനിക്ക് അനുവാദം തന്നാൽ കൊള്ളായിരുന്നു; how old m. she be അവൾക്ക് എത്ര പ്രായം ഉണ്ടായിരിക്കും; 2. കഴിയുക, പാട്ടുണ്ടാക: you m. be no longer a clerk നീ ഇനി ഗുമസ്താവായിരിപ്പാൻ പാട്ടുള്ളതല്ല; 3. ഇടയുണ്ടാക, സംഗതിവരിക: he m. advance some maxims അവൻ ചില പ്രമാണം പറഞ്ഞെന്ന് വരാം (പറഞ്ഞേക്കാം); it m. rain മഴ പെയ്യാനം മതി; 4. ആക, ആയിരിക്കുക, ആയിരിക്കട്ടെ: m. you live happily നിങ്ങൾ സൌഭാഗ്യമായിരിപ്പിൻ; m. he prosper അവൻ നന്നായിരിക്കട്ടെ; m. she succeed അവള് വിചാരിച്ചത് സാധിക്കട്ടെ; m. you be happy നിണക്ക് മംഗലം ഭവിപ്പൂതാക. m. be, it m. be, m.-hap പക്ഷെ, ഒരു സമയം.

II. May, *n.* അഞ്ചാമത്തെ മാസം, 'മേയി'; ഇടവം മിഥുനം; വൈശാഖം ജ്യേഷ്ഠം; 2. യൌവനം; 3. *pl.* ഒരു പുഷ്പം (*b.*); 4. 'മേയി'മാസോത്സവം. M.-bloom, M.-bush, M.-flower, M.-thorn ഒരു വക പുൽച്ചെടി (*b.*). M.-day 'മേയി' ഒന്നാം തിയ്യതിയത്തെ ഉല്ലാസോത്സവം. M.-game —കളി. M.-lady, M.-queen —ഉല്ലാസരാജ്ഞി. M.-morn ഊക്ക്, ആരോഗ്യം. M.-pole ഉല്ലാസക്കൊടിമരം. -'ing, *n.* ഉല്ലാസഘോഷം. [(*l.*).

Māy'hem, *n.* അംഗഭംഗം വരുത്തൽ

Māy'ŏr (mā'ĕr), *n.* നഗരാദ്ധ്യൻ, നഗരപ്രമാണി, —മുഖ്യസ്ഥൻ. -al-ty, *n.* നഗരാദ്ധ്യത്വം, നഗരാധികാരകാലം. -ess, *n.* നഗരമുഖ്യന്റെ ഭാൎയ്യ. -ship, *n.* നഗരാധികാരസ്ഥാനം.

Māy'ŏr-al, *n.* കഴതമൂപ്പൻ; 2. ഇടയതലവൻ. [മലയാട് (*z.*).

Ma-zä'ma, Ma-zä'mē, *n.* ഒരു വക

Maz-a-rīne' (-rēn'), *n.* കട്ടനീലവൎണ്ണം. m. blue കരിനീല—.

Māze, *n.* മായാവിചാരം; 2. സംഭ്രമം, സംശയം; മനഃകലക്കം; 3. ദിഗ്ഭ്രമം, ദിക്കടെപ്പ് (*S.*); ഭ്രമണമാൎഗ്ഗം; രാവണങ്കോട്ട; കട്ടക്ക് വഴി. *v. t.* പരിഭ്രമിപ്പിക്കുക, അമ്പരപ്പിക്കുക. mā'zi-ly, *ad.* കുഴപ്പമായി, വിഷമമായി. mā'zi-ness, *n.* കുഴക്ക്, വൈഷമ്യം. mā'zy, *a.* തിരിപ്പും മറിപ്പും ഉള്ള, കൃത്രിമമായ; വിഷമമുള്ള; ചഞ്ചലം വരുത്തുന്ന.

Ma-zol'o-ġy, *n.* സസ്തനപ്രാണിശാസ്ത്രം. [മെ, ഇങ്ങ്.

Mē, *pron.* എന്നെ, മാം; 2. എനിക്ക്,

Mēach (mēch), *v. i.* ഒഴിഞ്ഞുകളയുക, മാറിക്കളയുക; 2. പേടിച്ച് മിറുകുക.

I. Mēad (mēd), *n.* മധുപാനകം; 2. സുഖ— (*U. S.*).

II. Mēad (mēd), Med'ōw (med'ō), *n.* മേച്ചൽസ്ഥലം, പുൽമാലി, പുല്പറമ്പ്, മൈതാനം; മററം (*S.*), പുൽതകിടി (*S.*). *a.* പുല്പറംസംബന്ധിച്ച. -y, *a.* പുല്പറമ്പായ; മൈതാനം പോലെയുള്ള.

Mēa'gĕr, Mēa'gre (mē'gĕr), *a.* ശുഷ്കിച്ച, മെലിഞ്ഞ; 2. ദാരിദ്ര്യമുള്ള, കുറഞ്ഞ; ഇല്ലാത്ത; 3. തരിശായ, ഫലപുഷ്ടി ഇല്ലാത്ത, വളം—; 4. പരുപരുപ്പായ (*min.*). -ly, *ad.* കുറവായി. -ness, *n.* മെലിച്ചല്, പുഷ്ടിയില്ലായ്മ; കുറവ്; ദാരിദ്ര്യം, പഞ്ചം, ഇല്ലായ്മ.

Mēal (mēl), *n.* ഖണ്ഡം, അംശം: piece-m. കക്ഷണം കക്ഷണം ആയി; 2. ഊണ്, ഭക്ഷണം, അഷ്ടി; ഊണ് സമയം; 3. ധാന്യപ്പൊടി, ധാന്യനുറുക്ക്; മാവ്, പിട്ട്. m.-beetle, m.-moth അരികൊത്തൻ.

m.-worm അരിപ്പുഴ. m.-mouthed, mealy-mouthed ചക്കരവാക്ക് പറയുന്ന, തക്കിടി—; നേര് പറയാത്ത. m.-time ഊണ് കാലം. *v. t.* പൊടിവിതറുക; 2. പൊടിക്കുക, പൊടിയാക്കുക. mēal'ies (mēl'iz), *n., pl.* ചോളം (*b.*). -'i-ness, *n.* മൃദുത്വം, പതുപ്പ് (*S.*). -'y, *a.* പൊടി ആയ; —പോലെ ഉള്ള; മൃദുത്വം—; പൊടിയുന്ന; പൊടി ഉള്ള; —വിതറിയ. m.y-mouthedness വായ്ത്തക്കിടി.

I. Mēan (mēn), *v. t. ir.* (meant, meant, *pr.* ment) ഭാവിക്കുക, വിചാരിക്കുക, പോക; 2. സൂചിപ്പിക്കുക, അൎത്ഥം ഭാവിക്കുക; സാരം ആക, താല്പൎയ്യം—, ഉദ്ദേശം—. *v. i.* ഭാവിക്കുക, വിചാരിക്കുക. -'ing, *n.* വിചാരം, ഭാവം, അഭിപ്രായം, ഉദ്ദേശം, താല്പൎയ്യം; അൎത്ഥം, പൊരുള്, സാരം; ബുദ്ധി, വിചാരശക്തി. -'ing-less, *n.* നിരൎത്ഥമായ. -'ing-ly, *ad.* സാരംവെച്ച്; ഭാവത്തോടെ, അൎത്ഥത്തിൽ.

II. Mēan (mēn), *a.* താണ, സാധാരണം ആയ; 2. നീചം—, അധമം—; 3. ഹീനം—, നിസ്സാരം—, നിന്ദ്യം—; 4. പട്ടതരം—; 5. ഈററയുള്ള. m.-spirited നീചഭാവമുള്ള. m.-spiritedness നീചത്വം. -'ly, *ad.* അരിഷ്ടമായി, അധമമായി; ദാരിദ്ര്യത്തിൽ; ഔദാൎയ്യമില്ലാതെ. -ness, *n.* ഹീനത, അധമത്വം, ആഭാസത്വം; കൃപണത്വം; നിൎമ്മൎയ്യാദം.

III. Mēan (mēn), *a.* നടുവിലുള്ള, മദ്ധ്യസ്ഥം ആയ; 2. നടുത്തരം—, മദ്ധ്യമം—; 3. ശരാശരി—(*math.*). m.-time കൃത്യസമയം. m.-time, m.-while തന്മദ്ധ്യം, അന്തരം, ഇട; അതിന്നിടയിൽ, തന്മദ്ധ്യേ. *n.* നടു, മദ്ധ്യം; 2. മദ്ധ്യമത്വം; 3. മിതത്വം; 4. അടക്കം; 5. ശരാശരിസംഖ്യ (*math.*); 6. *pl.* ഉപായം, മാൎഗ്ഗം, സാഹിത്യം, കാരണം, മുഖാന്തരം; 7. *pl.* വക, ആസ്തി, മുതല്. by all m.s നിശ്ചയമായി, തീൎച്ചയായി. by any m.s എങ്ങിനെയെങ്കിലും, വല്ലവിധേനയും. by no m.s, by no manner of m.s അശേഷം അല്ല, കേവലം—, യാതൊന്ന് കൊണ്ടും (ഇല്ല) അല്ല.

Mē-ăn'dĕr, *n.* വളവ്, വളഞ്ഞ വഴി; 2. പിരിച്ചല്, പുളച്ചല്. *v. t.* വളയുക, പുളയുക; പിരിക്കുക. *v. i.* വളവും തിരിവും ഉണ്ടാക. =an'dri-an, =an'drous, =an'dry, *a.* വളവുള്ള; വളയുന്ന.

Mēa'sles (mē'zlz), *n. pl.* കരുവൻ, അഞ്ചാംപനി (*S.*), മണല് (*med.*). mēa'sly, *a.* കരുവനുള്ള.

Meas'ure (mezh'ur), *n.* അളവ്, പ്രമാണം, പരിമാണം; ക്രമം; 2. കോല്; താപ്പ്; കററി; ഇടങ്ങാഴി, പറ; 3. വണ്ണം, വലിപ്പം; 4. മിതം; 5. അതിര്, അവധി; 6. മാത്ര, താളം; 7. വൃത്തം; ഗണം; 8. പെരുക്കം, ഗുണിതം (*ar.*); 9. മാൎഗ്ഗം, ഉപായം, വഴി; 10. അളക്കൽ; 11. *pl.* അട്ടി, നിര (*geol.*). cubic m. കണ്ടിയളവ്, ഘനഫലം. greatest common m., G. C. M. ഉത്തമസാധാരണയളവ്, മഹത്തമ (സാമാന്യ)ഹാരകൻ (*math.*). lineal m., long m. നീളയളവ്, ദീൎഘപ്രമാണം, ദൂരം—. liquid m. ദ്രവക—. square m. ചതുരശ്രാളവ്, ക്ഷേത്രഫലം. to have hard m. കഠിനമായ പെരുമാററം അനുഭവിക്കുക, ഉപദ്രവം—, സങ്കടം—. to take m.s ശ്രമം ചെയ്യുക, ചട്ടവട്ടം—, ഒരുക്കം—. to take one's m. ഒരുവൻെറ അളത്തം എടുക്കുക; ഒരുവനെക്കുറിച്ച് അഭിപ്രായം പറയുക. to tread a m. നൃത്തം ചെയ്യുക. without m. സീമയില്ലാതെ, അനവധിയായി. *v. t.* അളക്കുക; വണ്ണം നോക്കുക, കണക്കെടുക്കുക; വിലമതിക്കുക; 2. കണക്ക് കാട്ടുക; 3. ദൂരം പോക; 4. ക്രമപ്പെടുത്തുക; 5. (out, off) വിഭാഗിച്ച് കൊടുക്കുക, ഓഹരിചെയ്യുക, ഭാഗിക്കുക. to m. swords with one പൊയ്യുക, പൊരുതുക, എതിൎത്ത് നില്ക്കുക. *v. i.* അളക്കുക, അളത്തമെടുക്കുക; 2. അളവിൽ കാണുക; 3. അളവുണ്ടായിരിക്കുക, നീളം കാണുക, വണ്ണം—. ='u-ra-ble, *a.* അളക്കാവുന്ന; പറയത്തക്ക; മിതമായ, ക്ലിപ്തമായ. ='u-ra-ble-ness, *n.* പ്രമാണനീയത്വം. ='u-ra-bly, ='ured (-'urd), *ad.* അളക്കത്തക്കവണ്ണം. *a.* അളവ് പ്രകാരമുള്ള; കൃത്യം ആയ, ഒത്ത; മിതമായ. ='ured-ly, *ad.* കണക്കായി, കൃത്യമായി.

-less, *a.* അളവില്ലാത്ത; അനവധിയായ. -less-ness, *n.* അളവില്ലായ്മ, അതിരില്ലായ്മ. -ment, *n.* അളക്കൽ; അളവ്, പ്രമാണം; വലിപ്പം, വിസ്താരം. =rĕr, *n.* അളക്കുന്നവൻ. ='u-ring, *a.* അളപ്പാനുള്ള; അളക്കുന്ന.

Mēat (mēt), *n.* അന്നം, ആഹാരം, തീൻ, ഭക്ഷ്യം; 2. ഇറച്ചി, മാംസം. m.-offering നിവേദ്യം, ആഹാരകാഴ്ച. sweetm. പലഹാരം, 'മിഠായി', മധുരദ്രവ്യം. to sit at m. ഊണ് കഴിക്കുക, തീൻ തിന്നുക. -'ed, *a.* ഇറച്ചിയുള്ള. -'i-ness, *n.* പുഷ്ടി, മാംസളത്വം. -'less, *a.* ആഹാരമില്ലാത്ത, പട്ടിണിയായ. -'y, *a.* പുഷ്ടിയുള്ള.

Mē-ā'tus, *n.*, *s.* & *pl.* ദ്വാരം, നാളം (*an.*).

Mē-ehan'ie (-kan'ik), *n.* ശില്പി, സൂത്രപ്പണിക്കാരൻ, തൊഴിലാളി, കമ്മാളൻ, തച്ചൻ. =ehan'ie, =i-eal, *a.* ചലനശാസ്ത്രസംബന്ധം ആയ; സൂത്രപ്പണി—, യന്ത്രം സംബന്ധിച്ച; യന്ത്രത്താലുള്ള; വിചാരംകൂടാതെയുള്ള; സ്വതേ നടക്കുന്ന; തഴക്കത്താൽ ഉള്ള; പ്രകൃതിശക്തിയാൽ—; അളന്ന് കണ്ട; സമാറായ, ഏതാനുമായ; പരിചയത്താൽ ഉള്ള; തൊഴിലാളികൾക്ക്—; സാധാരണം ആയ; പട്ടത്തരം—. m.l effect യന്ത്രബലം. m.l engineering യന്ത്രശില്പിവിദ്യ. m.l philosophy യന്ത്രികതത്വശാസ്ത്രം. m.l powers മൂലയന്ത്രങ്ങൾ. m.l solution യന്ത്രികഗണനം (*math.*). =eal-īse, =eal-īze, =īse, =īze, *v.t.* യന്ത്രപ്രവൃത്തിയാക്കുക. =eal-ly, *ad.* നിർവ്വിചാരമായി; തത്തയെപോലെ. =eal-ness, *n.* നിർവ്വിചാരത്വം. =ni'cian, *n.* യന്ത്രശില്പി. =ehan-i-eō-ehem'i-eal, *a.* ചലനരസവാദശാസ്ത്രസംബന്ധമായ. =ehan'ies, *n.* യന്ത്രവിദ്യ, —ശാസ്ത്രം, ശില്പ—; ശക്തി—; സൂത്രാഭ്യാസം. animal m.s പ്രാണിചലനശാസ്ത്രം. applied m.s യന്ത്രനിർമ്മാണ—. meeh'-an-ism, *n.* യന്ത്രം, സൂത്രപ്പണി; യന്ത്രപ്രവൎത്തനം; പരസ്പരചലനയന്ത്രം. meeh'an-ist, *n.* യന്ത്രശില്പി; യന്ത്രശാസ്ത്രജ്ഞൻ. meeh'an-o-graph (-graf), *n.* യന്ത്രപ്പകൎപ്പ്. meeh-an-o-graph'ie, *a.* യന്ത്രശാസ്ത്രസംബന്ധം ആയ; യന്ത്രലിഖിതം—. meeh-an-og'ra-phist (-fist), *n.* യന്ത്രച്ഛാപകൻ. meeh-an-og'ra-phy (-fi), *n.* യന്ത്രച്ഛാപനം. meeh'an-ur-gy, *n.* ചലനയന്ത്രശാസ്ത്രം.

Me-eō'ni-um, *n.* അഫീൻ, 'അവീൻ', കറുപ്പ് (*b.*); 2. (ശിശുക്കളുടെ) മഷ്ഠി (മലം).

Med'al, *n.* സ്മാരകനാണ്യം; 2. വിരുത്മുദ്ര, കീൎത്തി—; വീരചങ്ങല. *v.t.* (*p.t.* med'aled *or* med'alled, *pr. part.* med'al-ing *or* med'al-ling) വീരമുദ്ര കൊടുക്കുക, —വള—. -et, *n.* ചെറുസ്മാരകനാണ്യം, വീരവള. -ist, -list, *n.* വിരുത്മുദ്രകിട്ടിയവൻ, വീരചങ്ങല—; മുദ്രശാസ്ത്രജ്ഞൻ; മുദ്രനിർമ്മാണകൻ. =del'lie, *a.* വിരുത്മുദ്രാസംബന്ധമായ. =dal'liōn (-dal'yun), *n.* മഹാമുദ്ര; കൊത്ത്—. -ur-gy, -lur-gy, *n.* മുദ്രനിർമ്മാണം; നാണ്യമടിപ്പ്.

Med'dle (med'l), *v.i.* കൂടിക്കലരുക; 2. ഉദ്യോഗിക്കുക; 3. (with, in) കയ്യിടുക, തലയിടുക; കയ്യേറുക. to m. and make ആരാന്റെ കാൎയ്യത്തിൽ കയ്യിടുക. med'dlĕr (-lĕr), *n.* വേണ്ടാത്തതിൽ കയ്യിടുന്നവൻ, പരകാൎയ്യാന്വേഷകൻ. -sŏme, med'-dling (-ling), *a.* വേണ്ടാത്തതിൽ പ്രവേശിക്കുന്ന, പരകാൎയ്യാന്വേഷണസ്വഭാവമുള്ള. -sŏme-ness, *n.* പരകാൎയ്യാന്വേഷണം. med'dling-ly, *ad.* അനാവശ്യപ്രവേശമായി.

I. Mē'di-a, *n.*, *pl. of* Medium.

II. Mē'di-a, *n.* (*pl.* mē'di-æ) മൃദു (*gr.*). =al, *a.* മൃദ്വക്ഷരസംബന്ധമായ (*gr.*).

Mē-di-æ'val, Mē-di-ē'val, *a.* (ക്രിസ്ത്വാബ്ദം 5-ാം നൂററാണ്ട് മുതൽ 16-ാം നൂററാണ്ട് വരെയുള്ള) മദ്ധ്യകാലസംബന്ധമായ; —കാലത്തെ. -ism, *n.* മദ്ധ്യകാലസമ്പ്രദായം. -ist, *n.* —സമ്പ്രദായപ്രിയൻ. -ly, *ad.* —വഴക്കപ്രകാരം. =vals, *n. pl.* —നിവാസികൾ.

Mē'di-al, *a.* മദ്ധ്യേ ഉള്ള, നടുവിൽ—; 2. കലമേനി ആയ, ശരാശരി—. =an, *a.* നടുവെ ഉള്ള. m.n line ദേഹത്തിന്നടുവി

ട്ടം (*an.*); ത്രിഭുജകണ്ണം (*geom.*). m.n point ത്രിഭുജകണ്ണുത്രയവിന്ദു (*geom.*).

**Mē-di-as-tī'num,** *n.* വിഭജനചൎമ്മം (*an.*).

**Mē'di-āte,** *a.* മദ്ധ്യേ ഉള്ള, നട്ടുവിൽ—; ഇടയിൽ വരുന്ന; 2. മദ്ധ്യസ്ഥം ആയ; 3. നേരിട്ടല്ലാത്ത, മുഖാന്തരമായ, മുഖേനയുള്ള. *v. i.* നട്ടുവിൽ നില്ക്കുക, ഇടയിൽ ചെല്ലുക, 2. മദ്ധ്യസ്ഥം പറയുക; ചാതിക്കാരം പിടിക്കുക. *v. t.* സന്ധിപ്പിക്കുക, ഇണക്കുക; 2. മുഖേന സാധിപ്പിക്കുക; 3. പകുക്കുക, രണ്ടായി ഭാഗിക്കുക. -ly, *ad.* മുഖാന്തരമായി, മുഖേനയായി, നേരിടാതെ. -ness, *n.* മദ്ധ്യസ്ഥിതി; മദ്ധ്യസ്ഥത്വം; മുഖാന്തരത്വം. =ā'tiŏn, *n.* ഇടപെടൽ; തടസ്ഥം; മാൎഗ്ഗം; മദ്ധ്യസ്ഥം, നട്ടുപറയൽ. =ā-tive, *a.* മദ്ധ്യസ്ഥസംബന്ധമായ. =a-tīse, =a-tīze, *v. t.* മുഖേനചെയ്യുക; കൂട്ടിച്ചേൎക്കുക. =ā-tor, *n.* മദ്ധ്യസ്ഥൻ, നട്ടുവൻ, മൂന്നാമൻ; പക്ഷവാദി. =a-tō'ri-al, =a-tŏr-y, *a.* മദ്ധ്യസ്ഥമായ, മദ്ധ്യസ്ഥസംബന്ധമായ; നട്ടുവൻമുഖേനയുള്ള. -a-tō'ri-al-ly, *ad.* മൂന്നാം കയ്യായി. =ā-tor-ship, *n.* മദ്ധ്യസ്ഥസ്ഥാനം. =ā'tress, =ā'trix, *n.* മദ്ധ്യസ്ഥ.

**Med'i-cal,** *a.* വൈദ്യസംബന്ധമായ; 2. ഔഷധ—; 3. ഔഷധത്തിനുള്ള; മരുന്നായ. m. jurisprudence വ്യവഹാര വൈദ്യശാസ്ത്രം. m. man വൈദ്യൻ, ഭിഷക്ക്. m. profession വൈദ്യം, ചികിത്സ. m. science ആയുൎവ്വേദം, വൈദ്യശാസ്ത്രം. m. treatment ചികിത്സ. =ca-ble, *a*, ഔഷധപ്രയോഗം ചെയ്വാൻ പാട്ടുള്ള, മരുന്ന് കൊട്ടുക്കാവുന്ന; സുഖപ്പെടാകുന്ന, മാറുന്ന. -ly, *ad.* വൈദ്യശാസ്ത്രപ്രകാരം, —ധൎമ്മ—. =ca-ment, *n.* ഔഷധം; കഷായം. =ca-ment'al, *a.* ഔഷധസംബന്ധമായ; —ഗുണമുള്ള. =ca-ment'al-ly, *ad.* മരുന്നായി. =cas-tĕr, *n.* കട്ടക്കവൈദ്യൻ. =cāte, *v. t.* മരുന്ന് ഇട്ടുക, —കൊട്ടുക്കുക; ചികിത്സിക്കുക. =cā-ted, *a.* മരുന്നിട്ട. m.d oil കാച്ചിയ എണ്ണ; കഷായം. m.d spirits മരുന്ന് റാക്ക്. =cā'tion, *n.* മരുന്നിടൽ; ചികിത്സ. =cā-tive, *a.* മരുന്ന് ആയ; —പോലെയുള്ള. =dic'i-nal (-dis'i-), *a.* ചികിത്സക്കുള്ള, മരുന്നായ. m.l waters ഔഷധജലം, ഔഷധഗുണമുള്ള ഉറവ് വെള്ളം. =dic'in-al-ly, *ad.* മരുന്നായി. med'i-cine, *n.* വൈദ്യശാസ്ത്രം, ആയുൎവ്വേദം; മരുന്ന്, ഔഷധം. m.e bag ഉറുക്ക്; മന്ത്രച്ചരട്, രക്ഷ. m.e-man മന്ത്രവാദി. m.e seal കൊത്ത് മുദ. *v. t.* മരുന്ന് കൊട്ടുക്കുക, ചികിത്സിക്കുക. med-i-cō-lē'gal, *a.* വ്യവഹാര വൈദ്യസംബന്ധമായ.

**Mē-di-ē'val,** *etc., s. u.* Mediæval.

**Mē'di-ō-cre** (-ō-kĕr), =ō-cral, *a.* ഇടത്തരം ആയ, നട്ടുത്തരം—, മദ്ധ്യമം—; 2. സാമാന്യം—; 3. അല്പം—. =ō-cre, *n.* ഇടത്തരക്കാരൻ; 2. സന്യാസിയുവാവ് (*R. C.*). =ō-crist, *n.* മദ്ധ്യമൻ. =oc'ri-ty, *n.* മദ്ധ്യമത്വം, ഇടത്തരം; അല്പത്വം.

**Med'i-tāte,** *v.i.* ധ്യാനിക്കുക, ആലോചിക്കുക; ചിന്തിച്ച് കൊണ്ടിരിക്കുക. *v. t.* വിചാരിക്കുക; 2. മനസ്സിലാക്കുക; 3. ഭാവിക്കുക, നിരൂപിക്കുക. =tā'tiŏn, (-shun), *n.* ധ്യാനം, ആലോചന; ധ്യാനനിഷ്ഠ, സമാധി. =tā-tist, *n.* ധ്യാനിക്കുന്നവൻ. =ta-tive, *a.* ആലോചിക്കുന്ന; ധ്യാനശീലമുള്ള. =ta-tive-ly, *ad.* ആലോചിച്ച് കൊണ്ട്. =ta-tive-ness, *n.* ധ്യാനശീലം.

**Med-i-tĕr-rā'ne-an,** *a.* ചുററും കരയുള്ള, കരയുടെ മദ്ധ്യേ—; 2. മദ്ധ്യതരന്യാഴിസംബന്ധമായ. =rā'ne-ŏus. *a.* ഉൾനാട്ടിലുള്ള.

**Mē'di-um,** *n.*, (*pl.* mē'di-ums *or* mē'di-a) നട്ടുവിൽ ഉള്ളത്, ഇടയിൽ—; 2. മദ്ധ്യം, നട്ടു; ശരാശരി; 3. മദ്ധ്യരാശി (*math.*); 4. —പ്രസ്ഥാപന (*log.*); 5. വാഹകം, മാൎഗ്ഗം (*ph.*); 6. ഹേതു, നിമിത്തം, കാരണം; 7. കരണം; മുഖാന്തരം; 8. ഒര് വക കടലാസ്; 9. ചായം അരക്കുന്ന നീര്; 10. അനുപാനം (*med.*); 11. ആവാഹിതൻ (*sp.*). circulating m. നാണ്യം, നാണ്യപത്രം. ethereal m. ആകാശം, വായു. m.-sized സാമാന്യംവണ്ണമുള്ള. m.

of exchange നാണ്യം. *a.* ഇടത്തരം ആയ, മദ്ധ്യമം—; സാമാന്യം—. [ല്.

Mē'di-us, *n.* (*pl.* mē'di-ī) നട്ടുവിരൽ

Med'ley (-li), *n.* (*pl.* med'leys) സമ്മിശ്രം, കൂട്ട്, കലപ്പ്; 2. ക്ഷൽശവി, നാനാവിധം, താറ്മാറ്; സകലകലാദി; 3. സമ്മിശ്രപ്പാട്ട് (*mus.*). *a.* സമ്മിശ്രമായ, കൂടികലൎന്ന.

Me-doc', *n.* ഒര്വക മുന്തിരിങ്ങാരസം, —'വീഞ്ഞ്'.

Me-dul'la, *n.* മജ്ജ, ഉൾഭാഗം (*an.*); 2. ഉപമസ്തിഷ്കം (*an.*); 3. ചോറ്, പൊങ്ങ് (*b.*). *m. oblongata* ഉപമസ്തിഷ്കം (*an.*). =dul'lar, =dul'lar-y, *a.* മജ്ജാമയം ആയ, —തുല്യം—; പൊങ്ങുള്ള. =dul'lā-ted, *a.* മജ്ജയുള്ള.

Me-dū'sa, =dū'si-an, *n.* (*pl.* me-dū'sæ) കടച്ചൊറി (*z.*).

Mēed, *n.* വിരുത്, സമ്മാനം; പ്രതിഫലം; 2. യോഗ്യത, ഔചിത്യം; 3. കസ്തൂലി. -'ful, *a.* ബഹുമാനയോഗ്യമായ. -'ful-ly, *ad.* യോഗ്യത പ്രകാരം; ഉചിതമായി.

Mēek, *a.* സൌമ്യത ഉള്ള, സാത്വികതം—; 2. ശാന്തഗുണം—; 3. ക്ഷമ—; 4. ഒതുക്കം—; -'ly, *ad.* സൌമ്യമായി. -'ness, *n.* സൌമ്യത, ശാന്തത; സാവധാനം; പ്രതാപമില്ലായ്മ.

Mēer'schaum (mēr'shum), *n.* വെഞ്കളിമണ്ണ്; 2. 'ചുങ്കാണി'.

I. Mēet, *v. t. ir.* (met, met) വന്നുകൂടുക, തമ്മിൽ കാണുക, കണ്ടുമുട്ടുക; 2. എതിരിടുക, നേരിടുക; കാണുക, അടുക്കുക; 3. അറിയുക; അനുഭവിക്കുക; 4. മതിയാക, പോരുക, എത്തുക. to m. half-way വിട്ടുകൊടുക്കുക, സമ്മതിക്കുക. *v. i.* കൂടിവരിക, അടുത്ത്—; അഭിമുഖമാക; 2. എതിരിടുക, പോരേല്ക്കുക; 3. യോഗംകൂട്ടുക, സഭ—; 4. യോജിക്കുക, സന്ധിക്കുക. to m. with യദൃച്ഛയാ കാണുക; ചേരുക; നേരിടുക, ഉണ്ടാക, സംഭവിക്കുക; എതിരിടുക, എതിൎക്കുക. *n.* കൂടിവരവ്; 2. നായാട്ട്സംഘക്കൂട്ടം; 3. നായാട്ട്കാര്; 4. വേട്ടസ്ഥലം. -'ĕr, *a.* തമ്മിൽ കാണുന്നവൻ. -'ing, *n.* കൂടിവരവ്, യോഗം; സന്ധ്, മുക്കോലപ്പെരുവഴി; സംഘം, സഭ; ദൈവാരാധനായോഗം, പ്രാൎത്ഥനാ—. m.g-house യോഗമണ്ഡപം; ദൈവാലയം, ഉപാസനാമന്ദിരം.

II. Mēet, *a.* തക്ക, യോഗ്യം ആയ, ഉചിതം—, ഏററിയ, കൊള്ളുന്ന. -'ly, *ad.* ശരിയായി, ചേൎച്ചയായി. -'ness, *n.* ഔചിത്യം, യോഗ്യത, പാത്രത, അൎഹത.

Meg, Meg'a, Meg'al-o, *pf.* വലിയ, മഹാ, വൻ. -ce-phal'ic (-fal'-), -ceph'a-lŏus (-sef'a-lus), *a.* വൻതലയുള്ള, തലവലിയ (*z.*). =gac'ĕr-os (-gas'ĕr-), *n.* (പ്രാചീന) മഹാ മാന് (*z.*). me-ga-leth'o-scōpe, *n.* മഹദ്ദൎശനക്കണ്ണാടി. meg'a-lith, *n.* മഹാശില, വങ്കല്ല്. meg-a-lith'ic, *a.* വങ്കല്ല്കൊണ്ടുണ്ടാക്കിയ. meg-a-loph'o-nŏus (-lof'o-), *a.* ഗംഭീരനാദമുള്ള. meg'a-lo-sa̤ur, =sa̤u'rus, *n.* (പ്രാചീന) മഹാഗൌളി (*z.*). me-gam'ē-tĕr, *n.* ധ്രുവാംശനിൎണ്ണയയന്ത്രം (*ph.*). meg'a-phōne (-fōn), *n.* ശ്രവണ—. meg'a-scōpe, *n.* മഹച്ചിത്രച്ഛിന്നിദീപം. meg'a-thēre, =thē'ri-um, meg-a-lon'yx, *n.* (പ്രാചീന) മഹാ കട്ടിസ്രാങ്ക് (*z.*).

Mē'grim, *n.* ഒററച്ചെന്നിക്കുത്ത് (*med.*); 2. *pl.* തോന്നല്, തോന്നിയവാസം; 3. മനഃകഞ്ഞിതം. [(*rhet.*).

Meī-ō'sis, *n.* അല്പോക്തിയലങ്കാരം

Me-lä'da, =lä'dō, *n.* ശക്കരപ്പാവ്.

Mel'āin, *n.* കുന്തൽമക്ഷി (*z.*).

Mel-an-chō'li-a (-kō'li-), *n.* വിഷാദപാരവശ്യം, വ്യാകുലഭ്രമം (*med.*). =chol'ic, *a.* മനഃകഞ്ഞിതം ഉള്ള, ചിന്താകുലം—. *n.* മനോവ്യാകുലം. =chol'i-ly, *ad.* വിഷാദത്തോടെ. =chol'i-ness, *n.* ആധി, ദുഃഖവിഭ്രമം. =chol-īse, =chol-īze, *v. i.* മനഃകഞ്ഞിതമുണ്ടാക. *v. t.* കഞ്ഞിതം ജനിപ്പിക്കുക. =chol-y, *n.* കഞ്ഞിതഭാവം; വ്യാകുലഭ്രാന്ത്. *a.* വിഷാദമുള്ള; ദുഃഖകരം ആയ; ധ്യാനാനുകൂലം—.

Me-lange′ (má-lanzh), *n.* സമ്മിശ്രം, കലൎപ്പ്. [സ്ഥമായ.

Me-lan′ic, *a.* കൃഷ്ണകേശവംശസംബ

Mel′an-ism, *n.* ദേഹക്കറുവാളിപ്പ്; 2. കരിമ്പിത്തരോഗം (*med.*).

Me-las′ma, *n.* കാലിന്നുണ്ടാകുന്ന കരിമ്പുള്ളി (*med.*).

Me′lee (mā′lā), mel′lāy, *n.* സമ്മിശ്രയുദ്ധം; 2. കൈക്കേപ്പോര്; 3. അടിപിടി.

Mel′en-īte, *n.* ഒര് വക വെടിമരുന്ന്, മഹാ മരുന്ന്, ഘോര—.

Me-li-bē′an, =bœ′an, *a.* പ്രശ്നോത്തര കാവ്യരൂപമായ.

Mel′iō-rāte, *v. t.* നന്നാക്കുക, ഗുണം വരുത്തുക, 2. ലഘു ആക്കുക, ശാന്തം—. *v. i.* ഉൽകൃഷ്ടമാക. =rāt-ĕr, =rāt-ŏr, *n.* നന്നാക്കുന്നവൻ. =rā′tiŏn, *n.* ഗുണീകരണം; അഭിവൃദ്ധി, ഗുണം. =rism, *n.* പ്രകൃതിയുൽകൃഷ്ടവാദം.

Mel-lif′ĕr-ŏus, =lif′ic, *a.* മധുജനകമായ. =fi-cā′tiŏn, *n.* മധൂല്പാദനം. =lif′lu-ence, *n.* തേനൊഴുക്കം; മാധുൎയ്യം; ഒഴുക്കം. =lif′lu-ent, =lif′lu-ŏus, *a.* തേനോലുന്ന; ഒഴുക്കമുള്ള. =lif′lu-ent-ly, *ad.* ഒഴുക്കത്തോടെ. =lif′lu-ŏus-ly, *ad.* ഒഴുക്കമായി. mel-liph′a-gŏus, =liph′a-gŏus (-lif-), *a.* മധുഭക്ഷകമായ. =lig′e-nŏus, *a.* മധുമയം ആയ; —ജനകം—. =lil′ō-quent, *a.* വാഗ്മധുരം ഉള്ള; വാചകശ്ലേഷ—.

Mel′lōw (-lō), *a.* മൃദുവായ; പതമുള്ള; 2. പഴുത്തുടഞ്ഞ; 3. ഇമ്പം ഉള്ള, രസം—; 4. കോമളം ആയ; 5. പക്വം—, പാകം വന്ന; 6. ഉല്ലാസഭാവമുള്ള; 7. ലഹരിപറ്റിയ. *v. t.* പതമാക്കുക. *v. i.* ഉടയുക, മയം വരിക. -ly, *ad.* മധുരമായി; പക്വമായി. -ness, *n.* മാൎദ്ദവം; പക്വത; മാധുൎയ്യം. -y, *a.* പതമുള്ള; ഉടഞ്ഞ.

Mel-ō-dram′a, Mel′ō-drame, *n.* സംഗീതനാടകം; വിചിത്ര—. =mat′ic, *a.* സംഗീതനാടകസംബന്ധം ആയ; അപൂൎവ്വം—, കൌതുകം—. =mat′i-cal-ly, *ad.* അസാധാരണയായി; വിചിത്രമായി. =dram′a-tist, *n.* സംഗീതനാടകക്കാരൻ; വിചിത്രനാടകരചകൻ.

Mel′ō-dy, *n.* സുസ്വരം; സ്വരമാധുൎയ്യം, ഇമ്പം; 2. സ്വരമേളം; ഗായനം; 3. രാഗം. =lō′de-on, *n.* ചെറുകിന്നരം; സംഗീതാലയം. =lod′ic, =lō′di-ŏus, *a.* സംഗീതമയമായ; ഇമ്പമുള്ള, ശ്രോത്രാമൃതമായ. =lod′ics, *n.* ധ്വനിശാസ്ത്രം; സംഗീത—. =lō′di-o-graph, mel′o-graph (-graf), *n.* വാദ്യസ്വരലേഖന യന്ത്രം. =lō′di-ŏus-ly, *ad.* മേളത്തോടെ; ഇമ്പമായി. =lō′di-ŏus-ness, *n.* ലാവണ്യം, ഇമ്പം. =dist, *n.* ഗായകൻ; സംഗീതരചകൻ. =dīse, =dīze, *v. t.* ഇമ്പമാക്കുക; രാഗം കല്പിക്കുക. *v. i.* —ഉണ്ടാക്കുക; സംഗീതം രചിക്കുക; ലാവണ്യമാക്കുക.

Mel′on, *n.* കമ്മട്ടി; ചുര (*b.*); 2. കമ്മട്ടിക്കായി, ചുരങ്ങ (*b.*). water-m. വത്തക്ക (*b.*).

Mel′rōse, *n.* പനിനീൎപ്പൂമധു.

Melt, *v. t. r. & ir.* (melt′ed; melt′ed, mōlt′en) ഉരുക്കുക; ചാലിക്കുക, അലിക്കുക; 2. പതം വരുത്തുക, അഴവ്—; ഊക്ക് കുറക്കുക. *v.i.* ഉരുകുക, ദ്രവിക്കുക; 2. അലിയുക; കലങ്ങുക; 3. പതംവെക്കുക, ശാന്തമാക; 4. ചഞ്ചലം തോന്നുക; 5. ലയിക്കുക, കലൎന്ന് പോക; 6. നീങ്ങുക, ഇല്ലാതാക. -′a-ble, *a.* ഉരുക്കാവുന്ന, ദ്രാവ്യമായ. -′ĕr, *n.* ഉരുക്കുന്നവൻ. -′ing, *n.* ഉരുക്കൽ; ഉരുകൽ. *a.* ഉരുക്കുന്ന; ഉരുകുന്ന; മനസ്സുരുക്കം വരുത്തുന്ന. m.g point ദ്രവണപദം. m.g pot മൂശ. -′ing-ly, *ad.* മനസ്സിളകത്തക്കവണ്ണം. mōlt′en, *a.* ഉരുകിയ; ലോഹം ഉരുക്കിയുണ്ടാക്കിയ, വാൎത്തുണ്ടാക്കിയ.

Mem′bĕr, *n.* അവയവം, അംഗം, ഉപാംഗം; 2. ഭാഗം, അംശം, പാദം; 3. സഭാംഗം, സഭ്യൻ, സമാജികൻ, സംഘത്തിൽ പെട്ടവൻ, സദസ്യൻ. m. of Parliament (*M. P.*) ഇംഗ്ലാണ്ടിലെ പ്രജാസഭാംഗം. =bĕred (-bĕrd), *a.* അവയവം ഉള്ള. -ship, *n.* അവയവത്വം. mem′bral, *a.* അവയവത്തിന്നുള്ള (*an.*).

Mem′brāne, *n.* ചൎമ്മം, തോല്, തപ്പ്, തൊലി; 2. പാട. mucous m. ഉൾ

പാട (*an.*). serous m. കോശാവരണ ചൎമ്മം (*an.*). =brā′ne-ŏus, =nā′ceŏus (-shus), =nŏus, *a.* അംഗസംബന്ധം ആയ; അംശം—. mem-brā-nif′ĕr-ŏus, *a.* ത്വഗ്ജനകമായ; ചൎമ്മമുള്ള. mem-brā′ni-form, *a.* ചൎമ്മാകൃതിയായ. mem-bra-nol′o-ġy, *n.* ചൎമ്മശാസ്ത്രം.

Me-men′tō, *n.* (*pl.* -men′tōs̱) സൂചന, ഓൎമ്മക്കുറി, സ്മാരകചിഹ്നം, അടയാളം.

Mem′oir (mem′wär *or* mēm′wor), *n.* വൃത്താന്തക്കുറിപ്പ്; സംഭവസംക്ഷേപം; 2. ജീവചരിത്രം; 3. വിശിഷ്ടവൃത്താന്തം; 4. പ്രബന്ധം. -ist, *n.* ജീവചരിത്ര രചകൻ.

Mem′o-ry, *n.* സ്മരണേന്ദ്രിയം; ഓൎമ്മശക്തി; 2. ഓൎമ്മ, സ്മരണ; 3. ഓൎമ്മയുള്ള കാലം; 4. ശ്രുതി, പേര്. =ra-bil′i-a, *n. pl.* വിശേഷസംഭവം; —സംഭവ വിവരം. =ra-bil′i-ty, =ra-ble-ness, *n.* സ്മരണീയത്വം. =ra-ble, *a.* ഓൎമ്മവെക്കത്തക്ക; മുഖ്യം ആയ, സാരം—. =ra-bly, *ad.* ഓൎമ്മവെക്കത്തക്കവണ്ണം; കീൎത്തിയോടെ. =ran′dum, *n.* (*pl.* =ran′dums, =ran′da) സൂചകം, കുറിമാനം, കുറിപ്പ്; ഷോഷവാറ്, സാരം (*l.*). m.m check ഓൎമ്മപ്പണച്ചീട്ട്. =mō′ri-a, *n.* ഓൎമ്മ. *m.a technica* സ്മരണ സഹായി. =mō′ri-al, *a.* സ്മാരകം ആയ; സ്മരണാൎത്ഥം—; ഓൎമ്മയിലുള്ള; സ്മരണ സഹായമായ. m.l day സ്മരണദിവസം, നാള്, ഉത്സവം. *n.* ജ്ഞാപകം; സ്മാരകചിഹ്നം; കുറിപ്പ്; വിജ്ഞാപനപത്രം, 'ഹരജി'. =mō′ri-al-ist, =mō′ri-al-īs̱-ĕr, =mo′ri-al-īz-ĕr, *n.* വിജ്ഞാപകൻ, 'ഹരജി'ക്കാരൻ. =mō′ri-al-īs̱e, =mō′ri-al-īze, *v. t.* വിജ്ഞാപനം ചെയ്യുക, സങ്കടഹരജി ബോധിപ്പിക്കുക. =mor′i-tĕr, *ad.* മനഃപാഠമായി, കാണാപ്പാഠമായി. =rīs̱e, =rīze, *v. t.* മനഃപാഠം പഠിക്കുക.

Mem′phi-an (mem′fi-an), *a.* ഇരുട്ടായ; അവ്യക്തമായ.

Men, *n.*, *pl.* *of* Man.

Men′āce, *n.* തൎജ്ജനം, ഭത്സനം, ഭീഷണി, പേടിപ്പിക്കൽ; 2. അപകടശകുനം. *v. t.* (with) ഭീഷണി കാട്ടുക, പേടിപ്പിക്കുക, മെരിട്ടുക. *v. i.* അമ്മിട്ടം കടിക്കുക. men′ā-cĕr, *n.* ഭയപ്പെടുത്തുന്നവൻ. =ā-ciṅg-ly, *ad.* ഭീഷണിയോടെ.

Men-äg′er-ie (-äzh′er-i), =äg′er-y, men-āġe′ (-āzh′), *n.* മൃഗശാല; 2. കാഴ്ചമൃഗശാല.

Mend, *v. t.* നന്നാക്കുക, കേട് പോക്കുക, ഊനം തീൎക്കുക; ശരിയാക്കുക; 2. തിരുത്തുക, ഗുണപ്പെടുത്തുക; 3. വേഗതപ്പെടുത്തുക; 4. തുണക്കുക; അഭിവൃദ്ധിയാക്കുക. to m. a pen തൂവല് ചെത്തുക. *v. i.* നന്നായ്ത്തീരുക, ഗുണപ്പെടുക. -′a-ble, *a.* നന്നാക്കാകുന്ന. -′ĕr, *n.* നന്നാക്കുന്നവൻ.

Men-dā′ciŏus (-shus), *a.* വഞ്ചനആയ, കളവ്—; 2. പൊള്ള് പറയുന്ന; നുണ—. -ly, *ad.* കളവായി. -ness, *n.* ഭോഷ്ക്, ഭള്ള്. =dac′i-ty (-das′i-), *n.* വ്യാജം, അസത്യം, വളതം.

Men′di-cant, *n.* ഭിക്ഷു; ഭിക്ഷക്കാരൻ, ഇരക്കുന്നവൻ, ഇരപ്പാളി. *a.* ഇരക്കുന്ന; ഭിക്ഷാംദേഹിയായ. m. orders ഭിക്ഷുസന്യാസി വൎഗ്ഗം (*R. C.*). =can-cy, =cā′tiŏn, =dic′i-ty (-dis′i-), *n.* ഭിക്ഷതെണ്ടൽ; ഭിക്ഷാടനം; ഇരക്കൽ, യാചനം. =cāte, *v. t.* & *i.* ഇരന്ന് നടക്കുക, ഭിക്ഷയെടുക്കുക.

Mē′ni-al, *a.* പരിചാരകപ്രവൃത്തി ചെയ്യുന്ന, ദാസവൃത്തി—; 2. വീട്ട് പണി—; 3. ഹീനം ആയ, നീചം—. *n.* ഭൃത്യൻ, ബാല്യക്കാരൻ; പണിക്കാരൻ; ദാസൻ; 2. അധമൻ, നീചൻ.

Men-is′cus, *n.* (*pl.* men-is′cī) പഞ്ചമിച്ചന്ദ്രൻ, അൎദ്ധചന്ദ്രൻ; 2. ന്യുബ്ജക്കണ്ണാടി. =is′cal, =is′coid, *a.* അൎദ്ധചന്ദ്രാകാരമായ.

Men-ol′o-ġy, *n.* മാസപ്പട്ടിക; 2. പുണ്യവാളപ്പട്ടിക (*R. C.*)

Men′o-pa̤use (-pa̤s), *n.* ആൎത്തവം നിന്ന് പോകൽ, കളിനില്ക്കൽ (*med.*).

Men-or-rhā′ġi-a, *n.* അത്യാൎത്തവം (*med.*); 2. രക്തസ്രാവം (*med.*).

Me-nos′ta-sis, =tā′tiŏn, *n.* ആൎത്തവരഹിതത്വം (*med.*).

I. **Men'sal**, *a.* 'മേശ'സംബന്ധമായ; ഉണ്ണുമ്പോളുള്ള.

II. **Men'sal**, *a.* മാസത്തിൽ ഒരിക്കൽ ഉണ്ടാകുന്ന; മാസികമായ.

**Mense**, *n.* പൌരുഷം; 2. യോഗ്യത; 3. കോമളത്വം; 4. മൎയ്യാദ. **-'ful**, *a.* പൌരുഷത്വമുള്ള. **-'less**, *a.* മൎയ്യാദകെട്ട.

**Men'sēs**, *n., pl.* ഋതുസ്നാനം, ആൎത്തവം, മാസക്കുളി, തീണ്ടാരിക്കൽ, പുറത്തിരിക്കൽ, കൈവരയൽ.

**Men'stru-al**, *a.* മാസത്തിൽ ഒരിക്കൽ ഉണ്ടാകുന്ന; മാസാന്തരം ഉള്ള; ഒര് മാസം കൊണ്ട് —; മാസപ്പകൎച്ച സംബന്ധിച്ച; 2. ആൎത്തവം—; 3. ദ്രാവകമായ, അലിക്കുന്ന. **m. discharge** മാസക്കുളി. **=ant**, *a.* തീണ്ടായിരിക്കുന്ന. **=āte**, *v. i.* കൈവരയുക, പുറത്താക, ഋതുവാക. **=ā'tiŏn**, *n.* ഋതുസ്നാനം, മാസക്കുളി; ആൎത്തവം; ഋതുകാലം. **=ŏus**, *a.* ഋതുവായ; ആൎത്തവസംബന്ധമായ.

**Men'stru-um**, *n.* (*pl.* **men'stru-a**, **men'stru-ums**) ദ്രാവകം, ദ്രാവണരസം.

**Men'su-ra-ble** (-shu-), *a.* അളക്കാവുന്ന. **=bil'i-ty**, **-ness**, *n.* മാപനീയത്വം. **=ral**, *a.* അളവ് സംബന്ധമായ. **=rā'tiŏn**, *n.* അളക്കൽ; മാപകശാസ്ത്രം, ഭൂമിയളവ് വിദ്യ, ക്ഷേത്രഗണിതം.

**Men'tal**, *a.* മനഃസംബന്ധം ആയ, മാനസികം—, മനഃ, ബുദ്ധികൊണ്ടുള്ള. **m. alienation** ചിത്തഭ്രമം. **m. arithmetic** മനക്കണക്ക്. **-'i-ty**, *n.* മനഃസ്ഥിതി. **-ly**, *ad.* ഉള്ളിൽ, മനസ്സിൽ, വിചാരിച്ച്; ബുദ്ധികൊണ്ട്; ഭാവനയായി.

**Men'tha**, *n.* കൎപ്പൂരപ്പച്ച (*b.*). **men'thol**, *n.* ഒര് വക കൎപ്പൂരം (*ch.*).

**Men'tiŏn**, *v. t.* പറയുക, മിണ്ടുക, പ്രസ്താവിക്കുക. *n.* പ്രസ്താവം, സൂചന. **-a-ble**, *a.* പറയത്തക്ക.

**Men'tŏr**, *n.* ഉപദേശകൻ, ആലോചനക്കാരൻ. **=tō'ri-al**, *a.* ബുദ്ധിയുപദേശമായ.

**Men-u'**, *n.* സദ്യാവിഭവങ്ങൾ, ഊൺവിഭവപ്പട്ടിക.

**Me-phis-tō-phē'li-an** (-fis-tō-fē'li-), *a.* പൈശാചികമായ; 2. കുയുക്തിയുള്ള.

**Me-phit'ic**, **=cal** (-fit-), *a.* പ്രാണനാശകമായ; 2. വിഷം ഉള്ള; 3. നാററം—, ദുൎഗ്ഗന്ധം—. **=phī'tis** (-fī-), **meph'i-tism** (mef'i-), *n.* ദുൎവ്വായു, വിഷവായു.

**Mer'can-tīle**, *a.*, *s. u.* **Merchant.**

**Mĕr-cā'tŏr's chärt'**, *u.* വിതാനഭൂപടം.

**Mĕr'ce-nar-y**, *a.* കൂലിക്ക് ചെയ്യുന്ന, —ചേകം ചെയ്യുന്ന; —പിടിച്ച; കൂലികൊട്ടത്ത; 2. ലാഭമോഹം ഉള്ള; ലോഭം—; 3. സ്വാൎത്ഥബുദ്ധി—. *n.* കൂലിക്ക് പിടിച്ചവൻ; കൂലിച്ചേകവൻ.

**Mer'cĕr**, *n.* വ്യാപാരി; 2. തുണിക്കച്ചവടക്കാരൻ. **-ship**, *n.* 'ജൌളി'വ്യാപാരം. **-y**, *n.* തുണിക്കച്ചവടം; ശീലത്തരം, തുണിച്ചരക്ക്.

**Mĕr'chant**, *n.* കച്ചവടക്കാരൻ, വ്യാപാരി, വൎത്തകൻ. *a.* വ്യാപാരസംബന്ധമായ. **m.-bar**, **m.-iron** ഇരിമ്പ് വാളം. **m.-man**, **m.-ship** കച്ചവടക്കപ്പല്. **m.-service** ഒര് രാജ്യത്തെ കച്ചവടക്കപ്പലുകൾ. **m.-steel** ഉരുക്ക് വാളം. **m.-tailor** വസ്ത്രവ്യാപാരി. **mĕr'can-tīle**, *a.* കച്ചവടക്കാരുള്ള; വ്യാപാര സംബന്ധമായ. **m.e marine** കച്ചവടക്കപ്പലുകൾ. **m.e paper** 'ഉണ്ടിക', 'അവാല'; കച്ചവടക്കരണം. **mĕr-chan-dī'sa-ble**, *a.* ചരക്കാക്കാകുന്ന. **mĕr'chan-dīse**, *n.* ചരക്ക്; വ്യാപാരം. *v. i.* കച്ചവടം ചെയ്യുക. *v. t.* ക്രയവിക്രയം—. **mer'chan-dī-sĕr**, *n.* വ്യാപാരി. **-a-ble**, *a.* കച്ചവടത്തിന്ന് പററിയ; വിലയാകുന്ന. **-ry**, *n.* വൎത്തകഗണം; വ്യാപാരം; ചരക്ക്.

**Mĕr'ci-ful**, **Mĕr'ci-less**, *etc.*, *s. u.* **Mercy.**

**Mĕr'cū-ry**, *n.* രസം (*min.*); 2. ബുധൻ (*as.*); 3. ദൂതൻ; 4. വൎത്തമാനപത്രം. **=cū'ri-al**, *a.* വേഗത ഉള്ള, ചുറുക്ക്—; ചാപല്യം—; പണം സമ്പാദിക്കുന്ന; ഉപായം ഉള്ള; രസം— (*min.*); രസത്താലുണ്ടായ, രസംകൂട്ടിയ. *n.* ചുണയുള്ളവൻ; ചപലൻ; രസമിശ്രൌഷധം. **=cū'ri-al-ist**,

*n.* രസംസേവിച്ചവൻ; ഭാവപ്പകർച്ചയുള്ള വൻ; രസപ്രയോഗ വൈദ്യൻ. =cū′ri-al-īse, =cū′ri-al-īze, *v.t.* രസം സേവിപ്പിക്കുക; രസപ്രയോഗം ചെയ്യുക. =cū′-ri-al-ly, *ad.* രസപ്രയോഗത്താൽ. =cū′-ric, =cū′rŏus, *a.* രസം ചേൎന്ന; രസോത്ഭവമായ. =cū-ri-fi-cā′tiŏn, *n.* രസമെടുക്കൽ. =cū′ri-fȳ, *v. t.* രസം എടുക്കുക; —കലൎത്തുക.

Mĕr′cy, *n.* കരുണ, ദയ; 2. ഉപകാരശീലം; 3. അലിവ്, ആൎദ്രത; 4. കൃപ; കടാക്ഷം. m.-seat കൃപാസനം (*Bl.*). sisters of m. പരോപകാരിണിവൎഗ്ഗം. to be at the m. of അധീനം ആയിരിക്കുക, കാല്ക്കീഴ്—, കക്ഷത്തിൽ—. to cry m. ക്ഷമയപേക്ഷിക്കുക, അഭയം ചൊല്ലുക. mĕr′ci-fu̱l, *a.* കരുണ ഉള്ള, ദയ—, മനസ്സലിവ്—; ക്ഷമിക്കുന്ന. mĕr′ci-fu̱l-ly, *ad.* കനിവോടെ. mĕr′ci-fu̱l-ness, *n.* കൃപ, കാരുണ്യം, ദയാശീലം. mĕr′ci-less, *a.* നിൎദ്ദയമായ, കൃപയില്ലാത്ത; കഷ്ടമുള്ള, കഠിനമായ. mĕr′ci-less-ly, *ad.* ദയയില്ലാതെ. mĕr′ci-less-ness, *n.* നിൎദ്ദയത്വം, നിഷ്ഠുരത്വം. [കം.

I. Mēre (mēr), Mär, *n.* പൊയ്ക, തടാ

II. Mēre, Mēer, Mēar (mēr), *n.* അതിര്, അതൃത്തി. m.-stone അതിൎക്കല്ല്.

III. Mēre (mēr), *a.*, (*s. d.* mēr′est) ശുദ്ധം ആയ, മുഴുവൻ—, കേവലം—, സാക്ഷാൽ; 2. വെറും, മാത്രം. -′ly, *ad.* സാക്ഷാൽ, കേവലം; അല്ലാതെ, മാത്രം, അത്രെ, തന്നെ.

Mer-e-tri′ciŏus (-trish′us), *a.* വേശ്യാഭാവം ഉള്ള, —വൃത്തി—; കാമുകത്വം—; 2. വശീകരിക്കുന്ന; 3. പുറമോടിമാത്രമുള്ള. -ly, *ad.* കള്ളമോടിയോടെ. -ness, മിത്ഥ്യാശോഭ.

Mĕrġe, *v. t.* വിഴുങ്ങിപ്പോകമാറാക്കുക, മുക്കിക്കളയുക, ലയിപ്പിക്കുക, നിമഗ്നമാക്കുക. *v. i.* ലയിച്ച്പോക, മുങ്ങിപ്പോക, കാണാതാക. mĕr′ġer, *n.* ലയിപ്പിക്കുന്നവൻ; ലയം (*l.*).

Me-rid′i-an, *n.* നട്ടുച്ച, മദ്ധ്യാഹ്നം; 2. അഗ്രം, ഊൎദ്ധ്വം, ഉച്ചം; 3. ധ്രുവരേഖ, ധ്രുവാംശ—, ഉച്ച— (*geog.*); 4. ഖമദ്ധ്യം (*as.*). first m. ധ്രുവരേഖാരംഭം. calculated for, *or* fitted to, *or* adapted to, the m. of അവസ്ഥോചിതമായ. *a.* ഉച്ചയായ; മദ്ധ്യാകാശത്തിൽ ഉള്ള; ഉച്ചത്തിൽ—. =rid′i-o-nal, *a.* ധ്രുവാംശസംബന്ധമായ; ദക്ഷിണഭാഗത്ത് ഉള്ള. m.l distance ധ്രുവരേഖാ ദൂരം; പശ്ചിമ—, പൂൎവ്വ—. =rid-i-o-nal′i-ty, *n.* ഉച്ചത്വം; ദക്ഷിണസ്ഥിതി; ദക്ഷിണകാഴ്ച. =rid′i-o-nal-ly, *ad.* ഖമദ്ധ്യത്തിൽ.

Me-rī′nō, *n.* (*pl.* me-rī′nos̱) വിശേഷ രോമമുള്ള ഒര് വക ആട്; 2. മുന്തിയ ആട്ട്രോമത്തുണി; വിശിഷ്ട ഊൎണ്ണവസ്ത്രം. *a.* ആട് സംബന്ധമായ; വിശിഷ്ട രോമം കൊണ്ടുണ്ടാക്കിയ.

Mer-is-mat′ic, *a.* കള്ളിക്കള്ളിയായ.

Mer′it, *n.* യോഗ്യത, പാത്രത; 2. വിശിഷ്ടത, ശ്രേഷ്ഠത, ബഹുമാനം; 3. പുണ്യം, സുകൃതം; 4. പ്രതിഫലം, വിരുത്; യോഗ്യതാചിഹ്നം. *v. t.* യോഗ്യത ഉണ്ടാക, അൎഹത—; വേണ്ടതായിരിക്കുക; 2. സമ്പാദിക്കുക, ആൎജ്ജിക്കുക; അവകാശിയായിരിക്കുക. -ed-ly, *ad.* യോഗ്യത കൊണ്ട്. =tō′ri-ŏus, *a.* അൎഹത ഉള്ള, യോഗ്യത—; പുണ്യം—; വിലയേറിയ. =tō′ri-ŏus-ly, *ad.* യോഗ്യതയോടെ. =tō′ri-ŏus-ness, *n.* പാത്രത; പുണ്യം.

Mĕr′lin, *n.* ഒര് വക പരുന്ത്; —പ്രാപ്പിടിയൻ (*z.*).

Mĕr′māid, *n.* (സങ്കല്പ)മത്സ്യനാരി.

Mĕr′man, *n.* (*pl* mĕr′men) (സങ്കല്പ) മത്സ്യപുമാൻ.

Mer′ry, *a.* ഉല്ലാസം ഉള്ള, ചിരി—, ആഹ്ലാദം—; വിനോദം—; 2. സന്തോഷം—; 3. ഹാസ്യകരമായ, ചിരിപ്പിക്കുന്ന. m.-andrew കോമാളി, പുറാട്ട്കാരൻ. m.-go-round ആട്ടത്തൊട്ടില്; വട്ടാട്ടക്രീഡാരം. m.-make, merri-make ഉല്ലാസഘോഷം; ഉത്സവം; കളി. m.-maker ഉല്ലാസക്കാരൻ, തമാശക്കാരൻ; ചങ്ങാതി. m.-making വിനോദക്കളി, ഉല്ലാസഘോഷം. m.-men പരിവാരം. m.-meeting ഉല്ലാസ സംഘം. m.-thought പക്ഷി

കളുടെ മാറെല്ല്; ലക്ഷണാസ്ഥി. to make m. ഉല്ലസിക്കുക. mer'ri-ly, *ad.* ഉല്ലാസത്തോടെ, അട്ടഹാസത്തോടെ. mer'ri-ment, *n.* സന്തോഷകോലാഹലം, അട്ടഹാസം; കളി, നേരമ്പോക്ക്. mer'ri-ness, *n.* ആഹ്ലാദം, അട്ടഹാസം, വിനോദം.

Mer-y-cō-thē'ri-um, *n.* (പ്രാചീന) മഹോക്ഷം (*z.*).

Mes-al-li-ănce' (miz-al-li-ängs'), *n.* അയുക്തവിവാഹം, അനുചിതസംബന്ധം.

Mes-dămes' (mā-däm' *or* mez-damz'), *pl. of* Madam.

Me-sēems', *v. impers.* എനിക്ക് തോന്നുന്നു, എന്ന്—.

Mes'en-ter-y, *n.* ആന്ത്രപേശി, —ബന്ധം; കടൽഞരമ്പ് (*an.*). =ter'ic, mes-ĕr-ā'ic, *a.* ആന്ത്രപേശി സംബന്ധമായ.

Mesh, *n.* കണ്ണി; വല; 2. ചക്രപ്പല്ല് കടി. m.-stick പടി. m.-work വല മിടച്ചല്. *v. t.* കട്ടുക്കുക, വലകൊണ്ട് മൂടുക. *v. i.* ചക്രപ്പല്ല് തമ്മിൽ കടിക്കുക. -'y, *a.* കണ്ണിയുള്ള, വലയായ.

Mē'si-al (*or* mē'zhal), *a.* മദ്ധ്യ, നട്ടുവെ ഉള്ള; 2. ഉള്ളിൽ—. -ly, *ad.* നട്ടുവെ.

Mes'mĕr-ism, *n.* ചൈതന്യാധികരണം, പരചേതനവശീകരണ വിദ്യ; പരതന്ത്രസുഷുപ്തി; 2. പ്രാണചൈതന്യജ്ഞാനം. =mer'ic, =mer'i-cal, *a.* ചൈതന്യാധികരണസംബന്ധമായ; പ്രാണചൈതന്യജ്ഞാന—; ചൈതന്യാധികരണജന്യമായ. mes-mer-ēe', *n.* പരചൈതന്യവശൻ. =ist, *n.* പരചൈതന്യാധികാരി; പ്രാണചൈതന്യവാദി. =i-sā'tiŏn, =i-zā'tiŏn, *n.* ചൈതന്യാധികരണം; പരചൈതന്യാധീനത. =īse, =īze, *v. t.* ചൈതന്യാധികരണം ചെയ്യുക, പരതന്ത്രസുഷുപ്തി വരുത്തുക. =ī-sĕr, =ī-zĕr, *n.* പരചേതനാധികാരി.

Mēsne (mēn), *a.* ഇടയിലുള്ള, മദ്ധ്യസ്ഥൻ ആയ; കീഴ്ക്കൂടിയാനുള്ള കടിയാൻ— (*l.*). m.-process വ്യവഹാരമദ്ധ്യേയുള്ള നിവൃത്തി. m. profits എതിർകൈവശകാലം ന്യായമായ ഉടമക്ക് ചെല്ലേണ്ടും അനുഭവം; കാലാനുഭവം, മിച്ചവാരം (*l.*).

Mes̱ō-, Mes-, *pf.* മദ്ധ്യേയുള്ള, നട്ടുവിൽ—. -bron'chi-um, *n.* മുഖ്യശ്വാസകോശനാളം. -dont, *a.* സാധാരണപല്ലുള്ള. -nā'sal, *a.* നാസാമദ്ധ്യത്തിലുള്ള.

I. Mess, *n.* ഊണ്, ഭക്ഷണം; തീന്; 2. ഭോജനപ്പന്തി, സഹഭോജനക്കാര്; 3. ഒര് പശുവിന്റെ ഒര് നേരത്തെ പാല്. m.-mate സഹഭോജി. *v. i.* സഹഭോജനം ചെയ്യുക, ഒന്നിച്ചുണ്ണുക; 2. വിട്ടുതികഴിക്കുക, ഉണ്ട് താമസിക്കുക. *v. t.* ഊണ് കൊടുക്കുക, വിട്ടുതി—.

II. Mess, *n.* നാനാവിധം, ക്ഷൾശവി, താറ് മാറ്, ചാറചപ്ര; 2. തുമ്പ്കേട്, അബദ്ധം.

Mes'sāge, *n.* ദൂത്, വർത്തമാനം, വിവരം; 2. രാജാജ്ഞ; 3. കമ്പിവർത്തമാനം. mes'sen-gĕr, *n.* ദൂതൻ, ആള്; രാജദൂതൻ; മുന്നടയാളം, ലക്ഷണം.

Mes-sī'äh (-sī'ä), Mes-sī'as, *n.* മശീഹ, ലോകരക്ഷിതാവ്, ക്രിസ്തു. -ship, *n.* മശീഹോദ്യോഗം. mes-si-an'ic, *a.* മശീഹാസംബന്ധമായ, മശീഹാവിഷയമായ.

Mes'sieurs (mesh'yĕrz), (*contr.* Messrs.) *n. pl. of* Mr., *s. u.* Master.

Mes'suāge (mes'wāj), *n.* പുരയിടം (*S.*), പുരയും പറമ്പും; വളപ്പ്, തൊടി, തൊടിക (*l.*).

Mes'tēe, Mus'tēe, *n.* ഭിവംശജൻ, സങ്കരവർണ്ണക്കാരൻ.

Met, *p. t. of* Meet.

Met'a-, Met-, *pf.* ഇടയിൽ; സഹ; ശേഷം; വഴിയെ; മേലെ; ചുററും; മറിച്ച്.

Me-tab'a-sis, *n.* (*pl.* =ses) വിഷയാന്തരാലങ്കാരം (*rhet.*); 2. മാററം, പരിണാമം.

Me-tab'o-la, =lē, *n.* രോഗപരിണാമം; 2. ചികിത്സാമാററം (*med.*). =tab'o-lism, *n.* പോഷണപരിണാമം (*phys.*). =bol'ic, *a.* പരിണാമസംബന്ധമായ. =līse, =līze, *v. t.* & *i.* പരിണാമം ഉണ്ടാക, മാററം വരിക.

**Met-a-car'pus**, *n.* മണിബന്ധം (*an.*). =**car'pal**, *a.* മണിക്കണ്ടം സംബന്ധിച്ച. *n.* മണിബന്ധാസ്ഥി (*an.*).

**Me-tach'ron-ism**, *n.* അബദ്ധകാല പ്രസ്താവം; ന്യൂനകാലനിരൂപണം.

**Me-ta-chrō'sis**, *n.* വർണ്ണപ്പരിണാമശക്തി (*biol.*).

**Me'tāge**, *n.* അളവ്; കല്ക്കരിയളവ്; 2. അളവ് കൂലി.

**Met-a-gen'e-sis**, *n.* സന്താനപരമ്പര രൂപപരിണാമം (*biol.*); 2. അന്വയാന്തരരൂപാനുരൂപ്യം (*biol.*); 3. അന്വയാന്തരം. =**ge-net'ic**, =**gen'ic**, *a.* അന്വയാന്തരസംബന്ധമായ.

**Met-a-gram'ma-tism**, *n.* നാമാക്ഷരപദരൂപണം. [ക്ഷരവിദ്യ.

**Me-tag'ra-phy** (-fi), *n.* ഭാഷാന്തരാ

**Met'al**, *n.* ലോഹം, ധാതു; 2. അയിര്; 3. കൂട്ട്, യോഗം; സ്വഭാവം; 4. ധൈര്യം, ചുണ; 5. ചരല്; 6. കപ്പല്പ്പീരങ്കികളുടെ വിസ്താരം; 7. ഉരുക്ക് കണ്ണാടി; 8. *pl.* ഇരിമ്പ് പാതവാളം. **m.-man** ലോഹപ്പണിക്കാരൻ, കമ്മാളൻ. **base m.** താണലോഹം. **fusible m.** ഒര് വക ഓട്. **heavy m.** ഗുരുലോഹം. **light m.** ലഘു—. **Muntz m.** ഒര് വക ഓട്. **prince's m.** —വെള്ളോട്. *v.t.* (*p.t.* **met'aled** *or* **met'alled**), ചെമ്പടിക്കുക, ലോഹത്തകിട് കൊണ്ട് പൊതിയുക; 2. ചരലിടുക. =**al'lic**, -**līne**, *a.* ധാതുസംബന്ധം ആയ; ലോഹമയം—; —തുല്യം—; —ഗുണമുള്ള. **m.c tinkling** മണിച്ചല്; =**tal'lic-ly**, *ad.* ലോഹമയമായി; —മാത്സ്യമായി. =**tal-li-fac'tūre**, *n.* ലോഹോല്പാദകപ്രവൃത്തി. -**if'er-ous**, *a.* ലോഹപ്രദമായ. =**tal'li-form**, *a.* ലോഹാകൃതിയുള്ള. -**list**, *n.* ലോഹപ്രവൃത്തിക്കാരൻ; ലോഹജ്ഞൻ. =**tal'lo-chrom-y** (-krom-i), *n.* ലോഹവർണ്ണവിദ്യ. =**al'lo-graph** (-graf), *n.* തകിടച്ചടി. =**al'lo-graph'ic**, *a.* തകിടച്ച് സംബന്ധമായ; —ആയ. -**log'ra-phist** (-fist), *n.* ലോഹശാസ്ത്രരചകൻ. -**log'ra-phy** (-fi), *n.* ലോഹവിദ്യ; —പരീക്ഷ—; —ശാസ്ത്രം; തകിടച്ച്. -**loid**, *n.* ഉപലോഹം, —ധാതു. *a.* ലോഹപ്രായമായ; ഉപധാതുഗുണം ഉള്ള. -**loid'al**, *a.* —ലോഹലക്ഷണം—. -**lo-ther'a-py**, *n.* തകിട് ചികിത്സ (*med.*). -**lur'gic**, -**lur'gi-cal**, *a.* ലോഹപരീക്ഷാസംബന്ധമായ. -**lur'gist**, *n.* —പ്രവൃത്തിക്കാരൻ; —പരീക്ഷകൻ; —പരീക്ഷജ്ഞൻ. -**lur'gy**, *n.* —പ്രവൃത്തി; —ശോധനം.

**Met-a-lep'sis**, *n.* (*pl.* -**lep'ses**), ഉരിയലങ്കാരം (*rhet.*).

**Met-a-mor'phōse** (-mor'fōz), =**mor'phīse**, =**mor'phīze**, *v.t.* രൂപം മാററുക, ആകൃതിഭേദം വരുത്തുക; മാററുക. *n.* രൂപപരിണാമം. =**mor'phic** (mor'fik), *a.* മാററമുള്ള, പരിണാമാധീനമായ; സ്വഭാവവ്യത്യാസം വരുത്തുന്ന; രൂപഭേദം വന്ന (*geol.*). =**mor'phism**, *n.* പരിണാമം, മാററം. =**mor'phist**, *n.* ക്രിസ്തുമൂർത്തിതപലയവാദി (*eccl.*). =**morphō-sis**, *n.* (*pl.* -**sēs**) രൂപാന്തരം, രൂപപരിണാമം, —വികാസം (*biol.*). സ്വഭാവവികാരം (*phys.*).

**Met'a-phŏr** (-fĕr), *n.* രൂപക അലങ്കാരം, ലക്ഷണ—, ആരോപ—, ഉപചാര— (*rhet.*). 2. ഉല്ക്രാന്തം; 3. ഭാവാർത്ഥം. =**phor'ic**, =**phor'i-cal**, *a.* ലാക്ഷണികം ആയ, ഔപചാരികം—; ഭാവാർത്ഥം—. =**phor'i-cal-ly**, *ad.* ഉല്ക്രാന്തമായി; രൂപകമായി; ഭാവാർത്ഥത്തിൽ. =**phor'i-cal-ness**, *n.* ഭാവാർത്ഥം. =**phor-ist**, *n.* രൂപകാലങ്കാരപ്രയോഗക്കാരൻ; ഭാവാർത്ഥക്കാരൻ.

**Met'a-phrāse** (-frāz), =**taph'ra-sis** (-taf'ra-), *n.* അക്ഷരാർത്ഥം; അക്ഷരഭാഷാന്തരം; 2. പ്രത്യുത്തരം. =**phrāsed** (-frāzd) *a.* അക്ഷരപ്രകാരം 'തർജ്ജമ' ചെയ്ത. =**phrast**, *n.* അക്ഷരഭാഷാന്തരക്കാരൻ. =**phras'tic**, =**phras'ti-cal**, *a.* അക്ഷരപ്രകാരമുള്ള; കൃത്യമായ.

**Met-a-phys'ic**, =**phys'ics** (-fiz-), *n.* തത്വശാസ്ത്രം; ജീവതത്വ—; 2. മൂലസൂത്രം; —സൂത്രശാസ്ത്രം; 3. അന്വീക്ഷിക—; 4. മാനസ—; 5. ആത്മതത്വ—, അദ്ധ്യാത്മ—. =**phys'ic**, =**phys'i-cal**, *a.* തത്വശാസ്ത്രസംബന്ധമായ; അദ്ധ്യാത്മശാ

സ്സുപ്രകാരമുള്ള. =phys'i-cal-ly, *ad.* ആത്മതത്വശാസ്ത്രപ്രകാരം. =si'cian (-zish'un), *n.* തത്വജ്ഞാനി; അദ്ധ്യാത്മ—. =taph'y-sis (-taf'i-), *n.* രൂപപരിണാമം, രൂപാന്തരം.

Met'a-plasm, *n.* അക്ഷരപരിണാമം (*gr.*); 2. —പരിണാമാലങ്കാരം (*rhet.*). =plast, *n.* ബഹുധാതുപദം (*gr.*).

Met-a-sō'ma-tism, *n.* പ്രകൃതിവികാരം (*geol.*). =sō-mat'ic, *a.* പ്രകൃതിപരിണാമസംബന്ധമായ.

Me-tas'ta-sis, *n.* (*pl.* -ses), പുനജ്ജനനം, ആത്മപ്പൂതുക്കം (*theol.*); 2. രോഗസ്ഥലമാററം (*med.*); 3. പോഷണപരിണാമം (*phys.*). =tat'ic, *a.* വികാരസംബന്ധമായ; വികാരോത്ഭവമായ.

Met-a-tär'sal, *a.* പാദസംബന്ധമായ. *n.* പാദാസ്ഥി (*an.*). =tärse, =tär'sus (*pl.* =tär'sī), *n.* പാദാസ്ഥി (*an.*).

Me-tath'e-sis, *n.* (*pl.* =sēs), അക്ഷരമാററം, വണ്ണവിപയ്യാസം (*gr.*); 2. അണപ്പകച്ച് (*chem.*). =thet'ic, =thet'i-cal, *a.* വണ്ണവിപയ്യാസസംബന്ധമായ.

Me-tā'yĕr, *n.* ലാഭപ്പകതിക്കുടിയാൻ. me-tāy-age' (mā-tay-azh'), *n.* ലാഭപ്പകതികൃഷിനടപ്പ്.

Mēte (mēt), *v. t.* അളക്കുക, അളവെടുക്കുക. *n.* (*pl.*) അളവ്; അതിര്. m.-wand അളവുകോല്. mē'tĕr, *n.* അളക്കുന്നവൻ; അളവ്; മാത്ര, മാപകയന്ത്രം. m.r gram പ്രവൎത്തനയളവ്. mē'tĕr-āge, *n.* അളക്കൽ; അളവുകൂലി.

Mē-tem-pir'ics, *n.* അപരിചിതജ്ഞാനം, അനനുഭവ—. =pir'ic, =pir'i-cal, *a.* —ജ്ഞാനസംബന്ധമായ. =pir'i-cism, *n.* അപരിചിതജ്ഞാനവിദ്യ.

Me-temp-sy-chō'sis (-tem-si-kō'-), *n.* ജന്മാന്തരം, പുനരപിജനനം. =chōse (-kōz), *v. t.* മറുജന്മം ജനിക്കുക.

Met-emp-tō'sis (-met-em-), *n.* ദിനവ്യവകലനം, ദിവസക്കിഴിപ്പ് (*as.*).

Mē'te-or, *n.* വാനക്കാഴ്ച; 2. കൊള്ളിമീൻ, ഉല്ക്ക, ഉല്പാതം, വീഴ്ന്നക്ഷത്രം. =or'ic, =or'i-cal, *a.* കൊള്ളിമീൻ സംബന്ധമായ; അന്തരീക്ഷ—; ഋതുഭേദ—; ജ്വലിക്കുന്ന; പ്രഭയുള്ള; ക്ഷണികമായ. m.c iron, m.c stone ഉല്ക്കലോഹം, —ശില. m.c showers കൊള്ളിമീൻ വീഴ്ച, ഉല്ക്കപതനം. -ism, *n.* വയറുവീപ്പ് (*med.*). -īte, =or'ō-līte, *n.* കൊള്ളിമീനിരിമ്പ്, ഉല്ക്കശില. -īse, -īze, *v. t.* ബാഷ്പമായി പൊങ്ങുക; ഉല്ക്കാകൃതി ധരിക്കുക. -o-graph (-graf), *n.* ഋതുവികാരലേഖനയന്ത്രം. -o-graph'ic, *a.* —സംബന്ധമായ. -og'ra-phy (-fi), *n.* അന്തരീക്ഷ വിശേഷലേഖനം. -oid, *n.* വാനശില. -oid'-al, *a.* വാനശിലാസംബന്ധമായ. -o-log'ic, -o-log'i-cal, *a.* അന്തരീക്ഷവൈശേഷികമായ. m.l table, m.l register വായു സ്ഥിതിപ്പട്ടിക. -ol'o-gist, *n.* അന്തരീക്ഷസ്ഥിതി പരിശോധകൻ. -ol'o-gy —പരിശോധന. -o-mē-tĕr, *n.* അന്തരീക്ഷ വികാരലേഖനയന്ത്രം. -'o-scōpe, *n.* ഉല്ക്കമാത്ര. =tē'o-rŏus, *a.* ഉല്ക്കപ്രായമായ. [അളവ്.

I. Mē'tĕr, *suf.* മാത്ര, മാപകയന്ത്രം,

II. Mē'tĕr, Mē'tre, *n.* വൃത്തം, ഛന്ദസ്സ്; രാഗം; രീതി; 2. ഒര് നീളയളവ്, ഏകദേശം 39½ ഇഞ്ച്, 'മീററ്'. common m. (*C. M.*) സാമാന്യരാഗം. long m. (*L. M.*) ദീഘ—. short m. (*S. M.*) ഹ്രസ്വ—. met'ric, *a.* അളവുസംബന്ധമായ, —പ്രകാരമുള്ള; 'മീററർ' അളവുസംബന്ധമായ. m.c system 'മീററർ' പ്രമാണം. met'ri-cal, *a.* അളവുസംബന്ധമായ; ഛന്ദസ്—; രാഗപ്രകാരമുള്ള; പദ്യമായ. met'ri-cal-ly, *ad.* പദ്യമായി. mē'trist, *n.* പദ്യരചകൻ. met'rō-chrōme (-krōm), *n.* വണ്ണമാത്ര. met'rō-graph (-graf), *n.* വേഗമാത്ര. =trol'o-gy, *n.* അളവുശാസ്ത്രം; മാത്രവിദ്യ. met-ro-mā'ni-a, *n.* കവനഭ്രാന്ത്. =tron'o-my, *n.* കാലമാപനം.

Mē-thinks', *v. impers.* (*p. t.* mē-thought') എന്ന് ഞാൻ വിചാരിക്കുന്നു, —എനിക്ക് തോന്നുന്നു.

Meth'od, *n.* ക്രമം, വഴി, മാൎഗ്ഗം, രീതി; 2. അനുക്രമണം, വ്യക്തി; 3. വി

ധി, വ്യവസ്ഥ. teaching m. അഭ്യാപകപദ്ധതി. -'ic, -'i-cal, *a.* യഥാക്രമം ആയ, ക്രമാനുസാരം—; വിധിപ്രകാരമുള്ള; ശാസ്ത്രവൈദ്യസംബന്ധമായ. -'i-cal-ly, *ad.* രീതിപ്രകാരം. -'i-cal-ness, *n.* ക്രമം, വ്യവസ്ഥ. =thod'ics, *n.* പദ്ധതിശാസ്ത്രം. =dism, *n.* ആചാരാനുചിതസഭ, 'മെത്തൊഡിസ്റ്റ്'— (*eccl.*). =dist, *n.* സങ്കല്പവൈദ്യൻ, ശാസ്ത്ര—; ആചാരാനുചിതസഭക്കാരൻ, 'മെത്തൊഡിസ്റ്റ്'— (*eccl.*); ഭക്തൻ. *a.* 'മെത്തൊഡിസ്റ്റ്' സഭാസംബന്ധമായ. =dis'tic, =dis'ti-cal, *a.* ആചാരാനുചിതസഭാ—. =dis'ti-cal-ly, *ad.* —ചട്ടപ്രകാരം. =dī-ṣā'tiọn, =dī-zā'tiọn, *n.* അനുക്രമണം; അനുക്രമം. =dīṣe, -dīze, *v.t.* ക്രമമാക്കുക, ക്രമത്തിൽ വെക്കുക. =dī-ṣẽr, =dī-zẽr, *n.* ക്രമമാക്കുന്നവൻ. -o-log'i-cal, *a.* പദ്ധതിശാസ്ത്രസംബന്ധമായ. -ol'o-ġy, *n.* —ശാസ്ത്രം.

Mē-thought' (mē-that'), *v. impers., p. t. of* Methinks.

Met'ic, *n.* പരദേശക്കാരൻ.

Me-ton'y-my (*or* met'o-nim-i), *n.* അജഹൽലക്ഷണാലങ്കാരം, ഉപാദാന— (*rhet.*). =nym'ic, =nym'i-cal, *a.* അജഹല്ലക്ഷണമായ. =nym'i-cal-ly, *ad.* ഉപാദാനാലങ്കാരമായി.

Me-top'ic, *a.* നെററിമേൽ ഉള്ള; മുൻഭാഗത്ത്—. =top'o-man-cy, met-ō-pos'co-py, *n.* സാമുദ്രികാലക്ഷണം. =po-scop'ic, =po-scop'i-cal, *a.* —ലക്ഷണസംബന്ധമായ. =pos'co-pist, *n.* —ലക്ഷണക്കാരൻ.

Me-trī'tis, *n.* ഗുന്മവീക്കം, ഗർഭാശയ— (*med.*). =trō'mē-tọr, *n.* —മാപകയന്ത്രം (*med.*). met-ro-rhā'ġi-a, *n.* രക്തസ്രാവം (*med.*). =trot'o-my, *n.* ഗർഭപാത്രഛേദനം.

Met-ro-nym'ic, *a.* മാതൃനാമമായ, അമ്മവംശപ്പേരായ. *n.* —വംശപ്പേര്.

Me-trop'ō-lis, *n.* മാതൃനഗരം; പ്രധാന—, ആസ്ഥാന—, മുഖ്യപട്ടണം, തലസ്ഥാനം; 2. അദ്ധ്യക്ഷപ്രവരനഗരം (*eccl.*). met-rō-pol'i-tan, =po-lit'i-cal, *a.* രാജധാനിസംബന്ധമായ; പ്രധാനാദ്ധ്യക്ഷനെ സംബന്ധിച്ച. =rō-pol'i-tan, *n.* പ്രധാനാദ്ധ്യക്ഷൻ, അദ്ധ്യക്ഷപ്രവരൻ, 'മെത്രൊപ്പൊലിത്താ', 'മെത്രാൻ' (*Syr.*). =pō-lit'a-nāte, *n.* പ്രധാനാദ്ധ്യക്ഷാധികാരപ്രദേശം, അദ്ധ്യക്ഷയിടവക. =trop'ō-līte, *n.* പ്രധാനാദ്ധ്യക്ഷൻ.

Met'tle, *n.* സ്വഭാവം, സത്വം, ഗുണം; 2. അഭിമാനം; 3. ചുണ; ശൌര്യം, ഉചിതം; ധൈര്യം; 4. ഉത്സാഹം. to put one on one's m. വീര്യം ജനിപ്പിക്കുക, ചൊടി വരുത്തുക. met'tled (met'ld), *a.* ചൈതന്യം ഉള്ള, ചുറുക്ക്—, ആസക്തി—. -sŏme, *a.* ചുണ—, ചുറുചുറുപ്പ്—. -sŏme-ly, *ad.* ചൊടിപ്പോടെ, ചുണയോടെ. -sŏme-ness, *n.* ചുണ, പ്രഭാവം. [(*z.*).

I. Mew (mū), sea-m., *n.* കടല്ക്കാക്ക

II. Mew (mū), *v. t.* ഉതിക്കുക, കടഞ്ഞുകളയുക; 2. മാറുക. *v. i.* തൂവലുതിക്കുക; മാറിപ്പോക, മാററം വരിക.

III. Mew (mū), *n.* കൂട്, പഞ്ജരം; 2. കളം; 3. *pl.* മറവിടം, സങ്കേതം; ബന്ധനസ്ഥലം, കാരാഗൃഹം; 4. *pl.* കതിരപ്പന്തി, 'ലായം'. 5. *pl.* ഇടവഴി; ഇടുക്ക്—. *v.t.* കൂട്ടിലിടുക, പൂട്ടിയിടുക, ബന്ധനത്തിലാക്കുക.

IV. Mew, Meaw, Meow (mū), *v.t.* പൂച്ച കരയുക, 'മ്യാവ' എന്ന്—. *n.* പൂച്ചക്കരച്ചല്. mewl, meawl (mūl), *v. i.* (കുട്ടി) കരയുക, അകിറുക, നിലവിളിക്കുക. meawl'ẽr, *n.* നിലവിളിക്കുന്ന കുട്ടി.

Mez'zo-tint, =tin'tō, *n.* ഒരു വക ലോഹച്ചിത്രക്കൊത്ത്. *v. t.* ലോഹത്തിൽ ചിത്രം കൊത്തുക. =tin'tẽr, *n.* —കൊത്തുന്നവൻ.

Mi (mē), *n.* ശ (*mus.*).

Mi-aṣm', Mi-as'ma, *n.* (*pl.* Mi-as'-ma-ta) വ്യാധിപ്പകച്ചവായു; വിഷ—; ദുരാവി, വിഷക്കാററ്. =as'mal, =mat'ic, =mat'i-cal, *a.* വിഷവായു ഉള്ള; —ജന്യമായ. =as'ma-tist, *n.* വിഷവായുശാസ്ത്രജ്ഞൻ. =mol'o-ġy, *n.* —ശാസ്ത്രം.

**Mī-aul′** (mē-oul′), *v. i.* പൂച്ചകരയുക. *n.* പൂച്ചക്കരച്ചല്.

**Mī′ca,** *n.* അഭ്രം, അഭ്രകം, കാക്കത്താലി (*min.*). =**cā′ceous** (kā′shus), *a.* അഭ്രസംബന്ധമായ; അഭ്രമുള്ള.

**Mīce,** *n., pl. of* Mouse.

**Mich′ael-mas** (mik′el-), *n.* മിഖായേൽ ദൈവദൂതോത്സവം (സെപ്ത. 29) (*R. C.*); 2. ശരല്ക്കാലം. **m. term** നവമ്പ്ര 2 നു- മുതൽ 25 നു- വരെയുള്ള കാലം (*l.*).

**Miche, Mich,** *v. i.* പതുങ്ങുക, കള്ളത്തഞ്ചം കാണിക്കുക, ഒളിക്കുക. **mich′ĕr,** *n.* കള്ളത്തഞ്ചക്കാരൻ. **mich′ing,** *a.* കള്ളത്തഞ്ചം ഉള്ള.

**Mic′kle, Moc′kle, Muc′kle** (mik′l, *etc.*), *a.* വളരെ, പല, അധികം, വലിയ.

**Mī′crō-, Mī′cr,** *pf.* ചെറിയ, അല്പ, സൂക്ഷ്മ; 2. പ്രയുതാംശം.

**Mī′crōbe, Mī-crō′bi-on,** *n.* പരമാണുപ്രാണി; രോഗബീജ— (*biol.*). =**crō′-bi-an,** =**crob′ic,** *a.* പരമാണുപ്രാണിസംബന്ധമായ; —പ്രാണിജമായ. =**crob′i-cīde,** *n.* —പ്രാണിഹരം (*biol.*).

**Mī-crō-ceph-al′ic,** =**ceph′a-lŏus,** *a.* അല്പശീർഷം ആയ, ചെറുതലയുള്ള (*an.*).

**Mī-crō-chem′is-try** (-kem′is-), *n.* സൂക്ഷ്മരസവാദശാസ്ത്രം.

**Mī′crō-cosm,** *n.* അല്പവിശ്വം, സൂക്ഷ്മപ്രപഞ്ചം, പിണ്ഡാണ്ഡം; 2. മനുഷ്യൻ. =**cos′mic,** =**cos′mi-cal,** *a.* ചെറുലോകസംബന്ധമായ, അല്പജഗൽ—. =**cos-mog′ra-phy** (-fi), *n.* നരവിവരണം, മനുഷ്യശാസ്ത്രം.

**Mī-crō-cous′tic,** *n.* മന്ദശബ്ദശ്രവണയന്ത്രം, സൂക്ഷ്മശ്രവണ—. *a.* —ശ്രവണീയമായ. [(*phys.*).

**Mī-crō-cȳte,** *n.* രക്തമൂലാണു

**Mī′crō-dont,** *a.* ചെറുപല്ലുള്ള.

**Mī′crō-form,** *n.* സൂക്ഷ്മപ്രാണി (*biol.*).

**Mī-crō-graph** (-graf), *n.* സൂക്ഷ്മലേഖനി, —ലേഖനയന്ത്രം. =**graph′ic** (graf′ik), *a.* —ലേഖനസംബന്ധമായ. =**crog′ra-phy** (-krog′ra-fi), *n.* അണുപ്രാണിശാസ്ത്രം.

**Mī-crol′o-gy,** *n.* പരമാണുപ്രാണിവിദ്യ; 2. നിസ്സാരകാര്യവിചാരം; അല്പകാര്യശ്രദ്ധ. =**log′ic,** =**log′i-cal,** *a.* അണുപ്രാണിവിദ്യാസംബന്ധമായ; അതിസൂക്ഷ്മമായ. =**log′i-cal-ly,** *ad.* അതിസൂക്ഷ്മത്തോടെ.

**Mī-crom′e-tĕr,** *n.* സൂക്ഷ്മമാത്ര. =**met′ric,** =**met′ri-cal,** *a.* —മാത്രകൊണ്ടുള്ള; —മാപനം സംബന്ധിച്ച. =**met′ri-cal-ly,** *ad.* സൂക്ഷ്മമായി. =**crom′e-try,** *n.* സൂക്ഷ്മമാപനം.

**Mic′ron,** *n.* ഒര് നീളയളവ്. ·മീററിന്റെ പ്രയുതാംശം. [മാത്ര.

**Mī-crō-nom′e-tĕr,** *n.* സൂക്ഷ്മകാല

**Mī-crō-or′gan-ism,** *n.* പരമാണുപ്രാണി, പകച്ചരോഗജനക— (*biol.*).

**Mī-crō-pan′to-graph** (-graf), *n.* സൂക്ഷ്മലേഖനപ്പകർപ്പ് യന്ത്രം.

**Mī′crō-phōne** (-fōn), സൂക്ഷ്മസ്വരശ്രുതികരയന്ത്രം. =**phon′ics** (-fōn-), *n.* —വിദ്യ. =**croph′ō-nŏus** (-krof-), *a.* സൂക്ഷ്മസ്വരശ്രുതികരണീയമായ.

**Mī-crō-pho′to-graph** (-fo′to-graf), *n.* സൂക്ഷ്മഛായാലേഖനയന്ത്രം. =**tog′ra-phy** (-fi), *n.* —വിദ്യ.

**Mī-croph-thal′mi-a,** =**thal′my** (krof-), *n.* കണ്ണിറുക്കം.

**Mī-croph′yl-lŏus** (-krof′il-lus), *a.* ചെറിയ ഇലയുള്ള (*b.*).

**Mī′crō-scōpe,** *n.* ഭൂതക്കണ്ണാടി, സൂക്ഷ്മദർശിനി. =**pal,** *a.* സൂക്ഷ്മപരിശോധനാസംബന്ധമായ. =**scop′ic,** =**scop′-i-cal,** *a.* ഭൂതക്കണ്ണാടിസംബന്ധമായ; സൂക്ഷ്മപരിശോധന—; സൂക്ഷ്മദർശിനിമുഖേനയുള്ള; സൂക്ഷ്മദൃഷ്ടിയുള്ള; അതിസൂക്ഷ്മമായ. =**scop′i-cal-ly,** *ad.* ഭൂതക്കണ്ണാടികൊണ്ട്; സൂക്ഷ്മപരിശോധനയാൽ; ഏററവും ചെറുതായി. =**pist,** *n.* സൂക്ഷ്മപരിശോധകൻ. =**cros′co-py,** *n.* ഭൂതക്കണ്ണാടിപ്രയോഗം; സൂക്ഷ്മപരിശോധന.

Mī-cro-spec'trō-scōpe, *n.* സൂക്ഷ്മജ്യോതിർവിഗ്രഹദർശിനി (*ph.*).

Mī'crō-tōme, *n.* സൂക്ഷ്മശസ്ത്രം, —ഛേദനയന്ത്രം. =mist, *n.* സൂക്ഷ്മഛേദകൻ. =my, *n.* സൂക്ഷ്മഛേദനം.

Mī'crō-zȳme, *n.* പകച്ച്വ്യാധിബീജപ്രാണി (*biol.*).

Mic-tū-ri'tiŏn (-rish'un), *n.* മൂത്രവിസർജ്ജനം; 2. അതിമൂത്രരോഗം (*med.*).

Mid, *a.* നടുവിൽ ഉള്ള, മദ്ധ്യത്തിൽ—; നടു, മദ്ധ്യ, ഉൾ. m.-age മദ്ധ്യപ്രായം. m.-air ആകാശമദ്ധ്യം. m.-brain മദ്ധ്യമസ്തിഷ്കം (*an.*). m.-channel നടുപ്പുഴ. m.-circle ത്രിഭുജാന്തർവൃത്തം. m.-day ഉച്ച, നട്ടുച്ച, മദ്ധ്യാഹ്നം; ഉച്ചക്കുള്ള. m.-gard ഭൂമി, നരലോകം(*myth.*). m.-gut നടുക്കുടല് (*an.*). m.-heaven ഖമദ്ധ്യം, നടുവാകാശം, ഊൎദ്ധ്വാകാശം; ഉച്ചരേഖ(*as.*). m.-land ഉൾനാട്ടിലുള്ള; ഭൂമദ്ധ്യേയുള്ള. m.-lands ഉൾനാട്, നാട്ടുപുറം. m.-main, m. ocean, m.-sea നടുക്കടല്. m.-night പാതിരാ, അൎദ്ധരാത്രി; പാതിരക്കുള്ള. m.-riff വിഭാജകചൎമ്മം (*an.*). m.-ship കപ്പലിന്റെ നടുവിലുള്ള. m.-shipman (*contr.* middy) പടക്കപ്പലിലെ ആദ്യസ്ഥാനം; നാവികാഭ്യാസി. m.-ships കപ്പലിന്റെ മദ്ധ്യഭാഗം. m.-summer ഗ്രീഷ്മമദ്ധ്യം. m.-way വഴിമദ്ധ്യം, നടു; ഇടയിലുള്ള; ഇടയിൽ, മദ്ധ്യേ. m.-week വാരമദ്ധ്യം, ബുധനാഴ്ച. m.-winter ഹേമന്തമദ്ധ്യം. *prep.*, *see* Amid. ='dle, *a.* നടുവിൽ ഉള്ള, മദ്ധ്യേ—; ഇടയിൽ—; ഇടത്തരം ആയ, നടുത്തരം—. m.e age മദ്ധ്യപ്രായം. m.e-aged സാമാന്യം പ്രായം ചെന്ന. m.e ages ക്രിസ്തുശകം 6 മുതൽ 15 വരെയുള്ള ശതാബ്ദകാലം. m.e class ഇടത്തരക്കാര്. m.e distance, m.e ground ചിത്രമദ്ധ്യം. m.e kingdom ചീനരാജ്യം. m.e-man നടുവൻ, മദ്ധ്യസ്ഥൻ, മൂന്നാം കൈ, മൂന്നാമൻ, 'ദല്ലാലി'; ഇടത്തരക്കാരൻ; നടുവണിയാള് (*mil.*). *n.* നടു, കേന്ദ്രം; മദ്ധ്യപ്രദേശം; —കാലം; അര. m.e-most, mid'mōst, *a.* നടുമദ്ധ്യത്തിലുള്ള. -'dlĕr, *n.* നടുത്തരക്കാരൻ. -'dling, *a.* ഇടത്തരത്തിലുള്ള, മദ്ധ്യമം ആയ; സാധാരണം—, 'സുമാറ്'—. -'dling-ly, *ad.* ഇടത്തരമായി. -'dling-ness, *n.* നടുത്തരം. -'dlings, *n. pl.* കോതമ്പ് നുറുക്ക്, —പാറല്; പന്നിമാംസത്തിന്റെ നടുക്കഷണം (*U. S*) midst, *n.* (in) ഉള്ള്, നടു, അകം, അന്തൎഭാഗം; തിരക്ക്, ഭാരം. *prep.* മദ്ധ്യേ. *ad.* നടുവിൽ. -'ward, *a.* മദ്ധ്യസ്ഥമായ. *ad.* നടുകൊള്ളെ, മദ്ധ്യത്തിൽ.

Mid'den (mid'n), Mid'ding, *n.* കപ്പക്കുന്ന്, വളക്കുണ്ട്; 2. കപ്പ, ചണ്ടി. m. crow കാക്ക (*z.*).

Midge (mij), *n.* പാററ (*z.*). 2. അണഞ്ഞ് (*z.*) midg'et, *n.* അണഞ്ഞ് (*z*); കുള്ളൻ, മുണ്ടൻ, വാമനൻ.

Mid'wīfe, *n.* (*pl.* -wīves), പേററി, പേററിച്ചി, വയററാട്ടി, സൂതികാ, കുട്ടിയെടുക്കുന്നവള്. *v. t.* കുട്ടിയെടുക്കുക. *v. i.* പേററിപ്പണി ചെയ്യുക. =wif'ery, (-wīf'ry *or* -wif'ry), *n.* സൂതികപ്രവൃത്തി, പേററിപ്പണി; കുട്ടിയെടുക്കൽ; സൂതികാവിദ്യ.

Mien (mēn), *n.* ആകാരം, രൂപം, ആകൃതി; 2. മുഖരൂപം, —ഭാവം; 3. ഭാവം, പെരുമാററം.

Miff, *n.* പിണക്ക്, ശണ്ഠ; മുഷിച്ചല്. *v. t.* നീരസം ജനിപ്പിക്കുക.

I. Mīght (mīt), *p. t. of* May.

II. Mīght (mīt), *n.* ഊക്ക്, ശക്തി, ബലം, പരാക്രമം; 2. ശ്രദ്ധ, ഉത്സാഹം, താല്പൎയ്യം; 3. നിൎവ്വാഹം, നിവൃത്തിമാൎഗ്ഗം; 4. പ്രാപ്തി, സാമൎത്ഥ്യം. with m. and main യഥാശക്തിയോടെ, പൂൎണ്ണബലത്തോടെ. -'i-ly, *ad.* ഊക്കോടെ, ശൌൎയ്യത്തോടെ; വളരെ, ധാരാളം. -'i-ness, *n.* വലിപ്പം, മഹത്വം; പ്രഭാവം, വല്ലഭത്വം, വീൎയ്യം; ശ്രേഷ്ഠത, കലീനത്വം; (ബഹുമാനവാചി:) ബഹുമാനമുള്ളവര്, അങ്ങ്. his high m.s ബഹുമാനപ്പെട്ട അങ്ങുന്ന്. -'y, *a.* ബലം ഉള്ള, വിക്രമം—, പരാക്രമശാലിയായ; അധികാരമുള്ള; അത്ഭുതം ആയ, അപൂൎവ്വം—; മഹാ, വൻ, വലിയ;

ഭയങ്കരം ആയ, ഘോരം—, വിശാലം—. *ad.* ഏററവും, വളരെ, നന്ന.

**Mign-on-nette′** (min-yon-net′), *n.* ഒര് സുഗന്ധപുഷ്പം (*b.*) **m.-pepper** താണ കുരുമുളക്, പൊള്ള് (മുളക്).

**Mī′grāte,** *v. i.* നാട്മാറിപ്പാൎക്കുക, സ്വദേശം വിട്ട്പോക, പരവാസം ചെയ്യുക; 2. മാറിപ്പാൎക്കുക. **=′grant, =tŏr-y,** *a.* മാറിപ്പാൎക്കുന്ന, സ്ഥിരവാസമില്ലാത്ത, ദേശാന്തരിയായ, സഞ്ചാരശീലമുള്ള; തെണ്ടിനടക്കുന്ന. **=′grant,** *n.* ദേശാന്തരപ്പക്ഷി. **=grā′tiŏn,** *n.* കുടിനീക്കം, പരവാസം; ദേശാന്തരസഞ്ചാരം.

**Mīl′āge,** *n., see* **Mileage** *under* [**Mile.**

**Milch,** *a.* കറക്കുന്ന, പാലുള്ള. **m. cow** കറവുള്ള പശു.

**Mīld,** *a.* സൌമ്യം ആയ, ശാന്തം—; 2. മൃദു—, പതം ഉള്ള; 3. വീൎയ്യംകുറഞ്ഞ; 4. ദയ ഉള്ള; 5. സാധുശീലം—, സാത്വികത്വം—; 6. മന്ദം ആയ; 7. ലഘുതരം—. **m. or low steel** പതമുള്ള ഉരുക്ക്. **-′en,** *v. t.* സൌമ്യമാക്കുക. **-′ly,** *ad.* സൌമ്യതയോടെ, ശാന്തമായി. **-′ness,** *n.* മൃദുത്വം; സല്ഗുണം; ശാന്തത; കട്ടപ്പമില്ലായ്മ; കൃപ, അലിവ്; സരസത്വം.

**Mil′dew** (mil′dū), *n.* പൂപ്പ്, കരിമ്പൻ, വെള്ളക്കറ; എരിച്ചിൽ (*S.*) *v. t.* പൂപ്പ് പിടിപ്പിക്കുക. *v. i.* പൂത്ത്പോക, കരിമ്പൻ അടിക്കുക, എരിച്ചിൽ വീഴുക.

**Mīle,** *n.* 1760 വാരയുള്ള നീളയളവ്, നാഴിക, കല്ല്, കാൽകാതം, അദ്ധക്രോശം. **m.-post, m.-stone** നാഴികക്കുററി, നാഴികക്കല്ല്. **geographical or nautical m.** 2025 വാര, ഏകദേശം ഒന്നേകാൽ നാഴിക. **Roman m.** ആയിരം ചുവട്, 1614 വാര. **statute m.** സൎക്കാർനാഴിക, 1760 വാര. **-′āge, mīl′āge,** *n.* വഴിച്ചിലവ്, നട‘ബത്ത’; ദീഘം, ദൂരം; **mil′-li-ar-y,** *a.* ഒര് നാഴികയുള്ള; നാഴികക്കണക്കായ. *n.* നാഴികക്കല്ല്.

**Mi-lē′sian,** *a.* ഐൎല്ലാണ്ടിലുള്ള, ഐൎല്ലാണ്ട്സംബന്ധമായ. *n.* ഐൎല്ലാണ്ട്കാരൻ, ഐറീഷ്കാരൻ.

**Mil′i-ar-y,** *a.* തിനമണിപോലെയുള്ള; 2. മണിമണിയായി പൊന്തിയ, തരിക്കുരുപ്പായ; 3. ചെറിയ; അനവധിയായ. **-ā′ri-a,** *n.* ഒര് വക പനി, തരിക്കുരുപ്പ് (*med.*).

**Mil′i-tant,** *a.* യുദ്ധം ചെയ്യുന്ന; പോരാട്ടുന്ന; 2. പടച്ചേകം ചെയ്യുന്ന; പട്ടാളപ്രവൃത്തി—. **church-m.** ലോകസ്ഥസഭ, പോരാട്ടു— (*theol.*) **=tan-cy,** *n.* പോരാട്ടസ്ഥിതി; പോര്; യുദ്ധവാസന; സൈന്യവ്യവസ്ഥ. **-ly,** *ad.* പോരാട്ടത്തോടെ, പോരാടിക്കൊണ്ട്. **=ta-ri-ly,** *ad.* സൈന്യധൎമ്മപ്രകാരം. **=ta-rism,** *n.* യോധവ്യവസ്ഥ; ആയുധവാഴ്ച; സൈന്യവ്യവസ്ഥ; യുദ്ധപരാക്രമം, ശൌൎയ്യം. **=tar-y,** *a.* സൈന്യസംബന്ധമായ; ആയുധ—; യുദ്ധ—; യുദ്ധത്തിലുള്ള; പടയാളികളുടെ. **m.y law** സേനാനിയമം. **m.y order** സൈന്യാധിപത്യകല്പന; യോധിവൎഗ്ഗം. **m.y tenure** പടച്ചേകക്കുടിമ. *n.* പടയാളികൾ, സൈന്യം. **=tāte,** *v. i.* (against, with) പൊരുതുക, പോരാട്ടുക, യുദ്ധം ചെയ്യുക. **=li′tia** (-lish′a), *n.* രാജ്യസൈന്യം, പൌരപ്പട്ടാളം; തിട്ടക്കപ്പടയാളിവൎഗ്ഗം. **m.a-man** പൌരപ്പടയാളി.

**Milk,** *n.* പാല്, ക്ഷീരം, ദുഗ്ദ്ധം, പയസ്സ് (*phys.*). 2. ചാറ്, നീര്, കറ, ചുന, പാല് (*b.*). **m.-crust** പാലുണ്ണി (*med.*). **m.-fever** പാല്പനി (*med.*). **m.-livered** ഭീരുത്വമുള്ള. **m.-maid** പാല്കാരത്തി, എരിമക്കാരത്തി. **m.-man** പാല്കാരൻ, എരിമക്കാരൻ. **m.-sop** പാലിൽ മുക്കിയ അപ്പം; ചപലൻ. **m.-tooth** ആദ്യത്തെ പല്ലുകൾ (*an.*). **m.-white** തുയ്യവെള്ള. **condensed m.** കട്ടിപ്പാല്, കുറുക്ക്പാല്. *v. t.* കറക്കുക, ദോഹനം ചെയ്യുക; 2. പിഴിഞ്ഞെടുക്കുക. **to m. the street** വകപ്പടിക്കച്ചവടക്കാര് ചില്ലറക്കാരോട് അധിക ലാഭം പറരുക. **to m. a telegram** ആരാന്ന് വന്ന കമ്പിവൎത്തമാനം തൻെറ ആദായത്തിന്ന് ഉപയോഗപ്പെടുത്തുക. *v. i.* കറക്കുക; ചുരത്തുക. **-′ẽr,** *n.* കറക്കുന്നവൻ; ദോഹനയന്ത്രം; കറക്കുന്നജന്തു. **-′fụl,** *a.* പാല്

നിറഞ്ഞ; ആഹാരപുഷ്ടിയുള്ള: -'i-ly, *ad.* പാല്പ്രായമായി. -'i-ness, *n.* ക്ഷീരമയതപം. -'y, *a.* പാല്പ്രായമായ; പാൽഉള്ള; കലക്ക് —; കറവ് —; കടിക്കുന്നകട്ടി—; സൌമ്യത—; ചുണകെട്ട. **m.y-way** ആകാശഗംഗ (*as.*).

I. **Mill,** *n.* ഒര് പൈയിൽ താഴെയുള്ള അമേരിക്കക്കണക്ക് പണം.

II. **Mill,** *n.* തിരിക്കല്ല്, 'ആസ്'; പൊടിക്കുന്ന യന്ത്രം; 2. ചക്ക്; 3. ചാണ; 4. യന്ത്രം; 5. യന്ത്രശാല; 6. ഉരുക്ക്മുദ്ര; 7. ഓണത്തല്ല്, മുഷ്ടിയുദ്ധം, 'കുസ്തി', പിടിത്തം; 8. മിനുക്കയന്ത്രം. **m.-board** കടലാസ് പലക. **m.-cake** വെടിമരുന്ന് കട്ട. **m.-dam** അണക്കെട്ട്. **m.-head, m.-pond** യന്ത്രജലാശയം. **m.-race** യന്ത്രജലത്തോട്, വെള്ളച്ചാല്. **m.-stone** 'ആസ്'. **to see into** *or* **through a m.-stone** അട്ടയുടെ കണ്ണ് കാണുക. **m.-stone grit** ഒര് വക കരിങ്കല്ല്. **m.-tooth** അണപ്പല്ല് (*an.*). **m.-wheel** വെള്ളച്ചക്രം. **m.-wright** 'ആസ്'പണിക്കാരൻ. **cotton-m.** നൂല് യന്ത്രശാല. **oil-m.** ചക്ക്. **powder-m.** വെടിമരുന്ന് ശാല. **to go through the m.** ബുദ്ധിപഠിക്കുക, പാകംവരിക. *v. t.* പൊടിക്കുക, അരെക്കുക, മാവാക്കുക; 2. മിനുക്കുക, ഭാഷ ആക്കുക, ഭംഗി—; 3. അരു കുതക്കുക; 4. നാണ്യം അടിക്കുക, മുദ്രിക്കുക; 5. കഞ്ഞിമുക്കുക; 'ഇസ്ത്രി'യിടുക, 6. കൈമടക്കിക്കുത്തുക, ഇടിക്കുക; 7. വാളം ആക്കുക; 8. തകിട്—. *v. i.* വെള്ളത്തിന്നടിയിൽ നീന്തുക (*z.*). **milled** (mild), *a.* യന്ത്രത്താലുണ്ടാക്കിയ. **m.d cloth** കഞ്ഞിയുള്ള തുണി. **m.d lead** ഈയത്തകിട്. -'ĕr, *n.* ധാന്യംപൊടിക്കുന്നവൻ; മിനുക്കയന്ത്രം. -'ling, *n.* പൊടിക്കൽ; തുണികഞ്ഞിയിടൽ; നാണ്യാരുകൊത്തൽ; മിനുക്കൽ.

**Mil-len'ni-um,** *n.* സഹസ്രാബ്ദം; 2. ക്രിസ്തുവിന്റെ സഹസ്രാബ്ദവാഴ്ച (*Chr.*). =le-nā'ri-an, *a.* ആയിരമാണ്ടുള്ള; സഹസ്രാബ്ദവാഴ്ച സംബന്ധിച്ച. *n.* സഹസ്രാബ്ദഭരണവാദി (*theo.*). =le-nā'ri-an-ism, ='le-na-rism, =len'ni-an-ism, =len'ni-ar-ism, *n.* —വാദം. ='len-ar-y, *a.* ആയിരമുള്ള, സഹസ്ര; ആയിരം ആണ്ട് ഉള്ള; സഹസ്രാബ്ദവാഴ്ച സംബന്ധിച്ച. *n.* ആയിരംകൊല്ലം; സഹസ്രാബ്ദവാഴ്ച; സഹസ്രാബ്ദഭരണവാദി. =len'ni-al, *a.* ആയിരംവഷം ഉള്ള; സഹസ്രാബ്ദവാഴ്ചസംബന്ധമായ. =len'ni-al-ist, *n.* സഹസ്രാബ്ദഭരണവാദി.

**Mil'le-ped, mil'li-pede, mil'li-ped,** *n.* ബഹുപാത്; 2. ചേരട്ട, തേരട്ട (*z.*).

**Mil-les'i-mal,** *a.* ആയിരാമത്തെ; 2. സഹസ്രാംശമായ. -ly, *ad.* സഹസ്രാംശമായി.

**Mil'let,** *n.* തിന (*b.*). **common m.** വരക് (*b.*). **great m.** ചോളം (*b.*). **little m.** ചാമ (*b.*).

**Mil'li-,** *pf.* സഹസ്രാംശമായ. -fōld, *a.* ആയിരം മടങ്ങ്. -gram, -gramme, *n.* 'ഗ്രാമ'സഹസ്രാംശം. -lĭ'tĕr, -lĭ'tre, *n.* 'ലീത്രു'സഹസ്രാംശം. -me-tĕr, -me-tre, *n.* 'മീത്രു'സഹസ്രാംശം.

**Mil-li-ärd',** *n.* നൂറ് കോടി.

**Mil'lin-ĕr,** *n.* ചമയസാമഗ്രിവ്യാപാരി; 2. തൊപ്പിതുന്നിവില്ക്കുന്നവള്. **man-m.** തൊപ്പിവ്യാപാരി; മോടിപ്രിയൻ. -y, *n.* തൊപ്പി മുതലായ സാമാനം, ചമയ സാമഗ്രികൾ; ചമയക്കോപ്പ് വ്യാപാരം. =net, *n.* തൊപ്പിയുടെ അടിശ്ശീല.

**Mill'iŏn** (mil'yun), *n.* പത്ത് ലക്ഷം, നിയുതം, പ്രയുതം; 2. അസംഖ്യം, അനവധി, ലക്ഷോപലക്ഷം; 3. (the) സാമാന്യ ജനം, ഭൂരി—. -āire' (-âr'), -nāire' (-âr), *n.* ലക്ഷപ്രഭു, ലക്ഷാധിപൻ, കോടീശ്വരൻ. -ar-y, *a.* പ്രയുത സംബന്ധമായ; പത്ത് ലക്ഷമായ. ='liŏnth (-yunth), *a.* പത്ത് ലക്ഷാമത്തെ; പത്ത് ലക്ഷത്തിൽ ഒന്നായ. *n.* പത്ത് ലക്ഷത്തിലൊന്ന്, പ്രയുതാംശം.

**Milt,** *n.* പ്ലീഹ (an); 2. തരിയില്ലാത്ത പനിഞ്ഞില്, ആണ്മീൻ ഇണറ്. -'ĕr, *n.* ആണ്മീന്. [രുന്ത് (*z.*)

**Mil'vus, Mil'vīne,** *n.* ഒര് വക പ

**Mīme**, *n.* ഹാസ്യനാടകം; 2. ചേഷ്ടാനാടകക്കാരൻ. *v. i.* ഹാസ്യനടനം ചെയ്യുക. =**mē'sis**, *n.* ചേഷ്ടാലങ്കാരം (*rhet.*). =**met'ic**, =**met'i-cal**, **mim'ic**, **mim'i-cal**, *a.* അനുകാരശീലമുള്ള, പോലെ ചെയ്യുന്ന; ഗോഷ്ഠികാട്ടുന്ന; ഭാവനാട്യമുള്ള; —നാട്യമായ. **mim'ic**, **mim'ick-ĕr**, *n.* നാട്യഗോഷ്ഠിക്കാരൻ; അനുകാരി; പുറാട്ട്കാരൻ. *v. t.* ഗോഷ്ഠികാട്ടുക, തൊങ്കരിക്കുക (*S.*); പോലെ ചെയ്യുക; തുല്യരൂപം ധരിക്കുക (*biol.*). **mim'i-cal-ly**, *ad.* നാട്യഗോഷ്ഠിയായി. **mim'ic-ry**, *n.* നാട്യഗോഷ്ഠി, ഭാവചേഷ്ട; ഹാസ്യഗോഷ്ഠി; രൂപാനുകരണം (*biol.*). **mim-og'ra-phĕr** (-fĕr), *n.* ഹാസ്യനാടകരചകൻ.

**Mi-mō'sa**, *n.* തൊട്ടാ(ൽ) വാടി (*b.*).

I. **Mī'na**, *n.*, *see* **Myna**.

II. **Mī'na**, *n.* (*pl.* **mī'næ**, *pr.* -nē, *or* **mī'nas**) ഒരു പുരാതനതൂക്കം; 2. ഏകദേശം 30ക. വിലക്കുള്ള പണം.

**Min'a-ret**, *n.* പള്ളിഗോപുരം, 'മിന്നാരം' (*M.*); പ്രാസാദശിഖരം.

**Min'a-tŏr-y**, *a.* ഭയപ്പെടുത്തുന്ന, ഭയജനകമായ, പേടിപ്പിക്കുന്ന. =**tō'ri-al-ly**, =**ri-ly**, *ad.* പേടിപ്പിച്ച്കൊണ്ട്.

**Mince**, *v. t.* തറിക്കുക, നുറുക്കുക, അരിയുക; 2. ഘനം കുറക്കുക; മുക്കിക്കളയുക; 3. ശബ്ദമായി സംസാരിക്കുക; വിഴുങ്ങിവിഴുങ്ങിപ്പറയുക: **not to m. matters** കാര്യം ഉള്ള പോലെ പറയുക, കുറക്കാതിരിക്കുക; 4. നാട്യം കാണിക്കുക. *v. i.* ചന്തം വെക്കുക; മന്ദമായി നടക്കുക, 2. മിനുക്കിപ്പറയുക; 3. ഭാവനാട്യത്തോടെ സംസാരിക്കുക; 4. ആചാരക്കള്ളനായിരിക്കുക. *n.* ആനച്ചന്തം; 2. ഭാവനാട്യം. **m.-meat** ഒരു പലഹാരം. **m.-pie** ഇറച്ചിയട. **m.ed meat** തറിച്ചയിറച്ചി. **min'cĕr**, *n.* തറിക്കുന്നവൻ. **min'cing**, *a.* ശബ്ദമായ; ആചാരക്കളവുള്ള, *n.* ഭാവനാട്യം. **min'cing-ly**, *ad.* വിഴുങ്ങിവിഴുങ്ങി; പകുതിപ്പകുതിയായി; നാട്യത്തോടെ.

**Mīnd**, *n.* മനം, മാനസം, ചേതസ്സ്, ഉള്ളം, അകതാറ്; ചിത്തം; മതി, ബുദ്ധി, ബോധശക്തി; അന്തഃകരണം; 2. ദേഹി, ആത്മാവ്; 3. അഭിപ്രായം, മതം; വിചാരം; വിശ്വാസം; 4. താല്പര്യം, മനസ്സ്, ഇഷ്ടം, ആഗ്രഹം, കാംക്ഷ; 5. ധൈര്യം, നെഞ്ഞുറപ്പ്, ഉയിര്; 6. ഓർമ്മ, സ്മരണ: **to call to m.** ഓർത്ത്നോക്കുക. **to have a m.** *or* **great m. to** മനസ്സ് ഉണ്ടാക, മോഹം—, ആഗ്രഹം—. **to lose one's m.** ബുദ്ധിഭ്രമം—, ചിത്തക്ഷോഭം—, ബുദ്ധിചലിക്കുക. **to make up one's m.** തീർച്ചപ്പെടുത്തുക. **to my m.** എന്റെ അഭിപ്രായത്തിൽ, എനിക്ക് തോന്നുന്നു. **to put in m.** ഓർമ്മപ്പെടുത്തുക. **time out of m.** പുരാതനകാലം, പണ്ട്പണ്ടേ. *v. t.* (to) ശ്രദ്ധവെക്കുക, വിചാരിക്കുക, സാരമാക്കുക, കൂട്ടാക്കുക; പ്രമാണിക്കുക; 2. നോക്കുക, പ്രവൃത്തിചെയ്യുക; 3. അനുസരിക്കുക, പറഞ്ഞാൽ കേൾക്കുക; 4. ഭാവിക്കുക, ഇച്ഛിക്കുക; 5. ഓർമ്മപ്പെടുത്തുക. **m. your own business** നീ നിന്റെ കാര്യം നോക്ക്. **never m.** വേണ്ടതില്ല, ഏതുമില്ല, സാരമില്ല; പോകട്ടെ, അത്കൊണ്ടെന്ത്. *v. i.* ശ്രദ്ധിക്കുക, കൂട്ടാക്കുക, അനുസരിക്കുക. **-'ed**, *a.* മനസ്സുള്ള, താല്പര്യം ഉള്ള; ഭാവം—. **double-m.d** ഇരുമനസ്സുള്ള. **feeble-m.d** മനോബലമില്ലാത്ത. **high-m.d** അഹംഭാവം ഉള്ള. **sober-m.d** തന്റേടം—, **-'ĕr**, *n.* നോക്കുന്നവൻ, കാവല്ക്കാരൻ; അനാഥക്കുട്ടി. **-'fụl**, *a.* ഓർമ്മ ഉള്ള, വിചാരം—, ശ്രദ്ധ—. **-'fụl-ly**, *ad.* വിചാരത്തോടെ. **-'fụl-ness**, *n.* ശ്രദ്ധ, വിചാരം. **-'ing**, *n.* ഓർമ്മ, കരുതല്. **-'less**, *a.* ബുദ്ധിശൂന്യം ആയ, പൊട്ടൻ—; ശ്രദ്ധയില്ലാത്ത.

I. **Mīne**, *pron* & *a.* എന്റേത്, എനിക്കുള്ളത്; 2. എന്റെ; 3. എനിക്കുള്ളവൻ; എനിക്കുള്ളവര്, എന്റെ ആൾക്കാര്.

II. **Mīne**, *v. i.* ഖനി കഴിക്കുക, ലോഹക്കുഴി—; 2. ലോഹം കഴിച്ചെടുക്കുക, ധാതുപദാർത്ഥം—; 3. തുരങ്കം ഉണ്ടാക്കുക; 4. മാളം കഴിക്കുക. *v. t.* തുരക്കുക; തുരങ്കം വെക്കുക; 2. തറപൊരിക്കുക; അടിമേൽമറിക്കുക; നശിപ്പിക്കുക; 3. ലോഹം കഴിച്ചെടുക്കുക. *n.* മാളം; 2. ഖനി, ലോഹക്കുഴി; അരിപ്പസ്ഥലം; 3. തുരങ്കം; 4. നിധി. **mī'nĕr**,

*n.* ലോഹം എടുക്കുന്നവൻ; ധാതുപദാൎത്ഥം കഴിച്ചെടുക്കുന്നവൻ; തുരങ്കം വെട്ടുന്നവൻ, തുരങ്കപ്പട്ടയാളി (*mil.*). mī'niṅg, *n.* ഖനിപ്രവൃത്തി, ലോഹമെടുക്കൽ; തുരങ്കം വെക്കൽ. *a.* ഖനിസംബന്ധമായ; ഖനിയിൽ പ്രവൃത്തിക്കുന്ന; ലോഹം കഴിച്ചെടുക്കുന്ന; തുരങ്കംവെക്കുന്ന. m.g engineering ഖനിവിദ്യ. mī'ny, *a.* ഖനികളുള്ള; ഖനിതുല്യമായ.

Min'ĕr-al, *n.* (*from* Mine II) ഖനിജം, ധാതുപദാൎത്ഥം; ലോഹം, ലോഹപദാൎത്ഥം. *a.* ധാതുപദാൎത്ഥസംബന്ധമായ; ധാതുപദാൎത്ഥമായ; ധാതുസംയുക്തമായ. m.-caoutchouc കന്മദം. m.-kingdom ധാതുവൎഗ്ഗം. m.-oil മണ്ണെണ്ണ. m.-right ഖനിയവകാശം. m.-water ധാതുജലം. -ist, =al'o-ġist, *n.* ധാതുശാസ്ത്രജ്ഞൻ. -i-s̱ā'tiŏn, -i-zā'tiŏn, *n.* ധാതുപരിണാമം; —സമ്മിശ്രണം. -īs̱e, -īze, *v. t.* ധാതുവാക്കുക; ധാതുസമ്മിശ്രം ചെയ്യുക. *v.i.* ധാതുപദാൎത്ഥസംഗ്രഹാൎത്ഥം സഞ്ചരിക്കുക. -ī-s̱ĕr, -ī-zĕr, *n.* അയിൎധാതു. =a-loġ'i-cal, *a.* ധാതുശാസ്ത്രസംബന്ധമായ. =a-loġ'i-cal-ly, *ad.* —ശാസ്ത്രപ്രകാരം. =al'o-ġīs̱e, =al'o-ġīze, *v.i.* —ശാസ്ത്രാഭ്യാസം ചെയ്യുക. =al'ō-ġy, *n.* —വിദ്യ; —ശാസ്ത്രം.

Min-ĕr'va, *n.* വിദ്യാദേവി (*myth.*), സരസ്വതി, ഗണപതി.

Min-ette', *n.* ചെറുഛായാപടം.

Miṅ'gle, *v. t.* കലൎത്തുക, സമ്മിശ്രമാക്കുക, കഴെക്കുക; 2. കൂടിക്കലരുക; കൂടിക്കഴിയുക; വിവാഹസംബന്ധം ചെയ്യുക; 3. അശുദ്ധമാക്കുക; 4. കലക്കുക. *v. i.* കലരുക, സമ്മിശ്രമാക. m.-mangle കലൎശവി, താറ് മാറ്. -a-ble, *a.* കൂട്ടിക്കലൎത്താകുന്ന. miṅ'gled-ly, *ad.* താറ് മാറായി. -ment, *n.* സമ്മിശ്രണം. miṅ'glĕr, *n.* കൂട്ടിക്കലൎത്തുന്നവൻ. miṅ'gliṅg-ly, *ad.* കലൎപ്പായി.

Min'i-āte, *v. t.* ചായില്യം തേക്കുക; 2. ചുവപ്പിക്കുക; 3. ചുവപ്പക്ഷരത്താൽ ശൃംഗരിക്കുക. *a.* ചുവപ്പായ. =ā'ceŏus, *a.* രക്തവൎണ്ണമായ.

Min'ia-tūre (min'i-tūr), *n.* വൎണ്ണചിത്രം; ചെറു—, —ഛായാപടം; 2. ഹ്രസ്വരൂപം; 3. സൂക്ഷ്മപ്രമാണം. *a.* ചെറിയ, ഹ്രസ്വം ആയ, അല്പം—. *v. t.* ചെറുതാക്കുക, ചുരുക്കുക. =tū-rist, *n.* ഹ്രസ്വചിത്രലേഖകൻ.

Min'i-bus, *n.* ഒര് വക വണ്ടി.

Min'i-fȳ, *v. t.* ചെറുതാക്കുക, കുറക്കുക, ചുരുക്കുക; 2. താഴ്ത്തിപ്പറയുക; താഴ്ത്തിക്കളയുക.

Min'i-kin, *a.* ചെറിയ, കുറിയ. *n.* കൃശൻ; 2. ഓമന; പ്രിയ.

Min'im, *n.* അണു; 2. കണം, തുള്ളി, വിന്ദു; 3. പരല് ; 4. സ്വരമാത്ര (*mus.*). *a.* ചെറിയ, അല്പമായ. =mīs̱e, =mīze, *v. t.* ചെറുതാക്കുക, ചുരുക്കുക. =mī-s̱ā'-tiŏn, =mī-zā'tiŏn, *n.* ചുരുക്കൽ. =mum, *n.* (*pl.* min'i-ma) കുറഞ്ഞ സംഖ്യ; നിസ്സാരകാൎയ്യം. =mus, *n.* ചെറുവിരല് (*an.*).

Min'ion (min'yun), *n.* ഇഷ്ടൻ, വത്സലൻ; 2. പാദപൂജകൻ, സേവക്കാരൻ, ആശ്രിതൻ; 3. ഒര് വക ആണിയക്ഷരം (*print.*). -līke, -ly, *a.* ഇഷ്ടകരമായ. *ad.* ഇഷ്ടകരമായി.

Min'is-tĕr, *n.* ഭൃത്യൻ, സഹായി, ആള് ; 2. മന്ത്രി, കാൎയ്യക്കാരൻ, 'ദിവാൻ', കാൎയ്യസ്ഥൻ, 'കസീറ്' (*M.*). 3. സ്ഥാനാപതി, രാജപ്രതിനിധി; 4. സഭാശുശ്രൂഷക്കാരൻ, ബോധകൻ (*Chr.*). prime m. പ്രധാനമന്ത്രി, മന്ത്രിപ്രവരൻ. m. of the gospel ദൈവശുശ്രൂഷക്കാരൻ, ബോധകൻ. *v. t.* കൊടുക്കുക; 2. ഉപയോഗിക്കുക; 3. ചെയ്യിക്കുക, നടത്തുക. *v.i.* ഭൃത്യനായിരിക്കുക, സേവിക്കുക, പ്രവൃത്തിചെയ്യുക; 2. ശുശ്രൂഷചെയ്യുക; 3. ഉപയോഗപ്പെടുക, ഉതകുക. =tē'ri-al, *a.* പ്രവൃത്തിസംബന്ധമായ, പ്രവൃത്തിചെയ്യുന്ന, ശുശ്രൂഷിക്കുന്ന; സേവകനായ; മന്ത്രിക്കുള്ള; ബോധകസംബന്ധമായ; സഹായമായ; അഭിവൃദ്ധി വരുത്തുന്ന. the m.l benches പാൎല്ലിയമെന്ത് സഭയിലുള്ള മന്ത്രിപക്ഷക്കാര്. =tē'ri-al-ist, *n.* മന്ത്രിപക്ഷക്കാരൻ. =tē'ri-al-ly, *ad.* പ്രവൃത്തിസംബന്ധമായി; മന്ത്രിയായി; ബോധ

കനായി. =tĕr-y, =try, *n.* സേവ, ശുശ്രൂഷ; സഹായം, കരണം; മന്ത്രിപ്രവൃത്തി; ബോധക—; മന്ത്രിവൎഗ്ഗം; ബോധക—; മന്ത്രിപ്രവൃത്തികാലം. =trant, *a.* ശുശ്രൂഷചെയ്യുന്ന; ആജ്ഞാധീനമായ, അധികാരത്തിങ്കീഴുള്ള. *n.* ശുശ്രൂഷകൻ. =trā'tiŏn, *n.* ശുശ്രൂഷ; സേവാകാലം. =tress, *n.* ശുശ്രൂഷക്കാരത്തി. =try-ship, *n.* മന്ത്രിസ്ഥാനം; ബോധക—.

**Min'i-um**, *n.* നാകസിന്ദൂരം, ചീന—; സിന്ദൂരം, ചായില്യം (*ch.*). [മചൎമ്മം.

**Min'i-vĕr**, *n.* ഒര് വക വിശേഷരോ

**Mink**, *n* ഒര് വക നീർനായ് (*z.*).

**Min'ne-sing-ĕr**, *n.* പ്രേമകവി.

**Min'nōw** (-nō), **Min'ny**, **Min'ōw**, *n.* ഒര് വക പരല് (*z.*).

**Mī'nō-bĭrd**, *n.* മൈന (*z.*).

**Mī'nŏr**, *a.* ചെറിയ, അല്പമായ; 2. കീഴ്; 3. നിസ്സാരമായ; 4. അധമസ്വരമായ (*mus.*). m. orders പള്ളിപ്പ്രവൃത്തിക്കാര് (*Chr.*). Asia-M. ചിററാസ്യ *n.* പ്രായം തികയാത്ത ആള്, കുട്ടി, യൌവനവയസ്സെത്താത്ത ആള്; 'മൈനർ', 18 വയസ്സിൽ താഴെയുള്ള ആള്; 2. ഒര് വക സന്യാസി (*R. C.*). -ess, *n.* സന്യാസിസ്ത്രീ (*R. C.*). -īte, *n.* ഒര് വക സന്യാസി (*R.C.*). mi-nor'i-ty, *n.* ബാലദശ, യൌവനവയസ്സെത്താത്ത സ്ഥിതി; ചെറിയ സംഖ്യ; അല്പപക്ഷം. [(*myth.*).

**Min'ō-taur** (-tar), *n.* നരവൃഷഭം

**Min'stĕr**, *n.* മഠപ്പള്ളി (*R. C.*). 2. പള്ളി, ദേവാലയം; വലിയ പള്ളി. m.-house ബോധകഗൃഹം.

**Min'strel**, *n.* വൈതാളികൻ, വന്ദി; 2. കവി; 3. ഭാഗവതര്, സംഗീതക്കാരൻ. -sy, *n.* ഗായകത്വം; വന്ദിവൎഗ്ഗം; സംഗീതസഞ്ചയം.

I. **Mint**, *n.* തുളസി, തൃത്താവ്, ത്രക്ഷതുളസി (*b.*). m.-julep ചാരായപ്പാനകം. pepper-m. കൎപ്പൂരതുളസി (*b.*). spear-m. 'ഒടതളം', പൊതിനാവ് (*b.*).

II. **Mint**, *n.* നാണ്യശാല, തങ്ക—, കമ്മിട്ടപ്പുര; 2. മഹാനിധി; 3. സമൃദ്ധി. m.-man നാണ്യപ്രവീണൻ; നാണ്യം അടിക്കുന്നവൻ. m.-master, master of the m. തങ്കശാലാധിപൻ. *v. t.* നാണ്യം അടിക്കുക, പണം അച്ചടിക്കുക; 2. കളവായി ഉണ്ടാക്കുക, നിൎമ്മിക്കുക. m.ing mill നാണ്യാച്ച്. -'āge, *n.* നാണ്യം; കമ്മിട്ടക്കൂലി. -'ĕr, *n.* നാണ്യം അടിക്കുന്നവൻ.

**Min'ū-end**, *n.* തുക, ശോധനീയസംഖ്യ, ശോധനീയം (*math.*).

**Min'ū-et**, *n.* മന്ദനൃത്തം; 2. മന്ദനൃത്തമേളം (*mus.*).

**Min'um**, *n.* ചെറിയ ആണിയക്ഷരം (*print.*); 2. സ്വരമാത്ര (*mus.*).

**Mī'nus**, *a.* കുറവായ, 'കമ്മി'യായ; 2. കിഴിക്കേണ്ടുന്ന, ശോധകം ആയ (*math.*); 3. ഋണം—, ക്ഷയം—, ഊനം—. m.-quantity ന്യൂനസംഖ്യ, ക്ഷയ—, ഋണരാശി (*math.*). m.-sign ന്യൂനചിഹ്നം, ക്ഷയ— (*math.*).

**Mi-nus'cūle**, *n.* ഏററവും ചെറിയ സാധനം, അണു.

I. **Min'ute** (min'it), *n.* നിമിഷം, രണ്ടര വിനാഴിക, നാഴികയുടെ 24-ാലൊന്ന്, മണിക്കൂറിന്റെ 60 താലൊന്ന്; 2. കല, ഭാഗത്തിന്റെ 60 താലൊന്ന് (*as.*). 3. ഒര് ജലനാഴിക, ഒര് ഭ്രശാസ്ത്ര—; 4. ലേശം, ലവം; 5. ക്ഷണം, നൊടി; 6. കുറിപ്പ്, സംഭവവിവരം, രേഖ. *a.* നിമിഷസംബന്ധമായ; 2. നിമിഷംതോറുമുള്ള. m.-bell വിലാപഘണ്ട. m.-book സംഭവക്കുറിപ്പ് പുസ്തകം. m.-glass വിനാഴികവട്ട. m.-gun വിലാപവെടി. m.-hand (ഘടികാരത്തിലെ) വലിയ സൂചി. m.-jack മണിനാക്ക്; ദുഷ്ടിസേവക്കാരൻ, അവിശ്വസ്തൻ. m.-man സിദ്ധയോധാവ്. *v. t.* കുറിക്കുക, കുറിച്ച് വെക്കുക; സംഭവവിവരം എഴുതുക. -ly, *ad.* നിമിഷംതോറും, കൂടക്കൂട.

II. **Mi-nūte'**, *a.* ചെറിയ, അണുആയ, അല്പം—, നിസ്സാരം—; 2. സൂക്ഷ്മം—, കൃത്യം—. -ly, *ad.* —ആയി, വിവരംവിവരം—, നന്നായി. -ness, *n.* കൃത്യത, സൂക്ഷ്മം. =nū'ti-a (-nū'shi-a), *n.* (*pl.* =nū'ti-æ, *pr.* -shi-ē) സൂക്ഷ്മവിവരം; ചില്ലറ.

I. **Mĭnx**, *n*. തുള്ളിച്ചിപ്പെണ്ണ്, അസതി, ബന്ധകി. [നായി (*z*.).

II. **Mĭnx**, *n*. ഒര് മൃഗം, ഒര് വക നീർ

**Mī'ny**, *a*., *s. u*. Mine II.

**Mī'ō-hip-pus**, *n*. ഒര് വക പ്രാചീനാശ്വം, മുക്കുളമ്പ് കുതിര (*z*.).

**Miq'ue-let**, *n*. അസാധാരണപടയാളി (*mil*.). 2. കവച്ചക്കാരൻ. [(*b*.).

**Mi-rab'i-lis**, *n*. പതിററടിപ്പൂച്ചെടി

**Mir'a-ele**, *n*. അത്ഭുതം, അതിശയം; 2. ഭക്തിനാടകം. **m.-monger** അത്ഭുതക്രിയാനാട്യക്കാരൻ. **m.-play** ഭക്തിനാടകം. **=raе'ū-lŏus**, *a*. അത്ഭുതം ആയ; അമാനുഷം—; അതിശയമാന്ന; അതിശയം പ്രവൃത്തിക്കുന്ന. **=raе'ū-lŏus-ly**, *ad*. അതിശയമായി. **=raе'ū-lŏus-ness**, *n*. അപൂൎവ്വത്വം, അതിശയം. **=rif'ie**, **=rif'i-eal**, *a*. അത്ഭുതം ചെയ്യുന്ന; അതിശയമായ.

**Mi-räge'** (mi-räzh'), *n*. കാനജലം, മരീചികാ, മൃഗതൃഷ്ണ.

**Mīre**, *n*. ചളി, ചേറ്, പങ്കം. *v. t*. ചളിയിൽ പൂത്തുക; 2. ചേറ് പിരട്ടുക. *v. i*. ചളിയിൽ പൂണ്ട് പോക. **mī'ri-ness**, *n*. ചളി, ചളുപ്പ്. **mī'ry**, *a*. ചളിയുള്ള, ചൊ(കൊ)ത്തയായ.

**Mĭrk**, *a*. ഇരുണ്ട, മങ്ങലായ. *n*. അന്ധകാരം, ഇരുട്ട്. **-'y**, കറുത്ത, ഇരുണ്ട.

**Mir'rŏr** (mir'ẽr), *n*. മുഖക്കണ്ണാടി, കണ്ണാടി, ദൎപ്പണം, ആദൎശം, മുകരം; 2. പ്രതിമ, മാതൃക; ദൃഷ്ടാന്തം. **m.-plate** കണ്ണാടിച്ചില്ല്. **m.-writing** വാമലേഖനം. *v. t*. പ്രതിബിംബിക്കുക.

**Mĭrth**, *n*. വിനോദം, ഉല്ലാസം. **-'fụl**, *a*. സന്തോഷം ഉള്ള, ആഹ്ലാദം—; ആനന്ദകരമായ. **-'fụl-ly**, *ad*. തമാശയായി; ഉല്ലാസത്തോടെ. **-'fụl-ness**, *n*. കളി, ഉല്ലാസം. **-'less**, *a*. സന്തോഷമില്ലാത്ത. **-'less-ness**, *n*. ഉല്ലാസമില്ലായ്മ.

**Mis-**, *pf*. ദുർ, നിർ, അ, അൻ; അബദ്ധമായ, തെററായ.

**Mis-ae-cep-tā'tiŏn**, *n*. ദുരൎത്ഥം, അപാൎത്ഥം, അബദ്ധാൎത്ഥം.

**Mis-ad-just'**, *v. t*. ക്രമക്കേടാക്കുക. **-'ment**, *n*. ക്രമഭംഗം.

**Mis-ad-ven'tūre**, *n*. അബദ്ധം, ആപത്ത്, വിപത്ത്, അനൎത്ഥം, ദൌൎഭാഗ്യം. **homicide by m.** അബദ്ധഹത്യ (*l*.). **=ven'tū-rŏus**, *a*. ഭാഗ്യംകെട്ട, നിൎഭാഗ്യമുള്ള. [ശ്രദ്ധ.

**Mis-ad-vẽr'tence**, *n*. അബദ്ധം, അ

**Mis-ad-vīce'**, *n*. ദുരാലോചന. **=vīse'**, *v. t*. ദുരുപദേശം കൊടുക്കുക. **=vīsed'** (vīzd'), *a*. അബദ്ധാലോചന ആയ, അബദ്ധം—. **=vīsed'ly**, *ad*. തെററായി.

**Mis-af-fīrm'**, *v. t*. അബദ്ധമായി സത്യംചെയ്യുക; കളവായി പറയുക.

**Mis-āimed'** (-āmd'), *a*. നോട്ടം പിഴച്ച; ലാക്ക് തെററിയ.

**Mis-al-le-gā'tiŏn**, *n*. അബദ്ധപ്രസ്താവം. **=lege'**, *v. t*. തെററായി പറയുക.

**Mis-al-lī'ance**, **Mes-al-lī'ance**, *n*. നീചസംബന്ധം; കുലഹീനവിവാഹം. **=līed'**, *a*. ചേൎച്ചയല്ലാത്ത സംബന്ധമുള്ള.

**Mis-al-lot'ment**, *n*. അബദ്ധവിഭജനം.

**Mis-ạl'tẽr**, *v. t*. തെററായിമാററുക.

**Mis'an-thrōpe**, **=an'thrō-pist**, *n*. മാനുഷദ്വേഷി, നരകുലശത്രു. **=throp'ie**, **=throp'i-eal**, *a*. മനുഷ്യപ്പററ് ഇല്ലാത്ത, പരരഞ്ജന—. **=an'thrō-py**, *n*. സഹവാസവിരക്തി; പരദ്രോഹം, ജന—, നരദ്വേഷം.

**Mis-ap-plȳ'**, *v. t*. ദുരുപയോഗപ്പെടുത്തുക. **=ap-pli-eā'tiŏn**, *n*. ദുൎപ്രയോഗം.

**Mis-ap-pre-hend'**, *v. t*. തെററായി ധരിക്കുക. **=hen'siŏn**, *n*. അബദ്ധധാരണ; അബദ്ധം. **=hen'sive-ly**, *ad*. വിപരീതധാരണയാൽ.

**Mis-ap-prō'pri-āte**, *v. t*. അപഹരിക്കുക; 2. ന്യായവിരുദ്ധമായി ഉപയോഗപ്പെടുത്തുക. **=prō-pri-ā'tiŏn**, *n*. അപഹരണം; ന്യായരഹിതോപയോഗം.

**Mis-ar-rānġe'**, *v. t*. ക്രമവിരുദ്ധമായിവെക്കുക. **-ment**, *n*. ക്രമക്കേട്.

**Mis-as-crībe′**, *v. t.* അബദ്ധാരോപണം ചെയ്യുക. [പറയുക.

**Mis-as-sīgn′** (-sīn′), *v. t.* തെററായി

**Mis-be-cŏme′**, *v. t.* പററാതിരിക്കുക, അനുചിതമായിരിക്കുക. =**cŏm′ing**, *a.* അയോഗ്യമായ, ചിതം അല്ലാത്ത, ചേൎച്ച—, വിഹിതം—. =**cŏm′ing-ly**, *ad.* അനുചിതമായി. =**cŏm′ing-ness**, *n.* അനൌചിത്യം. [ള്ളതല്ലാത്ത.

**Mis-be-fit′ting**, *a.* പററാത്ത, കൊ

**Mis-be-got′**, =**got′ten** (-got′n), *p. a.* ന്യായരഹിതമായി ജനിച്ച, 'ഹറാം' പിറന്ന, അറാമ്പിറന്ന (*M.*). 2. മൂലം പിഴെച്ച; 3. ദുഷ്ട, ആകാത്ത.

**Mis-be-hāve′**, *v. t.* & *i.* തെററായി നടക്കുക; നിൎമ്മൎയ്യാദം കാട്ടുക. =**hāved′** (-hāvd′), *a.* ദുൎന്നടപ്പുള്ള; വഷളനായ; മൎയ്യാദകെട്ട. =**hāv′iŏr**, =**hāv′iŏur** (-hāv′yẽr), *n.* ദുൎന്നടപ്പ്; വഷളത്തരം.

**Mis-be-liēve′**, *v. i.* തെററായി വിശ്വസിക്കുക. =**liēf′**, *n.* അബദ്ധവിശ്വാസം, ദുൎവ്വിശ്വാസം. =**liēv′ẽr**, *n.* അബദ്ധവിശ്വാസക്കാരൻ; —മതക്കാരൻ.

**Mis-be-sēem′**, *v. t.* പററാതിരിക്കുക.

**Mis-be-stōw′** (-stō′), *v. t.* തെററായി കൊടുക്കുക. -**al**, *n.* അബദ്ധദാനം.

**Mis′born**, *a.* കാലക്കേടിന്ന് ജനിച്ച; ദൌൎഭാഗ്യജന്മമുള്ള.

**Mis-cal′cū-lāte**, *v. t.* & *i.* തെററായി കണക്ക് കൂട്ടുക; 2. —വിധിക്കുക. =**lā′tiŏn**, *n.* അബദ്ധഗണനം; —വിധി.

**Mis-call′**, *v. t.* പേര് തെററി വിളിക്കുക; 2. അബദ്ധപ്പേരിടുക.

**Mis-car′ry** (-kar′i), *v. i.* അസാദ്ധ്യമായ്പോക; 2. തെററിപ്പോക; 3. ഭംഗംവരിക, കളത്തിലിറങ്ങുക, അപജയം പററുക; 4. ഗൎഭം അലസുക, —കലങ്ങുക. =**car′-riaġe** (-kar′ij), *n.* ഭംഗം; അനൎത്ഥം, പൊക്കം, നിഷ്ഫലം, തോല്വി; ദുൎന്നടപ്പ്, അനാചാരം; ഗൎഭച്ഛിദ്രം; അകാലപ്പിറവി.

**Mis-cast′**, *v. t.* തെററായി കണക്ക് കൂട്ടുക. *n.* അബദ്ധക്കണക്ക്.

**Mis-ce-ġe-nā′tiŏn**, *n.* വൎണ്ണസങ്കരണം; ജാതിക്കലൎപ്പ്.

**Mis-cel-lā′ne-ŏus**, *a.* ഇടകലൎന്ന, കൂട്ടിക്കലൎപ്പായ; 2. നാനാ സാധനങ്ങളുള്ള; 3. പലതരം ആയ, —വക—. -**ly**, *ad.* നാനാപ്രകാരമായി. -**ness**, *n.* നാനാത്വം; സമ്മിശ്രണം. =**nā′ri-an**, *a.* നാനാവിഷയസംബന്ധമായ. *n.* നാനാവിഷയപ്രബന്ധകൻ. **mis′cel-lāne**, *n.* ധാന്യക്കലൎപ്പ്. =**lā′ne-ȧ**, *n. pl.* നാനാവിഷയസംഗ്രഹം; പലവകകാൎയ്യങ്ങൾ. =**lā-nist**, *n.* നാനാവിഷയപ്രബന്ധകൻ. =′**la-ny**, *n.* കൂട്ട്, കലൎപ്പ്, നാനാവിഷയസംഗ്രഹം.

**Mis-chance′**, *n.* ദുൎദ്ദശ, നിൎഭാഗ്യം, ഗ്രഹപ്പിഴ, കാലക്കേട്; 2. ആപത്ത്, അനൎത്ഥം.

**Mis′chief**, *n.* ദൂഷ്യം, കേട്; 2. നഷ്ടം; 3. താറ് മാറ്; 4. ദ്രോഹം (*l.*); 5. അനൎത്ഥം, തരക്കേട്; 6. ഉപദ്രവം; 7. അനൎത്ഥകാരണം. **m.-maker** പരദ്രോഹി, ഏഷണിക്കാരൻ. **m.-making** ദോഷം വരുത്തുന്ന; തകരാറുണ്ടാക്കുന്ന. *n.* ഏഷണി, ദണ്ണ, **to be in m.** ഉപദ്രവിക്കുക, തൊന്തരവ് ചെയ്യുക. **to make m.** പൊല്ലാപ്പ് ഉണ്ടാക്കുക, പിണക്കം—, തകരാറ്—. **to play the m.** നഷ്ടം വരുത്തുക; താറ് മാറാക്കുക. =**chiev-ŏus**, *a.* ഉപദ്രവകരം ആയ; വികൃതി—. =**chiev-ŏus-ly**, *ad.* ദുഷ്ടമായി. =**chiev-ŏus-ness**, ദൂഷ്യം; വികൃതി.

**Mis-choose′**, *v. t. ir.* (=**chōṣe′**, =**chōṣ′en**) അബദ്ധമായി തെരിഞ്ഞെടുക്കുക.

**Mis′ci-ble**, *a.* കൂട്ടിക്കലൎത്താകുന്ന. =**bil′i-ty**, *n.* സമ്മിശ്രണീയത്വം.

**Mis-clāim′**, *n.* ദുൎവ്യവഹാരം; കള്ള അവകാശം. [(*l.*).

**Mis-cog′ni-ṣant**, *a.* അറിവില്ലാത്ത

**Mis-cŏl′ŏur**, *v. t.* കവൎണ്ണമാക്കുക; 2. കാൎയ്യം മറിച്ച് പറയുക.

**Mis-com-pre-hend′**, *v. t.* തെററായി ധരിക്കുക.

**Mis-com-pūte′**, *v. t.* തെററായി ഗണിക്കുക. =**pū-tā′tiŏn**, *n.* അബദ്ധഗണനം.

**Mis-con-cēive′**, *v. t. & i.* തെററായി ധരിക്കുക; 2. —അഭിപ്രായപ്പെടുക. =**cep′tiŏn**, *n.* അബദ്ധാഭിപ്രായം; തെററായവിചാരം, —ധാരണ. [നം.

**Mis-con-clu′sion**, *n.* അബദ്ധാനുമാ

**Mis-con′duct**, *n.* ദുൎന്നടപ്പ്; 2, കെട്കാൎയ്യം, —കാൎയ്യസ്ഥത്വം. =**duct′**, *v. t.* തെററായി നടത്തിക്കുക; കെട്കാൎയ്യം ചെയ്യുക. **to m. one's self** തെററായി നടക്കുക. *v. i.* തരം കെട്ട് നടക്കുക.

**Mis-con-jec′tūre**, *n.* തെററായവിചാരം. *v. t. & i.* തെററായി ഊഹിക്കുക.

**Mis-con′strue**, *v. t.* തെററായി ധരിക്കുക; 2. —വ്യാഖ്യാനിക്കുക. **-a-ble**, *a.* —വ്യാഖ്യാനിക്കാവുന്ന. =**struct**, *v. t.* —രൂപിക്കുക; —വ്യാഖ്യാനിക്കുക. =**struc′tiŏn**, *n.* മിഥ്യാനിൎമ്മാണം; അബദ്ധവ്യാഖ്യാനം. =**con′stru-ĕr**, *n.* കുവ്യാഖ്യാനി.

**Mis-con-tin′ū-ance**, *n.* നിൎത്തല്; നില്പ് (*l.*); 2. ന്യായരഹിതമായ നടത്തിപ്പ് (*l.*).

**Mis-cop′y**, *v. t.* തെററായി പകൎത്തെഴുതുക. *n.* പകൎപ്പ്പിഴ; അബദ്ധപ്പകൎപ്പ്.

**Mis-cor-rect′**, *v. t.* തെററായി തിരുത്തുക.

**Mis-coun′sel**, *v. t.* അബദ്ധാലോചന പറഞ്ഞ് കൊടുക്കുക.

**Mis-count′**, *v. t. & i.* അബദ്ധമായി എണ്ണുക. *n.* തെററായ എണ്ണൽ.

**Mis′cre-ant**, *n.* പാഷാണ്ഡി; 2. ദുൎമ്മാൎഗ്ഗി, പരമദുഷ്ടൻ, അധമൻ. *a.* പാഷാണ്ഡിയായ; പാതകനായ, കശ്മലനായ; വിശ്വാസമില്ലാത്ത.

**Mis-dāte′**, *n.* തെററായ തീയതി. *v. t.* തെററായ തീയതി വെച്ചെഴുതുക.

**Mis-dēed′**, *n.*, *s. u.* **Misdo.**

**Mis-de-mēan′**, *v. t.* (*refl. pron.*) തെററായി നടക്കുക. =**mēan′ant**, *n.* ചെറുതരം കുററക്കാരൻ. =**mēan′ŏr**, =**mēan′ŏur**, *n.* ദുൎന്നടപ്പ്; തെററ്; ചെറുകുററം (*l.*).

**Mis-de-scrībe′**, *v. t.* തെററായി വിവരിക്കുക.

**Mis-de-vō′tiŏn**, *n.* മിഥ്യാഭക്തി.

**Mis-dī′et**, *v. t.* അപത്ഥ്യാഹാരം കൊടുക്കുക; തക്ക ആഹാരം കൊടുക്കാതിരിക്കുക.

**Mis-di-rect′**, *v. t.* തെററായ വഴി കയക്കുക; 2. —മേൽവിലാസം എഴുതുക; 3. തെററായി ഉപദേശിക്കുക (*l.*); 4. —ഉപയോഗപ്പെടുത്തുക. =**rec′tiŏn**, *n.* തെററായ നടത്തൽ; —മേൽവിലാസം; തെററായി ഉപദേശിക്കൽ (*l.*).

**Mis-dis-pō-si′tiŏn** (-zish′un), *n.* അബദ്ധപ്രയോഗം.

**Mis-di-vīde′**, *v. t.* തെററായി ഓഹരി ചെയ്യുക. =**vis′iŏn** (-vizh′un), *n.* തെററായി ഭാഗം ചെയ്യൽ.

**Mis-dō′**, *v. t. i. r.* (=**did′**, =**dŏne′**) തെററായി ചെയ്യുക. *v. i.* അകൃത്യം—, കുററം—. **-ĕr**, *n.* തെററ്കാരൻ. **-ing**, *n.* തെററ്, കുററം; അന്യായം. =**dēed′**, *n.* അകൃത്യം, ദുഷ്കൎമ്മം. [—കശ്ശൂലി.

**Mīse** (mēz), *n.* ഒര് വക മാനസം,

**Mis-em-ploy′**, *v. t.* ദുരുപയോഗം ചെയ്യുക. **-ment**, *n.* ദുരുപയോഗം.

**Mis-en′tĕr**, *v. t.* തെററായിചേൎക്കുക. =**en′try**, *n.* തെററായി എഴുതിയത്, —ചേൎത്തത്, അബദ്ധരേഖ.

**Mī′sĕr**, *n.* അരിഷ്ടൻ; 2. നീചൻ; 3. ലുബ്ധൻ, കൃപണൻ, ഈററയൻ. **-ly**, ലോഭിയായ, പിശുക്കുള്ള.

**Mis′ĕr-a-ble**, *a.* അരിഷ്ടത ഉള്ള, നിൎഭാഗ്യം—; 2. നിസ്സാരം ആയ, നീചം—. **-ness**, *n.* അരിഷ്ടത, ദുഃഖം. =**bly**, *ad.* അമാന്തമായി, നീചമായി; അരിഷ്ടിച്ച്.

**Mis′ĕr-y**, *n.* അരിഷ്ടത, നിൎഭാഗ്യം; അനൎത്ഥം; അതിദുഃഖം.

**Mis-es-tēem′**, *n.* മാനക്കേട്, വണക്കമില്ലായ്മ. [മാധാനം.

**Mis-ex-pla-nā′tiŏn**, *n.* അബദ്ധസ

**Mis-ex-pound′**, *v. t.* തെററായി വ്യാഖ്യാനിക്കുക.

**Mis-ex-pō-si'tiŏn** (-zish'un), *n.* അബദ്ധവ്യാഖ്യാനം.

**Mis-ex-pres'siŏn** (-presh'un), *n.* അബദ്ധപ്രസ്താവം. [യം.

**Mis'fāith**, *n.* അവിശ്വാസം, സംശ

**Mis-fash'iŏn** (-fash'un), വിരൂപാകൃതിയാക്കുക.

**Mis-feā'sance** (-fā'zans), *n.* കയ്യേററം (*l.*); 2. അന്യായം, ന്യായരഹിതമായ പ്രവൃത്തി, തെററായ—(*l.*). [ഉടുപ്പ്.

**Mis-fit'**, *n.* ചേച്ചക്കേട്; 2. പററാത്ത

**Mis-form'**, *v. t.* കുരൂപമാക്കുക. =**mā'tiŏn**, *n.* വിരൂപാകൃതി.

**Mis-for'tūne** (*or* -chun), *n.* ഗ്രഹപ്പിഴ, നിർഭാഗ്യം, ദുർഭാഗ്യം; 2. ആപത്ത്; അനൎത്ഥം, അപകടം.

**Mis-give'**, *v. t. ir.* (=gāve', =giv'-en) തെററായി കൊടുക്കുക; 2. സംശയിക്കുക, ശങ്കിക്കുക. *v. i.* ചഞ്ചലം ഉണ്ടാക, ശങ്ക തോന്നുക. =**giv'ing**, *n.* ദുർല്ലക്ഷണം; ശങ്ക, സംശയം, സന്ദേഹം, ഭയം.

**Mis-gō'**, *v. i.* തെററിപ്പോക, പിഴച്ച്പോക.

**Mis-got'ten** (-got'n), *a.* അന്യായമായി കിട്ടിയ, ന്യായരഹിതസമ്പാദ്യമായ, കള്ള—.

**Mis-gŏv'ĕrn**, *v. t.* നീതികേടായി വാഴ്ച ചെയ്യുക; ദുൎവ്വാഴ്ച്ച്യം—. =**ĕrned** (-ĕrnd), *a.* അധൎമ്മഭരണത്തിങ്കീഴുള്ള; തെററായി നടത്തപ്പെടുന്ന. -**ment**, *n.* അധൎമ്മവാഴ്ച; അരാജകത്വം.

**Mis-ground'**, *v. t.* അബദ്ധമായി ഉറപ്പിക്കുക. [2. മുഴ; മുള.

**Mis-grōwth'** (grōth'), *n.* ദുൎവ്വളൎച്ച;

**Mis-guess'** (-ges'), *v. t.* & *i.* തെററായി ഊഹിക്കുക.

**Mis-guīde'** (-gīd'), *v. t.* തെററായി നടത്തുക, തെററിക്കുക. =**guīd'ance** (-gīd'ans), *n.* വഴി തെററിക്കൽ; തെററായി നടത്തിക്കൽ. =**guīd'ing**, *a.* അബദ്ധത്തിൽ ചാടിക്കുന്ന. =**guīd'ing-ly**, *ad.* വഴിപിഴപ്പിക്കത്തക്കവണ്ണം.

**Mis-han'dle**, *v. t.* തെററായി പെരുമാറുക; 2. ഉപദ്രവിക്കുക.

**Mis-hap'**, *n.* അപകടം, ആപത്ത്, അനൎത്ഥം; 2. നിർഭാഗ്യം. =**hap'pen** (hap'n), *v. i.* അപകടം നേരിടുക.

**Mis-hēar'** (-hēr'), *v. t.* & *i. ir.* (=hĕard, =hĕard) തെററായി കേൾക്കുക, കേട്ടതിൽ പിഴക്കുക.

**Mish'mash**, *n.* സകലകലാദി, ക്ഷൽശവി. [കലപ്പം.

**Mis-im-aġ-in-ā'tiŏn**, *n.* മിത്ഥ്യാസ

**Mis-im-prōve'**, *v. t.* ദുരുപയോഗപ്പെടുത്തുക; 2. ദുൎവ്യയം ചെയ്യുക. -**ment**, *n.* ദുരുപയോഗം.

**Mis-in-cline'**, *v. t.* അരുതാത്തതിൽ രസം ഉണ്ടാക, ദുർവ്വാസന—.

**Mis-in-fĕr'**, *v. t.* & *i.* തെററായി അനുമാനിക്കുക.

**Mis-in-form'** (-farm'), *v. t.* തെററായി ഗ്രഹിക്കുക, തെററായ അറിവ് കൊടുക്കുക. ='**mant**, ='**mĕr**, *n.* തെററായ അറിവ് കൊടുക്കുന്നവൻ. =**mā'tiŏn**, *n.* കള്ളവൎത്തമാനം, തെററായ അറിവ്.

**Mis-in-struct'**, *v. t.* തെററായി ഉപദേശിക്കുക, അബദ്ധമായി പഠിപ്പിക്കുക. =**struc'tiŏn**, *n.* അബദ്ധോപദേശം.

**Mis-in-tel'li-ġence**, *n.* കള്ളവൎത്തമാനം.

**Mis-in-tĕr'pret**, *v. t.* തെററായി വ്യാഖ്യാനിക്കുക; 2. —ധരിക്കുക, —അൎത്ഥം കാണുക. -**a-ble**, *a.* അബദ്ധാൎത്ഥം വരാകുന്ന; തെററായി ധരിപ്പാൻ ഇടയുള്ള. =**tā'tiŏn**, *n.* അബദ്ധമായി വ്യാഖ്യാനിക്കൽ; അപാൎത്ഥം. -**ĕr**, *n.* കുവ്യാഖ്യാനി.

**Mis-join'**, *v. t.* തെററായി കൂട്ടിച്ചേൎക്കുക. =**join'dĕr**, *n.* തെററായി കക്ഷിചേൎക്കൽ (*l.*); —വ്യവഹാരകാരണം—(*l.*).

**Mis-judġe'** (-juj'), *v. t.* & *i.* തെററായി വിധിക്കുക; 2. —ഗണിക്കുക. =**judġ'-ment**, *n.* നീതികേടായ വിധി, തെററായ തീൎപ്പ്.

**Mis-kin'dle**, *v. t.* തെററായ കാൎയ്യത്തിന്ന് ഉത്സാഹിപ്പിക്കുക.

**Mis-lac-tā'tiŏn,** *n.* പാലില്ലായ്മ (*med.*).

**Mis-lāy'** (-lā'), *v.t.ir.* (=lāid', =lāid') തെററായ സ്ഥലത്ത് വെക്കുക; വെച്ചേടം മറക്കുക; 2. തെററായി ആരോപിക്കുക. **-ĕr,** *n.* വെച്ചേടം മറക്കുന്നവൻ.

**Mis'le, Mist'le, Mizz'le** (miz'l), *v. i.* ചാറുക, പാറുക. *n.* ചാറല് മഴ, മഴച്ചാറല്. **mis'ly,** *a.* പാറല് മഴയുള്ള.

**Mis-lēad',** (-lēd'), *v. t. ir.* (=led', =led') തെററായി നടത്തുക; 2. തെററിക്കുക, അബദ്ധത്തിൽ ചാടിക്കുക; 3. തോല്പിക്കുക. **-ĕr,** *n.* അബദ്ധത്തിൽ ചാടിക്കുന്നവൻ, തെററിക്കുന്നവൻ. **-iṅg,** *a.* തെററിക്കുന്ന, കളത്തിൽ ഇറക്കുന്ന; മോഷത്തിലകപ്പെടുത്തുന്ന.

**Mis-lĕarn'** (-lĕrn'), *v.t.* അബദ്ധം പഠിക്കുക.

**Mis'le-tōe,** *n.*, *see* **Mistletoe.**

**Mis-līght'** (-līt'), *v. t.* കള്ളച്ചൂട്ട കാണിക്കുക; വഴിതെററിക്കുക.

**Mis-līke',** *v.t.* & *i.* ഇഷ്ടമില്ലാതിരിക്കുക, അനിഷ്ടം തോന്നുക. *n.* രസക്കേട്, വിരോധം. =**kĕr,** *n.* വിരോധി. =**lī'kiṅg,** *n.* വെറുപ്പ്, നീരസം.

**Mis-luck',** *n.* നിർഭാഗ്യം, ഗ്രഹപ്പിഴ.

**Mis-māke',** *v. t.* ചീത്തയായുണ്ടാക്കുക; വഷളാക്കുക.

**Mis-man'āġe,** *v. t.* & *i.* കെട്കാര്യം ചെയ്യുക. **-ment,** *n.* കെട്കാര്യം. =**a-ġĕr,** *n.* കെട്കാര്യസ്ഥൻ.

**Mis-märk',** *v. t.* തെററായി അടയാളം വെക്കുക.

**Mis-match'** (-mach'), *v. t.* ചേച്ചയല്ലാതെ ചേക്കുക.

**Mis-māte',** *v.t.* ചേച്ചയില്ലാതെ ഇണയാക്കുക.

**Mis-meas'ụre** (-mezh'ụr), *v.t.* തെററായി അളക്കുക. **-ment,** *n.* തെററായ അളവ്.

**Mis-nāme',** *v. t.* അബദ്ധപ്പേര് വിളിക്കുക.

**Mis-nō'mĕr,** *n.* അബദ്ധപ്പേര്, മിത്ഥ്യാനാമം.

**Mis-og'a-my,** *n.* വിവാഹവിരോധം. =**mist,** *n.* —ദ്വേഷി.

**Mis-og'y-ny,** *n.* സ്ത്രീദ്വേഷം, സ്ത്രീവിരക്തി. =**nist,** *n.* സ്ത്രീദ്വേഷി. =**nŏus,** *a.* സ്ത്രീകളെ കണ്ടുകൂടാത്ത.

**Mis-ol'o-ġy,** *n.* വാദദ്വേഷം.

**Mis-or-di-nā'tiŏn,** *n.* കപ്രതിഷ്ഠ.

**Mis-o-thē'iṣm,** *n.* ദൈവദ്വേഷം.

**Mis-pĕr-cep'tiŏn,** *n.* അബദ്ധകാഴ്ച.

**Mis-pĕr-suā'ṣiŏn** (-swā'zhun), *n.* തെററായി മനസ്സ്വരുത്തൽ; 2. അബദ്ധാഭിപ്രായം.

**Mis-plāce',** *v. t.* തെററായി വെക്കുക; 2. യോഗ്യതയില്ലാത്തേടത്ത് വെക്കുക. **-ment,** *n.* ഇടംതെററിവെക്കൽ; തെററായ വെപ്പ്.

**Mis-plēad',** *v. i.* അബദ്ധമായി വാദിക്കുക. **-iṅg,** *n.* അബദ്ധവാദം, ദുർവ്വാദം.

**Mis-print',** *v. t.* പിഴയായി അച്ച്പതിക്കുക. ='**print,** *n.* അച്ചടിപ്പിഴ, അച്ച്പിഴ.

**Mis-priṣ'iŏn** (-prizh'un), *n.* ഉപേക്ഷ, വീഴ്ച (*l.*); 2. കുററം; നടന്ന വിവരം അറിവ്കൊടുക്കാത്ത കുററം.

**Mis-prīze',** *v.t.* അലക്ഷ്യമാക്കുക, നിസ്സാരമായി വിചാരിക്കുക.

**Mis-prō-nounce',** *v. t.* & *i.* തെററായി ഉച്ചരിക്കുക. =**nun-ci-ā'tiŏn,** *n.* അബദ്ധോച്ചാരണം.

**Mis-quōte'** (-kwōt'), *v. t.* & *i.* അബദ്ധമായി എടുത്ത് പറയുക. =**tā'tiŏn,** *n.* അബദ്ധോക്തപ്രസ്താവം, അബദ്ധപ്രമാണം.

**Mis-rep-re-ṣent',** *v.t.* തെററായി അറിവ്കൊടുക്കുക; —ധരിപ്പിക്കുക. *v. i.* വ്യാജപ്രസ്താവം ചെയ്യുക. =**ṣen-tā'tiŏn,** *n.* അബദ്ധമായി ധരിപ്പിക്കൽ; കള്ളവിവരം; കളവ്. =**ṣen'ta-tive,** *a.* തെററായ ധാരണ ജനിപ്പിക്കുന്ന; തെററായി പ്രസ്താവിക്കുന്ന. =**ṣent'ĕr,** *n.* വ്യാജപ്രസ്താവകൻ.

**Mis-rụle',** *n.* ദുർവ്വാഴ്ച; 2. അരാജകത്വം; കഴപ്പം, കലഹം. *v. t.* അന്യായമായി വാഴ്ചകഴിക്കുക.

I. **Miss**, *n.* കന്യകയുടെ പേരിന്നു ചേക്കുന്ന ഉപചാരപദം, മദാമ്മ, 'മിസി'; 2. കന്യക, ബാലിക. **-'ish**, കന്യാതുല്യമായ; അഴകായി ചമഞ്ഞ, നാട്യമുള്ള. **-'ish-ness**, *n.* ശൃംഗാരനാട്യം. **mis'sy**, *n.* ബാലിക, കുമാരി. *a.* ബാലികാതുല്യമായ.

II. **Miss**, *v. t.* തട്ടാതെപോക, ഏശാതെ—, കൊള്ളാതെ—; എത്താതെ—; കിട്ടാതെ—; പററാതെ—; കേൾക്കാതെ—; കാണാതെ—, പോയ്പോക; 2. ഉപേക്ഷയാക്കുക; വിട്ടുകളയുക; 3. ഇല്ലാഞ്ഞിട്ടു വ്യസനിക്കുക; —ബുദ്ധിമുട്ടുക; ഇല്ലെന്നു തോന്നുക. *v. i.* കൊള്ളാതിരിക്കുക, തട്ടാതിരിക്കുക, തെററിപ്പോക; 2. (of) കിട്ടാതെപോക, കാണാതെ—; 3. തെററിപ്പോക. *n.* തെററിപ്പോകൽ; 2. കിട്ടായ്ക, പററായ്ക; 3. അബദ്ധം, പിഴ. **-'ing**, *a.* ഇല്ലാത്ത, കാണാത്ത; കാണാതെപോയ.

**Mis'sa**, *n.* 'മീസ', മീസാരാധന (*R. C.*); കുറുബാന (*Syr.*). **mis'sal**, *n.* 'മീസ'പ്പുസ്തകം (*R. C.*).

**Mis'sel-tōe**, *n. see* **Mistletoe.**

**Mis-shāpe'**, *v. t.* കോലം കെടുത്തുക; കുരൂപമാക്കുക. **=shā'pen**, *a.* വിരൂപമായ. **=shā'pen-ly**, *ad.* കുരൂപമായി, ഭംഗികേടായി. **=shā'pen-ness**, *n.* വൈരൂപ്യം.

**Mis'sile** (mis'il), *a.* എറിയാവുന്ന, ചാടാകുന്ന, എയ്യാകുന്ന, ക്ഷേപണീയമായ. *n.* എറിയാകുന്ന ആയുധം: കല്ലു; അസ്ത്രം; ചാട്ടുളി; കുന്തം; ഉണ്ട; 2. ചക്രം.

**Mis'siŏn** (mish'un), *n.* നിയോഗം, പ്രേരണം; 2. നിയുക്തൻ; നിയുക്തവൎഗ്ഗം; 3. ദൂതു, നിയുക്തപ്രവൃത്തി, 4. സുവിശേഷഘോഷകസംഘം, 'മിശ്യൻ'; 5. മതഘോഷണസ്ഥലം; 6. —പ്രവൎത്തകവൎഗ്ഗം; 7. പ്രത്യേകപ്രസംഗാവലി. *v. t.* നിയോഗിക്കുക. **=ar-y**, *n.* നിയുക്തൻ, പ്രേരിതൻ, പ്രേഷിതൻ; മതപ്രസാരകൻ; സുവിശേഷഘോഷകൻ, 'മിശ്യനരി'. *a.* 'മിശ്യൻ'സംബന്ധമായ. **-ĕr**, *n.* ദൂതൻ, നിയുക്തൻ; പ്രത്യേകപ്രസംഗി.

**Mis'sis**, *n.*, *see* **Mistress.**

**Mis'sive**, *n.* ദൂതു, കത്തു, ലേഖനം. *a.* പ്രത്യേകമായി അയച്ച; 2. അയപ്പാൻ ഒരുക്കമുള്ള; 3. എറിയാകുന്ന. **letters m.** പ്രത്യേകരാജശാസനം, തീട്ടു, നീട്ടു.

**Mis-sound'**, *v. t.* അബദ്ധമായുച്ചരിക്കുക.

**Mis-spell'**, *v. t.* അക്ഷരപ്പിഴയോടെ എഴുതുക; 2. —വായിക്കുക. **-iṅg**, *n.* അക്ഷരപ്പിഴ.

**Mis-spend'**, *v. t. ir.* (=spent', =spent') ദുൎവ്യയം ചെയ്യുക, നാനാവിധമാക്കുക. **-ĕr**, *n.* ദുൎച്ചിലവുകാരൻ. **=spent'**, *p. a.* ദുൎവ്യയം ചെയ്യു; നശിപ്പിച്ച.

**Mis-stāte'**, *v. t.* തെററായി പ്രസ്താവിക്കുക. **-ment**, *n.* അബദ്ധപ്രസ്താവം.

**Mis-step'**, *n.* അബദ്ധച്ചുവടു; 2. തെററായ നടവടി.

**Mist**, *n.* മഞ്ഞു; 2. കുളമ്പുക; 3. മൂടല്. *v. t.* മൂടുക, മഞ്ഞുമൂടുക, മങ്ങലാക്കുക. *v. i.* മഞ്ഞുപെയ്യുക. **-'fụl**, *a.* മഞ്ഞുള്ള. **mist'i-ness**, *n.* മൂടല്, മങ്ങല്. **-'līke**, *a.* മഞ്ഞുപോലെയുള്ള. **mist'i-ly**, *ad.* മറവായി, മങ്ങലായി. **mist'y**, *a.* മഞ്ഞുള്ള; മഞ്ഞുമൂടിയ; മങ്ങലായ.

**Mis-tāke'**, *v. t. ir.* (=tọọk', =tā'ken) തെററായി എടുക്കുക; 2. —ധരിക്കുക, ഒന്നിന്നൊന്നു—; 3. തെററായി വിചാരിക്കുക. *v. i.* തെററിപ്പോക. *n.* തെററു, തപ്പു, അബദ്ധം, ബുദ്ധിമോശം; 2. അബദ്ധധാരണ (*l.*). **no m.** തീൎച്ചയായി, നിശ്ചയമായി. **=tā'ka-ble**, *a.* തെററുവരാകുന്ന. **=tā'ken**, *p. a.* അബദ്ധമായ, തെററായ; തെററിദ്ധരിച്ച; അബദ്ധമായി പ്രവൃത്തിച്ച. **=tā'ken-ly**, *ad.* തെററായി. **=tā'ken-ness**, *n.* അബദ്ധം. **=tā'kĕr**, *n.* അബദ്ധക്കാരൻ. **=tā'kiṅg**, *n.* തെററു, തപ്പു, മോശം. **=tā'kiṅg-ly**, *ad.* അബദ്ധമായി.

**Mis-tąught'** (-tąt'), *a.*, *s. u.* **Mis-teach.**

**Mis-tēach**, *v. t. ir.* (=tąught', -tąught', *pr.* -tāt') തെററായി പഠിപ്പിക്കുക, അബദ്ധം—. **=tąught'** (-tąt'), *p. a.* തെററായിപഠിച്ച.

**Mis'tĕr**, *n.* (*contr.* Mr., *from* Master) പുരുഷോപചാരപദം. എന്നവര്, അവൎകൾ, മാന്യ. *v. t.* പേര് ഉപചാരപദം ചേൎത്ത് പറയുക, ബഹുമാനിച്ച് വിളിക്കുക.

**Mis-tīme'**, *v.t.* ചേരാത്ത സമയം കുറിക്കുക; 2. സമയോചിതം പോലെ ചെയ്യാതിരിക്കുക. =**tīmed** (-tīmd'), *p. a.* അകാലമായ.

**Mis-tī'tle**, *v. t.* സ്ഥാനപ്പേര് തെററിപ്പറയുക.

**Mist'le**, *v. t.*, *see* Misle.

**Mist'le-tōe, Mis'le-tōe, Miss'el-tōe, Mist'le-tō** (miz'l-tō), *n.* ഇത്തി, ഇത്തിക്കണ്ണി, പുല്ലുണ്ണി, വൃക്ഷാശ്രയം, തരുരോഹിണി (*b.*).

**Mis-to͝ok'**, *p. t. of* Mistake.

**Mis-trāin'**, *v. t.* തെററായി വളൎത്തുക.

**Mis-trans-lāte'**, *v. t.* തെററായി ഭാഷാന്തരം ചെയ്യുക. =**lā'tiŏn**, *n.* അബദ്ധഭാഷാന്തരം.

**Mis-trēat'**, *v. t.* തെററായി പെരുമാറുക. **-ment**, *n.* തെററായപെരുമാററം.

**Mis'tress, Mis'sis** (*contr.* Mrs.), *n.* സ്വാമിനി; യജമാനസ്ത്രീ; 2. അദ്ധ്യാപിക, ഉപാദ്ധ്യായി; 3. നിപുണ, മിടുക്കത്തി; 4. പ്രിയ, വല്ലഭാ; 5. വെപ്പാട്ടി; വിശ്വാസക്കാരത്തി; 6. വിവാഹിതയുടെ പേരിന്ന് ചേൎക്കുന്ന ഉപചാരപദം; 7. വിവാഹിത, ഗൃഹിണി, ഭാൎയ്യ. **to be one's own m.** സ്വയാധീനയായിരിക്കുക, **-ship**, *n.* സ്ത്രീവാഴ്ച; ഉപാദ്ധ്യായിസ്ഥാനം.

**Mis-trŭst'**, *v. t.* സംശയിക്കുക, നമ്പാതിരിക്കുക, ശങ്കിക്കുക; 2. ദുരനുമാനിക്കുക. *n.* വിശ്വാസമില്ലായ്മ, ദുശ്ശങ്ക. **-ĕr**, *n.* സംശയക്കാരൻ, ദുശ്ശങ്കക്കാരൻ. **-fụl**, *a.* സംശയകരമായ. **-fụl-ly**, *ad.* നമ്പാതെ. **-fụl-ness**, *n.* ശങ്ക, പേടി. **-less**, *a.* വിശ്വാസക്കേടില്ലാത്ത.

**Mist'y**, *a.*, *s. u.* Mist.

**Mis-un-dĕr-stand'**, *v.t.ir.* (-sto͝od', -sto͝od') തെററായി ധരിക്കുക, —വിചാരിക്കുക. **-ĕr**, *n.* അപാൎത്ഥം ധരിക്കുന്നവൻ. **-ing**, *n.* അബദ്ധധാരണ; രസക്ഷയം, മുഷിച്ചല്, വിരോധം.

**Mis-ūse'**, *v. t.* തെററായി ഉപയോഗിക്കുക, ദുഃപ്രയോഗം ചെയ്യുക; 2. അനുചിതമായിപെരുമാറുക; 3. ചീത്തപറയുക, അപമാനിക്കുക. =**ūse'**, *n.* ദുഃപ്രയോഗം; ദുരുപയോഗം. =**ū'sāge**, *n.* അധിക്ഷേപം; ആകാത്തപെരുമാററം. =**ū'sĕr**, *n.* ദുഃപ്രയോഗക്കാരൻ; കയ്യേററം (*l.*).

**Mīte**, *n.* ചാഴി, പാററ (*z.*); 2 കാശ്, താരം; 3. ഒര് ചെറിയ തുക്കം; 4. അല്പം; അണു. **mī'ty**, *a.* ചാഴിയുള്ള.

**Mī'tĕr, Mī'tre**, *n.* അദ്ധ്യക്ഷക്കിരീടം; 2. മൂലയേപ്പ്; 3. ഒര് വക കള്ള നാണ്യം. **m.-joint** കോണേപ്പ്. *v. t.* കിരീടം ധരിപ്പിക്കുക; 2. മൂലയിണക്കുക; ചാമ്പ്രയാക്കുക; കട്ടമവെക്കുക. *v. i.* മൂലയൊക്കുക. **mī'tral**, *a.* അദ്ധ്യക്ഷകിരീടത്തിനുള്ള; കിരീടാകൃതിയായ. **mī'tri-form**, *a.* കിരീടാകാരമുള്ള.

**Mith'ri-dāte**, *n.* വിഷഹരൌഷധം (*med.*). =**dat'ic**, *a.* വിഷഹാരകമായ.

**Mit'i-gāte**, *v. t.* മന്ദം ആക്കുക; 2. മൃദു—; 3. തണുപ്പിക്കുക, ശമിപ്പിക്കുക; 4. കുറക്കുക. =**ga-ble**, *ad.* കുറക്കാകുന്ന, സാവധാനപ്പെടുത്താകുന്ന. =**gant**, =**gā-tive**, =**gā-tŏr-y**, *a.* ശമനകരം ആയ, ശാന്തകരം—. =**gā'tiŏn**, *n.* ശമിപ്പിക്കൽ; ശാന്തത, ശമനം; കുറവ്. =**gā-tŏr**, *n.* ശമിപ്പിക്കുന്നവൻ; ശമിപ്പിക്കുന്നത്.

**Mit-rāill-eu̱se'** (-rāl-yāz'), *n.* യന്ത്രപ്പീരങ്കി. **mit-rāill-eur'** (rāl-yĕr'), *n.* യന്ത്രപ്പീരങ്കിക്കാരൻ.

**Mī'tre**, *n.*, *see* Miter.

**Mitt, Mit'ten** (mit'n), *n.* ഹസ്തരക്ഷ; കയ്യുടച്ചട്ട, ഒര് വക കയ്യുറ. **to give the m.n to** വിവാഹാൎത്ഥനത്തിൽനിന്ന് പിൻവാങ്ങുക; പ്രേമവിശ്വാസം ത്യജിക്കുക. **to handle without m.ns** പാരുഷ്യം കാട്ടുക, വല്ലാതെ പെരുമാറുക. =**tened** (-tend), *a.* കൈച്ചട്ടയിട്ട.

**Mit'ti-mus**, *n.* കുട്ടിയയക്കൽ, 'കമ്മട്ട്' ആക്കൽ (*l.*); 2. വിചാരണക്കോടതി മാററൽ (*l.*).

**Mix**, *v. t.* കൂട്ടിക്കലൎത്തുക, സമ്മിശ്രമാക്കുക, കൂട്ടിക്കുഴക്കുക, കലക്കുക; 2. സഹവാസം ചെയ്യുക, ചേരുക; 3. കൂട്ടിച്ചേൎത്തുണ്ടാക്കുക. *v. i.* ചേരുക, കൂടിക്കലരുക; 2. കൂടിക്കഴിയുക. -'a-ble, *a.* കൂട്ടിച്ചേൎക്കാവുന്ന. mixed (mikst), *a.* കൂടിച്ചേൎന്ന, കലൎപ്പായ. m.d number മിശ്രിതസംഖ്യ, മിശ്ര— (*ar.*). -'ed-ly (*or* mixt'-ly), *ad.* സമ്മിശ്രമായി. -'ĕr, *n.* കലൎത്തുന്നവൻ. -'tūre (*or* -'chur), *n.* കലൎത്തൽ; കലൎപ്പ്; അംശം, ലേശം; ദാവകൌഷധം, കഷായം (*med.*); സമ്മിശ്രസാധനം (*ph. & ch.*).

**Mix'en** (miks'n), *n.* കുപ്പ, കുപ്പക്കുന്ന്.

**Miz'zen** (miz'n), *a.* ഏററവും പിമ്പിലുള്ള; അമരത്തോടടുത്ത (*naut.*). m.-mast (മുക്കൊമ്പൻകപ്പലിൽ) അമരക്കൊമ്പ് (*naut.*). *n.* പിൻപായി, അമരപ്പായി (*naut.*).

**Miz'zle** (miz'l), *v. i.* ചാറുക; 2. പോക. *n.* ചാറല്മഴ: 2. മൂടല്മഞ്ഞ്.

**Mnē-mon'ic** (nē-mon'ik), =i-cal, *a.* സ്മൃതിസഹായമായ. mnem-o-ni'cian (nem-), *n.* സ്മരണശക്തിവൎദ്ധകൻ. ='ics, ='mo-tech-ny, *n.* സ്മരണവിദ്യ, സ്മാരകസൂത്രം. =mos'y-nē, *n.* സ്മരണദേവി (*myth.*).

**Mō**, *suf.* ആയിമടക്കിയ: sixteen-mo (16mo or 16°) ഒരു പായി കടലാസ് പതിനാറായി മടക്കിയ.

**Mō'a**, *n.* ചിറകില്ലാത്ത ഒരുവക വലിയ പക്ഷി, ആനപ്പക്ഷി (*z.*).

**Mōan** (mōn), *v. i.* ഞരങ്ങുക; 2. മൂളുക. *v. t.* വിലപിക്കുക, കരഞ്ഞ് നിലവിളിക്കുക. *n.* ഞരക്കം; മൂളല്; പ്രലാപം. -'ful, *a.* വിലാപകരം ആയ, ദുഃഖകരം—. -'ful-ly, *ad.* ആക്രാന്തനായി; ഞരക്കത്തോടെ.

**Mōat** (mōt), *n.* വാടക്കുഴി, അകിഴ്, പരിഖം. *v. t.* അകിഴ് കുഴിക്കുക.

I. **Mob**, *n.* കലഹിനജനം, താണ—; 2. ജനക്കൂട്ടം, ജനസംഘം; 3. പോക്കിരിജനക്കൂട്ടം; ന്യായരഹിതമായ ജനസംഘം, ലഹളക്കൂട്ടം. m.-law പോക്കാളിത്തനം. swell-m. മെച്ചമായി ഉടുത്ത് ചമഞ്ഞ കള്ളന്മാർ. *v. t.* ലഹള ചെയ്യുക, അമളി ഉണ്ടാക്കുക, കലഹം—. -'bish, *a.* ലഹളക്കാരായ, അമളിയുണ്ടാക്കുന്ന; പോക്കാളിത്തനം കാട്ടുന്ന. -oc'ra-cy, *n.* അധമജനവാഴ്ച. -'oc-ral, *n.* —വാഴ്ചാനുകൂലക്കാരൻ. -oc-rat'ic, *a.* —വാഴ്ചസംബന്ധമായ.

II. **Mob, Mob-cap'**, *n.* സ്ത്രീകൾ ഇടുന്ന ഒരുവക തൊപ്പി.

**Mō'bile** (mō'bil), *a.* ചലനം വരുത്താകുന്ന, ഇളക്കാകുന്ന; ഉറപ്പിച്ചിട്ടില്ലാത്ത; 2. ഒഴുകുന്ന; 3. വേഗം മനസ്സിളകുന്ന, മനശ്ചാപല്യം ഉള്ള, ചഞ്ചലഭാവം—; 4. ഭാവപ്പകൎച്ച—; 5. ഉണൎത്താകുന്ന; 6. ചലനശക്തി ജനിപ്പിക്കാവുന്ന (*phys.*). =bil'-i-ty, *n.* ഒഴുക്കം, ചലനഗുണം; ചാപല്യം; പോക്കിരി ജനക്കൂട്ടം.

**Mob'il-īṣe**, =īze, *v. t.* സൈന്യം യുദ്ധത്തിന്നായി ഒരുക്കുക, പടയൊരുക്കം ചെയ്യുക. =il-i-ṣā'tiŏn, =il-i-zā'tiŏn, *n.* പടയൊരുക്കം, സൈന്യസംഭാരം.

**Mob-oc'ra-cy**, *n.*, *etc. s. u.* Mob I.

**Moc'ca-sin** (mok'a-), *n.* ഒരുവക ചെരിപ്പ്; 2. ജലസൎപ്പം (*z.*).

**Mō'cha** (mō'ka), *n.* ഒരുവക നല്ല കാപ്പിക്കുരു (*b.*); 2. ഒരു തൂക്കം; 3. ഒരുവക അക്കിക്കല്ല്. m.-stone അക്കിക്കല്ല്, പേരോസ്കല്ല്? (*min.*).

**Mock**, *v. t.* ഗോഷ്ഠികാട്ടുക; 2. കളിയാക്കുക, പരിഹസിക്കുക; 3. നിന്ദിക്കുക; 4. തോല്പിക്കുക. *v. i.* അപഹാസമാക്കുക, *n.* കളി, പരിഹാസം, നിന്ദ; 2. ഗോഷ്ഠി. to make a m. of കളിയാക്കുക. *a.* കളി ആയ, മിത്ഥ്യ—; 2. കളവ്—, കപടം—, -'a-ble, *a.* പരിഹാസ്യം—. -'ĕr, *n.* പരിഹാസി; ചതിയൻ. -'ĕr-y, *n.* പരിഹാസം; അപഹാസം; പരിഹാസവിഷയം; കളവ്. -'ing, *a.* കളിയാക്കുന്ന, പരിഹസിക്കുന്ന. m.g-bird ഒരു വക പക്ഷി (*z.*). m.g-stock കോമാളി, പരിഹാസപാത്രം. -'ing-ly, *ad.* ഹാസ്യമായി.

**Mōde,** *n.* വിധം, പ്രകാരം; ക്രമം, മാതിരി, ഭാഷ; വേഷം; മാൎഗ്ഗം; പദ്ധതി, രീതി; 2. നാട്ടുനടപ്പ്, വഴക്കം, സമ്പ്രദായം, ദേശമൎയ്യാദ, പതിവ്; 3. തരം, പടി; 4. ലക്ഷണം, ഗുണം (*met.*); 5. രൂപം (*gr.*); 6. രാഗപദ്ധതി (*mus.*); 7. വാച്യം (*log.*); 8. ഒരു വക പട്ട്. **mō'dal,** *a.* രൂപസംബന്ധം ആയ; രൂപമാത്രം—; ലക്ഷണസംബന്ധം—. **mō'dal-ist,** *n.* അമൃത്ത്രിയേകത്വവാദി, ത്രിത്വപ്രകാരവാദി (*theo.*). **mō-dal'i-ty,** *n.* രൂപമാത്രത്വം; രൂപസംബന്ധം; ലക്ഷണം (*met.*). **mō'dal-ly,** *ad.* രൂപസംബന്ധമായി.

**Mod'el,** *n.* (*fr.* mode) പ്രതിമ; 2. അച്ച്; 3. മൂശ; 4. മാതൃക; 5. മാത്രു; 6. സ്വരൂപം, പ്രതിച്ഛായ; 7. പകൎപ്പ്; 8. മാതൃകയാള്. **working m.** ചെറുയന്ത്രം. *a.* മാതൃകയാക്കാവുന്ന, മാതിരിക്ക് പററിയ. *v. t.* പകൎപ്പ് ഉണ്ടാക്കുക, മാതൃക—; മെഴുപ്പിടിക്കുക. **-ĕr, -lĕr,** *n.* ആകൃതിപ്പെടുത്തുന്നവൻ; മാതൃകയുണ്ടാക്കുന്നവൻ; മൂശാരി. **-iṅg, -liṅg,** *n.* മാതൃകയുണ്ടാക്കൽ; മെഴപ്പിടിക്കൽ; രൂപാദൎശനം (*paint.*). **m.g plane** ഉരുട്ടുചിപ്പുളി. **m.g wax** (മൂശാരി) മെഴു.

**Mo-dē'na,** *n.* ഒരു വക കട്ടുഞ്ചുവപ്പു [വൎണ്ണം.

**Mod'ĕr-āte,** *a.* മിതമായ, അടക്കമുള്ള; 2. അല്പം ആയ, തുരിശം—; നയം—; 3. സൌമ്യം—, സാവധാനം—; 4. പാകതയുള്ള; 5. ഉചിതമായ, ഒത്ത, തക്ക; 6. സാമാന്യം ആയ, നട്ടത്തരം—. *n.* മിതഭരണവാദി. *v. t.* ഒതുക്കുക, അടക്കുക; 2. കറക്കുക, സഹായം ആക്കുക; 3. ലഘു—, മന്ദം—, സാവധാനം—; 4. ശാന്തം—, ശമിപ്പിക്കുക; 5. ഹിതമാക്കുക; 6. സഭാനാഥനായിരിക്കുക. *v. i.* തണുക്കുക, ശമിക്കുക, ഊക്ക് കറയുക, തളരുക; 2. സഭാനാഥത്വം വഹിക്കുക. **-ly,** *ad.* മിതമായി, സാമാന്യമായി. **-ness,** *n.* പരിപാകത; മിതഗുണം. **=ā'tiŏn,** *n.* ഒതുക്കൽ; പാകത, മട്ട്; ക്ഷമ, സൌമ്യത; *pl.* (*contr.* mods) ഒക്സ്ഫോൎഡ് സൎവ്വകലാശാലയിലെ ആദ്യപരീക്ഷ. **=ā'tō,** *a.* & *ad.* സാമാന്യവേഗതയോടെ (*mus.*). **=ā-tŏr,** *n.* ഒതുക്കുന്നവൻ; സഭാനാഥൻ, അഗ്രാസനൻ; സൎവ്വകലാശാലാപരീക്ഷകൻ. **=ā-tŏr-ship,** *n.* സഭാനായകത്വം. **=ā-tress, =ā-trix,** *n.* സഭാനായകി.

**Mod'ĕrn,** *a.* ഇക്കാലത്തെ, തല്ക്കാലത്തെ, ഇപ്പോഴുള്ള, അടുത്തകാലത്തെ, ഈ ഇടെ ഉണ്ടായ; 2. പുതിയ. *n. pl.* ഇക്കാലമുള്ളവർ. **-iṣm,** *n.* ഇക്കാലത്തെ നടവടി; പുതിയവഴക്കം; ഇന്നുള്ള അവസ്ഥ. **-ist,** *n.* തല്ക്കാലസമ്പ്രദായപ്രിയൻ. **-i-ṣā'tiŏn, -i-zā'tiŏn,** *n.* പുതുക്കൽ; തല്ക്കാലവഴക്കമാക്കൽ. **-īṣe, -īze,** *v. t.* പുതുക്കം വരുത്തുക, ഇന്നത്തെ മൎയ്യാദക്കനുസാരമാക്കുക. **-ī-ṣĕr, -ī-zĕr,** *n.* പുതുക്കം വരുത്തുന്നവൻ. **-ly,** *ad.* ഇക്കാലത്ത്, ഇപ്പോൾ. **-ness,** *n.* ആധുനികത്വം; പുതുക്കം, നൂതനത.

**Mod'est,** *a.* പാകതയുള്ള, വിനയം—; 2. ലജ്ജാശീലം—, അടക്കം—; പാതിവ്രത്യം—; 3. മിതം ആയ, വിഹിതം—. **-ly,** *ad.* മൎയ്യാദയോടെ. **=es-ty,** *n.* താഴ്മ, വിനയം; ഒതുക്കം, അച്ചടക്കം, ലജ്ജ, പാതിവ്രത്യം; സഭാവന്ദനം, പര—.

**Mod'i-eum,** *n.* ലേശം, അല്പം, ഇത്തിരി, തെല്ല്, സ്വല്പം.

**Mod'i-fȳ,** *v. t.* മാററുക, ഭേദഗതിവരുത്തുക; 2. കറക്കുക, മിതമാക്കുക; 3. വിശേഷിപ്പിക്കുക (*gr.*). **=fī-a-bil'i-ty,** *n.* പരിണാമ്യത. **=fī-a-ble,** *a.* ഭേദപ്പെടുത്താകുന്ന. **=fi-eā'tiŏn,** *n.* മാററൽ; പരിണാമം, ഭേദം; രൂപാന്തരം; ശമനം. **=fi-eā-tive,** *a.* വിശേഷണം ആയ (*gr.*). **=fi-eā-tŏr-y,** *a.* പരിണാമകരം—. **=fī-ĕr,** *n.* ഭേദഗതിവരുത്തുന്നവൻ.

**Mō-dill'iŏn** (-dil'yun), *n.* ചിത്രക്കാല്, ഊന്നുകാല്, മുട്ടുകാല് (*arch.*).

**Mō'dish,** *a.* വേഷാചാരപ്രകാരമുള്ള, വഴക്കപ്രകാരം—; 2. മോടിആയ; 3. സാമ്പ്രദായികം—. **-ly,** *ad.* മോടിയായി. **-ness,** *n.* ശൃംഗാരം. **mō'dist,** *n.* വേഷാചാരക്കാരൻ. **mō-dïste'** (-dēst'), *n.* വസ്ത്രവ്യാപാരിണി; വേഷകാരികാ.

**Mod'ū-lāte,** *v. t.* സ്വരം ഒപ്പിക്കുക, സ്വരമേളനം വരുത്തുക; 2. സ്വരം മാററുക. *v. i.* —മാറുക. **=lar,** *a.* സ്വരമേ

ളനസംബന്ധമായ. =lā'tiŏn, *n.* മാററം, പകൎച്ച; രാഗം; സ്വരഭേദം; ശബ്ദലയം. =lā-tŏr, *n.* സ്വരം മാററുന്നവൻ.

**Mod'ūle**, *n.* മാതൃക; 2. പരിമാണം, അനുപാതപ്രമാണം (*arch.*).

**Mod'ū-lus**, *n.* (*pl.* mod'ū-lī) വീതം; പ്രമാണം.

**Mō'dus**, *n.* (*pl.* mō'dī) കരണരീതി; 2. വ്യത്യസ്തം, ഭേദം (*l.*). 3. പതാരപ്പണം. *m.-decimandi* പതാരഭോഗപ്പണം. *m.-operandi* ക്രിയാരീതി, പ്രവൃത്തി—.

**Mō'el-line**, *n.* കേശതൈലം.

**Mō-gul'**, *n.* മുകിളവംശക്കാരൻ; 2. വലിയ തീവണ്ടിയന്ത്രം. great *or* grand m. മുകിളച്ചക്രവൎത്തി; മഹാൻ, കേമൻ.

**Mō'hāir**, *n.* ഒരു വക ആട്ട്രോമം; 2. കമ്പിളിത്തുണി.

**Mō-ham'me-dan**, *etc.*, *see* Maho-metan, *etc.*

**Mō'hawk, Mō'hock** (mō'hak), *n.* ഒരു ഇന്ത്യാനഗോത്രം; 2. പോക്കിരി.

**Mō'hur**, *n.* ഒന്നരപ്പൌണ്ട് വിലക്കുള്ള ഒരു പൊൻനാണ്യം, 'മോഹറ്'.

**Mō-hur'rum, Mu-har'ram**, *n.* മുഹമ്മദീയവൎഷത്തിന്റെ ആദ്യമാസം; 2. മുഹമ്മദീയരുടെ ക്രുടാരപ്പെരുന്നാള്, 'ജാംസക്കളി'.

**Moi'dōre**, *n.* ഏകദേശം 20ക. വിലക്കുള്ള ഒരു പൊൎത്തുഗീസ് പൊന്നാണ്യം.

**Moi'e-ty**, *n.* പകുതി, പാതി, അൎദ്ധം; 2. ചെറിയ അംശം; അല്പം.

**Moil**, *v. t.* പിരട്ടുക; 2. ചേറ് പിരട്ടുക, അഴക്ക് ആക്കുക; അശുദ്ധം—. *v. i.* പണിയെടുത്ത് മണ്ണ് പിരളുക; 2. കണ്ടപ്പണി എടുക്കുക, അദ്ധ്വാനിക്കുക, ദേഹദണ്ഡം ചെയ്യുക. *n.* പുള്ളി; 2. കറ, കളങ്കം.

**Moila**, *n.* വലിയ ചെരിപ്പ്.

**Moi'ra**, *n.* ശ്രീദേവി, ലക്ഷ്മി (*myth.*).

**Moire** (mwar), *n.* കമ്പിളിത്തുണി; 2. ഒരു വക പട്ട്തുണി. *m.-antique* വിശേഷമായ പട്ട്തുണി. *m.-metallique* ഒരു വക തുത്തനാകത്തകിട്

**Moist**, *a.* നനവ് ഉള്ള, ഓതം—. ഈറനായ, 2. പുതിയ. mois'ten (moys'n), *v. t.* നനക്കുക; കുതൎക്കുക, പുതൎത്തുക. mois'ten-ĕr, *n.* നനവ് വരുത്തുന്നവൻ. -'fụl, *a.* ഈറമുള്ള. -less, *a.* ഉണങ്ങിയ. -'ness, *n.* ഓതം, ആൎദ്രത. ='tūre (*or* -chur), *n.* ഈറം; കുതിൎമ്മ; ജലകണം. ='tūre-less, *a.* നനവില്ലാത്ത.

**Mō'lar**, *n.* അണപ്പല്ല് (*an.*). *a.* അരക്കുന്ന; 2. അണപ്പല്ല് സംബന്ധമായ.

**Mō-lass'es**, *n.* ചക്കരപ്പാവ്, ചക്കരക്കട്ടി, പാനി (*S.*).

**Mōld**, *etc.*, *see* Mould.

I. **Mōle**, *n.* മറു, കാക്കപ്പുള്ളി, തിലകം.

II. **Mōle**, *n.* മാംസപിണ്ഡം. [തു-

III. **Mōle**, *n.* പാതാറ്, ചിറ, വപ്രം, സേ-

IV. **Mōle**, *n.* അകിഴെലി, മൂക്കനെലി, തുരപ്പനെലി (*z.*). m.-cast, m.-hill പുററ്, വന്മീകം; മങ്കുന്ന്; അല്പവിഷമം. m.-eyed കാഴ്ചകുറഞ്ഞ, കണ്ണ് കാണാത്ത. m.-skin പതുക്കൻതുണി. m.-track മട, മാളം. *v. t.* മാളം കുഴിക്കുക, തുരക്കുക; 2. നിരത്തുക.

**Mol'e-cūle**, *n.* പരമാണു; 2. അണു; കണം. mō-lec'ū-lar, *a.* അണുസംബന്ധം ആയ; —രൂപം—; —കൂടിയുണ്ടായ. m.r attraction അണുവാകൎഷണം (*ph.*). m.r weight അണുഘനം. =lar'i-ty, *n.* അണുമയത്വം. =lar-ly, *ad.* —രൂപമായി.

**Mō-lest'**, *v. t.* ബുദ്ധിമുട്ടിക്കുക, ഉപദ്രവിക്കുക, അലമ്പാക്കുക. mol-es-tā'-tiŏn, *n.* അലമ്പല്, തൊന്തരം, പൊറുതികേട്, തകരാറ്. -ĕr, *n.* കണ്ടാമണ്ടിക്കാരൻ (*S.*), ഉരന്തിരിഞ്ഞവൻ (*N.*). -fụl, *a.* ഉപദ്രവകരമായ.

**Mol'lah** (-la), *n.* 'മുല്ല' (*M.*).

**Mol'li-ent**, *a.* പതം വരുത്തുന്ന, മാൎദ്ദവമാക്കുന്ന; 2. ശമിപ്പിക്കുന്ന. -ly, *ad.* ശമനം വരുത്തുന്നതായി.

**Mol'li-fȳ**, *v. t.* പതമാക്കുക, മാൎദ്ദവം വരുത്തുക; 2. ശമിപ്പിക്കുക; 3. ആററുക, സാവധാനമാക്കുക. =fī-a-ble, *a.* ശമനീയമായ. =fi-cā'tiŏn, *n.* ശാന്തമാക്കൽ;

ഉപശമനം; പതം. =fī-ěr, *n.* പതം വരുത്തുന്നവൻ.

Mol'li-net, *n.* ചെറിയ ആസ്, —തിരിക്കല്ല്, അമ്മി. [(*z.*).

Mol-li-pī-lōse', *a.* മാൎദ്ദവരോമമുള്ള

Mol-li'ti-ēs (mo-lish'i-ēz), *n.* അംഗമാൎദ്ദവരോഗം (*med.*).

Mol'lusc, Mol'lusk, *n.* ശ്ലേഷ്മോദരപ്രാണി: മുരു; ഇളമ്പക്ക; ഓരിക്ക; ഊക്ക; കട്ടക്ക, കല്ലിമ്മൽകായി; ഞവിഞ്ഞി; അച്ച് (*z.*). =lus'ca, *n. pl.* ശ്ലേഷ്മോദരിവൎഗ്ഗം, ഓട്പ്രാണി—. =lus'can, *a.* ശ്ലേഷ്മോദരിയായ. *n.* ഓട്ടുള്ള പ്രാണി. =lus'cous, *a.* ശ്ലേഷ്മോദരിയായ, തോട്ടുള്ള.

Mō'loch (-lok), *n.* മോലൊക്ക് എന്ന അമ്മോന്യദേവൻ; അഗ്നിദേവൻ; 2. മുള്ളൻപല്ലി (*z.*). [ണവൃത്തം (*pros.*).

Mo-los'sus, =losse' (-los'), *n.* 'മ'ഗ

Mōlt, *v. t.*, *see* Moult.

Mōl'ten, *a.*, *s. u.* Melt.

Mō'ly, *n.* മന്ത്രച്ചെടി; 2. കാട്ട്ചിറവുള്ളി (*b.*).

Mō'ment, *n.* നിമിഷം, ക്ഷണം, മാത്രു; 2. ഊക്ക്, ശക്തി; 3. ശ്രേഷ്ഠത, വലിപ്പം, ഘനം; 4. സാരം, കാൎയ്യം. =men'tal, *a.* ക്ഷണികം ആയ; മുഖ്യം—, വലിയ. -ar-i-ly, *ad.* നിമിഷംതോറും. -ar-i-ness, *n.* ക്ഷണികത്വം. -ar-y, *a.* നിമിഷംകൊണ്ടുള്ള; ക്ഷണികമായ, വേഗം തീരുന്ന. -ly, *ad.* ക്ഷണനേരത്തേക്ക്; ക്ഷണേന; നിമിഷംതോറും. =ment'ous, *a.* ഘനമേറിയ, സാരം ആയ, കാൎയ്യം—. =ment'ous-ly, *ad.* മുഖ്യമായി. =ment'ous-ness, *n.* വൈശിഷ്ട്യം, മാഹാത്മ്യം. =ment'um, *n.* (*pl.* =ment'a) വേഗത, ഊക്ക്; സത്ത്, സാരം.

Mō'mus, *n.* പരിഹാസദേവൻ (*myth.*). [തനിയെ; മാത്രം.

Mon-, Mon'ŏ-, *pf.* ഏക, ഒന്ന്, ഒരു;

Mon'a-chal, *a.* സന്ന്യാസിവൃത്തിസംബന്ധമായ; സന്ന്യാസികൾക്കുള്ള. =chism, *n.* മുനിവൃത്തി, സന്ന്യാസം.

Mon'ad, *n.* അഭേദ്യാണു; അച്ഛേദ്യവസ്തു; പരമാണു. =ad'ic, =ad'i-cal, *a.* പരമാണുസംബന്ധമായ; —തുല്യമായ. =ad'i-form, *a.* —രൂപമായ. -ol'o-gy, *n.* —ശാസ്ത്രം.

Mon-an'dry, *n.* ഏകപതിത്വം, —ഭൎത്തൃത്വം. =an'dric, *a.* ഏകഭൎത്താവുള്ള; —ഭൎത്തൃത്വസംബന്ധമായ. [(*b.*).

Mo-nan'thous, *a.* ഏകപുഷ്പമുള്ള

Mon'ärch (-'ärk), *n.* ഏകാധിപതി, ഏകച്ഛത്രാധിപതി; ചക്രവൎത്തി, രാജാവ്; നാട്വാഴി; 2. ശ്രേഷ്ഠൻ; 3. കലശലത. *a.* ശ്രേഷ്ഠമായ; 2. വാഴുന്ന. =när'chal, *a.* രാജകീയ; ഏകാധിപത്യമുള്ള. när'chi-al, =när'chic, =när'chi-cal, *a.* രാജകീയ; ആധിപത്യസംബന്ധമായ. =när'chi-cal-ly, *ad.* രാജകീയമായി. =när'chi-an, *n.* ത്രിയേകത്വനിഷേധവാദി (*eccl.*). =chism, *n.* ഏകാധിപത്യപ്രമാണം; —പക്ഷം. =chist, *n.* —വാദി. =chīse, =chīze, *v. t.* ഏകച്ഛത്രാധിപതിയായി വാഴുക. =chy, *n.* ഏകച്ഛത്രാധിപത്യം; ഏകാധിപത്യരാജ്യം. fifth m.y ലോകൈകച്ഛത്രാധിപത്യം.

Mon'as-ter-y, (*or* -tri) സന്ന്യാസിമഠം, ആശ്രമം. =nas'tic, *n.* സന്ന്യാസി. =nas'tic, =nas'ti-cal, *a.* ആശ്രമസംബന്ധം ആയ; സന്ന്യാസി—. =nas'ti-cal-ly, *ad.* —ആയി. =nas'ti-cism, *n.* സന്ന്യാസാശ്രമധൎമ്മം. =nas'ti-con, *n.* ആശ്രമവിവരണഗ്രന്ഥം.

Mŏn'dāy, *n.* തിങ്കളാഴ്ച, സോമവാരം.

Monde (mond), *n.* ലോകം; ഭൂഗോളം. *le beau-m.* കുലീനവൎഗ്ഗം. *demi-m.* കുലീനവേശ്യ.

Mŏn'ey (mun'i), *n.* നാണ്യം; 2. പത്രനാണ്യം; 3. പണം, ധനം, മുതല്, ദ്രവ്യം. m.-bill നികുതിനിയമപ്പത്രിക. m.-broker, m.-changer, m.-lender പൊൻവാണിഭക്കാരൻ, 'സറാപ്പ്', പണമിടവാട്കാരൻ. m.-maker നാണ്യമടിക്കുന്നവൻ; സമ്പാദ്യക്കാരൻ. m.-making നാണ്യമടിക്കൽ; പണസമ്പാദനം; ലാഭമുള്ള; സമ്പാദനേച്ഛുവായ. m.-matters പണ

കാശ്ശം. m.-order, postal m.-order 'തപ്പാല'പ്പാല, 'തപ്പാൽ'പണച്ചീട്ട്. m.-scrivener കടമെല്ലാലി. m.'s worth വിലക്കുള്ള മുതല്. ready m. 'റൊക്കം' പണം. m. of account സങ്കല്പനാണ്യം, ഗണന—. a piece of m. നാണ്യം. to make m. പണം സമ്പാദിക്കുക; —ഉണ്ടാക്കുക. mŏn'e-tar-y, *a.* പണം ആയ; ദ്രവ്യസംബന്ധം—. m.y unit തികനാണ്യം. *a.* mŏn-e-ti-s̱ā'tiŏn, mŏn-e-ti-zā'-tiŏn, *n.* നാണ്യമാക്കൽ. mŏn'e-tīs̱e, mŏn'e-tīze, *v. t.* പണം ആക്കുക; നാണ്യം—. mŏn'ied, mŏn'eyed (mun'id), *a.* പണം ഉള്ള, വക—; നാണ്യം ആയ; പണം—. -ĕr, *n.* നാണ്യം അടിക്കുന്നവൻ, തങ്കശാലോദ്യോഗസ്ഥൻ. -less, *a.* കാശില്ലാത്ത, ദാരിദ്ര്യമുള്ള. mŏn'eys̱ (-iz), *n. pl.* തുക.

Mŏn'gĕr, *n.* വില്ക്കുന്നവൻ, വിക്രയി. news-m. വൎത്തമാനം പരത്തുന്നവൻ. scandal-m. ദൂഷണം—. *v. t.* വില്ക്കുക, വ്യാപാരം ചെയ്യുക.

Moṅ'gols̱, Moṅ-gō'li-ans̱, *n. pl.* മൊങ്കോല്യവംശക്കാരൻ.

Mŏṅ'goose, Mŏṅ'goos, Muṅ'goose, Muṅ'go͝os, Mŏṅ'gŏus, Muṅ'gŏus, *n.* കീരി, നകുലം (*z.*).

Mŏṅ'grel, Muṅ'grel, *n.* സമ്മിശ്രജാതിമൃഗം; 2. —ജാതി. *a.* ശുദ്ധജാതിയല്ലാത്ത; സങ്കരവൎഗ്ഗമായ. -īs̱e, -īze, *v. t.* & *i.* ജാതികലൎത്തുക. [mongst.

Moṅgst', *prep.*, *contr. f. of* A-

Mŏn'ied, *a.*, *s. u.* Money.

Mon-il'i-form, *a.* മാലാകൃതിയായ.

Mon'is̱m, *n.* ഏകകാരണവാദം (*met.*). mon'ist, *n.* —വാദി. mō-nis'tic, *a.* —വാദമായ.

Mō-ni'tiŏn (mō-nish'un), *n.* ഗുണദോഷം, ബുദ്ധിയുപദേശം; 'താക്കീത്'; 2. അറിവ്, സൂചന. mon'i-tive, *a.* പ്രബോധകം ആയ; പ്രബോധന—. mon'i-tŏr, *n*, പ്രബോധകൻ, ബുദ്ധിയുപദേശകൻ; ചട്ടമ്പിള്ള, ഗുരുസഹായി; ഒരു വക വൻപല്ലി (*z.*); —ഇരിമ്പ് യുദ്ധകപ്പല്. mon-i-tō'ri-al, *a.* ഗുരുസഹായിസംബന്ധമായ; ചട്ടമ്പിള്ള നടത്തുന്ന. =tō'ri-al-ly, *ad.* ചട്ടമ്പിള്ളയായി. =tŏr-ship, *n.* ചട്ടമ്പിള്ളസ്ഥാനം. =tŏr-y, *a.* ബുദ്ധിയുപദേശകമായ, ഗുണദോഷം പറയുന്ന. *n.* പ്രബോധനം, ഗുണദോഷം. =tress, =trix, *n.* ഉപോപാദ്ധ്യായി.

Mŏṅk, *n.* സന്യാസി; ആശ്രമവാസി (*R. C.*). -'ĕr-y, *n.* ആശ്രമവാസം. -'ho͝od, *n.* സന്യാസിത്വം; സന്യാസിവൎഗ്ഗം. -'ish, *a.* സന്യാസികൾക്ക് ഉള്ള, ആശ്രമധൎമ്മപ്രകാരം—. -'ish-ness, *n.* ആശ്രമത്വം. monk's-ho͝od, *n.* ഒരു വിഷസസ്യം (*b.*).

Mŏṅk'ey (muṅk'i), *n.* കപി, കുരങ്ങ്; വാനരം, മൎക്കടം, ഹനുമാൻ; 2. വികൃതി, 3. മഹാവാളം; 4. ഒരു വക കപ്പല്. m.-bread പപ്പരപ്പുളി; ബ്രഹ്മാമ്ലികവൃക്ഷം (*b.*). m.-boat ഒരു വക തോണി. m.-jacket കലാശിക്കുപ്പായം. m.-shine, m.-trick മാച്ചാങ്കളി. *v. t.* & *i.* കുരങ്ങിനെപോലെ കളിക്കുക; ഗോഷ്ഠികാട്ടുക. to m. with നാനാവിധമാക്കുക. -is̱m, *n.* കുരങ്ങുകളി.

Mō'no-, *pf.*, *see* Mon. [(*b.*).

Mon-ō-bā'sic, *a.* ആണിവേരുള്ള

Mon-ō-cār'di-an, *a.* ഏകഹൃദയമുള്ള. *n.* ഒററക്കരൾപ്രാണി (*z.*).

Mon-ō-cār'pic, =cār'pŏus, *a.* ഒരിക്കൽ മാത്രം കായ്ക്കുന്ന, ഏകവാൎഷികമായ (*b.*). [കാണ്ടാമൃഗം (*z.*).

Mo-noc'ĕr-ŏs, *n.* ഏകശൃംഗമൃഗം; 2.

Mon'ō-chord, *n.* ഏകതന്ത്രിവാദ്യം; 2. സ്വരപരീക്ഷവീണ.

Mon'ō-chrōme, *n.* ഏകവൎണ്ണച്ചിത്രം. =chro-mat'ic, *a.* ഏകവൎണ്ണമുള്ള. m.c lamp ഏകവൎണ്ണദീപം. =chrom'ic, *a.* ഏകവൎണ്ണംകൊണ്ടുള്ള. =chrom-y, *n.* ഏകവൎണ്ണച്ചിത്രമെഴുത്ത്.

Mon-ō-chron'ic, *a.* ഏകകാലത്തുള്ള, സഹകാലിയായ.

Mon'o-cle, *n.* ഒററക്കണ്ണട. =noc'ū-lar (-lĕr), =noc'ū-lŏus, *a.* ഒററക്കണ്ണ് ഉ

ള്ള; ഒററക്കണ്ണിന്ന് —. =cūle, *n.* ഏകാക്ഷിപ്രാണി (*z.*).

**Mo-noc'ra-cy,** *n.* ഏകാധിപത്യം, ഏകച്ഛത്രാധിപത്യം. **mon'o-crat,** *n.* ഏകച്ഛത്രാധിപതി.

**Mo-noc'ū-lar,** *etc.*, *s. u.* Monocle.

**Mon-ō-dac'tyl-ŏus,** *a.* ഒററവിരലുള്ള. [ക്കാണ്ടാമൃഗം (*z.*).

**Mon'ō-don,** *n.* ഏകദന്തമൃഗം, കടൽ

**Mon'ō-dy,** *n.* ഏകവിലാപകവിത. **mō-nod'ic,** =nod'i-cal, *a.* —കവിതാസംബന്ധമായ. =dist, *n.* —കവി.

**Mo-nog'a-my,** *n.* ഏകപതിത്വം; —പത്നിത്വം; 2. ഏകവിവാഹം. **mon-o-gā'mi-an,** =gam'ic, *a.* ഏകവിവാഹമുള്ള. =mist, *n.* ഏകവിവാഹസ്ഥൻ; —പത്നികൻ. =mŏus, *a.* ഏകവൈവാഹിക.

**Mon-ō-gas'tric,** *a.* ഏകാമാശയമുള്ള.

**Mon-ō-ġen'e-sis,** *n.* ഏകോല്പത്തി (*biol.*); 2. നിസ്സംഗമോല്പാദനം (*biol.*); 3. പിണ്ഡവികാസം (*biol.*). =ġe-net'ic, *a.* ഏകോല്പന്നം ആയ; ഏകോല്പത്തിവാദസംബന്ധം—. =ġen'ic, =ġe-nis'tic, *a.* ഏകോല്പത്തിസംബന്ധം—, ഏകോല്പാദകം—. =nog'e-nism, =nog'e-ny, *n.* നരകുലൈകോല്പത്തിവാദം. =nog'e-nist, *n.* —വാദി. =nog'e-nŏus, *a.* നിസ്സംഗോല്പാദകമായ. =nog'e-ny, *n.* ഏകോല്പത്തി.

**Mon'ō-gram,** *n.* ചിത്രൈകഅക്ഷരം, സംയുക്ത—, സാംകേതിക—; ചിത്രാക്ഷരമുദ്ര. -'mal, -'mic, -mat'ic, -mŏus, *a*, സാംകേതികാക്ഷരസംബന്ധമായ.

**Mon'ō-graph** (-graf), *n.* ഏകവിഷയപ്രബന്ധം. **mo-nog'ra-phĕr,** =ra-phist, *n.* —പ്രബന്ധകൻ. =graph'ic, =graph'i-cal, *a.* —പ്രബന്ധം ആയ; രേഖാചിത്രസംബന്ധം—. =graph'i-cal-ly, *ad.* ഏകവിഷയപ്രബന്ധമായി. **mo-nog'ra-phy,** *n.* രേഖാചിത്രം, വർണ്ണരഹിത—.

**Mon'ō-ġyn-y,** *n.* ഏകപത്നിത്വം.

**Mon-ō-hem'ĕr-ŏus,** *a.* ഒരു നാളിൽ നില്ക്കുന്ന (*med.*). [ന.

**Mo-nol'a-try,** *n.* ഏകദേവതാരാധ

**Mon'ō-lith,** *n.* ഏകശിലാസ്തംഭം, ഒററക്കല്ലുത്തൂണ്. =lith-al, =lith'ic, *a.* ഒററക്കല്ലായ.

**Mon'ō-logue** (-log), *n.* സ്വഗതം, സ്വഗതഭാഷണം; 2. ഏകഭാഷണം; 3. —നാടകം. =nol'o-ġist, *n.* ആത്മഭാഷകൻ; ഏക—. =nol'o-ġy, *n.* സ്വഗതഭാഷണശീലം.

**Mon-ō-mā'chi-a,** =nom'a-chy, *n.* ദ്വന്ദ്വയുദ്ധം, അങ്കം. =chist, *n.* അങ്കക്കാരൻ.

**Mon-ō-mā'ni-a,** *n.* ഏകവിഷയഭ്രാന്ത്, കാര്യ—, ഉന്മാദം, മനമയക്കം. =mā'ni-ac, *n.* ഉന്മത്തൻ, പിച്ചൻ. **mā'ni-ac, mā-nī'a-cal,** *a.* കാര്യഭ്രാന്ത്സംബന്ധിച്ച.

**Mon-ō-met'al-lism,** *n.* ഏക ലോഹനാണ്യനടപ്പ് (*p. e.*). =list, *n.* വാദി (*p. e.*). [(*pros.*).

**Mo-nom'e-tĕr,** *n.* ഏകവൃത്തം

**Mon-ō-mor'phic** (-fik), =mor'phŏus (-fus), *a.* ഏകാകൃതിയുള്ള.

**Mon-ō-ou'si-an,** =ou'si-ŏus, *a.* ഏകതത്വമുള്ള (*theo.*).

**Mo-nop'a-thy,** *n.* ഏകാന്തവേദന; 2. ഏകാംഗനോവ് (*med.*).

**Mo-noph'a-nŏus** (-nof'a-), *a.* ഏകാകൃതിയായ, ആകൃതിതുല്യതയുള്ള.

**Mon-ō-phon'ic** (-fon'ik), *a.* ഏകസ്വരമുള്ള; 2. ഏകധ്വനി (*mus.*) ഗീതമായ.

**Mon'oph-thong** (-of-), *n.* സ്വരദ്വിത്വം. ='gal, *a.* —ദ്വിത്വസംബന്ധമായ (*gr.*).

**Mon-ō-phy-let'ic** (-fi-), *a.* ഏകവംശോല്പന്നമായ (*biol.*).

**Mo-noph'yl-lŏus** (-nof'il-), *a.* ഏകപത്രം ഉള്ള; —ദലം— (*b.*).

**Mon-o-phȳ'ō-dont** (-fī'ō-), *a.* ഒററനിരപ്പല്ലുള്ള (*an.*).

**Mo-noph'y-site** (-nof'i-), *n.* ക്രിസ്ത്വേകതത്വവാദി (*theo.*). =sit'i-cal, *a.* —വാദസംബന്ധമായ.

**Mon'ō-plast,** *n.* ഏകരൂപധാതു. -plas'tic, *a.* ഏകരൂപമുള്ള (*biol.*).

**Mon-ō-plē'gi-a,** *n.* ഏകാംശവാതം (*med.*).

**Mo-nop'ō-dy,** *n.* ഏകശൃണവൃത്തം [(*pros.*).

**Mo-nop'ō-ly,** *n.* പ്രത്യേകവ്യാപാരാധികാരം, —പ്രവൎത്തനാധികാരം, 'കത്തക'; 2. ജന്മാവകാശം; 3. കുത്തകച്ചരക്ക്. =list, =lī-ṣēr, =lī-zēr, *n.* കുത്തകക്കാരൻ. =līṣe, =līze, *v. t.* ഏകാവകാശമായി എടുക്കുക, —അനുഭവിക്കുക; കുത്തകയെടുക്കുക.

**Mon-ō-psȳ'chism** (-sī'kizm), *n.* വിശേഷാത്മവാദം.

**Mon'op-tōte,** *n.* ഏകവിഭക്തിനാമം; 2. —വിഭക്തിപ്രത്യയ— (*gr.*). [ന്ധമായ.

**Mon-or-gan'ic,** *a.* ഏകാംശസംബ

**Mon'ō-rhȳme,** *n.* ഏകാനുപ്രാസവൃത്തം.

**Mon'ō-spērm,** *n.* ഏകബീജസസ്യം (*b.*). =spēr'mal, =spēr'mous, *a.* —ബീജമുള്ള. [ള്ള.

**Mon'ō-spher'i-cal,** *a.* ഏകഗോളമു

**Mon'o-stich,** *n.* ഏകവൃത്തകവിത.

**Mo-nos'trō-phē** (-fē), *n.* ഏകരീതികാവ്യം (*pros.*). mon-ō-stroph'ic, *a.* ഏകരീതിയായ.

**Mon'ō-syl-la-ble,** *n.* ഏകാക്ഷരപദം (*gr.*). =lab'ic, *a.* ഏകാക്ഷരപദമായ. =lab'i-cal-ly, *ad.* ഒററപ്പദമായി. =syl'-lab-iṣm, *n.* ഏകാക്ഷരപദത്വം.

**Mon-ō-thē'iṣm,** *n.* ഏകദൈവത്വവാദം. =ist, *n.* —വാദി. =is'tic, *a.* —വാദസംബന്ധമായ.

**Mo-noth'e-liṣm,** =lit-iṣm, *n.* ക്രിസ്ത്വേകചിത്തവാദം (*theo.*). =līte, *n.* —വാദി. =lit'ic, *a.* —വാദസംബന്ധമായ.

**Mo-not'ō-cous,** *a.* ഒരിക്കൽ മാത്രം കായ്ക്കുന്ന (*b.*). 2. ഒററമുട്ടയിടുന്ന (*z.*).

**Mo-not'ō-ny,** *n.* ഏകസ്വരം; 2. —രീതി, —താളം; —രൂപം; 3. നിൎവ്വിശേഷം; ഭേദരഹിതത്വം. mon'ō-tōne, *n.* ഏകസ്വരം (*mus.*); ഏകരീതിഭാഷണം. =ton'ic, =ton'i-cal, -not'ō-nous, *a.* ഏകസ്വരമായ, —രീതിയായ, ഒരേപ്രകാരമുള്ള; ഇമ്പം ഇല്ലാത്ത, രസം—. =not'-ō-nist, *n.* ഏകതാളഭാഷകൻ. =not'ō-nous-ly, *ad.* ഒരേപ്രകാരം. =not'ō-nous-ness, *n.* ഏകരീതിത്വം, നിൎവ്വികാരത്വം.

**Mon-ō-trem'a-tous,** *a.* ഏകഗുഹ്യമുള്ള (*z.*). =a-ta, *n. pl.* ഏകഗുഹ്യപ്രാണിവൎഗ്ഗം (*z.*). =trēme, *n.* —പ്രാണി (*z.*).

***Mon-seign-eur'*** (mon-sēn-yēr'), *n.* (*pl. mes-seign-eurs, pr.* mes-sēn-yērs'), (പരന്ത്രീസ് രാജ്യത്തിൽ കലീനൎക്കുള്ള ബഹുമാനവാചി) തിരുമുമ്പ്, നിന്തിരുവടി, തമ്പുരാൻ.

***Mon'sieur*** (mos'yė, mos'er, *contr.* M. *or* Mon.), *n.* (*pl. mes'sieurs, pr.* mes'-sye, mesh'yerz, *contr.* MM. *or* Messrs.) ശ്രീ, രാ. രാ. ശ്രീ, അവൎകൾ; 2. പരന്ത്രീസ്കാരൻ.

***Mon-si-gno're*** (mon-sē-nyō'ra, *contr.* Mgr.), *n.* (*pl. mon-si-gno'ri, pr.* -rē), വന്ദ്യശ്രീ, ദിവ്യശ്രീ (*R. C.*).

**Mon-soon',** *n.* വൎഷികക്കാററ്; 2. വൎഷകാലം, മഴക്കാലം; 'മോസം', 'മോതം'. **south-west m.** ഇടവവൎഷം, മുൻമഴ. **north-west m.** തുലാവൎഷം, പിൻമഴ.

**Mon'stēr,** *n.* അതിശയരൂപം, അത്ഭുതാകാരം; 2. അപൂൎവ്വജനനം; —ജന്തു; —മനുഷ്യൻ; 3. വികൃതരൂപി, കുരൂപി; 4. ഭയങ്കരജന്തു, മഹാ—; 5. രാക്ഷസൻ; 6. മഹാദുഷ്ടൻ, അതിക്രൂരൻ. *a.* മഹാ, വൻ, ഭീമാകാരമുള്ള, ഭയങ്കരമായ. =stros'i-ty, *n.* ഭയങ്കരത്വം; അതിശയം, അത്ഭുതം; രാക്ഷസത്വം; അപൂൎവ്വജന്തു. ='strous, *a.* അപൂൎവ്വം ആയ; കുരൂപം—, രാക്ഷസം—; അതിശയം—, മഹാ; ഭയങ്കരം ആയ; വിരൂപം—; ഭയങ്കരപ്രാണികളുള്ള. *ad.* അത്യന്തം, വളരെ, ഏററവും. ='strous-ly, *ad.* അതിശയമായി, അപൂൎവ്വമായി; അ

ത്യന്തം, ഏററവും. =′strŏus-ness, *n.* അപൂൎവ്വത്വം, ഭയങ്കരത്വം.

**Mon′strance**, *n.* തിരുവത്താഴ അപ്പപ്പാത്രം (*R. C.*).

**Mont**, *n.* മല, പൎവ്വതം. =tan′ic, *a.* പൎവ്വതസംബന്ധമായ; മലയുള്ള. mon′ti-cle, mon′ti-cūle, *n.* ചെറുമല; കുന്നു; ഒന്തം. =tic′ū-lāte, =tic′ū-lŏus, *a.* ഉയരമുള്ള; ഒന്തമായ. mon′ti-form, *a.* പൎവ്വതതുല്യമായ. =tig′e-nŏus, *a.* പൎവ്വതോല്പന്നമായ.

*Mont de piete* (moṅ′de-pē-ā-ta′), *n.* സൎക്കാർ ഈടിടവാടു സ്ഥലം.

**Mont-gol′fi-ĕr**, *n.* അഗ്നിവിമാനം.

**Mŏnth**, *n.* മാസം, തിങ്ങൾ. anomalistic m. $27\frac{1}{2}$ ദിവസമുള്ള ചന്ദ്രമാനമാസം. calendar m. 30 അഥവാ 31 ദിവസമുള്ള സാധാരണ—. intercalar m. അധിക—. lunar m. ചന്ദ്രമാന—. nodical m. $27\frac{1}{4}$ ദിവസമുള്ള ചന്ദ്രമാന—. sidereal m. $27\frac{1}{4}$ ദിവസമുള്ള നക്ഷത്രമാന—. solar m. $30\frac{1}{2}$ ദിവസമുള്ള സൌൎയ്യമാന—. synodical m. $29\frac{1}{2}$ ദിവസമുള്ള ചന്ദ്രമാന—. tropical m. $27\frac{1}{4}$ ദിവസമുള്ള ചന്ദ്രമാന—. -′ly, *a.* മാസികമായ, മാസാന്തരമുള്ള; മാസത്തിൽ ഒരിക്കലുള്ള; ഒരു മാസംകൊണ്ടുള്ള. m.y course മാസക്കുളി, കുളി. m.y nurse ഈററെടുക്കുന്നവൾ. *n.* മാസിക, മാസികപത്രം. *ad.* മാസംതോറും.

**Mon′ti-cle, Mon′ti-cūle, Mon′ti-form, Mon-tig′e-nŏus**, *etc.*, *s. u.* **Mont.**

**Mon′ū-ment**, *n.* സ്മാരകചിഹ്നം, ജ്ഞാപകക്കുറി; 2. ഓൎമ്മസ്തംഭം; സ്മാരകനിൎമ്മാണം; 3. അതിക്കല്ലു, അതിരടയാളം; 4. കല്ലറ; 5. വിശിഷ്ടകാൎയ്യം. =ment′al, *a.* സ്മാരകചിഹ്നസംബന്ധം ആയ; സ്മരണാൎത്ഥം—, ഓൎമ്മക്കുള്ള. =ment′al-ly, *ad.* ഓൎമ്മക്കായി; ഓൎമ്മക്കുറിമുഖേന.

**Mood**, *n.* വിധം, രീതി, പ്രകാരം; ക്രമം; തരം; 2. ക്രിയാരൂപം, 'ല'കാരം (*gr.*). 3. സ്വഭാവം, മനോഭാവം, മാതിരി, ചിത്തവൃത്തി. -′i-ly, *ad.* കുണ്ഠിതത്തോടെ, വെറുപ്പോടെ. -′i-ness, *n.* ഭാവപ്പകൎച്ച. -′y, *a.* വെറുപ്പുള്ള, ഈറപിടിച്ച (*P.*), ശുണ്ഠിയായ.

**Moon**, *n.* നിലാവു, ചന്ദ്രൻ, സോമൻ, ശശി, ഇന്ദു; 2. ഉപഗ്രഹം; 3. മാസം. m.-beam ചന്ദ്രരശ്മി, —കിരണം. m.-blind ദൂരദൃഷ്ടിയില്ലാത്ത, കാഴ്ചകുറഞ്ഞ. m.-blink, m.-eye ചന്ദ്രാന്ധത, മാലക്കണ്ണു. m.-calf അപൂൎവ്വജനനം, രാക്ഷസ—; മാംസപിണ്ഡം; മിത്ഥ്യാഗൎഭം; പൊണ്ണൻ. m.-dial ചന്ദ്രഘടികാരം. m.-face വട്ടമുഖം, പത്മാനനം. m.-glade ജലമുഖചന്ദ്രിക. m.-light നിലാവു, ചന്ദ്രിക. m.-lit നിലാവെളിച്ചമുള്ള. m.-madness ചിത്തഭ്രമം, ഭ്രാന്തു. m.-month ചന്ദ്രമാനമാസം. m.-rise ചന്ദ്രോദയം. m.-set ചന്ദ്രാസ്തമാനം. m.-shine ചന്ദ്രിക; നാട്യം, മിത്ഥ്യ; മാസം. m.-shiner രാക്കു കളവായി കാച്ചുന്നവൻ, കള്ളക്കാച്ചുകാരൻ. m.-shiny നിലാവുള്ള. m.-stone ചന്ദ്രകാന്തം, നിലാമണി. m.-stricken, m.-struck ചിത്തഭ്രമം ഉള്ള, ചന്ദ്രബാധ—; ചന്ദ്രോല്ഭവമായ; ചന്ദ്രശക്തിതട്ടിയ. m.-year ചന്ദ്രമാനവത്സരം. full m. പൌൎണ്ണമി, വെളുത്തവാവു. half m. അൎദ്ധചന്ദ്രൻ. new m. അമാവാസി, കറുത്തവാവു. *v. t.* നിലാവത്തിടുക. *v. i.* സ്ഥിരബുദ്ധിയില്ലാതിരിക്കുക. mooned (mund), *a.* ചന്ദ്രതുല്യമായ; ചന്ദ്രന്റെ. -′ĕr, *n.* ബുദ്ധിചലിച്ചവൻ, അരപ്പിച്ചൻ. -′ĕr-y, *n.* അരപ്പിച്ചു. -′et, *n.* ചെറുചന്ദ്രൻ. -′ish, *a.* ചന്ദ്രതുല്യമായ; മാറിക്കൊണ്ടിരിക്കുന്ന. -′less, *a.* നിലാവില്ലാത്ത. -′y, *a.* ചന്ദ്രന്റെ; ചന്ദ്രൻ ഉള്ള; ചന്ദ്രക്കുറി—; ഭോഷത്വം—, വിഡ്ഢിയായ.

**Moon′shēe**, *n.* എഴുത്തുകാരൻ; തൎജ്ജമക്കാരൻ; ഭാഷപഠിപ്പിക്കുന്നവൻ, 'മുൻഷി'.

I. **Moor**, *n.* അഫ്രിക്കയിലെ മൂരജാതിക്കാരൻ. -′ish, *a.* മൂരരുടെ; മൂരവംശത്തിലുള്ള. -′ess, *n.* മൂരസ്ത്രീ. =′resque (-resk), *n.* മൂരശില്പവിദ്യ.

II. **Moor**, *n.* മണല്പാടു, തരിശുഭൂമി, മൈതാനം; 2. ചതുപ്പുനിലം, നീരാപ്പൊ

ററ, കച്ശപ്രദേശം. m.-cock, m.-fowl, m.-hen, m.-game കളക്കോഴി, ചണ്ടിക്കോഴി(z.). m.-land നെട്ടന്തരിശ്. m.-stone ഒര് വക കരിങ്കല്ല്. -'ish, a. തരിശായ; ചതുപ്പ്നിലമായ. -'y, a. ചതുപ്പുള്ള; കൈക്കണ്ടമായ.

III. Moor, v. t. നങ്കൂരം ഇടുക, ഇരിമ്പ്—; 2. ഉറപ്പിക്കുക. v. i. നങ്കൂരമിടുക; 2. ഉറച്ച്പോക. -'āge, n. നങ്കൂരസ്ഥലം. -'ing, n. നങ്കൂരമിടൽ; കെട്ടിയുറപ്പിക്കൽ; നങ്കൂരം; ചങ്ങല; pl. നങ്കൂരസ്ഥലം. m.g-block ഇരിമ്പ്.

Moose, n. പെരുമാൻ (z.).

Moot, v. t. വാദിക്കുക, തൎക്കിക്കുക; 2. പ്രസ്താപിക്കുക; 3. തൎക്കാഭ്യാസംചെയ്യുക. v. i. വാദിക്കുക. n. തൎക്കസഭ; 2. വാദം; തൎക്കാഭ്യാസം. m.-case വാദവിഷയം. m.-court കളിക്കച്ചേരി. m.-hill സഭായോഗസ്ഥലം. m.-point സംശയകാൎയ്യം. m.-man അഭ്യാസാൎത്ഥവാദി. a. വാദത്തിൽ പെട്ട; 2. തീൎച്ചപ്പെടാത്ത; 3. സംശയകരമായ. -'a-ble, a. വാദിക്കാവുന്ന. -'ĕr, n. വാദി, താൎക്കികൻ.

Mop, n. ഒര് വക ചൂല്, ശോധനി; 2. ഭൃത്യച്ചന്ത; 3. കഞ്ഞ്, കട്ടി; ബാലിക. m.-stick ശോധനിത്തണ്ട്. v. t. തുടച്ച് വെടിപ്പാക്കുക, അടിച്ച് വാരുക. -'pet, n. 'ബൊമ്മ', പാവ, പാവാച്ചി; ഓമനപ്പെണ്ണ്, ഓമനക്കുട്ടി. -'sey, -'sy, n. പാവ; നാറപ്പെണ്ണ്. -'si-cal, a. മാലക്കണ്ണുള്ള.

Mōpe, v. i. കുഞ്ഞിതഭാവമുണ്ടാക; മയങ്ങുക; ചുണകെടുക. n. മന്ദോദരൻ, മന്ദൻ. m.-eyed മാലക്കണ്ണുള്ള. mō'pish, a. മന്ദതയുള്ള, ഉന്മേഷമില്ലാത്ത, തൂക്കം പിടിച്ച, വിഷണ്ണതയുള്ള. mō'pish-ly, ad. മന്ദഗതിയായി; ഉന്മേഷമില്ലാതെ. mō'pish-ness, n. മാന്ദ്യം, ആലസ്യം, തൂക്കം.

*Mō'ra,* n. താമസം, കററകരമായ താമസം (l); നിൎത്തിവെക്കൽ.

Mō-rāine', n. ഹിമപ്രവാഹക്കൂട്ടം.

Mor'al, a. സദാചാരം ആയ, ധാൎമ്മികം—, നീതി—, ന്യായം—; 2. സന്മൎയ്യാദ ഉള്ള, സദ്വൃത്തി—, സുകൃതമായ, നീതിന്യായം ഉള്ള; 3. ധൎമ്മാധൎമ്മവിവേകം—, ഗുണദോഷജ്ഞാനം—, നീതിബോധം—; 4. സദ്ധൎമ്മാധീനം ആയ; മനോധൎമ്മപ്രകാരം ഉള്ള, നീതിധൎമ്മപ്രകാരം—; 5. ഗുണദോഷവിചാരകം ആയ; 6. മാനസികം—; 7. നീതിബോധസംബന്ധം—; 8. ആനുമാനികം—; 9. ബുദ്ധിപൂൎവ്വം—, കാൎയ്യത്തിന്ന് മതിയായ; 10. സദുപദേശകമായ. m. agent ഗുണദോഷജ്ഞാനം ഉള്ളവൻ; നീതിപ്രവൎത്തകശക്തി—. m. certainty അനുമാനനിശ്ചയം, സംഭാവ്യ—. m. courage മനോധൈൎയ്യം; ധൎമ്മവീൎയ്യം, ധൎമ്മബോധോല്പന്നധീരത. m. faculty നീതിബോധധൎമ്മം, മനസ്സാക്ഷി, മനോബോധം. m. insanity നീതിബോധശൂന്യത. m. philosophy, m. science നീതിശാസ്ത്രം, നീതിജ്ഞാന—. m. play സന്മാൎഗ്ഗികനാടകം. m. sense ഗുണദോഷജ്ഞാനം, ധൎമ്മാധൎമ്മവിവേചനശക്തി. m. theology മതനീതിശാസ്ത്രം; ധൎമ്മാധൎമ്മവിവേചനവിദ്യ. n. (pl.) സച്ചരിതപ്രമാണം; ധാൎമ്മികവൃത്തി; നടപ്പ്, നടപ്പവസ്ഥ; 2. ഉപദേശം, സാരോപദേശം; 3. സന്മാൎഗ്ഗികനാടകം. mō-räle', n. ധൈൎയ്യോത്സാഹാദി ഗുണാവസ്ഥ; മനോഭാവം. -ism, n. നീതിമൊഴി, സുഭാഷിതം. -ist, n. നീതിബോധകൻ, ധൎമ്മോപദേശകൻ; സദ്വൃത്തൻ, പരമാൎത്ഥി, ന്യായസ്ഥൻ. =ral'i-ty, n. ധൎമ്മ്യത, നീതിഗുണം; നന്മ, ഗുണം, ന്യായം; സദാചാരപ്രമാണം, സച്ചരിതസൂത്രം, ധൎമ്മനീതി, സദ്വൃത്തിധൎമ്മം; നീതിസംഹിത; നല്ലനടപ്പ്, സച്ചരിതം, സുകൃതം; സന്മാൎഗ്ഗികനാടകം. -i-sa'tiŏn, -i-zā'tiŏn, n. നീതിയുപദേശിക്കൽ; സന്മാൎഗ്ഗോപദേശം; നീതിവിവരണം. -īse, -īze, v. t. സദ്ധൎമ്മാൎത്ഥം ഉപയോഗിക്കുക; നീതിധൎമ്മപ്രകാരം വ്യാഖ്യാനിക്കുക; സാരോപദേശം കാണിക്കുക; ധൎമ്മോപദേശം ചെയ്യുക; നടപ്പ് നന്നാക്കുക; സുകൃതമോ ദുഷ്കൃതമോ ആക്കിത്തീൎക്കുക. v. i. ധൎമ്മാധൎമ്മവിവേചനം ചെയ്യുക; സാരോപദേശം കാണുക. ī-sĕr, -ī-zĕr, n. ധൎമ്മാധൎമ്മവിവേകി. -ly, ad. നീതിധൎമ്മപ്രകാരം; സന്മൎയ്യാദ

യായി, നല്ലനടപ്പായി; മാനസികമായി, മനോഭാവങ്ങളിൽ; സാധാരണമായി, സംഭവ്യാവസ്ഥപ്രകാരം.

**Mō-ras'**, *n.* കൈ (കഴി)നിലം, കൈപ്പാട്, നീരാപ്പൊററ, ചതുപ്പ്നിലം.

**Mō-rā'vi-an**, *n.* മൊരാവ്യസഭക്കാരൻ (*Chr.*). -ism, *n.* മൊരാവ്യസഭോപദേശം.

**Mor'bid**, *a.* സുഖമില്ലാത്ത, രോഗാത്തമായ; 2. കേട്പററിയ; ദൂഷിച്ച, വികൃതമായ; 3. രോഗസംബന്ധമായ. m. anatomy നിദാനം, വികൃതിവിജ്ഞാനം. -'i-ty, -ness, *n.* രോഗം, കേട്, ദൂഷ്യം; രോഗപ്രകൃതി; രോഗിക്കണക്ക്. -ly, *ad.* വികാരമായി; വ്യാധിപിടിപെട്ടതായി. =bif'ic, =bif'i-cal, *a.* രോഗജനകമായ, സുഖക്കേട് വരുത്തുന്ന. =bōse', *a.* രോഗജനിതമായ; വ്യാധിയാൽ ഉള്ള; സുഖക്കേട്—. =bos'i-ty, *n.* വ്യാധി, രോഗാത്മത.

**Mor-bil'lŏus**, *a.* കരുവൻ ഉള്ള, വൈരി— (*med.*). =bil'lī, *n. pl.* മണല്, അഞ്ചാം പനി, കരുവൻ (*med.*).

**Mor-ceau'** (mor-sō'), *n.* നുറുക്ക്, കഷണം; പിടി (ചോറ്.).

**Mor-dā'ciŏus**, *a.* കടിക്കുന്ന, കാരുന്ന; 2. രൂക്ഷതയുള്ള, കഠിനം ആയ; 3. നിന്ദാകരം—. -ly, *ad.* കാന്ന് കൊണ്ട്; കാഠിന്യത്തോടെ. =dac'i-ty (-das-), *n.* കടിക്കൽ, ദംശനം; തീക്ഷ്ണത. ='dant, ='di-cant, *a.* കടിക്കുന്ന; പരിഹാസം ആയ; ഉഗ്രം—; ചായം പിടിപ്പിക്കുന്ന. *n.* ക്ഷാരം, കാരം. *v. t.* ക്ഷാരം പിടിപ്പിക്കുക. ='dant-ly, *ad.* കാരത്തോടെ.

**Mōre** *ad.* (*s. d.* mōst), അധികമായ, ഏറെ, നന്നെ ഉള്ള; 2. ഇനിയും, വേറെയും, മററും, ഉംകൂടെ; 3. . . . കാൽ അധികം, . . . ലും അധികം. *n.* അധികം; 2. പിന്നെയും പിന്നെയും, ഇനിയും അധികം. any m. മററ്, വേറേ, ഇനി. no m. (നിഷേധക്രിയയോടുകൂടെ) ഇനി, വേറെ, മറെറാന്നും. *ad.* അധികമായി; 2. ഇനിയും, ഉംകൂടെ. m. and m. അധികമധികമായി, പിന്നെയും പിന്നെയും. much m. വളരെ അധികം. the m. വിശേഷാലും, പ്രത്യേകിച്ചും. the m. . . the m. എത്രയോ. . . അത്ര, എത്ര കണ്ട്. . . അത്ര കണ്ട്, എത്രക്ക്. . . അത്രക്ക്. to be no m. തീരുക, തീന്ന് പോക, ഇല്ലാതാക; മരിക്കുക. -ō'vĕr, *ad.* അത്രയുമല്ല, എന്ന് തന്നെയല്ല, എന്ന് മാത്രമല്ല; വിശേഷിച്ച്; അതിന്ന് പുറമെ, അത്കൂടാതെ; അവ്വണ്ണം, അപ്രകാരം, അങ്ങിനെ തന്നെ. [ത്തുണി.

**Mō-rēen'**, *n.* ഒര് വക ചിത്രക്കമ്പിളി

**Mōre'land**, *n.* നെട്ടന്തരിശ്. [I.

**Mō-resque'** (-resk'), *n.*, *s. u.* Moor

**Mor-gan-at'ic**, *a.* കുലഹീനവിവാഹസംബന്ധമായ. m. marriage കുലഹീനസംബന്ധം, —വിവാഹം. -al-ly, *ad.* —സംബന്ധമായി. [മൃതഗൃഹം.

**Morgue** (morg), *n.* ശവദർശനശാല,

**Mō'ri-a**, *n.* ഭോഷത്വം; 2. ഭ്രാന്ത്; 3. ബുദ്ധിമാന്ദ്യം.

**Mor'i-bund**, *a.* മൃതപ്രായമായ; മരിപ്പാറായ, ഊൎദ്ധ്വശ്വാസം വലിക്കുന്ന. *n.* മരിപ്പാറായവൻ.

**Mō'ri-ŏn, Mur'ri-ŏn**, *n.* ഒര് വക ശിരസ്ത്രാണം.

**Mor'ling, Mort'ling**, *n.* ചത്ത ആട്ടിന്റെ രോമം.

**Mor'mon**, *n.* മൊൎമ്മോന്യമതഭേദക്കാരൻ. *a.* മൊൎമ്മോന്യക്കുള്ള. -dŏm, *n.* മൊൎമ്മോന്യരാജ്യം; —ജനം; —സഭ. -ism, *n.* —മതഭേദം. -īte, *n.* മൊൎമ്മോന്യൻ.

**Morn, Morn'ing**, *n.* പ്രഭാതം, ഉഷസ്സ്, രാവിലെ; പൂൎവ്വാഹ്നം, അകത്തുച്ച; 2. ആദ്യകാലം. *a.* ഉഷഃ, രാവിലത്തെ, പ്രഭാതത്തിലുള്ള. m.g glory ഒരു പടപ്പുഷ്പം (*b.*). m.g gun നിയമവെടി. m.g sickness ഗൎഭഛൎദ്ദി. m.g star കൊററി, ഉദയനക്ഷത്രം, ശുക്രൻ. m.g tide പ്രഭാതം. m.g watch പ്രഭാതയാമം, നാലാം (മൂന്നാം) യാമം. good m.g പ്രഭാതവന്ദനം: രാമരാമ, സലാം.

**Mo-roc'cō**, *n.* ഒര് വക മേത്തരംആട്ടിന്തോല്.

**Mō-rōse′**, *a.* ദുശ്ശീലമുള്ള, ശുണ്ഠിയായ, കടിച്ചെത്തുന്ന, ഇളിച്ചല്ലുള്ള; 2. മുഖം ഘനപ്പിച്ച; ഇളിഭ്യമായ. **-ly**, *ad.* വെറുപ്പോടെ, ഇളിച്ച്കൊണ്ട്. **-ness**, **=ros′i-ty**, *n.* കൎക്കശഭാവം, വെറുതി, വെറുമുഖം.

**Mo-rō′sis**, *n.* ബുദ്ധിശൂന്യത, —മാന്ദ്യം, ഒര്വക ഭ്രാന്ത് (*med.*).

**Morph′eūs** (morf′ūs, *or* -′feūs), സ്വപ്നദൈവത (*myth.*). **=phē-an**, *a.* നിദ്രാസംബന്ധമായ, സ്വപ്ന—.

**Mor′phi-a** (-fi-), **=phine** (-fin), **=phi-ná**, *n.* 'അവീൻ'സത്ത് (*ch.*). **=phin-ism**, *n.* —രോഗം (*med.*).

**Mor-phol′o-ġy** (-fol′-), രൂപാകൃതിശാസ്ത്രം, രൂപവികാര— (*biol.*). **=log′ic**, **=log′i-cal**, *a.* ആകൃതിശാസ്ത്രസംബന്ധമായ. **=log′i-cal-ly**, *ad.* രൂപവികാരശാസ്ത്രപ്രകാരം. **=phol′o-ġist**, *n.* രൂപാകൃതിശാസ്ത്രജ്ഞൻ. **=phon′o-my** (-fon′o-), *n.* രൂപാകൃതിധൎമ്മം. **=phō′sis** (-fō′-), *n.* അംഗവികാരക്രമം; —വികാസധൎമ്മം (*biol.*).

**Mor′pi-on**, *n.* പേന് (*z*).

**Mor′ris**, **Mor′rice**, ഒര്വക നൃത്തം; 2. കോട്ടക്കളി, നേൎവ്വരിക്കളി.

**Mor′rōw** (-rō), *n.* പ്രഭാതം; 2. പിറെറദിവസം, പിറെറന്ന്, മറുനാള്, മറുദിനം; 3. നാളെ. **good m.** പ്രഭാതവന്ദനം: രാമരാമ, സലാം. **to-m.** നാളെ.

I. **Morse**, *n.* കടല്കുതിര (*z.*).

II. **Morse**, *n.* ഉടുപ്പ്കുടുക്കി, വസ്ത്രബന്ധിനിയാഭരണം.

III. **Morse alphabet** വിദ്യുത്തക്ഷരസൂത്രം (*tel.*).

**Mor′sel**, *n.* ഒര്വായ് (ആഹാരം), നറുക്ക്, കഷണം; ഉരുള, പിടി; 2. അല്പം, ഇത്തിരി. **=′sūre**, *n.* കടിക്കൽ.

I. **Mort**, *n.* അധികം, വളരെ, ബഹുലം.

II. **Mort**, *n.* സ്ത്രീ, പെണ്ണ്.

III. **Mort**, *n.* മരണം; 2. വേട്ടയുരുച്ചാവ്; 3. ഉരുവീണ വിളി; 4. രോഗംപിടിച്ച് ചത്ത ആട്ടിൻെറ തോല്. **m.-cloth** ശവപ്പെട്ടിത്തുണി; വിലാപവസ്ത്രം; വിലാപക്കുറകൾ. **m.-stone** ശവപ്പെട്ടിയത്താണി.

**Mor′tal**, *a.* മൎത്യമായ, ചാകുന്ന; മരിപ്പാനുള്ള; 2. നാശകരം ആയ, മരണകരം—; 3. —യോഗ്യം—; 4. മൎമ്മസ്ഥലം—; 5. മരണസമയത്തുള്ള; 6. ഭയങ്കരം ആയ, ഉഗ്രം—, കൊടിയ; 7. മനുഷ്യ, മാനുഷ; 8. മട്ടപ്പ് വരുത്തുന്ന. **m. foe**, **m. enemy** പ്രാണശത്രു. *n.* മൎത്യൻ, മനുഷ്യൻ. **mor-tal′i-ty**, **-ness**, *n.* മൎത്യത, ക്ഷയം; മനുഷ്യായുസ്സ്; മൎത്യന്മാര്, മാനുഷവൎഗ്ഗം; മനുഷ്യസ്വഭാവം,—പ്രകൃതി; മരണം, നാശം; മരണക്കണക്ക്. **bill of m.y** മരണക്കണക്ക്; അതൃത്തി. **law of m.y** മൃത്യുവിതപ്രമാണം. **table of m.y** ആയുഷ്ക്കണക്ക്. **-ly**, *ad.* മരണകരമായി; മാനുഷധൎമ്മപ്രകാരം; വളരെ, ഏററവും, കഠിനമായി. **mor-tif′ēr-ōus**, *a.* മരണകരംആയ; നാശകരം—. **mor-ti-fi-cā′-tiŏn**, *n.* മരിപ്പിക്കൽ; ചാവ്, നാശം; അഴിവ്, ചീച്ചൽ; ഇന്ദ്രിയനിഗ്രഹം; വ്യസനം, ആശാഭംഗം, ഇടിവ്, താഴ്ച; വ്യസനഹേതു, ധൎമ്മാൎത്ഥദാനം (*l.*). **mor′ti-fī-ēr**, *n.* കൊല്ലുന്നവൻ. **mor′ti-fȳ**, *v. t.* കൊല്ലുക; അഴുകമാറാക്കുക, ചീക്കുക; താഴ്ത്തുക, കീഴമൎത്തുക, നിഗ്രഹിക്കുക; മനമിടിവ് വരുത്തുക, ആശാഭംഗം—. *v. i.* ചീഞ്ഞഴിയുക; ഒതുക്കുക, ഇന്ദ്രിയനിഗ്രഹം ചെയ്യുക; ശമിക്കുക; ഒതുങ്ങുക. **mor′-ti-fȳ-iṅg**, *a.* ചീഞ്ഞഴിയുന്ന; ഒതുക്കുന്ന, കീഴമൎത്തുന്ന; ഇച്ഛാഭംഗം വരുത്തുന്ന. **mor′ti-fȳ-iṅg-ly**, *ad.* ഒതുക്കുംവണ്ണം. **mor′tū-ar-y**, *n.* മരണദാനം; ശ്മശാനസ്ഥലം; ശവമുറി. *a.* മരിച്ചവൎക്കുള്ള. **m.y urn** ശവഭസ്മകലശം.

I. **Mor′tar** (-tĕr), *n.* ഉരല്; 2. ചട്ടിപ്പീരങ്കി, ചട്ടിത്തോക്ക് (*mil.*). **m.-bed** പീരങ്കിച്ചട്ടം. **m.-boat**, **m.-vessel** പീരങ്കിത്തോണി.

II. **Mor′tar** (-tĕr), *n.* കുമ്മായം. **m.-bed** കുമ്മായപ്പെട്ടി. **m.-board** കുമ്മായപ്പലക; ഒര്വക തൊപ്പി. *v. t.* കുമ്മായം ഇടുക.

**Mort'gāge** (mor'gāj), *n.* പണയം, കാണം, കെട്ടിയടക്കം കാണം, ഒററി (*l.*); 2. കാണാധാരം, ഒററിയാധാരം. **chattel-m.** പണയം, ഈട്. **simple m.** പണയം, തൊട്പണയം, ചൂണ്ടിപ്പണയം. **usufructuary m.** കാണം, കൈവശക്കാണം, കെട്ടിയടക്കം കാണം, ഒററി. **m.-deed** ഒററിയാധാരം. **to foreclose a m.** കാണസ്വത്ത് വീണ്ടെടുപ്പാനുള്ള അവകാശം ഇല്ലാതാക്കുക, കാണവസ്തു വില്പിക്കുക. *v. t.* പണയം വെക്കുക, കാണത്തിന്ന്—, കാണം ചാൎത്തുക, ഒററി— (*l.*); 2. പണയത്തിലാക്കുക. **=ġee'**, *n.* പണയം വാങ്ങുന്നവൻ, പണയക്കാരൻ, കാണാരി, ഒററിമേരാ്. **-ŏr, =ġŏr, =ġĕr,** *n.* കാണത്തിന്ന് വെക്കുന്നവൻ, പണയം ചാൎത്തുന്നവൻ, ഒററി—. [*s. u.* Mortal.

**Mor-tif'ĕr-ŏus, Mor'ti-fȳ,** *etc.*,

**Mor'tise** (-tis), *n.* വൈരത്തുള, കട്ടമത്തുള. **m. and tenon** കട്ടമയിട്ടുറപ്പിച്ച (*carp.*). **m.-joint** കട്ടമയേപ്പ്. **m.-lock** പററ്പൂട്ട്. *v. t.* കട്ടമത്തുളതുളക്കുക; 2. കട്ടമയിട്ടുറപ്പിക്കുക.

**Mort'liṅg,** *n.*, *see* **Morling.**

**Mort'māin,** *n.* തീരധികാരമില്ലാത്ത കൈവശം (*l.*). [ഴക്ക്.

**Mor'tress, Mor'trew** (-trṳ), *n.* പൃ

**Mor'tū-ar-y,** *n.*, *s. u.* **Mortal.**

**Mō'rus,** *n.* അമാറത്തി (*b.*).

I. **Mō-ṣā'ie,** *n.* പതിപ്പ്പണി, അമിഴ്ത്ത്വേല; 2. വിചിത്രപ്പണി. *a.* ഖചിതമായ; 2. പലവൎണ്ണമുള്ള; 3. അനേകസാധനങ്ങൾ ചേൎത്തുണ്ടാക്കിയ. **m.-gold** ഒര്വക തമ്പാക്ക്. **m.-work** ഖചിതപ്പണി. **='i-eal,** *a.* പതിച്ചുണ്ടാക്കിയ. **='i-eal-ly,** *ad.* അമിഴ്ത്ത്പണിയായി.

II. **Mō-ṣā'ie, =i-eal,** *a.* മോശെയാലുണ്ടായ; മോശെ സ്ഥാപിച്ച, മോശെയീക (*Bl.*). **=eal-ly,** *ad.* മോശെയീകന്ന്യായപ്രമാണപ്രകാരം. **=iṣm,** *n.* മോശെയീകത്വം.

**Mos-a-saṳ'rus** (-saṳ'rus), *n.* (*pl.* **=saṳ'ri-a**) പ്രാചീന ഉരഗസൎപ്പം.

**Mos-ehī'na,** *a.* കസ്തൂരിമൃഗവൎഗ്ഗത്തിൽ പെട്ട (*Z.*).

**Mos'lem,** *n.* മുസല്മാൻ, മുഹമ്മദീയൻ. *a.* മുസല്മാനക്കുള്ള.

**Mosque** (mosk), **Mosk,** *n.* മാപ്പിളപ്പള്ളി, ജോനകപ്പള്ളി, പള്ളി.

**Mos-quī'to, Mus-quī'to** (-kē'to), *n.* കൊതു (ക്), പിറുക്ക്, അണങ്ങ്, മശകം. **m.-bar, m.-net** കൊതുമറ. **m.-fleet** ചെറുകപ്പൽക്കൂട്ടം.

**Moss,** *n.* പായല്, പൂപ്പ്; 2. ചതുപ്പ്നിലം. **m.-back** പരിക്കുപ്പഴമക്കാരൻ. **m.-grown** പൂപ്പ്പററിയ. **m.-trooper** കവൎച്ചക്കാരൻ. *v. t.* പൂപ്പ്പിടിപ്പിക്കുക. **='sy,** *a.*—പിടിച്ച; പായല്പോലെയുള്ള.

**Mōst,** *a.* (*s. d. of* **mōre**) അധികം, ഏററവും അധികം, ഉലോം; മിക്കവാറും, മുക്കാലെയരക്കാലും, ഏതാനും മുഴുവനും; 2. വളരെ, അതിയായ, മുഖ്യമായ. **for the m. part** അധികവും, അധികം പേരും. *n.* വലിയഭാഗം, മുഖ്യാംശം; അധികം പേര്. **to make the m. of** വൎദ്ധിപ്പിക്കുക, വലുതാക്കുക; എത്ര കഴിയുമോ അത്ര ആക്കുക. **at m., at the m.** അധികമായാൽ, ഏറിയാൽ, ഏറിവന്നാൽ, വന്നാലും വന്നാലും. **mōst, -'ly,** *ad.* അധികമായി, മുഖ്യമായി.

**Mos'tie, Mos'tiek,** *n.* കയ്യൂന്ന്.

**Mot** (mō), *n.* മൊഴി, വാക്ക്, ചൊല്ല്; 2. കാഹളനാദം.

I. **Mōte,** *n.* സഭ, സമാജം; 2. സഭായോഗസ്ഥലം; 3. നായാട്ട്കാഹളധ്വനി.

II. **Mōte,** *n.* പൊടി, കരട്, തരിമണല്; 2. അല്പം, ചെറുത്. **mō'ted,** *a.* പൊടിനിറഞ്ഞ. **mot'tie, mot'ty,** *a.* കരട്നിറഞ്ഞ, —ഉള്ള; —ആയ.

**Mō-tet',** *n.* ഗീതം, കീൎത്തന.

**Moth,** *n.* പാററ, ശലഭം; 2. പുഴ, ഉറപ്പുഴ. **m.-blight** ചാഴി. **m.-eaten** പുഴവരിച്ച, ഉറക്കുത്തിയ. **m.-miller** ഉറപ്പുഴ. **moth'y,** *a.* പാററയുള്ള.

I. **Mŏth'ĕr,** *n.* അമ്മ, മാതാവ്, ജനനി, തള്ള, അച്ചി; ഉമ്മ (*M.*). 2. പ്രസ

വിച്ച സ്ത്രീ; 3. ഉറവിടം, മൂലം, ഉല്പത്തി; 4. കിഴവി, പ്രായം ചെന്ന സ്ത്രീ; 5. മഠനായകി (*R. C.*). **m.'s mark** മറുവടയാളം. *a.* ജനനാലുള്ള; 2. പൈതൃകമായ; 3. സ്വഭാവേന ഉള്ള, പ്രകൃത്യാ—; 4. അമ്മയെപോലെ—, അമ്മ ആയ; 5. ഉല്പാദകം—. **m.-cell** മൂലരസ്ഥം. **m.-church** മാതൃസഭ. **m.-country** സ്വരാജ്യം; മാതൃ—. **m.-in-law** അമ്മായമ്മ. **m.-land** സ്വരാജ്യം. **m.-liquor, m.-water** ചക്ക്, മട്ട്, ചുക്കാനം, കോട. **m.-naked** പൂർണ്ണനഗ്നമായ. **m.-queen** രാജമാതാവ്, അമ്മതമ്പുരാൻ. **m.-tongue** മൂലഭാഷ; സ്വന്ത—. **m.-wit** സ്വഭാവബുദ്ധി, പ്രാകൃത—, ബുദ്ധിസാമൎത്ഥ്യം. **m.-of-pearl** ചിപ്പി, മുത്തുച്ചിപ്പി. **grand-m.** മുത്തച്ചി, മുത്താച്ചി, അമ്മാമ, വലിയമ്മ. **foster-m.** പോററമ്മ. **step-m.** രണ്ടാമത്തമ്മ. **god-m.** തലതൊട്ടമ്മ. *v. t.* മക്കളെ ഉത്തെടുക്കുക; അമ്മയായിരിക്കുക. **-hood,** *n.* മാതൃസ്ഥാനം. **-ing,** *n.* മാതൃദൎശനം. **-less,** *a.* അമ്മയില്ലാത്ത. **-li-ness,** *n.* മാതൃഭാവം, വാത്സല്യം. **-ly,** *a.* അമ്മയുടെ; മാതാവിന്നൊത്ത; ആൎദ്രത ഉള്ള, വാത്സല്യം—; *ad.* മാതൃഭാവത്തിൽ.

II. **Mŏth'ĕr,** *n.* പാട, കട്ടി. *v. i.* കട്ടിയായ്ത്തീരുക, പാടകെട്ടുക. **=′ĕred** (-′ĕrd), *a.* കട്ടി ആയ, കഴമ്പ്—. **-y,** *a.* പാട—; —രപോലെയുള്ള.

**Mō'tiŏn,** *n.* ചലനം, ഗമനം; 2. ചലനശക്തി; 3. ഗതി; 4. അനക്കം, ഇളക്കം; 5. വികാരം; 6. ഭാവന, മനോഭാവന; 7. പ്രസ്താവന, ആലോചനാവിഷയം, അഭിപ്രായം; 8. അപേക്ഷ (*l.*). **perpetual m.** ശാശ്വതചലനം. *v. i.* ആംഗ്യംകാട്ടുക, കൈമാട്ടുക. *v. t.* തലയാട്ടി വിളിക്കുക, കൈമാടി—. **mō'tif, mō'tive,** *n.* കാരണം, ഹേതു, ഹേതുകം; താല്പൎയ്യം; ഉദ്ദേശം; വിഷയം (*mus.*). **mō-tif'ic,** *a.* ചലനജനകമായ. **mō'tile** (-til), *a.* —ശക്തിയുള്ള; —ഹേതുകമായ. **mō-til'i-ty,** *n.* —പ്രാപ്തി; സംകോചത്വം. **-ĕr,** *n.* പ്രസ്താവകൻ. **-less,** *a.* നിശ്ചലമായ, ചലനശക്തിയില്ലാത്ത. **mō'tive,** *a.* —ഹേതുകമായ; —ശക്തി ഉള്ള; —ഗുണം—. **m.e power** പ്രവൎത്തകശക്തി. *v. t.* ഉത്സാഹിപ്പിക്കുക, പ്രേരേപിക്കുക. **mō'tive-less,** *a.* ഹേതുവില്ലാത്ത. **mō'tive-less-ness,** *n.* ഹേതുരഹിതത്വം. **mō-tiv'i-ty,** *n.* പ്രവൎത്തകശക്തി; ഹേതുകത്വം. **mō'tŏr,** *n.* ചലനയന്ത്രം, —സൂത്രം. **mō'tor, mō'tor-y, mo-tō'ri-al,** *a.* ചലനഹേതുകമായ. **m.r car** യന്ത്രവണ്ടി, സ്വയചലന—.

**Mot'ley** (-li), *a.* നാനാവൎണ്ണമുള്ള, ചിത്രവിചിത്രം ആയ, കല്മാഷം—; 2. പലവൎണ്ണച്ഛദയം ധരിച്ച; 3. നാനാവിധം ആയ, സമ്മിശ്രം—, കൂടികലൎന്ന, സകലകലാദി ആയ. **m.-minded** മൂഠാളൻ—, കോമാളി—. *n.* വൎണ്ണക്കലൎപ്പ്; 2. കോമാളിച്ഛദയം; 3. കോമാളി. **man of m.** കോമാളി. **mot'tle** (mot'l), *v. t.* പലവൎണ്ണപ്പുള്ളി കുത്തുക. *n.* വിചിത്രവൎണ്ണമരം. **mot'tled** (mot'ld), *a.* പുള്ളിപ്പുള്ളി ആയ, കല്മാഷം—.

**Mō'tor,** *etc., s. u.* **Motion.**

**Mot'tle,** *etc., s. u.* **Motley.**

**Mot'tō,** *n.* മുദ്രികാവചനം; 2. സൂചക—; കുറിവാക്യം; 3. പ്രമാണ—, സൂത്രമൊഴി, മൊഴി. **=tōed,** *a.* മുദ്രാവാക്യമുള്ള.

**Mouch-oir'** (mush-wär'), *n.* ഉറുമാല്, ലേസ് (*S.*).

**Mouf'lon,** *n.* ഒരുവക കാട്ടാട് (*z.*).

I. **Mōuld** (mōld), **Mōld,** *n.* പൊടിമണ്ണ്, ഉതിർ—, പശിമ—, വള—; 2. ജഡപദാൎത്ഥം; സാധനം, പദാൎത്ഥം. **m.-board** കൊഴുപ്പലക. *v. t.* മണ്ണിട്ട് മൂടുക, മണ്ണിടുക. **-′ĕr,** *v. i.* പൊടിഞ്ഞ് വീഴുക, ഉതിൎന്ന് പോക; ക്ഷയിക്കുക, നശിക്കുക. *v. t.* പൊടിക്കുക; ഉതിക്കുക; നശിപ്പിക്കുക.

II. **Mōuld** (mōld), **Mōld,** *n.* പൂപ്പ്, വളിപ്പ്. *v. t.* പൂപ്പിക്കുക. *v. i.* പൂപ്പ് പററുക, വളിച്ച് പോക. **-′ĕr-y,** *a.* പൂപ്പ് പിടിച്ച. **-′i-ness,** *n.* പൂപ്പ്; മലിനത, കളങ്കം. **-′y,** *a.* പൂപ്പ് പിടിച്ച.

III. **Mōuld** (-mōld), **Mōld,** *n.* അച്ച്, കരു, മൂശ; 2. ആകൃതി, ഭാഷ, രൂപം; 3. മാതൃക. *v. t.* വാൎക്കുക; കരുപ്പിടിക്കുക;

ആകൃതിപ്പെടുത്തുക; ഉണ്ടാക്കുക; 2. കൊത്ത്പണിചെയ്യുക; 3. കഴെക്കുക; 4. മൂശ പിടിക്കുക. -'a-ble, *a.* ആകൃതിപ്പെട്ടതാകുന്ന. -'er, *n.* ആകൃതിപ്പെടുത്തുന്നവൻ; മൂശപിടിക്കുന്നവൻ. -'ing, *n.* കരുപ്പിടിക്കൽ; മൂശാരിപ്പണി; വാപ്പ്; വിചിത്രക്കമ്മായപ്പണി. *a.* ആകൃതിപ്പെടുത്തുവാൻ ഉപയോഗമുള്ള. m.g board മാവ് കുഴക്കുന്ന പലക. m.g. sand മൂശമണ്ണ്.

**Mōult** (mōlt), **Mōlt**, *v. i.* തുവല് കൊഴിയുക; രോമം—; 2. ഉല്പ്പിളികഴിക്കുക; 3. കൊമ്പ് വീഴുക. *v. t.* തുവല് etc. കൊഴിക്കുക, —ഉതിക്കുക. *n.* —കൊഴിയൽ.

I. **Mound**, *n.* രാജപലവിചിഹ്നഗോളം.

II. **Mound**, *n.* തിണ്ട്, കിള, ചിറ, കൊള്ള്, കയ്യാല; 2. വാട, അകിഴ്; 3. ഒന്തം, ഏകരം; 4. കുന്ന്. shell-m. ഇത്തിൾക്കുപ്പ. *v. t.* വാടകോരുക.

**Mount**, *n.* കുന്ന്, മല, പൎവ്വതം; 2. കുമ്പാരം; 3. വാഹനം, കുതിര; 4. ചട്ടം. *v. i.* (up) ഉയരുക, കരേറുക; 2. കയറുക, കയറിയിരിക്കുക; 3. തുക ആക; വില—. *v. t.* ആരോഹിക്കുക, 2. കുതിരയേറുക; 3. കയറ്റുക, കുതിരപ്പുറത്ത് ഇരുത്തുക; കുതിര ഒരുക്കിക്കൊടുക്കുക; 4. കയറ്റിവെക്കുക; ചട്ടത്തിലാക്കുക, ചട്ടമിടുക; 5. രത്നം പതിക്കുക; 6. പിടി ഇടുക; 7. ഉറ—; 8. ഔന്നത്യം വരുത്തുക. to m. guard 'പാറാവ്നില്ക്കുക (*mil.*). to m. a play നാടകശൃംഗാരം ചെയ്യുക. -'a-ble, *a.* കയറാവുന്ന; ചട്ടമിടാവുന്ന. -'ed, *a.* കുതിരപ്പുറത്തുള്ള; ചട്ടമിട്ട. -'ing, *n.* കയറൽ; ചട്ടം; അലങ്കാരം. -'ing-ly, *ad.* കയറിക്കയറി.

**Mount'āin** (*or* -in), *n.* മല, പൎവ്വതം; 2. *pl.* പൎവ്വതനിര, മലവരി; 3. വലിയത്, മഹാമേരു. *a.* മലയിലുള്ള; പൎവ്വതസംബന്ധമായ; 2. മഹാ, വൻ, പൎവ്വതതുല്യമായ. m.-blue, m.-green തുത്ഥം, തുരിശ്. m.-chain, m.-range പൎവ്വതനിര. m.-dew സ്കോട്ട്ലാണ്ടിലുണ്ടാക്കുന്ന 'ഫിസ്കി' എന്ന റാക്ക്. m.-goat മലയാട്. m.-rice പുനനെല്ല്. to make a m. of a molehill കുന്നികുന്നാക്കുക, അടക്കയോളമുള്ളത് ആനയോളമാക്കുക. m. in labour മല എലിയെ പെററപോലെ. -ēer', *n.* മലവാസി. *v. i.* മലവാസിയായിരിക്കുക; മല കയറുക. -ŏus, *a.* മലപ്രദേശമായ; മലപോലത്തെ, വലിയ. -ŏus-ness, *n.* ശൈലമയത്വം.

**Mount'e-bank**, *n.* കട്ടക്കവൈദ്യൻ; 2. പെരിമ പറയുന്നവൻ, വീമ്പ്—; വടായിക്കാരൻ. *v. t.* തകൃതി പറഞ്ഞ് തോല്പിക്കുക. *v. i.* വമ്പ്നടിക്കുക. -ĕr-y, -ism, *n.* തകൃതി; പൊട്ടവൈദ്യം. -ish, *a.* വമ്പ്പറയുന്ന.

**Mōurn** (mōrn), *v. i.* ക്ലേശിക്കുക, ദുഃഖിക്കുക, കരയുക, വിലാപിക്കുക; 2. വിലാപവസ്ത്രം ധരിക്കുക, കറുപ്പ് ഉടുക്കുക. *v. t.* ഓൎത്ത് ദുഃഖിക്കുക, ചൊല്ലിക്കരയുക, പ്രലാപിക്കുക; 2. മുറയിടുക. -'ĕr, *n.* പ്രലാപകൻ; ശേഷക്കാരൻ, പ്രേതാനുചാരി. -'ful, *a.* ദുഃഖം ഉള്ള, വ്യസനം—; വിലാപകരം ആയ, വ്യസനകരം—. -'ful-ly, *ad.* ക്ലേശത്തോടെ. -'ful-ness, *n.* ദുഃഖം, വിലാപം. -'ing, *n.* ദുഃഖിക്കൽ; വിലാപം; ക്ലിഷ്ടവേഷം; ക്ലേശചിഹ്നം. deep m.g ഗാഢക്ലിഷ്ടവേഷം. *a.* വ്യസനിക്കുന്ന, പ്രലാപിക്കുന്ന; ക്ലേശചിഹ്നമായ. -'ing-ly, *ad.* വിലാപവേഷത്തിൽ.

**Mōurne** (mōrn), *n.* മുടിക്കോല്.

**Mouse**, *n.* (*pl.* mīce) ചുണ്ടെലി, എലി; മൂഷികൻ; 2. ഒര്വക കെട്ട്, കട്ടക്ക് (*naut.*); 3. പ്രിയവാചി; 4. മുഴ, വീക്കം; 5. തോക്ക്തിരി. m.-hole എലിമള, മാളം. m.-trap എലിക്കെണി, എലിക്കത്രി. field-m. കാട്ടെലി. mouse, *v. i.* എലിയെ പിടിക്കുക. -'kin, *n.* എലിക്കുഞ്ഞ്. mous'ĕr, *n.* എലിപിടിയൻ പൂച്ച; ഒളിച്ച്നോക്കുന്നവൻ, പതുങ്ങി—. mous'ie, *n.* എലിക്കുട്ടി. mous'ing, *a.* കള്ളത്തരമുള്ള, ഒളിഞ്ഞ്നോക്കുന്ന, ഒളിച്ച്ചെയ്യുന്ന. *n.* എലിവേട്ട. mous'y, *a.* എലിബാധ ഉള്ള; എലിച്ചൂര്—.

**Mousse-līne'** (mus-lēn'), **Mus'lin**, *n.* 'മസ്ലിൻ', ദുകൂലം. *m.-de-laine* മെത്തരം കമ്പിളിത്തുണി. m.-glass നേൎമ്മസ്ഫടികപാത്രം.

**Mous-tāche′, Mus-tāche′** (mus-tāsh′), **Mus-tāch′i-ō′**, *n.* (*usually in the pl.*) മീശ, മേൽമീശ.

**Mouth,** *n.* വായി, വക്ത്രം, തൊള്ള; 2. (പാത്ര) വായി; 3. ദ്വാരം, വാതില്; 4. അഴി; 5. കടിവാളം; 6. സംസാരക്കാരൻ; 7. വാക്ക്; ഭാഷ; 8. സാക്ഷ്യം; 9. കൊഞ്ഞനം. **m.-friend** കള്ളസ്നേഹിതൻ. **m.-glass** ചെറിയ മുഖക്കണ്ണാടി. **m.-honour** കള്ളബഹുമാനം. **m.-made** കപടമായ. **m.-organ, m.-pipe** വായിക്കിന്നരം. **m.-piece** നാക്ക്; ചെറുകുഴല്; 'വക്കില്'. **down in the m.** കുണ്ഠിതനായ, ധൈര്യക്ഷയമുള്ള. **to stop the m.** മിണ്ടാതാക്കുക, ലജ്ജിപ്പിക്കുക. **to take m.s** കൊഞ്ഞനം കാട്ടുക. **mouth,** *v. t.* വായികൊള്ളുക, കവിളുക; 2. ചവക്കുക, കടിക്കുക; 3. പെരുങ്കുറ്റിൽ സംസാരിക്കുക; 4. ഈമ്പുക, നക്കുക; 5. കൊഞ്ഞനംകാട്ടുക. *v. i.* തൊള്ളയിടുക, ഉറക്കെസംസാരിക്കുക; 2. ചുംബിക്കുക; 3. കൊഞ്ഞനം കാട്ടുക. **mouthed** (mouthd), *a.* വായുള്ള; സംസാരിക്കുന്ന. **-′ẽr,** *n.* തൊള്ളയിടുന്നവൻ, നാട്യസംസാരക്കാരൻ. **-′ful,** *n.* ഒരു വായി, അല്പം. **-′less,** *a.* വായില്ലാത്ത.

**Mōve,** *v. t.* ഇളക്കുക, അനക്കുക, നീക്കുക; ഉന്തുക, വലിക്കുക; 2. (കരു) നീക്കുക, കളിക്കുക; 3. മനസ്സിളക്കുക; ഉത്സാഹിപ്പിക്കുക; 4. (ഭാവം) ജനിപ്പിക്കുക; 5. (ആലോചനാവിഷയമായി) പ്രസ്താവിക്കുക, ആലോചനക്കു വെക്കുക. *v. i.* നീങ്ങുക, ഇളകുക, ചലിക്കുക, അനങ്ങുക; 2. പോക, നടക്കുക, ഓട്ടുക; 3. പ്രവൃത്തിക്കുക; 4. വീട് മാറുക, മാറിപ്പാൎക്കുക, പാൎപ്പു മാറുക; 5. കളിക്കുക. *n.* ഇളക്കൽ; ചലനം; 2. കളി; 3. ശ്രമം. **to make a m.** പ്രവൃത്തിക്കുക; കളിക്കുക. **to be on the m.** പ്രകടിപ്പു കാട്ടുക, ഉത്സല്—. **mö-va-bil′i-ty, mö′va-ble-ness,** *n.* ചലനീയത്വം; ചലനം. **mö′va-ble,** *a.* ഇളക്കാവുന്ന, കൊണ്ടുപോകാവുന്ന; ജംഗമം ആയ, ചരം—; മാറിമാറി വരുന്ന, തിയ്യതി മാറി—. **m.e feast** സ്ഥിരവാരോത്സവം. *n.* ഇളകുന്ന മുതല്, ജംഗമവസ്തു (*l.*). *pl.* ചരക്ക്; *pl.* വീട്ടുസാമാനം. **mö′va-bly,** *ad.* ഇളക്കം വരത്തക്കവണ്ണം. **-′less,** *a.* അചലം ആയ, സ്ഥിരം—. **-′ment,** *n.* അനക്കൽ; ഇളക്കം, ചലനം; സ്ഥിതിമാററം; ഗമനം, പോക്ക്, യാത്ര; ഭാവം, മനശ്ചേഷ്ട; ചലനവിധം; താളം, മേളം; ചലനയന്ത്രം. **febrile m.t** പനി. **m.t of the bowels** മലശോധന, ശോധന, വിരേചനം. **mö′vẽr,** *n.* ചലിപ്പിക്കുന്നവൻ; ഇളകുന്നത്; ചലനയന്ത്രം; ഉണൎത്തുന്നവൻ, ഉത്സാഹിപ്പിക്കുന്നവൻ; ആദ്യപ്രസ്താവകൻ. **mö′ving,** *a.* ചലനം ഉള്ള, മാററം—; ഓട്ടുന്ന; മനഃക്ഷോഭം വരുത്തുന്ന. **m.g-force** ചലനശക്തി. *n.* ചലനം; പാൎപ്പു മാററൽ; സ്ഥലമാററം. **m.g-day** വീട് മാറുന്ന ദിവസം. **mö′ving-ly,** *ad.* ചലിച്ചുകൊണ്ട്. **mö′ving-ness,** *n.* ചലനശക്തി.

**I. Mōw, Mōe, Mōwe** (mō), *n.* കൊഞ്ഞനം. *v. i.* ഇളിച്ചുകാട്ടുക.

**II. Mōw** (mō), *v. t. ir.* (**mōwed; mōwed, mōwn**), (പുല്ല്) അരിയുക, അറുക്കുക; 2. പുല്ലരിഞ്ഞു വെടിപ്പാക്കുക; 3. (down) നശിപ്പിക്കുക, സംഹരിക്കുക; 4. കളത്തിലിടുക, കററക്കൂട്ടിവെക്കുക. *v. i.* അരിയുക. *n.* കററ; 2. കററക്കളം. **m.-burn** പുഴുകുക. **m.-burnt** പുഴുകിയ. **-′ẽr,** *n.* അറുക്കുന്നവൻ; പുല്ലരിയുന്ന യന്ത്രം. **-′ing,** *n.* അരിയൽ; പുല്ക്കൂണ്ടം. **m.g machine** പുല്ലറുപ്പുയന്ത്രം. **mōwn** (mōn), *p. a.* അരിഞ്ഞ; ചെത്തിയ.

**Mox′a,** *n.* ചൂടു വെക്കുന്ന മരുന്ന് (*med.*). 2. നിലമ്പാല, നീലാമ്പാല (*b.*).

**Moy′a,** *n.* അഗ്നിപൎവ്വതച്ചേറ്.

**Mr.,** *see* **Mister.**

**Mrs.,** *see* **Mistress.**

**Much,** *a.* (*c. d.* **mōre,** *s. d.* **mōst**) അധികമായ, വളരെ; 2. ദീൎഘമായ; 3. വലിയ. *n.* പെരുപ്പം, തൊപ്പം, അനവധി, അനേകം, അനല്പം, ബഹുലം; 2. വൻകാൎയ്യം. **as m. as** അത്ര, ഓളം, എത്രയോ അത്ര. **to make m. of** വലിയ കാൎയ്യമായി വിചാരിക്കുക; ബഹുമാനിക്കുക; വിലമതിക്കുക; താലോലിക്കുക, ഓമനിക്കുക. **m. at one** ഏതാനും തുല്യമായ.

*ad.* വളരെ, അധികമായി, പെരുത്ത്; 2. ഏതാനും, ഏകദേശം, മിക്കവാറും. -'ness, *n.* പെരുപ്പം, വലിപ്പം. much of a m.s ഏതാനും ഒക്കും.

Mū'cid, *a.* പൂപ്പ് പിടിച്ച; 2. കഫമയമായ. -ness, *n.* ശ്ലേഷ്മതാം. =cif'ic, *a.* കഫവൎദ്ധകം ആയ (*med.*); ശ്ലേഷ്മജനകം— (*phys.*). mū'ci-form, *a.* കഫതുല്യം— (*phys.*).

Mū'ci-lāge, *n.* താളി, നോള, ചാറ്, നീര്; 2. 'ഗോന്ത്', പശ. =lag'i-nŏus, *a.* നോളനോളയായ; താളിപോലെയുള്ള, കുഴമ്പായ; ചാറുണ്ടാകുന്ന; അലിയുന്ന. =lag'i-nŏus-ness, *n.* സ്നിഗ്ദ്ധതാം.

I. Muck, *s. a.* Amuck.

II. Muck, *n.* ചാണകം; 2. വളം; 3. കുപ്പ; 4. ചണ്ടി, ചവറ്; 5. പണം. *a.* വളം ഉള്ള; വളംപോലെ—. m.-midden കുപ്പക്കുന്ന്. m.-worm ചാണകപ്പുഴു; ഈററപ്പൊററയൻ. *v. t.* ചാണകവളമിടുക. -'ĕr, *n.* നിസ്സാരൻ. -'i-ness, *n.* മാലിന്യം. -'y, *a.* ചളിയായ.

Mū'cor, *n.* പൂപ്പ്.

Mū'cos'i-ty, Mū'cŏus, *s. u.* Mucus.

Mū'crō, *n.* മുന. -nāte, -nā-ted, *a.* മുന ഉള്ള. -nāte-ly, *ad.* —ആയി. =cron'ū-lāte, *a.* —ഉള്ള; മുള്ളുള്ള.

Mū'cus, *n.* ഉള്ളുരിനീര്; 2. മൂക്കട്ട; മൂക്ക്ചളി; 3. ശ്ലേഷ്മം, കഫം. mū'coid, *a.* ശ്ലേഷ്മതുല്യമായ. =cos'i-ty, *n.* ശ്ലേഷ്മതാം. mū'cū-lent, *a.* താളിആയ, നോളനോള—. mū'cŏus, *a.* കഫംപോലെയുള്ള; നോളയായ, വലിയുന്ന; ശ്ലേഷ്മജനകമായ. m.s membrane ഉള്ളുരി (*an.*). =cŏus-ness, *n.* ശ്ലേഷ്മതാം, ചളിപ്രായം.

Mud, *n.* ചളി, ചേറ്, ചൊ(കൊ)ത്ത, പങ്കം. m.-hole കുണ്ട്. m.-sill നെല്ലിപ്പട. m.-sucker കുളക്കോഴി. m.-wall കിള, തിണ്ട്, കൊള്ള്. *v. t.* ചളിയിൽ പൂത്തുക; 2. കലക്കുക, ചൊത്തയാക്കുക. -'di-ly, *ad.* കലക്ക് ആയി; അസ്പഷ്ടം—; സമ്മിശ്രം—. -'di-ness, *n.* പങ്കതാം, കലക്ക്; അവ്യക്തി; ബുദ്ധിമാന്ദ്യം. -'dy, *a.* ചളിയുള്ള; ചേറ്പിരണ്ട; കലക്ക് ആയ; മണ്മയം—, മലിനം—; അസ്പഷ്ടം—; മന്ദബുദ്ധി—; മങ്ങൽ—. *v. t.* ചേറ്പിരട്ടുക; കലക്ക് ആക്കുക; അസ്പഷ്ടം—. m.y headed വിഡ്ഢിയായ. m.y mettled മന്ദതയുള്ള.

Mū'dar, *n.* എരിക്ക് (*b.*).

Mud'dle (mud'l), *v. t.* കലക്ക് ആക്കുക; 2. അമല്—; 3. നാനാവിധം—; 4. ബുദ്ധിമാന്ദ്യം വരുത്തുക; 5. തുമ്പും വാലും ഇല്ലാതാക്കുക. *v. i.* തുമ്പ് കെട്ട് പ്രവൃത്തിക്കുക. *n.* കലക്ക്; 2. ബുദ്ധിമാന്ദ്യം, ഭ്രമം. m. head മൂഠാളൻ. mud'dlĕr, *n.* തുമ്പ് കെട്ടവൻ.

Mū-ez'zin, Moū-ez'zin, Mū-ed'-din, Mū-waz'zin, *n.* 'ബാങ്ക്'കൊടുക്കുന്നവൻ (*M.*).

Muff, *n.* ഒര് വക കയ്യുറ; 2. നാളം, കുഴല്; 3. പൊണ്ണൻ. *v. t.* പിടിത്തം വിട്ട് പോക; 2. പരുങ്ങുക; 3. താറ് മാറാക്കുക. -'ish, *a.* പൊണ്ണത്തരമുള്ള.

Muf'fin (muf'in), *n.* ഒര് വക പതമുള്ള കോതമ്പപ്പം.

I. Muf'fle (muf'l), *n.* മോന്ത.

II. Muf'fle (muf'l), *v. t.* (up) പൊതിയുക; 2. മൂട്ടുക, മറക്കുക, മൂടികെട്ടുക; 3. കണ്ണ് കെട്ടുക; 4. ചെവി മൂടികെട്ടുക; 5. ഒച്ചയില്ലാതാക്കുക. *v. i.* നൊടിയുക. *n.* കയ്യുറ. muf'flĕr, *n.* കളിരടക്കിത്തൊപ്പി; മുഖമറ, 'മക്കന', മുക്കാട്, മുഖാച്ഛാദനം; ഒര് വക കയ്യുറ; മുഖംമൂടികെട്ടിയവൻ.

Muf'ti, *n.* മുഹമ്മദീയഗുരു, —ശാസ്ത്രജ്ഞൻ.

Mug, *n.* ഒര് വക പിടിമോന്ത, പാനപാത്രം; 2. മിട്, മുകറ്, മൂഞ്ചി.

Mug'gy, Mug'gish, *a.* നലഞ്ഞ, കതന്ന; മങ്ങൽ ഉള്ള; 2. വെമ്പൽ—, കമിറുന്ന. mug'gi-ness, *n.* നനവ്; കമിച്ച.

Mū'gil, *n.* മാലാൻ, മാലാമീന് (*z*).

Mū-lat'tō, *n.* വൎണ്ണസങ്കരൻ, വെള്ളക്കാരന്ന് കാപ്രിസ്ത്രീയിൽ ജനിച്ചവൻ. =lat'tress, *n.* —ജനിച്ചവൾ.

Mul'ber-ry, *n.* അമാറത്തി (*b.*); 2. അമാറത്തിപ്പഴം (*b.*); 3. ശ്യാമളവൎണ്ണം.

**Mulch**, *n.* ചീഞ്ഞവയ്ക്കോല്. *v. t.* വയ്ക്കോലിട്ട് മൂടുക.

**Mulct**, *n.* പിഴശിക്ഷ, പിഴ. *v.t.* പിഴകല്പിക്കുക, പിഴെപ്പിക്കുക. **mulc'tar-y, mulc'tū-ar-y**, *a.* പിഴകല്പിക്കുന്ന; —ആയ.

**Mūle**, *n.* അശ്വതരം, കോവർക്കഴുത, 'കച്ചറ' (*z.*); 2. സങ്കരസസ്യം (*b.*); 3. ശഠൻ; 4. നൂല്പിരിയന്ത്രം. **m.-jenny** —യന്ത്രം. **m.-twist** യന്ത്രപ്പിരിനൂല്. **mū'lish, -'līke**, *a.* കോവർക്കഴുതയെപോലെ ഉള്ള; ശാഠ്യം—., **mū'lish-ly**, *ad.* ദുർവ്വാശിയോടെ. **mū'lish-ness**, *n.* ശഠത. **mū-let-ēer'**, *n.* അശ്വതരപാലകൻ, കച്ചറക്കാരൻ.

**Mū-li-eb'ri-ty**, *n.* സ്ത്രീഗുണം, സ്ത്രീത്വം; 2. സ്ത്രീഭാവം; സൌമ്യത.

**Mūl'i-ēr**, *n.* സ്ത്രീ; 2. വിവാഹസന്താനം (*l.*); 3. ഭാര്യ (*l.*); 4. അമ്മ (*l.*). **-ty**, *n.* ഔരസ്യത്വം; സ്ത്രീത്വം.

I. **Mull, Mul'mul**, *n.* 'മല്മല്', 'മല്ല്', ഒര് വക നേർമ്മത്തുണി.

II. **Mull**, *n.* മുനമ്പ്; 2. പൊടിയല്ല; 3. മഞ്ജിഷ്ഠപ്പൊടി. *v. t.* ചൂടാക്കുക; 2. മധുരമാക്കുക; 3. കട്ടപ്പം കറക്കുക; ചുണ്ണകെടുക്കുക; 4. പൊടിയാക്കുക. **mulled** (muld), *p. a.* മധുരമാക്കിയ. **='lēr**, *n.* ചാണക്കുട്ടി; ഒര് പാത്രം.

**Mul'la, Mul'lah**, *n.*, *see* **Mollah**.

**Mul'lein** (-lin), *n.* കാട്ട് പുകയില (*b.*).

**Mul'let**, *n.* മാലാൻ, മാലമീന് (*z.*).

**Mul'liŏn** (mul'yun), **Mun'nion** (mun'yun), *n.* ജാലകക്കള്ളിക്കാല്.

**Mulse**, *n.* തേന് കൂട്ടിയ ദ്രാക്ഷാരസം.

**Mult-, Mul'ti-**, *pf.* ബഹു, പല, അനേക.

**Mul-tan'gū-lar**, *a.* ബഹുകോണമായ, പലകോണ് ഉള്ള. **-ly**, *ad.* —ഉള്ളതായി. **-ness**, *n.* ബഹുകോണത്വം.

**Mul-tan'i-mŏus**, *a.* പലമനസ്സുള്ള; 2. ബഹുവിധമായ. [ള്ള.

**Mul-tar-tic'ū-lāte**, *a.* ബഹുസന്ധു

**Mul-ti-eā'vŏus**, *a.* ബഹുദ്വാരമുള്ള.

**Mul-ti-cel'lū-lar**, *a.* ബഹുരന്ധ്രമുള്ള.

**Mul-ti-cen'tral**, *a.* ബഹുകേന്ദ്രമുള്ള. **m. development** ബഹുകേന്ദ്രവികാസം (*biol.*).

**Mul-ti-cep'i-tal, =cip'i-tal**, *a.* ബഹുശീഷമായ; 2. പലമുളയുള്ള (*b.*).

**Mul'ti-cŏl-ŏur**, *a.* പലവർണ്ണമായ.

**Mul-ti-eos'tāte**, *a.* ബഹുഞരമ്പുള്ള (*b.*). [നയുള്ള.

**Mul-ti-eus'pid, =dāte**, *a.* ബഹുമു

**Mul-ti-den'tāte**, *a.* ബഹുദന്തമുള്ള.

**Mul-ti-dig'i-tāte**, *a.* ബഹുവിരലുള്ള. [മുള്ള.

**Mul'ti-fāced** (-fāsd), *a.* ബഹുവക്ത്ര

**Mul-ti-fā'ri-ŏus**, *a.* ബഹുവിധമായ, നാനാപ്രകാരമുള്ള, വിവിധമായ. **-ly**, *ad.* പലപ്രകാരേണ. **-ness**, *n.* നാനാത്വം; സമ്മിശ്രവ്യവഹാരം (*l.*).

**Mul-ti-flō'rŏus**, *a.* പുഷ്പബഹുത്വമുള്ള (*b.*).

**Mul'ti-fōld**, *a.* അനേകമടങ്ങായ, പല ഇരട്ടിയായ; 2. അസംഖ്യം.

**Mul'ti-form** (-farm), **=form'ŏus**, *a.* പലരൂപമുള്ള; 2. നാനാപ്രകാരമായ. **=form'i-ty**, *n.* നാനാകൃതി; രൂപബഹുത്വം.

**Mul-ti-gen'ĕr-ŏus**, *a.* വിവിധമായ, പലതരത്തിലുള്ള.

**Mul-ti-lat'ĕr-al**, *a.* ബഹുഭുജയുള്ള.

**Mul-ti-lin'e-al**, *a.* ബഹുരേഖയുള്ള.

**Mul-ti-loc'ū-lar** (-lĕr), *a.* പലഅറയുള്ള.

**Mul-til'ō-quent** (-kwent), **=quŏus** (-kwus), *a.* അതിഭാഷണമായ, വാഗ്ധാടിത്വമുള്ള. **=quence** (-kwens), *n.* അതിവാചകത്വം; അതിഭാഷണം; വാചാലത്വം.

**Mul-ti-nō'mi-al, Mul-ti-nom'i-nal, =nom'i-nŏus**, *a.* ബഹുനാമം ഉള്ള; അധികം പേര്—; 2. അനേകപദം—.

**Mul-tip'a-rŏus,** *a.* ബഹുപ്രജാപ്രസവമുള്ള, ഒരിക്കൽ തന്നെ അധികം കുട്ടികളെ പെറുന്ന.

**Mul-tip'ar-tīte,** *a.* അനേകാംശമായ, ബഹുവായി പകുത്ത.

**Mul'ti-ped,** *a.* വളരെ കാലുള്ള, ബഹുപാത്തായ. *n.* ബഹുപാത്ത്; ചേരട്ട, കരിഞ്ഞാണി, പുഴ.

**Mul'ti-ple,** =**plex,** *a.* പെരുക്കം ആയ, പലമടങ്ങ്—, 2. ആവൎത്തിതം—; 3. അനേകാംശമുള്ള; 4. പലവിധമായ. m.-star കൂട്ടനക്ഷത്രം (*as.*). =**ple,** *n.* പെരുക്കം, ആധാരം, മൂലസംഖ്യ, പ്രമാണ—, ഗുണിതം (*math.*). common m. സാധാരണഗുണിതം, പൊതു—, പൊതുപ്പെരുക്കം. least common m. അധമസാധാരണഗുണിതം.

**Mul'ti-plȳ,** *v. t.* വൎദ്ധിപ്പിക്കുക, അധികം ആക്കുക, വൃദ്ധി—; 2. പെരുക്കുക, ഗുണിക്കുക (*math.*). *v. i.* വളരെയാക, പെരുകുക, വൎദ്ധിക്കുക; 2. പ്രബലപ്പെടുക. =**plī-a-ble,** =**pli-ca-ble,** *a.* വൎദ്ധിപ്പിക്കാകുന്ന; ഗുണിക്കാവുന്ന. =**plī-a-ble-ness,** *n.* ഗുണനീയത്വം. =**pli-cand,** *n.* ഗുണ്യം, ഗുണ്യസംഖ്യ, പെരുക്കുവാനുള്ള—. =**pli-cāte,** *a.* അനേകം ആയ, പെരുക്കം—, പലമടങ്ങ്—. m.e flower ഇരട്ടപ്പൂ (*b*). =**pli-cā'tiŏn,** *n.* പെരുക്കൽ, വൎദ്ധിപ്പിക്കൽ, വിസ്തരണം; ഗുണനം (*math.*). m.n table ഗുണകോഷ്ഠം, ഗുണനകോശം; പെരുക്കക്കണക്ക്. cross m.n വജ്രഗുണനം, വജ്രാഭ്യാസം. duo-decimal m.n ഗോമൂത്രികാ, പന്തിരുപ്പെരുക്കം. =**li-cā-tive,** *a.* വൎദ്ധനവുള്ള, പെരുകിവരുന്ന. =**pli-cā-tive-ly,** *ad.* പെരുകത്തക്കവണ്ണം. =**pli-cā-tŏr,** *n.* ഗുണകസംഖ്യ, ഗുണകൻ, ഗുണകാരൻ (*math.*). =**plic'i-ty,** *n.* നാനാത്വം, വിവിധത്വം; ബഹുത്വം, പെരുപ്പം. =**plī-ĕr,** *n.* വൎദ്ധകൻ, പെരുക്കുന്നവൻ; ഗുണകസംഖ്യ (*math.*). വൎദ്ധകയന്ത്രം (*ph.*).

**Mul-tip'ō-tent,** *a.* വിവിധശക്തിഉള്ള. ബഹുകാൎയ്യപ്രാപ്തി—.

**Mul-ti-pres'ent,** *a.* ഒരിക്കൽതന്നെ പലേടത്തുമുണ്ടാകുന്ന, ബഹുസാന്നിദ്ധ്യം ഉള്ള, സൎവ്വസാമീപ്യത—. =**pres'ence,** *n.* ബഹുസാന്നിദ്ധ്യം, സൎവ്വസാമീപ്യം.

**Mul-ti-ra-mōse',** *a.* ബഹുശാഖയുള്ള.

**Mul-tis'ō-nŏus,** *a.* ബഹുവിധശബ്ദമുള്ള; 2. വളരെ ശബ്ദിക്കുന്ന.

**Mul-ti-syl'la-ble,** *n.* ബഹ്വക്ഷരപദം. =**syl-lab'ic,** *a.* ബഹ്വക്ഷരമുള്ള.

**Mul'ti-tūde,** *n.* ജനസംഘം, ആൾക്കൂട്ടം, പുരുഷാരം; സംഘം; 2. കൂട്ടം, ഒരുപാട്, വളരെ, സമൂഹം, ഗണം, സഞ്ചയം; 3. ബഹുത്വം. the m. ഭൂരിജനം, പ്രജാവലി. =**tū'di-nar-y,** =**tū'di-nŏus,** *a.* അസംഖ്യമായ, വളരെ; പുരുഷാരസംബന്ധമായ. =**tū'di-nŏus-ly,** *ad.* അസംഖ്യമായി. =**tū'di-nŏus-ness,** *n.* സാമൂഹ്യത, ബാഹുല്യം.

**Mul-tiv'er-sant,** *a.* ബഹുരൂപധാരിയായ. [ഭയാൎത്ഥം—.

**Mul-ti-vō'cal,** *a.* നാനാൎത്ഥം ഉള്ള;

**Mul-toc'ū-lar** (-lĕr), *a.* ബഹുചക്ഷുസ്സുള്ള, പലകണ്ണുള്ള.

*Mul'tum in par'vo,* ബഹുത്വാല്പം, അധികമായിരിക്കുന്ന അല്പം.

**Mul-tun'gū-lāte,** *a.* പലകുളമ്പുള്ള; 2. കുളമ്പ് പലതായി പിളൎന്ന.

**Mul'tūre** (*or* chur), *n.* മാവ്പൊടിക്കുന്നതിനുള്ള കൂലി; 2. മാവ്പൊടിക്കൽ; 3. മാവ്, ധാന്യപ്പൊടി.

**Mum,** *a.* മിണ്ടാത്ത, മൌനമായ. *int.* മിണ്ടല്ലാ, അനങ്ങല്ലാ, ചുമ്മാ (*S.*). m. chance മിണ്ടാപ്പൂച്ച; വെറുതെയിരിക്കുന്ന.

**Mum'ble,** *v. i.* വിഴുങ്ങിപ്പറയുക; 2. മുറുമുറുക്കുക, പിറുപിറുക്കുക; 3. അമുക്കുക. *v. t.* നൊടിയുക; 2. അമുക്കിത്തിന്നുക; 3. അമുക്കിക്കളയുക, വിഴുങ്ങിക്കളയുക. ='**blĕr,** *n.* നൊടിയുന്നവൻ; അമുക്കുന്നവൻ. ='**bling,** *a.* അസ്പഷ്ടമായ; കുശുകുശുപ്പറയുന്ന. ='**bling-ly,** *ad.* മെല്ലെ, പതുക്കെ.

**Mumm**, *v. i.* കോലംകെട്ടിത്തുള്ളുക; വേഷം കെട്ടുക. =′**mĕr**, *n.* വേഷം; ഓണപ്പൊട്ടൻ (*N.*). കോമാളി. -′**mĕr-y**, *n.* വേഷക്കളി, കോപ്പരാട്ടി; വേഷധാരിത്വം.

**Mum′my**, *n.* സുഗന്ധദ്രവ്യമിട്ടുണക്കിയ ശവം; 2. ഒരു്വക തവിട്ട് ചായം; 3. ഒട്ട് മെഴുക്; 4. ജീവശവം. **to beat to a m.** പുതരത്തല്ലുക, അടിച്ച് ബോധംകെടുത്തുക. **mum′my, mum′mi-fȳ**, *v. t.* ശവംസുഗന്ധമിട്ടുണക്കുക. **mum-mi-fi-cā′tiŏn**, *n.* പ്രേതംസുഗന്ധദ്രവ്യമിട്ട് സൂക്ഷിക്കൽ, പ്രേതരക്ഷണം. **mum′mi-fīed** (-fīd), *a.* സുഗന്ധദ്രവ്യമിട്ടുണക്കിയ; ശുഷ്കപ്രേതമായ; ഉണങ്ങിയ. **mum′mi-form**, *a.* ശുഷ്കപ്രേതതുല്യമായ.

**Mump**, *v. i.* ചിറിവിറെപ്പിക്കുക; 2. നൊടിയുക, വിഴുങ്ങിവിഴുങ്ങിപ്പറയുക; 3. ചതിക്കുക, തോല്പിക്കുക; 4. ഇരപ്പാളിയെന്ന് നടിക്കുക; 5. ഇളിയുക. *v. t.* നൊടിയുക; 2. അമുക്കുക; 3. പററിക്കുക. **mump′ĕr**, *n.* ഇരപ്പാളി; കള്ളഭിക്ഷു. -′**ish**, *a.* ഇളിഞ്ഞ, ഇളിഭ്യമായ, ഈറപിടിച്ച. -′**ish-ly**, *ad.* ഇളിഞ്ഞ് കൊണ്ട്. -′**ish-ness**, *n.* ഇളിച്ചല്, വെറുതി.

**Mumps**, *n. pl.* ഈറ, ഇളിഭ്യത്തരം; 2. വിണ്ടി, വിണ്ടിവീക്കം, മുണ്ടി—, —നീര് (*med.*).

**Munch**, *v. t.* & *i.* ചവെച്ചരച്ച് തിന്നുക, വായിനിറയ—. -′**ĕr**, *n.* തിന്നി.

**Mun′dāne**, *a.* ഭൌമികം ആയ, ഐഹികം—; ലൌകികം—, പ്രാപഞ്ചികം—, സംസാരികം—. **m. sphere** ഭൂഗോളം. -**ly**, *ad.* ലോകസംബന്ധമായി; മണ്മയമായി.

**Mun′goose**, *n.*, *s. a.* **Mongoose.**

**Mun′grel**, *a.*, *s. a.* **Mongrel.**

**Mū-nic′i-pal**, *a.* നഗരഭരണസംബന്ധമായ; സ്വയഭരണാധികാര—; 2. രാജ്യസംബന്ധമായ, ദേശ്യ. **m. council** നഗരപരിപാലകസഭ. **m. law** രാജ്യാദാലത്ത് നിയമം. -**ism**, *n.* നഗരാധിപത്യസ്ഥിതി. =**pal′i-ty**, *n.* സ്വയഭരണാധികാരപ്രദേശം; നഗരം; നഗരാധിപത്യം, 'മുനിസിപ്പാലിററി'. =**pal-ly**, *ad.* സ്വയഭരണാധികാരത്തോടെ.

**Mū-nif′i-cent**, *a.* ഔദാര്യശീലം ഉള്ള, ധാരാളത്വം—. =**cence**, *n.* ഔദാര്യം, ധാരാളത്വം, ധർമ്മശീലം. -**ly**, *ad.* ഉദാരഭാവത്തോടെ, ധാരാളമായി.

**Mū′ni-ment**, *n.* രക്ഷ; ഭദസ്ഥലം, കോട്ട; 2. യുദ്ധസംഭാരം; 3. സഹായം; 4. ലക്ഷ്യം, രേഖ, കരണം. **m. house, m. room** കരണയറ.

**Mū-ni′tiŏn** (-nish′un), *n.* കോട്ട; 2. യുദ്ധസംഭാരം, ആയുധക്കോപ്പ്.

**Mun′niŏn**, *n.*, *see* **Mullion.**

**Mū′rāge**, *n.* കിടങ്ങ് വരി, —നികുതി.

**Mū′ral**, *a.* ചുവ(മ)ര് സംബന്ധമായ; ചുവരിലുള്ള; 2. ചുവര് പോലെയുള്ള, കുത്തനെനില്ക്കുന്ന. **m. crown** വീരമകുടം.

**Mur′dĕr**, *n.* കലപാതകം, കൊല്ല് കുല, കുല, നരഹത്യ, ഹത്യ, വധം. *v. t.* കുലപ്പെടുത്തുക, കൊത്തിക്കൊല്ലുക, കുലചെയ്യുക; 2. ഹനിക്കുക; 3. ദുർഭ്യംവരുത്തുക. -**ĕr**, *n.* കലപാതകൻ, ഹന്താവ്, ഘാതകൻ. -**ess**, *n.* കലപാതകി. -**ŏus**, *a.* കലപാതകസംബന്ധമായ; കുലആയ; —ചെയ്യുന്നുള്ള; പാതകമായ. -**ŏus-ly**, *ad.* കുലപ്പെടുത്തുംവണ്ണം; അറുകലയായി, ക്രൂരമായി.

**Mūre**, *v. t.* ചുററും ചുമര് കെട്ടുക; വളച്ച് കെട്ടുക; 2. തടവിലാക്കുക. **mū′ri-form**, *a.* ചുമര് പോലെയുള്ള.

**Mū′ri-āte**, =**at′ic**, *n.* കടലുപ്പ്, ഉപ്പ്, ലവണം. **m.c acid** ലവണജവാസ്സം. =**ā-ted**, *a.* ഉപ്പിലിട്ട; ഉപ്പ് ഉള്ള; —കൂട്ടിയുണ്ടാക്കിയ. =**a-tif′ĕr-ŏus**, *a.* —വിളയുന്ന. [തറക്കുന്ന.

**Mū′ri-cāte**, =**cā-ted**, *a.* മുനയുള്ള,

**Mū′ri-dæ** (-dē), *n. pl.* മൂഷികവർഗ്ഗം.

**Mū′rine**, *a.* എലിയുടെ; 2. മൂഷികവർഗ്ഗത്തിൽ പെട്ട.

I. **Murk**, *n.* പഴച്ചണ്ടി, പിണ്ടി.

II. **Murk, Mur′ky**, *a.* ഇരുണ്ട, ഇരുളുള്ള; 2. അസ്വച്ഛമായ; 3. കറുത്ത. **murk,**

*n.* ഇരുള്. **mur′ki-ly,** *ad.* ഇരുണ്ട് കൊണ്ട്, മൂടലായി. **mur′ki-ness,** *n.* തിമിരം, അന്ധകാരം.

**Mur′mur,** *n.* മന്ദശബ്ദം, ഗുളുഗുളുരവം, നീരൊലി, മർമ്മരധ്വനി; 2. പിറുപിറുപ്പ്, മുറുമുറുപ്പ്; ആവലാധി. *v. i.* മുഴങ്ങുക; 2. (at, against) പിറുപിറുക്കുക, ആവലാധിപറയുക, മുറുമുറുക്കുക. *v.t.* നൊടിയുക, കശുകശുക്കുക. **-ĕr,** *n.* പിറുപിറുപ്പുകാരൻ. **-iṅg,** *n.* പിറുപിറുപ്പ്; നീരൊലി. *a.* മുറുമുറുക്കുന്ന; മുഴക്കമുള്ള. **-iṅg-ly,** *ad.* പിറുപിറുപ്പോടെ. **-ŏus,** *a.* പിറുപിറുപ്പായ; ആവലാധിപറയുന്ന; മുറുമുറുപ്പ് വരുത്തുന്ന.

**Mur′rāin** *n.* ഗോമാരി, കന്ന് കാലിവ്യാധി. **a m. on you** ആണംപെണ്ണം അല്ലാതായ്പ്പോ, ശൂന്യമായ്പ്പോ. *a.* വ്യാധി പിടിപെട്ട.

**Mur′rey** (-ri), *n.* കരിഞ്ചുവപ്പ് നിറം. *a.* ചെങ്കറുപ്പായ.

**Mur′rhīne** (-rīn), *n.* വിശിഷ്ടശിലാഭാജനം. *a.* വിശേഷമായ കല്ല് കൊണ്ടുണ്ടാക്കിയ.

**Mur′ri-on,** *n., see* **Morion.** [der.

**Mur′thĕr,** *n., an old form of* **Mur-**

**Mus,** *n.* (*pl.* **mū′rēs**) മൂഷികവൎഗ്ഗം.

**Mū′sa,** *n.* (*pl.* **mū′sæ**) വാഴവൎഗ്ഗം. **=sā′ceŏus** (-shus), *a.* വാഴവൎഗ്ഗത്തിൽ പെട്ട.

**Mu-saṅg′,** *n.* ഒര് വക മെരു (*z.*).

**Mus′ca,** *n.* (*pl.* **mus′cæ,** *pr.* -sē) ഈച്ചവൎഗ്ഗം, മക്ഷിക—. **mus′ci-form,** *a.* മക്ഷികാകൃതിയായ.

**Mus′cle** (mus′l), *n.* മാംസപേശി, ദശ (*an.*). 2. ഊക്ക്, കായബലം; 3. കല്ലിറച്ചി, കല്ലിമ്മല്ക്കായി, കടുക്ക (*z.*). **mus′-cled** (mus′ld), *a.* ദശയുള്ള. **mus′cū-lar** (-lĕr), *a.* മാംസത്തിന്നുള്ള; മാംസപേശിസംബന്ധമായ; ദശ ഉള്ള; ഊക്ക്—. **m.-r tissue** മാംസസാധനം. **mus-cū-lar′i-ty,** *n.* പുഷ്ടി, മാംസളത്വം; ഊക്ക്. **mus′cū-lar-īse, mus′cū-lar-īze,** *v.t.* മാംസപുഷ്ടി വരുത്തുക. **mus′cū-lar-ly,** *ad.* പുഷ്ടിയോടെ; ഊക്കോടെ. **mus-cū-lā′tiŏn, mus′cū-lā-tūre,** *n.* മാംസപേശിവ്യവസ്ഥ (*an.*).

**Mus′coid,** *n.* പൂപ്പ്, പായല്; ചമ്മി. *a.* ചമ്മിപോലെയുള്ള. **=col′o-ġy,** *n.* പായൽശാസ്ത്രം.

**Mus-cō-vā′dō,** *n.* വെല്ലം, ശക്കര.

**Mus-co-vīte,** *n.* റഷ്യക്കാരൻ; 2. അഭ്രം, കാക്കത്താലി. **mus′co-vy glass** അഭ്രം.

I. **Mūse, Mū′set, Mū′sit,** *n.* കണ്ടി, കടവായി, കടായി.

II. **Mūse,** *n. pl.* കവിതാദേവതകൾ; സരസ്വതി; ഗണപതി (*myth.*). 2. കവനവിദ്യ; 3. കവിതവാസന; 4. കവി. **mū′sal,** *a.* കവിതാസംബന്ധമായ. **-′less,** *a.* കവിതവാസനയില്ലാത്ത.

III. **Mūse,** *v. i.* ധ്യാനിക്കുക, ആലോചിക്കുക, ചിന്തിക്കുക; 2. ചിന്താമഗ്നനാകുക; 3. വിസ്മയിക്കുക. *v. t.* നിരൂപിക്കുക. *n.* ധ്യാനം, നിരൂപണം; 2. ധ്യാനനിഷ്ഠ; 3. ആശ്ചര്യം. **-′ful,** *a.* ധ്യാനശീലമുള്ള. **-′ful-ly,** *ad.* ആലോചിച്ച് കൊണ്ട്. **mū′sĕr,** *n.* ധ്യാനക്കാരൻ. **mū′siṅg,** *a.* ധ്യാനിക്കുന്ന. *n.* വിചാരം, ധ്യാനം. **mū′siṅg-ly,** *ad.* ചിന്താമഗ്നനായി.

**Mū′set,** *n., see* **Muse** I.

**Mū-sē′um,** *n.* കൌതുകശാല; 2. വിചിത്രസാധനസഞ്ചയം.

**Mush,** *n.* ചോളക്കഞ്ഞി, ചോളക്കളി. **mushy,** *a.* മാൎദ്ദവം ആയ; ബലഹീനം—.

**Mush′room,** *n.* കമില്, കൂന് (ണ്), ഛത്രകം; 2. പെട്ടന്ന് കേമനായവൻ. *a.* കമില് സംബന്ധിച്ച; 2. താല്ക്കാലികമായ. **m.-anchor** കടനങ്കൂരം. **m.-headed** കടപോലെയുള്ള (*b.*). **m.-ketchup** കൂഞ്ചാറ്. **m.-spawn** അരിക്കുമില്.

**Mū′sic,** *n.* സ്വരവിദ്യ, സംഗീത—; 2. വാദ്യവായന; 3. മേളം; 4. രാഗം; 5. സംഗീതരസം. **m.-box** സംഗീതയന്ത്രം, യന്ത്രവീണ. **m.-hall** ഗായനശാല. **m.-loft** ഗായകപീഠം. **m.-paper** രാഗക്കുറിപ്പ്. **m.-pen** ഐമ്മുനപ്പേന. **m. of**

the spheres വാനഗോളചലനമേളനം. instrumental m. വാദ്യവായന. vocal m. പാട്ട്. to face the m. കുശലില്ലാതിരിക്കുക. =cal, *a.* സംഗീതസംബന്ധമായ; —രസംഉള്ള, ഒഴുക്കം—; മേളമൊത്ത. m.l box യന്ത്രവീണ. m.l-glasses സ്ഫടികവാദ്യം. =cal, =cale, *n.* സംഗീതം; 'സഭര്', മേളം. =cal-ly, *ad.* മേളത്തോടെ. =cal-ness, *n.* സംഗീതവാസന; മേളം. =si'cian (-zish'an), *n.* ഗായകൻ, മേളക്കാരൻ, ഭാഗവതര്. =co-mā'ni-a, *n.* സംഗീതഭ്രാന്ത് (*med.*).

Mū'sit, *n.*, *see* Muse I.

Musk, *n.* കസ്തൂരി, മൃഗനാഭി; 2. കസ്തൂരിമൃഗം (*z.*); 3. സുഗന്ധം, പരിമളം; 4. കസ്തൂരിപ്പച്ച (*b.*). m.-beaver, m.-rat ഒര് വക എലി (*z.*). m.-cat ഒര് വക പൂച്ച (*z.*). m.-cattle, m.-ox, m.-sheep ഒര് ധ്രുവമൃഗം (*z.*). m.-deer കസ്തൂരിമൃഗം, —മാൻ (*z.*). m.-tortoise, m.-turtle ഒര് വക വെള്ളാമ (*z.*). *v. t.* കസ്തൂരിഉപയോഗിക്കുക; —കൂട്ടുക. -'i-ness, *n.* —മണം. -'y, *a.* —പോലെയുള്ള.

Mus'ket, *n.* ഒര് വക തോക്ക്; 2. ഒര് പക്ഷി (*z.*). m.-proof വെടികൊള്ളാത്ത. -ēer', *n.* പടയാളി. -oon', *n.* ചെറുതോക്ക്. -ry, *n.* തോക്ക്കൂട്ടം; വെടി.

Mus'lin, *n.*, *see* Mousseline. [ലം.

Mus-lin-et', *n.* ഒര് വക താണ ദുകൂ

Mus'mon, *n.* കാട്ടാട് (*z.*).

Mus'nud, *n.* സിംഹാസനം, രാജത്വം.

Mus-qui'to, *n.*, *see* Mosquito.

Mūs'rōle, Mūs'rōl, *n.* കതിരയുടെ മോന്തപ്പട്ട.

Mus'sel (mus'el), *n.* കല്ലിറച്ചി, കടുക്ക, കല്ലിമ്മല്ക്കായി, ഇളമ്പക്ക (*z.*). river-m. നമഞ്ഞി, നവിച്ചി. m.-bed കടുക്കപ്രദേശം. m.-digger ഒര് വക തിമിംഗലം (*z.*). [ൻ.

Mus'sul-man, *n.* മുഹമ്മദ്മതക്കാര

I. Must, *v. i. or a. v.* വേണം, വേണ്ടതാകുന്നു, ആവശ്യമാകുന്നു; ...എ കഴിയൂ, ...അല്ലാതെ നിവൃത്തിയില്ല. [ഞ്.

II. Must, *n.* മുന്തിരിങ്ങച്ചാറ്, പുതുവീ

Mus-tăche', Mus-tăch'i-ō (-tăsh') *n.*, *see* Moustache. (*z.*).

Mus'tang, *n.* കാട്ട്കുതിര; തട്ട്—

Mus'tard (-tĕrd), *n.* കടുക്, സക്ഷപം. m.-oil കടുകെണ്ണ.

Mus'tĕr, *n.* സൈന്യയോഗം; —പരിശോധന; 2. 'ഹാജര്'നോക്കൽ; 3. സൈന്യത്തുക; 4. സഭ, യോഗം, കൂട്ടം. m.-book സൈന്യച്ചാർത്ത്. m.-file, m.-roll പട്ടാളപ്പട്ടിക. m.-master ഹാജര് വിളിക്കുന്നവൻ; പരിശോധകൻ. to pass m. (പരിശോധനയിൽ) കുറവ് കാണാതിരിക്കുക. *v. t.* സംഗ്രഹിക്കുക, കൂട്ടിച്ചേർക്കുക; 2. യോഗംകൂട്ടുക; 3. സൈന്യം ചേർക്കുക. to m. troops into service പട്ടാളത്തിൽ എഴുതിക്കുക. to m. troops out of service പട്ടാളംപിരിക്കുക. to m. up ഉണ്ടാക, കൊള്ളുക; കൂട്ടിച്ചേർക്കുക; കിട്ടുക, സാധിപ്പിക്കുക. *v. i.* ഒന്നിച്ച് കൂടുക, കൂടിവരിക.

Mus'ty, *a.* പൂഴകിയ; വളിച്ച്പോയ, പുളിപ്പ്പററിയ; കാറുന്ന; പൂപ്പ്പററിയ; പാടകെട്ടിയ; 2. പഴക്കം മണക്കുന്ന, —ചുവക്കുന്ന; 3. ചീഞ്ഞ; 4. ജാഡ്യത ഉള്ള, മന്ദത—. mus'ti-ly, *ad.* പൂപ്പ്പിടിച്ചതായി; മന്ദതയോടെ. mus'ti-ness, *n.* വളിപ്പ്, പഴക്കം; മന്ദത.

Mū'ta-ble, *a.* മാററാകുന്ന; മാറുന്ന, പരിണാമ്യമായ; 2. സ്ഥിരതയില്ലാത്ത, ചപലം ആയ. =bil'i-ty, -ness, *n.* വികാരം; ചാഞ്ചല്യം. =bly, *ad.* മാറിമാറി. =tan'dum (*pl.* -tan'da), *n. pl.* മാററേണ്ടുന്നത്. =tā'tiōn, *n.* മാററം, വികാരം, പരിണാമം, ഭേദം. [ക്കൽ.

Mū'tāge, *n.* ദ്രാക്ഷാരസം പുളിക്കാതാ

*Mū'tat-is mū-tan'dis,* ആവശ്യമായ ഭേദഗതികൾ വരുത്തീട്ട.

Mutch'kin (much-), *n.* മുക്കാൽകുപ്പി, മൂവൊഴക്ക്.

I. Mūte, *a.* മിണ്ടാത്ത, മൌനം ആയ; 2. ഊമ—; 3. വ്യഞ്ജനം— (*gr.*). 4. മണിച്ചലില്ലാത്ത. *n.* മിണ്ടാത്തവൻ, മൌനി. മുനി; 2. ഊമൻ, മൂകൻ; 3. വ്യഞ്ജനാക്ഷ

രം (*gr.*). -'ly, *ad.* മിണ്ടാതെ, മൌനമായി. -'ness, *n.* മൌനത; മൂകത്വം. mū'-tism, *n.* മൌനത, മിണ്ടായ്മ.

II. **Mūte,** *n.* പക്ഷിക്കാഷ്ഠം. *v. i. & t.* കാഷ്ഠിക്കുക, വിഷ്ഠിക്കുക. mū'ting, *n.* പക്ഷിക്കാഷ്ഠം.

III. **Mūte,** *v. t.* കടഞ്ഞ് കളയുക, ഉതിർക്കുക; 2. ഉപ്പിളികളയുക.

**Mū'tic, Mū'ti-eus,** =cŏus, *a.* മുന ഇല്ലാത്ത; വായി—, മൂഷ്ഠ—.

**Mū'ti-lāte,** *v. t.* ഭംഗം വരുത്തുക; അംഗഭംഗം—; ഛേദിക്കുക; കറക്കുക; മുടന്താക്കുക; കഷ്ണംകഷ്ണമാക്കുക; 2. സാരഭംഗം വരുത്തുക, ഭേദം—, ഛിന്നഭിന്നമാക്കുക. *a.* അംഗഭംഗം ഉള്ള; ഊനംവന്ന; 2. ഇറകുള്ള. =lā'tiŏn, *n.* ഭംഗം വരുത്തൽ; അംഗഭംഗം, ഊനം. =lā-tŏr, *n.* ഊനം വരുത്തുന്നവൻ.

**Mū'ti-ny,** *n.* (സേനാ)മത്സരം, (അധികാര)ദ്രോഹം, കലഹം. *v. t.* മത്സരിക്കുക, ദ്രോഹിക്കുക, മേലധികാരിയോട് ചെറുത്ത് നില്ക്കുക. =nŏus, *a.* മത്സരഭാവമുള്ള; മത്സരമായ; അവിധേയത്വമുള്ള. =nŏus-ly, *ad.* ദ്രോഹിച്ച്. =nŏus-ness, *n.* മത്സരഭാവം.

**Mut'tĕr,** *v. i.* നൊടിയുക, ജപിക്കുക, പിറുപിറുക്കുക; 2. മുഴങ്ങുക. *v. t.* മെല്ലെ പറയുക, അസ്പഷ്ടമായി—. *n.* നൊടിച്ചല്; പിറുപിറുപ്പ്. -ĕr, *n.* നൊടിയുന്നവൻ. -iṅg, മെല്ലെപറയുന്ന. -iṅg-ly, *ad.* കശുകശു.

**Mut'ton,** (mut'n), *n.* ആട്; 2. ആട്ടിറച്ചി; 3. വേശ്യ. m.-bird ഒര് പക്ഷി (*z.*). m.-chop ആട്ടിന്റെ വാരിക്കഷണം; പാകംചെയ്യ വാരിത്തുണ്ടം. m.-fist പരുത്തകൈ. m.-monger കൂട്ടി. to return to one's m.s തുടങ്ങിയ കാര്യം പറയുക. -y, *a.* ആട്ട് മാംസംപോലെയുള്ള.

**Mū'tū-al,** *a.* അന്യോന്യം ആയ, പരസ്പരം—, തമ്മിൽതമ്മിൽ ഉള്ള, തമ്മാമ്മിൽ—; 2. പൊതുവെ—. -işm, *n.* പരസ്പരസംബന്ധവാദം. -'i-ty, *n.* അന്യോന്യത, പരസ്പരത്വം; അന്യോന്യപ്രതിഫലം (*l.*). -ly, *ad.* തമ്മിൽതമ്മിൽ, പരസ്പരം; =ar-y, *n.* വാങ്ങുവാങ്ങുന്നവൻ (*l.*).

**Muz'zle** (muz'l), *n.* മോന്ത; 2. (തോക്ക്) വായി; 3. മോന്തപ്പട്ട, കൊട്ട. m.-loader നിറതോക്ക്. m.-loading നിറക്കുന്ന. *v. t.* വായ്ക്ക് കൊട്ടയിടുക; വായികെട്ടുക; ബന്ധിക്കുക, തടസ്ഥപ്പെടുത്തുക. *v. i.* മോന്തയട്ടപ്പിക്കുക, മണക്കുക.

**Muz'zy,** *a.* മതിമറന്ന, ഭ്രമംപിടിച്ച; 2. കടിച്ച് ബോധമില്ലാത്ത =zi-ness, *n.* ലഹരി, ബോധക്കേട്.

**Mȳ,** *a. & poss. pron.* എന്റെ, മമ, മേ, അടിയന്റെ, ഇങ്ങേ, ഇവിട്ടത്തെ.

**Mȳ'ă,** *n.* (*pl.* mȳ'a-dæ *or* mȳ-ac'i-dæ) ഇളമ്പക്ക, ഇളമ്പൽ, എരിന്ത്, ഓരിക്ക, ഉവക്ക (*z.*).

**Mȳ-al'ġi-a,** *n.* പേശിവാതം, ഞരമ്പ് വലി, നാഡിപ്പിഴ (*med.*).

**Mȳ-col'o-ġy,** *n.* കമില് ശാസ്ത്രം, ഛത്രക—, =log'ic, =log'i-cal, *a.* —ശാസ്ത്രസംബന്ധമായ. =o'ġist, *n.* —ശാസ്ത്രി.

**Mȳ-e-lī'tis,** *n.* തണ്ടെല്ല് മജ്ജാവീക്കം (*med.*).

**Mȳ'e-lon, Mȳ'el,** *n.* തണ്ടെല്ല് മജ്ജ (*an.*). -al, *a.* തണ്ടെല്ല് മജ്ജാസംബന്ധമായ. =loid, *a.* മജ്ജാതുല്യമായ.

**Myn-hēer',** *n.* ലന്തക്കാരന്റെ പേരിന്ന് ചേർക്കുന്ന മാനവാചി: ശ്രീ, രാ-രാശ്രീ, അവർകൾ; 2. ലന്തക്കാരൻ.

**Mȳ'o-,** *pf.* മശ, പേശി; =og'ra-phy (-fi), *n.* മാംസപേശിശാസ്ത്രം. -graph'ic, -graph'i-cal, *a.* —ശാസ്ത്രസംബന്ധമായ. mȳ'oid, *a.* മാംസനാരുള്ള; —പേശിതുല്യമായ. -lin, *n.* മാംസപേശിസാധനം. =ol'o-ġy, *n.* —വിദ്യ. -log'-ic, -log'i-cal, *a.* —വിദ്യാസംബന്ധമായ. =ol'o-ġist, *n.* —ശാസ്ത്രജ്ഞൻ. =ō'ma, *n.* മാംസമുഴ (*med.*). -pa-thi'a =op'a-thy, *n.* മാംസവ്യാധി (*med.*). =ō-sī'tis, *n.* മാംസവീക്കം (*med.*).

**Mȳ'ō-man-cy,** *n.* മൂഷികലക്ഷണശാസ്ത്രം.

**Mȳ'ōpe,** =ō'pi-a, =ops, =ō-py, *n.* അല്പദൃക്കി, അടുത്ത് കാഴ്ച. =op'ic, *a.* അല്പദൃക്കിയായ, ദൂരക്കാഴ്ചയില്ലാത്ത.

**Myr'i-a-**, *pf.* പതിനായിരം, അയുതം; 2. പതിനായിരം മടങ്ങ്.

**Myr'i-ad**, *n.* പതിനായിരം, അയുതം; 2. അസംഖ്യം, അനവധി, വളരെവളരെ. *a.* അനേകമായ.

**Myr'i-a-pod, Myr'i-o-pod**, *n.* (*pl.* -ap'o-da) ചേരട്ട, തേരട്ട (*z.*); 2. കരിഞ്ഞാണി (*z.*).

**Myr'i-ärch** (-ärk), *n.* അയുതാധിപൻ.

**Myr'i-o-scōpe**, *n.* ബഹുദർശിനിയന്ത്രം.

**Myr'mi-don** (mĕr'mi-), *n.* ക്രൂരൻ, അറുകുലക്കാരൻ. 2. പരിചാരകൻ, ഉഗ്രസേവകൻ: =dō'ni-an, *a.* പരിചാരകനായ; ക്രൂരഭാവമുള്ള.

**Myr-ob'a-lan**, =ob'o-lan, *n.* താന്നിക്ക. കലിദ്രുമം (*b.*). **yellow m.** കടുക്ക, പത്ഥ്യ (*b.*).

**Myrrh** (mĕr), *n.* നറുമ്പശ, 'മുറ്', ഗന്ധരസം, രസഗന്ധം, ബോളം. **myr'-rhic** (mĕr'ik), *a.* ഗന്ധരസജന്യമായ; നറുമ്പശ സംബന്ധിച്ച.

**Myr'tle** (mĕr'tl), *n.* ഒരു സുഗന്ധച്ചെടി, കൊഴുന്ത് (*b.*).

**Mȳ'self** *pron.* (*pl.* **ourselves**) ഞാൻ തന്നെ, ഈ ഞാൻ, അഹം; ഇദ്ദേഹം, ഇവിടന്ന്, ഇങ്ങുന്ന്; നാം; 2. എന്നെത്തന്നെ, എന്നെ; നമ്മെത്തന്നെ.

**Mys'ta-gō-ġy**, *n.* ഗോപ്യാത്മജ്ഞാനം. =gog'ic, =gog'i-cal, *a.* ഗുപ്താത്മജ്ഞാനസംബന്ധമായ. =gogue (-gog), *n.* ഗൂഢാത്മവ്യാഖ്യാനി.

**Mys'ter-y**, *n.* രഹസ്യം, മർമ്മം, ഗോപ്യം, ഗൂഢാത്മം; 2. *pl.* ഗൂഢകർമ്മം; 3. *pl.* വാഴ്ത്തിക്കഴിഞ്ഞ തിരുവത്താഴസാധനങ്ങൾ; 4. മറുപൊരുള്, കടങ്കഥ; 5. വ്യാപാരം, തൊഴില്; 6. വൈദികനാടകം. =tē'ri-ŏus, *a.* രഹസ്യം ആയ, ഗുപ്തം—; അസ്പഷ്ടം—; ദുൎഗ്രാഹ്യം—. =tē'ri-ŏus-ly, *ad.* ഗൂഢമായി. =tē'ri-ŏus-ness, *n.* ഗോപ്യത. =ter-īse, =ter-īze, *v. t.* രഹസ്യം ആക്കുക, ഗുപ്തം—.

**Mys'tic**, =ti-cal, *a.* അജ്ഞേയം ആയ, അഗോചരം—; 2. മർമ്മം—; 3. കറി—; 4. ഉപമ—. **mys'tic**, *n.* ജ്ഞാനാത്മവാദി; ഗോപനപ്രിയൻ. =cal-ly, *ad.* ഗൂഢമായി; മറുപൊരുളായി. =cal-ness, *n.* ഗഹനത, മർമ്മം. =cism, *n.* ഗുപ്തോപദേശം; ജ്ഞാനാത്മവാദം (*eccl.*). വിശ്വാസബോധവാദം (*phil.*). =ti-fi-cā'-tiŏn, *n.* ഗോപനം; രഹസ്യം. ='ti-fi-cā-tŏr, *n.* ഗോപനം ചെയ്യുന്നവൻ. ='ti-fȳ, *v. t.* ഗുപ്തം ആക്കുക; അവ്യക്തം—; ഭ്രമിപ്പിക്കുക.

**Mys'ti-cēte**, *n.* കടലാന, തിമിംഗലം (*z.*).

**Mȳ'ta-cism**, *n.* 'മ'കാരപ്രയോഗം, അനുസ്വാര— (*gr.*).

**Myth, Mythe**, *n.* പുരാണം, പഴമ്പുരാണം, പുരാണകഥ; 2. സങ്കല്പം, കെട്ടുകഥ. -'ic, -'i-cal, *a.* പുരാണംസംബന്ധിച്ച; പഴം കഥ ആയ; കെട്ടുകഥ—; സങ്കല്പം—. -'i-cal-ly, *ad.* സങ്കല്പമായി. =thog'ra-phĕr (-fĕr), *n.* കഥ കെട്ടുന്നവൻ. =thol'o-ġĕr, =thol-o'ġi-an, =thol'o-ġist, *n.* പൌരാണികൻ, പുരാണവിത്. -o-loġ'ic, -o-loġ'i-cal, *a.* പൌരാണികം ആയ; സങ്കല്പം—. -o-loġ'i-cal-ly, *ad.* സങ്കല്പമായി. =thol'-o-ġīse, =thol'o-ġīze, *v. t.* പുരാണവൎണ്ണനം ചെയ്യുക; കഥകെട്ടുക. =thol'o-ġī-sĕr, =thol'o-ġī-zĕr, *n.* കഥാസങ്കല്പകൻ. -'o-lōgue (-lōg), *n.* കള്ളക്കഥ. =thol'o-ġy, *n.* പൌരാണികവിദ്യ; —ശാസ്ത്രം; പുരാണകഥാവലി; ദേവതാകഥ. -'o-plasm, *n.* പുരാണവചനം. -o-pœ'ic (-pē'ik), -o-po-et'ic, *a.* പുരാണംകെട്ടിയുണ്ടാക്കുന്ന.

# N

**N,** ഇംഗ്ലീഷ് ഭാഷയിൽ പതിനാലാമത്തെ അക്ഷരം. വ്യഞ്ജനം. പേര്: 'എൻ'. ഉച്ചാരണം: 'ൻ', 'ൺ', g. k ഈ അക്ഷരങ്ങളുടെ മുമ്പാകെ 'ങ്'.

**Nab,** *n.* (കന്നിന്റെ) നെറുക; 2. (തോക്കിന്റെ) കൊത്തി; 3. (പൂട്ടിന്റെ) കള്ളൻ നില്ക്കുന്ന കുററി. *v. t.* അറിയാതെ പിടിക്കുക, പെട്ടന്ന് —.

**Nā'bit,** *n.* കല്ക്കണ്ടിപ്പൊടി.

**Nā'bob,** *n.* 'നവാബ്', ദേശാധിപതി; 2. മഹാധനികൻ.

**Nā'cre** (nā'kr), **Nā'kĕr,** *n.* ചിപ്പിത്തോല്പ്, ചിപ്പിയുടെ ഉള്ള്, ശുക്തിപുടം. **-ŏus,** *a.* ശുക്തിതുല്യമായ; മുത്ത് പോലെയുള്ള.

**Nā'dĭr,** *n.* അധോഭാഗം, —വിന്ദു, കീഴ്ച്ചം, എതിരുച്ചം; 2. അധമസ്ഥിതി, അമാന്ത—.

**Næ'vus,** *n.* (*pl.* næ'vī) മറു, ജന്മമറു. **-'vōse,** *a.* മറുഉള്ള, പുള്ളി—.

I. **Nag,** *n.* തട്ട്കതിര, മട്ടക്കുതിര; കുതിര; 2. രഹസ്യക്കാരൻ.

II. **Nag,** *v. t.* & *i.* വെറുപ്പിക്കുക, വേദനപ്പെടുത്തുക, ഉപദ്രവിക്കുക. **-'ging,** *a.* ആക്ഷേപിക്കുന്ന, കുററം പറയുന്ന; ഉപദ്രവിക്കുന്ന. **-'gy,** *a.* ഈററപിടിച്ച; തൊട്ടാൽവാടിയായ.

**Nā'iad** (nā'yad), *n.* ജലദേവത, ജലപ്പിശാച്; 2. അപ്സരസ്ത്രീ.

**Nāif,** *a.* സ്വതഃപ്രഭയുള്ള; 2. യഥാർത്ഥമായ.

**Nāik,** *n.* നാട്ട്പട്ടാളത്തിലെ താണ ഉദ്യോഗസ്ഥൻ, 'നായിക്കൻ'.

**Nāil** (nāl), *n.* നഖം (*an.*); 2. കൊക്കുഗ്രം; 3. ആണി; 4. $2\frac{1}{4}$ അംഗുലമുള്ള നീളളവ്. **n.-brush** നഖക്കുച്ച്. **n.-headed** കടയുള്ള. **n.-plate** ആണിത്തകിട്. **on the n.** കൈക്ക്, 'റൊക്കം', തല്ക്ഷണം. **to hit the n. on the head** കൊണ്ടുകയ്യായി പ്രവൃത്തിക്കുക, പററുംവണ്ണം—. *v. t.* ആണിവെക്കുക, —തറച്ചുറപ്പിക്കുക; 2. ആണിയാലലങ്കരിക്കുക; 3. പിടിക്കുക; കുടുക്കുക. **to n. a lie** *or* **assertion** വെളിച്ചത്താക്കി നിൎത്തലാക്കുക. **-'ĕr,** *n.* ആണി ഉണ്ടാക്കുന്നവൻ; —അടിക്കുന്നവൻ. **-'ĕr-ess,** *n.* —ഉണ്ടാക്കുന്നവൾ. **-'ĕr-y,** *n.* ആണിപ്പണിസ്ഥലം. **-'less,** *a.* ആണിയില്ലാത്ത.

**Nāin-so͞ok',** *n.* 'നേംസൂത്ത്', ഒരുവക നേൎമ്മത്തുണി.

**Nä'īve,** *n.* സഹജം ആയ, സ്വാഭാവികം—; 2. യഥാൎത്ഥം—, പരമാൎത്ഥമുള്ള. **-ly,** *ad.* യഥാൎത്ഥമായി. **-ty, nä'īve-te,** *n.* നിഷ്കപടത്വം, യുക്തിയില്ലായ്മ, യഥാൎത്ഥഗുണം.

**Nā'ked,** *a.* നഗ്നം ആയ, നിൎമ്മാണം— (*S.*), ഉട്വസ്ത്രം ഇല്ലാത്ത; 2. മറവ്—; തുറന്നിരിക്കുന്ന; 3. ഉറഇല്ലാത്ത; 4. രക്ഷ—; കാവല്—; 5. ആയുധം—; 6. സഹായം—; 7. പ്രത്യക്ഷം ആയ, സ്പഷ്ടം—; 8. ഇല്ലാത്ത, വെറും, സാക്ഷാൽ; 9. ഇല etc. ഇല്ലാത്ത (*b.*). **n. eye** വെറുംകണ്ണ്. **n. flooring** മച്ച്. **-ly,** *ad.* നഗ്നമായി; പ്രത്യക്ഷമായി; ശുദ്ധമെ. **-ness,** *n.* നഗ്നത; ഗുഹ്യപ്രദേശം.

**Nā'kĕr,** *n.*, *see* **Nacre.**

**Nam'by-pam'by,** *n.* നാട്യസംസാരം; 2. —രചന; —കാവ്യം. *a.* രസമില്ലാത്ത, വെറുംമോടിയുള്ള.

**Nāme,** *n.* നാമം, പേര്, അഭിധാനം; 2. കീൎത്തി, വിശ്രുതി; 3. കുലം, വംശം; 4. ആള്. **n.-plate** പേപ്പലക. **n.-sake** അതേ പേരുള്ളവൻ. **Christian n.** സ്വന്തംപേര്, സ്നാനപ്പേര്. **pen-n.** സങ്കല്പനാമം, മറപേര്. **proper n.** പ്രത്യേകനാമം (*gr.*). **sur-n.** തറവാട്ട്പേര്, വീട്ട്—, കുഡുംബപ്പേര്. **in n.** പേരിന്ന് മാത്രം. **in the n. of** കല്പനപ്രകാരം; ...ക്ക് വേണ്ടി; എന്ന് വെച്ച്, എന്ന ഭാവത്തിൽ. **to call n.s** ചീത്തപറയുക, വായി—, വാവിഷ്ഠാണം ചെയ്യുക. **to take a n. in vain** പേര് ദുരുപയോഗപ്പെടുത്തുക, പേരിന്ന് അപമാനം വരുത്തുക, പേര്

അപ്രസിദ്ധമാക്കുക. *v. t.* പേരിടുക, (പേര്) വിളിക്കുക; നാമകരണം ചെയ്യുക; 2. പേര് പറയുക, —വെളിച്ചത്താക്കുക; 3. നിശ്ചയിക്കുക, കുറിക്കുക; 4. പേര് പറഞ്ഞാക്ഷേപിക്കുക. **nā′ma-ble,** *a.* പേര് പറയാകുന്ന. **na-mā′tiŏn,** *n.* ജപ്തി (*l.*), **-′less,** *a.* പേരില്ലാത്ത, നാമരഹിതമായ; പ്രസിദ്ധിയില്ലാത്ത; വാറോലയായ, പേര് കാണിക്കാത്ത; അവൎണ്ണനീയമായ. **-′less-ly,** *ad.* പേരില്ലാതെ. **-′ly,** *ad.* പ്രത്യേകമായി; എന്ന് വെച്ചാൽ, എന്തെന്നാൽ, അതോ. **nā′mĕr** പേര് പറയുന്നവൻ.

**Nan-kēen′,** *n.* 'കാങ്കി'ത്തുണി; 2. *pl.* കാങ്കിക്കാല്ശറ.

**Nan′ny-gōat,** *n.* പെണ്ണാട്.

I. **Nap,** *v. i.* കണ്ണ് കാച്ചുക; ഉറക്കം തൂക്കുക; 2. വിചാരമില്ലാതിരിക്കുക. *n.* കണ്ണ് കാച്ചൽ, അല്പനിദ്ര; തൂക്കം. **n.-taking** നിനയാത്തനേരമുള്ള ആക്രമം. **-′py,** *a.* നിദ്രാമയക്കം ഉള്ള; മയക്കം വരുത്തുന്ന.

II. **Nap,** *n.* ഊൎണ്ണം, മാൎദ്ദവം. **-′ping,** *n.* രോമം പൊന്തിക്കൽ. **-′py,** *a.* പതവും മിനുസവും ഉള്ള. **-′less,** *a.* രോമം ഇല്ലാത്ത; മുട്ടതം—. **-′pi-ness,** *n.* ഊൎണ്ണതം, മുട്ടതം. [ത്ത്.

**Nāpe,** *n.* പിരടി, പിടലി (*S.*), എരു

**Nā′pĕr-y,** *n.* മേശത്തുണി, തുണി.

**Naph′tha** (naf′tha *or* nap′tha), *n.* മണ്ണെണ്ണ. [വാല'.

**Nap′kin,** കൈത്തോൎത്ത്, കൈ'ത്തു

**Na-pō′le-on,** *n.* 9ക. വിലക്കുള്ള ഒര് പൊൻനാണ്യം.

**När-cot′ic, =′i-cal,** *a.* മയക്കം വരുത്തുന്ന, ഉറക്കം—; 2. ബുദ്ധിമയക്കുന്ന; 3. ലഹരിവിഷമുള്ള. **=cot′ic,** *n.* നിദ്രജനകൌഷധം (*med.*). **-ness,** *n.* ലഹരിവിഷം. **=′i-cal-ly,** *ad.* മയക്കം വരുത്തുന്നതായി. **=′cō-tine, =ti-a,** *n.* 'അവീൻ' സത്ത്. **=cō-tine,** *a.* കറുപ്പ് സത്ത് സംബന്ധമായ. **=cō-tism, =cō′sis,** *n.* ലഹരിമയക്കം. **=tīse, =tīze,** *v. t.* മയക്കം വരുത്തുക; ലഹരിവിഷം ഏല്പിക്കുക.

**Närd,** *n.* ജടാമാംസി, ജടാമാഞ്ചി (*b.*). 2. ജടാമാംസിതൈലം. **när′dine,** *a.* —ഗുണമുള്ള.

**Nāre,** *n.* (*pl.* nā′rēs) നാസാരന്ധ്രം, മൂക്കിന്റെ ഓട്ട (*an.*). **nar′i-form,** *a.* നാസാകൃതിയായ. **nar′īne,** *a.* നാസാദ്വാരസംബന്ധിച്ച.

**När′gil-e, När′gi-leh** (-lā), *n.* 'ഹുക്ക', 'ഉക്ക', തൊണ്ടും കുഴലും.

**Nar-rāte′,** *v. t.* പറയുക; വിവരിക്കുക. **=rā′tion,** *n.* വൎണ്ണനം, കഥനം; കഥ, വൃത്താന്തം; വിവരം. **=′ra-tive,** *a.* കഥനസംബന്ധം ആയ; വിവരണം—; ചിലെച്ച് കൊണ്ടിരിക്കുന്ന. *n.* വൃത്താന്തം; കഥനം. **=′ra-tive-ly,** *ad.* കഥയായി. **=rā′tŏr,** *n.* കഥപറയുന്നവൻ; വൎണ്ണനക്കാരൻ. **=rā′tŏr-y,** *a.* കഥയായ; വിവരം പറയുന്ന.

**Nar′rōw** (-rō), *a.* അകലം കുറഞ്ഞ, വീതിയില്ലാത്ത, ഇടുങ്ങിയ, ഇറുങ്ങിയ; 2. ചുരുങ്ങിയ, അല്പംആയ; 3. വിഷമം—, അത്യാപത്ത് ഉള്ള; പ്രയാസേന—; 4. വകയില്ലാത്ത, ഞെരുങ്ങിയ, ബുദ്ധിമുട്ട് ഉള്ള; 5. സ്വാൎത്ഥത—; കൃപണതം—, ഈററ—; 6. ഉദാരമനസ്സില്ലാത്ത, നീചബുദ്ധിആയ; 7. കൃത്യം—, സൂക്ഷ്മം—. **n. gauge,** *s. u.* **Gauge. n.-minded** നീചബുദ്ധിയായ, ഉദാരമനസ്സില്ലാത്ത. **n.-mindedness** പിറത്തരം, ഉദാരഹീനത. *n. pl.* കടലിടുക്ക് (*geog.*). *v. t.* അകലം കുറക്കുക, ഇടുക്കമാക്കുക; 2. ചുരുക്കുക; 3. ക്ലിപ്തപ്പെടുത്തുക. *v. i.* ചുരുങ്ങിവരിക; 2. ഇടുങ്ങി നടക്കുക; 3. ചുരുക്കുക. **-ĕr,** *n.* ഇറുക്കുന്നവൻ. **-ing,** *n.* ചുരുക്കൽ; ഇറുക്കം. **-ly,** *ad.* വിശാലതയില്ലാതെ; ഞെരുങ്ങിക്കൊണ്ട്; സൂക്ഷ്മമായി; പ്രയാസേന; ലോഭത്തോടെ. **-ness,** *n.* ഇടുക്കം, കുടുസ്സ് (*S.*); ഞെരുക്കം.

**När′wäl, När′whäl** (-hwäl), *n.* കൊമ്പൻകടലാന, —തിമിംഗലം (*z.*).

**Nā′sal,** *a.* നാസാസംബന്ധം ആയ; 2. അനുനാസികം— (*gr.*). **n. bones** നാസാസ്ഥി, മൂക്കെല്ല (*an.*). *n.* അനുനാസികം (*gr.*); 2. നസ്യം (*med.*). 3. നാസാസ്ഥി (*an.*). **=sal′i-ty,** *n.* അനുനാ

സികത്വം. -i-s̱ā'tiŏn, -i-zā'tiŏn, *n.* അനുനാസികം ആക്കൽ. -īs̱e, -īze, *v. t.* —ആക്കുക. *v. i.* മൂക്ക് കൊണ്ട് സംസാരിക്കുക; അനുനാസികമായുച്ചരിക്കുക. -ly, *ad.* മൂക്ക് കൊണ്ട്; അനുനാസികമായി. nā-s̱i-eor'nŏus, *a.* മൂക്കിന്മേൽ കൊമ്പുള്ള. nā's̱i-form, *a.* നാസാകൃതിയായ. nā's̱i-on, *n.* മൂക്കിൻെറ പാലം (*an.*).

Nas'cent (-ent), *a.* തുടങ്ങുന്ന, ആരംഭിക്കുന്ന; 2. ഉളവായിവരുന്ന, ഉണ്ടായി—. n. state കൂടിക്കലരാത്തസ്ഥിതി. nas'cen-cy (-'en-si), *n.* ആരംഭം, ഉല്പത്തി.

Nash, *n.* ഉറപ്പുള്ള, കട്ടിയായ; സ്ഥിരം ഉള്ള; 2. കളിര്—.

Nā-s̱i-eor'nŏus, Nā's̱i-form, Nā's̱i-on, *s. u.* Nasal.

Nā's̱o, *pf.* നാസിക, മൂക്ക് സംബന്ധമായ.

Nas'ty, *a.* അഴുക്ക് ആയ; 2. ചീത്ത—, വഷള്—; വെറുപ്പ്—, ആകാത്ത; 3. മഴ ഉള്ള; 4. അശുദ്ധി—, അസഭ്യമായ. nas'ti-ly, *ad.* വഷളായി. nas'ti-ness, *n.* വൃത്തികേട്; വഷളത്വം; അസഭ്യത.

Nā'tal, *a.* ജനനസംബന്ധമായ; 2. —കാലം മുതല്ക്കുള്ള; 3. ജനനാലുള്ള; 4. ജന്മനക്ഷത്രം ആയ.

Nā'tant, *a.* വെള്ളത്തിൽ പൊങ്ങിക്കിടക്കുന്ന. -ly, *ad.* നീന്തിക്കൊണ്ട്. na-tā'tiŏn, *n.* പൊങ്ങിക്കിടക്കൽ; നീന്തം. =ta-tō'rēs̱, *n. pl.* ജലപ്പക്ഷിവൎഗ്ഗം (*z.*). =ta-tō'ri-al, *a.* നീന്തത്തിന്ന് പററിയ; നീന്തുന്ന. =ta-tō'ri-ŏus, -ta-tŏr-y, *a.* നീന്തത്തിനുള്ള. =ta-tō'ri-um, *n.* കുളം.

Nāth'less, *ad. s. a.* Nevertheless.

Nā'tiŏn, *n.* ജനം, വംശം; 2. രാജ്യക്കാര്, ദേശക്കാര്; 3. കൂട്ടം, സമൂഹം. na'tiŏn-al (nash'un-), *a.* രാജ്യസംബന്ധമായ, പൊതുവെയുള്ള, സൎവ്വസാമാന്യമായ; സ്വദേശസംബന്ധമായ. n.l anthem രാജ്യകീൎത്തനം. n.l flag —ധ്വജം. n.l salute —ബഹുമാനവെടി. -al-is̱m, *n.* സ്വദേശപ്രീതി; രാജ്യലക്ഷണം; സ്വാതന്ത്ര്യാധിപത്യവാദം. -al-ist, *n.* —വാദി. -al'i-ty, -al-ness, *n.* സ്വദേശപ്രീതി; രാജ്യലക്ഷണം; ജനാംശം, വംശം; പൌരത്വം, രാജ്യസംബന്ധം. -al-i-s̱ā'tiŏn, -al-i-zā'tiŏn, *n.* പൌരത്വലബ്ധി. -al-īs̱e, -al-īze, *v. t.* പൌരത്വംകൊടുക്കുക; രാജ്യമാക്കുക; രാജ്യലക്ഷണം ഉളവാക്കുക. -al-ly, *ad.* രാജ്യനടവടിപ്രകാരം; രാജ്യമായിട്ട്.

Nā'tive, *a.* ജനിച്ചുണ്ടാകുന്ന; 2. ജനനസംബന്ധമായ, ജന്മ; സ്വ, സ്വന്ത; 3. ദേശ്യം ആയ, ദേശസ്ഥൻ—, ദേശികൻ—, ദേശീയം—, നാട്ട്; 4. മൂലം ആയ, ഉല്പത്തി—; 5. സഹജം—, ജനനാൽ ഉള്ള, സ്വതവെ—; 6. സംബന്ധിച്ചിരിക്കുന്ന; 7. ശുദ്ധ, കലൎപ്പില്ലാത്ത (*min.*). n. pastor ദേശീയബോധകൻ (*Chr.*). *n.* ദേശസ്ഥൻ, ദേശികൻ, ദേശീയൻ, നാട്ടുകാരൻ; നിവാസി; നാട്ടുല്പന്നം. -ly, *ad.* ആദ്യമായി, സ്വഭാവേന. -ness, *n.* ദേശീയത്വം. =tiv-is̱m, *n.* ദേശസ്ഥപ്രീതി; പ്രകൃതിധൎമ്മാനുസരണം. =tiv-is'tic, *a.* —ധൎമ്മാനുസാരമായ. na-tiv'i-ty, *n.* ജനനം, പിറപ്പ്; യേശുവിൻെറ ശൈശവചിത്രം; ജാതകം (*astr.*). the N.y യേശുവിൻെറ ജനനം; —പിറന്നാള്, 'ക്രിസ്തുസ്'ദിവസം. to cast *or* calculate one's n.y ജാതകം ഗണിക്കുക.

Nat'tĕr-jack (nat'ĕr-jak), *n.* പേക്കാന്തവള, പേക്കൻ, മഞ്ഞത്തവള (*z.*).

Nat'ty, *a.* വൃത്തിയുള്ള; nat'ti-ly, *ad.* നല്ല വെടിപ്പോടെ. nat'ti-ness, *n.* ശുചി, വൃത്തി.

Nā'tūre (*or* -chur), *n.* സൃഷ്ടിവ്യവസ്ഥ, ജഗത്ത്, വിശ്വം; പ്രകൃതി; 2. സൃഷ്ടിധൎമ്മം; 3. ദൈവം; 4. പ്രകൃത്യാ ഉള്ളത്; 5. സഹജഗുണം, ശീലം, സ്വഭാവം; 6. വിധം, തരം, മാതിരി; 7. ജീവൻ; 8. ദേഹവ്യവസ്ഥ; 9. സ്വഭാവസ്നേഹം; 10. തത്വം. n.-printing സാധനഛാപനം. n.-worship പ്രകൃത്യാരാധന. good n. സുശീലം, സല്ഗുണം. ill n. ദുശ്ശീലം, ദുൎഗ്ഗുണം, ദുസ്സ്വഭാവം. in a state of n. നഗ്നമായി; പുനൎജ്ജന്മം പ്രാപിക്കാതെ, പാപത്തിൽ (*Chr.*); മെരുങ്ങാതെ, പരിഷ്കാരം ഇല്ലാതെ. law of n. സൃഷ്ടിധൎമ്മം, പ്രകൃതി—. to pay the debt of n. മരിക്കുക. nat'ū-ral (*or* -chu-),

*a.* പ്രകൃതിയനുസാരമായ; പ്രകൃത്യാ ഉള്ള, ജാത്യാൽ—, ജനനാൽ—, സഹജം ആയ; ലക്ഷണം—; സാരം—, മുഖ്യം—; തനിയെ ഉണ്ടായ, കൃത്രിമം അല്ലാത്ത; അന്യദേശ്യം—, ദേശികം ആയ; അന്യം അല്ലാത്ത, നാട്യം—, സ്വതവെ ഉള്ള; നാട്ടുകാക്ക്—; പ്രകൃതിധൎമ്മപ്രകാരം—, സ്വാഭാവികം ആയ; ക്രമാനുസാരം—, യഥാക്രമം—, ന്യായം—; കൃത്യം—, സാക്ഷാൽ—, യഥാൎത്ഥം—; സാധാരണം—; രക്തസംബന്ധമുള്ള; അനൌരസം ആയ, ജാരജനിതം—, കൌലടേയൻ—; ജഡികം—, പാപമയം—; പ്രാപഞ്ചികം—, അനാത്മികം—. n.l day 24 മണിക്കൂറ് ഉള്ള ദിവസം. n.l history പ്രകൃതിശാസ്ത്രം, ചരാചര—, ജഡാജഡ—; സ്ഥാവരജംഗമ—; ജംഗമ—, ജീവജന്തു—. n.l law പ്രാകൃതനീതിബോധം. n.l magic പ്രകൃത്യൈന്ദ്രജാലം. n.l order വൎഗ്ഗം, പ്രാണിവൎഗ്ഗം; വൃക്ഷ—. n.l person ഒററ ആള് (*l.*). n.l philosophy പ്രകൃതിശാസ്ത്രം; പദാൎത്ഥവിജ്ഞാനം. n.l science പ്രപഞ്ചശാസ്ത്രം. n.l selection ഉത്തമാവശേഷധൎമ്മം (*biol.*). n.l system പ്രാണിവൎഗ്ഗം; വൃക്ഷ—; വൎഗ്ഗവ്യവസ്ഥ. n.l theology, n.l religion സൃഷ്ടിജന്യ ദൈവജ്ഞാനം. *n.* പൊട്ടൻ, ബുദ്ധിശൂന്യൻ; യഥാസ്വരചിഹ്നം (*mus.*). =ral-ism, *n.* പ്രകൃതിവ്യവസ്ഥ; —അനുസരണം;—മാഹാത്മ്യവാദം (*met.*). =ral-ist, *n.* —ശാസ്ത്രജ്ഞൻ; ജംഗമ—; പ്രകൃതിമാഹാത്മ്യവാദി. =ral-is'tic, *a.* —വാദസംബന്ധം ആയ; പ്രകൃതിതുല്യം—, യഥാസ്ഥിതി—, ഉള്ളപോലെയുള്ള. =ral'-i-ty, *n.* പ്രകൃതി; സാക്ഷാൽ ഗുണം. =ral-i-sā'tiŏn, =ral-i-zā'tiŏn, *n.* പൌരത്വദാനം, പൌരീകരണം; പൌരത്വം. =ral-īse, =ral-īze, *v. t.* അഭ്യാസം ആക്കുക, തഴക്കം—, ശീലംവരുത്തുക; പൌരത്വം കൊടുക്കുക; ദേശ്യമാക്കുക. *v. i.* പുരവാസിയായ്തീരുക; പ്രകൃതിമാഹാത്മ്യവാദം ചെയ്യുക. =ral-ly, *ad.* സാധാരണമായി, വഴക്കപ്രകാരം; സ്വതവെ. =ral-ness, *n.* സാധാരണത്വം; പ്രകൃത്യനുസരണം. nā'tūred (-'tūrd), *a.* സ്വഭാവം ഉള്ള, ഗുണം—.

**Naught, Nought** (nat), *n.* ഇല്ലായ്മ, ശൂന്യം, നാസ്തി; 2. പൂജ്യം, സൊന്ന (*ar.*). for n. വെറുതെ, അകാൎയ്യമായി. to come to n. വ്യൎത്ഥമായി ആക, നിഷ്ഫലം—. to set at n. ഉപേക്ഷിക്കുക, പുച്ഛിക്കുക, അലക്ഷ്യമാക്കുക. *ad.* അശേഷം (ഇല്ല), കേവലം (—), തീരെ (—). *a.* സാരം ഇല്ലാത്ത, പൊരുള്—, നിസ്സാരമായ.

**Naught'y** (nat'i), *a.* ഒന്നുമില്ലാത്ത; 2. നിസ്സാരമായ; 3. ദോഷമുള്ള; 4. വികൃതി ആയ, പോക്കിരി—, താന്തോന്നി—; അനുസരണംകെട്ട; 5. വഷളായ; 6. പററാത്ത. naught'i-ly, *ad.* വഷളായി, കീഴടക്കമില്ലാതെ. naught'i-ness, *n.* വികൃതി; ആകായ്മ; ചീത്തക്കേട്, വഷളത്വം.

**Nau'ma-chy** (na'ma-ki), *n.* കടൽയുദ്ധം, കപ്പല്പട; 2. കപ്പല്പടക്കളി.

**Nau'se-a** (na'shi-a), *n.* മനംപിരട്ടല്, ഓക്കാനം, ഛൎദ്ദി, വമനം; 2. വെറുപ്പ്, അറപ്പ്, അസഹ്യം; 3. മട്ടപ്പ്, ചെടിപ്പ്. =ant, *n.* ഓക്കാനം വരുത്തുന്ന സാധനം; വമനൌഷധം (*med.*). =āte (-āt), *v. i.* മനംപിരട്ടുക, ഓക്കാനം വരിക; അസഹ്യം തോന്നുക. *v. t.* ഛൎദ്ദിക്കുക; അറെക്കുക. =ā'tiŏn, *n.* മനംപിരട്ടല്, വമനം. =a-tive, ='se-ŏus, *a.* വമനകരം ആയ; ബീഭത്സം—, അറപ്പുള്ള. ='se-ŏus-ly, *ad.* ഓക്കാനം വരത്തക്കവണ്ണം. ='se-ŏus-ness, *n.* ഉഴപ്പ്; മട്ടപ്പ്.

**Nautch** (nach), *n.* മോഹിനിയാട്ടം.

**Nau'tic, =cal,** *a.* നാവികമായ, കപ്പലോട്ടം സംബന്ധിച്ച; 2. കപ്പല്—; 2. 'കലാശി'കൾക്കുള്ള. n.l almanac നാവികപഞ്ചാംഗം. n.l astronomy നാവികജ്യോതിശ്ശാസ്ത്രം. n.l mile, *s. u.* Mile. =cal-ly, *ad.* നാവികധൎമ്മപ്രകാരം. ='ti-form, *a.* നാവികാകൃതിയുള്ള.

**Nau'ti-lus,** *n.* (*pl.* nau'ti-lī) ഒര് വക നമിഞ്ഞി (*z.*).

**Nā'val,** *a., s. u.* Navy.

**Nāve,** *n.* (ഉരുളിന്റെ) അരട, കുംഭം; 2. പള്ളിയുടെ നടുഭാഗം.

**Nā'vel,** *n.* പൊക്കിള്, പോട്, നാഭി (*an.*). 2. നടു, മദ്ധ്യം. **n.-string** പൊക്കിള് വള്ളി (*an.*).

**Nā-vic'ū-lar,** *a., s. u.* **Navy.**

**Nav'i-gāte,** *v. t.* കപ്പലോടിക്കുക, സമുദ്രപ്രയാണം ചെയ്യുക. **=ga-bil'i-ty, =ga-ble-ness,** *n.* നൌസഞ്ചാരയോഗ്യത. **=ga-ble,** *a.* കപ്പലോട്ടത്തിന്ന്തക്ക, ആഴവും വിസ്താരവും ഉള്ള. **=ga-bly,** *ad.* കപ്പലോടിക്കത്തക്കവണ്ണം. **=i-gā'tiŏn,** *n.* കപ്പലോടിക്കൽ; ഉരുവോട്ടം; നാവികവിദ്യ; കപ്പലോട്ട—; കപ്പലുകൾ. **aerial n.n** ആകാശഗമനം, വാനസഞ്ചാരം. **inland n.n, internal n.n** പുഴസഞ്ചാരം, പുഴക്കപ്പലോട്ടം. **=gā-tŏr,** *n.* കപ്പലോടി, കപ്പലോട്ടക്കാരൻ. **=vig'er-ŏus,** *a.* ഉരുവോട്ടത്തിന്ന് തക്ക.

**Nav'vy,** *n.* തോട് കഴിക്കുന്നവൻ; 2. കൂലിപ്പണിക്കാരൻ.

**Nā'vy,** *n.* കപ്പൽക്കൂട്ടം, നൌഗണം; 2. യുദ്ധക്കപ്പൽസൈന്യം, പടക്കപ്പൽചേകവർഗ്ഗം; 3. യുദ്ധക്കപ്പൽക്കൂട്ടം. **n.-yard** പടക്കപ്പൽക്കോതി. **nā'val,** *a.* കപ്പൽസംബന്ധമായ; —പടയാളികൾക്കുള്ള; —കൂട്ടമായ. **n.l brigade** നാവികസൈന്യം. **n.l officer** പടക്കപ്പലുദ്യോഗസ്ഥൻ. **n.l tactics** നാവികായോധനവിദ്യ. **na-vic'ū-lar,** *a.* നാവികാകൃതിയായ, തോണിപോലെയുള്ള.

**Na-wab',** *n.* 'നവാബ്', ദേശാധിപതി.

**Nāy** (nā), *ad.* ഇല്ല; അല്ല; 2. എന്ന് വേണ്ട; എന്നല്ല, എന്ന് മാത്രമല്ല, അത്രയുമല്ല, എന്ന് തന്നെയല്ല; അതല്ലാതെ. *n.* നിഷേധം; 2. നിഷേധാഭിപ്രായം, നിഷേധച്ചീട്ട്.

**Nāze,** *n.* മുനമ്പ്, കോടി, കരനാക്ക്.

I. **Nēap** (nēp), *a.* വററിയ, താണ. **n. tides** വററിയ ഇറക്കം, വാവിറക്കം. *n.* വററിയ ഇറക്കം. **nēaped, bē'nēaped** (-nēpt), *a.* ഏററത്തിന്ന് കയറി ഉറച്ച് പോയ.

II. **Nēap** (nēp), *n.* വണ്ടിയുടെ ഈത്ത്, ഏക്കാല്.

**Nēar** (nēr), *ad.* അടുക്കെ, സമീപം, അടുത്ത്, അന്തികെ, ചാരവെ; 2. ഏകദേശം, ഏതാനും, മിക്കവാറും, മുക്കാലെയരക്കാലും; 3. നന്നെ, ഏററവും; ഉററ്. **far and n.** മുഴുവനും; എല്ലാടവും, പ്രദേശം ഒട്ടുക്ക്. **to come n. to, to go n. to** എത്തുക, മതിയാക, ഏതാനും ആക. **n. the wind** കാററ്പിടിച്ച് (*naut.*). *a.* അടുക്കെ ഉള്ള, സമീപത്ത്—; സമീപിച്ചിരിക്കുന്ന; 2. ഉററ, അടുത്ത; 3. പ്രാണ; 4. ഒത്ത, കൃത്യം ആയ, ശരി—; 5. അതിശയം—; വിഷമം—, പ്രയാസേനയുള്ള; 6. കറുക്കായ; 7. ഈററയുള്ള. **n. at hand** അടുക്കെ. **n.-legged** കാല് തമ്മിൽ മുട്ടുന്ന. **n.-sighted** ദൂരക്കാഴ്ചയില്ലാത്ത. **n.-sightedness** അല്പദൃഷ്ടി. *prep.* അടുത്ത്, അടുക്കെ, സമീപം, അന്തികെ. *v. t. & i.* അടുക്കുക, അടുത്ത് ചെല്ലുക, അണയുക, സമീപിക്കുക. **-'ĕr,** *c. d.* അധികം അടുക്കെ. **-'est,** *s. d.* ഏററവും അടുക്കെ. **-'ly,** *ad.* ഏതാനും, മിക്കവാറും, ഒട്ടൊക്കെ, ഏറക്കുറയ, ഏകദേശം; അടുക്കെ, സമീപം. **-'ness,** *n.* അടുപ്പം, സാമീപ്യം.

I. **Nēat** (nēt), *n. s. & pl.* കന്ന്കാലി, കന്ന്, കാലി; കാള, പശു, പോത്ത്, എരിമ. **n.-herd** കാലിനോക്കുന്നവൻ. **n.'s-foot oil** കാലെണ്ണ. *a.* കാലിസംബന്ധമായ.

II. **Nēat** (nēt), *a.* വൃത്തിഉള്ള, വെടിപ്പ്—, ശുചി—; 2. ഭംഗി—, അഴകായ; 3. ശുദ്ധ, കലപ്പില്ലാത്ത; 4. വിശേഷം ആയ, അതിശയം—; 5. മുരത്ത; 6. പോക്കടം കഴിച്ചുള്ള. **n.-handed** കൃത്യമായ. **n. line** കററി. **n. work** കററിയിട്ടുണ്ടാക്കിയ എടുപ്പ്. **-'ly,** *ad.* വൃത്തിയായി, നന്നായി, ഭംഗിയായി. **-'ness,** *n.* വൃത്തി, വെടിപ്പ്; അഴക്, ചന്തം, ചാരുത്വം.

**Neb,** *n.* കൊക്ക്; 2. മൂക്ക്; 3. ചുണ്ട്; വായി; 4. മുന.

**Neb'ū-la,** *n.* (*pl.* **neb'ū-læ,** *pr.* -lē) പ്രഭാപടലം, ധൂമതാര (*as.*); 2. ശുക്ലപട

ലം, ശുക്ലം (*med.*). =lar, *a.* പ്രഭാപടലസംബന്ധം ആയ; —തുല്യം—. n.r hypothesis പ്രഭാപടലോല്പത്തിവാദം (*as.*). =lā-ted, *a.* വണ്ണപ്പടലമുള്ള. =lā'tiŏn, *n.* പടലതാം; വണ്ണപ്പടലം. =li-s̤ā'tiŏn, =li-zā'-tiŏn, *n.* ആവിയാക്കൽ (*med.*). =līs̤e, =līze, *v. t.* ആവിയാക്കുക, പതവരുത്തുക (*med.*). =lōse, *a.* പടലമയമായ; കാറുള്ള. =los'i-ty, *n.* പടലതാം; മങ്ങല്; അവ്യക്തി; പ്രഭാപടലമണ്ഡലം (*as.*). =lŏus, *a.* മേഘമുള്ള, പടലമയം ആയ; അവ്യക്തം—; മേഘതുല്യം—, പ്രഭാപടലസംബന്ധം—. =lŏus-ly, *ad.* പടലമയമായി. =lŏus-ness, *n.* പ്രഭാപടലതാം. =ly, *a.* കല്ലോലരേഖാമയമായ.

**Nec'es-sar-y** (nes'es-), *a.* അനിവാര്യം ആയ, സംഭാവ്യം—, അപരിഹാര്യം—; 2. ആവശ്യം—, അവശ്യകം—, അത്യാവശ്യം—, വേണ്ടുന്ന; കൂടിയേകഴിയു എന്നുള്ള; 3. നിർബന്ധരൂപേണയുള്ള, മനഃപൂൎവ്വകമല്ലാത്ത. *n.* (*pl.*) സാഹിത്യം, സാമഗ്രി, വേണ്ടപ്പെട്ടവ, ആവശ്യമായ സാധനങ്ങൾ: n.s of life അന്നവസ്ത്രം, അഗ്നി, ഉപജീവനം; 2. മറപ്പുര, കളിപ്പുര, മൂത്രപ്പുര; 3. (*pl.*) ചിലവ് (*l.*). =sā'ri-an, ne-ces-si-tā'ri-an, *n.* വിധിവാദി, അദൃഷ്ട—. *a.* ദൈവവാദസംബന്ധമായ. =sā'ri-an-is̤m, =ces-si-tā'ri-an-is̤m, *n.* അദൃഷ്ടവാദം, ദൈവ—; ചിത്തസ്വാതന്ത്ര്യനിഷേധ—. =sar-i-ly, *ad.* ആവശ്യമായി, നിവൃത്തിയില്ലാതെ. =sar-i-ness, *n.* അവശ്യകതാം. ne-ces'si-tāte, *v. t.* ആവശ്യമാക്കിത്തീരിക, വേണ്ടിവരിക; നിർബന്ധിക്കുക, മുട്ടിക്കുക. =ces-si-tā'tiŏn, *n.* നിർബന്ധം. =ces'si-tŏus, *a.* ബുദ്ധിമുട്ട് ഉള്ള, ദാരിദ്ര്യം—, ഞെരുക്കം—; ഗതികെട്ട, നാല് തലയും മുട്ടിയ. =ces'si-tŏus-ly, *ad.* ഞെരുങ്ങി, വഴികാണാതെ; പണമില്ലാതെ; ദാരിദ്ര്യത്തോടെ. =ces'si-tŏus-ness, *n.* ദാരിദ്ര്യം, ബുദ്ധിമുട്ട്; പരാധീനം. =ces'si-tūde, *n.* ദാരിദ്ര്യം, ഗതികേട്; സഹജസംബന്ധം, അവശ്യക—. =ces̤'si-ty, *n.* ആവശ്യം, നിവൃത്തിയില്ലായ്മ; ബുദ്ധിമുട്ട്; ദാരിദ്ര്യം; *pl.* അത്യാവശ്യകാൎയ്യം; അദൃഷ്ടം, വിധി, കല്പന, തലയിലെഴുത്ത്; ചിത്തസ്വാതന്ത്ര്യനിഷേധവാദം (*met.*). of n.y നിവൃത്തിയില്ലാതെ; നിർബന്ധത്താൽ.

**Neck,** *n.* കഴുത്ത്, ഗളം, കണ്ഠം; 2. മുനമ്പ്, കൊടി; 3. കരയിടുക്ക്; 4. മുരട് (*b.*). n.-band കുപ്പായക്കഴുത്ത്. n.-cloth കണ്ഠവസ്ത്രം. n.-handkerchief, neckerchief—രക്ഷ. n.-lace, n.-let മാല, ഹാരം. n.-laced മാലയിട്ട. n.-tie കണ്ഠശൃംഗാരം. n.-wear—വസ്ത്രം. n.-yoke നുകക്കൈ; കാവടി, കാവണ്ടം. stiff-n. കഠിനകണ്ഠതാം, മക്കടമുഷ്ടിതാം, ദുശ്ശാഠ്യം. n. and crop മുഴുവനും, ആസകലം, ഒന്നാകെ. n. and n. തുല്യമായി, ഞാനോ നീയോ എന്ന വിധം; ഒരേനിരയിൽ. n. or nothing ഒന്നും കൂട്ടാക്കാതെ, എന്തായാലും. n.-verse കറിവചനം. on the n. of തുടൎന്ന്കൊണ്ട്, വഴിയെതന്നെ. to break the n. of ബലം കെടുക്കുക, എല്ല് നുറുക്കുക, നശിപ്പിക്കുക. to harden the n. ധിക്കാരം കാട്ടുക, ദുൎവ്വാശി—. to tread on the n. of നിഷ്ഠുരം—, ഞെരുക്കുക, പീഡിപ്പിക്കുക. *v. t.* (down) കഴുത്ത് വെക്കുക.

**Ne-crol'o-ġy,** *n.* മൃതപ്പട്ടിക. nec-ro-loġ'ic, =loġ'i-cal, *a.* മൃതപ്പട്ടികസംബന്ധമായ. =crol'o-ġist, *n.* —ഉണ്ടാക്കുന്നവൻ.

**Nec'rō-man-cy,** *n.* മന്ത്രവാദം, ക്ഷുദ്രം, ആഭിചാരം; 2. ഇന്ദ്രജാലം. =man-cĕr, *n.* മന്ത്രവാദി; അഞ്ജനക്കാരൻ. =man'tic, =man'ti-cal, *a.* മന്ത്രവാദസംബന്ധമായ. =man'tic, *n.* ആഭിചാരം. =man'ti-cal-ly, *ad.* ക്ഷുദ്രപ്രയോഗമായി.

**Ne-croph'a-gŏus** (-krof'a-gus), *a.* ശവംതിന്നുന്ന.

**Ne-crō-phō'bi-a,** (-fō'-) *n.* മരണഭീതി.

**Ne-crop'o-lis,** *n.* ശ്മശാനഭൂമി; ചുടുകാട്, ചുടല.

**Nec'rop-sy,** *n.* ശവം കീറിനോക്കൽ, ശവപരിശോധന.

**Nec-rō-scop'ic**, =**'i-cal**, *a.* ശവപരിശോധനസംബന്ധമായ.

**Ne-crō'sis**, *n.* അഴിവ്; അസ്ഥിശോഷം (*med.*); 2. ഉണക്കം (*b.*). =**crot'ic**, *a.* അഴിവ് സംബന്ധമായ.

**Nec'tar** (-tĕr), *n.* സോമരസം; സുധാ; 2. പീയൂഷം, അമൃത്; 3. രസപാനകം; 4. പുഷ്പരസം, മധു (*b.*). =**tā're-al**, =**tā're-ŏus**, **-ine**, **-ŏus**, *a.* പീയൂഷതുല്യം ആയ; മധുരമുള്ള; അമൃത് സംബന്ധിച്ച. =**tā're-al**, =**tā'ri-al**, *a.* മധുകോശസംബന്ധമായ (*b.*). =**tā're-an**, *a.* അമൃതോപമമായ. =**tared** (-tĕrd), *a.* മധുളള; അമൃത്—. =**tā're-ŏus-ly**, *ad.* പീയൂഷമായി. =**tā're-ŏus-ness**, *n.* മാധുര്യം. =**ried**, *a.* മധുകോശമുള്ള. **-if'ĕr-ŏus**, *a.* മധൂല്പാദകമായ (*b.*). **-īse**, **-īze**, *v. t.* മധുരമാക്കുക. **-y**, *n.* മധുകോശം (*b.*).

**Ned'dy**, *n.* കഴുത, ഗർദ്ദഭം (*z.*).

*Née* (nā), *p. p.* ജനിച്ച, ജനനാലുള്ള; 2. (സ്ത്രീക്ക്) വിവാഹത്തിന്ന് മുമ്പ്.....എന്ന് തറവാട്ട്പേരായ.

**Nēed** (nēd), *n.* ആവശ്യം, ബുദ്ധിമുട്ട്, മുട്ട്; 2. ദാരിദ്ര്യം; 3. ആവശ്യകാര്യം; 4. തിരക്ക്, അടിയന്തരം. *v. t.* വേണ്ടിവരിക, ആവശ്യപ്പെടുക; 2. കറവായിരിക്കുക. *v. i.* ആവശ്യമാക. **-'ĕr**, *n.* ആവശ്യക്കാരൻ. **-'ful**, *a.* മുട്ട് ഉള്ള, തിട്ടക്കം—; ആവശ്യമായ. **-'ful-ly**, *ad.* ആവശ്യമായി. **-'ful-ness**, *n.* ബുദ്ധിമുട്ട്, ആവശ്യം. **-'i-ly**, *ad.* ബുദ്ധിമുട്ടീട്ട്, ആവശ്യമായി. **-'i-ness**, *n.* പരാധീനം, ഞെരുക്കം; ഇല്ലായ്മ. **-'less**, *a.* അനാവശ്യമായ, വേണ്ടാത്ത; അകാരണമായ. **-'less-ly**, *ad.* അനാവശ്യമായി. **-'less-ness**, *n.* ആവശ്യമില്ലായ്മ, അനാവശ്യം. **-'ment**, *n.* വേണ്ടുന്നത്; *pl.* ചമയം, മാറാപ്പ്. **nēeds**, *ad.* (must) അത്യാവശ്യമായി, കൂടിയേകഴിയൂ എന്നായി. **nēed'y**, *a.* ബുദ്ധിമുട്ടുള്ള; അഷ്ടിക്കില്ലാത്ത, ദരിദ്രേക്ഷിയായ.

**Nēe'dle** (nē'dl), *n.* സൂചി, സേവനി; 2. തവുക്കസൂചി; 3. 'മേജോഡ്'—; 4. കൊക്ക—, 'ഊക്ക്'. **n.-book**, **n.-case** സൂചിപ്പെട്ടി. **n.-gun** തിരത്തോക്ക്. **n.-pointed** കൂൎത്ത. **n.-telegraph** കാന്തവിദ്യുൽയന്ത്രം. **n.-woman** തുന്നക്കാരത്തി. **n.-work** തയ്യൽവേല, തുന്നപ്പണി. *v. t.* കുപ്പിക്കുക. *v. i.* കൂൎത്ത് വരിക. **-'ful**, *n.* സൂചിയിൽ ഒരിക്കൽ കോൎക്കാൻവേണ്ടുന്ന നൂല്. **nēe'dlĕr**, *n.* സൂചി ഉണ്ടാക്കുന്നവൻ; —വ്യാപാരി; തുന്നക്കാരൻ. **nēe'-dly**, *a.* സൂചിതുല്യമായ, കൂൎത്ത, മുനയുള്ള.

**Nēed'less**, **Nēed'y** *a.*, *s. u.* **Need.**

**Nēem**, *n.* വേപ്പ്, ആര്യവേപ്പ്, നിംബം (*b.*).

**Ne'er**, *contr. of* **Never.**

*Ne ex'e-at* കോടതിയധികാരാതൃത്തി വിട്ട്പോകാതിരിപ്പാനുള്ള കല്പന, വ്യവഹാരമദ്ധ്യേയുള്ള വാറണ്ട് (*l.*).

**Ne-fā'ri-ŏus**, *a.* അതിദുഷ്ടതയുള്ള, അഘോരം ആയ, മഹാപാതകം—; 2. ബീഭത്സം—. **-ly**, *ad.* നിഷ്ഠുരമായി. **-ness**, *n.* മഹാദുഷ്ടത.

**Neg'a-tive**, *a.* നിഷേധിക്കുന്ന; വേണ്ടെന്നുള്ള; ഇല്ലെന്നുള്ള; വിരോധമായ, എതൃ; 2. സ്ഥാപകമല്ലാത്ത, നിഷേധംആയ; 3. ഛായാമൂലപടസംബന്ധം—(*phot.*). **n. electricity** ശിലാജതുവിദ്യുദ്ധാതു (*ph.*). **n. quantity** ക്ഷയരാശി (*math.*). **n. sign** ക്ഷയചിഹ്നം, (—) എന്ന അടയാളം. **n. verb** നിഷേധക്രിയ (*gr.*). *n.* നിഷേധപ്രസ്താവന; 2. വിപരീതപദം(*gr.*); 3. നിഷേധവാക്ക്; 4. വിസമ്മതം; 5. വിരോധപക്ഷം, എതൃ—; 6. ഛായാമൂലപടം (*phot.*). **n. pregnant** സൂചകനിഷേധം (*l.*). *v. t.* നിഷേധിക്കുക; അല്ലെന്ന് ആക്കുക; ഇല്ലെന്ന് —; നേരല്ലെന്ന് വരുത്തുക, വേറെ പ്രകാരമാണെന്ന്—; 2. സമ്മതം കൊടുക്കാതിരിക്കുക, തള്ളുക; 3. ബലം ഇല്ലാതെ ആക്കുക, നിഷ്ഫലം—. =**gā'tiŏn**, *n.* തള്ളിപ്പറയൽ; നിഷേധം. **-ly**, *ad.* നിഷേധമായി, ഇല്ലെന്ന്, അല്ലെന്ന്; നിഷേധപ്രസ്താവമായി. **n.y charged**, **n.y electrified** ശിലാജതുവിദ്യുച്ഛക്തിയേററ. **-ness**, =**tiv'i-ty**, *n.* നിഷേധഭാവം, —ഗുണം. =**tŏr-y**, *a.* നിഷേധം ആയ; വിസമ്മതം—.

**Neg-lect'**, *v. t.* ഉപേക്ഷയാക്കുക, ശ്രദ്ധവെക്കാതിരിക്കുക, ഉദാസീനം ആക്കുക, വീഴ്ച—; ചെയ്യാതിരിക്കുക; 2. ഉച്ഛീകരിക്കുക, അലക്ഷ്യമാക്കുക, വകവെക്കാതിരിക്കുക. *n.* അജാഗ്രത, ഉപേക്ഷ, ഉദാസീനത, വീഴ്ച; 2. അനാദരവ്, ഉദാരത, അലക്ഷ്യം, പുച്ഛം; 3. അശ്രദ്ധ, വിസ്മരണം, നിർവ്വിചാരം; 4. തിരസ്കാരം. **-ed-ness**, *n.* നിശ്ശ്രദ്ധ, വിസ്മൃതി. **-ĕr**, *n.* ഉപേക്ഷക്കാരൻ. **-ful**, **=lec'tive**, *a.* ശ്രദ്ധയില്ലാത്ത, ഉപേക്ഷ ഉള്ള, ആലസ്യം—. **-ful-ly**, *ad.* വീഴ്ചയായി. **-ful-ness**, *n.* ഉപേക്ഷ, അജാഗ്രത. **-'ing-ly**, *ad.* ശ്രദ്ധയില്ലാതെ.

*Neg-li-ġée'* (neg-li-zhā'), *n.* വീട്ട് ചമയം; 2. സ്ത്രീകളുടെ അങ്കി.

**Neg'li-ġence**, *n.* ഉപേക്ഷ, അജാഗ്രത, ഉദാസീനത; 2. സൂക്ഷ്മക്കേട്, ശ്രദ്ധയില്ലായ്മ; 3. കററകരമായ ഉപേക്ഷ (*l.*). contributory n. സഹായോപേക്ഷ (*l.*). **=ġent**, *a.* ഉപേക്ഷാശീലം ഉള്ള, ഉദാസീനത—; സൂക്ഷ്മം ഇല്ലാത്ത, ജാഗ്രത—. **=ġent-ly**, *ad.* അജാഗ്രതയായി, ഉദാസീനമായി. **=ġi-ble**, *a.* വിട്ട്കളയാവുന്ന; ചിന്തിപ്പാനില്ലാത്ത.

**Ne-gō'ti-āte** (-gō'shi-), *v. t.* പറഞ്ഞ് വെക്കുക, ഉടമ്പടിചെയ്യുക, ഏല്പാട്—, നിശ്ചയം—; 2. കൈമാററം—, വിക്രയം—. *v. i.* പ്രവൃത്തി—; ക്രയവിക്രയം—, വ്യാപാരം—; 2. കരാറ്—, ഉടമ്പടി—, നിശ്ചയം—, കയ്യടിക്കുക. **=a-bil'i-ty**, *n.* വിക്രീണത്വം. **=a-ble**, *a.* പറഞ്ഞ് വെക്കാകുന്ന; ഇടവാട് ചെയ്യാകുന്ന, ക്രയവിക്രയം—; കൈമാററം—. n.e instrument, n.e paper കൈമാററപത്രം (*l.*). **=ant**, **=ā-tŏr**, *n.* ഇടവാട്കാരൻ, ഉടമ്പടിചെയ്യുന്നവൻ. **=ā'tiŏn**, *n.* ഇടവാട് ചെയ്യൽ, വ്യവഹരണം; വിക്രയം, വ്യാപാരം; ഉടമ്പടി, സന്ധിയേല്പാട്, നിശ്ചയം. **=ā-tŏr-y**, *a.* ഉടമ്പടിസംബന്ധമായ; ഉടമ്പടിക്കായുള്ള. **=ā'trix**, *n.* ഉടമ്പടിചെയ്യുന്നവൾ.

**Ne-gō'tiŏus** (-gō'shus), *a.* അതിജാഗ്രതയുള്ള. **-ness**, *n.* അത്യുത്സാഹം.

**Nē'grō**, *n.* കരിമ്പൻ; 2. കാപ്പിരി, കാപ്രി. *a.* കാപ്രിവംശത്തിലുള്ള; 2. കറുത്ത, ഇരുണ്ട. n. corn ഒര് വക തിന. n.-head പലകപ്പുകയില. N.-land കാപ്രിരാജ്യം. **Nē'gress**, *n.* കാപ്രിച്ചി, കാപ്രിസ്ത്രീ; കരിമ്പി. **=grit'ic**, *a.* കാപ്രിസംബന്ധമായ. **=grī'tōs**, *n. pl.* ഒരിപ്കാപ്രി. **=groid**, **-loid**, *a.* കാപ്രിലക്ഷണമുള്ള; —തുല്യമായ.

**Nē'gus**, *n.* ശാക്ഷാരസമദ്യം.

I. **Nēif**, **Nēife** (nēf), *n.* അടിയാത്തി, വട്ടവത്തി (*M.*).

II. **Nēif**, **Nēaf** (nēf), *n.* മുഷ്ടി.

**Neigh** (nā), *v. i.* ചിനക്കുക, കുതിരശബ്ദം പുറപ്പെടുവിക്കുക. *n.* ചിനക്കല്, ഹേഷാരവം, ഹ്രേഷാരവം.

**Neigh'bŏr**, **Neigh'bŏur** (nā'bĕr), *n.* അയല്പക്കക്കാരൻ, അയലവാസി, അയല്ക്കാരൻ; സമീപസ്ഥൻ; 2. ചങ്ങാതി, സഖി. *a.* അടുത്തുള്ള, അയലായ. *v. t.* അടുത്തിരിക്കുക. **-hood**, *n.* സാമീപ്യം; അടുപ്പം; അയല്പക്കം; അയല്ക്കാര്, അയല്; മമത. **-ing**, *a.* അയല്പക്കത്തുള്ള; തൊട്ടിരിക്കുന്ന. **-li-ness**, *n.* ഉപകാരശീലം; ചങ്ങാതിത്വം. **-ly**, *n.* മമത ഉള്ള, ചങ്ങാതിത്വം—. *ad.* മമതയോടെ. **-ship**, *n.* അയല്വാസം.

**Nēi'thĕr** (*or* nī'thĕr), *a.* രണ്ടും ഇല്ല, —അല്ല. *conj.* (nor) അതും ഇല്ല, ഇതും ഇല്ല, —അല്ല —അല്ല. ...ഒ ..ഒ അല്ല, —ഇല്ല, ...ആകട്ടെ ...ആകട്ടെ ഇല്ല: n. he nor his men came അവനാകട്ടെ അവൻെറ ആൾക്കാരാകട്ടെ വന്നില്ല; 2. താനും: he is very tall, but not too tall n. അവൻ വളരെ നീളമുണ്ട്, കണക്കിലേറ അല്ല താനും; 3. ഉം, പോലും: you shall not eat it, n. shall you touch it നിങ്ങൾ അത് തിന്നരുത്, തൊട്ടുകപോലുമരുത്.

*Nem. con.*, *contr. of* nemine contradicente ആരും വിരോധം പറയാതെ, ഭിന്നാഭിപ്രായമില്ലാതെ, ഐകമത്യാഭിപ്രായമായി.

**Nem'e-sis**, *n.* പ്രതിക്രിയാദേവി (*myth.*), വിധി; 2. ശിക്ഷ, ദൈവകോപം, ശാപം.

**Ne-moph'i-ly** (-mof'i-), *n.* വനാന്തരപ്രിയം. **=moph'i-list**, *n.* വനപ്രിയൻ.

**Nem'o-ral, =rŏus**, *a.* വനാന്തരം ആയ, കാട്—; മരക്കൂട്ടം—, തോപ്പ്—; കോട്ടം—, കോട്ട—.

**Nē'ni-a**, *n.* പ്രലാപഗീതം.

**Nē'ō**, *pf.* പുതിയ, നൂതന, നവീന. **n.-Christianity** ബുദ്ധിപ്രാമാണ്യവാദം. **n.-Latin** ലത്തീനപ്രാകൃതഭാഷകൾ.

**Nē-o-cos'mic**, *a.* തല്ക്കാലവിശ്വസ്ഥിതിസംബന്ധമായ. [ലമില്ലാത്ത—.

**Nē-oc'ra-cy**, *n.* പുതുകോയ്മ, വാഴ്ച്ചശീ

**Nē-o-ğæ'an**, *a.* നവലോകസംബന്ധമായ, പശ്ചിമാൎദ്ധഗോള—.

**Nē-og'a-mist**, *n.* നവീനവിവാഹസ്ഥൻ; —വിവാഹസ്ഥ. [നം.

**Nē-og'ra-phy** (-fi), *n.* നൂതനലേഖ

**Nē-o-lith'ic**, *a.* നൂതനശിലായുഗസംബന്ധമായ. **n. era** നൂതനശിലായുഗം.

**Nē-ol'o-ğy**, *n.* നൂതനപദാവലംബനം; 2. നൂതനോപദേശം; 3. വിരുദ്ധോപദേശം (*theo.*); 4. നൂതനവ്യാഖ്യാനം (*theo.*); 5. ബുദ്ധിപ്രാമാണ്യവാദം (*theo.*). **=loğ'i-an, =loğ'ic, =loğ'i-cal, =ğist'-ic, =ğist'i-cal**, *a.* നൂതനപദസംബന്ധമായ; നൂതനോപദേശ—. **=loğ'i-an, =ğist**, *n.* നൂതനപദാവലംബകൻ; നൂതനോപദേശ സങ്കല്പകൻ; അബദ്ധോപദേശകൻ; ബുദ്ധിപ്രാമാണ്യവാദി. **=loğ'i-an-ism, =ğism**, *n.* നൂതനപദപ്രയോഗം; പുതിയവാക്ക്; നൂതനോപദേശം; ബുദ്ധിപ്രാമാണ്യവാദം. **=loğ'i-cal-ly**, *ad.* നൂതനാൎത്ഥപ്രകാരം; നൂതനോപദേശ—. **=ği-sā'tiŏn, =ği-zā'tiŏn**, *n.* നൂതനപദാവലംബനം; നൂതനോപദേശസങ്കല്പനം. **=ğīse, =ğīze**, *v. i.* പുതുപദം പ്രയോഗിക്കുക; നൂതനോപദേശം സങ്കല്പിക്കുക.

**Nē'ō-phȳte** (-fīt), നൂതനമതാവലംബി, പുതുക്രിസ്ത്യാനി, —ശിഷ്യൻ; 2. പുതിയവൻ; ശീലം കുറഞ്ഞവൻ.

**Nē-ō'tĕr-ism**, *n.* പുതുക്കം, പുതുമ, നൂതനകാൎയ്യം; 2. —പദം. **=tĕr'ic, =ter'-i-cal**, *a.* അടുത്തകാലം ഉണ്ടായ, പുതിയ; ഇക്കാലത്തെ. **=tĕr'ic**, *n.* ഇക്കാലക്കാരൻ. **=tĕr'i-cal-ly**, *ad.* പുതുതായി, ഈയിടെ. **='tĕr-ist**, *n.* നൂതനപദോപയോജകൻ. **='tĕr-īse, ='tĕr-īze**, *v. i.* നൂതനകാൎയ്യം സങ്കല്പിക്കുക; നൂതനപദം—.

**Nē-ō-zō'ic**, *a.* ഭൂപൃഷ്ഠോല്പത്തികാലസംബന്ധമായ (*geol.*).

**Nē-pen'the, =pen'thēs**, *n.* ദുഃഖശമനകര സാധനം; 2. ആശ്വാസം, ശമനം.

**Neph'al-ism** (nef'al-), *n.* മദ്യവൎജ്ജനം. **=ist**, *n.* —വൎജ്ജകൻ.

**Neph-e-lo-dom'ē-tĕr, =lom'ē-tĕr** (nef-), *n.* മേഘമാത്രം.

**Neph'ew** (nev'ū, nof'ū), *n.* സോദരപുത്രൻ, സോദരീ—; 2. മരുമകൻ, അനന്തരവൻ, ഭാഗിനേയൻ. **nep'o-tal**, *a.* മരുമകനുള്ള; മരുമകനെസംബന്ധിച്ച. **nep-ot'ic**, *a.* ബന്ധുസ്നേഹംസംബന്ധിച്ച. **nep'o-tism**, *n.* അതിബന്ധുസ്നേഹം, ബന്ധുപ്പക്ഷം. **nep'o-tist**, *n.* ബന്ധുപ്രിയൻ, സ്വകുലത്തോട് പക്ഷം കാണിക്കുന്നവൻ. [നിയന്ത്രം.

**Neph'o-scōpe** (nef'o-), *n.* മേഘദൎശി

**Ne-phral'ği-a, =phral'ğy** (-fral'-), *n.* വൃക്കവാതം, മൂത്രപിണ്ഡ— (*med.*).

**Ne-phrī'tis** (-frī-), *n.* വൃക്കവീക്കം (*med.*). **=phrit'ic, =phrit'i-cal**, *a.* വൃക്കസംബന്ധമായ; വൃക്കവ്യാധിയുള്ള; വൃക്കൌഷധമായ (*med.*). **=phrit'ic**, *n.* വൃക്കൌഷധം. **neph-ro-lith'ic**, *a.* അശ്മരിസംബന്ധമായ (*med.*). **=phrol'o-ğy**, *n.* വൃക്കവൈദ്യശാസ്ത്രം. **=phrot'o-my**, *n.* അശ്മരിഛേദനം (*med.*).

**Nep'o-tal, Nep-ot'ic, Nep'o-tism**, *etc.*, *s. u.* **Nephew.**

**Nep'tūne**, *n.* സമുദ്രദേവത, വരുണൻ (*myth.*); 2. 'നെപ്ത്യൂൻ' എന്ന ഗ്രഹം (*as.*). **n.-powder** ഒര് വക പാറമരുന്ന്. **=tū'ni-an**, *a.* സമുദ്രസംബന്ധം ആയ; ജലോല്പാദിതം—. **N.n races** മലായവൎഗ്ഗം.

n.n theory ജലോല്പാദിതശിലാവാദം (*geol.*). =tū'ni-an, =tū-nist, *n.*—വാദി.

Nē'rē-id, Nē'rē-is, *n.* ജലദേവത (*myth.*).

Nē'rō, *n.* മഹാക്രൂരൻ, പരമദുഷ്ടൻ. =rō'ni-an, *a.* അതിക്രൂരമായ.

Nĕrve, *n.* ധാതു, മജ്ജാതന്തു, നാഡി, ഞരമ്പ് (*an.*); 2. സ്നായു (*an.*); 3. ഊക്ക്, കയ്യൂക്ക്; കായബലം; 4. ധൈൎയ്യം, സ്ഥൈൎയ്യം, നെഞ്ഞുറപ്പ്, വീൎയ്യം, ധൃതി; 5. ധാൎഷ്ട്യം; 6. ഇലഞരമ്പ് (*b.*). n.-shaken വിറപിടിച്ച; ബലഹീനമായ; ഭ്രമിച്ച് പോയ. *v. t.* ഊക്ക് കൂട്ടുക, ബലപ്പെടുത്തുക. nĕr'-vāte, nĕrved (-nĕrvd), nĕr-vōse', *a.* ഞരമ്പുള്ള (*an.*); നാരുള്ള (*b.*). =vā'tiŏn, *n.* ഞരമ്പ് വ്യവസ്ഥ (*b.*). -'less, *a.* ഞരമ്പ് ഇല്ലാത്ത; ധൈൎയ്യം—; ഊക്കററ. -'less-ness, *n.* ധൈൎയ്യക്ഷയം, ബല—. nĕr'vine, *a.* ഞരമ്പ് രോഗത്തിന്ന് പററിയ, ധാതുക്ഷയത്തിന്നുള്ള (*med.*). *n.* ധാതുവൎദ്ധകൌഷധം (*med.*). nĕr'vŏus, *a.* നാഡിബലം ഉള്ള; ഊക്ക്—, വീൎയ്യം—; ദാൎഢ്യം—; ഞരമ്പിന്ന്—; ധാതുക്ഷയം—, ധാതുബലം കുറഞ്ഞ; ഞരമ്പ് രോഗമുള്ള; എളുപ്പം ഭ്രമിക്കുന്ന; മുങ്കോപം ഉള്ള; ഭീരുത്വം—; സഹനശക്തികുറഞ്ഞ. n.s fever നാഡിജ്വരം (*med.*). n.s system മജ്ജാതന്തുവ്യവസ്ഥ. n.s temperament ക്ഷിപ്രക്ഷോഭഗുണം. nĕr'vŏus-ly, *ad.* ഊക്കോടെ; ബലക്ഷയമായി. nĕr'-vŏus-ness, =vos'i-ty, *n.* ബലക്ഷയം; ഊററം. nĕrv'ūre, *n.* ഇലനരമ്പ് (*b.*). nĕr'vy, *a.* ഊക്ക് ഉള്ള, നാഡിബലം—.

Nes'cience (nesh'ens), *n.* അജ്ഞാനം, അറിവില്ലായ്മ; 2. അജ്ഞേയവാദം.

I. Ness, *n.* മുനമ്പ്, കോടി.

II. -ness, *suf.* ഭാവതദ്ധിതപ്രത്യയം: ത്വം, മ, യ്മ, തനം. *etc.*

Nest, *n.* പക്ഷിക്കൂട്; 2. കൂട്, വാസസ്ഥലം; 3. കൂട്ടം, ഗണം; 4. വീട്, സങ്കേതം; 5. വാളം, കട്ടി (*min.*). 6. ചെപ്പ് കൂട്ടം; 7. യന്ത്രോപകരണങ്ങൾ (*mech.*). n.-egg വക്കത്ത് മുട്ട; ആരംഭം; വക്കത്ത്. *v. i.* കൂട് കെട്ടിപ്പാൎക്കുക. *v. t.* കൂട്ടിലാക്കുക; 2. കൂട് കെട്ടുക. -'ful, *n.* —നിറയ.

Nest'le (nes'l), *v. i.* കൂട്ടണ്ടാക്കിപ്പാൎക്കുക; 2. സുഖമായി കിടക്കുക, ഭദ്രമായിരിക്കുക; സങ്കേതം പ്രാപിക്കുക; 3. പതുങ്ങുക, പററിക്കിടക്കുക. *v. t.* കൂട്ടിലാക്കുക; 2. ചിറക് കൊണ്ട് മൂടുക; 3. പാലിക്കുക, ആദരിക്കുക. nest'ling (nes'ling), *n.* പക്ഷിക്കുഞ്ഞ്. *a.* മുട്ടവിരിഞ്ഞ് പുറപ്പെട്ട; തുവലാററാത്ത.

Nes-tō'ri-an, *n.* നെസ്തോൎയ്യോപദേശാവലംബി. *a.* നെസ്തോൎയ്യസംബന്ധമായ; 2. പ്രായം ഉള്ള, കാൎയ്യപരിചയം—, ബുദ്ധി—. -ism, *n.* നെസ്തോൎയ്യോപദേശം.

I. Net, *n.* വല, ജാലം; 2. കെണി, കടുക്ക്. n.-work ജാലതുല്യസാധനം, മിടച്ചൽപണി. *v. t.* വലകെട്ടുക; വലപ്പണിയായി തുന്നുക; 2. വലയിൽ അകപ്പെടുത്തുക, പടുക്കുക; കുടുക്കുക; 3. വലയിട്ട് മൂടുക. *v. i.* വലപ്പണിയായി തുന്നുക. -'ting, *n.* വലകെട്ടല്; മിടച്ചൽപണി; മാല്; കട്ടുഞാണി; മൃത്രം. n.g needle ഇഴക്കോല്, -'ty, *a.* വലപോലെയുള്ള.

II. Net, *a.* ശുദ്ധമായ; 2. കുററില്ലാത്ത; വൃത്തിയുള്ള; 3. പോകടം കഴിച്ചുള്ള: n. profit ചിലവ് (പോകടം) കഴിച്ചുള്ള ലാഭം, സാക്ഷാൽ—. n. tonnage —ചരക്ക് പാട്. n. weight തനിത്തൂക്കം. *v. t.* സാക്ഷാൽ ലാഭം ഉണ്ടാക, തനിലാഭം—.

Neth'ĕr, *a.* താഴെ ഉള്ള, കീഴിൽ—, ചുവടെ—, അടിയിൽ—; 2. അധഃ. -mŏst, *a.* ഏററവും താഴെയുള്ള, നന്ന അടിയിലുള്ള.

Net'tle (net'l), *n.* തുവ, കൊടിത്തുവ; ചൊറിയണം (*S.*); ആനത്തുവ, ആനച്ചൊറിയണം (*b.*). n.-cloth തോലുത്തുണി. n.-rash തുവക്കാരി (*med.*). sea-n. കടച്ചൊറി (*z.*). *v. t.* തുവകുത്തുക, —കടിക്കുക; 2. ചൊറിയുക, ചൊറിച്ചലെടുക്കുക; 3. വെറുപ്പിക്കുക, വിമ്മിഷ്ടംവരുത്തുക, മുഷിപ്പിക്കുക.

Neū'ral (nū'ral), *a.* മജ്ജാതന്തുസംബന്ധമായ; 2. നിട്ടെല്ല് പ്രദേശത്തുള്ള.

Neū-ral'ġi-a, =ral'ġy (nū-), *n.* നരമ്പ്നോവ്, ഞരമ്പ്വലി, നാഡിപ്പിഴ, വാതശൂല (*med.*). =ral'ġie, *a.* ഞരമ്പ്നോവ് സംബന്ധമായ.

Neū-rā'tiŏn, *n.* നരമ്പ്നട (*biol.*).

Neū'ri-lem-ma, *n.* മജ്ജാതന്തുപാട (*an.*).

Neū-ril'i-ty, *n.* മജ്ജാതന്തുഗുണം (*phys.*). —പ്രവൃത്തി (*phys.*).

Neū'rism, *n.* മജ്ജാതന്തുശക്തി (*biol.*). =rī'tis, *n.* —വീക്കം (*med.*).

Neū-rō'-, *pf.* ഞരമ്പ്സംബന്ധമായ, മജ്ജാതന്തു—. [സ്രം.

Neū-rog'ra-phy (-fi), *n.* നാഡിശാ

Neū-rol'o-ġy, *n.* നാഡിവിദ്യ. =loġ'-i-eal, *a.* —വിദ്യാസംബന്ധമായ. -ġist, *n.* —ശാസ്ത്രജ്ഞൻ; —രോഗഭിഷക്ക്.

Neū'ron, *n.* (*pl.* neū'ra) മസ്തിഷ്കമജ്ജാനാളങ്ങൾ (*an.*).

Neū-rop'a-thy, *n.* നാഡിരോഗം (*med.*). =path'ie, *a.* —രോഗസംബന്ധമായ.

Neū-rō'sis, *n.* നാഡിരോഗം.

Neū-rot'ie, *a.* ഞരമ്പ്സംബന്ധമായ; നാഡിയിലുള്ള; 2. നാഡിരോഗത്തിനുള്ള. *n.* —രോഗം.

Neū'tĕr, *a.* രണ്ടും അല്ലാത്ത; ഇരുഭാഗവും ഇല്ലാത്ത, നിഷ്പക്ഷം ആയ; 2. നപുംസകലിംഗപദം— (*gr.*); 3. അകർമ്മകക്രിയ— (*gr.*); 4. ആണുംപെണ്ണുമല്ലാത്ത, നപുംസകമായ, ലിംഗഭേദമില്ലാത്ത (*biol.*). *n.* നിഷ്പക്ഷക്കാരൻ; 2. നപുംസകലിംഗപദം (*gr.*); 3. അകർമ്മകക്രിയ (*gr.*); 4. ലിംഗഹീനജന്തു (*z.*); 5. ബീജരഹിതസസ്യം (*b.*). neū'tral (nū'tral), *a.* നിഷ്പക്ഷം ആയ; ഉദാസീനം—; നിരപേക്ഷയുള്ള; മദ്ധ്യമം ആയ, ഇടത്തരം—; ആണും പെണ്ണും അല്ലാത്ത (*biol.*); അമ്ലമോ ക്ഷാരമോ— (*ch.*). n.l tint നീലപാണ്ഡുവർണ്ണം. n.l vowel അർദ്ധസ്വരം (*gr.*). *n.* നിഷ്പക്ഷരാജ്യം; നിഷ്പക്ഷക്കാരൻ. ='tral-ist, *n.* നിഷ്പക്ഷക്കാരൻ. =tral'i-ty, *n.* നിഷ്പക്ഷത്വം; ഉഭയസാമ്യം, സമഭാവം; ആമ്ലക്ഷാരരഹിതത (*ch.*); യുദ്ധനിഷ്പക്ഷത്വം; യുദ്ധനിഷ്പക്ഷരാജ്യസഞ്ചയം armed n.y നിഷ്പക്ഷയുദ്ധസന്നദ്ധത്വം. =tral-i-ṣā'tiŏn, =tral-i-zā'tiŏn, *n.* ദുർബ്ബലം ആക്കൽ; ഉദാസീനം—; ആമ്ലക്ഷാരനിരാകരണം. ='tral-īṣe, ='tral-īze, *v. t.* നിഷ്പക്ഷം ആക്കുക; സമഭാവം—; ലക്ഷണശൂന്യതവരുത്തുക (*ch.*); വീര്യംകെടുത്തുക (*ch.*); ബലമില്ലാതാക്കുക. ='tral-ī-ṣĕr, ='tral-ī-zĕr, *n.* നിഷ്പക്ഷത്വം വരുത്തുന്നവൻ; വിശേഷത്വനാശകൻ. ='tral-ly, *ad.* നിഷ്പക്ഷമായി; ഉദാസീനമായി.

Neū-vāineṣ' (nū-vānz'), *n. pl.* നവദിനപ്രാർത്ഥന (*R. C.*).

Nev'ĕr, *ad.* ഒരിക്കലും (ഇല്ല), ഒര്നാളും (—), യാതൊര്കാലവും (—), വല്ലപ്പോഴും (—); 2. യാതൊര്പ്രകാരവും (—); അശേഷവും (—), കേവലം (—), തീരെ (—), അല്പംപോലും (—), ഒട്ടും (—), ഒന്നെങ്കിലും (—). n. so വിശേഷാൽ, പ്രത്യേകിച്ച്. -mōre, *ad.* ഇനി (ഇല്ല), മേലാൽ (—).

Nev-ĕr-the-less', *ad. or conj.* എന്നാലും, എന്നിട്ടും, എന്ന്വരികിലും, എങ്കിലും.

New (nū), *a.* പുതിയ, നൂതനംആയ, നവീനം—; 2. ഇക്കാലത്തെ, തല്ക്കാലത്തെ, ഇപ്പോഴത്തെ; 3. അടുത്തകാലം ഉണ്ടായ, പുരാതനമല്ലാത്ത; 4. ശീലം ഇല്ലാത്ത, പരിചയം—. n.-birth പുനർജ്ജന്മം (*Chr.*). n.-born ചോരപ്പൈതല്. n.-come അടുത്തകാലം വന്ന. n. comer —വന്നവൻ. n.-fangled പുതുമാതിരിയായ; മാറിക്കൊണ്ടിരിക്കുന്ന. n.-fangled-ness പുതുമപ്രിയം; വേഷവിലാസം. n.-fashioned പുതുഭാഷയായ. N.-foundland, N.-foundland dog ജടയുള്ള ഒര്വക വലിയനായ്. n.-land നടാടെ കൃഷിചെയ്യുഭൂമി. n. market ഇറക്കുമതിപ്പായം. n. model പുനരാകൃതിപ്പെടുത്തുക. n. moon അമാവാസി, കറുത്തവാവ്. n. style ഇപ്പോഴത്തെ കാലഗ

ണന ക്രമം.. N. Testament പുതിയനിയമം (*Chr.*). N. World അമെരിക്കഭൂഖണ്ഡം. n. year പുതിയകൊല്ലം. n.-year's day ആണ്ടുപിറപ്പുദിവസം. *ad.* പുതിയതായി, നൂതനമായി. new'ish, *a.* ഏതാനും പുതുക്കമായ. new'ly, *ad.* ഈയിടെ, ഇന്നാള്; പുതുതായി, നടാടെ. new'ness, *n.* പുതുക്കം, നവീനത.

New'el (nū'el), *n.* കോവണിക്കാല് (*arch.*).

News (nūz), *n.* വൎത്തമാനം, വാൎത്ത, സമാചാരം, വൃത്താന്തം; 2. പുതുമ. n.-boy, n.-man, n.-vendor വൎത്തമാനപത്രം വില്ക്കുന്നവൻ. n.-letter വൎത്തമാനക്കത്ത്. n.-monger വൎത്തമാനം പരത്തുന്നവൻ. n.-paper വൎത്തമാനക്കടലാസ്, പത്രം, പത്രിക. n.-room വായനശാല. n.-writer വൃത്താന്തലേഖകൻ. new'sy, *a.* വൎത്തമാനം നിറഞ്ഞ; —അറിയുന്ന.

Newt (nūt), *n.* ഒരു വക അരണ (*z.*).

Next, *a.* (*s. d. of* nigh) അടുത്ത; 2. പിറെറ, മറു; 3. ഇനിയത്തെ, പിന്നെത്ത. n. door to അടുത്ത, അയല്പക്കത്തുള്ള, തൊട്ട. n. friend ഉററബന്ധു (*l.*). *ad.* പിന്നെ, വഴിയെ, തുടരെ.

Nib, *n.* അഗ്രം, മുന, അരിമ്പ്; 2. കൊക്ക്; 3. തുവൽമുന, ഉരുക്ക്—; 4. (വണ്ടിയുടെ) ഏൎക്കാല്. *v. t.* മുനവെക്കുക, കൂൎപ്പിക്കുക. nibbed (nibd), *a.* കൂൎത്ത, മുനയുള്ള.

Nib'ble, *v. t.* കാരുക. *v. i.* അരിക്കുക. *n.* ദംശനം, കടി. nib'blĕr, *n.* കരളുന്നവൻ, കടിക്കുന്നവൻ. nib'bling-ly, *ad.* കാന്ന്കാന്ന്.

Nic-a-ra'gua wood, *n.* 'ചപ്പങ്ങം' [(*b.*).

Nīce, *a.* കൃത്യമായ; 2. തൃപ്തിപ്പെടാത്ത, കിറുകൃത്യമുള്ള; 3. നല്ല, വിശേഷം ആയ, മനോഹരം—, ഭംഗി—; രസികം—; 4. നേൎമ്മ—, മൃദു—; 5. ശുദ്ധ; 6. അതിസൂക്ഷ്മമായ; 7. സൂക്ഷ്മജ്ഞാനം ഉള്ള; 8. കൌതുകം—, ചന്തം ആയ; 9. രുചികരം—, സ്വാദ് ഉള്ള, രസം—. n. distinction അതിസൂക്ഷ്മവ്യത്യാസം. a person n. in food സുഖിയൻ. -'ly, *ad.* നന്നായി, രസികമായി. -'ness, *n.* നന്മ, വിശേഷം. nīc'e-ty, nīc'ĕr-y, *n.* രമ്യത; സൌരസ്യം; കൃത്യത, സൂക്ഷ്മബോധം; വൈശിഷ്ട്യം; വിശേഷപദാൎത്ഥം. nīc'e-ties, *n. pl.* പലഹാരം, മധുരദ്രവ്യം. to a n.ty ബഹുമോടിയായി, —വിശേഷമായി.

Nī'cēne creed, *n.* നിക്കയ്യവിശ്വാസപ്രമാണം (*eccl.*).

Niche (nich), *n.* ഭിത്തിമാടം, മാടം; 2. രൂപക്കൂട്. niched (nicht), *a.* മാടത്തിൽവെച്ച.

I. Nick, *n.* ജലപ്പിശാച്, old n. പിശാച്.

II. Nick, *n.* കത, അറപ്പ്; 2. കണക്കടയാളം; 3. കണക്ക്; 4. ആണിയക്ഷരക്കത (*print.*); 5. വക്കത്തുള്ള പൊട്ട്; 6. പഴുത്; മുഹൂൎത്തം, തരുണം, തഞ്ചം. n.-nacks ചില്ലറസാമാനം, നിസ്സാരസാധനം. n. of time സന്ദൎഭം, തരം, തഞ്ചം. *v. t.* കതക്കുക; 2. അടയാളം വെക്കുക; 3. കണക്ക്—; 4. രൂപഭംഗം വരുത്തുക; മായ്ക്കുക; ദൂഷ്യംവരുത്തുക; 5. തമ്മിൽയോജിക്കുക, —ചേരുക; 6; തഞ്ചത്തിന്ന് പ്രവൃത്തിക്കുക, തരത്തിൽപ്രയോഗിക്കുക; 7. മയക്കുക; 8. തോല്പിക്കുക; 9. കതിരവാല് കതക്കുക.

Nick'el, *n.* ഒരു വക വെള്ളലോഹം (*min.*); 2. ഒരു ചെറുനാണ്യം. n.-silver ഒരു വക വെള്ളോട്, 'ജൎമ്മൻസില്വർ'.

Nick'nāme, *n.* കളിപ്പേര്, പരിഹാസപ്പേര്, ഹാസ്യനാമം. *v. t.* പരിഹാസപ്പേര് ഇടുക; —വിളിക്കുക.

Ni-cō'ti-an (-kō'shi-an), *n.* പുകയില (*b.*). *a.* പുകയിലസംബന്ധിച്ച. =ā'na, *n.* പുകയിലവൎഗ്ഗം. =a-nin, *n.* —തൈലം. =cot'ic, =co-tin'ic, *a.* —വിഷം സംബന്ധിച്ച. nic'ō-tin, *n.* —സത്ത്, —വിഷം.

Nic'tāte, nic'ti-tāte, *v. i.* കണ്ണ് ചിമ്മുക, —ഇമെക്കുക. =ting membrane നേത്രാച്ഛാദചൎമ്മം (*an.*). =tā'tiŏn, =ti-tā'tiŏn, *n.* കണ്ണിമെക്കൽ.

Nī'dus, *n.* (*pl.* nī'dī) പക്ഷിക്കൂട്; 2. പെററുപെരുകുന്ന ഇടം, പിറവിസ്ഥലം;

3. രോമശാല്പത്തിസ്ഥാനം. nī'da-ry, *n.* പക്ഷിക്കൂട്ക്കൂട്ടം. nid'i-fi-cāte, nid'ū-lāte, *v. i.* പക്ഷിക്കൂട്കെട്ടുക. nid-i-fi-cā'tiŏn, nid-ū-lā'tiŏn, *n.* —കെട്ടൽ. nid'ū-lant, *a.* കൂട്ടിലമൎന്ന; അമിഴ്ന്നകിടക്കുന്ന (*b.*).

Niēce (nēs), *n.* മരുമകള്, പെങ്ങളുടെ മകള്. 2. സഹോദര(രി)പുത്രി; മകള്.

Ni-el'lō, *n.* ഒരുവക കാരോട്; 2. ചിത്രംകൊത്തൽ; 3. കൊത്തിയ തകിട്; 4. കൊത്ത്ചിത്രം. =el'list, *n.* ചിത്രം കൊത്തുന്നവൻ.

Nig'gard, *n.* കൃപണൻ, ലുബ്ധൻ, ഈററയൻ, പിശുക്കൻ. *a.* ഈററയുള്ള. *v. t.* & *i.* ലുബ്ധ്കാട്ടുക. -ish, *a.* തുരിശമായി ചിലവ്ചെയ്യുന്ന. -li-ness, -ness, *n.* ലോഭം, ഈററ, പിശുക്ക്. -ly, *a.* ഈററപ്പൊററയായ. *ad.* ലുബ്ധോടെ.

Nigged (nigd), *a.* ചെത്തിയ (കല്ല്).

Nig'gĕr, *n.*, *s. a.* Negro.

Nig'gle, *v. i.* കളിക്കുക; 2. ഇളിച്ചത്തരം കാട്ടുക. nig'glĕr, *n.* ഇളിച്ചല് കാട്ടുന്നവൻ.

Nīgh (nī), *a.* (*c. d.* nīgh'ĕr, *s. d.* nīgh'est *or* next) അടുത്ത, അരികെ ഉള്ള, സമീപം—; 2. ഉററ. *ad.* അടുക്കെ; 2. ഏതാനും; 3. പോലെ. n. unto...ഓളം. *prep.* സമീപം. -'ness, *n.* സാമീപ്യം, അടുപ്പം.

Nīght (nīt), *n.* രാത്രി, രാവ്, നിശ; 2. ഇരുള്; മറവ്; 3. മൌഢ്യം, അജ്ഞാനം; 4. അരിഷ്ടത; 5. മരണം; നിൎജ്ജീവത്വം. n.-blindness രാക്കണ്ണ്കാണായ്ക, മാലക്കണ്ണ് (*med.*). n.-blooming രാത്രിയിൽ വിടരുന്ന (*b.*). n.-cap രാത്തൊപ്പി. n.-cart തീട്ടവണ്ടി. n.-crow രാപ്പക്ഷി (*z.*). n.-dress, n.-gown, n.-shirt രാക്കുപ്പായം. n.-eyed ഇരുട്ടത്ത് കണ്ണ്കാണുന്ന; സൂക്ഷ്മദൃഷ്ടിയുള്ള. n.-fall സന്ധ്യ. n.-faring രാത്രിയിൽ സഞ്ചരിക്കുന്ന. n.-fire രാത്തി; കുളിച്ചൂട്ട. n.-glass രാക്കുഴൽക്കണ്ണാടി. n.-hag, n.-witch ക്ഷുദ്രക്കാരത്തി. n.-house ചാരായക്കട. n.-jar ഒര് പക്ഷി (*z.*). n.-long രാത്രിമുഴുവനും. n.-man 'തോട്ടി', മറപ്പുരവെടിപ്പാക്കുന്നവൻ. n.-mare യക്ഷിബാധ, ദുസ്സ്വപ്നം; ഭയം, ഭ്രമം. n.-piece നിലാച്ചിത്രം. n.-rule രാക്രുത്ത്. n.-shade ഒരുവക വിഷച്ചെടി (*b.*). Indian n.-shade ചെറുചുണ്ട, ചെറുവഴുതിനി, നിലവഴുതിനി (*b.*). Malabar n.-shade വെളമ്പസല (*b.*). three-lobed n.-shade തുദവളം (*b.*). n.-sight രാദൃഷ്ടി. n.-snap കള്ളൻ, പാരക്കാരൻ. n.-soil മലമൂത്രം. n.-time രാക്കാലം. n.-spell രാത്രിരക്ഷ. n.-vision സ്വപ്നം. n.-walk സന്ധ്യാനടത്തം. n.-walker സ്വപ്നചാരി, ഉറക്കത്ത് നടക്കുന്നവൻ; രാത്രിസഞ്ചാരി; വേശ്യ. n.-walking സ്വപ്നചരണം; രാത്രിസഞ്ചാരം. n.-ward രാവട്ടത്ത. n.-watch രാത്രിയാമം; രാക്കാവല്. n.-watcher രാത്രിസഞ്ചാരി. n. by n., n. after n. രാത്രിതോറും. in the n. പെട്ടന്ന്, നിനയാത്തപുറം. to-n. ഇന്ന്രാത്രി. nīght'ed, *a.* ഇരുട്ടുള്ള; ഇരുണ്ട; രാച്ചെന്ന, വൈകിയ. -'ish, *a.* രാത്രിയത്തെ. -'less, *a.* രാവില്ലാത്ത; ഇരുട്ടാകാത്ത. -'ly, *a.* രാത്രിയത്തെ; രാത്രിതോറുമുള്ള. *ad.* രാത്രിയിൽ; രാത്രിതോറും.

Nīght'in-gāle (nīt'in-gāl), *n.* ബുല്ബുല്പക്ഷി, രാപ്പാടിപ്പക്ഷി (*z.*).

Nī-gres'cent (-gres'ent), *a.* കറുപ്പായ്‌വരുന്ന; കറുപ്പോടടുത്ത.

Nig-ri-fi-cā'tiŏn, *n.* കറുപ്പാക്കൽ.

Nig'ri-tūde, *n.* കറുപ്പ്, കൃഷ്ണവൎണ്ണം.

Nī'hil, *n.* ഒന്നുമില്ല, ശൂന്യം. *n.-album* വങ്കഭസ്മം (*ch.*). *n.-debet* ഒന്നും കൊടുപ്പാനില്ല (*l.*). *n.-dicit* വാദമില്ല (*l.*). -ism, *n.* ശൂന്യത, ഒന്നും ഇല്ലായ്മ; നാസ്തികത്വം, അജ്ഞേയവാദം; ശൂന്യ—, അരാജകത്വം (*pol.*). -ist, *n.* അജ്ഞേയവാദി; ശൂന്യ—, അരാജകത്വപരിഷക്കാരൻ. -ist'ic, *a.* ശൂന്യവാദസംബന്ധമായ. =hil'i-ty, *n.* ഇല്ലായ്മ, അഭാവം, ശൂന്യത. nil, *n.* & *a.* (*contr. of* nihil) ശൂന്യം.

Nill, *v. i.* മനസ്സില്ലാതിരിക്കുക, കൂട്ടാക്കാതിരിക്കുക. will he, n. he അവന്ന് മനസ്സുണ്ടെങ്കിലും ശരി ഇല്ലെങ്കിലും ശരി.

Nim'ble, *a.* അംഗലാഘവം ഉള്ള; 2. വേഗത—, ചുറുചുറുപ്പ്—, ചുണ—. n.-fingered മോഷണസാമൎത്ഥ്യം—. n.-footed വേഗം നടക്കുന്ന. -ness, *n.* വേഗത, ചുറുക്ക്. nim'bly, *ad.* തിപ്രമായി, ലഘുവായി.

Nim'bus, *n.* (*pl.* nim'bī) പരിവേഷം, പ്രഭാമണ്ഡലം; 2. മഴക്കാറ്. =bōse, *a.* കാറ് ഉള്ള, മഴക്കോള്—, കൊട്ടങ്കാററ്—. nim-bif'ĕr-ŏus, *a.* മഴയും കാററും ഉണ്ടാകുന്ന.

Ni-mī'e-ty, *n.* ആധിക്യം, അതിവ[ത്ഥം.

Nin'com-poop, *n.* മുഠാളൻ, അജ്ഞാരപ്പൊണ്ണൻ.

Nīne, *a.* ഒമ്പത്, നവം, ഒന്നൂറ (ഒന്ന് കറയ)പ്പത്ത്. n.-eyes ഒരു വക ആരല് (*z.*). n.-fold ഒമ്പത് ഇരട്ടി, —മടങ്ങ്. n.-holes ഒരു വക പന്ത് കളി. n.-killer ഒരു പക്ഷി (*z.*). n.-pins, n.-men's-morris ഒരു വക കളി. n.-score ഒമ്പത് കോടി (20), നൂററെണ്പത്. *n.* ഒമ്പത് എണ്ണം; 9, IX, ൯. the N. സരസ്വതി(*myth.*). -'tēen, *a.* പത്തൊമ്പത്, ഒന്നൂറ(ഒന്ന് കറയ)ഇരിപത്. *n.* പത്തൊമ്പത് എണ്ണം; 19, XIX, ൰൯. -'tēenth, *a.* പത്തൊമ്പതാമത്തെ; പത്തൊമ്പതാലൊന്നായ. *n.* പത്തൊമ്പതാലൊന്ന്; പത്തൊമ്പതാമത്തേത്. -'ti-eth, *a.* തൊണ്ണൂറാമത്തെ; തൊണ്ണൂറാലൊന്നായ. *n.* തൊണ്ണൂറാലൊന്ന്, തൊണ്ണൂറാമത്തേത്. -'ty, *a.* തൊണ്ണൂറ്. *n.* തൊണ്ണൂറെണ്ണം; 90, XC, ൯൦, ൯൰. nīnth, *a.* ഒമ്പതാമത്തെ; ഒമ്പതാലൊന്നായ. *n.* ഒമ്പതാലൊന്ന്. nīnth'ly, *ad.* ഒമ്പതാമതായി.

Nin'ny, *n.* ഭോഷൻ, പൊണ്ണൻ: n.-hammer അജ്ഞാരപ്പൊണ്ണൻ, വിട്ടവിഡ്ഢി.

I. Nip, *n.* ഒരു ഇറക്ക്, ചുക്കിരി.

II. Nip, *v. t.* ഇറുക്കുക; 2. നുള്ളുക, കിള്ളുക; കടിക്കുക; 3. നറുക്കുക, മുറിച്ച് കളയുക; 4. അരട്ടുക; ഉണക്കുക; നശിപ്പിക്കുക; 5. ഉപദ്രവിക്കുക; 6. പരിഹസിക്കുക. to n. in the bud *or* blossom അരിമ്പ് നുള്ളുക; ആരംഭത്തിൽ തന്നെ ഇല്ലാതാക്കുക. *n.* ഇറുക്കൽ, ഞെരുക്കൽ; 2. നുള്ള്, കിള്ള്; കടി; 3. മുറി; 4. നറുക്കൽ; 5. അരട്ടൽ; ഉണക്കം; 6. പരിഹാസം. n. and tuck പോരിൽ ഇരുഭാഗവും ഒരു പോലെ, കൃച്ച്. -'pĕr, *n.* നറുക്കുന്നവൻ; കുതിരയുടെ നാല് മുൻപല്ല്; *pl.* ചവണ; കൊടില്. -'pińg, *a.* നുള്ളുന്ന, കടിക്കുന്ന; വേദന ഉള്ള; ക്രൂരശ്ശ—; നാശം ചെയ്യുന്ന. -'pińg-ly, *ad.* ഇറുക്കിക്കൊണ്ട്; നറുക്കിക്കൊണ്ട്.

Nip'ple (nip'l), *n.* മുലക്കണ്ണ്, ചൂചുകം, കചാഗ്രം (*an.*); 2. വെടിക്കുററി; 3. മുലക്കുപ്പിമൊത്തി. nip'pled (nip'ld), *a.* കണ്ണുള്ള. nip'ply (nip'li), *ad.* കണ്ണുള്ളതായി.

*Nī'sī, conj.* അല്ലാഞ്ഞാൽ, ഇല്ലാത്ത പക്ഷം. *n. prius* ഒരു കോടതി. *order n.* പക്ഷാന്തരകല്പന (*l.*).

Nī'sus, *n.* ശ്രമം, പരിശ്രമം, യത്നം.

Nit, *n.* ഈര്, പേൻമുട്ട. -'ti-ness, *n.* ഈരുള്ള സ്ഥിതി. -'tĕr, *n.* കുതിരപ്പേന്. -'ty, *a.* ഈരുള്ള. [ക്കം—.

Nit'i-dŏus, *a.* മിനുക്കം ഉള്ള, തിള

Nī'tĕr, Nī'tre, *n.* വെടിയുപ്പ്, യവക്ഷാരം (*min.*). nī'trāte, *n.* യവക്ഷാരഭസ്മം. nī'tric, nī'trŏus, *a.* —സംബന്ധമായ. n.c acid —ദ്രാവകം, തീവെള്ളം. n.s acid പ്രാണലവണസമ്മിശ്രവായു. n.s oxide ഹാസകരവായു. nī-trif'ĕr-ŏus, *a.* യവക്ഷാരം ഉള്ള. nī-tri-fi-cā'tiŏn, *n.* —ആക്കൽ. nī'tri-fī-ĕr, *n.* യവക്ഷാരകാരകം. nī'tri-fȳ, *v. t.* യവക്ഷാരമാക്കുക.

Nī'trō-gen, *n.* യവക്ഷാരവാഷ്പം, —വായു, ലവണ—. =trog'e-nīse, =trog'e-nīze, *v. t.* യവക്ഷാരവായു കലത്തുക. =nŏus, *a.* ലവണവായുവുള്ള. n.s foods പുഷ്ടികരഭക്ഷ്യം.

Nī-tro-glyc'ĕr-in, *n.* വെടിദ്രാവകം.

**Nī-trom'e-tĕr**, *n.* യവക്ഷാരവാഌ്ല മാത്രം. [മുള്ള.

**Niv'e-ŏus**, *a.* ഹിമതുല്യമായ; —ഗുണ

**Nix, Nix'ie**, *n.* നീരാളി (*myth.*); ജ ലപ്പിശാച്.

I. **Nō**, *a.* ഇല്ല; അല്ല; (ഒന്നും, യാതൊ ന്നും) അല്ല: n. man came ആരും വന്നി ല്ല; happiness is n. dream ഭാഗ്യമെന്ന ത് സ്വപ്നമല്ല; let there be n. strife between you നിങ്ങൾക്ക് തമ്മിൽ സ്പ ൎദ്ധ അരുത്. n.-body ആരും അല്ലാത്ത വൻ, ഒന്നും—; നിസ്സാരൻ, പോരാത്ത വൻ. *ad.* ഇല്ല, അല്ല; അല്ലേ അല്ല. 2. വേണ്ട: I am doubtful whether or n. I dare accept your congratulation നീ പറഞ്ഞ മംഗലവാക്ക് സ്വീക രിക്കേണമോ വേണ്ടയോ എന്ന് സംശയ മായിരിക്കുന്നു. n. longer ഇനി ഇല്ല, മേലാൽ—. n. matter വേണ്ടതില്ല. *n.* നിഷേധം, ഇല്ലെന്നവാക്ക്; 2. വിരോ ധാഭിപ്രായം; എതിൎപക്ഷം.

II. **No**, (*contr. of* number) 'നമ്പ്ര', എണ്ണം.

**Nob**, *n.* തല; 2. കേമൻ, ശ്രേഷ്ഠൻ, കലീനൻ. -'bi-ly, *ad.* മോടിയായി, അ വസ്ഥയിൽ. -'by, *a.* മോടിയായ, അവ സ്ഥ നടിക്കുന്ന.

**Nō'ble**, *a.* ശ്രേഷ്ഠം ആയ, ഉത്തമം—, നല്ല; 2. ശ്രേഷ്ഠത ഉള്ള, മാഹാത്മ്യം—; 3. വിശേഷമായ, മികെച്ച, വലിയ; 4. കലീനമായ, പ്രഭുവംശത്തിലുള്ള. n.-man ആഢ്യൻ, പ്രഭു, കലീനൻ. n. metals പൊന്ന് വെള്ളി ഗുരുതമം എന്നലോഹ ങ്ങൾ. n.-minded ഉദാരത ഉള്ള, മഹാനു ഭാവം—. n. woman ആഢ്യ, പ്രഭുസ്ത്രീ. *n.* പ്രഭു, കലീനൻ, ശ്രീമാൻ; ഒര് പുരാ തന ഇംഗ്ലീഷ് നാണ്യം. =bil'iar-y, *a.* കലീനരെ സംബന്ധിച്ച. *n.* കലീനകല ചരിത്രം. =bil'i-ty, *n.* ശ്രേഷ്ഠത, വൈ ശിഷ്ട്യം, വൈശിഷ്ട്യം; ഉദാരത; ഉൽകൃഷ്ട ത, മാഹാത്മ്യം; ആഭിജാത്യം, കലശ്രേഷ്ഠ ത; പ്രഭുവൎഗ്ഗം, പ്രഭുക്കന്മാര്. -ness, *n.* ഔന്നത്യം, ശ്രേഷ്ഠത; മഹാനുഭാവം; ഉചി തം, ഉത്തമഗുണം; മാഹാത്മ്യം. =bless', =blesse', *n.* കലീനന്മാര്, പ്രഭുജനം. nō'bly, *ad.* വലിയകുലത്തിൽ; വിശേഷ മായി; ശൌൎയ്യത്തോടെ; ശ്ലാഘനീയമായി.

**Nō'cent**, *a.* ദുഷ്യകരമായ, ഹാനിവ രുത്തുന്ന.

**Noc-tam-bū-lā'tiŏn**, =lism, *n.* നി ദ്രാസഞ്ചാരം, സ്വപ്ന—. =list, *n.* നിദ്രാ ചരൻ.

**Noc-tid'i-al**, *a.* ഒര് രാപ്പകലായ.

**Noc-ti-lū'cŏus**, *a.* ഇരുട്ടത്ത് മിന്നു ന്ന, —ഒളിയുന്ന. =lū'ca, *n.* (*pl.* =lū'cæ, *pr.* -sē) പ്രകാശമം (*ch.*); തുയി (*z.*).

**Noc-tiv'a-gant**, =gŏus, *a.* രാത്രി യിൽ സഞ്ചരിക്കുന്ന. =gā'tiŏn, *n.* രാത്രി സഞ്ചാരം.

**Noc'tō-graph** (-graf), *n.* കരുടന്മാ ൎക്കുള്ള എഴുത്ത് ചട്ടം; 2. രാക്കാവൽച്ചാൎത്ത്.

**Noc'tū-ar-y** (-ĕr-i), *n.* നിശാചൎയ്യം.

**Noc'turn**, *n.* നിശാദേവാരാധന; 2. സങ്കീൎത്തനഖണ്ഡം (*R. C.*). =tur'nal, *a.* രാത്രിയിലുള്ള; നിശാസംബന്ധമായ; രാത്രി ഇരതെണ്ടുന്ന. *n.* നക്ഷത്രസ്ഥിതി മാത്രം. =tur'nal-ly, *ad.* രാത്രിയിൽ; രാ ത്രിതോറും. [ന.

**Noc-turne'**, *n.* വിശിഷ്ടവാദ്യവായ

**Noc'ū-ŏus**, *a.* ദുഷ്യകരമായ, ഹാനി പ്പെടുത്തുന്ന. -ly, *ad.* കേട് പററത്തക്ക വണ്ണം.

**Nod**, *v, i.* ഇളകികൊണ്ടിരിക്കുക; 2. തലയാട്ടുക; സമ്മതിക്കുക; 3. തലകുനിക്കു ക; 4. വന്ദിക്കുക; 5. ഉറക്കം തൂങ്ങുക. *v. t.* തലകുനിക്കുക; 2. വന്ദിക്കുക; 3. സമ്മതി ക്കുക; 4. ഉറക്കംതൂങ്ങുക. 5. വളക്കുക. *n.* ആട്ടം; 2. തലയാട്ടം; 3. സമ്മതം; 4. വന്ദ നം; 5. ഉറക്കം തൂങ്ങൽ. the land of N. ഉറക്കം, നിദ്ര. -'dĕr, *n.* തല കലുക്കുന്ന വൻ. -'ding, *a.* വളഞ്ഞ. -'dy, *n.* പൊ ണ്ണൻ, ഭോഷൻ; ഒര് വക രണ്ടുതൂൽ കതി രവണ്ടി.

**Nod'dle**, *n.* തല, മണ്ട.

**Nōde**, *n.* മുട്ട്; 2. മുഴ, വീക്കം; 3. ക്രാന്തി ഭേദസ്ഥാനം (*as.*); 4. കമ്പ്, മുട്ട് (*b.*); 5. പരിധിഭേദവിന്ദു (*geom.*); 6. കഥ; 7. അ

സ്ഥിവീക്കം, സന്ധ്— (*med.*). ascending n. രാഹു (*as.*). descending n. കേതു (*as.*). line of n.s ക്രാന്തിഭേദരേഖ (*as.*). nō′dal, *a.* ക്രാന്തിഭേദസംബന്ധമായ. nō-dā′ted, *a.* മുട്ടുള്ള (*b.*). nō′di-cal, *a.* ക്രാന്തിഭേദസംബന്ധമായ. n.l month ചന്ദ്രമാനമാസം. nō-dōse′, *a.* കമ്പുള്ള; മുഴയുള്ള. nō-dos′i-ty, *n.* വീക്കം, മുഴക്കൽ, മുഴ; കമ്പ്.

Nod′ūle, *n.* കട്ട, പിണ്ഡം. =ū-lar, *a.* കട്ടയായ. =′ūled (-ūld), =′ū-lōse, =′ū-lŏus, *a.* ചെറുമുഴഉള്ള, കെട്ട്—.

No-ē′mics, *n. pl.* മനോവിദ്യ, ബോധ—. =et′ic, =et′i-cal, *a.* മാനസികം ആയ, മനഃസംബന്ധം—.

Nog, *n.* മോന്ത, പാനപാത്രം; 2. കട്ടപ്പമുള്ള ഒര് വക മദ്യം; 3. മരയാണി, കററി; 4. വിട്ടം. *v. t.* നിറക്കുക; 2. കററിയടിച്ചുറപ്പിക്കുക. -′gin (nog′in), *n.* ചെറുമോന്ത; ഒര് അളവ്. -′ging, *n.* നിറകെട്ട് (*arch.*).

Noise, *n.* ഒച്ച, ഒച്ചപ്പാട്, ശബ്ദം; ക്രുററ്; 2. ഊയാരം, ഇരച്ചല്, ആരവം; നിലവിളി, മുഴക്കം; 3. വൎത്തമാനം, സംസാരം. *v. i.* ഒച്ചപ്പെടുക, ശബ്ദിക്കുക. *v. t.* വൎത്തമാനം പരത്തുക, പ്രസിദ്ധമാക്കുക. -′less, *a.* ഒച്ചയില്ലാത്ത, നിശ്ശബ്ദംആയ; മൌനം—. -′less-ly, *ad.* ഒച്ചയില്ലാതെ; ആരും അറിയാതെ. -′less-ness, *n.* മൌനത. nois′i-ly, *ad.* ഒച്ചപ്പാടോടെ. nois′i-ness, *n.* ഒച്ചപ്പാട്, ക്രുററാരം. nois′y, *a.* നിലവിളി ഉള്ള, ക്രുക്ക് വിളി—, വളരെ ഒച്ച—, തൊള്ളയിടുന്ന.

Noi′sŏme, *a.* ദോഷകരമായ, സുഖക്കേട് വരുത്തുന്ന, ഹാനി—; ആപല്ക്കരമായ; 2. നാറുന്ന; 3. അറക്കത്തക്ക. -ly, *ad.* ദുഷ്യകരമായി. -ness, *n.* ഹാനി, ദൂഷ്യം; ദുൎഗ്ഗന്ധം, ചൂര്.

*Nō′li-me-tan′ġer-e*, *n.* ഒര് ചെടി (*b.*); 2. നാസികാൎബ്ബുദം (*med.*). [കേട്.

No-li′tiŏn, *n.* മനസ്സില്ലായ്മ, മനസ്സ്

*Nol′le pros′e-quī* (*contr.* nol. pros.) വ്യവഹാരവൎജ്ജനനിശ്ചയം (*l.*).

*nol-pros′, v. t.* വ്യവഹാരം നടത്താതിരിക്കുക. [വാദം (*l.*).

*Nō′lo con-ten′de-re* കററസമ്മത

*Nom, n.* നാമം, പേര്. *n. de guerre* (-ger) സങ്കല്പനാമം; തല്ക്കാല—. *n. de plume* ഗ്രന്ഥരചനാ—, സങ്കല്പ—.

Nom′ad, Nom′ade, No-mad′i-an, *n.* സഞ്ചാരനിവാസി; 2. ഗോപാലകവൎഗ്ഗം. *a.* ചുററിസഞ്ചരിക്കുന്ന; നാട് തെണ്ടിയായ. nō-mad′ic, *a.* സഞ്ചാരനിവാസിസംബന്ധമായ; ചുററിസഞ്ചരിക്കുന്ന. nō-mad′i-cal-ly, *ad.* ചുററിസഞ്ചരിച്ച് കൊണ്ട്. nom′a-dism, *n.* സഞ്ചാരനിവാസിത്വം. =a-dīse, =a-dīze, *v. i.* പശുപാലനംചെയ്ത് സഞ്ചരിക്കുക; നാട് തെണ്ടുക. [വിദ്യ.

Nō′man-cy, *n.* നാമാക്ഷരലക്ഷണ

Nō′-man′s-land, *n.* കപ്പലിൽ നടുഭാഗം; 2. അനാഥഭൂമി, പരാരി—. [ടല്.

Nŏm′bles, Num′bles, *n. pl.* മാൻകു

Nō-men-clā′tūre, *n.* പേര്; 2. നിഘണ്ടു; 3. നാമധേയകോശം; ശാസ്ത്രശബ്ദ—. =clā′tŏr, *n.* പേര് പറയുന്നവൻ; —ഇടുന്നവൻ; ശബ്ദകോശം. =clā′tress, *n.* പേരിടുന്നവൾ. =clā′tūr-al, *a.* നാമസംബന്ധമായ; പേരിനുള്ള.

Nō′mi-al, *n.* ഏകരാശി (*alg.*).

Nom′ic, *a.* പതിവായ, രൂഢിയായ.

Nom′i-nal, *a.* നാമസംബന്ധമായ; 2. അക്ഷരാൎത്ഥപ്രകാരമുള്ള; പദാൎത്ഥ; 3. പേരിന്ന് മാത്രമുള്ള; വസ്തുതയല്ലാത്ത. *n.* നാമജന്യക്രിയ (*gr.*); 2. പേര്. -ly, *ad.* പേരിന്ന്, കാഴ്ചക്ക്. -ism, *n.* ഭാവനാനാമവാദം. -ist, *n.* —വാദി.

Nom′i-nāte, *v. t.* പേര് പറയുക, 'ശിപാൎശി' ചെയ്യുക, നിയമിക്കുക. =nā′tiŏn, *n.* 'ശിപാൎശി' ചെയ്യൽ, നിശ്ചയിക്കൽ; നിശ്ചയം. =nā-tive, *a.* കൎത്തൃപദമായ, ആദ്യയായ (*gr.*). n.ve case പ്രഥമവിഭക്തി (*gr.*). *n.* കൎത്തൃ—, പ്രഥമ— (*gr.*). =nā-tiv-al, *a.* —വിഭക്തിസംബന്ധമായ (*gr.*). =nā-tive-ly, *ad.* കൎത്തൃവിഭക്തിയായി. =nā-tŏr, *n.* നിയ

മിക്കുന്നവൻ, നിയോജകൻ. =nēe′, *n.* നിയുക്തൻ.

Nō-mog′ra-phy (-fi), *n.* രാജ്യധൎമ്മശാസ്ത്രം. =mol′o-ġy, *n.* —വിദ്യ; നിയമനിൎമ്മാണം; മാനസികധൎമ്മവിദ്യ.

I. Non, *a.* ഇല്ലാത്ത, അല്ലാത്ത.

II. Non-, *pf*, നിഷേധോപസൎഗ്ഗം: നിഃ, നിർ, നിസ്, വി, അ; 2. ...കേട്, ...ഇല്ലായ്മ. n.-age പ്രായം തികയായ്മ, ഇളമ്പ്രായം. n.-appearance കാണായ്ക; ഹാജരില്ലായ്മ. n.-attention അശ്രദ്ധ. *n.-chalance* നിൎവ്വിചാരഭാവം, ഉദാസീനത. n.-combatant യുദ്ധം ചെയ്യാത്ത, നിരായുധപാണിയായ. n.-commissioned നീട്ട് ഇല്ലാത്ത, രാജനിശ്ചയമല്ലാത്ത. n.-commissioned officer പട്ടാളക്കീഴുദ്യോഗസ്ഥൻ. n.-communion സഹവാസരഹിതത്വം. *n.-compos mentis* പൊണ്ണൻ; ഭ്രാന്തൻ. n.-concurrence വിസമ്മതം. n.-conductor ദുൎന്നേതൃ (*ph.*). n.-conformist സ്വാതന്ത്ര്യസഭക്കാരൻ (*eccl.*). *n. constat* എന്ന് കാണുന്നില്ല; —വരുന്നില്ല (*l.*). n.-contagious പകരാത്ത. n.-content തൃപ്തികേട്; പ്രഭുസഭയിലെ വിരോധച്ചീട്ട്. n.-delivery കൊടുക്കായ്ക. n.-descript പുതിയ, അസാധാരണമായ. n.-elastic വളയാത്ത, അമരാത്ത. n.-effective നിഷ്ഫലമായ; യുദ്ധത്തിന്ന് കൊള്ളാത്ത. n.-elect അവൃതൻ. n.-entity ഇല്ലായ്മ, നിരാസ്തിക്യം; ഇല്ലാത്തത്; പൊരുളില്ലാത്തവൻ, നിസ്സാരൻ. n.-essential മുഖ്യം അല്ലാത്ത. സാരം—. n.-existence ഇല്ലായ്മ, നാസ്തിക്യം. n.-feasance ഉപേക്ഷ (*l.*). n.-fulfilment ചെയ്യായ്ക, നിവൃത്തിക്കായ്ക; കരാറ് ലംഘനം. n.-intervention കയ്യിടാതിരിക്കൽ. n.-joinder കക്ഷിചേൎക്കായ്ക, വ്യവഹാരകാരണം— (*l.*). *n. liquet* തെളിവ് പോരാ (*l.*); നിൎത്തിവെക്കേണ്ടതാണ് (*l.*). n.-metallic ലോഹമല്ലാത്ത. n.-observance നിരാചരണം, ലംഘനം. *n.-pareil* അതുല്യസാധനം; അതുല്യമായ. n.-payment കൊടുക്കായ്ക, വീട്ടായ്ക. n.-performance ഉപേക്ഷ, ചെയ്യായ്ക, ലംഘനം. n.-plus വിഷമം, പരിഭ്രമം; ഭ്രമിച്ച് പോക, വിഷമിക്കുക. n.-professional സാമൎത്ഥ്യം ഇല്ലാത്ത, പരിചയക്കുറവുള്ള; തൊഴിലല്ലാത്ത. n.-resident പാൎപ്പില്ലാത്ത; നിവാസിയല്ലാത്തവൻ. n.-resistance കീഴ്പ്പെടുക്കം, അധീനത; തടസ്ഥമില്ലായ്മ. n.-sensitive സ്പൎശബോധരഹിതമായ. *n. sequitur* അനനുമാനന്യായം. n.-sexual ലിംഗഭേദമില്ലാത്ത. n.-solvent നിൎദ്ധനനായ. n.-submissive അനധീനമായ. n.-suit വ്യവഹാരം പിൻവലിക്കുക (*l.*); —നീക്കുക (*l.*).

Non′āġe, *n.* ഇളകന്നസ്വത്തിൽ ഒമ്പതാലൊന്ന്, പുരോഹിതഭാഗം.

Non-a-ġen-ā′ri-an, *n.* തൊണ്ണൂറ് വയസ്സുള്ളവൻ.

Non-a-ġes′i-mal, *a.* തൊണ്ണൂറാം അംശത്തിലുള്ള (*as.*); അത്യുന്നതമായ (*as.*).

Non′a-gon, *n.* നവഭുജക്ഷേത്രം; —കോണ— (*geom.*).

Nonce, *n.* ഒരൊററ ആവശ്യത്തിലേക്ക്, ഈ—; ഇത്തരുണത്തിൽ. for the n. ഈ അവസ്ഥക്ക്.

Nŏne, *a. & pron.* ഒന്നും ഇല്ല, ഏതും—, ആരും—; 2. യാതൊന്നും (ഇല്ല, അരുത്). n. of കേവലം (ഇല്ല.).

Nōnes (nōnz), *n. pl.* അപരാഹ്നപ്രാൎത്ഥന (*R. C.*); 2. മാൎച്ച്, മേയി, ജൂലായി, ഒക്ടോബർ മാസങ്ങളുടെ ഏഴാം തിയ്യതി; ശേഷം മാസങ്ങളുടെ അഞ്ചാം തിയ്യതി.

*Non est fac′tum* ആധാരനിഷേധവാദം (*l.*).

*Non est in-ven′tus* കണ്ട് കിട്ടീട്ടില്ല (*l.*).

Nŏne′such, *n.* അതുല്യവസ്തു, അനന്യസാധനം, അപൂൎവ്വ—.

Non-il′liŏn (-il′yun), *n.* 31 സ്ഥാനമുള്ള സംഖ്യ (*Fr. & Am.*); 55 സ്ഥാനമുള്ള സംഖ്യ (*Eng.*).

*Non ob-stan′te* എന്നാലും, അങ്ങിനെ ആയാലും; നിയമം വേറെപ്രകാരമാണെങ്കിലും (*l.*).

Non'sense, *n.* അനൎത്ഥപാഠം; 2. അസംബന്ധം; വിഷ്ഠിതം; 3. നിസ്സാരകാൎയ്യം. =sen'si-cal, *a.* തുമ്പ്കെട്ട, മൌഢ്യമായ. =sen'si-cal-ly, *ad.* അൎത്ഥമില്ലാതെ. =sen'si-cal-ness, *n.* വിട്ഭോഷത്വം, മുഠാളത്തരം; തുമ്പില്ലായ്മ.

Nood'le, *n.* ഭോഷൻ; പൊണ്ണൻ, വിഷ്ഠി, മുഠാളൻ; 2. നൂല്പിട്ട്, 'നൂതല'.

Nook, *n.* മുക്ക്, മൂല, കോണ്, ഇടുക്ക്.

No-ol'o-gy, *n.* ബോധവിദ്യ, മനോ–.

Noon, *n.* ഉച്ച, നട്ടുച്ച, മദ്ധ്യാഹ്നം; 2. ഉച്ചം, അഗ്രം. n.-day, n.-tide ഉച്ച, ഉച്ചനേരം, high n. നട്ടുച്ച. n. of might പാതിരാ. fore-n. പൂൎവ്വാഹ്നം, അകത്തുച്ച. after-n. അപരാഹ്നം, തിരിഞ്ഞുടി. *a.* ഉച്ചക്ക് ഉള്ള. *v. i.* ഉച്ചക്ക് പണ്ണികയറുക; —ഭക്ഷണം കഴിക്കുക, തണ്ണീര് കുടിക്കുക (*N.*). -'ing, *n.* ഉച്ചപ്പണ്ണികയറൽ; തണ്ണിക്കുടി (*N.*).

Noose, *n.* ഊരാക്കുടുക്ക് (*N.*); ഊരാഞ്ചുളുക്ക് (*S.*), കുടുക്ക്. *v. t.* കുടുക്കുക; കുടുക്കിടുക; കെണിക്കുക.

Nor, *conj.* ...ഉം ...ഉം (അല്ല, ഇല്ല, വേണ്ട, അരുത്); ...ഓ ...ഓ (—); ...ആകട്ടെ ...ആകട്ടെ (—); 2. ഒട്ട്... ഉം: I love him not n. fear him എനിക്ക് അവനെ പ്രിയമില്ല, ഒട്ട് പേടിയും ഇല്ല; I did not see him n. have I heard of him ഞാൻ അവനെ കണ്ടിട്ടില്ല അവന്റെ വൎത്തമാനം കേട്ടിട്ടുമില്ല.

Norm, Nor'ma, *s. u.* Normal.

Nor'mal, *a.* ക്രമാനുസാരം ആയ, ശരി—, സാധാരണം—, പതിവ്—. n. school അദ്ധ്യാപനാഭ്യാസശാല. *n.* ലംബരേഖ (*geom.*). norm, *n.* ക്രമം, നിയമം; മാതൃക. nor'ma, *n.* ക്രമം, സൂത്രം, പ്രമാണം; മട്ടം. -cy, *n.* ക്രമാനുസാരത്വം. -i-sā'tiŏn, -i-zā'tiŏn, *n.* ക്രമാനുസരണമാക്കൽ. -ly, *ad.* ശരിയായി, ക്രമപ്രകാരം.

North, *n.* വടക്ക്, ഉത്തരദിക്ക്; വടക്കൻദിക്ക്. *a.* വടക്കൻ, വട, ഉത്തര. n.-east പൂൎവ്വോത്തരം, ഈശാനം, വടക്ക്കിഴക്ക്; വടക്ക്കിഴക്കെ; വടക്ക്കിഴക്കോട്ട്. N.-East Passage അത്ലാന്തികസമുദ്രത്തിൽനിന്ന് ശാന്തസമുദ്രത്തിലേക്ക് ഏഷ്യയുടെ വടക്കിൽകൂടിയുള്ള സമുദ്രമാൎഗ്ഗം, ഈശാനമാൎഗ്ഗം, ഉത്തരധ്രുവസമുദ്ര—. n.-easter വടക്ക്കിഴക്കൻ കൊടുങ്കാറ്റ്. n.-easterly, n.-eastern വടക്ക്കിഴക്കുള്ള; ഈശാനമൂലകൊള്ളെ. n.-eastward, n.-eastwardly വടക്ക്കിഴക്കോട്ട്. n. frigid zone ഉത്തരഹൈമമേഖല, —ശീത—. N.-man സ്കാണ്ടിനാവ്യക്കാരൻ. N. Pole ഉത്തരധ്രുവം. n. star ധ്രുവനക്ഷത്രം, ധ്രുവൻ. n. temperate zone ഉത്തരശീതോഷ്ണമേഖല. n.-west പശ്ചിമോത്തരം, വടക്ക്പടിഞ്ഞാറ്, വായുമൂല; വടക്ക്പടിഞ്ഞാറെ, വായവ്യ; പശ്ചിമോത്തരദിക്കിലേക്ക്. N.-West Passage അത്ലാന്തികസമുദ്രത്തിൽനിന്ന് ശാന്തസമുദ്രത്തിലേക്ക് അമേരിക്കയുടെ വടക്കിൽ കൂടിയുള്ള സമുദ്രമാൎഗ്ഗം, വായവ്യമാൎഗ്ഗം. n.-wester വടക്ക്പടിഞ്ഞാറൻ കോള്. n.-westerly, n.-western വടക്ക്പടിഞ്ഞാറൻ, പശ്ചിമോത്തര. n.-westward, n.-westwardly വടക്ക്പടിഞ്ഞാറോട്ട്. n.-wind വടക്കൻകാറ്റ്, കച്ചാൻ. *v. i.* വടക്കോട്ട് തിരിയുക. *ad.* വടക്കോട്ട്. -'ĕr, *n.* വടക്കൻകാറ്റ്, 'കച്ചാൻ'. -'ĕr-li-ness, *n.* ഉത്തരസ്ഥിതി. -'ĕr-ly, -'ĕrn, *a.* വടക്കൻ, ഉത്തര. n.n hemisphere ഉത്തരാൎദ്ധഗോളം (*geog.*). n.n lights ധ്രുവപ്രഭ (*as.*). -'ĕr-ly, *ad.* വടക്കോട്ട്, ഉത്തരദിക്ക്കൊള്ളെ. -'ĕrn-ĕr, *n.* വടക്കൻ. -'ĕrn-mōst, *a.* ഏറ്റവും വടക്കുള്ള. ='thing, *n.* ഉത്തരദിക്കിലേക്കുള്ള ദൂരം. -'mōst, *a.* ഏറ്റവും വടക്കുള്ള. -'ness, *n.* കാന്തഗുണം. -'ward, *a.* വടക്കോട്ട് ഉള്ള. -'ward, -'wards, *ad.* —ആയി, വടക്കോട്ടേക്ക്. -'ward-ly, *a.* ഉത്തരഗതിയുള്ള. *ad.* വടക്കോട്ട്.

Nōse, *n.* മൂക്ക്, നാസാ, നാസികാ (*an.*); 2. ഘ്രാണശക്തി; 3. വാസന, മണം; 4. മോന്ത, 5. കൊടി, അഗ്രം, അററം. n.-bag കുതിര'ത്തോപ്ര', 'തോബറ'. n.-band കുതിരയുടെമുഖപ്പട്ട. n.-bleed മൂക്കിൽനിന്ന് ചോരപോകൽ. -'gay, *n.* പൂച്ചെണ്ട്, പൂക്കെട്ട്, പുഷ്പഗുച്ഛം. n.-

jewel, n.-ring മൂക്കുത്തി, നാസാഭരണം. n.-piece അററം, തുഞ്ചം. aquiline n., Roman n., hooked n. കിളിമൂക്ക്, തത്തച്ചുണ്ടൻ—, ശുകനാസിക. flat n. ചപ്പമൂക്ക്, പതി—, നതനാസിക. n. of wax ഇഷ്ടംപോലെ നടത്താകുന്നവൻ. to blow the n. മൂക്ക് ചീന്തുക. the bridge of the n. മൂക്കിൻെറ പാലം. to hold, put *or* bring one's n. to the grindstone ഞെരുക്കം അനുഭവിക്കുക, അപഹൃതനാക, പിട്ടുങ്ങിപ്പോക. to lead by the n. മൂക്കാൻ കയറിട്ട് നടത്തുക, ഇഷ്ടംപോലെ—. length of one's n. കണ്ണെത്തുന്നേടത്തോളം. to put one's n. out of joint ഡംഭ് കറക്കുക; പ്രേമഭംഗം വരുത്തുക. running of the n. മൂക്കൊലിക്കൽ, ജലദോഷം, 'ചീരാപ്പ്'. to thrust one's n. into കയ്യിട്ടുക. to turn up the n. തിരസ്കരിക്കുക; പൊങ്ങച്ചം കാട്ടുക. to wipe one's n. of ഇല്ലാതാക്കുക; കവന്ന് കളയുക. under one's n. കണ്ണിൻെറ മുമ്പാകെ. *v. t.* മണക്കുക; 2. കണ്ട് പിടിക്കുക; 3. മൂക്കിട്ടുക; 4. അകായ്യമായി ഇടപെട്ടുക; 5. തിരസ്കരിക്കുക; 6. മൂക്ക് കൊണ്ട് സംസാരിക്കുക. *v. i.* മണത്ത് നോക്കുക; 2. വേണ്ടാത്തതിൽ കയ്യിട്ടുക. nōsed (nōzd), *a.* മൂക്കുള്ള. -'less, *a.* മൂക്കില്ലാത്ത, മൂക്കറയൻ ആയ, മൂക്കറച്ചി—.

Nō-sō-cō'mi-al, *a.* വൈദ്യശാലസംബന്ധമായ. =sog'ra-phy (-fi), *n.* രോഗശാസ്ത്രം, നിദാനം. =sol'o-ġy, *n.* രോഗവിവരണവിദ്യ. nos-o-log'i-cal, *a.* —വിദ്യസംബന്ധിച്ച. =sol'o-ġist, *n.* രോഗശാസ്ത്രജ്ഞൻ. =sō-pō-et'ic, *a.* രോഗോല്പാദകമായ.

Nos-tal'ġi-a, =tal'ġy, *n.* വീട്ടാധി (*med.*). =tal'ġic, *a.* വീട്ടാധിരോഗസംബന്ധമായ; വീട്ടാധിപിടിപെട്ട.

Nos'trils, *n. pl.* മൂക്കിൻെറ ദ്വാരം, നാസാരന്ധ്രം.

Nos'trum, *n.* രഹസ്യൌഷധം, ഉപദേശം; 2. ഗുപ്ത്യോപായം.

Not, *ad.* ഇല്ല, അല്ല; 2. (പോല്യം) ഇല്ല; 3. അരുത്, പാടില്ല. thou shalt n. steal മോഷ്ടിക്കരുത്, കളവ് ചെയ്യരുത്.

Nō'ta-ble, *etc. s. u.* Note, II.

No-tæ'um (-tē'um), *n.* പക്ഷിപ്പൃഷ്ഠം, പക്ഷിപ്പുറം.

Nō'tal, *a.* പുറത്തുള്ള, പൃഷ്ഠഭാഗം സംബന്ധിച്ച.

Nō'tar-y, *n.* കറിച്ച് വെക്കുന്നവൻ; 2. കരണസാക്ഷ്യോദ്യോഗസ്ഥൻ, 'നോട്ടരി' (*l.*). N. Public 'നോട്ടരി', കരണസാക്ഷ്യോദ്യോഗസ്ഥൻ. =tā'ri-al, *a.* കരണസാക്ഷ്യസംബന്ധമായ; —സാക്ഷ്യോദ്യോഗസ്ഥൻ ചെയ്യ. =tā'ri-al-ly, *ad.* —സാക്ഷ്യസംബന്ധമായി.

Nō'tāte, *a.* വണ്ണപ്പുള്ളികളുള്ള (*b.*).

Nō-tā'tiŏn, *n.* കറിക്കൽ, അങ്കനം, അക്കമെഴുതൽ; 2. കറി, അടയാളം; 3. അക്കം; ഗണിതസംജ്ഞ.

Notch (noch), *n.* കുത, പല്ല്; 2. കണ്ടിവാതില്, മലയിട്ടുക്ക്, ചുരം. n.-board കോവണിക്കാല്, കോവണിനെട്ടുഞ്ചട്ടം. *v. t.* കുതക്കുക, കരക്കുക; 2. (അമ്പ്) തൊട്ടുക്കുക. -'iṅg, *n.* കുതക്കൽ, കരക്കൽ; കുത; പകരം കൊത്തൽ (*carp.*).

I. Nōte (nōt), *v. t.* (മൃഗം) കുത്തുക.

II. Nōte (nōt), *n.* അടയാളം, ചിഹ്നം, കറി; 2. അക്ഷരം; 3. ലക്ഷണം; 4. സൂചന, സൂചകം; 5. വ്യാഖ്യാനം, ടീക, ഭാഷ്യം; 6. കറിപ്പ്; *pl.* സാരം, പ്രബന്ധസംക്ഷേപം; 7. ചീട്ട്, കറി, കറിമാനം; 8. രാജലേഖനം, —പത്രം, നീട്ട്, തീട്ട്; 9. കൈക്കണക്ക്, കടച്ചീട്ട്; വാഗ്ദത്തപത്രം, 'ഉണ്ടിക', 'പ്രോമിസരിനോട്ട്' 10. നാണ്യപത്രം, 'നോട്ട്': currency n. നാണ്യപത്രം. 11. സംഗീതക്കുറി; 12. രാഗം, സ്വരം: correct n. ശുദ്ധസ്വരം; cracked n. കാക—; false n. അപ—; flat n. കോമള—; long n. ദീർഘ—; sharp n. തീവ്ര—; short n. ഹ്രസ്വ—; 13. (കിന്നര) സ്വരപ്പല്ല്; 14. അറിവ്, വിവരം; അറിയിപ്പ്; 15. ശ്രദ്ധ, ലക്ഷ്യം; 16. കീൎത്തി, ശ്രുതി. n.-book സൂചനപ്പുസ്തകം. n.-

paper കത്ത്കടലാസ്. n.-worthy കീൎത്തിപ്പെട്ട, മുഖ്യമായ. n. of hand ഉണ്ടിക, 'പ്രോമിസരി'. a man of n. വിശ്രുതൻ; മഹാൻ. *v. t.* കുറിക്കൊള്ളുക, ലക്ഷ്യമാക്കുക, ശ്രദ്ധവെക്കുക, സൂക്ഷിക്കുക; 2. കുറിക്കുക, കുറിച്ച്‌വെക്കുക; 3. സൂചിപ്പിക്കുക; പേർ്പറയുക; 4. വ്യാഖ്യാനിക്കുക; 5. രാഗം എഴുതുക. to n. a bill *or* draft 'പ്രൊടെസ്റ്റ്' സാക്ഷ്യപ്പെടുത്തുക. nō-ta-bil'i-a, *n. pl.* മുഖ്യമായ കാൎയ്യങ്ങൾ, ഓൎമ്മവെക്കത്തക്കവ. nō-ta-bil'i-ty, *n.* സ്മരണീയത്വം; വൈശിഷ്ട്യം; മഹാൻ. nō'ta-ble, *a.* കുറിക്കൊള്ളത്തക്ക, കാണത്തക്ക, സ്പഷ്ടം ആയ; വിശേഷം—, മുഖ്യം—, പ്രസിദ്ധം—. *n.* മഹാൻ; വിശിഷ്ടകാൎയ്യം; —സാധനം. nō'ta-ble-ness, *n.* സ്മരണാൎഹത; വൈശിഷ്ട്യം. nō'ta-bly, *ad.* മുഖ്യമായി, പ്രത്യേകിച്ച്. no-tan'dum, *n.* (*pl.* no-tan'da) മുഖ്യസംഗതി, ശ്രദ്ധവെക്കേണ്ടുന്ന കാൎയ്യം. nō'ted, *a.* ശ്രുതിപ്പെട്ട, വിശ്രുതമായ. nō'ted-ly, *ad.* കീൎത്തിയോടെ; മുഖ്യമായി. nō'ted-ness, *n.* ശ്രുതി, കീൎത്തി. -'less, *a.* വിശേഷതയില്ലാത്ത; സാരമില്ലാത്ത. -'less-ness, *n.* നിസ്സാരത്വം. -'let, *n.* ചീട്ട്; കുറിപ്പ്. nō'tĕr, *n.* കുറിക്കൊള്ളുന്നവൻ, മനസ്സിലാക്കുന്നവൻ.

Nŏth'ing, *n.* യാതൊന്നും (ഇല്ല), ഒന്നും (ഇല്ല); 2. നാസ്തിക്യം, അഭാവം, ഇല്ലായ്മ, ശൂന്യം; 3. നിസ്സാരം, അല്പം; 4. ശൂന്യം, സൊന്ന (*ar.*). n. but മാത്രം, അല്ലാതെയൊന്നുമല്ല. for n. വെറുതെ; സൌജന്യം. to make n. of കൂട്ടാക്കാതിരിക്കുക, നിസ്സാരമായി വിചാരിക്കുക; മനസ്സിലാകാതിരിക്കുക. *ad.* യാതൊര് പ്രകാരത്തിലും (ഇല്ല), കേവലം (ഇല്ല), അല്പംപോലും (ഇല്ല). n. off കാററ്പിടിച്ചോട്ടുക (*naut.*). -ā'ri-an, *n.* വിശ്വാസഹീനൻ; യാതൊര് പരിക്ഷയിലും കൂടാത്തവൻ. -ism, *n.* നാസ്തിക്യം. -ness, *n.* ഇല്ലായ്മ, അഭാവം; നിസ്സാരത്വം.

Nō'tice, *n.* ധാരണ, ശ്രദ്ധ, നോട്ടം; ഗോചരത്വം, അറിവ്; 2. വൎത്തമാനം, വിവരം; 3. 'നോട്ടീസ്', അറിയിപ്പ്; പരസ്യം, വിളംബരം; 4. പരിശോധന; 5. ആദരം, സല്ക്കാരം. at a minute's n. ഉടനെ, തല്ക്ഷണം. to take n. of അറിയുക; സാദരം പെരുമാറുക. give n. അറിയിക്കുക. take n. അറിവുതാക, അറിഞ്ഞ്കൊൾ്വിൻ. *v. t.* കാണുക, നോക്കുക, ലക്ഷ്യമാക്കുക, സൂക്ഷിക്കുക, കുറിക്കൊള്ളുക, ശ്രദ്ധവെക്കുക; 2. പ്രസ്താവിക്കുക, സൂചിപ്പിക്കുക; 3. പരിശോധിക്കുക; 4. ഉപചാരം കാട്ടുക, ആദരവ്കാണിക്കുക. -a-ble, *a.* കാണത്തക്ക, ലക്ഷ്യമാക്കത്തക്ക; പ്രത്യക്ഷമായ. -a-bly, *ad.* സ്പഷ്ടമായി, വെളിവിൽ. =cĕr, *n.* കാണുന്നവൻ, സൂക്ഷിക്കുന്നവൻ.

Nō'ti-fȳ, *v. t.* അറിയിക്കുക, പരസ്യമാക്കുക, വിളംബരം ഘോഷിക്കുക; 2. അറിവ്കൊടുക്കുക. =fi-cā'tiōn, *n.* അറിയിക്കൽ; അറിവ്; പരസ്യം, വിളംബരം.

Nō'tiōn, *n.* ബോധം, ധാരണ, ഭാവന; ഊഹം, സങ്കല്പം; കരുത്ത്; 2. അഭിപ്രായം, മതം, വിചാരം, തോന്നല്; 3. സൂത്രം; 4. ഭാവം, താല്പൎയ്യം, നിരൂപണം. -al, *a.* സങ്കല്പം ആയ, ഭാവന—; ഭാവമാത്രം—; മായ—; മായാമോഹം ഉള്ള; മനശ്ചാപല്യം—. -al-ly, *ad.* ഭാവത്തിൽ, നിനവിൽ.

Nō-tō'ri-ŏus, *a.* (ദുഷ്യാൎത്ഥം) എല്ലാവരും അറിയുന്ന, പ്രസിദ്ധം ആയ, വിഖ്യാതം—, ജഗൽപ്രസിദ്ധം—, ശ്രുതിപ്പെട്ട; 2. വമ്പിച്ച; 3. പ്രത്യക്ഷം ആയ, സൎവ്വസമ്മതം—; 4. ലോകാപവാദം—. =ri'e-ty, *n.* (ദുഷ്യാൎത്ഥം) കീൎത്തി, പ്രസിദ്ധി. -ly, *ad.* (ദുഷ്യാൎത്ഥം) പ്രത്യക്ഷമായി, ലോകപ്രസിദ്ധമായി; ലോകാപവാദമായി. -ness, *n.* (ദുഷ്യാൎത്ഥം) ജഗൽപ്രസിദ്ധി, പ്രഖ്യാതി, കീൎത്തി, ലോകാപവാദം.

Not'self, *n.* അനഹംതത്വം, അനഹത്വം.

Not'whēat (-hwēt), *n.* ഓക്കയില്ലാക്കോതമ്പം, ഓകില്ലാക്കോതമ്പ്.

Not-with-stand'ing, *prep.* എന്ന്വരികിലും, ആയിട്ടും, ആകിലും, ഉണ്ടെങ്കിലും, ആണെങ്കിലും. *ad.* or *conj.* എന്നാലും, എങ്കിലും; 2. എങ്കിൽകൂടി. n. that എന്നിട്ടും.

**Nought** (nạt), *n.* & *ad. see* **Naught.**

**Nou'me-non,** *n.* സ്വതാശോചരസ്വതാം (*met.*). =**nal,** *a.* —സത്വസംബന്ധമായ.

**Noun,** *n.* നാമപദം, നാമം (*gr.*). **abstract n.** ഭാവനാമം. **collective n.** സഞ്ചയ—, സാമൂഹ്യ—. **common n.** ശ്രുതി—, സാധാരണ—. **diminutive n.** അല്പ—. **material n.** പദാൎത്ഥ—. **proper n.** വിശേഷ—, പ്രത്യേക—. **-'al,** *a.* നാമപദസംബന്ധമായ. **-'ī̱se, -'īze,** *v. t.* നാമപദമാക്കുക.

**Nŏur'ish,** *v. t.* പോഷിപ്പിക്കുക, പോററുക, പോററിവളൎത്തുക, വളൎത്തുക, രക്ഷിക്കുക, പാലിക്കുക; 2. ആഹാരം കൊടുക്കുക; 3. നിലനിൎത്തുക, നിൎത്തിപ്പോരുക; 4. വൎദ്ധിപ്പിക്കുക; വളംവെച്ചു കൊടുക്കുക; പരിപാലിക്കുക; 5. ആദരിക്കുക; ആശ്വസിപ്പിക്കുക; 6. അഭ്യസിപ്പിക്കുക. *v. i.* പുഷ്ടിപ്പിക്കുക; 2. പോഷണംകൊടുക്കുക. **-a-ble,** *a.* സംരക്ഷിക്കാകുന്ന. **-ẽr,** *n.* പോഷകൻ; പോഷണം. **-iṅg,** *a.* പുഷ്ടിപ്രദമായ; കെല്പു വരുത്തുന്ന. **-iṅg-ly,** *ad.* വളൎത്തിക്കൊണ്ടു; പുഷ്ടിപ്രദമായി. **-ment,** *n.* പോഷിപ്പിക്കൽ; പോഷണം; പുഷ്ടി; ആഹാരം, തീനു, ഭക്ഷ്യം, ഭോജ്യം.

*Nous, n.* ബുദ്ധി, തിരിച്ചറിവു.

**No-vac'ū-līte,** *n.* ചാണക്കല്ലു, കത്തിക്കല്ലു.

**Nov'el,** *a.* പുതിയ, നൂതനം ആയ, നവീനം—, നവ; 2. അപൂൎവ്വമായ. *n.* പുതുക്കം, പുതുമ; 2. സങ്കല്പകഥ, കെട്ടു—. **-ette**(-et), *n.* ചെറുകഥ. **-ist,** *n.* സങ്കല്പകഥാരചകൻ. **-ī̱se, -īze,** *v. t.* കഥയാക്കുക. **-ty,** *n.* പുതുക്കം, നൂതനത്വം; അപൂൎവ്വകാൎയ്യം, പുതുമ.

**Nō-vem'bẽr,** *n.* പതിനൊന്നാം മാസം, 'നവമ്പ്ര്', തുലാംവൃശ്ചികം, കാൎത്തിക മാൎഗ്ഗശിരം.

**Nov'en-ar-y, Nō'vēne,** *a.* ഒമ്പതു എന്ന സംഖ്യ സംബന്ധിച്ച. =**ar-y,** *n.* ഒമ്പതെണ്ണം.

**No-ven'ni-al,** *a.* ഒമ്പതു കൊല്ലത്തിൽ ഒരിക്കൽ ഉണ്ടാകുന്ന, ഒമ്പതാം ഒമ്പതാം കൊല്ലത്തിൽ—.

**Nō-vẽr'cal,** *a.* പോററമ്മക്കു പററിയ, രണ്ടാമത്തെ അമ്മയെ സംബന്ധിച്ച.

**Nov'ice,** *n.* പുതിയവൻ (ൾ); 2. ശീലമില്ലാത്തവൻ (ൾ); 3. പുതിയക്രിസ്ത്യാനി; നൂതനമതാവലംബി; 4. സന്യാസ്യാശ്രമപ്രവേശനാൎത്ഥി. **-ship, nō-vi'ti-āte** (-vish'i-āt), *n.* സന്യാസ്യാശ്രമപ്രവേശനാൎത്ഥിത്വം; ആശ്രമപരീക്ഷാകാലം; —പ്രവേശനാൎത്ഥി; ആശ്രമാൎത്ഥിശാല.

**Now,** *ad.* ഇപ്പോൾ, തല്ക്ഷണം, ഉടനെ; 2. ഈഇടെ, അടുത്തകാലം, ഇന്നാളു; 3. അക്കാലം, അപ്പോൾ; 4. ഇങ്ങിനെയിരിക്കെ, ഈ നിലക്കു; 5. എന്നാലൊ, എങ്കിലോ. **n. and again, n. and then** കൂടക്കൂട, ഓരോരിക്കൽ. **n. ...n.** ഒരിക്കൽ...മറെറാരിക്കൽ, ഒരിക്കൽ...പിന്നൊരിക്കൽ. **n.-a-days** ഇക്കാലം, ഇപ്പോൾ. *a.* ഇപ്പോഴത്തെ, തല്കാലത്തെ, ഇക്കാലത്തെ. *n.* തല്കാലം, ഇക്കാലം, ഇപ്പോൾ.

**Nō'wāy, Nō'wāys, Nō'wī̱se,** *ad.* യാതൊരു വിധത്തിലും (ഇല്ല), കേവലം (ഇല്ല), തീരെ (ഇല്ല). [—അടി.

**Nōw'el** (nō'el), *n.* മൂശയുടെ ഉള്ളു,

**Nō'where** (-hwãr), *ad.* എങ്ങും (ഇല്ല), എവിടെയും (ഇല്ല), യാതൊരു ദിക്കിലും (—), —ഇടത്തും(—).

**Nō'wī̱se,** *ad., see* **Noway.**

**Nox'iŏus** (nok'shus), *a.* ദോഷമുള്ള, ദൂഷ്യകരമായ, ഹാനിവരുത്തുന്ന; വിഷമുള്ള; സുഖകരമല്ലാത്ത, സുഖക്കേടു വരുത്തുന്ന; 2. കററക്കാരായ. **-ly,** *ad.* ഉപദ്രവകരമായി. **-ness,** *n.* ദൂഷ്യം, ഹാനി; വിഷം; ദോഷം.

**Noz'zle, Nos̱'le** (noz'l), *n.* മൂക്കു; മോന്ത; 2. അററം, കൊടി. [ഭേദം.

**Nụ'ance,** *n.* ലേശവ്യത്യാസം, അല്പ

**Nū-bec'ū-la,** *n.* (*pl.* =læ) പ്രഭാമേഘം; 2. ദക്ഷിണധ്രുവപ്രഭാമേഘം.

**Nū'bi-a,** *n.* സ്ത്രീകളുടെ ഒര് ശിരോവസ്ത്രം; 2. മേഘം. =**bif'er-ŏus,** *a.* മേഘോല്പാദകം ആയ. =**big'e-nŏus,** *a.* മേഘോല്പന്നം—. ='**bi-lōse,** =**bi-lŏus,'** *a.* മേഘമുള്ള, കാറ് മൂടിയ.

**Nū'bīle,** *a.* വിവാഹപ്രായമെത്തിയ, വൈവാഹ്യ. =**bil'i-ty,** *n.* വൈവാഹ്യപ്രായം.

**Nū'cha,** *n.* (*pl.* **nū'chæ**) പിരടി, പിടലി. **nū'chal,** *a.* പിരടിയിലുള്ള.

**Nū'cle-us,** *n.* (*pl.* **nū'cle-ī**) കഴമ്പ്, കാമ്പ്; കരട്ട, അണ്ടി; 2. വാൽനക്ഷത്രത്തല, ധൂമകേതുമണ്ഡലം (*as.*); 3. ബീജം, വിത്ത് (*b.*); 4. മൂലധാതു (*biol.*); 5. മൂലം, കാരണം. **nū'cle-al, nū'cle-ar,** *a.* കഴമ്പ് ആയ, കേന്ദ്രഭാഗം—. **nū'cle-āte, nū'cle-ā-ted,** *a.* കഴമ്പ് ഉള്ള. **nū'cle-āte,** *v. t.* ചേറ്ന്ന് കൂട്ടുക. **nū-cle'i-form,** *a.* കഴമ്പാകൃതിയായ. **nū'cle-ōle,** =**clē'ō-lus,** *n.* ചെറുകഴമ്പ്, ഉൾക്കരു.

**Nud'dle,** *v. i.* (along) തലകുനിച്ച് ബദ്ധപ്പെട്ട് നടക്കുക.

**Nūde,** *a.* നഗ്നം ആയ, നിമ്മാണം—(*S.*), ഉടുക്കാത്ത, ഉരിഞ്ഞിട്ടു; 2. പ്രതിഫലമില്ലാത്ത; സാധുവല്ലാത്ത, ദുബ്ബലമായ (*l.*). **the n.** ദിഗംബരമാനുഷരൂപം. **-'ly,** *ad.* നഗ്നമായി. **-'ness,** *n.* നഗ്നത, ദിഗംബരത്വം. **nū'di-caul** (-kal), *n.* ഇലയില്ലാത്ത തണ്ട് (*b.*). **nū-di-fi-cā'tiŏn,** *n.* നഗ്നമാക്കൽ. **nū'di-ty,** *n.* ദിഗംബരത്വം; നഗ്നമായത്; നഗ്നത; വസ്ത്രഹീനരൂപം; *pl.* നഗ്നതാചിത്രം. *nū'dum pac'tum* പ്രതിഫലമില്ലാത്ത കരാറ് (*l.*).

**Nudġe** (nuj), *v. t.* കൈമുട്ട് കൊണ്ട് തട്ടുക; അറിയിക്കുക, സൂചനകൊടുക്കുക. *n.* മുട്ട്, തട്ട്.

**Nū'ga-tŏr-y,** *a.* നിസ്സാരം ആയ, നിഷ്ഫലം—; 2. നിരൎത്ഥകം—, അസാദ്ധ്യം—; 3. പൊരുളില്ലാത്ത.

**Nug'get,** *n.* കട്ടി, വാളം; പൊൻകട്ടി.

**Nūi'sance** (nū'sans), *n.* ഉപദ്രവം, ദ്രോഹം. **private n.** പ്രത്യേകോപദ്രവം, അല്പജനോപദ്രവം (*l.*). **public n.** ബഹുജനോപദ്രവം, പൊതുപദ്രവം (*l.*). =**cĕr,** *n.* ഉപദ്രവി.

**Nul,** *a.* ഇല്ല, അല്ല (*l.*).

I. **Null,** *a.* അസാധുവായ, ബലം ഇല്ലാത്ത, ഫലം—; 2. നിരൎത്ഥകമായ. **n. and void** അസാധു. *n.* ബലം ഇല്ലാത്തത്; അൎത്ഥ—; 2. അസാധു; 3. പൂജ്യം, സൊന്ന. **nul-li-fi-cā'tiŏn,** *n.* ദുബ്ബലപ്പെടുത്തൽ. **nul-li-fid'i-an,** *n.* അവിശ്വാസി, വിശ്വാസരഹിതൻ. *a.* മതവിശ്വാസമില്ലാത്ത. **nul'li-fī-ĕr,** *n.* അസാധുവാക്കുന്നവൻ, ദുബ്ബലപ്പെടുത്തുന്നവൻ. **nul'li-fȳ,** *v. t.* ദുബ്ബലപ്പെടുത്തുക, നിരാകരിക്കുക. **nul'li-ty,** *n.* ദൌബ്ബല്യം; നിരാകരണം (*l.*); അസാധു.

II. **Null,** *n.* മണി, കല്ല. **nulled** (nuld), *a.* കല്ലുകളുപോലെ ഉണ്ടാക്കിയ. **n.d work** (മരത്തിൽ) കല്ലുകൊത്ത് പണി.

**Nul'lah,** *n.* വെള്ളച്ചാല്, ചെറുപുഴ.

**Numb** (num), *a.* തരിച്ച്പോയ, മരവിച്ച, സ്പൎശനമില്ലാത്ത. *v. t.* മരവിപ്പിക്കുക; ചലനശക്തി ഇല്ലാതാക്കുക; സ്പൎശനം—. **-'ness,** *n.* തരിപ്പ്, മരവിപ്പ്, സ്തംഭനം.

**Num'bĕr,** *n.* എണ്ണം, സംഖ്യ; 2. കൂട്ടം, സഞ്ചയം, സമൂഹം; 3. അനേകം, അസംഖ്യം; 4. അക്കം; 'നമ്പ്ര'; 5. *pl.* ഗണം; കവിത (*pros.*); 6. വചനം (*gr.*): **singular n.** ഏകവചനം; **dual n.** ദ്വി—; **plural n.** ബഹു—; 7. കണക്ക്; ഗണിതം; 8. *pl.* സംഖ്യാപുസ്തകം (*Bl.*). **cardinal n.** പ്രമാണസംഖ്യ. **ordinal n.** ക്രമ—. **in n.s** പല അംശങ്ങളായി. **golden n.** ചന്ദ്രവട്ടസംഖ്യ, —പൎയ്യായ—. **abstract n.** ശുദ്ധ—. **concrete n.** സാധന—. **prime n.** അവിഭാജ്യ—. **square n.** ചതുരശ്ര—, തന്മെരുക്കം. **whole n.** പൂൎണ്ണസംഖ്യ, തിക—. *v. t.* എണ്ണുക; 2. കൂട്ടിയെണ്ണുക; 3. അക്കം ഇടുക; 4. തുകയാക, ഉണ്ടാക: **the army n.s** 50000 സൈന്യത്തിൽ ആകെ അമ്പതിനായിരം പേരുണ്ട്. **n.ing machine** അക്കയന്ത്രം. **-ĕr,** *n.* എണ്ണുന്നവൻ. **-less,** *a.* എണ്ണമില്ലാത്ത, അസംഖ്യമായ.

**Num′bleṣ, Nŏm′bleṣ, Hum′bleṣ, Um′bleṣ** (-blz), *n. pl.* മാൻകുടല്; പന്നിക്കുടല്.

**Nū′mĕr-al,** *a.* സംഖ്യാസംബന്ധമായ; 2. അക്കം ഉള്ള; 3. —ആയ, സംഖ്യ—. *n.* സംഖ്യ, അക്കം; 2. സംഖ്യാപദം. **Arabic n.s** 1, 2, 3 മുതലായ അക്കം. **Roman n.s** I, V, X മുതലായ—. **=a-ble,** *a.* എണ്ണാകുന്ന, ഗണനീയമായ. **-ly,** *ad.* എണ്ണപ്രകാരം; എണ്ണത്തിൽ. **=ar-y,** *a.* എണ്ണത്തിൽ പെട്ട. **=āte,** *v. t.* സംഖ്യാനം ചെയ്യുക, സംഖ്യവായിക്കുക. **=ā′tiōn,** *n.* —വായിക്കൽ; എണ്ണൽ. **=a-tive,** *a.* സംഖ്യാനസംബന്ധമായ. **=ā-tŏr,** *n.* എണ്ണുന്നവൻ; എണ്ണധാരി (*math.*). **=mĕr′ie, =mĕr′i-eal,** *a.* സംഖ്യാസംബന്ധം ആയ; —സൂചകം—; അക്കത്തിൽ പ്രസ്താവിച്ച. **=mĕr′i-eal-ly,** *ad.* എണ്ണത്തിൽ. **nū′me-ro** (*contr.* **No.**), *n.* എണ്ണം. **nū-mĕr-os′i-ty, nū′mĕr-ŏus-ness,** *n.* ആധിക്യം, ബാഹുല്യം; ഗണം. **nū′mĕr-ŏus,** *a.* അധികം എണ്ണമുള്ള, അനേകംആയ, അസംഖ്യം—; ഗണമൊത്ത. **nū′mĕr-ŏus-ly,** *ad.* അസംഖ്യമായി.

**Nū′mi-da,** *n.* ഒരു വക കോഴിവൎഗ്ഗം.

**Nū-mis-mat′ie, =′i-eal,** *a.* നാണ്യസംബന്ധമായ; 2. നാണിഭവിദ്യ—. **=mat′ies,** *n.* നാണിഭവിദ്യ. **=′ma-tist, =ma-tol′o-ġist,** *n.* നാണിഭജ്ഞൻ. **=ma-tog′ra-phy** (-fi-), *n.* നാണ്യശാസ്ത്രം. **=ma-tol′o-ġy,** *n.* നാണിഭചരിത്രവിദ്യ.

**Num′mar-y, Num′ū-lar, Num′mū-lar, Num′mū-lar-y,** *a.* നാണ്യസംബന്ധമായ; 2. ദ്രവ്യ—, പണംസംബന്ധിച്ച; 3. നാണ്യാകൃതിയായ.

**Num′skull,** *n.* ഭോഷൻ, പൊണ്ണൻ, വിഡ്ഢി. **=skulled** (-skuld), *a.* പൊട്ടനായ.

**Nun,** *n.* റോമസന്ന്യാസിസ്ത്രീ. **nun′nĕr-y,** *n.* —സ്ത്രീയാശ്രമം, സന്ന്യാസിസ്ത്രീമഠം, മഠം. **nun′nish,** *a.* സന്ന്യാസിസ്ത്രീക്ക് തുല്യമായ; —സ്ത്രീലക്ഷണമുള്ള. **nun′nish-ness,** *n.* —സ്ത്രീലക്ഷണം.

**Nun′ĉhiŏn, Noon′shun,** *n.* പലഹാരം, 'ടിപ്പിൻ'.

**Nun′ci-ō** (-shi-ō), *n.* ദൂതൻ; 2. പാപ്പാപ്രതിനിധി. **nun′ci-a-tūre,** *n.* പ്രതിനിധിസ്ഥാനം. **nun′ci-us,** *n.* ദൂതൻ; ദൂത്; വൎത്തമാനം.

**Nun-eū′pa-tive, =eū′pa-tŏr-y,** *a.* വാക്കാലുള്ള, രേഖയില്ലാത്ത. **n.e will** *or* **testament** 'വാക്കൊസ്യത്ത്'.

**Nun′di-nal, =nar-y,** *a.* ചന്തസംബന്ധിച്ച; 2. ചന്തദിവസം—.

**Nup′tial** (nup′shal), *a.* വിവാഹസംബന്ധമായ; മംഗലാടിയന്തരത്തിനുള്ള. *n. pl.* വിവാഹം, വേളി, പരിണയം, മംഗലം, കല്യാണം, പെണ്ണെട്ട്.

**Nurse** (nĕrs), *n.* പോഷിപ്പിക്കുന്നവൾ, പോററുന്നവൾ, വളൎത്തുന്നവൾ; 2. 'ആയ', ദാതി, ധാത്രി; കുട്ടിയെ നോക്കുന്നവൾ; 3. പരിചാരികാ; 4. 'ആമ', മുലകൊടുക്കുന്നവൾ, ഉപമാതാവ്; 5. രോഗിപാലക; 6. മാലുമി (*naut.*); 7. പാലകൻ, പോഷകൻ. **n.-maid** ധാത്രി. **n.-pond** മീൻപോററ് കളം. **dry-n.** 'ആയ'. **wet-n.** 'ആമ' മുലകൊടുക്കുന്നവൾ. **to put to n., to put out to n.** ധാത്രിയെ ഏല്പിക്കുക. *v.t.* മുലകൊടുക്കുക, പാല്—; 2. പോററുക; കുട്ടിയെനോക്കുക; 3. രോഗിശുശ്രൂഷ ചെയ്യുക; 4. വളൎത്തുക; 5. പരിപാലിക്കുക; 6. ഓമനിക്കുക, താലോലിക്കുക. **nurs′ĕr,** *n.* പാലിക്കുന്നവൻ; പാലക. **nurs′ĕr-y,** *n.* പോററൽ; മക്കളറ, ബാലഗൃഹം; അഭ്യാസസ്ഥലം; പാലനസ്ഥാനം; ഞാററ്കണ്ടം; ശിശു, കുട്ടി. **n.y-man** ഞാററ്കണ്ടക്കാരൻ. **nurs′iṅg,** *a.* മുലകൊടുക്കുന്ന; —കുടിക്കുന്ന. **nurs′liṅg,** *n.* ശിശു, പൈതല്, കുഞ്ഞ്, കുട്ടി.

**Nur′tūre** (*or* chur), *n.* പോഷിപ്പിക്കൽ, വളൎത്തൽ, പരിപാലനം; ബാലപരിചരണം; 2. പോഷണം, ആഹാരം, ഭക്ഷണം, തീന്. *v. t.* തീററുക, ഭക്ഷണംകൊടുക്കുക; 2. വളൎത്തുക, ബാലപരിചരണം ചെയ്യുക.

**Nut**, *n.* കായി; 2. കരു, അണ്ടി, കരട്ടു, കൊട്ട (*P.*); 3. അടക്ക, പാക്ക് (*S.*); 4. മൊട്ട്. *v.i.* കായിപെറുക്കുക, —പറിക്കുക. **n.-breaker, n.-cracker** കരട്ടയമുക്കി. **n.-brown** തവിട്ട്നിറമുള്ള. **n.-gall** കരുവേലകക്കായി. **n.-hook** കൊക്ക; കള്ളൻ; 'ആമീൻ'. **n.-let** കരു. **n.-shell** തോട്, ഓട്, ചിരട്ട; ചെറിയ സാധനം; നിസ്സാര—. **to be** *or* **lie in a n.-shell** അട്ടക്കെ ഉണ്ടാക; വേഗം കാണുക, വിസ്തീർണ്ണാലോചന ആവശ്യമില്ലാതിരിക്കുക, എളുപ്പമായിരിക്കുക: **the remedy lay in a n.-shell** നിവൃത്തിമാർഗ്ഗത്തിന്ന് ദൂരംപോകേണ്ട. **-'tĕr**, *n.* കായിപറിക്കുന്നവൻ, —പെറുക്കുന്നവൻ. **-'ting**, *n.* —പറിക്കൽ, —പെറുക്കൽ. **-'ty**, *a.* കായി ഉള്ള; അണ്ടിച്ചുവ—.

**Nū'tant**, *a.* തലയാട്ടുന്ന; 2. അകത്തോട്ട് വളഞ്ഞ. **=tā'tiŏn**, *n.* തലയാട്ടൽ; ഭൂചലനകമ്പം.

**Nut'meg**, *n.* ജാതിക്ക, ജാതീഫലം. **n.-butter** ജാതിക്കത്തൈലം. **n.-wood** പനമരം. **=megged** (-megd), *a.* ജാതിക്കചേർത്ത. **=meg-gy**, *a.* —ലക്ഷണമുള്ള.

**Nū'tri-a**, *n.* ഒര് മൃഗത്തിന്റെ രോമചർമ്മം.

**Nū'tri-ent**, *a.* പോഷകം ആയ, പുഷ്ടിപ്രദം—; 2. വളർത്തുന്ന. *n.* പോഷണദ്രവ്യം. **nū'tri-ment**, *n.* പോഷണദ്രവ്യം, ആഹാരം; പുഷ്ടിപ്രദസാധനം. **nū-tri-men'tal, =tri'tiŏus** (-trish'us), *a.* പുഷ്ടിപ്രദം ആയ; ആഹാരം—. **=tri'tiŏn** (-trish'un), *n.* പോഷണവ്യവസ്ഥ; പോഷണം, ആഹാരം. **=tri'tiŏn-al**, *a.* പോഷണസംബന്ധമായ. **=tri'tiŏus-ly**, *ad.* പുഷ്ടികരമായി. **=tri'tiŏus-ness**, *n.* പുഷ്ടിപ്രദത്വം. **=tri-tive**, *a.* പോഷണസംബന്ധമായ, പുഷ്ടികരമായ. **=tri-tive-ly**, *ad*, പുഷ്ടികരമായി. **=tri-tive-ness**, *n.* പുഷ്ടിപ്രദത്വം.

**Nux vom'i-ca**, *n.* കാഞ്ഞിരക്കുരു (*b.*).

**Nuz'zle** (nuz'l), **Noz'zle** (noz'l), *v.i.* മോന്തകൊണ്ട് കുത്തുക; 2. തലതാഴ്ത്തി നടക്കുക; 3. തലചാച്ച് കിടക്കുക; 4. മടികാട്ടുക.

**Nyc-ta-lō'pi-a, Nic'ta-lō-py**, *n.* രാക്കണ്ണ് കാണായ്ക (*med.*). **nic'ta-lops**, *n.* മാലക്കണ്ണൻ.

**Nyl'gau** (nil'gạ), *n.* ഒര് വക വലിയ [ആട് (*z.*).

**Nymph** (nimf), *n.* വനദേവത, ജല—, അപ്സരസ്ത്രീ; 2. പെണ്ണ്, ബാലികാ, കന്യക. **n.-like** ദേവതാതുല്യമായി. **nym'phi-cal** (nim'fi-kal), *a.* അപ്സരസംബന്ധമായ; ദേവതകളുള്ള.

**Nys-tag'mos**, *n.* കണ്ണ് ചിമ്മൽ, കണ്ണിളക്കം (*med.*).

# O

**O**, ഇംഗ്ലീഷ് ഭാഷയിൽ പതിനഞ്ചാമത്തെ അക്ഷരം. സ്വരം. പേര്: 'ഓ'. ഉച്ചാരണം: ഒ, ഓ; അ; ഉ, ഊ.

**Ō**, *n.* ഓകാരം; 2. വൃത്തം; 3. പൂജ്യം. *prep.* ഉടെ, ന്റെ. *int.* ഹേ, ഭോ; 2. ഹാ, അയ്യോ. **O dear, O dear me** ഹാ, അയ്യോ; അതെയോ. **O father** അച്ഛാ. **O friend** സ്നേഹിതാ. **O mother** അമ്മേ.

**Ōaf** (ōf), *n.* കുരൂപി; 2 പൊട്ടൻ, ഭോഷൻ, വിഡ്ഢി. **-'ish**, *a.* പൊണ്ണനായ. **-'ish-ness**, *n.* മൂഢത്വം.

**Ōak** (ōk), *n.* ഒര് വക കരുവേലകവൃക്ഷം, കരുവേലകം, സിന്ദൂരം (*b.*). **Indian o.** ജാതിമരം, തേക്ക്—. **o.-apple** കരുവേലകക്കറ. **o.-bark** കരുവേലകപ്പട്ട. **o.-paper** ഒര് വക ചുമര് കടലാസ്. **the o.s** കതിരപ്പന്തയം. **to sport one's o.** കാണ്മാൻ വരുന്നവരെ കാണാതിരിക്കുക. **-'en**, *a.* കരുവേലകമരം കൊണ്ടുണ്ടാക്കിയ. **-'ling**, *n.* കരുവേലകത്തൈ. **-'y**, *a.* കരുവേലകതുല്യമായ.

**Ōak'um** (ōk'um), *n.* പഴയവക്ക്നാര്, കത്രാണച്ചകരി; 2. വക്ക് ചണ്ടി.

**Ōar** (ōr), *n.* തണ്ട്; തുഴ; 2. തണ്ട് വലിക്കുന്നവൻ, തണ്ടുകാരൻ. **o.-lock** അളവ്. **o.sman** തണ്ട് വലിക്കുന്നവൻ.

loom of the o. തണ്ടിന്റെ പിടി. blade of the o. നാക്ക്പലക. to boat the o.s തണ്ട് കള്ളിയിൽ ആക്കുക, തണ്ട് വലി നിൎത്തുക. to feather the o.s തണ്ട് മലൎത്തുക. to lie on the o.s തണ്ട് വലിക്കാതിരിക്കുക, —ഉയൎത്തിവെക്കുക; മടികാട്ടുക. to muffle the o.s തണ്ടിന്റെ കരച്ചൽ ഇല്ലാതാക്കുക. to put in one's o. ചോദിക്കാതെ അഭിപ്രായം പറയുക. to ship the o.s തണ്ട് അളവിൽ ഇടുക. to toss the o.s, to peak the o.s തണ്ടൂരി കുത്തനെ നിൎത്തുക. to trail o.s തണ്ട് ഇഴെക്കുക. to unship the o.s തണ്ട് ഊരുക. *v. t.* & *i.* തണ്ട് വലിക്കുക, വലിക്കുക; തുഴയുക. ōared (ōrd), *a.* തണ്ടുള്ള. -'y, തണ്ട്പോലെയുള്ള.

Ō-ā'sis, *n.* (*pl.* =sēs) മരുപ്പച്ച, മരുത്തോട്ടം, മരുശാദ്വലസ്ഥലം.

Ōat (ōt), *n.* (*usually in pl.*) ഒര് വക ധാന്യം, കതിരക്കോതമ്പ്, 'ഓട്ട്' ധാന്യം. o-cake ഓട്സ്അപ്പം. o.-meal ഓട്സ് പൊടി. wild o.s തെമ്മാടിത്തരം, വിഷയലമ്പടത്വം. to sow one's wild o.s തെമ്മാടിയായി ജീവിക്കുക. to have sown one's wild o.s തെമ്മാടിത്തരം വിട്ടുക. -'en, *a.* 'ഓട്സ്' കൊണ്ട് ഉണ്ടാക്കിയ; 'ഓട്സ്'പുല്ല് കൊണ്ട്—.

Ōath (ōth), *n.* ആണ, സത്യം, പ്രമാണം; ശപഥം; 2. ദൂഷണം, ദൈവദൂഷണം. o.-breaking, false o. കള്ളസത്യം; സത്യം ചെയ്ത് കളവ് പറയൽ. to take an o. സത്യം ചെയ്യുക.

Ob-con'ic, =cal, *a.* പമ്പരാകൃതിയായ.

Ob'dū-rāte, *a.* കഠിനഹൃദയം ഉള്ള; കട്ടപ്പം—; മനസ്സ് കല്ലിച്ച, മരവിച്ച; 2. തിന്മയിൽ തഴമ്പ് കെട്ടിയ; 3. ദുശ്ശാഠ്യം ഉള്ള, വിട്ട്കൊടുക്കാത്ത; 4. പശ്ചാത്താപമില്ലാത്ത; 5. മുരട്ട് ഗുണം ഉള്ള; 6. കൎക്കശഭാവം—; 7. കഠോരമായ; 8. പരുപരുപ്പുള്ള. =rā-cy, -ness, *n.* മനഃകാഠിന്യം; ശഠത. -ly, *ad.* കാഠിന്യത്തോടെ.

Ō-bē'di-ence, *etc.*, *s. u.* Obey.

Ō-bei'sance (*or* ō-bē'sans), *n.* വണക്കം, നമസ്കാരം, വന്ദനം; ആചാരം, അനുനയം. =bei'sant *a.* അനുസരണം ഉള്ള; വണക്കം—; ഉപചാരം—.

Ob'e-lisk, *n.* ഏകശിലാസ്തംഭം, സൂച്യാകാര—; 2. (†) എന്ന സൂചകചിഹ്നം *print.*). *v. t.* സൂചകചിഹ്നമിടുക. =lis'cal, *a.* ഏകശിലാസ്തംഭാകൃതിയായ.

Ō-bēse' (-bēs'), *a.* പൊണ്ണത്തടി ഉള്ള, കൊഴുപ്പ്—; മാംസളത്വം—. -ness, -bes'i-ty, *n.* കംഭ, തടി, പൊണ്ണത്തടി, ദേഹപുഷ്ടി.

Ō-bey' (-bā'), *v. t.* പറഞ്ഞാൽ കേൾക്കുക, കേൾക്കുക, അനുസരിക്കുക; 2. കീഴടങ്ങുക, വഴങ്ങുക; 3. ഒതുങ്ങിനില്ക്കുക. *v. i.* കേട്ട്നടക്കുക. =bē'di-ence, *n.* അനുസരണം, കീഴടക്കം; വിധേയത്വം; ശിഷ്യന്മാര്, സഭക്കാര് (*eccl.*); ഉപമഠം (*R. C.*); സന്ന്യാസിയാശ്രമസത്യം; ആശ്രമചട്ടം. passive o.e രാജാജ്ഞാനുസരണം. =bē'di-ent, *a.* അനുസരണം ഉള്ള, ചൊല്ല്വിളി—; ഒതുക്കം—. =bē-di-en'tial (-en'shal), *a.* ആജ്ഞാനുസരണയായ. =bē'di-ent-ly, *ad.* അനുസരണത്തോടെ; അനുസാരമായി. -ĕr, *n.* അനുസരിക്കുന്നവൻ. -ing-ly, *ad.* വിധേയമായി.

Ob-fus'cāte, *v. t.* ഇരുട്ട് ആക്കുക, അസ്പഷ്ടം—, മൂടുക; 2. സംഭ്രമം വരുത്തുക. =cā'tiŏn, *n.* ഇരുട്ടാക്കൽ; ഭ്രമിപ്പിക്കൽ; അന്ധത.

Ō'bit, *n.* നിൎയ്യാണം, മരണം; 2. മരണതിയ്യതി; 3. ശ്മശാനകൎമ്മം, ശേഷക്രിയ, ചാവ്; 4. ശ്രാദ്ധം. *post o.* മരണശേഷമുള്ള; മരണാനന്തരം സാധുവാകുന്ന രേഖ (*l.*). =bit'ū-al, *a.* ശ്രാദ്ധസംബന്ധമായ. =bit'ū-ar-i-ly, *ad.* മരണവിവരമായി. =bit'ū-ar-y, *a.* —സംബന്ധമായ. *n.* —വൃത്താന്തം; ജീവചരിത്രച്ചുരുക്കം; 2. മൃതപ്പട്ടിക (*R. C.*); 3. ശ്രാദ്ധപ്പട്ടിക (*R. C.*).

*Ob'i-ter, ad.* കടന്ന്പോകമ്പോൾ, വഴിയിൽ; ഈ സംബന്ധത്തിൽ. *O.-dictum* (വിധികൎത്താവിന്റെ) സംബന്ധിതാഭിപ്രായം (*l.*).

Ob'ject, *n.* സാധനം, വസ്തു, ദ്രവ്യം, പദാൎത്ഥം; 2. വിഷയം, കാൎയ്യം; 3. കാര

ണം, ഹേതു, മൂലം; 4. ഉദ്ദേശം, ലാക്ക്, താല്പൎയ്യം; 5. കൎമ്മം (*gr.*). o.-glass കഴലിന്റെ അററക്കണ്ണാടി. o.-lesson സാധനപാഠം. o.-teaching സാധനാഭ്യാസം, ദൃഷ്ടാന്താഭ്യാസം. ob-ject', *v. t.* കററാരോപണം ചെയ്യുക; എതിൎന്യായമായി പ്രസ്താവിക്കുക. *v. i.* (to) വാദിക്കുക, ആക്ഷേപിക്കുക, വിരോധം പറയുക, എതിർ—. =jec'ti-fȳ, =jec'ti-vāte, -īse, -īze, *v. t.* വിഷയമാക്കുക. =jec'-tiŏn, *n.* തടസ്ഥം, വിരോധം, മുടക്കം; ആക്ഷേപം, എതിക്കൽ. =jec'tiŏn-a--ble, *a.* ആക്ഷേപകരം ആയ, വിരോധം—. =jec'tiŏn-a-bly, *ad.* ആക്ഷേപമായി. -ist, *n.* കൎമ്മവിഷയകൻ. =jec-ti-vā'tiŏn, *n.* വിഷയീകരണം. =jec'tive, *a.* വിഷയസംബന്ധം ആയ; കൎമ്മവിഷയകം— (*met.*); കൎമ്മവിഭക്തി—. o.e point ലാക്ക്, ഉദ്ദേശം. *n.* കൎമ്മവിഭക്തി, ദ്വിതീയ—; കഴലിന്റെ അററക്കണ്ണാടി; ലാക്ക്, ഉദ്ദേശം. =jec'tive-ly, *ad.* കൎമ്മവിഷയകമായി. =jec'tive-ness, =tiv'i-ty, *n.* കൎമ്മവിഷയകത്വം; കൎമ്മവിഷയലക്ഷണം. -less, *a.* ഉദ്ദേശരഹിതമായ. =ject'ŏr, *n.* ആക്ഷേപകൻ, വിരോധി.

Ob-jụ-rā'tiŏn, *n.* ശപഥം.

Ob-jur'gāte (-jĕr'gāt), *v. t.* ശാസിക്കുക, ആക്ഷേപിക്കുക. =gā'tiŏn, *n.* ശാസന, അധിക്ഷേപം. =tŏr-y, *a.* ആക്ഷേപമായ.

Ob-lāte', *a.* ധ്രുവങ്ങളൊട്ടിയ; 2. സമൎപ്പിച്ച, പ്രതിഷ്ഠിച്ച, ബലിയൎപ്പിച്ച. o. spheroid, o. ellipsoid ഒട്ട്ഗോളം. *n.* വസ്തുസമൎപ്പകസന്ന്യാസി (*R. C.*); ബാലസന്ന്യാസി. -ness, *n.* ധ്രുവമൊട്ടൽ; സമൎപ്പണം. =lā'tī, *n. pl.* വസ്തുസമൎപ്പകസന്ന്യാസി; ബാല—. =lā'tiŏn, *n.* ആഹരണം; കാഴ്ച, വഴിപാട്, ബലി, ആഹുതി. =lā'tiŏn-ĕr, *n.* വഴിപാട് വെക്കുന്നവൻ.

Ō-blīge', *v. t.* ബന്ധിക്കുക; 2. ചെയ്യുമാറാക്കുക, നിൎബ്ബന്ധിക്കുക; 3. ബാദ്ധ്യസ്ഥപ്പെടുത്തുക; കടം ആക്കുക, മുറ—; 4. ഉപകാരം ചെയ്യുക, ഹിതംപ്രവൃത്തിക്കുക: I am very much o.d to you നിങ്ങൾ ചെയ്തത് വലിയ ഉപകാരം. ob'li-ga-ble, *a.* ബാദ്ധ്യതാബോധമുള്ള; ഋണമോചനം ചെയ്യുന്ന; വിശ്വാസയോഗ്യമായ. ob'li-gāte, *v. t.* ബന്ധിക്കുക, നിൎബ്ബന്ധിക്കുക. ob-li-gā'tiŏn, -ment, *n.* നിൎബ്ബന്ധിക്കൽ; നിൎബ്ബന്ധം, ആവശ്യത; ധൎമ്മം, ഋണം, മുറ; ഉപകാരബാദ്ധ്യത; നിശ്ചയം, കരാറ് (*l.*). ob'li-gā-tŏr-i-ly, *ad.* നിൎബ്ബന്ധരൂപേണ. ob'li-gā-tŏr-i-ness, *n.* ധൎമ്മ്യത. ob'li-gā-tŏr-y, *a.* (on, upon) മുറ ആയ, ധൎമ്മം—, കടം—; ആവശ്യം—. ob'li-gēe, *n.* കടംകൊടുത്തവൻ, മുതലാളി; ബന്ധകൻ. =blī'gĕr, *n.* ഉപകാരി, ഹിതകാരി; നിൎബ്ബന്ധകൻ. =blī-ging, *a.* ബാദ്ധ്യതപ്പെടുത്തുന്ന; ഹിതകാരി ആയ, ഉപകാരം ചെയ്യുന്ന; ഉപചാരഗുണം ഉള്ള, ദയ—. =blī'ging-ly, *ad.* ദയവായി, ആദരവോടെ. =blī'ging-ness, *n.* ഹിതകാരിത്വം, സുശീലത്വം; അനുകൂലത, ആനുകൂല്യം. ob-li-gŏr', *n.* കടക്കാരൻ, ബാദ്ധ്യൻ, നിൎബ്ബന്ധിതൻ.

Ob-līque' (ob-lēk' *or* ob-līk'), Ob-līke', *a.* വക്രമായ, വളഞ്ഞ, ചൊവ്വല്ലാത്ത, കോട്ടമുള്ള; 2. ചായ്വറയായ; ചാഞ്ഞ, ചരിഞ്ഞ; 3. വക്രഗതി ആയ, അസ്പഷ്ടം—, യഥാൎത്ഥമല്ലാത്ത, കുടിലം ആയ, ഉപായം—; 4. താഴ്വഴി തെററിയ, മറുതാഴ്വഴിയായ. o. angle വിഷമകോണം (*geom.*). o. case വളവിഭക്തി, കാരക—, അകൎത്തൃ— (*gr.*). o. fire ചാഞ്ഞുവെടി (*mil.*). o. narration, o. speech വക്രവാക്യം. *n.* ചായ്വരേഖ (*geom.*). *v. i.* ചായുക, കോട്ടുക, ചരിയുക; 2. കോൺമിക്ക് കൊള്ളെ നടക്കുക (*mil.*). -ly, *ad.* ചായ്വറയായി, ചരിഞ്ഞ്. -ness, *n.* വളവ്, ചരിവ്; വിഷമം. =liq'ui-ty, *n.* ചരിവ്, വക്രത, വൈഷമ്യം; വ്യത്യാസം; ക്രമക്കേട്, ലംഘനം; പരമാൎത്ഥക്കുറവ്; തെററ്, പാപം, ദോഷം.

Ob-lit'ĕr-āte, *v. t.* മായ്ക്കുക, കുത്തിക്കളയുക, തടഞ്ഞ് കളയുക, കിറുക്കുക; 2. മാഞ്ഞ്പോക, മറന്ന്—; 3. ഇല്ലാതാക്കുക, നശിപ്പിക്കുക. =ā'tiŏn, *n.* മായ്ക്കൽ; തിരുത്ത്; നിൎമ്മൂലനം. =a-tive,

*a.* മായിച്ച് കളയുന്ന; ഇല്ലാതാക്കുന്ന. =ā-ted, *a.* മാഞ്ഞ്പോയ, തേഞ്ഞ്—.

Ob-liv'i-on, *n.* വിസ്മരണം, മറന്ന് കളയൽ; 2. മറതി, വിസ്മൃതി; 3. 'മാപ്പ്', പൊതുക്ഷമ. =liv'i-ŏus, *a.* ഓൎമ്മകെടുക്കുന്ന, മറതിവരുത്തുന്ന; —ഉള്ള. =liv'i-ŏus-ly, *ad.* ഓൎമ്മയില്ലാതെ. =liv'i-ŏus-ness, *n.* വിസ്മരണത്വം.

Ob'long, *a.* ദീൎഘചതുരമായ. *n.* —ചതുരശ്രക്ഷേത്രം, ആയത– (*geom.*). -ish, *a.* ഏതാനും ദീൎഘചതുരമായ. -ly, *ad.* ദീൎഘചതുരമായി. -ness, *n.* ആയതത്വം.

Ob-lon-gā'ta, *n.* മുകിളം, ഉപമസ്തിഷ്കം (*an.*). =gā'tal, *a.* —മസ്തിഷ്കസംബന്ധമായ.

Ob'lo-quy (-kwi), *n.* ആക്ഷേപം, അധിക്ഷേപം; 2. നിന്ദ, അപവാദം, ദൂഷണം; 3. വാവിഷ്ഠാണം, ശകാരം.

Ob-mū-tes'cence (-tes'ens), *n.* നാവ് വീഴൽ, ഊമത്വം; 2. മൌനത.

Ob-nox'iŏus (-nok'shus), *a.* (to) അധീനം ആയ, ആസ്പദം—; പാത്രം—; അൎഹതയുള്ള; 2. ആക്ഷേപ്യം ആയ, ശിക്ഷായോഗ്യതയുള്ള; കുററകരം ആയ; 3. അസഹ്യം—; അപ്രിയം—, ഇഷ്ടംഇല്ലാത്ത, രഞ്ജന—. -ly, *ad.* വെറുപ്പോടെ, രസമില്ലാതെ; അസഹ്യമായി. -ness, *n.* ആക്ഷേപ്യത; അസഹ്യത, വിരോധം.

Ō'bō-ē, *n.* ഒര് വക കുഴല്, വേണു. ō'bō-ist, *n.* കുഴലൂത്തുകാരൻ, വേണുഗായകൻ.

Ob'o-lus, ഒര് ചെറിയ ഗ്രേക്കവെള്ളിനാണ്യം; 2. ഒര് തൂക്കം. ob'ol, ob'ōle, *n.* ഒര് ചെറിയ—. =lar-y, *a.* ദാരിദ്ര്യമുള്ള, പണംഇല്ലാത്ത, വക—.

Ob-scēne' (-sēn'), *a.* വഷളായ, അസഭ്യം ആയ, അവലക്ഷണം—, നാണംകെട്ട; 2. ചീത്തആയ, കത്സിതം—; 3. അശുഭം—. o. language ചീത്തവാക്ക്. -ly, *ad.* അസഭ്യമായി. -ness, =scen'i-ty (-sen'i-), *n.* അസഭ്യത, വഷളത്വം, മ്ലേച്ഛത; അശുദ്ധി; നാണക്കേട്.

Ob-scūre', *a.* ആച്ഛന്നമായ, മൂടിക്കിടക്കുന്ന; 2. ഇരുണ്ട; ഇരുട്ടിലുള്ള; 3. അറിയാത്ത, പ്രസിദ്ധിയില്ലാത്ത; 4. അസ്പഷ്ടം ആയ; 5. മറവ്—, അദൃശ്യം—, ദൃഷ്ടിയിൽ പെടാത്ത; 6. താണ, നീചമായ; 7. വ്യക്തിയില്ലാത്ത, അഗ്രാഹ്യം ആയ; 8. മങ്ങൽ—. *v. t.* —ആക്കുക, ഇരുട്ട്—; 2. അസ്പഷ്ടം—; 3. ഒളിവിൽ വെക്കുക; മറെക്കുക. =scū'rant, *n.* മറെക്കുന്നവൻ; വിജ്ഞാനദ്വേഷി. =scū'rant-ism, *n.* വിജ്ഞാനവിരോധവാദം. =scū'rant-ist, *n.* —വാദി. =rā'tiŏn, *n.* ആച്ഛാദനം; മറവ്. -ly, *ad.* മങ്ങലായി; ആരും അറിയാതെ, പ്രസിദ്ധിയില്ലാതെ. -ment, *n.* മറക്കൽ; മറവ്. -ness, =scū'ri-ty, *n.* ഇരുട്ട്, അന്ധത; ഗോപ്യത; മറവ്; അപ്രസിദ്ധി; അസ്പഷ്ടത. =scū'rĕr, *n.* മറെക്കുന്നവൻ.

Ob'se-crāte, *v. t.* കെഞ്ചുക, അപേക്ഷിക്കുക, യാചിക്കുക. =crā'tiŏn, *n.* പ്രാൎത്ഥിക്കൽ; യാചനാലങ്കാരം (*rhet.*). =crā-tor-y, *a.* വിജ്ഞാപനമായ.

Ob'se-quies (-kwiz), *n. pl.* ശ്മശാനക്രിയ, ശവസംസ്കാരം; —ദാഹം; ചാവടിയന്തരം, ശേഷക്രിയ, ഉത്തര—. =sē'qui-ŏus, *a.* പാദസേവചെയ്യുന്ന, സേവിച്ച് നില്ക്കുന്ന; പ്രേതസംസ്കാരസംബന്ധമായ. =sē'qui-ŏus-ly, *ad.* നീചസേവചെയ്ത്കൊണ്ട്. =sē'qui-ŏus-ness, *n.* പാദപൂജ, വണക്കം.

Ob-sĕrve', *v. t.* ആചരിക്കുക, അനുഷ്ഠിക്കുക, പ്രമാണിക്കുക, അനുസരിച്ച് നടക്കുക; 2. നോക്കുക, കാണുക; സൂക്ഷിക്കുക, ശ്രദ്ധിക്കുക; ലക്ഷ്യമാക്കുക; 3. പ്രസ്താവിക്കുക, പറയുക. *v. i.* ശ്രദ്ധവെക്കുക, സൂക്ഷിക്കുക; 2. (on, upon) പ്രസ്താവിക്കുക, സംസാരിക്കുക. =sĕr'va-ble, *a.* കുറിക്കൊള്ളത്തക്ക; ആചരണീയം ആയ; പ്രത്യക്ഷം—, കാണത്തക്ക. =sĕr'va-ble-ness, *n.* ആചരണീയത്വം; ദൎശനീയത്വം. =sĕr'va-bly, *ad.* പ്രമാണിക്കത്തക്കതായി. =sĕr'vance, *n.* അനുഷ്ഠാനം, ആചരണം; ആചാരം, വഴക്കം, മൎയ്യാദ. =van'dum, *n.* (*pl.* =van'da) ആചാരം, ചടങ്ങ്. =sĕr'vant, *a.* ദൃഷ്ടിവെക്കുന്ന, ശ്രദ്ധ—; സൂക്ഷ്മമുള്ള; (of) പ്രമാണിക്കുന്ന, കാത്ത്കൊള്ളുന്ന, ആചരിക്കുന്ന. *n.* ഭി

ക്ഷുസന്ന്യാസി (*R. C.*). =s̱ĕr-van'tine, *n.* ഭിക്ഷുസന്ന്യാസി (*R. C.*). =s̱ĕr'vant-ly, *ad.* ശ്രദ്ധപൂർവ്വം. =s̱ĕr-vā'tiŏn, *n.* ദൃക്ഷി, നോട്ടം; അഭിപ്രായം, അനുമാനം; വാക്ക്, പ്രസ്താവം; ആചരണം; അവലോകനം (*sc.*); ഗണനം (*as.*); സ്ഥിതിഗണനം (*naut.*). to take an o.n (കപ്പലിന്റെ) സ്ഥിതിഗണിക്കുക. =s̱ĕr-vā'tiŏn-al, *a.* ആചരണസംബന്ധം ആയ; ആചാരം—. =s̱ĕr'va-tive, *a.* ശ്രദ്ധഉള്ള, സൂക്ഷ്മം—. =sĕr'va-tŏr-y, *n.* നക്ഷത്രബംഗ്ലാവ് (*S.*), ജ്യോതിഷമണ്ഡപം, ജ്യോതിർമ്മണ്ഡലദർശനാലയം; പരിശോധനാഗൃഹം; ഗോപുരം. =s̱ĕr'vĕr, *n.* സൂക്ഷ്മദർശകൻ; ശ്രദ്ധാലു; അനുഷ്ഠാനക്കാരൻ; നിവർത്തകൻ. =s̱ĕr'vĕr-ship, *n.* ദർശകോദ്യോഗം. =s̱ĕr'viṅg, *a.* ശ്രദ്ധയുള്ള. s̱ĕr'viṅg-ly, *ad.* ശ്രദ്ധയോടെ.

Ob-sid'i-an, *n.* അഗ്നിപർവ്വതസ്ഫടികം, കൃഷ്ണസ്ഫടികം (*min.*).

Ob-sid'iŏn-al (-sid'yun-), *a.* നിരോധസംബന്ധമായ. o. crown നിരോധവിജയകിരീടം. [ഉറപ്പിക്കൽ.

Ob-sig-nā'tiŏn, *n.* സ്ഥിരീകരണം,

Ob'so-lēte, *a.* പഴക്കപ്പെട്ട, നടപ്പില്ലാത്ത, ശുദ്ധിയല്ലാത്ത; 2. വികസിക്കാത്ത, അങ്കുരം ആയ; നിഷ്ഫലം— (*biol.*). *v. i.* പഴക്കപ്പെടുക, നടപ്പില്ലാതാകുക. =lesce' (-les'), *v. i.* പഴക്കപ്പെടുക. -ly, *ad.* നടപ്പില്ലാതെ. -ness, *n.* പഴക്കം; വികാസരഹിതത്വം (*biol.*). =lēt-is̱m, *n.* നടപ്പല്ലാത്തവാക്ക്, പുരാതനപ്രയോഗം. =les'cence (les'sens), *n.* നടപ്പില്ലായ്മ. =les'cent, *a.* ശുദ്ധികുറയുന്ന; ഉപയോഗമില്ലാതാകുന്ന.

Ob'sta-cle, *n.* തടസ്ഥം, വിഘ്നം, മുടക്കം, വിരുദ്ധം, ഇടച്ച്, വിഷമം, പ്രതിബന്ധം.

Ob-stet'rics, =stet'ri-cy, *n.* സൂതികർമ്മവിദ്യ; 2. പേററിപ്പവൃത്തി; 3. പ്രസൂതികാശാസ്ത്രം. =stet'ric, =stet'ri-cal, *a.* —വിദ്യാസംബന്ധമായ; ഗർഭമോചന—, പ്രസവ—. =ste-tri'cian (-trish'an), *n.* പ്രസൂതികാവൈദ്യൻ, പേററിച്ചി (*N.*), വയററാട്ടി (*S.*).

Ob'sti-nāte, *n.* ശാഠ്യംഉള്ള, ശഠത—, താന്തോന്നിത്വം—, മുരട്ട്ശീലം—, മർക്കടമുഷ്ടിയായ; 2. വിടാത്ത, മാറാത്ത, കഠിനമായ. -ness, =na-cy, *n.* ദുശ്ശാഠ്യം, വാശി, മുരട്ടത്തനം; വിഷമം, കട്ടപ്പം. -ly, *ad.* ദുർവ്വാശിയോടെ.

Ob-sti-pā'tiŏn, *n.* തടസ്ഥം; 2. മലബന്ധം (*med.*).

Ob-strep'ĕr-ŏus, *a.* നിലവിളികൂട്ടുന്ന, ക്രുറെറടുക്കുന്ന, തൊള്ളയിടുന്ന. 2. ഇരച്ചൽ ഉള്ള, ആരവാരം—; കലഹം—. -ly, *ad.* ക്രുറോടെ, നിലവിളിയോടെ. -ness, *n.* ക്രുക്ക്‌വിളി, ആരവം, ഊറ്റാരം, ക്രുററാരം.

Ob-stric'tiŏn, *n.* നിർബ്ബന്ധം; 2. ബാദ്ധ്യത. =stringe', *v. t.* നിർബ്ബന്ധിക്കുക; ബാദ്ധ്യസ്ഥനാക്കുക.

Ob-struct', *v. t.* അടച്ച്കളയുക, തടസ്ഥപ്പെടുത്തുക; 2. തടുക്കുക, മുടക്കുക. =struct'ĕr, *n.* തടസ്ഥക്കാരൻ, മുടക്കുന്നവൻ. =struc'tiŏn, *n.* തടയൽ, തടുക്കൽ; തടവ്; തടസ്ഥം, പ്രതിബന്ധം, വിഘ്നം, മുടക്കം; o.n of the bowels മലബന്ധം, ഉദാവർത്തം, ഉദാവർത്തനം (*med.*). o.n of the chest നെഞ്ഞടപ്പ് (*med.*). o.n of the menses രക്തശൂല (*med.*). o.n of urine കല്ലടപ്പ്, അശ്മരി (*med.*). =struc'tiŏn-ism, *n.* പരിഷ്കാരതടസ്ഥം. =stuc'tiŏn-ist, *n.* —വിരോധി; പ്രവൃത്തി തടസ്ഥക്കാരൻ. =struc'tive, *a.* മുടക്കം വരുത്തുന്ന, വിഘ്നം—. *n.* മുടക്കം ചെയ്യുന്നവൻ. =struc'tive-ly, *ad.* തടസ്ഥമായി.

Ob'stru-ent, *a.* തടസ്ഥം ചെയ്യുന്ന, മുടക്കുന്ന. *n.* അടപ്പ്; 2. (വിസർജ്ജന) ബന്ധകൌഷധം (*med.*).

Ob-tāin', *v. t.* കിട്ടുക, പ്രാപിക്കുക; സാധിപ്പിക്കുക, കൈവശപ്പെടുത്തുക; സമ്പാദിക്കുക. *v. i.* നടപ്പായിരിക്കുക, പ്രബലപ്പെടുക, വഴക്കമാക; 2. സാധിക്കുക, കിട്ടുക. -a-ble, *a.* ലഭ്യമായ. -ĕr, *n.* പ്രാപകൻ. -ment, *n.* പ്രാപ്തി, ലബ്ധി; ലാഭം.

**Ob-test′**, *v. t.* ആണയിടുക, സത്യം ചെയ്യുക; ശപഥം—; 2. അപേക്ഷിക്കുക, യാചിക്കുക. =**tes-tā′tiŏn**, *n.* ആണ, ശപഥം, സത്യം; നിഷ്കർഷ; അപേക്ഷ, യാചന.

**Ob-tru̇de′**, *v. t.* ബലമായി ചെലുത്തുക, —കടത്തുക; 2. വേണ്ടാതെകൊണ്ട് ചെല്ലുക; 3. ആതുരമായി കൊടുക്കുക; 4. മുഷ്ക്കോടെ പ്രസ്താവിക്കുക. *v. i.* ആക്രമിക്കുക, ബലമായി ചെല്ലുക, കയ്യേറിച്ചെല്ലുക; 2. ധാർഷ്ട്യമായി പറയുക. =**tru̇′dĕr**, *n.* ആക്രമി. =**tru̇′s̱iŏn** (-tru̇′zhun), *n.* ആക്രമണം, ചെലുത്തൽ; അനാവശ്യപ്രവൃത്തി; —കാര്യം. =**tru̇′s̱iŏn-ist**, *n.* —പ്രസ്താവകൻ. =**tru̇′sive**, *a.* ധിക്കാരഭാവം ഉള്ള, ആക്രമസ്വഭാവം—, ധാർഷ്ട്യം—. =**tru̇′sive-ly**, *ad.* മുഷ്ക്കോടെ; ബലാല്ക്കാരേണ. =**tru̇′sive-ness**, *n.* ആക്രമണത്വം; അനാവശ്യപ്രവേശനശീലം.

**Ob-truṅ′cāte**, *v. t.* അംഗഛേദം ചെയ്യുക. =**cā′tiŏn**, *n.* —ഛേദനം.

**Ob-tund′**, *v. t.* മൂർച്ചകെടുക്കുക; 2. വീര്യം—; 3. ഊക്ക് കുറക്കുക, മന്ദമാക്കുക. **-iṅg**, *n.* അരു ഉരുട്ടൽ.

**Ob-tūse′**, *a.* മുന ഇല്ലാത്ത; മൂർച്ച—; 2. വിശാലകോണായ; 3. ബുദ്ധിക്രമ്മതയില്ലാത്ത, സ്ഥൂലബുദ്ധിആയ; പൊണ്ണൻ—, മണ്ടത്തലയൻ—; 4. മന്ദം—. **o. angle** വിശാലകോണം (*geom.*). **o.-angled, o.-angular** വിശാലകോണുള്ള. **-ly**, *ad*, ബുദ്ധിമാന്ദ്യത്തോടെ. **-ness**, =**tū′si-ty**, *n.* മന്ദത. =**tū′s̱iŏn**, *n.* മൂർച്ചകെടുക്കൽ; മാന്ദ്യം.

**Ob′vĕrse**, *n.* നാണ്യമുഖം, മുദ്ര—; 2. പ്രത്യക്ഷകാര്യം; 3. സഹജന്യായം, തജ്ജന്യ—. **ob-vĕrse′**, *a.* മുഖഭാഗമായ; അടികൂർത്ത ഇലയുള്ള (*b.*). **-′ly**, *ad.* സഹജമായി, പ്രത്യക്ഷമായി. =**vĕr′siŏn**, *n.* മറിക്കൽ; തിരിക്കൽ; പ്രത്യക്ഷാനുമാനം (*log.*). =**vĕrt′**, *v. t.* .....കൊള്ളെ തിരിക്കുക; അഭിമുഖം ആക, മുഖത്തോട് മുഖം—.

**Ob′vi-āte**, *v. t.* മുമ്പിടുക; 2. മുടക്കുക; 3. അനാവശ്യം ആക്കുക, വേണ്ടാതെ—, കൂടാതെ കഴിക്കുക; 4. പരിഹരിക്കുക. =**ā′tiŏn**, *n.* നിവാരണം; നിവാര്യത.

**Ob′vi-ŏus**, *a.* നേരെയുള്ള; 2. ആധീനം ആയ; 3. പ്രത്യക്ഷം—, സ്പഷ്ടം—, വെളിവ്—. **-ly**, *ad.* സ്പഷ്ടമായി. **-ness**, *n.* തെളിവ്, സ്പഷ്ടത.

**Oc-cā′s̱iŏn** (-′zhun), *n.* സംഭവം, സംഗതി; 2. തഞ്ചം, തരം, അവസരം, സന്ദർഭം; 3. ആസ്പദം, നിമിത്തം; 4. ആവശ്യം; 5. ഉപയോഗം; 6. തിരക്ക്; 7. ഹേതു, കാരണം. **on o.** ആവശ്യംപോലെ; തരം—; ഓരോരിക്കൽ, ഇടക്കിടെ. *v. t.* ഇടവരുത്തുക; ഉണ്ടാക്കിത്തീർക്കുക; ഹേതുവാക. **-a-ble**, *a.* സംഭവ്യം ആയ. **-al**, *a.* കാലോചിതം—; ചിലപ്പോൾ ഉണ്ടാകുന്ന; യദൃച്ഛയാ ഉള്ള; അപ്പഴപ്പഴ്—. **o.l cause** നൈമിത്തികകാരണം (*met.*). **-al-is̱m**, *n.* —കാരണവാദം (*met.*). **-al′i-ty**, *n.* അനിയതത്വം. **-al-ly**, *ad.* ചിലപ്പോൾ, ഓരോരിക്കൽ, അങ്ങിനെയിരിക്കുമ്പോൾ. **-ĕr**, *n.* കാരണൻ; മൂലം. =**cā′sive**, *a.* സൂര്യാസ്തമാനസംബന്ധമായ; പശ്ചിമ; താഴുന്ന.

**Oc′ci-dent**, *n.* അസ്തമാനദിക്ക്, പശ്ചിമ—; 2. യൂരോപ്പഭൂഖണ്ഡം, വിലാത്തി രാജ്യം; 3. അമേരിക്കഭൂഖണ്ഡം. =**den′tal**, =**ci′dū-ŏus**, *a.* പശ്ചിമമായ, പടിഞ്ഞാറൻ; (രത്നം) താണ. **o.l diamond** താണ വജ്രം. =**den′tals̱**, *n. pl.* റോമസഭക്കാര് (*eccl.*).

**Oc′ci-put**, *n.* (*pl.* **oc-ci′pi-ta**) പിന്തല, ശിരപൃഷ്ഠം (*an.*). =**cip′i-tal**, *a.* പിന്തലയിലുള്ള; ശിരപൃഷ്ഠസംബന്ധമായ. **o.l bone** പിരടിയെല്ല് (*an.*). *n.* പിരടിയെല്ല് (*an.*).

**Oc-clūde′**, *v.t.* അടക്കുക. =**clū′dent**, *a.* അടയുന്ന. *n.* അടപ്പ്. =**clū′s̱iŏn**, *n.* അടക്കൽ; അടപ്പ്. **o.n of gases** വാതലയം (*ch.*).

**Oc-cult′**, *a.* അദൃശ്യംആയ; 2. രഹസ്യം—, ഗോപ്യ. **o. line** തല്ക്കാലരേഖ (*geom.*). **o. qualities** ഗുപ്തഗുണം. **o. sciences** ഗൂഢവിദ്യ (ജ്യോതിഷം, മന്ത്രവാദം, രസവാദം). *v. t.* ആച്ഛാദിക്കുക,

മറക്കുക. =tā'tiŏn, =cult'ing, *n.* ആച്ഛാദനം, മറവ്; നക്ഷത്രഗ്രഹണം, ഗ്രഹ—; അദൃശ്യത. -ed, *a.* മറവിലുള്ള; ഗ്രഹണംപിടിച്ച, ആച്ഛന്നമായ. -ism, *n.* പരമാത്മജ്ഞാനം. -ist, *n.* —ജ്ഞാനി. -ly, *ad.* ഗൂഢമായി. -ness, *n.* ഗോപ്യത.

Oc'cū-pȳ, =pāte, *v. t.* കൈവശപ്പെടുത്തുക; കൈവശംവെക്കുക; അടക്കുക, അനുഭവിക്കുക; ഉപയോഗിക്കുക; 2. പിടിക്കുക, വേണ്ടിവരിക; 3. നിറഞ്ഞിരിക്കുക; 4. ആവശ്യപ്പെടുക; ഉദ്യോഗിപ്പിക്കുക; പ്രവൃത്തിക്കുക. *v. i.* കൈവശക്കാരനായിരിക്കുക; പാക്കുക, കുടിയിരിക്കുക; 2. പ്രവൃത്തിചെയ്യുക, വ്യാപാരം—. =pan-cy, *n.* കൈവശമാക്കൽ; കൈവശം, അടക്കം; കുടിയിരിപ്പ്. title by o.y മുൻകൈവശാവകാശം (*l.*). =pant, *n.* കൈവശപ്പെടുത്തുന്നവൻ; കൈവശക്കാരൻ. =pā'tiŏn, *n.* കൈവശപ്പെടുത്തൽ; അനുഭവം, കൈവശം; കുടിയിരിപ്പ്; അടക്കൽ; അവകാശം; പ്രവൃത്തി, വേല, പണി, തൊഴില്, ഉദ്യോഗം. o.n-bridge വസ്തുചേപ്പ്പാലം. =pī-ĕr, *n.* കുടിയിരിപ്പുകാരൻ; കൈവശക്കാരൻ, കുടിയാൻ.

Oc-cur', *v. i.* കണ്ണിൽപെടുക, കാണുക; കാണാസ്സുരിക; 2. തോന്നുക; ഓർമ്മവരിക; 3. ഉണ്ടാക, സംഭവിക്കുക. -rence, *n.* സംഭവം; സംഘടനം, സംഗതി. -rent, *a.* സംഭവ്യമായ; യദൃച്ഛയാ ഉണ്ടാകുന്ന; സഹജമായ.

Ō'cean (ō'shan), *n.* സമുദ്രം, സാഗരം, കടല്; 2. മഹാസമുദ്രം; 3. അളവില്ലാത്തത്, അതിരില്ലാത്തത്, മഹാവിശാലം. =ce-an'ic, *a.* സമുദ്രസംബന്ധമായ; സമുദ്രത്തിലുള്ള. -og'ra-phy (-fi), *n.* സമുദ്രശാസ്ത്രം. -ol'o-ġy, *n.* —ജ്ഞാനം. =cē'a-nus, *n.* സമുദ്രദേവൻ, വരുണൻ; വിഷ്ണു (*myth.*).

Ō-cel'lus, *n.* (*pl.* -cel'lī) ചെറുകണ്ണ്; 2. പീലിക്കണ്ണ്. =cel'lar-y, *a.* പീലിക്കണ്ണ്പോലെയുള്ള. [(*z*).

Ō'ce-lot, *n.* അമേരിക്കപ്പുള്ളിപ്പുലി

Ō'chĕr, Ō'chre (ō'kĕr), *n.* ചെമ്മണ്ണ്, കാവിമണ്ണ്. red o. ചെങ്കാവി. yellow o. ഗോപി. -ŏus, -y, ō'chrey, ō'chry, ō-chrā'ceŏus (-shus), *a.* കാവിസംബന്ധമായ; —പോലെയുള്ള.

Och-loc'ra-cy (ok-lok-), *n.* ഭ്രഷ്ടജനവാഴ്ച, ബഹുജന—. =crat'ic, =crat'i-cal, *a.* —വാഴ്ച സംബന്ധിച്ച. =crat'i-cal-ly, *ad.* —വാഴ്ചയായി.

Ō'chre, *etc.*, *see* Ocher, *etc.*

Oc'ta, *pf.* എട്ട്, അഷ്ട, എൺ.

Oc'ta-chord, oc'to-chord (-kord), *n.* എൺകമ്പിവീണ; 2. അഷ്ടസ്വരവിധാനം.

Oc'ta-gon, *n.* അഷ്ടകോണക്ഷേത്രം (*geom.*); 2. —ഭുജ— (*geom.*). =tag'o-nal, *a.* —കോണമുള്ള.

Oc-ta-hē'dron, *n.* അഷ്ടമുഖപിണ്ഡം, —ഘനക്ഷേത്രം (*geom.*). =hē'dral, *a.* —ക്ഷേത്രം ആയ; —ക്ഷേത്രസംബന്ധം—.

Oc-tam'e-tĕr, *n.* അഷ്ടഗണവൃത്തം, അനുഷ്ടുഭ്—, ശ്ലോക—.

Oc-tan'gū-lar (-lĕr), *a.* അഷ്ടകോണമുള്ള (*geom.*). -ness, *n.* —കോണത്വം (*geom.*). [2. കോണമാത്ര.

Oc'tant, *n.* അഷ്ടമാംശവൃത്തം (*geom.*);

Oc'ta-stȳle, *n.*, *see* Octostyle.

Oc'tāve, *n.* അഷ്ടമസ്വരം; 2. സ്വരാഷ്ടകം. *a.* എട്ട്കൂടിയ, എണ്മത്തായ, അഷ്ടകം—.

Oc-tā'vo, *n.* (*contr.* 8vo, 8°) ഒര്പായി കടലാസ എട്ടായി മടക്കിയ വലിപ്പമുള്ള പുസ്തകം, എണ്മടക്ക്—. *a.* അഷ്ടപത്രകമായ.

Oc-ten'ni-al, *a.* അഷ്ടവൎഷിക, എട്ടെട്ട്കൊല്ലം കൂടുമ്പോൾ ഉണ്ടാകുന്ന; 2. എട്ട്കൊല്ലം നില്ക്കുന്ന. -ly, *ad.* അഷ്ടവൎഷികമായി.

Oc-till'iŏn (-til'yun), *n.* 28 സ്ഥാനമുള്ള സംഖ്യ (*Fr.* & *U. S.*); 49—(*Eng.*).

Oc'to, *pf.* അഷ്ട, എട്ട്, എൺ.

Oc-tō'bĕr, *n.* പത്താമത്തെ മാസം, 'അക്ടൂബ്ര'; കന്നി തുലാം, അശ്വിനകാൎത്തികം.

**Oc-to-dec'i-mo** (-des'i-), *a.* (*contr.* 18mo, 18°) ഒര്പായി കടലാസ് പതിനെട്ടായി മടക്കിയ. *n.* —മടക്കിയ വലിപ്പമുള്ള പുസ്തകം, പതിനെണ്മടക്ക്—.

**Oc-to-den'tāte,** *a.* അഷ്ടദന്തമുള്ള.

**Oc-tog'a-my,** *n.* അഷ്ടവിവാഹം.

I. **Oc-tog'en-ar-y** (-ĕr-i), *a.* എണ്പത് വയസ്സുള്ള. =**to-ġe-nā'ri-an,** *n.* —വയസ്സുള്ള ആള്. [ണ.

II. **Oc-tog'en-ar-y,** *n.* എൺകമ്പിവീ

**Oc'to-nar-y,** *a.* എട്ട് എന്ന എണ്ണം സംബന്ധിച്ച. [ത്രമുള്ള.

**Oc-to-noc'ū-lar** (-lĕr), *a.* അഷ്ടനേ

**Oc'to-pēde,** *n.* അഷ്ടപാത്, എട്ട് കാലി (*z.*).

**Oc'to-stȳle, Oc'ta-stȳle,** *n.* അഷ്ടസ്തംഭദ്ശനമന്ദിരം.

**Oc-to-syl'la-ble,** *n.* അഷ്ടാക്ഷരപദം. *a.* —പദം ഉള്ള. =**lab'ic,** =**lab'i-cal,** *a.* —പദം—.

**Oc'troi** (ok'trwä), **Oc'troy,** *n.* കത്തക; 2. നഗരച്ചുങ്കം, നഗരവരി. [ണ്ടായ.

**Oc'tū-ple,** *a.* എട്ടിരട്ടിയായ, എണ്മട

**Oc'ū-lar,** =**lar-y,** *a.* നേത്രാശ്രിതം ആയ; ദൃഷ്ടിഗോചരം—; കണ്ണാലെകണ്ട; 2. ദൃഷ്ടിസംബന്ധമായ. *n.* കഴൽകണ്ണാടിയിലെ കൺചില്ല്. -**ly,** *ad.* കണ്ണാലെ. =**lāte,** =**lā-ted,** *a.* കണ്ണ് ഉള്ള; കൺപുള്ളികൾ—. **o-cū'li-form,** *a.* കണ്ണ്പോലെ—, നേത്രാകൃതിയായ. **oc'ū-list,** *n.* നേത്രവൈദ്യൻ, കൺചികിത്സക്കാരൻ. =**lo,** *pf.* നേത്ര, കൺ. =**lo-mō-tor,** *a.* നേത്രചലനത്തിനുള്ള. *n.* കൺഞരമ്പ്. =**lo-nā-sal,** *a.* നാസാനേത്രപ്രദേശത്തുള്ള. =**lus,** *n.* (*pl.* -**lī**), കണ്ണ്, നേത്രം, ചക്ഷുസ്സ്; വൃത്തജാലകം, വെടിത്തുള.

**Od, Ō'dyle, Od'yle,** *n.* ജീവകാന്തശക്തി. **od'ic, ō-dyl'ic,** *a.* —ശക്തിസംബന്ധമായ. **od'i-cal-ly,** *ad.* ജീവകാന്തശക്തിയാൽ. -**īse,** -**īze,** *v. t.* കാന്തശക്തിയേല്പിക്കുക.

**Odd,** *a.* (ഇണയിൽ) ഒററയായ, ജോട് അല്ലാത്ത; 2. ഇരട്ട—, ഒററസംഖ്യ ആയ (*arith.*); 3. ചില്വാനം—, ...ൽ അധികം—; അധികം—; 4. ശേഷം—, ബാക്കി—; ചില്ലറ—; 5. അസാധാരണം—, വിചിത്രം—, അപൂർവ്വം—, പ്രത്യേകം—; 6. അവലക്ഷണം—. **o.-fellows** ഒര് രഹസ്യസംഘക്കാര്. **o.-looking** അവലക്ഷണം ആയ, കുരൂപി—. **o. number** ഒററ; ഒററസംഖ്യ. **od'di-ty,** *n.* വിഷമത്വം; അസാധാരണത്വം, പ്രത്യേകത്വം; അപൂർവ്വസാധനം. -'**ly,** *ad.* ഒററയായി; അതുല്യമായി; പ്രത്യേകമായി, അതിശയമായി; ഒററസംഖ്യപ്പെരുക്കമായി (*math.*). -'**ness,** *n.* ഒററയായ നില, വൈഷമ്യം; അപൂർവ്വത്വം, പ്രത്യേകത; വിലക്ഷണത്വം, പപ്രച്ഛത്വം. **odds,** *n. s.* & *pl.* മികവ്, കവിച്ചല്; ഭേദം, വ്യത്യാസം; അതുല്യത; മുന്തല്, ശ്രേഷ്ഠത; ഇട, തരം, സംഗതി; വിരോധം, ശണ്ഠ, തക്കം: **at o.s** വിപരീതമായി, വിരോധത്തിൽ, തമ്മിൽ പിണങ്ങിക്കൊണ്ട്. **o.s and ends** നുള്ളും നുറുക്കും, കണ്ടവും തുണ്ടവും, ബാക്കി; ഉച്ഛിഷ്ടം.

**Ōde** (ōd), *n.* സംഗീതം, കീർത്തനം; സങ്കീർത്തനം. **o.-factor** സംഗീതരചകൻ. -'**let,** *n.* ചെറുകീർത്തനം. **ō-dē'on, ō-dē'um,** *n.* സംഗീതശാല, നാടക—. **ō'dist,** *n.* സംഗീതരചകൻ.

**Ō'din,** *n.* സ്കന്തിനാവ്യരുടെ ദേവേന്ദ്രൻ. **od'ic,** *a.* ഇന്ദ്രനുള്ള.

**Ō'di-ous,** *a.* വെറുപ്പായ, അറക്കത്തക്ക, കത്സിതം ആയ; 2. അസഹ്യം—; നീരസംവരുത്തുന്ന; 3. വിരോധമുള്ള. -**ly,** *ad.* അറെപ്പോടെ. -**ness,** *n.* കത്സിതത്വം. =**di-um,** *n.* പക, വിരോധം; ആക്ഷേപം. *o.m theologicum* ഉപദേശസ്പർദ്ധ.

**O-dom'e-tĕr,** *n.* സഞ്ചാരമാത്ര. =**met'ri-cal,** *a.* —മാത്രസംബന്ധമായ. =**e-trous,** *a.* സഞ്ചാരമാപനംചെയ്യുന്ന. =**e-try,** *n.* —മാപനം.

**Ō-don-tal'ġi-a,** =**tal'ġy,** *n.* ദന്തരോഗം, പല്ല്കത്തല് (*med.*). =**tal'ġic,** *a.* ദന്തരോഗസംബന്ധമായ. *n.* ദന്തൌഷധം (*med.*). =**tī'a-sis,** *n.* പല്ല്വരല്. =**don'tō,** *n.* ദന്തചൂർണ്ണം. =**tog'e-ny,** *n.* ദ

ന്തോല്പത്തി (*phys.*). =to-graph'ic (-graf-), *a.* ഒന്തശാസ്ത്രസംബന്ധമായ. =tog'ra-phy (-fi), *n.* --ശാസ്ത്രം. =toid, *a.* ഒന്തതുല്യമായ. =tol'o-ġy, *n.* —വിദ്യ.

Ō'dŏr, Ō'dŏur, *n.* മണം, ഗന്ധം, വാസന; 2. സുഗന്ധം, പരിമളം. to be in bad o. ഇഷ്ടം കറഞ്ഞിരിക്കക, രസക്ഷയം ആയിരിക്കക, വിരോധം—. -ant, *a.* പരിമളമുള്ള. -ā-ting, *a.* സുഗന്ധം പുറപ്പെടുവിക്കുന്ന. -if'ĕr-ŏus, *a.* പരിമളം ഉള്ള, നന്മണം—; സുഗന്ധാവഹമായ. -if'ĕr-ŏus-ly, *ad.* സുവാസനയായി. -if'ĕr-ŏus-ness, *n.* പരിമളത്വം. -less, *a.* വാസനയില്ലാത്ത, മണമററ. -ŏus, =dŏur-ŏus, *a.* സൌരഭ്യം ഉള്ള, പരിമളം—. -ŏus-ly, =dŏur-ŏus-ly, *ad.* സൌരഭ്യമായി. -ŏus-ness, =dŏur-ŏus-ness, *n.* സൌരഭ്യത.

Ods, *int.* അത്ഭുതം, ആശ്ചര്യം, വിചിത്രം.

Ō'dyle, Ō-dyl'ic, see Od.

Œ-col'o-ġy (ē-kol'o-), സ്ഥാവരജംഗമസംബന്ധം (*biol.*).

Œ-con'ō-my, *etc.*, *s. a.* Economy.

Œc-ū-men'i-cal, *s. a.* Ecumenic.

Œ-dē'ma (ē-dē'ma), *n.* ഉൾനീവ്വീക്കം (*med.*). =dem'a-tŏus, *a.* ഉൾനീവ്വീക്കമുള്ള. [നം.

Œ-nol'o-ġy, *n.* ദ്രാക്ഷാരസപരിജ്ഞാനം.

Œ-no-mā'ni-a (ē-no-mā'ni-a), *n.* മദ്യോന്മാദം; 2. മദ്യഭ്രാന്ത്. [Over.

Ō'er (ōr), *prep. & ad. contr. form of* Over.

Œ-soph'a-gus, *n.*, *s.a.* Esophagus.

Œs'trụ-al (es'trụ-), *a.* (മൃഗങ്ങളുടെ) ഭോഗേച്ഛാസംബന്ധമായ.

Of (ov), *prep.* ...ന്റെ, ...ഉടെ; 2. ...ലെ, ...ൽ ഉള്ള: he is o. a race o. kings അവൻ രാജകുലത്തിൽ ഉള്ളവനാണ്; men o. Athens അഥേനയിലെ ജനങ്ങൾ; 3. ...ൽനിന്ന്, ...ങ്കൽനിന്ന്: I have received o. the Lord എനിക്ക് കൎത്താവിൽനിന്ന് ലഭിച്ചിരിക്കുന്നു; within a mile o. the town പട്ടണത്തിൽനിന്ന് ഒര് നാഴിക ദൂരെ; 4. ഉള്ള: a man o. courage ധൈൎയ്യമുള്ള ആള്; 5. ...ഇൽ: poor o. spirit ആത്മാവിൽ ദരിദ്രരായവര്; most o. the company കൂട്ടത്തിൽ അധികം പേരും; my custom always o. the afternoon വൈകുന്നേരത്തെ എന്റെ പതിവ്; 6. ...കൊണ്ടുള്ള: a throne o. gold പൊന്ന്കൊണ്ടുള്ള സിംഹാസനം; 7. ...ൽ കൊള്ളുന്ന: a cup o. water ഒര് മോന്ത(യിൽകൊള്ളുന്ന) വെള്ളം; 8. ...ആൽ, ...കൊണ്ട്, നിമിത്തം: it is o. the Lord's mercies that we are not consumed നാം നശിച്ച് പോകാതിരിക്കുന്നത് കൎത്താവിന്റെ കരുണകൊണ്ടാകുന്നു; he did it o. necessity ആവശ്യംകൊണ്ടാണ് അവൻ അത് ചെയ്തത്; 9. ...ആലെ: they went o. their own will അവര് സ്വന്തമനസ്സാലെ പോയി; 10. ...കുറിച്ച്, ...ചൊല്ലി, വിഷയമായി, നിമിത്തം, ...പററി: he boasted o. his learning തന്റെ അറിവിനെ പററി അവൻ പ്രശംസിച്ചു; 11. ...ന്ന്, ...ക്ക്: before an hour o. the appointed time നിശ്ചയിച്ച സമയത്തിന്ന് ഒര് മണിക്കൂറ് മുമ്പ്; 12. എന്ന, ആയ, എന്ന് പറയുന്ന, എന്ന് പേരുള്ള: the continent o. America അമേരിക്കാ (എന്ന) ഭൂഖണ്ഡം; the town o. Calicut കോഴിക്കോട് നഗരം; the island o. Ceylon ലങ്കാ (എന്ന് പേരുള്ള) ദ്വീപ്. o. consequence മുഖ്യമായ; പ്രബലനായ. o. late ഈഇടെ, —ഇടെക്ക്, ഇന്നാള്. o. old പണ്ട്, പുരാതനത്തിൽ, മുമ്പ്. o. one's self താനായി, സ്വതവെ.

Off, *ad.* ദൂരെ, ദൂരത്ത്, അകലെ: the house is a mile o. ആ വീട് ഒര് നാഴിക അകലെയാണ്; 2. വേൎപ്പെടുത്തി, കളഞ്ഞ്, ഇട്ട്: to cut o. മുറിച്ച്കളയുക; to take o. the hat തൊപ്പിയെടുക്കുക; to march o. പോയ്ക്കളയുക; 3. വിട്ടിട്ട്, തീൎന്നിട്ട്: the fever goes o. പനിവിട്ട് പോകുന്നുണ്ട്; the pain leaves o. വേദന ശമിക്കുന്നുണ്ട്; the game is o. കളി കഴിഞ്ഞു; 4. അങ്ങേപ്പുറം, അങ്ങോട്ട്: to look o. മറുപുറം നോക്കുക. from o.

...ൽനിന്ന്. o. and on കൂടക്കൂടയായി, ഓരോരിക്കൽ, ഇടക്കിടെ; വളഞ്ഞ് തിരിഞ്ഞ് (*naut.*). to be o. പുറപ്പെടുക, പോയ്ക്കൂളയുക; വിട്ട് കളയുക, ഉപേക്ഷിച്ച്—. to come o., to cut o., to fall o., to go o., *etc.*, *s. u.* Come, Cut, Fall, Go, *etc.* to get o. പറയുക; പോക; വിട്ട് പോക. to take o. വേഷംകെട്ടുക, നടിക്കുക. to tell o. തിരിക്കുക, തിരിച്ചയക്കുക (*mil.*). to be well o. വകയുണ്ടായിരിക്കുക. to be ill o., to be badly o. വകയില്ലാതിരിക്കുക, ദരിദ്രമായിരിക്കുക. *int.* പോ, പോയ്ക്കോ, കാണണ്ടാ. *prep.* ...ൽനിന്ന്, വിട്ട്. o.-hand മുന്നൊരുക്കംകൂടാതെ, തല്ക്ഷണം, വന്നപാട്; ശങ്കയില്ലാതെ; മുഖംനോക്കാതെ. to be o.-colour പററാത്തനിറമായിരിക്കുക. to be o. one's food വിശപ്പില്ലാതെ ഇരിക്കുക, ഭക്ഷണത്തിന്ന് മനസ്സില്ലാതെ—. *a.* ദൂരെ ഉള്ള, അപ്പുറം—; 2. ഒഴിവായ, പണിത്തിരക്കില്ലാത്ത. o. side (വണ്ടിയുടെ) വലഭാഗം, വലത്ത് വശം. *n.* വലഭാഗം, വലത്ത് പുറം.

**Of'fal**, *n.* അശട്, കടല്; 2. ശവം; 3. ഉച്ഛിഷ്ടം, എച്ചില്; 4. ചണ്ടി; ചവറ്; കല്പ്പ.

**Off'cut**, *n.* കഷ്ണം, മുറി, തുണ്ടം.

**Of-fence'**, **=fense'**, *n.* തെററ്; കററം; അപരാധം, പിഴ, പാപം; 2. രസക്കേട്; 3. അപമാനം, അപവാദം, ദൂഷ്യം; 4. മുഷിച്ചല്, കോപം; 5. ഇടച്ച്. to give o. മുഷിപ്പിക്കുക. to take o. മുഷിയുക. weapons of o. ഘാതകായുധം, അസ്ത്രശസ്ത്രങ്ങൾ. no o. മുഷിയരുതേ; മുഷിയാനല്ല (ഞാൻ പറഞ്ഞത്). **=fend'**, *v. t.* മുഷിപ്പിക്കുക; വിരോധം ജനിപ്പിക്കുക, ഈൎഷ്യത—; 2. ദൂഷ്യം വരുത്തുക, ഊനം—, കേട്—; 3. ഇടറിക്കുക; 4. പാപം ചെയ്യുമാറാക്കുക (*Bl.*). *v. i.* —ചെയ്യുക, കററം—, ലംഘിക്കുക; 2. മുഷിപ്പിക്കുക, വെറുപ്പിക്കുക. to o.d against ദോഷം ചെയ്യുക, ദൂഷ്യം—; കററം—. **=fend'ant**, **=fend'ĕr**, *n.* കററക്കാരൻ, അപരാധി, ലംഘനക്കാരൻ. **=fend'ress**, *n.* കററക്കാരത്തി. **-ful**, *a.* ദൂഷ്യമായ; വെറുപ്പിക്കുന്ന; തെററായ. **-less**, *a.* ദോഷം ചെയ്യാത്ത; മുഷിപ്പിക്കാത്ത. **=fen'sive**, *a.* മുഷിപ്പിക്കുന്ന, വെറുപ്പിക്കുന്ന, കോപിപ്പിക്കുന്ന; അസഹ്യം ആയ, അനിഷ്ടം—, ദൂഷ്യകരം—, കെട്ട, സുഖക്കേട് വരുത്തുന്ന; അഭിയോഗത്തിന്നുള്ള, ആക്രാമകമായ. o.e weapon ഘാതകായുധം. league o.e and defensive യുദ്ധസമാധാനൈക്യോടമ്പടി. *n.* അഭിയോഗത്വം. to act on the o.e ആക്രമിക്കുക. **=fen'sive-ly**, *ad.* അനിഷ്ടകരമായി; ആക്രാമകമായി. **=fen'sive-ness**, *n.* കററം; വെറുപ്പ്; കട്ടപ്പം.

**Of'fĕr**, *v. t.* (up) കഴിക്കുക, അൎപ്പിക്കുക, സമൎപ്പിക്കുക; ബലികൊടുക്കുക; 2. കൊടുക്കുക, വെക്കുക, നല്കുക, തരിക, വെച്ച് കാട്ടുക; 3. സമ്മതിക്കുക, മനസ്സുണ്ടെന്ന് പറയുക; പറയുക; 4. പുറപ്പെടുക, ശ്രമിക്കുക, ഒരുമ്പെടുക; 5. വില പറയുക, കൊടുക്കാമെന്ന് —; നിശ്ചയിക്കുക; 6. എതിൎക്കുക; (ബലാല്ക്കാരം) കാട്ടുക, കാണിക്കുക; ഭയപ്പെടുത്തുക. to o. in marriage പെണ്ണ് കൊടുക്കുക, വിവാഹത്തിന്ന് മനസ്സുണ്ടെന്ന് പറയുക. *v. i.* വരിക, എത്തുക; 2. (at) ശ്രമിച്ച് നോക്കുക, പരിക്ഷിച്ച്—. *n.* കൊടുക്കൽ; 2. വെക്കൽ; 3. പറയൽ; വാഗ്ദത്തം; 4. സമൎപ്പണം; 5. വില പറയൽ; 6. ദാനം; 7. അഭിപ്രായം; 8. വില; 9. ശ്രമം, പരിശ്രമം. **-a-ble.** *a.* കൊടുക്കാവുന്ന, ദാതവ്യമായ. **-ĕr**, *n.* വഴിപാട് കഴിക്കുന്നവൻ. **-ing**, *n.* നിവേദനം; നിവേദ്യം, കാഴ്ച; ബലി; ദാനം; വഴിപാട്. burnt o.g ദഹനബലി, ആഹുതി. drink o.g പാനീയകാഴ്ച. **-tōr-y**, *n.* കീൎത്തനം (*R. C.*); ആദ്യപ്രാൎത്ഥന (*R. C.*); തിരുവത്താഴവിഭവാൎപ്പണം (*R. C.*); ധൎമ്മശേഖരവാക്യം, —കീൎത്തനം; വഴിപാട്, ദാനദ്രവ്യം.

**Off'hand**, *a.*, *s. u.* Off.

**Of'fice** (of'is), *n.* പ്രവൃത്തി, ക്രിയ: kind o.s അന്യോന്യം, ഉപകാരം; pious o.s സല്ക്കൎമ്മം, സുകൃതം; 2. ഉദ്യോഗം, സ്ഥാനം; 3. തൊഴില്, വേല; 4. ധൎമ്മം; 5. പ്രവൃത്തിസ്ഥലം, 'ആപ്പീസ്', കച്ചേരി; 6. സംഘം; 7. *pl.* ഉപഗൃഹം, അടുക്ക

ദേവാലയം, കലവറ; 8. ദൈവാരാധന (*eccl.*). o.-bearer, o.-holder സ്ഥാനികൻ, ഉദ്യോഗസ്ഥൻ, ഉദ്യോഗവാഹി. o.-copy സാക്ഷ്യപ്പെടുത്തിയ പകൎപ്പ് (*l.*). o.-found മരണകാരണാന്വേഷകസഭാതീൎപ്പ് (*l.*). holy o. മതദ്രോഹിവിചാരണസഭ. houses of o. അടുക്കളപ്പുര, ഉപഗൃഹം. little o. മറിയാരാധന (*R. C.*). =cĕr, *n.* ഉദ്യോഗസ്ഥൻ, തലവൻ, അധികാരി; 2. പട്ടാളഉദ്യോഗസ്ഥൻ. field-o.r പടനായകൻ, ദളവായി. general o.r സേനാനായകൻ. ministerial o.r കീഴുദ്യോഗസ്ഥൻ, കാൎയ്യസ്ഥൻ, 'ഗുമസ്ഥൻ'. o.r of the day പാറാവ് പരിശോധനക്കാരൻ (*mil.*). o.r of the deck, o.r of the watch കപ്പലത്തുദ്യോഗസ്ഥൻ; പടക്കപ്പലത്തുദ്യോഗസ്ഥൻ (*naut.*). *v. t.* ഉദ്യോഗസ്ഥന്മാരെ ആക്കുക; —നിശ്ചയിക്കുക; 2. ഉദ്യോഗം ഭരിക്കുക. =fi′cial (-fish′al), =fi′ci-ar-y (-fish′i-), *a.* ഉദ്യോഗസംബന്ധമായ; —നിലയിൽ ഉള്ള; അധികാരപ്രകാരം—; വിധിപ്രകാരം—, വൈദ്യശാസ്ത്രപ്രകാരം— (*med.*). *n.* ഉദ്യോഗസ്ഥൻ, കീഴുദ്യോഗസ്ഥൻ; മതോദ്യോഗസ്ഥൻ. o.l assignee ദിവാളികാൎയ്യോദ്യോഗസ്ഥൻ (*l.*). =fi′cial-ism (-fish′al-), *n.* ഉദ്യോഗനില; —വ്യവസ്ഥ; ഉദ്യോഗച്ചടങ്ങ്. =fi-cial′i-ty (-fish′al-), =fi′cial-ty (-fish′al-), *n.* ഉദ്യോഗം; അധികാരം; കച്ചേരി. =fi′cial-ly (-fish′al-), *ad.* ഉദ്യോഗനിലയിൽ; അധികാരപ്രകാരം. =fi′ciant (-fish′ant), *n.* തല്ക്കാലശുശ്രൂഷക്കാരൻ, മൂട്ട്— (*eccl.*). =fi′ci-āte (-fish′i-āt), *v. i.* ഉദ്യോഗം നടത്തുക; 'ബദലായി' —ചെയ്യുക, തല്ക്കാലത്തേക്ക് —ഭരിക്കുക; ദേവാരാധന നടത്തുക. =fi′ci-ā-tŏr (-fish′i-ā-), *n.* ഉദ്യോഗം ചെയ്യുന്നവൻ; ദൈവാരാധനനടത്തുന്നവൻ. =fi′ciŏus (fish′us), *a.* കണക്കിലേറ ഉപകാരം ചെയ്യുന്ന; അനാവശ്യമായി കയ്യിടുന്ന; ഉപദേവിയായ. =fi′ciŏus-ly (-fish′us-), *ad.* വേണ്ടുന്നതിലേറ, അനാവശ്യമായി. =fi′ciŏus-ness (-fish′us-), *n.* പ്രശസ്തത്വം, പരകാൎയ്യപ്രവേശം, ഉപദേവം.

Of-fic′i-nal (-fis′i-nal *or* -fi-sī′nal), *a.* അങ്ങാടിയിലുള്ള; 2. അങ്ങാടിമരുന്നായ (*med.*).

Of′fing, *n.* കരയിൽനിന്ന് അകലെയുള്ള സമുദ്രഭാഗം, പുറങ്കടല്. *a.* പുറങ്കടലിലേക്ക് ഓടുന്ന.

Of′fish, *a.* ശങ്ക ഉള്ള, അകല്ച ശീലം—, അകന്ന് നില്ക്കുന്ന (*U. S.*).

Off′let, *n.* നീൎക്കുഴല്, ഓവ്.

Off′scour-ing, *n.* ചണ്ടി, എച്ചില്, ഉച്ഛിഷ്ടം; കാട്ടം; 2. നിസ്സാരസാധനം.

Off′scum, *n.* മട്ട്, ചണ്ടി, ഉച്ഛിഷ്ടം.

Off′set, *n.* മുള, തളിര്; മുളങ്കാമ്പ് (*b.*); 2. തട്ടിക്കഴി(ച്ചു)പ്പാനുള്ള സംഖ്യ; മാററം; പ്രതിഫലം; പ്രതിക്രിയ; 3. പൎവ്വതശാഖ; 4. മലമ്പരപ്പ്; 5. പാമ്പ് വരി, പാന്നൂരി, ചെടി (*arch.*); 6. വളവ്; 7. ലംബാന്തരം (*sur.*). o.-staff ആറരഫീററ് കോല്. *v. t.* തട്ടിക്കഴിക്കുക; 2. തുല്യമാക്കുക; 3. പാന്നൂരിവെക്കുക.

Off′shoot, *n.* കൊമ്പ്, ശാഖ (*b.*); 2. താവഴി, വംശം; 3. ശാഖാനദി (*geog.*).

Off′shōre, *a.* കരയിൽനിന്നുള്ള. o. wind കരക്കാററ്.

Off′spring, *n.* സന്താനം, കുട്ടി; മക്കൾ; 2. വംശജൻ.

Oft, Of′ten (of′fn), Oft′tīmes, Of′ten-tīmes, *ad.* പലപ്പോഴും, കൂടക്കൂട, പലകുറി, —പ്രാവശ്യം, —തവണ. of′ten, *a.* കൂടക്കൂടയുള്ള. of′ten-ness, *n.* ആവൎത്തിതത്വം.

Og′do-ad, *n.* അഷ്ടാംശസാധനം.

Ō-gēe′, *n.* ഉച്ച (*astr.*); 2. ശൃംഗാരപ്പണി (*arch.*).

Ō′gle, *v. t.* കടാക്ഷിക്കുക, കടക്കണ്ണാലെ നോക്കുക; മയററു(ക്ക)ക. *n.* കടാക്ഷവീക്ഷണം; കണ്മയററം. ō′glĕr, *n.* കടക്കണ്ണിട്ട് നോക്കുന്നവൻ. ō′gling, *n.* മയക്കൽ; അപാംഗദൎശനം.

Ō′gli-o (ō′li-o), *n.*, *s. a.* Olio.

Ō′gre (ō′gĕr), *n.* രാക്ഷസൻ. -ish, *a.* രാക്ഷസതുല്യമായ. =gress, *n.* രാക്ഷസി. -ism, =grism, *n.* രാക്ഷസത്വം.

**O-gyg'i-an,** *a.* പണ്ട് പുരാണത്തിലുള്ള; 2. പഴംകഥയായ, കള്ളക്കഥയായ.

**Ōh** (ō), *int.* ഹൊ, ഓ; ഓഹൊ, 2. അയ്യോ; 3. ഹാ.

**Ō-hō',** *int.* ഓഹോ, അതെയോ.

**-Oid,** *suf.* തുല്യമായ, പോലെയുള്ള.

**Oi'di-um,** *n.* പൂപ്പ്.

**Oil,** *n.* എണ്ണ, നെയി, മെഴുക്ക്; കുഴമ്പ്; തൈലം; 2. കൊഴുപ്പ്, ചെരുവി. **o.-box, o.-cellar, o.-cup** എണ്ണക്കിണ്ണം. **o.-cake** പിണ്ണാക്ക്. **o.-cloth, o.-skin** മെഴുത്തുണി. **o.-colour** എണ്ണച്ചായം. **o.-gas** സ്നേഹവാഷ്പം. **o.-man** വാണിയൻ, ആട്ടക്കാരൻ, അച്ചാറ് വില്ക്കുന്നവൻ. **o.-man's stores** ഉപ്പിലിട്ടസാധനം, അച്ചാറ്. **o.-mill, o.-press** ചക്ക്. **o.-painting** എണ്ണച്ചായച്ചിത്രം. **o.-seed** എള്ള്; ആവണക്ക് കുരു etc. **o.-stone** ചാണക്കല്ല്. **o.-test** മണ്ണെണ്ണനോട്ടം. **o.-tree** പുന്ന (*b.*); ആവണക്ക് (*b.*). **essential o., volatile o., natural o.** തൈലം. **to burn the midnight o.** രാത്രി അധികനേരം പഠിക്കുക. *v. t.* എണ്ണതേക്കുക, —പിരട്ടുക; —ഇടുക; അഭ്യംഗം ചെയ്യുക; ചെരുവി ഇടുക. **oiled** (oild), *a.* എണ്ണ ഇട്ട; ചെരുവി—; എണ്ണയിൽ മുക്കിയ. **oil'ĕr,** *n.* എണ്ണക്കച്ചവടക്കാരൻ; എണ്ണ ഇടുന്നവൻ. **oil'ĕr-y,** *n.* ആട്ടും; ചക്കാല; എണ്ണക്കൊട്ടില് (*P.*); എണ്ണത്തരം. **oil'i-ness,** *n.* എണ്ണപ്പശിമ, എണ്ണപ്പററ്, മെഴുക്ക്. **oil'y,** *a.* സ്നിഗ്ദ്ധമായ; എണ്ണ ഉള്ള; എണ്ണകൊണ്ട്—; —പോലെ—; മെഴുക്ക്—, —പിരണ്ട; വഴുവഴുപ്പ് ഉള്ള; മിനുക്കം—; വഴക്കം—; പൂജിച്ച് നില്ക്കുന്ന. **o.y grain** എള്ള്. **o.y palm** തെങ്ങ്; അമേരിക്കത്തെങ്ങ്.

**Oint'ment,** *n.* തൈലം; വറുകുഴമ്പ്, കുഴമ്പ്; 2. ലേപനം.

**Ō'cra, Ō'chra, Ō'kra,** *n.* വെണ്ടച്ചെടി (*b.*); 2. വെണ്ടക്ക(ായി) (*b.*).

**Ōld,** *a.* മൂത്ത, പ്രായം ചെന്ന, വയസ്സായ, പ്രായാധിക്യമുള്ള, വൃദ്ധ; 2. പഴയ; 3. പണ്ടേ ഉള്ള, പൂർവ്വത്തിൽ—, പുരാതനമായ; 4. വയസ്സുള്ള, പ്രായമായ; 5. പഴക്കമുള്ള, തഴക്കം വന്ന; 6. ഉപയോഗമില്ലാത്ത; 7. പഴക്കപ്പെട്ട, സാരമില്ലാത്ത; 8. വഴക്കമായ, പതിവ് ആയ; 9. രസികം—; 10. ചങ്ങാതി—. **o. age** വാർദ്ധക്യം. **o. bachelor** വൃദ്ധബ്രഹ്മചാരി. **o.-fashioned** നടപ്പില്ലാത്ത; പണ്ടേത്ത. **o.-gentlemanly** വൃദ്ധന്മാർക്ക് തക്ക. **o. maid** വൃദ്ധകന്യക. **o.-maidish** കൃത്യമായ, ഖണ്ഡിതമുള്ള. **o.-maidism** വൃദ്ധകന്യാത്വം. **o. Nick, o. Scratch** പിശാച്. **o. saying** പഴഞ്ചൊല്ല്. **o. school** പഴങ്കൂറ്, പഴയസമ്പ്രദായം. **o. style** പൂർവ്വകാലഗണനം, കൊല്ലത്തിന്ന് $365\frac{1}{4}$ ദിവസപ്രകാരമുള്ള കാലക്കണക്ക്. **o. song** ഓശാരംപോലെ, വളരെ സഹായവില. **O. Testament** പഴയനിയമം (*Bl.*). **o. wife** പിറുപിറെ പറയുന്ന സ്ത്രീ; വായ്പ്പാടി. **o.-womanish** കിഴവികൾക്ക് പററിയ. **o. world** പൂർവ്വാർദ്ധഗോളം. **of o.** പണ്ട്, പുരാണത്തിൽ. *o.-lang-syne, auld-lang-syne* (-sīn) പണ്ട്, മുമ്പ്. **ōld'en,** *a.* പഴയ, പണ്ടുള്ള. *v. t.* പ്രായം ചെല്ലുക, വയസ്സാകുക. **-'ish,** *a.* ഏതാനും പ്രായം ചെന്ന. **-'ness,** *n.* പഴക്കം; വാർദ്ധക്യം. **-'stĕr,** *n.* കിഴവൻ; കിഴവി.

**Ō-le-ag'i-nŏus,** *a.* സ്നിഗ്ദ്ധ, മെഴുക്കുള്ള; എണ്ണപ്രായം ആയ, ചിക്കണപ്രായം—, കുഴമ്പ്—. **-ness,** *n.* സ്നിഗ്ദ്ധത്വം.

**Ō-le-an'dĕr,** *n.* അരളി, അലറി (*b.*).

**Ō-le-as'tĕr,** *n.* കാട്ടൊലിവ് വൃക്ഷം (*b.*).

**Ō-lec'ra-non,** *n.* മുട്ടെൽകമല (*an.*).

**Ō-le-if'ĕr-ŏus,** *a.* എണ്ണയുള്ള, സ്നേഹജനകമായ.

**Ō'le-o-graph** (-graf), *n.* വെള്ളത്തിലുററിച്ച എണ്ണയുടെ ആകൃതി; 2. എണ്ണയച്ചടിച്ചിത്രം. [യന്ത്രം.

**Ō-le-om'e-tĕr,** *n.* സ്നേഹശോധിനി

**Ol-fac'tŏr-y, =fac'tive,** *a.* ഘ്രാണേന്ദ്രിയസംബന്ധമായ, നാസികാ—, മൂക്കിലുള്ള. **o. nerve** നാസാസിര (*an.*). **o. organ** മൂക്ക്, നാസിക. **=y,** *n.* (*pl.*) മൂക്ക്; 2.

ഘ്രാണം. =fac'tion, *n.* ഘ്രാണശക്തി. =fac'tor, *n.* മൂക്ക്.

O-lib'a-num, Ol'i-ban, *n.* സാമ്പ്രാണി, പറങ്കിസാമ്പ്രാണി, നറുമ്പശ. ol'i-bēne, *n.* സാമ്പ്രാണിതൈലം.

Ol-i-gan'thŏus, *a.* അല്പപുഷ്പമുള്ള.

Ol'i-gär-chy (-ki), *n.* പ്രബുജനവാഴ്ച, കലീനക്കോയ്മ; അല്പജനാധിപത്യം, സ്വല്പജനവാഴ്ച. =gärch, *n.* കലീനക്കോയ്മാംശം, അധിശൻ. =gär'chal, =gär'chic, =gär'chi-cal, *a.* പ്രബുജനാധിപത്യസംബന്ധമായ. =gär-chist, *n.* കലീനക്കോയ്മവാദി.

Ol'i-gō-, *suf.* അല്പ, ചില, ചെറു. o.-spermous അല്പബീജം ഉള്ള. o.-tokous —സന്താനം—.

Ō'li-ō, *n.* കൂട്ട്കറി; 2. സമ്മിശ്രം; 3. സംഗീതസഞ്ചയം.

Ol'i-tŏr-y, *a.* തക്കാരിത്തോട്ടത്തിലുണ്ടായ; 2. അട്ടക്കളയിലെ ഉപയോഗത്തിനുള്ള.

Ol'ive, *n.* 'ഒലീവ്'മരം, ജിതവൃക്ഷം (*b.*); 2. 'ഒലീവ്'കായി, ജിതഫലം (*b.*); 3. തവിട്ട്പച്ചനിറം; 4. പാകം ചെയ്യു മാംസഭക്ഷണം. o.-branch ജിതമരക്കൊമ്പ്; സമാധാനചിഹ്നം; പുത്രൻ, സന്താനം. o.-brown, o.-green തവിട്ട്പച്ച. o.-crown ലതാകിരിടം. o.-yard ഒലീവ്തോട്ടം. o.-oil ഒലിവെണ്ണ. *a.* തവിട്ട്പച്ച ആയ. =vā'ceŏus (-vā'shus), *a.* ജിതാഫലതുല്യം—; തവിട്ട്പച്ച—. =iv-a-ry, *a.* ജിതാഫലതുല്യം—.

Ol'la, Ol-la-po-drī'da (*or* -drī'da), *n.* ഇറച്ചിക്കൂട്ട്കറി; 2. സമ്മിശ്രം, സകലകലാദി.

Ō-lym'pi-ad, *n.* വൎഷചതുഷ്ടം, നന്നാല് കൊല്ലകാലം; 2. യവനശകം. =pi-an, =pic, *a.* ദേവലോകസംബന്ധമായ. o.c games യവനാഭ്യാസക്കളി, യവനക്കളരിപ്പയററ്. ='pics, *n. pl.* യവനക്കളികൾ. [(*an.*).

Ō-mā'sum, *n.* നാല്ക്കാലിപ്പെകപാശയം

Om-brom'e-tĕr, *n.* വൎഷമാത്ര, മഴച്ചിരട്ട.

Ō'me-ga (*or* o-mē'ga), *n.* യവനഭാഷയിലെ അന്ത്യാക്ഷരം; 2. അന്തം, അവസാനം, ഒടുവ്; 3. മരണം. alpha and o. ആദ്യാവസാനമായവൻ, യേശുക്രിസ്തു; ആദ്യാവസാനം, സമ്പൂൎണ്ണത; മുഖ്യഭാഗം.

Om'e-let (*or* om'let), *n.* വറുത്ത (പൊരിച്ച) മുട്ട, മുട്ടവറുത്തത്.

Ō'men, *n.* ലക്ഷണം, ശകുനം, നിമിത്തം, കണി. good o. ശുഭശകുനം. ill o. ദുശ്ശകുനം, ദുല്ലക്ഷണം. *v.t.* ശകുനം ഉണ്ടാക; 2. മുൻസൂചിപ്പിക്കുക, മുന്നറിയിക്കുക, ലക്ഷണം കാണിക്കുക. =mened (-mend), *a.* ശകുനമുള്ള. om'i-nŏus, *a.* ശകുനസംബന്ധം ആയ; ലക്ഷണം—; ദുശ്ശകുനം—, ദുല്ലക്ഷണം—. om'i-nŏus-ly, *ad.* ദുശ്ശകുനമായി. om'i-nŏus-ness, *n.* ദുല്ലക്ഷണം.

Ō-men'tum, *n.* (*pl.* ō-men'ta) നെയ്‌വല, പരിച്ഛദം (*an.*). =men'tal, *a.* പരിച്ഛദസംബന്ധമായ.

Om'i-nŏus, *etc.*, *s.u.* Omen.

O-mis'siŏn, *etc.*, *s. u.* Omit.

Ō-mit', *v.t.* വിട്ട്കളയുക, ഒഴിച്ച്—, തള്ളുക; 2. പറയാതിരിക്കുക; 3. ചെയ്യാതിരിക്കുക; ഉപേക്ഷയാക്കുക. =mis'si-ble, *a.* വിട്ട്കളയാകുന്ന, ത്യാജ്യമായ. =mis'-siŏn (-mish'un), *n.* വൎജ്ജനം, വിട്ട്കളയൽ; ഉപേക്ഷ, വീഴ്ച, അനനുഷ്ഠാനം; ത്യക്തം, വൎജ്ജിതം. =mis'sive, *a.* വീഴ്ചയാക്കുന്ന. =mis'sive-ly, *ad.* വീഴ്ചയായി. =mit'tance, *n.* വൎജ്ജനം; വീഴ്ച, ഉപേക്ഷ. =mit'tĕr, *n.* ഉപേക്ഷക്കാരൻ, വീഴ്ചചെയ്യുന്നവൻ.

Om'ni-, *pf.* എല്ലാം, സകല, സൎവ്വ, സമസ്ത.

Om'ni-bus, *n.* ഒര്‌വക വലിയ നാലുരുൾ കുതിരവണ്ടി. [യ.

Om-ni-fā'ri-ŏus, *a.* സൎവ്വവിധമാ

Om-nif'ĕr-ŏus, Om-ni-pā'ri-ent, Om-nip'a-rŏus, *a.* സമസ്തോല്പാദകമായ.

Om-nif'ic, *a.* എല്ലാററെയും സൃഷ്ടിക്കുന്ന.

Om'ni-form, *a.* സൎവ്വാകൃതിയായ. =for'mi-ty, *n.* സൎവ്വാകൃതിത്വം.

Om-ni-par'i-ty, *n.* സൎവ്വാംഗതുല്യത, സാമാന്യ—.

Om-ni-pā'tient (-pā'shent), *a.* എല്ലാം സഹിക്കുന്ന.

Om-ni-pĕr-cip'i-ence, =en-cy, *n.* സൎവ്വഗ്രാഹ്യത. =ent, *a.* സമസ്തസാക്ഷിയായ.

Om-nip'o-tence, =ten-cy, *n.* സൎവ്വശക്തി; സൎവ്വശക്തൻ, ദൈവം; അധികാരാധിക്യം. =tent, *a.* സൎവ്വശക്തി ഉള്ള, —വല്ലഭത്വം—; അത്യന്തശക്തി—. The O.t സൎവ്വവല്ലഭൻ, ദൈവം. =tent-ly, *ad.* സൎവ്വശക്തിയോടെ.

Om-ni-pres'ence, *n.* സൎവ്വസാമീപ്യം, —വ്യാപിത്വം. =pres'ent, *a.* —സമീപസ്ഥൻ ആയ, —വ്യാപി—.

Om-nis'ci-ence (-nish'i-ens), =en-cy (-en-si), *n.* സൎവ്വജ്ഞത്വം. =ent, *n.* സൎവ്വജ്ഞൻ, ദൈവം. =ent-ly, *ad.* സൎവ്വജ്ഞതയോടെ.

Om'ni-um, *n.* സൎക്കാര് കടമൊത്തം. *o. gatherum* സകലകലാദി, സമ്മിശ്രക്കൂട്ടം.

Om-niv'ŏr-ŏus, *a.* സമസ്തഭക്ഷകമായ. =niv'ŏr-a, *n. pl.* പന്നിമുതലായ സൎവ്വഗ്രാസമൃഗവൎഗ്ഗം. -ness, *n.* സൎവ്വഗ്രാസത്വം.

Om-o-phag'ie (-faj'ik), *a.* പച്ചയിറച്ചി തിന്നുന്ന.

Om'o-plāte, *n.* കൈപ്പലച്ചട്ടകം, അംസഫലക (*an.*).

Om-phal'ie (-fal'ik), *a.* പൊക്കിള് സംബന്ധമായ. ='phal-o-cēle (-sēl), *n.* —വീക്കം (*med.*). =los, *n.* പൊക്കിള്. =lot'o-my, *n.* പൊക്കിള് വള്ളിമുറിക്കൽ.

I. On, *prep.* മേലെ, മേൽ, പുറത്ത്, മുകളിൽ; 2. അരികെ, സമീപം, ...ൽ, ...ങ്കൽ, ...ക്കൽ: the fleet is o. the American coast കപ്പൽക്കൂട്ടം അമേരിക്കക്ക് സമീപമാകുന്നു; 3. ...ക്ക്; ...ന്ന്: o. public occasions വിശേഷകാൎയ്യങ്ങൾക്ക്; 4. ...ഓട്, നേരെ: have pity o. me എന്നോട് ദയ തോന്നേണം; 5. പോൾ, ശേഷം: o. the ratification of the treaty the armies were disbanded സമാധാനനിശ്ചയം ഉറപ്പിച്ച് കഴിഞ്ഞാറെ സൈന്യങ്ങളെ പിരിച്ചയച്ചു; 6. ആണ: o. thy life നിന്റെ ജീവനാണ; 7. പ്രവൃത്തിയിൽ: he is o. a newspaper അവൻ വൎത്തമാനപത്രപ്രവൃത്തിയിലാകുന്നു; 8. വിഷയമായി, സംബന്ധിച്ച്, കുറിച്ച്, ഓ: o. our part ഞങ്ങളോ. o. a bowline, o. a wind, o. the wind കാററിന്നെതിരായി (*naut.*). o. a sudden പെട്ടന്ന്. o. board a steamer തീക്കപ്പലിൽ. o. fire തീപ്പിടിച്ച. o. shore കരയിൽവെച്ച്; കരയിലേക്ക്. o. the road, o. the way, o. the wing വഴിക്കൽ, പോകുമ്പോൾ; പറക്കുമ്പോൾ. o. to മേൽ. to play o. a violin വീണ മീട്ടുക. he worked o. my feelings അവൻ എന്റെ മനശ്ശ്രേഷ്ഠ ഉണൎത്തി. o. the one hand, o. the other hand എന്ന് വേണ്ട, എന്ന് തന്നെയല്ല, എന്നാൽ; നേരെ മറിച്ച്. loss o. loss നഷ്ടത്തിന്മേൽ നഷ്ടം. to depend o. a person ഒരുത്തനെ ആശ്രയിക്കുക. I promise o. certain conditions പക്ഷാൎത്ഥമായി ഞാൻ വാക്ക് തരുന്നു. he bet o. this horse ഈ കുതിര ജയിക്കുമെന്ന് അവൻ പന്തയം കെട്ടി. we do not work o. Sundays ഞായറാഴ്ച ദിവസം ഞങ്ങൾ പണിയെടുക്കാറില്ല. a satire o. society സാമൂഹ്യനടവടിയെ കുറിച്ചുള്ള പരിഹാസകൃതി. he is o. duty അവൻ പ്രവൃത്തിയിലാകുന്നു. he went o. a journey അവൻ യാത്രക്ക് പോയി. *ad.* (with a verb) ലേക്ക്, മുമ്പോട്ട്: he went o. അവൻ മുമ്പോട്ട് നടന്നു; go o. പോയ്ക്കൊൾക; 2. ആദിയായ ഇത്യാദി, മുതലായ, ഇങ്ങിനെ: from father to son, from the son to the grand son and so o. അച്ഛന്റെ ശേഷം മകന്ന്, മകന്റെ ശേഷം മകന്റെ മകന്ന് ഇങ്ങിനെ (പരമ്പരയായി); 3. തുടൎച്ചയായി: say o. പറഞ്ഞ്കൊള്ളുക; come o. വരിൻ; 4. സ്ഥിരമായി: he is

neither o. nor off അവൻ കൂടീട്ടുമി ല്ല വിട്ടിട്ടുമില്ല, അവന്ന് ചഞ്ചലമാണ്; o. and off ഇടവിട്ട്, ഇടക്കിടെയായി; 5. ഇട്ടതായി, ധരിച്ചതായി: he has a coat o. അവൻ ഒര് കുപ്പായം ഇട്ടിരിക്കുന്നു; 6. നടന്ന് കൊണ്ടിരിക്കുന്നതായി: a game is o. കളികളിച്ച് വരുന്നു. o. and o. ഇടവിടാതെ, പിന്നെയും പിന്നയും. o.-going മുതിച്ച്, വദ്ധനവ്; (*pl.*) സംഭവം, കാൎയ്യം. o.-hanger ആശ്രയികൻ, ആശ്രിതൻ. o.-looker നോക്കിനില്ക്കുന്നവൻ. o. the alert ജാഗ്രതയായി. o. high ഉന്നതത്തിൽ, ആകാശത്തിൽ. to put o. ധരിക്കുക. *int.* മുമ്പോട്ട്: o. comrades, o.! ചങ്ങാതിമാരെ മുമ്പോട്ട് മുമ്പോട്ട്. -'tö, *prep.* മുകളിൽ, മേലെ, മേൽ.

II. On, *pron.* ഒരുവൻ, അവര്, ആരോ ഒരുവൻ. o. dit (on'dē) എന്ന് പറയുന്നു, എന്നാണ് പ്രസ്താവം; കിംവദന്തി, വൎത്തമാനം.

On'a-ğĕr, *n.* യന്ത്രക്കവിണ; 2. കാട്ട്കഴുത (*Z.*).

Ō'na-nism, *n.* സ്വയഭോഗം.

I. Ŏnce (wuns), Ŏunce, *n.* കാട്ട്പൂച്ച, പോക്കാൻ— (*Z.*).

II. Ŏnce (wuns), *ad.* ഒരിക്കല്, ഒര് പ്രാവശ്യം, —കുറി, —തവണ, —വട്ടം, ഏകദാ; 2. ഒര് കാലം, പണ്ടൊരിക്കല്; 3. വല്ലപ്പോഴും, എപ്പോഴെങ്കിലും ഒരിക്കല്. at o. ഉടനെ, ഉടനടി, തല്ക്ഷണം; ഒന്നായി, ഒരുമിച്ച്. all at o. പൊടുന്നനവെ, പെട്ടന്ന്. but o. ഒരിക്കലെങ്കിലും; ഒരിക്കല് മാത്രം. o. again പിന്നെയും ഒരിക്കല്; ഇരട്ടി. o. and again വീണ്ടും വീണ്ടും, പിന്നെയും പിന്നെയും, കൂടക്കൂട. o. for all തീൎമ്മാനമായി, തീൎച്ചയായി. o. or twice ഒന്ന് രണ്ട് വട്ടം. this o. ഇക്കുറിമാത്രം.

Ŏne (wun), *a.* ഒന്ന്, ഒററ, ഒരുവൻ, ഒരുത്തി; 2. എന്നൊരുത്തൻ; 3. ഒരേ. all o. (എന്തായാലും) ഒര് പോലെ. o. day ഒരിക്കല്; എപ്പോഴോ ഒരിക്കല്; എപ്പോഴെങ്കിലും—. o.-eyed ഒററക്കണ്ണൻ(ണ്ണി) ആയ. o. hand ഒററക്കൈക്കൊണ്ടുള്ള. o. horse ഒററക്കുതിരകെട്ടിയ. o. o'clock ഒര് മണി. o.-sided പക്ഷമായ; ഒരേ ഭാഗത്തുള്ള. o.-sidedness പക്ഷപാതം, പാരപക്ഷം, മുഖ—. *n.* ഒന്ന്, ഏകം; 1, ൧; 2. ഒരുത്തൻ. at o. യോജിപ്പായി, ഒരുമനപ്പെട്ട്. in o. ഒന്നായി, ഒരുമിച്ച്, കൂടി. o. by o., o. and o. ഓരോന്നായി, ഓരോരുത്തരായി. little o.s കുട്ടികള്. old o.s പ്രായംചെന്നവര്. *indef. pron.* വല്ലവനും; 2. താൻ. -self', o.'s self, *pron.* താൻതന്നെ. another o. വേറൊരുത്തൻ. any o. വല്ലവനും (ളും); ആരാനും. each o. ഓരോരുത്തൻ (ര്). every o. (ഓരോരുത്തരായി) എല്ലാവരും. many a o. പലരും, അനേകം പേര്. no o. ആരും (ഇല്ല). some o. ആരോ ഒരുവൻ, ഏതോ ഒരുത്തൻ, ആരാണ്ടൊരുവൻ. such a o. ഇ(അ)ങ്ങിനെയുള്ളവൻ. the other o. മററവൻ, മറേറത്. o. another തമ്മിൽതമ്മിൽ, അന്യോന്യം, പരസ്പരം. -'ness, *n.* ഏകത്വം; പ്രത്യേകത; ഒരുമ, ഐക്യം, ഐകമത്യം; ഏകാഗ്രത.

O-neī-ro-crit'ic, *etc. s. u.* Oneiro-[mancy.

O-neī'ro-man-cy (-nī'r-ō-), *n.* സ്വപ്നലക്ഷണം; 2. —ശാസ്ത്രം. =neī-ro-crit'-ic, =nī-ro-crit'ic, =ros'cop-ist, *n.* —വ്യാഖ്യാനി. =neī-ro-crit'ic, =neī-ro-crit'i-cal, *a.* സ്വപ്നാൎത്ഥസംബന്ധമായ. =neī-ro-crit'i-cism, =neī-ro-crit'ics, *n.* സ്വപ്നവ്യാഖ്യാനം; —ലക്ഷണവിദ്യ. =ros'co-py, *n.* —വ്യാഖ്യാനം.

On'ĕr-ŏus, *a.* ഭാരമായ, പ്രയാസം ഉള്ള, ഞെരുക്കം—. o. cause ന്യായമായ പ്രതിഫലം (*l.*). on'ĕr-a-ry, *a.* ഭാരം ചുമപ്പാൻ തക്ക; ചുമട് എടുക്കുന്ന, —കെട്ടുന്ന. -ly, *ad.* ചുമടായി, ഭാരമായി.

Ŏn'iŏn (un'yun), *n.* ഉള്ളി, ചുവന്ന ഉള്ളി, മണ്ണപ്പാടൻ—, വെങ്കായം, ഈരവെങ്കായം (*P.*).

Ōn'ly, *a.* മാത്രം ആയ, ഏകം—, ഒററ—; 2. മുഖ്യം—, ഉത്തമം—. an o. son ഏകപുത്രൻ. *ad.* മാത്രം, തന്നെ; 2. കേ

വലം, മററും; 3. ഏക. *conj.* ഒഴികെ, ഒഴിച്ച്. [രം, നിസ്സാരഭാഷണം.

**O-nol'o-ġy,** *n.* ബുദ്ധികെട്ടസംസാ

**On'o-man-cy, O-nom'o-man-cy,** *n.* നാമലക്ഷണവിദ്യ, നാമാക്ഷരലക്ഷണജ്ഞാനം. =**man'tic,** =**man'ti-cal,** *a.* നാമലക്ഷണസംബന്ധമായ.

**On-o-ma-tol'o-ġy,** *n.* നാമശാസ്ത്രം. =**ġist,** *n.* —ശാസ്ത്രജ്ഞൻ.

**On-o-ma-tō-pœ'ia** (-pē'ya), =**mat'-o-py,** *n.* ശബ്ദാനുകരണാലങ്കാരം, അനുകരണാലങ്കാരം (*rhet.*); 2. അനുകരണപദരൂപണം (*phil.*). =**tōpe,** *n.* —പദം. =**pœ'ic** (-pē'ik), =**pō-et'ic,** *a.* അനുകരണാലങ്കാരം ആയ; അനുകരണപദം—; —സ്വഭാവമുള്ള. [mancy.

**O-nom'o-man-cy,** *n.*, *see* **Ono-**

**On'rush,** *n.* ചാട്ടം, ഓട്ടം; 2. മുതിച്ച.

**On'set, On'slaught** (-slat), *n.* ചാട്ടം; 2. ആക്രമം, അഭിയോഗം, അതിക്രമണം; 3. പോര്, യുദ്ധം.

**On'stead** (-sted), *n.* കൃഷിപ്പുര, കളപ്പുര, കളം.

**On'tö,** *prep.*, *s. u.* **On.**

**On-toġ'en-y,** =**ġen'e-sis,** *n.* ജീവവികാസവ്യവസ്ഥ. =**ġen-et'ic,** =**ġen'-ic,** *a.* —വ്യവസ്ഥആയ. =**ġen-et'i-cal-ly,** *ad.* —വ്യവസ്ഥയായി.

**On-tol'o-ġy,** *n.* സത്വവിദ്യ, ഭൂതവിചാരം, ജീവതത്വശാസ്ത്രം. =**loġ'ic,** =**loġ'i-cal,** *a.* —ശാസ്ത്രസംബന്ധമായ. =**loġ'i-cal-ly,** *ad.* —ശാസ്ത്രപ്രകാരം. =**ġist,** *n.* —ശാസ്ത്രജ്ഞൻ.

*Ō'nus,* *n.* ഭാരം, ബാദ്ധ്യത. *o. probandi* തെളിവിൻെറ ബാദ്ധ്യത, —ഭാരം (*l.*).

**On'ward** (-wẽrd), *a.* മുമ്പോട്ട് ഉള്ള; 2. മുന്നാക്കം—. 3. മുതിച്ച—. =**ward,** =**wards,** *ad.* മുമ്പോട്ട്; 2. വളന്ന് വളന്ന്. -**ness,** *n.* പുരോഗതി, വളച്ച, വദ്ധന.

**O-nych'i-a** (-nik'i-), *n.* വിരല്ക്കുരു, നഖച്ചുററ്, കഴിനഖം (*med.*). **on'y-chō-man-cy,** *n.* നഖലക്ഷണശാസ്ത്രം.

**On'yx,** *n.* ഗോമേദകക്കല്ല്; വൈഡൂര്യം, നഖവണ്ണി (*min.*).

**O-oi'dal,** *a.* അണ്ഡാകൃതിയായ.

**Ō'o-līte,** *n.* ഒര് വക കല്ല്. =**lī'thēs** (*or* -lithz), *n. pl.* ശിലാഭൃതഅണ്ഡങ്ങൾ.

**Ō-ol'o-ġy,** *n.* അണ്ഡശാസ്ത്രം. =**loġ'-i-cal,** *a.* —ശാസ്ത്രസംബന്ധമായ. =**ġist,** *n.* —ശാസ്ത്രജ്ഞൻ.

**Ooze,** *n.* ചളി, ചേറ്, ആടൽചേറ് (*S.*); 2. കനിച്ചല്, ഒഴുക്കം; 3. ഊറല്; മട്ട്. *v. i.* ചോരുക, കനിയുക; 2. പുറത്താക; 3. കുറഞ്ഞ് കുറഞ്ഞ് വരിക, ക്രമേണ ഇല്ലാതാക. *v. t.* ചോന്ന് പോകമാറാക്കുക. **oo'zy,** *a.* ചളി ഉള്ള; ചേറ് പോലെ—.

**Ō-pac'i-ty,** *n.*, *s. u.* **Opaque.**

**Ō'pal,** *n.* ഒര് രത്നം; 2. പാണ്ഡുമൃത്തിക, ക്ഷീരസ്ഫടികം, ശിവധാതുശില, പുലകം, വിമലകം. =**pal-esce'** (-es'), *v. i.* വിവിധവണ്ണശോഭയുണ്ടാക; തെളതെള മിന്നുക. -**es'cence** (-es'ens), *n.* ക്ഷീരവണ്ണപ്രഭ. -**es'cent** (-es'ent), *a.* —പ്രഭയുള്ള. =**line** (-lin), *a.* ക്ഷീരസ്ഫടികസംബന്ധം ആയ; —തുല്യം—. -**īse,** -**īze,** *v. t.* പുലകമാക്കുക. =**pal'o-tȳpe,** *n.* ക്ഷീരസ്ഫടികചിത്രം.

**Ō-pāque'** (-pāk'), **Ō-pāke', Ō-pā'-cous,** *a.* പ്രകാശഭേദ്യം ആയ, കിരണഭേദ്യം—, അസ്വച്ഛം—, അപാരദൎശകം—, നിഷ്പ്രഭം—; 2. മങ്ങലുള്ള, ഇരുണ്ട; 3. മന്ദം ആയ; അസ്പഷ്ടം—. *n.* നിഷ്പ്രഭത്വം, അസ്വച്ഛത. -**ly,** *ad.* നിഷ്പ്രഭമായി; മന്ദമായി, അവ്യക്തമായി. -**ness,** =**pac'-i-ty,** =**pā'cous-ness,** *n.* പ്രകാശഭേദ്യത, അപാരദൎശകത്വം, അസ്വച്ഛത, പ്രകാശാപാരഗമ്യത.

**Ō'pen** (ō'pn), **Ōpe** (ōp), *a.* തുറന്ന, അടക്കാത്ത; 2. ചെല്ലാവുന്ന, ഗമ്യമായ, തടസ്ഥമില്ലാത്ത; പ്രവേശനസ്വാതന്ത്ര്യംഉള്ള; ഗതാഗതം—, ഗതാഗതാനുകൂലം—; 3. പൊതുവായ, പരസ്യം ആയ; 4. അരക്ഷിതം—, അഭദ്രം—; 5. യോഗ്യം—, പാത്രം—; 6. ഒരുക്കം ഉള്ള; 7. തുറസ്സായ, മറവില്ലാത്ത; 8. വിശാലം ആയ, വിസ്തീൎണ്ണം—; മൈതാനം—; 9. മലന്ന, വിടന്ന, വിരിഞ്ഞ, വി

കസിച്ച; 10. യഥാൎത്ഥം ഉള്ള, പരമാൎത്ഥം—, നിഷ്കപടമായ, മായമില്ലാത്ത; 11. ഔദാൎയ്യം ഉള്ള, ധൎമ്മശീലം—; 12. പ്രസന്നമായ, തെളിഞ്ഞ; 13. പ്രത്യക്ഷം ആയ, സ്പഷ്ടം—, കാണത്തക്ക; 14. മന്ദം ആയ, ശാന്തം—, സൌമ്യം—, തെളിവുള്ള; 15. തീൎച്ചയാകാത്ത; 16. (കണക്ക്) കഴിക്കാത്ത; 17. ഒഴിവായ, പ്രവൃത്തിയില്ലാത്ത; 18. വിശാലോച്ചാരണമുള്ള. O. air പുറത്തെ,(വീട്ടിന്ന്) പുറത്തുള്ള, വെളിംപ്രദേശത്തുള്ള. O.-air games പുറക്കളി, പറമ്പ്കളി. O-air preaching പുറപ്രസംഗം, പുറത്തെ പ്രസംഗം. the O. air പുറക്കാററ്. O. bill ഒര്പക്ഷി (z.). O. day പ(ച്ചാ)ട്ടാപ്പകല്. O.-eyed ഉറങ്ങാത്ത; ജാഗരണമുള്ള. O.-handed ഔദാൎയ്യശീലമുള്ള, കൊടുക്കുന്ന, ധൎമ്മമുള്ള. O.-handedness ഔദാൎയ്യം, ദാനധൎമ്മം. O.-hearted പരമാൎത്ഥിയായ, കപടമില്ലാത്ത, ശുദ്ധമനസ്സുള്ള. O.-heartedly തുറന്ന മനസ്സോടെ. O.-heartedness യഥാൎത്ഥഭാവം. O. letter പ്രത്യക്ഷകം, പരസ്യക്കത്ത്. O. line (തീവണ്ടിപതിവായി ഓടുന്ന) ഇരിമ്പ്പാത. O.-mouthed വായിമലൎന്ന; അത്യാഗ്രഹംഉള്ള, ബുഭുക്ഷ—; (പാ)വായ്യാരം—, —പറയുന്ന. O. question സന്നിഗ്ദ്ധവിഷയം, സംശയാസ്പദകാൎയ്യം. O. secret വെളിവായ രഹസ്യം, പലരും അറിയുന്ന—. O. work തുളപ്പണി; കല്ലുഴി, കല്ലണ. *n.* വെളിമ്പ്രദേശം, വൃക്ഷഹീനപ്രദേശം; 2. വിശാലസമുദ്രം. the O. നാട്ട്പുറം, തറ. *v. t.* തുറക്കുക; 2. നിവിൎത്തുക, വിടൎത്തുക; 3. കാണിക്കുക, പ്രത്യക്ഷമാക്കുക, വെളിപ്പെടുത്തുക; പറയുക; 4. അൎത്ഥം പറയുക, വ്യാഖ്യാനിക്കുക, വിവരിക്കുക; 5. (വ്യാപാരത്തിന്ന്, വാസത്തിന്ന് etc.) തക്കതാക്കുക; 6. തുടങ്ങുക, ആരംഭിക്കുക; 7. അഴിക്കുക; പിച്ചുക; 8. കീറുക (*med.*). to O. fire വെടി തുടങ്ങുക. to O. one's mouth പറയുക, സംസാരിക്കുക. to O. up വെളിപ്പെടുത്തുക. *v. i.* പിളരുക; 2. വിടരുക, മലരുക; 3. കാണാസ്പരിക; 4. തുടങ്ങുക, ആരംഭിക്കുക. **ōpe'nĕr**, *n.* തുറക്കുന്നവൻ; തുടങ്ങുന്നവൻ. **ōpe'ning**, *n.* തുറക്കൽ; ആരംഭം; തുടക്കം (സ്സം), പ്രാരംഭം; വാതില്; വായി; പിളൎപ്പ്, ദ്വാരം; തഞ്ചം, തരം, അനുകൂലം; പുനം കൊത്തിയസ്ഥലം, കാട്വയക്കിയ—; *pl.* പഴുത്, വിള്ളല്. -ly, *ad.* സ്പഷ്ടമായി; പരസ്യമായി, വെളിവിൽ, എല്ലാവരും കാണത്തക്കവണ്ണം. -ness, *n.* തുറസ്സ്; സ്പഷ്ടത; യഥാൎത്ഥത.

**Op'e-ra**, *n.* സംഗീതനാടകം; 2. —നാടകശാല. O.-glass ഇരട്ടക്കുഴല്ക്കണ്ണാടി. O.-house സംഗീതനാടകശാല. =rat'-ic, =rat'i-cal, *a.* നാടകസംബന്ധമായ.

**Op'ĕr-āte**, *v. i.* പ്രവൃത്തിക്കുക, ചെയ്യുക; 2. സാധിക്കുക, ഫലിക്കുക, പററുക; 3. വൎത്തിക്കുക, ചേഷ്ടിക്കുക, വ്യാപരിക്കുക; (മനസ്സിന്ന്) തട്ടുക; പ്രബലപ്പെടുക; 4. ശസ്ത്രപ്രയോഗം ചെയ്യുക, കീറുക, മുറിക്കുക (*med.*); 5. മോഹക്കച്ചവടം ചെയ്യുക. *v. t.* സാധിപ്പിക്കുക, വരുത്തുക; 2. നടത്തുക, പ്രവൃത്തിപ്പിക്കുക. =er-am'e-tĕr, *n.* പ്രവൃത്തിമാത്രം. =ance, =an-cy, *n.* പ്രവൎത്തനം; പ്രവൃത്തി. =and, *n.* ക്രിയാമാൎഗ്ഗം, ഗണനപദ്ധതി (*math.*). -ant, *a.* വൎത്തിക്കുന്ന. *n.* പ്രവൎത്തകൻ. =ā'tiŏn, *n.* പ്രവൎത്തനം, ക്രിയ; സാഹിത്യം; പ്രവൃത്തി, ചേഷ്ടിതം, യത്നം; വ്യാപാരം; പ്രവൃത്തിക്രമം, —വിധം; ഫലം, സാദ്ധ്യം; *pl.* (military, naval) യുദ്ധപരിശ്രമം, പട; ക്രിയ, ഗണനകൃത്യം (*math.*); ശസ്ത്രപ്രയോഗം (*med.*). =a-tive, *a.* പ്രവൎത്തകമായ, വൎത്തിക്കുന്ന; സാദ്ധ്യകരമായ; ഫലം ചെയ്യുന്ന, വീൎയ്യമുള്ള, പററിയ, കൈകണ്ട (*med.*); വിരേചകം ആയ (*med.*); ശസ്ത്രപ്രയോഗസംബന്ധം— (*med.*); *n.* പ്രവൎത്തകൻ, വിദഗ്ദ്ധൻ; യന്ത്രികൻ, യന്ത്രം നടത്തുന്നവൻ. =a-tive-ly, *ad.* പ്രവൎത്തനമായി; സാദ്ധ്യകരമായി. =ā-tŏr, *n.* പ്രവൎത്തകൻ, ചെയ്യുന്നവൻ; കാരണം; സാഹിത്യം; ശസ്ത്രവൈദ്യൻ (*med.*); മോഹക്കച്ചവടം ചെയ്യുന്നവൻ; ക്രിയാസംജ്ഞ (*math.*).

**Op'er-ōse**, *a.* അദ്ധ്വാനിച്ചുണ്ടാക്കിയ; 2. അദ്ധ്വാനം ഉള്ള, വിഷമം—; 3. ക്ഷീണംവരുത്തുന്ന; ബുദ്ധിമുട്ടുള്ള. -ly, *ad.* വിഷമത്തോടെ. -ness, =os'i-ty, *n.* വൈഷമ്യം, അദ്ധ്വാനം,

Ōpe'tīde, *n.* പുഷ്പകാലം; 2. പ്രകാശനദിനത്തിന്നും നോമ്പിന്നും ഇടയിലുള്ള— (*Chr.*); 3. കൊയ്ത്തു കഴിഞ്ഞ മേച്ചൽ—.

O-phid'i-a (-fid'i-), *n. pl.* സൎപ്പവൎഗ്ഗം (*z.*). =an, *n.* പാമ്പ്, നാഗം, സൎപ്പം (*z.*). =an, =phid'i-ŏus, *a.* സൎപ്പവൎഗ്ഗത്തിൽപെട്ട; സൎപ്പത്തിന്നുള്ള.

Oph-i-ol'a-try (of-i-), *n.* നാഗപൂജ.

Oph-i-ol'o-ġy (of-i-), *n.* നാഗശാസ്ത്രം. =loġ'ic, =loġ'i-cal, *a.* —ശാസ്ത്രസംബന്ധമായ. =ġist, *n.* —ശാസ്ത്രജ്ഞൻ.

Oph'i-o-man-cy (of'i-), *n.* സൎപ്പലക്ഷണശാസ്ത്രം.

Oph-i-o-mor'phŏus (of-i-o-mor'fus), *a.* സൎപ്പാകൃതിയായ.

Oph-i-oph'a-gŏus (of-i-of'a-gus), *a.* സൎപ്പഭുക്ക് ആയ, പാമ്പിനെ തിന്നുന്ന.

Ō'phīte (ō'fīt), *n.* വിവിധവൎണ്ണശില; 2. നാഗപച്ചക്കല്ല്. [പരിക്ഷ.

Ō'phītes̱ (ō'fītz), *n. pl.* നാഗപൂജക

Oph-thal'mi-a, =thal'my (of-), *n.* ചെങ്കണ്ണ്, നേത്രരോഗം (*med.*). =thal'-mic, *a.* നേത്രസംബന്ധമായ; 2. —പ്രദേശത്തുള്ള. o.c region കങ്കുഴി.

Oph-thal-mol'o-ġy (of-), *n.* നേത്രരോഗനിദാനം (*med.*). 2. നേത്രശാസ്ത്രം (*med.*). =loġ'i-cal, *a.* —ശാസ്ത്രസംബന്ധമായ. =ġist, *n.* —ശാസ്ത്രജ്ഞൻ; —വൈദ്യൻ, കൺചികിത്സക്കാരൻ.

Oph-thal'mo-scōpe (of-), *n.* നേത്രദൎശിനി. =scop'ic, *a.* —ദൎശിനിസംബന്ധമായ, കണ്ണ് പരിശോധിപ്പാനുള്ള. =mos'co-py, *n.* നേത്രപരീക്ഷ; —ലക്ഷണശാസ്ത്രം.

Ō'pi-āte, *n.* അവീൻലേഹ്യം, കറുപ്പ് മരുന്ന്; 2. ഉറക്ക് —, സ്വാപനൌഷധം; 3. നിശ്ചിന്താകാരകം. *a.* നിദ്രാവഹമായ, ഉറക്ക് വരുത്തുന്ന; 2. മന്ദത—. *v. t.* സ്വാപനൌഷധം കൊടുക്കുക; ഉറക്ക് വരുത്തുക. =ā-ted, *a.* അവീൻകൂട്ടിയ; സ്വാപനൌഷധം സേവിച്ച.

Ō-pīne', *etc.*, *s. u.* Opinion.

O-pin'iŏn (-pin'yun), *n.* തോന്നല്, നിനവ്, വിചാരം; 2. അഭിപ്രായം, മതം; 3. കരുത്ത്, എണ്ണം; 4. തീൎപ്പ് (*l.*). to be of o. വിചാരിക്കുക, അഭിപ്രായപ്പെടുക. ō-pīne', *v. t.* & *i.* വിചാരിക്കുക, എണ്ണുക; അഭിപ്രായമാക, അഭിപ്രായപ്പെടുക. =pī'nĕr, *n.* വിചാരിക്കുന്നവൻ. -a-tive, =pin'ia-tive (pin'ya-), *a.* അഭിപ്രായാഭിമാനം ഉള്ള, ശാഠ്യം—, താന്തോന്നിത്വം—. -a-tive-ly, =pin'ia-tive-ly, *ad.* ദുൎവ്വാശിയോടെ, പിടിവാദമായി. -a-tive-ness, =pin'ia-tive-ness, *n.* അഭിപ്രായശാഠ്യം, ദുശ്ശാഠ്യം, ശഠത. -a-ble, *a.* അഭിപ്രായം ആയ, ഊഹ്യം—. -āte, -ā-ted, =pin'iŏned (-pin'yund), *a.* സ്വാഭിപ്രായശാഠ്യം ഉള്ള, ദുൎവ്വാശി—. -āte-ly, *ad.* ദുരഭിമാനത്തോടെ. -ist, *n.* അഭിപ്രായാഭിമാനി.

Op-is-thog'ra-phy (-fi), *n.* പുറത്തെഴുത്ത്, പൃഷ്ഠലേഖനം. [കറുപ്പ്.

Ō'pi-um, *n.* 'അവീൻ', 'അഫീൻ',

Op-o-del'doc, *n.* കൎപ്പൂരലേപനം, —തൈലം.

O-pos'sum, *n.* അമേരിക്കയിലെ ഒരു മൃഗം; സഞ്ചിക്കൊട്ടൻ (*z.*).

Op'pi-dan, *n.* നഗരവാസി; 2. സ്വകാൎയ്യമാണാക്കൻ, —വിദ്യാൎത്ഥി.

Op-pi-lā'tiŏn, *n.* തടസ്ഥം; ആന്ത്രതടസ്ഥം; മലബന്ധം (*med.*).

Op-pō'nent, *etc.*, *s. u.* Oppose.

Op'por-tūne, *a.* തക്ക, ഒരുക്കമുള്ള; കാലോചിതമായ. -ly, *ad.* തക്കത്തിൽ. -ness, *n.* കാലൌചിത്യം; പ്രസ്താവയോഗ്യത. =tū-nis̱m, *n.* ഔചിത്യപ്രവൎത്തനം. =tū-nist, *n.* തഞ്ചക്കാരൻ, ഔചിത്യപ്രവൎത്തകൻ. =tū'ni-ty, *n.* തഞ്ചം, തരം, തക്കം, അവസരം; സാവകാശം, സൌകൎയ്യം; നേരം, സമയം; കാലം, യോഗം.

Op-pōs̱e', *v. t.* നേരെവെക്കുക, എതിരായി—; 2. കാണത്തക്കവണ്ണം—; 3. തടുക്കുക, ചെറുക്കുക, വിരോധിക്കുക; 4. പ്രതിവാദിക്കുക; വിരോധംനില്ക്കുക, എതിൎത്ത്—; 5. മത്സരിക്കുക, പ്രതിശ്രമം ചെയ്യുക. *v. i.* എതിരെ കിടക്കുക; 2. എതി

വ്വാദിക്കുക. =pō′nen-cy, *n.* എതിൎവ്വാദം ഭ്രാസം. =pō′nent, *a.* അഭിമുഖമായ, എതിരായ; വിരോധമുള്ള. =pō′nent, =pō′ṣẽr, *n.* എതിരാളി, എതിൎക്കക്ഷി, വിരോധി, പ്രതിയോഗി; ശത്രു; എതിൎവ്വാദി. =pō-ṣa-bil′i-ty, *n.* പ്രാതികൂല്യത, വിരോധനീയത്വം. =pō′ṣa-ble, *a.* പ്രാതികൂല്യം ആയ, എതിൎപ്പാൻ കഴിയുന്ന, വിരോധനീയമായ, എതിരെ വെക്കാകുന്ന. =′pō-ṣite (-zit), *a.* (to) മുമ്പിൽ ഉള്ള, നേരെ—, എതിരെ—; മറെറ, മറു: the o.e sex മറുപക്ഷം, സ്ത്രീകൾ, പുരുഷന്മാര്; ഇതരം ആയ, അന്യം—, വിരുദ്ധം—, വിപരീതം—, പ്രതികൂലം—, വ്യത്യാസപ്പെട്ട; *n.* വിപൎയ്യായം, വിപൎയ്യാസം. =′pō-ṣite-ly, *ad.* അഭിമുഖമായി, എതിരായി; വിരോധമായി. =′pō-ṣite-ness, *n.* ആഭിമുഖ്യത; വിപൎയ്യായത്വം. =pō′ṣal, =pō-ṣi′tiŏn (-zish′un), *n.* എതിൎക്കൽ; തടസ്ഥം, വിരോധം; ആഭിമുഖ്യത; വൈരം, വെറുപ്പ്; എതിൎപക്ഷം, —കക്ഷി, —പരിക്ഷ (*pol.*); പാട്, സമസപ്തം, അസംഗമം (*as.*). =ṣi′tiŏn-ist (-zish′un-), *n.* വിരോധപക്ഷക്കാരൻ. =pos′i-tive, *a.* എതിരായി വെക്കാവുന്ന.

Op-press′, *v. t.* അധികഭാരംവെക്കുക, ഭാരപ്പെടുത്തുക; 2. ഞെരുക്കുക, ബുദ്ധിമുട്ടിക്കുക, ഉപദ്രവിക്കുക, പീഡിപ്പിക്കുക; 3. അന്യായം ചെയ്യുക; 4. അമൎത്തുക, അമുക്കുക, ഞെക്കുക; മുട്ടല് വരുത്തുക. =pres′siŏn (-presh′un), *n.* ഞെരുക്കൽ; ഞെരുക്കം; ഉപദ്രവം; അന്യായം, കട്ടപ്പം, ക്രൂരത; ഭാരം, മാന്ദ്യം: o.n of spirits നിശ്ചേതനത്വം, ബുദ്ധിമാന്ദ്യം; മുട്ടല്: o.n of the lungs ശ്വാസംമുട്ടല്, നെഞ്ഞടപ്പ്. =pres′sive, *a.* അതിഭാരം ആയ; അന്യായം—; ഞെരുക്കം ചെയ്യുന്ന; കഠിനം ആയ, അസഹ്യം—, ദുസ്സഹനീയം—. =pres′sive-ly, *ad.* കൊടുമയായി, കൊടൂരമായി. =pres′sive-ness, *n.* ഭാരം, ഞെരുക്കം, നിഷ്ഠുരത, നൈഷ്ഠുൎയ്യം, കാഠിന്യം. =pres′sŏr, *n.* ഞെരുക്കം ചെയ്യുന്നവൻ, പീഡകൻ, നിഷ്ഠുരൻ, ക്രൂരൻ.

Op-prō′bri-ŏus, *a.* നിന്ദ ആയ, നിന്ദാവഹം—; 2. കുത്സിതം—, വഷളു—. o. language പാരുഷ്യം, വാവിഷ്ഠാണം, ചീത്ത (*N.*), പഴി. -ly, *ad.* അപമാനമായി, ദൂഷണമായി. -ness, *n.* ഗൎഹ്യത, അവലക്ഷണത്വം. =bri-um, *n.* നിന്ദ, അപകീൎത്തി; ധിക്കാരം, പാരുഷ്യം; വാവിഷ്ഠാണം.

Op-pūgn′ (-pūn′), *v. t.* എതിൎപൊരുക, അതിക്രമിക്കുക, എതിൎക്കുക; 2. വിപരീതം ആയിരിക്കുക, വിരോധം—. =pug′nan-cy, *n.* എതിൎക്കൽ; പോര്, വിരോധം. =pug′nant, *a.* വിരോധം ജനിപ്പിക്കുന്ന; ചെറുത്ത്നില്ക്കുന്ന; എതിരായ. *n.* എതിരാളി. op-pug-nā′tiŏn, *n.* വിരോധം. =pūgn′ẽr (-pūn′-ẽr), *n.* എതിൎക്കുന്നവൻ; വിരോധി.

Op-sim′a-thy, *n.* വയോധികവിദ്യാഭ്യാസം.

Op-si-om′e-tẽr, *n.* ദൃഷ്ടിമാത്ര, —പരീക്ഷയന്ത്രം.

Op′tā-tive, *a.* ഇച്ഛാൎത്ഥകം ആയ; 2. അനുവാദകം—. o. mood ഇച്ഛാൎത്ഥകക്രിയാരൂപം, —ക്രിയ (*gr.*); അനുവാദകം (*gr.*). -ly, *ad.* ഇച്ഛാൎത്ഥകമായി; അനുവാദകമായി.

Op′tic, *n.* കണ്ണ്, ദൃഷ്ടി, നയനം, നേത്രം, ചക്ഷുസ്സ്. op′tic, =ti-cal, *a.* വീക്ഷണസംബന്ധമായ; ദൎശകവിദ്യാ—; കണ്ണിന്റെ, നേത്ര. o.c angle ദൃഷ്ടിയോഗസന്ധി, —കേന്ദ്രം. o.c nerve നേത്രമജ്ജാതന്തു. o.l circle പരിമാണവൃത്തം. =ti-cal-ly, *ad.* കാഴ്ചയാൽ; ദൎശനവിദ്യാസംബന്ധമായി. =ti′cian (-tish′an), *n.* ദൎശനശാസ്ത്രജ്ഞൻ; കണ്ണടവ്യാപാരി. =tics, *n. pl.* ദൃഗ്വിദ്യ, ദൎശനവിദ്യാ, —ശാസ്ത്രം.

Op′ti-māte, *a.* കുലീനസംബന്ധമായ. *n.* കുലീനൻ, പ്രഭു; മഹാൻ; 2. *pl.* പുരാതന റോമിലെ കുലീനവൎഗ്ഗം. =ma-cy, *n.* കുലീനവാഴ്ച; —വൎഗ്ഗം.

Op′ti-me, *n.* (കേമ്പ്രിജ് സൎവ്വകലാശാലയിലെ) ബഹുമാന ഡിഗ്രിയത്വം.

Op′ti-miṣm, *n.* നിഖിലോത്തമവാദം (*met.*); 2. ഗുണഭാഗാവലോകനം.

=mist, *n.* നിഖിലോത്തമവാദി (*met.*); ഗുണഭാഗദൎശകൻ. =mis'tic, *a.* നിഖിലോത്തമവാദസംബന്ധമായ; ഗുണഭാഗദൎശന—. =tim'i-ty, *n.* ഉത്തമത്വം.

Op'tiŏn, *n.* തെരിഞ്ഞെടുപ്പാനുള്ള അവകാശം, വരണാധികാരം; ഹിതാഹിത സ്വാതന്ത്ര്യം; 2. ഇച്ഛ, ഇഷ്ടം, പ്രിയം, അഭിരുചി, അഭിലാഷം, ഹിതം, താല്പൎയ്യം; 3. വിഭാഷ (*gr.*). -al, *a.* വരണാന്വിതം ആയ; ഇഷ്ടാനുസാരം—; ഐച്ഛികം—, മനസ്സ് പോലെ ചെയ്യാകുന്ന, നിൎബ്ബന്ധമില്ലാത്ത. o.l language ഐച്ഛിക ഭാഷ. o.l subject —വിഷയം. -al-ly, *ad.* ഇച്ഛാനുസാരമായി, മനസ്സ് പോലെ.

Op'to-gram, *n.* (കണ്ണിൽപതിഞ്ഞ് കാണുന്ന) വിഷയഛായ. =tog'ra-phy (-fi), *n.* വിഷയഛായാമുദ്രണം.

Op-tom'e-tĕr, =tim'e-tĕr, *n.* ദൃഷ്ടി ദൂരമാത്ര.

Op'ū-lent, *a.* ഐശ്വൎയ്യം ഉള്ള, ധനം—, മുതല്—, ധനികനായ. =lence, =len-cy, *n.* ഐശ്വൎയ്യം, സമ്പത്ത്, ആസ്തി, ധനപുഷ്ടി, വക്കത്ത് (*M.*). -ly, *ad.* ഐശ്വൎയ്യത്തോടെ.

Ō-pus', *n.* (*pl.* op'e-ra), ഗ്രന്ഥം; 2. ഗ്രന്ഥരചന; 3. സംഗീത—. =pus'cle (pus'sl), =pus'cūle, =pus'cū-lum (*pl.* =pus'cū-la), *n.* ചെറുഗ്രന്ഥം.

I. -Or, *suf.* ചെയ്യുന്നവൻ; കാരി, കാരൻ.

II. Or, *conj.* ഓ...ഓ, അല്ലെങ്കിൽ, അഥവാ: I o. you should go ഞാനോ നീയോ പോകേണ്ടതാണ്; 2. എന്ന് വെച്ചാൽ: this is a sphere o. globe ഇത് ഒര് ഉണ്ട—എന്ന് വെച്ചാൽ ഒര് ഗോളം—ആകുന്നു; 3. അല്ല, ആകട്ടെ: o. what man is there of you who will give his son a stone? അല്ല (ആകട്ടെ) മകന്ന് കല്ല് കൊടുക്കുന്നവൻ നിങ്ങളിൽ ആരാനുമുണ്ടോ? either...o. ഒന്നുകിൽ...അല്ലെങ്കിൽ, ഓ...ഓ.

Or'a-cle, *n.* അരുളപ്പാട്, വെളിച്ചപ്പാട്, കല്പന, ദൈവോത്തരം; ആകാശവാണി, അശരീരിവാക്ക്; 2. ഭഗവതി, പ്രതിഷ്ഠ; 3. ദേവസ്ഥാനം; 4. *pl.* വെളിപ്പാട്, ദിവ്യവെളിപ്പാട്, പവിത്രരേഖ (*Bl.*); 5. അതിപരിശുദ്ധസ്ഥലം; ദൈവാലയം (*Bl.*); 6. ദൂതൻ, പ്രവാചകൻ, ദീൎഘദൎശി (*Bl.*); 7. ജ്ഞാനി; 8. പ്രമാണം, വിധി. =rac'ū-lar (-lĕr), =rac'ū-lŏus, *a.* അരുളപ്പാടായ; ഉറഞ്ഞ് പറയുന്ന, വെളിച്ചപ്പെടുന്ന; ദീൎഘദൎശനം പറയുന്ന, പ്രവാചകമായ; അരുളപ്പാട് പോലെയുള്ള. =rac'ū-lar-ly, =rac'ū-lŏus-ly, *ad.* വെളിച്ചപ്പാടായി; ഖണ്ഡിതമായി. =rac'ū-lar-ness, =rac'ū-lŏus-ness, *n.* ഉറച്ചല്; ദിവ്യത്വം; പ്രാമാണികത്വം.

Ō'ral, *a.* വാക്കാലുള്ള, രേഖയല്ലാത്ത, വാമൊഴി ആയ; 2. സാമ്പ്രദായികം—; 3. വായിലുള്ള, വക്ത്രസംബന്ധമായ. -ly, *ad.* വാക്കാൽ.

Ō-rang', *n.*, *s. a.* Orangoutang.

Or'ange (or'enj), *n.* നാരങ്ങ, മധുരനാരങ്ങ (*b.*); 2. നാരകം (*b.*); 3. പിംഗലവൎണ്ണം. o.-coloured, o.-tawny —വൎണ്ണമുള്ള. o.-peel മധുരനാരങ്ങത്തോല്. *a.* മധുരനാരങ്ങസംബന്ധമായ; 2. പിംഗലവൎണ്ണം ഉള്ള, പൊന്നനിറം—. -āde', *n.* നാരങ്ങപ്പാനകം. =an-ġeat (-an-zhat), *n.* നാരങ്ങത്തൊലിക്കട്ടി; നാരങ്ങപ്പാനകം. =anġ-ĕr-y (-enj-ĕr-), *n.* നാരകത്തോ(പ്പ്)ട്ടം, നാരകവാടി.

Ō-rang'ou-tang (-rang'u-), *n.* മനുഷ്യക്കുരങ്ങ്, 'ഓറാങ്ങൂട്ടാങ്ങ്' എന്ന ഒര് വക കുരങ്ങ്.

O-rā'ri-an, *a.* കടല്ത്തീരം സംബന്ധിച്ച; സമുദ്രക്കരയിലുള്ള.

O-rā'tiŏn, *n.* പ്രഭാഷണം, പ്രസംഗം. *v. i.* പ്രസംഗിക്കുക. or'a-tŏr, *n.* പ്രസംഗി, പ്രഭാഷകൻ, സഭാപാണ്ഡിത്യമുള്ളവൻ, വാഗ്മി; ഹരജിക്കാരൻ, അന്യായക്കാരൻ (*l.*); സൎവ്വകലാശാലാപ്രസംഗി. public o.r —പ്രസംഗി. or-a-tō'ri-al, or-a-tor'i-cal, *a.* വാഗ്വൈഭവമുള്ള; പ്രസംഗസംബന്ധമായ; പ്രസംഗിക്കുള്ള. or-a-tō'ri-al-ly, =tor'i-cal-ly, *ad.* വാക്ചാതുൎയ്യത്തോടെ. or'a-tŏr-īse, or'a-tŏr-īze, *v. i.* പ്രസംഗിനാട്യം നടിക്കുക. or'a-tŏr-y, *n.* വാക്ചാതുൎയ്യം,

വാദശിത്വം; പ്രഭാഷണം, പ്രസംഗം, സഭാപാണ്ഡിത്യം. **or'a-tress,** *n.* പ്രഭാഷകി. **or'a-trix,** *n.* അന്യായക്കാരത്തി (*l.*).

**Or-a-tō'ri-ō,** *n.* സംഗീതനാടകം; 2. —നാടകാഭിനയം.

I. **Or'a-tŏr-y,** *n., s. u.* Oration.

II. **Or'a-tŏr-y,** *n.* പ്രാൎത്ഥനാഗാരം, പ്രാൎത്ഥനയറ. **Fathers of the o.** ഒരു വക റോമസന്ന്യാസികൾ (*R. C.*).

**Orb,** *n.* ഗോളം, വാനഗോളം, മണ്ഡലം; സൂൎയ്യൻ, ചന്ദ്രൻ, ഗ്രഹം, നക്ഷത്രം; 2. വാനവളയം; 3. വൃത്തം; 4. അയനമണ്ഡലം, ക്രാന്തി—, ഗ്രഹപന്ഥാവു; 5. ഗ്രഹപ്രദക്ഷിണകാലം; 6. കണ്ണു; 7. ചക്രം; 8. നില, സ്ഥിതി, അവസ്ഥ; 9. ഒരു രാജചിഹ്നം; 10. സേനാവൃത്തം (*mil.*). **o.-like** ഗോളാകൃതിയായ. *v. t.* ഗോളം ആക്കുക; വൃത്തം—; 2. വളയുക, ചുററുക. *v. i.* ഗോളാകൃതി ആക. **orbed** (orbd), *p. a.* —ഉള്ള, ഉരുണ്ട. **='bic, ='bi-cal, =bic'ū-lar** (-lĕr), *a.* ഗോളാകൃതി ഉള്ള; വൃത്താകാരം—; ദീൎഘവൃത്തം ആയ. **=bic'ū-lar-ly,** *ad.* ഗോളാകൃതിയായി. **=bic'ū-lar-ness,** *n.* ഗോളമയത്വം. **=bic'ū-lāte,** *n.* ദീൎഘവൃത്താകാരം, അണ്ഡാകൃതി. **=bic'-ū-lāte, =bic'ū-lā-ted,** *a.* അണ്ഡാകൃതിയായ. **=bic-ū-lā'tiŏn,** *n.* അണ്ഡാകൃതി; ഗോളാകാരം.

**Or'bit,** *n.* ക്രാന്തിവൃത്തം, —വളയം, കക്ഷമാൎഗ്ഗം, ഭ്രമണവൃത്തം, ഗ്രഹപന്ഥാവു; 2. കൺകുഴി (*an.*); 3. നേത്രചൎമ്മം (*z*). **=tal, =tar, =bit'ū-ar-y,** *a.* ക്രാന്തിചക്രസംബന്ധമായ. **=tar-y,** *a.* നേത്രപ്രദേശത്തുള്ള.

**Or'chard** (or'chĕrd), *n.* തോട്ടം; 2. ഫലവൃക്ഷത്തോട്ടം, കായ്കനിത്തോട്ടം. **-ing,** *n.* കായ്കനികൃഷി; ഫലവൃക്ഷത്തോട്ടം. **-ist,** *n.* കായ്കനികൃഷിക്കാരൻ.

**Or-che-sog'ra-phy** (-ke-sog'ra-fi), *n.* നൃത്തശാസ്ത്രം.

**Or'ches-tra, =tĕr, =tre** (or'kes-), *n.* (അരങ്ങിലെ) വാദ്യസ്ഥലം; 2. വാദ്യക്കാർ; 3. വിവിധ വാദ്യങ്ങൾ. **='tral, ='tric,** *a.* വാദ്യസംഗീതസംബന്ധം ആയ; വാദ്യസംഗീതം—. **=trā'tiŏn,** *n.* സംഗീതരചന. [ക്കം (*med.*).

**Or-chī'tis** (-kī'tis), *n.* വൃഷണവീ

**Or-chot'o-my** (-kot'o-), *n.* വൃഷണച്ഛേദനം; 2. ഉടക്കൽ.

**Or-dāin',** *v. t.* ക്രമമാക്കുക; ക്രമപ്പെടുത്തുക; നിയമിക്കുക, സ്ഥാപിക്കുക; 2. ആക്കുക; നിശ്ചയിച്ചാക്കുക, കല്പിക്കുക, അധികാരപ്പെടുത്തുക; 3. പട്ടംകൊടുക്കുക, ഹസ്താൎപ്പണം ചെയ്യുക (*Chr.*). **-a-ble,** *a.* നിശ്ചയിക്കാവുന്ന; പ്രതിഷ്ഠിക്കാവുന്ന. **-ĕr,** *n.* നിശ്ചയിക്കുന്നവൻ; പ്രതിഷ്ഠകൻ. **-ment, =di-nā'tiŏn,** *n.* നിശ്ചയിക്കൽ; നിശ്ചയം; പട്ടം, ഹസ്താൎപ്പണം, പ്രതിഷ്ഠ (*Chr.*); ക്രമം, വ്യവസ്ഥ. **='di-nand,** *n.* പട്ടം കിട്ടുന്നവൻ. **='di-nant,** *n.* പട്ടം കൊടുക്കുന്നവൻ. **='di-nāte,** *v. t,* നിയമിക്കുക; ക്രമപ്പെടുത്തുക; യോജിപ്പാക്കുക. **='di-nāte-ly,** *ad.* ക്രമാനുസാരമായി, ക്രമമായി. **='di-nā-tive,** *a.* നിയമിക്കുന്ന, കല്പനയായ. **='di-nā-tŏr,** *n.* നിയമിക്കുന്നവൻ, നടത്തിക്കുന്നവൻ, നായകൻ.

**Or'de-al,** *n.* ഈശ്വരപരീക്ഷ; 2. കഠിന—, ഭയങ്കര—; മഹാകഷ്ടം. **o. by fire** അഗ്നിപരീക്ഷ, (പതച്ച എണ്ണയിൽ) വിരലു മുക്കൽ. **o. by water** ജലപരീക്ഷ. *a.* ഈശ്വരപരീക്ഷാസംബന്ധമായ.

**Or'dĕr,** *n.* ക്രമം, പദ്ധതി; മാൎഗ്ഗം; 2. അനുക്രമം, വ്യവസ്ഥ; 3. പതിവു, നടവടി, വഴക്കം, ആചാരം, മൎയ്യാദ; 4. സമാധാനം: **to preserve o.** സമാധാനരക്ഷ ചെയ്യുക; 5. ചട്ടം, നിയമം; 6. കല്പന, നിയോഗം, ആജ്ഞ, അനുജ്ഞ; 7. തീൎപ്പു, വിധി, മറുവടി (*l.*); 8. ആവശ്യം, വിളിപ്പിക്കൽ, ചിലവു: **o.s for fruits are large** പഴങ്ങൾക്കു ആവശ്യക്കാരു വളരെ ഉണ്ടു; **I have sent an o. for rice** ഞാൻ അരി വിളിപ്പിക്കുന്നുണ്ടു; **no o.s for cloth** തുണിക്കു ചിലവില്ല; 9. വരി, നിര, അണി, അട്ടി, പങ്ക്തി; 10. വക, തരം, വിധം; 11. സ്ഥിതി, നില; പദവി; 12. ആശ്രമം (*R. C.*); 13. *pl.* സഭാസ്ഥാനം, —ശുശ്രൂഷ, ധൎമ്മോപദേശക—(*Chr.*); 14. ശില്പക്രമം, —മാൎഗ്ഗം (*arch.*); 15. ശാഖ,

വൎഗ്ഗം, വംശം (*nat.*); 16. രചന, അന്വ യം (*rhet.*); 17. പടി, പതനം (*math.*). close o. അണിയടുപ്പം (*mil.*). general o.s സൈന്നികാജ്ഞ (*mil.*). holy o.s സഭാസ്ഥാനം, —ശുശ്രൂഷ, മതോപദേശ കോദ്യോഗം; പട്ടം (*Chr.*). minor o.s സഭാസേവകോദ്യോഗം, പള്ളിപ്രവൃത്തി (*R. C.*). money o. 'മണിയോടറ്', തപ്പാൽ പണച്ചീട്ട്. natural o. വൎഗ്ഗം (*nat.*). open o. അണിയകല്ച (*mil.*). religious o.s സന്ന്യാസിവൎഗ്ഗം (*R. C.*) sailing o.s കപ്പലോട്ടക്കല്പന. sealed o.s ഗോപനീയാനുജ്ഞ. standing o.s സ്ഥിരചട്ടം. the four o.s, the o.s four ഭിക്ഷുസന്ന്യാസിവൎഗ്ഗം (*R. C.*). o. in council രാജസഭാനുജ്ഞ, കോയ്മ—. o. of battle പടനിര, പോരണി. o. of the day ദിനപ്രവൃത്തിനിൎണ്ണയം. by o. കല്പനപ്രകാരം, നിയോഗ—. in o. നട വടി—, in o. to...ആയ്യൊണ്ട്, ...ലേക്ക്, ...ആൻ, ...ആൻവേണ്ടി. in o. that ത ക്കവണ്ണം, എന്ന് വെച്ച്. to give o. കല്പി ക്കുക, വരുതികൊടുക്കുക. to take o.s സഭാബോധകോദ്യോഗമേല്ക്കുക. to take o. for ഭരമേല്ക്കുക, ഏററ് നടത്തുക; ഏ ല്പ്പാട് ചെയ്യുക. letters of o.s ഹസ്താ ൎപ്പണസാക്ഷ്യപത്രം, പട്ട— (*Chr.*). *v. t.* ക്രമപ്പെടുത്തുക, വഴിക്കാക്കുക, വ്യവസ്ഥ വരുത്തുക; 2. നടത്തുക, ഭരിക്കുക; 3. കല്പി ക്കുക, നിയോഗിക്കുക; പറയുക; 4. വിളി പ്പിക്കുക, ആവശ്യപ്പെടുക; 5. ബോധകോ ദ്യോഗത്തിലാക്കുക, ഹസ്താൎപ്പണംചെയ്യുക, അഭിഷേകം—. o. arms തോക്ക് താഴെ നിൎത്തിപ്പിടിക്കുക (*mil.*). *v. i.* കല്പന അയക്കുക, ആജ്ഞാപിക്കുക. -a-ble, *a.* വിധേയത്വമുള്ള, പറഞ്ഞാൽ കേൾക്കുന്ന. -ĕr, *n.* ക്രമപ്പെടുത്തുന്നവൻ; കല്പിക്കുന്ന വൻ. -ing, *n.* വിധാനം; ഭരണം, ന ടത്തിപ്പ്. -less, *a.* ക്രമംകെട്ട, അക്രമ മായ. -li-ness, *n.* ക്രമാനുസരണീയ ത്വം. -ly, *a.* ക്രമാനുസാരം ആയ, ശ രി—; വിധേയത്വം ഉള്ള, അനുസര ണം—, അടക്കം—; വെടിപ്പായ, കൃത്യമാ യ, ക്രമത്തിൽ ഉള്ള; പ്രവൃത്തിയിൽ—, ക്ര മപരിപാലകനായ; കല്പന നടത്തുന്ന, —കൊണ്ട് പോകുന്ന, സേവകനായ. o.y book കല്പനകൾ രേഖപ്പെടുത്തുന്ന പുസ്ത കം. o.y officer ക്രമപരിപാലകോദ്യോ ഗസ്ഥൻ (*mil.*). o.y room പട്ടാളകാൎയ്യ വിചാരണക്കച്ചേരി. o.y sergeant 'ഹ വാല്ദാർ' മൂപ്പൻ. *ad.* ക്രമപ്രകാരം, ശരി യായി. *n.* സേവകപ്പടയാളി; സേവ കൻ, 'ആടല്ലി'; തെരുവടിച്ച് വാരുന്നവൻ (*Eng.*).

**Or'di-nal,** *a.* ക്രമസൂചകം ആയ; 2. സ്ഥാനസംഖ്യ—; 3. ക്രമാനുസാരം—. *n.* ക്രമവാചകം; 2. സ്ഥാനസംഖ്യ; 3. പ്രതി ഷ്ഠാസംസ്കാരപദ്ധതിപ്പുസ്തകം (*Chr.*); 4. (*also* or'di-nale) ആരാധനാപദ്ധതി പ്പുസ്തകം (*R. C.*).

**Or'di-nance,** *n.* നിയമം, ചട്ടം, ധ ൎമ്മം; നടവടി, 'കാനൂല്'; 2. വിധി, കല്പ നാചട്ടം; 3. ആചാരം, മൎയ്യാദ; ചടങ്ങ്.

**Or'di-nand, Or'di-nant,** *n.*, *s. u.* Ordain.

**Or'di-na-ry,** *a.* ക്രമാനുസാരം ആയ, പതിവ്—, നടപ്പ്—; 2. രൂഢി—, സാധാ രണം—; 3. സാമാന്യം—, മദ്ധ്യമം—, ഇട ത്തരം—; താണ. o. seaman ഇടത്തരം 'കലാശി' (*naut.*). *n.* സ്വയാധികാരോ ദ്യോഗസ്ഥൻ; 2. വൈദിക ന്യായാധിപ ൻ; 3. അദ്ധ്യക്ഷനിയുക്തൻ; നിയുക്തബോ ധകൻ; 4. സാമാന്യത, സാധാരണത; 5. നിത്യോപയോഗസാമഗ്രി; 6. ചോററ് പു ര, 'ഒട്ടെൽ', ഭോജനവിക്രയശാല. in o. നിത്യം ഉള്ള, നിത്യപ്രവൃത്തി ചെയ്യുന്ന, പ തിവായ; പ്രവൃത്തിയിലല്ലാത്ത (പോക്കുപ്പ ല്). o. of the mass മീസയിൽ നിത്യ കൎമ്മഭാഗം (*R. C.*). =ri-ly, *ad.* ആചാര പ്രകാരം, പതിവായി; സാധാരണമായി. -ship, *n.* വൈദികന്യായാധിപസ്ഥാനം.

**Or'di-nāte, Or-di-nā'tion,** *etc.*, *s. u.* Ordain.

**Ord'nance,** *n.* വലിയതോക്ക്, വൻ—, കാളന്തോക്ക്, 'പീരങ്കി'; 2. പീരങ്കിപ്പട്ടാ ളം; 3. ആയുധക്കോപ്പ്.

**Or'dūre,** *n.* ചാണകം; കാഷ്ഠം, തീട്ടം, പുരീഷം, മലം. =rous, *a.* അഴുക്ക് ആ യ, മലിനം—, മ്ലേച്ഛതയുള്ള.

**Ōre** (ōr), *n.* അയിര്; ലോഹമണ്ണ്, ലോഹക്കല്ല്; 2. ശുദ്ധലോഹം; 3. സമ്മിശ്ര—.

**Ō're-ad**, *n.* (*pl.* o-rē'a-dēs) മലദേവത, വന— (*myth.*).

**Ō-re-og'ra-phy**, =graph'ic, *s. a.* Orography, Orographic.

**Or'gan**, *n.* കരണം, ആയുധം, സാഹിത്യം; 2. ജീവകരണം, ഇന്ദ്രിയം, അവയവം (*biol.*); 3. യന്ത്രഭാഗം; 4. മുഖാന്തരം, മുഖം, സാധനം, മാൎഗ്ഗം; 5. അഭിപ്രായവാഹം, പത്രികാ, പത്രം; 6. വൻകിന്നരപ്പെട്ടി, മഹാകിന്നരം. o.-builder കിന്നരമുണ്ടാക്കുന്നവൻ. o.-loft കിന്നരത്തിണ. o. of action കൎമ്മേന്ദ്രിയം. o. of sense, o. of the mind ജ്ഞാനേന്ദ്രിയം, അന്തരിന്ദ്രിയം. external o. ബഹിഷ്കരണം. internal o. അന്തഃകരണം. =gan'ic, =gan'i-cal, *a.* ജീവകരണസംബന്ധമായ; ഇന്ദ്രിയമുള്ള, കരണാനപിതം ആയ; ഇന്ദ്രിയോല്പന്നം—; മുഖാന്തരം—; സാവയവം—, പൂൎണ്ണാംശം—; ഐന്ദ്രികം—, ഇന്ദ്രിയമയം—; സഹജം—, സ്വഭാവേന ഉള്ള; ജീവസംബന്ധം—, ജീവോല്പന്നമായ. o.c analysis ജീവോല്പന്നതത്വപരിശോധന. o.c bodies സജീവസാധനങ്ങൾ. o.c chemistry ജീവരസായനശാസ്ത്രം. o.c disease ഐന്ദ്രികരോഗം. o.c electricity ജീവവിദ്യുദ്ധാതു. o.c law *or* laws മൂലധൎമ്മം. o.c remains ശിലാഭൂതവൃക്ഷപ്രാണിജാലം. =gan'i-cal-ly, *ad.* തത്വത്തിൽ; മൂലത്തിൽ. =gan'i-cal-ness, *n.* ജീവമയത്വം. =gan'i-cism, *n.* രോഗൈന്ദ്രികവാദം (*med.*). -if'ic, *a.* ഐന്ദ്രികജനകം ആയ; സജീവതോല്പാദകം—; ഐന്ദ്രികം—. -ism, -'i-ty, *n.* ഐന്ദ്രികനിൎമ്മാണം; സാവയവീകരണം; സാവയവപ്രാണി, സജീവവസ്തു. -ist, *n.* കിന്നരക്കാരൻ, കിന്നരം വായിക്കുന്നവൻ. -ī-sa-bil'i-ty, -ī-za-bil'i-ty, *n.* സാവയവീകരണീയത്വം; സംബന്ധനീയത്വം. -ī-sa-ble, -ī-za-ble, *a.* വ്യവസ്ഥപ്പെടുത്താകുന്ന; സജീവമായ്തീരാകുന്ന (*biol.*). -i-sā'tiŏn, -i-zā'tiŏn, *n.* വ്യവസ്ഥപ്പെടുത്തൽ, ചട്ടപ്പെടുത്തൽ, സംസ്ഥാപനം, സംഘടനം; വ്യവസ്ഥ, ക്രമം, ഏൎപ്പാട്; സംസ്ഥാപിതം; സജീവത്വം, സജീവവസ്തു; ജീവനിൎമ്മാണം (*biol.*). -īse, -īze, *v. t.* സാംഗം ആക്കുക, ഐന്ദ്രികം—, സജീവം—; സംയോജിപ്പിക്കുക, സംഘടിപ്പിക്കുക; വ്യവസ്ഥപ്പെടുത്തുക. -ī-sēr, -ī-zēr, *n.* സംസ്ഥാപകൻ, ഏൎപ്പെടുത്തുന്നവൻ.

**Or'gan-o-**, *pf.* ഇന്ദ്രിയസംബന്ധമായ, അവയവ—. -ġen, *n.* ജീവോല്പന്നാരിഭൂതം (*ch.*). -gen'e-sis, =og'-e-ny, *n.* അവയവോല്പാദനം (*biol.*). -ġen'ic, *a.* അവയവോല്പാദനസംബന്ധമായ. -graph'ic, -graph'i-cal (-graf-), *a.* ഐന്ദ്രികശാസ്ത്ര—. =og'ra-phist (-fist), *n.* —ശാസ്ത്രജ്ഞൻ. =og'ra-phy (-fi), *n.* —ശാസ്ത്രം. -lep'tic, *a.* ഗോചരമായ. -log'i-cal, *a.* ഐന്ദ്രികവിദ്യാസംബന്ധമായ. =ol'o-ġy, *n.* —വിദ്യ. =non'y-my, *n.* അവയവനാമധേയം. -plas'tic, *a.* അവയവോല്പാദകഗുണമുള്ള. =nos'co-py, *n.* അവയവലക്ഷണശാസ്ത്രം. -troph'ic (-trof'ik), *a.* ജീവാവയവനിൎമ്മാണസംബന്ധമായ.

**Or'ga-non**, =num, *n.* തത്വജ്ഞാനപരിശോധനാപദ്ധതി.

**Or'gasm**, *n.* ആതുരത്വം, ക്ഷോഭം; കാമാതുരത്വം.

**Or'ġies** (-jiz), **Or'ġy**, *n. pl.* യവനറോമശാക്തേയം; 2. ലഹരിക്കൂത്ത്.

**Orgue** (org), *n.* ദ്വാരരക്ഷ (*mil.*); 2. വെടിക്കോപ്പുനിരക്കി (*mil.*).

**Or'i-chalch** (-kalk), =chal'cum, *n.* ഒരു വക നല്ല പിത്തള; —ഓട്. =chal'-ce-ŏus, *a.* പിത്തളസംബന്ധിച്ച, —പോലെയുള്ള.

**Ō'ri-el**, **Ō'ri-ol**, *n.* ഒരു വക ഇടനാഴി; 2. പുറയില്ലിജാലകം.

**Ō'ri-ent**, *a.* ഉദിച്ചുവരുന്ന, ഉദയ; 2. കിഴക്കെ, പൂൎവ്വദിക്കിലുള്ള, —ദിക്ക് സംബന്ധിച്ച; 3. തിളങ്ങുന്ന, പ്രഭയുള്ള; 4. ഉത്തമ, വിശിഷ്ടമായ; 5. ശുദ്ധ. *n.* കിഴക്ക്, പൂൎവ്വദിക്ക്; 2. കിഴക്കൻരാജ്യങ്ങൾ, ആസ്യഭ

ഖണ്ഡത്തിലെ—; 3. പ്രഭയുള്ള മുത്ത്. *v. t.* ദിക്കസ്ഥിതി കാണുക. 2. തിരുത്തുക, ശരിയാക്കുക; ക്രമപ്പെടുത്തുക; 3. കിഴക്കോട്ട് തിരിക്കുക. =en'tal, *a.* പൂൎവ്വദിക്ക് സംബന്ധിച്ച; കിഴക്കൻ, പൂൎവ്വ. *n.* പൂൎവ്വരാജ്യനിവാസി, ആസ്യവാസി. *pl.* ഗ്രേക്ക സഭാക്രിസ്ത്യാനികൾ. =en'tal-ism, *n.* പൂൎവ്വരാജ്യസമ്പ്രദായം; —ഉപദേശം; —ആചാരം; പൂൎവ്വദിശഭാഷാപരിജ്ഞാനം. =en'tal-ist, *n.* പ്രാചീനരാജ്യവാസി; പൂൎവ്വദിശഭാഷജ്ഞൻ. =tal'i-ty, *n.* പൂൎവ്വത്വം, പ്രാചീനത്വം. =en'tal-īse, =en'tal-īze, *v. t.* പൂൎവ്വസമ്പ്രദായം ആക്കുക, കിഴക്കൻമട്ട്—; പൂൎവ്വാചാരം അവലംബിക്കുക. =tāte, *v. t.* കിഴക്കോട്ട് തിരിക്കുക; ക്രമപ്പെടുത്തുക, യഥാസ്ഥിതിയിൽ വെക്കുക; *v. i.* കിഴക്കോട്ട് തിരിയുക. =tā'tiŏn, *n.* —തിരിയൽ; ദിക്കസ്ഥിതി നിൎണ്ണയം; ധ്രുവക്ഷസമാന്തരത്വം; പൂൎവ്വദശ്നീയത്വം; ക്രമീകരണം.

Or'i-fice, *n.* വായി, മുഖം, ദ്വാരം.

Or'i-flamb, =flamme (-flam), *n.* പൂൎവ്വപരന്ത്രീസ് കൊടി; 2. യുദ്ധക്കൊടി.

Or'i-ġen-iṣm, *n.* സമസ്തരക്ഷാവാദം. =ist, *n.* —വാദി.

Or'i-ġin, *n.* ആദി. ആരംഭം, തുടക്കം (സ്സം), ഉല്പത്തി, ജനനം; 2. മൂലം, കാരണം, ഹേതു; ഉറവിടം; 3. ബന്ധം (*an.*). =rig'i-na-ble, *a.* തുടങ്ങാവുന്ന. =rig'i-nal, =nant, *a.* ആദ്യമായ, ആദ്യത്തെ, ഒന്നാമത്തെ, മുമ്പുള്ള, ആരംഭ, പ്രാരംഭ, പ്രഥമ; പുതിയ, ശുദ്ധ; ആദ്യലിഖിതം ആയ; നൂതനരചിതം—; സ്വയംകൃതം—; അപൂൎവ്വം—; മൂലഭാഷ—; സങ്കല്പനാവൈഭവമുള്ള. o.l cause ആദ്യകാരണം. o.l language മൂലഭാഷ, മൂലം. o.l man അപൂൎവ്വമനുഷ്യൻ; വരപുരുഷൻ. o.l sin ജന്മപാപം, സജാത—. *n.* ആരംഭം, ഉല്പത്തി; ഹേതു, കാരണം, മൂലം; മാതൃക; ആദ്യത്തേത്, പ്രഥമം; സങ്കല്പകൻ, സ്വയംകൃതക്കാരൻ; അപൂൎവ്വസ്വഭാവക്കാരൻ; കാട്ടുവക, —ജാതി (*b.* & *z.*). =rig'i-nal-ist, *n.* സങ്കല്പകൻ. =rig-i-nal'i-ty, =rig'i-nal-ness, *n.* പുതുക്കം, നൂതനത്വം; അപൂൎവ്വത്വം; സങ്കല്പനാവൈഭവം. =rig'i-nal-ly, *ad.* ആദ്യകാലം, ആദിയിൽ, ആരംഭത്തിൽ; സ്വതവേ; ആദ്യം, ഒന്നാമത്. =rig'i-nar-y, *a.* ഉല്പാദകം ആയ; പ്രഥമം—. =rig'i-nāte, *v. t.* ഉണ്ടാക്കുക, ഉളവാക്കുക; ജനിപ്പിക്കുക, ഉല്പാദിപ്പിക്കുക; പുതുക്കുക. *v. i.* തുടങ്ങുക, ആരംഭിക്കുക; ജനിക്കുക, ഉണ്ടാക. =rig-i-nā'tiŏn, *n.* ഉല്പാദനം; ജനനം; ഉല്പത്തി; ഉത്ഭവം; ഉല്പാദനം. =rig'i-na-tive, *a.* ഉല്പാദകമായ, ഉളവാക്കുന്ന. =rig'i-na-tive-ly, *ad.* ഉല്പാദകമായി. =rig'i-nā-tŏr, *n.* ജനകൻ, കാരണഭൂതൻ.

Ō'ri-ōle, *n.* ഒര് പക്ഷി (*z.*).

Ō-rī'on, *n.* മൃഗശിരം, —ശീൎഷം, മകയിരം, മകയിഴ്യം (*as.*). [(*p.*).

Or'i-ṣon, *n.* പ്രാൎത്ഥന, വിജ്ഞാപന

Or'lop, *n.* കപ്പലിന്റെ അടിത്തട്ട്, യുദ്ധക്കപ്പലിന്റെ—.

Or-mo-lu', *n.* മേത്തരം പിത്തള; 2. ഒര് വക തമ്പാക്ക്.

Or'na-ment, *n.* അലങ്കാരം, ശൃംഗാരം; ഭൂഷണം; 2. ആഭരണം, പണ്ടം, നക. *v. t.* അലങ്കരിക്കുക, ശൃംഗാരിക്കുക. =men'tal, *a.* ശൃംഗാരം ആയ, ഭൂഷണം—. =men'tal-ly, *ad.* അലങ്കാരമായി. =tā'tiŏn, *n.* അലങ്കരിക്കൽ; ഭൂഷണം. =men-tŏr, *n.* ശൃംഗാരകൻ.

Or-nāte', *a.* അലങ്കൃതമായ, ഭംഗിയുള്ള; 2. മോടി ആയ, രസികം—. *v. t.* അലങ്കരിക്കുക; 2. ബഹുമാനിക്കുക. -ly, *ad.* ചന്തമായി. -ness, *n.* അഴക്. ='na-tūre, *n.* അലങ്കാരം, ശൃംഗാരം.

Or-ni-thol'o-ġy, *n.* പക്ഷിശാസ്ത്രം. =loġ'ic, =loġ'i-cal, *a.* —ശാസ്ത്രസംബന്ധമായ. =o-ġist, —ശാസ്ത്രജ്ഞൻ. =nith'ic, *a.* പക്ഷികൾക്കുള്ള; പക്ഷിസംബന്ധമായ. =nith'ō-man-cy, *n.* —ലക്ഷണശാസ്ത്രം. ='ni-thon, *n.* പക്ഷിക്കൂട്; =ni-tho-sau'ri-a (-sa'ri-), *n. pl.* പ്രാചീന പക്ഷിസൎപ്പവൎഗ്ഗം.

Ō-rog'ra-phy (-fi), *n.* പൎവ്വതശാസ്ത്രം. =graph'ic, =graph'i-cal (-graf-), *a.* —ശാസ്ത്രസംബന്ധമായ. =rol'o-ġy, *n.* പൎവ്വതവൎണ്ണനം, —വിദ്യ. =ro-loġ'i-cal,

*a.* —വിദ്യാസംബന്ധമായ. =rol′o-ġist, *n.* —ശാസ്ത്രജ്ഞൻ.

**Or′phan** (or′fan), *n.* അനാഥക്കുട്ടി, അമ്മയച്ഛന്മാരില്ലാത്ത—, അച്ഛനില്ലാത്ത—, അമ്മയില്ലാത്ത—. *a.* അമ്മയച്ഛന്മാരില്ലാത്ത, അനാഥമായ. *v. t.* അനാഥക്കുട്ടിയാക്കുക. -āġe, *n.* അനാഥത്വം; അനാഥവൎഗ്ഗം; —ശാല. -cy, *n.* അനാഥത്വം. -et, *n.* അനാഥശിശു. -hood, -ism, *n.* —സ്ഥിതി. -ot′roph-ism (-rof-izm), *n.* —പരിപാലനം. -ot′ro-phy (-fi), *n.* —വൈദ്യശാല; —രക്ഷ.

**Or-phē′an, Or′phic** (-fē′an, -fik), *a.* സംഗീതവാസനയുള്ള; 2. കവിതാ—.

**Or′phrey** (-fri), *n.* പൊൻകസവ്, —നാട.

**Or′pi-ment,** *n.* അരിതാരം, പൊന്നരിതാരം, ഹരിതാലകം, താലം.

**Or′re-ry,** *n.* സൌൎയ്യവ്യവസ്ഥാദൎശകയന്ത്രം. [കസവ്.

**Or′ris,** *n.* പൊൻകസവ്; 2. വെള്ളി

**Ort,** *n.* (*pl.*) ഉച്ഛിഷ്ടം, എച്ചില്.

**Or′tho-,** *pf.* ശുദ്ധ, ശരി ആയ, കൃത്യം—, സാക്ഷാൽ.

**Or′tho-dox,** =dox-al, =dox′i-eal, *a.* ഉപദേശശുദ്ധി ഉള്ള, —കൃത്യത—; —ഭ്രഷ്ട്യമില്ലാത്ത; 2. മതാനുസാരം ആയ; ക്രിസ്ത്യാനിവേദാനുസാരം—; 3. വഴക്കപ്രകാരമുള്ള. -al′i-ty, -ness, -y, *n.* വിശ്വാസശുദ്ധി; ഉപദേശകൃത്യത; വേദാനുസരണത്വം. -al-ly, -ly, *ad.* വിശ്വാസശുദ്ധിയോടെ.

**Or′thō-e-py,** *n.* ശുദ്ധോച്ചാരണവിദ്യ, കൃത്യോച്ചാരണ—; 2. ഉച്ചാരണരീതി. =ep′ic, =ep′i-eal, *a.* ശുദ്ധോച്ചാരണം സംബന്ധിച്ച. =ep′i-eal-ly, *ad.* കൃത്യോച്ചാരണമായി. =e-pist, *n.* ശുദ്ധോച്ചാരണക്കാരൻ.

**Or′thō-gon,** *n.* ചതുരം, സമകോണക്ഷേത്രം (*geom.*). =thog′o-nal, *a.* —ക്ഷേത്രസംബന്ധമായ; സമകോണമുള്ള. =thog′o-nal-ly, *ad.* ലംബമായി.

**Or-thog′ra-phy** (-fi), *n.* അക്ഷരശുദ്ധി, —കൃത്യത, സുബദ്ധലേഖനം, അക്ഷരപ്പിഴയില്ലായ്മ; 2. അക്ഷരകാണ്ഡം, വൎണ്ണശാസ്ത്രം (*gr.*). =ra-phĕr (-fĕr), =ra-phist (-fist), *n.* —ശാസ്ത്രജ്ഞൻ. =graph′-ic, =graph′i-eal (-graf-), *a.* സുബദ്ധലേഖനസംബന്ധമായ; വൎണ്ണശാസ്ത്ര—; നേൎരേഖാ—; നേൎകോണ— (*geom.*). =graph′i-eal-ly, *ad.* അക്ഷരശാസ്ത്രപ്രകാരം. =phīse, =phīze, (-fīz), *v. t.* അക്ഷരകൃത്യതയോടെ എഴുതുക; അക്ഷരപ്പിഴ തിരുത്തുക.

**Or-thol′o-ġy,** *n.* സൂക്ഷ്മവിവരണം, —വൎണ്ണനം. [—ശാസ്ത്രം.

**Or-thom′e-try,** *n.* കവിതാരചന;

**Or-tho-mor′phic** (-fik), *a.* രൂപകൃത്യതയുള്ള (*geom.*).

**Or-thop′e-dy,** *n.* ഊനചികിത്സ, വൈരൂപ്യചികിത്സ (*med.*). =ped′ic, =ped′i-eal, *a.* വൈരൂപ്യചികിത്സാസംബന്ധമായ. =dist, *n.* ഊനചികിത്സക്കാരൻ.

**Or-thoph′o-ny** (-thof′o-), *n.* കൃത്യോച്ചാരണം; 2. സ്വരവിദ്യ.

**Or′tive,** *a.* ഉദയസംബന്ധമായ; —കാലത്തുള്ള; 2. പൂൎവ്വഭാഗത്തുള്ള.

1. **Os,** *n.* (*pl.* os′sa) അസ്ഥി, എല്ല്. os′se-in, os′te-in, *n.* അസ്ഥിസത്വം (*phys.*). os′se-let, os′si-ele, *n.* ചെറുവെല്ല്. os′se-ŏus, os′te-al, അസ്ഥിമയമായ; എല്ല്പോലെയുള്ള; അസ്ഥിജനകമായ; കട്ടപ്പുമുള്ള. -sic′ū-lā-ted, *a.* ചെറുവെല്ലുള്ള. -sic′ū-lum, *n.* (*pl.* -sic′ū-la) ചെറുവെല്ല്. -sif′ĕr-ŏus, *a.* എല്ല് ഉള്ള; —കിട്ടുന്ന. -sif′ic, *a.* എല്ലായ്ത്തീരുന്ന; അസ്ഥികരമായ. -si-fi-eā′-tiŏn, *n.* എല്ലായ്ത്തീരൽ; കല്ലിക്കൽ; അസ്ഥിമയത്വം. -′si-fīed (-fīd), *a.* എല്ലായ്ത്തീന്ന, അസ്ഥീകൃതമായ. -sif′ra-gŏus, *a.* അസ്ഥിഭേദകമായ. -′si-fȳ, *v. t.* എല്ലാക്കുക; കല്ലിപ്പിക്കുക. *v. i.* എല്ലായ്ത്തീരുക; കല്ലിക്കുക. -′si-fȳ-ing, *a.* എല്ലായ്ത്തീരുന്ന. -siv′or-ŏus, *a.* അസ്ഥിഭക്ഷകമായ.

-sū-ā'ri-um, *n.* —ശാല. -tē-ī'tis, -tī'tis, *n.*—വീക്കം (*med.*). [തില്.

II. Os, *n.* (*pl.* ō'ra) വായി, ദ്വാരം, വാ

Os'cil-lāte (-sil-āt), *v. i.* ആട്ടുക, ചാഞ്ചാട്ടുക; 2. ഞേലുക; 3. ഇളകുക, മാറുക; 4. പൊന്തുകയും താഴുകയും ചെയ്യുക. =lan-cy, *n.* ആട്ടം. =lā-ting, =lā-tŏr-y, *a.* ചാഞ്ചാട്ടം ഉള്ള, ഇളക്കം—. =lā'tiŏn, *n.* ചാഞ്ചാട്ടം, അന്ദോളനം; മാററം, ഭേദം. =la-tive, *a.* ആട്ടമുള്ള.

Os'ci-tant, *a.* കോട്ട് വായിടുന്ന; വായിപിളക്കുന്ന; 2. നിദ്രാമയക്കം ഉള്ള; മടി—; ജാഗ്രതയില്ലാത്ത. =tan-cy, *n.* കോട്ട് വായിടൽ; മയക്കം, ഉറക്കം, മന്ദത. -ly, *ad.* ഉറക്കം തൂങ്ങിക്കൊണ്ട്. =tāte, *v. i.* വായിപിളക്കുക; കോട്ട് വായിടുക. =tā'tiŏn, *n.* കോട്ട് വായിടൽ.

Os'cū-lāte, *v. t.* ചുംബിക്കുക; 2. തമ്മിൽ തൊടുക (*geom.*). *v. i.* മുത്തംകൊടുക്കുക; 2. തൊട്ടിരിക്കുക (*geom.*); 3. ഉഭയതത്വമുണ്ടാക (*biol.*). =lant, *a.* ചുംബിക്കുന്ന; തൊടുന്ന; ഒട്ടിക്കൊള്ളുന്ന (*z.*); ഉഭയതത്വമുള്ള (*biol.*). =lā'tiŏn, *n.* ചുംബിക്കൽ; ചുംബനം; സ്പൎശനം (*geom.*). =lā-tŏr-y, *a.* ചുംബിക്കുന്ന; തൊട്ടിരിക്കുന്ന (*geom.*).

Ō'siĕr (ō'zh'ĕr), *n.* ഒര് വക അലരിവൃക്ഷം, പുഴക്കണ്ടല് (*b.*). o.-bed, o.-holt കണ്ടല്ക്കാട്. *a.* കണ്ടൽചില്ലികൊണ്ടുണ്ടാക്കിയ. ō'siĕred (-zh'ĕrd), *a.* അലരിയുള്ള. -y, *n.* കണ്ടല്ക്കാട്.

Ōs'man-li, *n.* തുൎക്കി.

Os'mōse, =mō'sis, *n.* ദ്രാവകവ്യാപനം; —സമ്മിശ്രണം. =mot'ic, *a.* വ്യാപകഗുണമുള്ള. [(*N.*, *z.*).

Os'prāy, Os'prey, *n.* പരന്ത്, കൃവ

Os'se-in, Os'se-ŏus, Os'si-cle, Os-sif'ic, Os'si-fȳ, Os'te-al, Os-tē-ī'-tis, *etc.*, *s. u.* Os I.

Os-ten'si-ble, *a.* കാണിക്കാകുന്ന; 2. കാണത്തക്ക, ദൃശ്യം ആയ, പ്രത്യക്ഷം—; 3. സ്പഷ്ടം—; 4. കാണ്മാൻവേണ്ടി ഉള്ള, പുറമെ—. =bil'i-ty, *n.* വ്യക്തി, പ്രത്യക്ഷത്വം. =bly, *ad.* കാഴ്ചക്ക്, പേരിന്ന്, പുറമെ. =ten'siŏn, *n.* തിരുവത്താഴവിഭവപ്രദൎശനം (*Chr.*). =ten'sive, *a.* പ്രത്യക്ഷമായ. =ten'sive-ly, *ad.* കാണത്തക്കവണ്ണം. =tent', *n.* കാഴ്ച, വേഷം, ഭാവം; അടയാളം, കുറി, ലക്ഷണം. ='ten-tāte, *v. t.* നാട്യം കാണിക്കുക, ഭാവം കാട്ടുക, ഡംഭ്—. =ten-tā'tiŏn, *n.* ആടോപം, പൊങ്ങച്ചം, 'വടായി', ഡംഭ്. =ten-tā'tiŏus, *a.* നാട്യം ഉള്ള, ഗൎവ്വം—, പൊങ്ങച്ചം—. =ten-tā'tiŏus-ly, *ad.* 'വടായി'യോടെ. =ten-tā'tiŏus-ness, *n.* ഢിക്ക്, നിഗളം. ='ten-tā-tŏr, *n.* പൊങ്ങച്ചക്കാരൻ, ഡംഭി, ഗൎവ്വി.

Os'te-o-, *pf.* അസ്ഥിസംബന്ധമായ. -cōpe, *n.* —വേദന. =og'e-ny, *n.* —ജനനം, —വളൎച്ച. =og'ra-phy (-fi), *n.*—ശാസ്ത്രം. =ol'o-gy, *n.*—വൎണ്ണനവിദ്യ.

Os'ti-a-ry, *n.* അഴിമുഖം, അഴി, ആററ്മുഖം.

Os'ti-um, *n.* (*pl.* os'ti-a) വായി, ദ്വാരം, കവാടം (*an.*).

Ost'lĕr (os'lĕr), *n.* വഴിയമ്പലക്കാരൻ. -ess, *n.* വഴിയമ്പലക്കാരത്തി.

Os'tra-cism, *n.* ദേശഭ്രഷ്ട്. രാജ്യ—; 2. നാട്കടത്തൽ; 3. ഭ്രഷ്ട്. social o. ജാതിഭ്രഷ്ട്, പന്തിവിരോധം. =cīse, =cīze, *v. t.* ഭ്രഷ്ടാക്കുക, പുറത്ത് വെക്കുക, അകററി—, ഭ്രഷ്ട് കല്പിക്കുക; പന്തിവിരോധം ചെയ്യുക.

Os'trē-a, *n.* മുരുവൎഗ്ഗം (*z.*).

Os'trich, *n.* ഒട്ടകപ്പക്ഷി, തീവിഴുങ്ങിപ്പക്ഷി (*z.*).

Ot-a-cou'stic, *a.* ശ്രവണസഹായമായ. *n.* —നാളം (*an.*). =cous'ti-con, *n.* —യന്ത്രം.

Ō-tal'gi-a, =tal'gy, *n.* ചെവിവേദന, ചെവിക്കു(ത്തല്)ത്ത് (*med.*). =tal'-gic, *a.* ചെവിക്കുത്ത് സംബന്ധമായ (*med.*); *n.* ചെവിക്കുത്തിന്നുള്ള മരുന്ന് (*med.*).

Ŏth'ĕr, *pron.* & *a.* മററ്; 2. അത്, മറെറത്, മററവൻ, വേറെ, ഇതര, അന്യ; 3. ശേഷം ഉള്ള, ബാക്കി—, പിന്നെ—;

4. രണ്ടാമത്തെ; 5. എതിർ, അങ്ങെ, മറു: the o. side of the river അക്കര, മറുകര; 6. (every) ഒന്നിടവിട്ട്: every o. day ഒന്നരാടം; 7. *pl.* മറവുള്ളവര്. o.-gates, o.-guess, o.-guise മററ് പ്രകാരം, വേറെവിധം. o.-ways, o.-wise മറെറാരു പ്രകാരം, വേറെവിധം; അന്യഥാ, മറിച്ച്; മററ് സംഗതികളിൽ; അല്ലാഞ്ഞാൽ, അല്ലായിരുന്നുവെങ്കിൽ; അല്ലെന്ന് വെച്ചാൽ, അല്ലെങ്കിൽ. o.-where മററ് വല്ലേടവും. o.-while, o.-whiles മറെറാരിക്കൽ; ഓരോരിക്കൽ, ചിലപ്പോൾ. -ness, *n.* ഇതരത്വം. each o. തമ്മിൽതമ്മിൽ, തമ്മാമ്മിൽ, അന്യോന്യം, പരസ്പരം. the o. day മിനിഞ്ഞാന്ന്; ഇന്നാള്, ഈയിടെ; അന്ന്, അന്നേത്തദിവസം. the o. world പരലോകം. the one or the o. രണ്ടാലൊന്ന്. at one time or o. വല്ലപ്പോഴും, എപ്പോഴെങ്കിലും ഒരിക്കൽ. some body or o. വല്ലവനും, ആരെങ്കിലും. o. than അല്ലാതെ, ഒഴികെ. on the o. hand എന്ന് തന്നെയല്ല; നേരെ മറിച്ച്.

Ō'tic, *a.* ശ്രവണസംബന്ധമായ; കേൾവിക്കുള്ള; 2. ചെവിക്കടുത്ത.

Ō'ti-ōse (ō'shi-ōs), *a.* ഒഴിവായ, പ്രവൃത്തിയില്ലാത്ത, മിനക്കേടായ; 2. മടിയുള്ള. =os'i-ty, *n.* ഇട, സന്ദർഭം, ഒഴിവ്; മടിവ്; സുഖം.

Ō-tī'tis, *n.* ചെവിവീക്കം, —പഴപ്പ് [(*med.*).

Ot'o-, *pf.* ശ്രവണസംബന്ധമായ; ചെവിക്കുള്ള. =tog'ra-phy (-fi), *n.* കർണ്ണശാസ്ത്രം. =tol'o-ġy, *n.* —വൈദ്യം. =tol'-o-ġist, *n.* —വൈദ്യൻ. =top'a-thy, *n.* —രോഗം. ot-ōr-rhœ'a (ot-tō-rē'a), *n.* ചെവിചോരല് (*med.*). ='ō-sco-py, *n.* കർണ്ണപരിശോധന.

Ot'tĕr, *n.* നീർനായി, കഴ(ഴി)നായി, കടൽനായി; 2. നീർപ്പൂച്ച, ജലമാർജ്ജാരം, ഉരം (*z.*). [ലം.

Ot'tō, *n.* 'അത്തറ്', പനിനീർതൈ

Ot'tō-man, *n.* തുർക്കൻ, തുർക്കി; 2. മഞ്ചം, രത്നമഞ്ചം, ഇരിക്കക്കട്ടില്.

Ouch, *n.* രത്നച്ചെപ്പ്; 2. മെയ്യാഭരണം, നക.

Ought (at), *n.* (*s. a.* Aught) വല്ലതും, യാതൊന്നും. for o. we know നമ്മുടെ അറിവിൽ പെട്ടേടത്തോളം, കാഴ്ചക്ക്. *a. v.* കടപ്പെട്ടിരിക്കുക; 2. ഉടമയായിരിക്കുക; 3. ബാദ്ധ്യനായിരിക്കുക; 4. വേണ്ടിയിരിക്കുക, ആവശ്യമായിരിക്കുക; വേണം, വേണ്ടതാകുന്നു. -'ness, *n.* ഔചിത്യം, യോഗ്യത.

I. Ounce, *n.* (ചരക്ക്, പൊന്ന് വെള്ളി, ഔഷധം) $2\frac{1}{2}$ ഉറുപ്പികത്തൂക്കം, രണ്ടര 'തോല'; 2. (ോവകൌഷധം) ഉരിയുടെ ($\frac{1}{20}$) ഇരുപതാലൊന്ന്, $2\frac{1}{2}$ കഴഞ്ചു.

II. Ounce, Once, *n.* ഒര് വക പുള്ളിപ്പുലി, —കൈതപ്പുലി (*z.*).

Our, *poss. pron.* നമ്മുടെ; ഞങ്ങളുടെ, ഇങ്ങേ. ours, *poss. pron.* ഞങ്ങളുടെത്; നമ്മുടെത്. -self', *refl. pron. s.* നോം, ഇങ്ങുന്ന്; -selves', *pl.* ഞങ്ങൾ (നാം) തന്നെ; ഞങ്ങളെ (നമ്മെ) തന്നെ.

Oust, *v. t.* നീക്കിക്കളയുക, ഇല്ലാതാക്കുക; 2. കിഴിക്കുക, പുറത്താക്കുക, ഒഴിപ്പിക്കുക, കടിയിറക്കുക. -'ĕr, *n.* ഒഴിപ്പിക്കൽ, കൈവശം ഇല്ലാതാക്കൽ.

Out, *ad.* പുറമെ, പുറത്ത്, വെളിയിൽ; അകലെ, ദൂരെ; വിട്ട്; തെററി: my shoulder-blade is o. എന്റെ കൈപ്പലക (കെണിപ്പിൽനിന്ന്) തെററിപ്പോയി; he has been o. nine years അവൻ 9 കൊല്ലമായി പുറരാജ്യത്താകുന്നു; 2. വെളിവിൽ, നന്നായി, തുറന്ന്, പ്രസിദ്ധമായി, വെളിച്ചത്ത്; ഉറക്കെ: the sun shines o. സൂര്യൻ നന്നായി പ്രകാശിക്കുന്നു; speak o. ഉച്ചത്തിൽ പറക; he laughed o. അവൻ പൊട്ടിച്ചിരിച്ചു; the secret is o. സ്വകാര്യം വെളിച്ചത്തായി, കള്ളി പുറത്തായിപ്പോയി; the disease broke o. on his face രോഗം അവന്റെ മുഖത്ത് പുറപ്പെട്ടു, —പൊന്തി; the book is o. ആ പുസ്തകം പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു; leaves are o. ഇല വന്നിരിക്കുന്നു; she has not been o. (in society) very long അവൾ ജനപരിച

യം തുടങ്ങീട്ട് അധികമായിരുന്നില്ല; he is o. at the elbows അവൻെറ കുപ്പായ ക്കൈമുട്ട് കീറിയിരിക്കുന്നു, മുട്ട് പുറത്താ യിരിക്കുന്നു; അവന്ന് ദാരിദ്ര്യം പററിയി രിക്കുന്നു; 3. ഇല്ലാതെ, തീൎന്ന്, അവ സാനത്തോളം, തീരെ, മുഴുവനും: the fire is o. തീ കെട്ട് പോയി; the time is o. നേരം കഴിഞ്ഞ് പോയി; hear me o. എനിക്ക് പറവാനുള്ളത് മുഴുവനും കേ ൾപ്പിൻ; they shall not live o. half their days അവര് ആയുസ്സ്കാലത്തിൽ പകുതിയോളവും ജീവിക്കയില്ല; when the milk is o. we will drink water പാല് തീൎന്നാൽ നമുക്ക് വെള്ളം കുടിക്കാം; 4. കഴിഞ്ഞ്, വിട്ട്: the ministry went o. മന്ത്രിസഭ ഉദ്യോഗം കഴിഞ്ഞു; he is o. of employ അവൻെറ പണിപോയി; he put his money o. at interest അ വൻ പണം പലിശക്ക് കൊടുത്തു; my horse is hired o. എൻെറ കുതിരയെ കൂ ലിക്ക് കൊടുത്തിരിക്കുന്നു; 5. പിണക്കമാ യി; തെററായി, അബദ്ധത്തിൽ. Raman and I are o. രാമനും ഞാനും തമ്മിൽ തെ ററിയിരിക്കുന്നു; he is very seldom o. in his guesses അവൻെറ ഊഹം വള രെ അബദ്ധമാകാറില്ല; 6. (കളിയിൽ) പോയ്പ്പോക: he is o. അവൻെറ കളി പോയി; time is o. 'ജ്രൂട്ടി'. day in, day o. പലനാളായിട്ട് ദിവസം മുഴുവനും, നാൾതോറും, ദിവസേനാൽ, അനുദിനം. week in, week o. പല ആഴ്ചവട്ടം മുഴ വനും. o. and o. തികഞ്ഞ, സാക്ഷാൽ. o. at, o. in, o. on, o. into ...ൽ, ...ലേ ക്ക്. o. of...ൽ നിന്ന്. o. of breath കിതെച്ച്കൊണ്ട്. o. of cess, o. of measure അളവില്ലാതെ, വളരെ. o. of character അയോഗ്യം ആയ, നിൎമ്മൎയ്യാ ദം—, പററാത്ത. o. of conceit with ഇ ഷ്ടമില്ലാതെ, രസമില്ലാതെ. o. of counte- nance മുഖംവാടിയ, വിമ്മിഷ്ടമുള്ള. o. of date കാലത്തിന്ന് പററാത്ത, കാലം പിഴെച്ച; പഴമപ്പെട്ട. o. of door, o. of doors പുറത്ത്, വെളിയിൽ; തള്ളിയ, പു റത്താക്കിയ. o. of favour രസക്കേട് ആ യ, മുഷിച്ചല്—, വിരോധമുള്ള. o. of frame ക്രമക്കേട് ആയ; അക്രമം—. o. of hand തല്ക്ഷണം, ഉടനെ. o. of harm's way അപകടമില്ലാതെ, ഭദ്രമായി. o. of hearing വിളിച്ചാൽ കേൾക്കാത്ത, പറ ഞ്ഞാൽ—. o. of humour ശീലക്കേട് ഉ ള്ള; കോപം—. o. of joint താറ് മാറായി, ക്രമക്കേടായി; തരം കെട്ട. o. of mind മറന്ന, ഓൎമ്മവിട്ട; പണ്ടെയുള്ള, പുരാതന മായ. o. of one's head തൻേറടമില്ലാത്ത, ചിത്തഭ്രമമുള്ള. o. of one's time പ്രാ യം തികഞ്ഞ; അഭ്യാസം കഴിഞ്ഞ. o. of order കേട് വന്ന; താറുമാറായ. o. of place പററാത്ത, അനുചിതമായ. he is o. of place അവൻെറ പണിപോയി. o. of pocket പണം തീൎന്ന് പോയ, കയ്യിൽ കാശില്ലാത്ത. o. of print (പുസ്തകം) വി ററ് തീൎന്ന് പോയ, കൊള്ളുവാൻ കിട്ടാ ത്ത. o. of the question ആലോചി പ്പാൻ തരം ഇല്ലാത്ത; പറയേണ്ടതില്ല; നി വൃത്തിയില്ല. o. of reach എത്താത്ത; അ സാദ്ധ്യമായ. o. of season അകാലമായ, തരം കെട്ട. o. of sight കാഴ്ചയെത്താത്ത. o. of sorts വിമ്മിഷ്ടമുള്ള; സുഖം ഇല്ലാ ത്ത, ഉന്മേഷം—. o. of temper ശുണ്ഠി യായ, കോപമുള്ള. o. of time സമയം തെററീട്ട്; നന്ന നേരത്തെ; വൈകീട്ട്. o. of tune താളം തെററിയ; വെറുപ്പ് പിടിച്ച. o. of twist, winding *or* wind ഉലയാത്ത, മിനുസമുള്ള. o. of use ഉപയോഗം ഇല്ലാത്ത; നടപ്പില്ലാത്ത, ശുദ്ധിയല്ലാത്ത. o. of the way വഴിവി ട്ട്, വളഞ്ഞ്; കാണ്മാൻ വിഷമം ഉള്ള; മു ക്കിൽ—; കൊള്ളരുതാത്ത, തെററായ. o. of one's wits പരിഭ്രമം വരത്തക്കവണ്ണം. o. of the woods സംശയം തീൎന്ന, വിഷ മം—; അപകടമൊഴിഞ്ഞ. o. to o. (അ ളവ്) ആകപ്പാടെ, ഒട്ടുക്ക്. to come o., to cut o., to fall o., *s. u.* Come, Cut *and* Fall *respectively*. to find o. ക ണ്ടെത്തുക. to let o. ഊക്ക് കൂട്ടുക; വേഗ തപ്പെടുത്തുക; വെളിച്ചത്താക്കുക; കൂലിക്ക് കൊടുക്കുക. to put o. കെടുത്തുക; ആ ന്നെടുക്കുക. to put o. of the way കൊ ല്ലുക, നശിപ്പിക്കുക. *n.* (*pl.*) പുറത്തായ വൻ, ഉദ്യോഗം ഒഴിഞ്ഞവൻ; 2. മുക്ക്,

മൂല; 3. തുറസ്സ്; തളം; 4. ഒഴിവ്, വീഴ്ച (*print.*). ins and o.s ഉള്ള്, കള്ളി, സാക്ഷാൽ സ്ഥിതി. to make an o. അച്ചടിക്കുന്നതിൽ വിട്ട്കളയുക (*print.*). *v. t.* പുറത്താക്കുക, ഓടിക്കുക, തുരത്തുക. *v. i.* പുറത്ത് വരിക, —പോക; 2. പോയ്ക്കളയുക, തെററിക്കളയുക; 3. പ്രസിദ്ധമാക, വെളിച്ചത്താക. *int.* പോ, പോയ്ക്കോ, ദൂരെപോ. o. upon *or* on ഛോ, ഛീ. -'ĕr, *a.* പുറത്ത് ഉള്ള, പുറമെ—, ബഹിർഭാഗത്ത്—, പുറം. *n.* (വെടിക്കുറിപ്പലകയിൽ) പുറഞ്ചുററ്; പുറഞ്ചുററിൽ കൊണ്ട വെടി; പുറത്താക്കുന്നവൻ, ഒഴിപ്പിക്കുന്നവൻ. -'ĕr-ly, *ad.* പുറംകൊള്ളെ. -'ĕr-mōst, *a.* ഏററവും പുറത്ത് ഉള്ള; —അകലെ—. -'ing, *n.* പുറത്ത്പോകൽ, കാററ് കൊള്ളൽ, ഉലാവൽ, 'ലാത്തൽ'; തൊഴിലഭ്യാസാവസാനസല്ക്കാരം. -'mōst, *a.* അകലെഉള്ള, ദൂരത്ത്—; ഏററവും പുറത്ത്—. -'ness, *n.* ബാഹ്യത്വം; വിഷയിമയത്വം (*met.*). -'ward, -'wards (-wĕrdz), *ad.* പുറത്തേക്ക്; പുറഭാഗംകൊള്ളെ; അകലെ, ദൂരെ; അന്യദിക്കിലേക്ക്. o.d-bound പുറരാജ്യത്തേക്ക് പോകുന്ന (കപ്പല്). -'ward, *a.* പുറത്തുള്ള, ബാഹ്യം ആയ, പ്രത്യക്ഷം—, സ്ഥൂലം—; പുറത്തേക്കുള്ള. *n.* ആകൃതി, രൂപം. -'ward-ly, *ad.* പുറമെ, കാഴ്ചക്ക്, വേഷത്തിൽ. -'ward-ness, *n.* ബാഹ്യത്വം.

Out-är'güe, *v. t.* വാദിച്ച് തോല്പിക്കുക, —ജയിക്കുക.

Out-bal'ance, *v. t.* തൂക്കത്തിൽ മുന്തുക.

Out-bid', *v. t.* (ലേലത്തിൽ) കയററിവിളിക്കുക. -bid'dĕr, *n.* കയററി വിളിക്കുന്നവൻ.

Out'bound, *a.* പുറരാജ്യത്തേക്ക് പോകുന്ന. -bounds, *n. pl.* അതൃത്തി, പ്രാന്ത്യം.

Out-bōw', *v. t.* വണക്കത്തിൽ മുന്തുക. -bōwed' (-bōd'), *a.* വളവുള്ള, പുറത്തോട്ട് വളഞ്ഞ.

Out-brag', *v. t.* പ്രശംസയിൽ മുന്തുക; 2. താല്പ്പറയുക.

Out-brāve', *v. t.* അതിധൈര്യം കാട്ടുക; ധാർഷ്ട്യം—; 2. അതിശ്രേഷ്ഠമായിരിക്കുക.

Out-brā'zen, *v. t.* അതിധിക്കാരം കാട്ടുക.

Out'breāk (-'brāk), *n.* പൊന്തൽ; പൊട്ടൽ; 2. തുടക്കം, ആരംഭം; 3. ലഹള, മത്സരം. -ing, *n.* പൊട്ടൽ.

Out-breāthe' (-brēth'), *v.t.* ശ്വാസം വിടുക, നിശ്വസിക്കുക; 2. ശ്വാസം മുട്ടിക്കുക, കിതെപ്പിക്കുക, ക്ഷീണിപ്പിക്കുക. *v. i.* പുറത്താക; 2. ശ്വാസം കഴിക്കുക; —വിടുക.

Out-brībe', *v. t.* അധികംകൈക്കൂലികൊടുക്കുക.

Out-build'ing (-bild'-), *n.* ഉപഗൃഹം, കൂട്ട്പുര, കയ്യാല, തെക്കിനി.

Out-burn', *v. t.* & *i.* അതിയായി കത്തുക; 2. കത്തിയഴിയുക, വെന്ത് പോക.

Out'burst, *n.* ആരംഭം; പൊട്ടൽ.

Out'cast, *a.* ഉപേക്ഷിച്ച, ത്യജിച്ച; ഭ്രഷ്ടാക്കിയ. *n.* ഭ്രഷ്ടൻ, ഭ്രഷ്ടുള്ളവൻ; 2. നീചൻ; തെണ്ടി.

Out'cŏme, *n.* ഫലം, ഉല്പന്നം.

Out-com'pass, *v.t.* അതിര് കടക്കുക.

Out'cōurt (-kōrt), *n.* പുറമിററം.

Out'crop, *v. i.* പൊന്തിവരിക.

Out'crȳ, *n.* നിലവിളി, അയ്യം—, ആർപ്പ്; ഊയ്യാരം; 2. ലേലവിക്രയം.

Out-dāre', *v. t.* അതിധൈര്യം കാട്ടുക; ധീരതയാൽ ജയിക്കുക.

Out-dö', *v. t. ir.* (=did', =dŏne') കവിഞ്ഞ് പ്രവൃത്തിക്കുക, കടന്ന്—, 2. മുന്തുക, കവിഞ്ഞ് നില്ക്കുക.

Out'dōor (-dōr), *a.* വീട്ടിൻെറ പുറത്ത് വെച്ച് ചെയ്യുന്ന; പുറമെ ഉള്ള, വെളിയിൽ—, പുറത്തെ. -dōors, *ad.* പുറമെ, വീട്ടിൻെറ പുറത്ത്, വെളിയിൽ.

Out-dra̤w' (-dra̤'), *v. t. ir.* (=drew', =dra̤wn') വലിച്ചെടുക്കുക, പൊരിക്കുക, പറിക്കുക.

Out-dreām' (-drēm'), *v. t.* സ്വപ്നത്തിൽ ഒഴിഞ്ഞ് പോക, —തെററി രക്ഷപ്പെടുക.

**Out-drink′**, *v. t. ir.* (=drank, =drunk) അതിയായി കുടിക്കുക.

**Out-dwell′**, *v.t.* വൈകുക, താമസിക്കുക. =lĕr, *n.* അംശത്തിൽ പാൎപ്പില്ലാതെ വസ്തുവുള്ളവൻ. [Out.

**Out′ĕr, Out′ĕr-mōst**, *etc.*, *s. u.*

**Out-fāce′**, *v.t.* വെറുമുഖംകാട്ടുക, ധിക്കാരം—.

**Out′fall**, *n.* അഴി, അഴിമുഖം, ആററ്—; 2. ഓവ് വായി; 3. ഇടച്ചല്, ശണ്ഠ, കലശല്.

**Out′fiēld**, *n.* വളംകുറഞ്ഞ നിലം; 2. തരിശ്; 3. കളിസ്ഥലത്തിന്റെ അററം.

**Out′fit**, *n.* ചമയം; 2. ഒരുക്കം; 3. യാത്രക്കോപ്പ്; 4. ചമയക്കോപ്പ്; 5. ചമയപ്പണം. -tĕr, *n.* ചമയം ഒരുക്കുന്നവൻ; യാത്രസംഭാരക്കാരൻ.

**Out-flank′**, *v.t.* ശത്രുസൈന്യത്തെ കവിഞ്ഞ് നില്ക്കുക, —വളയുക.

**Out′fling**, *n.* പരിഹാസം, നിന്ദ.

**Out′flōw** (-flō), *n.* ഒഴുക്കം, പ്രവാഹം. *v.i.* ഒഴുകുക, പ്രവഹിക്കുക.

**Out-flȳ′**, *v.t. ir.* (=flew′, =flōwn′) പറന്ന് ജയിക്കുക. [ക്കുക.

**Out-frown′**, *v.t.* കണ്ണുരുട്ടിപ്പേടിപ്പി

**Out-gāze′**, *v.t.* അതിസൂക്ഷ്മത്തോടെ നോക്കുക; തുറിച്ച്—, തക്കിച്ച്—.

**Out-ġen′ĕr-al**, *v.t.* നായകസാമൎത്ഥ്യം കാട്ടുക.

**Out-give′**, *v.t. ir.* (=gāve′, =giv′-en) അതിയായി കൊടുക്കുക.

**Out-gō′**, *v.t. ir.* (=went′, =gone′) കടക്കുക, കവിയുക. *n.* ചിലവ്, പോക്ക്. -ĕr, *n.* വിട്ടു പോകുന്നവൻ. =′gō-ing, *n.* പുറപ്പാട്, ഗമനം; ചിലവ്. *a.* പോകുന്ന, വിട്ട, പുറപ്പെട്ട.

**Out′ground**, *n.* പറമ്പ്, തൊടിക.

**Out-grōw′** (-grō′), *v.t. ir.* (=grew′, =grōwn′) വളൎന്ന്പോക, കണക്കിലേറ വളരുക. =′grōwth (-′grōth), *n.* മുള, മുഴ; ശാഖ; ഫലം. [ദൂരരക്ഷ.

**Out′guärd** (-gärd), *n.* ദൂരക്കാവല്;

**Out′gush**, *n.* ഒലിപ്പ്, ഒഴുക്കം, പ്രവാഹം. *v.i.* ഒഴുകുക, ഒലിച്ച് വരിക.

**Out-Her′od**, *v.t.* മഹാനിഷ്ഠുരം പ്രവൃത്തിക്കുക; ദുഷ്ടതയിൽ മുമ്പനായിരിക്കുക.

**Out′house**, *n.* ഉപഗൃഹം, കൂട്ട്പുര, അട്ടക്കള; ഉരൽപുര കൂടെ ആല ലായം മുതലായവ.

**Out-land′ish**, *a.* പരദേശത്തെ, അന്യദേശ്യ; 2. നടപ്പല്ലാത്ത, അപൂൎവ്വമായ; 3. നാഗരികമില്ലാത്ത, മ്ലേച്ഛം ആയ; പച്ഛപ്രച്ഛം—. -ly, *ad.* അസാധാരണമായി. -ness, *n.* അപൂൎവ്വത്വം.

**Out-last′**, *v.t.* അധികംകാലം നില്ക്കുക, ഈട്—; ശേഷിക്കുക.

**Out′law** (-la̤), *n.* രാജരക്ഷാഭ്രഷ്ടൻ, നിയമരക്ഷാ—. *v.t.* നിയമരക്ഷയിൽ നിന്ന് തള്ളുക, രാജരക്ഷാഭ്രഷ്ടനാക്കുക; 2. അസാധുവാക്കുക. -ry, *n.* രാജരക്ഷാഭ്രഷ്ടാക്കൽ; —ഭ്രഷ്ട്.

**Out′lāy** (-lā), *n.* മുതല് മുടക്കൽ; ചിലവിടൽ, ചിലവറുക്കൽ; 2. ചിലവ്, അഴിച്ചല്; മുതല്.

**Out′let**, *n.* പുറത്തേക്കുള്ളമാൎഗ്ഗം, വാതില്, വഴി, വായ്, ദ്വാരം; 2. ഓവ്.

**Out′līne**, *n.* അതിര് രേഖ: അരു; 2. ഛായ, രൂപം, ആകൃതി; 3. (*pl.*) ചുരുക്കം, സംക്ഷേപം, സാരം. *v.t.* സൂചിപ്പിക്കുക, ചുരുക്കിപ്പറയുക. =lin′e-ar, *a.* ആകൃതിസംബന്ധമായ.

**Out-live′**, *v.t.* ...കാൾ അധികം കാലം ജീവിക്കുക, ശേഷിച്ചിരിക്കുക.

**Out′lo̤ok**, *n.* നോട്ടം, കാവല്; 2. കാവല്ക്കാരൻ; 3. കാവല്പുര, ഗോപുരം; 4. കാഴ്ച: ആകൃതി, വേഷം; സ്ഥിതി.

**Out′lȳ-ing**, *a.* അകലെയുള്ള, ദൂരപ്പെട്ട; 2. അതൃത്തിയിൽ ഉള്ള; 3. പുറമെ—, അന്യമായ.

**Out-ma-neṳ′vĕr**, =nœṳ′vre (-nṳ′-vĕr), *v.t.* സൈന്യനായകത്വത്തിൽ മുന്നുക.

**Out-märch′**, *v.t.* നടത്തത്തിൽ മുന്നുക; ...കാൾ വേഗം നടക്കുക; വഴിയിലാക്കുക; മുമ്പിൽപോക.

**Out-num'bĕr,** *v. t.* എണ്ണത്തിൽ ഏറുക, അധികരിച്ചിരിക്കുക.

**Out'pā-tient** (-pā-shent), *n.* (ഔഷധശാലയിൽ കിടക്കാതെ) മരുന്നു് വാങ്ങി പോകുന്ന രോഗി; പുറംരോഗി, വീട്ടു്—.

**Out'pōst,** *n.* സൈന്യകാവൽസ്ഥാനം; 2. പുറംകാവൽസൈന്യം.

**Out-pōur'** (-pōr'), *n.* ഒഴുക്കം, പ്രവാഹം; പകച്ച്, ചൊരിയൽ, മാരി. *v. t.* ഒഴിക്കുക, പകരുക, ചൊരിയുക, വർഷിക്കുക.

**Out'put,** *n.* പിരിവു്, ഉല്പന്നം, വരുമാനം; 2. (സ്വേദമൂത്രാദി) ദേഹവിസർജ്ജിതങ്ങൾ.

**Out'rāge,** *n.* സാഹസം, ബലാല്ക്കാരം, അഴിമതി, കൊട്ടുരം, ക്രൂരത, നിഷ്ഠുരം; 2. മര്യാദലംഘനം, അപരാധം; 3. മഹാഅന്യായം; അതിക്രമം, കയ്യേററം. *v. t.* സാഹസംപ്രവൃത്തിക്കുക, ബലാല്ക്കാരം ചെയ്യുക, അഴിമതി കാട്ടുക, കയ്യേറുക; 2. (സ്ത്രീയെ) മര്യാദലംഘനം ചെയ്യുക, അപരാധിക്കുക. *v. i.* സാഹസകർമ്മം ചെയ്യുക, നിഷ്ഠുരം പ്രവൃത്തിക്കുക. =**rā'-ḡeŏus** (-jus), *a.* സാഹസം ആയ, അന്യായം—, മര്യാദലംഘനം—; കഠിനം—, (അ) ഘോരം—, നിഷ്ഠുരം—; മഹാ, അതി. =**rā'-ḡeŏus-ly,** *ad.* ഉഗ്രമായി; മര്യാദകേടായി. =**rā'ḡeŏus-ness,** *n.* ഉഗ്രത; ലംഘനം, ഘോരത.

*Ou-trance'* (u-trons), *n.* പരമാവധി, ഒടുവു്, അന്ത്യം. *combat à o.* മരണപര്യന്തമുള്ള യുദ്ധം, മരണപ്പോരു്.

**Out-rank',** *v. t* സ്ഥാനത്തിൽ മുന്തുക, മുന്തിനില്ക്കുക.

*Ou'tre* (u'trā), *a.* അസാധാരണം ആയ, അതിവർണ്ണന—, അതി—, അധികരിച്ച.

**Out-rēach'** (-rēch'), *v. t.* കടക്കുക, കവിയുക, പിന്നിലാക്കുക.

**Out-rēa'son** (-rē'zn), *v. t.* ന്യായത്തിൽ മുന്തുക; അധികം നല്ല ന്യായം പറയുക.

**Out-rīde',** *v. t.* കുതിരയോട്ടത്തിൽ മുന്തുക, അതിവേഗം കുതിരയോടിക്കുക.

**out'rīde,** *n.* 'സവാരി'. **out'rī-dĕr,** *n.* വണ്ടിപരിവാരകസവാരിക്കാരൻ.

**Out'rig-gĕr,** *n.* തെണ്ടിക, തുക്കത്തെണ്ടിക.

**Out-rīght'** (-rīt'), *ad.* ഉടനെ, തല്ക്ഷണം, ആക്ഷണം; 2. തീരെ, കേവലം, മുഴുവനും. [ഠ.

**Out'room,** *n.* പുറവകം, പുറത്തെയ

**Out-root',** *v. t.* നിർമ്മൂലം ആക്കുക, ഉന്മൂലം—, വേരോടെപറിക്കുക.

**Out-run',** *v. t.* കടന്നോട്ടുക, ഓട്ടത്തിൽ പിമ്പിലാക്കുക. =**run'nĕr,** *n.* ശാഖ, കൊമ്പു്, ചില്ലി. [ക.

**Out-sāil',** *v. t.* കപ്പലോട്ടത്തിൽ മുന്തു

**Out-sēe',** *v. t. ir.* (-saw', -sēen') അപ്പുറം കാണുക, ദീർഘദൃഷ്ടിയുണ്ടാക.

**Out-sell',** *v. t. ir.* (=sōld', =sōld') വിക്രയത്തിൽ മുന്തുക; 2. വില അധികമാക; 3. അധികവിലക്കു് വില്ക്കുക.

**Out'sen-try,** *n.* പുറംകാവലു് (*mil.*).

**Out'set,** *n.* ആദി, ആരംഭം, തുടക്കം, തുടസ്സം (*S.*), പ്രാരംഭം.

**Out-shīne',** *v. t. ir.* (=shōne', =shōne') ശോഭയിൽ കവിയുക. *v. i.* തിളങ്ങുക.

**Out'sīde,** *n.* പുറഭാഗം, മുകൾ—, കാഴ്ച—, ബഹിർ—; പുറംപൊളി; 2. പുറം; 3. അധികം, കവിച്ചലു്: it may last a week at the o. ഏറിയാൽ ഒരാഴ്ച നില്ക്കുമായിരിക്കും; 4. വണ്ടിയുടെ പുറത്തു് ഇരിക്കുന്ന യാത്രക്കാരൻ; 5. *pl.* പുറംകടലാസ്, ഇഴഞ്ഞിയ—. *a.* പുറമെ ഉള്ള, മുകൾഭാഗത്തു്—; 2. അധികരിച്ച. *ad. or prep.* പുറത്തു്, പുറമെ. =**sī'dĕr,** *n.* പുറമെയുള്ളവൻ, അന്യൻ; (പന്തയത്തിൽ) ജയിക്കുമെന്നു് വിചാരിക്കാത്ത കുതിര.

**Out-sit',** *v. t. ir.* (=sat', =sat') അധികനേരം ഇരിക്കുക, താമസിക്കുക.

**Out'skīrt,** *n. pl.* പ്രാന്ത്യം, അതൃത്തി, അററം. [ത്തോലു്.

**Out'sōle,** *n.* ചെരിപ്പിന്റെ അടി

**Out-span',** *v. t. & i.* വണ്ടിഅഴിക്കുക, നുകം—.

**Out-spēak′** (-spēk′), *v.t.ir.* (=spōke′, =spōk′en) സംസാരത്തിൽ മുന്നുക; 2. തുറന്ന് പറയുക, ധൈര്യത്തോടെ—; 3. കവിഞ്ഞ് സംസാരിക്കുക. =spōk′en, *a.* തുറന്ന് പറയുന്ന; ധൈര്യമുള്ള; പരസ്യമായ. =spōk′en-ness, *n.* വെളിവ്, ധൈര്യം, യഥാർത്ഥം.

**Out-spin′**, *v.t.ir.* (=span *or* =spun, =spun) നൂല്ക്കുക, ചുററിത്തീർക്കുക; 2. അവസാനിപ്പിക്കുക.

**Out-spōk′en**, *s. u.* **Outspeak.**

**Out-stand′**, *v.i.* ഉന്തിനില്ക്കുക; 2. പുറത്താശ്രയിക്കുക. *v. t.* എതിർക്കുക; 2. കാത്ത്നില്ക്കുക, താമസിക്കുക. -ing, *a.* പുറമെ ഉള്ള; ബാക്കി—, പിരിഞ്ഞ് കിട്ടാത്ത; വീട്ടാത്ത. *n. pl.* കററികടം, കിട്ടാനുള്ളത്.

**Out-stā′tiŏn**, *n.* ഉപസ്ഥാനം, ചെറു—, അല്പ—.

**Out-stāy′**, *v. t.* താമസിക്കുക, വൈകുക.

**Out-step′**, *v. t.* അധികമാക, കവിയുക, അധികരിക്കുക.

**Out′strēet**, *n.* അരുത്തെരുവ്.

**Out-strip′**, *v. t.* മുന്തിയോട്ടുക, മുമ്പിൽപോക; പിമ്പിലാക്കുക.

**Out-ta̤lk′** (-ta̤k′), *v. t.* പറഞ്ഞ് മിണ്ടാതാക്കുക; 2. സംസാരത്തിൽ മുന്നുക.

**Out-val′ūe**, *v. t.* വിലയിൽ കവിയുക, —മുന്നുക.

**Out-vīe′** (-vī′), *v. t.* സൌന്ദര്യത്തിരക്കുണ്ടാക; 2. മുന്നുക, കവിയുക.

**Out-vōte′**, *v. t.* അധികം ചീട്ടുണ്ടാക; ചീട്ടിൻെറ ആധിക്യംകൊണ്ട് തോല്പിക്കുക.

**Out-wa̤lk′** (-wa̤k′), *v. t.* നടത്തത്തിൽ മുന്നുക, —തോല്പിക്കുക.

**Out′wa̤ll**, *n.* പുറമതില്, പുറംചുമര്, കിടങ്ങ്.

**Out-weār′** (-wār′), *v. t. ir.* (=wōre′, =wōrn′) ഉടുത്ത് കീറുക, ഉപയോഗിച്ച് പഴതാക്കുക, —നശിപ്പിക്കുക; 2. ഈട് നില്ക്കുക.

**Out-weigh′** (-wā′), *v. t.* തൂക്കത്തിൽ മുന്നുക, ഘനംകൂട്ടുക; 2. വില—; 3. മുഖ്യമായിരിക്കുക.

**Out-well′**, *v. i.* ഉറന്ന് വരിക, പുറപ്പെട്ടുക.

**Out-wit′**, *v. t.* അധികയുക്തി കാട്ടുക, കൌശലത്താൽ തോല്പിക്കുക, ഉപായത്താൽ—, തന്ത്രത്താൽ—.

**Out′wŏrk**, *n.* പുറക്കൊത്തളം, പുറക്കോട്ട.

**Ō′va**, *n. pl. of* **Ovum. Ō′val, Ō′va-ry, Ō′vāte,** *etc., s. u.* **Ovum.**

**Ō-vā′tiŏn**, *n.* ജയോത്സവം; ബഹുജനാഭിവന്ദനം, ബഹുമാനം.

**Ŏv′en** (uv′n), *n.* അപ്പംചുടുന്ന അടുപ്പ്; അടുപ്പ്; അപ്പക്കൂട്; 2. ചൂള.

**Ō′vẽr**, *prep.* മേലെ, മേൽ, മീത്തൽ, മീതെ, മുകളിൽ: clouds are o. our heads മേഘം നമ്മുടെ തലക്ക് മീതെ ആകുന്നു; 2. അപ്പുറം, മറുപുറം, അക്കരെ, കടന്ന്: the dog leaped o. a stream നായി തോട് കടന്ന് ചാടി; 3. അങ്ങുമിങ്ങും, എല്ലാടത്തും, എല്ലാടവും, മുഴുവനും; ...ൽ ഒക്കയും: we walked o. the field ഞങ്ങൾ വയലൊക്കയും നടന്ന് കണ്ടു; he wandered o. the earth അവൻ ഭൂമിയിൽ അങ്ങുമിങ്ങും അലഞ്ഞ് നടന്നു; 4. ...കാൾ അധികം, ...ൽ-: I have certain advantages o. you എനിക്ക് നിണക്കുള്ളതിലും അധികം അനുകൂലം ഉണ്ട്; it cost o. five rupees അതിന് 5കയിൽ അധികം (അഞ്ചിൽ ചിലപാനം ഉറുപ്പിക) വിലയുണ്ട്. 5. ...ന്ന്, മേൽ: he is ruler o. many countries അവൻ അനേക ദേശങ്ങൾക്ക് അധികാരിയാകുന്നു; 6. കാലം മുഴുവനും: he kept it o. night അവൻ അത് പിറേറന്നേക്ക് (രാത്രിമുഴവനും) സൂക്ഷിച്ച് വെച്ചു; 7. കൂടാതെ, പുറമെ: o. all this ഇതിന്നൊക്കയും പുറമെ; 8. എന്നിട്ടും: he triumphed o. difficulties വിഷമം ഉണ്ടായിട്ടും അവൻ ജയിച്ചു. o. head and ears മുഴുവനും, ആകപ്പാടെ, മുങ്ങിയ, ആണ്ട: he is o. head and ears in debt അവൻ കടത്തിൽ മുങ്ങിയിരിക്കുന്നു. o. his signature അവൻെറ ഒപ്പോട് കൂടെ, അവൻ ഒപ്പിട്ടതായി. o.

the left മററില്ലെങ്കിൽ: he said it and it is true o. the left അവനാണ് അത് പറഞ്ഞത് അത് നേരാണ് — മററില്ലെങ്കിൽ. *ad.* അകലത്തിൽ, വണ്ണത്തിൽ, വിലങ്ങനെ: a board a foot o. ഒരടി അകലമുള്ള പലക 2. (verbs of motion); ...ന്ന്, ...ൽ; അകം, മറുഭാഗം, പക്ഷം; വശം; കടൽകടന്ന്: to sail o. to England ഇംഗ്ലാന്തിലേക്ക് കപ്പൽ കയറിപ്പോക; I handed o. the money to him ഞാൻ പണം അവൻെറ കൈക്കൽ കൊടുത്തു; he went o. to the enemy അവൻ ശത്രു പക്ഷം തിരിഞ്ഞു; the boat is o. തോണി അക്കര എത്തി; 3. മുഴുവനും, ഒക്കയും: we looked o. the accounts ഞങ്ങൾ കണക്കൊക്കയും നോക്കി; her dress is covered o. with jewels അവളുടെ ഉടുപ്പ് ആഭരണംകൊണ്ട് മൂടിയിരിക്കുന്നു; 4. വഴിയുന്ന, കവിഞ്ഞ: good measure pressed down and running o. അമന്ന് വഴിഞ്ഞ അളവ്; 5. അധികമായി, ധാരാളമായി; വീണ്ടും, തിരികെ, പിന്നെയും, ഇനിയും: we had to do the whole work o. ഞങ്ങൾ ആ പണി മുഴുവനും പിന്നെയും ചെയ്യേണ്ടിവന്നു; 6. കീഴ്മേലായി, മാറി, മറിച്ച്: to roll a stone o. കല്ല് മറിച്ചിടുക; he turned o. a new leaf അവൻ ആള് കേവലം മാറി; 7. സമ്പൂർത്തിയായി, സമാപ്തിയായി: their distress was o. അവരുടെ ഞെരുക്കം തീന്നു; the feast was o. സദ്യകഴിഞ്ഞു; the play is o. കളി അവസാനിച്ചു. all o. എങ്ങും, എല്ലാടവും; മുഴുവനും, ആകപ്പാടെ, ആസകലം; അവസാനിച്ചു, കഴിഞ്ഞു. it is all o. with him അവൻെറ കഥ (ഇനി നോക്കാനില്ല) കഴിഞ്ഞു. o. again വീണ്ടും, തിരികെ, പിന്നെയും, ഒരിക്കലുംകൂടെ. o. against എതിരെ, നേരെമുമ്പിൽ. o. and above അധികം, 'ജാസ്തി', പുറമെ. o. and o. പിന്നെയും പിന്നെയും, വീണ്ടും വീണ്ടും. to boil o. പതച്ച് മറിയുക. to give o. മതിയാക്കുക; വിട്ട്കളയുക, ഉപേക്ഷിക്കുക. to throw o. കൈവെടിയുക; ചതിക്കുക. to come it o. തോല്പിക്കുക, പററിക്കുക. to do o., *s. v.* Do. *a.* മീതെ ഉള്ള, പുറമെ—; 2. ഉയന്ന, ശ്രേഷ്ഠം ആയ; 3. അതി, അധി. *n.* പന്തടിക്കളിയൂഴം, -est, *a. s.d.* ഏററവും മീതെ ഉള്ള, എല്ലാററിലും മേലെ—; ഏററവും പുറത്ത്—.

**Ō-vĕr-a-bound′**, *v. i.* സമൃദ്ധിയായിരിക്കുക, പുഷ്കലമായുണ്ടാക.

**Ō-vĕr-act′**, *v. t.* കണക്കിലേറ നടിക്കുക, കോപ്പരാട്ടികാട്ടുക. *v. i.* കവിഞ്ഞ് പ്രവൃത്തിക്കുക, കൈകടന്ന്—. =**ac′tiŏn**, *n.* അതിനാട്യം; അധികപ്രസംഗം, കോപ്പരാട്ടി. [ജാറ്'.

**Ō′vĕr-alls**, *n. pl.* മേല്ക്കാല്യറ, മേൽ'ഇ

**Ō-vĕr-anx′ious** (-an′shus), *a.* അത്യാധിയുള്ള. =**anx-ī′e-ty** (-an-zī′e-), *n.* മഹാവേവലാധി, അത്യാധി. **-ly**, *ad.* വേവലാധിയോടെ.

**Ō-vĕr-ärch′**, *v.t.&i.* മെലെ 'കമാൻ' വെക്കുക; —വില്ലിച്ച് തുങ്ങുക, വളഞ്ഞ്—.

**Ō′vĕr-ärm**, *a.* കൈഉയത്തിയുള്ള.

**Ō-vĕr-awe′** (-a′), *v. t.* ഭയപ്പെടുത്തുക, വിറപ്പിക്കുക.

**Ō-vĕr-bal′ance**, *v. t.* അധികം തൂങ്ങുക, —ഘനമുണ്ടാക; 2. ആക്കം വിട്ട് പോക, നില തെററുക. *n.* മുഞ്ചുക്കം; പ്രാബല്യം; ആധിക്യം, 'ജാസ്തി'.

**Ō-vĕr-bar′ren**, *a.* കേവലം നിഷ്ഫലമായ; വെറും തരിശായ.

**Ō-vĕr-beār′** (-bār′), *v. t. ir.* (=bōre′, =bōrne′) അമുക്കുക, കീഴമത്തുക, താഴ്ത്തുക, ജയിക്കുക; 2. വശമാക്കുക, സ്വാധീനപ്പെടുത്തുക. *v. i.* കണക്കിലേറ കായ്ക്കുക; —പെറുക. **-ing**, *a.* ഒതുക്കുന്ന, കീഴമത്തുന്ന; അതിധാഷ്ട്യം ഉള്ള, അധികപ്രസംഗം—, ഗവ്വം—, കത്തവ്യാതുരം—, അധികാരപ്രൌഢി—, നിഷ്ഠുരമായ. **-ing-ly**, *ad.* അതിധിക്കാരത്തോടെ. **-ing-ness**, *n.* ധിക്കൃതി, ധിക്കാരം.

**Ō-vĕr-blōw′** (-blō′), *v. t. ir.* (=blew′, -blōwn′) കാററടിച്ച് കൊണ്ട് പോക, കാററത്ത് പാററുക.

**Ō′vĕr-bōard** (-bōrd), *ad.* കപ്പലിൽനിന്ന് പുറത്ത്, കടലിൽ, വെള്ളത്തിൽ.

to throw o. കടലിൽ ഇട്ടുക; വെടിയുക, ഉപേക്ഷിക്കുക.

**Ō-vĕr-boil′**, *v. i.* കണക്കിലേറ വേവുക, വെന്ത് ചീയുക. [തുരങ്കപ്പാലം.

**Ō′vĕr-bridge** (-brij), *n.* മുകൾപ്പാലം,

**Ō-vĕr-build′**(-bild′), *v.t.ir.*(=built′, =built′) മീതെ പണിയുക, മേലെ കെട്ടുക; 2. കണക്കിലേറ പുരയെടുക്കുക. =built′ (-bilt′), *a.* എട്ടപ്പുകൾ തിങ്ങിയ.

**Ō-vĕr-bur′den** (-bẽr′dn), *v.t.* അതിയായി ഭാരപ്പെടുത്തുക; ചിന്താകുലം വർധിപ്പിക്കുക. *n.* മേല്പാറ, പൊരിപ്പ് (*N.*).

**Ō-vĕr-burn′**, *v.t. & i.* അതിയായി കത്തുക; 2. അത്യാസക്തി കാട്ടുക.

**Ō-vĕr-bus′y** (-biz′i), *a.* കണ്ടതിലൊക്ക ഇടപെടുന്ന, വേണ്ടാത്തതിൽ കയ്യിടുന്ന.

**Ō-vĕr-buȳ′** (-bī′), *v.t.ir.* (=bought′, =bought′, *pr.* -bat′) കണക്കിലേറാ വാങ്ങുക; 2. അധികവിലക്ക്—.

**Ō-vĕr-can′ō-py**, *v. t.* മേലാപ്പിടുക, വിതാനിക്കുക.

**Ō′vĕr-cāre**, *n.* ചിന്താകുലം, ചിന്താഭാരം. -′ful, *a.* അതിസൂക്ഷ്മമുള്ള.

**Ō-vĕr-cast′**, *v.t.ir.* (=cast′,=cast′) മൂടുക, മറക്കുക; ഇരുളാക്കുക; 2. അധികരിച്ച് കണക്കിടുക; 3. (തുണിയുടെ നൂല് ഊരാതിരിപ്പാൻ) അരുത്തുന്നിടുക.

**Ō-vĕr-cau′tious** (-ka′shus), *a.* അതിചരതമുള്ള, ഏറെവിളഞ്ഞ. -ly, *ad.* അതിസൂക്ഷ്മത്തോടെ. -ness, *n.* അതിസമ്പ്രേക്ഷ.

**Ō-vĕr-chärge′**, *v. t.* അതിഭാരം കയററുക; ഭാരപ്പെടുത്തുക, ഞെരുക്കുക; 2. തിങ്ങിക്കുക; 3. വിലകയററുക, അധികവിലയിടുക; 4. വളത്തിപ്പറയുക. *v. i.* അധികവിലവാങ്ങുക. *n.* അതിഭാരം; 2. അധികവില, അധികച്ചിലവ്.

**Ō-vĕr-cloud′**, *v. t.* കാറ് മൂടുക, മൂടലാക്കുക, മറക്കുക.

**Ō-vĕr-cloy′**, *v. t.* മട്ടപ്പ് വരുത്തുക.

**Ō′vĕr-cōat** (-kōt), *n.* മേല്ക്കുപ്പായം, മേലങ്കി.

**Ō-vĕr-col′or**, =col′our, *v. t.* നിറം ക്രൂട്ടുക, അതിവർണ്ണനം ചെയ്യുക.

**Ō-vĕr-cōme′**, *v. t. ir.* (=cāme′, =cōme′) ജയിക്കുക, തോല്പിക്കുക, കീഴടക്കുക, കൈവശപ്പെടുത്തുക. *v. i.* ജയം കൊള്ളുക, —പ്രാപിക്കുക. *a.* പാരവശ്യം ഉള്ള, പരവശ(ൻ) ആയ: o. with grief ദുഃഖപാരവശ്യമുള്ള. =cōm′ĕr, *n.* ജയിക്കുന്നവൻ, ജയശാലി. =cōm′ing, *a.* ജയിക്കുന്ന, പരാഭവിക്കുന്ന. =cōm′ing-ly, *ad.* ജയിച്ച് കൊണ്ട്.

**Ō-vĕr-con′fi-dent**, *a.* അതിവിശ്വാസമുള്ള. =dence, *n.* അതിവിശ്വാസം, അത്യാശ്രയം. -ly, *ad.* അതിവിശ്വാസത്തോടെ.

**Ō-vĕr-cred′ū-lous**, *a.* കേട്ടതൊക്കയും വിശ്വസിക്കുന്ന, പച്ചപ്പരമാർത്ഥിയായ.

**Ō-vĕr-dāte′**, *v. t.* മുൻതിയ്യതിവെച്ചെഴുതുക.

**Ō-vĕr-del′i-cāte**, *a.* അതിസൂക്ഷ്മമായ; 2. അത്യന്തം ക്ഷീണിച്ച.

**Ō-vĕr-de-lĭght′ed** (-lĭt′ed), *a.* അതിസന്തോഷമുള്ള, —സന്തുഷ്ടനായ.

**Ō-vĕr-dö′**, *v. t. ir.* (=did′, =dōne′) വേണ്ടുന്നതിലേറ ചെയ്യുക, അതിര് കടന്ന് പ്രവൃത്തിക്കുക, കൈകടന്ന്—; 2. കഴിവിലേറ ചെയ്യിക്കുക, ക്ഷീണിപ്പിക്കുക; 3. മികെക്കുക, അതിവിശേഷമായിരിക്കുക; 4. അധികംവേവിക്കുക, ചീക്കുക; കരിക്കുക. *v. i.* അതിയായി അദ്ധ്വാനിക്കുക, വളരെ പാട് പെടുക. =dö′ĕr, *n.* അതിയായി ചെയ്യുന്നവൻ.

**Ō′vĕr-dōse**, *n.* അതിമാത്ര. =dōse′, *v. t.* മാത്രയിലധികം കൊടുക്കുക.

**Ō-vĕr-draw′** (-dra′), *v. t. ir.* (=drew′, =drawn′, *pr.* -dran′) വളത്തിപ്പറയുക, അതിയായി വർണ്ണിക്കുക; 2. വെച്ചതിലധികം പണം വാങ്ങുക.

**Ō-vĕr-dress′**, *v. t.* അതിമോടിയായി ഉടുക്കുക.

**Ō-vĕr-drink′**, *v. t. & i. ir.* (=drank′, =drunk′) മതിമറന്ന് കുടിക്കുക, കണക്കിലേറ—.

Ō-vĕr-dūe', *a.* അവധികഴിഞ്ഞ; സമയം തെററിയ, താമസിച്ച.

Ō-vĕr-ēa'gĕr (-ē'gĕr), *a.* ആതുരമായ, ഒട്ടും ക്ഷമ ഇല്ലാത്ത. -ly, *ad.* വെഷമ്പബദ്ധപ്പാടോടെ. -ness, *n.* ക്ഷാന്തിയില്ലായ്മ.

Ō-vĕr-ēat' (-ēt'), *v. t. & i. ir.* (=āte', =ēat'en, *pr.* -ēt'n) കണക്കിലേറ തിന്നുക, അതിഭക്ഷണം കഴിക്കുക.

Ō'vĕr-est, *a.*, *s. u.* Over.

Ō-vĕr-es'ti-māte, *v. t.* കണക്കിലേറ വിലമതിക്കുക; 2. അതിയായി കണക്കിടുക. *n.* അതിഗണനം.

Ō-vĕr-ex-cīte' (-ek-sīt'), *v. t.* അതിയായി പരിഭ്രമിപ്പിക്കുക; അതികോപം വരുത്തുക. =cī'ted, *a.* അതികോപമുള്ള; വിറെക്കുന്ന. -ment, *n.* അതിക്രോധം; മഹാപരിഭ്രമം.

Ō'vĕr-fall, *n.* അരുവി; 2. പാറ, മണത്തിട്ട (*naut.*).

Ō-vĕr-fēed', *v. t. ir.* (=fed', =fed') കുത്തിത്തീററുക, അതിഭക്ഷണം കൊടുക്കുക.

Ō-vĕr-flōw' (-flō'), *v. t. ir.* (=flew', =flōwn') കവിഞ്ഞൊഴുകുക, വെള്ളപ്പൊക്കമുണ്ടാക; മുക്കുക; 2. വഴിയ നിറക്കുക. *v. i.* കവിഞ്ഞൊഴുകുക; 2. സമൃദ്ധിയായുണ്ടാക. ō'vĕr-flōw, *n.* വെള്ളപ്പൊക്കം, 2. കവിച്ചല്, സമൃദ്ധി, ആധിക്യം; 3. ഓവ്, ദ്വാരം. -ing, *n.* പ്രവാഹം; സമൃദ്ധി, ആധിക്യം, പെരുപ്പം. -ing-ly, *ad.* അത്യധികമായി.

Ō'vĕr-fond, *a.* അതിപ്രേമം ഉള്ള; —രസം—. -ly, *ad.* —താല്പൎയ്യത്തോടെ. -ness, *n.* —വാത്സല്യം.

Ō-vĕr-frēe', *a.* അതിസ്വാതന്ത്ര്യംഉള്ള; 2. അത്യൌദാൎയ്യം—; 3. അതിമമത—. -ly, *ad.* ശങ്കയില്ലാതെ.

Ō-vĕr-freight' (-frāt'), *v. t.* അധികം ചരക്ക് കയററുക.

Ō-vĕr-full', *a.* നന്നനിറഞ്ഞ; 2. ഒട്ടും ഇടം ഇല്ലാത്ത; 3. മട്ടപ്പ് വന്ന. -ness, *n.* വഴിച്ചല്; മട്ടപ്പ്. [ള്ള.

Ō-vĕr-grēe'dy, *a.* പെരുങ്കൊതിയു

Ō-vĕr-ground', *a.* നിലത്ത് ഉള്ള, ഭൂമിയുടെ മേല്ഭാഗത്ത്—.

Ō-vĕr-grōw'(-grō'), *v.t.ir.*(=grew', =grōwn', *pr.* -grōn') കാടുനിറയുക, —കെട്ടുക. *v. i.* കണക്കിലേറവണ്ണംവെക്കുക. ō'vĕr-grōwth (-grōth), *n.* അതിവളൎച്ച; പൊന്തക്കാട്; മുഴ.

Ō'vĕr-hand, *n.* പ്രാബല്യം, മേന്മ, അധികാരം, ജയം. *a.* മുട്ടലായ. *ad.* അധികാരത്തോടെ.

Ō-vĕr-hang', *v. t. ir.* (=hung', =hung') തൂങ്ങിനില്ക്കുക; 2. ഉന്തി—. *v. i.* കവിഞ്ഞ്—. ō'vĕr-hang, *n.* കവിച്ചല്. =hung', *a.* മൂടിയ, തോരണാദിയാലലങ്കരിച്ച.

Ō-vĕr-hāste', *n.* അതിബദ്ധപ്പാട്. =hā'sty, *a.* —ബദ്ധപ്പാട് ഉള്ള, തിരക്കേറിയ. =hā'sti-ly, *ad.* വളരെ തിടുക്കത്തോടെ. =hā'sti-ness, *n.* അതിതീവ്രത, ദ്രുതഗതി.

Ō-vĕr-haul' (-hal'), *v. t.* ഇഴെച്ച് വലിക്കുക; 2 പരിശോധിക്കുക; 3. ഓടിപ്പിടിക്കുക (*naut.*). ō'vĕr-haul, =haul'ing, *n.* സൂക്ഷ്മപരിശോധന.

Ō'vĕr-head (-hed), *ad.* തലക്ക് മീതെ, മേലെ, മീത്തല്, മുകന്താഴത്ത്, നേരെ മുകളിൽ.

Ō-vĕr-hēar' (-hēr'), *v. t. ir.* (=hĕard', =hĕard', *pr.* -hĕrd') യദൃച്ഛയാ കേൾക്കുക; 2. ഒളിച്ച്—; 3. തിരികെ—.

Ō-vĕr-hung', *s. u.* Overhang.

Ō-vĕr-is'sūe (-ish'shū), *v. t.* അതിയായി കൊടുക്കുക; അധികം വില്ക്കുക. *n.* നാണ്യപത്രാതിവിക്രയം.

Ō-vĕr-joy', *v. t.* അതിയായി സന്തോഷിക്കുക. ō'vĕr-joy, *n.* അത്യാനന്ദം.

Ō'vĕr-king, *n.* അധിരാജൻ.

Ō-vĕr-knōw'ing (-nō'ing), *a.* കണക്കിലേറ അറിവ് ഉള്ള, അതിയുക്തി—.

Ō'vĕr-lāde, *v. t. ir.* (=lā-ded, =lā-den) കണക്കിലേറ ചരക്ക് കയററുക; 2. അതിയായി ഭാരപ്പെടുത്തുക.

**Ō'vĕr-land,** *a.* കരവഴിയായ: o.-route ഇന്ത്യമുതലായ ദിക്കിൽനിന്ന് യൂറോപ്പിലേക്ക് മിസ്രരാജ്യത്തിൽ കൂടിയുള്ള വഴി. *ad.* കരയിൽകൂടി. -ĕr, *n.* കരയാത്രക്കാരൻ; രാജ്യസഞ്ചാരി.

**Ō-vĕr-lan'guāġed** (-lan'gwājd), *a.* അതിവാചകത്വമുള്ള.

**Ō-vĕr-lap',** *v. t. & i.* കവിഞ്ഞ് കിടക്കുക; 2. അട്ടക്കായിരിക്കുക. ō'vĕr-lap, *n.* അട്ടക്ക്, അട്ടി; 2. കവിച്ചല്.

**Ō-vĕr-lāy'** (-lā'), *v. t. ir.* (=lāid', =lāid') മേലെ വെക്കുക, —ഇടുക; 2. മൂടുക, മറക്കുക; 3. ഞെരുക്കുക; 4. അമുക്കുക, ഞെക്കുക, അമർത്തുക; 5. പൂശുക, തേക്കുക. ō'vĕr-lāy, *n.* മൂടി, പോള. =lāy'ing, *n.* മേൽപൊളി, പോള; തേപ്പ്, പൂച്ച്.

**Ō-vĕr-lēap'** (-lēp'), *v. t.* കടന്ന് തുള്ളുക, —ചാടുക; 2. വിട്ട് കളയുക, പൊരുളിക്കാതിരിക്കുക.

**Ō-vĕr-līe',** *v. t. ir.* (=lāy', =lāin') മേലെകിടക്കുക; 2. അമർത്തുക, ഞെക്കുക.

I. **Ō'vĕr-līght** (-līt), *n.* അതിപ്രഭ.

II. **Ō'vĕr-līght** (-līt), *a.* നിസ്സാരമായ; 2. നിർവ്വിചാരഭാവമുള്ള.

**Ō-vĕr-live',** *v.t.* കണക്കിലേറ ജീവിക്കുക; 2. അതിസുഖിയനായിരിക്കുക; 3. അതിയായി പ്രവൃത്തിക്കുക.

**Ō-vĕr-lōad'** (-lōd'), *v. t.* കണക്കിലേറ കയററുക,—നിറക്കുക; 2. അതിഭാരമാക്കുക. ō'vĕr-lōad, *n.* ഘനമേറിയച്ചുമട്.

**Ō-vĕr-loṅg',** *a.* വളരക്കാലം, ദീഘകാലം.

**Ō-vĕr-lo̤ok',** *v. t.* ഉയരത്തിൽനിന്ന് നോക്കുക, കീഴ്പെട്ട് നോക്കുക; 2. ഉയരത്തിൽ ആയിരിക്കുക, താഴെ കാണുക: the hills o. the town ആ കുന്നുകൾ പട്ടണത്തെക്കാൾ ഉയരത്തിലാകുന്നു, ആ കുന്നുകളിൽനിന്ന് നോക്കിയാൽ പട്ടണം താഴെ കാണാം; 3. നോക്കുക, ഒളിച്ച് നോക്കുക; 4. മേൽവിചാരം ചെയ്യുക, പരിശോധിക്കുക; 5. കണ്ണ് കൊള്ളുക; 6. ആഭിചാരം ചെയ്യുക; 7. നോട്ടത്തിൽ വിട്ട് പോക, കാഴ്ചയിൽ പെടാതിരിക്കുക, വിട്ട് പോക; 8. നോക്കാതിരിക്കുക, ലക്ഷ്യമാക്കാതിരിക്കുക; 9. ക്ഷമിക്കുക; 'മാപ്പാക്കുക. -ĕr, *n.* മേൽവിചാരം ചെയ്യുന്നവൻ.

**Ō'vĕr-lord,** *n.* മേലധികാരി, യജമാനൻ; 2. പ്രഭുവരൻ. -ship, *n.* മേലധികാരം; ശ്രേഷ്ഠത.

**Ō-vĕr-mas'tĕr,** *v. t.* കീഴമർത്തുക, സ്വാധീനപ്പെടുത്തുക; 2. ഭരിക്കുക.

**Ō-vĕr-match'** (-mach'), *v. t.* അതുല്യമായിരിക്കുക, സമമല്ലാതിരിക്കുക; 2. ജയിക്കുക. ō'vĕr-match, *n.* അധികശക്തൻ; 2. ചേർച്ചയല്ലാത്ത വിവാഹം; 3. അതുല്യ ജനപ്പോര്.

**Ō-vĕr-much',** *a.* അത്യധികം, വളരെ. *ad.* ഏററവും, നന്നെ. *n.* 'ജാസ്തി', അധികമുള്ളത്.

**Ō-vĕr-nīce',** *a.* അതിവിശേഷമായ, കണക്കിലേറ നന്മയുള്ള; 2. അതികൃത്യമായ. -ly, *ad.* അതികൃത്യമായി. -ness, *n.* അതികൃത്യത, കിറു—.

**Ō'vĕr-nīght** (-nīt), *n.* സന്ധ്യ; 2. തലെരാത്രി, ഇന്നലെ—; —വൈകുന്നേരം. *ad.* തലെരാത്രിയിൽ, ഇന്നലെ—; —സന്ധ്യക്ക്; 2. രാത്രിമുഴുവനും.

**Ō-vĕr-pass',** *v. t.* കടക്കുക, കടന്ന് പോക; 2. നോക്കാതിരിക്കുക, അലക്ഷ്യമാക്കുക, വിട്ട് കളയുക.

**Ō-vĕr-pāy'** (-pā'), *v. t.* കണക്കിലേറ വിലകൊടുക്കുക; 2. —പ്രതിഫലം—.

**Ō-vĕr-pēo'ple** (-pē'pl), *v. t.* അധികം ആളുകളെ പാർപ്പിക്കുക, തിങ്ങിവിങ്ങിപ്പാർപ്പിക്കുക; 2. കണക്കിലേറ നിവാസികൾ ഉണ്ടാക.

**Ō-vĕr-plēaṣe'** (-plēz'), *v. t.* അതിയായി സന്തോഷിപ്പിക്കുക.

**Ō'vĕr-plus,** *n.* ശേഷിപ്പ്, മിച്ചം, 'ബാക്കി'.

**Ō-vĕr-pow'er** (-pow'r), *v.t.* ബലത്തിൽ മുന്തുക; 2. ക്ഷീണിപ്പിക്കുക; 3. തോല്പിക്കുക, ജയിക്കുക. ō'vĕr-pow-er, *n.* അതിശക്തി; മേലധികാരം. -iṅg, *a.* അതിശക്തിയുള്ള, എതിർത്ത് നില്പാൻ കഴിയാത്ത. -iṅg-ly, *ad.* ചെറുത്ത് നില്പാൻ കഴിയാതെ.

**Ō-vĕr-prō-duc'tiōn,** *n.* അത്യുല്പാദനം.

Ō-vĕr-rāte′, *v. t.* കണക്കിലേറ മതിക്കുക.

Ō-vĕr-rēach′ (-rēch′), *v. t.* കടക്കുക, കവിയുക; 2. യുക്തിയിൽ മുന്തുക; 3. തോല്പിക്കുക, ചതിക്കുക. *v. i.* പാററിക്കുക, ചെണ്ടകൊട്ടിക്കുക. -ĕr, *n.* വഞ്ചകൻ, ചതിയൻ.

Ō-vĕr-rīde′, *v. t. ir.* (=rōde′, =rid′-den, *pr.* -rid′n) മേലെ ഓട്ടുക;—കയറുക; ചവിട്ടിക്കളയുക; 2. ഇല്ലാതാക്കുക, നിരാകരിക്കുക, അസാധുവാക്കുക; 3. കുതിരയെ ഓടിച്ച് ക്ഷീണിപ്പിക്കുക.

Ō-vĕr-rīght′eŏus (-rīt′yus *or* -rī′-chus), *a.* അതിനീതിമാനായ; 2. കപടഭക്തിയുള്ള.

Ō-vĕr-ru̥le′, *v. t.* ഭരിക്കുക, വാഴുക; 2. എതിരായി തീച്ചപ്പെടുത്തുക, തള്ളുക, നിഷ്ഫലമാക്കുക; 3. നിഷേധിക്കുക, അസാധുവാക്കുക, 'റദ്ദാ'ക്കുക (*l.*). *v. i.* സർവ്വാധികാരിയായി വാഴുക. =ru̥′lĕr, *n.* സർവ്വാധികാരി. =ru̥′ling, *a.* മേലധികാരം നടത്തുന്ന. =ru̥′ling-ly, *ad.* സർവ്വാധികാരത്താൽ.

Ō-vĕr-run′, *v. t. ir.* (=ran′, =run′) പരക്കുക, പടരുക, നിറയുക; 2. കടന്നോട്ടുക, മുന്തിഓട്ടുക; 3. കവിയുക; 4. ആക്രമിക്കുക, കൈവശപ്പെടുത്തുക; 5. ഞെരുക്കുക. *v. i.* അതിക്രമിക്കുക, പ്രബലപ്പെടുക; 2. അധികമായിരിക്കുക, കവിയുക.

Ō-vĕr-scru̥′pū-lŏus, *a.* അതിശങ്കഉള്ള, സംശയം തീരാത്ത. -ness, =los′-i-ty, *n.* അതിശങ്ക.

Ō′vĕr-sēa (-sē), *a.* കടലിന്നക്കരെ; 2. പരദേശം ആയ; 3. അന്യം—. *ad.* കടലിന്നപ്പുറം; 2. പരദേശത്ത്.

Ō-vĕr-sēe′, *v. t. ir.* (=sa̤w′, *pr.* -sa̤′, =sēen′) നോക്കുക, മേൽവിചാരം ചെയ്യുക, പരിശോധിക്കുക; 2. നോക്കാതിരിക്കുക, നോക്കാതെ വിട്ട് കളയുക. =sēer′ (-sēr′), *n.* മേനോക്കി, മേൽവിചാരക്കാരൻ; 'ഓവർസീയറ്'. =sēer′ship, *n.* മേൽനോട്ടം, മേലന്വേഷണം.

Ō-vĕr-sell′, *v. t. ir.* (=sōld′, =sōld′) അധികം വിലക്ക് വില്ക്കുക; 2. ഉള്ളതിലേറവില്ക്കുക.

Ō-vĕr-set′, *v. t. ir.* (=set′, =set′) കീഴ്മേലാക്കുക, മറിക്കുക, കമിഴ്ത്തുക; 2. വിഴ്ത്തുക, തോല്പിക്കുക; 3. നിഷ്ഫലമാക്കുക. *v. i.* മറിയുക, കമിഴുക. o′vĕr-set, *n.* മറിയൽ.

Ō-vĕr-shāde′, =shad′ōw (-ō), *v. t.* മറക്കുക, നിഴലിക്കുക; ആച്ഛാദിക്കുക, മൂടുക; 2. പ്രേരേപിക്കുക. =shad′ōw-ĕr, *n.* മറക്കുന്നവൻ.

Ō′vĕr-shōe (-shu̥), *n.* മേൽചെരിപ്പ്.

Ō-vĕr-shoot′, *v. t. ir.* (=shot′, =shot′) കുറിതെററി വെടിവെക്കുക; ലാക്ക് തെററുക; 2. വേഗം കടന്ന് പോക, പറന്നോടുക; 3. കവിയുക. to o. one's self അതിധൈര്യം കാട്ടുക; കൈകടന്ന് പറയുക. *v. i.* കുറിപിഴെക്കുക, കുറിക്കപ്പുറം പോക.

O′vĕr-sīght (-sīt), *n.* മേൽവിചാരം, മേൽനോട്ടം: 2. ഉപേക്ഷ; 3. നോട്ടപ്പിഴ, വീഴ്ച, തെററ്.

Ō-vĕr-slēep′, *v. t. & i. ir.* (=slept′, =slept′) അധികനേരം ഉറങ്ങുക, അതിനിദ്രകൊള്ളുക.

Ō′vĕrs̤-man, *n.* (*pl.* =men) മേനോക്കി, മേൽവിചാരക്കാരൻ. 2. മൂന്നാമൻ, നടുവൻ, പഞ്ചായക്കാരൻ.

Ō-vĕr-soon′, *ad.* അതിവേഗം, അതിശീഘ്രം.

Ō-vĕr-spēak′ (-spōk′), *v. t. & i. ir.* (=spōke′, =spō′ken) അതിഭാഷണം ചെയ്യുക; 2. അതിവാചകം ഉപയോഗിക്കുക.

Ō-vĕr-spread′ (-spred′), *v. t.* മൂടുക, പരക്കുക. *v. i.* ചിതറിയിരിക്കുക.

Ō-vĕr-stāte′, *v. t.* അതിയായി വർണ്ണിക്കുക, വളത്തിപ്പറയുക. -ment, *n.* അതിവർണ്ണനം.

Ō-vĕr-stāy′, *v. t.* അധികം താമസിക്കുക, അവധിതെററി—.

**Ō-vĕr-stock′**, *v. t.* അതിയായി സംഭരിക്കുക. **ō′vĕr-stock**, *n.* അതിസംഭാരം.

**Ō′vĕr-stō-ry**, *n.* വീട്ടിന്റെ മേല്ത്തട്ട്.

**Ō′vĕrt**, *a.* തുറന്ന; കാണത്തക്ക, പ്രത്യക്ഷം ആയ. സ്പഷ്ടം—; 2. പരസ്യം— (*l.*). **-ly**, *ad.* സ്പഷ്ടമായി; പരസ്യമായി.

**Ō-vĕr-tāke′**, *v. t. ir.* (=**tọọk′**, =**tā′-ken**) എത്തുക, ഒപ്പം എത്തുക, എത്തിപ്പിടിക്കുക; 2. പിന്തുടരുക, അകപ്പെടുക, സംഭവിക്കുക, വരിക.

**Ō-vĕr-task′**, *v. t.* അധികമായി അദ്ധ്വാനിപ്പിക്കുക. [ടുക.

**Ō-vĕr-tax′**, *v. t.* അധികനികുതി കെ

**Ō-vĕr-thrōw′** (-thrō′), *v. t. ir.* (=**threw′** *pr.* -thrụ, =**thrōwn′** *pr.* -thrōn′) കീഴ്മേലാക്കുക, തള്ളിയിടുക, മറിച്ചിടുക; 2. നശിപ്പിക്കുക, ഇല്ലായ്മചെയ്യുക. **ō′vĕr-thrōw**, *n.* തള്ളിയിടൽ; 2. വീഴ്ച, നാശം.

**Ō′vĕr-thwạrt**, *n.* എതിരെ ഉള്ള, വിലങ്ങനെ—; 2. വിപരീതസ്വഭാവം—. *ad.* വിലങ്ങത്തിൽ. =**thwạrt′**, *prep.* വിലങ്ങനെ.

**Ō′vĕr-tīme**, *n.* അധികസമയം; 2. ഏററപ്പണി, ജാസ്തിപ്പണി.

**Ō-vĕr-top′**, *v. t.* ഉയരുക, പൊന്തുക; 2. ലംഘിക്കുക, തെററിനടക്കുക; 3. അല്പം ആക്കുക, നിസ്സാരം—.

**Ō′vĕr-tūre**, *n.* ദ്വാരം; ഗുഹ; 2. വെളിപ്പെടുത്തൽ; 3. ആലോചന, അഭിപ്രായം, പ്രസ്താവന; 4. സംഗീതപ്രകരണം. *v. t.* പ്രസ്താവിക്കുക; ആലോചനക്ക് വെക്കുക.

**Ō-vĕr-turn′**, *v. t.* മറിച്ചിടുക; 2. കീഴ്മേൽ ആക്കുക, നാനാവിധം—, നശിപ്പിക്കുക; 3. മടക്കുക, ജയിക്കുക. **ō′vĕr-turn**, *n.* വീഴ്ച.

**Ō-vĕr-val′ūe** (-val′ū), *v. t.* കണക്കിലേറ വിലമതിക്കുക.

**Ō-vĕr-wēen′**, *v. i.* താന്തോന്നിത്വം കാട്ടുക; 2. അഹങ്കാരം—, ഗർവ്വിക്കുക; ധാർഷ്ട്യം കാട്ടുക. **-ĕr**, *n.* അഹംഭാവി. **-iṅg**, *n.* അഹംഭാവം. *a.* അഹന്തയുള്ള. **-iṅg-ly**, *ad.* താന്തോന്നിത്വമായി. **-iṅg-ness**, *n.* പ്രൌഢി, ഡംഭ്.

**Ō-vĕr-whelm′** (-hwelm′), *v. t.* മുക്കുക, ആഴ്ത്തുക; 2. ഒതുക്കുക, അമുക്കുക, ചതച്ച്കളയുക; ഇടിക്കുക; 3. മൂടിക്കളയുക; 4. തുങ്ങിനില്ക്കുക. **-iṅg**, *a.* എതിരില്ലാത്ത, തടുപ്പാൻ കഴിയാത്ത. **-iṅg-ly**, *ad.* എതിർപ്പാൻ കഴിയാതവണ്ണം.

**Ō-vĕr-wīse′**, *a.* അതിബുദ്ധിയുള്ള; 2. ഉള്ളതിലേറ ബുദ്ധിനടിക്കുന്ന. **-ly**, *ad.* ബുദ്ധിനാട്യത്തോടെ. **-ness**, *n.* ബുദ്ധിനാട്യം. [യി പറയുക.

**Ō-vĕr-wŏrd′**, *v. t.* അതിവാചകമാ

**Ō-vĕr-wŏrk′**, *v. t. r. or ir.* (=**wrought′**, =**wrought′**, *pr.* -rạt′) കഴിവിന്ന്മീതെ പ്രവൃത്തിപ്പിക്കുക, അതിപ്രയത്നം ചെയ്യിക്കുക; 2. അതിയായി ശൃംഗരിക്കുക. *v. i.* അതിപ്രയത്നം ചെയ്യുക. **ō′vĕr-wŏrk**, *n.* അതിപ്രയത്നം; 2. ജാസ്തിപ്പണി. =**wrought′** (-rạt′), *a.* അതിശൃംഗാരമുള്ള; ക്ഷീണിച്ച; പരിഭ്രമിച്ച.

**Ō′vĕr-zēal** (-zēl), *n.* അത്യാസക്തി. =**zeal′ŏus** (-zel′us), *a.* അത്യുത്സാഹമുള്ള.

**Ō-vic′ū-lar**, *a.* അണ്ഡസംബന്ധമായ.

**Ō′vi-duct**, *n.* അണ്ഡനാളം (*an.*).

**Ō-vif′ĕr-ŏus**, *a.* മുട്ടയിടുന്ന.

**Ō′vi-form**, *a.* അണ്ഡാകൃതിയായ.

**Ō-vig′ĕr-ŏus**, *a.* മുട്ടയിടുന്ന.

**Ō′vīle, Ō′vīne**, *a.* ആട്ടിനെ സംബന്ധിച്ച; ആടായ.

**Ō-vip′a-ra**, *n. pl.* അണ്ഡജവർഗ്ഗം. =**par′i-ty**, *n.* അണ്ഡോല്പാദനം (*biol.*). =**rŏus**, *a.* അണ്ഡജമായ, മുട്ടയിട്ട് പെരുകുന്ന.

**Ō-vi-pos̱′it**, *v. t. & i.* (ഷഡ്പാദ്, കൃമി, കീടാദി) മുട്ടയിടുക. **-iṅg**, =**pō-s̱i′-tiŏn** (-zish′un), *n.* —മുട്ടയിടൽ. **pos̱′-i-tŏr**, *n.* അണ്ഡേന്ദ്രിയം.

**Ō′void**, =**void′al**, *a.* അണ്ഡാകൃതിയായ. **ō′void**, *n.* അണ്ഡാകൃതികട്ടി.

**Ō-vol′o-ġy**, *n.* അണ്ഡശാസ്ത്രം.

**Ō-vō-plas̱′ma**, *n.* മുട്ടയുടെ ചുവപ്പ്, മഞ്ഞക്കരു.

Ō-vō-vi-vip′a-rŏus, *a.* അണ്ഡജരായുജമായ, മുട്ട സ്വദേഹത്തിൽ തന്നെ വിരിക്കുന്ന (*biol.*).

Ō′vūle, Ō′vū-lum, *n.* (*pl.* ō′vū-la) ബീജമൂലം (*biol.*); 2. മൂലാണ്ഡം, അണ്ഡകം, അണ്ഡമൂലം (*biol.*). =lar, =lar-y, *a.* ബീജമൂലസംബന്ധമായ; അണ്ഡമൂല—. =lāte, *a.* അണ്ഡകമുള്ള. =lā′tiŏn, *n.* അണ്ഡോല്പാദനം; അണ്ഡവിക്ഷേപം. =lif′ĕr-ŏus, *a.* മൂലാണ്ഡോല്പാദകമായ. =list, *n.* സമസ്താണ്ഡോല്പാദനവാദി.

Ō′vum, *n.* (*pl.* ō′va) അണ്ഡം; 2. ബീജം. ō′val, *a.* അണ്ഡസംബന്ധമായ; അണ്ഡാകാരമുള്ള, അണ്ഡാകൃതി ആയ, ദീർഘവൃത്തം—. ō-val-bū′men, ō-val-bū′min, *n.* മുട്ടയുടെ വെള്ള, വെള്ളക്കരു. ō-val′i-form, *a.* അണ്ഡാകാരമുള്ള. ō′val-ly, *ad.* അണ്ഡാകൃതിയായി. ō′va-ry, ō-vā′ri-um, *n.* (*pl.* ō-vā′ri-a) ബീജകോശം (*b.*); (പെണ്ണിലെ) അണ്ഡകോശം (*z & an.*). ō-vā′ri-an, ō-vā′-ri-al, *a.* അണ്ഡകോശസംബന്ധമായ. ō-vā′ri-ŏus, *a.* മുട്ടയായ; മുട്ടകൊണ്ടുള്ള. ō-vā′rī-tis, *n.* അണ്ഡകോശവീക്കം (*med.*). ō′vāte, ō′vā-ted, *a.* അണ്ഡാകൃതിയായ.

Ōwe (ō), *v. t.* ഉണ്ടാക, ഉടമയായിരിക്കുക; 2. ...ൽനിന്ന് കിട്ടുക, ...ആൽ ഉണ്ടാക: they o.e their wealth to their father അവരുടെ ധനം അവക്ക് അച്ഛനാൽ കിട്ടിയതാണ്; he o.d his victory to his horse അവന്ന് ജയം ഉണ്ടായത് അവന്റെ കതിരയാലാണ്; I o. this to your forethought നിങ്ങളുടെ മുങ്കരുതൽകൊണ്ടാണ് എനിക്ക് ഇത് സാധിച്ചത്; 3. കടമുണ്ടാക, കൊടുപ്പാനുണ്ടാക, കടം വീട്ടാനുണ്ടാക: I o. him fifty rupees ഞാൻ അവന്ന് 50ക. കൊടുപ്പാനുണ്ട്; 4. കടപ്പെട്ടിരിക്കുക, കടം ആയിരിക്കുക, കടമ— (*S.*), മുറ—, വേണ്ടത്—: a son o.s help to his father അച്ഛന്ന് സഹായം ചെയ്യുന്നത് മകന്റെ മുറയാകുന്നു; the subject o.s loyalty to the king സ്വാമിഭക്തി പ്രജക്കുള്ള ഋണമാകുന്നു; the rich o. assistance to the poor വകയുള്ളവര് സാധുക്കളെ തുണക്കേണ്ടതാണ്. ōw′iṅg (ō′iṅg), *a.* കൊടുപ്പാനുള്ള, വീട്ടുവാനുള്ള, കടമായ; (to) ...കൊണ്ട്, നിമിത്തം, കാരണത്താൽ, ഹേതുവായിട്ട്.

Ōw′el-ty (ō′el-ty), Ov′el-ty, Ov′e-al-ty, *n.* തുല്യത, സമത്വം (*l.*).

Owl, *n.* മൂങ്ങ, മൂകം, ഊമൻ, ക്രൂമൻ (*z.*); 2. ഒര് വക മാടപ്പ്രാവ് (*z.*). o.-eyed ഉണ്ടക്കണ്ണുള്ള. o.-light മങ്ങിയവെളിച്ചം. o.-train രാത്രി ഓടുന്ന തീവണ്ടി. *v. i.* ഒളിഞ്ഞിരിക്കുക, പതിയിരിക്കുക; 2. കള്ളച്ചരക്ക് കൊണ്ട് പോക. -′ĕr, *n.* ചുങ്കം വീട്ടാതെ ചരക്ക് കൊണ്ട് വരുന്നവൻ. -′ĕr-y, *n.* ക്രൂമക്കൂട്ടത്തിന്റെ കൂട്. -′et, *n.* നത്ത്, ചെറുക്രൂമൻ (*z.*). -′iṅg, *n.* ആടോ ആട്ടുരോമമോ ഇംഗ്ലാന്തിൽനിന്ന് പുറരാജ്യത്തേക്ക് നിയമവിരോധമായി കൊണ്ട് പോകൽ. -′ish, *a.* ക്രൂമനൊത്ത. -′iṡm, *n.* ബുദ്ധിനാട്യം.

I. Ōwn (ōn), *v. t.* സമ്മതിക്കുക, അനുസരിച്ച് പറയുക, ഏററ്—.

II. Ōwn (ōn), *a.* (*poss. pron.*) ഉള്ള, ഉടമത്തായ, സ്വന്തം—, പ്രത്യേകം—: my o. father എന്നെ ജനിപ്പിച്ച അച്ഛൻ; my o. composition എന്റെ സ്വന്തം കൃതി; my o. idea എന്റെ തനതഭിപ്രായം; my o. price ഞാൻ പറഞ്ഞ വില. to hold one's o. നില തെററാതിരിക്കുക. *v. t.* ഉണ്ടാക, ഉടമ(സ്ഥൻ) ആയിരിക്കുക: I o. a house എനിക്ക് ഒര് വീടുണ്ട്. -′ĕr, *n.* ഉടയവൻ, ഉടമക്കാരൻ, ഉടമ(സ്ഥൻ). -′ĕr-less, *a.* ഉടയവനില്ലാത്ത. -′ĕr-ship, *n.* ഉടമയവകാശം, ഉടമ.

Ox, *n.* (*pl.* ox′en, *pr.* oks′n) കാള, എരുത്, (ഉടച്ച) മൂരി; 2. പോത്ത്; 3. ആൺകാട്ടി. o.-bile, o.-gall ഗോരോചനം. o.-bow നുകക്കൈ. o.-eyed ഉണ്ടക്കണ്ണുള്ള. o.-fly പോന്ത, പൊട്ടൻ (*N.*). o.-goad മുടിക്കോ(ങ്കോ)ല്. o.-head മൂരിത്തല; പൊണ്ണൻ, മുഠാളൻ. o.-hide മൂരിത്തോല്; ഒര് നിലമളവ്. o.-like മൂരിപോലത്തെ. o.-shoe മൂരിലാടം. grunting o. 'യാക്ക്' എന്ന മൃഗം. Indian o. 'സെബ്യ' എന്ന—. musk-o. ധ്രുവകാള.

Ox-i-dā'tiŏn, *n.*, *s. u.* Oxidise.

Ox'īde, Oxyd, Oxyde, *n.* ഭസ്മം, സിന്ദൂരം (*ch.*). o. of copper താമ്രഭസ്മം. o. of iron അയസ്സിന്ദൂരം. o. of mercury രസഭസ്മം. o. of zinc വങ്ക—.

Ox'i-dīṣe, =dīze, *v. t.* അമ്ല (അമിലത)വായു ചേൎക്കുക (*ch.*). =dā'tiŏn, *n.* അമിലതം കലൎത്തൽ.

Ox-ō'ni-an, *a.* ഒക്സ്ഫോഡ് സൎവ്വകലാശാലാസംബന്ധമായ. *n.* —വിദ്യാൎത്ഥി, 2. —വിദ്യാപദവിക്കാരൻ.

Ox'tĕr, *n.* കക്ഷം, തൊക്കിള്.

Ox'y-ġen, =ġē'ni-um, *n.* പ്രാണവായു, അമിലത—, അമ്ലജബാഷ്പം (*ch.*). =ġen-āte, =ġen-īṣe, =ġen-īze, *v. t.* അമിലതം കലൎത്തുക. =ġen-ā'tiŏn, =ġen-īṣe-ment, =ġen-īze-ment, *n.* —കലൎത്തൽ. =ġen'ic, =iġ'en-ŏus, *a.* അമിലതസംബന്ധം ആയ; —ജനകം—.

Ox'y-gon, *n.* ന്യൂനകോണത്രിഭുജക്ഷേത്രം (*geom.*). =nal, =gō'ni-al, *a.* ന്യൂനകോണുള്ള.

Ox'y-mel, *n.* മധുപാനകം (*med.*).

Ox-y-mō'ron, *n.* വ്യപരീതലക്ഷണാലങ്കാരം.

Ox-yn'tic, *a.* അമ്ലരസോല്പാദകമായ (*phys.*).

Ox-y-ō'pi-a, Ox'y-o-py, *n.* ഉഗ്രദൃഷ്ടി (*med.*).

Ox-yph'o-ny (-if'o-), *n.* സ്വരമൂൎച്ഛ.

Ox-y-toc'ic, *a.* പ്രസവിപ്പിക്കുന്ന (*med.*). *n.* പ്രസവൌഷധം.

Ox'y-tōne, *n.* കൃത്തസ്വരം.

Ō'yĕr, *n.* വിചാരണ; പരിശോധന (*l.*). o. and terminer കുററവിചാരണക്കുള്ള കല്പന (*l.*).

Ō-yes', Ō-yez', *int.* കേട്ടോളിൻ, കേൾപ്പിൻ, മിണ്ടല്ലാ (*l.*).

Oys'tĕr, *n.* മുരു (*N.*), ശുക്തി(കാ), മുരിങ്ങ (*S.*). o.-bed മുരുതടം. o.-shell ചിപ്പി, മുത്തുചിപ്പി, ശുക്തിപുടം. -iṅg, *n.* മുരുവെട്ടക്കൽ. -liṅg, *n.* ചെറുമുരു.

Ō-zē'na (-zē'na), *n.* പീനസം (*med.*).

Ō'zōne, *n.* വീൎയ്യാമിലതം (*ch.*). =zon'ic, *a.* വീൎയ്യാമിലതം ഉള്ള; —പോലെ—. =zon-īṣe, =zon-īze, *v. t.* വീൎയ്യാമിലതം ആക്കുക; —കലൎത്തുക. =zon-ŏus, *a.* വീൎയ്യാമിലതം ഉള്ള; —സംബന്ധിച്ച.

---

# P

P, ഇംഗ്ലീഷ് ഭാഷയിൽ പതിനാറാമത്തെ അക്ഷരം. വ്യഞ്ജനം. പേര്: പീ. ഉച്ചാരണം: പ്.

Pä, *n.* (Papa എന്നതിന്റെ സംക്ഷിപ്തരൂപം) അച്ഛൻ.

Pab'ū-lum, *n.* പോഷണം, ആഹാരം, തീന്. =lar, *a.* തീന് സംബന്ധിച്ച, ഭക്ഷണം ആയ—; ആഹാരത്തിന്ന് തക്ക. =lā'tiŏn, *a.* പോഷിപ്പിക്കൽ, തീററൽ. =lŏus, *a.* ആഹാരത്തിന്ന് പററിയ; പോഷണസംബന്ധമായ.

Pā'cāte, =ted, *a.* ശാന്തമായ, ശമിച്ച. =cā'tiŏn, *n.* ശമിപ്പിക്കൽ; സമാധാനമാക്കൽ.

Pāce, *n.* അടി, ച്ചുവട്; 2. ച്ചുവട്ടളവ്, രണ്ടരഅടി; 3. നട, ഗതി; 4. അഞ്ചടിയളവ്; 5. കാൎയ്യം, പ്രവൃത്തി, നടവടി; 6. തറ, തിണ്ണ; 7. പണിക്കോല് (*w.*). great p. ശീഘ്രഗതി. slow p. മന്ദ—. to keep *or* hold p. with ഒന്നായി നടക്കുക, ഒര് പോലെ—. *v. i.* നടക്കുക, പോക, ച്ചുവട് വെക്കുക; 2. മെല്ലെ നടക്കുക; 3. (കുതിര) കുതിച്ചോട്ടുക, കാല് പറിച്ചോട്ടുക. *v. t.* ഒരേ ഗതിയായി നടക്കുക, സാവധാനത്തിൽ—; 2. ച്ചുവട് വെച്ചളക്കുക; 3. നടക്രമമാക്കുക. to p. the web തുണി പടപ്പിൽ ച്ചുററുക (*w.*). pāced (pāst), *a.* ശീലിച്ച, അഭ്യാസം തികഞ്ഞ. thorough p.d എല്ലാററിന്നുംപോ

ന്ന. pā'cĕr, *n.* ചുവട് വെക്കുന്നവൻ; കതിച്ചോട്ടുന്ന കതിര.

Pa-chä', *u.* 'പാഷ്ഷ', തുൎക്കിദേശാധിപതി. =chäl'ic (-shäl'ik), *n.* ദേശാധിപത്യം.

Pach'y- (pak'i-), *pf.* തടിച്ച, ദശപ്പുള്ള, സ്ഥൂല, ഗാഢ. -cär'pous, *a.* തോല് തടിച്ച (പഴം), തോട്ടുള്ള. -dĕrm, *n.* സ്ഥൂലചൎമ്മമൃഗം: ആന, കതിര, പന്നി, നീൎക്കുതിര, കാണ്ടാമൃഗം *etc.* -dĕr'ma-ta, *n. pl.* സ്ഥൂലചൎമ്മമൃഗവൎഗ്ഗം. =dĕr'ma-tous, *a.* —വൎഗ്ഗത്തിൽപെട്ട; ഗാഢചൎമ്മമുള്ള; നിന്ദാശങ്കയില്ലാത്ത.

Pa-cif'ic, =i-cal, *a.* ശാന്തശീലം ഉള്ള, സാവധാനം—, കലഹിക്കാത്ത; 2. ശാന്തം ആയ; 3. ശാന്തകരം—. P. Ocean, the P. മഹാശാന്തസമുദ്രം (*geog.*). pac'i-fī-a-ble, -a-ble, *a.* ശാന്തനീയം ആയ, ശമകം—. =cal-ly, *ad.* സമാധാനമായി. =cā'tion, *n.* നിരപ്പിക്കൽ, ഇണക്കൽ; ശമനം, സമാധാനം, നിരപ്പ്. =cā-tŏr, pac'i-fī-ĕr, *n.* സന്ധിപ്പിക്കുന്നവൻ, സമാധാനമാക്കുന്നവൻ. =cā-tŏr-y, *a.* സന്ധിപ്പിക്കുന്ന, നിരപ്പിക്കുന്ന. pac'i-fȳ, *v. t.* സമാധാനം ആക്കുക; ശാന്തം—, ശമിപ്പിക്കുക, തണുപ്പിക്കുക.

Pack, *n.* കെട്ട്, ഭാണ്ഡം, മാറാപ്പ്, ചുമട്; 2. പേറ്, പൊതി; 3. 280 റാത്തല്; 4. കൂട്ടം, സഞ്ചയം, ധാരാളം, വളരെ വളരെ: a p. of blessings അനവധി അനുഗ്രഹം. 5. (കളിക്കുന്നകത്ത്) കൂട്ടം; 6. (നായാട്ട്) നായ്ക്കൂട്ടം; 7. സമൂഹം, ഗണം: p. of thieves കള്ളന്മാരുടെ കൂട്ടം; 8. ഹിമക്കഷണക്കൂട്ടം; 9. ജലവൈദ്യപ്പുത (*med.*). p.-animal പേറ്മൃഗം, പൊതി—, ചുമട്—. p.-cloth രട്ട്തുണി. p.-horse പൊതിക്കുതിര. p.-house പാണ്ടികശാല, കൊട്ടില് (*P.*). p.-ice ഹിമഖണ്ഡപ്പരപ്പ്. p.-man നടവാണിഭക്കാരൻ, ചുമട്ടുകാരൻ. p.-needle ചാക്ക്സൂചി. p.-saddle പേറ്മട്ടം, പൊതി'ജീന്'. p.-thread വക്ക്, ചരട്. p.-train പൊതിമൃഗക്കൂട്ടം (*mil.*). p.-wax മൃഗങ്ങളുടെ കഴുത്ത്ഞരമ്പ്. p.-way പേറ്ചുരം. *v. t.* കെട്ട്കെട്ടുക, പൊതി—, ഭാണ്ഡമാക്കുക; അട്ടുക്കുക; 2. കുത്തിനിറക്കുക, തുറ്റ്—; 3. (കത്ത്) കളവായി കശക്കുക; ആവശ്യംപോലെ തിരിക്കുക, മറിപ്പിക്കുക, സ്വാധീകരിക്കുക. 4. പേറ്കയറ്റുക; ഭാരപ്പെടുത്തുക; 5. (off) അയച്ച്വിടുക, പറഞ്ഞയച്ച്കളയുക; 6. ചുമട്കെട്ടി അയക്കുക; 7. (ജലവൈദ്യത്തിൽ) തുണികൊണ്ട് പൊതിയുക, പുതപ്പിക്കുക; 8. കാററ് കടക്കാതെ മൂടുക. *v. i.* കെട്ടായികെട്ടുക; 2. അമരുക, ഒതുങ്ങുക; 3. കൂട്ടമായി കൂടുക; 4. (off, away) പെട്ടന്ന് പുറപ്പെട്ട്പോക, ഓടിപ്പോക. to send p.ing നീക്കിക്കളയുക, ഓടിച്ച്—, പറഞ്ഞയച്ച്—. -'āge, *n.* കെട്ടൽ; കെട്ട്, ഭാണ്ഡം, മാറാപ്പ്; കെട്ട്കൂലി; ഒര് വക ചുങ്കം. -'ĕr, *n.* കെട്ടുന്നവൻ; മാംസം മുതലായവ അടുക്കിക്കെട്ടുന്നവൻ. -'et, *n.* ചെറുകെട്ട്, പൊതുക്ക; തപ്പാൽകപ്പല്. p.t.-boat, ship *or* vessel അഞ്ചക്കപ്പല്. p.t-day അഞ്ചക്കപ്പൽ പുറപ്പെടുന്ന ദിവസം; തപ്പാൽകപ്പല് പുറപ്പെടുന്ന—. p.t-note *or* post തപ്പാൽകടലാസ്. *v. t.* കെട്ടാക്കുക; തപ്പാൽ കപ്പൽ മാൎഗ്ഗമായി അയക്കുക. *v. i.* കപ്പലിൽ കത്ത് കൊണ്ട് പോകയും വരികയും ചെയ്യുക. -'ing, *n.* പൊതിയൽ, കെട്ടാക്കൽ; കെട്ട് കെട്ടാനുള്ള സാധനം; നിറ, പൂരണം; ഉപായം, യുക്തി. p.g press കെട്ട്കെട്ടുന്ന യന്ത്രം. p.g sheet രട്ട്തുണി, താൎത്തുണി; ജലചികിത്സപ്പുതപ്പ്.

Pack'fong, *n.* ചീനവെള്ളോട്.

Pā'eō, Pā'eōs, *n.* 'അല്പാക്ക'; 2. വെള്ളിയയിര്.

Pact, Pac'tion, *n.* നിശ്ചയം, കരാറ്, ഉഭയസമ്മതം. ='tion-al, *a.* ഉടമ്പടിസംബന്ധമായ; ഉടമ്പടിയാൽ ഉള്ള. =ti'tious (-tish'us), *a.* —തീൎച്ചപ്പെട്ട.

I. Pad, *n.* ഊട്വഴി; പെരു—; 2. നടക്കുതിര; 3. പിടിച്ച്പറിക്കാരൻ, 4. പിടിച്ച്പറി, കവൎച്ച. p.-nag നടക്കുതിര. foot-p. പെരുവഴിക്കള്ളൻ. *v. i.* സാവധാനമായി യാത്രചെയ്യുക; 2. പിടിച്ച് പറിക്കുക; 3. നടന്ന് പെരുവഴിയാക്കുക.

II. Pad, *n.* തെരിക, ചെറുമെത്ത, ഉപധാനം, ചിററണ; 2. വെച്ചെഴുത്ത് (*N.*),

എഴുത്തണ; 3. മക്ഷിയൊപ്പണ; 4. കതിര വിരി, 'ജിനി'—; 5. കതിരക്കാൽത്തെരിക; 6. ആമ്പൽഇല, താമര—, ചെങ്ങഴിനീര്—; 7. അണ്ണാക്കം (*med.*); 8. മത്സ്യാളവ്. p.-cloth 'ജിൻ'വിരി. p.-tree 'ജിൻ'കട്ട. *v. t.* നിറക്കുക; 2. തെരികവെക്കുക, അണ—; 3. തുണിക്ക് കഞ്ഞിയിടുക. -'ding, *n.* മെത്തനിറക്കൽ; അണവെക്കൽ; നിറ, പൂരണം; നിസ്സാരവിവരണം; തുണിക്ക് കഞ്ഞിയിടൽ.

**Pad'dle** (pad'l), *v. i.* തഴകുക, തടവുക; 2. തുഴയുക. *v. t.* തലോടുക, തഴകുക; 2. തുഴക്കുക; 3. നടക്കുക, ചവിട്ടുക. *n.* തുഴ, ചുക്കാൻ, പങ്കായം (*S.*); 2. നാപ്പലക; 3. *pl.* വെള്ളച്ചക്രപ്പലക; 4. ചീപ്പ്, മഞ്ചപ്പലക; 5. തുഴക്കാല് (*z.*); 6. ചട്ടകം. p.-board വെള്ളച്ചക്രപ്പലക. p.-box (ചക്രത്തീക്കപ്പലിലെ) ചക്രക്കൂട്. p.-steamer ചക്രത്തീക്കപ്പല്. p.-wheel തീക്കപ്പൽചക്രം. pad'dlĕr, *n.* തുഴയുന്നവൻ, പങ്കായക്കാരൻ (*S.*).

I. **Pad'dock** (pad'ok), *n.* തവള, പേക്കൻ, പേക്കാന്തവള, മണ്ഡൂകം, ഭേകം (*z.*).

II. **Pad'dock** (pad'ok), *n.* കളിക്കളം; 2. പുല്പറമ്പ്, പുൽവളപ്പ്.

I. **Pad'dy**, *a.* താണ, നീചം ആയ; ആഭാസം—; 2. തുക്കിപ്പെറുക്കി—.

II. **Pad'dy**, *n.* (ഹാസ്യം), ഐല്ലാണ്ട്കാരൻ, ഐറിഷ്ക്കാരൻ.

III. **Pad'dy**, *n.* നെല്ല്, ധാന്യം (*b.*). p.-field, p.-flat നിലം, കണ്ടം, വയല്, പാടം (*S.*). [വക ചട്ടിവിളക്ക്.

**Pa-del'la, Pa-delle'** (-del'), *n.* ഒര്

**Padge** (paj), *n.* നത്ത് (*z.*).

**Pä-di'shä**, *n.* രാജാവ്, ചക്രവർത്തി; 2. തുക്കിസുല്ത്താൻ; 3. പാസിരാജാവ്.

**Pad'lock**, *n.* ആമപ്പൂട്ട്, പറങ്കിത്താഴ് (*S.*); 2. തടസ്ഥം, മുടക്കം. *v. t.* പൂട്ടുക, താഴിടുക; 2. തടസ്ഥംചെയ്യുക; 3. പൂട്ടിയിടുക.

**Pad'nag**, *n.*, *s.u.* Pad I. [കം (*z.*).

**Pad'ōw** (-ō), *n.* തവള, പേക്കൻ, ഭേ

**Pa-drō'ne**, *n.* രക്ഷാകൎത്താവ്; 2. തണ്ടേലൻ (*naut.*); 3. കൂലിമൂപ്പൻ.

**Pæ'an** (pē'an), *n.* കീൎത്തനം; 2. ഉല്ലാസപ്പാട്ട്; 3. നാലക്ഷരഗണം. [tism.

**Pæ-dō-bap'tism**, *n.*, *see* Pedobap-

**Pæ'on** (pē'on), *n.* നാലക്ഷരഗണം.

**Pā'gan**, *n.* വിഗ്രഹപൂജകൻ; 2. യൂദനോ ക്രിസ്ത്യാനിയോ മുഹമ്മദീയനോ അല്ലാത്തവൻ. *a.* വിഗ്രഹാരാധനസംബന്ധമായ; 2. —ചെയ്യുന്ന. -dom, *n.* ബിംബാൎച്ചകന്മാർ; വിഗ്രഹാരാധന; ബിംബാരാധകരാജ്യങ്ങൾ. -'ic, -'i-cal, *a.* ബിംബാരാധനസംബന്ധമായ. -ish, *a.* വിഗ്രഹസേവയുള്ള. -ism, -'i-ty, *n.* വിഗ്രഹാരാധന; ദേവതാഭക്തി; ബിംബാൎച്ചകത്വം. -īse, -īze, *v. t.* വിഗ്രഹാരാധനക്കാരനാക്കുക. *v. i.* ബിംബാൎച്ചകനായിരിക്കുക. -ly, *ad.* ദേവതാഭക്തിപ്രകാരം.

I. **Pāge**, *n.* ബാല്യക്കാരൻ, ഭൃത്യൻ, ചെറുക്കൻ (*S.*); 2. കോവിലകപ്പിള്ള, കലീനപരിചാരകൻ; 3. (സ്ത്രീകളുടെ ഉടുപ്പ് പൊക്കിക്കൂട്ടുന്ന) തെരുത്ത് സൂത്രം. -'hood, *a.* പരിചാരകത്വം.

II. **Pāge**, *n.* ഭാഗം, പുറം; 2. വിവരം, രേഖ, പുസ്തകം. *v. t.* ഭാഗങ്ങൾക്ക് അക്കമിടുക. pā'gi-nal, *a.* ഭാഗങ്ങളുള്ള. pā-gi-nā'tiŏn, *n.* ഭാഗങ്ങൾക്ക് അക്കമിടൽ; ഭാഗത്തിന്റെ അടയാളം; —അക്കം. pā'ging, *n.* ഭാഗത്തിന്ന് അക്കമിടൽ.

**Pag'eant** (paj'ent), *n.* നാടകം; 2. കാഴ്ച, കൂത്ത്; 'തമാശ', ആട്ടം. *a.* ആഡംബരം ആയ, കോലാഹലം—. *v. t.* കാണിക്കുക; 2. നടിക്കുക. -ean-try, *n.* 'തമാശ', കോലാഹലം; ആഡംബരം; വേഷം.

**Pa-gō'da, Pā'god**, *n.* ക്ഷേത്രം, അമ്പലം, കാവ്; 2. വിഗ്രഹം, പ്രതിമ; 3. വരാഹൻ, (അഞ്ചുകാൽ ഉറുപ്പിക വിലയുള്ള) ഒര് പൊൻ നാണ്യം. p.-stone ഒര് വക കച്ചിക്കല്ല്. pā'gō-dīte, *n.* —കച്ചിക്കല്ല്.

**Pāid**, *p. p. of* Pay. [പകവില്ല.

**Paī-deū'ties** (pī-dū'tiks), *n.* അദ്ധ്യാ

**Pai-jä'ma**, *n.*, *s. a.* Pyjama.

**Pāil**, *n.* തൊട്ടി, പാത്രം. milk-p. പാൽത്തൊട്ടി.

**Pail-lasse'** (pal-yas'), *n.* വൈക്കോൽകിടക്ക.

**Pāin**, *n.* ശിക്ഷ, ദണ്ഡനം; 2. വേദന, നൊമ്പരം (*S.*), നോവ്; 3. *pl.* പ്രസവവേദന, ഈററ്നോവ്, നൊമ്പലം (*N.*); 4. *pl.* അദ്ധ്വാനം, യത്നം: to take p.s അദ്ധ്വാനിക്കുക, ഉത്സാഹിക്കുക; 5. വ്യസനം, ദുഃഖം, വ്യഥ. p.s-taker ഉത്സാഹി. p.s-taking അദ്ധ്വാനിക്കുന്ന, ഉത്സാഹമുള്ള; ഉത്സാഹം, സൂക്ഷ്മം. p.s-worthy അദ്ധ്വാനിക്കത്തക്ക. bill of p.s and penalties പ്രത്യേകദണ്ഡനിയമം. *v. t.* വേദനപ്പെടുത്തുക, നൊമ്പലിക്കുക (*N.*); നൊമ്പരപ്പെടുത്തുക (*S.*); 2. വ്യസനിപ്പിക്കുക. -'ful, *a.* വേദനയുള്ള; വ്യസനകരമായ; അദ്ധ്വാനമേറിയ. -'ful-ly, *ad.* വ്യസനത്തോടെ. -'ful-ness, *n.* വരുത്തം (*S.*), പ്രയാസം. -'less, *n.* വേദനയില്ലാത്ത. -'less-ly, *ad.* വേദനയില്ലാതെ. -'less-ness, *n.* വേദനയില്ലായ്മ.

**Pāi'nim, Pā'nim, Pāy'nim**, *n.* ബിംബാച്ഛകൻ; 2. കള്ളമതക്കാരൻ; 3. നിദ്ദേവൻ; 4. അവിശ്വാസി.

**Pāint**, *v. t.* ചായം ഇടുക, —തേക്കുക; 2. നിറംകയററുക, —കൊടുക്കുക; 3. അലങ്കരിക്കുക; 4. ചിത്രംവരക്കുക, —എഴുതുക; 5. വണ്ണിക്കുക, തെളിയിച്ച് കാട്ടുക. *v. i.* ചിത്രംവരക്കുക; 2. മുഖമെഴുതുക. *n.* ചായം, 'റങ്ക്', വണ്ണം; 2. മുഖലേപനം. pāint'ed, *a.* ചായമിട്ട, വണ്ണം കയററിയ; വണ്ണശോഭയുള്ള. -'ẽr, *n.* ചായക്കാരൻ; ചിത്രമെഴുത്ത്കാരൻ. p.r's colic ഒര് വക പക്ഷവാതം (*med.*). p.r-stainer പദവിചിഹ്നശില്പി. -'ing, *n.* ചായമിടൽ; ചിത്രമെഴുത്ത്; ചിത്രം; വണ്ണം; വണ്ണനം. -'less, *a.* വണ്ണിപ്പാൻ കഴിയാത്ത.

**Pāir**, *n.* നിര: a p. of stairs ഒര് ഏണിപ്പടിനിര, കോവണി, പടിക്കെട്ട്; 2. ഇണ, ജോട്, കൂട്ടം, യുഗം, യുഗ്മം; 3. ഇരണ, ഇരട്ട, രണ്ട്, ഏറ്; 4. മിഥുനം, ഭാര്യാഭത്താക്കന്മാര്, ദമ്പതിമാര്; 5. രണ്ടംശം കൂടിയസാധനം: a p. of scissors ഒര് കത്തി; a p. of tongs —ചവണ; a p. of trousers —കാല്ക്കുപ്പായം, —'ഇജാറ്'; a p. of bellows —തുരുത്തി. p.-royal (ചീട്ട്കളിയിൽ) വെവ്വേറെ ജാതിയിൽ ഒരേ മാതിരി മൂന്ന് ചീട്ട്. double p.-royal — നാല് ചീട്ട്. *v. i.* ഇണ ചേരുക, —എടുക്കുക; 2. പററുക, കൊള്ളുക, ചേച്ചയായിരിക്കുക; 3. ഇണയിണയായി പിരിയുക. to p. off —പിരിയുക; ഉത്തിയിടുക, കൂച്ചാക. *v. t.* ജോടാക്കുക; തമ്മിൽ ചേക്കുക. -'ing, *n.* ഇണയിണയാക്കൽ. p.g-time ഇണചേരും കാലം.

***Pais*** (paē), *n.* ദേശം, അയല്പക്കക്കാര്. *per p.*, *in p.* 'ജൂരിമാര്' വിചാരണചെയ്യത്തക്ക കാര്യം (*l.*).

**Pal**, *n.* ചങ്ങാതി, കൂട്ടാളി; 2. കൂറുകാരൻ.

**Pal'ạce**, *n.* കോ(യി)വിലകം, അരമന, കൊട്ടാരം (*S.*), രാജധാനി, രാജമന്ദിരം; 2. അദ്ധ്യക്ഷാരമന; 3. മഹാമന്ദിരം. pa-lā'ti-al (-shi-al *or* -shal), *a.* അരമനസംബന്ധമായ; —പോലെയുള്ള; രാജകീയ; വിശിഷ്ടം ആയ, അതിശോഭനം—.

**Pal'a-din**, *n.* വീരൻ, മാടമ്പി.

**Pa'læ-o-, =og'ra-phẽr** *etc.*, *see* Paleo-, *etc.*

**Pa-læ-ti-ol'o-ġy** (-lē-shi-ol'o-), *n.* ഭൂവികാരവിദ്യ; 2. —ശാസ്ത്രം. -ġist, *n.* —ശാസ്ത്രജ്ഞൻ. =o-loġ'i-cal, *a.* —ശാസ്ത്രസംബന്ധമായ.

**Pal-an-quīn', Pal-an-kēen'** (-kōn'), *n.* പല്ലക്ക്, തണ്ട്, മേനാവ് (*S.*), ശിവികം, അന്തോളം.

**Pal'āte**, *n.* അണ്ണാക്ക്, താലു, മേൽവായ് (*S.*); 2. രുചി, സ്വാദ്; 3. രസം, ഇഷ്ടം. =a-ta-bil'i-ty, =a-ta-ble-ness, *n.* രുചി; രസം. =a-ta-ble, *a.* രുചികരമായ, സ്വാദുള്ള; ഇഷ്ടകരം ആയ, രസികം—. -a-ta-bly, *ad.* രുചികരമായി. =a-tal, =lat'ic, =a-tīne, *a.* താലുസംബന്ധമായ; താലവ്യം— (*gr.*). p.l bone, p.e bone അണ്ണാക്കെല്ല് (*an.*). =a-tal, *n.* താലവ്യാക്ഷരം, താലവ്യം (*gr.*). =a-tal-īṣe, =a-tal-īze, =a-tīṣe, =a-tīze, *v. t.* താലവ്യമാക്കുക (*gr.*). =lat'ic, *n.* താലവ്യം.

വ്യാക്ഷരം. =a-tīne, *n.* അണ്ണാക്കെല്ല് (*an.*). =a-ti-ṣā'tiōn, =a-ti-zā'tiōn, *n.* താലവ്യമാക്കൽ. =lā'tō, *pf.* താലുസംബന്ധമായ.

Pa-lā'ti-al (-shi-), *a.*, *s. u.* Palace.

Pal'a-tīne, *n.* രാജപ്രഭു. *a.* രാജമന്ദിരംസംബന്ധിച്ച; 2. കോവിലകകാൎയ്യസ്ഥനുള്ള; 3. രാജപദവിയുള്ള. =lat'i-nāte, *n.* രാജപ്രഭുത്വം; ഇടവാഴ്ച.

Pä-lä'vĕr, *n.* സല്ലാപം, വെടിപറയൽ, നേരമ്പോക്ക്; വ്യൎത്ഥഭാഷണം; 2. പുന്നാരം, മുഖസ്തുതി; 3. കൂടിയാലോചന. *v. t. & i.* വെടിപറയുക; 2. പുന്നാരിക്കുക, ചതിപറയുക; മുഖസ്തുതി—, വളത്തി—. -ĕr, *n.* വ്യൎത്ഥഭാഷകൻ; മുഖസ്തുതിക്കാരൻ.

I. Pāle, *a.* നിറംകറഞ്ഞ, രക്തപ്രസാദമില്ലാത്ത, വെളുവെളെ വെളുത്ത; വിളൎത്ത. 2. മങ്ങലായ; പ്രകാശംകുറഞ്ഞ, നിസ്തേജമായ. p. ale ഒര് വക 'ബീര്' മദ്യം. p. face വെളുമ്പൻ. p.-faced വാടിയ മുഖം ഉള്ള. p.-hearted ഭീരുത്വം—. *v. i.* വാട്ടുക, വിളൎക്കുക; 2. തേജസ്സില്ലാതാകുക. *v. t.* മങ്ങിക്കുക; ശോഭകറക്കുക. -'ly, *ad.* മങ്ങലായി. -'ness, *n.* വിളൎപ്പ്, നിസ്തേജസ്; മങ്ങല്. pā'-lish, *a.* ഏതാനും മങ്ങിയ; സാമാന്യം വിളൎത്ത.

II. Pāle, *n.* തറി, നാട്ട, അഴി, പത്തല് (*S.*); 2. വേലി; 3. അതിര്, അതൃത്തി; പ്രാന്ത്യം; 4. വളപ്പ്, പറമ്പ്, തൊടിക; 5. പ്രദേശം; 6. അധികാരം, ഭരണം; 7. വര; കര, പട്ട; 8. കരണ്ടി, കയില്. *v. t.* ചുററും അഴിയിടുക; വേലികെട്ടുക, വളച്ച്—. pāled (pāld), *a.* ചുററും വേലികെട്ടിയ. pā'ling, *n.* തറി, അഴി; വേലി; വളപ്പ്; അതൃത്തി. p.g board പുറവട്ട്, പൊറോട്ട്.

Pā'le-a, *n.* (*pl.* pā'le-æ, *pr.* -le-ē) പതിര്, ഉമി (*b.*); 2. കണ്ണചൎമ്മം, താട (*z.*). =le-ā'ceŏus (-ā'shus), *a.* ഉമിഉള്ള; പതിര്പോലെ—.

Pā'lē-o-, Pā'læ-o-, *pf.* പഴയ, പൂൎവ്വ, പുരാതന, പ്രാചീന. -bot'a-ny, -oph-y-tol'o-ġy (-of-i-), *n.* പ്രാചീനസ്ഥാവരശാസ്ത്രം, ശിലാ(ഭൂത)സ്ഥാവര—. -ġæ'an, *a.* പൂൎവ്വാൎദ്ധഗോളത്തിലുള്ള. -graph (-graf), *n.* പുരാതനലിപി, പ്രാചീനരേഖ. =og'ra-phĕr (-fĕr), =og'ra-phist (-fist), *n.* —രേഖാശാസ്ത്രജ്ഞൻ. -graph'ie, -graph'i-eal (-graf'i-), *a.* —രേഖാസംബന്ധമായ. =og'ra-phy (-fi), *n.* പുരാതനലിപി; പ്രാചീനരേഖാവലി; പുരാതനലിപിശാസ്ത്രം. -lith'ie, *a.* ശിലാശസ്ത്രകാലസംബന്ധമായ. =ol'o-ġist, *n.* പ്രാചീനവിഷയജ്ഞൻ. =ol'o-ġy, *n.* —ശാസ്ത്രം, —വിദ്യ. =on-tog'ra-phy (-fi), *n.* ശിലാ(ഭൂത)ദ്രവ്യശാസ്ത്രം. =on-tol'o-ġy, *n.* —വിദ്യ. =or-ni-thol'o-ġy, *n.* ശിലാ(ഭൂത)പക്ഷിശാസ്ത്രം. -teeh'nie, *a.* പ്രാചീനശില്പവിദ്യാസംബന്ധമായ. -zō'ie, *a.* പ്രാചീനപ്രാണിയുഗസംബന്ധമായ. *n.* —യുഗം. -zō-ol'o-ġy, *n.* —പ്രാണിശാസ്ത്രം.

Pa-lēs'tra, *n.* (*pl.* -lēs'træ) കളരി; 2. പയററ്, കളരിയഭ്യാസം. =lēs'tri-an, =lēs'trie, =lēs'tri-eal, *a.* കളരിസംബന്ധമായ; പയററ്—.

Pal'e-tōt (-tō), *n.* മേലങ്കി; 2. സ്ത്രീകളുടെ മേലുടുപ്പ്.

Pal'ette, Pal'let (pal'et), *n.* ചായപ്പലക, വൎണ്ണക്കിണ്ണം, മഷിപ്പലക. p.-knife ചായക്കത്തി. to set the p. ചിത്രം എഴുതുവാൻ ചായം തഴക്കുക.

Pa̤l'frey (-fri), *n.* 'സവാരി'ക്കുതിര, തട്ട്കുതിര; 2. സ്ത്രീകൾകയറുന്ന—. pa̤l'-freyed (-frid), *a.* തട്ട്കുതിരമേൽ കയറിയ.

Pa̤l'grāve, *n.*, *see* Palsgrave.

Pä'lī, *n.* പാലിഭാഷ, (ലങ്കാ ബൎമ്മാരാജ്യങ്ങളിൽ ബുദ്ധമതഗ്രന്ഥങ്ങൾ എഴുതിക്കാണുന്ന) ഒര് പുരാതന സംസ്കൃതപ്രാകൃതഭാഷ.

Pa-lil'ō-ġy, *n.* ആവൎത്തനാലങ്കാരം [(*rhet.*).

Pal'imp-sest, *n.* (ആദ്യത്തെ എഴുത്ത്) മായിച്ചെഴുതിയ തോല്ച്ചുരുള്.

Pal'in-drōme, *n.* അനുലോമവിലോമപദം, —വാക്യം, —ശ്ലോകം; മുരജബന്ധം.

Pā'ling, *n.*, *s. u.* Pale II.

**Pal-in-ġe-nē'ṣi-a,** =ġen'e-sis, =ġen'e-sy, *n.* പുനരപിജനനം, മറുജന്മം; 2. ജന്മാന്തരജീവനം; 3. പാരമ്പൎയ്യജന്മം (*biol.*). =net'ic, *a.* മറുജന്മസംബന്ധമായ. =net'i-cal-ly, *ad.* ജന്മാന്തരമായി.

**Pal'in-ōde,** *n.* പ്രതിഷേധകാവ്യം, നിഷേധ—; 2. നിഷേധം. =ō'di-al, *a.* പ്രതിഷേധസംബന്ധമായ.

*Pal-i-nū'rus,* *n.* സൂൎയ്യസ്ഥിതിപ്രദൎശകയന്ത്രം.

**Pal'i-sāde,** =sā'dō, *n.* അഴി, തറി; 2. അഴിക്കോട്ട; 3. വേലി. *v. t.* അഴിക്കോട്ട കെട്ടുക; വളച്ച്—. =sā'ding, *n.* അഴിനിര.

**Pal-is-san'dĕr,** *n.* ചുവന്നകില് (*b.*).

**Pal'is-sy wāre,** *n.* കൊത്ത് പിഞ്ഞാണപാത്രം.

**Pa̤l'kēe,** *n.* 'പല്ലക്ക്', തണ്ട്.

I. **Pa̤ll,** *n.* ഉള്പട്ടി, മേലാട; 2. വിചിത്രശീല; 3. കാപ്പ (*S.*), ചുമൽപട്ട (*R.C.*); 4. ശ്മശാനപടം; 5. പാനപാത്രമൂടി (*Chr.*). **p.-bearer** ശവവാഹകൻ.

II. **Pa̤ll,** *v. i.* ചപ്പയാക, രുചികെടുക; വീൎയ്യം—. *v. t.* ചപ്പയാക്കുക, രുചികെടുക്കുക; വീൎയ്യം—; 2. ചെടിപ്പ് വരുത്തുക, മടുപ്പ്—.

**Pāl-lā'di-um,** *n.* കുലദേവത; 2. രക്ഷ, ഭദ്രത. (*myth.*).

**Pal'las,** *n.* (യവന) സരസ്വതി

I. **Pal'let** (pal'et), *n.* വൈക്കോൽ കിടക്ക, കോസടി.

II. **Pal'let** (pal'et), *n.* (കുശവന്റെ) മമ്പലക; 2. ചായപ്പലക; 3. പൊൻപതിപ്പിരിമ്പ്; 4. മരത്തട്ട്; 5. പുരാതന വൈദ്യക്കിണ്ണം.

**Pal'li-āte,** *v. t.* മൂടുക, മറെക്കുക; 2. ഒഴികഴിവ് പറയുക; ലഘുവാക്കുക, ഘനംകുറെക്കുക; 3. രൂക്ഷത—, ശമിപ്പിക്കുക; തല്ക്കാലശമനം വരുത്തുക. =ā'tiŏn, *n.* ലഘുവാക്കൽ; ലാഘവം; ഒഴികഴിവ്; ഉപശമനം; മറവ്; മറുവേഷം. =a-tive, =a-tor-y, *a.* ശമനകരമായ; ലഘുവാക്കുന്ന. *n.* ശമകം; ശമനൌഷധം.

**Pal'lid,** *a.* നിറംകുറഞ്ഞ; 2. മഞ്ഞളായ; 3. വിളൎത്ത. -'i-ty, -ness, *n.* മഞ്ഞല്; വിളൎപ്പ്. -ly, *ad.* മഞ്ഞളായി, രക്തപ്രസാദമില്ലാതെ.

**Pal'li-um,** *n.* ഉള്പട്ട, മേലാട; 2. ചുമൽപ്പട്ട (*R. C.*).

**Pall-mall'** (pel-mel'), **Pail-mail'** (pel-mel'), **Pell-mell',** *n.* ഒര് വക പന്താട്ടം; 2. പന്തടിക്കോല്; 3. പന്തടിക്കളം.

**Pal'lŏr** (pal'ĕr), *n.* നിറക്കുറവ്, മഞ്ഞല്; 2. വിളൎപ്പ്.

I. **Pälm** (päm), *n.* ഉള്ളങ്കൈ, പാണിതലം; 2. കയ്യളവ്, (കതിരയളവ്) മൂന്നംഗുലം; 3. കലങ്കൊമ്പററം; 4. നങ്കൂരക്കൊക്ക്. *v. t.* പിടിക്കുക; കൈമറിക്കുക, 2. കയ്യടക്കം ചെയ്യുക; 3. (off) തോല്പിക്കുക, ചതിക്കുക; 4. ഉപായേന സാധിപ്പിക്കുക. **pal'mar, pal'ma-ry,** *a.* ഉള്ളങ്കൈസംബന്ധിച്ച, ഉള്ളങ്കൈക്ക് പററിയ (*an.*); കയ്യകലമുള്ള; ചിറക് സംബന്ധിച്ച (*z.*). **pal'ma-ry,** *a.* ബഹുമാനയോഗ്യതയുള്ള; വിശിഷ്ടം ആയ; പ്രാമുഖ്യം—. **pal'-māte, pal'māt-ed,** *a.* കയ്യാകൃതി ഉള്ള; കരതലാകാരം—(*b.*). ജാലപാദം—(*z.*). **pal'māte-ly,** *ad.* കരതലാകൃതിയായി. -'ĕr, *n.* ഉപായി, ചതിയൻ.

II. **Pälm** (päm), *n.* തൃണദ്രുമം, —രാജൻ, പന, തെങ്ങ് മുതലായ വൃക്ഷവൎഗ്ഗത്തിൽ പെട്ടമരം (*b.*); 2. കുരുത്തോല; 3. ജയചിഹ്നം, സന്തോഷ—. **p.-cabbage** (തെങ്ങ്, പന മുതലായവയുടെ) കരിമ്പ്. **p.-oil** അഫ്രിക്കത്തെങ്ങെണ്ണ; വെളിച്ചെണ്ണ, തേങ്ങയെണ്ണ. **P.-Sunday** നഗരപ്രവേശനദിനം; കുരുത്തോലപ്പെരുന്നാള് (*R. C.*). **p.-swift** ഏള, കാരേളക്കിളി (*z.*). **p.-toddy, p.-wine** കള്ള്. **areca-p.** കഴുങ്ങ്, ക്രമുകം (*b.*). **bastard sago-p.** ആനപ്പന, കണ്ണിപ്പന, ആൎയ്യപ്പന, ഈറമ്പന (*b.*). **cocoa-p.** തെങ്ങ്, കേരവൃക്ഷം (*b.*). **date-p.** ഈത്തപ്പന, ഖൎജ്ജൂരവൃക്ഷം (*b.*). **fan-p, talipot-p.** കുടപ്പന, താലവൃക്ഷം (*b.*). **palmyra-p.** കരിമ്പന, എഴുത്തോലപ്പന (*b.*). **oil-p.** അഫ്രിക്കത്തെങ്ങ് (*b.*). **sago-p.** സാഗൂനരിപ്പന (*b.*).

wild date-p. ഈന്ത്, കാട്ടീന്ത് (*b.*). pälmed (pämd), *a.* കരുത്തോല കയ്യിൽ പിടിച്ച; തെങ്ങുള്ള. pal-mā'ceŏus, *a.* പനസംബന്ധിച്ച;—പോലെയുള്ള. pal'-ma-cīte, *n.* ശിലാ(ഭൃത)താലം. -'ẽr, *n.* തീൎത്ഥയാത്രക്കാരൻ; ദേശാന്തരി pal-met'tō, *n.* അമേരിക്കയിലെ ചെറുപന (*b.*). pal-mif'ẽr-ŏus, *a.* കരുത്തോല പൂണ്ട. -'y, *a.* കരുത്തോല കയ്യിൽ പിടിച്ച; തെങ്ങുള്ള; തെങ്ങിൽനിന്നുണ്ടാകുന്ന; ഊൎജ്ജിതം ആയ, ശുഭം—, ഉന്നതം—, വിഭവം ഉള്ള, മഹിമ—.

Pal-ma-chris'ti (-kris'ti), Pälm'-christ (päm'krist), *n.* ആവണക്ക്, ചിററാമണക്ക് (*b.*). [മുള്ള (*b.*).

Pal-mat'i-fid, *a.* അൎദ്ധകരതലാകാര

Pal-mi-dac'ty-lēs, *n. pl.* ജാലപാദപക്ഷിവൎഗ്ഗം (*z.*). [(*z.*)

Pal'mi-grāde, *a.* കാലമത്തിനടക്കുന്ന

Pal'mi-ped, *a.* ജാലപാത്തായ (*z.*). *n.* ജാലപാദപക്ഷി, കടപ്പക്ഷി (*z.*). =peds, =mip'e-dēs, *n. pl.* ജാലപാദപക്ഷിവൎഗ്ഗം (*z.*).

Pal'mis-try, *n.* കൈനോക്കൽ, സാമുദ്രികാലക്ഷണവിദ്യ, സാമുദ്ര—, സാമുദ്രികം; 2. കയ്യടക്കം, കൈമറിപ്പ്. =tẽr, *n.* സാമുദ്രികൻ, സാമുദ്രജ്ഞൻ, കൈനോക്കി (ലക്ഷണം) പറയുന്നവൻ.

Pal-mȳ'ra, *n.* കരിമ്പന, എഴുത്തോലപ്പന, ആൎയ്യപ്പന, നീലക്കരിമ്പന (*b.*).

Palp, Pal'pus, *n.* (*pl.* pal'pī) സ്പൎശിനി, പ്രാണിമീശ (*z.*). palped (palpd), pal'pi-fẽr, =pig'ẽr-ŏus, *a.* സ്പൎശിനി ഉള്ള. -less, *a.* —ഇല്ലാത്ത.

Pal'pa-ble, *a.* തൊടാകുന്ന, തൊട്ടറിവാൻ കഴിവുള്ള; സ്പൎശഗോചരം ആയ; 2. സ്പഷ്ടം—, വ്യക്തം—, പ്രത്യക്ഷം—; 3. ഘനം—, സ്ഥൂലം—. -ness, =bil'i-ty, *n.* സ്പൎശഗോചരത്വം, സ്പൎശനീയത്വം. =bly, *ad.* തൊടത്തക്കവണ്ണം; സ്പഷ്ടമായി. =pā'tiŏn, *n.* സ്പൎശനം, തൊടൽ; രോഗിയെ തൊട്ട് പരിശോധിക്കൽ.

Pal'pe-bra, *n.* (*pl.* =bræ, *pr.* -brē) കൺപോള (*an.*). =bral, *a.* കൺപോള സംബന്ധിച്ച. =brāte, *a.* —ഉള്ള.

Pal'pi-tāte, *v. i.* (നെഞ്ഞ്) ഇടിക്കുക, തുടിക്കുക, മിടിക്കുക, കിഴെക്കുക, പതറുക. =tā'tiŏn, *n*, നെഞ്ഞിടിപ്പ്, ഹൃദയസ്ഫുരണം, കിഴെപ്പ്, പതപ്പ് (*med.*).

Pals'grāve, *n.* കോവിലകത്തിലെ സൎവ്വാധികാൎയ്യക്കാരനായ പ്രഭു. =gra-vine, *n.* —പ്രഭുപത്നി.

Pal'sy, *n.* പക്ഷവാതം (*med.*). Bell's p. മുഖവാതം. scrivener's p. വിരൽ—. shaking p. വിറവാതം, വിറ. *v. t.* പക്ഷവാതം പിടിപ്പിക്കുക; 2. ശക്തികെടുക്കുക, 3. പ്രവൃത്തിക്കാതാക്കുക. =si-cal, *a.* പക്ഷവാതം ഉള്ള. =sied (-zid), *a.* —പിടിച്ച.

Pal'tẽr, *v. i*, കപടം പ്രവൃത്തിക്കുക, കള്ളത്രാണം കാട്ടുക; തക്കിടിപറയുക, ഉപായം കാട്ടുക. -ẽr, *n.* കപടി, കപടക്കാരൻ. -ly, *ad.* നിസ്സാരമായി, ആഭാസമായി. =tri-ly, *ad.* നിസ്സാരമായി, സാരമില്ലാതെ. =tri-ness, *n.* നിസ്സാരത, ഹീനത്വം. =try, *a.* നീചം ആയ, അധമം—, വഷള്—; നിസ്സാരം—; നിന്ദ്യം—; സാരമില്ലാത്ത.

Pal-ū'dal, *a.* ചതുപ്പുനിലം സംബന്ധിച്ച; 2. കഴിനിലത്തിലുള്ള. p. fever മലമ്പനി, വിറപ്പനി. =ū-dī'na, *n.* (*pl.* =dī'næ) നമഞ്ഞി, നമച്ചി (*z.*). =dī'nal, *a.* കുളത്തിൽഉള്ള, കഴിനിലത്ത്—. =dine, =dōse, *a.* ചതുപ്പുനിലത്തിൽ—. =lū'dism, *n.* മലമ്പനി സംബന്ധിച്ചരോഗം (*med.*).

Pam'pas, *n.* (ദക്ഷിണാമേരിക്കയിലെ) അതിവിശാലമായ പുൽപ്രദേശം.

Pam'pẽr, *v.t.* കത്തിത്തീറുക; നിറെക്കുക; 2. സുഖഭോഗമായി ഭക്ഷണം കൊടുക്കുക; 3. അതിതുഷ്ടിവരുത്തുക; 4. അതിയായി പെരുമാറുക; 5. അതിലാളനം ചെയ്യുക. =pẽred (-pẽrd), *a.* സുഖഭോഗമായി വളൎന്ന; അതിലാളനം ഉള്ള; പോളിച്ച. =pẽred-ness, *n.* പോളിപ്പ്. -ẽr, *n.* കത്തിനിറക്കുന്നവൻ.

**Pam-pē'rō**, *n.* ദക്ഷിണാമേരിക്കയിലുള്ള പുൽപ്രദേശത്തിലെ ചെങ്കാററ്, —ചുഴലിക്കാററ്.

**Pam'phlet** (-flet), *n.* പുസ്തകം, രചന; 2. ചെറുപുസ്തകം; പ്രബന്ധം; ഉപന്യാസം. *v. i.* പ്രബന്ധം രചിക്കുക. =**phle-tēer'**, *n.* പ്രബന്ധകൻ; *v. i.* പ്രബന്ധം രചിക്കുക; —പ്രസിദ്ധപ്പെടുത്തുക.

I. **Pan**, *n.* നേരിയ പൊൻതകിട്; 2. —വെള്ളിത്തകിട്.

II. **Pan**, *n.* ഗോപാലകുലദേവത (*myth.*). **-dē'an**, *a.* —കുലദേവതാസംബന്ധമായ.

III. **Pan**, *n.* ചട്ടി, കുട്ടക, കലം; തട്ട്, താലം; ഓട്; 2. തലയോട്; 3. കുത (*carp.*); 4. അടിമണ്ണ്; 5. കുണ്ട് കളം; 6. (ചക്കിമുക്കിതോക്കിന്റെ) തട്ട്. **p.-cake** കലത്തപ്പം; ദോശ; ഓട്ടട. **flash in the p.**, *s. u.* **Flash** I. **to savour of the p.** ഉദ്യോഗപദേശമായിരിക്കുക. *v. t.* പൊന്ന് അരിക്കുക. *v. i.* (out) —അരിച്ചെടുക്കുക; 2. ഫലമാക, ആയ്തീരുക (*U. S.*). **-'ful**, *a.* ചട്ടിനിറയ, പാത്രത്തിൽ പിടിപ്പത്. **-'ni-kin**, *n.* ചെറുചട്ടി, കുട്ടക; ചെറുപാത്രം.

IV. **Pan, Pan'ta, Pan'tō**, *pf.* സർവ്വ, സമസ്ത, സകല, എല്ലാ.

**Pan-a-cē'a**, *n.* ഒര് ചെടി, —പച്ചമരുന്ന് (*b.*); 2. സർവ്വരോഗൌഷധം, സർവ്വൌഷധിചൂർണ്ണം, ത്രൈലോക്യചിന്താമണി; 3. ശമനം, ആശ്വാസം. =**cē'an**, *a.* സർവ്വരോഗാന്തകമായ.

**Pä-näche'** (pä-näsh'), *n.* ശിരസ്സൂപ്പട, തൊപ്പിപ്പീലിച്ചെണ്ട്.

**Pa-nä'da, Pa-nāde', Pa-nä'dō**, *n.* അപ്പക്കഞ്ഞി, അപ്പക്കുള്.

**Pan'a-ry, Pan'na-ry**, *a.* അപ്പംസംബന്ധിച്ച; 2. അപ്പപ്പണിക്കുള്ള. **p. fermentation** മാവ് പുളിപ്പിക്കൽ. *n.* അപ്പക്കൂട്, അപ്പപ്പുര.

**Pan-crā'ti-um** (-krā'shi-), *n.* മല്ലയുദ്ധം, —ക്രീഡ, മല്പിടിത്തം, പിടിത്തം, മുഷ്ടിയുദ്ധം, 'കുസ്തി'. =**crā'tian** (-shan), =**crā-ti-as'tic**, =**crat'ic**, =**crat'i-cal**, *a.* മുഷ്ടിയുദ്ധസംബന്ധമായ; മല്ലനായ; ശരീരാഭ്യാസസംബന്ധിച്ച. =**crā'ti-ast**, *n.* മുഷ്ടിയുദ്ധം ചെയ്യുന്നവൻ, കുസ്തിക്കാരൻ. =**tist**, *n.* മല്ലൻ, അഭ്യാസി. =**crat'ic**, *a.* വിവിധദൂരദർശകമായ (കുഴൽചില്ല്).

**Pan'crē-as**, *n.* കണ്ണായം, കണയം, ശ്വേതരസാശയം (*an.*). =**at'ic**, *a.* കണയം സംബന്ധിച്ച, കണയത്തിൽനിന്നുള്ള. **p.c juice** കണയരസം, ശ്വേത— (*phys.*). =**a-tin**, *n.* കണയരസാംശം (*phys.*).

**Pan'dal**, *n.* പന്തല്.

**Pan'dar, -ism**, *etc.*, *see* **Pander.**

**Pan'dect**, *n.* വിശ്വാസമുഷ്ടിഗ്രന്ഥം; 2. *pl.* റോമസാമ്രാജ്യനിയമസംഗ്രഹം.

**Pan-dem'ic**, *a.* സമസ്തജനവ്യാപകമായ. *n.* സമസ്തവ്യാപകവ്യാധി.

**Pan-de-mō'ni-um**, *n.* പിശാചമഹാസഭ; 2. ആഭാസസഭ; കലഹയോഗം; 3. —മന്ദിരം.

**Pan'dĕr, Pan'dar**, *n.* കൂട്ടിക്കൊടുക്കുന്നവൻ, കൂട്ടി (*N.*); 2. ദോഷസഹായി. *v. t.* കൂട്ടിക്കൊടുക്കുക. *v. i.* കൂട്ടിപ്രവൃത്തിചെയ്യുക. **-age**, *n.* കൂട്ടിക്കൊടുക്കൽ. **-ism**, *n.* കൂട്ടിപ്രവൃത്തി. **-ly**, *ad.* കൂട്ടിയായി. **-ŏus**, *a.* കൂട്ടിയായ; കൂട്ടിക്കുള്ള.

**Pan-dic'ū-lā-ted**, *a.* വിറങ്ങലിച്ച. =**lā'tiŏn**, *n.* വിറങ്ങലിപ്പ്.

**Pan'dit, Pun'dit**, *n.* പണ്ഡിതൻ, 'മുൻഷി'. [(*myth.*).

**Pan-dō'ra**, *n.* (യവന) തിലോത്തമ

**Pan'dōre, Pan'do-ran**, *n.* ഒര് കമ്പിവാദ്യം, ഒര് വക വീണ.

I. **Pāne**, *n.* ചുററികയുടെ ഇളന്തല.

II. **Pāne**, *n.* കള്ളി; കണ്ണ്, കളം; 2. അകശീല; 3. മുഖം; 4. കണ്ണാടിച്ചില്ല്, ചില്ല്. **pāned** (pānd), *a*, കള്ളിഉള്ള; മുഖം—; കണ്ണാടിച്ചില്ല് വെച്ച. **-'less**, *a.* —ഇല്ലാത്ത.

**Pan-e-ġyr'ic**, *n.* സ്തുതി, മംഗലപ്രസംഗം; വർണ്ണനം. =**ġyr'ic**, =**ġyr'i-cal**, *a.* മംഗലസ്തുതിയായ. =**ġyr'i-cal-ly**, *ad.* സ്തുതിവാക്യമായി. =**ġyr'ist**, *n.* വന്ദകൻ, വന്ദി, സ്തവകൻ, മംഗലപ്രസം

ഗി. pen'e-ġyr-īse,=ġyr-īze, *v. t.* പുകഴ്ത്തുക, ശ്ലാഘിക്കുക, അതിയായി സ്തുതിക്കുക, വാഴ്ത്തുക; പ്രശംസിക്കുക. *v. i.* മംഗലപ്രസംഗം ചെയ്യുക.

**Pan'el**, *n.* തളം, കള്ളി (*arch.*); 2. പഞ്ചായക്കാരുടെ പട്ടിക, 'ജൂരിമാര്' (*l.*); 3. പ്രതി, വിചാരണക്ക് നിൎത്തിയ കുററക്കാരൻ (*Scot. l.*); 4. 'ജീൻ'മെത്ത; 5. കണ്ണാടിപ്പലക (*carp.*); 6. (കല്ല്) ചെത്തിയഭാഗം; 7. ചിത്രപ്പലക; 8. പട്ട, കര. p.-game വേശ്യാഗൃഹചൌൎയ്യം. p.-house —ഗൃഹം. p.-saw കൈവാള്. p.-thief വേശ്യാഗൃഹചോരൻ. p.-work കണ്ണാടിപ്പലകപ്പണി. *v. t.* കള്ളികള്ളിയാക്കുക; 2. കണ്ണാടിപ്പലകവെക്കുക. -iṅg, -liṅg, *n.* കണ്ണാടിപ്പലകപ്പണി, ചട്ടംകൂട്ടൽ.

**Pan-eū'lō-ġism** (-ū'lō-), *n.* സമസ്തസ്തുതി.

**Paṅg**, *n.* അതിവേദന, പ്രാണ—, യാതന. -'ful, *a.* മഹാ വേദന ഉള്ള. -'less, *a.* വേദനയില്ലാത്ത.

**Pan-ġen'e-sis**, *n.* പരമ്പരാണുവാദം (*biol.*)) =et'ic, *a.* —വാദസംബന്ധമായ.

**Pan'gō-lin**, *n.* ഇത്തിൾപന്നി (*z.*).

I. **Pan'ic, Pan'i-cum, Pan'ic grass**, *n.* തിന, കമ്പ് (*b.*); 2. ചാമ (*b.*).

II. **Pan'ic**, *n.* നടുക്കം, കിടിലം, പെട്ടന്നുള്ള ഭീതി, മഹാഭയം, വൃഥാ—; പരിഭ്രമം, സംഭ്രമം; 2. വ്യൎത്ഥഭീതി. p.-stricken, p.-struck ഭ്രമം പിടിച്ച. *a.* പെട്ടന്നുള്ള, ആകസ്മികം ആയ; അകാരണം—.

**Pan'i-cle**, *n.* (പുഷ്പത്തിന്റെ) കുല. =cled (-kld), =nic'ū-lāte, =nic'ū-lā-ted, *a.* കുലകുലയായ.

**Pan'i-cum**, *n.*, *see* Panic I.

ᵖ **Pan-i-fi-cā'tiŏn**, *n.* അപ്പം ഉണ്ടാക്കൽ; 2. —ആകൽ. =niv'ō-rŏus, *a.* അപ്പം തിന്നുപജീവിക്കുന്ന; —നിത്യാഹാരമായ.

**Pan-nāde'**, *n.* കുതിരത്തുള്ളല്.

**Pan'nāge**, *n.* പന്നിത്തീന്; 2. പന്നിത്തീൻവാരം.

**Pan'na-ry**, *a.*, *see* Panary.

**Pan'nel**, *n.* കുതിര'ജീന്'; 2. ചട്ടിപ്പീരങ്കിവണ്ടി (*mil.*).

**Pan'ni-ĕr**, *n.* അപ്പക്കൊട്ട, അപ്പക്കൂട്ട; വട്ടി; 2. മിടച്ചൽപരിച; 3. 'മേട്ടി'; 4. (സ്ത്രീകളുടെ) ഉടുപ്പ്കമ്പി. =ĕred (-ĕrd), *a.* കൂട്ടച്ചുമക്കുന്ന.

**Pan'ni-kin**, *n.*, *s. u.* Pan III.

**Pan-ō-phō'bi-a** (-fō'bi-), *n.* സൎവ്വഭയരോഗം (*med.*).

**Pan'ō-ply**, *n.* രക്ഷായുധക്കൂട്ടം, സൎവ്വായുധവൎഗ്ഗം. =plied (-plid), *a.* പടച്ചട്ടധരിച്ച.

**Pan-op'ti-con**, *n.* ഒര് വക കാരാഗൃഹം; 2. കൌതുകശാല, കാഴ്ച—.

**Pan-ō-rä'ma**, *n.* സൎവ്വദിദൎശനം; 2. സമ്പൂൎണ്ണക്കാഴ്ച; പരിപൂൎണ്ണചിത്രം; 3. ചിത്രാവലി. =ram'ic,=ram'i-cal, *a.* സൎവ്വദിദൎശകം ആയ; സമ്പൂൎണ്ണക്കാഴ്ച സംബന്ധിച്ച. p.c view പരിദൎശനം.

**Pan'shŏn**, *n.* മരവി.

**Pan'so-phy** (-fi), *n.* സൎവ്വകലാജ്ഞാനം. =soph'i-cal (-sof'i-), *a.* —ജ്ഞാനമുള്ള.

**Pan'spĕr-my**, *n.* ബീജപ്രസരണവാദം (*biol.*). 2. ബീജോല്പാദന—, സ്വതോല്പാദനനിഷേധ— (*biol.*). =spĕr'-ma-tist, ='spĕr-mist, *n.* ബീജോല്പാദനവാദി. =spĕr'mic, *a.* —വാദസംബന്ധമായ. [ഷ്പം (*b.*).

**Pan'sy**, *n.* പലവൎണ്ണത്തിലുള്ള ഒര് പു

**Pant**, *v. i.* കിഴെക്കുക, കിതെക്കുക; 2. വാഞ്ഛിക്കുക, ആകാംക്ഷിക്കുക; 3. (നെഞ്ഞ്) ഇടിക്കുക, തെള്ളുക, കിട്ടുകിട്ടുക്കുക; 4. നെട്ടുവീൎപ്പിടുക. *v. t.* കിതെക്കുക; 2. കൊതിക്കുക. 3. കിതെപ്പ്, കിഴപ്പ്, നെഞ്ഞിടിപ്പ്. -'ĕr, *n.* കിതെക്കുന്നവൻ. -'iṅg, *n.* കിഴെപ്പ്; നെഞ്ഞിടിപ്പ്. *a.* കിഴെക്കുന്ന; അതിവാഞ്ഛയുള്ള. -'iṅg-ly, *ad.* കിതെപ്പോടെ; നെഞ്ഞിടിപ്പോടെ.

**Pan'ta-graph** (-graf), *n.*, *see* Panto-graph.

**Pan-tag′ru-el-ism**, *n.* (ഹാസ്യഭാഷ) വൈദ്യപ്രവൃത്തി, വയിച്ച്യം; 2. കോപ്പരാട്ടി, പിത്തളാട്ടം, തക്കിടി.

**Pan-ta-loon′**, *n.* കോമാളി, വിദൂഷകൻ, പുറാട്ട്കാരൻ; 2. *pl.* ഒര്വക കാല്ക്കുപ്പായം, 'പണ്ടലം'. =**let**, *n.* സ്ത്രീകളുടെ കാല്ചട്ട. -**ĕr-y**, *n.* കോമാളി; പുറാട്ട്; കാല്ക്കുപ്പായത്തുണി.

**Pan′ta-morph** (-morf), *n.* സമസ്തരൂപധാരി. =**mor′phic** (-fik), *a.* —ധാരിയായ, എല്ലാരൂപത്തിലും ഉള്ള.

**Pan′ta-scōpe**, *n.* സർവ്വഛായാലേഖനയന്ത്രം. =**scop′ic**, *a.* സമസ്തദർശകമായ; സർവ്വഛായാലേഖനം ചെയ്യുന്ന.

**Pan-tech′ni-con** (-tek′ni-), *n.* തൊഴിലുള്ളന്നശാല.

**Pan′thē-ism**, *n.* വിശ്വദേവതാവാദം; ബ്രഹ്മജ്ഞാനം; അദ്വൈതം, വേദാന്തം. =**ist**, *n.* വിശ്വദേവതാവാദി; അദ്വൈതക്കാരൻ, വേദാന്തി. =**is′tic**, =**is′ti-cal**, *a.* അദ്വൈതസംബന്ധമായ. =**is′ti-cal-ly**, *ad.* വേദാന്തമായി.

**Pan-thē-ol′ō-ġy**, *n.* സർവ്വമാർഗ്ഗദേവജ്ഞാനം; 2. ദേവവിദ്യാസമഷ്ടി. =**ġist**, *n.* സർവ്വമാർഗ്ഗദേവജ്ഞാനി.

**Pan′thē-on**, *n.* സർവ്വദേവമണ്ഡപം; 2. ദേവഗണം; 3. —ഗണവർണ്ണനം.

**Pan′thĕr**, *n.* പുള്ളിപ്പുലി, വേങ്ങാപ്പുലി (*z.*). -**ess**, *n.* പെൺപുള്ളിപ്പുലി (*z.*). -**ine**, *a.* പുള്ളിപ്പുലിപോലെയുള്ള.

**Pan′tīle**, *n.* ഒര്വക ഓട്.

**Pan-ti-soc′ra-cy**, *n.* സർവ്വജനാധിപത്യം. =**crat**, =**soc′ra-tist**, *n.* സർവ്വജനക്കോയ്മവാദി. =**crat′ic**, *a.*—സംബന്ധമായ.

**Pan-tŏ′fle, Pan′ta-ble, Pan-tŏ′ble**, *n.* ഒര്വക ചെരിപ്പ്, പാദരക്ഷ.

**Pan′tō-graph, Pan′ta-graph, Pen′ta-graph** (-graf), *n.* പടം പകൎക്കുന്ന സൂത്രം. =**graph′ic**, =**graph′i-cal**, *a.* പടംപകൎപ്പ്സൂത്രസംബന്ധമായ. =**graph′i-cal-ly**, *ad.* —സൂത്രപ്രകാരം. =**phy** (-fi), *n.* സാമാന്യവർണ്ണനം; ദർശനസമഷ്ടി.

**Pan-tol′ō-ġy**, *n.* സർവ്വകലാസംഹിത. =**log′i-cal**, *a.* —സംഹിതാസംബന്ധമായ. =**ġist**, *n.* സർവ്വകലാജ്ഞാനി; —സംഹിതകൎത്താവ്.

**Pan-tom′e-tĕr**, *n.* കോണമാത്ര.

**Pan′tō-mīme**, *n.* മൌനനാടകം, സംജ്ഞാ—; ആട്ടക്കളി, കഥകളി; 2. ആംഗ്യനാടകക്കാരൻ. =**mīme**, =**mim′ic**, -**mim′i-cal**, *a.* കഥകളി ആയ; —നാടകസംബന്ധം—; അഭിനയിക്കുന്ന. =**mim′i-cal-ly**, *ad.* മൌനനാടകമായി. =**mim-ist**, *n.* അഭിനയക്കാരൻ.

**Pan-toph′a-ġy** (-tof′a-), *n.* സർവ്വഗ്രാസത്വം. =**ġist**, *n.* സർവ്വഗ്രാസപ്രാണി. =**a-gŏus**, *a.* എല്ലാം തിന്നുന്ന, സമസ്തഭക്ഷകമായ.

**Pan-to-scop′ic**, *a.* കൂട്ട്കണ്ണടയായ, കൂട്ട്ചില്ലുള്ള. [ഉഗ്രാണം.

**Pan′try**, *n.* കലവറ, അഞ്ചാംപുര,

**Pan′ur-ġy**, സർവ്വനൈപുണ്യം. =**ur′ġic**, *n.* —നൈപുണ്യമുള്ള. [(*biol.*)

**Pan-zō′ism**, *n.* ജീവയോഗസഞ്ചയം

**Pap**, *n.* മുലക്കണ്ണ്; മുല, സ്തനം (*an.*); 2. ഉരുളക്കുന്ന്; 3. കഞ്ഞി, കുഴ്, 'പാപ്പ്'; 4. പക്കച്ചോറ്; 5. പഴക്കഴമ്പ്. **p.-boat** കഞ്ഞിത്താലം. *v. t.* കഞ്ഞികൊടുക്കുക, തീററുക. **pap′py**, *a.* കുഴ്പോലെഉള്ള; പതം—, മൃദുവായ; കഴമ്പുള്ള.

**Pa-pä′** (*contr.* pä), *n.* (കുട്ടിഭാഷ) അച്ഛൻ, അപ്പൻ (*S.*); 2. ഗ്രേക്കസഭാബോധകൻ.

**Pā′pa-cy, Pā′pal**, *etc.*, *s. u.* **Pope.**

**Pa-pav′ĕr**, *n.* അവീൻചെടിവൎഗ്ഗം (*b.*). -**ā′ceŏus** (-shus), *a.* —വൎഗ്ഗത്തിൽ പെട്ട. -**ine**, *n.* ഒര്വക അവീൻസത്ത് (*ch.*). -**ŏus**, *a.* അവീൻചെടിയുടെ, —ചെടിസംബന്ധമായ.

**Pa-paw′, Paw-paw′**, *n.* 'പപ്പായം', 'കമ്മൂസ്', കപ്പളം, കപ്പളങ്ങ (*b.*).

**Pā′pĕr**, *n.* കടലാസ്; 2. ഒര്പായി കടലാസ്; ഏട്, താള്, പത്രം; 3. രേഖ, എഴുത്ത്, പ്രബന്ധം; 4. വൎത്തമാനക്കടലാസ്, പത്രിക; 5. ഉണ്ടിക, ദ്രവ്യപത്രം

(*com.*); 6. ചുവക്കടലാസ് ; ചിത്രക്കടലാസ് ; 7. പൊതി, കെട്ട്: a p. of pins ഒര് പൊതി മൊട്ട് സൂചി; 8. പത്തി, 'പൊൿട്ടീസ്' കടലാസ്. p.-blockade നിഷ്ഫലനിരോധം. p.-credit ഉണ്ടികക്കടം. p.-currency പത്രനാണ്യം, 'നോട്ട്'. p.-hanger ചുവക്കടലാസ് പതിക്കുന്നവൻ. p.-hangings ചുവക്കടലാസ്. p.-house സൌജന്യാരങ്ങ്. p.-knife കടലാസ് (മുറിക്കുന്ന) കത്തി. p.-maker കടലാസുണ്ടാക്കുന്നവൻ. p.-mill കടലാസുണ്ടാക്കുന്ന യന്ത്രം, —യന്ത്രശാല. p.-money പത്രനാണ്യം, നാണ്യപത്രം, 'നോട്ട്'. p.-stainer ചുവക്കടലാസുണ്ടാക്കുന്നവൻ. p.-weight പത്രഭാരം, —രക്ഷ, മുട്ടി, ഘനം. business-p. 'അവാല', 'നോട്ട്', 'ചെക്ക്', ഖ്യപത്രം. fly-p. പശക്കടലാസ്. laid-p. വരക്കടലാസ്. parchment-p. മെഴുക്കടലാസ്. stamp-p. മുദ്രക്കടലാസ്, മുദ്രപത്രം, —സാധനം. tissue-p. നേർമ്മക്കടലാസ്, ചിത്രരക്ഷക്കടലാസ്. wall-p. ചുവക്കടലാസ്, ചിത്രക്കടലാസ്. waste-p. 'കരട്'കടലാസ്. waste-p. basket കരട്കൊട്ട. wove-p. 'സാദ'ക്കടലാസ്. *a.* പത്രസംബന്ധമായ; കടലാസ് കൊണ്ടുണ്ടാക്കിയ; പത്രതുല്യമായ; കടലാസിൽമാത്രം ഉള്ള, പേരിന്നുള്ള, നാമമാത്രമായ: p.-appointment മിത്ഥ്യാനിശ്ചയം, ആവശ്യ—; p.-army മിത്ഥ്യാസൈന്യം. *v. t.* ചുമരിന്ന് കടലാസ് പതിക്കുക, ചുമര് പൊതിയുക; 2. കടലാസിൽ—. -y, *a.* പത്രതുല്യം ആയ, അതിനേർമ്മ—. pap-e-terie′ (-trē′), *n.* എഴുത്ത്പെട്ടി.

Pap′ier-mä-che (pap′yā-mä-shā), *n.* (കടലാസും ശോണ്ണും കൂട്ടിയുണ്ടാക്കുന്ന) ഒര് കൂട്ട്.

Pa-pil′i-ō, *n.* ഒര് വക ചിത്രശലഭം, പാപ്പാത്തി (*z.*). =ō′nēs, *n. pl.* ചിത്രശലഭവർഗ്ഗം (*z.*), -nā′ceous (-nā′shus), *a.* പാപ്പാത്തി പോലെയുള്ള. =on′i-dēs, *n. pl.* പാപ്പാത്തി, ഓണപ്പക്ഷി, ചിത്രശലഭം (*z.*).

Pa-pil′la, *n.* (*pl.* pa-pil′læ) ചെറുപിണ്ഡം; അരിമ്പ്, തരി. pap′il-lar, pap′il-lar-y, pap′il-lāte, pap′il-lōse, pap′il-lŏus, *a.* പിണ്ഡസംബന്ധമായ; ചെറുപിണ്ഡമുള്ള; പിണ്ഡതുല്യമായ; അരിമ്പരിമ്പായ; മുലക്കണ്ണ്പോലെയുള്ള. pap′il-lāte, *v. t. & i.* തരിതരിയായിരിക്കുക; അരിമ്പ് നിറയുക; പിണ്ഡാകൃതിയാക. =pil′li-form, *a.* പിണ്ഡാകൃതിയായ; മുലക്കണ്ണ്പോലെയുള്ള. =lō′ma, *n.* (*pl.* =pil-lō′ma-ta) അരിമ്പാറ; പാലുണ്ണി; തഴമ്പ്; ആണി (*med.*). =lō′-ma-tŏus, *a.* ആണി ഉള്ള; അരിമ്പാറ— (*med.*).

Pap′il-lōte, *n.* മുടിച്ചുരുൾകടലാസ്.

Pā′pist, Pā′pism, *etc.*, *s. u.* Pope.

Pap′pus, *n.* മുള്ള്, രോമം, ഓക്ക, ഓക (*b.*). =′pŏus, =pōse, *a.* രോമമുള്ള (*b.*).

Pap′ū-la (*pl.* pap′ū-læ), Pap′ūle (*pl.* pap′ū-lēs), *n.* മുഖക്കുരു, മുഖക്കുരു (*med.*). 2. ആണി. =lar, *a.* മുഖക്കുരു ഉള്ള; ആണി ആയ. =lōse, =lŏus, *a.* —ഉള്ള; ഓക്ക—.

Pa-pyr′o-graph (-graf), *n.* പെരുക്കപ്പകർപ്പ് യന്ത്രം. =gra-phy (-fi), *n.* —സൂത്രം. =graph′ic (-graf′ik), *a.* —സൂത്രസംബന്ധമായ.

Pa-pȳ′rus, *n.* (*pl.* pa-pȳ′rī) ഒര് വക ഞാങ്ങണ, പെരുങ്കോരപ്പുല്ല് (*b.*); 2. ഞാങ്ങണപ്പുല്ല് കൊണ്ട് പുരാതനകാലത്ത് ഉണ്ടാക്കിയ കടലാസ്, പുല്ക്കടലാസ്; 3. ഒര് വക അലേഖം; 4. *pl.* പുല്ക്കടലാസ് ഗ്രന്ഥം, പുല്ലുരുൾഗ്രന്ഥം. pap-y-rā′ceŏus (-rā′shus), =pyr′e-an, പുല്ക്കടലാസ് കൊണ്ടുണ്ടാക്കിയ; കടലാസ്പോലെയുള്ള. pap′y-rine, *n.* ഒര് വക ചർമ്മക്കടലാസ്.

I. Pär, *prep.* —ആൽ, —കൊണ്ട്; 2. —ഓട്കൂട: p. excellence വിശേഷം കൊണ്ട്.

II. Pär, *n.* തുല്യവില, ശരി—, കൃത്യ—, ഒത്ത—; 2. തുല്യത, സമത്വം. p. value പേര് വില. at p. തനിവിലക്ക്. above p. 'ജാസ്തി'—. below p. 'കമ്മി'—. on a p. തുല്യം, സമം, ഒപ്പം. p. of exchange അന്യനാണ്യമാററവില.

**Par'a**, *pf.* അടുത്തടുത്ത്; 2. എതിരായി, എതിർ, അഭി, വി.

**Par'a-ble**, *n.* ഉപമ, സാമ്യം, ദൃഷ്ടാന്തം. *v. t.* ഉപമയായി പറയുക. =**bol'ic**, =**bol'i-cal**, *a.* ഉപമത്തായ; ഉപമഭാഷ—. =**bol'i-cal-ly**, *ad.* സാമ്യമായി; =**rab'ō-list**, *n.* ഉപമഭാഷക്കാരൻ. **pa-rab'ō-lē**, *n.* ഉപമാലങ്കാരം (*rhet.*).

**Pa-rab'ō-la**, *n.* അനുവൃത്തം, വക്രഭാഗം; കൂടഭാഗം (*geom.*). **par-a-bol'ic**, **par-a-bol'i-cal**, *a.* അനുവൃത്താകാരം ആയ; കൂടഭാഗസംബന്ധം—. **par-a-bol'i-cal-ly**, *ad.* അനുവൃത്തമായി. **par-a-bol'i-form**, *a.* കൂടഭാഗാകൃതിയായ.

**Pa-rab'ō-lē**, *n.*, *s. u.* **Parable.**

**Par-a-cen-tē'sis**, *n.* കത്തിനീര് കളയൽ (*med.*).

**Par-a-cen'tric**, =**tri-cal**, *a.* അക്രമവൃത്തമായ.

**Pa-rach'rō-nism** (-rak'rō-), *n.* കാലഗണനപ്പിഴ.

**Par'a-chute** (-shut), *n.* ഛത്രയന്ത്രം; 2. പാദബന്ധചർമ്മം (*z.*).

**Par'a-clēte** (-klēt), *n.* പക്ഷവാദി; ആശ്വാസപ്രദൻ, പരിശുദ്ധാത്മാവ് (*Bl.*).

**Pa-rāde'**, *n.* യുദ്ധാഭ്യാസകളം; 2. ആയുധാഭ്യാസം, 'കവാത്ത്' (*mil.*); 3. ആഡംബരം, മോടി, കോലാഹലം, ഡംഭ്; 4. അണി, നിര; കാഴ്ച; 5. കാവല്; സൂക്ഷ്മം; 6. നട, ഉദ്യാനം. **p. rest** അണിവിശ്രാമം (*mil.*). *v. t.* ആഡംബരം കാണിക്കുക, മോടികാട്ടുക; 2. അണിനിരത്തുക; 'കവാത്ത്'എടുപ്പിക്കുക (*mil.*). *v. i.* മോടിയായി നടക്കുക, 'വടായി'കാട്ടുക; 2. 'കവാത്ത്' ചെയ്യുക; അണിനിരക്കുക (*mil.*).

**Pa'ra-digm** (-dim), *n.* ദൃഷ്ടാന്തം, മാതൃക; നിദർശനം; 2. വിഭക്തിരൂപം; ക്രിയാമാല, ധാതുരൂപദർശനം (*gr.*); 3. നിദർശനാലങ്കാരം (*rhet.*). =**dig-mat'ic**, =**dig-mat'i-cal**, *a.* മാതൃക ആയ, നിദർശനീയം—. =**dig-mat'ic**, *n.* ദൈവഭക്തചരിത്രരചകൻ (*eccl.*).

**Par'a-dīse** (-dīs), *n.* 'ഏദൻ'തോട്ടം, 'പരദീസ്' (*Bl.*); 2. സിദ്ധവസതി; 3. മോക്ഷം, സ്വർഗ്ഗം; കൈവല്യം; സ്വർല്ലോകം, ദേവലോകം; 4. നടുമിററം (*arch.*). **fool's p.** വിഡ്ഢ്യാസുരതം. **grains of p.** ഏലത്തരി (*b.*). **p.-bird, bird of p.** വളരെ ഭംഗിയുള്ള ഒര് പക്ഷി (*z.*). *v. t.* ഭാഗ്യമോഹം ജനിപ്പിക്കുക; 2. പാരവശ്യം—; 3. മോഹിപ്പിക്കുക. =**di-sā'ic**, =**di-sā'i-cal**, =**dī-sal**, =**dis'e-an**, **di-sī'ac**, **di-sī'a-cal**, =**dis'i-al**, =**dis'i-an**, =**dis'ic**, =**dis'i-cal**, *a.* 'പരദീസ്'സംബന്ധമായ; മോക്ഷ—; 'പരദീസി'ലുള്ള; 'പരദീസ്' തുല്യമായ.

**Par'a-dox**, *n.* അസത്യാഭാസം, വിപരീതം (*rhet.*); 2. വിപരീതാഭിപ്രായം, വിപരീതോപദേശം; വിപരീതസത്യം, വക്ര—. =**dox'al**, =**dox'i-cal**, *a.* വിപരീതമായ; വിപരീതാഭിപ്രായമുള്ള. =**dox'i-cal-ly**, *ad.* വിപരീതമായി. =**dox'i-cal-ness**, *n.* വൈപരീത്യം. =**dox-ēr**, =**dox-ist**, *n.* അസത്യാഭാസക്കാരൻ. =**dox-y**, *n.* അസത്യാഭാസം; അസത്യാഭാസത്വം.

**Par'af-fin**, =**fine** (-a-fin *or* -a-fēn), *n.* മണ്ണെണ്ണസത്ത് (*ch.*).

**Par'age**, *n.* സ്ഥിതിതുല്യത; 2. അവകാശ--; 3. ബന്ധുവർഗ്ഗം.

**Par-a-gen'e-sis**, *n.* ധാതൂദ്ഭവോല്പത്തിശാസ്ത്രം (*min.*). =**gen'ic**, *a.* ജന്മനാലുള്ള, സഹജന്യമായ (*biol.*).

**Par-a-gō'gē**, =**gō'gy**, *n.* അന്ത്യാദേശം(*gr.*). =**gog'ic**, =**gog'i-cal**, *a.* അന്ത്യാദേശമായ; പദാന്ത്യത്തിൽ ചേർത്ത.

**Par'a-gon**, *n.* കൃച്ച്, ഉത്തി; തുല്യൻ; ചങ്ങാതി; 2. സ്പർദ്ധ, പോര്; 3. മാതൃക, ഉത്തമമാതൃക, അതുല്യ—; ശിരോമണി; 4. ഒര് വക ആണിയക്ഷരം (*print.*). *v. t.* തുല്യം ആയിരിക്കുക, വിശിഷ്ടം—. *v. i.* കൃച്ച്—.

**Par'a-gram**, *n.* ഇരട്ടപൊരുൾമൊഴി, പദവിലാസം. =**gram'ma-tist**, *n.* പദവിലാസി.

**Par'a-graph** (-graf), *n.* ¶ എന്ന സൂചകചിഹ്നം; 2. ഖണ്ഡം, പരിച്ഛേദം, വകുപ്പ്; 3. പ്രസ്താവം, പ്രകരണം. *v. t.* വകുപ്പ് വകുപ്പായി ഭാഗിക്കുക; 2. സൂചകാടയാളം ഇടുക; 3. ചുരുക്കമായി പ്രസ്താവിക്കുക. =**graph-ĕr**, =**graph-ist**, *n.* പ്രകരണരചകൻ. =**graph'ic**, =**graph'i-cal**, *a.* വകുപ്പ് വകുപ്പായ; വകുപ്പുകളുള്ള. =**graph'i-cal-ly**, *ad.* വകുപ്പ് വകുപ്പായി.

**Par-a-leip'sis**, =**lep'sis**, =**lep'sy**, =**lip'sis**, *n.* നാട്യലോപാലങ്കാരം (*rhet.*).

**Pa-rā'li-an**, *n.* സമുദ്രതീരവാസി.

**Par-a-li-pom'e-non**, *n. pl.* നാളാഗമപ്പുസ്തകങ്ങൾ (*Bl.*)

**Par'al-lax**, *n.* ദൃഗ്ലംബനം (*opt.*); 2. ദർശനസ്ഥിതിവ്യത്യാസം; 3. സ്ഥിതിഭേദം, ലംബനം (*as.*). **annual p.** വർഷലംബനം (*as.*). **binocular p., optical p.** ദൃഷ്ടി—. **diurnal p., geocentric p.** ദിന—. **stellar p.** നക്ഷത്ര— (*as.*). =**lac'tic**, **lac'ti-cal**, *a.* ലംബനസംബന്ധമായ.

**Par'al-lel**, *a.* സമാന്തരമായ, തമ്മിൽ തമ്മിൽ ഒരേ അകലച്ചയിൽ ഉള്ള; 2. (to, with) ഏകതാല്പര്യം—; ഒരേപ്രകാരം—; യോജിപ്പായ; 3. പോലെ ഉള്ള, സമംആയ, തുല്യം—, ഒത്ത. **p. bar** സമാന്തരദണ്ഡ്, 'ബാറ്'. *n.* സമാന്തരരേഖ (*geom.*); 2. തുല്യഗതി; 3. തുല്യത, സമത്വം; 4. തുല്യപരീക്ഷ, ഒപ്പിച്ച് നോക്കൽ; 5. പ്രതിബിംബം, പ്രതിച്ഛായ; 6. അകലപ്പടി, അക്ഷരരേഖ (*geog.*); 7. വാട (*mil.*); 8. ‖ എന്ന സൂചകചിഹ്നം (*print.*). **p. of latitude** അക്ഷരേഖ (*geog.*). *v. t.* സമാന്തരം ആക്കുക, സമദൂരം—; 2. അനുസാരം—; 3. തുല്യം—, ഒപ്പിക്കുക. -**a-ble**, *a.* തുല്യമാക്കാകുന്ന. -**ism**, *n.* സമാന്തരം, ദൂരതുല്യത; തുല്യത, സമത്വം; തുല്യപ്രസ്താവന. -**is'tic**, *a.* തുല്യതയുള്ള; തുല്യപ്രസ്താവനയായ. -**īse**, -**īze**, *v. t.* സമാന്തരം ആക്കുക; തുല്യം—. -**less**, *a.* അതുല്യമായ. -**ly**, *ad.* സമാന്തരമായി. =**lel'ō-gram**, *n.* സമാന്തരചതുർഭുജം, സമാന്തരക്ഷേത്രം (*geom.*); ദീർഘചതുരശ്രം (*geom.*). -**ō-gram-mat'ic**, -**ō-gram'-mic**, -**ō-gram'mi-cal**, സമാന്തരക്ഷേത്രസംബന്ധമായ; —ലക്ഷണമുള്ള. -**ō-pī'ped**, -**ō-pīp'e-don**, *n.* ദീർഘചതുരക്കട്ടി, ഷൺമുഖസമാന്തരപിണ്ഡം, സമാന്തരഘാതം (*geom.*).

**Pa-ral'ō-ġy**, =**ō-ġism**, *n.* അബദ്ധന്യായം (*log.*). =**log'i-cal**, *a.* —ന്യായമായ. =**ġīse**, =**ġīze**, *v. t.* —ന്യായമായി വാദിക്കുക; അബദ്ധമായി അനുമാനിക്കുക.

**Par'a-lȳse**, =**lȳze**, *v. t.* വാതം പിടിപ്പിക്കുക, പക്ഷവാതം—; സ്തംഭിപ്പിക്കുക, തരിപ്പിക്കുക, മരവിപ്പിക്കുക; 2. ചൈതന്യംകെടുക്കുക, ശക്തിക്ഷയം വരുത്തുക, ബലമില്ലാതാക്കുക; നിഷ്ഫലമാക്കുക. =**ral'-y-sis**, *n.* പക്ഷവാതം, വാതം, പക്ഷാഘാതം (*med.*); 2. സ്തംഭനം, തരിപ്പ്, മരവിക്കൽ: 3. ചൈതന്യക്ഷയം. =**lyt'ic**, =**lyt'i-cal**, *a.* പക്ഷവാതം പിടിപെട്ട, വാതംപിടിച്ച; പക്ഷവാതസംബന്ധം ആയ; —തുല്യം—; —ഹേതുകം—. =**lyt'ic**, *n.* പക്ഷവാതംപിടിച്ചവൻ, പക്ഷവാതരോഗി. =**lȳ-sā'tiŏn**, =**lȳ-zā'tiŏn**, *n.* പക്ഷവാതം പിടിപ്പിക്കൽ; —പിടിക്കൽ; —പിടിച്ചസ്ഥിതി.

**Par-a-mag-net'ic**, *a.* അയസ്കാന്തശക്തിയുള്ള. *n.* അയസ്കാന്തം, കാന്തം, കാന്തക്കല്ല്. =**i-cal-ly**, *ad.* കാന്തഗുണത്തോട്കൂടി. =**mag'ne-tism**, *n.* കാന്തശക്തി.

**Par-a-mat'ta**, *n.* ഒരു വക നേർമ്മക്കമ്പിളിത്തുണി.

**Par'a-ment**, *n.* (*pl.*) രാജമന്ദിരശൃംഗാരം; 2. വിശിഷ്ടചമയം. **chamber of p.s** രാജമന്ത്രശാല. =**men'tō**, *n.* അലങ്കാരം, ശൃംഗാരം.

**Par-a-mi-og'ra-phĕr** (-fĕr), *n.* പഴഞ്ചൊല്ല് ചേർത്ത് വെക്കുന്നവൻ; സുഭാഷിതരചകൻ.

**Par-a-mor'phism** (-fizm), *n.* ധാതുഭേദപരിണാമം (*min.*). =**mor'phŏus** (-fus), *a.* —പരിണാമസംബന്ധമായ; —പരിണാമലക്ഷണമുള്ള.

**Par'a-mount**, *a.* ഉന്നതം ആയ, അതിശ്രേഷ്ഠം—, പ്രധാനം—, പ്രാമുഖ്യതയു

ള: lady p. ധനമുള്ളപ്രവീണ. lord p. സാമ്രാട്ട്, അധീശൻ, രാജാവ്. *n.* ശ്രേഷ്ഠൻ, സൎവ്വാധീശൻ, പ്രവരൻ. -ly, *ad.* പ്രാമുഖ്യമായി.

**Par'a-möur** (-mụr), ജാരൻ, പരപുരുഷൻ, രഹസ്യക്കാരൻ, വിശ്വാസക്കാരൻ; 2. ജാര, പരസ്ത്രീ, രഹസ്യക്കാരത്തി; വിശ്വാസക്കാരത്തി; വെപ്പാട്ടി.

**Par-a-noi'a**, *n.* ചിത്തഭ്രമം, ഭ്രാന്ത്, പിച്ച് (*med.*).

**Par'a-nymph** (-nimf), *n.* ചങ്ങാതി (*N.*), തോഴമക്കാരൻ (*S.*); 2. തോഴി; 3. സഖി, കൂട്ടാളി. =**nym'phal** (-fal), *a.* വിവാഹസംബന്ധമായ.

**Par'a-pegm** (-pem), *n.* താമ്രശാസനം.

**Par'a-pet**, *n.* ആള്മറ, അരച്ചുമര്, പ്രാകാരം; 2. കൊത്തളം, തിണ്ട്. -**ed**, *a.* ആള്മറയുള്ള.

**Par'aph** (-af), *n.* ഒപ്പ്വലി, ഒപ്പ്ചുറ, ഒപ്പ്ശൃംഗാരം. *v. t.* വലിക്കുട്ടുക, ചുറ—, ചുരുക്കൊപ്പിടുക.

**Par-a-phĕr'na** (-fĕr'na), *n. pl.* സ്ത്രീസ്വത്ത്. =**phĕr'nal**, *a.* സ്ത്രീസ്വത്ത് സംബന്ധിച്ച. =**nā'li-a**, *n. pl.* സ്ത്രീധനമല്ലാത്ത സ്ത്രീസ്വത്ത്; പുടവ(വ); മെയ്യാഭരണം; അലങ്കാരം, ഭൂഷണം; കോപ്പ്.

**Par-a-phi-mō'sis** (-fi-), *n.* അഗ്രചൎമ്മകൂച്ചം (*med.*).

**Par'a-phrāse** (-frāz), *n.* പരിഭാഷ, ഭാവാൎത്ഥം, താല്പൎയ്യം; ടീക്ക, വ്യാഖ്യാനം, വിവരണം; കുളകം. *v. t.* അൎത്ഥംപറയുക, വ്യാഖ്യാനിക്കുക; വിവരിക്കുക; *v. i.* പരിഭാഷയായി പറയുക. =**phrā-sĕr**, =**phrā'si-an**, =**phrast** (-frast), *n.* വ്യാഖ്യാനി, പരിഭാഷകൻ. =**phras'tic**, =**phras'ti-cal**, *a.* പരിഭാഷ ആയ, വ്യാഖ്യാനം—. =**phras'ti-cal-ly**, *ad.* ടീക്കയായി, അൎത്ഥമായി. [വാതം (*med.*).

**Par-a-plē'gi-a**, ='**a-plē-gy**, *n.* ഊരു

**Par'a-quet** (-ket), =**quī'to** (kē'to), *n.*, *see* Parrakeet. [തം.

**Par'a-sang**, *n.* (പാൎസി)യോജന, കാ

**Par-a-scē'ni-um**, *n.* (*pl.* -scē'ni-a) അണിയറ.

**Par-a-schē-mat'ic**, *a.* പദരൂപസംബന്ധമായ.

**Par-a-se-lē'nē**, *n.* (*pl.* =lē'næ) മിത്ഥ്യാചന്ദ്രൻ, പരിവേഷ—, പ്രതിബിംബ—.

**Par'a-sīte**, *n.* പരാന്നഭുക്ക്, ആരാന്റെറത് തിന്നി; വിടൻ; മുഖസ്തുതിക്കാരൻ; പാദപൂജകൻ, കോണംതിരുമ്പി; 2. ഇത്തിക്കണ്ണി, പുല്ലുണ്ണി (*b.*); 3. കമില് (*b.*); 4. പരോപജീവി, പരജീവിപ്രാണി; പേന്, ചെള്ളുപ്പേന്, ചെള്ള് (*z.*); 5. ഇര, പാമ്പൻ (*z.*). =**sī'tal**, =**sit'ic**, =**sit'i-cal**, *a.* പരാന്നഭുക്കായ; കോണകംതിരുമ്പിയായ; പുല്ലുണ്ണിപോലെയുള്ള; പരജീവിപ്രാണിസംബന്ധമായ. =**sit'i-cal-ly**, *ad.* ആരാന്റെറത് തിന്ന് കൊണ്ട്. =**sit'i-cal-ness**, *n.* പരാന്നഭോജനം, പരാശ്രയം; വിടത്വം. =**sit'i-cīde**, *n.* പരജീവിപ്രാണിഹരി. =**sī'tism**, *n.* വിടത്വം; പരാന്നഭോജനം; വൃക്ഷാരൂഹത്വം (*b.*); പരോപജീവനം (*z.*).

**Par'a-sol**, *n.* ആതപത്രം, സ്ത്രീഛത്രം, സ്ത്രീകൾപിടിക്കുന്ന ശീലക്കുട. *v. t.* കുടപിടിക്കുക. -**ette'** (-et'), *n.* സ്ത്രീകളുടെ കുട. [ദ (*l.*).

**Par-a-sy-nax'is**, *n.* ന്യായരഹിതസ

**Par-a-syn-thet'ic**, *a.* സമാസിതോത്ഭവമായ (*gr.*).

**Par-a-tax'is**, *n.* അസംബന്ധപ്രസ്താവന (*gr.*). =**tac'tic**, *a.* —പ്രസ്താവനസംബന്ധമായ (*gr.*).

**Pa-rath'e-sis**, *n.* സമാനാധികരണം (*gr.*); 2. തസ്യാന്തരേന്ത്യസ്താലങ്കാരം (*rhet.*); 3. ആവരണവിഷയം (*print.*); 4. സ്തോത്രപ്രാൎത്ഥന (*Chr.*). **par-a-thet'ic**, *a.* സമാനാധികരണസംബന്ധമായ; തസ്യാന്തരാലങ്കാര—; സ്തോത്രപ്രാൎത്ഥനാ—.

**Par-a-ton-nerre'** (-nār'), *n.* വിദ്യുൽകമ്പി, വിദ്യുൽകോല്. [യുള്ള (*l.*).

**Par-a-vāil'**, *a.* അടിയിലുള്ള, താഴെ

**Pär'boil**, *v. t.* പകുതിവേവാക്കുക, അരവേവായി പുഴുങ്ങുക, (പതച്ച വെള്ളത്തിലിട്ട്) വാട്ടുക.

**Pär'buck-le**, *n.* (പീപ്പകട്ടക്കുന്ന) ഇരട്ടക്കുടുക്ക്.

**Pär'cel**, *n.* അംശം, ഭാഗം, ഖണ്ഡം; കഷണം (*l.*); 2. കൂട്ടം, എണ്ണം; 3. കെട്ട്, പൊതി, പൊതുക്ക. **p.-post** ഭാണ്ഡത്തപ്പാല്. **part and p.** ഒര് ഭാഗം, ഉൾപ്പെട്ടത്. *v. t.* (out, into) ഭാഗിക്കുക, ഓഹരിചെയ്യുക; 2. കൂട്ടുക, വർദ്ധിപ്പിക്കുക; 3. ഭാണ്ഡമാക്കുക, കെട്ടാക്കുക, പൊതിഞ്ഞ്കെട്ടുക. **to p. a rope** കമ്പ 'കിത്താൻ'തുണികൊണ്ട് പൊതിയുക (*naut.*). *a.* പകുതി ആയ, ഭാഗം—. *ad.* കുറെ, അംശമായി. **p.-poet** അരക്കവി. **-ing, -ling**, *n.* ഭാഗിക്കൽ; കയറ് പൊതിയുന്ന'കിത്താൻ'തുണിക്കീററ്.

**Pär'cen-ĕr**, *n.* സമാംശി, കൂട്ടവകാശി, കൂട്ടടമ, കൂട്ട്കൈവശക്കാരൻ (*l.*). =**cen-a-ry**, *n.* കൂട്ടവകാശം, സമാധികാരം (*l.*).

**Pärch**, *v.t.* കരിക്കുക, വരട്ടുക; തപിപ്പിക്കുക; 2. വറുക്കുക, പൊരിക്കുക; 3. ഉണക്കുക; ചുളുക്കുക; വിള്ളിക്കുക. *v. i.* കരിഞ്ഞ്പോക, വരളുക, വറളുക, ഉലരുക. **pärched** (pärcht), *a.* വറുത്ത, വറണ്ട. **-'ed-ness**, *n.* വറൾച്ച, ഉലച്ച. **-'ing**, *a.* കത്തിക്കരിയുന്ന, വറട്ടുന്ന. **-'ing-ly**, *ad.* കരിച്ച്, വരട്ടി.

**Pärch'ment**, *n.* ചർമ്മപത്രം, തോല്ക്കടലാസ്; 2. കാപ്പിപ്പരിപ്പിന്റെ തോല്, —ചുണങ്ങ്. **p.-paper** മെഴുക്കടലാസ്.

**Pärd**, *n.* പുള്ളിപ്പുലി, കടുവാ, ചിത്രകം (*z.*). **pär'dīne**, *a.* പുള്ളിയുള്ള (*z.*).

**Pär-dē'**, =**diē'**, *ad. or int.* നിശ്ചയമായി, തീർച്ചയായി.

**Pär'don** (-dn), *n.* ക്ഷമ, പൊറുതി, കുററമോചനം; 2. 'മാപ്പ്'ശീട്ട് (*l.*); 3. 'മാപ്പ്' (*l.*); 4. മോചനം, മോക്ഷം, മുക്തി; 5. (വണക്കം) ക്ഷമിക്കണം, അല്ല, അങ്ങിനെയല്ല: **I crave your p.** ക്ഷമിക്കണം, നിങ്ങൾ പറഞ്ഞപോലെ അല്ല; 6. (ഉപചാരം) ക്ഷമിക്കണം, കേട്ടില്ല, മനസ്സിലായില്ല: **I beg p.** മനസ്സിലായില്ല, ഒരിക്കൽ കൂടെ പറഞ്ഞാൽ കൊള്ളാം. *v. t.* മോചിക്കുക, കുററമോചനം ചെയ്യുക; 2. പൊറുക്കുക, ക്ഷമിക്കുക, 'മാപ്പാ'ക്കുക, 'മാപ്പ്' കൊടുക്കുക; 3. വിട്ട്—; 4. വിട—. **p. me** (ഉപചാരഭാവം) ക്ഷമിക്കണം അങ്ങിനെ അല്ല. **-a-ble**, *a.* ക്ഷമ്യമായ, ക്ഷമിക്കാകുന്ന; മാപ്പാക്കത്തക്ക. **-a-ble-ness**, *n.* മോചനീയത്വം. **-a-bly**, *ad.* ക്ഷമിക്കത്തക്കവണ്ണം. **-ĕr**, *n.* 'മാപ്പ്'കൊടുക്കുന്നവൻ; പാപമോചനപത്രിക വില്ക്കുന്നവൻ (*R. C.*). **-iṅg**, *a.* ക്ഷമാസംബന്ധമായ; 'മാപ്പ്'ധികാരമുള്ള; പൊറുക്കുന്ന, ദയയുള്ള.

**Pāre**, *v. t.* ചെത്തുക; ഉരിക്കുക, തോല്കളയുക, തൊലിക്കുക (*S.*); 2. (off, away) ചെത്തിക്കളയുക, മുറിച്ച്കളയുക; മുറിക്കുക; 3. കുറക്കുക. =**'rĕr**, *n.* ചെത്തുന്നവൻ; ചെത്തുന്ന ആയുധം. =**riṅg**, *n.* മുറിക്കൽ; തോല്, തൊലി.

**Par-e-gor'ic**, *a.* കുറക്കുന്ന, ശമിപ്പിക്കുന്ന, ശമനീയമായ. *n.* ശമനൌഷധം; കർപ്പൂരതൈലം (*med.*).

**Pa-rel'con**, *n.* അക്ഷരാഗമം (*gr.*).

**Pa-rem'bo-lē**, *n.* തസ്യാന്തരേന്യസ്താലങ്കാരം (*rhet.*).

**Par-emp-tō'sis**, *n.* തസ്യാന്തരേന്യസ്താലങ്കാരം (*rhet.*).

**Pa-reṅ'chy-ma** (-reṅ'ki-), *n.* അന്തരാശയമൃദുപേശി (*biol.*). =**mal, par-eṅ-chym'a-tŏus**, =**mŏus**, *a.* —പേശിസംബന്ധമായ.

**Pa-ren'e-sis**, *n.* ബുദ്ധിയുപദേശം. **par-e-net'ic, par-e-net'i-cal**, *a.* പ്രബോധകമായ, ഗുണദോഷവാക്കായ; ബോദ്ധ്യംവരുത്തുന്ന.

**Pā'rent**, *n.* അച്ഛൻ, അപ്പൻ (*S.*), പിതാവ്, ജനകൻ, തന്ത; 2. അമ്മ, മാതാവ്, തള്ള; 3. *pl.* മാതാപിതാക്കന്മാര്, അമ്മയച്ഛന്മാര്, അപ്പനമ്മമാര്; 4. മൂലം, കാരണം, ഹേതു. =**ren-tāge**, *n.* ഉല്പത്തി; കുഡുംബം, തറവാട്; കുലം, വംശം. **pa-ren'tal**, *a.* പിതൃ, മാതൃ, മാതാപിതാക്കൾക്കുള്ള; വാത്സല്യമുള്ള, മാതാപിതാക്കൾക്കൊത്ത. **pa-ren'tal-ly**, *ad.* പിതൃഭാവത്തോടെ. **-tā'tiŏn**, *n.* പിതൃകർമ്മം, ശേഷക്രിയ, ശ്രാദ്ധം. **-hoọd**, *n.* പിതൃ

(മാതൃ)സ്ഥാനം, —ഭാവം. pa-ren'ti-cīde, *n.* പിതൃ (മാതൃ) ഹത്യ; —ഹന്താവ്. -less, *a.* മാതാപിതാക്കളില്ലാത്ത, അനാഥ(ൻ) ആയ.

Pa-ren'the-sis, *n.* (*pl.*=sēs) ആവരണവാക്യം, —പദം; തസ്യാന്തരേന്യസ്തം (*gr.*); 2. ആവരണചിഹ്നം, തസ്യാന്തര—, ( ) എന്ന അടയാളം. =sīse, =sīze, *v. t.* ആവരണവാക്യം ആക്കുക; ആവരണചിഹ്നത്തിനുള്ളിൽ—. par-en-thet'ic, par-en-thet'i-cal, *a.* തസ്യാന്തരന്യസ്തമായ, ആവരണത്തിൽ ഉള്ള; ആവരണചിഹ്നം—. =thet'i-cal-ly, *ad.* ആവരണവാക്യമായി.

Par'ē-sis, *n.* ഒര് വക പക്ഷവാതം, നിശ്ചലനവാതം (*med.*). =ret'ic, *a.* നിശ്ചലനവാതസംബന്ധമായ; —വാതം പിടിച്ച.

Pär'ġet, *v. t.* & *i.* ചെത്തിത്തേക്കുക, മെഴുകുക; കമ്മായമിടുക, 'കുപ്പാരിക്കുക'. *n.* മിനുസക്കുമ്മായം. -ĕr, *n.* കുപ്പാരിക്കുന്നവൻ. -iṅg, -tiṅg, *n.* മിനുക്കൽ, കുപ്പാരിക്കൽ.

Pär-hē'li-on, =hē'li-um, *n.* (*pl.* =hē'li-a) സൂൎയ്യാഭാസം, മിത്ഥ്യാസൂൎയ്യൻ, പ്രതിബിംബ—. =hē'lic, *a.* മിത്ഥ്യാസൂൎയ്യസംബന്ധമായ.

Par'i-, *pf.* തുല്യ, സമമായ. *p. passu* ഒര്പോലെ, ഒന്നിച്ച്. -ty, *n.* തുല്യത, സമത്വം.

Par'i-ah, *n.* പറയൻ, ചണ്ഡാള(ല)ൻ, പുലയൻ, ചെറുമൻ; 2. ഭ്രഷ്ടൻ, നീചൻ. p.-dog ഊപ്പട്ടി, പറനായി. p.-kite പരുന്ത്.

Pa-rī'al, *n.* (ശീട്ട്കളിയിൽ) ഒരേമാതിരി മൂന്ന് ശീട്ട്.

Pä-rī'e-tal, =ta-ry, *a.* ചുമര് സംബന്ധിച്ച; എട്ടപ്പ്—; 2. ഭവനക്കാവല്—; 3. ചുവരിന്നകത്തുള്ള; 4. വിദ്യാശാലയിൽ പാൎക്കുന്ന; 5. മതിലെല്ല് സംബന്ധിച്ച (*an.*); മതിലെല്ലോടടുത്ത (*an.*). p.-bone മതിലെല്ല് (*an.*). *n.* മതിലെല്ല് (*an.*). =tēs, *n. pl.* അന്തരാശയച്ചുമരുകൾ (*an.*).

I. Par'is, *n.* അമല്പള്ള ഒര് ചെടി; വിഷസസ്യം (*b.*).

II. Par'is, *n.* പരന്ത്രീസ് രാജ്യതലസ്ഥാനമായ പാറീസ് നഗരം. =riṣ'i-an, *n.* പാറീസ്കാരൻ. *a.* പാറീസ് നഗരത്തിലുള്ള. =rī-ṣi-enne' (-ze-en'), *n.* പാറീസ്കാരത്തി.

Par'ish, *n.* ഇടവക, സഭ; 2. ഊര്, അംശം. par'ish, pa-rish'iŏn-al (-rish'-un-), pa-rō'ehi-al (-rō'ki-), *a.* സഭാസംബന്ധമായ; സഭയിൽ ഉള്ള; 2. അംശത്തിൽ—. p.-clerk 'കപ്യാര്' (*Chr.*). pa-rish'iŏn-ĕr, *n.* സഭക്കാരൻ; അംശക്കാരൻ. pa-rō'ehi-al-iṣm, *n.* സഭാനില; സഭാഭരണം. pa-rō'ehi-al-īse, pa-rō'ehi-al-īze, *v. t.* സഭആക്കുക; അംശം—. pa-rō'ehi-al-ly, *ad.* സഭയായി; അംശമായി.

Par-i-sol'o-ġy, *n.* ദ്വയാൎത്ഥപദപ്രയോഗം. [(*l.*).

Par'i-tor, *n.* സഭാകോടതിശിപായി

Pärk, *n.* ഉപവനം, മൃഗത്തോപ്പ്; 2. ക്രീഡാവനം; 3. ശൃംഗാര—; 4. ഉദ്യാനം; 5. യുദ്ധസംഭാരസ്ഥലം (*mil.*); 6. —സംഭാരം (*mil.*); 7. (also pärc) മുത്തടം. p. of artillery നിരോധസേനാസംഭാരം. *v. t.* വേലിക്കകത്താക്കുക, വളച്ചിടുക; 2. നിരോധസേനക്കോപ്പ് കൂട്ടുക. pärk'ĕr, *n.* വനപാലകൻ; ഉദ്യാന—.

Pär'lance, *n.* സംഭാഷണം, സംസാരം; 2. ഭാഷ, ഭാഷാരീതി. in common p. സാധാരണവാക്കിൽ.

Pär'ley (-li), *n.* അന്യോന്യസംസാരം, സംഭാഷണം, കൂടിയാലോചന; 2. (പോൎക്കളത്തിലെ) തല്ക്കാലസന്ധ് സംസാരം. to beat a p. സന്ധിയാലോചനാൎത്ഥം ഭേരിയടിക്കുക, —കാഹളം ഊതുക. *v. i.* തമ്മിൽ സംസാരിക്കുക; കൂടിയാലോചിക്കുക; (പോൎക്കളത്തിൽ) തല്ക്കാലസന്ധ് സംസാരിക്കുക.

Pär'lia-ment (pär'li-), *n.* സംസാരം, കൂടിയാലോചന; 2. ആലോചനായോഗം; ഓലകസഭ, രാജ്യകാൎയ്യാലോച

ന—; 3. (സഭാദ്ധ്യക്ഷന്മാരും പ്രഭുക്കന്മാരും ഉള്ള പ്രഭുസഭയും ജനപ്രതിനിധിസഭയുംകൂടിയ) ഇംഗ്ലീഷ് രാജ്യാലോചനസഭ, 'പാൎല്മെന്റ്'സഭ. p.-hinge (കതക് തുറന്നാൽ ചുമരോട് പററി നില്ക്കത്തക്കവണ്ണമുള്ള) കററിവിജാകരി. =tā'ri-an, *a.* ആലോചനസഭാസംബന്ധമായ. *n.* 'പാൎല്മെന്റ്'സഭാപക്ഷക്കാരൻ; ആലോചനസഭാനിയമജ്ഞൻ. =ment'a-ri-ly, *ad.* ആലോചനസഭാസംബന്ധമായി, —നടവടിപ്രകാരം. =ment'a-ry, *a.* ആലോചനസഭാസംബന്ധം ആയ; —നിൎമ്മിതം—; —ചട്ടപ്രകാരമുള്ള, സഭ്യമായ. p.y train (പാൎല്മെന്റ് കല്പനപ്രകാരം) കുറഞ്ഞകൂലിക്കു ഓട്ടുന്ന തീവണ്ടിക്കൂട്ടം.

Pär'lŏr, Pär'lŏur, *n.* ഇരിപ്പകം, സല്ക്കാരമുറി, സല്ലാപയറ.

Pär-nas'sus, *n.* (യവന) വിദ്യാദേവതാവാസസ്ഥാനം (*myth.*). to climb P. കവിത രചിക്കുക.

Pa-rō'chi-al, *etc.*, *s. u.* Parish.

Par'ō-dy, *n.* വികടകവിത, വിനോദകാവ്യം; 2. അനുകരണ—. *v. t.* വിനോദകവിതരചിക്കുക; 2. അനുകരണകാവ്യം—. =rod'ic, =rod'i-cal, *a.* വികടകവിതാതുല്യമായ; അനുകരണകാവ്യലക്ഷണമുള്ള. =dist, *n.* വികടകവി; അനുകരണ—.

Par'ō-ket, *n.*, *see* Parrakeet.

Par-ol, *n.* വാക്ക്; 2. വാഗ്ദാക്ക് (*l.*); 3. ഒപ്പിടാത്തരേഖ (*l.*). *a.* വാക്കാൽ ഉള്ള; 2. ഒപ്പിടാത്ത രേഖയാൽ—. p. arrest വാക്കാൽ കല്പനപ്രകാരം തടവായി പിടിക്കൽ. p.-contract വാക്കാൽ കരാറ്. p.-evidence വാമൊഴിത്തെളിവ്. pa-rōle', *n.* വാക്ക്, വാമൊഴി; വാഗ്ദത്തം, ഉറപ്പ്; സത്യം; നിശ്ചയം, പ്രതിജ്ഞ (*mil.*); പാറാവുദ്യോഗസ്ഥന്മാൎക്കുള്ള കുറിവാക്ക് (*mil.*); വാമൊഴി (*l.*). *v. t.* യുദ്ധത്തിൽ തടവായി പിടിച്ചവരെ വാഗ്നിശ്ചയത്തിന്മേൽ വിടുക (*mil.*).

Par-o-mol'o-gy, *n.* വാദസമ്മതാലങ്കാരം (*rhet.*).

Par-ō-nō-mā'si-a (-mā-shi-), =nom'a-sy, *n.* ശ്ലേഷാലങ്കാരം (*rhet.*). ഇരുപൊരുൾമൊഴി (*rhet.*). =ron-ō-mas'tic, =ron-ō-mas'ti-cal, *a.* ശ്ലേഷാലങ്കാരസംബന്ധമായ.

Par-ō-nych'i-a (-nik'i-), *n.* കുഴിനഖം, വിരല്ക്കുരു, നഖച്ചുററ്, വിരൽച്ചുററ് (*med.*).

Par-ō-nym, =nyme, *n.* ഏകധാതുജപദം; 2. തുല്യരൂപാൎത്ഥഭേദ—. pa-ron'i-mŏus, *a.* ഏകധാതു ഉള്ള; ധാതുതുല്യത—; തുല്യരൂപാൎത്ഥഭേദപദമായ. =ron'y-my, *n.* ഏകധാതുജപദം; തുല്യരൂപാൎത്ഥഭേദപ്രയോഗം.

Par'ō-quet (-ket), *n.*, *see* Parrakeet.

Pa-rot'id, *a.* ചെവിയുടെ അടുക്കെയുള്ള (*an.*); 2. ലാലമണിസംബന്ധമായ (*an.*). p. gland ലാലമണി, ലാലോല്പാദക—. *n.* ലാല— (*an.*). =rot'ic, *a.* കണ്ണപ്രദേശത്തുള്ള (*an.*). p.c region കണ്ണാണം, ചെന്നി (*z.*). par-ō-tī'tis, *n.* ലാലമണിവീക്കം, ഇറക്കം (*med.*). epidemic or infectious p.s വിങ്ങിവീക്കം (*med.*). =toid, *a.* ലാലമണിതുല്യമായ. *n.* ലാലോല്പാദകമണി.

Pā-rou'si-a (-rou'zhi-a), *n.* ക്രിസ്തുവിന്റെ അവതാരം (*Bl.*); 2. —രണ്ടാമത്തെ വരവ്, ലോകാവസാനം (*Bl.*).

Par'ox-ysm, *n.* രോഗമൂൎച്ഛ, —ചേഷ്ടു; തീക്ഷ്ണത; അതിക്രമം, 2. മയക്കം; വലി; 3. പാരവശ്യം, ആവേശം: p. of anger ക്രോധപാരവശ്യം; p. of despair നിരാശാവേശം. =ys'mal, *a.* മൂൎച്ഛയായ; മൂൎച്ഛയോട് കൂടിയ. =ys'mal-ly, *ad.* മൂൎച്ഛയായി.

Pär-quet' (-ket *or* -kā), =quette' (-ket), *n.* അരങ്ങിലെ അടിവാരസ്ഥലം; 2. വിചിത്രപ്പലകപ്പടവ്. ='quet-āge, ='quet-ry, *n.* വിചിത്രപ്പലകപ്പടവ്, വിചിത്രമായി അമിഴ്ത്തിയ മരപ്പണി.

Par'ra-kēet, Par'a-kēet, Par'a-quet (-ket), Par'ō-ket, Par'ō-quet (-ket), Par'rō-quet (-ket), Per'rō-quet (-ket), *n.* ഒരുവക തത്ത, മുളന്തത്ത, കിളി (*z.*).

Par-rhē'si-a (-rē'zhi-a), *n.* പ്രശാന്താലങ്കാരം (*rhet.*).

Par'ri-cīde, *n.* പിതൃഹത്യക്കാരൻ, —ഹന്താവ്; മാതൃ—; 2. പിതൃഹത്യ. =cī'dal, *a.* —ഹത്യയായ.

Par'rock, *n.* ചെറുവയല്; 2. പുല്ലു[ണ്ടം.

Par'rot, *n.* കിളി, തത്ത, പഞ്ചവൎണ്ണക്കിളി (*z.*). *v. t.* തത്തയെപോലെ പറയുക, പഠിച്ചത്—. *v. i.* ചിലെക്കുക, നൊടിയുക. -ĕr, *n.* സ്വയാലോചനയില്ലാത്തവൻ. -ry, *n.* തത്തപ്പറച്ചല്; ബുദ്ധിഹീനാനുകരണം.

Par'ry, *v. t.* തട്ടുക്കുക, തട്ടുക; തട്ടിത്തെറുപ്പിക്കുക; 2. ഒഴിഞ്ഞ് മാറുക; 3. ചെയ്യാതെ കഴിപ്പാൻ ശ്രമിക്കുക. *v. i.* തട്ടത്ത് കളയുക, ഒഴിഞ്ഞ്—, പിന്മാറുക, *n.* തട്ട്, തട്ടുക്കൽ; 2. എതിർവ്വാദം.

Pärse, *v. t.* ഒര് പദത്തിൻെറ രൂപസംബന്ധങ്ങൾ പറയുക, വ്യാകരിക്കുക. pärs'ĕr, *n.* വ്യാകരിക്കുന്നവൻ. pärs'ing, *n.* വ്യാകരിക്കൽ; വ്യാകരിപ്പ്.

Pär'sēe, *n.* പാൎസി; അഗ്ന്യാരാധകൻ; 2. പാൎസിഭാഷ. -ism, *n.* —മതം, സൊരോവസ്ത്രു—.

Pär'si-mon-y, *n.* ലുബ്ധ്, ഈററ, പിശുക്ക്. =mō'ni-ŏus, *a.* ലോഭം ഉള്ള, ഈററ—. =mō'ni-ŏus-ly, *ad.* ലുബ്ധോടെ, പിശുക്കോടെ. =mō'ni-ŏus-ness, *n.* ഈററ, കൃപണത്വം.

Pärs'ley (-li), *n.* ഒര് വക ചീര; കൊത്തമ്പാലരിച്ചീര (*b.*). [(*b.*).

Pärs'nep, Pärs'nip, *n.* ഒര് കിഴങ്ങ്

Pär'son (-sn), *n.* സഭാബോധകൻ, ഉപദേഷ്ടാവ് (*Chr.*); 2. പ്രസംഗി (*Chr.*). -āge, *n.* ബോധകവൃത്തി, —അവകാശം; —ഗൃഹം. =soned (-snd), *a.* ബോധകൻ ഉള്ള. =son'ic, =son'i-cal, *a.* ബോധകന്ന്—; ബോധകോദ്യോഗം സംബന്ധിച്ച. =son'i-cal-ly, *ad.* ബോധകനായി; ബോധകൻെറ നിലയിൽ. -ish, *a.* ബോധകതുല്യമായ.

Pärt, *n.* അംശം: the tenth p. ദശാംശാ, പതാരം, പസാരം (*S.*); 2. തുണ്ടം, കഷണം: fore-p. മുൻഭാഗം, മുൻകഷണം; hind-p. പിന്തുണ്ടം, പിൻഭാഗം; 3. ആള ; അംശം, അവയവം; 4. ഭാഗം, പ്രകരണം, ഖണ്ഡം, കാണ്ഡം; 5. *pl.* പ്രാപ്തി, വരം, ബുദ്ധി: a young man of good p.s ബുദ്ധിശാലിയായ ബാല്യക്കാരൻ; 6. *pl.* ഭാഗം, ദിക്ക്, പ്രദേശം: from every p. എല്ലാദിക്കിൽനിന്നും; in our p.s ഞങ്ങളുടെ രാജ്യത്ത്; 7. പൂൎണ്ണഹാരകൻ (*math.*); 8. ഓഹരി, പങ്ക് അവകാശം; 9. ധൎമ്മം, കടം, മുറ, മുണം; 10. കക്ഷി, പക്ഷം, പരിഷ, കൂറ്; 11. വേഷം; 12. ധ്വനി, സംഗീതഭാഗം (*mus.*). p.-owner കൂട്ടുടമ (*l.*). p.-singing ബഹുധ്വനിപ്പാട്ട്. p.-song ധ്വനിസംഗീതം. for my p. ഞാനോ, എൻെറ കാൎയ്യമോ; എൻെറ ഓഹരിക്ക്. for the most p. മുഖ്യമായി; മിക്കവാറും. in good p. സൽഭാവത്തിൽ; അനുകൂലമായി; സ്നേഹത്തിൽ. in ill p. വെറുപ്പോടെ, മുഷിച്ചലോടെ; പ്രതികൂലമായി. in p. ഒട്ടൊക്കെ, ഏതാനും, കുറെ; അംശമായി. p. and parcel, *s. u.* Parcel. p. of speech പദം, പദഭേദം (*gr.*). *v. t.* തുണ്ടിക്കുക, ഖണ്ഡിക്കുക; 2. അംശിക്കുക, ഭാഗിക്കുക, ഓഹരിചെയ്യുക, പങ്കിടുക; 3. പിരിക്കുക, വേൎപ്പിരിക്കുക; 4. തടുക്കുക; തടസ്ഥം ആയിരിക്കുക, മുടക്കം—; 5. വേൎത്തിരിക്കുക. to p. a cable കമ്പ അററ് പോക. to p. company തമ്മിൽ പിരിയുക. *v. i.* പൊട്ടിപ്പോക, അററ് പോക; 2. പിരിഞ്ഞിരിക്കുക: his hair p.s in the middle അവൻെറ തലമുടി നടുവെ പകുത്തിരിക്കുന്നു, അവൻ നടുവിലാണ് കോടെടുക്കുന്നത്; 3. (from) പോക, വിടവാങ്ങുക, പിരിയുക; മരിക്കുക; 4. (with, from) ഉപേക്ഷിക്കുക, വിട്ട് കളയുക; വിട്ട് പിരിയുക. *ad.* ഒര് വിധം, ഏതാനും, മിക്കവാറും. -'a-ble, -'i-ble, *a.* ഭാഗിക്കാകുന്ന, വിഭക്തമായ. -'ed, *a.* തമ്മിൽ പിരിഞ്ഞ; വിട്ട് നില്ക്കുന്ന. -'ĕr, *n.* പിരിക്കുന്നവൻ. -i-bil'i-ty, *n.* വിഭാജ്യത. -'ing, *n.* പിരിച്ചല്, വേൎപ്പാട്; ഭാഗിക്കൽ; വിടവാങ്ങൽ; പിരിവ്, വിടവ്; വേൎത്തിരിക്കൽ; വേൎത്തിരിവ്; പൊട്ട്; പൊട്ടല്. *a.* ഭാഗിക്കുന്ന; പി

രിക്കുന്ന; തമ്മിൽ പിരിയുമ്പോളുള്ള, വിടവാങ്ങുന്ന; വിട്ട്പോകുന്ന; വിഭക്തമായ. -'ly, *ad.* ഏതാനും, കുറെ.

Pär-tāke', *v. i. ir.* (=tọọk', =tā'ken) പങ്ക് ഉണ്ടാക, കൂറ്—; ഓഹരികിട്ടുക, കൂടുക, അനുഭവിക്കുക; 2. (of) കൂടിഉണ്ടാക; ഗുണം—, സ്വഭാവം—, ലക്ഷണം—; അധികാരം—. *v. t.* കൂറ്കൂടുക, ഓഹരിവാങ്ങുക; അനുഭവിക്കുക. =tā'kĕr, *n.* ഓഹരിക്കാരൻ, പങ്കാളി, കൂട്ടാളി.

Pärt'ed, Pärt'ĕr, *s. u.* Part.

Pär-terre' (-tār'), *n.* പുഷ്പവാടി, പുഷ്പതടം; 2. അരങ്ങിലെ അടിവാരസ്ഥലം.

Pär-then'ic, *a.* കന്യാപുത്രനായ, അവിവാഹിതസ്ത്രീപുത്രനായ, അനൌരസനായ.

Par-then-ō-ġen'e-sis, =nog'e-ny, *n.* നിസ്സംഗമോല്പാദനം (*biol.*). =net'ic, =ġen'i-tive, *a.* അസംഗമോല്പാദനസംബന്ധമായ; നിസ്സംഗമോല്പാദിതം ആയ. =net'i-cal-ly, *ad.* —ആയി.

Pär'thi-an ar'rōw, *n.* തോറോട്ടുമ്പോൾ എയ്യുന്ന അസ്ത്രം; 2. തമ്മിൽ പിരിയുമ്പോഴത്തെ വാക്ക്.

Pär'tial (pär'shal), *a.* (*fr.* part) ഒര് ഭാഗം സംബന്ധിച്ച; പൊതുവല്ലാത്ത; അപൂൎണ്ണമായ: p. eclipse പാൎശ്വഗ്രഹണം; 2. പക്ഷമായ, പക്ഷഭേദം ഉള്ള, പാരപക്ഷം—; 3. അധികംപക്ഷം ഉള്ള, ദാക്ഷിണ്യം—, വളരെ ഇഷ്ടം—; പററ്—: my father is p. to me അച്ഛന്ന് എന്നോട് അധികം പക്ഷമാണ്; I am p. to mangoes മാങ്ങ എനിക്ക് വളരെ താല്പൎയ്യമാണ്; 4. ഭാഗംഭാഗം ആയ (*b*); -ism, *n.* പക്ഷപാതം, പാരപക്ഷം; വരിഷ്ഠരക്ഷണ്യവാദം (*theo.*). -ist, *n.* പക്ഷംപിടിക്കുന്നവൻ, പക്ഷഭേദം കാട്ടുന്നവൻ; വരിഷ്ഠരക്ഷണ്യവാദി (*theo.*). =ti-al'i-ty (-shi-al-), *n.* പക്ഷഭേദം, പാരപക്ഷം; ദാക്ഷിണ്യം; രസം; വാസന. -īse, -īze, *v. t.* & *i.* പക്ഷം കാണിക്കുക; അപൂൎണ്ണമാക്കുക. -ly, *ad.* ഏതാനും, ഒട്ടൊക്കെ; അംശമായി; പക്ഷമായി, പാരപക്ഷമായി.

Pärt'i-ble, Pärt-i-bil'i-ty, *s. u.* Part.

Pär-tic'i-pāte (-tis'i-), *v. i.* (in) ഓഹരി ഉണ്ടാക, കൂറ്—; കൂടുക, ചേരുക; പങ്കാളിയാക, കൂടിയനുഭവിക്കുക. *v. t.* ഓഹരിക്ക്കൂടുക. *a.* പൊതുവായ, ഓഹരി ഉള്ള. =pa-ble, *a.* —കിട്ടാകുന്ന. =pant, *a.* —ഉള്ള, പങ്ക്—; *n.* പങ്കാളി, കൂട്ടാളി; കൂറ്കാരൻ. =pant-ly, *ad.* കൂററായ്മയായി. =pā'tiŏn, *n.* കൂറ്കൂടൽ; കൂറ്, ഓഹരി. =pa-tive, *a.* കൂറ്കൂടാകുന്ന. =pa-tive-ly, *ad.* കൂറായി. =pā-tor, *n.* കൂറ്കാരൻ, പങ്കാളി.

Pär'ti-ci-ple, *n.* കൃദ്വാചി, കൃദന്തം, തദ്ധാന്തം (*gr.*). imperfect p., incomplete p., present p. കാലവാചി: *reaching* home we saw him വീട്ടിൽ എത്തിയാറെ ഞങ്ങൾ അവനെ കണ്ടു; കാരണവാചി: *being* fatigued he went to sleep ക്ഷീണിച്ചിരുന്നത്കൊണ്ട് അവൻ കിടന്നുറങ്ങി; വിശേഷണവാചി: a *talking* machine സംസാരിക്കുന്ന യന്ത്രം. complete p., past p., perfect p. പൂൎണ്ണക്രിയ: the letter is *written* കത്ത് എഴുതിത്തീൎന്നു; വിശേഷണവാചി! *appointed* time നിശ്ചയിച്ചസമയം. =cip'i-al, *a.* കൃദ്വാചിയായ. p.l adjective ശബ്ദന്യൂനം (*gr.*). p.l noun ക്രിയാനാമം (*gr.*). *n.* കൃദന്തപദം. =cip'i-al-īse, =cip'i-al-īze, *v. t.* കൃദന്തമാക്കുക. =cip'i-al-ly, *ad.* കൃദ്വാചിയായി.

Pär'ti-cle, *n.* നുറുക്ക്, തുണ്ടം, തരി, പൊടി; 2. അണു; 3. അല്പം, സ്വല്പം, ലവം, ലേശം: there is not a p. of truth in what he says അവന്റെ വാക്കിൽ ലേശംപോലും നേരില്ല; 4. തിരുവത്താഴ (പ്രതിഷ്ഠ കഴിഞ്ഞ) അപ്പനുറുക്ക് (*R. C.*); (സാമാന്യജനങ്ങൾക്ക് കൊടുക്കുന്ന തിരുവത്താഴ) അപ്പം (*R. C.*); 5. അവ്യയം (*gr.*). =tic'ū-lāte, *a.* അണുരൂപമായ; രേണുത്തുതമായ.

Pär'ti-cŏl'ŏured, *a.*, *s. u.* Party.

Pär-tic'ū-lar, *a.* ഒര് ഭാഗം സംബന്ധിച്ച; പ്രത്യേകം ആയ; മാത്രം—; ഓരോന്ന്—; ആളാംപ്രതി—; വിശേഷാലുള്ള;

2. പൊതുവല്ലാത്ത, സ്വകാൎയ്യമായ, സ്വന്ത, നിജ, സ്വയ; 3. മുഖ്യം ആയ, കാൎയ്യം—, സാരം—, വിശേഷ; 4. കൃത്യം ആയ, സൂക്ഷ്മം—; 5. കൃത്യമുള്ള; 6. ക്ലിപ്തം ആയ (*l.*). 7. അസാധാരണം— (*log.*). **p. average** (ചരക്കുടമസ്ഥന്റെ) തനിനഷ്ടം (*com.*). **p. Baptist** പ്രത്യേകവരണവാദി (*theo.*). **p. lien** പ്രത്യേകതേച്ച് (*l.*). **p. redemption** വരിഷ്ഠരക്ഷണ്യവാദം (*theo.*). *n.* കാൎയ്യം, സംഗതി; 2. വൎത്തമാനം, വിവരം; 3. *pl.* ന്യായവിവരം (*l.*); സൂക്ഷ്മ— (*l.*). **in p.** പ്രത്യേകിച്ച്, വിശേഷാൽ. **to go into p.s** വിവരമായി പ്രസ്താവിക്കുക. **-ism,** *n.* വിവരം; പ്രത്യേക വരണം (*theo.*); സ്വരാജ്യകാൎയ്യശ്രദ്ധ (*pol.*). **-ist,** *n.* പ്രത്യേകവരണവാദി (*theo.*); സ്വരാജ്യകാൎയ്യശ്രദ്ധാലു (*pol.*). **-is′tic,** *a.* പ്രത്യേകത്വമായ. **=lar′i-ty,** *a.* പ്രത്യേകത്വം; വിവരം; വിശേഷം. **-i-sā′tiŏn, -i-zā′tiŏn,** *n.* വിവരംപറയൽ. **-īse, -īze,** *v. t.* —പറയുക; പ്രത്യേകമായി—. *v. i.* ചില്ലറകാൎയ്യങ്ങളിൽ ശ്രദ്ധവെക്കുക; വിവരം വിവരമായി പറയുക. **-ly,** *ad.* പ്രത്യേകമായി; സൂക്ഷ്മമായി, വിശേഷിച്ച്.

**Pär-tic′ū-lāte,** *a., s. u.* Particle.

**Pärt′iṅg,** *n., s. u.* Part.

I. **Pär′ti-san, Pär′ti-zan,** *n.* പക്ഷക്കാരൻ, പരിഷക്കാരൻ, കക്ഷിക്കാരൻ; 2. സേനാംശനായകൻ (*mil.*); 3. സേനാംശപ്പടയാളി (*mil.*). **-ship,** *n.* സഖിത്വം; പക്ഷപാതം.

II. **Pär′ti-san,** *n.* പരശു; ഒരു വക കുന്തം.

**Pär′tīte,** *a.* മുരടോളം പിരിഞ്ഞിരിക്കുന്ന (*b.*).

**Pär-ti′tiŏn** (-tish′un), *n.* ഭാഗിക്കൽ; വിഭജനം; പിരിക്കൽ; 2. വിഭാഗം, പിരിവ്; പങ്ക്, ഓഹരി; 3. അതിര്; ചുമര്; തട്ടി; മറ; വേലി; 4. അകം, മുറി, അറ; 5. വസ്തുഭാഗം ചെയ്യൽ (*l.*). **p.-deed** ഭാഗപത്രം (*l.*). *v. t.* ഭാഗം ചെയ്യുക, പങ്കിടുക, ഓഹരിച്ചെയ്യുക; 2. അകമാക്കുക, മുറി തിരിക്കുക. **-ment,** *n.* വിഭാഗിക്കൽ. **pär′ti-tive,** *a.* വിയോജകമായ (*gr.*). *n.* വിയോജകപദം (*gr.*). **pär′ti-tive-ly,** *ad.* വിയോജകമായി.

**Pärt′ly,** *ad., s. u.* Part.

**Pärt′nĕr,** *n.* പങ്കാളി, ഓഹരിക്കാരൻ; 2. കൂട്ടാളി, ചങ്ങാതി; 3. ഭൎത്താവ്; ഭാൎയ്യ; 4. ഉത്തി, കൂച്ച്; നൃത്തസഖി; 5. കൂറ്കാരൻ, കൂററായ്മക്കാരൻ (*com.*). **dormant p., silent p., sleeping p.** പ്രവൃത്തിചെയ്യാതെ മുതലിടുക മാത്രം ചെയ്യുന്ന കൂട്ടുകച്ചവടക്കൂറുകാരൻ, പണക്കൂറുകാരൻ (*com.*). **-ship,** *n.* കൂററായ്മ; കൂട്ടുകച്ചവടം, കൂറ്—; സഹവൎത്തകത്വം; വ്യാപാരസംഘം, വൎത്തക—; കൂറ് കച്ചവടക്കരാറ് (*l.*); ലാഭഭേദവീതഗണിതം (*arith.*). **limited p.p** ക്ലിപ്തബാദ്ധ്യസഹവൎത്തകത്വം. **silent p.p** പണക്കൂററായ്മ.

**Pär-tọok′,** *v. t. ir., p. t. of* Par-[take.

**Pär′tridġe** (-trij), *n.* തിത്തിരിപ്പക്ഷി, ആൾക്കാട്ടി (*z.*); 2. ചകോരം; കപിഞ്ജലം (*z.*); 3. ഒരു വക കാടപ്പക്ഷി (*z.*). **p.-wood** ഒരു നല്ല പണിത്തരമരം.

**Pär-tū-ri′tiŏn** (-rish′un), **=tū′ri-en-cy,** *n.* പ്രസവം, പേറ്. **=tū′ri-ent,** *a.* പ്രസവിക്കുന്ന; പേറ്റുത്ത; ഫലപ്രദമായ. **=tū-ri-fā′cient** (-fā′shent), *n.* സൂതികൌഷധം (*med.*). **=tū′ri-tive,** *a.* പ്രസവസംബന്ധമായ; സൂതികാകൎമ്മ—.

**Pär′ty,** *n.* അംശം, ഭാഗം; 2. പക്ഷം, പക്ഷക്കാര്, പരിഷക്കാര്, കക്ഷിക്കാര്, ഭാഗക്കാര്; 3. ചെറുസേന (*mil.*); 4. വിരുന്ന്കാര്, അതിഥിവൎഗ്ഗം; 5. വിരുന്ന്, സല്ക്കാരം; 6. കൂട്ടാളി, കൂടിയവൻ; 7. കക്ഷി (*l.*); അന്യായക്കാരൻ, അന്യായം, അന്യായഭാര് (*l.*); പ്രതിക്കാരൻ, പ്രതി, പ്രതിഭാര് (*l.*); 8. വ്യവഹാരം, കാൎയ്യം, സംഗതി; 9. ആള്, 'ആസാമി'. **p.-coated** പലനിറക്കുപ്പായം ഇട്ട. **p.-coloured,** പലവൎണ്ണമുള്ള, വിചിത്രമായ. **p.-jury** 'സമ്മിശ്രജ്യൂരി', —പഞ്ചായക്കാര്. **p.-man** കക്ഷിക്കാരൻ, പക്ഷക്കാരൻ. **p.-spirit** പക്ഷപാതം; —ഭാവം; പക്ഷപ്രിയം; പക്ഷപ്പോര്. **p.-verdict** കൂട്ടഭിപ്രായം. **p.-wall** ഇടച്ചുവര്, ഇടനിര. **charter-p.** കപ്പൽക്കൂലിവാടകാധാരം (*l.*). *a.*

പാരപക്ഷം ഉള്ള, പക്ഷഭേദം—. -ism, *n.* പക്ഷപ്രിയം.

**Pa-ru'si-a** (-ru'zhi-a), *n.* വൎത്തമാന കാലാലങ്കാരം (*rhet.*).

**Pär-va-nim'i-ty**, *n.* നിസ്സാരഭാവം, ചീററത്തരം, നീചത്വം.

**Pär've-nu** (*or* -nū), *n.* തല്ക്കാലക്ഷേമൻ, ഇന്നലെ വമ്പനായവൻ; അല്പപ്രഭു.

**Pär'vis, Pär'vise**, *n.* പള്ളിപ്പൂമുഖം.

**Päs** (pä), *n.* ചുവട്; 2. മുമ്പ്, അഗ്രേസരത്വം.

**Pasch, Pask, Pasque** (pask), **Pas'cha** (pas'ka), *n.* (ഇസ്രയേല്യരുടെ) പെസ്സാപെരുന്നാള് (*Bl.*); 2. ക്രിസ്തുവിൻെറ പുനരുത്ഥാനോത്സവം (*Chr.*). pas'chal, *a.* പെസ്സാസംബന്ധമായ; പുനരുത്ഥാനോത്സവ—. p.l lamb പെസ്സാ ആട്.

**Pä-seng'**, *n.* കാട്ടാട്, കേഴ (*z.*).

**Pä'sha, Pä'cha, Pä'shaw**, *n.* പാഷാ, തുൎക്കിയധിപതി.

**Pas-ig'ra-phy** (-fi), *n.* സൎവ്വസാമാന്യാക്ഷരം; 2. സൎവ്വലോകഭാഷ.

**Pas'i-lā-ly**, *n.* സൎവ്വലോകഭാഷ.

**Pask, Pasque** (pask), *see* Pasch.

**Pas'quil, Pas'quin**, *n.* പരിഹാസലേഖനം; —കവിത; 2.—ലേഖകൻ; —കവി. *v. t.* ഹാസ്യകവിത കെട്ടുക; 2. പരിഹാസലേഖനമെഴുതുക. =quil-ant, =quil-ĕr, *n.* ഹാസ്യകവി. =quin-āde, *n.* പരിഹാസലേഖനം; —കവിത. *v. t.* പരിഹാസമായെഴുതുക.

**Pass**, *v. i.* (on, by, out, in, to, under, over, across, beyond, *etc.*) പോക, ചെല്ലുക, നടക്കുക, കടന്നുപോക, മുമ്പോട്ട്—, ഗമിക്കുക; 2. മാറിപ്പോക, ഭേദംവരിക; 3. മാററം—; 4. കൈമാറുക; 5. കഴിഞ്ഞുപോക, ഇല്ലാതാക, കാണാതാക; മരിച്ചുപോക; 6. ഉണ്ടാക, വരിക, സംഭവിക്കുക, പിന്തുടരുക; 7. കഴിയുക, തീരുക, കഴിഞ്ഞുകൂടുക; 8. (for) നടപ്പാക, നാണ്യമാക, (നാണ്യം) എടുക്കുക; 9. (മററുള്ളവർ) വിചാരിക്കുക, എണ്ണുക; 10. സമ്മതമാക, അനുവാദം പ്രാപിക്കുക; 11. നിയമമായ്തീരുക; 12. (പരീക്ഷ) ജയിക്കുക, 'പാസ്സാക'; 13. (പരിശോധനയിൽ) തൃപ്തികരമാക; 14. ഇരിക്കട്ടെ എന്നു വെക്കുക, ആകട്ടെ—: it may p. അങ്ങിനെയാകട്ടെ, മതി, തരക്കേടില്ല; 15. നടന്നുപോരുക, നിന്നു—; ചിരഞ്ജീവിയായിരിക്കുക; 16. വിട്ടുകളയുക, പോകട്ടെ എന്നു വെക്കുക: let it p. അതുപോകട്ടെ, സാരമില്ല, കാൎയ്യമാക്കേണ്ട; 17. വയററിൽചെല്ലുക; 18. കൈവശം വിട്ടുപോക, കൈവിട്ടുപോക, അന്യാധീനമാക (*l.*); 19. വെട്ടുക, കുത്തുക (*fen.*); 20. (ചീട്ടുകളിയിൽ) വിട്ടുകൊടുക്കുക, കളിക്കാതെവിടുക. to bring to p. ഉണ്ടാക്കിത്തീൎക്കുക, സംഭവിപ്പിക്കുക. to come to p. ഉണ്ടാക, സംഭവിക്കുക. to p. away തീൎന്നുപോക, ഇല്ലാതാക. to p. by കടന്നുപോക. to p. into ആയ്തീരുക. to p. on മുമ്പോട്ടു ചെല്ലുക. to p. on *or* upon വരിക, ഉണ്ടാക; വിധി കല്പിക്കുക. to p. off തീരുക, തീൎന്നുപോക, കഴിഞ്ഞു—. to p. over കടക്കുക. it may p. അങ്ങിനെയാകട്ടെ, അതു മതി. *v. t.* കടക്കുക, കടന്നുപോക; 2. നാളുകഴിക്കുക, ഉപജീവനം—, കഴിച്ചുകൂട്ടുക; 3. അനുഭവിക്കുക, സഹിക്കുക; 4. കൂടികടക്കുക; 5. കണ്ണുചിമ്മിക്കളയുക, നോക്കാതെ ഇരിക്കുക, കറികൊള്ളാതെ—; പറയാതെ—; ലക്ഷ്യമാക്കാതെ—; ക്ഷമിക്കുക; 6. മുന്തുക, കവിയുക; 7. (പരീക്ഷ) ജയിക്കുക; 8. (പരിശോധനയിൽ) തൃപ്തികരമായി വിചാരിക്കുക; സമ്മതമാക; 9. കൊടുക്കുക, കൊണ്ടുകൊടുക്കുക; 10. കടത്തിക്കൊണ്ടുപോക: the general p.ed over the army by the bridge പടനായകൻ സൈന്യം പാലം കടത്തിക്കൊണ്ടുപോയി; 11. നോക്കിക്കൊണ്ടുപോക: I had time to p. my eye over the books എനിക്ക് ആ പുസ്തകങ്ങൾ ഒന്നു നോക്കാൻ മാത്രമേ നേരമുണ്ടായുള്ളു; 12. പറയുക; വാക്കുകൊടുക്കുക; 13. തീൎച്ചപ്പെടുത്തുക; വിധിപറയുക; 14. തീൎക്കുക: we will p. the business privately നമുക്ക് ആ കാൎയ്യം സ്വകാൎയ്യമായി തീൎക്കാം; 15. സമ്മതിക്കുക, അനുവദിക്കുക; സമ്മതം കൊടുക്കുക; 16. നിയമ

മാക്കുക; 17. നടപ്പാക്കുക; പരത്തുക; 18. അകത്ത് ആക്കുക; 19. (മലം) വിസർജ്ജിക്കുക; 20. വെട്ടുക, കുത്തുക (*fen.*). to p. a dividend ലാഭവീതം കൊടുക്കാതെ നിൎത്തുക (*com.*). to p. away ദുൎവ്വിലയാക്കുക, നഷ്ടമാക്കുക, വെറുതെകളയുക. to p. by നോക്കാതിരിക്കുക, ഉപേക്ഷിക്കുക; ക്ഷമിക്കുക, മാപ്പാക്കുക. to p. off പറഞ്ഞു വിശ്വസിപ്പിക്കുക. to p. (something) on *or* upon (some one) കളവായി വിശ്വസിപ്പിക്കുക. to p. one's word വാക്കു കൊടുക്കുക, വാഗ്ദത്തം ചെയ്യുക. to p. over കണ്ണുചിമ്മുക, പോകട്ടെ എന്നു വെക്കുക. *n.* ചുരം, കണ്ടിവാതില്, മലയിടുക്ക്; 2. വഴി; 3. കടവ്; 4. വെട്ട്, തട്ട് (*fen.*); 5. തടവല്, ഉഴിച്ചല്; 6. അമൎത്തല്; 7. സ്ഥിതി, നില, അവസ്ഥ; 8. 'രഹദാരി', അനുവാദപത്രം; 9. വാദം, തൎക്കം, മറുക്കൽ. mountain-p. ചുരം, കണ്ടിവാതില്. p.-boat 'വക്കാസ്' (*naut.*). p.-book ഇടവാട് കണക്ക് പുസ്തകം. p.-check അരഞ്ചീട്ട്, 'ററിക്കെററ്'. p.-key ഇണത്താക്കോല്. p.-man സാമാന്യതരത്തിൽ പരീക്ഷ ജയിച്ചവൻ. p.-note മുന്നുദ്യോഗസാക്ഷ്യപത്രം, 'സൎട്ടിഫിക്കേററ്'. p.-parole വാക്കാൽ കല്പന (*mil.*). p.-port, *see separately*. p.-word കുറിവാക്ക് (*mil.*). -'a-ble, *a.* കടപ്പാൻ പാടുള്ള; നടപ്പാൻ—; വണ്ടി പോകുന്ന; തോണി—; ഗതാഗതാനുകൂലം ഉള്ള, വഴി—; പ്രസ്താപിക്കാകുന്ന; വിശ്വസിക്കാകുന്ന; നടപ്പാകാവുന്ന; (നാണ്യം) എടുക്കുന്ന; സമ്മതിക്കാകുന്ന, പൊതുവരുത്തായ; ഇടത്തരം ആയ, നടുത്തരം—. -'a-ble-ness, *n.* ഗതാഗതാനുകൂല്യം; മദ്ധ്യമത്വം. -'a-bly, *ad.* ഒരുവിധം, ഇടത്തരത്തിൽ. -'ẽr, *n.* കടന്നുപോകുന്നവൻ; വഴിയാത്രക്കാരൻ. p.r-by വഴിപോക്കൻ. -'ing, *n.* കടന്നുപോകൽ; പോക്ക്. p.g-bell മൃതിമണി; ശ്മശാന—. *a.* കടന്നുപോകുന്ന, പോകുന്ന; യാത്രയാകുന്ന; കഴിയുന്ന; വലിയ, മഹാ, അത്യധികം ആയ; ശ്രേഷ്ഠം—. *ad.* വളരെ, അത്യന്തം. -'less, *a.* വഴിയില്ലാത്ത, ദുൎഘടമായ.

Pas-sāde', =sā'dō, *n.* വെട്ട്, തട്ട് (*fen.*).

Pas'sāġe, *n.* (*fr.* Pass) കടന്നുപോകൽ; പോക്ക്; 2. യാത്ര; പ്രയാണം; 3. ഗമനസ്വാതന്ത്ര്യം; 4. വാഹനം; 5. വാഹനക്കൂലി; കേവ്, കപ്പക്കൂലി; 6. മരണം; 7. വഴി, മാൎഗ്ഗം, പാത; 8. പ്രവേശനം, വാതില്; 9. നട; ഇടനാഴി; കയ്യാല; 10. ഗതി, സങ്ക്രമം; 11. സംഭവം, സംഗതി, അവസ്ഥ; 12. വാക്യം, വചനം, ശ്ലോകം, അംശം, പരിച്ഛേദം, വകുപ്പ്; 13. പോര്, അങ്കം; 14. വിരേചനം, (മല) ശോധന; 15. നിയമമാക്കൽ; 16. പൎയ്യാലോചന: the p. of the bill was delayed ആ നിയമപത്രികയെ സംബന്ധിച്ചുള്ള പൎയ്യാലോചന നിൎത്തിവെച്ചു. p.-money കപ്പക്കൂലി. p.-way വഴി; നട; അഴിക്കകം, കോലാ(നാ)യി. in p. കടന്നുപോകുമ്പോൾ; ഒരു നോക്ക്. of p. സഞ്ചാര, ദിഗന്തര. bird of p. ദിഗന്തരപ്പക്ഷി.

Pas'se (pas'sā), *a.* (പുരുഷൻ) മദ്ധ്യപ്രായം കടന്ന, ക്ഷീണിച്ച, ബലംകുറഞ്ഞ. pas'sēe, *a.* (സ്ത്രീ) ബാല്യംകഴിഞ്ഞ, ഉച്ചതെററിയ, സൌന്ദൎയ്യം ക്ഷയിച്ച. [നാട.

Passe'ment (pas'ment), *n.* ശൃംഗാര

Pas'sen-ġẽr, *n.* വഴിയാത്രക്കാരൻ, പ്രയാണി; 2. (തീവണ്ടി, തപ്പാൽവണ്ടി, കപ്പൽ *etc.*) കയറിപ്പോകുന്നവൻ. p.-pigeon ദിഗന്തരപ്രാവ് (*z.*).

Pas'sẽr-ēs, *n. pl.* കുരികിൽ പക്ഷിവൎഗ്ഗം (*z.*). =sẽr'i-form, pas'sẽr-īne, *a.* കുരികിൽവൎഗ്ഗത്തിൽപെട്ട (*z.*). *n.* കുരികില്, വീട്ടുപക്ഷി (*z.*).

Pas'si-ble, *a.* സുഖദുഃഖാനുഭവാധീനമായ; 2. വേദനതട്ടാകുന്ന. =bil'i-ty, -ness, *n.* സുഖദുഃഖബോധം.

*Pas'sim, ad.* അവിടവിടെ, എങ്ങും, എല്ലാടവും.

Pas'siōn (pash'un), *n.* കഷ്ടപ്പാട്; 2. ക്രിസ്തുവിന്റെ കഷ്ടാനുഭവമരണങ്ങൾ (*Chr.*); 3. —കഷ്ടാനുഭവാഴ്ചവട്ടപ്പെരുന്നാള് (*Chr.*); 4. സുഖദുഃഖാനുഭവാധീനത; 5. നിഷ്ക്രിയത്വം, കൎമ്മാശ്രയത്വം, ക

മ്മപാത്രത; 6. മനഃക്ഷോഭം, മനോവികാരം, —ഭാവം; 7. ഇന്ദ്രിയാധീനത, രജോഗുണതം, രാഗം; 8. രാഗദ്വേഷമോഹാദിഗുണങ്ങൾ; 9. കോപം, ക്രോധം; ഉഗ്രകോപം, കോപപാരവശ്യം; 10. കാമം; കാമാതിരേകം, കാമവികാരം; 11. ആസക്തി; വാസന, അതിതാല്പൎയ്യം; വ്യസനം; 12. ആതുരത്വം; ഉഗ്രത. p.-music കഷ്ടാനുഭവസംഗീതം. p.-flower ഒര് പുഷ്പം (*b.*). p.-play ക്രിസ്തുവിൻെറ കഷ്ടാനുഭവനാടകം. p.-Sunday പുനരുത്ഥാനത്തിന്ന് മുമ്പ് രണ്ടാം ഞായറാഴ്ച. p.-week ക്രിസ്തുവിൻെറ കഷ്ടാനുഭവാഴ്ചവട്ടം. the p.s ക്ഷുദ്വൈരികൾ, കാമക്രോധാദി ദുൎഗ്ഗുണങ്ങൾ. the p. ക്രിസ്തുവിൻെറ കഷ്ടാനുഭവമരണങ്ങൾ. a fit of p. കട്ടകോപം, ക്രോധപാരവശ്യം. to fly into a p. കോപംവരിക, ക്രുദ്ധിക്കുക. the ruling p. മുഖ്യവ്യസനം. to subdue the p.s ഇന്ദ്ര്യനിഗ്രഹമുണ്ടാക, ജിതേന്ദ്ര്യനായിരിക്കുക. -al, *a.* രാഗസംബന്ധം ആയ; കാമക്രോധാദിജനകം—; —ജന്യം—. -al, -ar-y, *n.* പുണ്യവാളന്മാരുടെ കഷ്ടാനുഭവവിവരപ്പുസ്തകം (*R. C.*). -āte, *a.* മനഃക്ഷോഭമുള്ള; വേഗം മനസ്സിളകിപ്പോകുന്ന, മനോദാൎഢ്യതയില്ലാത്ത; മുൻകോപമുള്ള, ശുണ്ഠിആയ; രാഗാന്വിതം—; ആതുരം—, ഗാഢം—. -āte-ly, *ad.* ഉഗ്രതയോടെ, രൌദ്രമായി, കോപത്തോടെ; ആസക്തിയോടെ, വൈരാഗ്യത്തോടെ. -āte-ness, *n.* ആസക്തി, ആതുരത്വം, വൈരാഗ്യം; തീക്ഷ്ണത. -ist, *n.* ഒര് വക റോമസന്ന്യാസി (*R. C.*). -less, *a.* വിരക്തിഉള്ള, വൈരാഗ്യം—, ജിതേന്ദ്ര്യത്വം—; സാത്വികത്വം—, ശാന്തശീലം—; രാഗദ്വേഷമില്ലാത്ത. -tīde, *n.* നോമ്പിൻെറ ഒടുവിലത്തെ പക്ഷം (*Chr.*).

**Pas'sive,** *a.* നിഷ്ക്രിയം ആയ, അപ്രവൎത്തകം—, നിശ്ചേഷ്ടം—; 2. അനുഭവാധീനം—, കൎമ്മാശ്രയം—, കൎമ്മപാത്രം—; 3. സഹനശീലമുള്ള, സഹിക്കുന്ന, പൊറുക്കുന്ന; 4. വിരോധം ഇല്ലാത്ത, എതിർപറയാത്ത; 5. നിശ്ചേതനം ആയ (*ch.*); 6. മന്ദം— (*med.*). p. congestion ചോരകെട്ടല്, —കല്ലിക്കല് (*med.*). p. iron വേഗം കറപിടിക്കാത്ത ഇരിമ്പ് (*ch.*). p. obedience കോയ്മാധീനത്വം, പ്രജാനുസരണം (*pol.*). p. prayer ധ്യാനപ്രാൎത്ഥന (*Chr.*). p. verb കൎമ്മത്തിൽ ക്രിയ, കൎമ്മ—, കൎമ്മണി— (*gr.*). p. voice കൎമ്മണീപദം (*gr.*). -ly, *ad.* എതിൎക്കാതെ, മിണ്ടാതെ; നിശ്ചേഷ്ടമായി; കൎമ്മക്രിയയായി (*gr.*); കൎമ്മണീപദമായി (*gr.*). -ness, *n.* നിശ്ചേതനത്വം; സഹിഷ്ണുത; അടക്കം. =siv'i-ty, *n.* കൎമ്മാശ്രയത്വം; നിഷ്കാരകത്വം (*ph.*); നിശ്ചേതനത്വം (*ch.*).

**Pass'ō-vĕr,** *n.* യൂദരുടെ 'പെസ്സാ' പ്പെരുന്നാള് (*Bl.*); 2. 'പെസ്സാ'ബലി (*Bl.*). p. bread *or* cake പുളിപ്പില്ലാത്ത അപ്പം, പുളിക്കാത്ത—.

**Pass'pōrt,** *n.* വഴിച്ചീട്ട്, 'രഹദാരി', യാത്രാനുവാദപത്രം, സഞ്ചാരാനുവാദ—; 2. പരിപാലന—; 3. സാക്ഷ്യ—, 'ശിപാൎശി'; രക്ഷ.

**Past,** *a.* മുമ്പേത്ത, കഴിഞ്ഞ; കടന്ന് പോയ, ചെന്ന, അവസാനിച്ച, തീൎന്ന; 2. ഭൂതകാലസംബന്ധമായ; മുൻകാലത്തെ, പണ്ടെത്ത. p.-master മുമ്പേത്ത തലവൻ. p. tense ഭൂതകാലം (*gr.*). march p. അണി നടത്തം (*mil.*). *n.* മുൻകാലം, പണ്ടെത്ത—; 2. —അവസ്ഥ; പൂൎവ്വസ്ഥിതി; 3. കഴിഞ്ഞത്. the p. പോയത്; കഴിഞ്ഞത്; കഴിഞ്ഞകാലം. *prep.* ...കാൾ അധികം; ...കാൾ അപ്പുറം; 2. കടന്നിട്ട്, കവിച്ചലായി; കഴിയുന്നതിലധികം; 3. കഴിഞ്ഞ, ശേഷം; 4. മീതെ, മേലെ, അധികം. *ad.* കടന്ന്; 2. അടുക്കൽ കൂടി, സമീപം.

**Pāste,** *n.* മെഴുപ്പാകസാധനം, ചളിപ്പാക—; 2. കുഴച്ചമാവ്, പിഷ്ടം, പിട്ട്; 3. പശ, 'ഗോന്ത്'; 4. കഞ്ഞി, കഞ്ഞിപ്പശ; 5. കൃത്രിമരത്നക്കൂട്ട്; കള്ളരത്നം; 6. ഒര് വക ലേഹ്യം, കട്ടി. p.-board പലകക്കടലാസ്, അട്ട (*P.*). *v. t.* പററിക്കുക, ഒട്ടിക്കുക. pāst'ĕr, *n.* പററിക്കുന്നവൻ. pās'try, *n.* അട; അപ്പം, പലഹാരം. p.y-cook പലഹാരം ഉണ്ടാക്കുന്നവൻ. pās'ty, *a.* പശ ആയ; —പോലെയുള്ള; *n.* അട, ഇറച്ചിയട.

**Pas'tel**, *n.* ഒരു വക റങ്ക് ചെടി (*b.*); 2. ചായക്കോല്; 3. വൎണ്ണപ്പശ.

**Pas'tĕrn**, *n.* (കുതിരമുതലായ മൃഗങ്ങളുടെ) മുട്ടുകാല്. **p.-joint** നരിയാണി (*an.*).

**Pas-tīl', Pas-tīlle'** (-tēl'), *n.* സാമ്പ്രാണിത്തിരി; ചന്ദനത്തിരി; 2. ഒരു വക ഗുളിക.

**Pas'tīme**, *n.* നേരമ്പോക്ക്, കളി, ലീല, ക്രീഡ, വിളയാട്ടം, വിനോദം, കേളി. *v. i.* കളിക്കുക, ഉല്ലസിക്കുക.

**Pas'tor**, *n.* ആട്ടിടയൻ, ഇടയൻ; ഗോപൻ; 2. പരിപാലകൻ; 3. സഭാപരിപാലകൻ, ഇടവകപട്ടക്കാരൻ (*S.*), ബോധകൻ, ഉപദേഷ്ടാവ് (*Chr.*); 4. ഒരു പക്ഷി (*z.*). **-āġe, -āte**, *n.* ബോധകസ്ഥാനം; ഇടവക, സഭ. **-al**, *a.* ഗോപാലക, ഇടയസംബന്ധമായ; നാട്ടുപുറം സംബന്ധിച്ച, തറവീഥിയിലുള്ള; ബോധകപ്രവൃത്തിസംബന്ധമായ: **p.l letter** അദ്ധ്യക്ഷലേഖനം (*Chr.*). **p.l poem** ഗോപകാവ്യം. **p.l staff** സ്ഥാനവടി. **p.l theology** സഭാപരിപാലനവിദ്യ, —ശാസ്ത്രം (*Chr.*). *n.* ഗോപകാവ്യം; ഇടയസംഗീതം; അദ്ധ്യക്ഷലേഖനം (*Chr.*). **=to-rā'le**, *n.* ഒരു വക ഇടയപ്പാട്ട്; —നൃത്തം. **-al-ly**, *ad.* ഇടയരീതിയായി; ബോധകനിലയിൽ. **-less**, *a.* ബോധകനില്ലാത്ത. **-liṅg**, *n.* നിസ്സാരബോധകൻ. **-ly**, *a.* ബോധകന്ന് യോഗ്യമായ. **-ship**, *n.* ബോധകസ്ഥാനം.

**Pās'try**, *n.*, *s. u.* **Paste.**

**Pas'tūre**, *n.* പോഷണം; 2. മേച്ചല്; പുല്ല്; 3. മേച്ചൽസ്ഥലം, പുൽമാലി, പുൽപ്പറമ്പ്. *v. t.* (കാലികളെ) തീററുക, മേയ്ക്കുക, തീൻകൊടുക്കുക, പുല്ല്—, —ഇടുക. *v. i.* മേയുക. **=tū-ra-ble**, *a.* മേച്ചലിന്ന് തക്ക. **=tū-rāġe**, *n.* മേച്ചൽസ്ഥലം, പുൽപറമ്പ്; മേച്ചല്; പുല്ല്, തീററി; മേയ്ക്കല്. **-less**, *a.* മേച്ചലില്ലാത്ത. **='tūr-ĕr**, *n.* മേയ്ക്കുന്നവൻ.

**Pās'ty**, *n.* & *a.*, *s. u.* **Paste.**

**Pat**, *v. t.* തട്ടുക, തട്ടിക്കൊടുക്കുക, തലോടുക. *n.* തട്ട്; 2. കട്ട, കന്തി, ക്രമല്. *a.* തക്ക, പററിയ, കൊണ്ട, ചേരുന്ന; തരമായ. *ad.* തക്കവണ്ണം. **pat'ly**, *ad.* ചേൎച്ചയായി, തരമായി. **-'ness**, *n.* യോജ്യത; തരം.

**Patch** (pach), *n.* വെച്ച് പിടിപ്പിച്ച തുണിക്കഷണം, മൂട്ട് തുണി; 2. തുളിപ്പ്; കഷണം, പററ്; പത്തി; 3. കണ്ടം; പറമ്പ്; 4. (തോക്കിൻെറ) കാണി, കാണിക്കുററി; 5. നിസ്സാരൻ, നീചൻ, ഇരപ്പൻ. **p.-ice** ഹിമനിര. *v. t.* കഷണംവെക്കുക; 2. ഇടക്കിടെ നന്നാക്കുക; 3. ഇടയോല വലിക്കുക; 4. ശൃംഗരിക്കുക; 5. (up) തല്ക്കാലനിവൃത്തിയുണ്ടാക്കുക, പൊത്ത് വരുത്തായി ചെയ്യുക. **p.-work** കഷണംവെക്കൽ; തുളിപ്പ്; ഉപായപ്പണി. **-'ĕr**, *n.* കഷണംവെക്കുന്നവൻ. **-'ĕr-y**, *n.* മൂടിവെക്കൽ; ഉപായം, കള്ളത്ത്രാണം, കാപട്യം. **-'y**, *a.* കഷണം വെച്ച; തുളിച്ച.

**Pa-tchöu'li, =tchöu'ly** (-chu'li), *n.* കൎപ്പൂരതുളസി (*b.*).

**Pāte**, *n.* തല, മണ്ട, തലമണ്ട; 2. കടച്ചിയുടെ തലത്തോല്. **pā'ted**, *a.* തലഉള്ള; —ആയ.

**Pat-e-fac'tiŏn**, *n.* തുറന്ന് കാട്ടൽ, പ്രത്യക്ഷമാക്കൽ; പരസ്യപ്രസ്താവം.

**Pa-tel'la**, *n.* (*pl.* pa-tel'læ) ചിരട്ട, കിണ്ണം, പാത്രം; 2. ജാനസ്ഥി, മുട്ട് ചിരട്ട (*an.*). **=tel'lar**, *a.* ജാനസ്ഥിസംബന്ധം ആയ. **=tel'li-form**, *a.* മുട്ട് ചിരട്ടാകൃതി—.

**Pat'en, Pat'in, Pat'ine, Pat'i-na**, *n.* തിരുവത്താഴ അപ്പത്താലം.

**Pā'tent**, *a.* തുറന്ന; വിടൎന്ന; 2. സ്പഷ്ടം ആയ, പ്രത്യക്ഷം—; 3. പരസ്യം—: **letters p.** പരസ്യപത്രിക; അവകാശസാക്ഷ്യ—, 'സനദ്'; 4. സ്വകാൎയ്യാവകാശം സിദ്ധിച്ച, 'സനദുള്ള'; 5. പടൎന്ന (*b.*). **p. leather** മിനുസത്തോല്. **p. medicine** ഉപദേശൌഷധം, സ്വകാൎയ്യാവകാശൌഷധം. **p. office** സ്വകാൎയ്യാവകാശക്കച്ചേരി. **p. right** സ്വകാൎയ്യാവകാശം, 'സനദ്', കത്തക (*l.*). **p. rolls**

സ്വകാര്യാവകാശപ്പട്ടിക. p.-yellow ര ത്വക മഞ്ഞച്ചായം. *n.* പരസ്യപത്രിക, സ്വകാര്യാവകാശ—, 'സനദ്'; 'കൌള്'; 2. 'സനദ'വകാശം, സ്വാതന്ത്ര്യം; കുത്തക. *v. t.* സ്വകാര്യാവകാശം കൊടുക്കുക, 'സ നദ്'—; 2. —വാങ്ങുക; 3. 'കൌള്'—. -a-ble, *a.* സ്വകാര്യാവകാശം കിട്ടാകുന്ന; —കൊടുക്കാവുന്ന. =ten-tēe, *n.* —സിദ്ധി ച്ചവൻ, 'സനദ്'കാരൻ, -ly, *ad.* സ്പ ഷ്ടമായി, പ്രത്യക്ഷമായി.

*Pā-ter-fa-mil'i-as, n.* (*pl. pā-trēs-fa-mil'i-as*) കുഡുംബത്തലവൻ, ഗൃഹസ്ഥൻ; കാരണവൻ; 2. ജന്മി; 3. വ കയുള്ളവൻ.

Pa-tĕr'nal, *a.* അച്ഛൻെറ, പിതൃ; 2. പിതൃതുല്യമായ; —ഭാവമുള്ള; 3. പൈ തൃക, പിത്ര്യാജ്ജിതം ആയ, പൌരാണി കം—. p. government കുഡുംബക്കോയ്മ (*pol.*). p. uncle ഇളയപ്പൻ, ഇളയച്ഛൻ; മൂത്തച്ഛൻ. -ism, *n.* കുഡുംബാധിപത്യം. -ly, *ad.* പിതൃഭാവത്തിൽ. =tĕr'ni-ty, *n.* പിതൃസംബന്ധം; —സ്ഥാനം; കുഡുംബ ത്തലവ—, കാരണവ—; ജനകത്വം; കാ രണഭൂതത്വം, ഉത്ഭവം, മൂലം; കർത്തൃത്വം.

Pat'ĕr-nos-tĕr, *n.* 'ഞങ്ങളുടെ പി താവേ' 2. കർത്തൃപ്രാർത്ഥന, യേശുക്രിസ്തു പഠിപ്പിച്ചുകൊടുത്ത—(*Chr.*). p.-while കർത്തൃപ്രാർത്ഥന ചൊല്ലിത്തീർപ്പാൻ വേണ്ടി വരുന്നനേരം, അല്പനേരം.

Päth, *n.* പെരുവഴി, പെരിയ, പാ ത, നിരത്ത്, വഴി; 2. ഊടുവഴി; 3. മാ ൎഗ്ഗം; ഗതി; 4. നടവടി, പദ്ധതി; 5. ചാ ല്; 6. വൃത്തി, ജീവനം. p.-finder വ ഴികണ്ടെത്തുന്നവൻ. p.-maker —ഉണ്ടാ ക്കുന്നവൻ. p.-way ഊടുവഴി, വഴി. päth, *v. t.* വഴിയുണ്ടാക്കുക. *v. i.* നടക്കു ക, പോക. -'less, *a.* വഴിഇല്ലാത്ത, താ ര—; ആരും പോകാത്ത.

Pa-thet'ic, =i-cal, *a.* മനസ്സിളക്കു ന്ന, മനസ്സലിക്കുന്ന; 2. ദുഃഖകരമായ, വ്യ സനം ജനിപ്പിക്കുന്ന. the p. കരുണാ രസം. =i-cal-ly, *ad.* കൃപ തോന്നുംവ ണ്ണം. =i-cal-ness, *n.* കരുണാരസം. path'e-tism, *n.*, *s. a.* Mesmerism.

Path'ic, *a.* അനുഭവിക്കുന്ന, സഹി ക്കുന്ന. *n.* ഗുദദായകൻ.

Path-ō-ġen-et'ic, =ġen'ic, *a.* രോ ഗോല്പത്തിസംബന്ധം ആയ; രോഗജന കം—. =ġēne', *n.* പകച്ചരോഗാണുപ്രാ ണി (*z.*). =ġen'e-sis, =thoġ'e-ny, *n.* രോഗോല്പത്തി; രോഗവികാസം; നിദാ നം.

Pa-thog-nō-mon'ic, *a.* രോഗല ക്ഷണമായ (*med.*). pa-thog'nō-my, *n.* രോഗലക്ഷണവിദ്യ, നിദാനം (*med.*).

Pa-thol'ō-ġy, *n.* നിദാനം (*med.*). path-ō-loġ'ic, =ō-loġ'i-cal, *a.* നിദാന സംബന്ധമായ. =ō-loġ'i-cal-ly, *ad.* -പ്ര കാരം. =thol'ō-ġist, *n.* നിദാനക്കാരൻ.

Path-ō-pœ'ia (-pē'ya), *n.* കരുണാര സാലങ്കാരം, ക്ഷോഭോല്പാദകാലങ്കാരം (*rhet.*).

Pā'thos, *n.* കരുണാരസം; തീക്ഷ്ണത; ഗാഢത, ഗാംഭീര്യം.

Pa-tib'ū-lar-y, *a.* തൂക്കുമരംസംബ ന്ധിച്ച; 2. തൂക്കിക്കൊല്ലല്—. =lā-ted, *a.* തൂക്കിക്കൊന്ന.

Pā'tience (pā'shens), *n.* പൊറുമ, ക്ഷമ; സഹനശീലം; ശാന്തത, സഹിഷ്ണു ത; 2. ക്ഷാന്തി; 3. സ്ഥിരോത്സാഹം, മനഃ സ്ഥൈര്യം, അഭിനിവേശം. pā'tient (pā'shent), *a.* പൊറുക്കുന്ന, പൊറുമയുള്ള, എന്തും സഹിക്കുന്ന; ദീർഘക്ഷമ ഉള്ള; ഉ ത്സാഹം—, ധൃതി—; ക്ഷാന്തി—. *n.* സഹി ഷ്ണു; രോഗി, ചികിത്സിതൻ. in-p.t 'ആ സ്പത്രി(യിൽ താമസിച്ച് ചികിത്സിക്കുന്ന) രോഗി. out-p.t മരുന്ന് വാങ്ങിപ്പോക ന്ന—. =tient-ly, *ad.* ക്ഷമയോടെ; ശാന്തശീലത്തോടെ. [Paten.

Pat'in, Pat'ine, Pat'i-na, *n.*, *see* Pat'ly, Pat'ness, *s. u.* Pat.

Pat-ois' (pat-wä'), *n.* പട്ടഭാഷ, —വാക്ക്, ഗ്രാമ്യം.

Pā'tri-al, *a.* ദേശനാമജം ആയ; 2. നിവാസിനാമം— (*gr.*). *n.* ദേശജനാ മം (*gr.*).

**Pā'tri-ärch** (-ärk), *n.* കുഡുംബാധിപതി; 2. മൂലപിതാവ്, പിതൃശ്രേഷ്ഠൻ, ഗോത്രാധിപതി, ഗോത്രപിതാവ്; 3. സഭാധിപതി, 'പത്രിയാൎക്കീസ്' (*Syr.*); 4. വയസ്സൻ; മൂസ്സോര് (മൂസ്സവര്, മൂത്തവര്) *N.* കാരണവര്. =**ärch'al**, =**ärch'ic**, *a.* 'പത്രിയാൎക്കീസി'ന്ന് ഉള്ള; —അധീനമായ; ഗോത്രപിതാവായ; ഗോത്രാധിപത്യമുള്ള. **p.l dispensation** (ഇസ്രയേല്യ) പിതൃകാല ദൈവവ്യവഹാരവ്യവസ്ഥ (*Bl.*). -**'āte**, -**dŏm**, -**ship**, *n.* സഭാധിപത്യം, 'പത്രിയാൎക്കീസ്'സ്ഥാനം; സഭാപതിയരമന; ഗോത്രാധിപത്യം. -**ism**, *n.* ഗോത്രാധിപത്യം. -**y**, *n.* 'പത്രിയാൎക്ക'സ്ഥാനം; ഗോത്രാധിപത്യം.

**Pa-tri'cian** (-trish'an), *n.* റോമകുലീനൻ; 2. കുലീനൻ, പ്രഭു; 3. സഭാപിതൃഗ്രന്ഥജ്ഞൻ. *a.* കുലീനൻ ആയ; 2. കുലീനരെ സംബന്ധിച്ച; പ്രഭുക്കന്മാൎക്കുള്ള. -**ism**, *n.* കുലീനവൎഗ്ഗം; 'പത്രിയൎക്ക'സ്ഥാനം.

**Pat'ri-cīde**, *n.* പിതൃഹത്യക്കാരൻ, —ഹന്താവ്; 2. —ഹത്യ. =**cī-dal**, *a.* —ഹത്യസംബന്ധമായ.

**Pat'ri-mon-y**, *n.* പൈതൃകസ്വത്ത്, പിത്രാൎജ്ജിത—, പൌരാണിക—, തറവാട്ട്—. =**mō'ni-al**, *a.* —സ്വത്ത്സംബന്ധിച്ച; —സ്വത്ത് ആയ. =**mō'ni-al-ly**, *ad.* പൌരാണികസ്വത്തായി, തറവാട്ട്—.

**Pā'tri-ot**, *n.* സ്വദേശപ്രീതിയുള്ളവൻ; സ്വദേശാഭിമാനി; സ്വരാജ്യഗുണേഛു. *a.* —ഗുണകാംക്ഷ ഉള്ള, സ്വദേശാഭിമാനം—. =**ot'ic**, =**ot'i-cal**, *a.* സ്വദേശപ്രിയം—, സ്വരാജ്യഹിതകാംക്ഷിയായ. =**ot'i-cal-ly**, *ad.* സ്വരാജ്യാഭിമാനപൂൎവ്വകമായി. =**o-tism**, *n.* ജന്മദേശവാത്സല്യം; സ്വരാജ്യഹിതകാംക്ഷ; സ്വദേശാഭിമാനം.

**Pā-tri-pas'sian-ism**, *n.* (പിതാപുത്രു) സഹതാപവാദം (*theo.*).

**Pa-tris'tic**, =**ti-cal**, *a.* സഭാപിതൃസംബന്ധമായ (*Chr.*). =**tics**, *n.* സഭാപിതൃോപദേശവിദ്യ (*Chr.*).

**Pa-trōl'**, =**trōle'**, *v. i.* 'പാറാവ്' നടക്കുക; 2. 'ബീററ്'—, കാവൽസഞ്ചാരം ചെയ്യുക. *v. t.* പാറാസഞ്ചാരം—, യാമകാവല് നടക്കുക. *n.* 'പാറാവ്'നടത്തം, കാവൽസഞ്ചാരം, യാമക്കാവല്, 'ബീററ്'; 2. പരിശോധനസഞ്ചാരം; 3. കാവൽക്കൂട്ടം, 'പാറാവ്'സൈന്യം, 'പാറാ'ക്കാര്. **p.l-man** യാമസഞ്ചാരക്കാരൻ, 'ബീററ്' കാരൻ.

**Pā'tron**, *n.* പരിരക്ഷകൻ; 2. യജമാനൻ, ശരണാഗതവത്സലൻ, ശരണകൎത്താവ്; 3. പക്ഷവാദി; 4. തുണയാളി, സഹായി, അനുകൂലി; 5. ബോധകവൃത്തിദായകൻ (*eccl.*); 6. പാലകപുണ്യവാളൻ (*R. C.*). *a.* പരിപാലകനായ; സഹായിക്കുന്ന. **p. saint** ശരണപുണ്യവാളൻ, പാലക—, പ്രത്യേക—, സ്വന്ത—. **cardinal p.** പാപ്പാവിന്റെ മുഖ്യമന്ത്രി. -**āġe**, *n.* അനുകൂലം; സഹായം, ഒത്താശ; വ്യാപാരാദരം, കററി, അടവ്; ശരണം, പരിരക്ഷ; ദാനാധികാരം; ഉദ്യോഗദാനാധികാരം; ബോധകവൃത്തി—. -**al**, *a.* സംരക്ഷിക്കുന്ന. -**āte**, *n.* പരിത്രാണനം, ദയാകടാക്ഷം. -**ess**, *n.* പരിത്രാണിക, ഒത്താശക്കാരത്തി. -**i-sā'tiŏn**, -**i-zā'tiŏn**, *n.* സംരക്ഷണം; സഹായം, ഒത്താശ. -**īse**, -**īze**, *v. t.* പരിരക്ഷചെയ്യുക, തുണക്കുക; കററിക്കാരൻ ആയിരിക്കുക, കററി—; സംരക്ഷണാനാട്യം കാട്ടുക. -**ī-sĕr**, -**ī-zĕr**, *n.* പരിത്രാണകൻ, ഒത്താശക്കാരൻ; ഉപകാരി. -**ī-sing**, -**ī-zing**, *a.* ദയാകടാക്ഷമുള്ള; യജമാനത്വം നടിക്കുന്ന. -**ī-sing-ly**, -**ī-zing-ly**, *ad.* ആദരപൂൎവ്വം. -**less**, *a.* നിസ്സഹായിയായ.

**Pat-rō-nom-a-tol'ō-ġy**, *n.* നാമവിദ്യ.

**Pat-rō-nym'ic**, *n.* അച്ഛൻപേര്, കുഡുംബപ്പേര്, വീട്ട്പേര്, തറവാട്ട്—. =**nym'ic**, =**nym'i-cal**, *a.* തറവാട്ട്പേര് ആയ, പിതൃനാമം—.

**Pat'ten**, *n.* ഒര്വക മെതുവടി; കട്ടച്ചെരിപ്പ്; 2. പൊയ്ക്കാല്. =**tened** (-tend), *a.* മെതുവടിയിട്ട.

**Pat'tĕr**, *v. i.* ചറചറ ശബ്ദമുണ്ടാക; 2. മുണമുണക്കുക, മുറുമുറുക്കുക, പിറുപിറെ പറയുക, നൊടിയുക; 3. ജല്പിക്കുക. *v. t.* കടയുക, തളിക്കുക; 2. ജപിക്കുക. to

p. flash കള്ളന്മാരുടെ ഭാഷ സംസാരിക്കുക. *n.* ചറചറശബ്ദം; 2. ജല്പനം; 3. പട്ടഭാഷ. **-ĕr,** *n.* ചറുചറെ പറയുന്നവൻ; നടന്ന് കച്ചവടം ചെയ്യുന്നവൻ.

**Pat'tĕrn,** *n.* മാതൃക, മാതിരി; 2. നോട്ടം (*com.*); 3. ഉദാഹരണം, ദൃഷ്ടാന്തം; 4. ഒര് ഉടുപ്പിന്ന് മതിയായ തുണി; 5. ശൃംഗാരവിധം; 6. പുത്രിക, രൂപത്തിലുള്ള സാധനം; 7. ഉടുപ്പ് മാതിരി; 8. അച്ച്. **p.-card** ചിത്രം നെയ്ത്ത്ച്ച് കടലാസ് (*w.*). **p.-reader** തുണിമാതിരികൾ തയ്യാറാക്കുന്നവൻ. *v. t.* രൂപത്തിൽ ഉണ്ടാക്കുക, ആകൃതിയിൽ—; 2. മാതൃക ആയിരിക്കുക; തുല്യം—. **to p. after** അനുകരിക്കുക, അനുസാരമായി പ്രവൃത്തിക്കുക.

**Pat'ty,** *n.* അട. **p.-pan** ഓട്.

**Pat'ū-lŏus,** *a.* വിടൎന്ന, തുറന്ന, വികസിച്ച.

**Pa̤-cil'ō-quent** (pa̤-sil'ō-), *a.* അല്പഭാഷകനായ. **=quy,** *n.* —ഭാഷണം, —വാക്ക്.

**Pa̤u'ci-ty** (pa̤'si-), *n.* കുറവ്, അല്പതാ, ചുരുക്കം; 2. കുറച്ചം, പോരായ്മ.

**Pa̤u'lin,** *n.* താൎത്തുണി (*naut.*).

**Pa̤u'līne** (pa̤'līn), *a.* അപ്പോസ്തലനായ പൌലിന്റെ (*Chr.*).

**Pa̤unĉh** (pa̤nsh), *n.* വയറ് (*an.*); 2. ആമാശയം. *v. t.* വയറ് കീറുക; കുടല് പുറത്താക്കുക. **-'y,** *a.* കുംഭയുള്ള.

**Pa̤u'pĕr** (pa̤'pĕr), *n.* ഇരക്കുന്നവൻ, ഇരപ്പാളി; ദരിദ്രൻ. *a.* തെണ്ടിനടക്കുന്ന, ഭിക്ഷതെണ്ടുന്ന. **-i̤sm,** *n.* മഹാദാരിദ്ര്യം. **-i-s̤ā'tiŏn, -i-zā'tiŏn,** *n.* ഇരപ്പിക്കൽ; ദരിദ്രമാക്കൽ. **-īs̤e, -īze,** *v. t.* ഇരപ്പിക്കുക; അരിഷ്ടിപ്പിക്കുക.

**Pa̤us̤e** (pa̤z), *n.* നിൎത്ത്, താമസം, തടസ്ഥം; 2. ശങ്ക, മടി; 3. വിരാമം (*gr.*). **cæsural p.** യതി (*pros.*). *v. i.* നിൎത്തുക, നില്ക്കുക; താമസിക്കുക, കാത്ത് നില്ക്കുക; 2. നിന്ന് പോക; 3. ശങ്കിക്കുക, മടിക്കുക; 4. ചിന്തിക്കുക, ആലോചിക്കുക. **to p. upon** ചിന്തിക്കുക. *v. t.* (*refl.*) നിൎത്തുക. **pa̤us̤'ĕr,** *n.* നിൎത്തുന്നവൻ; നില്ക്കുന്നവൻ. **pa̤us̤'iṅg-ly,** *ad.* നിൎത്തിനിൎത്തി.

**Pā'van, Pā'vane, Pā'ven, Pā'vi-an, Pā'vin,** *n.* ഒര് വക നൃത്തം.

**Pāve,** *v. t.* പട്ടുക്കുക, തളമിടുക; 2. നിരത്തുക, ഒരുക്കുക. **paving board** പെരുവഴി പരിപാലകസഭ. **paving stone** പടവ് കല്ല്. **to p. the way** ചട്ടം ചെയ്യുക, മാൎഗ്ഗമുണ്ടാക്കുക. *n.* കല്ലത്തളം; 2. നിരത്ത്. *nymphe du pava* അങ്ങാടിവേശ്യ. **-'ment,** *n.* തളം; കല്ല് പട്ടുത്ത നിരത്ത്; നട. **pā'vĕr, pā'vi-ĕr, pā'vi-or,** *n.* കല്ല് പട്ടുക്കുന്നവൻ. **pā'vi-ors̤,** *n. pl.* പടവിഷ്ടിക. **pā'vi-āġe,** *n.* വഴിനികതി (*l.*). **pā'viṅg,** *n.* പട്ടുക്കൽ; പടവ്; തളം.

**Pav'id,** *a.* ഭയം ഉള്ള, ഭീരുത്വം—. **=vid'i-ty,** *n.* ഭീരുത്വം.

**Pa-vil'ion** (-vil'yon *or* -i-on), *n.* വസ്ത്രകൂടാരം, പെരുന്തമ്പ്; 2. നെട്ടുമ്പുര, മണ്ഡപം; 3. കൊടി, ധ്വജം (*mil.*); 4. ബാഹ്യകൎണ്ണം (*an.*); 5. മേലാപ്പ്; 6. ആകാശം. *v. t.* കൂടാരമടിക്കുക; 2. കൂടാരത്തിൽ താമസിക്കുക.

**Pa-vīs̤e',** *n.* വൻപരിച, പെരുമ്പലിശ. **=vī's̤ŏr,** *n.* പരിചവാഹി.

**Pā'vō, Pa-vōne',** *n.* മയില് (*z.*); 2. ഒര് നക്ഷത്രഗണം (*as.*). **pa-vō'ni-an,** *a.* മയിലിന്റെ. **pav'ō-nīne,** *a.* മയിൽവൎണ്ണത്തിൽ ഉള്ള; മയിൽപീലിപോലെ—; വിചിത്രമായ. [ജം.

**Pā'von,** *n.* ചെറുകൊടി; മാടമ്പിധ്വജം.

**Pa̤w** (pa̤), *n.* (മൃഗത്തിന്റെ) നഖപാദം, നഖം; 2. (പരിഹാസം) കൈ. *v. i.* (മൃഗം) കൈകൊണ്ട് നിലം മാന്തുക. *v. t.* മാന്തുക; 2. പരുക്കനെ തലോടുക; 3. കൈകൊണ്ട് നിലത്ത് മാന്തുക. **pa̤wed** (pa̤d), *a.* നഖമുള്ള.

**Pa̤w'ky, Pa̤u'ky** (pa̤'ki), *a.* യുക്തി ഉള്ള, ഉപായം—, വിളഞ്ഞ.

**Pa̤wl** (pa̤l), *n.* ചക്രത്തിന്റെ തടസ്ഥക്കുററി. *v. t.* കുററിയിടുക, തടസ്ഥംവെക്കുക.

I. Pa̤wn (pa̤n), *n.* (ചതുരംഗത്തിൽ) കാലാള്, ആള്, പദാതി.

II. Pa̤wn (pa̤n), *n.* ഈട്, പണയം; 2. ഉറപ്പ്, 'ജാമ്യം'; 3. വാത്, പന്തയം. **p.-broker** പണ്ടത്തിന്മേൽ പണം കടംകൊടുക്കുന്നവൻ. **p.-broking** പണമിടവാട്. **in p., at p.** പണയത്തിൽ. **p.-ticket** ഈട്ലക്ഷ്യം, പണയരശീതി. *v. t.* പണയം വെക്കുക, ഈടായി—, പണയം കൊടുക്കുക, 2. വാക്ക്—, ഉറപ്പ്—; 3. വാത് വെക്കുക, —കെട്ടുക. **-'a-ble,** *a.* പണയം വെക്കാകുന്ന. **-ēe',** *n.* പണയം വാങ്ങുന്നവൻ. **-'ĕr, -'ŏr,** *n.* —വെക്കുന്നവൻ.

**Pa̤w-pa̤w',** *n., see* **Papaw.**

**Pax,** *n.* സമാധാനചുംബനം, ആശ്ലേഷം (*R. C.*); 2. ചുംബനപ്പലക (*R. C.*).

**Pax'wax, Pax'y-wax-y, Pack'-wax,** *n.* (മൃഗങ്ങളുടെ) കഴുത്ത് വള്ളി (*an.*).

I. **Pāy** (pā), *v. t.* (**pāyed** *or* **pāid**) കുത്താണം വെക്കുക (*naut.*); 2. എണ്ണകൊടുക്കുക, വിളക്കണതേക്കുക (*naut.*).

II. **Pāy,** *v. t. ir.* (**pāid, pāid**) വില കൊടുക്കുക, കൂലി—, ശമ്പളം—; 2. പ്രതിഫലം—; സമ്മാനം—; 3. പകരം—, ശിക്ഷിക്കുക; 4. കടം വീട്ടുക; 5. വീളുക, ഒപ്പിക്കുക: **I p. my vows** ഞാൻ നേൎച്ച ഒപ്പിക്കുന്നു; 6. വെക്കുക: **he did not p. attention** അവൻ ശ്രദ്ധവെച്ചില്ല. **to p. a visit** ചെന്ന് കാണുക, 'ഭേട്ടി'കൊടുക്കുക. **to p. off** കൂലികൊടുത്ത് പറഞ്ഞയക്കുക, —നീക്കുക; പ്രതികാരം ചെയ്യുക, പകരം വീളുക; അഴക്കുക, അഴച്ച് കൊടുക്കുക. **to p. homage, to p. one's duty, to p. one's respects** വെച്ച് കാണുക, ചെന്ന്—; നമസ്കാരം ചെയ്യുക; വണക്കം കാണിക്കുക. **to p. out** (കയറ്) അഴച്ച് കൊടുക്കുക (*naut.*). **to p. the piper** ചിലവിടുക, ചെലവ് നിൎവ്വഹിക്കുക. *v. i.* പ്രതിഫലം കൊടുക്കുക; 2. വില—; 3. പ്രായശ്ചിത്തം ചെയ്യുക; 4. കടം വീട്ടുക; 5. മുതലാക; ലാഭം ഉണ്ടാക, ആദായം—; പ്രയോജനം—: **politeness always p.s** ഉപചാരഭാവം കൊണ്ട് എപ്പോഴും കാൎയ്യലാഭം ഉണ്ട്; **it will p. to ride** കുതിരസവാരി പ്രയോജനമുള്ളതാകുന്നു; **my book did not p.** എന്റെ പുസ്തകം കൊണ്ട് മുതലടഞ്ഞില്ല. **to p. down** റൊക്കം കൊടുക്കുക. **to p. for** പ്രായശ്ചിത്തം ചെയ്യുക; ഫലമനുഭവിക്കുക; വിലകൊടുക്കുക, ചെലവ് സഹിക്കുക; നഷ്ടം—. **to p. off** കാററ് തട്ടാത്ത ഭാഗം കൊള്ളെ അണിയം തിരിക്കുക (*naut.*). **to p. on** നല്ല കണക്കിൽ കൊടുക്കുക, പൊതരെ അടിക്കുക, അടിച്ച് പൊടി പാററുക. **to p. round** കപ്പലിന്റെ തല തിരിക്കുക. *n.* സന്തുഷ്ടി, തൃപ്തി; 2. വില, കൂലി, പ്രതിഫലം, ശമ്പളം, മാസപ്പടി. **p.-bill** മാസപ്പടിപ്പട്ടിക. **p.-clerk** മാസപ്പടി (കൂലി) കൊടുക്കുന്നവൻ. **p.-day** മാസപ്പടി വെക്കുന്ന ദിവസം, കൂലികൊടുക്കുന്ന—. **p.-dirt** അയിര് മണ്ണ് (*min.*). **p.-master** പ്രതിഫലം കൊടുക്കുന്നവൻ; പണകാൎയ്യനായകൻ (*mil.*); (കപ്പലിലെ) പണകാൎയ്യസ്ഥൻ. **p.-office** ഖജാന, മാസപ്പടിയാപ്പീസ്. **p.-role** കൂലിപ്പട്ടിക, ശമ്പളപ്പട്ടിക. **full p.** മുഴുശമ്പളം; അധിക—. **half p.** കുറഞ്ഞശമ്പളം, പകുതി—. **pāid,** *a.* (പണം etc.) കൊടുത്ത; (—) കിട്ടിയ; ശമ്പളമുള്ള. **-'a-ble,** *a.* കൊടുക്കാവുന്ന; കൊടുക്കേണ്ടുന്ന, വീട്ടേണ്ടുന്ന; കൊടുക്കത്തക്ക; ന്യായമായ; വീട്ടാൻപാടുള്ള (*l.*); (കടം) അവധി എത്തിയ (*l.*). **-ēe',** *n.* (പണം, കൂലി, വില *etc.*) കിട്ടിയവൻ; (—) കിട്ടേണ്ടുന്നവൻ; മുതലാളി. **-'ĕr, -'ŏr,** *n.* (പണം, കൂലി, വില *etc.*) കൊടുത്തവൻ; (—) കൊടുക്കേണ്ടുന്നവൻ; പണം കൊടുക്കുന്നവൻ; കടക്കാരൻ. **-'ment,** *n.* (പണം *etc.*) കൊടുക്കൽ, വീട്ടൽ; വില, കൂലി, പ്രതിഫലം, പണം; പ്രായശ്ചിത്തം; പ്രതികാരം; ശിക്ഷ.

**Pāy'nim,** *n., see* **Painim.**

**Pēa** (pē), *n.* (*pl.* **pēas̤,** *collectively* **pēas̤e,** *pr.* pēz) പയറ് (*b.*); 2. മുതിരവൎഗ്ഗം (*b.*); 3. പട്ടാണിപ്പയറ് (*b.*). **pigeon-p.** തൊവര, തുവര (*b.*). **chicken-p.** കടലക്ക (*b.*). **p.-berry** ഉരുളൻ കാപ്പിക്കുരു (*b.*). **p.s-cod, p.-shell** പയററിന്റെ

തോട്. p.-grit, p.-stone ഒര്വക കചിക്കല്ല് (*min.*). p.-jacket കലാശിക്കുപ്പായം. p.-nut വേക്കടല (*b.*). p.-ore ഒര്വക ഇരിമ്പയിര് (*min.*). p.-soup പയററ്കഞ്ഞി. pease-meal പയററ്പൊടി. pease-pudding പയററ്ദോശ. green-p.-soup പച്ചപ്പയററ് പുഴുക്ക്.

**Pēace** (pēs), *n.* സമാധാനം, ശാന്തത; 2. സന്ധി (*mil.*). 3. മനഃസ്വസ്ഥത, സ്വൈരം, ഹൃദയസമാധാനം; 4. ഇണക്കം; യോജിപ്പ്. p.-breaker കലക്കം ഉണ്ടാക്കുന്നവൻ, കലഹം—. p.-breaking സമാധാനലംഘനം. p.-maker സന്ധിപ്പിക്കുന്നവൻ, സമാധാനമുണ്ടാക്കുന്നവൻ. p.-making ഇണക്കൽ. p.-offering സമാധാനബലി (*Bl.*); പ്രായശ്ചിത്തപ്രവൃത്തി. p.-officer സമാധാനരക്ഷോദ്യോഗസ്ഥൻ (*l.*). p.-party യുദ്ധപ്രതികൂലപക്ഷം (*pol.*). at p. സമാധാനത്തിൽ, യുദ്ധമില്ലാതെ; നിരപ്പിൽ, യോജിപ്പിൽ. breach of the p. സമാധാനലംഘനം (*l.*). justice of the p. ന്യായവിചാരണാധികാരി (*l.*). p. of God നല്ല നടപ്പ് (*l.*); (ദൈവം നല്കുന്നതായ) ഹൃദയസമാധാനം, ദൈവ— (*theo.*). to hold one's p. മൌനമായിരിക്കുക, മിണ്ടാതിരിക്കുക. to make one's p. with ഇണങ്ങുക, നിരന്ന് വരിക; ഇണക്കുക, യോജിപ്പിക്കുക; പക്ഷവാദം ചെയ്യുക. *v.t.* & *i.* സാവധാനമായിരിക്കുക, മിണ്ടാതിരിക്കുക; 2. മതിയാക്കുക, നിൎത്തുക. *int.* മിണ്ടല്ലാ, അനങ്ങല്ലാ. -'a-ble, *a.* സമാധാനം ആയ, ശാന്തം—; സ്വൈരം—, യുദ്ധം ഇല്ലാത്ത; കലഹിക്കാത്ത, സമാധാനശീലമുള്ള. -'a-ble-ness, *n.* സ്വൈരം, ശാന്തത. -'a-bly, *ad.* സമാധാനത്തോടെ. -'fu̥l, *a.* സമാധാനം ഉള്ള; മത്സരിക്കാത്ത, കലഹിക്കാത്ത. -'fu̥l-ly, *ad.* സൌമ്യതയോടെ. -'fu̥l-ness, *n.* ശമനം, സ്വാസ്ഥ്യം. -'less, *a.* സമാധാനമില്ലാത്ത, കലക്കമുള്ള.

1. **Pēach** (pēch), *v. i.* (കൂട്ടാളികൾക്ക് വിരോധമായി) ഒററ്കൊടുക്കുക. -'ēr, *n.* ഒററ്കൊടുക്കുന്നവൻ.

II. **Pēach** (pēch), *n.* ഒര്വക പഴം, 'പീച്ചസ്'— (*b.*); 2. 'പീച്ച്'മരം (*b.*). p.-colour ചുവപ്പ്നിറം. -'y, *a.* 'പീച്ചസ്'പഴം പോലെയുള്ള.

**Pēa'cock** (pē'kok), *n.* മയിൽപ്പൂവൻ; 2. മയില്, മയൂരം (*z.*). pēa'chick, *n.* മയിൽകുഞ്ഞ് (*z.*). p.-throne മയൂരാസനം. pea-fowl മയില്. pea-hen മയിൽപേട, പെൺമയില്, മയൂരി.

**Pēak** (pēk), *n.* മുന, അഗ്രം; 2. ശിഖരം, പൎവ്വതശിഖരം, കൊട്ടമുടി; 3. മല; 4. കപ്പൽപ്പായിമൂല; 5. അണിയത്തല; 6. നങ്കൂരക്കൊടി. *v. i.* ഉയൎന്ന്നില്ക്കുക; 2. ശിഖരമായിരിക്കുക; 3. മെലിയുക; 4. ഉളിഞ്ഞ് നോക്കുക, ഒററ്—. p.-arch മുനക്കമാനം (*arch.*). *v. t.* കുത്തനെ നിൎത്തുക. pēaked (pēkd), *a.* കൂൎത്ത, മുനയുള്ള; സുഖക്കേടുള്ള. -'ing, *a.* നീചം ആയ, പീറ—; മെലിഞ്ഞ, ക്ഷീണമുള്ള. -'ish, *a.* ശിഖര സംബന്ധമായ; പൎവ്വതപ്രദേശത്തുള്ള; മലനാടായ; ശിഖരമുള്ള; ചെള്ളിച്ച, കൃശമായ. -'y, *a.* കൊട്ടമുടിയുള്ള; രോഗം പിടിപെട്ട.

**Pēal** (pēl), *n.* ശബ്ദം, ധ്വനി, മുഴക്കം; 2. വാദ്യമണിക്കൂട്ടം; 3. ഘണ്ടാവാദ്യം. to ring a p. വാദ്യമണിയടിക്കുക. *v. i.* മുഴങ്ങുക; ഗൎജ്ജിക്കുക; 2. മുഴങ്ങിക്കൊണ്ടിരിക്കുക. *v. t.* മുഴക്കുക, ഗൎജ്ജിക്കുക; 2. പരസ്യമാക്കുക; കീൎത്തിക്കുക; 3. കേൾക്കുക, ചെവിയിൽ വീഴുക; 4. പകരുക, ഒഴിക്കുക.

**Pē'an**, *n.* സ്തോത്രകീൎത്തനം; ജയസംഗീതം. -is̱m, *n.* കീൎത്തനം, ജയഗീതം.

**Pēa'nut**, *n.*, *s. u.* Pea.

**Peār** (pār), *n.* പേയപ്പഴം, 'സബൎജ്ജൽ'പഴം (*b.*); 2. 'സബൎജ്ജൽ'മരം (*b.*). p.-gauge ഗ്രഹകവായുമാത്ര (*ph.*). p.-shaped മാങ്ങാകൃതിയായ. the p. is ripe കാലമായി, ഇപ്പഴാണ് തരം.

**Pĕarl** (pĕrl), *n.* മുത്ത്, മണി, മൌക്തികം, മുക്താഫലം; 2. വിലയേറിയത്, പ്രിയമുള്ളത്; 3. മുത്ത്ചിപ്പി, ചിപ്പി, ശുക്തി(കാ); 4. ഒര്വക ആണിയക്ഷരം (*print.*). p.-barley യവത്തരി, മണി

യവം. p.-diver മുത്തുമുങ്ങക്കാരൻ. p.-edge മണിനാട, മണിക്കര. p.-eye കണ്ണിൽവെള്ളപ്പുള്ളിയുള്ള, തിമിരം വന്ന (*med.*). p.-gray ഇളഞ്ചാമ്പൽവർണ്ണം. p.-mussel, p.-oyster, p.-shell മുത്തു (*N.*), മുരിങ്ങ (*S.*). p.-powder, p. white ഒരു മുഖച്ചൂർണ്ണം. p.-sago 'സാബൂനരി'. p.-stitch ചിത്രത്തുന്നു, മോടിയിഴ. p.-stone സ്ഫടികപ്പാറ. p.-studded മുത്തു പതിച്ച, —വെച്ച. mother-of-p., mother-o'-p. മുത്തുച്ചിപ്പി. *a.* മുത്തു സംബന്ധിച്ച; 2. മുത്തുകൊണ്ടു ഉണ്ടാക്കിയ; 3. ചിപ്പികൊണ്ടു—. *v. t.* മുത്തു വെച്ചലങ്കരിക്കുക; 2. ചിപ്പി പതിക്കുക; 3. ഉരുട്ടുക, മുത്തുപോലെയാക്കുക. *v.i.* —പോലെയിരിക്കുക; 2. മുത്തു എടുക്കുക. =lā'ceōus (-lā'shus), *a.* മുത്തുപോലെഉള്ള; ചിപ്പി—. ='li-ness, *n.* മൌക്തികേയത്വം; സ്വച്ഛത; ഒളിവു. ='lins, ='lings, *n. pl.* ഒരു വക പട്ടുനാട. -'īte, *n.* സ്ഫടികപ്പാറ (*min.*). ='ly, *a.* മുത്തുള്ള മുത്തു വിളയുന്ന; —പോലെയുള്ള; സ്വച്ഛമായ; തിളങ്ങുന്ന.

Peār'māin (pār'mān), *n.* ഒരു വക 'ആപ്പൽ'പഴം, —മധുര'ജാമ്പ' (*b.*).

Pĕart (pĕrt), *a.* ചുറുക്കുഉള്ള, ചുറുച്ചുറുപ്പു—, ചുണ—; 2. നല്ലസുഖം—.

Peas'ant (pez'ant), *n.* കൃഷിക്കാരൻ; 2. തറക്കാരൻ; 3. കൈക്കോട്ടുപണിക്കാരൻ, ദേഹണ്ഡി (*S.*). *a.* കൃഷിക്കാരൻ ആയ; തറക്കാരൻ—. -līke, *a.* അക്ഷരപരിജ്ഞാനമില്ലാത്ത; പൊട്ടനായ; മര്യാദയറിയാത്ത. -ry, *n.* കൃഷിക്കാരു.

Pēase, *pl. of* Pea.

Pēat (pēt), *n.* (വിറകായി ഉപയോഗിക്കുന്ന) പുൽമണ്കട്ട. p.-bog പുൽമണ്കട്ടക്കണ്ടം. p.-reek പുൽമണ്കട്ടപ്പുക; പുൽമണ്കട്ടച്ചുവ. -'y, *a.* പുൽമണ്കട്ട ഉള്ള; —ആയ; —പോലെയുള്ള.

Pē'ba, *n.* ഒരു വക ഇത്തിൾപന്നി (*z.*).

Peb'ble, *n.* തരിമണല്; ചരല്; പുഴച്ചരല്; 2. സ്വച്ഛസ്ഫടികക്കല്ലു. Brazilian p. നല്ല സ്ഫടികക്കല്ലു. Scotch p. വർണ്ണക്കല്ലു. p.-powder തരിവെടിമരുന്നു. p.-stone ചരക്കല്ലു. *v. t.* തരിതരിയാക്കുക. peb'bled (-bld), peb'bly, *a.* ചരലുള്ള.

Pe-can', Pa-cāne', *n.* ഒരു വന്മരം (*b.*); 2. ഒരു പഴം (*b.*).

Pec'ca-ble (pek'a-bl), *a.* പാപവാസനയുള്ള, പാപം ചെയ്തു പോകുന്ന; പാപവശം ആയ, പാപാധീനം—. =bil'i-ty, *n.* പാപാധീനത. pec-ca-dil'lo, *n.* ചെറുകുററം, തെററു. pec'can-cy, *n.* പാപവാസന, പാപവശത്വം; പാപം, കുററം. pec'cant, *a.* പാപം ചെയ്യുന്ന, കുററം—; ലംഘനക്കാരനായ; കേടുള്ള, ദുഷ്ടുള്ള; തെററായ; ദുഷ്യമുള്ള. pec'cant-ly, *ad.* കുററമായി. =cā'vi, *n.* (ഞാൻ പാപം ചെയ്തിരിക്കുന്നു എന്ന) കുററസമ്മതം, കുററസ്വീകാരം.

Pec'car-i, Pec'car-y (pek'ar-), *n.* ഒരു വക പന്നി (*z.*).

I. Peck, *n.* രണ്ടിടങ്ങാഴികൊള്ളുന്ന ഒരളവു; 2. ബഹുത്വം, ധാരാളത്വം.

II. Peck, *v. t.* (കൊക്കുകൊണ്ടു) കൊത്തുക; 2. തുളക്കുക; കുത്തിക്കുത്തി തുളക്കുക; 3. (up) കൊത്തിപ്പെറുക്കുക, കൊത്തിത്തിന്നുക. *v. i.* (കൊക്കുകൊണ്ടു) കൊത്തുക; 2. കൊത്തിത്തിന്നുക. to p. at കുത്തിക്കൊണ്ടിരിക്കുക, കുററം പറയുക; ഉപദ്രവിക്കുക. *n.* കൊത്തു; 2. കുത്തു. -'ĕr, *n.* കൊത്തുന്നതു; മരംകൊത്തിപ്പക്ഷി (*z.*); കട്ടപ്പാര. woodp.r മരംകൊത്തി. -'ish, *a.* ഭക്ഷണത്തോടു മനസ്സു ഉള്ള; വിശപ്പു—.

Pec'ten, *n.* കണ്ണിലുള്ള ഒരു വക പാട (*an.*). 2. ഒരു വക ഇളമ്പക്ക (*z.*); 3. ഗുഹ്യാസ്ഥി (*an.*). ='tin-al, *a.* ചീപ്പു പോലെയുള്ള, പല്ലുപല്ലായ. *n.* ഒരു മീനു (*z.*). =tin-āte, =tin-ā-ted, *a.* പല്ലുപല്ലായ. =tin-āte-ly, *ad.* പല്ലുപല്ലായി. =tin-ā'tiōn, *n.* പല്ലുപല്ലായിരിക്കുന്ന സ്ഥിതി; മുടിചീക്കൽ; ചീപ്പിൻ പല്ലു (*nat.*). =tin-e'al, *a.* ഗുഹ്യാസ്ഥി സംബന്ധമായ (*an.*). =tin'i-form, *a.* ചീപ്പാകൃതിയായ.

Pec'tō-līte, *n.* ഒരു വക സ്ഫടികക്കല്ലു [(*min.*).

**Pec'tō-ral,** *a.* നെഞ്ച് സംബന്ധിച്ച, മാറിലുള്ള; 2. ശ്വാസകോശസംബന്ധമായ; 3. നെഞ്ച് രോഗത്തിന്നുള്ള, ശ്വാസകോശ— (*med.*). **p. arch, p. girdle** ചുമല്ക്കൂട്ട് (*an.*). **p. cross** (അദ്ധ്യക്ഷന്മാരുടെ) മാര്ക്രൂശ് (*eccl.*). **p. fins** മീനിന്റെ ചെളുക്കച്ചിറക് (*z.*). *n.* കവചം, മാറ് രക്ഷ; 2. (മഹാചാൎയ്യന്റെ) മാൎപ്പതക്കം (*Bl.*); 3. മാര്ക്രൂശ് (*Chr.*); 4. ശ്വാസകോശരോഗൌഷധം (*med.*); 5. *pl.* മീനിന്റെ ചെളുക്കയിറക് (*z.*). **-ly,** *ad.* നെഞ്ച് സംബന്ധിച്ച്.

**Pec-tō-ril'ō-quy** (-kwi), **=quism** (-kwizm), *n.* നെഞ്ചിൽനിന്നുള്ള സംസാരം; 2. മാറൊച്ച (*med.*). **=ō'qui-al, =ō-quŏus,** *a.* മാറൊച്ചസംബന്ധിച്ച (*med.*).

**Pec'tus,** *n.* (*pl.* **pec'tō-ra**) പക്ഷിയുടെ മാറ് (*z.*).

**Pec'ū-lāte,** *v. t.* സൎക്കാര് മുതല് അപഹരിക്കുക; 2. വഞ്ചിച്ചെടുക്കുക; 4. വിശ്വാസവഞ്ചനചെയ്യുക. **-lā'tiŏn,** *n.* (സൎക്കാര്) മുതലപഹരണം; വഞ്ചന; വിശ്വാസവഞ്ചന. **=lā-tŏr,** *n.* അപഹാരി; വഞ്ചകൻ.

**Pe-cū'li-ar,** *a.* സ്വന്തമായ; പ്രത്യേകം ഉള്ള; 2. —ആയ, വിശേഷാല്പുള്ള; 3. ഉചിതമായ, തക്ക, പററിയ; 4. അപൂൎവ്വം ആയ, അസാധാരണം—. *n.* തനത് വസ്തു; 2. പ്രത്യേകാവകാശം; 3. ലക്ഷണം, പ്രത്യേകഗുണം; 4. പ്രത്യേകാധികാരയിടവക (*l.*). **=li-ar'i-ty, -ness,** *n.* പ്രത്യേകത്വം, വിശേഷം; ലക്ഷണം. **-īse, -īze,** *v. t.* പ്രത്യേകിച്ച് വെക്കുക, തിരിച്ച്—. **-ly,** *ad.* പ്രത്യേകാൽ; വിശേഷിച്ച്; നടപ്പല്ലാത്ത വിധം. **=li-um,** *n.* അടിമയുടെ സ്വന്തമുതല്; പ്രത്യേകസ്വത്ത്; സ്വകാൎയ്യ—.

**Pe-cū'ni-a-ry,** *a.* പണസംബന്ധമായ, ദ്രവ്യ—; 2. പണം ആയ; —കൊണ്ടുള്ള. **=ar-i-ly,** *ad.* പണസംബന്ധമായി.

**Ped'a-gogue** (-gog), *n.* കുട്ടികളെ എഴുത്ത് പള്ളിക്ക് കൂട്ടിക്കൊണ്ട് പോകുന്നവൻ; 2. എഴുത്തച്ഛൻ, ഗുരുക്കള്, ഉപാദ്ധ്യായൻ, ഗുരു, ആശാൻ (*S.*); 3. വിദ്യാഡംഭി. **=gog'ic, =gog'i-cal,** *a.* ഉപാദ്ധ്യായനുള്ള. **=gog'ic, =gog'ics,** *n.* അദ്ധ്യാപനശാസ്ത്രം, —വിദ്യ. **=gog-ism, =gō-gy,** *n.* ഉപാദ്ധ്യായവൃത്തി; —നടവടി; —ലക്ഷണം; വിദ്യാഡംഭം.

**Ped'al, Pē'di-al,** *a.* പാദസംബന്ധമായ; 2. ചവിട്ടുള്ള. **p. organ** ചവിട്ട് പല്ലുള്ള കിന്നരപ്പെട്ടി, പാദകിന്നരം. *n.* ചവിട്ട്. **=dā'li-an,** *a.* പാദസംബന്ധമായ; ഗണ—. **=dal'i-ty,** *n.* ചുവട് വെച്ചളക്കൽ. **=dā'ne-ŏus,** *a.* കാൽനടയായിപോകുന്ന.

**Ped'ant,** *n.* ഉപാദ്ധ്യായൻ, എഴുത്തച്ഛൻ; 2. വിദ്യാഡംഭി, ദുൎവ്വിദഗ്ദ്ധൻ; 3. വിദ്യാനാട്യക്കാരൻ. **=dan'tic, =dan'ti-cal,** *a.* വിദ്യാഡംഭ് ഉള്ള; പകിട്ട്—. **=dan'ti-cal-ly, =dan'tic-ly,** *ad.* വിദ്യാഡംഭത്തോടെ; —നാട്യത്തോടെ. **-īse, -īze,** *v. i.* വിദ്യാഡംഭ് കാട്ടുക; —നാട്യം—. **=an-try,** *n.* വിദ്യാഡംഭം; —നാട്യം, പകിട്ട്.

**Ped'dle,** *v. i.* നടന്ന് കച്ചവടം ചെയ്യുക; 2. ചില്ലറപ്രവൃത്തി—; 3. സാരമില്ലാത്ത കാൎയ്യത്തിൽ ശ്രദ്ധവെക്കുക. *v. t.* നടന്ന് വില്ക്കുക; 2. ചില്ലറക്കച്ചവടം ചെയ്യുക, വാണിഭം—. **ped'dlĕr, ped'lar, ped'lĕr,** *n.* നടന്ന് കച്ചവടം ചെയ്യുന്നവൻ, നടത്തക്കച്ചവടക്കാരൻ. **ped'dlĕr-y, ped'lar-y, ped'lĕr-y,** *n.* നടന്ന്കച്ചവടം, നടത്തക്കച്ചവടം; ചില്ലറക്കച്ചവടം, വാണിഭം. **ped'ling,** *a.* നടന്ന് കച്ചവടം ചെയ്യുന്ന; ചില്ലറ ആയ, നിസ്സാരം—.

**Ped'er-as-ty,** *n.* പുരുഷമൈഥുനം. **=ast,** *n.* ഗുദമൈഥുനക്കാരൻ. **=as'tic,** *a.* —മൈഥുനസംബന്ധമായ.

**Ped'es-tal,** *n.* തറ, പീഠം, ആധാരം, മൂലാധാരം, ഒമ (*S.*). **=talled** (-tald), *a.* തറമേൽനിൎത്തിയ; ഉയൎത്തിവെച്ച.

**Pe-des'tri-an,** *a.* കാൽനടയായ. *n.* കാൽനടയായിപോകുന്നവൻ; നടത്തക്കാരൻ. **=al,** *a.* പാദസംബന്ധമായ; ചവിട്ടുന്ന; പാദോപയോഗമുള്ള. **=al-ly,** *ad.* കാല് കൊണ്ട്, ചവിട്ടിക്കൊണ്ട്. **=an-ism,** *n.* നടത്തം, കാൽനട. **-īse, -īze,** *v. i.* കാൽനടയായിപോക, നടക്കുക.

**Ped-e-ten'tŏus,** *a.* പടിപടിയായി പോകുന്ന; 2. സൂക്ഷ്മം ഉള്ള, മുങ്കരുതൽ—.

**Ped'i-, Ped'ō-,** *pf.* പാദ, കാൽ, ചരണ.

**Pē'di-al,** *a., see* Pedal.

**Ped'i-cel, Ped'i-cle, Ped'i-cūle,** *n.* (പഴത്തിന്റെ) കണ്ണി, തണ്ട്; (ഇലയുടെ) മൂക്ക് (*b.*). =celled (-seld), -lāte, *a.* കണ്ണി ഉള്ള; മൂക്ക്—.

**Pe-dic'ū-lus,** *n.* (*pl.* pe-dic'ū-lī) പേന്; ചെ(വെ)ള്ളപ്പേന് (*z.*). =lar, =lŏus, *a.* പേന് സംബന്ധിച്ച; —ഉള്ള. =lā'tiŏn, *n.* പേൻപ്പഴക്കൽ, പേനുണ്ടാകൽ. =lī-na, *n. pl.* പേന് വൎഗ്ഗം.

**Ped'i-form,** *a.* പാദാകൃതിയായ, കാലടിപോലെയുള്ള.

**Pe-dig'ĕr-ŏus,** *a.* പാദംഉള്ള, കാല്—.

**Ped'i-grēe,** *n.* വംശപാരമ്പൎയ്യപ്പട്ടിക, തായ്വഴിപ്പട്ടിക; 2. വംശം; 3. വംശപാരമ്പൎയ്യം, വംശാവലി. [കക്കമാനം.

**Ped'i-ment,** *n,* വാതില്ക്കമാനം, ജാല

**Ped'lar, Ped'lĕr,** *etc., s.u.* Peddle.

**Pē-dō-bap'tism, Pæ-dō-bap'tism,** *n.* ശിശുസ്നാനം (*Chr.*). =bap'tist, *n.* —സ്നാനവാദി (*Chr.*).

**Ped'ō-man-cy,** *n.* പാദസാമുദ്രികം, ഉള്ളങ്കാല് ലക്ഷണശാസ്ത്രം.

**Pe-dom'e-tĕr,** *n.* ചുവട്മാത്രം. ped-ō-met'ric, =met'ri-cal, *a.* ചുവട്മാത്രയാൽ അളന്ന; —മാത്രസംബന്ധിച്ച.

**Ped-ō-mō'tive,** *a.* കാലാൽപ്രവൃത്തിക്കുന്ന, ചവിട്ടിത്തിരിക്കുന്ന.

**Pe-dot'rō-phy** (-fi), *n.* ശിശുപരിപാലനവിദ്യ, —സംരക്ഷണ—.

**Pe-dun'cle,** *n.* കണ്ണി, തണ്ട് (*b.*); 2. മജ്ജാബന്ധനി (*an.*). =dun'cled (-kld), =dun'cū-lāte, =dun'cū-lā-ted, *a.* കണ്ണിയിൽ തൂങ്ങുന്ന; തണ്ടുള്ള. =dun'cū-lar, *a.* കണ്ണിസംബന്ധമായ; —ഉള്ള.

**Pēek,** *v.i.* കണ്ണിറുക്കി നോക്കുക; കള്ളക്കണ്ണിട്ട്—; 2. ഉളിഞ്ഞ്—.

I. **Pēel,** *n.* ചെറുകോട്ട; 2. കാവല്പുര. p.-house കാവല്പുര.

II. **Pēel,** *n.* ചട്ടുകം; 2. തണ്ടിന്റെ നാക്ക് പലക, —പത്തി.

III. **Pēel,** *v. t.* കവൎച്ചചെയ്യുക, കൊള്ളയിടുക. -'ĕr, *n.* കൊള്ളക്കാരൻ.

IV. **Pēel,** *v. t.* തോല് പൊളിക്കുക, —ഉരിക്കുക, —കളയുക, തൊലിക്കുക; 2. തോലടൎത്തുക; മൊരികളയുക. *v. i.* തോല് പൊളിയുക, —ഉരിഞ്ഞ്പോക. *n.* തോല്, തോട്, തൊണ്ട്, തൊലി; 2. മൊരി. -'ĕr, *n.* തോലുരിക്കുന്നവൻ.

**Pēel'ĕr,** *n.* (ഹാസ്യം) പൊലീസ്കാരൻ, 'കൺസ്റ്റേബൾ'.

**Pēep,** *v.i.* (മുട്ടയിൽനിന്ന് കോഴിക്കുഞ്ഞ്) കരയുക; 2. കാണാറ്റുക; 3. എത്തിനോക്കുക; 4. ഒളിച്ച്—, പാളി—, പതുങ്ങി—. p.-hole, p.ing-hole ചെറുദ്വാരം, വെടിത്തുള. p.-sight (തോക്കിന്റെ) തുളക്കാണിക്കുറി. *n.* കരച്ചല്, ചിലെപ്പ്; 2. ആരംഭം, പ്രത്യക്ഷത; 3. ചുളിപ്പ് നോട്ടം, കള്ളക്കണ്ണ്; 4. ഒര് പക്ഷി (*z.*). p.-show ഭൂതക്കണ്ണാടിയിൽ വെച്ച് നോക്കുന്ന സാധനം. p. of day അരുണോദയം, വെള്ളകീറൽ. -'ĕr, *n.* വിരിഞ്ഞ് വരുന്ന കോഴിക്കുഞ്ഞ്; പക്ഷിക്കുട്ടി; പാളിനോക്കുന്നവൻ; കണ്ണ്.

**Pēe'pul trēe, Pip'pul t., Pi'pal t.,** *n.* അശ്വത്ഥവൃക്ഷം, അരയാല് (*b.*).

I. **Pēer,** *v. i.* കാണാറ്റുക, പ്രത്യക്ഷമാക; ഉദിച്ച് വരിക; 2. ഉറ്റ് നോക്കുക; 3. ഉളിഞ്ഞ്—, pēer'ie, pēer'y, *a.* ദൃശ്രദ്ധ ഉള്ള; സൂക്ഷ്മം—; തുറിച്ച് നോക്കുന്ന.

II. **Pēer,** *n.* തുല്യൻ, സമൻ; കൂച്ച്, ഉത്തി; നികറ് (*S.*); 2. കൂട്ടാളി, ചങ്ങാതി; 3. കലീനൻ, പ്രഭു. p. of the realm രാജപ്രഭു (duke), മഹാപ്രഭു (marquis), പ്രഭുവരൻ (earl), കൎത്താവ് (viscount), പ്രഭു (baron) എന്ന അഞ്ച് പാരമ്പൎയ്യ പദവികളിൽ ഏതെങ്കിലും ഉള്ളവൻ. house of p.s, the p.s ഇംഗ്ലീഷ് രാജ്യാലോചന സഭയിലെപ്രഭുസഭ. spiritual p.s —സഭാദ്ധ്യക്ഷവൎഗ്ഗം. *v. t.* തുല്യം ആക്കുക; 2. തുല്യപദവിക്കാരൻ—. *v. i.* തുല്യമാക;

2. തുല്യത നടിക്കുക. -'āġe, *n.* പ്രഭുപദവി; —വൎഗ്ഗം. -'ess, *n.* പ്രഭുസ്ത്രീ. -'less, *a.* അതുല്യം ആയ, നിസ്തുലം—, അനന്യം—; അതിശ്രേഷ്ഠതയുള്ള. -'less-ly, *ad.* നികരില്ലാതെ (*S.*), അതുല്യമായി. -'less-ness, *n.* അനുപമേയത്വം, അതുല്യത.

Pēev'ish, *a.* ചിണുങ്ങിക്കൊണ്ടിരിക്കുന്ന; ഇളിയുന്ന; 2. ദുശ്ശീലമുള്ള, കടിച്ചെത്തുന്ന; 3. കോപം ഉള്ള; 4. കലഹസ്വഭാവം—; 5. വെറുപ്പ്—, അസന്തുഷ്ട. -ly, *ad.* ഇളിസ്വഭാവത്തോടെ. -ness, *n.* വെറുതി, ഇളിച്ചല്, ചിണുക്കം.

Peg, *n.* മരയാണി; 2. കുററി; 3. ആധാരം, അടിസ്ഥാനം; 4. വീണക്കമ്പിക്കുററി, ക്രുണിക; 5. പടി; നില. p.-ladder ഏണി, കമ്പേണി, കോവണി. p.-top പമ്പരം. p.-tankard (പുറമെ അളവടയാളം വെച്ച) മദ്യമൊന്ത. to take a p. lower കുഞ്ഞിതപ്പെടുക; താഴുക, കിഴിയുക. *v. t.* കുററി തറക്കുക; 2. ആണിയടിക്കുക; 3. അമൎത്തുക; കട്ടുക്കുക. pegged shoe തുന്നാതെ ആണിതറച്ചുറപ്പിച്ച ചെരിപ്പ്. *v. i.* (on, at, away) അദ്ധ്വാനിച്ച് പ്രവൃത്തിക്കുക, പാട്പെട്ട് ചെയ്യുക. -'gĕr, *n.* കുററിതറക്കുന്നവൻ. -'ging, *n.* കുററിതറക്കൽ; ആണിയടിക്കൽ.

Peg'a-sus, *n.* പറക്കുന്ന കുതിര (*myth.*); 2. ഒര് നക്ഷത്രക്കൂട്ടം (*as.*); 3. കടല്പൂച്ച (*z.*).

Peh'le-vi, Pāh'la-vi (pā'la-vē), *n.* പുരാതനപാൎസിപ്രാകൃതഭാഷ, പാഹ്ലവി—.

Peī-ras'tic (pī-), *a.* പരീക്ഷകളുള്ള; പരീക്ഷാത്മമായ.

Pe-jor'a-tive, *a.* ദോഷാരോപണം ആയ; 2. ദൂഷ്യം—; 3. പ്രതികൂലം—.

Pē'kōe, Pee'cō, *n* ഒര് വക കറുത്ത തേയില (*S.*), —ചായയില (*b.*).

Pel'āġe, *n.* (മനുഷ്യരുടെയും നാല്കാലിമൃഗങ്ങളുടെയും) ശിരാച്ഛാദനം (*z.*).

Pe-lā'ġi-an, =lag'ic, *a.* സമുദ്രസംബന്ധമായ; 2. കടലിന്റെ അടിയിൽ ഉള്ള; 3. പുറങ്കടലിൽ—.

Pe-lā'ġi-an-ism, *n.* ജന്മപാപനിഷേധവാദം (*theo.*); 2. സ്വാതന്ത്ര്യചിത്തവാദം (*theo.*); 3. കൎമ്മനീതീകരണ— (*theo.*).

Pe-las'ġi-an, =las'ġic, *a.* സഞ്ചാരസ്വഭാവമുള്ള, തെണ്ടിനടക്കുന്ന.

Pel'e-can, *n.*, *see* Pelican.

Pel'ĕr-ine, *n.* സ്ത്രീകൾ ധരിക്കുന്ന രോമചൎമ്മ ഉടൽമറ.

Pelf, *n.* (നിന്ദാൎത്ഥം) സമ്പാദ്യം, പണം, ധനം, സമ്പത്ത്. -'ish, *a.* ദ്രവ്യസംബന്ധമായ.

Pel'i-can, Pel'e-can, *n.* കണ്ടിയപ്പുൻപക്ഷി (*z.*). *p. ibis* ഞാറപ്പക്ഷി (*z.*). p. in her piety സ്നേഹചിഹ്നം.

Pe-lĭsse' (-lēs'), *n.* രോമചൎമ്മമേലങ്കി; 2. സ്ത്രീകളുടെ പട്ട് മേല്കുപ്പായം.

Pell, *n.* തോല്, ചൎമ്മം; 2. ചൎമ്മഗ്രന്ഥം, തോൽചുരുള്. -'āġe, *n.* തോൽചുങ്കം.

Pel'lack, *n.* കടലേടി, കടല്പന്നി (*z.*).

Pel-lā'gra, *n.* ഒര് വക കുഷ്ഠം (*med.*). =grin, *n.* കുഷ്ഠരോഗി.

Pel'let, *n.* ഗുളിക; 2. ശോട്ടി, ചെറിയ ഉണ്ട; 3. —ഉരുള.

Pel'li-cle, *n.* പടലം, സൂക്ഷ്മചൎമ്മം; 2. പാട (*ch.*). =lic'ū-lar, *a.* പടലസംബന്ധമായ.

Pel'li-tŏr-y, p. of Spain, *n.* അക്കൽകുറവ, അക്കിൽക്കറ, അഗ്രഗ്രാഹി (*b.*).

I. Pell-mell', *n.*, *see* Pallmall.

II. Pell-mell', *ad.* കീഴ്മേല്, താറുമാറായി, ചാറച്ചപ്പുറയായി (*N.*), എക്കച്ചെക്കമായി (*S.*); തുമ്പില്ലാതെ, വാരിവലിച്ച്.

Pel-lu'cid, *a.* പ്രസന്നം ആയ; നിൎമ്മലം—. =cid'i-ty, -ness, *n.* സ്വച്ഛത, വിമലത്വം. -ly, *ad.* തെളിവായി.

Pel'ma, *n.* (*pl.* pel'ma-ta) കാലിന്റെ ഉള്ളനടി, ഉള്ളങ്കാല്.

I. Pelt, *n.* രോമചൎമ്മം; 2. പച്ചത്തോല്, ഊറക്കിടാത്തതോല്; 3. (ഹാസ്യം) മനുഷ്യചൎമ്മം; 4. ചെരിപ്പിന്റെ മുന്തലയിരിമ്പ്. -mŏn'gĕr, *n.* തോല്കച്ചവടക്കാരൻ. pel'try, *n.* തോല്; രോമചൎമ്മം.

II. **Pelt,** *v. t.* എറിയുക; എററുക, തെററുക. *v. i.* എറിയുക. *n.* ഏറ്, എററൽ, തെററൽ. -'ĕr, *n.* എറിയുന്നവൻ; ഈററക്കുളി, ചോറുണക്കി (*N.*).

III. **Pelt, Pel'ta,** *n.* ഒര്വക പലിശ, പരിച.

**Pel'vis,** *n.* ഉക്കെൽക്കെട്ട്, വസ്തിപ്രദേശം (*an.*). p. of the kidney ഉപസ്ഥാശയം (*an.*). pel'vic, *a.* വസ്തിപ്രദേശം സംബന്ധിച്ച. p.c arch, p.c girdle ഇടുപ്പെല്ല് (*an.*).

**Pem'mi-can, Pem'i-can,** *a.* ഉണക്ക് മാംസം.

I. **Pen,** *n.* പക്ഷിത്തൂവല്; 2. ചിറക്; 3. മഷിക്കോല്, തൂവല്, 'പേന', ലേഖനി; 4. ഗ്രന്ഥരചകൻ, ലേഖകൻ; 5. രചനാരീതി; ഭാഷാ—; 6. അരയന്നപ്പൂവൻ (*z.*); 7. കടനാക്ക്. p.-case, p.-holder പേനത്തണ്ട്. p.-craft എഴുത്ത്പ്രവൃത്തി. p.-cutt3r തൂവല്ചെത്തുന്നവൻ; (—മുറിക്കുന്ന) യന്ത്രക്കത്തി. p.-fish കൂന്തല്മീൻ (*z.*). p.-knife പേനക്കത്തി. p.-man എഴുത്ത്പ്രവൃത്തിക്കാരൻ. p.-manship എഴുത്ത്പ്രവൃത്തി. p.-name സങ്കല്പനാമം, മറപേര്. p.-rack പേനത്തട്ട്. p.-wiper തൂവല്(തുടക്കുന്ന) തുണി. p.-woman എഴുത്ത്കാരത്തി, രചക. fountain-p. മഷിപ്പേന, മഷിത്തൂവല്. steel-p. ഉരുക്ക്പേന,—മുന. p. and ink എഴുത്തായ; ഗ്രന്ഥരചനാസംബന്ധമായ; മഷികൊണ്ട് വരച്ച. *v. t.* എഴുതുക; 2. രചിക്കുക. penned (pend), *a.* എഴുതിയ; രചിച്ച. -'nĕr, *n.* എഴുതുന്നവൻ; രചകൻ.

II. **Pen,** *n.* കൂട്, ആല, തൊഴുത്ത്. *v. t.* കൂട്ടിലിട്ടടക്കുക; കൂട്ടിലാക്കുക; 2. പൂട്ടിയിടുക. pent, *p. p.* or *a.* (up) പൂട്ടിയിട്ട, കൂട്ടിലിട്ട; കെട്ടിനിത്തിയ.

**Pē'nal,** *a.* ശിക്ഷാസംബന്ധമായ; 2. കററ—; 3. കററവിചാരണ—; 4. ശിക്ഷാനിയമം ആയ, ദണ്ഡനീതി—; 5. ശിക്ഷായോഗ്യം—; 6. ശിക്ഷ—, ശിക്ഷക്കുള്ള. p. action, p. suit നഷ്ടവ്യവഹാരം. p. laws, p. statutes ശിക്ഷാനിയമം. p. servitude കഠിനതടവ്ശിക്ഷ. p. settlement നാട്കടത്തുന്ന ദിക്ക്. =nal'i-ty, *n.* ശിക്ഷായോഗ്യത. -īse, -īze, *v. t.* കററം ആക്കുക, ശിക്ഷായോഗ്യം—; (കതിരപ്പന്തയത്തിൽ) കുതിരപ്പുറത്ത് ഭാരം കയററുക. -ly, *ad.* ശിക്ഷാനിയമപ്രകാരം. pen'al-ty, *n.* ശിക്ഷ; നഷ്ടം, പിഴ, (കതിരപ്പന്തയ) ഭാരം. bill of pains and penalties പ്രത്യേകശിക്ഷാനിയമം. on *or* under p.y of ശിക്ഷയുണ്ടാകുമെന്ന നിശ്ചയത്തിന്മേൽ.

**Pen'ance,** *n.* അനുതാപം; 2. വേദന; ദുഃഖം; 3. പ്രായശ്ചിത്തം; പ്രായശ്ചിത്തകർമ്മം; 4. തപസ്. bodily p. കായക്ലേശം. to perform p. തപംചെയ്യുക. *v. t.* പ്രായശ്ചിത്തം ചെയ്യിക്കുക; 2. ദേഹദണ്ഡനം—; ശിക്ഷിക്കുക. -less, *a.* പ്രായശ്ചിത്തം വേണ്ടാത്ത.

**Pe-nang' nut,** *n.* അടക്ക, പാക്ക്; കളിയടക്ക (*b.*). [രവടിവായ.

**Pen-an'nū-lar,** *a.* ഏതാണ്ടു മോതി

**Pe-nā'tēs,** *n. pl.* (പുരാതന റോമക്കാരുടെ) കുലദേവത.

**Pence,** *n. pl. of* Penny.

**Pen-chänt'** (pang-shäng'), *n.* രസം, വാസന, താല്പര്യം.

**Pen'cil,** *n.* തൂലിക, ചായക്കുച്ച്; 2. ഈയക്കോല്, എഴുത്ത്കോല്, 'പെൻസില്'; 3. ചിത്രമെഴുത്ത്; ചിത്രസാമർത്ഥ്യം; 4. രചനാചാതുര്യം; 5. കിരണസഞ്ചയം (*opt.*); 6. രേഖാവലി (*geom.*); 7. ഒര് വൈദ്യശാസ്ത്രം (*med.*). p.-case ലേഖനിക്കുഴല്. p.-lead പെൻസിൽകാമ്പ്. p.-point രേഖാവലികേന്ദ്രം (*geom.*). p. of rays കതിർക്കുല, കിരണമഞ്ജരി (*opt.*). *v. t.* 'പെൻസിൽ'കൊണ്ട് എഴുതുക;—വരക്കുക; 2. ചിത്രമെഴുതുക. =ciled, =cilled (-sild), *a.* എഴുതിയ; വരച്ച; കിരണസംബന്ധം ആയ (*opt.*); വരവരയായ. -ing, -ling, *n.* കർമ്മായവര (*arch.*); -lāte, lā-ted, *a.* ലേഖനിയാകാരമുള്ള.

**Pen'craft,** *n.*, *s. u.* Pen.

I. **Pend,** *n.* പിണ്ണാക്ക്, പുണ്ണാക്ക്

II. **Pend,** *v. t.* അകത്തിട്ടടക്കുക, കൂട്ടിലാക്കുക.

III. **Pend,** *v. i.* തൂങ്ങിനില്ക്കുക; 2. ആശ്രയിച്ച്—; ...മേൽ—; 3. തീൎച്ചപ്പെടാതെ ഇരിക്കുക, നിലവിൽ—. **pen'dant,** *n.* ഞേലം, ഞാലി; ശൃംഗാരമാമ്പ് (*arch.*). *pl.* ഇണയിലൊററ, ജോട്; കൈഘടികാരവട്ടക്കണ്ണി. **p.t post** ചുമക്കുത്ത് കാല്. **-den-cy,** *n.* തൂക്കം; നിലവ്. **='dent,** *a.* തൂങ്ങിനില്ക്കുന്ന, ആശ്രയിച്ച്—; ഉന്തി—, കവിഞ്ഞ്—. **='dent-ly,** *ad.* തൂങ്ങിക്കൊണ്ട്. **='di-cle,** *n.* തൊങ്ങല്, ഞേലം. **-'ing,** *a.* തീൎച്ചപ്പെടാത്ത, നിലവിലുള്ള; *prep.* തന്മദ്ധ്യേ, ഇടയിൽ, ഇടെ, മദ്ധ്യേ.

**Pen-drag'on,** *n.* തലവൻ; 2. അരചൻ; 3. നായകപ്രവരൻ.

**Pen'dū-lŏus, =lar,** *a.* തൂങ്ങുന്ന; 2. ആട്ടുന്ന; ഇളകുന്ന; 3. ചഞ്ചലം ഉള്ള; 4. താഴോട്ട് തൂങ്ങുന്ന (*b.*). **=lāte,** *v. i.* ആട്ടുക. **pen'dūle, =lum,** *n.* ഉഴിഞ്ഞാല്; ലോലകം, അന്ദോളകം, 'ഡോള', ഘടികാരക്കട്ടി. **compensation-p.m** ബഹുലോഹലോലകം. **compound p.m.** 'ഡോള'. **p.m bob** ഡോളക്കട്ടി. **p.m level** മട്ടം. **p.m wheel** കൈഘടികാരനടത്തച്ചക്രം. **=los'i-ty, -ness,** *n.* ലോലതാം, ആട്ടം; ചഞ്ചാട്ടം. **-ly,** ആടിക്കൊണ്ട്; ചഞ്ചലഭാവത്തോടെ.

**Pen'e-trāte,** *v. t.* നുഴക, കടത്തുക, ചെലുത്തുക; 2. ചെല്ലുക, പ്രവേശിക്കുക, ഉൾപ്പുകുക; 3. തുളക്കുക; 4. മനസ്സിൽ പതിക്കുക, മനസ്സ് ഉരുക്കുക, —അലിക്കുക; 5. മനസ്സിലാക, ഗ്രഹിക്കുക. *v. i.* കടക്കുക; 2. തട്ടുക, എത്തുക; 3. സഞ്ചരിക്കുക; 4. തുളക്കുക. **=tra-bil'i-ty, =tra-ble-ness,** *n.* ഭേദ്യത, പ്രവേശ്യത; അവഗാഢ്യത. **=tra-ble,** *a.* ഭേദ്യം ആയ, തുളക്കാവുന്ന; തട്ടുന്ന; ചെല്ലാകുന്ന; എത്തുന്ന. **=tra-bly,** *ad.* ഉള്ളിൽ ചെല്ലുംവണ്ണം. **=trā'li-a,** *n. pl.* ഉള്ളകം; ശ്രീകോവില്; മൎമ്മം, രഹസ്യം; ഗോപ്യത. **=trance, =tran-cy,** *n.* പ്രവേശനീയത്വം; മൂൎച്ഛ; തീക്ഷ്ണത. **=trant,** *a.* തുളക്കുന്ന, മൂൎച്ഛയുള്ള; മനസ്സുരുക്കുന്ന; ബോദ്ധ്യംവരുത്തുന്ന; തീക്ഷ്ണമായ. **=trā-ting,** *a.* കടക്കുന്ന, പ്രവേശിക്കുന്ന; തുളക്കുന്ന; തട്ടുന്ന; തീക്ഷ്ണതയുള്ള; യുക്തി—, ബുദ്ധികൂൎമ്മത—. **=trā-ting-ly,** *ad.* രൂക്ഷതയോടെ; വിവേകത്തോടെ. **=trā'tiŏn,** *n.* കടത്തൽ, ചെലുത്തൽ; പ്രവേശനം; തുളക്കൽ; ഗ്രഹണം; ബുദ്ധികൂൎമ്മത, കാഴ്ച, വിവേകം. **=tra-tive,** *a.* വ്യാപിക്കുന്ന; മനസ്സിന്ന് തട്ടുന്ന; ബുദ്ധിവിവേകം ഉള്ള; സൂക്ഷ്മദൃഷ്ടി—. **=tra-tive-ness,** *n.* വ്യാപനശക്തി; ബുദ്ധികൂൎമ്മത.

**Pen'guin** (-gwin), *n.* കടൽതാറാവ്, സമുദ്രോത്ത് (*z.*); 2. ഒര് വക കൈത (*b.*); 3. —കൈതച്ചക്ക (*b.*). **-ĕr-y,** *n.* കടൽതാറാക്കൂട്.

**Pen'hōld-ĕr,** *n.*, *s. u.* **Pen** I.

**Pen'i-cil,** *n.* (മുറികെട്ടുന്ന) നാര്പത്തി (*med.*). **=cil'lāte, =cil'li-form,** *a.* നീണ്ടരോമമുള്ള (*b.*).

**Pe-nin'sū-la,** *n.* അൎദ്ധദ്വീപ(പ്)ഃ, കോന്തുരുത്തി (*geog.*). **=lar,** *a.* അൎദ്ധദ്വീപായ; —ദ്വീപിനുള്ള; —ദ്വീപിലെ. **=lāte,** *v. t.* —ദ്വീപാക്കുക. **=lā-ted,** *a.* —ദ്വീപാകൃതിയുള്ള.

**Pē'nis,** *n.* ലിംഗം, ശിശ്നം (*an.*).

**Pen'i-tent,** *a.* പാപബോധം ഉള്ള, ദുഃഖം—, പശ്ചാത്താപം—, അനുതാപം—, മനസ്താപം—. *n.* അനുതാപി; 2. സഭാശിക്ഷയനുഭവിക്കുന്ന അനുതാപി; 3. പാപസ്വീകാരം ചെയ്യുന്നവൻ, 'കുമ്പസാരക്കാരൻ' (*R. C.*); 4. *pl.* ഒര് വക റോമസന്യാസികൾ (*R. C.*). **=tence,** *n.* പശ്ചാത്താപം, പാപദുഃഖം, അനുതാപം. **=ten'-tial** (-shal), *a.* മനസ്താപത്തിന്റെ, അനുതാപജന്യമായ. **p.l book** പാപസ്വീകാരനടവടിപ്പുസ്തകം (*R. C.*). *n.* —നടവടിപ്പുസ്തകം (*R. C.*). **=ten'tial-ly** (-shal-), *ad.* പശ്ചാത്താപമായി. **=ten'-tiar-y** (-shar-), *a.* അനുതാപസംബന്ധമായ; പശ്ചാത്താപമുള്ള; ശിക്ഷക്കായുള്ള; *n.* (സന്യാസിമഠത്തിലെ) പാപസ്വീകാരമണ്ഡപം (*R. C.*); സഭാശിക്ഷയനുഭവിക്കുന്ന അനുതാപികൾക്ക് പള്ളിയിലുള്ള ഇരിപ്പിടം (*R. C.*); പ്രത്യേക

പാപമോചനാധികാരി (*R. C.*); തടവ്, തുറുങ്ക്, കാരാഗൃഹം, 'ജേല്'. grand p.y പാപമോചനാധികാരാദ്ധ്യക്ഷൻ (*R. C.*). -ly, *ad.* അനുതാപത്തോടെ, മനസ്സാപത്തോടെ.

Pen'knife, Pen'man, Pen'manship, *s. u.* Pen I.

Pen'na, *n.* (*pl.* pen'næ) മൂത്തതൂവല് —ചിറക് (*z.*). =nā'ceŏus (-shus), *a.* തൂവല്പോലെ ഉള്ള. pen'nāte, pen'nāted, *a.* ചിറക്—; തൂവല്പോലെ—. pen'ni-form, *a.* തൂവലാകൃതിയായ. pen-nig'ĕr-ŏus, *a.* തൂവലുണ്ടാകുന്ന. pen-nip'ō-tent, *a.* ചിറകിന്ന് ബലമുള്ള.

Pen'nant, *n.* കപ്പല്ക്കൊടി, കൊടിക്കൂറ.

Pen'nĕr, *n.*, *s. u.* Pen I.

Pen'ni-less, *a.*, *s. u.* Penny.

Pen'non, *n.* ചിറക്; തൂവല്; 2. കൊടി.

I. Pen'ny, *a.* (ആണി) ആയിരം എണ്ണത്തിന്റെ റാത്തൽതൂക്കം: ten-p. nails ആയിരം എണ്ണം പത്ത് റാത്തല് തൂങ്ങുന്ന ആണി.

II. Pen'ny, (ചുരുക്കടയാളം *d.*) *n.* [*pl.* (number) pen'nies; (value) pence] ഷില്ലിങ്ങിന്ന് പന്ത്രണ്ട് ഉള്ള ഇംഗ്ലീഷ് ഓട്ടുനാണ്യം, ഒരണെക്ക് തുല്യമായ—; 2. ഒര് 'സെന്റ്', അരയണ (*U. S.*); 3. ചെറുനാണ്യം, പൈസ; 4. പണം, പൈസ, കാശ്. p.-dog ഒര് വക സ്രാവ് (*z.*). p.-father ഈററക്കുളി; പിശുക്കൻ. p.-post തപ്പാല്; അഞ്ചല്ക്കാരൻ. p.-wedding പണക്കല്യാണം. p.-weight 24 ഗ്രെയിൻ ഉള്ള ലോഹത്തൂക്കം, 4 പണമിട. p.-wise അധികത്തിൽ സൂക്ഷ്മമില്ലാതെ അല്പത്തിൽ സൂക്ഷ്മമുള്ള. p.-wise and pound foolish ആനപോകുന്നത് കാണാതെ കടുക് പോകുന്നത് നോക്കുന്ന. p.-wort മുത്തിള് (*b.*). p.-worth ഒര് പെനിക്കുള്ളത്; ഒത്തവിലക്കുള്ളത്; ലാഭം; അല്പം. p.-a-liner കൂലിക്ക് വര്ത്തമാനപത്രങ്ങളിൽ എഴുതുന്നവൻ, നിസ്സാരരചകൻ. *a.* ഒര് 'പെനി'ക്കുള്ള. ='ni-less, *a.* പണം ഇല്ലാത്ത, വക—, കയ്യിൽ കാശ്—. ='ni-less-ness, *n.* ദാരിദ്ര്യം.

Pe-nol'o-ġy, Pæ-nol'o-ġy, *n.* ബന്ധ [ശാസ്ത്രം.

Pen'sile, *a.* തൂങ്ങിനില്ക്കുന്ന, ചാഞ്ഞ് —. -ness, *n.* തൂക്കം, ചാട്ടം, ചരിവ്.

Pen'siŏn (-shun), *n.* പണംകൊടുക്കൽ; 2. കപ്പം; 3. ജീവിതഭോഗം, —ശമ്പളം, അട്ടത്തൂണ്, 'പിഞ്ചിൻ'; 4. പതാരഭോഗം; 5. (*pr.* päṅ'soṅ) വിട്ടതിപ്പുര; വിട്ടതിപ്പാഠശാല, വാസപാഠശാല. *v. t.* അട്ടത്തൂണ് ശമ്പളം കൊടുക്കുക; 2. (off) 'പിഞ്ചിൻ' കൊടുത്ത് ഉദ്യോഗത്തിൽനിന്ന് പിരിക്കുക. -a-ry, *a.* സഹായശമ്പളം ഉള്ള; —ആയ; *n.* അട്ടത്തൂണ്കാരൻ, 'പിഞ്ചിൻ'കാരൻ. -ĕr, *n.* ജീവിതഭോഗി, വൃത്തിഭോഗി 'പിഞ്ചിൻകാരൻ'; ഇംഗ്ലാന്തിലെ പ്രത്യേകരാജാകമ്പടിക്കാരൻ; സഹായശമ്പളമില്ലാത്ത വിദ്യാർത്ഥി.

Pen'sive, *a.* ചിന്താകുലം ഉള്ള, വിഷാദം—; കുണ്ഠിതഭാവം—; 2. വിഷാദകരമായ. -ly, *ad.* വിചാരത്തോടെ. -ness, *n.* ചിന്താകുലം, ഗൌരവഭാവം.

Pen'stock, Pen'trough (-trof), *n.* ഒര് വക മഞ്ച, —പാത്തി.

Pent, *p. p. of* Pen II.

Pen'ta-, *pf.* അഞ്ച്, പഞ്ച, പഞ്ചക; 2. പഞ്ചമ.

Pen'ta-chord (-kard), *n.* ഒര് വക കമ്പിവാദ്യം, പഞ്ചതന്ത്രി; 2. പഞ്ചസ്വരവിധാനം. [നക്ഷത്രാകാരം.

Pen'ta-cle, *n.* ഷൾകോണരൂപം,

Pen-ta-coc'cŏus, *a.* പഞ്ചബീജകമായ (*b.*). [(*geom.*).

Pen-tā'cron, *n.* പഞ്ചാഗ്രപിണ്ഡം

Pen-ta-dac'tyl, =dac'tȳle, *a.* അഞ്ച് വിരലുള്ള (*an.*). [(*b.*).

Pen'ta-fid, *a.* അഞ്ചായിപിരിഞ്ഞ

Pen'ta-glot, *n.* പഞ്ചഭാഷാഗ്രന്ഥം.

Pen'ta-gon, *n.* പഞ്ചകോണക്ഷേത്രം (*geom.*); 2. പഞ്ചഭുജ (*geom.*). regular p. സമപഞ്ചഭുജ. tag'ō-nal, =tag'ō-nŏus, *a.* ഐങ്കോണുള്ള. =tag'ō-nal-ly, *ad.* പഞ്ചകോണാകൃതിയിൽ.

**Pen'ta-gram**, *n.* ഷൾകോണരൂപം; 2. പഞ്ചകോണ— (*geom.*).

**Pen'ta-graph** (-graf), *n.*, *s. a.* **Pantograph.**

**Pen-ta-hē'dron**, *n.* പഞ്ചമുഖപിണ്ഡം (*geom.*). =**hē'dral**, =**hed'ri-cal**, =**hē'drŏus**, *a.* പഞ്ചഭുജയുള്ള.

**Pen-tal'pha** (-tal'fa), *n.* പഞ്ചകോണനക്ഷത്രാകാരം.

**Pen-tam'e-tĕr**, *n.* പഞ്ചഗണശ്ലോകം; സുപ്രതിഷ്ഠാവൃത്തം (*pros.*).

**Pen'taṅ-gle**, *n.* പഞ്ചകോണം (*geom.*). =**taṅ'gū-lar**, *a.* പഞ്ചകോണുള്ള, ഐമ്മൂലയായ.

**Pen-ta-pet'a-lŏus**, *a.* അഞ്ചിതളുള്ള, പഞ്ചദല (*b.*).

**Pen-taph'yl-lŏus** (-taf'il-lus), *a.* അഞ്ചില ഉള്ള, പഞ്ചപത്ര (*b.*).

**Pen-tap'o-dy**, *n.* പഞ്ചഗണശ്ലോകം സുപ്രതിഷ്ഠാവൃത്തം (*pros.*). [ത്യം.

**Pen'tar-chy** (-ki), *n.* പഞ്ചാധിപ

**Pen-ta-spĕr'mŏus**, *a.* പഞ്ചബീജകമായ (*b.*). [കം (*pros.*).

**Pen'ta-stich** (-stik), *n.* ശ്ലോകപഞ്ച

**Pen'ta-stȳle**, *n.* പഞ്ചസ്തംഭപൂമുഖം (*arch.*).

**Pen'ta-teūch** (-tūk), *n.* ക്രിസ്ത്യാനിവേദപുസ്തകത്തിൽ മോശെയുടെ പഞ്ചഗ്രന്ഥങ്ങൾ, ഗ്രന്ഥപഞ്ചകം (*Chr.*). =**teū'chal** (-tū'kal), *a.* പഞ്ചഗ്രന്ഥസംബന്ധമായ.

**Pen'te-cost**, *n.* യൂദന്മാരുടെ പഞ്ചാശത്തിനോത്സവം, വാരോത്സവം, പുതുധാന്യോത്സവം (*Bl.*); 2. പരിശുദ്ധാത്മദാനദിനോത്സവം, 'പെന്തെകോസ്ത' പെരുന്നാള് (*Chr.*). =**cos'tal**, *a.* 'പെന്തെകോസ്ത'സംബന്ധിച്ച. =**cos'tals**, *n. pl.* 'പെന്തെകോസ്ത' വഴിപാട്. =**cos'tĕr**, *n.* ശതാദ്ധ്യാധിപൻ. =**cos'ty**, =**cos'tys**, *n.* ശതാദ്ധ്സേന, 50 പടയാളികൾ.

**Pent'house**, **Pen'tice**, **Pent'roof**, *n.* ഇറ; ചായ്പ്, ചാച്ചുകെട്ടി, ഞാലി. *a.* ചാഞ്ഞുനില്ക്കുന്ന, കവിഞ്ഞ—.

**Pen'trough**, *n.*, *see* **Penstock.**

**Pe-nult'**, =**nul'ti-ma**, =**nul'ti-māte**, *n.* ഉപാന്ത്യ അക്ഷരം, ഒടുവിലത്തേതിന്റെ മുമ്പിലുള്ള— (*gr.*). =**nul'ti-māte**, *a.* ഉപാന്ത്യമായ, ഒടുവിലത്തേതിന്നു മുമ്പുള്ള.

**Pe-num'bra**, *n.* അല്പഛായ, മങ്ങല്; 2. (ഗ്രഹണം) അപൂൎണ്ണഛായ (*as.*); 3. പ്രാന്ത്യപ്രഭ. =**num'bral**, *a.* അല്പഛായസംബന്ധിച്ച; അല്പപ്രഭയുള്ള.

**Pen'ū-ry**, *n.* മഹാദാരിദ്ര്യം, നിൎഗ്ഗതി, ഗതികേട്; ഇല്ലായ്മ. =**nū'ri-ŏus**, *a.* ഈററ ഉള്ള, ലുബ്ധ്—, പിശുക്ക്—; ദാരിദ്ര്യം—. =**nū'ri-ŏus-ly**, *ad.* ഈററയോടെ; ദുർഭിക്ഷമായി. =**nū'ri-ŏus-ness**, *n.* കൃപണത്വം, കാൎപ്പണ്യം, ലോഭം; ദാരിദ്ര്യം. [**Pen** I.

**Pen'wī-pĕr**, **Pen'wŏm-an**, *s. u.*

**Pē'on**, *n.* കാലാൾചേകവൻ; 2. കോല്ക്കാരൻ, 'ശിപായി', 'പീയോൻ'; 3. പൊലീസ്സുകാരൻ; 4. കൂലിപ്പണിക്കാരൻ; 5. പണിക്കാരൻ; 6. കൂലി മുങ്കൂറ് വാങ്ങിയ പണിക്കാരൻ; 7. (ചതുരംഗം) പദാതി, ആള്. **-āġe**, **-isṃ**, *n.* സേവകവൃത്തി.

**Pēo'ple** (pē'pl), *n.* ജനം, ജനാംശം, നിവാസികൾ, രാജ്യക്കാര്, പ്രജകൾ, കുടികള്; 2. സമുദായക്കാര്; 3. ആളുകള്, മനുഷ്യര്; 4. സാമാന്യജനം, ഭൂരി—, ജനക്കൂട്ടം; 5. പൂൎവ്വന്മാര്, പൂൎവ്വികന്മാര്; 6. ചാൎച്ചക്കാര്; കുഡുംബങ്ങള്; 7. ആൾക്കാര്, കൂട്ടക്കാര്. **country-p.** തറക്കാര്, നാട്ടുപുറത്തുള്ളവര്. **one's p.**, **one's own p.** സ്വജനം, ജാതിക്കാര്. *v. t.* നിവസിപ്പിക്കുക, ജനങ്ങളെ പാൎപ്പിക്കുക. **pēo'pled** (pē'pld), *a.* ജനങ്ങൾ ഉള്ള, നിവാസികൾ—. **-less**, *a.* —ഇല്ലാത്ത. **pēo'plĕr**, *n.* പാൎക്കുന്നവൻ; നാട്ടുകാരൻ, നിവാസി. [(*med.*).

**Pe-pas'tic**, *a.* അഗ്നിവൎദ്ധകൌഷധം

**Pep'ĕr-ine**, =**ī-no**, *n.* അഗ്നിപൎവ്വതപ്പാറ (*geom.*).

Pē'pō, *n.* കമ്പളങ്ങ; മത്തങ്ങ; ചുര ങ്ങ; വെള്ളരിക്ക, കക്കരിക്ക (*b.*).

Pep'pĕr, *n.* കുരുമുളക്, നല്ല—, മുള ക്, ഊഷണം (*b.*); 2. മുളക് വള്ളി (*b.*); 3. കപ്പൽമുളക് (*b.*). **p.-brand** ഒരു വക ചാഴി. **p.-box, p.-caster** മുളക് വീശി. **p.-cake** ഒരു വക ചുക്ക് വട. **p.-corn** മുളക് കുരു, —മണി; നിസ്സാരസാധനം. **p.-corn rent** പേരിനുള്ള പുറപ്പാട്, ചു രുങ്ങിയ—. **p.-pot, p.-water** മുളകുത ണ്ണി, 'രസം', ചാറ്, 'സാംബാറ്'. **p.-sauce** മുളകുച്ചാറ്. **black p.** കുരുമുള ക് (കറുത്തത്). **cayenne p.** കാന്താരി മുളക്. **long p.** തിപ്പലി, പിപ്പലി. **red p., Spanish p.** കപ്പൽമുളക്, പറ ങ്കി—, പറങ്കി, വരട്ടല്. **white p.** വെ ള്ളമുളക്, തോല് നീക്കിയ കുരുമുളക്. *v. t.* മുളക് കൂട്ടുക, —ഇടുക; 2. വെടിപൊ ഴിക്കുക; ശരവർഷം അയക്കുക; 3. അടിച്ച് പൊടിപാററുക; മുറിവേല്പിക്കുക; തമർത്തു ക. *v. i.* വെടിപൊഴിക്കുക. **-ing,** *a.* എരു ഉള്ള; കോപം—. **-y,** *a.* മുളക് ഗു ണം—, എരു—; മുങ്കോപം—.

Pep'pĕr-idge (-ij), *n.* ഒരു വക പശ മരം (*b.*).

Pep'pĕr-mint, *n.* ഒരു വക കപ്പൂരതു ളസി, ത്രുക്ഷ—, 'പെപ്പർമെന്റ്' (*b.*); 2. കപ്പൂരതുളസിതൈലം; 3. ഒരു വകമധു രം, 'പെപ്പർമിട്ടായി', 'പെപ്പർമെന്റ്'. **p.-camphor** ഒരു വക കപ്പൂരം.

Pep'sin, Pep'sine, *n.* ദഹനനീര്, ജ ഠരാഗ്നി—, ആമാശയരസസാരം (*phys.*). **pep'tic,** *a.* ദഹനസംബന്ധം ആയ; അ ഗ്നിവർദ്ധകം—; ദഹിക്കുന്ന; ദഹനനീര് സംബന്ധിച്ച; —ഉള്ള; —ഉളവാക്കുന്ന. *n.* അഗ്നിവർദ്ധകൌഷധം (*med.*); *pl.* ദഹ നേന്ദ്രിയങ്ങൾ (*phys.*). **pep'ti-cs,** *n.* ദഹ നശാസ്ത്രം. **pep'tōne,** *n.* ജീർണ്ണശുക്ലം, ശുക്ലരസം (*phys.*). **pep'ton-īse, pep'-ton-īze,** *v. t.* ശുക്ലരസമാക്കുക; ജീർണ്ണി പ്പിക്കുക.

Pĕr, *pf.* ......ആൽ; ......കൂടി; 2. വ ളരെ, കഠിനമായി. *prep.* ......ആൽ, ....കൊണ്ട്, വശം, മുഖാന്തരം; 2. ....ക്ക്, ......ന്ന്, ഓരോന്നിന്ന്; 3. പ്രകാരം, വി തം. *p. annum* കാലത്താൽ, കൊല്ല ന്തോറും, ഒരു കൊല്ലത്തേക്ക്. **p. bearer** ആള് വശം. *p. capita,* **p. head** ആ ളെണ്ണം, ആളൊന്നുക്ക്, ആളാംപ്രതി. *p. centum,* **p. cent** (ചുരുക്കടയാളം %) നൂററിന്ന്, നൂറുക്ക്; നൂററിൽ. **-cen'-tăge,** *n.* നൂററിന്നുള്ള വീതം. *p. curiam* കോടതിയാൽ, കോടതിയിൽനിന്ന്. *p. diem* നാളൊന്നുക്ക്, ഒരു ദിവസത്തേക്ക്, ദിവസേന. *p. mensem* മാസത്തിൽ, ഒരു മാസത്തേക്ക്. *p. saltum* ഒരു ചാ ട്ടത്തിന്ന്. *p. se* തന്നാൽതന്നെ, തന്നി യെതന്നെ, സ്വതവെ.

Pĕr-a-cūte', *a.* കഠിനമായ; അതിമൂ ർച്ഛയുള്ള.

Pĕr-ad-ven'tūre, Pĕr-chance', Pĕr-haps', *ad. & conj.* ദൈവവശാൽ; യദൃച്ഛയാ, അഥവാ; 2. പക്ഷെ, ഒരു വേ ള, ഒരു സമയം, കദാചിൽ, കദാപി; 3. ക ന്നുകിൽ, എന്ന് വന്നാൽ, —വരികിൽ; (ആ കുന്ന) പക്ഷം; 4. ...ആനും മതി, എന്ന് വരാം. *n.* ഭാഗ്യം, ദൈവം; 2. സംശ യം, സന്ദേഹം.

Per-am'bū-lāte, *v. t.* നടന്ന് നോ ക്കുക, ചുററിനടക്കുക, —സഞ്ചരിക്കുക; 2. പരിശോധിക്കുക. *v. i.* നടക്കുക, ഉലാ വുക. **=lā'tiŏn,** *n.* ചുററിനടത്തം; പ രിശോധന. **=lā-tŏr,** *n.* നടന്ന് നോ ക്കുന്നവൻ; ദൂരമാത്രച്ചക്രം; (കുട്ടികൾ കയ റുന്ന) ഉന്ത് വണ്ടി. **=la-tŏr-y,** *a.* ചുററി സഞ്ചരിക്കുന്ന.

Pĕr'band, Pĕr'bend, *n., s.a.* Per-pender.

Pĕr-cēive', *v. t.* കണ്ടറിയുക, കാണു ക; കേൾക്കുക; അനുഭവിക്കുക; 2. അറി യുക, ഗ്രഹിക്കുക, ബോധിക്കുക, മനസ്സി ലാക്കുക. **=cēiv'a-ble,** *a.* കാണാകുന്ന; ഗ്രഹിക്കാകുന്ന; പ്രത്യക്ഷമായ. **=cēiv'-a-bly,** *ad.* പ്രത്യക്ഷമായി, കാണത്തക്ക വണ്ണം. **=cēiv'ĕr,** *n.* കാണുന്നവൻ; ഗ്ര ഹിക്കുന്നവൻ. **pĕr'cept,** *n.* കാഴ്ച, വി ഷയം. **=cep-ti-bil'i-ty, =cep'ti-ble-ness,** *n.* ഗ്രഹണീയത്വം, ബോധനീയ ത്വം; ഗോചരത്വം. **=cep'ti-ble,** *a.* കാ

ണ്മാൻപാട്ടുള്ള; അറിയാകുന്ന, ഗോചരമായ. =**cep′ti-bly**, *ad.* കാണത്തക്കവണ്ണം, സൂക്ഷ്മമായി. =**cep′tiŏn**, *n.* കാഴ്ച; ഗ്രഹണം; അറിവ്, ഇന്ദ്രിയഗോചരത്വം; ഗ്രഹണശക്തി, ബോധ— (*met.*). =**cep′tive**, *a.* ഗ്രാഹ്യസംബന്ധമായ; ബോധശക്തിയുള്ള; അറിയുന്ന. =**cep-tiv′i-ty**, *n.* ഗ്രഹണീയത്വം; ബോധശക്തി; വിചാര—. =**cip′i-ence**, =**cip′i-en-cy**, *n.* ബോധേന്ദ്ര്യം; ഗ്രഹണം; ബോധശക്തി. =**cip′i-ent**, *a.* ബോധേന്ദ്രിയം ഉള്ള; ഗ്രാഹ്യശക്തി—. *n.* ഗ്രഹണ— ഉള്ളവൻ.

I. **Pĕrch**, *n.* നല്ലവെള്ളത്തിലെ ഒര് മത്സ്യം (*z.*).

II. **Pĕrch**, *n.* വടി, കോല്; ചെക്ക (*S.*), കോഴി കത്തിരിക്കുന്ന മരം; 2. ഉന്നതാസനം, തിണ്ണ; പീഠം; 3. പതിനൊന്ന് മുഴമുള്ള നീളാളവ്; 4. ഒര് ഏക്കറിന്റെ 160–ാം അംശമായ ചതുരശ്രാളവ്, പത്ത് 'സെന്റ്'; 5. $24\frac{3}{4}$ കണ്ടിയടിയുള്ള കണ്ടിയളവ്, $16\frac{1}{2}$ അടിനീളം $1\frac{1}{2}$ അടി വീതി 1 അടി ഉയരം ഉള്ള കല്പണിയളവ്; 6. വണ്ടിയുടെ നെടുഞ്ചട്ടം. *v. i.* പക്ഷിയെപോലെ കത്തിരിക്കുക, ചെക്കയിരിക്കുക (*S.*). *v. t.* ചെക്കയിരുത്തുക; 2. ഇരിക്കുക. -′**ĕr**, *n.* ചെക്കയിരിക്കുന്നത്; കത്തിരിക്കുന്നവൻ.

**Pĕr-chance′**, *ad.*, *see* **Peradventure.**

**Pĕrch′ant**, *n.* വേറെ പക്ഷികളെ കണിയിലകപ്പെടുത്തുവാൻ കെട്ടി നിറുത്തിയ പക്ഷി.

**Pĕr-cip′i-ent**, =**ence**, =**en-cy**, *s. u.* **Perceive.**

**Pĕr′eō-lāte**, *v. t.* വടികെട്ടുക, വണ്ട് —, അരിക്കുക; ഊററുക, തെളിയിക്കുക. *v. i.* ഊറുക, ചോന്ന് ചെല്ലുക, കനിയുക. =**lā′tiŏn**, *n.* വണ്ട്കെട്ടൽ, അരിക്കൽ, ഊററൽ; മരുന്ന് വണ്ട് കെട്ടിയൂററൽ. =**lā-tŏr**, *n.* അരിക്കുന്നവൻ; തെളിതാര (*S.*).

**Pĕr-eur′rent**, *a.* ഉടനീളത്തിലുള്ള.

**Pĕr-eur′sŏr-y**, *a.* ബദ്ധപ്പാടോടെ നോക്കുന്ന; ഒര് നോട്ടം (ക്ക്) കണ്ട.

**Pĕr-euss′**, *v. t.* ഇടിക്കുക, തട്ടുക, മുട്ടുക. *v. i.* മുട്ടിനോക്കുക, ചൊട്ടി— (*med.*). =**eus′siŏn** (-kush′un), *n.* തമ്മിൽമുട്ടൽ, മുട്ട്; ഇളക്കം, മുഴക്കം; ദേഹം മുട്ടിനോക്കൽ (*med.*). **p.n-bullet** പൊട്ടിത്തെറിക്കുന്ന ഉണ്ട. **p.n-cap** 'കേപ്പ്' (തോക്കിന്റെ) തീത്തൊപ്പി. **p.n-lock** തോക്കിന്റെ കൊത്തി. **p.n-match** ഉരച്ചാൽ കത്തുന്ന തീക്കുച്ച്. **p.n-powder** ഉരഞ്ഞ് കത്തുന്ന വെടിമരുന്ന്. **p.n-sieve**, **p.n-table** പൊന്നരിപ്പയന്ത്രം. =**eus′sive**, =**eū′tient** (-kū′shent), *a.* തമ്മിൽ തട്ടുന്ന, മുട്ടുന്ന. =**eū′tient**, *n.* മുട്ടുന്ന സാധനം.

**Pĕr-di′tiŏn** (-dish′un), *n.* ശൂന്യം, നിമ്മൂലനാശം; 2. നിത്യ—, നരകബന്ധനം. **-a-ble**, *a.* —ബന്ധയോഗ്യമായ.

**Pĕr-dū′**, =**dūe′**, *a.* കാണാത്ത; 2. ഒളിച്ചിരിക്കുന്ന; പതിയിരിക്കുന്ന; 3. കാൎയ്യങ്ങളിൽ പരിശ്രമിക്കുന്ന; 4. കുശലില്ലാത്ത; കണ്ണും മൂക്കും ഇല്ലാതെ പ്രവൃത്തിക്കുന്ന. =**dū′**, *n.* കാവൽ ഇരിക്കുന്നവൻ; പതി—; 2. അസാദ്ധ്യകാൎയ്യത്തിന്ന് അയച്ച പടയാളി. **lying p.** ഒളിവിലിരിക്കുന്ന.

**Pĕr-dū′el-liŏn**, *n.* രാജദ്രോഹം (*l.*).

**Pĕr-dūre′**, *v. i.* അധികംകാലം നില്ക്കുക; ഈട്—.

**Per′e-grin-āte**, *v. i.* രാജ്യസഞ്ചാരം ചെയ്യുക; 2. അന്യരാജ്യത്ത് ചെന്ന് പാക്കുക. =**ā′tiŏn**, *n.* രാജ്യസഞ്ചാരം; പരവാസം. =**ā-tŏr**, *n.* ദേശാന്തരി; പരദേശി. =**grine**, *a.* അന്യരാജ്യത്തെ; പുറമെനിന്നുള്ള.

**Per′emp-tŏr-y** (-em-tĕr-), *a.* ഖണ്ഡിതം ആയ, തീൎച്ച—; എതിര് പറവാൻ പാടില്ലാത്ത; തീൎമ്മാനം ആയ; അലംഘനീയം—; കൎശനം—; 2. ഒരുമ്പെട്ട, ശങ്കയററ. *p. mandamus* തീൎച്ചക്കല്പന (*l.*). **p. plea** നിൎവ്യവഹാരവാദം (*l.*). =**tŏr-i-ly**, *ad.* തീൎച്ചയായി, ഖണ്ഡിതമായി. =**tŏr-i-ness**, *n.* തീൎമ്മാനം, ഖണ്ഡിതം; കൎശനം.

**Per-en′ni-al**, *a.* കൊല്ലത്തോട് കൊല്ലം നില്ക്കുന്ന; 2. ഇടവിടാതെ ഉള്ള, എപ്പോഴും—; സ്ഥിരം ആയ, നിത്യം—; 3. രണ്ട്

കൊല്ലത്തിലേറ നില്ക്കുന്ന (*b.*). *n.* വാഷികസസ്യം (*b.*); ഇരുകാലച്ചെടി (*b.*). -ly, *ad.* ഇടവിടാതെ, വിടാതെ, നിരന്തരമായി.

Per-er-rā'tiŏn, *n.* രാജ്യസഞ്ചാരം; ചുററിനടക്കൽ.

Pĕr'fect, *a.* തീൎന്ന, പൂൎത്തിആയ; സമ്പൂൎണ്ണം—, കറവില്ലാത്ത; തികവുള്ള, പരിപൂൎണ്ണം ആയ; 2. ശുദ്ധ, നല്ല, സ്വച്ഛ; 3. ഉറപ്പ് ഉള്ള, നിശ്ചയം—. p. tense സമ്പൂൎണ്ണഭൂതകാലം (*gr.*). *n.* —കാലം, ലിട് (*gr.*). ='fect, =fec'tiŏn-āte, *v. t.* കറവില്ലാതെ ആക്കുക, പരിപൂൎണ്ണം—; 2. പൂൎത്തി—, തികെക്കുക. p.ing press (കടലാസിന്റെ ഇരുപുറവും ഒന്നായി പതിക്കുന്ന) അച്ച് യന്ത്രം (*print.*). -ĕr, *n.* തികെക്കുന്നവൻ, പൂരകൻ. =fect-i-bil'i-ty, *n.* പൂരണീയത്വം. =fect'i-ble, *a.* സമ്പൂൎണ്ണമാകാകുന്ന, തികവ് വരുത്താകുന്ന. =fec'tiŏn, -ness, *n.* പരിപൂൎണ്ണത, സമ്പൂൎത്തി, തികവ്; വൈശിഷ്ട്യം; ഉത്തമഗുണം. to p.n വെടിപ്പിൽ, നന്നായി, വിശേഷമായി. =fec'tiŏn-al, *a.* പരിപൂൎണ്ണതയെ സംബന്ധിച്ച; സമ്പൂൎണ്ണതാലക്ഷണമുള്ള. =fec'tiŏn-ism, *n.* അപാപത്വസിദ്ധിവാദം (*theo.*). =fec'tiŏn-ist, *n.* —വാദി (*theo.*). =fect'ive, *a.* (of) സമ്പൂൎണ്ണം ആകാവുന്ന; —ആക്കാവുന്ന. =fect'ive-ly, *ad.* തികക്കാകംവണ്ണം. -ly, *ad.* പൂൎണ്ണമായി; മുഴുവനും; വിശേഷമായി, നന്നായി.

Pĕr-fĕr'vid, *a.* അത്യുഷ്ണം ഉള്ള; അതിതീക്ഷ്ണത—; കത്തിയെരിയുന്ന; 2. അതികാംക്ഷയുള്ള.

Pĕr-fid'i-ŏus, *a.* വിശ്വാസവഞ്ചന ചെയ്യുന്ന, —ഘാതകത്വം ഉള്ള; അവിശ്വസ്ത—; 2. ദ്രോഹഗുണം—. -ly, *ad.* വിശ്വാസഘാതകമായി. -ness, ='fi-dy, *n.* വിശ്വാസപാതകത്വം, —വഞ്ചന.

Pĕr'fō-rāte, *v. t.* തുളക്കുക, തുരക്കുക, ഓട്ടപ്പെടുത്തുക. =rāte, =rā-ted, *a.* തുളച്ച; തുള ഉള്ള, ഓട്ട—. =rā'tiŏn, *n.* തുരക്കൽ, തുളക്കൽ; തുള, ദ്വാരം, രന്ധ്രം. =rā-tive, *a.* കുത്തിത്തുളക്കുന്ന; തുളപ്പാൻ ശക്തിയുള്ള. =rā-tŏr, *n.* തുളക്കുന്നവൻ; തുളക്കുന്ന സൂചി.

Pĕr-fōrce', *ad.* ബലാൽ, ബലം പ്രമാണമായി, ബലാല്ക്കാരേണ; 2. ആവശ്യമായി; 3. എങ്ങിനെയെങ്കിലും.

Pĕr-form' (-farm'), *v. t.* നിൎവ്വഹിക്കുക; സാധിപ്പിക്കുക; 2. ചെയ്യുക, നടത്തുക, പ്രവൃത്തിക്കുക; 3. ആചരിക്കുക, അനുഷ്ഠിക്കുക; 4. പൂരിപ്പിക്കുക, നിവൃത്തിക്കുക, ഒപ്പിക്കുക; 5. അഭിനയിക്കുക, കളിക്കുക. *v. i.* ചെയ്യുക; 2. നിവൃത്തിക്കുക; 3. ചെയ്ത് തീൎക്കുക, സാധിപ്പിക്കുക; 4. അഭിനയിക്കുക; നടിക്കുക; 5. പ്രവൃത്തിച്ച് കാട്ടുക; 6. വാദ്യം വായിക്കുക. -a-ble, *a.* ചെയ്യാകുന്ന; സാദ്ധ്യമായ. -ance, *n.* ചെയ്യൽ, നടത്തൽ; പ്രവൃത്തി; സിദ്ധി, നിവൃത്തി; പ്രയോഗം, നാടനം, അഭിനയം; ക്രിയ, അനുഷ്ഠാനം, ആചരണം, കൎമ്മം, കാൎയ്യം; കൃതി; വ്യാപാരം; ചേഷ്ട; ചരിതം. -ĕr, *n.* ചെയ്യുന്നവൻ, പ്രവൎത്തകൻ; അഭ്യാസി, പ്രവീണൻ.

Pĕr-fūme', *v. t.* സൌരഭ്യമാക്കുക, സുഗന്ധം കടയുക, —പുകയിക്കുക, പരിമളം തേക്കുക. pĕr'fūme, *n.* സുഗന്ധം, സൌരഭ്യം, പരിമളം; 2. പരിമളതൈലം, സുഗന്ധ—, സൌരഭ്യവസ്തു. =fū'ma-tŏr-y, *a.* സൌരഭ്യമുള്ള. =fū'mĕr, *n.* സൌരഭ്യസാധനം; സുഗന്ധം കടയുന്നവൻ; പരിമളതൈലവ്യാപാരി. =fū'mĕr-y, *n.* പരിമളവസ്തുക്കൾ; പരിമളതൈലപ്രവൃത്തി.

Pĕr-func'tŏr-y, *a.* പേരിന്ന് ചെയ്യുന്ന; മനസ്സ് വെക്കാതെ—; 2. ശ്രദ്ധഇല്ലാത്ത, സൂക്ഷ്മം—; നിൎവ്വിചാരം ആയ, ഉദാസീനം—. =ri-ly, *ad.* പേരിന്ന്; ഉദാസീനമായി. =ri-ness, *n.* നിൎവ്വിചാരഭാവം, ആലസ്യം, നിശ്ശ്രദ്ധ. =func'tū-rāte, *v. t.* സൂക്ഷ്മമില്ലാതെ ചെയ്യുക.

Pĕr-fūse', *v. t.* വഴിയ നിറക്കുക; 2. കവിയുക, തിളാവുക, തുളുമ്പുക. = fū'siŏn, *n.* കവിച്ചല്; വഴിച്ചല്. =fū'sive, *a.* തുളുമ്പുംവണ്ണം.

Pĕr-haps', *ad.*, *see* Peradventure.

I. Pēr'i, *n.* പിശാച്, ദുരാത്മാവ്, ഭൂതം; യക്ഷി; ഗന്ധൎവ്വൻ.

II. **Per′i-**, *pf.* ചുററും, അരികെ, അപ്പുറം; 2. പൂൎണ്ണ; 3. കവിഞ്ഞ, കടന്ന.

**Per′i-apt**, *n.* രക്ഷ, ഉറുക്ക്.

**Pe-rib′ō-los**, *n.* ശ്രീകോവിൽമിററം; പ്രാകാരം; വാടി, കിടങ്ങ്.

**Per-i-eär′di-um**, *n.* ഹൃദയകോശം, ഹൃത്കോശം (*an.*). **=eär′di-ae, =eär′di-al, =eär′di-an, =eär′die**, *a.* ഹൃദാശയസംബന്ധമായ; ഹൃത്കോശത്തിലുള്ള. **p.l fluid** ഹൃദാശയനീര് (*an.*). **=dī′tis**, *n.* ഹൃത്കോശവീക്കം (*med.*).

**Per′i-eärp, =pi-um**, *n.* ബീജകോശം, കണ്ണിക (*b.*); 2. തോട്, തോല്, തൊലി (*b.*). **=eär′pi-al, =eär′pie**, *a.* ബീജകോശസംബന്ധമായ (*b.*).

**Per-i-ehon′dri-um** (-kon′dri-), *n.* കൃച്ഛ്രാവരണം (*an.*). **=ehon-drī′tis**, *n.* കൃച്ഛ്രാവരണവീക്കം (*med.*).

**Pe-rie′o-pē**, *n.* സാരസംഗ്രഹഗ്രന്ഥം; 2. വേദപാഠസംഗ്രഹം (*theo.*); 3. പ്രസംഗവാക്യ—, —പ്രമാണവാക്യ— (*theo.*).

**Per-i-erā′ni-um**, *n.* കപാലാവരണം, തലയോട്ടിൻതോല് (*an.*). **=erā′ni-al**, *a.* കപാലാവരണസംബന്ധമായ.

**Pe-rie′ū-lum**, *n.* (*pl.*=la) ആപത്ത്, അപായം; 2. അനൎത്ഥം, അപകടം (*l.*).

**Per′i-dĕrm**, *n.* ചുണങ്ങ്, മൊരി, പുറന്തൊലി (*b.*).

**Per′i-dot**, *n.* പീതസാരരത്നം, ഒരു വക പുഷ്പരാഗം (*min.*).

**Per-i-ĕr′ġy**, *n.* അതിസൂക്ഷ്മം, അത്യുത്സാഹം; 2. പ്രൌഢഭാഷാരീതി; 3. അതിവാചകത്വാലങ്കാരം (*rhet.*).

**Per′i-ġēe, =ġē′um**, *n.* അധമചന്ദ്രായനം (*as.*); 2. നീചതമസ്ഥാനം, മന്ദോച്ചം (*as.*). **=ġē′an**, *a.* അധമചന്ദ്രായനസംബന്ധമായ.

**Per-i-ġen′e-sis**, *n.* വൃദ്ധിശക്തിപരമ്പരത്വം (*biol.*).

**Per′i-graph** (-graf), *n.* പട്ടവിവരണം, അബദ്ധപ്രബന്ധം.

**Per-i-hē′li-on, =hē′li-um**, *n.* ഗ്രഹപഥാധമസ്ഥാനം, ഗ്രഹായനനീചത്വം (*as.*).

**Per′il**, *n.* ആപത്ത്, അപായം, അപകടം; 2. ദോഷം, ഹാനി, നഷ്ടം; 3. പ്രാണാപായം. **at** *or* **on one's p.** ഉത്തരവാദത്തിന്മേൽ, ദോഷം വന്നേക്കുംവണ്ണം. *v. t.* അപകടത്തിലാക്കുക, ജീവൻപണയം വെക്കുക. **-ŏus**, *a.* ആപല്ക്കരം ആയ; ഭയഹേതുകം—. **-ŏus-ly**, *ad.* ആപല്ക്കരമായി, സംശയനിലയിൽ. **-ŏus-ness**, *n.* ഹാനി; ഉത്തരവാദിത്വം; സന്നിദ്ധത്വം.

**Per-im′ē-tĕr**, *n.* ക്ഷേത്രപരിധി (*geom.*); 2. ഭുജസമഷ്ടി (*geom.*); 3. ചുററളവ്; 4. ആകാരപരിണാമമാത്ര. **=met′rie, =met′ri-eal**, *a.* —മാത്രസംബന്ധിച്ച. **=try**, *n.* —മാത്രപ്രയോഗം; വീക്ഷണപ്രദേശമാപനം.

**Per-i-nē′um, =næ′um**, *n.* ഗുഹ്യപ്രദേശം (*an.*). **=nē′al**, *a.* —പ്രദേശംസംബന്ധിച്ച.

**Pē′ri-od**, *n.* കാലഭാഗം; —പൎയ്യായം, —ചക്രം; 2. —ഗതി; കാലാവധി; 3. അയനം, പൎയ്യയം; 4. സമയം, കാലം, അബ്ദം, ശകം, യുഗം, കല്പം; 5. സമാപ്തി, ഒടുവ്; അതിര്, അവധി; 6. പരിപൂൎണ്ണവാക്യം, വാക്യോച്ചയം (*rhet.*); 7. പൂൎണ്ണവിരാമം, —വിരാമചിഹ്നം, നിൎത്ത്, നിൎത്തല്; 8. ആവൎത്തനസംഖ്യ, പൎയ്യായ— (*math.*); 9. രോഗവൃദ്ധിക്ഷയാന്തരം (*med.*). **the p.** ഇക്കാലം. **=od′ie, =od′i-eal**, *a.* അയനകാലസംബന്ധം ആയ; പൎയ്യായം—; അനുകാലികം—, തിട്ടമായ കാലത്തിൽ ഉണ്ടാകുന്ന, കാലാനുക്രമമായി—; കാലംതോറും—; വാക്യോച്ചയസംബന്ധമായ (*rhet.*). **p.c comet** പൎയ്യായധൂമകേതു (*as.*). **p.c function** സംഖ്യപൎയ്യായത്വം (*math.*). **p.c law** ധാതുസമ്മിശ്രണധൎമ്മം (*ch.*). **p.c star** വികാരനക്ഷത്രം (*as.*) **p.c time of a heavenly body** അയനകാലം (*as.*). **=od′i-eal**, *n.* അനുകാലികഗ്രന്ഥം, —പത്രിക, മാസിക—. **=od′i-eal-ist**, *n.* —പത്രികരചകൻ; —പത്രികലേഖകൻ. **=od′i-eal-ly**, *ad.* അതത്

കാലം, കാലംതോറും; കാലക്രമമായി; നിശ്ചയിച്ചകാലത്ത്. =od'i-cal-ness, =o-dic'i-ty (-dis'i-), *n.* കാലാനുസരണത്വം.

Per-i-ō-dont'al, *a.* പല്ലിന്ന് ചുററുമുള്ള (*an.*).

Per-i-os'te-um, *n.* അസ്ഥ്യാവരണം, അസ്ഥിത്വച്ചം (*an.*). =os'te-al, *a.* അസ്ഥിയെ ചുററിയിരിക്കുന്ന; അസ്ഥിത്വച്ചം സംബന്ധിച്ച. =os-tī'tis, *n.* അസ്ഥ്യാവരണവീക്കം (*med.*)

Per-i-pa-tet'ic, *a.* ചുററിനടക്കുന്ന, സഞ്ചാര; 2. അരിസ്റ്റോത്തൽ എന്നവന്റെ തത്വജ്ഞാനവാദം സംബന്ധിച്ച. *n.* സഞ്ചാരി; 2. കാൽനടക്കാരൻ; 3. അരിസ്റ്റോത്തല തത്വജ്ഞാനവാദി. =tet'i-cism, *n.* —തത്വജ്ഞാനം.

Per-iph'er-y (-if'er-), *n.* മുകൾഭാഗം, പുറ—; 2. ചുററളവ്, വട്ടം; പരിധി (*geom.*). =iph'er-al, =i-pher'ic, =i-pher'i-cal, *a.* പരിധിസംബന്ധിച്ച; മുകൾഭാഗം—; പുറത്തുള്ള, ബഹിർഭാഗത്തെ (*an.*).

Per'i-phrāse (-frāz), =iph'ra-sis (-if-), *n.* (*pl.* -sēs) അതിവാചകത്വം, വാഗ്ചിസ്തരണാലങ്കാരം, യോഗരൂഢപ്രയോഗം (*rhet.*). *v. t.* അതിവാചകമായി പറയുക. *v. i.* യോഗരൂഢപദം ഉപയോഗിക്കുക. =phras'tic, =phras'ti-cal (-fras-), *a.* വാഗ്ചിസ്താരമുള്ള; യോഗരൂഢപദമായ. p.c conjugation യോഗക്രിയാരൂപാഖ്യാനം (*gr.*). p.c future ലൃട് (*gr.*). =phras'ti-cal-ly, *ad.* വാഗ്ചിസ്തരണമായി.

Per'ish, *v. i.* നശിക്കുക, മുടിയുക, മുടിഞ്ഞുപോക; 2. കെട്ടു—; കേട് വരിക, നഷ്ടമാക; 3. ഇല്ലാതാക; 4. മരിക്കുക; 5. ക്ഷയിക്കുക. -a-bil'i-ty, -a-ble-ness, *n.* നശ്വരത്വം, ലയത്വം. -a-ble, *a.* നശ്യം ആയ, നശ്വരം—; ക്ഷയം ഉള്ള. വേഗം കേട് വരുന്ന, കെട്ടുപോകുന്ന; -a-bly, *ad.* നശിക്കുന്നതായി.

Per'i-spĕrm, *n.* ബീജാച്ഛാദം (*b.*); 2. ബീജസാരം. =spĕrm'ic, *a.* —സാരം സംബന്ധിച്ച.

Per-i-spher'ic, =i-cal (-sfer-), *a.* പൂൎണ്ണഗോളാകാരമായ.

Per-i-stal'tic, *a.* വളഞ്ഞുപുളഞ്ഞുകൊണ്ടുള്ള; 2. പ്രക്ഷേപം ആയ, പ്രചലം— (*phys.*). p. action, p. contraction, p. movement ആന്ത്രപ്രക്ഷേപണത്വം, —പ്രചലനം (*phys.*). =stal'sis, =ris'tō-lē, *n.* —പ്രക്ഷേപണത്വം (*phys.*). ='ti-cal-ly, *ad.* പ്രചലനമായി.

Per-i-streph'ic (-stref'ik), *a.* ചുററിത്തിരിയുന്ന, ചക്രം ചുററുന്ന.

Per'i-stȳle, *n.* സ്തംഭശ്രേണി, തൂൺനിര.

Per-i-sys'tō-lē, *n.* ഹൃദയസംകോചവികാസാന്തരം (*phys.*).

Per-i-tō-nē'um, =nǣ'um, *n.* പരിച്ഛാദം, ഉൾത്തൊലി, അന്തർവേഷ്ടനം (*an.*). =nē'al, *a.* പരിച്ഛാദസംബന്ധമായ. =nī'tis, *n.* —വീക്കം (*med.*).

Per'i-wig, *n.* പൊയ്മുടി, മറുമുടി.

I. Per'i-wiǹ-kle, *n.* ഒരു വക ഇത്തിള് (*N.*), —കക്ക (*S.*). [ള (*b.*).

II. Per'i-wiǹ-kle, *n.* കപ്പവേലി, —വേ

Pĕr'jure, *v. t.* സത്യലംഘനം ചെയ്യിക്കുക; പ്രതിജ്ഞാലംഘനം—; 2. (*refl.*) കള്ളസത്യം ചെയ്യുക, സത്യംചെയ്ത് കളവ് പറയുക. =jured (-jurd), *a.* —പറഞ്ഞ. =jur-ĕr, *n.* —പറയുന്നവൻ, കള്ളസത്യം ചെയ്യുന്നവൻ. =jur-y, *n.* കള്ളസത്യം, സത്യം ചെയ്ത് കളവ് പറയൽ (*l.*).

I. Pĕrk, *v. t.* ഞെളിയുക; പ്രൗഢികാട്ടുക. *v. i.* —നടിക്കുക. to p. it ഞെളിഞ്ഞുനടക്കുക, നിഗളിക്കുക. pĕrk, pĕrk'y, *a.* മോടി ഉള്ള, ഞെളിച്ചല്—.

II. Pĕrk, *v. i.* ഉളിഞ്ഞുനോക്കുക.

Per-lā'ceous (-shus), *a.* മുത്ത്പോലെയുള്ള, മൌക്തികതുല്യമായ.

Pĕr'ma-nent *a.* മാറാത്ത; 2. ഈട്ടുള്ള, നിലനില്ക്കുന്ന; ഉറച്ച്—; 3. സ്ഥിരം ആയ; 4. ശാശ്വതം—, നിത്യം—. p. gases ജലജ പ്രാണ രുചതക അംഗാരാമ്ലവായുക്കൾ. p. incumbent സ്ഥിരക്കാരൻ, 'കായം'ഉദ്യോഗസ്ഥൻ. p. way തീവണ്ടി (ഓടിക്കൊണ്ടിരിക്കുന്ന) വഴി. =nence,

=nen-cy, *n.* സ്ഥായി, സ്ഥിരത; നിത്യത, ശാശ്വതത്വം; ഉറപ്പ്. -ly, *ad.* സ്ഥിരമായി.

Pĕr'me-āte, *v. t.* കനിയുക, ഊറിച്ചെല്ലുക; 2. കൂടികടക്കുക, പ്രവേശിക്കുക, വ്യാപിക്കുക. =a-bil'i-ty, *n.* പ്രവേശനീയത്വം, രന്ധ്രത്വം, സൂക്ഷിരത്വം, കനിച്ചല്; വ്യാപ്യത. magnetic p.y കാന്തവ്യാപ്യത. =a-ble, *a.* കടക്കാവുന്ന; സൂക്ഷിരം ഉള്ള; കനിച്ചൽ—; വ്യാപ്യമായ. =a-bly, *ad.* കനിഞ്ഞ്കൊണ്ട്, ഊറിക്കൊണ്ട്. =ant, *a.* വ്യാപകമായ. =ā'tiŏn, *n.* കനിച്ചല്; ഉൾപ്രവേശം, വ്യാപനം.

Per-mis'ci-ble, *a.* കൂട്ടിക്കലത്താകുന്ന, സമ്മിശ്രമാക്കാകുന്ന. =mis'tiŏn (-chun), =mix'tiŏn (-chun), *n.* സമ്മിശ്രണം; കലപ്പ്.

Per-mis'siŏn, *etc.*, *s. u.* Permit.

Per-mis'tiŏn, =mix'tiŏn, *n.*, *s. u.* Permiscible.

Pĕr-mit', *v. t.* (*p. t.* & *p. p.* -mit'-ted) സമ്മതിക്കുക, അനുവദിക്കുക; വിട്ടുക; 2. (*inf.*) അനുവാദം കൊടുക്കുക; 3. ഭരമേല്പിക്കുക. *v. i.* അനുവദിക്കുക. pĕr'mit, *n.* സമ്മതം; 2. അനുവാദപത്രം; 3. അധികാര—, 'രഹദാരി'. =mis-si-bil'i-ty, =mis'si-ble-ness, *n.* അനുജ്ഞേയത്വം, അനുമന്തവ്യത്വം; ധർമ്മ്യത, യോജ്യത. =mis'si-ble, *a.* സമ്മതിക്കാവുന്ന, അനുവദിക്കത്തക്ക. =mis'si-bly, *ad.* സമ്മതിക്കത്തക്കവണ്ണം. =mis'siŏn (-mish'un), =mit'tance, *n.* സമ്മതിക്കൽ; അനുവാദം, സമ്മതം; ഇട; കല്പന; അധികാരം, =mis'sive, *a.* അനുവദിക്കുന്ന; സമ്മതിച്ച്കൊടുത്ത. =mis'sive-ly, *ad.* സമ്മതത്തോടെ, അനുമതിയോടെ. =mit-tēe', *n.* അനുവാദം കിട്ടിയവൻ, 'രഹദാരി'—, 'സനത്'—. =mit'-tĕr, *n.* സമ്മതംകൊടുക്കുന്നവൻ.

Pĕr-mūte', *v. t.* തമ്മിൽമാററുക, ഒത്ത്—; 2. മാററക്കച്ചവടം ചെയ്യുക (*P.*), ചരക്കിന്ന് ചരക്ക്കൊടുക്കുക. =mū'ta-ble, *a.* തമ്മിൽ മാററാകുന്ന; മാററമുള്ള. =mū'ta-ble-ness, *n.* പരിണാമ്യത. =mū'ta-bly, *ad.* തമ്മിൽമാറിക്കൊണ്ട്. =mū-tā'tiŏn, *n.* തമ്മിൽമാററൽ; മാററം, വികാരം; ഒത്ത്മാററം; അങ്കപാശം, സംഖ്യാവിക്രിയ, സംഖ്യാപരിവൎത്തം(*math.*); സാധനമാററവ്യാപാരം. =mū'tĕr, *n.* മാററുന്നവൻ.

Pĕr'nan-cy, *n.* വാങ്ങൽ; വാരംപാട്ടം വാങ്ങൽ (*l.*). pĕr'nor, *n.* —വാങ്ങുന്നവൻ (*l.*).

I. Pĕr-ni'ciŏus (-nish'us), *a.* ദോഷകരം ആയ, ദുഷ്ട്യം—; കേട്വരുത്തുന്ന; ഹാനി—; 2. നാശകരം ആയ, മരണകരം—; 3. ദുഷ്ട. -ly, *ad.* പാതകമായി; ദുർബ്ബുദ്ധിയായി. -ness, *n.* ദുഷ്ട്യം, ഹാനി.

II. Pĕr-ni'ciŏus (-nish'us), *a.* ത്വരിതമായ; വേഗത്തിൽ കത്തുന്ന. =nic'i-ty (-nis'i-), *n.* തീവ്രത, വേഗത.

Pĕr-noc-tā'tiŏn, *n.* രാക്കഴിക്കൽ; 2. ഉന്നിദ്ര, ഉറക്കിളെപ്പ്. =tā'li-an, *n.* ഉന്നിദ്രൻ, ഉറക്കിളക്കുന്നവൻ.

Per-ō-nē'al, *a.* സ്ഥാപനാസ്ഥിസംബന്ധമായ (*an.*); 2.—പ്രദേശത്തുള്ള (*an.*).

Per-ō-rā'tiŏn, *n.* സമാപ്തിവാക്യം; പ്രസംഗസമാപ്തി, മുടിവുര, ഉപസംഹാരം (*rhet.*). =rāte', *v. i.* പ്രസംഗിക്കുക.

Pĕr-pend', *v. t.* ആലോചിക്കുക. *v. i.* ശ്രദ്ധവെക്കുക.

Pĕr-pen'dĕr, Pĕr'bend, Pĕr'pend-stōne, Pĕr'pent-stōne, *n.* നെട്ടങ്കല്ല്, ബന്ധശില (*arch.*)

Pĕr-pen-dic'ū-lar, *a.* കുത്തനെഉള്ള, നെട്ടനെ—; നിവിന്ന്നില്ക്കുന്ന; കട്ടന്തൂക്കം ആയ, ലംബം—; 2. ലംബരേഖ—(*geom.*). *n.* —രേഖ (*geom.*). =lar'i-ty, *n.* ലംബത്വം. -ly, *ad.* ലംബമായി; കുത്തനെ, നേരെ.

Pĕr'pe-trāte, *v. t.* (പാതകം) ചെയ്യുക, (കററം) നടത്തുക. =tra-ble, *a.* ചെയ്യാകുന്ന. =trā'tiŏn, *n.* (കററം) ചെയ്യൽ; കററം, പാതകം, ദ്രോഹം, അപരാധം. =trā-tŏr, *n.* കററംചെയ്യുന്നവൻ.

Pĕr-pet′ū-al, *a.* നിലനില്ക്കുന്ന; എപ്പോഴും ഉള്ള, ഇടവിടാതെ—; നിത്യം ആയ, ശാശ്വതം—. p. calender ശാശ്വതപഞ്ചാംഗം. p. motion നിരന്തരചലനം. p. snow നിത്യഹിമം. =a-ble, *a.* നിലനിൎത്താകുന്ന, ശാശ്വതമാക്കാകുന്ന. -ly, *ad.* എപ്പോഴും, സന്തതം, സതതം, സദാ എല്ലായ്പോഴും, നിത്യം. =āte, *v. t.* ശാശ്വതമാക്കുക, നിലനിൎത്തുക, നിൎത്തിപ്പോരുക. *a.* ശാശ്വതം ആയ. =ā′tiŏn, *n.* —ആക്കൽ, നിലനിൎത്തൽ; സ്ഥിരത. =tū′i-ty, *n.* നിത്യത, ശാശ്വതത്വം; സ്ഥിരത; നിലനില്ക്കുന്ന കാൎയ്യം; നിത്യകാലം, നിരന്തരത്വം; തന്നിപലിശ മുതലോളം ആവാൻ വേണ്ടുന്ന കാലം (*com.*); വൎഷാശനദ്രവ്യവില (*com.*); വൎഷാശനദ്രവ്യം (*com.*); കുടിമ, കുടിമജന്മം, ശാശ്വതാവകാശം (*l.*); ശാശ്വതസ്വത്ത് (*l.*).

Pĕr-plex′, *v. t.* കുഴക്കുക, കുടുക്കുക; 2. വിഷമിപ്പിക്കുക; 3. അമ്പരപ്പിക്കുക, അന്ധാളിപ്പിക്കുക, ഭ്രമിപ്പിക്കുക; 4. നക്ഷം തിരിപ്പിക്കുക, ഉപദ്രവിക്കുക. =plexed′ (-plekst′), *a.* കുഴപ്പത്തിലായ; സംശയം ജനിച്ച; അന്ധാളിച്ച. -ed-ly, *ad.* അമ്പരപ്പോടെ, നക്ഷം തിരിഞ്ഞ്. -ed-ness, *n.* അമ്പരപ്പ്. -ing, *a.* അന്ധാളിപ്പ് ഉള്ള; നക്ഷം തിരിച്ചല്—. -i-ty, *n.* കുഴപ്പം, കുഴമറിച്ചൽ (*S.*), വിഷമം; സംശയം; പരിഭ്രമം, അന്ധാളിപ്പ്.

Pĕr′qui-site (-kwi-zit), *n.* പുറംവരവ്, ഇടലാഭം, കാൎയ്യം, കാൎയ്യലാഭം; 2. (*pl.*) സ്വയാൎജ്ജിതസ്വത്ത് (*l.*). =si′-tiŏn (-zish′un), *n.* പൎയ്യന്വേഷണം; ശോധന.

Per′ron, *n.* പുറമ്പടിക്കെട്ട്, പുറക്കോവണി.

Per-rṳ′qui-ĕr (-rṳ′ki-), *n.* പൊയ്മുടി ഉണ്ടാക്കുന്നവൻ.

Per′ry, *n.* 'സബെജൽ'മദ്യം.

Pĕrs, *a.* ഇളനീലമായ; 2. ഇളവൎണ്ണമുള്ള.

Pĕr-scrṳ-tā′tiŏn, *n.* പൎയ്യന്വേഷണം, സൂക്ഷ്മപരിശോധന.

Pĕr′se-cūte, *v. t.* ഉപദ്രവിക്കുക, പീഡിപ്പിക്കുക, ഞെരുക്കുക; 2. അലമ്പലാക്കുക, ബുദ്ധിമുട്ടിക്കുക; 3. (മതവിശ്വാസം നിമിത്തം) ഹിംസിക്കുക. =cū′tiŏn, *n.* ഉപദ്രവിക്കൽ, ഹിംസിക്കൽ; ഉപദ്രവം, ഹിംസ; (*pl.*) ക്രിസ്തുമതക്കാൎക്കുണ്ടായ ഹിംസകൾ. =cū-tive, *a.* ഉപദ്രവമായ; ഹിംസിക്കുന്ന. =cū-tŏr, *n.* ഹിംസിക്കുന്നവൻ, ഹിംസകൻ. =cū-trix, *n.* ഹിംസിക്കുന്നവള്, ഹിംസകി.

Pĕr-se-vēre′ (-vēr′), *v. i.* വിടാതെ പ്രവൃത്തിക്കുക, തടസ്ഥംകൂട്ടാക്കാതെ പ്രയത്നിക്കുക; സ്ഥിരോത്സാഹം കാട്ടുക; ദീൎഘപ്രയത്നം ചെയ്യുക; അഭിനിവേശിക്കുക. =vē′rance, *n.* സ്ഥിരോത്സാഹം, അദ്ധ്യവസായം; അഭിനിവേശം; ദൃഢചിത്തം; സ്ഥിരഭക്തി (*theo.*). final p.e ദൃഢ— (*theo.*). =vē′rant, =vē′ring, *a.* സ്ഥിരോത്സാഹം ഉള്ള; മനോദാൎഢ്യം—; വഴിയോട്ട് വെക്കാത്ത. =vē′rant-ly, =vē′ring-ly, *ad.* അഭിനിവേശത്തോടെ.

Pĕr′sian (-shan), *n.* പാൎസിരാജ്യക്കാരൻ; 2. —ഭാഷ. *a.* —രാജ്യസംബന്ധമായ; 2. —ഭാഷ—. Pĕr′sic, *a.* —രാജ്യ—. *n.* —ഭാഷ.

Pĕr′si-flāge (-flāzh), *n.* ഹാസ്യഭാഷണം; തെറി, കളിവാക്ക്; 2. നേരമ്പോക്ക്, വിനോദം. =fleur (-fler), *n.* തെറിപറയുന്നവൻ, നേരമ്പോക്ക്കാരൻ.

Pĕr-sist′, *v. i.* പിടിച്ച്നില്ക്കുക, വിടാതെകണ്ടിരിക്കുക; 2. നിഷ്ഠകാട്ടുക, സ്ഥിരോത്സാഹം—; 3. ശാഠ്യം—, വാശിപിടിക്കുക. =sist′ence, =sist′en-cy, *n.* നിഷ്ഠ, സ്ഥിരത; ശാഠ്യം, മക്കടമുഷ്ടിത്വം; പ്രസക്തി (*sc.*). p.e of motion ചലനപ്രസക്തി (*ph.*). visual p.e ദൎശന— (*phys.*). auditory p.e ശ്രവണ— (*phys.*). =sist′ent, =sist′ing, =sist′ive, *a.* പിടിച്ച്നില്ക്കുന്ന; നിന്ന്പോരുന്ന; സ്ഥിരത ഉള്ള; ശാഠ്യം—. =sist′ent-ly, =sist′ing-ly, *ad.* വാശിയോടെ, പിന്നെയും പിന്നെയും.

Pĕr′son, *n.* (കളിയിലെ) വേഷം; 2. ദേഹാകൃതി, ദേഹം; രൂപം; കാഴ്ച: of comely p. രൂപവിശേഷം ഉള്ള, സൌന്ദൎയ്യം—; 3. സംബന്ധി; പുരുഷൻ; സ്ത്രീ; കുട്ടി; 4. ആള്; 5. മൂൎത്തി; പുരുഷൻ

(*theo.*); 6. പുരുഷൻ (*gr.*). artificial or fictitious p. സംഘം, സമുദായം, സമാജം (*l.*). any p. വല്ലവനും, ആരെങ്കിലും. first p. ഉത്തമപുരുഷൻ (*gr.*). natural p. (ഒററ) ആള് (*l.*). second p. മദ്ധ്യമപുരുഷൻ (*gr.*). the p. ദേഹം, ശരീരം. third p. പ്രഥമ— (*gr.*). in p. താനായി, താൻതന്നെ. in the p. of പകരം, ബദല്; ആള്. in your p. നിങ്ങള്: we have a friend in your p. നിങ്ങള് ഞങ്ങൾക്ക് ഒര് മിത്രം ആകുന്നു. =sō'na (*pl.* =sō'næ), *n.* മുള, തളിര് (*b.*); ഒന്ന്, ഒററ (*z.*). -a-ble, *a.* രൂപവിശേഷം ഉള്ള, കോലം—, ചേല്—, സൌന്ദര്യം—; കാണ്മാൻ നല്ല; യുക്തവയസ്സുള്ള (*l.*). -āġe, *n.* രൂപം, കാഴ്ച, കോലം; വേഷം, നാടകൻ; കേമൻ, യോഗ്യൻ, മഹാൻ. -al, *a.* മനുഷ്യരെ സംബന്ധിച്ച; ഓരോരുത്തരുടെ, താന്താൻെറ; ആളാംപ്രതിയായ; സ്വന്ത, തനത് (*S.*), സ്വകാര്യ; ശാരീരിക, ദേഹസംബന്ധമായ, രൂപ—; പുറമെ ഉള്ള, നേരിട്ട്—, മുഖദാവിൽ—; ആളെസംബന്ധിച്ച; പുരുഷ (*gr.*). p.l action ഇളകാത്തസ്വത്തിനെ പററിയല്ലാത്ത വ്യവഹാരം (*l.*). p.l estate *or* property ഇളകുന്ന സ്വത്ത്, ജംഗമ—. p.l experience സ്വാനുഭവം, അനുഭവം, പരിചയം. p.l identity സ്വയം തത്വം (*met.*). p.l pronoun പുരുഷപ്രതിസംജ്ഞ (*gr.*). p.l representatives മരിച്ചവൻെറ വസ്തുപരിപാലകന്മാര്, പ്രതിനിധികള് (*l.*). p.l rights പ്രത്യേകാവകാശം. p.l verb പുരുഷക്രിയാരൂപം (*gr.*). -al, *n.* ഇളകുന്നസ്വത്ത്, ചര— (*l.*). -al-iṣm, -al'i-ty, -ĕ'i-ty, *n.* പ്രത്യേകത; ആക്ഷേപം, നിന്ദ; ജനനിയമം (*l.*). -al-īṣe, -al-īze, *v. t.* സ്വന്തം ആക്കുക, പ്രത്യേകം—. -al-ly, *ad.* താനായി; നേരിട്ട്; പ്രത്യേകാൽ, പ്രത്യേകിച്ച്, വിശേഷാൽ; തന്നെ സംബന്ധിച്ച്, തനിക്ക് പ്രത്യേകം. -al-ty, *n.* മൂർത്തിത്വം; ഇളകുന്ന സ്വത്ത് (*l.*). -āte, *v. t.* ആൾമാററം ചെയ്യുക, മറെറാരാളാണെന്ന് നടിക്കുക; വേഷം മാറി നടക്കുക; ആളാണെന്ന് സങ്കല്പിക്കുക, ചേതനത്വം—. *v. i.* വേഷം കെട്ടുക; നടിക്കുക. -ā'tiŏn, *n.* ആൾമാററം, നാട്യം, വേഷം കെട്ടൽ. -ā-tŏr, *n.* ആൾമാററക്കാരൻ. -i-fi-eā'tiŏn, *n.* മാനുഷത്വം സങ്കല്പിക്കൽ; സചേതനത്വസങ്കല്പം; പുരുഷോപമാലങ്കാരം, ചേതനാലങ്കാരം (*rhet.*). =son'i-fī-ĕr, *n.* മാനുഷത്വസങ്കല്പകൻ. =son'i-fȳ, -īṣe, -īze, *v.t.* മാനുഷത്വം സങ്കല്പിക്കുക; മൂർത്തിയായിരിക്കുക. pĕr-son-nel' (-so-nel'), *n.* ആള്; ജനവർഗ്ഗം, ഉദ്യോഗസ്ഥസഞ്ചയം.

Pĕr-spec'tive, *n.* കണ്ണാട്, കാഴ്ച; 2. ദൂരക്കാഴ്ച; ദൂരജന്യക്കാഴ്ച; 3. സ്ഥിതിസൂക്ഷ്മചിത്രവിദ്യ; 4. —ചിത്രം; 5. ചെറുകുഴൽക്കണ്ണാടി. aerial p. ദൂരദർശനാവ്യക്തി. linear p. സ്ഥിതിസൂക്ഷ്മത. *a.* ദൂരദർശനധർമ്മപ്രകാരമുള്ള; 2. സ്ഥിതിസൂക്ഷ്മചിത്രവിദ്യ—. p. glass ചെറുകുഴൽക്കണ്ണാടി. -ly, *ad.* കാഴ്ചപ്രകാരം; ദൂരദർശനധർമ്മ—; അവ്യക്തമായി. =spec'-tō-graph (-graf), *n.* സ്ഥിതിസൂക്ഷ്മലേഖനി. =tog'ra-phy (-fi), *n.* —ലേഖനവിദ്യ; —ധർമ്മം.

Per-spi-eā'ciōus (-kā'shus), *a.* സൂക്ഷ്മദൃഷ്ടിഉള്ള, ദൃഷ്ടിക്രമ്മത—; 2. ബുദ്ധിക്രമ്മത—. -ly, *ad.* തീക്ഷ്ണദൃഷ്ടിയോടെ, സൂക്ഷ്മമായി; ബുദ്ധിവിവേകത്തോടെ. -ness, =eac'i-ty, =ea-cy, *n.* ദൃഷ്ടിസൂക്ഷ്മത, ബുദ്ധിതീക്ഷ്ണത, കട്ടബുദ്ധി. =eū'-i-ty, *n.* സുഗ്രാഹ്യത; ആലോചനാകൃത്യത; വാഗ്വ്യക്തി; ബുദ്ധിയുക്തി; —ക്രമ്മത. =spic'ū-ous, *a.* പ്രസന്നം ആയ; വ്യക്തം—; വ്യക്തിയുള്ള. =spic'ū-ŏus-ly, *ad.* സ്പഷ്ടമായി. =spic'ū-ŏus-ness, *n.* സ്വച്ഛത, സ്പഷ്ടത.

Pĕr-spīre', *v. i.* വിയക്കുക, സ്വേദിക്കുക; 2. വാരുക, പൊടിയുക. *v. t.* വിയപ്പിക്കുക; 2. പുറത്താക്കുക. =spī-ra-bil'i-ty, *n.* സ്വേദനീയത്വം. =spī'ra-ble, *a.* വിയപ്പിക്കാകുന്ന; വിയക്കുന്ന. =spi-rā'tiŏn, *n.* സ്വേദനം; വിയപ്പ്, സ്വേദം. =spī'ra-tive, *a.* വിയക്കുന്ന; സ്വേദജനകമായ. =spī'ra-tŏr-y, *a.* വിയപ്പ് സംബന്ധിച്ച; സ്വേദജനകമായ.

**Pĕr-suāde′** (-swād′), *v. t.* ബോദ്ധ്യം വരുത്തുക; സമ്മതിപ്പിക്കുക; 2. പാട്ടിലാക്കുക; 3. പറഞ്ഞ് വിശ്വസിപ്പിക്കുക; തോന്നിക്കുക; 4. പ്രബോധിപ്പിക്കുക, ബുദ്ധിപറയുക. *v. i.* ഗുണദോഷം—; 2. വാദിക്കുക; 3. ബോദ്ധ്യംവരുത്തുക. =**suā′da-ble,** =**suā′si-ble,** *a.* സമ്മതിപ്പിക്കാകുന്ന; വശത്താക്കാകുന്ന. =**suā′da-ble-ness,** =**suā-si-bil′i-ty,** =**suā′si-ble-ness,** *n.* പ്രബോധനീയത്വം; വശ്യത. =**suā′da-bly,** =**suā′si-bly,** *ad.* ബോദ്ധ്യം വരുത്തത്തക്കവണ്ണം. =**suā′ded,** *a.* —വന്ന, സമ്മതമായ. =**suā′ded-ly,** *ad.* ബോദ്ധ്യംവരത്തക്കവണ്ണം. =**suā′ded-ness,** *n.* ബോദ്ധ്യം. =**suā′dĕr,** *n.* സമ്മതംവരുത്തുന്നവൻ; പാട്ടിലാക്കുന്നവൻ. =**suā′sïōn** (-zhun), *n.* സമ്മതിപ്പിക്കൽ; പാട്ടിലാക്കൽ; സമ്മതം, ബോദ്ധ്യം; മാൎഗ്ഗം, മതം, സമ്പ്രദായം, അഭിപ്രായം; പക്ഷക്കാര്, പരിഷ; പ്രബോധകശക്തി; പ്രബലത, പ്രോത്സാഹനം; ബുദ്ധിയുപദേശം. =**suā′sive,** =**suā′-sŏr-y,** *a.* ബോദ്ധ്യംവരുത്തുന്ന, സമ്മതം—. *n.* ഉത്സാഹഹേതു; ആകൎഷണം. ബുദ്ധിയുപദേശം. =**suā′sive-ly,** *ad.* ബോദ്ധ്യംവരുംവണ്ണം. =**suā′sive-ness,** *n.* പ്രാബല്യം, സ്വാധീനത.

**Pĕrt,** *a.* പൊങ്ങച്ചം ഉള്ള; 2. ധിക്കാരം—, ധാഷ്ട്യം—; 3. കുറുമ്പ്— (*P.*), വികൃതിയായ. -′**ly,** *ad.* ഡംഭോടെ; ധാഷ്ട്യത്തോടെ. -′**ness,** *n.* അഹങ്കാരം, ധിക്കാരം.

**Pĕr-tāin′,** *v. i.* ഉണ്ടാക, ഉള്ളതായിരിക്കുക; 2. സ്വന്തം ആക, ഉട(യവൻ)മ—; 3. ചേരുക, കൊള്ളുക, പററുക; 4. സംബന്ധിച്ചിരിക്കുക.

**Pĕr-ti-nā′cïōus** (-nā′shus), *a.* പിടിവാദം ഉള്ള, ശാഠ്യം—; ദുശ്ശാഠ്യം—, മൎക്കടമുഷ്ടിയായ; 2. സ്ഥൈൎയ്യം ഉള്ള, മനസ്സുറപ്പ്—; 3. സ്ഥിരോത്സാഹം—. -**ly,** *ad.* വാശിയോടെ; മനഃസ്ഥിരതയോടെ. -**ness,** *n.* ശഠത; നിഷ്ഠ. =**nac′i-ty,** *n.* ദുശ്ശാഠ്യം; അഭിനിവേശം; പ്രോത്സാഹം.

**Pĕr′ti-nent,** *a.* കാൎയ്യത്തിന്ന് തക്ക, പററിയ, യഥോചിതമായ; 2. സംബന്ധിച്ചുള്ള. =**nence,** =**nen-cy,** -**ness,** *n.* യോഗ്യത, ഔചിത്യം; കാൎയ്യസംബന്ധം; യാഥാൎത്ഥ്യം. -**ly,** *ad.* ഉചിതമായി, യുക്തമായി.

**Pĕr-turb′,** *v. t.* കൂട്ടം കലക്കുക, താറ്മാറാക്കുക; 2. അസഹ്യപ്പെടുത്തുക, ഉപദ്രവിക്കുക; 3. പരിഭ്രമിപ്പിക്കുക. =**tur-ba-bil′i-ty,** *n.* ആകലനീയത്വം. =**tur′-ba-ble,** *a.* കലങ്ങുന്ന; പരിഭ്രമിക്കുന്ന. =**tur′bance,** *n.* കലക്കം; താറ്മാറ്. =**tur′-bāte,** *a.* ഭ്രമംപിടിച്ച. =**tur-bā′tiōn,** *n.* ഭ്രമിപ്പിക്കൽ; കിടിലം, മനഃകലക്കം; ഭ്രമണം (*as.*). p.n of the planets ഗ്രഹഭ്രമണം (*as.*). =**bā′tiōn-al,** *a.* ഭ്രമണസംബന്ധമായ (*as.*). =′**ba-tive,** *a.* കലക്കം വരുത്തുന്ന, കല്ലത്താക്കുന്ന. =′**tur-bā-tor,** -**ĕr,** *n.* കൂട്ടംകലക്കി, കല്ലത്താക്കുന്നവൻ (*N.*). =**turbed′** (-tĕrbd′), *a.* പരിഭ്രമിച്ച, കിട്ടുകിട്ടത്ത; താറ്മാറായ. =**turb′ed-ly,** *ad.* തകരാറായി.

**Pĕr-tūse′,** =**tūsed′** (-tūst′), *a.* തുളയുള്ള, ദ്വാരം—; തുളച്ച. =**tū′sïōn** (-zhun), *n.* കത്തിത്തുളക്കൽ; തുള, തുര, ഓട്ട.

**Pĕr-tus′sis,** *n.* കൊക്കക്കുര (*med.*).

**Per-ṳke′,** *n.* പൊയ്മുടി. *v. t.* പൊയ്മുടിധരിക്കുക.

**Per-ṳse′,** *v. t.* സൂക്ഷിച്ച് നോക്കുക, പരിശോധിക്കുക; 2. വായിക്കുക, പഠനം ചെയ്യുക. =**ṳ′ṣal,** *n.* സൂക്ഷ്മപരിശോധന; വായിച്ച് നോക്കൽ; വായന. =**ṳ′ṣĕr,** *n.* വായിക്കുന്നവൻ.

**Per-ṳ′vi-an bärk,** *n.* 'ക്വയിനാവ്' മരത്തോല്, ജ്വരഹരിത്തോല് (*b.*).

**Pĕr-vāde′,** *v. t.* കനിയുക; പ്രവഹിക്കുക; 2. വ്യാപിക്കുക; പരക്കുക, എങ്ങും എത്തുക. =**vā′ṣïōn** (-zhun), *n.* വ്യാപനം, പരക്കൽ. =**vā′sive,** *a.* വ്യാപകമായ; വ്യാപകഗുണമുള്ള.

**Pĕr-vĕrse′,** *a.* മറിച്ചാമ്പാടായ; 2. പിഴച്ച (*S.*), വികട, വക്ര; 3. ദുഷ്ട; 4. ശഠ, പ്രതികൂലം ഉള്ള, തോന്നിയവാസം—, താന്തോന്നിത്വം—. -**ly,** *ad.* വികടമായി. -**ness,** =**vĕr′si-ty,** *n.* കൌടില്യം; വൈപരീത്യം. =**vĕr′siōn,** *n.* കോട്ടൽ, മറിക്കൽ; മറിപ്പ്, വക്രത; വികടഭാവം, കടി

ലത; അധമ്മം; പ്രതികൂലത. =vĕr'sive, *a.* വികടമാക്കുന്ന. =vĕrt', *v. t.* മാററുക, തിരിക്കുക; മറിച്ച്കളയുക; തെററിക്കുക, വികടമാക്കുക, വക്ഷളാക്കുക; കോട്ടുക, ദുരുപയോഗപ്പെടുത്തുക. *v. i.* മറിഞ്ഞ്പോക, ലംഘനമായി പ്രവൃത്തിക്കുക. pĕr'-vĕrt, *n.* തെററിനടക്കുന്നവൻ, ഭ്രഷ്ടൻ; വികടൻ. =vĕrt'ĕr, *n.* തെററിക്കുന്നവൻ, വക്ഷളാക്കുന്നവൻ, കെടുക്കുന്നവൻ. =vĕrt'i-ble, *a.* മറിച്ച്കളയാവുന്ന, വികടമാക്കാവുന്ന, ചീത്തയാക്കാവുന്ന.

**Pĕr-vĕrt',** *v. t., s. u.* Perverse.

**Pĕr'vi-ŏus,** *a.* വഴിഉള്ള, അകത്ത് കടക്കാവുന്ന, വ്യാപ്യം ആയ; 2. ഗോചരം—, ഗ്രാഹ്യം—; 3. തുറന്നിരിക്കുന്ന (*z.*). -ness, *n.* വ്യാപ്യതാം, പ്രവേശനീയതാം.

**Pes'āġe,** *n.* ചുങ്കക്കൂലി.

**Pesh'i-tō, Pesh'it-tō, Pesch'i-tō** (pesh'i-tō), *n.* പഴയനിയമത്തിന്റെ ആദ്യസുറിയാണിപരിഭാഷ.

**Pes'sar-y,** *n.* ഗൎഭാശയാധാരം, ഗുന്മത്താക്കം (*med.*); 2. ഉപസ്ഥൌഷധം (*med.*).

**Pes'si-mist,** *n.* പ്രപഞ്ചം ഒക്കയും ദോഷമയമാണെന്ന് വിചാരിക്കുന്നവൻ, ദോഷമയപ്രപഞ്ചവാദി, നിഖിലാധമ— (*met.*); 2. കാൎയ്യത്തിന്റെ ദോഷഭാഗത്തെ മാത്രം നോക്കുന്നവൻ, ദുൎഭാഗദൎശകൻ (*met.*). =mism, *n.* നിഖിലാധമവാദം (*met.*); ദുൎഭാഗാവലോകനം (*met.*). =mist, =mis'tic, =mis'ti-cal, *a.* നിഖിലാധമവാദസംബന്ധമായ; ആശയററ, നിരാശയായ.

**Pest,** *n.* പകച്ച്വ്യാധി, ബാധ; 2. മഹാമാരി; 3. പരദ്രോഹി, ബഹുജന—. p.-house പകച്ച്രോഗവൈദ്യശാല. -ful, *a.* രോഗജനകമായ; പകച്ച്വ്യാധി വരുത്തുന്ന; ഹാനി—, ദോഷകരമായ.

**Pes'tĕr,** *v. t.* അലമ്പലാക്കുക, അസഹ്യപ്പെടുത്തുക, ഉപദ്രവിക്കുക. -ĕr, *n.* ഉപദ്രവി. -ment, *n.* ഉപദ്രവിക്കൽ; ഉപദ്രവം, സൊല്ല.

**Pes-tif'ĕr-ŏus,** *a.* വ്യാധികരം ആയ, പകച്ച്വ്യാധി ഉണ്ടാക്കുന്ന; 2. സുഖവിരുദ്ധം ആയ, വിഷകരം—; 3. പകരുന്ന; 4. ദോഷകരം ആയ, സമാധാനവിരുദ്ധം—, നാശകരം—. -ly, *ad.* പകച്ച്രോഗം ഉണ്ടാക്കുന്നതായി; ദോഷകരമായി.

**Pes'ti-lence,** *n.* മഹാമാരി, 'പ്ലേഗ്'; 2. നടപ്പ്ദീനം; പകച്ച്വ്യാധി; വസന്തജ്വരം (*S.*); 3. ബാധ; 4. ശല്യം, ദോഷം. =lent, =len'tial (-shal), *a.* മഹാമാരി ആയ; മാരിജനകം—, പകച്ച്രോഗം ഉളവാക്കുന്ന, നടപ്പ്ദീനം—; നാശകരം ആയ, ദോഷകരം—, ഹാനിവരുത്തുന്ന. =len'tial-ly, =lent-ly, *ad.* പകച്ച്വ്യാധിയായി; നാശകരമായി. =lent-ness, *n.* നാശം, കേട്, ദൂഷ്യം, ഹാനി.

**Pes'tle** (*or* pes'l), *n.* ഉലക്ക, മുസലം; 2. പന്നിത്തുട. *v. t. & i.* കത്തുക, ഇടിക്കുക, ചതക്കുക, പൊടിക്കുക. pes-til-lā'tiŏn, *n.* ഇടിക്കൽ, പൊടിക്കൽ, ചതക്കൽ.

**Pet,** *n.* ഓമനക്കുഞ്ഞാട്; 2. ഓമനമൃഗം, ഓമനപ്പക്ഷി; 3. ഓമനപ്പൈതല്, ഓമനക്കുട്ടി; 4. ശീലക്കേട്, കോപം, ഈറ (*P.*). കോപം, in a p. വെറുപ്പുള്ള. *a.* ഓമനയായ, വാത്സല്യമുള്ള, പ്രിയ; 2. തന്നിഷ്ടമുള്ള. a p. child ദുശ്ശാഠ്യമുള്ള കുട്ടി. *v. t.* ഓമനിക്കുക, താലോലിക്കുക, അതിവാത്സല്യം കാട്ടുക. *v. i.* ദുശ്ശീലം—. -'ted, *a.* ഓമനിച്ച് വളൎത്തിയ; തന്നിഷ്ടം ഉള്ള; ദുശ്ശീലം—. -'tish, *a.* ഓമനക്കുട്ടിക്കുള്ള; ഇളിച്ചലുള്ള, കോപമുള്ള. -'tish-ly, *ad.* ഇളിച്ചലോടെ. -'tish-ness, *n.* ശീലക്കേട്, ഇളിച്ചല്.

**Pet'al, =lum,** *n.* (*pl.* pet'a-la) ഇതള്, ദലം (*b.*). p.-shaped, =tal'i-form, *a.* ദലാകാരം ഉള്ള. pet'alled (-ald), -ŏus, *a.* ഇതള്—. -if'ĕr-ŏus, *a.* —ഉണ്ടാക്കുന്ന. =line, =loid, *a.* —സംബന്ധിച്ച; ദലാകൃതിയായ. =lism, *n.* ഒര് വക രാജ്യഭ്രഷ്ട്.

**Pe-tärd',** *n.* (വാതില്പാലം മുതലായത് പൊളിക്കുന്ന) വെടിമരുന്നുറ, തുരങ്കപ്പെട്ടകം (*mil.*). pet-är-dēer', pet-är-diēr', *n.* തുരങ്കക്കാരൻ (*mil.*).

**Pē'tĕr,** *n.* പേത്രൻ, പത്രോസ് എന്ന അപ്പോസ്തലൻ (*Bl.*). P.-man മീൻപിടിക്കുന്നവൻ. P.-pence പാപ്പാവരി; പാ

പ്പായിന്ന് കൊട്ടക്കുന്ന ദാനം. **P.-sham** ഒര് വക പരുക്കൻ കമ്പിളിത്തുണി. **Pē′-trine,** *a.* പേത്രനെ സംബന്ധിച്ച, പേത്രന്റെ, പേത്രനെഴുതിയ (*Bl.*).

**Pet′i-ōle,** *n.* ഇലത്തണ്ട്; ഞെട്ടി, തണ്ട്, മൂക്ക് (*b.*). **=ō-lar, =ō-lar-y,** *a.* ഞെട്ടിസംബന്ധമായ; —ഉള്ള. **=ō-lāte, =ō-lā-ted, =ōled** (-ōld), *a.* —ഉള്ള. **=ol′ū-lāte,** *a.* ചെറുഞെട്ടി—. **=ō-lule,** *n.* ചെറുഞെട്ടി.

**Pet′it** (pet′i), *a.* ചെറിയ, അല്പ; 2. നിസ്സാരം ആയ, നീചം—. **p. jury** സാധാരണ'ജ്യൂരി', പന്ത്രണ്ട് പഞ്ചായക്കാര് (*l.*). **p. larceny** ചില്ലറക്കളവ്. **p.-māitre** (-mā′tr), സുന്ദരവിഷ്ഠി; സ്ത്രീലോലൻ. **p. nature** ഏതാനും ഒരാളോളം വലിപ്പമുള്ള ചിത്രം. **p. treason** യജമാനഹത്യ.

**Pe-ti′tiŏn** (-tish′un), *n.* അപേക്ഷ; പ്രാൎത്ഥന, ജപം; പ്രാൎത്ഥനാവാക്യം; 2. 'ഹരജി', അപേക്ഷാപത്രം, വിജ്ഞാപനം—. (*l.*). **p. of right** സൎക്കാരിൽനിന്ന് വസ്തു തിരികെ കിട്ടുവാനുള്ള ഹരജി. **the P. of Right** ഇംഗ്ലീഷ് പ്രജാസ്വാതന്ത്ര്യപത്രം. *v. t.* അപേക്ഷിക്കുക, പ്രാൎത്ഥിക്കുക; 2. 'ഹരജി'ബോധിപ്പിക്കുക. *v. i.* —ബോധിപ്പിക്കുക. **-ar-i-ly,** *ad.* വാദത്തിൽ പെട്ട സംഗതി പ്രമാണമാക്കികൊണ്ട്. **-ar-y,** *a.* അപേക്ഷ ആയ; —ഉള്ള; ഹരജിയുടെ സ്വഭാവത്തിൽ—. **-ēe′,** *n.* എതൃഹരജിക്കാരൻ, ഹരജിയിലെ എതൃകക്ഷി (*l.*). **-ĕr,** *n.* ഹരജിക്കാരൻ, ഹരജിദാര് (*l.*). **counter-p.r** എതൃഹരജിക്കാരൻ (*l.*). **-ing,** *n.* ഹരജിബോധിപ്പിക്കൽ.

**Pet′i-tŏr,** *n.* ചോദിക്കുന്നവൻ; 2. അന്വേഷകൻ; 3. അപേക്ഷക്കാരൻ. **-y,** *a.* അപേക്ഷയായ. **p.y suit** *or* **action** സ്ഥാപനക്കുള്ള വ്യവഹാരം (*l.*).

**Pe-tral′ō-ġy,** *n.*, *see* Petrology.

**Pe-trā′ry,** *n.* ശിലപ്രക്ഷേപണയന്ത്രം, യന്ത്രക്കവിണ.

**Pē′tre** (-tĕr), *n.* കല്ല്, ശില, പാഷാണം; 2. വെടിയുപ്പ് (*min.*). **pe-trē′an,** *a.* പാറസംബന്ധിച്ച, ശിലാസംബന്ധമായ. **pē′trŏus,** *a.* കല്ല്പോലെ ഉള്ള; ഉറപ്പ് —.

**Pet′rel,** *n.* ഒര് വക സമുദ്രപ്പക്ഷി (*z.*).

**Pe-tres′cent,** *a.* കല്ലിപ്പിക്കുന്ന, ശിലാമയമാക്കുന്ന. **=tres′cence,** *n.* കല്ലിക്കൽ; ശിലാമയത്വം.

**Pet′ri-fȳ,** *v. t.* കല്ലാക്കുക, കല്ലിപ്പിക്കുക; 2. മരവിപ്പിക്കുക; കഠിനപ്പെടുത്തുക; 3. മാററുക, രൂപാന്തരപ്പെടുത്തുക. *v. i.* കല്ലായ്ത്തീരുക, പാറകെട്ടുക; 2. കല്ലിക്കുക; 3. കഠിനമായ്ത്തീരുക. **=fac′tiŏn, =fi-cā′-tiŏn,** *n.* കല്ലായ്ത്തീരൽ; കല്ലിക്കൽ; കല്ലിപ്പ് (*N.*) കല്ലെപ്പ് (*S.*), ശിലാമയത്വം; പാറകെട്ടിയസാധനം; കാഠിന്യം, തഴമ്പ്, തരിപ്പ്. **=fac′tive, =trif′ic,** *a.* കല്ലിപ്പിക്കുന്ന ഗുണമുള്ള; കല്ലിപ്പ്സംബന്ധിച്ച. **=fīed** (-fīd), *a.* കല്ലിച്ച; തരിച്ച്പോയ; വിസ്മയമുള്ള.

**Pet′rō-,** *pf.* കൽ, ശിലാ, പാഷാണ.

**Pe-trog′ly-phy** (-li-fi), *n.* കല്ലിൽചിത്രംകൊത്തൽ, ശിലാചിത്രലേഖനം. **=glyph′ic** (-glif′ik), *a.* —ലേഖനസംബന്ധമായ.

**Pe-trog′ra-phy** (-fi), *n.* ശിലാലേഖനം; 2. —ശാസ്ത്രം. **pet-ro-graph′ic, =graph′i-cal** (-graf-), *a.* —ലേഖനസംബന്ധമായ;—ശാസ്ത്ര—.

**Pe-trōl′, =trō′le-um,** *n.* മണ്ണെണ്ണ, കല്ലെണ്ണ. **=lā′tum,** *n.* മഞ്ഞഴമ്പ്, കല്ലുഴമ്പ്; ഒര് വക കന്മദം. **=trō-leur′** (-lar′), **=trō-leuse′** (-lez′), *n.* മണ്ണെണ്ണകൊണ്ട് കൊള്ളിവെക്കുന്നവൻ. **pet′rō-line,** *n.* മണ്ണെണ്ണ, മണ്ണെണ്ണത്തൈലം.

**Pe-trol′ō-ġy, =tral′ō-ġy,** *n.* ശിലാവിദ്യ; 2. —ശാസ്ത്രം. **=loġ′ic, =loġ′i-cal,** *a.* —ശാസ്ത്രസംബന്ധമായ. **=loġ′i-cal-ly,** *ad.* —സംബന്ധമായി. **=ġist,** *n.* —ശാസ്ത്രജ്ഞൻ, —ശാസ്ത്രി.

**Pet′ro-nel,** *n.* ഒര് വക കൈപ്പീരങ്കി [(*mil.*).

**Pe-trō′sal,** *a.* കല്ല്പോലെയുള്ള; ഉറപ്പുള്ള; 2. ചെന്നിയെല്ല് സംബന്ധിച്ച (*an.*). **p. bone** ചെന്നിയെല്ല് (*an.*). *n.* ചെന്നിയെല്ല് (*an.*).

**Pet'ti-coat** (-kōt), *n.* സ്ത്രീകളുടെ ഒര് ഉടുപ്പ്, പെണ്ണാട; അടിപ്പാവാട, പാവാട, അധോവസ്ത്രം. p. government സ്ത്രീശാസനം. to be under p. government സ്ത്രീജിതൻ ആയിരിക്കുക, —വശൻ—.

**Pet'ti-fog,** *v. i.* ചില്ലറവക്കീൽപ്രവൃത്തിചെയ്യുക; 2. വക്കീൽപ്രവൃത്തിയിൽ കയുക്തി പ്രവൃത്തിക്കുക. *v. t.* കയുക്തിയോടെ വാദിക്കുക. -gĕr, *n.* ചില്ലറവക്കീല്; പീറ—. -gĕr-y, -ging, *n.* കയുക്തി; ഉപായം; ദുർവ്വാദം. -ging, *a.* നിസ്സാരം ആയ, നീചം—; ഉപായമുള്ള. -'ū-līse, -'ū-līze, *v. i.* ദുർവ്വാദംവാദിക്കുക; കയുക്തി പ്രയോഗിക്കുക.

**Pet'ti-ly, Pet'ti-ness,** *s. u.* Petty.

**Pet'tish, Pet'tish-ly, Pet'tish-ness,** *s. u.* Pet.

**Pet'ti-tōes** (-tōz), *n. pl.* പന്നിക്കാല്; 2. (പുച്ഛമായി) മനുഷ്യക്കാല്.

**Pet'tō,** *n.* നെഞ്ച്, മാറ്. in p. മാറിൽ; സ്വകാര്യമായി; കരുതിവെച്ചതായി.

**Pet'ty,** *a.* ചെറിയ, അല്പംആയ; 2. നിസ്സാരം—; 3. താണ, കീഴ്. p. averages കപ്പലിന്റെ ചില്ലറച്ചിലവ്. p. cash ചില്ലറ വരവ് ചിലവ്. p. officer പടക്കപ്പലിലെ കീഴുദ്യോഗസ്ഥൻ; അമ്പക്കാരി—. p. jury, p. larceny, p. treason, *s. u.* Petit. pe'tti-ly, *ad.* അല്പമായി; നിസ്സാരമായി. pet'ti-ness, *n.* അല്പത; ചെറുപ്പം; നിസ്സാരത്വം.

**Pet'ū-lant,** *a.* ധിക്കാരം ഉള്ള; 2. ഇളിച്ചൽ—, വെറുതി—, കടിച്ചെത്തുന്ന. =lance, =lan-cy, *n.* ഇളിച്ചല്, ശുണ്ഠി; ദുശ്ശീലം, കൎക്കശഭാവം. -ly, *ad.* വെറുപ്പോടെ, കോപത്തോടെ.

**Pew** (pū), *n.* പള്ളിയിൽ അഴിക്കൂട്ടിലുള്ള ഇരിപ്പിടം, പള്ളിയിലെ—. p.-fellow ഒന്നിച്ചിരിക്കുന്നവൻ; കൂട്ടാളി; ചങ്ങാതി. p.-opener പള്ളിശിപായി. *v. t.* പള്ളിയിൽ ഇരിപ്പടം വെക്കുക.

**Pē'wēe, Pē'wet, Pē'wit,** *n.* ഒര് പക്ഷി (*z.*).

**Pew'tĕr** (pū'tĕr), *n.* ഒര് വക ഓട്, കാംസ്യം; 2. ഓട്ടുപാത്രം. p.-pot ബീര് അളക്കുന്ന പാത്രം. p.-smith മൂശാരി. -ĕr, *n.* മൂശാരി, കമ്മാളൻ. -y, *a.* ഓട്ടിന്റെ; ഓട് പോലെയുള്ള.

**Pfen'nig** (fen'nig), *n.* അരപ്പൈസ (2 പൈ) വിലക്കുള്ള ഒര് ജൎമ്മാന്യ ചെമ്പ് നാണ്യം.

**Phā'e-ton** (fā'e-), *n.* ഒര് വക നാലു [രുൾകതിരവണ്ടി.

**Phag-e-dē'na** (fag-), *n.* ഒര് വക വ്രണം, കങ്കന്യുണ്ണ് (*med.*). =dē'nic, =dē'ni-cal, =dē'nŏus, *a.* വ്രണമായ; പുണ്ണിനുള്ള. *n.* പുണ്ണ് മരുന്ന് (*med.*).

**Phal-an'ġē-al, =lan'gal, =an'ġi-al, =an'ġi-an, =lan'ġēs,** *s. u.* Phalanx.

**Phal'anx** (fal'anks), *n.* (*pl.* phal-an'-ġēs) ഉറച്ച് നിരന്നകാലാൾ പടയണി, പടയണിനിര; 2. ജനപങ്ക്തി; 3. ഐകമത്യജനസംഘം; 4. കൈവിരലെല്ല് (*an.*); കാൽ— (*an.*). =an'ġē-al, =lan'gal, =an'ġi-al, =an'ġi-an, *a.* ഒന്നിച്ച് കൂടിനില്ക്കുന്ന, ഉറപ്പായി—; അംഗുലാസ്ഥിസംബന്ധമായ (*an.*).

**Phal'ar-ōpe, Phal'er-ōpe** (fal'er-), *n.* ഒര് വക കടല്പക്ഷി (*z.*).

**Phal'lus** (fal-), *n.* (*pl.* phal'lī) ലിംഗപ്രതിമ; 2. ലിംഗം; 3. യോനിയഗ്രം (*an.*). phal'lic, *a.* ഉല്പാദനേന്ദ്രിയസംബന്ധമായ; ലിംഗാൎച്ചന—; phal'li-cism, phal'-lism, *n.* ലിംഗാൎച്ചനം.

**Phan'er-īte** (fan-), *a.* പ്രത്യക്ഷം ആയ, സ്പഷ്ടം—.

**Phan'ta-scōpe, Phan-tas'ma-scōpe,** *s. a.* Phenakistoscope.

**Phan'tasm, =tas'ma,** *n.* മായക്കാഴ്ച, മായരൂപം; 2. ഭൂതം; 3. സ്വപ്നം; 4. തോന്നല്, നിരൂപണം. =tas-ma-gō'ri-a, =tas'ma-gō-ry, *n.* ചലനചിത്രദൎശിനിയന്ത്രം; —ദൎശനം; മിത്ഥ്യാരൂപം, മായാ—. =tas-ma-gō'ri-al, =tas-ma-gō'ric, *a.* —രൂപം ആയ. =tas'mal, =tas-mat'i-cal, *a.* മായക്കാഴ്ച ആയ, മിത്ഥ്യാരൂപം—; ഭൂതസംബന്ധം—; തോന്നൽ—. =tas-ma-tog'ra-phy (-fi), *n.* വാനോത്ഭുതശാസ്ത്രം. =tas'tic, =tas'ti-cal, *a.* വാസ്തവമല്ലാത്ത, മനോരാജ്യം ആയ; അ

പൂൎവ്വം—. =ta-sy, *n.* നിരൂപണം; വിചിത്രരൂപം. *See* **Fantasm.**

**Phan'tom** (fan-), *n.* മായക്കാഴ്ച; 2. ഭൂതം, പ്രേതം, 3. സാരൂപം, മൂൎത്തി. **p. ship** മായക്കപ്പല്. **p. tumour** ഒര് വക മുഴ (*med.*).

**Phar'i-sēe,** *n.* അതിഭക്തിനടിച്ച ഒര് യൂദപ്പരിഷക്കാരൻ, പരീശൻ. =sā'ic, =sā'i-cal, *a.* പരീശ; ആചാരസംബന്ധം ആയ, ചടങ്ങ് സംബന്ധിച്ച; കപടഭക്തിയുള്ള. =sā-ism, -ism, *n.* പരീശമതഭേദം; ചടങ്ങാചാരം; കപടഭക്തി; സാന്നിതി.

**Phär'ma-cy,** *n.* ഗുണപാഠം; ഔഷധവിദ്യ, —ക്രിയ, മരുന്നുണ്ടാക്കൽ; 2. ഔഷധിശാല, മരുന്ന് പീടിക; 3. ഔഷധപ്രവൃത്തി: മരുന്ന് വാണിഭം. =ceū'tic, ceū'ti-cal (-sū'-), *a.* ഔഷധവിദ്യാസംബന്ധമായ; —പ്രവൃത്തി—. **p.l chemistry** ഔഷധപ്രയോഗശാസ്ത്രം. =ceū'tics, *n.* ഔഷധിവിദ്യ, —പ്രയോഗശാസ്ത്രം. =ceū'tist, =cist, *n.* ഔഷധിശാസ്ത്രജ്ഞൻ; മരുന്ന് വാണിഭക്കാരൻ. =ma-co-dy-nam'ics, *n.* ഔഷധിപ്രവൎത്തനശാസ്ത്രം. =ma-cog-nō'sis, =ma-cog'nō-sy, =ma-cog'ra-phy, =ma-com'a-thy, *n.* ഏകമൂലികശാസ്ത്രം. =ma-col'o-ġist, *n.* ഔഷധിശാസ്ത്രജ്ഞൻ. =ma-col'o-ġy, *n.* —പരിജ്ഞാനം; —ശാസ്ത്രം. ='ma-con, *n.* മരുന്ന്, ഔഷധം, ഔഷധി; വിഷം, നഞ്ഞ്. =ma-cō-pœ'ia (-kō-pē'ya), *n.* ഔഷധിശാസ്ത്രം; പ്രമാണൌഷധ—. =ma-cop'o-list, *n.* ഔഷധവ്യാപാരി, മരുന്ന് വില്ക്കുന്നവൻ.

**Phār'os,** *n.* ദീപസ്തംഭം, വിളക്ക് മാടം. =rol'o-ġy, *n.* ദീപസ്തംഭവിദ്യ.

**Phar'ynx** (far'inks), *n.* ഗളനാളം, തൊണ്ട (*an.*). =yn'gal, =yn-ġē'al, *a.* ഗളനാളസംബന്ധമായ. =yn-ġī'tis, *n.* —വീക്കം, തൊണ്ട— (*med.*).

**Phāse** (fāz), **Phā'sis** (fā-), *n.* കാഴ്ച, ദൎശനം, മുഖം; 2. രൂപം; സ്വഭാവം; 3. കല; ചന്ദ്രകല, ചന്ദ്രവൃദ്ധിക്ഷയം, തിഥി, പക്ഷം (*as.*).

**Phasm** (fazm), **Phas'ma** (faz'ma), *n.* കാഴ്ച, മായക്കാഴ്ച; 2. ഭൂതം.

**Pheas'ant** (fez'ant), *n.* പണ്ടാരക്കോഴി, വണ്ടാരക്കോഴി, ജീവഞ്ജീവം (*z.*). -ry, *n.* കോഴിക്കളം, കോഴിക്കാട്.

**Phen-a-kis'tō-scōpe** (fen-), *n.* ചലനചിത്രദൎശിനിയന്ത്രം.

**Phen'i-cine** (fen'i-sin), *n.* ധൂമ്രവൎണ്ണപ്പൊടി, ശ്യാമളവൎണ്ണപ്പൊടി. =ni'ciōus (-nish'us), *a.* കരിഞ്ചുവപ്പായ.

**Phē'nix, Phœ'nix** (fē-), *n.* (താനായി ദഹിച്ച് പോയ ശേഷം വെണ്ണീറിൽനിന്ന് പുനൎജ്ജീവിക്കുന്നതായി പറയുന്ന) ഒര് സങ്കല്പപക്ഷി, പുനൎജ്ജീവപ്പക്ഷി (*myth.*); 2. അമൎത്ത്യതാലക്ഷണം; 3. അപൂൎവ്വമനുഷ്യൻ; 4. —സാധനം.

**Phe-nom'e-non,** *n.* (*pl.* =e-na) കാഴ്ച, ദൎശനം; 2. ഗോചരവിഷയം; 3. വിശേഷം, പുതുമ, അത്ഭുതം, അപൂൎവ്വക്കാഴ്ച. **natural p.** പ്രകൃതിവിശേഷം. =nal, *a.* ദൎശനസംബന്ധം ആയ; വിശേഷം—, ആശ്ചൎയ്യം—. =nal-ly, *ad.* അതിശയമായി. =nal-ism, *n.* ഗോചരൈകജ്ഞാനവാദം (*met.*). =nist, *n.* —വാദി. =nol'o-ġy, *n.* പ്രകൃതിവിശേഷശാസ്ത്രം.

**Phī'al** (fī'al), *n.* ചെറുകുപ്പി, പളുങ്ക് —, മരുന്ന് —. *v. t.* കുപ്പിയിലാക്കി സൂക്ഷിക്കുക.

**Phi-lan'dĕr,** *v. i.* സ്ത്രീസേവചെയ്യുക, സ്ത്രീലോലതാം കാട്ടുക. *n.* സ്ത്രീലോലൻ. -ĕr, *n.* വിഷയലമ്പടൻ.

**Phil-an'thrō-py** (fil-), *n.* മനുഷ്യരഞ്ജന, നരകലപ്രിയം; ജഗന്മൈത്രി, സൎവ്വഭൂതദയ; 2. പരോപകാരശീലം, ലോകോപകാരഗുണം. =throp'ic, throp'i-cal, *a.* സൎവ്വജനപ്രീതിസംബന്ധിച്ച; പരോപകാരം ആയ; ജനോപകാരി—; പരോപകാരശീലമുള്ള. =throp'i-cal-ly, *ad.* ബഹുജനോപകാരമായി. =thrō-pist, *n.* ലോകോപകാരി, ബഹുജനോപകാരി. =pis'tic, *a.* പരോപകാരഗുണമുള്ള.

**Phi-lat'e-ly** (fi-), *n.* തപ്പാൽമുദ്രശേഖരണം. =tel'ic, *a.* —ശേഖരണസംബന്ധമായ. =list, *n.* —സംഗ്രഹകൻ.

**Phil'a-tŏr-y** (fil-), *n.* തിരുശേഷിപ്പ് പെട്ടി (*R. C.*).

**Phil-här-mon'ic** (fil-), *a.* സംഗീതരഞ്ജന ഉള്ള, —രസം—.

**Phi-lip'pic** (fi-lip'ik), *n.* ആക്ഷേപപ്രസംഗം, നിന്ദാ—. **phil'ip-pīse, phil'ip-pīze** (fil-), *v. i.* നിന്ദാപ്രസംഗം ചെയ്യുക; ആക്ഷേപിച്ചെഴുതുക.

**Phil'is-tĕr, =is-tine** (fil-), *n.* നഗരവാസി; 2. പരിഷ്ക്കാരമില്ലാത്തവൻ; 3. സ്വാൎത്ഥബുദ്ധിക്കാരൻ, തന്നെപ്പോററി. =**is-tine**, *a.* വിദ്യാഭ്യാസമില്ലാത്ത; പട്ടതരമായ. =**is-tin-ism**, *n.* പരിഷ്ക്കാരരഹിതത്വം.

**Phil'ō-** (fil-), *pf.* പ്രിയം ഉള്ള, രസം—, വാസന—, താല്പൎയ്യം—, ശ്രദ്ധ—.

**Phi-log'y-nist** (fi-), *n.* സ്ത്രീവത്സലൻ; സ്ത്രീപൂജകൻ. =**log'y-ny**, *n.* സ്ത്രീരസം.

**Phil-ol'ō-gy**, *n.* വ്യുല്പത്തി; വ്യാകരണജ്ഞാനം; 2. ഭാഷാവിജ്ഞാനം, —വിദ്യ; 3. —ശാസ്ത്രം; =**ol'ŏ-gĕr**, =**lō'gi-an**, =**gist**, =**logue** (-log), *n.* വൈയാകരണി; ഭാഷാപരിജ്ഞാനമുള്ളവൻ, ഭാഷാശാസ്ത്രജ്ഞൻ. =**log'ic**, =**log'i-cal**, *a.* *a.* ഭാഷവിദ്യാസംബന്ധമായ. =**log'i-cal-ly**, *ad.* ഭാഷാശാസ്ത്രപ്രകാരം. =**gīse**, =**gīze**, *v. i.* ഭാഷാദ്ധ്യയനം ചെയ്യുക; വ്യാഖ്യാനിക്കുക.

**Phil-om'a-thy**, *n.* വിദ്യാപ്രിയം; ശാസ്ത്ര—. ='**o-math**, =**math-e-mat'ic**, *n.* വിദ്യാതല്പരൻ. =**math'ic**, *a.* വിദ്യാതാല്പൎയ്യംസംബന്ധിച്ച; വിദ്യാരസമുള്ള.

**Phil-ō-pō-lem'ic**, =**lem'i-cal**, *a.* തൎക്കപ്രിയം ഉള്ള, വാദരസം......

**Phil-ō-prō-gen'i-tive**, *a.* പുത്രവാത്സല്യം ഉള്ള; 2. കുട്ടികളോട് സ്നേഹം—. -**ness**, *n.* പുത്രവാത്സല്യം.

**Phil-os'ō-phy** (fil-os'ō-fi), *n.* ജ്ഞാനപ്രിയം; ജിജ്ഞാസ; 2. തത്വജ്ഞാനം, -ബോധം; -ശാസ്ത്രം; ജ്ഞാനം, സത്വജ്ഞാനം; 3. ദൎശനം, തത്വജ്ഞാനപ്രമാണം; 4. കാൎയ്യബോധം, വിവേകം; ബുദ്ധിപാകത, സാത്വികത്വം; 5. തൎക്കം, വാദം; 6. അദ്ധ്യയനവിദ്യാവിഷയം; 7. തത്വജ്ഞാനഗ്രന്ഥം, —കൃതി. **logical p.** ന്യായശാസ്ത്രം, —ജ്ഞാനം. **mental p.** മാനസിക—, —ശാസ്ത്രം. **moral p.** നീതി—, —ജ്ഞാനം. **natural p.** പ്രകൃതി—, —ശാസ്ത്രം, പദാൎത്ഥവിജ്ഞാനം. =**sōphe** (-sōf), =**ō-phĕr**, =**ō-phī-sĕr**, =**ō-phī-zĕr**, *n.* തത്വജ്ഞൻ, —ജ്ഞാനി, —ശാസ്ത്രജ്ഞൻ; വിദ്വാൻ; സാത്വികൻ. **p.r's stone** (ഇതരലോഹം പൊന്നാക്കിത്തീൎക്കുന്ന) സങ്കല്പസ്വൎണ്ണമണി, സ്വൎണ്ണസിദ്ധി, രസ—, പൊങ്കല്ല്; ഗഗനകുസുമം, അങ്ങില്ലാപ്പൊങ്ങ്. =**ō-soph'ic**, =**ō-soph'i-cal** (-sof-), *a.* തത്വജ്ഞാനസംബന്ധം ആയ; തത്വജ്ഞാനി—; ബുദ്ധിപൂൎവ്വം—; സാത്വികത്വമുള്ള. =**ō-soph'i-cal-ly**, *ad.* തത്വജ്ഞാനമായി, —ശാസ്ത്രപ്രകാരം. =**ō-phism** (-fizm) *n.* അബദ്ധതത്വജ്ഞാനം, കള്ളജ്ഞാനം; തത്വജ്ഞാനനാട്യം. =**ō-phist** (-fist), *n.* —നാട്യക്കാരൻ. =**ō-phis'tic**, =**ō-phis'ti-cal** (-fis-), *a.* അബദ്ധജ്ഞാനമായ. =**ō-phīse**, =**ō-phīze** (-fīz), *v. i.* തത്വജ്ഞാനം പറയുക; —ജ്ഞാനപ്രമാണപ്രകാരം ആലോചിക്കുക; അന്വീക്ഷിക്കുക.

**Phil-os-tor'gy** (fil-), *n.* സഹജസ്നേഹം, പ്രാകൃത—.

**Phil-ō-tech'nic**, =**ni-cal** (fil-), *a.* വിദ്യാപ്രിയം ഉള്ള; 2. ശില്പവിദ്യാരസം—, ശൃംഗാരവിദ്യാരസം—; കലാരഞ്ജന—.

**Phil'tĕr, Phil'tre** (fil'tĕr), *n.* സ്ത്രീവശ്യം; വശ്യാൎത്ഥം; 2. വശീകരൌഷധം; 3. വാജീകരൌഷധം. *v. t.* വശ്യം ചെയ്യുക; 2. വശീകരൌഷധം പ്രയോഗിക്കുക; 3. വാജീകരണം ചെയ്യുക.

**Phi-mō'sis** (fi-), *n.* ലിംഗചൎമ്മാകുഞ്ചനം (*med.*).

**Phiz** (fiz), *n.* മുഖം, മുഖരൂപം.

**Phle-bī'tis** (fle-), *n.* നാഡിവീക്കം (*med.*). (*phys.*).

**Phle-bol'ō-gy** (fle-), *n.* നാഡിശാസ്ത്രം

**Phle-bot'ō-my** (fle-), *n.* കൊമ്പ് വെക്കൽ, ചോരകൊത്തൽ. =**mist**, *n.* കൊമ്പ് വെക്കുന്നവൻ. =**mīse**, =**mīze**, *v. t.* കൊമ്പ് വെക്കുക.

**Phlegm** (flem), *n.* കഫം, ശ്ലേഷ്മം; 2. മൂക്കട്ട, മൂക്ക് ചളി; 3. ശ്ലേഷ്മഗുണം; 4. താമസ—; മന്ദത; ആലസ്യം, നിരപേക്ഷ. **phleg'ma-gogue** (fleg'ma-gog), *n.* കഫഹരൌഷധം (*med.*). =**mā's̱i-a** (-mā'zhi-a), *n.* (*pl.* =s̱i-æ, *pr.* -zhi-ē) അന്തരാശയവീക്കം (*med.*). =**mat'ic**, =**mat'i-cal**, *a.* കഫദോഷമുള്ള; ശ്ലേഷ്മജനകമായ; മന്ദത ഉള്ള, ചുണയില്ലാത്ത. p.c temperament ശ്ലേഷ്മഗുണം, താമസ—. =**mat'i-cal-ly**, *ad.* ചുണയില്ലാതെ. **phleg'mon** (fleg-), *n.* വീക്കം; പുകച്ചല് (*med.*). **phleg'mon-ŏus**, *a.* വീക്കം ഉള്ള, പുകച്ചൽ—.

**Phlō-ġis'ton** (flō-), *n.* അഗ്നിതത്വം. =**ġis'tic**, =**ġis'ti-cal**, *a.* —തത്വസംബന്ധമായ.

**Phlō-gō'sis** (flō-), *n.* വീക്കം, തുടിപ്പ് (*med.*). =**goġ'ē-nŏus**, *a.* വീക്കം വരുത്തുന്ന. =**got'ic**, *a.* —ആയ.

**Phō'ca**, =**cā'ce-an** (fō-), *n.* ഒര് വക നീന്നായ് (*z.*). **phō'cal**, *a.* നീന്നായുള്ള.

**Phœ'bus** (fē-), *n.* 'അപ്പൊല്ലൊ', സൂൎയ്യദേവൻ (*myth.*); 2. സൂൎയ്യൻ, ആദിത്യൻ.

**Phœ'nix**, *n.*, *see* Phenix.

**Phō'nal** (fō-), *a.* സ്വരസംബന്ധമായ. =**nā'tiŏn**, *n.* ഉച്ചരിക്കൽ; ഉച്ചാരണം.

**Phon-as-cet'ics** (fon-), *n.* സ്വരരക്ഷ; 2. —ചികിത്സ.

**Pho-nau'to-graph** (fo-na'to-graf), *n.* സ്വരലേഖനയന്ത്രം.

**Pho-nei'do-scōpe** (fo-ni'do-skōp), *n.* സ്വരചലനദൎശകയന്ത്രം.

**Pho-net'ic** (fo-), *a.* സ്വരസംബന്ധം ആയ; 2. —സൂചകം—. p. spelling (ഉച്ചാരണ)സൂത്രാക്ഷരം. =**i-cal-ly**, *ad.* ഉച്ചാരണപ്രകാരം. =**ti'cian** (-tish'an), =**ist**, *n.* സ്വരശാസ്ത്രജ്ഞൻ; (ഉച്ചാരണ) സൂത്രാക്ഷരജ്ഞൻ. =**net'ics**, *n. pl.* സ്വരശാസ്ത്രം; ഉച്ചാരണ—. =**is̱m**, *n.* ഉച്ചാരണവിദ്യ. =**i-s̱ā'tiŏn**, =**i-zā'tiŏn**, *n.* സൂത്രയെഴുത്ത്; ഉച്ചാരണസൂത്രവിദ്യ. =**īs̱e**, =**īze**, *v. t.* സൂത്രാക്ഷരത്തിൽ എഴുതുക. **phō'nic**, *a.* സ്വരസംബന്ധമായ; —വിദ്യാ—; —സ്വഭാവമുള്ള. **phō'nics**, *n. pl.* സ്വരശാസ്ത്രം; —മേളന—.

**Phō'nō-**, *pf.* സ്വര, ശബ്ദ.

**Phō'nō-graph** (fō'nō-graf), *n.* സ്വരചിഹ്നം, സൂത്രാക്ഷരം; 2. സ്വരലേഖനയന്ത്രം, —ലേഖനി. =**gram**, *n.* സ്വരചിഹ്നം; സൂത്രാക്ഷരം, സംക്ഷിപ്താക്ഷരം; സ്വരലേഖ. =**nog'ra-phĕr** (-fĕr), =**nog'ra-phist** (-fist), *n.* സൂത്രാക്ഷരജ്ഞൻ; സ്വരലേഖനയന്ത്രികൻ. =**graph'ic**, =**graph'i-cal** (-graf-), *a.* ചുരുക്കെഴുത്ത് സംബന്ധിച്ച; സ്വരലേഖനിസംബന്ധമായ; സ്വരലേഖയായ. =**graph'i-cal-ly**, *ad.* സൂത്രാക്ഷരത്തിൽ, ചുരുക്കെഴുത്തായി; സ്വരലേഖനയന്ത്രത്താൽ. =**nog'ra-phy**, *n.* സ്വരശാസ്ത്രം, ഉച്ചാരണ—; സംക്ഷിപ്തലേഖനം, സൂത്ര—, ചുരുക്കെഴുത്ത്; സ്വരലേഖനിപ്രയോഗം; —നിൎമ്മാണം.

**Phō-nol'ō-ġy** (fō-), *n.* സ്വരവിജ്ഞാനം; 2. —ശാസ്ത്രം; 3. ഉച്ചാരണ—. =**ġĕr**, =**ġist**, *n.* സ്വരശാസ്ത്രജ്ഞൻ. =**loġ'ic**, =**loġ'i-cal**, *a.* —ശാസ്ത്രസംബന്ധമായ.

**Phō-nom'e-tĕr** (fō-), *n.* സ്വരമാത്ര.

**Phō-nō-mō'tŏr** (fō-), *n.* സ്വരചലയന്ത്രം. [യന്ത്രം.

**Phō-nor'ga-non** (fō-), *n.* സംസാര

**Phō'nō-scōpe** (fō-), സ്വരചലനദൎശകയന്ത്രം.

**Phō-not'y-py**, *n.* ഉച്ചാരണാച്ചടി. ='**nō-tȳpe**, *n.* ഉച്ചാരണമുദ്രാക്ഷരം.

**Phos'phor** (fos'for), **-us**, *n.* (*pl.* phos'phor-ī) ഉദയനക്ഷത്രം, കൊറ്റി, ശുക്രൻ. **-us**, *n.* പ്രകാശദം (*ch.*). **-āte**, **-īs̱e**, **-īze**, *v. t.* പ്രകാശദം ചേൎക്കുക. **-esce'** (-es'), *v. i.* പ്രകാശിക്കുക, മിന്നുക. **-es'cence** (-es'ens), *n.* പ്രകാശഗുണം; പ്രകാശിക്കൽ; പ്രകാശപ്രഭ; തുയി. **-es'cent**, *a.* പ്രകാശപ്രഭയുള്ള, മിന്നുന്ന. *n.* പ്രകാശപദാൎത്ഥം. =**phor'ic**, =**phor'i-cal**, **-ŏus**, *a.* പ്രകാശദം ഉള്ള; —സംബന്ധിച്ച; മിന്നുന്ന. [(*ph.*).

**Phō'tics** (fō'tiks), *n.* പ്രകാശശാസ്ത്രം

**Phō'tō-** (fō'tō-), *pf.* പ്രകാശ, വെളിച്ചത്താലുള്ള. *n.* ഛായാപടം.

**Phō-toeh'ro-my** (fō-tok'ro-), *n.* വൎണ്ണഛായാലേഖനവിദ്യ. **=ehrom'ie, =ehrō-mat'ie,** *a.* —വിദ്യാസംബന്ധം ആയ; —ലേഖനം—.

**Phō-tō-en-grā'ving,** *n.* ഛായാമുദ്രണം; 2. —മുദ്രിതചിത്രം.

**Phō'tō-ġen, =ġēne,** *n.* ഒരുവക മണ്ണെണ്ണ; കല്ക്കരിയെണ്ണ. **=ġen'ie,** *a.* കല്ക്കരിയെണ്ണസംബന്ധിച്ച; പ്രകാശജനകമായ.

**Phō-tog'ly-phy** (fō-tog'li-fi), *n.* ഛായാമുദ്രണം. **=glyph'ie, =glyp'tie,** *a.* —മുദ്രണമായ. **p.c engraving** —മുദ്രണവിദ്യ.

**Phō'tō-graph** (-graf), **=gram,** *n.* ഛായാപടം, —ചിത്രം, ഛായ, ചിത്രം. **=graph,** *v. t.* ചിത്രം എടുക്കുക, ഛായാപടംപിടിക്കുക. *v. i.* ഛായാചിത്രപ്രവൃത്തി ചെയ്യുക, പടംപിടിക്കുക, —എടുക്കുക. **=tog'ra-phẽr** (-fẽr), **=phist** (-fist), *n.* —പിടിക്കുന്നവൻ, —എടുക്കുന്നവൻ. **=graph'ie, =graph'i-eal,** *a.* ഛായാലേഖനസംബന്ധം ആയ; —ലേഖനം—. **p.c printing** ഛായാപടവൎദ്ധകസൂത്രം, പടംപെരുക്കൽ. **=graph'i-cal-ly,** *ad.* ഛായാലേഖനമായി. **=tog'ra-phy** (-fi), *n.* ഛായാലേഖനവിദ്യ; —സൂത്രം; —പ്രവൃത്തി. **=grav'ūre,** *n.* ഛായാമുദ്രണസൂത്രം; —മുദ്രിതചിത്രം.

**Phō-tō-lith-og'ra-phy** (fō-tō-lith-og'ra-fi), *n.* ഛായശിലാഛാപനവിദ്യ. **=graph** (-graf), *n.* —ഛാപിതചിത്രം.

**Phō-tol'ō-ġy,** പ്രഭാശാസ്ത്രം. **=log'-ie, =log'i-eal,** *a.* —ശാസ്ത്രസംബന്ധമായ. **=ġist,** *n.* —ശാസ്ത്രജ്ഞൻ.

**Pho-tom'e-tẽr,** *n.* പ്രകാശമാത്രം. **=try,** *n.* —മാപനവിദ്യ.

**Phō-tō-phō'bi-a** (fō-tō-fō'bi-a), *n.* വെളിച്ചംനോക്കിക്കൂടായ്ക, പ്രഭാവിരക്തി (*med.*).

**Phō'tō-phōne** (fō'tō-fōn), *n.* പ്രഭാസ്വരജനകയന്ത്രം (*ph.*).

**Phō-top'si-a, =top'sy** (fō-), *n.* ഒരുവക നേത്രരോഗം (*med.*).

**Phō'tō-seōpe** (fō-), *n.* പ്രഭാദൎശിനി. **=seōp'ie,** *a.* —ദൎശിനിസംബന്ധമായ.

**Phō'tō-sphēre** (fō'tō-sfēr), *n.* സൂൎയ്യപ്രഭാമണ്ഡലം; 2. പ്രകാശഗോളം. **=spher'ie** (-sfer'ik), *a.* പ്രഭാമണ്ഡലസംബന്ധമായ.

**Phrāṣe** (frāz), *n.* വാക്ക്, പദം; പദാവലി; 2. വാക്യം; ഉപവാക്യം; വാചകം; 3. മൊഴി, ചൊല്ല്; 4. ഭാഷാരീതി, രീതി. **adjectival p.** നാമവിശേഷണോക്തി (*gr.*). **adverbial p.** ക്രിയാവിശേഷണോക്തി (*gr.*). **noun-p.** നാമോക്തി (*gr.*). **p.s of the hearth** അടുക്കളവാക്ക്. **p.-book** രൂഢിഭാഷാപുസ്തകം. *v. t.* പറയുക; പറഞ്ഞുവരിക. *v. i.* നല്ലഭാഷയായി പറയുക. **-'less,** *a.* ഭാഷാരീതിമായ, പറവാൻ വാക്കില്ലാത്ത. **='ṣē-ō-gram,** *n.* പദചിഹ്നം, പദാവലി—. **=ṣē-ō-loġ'ie, =ṣē-ō-loġ'i-eal,** *a.* വാചകരീതി സംബന്ധം ആയ; പ്രത്യേകവാചകം—. **=ṣē-ol'ō-ġist,** *n.* പദസംഗ്രഹകൻ; പദരചകൻ. **=ṣē-ol'o-ġy,** *n.* വാചകരീതി, രീതി; പദമഞ്ജരി. **phrā'-ṣiṅg,** *n.* രീതി; പദച്ഛേദം.

**Phrē-at'ie** (frē-), *a.* ഭൂഗൎഭത്തിലുള്ള.

**Phren** (fren), *n.* മനഃശക്തി, ചിച്ഛക്തി, മനസ്സ്; 2. ബുദ്ധി; 3. തലച്ചോറ്; 4. വിഭാജകചൎമ്മം (*an.*). **phren'ie,** *a.* വിഭാജകചൎമ്മത്തിലുള്ള. **phren'ies,** *n.* മനഃശാസ്ത്രം. **phren'iṣm,** *n.* ജീവശക്തി. **=nī'tis,** *n.* മൂൎച്ഛ, സന്നി; തലച്ചോറ് വീക്കം (*med.*). **=net'ie, =net'i-eal,** *a.* തലച്ചോറ് വീക്കം സംബന്ധിച്ച; മൂൎച്ഛ ഉള്ള, സന്നി—; ചിത്തഭ്രമം—. **=net'ie,** *n.* ഭ്രാന്തൻ. **=net'i-cal-ly,** *ad.* ബുദ്ധിഭ്രമത്തോടെ.

**Phre'no-graph** (fre'no-graf), *n.* വിഭജനചൎമ്മചലനദൎശിനി (*phys.*).

**Phre-nol'ō-ġy** (fre-), *n.* മസ്തിഷ്കശാസ്ത്രം; 2. കപാലലക്ഷണ—, കപാലസാമുദ്രികം. **=ġẽr, =ġist,** *n.* കപാലലക്ഷണശാസ്ത്രജ്ഞൻ. **phren-ō-log'ie, =log'i-**

cal, *a.* —ശാസ്ത്രസംബന്ധമായ. =log′i-cal-ly, *ad.* —ശാസ്ത്രപ്രകാരം.

**Phren′sy, Phren′zy** (fren-), *n.* വെവലാതി, ഉന്മാദം, സംഭ്രമം; 2. സന്നിപാതം. *v. t.* സംഭ്രമിപ്പിക്കുക.

**Phthi-rī′a-sis** (thi-rī′a-), *n.* പേൻപുഴക്കൽ, പേൻബാധ (*med.*).

**Phthī′sis** (thī′sis), **Phthis′ic** (tiz′-ik), *n.* ക്ഷയരോഗം, രാജയക്ഷ്മാവ് (*med.*). **phthis′i-cal** (tiz′i-kal), *a.* ക്ഷയരോഗസംബന്ധമായ; ക്ഷയം പിടിച്ച. **phthis′ick-y** (tiz′ik-i), *a.* ക്ഷയരോഗമുള്ള, ശ്വാസകോശ—. **phthis-i-ol′o-gy** (tiz-i-), *n.* രാജയക്ഷ്മനിദാനം, ശ്വാസകോശരോഗശാസ്ത്രം.

**Phy-lac′tĕr, =lac′ter-y** (fi-), *n.* രക്ഷ, ഉറുക്ക്, യന്ത്രം; 2. യൂദന്മാരുടെ നെററിപ്പട്ട; 3. ഭൂതസ്മാരകക്കൂട്. **phyl-ac-ter′ic, =ter′i-cal,** *a.* രക്ഷ ആയ, ഉറുക്ക് സംബന്ധിച്ച.

**Phȳle** (fīl), *n.* (*pl.* **phȳ′læ**), കുലം, ഗോത്രം, വംശം. **phȳ′lärch** (fī′lärk), *n.* ഗോത്രപ്രമാണി, കുലാധീശൻ. **phȳ′-lärch-y,** *n.* കുലാധീശത്വം; കുലാധിപത്യം.

**Phyl′lō-** (fil-), *pf.* പത്ര, ഇലയുള്ള. **phyl′loid,** *a.* പത്രതുല്യമായ. **-mā′ni-a,** *n.* അതിപത്രത്വം, പോളിപ്പ് (*b.*). **=loph′a-gŏus** (-lof′a-gus), *a.* പത്രഭക്ഷായ, ഇലതിന്നുന്ന (*z.*). **=loph′ō-rŏus,** *a.* —ഉണ്ടാകുന്ന (*b.*). **=lŏus,** *a.* പത്രതുല്യമായ (*b.*).

**Phȳ-lō-gen′e-sis, =log′en-y** (fī-), *n.* വർഗ്ഗവികാസവിവരം, വർഗ്ഗചരിത്രം. **=gen-et′ic,** *a.* —ചരിത്രസംബന്ധമായ. **=gen-et′i-cal-ly,** *ad.* —ചരിത്രപ്രകാരം.

**Phȳ′lon** (fī-), *n.* (*pl.* **phȳ′la**) വർഗ്ഗം, വംശം, കുലം (*biol.*).

**Phȳ′lum** (fī-), *n.* (*pl.* **phȳ′la**) പ്രാണിവർഗ്ഗശാഖ (*z.*).

**Phȳ′ma** (fī-), *n.* (*pl.* **phȳ′ma-ta**) മുഴ, വീക്കം (*med.*).

**Phy-sē′tĕr** (fi-), *n.* ഒര് വക കടലാന, —തിമിംഗലം (*z.*).

**Phy-si-an′thrō-py** (fi-zi-), *n.* ആ[യുർവ്വേദം,

**Phys′ic** (fiz-), *n.* വൈദ്യം; വൈദ്യശാസ്ത്രം; 2. ഔഷധം, മരുന്ന്; 3. വിരേചനൌഷധം, വയററിളക്കുന്ന മരുന്ന്; 4. വൈദ്യൻ. *v. t.* ചികിത്സിക്കുക, മരുന്ന് കൊടുക്കുക; 2. വിരേചിപ്പിക്കുക, വയറിളക്കുക; 3. സുഖപ്പെടുത്തുക. **=i-cal,** *a.* സൃഷ്ടിധർമ്മപ്രകാരമുള്ള, പ്രകൃതിധർമ്മ—; സ്വാഭാവികം ആയ; ഭൌതികം—, ശാരീരികം—, ജഡികം—, അനാത്മികം—, സ്ഥൂലം—; ശരീരസംബന്ധം—; കരബലം സംബന്ധിച്ച; പദാർത്ഥതത്വസംബന്ധം ആയ, പദാർത്ഥവിജ്ഞാന—; പ്രകൃതിശാസ്ത്ര—; ഇന്ദ്രിയഗോചരം ആയ, പുറമെയുള്ള. **p.l astronomy** ജ്യോതിർമ്മണ്ഡലചലനശാസ്ത്രം. **p.l education** ദേഹാഭ്യാസം, ആയാസം. **p.l examination** ദേഹസുഖപരിശോധന. **p.l geography** പ്രകൃതിഭൂമിശാസ്ത്രം. **p.l laws** പ്രകൃതിധർമ്മം. **p.l point** പരമാണു. **p.l science** പ്രകൃതിശാസ്ത്രം, പദാർത്ഥവിജ്ഞാനം. **=i-cal-ly,** *ad.* പ്രകൃതിധർമ്മപ്രകാരം, സ്വഭാവാനുസാരമായി; ജഡപദാർത്ഥമായി; കരബലത്താൽ. **=si′-cian** (-zish′an), *n.* വൈദ്യൻ, ഭിഷക്ക്. **=i-cism,** *n.* പ്രകൃതിവിശേഷശ്രദ്ധ; പ്രപഞ്ചാത്മവാദം (*phil.*). **=i-cist** (-sist), *n.* പ്രകൃതിശാസ്ത്രജ്ഞൻ; പ്രകൃതിജീവവാദി (*biol.*). **=i-co,** *pf.* പ്രകൃതിസംബന്ധമായ, പ്രാകൃത. **=ics,** *n. pl.* പ്രകൃതിജ്ഞാനം, പദാർത്ഥവിജ്ഞാനം, പ്രകൃതിശാസ്ത്രം.

**Phys-i-og′nō-my, =nom′ics** (fiz-), *n.* മുഖസാമുദ്രികം, —ലക്ഷണവിദ്യ; 2. —രൂപം, —ഭാവം; 3. സ്വഭാവം. **=mĕr, =mist,** *n.* മുഖസാമുദ്രികൻ; മുഖം നോക്കി ലക്ഷണം പറയുന്നവൻ. **=nom′ic, nom′i-cal, =mon′ic,** *a.* മുഖസാമുദ്രികാസംബന്ധം ആയ; മുഖലക്ഷണ—. **=nom′i-cal-ly,** *ad.* —പ്രകാരം.

**Phys-i-og′ra-phy** (fiz-i-og′ra-fi), *n.* പ്രകൃതിവിശേഷശാസ്ത്രം; 2. —ഭൂമി—.

=graph'ic, =graph'i-cal (-graf-), *a.* —ശാസ്ത്രസംബന്ധമായ. [യച്ഛനം.

Phys-i-ol'a-try (fiz-), *n.* പ്രകൃതി

Phys-i-ol'ō-ġy (fiz-), *n.* ജീവപ്രകൃതിജ്ഞാനം; 2. പ്രാണപ്രകൃതിശാസ്ത്രം. animal p. പ്രാണിപ്രകൃതി—. human p. മനുഷ്യപ്രകൃതി—. mental p. മനഃപ്രകൃതി—. vegetable p. സ്ഥാവരപ്രകൃതി—. =ġĕr, =ġist, *n.* പ്രാണപ്രകൃതിശാസ്ത്രജ്ഞൻ. =loġ'ic, =loġ'i-cal, *a.* —ശാസ്ത്രസംബന്ധമായ. =loġ'i-cal-ly, *ad.* —ശാസ്ത്രാനുസാരമായി. =gīse, =gīze, *v. i.* ജീവവിശേഷപരിശോധന ചെയ്യുക. [ശരീരപ്രകൃതി.

Phy-sīque' (fi-zēk'), *n.* ദേഹക്കൂറ്,

Phy̆-tiv'ō-rŏus (fī-), *a.* ശാകഗ്രാസമായ; പുല്ല് മുതലായത് തിന്നുന്ന.

Phy̆-toġ'e-ny, =tō-ġen'e-sis, *n.* സ്ഥാവരോല്പത്തിവാദം.

Phy̆-tog'ra-phy (fī-tog'ra-fi), *n.* സ്ഥാവരവൎണ്ണനവിദ്യ; 2. സ്ഥാവരശാസ്ത്രം.

Phy̆'toid, =toid'al (fī-), *a.* സസ്യതുല്യമായ, ചെടിപോലെയുള്ള.

Phy̆-tol'ō-ġy (fī-), *n.* സ്ഥാവരവിദ്യ; 2. —ശാസ്ത്രം.

Phy̆-ton'ō-my (fī-), *n.* സസ്യോല്പത്തിവൎണ്ണനവിദ്യ.

Phy̆-toph'a-gŏus (fī-tof'a-gus), =phaġ'ic, *a.* ശാകഭക്ഷകമായ, തൃണഗ്രാസമായ. =toph'a-ġy, *n.* സസ്യഭക്ഷണം.

Phyz (fiz-), *n.*, *s. a.* Phiz.

Pī, Pīe, *n.* സമ്മിശ്രമുദ്രാക്ഷരക്കൂട്ടം (*print.*). *v. t.* ആണിയക്ഷരം സമ്മിശ്രമാക്കുക.

Pī-ac'ū-lar, =lŏus, *a.* ദോഷശമകം ആയ, പ്രായശ്ചിത്തം—; പ്രായശ്ചിത്താൎത്ഥം—; 2. കുററം—; മഹാപാതകം—. pī'a-cle, *n.* ഏററകുററം, പാതകം. =lar'i-ty, *n.* പാതകത്വം, ദുഷ്ടത.

Pī-a-mā'tĕr, *n.* മസ്തിഷ്കാവരണം, മസ്തിഷ്കചൎമ്മം (*an.*). pī'al, *a.* ചൎമ്മസംബന്ധമായ.

Pi-an'ō, Pi-an'ō-for-te, *n.* കമ്പിക്കിന്നരം, കമ്പിക്കിന്നരപ്പെട്ടി, സ്വരമണ്ഡലം. =an'ō, *a.* & *ad.* മൃദുസ്വരത്തിൽ (*mus.*). =nette' (-net'), =nī'nō (nē'nō), *n.* ചെറുകിന്നരം. =an-is'si-mō, *a.* ഏററവും മൃദുസ്വരത്തിൽ (*mus.*) =an'-ist, *n.* കിന്നരം വായിക്കുന്നവൻ.

Pi-as'tĕr, =as'tre (-tĕr), *n.* ഒര് വിലാത്തി വെള്ളിനാണ്യം (സ്പാന്യ = 2ക. ഇററലി = $1\frac{1}{4}$ക. തുൎക്കി = $2\frac{1}{2}$ണ.).

Pi-az'za, *n.* നട്ടമൈതാനം; 2. നട; 3. പൂമുഖം; 4. കോലായി (*U. S.*).

Pī'broch (pē'brok), *n.* സ്കോട്ലാണ്ടിലെ പുരാതന യുദ്ധപ്പാട്ട്.

Pī'ca, *n.* ഒര് പക്ഷിവൎഗ്ഗം (*z.*). 2. മണ്ണ് മുതലായത് തിന്മാനുള്ള ആഗ്രഹം, ദുൎഭുതി (*med.*). 3. പ്രാൎത്ഥനപ്പുസ്തകം (*R. C.*); 4. ഒര് വക വലിയ ആണിയക്ഷരം (*print.*). small p. —ചെറിയ—.

Pic-a-roon', *n.* കവൎച്ചക്കാരൻ, പിടിച്ച്പറിക്കാരൻ; 2. കടല്ക്കള്ളൻ.

Pic-ā-yūne', *n.* രണ്ടണവിലക്കുള്ള ഒര് അമേരിക്കനാണ്യം. =yū'nish, *a.* നിസ്സാരം ആയ, അല്പം—.

Pic'cāġe, *n.* ചന്തക്കാരായ്മപ്പണം.

Pic'ca-lil-li, *n.* അച്ചാറ്, ഉപ്പിലിട്ടത്.

Pīce (pīs), *n.* ഒര് പൈസ, ഒര് പയിസ്സ; 2. മുക്കാൽ പൈസ.

Pic'e-ŏus, *a.* 'കീല്' സംബന്ധിച്ച; 2. —പോലെയുള്ള.

Pick, *v. t.* കൊത്തിത്തിന്നുക, കൊത്തിപ്പെറുക്കുക; 2. കുത്തുക, തുളെക്കുക; 3. (ചെകരി) പിച്ചുക, (ഉന്നം) കടയുക; 4. പൂട്ട് ഭേദിക്കുക: to p. a lock പൂട്ട് കള്ളത്താക്കോലിട്ട് തുറക്കുക; 5. (കായി, പൂ) പറിക്കുക; 6. (തുവല്) പറിക്കുക, —പൊരിക്കുക; 7. പല്ലിട്ടുകിൽ കുത്തുക; 8. കടിക്കുക, കാരുക: to p. a bone എല്ല് കാരുക; 9. കക്കുക, കോന്തല മുറിക്കുക: to p. a pocket കീശയിൽനിന്ന് കട്ടെടുക്കുക, മുന്തിയറുക്കുക (*S.*); 10. (out) തെരിഞ്ഞെടുക്കുക; തിരിയുക; തിരഞ്ഞെടുക്കുക: to

p. one's company ചങ്ങാതിത്വം കെട്ടുക; 11. കണ്ടെത്തുക, കണ്ട് പിടിക്കുക: to p. one's way വഴിതിരഞ്ഞ് കാണുക. 12. (up) പെറുക്കുക; 13. (up) കേട്ട് പഠിക്കുക, ചോദിച്ചറിയുക. p. fault കുററം നോക്കുന്നവൻ, തുള—, തെററ് പിടിക്കുന്നവൻ. p.-lock കള്ളത്താക്കോല്; പൂട്ട്ഭേദിക്കുന്നവൻ, കള്ളൻ. p.-penny ഈററയൻ; ചതിയൻ. p.-pocket കോന്തലമുറിയൻ. p.-purse (മടിശ്ശീല) കള്ളൻ. p.-thank മുഖസ്തുതിക്കാരൻ, ചപ്പടാച്ചിക്കാരൻ. to p. at ഉപദ്രവിക്കുക, അലമ്പലാക്കുക. to p. a bone with *s.u.* Bone. to p. a thank സേവപിടിക്കുക. to p. off പറിച്ചെടുക്കുക; പൊരിച്ച്കളയുക; ഓരോന്നോരോന്നായി വെടിവെച്ച് തള്ളിയിടുക. to p. out പലവണ്ണം ആക്കുക, വിവിധം—; തെരിഞ്ഞെടുക്കുക. to p. to pieces ഛിന്നഭിന്നമാക്കുക; വിഗ്രഹിക്കുക, എണ്ണിയെണ്ണി കുററം പറയുക. to p. a quarrel കലമ്പുക, കലശലുണ്ടാക്കുക, ശണ്ഠക്ക് ചെല്ലുക. to p. up പെറുക്കിയെടുക്കുക; to p. up a language ഭാഷകേട്ട് പഠിക്കുക. to p. up news വൎത്തമാനം പറഞ്ഞ് കേൾക്കുക. to p. up a livelihood വല്ലതും ചെയ്യ് നാൾ പൊറുതികഴിക്കുക. to p. a hole in one's coat കുററം കണ്ട് പിടിക്കുക. p.ed out വിവിധവണ്ണത്തുണി വരിവരിയായിവെച്ച് ശൃംഗരിച്ച. *v. i.* മെല്ലെ തിന്നുക; കുറേശ്ശ—; കൊന്ന്—; 2. വെടിപ്പിൽ ചെയ്യുക, വൃത്തിയായി—; 3. തെരിഞ്ഞെടുക്കുക; 4. മോഷ്ടിക്കുക, കക്കുക. to p. up ക്രമേണ നന്നാസ്സരിക, പുഷ്ടിക്രുടുക. *n.* സൂചി, മുള്ള്, (*in comp.*) കത്തി; 2. ചൂണ്ടൽ (*S.*), 'പിക്കം', 'പിക്കാസ്'; 3. തെരിഞ്ഞെടുപ്പവകാശം; തെരിഞ്ഞെടുപ്പ്; 4. തെരിഞ്ഞെടുത്തത്; ഉത്തമം, നല്ലത്; 5. മഷിക്കുത്ത് (*print.*); 6. ഓടം ചാടിക്കൽ (*w.*); 7. ഊട നൂല് (*w.*). p.-ax, p.-axe 'പിക്കം', 'പിക്കാസ്'. p.-dressing (അമ്മി) കൊത്തൽ, അരമിടൽ. p.-hammer ഒര് വക 'പിക്കം'. -'a-back, -'a-pack, -'back, -'pack, *ad.* പുറത്ത്, ചുമലിൽ. picked (-pikt), *a.* കൂൎത്ത, മുനഉള്ള; മൂൎച്ച—; മുതുകത്ത് മുള്ള്— (*z.*); തെരിഞ്ഞെടുത്ത, ഉത്തമമായ. p.d out വിവിധവണ്ണമായലങ്കരിച്ച. -'ed-ness, *n.* മുന, മൂൎച്ച. -'ĕr, *n.* പെറുക്കുന്നവൻ, പറിക്കുന്നവൻ; കൊത്തുന്നവൻ; കത്തുന്നവൻ; കള്ളൻ; മുള്ള്; 'പിക്കം'; (ഓടം ചാടിക്കുന്ന) തോല്പക്ഷി (*w.*). -'ĕr-y, *n.* ചില്ലറക്കളവ് (*Scot.*). -'ing, *n.* കിളക്കൽ, കഴിക്കൽ, കൊത്തൽ; തെരിഞ്ഞെടുക്കൽ; പറിക്കൽ; പെറുക്കൽ; കാലായി, താപ്പിടി; മോഷണം; കളവ്മുതല്; *pl.* മുരുപ്പൊടി; വെന്ത്വിണ്ട ഇഷ്ടിക. *a.* കത്തുന്ന; കഴിക്കുന്ന. p.g peg തോല്പക്ഷി (*w.*).

Pic'ka-nin-ny, *n.* ഉണ്ണി, കുഞ്ഞ്, കുഞ്ഞൻ, ചെറിയകുട്ടി; 2. കാപ്പിരിക്കുട്ടി (*U. S.*)

Pick'er-el, *n.* ഒര് വക ചെറുമത്സ്യം, [പരല്.

Pick'et, *n.* കൂപ്പിച്ചനാട്ട; തറി, കുററി; 2. കോട്ടത്തറി, 3. കാവൽപ്പട (*mil.*); 4. തൊഴില് കാവല്ക്കാര്; 5. (ഒര് കാല് കൂൎത്ത കുററി മേൽ വെച്ച് നില്ക്കുന്ന) പാളയശിക്ഷ; 6. ഒര് വക ചീട്ട്കളി. p.-fence തറിവേലി. p.-guard സന്നദ്ധസൈന്യം (*mil.*). p.-line കാവൽപ്പാട് (*mil.*); കുതിരക്കയറ്. p.-pin കുതിരക്കുററി. inlying p. സന്നദ്ധകാവൽസൈന്യം. outlying p. കാവൽപ്പട. *v. t.* തറികോട്ട കെട്ടുക; 2. വേലി—, വളച്ച്—; 3. കുതിരയെ—; 4. കാവൽസൈന്യം വെക്കുക, കാവൽ—.

Pick'le, *n.* ഉപ്പ്വെള്ളം; ഉവര്—; ഓര്—; 2. കാടി, 'ചുക്ക', 'സിക്ക'; 'വിനാഗരി'; 3. *pl.* ഉപ്പിലിട്ടത്, 'അച്ചാറ്'; 4. വികൃതിക്കുട്ടി; 5. വിഷമം, ബുദ്ധിമുട്ട്. to be in a p. കുടുങ്ങുക, ഇറുങ്ങുക, വിഷമത്തിലാക. to put a rod in p. ശിക്ഷകരുതിവെക്കുക. *v. t.* ഉപ്പിലിട്ട് വെക്കുക; അച്ചാറിടുക; 2. പഴക്കം തോന്നിക്കുക. pick'led (pik'ld), *a.* ഉപ്പിട്ട; ഉപ്പിലിട്ട, അച്ചാറിട്ട. pick'lĕr, *n.* അച്ചാറ്കാരൻ. [Pick.

Pick'lock, Pick'pock-et, *etc.*, *s.u.*

Pick'sy, *see* Pixy.

**Pic'nic, Pick'nick,** *n.* വനഭോജനം; 2. ഒരു പലഹാരം. *v. i.* —ഭോജനത്തിന്നു പോക; 2. ഉല്ലാസസഞ്ചാരത്തിന്നു—; 3. വനഭോജനം കഴിക്കുക. =**nick-ĕr,** *n.* വനഭോജനക്കാരൻ.

**Picqu'et,** *n., see* **Piquet.**

**Pic'tūre** (*or* -chur), *n.* ചിത്രം, 'പിന്താരം', പടം, രൂപം; 2. സ്വരൂപം, പ്രതിമ. **p.-book** ചിത്രപ്പുസ്തകം. **p.-gallery** ചിത്രശാല. **p.-frame** ചിത്രച്ചട്ടം. **p.-rod** ചിത്രം തൂക്കുന്ന അയല്, ചിത്രായല്. **p.-writing** ചിത്രലിപി. *v. t.* ചിത്രം വരക്കുക; —എഴുതുക; 2. വൎണ്ണിക്കുക; 3. കാണിക്കുക; 4. നിരൂപിക്കുക, ഭാവിക്കുക. **pic'to-graph** (-graf), *n.* ചിത്രലിപി. =**tō'ri-al, pic'tū-ral,** *a.* ചിത്രസംബന്ധമായ; പടം ഉള്ള; ചിത്രം ആയ; സൂക്ഷ്മം—. =**tō'ri-al-ly,** *ad.* ചിത്രരൂപമായി. **pic'tūred** (*or* -churd), *a.* ചിത്രങ്ങൾ ഉള്ള; ചിത്രരൂപേണ—. =**rĕr,** *n.* ചിത്രക്കാരൻ. **pic'tū-ra-ble,** *a.* ചിത്രം വരച്ചു കാണിക്കാവുന്ന; വൎണ്ണിക്കാകുന്ന. =**resque'** (-resk'), *a.* ചിത്രോപമം ആയ; വിചിത്രം—, മനോഹരം—. =**resque'ly,** *ad.* ഭംഗിയായി, വിചിത്രമായി. =**resque'ness,** *n.* വൈചിത്ര്യം, മനോരമ്യത, ഭംഗി. =**resqu'ish,** *a.* ഏതാനും ഭംഗിയുള്ള. =**tū-rīse,** =**tū-rīze,** *v. t.* ചിത്രം എഴുതുക; ചിത്രത്താൽ ശൃംഗരിക്കുക.

**Pic'ul, Pec'ul, Pec'al,** *n.* 130-135 റാത്തലുള്ള ഒരു പരദേശത്തൂക്കം.

**Pid'dle** (pid'l), *v. i.* നിസ്സാരകാൎയ്യങ്ങളിൽ പെടുക; 2. ഭക്ഷണത്തിൽ ബഹുകൃത്യം ആചരിക്കുക; 3. (കുട്ടിഭാഷ) മൂത്രം ഒഴിക്കുക, മൊ(മ്)ള്ളുക (*S.*). **pid'dlĕr** (pid'lĕr), *n.* ഭക്ഷണകൃത്യക്കാരൻ; മൊള്ളുന്നവൻ. **pid'dling** (pid'ling), *a.* നിസ്സാരം ആയ, അല്പം—, സാരമില്ലാത്ത.

I. **Pīe** (pī), *n.* അട. **p.-crust** അടപ്പൊളി. **p.-man** പലഹാരംവില്ക്കുന്നവൻ.

II. **Pīe** (pī), *n.* ഒരു പക്ഷി (*z.*); 2. പ്രാൎത്ഥനപ്പുസ്തകം (*R. C.*); 3. സമ്മിശ്രാണിയക്ഷരം (*print.*). **pīed** (pīd), *a.* പലവൎണ്ണം ഉള്ള, പുള്ളി—. **pīed'ness,** *n.* വൈചിത്ര്യം; പാണ്ഡ്.

III. **Pīe** (pī), *n.* 'പൈ', കാശ്, അരക്കാശ് (*P.*), ചില്ലി, അണയുടെ പന്ത്രണ്ടാലൊന്നായ ചെമ്പുനാണ്യം.

**Pīe'bald,** *a.* പാണ്ഡനായ, പുള്ളി ഉള്ള; പലവൎണ്ണം—; വിചിത്രം ആയ; 2. സമ്മിശ്രം—.

**Piēce** (pēs), *n.* ഖണ്ഡം, കഷ്ണം, തുണ്ടം, കണ്ടം, നുറുക്ക്; 2. (തുണി) കുത്ത്; 3. രചന: **a p. of poetry** ഒരു കവിത; 4. തോക്ക്, പീരങ്കി; 5. നാണ്യം; 6. വൎത്തമാനം, വിവരം; കാൎയ്യം; 7. ആള്: **my mother was a p. of virtue** എന്റെ അമ്മ ഒരു പുണ്യാത്മാവായിരുന്നു; 8. (ചതുരംഗത്തിൽ) പദാതി അല്ലാത്ത കരു. **p.-broker** ചില്ലറത്തുണിക്കച്ചവടക്കാരൻ. **p.-goods** തുണിച്ചരക്ക്. **p.-meal** കഷ്ണംകഷ്ണമായി; ക്രമേണ, കുറേശ്ശ; ഓരോരോന്നോരോന്നായ; തുണ്ടം, കഷ്ണം. **p.-mealed** കഷ്ണംകഷ്ണം ആക്കിയ. **p.-work** കരാറുപണി. **a-piece',** *ad.* ഓരോന്നിന്നു; ഓരോരോന്നോരോന്നായി. **of a p.** (with) പോലെയുള്ള, തത്സ്വരൂപം ആയ, തുല്യം—. **p. of eight** ഒരു സ്പാന്യനാണ്യം. **to give a p. of one's mind to** തുറന്നു പറയുക, മുഖംമുറിച്ചു—; കഠിനമായി—. **to p.s** നിൎമ്മൂലമായി. **to p. out** വലുതാക്കുക, നീട്ടുക. *v. t.* (out) കഷ്ണം വെക്കുക; 2. നന്നാക്കുക; 3. നീട്ടുക; 4. കൂട്ടിച്ചേൎക്കുക, യോജിപ്പിക്കുക. *v.i.* തമ്മിൽ ചേരുക, യോജിക്കുക. **-'less,** *a.* കഷ്ണമല്ലാത്ത, മുഴുവനായ. **piēc'ĕr, -'nĕr,** *n.* കഷ്ണം വെക്കുന്നവൻ; അററനൂല് കെട്ടുന്നവൻ (*w.*). [തറ.

**Pi-e-douche'** (pe-ā-dush'), *n.* പീഠം,

**Piēr** (pēr), *n.* ചുമര്; കാല്, തൂണ്, പാലത്തൂണ്; 2. പാതാറ്; 3. മുട്ട്, താങ്ങ്; 4. കടപ്പാലം. **abutment-p.** (പാലത്തിന്റെ) കരത്തൂണ്. **p.-glass** ജാലകദൎപ്പണം. **p.-table** ജാലകമേശ. **-'āge,** *n.* കടപ്പാലക്കൂലി.

**Piērce** (pērs), *v. t.* തുളക്കുക, കത്തിത്തുളക്കുക; 2. ഉൾപ്രവേശിക്കുക, അക

ത്ത് കടക്കുക; 3. മനസ്സിന്ന് തട്ടുക; 4. മനസ്സിലാക്കുക, അറിയുക. *v. i.* തുളയുക; 2. മനസ്സിലാക; 3. ഉൾപ്രവേശിക്കുക. ='cea-ble (-sa-bl), *a.* തുളക്കാവുന്ന. piērced (pērst), *a.* തുളയുള്ള; ഉൾപ്രവേശിച്ച; കുത്തിത്തുളച്ച. piēr'cel, piēr'cēr, *n.* തുരപ്പണം (*carp.*). piēr'cing, *a.* തുളച്ച് ചെല്ലുന്ന; മുന ഉള്ള, മൂർച്ച—, കൂർത്ത; കർക്കശം ആയ, കഠിനം—, കടു. ='cing-ly, *ad.* കഠോരമായി. ='cing-ness, *n.* മൂർച്ച, കട്ടപ്പം.

Pī'e-ty, =tism, =tist, *s. u.* Pious.

Pig, *n.* പന്നിക്കുട്ടി; പന്നി, സൂകരം; 2. ഇരിമ്പ് വാളം, വാർപ്പിരിമ്പ് കട്ടി; 3. പെരുങ്കൊതിയൻ. p.-eyed ചെറുകണ്ണുള്ള. p.-foot ഒര് മത്സ്യം (*z.*). p.-headed മക്കടമുഷ്ഠിയായ, ദുശ്ശാഠ്യമുള്ള. p.-iron വാർപ്പിരിമ്പ്, ഇരിമ്പ് വാളം. p.-pen, p.-sty പന്നിക്കൂട്. p.-skin പന്നിത്തോല്; കുതിരജീന്. p.-sticking പന്നിനായാട്ട്. p.-tail —വാല്. a p. in a poke വാങ്ങുന്ന സാധനത്തിന്റെ സ്വഭാവം അറിയാതെ ചെയ്യുന്ന കച്ചവടം, കണ്ണ് കെട്ട കച്ചവടം. *v. t.* & *i.* (പന്നി) പെറുക; 2. കൂടിക്കിടക്കുക, ഒന്നിച്ച് കിടക്കുക. -'gēr-y, *n.* പന്നിക്കൂട്. -'gish, *a.* പന്നിയെപ്പോലെയുള്ള; അലന്ന.

Pig'eŏn (pij'un), *n.* പ്രാവ്, മാടപ്രാവ്, കപോതം; അരിപ്രാവ്. 2. പൊട്ടൻ, വിഡ്ഢി. p.-breasted നെഞ്ച് കൂർത്ത, ഗ്രഹണിപിടിച്ച. P.-English ചീനരാജ്യത്ത് നടപ്പുള്ള ഇങ്ക്ലീഷ് പ്രാകൃതഭാഷ. p.-foot ഒര് ചെടി (*b.*). p.-hearted, p.-livered ഭീരുവായ. p.-hole പ്രാക്കൂട്ടിന്റെ വാതില്; അറത്തട്ട്; അറത്തട്ടിൽ വെക്കുക; ആലോചിക്കാതെ ഇട്ടേക്കുക. p.-house പ്രാക്കൂട്, പിറാപ്പലക. *v. t.* തൊപ്പ പറിക്കുക; 2. തോല്പിക്കുക; 3. (കളിയിൽ) ചതിക്കുക. -ry, *n.* പ്രാക്കൂട്, പിറാപ്പലക. [Pig.

Pig'gēr-y, Pig'gish, *etc.*, *s. u.*

Pig'gin, *n.* മരത്തൊട്ടി.

Pig'ment, *n.* 'റങ്ക്', വർണ്ണം, ചായം; 2. വർണ്ണപടലം (*phys.*); 3. മധുരവീഞ്ഞ്. p.-cell വർണ്ണപടലം (*phys.*). =ment'-al, -ar-y, =ment'ŏus, *a.* ചായംസംബന്ധിച്ച; വർണ്ണപടലമുള്ള. -ed, *a.* നിറമുള്ള.

Pig'my, Pig-mē'an, *see* Pygmy.

Pig'nus, *n.* ഈട്, പണയം, (*l.*). pig-no-rā'tiŏn, *n.* പണയംവെക്കൽ; നഷ്ടം വരുത്തിയ കാലിയെ പിടിച്ച് കെട്ടൽ (*l.*). =no-ra-tive, *a.* പണയം വെക്കുന്ന.

Pig'widġe-ŏn (-wij-un), Pig'widġ-in, Pig'wiġ-ġen, *n.* ചെറുത്, കുറുത്.

Pīke, *n.* കുന്തം (*mil.*); 2. കൂമ്പ്; 3. കൂരകുന്ന്; 4. ചുങ്കവാതില്; 5. ഒര് കളിനീർ മത്സ്യം (*z.*); 6. 'പിക്കം'. p.-man കുന്തക്കാരൻ; പിക്കക്കാരൻ; ചുങ്കക്കാരൻ. p.-staff കുന്തപ്പിടി; ദണ്ഡ്. pīked (pīkt), *a.* കൂർത്ത, മുനയുള്ള. -'let, -'lin, *n.* ഒര് വക അപ്പം.

Pi-las'tēr, *n.* ചതുരത്തൂണ്. =tēred (-tērd), *a.* ചതുരസ്തംഭമുള്ള.

I. Pīle, *n.* മുടി; നാര്, നൂല്; 2. രോമചർമ്മം. p.-worn മിനുസംപോയ, നൂല് നൂലായ. ='lŏus, *a.* മുടി ഉള്ള, നാര്—. pī'ly, *a.* രോമതുല്യമായ.

II. Pīle, *n.* മരക്കുററി, മരത്തൂണ്. *v. t.* മരത്തൂണ് താഴ്ത്തുക, കുററിനാട്ടുക. pī'-ling, *n.* തൂൺകൂട്ടം.

III. Pīle, *n.* കൂട്ടം, കൂനല്, കൂമ്പാരം; 2. അട്ടി; 3. ചിത; 4. എടുപ്പ് കൂട്ടം, കച്ചറായി; വലിയ എടുപ്പ്; 5. വിദ്യുജ്ജനകപ്പെട്ടകം (*elec.*); 6. നാണ്യപ്പുറം. *v. t.* കൂട്ടിയിടുക, കൂനലാക്കുക; (up) കൂട്ടിവെക്കുക, സമ്പാദിച്ച് —; 2. ധാരാളം ഉണ്ടാക; കുത്തിനിറക്കുക; നിറക്കുക. to p. arms *or* muskets തോക്ക് മുമ്മൂന്നായി നിർത്തിവെക്കുക. ='lēr, *n.* കന്നിച്ച് വെക്കുന്നവൻ. pī'ling, *n.* കൂട്ടിവെക്കൽ, സമുച്ചയിക്കൽ.

Pī'le-āte, =ā-ted, Pī'lei-form (-li-farm), *a.* തൊപ്പിപോലെ ഉള്ള; 2. തലയുടെ ആകൃതി—. pī'le-us, *n.* (*pl.* pī'-

le-ī) ഒര് വക തൊപ്പി; കമിൽക്കട; പക്ഷിത്തല.

Pīles (pīlz), *n. pl.* മൂലക്കുരു, മൂലവ്യാധി, അർശ്ശസ്, ദുർന്നാമം. bleeding p. രക്തം വാരുന്ന കുരു (*med.*). blind p. രക്തം വാരാത്ത—. external p. പുറ്ക്കുരു. internal p. അകക്കുരു.

Pil'fĕr, *v. i.* ചില്ലറക്കളവ് ചെയ്യുക, ഇറുക്കുക, മോഷ്ടിക്കുക. *v. t.* കക്കുക. -ĕr, *n.* ചില്ലറക്കള്ളൻ, ചെറുകള്ളൻ. -ing, *a.* ഇറുക്കുന്ന. -ing, -y, *n.* ചില്ലറക്കളവ്, നുള്ളിക്കളവ്. -ing-ly, *ad.* ചെറുകളവായി.

Pil-gär'lic, Pilled'gär-lic, (pild'-) *n.* രോഗത്താൽ മുടികൊഴിഞ്ഞവൻ, 2. ഭീരു; ചപ്പൻ.

Pil'grim, *n.* പരദേശി, സഞ്ചാരി, യാത്രക്കാരൻ; 2. തീൎത്ഥയാത്രക്കാരൻ. *a.* സഞ്ചാരി ആയ; 2. തീൎത്ഥയാത്ര ചെയ്യുന്ന. P. Fathers അമേരിക്കയിൽ ആദ്യം കുടിയേറിപ്പാൎത്ത ഇംഗ്ലീഷ്കാര്. p. ship ഹജ്ജിന്ന് പോകുന്നവര് കയറിപ്പോകുന്ന കപ്പല്. *v. i.* യാത്രചെയ്യുക, സഞ്ചരിക്കുക. -āge, *n.* സഞ്ചാരം; തീൎത്ഥയാത്ര; ദീൎഘ—; ജീവകാലം; ദീൎഘ—.

Pil'i-fĕr, =if'ĕr-ŏus, *a.* രോമമുള്ള. =form, *a.* രോമാകൃതിയായ.

Pī-lig'ĕr-ŏus, *a.* രോമമുള്ള.

I. Pill, *n.* തൊലി, തോല്. *v. i.* തോല് പൊളിയുക; അടരുക. *v. t.* തോലുരിക്കുക.

II. Pill, *n.* ഗുളിക; ഉരുള; 2. വിഷമം, ബുദ്ധിമുട്ട്, കഷ്ടം. p.-mass വട്ട്. pil'ū-lar, *a.* ഗുളികസംബന്ധമായ; —പോലെയുള്ള. pil'ū-lŏus, *a.* ഗുളികപോലെയുള്ള; ചെറിയ, അല്പമായ.

Pil'lāge, *n.* കൊള്ളയിടൽ; 2. കൊള്ള, കവൎച്ച. *v. t.* കവരുക, കവൎച്ചചെയ്യുക, കൊള്ളയിടുക. *v. i.* കവൎന്നെടുക്കുക. =lā-gĕr, *n.* കൊള്ളക്കാരൻ.

Pil'lar, *n.* തൂണ്, സ്തംഭം, കാല്; 2. താങ്ങ്, ആധാരം; സഹായം. from p. to post അങ്ങുമിങ്ങും, അവിടെയും ഇവിടെയും; ഒര് ബുദ്ധിമുട്ട് തീരുമ്പോഴേക്ക് മറ്റൊന്ന്. =lared (-lĕrd), *a.* തൂണുള്ള. -et, *n.* ചെറുതൂണ്.

Pil-lau', pi-lau', pil-law' (-la'), *n.* ഒര് വക നെയ്യ്ച്ചോറ്, 'പില്ലാവ്'.

Pil'liŏn (pil'yun), *n.* ജീനഞ്ഞ; 2. സ്ത്രീകൾ ഉപയോഗിക്കുന്ന ജീന്.

Pil'lor-y, *n.* ഒര് വക തോളം. =lor-īse, =lor-īze, =lor-y, *v. t.* തോളത്തിൽ വെക്കുക; ശിക്ഷിക്കുക, അപമാനിക്കുക.

Pil'lōw (-lō), *n.* തലയണ, തലയിണ (*S.*), തലക്കണ (*N.*), തലക്കാണി (*N.*), ഉപധാനം. p.-case, p.-slip തലയണയുറ. p.-lace വിചിത്രത്തയ്യൽനാട. p.-sham ഉപധാനപടം. *v. t.* തല ചായ്ക്കുക, —വെക്കുക; 2. താങ്ങായിരിക്കുക. =lōwed (-lōd), *a.* തലയണയുള്ള; തലക്ക് വെച്ച. -y, *a.* ഉപധാന തുല്യമായ.

Pī'lōse, Pī'lŏus, *a.* രോമം ഉള്ള; 2. —കൊണ്ടുണ്ടാക്കിയ; 3. മുട്ടരോമം ഉള്ള; 4. രോമം—, ആണി— (*b.*) =los'i-ty, *n.* രോമമയത്വം.

Pī'lot, *n.* മാലുമി, ചുക്കാങ്കാരൻ; 2. ആക്കാട്ടി, ചാല് കാട്ടി (*S.*); 3. വഴികാട്ടി, നടത്തുന്നവൻ; 4. തവുക്ക, സൂബദ്ധയന്ത്രം; 5. (തീവണ്ടിയന്ത്രത്തിന്റെ മുമ്പിലുള്ള) തടസ്ഥക്കൂട്, വിഘ്നഹരിയന്ത്രം. p.-balloon പരീക്ഷാവിമാനം. p.-bird ഒര് വക പക്ഷി (*z.*). p.-boat ആക്കാട്ടിത്തോണി. p.-bread കപ്പലപ്പം. p.-cloth 'സകലാസ്', ഒര് വക തടിച്ച കമ്പിളിത്തുണി. p.-jack ആക്കാട്ടിക്കൊടി. *v. t.* കപ്പലോടിക്കുക; 2. നടത്തുക. -āge, *n.* കപ്പലോട്ടപ്പരിചയം; ആക്കാട്ടിക്കൂലി; നടത്തൽ, നടത്തിപ്പ്. -ism, -ry, *n.* കപ്പലോട്ടശീലം; സാമൎത്ഥ്യം.

Pi-men'ta, -men'tō, *n.* വാൽമുളക്, ചീന— (*b.*).

Pim'li-cō, *n.* ഒര് പക്ഷി (*z.*).

Pimp, *n.* കൂട്ടിക്കൊടുക്കുന്നവൻ, കൂട്ടി, സഞ്ചാരകൻ. *v. i.* കൂട്ടിക്കൊടുക്കുക. -'ship, *n.* കൂട്ടൽ, കൂട്ടിക്കൊടുക്കൽ.

Pim′pil-lō, Pim′plōes, *n.* ക്രുമുള്ള് (*b.*). [നമായ.

Pimp′ing, *a.* ചെറിയ; 2. ബലഹീ

Pim′ple, *n.* മുഖക്കുരു (*N.*), മുഖക്കുരു, അഴല് (*S.*); 2. വീക്കം. pim′pled (-pld), pim′ply, *a.* മുഖക്കുരുള്ള.

I. Pin, *v. t.* കൂട്ടിൽ ആക്കുക, ആലയിൽ—; ബന്ധിക്കുക. p.-fold ആല, സ ക്കാരാല.

II. Pin, *n.* മരയാണി, കുററി; 2. മൊട്ട് സൂചി; 3. അല്പകാര്യം; നിസ്സാരസാധനം; 4. വീണക്കമ്പികുററി; 5. (പാത്രത്തിൻെറ) അളവടയാളം; 6. സൂചിപ്പതക്കം; 7. കാല്. p.-cushion മൊട്ട്സൂചിയണ, സൂചിയണ. p.-feather തൊപ്പ. p.-hold മൊട്ട്സൂചികുത്തുന്നേടം. p.-feathered ചിറക് വരാത്ത. p.-hole സുഷിരം, ചെറുതുള. p.-money ഭാൎയ്യയുടെ തനതാവശ്യപ്പണം, സ്ത്രീസ്വത്ത്. p.-wheel ചക്രവാണം. *v. t.* കുത്തിപ്പിടിപ്പിക്കുക; കൂട്ടിച്ചേൎക്കുക, പററിക്കുക. to p. one's faith upon ആശ്രയിക്കുക, വിശ്വസിക്കുക. -′nĕr, *n.* കുത്തിപ്പിടിപ്പിക്കുന്നവൻ; ഒര് വക തൊപ്പി; മുന്നാരത്തുണി; മൊട്ട്സൂചിയുണ്ടാക്കുന്നവൻ.

Pī′na-cloth, *n.* കൈതനാരത്തുണി; നാരുപ്പട്ട്. [*n.* ചിത്രശാല.

Pin-a-co-thē′ca, Pin-a-ko-thek′,

Pin′a-fōre, *n.* കുട്ടികളുടെ (ഉടുപ്പിന്മീതെ ധരിക്കുന്ന) മുന്നാരത്തുണി.

Pin′cĕrs, *n. pl.* കൊടില്, ചവണ; *see* Pincher *under* Pinch.

Pinch, *v. t.* ഇറുക്കുക; 2. നുള്ളുക, കിള്ളുക; 3. ഞെക്കുക; 4. ഞെരുക്കുക, ബുദ്ധിമുട്ടിക്കുക. *v. i.* ഇറുങ്ങുക; 2. ഈററിക്കുക, ലോഭിക്കുക. p.-fist, p.-penny ഈററക്കുളി. *n.* നുള്ളൽ; 2. ഇറുക്കൽ; 3. ഒര് നുള്ള്, അല്പം, കിള്ളല്; 4. വേദന, നോവ്; 5. മെത്ത. p.-bar മെത്ത, ചന്ന (*P.*). at a p., on a p. ഞെരുങ്ങിയാൽ, അത്യാവശ്യത്തിന്ന്. -′ĕr, *n.* ഇറുക്കുന്നവൻ. -′ĕrs, *n. pl.* കൊടില്, ചവണ. -′ing, *a.* ഇറുക്കുന്ന; ഞെരുക്കുന്ന; ലുബ്ധുള്ള. p.g bar മെത്ത, ചന്ന. -′ing-ly, *ad.* ഞെരുങ്ങിക്കൊണ്ട്; ഈററയോടെ.

Pinch′beck, *n.* (തുത്തനാകവും ചെമ്പും കൂടിയ) ഒര് വക നല്ല ഓട്; 2. തമ്പാക്ക്. *a.* ഓട്കൊണ്ടുള്ള; 2. താണ; 3. കള്ളപ്പൊന്നായ.

Pin-dar′ic, =i-cal, *a.* കീൎത്തനാകാവ്യസംബന്ധം ആയ; കീൎത്തന—. =′dar-ism, *n.* കീൎത്തനാരചന. =′dar-ist, *n.* സങ്കീൎത്തനകവി.

I. Pīne, *v. t.* ദുഃഖിക്കുക, വ്യസനിക്കുക. *v. i.* (away) മെലിയുക, ക്ഷീണിക്കുക; 2. വാടുക; 3. (for) കൊതിച്ച് ചാകുക, ആധിപിടിക്കുക. pī′ning, *a.* ക്ഷീണിക്കുന്ന; ആധിപിടിച്ച; തിന്ന്കളയുന്ന, നശിപ്പിക്കുന്ന. pī′ning-ly, *ad.* വാടിക്കൊണ്ട്; ആധിയോടെ.

II. Pīne, *n.* ഒര് വക ദേവതാരവൃക്ഷം, 'പയിൻ'മരം, പീതദാരു (*b.*); 2. കാററാടി (*S.*); 'ചവോക്ക്' (*b.*); 3. കൈതച്ചക്ക (*b.*). p.-apple കൈത (*b.*); കൈതച്ചക്ക (*b.*). p.-needle ചവോക്കില (*b.*). p.-needle wool ഇലനാര്. p.-clad, p.-crowned ദേവദാരുവുള്ള. p.-oil ഒര് വക എണ്ണ, —'ററപ്പെൻറൈൻ'. -′as-tĕr, pī-nas′tĕr, *n.* ഒര് വക 'പയിൻ'മരം (*b.*). pī′nĕr-y, *n.* 'പയിൻ'കാട്; കൈതത്തോട്ടം. pī-nē′tum, *n.* 'പയിൻ'തോട്ടം. pī′ney, pī′ny, *a.* ദേവദാരുവുള്ള. pī′ney, *n.* പയൻമരം, പന്തമരം. p.y dammar, p.y resin, p.y varnish പയൻകറ, പന്തം; ധൂപം. pī′nic, *a.* പയനിൽനിന്നുണ്ടാകുന്ന.

Ping, *n.* മൂളല്, മൂളിച്ച; ഒര് വക മുഴക്കം. *v. i.* 'പിങ്ങ്' എന്ന് മുഴങ്ങുക.

Pin′iŏn (pin′yun), *n.* തൂവല്; 2. ചിറക്; 3. കയ്യാമം; 4. ചട്ടകം മറിച്ച്കെട്ടൽ. *v. t.* ചിറക്കെട്ടുക; 2. —മുറിക്കുക; 3. ഊപ്പടങ്ങെ കെട്ടുക; 4. ബന്ധിക്കുക. =iŏned (-yund), *a.* ചിറകുള്ള. -ist, *n.* പറവ, പക്ഷി.

I. Pink, Pink′y, *n.* അമരം കെട്ടുങ്ങിയ കപ്പല്.

II. **Pink**, *v. t.* തുളക്കുക; 2. അരുപല്ല് പല്ലായി മുറിക്കുക; 3. കുത്തുക, വെട്ടുക, കുത്തിവാരുക. *n.* മുറിവ്, കുത്ത്. **pinked** (pinkt), *a.* ചെറുതുളയുള്ള; അരുകതച്ച. **-'ing**, *n.* തുളക്കൽ; കുത്തിവാരൽ; പല്ല് പല്ലായികത്രിക്കൽ. **p.g iron** പല്ല് പല്ലായി മുറിക്കുന്ന യന്ത്രവാള്.

III. **Pink**, *a.* കണ്ണ് പകുതി ചിമ്മിയ, അരക്കണ്ണായ. **p.-eyed** ചെറിയ കണ്ണ് ഉള്ള, ശജനേത്രം—.

IV. **Pink**, *n.* ഒര് പുഷ്പം; 2. പാടലവർണ്ണം, ഇളഞ്ചുവപ്പ് നിറം; 3. അതിവിശിഷ്ടസാധനം. *a.* ഇളഞ്ചുവപ്പായ. **p.-eye** ഒര് വക ചെങ്കണ്ണ് (*med.*). **-'ish**, *a.* ചുവപ്പ് ഛായയുള്ള. **-'ness**, *n.* പാടലത്വം.

**Pink'stĕr, Ping'stĕr, Pinx'tĕr**, *n.* 'പെന്തെകോസ്റ്റ്'ഉത്സവകാലം (*Chr.*).

**Pin'nāce**, *n.* ഒര് വക വള്ളം, —മഞ്ചു; 2. പടക്കപ്പലിലെ 'വക്കാസ്', പടക്കപ്പത്തോണി.

**Pin'na-cle**, *n.* ഗോപുരാഗ്രം, പ്രാസാദാഗ്രം; 2. ക്രുമ്പ്, കൊട്ടമുടി; 3. ശിഖരം, അഗ്രം. *v. t.* ഗോപുരാഗ്രം ഉണ്ടാക്കുക; ക്രുമ്പ് വെക്കുക.

**Pin'nāte, =nā-ted**, *a.* തണ്ടിന്റെ ഇരുപുറവും ചെറിയ ഇലകളുള്ള, കൂട്ടില ആയ (*b.*). *impari-p.* ഒററക്കൂട്ടില— (*b.*). *pari-p.* ഇരട്ടക്കൂട്ടില— (*b.*). **-ly**, *ad.* കൂട്ടിലയാകൃതിയായി. [അഗ്രം.

**Pin'net**, *n.* ഗോപുരാഗ്രം; 2. ക്രുമ്പ്,

**Pin'ni-form**, *a.* ചിറക് പോലെയുള്ള.

**Pīnt**, *n.* ഒരളവ്, ഉരി; 2. ഒര് ദ്രാവകാളവ്, അരക്കുപ്പി, ഉരി, 32 ഉറുപ്പികത്തൂക്കം.

**Pin'tle**, *n.* (*dim. of* pin) ചെറുമൊട്ടുസൂചി; 2. വിജാകരിക്കുററി.

**Pī'nus**, *n.* പയൻവൃക്ഷവർഗ്ഗം (*b.*).

*Pinx'it*, വരച്ചത് (ചിത്രങ്ങളിൽ ചിത്രക്കാരന്റെ പേരോട് ചേൎത്തെഴുതുന്ന വാക്ക്).

**Pinx'tĕr**, *n.*, *see* Pinkster.

**Pī-o-nēer'**, *n.* (സൈന്യത്തിന്ന് പോവാൻ വഴിപാലം മുതലായത് ഉണ്ടാക്കുന്ന) 'മരാമത്ത്' പടയാളി, 'പയനീര്'പട്ടാളം; 2. വഴി ഒരുക്കുന്നവൻ, അഗ്രഗാമി. *v. t. & i.* മുമ്പായി ചെല്ലുക, വഴിഒരുക്കുക.

**Pī'ŏus**, *a.* ദൈവഭക്തി ഉള്ള, ഭക്തി—, ദൈവഭയം—; 2. വണക്കം—, ഗുരുത്വം—; 3. അബദ്ധഭക്തിയാൽ ചെയ്യു. **-ly**, *ad.* ഭക്തിയോടെ. **pī'e-ty**, *n.* ഭക്തി; വണക്കം; ഗുരുത്വം. **pī'e-tism**, *n.* ഭക്തിവാദം; ഭക്തവൎഗ്ഗോപദേശം; അതിഭക്തി; കപട—. **pī'e-tist**, *n.* ഭക്തിവാദി; ഭക്തവൎഗ്ഗക്കാരൻ; അതിഭക്തൻ; കപട—.

I. **Pip**, *n.* കോഴികൾക്കുള്ള ഒരു രോഗം, മുള്ള് വരൽ.

II. **Pip**, *n.* വിത്ത്, കുരു (*b.*).

III. **Pip**, *v. i.* (പക്ഷിക്കുഞ്ഞ്) കരയുക, ചിലെക്കുക.

**Pīpe**, *n.* (വാദ്യം) കുഴല്, വേണു, നാഗസ്വരം; 2. പാത്തിക്കുഴല്, കുഴല്; 3. 'ചുങ്കാണി', 'ചുങ്കാൻ', 'പൈപ്പ്'; 4. ശ്വാസനാളം (*an.*); 5. സ്വരഭേദം; 6. പക്ഷിസ്വരം; 7. ചൂളവിളി (*naut.*); ചൂളക്കുഴല്; (*naut.*); 8. (വീഞ്ഞ്) പീപ്പ; ഏകദേശം 500 കുപ്പി. **p.-clay** ഒര് വക ചെകിടിമണ്ണ്; വെളുപ്പിക്കുക; കണക്ക് തീൎക്കുക. **p.-fish** കുഴലമീൻ (*z.*). **p.-fitter** കുഴല് വെക്കുന്നവൻ. **p.-fitting** കുഴൽചേപ്പ്. **p.-layer** കുഴൽവെക്കുന്നവൻ, ഓവ് പണിക്കാരൻ. **p.-laying** ഓവ് പണി; കുഴൽപണി; കായ്യലാഭം വരുത്തൽ (*pol.*). **p.-stem** ചുങ്കാണിക്കുഴല്. **wind-p.** തൊണ്ട, ശ്വാസനാളം (*an.*). **to smoke the p. of peace** സമാധാനമാക, സന്ധിക്കുക. *v. i.* കുഴലൂതുക; 2. ചൂളവിളിയാൽ കല്പിക്കുക (*naut.*); 3. ചൂളവിളിക്കുക. *v. t.* കുഴലൂതുക; 2. (കപ്പലിൽ) ചൂളശബ്ദത്താൽ കല്പിക്കുക; 3. കുഴല് വെക്കുക. **pīped** (pīpd), *a.* കുഴല് ഉള്ള; —ആയ. **pī'pĕr**, *n.* കുഴലൂത്ത്കാരൻ. **to pay the p.r** ചിലവിടുക, നിൎവ്വഹിക്കുക, ബുദ്ധിമുട്ട് സഹിക്കുക. **pī-pette'** (-pet'), *n.* ചെറുകണ്ണാടിക്കുഴല്. **pī'ping**, *a.* കുഴലൂതുന്ന; ശാന്തംആയ; ഉ

ച്ചസ്വരം—; പതച്ച് മറിയുന്ന. p.g hot തീപോലെ പൊള്ളുന്ന. *a.* സ്ത്രീകളുടെ വസ്ത്രത്തിന്ന് വെക്കുന്ന നാട; കുഴലുകൾ, പാത്തികൾ; കുഴലുതൽ; നടേണ്ടതിന്ന് മുറിച്ചകഷണം, മുറിച്ചകൊമ്പ്; കൊമ്പ് മുറിച്ച് നടൽ. **pī'py**, *a.* കുഴൽപോലെയുള്ള, പൊള്ളയായ. **pip'kin**, *n.* (*dim. of* pipe) ചെറുകലം.

**Pip'at**, *n.* ഒര് പക്ഷി, ഒര് വക വാനമ്പാടി (*z.*). ['ഏല്പൽ' (*b.*).

**Pip'pin**, *n.* ഒര് പഴം, മധുരജാമ്പ്,

**Pï'quant** (pē'kant), *a.* എരു ഉള്ള; 2. രസം—, രുചികരമായ; 3. മൂർച്ചയുള്ള, കത്തുന്ന; 4. രസികമായ. **pï'quan-cy** (pē'kan-), *n.* എരു, കാരം, രൂക്ഷത; രസം. **-ly**, *ad.* രസികമായി; മൂർച്ചയോടെ.

I. ***Pi-qué'*** (pe-kā'), *n.* ഒര് വക ചിത്രശീല.

II. **Pïque** (pēk), *n.* നീരസം, മുഷിച്ചല്, പരിഭവം, കാലുഷ്യം; 2. കൊതി, വാഞ്ഛ. *v. t.* മുഷിപ്പിക്കുക, നീരസം വരുത്തുക; 2. കോപിപ്പിക്കുക; 3. സ്പർദ്ധതോന്നിക്കുക; 4. ഉണർത്തുക, കിളുത്തുക, തോണ്ടുക; 5. (*refl.*) ശ്ലാഘിക്കുക, പൊങ്ങിപ്പോക, പൊങ്ങച്ചം കാട്ടുക. *v. i.* വെറുപ്പിക്കുക.

I. **Piqu'et** (pik'et), *s. a.* **Picket.**

II. **Pï-quet'**, **Pï-equet'** (pē-ket'), **Pick'et**, *n.* ഒര് വക ചീട്ട് കളി.

**Pi'ra-cy**, *n.*, *s. u.* **Pirate.**

**Pi-ram'e-tĕr**, *n.* ശകടബലമാത്ര.

**Pi'rāte**, *n.* കടല്ക്കള്ളൻ, കപ്പല്ക്കൊള്ളക്കാരൻ; 2. കള്ളക്കപ്പല്, കവച്ചക്കപ്പല്; 3. ആരാൻ രചിച്ചപുസ്തകം കളവായി പ്രസിദ്ധം ചെയ്യുന്നവൻ, ഗ്രന്ഥതസ്കരൻ. *v. i.* കടല്ക്കള്ളനായിരിക്കുക; കപ്പല്ക്കൊള്ള ചെയ്യുക. *v. t.* ഗ്രന്ഥതസ്കരത്വം പ്രവൃത്തിക്കുക. **pi'ra-cy**, *n.* കടല്ക്കളവ്, സമുദ്രചൌര്യം, കപ്പല്ക്കൊള്ള; ഗ്രന്ഥതസ്കരത്വം. **=rat'ic**, **=rat'i-cal**, *a.* കടല്ക്കവച്ചസംബന്ധിച്ച; സമുദ്രചോരണം നടത്തുന്ന; ഗ്രന്ഥതസ്കരത്വമായ. **=rat'i-cal-ly**, *ad.* കടല്ക്കവച്ചയായി. **=rā-ting**, *a.* ഗ്രന്ഥതസ്കരത്വം ചെയ്യുന്ന.

**Pïrl**, *v. t.* തിരിക്കുക, ചുററുക; 2. പിരിക്കുക.

**Pïrn**, *n.* 'നല്ലി', വെറുങ്കോല് (*w.*); 2. വെറുങ്കോലിൽ ചുററിയ നൂല് (*w.*).

**Pï-rōgue'** (-rōg'), *n.* കുഴിച്ചുണ്ടാക്കിയ തോണി; ചെറുതോണി.

**Pir-ou-ette'** (pir-u-et'), *n.* തിരിയല്; (നൃത്തത്തിലെ) തിരിഞ്ഞ് കളി; 2. കുതിരയുടെ ചുററിത്തിരിയൽ. *v. i.* തിരിയുക, ചുററിത്തിരിയുക.

**Pis'ca-ry**, *etc.*, *s. u.* **Pisces.**

**Pis'cēs**, *n. pl.* മീനരാശി (*as.*); 2. മത്സ്യവർഗ്ഗം (*z.*). **pis'ca-ry**, *n.* മീൻപിടുത്താവകാശം (*l.*). **pis-cā'tion**, *n.* മീൻപിടിത്തം. **pis'ca-tōr**, *n.* മീൻപിടിക്കുന്നവൻ; ചൂണ്ടക്കാരൻ, ചൂണ്ടലിടുന്നവൻ. **pis-ca-tō'ri-al**, **pis'ca-tor-y**, *a.* മത്സ്യസംബന്ധമായ; മീൻപിടിത്തംസംബന്ധിച്ച. **pis'ci-cap-tūre**, *n.* മീൻപിടിത്തം. **pis'ci-cul-tūre** (*or* -chur), *n.* മീൻപോററൽ. **pis-ci-cul'tū-rist**, *n.* മീൻപോററുന്നവൻ. **pis'ci-form**, *a.* മത്സ്യാകൃതി ആയ; മത്സ്യതുല്യം—. **pis-cī'na**, *n.* (പള്ളിയിലെ) നീർമാടം (*R. C.*). **pis'ci-nal**, *a.* മത്സ്യപ്പോററ്കുളം സംബന്ധിച്ച; നീർമാടം—. **pis'-cine** (-sin), *a.* മത്സ്യസംബന്ധമായ. **pis-civ'ō-rŏus**, *a.* മത്സ്യഭക്ഷായ (*z.*).

**Pï-se'** (pē-zā'), *n.* മൺചുമര് (*arch.*).

**Pish**, *int.* ഛീ, ഛത്ത്. *v. i.* നിന്ദിക്കുക, നിസ്സാരമാക്കുക.

**Pis'mīre**, *n.* ചോണൻ (*z.*); നീരിറുമ്പ്, നീററുറുമ്പ് (*z.*); ഉറുമ്പ് (*z.*).

**Piss**, *v. t.* & *i.* മൂത്രിക്കുക, മൂത്രം ഒഴിക്കുക, —വീഴ്ത്തുക, മു(മൊ)ള്ളുക, ഒന്നിന്ന് പോക. *n.* മൂത്രം.

**Pis-sas'phalt** (pis-as'falt), **Pis-as'phalt**, **Pis-as'phal-tum**, *n.* മഞ്ഞീല്, മണ്ണാറ്, ശിലാജതു, ഒര് വക കന്മദം.

**Pis-tā'chi-ō** (*or* -tā'shō), **Pis-tā'-chi-a** (-shi-a), *n.* ഒര് വക അണ്ടി (*b.*). **p.-nut** 'പിസ്താശി'യണ്ടി (*b.*). **=tā'ci-a** (-tā'shi-a), *n.* 'പിസ്താശി'മരം (*b.*).

**Pis'tic**, *a.* മായമില്ലാത്ത, ശുദ്ധമായ.

**Pis'til**, *n.* അല്ലിത്തണ്ട്, ഗർഭകേസരം (*b.*). **-lā'ceŏus** (-ā'shus), *a.* ഗർഭകേസരസംബന്ധമായ; അല്ലിത്തണ്ട് പോലെയുള്ള. **-lāte, -lif'ĕr-ŏus** (-if'ĕr-us), *a.* അല്ലിത്തണ്ടുള്ള (*b.*).

**Pis'tol**, *n.* കൈത്തോക്ക്, 'പിസ്റ്റോള്'. **p.-shot** കൈത്തോക്ക് വെടി; —വെടിപ്പാട്. *v. t.* കൈത്തോക്ക് കൊണ്ട് വെടിവെക്കുക. **=lāde**, *n.* കൈത്തോക്ക് വെടി. **=lēer**, *n.* കൈത്തോക്ക്കാരൻ. **=let**, *n.* ചെറിയ മടിത്തോക്ക്.

**Pis-tōle'**, *n.* 8ക മുതൽ 10ക വരെ വിലയുള്ള ഒര് പഴയപൊൻനാണ്യം.

**Pis'ton**, *n.* കുഴലുലക്ക, ചാമ്പ് കോല്, തള്ള്—; അച്ച്—, രോധാനി (*ph.*).

**Pit**, *n.* കുഴി, കുണ്ട്, കുണ്ഡം, പള്ളം; 2. ഖനി, തുരങ്കം; 3. കല്ലുകുഴി, കല്പണ; 4. ശവക്കുഴി; 5. പാതാളം, നരകം; 6. ആനക്കുഴി; 7. കണി, കുടുക്ക്; 8. കക്ഷം, തൊക്ക് (*an.*); 9. നെഞ്ച് കുഴി, മാക്കുഴി (*an.*); 10. കല; 11. മുശരംഗം, പോത്തളം. **p.-coal** കല്ക്കരി. **p.-fall** കുഴി, കുടുക്ക്, കെണി. **p.-falling** കെണിക്കൽ, കുടുക്കൽ. **p.-frame** തുരങ്കക്കൂട്. **p.-head** ഖനിമുഖം, തുരങ്കവായി. **p.-hole** കുഴി; വസൂരിക്കല. **p.-man** തുരങ്കപ്പണിക്കാരൻ; (ഈർച്ചയിൽ) കീഴാള്. **p.-pan** ഒര് വക പുഴത്തോണി. **p.-saw** തടയീർച്ച വാള്. **p. of the stomach** നെഞ്ഞത്തെകുഴി, അള്ള, മാക്കുഴി (*an.*). **arm-p.** കക്ഷം, തൊക്ക്, തൊക്കിള് (*an.*). **cold p.** (സസ്യാദികൾക്കായുള്ള ചൂട്ട്കുഴി (*hort.*). **working p.** ഖനിവായ്. *v. t.* കുഴിയിലിടുക; 2. കുഴികുഴിയാക്കുക, കലവീഴ്ത്തുക. 3. പോരിന്ന് വിടുക; എതിരായിനിർത്തുക; **-'ted**, *a.* വസൂരിക്കലയുള്ള.

**Pï'ta**, *n.* ഐറോപ്പക്കൈതനാര് (*b.*).

**Pit'a-pat, Pit'pat**, *ad.* കിടുകിടുത്ത്, കിടുകിട, ഭ്രമത്തോടെ. *n.* ചറുചരശബ്ദം.

I. **Pitch** (pich), *n.* താറ്, കീല്, പന്തം. **p.-black, p.-dark** കരിങ്കറുപ്പായ, കറുകറകറുത്ത; കൂരിരുട്ടായ. **p.-coal** കൃഷ്ണാമ്പര്. **p.-stone** കൃഷ്ണശില. **Jew's p.** താറ്, കീല്. **like p.** കറുത്ത; ഇരുണ്ട. **mineral p.** പന്തം. **Burgundy p.** വെള്ളപ്പന്തം. *v. t.* താറ് തേക്കുക; 2. കറുപ്പിക്കുക; 3. ഇരുട്ടാക്കുക; 4. കാണാതാക്കുക. **-'i-ness**, *n.* കറുപ്പ്; ഇരുട്ട്. **-'y**, *a.* 'താറ്'പോലെയുള്ള; —തേച്ച; ഇരുണ്ട, കൂരിരുട്ടായ.

II. **Pitch** (pich), *v. t.* എറിയുക, ചാട്ടുക, തെറുക, എറുക, എയ്യുക; 2. തറക്കുക, നാട്ടുക; 3. ഉറപ്പിക്കുക, ക്രമപ്പെടുത്തുക: **to p. a tent** തമ്പ് അടിക്കുക, കൂടാരം—; 4. കല്ലിട്ടിടിക്കുക, ചരലിട്ടുറപ്പിക്കുക; 5. സ്വരനിദാനം ചെയ്യുക. **p.ed battle** അണിയുദ്ധം. **to p. into** ആക്രമിക്കുക, എതിക്കുക. *v. i.* കൂടാരമടിക്കുക; 2. ഇറങ്ങുക, പറന്ന് വീഴുക, താഴുക; 3. (on, upon) തെരിഞ്ഞെടുക്കുക; 4. വീഴുക; ചരിയുക, ചായുക; (കപ്പല്) ഇളകുക, ആട്ടുക. **p. and pay** റൊക്കംകൊടുക്കൽ. *n.* ഏറ്, ചാട്ടം, മറിക്കൽ: **p. and toss** ത്രാസ് മറിക്കൽ; **to play p. and toss with** (anything) സൂക്ഷിക്കാതിരിക്കുക, കൊത്തങ്കല്ല് കളിക്കുക (*N.*), നശിപ്പിക്കുക; 2. അഗ്രം, കൊടുമുടി, ശിഖരം; 3. അത്യുത്തി, അതിര്; 4. വീഴ്ച, പതനം; 5. ആട്ടം; 6. ചരിവ്; 7. ചരിച്ചൽ വീതം; 8. സ്വരമൂർച്ച; 9. ഖനിയതൃത്തി; 10. ചക്രപ്പൽ ദൂരം (*mech.*). **concert p.** സംഗീതനാടകസ്വരനിദാനം. **p.-pipe** സ്വരനിദാനക്കുഴല്. **p.-faced** (കല്ല്) ചെത്തിച്ചതുരമാക്കിയ. **p.-fork** (കൃഷിക്കാരുടെ) ചില്ല് മുള്ള്; സ്വരമുള്ള്. **p.-wheels** പൽചക്രങ്ങൾ. **p. of roof** മേല്പുരച്ചരിവ് (*arch.*). **-'ĕr**, *n.* എറിയുന്നവൻ, ചാട്ടുന്നവൻ. **-'ing**, *n.* എറിയൽ; ഏറ്; നിരത്ത് ചരലിട്ടിടിക്കൽ; കൽപാതാറ്; കപ്പലിൻെറ ഇളക്കം, —ആട്ടം. *a.* ചരിവുള്ള.

**Pitch'ĕr** (pich'ĕr), *n.* പിടിയുള്ള ജലപാത്രം, മംഗലി (*S.*). **-ful**, *n.* പാത്രത്തിൽ കൊള്ളുന്നത്; നിറവ്.

**Pit'e-ŏus**, *etc.*, *s. u.* **Pity.**

**Pith**, *n.* പൊങ്ങ് (*b.*); 2. മജ്ജ (*an.*); മജ്ജാതന്തു (*an.*); 3. കാമ്പ്, കാതല്; 4. സാരം, സത്വം; 5. ബലം, ഊക്ക്; 6. ജീ

വൻ, ചൈതന്യം; 7. വീൎയ്യം. p.-paper, *see* rice-paper *under* Rice. *v. t.* മജ്ജാതന്തു ഛേദിക്കുക. -'ful, *a.* പൊങ്ങ് ഉള്ള; കാമ്പ്—; സാരം—. -'i-ly, *ad.* ബലത്തോടെ, ഉറപ്പായി; സാരമായി. -'i-ness, *n.* വീൎയ്യം, ബലം; സാരം; പൊങ്ങ്. -'less, *a.* ഊക്കില്ലാത്ത, ചുണകെട്ട; ബലഹീനമായ. -'sŏme, *a.* ഊക്ക് ഉള്ള, ആരോഗ്യം—. -'y, *a.* പൊങ്ങ് ഉള്ള; —ആയ; നാഡിബലം ഉള്ള, ഊക്ക്—; ബലമായ.

**Pit'i-a-ble, Pit'i-fu̦l, Pit'i-less,** *etc.*, *s. u.* Pity.

**Pi-tot's' tūbe,** *n.* പ്രവാഹമാത്രം.

**Pit'pat,** *ad.*, *see* Pitapat.

**Pit'ta,** *n.* ഒരുവക പഞ്ചവൎണ്ണക്കിളി, പൊന്മ (*z.*).

**Pit'tance,** *n.* ധൎമ്മച്ചോറ്, ഭിക്ഷാന്നം; 2. ധൎമ്മം, ഭിക്ഷ; 3. ഒരുപിടി ചോറ്; 4. അല്പദാനം; അല്പം; 5. അല്പവൃത്തി, ചെറുശമ്പളം, അല്പമായ പ്രതിഫലം.

**Pit'tle-pat-tle,** *v. i.* ചിലെക്കുക, നൊടിയുക.

**Pit'ū-īte,** *n.* കഫം, ശ്ലേഷ്മം; 2. മൂക്കട്ട, മൂക്ക്ചളി. =tū'i-tar-y, *a.* ശ്ലേഷ്മോല്പാദകമായ (*an.*). =tū'i-tŏus, *a.* കഫതുല്യം ആയ; ശ്ലേഷ്മം—; —ഉള്ള; —ഒഴുകുന്ന. p.s fever വിഷമജ്വരം, പകച്ചപ്പനി (*med.*).

**Pit'y,** *n.* ഭക്തി; 2. ദയ, അലിവ്, കൃപ, കരുണ, കനിവ്; 3. അഭ്യോഭാവം, പരിതാപം, സഹ—; 4. (*also pl.* pit'ies) വ്യസനം, കഷ്ടം: it is a thousand p.s വലിയ വ്യസനം തന്നെ, വളരെ കഷ്ടമായ്പോയി. *v. t.* അലിവ് തോന്നുക, കനിവ്—, കൃപ—. *v. i.* മനസ്സലിയുക; കൃപയുണ്ടാക, ദയകാണിക്കുക. -ing, *a.* ദയ ഉള്ള, മനസ്സലിവ്—, ആൎദ്രത—. -ing-ly, *ad.* ആൎദ്രതയോടെ, അഭ്യോഭാവത്തോടെ, മനസ്സഴിഞ്ഞ്. pit'e-ŏus, *a.* ഭക്തിഉള്ള; ദയ—, അലിവ്—, പരിതാപം—; പരിതാപകരം ആയ, വ്യസനകരം—, സങ്കടമുള്ള; നിസ്സാരം ആയ, നീചം—, അരിഷ്ടം—. pit'e-ŏus-ly, *ad.* പരിതാപകരമാംവണ്ണം; വ്യസനത്തോടെ; സാരമില്ലാതെ. pit'e-ŏus-ness, *n.* ആൎദ്രത; അരിഷ്ടത; നിസ്സാരത. pit'i-a-ble, *a.* ദയതോന്നത്തക്ക, പരിതാപകരമായ; അരിഷ്ടത ഉള്ള, സങ്കടം—. pit'i-a-ble-ness, *n.* അരിഷ്ടത. pit'i-a-bly, *ad.* അരിഷ്ടതയോടെ. pit'i-ĕr, *n.* ദയാലു, മനസ്സലിവ് കാണിക്കുന്നവൻ. pit'i-fu̦l, *a.* കൃപ ഉള്ള, ആൎദ്രത—, കരുണ—; അരിഷ്ടത—, വ്യസനകരം ആയ; നിന്ദ്യം—, ഹീനം—, നിസ്സാരം—. pit'i-fu̦l-ly, *ad.* ദയയോടെ; വ്യസനകരമായി; നിസ്സാരമായി. pit'i-fu̦l-ness, *n.* ആൎദ്രത, അലിവ്; അരിഷ്ടത; നീചത്വം. pit'i-less, *a.* ദയ ഇല്ലാത്ത, കനിവ്—; കഠിനമനസ്സുള്ള; ക്രൂരം ആയ, കൊട്ടരം—; പരിതാപം തോന്നുവാൻ സംഗതിയില്ലാത്ത. pit'i-less-ly, *ad.* നിൎദ്ദയം; നിഷ്ഠുരമായി. pit'i-less-ness, *n.* നിൎദ്ദയ; നിഷ്ഠുരത.

**Pit-y-ri'a-sis,** *n.* ചുണങ്ങ്, പൊളുന്നര (*med.*). =roid, *a.* തവിട് പോലെയുള്ള, ചുണങ്ങ്—.

**Piv'ot,** *n.* തിരിക്കുററി, ചുഴിക്കുററി, കുടുമ, തിരിയാണി, വിവൎത്തനകീലം; 2. കേന്ദ്രം, സാരഭാഗം; 3. അണിത്തലയാള് (*mil.*). p.-man അണിത്തലയാള് (*mil.*). *v. t.* തിരിക്കുററിമേൽ വെക്കുക. -al, *a.* തിരിയാണിസംബന്ധിച്ച; —ആയ; കേന്ദ്രസ്ഥാനം—, മുഖ്യം—.

**Pix,** *s. a.* Pyx.

**Pix'y, Pix'ie, Picks'y,** *n.* യക്ഷി. p.-led യക്ഷിബാധിച്ച; സംഭ്രമമുള്ള. p.-ring യക്ഷിചക്രം.

**Piz'zle,** *n.* മൃഗശിഷ്ണം.

**Plā'ca-ble,** *a.* ശമനീയമായ; 2. ശാന്തഗുണം ഉള്ള; ക്ഷമാശീലം—. =bil'i-ty, -ness, *a.* ശമനീയത്വം, സൌമ്യത.

**Plā'cāte,** *v. t.* ശമിപ്പിക്കുക, ശാന്തമാക്കുക, സാവധാനപ്പെടുത്തുക; 2. ഇണക്കുക. =cā'tiŏn, *n.* ശമിപ്പിക്കൽ, സമാധാനമാക്കൽ.

**Plac'ärd,** *n.* (പലേടവും പതിക്കുന്ന) പരസ്യപത്രം, വിളംബരം. pla-cärd',

*v. t.* പരസ്യം പതിക്കുക; 2. പ്രസിദ്ധപ്പെടുത്തുക.

**Plāce,** *n.* സ്ഥലം; ഇടം; 2. തെരുവീഥി; 3. തുറസ്സ്; 4. ദിക്ക്, പ്രദേശം; 5. സ്ഥിതി, പദവി, നില; 6. ഉദ്യോഗം; സ്ഥാനം; 7. ഒഴിവ്, പകരം, 'ബദല്'; 8. ഭാഗം, ഖണ്ഡം; 9. സ്ഥാനക്രമം: **in the first p.** ആദ്യമായി, ഒന്നാമതായി; 10. പ്രവേശം, നില്പ്: **my word has no p. in you** എൻെറ വാക്ക് നിങ്ങൾ കൂട്ടാക്കുന്നില്ല; 11. ഇടം (*as.*). **p.-man** ഉദ്യോഗസ്ഥൻ, സക്കാരുദ്യോഗസ്ഥൻ. **p.-proud** സ്ഥാനാഹമ്മതി ഉള്ള, ഉദ്യോഗഗർവ്വം—. **high p.** കന്ന്. **p. of arms** കോട്ട. **in p.** തക്കസ്ഥലത്ത്; —സമയത്ത്, തരത്തിൽ. **out of p.** അയുക്തം ആയ, അസംബന്ധം—; തരംകെട്ട. **to give p.** തെററുക (*N.*); മാറുക (*S.*), വാങ്ങിനില്ക്കുക; ഇടംകൊടുക്കുക, തരം—. **to have p.** ഇടമുണ്ടാക. **to take p.** സംഭവിക്കുക, ഉണ്ടാക, നടക്കുക; മുമ്പ് കിട്ടുക, മുന്തുക; സാധിക്കുക, ഫലമുണ്ടാക. **to take the p. of** പകരമാക, ബദലായിരിക്കുക. *v. t.* ഇടംകൊടുക്കുക, സ്ഥലം—; 2. വെക്കുക; ആക്കുക; നിൎത്തുക, നിശ്ചയിച്ചാക്കുക; 3. ഇടുക: **to p. money in a bank** പണം 'ബേങ്കിൽ' ഇടുക; 4. ആസ്പിചാരിക്കുക, എന്ന് വെക്കുക: **p. it for her virtue** അത് അവളുടെ ഒര് സല്ഗുണമാണെന്നിരിക്കട്ടെ. **to p.** (a person) (ആളെ) കണ്ട് തിരിക്കുക (*U. S.*). **-'less,** *a.* ഉദ്യോഗമില്ലാത്ത. **-'ment,** *n.* വെക്കൽ; സ്ഥിതി; സ്ഥാനം; വില. **plā'cĕr,** *n.* വെക്കുന്നവൻ, ആക്കുന്നവൻ.

**Pla-cen'ta,** *n.* (*pl.* pla-cen'tæ) മറു, മാച്ച് (*an.*). **=cen'tal,** *a.* മറുസംബന്ധിച്ച; —ഉള്ള. **=cen'tar-y,** *a.* —സംബന്ധമായ. **=tā'tiŏn,** *n.* —ഉണ്ടാകൽ. **=tif'ĕr-ŏus,** *a.* —ഉള്ള; —ഉണ്ടാകുന്ന. **=cen'ti-form,** *a.* മാച്ചാകൃതിയായ.

**Plā'cet,** *n.* സമ്മതാഭിപ്രായം, സമ്മതച്ചീട്ട്; 2. സഭാചട്ടത്തിന്ന് രാജാവ് കൊടുക്കുന്ന സമ്മതം.

**Plac'id,** *a.* ശാന്തം ആയ, സൌമ്യം—; സന്തുഷ്ടി ഉള്ള; മനഃസ്വസ്ഥത—, സമാധാനം—. **=cid'i-ty,** *n.* സന്തുഷ്ടി; ശാന്തത. **-ly,** *ad.* ശാന്തമായി. **-ness,** *n.* ശാന്തത, സമാധാനം.

**Plac'i-tum,** *n.* (*pl.* plac'i-ta) രാജാലോചനസഭ; 2. ഒര് 'കോടതി'; 3. വ്യവഹാരം; 4. വാദം (*l.*).

**Plack'et,** *n.* പാവാട; 2. പാവാടപ്പഴുത്, പാവാടയുടെ ഉട്വായി; 3. സ്ത്രീകളുടെ 'കീശ'.

**Plā'gia-rīse, =rīze** (pla'ja-), *v. t.* അന്യഗ്രന്ഥത്തിൽ നിന്നെടുത്ത് സ്വന്തരചനയാണെന്ന് തോന്നത്തക്കവണ്ണം ഉപയോഗിക്കുക, പ്രസ്താവചോരണം ചെയ്യുക. *v. i.* വാഗപഹരണം—. **=rism,** *n.* പ്രസ്താവചോരണം, വാഗപഹാരം, അഭിപ്രായാപഹരണം. **=rist,** *n.* വാഗപഹാരി. **=ry,** *n.* സാഹിത്യചോരണം; പ്രസ്താവചോരൻ. *a.* അഭിപ്രായാപഹാരിയായ.

**Plā'gi-um,** *n.* ആൾക്കളവ് (*l.*).

**Plāgue** (plāg), *n.* ബാധ, അത്യാപത്ത്; 2. ഉപദ്രവം, സൊല്ല; 3. മഹാമാരി, പകരുന്നവിഷപ്പനി (*med.*); 4. പകൎച്ചവ്യാധി (*med.*). **cattle-p.** നാല്ക്കാലിരോഗം. **p.-mark, p.-spot** മഹാമാരിലക്ഷണം; മാറാവ്യാധി—. *v. t.* ബാധിക്കുക; അത്യാപത്ത് വരുത്തുക; 2. ഉപദ്രവിക്കുക, പീഡിപ്പിക്കുക, അസഹ്യപ്പെടുത്തുക, സൊല്ലയാക്കുക. **-'ful,** *a.* ബാധയുള്ള; വ്യാധികരമായ; പകൎച്ചവ്യാധി വരുത്തുന്ന. **-'less,** *a.* വ്യാധിഇല്ലാത്ത, മഹാമാരി—. **plā'guĕr,** (-gĕr), *n.* ബാധിക്കുന്നവൻ, സൊല്ലക്കാരൻ. **plā'gui-ly** (-gi-li), *ad.* ഉപദ്രവകരമായി, അസഹ്യമായി; ഏററവും, വളരെ. **plā'guy** (-gi), *a.* അനൎത്ഥമായ, ബുദ്ധിമുട്ടിക്കുന്ന; മോട്ടുള്ള.

**Plāice, Plāise** (plās), *n.* ഒര് മത്സ്യം (*z.*). **p.-mouth** ചെറിയവായി.

**Plāid** (*or* plad), *n.* സ്കോട്ട്ലാണ്ട്കാർ ധരിക്കുന്ന ഒര് മേലാട; 2. കള്ളിക്കള്ളിത്തുണി. *a.* കള്ളിക്കള്ളിയായ. **-'ed,** *a.*

മേലാട ധരിച്ച. -'ing, *n.* കള്ളിക്കള്ളി ത്തുണി.

I. **Plāin,** *v. i.* വിലാപിക്കുക, മുറയിട്ടുക; 2. ആവലാധിപറയുക. *v. t.* ദുഃഖിക്കുക, വിലപിക്കുക. -'ing, *n.* അന്യായം, ആവലാധി. *a.* ആവലാധി പറയുന്ന.

II. **Plāin,** *a.* പരപ്പായ, തട്ടൊത്ത, നിരന്ന, മിനുസമുള്ള; 2. തുറസ്സായ, തടസ്ഥമില്ലാത്ത; 3. ന്യായം ആയ, തുല്യാ—, ക്രച്ചൊത്ത (*N.*), ആട്ടിയൊത്ത (*P.*); 4. സ്പഷ്ടംആയ, തെളിവ്—, ലളിതം—; പച്ച—; 5. സാധാരണം—, കഴക്കൻ—, ചിത്രപ്പണിയില്ലാത്ത; 6. സാമാന്യമായ, പഠിപ്പ് കുറഞ്ഞ, നാട്യമില്ലാത്ത; 7. ശുദ്ധ, യഥാൎത്ഥം ഉള്ള, കപടമററ; 8. ചിലവ് ചുരുങ്ങിയ, സാധാരണമട്ടില്ലുള്ള, ഘോഷം ഇല്ലാത്ത; 9. സൌന്ദൎയ്യം—, ചന്തംകുറഞ്ഞ; 10. കാണ്മാൻ തരക്കേടില്ലാത്ത; 11. പൂപ്പണിയില്ലാത്ത, 'സാത'; 12. മോടിയില്ലാത്ത; 13. വെറും. p.-dealer സത്യവാൻ. p.-dealing നേര്, മായമില്ലായ്മ. p.-hearted യഥാൎത്ഥമുള്ള, ഉപായമില്ലാത്ത. p.-heartedness പരമാൎത്ഥം. p.-spoken പച്ചയായിപറഞ്ഞ, തുറന്ന്—, യഥാൎത്ഥമായ. p.-sewing, p.-work സാധാരണ തുന്നല്, തുണിത്തുന്നല്. p.-speaking യഥാൎത്ഥത, നിഷ്കപടഭാവം. *ad.* സ്പഷ്ടമായി. *n.* സമഭൂമി, പരപ്പ്, മൈതാനം. p.s-man താണരാജ്യക്കാരൻ. *v. t.* നിരപ്പാക്കുക, മിനുസമാക്കുക, ചിപ്പുളിയിടുക; 2. സ്പഷ്ടമാക്കുക, തെളിയിക്കുക. -'y, *ad.* തെളിവായി, വെളിവിൽ. -'ness, *n.* സ്പഷ്ടത, വ്യക്തി; സാമാന്യത.

**Plāint,** *n.* പ്രലാപം, മുറവിളി; 2. ആവലാധി, സങ്കടം; 3. അന്യായം, അദാലത്തന്യായ'ഹരജി', 'ഹരജി' (*l.*). -'ful, *a.* അന്യായം ബോധിപ്പിക്കുന്ന, സങ്കടംപറയുന്ന. ='tiff, *n.* അദാലത്തന്യായക്കാരൻ, അന്യായക്കാരൻ, വാദി (*l.*). ='tive, *a.* വ്യസനമുള്ള; പ്രലാപം ആയ; ദുഃഖകരം—. ='tive-ly, *ad.* ദുഃഖത്തോടെ. ='tive-ness, *n.* വ്യസനം, ദുഃഖം. -'less, *a.* സങ്കടം പറയാത്ത.

**Plāit,** *n.* മടക്ക്; ചുരുക്ക്, 'പ്ലീററ്'; ഞെറിവ്; ചുളിവ്; 2. മിടച്ചല്, പിന്നല്; *v. t.* മടക്കുക; ഞെറിയുക; ചുളിക്കുക; ചുരുക്കുക, 'പ്ലീററിടുക'; 2. മിടയുക, മടയുക; നെയ്യുക; (മുടി) പിന്നുക; (ചരട്) കുത്തുക. -'ed, *a.* മടക്കിയ; ഞെറിഞ്ഞ; ചുരുക്കിട്ട; മിടഞ്ഞ; പിന്നിയ; കൃത്രിമമായ, യുക്തിയുള്ള. -'ĕr, *n.* മടക്കുന്നവൻ; മിടയുന്നവൻ.

**Plan,** *n.* പടം; ആകൃതി, രൂപം; വിവരം; 2. വഴി, ആലോചന, സങ്കല്പം; ക്രമം, വിധം, രീതി; 3. സൂത്രം, ഉപായം, മട്ടം; 4. തോത്, മട്ട്. *v. t.* പടംവരക്കുക, വരച്ച്കാട്ടുക; 2. ആലോചിക്കുക, യന്ത്രിക്കുക. planned (pland), *a.* നിരൂപിച്ച. -'less, *a.* ക്രമംകെട്ട. -'nĕr, *n.* ആലോചിക്കുന്നവൻ.

**Planch'et,** *n.* നാണ്യമാകുന്ന തകിട്. **plăn-chette'** (-shet'), *n.* ചെറുപലക.

**Planch'ing,** *n.* മച്ചിടൽ, പാകൽ, തട്ടിടൽ; 2. പാക്ക്, തട്ട്.

I. **Plāne,** *a.* പരപ്പായ, തട്ടൊത്ത. *n.* പരപ്പ്, വിതാനം, വിധാനം (*geom.*); 2. മട്ടം (*carp.*); 3. ചിപ്പുളി (*N.*), ചിന്തേര (*S.*), (*carp.*). p.-iron ചിപ്പുളിനാക്ക് (*carp.*). p.-stock ചിപ്പുളിക്കൂട് (*carp.*). *v. t.* ചിപ്പുളിയിടുക, ചിന്തേരിടുക (*S.*), മിനുസമാക്കുക; 2. മാച്ച്കളയുക; 3. ഒപ്പമാക്കുക, നിരത്തുക. p.ing machine യന്ത്രച്ചിപ്പുളി plā'nĕr, *n.* ചിപ്പുളിയിടുന്നവൻ; യന്ത്രച്ചിപ്പുളി; (അച്ച്) മിനുസമുട്ടി (*print.*).

II. **Plāne, Plāne trēe,** *n.* ഒര് മരം (*b.*).

**Plan'et,** *n.* ഗ്രഹം (*as.*); 2. ദശനക്ഷത്രം (*astr.*). inferior p. (സൂൎയ്യന്ന് ഭൂമിയെക്കാൾ) അടുത്തഗ്രഹം. primary p. ഗ്രഹം. secondary p. ഉപഗ്രഹം, ചന്ദ്രൻ. superior p. (സൂൎയ്യനിൽനിന്ന് ഭൂമിയെക്കാൾ) അകന്നഗ്രഹം. p.-stricken, p.-struck ഗ്രഹപ്പിഴ പിടിച്ച. -ar-y, *a.* ഗ്രഹത്തിലുള്ള; ഗ്രഹസംബന്ധം ആയ; —തുല്യം—. —ജന്യം—; —ദശയുള്ള. -oid, *n.* ചെറുഗ്രഹം.

**Plan-im'e-tĕr,** *n.* വിശാലമാത്രം. =**try,** *n.* വിതാനമാപനം.

**Plan'ish,** *v. t.* മിനുസമാക്കുക, തിളക്കം വരുത്തുക. -**ĕr,** *n.* മിനുസമാക്കുന്നവൻ.

**Plan'i-sphēre** (-sfĕr), *n.* ഗോളപടം.

**Plaṅk,** *n.* പലക; 2. തൊങ്ങര, തിരപ്പം. **p.-way** പലകയടിച്ചവഴി. **to walk the p.** അപകടസ്ഥിതിയിലിരിക്കുക. *v. t.* പലകയടിക്കുക; 2. വാത് വെക്കുക, ചൂത് കളിക്കുക; 3. തടിപ്പ് വരുത്തുക. -**'iṅg,** *n.* പലകയടിക്കല് ; പലകനിര.

**Pla-nor'bis,** *n.* നമിച്ചി, നമിഞ്ഞി [(*z.*).

**Plant,** *n.* ചെടി, സസ്യം; തൈ (*b.*); 2. നട്ടതല, ഞാറ് (*b.*); 3. കൊമ്പ്, കൊള്ളി, ചുള്ളി; 4. ഉള്ളങ്കാല് ; 5. തൊഴിൽകോപ്പുകൾ, വ്യാപാരസാഹിത്യ ചമയങ്ങൾ; 6. ഉപായം, കൌശലം, വിദ്യ, സൂത്രം. **p.-cane** മെച്ചം കരിമ്പ്. **p.-eating** സസ്യഭക്ഷായ. *v. t.* നടുക, പാകുക; 2. കുഴിച്ചിടുക, തൈവെക്കുക; 3. തോട്ടമുണ്ടാക്കുക; 4. കാട് വളർത്തുക; 5. ഉണ്ടാക്കുക, ജനിപ്പിക്കുക; 6. ഉറപ്പിക്കുക, സ്ഥാപിക്കുക; നാട്ടുക; 7. കുടിയേററുക, ജനങ്ങളെ പാർപ്പിക്കുക; 8. ഇരുത്തുക, ആക്കുക. *v. i.* നടുക. -**'a-ble,** *a.* നടാകുന്ന; സ്ഥാപിക്കാകുന്ന. -**'āġe,** *n.* സസ്യങ്ങൾ. **plant'-är,** *a.* ഉള്ളങ്കാല് സംബന്ധിച്ച (*an.*). =**tā'tiŏn,** *n.* നാട്ടി; കൃഷിസ്ഥലം; തോപ്പ്, തോട്ടം; കുടിയേററം. -**'ĕr,** *n.* തോട്ടക്കാരൻ: നടുന്നവൻ; തോട്ടത്തിന്റെ ഉടമസ്ഥൻ; തോട്ടത്തിലെ ഉദ്യോഗസ്ഥൻ, 'കപ്പിക്കാരൻ', കുടിയേററക്കാരൻ'. -**'ĕr-ship,** *n.* തോട്ടപ്പണി. -**'i-cle,** -**'let,** *n.* ചെറുചെടി. -**'iṅg,** *n.* നടല് , നാട്ടി; കൃഷിപ്പണി; തോട്ടം; തറകെട്ടൽ, കുഴിയാട്ടക്കല്ല് വെക്കൽ. -**'less,** *a.* സസ്യാദികളില്ലാത്ത, മരുഭൂമി ആയ, തരിശ് —. =**toc'ra-cy,** *n.* കാഷകക്കോയ്മ. -**ūle,** *n.* മുള, പൊടിപ്പ് (*b.*).

**Plant'ain,** *n.* വാഴ (*b.*); 2. കായി, വാഴക്ക; വാഴപ്പഴം, പഴം (*b.*).

**Plant'i-grāde,** *a.* ഉള്ളങ്കാലമർത്തി നടക്കുന്ന (*z.*). *n.* —നടക്കുന്ന പ്രാണിവർഗ്ഗം: മനുഷ്യവർഗ്ഗം, കരടിവർഗ്ഗം.

I. **Plash,** *n.* നീക്കുണ്ട്, കുളം; 2. വെള്ളം തെറുപ്പിക്കൽ. *v. i.* വെള്ളത്തിൽ അടിച്ച് കളിക്കുക. *v. t.* വെള്ളം തളിക്കുക, —തെറുപ്പിക്കുക; 2. ചായം കടയുക. -**'et,** *n.* ചെറുകണ്ട്, —തളം. -**'iṅg,** *n.* ചായം കടയൽ. -**'y,** *a.* വെള്ളം ഉള്ള, കുളം—; പലനിറം—.

II. **Plash,** *v. t.* വേലി തറിച്ച് നന്നാക്കുക; ചില്ലികൾ തമ്മിൽ പിണെക്കുക. *n.* പിണെച്ച ചില്ലി. -**'iṅg,** *n.* ചില്ലി പിണെക്കൽ.

**Plas̱'ma,** *n.* ഒര് വക കല്ല് (*min.*); 2. ജീവധാതുപദാർത്ഥം (*biol.*); 3. മൂലപദാർത്ഥം; 4. ഒര് വക ലേപനം (*med.*). **blood-p.** നിണനീര് (*phys.*). **muscle-p.** പേശിനീര് (*phys.*). **plas̱m,** *n.* മൂശ, അച്ച്, കരു; ജീവരസ്രു പദാർത്ഥം (*biol.*). =**mat'ie,** =**mat'i-cal, plas̱'mic,** *a.* ജീവധാതുപദാർത്ഥസംബന്ധമായ.

**Plas'tĕr,** *n.* ഒര് വക ലേപം, 'പ്ലാസ്ത്രി' (*med.*); 2. കുമ്മായം; 3. ഒര് വക കൽച്ചുണ്ണാമ്പ് . **coarse p.** കല്ലുമ്മായം. **fine p.** മിനുസക്കുമ്മായം, ചന്നം (*P.*). **p.-cast** ചുണ്ണാമ്പ് പ്രതിമ. **p.-work** ചെത്തിത്തേപ്പ്, കുമ്മായമിടൽ, 'കുപ്പാരിക്കൽ'. **p. of Paris** ഒര് വക കൽച്ചുണ്ണാമ്പ്. *v. t.* ലേപമിടുക, 'പ്ലാസ്ത്രി' ഇടുക; 2. കുമ്മായം ഇടുക, ചെത്തിത്തേക്കുക; 3. മിനുക്കുക, ചന്നമിടുക (*P.*). -**ĕr,** *n.* കുമ്മായം ഇടുന്നവൻ; 'പ്ലാസ്ത്രി' വെക്കുന്നവൻ; ചുണ്ണാമ്പ് പ്രതിമവാക്കുന്നവൻ. -**iṅg,** *n.* കുമ്മായം ഇടൽ; തേപ്പ്. -**y,** *a.* കുമ്മായംപോലെയുള്ള.

**Plas'tic,** =**ti-cal,** *a.* രൂപിക്കുന്ന, ഭാഷആക്കുന്ന; 2. —ആക്കാവുന്ന, ഇഷ്ടംപോലെ ആകൃതിപ്പെടുത്താകുന്ന; 3. മൃദുവായ, പതം ഉള്ള, പശിമ—; 4. ശില്പപ്പണിയായ. **p. art** ശില്പവിദ്യ. **p. clay** കുശമണ്ണ്, കളി—. =**cal-ly,** *ad.* ഭാഷയാക്കത്തക്കവണ്ണം. =**tic'i-ty,** *n.* പശിമ, മൃദുതം. =**tog'ra-phy** (-fi), *n.* മൺപ്ര

തിമാവിദ്യ; കള്ളൊപ്പിടൽ, കള്ളാധാരനിർമ്മാണം.

**Plas'tron**, *n.* മാറ്റരക്ഷ, മാറണ; 2. ഇരിമ്പ്കവചം; 3. ആമയുടെ പള്ളയോട്; 4. (സ്ത്രീകളുടെ ഉടുപ്പിന്നുള്ള) ശൃംഗാരഞെറി.

I. **Plat**, *v. t.* മിടയുക, പിന്നുക. *n.* മിടച്ചൽപ്പണി, പിന്നല്പണി. **-'tĕr**, *n.* മിടയുന്നവൻ, നെയ്യുന്നവൻ. **-'tiṅg**, *n.* (ഓല പുല്ല് മുതലായ) മിടച്ചൽസാധനം.

II. **Plat**, *n.* കണ്ടം, തടം. *v. t.* കണ്ടം ആക്കുക, തടം—. **-band**, *n.* പൂഞ്ഞിര; അരുത്തി, അതിര്, ചതുക്ക്.

**Plāte**, *n.* തകിട്, പലക; 2. ലോഹക്കവചം; (കപ്പലിന്റെ പുറത്തടിക്കുന്ന തടിച്ച) ലോഹപ്പലക; 3. പൊന്തളിക, വെള്ളിത്താലം; പൊൻവെള്ളിപാത്രങ്ങൾ; 4. വെള്ളിപ്പൂശ് പാത്രങ്ങൾ; 5. കിണ്ണം, തട്ട്, താലം, തളിക; 6. മരവി; 7. 'പിഞ്ഞാണം', 'ബസി', 'കോപ്പ', പിഞ്ഞാണപാത്രം; മന്താളം, ചട്ടി; 8. ലോഹക്കൊത്ത് ചിത്രം; അച്ചടിച്ചിത്രം; 9. അച്ച് തകിട് (*print.*); 10. ഛായാപടക്കണ്ണാടി (*phot.*); 11. വിരുത്, വീരവള, —ചങ്ങല. **p.-armour** യുദ്ധക്കപ്പലുകൾക്കടിക്കുന്ന ഉരുക്ക് പലക. **p.-bone** കൈപ്പലച്ചട്ടകം, അംസഫലക (*an.*). **p.-glass** സ്ഫടികത്തകിട്. **p.-iron** ഇരിമ്പ് തകിട്. **p.-layer** ഇരിമ്പ് പാതയിടുന്നവൻ. **p.-mark** (പൊൻവെള്ളിസാമാനങ്ങൾക്കുള്ള) സാക്ഷ്യചിഹ്നം. **p.-printing** തകിടച്ചടി. *v. t.* പൊന്ന് പൊതിയുക, —പൂശുക; വെള്ളി—, —പൊതിയുക; 2. ലോഹപ്പലക അടിക്കുക, ചെമ്പ്—, ഇരിമ്പ്— (*naut.*); 3. കവചം ധരിക്കുക; 4. വെള്ളിപ്പൂശ് സാധനം കൊണ്ടലങ്കരിക്കുക; 5. തകിടടിക്കുക. **-'ful**, *n.* പാത്രം നിറയ. **plā'tel**, *n.* ചെറു'പിഞ്ഞാണം'. **plā'tĕr**, *n.* പൊൻവെള്ളി പൂശുന്നവൻ, —മുക്കുന്നവൻ. **plā'-tiṅg**, *n.* പൂശൽ, മുക്ക്; വെള്ളിപ്പൂച്ച്, വെള്ളിമുക്ക്; ഇരിമ്പ് പലകകൊണ്ട് പൊതിയൽ. **plā'ty**, *a.* താലതുല്യമായ.

**Pla-teau'** (-tō'), പരപ്പ്; 2. മുകൾപ്പരപ്പ്, മലമ്പരപ്പ്; 3. ശൃംഗാരത്തളിക.

**Plat'en**, *n.* അച്ചടിയന്ത്രത്തിന്റെ അടിത്തട്ട് (*print.*).

**Plat-ĕr-esque'** (-esk'), *a.* വെള്ളിത്താലതുല്യമായ (*arch.*).

**Plat'form**, *n.* തറ, തിണ്ണ; 2. പീഠം; 3. പ്രമാണപ്രസ്താവന, പ്രമാണാഭിപ്രായം; 4. കപ്പലിലെ ചെറുമേല്ത്തട്ട്. **p.-car** (അരുമറവും മൂടിയും ഇല്ലാത്ത) തട്ട് വണ്ടി. **p.-scale** തുക്കത്തട്ട്.

**Plat'i-na, =num**, *n.* ഗുരുതമം, 'പ്ലത്തിനം', വെള്ളപ്പൊന്ന്, മഹാരജതം (*min.*). **p.m-black** കൃഷ്ണചൂർണ്ണം (*ch.*). **p.m-lamp** ഗുരുതമദീപം (*elec.*). **p.m-metals** രജതലോഹങ്ങൾ (*ch.*). **=in'ic, =nŏus**, *a.* ഗുരുതമസംബന്ധമായ; മഹാരജതം ഉള്ള. **=if'ĕr-ŏus**, *a.* —കിട്ടുന്ന. **=īṣe, =īze**, *v. t.* —പൊതിയുക; —കലത്തുക. **=in-oid**, *a.* മഹാരജതതുല്യമായ. *n.* മെച്ചം വെള്ളോട്. **=in-ō-tȳpe**, *n.* സ്ഥിരഛായാപടം; —പടവിദ്യ.

**Plat'i-tūde**, *n.* രസമില്ലായ്മ, ചപ്പത്തനം, ചപ്പട്ട; 2. പണ്ട് പറഞ്ഞത്, സാധാരണവാക്ക്; 3. *pl.* ഭോഷത്വം, വിഡ്ഢിത്വം. **=tū-di-nā'ri-an**, *n.* ചപ്പട്ടക്കാരൻ. **=tū'di-nīṣe, =tū'di-nīze**, *v. i.* ചപ്പട്ടപറയുക. **=tū'di-nŏus**, *a.* —ആയ; —പറയുന്ന. **=tū'di-nŏus-ness**, *n.* നിസ്സാരത്വം; സാധാരണത്വം.

**Pla-ton'ic, =i-cal**, *a.* 'പ്ലാറ്റൊ' എന്ന യവനന്റെ തത്വജ്ഞാനം സംബന്ധിച്ച; 2. ശുദ്ധ, രാഗരഹിതം ആയ; തത്വജ്ഞാനസംബന്ധം—. **p. bodies** (ചതുർമ്മുഖപിണ്ഡം, ഷണ്മുഖ—, അഷ്ടമുഖ—, ദ്വാദശമുഖ—, വിംശതിമുഖ— എന്ന) ക്രമപിണ്ഡപഞ്ചകം (*geom.*). **p. love** (സ്ത്രീപുരുഷന്മാർക്ക് പരസ്പരമുള്ള) കാമരഹിതപ്രേമം, ശുദ്ധപ്രേമം. **p. year** വിഷുചക്രപര്യായകാലം, 26000 വർഷകാലം. *n.* 'പ്ലാറ്റൊ' ശാസ്ത്രവാദി. **=i-cal-ly**, *ad.* പ്ലാറ്റൊവിന്റെ ഉപദേശപ്രകാരം; ശുദ്ധമായി. **='ton-iṣm**, *n.* പ്ലാറ്റൊ ശാസ്ത്രവാദം; വിശിഷ്ട പ്രകൃതിജ്ഞാനം; മനോരാജ്യജ്ഞാനം. **='ton-ist**, *n.* 'പ്ലാറ്റൊ' ശാസ്ത്രവാദി.

**Pla-toon′**, *n.* പടയണിചതുരം; 2. ശതാദ്ധ്യസേന (*U. S.*).

**Plat′ten**, *v. t.* (കണ്ണാടി) ചില്ലാക്കുക, പലകയാക്കുക.

I. **Plat′tĕr**, *n.* വന്തളിക, പെരുന്താലം. **p.-faced** പരന്നമുഖമുള്ള.

II. **Plat′tĕr, Plat′ting**, *s. u.* **Plat** I.

**Plau′dit** (pla′dit), *n. pl.* സ്തുതി, പുകഴ്ച, പ്രശംസ. **=di-tŏr-y**, *a.* സ്തുത്യം ആയ, പുകഴ്ച—, ശ്ലാഘിക്കുന്ന.

**Plau′si-ble** (pla′zi-bl), *a.* ശ്ലാഘനീയമായ; ഒരുക്കമുള്ള; 2. ഇഷ്ടം ആയ, സമ്മതം—; 3. ശരിയെന്ന് തോന്നുന്ന, കാഴ്ചക്ക് ന്യായം ആയ; 4. യുക്തി—, ചപ്പടാച്ചി—. **=bil′i-ty, -ness**, *n.* സത്യാഭാസത്വം; യുക്തി; രഞ്ജന. **=bly**, *ad.* കാഴ്ചക്ക്; യുക്തിയോടെ.

**Plāy** (plā), *v. i.* കളിക്കുക, ഉല്ലസിക്കുക, വിനോദിക്കുക, വിളയാടുക, കേളിയാടുക; 2. ലഘുവായി വിചാരിക്കുക; 3. കളിപറയുക; 4. ചൂതാടുക; 5. വാദ്യം വായിക്കുക, മീട്ടുക, (കുഴലാദി) ഊതുക; 6. പെരുമാറുക; 7. തോല്പിക്കുക; 8. പ്രവൃത്തിക്കുക, വൎത്തിക്കുക; 9. ചലിക്കുക; ഇളകിക്കൊണ്ടിരിക്കുക; 10. അഭിനയിക്കുക, നടിക്കുക. **to p. into a person's hands** അകപ്പെടുക. **to p. off** നടിക്കുക; ഉപായം പ്രവൃത്തിക്കുക. **to p. upon** കളിപ്പിക്കുക, തോല്പിക്കുക; ഉപയോഗിക്കുക. *v. t.* പ്രവൃത്തിപ്പിക്കുക, ഉപയോഗപ്പെടുത്തുക; 2. വാദ്യം വായിക്കുക, മീട്ടുക; 3. ചെയ്യുക; 4. അഭിനയിക്കുക; വേഷംകെട്ടുക; 5. കളിക്കുക; 6. കളിപ്പിക്കുക. **to p. at gentleman** കേമത്വം നടിക്കുക. **to p. false** ചതിക്കുക, തോല്പിക്കുക. **to p. the fool** കോമാളിവേഷം കെട്ടുക; മുഠാളത്വം കാട്ടുക. **to p. the man** പുരുഷത്വം—, ധൈൎയ്യം—. **to p. one's cards** തരത്തിൽ പ്രവൃത്തിക്കുക; യുക്തിയോടെ—. **to p. upon** വഞ്ചിക്കുക. **p.ed out** ക്ഷീണിച്ച; ദിക്ക്മുട്ടിയ, നിൎവ്വാഹമില്ലാത്ത. *n.* കളി, നേരമ്പോക്ക്, വിളയാട്ടം, വിനോദം, ഉല്ലാസം, ലീല, 2. ആട്ടം, കേളി, ക്രുത്താട്ടം; 3. ചൂത് കളി; 4. പ്രവൃത്തി, പെരുമാററം; പ്രയോഗം; 5. നാടകം; 6. കളി, ആട്ടക്കളി, കഥകളി; 7. വാദ്യവായന; 8. ഇളക്കം, ചലനം; 9. തഞ്ചം, തരം, ഇടം; സ്വാതന്ത്ര്യം. **p.-actor** നാടകക്കാരൻ, (കഥ)കളിക്കാരൻ. **p.-bill** കളിവിളംബരം. **p.-book** നാടകഗ്രന്ഥം. **p.-cards** കളിക്കുന്ന ചീട്ട്. **p.-day** ഉല്ലാസദിവസം, അനദ്ധ്യായം; ഇടം; സ്വാതന്ത്ര്യം. **p.-debt** ചൂതാട്ടക്കടം. **p.-fellow, p.-mate** കൂടക്കളിക്കുന്നവൻ(ൾ), ചങ്ങാതി. **p.-game** കുട്ടിക്കളി, പിള്ളർകളി. **p.-goer** കളി കാണ്മാൻ പോകുന്നവൻ. **p.-going**—പോകുന്ന;—കാണൽ. **p.-ground**—നിലം,—സ്ഥലം. **p.-house** നാടകശാല; (കുട്ടികളുടെ) കളിയറ. **p.-maker, p.-wright, p.-writer** നാടകം രചിക്കുന്നവൻ. **p.-thing** കളിക്കോപ്പ്. **p.-time** കളിസമയം. **fair p.** ന്യായം, ഞെറി, നിഷ്പക്ഷത്വം. **foul p.** ചതി. **in p.** കളിയായി. **a p. upon words** ദ്വയാൎത്ഥപദപ്രയോഗം, ഇരുപൊരുൾമൊഴി. **p. of colours** വൎണ്ണവൈചിത്ര്യം. **to bring into p.** ഉപയോഗിക്കുക. **to come in p.** നടപ്പാക. **to hold in p.** ഉദ്യോഗിപ്പിക്കുക; തട്ടത്ത് നിൎത്തുക. **-′ĕr**, *n.* കളിക്കുന്നവൻ; കളിക്കാരൻ, മടിയൻ; ചൂതാടി; നാടകക്കാരൻ; വാദ്യക്കാരൻ. **-′ful**, *a.* കളിക്കുന്ന; ഉല്ലാസം ഉള്ള, വിനോദ—, 'തമാശ'—; കളിഭാവം—. **-′ful-ly**, *ad.* കളിയായി, നേരമ്പോക്കായി. **-ful-ness**, *n.* കളി, വിനോദം. **-′ing**, *a.* കളിക്കുന്ന. **p.g cards** കത്ത്, ചീട്ട്. **-′sŏme**, *a.* കളിഭാവം ഉള്ള; വിനോദ—. **-′sŏme-ness**, *n.* ലീല.

**Plä′za**, *n.* നഗരതളം,—ചതുരവീഥി, മൈതാനം.

**Plēa** (plē), *n.* വാദം (*l.*); പ്രതിയുടെ വാദം, ഉത്തരം (*l.*); കുററപത്രം വായിച്ചശേഷം പ്രതി ചെയ്യുന്ന വാദം (*l.*); 2. വ്യവഹാരം; 3. പ്രത്യുത്തരം, പ്രതിവാദം, സമാധാനം; ഒഴികഴിവ്; 4. സങ്കടം, അപേക്ഷ. **p.s of the crown** സൎക്കാര് വക ക്രിമിനാലന്യായം (*l.*). **plēad** (plēd), *v. i.* (*p. t.* **plead′ed** *or* **pled**) പക്ഷവാദം ചെയ്യുക, അപേക്ഷിക്കുക; 2.

പ്രതിവാദിക്കുക, ഉത്തരം കൊടുക്കുക (*l.*); വാദിക്കുക (*l.*); വ്യവഹരിക്കുക. *v. t.* വ്യവഹരിക്കുക, വാഗ്വാദം ചെയ്യുക, വക്കീൽപ്രവൃത്തി– (*l.*); 2. വാദിക്കുക (*l.*); 3. സമാധാനം പറയുക, ഒഴികഴിവ്–. **to p.d guilty** കുററം സമ്മതിക്കുക (*l.*). **to p.d ignorance** അറിവില്ലെന്ന് പറയുക. **plēad'a-ble,** *a.* വാദിക്കാവുന്ന. **plēad'ĕr,** *n.* വക്കീല് (*l.*); പക്ഷവാദി; വ്യവഹാരരേഖകൾ എഴുതുന്നവൻ (*l.*). **plēad'ing,** *n.* വ്യവഹരിക്കൽ, വാദിക്കൽ. **plēad'ing-ly,** *ad.* വാദമായി; അപേക്ഷയായി. **plēad'ings,** *n. pl.* അന്യായഹരജി, ഉത്തരം, വാദപ്രതിവാദരേഖകൾ.

**Plēad, Plēad'ĕr, Plēad'ings,** *etc., s. u.* **Plea.** [Please.

**Pleas'ance, Pleas'ant,** *etc., s. u.*

**Plēase** (plēz), *v. t.* സന്തോഷിപ്പിക്കുക, തൃപ്തിപ്പെടുത്തുക, ആനന്ദം ജനിപ്പിക്കുക; 2. ഇഷ്ടം ഉണ്ടാക, മനസ്സ്–, താല്പര്യപ്പെടുക, പ്രസാദിക്കുക; 3. (*impers.*) പ്രസാദം തോന്നുക, നന്നെന്ന്–. **to be p.ed in** *or* **with** സമ്മതമാക, രസം തോന്നുക. **to be p.ed to do a thing** മനസ്സ് വരിക, ഇഷ്ടം തോന്നുക, യുക്തമെന്ന് വിചാരിക്കുക, ദയവായി ചെയ്യുക. *v. i.* സന്തോഷം വരുത്തുക; 2. ഇഷ്ടപ്പെടുക; 3. ദയതോന്നുക. **p. come** വരണേ, വന്നാൽ കൊള്ളാം, ദയചെയ്ത് വാ, (ഉപചാരഭാവത്തിൽ) വാ. **pleas'ance** (plez'ans), *n.* ഉല്ലാസം, ആനന്ദം; ദയ. **pleas'ant** (plez'ant), *a.* സന്തോഷകരം ആയ, ആനന്ദകരം–; മനോഹരം–; രസികം–; നല്ല; ഇമ്പം ഉള്ള. **p.t-tongued** വാഗ്മധുരം–. **pleas'ant-ly,** *ad.* സന്തോഷത്തോടെ, രസികമായി. **pleas'ant-ness,** *n.* സന്തോഷം; ഇമ്പം, രസം. **pleas'ant-ry,** *n.* വിനോദം, നേരമ്പോക്ക്; രസം, 'തമാശ', കളി. **plēased** (plēzd), *a.* സന്തോഷം ഉള്ള, തൃപ്തി–, പ്രസാദം–; ഇഷ്ടം–. **plēas'ed-ly,** *ad.* പ്രസാദിച്ച്, സന്തോഷത്തോടെ. **plēas'ed-ness,** *n.* ഇഷ്ടം, സന്തുഷ്ടി. **plēas'ĕr,** *n.* പ്രസാദിപ്പിക്കുന്നവൻ, സന്തോഷംവരുത്തുന്നവൻ. **plēas'ing,** *a.* ആനന്ദകരം ആയ, ഇഷ്ടകരം–, മനോഹരം–; രസികം–, നല്ല. **plēas'ing-ly,** *ad.* സന്തോഷത്തോടെ, പ്രസാദത്തോടെ. **plēas'ing-ness,** *n.* പ്രസന്നത. **pleas'ur-a-ble** (plezh'ur-), *a.* ആനന്ദകരം ആയ, തൃപ്തികരം–; രസികം–. **pleas'ur-a-ble-ness,** *n.* ആഹ്ലാദം, സന്തുഷ്ടി. **pleas'ur-a-bly,** *ad.* സന്തോഷകരമായി. **pleas'ure** (plezh'ur), *n.* രസം, ഇഷ്ടം, സന്തോഷം, ആനന്ദം, തൃപ്തി; 2. നേരമ്പോക്ക്, കളി, ഉല്ലാസം, ലീലാവിനോദം; 3. ജഡാഭിലാഷം, വിഷയലമ്പടത്വം; 4. മനസ്സ്, ഇച്ഛ, താല്പര്യം, ഉന്മേഷം; 5. ഉപകാരം, ദയ, ഗുണം. **p.e-boat** ഉല്ലാസത്തോണി. **p.e-ground** പൂന്തോട്ടം, ആരാമം. **at p.e** ഇച്ഛാനുസാരം, മനസ്സ്പോലെ; മനസ്സുള്ളപ്പോൾ. **to take p.e in** രസമുണ്ടാക, രസിക്കുക. *v. t.* പ്രസാദിപ്പിക്കുക, സന്തോഷിപ്പിക്കുക. *v. i.* ഉല്ലസിക്കുക, സുഖിക്കുക. **pleas'ure-ful,** *a.* സന്തോഷകരമായ. **pleas'ure-less,** *a.* സന്തോഷം ഇല്ലാത്ത, ഉന്മേഷം–, രസം തോന്നാത്ത. **pleas'ur-ĕr,** *n.* സുഖിയൻ. **pleas'ur-ist,** *n.* വിഷയാസക്തൻ.

**Pleas'ure,** *etc., s. u.* **Please.**

**Plēat** (plēt), *n.* & *v. t., s. a.* **Plait.**

**Ple-bē'ian** (-bē'yan), *n.* പുരാതന രോമരാജ്യത്തെ സാമാന്യൻ; 2. അകുലീനൻ, മദ്ധ്യമൻ, കുലഹീനൻ. *a.* ഭൂരിജനത്തിൽപെട്ട; 2. കുലീനനല്ലാത്ത, ഇടത്തരക്കാരൻ ആയ; 3. പട്ടതരം–, താണ. **-ism,** *n.* സാധാരണത്വം, മദ്ധ്യമത്വം; ഹീനത; പിറത്തരം. **-īse, -īze,** *v. t.* സാമാന്യൻ ആക്കുക; പട്ടതരം–.

**Pleb'i-scīte** (*or* -sit), **=scit** (-sit), *n.* സമസ്തപൗരപക്ഷസമ്മതം, സർവ്വപ്രജാ– (*pol.*).

**Plec'trum,** *n.* ശാരിക, വാദ്യക്കോല്.

**Pled,** *see* **plead,** *under* **Plea.**

**Pledge** (plej), *n.* ഈട്, പണയം (*l.*), അടമാനം (*S.*); 2. ഉത്തരവാദം, 'ജാമ്യം'; ഉത്തരവാദി, 'ജാമീൻ'; 3. ചൂണ്ടിപ്പണയം, തൊട്ടുപണയം, വെറുമ്പണയം; 4. ഉറ

ഷ്പ്; വാക്ക്, വാഗ്ദത്തം; 5. പ്രതിജ്ഞ; പ്രതിജ്ഞാപത്രം; 6. മംഗലം ചൊല്ലി കുടിക്കൽ, അഭിവാദ്യകുടി. dead p. ഒററി, കാണം (*l.*). living p. ഉണ്ടരുതി (*l.*). to hold in p. പണയം വാങ്ങുക. to put in p. —വെക്കുക. *v. t.* പണയം—, ഈട്—, പണ്ടം—; 2. ഉറപ്പ് കൊടുക്കുക; 'ജാമ്യം'നില്ക്കുക, ഉത്തരവാദം ചെയ്യുക; 3. പ്രതിജ്ഞ—; 4. അഭിനന്ദിച്ച് കുടിക്കുക. =ēe', *n.* പണയമാര്, പണയക്കാരൻ, പണയം വാങ്ങുന്നവൻ (*l.*). -'less, *a.* —ഇല്ലാത്ത. -or', pledġ'ĕr, pledġ-or', *n.* —വെക്കുന്നവൻ (*l.*).

Pledġ'et (plej'et), *n.* ചെറിയ ആഷ്പ്, തിരുക്ക്; 2. പഞ്ഞി, ചെകരി (*naut.*); 3. പത്തി (*med.*).

Pleī'a-dēs, ='ads, *n. pl.* കാൎത്തിക, കൃത്തിക (*as.*). ='ad, *n.* കാൎത്തികരാശിയിൽ ഒര് നക്ഷത്രം (*as.*).

Plē'na-ry, *a.* സമ്പൂൎണ്ണമായ, പൂൎണ്ണ, മുഴ. p. indulgence പൂൎണ്ണക്ഷമ (*R. C.*). =ri-ly, *ad.* പൂൎണ്ണമായി. =ri-ness, *n.* സമ്പൂൎണ്ണത.

Plen-ip'ō-tent, *a.* പൂൎണ്ണാധികാരമുള്ള. =tence,=ten-cy, *n.* സമ്പൂൎണ്ണാധികാരം. =pō-ten'tiar-y (-ten'shar-), *n.* പൂൎണ്ണാധികാരമുള്ള കാൎയ്യസ്ഥൻ, അധികാരപൂൎണ്ണസ്ഥാനാപതി. *a.* പൂൎണ്ണാധികാരം ഉള്ള; —കൊടുക്കുന്ന.

Plē'nist, Plen-i-tū-di-nā'ri-an, *n.* പദാൎത്ഥപൂൎണ്ണവിശ്വവാദി. plen'i-tūde, *n.* നിറവ്, സമ്പൂൎണ്ണത; സമൃദ്ധി, പുഷ്കലത്വം; ധാതുപുഷ്ടി.

Plen'te-ŏus, *etc.*, *s. u.* Plenty.

Plen'ty, *n*, ധാരാളത്വം, പുഷ്കലത്വം, ബാഹുല്യം, സമൃദ്ധി, സുഭിക്ഷം; 2. ഫലപുഷ്ടി. *a.* ധാരാളം, അനവധി, വളരെ. ='te-ŏus, *a.* സമൃദ്ധി ആയ, അത്യധികം—, ധാരാളം—, സുഭിക്ഷം—, വളരെ; ഫലപുഷ്ടി ഉള്ള; ഐശ്വൎയ്യം—. ='te-ŏus-ly, *ad.* ധാരാളമായി, എത്രയെങ്കിലും, ഏററവും. ='te-ŏus-ness, *n.* സമൃദ്ധി, പുഷ്കലത്വം. ='ti-ful, *a.* ധാരാളമുള്ള, സമൃദ്ധിയായ, വളരെ; ഫലഭരിതം ആയ; സുഭിക്ഷം—. ='ti-ful-ly, *ad.* അധികം, പെരുത്ത്, യഥേഷ്ടം. ധാരാളം. ='ti-ful-ness, *n.* സമൃദ്ധി.

Plē'num, *n.* നിറവ്, പദാൎത്ഥപൂൎണ്ണത, സ്ഥല—, ഒഴിവില്ലായ്മ.

Plē'o-nasm, *n.* അതിവാചകത്വം, പദബഹുത്വം, പദാധിക്യാലങ്കാരം (*rhet.*). -nast, *n.* അതിവാചകക്കാരൻ. =nas'-tic, =nas'ti-cal, *a.* പദാധിക്യസംബന്ധമായ; —ദോഷമുള്ള. =nas'ti-cal-ly, *ad.* അതിവാചകമായി.

Plē'o-naste, *n.* ഒര് വക കല്ല് (*min.*).

Plē-s̱i-ō-sa̤u'rus (-sa̤'rus), *n.* (*pl.* =sa̤u'rī) (പ്രാചീന) ദീൎഘകണ്ഠഗൌളി (*z.*).

Pleth'ō-ra, =ry, *n.* രക്താധിക്യം; രക്തപിത്തം (*med.*); 2. ആധിക്യം, പെരുപ്പം, നിറവ്, വഴിച്ചല്, കവിച്ചല്. =thor'ic, =ret'ic, =ret'i-cal, =thor'-i-cal, *a.* രക്തപിത്തം ഉള്ള; രക്താധിക്യം—; ബഹുത്വം—, ആധിക്യം—; പെരുത്ത, തുററ. =thor'i-cal-ly, *ad.* രക്താധിക്യത്താൽ; കവിച്ചലായി.

I. Pleṳ'ra, *n.*, *pl. of* Pleuron.

II. Pleṳ'ra, *n.* (*pl.* pleṳ'ræ, *pr.* plṳ'rē) ശ്വാസകോശാവരണം (*an.*); 2. —കോശസഞ്ചി (*an.*). ='ral, ='ric, *a.* —കോശാവരണ സംബന്ധമായ. =ral'-ġi-a, *n.* വാരിനോവ്, പാൎശ്വശൂല (*med.*). =ri-sy, =rī'tis, *n.* ശ്വാസകോശാവരണരോഗം, ഒര് വക നെഞ്ച്‌വേദന, പാൎശ്വശൂല (*med.*). =rit'-ic, =rit'i-cal, *a.* പാൎശ്വശൂലസംബന്ധിച്ച; —ഉള്ള.

Pleṳ'rīte, *n.*, *s. a.* Pleuron.

Pleṳ'ron, *n.* (*pl.* pleṳ'ra) പാൎശ്വം, വാരിഭാഗം (*z.*).

Plex'i-form, *a.*, *s. u.* Plexure.

Plex-im'e-tĕr, Plex-om'e-tĕr, *n.* മിടിപ്പലക (*med.*).

Plex'ūre, *n.* മിടച്ചല്, നെയ്ത്ത്; 2. മിടച്ചപ്പണി, വലപ്പണി. plex'us, *n.* ഞരമ്പ് കൂട്ടം (*an.*). plex'i-form, *a.* ജാലാകൃതി ആയ, വലപോലത്തെ; കുടുക്ക് ഉള്ള, വിഷമം—.

**Plī'a-ble**, *etc.*, *s. u.* Pliant.

**Plī'ant,** *a.* വളയുന്ന, ഉലയുന്ന; 2. ശിഥിലമായ; 3. പതം ഉള്ള, മയം—; 4. ഒതുക്കം—, വഴങ്ങുന്ന. **=a-bil'i-ty, ='a-ble-ness,** *n.* ഉലച്ചല്; മയം; പശിമ, പതുമ. **='a-ble,** *a.* വളക്കാവുന്ന, ഉലയുന്ന; പതം ഉള്ള, മയം—; പാകത—, കീഴ്പ്പെടക്കം—, പറഞ്ഞ പോലെ കേൾക്കുന്ന. **='a-bly,** *ad.* ഉലഞ്ഞ്കൊണ്ട്; മയമായി; ഒതുക്കത്തോടെ. **='an-cy, -ness,** *n.* ഉലച്ചല്; മയം; പശിമ; അനുസരണം. **-ly,** *ad.* മയമായി; പാകതയോടെ.

**Plī'căte, =ted,** *a.* മിടച്ചല് ആയ; 2. മടക്ക്മടക്ക്—; ഞെറിഞ്ഞ. **-ly,** *ad.* മടക്ക്മടക്കായി. **=că'tiŏn,** *n.* മടക്ക്, ഞെറി. **=ca-tūre,** *n.* മടക്ക്, ഞെറി; മിടച്ചല്.

**Plīed,** *v. t., p. t. of* Ply.

**Plī'ērs,** *n. pl.* ചെറുകൊടില്, പററ്—, ചവണ, ഇറുക്കച്ചവണ.

I. **Plīght** (plīt), *v. t.* മിടയുക, പിന്നുക. *n.* മിടച്ചൽപണി; 2. വലപ്പണി; 3. ഞെറി, മടക്ക്.

II. **Plīght** (plīt), *n.* പണയം, ഈട്; ജാമ്യം; 2. അപകടം; 3. സ്ഥിതി, അവസ്ഥ, നില; അമാന്തനില, അപകട—: **sad p.** അരിഷ്ടസ്ഥിതി, അമാന്തം, വിഷമം. *v. t.* ഉറപ്പ്കൊടുക്കുക, വാക്ക്—, ജാമ്യം നില്ക്കുക; 2. വിവാഹനിശ്ചയം ചെയ്യുക, പെണ്ണ്നിശ്ചയിക്കുക. **-'ĕr,** *n.* വാക്ക്കൊടുക്കുന്നവൻ.

**Plim,** *v. i.* പൊതരുക, കതരുക, ചീർക്കുക.

**Plim'soll's märk,** *n.* ഇംഗ്ലീഷ്കപ്പലുകൾക്കുള്ള താഴ്ചക്കുറിവര.

**Plinth,** *n.* തൂൺതറ, ഒമ (*S.*), സ്തംഭമൂലം (*arch.*).

**Ploc,** *n.* കത്രാണച്ചകരി (*naut.*).

**Plō'cē,** *n.* വിശേഷകാവർത്തനാലങ്കാരം (*rhet.*).

**Plod,** *v. i.* നടന്നദ്ധ്വാനിക്കുക, അദ്ധ്വാനിക്കുക; 2. ദേഹദണ്ഡം ചെയ്യുക, പാട്പെടുക, പ്രയത്നിക്കുക; 3. അദ്ധ്വാനിച്ച്പഠിക്കുക. *v.t.* നടന്ന്പോക. **-'dĕr,** *n.* നയിപ്പ്കാരൻ, പ്രയത്നക്കാരൻ; ഉത്സാഹി. **-'ding,** *a.* അദ്ധ്വാനശീലം ഉള്ള, ഉത്സാഹം—. **-'ding-ly,** *ad.* പാട്പെട്ട്, ഉത്സാഹത്തോടെ.

**Plonge,** *v. t.* കഴുകിവെടിപ്പാക്കുക, ശുദ്ധിയാക്കുക.

I. **Plot,** *n.* കണ്ടം, തൊടിക, വളപ്പ് (*N.*), പറമ്പ്; 2. തോട്ടം; 3. പടം. *v. t.* പടം വരക്കുക, ഭൂസ്ഥിതി—; 2. വിവരിക്കുക.

II. **Plot,** *n.* കൂട്ട്കെട്ട്, ഉൾക്കൂററ്; 2. മത്സരം, രാജദ്രോഹം; തന്ത്രം, കൃത്രിമം, ഉപായം; 3. ഉദ്ദേശം, താല്പര്യം; 4. കഥ, വസ്തു. **p.-proof** ഉൾക്കൂററ്ഫലിക്കാത്ത. *v. i.* ഉൾക്കൂററ്കൂടുക, തന്ത്രംപ്രവൃത്തിക്കുക; മത്സരിക്കുക; 2. ഉപായം ആലോചിക്കുക. *v. t.* യന്ത്രിക്കുക; 2. രഹസ്യമായി ആലോചിക്കുക, നിമന്ത്രിക്കുക. **-'ful,** *a.* ഉൾക്കൂററുള്ള. **-'tĕr,** *n.* ഉൾക്കൂററുകാരൻ; രാജദ്രോഹി; തന്ത്രക്കാരൻ.

**Plough** (plow), **Plow,** *n.* കരി (*N.*), കലപ്പ (*S.*); 2. കൃഷിപ്രവൃത്തി, വെള്ളായ്മ (*P.*); 3. കോർചിപ്പുളി (*carp.*); 4. (പുസ്തകത്തിൻെറ അരു മുറിക്കുന്ന) കത്തി; 5. സപ്തർഷി (*as.*). **p.-alms** നിലംവകപള്ളിവരി. **p.-beam** ഈത്ത് (*N.*), ഞേഞ്ഞോല് (*N.*), ഏക്കാല്. **p.-bote** കുടിയാന്ന് പണിയായുധത്തിന്ന് വേണ്ടി ജന്മിയുടെ മരം മുറിച്ചെടുപ്പാനുള്ള അവകാശം. **p.-boy** കാലിവെക്കുന്ന ചെറുക്കൻ. **p.-foot** ഉഴവളവ്കോല്. **p.-gang, p.-gate, p.-land** കൊഴനിലം, കൃഷി—; ഏകദേശം 40 കാണി. **p.-man** ഉഴുന്നവൻ, കാലിവെക്കുന്നവൻ, മൂരി—(*N.*); കൃഷിക്കാരൻ, കൈക്കോട്ട്പണിക്കാരൻ; തറക്കാരൻ. **p.-point, p.-share** കൊഴു. **p.-staff, p.-tail** പിടി. **p.-wright** കരിയുണ്ടാക്കുന്നവൻ. *v. t.* ഉഴുക, കാലിവെക്കുക, കന്ന്—, മൂരി—, കന്ന് കൂ(പൂ)ട്ടുക; 2. ചാല്എടുക്കുക; 3. (കപ്പല്) ഓട്ടുക; 4. പുസ്തകത്തിൻെറ അരു മുറിക്കുക; 5. മരത്തിൽ ചാല്കൊത്തുക (*carp.*). **to p. in** (വിത്ത്) ഉഴുത് മറിക്കുക. **to p. up** (മണ്ണ്) ഉഴുത് മറിച്ചിടുക. *v. i.* ഉഴുക, ഉഴുത്മറിക്കുക; നിലം പാങ്ങാക്കുക. **-'a-**

ble, *a.* ഉഴാകുന്ന. -'ĕr, *n.* ഉഴുന്നവൻ, കന്ന് പൂട്ടുന്നവൻ; കൃഷിക്കാരൻ.

**Plŏv'ĕr**, *n.* ഒര് പക്ഷി, കുളക്കോഴി (*z.*).

**Plow**, *etc.*, *s. a.* **Plough**, *etc.*

**Pluck**, *v. t.* പറിക്കുക; 2. പിഴുക, പൊരിക്കുക; 3. പിടിച്ച് വലിക്കുക; 4. തുവല് പറിക്കുക; 5. (പരീക്ഷയിൽ) തള്ളുക; തോററ് പോക. **to p. away** പിരിക്കുക, അകററുക. **to p. down** വീഴ്ത്തുക, പൊളിക്കുക; താഴ്ത്തുക. **to p. off** തോലുരിക്കുക, പറിച്ച് നീക്കുക. **to p. up** പൊരിക്കുക, നിൎമ്മൂലമാക്കുക; ഉണ്ടാക, കൊള്ളുക, കൂട്ടുക: **to p. up courage** ധൈൎയ്യം കൊള്ളുക, ധൈൎയ്യപ്പെടുക. *v. i.* (at) പിടിച്ച് വലിക്കുക. *n.* പറിക്കൽ; 2. വലി; 3. കരള് മുതലായത്, അകമാംസം, കുല; 4. ധീരത, വീൎയ്യം, ചുണ; 5. തോലചി, അപജയം. **plucked** (plukt), *a.* ധൈൎയ്യം ഉള്ള, പൌരുഷം—; പരീക്ഷയിൽ തോററ. -'ĕr, *n.* പറിക്കുന്നവൻ, നീക്കുന്നവൻ; ആട്ട് രോമം പിച്ചുന്ന യന്ത്രം. -'i-ly, *ad.* ധീരതയോടെ. -'i-ness, *n.* ശൌൎയ്യം. -'less, *a.* ധൈൎയ്യമില്ലാത്ത, ചുണകെട്ട, ഭീരുത്വം ഉള്ള. -'y, *a.* ശൂരത—, നെഞ്ഞുറപ്പ്—.

**Pluff**, *v. t.* പാററുക. *n.* പാററൽ, പൊങ്ങൽ.

**Plug**, *n.* തിരുക്ക്, 'ബൂച്ച്', ആപ്പ്, അടപ്പ്; 2. കട്ടിപ്പുകയില; 3. ചുമരിലുറപ്പിച്ച മരക്കുററി. *v. t.* തിരുക്കിടുക, തിരുകുക, അടക്കുക. -'gĕr, *n.* തിരുക്കിടുന്നവൻ. -'ging, *n.* ആപ്പിടൽ; തിരുക്ക്.

**Plum**, *n.* ഒര് വക മുന്തിരിങ്ങ, ദ്രാക്ഷാപഴം (*b.*); കുരുവില്ലാമുന്തിരിങ്ങ (*b.*); 2. ഉണക്ക് മുന്തിരിങ്ങ; 3. വലിയ ധനം; 15 ലക്ഷം ഉറുപ്പിക; 4. ലക്ഷപ്രഭു, ലക്ഷാധിപൻ. **p.-cake, p.-pudding** മുന്തിരിപ്പഴം ഇട്ട് ചുട്ട അപ്പം. -'my, *a.* ദ്രാക്ഷാതുല്യമായ; നല്ല, ഇച്ഛായോഗ്യമായ; ആദായമുള്ള. [**Plume.**

**Plụ'ma, Plụm'āġe**, *etc.*, *s. u.*

**Plumb** (plum), *n.* ഈയക്കട്ടി; 2. തുക്കപ്പലക, ഒലുമ്പ(-മ്പ്), ലംബം, അമനം. **p.-bob** തൂക്കക്കട്ടി. **p.-joint** വിളക്കിയ ഏപ്പ്. **p.-level** അമനം. **p.-line** തുക്കപ്പലക. **p.-rule** ഒലുമ്പ. *a.* കുത്തനെയുള്ള, ലംബമായ; 2. അമനം ഒത്ത. *ad.* കുത്തനെ, ലംബമായി. *v. t.* തൂക്കപ്പലക വെച്ച് നോക്കുക, അമനം ഒപ്പിക്കുക; 2. കുത്തനെയാക്കുക; 3. ഈയം ഇടുക, ആഴം നോക്കുക; 4. അളന്ന്—, പരിശോധിക്കുക; 5. ഈയം ഇട്ടടക്കുക; 6. (വീട്ടിന്ന്) കുഴല് പാത്തി മുതലായത് വെക്കുക. -'āġe, *n.* ഈയപ്പണി. =bā'gō, *n.* കോലീയം, (*min.*); ചിത്രക്കോലീയം (*min.*). കൊട്ടവേലി(രി) (*b.*). **red p.o** ചെക്കികൊട്ടവേരി. **white p.o** തികൊട്ടവേരി, തുമ്പകൊട്ടവേരി, വെള്ളക്കൊട്ടവേരി (*b.*). **plum'be-an, plum'-be-ŏus**, *a.* ഈയം ഉള്ള; —പോലെ—; ഘനം—; മൌഢ്യം—, മന്ദമായ. -'ĕr, *n.* ഈയപ്പണിക്കാരൻ, കുഴൽപണിക്കാരൻ. -'ĕr-y, *n.* ഈയപ്പണിപ്പുര. **plum'bic**, *a.* ഈയം ഉള്ള; —പോലെ—; —സംബന്ധിച്ച. -'ing, *n.* ഈയപ്പണി, കുഴല്പണി; നീക്കുഴലുകൾ. **plum'bism**, *n.* ഈയവിഷരോഗം (*med.*). =bŏus, *a.* ഈയമുള്ള. **plum'bum**, *n.* ഈയം, കാരീയം, സീസം, സീസകം (*min.*).

**Plụme**, *n.* തൊപ്പ, തുവല്, പൂട, പപ്പ്, പീലി; 2. ശൃംഗാരപ്പീലി, ശിരോലങ്കാരം; 3. ബഹുമാനചിഹ്നം, പദവി—; 4. വിരുത്. *v. t.* തുവല് കൊത്തി മിനുക്കുക; 2. തുവല് പറിക്കുക; 3. പീലിയാൽ ശൃംഗരിക്കുക; 4. (*refl.*) ഗൎവ്വിക്കുക, പ്രശംസിക്കുക, ഞെളിയുക. **to p. one's self upon** പൊങ്ങച്ചം കാട്ടുക. **plụ'ma**, *n.* (*pl.* **plụ'mæ**) തുവല്. **plụm'āġe, plụm'ĕr-y**, *n.* പക്ഷിയുടെ തുവല്, പൂട. =mas'sar-y, *n.* ശൃംഗാരപ്പീലിച്ചെണ്ട്. **plụ-mas'si-er** (-mas'i-ā), *n.* ശൃംഗാരപ്പീലിവ്യാപാരി. -'less, *a.* തുവലില്ലാത്ത. -'let, *n.* ചെറുതുവല്. =mig'-ĕr-ŏus, *a.* തുവല് ഉള്ള. =mil'i-form, *a.* തുവലാകൃതി—. ='mi-ped, *a.* കാലിന്മേൽ തുവല്—. ='mōse, **plụ'mŏus**, *a.* തുവല്—; തുവലാകൃതിയിൽ രോമം—. =mos'i-ty, *n.* തുവലുള്ള സ്ഥിതി. plụ'-

my, *a.* തൂവല് മൂടിയ; ശൃംഗാരപ്പീലി വെച്ച.

**Plum'met,** *n.* (ആഴമളക്കുന്ന) ഈയം, ഈയക്കട്ടി; 2. തൂക്കപ്പലക, ഒലമ്പ; 3. ഭാരം; 4. വരക്കുന്ന ഈയക്കോല്. p.-line ഈയക്കയറ്.

**Plump,** *a.* തുടിച്ച, തടിച്ച, പുഷ്ടിയുള്ള; 2. കൊഴുത്ത. *v. i.* തുടിക്കുക; ചീക്കുക; 2. പൊട്ടന്നനവെ വീഴുക; 3. (ഒരുവൻ ഒരാളുടെ പേരിൽ തന്നെ) പെരുക്കചീട്ടിടുക (*pol.*). *v. t.* (up) തടിപ്പിക്കുക; നിറക്കുക; 2. പൊട്ടന്നനവെ ഇടുക; —എറിയുക; 3. പെരുക്കച്ചീട്ടിടുക. *n.* കൂട്ടം. *ad.* ഉടനെ, പെട്ടന്ന്, പൊട്ടന്നനവെ; 2. നിന്നപാടെ, കത്തനെ. -'ĕr, *n.* ചീപ്പിക്കുന്നവൻ; പെരുക്കച്ചീട്ട്; പെരുക്കചീട്ടിടുന്നവൻ; ശുദ്ധഭോഷ്ക്, പച്ചക്കളവ്. -'ly, *ad.* തുട്ടക്കനെ; നിറയ; സ്ഥൂലമായി. -'ness, *n.* പുഷ്ടി, തടി. -'y, *a.* മാംസപുഷ്ടി ഉള്ള, കൊഴുപ്പ്—; സന്തോഷം—.

**Plum'pud-ding,** *n., s. u.* Plum.

**Plu'my,** *a., s. u.* Plume.

**Plun'dĕr,** *v. t.* പിടിച്ച്പറിക്കുക; കവച്ചചെയ്യുക; കൊള്ളയിടുക; 2. കവരുക, കത്തിക്കവരുക; മോഷ്ടിക്കുക. *n.* കൊള്ളയിടൽ, പിടിച്ച്പറി; 2. കൊള്ള, കവച്ച, അപഹൃതം; 3. ഇളകുന്നസ്വത്ത്; കെട്ടുംമൂട്ടയും, സാമാനം (*U. S.*). -āge, *n.* (കപ്പലിൽവെച്ച് ചെയ്യുന്ന) മുതലപഹരണം. -ĕr, *n.* കവച്ചക്കാരൻ, കൊള്ളക്കാരൻ, പിടിച്ച്പറിക്കാരൻ.

**Plunge,** *v. t.* വെള്ളത്തിൽ ചാടിക്കുക, മുക്കുക, ആഴ്ത്തുക; 2. കടത്തുക, കത്തുക; 3. ചാടിക്കുക, പെടുത്തുക; 4. വീഴ്ത്തുക; ഇടുക; 5. വെള്ളത്തിൽ മുക്കി സ്നാനകൎമ്മം ചെയ്യുക, മജ്ജനസ്നാനകൎമ്മം— (*Chr.*). *v. i.* വെള്ളത്തിൽ ചാടുക; തുള്ളുക; മുഴുകുക, മുങ്ങുക; 2. ചെന്ന് ചാടുക, വീഴുക, പെടുക; 3. മുമ്പോട്ട് തുള്ളുക; 4. വല്ലാതെ പന്തയം കെട്ടുക. plunging fire ഉയരത്തിൽനിന്ന് താഴോട്ടുള്ള വെടി. *n.* മുക്കൽ; 2. മുങ്ങൽ, വെള്ളത്തിൽ ചാടൽ; 3. വിഷമം, പ്രയാസം; 4. മുന്നോട്ടുള്ള ചാട്ടം, തുള്ളല്; 5. കണ്ണും മൂക്കുമില്ലാത്ത പന്തയം. p.-bath മുങ്ങിക്കുളി; വൻതൊട്ടി. plung'ĕr, *n.* മുങ്ങക്കാരൻ; വല്ലാത്ത പന്തയക്കാരൻ; തിരത്തോക്കിൻെറകൊത്തി.

**Plun'ket,** *n.* ഒരുവക നീലവൎണ്ണം; 2. —നീലത്തുണി.

**Plu-pĕr'fect,** *a.* പൂൎണ്ണഭൂതമായ (*gr.*). p. tense —ഭൂതകാലം (*gr.*). *n.* —കാലം (*gr.*); —ക്രിയാരൂപം (*gr.*).

**Plu'ral,** *a.* ഒന്നിലധികം ആയ; 2. ബഹു—, അനേകം—. p. number ബഹുവചനം (*gr.*). *n.* ബഹുവചനനാമരൂപം (*gr.*). -ism, *n.* ബഹുത്വം; ബഹുവചനരൂപം; അധികസഭാബോധകത്വം (*eccl.*). -ist, *n.* —ബോധകൻ. =ral'i-ty, *n.* അനേകത്വം, ബഹുത്വം; അധികഭാഗം; —പക്ഷം, ഭൂരി—; ബഹുസഭാബോധക ഇടവക (*eccl.*). p.y of benefices ബഹുസഭാബോധകത്വം (*eccl.*). p.y of gods ബഹുദൈവത്വം. p.y of wives സാപത്ന്യം, ബഹുകളത്രത്വം. -i-sā'tiŏn, -i-zā'tiŏn, *n.* ബഹുവാക്കൽ. -īse, -īze, *v. t.* പെരുക്കുക, ബഹു ആക്കുക; ബഹുവചനരൂപം—. *v. i.* —ആക്കുക; —ധരിക്കുക. -ly, *ad.* ബഹുവായി; ബഹുവചനാൎത്ഥത്തിൽ.

**Plu'ri,** *pf.* അനേക, ബഹു, പല. -ēs, *n.* മൂന്നാമത്തെ കല്പന (*l.*). -fā'ri-ŏus, *a.* നാനാപ്രകാരമുള്ള, പലവിധമായ. -lit'er-al, *a.* മൂന്നക്ഷരത്തിൽ കവിഞ്ഞ. *n.* —കവിഞ്ഞപദം. -loc'ū-lar, *a.* അനേകം അറ ഉള്ള; —ച്ചള—. =rip'-a-rŏus, *a.* അധികം കട്ടികളെ ഒരിക്കൽ പെറുന്ന, ബഹുപ്രജാപ്രസവമുള്ള. -pres'ence, *n.* ബഹുദിക്സാന്നിദ്ധ്യം.

**Plus,** *a.* സങ്കലനം ആയ; (*math.*); 2. ധനരാശി— (*math.*); 3. കൂടിയുള്ള, ഉള്ള, സാക്ഷാൽ. p. sign + എന്ന സങ്കലനചിഹ്നം, കൂട്ടുന്ന അടയാളം (*math.*); ധനരാശിചിഹ്നം (*math.*).

**Plush,** *n.* ഒരുവക മാൎദ്ദവശീല, നീണ്ടരോമമുള്ള—. -'y, *a.* മൃദുത്വം ഉള്ള, നീണ്ടരോമം—.

**Plu̥'tär-chy, Plu̥-toc'ra-cy, Plu̥'-to-crat, Plu̥-tol'o-ġy,** *etc.*, *s. u.* **Plutus.**

**Plu̥'te-us,** *n.* അരച്ചുമര് (*arch.*).

**Plu̥'tō,** *n.* പുരാതനയവനരോമശാസ്ത്രങ്ങളിലെ അധോലോകേശൻ (*myth.*); 2. യമൻ (*myth.*); **=tō'ni-an, =ton'ic,** *a.* അധോലോകസംബന്ധമായ, ഭൂഗർഭ—; ഭൂഗർഭത്തിലുള്ള; അന്തർഭൗമാഗ്നിജന്യവിശപവാദം ആയ (*geol.*). **p.c action** അന്തർഭൗമാഗ്നിശക്തി (*geol.*). **p.c rocks** മണ്ണുരുകിയുറച്ചപാറ, അഗ്നിജന്യശില (*geol.*). **p.c theory** അന്തർഭൗമാഗ്നിജന്യവിശപവാദം (*geol.*). **=tō'ni-an, =ton-ist,** *n.* —വാദി. **='ton-ism,** *n.* —വാദം.

**Plu̥'tus,** *n.* പുരാതനയവനരോമശാസ്ത്രങ്ങളിലെ ധനദേവത (*myth.*); 2. വൈശ്രവണൻ, കുബേരൻ. **='tär-chy, =toc'ra-cy,** *n.* ധനവാഴ്ച; ധനികക്കോയ്മ. **='to-crat,** *n.* ധനേശൻ; ആധിപത്യമുള്ള ധനികൻ. **=to-crat'ic,** *a.* ധനികാധിപത്യം ആയ. **=tol'o-ġy,** *n.* ധനശാസ്ത്രം.

**Plu̥'vi-al,** *a.* മഴ ഉള്ള; 2. —സംബന്ധിച്ച; 3. വൃഷ്ടിപ്രവൎത്തനത്താലുളവായ (*geol.*). *n.* മെഴത്തുണി, മഴശീല. **=vi-am'e-tẽr, =vi-om'e-tẽr,** *n.* വൃഷ്ടിമാത്രം. **=vi-a-met'ri-cal, =vi-o-met'ri-cal,** *a.* —മാത്രസംബന്ധിച്ച. **='vi-ŏus,** *a.* മഴ ഉള്ള; അധികവൃഷ്ടി—.

**Plȳ,** *v. t.* വളക്കുക; 2. മേലെമേലെ വെക്കുക, മടക്ക് മടക്കാക്കുക; പിന്നെയും പിന്നെയും ചെയ്യുക; 3. ബുദ്ധിമുട്ടിക്കുക, ഉപദ്രവിക്കുക: **to p. with questions** ചോദിച്ച് ബുദ്ധിമുട്ടിക്കുക, ചോദ്യത്തിന്മേൽ ചോദ്യം ചെയ്യുക; 4. ഉത്സാഹിച്ച് പ്രവൃത്തിക്കുക, വേഗം വേഗം ചെയ്യുക; ചെയ്ത് കൊണ്ടിരിക്കുക, വിടാതെചെയ്യുക, ഉപയോഗിക്കുക, നന്നായിപ്രയോഗിക്കുക; യത്നിക്കുക, അദ്ധ്വാനിക്കുക: **p. your needle** വേഗം വേഗം തുന്ന്; **p. your legs** —നടക്ക്. *v. i.* വളയുക; 2. ഇടവിടാതെ പ്രവൃത്തിക്കുക; ഉത്സാഹിച്ച്—; പോയ്ക്കൊണ്ടിരിക്കുക; പോകയും വരികയും ചെയ്യുക; (കപ്പൽ, വണ്ടി *etc.*) അങ്ങോട്ടും ഇങ്ങോട്ടും ഓടുക; 3. കാററിന്നെതിരായി— (*naut.*). **to p. a trade** തൊഴില് ചെയ്യുക. **to p. one's heels** ഓടിക്കളയുക. **to p. one with flattery** ഇടവിടാതെ മുഖസ്തുതി പറയുക. *n.* മടക്ക്; പിരി; 2. വളവ്; ചായ്വ്, ചാട്ടം; 3. ഇഴ: **three-p. carpet** മൂന്നിഴപ്പടം. **-'ẽr, plī'-ẽr,** *n.* ചെയ്യുന്നവൻ, പ്രവൃത്തിക്കുന്നവൻ; (*pl.*) യന്ത്രമെത്ത; (*pl.*) പററ്കൊടില്, ഇറുക്കച്ചവണ.

**Plym'ŏuth Breth'ren,** *n. pl.* ബോധകരഹിതക്രിസ്ത്യാനിപ്പരിഷ (*Chr.*).

**Pnē-om'e-tẽr** (nē-om'e-tẽr), *n.* ഉച്ഛ്വാസവായുമാത്രം.

**Pneū-mat'ic** (nū-), **='i-cal,** *a.* വായവ്യം ആയ, ബാഷ്പമയം—; വായുതുല്യം—; —ഉള്ള; 2. —സംബന്ധം ആയ; 3. —വൎത്തിതം—; 4. —വ്യാപകം—, —നില്ക്കുന്ന; വായുവറയുള്ള, പൊള്ളയായ. **p. action, p. lever** വായുമെത്ത. **p. despatch, p. tube** കഴൽതപ്പാല്. **p. elevator** വായുക്കപ്പി. **p. pump** വായുബഹിഷ്കരണയന്ത്രം, വായുചാമ്പി. **p. railway** —വണ്ടി. **p. syringe** വായുക്കുഴല്. **p. tyre** (ഉരുളിൻെറ) കാററ്പട്ട. **p. trough** വായുശോധനത്തൊട്ടി (*ch.*). **=tic'i-ty** (-tis'i-), *n.* വായവ്യാവസ്ഥിതി; പൊള്ള. **=mat'ics,** *n.* വായുവിദ്യ; —ശാസ്ത്രം; ആത്മതത്വ—, —ജ്ഞാനം (*phil.*, *theo.*).

**Pneū-mat'ō** (nū-), *pf.* വായു, വായവ്യ; കാററ്, വാഷ്പ; ശ്വാസ. **-cēle** (-sēl), *n.* ആന്ത്രവായു (*med.*). **-graph** (-graf), *n.* ശ്വാസപരീക്ഷക്കുഴല് (*med.*). **=tol'-ō-ġy,** *n.* വായുശാസ്ത്രം; ആത്മതത്വ— (*phil.*, *theo.*). **=tom'e-tẽr,** *n.* ശ്വാസമാത്രം.

**Pneū'mō** (nū'mō), *pf.* ശ്വാസകോശസംബന്ധമായ. **-graph** (-graf), *n.* ശ്വാസപരീക്ഷക്കുഴല്. **=mog'ra-phy** (-fi), *n.* ശ്വാസകോശശാസ്ത്രം. **=mol'ō-ġy,** *n.* —ശാസ്ത്രം. **-ther'a-py,** *n.* വായവ്യചികിത്സ (*med.*).

**Pneū-mō'ni-a,** =**nī'tis,** =**ny** (nū-), *n.* ശ്വാസകോശരോഗം (*med.*). =**mon'-ic,** *a.* —രോഗസംബന്ധിച്ച. *n.* —രോഗൌഷധം (*med.*). =**mon-it'ic,** *a.* —രോഗസംബന്ധിച്ച. =**nom'e-tĕr,** *n.* ശ്വാസമാത്ര.

**Pni-gā'li-on** (ni-), *n.* യക്ഷിബാധ, ദുസ്സ്വപ്നം (*med.*).

I. **Pōach** (pōch), *v. t.* മുട്ട (ഉടച്ച്) വേവിക്കുക, —അവിക്കുക, —പൊരിക്കുക; 2. വേട്ടയുതകക്കുക; കളിനായാട്ട് കഴിക്കുക; 3. കക്കുക; മോഷ്ടിച്ച് കൊണ്ട് പോക. *v. i.* വേട്ടയുത മോഷ്ടിക്കുക; കളിവായി വേട്ടയാടുക; —മീൻപിടിക്കുക. -**'ĕr,** *n.* കളിവേട്ടക്കാരൻ; —മീൻ പിടിക്കാരൻ.

II. **Pōach** (pōch), *v. t.* കുത്തുക; 2. ചവിട്ടിക്കുരട്ടുക; ചവിട്ടി ചളിയാക്കുക. *v. i.* ചളിയാക. -**'i-ness,** *n.* ചളി, ചതുപ്പ്. -**'y,** *a.* നനഞ്ഞ; ചതുപ്പായ; കാല് പൂണ്ട് പോകുന്ന.

**Pock,** *n.* വസൂരിമണി (*med.*). **p.-broken, p.-fretten, p.-marked, p.-pitted** വസൂരിക്കലയുള്ള. **p.-mark** വസൂരിക്കല. -**'i-ness,** *n.* വസൂരി പൊന്തിയ നില. -**'y,** *a.* —മണിയുള്ള, —പൊന്തിയ.

**Pock'et,** *n.* കീശ, സഞ്ചി, 'ജോപ്പ്'; 2. മേശപ്പന്താട്ടസഞ്ചി; 3. ചാക്ക്; 4. അടപ്പ് തുള (*arch.*); 5. ലോഹക്കട്ടിക്കുഴി (*ming.*); 6. നീക്കുഴി (*ming.*). **p.-book** കുറിപ്പ് പുസ്തകം; പണസഞ്ചി, മടിശ്ശീല. **p.-borough** ഒരാളുടെ സ്വന്തം ജന്മമായ നഗരം (*pol.*). **p.-comb** മടക്ക് ചീപ്പ്, ചെറു—. **p.-compass** —തവുക്ക. **p.-edition** —പുസ്തകം. **p.-glass** —ദർപ്പണം. **p.-handkerchief** കയ്യുറുമാല്, ചെറിയ ഉറുമാല്, ലേസ് (*S.*). **p.-knife** മടക്ക് കത്തി, പേനക്കത്തി. **p.-money** തഞ്ചെലവ് പണം, സ്വകാര്യപ്പണം. **p.-picking** കോന്തല മുറിക്കൽ. **p.-piece** വക്കത്ത് പണം, വക്കത്ത്. **p.-pistol** ചെറുകൈത്തോക്ക്. **out of p.** കടംപിടിച്ച, കടക്കാരനായ; നഷ്ടം വന്ന; ചിലവായ. *v. t.* കീശയിലിടുക; 2. കളവായി വാങ്ങുക, —എടുക്കുക, അപഹരിക്കുക, കക്കുക. **to p. a ball** (മേശപ്പന്താട്ടത്തിൽ) പന്തടിച്ച് സഞ്ചിയിലാക്കുക. **to p. an insult, affront,** *etc.* (പകരം ചെയ്യാതെ) നിന്ദ സഹിക്കുക. -**ful,** *n.* കീശനിറയ. **pick-p.** കോന്തലമുറിയൻ.

**Pō'cō,** *ad.* അല്പം (*mus.*). *poco a poco* ക്രമേണ, കുറേശ്ശ (*mus.*).

**Poc'ū-li-form,** *a.* പാനപാത്രാകൃതിയായ (*b.*).

I. **Pod,** *suf.* പാദമുള്ള, പാത്തായ, പാത്ത് (*z.*). ='**da,** *pl. suf.* കാലുകളുള്ള (*z.*).

II. **Pod,** *n.* സഞ്ചി; 2. തൊട്, തൊണ്ട്; വാള്; കരട്ട; തോല് (*b.*); 3. നീന്താസ്സൂട്ടം (*z.*). *v. i.* വീങ്ങുക, ചീർക്കുക; നിറയുക; 2. വാളുണ്ടാക, വാളിടുക. -**'ded,** *a.* തോട് ഉള്ള, ചിരട്ട—. -**'dĕr,** *n.* വാള് പറിക്കുന്നവൻ.

**Pod'a-gra,** *n.* അടിവാതം (*med.*); 2. സന്ധ്— (*med.*). =**ag'ric,** =**ag'ri-cal,** =**grŏus,** *a.* വാതം പിടിച്ച; സന്ധ് വാതസംബന്ധമായ (*med.*).

**Po-dal'ġi-a,** *n.* പാദനോവ്, അടിവാതം (*med.*).

**Podġe** (poj), *n.* ചളി, കൊത്ത, ചൊത്ത; 2. പുഴക്ക്. **hodġe-p.** സകലകലാദി, ഷൾഗവി. **podġ'y,** *a.* കറുമുണ്ടനായ.

**Pō'di-um,** *n.* (*pl.* **pō'di-a**) അരച്ചമര്, ആള്മറ (*arch*); 2. കാലടി, പാദം (*z.*).

**Pod'ō-** *pf.* പാദ, കാലടിസംബന്ധിച്ച. -**scaph** (-skaf), *n.* (വെള്ളത്തിന്മേൽ നടപ്പാൻ കെട്ടുന്ന) കാല്പൊങ്ങത്തി.

**Po-drī'da,** *n.* ഇറച്ചിക്കൂട്ട്കറി, പലവക മാംസം ഒന്നായി വെച്ചത്. *olla p., see* **Olla.**

**Pō'em,** *n.* കാവ്യം, കവിത; പദ്യം. **pō'e-sy,** *n.* കവിത്വം, കാവ്യബന്ധനം, പദ്യരചന; കവിതാവാസന; കാവ്യം, പദ്യം. **pō'e-sy, pō'sy,** *n.* മുദ്രികാവചനം. **pō'et,** *n.* കവി, കാവ്യക്കാരൻ, കവിതക്കാരൻ, പദ്യരചകൻ. **p.t-laureate**

കോവിലകക്കവി, വന്ദിപ്രവരൻ. pō'-et-as-tẽr, pō-et'i-cūle, *n.* കുകവി, അല്പകവി. pō'et-as-try, *n.* കുകവിത. pō'et-ess, *n.* കവിതക്കാരത്തി, കവിതക്കാരി. pō-et'ic, pō-et'i-cal, *a.* കാവ്യം സംബന്ധിച്ച; കവിതആയ, പദ്യം—; കാവ്യ, കവിതാ. p.c license കവിനിരങ്കുശം, പദ്യധൎമ്മം, —സ്വാതന്ത്ര്യം. pō-et'i-cal-ly, *ad.* കവിതയായി, പദ്യരൂപത്തിൽ. pō-et'ics, *n.* ഛന്ദോശാസ്ത്രം, കാവ്യ—. pō'et-īse, pō'et-īze, *v. t.* കവിതകെട്ടുക, ശ്ലോകമുണ്ടാക്കുക, കാവ്യംരചിക്കുക; സങ്കല്പനംചെയ്യുക. pō'et-ry, *n.* വിശിഷ്ടസങ്കല്പനവിദ്യ; പരമരൂപസങ്കല്പനം; കവിതാവിദ്യ; പദ്യം, ശ്ലോകം; പ്രാസം; കവിത; കാവ്യങ്ങൾ. pō'et-ship, *n.* കവിത്വം.

Pō'e-sy, Pō'et, *etc.*, *s. u.* Poem.

Pōh (pō), *int.* ഛീ, ഛൈ.

Poig'nant (poi'nant), *a.* കുത്തുന്ന, തുളക്കുന്ന; മൂൎച്ചഉള്ള, മുന—; 2. എരു—, രൂക്ഷത; 3. കഠോരംആയ; 4. ഹാസ്യം—. poig'nan-cy, *n.* മൂൎച്ച; രൂക്ഷത; കാഠിന്യം, കൎശനം. -ly, *ad.* മൂൎച്ചയോടെ; തീക്ഷ്ണതയോടെ; നിന്ദയായി.

Poind, *v. t.* കാലിയെ പിടിച്ച് കെട്ടുക (*Scot.*); 2. 'ജപ്തി'ചെയ്യുക (*Scot.*). -'ẽr, *n.* സൎക്കാരാലക്കാരൻ; ജപ്തിക്കാരൻ.

Point, *n.* മുന, മൂൎച്ച, കൂൎപ്പ്; 2. മുള്ള്; 3. കത്തുളി; 4. അററം, കൊടിഅഗ്രം; 5. മുനമ്പ്, കോടി; 6. കുത്ത്; കുറി; വിന്ദു (*geom.*); 7. ക്ഷണം; ഇട, സമയം, കാലം, നാഴിക, നേരം: he is at the p. of death അവന്ന് മരണനാഴിക അടുത്തിരിക്കുന്നു, അവൻ മരണത്തോട്—, —മരിപ്പാറായിരിക്കുന്നു; 8. വിരാമം, നിൎത്ത്; നിൎത്തടയാളം: p. of punctuation വിരാമചിഹ്നം; 9. അവസാനം, അന്ത്യം, ഒടുവ്, സമാപ്തി: the tale came to a p. കഥ അവസാനിച്ചു; 10. പടി, പതനം: the stock fell off five p.s സൎക്കാർകടച്ചീട്ടിന്റെ വില 5 പടിതാണു; 11. തോത്, വീതം; 12. മാത്ര; എണ്ണം: he won by ten p.s അവൻ പത്തെണ്ണംകൊണ്ട് ജയിച്ചു; 13. ഇലി, ഭാഗം, അംശം; 14. നില, അവസ്ഥ, പതം, പാകം, സ്ഥിതി: a p. of elevation ഉയൎന്ന നില, ഉച്ചം; 15. അവധി, പൎയ്യന്തം, അതിര്; 16. സ്ഥലം, ഇടം, ദിക്ക്: he went from p. to p. അവൻ ഒരു ദിക്കിൽനിന്ന് മറെറാരു ദിക്കിലേക്ക് ചെന്നു, —ദിക്ക്തോറും—; 17. വിഷയം, സംഗതി, കാൎയ്യം, തൎക്കം: a p. of precedence സ്ഥാനവാദം; 18. വിവരം; ലക്ഷണം, വിശേഷം, ഗുണം: p. for p. വിവരം വിവരമായി; his good p.s അവനുള്ള സല്ഗുണം; his bad p.s —ദുൎഗ്ഗുണം; 19. സാരം, സത്ത്, പൊരുള്; ഭാവം; ലാക്ക്, ഉദ്ദേശം: the p. of an anecdote കഥയുടെ പൊരുള; here lies the p. സാരം ഇതാണ്, സത്ത്—, കാൎയ്യം—; 20. അല്പകാൎയ്യം, നിസ്സാരസംഗതി; ആചാരകൃത്യത, മൎയ്യാദ: he does not stand upon p.s ആചാരകൃത്യം അവൻ നോക്കുന്നില്ല, അല്പകാൎയ്യം അവന്ന് സാരമല്ല; he cared not for God or man a p. അവൻ ദൈവത്തെയാകട്ടെ മനുഷ്യനെയാകട്ടെ ലേശംപോലും വകവെച്ചില്ല; 21. സംഗീതചിഹ്നം; രാഗം, നാദം: a p. of war യുദ്ധനാദം; 22. സ്ഥലം, സ്ഥാനം (*as.*): equinoctial p.s ക്രാന്തിസ്ഥാനം, —പാത; the solstitial p.s അയനസ്ഥാനം, —സന്ധി, അയനാന്തം; the nodal p.s ക്രാന്തിഭേദസ്ഥാനം; vertical p.s ഖമദ്ധ്യ—; 23. ദിക്ക്; 24. നാട, ചരട്; 25. തയ്യൽചിത്രനാട; 26. *pl.* തീവണ്ടിപ്പാതസന്ധ്; 27. സൂചന, വൎത്തമാനം (*U. S.*); 28. പന്ത്പിടിക്കുന്നവൻ; 29. ചൂര് (*hunt.*); 30. ആണിയക്ഷരത്തോത് (*print.*). p.-blank കുറിക്ക്, നേരെ, ചൊവ്വെ; സ്പഷ്ടമായി, മുഖത്ത്നോക്കി. p.-device, p.-devise അതികൃത്യമായ, ബഹുമോടിയായ. p.-lace തയ്യൽ ചിത്രനാട, തുന്നൽ'ലേസ്'. p.s-man തീവണ്ടിപ്പാത സന്ധ്പിടിക്കുന്നവൻ. p.-net ഒരു വക ചിത്രനാട. p.-paper തുളക്കടലാസ്. p.-work നേൎമ്മക്കൊത്ത്പണി. p. of contact സ്പൎശവിന്ദു (*geom.*). p.s of the compass അഷ്ടദിക്ക്. p. of a horse ലോഹസി

രകവരം (*ming.*). p.s of a horse അശ്വലക്ഷണം. p. of incidence കിരണസ്പൎശസ്ഥാനം. p. of order നടവടിപ്രമാണം. p. of reflection പ്രതിച്ഛായസ്ഥാനം. p. of sight ദൃക്സ്ഥാനം. p. of view കാഴ്ച, ദൎശനഭാഗം, നോട്ടം; അഭിപ്രായം. boiling p. തിളപ്പാകം, വാഷ്പകരപാകം. cardinal p.s നാലു് ദിക്കുകൾ, അഷ്ട—. dew p. തുഷാരപാകം. far p. ദൂരദൃഷ്ടിസ്ഥാനം (*med.*). flashing p. ആളിപ്പു് പാകം, തിളക്ക—, ജ്വാല—. freezing p. കട്ടിപ്പാകം, നീഹാരപാകം. melting p. ദ്രവപാകം. near p. സമീപദൃഷ്ടിസ്ഥാനം (*med.*). vanishing-p. ദൃഷ്ടികേന്ദ്ര—. vowel-p. സ്വരചിഹ്നം. at all p.s എങ്ങും, എല്ലാടവും; മുഴുവനും, പൂൎണ്ണമായി, തീരെ. at p., in p., at the p., in the p., on the p. അടുത്തു്, സമീപം; ഭാവിക്കുന്ന; പുറപ്പെടുന്ന. in p. of കാൎയ്യത്തിൽ, വിഷയമായി. nine p.s of the law നിയമാനുകൂല്യം, വ്യവഹാരജയാസ്പദം. to carry one's p. ജയിക്കുക, സാധിപ്പിക്കുക. to make a p. of പ്രമാണം ആക്കുക, പതിവു്—. to make *or* gain a p. പറഞ്ഞപോലെ സാധിപ്പിക്കുക, കാൎയ്യം വരുത്തുക; നിവൃത്തിയോടു് അടുത്തു് വരിക. to mark *or* score a p. (കളിയിൽ) ഒരു് ജയം പ്രാപിക്കുക. to strain a p. കവിഞ്ഞു് പ്രവൃത്തിക്കുക; പാടില്ലെന്നറിഞ്ഞിട്ടും ചെയ്യുക. he was on the p. of going അവൻ പുറപ്പെട്ടു് നിന്നിരുന്നു. the highest p. അഗ്രം, ഉച്ചം. the lowest p. അടി. to such a p. ....ഓളം, വരെ, ....അത്ര. chief p. മുഖ്യകാൎയ്യം. p. in dispute വാദവിഷയം, തൎക്കസംഗതി. p. in hand ആലോചിച്ചു് വരുന്ന കാൎയ്യം. p. by p. ഓരോന്നായി. to bring the matter to a p. കാൎയ്യം അവസാനിപ്പിക്കുക. to stand upon p.s അല്പകാൎയ്യങ്ങളും വിട്ടുകൊടുക്കാതിരിക്കുക, കട്ട കീറിക്കണക്കു് പറയുക. speak to the p. അസംബന്ധം വിട്ടു് പറയുക, കാൎയ്യംപറയുക. *v. t.* കൂൎപ്പിക്കുക, മൂൎച്ചയാക്കുക, മുനവെക്കുക; മൂൎച്ചകൂട്ടുക; 2. കുറിനോക്കുക, നോട്ടംവെക്കുക; 3. അറിയിക്കുക, കാണിക്കുക; ശ്രദ്ധയിൽവരുത്തുക; 4. നിൎത്തടയാളം ഇടുക; 5. സ്വരചിഹ്നം—; 6. ചൂണ്ടിക്കാണിക്കുക, കാണിച്ചുകൊടുക്കുക; 7. നോട്ടത്താൽ കാണിക്കുക (*hunt.*); 8. റുലടപ്പു് ഇടുക (*arch.*); 9. (രത്നം) മുറിക്കുക. to p. off (സംഖ്യ) കൂട്ടമായി തിരിക്കുക, ഭാഗം ഭാഗമാക്കുക. to p. the yards (കപ്പല്പായി) കറുക്കിക്കെട്ടുക. *v. i.* (at) ചൂണ്ടുക, ചൂണ്ടിക്കാണിക്കുക; 2. ഉരുവുള്ളേടം നോക്കിനില്ക്കുക (*hunt.*); 3. ഉരുണ്ടു് കൂട്ടമാറാക്കുക, പഴപ്പിക്കുക (*med.*). to p. at നോക്കിച്ചിരിക്കുക, പരിഹസിക്കുക, നിന്ദിക്കുക. to p. well കാററു് പററി ഓടുക (*naut.*) -'al, -'el, *n.* പുഷ്പഗൎഭകേസരം (*b.*); ഒരു് വക എഴുത്താണി, എഴുത്തു് കോലു്. -'ed, *a.* മുന ഉള്ള, മൂൎച്ച—, കൂൎത്ത; കുത്തുന്ന, കുത്തിപ്പറയുന്ന. p.d arch മൂലക്കമാനം, കൂൎമ്മക്കമാനം (*arch.*). p.d style ഗോഥശില്പമട്ടു്, മൂലക്കെട്ടു് (*arch.*). -'ed-ly, *ad.* മൂൎച്ചയോടെ. -'ed-ness, *n.* മൂൎച്ച. -'ĕr, *n.* ചൂണ്ടിക്കാണിക്കുന്നവൻ, ഘടികാരസൂചി; നായാട്ടുനായി (*z.*); *pl.* സപ്തൎഷികളിലെ നക്ഷത്രദ്വയം (*as.*). -'ing, *n.* മൂൎച്ചയാക്കൽ; ചൂണ്ടിക്കാണിക്കൽ; വിരാമചിഹ്നമിടൽ; —ചിഹ്നം; റുലടപ്പിടൽ. p.g stock പരിഹാസപാത്രം. -'less, *a.* മുനഇല്ലാത്ത, മൂൎച്ച—; പൊരുളു്—; മന്ദമായ. -'less-ly, *a.* ദോഷതമായി; മന്ദമായി.

**Poise**, *n.* തൂക്കം, ഘനം, ഭാരം; 2. തൂക്കക്കല്ലു്, തൂക്കക്കട്ടി, ഇട; 3. സമതൂക്കം; സമനില; 4. എതൃശക്തി. *v. t.* ഘനം ഏല്പിക്കുക; തുല്യം ആക്കുക, സമം—, ഒപ്പിക്കുക; 2. സമനിലക്കു് നിൎത്തുക; 3. എതിരായിവെക്കുക; 4. തൂക്കിനോക്കുക. *v. i.* തൂക്കം ഒക്കുക; സമനിലക്കു് നില്ക്കുക; 2. തൂങ്ങി—; 3. സംശയസ്ഥിതിയിൽ ഇരിക്കുക.

**Poi'son** (poi'zn), *n.* വിഷം, നഞ്ഞു് (ഞ്ച്); 2. തിന്മ, കേടു്, ദോഷം. p.-fang വിഷപ്പല്ലു്. p.-gland, p.-sac വിഷസഞ്ചി. p.-nut കാഞ്ഞിരക്കുരു (*b.*); കാഞ്ഞിരം (*b.*). *v. t.* വിഷം ഏല്പിക്കുക; 2. —ഇടുക; —കൊടുക്കുക; —കൊടുത്തു് കൊ

ല്ലുക; 3. കേട് വരുത്തുക, ദുഷ്യപ്പെടുത്തുക. *v. i.* വിഷം ആയിരിക്കുക; 2. —ഏല്പിക്കുക. -a-ble, *a.* —കൊടുക്കാവുന്ന. -ĕr, *a.* —കൊടുക്കുന്നവൻ. -ŏus, *a.* —ഉള്ള, നഞ്ഞായ; വിഷകരമായ; ഹാനിവരുത്തുന്ന. -ŏus-ly, *ad.* വിഷമായി. -ŏus-ness, *n.* വിഷഗുണം, —ശക്തി, നഞ്ഞ്.

I. Pōke, *n.* ഒര് ചെടി (*b.*); 2. സഞ്ചി, 'കീശ'; പൈ (*S.*), പൈമ്പ (*N.*); 3. കുപ്പായത്തിൻെറ അകലക്കൈ. to buy a pig in a p., *s. u.* Pig.

II. Pōke, *v. t.* കുത്തുക; 2. തോണ്ടുക; 3. കിളത്തുക; 4. (മൃഗം) കുത്തുക, വെട്ടുക. to p. at കുത്താൻ നോക്കുക, കൊമ്പാട്ടുക. to p. fun കളിപ്പിക്കുക, തമാശയാക്കുക. to p. fun of കളിയാക്കുക, പരിഹസിക്കുക. *v. i.* തപ്പിനടക്കുക, തപ്പുക. *n.* തോണ്ടൽ, ചിള്ളൽ; 2. കുത്ത്, തട്ട്; 3. മടിയൻ, മടയൻ. pō'kĕr, *n.* തോണ്ടുന്നവൻ, കിളത്തുന്നവൻ; തീക്കോല്; ഒര് വക ചീട്ട് കളി. pō'kĕr-ish, *a.* ഉലയാത്ത, ബലമുള്ള; മെരുക്കമില്ലാത്ത. pō'key, pō'-ky, *a.* കുടുങ്ങിയ; ചുളിഞ്ഞ; മന്ദത വരുത്തുന്ന; രസമില്ലാത്ത. pō'king, *a.* കണ്ടപ്പണി ആയ, ദാസ്യം—.

I. Pō'kĕr, *n.*, *s. u.* Poke II.

II. Pō'kĕr, *n.* ഭൂതം, കാപ്പിരി, കണ്ടങ്കാപ്പിരി. -ish, *a.* കാപ്പിരി ഉള്ള; ഭയങ്കരമായ.

Pō'lar, *etc.*, *s. u.* Pole I.

I. Pōle, *n.* അക്ഷാഗ്രം; ധ്രുവം; 2. ധ്രുവശക്തി, ധ്രുവാഭിസാരിത്വം (*ph.*); 3. ആകാശം, വാനം. magnetic p. കാന്താഗ്രം. north p. ഉത്തരധ്രുവം. south p. ദക്ഷിണ—. p.-cat പോക്കാൻപൂച്ച (*z*); മെരുക് (*z.*). p.-star, po-lā'ris, *n.* ധ്രുവൻ, ധ്രുവനക്ഷത്രം, നക്ഷത്രനേമി, ജ്യോതിരഥം (*as.*); വഴികാട്ടി, നടത്തുന്നവൻ. p.s of the earth *or* terrestrial p.s ഉത്തരദക്ഷിണധ്രുവങ്ങൾ. p.s of the heavens *or* celestial p.s വാനധ്രുവങ്ങൾ. pō'lar, pō-lar'ic, *a.* ധ്രുവസംബന്ധമായ; ധ്രുവത്തോടടുത്ത; ധ്രുവപ്രദേശത്തെ; ഉത്തരദിക്ക് സംബന്ധിച്ച; ഏകകേന്ദ്രജമായ (*geom.*). p.r angle ധ്രുവകകോണം. p.r axis ധ്രുവസമാന്തരാക്ഷം. p.r bear വെള്ളക്കരടി, ധ്രുവക്കരടി (*z.*). p.r circles ധ്രുവചക്രങ്ങൾ, —വൃത്തങ്ങൾ (*as.*, *geog.*). p.r distance —ദൂരം (*as.*). p.r lights —ദീപം, —പ്രഭ. p.r forces അയസ്കാന്തവിപരീതശക്തികൾ, വിദ്യുച്ഛക്തി— (*ph.*). p.r or p.rc opposition, p.r or p.rc contrast ബദ്ധവൈപരീത്യം (*log.*). ='lar-i-ly, *ad.* ധ്രുവശക്തിപ്രകാരം; വിപരീതശക്തിയോടെ. =lar-im'e-tĕr, *n.* പ്രഭാതത്വഭേദമാത്ര (*opt.*). =lar'i-scōpe, *n.* —ഭേദദർശിനി (*opt.*). =lar-is'tic, *a.* ധ്രുവത്വം ഉള്ള; —സംബന്ധിച്ച. =lar'i-ty, *n.* ധ്രുവാഭിസാരിത്വം (*ph.*); തത്വഭേദം. p.y of light പ്രഭാതത്വ— (*ph.*). =lar-i-sā'tiŏn, =lar-i-zā'tiŏn, *n.* ധ്രുവോന്മുഖമാക്കൽ; ധ്രുവാഭിസാരിത്വം; തത്വപരിണാമ്യത (*opt.*); വിദ്യുത്പ്രവാഹവിഘ്നം (*elec.*) ='lar-īse, ='lar-īze, *v. t.* തത്വഭേദം വരുത്തുക. ='lar-y, *a.* ധ്രുവാഭിമുഖമായ. -'wards, *ad.* ധ്രുവം കൊള്ളെ.

II. Pōle, *n.* പോലണ്ട് രാജ്യക്കാരൻ.

III. Pōle, *n.* കോല്, ദണ്ഡ്, വടി; 2. ഏക്കാല്, ഈത്ത്; ഞേങ്ങോല്; 3. കൊടിമരം; 4. പാമരം; 5. എറങ്കോല്, ചല്ലം; 6. കാവടി, കാമണ്ഡം; 7. മരക്കാല്, വള്ളിക്കാല്; 8. അളവ്കോല്, പതിനൊന്ന് മുഴം, ദണ്ഡ്, $5\frac{1}{2}$ വാരക്കോല്; $30\frac{1}{4}$ ചതുരശ്രുവാരയളവ്, ചതുരശ്രദണ്ഡ്. p.-ax, p.-axe പരശു, വെണ്മഴു. bare p.s പായിച്ചുരുട്ടിയ കപ്പല്. *v. t.* വള്ളിക്ക് കാല് കൊടുക്കുക, വള്ളികാലിന്മേൽ കയററുക; 2. കാവിച്ച് കൊണ്ട് പോക; 3. ചല്ലം കുത്തുക, തോണി—; 4. ഇളക്കുക. -'less, *a.* ഏക്കാലില്ലാത്ത. pō'lĕr, *n.* തോണികുത്തുന്നവൻ, കുത്തുകാരൻ. pō'ling, *n.* കാല് കൊടുക്കൽ; ചല്ലം കുത്തൽ, —വെക്കൽ. താങ്ങ് പലക, —മരം. (*ming.*).

Pol'e-märch (-märk), *n.* യവനരാജ്യത്തിലെ സേനാധിപപ്രവരൻ; 2. നഗരപ്രമാണി, നഗരാദ്ധ്യൻ.

**Pō-lem'ic, =i-cal,** *a.* തക്കസംബന്ധമായ, താക്കിക; വിവാദം ഉള്ള; വാദപ്രതിവാദമായ; 2. വാദശീലമുള്ള; താക്കികനായ. *n.* മതതാക്കികൻ; താക്കികൻ, തക്കവിദഗ്ധൻ; 2. പ്രതിവാദഗ്രന്ഥരചകൻ; 3. മതതക്കം, തക്കം. **=i-cal-ly,** *ad.* തക്കമായി. **='i-cist, ='ist,** *n.* താക്കികൻ. **='ics,** *n.* മതതക്കവിദ്യ, —ശാസ്ത്രം; വേദോപദേശതക്ക—. [ക്കഴല്.

**Pō-lem'ō-scōpe,** *n.* അദൃശ്യദശിനി

**Pō'ley,** *a.* കൊമ്പില്ലാത്ത, മൊട്ടക്കൊമ്പായ, മോഴയായ.

**Pō-līce',** *n.* രാജ്യസമാധാനപാലനവ്യവസ്ഥ, രാജ്യക്രമസംരക്ഷണയേപ്പാട്; 2. സമുദായക്രമരക്ഷ; 3. രാജ്യസമാധാന രക്ഷാസൈന്യം, 'പൊലീസുകാര്' 4. സൈന്യസമാധാന രക്ഷപ്പടയാളികൾ (*mil.*); 5. പാളയശുചീകരണം (*mil.*). **p.-constable, p.-man** 'കൻസ്റ്റേബൽ', പൊലീസ്സ്കാരൻ, പട്ടക്കാരൻ, പുതിയനിയമക്കാരൻ. **p.-offences** ചില്ലറക്കുററം (*l.*). **p.-officer** 'പൊലീസുദ്യോഗസ്ഥൻ. **p.station** 'പൊലീസ് സ്റ്റേഷൻ', ഠാണാ, 'പൊലീസ്'കച്ചേരി. *v. t.* സമാധാനരക്ഷചെയ്യുക; 2. ശുചിയാക്കുക (*mil.*). **=līced'** (-lēst'), *a.* സമാധാനപാലനവ്യവസ്ഥയുള്ള. **=li'cial** (-lish'al), *a.* 'പൊലീസ്'സംബന്ധമായ.

I. **Pol'i-cy,** *n.* രാജ്യഭരണപദ്ധതി; രാജനീതി, —നയം, —തന്ത്രം; 2. ഭരണക്രമം; —വ്യവസ്ഥ; —രീതി; 3. നയം, യുക്തി, ഉപായം, സൂത്രം; 4. വൈദഗ്ധ്യം, സാമത്ഥ്യം, ബുദ്ധിവൈഭവം.

II. **Pol'i-cy,** *n.* ഭീമക്കരാറ്, ഭീമപത്രം; 2. ഒര് വക വാത് പിടിക്കളി. **p.-holder** ഭീമതിത്ഥവൻ, ഭീമക്കാരൻ. **p.-shop** വാത് കളിസ്ഥലം. **interest-p.** അവകാശഭീമപത്രം. **open p.** അക്ലിപ്തഭീമ—. **valued p.** ക്ലിപ്തഭീമ—. **wager-p.** പന്തയഭീമ—.

I. **Pō'lish,** *a.* പോളണ്ട് രാജ്യംസംബന്ധിച്ച. *n.* പോളണ്ട് ഭാഷ.

II. **Pol'ish,** *v. t.* മിനുസംവരുത്തുക, തേച്ച് മിനുക്കുക; മിന്നിക്കുക, ഓപ്പമിടുക; 2. നന്നാക്കുക, പരിഷ്ക്കരിക്കുക; രമ്യംആക്കുക, മയം—, നയം—. **to p. off** തമത്തിക്കളയുക. *v. i.* മിനുസമാക, മിന്നുക; ഓപ്പംപിടിക്കുക. *n.* മിനുസം, മിനുക്കം; മിന്നൽ, തിളക്കം, ആഭ; 2. മിനുക്കപ്പൊടി; ഓപ്പക്കോല് ; 3. പരിഷ്ക്കാരം, നയശീലം; സഭ്യത. **-a-ble,** *a.* മിനുക്കാകുന്ന. **=ished** (-isht), *a.* തേച്ച് മിനുക്കിയ; തിളക്കമുള്ള, മിന്നുന്ന; വിശിഷ്ടമായ; പരിഷ്ക്കാരമുള്ള. **=ished-ness,** *n.* ഓപ്പം, മിനുസം, ആഭ. **-ēr,** *n.* മിനുസമാക്കുന്നവൻ; ഓപ്പസാധനം. **-ing,** *a.* മിനുക്കുന്ന. **p.g-iron** ഇസ്ത്രിപ്പെട്ടി. **p.g-slate** കത്തിയണക്കുന്ന കല്ല്. **p.g-wheel** ചാണ.

**Pō-līte',** *a.* നയശീലമുള്ള, ഉപചാര—, മയ്യാദഉള്ള, സൌജന്യം—; 2. വിശിഷ്ടം ആയ, ഉത്തമം—: **p. literature** വിശിഷ്ടഗ്രന്ഥങ്ങൾ. **-ly,** *ad.* ആദരപൂവ്വം, ലോക്യമായി. **-ness, pol-i-tesse'** (-tes'), *n.* ഉപചാരഭാവം, ലോക്യം, ലൌകികം, സൌജന്യം; തേജസ്സ്, ആഭ.

**Pol'i-tic,** *a.* രാജനയം സംബന്ധിച്ച, രാജ്യനീതി—; ആധിപത്യസംബന്ധം ആയ; 2. രാജതന്ത്രാനുസാരം—, രാജനയപ്രകാരം ഉള്ള; 3. യുക്തി—, സൂത്രം—; 4. വിവേകം—, സാമത്ഥ്യം—; 5. കയുക്തി—, ഉപായം—. **pō-lit'i-cal,** *a.* രാജ്യഭരണസംബന്ധമായ; രാജനീതി—; ഭരണവ്യവസ്ഥയുള്ള; ആധിപത്യംസംബന്ധിച്ച, 'സക്കാർ'. **p.l agent** സക്കാര് സ്ഥാനാപതി, —കായ്യസ്ഥൻ. **p.l economy** രാജനയവിദ്യ, —നീതിശാസ്ത്രം, രാജ്യഭരണ—. **p.l geography** രാജ്യഭൂഗോള—. **=lit'i-cal-ism,** *n.* രാജ്യഭരണകായ്യഭ്രമം. **=lit'i-cal-ly,** *ad.* ആധിപത്യസംബന്ധമായി, സക്കാര് കായ്യമായി. **=lit'i-cas-tēr,** *n.* രാജനയനാട്യക്കാരൻ. **pol-i-ti'cian** (-tish'an), *n.* രാജനീതിശാസ്ത്രജ്ഞൻ, രാജ്യവ്യവഹാരജ്ഞൻ; രാജ്യഭാരി, മന്ത്രി; കയുക്തിക്കാരൻ, തന്ത്രക്കാരൻ. *a.* ദുയ്യുക്തി ഉള്ള, തന്ത്രം—, കൌശലം—. **=lit'i-cist,** *n.* രാജ്യഭരണശാസ്ത്രരചകൻ. **-ly,** *ad.* യുക്തിയോടെ, കള്ളകൌശലത്തോടെ. **=tics,** *n.* രാജതന്ത്രം, രാജ്യഭരണവിദ്യ, പ്രജാപരിപാ

ലന—; രാജ്യവ്യവഹാരശാസ്ത്രം, രാജനീതി—; രാജ്യഭരണയുക്തി. ='i-ty, *n.* ആധിപത്യം, ആധിപത്യവിധം; —വ്യവസ്ഥ; രാജ്യനിയമ—; വിധാനം, ഏൎപ്പാട്, വ്യവസ്ഥ.

**Pōl'ka,** *n.* ഒര് വക നൃത്തം; 2. ഒര് നൃത്തസംഗീതം. **p.-jacket** സ്ത്രീകളുടെ ഒര് വക കുപ്പായം.

I. **Pōll,** *n.* തത്ത, കിളി (*z.*).

II. **Pōll,** *n.* സാമാന്യവിദ്യാപാരഗൻ.

III. **Pōll,** *n.* തല, പിന്തല; 2. കൂട്ടം; 3. ആൾപട്ടിക; 4. തെരിഞ്ഞെടുപ്പ് ചീട്ടുകാരുടെ—; വരണാവകാശിപ്പട്ടിക; 5. തെരിഞ്ഞെടുപ്പ്, വരണം; തെരിഞ്ഞെടുക്കൽ, ചീട്ടിടൽ, ചീട്ട് കൊടുക്കൽ; 6. തെരിഞ്ഞെടുപ്പ് സ്ഥലം, വരണസ്ഥാനം; 7. ചുററിക, മടമ്പ്, മുതല; മഴുവിന്റെ മടമ്പ്. **p.-book** വരണാവകാശിപ്പട്ടിക. **p.-clerk** വരണോദ്യോഗസ്ഥൻ. **p.-evil** ഒര് കുതിരവ്യാധി. **p.-tax** തലവരി. *v. t.* തലവെട്ടുക, —കൊത്തിക്കളയുക; തുഞ്ചം മുറിക്കുക; 2. (off) കത്രിക്കുക, നറുക്കുക, മുറിക്കുക; അറുക്കുക; 3. തലവരികൊടുക്കുക; 4. പട്ടികയിൽ എഴുതുക; 5. വിവരമായി പറയുക; 6. ചീട്ട് ഇടുക, —കൊടുക്കുക; 7. —കിട്ടുക; 8. ആധാരത്തിന്റെ അററം നേരെ മുറിക്കുക (*l.*). **to p. a jury** പഞ്ചായക്കാരോട് പ്രത്യേകം പ്രത്യേകം ചോദിക്കുക. *v. i.* തെരിഞ്ഞെടുപ്പിൽ ചീട്ട് കൊടുക്കുക. ='lard, *n.* (പടരാൻ വേണ്ടി) തുഞ്ചം മുറിച്ച മരം. **p.d-trees** തലവെട്ടിയമരം, ലൂലാഗ്രവൃക്ഷം. *v. t.* മരത്തുഞ്ചം മുറിക്കുക. **pōlled** (pōld), *a.* തുഞ്ചംമുറിച്ച; കത്രിച്ച, മൊട്ടആയ, കഷണ്ടി—; (മാന്) കൊമ്പ് വീണ്പോയ; (നാല്ക്കാലി) മൊട്ടക്കൊമ്പനായ, മോഴയായ. **p.d cattle** മോഴക്കാലി. -'ĕr, *n.* മരത്തുഞ്ചം വെട്ടുന്നവൻ; മുടിനറുക്കുന്നവൻ; വരണപ്പട്ടികയിൽ പേര് എഴുതുന്നവൻ. -'ing, *n.* മരത്തുഞ്ചം മുറിക്കൽ, വേലിനറുക്കൽ; ചീട്ടിടൽ. **p.g booth** തെരിഞ്ഞെടുപ്പ് പന്തല്, വരണപ്പന്തല്.

**Pol'lard,** *s. u.* Poll III.

**Pol'len,** *n.* മാവ്; 2. പൂമ്പൊടി, പുഷ്പരേണു, —രജസ്. -ā'ri-ŏus, *a.* മാവ് ആയ; പുഷ്പരേണു—. =lened (-lend), *a.* പൂമ്പൊടിയുള്ള. =lin-if'ĕr-ŏus, *a.* —ഉണ്ടാകുന്ന.

**Pol-lụte',** *v. t.* അശുദ്ധം ആക്കുക, മലിനം—; ചീത്ത—, കറപ്പെടുത്തുക; 2. മര്യാദാലംഘനം ചെയ്യുക, വഷളാക്കുക, അപരാധിക്കുക; 3. തീണ്ടുക. തീണ്ടലാക്കുക, *a.* മലിനം ആയ. =lụ'ted, *a.* അശുദ്ധം—; വഷളായ; ശുദ്ധം മാറിയ, തീണ്ടിപ്പോയ; പുലയുള്ള. =lụ'ted-ly, *ad.* മലിനമായി; ശുദ്ധംമാറി. =lụ'ted-ness, *n.* അശുദ്ധം, അശൌചം; തീണ്ടല്. =lụ'-tĕr, *n.* അശുദ്ധമാക്കുന്നവൻ; തീണ്ടുന്നവൻ. =lụ'ting, *a.* അശുദ്ധം ആക്കുന്ന, തീണ്ടൽ—. =lụ'ting-ly, *ad.* തീണ്ടികൊണ്ട്. =lụ'tiŏn, *n.* അശുദ്ധമാക്കൽ, തീണ്ടല്; പുല, വാലായ്മ; അശുദ്ധി, അശൌചം, മാലിന്യം; ഇന്ദ്രിയസ്ഖലനം (*med.*). **self-p.n** സ്വയഭേദം.

**Pol'lux,** *n.* മിഥുനരാശിയിലെ ഒര് നക്ഷത്രം, പുനൎവ്വസു, പുണർതം (*as.*).

**Pol'ly,** *n.* തത്തമ്മ, തത്ത, കിളി, പൈങ്കിളി.

**Pō'lō,** *n.* കുതിരപ്പന്താട്ടം; 2. ഹിമപ്പന്താട്ടം.

**Pō'lo-nāise'** (-nāz'), =nēse', *a.* പോളണ്ട് രാജ്യസംബന്ധമായ. =nāise', =nēse', =noise', *n.* പോളണ്ട് ഭാഷ; സ്ത്രീകളുടെ അങ്കി; ഒര് വക നൃത്തം; —നൃത്തസംഗീതം.

**Po-lō'ny,** പാകം ചെയ്യ മാംസം നിറച്ചുണക്കിയ കുടല്, 'സാസീസ്'.

**Pōlt,** *n.* അടി, ഇടി; തട്ട്. *a.* വളഞ്ഞ, കോടിയ. **p.-foot** വളകാല്, കുറുങ്കാല്. **p.-footed** കാല് വളഞ്ഞ.

**Pol-troon',** *n.* പേടിക്കുടലൻ, മഹാഭീരു; 2. ഹീനൻ, ആഭാസൻ, നീചൻ. *a.* പേടിയുള്ള, ഭീരുആയ; നീചം—. -ĕr-y, *n.* പേടി, ഭീരുത്വം, ധൈൎയ്യക്ഷയം. -ish, *a.* ഭീരുതയുള്ള, ഉയിർ(ശി)രില്ലാത്ത.

**Pol'vĕr-ine** (-in), *n.* സ്ഫടികക്ഷാരം, കണ്ണാടിക്കാരം.

**Pol'y-**, *pf.* ബഹു, അനേക, പല, വിവിധ, ബഹുല, നാനാ. **-a-cous'tic**, *a.* സ്വരവൎദ്ധകമായ. *n.* —വൎദ്ധനി. **-a-cous'tics**, *n.* —വൎദ്ധകവിദ്യ. **-ā'eron**, *n.* ബഹുകോണപിണ്ഡം (*geom.*). **-an'dric**, *a.* ബഹുഭൎത്താക്കന്മാര് ഉള്ള, അനേകപുരുഷന്മാൎക്ക് ഭാൎയ്യയായ. **-an'dry**, *n.* ബഹുപതിത്വം, —ഭൎത്തൃത്വം. **-an'drist**, *n.* —ഭൎത്തൃക. **-är-chist**, *n.* —ജനാധിപത്യവാദി. **-är-chy**, =**lyc'ra-cy**, *n.* —ജനാധിപത്യം. **-au-tog'ra-phy**, *n.* ഒര്വക കല്ലച്ചടി. **-cär-pel'lar-y**, *a.* അനേകം ചുളയുള്ള (*b.*). **-cär'pic**, **-cär'pous**, *a.* സദാഫലമുണ്ടാകുന്ന, എല്ലോഴും കായ്ക്കുന്ന (*b.*). **-chord** (-kard), *a.* അനേകം കമ്പിയുള്ള, ബഹുതന്ത്രിയായ. *n.* പത്ത് കമ്പി വീണ (*mus.*). **-chrō-īte**, *n.* മഞ്ഞൾമഞ്ഞ. **-chrō-mat'ic**, **-chrō'mic**, **-chrō'mous**, *a.* വിവിധവൎണ്ണമുള്ള, നാനാ—. **-chrō-my**, *n.* വൎണ്ണസമ്മിശ്രണം. **-chrō'ni-ous**, *a.* ദീൎഘകാലമായ, പഴക്കപ്പെട്ട. **-clin'ic**, *n.* ബഹുരോഗചികിത്സശാല (*med.*). **-con'ic**, *a.* ബഹുക്രൂടമുള്ള. **-dac'tyl-ism**, *n.* കണക്കിലേറ വിരലുണ്ടാകൽ. **-dip'si-a**, *n.* അതിദാഹം (*med.*) =**yg'a-mist**, *n.* ബഹുഭാൎയ്യയുള്ളവൻ; —കളത്രവാദി. =**yg'a-mīse**, =**yg'a-mīze**, *v. i.* സാപത്ന്യം ചെയ്യുക, അനേകം ഭാൎയ്യമാരെ വെക്കുക. =**yg'a-mous**, *a.* ബഹുപതിത്വമുള്ള; —കളത്രത്വംസംബന്ധിച്ച; സാപത്ന്യമായ; അനേകം പെണ്ണിന്നിണചേരുന്ന (*z.*). =**yg'a-my**, *n.* ബഹുദമ്പതിത്വം; —ഭൎത്തൃത്വം; —പത്നിത്വം, —കളത്രത്വം, സാപത്ന്യം. **-gas'tric**, *a.* പലപള്ളയുള്ള (*an.*). **-gen'e-sis**, =**yg'en-y**, *n.* ബഹുമൂലോല്പാദനവാദം (*biol.*). =**yg-en-et'ic**, =**yg-en'ic**, *a*, അനേകോല്പത്തിയുള്ള; പലേടത്തും ഉണ്ടാകുന്ന; പലകാലത്തും—; ബഹുമൂലോല്പാദനവാദം സംബന്ധിച്ച. =**yg'en-ism**, *n.* ഏകവൎഗ്ഗാനേകോല്പത്തിവാദം. =**yg'en-ist**, *n.* —വാദി. =**yg'e-nous**, *a.* പലവകയായ, അനേകം തരത്തിലുള്ള. **-glot**, *a.* പലഭാഷയിലുള്ള; —ഭാഷയറിയുന്ന. *n.* ബഹുഭാഷജ്ഞൻ; —ഭാഷാഗ്രന്ഥം. **-glot'tous**, *a.* വിവിധഭാഷക്കാരായ. **-gon**, *n.* ബഹുകോണക്ഷേത്രം, —ഭുജ—(*geom.*). p.n of forces ശക്തിസമളജത്വം (*mech.*). =**yg'ō-nal**, =**yg'ō-nous**, *a.* ബഹുകോണമുള്ള. **-gon-om'e-try**, *n.* —കോണഗണിതം. **-gram**, *n.* —രേഖക്ഷേത്രം. **-graph** (-graf), *n.* ഗ്രന്ഥസംഗ്രഹം; പകൎപ്പ് സൂത്രം, —യന്ത്രം; =**yg'ra-phy** (-fi), *n*, —സൂത്രപ്രയോഗം; ഗോപ്യലേഖനം. =**yg'y-nist**, *n.* ബഹുകളത്രവാൻ; സാപത്ന്യവാദി. =**yg'y-ny**, *n.* സാപത്ന്യം, ബഹുകളത്രത്വം. **-hē'dral**, **-hed'ri-cal**, **-hē'drous**, *a.* —മുഖമുള്ള (*geom.*). **-hē'dron**, *n.* (*pl.* **-hē'dra**) —മുഖപിണ്ഡം (*geom.*); —ദൎശിനിക്കണ്ണാടി. **-his'tor**, *n.* ബഹുശാസ്ത്രജ്ഞൻ. =**yl'o-gy**, *n.* വാചാലത്വം. =**yl'ō-quent**, *a.* ചിലെച്ച് കൊണ്ടിരിക്കുന്ന. **-mast-ism**, *n.* ബഹുസ്തനത്വം. **-math'ic**, *a.* അനേകവിദ്യാപരിജ്ഞാനമുള്ള; ബഹുശാസ്ത്രജ്ഞാനസംബന്ധമായ. =**ym'a-thist**, *n.* —ശാസ്ത്രജ്ഞൻ, നാനാവിദ്യാപരിചയമുള്ളവൻ. =**ym'a-thy**, *n.* —വിദ്യാപരിജ്ഞാനം,, ബഹുശാസ്ത്രജ്ഞാനം. **-mor'phism** (-fizm), **-mor-phy** (-fi), *n.* രൂപനാനാത്വം (*biol.*). **-mor'phous** (-fus), *a.* ബഹുരൂപധാരിയായ; നാനാരൂപത്തിലുമുള്ള (*biol.*). **-nē'si-an**, *a.* ശാന്തസമുദ്രദ്വീപസംബന്ധമായ. **-nē'si-ans**, *n. pl.* —ദ്വീപവാസികൾ. =**yn'i-a**, *n.* അഹിമപ്രദേശം; ഉത്തരധ്രുവത്തിലെ അഹിമസമുദ്രം. **-nō'mi-al**, *n.* ബഹുരാശി (*alg.*); *a.* —രാശിയായ; അനേകംപദം ഉള്ള; അനേകപദനാമം—. **-nū'cle-ar**, *a.* മൂലധാതുബഹുത്വം-(*biol.*). **-om'ma-tous**, *a.* ബഹുനേത്രം—. **-on'ō-mous**, **-on'y-mous**, *a.* അനേകനാമം—, അഭിധാനബഹുത്വം—. **-on'ō-my**, *n.* വിവിധനാമപ്രയോഗം. **-ō-nym**, *n.* നാനാനാമമുള്ള വസ്തു; ബഹുപദനാമം. **-op'tron**, **-op'trum**, *n.* പെരുക്കക്കണ്ണാടി (*opt.*). **-ō-rä'ma**, *n.* അനേകവിഷയ

ദൎശനം; സമ്പൂൎണ്ണദൎശനചിത്രം. pol'yp, pol'ype, pol'y-pus, *n.* (*pl.* pol'y-pī) പവിഴപ്പുഴ, പ്രവാളകീടം (*z.*); (മൂക്കിലും മററും ഉണ്ടാകുന്ന) മുള, മുഴ, കരു; ബഹുമൂലം (*med.*). =yp'ar-ŏus, *a.* ബഹുപ്രജാപ്രസവം ഉള്ള. -pet'a-lŏus, *a.* —ദലം—, അനേകം ഇതള് —(*b.*). =yph'a-gŏus, *a.* പലതും തിന്നുന്ന. =yph'a-gy, *n.* —തിന്നുന്ന ശീലം. -phōne (-fōn), *n.* ഉച്ചാരണനാനാത്വസംജ്ഞ. -phon'ic, *a.* ഉച്ചാരണബഹുത്വമുള്ള, പലപ്രകാരത്തിലും ഉച്ചരിക്കാവുന്ന. =yph'o-nism, =yph'o-ny, *n.* ശബ്ദപ്പെരുക്കം; ഉച്ചാരണബഹുത്വം. =yph'yl-lŏus, *a.* ബഹുപൎണ്ണമായ, അനേകം ഇലയുള്ള (*b.*). =yp'i-dom, *n.* പവിഴം, പ്രവാളം (*z.*). -plas'tic, *a.* അനേകരൂപധാരിയായ (*biol.*). -pōde, *n.* ബഹുപാത്ത്; തേരട്ട, കരിങ്ങാണി (*z.*). -poid, *a.* പ്രവാളകീടാകൃതി ഉള്ള (*z.*); മുളപോലെ— (*med.*). =yp'o-rŏus, *a.* ബഹുരന്ധ്രം—. -pŏus, *a.* മുള—; മുളപോലെ— (*med.*). -prag-mat'ic, -prag-mat'i-cal, *a.* ആരാന്റെ കാൎയ്യത്തിൽ കയ്യിടുന്ന. -prag'ma-ty, *n.* അനാവശ്യ പ്രവേശം, അനാവശ്യോത്സാഹം. =yp-tō'ton, *n.* പദരൂപാവൎത്തനാലങ്കാരം (*rhet.*). -scōpe, *n.* പെരുക്കക്കണ്ണാടി (*opt.*); അന്തരാശയക്കുഴല് (*med.*). -spĕr'mŏus, *a.* ബഹുബീജം ഉള്ള, അനേകംവിത്ത്— (*b.*). -stōme, *a.* ബഹുവക്ത്രം— (*z.*). *n.*—വക്ത്രപ്രാണി (*z.*). -stȳle, *a.* —സ്തംഭമുള്ള (*arch.*). *n.* —സ്തംഭമന്ദിരം. -syl-lab'ic, -syl-lab'i-cal, *a.* ബഹ്വക്ഷരമുള്ള. -syl-lab'i-cism, -syl-la-bic'i-ty, -syl'la-bism, ബഹ്വക്ഷരത്വം. -syl'la-ble, *n.* ബഹ്വക്ഷരപദം, ബഹ്വക്ഷരി. -syn'de-ton, *n.* സങ്കലനാവ്യയബഹുത്വാലങ്കാരം (*rhet.*). -syn'the-sis, -syn-thet'i-cism, *n.* സംയോജനം; പദസംയോഗം (*philol.*). -syn-thet'ic, *a.* സംയോഗമായ. -tech'nic, -tech'ni-cal, *a.* നാനാശില്പവിദ്യാസംബന്ധം ആയ, —വിദ്യാഭ്യാസാൎത്ഥകം—; വിവിധ യന്ത്രോല്പന്നപ്രദൎശകം—. -tech'nics, *n.* ശില്പവിദ്യ. -thē-ism, *n.* ബഹുദൈവമതം —ദൈവത്വവാദം. -thē-ist, *n.* —വാദി. -thē-is'tic, -thē-is'ti-cal, *a.* —ദൈവമതമായ. -thē-is'ti-cal-ly, *ad.* അനേകദൈവത്വോപദേശമായി. -thē-īse, -thē-īze, *v. i.* ബഹുദൈവത്വവാദം ചെയ്യുക, —മതം അനുസരിക്കുക. -thē'lism, *n.* ബഹുസ്തനത്വം. =yt'ō-cŏus, *a.* കൂടക്കൂടകായ്ക്കുന്ന (*b.*); ബഹുപ്രജാപ്രസവമുള്ള (*z.*). =yt'ō-my, *n.* വിഗ്രഹണം (*log.*). -tȳpe, *n.* വാൎപ്പച്ച് (*print.*). *v.t.* വാൎപ്പച്ച് പതിക്കുക (*print.*). -ū'ri-a, *n.* അതിമൂത്രരോഗം (*med.*). -zō'nal, *a.* ബഹുവലയമുള്ള.

Pō-māce', =mā'ceŏus, *s. u.* Pome.

Pō-mäde', =mā'tum, *n.* കേശലേപം, സുഗന്ധ—, കേശതൈലം. =mā'-tum, *v.t.* —തൈലം പിരട്ടുക. =mā'-tumed (-tumd), *a.* —പിരട്ടിയ.

Pōme, *n.* വലിയ പഴം; 2. മധുരജാമ്പ്, 'ഏപ്പൾ'; 3. 'സബെജൽ'പഴം, 'പേയർ'. pō-māce, *n.* പഴച്ചാറ്, പഴസത്ത്. =mā'ceŏus (-shus), *a.* ഏപ്പൾപഴം പോലെ ഉള്ള; പഴച്ചാറ് എടുക്കുന്ന. =mif'ĕr-ŏus, *a.* വലിയ പഴം കായ്ക്കുന്ന. =mol'ō-ġist, *n.* ഫലശാസ്ത്രജ്ഞൻ; ഫലവൃക്ഷം നട്ടുണ്ടാക്കുന്നവൻ. =mol'o-ġy, *n.* ഫലശാസ്ത്രം; —കൃഷി.

Pome'gran-āte (pom'gran-āt), *n.* ഉറുമാമ്പഴം (*N.*), മാതളപ്പഴം (*S.*), താളിമാതളം (*b.*); 2. മാതളശൃംഗാരം.

Pom'fret, *n.* ആകോലിമീന്, ആവോലിമത്സ്യം (*b.*).

Pō-mif'ĕr-ŏus, *a., s. u.* Pome.

Pŏm'mel, *n.* ഉണ്ട, മുഴ, മൊട്ട്; 2. വാൾപിടിമൊട്ട്; 3. ജീൻമൊട്ട്; 4. നെറുക. pŏm'mel, pum'mel, *v.t.* വാൾപിടികൊണ്ട് അടിക്കുക; 2. അടിക്കുക. മേട്ടുക; ഇടിക്കുക, കുത്തുക; ചതക്കുക.

Pō-mol'ō-ġist, Pō-mol'o-ġy, *s. u.* Pome.

Pomp, *n.* എഴുന്നെള്ളത്ത്, പ്രദക്ഷിണം, ജയഘോഷം; 2. ഘോഷം, മോടി,

ആഡംബരം, ആടോപം. =pos'i-ty, ='pŏus-ness, *n.* കോലാഹലം, മോടി. ='pŏus, *a.* ആഡംബരമുള്ള, ഘോഷമായ; ഡംഭ് ഉള്ള, പൊങ്ങച്ചം—. ='pŏus-ly, *ad.* മോടിയായി.

**Pom'pa-dour,** *n.* കട്ടഞ്ചുവപ്പ് നിറം; കരിഞ്ചുവപ്പ്—; 2. സ്ത്രീകളുടെ ഒര് വക കുപ്പായം; 3. തലമുടി ഉയൎത്തിക്കെട്ടൽ.

**Pom'pa-nō, Pam'pa-nō,** *n.* ഒര് വക ആകോലിമീന് (*z.*). [(*print.*).

**Pom'pet,** *n.* അച്ച്മഷിപ്പന്ത്

**Pom'pon,** *n.* സ്ത്രീകളുടെ വസ്ത്രശൃംഗാരം.

**Pond,** *n.* നീൎക്കുണ്ട്, കുണ്ട്; കുളം, ചിറ; ജലാശയം. **p.-fish** കുളത്തിലെ മീന്, നല്ല വെള്ളത്തിലെ—. *v.t.* കുളം കുത്തുക, ചിറ വെട്ടുക; 2. വെള്ളം കെട്ടിനിൎത്തുക.

**Pon'dĕr, -āte,** *v. t.* തൂക്കിനോക്കുക; 2. വിചാരിച്ച്—, ആലോചിച്ച്—, ധ്യാനിക്കുക. *v. i.* (on, over) ആലോചിക്കുക, ചിന്തിക്കുക. **-a-bil'i-ty, -a-ble-ness,** *n.* നിരൂപണീയത്വം. **-a-ble,** *a.* തൂക്കിനോക്കാകുന്ന; ഘനം ഉള്ള; —ആയ. **-al,** *a.* തൂക്കിയറിയുന്ന. **-ance,** *n.* തൂക്കം, ഘനം. **-ar-y,** *a.* തൂക്കസംബന്ധമായ. **-ā'-tiŏn,** *n.* തൂക്കിനോക്കൽ. **-ĕr,** *n.* ആലോചിക്കുന്നവൻ. **-iṅg,** *a.* ആലോചിക്കുന്ന. **-iṅg-ly,** *ad.* ആലോചിച്ച്, ആലോചനയോടെ. **-os'i-ty, -ŏus-ness,** *n.* തൂക്കം, ഘനം, ഗുരുത്വം; ഗൌരവം. **-ŏus,** *a.* ഘനമേറിയ, ഭാരം ഉള്ള; മുഖ്യം ആയ, ഗൌരവം—, ബലം—; സാരം—, മന്ദം—. ചൈതന്യമില്ലാത്ത. **-ŏus-ly,** *ad.* ഗൌരവത്തോടെ.

**Pō'nent,** *a.* പടിഞ്ഞാറെ, പടിഞ്ഞാറൻ, പശ്ചിമ.

**Pon-ġēe',** *n.* ചായം മുക്കാത്ത പട്ട്, നാരപ്പട്ട്.

**Pon-ghēe'** (-gē'), *n.* ബൎമ്മാരാജ്യത്തിലെ ബുദ്ധാചാൎയ്യൻ.

**Pon'gō,** *n.* ഒര് വക വലിയ മനുഷ്യക്കുരങ്ങ് (*z.*).

**Pon'iärd** (pon'yärd), *n.* കട്ടാരം, ച്ഛുരിക, ചൊട്ട(ക). *v. t.* കട്ടാരംകൊണ്ട് കുത്തുക, കത്തിവാരുക.

**Pons,** *n.* പാലം; 2. ഒര് മജ്ജാതന്തു (*an.*). *p. asinorum* പ്രയാസമുള്ള കാൎയ്യം, വിഷമം.

**Pon'tāġe,** *n.* പാലവരി.

**Pon'tic,** *a.* കരിങ്കടല് സംബന്ധിച്ച.

**Pon'ti-fex,** *n., s.u.* **Pontiff.**

**Pon'tiff,** *n.* മഹാപൂജാരി; 2. —പുരോഹിതൻ, മഹാചാൎയ്യൻ; 3. പാപ്പാ(വ്), 'പോപ്പ്' (*R. C.*). **pon'ti-fex,** *n.* (*pl.* =**tif'i-cēs**) മഹാപൂജാരി. *p.x maximus* (പുരാതനറോമയിലെ) പൂജാരിപ്രവരൻ. =**tif'ic, =tif'i-cal,** *a.* പൂജാരിസംബന്ധമായ, പൂജാരിക്കുള്ള; പാപ്പാവിനുള്ള; പാലപ്പണിസംബന്ധമായ. =**tif'-i-cal,** *n.* പൂജാരിനടവടിഗ്രന്ഥം; *pl.* പൂജാരിച്ചമയം. =**tif-i-cal'i-ty,** *n.* പാപ്പാത്വം, പോപ്പിന്റെ അധികാരം. =**tif'i-cal-ly,** *ad.* പൂജാരിയായി. =**tif'i-cāte,** *n.* മഹാചാൎയ്യപദവി; പാപ്പാസ്ഥാനം; മഹാചാൎയ്യാധികാരകാലം. *v. i.* മഹാചാൎയ്യപ്രവൃത്തിചെയ്യുക. =**fice,** *n.* പാലപ്പണി.

**Pon-tŏn', Pon-toon',** *n.* അടിപരന്ന തോണി; 2. തിരപ്പത്തോണി. **p.-bridge** തോണിപ്പാലം.

**Pō'ny,** *n.* ചെറിയകുതിര, തട്ട്—; 2. ഇരുപത്തഞ്ച് പൌണ്; 3. ഗ്രന്ഥസഹായം; ഉത്തരം; തൎജ്ജമ; ഒര് മോന്ത'ബീര്', ഒര് വമ്പ് കള്ള്. **p.-chaise** ചെറിയ കുതിരവണ്ടി. **p.-engine** —തീവണ്ടിയന്ത്രം.

**Pood,** *n.* 36 റാത്തല്യുള്ള റഷ്യതൂക്കം.

**Poo'dle,** *n.* ഒര് വക ജടനായ് (*z.*).

**Pooh** (pṳ), *int.* ഹേ, ഛീ. **p. p.,** *v. t.* പുച്ഛിക്കുക, നിസ്സാരമാക്കുക.

I. **Pool,** *n.* കുളം; 2. കുണ്ട്, പൊട്ടക്കുളം; 3. ജലാശയം.

II. **Pool, Pŏule,** *n.* പന്തയം, ചൂത് പണം; 2. മേശപ്പന്താട്ടപ്പന്തയം; 3. കറിവെടിപ്പന്തയം; 4. കൂട്ട് ചൂത്; 5. മോഹക്കച്ചവടക്കൂറ്; 6. കച്ചവടക്കൂട്ട് കെട്ട്; 7. കൂറാ

യ്യക്കരാററ്; 8. ക്രട്ട്സാത്ത് (*l.*). **pin-p.** ഒര് വക മേശപ്പന്താട്ടം. **p.-ball** മേശപ്പന്ത്. **p.-table** പന്താട്ടമേശ. *v. t.* ക്രടയിട്ടക; 2. ക്രറ്ക്രട്ടക, ക്രററായ്യ—. *v. i.* ക്രറ്—. **-'ing,** *n.* ക്രട്ട്സാത്താക്കക (*l.*).

**Poo'nac,** *n.* പി(പ്പ)ണ്ണാക്ക്.

**Poon'ga oil,** *n.* പൃങ്ങെണ്ണ.

I. **Poop,** *v.i.* ഒച്ചയുണ്ടാക; 2. മലരാക, പൊന്തിവരിക; 3. വളിവിട്ടക, അധോവായ്യ—.

II. **Poop,** *n.* അമരത്തട്ട്; അമരക്കാമറ (*naut.*). *v. t.* അമരത്ത് തിരയടിക്കക; 2. അമരം തമ്മിൽ മുട്ടക. **pooped** (pupt), *a.* അമരക്കാമറയുള്ള; അമരം തമ്മിൽ മുട്ടിയ. *n.* —മുട്ടൽ.

**Poor,** *a.* ദാരിദ്ര്യമുള്ള, ശതികെട്ട; 2. സാധുവായ, പാവപ്പെട്ട (*S.*); 3. ഭിക്ഷതെണ്ടുന്ന; 4. മെലിഞ്ഞ; ക്ഷീണിച്ച; 5. ഉന്മേഷം ഇല്ലാത്ത; ചൈതന്യം—; 6. വളം—; 7. നിസ്സാരമായ, താണ; 8. ഭംഗികറഞ്ഞ, രസമില്ലാത്ത; 9. മോശമായ; 10. ലാഭം ഇല്ലാത്ത; 11. സുഖം—; 12. സാരം—; പോരാത്ത; 13. താഴ്ച ഉള്ള, സൌമ്യത—. **p.-box** വഴിപാട്പെട്ടി, ധമ്മപ്പെട്ടി. **p.-house** ധമ്മശാല. **p.-law** സാധുരക്ഷാനിയമം. **p.-john** ഒര് മത്സ്യം (*z.*). **p.-rate** ധമ്മവരി. **p.-spirited** നീചഭാവമുള്ള; ഭീരുവായ. **p.-spiritedness** നീചത്വം; ഭീരുത. **the p.** ദരിദ്രന്മാര്, സാധുക്കള്. **p. man's treacle** വെള്ളുള്ളി (*b.*). **-'li-ness,** *n.* സുഖക്കേട്, ക്ഷീണം. **-'ly,** *ad.* ദാരിദ്ര്യത്തിൽ; ലാഭമില്ലാതെ; ധൈയ്യംകെട്ട്; ലജ്ജയോടെ; പടുതരമായി; സാമത്ഥ്യമില്ലാതെ. **p.y off** വകയില്ലാത്ത. *a.* സുഖമില്ലാത്ത. സുഖക്കേടുള്ള. **-'ness,** *n.* ദാരിദ്ര്യം, ശതികേട്, പരാധീനം; ക്ഷീണം.

**Pop,** *n.* 'ഠ്ഠം' എന്ന ഒച്ച, പെട്ടന്നുള്ള ശബ്ദം; 2. ഒര് വക പാനകം: **ginger-p.** ഇഞ്ചിപ്പാനകം, 'ജിഞ്ചറ് ബീര്'; **lemon-p.** നാരങ്ങപ്പാനകം, 'ലെമ്മേഡ്'. **p.-corn** മലരുണ്ടാക്കുന്ന ധാന്യം. **p.-gun** കളിത്തോക്ക്, പൊട്ടത്തോക്ക്, മരത്തോക്ക്. **p.ped corn** മലര്. **p.ped rice** പൊരി. *v. i.* 'ഠ്ഠം' എന്ന് പൊട്ടുക; 2. (in, out, upon, off, *etc.*) പെട്ടന്ന് വരിക, —ചെല്ലുക, —പോക, —ഓടുക, —വീഴക, —പുറപ്പെടുക; 3. പൊരിയുക; മലരാക. *v. t.* ഇടുക, ചാടുക, എറിയുക; 2. പെട്ടന്ന് കാണാരയ്യരിക; 3. മലരുണ്ടാക്കുക, പൊരിക്കുക. **to p. off** അയച്ച്വിടുക, പറഞ്ഞയക്കുക. **to p. the question** (പുരുഷൻ സ്ത്രീയോട്) വിവാഹാത്ഥനം ചെയ്യുക, വെളിക്ക് ചോദിക്കുക, ഭായ്യയായിരിപ്പാനപേക്ഷിക്കുക. *ad.* 'ഠ്ഠം' എന്ന്; പെട്ടന്ന്, നിനയാത്ത നേരം, അകസ്മാത്തായി. **-'pĕr,** *n.* മലരോട്, ഓട്. **-'ping,** *a.* മലര് വറക്കുന്ന.

**Pōpe,** *n.* ബോധകൻ; അദ്ധ്യക്ഷൻ; 2. പാപ്പാവ്, പോപ്പ്; 3. യവന (ഗ്രീക്ക്) സഭാബോധകൻ; 4. ഒര് മത്സ്യം. **p.-joan** ഒര് കളി. **-'dŏm,** *n.* പാപ്പാസ്ഥാനം; പാപ്പാവിൻെറ അധികാരം; —അധികാരസ്ഥലം. **-'ling,** *n.* ചെറുപാപ്പാവ്; പാപ്പാക്കക്ഷി. **pō'pĕr-y, pā'pism, pā'-pis-try,** *n.* പാപ്പാമതം, റോമസഭ. **pō'-pish, pa-pis'tic, pa-pis'ti-cal,** *a.* പാപ്പാവിനെസംബന്ധിച്ച; റോമസഭ—. **pō'pish-ly, pā'pal-ly,** *ad.* പാപ്പാമതപ്രകാരം. **pō'pish-ness,** *n.* പാപ്പാത്വം. **pā'pa-cy,** *n.* പാപ്പാസ്ഥാനം; പാപ്പാധികാരം; പാപ്പാവഗ്ഗം; റോമസഭ. **pā'pal,** *a.* പാപ്പാവിൻെറ; പാപ്പാസംബന്ധമായ; റോമസഭാ—. **pā'pal-īse, pā'pal-īze,** *v. i.* പാപ്പാമതം അംഗീകരിക്കുക. **pā'-pär-chy** (-ki), *n.* പാപ്പാധിപത്യം. **pā'pist,** *n.* റോമസഭക്കാരൻ.

**Pop'in-jāy,** *n.* ഒര് വക മരംകൊത്തിപ്പക്ഷി (*z.*); 2. തത്ത, കിളി; 3. സുന്ദരവിഷ്ഠി.

**Pop'lar,** *n.* വളരെ ഉയരത്തിൽ വളരുന്ന ഒര് വൃക്ഷം, ഒര് വക പയറ് (*b.*).

**Pop'lin,** *n.* പട്ടും ആട്ട്രോമവും ചേത്തുണ്ടാക്കുന്ന ഒര് വക തുണി.

**Pop-li-tē'al, =lit'ic,** *a.* ജാനുസന്ധിക്ക് പിമ്പിലുള്ള (*an.*).

**Pop'pet,** *n.*, *s. a.* Puppet.

**Pop'ple**, *v. i.* പൊന്തുകയും താഴുകയും ചെയ്യുക.

**Pop'py**, *n.* അവീൻചെടി, കറുപ്പ്—, കസ്കസ്— (*b.*); 2. ഒരു വക ഉമ്മം (*b.*). p.-head കസ്കസ്കായി; അവീൻചെടിത്തല (*b.*). p.-seed കസ്കസ് (*b.*).

**Pop'ū-lāce**, *n.* സാമാന്യജനം, ഭ്രരി—, ജനക്കൂട്ടം.

**Pop'ū-lar**, *a.* സാമാന്യജനസംബന്ധമായ; —ജനങ്ങളുടെ; ജനങ്ങളുടെ; 2. എളുപ്പം ആയ, സൂക്ഷ്മം—; 3. സാധാരണം—; 4. സഹായമുള്ള, താണ; 5. ജനരഞ്ജന ഉള്ള, ജനസ്വാധീനം—; സമ്മതമായ; 6. ജനരഞ്ജകമായ. p. action ജനങ്ങളിൽ ആക്കെങ്കിലും കൊടുക്കാവുന്ന നഷ്ടവ്യവഹാരം (*l.*). =lāres, *n. pl.* പുരാതന റോമയിലെ ജനപ്പരിഷ. =lar'i-ty, -ness, *n.* ജനസമ്മതം, —രഞ്ജന, —സ്വാധീനം; സാമാന്യത, സാധാരണത്വം; സഹായം, നയം; ജനവശീകരം. -i-sā'tiŏn, -i-zā'tiŏn, *n.* ജനസമ്മതമാക്കൽ; സാധാരണമാക്കൽ. -īse, -īze, *v. t.* ജനരഞ്ജിതം ആക്കുക; സാധാരണം—, പ്രസിദ്ധം—, ശുദ്ധി—, നടപ്പ്—. -ly, *ad.* ജനബോദ്ധ്യമാംവണ്ണം; സാധാരണമായി.

**Pop'ū-lāte**, *v. t.* കുടി ഇരുത്തുക, —പാപ്പിക്കുക; നിവസിപ്പിക്കുക; 2. ജനപുഷ്ടിവരുത്തുക. =lā'tiŏn, *n.* നിവസിപ്പിക്കൽ; ജനപുഷ്ടിവരുത്തൽ; നിവാസികൾ, ജനങ്ങൾ. =lā-tŏr, *n.* നിവസിപ്പിക്കുന്നവൻ.

**Pop'ū-lŏus**, *a.* അധികം നിവാസികൾ ഉള്ള; ജനപുഷ്ടി—; ജനഭരിതമായ. -ly, *ad.* ജനപുഷ്ടിയോടെ. -ness, *n.* ജനപുഷ്ടി.

**Porce'lāin**, *n.* ചീനപ്പിഞ്ഞാണം, പിഞ്ഞാണപാത്രം. p.-clay പിഞ്ഞാണമണ്ണ്. p.-printing പിഞ്ഞാണപ്പുള്ളി. p.-shell കവിടി. ivory-p. കവിടിപ്പിഞ്ഞാണം. =ce-lā'ne-ŏus, =cel-lā'ne-ŏus, ='ce-lā-nŏus, ='cel-lā-nŏus, *a.* ചീനപ്പിഞ്ഞാണതുല്യമായ.

**Pōrch**, *n.* മണ്ഡപം (*arch.*); 2. നടപ്പുര (*arch.*); 3. പൂമുഖം (*arch.*).

**Por'cīne**, *a.* പന്നിയെസംബന്ധിച്ച; 2. പന്നിഗുണമുള്ള.

**Por'cū-pīne**, *n.* മുള്ളൻപന്നി, മുള്ളൻ, ശല്യം, ശല്യകം (*z.*); p.-quills മുള്ളന്റെ അമ്പ്, ശലം. p.-wood തെങ്ങ്തടി, —മരം.

I. **Pōre**, *n.* ചെറുദ്വാരം, സുഷിരം; 2. രോമകൂപം, രോമാഞ്ചം (*an.*); 3. ഓരായം, കാല്പ (*S.*). pō'ri-ness, =ros'i-ty, *n.* സുഷിരത്വം. pō'rŏus, pō'ry, *a.* ദ്വാരം ഉള്ള; രോമദ്വാരം—; കാല്പ—. pō'rŏus-ly, *ad.* സുഷിരമുള്ളതായി. pō'rŏus-ness, *n.* രന്ധ്രത്വം; കാല്പ, ഓരായം. pō'ri-form, *a.* സുഷിരാകൃതിയായ.

II. **Pōre**, *v. i.* ഉറ്റുനോക്കുക; 2. (on, upon, over) ആരായുക, അതിശ്രദ്ധയോടെ നോക്കുക, ലയിച്ച്പോക. pō'rĕr, *n.* ആരായുന്നവൻ.

**Pō-rif'er-a**, *n. pl.* കടൽപായൽവർഗ്ഗം, 'സ്പോഞ്ച്'— (*z.*).

**Pō'ri-form**, *a.*, *s. u.* Pore I.

**Pō'rism**, *n.* നാനാത്വാഭ്യാസം (*geom.*). =mat'ic, =ris'tic, =ris'ti-cal, *a.* നാനാത്വാഭ്യാസമായ.

**Pōrk**, *n.* പന്നിയിറച്ചി. p.-man പന്നിമാംസം വില്ക്കുന്നവൻ. -'ĕr, *n.* പന്നി. -'et, -'ling, *n.* പന്നിക്കുട്ടി.

**Pō-ros'i-ty, Pō'rŏus, Pō'rŏus-ly, Pō'rŏus-ness**, *s. u.* Pore I.

**Por-phy-rō-gen'i-tism** (-fi-), *n.* കനിഷ്ഠപുത്ര പിന്തുടച്ചധർമ്മം.

**Por'phy-ry** (-fi-ri), *n.* അമൃതശില, വണ്ണക്കല്ല്. =rā'ceŏus (-shus), =rit'ic, *a.* അമൃതശിലാതുല്യമായ.

**Por'poise** (por'pus), *n.* കടൽപന്നി, കടലേടി (*z.*).

**Por-rā'ceŏus** (-rā'shus), *a.* ഇളംപച്ചനിറമുള്ള.

**Por-rect'**, *a.* നീളമുള്ള; വലിച്ച്നീട്ടിയ. =rec'tiŏn, *n.* വലിച്ച്നീട്ടൽ.

**Por'ridge** (-rij), *n.* പുഴക്ക്; കഞ്ഞി, കുള്; പായസം. p.-pot പായസക്കലം.

**Por'rin-ğĕr,** *n.* ചെറുകിണ്ണം, തളിക.

I. **Pōrt,** ഒര് വക 'വീഞ്ഞ്', —മുന്തിരിഞ്ഞാരസമദ്യം, 'പോൎട്ട് വൈൻ'.

II. **Pōrt,** *n.* തുറമുഖം, തുറ (*S.*); 2. 'ബന്തറ്'. **p.-admiral** പടക്കപ്പൽതുറമുഖാധികാരി. **p.-bar** അഴിക്കലെമണത്തിട്ട. **p.-charges, p.-dues, p.-toll** നങ്കൂരപ്പണം, തുറമുഖക്കൂലി. **p.-clearance** 'പോൎട്ട് ക്ലീ'. **p.-officer, p.-warden** തുറമുഖോദ്യോഗസ്ഥൻ, 'ബന്തർമാസ്റ്റർ'. **p.-town** തുറമുഖപ്പട്ടണം. **p. of entry** ചുങ്കത്തുറമുഖം. **-'āğe,** *n.* ഖലാശി (ബന്തറിലുള്ളപ്പോഴുള്ള) കൂലി; ഓട്ടക്കൂലി.

III. **Pōrt,** *n.* പ്രവേശനം, വാതില്, ദ്വാരം; 2. കപ്പലിലെ വെടിത്തുള; 3. —വെടിത്തുളക്കതക്; 4. കഴല്. **p.-cullis** കോട്ടയുടെ തൂക്ക് വാതില്. **p.-hole** കപ്പലിലെ വെടിത്തുള, വെടിപ്പഴുത് (*S.*). **p.-lid** —വെടിത്തുളക്കതക്. **-'al,** *n.* വാതില്, ആനവാതില്, പടി—, പ്രവേശം; ചെറുവാതില്; ഇടനാഴി; പള്ളിപ്പൂമുഖം. **-'ĕr,** *n.* ദ്വാരപാലകൻ, വാതില്കാവല്ക്കാരൻ. **-'ĕr-ess, -'ress,** *n.* —കാവല്ക്കാരത്തി.

IV. **Pōrt,** *n.* നടത്തം, ഭാവം, നടവടി; [2. അവസ്ഥ.

V. **Pōrt,** *n.* കപ്പലിൽ (അണിയംകൊള്ള തിരിഞ്ഞുനില്ക്കുമ്പോൾ) ഇടഭാഗം. *v. t.* ചുക്കാൻ ഇടത്തോട്ട് തിരിക്കുക (*naut.*).

VI. **Pōrt,** *v. t.* ചുമന്ന് കൊണ്ട് പോക, കടത്തിക്കൊണ്ട് —; 2. തോക്ക് വിലങ്ങനെ (ചരിച്ച്) പിടിക്കുക. **-a-bil'i-ty, -'a-ble-ness,** *n.* വഹനീയത്വം. **-'a-ble,** *a.* വഹനീയമായ, എടുത്ത് കൊണ്ടുപോവാൻപാട്ടുള്ള; ചെറിയ, ഘനംകറഞ്ഞ; കൈ. **-'āğe,** *n.* കടത്തൽ; കടത്ത് കൂലി; ഒര് പുഴയിൽനിന്ന് മറെറാരു പുഴയിലേക്ക് കരയിൽകൂടി കൊണ്ട് പോകൽ. **-'ĕr,** *n.* ചുമട്ട് കാരൻ, കാവുകാരൻ. **-'ĕr-āğe,** *n.* ചുമടെട്ടക്കൽ, ചുമട് കെട്ടൽ; കടത്തൽ; കടത്ത് കൂലി.

I. **Pōrt'al,** *n., s. u.* **Port** III.

II. **Pōrt'al,** *a.* കരള് സംബന്ധിച്ച. **p. vein** കരളിലെ രക്തനാഡി.

**Port-cul'lis,** *n., s. u.* **Port** III.

**Pōrte, Sub-līme' P.,** *n.* തുക്കിസുല്ത്താന്റെ കോവിലകം; 2. തുക്കിയാധിപത്യം.

**Por-tend',** *v. t.* മുൻകാണിക്കുക, മുമ്പിൽകൂട്ടി സൂചിപ്പിക്കുക, മുന്നറിയിക്കുക; 2. ലക്ഷണം ആയിരിക്കുക, ശകുനം—; 3. ദുല്ലക്ഷണം—, ദുശ്ശകുനം—. **=ten'sion,** *n.* മുൻസൂചിപ്പിക്കൽ. **='tent,** *n.* സൂചന, നിമിത്തം, ലക്ഷണം; ദുശ്ശകുനം. **=ten'-tive,** *a.* ലക്ഷണമായ, മുൻകാണിക്കുന്ന. **=ten'tŏus,** *a.* ലക്ഷണം ആയ; ശകുനം—; ദുശ്ശകുനം—; ഭയങ്കരം—; മഹാ. **=ten'-tŏus-ly,** *ad.* അതിശയമായി; ദുശ്ശകുനമായി. **=ten'tŏus-ness,** *n.* ഭയങ്കരത്വം.

I. **Pōrt'ĕr,** *n., s. u.* **Port** III.

II. **Pōrt'ĕr, -āğe,** *n., s. u.* **Port** VI.

III. **Pōrt'ĕr,** *n.* ഒര് വക 'ബീര്', യവമദ്യം, 'പോട്ടറ്'. **p.-house** യവമദ്യപ്പീടിക.

**Pōrt'fīre,** *n.* ഒര് വക തിരമരുന്ന്.

**Pōrt-fō'li-ō,** *n.* കടലാസുറ, വെച്ചെഴുത്ത് (*N.*), പത്രാധാരം; 2. മന്ത്രിസ്ഥാനം, പ്രധാനോദ്യോഗം.

**Pōr'ti-cō,** *n.* നട, നടപ്പന്തല്; 2. പ്രാകാരം, പൂമുഖം, മണ്ഡപം. **=cōed** (-kōd), *a.* പൂമുഖമുള്ള.

**Pōr-tiere'** (-tyar'), *n.* വാതില്മറ, തിരശ്ശീല, തിര.

**Pōr'tiŏn,** *n.* ഭാഗം, അംശം, കഷണം, ഖണ്ഡം; 2. ഓഹരി, പങ്ക്; 3. അവകാശം; 4. സ്ത്രീധനം. *v. t.* ഓഹരിചെയ്യുക, പങ്കിടുക, ഭാഗിക്കുക; 2. അവകാശം കൊടുക്കുക. **-ĕr,** *n.* പങ്കിടുന്നവൻ; സഹബോധകൻ. **-ist,** *n.* സഹബോധകൻ; ശമ്പളവിദ്യാൎത്ഥി. **-less,** *a.* അവകാശം ഇല്ലാത്ത, വക—.

**Pōrt'land ce-ment',** *n.* വിലാത്തിക്കുമ്മായം, 'സിമന്റ്'.

**Pōrt'ly,** *a.* ഗംഭീരഭാവം ഉള്ള, ഗൌരവം—; യോഗ്യത—, മഹത്തായ; 2. ഭാരിയായ, പുഷ്ടിഉള്ള; തടി—, വണ്ണം—. **='li-ness,** *n.* ഗൌരവം, ശ്രേഷ്ഠത, ഔന്നത്യം; പുഷ്ടി, തടി, വലിപ്പം.

**Pōrt-man'teau** (-man'tō), *n.* ഉടുപ്പു് സഞ്ചി, തോല് —; തോലിൻെറ ഉടുപ്പു് പെട്ടി.

**Pōr'trāit,** *n.* രൂപം, സ്വരൂപം, ചിത്രം; 2. വിവരം, വൎണ്ണന. **p.-bust, p.-statue** സാക്ഷാൽരൂപം, തൽസ്വരൂപം. **p.-painter** ചിത്രശില്പി. **=trāi-tūre,** *n.* രൂപം, ചിത്രം; ചിത്രംവരക്കൽ. **=trāi-tūre, =trāy',** *v. t.* ചിത്രം വരക്കുക, —എഴുതുക; വൎണ്ണിക്കുക; ചിത്രത്താൽ ശൃംഗരിക്കുക. **=trāy'al,** *n.* ചിത്രമെഴുതൽ; വൎണ്ണന, വിവരം. **-ist, =trāy'ēr,** *n.* ചിത്രക്കാരൻ, ചിത്രശില്പി.

**Pōrt'ress,** *n.*, *s. u.* **Port** III.

**Por'tū-guēs** (-gēz), *a.* പോൎത്തുഗൽരാജ്യസംബന്ധമായ. *n.* പൊൎത്തുഗീസുകാരൻ, 'പറങ്കി'.

**Pō'ry,** *a.*, *s. u.* **Pore** I.

I. **Pōse,** *n.* സ്ഥിതി, നില; ഭാവം. *v. t.* ഭാവത്തിൽ നിൎത്തുക, തരത്തിൽ—. *v. i.* ഭാവത്തിൽ നില്ക്കുക, ഭാവം ധരിക്കുക, നടിക്കുക.

II. **Pōse,** *v. t.* ചോദ്യം ചോദിക്കുക; 2. ഭ്രമിപ്പിക്കുക, അന്ധാളിപ്പിക്കുക, അമ്പരപ്പിക്കുക. **pō'sēr,** *n.* ഭ്രമിപ്പിക്കുന്നവൻ; വിഷമം; സമസ്യ. **pō'sing-ly,** *ad.* അന്ധാളിപ്പിക്കുംവണ്ണം.

**Pos'it,** *v. t.* സ്ഥാപിക്കുക, ഉറപ്പിക്കുക; വെക്കുക; 2. സിദ്ധാന്തമായി സങ്കല്പിക്കുക (*log.*)

**Pō-si'tiōn** (-zish'un), *n.* നില, സ്ഥിതി; 2. സ്ഥലം, കിടപ്പു്, സ്ഥാനം; 3. പക്ഷം, മതം, പ്രമാണം, അഭിപ്രായം, വാദം; 4. പദവി, ഉദ്യോഗം, പ്രവൃത്തി; 5. ഊഹഗണിതം (*arith.*). *v. t.* സ്ഥിതി കാണിക്കുക, സ്ഥലം പറയുക. **-al,** *a.* സ്ഥിതിസംബന്ധമായ.

**Pos'i-tive,** *a.* ഉള്ള, സാക്ഷാലുള്ള, സാക്ഷാത്തായ, വസ്തുത ആയ, വാസ്തവ്യം—; 2. താത്വികം—, കേവലം—, അനന്യസംബന്ധമുള്ള; സ്വതഃ; 3. സ്പഷ്ടം ആയ, തീൎച്ച—, തിട്ടം—; ഖണ്ഡിതം—; 4. സ്ഥാപിതം—; 5. നിശ്ചയം ഉള്ള, നിഷ്കൎഷ—, വാശി—; 6. പ്രബലത—, ഫലം—; 7. മാതൃകാനുസാരമായ (*phot.*). **p. degree** മൂലസ്ഥിതി, സ്വതഃസ്ഥിതി (*gr.*). **p. electricity** സ്ഫടികവിദ്യുച്ഛക്തി, കണ്ണാടി— (*elec.*). **p. law** സ്വരാജ്യനിയമം, രാജ്യാചാരലത്തു് —(*l.*). **p. philosophy** പ്രകൃതിതത്വജ്ഞാനം. **p. pole** വിദ്യുദ്ധാതുപ്രക്ഷേപണാഗ്രം (*elec.*). **p. quantity** ധനരാശി (*math.*). **p. rotation** ഇടത്തോട്ടുള്ള തിരിച്ചൽ (*mech.*). **p. sign** (+) എന്ന അടയാളം (*math.*). *n.* ഉണ്മ, വാസ്തവം; 2. നിൎണ്ണയം, തീൎമ്മാനം; 3. സ്വതഃസ്ഥിതി (*gr.*); 4. മാതൃകാനുസാരപടം (*phot.*). **-ly,** *ad.* സ്ഥാപനമായി; തീൎച്ചയായി, ഉറപ്പായി, ഖണ്ഡിതമായി, തീൎമ്മാനിച്ചു്. **p.y charged or electrified** സ്ഫടികവിദ്യുച്ഛക്തി ഏററ. **-ness, =tiv'i-ty,** *n.* സാക്ഷാൽ സ്ഥിതി, സത്വം, തത്വം; സ്ഥാപനം; വസ്തുത; നിശ്ചയം, ഉറപ്പു്; നിഷ്കൎഷ; മതാഭിമാനം, മതവൈരാഗ്യം, **=tiv-ism,** *n.* പ്രകൃതിതത്വജ്ഞാനവാദം, ഗോചരതത്വജ്ഞാന—. **=tiv-ist,** *n.* —വാദി.

**Pos'net,** *n.* ചെറുതളിക, താലം, കിണ്ണം.

**Po-sol'o-gy,** *n.* ഔഷധമാത്രശാസ്ത്രം (*med.*).

*Pos'se, Pos'se com-i-tā'tus,* *n.* ജനബലം, ജനസഹായം (*l.*); 2. ജനക്കൂട്ടം. *in p.* ഉണ്ടാവാൻ തരമുള്ള, സംഭവ്യമായ.

**Pos-sess',** *v. t.* ഉണ്ടാക, കൈവശമുണ്ടാക, അനുഭവിക്കുക, കയ്യാളുക (*S.*), ആധീനത്തിലുണ്ടാക; 2. ഉടയവൻ (ഉടമസ്ഥൻ) ആയിരിക്കുക, ഉടമ— (*N.*); 3. സാധിപ്പിക്കുക, കൈവശപ്പെടുത്തുക, വശത്താക്കുക; 4. ബാധിച്ചിരിക്കുക, ഉപദ്രവം ഉണ്ടാക, പീഡ—, കൂടുക; 5. (of, with, *reflex*) കിട്ടുക, പ്രാപിക്കുക, ലഭിക്കുക; അറിയിക്കുക, അറിവു് കൊടുക്കുക. **=ses'siōn** (-zesh'un), *n.* കൈവശമുണ്ടാകൽ; വശപ്പെടുത്തൽ; ഉടമ, കൈവശം (*l.*); കൈവശമുള്ള സാധനം; *pl.* മുതല്, വസ്തുവക, ആസ്തി; *pl.* അധീനരാജ്യം; പീഡ, ബാധ, ഭൂതോപദ്രവം, കൂടല്; ക്രോധപാരവശ്യം; ഭ്രാന്തു്. **to give p.n** ആ

ധീനപ്പെടുത്തിക്കൊടുക്കുക, കൈവശം കൊടുക്കുക. to put in p.n ഉടമയാക്കുക; കൈവശം കൊടുക്കുക; എത്തിച്ച് —; ഒഴിപ്പിച്ച് കൈവശം കൊടുക്കുക (*l.*). to take p.n പ്രവേശിക്കുക, ആധീനപ്പെടുത്തുക, കൈവശപ്പെടുത്തുക. writ of p.n ഒഴിപ്പിച്ച് കൈവശം കൊടുപ്പാനുള്ള കല്പന (*l.*). =ses'siŏn-ar-y, *a.* കൈവശം സംബന്ധിച്ച. =ses'sive, *a.* കൈവശസംബന്ധമായ, ഉടമ—. p.e case ഷഷ്ഠിവിഭക്തി, സംബന്ധ—, സംബന്ധിക (*gr.*). p.e pronoun പുരുഷപ്രതിസംജ്ഞ ഷഷ്ഠിവിഭക്തി, അധികാരപ്രതിസംജ്ഞ (*gr.*). *n.* ഷഷ്ഠിവിഭക്തി (*gr.*); അധികാരപ്രതിസംജ്ഞ (*gr.*). =ses'sive-ly, *ad.* ഉടമയായി. =ses'sŏr, *n.* ഉടമ(ക്കാരൻ), ഉടമസ്ഥൻ, കൈവശക്കാരൻ, മുതലാളി, അനുഭവിക്കുന്നവൻ. =ses'sŏr-y, *a.* കൈവശസംബന്ധമായ; കൈവശംപോലെയുള്ള. p.y action or suit വസ്തു കൈവശം കിട്ടുവാനുള്ള വ്യവഹാരം, ഒഴിപ്പിപ്പാനുള്ള— (*l.*).

**Pos'set,** *n.* തൈര്പാനകം. *v. t.* പാല് കട്ടിയാക്കുക; 2. യഥേഷ്ടം തീററുക.

**Pos'si-ble,** *a.* സംഭവ്യമായ, ഇടയുള്ള, പാടുള്ള, കഴിവുള്ള, ആവതുള്ള, ക്രിയ, സാദ്ധ്യമായ; 2. പക്ഷെ, ....ആനുമതി, എന്ന് വരാം, .....ഏക്കാം: it is p. that he go to-day അവൻ ഇന്ന് പോവാനും മതി, —പോയേക്കാം, അവൻ പക്ഷെ ഇന്ന് പോകും, അവൻ ഇന്ന് പോയെന്ന് വരാം; 3. സംശയം, പ്രയാസം: it is p. (but improbable) that he is honest അവൻ പരമാൎത്ഥിയാണെന്ന് വരുന്നത് പ്രയാസം; it is p. (but improbable) that he come to-day അവൻ ഇന്ന് വരുന്ന കാൎയ്യം സംശയം, —വന്നെങ്കിൽ വന്നു. as soon as p. കൂടിയവേഗം. as much as p. കഴിവുള്ളത്, പാടുള്ളേടത്തോളം. =bil'i-ty, *n.* സാദ്ധ്യം, കഴിവ്, ആവത്; സംഭാവ്യത; ഇട, തരം, പഴുത്. =bly, *ad.* പക്ഷെ, ഒര് സമയം, ഒര് വേള (*S.*); കഴിവുള്ളതായി, പാടുള്ളതായി.

**Pos'sum,** *n.* സഞ്ചിക്കൊട്ടൻ (*z.*). to play or act p. അറിയാത്ത ഭാവം നടിക്കുക.

I. **Pōst,** *n.* തൂണ്, കാല്, സ്തംഭം; 2. കററി, തറി; 3. കട്ടള, കട്ടളക്കാല്. from pillar to p. അങ്ങുമിങ്ങും, അങ്ങോട്ടുമിങ്ങോട്ടും. knight of the p. കൂലിസാക്ഷി, സാക്ഷിപറഞ്ഞ് നാള് കഴിയുന്നവൻ. p.-hole (തൂണ്) കുഴി. p.-mill ഒര് വക കാററ് തിരികല്ല്.

II. **Pōst,** *n.* സ്ഥലം, സ്ഥാനം; 2. താവളം, വഴിയമ്പലം; 3. പാളയം, പട്ടാളസ്ഥാനം; 4. പാറാവൃത്തി; 5. അഞ്ചല്ക്കാരൻ, ദൂതൻ, തപ്പാല്ക്കാരൻ; 6. തപ്പാല്, അഞ്ചല്; 7. വേഗത; 8. സ്ഥാനം, ഉദ്യോഗം, പദവി; 9. ഒര് വക കടലാസ്. p.-bag തപ്പാൽസഞ്ചി. p.-boy തപ്പാൽവണ്ടിക്കാരൻ; തപ്പാല്ക്കാരൻ. p.-card തപ്പാൽനറുക്ക്, 'കാഡ്'. p.-captain യുദ്ധകപ്പൽനായകൻ. p.-chaise, p.-coach തപ്പാൽവണ്ടി. p.-day തപ്പാൽ ദിവസം. p.-hackney തപ്പാൽക്കുതിര. p.-haste ബദ്ധപ്പാട്, അതിവേഗത; വേഗത്തിൽ. p.-house, p.-office തപ്പാൽ ചാവടി, —കച്ചേരി, തപ്പാലാപ്പീസ്. p.-man തപ്പാല്ക്കാരൻ, അഞ്ചക്കാരൻ; പ്രധാനവക്കീല്. p.-mark തപ്പാലാപ്പീസ്മുദ്ര; മുദ്രകുത്തുക. p.-master തപ്പാൽകുതിരത്താവളക്കാരൻ; തപ്പാൽചാവടി പ്രമാണി, 'പോസ്റ്റ് മാസ്റ്റർ'. p.-paid തപ്പാൽ കൂലി കൊടുത്ത, മുദ്ര പതിച്ച. p.-rider തപ്പാൽവണ്ടിക്കാരൻ. p.-office order, *s. a.* money order. p.-road, p.-route അഞ്ചൽപാത. p.-town കുതിരമാററുന്ന പട്ടണം; തപ്പാൽ കച്ചേരിയുള്ള—. to ride p. അതിവേഗത്തിൽ കുതിരയോടിച്ച് പോക. to travel p. തപ്പാൽവെച്ച് യാത്ര ചെയ്യുക. *v. t.* പതിക്കുക, പററിക്കുക; 2. പരസ്യമായി ആക്ഷേപിക്കുക, —നിന്ദിക്കുക; 3. പട്ടികയിൽ ചേൎത്ത് വെക്കുക; 4. സ്ഥാനത്താക്കുക, ഉദ്യോഗംകൊടുക്കുക, നിശ്ചയിക്കുക, വെക്കുക, ആക്കുക; 5. കണക്കിൽ ചേൎക്കുക, പേർവ്വഴിയിൽ പതിക്കുക; 6. തപ്പാലിൽ ഇടുക, തപ്പാലക്കയക്കുക; 7. (up) അറിവ് കൊടുക്കുക, അറി

യിക്കുക, വിവരം പറയുക. p.ed up പരിചയമുള്ള. *v. i.* തപ്പാൽവെച്ച് യാത്രചെയ്യുക, അതിവേഗത്തിൽ—; 2. കതിരപ്പുറത്ത് ഇരുന്നേടത്ത് പൊന്തുകയും താഴുകയും ചെയ്യുക. *ad.* കതിരതപ്പാൽവെച്ച്, അതിവേഗത്തിൽ. -'āġe, *n.* തപ്പാൽക്കൂലി. p.e-stamp തപ്പാൽമുദ്ര, 'സ്റ്റാമ്പ്'. -'al, *a.* തപ്പാൽസംബന്ധമായ, അഞ്ചൽ—. p.l card തപ്പാൽനറുക്ക്, 'കാഡ്'. p.l money order, *s. a.* money order. p.l note തപ്പാൽ 'നോട്ട്', തപ്പാലുണ്ടി. p.l union (പലരാജ്യങ്ങൾക്ക് തമ്മിലുള്ള) തപ്പാൽകരാറ്. -'ĕr, *n.* പരസ്യം; പരസ്യംപതിക്കുന്നവൻ; തീവ്രപ്രയാണി; അഞ്ചല്ക്കാരൻ; തപ്പാൽകതിര. pos-til'iŏn, *n.* കതിരവണ്ടി തെളിക്കുന്നവൻ, സാരഥി, വണ്ടിക്കാരൻ. -'ing, *n.* തപ്പാൽവെച്ച് യാത്രചെയ്യൽ; (കണക്ക്) പേരേട്ടുഴിയിൽ ചേക്കൽ.

III. Pōst, *pf.* പിമ്പിലുള്ള, പിന്നേത്ത, വഴിയെ ഉള്ള, രണ്ടാമത്തെ, അനന്തരം, ഉത്തര, അപര. -'a-ct, *n.* വഴിയെ ചെയ്യുകായ്യം, അനന്തരക്രിയ. -ā'nal, *a.* മൂലദ്വാരത്തിന്ന് പിമ്പിലുള്ള (*an.*). -dāte', *v. t.* പിൻതിയ്യതി വെച്ചെഴുതുക; വഴിയെ തിയ്യതി ചേക്കുക. *a.* പിൻതിയ്യതിവെച്ച. *n.* പിൻതിയ്യതി. -di-lu'-vi-al, -di-lu'vi-an, *a.* പ്രളയോത്തരമായ, ജലപ്രളയാന്തരമുള്ള. *n.* പ്രളയോത്തരവാസി. -en'try, *n.* കണക്കിൽ പിന്നെ ചേത്തത്. -ex-is'tence, *n.* ഉത്തരാസ്തിക്യം, അപരജീവൻ. -'fact, *n.* ഉത്തരസംഭവം. -'fix, *n.* പ്രത്യയം (*gr.*). *v. t.* പ്രത്യയം ചേക്കുക. -ġen'i-tūre, *n.* കനിഷ്ഠത്വം. -me-rid'i-an, *a.* (*contr. f.* P. M.) ഉച്ചതെറ്റിയ, —തിരിഞ്ഞ, തിരിഞ്ഞടിയായ. -mor'tem, *a.* മരണാനന്തരമുള്ള. p.m examination ശവപരിശോധന, ശവം കീറിനോക്കൽ (*med.*). -nā'tal, *a.* ജനനാനന്തരമുള്ള, ജന്മോത്തരമായ. -'nāte, *a.* വഴിയെയുള്ള. -nōte, *n.* അവധിയുള്ള ഉണ്ടിക. -nup'tial (-shal), *a.* വിവാഹാനന്തരമുള്ള. -ō'bit, -ō'bit bond, *n.* (വല്ലവരുടെയും മരണാനന്തരം പണം കൊടുക്കാമെന്ന) നിശ്ചയാധാരം (*l.*). -ō'ral, *a.* വായിക്ക് പിമ്പിലുള്ള (*an.*). -pō-si'-tiŏn (-zish'un), *n.* പിമ്പിലാക്കൽ; പ്രത്യയം. -prand'i-al, *a.* ഊണ് കഴിഞ്ഞ ശേഷം ഉള്ള, ഭക്ഷണാനന്തരം—. -scē'-ni-um, *n.* അണിയറ. -scrībe', *v. t.* സൂചകം എഴുതുക. -'script, *n.* സൂചന, സൂചകം, അനുലേഖനം.

Pos-tē'ri-ŏr, *a.* പിൻകാലത്തെ, പിന്നേത്ത; 2. വഴിയേത്ത, പിന്നിലുള്ള; 3. വാൽഭാഗത്തുള്ള (*an.*). *n. pl.* ചന്തി, പൃഷ്ഠം, ആസനം, കണ്ടി. =or'i-ty, *n.* പിമ്പ്, അനന്തരത്വം. -ly, *ad.* ശേഷം, പിന്നെ, വഴിയെ. =ter'i-ty, *n.* സന്താനം, അനന്തരവന്മാര്, പുത്രപൌത്രന്മാര്; വരുംകാലം; പിന്നെയുള്ള തലമുറകൾ.

Pos'tĕrn, *n.* പിൻവാതില്; ഒളി—; ചെറു—; പക്ഷദ്വാരം, പക്ഷകം; 2. കോട്ടത്തുരങ്കവഴി. *a.* പിമ്പിലുള്ള; 2. സ്വകായ്യ, ഒളി.

Pos-thet'o-my, *n.* പരിച്ഛേദന, ചേലാകമ്മം, ചേലാവ്.

Post'hū-mŏus, ='ū-mŏus (post'ū-mus), *a.* അച്ഛൻ മരിച്ചശേഷം ജനിച്ച, അമ്മയുടെ മരണശേഷം വയററിൽനിന്നെടുത്ത, മൃത്യുത്തരജാത; 2. ഗ്രന്ഥകത്താവ് മരിച്ചശേഷം പ്രസിദ്ധം ചെയ്യു; 3. മരണാനന്തരമുള്ള. -ly, *ad.* മരണശേഷം.

Pos'til, *n.* വ്യാഖ്യാനക്കുറിപ്പ്, സൂചകം (*Chr.*); 2. വിവരണപ്രസംഗം. *v. t.* & *i.* വ്യാഖ്യാനിക്കുക. -ĕr, -lĕr, -lā-tŏr, *n.* വ്യാഖ്യാനി. -lāte, *v. t.* വ്യാഖ്യാനിക്കുക. *v. i.* വിവരിക്കുക; വ്യാഖ്യാനപ്രസംഗം ചെയ്യുക. -lā'tiŏn, *n.* വ്യാഖ്യാനം; വ്യാഖ്യാനപ്രസംഗം.

Pos-til'iŏn, *n.*, *s. u.* Post II.

Pōst-li-min'i-ar, =min'i-ŏus, *a.* വഴിയെ ചെയ്യു; പിമ്പുണ്ടായ; വഴിയെ ആലോചിച്ച. =min'i-ar-y, *a.* അവകാശയഥാസ്ഥാപനത്വം സംബന്ധിച്ച. =min'i-um, =lim'i-ny, *n.* അവകാശയഥാസ്ഥാപനത്വം.

**Pōst′lūde**, *n.* ആരാധനാവസാനപ്പാട്ട്, സമാപ്തിഗീതം (*Chr.*).

**Pōst-pōne′**, *v. t.* നിൎത്തിവെക്കുക, നീട്ടി—, താമസിപ്പിക്കുക; 2. പിന്നിൽ ആക്കുക, താഴെ—. **-ment**, *n.* ദീൎഘസൂത്രതചം; നിൎത്തിവെക്കൽ; താമസം. =**pō′nĕr**, *n.* നിൎത്തിവെക്കുന്നവൻ.

**Pos-trem-o-ġen′i-tūre**, *n.* കനിഷ്ഠപുത്രാവകാശന്യായം.

**Pos′tū-lant**, *n.* അൎത്ഥി, അപേക്ഷകൻ. =**lāte**, =**lā′tum** (*pl.* =**lā′ta**), *n.* സ്വീകൃതപക്ഷം, അംഗീകൃത—; 2. നിൎവ്വാദസങ്കല്പം (*geom.*), ഊഹം. *v. t.* സങ്കല്പിക്കുക; ഊഹിക്കുക, എന്ന് വെക്കുക, ഭാവിക്കുക. =**lā-ted**, *a.* സങ്കല്പം ആയ, ഊഹം—. =**lā′tiŏn**, *n.* സങ്കല്പനം; ഭാവം, ഊഹം; അപേക്ഷ; വ്യവഹാരം, വാദം. =**lā-tŏr-y**, *a.* സങ്കല്പോപമമായ.

**Post′ū-mŏus**, *a.*, *see* **Posthumous**.

**Pos′tūre** (*or* -chur), *n.* നില്പ്, ഇരുത്തം; ശരീരനില, —സ്ഥിതി; 2. ദേഹഭാവം, അംഗവിന്യാസം; 3. അവസ്ഥ, നില, സ്ഥിതി. **p.-master** ഗുരുക്കള്, കളിയച്ചൻ (*S.*), പയററ് പഠിപ്പിക്കുന്നവൻ (*N.*). *v. t.* നിൎത്തുക, വെക്കുക, ഇരുത്തുക; 2. (*refl.*) ഭാവത്തിൽ നില്ക്കുക. *v. i.* ഭാവത്തിൽ—; 2. ദേഹാഭ്യാസം കാട്ടുക; 3. തഞ്ചത്തിൽ നില്ക്കുക, ആക്കത്തിൽ—; 4. നടിക്കുക. =**′tū-ral**, *a.* നിലസംബന്ധിച്ച.

**Pō′sy**, *n.* ശ്ലോകം, പദം, വചനം, മൊഴി, വാക്ക്; 2. പൂച്ചെണ്ട്, പുഷ്പമഞ്ജരി.

**Pot**, *n.* പാത്രം, കലം, കുടുക്ക, ചട്ടി; 2. കിണ്ടി, മോന്ത, മുരുട; 3. പാത്രത്തിൽ പിടിപ്പത്; 4. പുകക്കുഴൽത്തൊപ്പി; 5. മൂശ; 6. കൊട്ട, ഒററല്; 7. അരിപ്പപ്പീപ്പ; 8. കടലാസിന്റെ ഒര് വലിപ്പം. **p.-ale** ചുക്ക, ചുക്കാൻ. **p.-bellied** കുംഭയുള്ള. **p.-belly** കുംഭ, കുടവയറ്. **p.-boiler** കൂലിക്ക് ചിത്രം വരക്കുന്നവൻ. **p.-boy, p.-man** കള്ള് വില്ക്കുന്നവൻ. **p.-companion** കൂടെക്കുടിക്കുന്നവൻ. **p.-hanger** ഒര് വക ഉറി. **p.-herb** ചീര; ഇലക്കറി. **p.-hook** പാത്രം കൊളുത്തുന്ന കൊക്ക, കൊക്കയുറി. **p.-house** കള്ള് ചാപ്പ. **p.-hunter** വേട്ടയിൽ എന്തും കൊല്ലുന്നവൻ; ആഹാരാൎത്ഥം വേട്ടയാടുന്നവൻ. **p.-lid** മൂടി, അടച്ചൂററി. **p.-luck** കിട്ടിയ ആഹാരം. **to take p.-luck** കിട്ടിയത് തിന്നുക, ഉള്ളതിലോഹരിക്ക് വിരുന്ന് കൂട്ടുക. **p.-metal** ചീനച്ചട്ടി; ഓട്; ഒര് വക വണ്ണക്കണ്ണാടി. **p.-pie** പുഴുങ്ങിയ ഇറച്ചിയട. **-pour′rī** (pō-pur′rē), *n.* കൂട്ട്കറി, കാലൻ; സുഗന്ധക്കോപ്പ്; സംഗീതത്തിരട്ട്; സമ്മിശ്രഗ്രന്ഥം. **p.-sherd** കലനുറുക്ക്, ഓട്ടിൻകഷണം. **p.-stone** കഴിച്ച് പാത്രങ്ങൾ ആക്കുന്ന ഒര് വക പതമുള്ള കല്ല്. **p.-sure** അമൽധൈൎയ്യമുള്ള. **p.-valiant** കുടിച്ച് ധൈൎയ്യം കാട്ടുന്ന. **p.-walloper** കലം കഴുകി; വരണച്ചീട്ടുകാരൻ. **to go to p.** നശിച്ച് പോക; വ്യൎത്ഥമായിലാക; ചണ്ടിയായ്പ്പോക. *v. t.* പാത്രത്തിൽ ഇടുക, —ഇട്ട് വെക്കുക; 2. സൂക്ഷിച്ച് —; വേവിച്ച് സൂക്ഷിക്കുക; അച്ചാറിടുക; കട്ടിയിലിടുക; 3. പൂച്ചട്ടിയിൽ നടുക; 4. അരിക്കുക; വടികെട്ടുക. *v. i.* കുടിക്കുക; മദ്യപാനം ചെയ്യുക. **-′tĕr**, *n.* കുശവൻ, ആന്തുൻ; കലംവില്ക്കുന്നവൻ; മാംസം മുതലായത് പാത്രങ്ങളിലിട്ടടച്ച് അന്യദിക്കിലേക്ക് അയക്കുന്നവൻ. **p.r's clay** കുശമണ്ണ്, കളി—. **p.r's field** പരദേശിശ്മശാനം. **p.r's wheel** കുശവചക്രം, മൺചക്രം. **-′ted**, *a.* പാത്രത്തിലിട്ട് വെച്ച, —സൂക്ഷിച്ച. **-′tĕrn**, *a.* കുശവന്മാക്കുള്ള. **-′tĕr-y**, *n.* മണ്പാത്രങ്ങൾ, ചട്ടികലം മുതലായത്; ആന്തുൻവീട്. **-′tinġ**, *n.* ചെടിപൂച്ചട്ടിയിൽ വെക്കൽ; പാത്രത്തിൽ ഇടൽ; ശൎക്കരയരിക്കൽ. **p.g-house** പൂച്ചട്ടിച്ചെടികൾ വെക്കുന്ന സ്ഥലം.

**Pō′ta-ble**, *a.* കുടിപ്പാൻ തക്ക, കുടിക്കാകുന്ന. *n.* പാനകം, പാനീയം. **-ness**, *n.* പേയത്വം. =**tā′tiŏn**, *n.* കുടിക്കൽ; പാനോത്സവം; പാനകം, പാനീയം. =**ta-tŏr**, *n.* കുടിയൻ. =**′ta-tŏr-y**, *a.* പാനസംബന്ധമായ.

**Pot-a-mog'ra-phy** (-fi), =mol'o-ġy, *n.* നദീശാസ്ത്രം, നദീവൎണ്ണന.

**Pot'ash,** *n.* കാരം, ക്ഷാരം; 2. പപ്പടക്കാരം.

**Pō-tā'tō,** *n.* ഉരുളക്കിഴങ്ങ്, കിഴങ്ങ്, 'ബട്ടേട്ട' (*b.*). p.-whisky കിഴങ്ങ് റാക്ക്. sweet p. കപ്പക്കിഴങ്ങ്, ചക്കരക്കിഴങ്ങ്, 'വത്താസ്'.

**Pō-tēen',** *n.* ചാരായം, റാക്ക്, 'വിസ്കി'; 2. ഐൎല്ലണ്ടിലെ കള്ളക്കാച്ച് 'വിസ്കി'.

**Pō'tent,** *a.* ശക്തിഉള്ള, ഊക്ക്—, ബലം—; വീൎയ്യം—, ഫലം—; 2. അധികാരം—, പ്രാബല്യം—. ='tence, =ten-cy, -ness, *n.* ശക്തി, ഊക്ക്, ബലം; വീൎയ്യം. =ten-tāte, *n.* ശക്തൻ; പ്രഭു, രാജാവ്. =ten'tial (-shal), *a.* ശക്തിയുള്ള, സംഭവ്യമായ, ഉണ്ടാകുവാൻ പാടുള്ള. p.l mood or mode ശക്യാൎത്ഥരൂപം (*gr.*). *n.* സംഭാവ്യത. =ten-ti-al'i-ty (-shi-al'i-ti), *a.* കഴിവ്, സംഭാവ്യത. =ten'tial-ly (-shal-), *ad.* സംഭവ്യമായി. -ly, *ad.* വലിയബലത്തോടെ, ശക്തിയോടെ.

**Poth'ĕr,** *n.* ഉരുസല്, തൊന്തരം; 2. ഉപദ്രവം, കുഴപ്പം. *v. i.* ഉരുസലാക്കുക. *v. t.* ഉപദ്രവിക്കുക, അലമ്പാക്കുക.

**Pō'tiŏn,** *n.* ഒരിറക്ക്; 2. മാത്ര; 3. കഷായമാത്ര, ദ്രാവകം—.

**Pot'tāġe,** *n.* പുഴുക്ക്; 2. പായസം; 3. പ്രഥമൻ.

I. **Pot'tĕr, Pot'tĕr-y,** *s. u.* Pot.

II. **Pot'tĕr,** *v. i.* നിസ്സാരമായതിൽ ഉൾപ്പെടുക, വെറുതെ നേരം കളയുക; ആക്കാനും വേണ്ടി ഓക്കാനിക്കുക, നേരംപോക്കുക; ഉരുസലാക്കുക; തെണ്ടിനടക്കുക. *v. t.* അലമ്പാക്കുക; ഉന്തുക; കുത്തുക.

**Pot'tle** (pot'l), *n.* അരക്കുററിയളവ്, ഇരുനാഴി, രണ്ട് കപ്പി; 2. ഒര് പാത്രം; 3. കൊട്ട, കൂട. p.-draught ഒര് വീപ്പിന്ന് അരക്കുററി കുടിക്കുന്നവൻ.

**Pouch,** *n.* സഞ്ചി, ശീല, മടിശ്ശീല; 2. കംഭ, കുടവയറ്; 3. ഉറുപ്പ; 4. പൊട്ടി. p.-mouth ചുണ്ട് മലൎന്നവായി. *v. t.* സഞ്ചിയിലിടുക; 2. കൊത്തിവിഴുങ്ങുക; 3. സഹിക്കുക. pouched (poucht), *a.* സഞ്ചിയുള്ള.

**Poṳ-drette'** (pṳ-dret'), *n.* മലവളം.

**Pōult** (pōlt), *n.* കോഴിക്കുഞ്ഞ്; പക്ഷിക്കുഞ്ഞ്. ='tĕr-ĕr, *n.* കോഴിക്കാരൻ. ='try, *n.* കോഴി വാത്ത് മുതലായവ. p.y-yard കോഴിക്കളം.

**Pōul'tice** (pōl'tis), *n.* പത്തി, പ്രലേപം, 'പൊൾട്ടീസ്', 'പ്ലാസ്ത്രി'. *v. t.* പത്തിവെക്കുക, 'പ്ലാസ്ത്രി'യിടുക.

I. **Pounce,** *n.* പൊടി; 2. മഷിമണല്; 3. കരിപ്പൊടി. p.-box മണല്കുപ്പി. p.-paper കരിക്കടലാസ്. *v. t.* കരിതേക്കുക; പൊടിവിതറുക. pounc'ing, *n.* കരിക്കടലാസ് വെച്ച് ചിത്രപ്പകൎപ്പെടുക്കുക.

II. **Pounce,** *n.* പക്ഷിനഖം. *v. t.* മാന്തുക, റാഞ്ചുക. *v. i.* (on, upon) റാഞ്ചിപ്പിടിക്കുക. pounced (pounst), *a.* നഖമുള്ള.

I. **Pound,** *v. t.* കുത്തുക, കുത്തിച്ചീക്കുക, ഇടിക്കുക; 2. പൊടിക്കുക, പൊടിയാക്കുക. *v. i.* ഇടിക്കുക; 2. ഉരമ്പൽശബ്ദം പുറപ്പെടുവിക്കുക. -'ĕr, *n.* ഇടിക്കുന്നവൻ; ഉലക്ക. -'ing, *n.* ഇടിക്കൽ, ചതക്കൽ; പൊടി.

II. **Pound,** *n.* സക്കാരാല; 2. പുഴച്ചിപ്പുകൾക്കകം; 3. കണ്ടാച്ചിവല. p-breach സക്കാരാലയിൽനിന്ന് കാലിയെ ബലമായി വിടുത്തികൊണ്ട് പോകൽ (*l.*). p.-keeper സക്കാരാലക്കാരൻ. p.-covert മേല്പുരയുള്ള ആല. p.-overt മേല്പുരയില്ലാത്ത—. *v. t.* ആലയിൽആക്കുക, സക്കാരാലക്കകത്ത്—. -'āġe, *n.*—ആക്കൽ; ആലപ്പിഴ (*l.*).

III. **Pound,** *n.* റാത്തല്, നാല് പലം, 40 ഉറുപ്പികത്തൂക്കം; 2. പൌണ്, 15ക്കക്ക് തുല്യമായ വില. p.-cake ഒര് വക മധുരാപ്പം. -'āġe, -'rāte, *n.* വട്ടം, ഒല്ലാലിവട്ടം, 'കമ്മിഷൻ'; ചുങ്കം; ആമീൻവട്ടം, 'പൌണ്ടേജ്' (*l.*). *v. t.* വട്ടം പിരിക്കുക; ചുങ്കം—; 'പൌണ്ടേജ്'വസൂലാക്കുക. -'ĕr, *a.* പൌണ് വിലക്കുള്ളത്; റാത്തൽതൂക്കമുള്ള ഉണ്ടനിറക്കുന്ന (തോക്ക്).

**Pōur** (pōr), *v. t.* ഒഴിക്കുക, പകരുക; 2. തുറന്ന് പറയുക; ധാരാളമായി വിടുക; 3. ഒഴുക്കുക. *v. i.* പെയ്യുക, ഒഴുകുക, വീഴുക; ഇറങ്ങുക. *n.* നീരൊഴുക്കം; 2. മഴ. -'ĕr, *n.* പകരുന്നവൻ, ഒഴുക്കുന്നവൻ.

**Pou̥r-pär'ty** (pu̥r-pär'ti), *n.* ഭാഗിക്കൽ (*l.*); 2. ഭാഗം, ഓഹരി (*l.*). **to make p.** വസ്തു ഭാഗിച്ചനുഭവിക്കുക.

**Pou̥r-prest'ūre** (pu̥r-), *n.* കയ്യേററം (*l.*). [Portray.

**Pōur-trāy'** (pōr-trā'), *v. t.*, *s. a.*

I. **Pout,** *n.* കോഴിക്കുഞ്ഞ്; പക്ഷിക്കുഞ്ഞ്.

II. **Pout,** *v. i.* ചുണ്ട് കൂർപ്പിക്കുക, വപ്പ് കടിക്കുക (*S.*). മുഷിയുക, മുഖം കറുപ്പിക്കുക, കിണുങ്ങുക (*S.*). 2. മലൎത്തുക, പുറത്താക്കുക, തള്ളുക. *n.* ചുണ്ട് കൂർപ്പിക്കൽ; മുഷിച്ചല്. -'ĕr, *n.* വപ്പ് കടിക്കുന്നവൻ; ഒര് വക പ്രാവ് (*z.*). -'ing, *n.* ഇളിച്ചല്. -'ing-ly, *ad.* ഇളിഞ്ഞ് കൊണ്ട്, മുഷിച്ചലായി.

**Pov'ĕr-ty,** *n.* ദാരിദ്ര്യം, ഇല്ലായ്മ, ദുർഭിക്ഷം, ബുദ്ധിമുട്ട്, ക്ഷാമം, പഞ്ചം, പഞ്ഞം (*S.*). **p.-struck** ദാരിദ്ര്യം പിടിച്ച, പരാധീനപ്പെട്ട.

**Pow'dĕr,** *n.* പൊടി, ചൂൎണ്ണം, ധൂളി; 2. മുഖചൂൎണ്ണം; 3. വെടിമരുന്ന്, കരി—. **p.-flask** വെടിമരുന്ന് കുപ്പി. **p.-horn** —കുററി. **p.-hose** തുരങ്കത്തിരി. **p.-hoy** (യുദ്ധക്കപ്പലിലേക്ക്) വെടിമരുന്ന് (കൊണ്ട് പോകുന്ന) ഉരു, മരുന്നുരു. **p.-magazine or room** മരുന്നറ. **p.-mill** വെടിമരുന്ന് ശാല. **p.-mine** വെടിമരുന്ന് നിറച്ച് പൊട്ടിക്കുന്ന തുരങ്കം. **p.-monkey, p.-boy** പടക്കപ്പലിൽ മരുന്ന് ചുമക്കുന്നവൻ. **p.-puff** മുഖചൂൎണ്ണവീശി, മുഖചൂൎണ്ണോപധാനം. **gun-p.** വെടിമരുന്ന്. **hair-p.** കേശചൂൎണ്ണം. **p. and shot** വെടിക്കോപ്പ്; വക, മുതല്. *v. t.* പൊടിക്കുക, പൊടിയാക്കുക, ധൂളിപ്പിക്കുക, ചൂൎണ്ണിക്കുക; 2. പൊടിവിതറുക; മുഖചൂൎണ്ണമിടുക. *v. i.* പൊടിയുക; 2. മുഖചൂൎണ്ണമണിയുക. =dĕred (-dĕrd), *a.* പൊടിയായ; മുഖചൂൎണ്ണമണിഞ്ഞ. -ing, *a.* പൊടിയാക്കുന്ന; മുഖചൂൎണ്ണമിടുന്ന. **p.g tub** ഇറച്ചി ഉപ്പിടുന്ന മരവി. -y, =dry, *a.* പൊടിയുന്ന, പൊടിഞ്ഞ; ചൂൎണ്ണം അണിഞ്ഞ; —പോലെയുള്ള.

**Pow'er** (pow'r), *n.* ഊക്ക്, ശക്തി, ത്രാണി; ബലം; പ്രാപ്തി, സാമൎത്ഥ്യം; കഴിവ്; 2. അധികാരം, വശം; 3. ആധിപത്യം, വാഴ്ച; കോയ്മ; 4. അധികാരി; രാജാവ്; 5. ദേവത; 6. ദൈവം; 7. സൈന്യം, യുദ്ധബലം, കപ്പൽസൈന്യം; 8. കൂട്ടം, ബാഹുല്യം, ആധിക്യം; 9. യന്ത്രശക്തി; യന്ത്രം; 10. തമ്പെരുക്കം, ഘാതം: **2nd p.** വൎഗ്ഗം; **3rd p.** ഘനം; **4th p.** ചതുൎഘാതം; **5th p.** പഞ്ചഘാതം *etc.* (*math.*); 11. മനശ്ശക്തി; 12. വലിപ്പപ്പെരുക്കം (*opt.*); 13. മുക്ത്യാറ്, മുക്ത്യാർനാമം, വക്കീൽ— (*l.*); 14. രാജ്യം. **p.-loom** യന്ത്രത്തറി, യന്ത്ര'മഗ്ഗം'. **horse-p.** (യന്ത്രശക്തിക്കണക്കിലെ) കുതിരയൂക്ക്. **great p.s** യൂറോപ്പിലെ മഹാരാജ്യങ്ങൾ. **mechanical p.s** തുലാം, ചരിവ്, കപ്പി, പിരിയാണി, ചക്രം എന്ന 5 വക യന്ത്രങ്ങൾ. **p. of attorney** മുക്ത്യാർനാമം, വക്കീൽ— (*l.*). **steam-p.** ആവിയന്ത്രം, —ശക്തി. **water-p.** ജലയന്ത്രം; —ശക്തി. **in the p. of** ആധീനത്തിൽ, കയ്യിൽ, വശം. **in p.** ഉദ്യോഗം ഉള്ള, അധികാരം—, വാഴ്ച—. **-a-ble, -fu̥l,** *a.* ശക്തി—, ബലം—, ഊക്കൻ ആയ, പ്രബലൻ—; വിശാലം—, വലിയ (*min.*). **-fu̥l-ly,** *ad.* ഊക്കോടെ. **fu̥l-ness,** *n.* ശക്തി, പ്രാബല്യം. **-less,** *a.* ത്രാണി ഇല്ലാത്ത, ശക്തി— ,കഴിവ്—; ദുൎബ്ബലമായ. **-less-ly,** *ad.* ബലമില്ലാതെ, കഴിവില്ലാതെ. **-less-ness,** *n.* ദൌൎബ്ബല്യം.

**Pow'wow,** *n.* മന്ത്രവാദം, ആഭിചാരം, ഉച്ചാടനം, നീക്കല്.

**Pox,** *n.* പൊന്തല്, പൊള്ളല്, പരു, വസൂരി (*med.*). **chicken-p.** പൊട്ടി, തീപ്പാറി (*med.*). **small-p.** വസൂരി, കരിപ്പ്. *v. t.* വസൂരിപൊന്തുക.

**Poy,** *n.* തട്ട്, പലക, ആധാരം; 2. ഞാണിന്മേൽ കളിക്കാരൻെറ ദണ്ഡ്; 3. ഇറക്കോല്, ചല്ലം (*N.*).

**Poyn'tel, Poyn'tell,** *n.* വിചിത്രപടവ് (*arch.*).

**Präam, Präm, Prāme,** *n.* അടിപരന്ന ഒര് വക മഞ്ചു (*naut.*).

**Prac'ti-ca-ble,** *a.* പാട്ടുള്ള, ചെയ്യാകുന്ന, പ്രവൃത്തിക്കാകുന്ന; സാദ്ധ്യം ആയ; 2. എളുപ്പം—, സുലഭം—; 3. ഉപയോഗിക്കാവുന്ന; നടക്കാവുന്ന, പോകാവുന്ന. =**ca-bil'i-ty, -ness,** *n.* പാട്, പഴത്; സാദ്ധ്യത, സംഭാവ്യത. =**ca-bly,** *ad.* സാദ്ധ്യകരമായി. =**cal,** *a.* ക്രിയ ആയ, പ്രവൃത്തിസംബന്ധം—; ക്രിയാഭാഗം—; കാൎയ്യം—; ഉപയോഗപ്പെടുന്ന, പ്രയോജകം ആയ; വ്യവഹാരികം—, ലൌകികം—; കാൎയ്യപരിചയം ഉള്ള, സാമൎത്ഥ്യം—, ശീലം—. **p.l chemistry** ഖിമകൎമ്മശാസ്ത്രം, രസവാദക്രിയാവിദ്യ, രസായനപ്രയോഗം—. **p.l joke** ഹാസ്യക്രിയ, നേരമ്പോക്ക്കാൎയ്യം, കളിപ്രവൃത്തി. **p.l knowledge** തഴക്കം, പഴക്കം, ശീലം, കാൎയ്യപരിചയം, വ്യവഹാരജ്ഞാനം, ലൌകികം—. **p.l purpose** കാൎയ്യം, ആവശ്യം. **p.l man** കാൎയ്യത്തിന്ന് പോന്നവൻ; കാൎയ്യശീലമുള്ളവൻ; പ്രവൎത്തകൻ. **p.l scheme** സാദ്ധ്യമാൎഗ്ഗം, വ്യവഹാരോചിതതാപായം. =**cal'i-ty,** =**cal-ness,** *n.* സംഭാവ്യത, സാദ്ധ്യത; പ്രവൎത്തനീയതം, വ്യവഹാൎയ്യത. =**cal-ly,** *ad.* കാൎയ്യമായി, വസ്തുതയിൽ, സൂക്ഷ്മത്തിൽ; അഭ്യാസത്താൽ, പരിചയംകൊണ്ട്; ഉപയോഗത്തിൽ, നടപ്പിൽ. ='**tice,** *n.* ചെയ്യൽ, ക്രിയ, പ്രവൃത്തി; നടപ്പ്, പതിവ്, അടവ്, മൎയ്യാദ; രൂഢി; ശീലം, തഴക്കം; അഭ്യാസം, പഠിപ്പ്; ഉദ്യോഗപ്രവൃത്തി, പ്രവൃത്തി; ഉപായം; തന്ത്രം; വൎത്തകഗണിതം, വ്യാപാരക്കണക്ക് (*ar.*); വ്യവഹാരനടവടി (*l.*). **legal p.e** വക്കീൽപ്രവൃത്തി; **medical p.e** വൈദ്യപ്രവൃത്തി, ചികിത്സ. ='**tice,** ='**tise** (-tis), *v. t.* പതിവായി ചെയ്യുക, നിത്യം—; പ്രവൃത്തിനടത്തുക; അഭ്യസിക്കുക; പ്രവൃത്തിക്കുക, ചെയ്യുക, ഉപയോഗിക്കുക, ഉദ്യോഗിപ്പിക്കുക; അഭ്യസിപ്പിക്കുക. *v. i.* നിത്യം ചെയ്യുക; ശീലിക്കുക, പഠിക്കുക; കൌശലം പ്രയോഗിക്കുക; ചതി പിണെക്കുക; പ്രവൃത്തി നടത്തുക; വൈദ്യപ്രവൃത്തിചെയ്യുക; വക്കീൽ—. ='**ticed,** ='**tised** (-tist), *a.* പരിചയം ഉള്ള, ശീലം—; പതിവായി ചെയ്യുന്ന; ചെയ്ത്പഠിച്ച. ='**tic-ĕr,** ='**tis-ĕr,** *n.* ചെയ്യുന്നവൻ; ഉദ്യോഗം നടത്തുന്നവൻ. =**ti'cian** (-tish'an), *n.* ശീലം ഉള്ളവൻ, പരിചയം—; ഉദ്യോഗം ചെയ്യുന്നവൻ. =**ti'tiŏn-ĕr** (-tish'un-), *n.* ഉദ്യോഗം നടത്തുന്നവൻ; വൈദ്യപ്രവൃത്തി ചെയ്യുന്നവൻ; വക്കീൽ പ്രവൃത്തി—, പതിവുകാരൻ; ഉപായി, കതന്ത്രി. **legal p.r** വക്കീല്; **medical p.r.** വൈദ്യൻ.

**Prac'ti-cal, Prac'tice, Prac'tise,** *etc., s. u.* **Practicable.**

**Præ** (prē), *s. a.* **Pre.**

**Præc'i-pe** (pres'i-), *n.* പ്രതിവല്ലതും ചെയ്യേണമെന്നാവശ്യപ്പെടുന്ന കല്പന (*l.*).

**Præ-cog'ni-ta,** *n. pl.* പൂൎവ്വജ്ഞാനം, മുന്നറിവ്.

**Præ-mū-nī're** (prē-mū-nī'ri), *n.* ഇംഗ്ലാന്ത് രാജ്യത്ത് അന്യരാജ്യാധികാരം നടത്തുന്ന കുറ്റം (*l.*).

**Præ-nō'men,** *n.* സ്വന്തംപേര്.

**Præ-tex'ta,** *n.* (*pl.* -tex'tæ) പുരാതന റോമയിലെ യുവജനവസ്ത്രം.

**Prag-mat'ic, =mat'i-cal,** *a.* പ്രവൃത്തിസംബന്ധമായ, കാൎയ്യ—, ലൌകികം ആയ; 2. മുഖ്യം—; 3. പ്രവൃത്തിശ്രദ്ധയുള്ള; 4. വേണ്ടാത്തതിൽ കയ്യിടുന്ന, —പ്രവേശിക്കുന്ന; 5. തത്വജ്ഞാനസംബന്ധമായ. **p. sanction** പ്രാമുഖ്യനിയമം. *n.* നിപുണൻ, വിദഗ്ദ്ധൻ; 2. പ്രാമുഖ്യനിയമം. =**i-cal-ly,** *ad.* കാൎയ്യമായി; പ്രവൃത്തിയായി. =**i-cal-ness,** *n.* ലൌകികതം; പ്രാമുഖ്യത; പ്രവൃത്തിശ്രദ്ധ. =**tism,** *n.* തത്വജ്ഞാനപദ്ധതി. =**tist,** *n.* —പദ്ധതിക്കാരൻ.

**Prāir'ie** (prār'i), *n.* പുൽവനം, വിശാലമായ പുല്ക്കാട്, പുല്പ്രദേശം; 2. പുല്പറമ്പ്, പുൽമാലി. **p.-dog** ഒര് ചെറുമൃഗം (*z.*).

**Prāise** (prāz), *v. t.* കൊണ്ടാടുക, സ്തുതിച്ച്പറയുക, പ്രശംസിക്കുക; 2. സ്തുതി

ക്കുക, പുകഴ്ത്തുക, വാഴ്ത്തുക, മഹിമപ്പെടുത്തുക, കീൎത്തിക്കുക. *n.* പുകഴ്ച, പ്രശംസ; 2. സ്തുതി, സ്തോത്രം; കീൎത്തനം. **prāiṣ'a-ble,** *a.* സ്തുത്യമായ; ശ്ലാഘനീയമായ. **prāiṣ'a-bly,** *ad.* സ്തുത്യമായി. **-'less,** *a.* അപ്രശംസ്യമായ. **prāiṣ'ĕr,** *n.* സ്തുതിക്കുന്നവൻ. **-wŏr'thi-ly,** *ad.* സ്തുത്യമായി, ശ്ലാഘനീയമായി. **-wŏr'thi-ness,** *n.* ശ്ലാഘനീയത്വം, പ്രശസ്തത്വം. **-wŏr'-thy,** *a.* സ്തുതിക്ക് യോഗ്യതയുള്ള, പ്രശസ്തമായ.

**Prance,** *v. i.* (കുതിര) കുതിച്ച് ചാടുക, തുള്ളിച്ചാടുക; 2. കുതിരപ്പുറത്ത് കയറി കുതിച്ചോടിക്കുക; 3. നിഗളിച്ച് നടക്കുക. **pranc'ĕr,** *n.* കുതിച്ച് ചാടുന്ന കുതിര. [മുത്താഴം—.

**Pran'di-al,** *a.* ഊണ് സംബന്ധിച്ച;

**Prank,** *v. t.* (up) മോടിയായി ചമയിക്കുക. *v. i.* മോടി കാട്ടുക. *n.* തുള്ളിക്കളി, കുചേഷ്ട, പൊറാട്ട്, വിനോദക്കളി. **-'ĕr,** *n.* മോടിയായി ഉടുത്ത് ചമയുന്നവൻ. **-'ish,** *a.* വിനോദമായ, നേരമ്പോക്കുള്ള, ഗോഷ്ഠിയായ.

**Pras'i-nŏus,** *a.* പുല്ലച്ചനിറമുള്ള, നല്ല പച്ചയായ.

**Prāte,** *v. i.* ചിലെക്കുക, ജല്പിക്കുക, ചറ് ചറെ പറയുക. *v. t.* ഭോഷത്വം പറയുക, തോന്നിയവാസം—; ചിലെക്കുക. *n.* വൃഥാലാപം, വായാട്ടം, ചിലെപ്പ്. **prā'tĕr,** *n.* വായാടി, വിടുവായൻ, ചിലെക്കുന്നവൻ. **prā'ting-ly,** *ad.* നിസ്സാരസംസാരമായി; വായാട്ടമായി.

**Prat'tle,** *v. i.* പിറ് പിറെ പറയുക, ചിലെക്കുക; 2. കുട്ടികളെപോലെ സംസാരിക്കുക, കൊഞ്ചിക്കൊഞ്ചിപ്പറയുക. *v. t.* ചിലെക്കുക, നൊടിയുക. *n.* ബാലഭാഷ, കൊഞ്ചൽവാക്ക്; 2. നിസ്സാരസംസാരം; 3. വായാട്ടം. **prat'tlĕr,** *n.* കൊഞ്ചിപ്പറയുന്നവൻ; വായാടി.

**Prav'i-ty,** *n.* കേട്, വക്ഷളത്വം; 2. വക്രത; 3. ദുഷ്ടത.

**Prawn** (prạn), *n.* ചെമ്മീൻ, കൊഞ്ചൻ (z.). [കയന്ത്രം.

**Prax-in'ō-scōpe,** *n.* ചലനചിത്രദൎശ

**Prax'is,** *n.* പ്രയോഗം, അഭ്യാസം; 2. അഭ്യാസസഞ്ചയം.

**Prāy** (prā), *v. i.* അപേക്ഷിക്കുക, യാചിക്കുക, പ്രാൎത്ഥിക്കുക; 2. ദൈവത്തെ പ്രാൎത്ഥിക്കുക. **pray, I p.** ....എന്നപേക്ഷിക്കുന്നു, ....ആൽകൊള്ളാം, ....ആൽ നന്നായിരുന്നു; ....ആലും. *v. t.* കെഞ്ചുക, അപേക്ഷിക്കുക; അൎത്ഥിക്കുക; 2. പ്രാൎത്ഥനയാൽ സാധിപ്പിക്കുക. **to p. in aid** കൂറ് കൂട്ടുക; കൂറ് കൂട്ടുക. **I p. you, I p. you to tell me** ഒന്നറിയേണ്ടിയിരുന്നു, അറിഞ്ഞാൽ കൊള്ളായിരുന്നു. **-'ĕr,** *n.* പ്രാൎത്ഥിക്കുന്നവൻ, അൎത്ഥി; അപേക്ഷ, അൎത്ഥന; (ദൈവ) പ്രാൎത്ഥന. **p.r-book** പ്രാൎത്ഥനപ്പുസ്തകം. **p.r-meeting** പ്രാൎത്ഥനയോഗം. **the Lord's p.r** കൎത്തൃപ്രാൎത്ഥന. **-'ĕr-fụl,** *a* പ്രാൎത്ഥിക്കുന്ന, ഭക്തിയുള്ള. **-'ĕr-fụl-ly,** *ad.* പ്രാൎത്ഥനയോടെ, ഭക്തിയോടെ. **-'ĕr-fụl-ness,** *n.* ദൈവഭക്തി. **-'ĕr-less,** *a.* പ്രാൎത്ഥിക്കാത്ത, പ്രാൎത്ഥന ഇല്ലാത്ത. **-'ĕr-less-ly,** *ad.* —ഇല്ലാതെ. **-'ĕr-less-ness,** *n.* —ഇല്ലായ്മ, ഭക്തികേട്. **-'ing-ly,** *ad.* പ്രാൎത്ഥനയോടെ.

**Prē, Præ,** *pf.* മുൻ, പൂൎവ്വ, മുന്തിയ, ആദ്യത്തെ, മുമ്പിൽനില്ക്കുന്ന; 2. വളരെ, അതി.

**Prēach** (prēch), *v. i.* ഘോഷിക്കുക, പ്രസ്താവിക്കുക; 2. സുവിശേഷംഘോഷിക്കുക, പ്രസംഗിക്കുക; 3. മതഘോഷണം ചെയ്യുക, മതോപദേശം—; 4. ബുദ്ധിയുപദേശിക്കുക. *v. t.* ധൎമ്മോപദേശം ചെയ്യുക; 2. പ്രസംഗിക്കുക; 3. ഘോഷിക്കുക; 4. പ്രസംഗം കഴിക്കുക, —പറയുക; 5. ഉപദേശിക്കുക; 6. ബുദ്ധിയുപദേശിക്കുക. **to p. down** എതിരായി പ്രസംഗിക്കുക, പ്രസംഗിച്ചൊതുക്കുക. **to p. up** പുകഴ്ത്തി പ്രസംഗിക്കുക; അനുകൂലമായി—. **-'ĕr,** *n.* പ്രസംഗി, പ്രസംഗക്കാരൻ; ഉപദേശകൻ. **-'ĕr-ship,** *n.* പ്രസംഗിസ്ഥാനം. **-'i-fȳ,** *v. i.* പ്രസംഗംപോലെ സംസാരിക്കുക. **-'ing,** *n.* പ്രസംഗിക്കൽ; പ്രസംഗം. **-'ment,** *n.* മതസംബന്ധമായ സംഭാഷണം, പ്രസംഗം.

**Prē-A-dam′ic, =Ad-a-mit′ic,** *a.* ആദമെന്ന ആദ്യമനുഷ്യന്ന് മുമ്പുള്ള. **=Ad′-a-mīte,** *n.* ആദമിന്നു മുമ്പിലുണ്ടായിരുന്ന ഭൂവാസി; —മുമ്പിൽ ഭൂമിയിൽ മനുഷ്യരുണ്ടായിരുന്നുവെന്ന് അഭിപ്രായപ്പെടുന്നവൻ. *a.* ആദമിന്ന് മുമ്പുണ്ടായിരുന്ന നിവാസികളെ സംബന്ധിച്ച.

**Prē-am′ble,** *n.* മുഖവുര, മുഖകഥ, പീഠിക, ആരംഭപ്രസ്താവന, അവതാരിക (*S.*), തലക്കെട്ട് (*S.*).

**Prē-ar-rānge′,** *v. t.* മുങ്കൂട്ടിചട്ടപ്പെടുത്തുക, മുന്നേപ്പാട് ചെയ്യുക.

**Prē-au′di-ence** (-a′di-ens), *n.* കോടതിയിൽ വക്കീൽമാരുടെ ഇടയിലുള്ള മുമ്പ്.

**Preb′end,** *n.* ശമ്പളം, ജീവിതം; 2. സഭാസ്വത്തിൽനിന്നുള്ള ബോധകജീവിതം. **dignitary p.** അധികാരമുള്ള ബോധകൻ. **simple p.** ശമ്പളം മാത്രമുള്ള—. **=ben′dal,** *a.* ബോധകത്വസംബന്ധമായ; ബോധകോദ്യോഗമുള്ള. **=′en-dar-y** (-dĕr-i), *n.* അദ്ധ്യക്ഷദേവാലയബോധകൻ; വിദ്യാശാലദേവാലയ—. **=dar-y-ship,** *n.* —ബോധകോദ്യോഗം.

**Pre-cā′ri-ous,** *a.* പരാശ്രയത്തിലുള്ള, അന്യാധീനം ആയ; 2. അസ്ഥിരം—, ഉറപ്പില്ലാത്ത, സംശയനിലയിൽ ഉള്ള; 3. അപകടം—. **-ly,** *ad.* സംശയസ്ഥിതിയിൽ. **-ness,** *n.* അസ്ഥിരത.

**Pre-cā′tion,** *n.* അർത്ഥനം; 2. അപേക്ഷ, വിജ്ഞാപനം. **prec′a-tive, prec′-a-tōr-y,** *a.* കെഞ്ചുന്ന, യാചിക്കുന്ന. **p.y words** മരണപത്രികയിലെ ഗുണദോഷവാക്യം, —അഭിപ്രായ— (*l.*).

**Pre-cau′tion** (-ka′shun), *n.* ചരതം, മുങ്കരുതല്. *v. t.* മുൻകൂട്ടി അറിയിക്കുക, 'താക്കീത്' ചെയ്യുക. **-al, -ar-y, -cau′-tious** (-shus), *a.* മുങ്കരുതലായ. **=cau′-tious-ly,** *ad.* മുങ്കരുതലായി. **=cau′-tious-ness,** *n.* മുൻവിചാരം.

**Pre-cēde′** (-sēd′), *v. t.* ആദ്യം ഉണ്ടാക, മുമ്പ്—; 2. മുന്തുക, അഗ്രേസരത്വമുണ്ടാക; 3. (by, with) ആരംഭിക്കുക, തുടങ്ങുക. **=cē′dence, =cē′den-cy,** *n.* മുമ്പ്; അഗ്രേസരത്വം, പദവിക്രമം; —അവകാശം. **=cē′dent,** *a.* മുങ്കഴിഞ്ഞ, മുമ്പുള്ള. **condition p.t** മുൻനിശ്ചയം (*l.*). **prec′e-dent,** *n.* ദൃഷ്ടാന്തം, വഴക്കം, കീഴ്നടപ്പ്, 'മാമൂല്'; പ്രമാണം, പ്രമാണവിധി (*l.*). **=′e-dent-ed,** *a.* ആധാരം ഉള്ള, പ്രമാണം—. **=e-den′tial** (-shal), *a.* ദൃഷ്ടാന്തം ആയ, പ്രമാണം—. **cē′dent-ly,** *ad.* മുമ്പിൽകൂട്ടി, മുങ്കൂട്ടി. **=cē′ding,** *a.* മുമ്പിലുള്ള, കഴിഞ്ഞ; നക്ഷത്രചലനഗതിക്കനുസാരമായ (*as.*). **=ces′sion** (-sesh′-un), *n.* അഗ്രഗതി, മുമ്പോട്ട് പോകൽ.

**Pre-cen′tōr,** *n.* സംഗീതപ്രമാണി, ഗായനസമാജനാഥൻ. **-ship,** *n.* —നായകത്വം.

**Prē′cept,** *n.* കല്പന, ചട്ടം, ആജ്ഞ, അനുജ്ഞ; 2. നീതിസൂത്രം, സന്മാർഗ്ഗപ്രമാണം; 3. കോടതികല്പന (*l.*). **pre-cep′tive, =cep′tōr-y,** *a.* കല്പന ആയ, ശാസ്ത്രം—. **=cep′tōr,** *n.* കല്പിക്കുന്നവൻ. **=tō′ri-al,** *a.* ആജ്ഞരൂപം ആയ, ആജ്ഞ—. **=cep′tōr-y,** *n.* ഒരു വക മഠപ്രമാണി. **=cep′tress,** *n.* പ്രധാനോപാദ്ധ്യായി.

**Pre-ces′siōn,** *n.*, *s. u.* **Precede.**

**Prē′cinct,** *n.* (*pl.*) അതൃത്തി, അതിര്, പ്രാന്ത്യം; 2. പ്രദേശം, അംശം; 3. സഭ, ഇടവക (*S.*).

**Pre′cious** (presh′us), *a.* വില ഏറിയ, —പിടിച്ച; 2. പ്രിയമുള്ള; വിശിഷ്ടമായ; 3. മുരത്ത: **p. rascal** മുരങ്കള്ളൻ. **p. metal** പൊന്ന്, വെള്ളി. **p. stones** രത്നങ്ങൾ. **-ly,** *ad.* വിലയുള്ളതായി; പ്രിയമായി; വളരെ. **-ness,** *n.* വില, പ്രിയം.

**Pre-cip′i-ent,** *a.* കല്പിക്കുന്ന; 2. ഭരിക്കുന്ന, നടത്തുന്ന.

**Prec′i-pice** (pres′i-pis), *n.* കിഴക്കാന്തൂക്കം, കട്ടന്തൂക്കം, പ്രപാതം, ചെങ്കുത്ത്; 2. കുത്തനെ നില്ക്കുന്ന മല, കന്ന്; അഗാധസ്ഥലം. **=cip-i-ta-bil′i-ty,** *n.* ഊറുന്നഗുണം. **=cip′i-ta-ble,** *a.* ഊറുന്ന, അടിയിൽ ചെന്ന് നില്ക്കുന്ന. **=cip′i-tance, =cip′i-tan-cy, =cip′i-tous-ness,** *n.* കടുന്തൂക്കം; അധോഗതി; ബദ്ധപ്പാട്, തിട്ടക്കം, ദ്രുതഗതി. **=cip′i-tant,** *a.* കീഴോ

ട്ട് വീഴുന്ന; ധൃതിയുള്ള; അവിവേകമായ. *n.* ഊറുമാറാക്കുന്ന സാധനം (*ch.*). =cip'-i-tant-ly, =cip'i-tāte-ly, =cip'i-tŏus-ly, *ad.* ബദ്ധപ്പാടോടെ; ബുദ്ധിയില്ലാതെ, അവിവേകമായി. =cip'i-tant-ness, *n.* തിരക്ക്, ധൃതി. =cip'i-tāte, *a.* ബദ്ധപ്പാടായ, ധൃതിയുള്ള; അവിവേകമായ; തിരക്കേറിയ; കിഴുക്കാന്തൂക്കമായ, താഴോട്ട് വീഴുന്ന. *n.* ഊറല്, ഭസ്മം, നൂറ്. red p.e രസഭസ്മം (*ch.*). *v. t.* കീഴോട്ട് ചാട്ടുക; താഴെ തള്ളിയിടുക; ബദ്ധപ്പെടിയിക്കുക, തിരക്കാക്കുക, വേഗതപ്പെടുത്തുക; ഊറിക്കുക, നൂറെടുക്കുക; ഭസ്മം വെക്കുക (*ch.*). *v. i.* കിഴുക്കാന്തൂക്കമായി വീഴുക; തിടുക്കം കാട്ടുക; ഊറുക (*ch.*). =cip-i-tā'tiŏn, *n.* കീഴോട്ട് തള്ളൽ; കടുന്തൂക്കച്ചാട്ടം; ഊക്കുള്ള ചാട്ടം; വീഴ്ച, പതനം; ദ്രുതഗതി, മഹാതിരക്ക്; ഭസ്മം വെക്കൽ (*ch.*). =cip'i-tā-tŏr, *n.* ബദ്ധപ്പെടുത്തുന്നവൻ, തിരക്കാക്കുന്നവൻ. =cip'i-tŏus, *a.* കടുന്തൂക്കമായ, കുത്തനെയുള്ള; തലകീഴായ, തിട്ടുക്കമായ, ധൃതിയുള്ള; ബുദ്ധികെട്ട; പെട്ടന്നുള്ള.

**Pre-cis'** (prā-sē' *or* prā'se), *n.* ചുരുക്കം, സംക്ഷേപം, സാരം, സാരസംഗ്രഹം, 'ഷ്ലോക്ഷവാറ്'. p.-writing ചുരുക്കെഴുത്ത്.

**Pre-cīse'**, *a.* കൃത്യം ആയ, സൂക്ഷ്മം—, ഖണ്ഡിതം—; ക്ലിപ്തം—, തിട്ടം—; 2. നിയമാനുസാരം—; 3. കൃത്യമായുള്ള. -ly, *ad.* കൃത്യമായി. -ness, *n.* കൃത്യത, =ci'sian, =ci'sian-ist (-sizh'an-), *n.* അതികൃത്യക്കാരൻ, കിറു—. =ci'sian-ism, *n.* അതികൃത്യത. =ci'siŏn (-sizh'un), *n.* കൃത്യത, സൂക്ഷ്മം; ഖണ്ഡിതം. =ci'sive, *a.* ഛേദിക്കുന്ന; സൂക്ഷ്മമായ (*log.*).

**Pre-clude'**, *v. t.* തടസ്ഥംവെക്കുക, തട്ടത്ത് നിറുത്തുക; അകത്ത് കടത്താതിരിക്കുക, മുടക്കുക, തടുക്കുക; 2. നിഷ്ഫലമാക്കുക. =clu'siŏn, *n.* തടുക്കൽ; പരിവൎജ്ജനം; പ്രതിബന്ധം, വിരോധം. =clu'sive, *a.* തടുക്കുന്ന, മുടക്കമായ. =clu'sive-ly, *ad.* തടസ്ഥമായി.

**Pre-cō'ciŏus** (-kō'shus), *a.* മൂക്കാതെ പഴുത്ത, കനല് വാടിയ; കാലമെത്തുംമുമ്പെ മൂത്ത; ബാലപക്വതയുള്ള; —പ്രൌഢ. -ly, *ad.* അകാലമൂപ്പായി. -ness, =coc'i-ty (-kos'i-), *n.* അകാലമൂപ്പ്, ഇള—; ബാല്യ—, ബാല്പക്വത;—പ്രൌഢി.

**Prē-cog-ni'tiŏn** (-nish'un), *n.* മുന്നറിവ്; 2. ആദ്യാന്വേഷണം, അന്വേഷണവിചാരണ (*l.*). =cog-nosce' (-nos'), *v. t.* അന്വേഷണവിചാരണ നടത്തുക.

**Prē-con-cēive'** (-sēv'), *v. t.* മുമ്പ് കൂട്ടി അഭിപ്രായപ്പെടുക. =cēit' (-sēt'), =cep'tiŏn, *n.* മുന്നഭിപ്രായം, മുൻസങ്കല്പം.

**Prē-con-cĕrt'**, *v. t.* മുമ്പ് കൂട്ടി ഏൎപ്പെടുത്തുക. =con'cĕrt, =cĕr'tiŏn, *n.* മുന്നേൎപ്പാട്, മുൻനിശ്ചയം.

**Prē-con-i-sā'tion**, =i-zā'tiŏn, *n.* പരസ്യമാക്കൽ; 2. വിളംബരം; 3. പാപ്പാനുമതി (*R. C.*).

**Prē-cor'di-al**, *a.* ഹൃദയത്തിന്റെ മുൻഭാഗത്തുള്ള, ഹൃത്പ്രദേശത്തുള്ള (*an.*).

**Pre-cur'sŏr**, *n.* മുമ്പിൽ നടക്കുന്നവൻ, അഗ്രഗാമി, ദൂതൻ; 2. മുന്നടയാളം, പൂൎവ്വലക്ഷണം. =cur'sive, ='sŏr-y, *a.* മുമ്പിലുണ്ടാകുന്ന, ആദ്യമായ; മുൻലക്ഷണമായ.

**Pre-dā'ceŏus** (-dā'shus), *a.* ഇരപിടിച്ച് തിന്നുന്ന, ഇരതെണ്ടുന്ന; ബുഭുക്ഷയുള്ള; 2. കൊള്ളയിടുന്ന. =dā'ce-an (-shi-an), *n.* മാംസഗ്രാസമൃഗം (*z.*). prē'dal, *a.* ഇരസംബന്ധിച്ച; കവൎച്ചചെയ്യുന്ന. =dā'tiŏn, *n.* കൊള്ളയിടൽ. prē'da-tŏr-i-ly, *ad.* കവൎച്ചയായി, കൊള്ളയിട്ട്. prē'da-tŏr-y (*or* pred'a-), *a.* കവൎച്ചസ്വഭാവമുള്ള; പിടിച്ച് പറിക്കാരായ; കൊള്ളയിടുവാനുള്ള; കവൎച്ചക്കായുള്ള; ഇരപിടിച്ച് തിന്നുന്ന, മാംസഗ്രാസമായ.

**Prē-dāte'**, *v. t.* മുൻതിയ്യതിവെച്ചെഴുതുക.

**Prē-da-tŏr-y**, *etc.*, *s. u.* Preda-[ceous.

**Prē-de-cēase'** (-sēs'), *v. t.* ...കാൾ മുമ്പ് മരിക്കുക. prē'de-cēase, *n.* മുമ്പായുള്ള മരണം.

**Prē-de-ces'sŏr**, *n.* പൂൎവ്വൻ, പൂൎവ്വജൻ; 2. മുൻസ്ഥാനി; 3. കാരണവൻ; അച്ഛൻ.

**Pre-des'tin-āte,** *a.* മുൻനിശ്ചയിച്ച, മുൻനിർണ്ണയപ്രകാരമുള്ള; 2. യോഗംഉള്ള. *v. t.* മുൻനിശ്ചയിക്കുക; മുൻനിർണ്ണയിക്കുക. **=tin-ā'ri-an,** *a.* മുൻനിർണ്ണയസംബന്ധമായ. *n.* മുന്നിർണ്ണയവാദി (*theo.*). **=tin-ā'ri-an-ism,** *n.* —വാദം (*theo.*). **=tin-ā'tiŏn,** *n.* മുൻനിർണ്ണയിക്കൽ; മുൻനിർണ്ണയം (*theo.*); ദൈവകല്പന. **='tin-ā-tŏr,** *n.* മുന്നിർണ്ണയകർത്താവ്; —വാദി. **=des'tine,** *v. t.* മുന്നിർണ്ണയം ചെയ്യുക, വിധിക്കുക.

**Prē-de-tēr-mi-nā'tiŏn,** *n.* മുൻനിശ്ചയം, മുൻനിർണ്ണയം.

**Prē'di-al,** *a.* നിലം ആയ, കൃഷിസ്ഥലം—; നിലത്തോട് ചേൎന്ന, കളത്തിൽപെട്ട; നിലത്തിൽനിന്നുള്ള.

**Pred'i-cāte,** *v. t.* ഉണ്ടെന്ന് പ്രസ്താവിക്കുക, ആണെന്ന്—, വാച്യമായി പറയുക, ആഖ്യാതമായി—; 2. ആധാരമാക്കി—, പ്രമാണമാക്കി—. *v. i.* ആഖ്യാതമായി—; പ്രസ്താവിക്കുക. *n.* വാച്യം (*log.*); 2. അഖ്യാതം (*gr.*). **=ca-bil'i-ty,** *n.* വാച്യത്വം. **=ca-ble,** *a.* വാച്യം ആകുന്ന, വിശേഷണം—; ആഖ്യാതം—. *n.* ലക്ഷണം, പ്രസ്താപം; അഭിധേയം (*log.*). **=dic'a-ment,** *n.* തരം, വൎഗ്ഗം; സ്ഥിതി, അവസ്ഥ; വിഷമം, പ്രയാസം, ദുരവസ്ഥ. **=dic-a-men'tal,** *a.* അവസ്ഥാസംബന്ധിച്ച. **='i-cant,** *a.* പ്രസ്താവിക്കുന്ന; അറിയിക്കുന്ന; പ്രസംഗിക്കുന്ന. *n.* പ്രസ്താവകൻ; സന്യാസിപ്രസംഗി (*R. C.*). **=cā'tiŏn,** *n.* പ്രസ്താവിക്കൽ; ആഖ്യാതമാക്കൽ. **=ca-tive,** *a.* സ്ഥാപനം ആയ, പ്രസ്താവനം—. **=ca-tive-ly,** *ad.* ആഖ്യാതമായി. **=ca-tŏr-y,** *a.* സ്ഥാപനമായ.

**Pre-dict',** *v. t.* മുന്നറിയിക്കുക, മുമ്പിൽക്കൂട്ടിപറയുക; ഭവിഷ്യം—; 2. ലക്ഷണം—; 3. പ്രവാചകമായി—, പ്രവചിക്കുക. **-a-ble,** *a.* മുന്നറിയിക്കാവുന്ന. **=dic'tiŏn,** *n.* കാലജ്ഞാനം, ഭവിഷ്യംപറയൽ; പ്രവാചകം. **=dic'tiŏn-al,** *a.* പ്രവാചകമായ. **=dic'tive, -tŏr-y,** *a.* പ്രവാചകം ആയ; ശകുനം—, ലക്ഷണം—. **=dic'tive-ly,** *ad.* പ്രവാചകമായി. **-ŏr,** *n.* നക്ഷത്രം പറയുന്നവൻ, പ്രശ്നക്കാരൻ; കാലജ്ഞാനി; പ്രവാചകൻ, ദീർഘദർശി (*Chr.*).

**Prē-di-lec'tiŏn,** *n.* ഇഷ്ടം, രസം, സ്ഥായി; 2. പക്ഷം.

**Prē'dis-pōse,** *v. t.* മനസ്സ് ചായ്ക്കുക, മുൻതാല്പൎയ്യമുണ്ടാക; 2. അനുകൂലിക്കുക; തരംകൊടുക്കുക, തഞ്ചം—, വളംവെച്ച്—; 3. ഒരുക്കുക. **p.ing causes** രോഗംപിടിപെടത്തക്ക ദേഹസ്ഥിതി. **=pō'nen-cy, =pō-si'tiŏn** (-zish'un), *n.* മനസ്സ് ചായ്ക്കൽ; മനഃചായ്വ്, വാസന; പക്ഷം, തരം, തഞ്ചം, വളം, അനുകൂലം. **=pō'nent,** *a.* അനുകൂലമായ. **p.t causes** രോഗം പിടിപെടത്തക്ക ദേഹസ്ഥിതി.

**Pre-dom'i-nāte,** *v. i.* മുന്തിനില്ക്കുക, പ്രധാനമായിരിക്കുക, പ്രബലപ്പെടുക; 2. ആധിക്യമുണ്ടാക; 3. ഭരിക്കുക, വാഴുക. *v. t.* അധികരിക്കുക, പ്രബലപ്പെടുക. **=nance, =nan-cy,** *n.* പ്രാബല്യം, പ്രാധാന്യത, ശ്രേഷ്ഠത; കൎത്തവ്യം; (ഗ്രഹ) ഉശ (*astr.*). **-nant,** *a.* മുന്തിയ, മികെച്ച, ...കാൽമുഖ്യമായ, ബലപ്പെട്ട. **=nant-ly,** *ad.* മുഖ്യമായി, പ്രധാനമായി. **=nā'tiŏn,** *n.* മുന്തൽ; ശ്രേഷ്ഠത, മേൽമണിയം (*S.*).

**Prē'dy,** *a.* (കപ്പൽ) യുദ്ധത്തിന്നൊരുങ്ങിയ, പടയേല്പാൻ തയ്യാറായ.

**Preēd'y,** *ad.* എളുപ്പത്തിൽ, സുലഭമായി.

**Prē-em'i-nent,** *a.* അതിശ്രേഷ്ഠമായ, മേന്മയുള്ള, മികെച്ച, മേത്തരമായ; 2. പ്രാഭവമുള്ള, മുന്തിനില്ക്കുന്ന. **=nence,** *n.* ശ്രേഷ്ഠത, മേന്മ, ശ്ലാഘ്യം; മുമ്പ്. **-ly,** *ad.* അതിയായി, ശ്രേഷ്ഠമായി.

**Prē-emp'tiŏn** (-em'shun), ആദ്യവിക്രയാവകാശം, വിലകെട്ടുപ്പാനുള്ള മുന്നവകാശം (*l.*). **-ēr,** *n.* ആദ്യവിക്രയാവകാശക്കാരൻ. **=emp'tive,** *a.* —വിക്രയാവകാശംസംബന്ധിച്ച; —വിക്രയാധികാരമുള്ള; ആദ്യം വിലകെട്ടുക്കുന്ന. **=emp'tŏr,** *n.* ആദ്യവിക്രയാവകാശം ഉപയോഗിക്കുന്നവൻ. **=emp'tŏr-y** *a.* —സംബന്ധിച്ച.

**Prēen**, *v. t.* കൊക്ക് കൊണ്ട് മിനുക്കുക; 2. തുണി ഒതുക്കുക. *n.* തുണി (ഒതുക്കി) മുള്ള്.

**Prē-en-gāġe′**, *v. t.* മുമ്പിൽക്കൂട്ടി നിശ്ചയിക്കുക, മുന്നടമ്പടി ചെയ്യുക; 2. മുമ്പ് ക്കൂട്ടി നിശ്ചയിച്ച പ്രവൃത്തിയുണ്ടാക. =**gāġe′ment**, *n.* മുൻനിശ്ചയം, മുന്നടമ്പടി; മുൻപ്രവൃത്തി.

**Prē-ex-ist′** (-egz-ist′), *v. i.* മുമ്പ് തന്നെ ഉണ്ടാക. =**is′tence**, *n.* പൂൎവ്വാസ്തിക്യം, പ്രാഗ്ഭാവം, പൂൎവ്വസ്ഥിതി; ആത്മപ്രാഗ്ഭാവം. =**is′tent**, *a.* പൂൎവ്വാസ്തിക്യമുള്ള. =**is′tent-ism**, *n.* ആത്മപ്രാഗ്ഭാവവാദം (*phil.*).

**Pref′āce**, *n.* മുഖവുര, അവതാരിക (*S.*), പീഠിക, പ്രാരംഭം. *v. t.* മുഖവുര എഴുതുക. *v. i.* —രചിക്കുക. =**cĕr**, *n.* —രചകൻ. **pref-a-tō′ri-al, pref′a-tŏr-y**, *a.* —ആയ; —സംബന്ധം—.

**Prē′fect**, *n.* തലവൻ, അധിപതി; 2. സമാധാനപതി; 3. ഉപാദ്ധ്യക്ഷൻ (*R. C.*). =**tō′ri-al**, *a.* ആധിപത്യസംബന്ധമായ. **-ship**, =**tūre**, *n.* സമാധാനാധിപത്യം; ഉപാദ്ധ്യക്ഷസ്ഥാനം; —അധികാരം.

**Pre-fĕr′**, *v. t.* (to, before, above) വിശേഷമെന്ന് വെക്കുക, മുന്തിവിചാരിക്കുക, മുമ്പ് കൊട്ടുക്കുക; ...കാൾ ഉത്തമമെന്ന് ഭാവിക്കുക, ...കാൾവിലവെക്കുക; തെരിഞ്ഞെടുക്കുക; 2. ബോധിപ്പിക്കുക, അറിയിക്കുക; പ്രസ്താപിക്കുക; കൊടുക്കുക, 'ഫയലാക്കുക': **to p. an appeal** അപ്പീല് ബോധിപ്പിക്കുക; 3. ഉയൎത്തുക, കയററംകൊടുക്കുക. **pre-fĕrred′** (-fĕrd′) **stock**, *s. a.* **preferential stock. pref-ĕr-a-bil′i-ty, pref′ĕr-a-ble-ness**, *n.* ഉൽകൃഷ്ടത. **pref′ĕr-a-ble**, *a.* അധികം ഇഷ്ടപ്പെടത്തക്ക; വരണയോഗ്യമായ; ...കാൾ നല്ല, ഉത്തമമായ. **pref′ĕr-a-bly**, *ad.* മുന്തിയതായി; തെരിഞ്ഞെടുപ്പിനാൽ. **pref′ĕr-ence**, *n.* തെരിഞ്ഞെടുക്കൽ; തെരിഞ്ഞെടുപ്പ്; വിശേഷത, മുമ്പ്, ശ്രേഷ്ഠത; കയററം; തെരിഞ്ഞെടുപ്പ് സ്വാതന്ത്ര്യം; രസം, ഇഷ്ടം, പക്ഷം; **p.e shareholder** ലാഭവീതത്തിന്ന ആദ്യാവകാശമുള്ള ഓഹരിക്കാരൻ. **p.e stock**, *s. a.* **preferential stock. pref-ĕr-en′tial** (-en′shal), *a.* മുന്തിനില്ക്കുന്ന, ...കാൾ ഉത്തമം ആയ, അധികം—, മുമ്പുള്ള. **p.l stock, p.l share** ലാഭവീതത്തിന്ന് ആദ്യാവകാശമുള്ള വൎത്തകസംഘോഹരി. **-ment**, *n.* മുന്തിവിചാരിക്കൽ; മുമ്പ്; കയററം; ഉദ്യോഗം, സ്ഥാനം. =**fĕr′rĕr**, *n.* മുന്തിവിചാരിക്കുന്നവൻ, മുമ്പ് കൊടുക്കുന്നവൻ.

**Pre-fig′ūre** (*or* -ur), *v. t.* മുങ്കുറിയായിരിക്കുക, മുമ്പ് ക്കൂട്ടിസൂചിപ്പിക്കുക; പ്രതിബിംബിക്കുക. =**ū-rā′tiŏn, -ment**, *n.* മുങ്കുറി; പ്രതിച്ഛായ.

**Pre-fix′**, *v. t.* മുൻവെക്കുക, ആരംഭത്തിൽ—; 2. ഉപസൎഗ്ഗമായി—(*gr.*). **prē′-fix**, *n.* ഉപസൎഗ്ഗം (*gr.*).

**Preg′na-ble**, *a.* പിടിപ്പാൻ കഴിയുന്ന; കടപ്പാൻ—.

**Preg′nant**, *a.* ഗൎഭം ഉള്ള, —ധരിച്ച; 2. ഫലഭരിതം ആയ; 3. ഘനം—, അൎത്ഥപൂൎണ്ണം—, പുഷ്ടിഉള്ള, ഗൎഭിതാൎത്ഥം—; സാരമായ. **p. construction** ഗൎഭിതാൎത്ഥാലങ്കാരം (*rhet.*). **to be p.** ഗൎഭമുണ്ടാക. *n.* ഗൎഭിണി. **preg′nan-cy**, *n.* ഗൎഭം; പുഷ്ടി, സാരം, ഗൌരവം. **-ly**, *ad.* ഫലഭരിതമായി; അൎത്ഥപുഷ്ടിയോടെ; പുഷ്ടിയായി.

**Pre-hen′si-ble**, *a.* പിടിക്കാകുന്ന. =**hen′sile**, =**hen′sor-y**, *a.* പിടിക്കുന്ന; പിടിക്കത്തക്ക. =**hen′siŏn**, *n.* പിടിക്കൽ.

**Prē-his-tor′ic**, *a.* പ്രാഗ്ചരിത്രകാലസംബന്ധമായ; 2. —കാലത്തില്ലുള്ള.

**Pre-judġe′** (-juj′), *v. t.* മുൻവിധികഴിക്കുക, കാൎയ്യം മുഴവനും അറിയുംമുമ്പെ തീൎപ്പ് കല്പിക്കുക. =**judġ′ment**, *n.* മുൻവിധി.

**Pre-ju′di-cāte**, *v. t.* & *i.* മുമ്പിൽക്കൂട്ടി വിധിക്കുക. *a.* മുൻവിധി ആയ; 2. ദുൎന്നിൎണ്ണയം—. **-ly**, *ad.* മുൻവിധിയായി. =**cā′tiŏn**, *n.* മുൻവിധി; ആദ്യാന്വേഷണം; 'മാമൂല്'. =**ca-tive**, *a.* കാൎയ്യമറിയാതെ വിധിക്കുന്ന.

**Prej'u-dice**, *n.* മുൻവിധി, ദുൎന്നിൎണ്ണയം, ദുരാഗ്രഹം; 2. പക്ഷം, പക്ഷഭാവം; 3. പക്ഷഭേദം, പാരപക്ഷ്യം (*l.*); 4. ഊനം, ദൂഷ്യം, ഹാനി. *v. t.* പ്രതികൂലഭാവം ജനിപ്പിക്കുക, ദുരാഗ്രഹം—, വിരോധാഭിപ്രായം തോന്നിക്കുക; 2. പക്ഷം—; മനസ്സ് ചായിക്കുക; 3. ദൂഷ്യംവരുത്തുക, നഷ്ടം—. **=di'cial** (-dish'al), *a.* ദൂഷ്യമായ. **=di'cial-ly** (-dish'al-), *ad.* ദൂഷ്യമായി. **=di'cial-ness** (-dish'al-), *n.* ഊനം, ദൂഷ്യം.

**Prel'āte,** *n.* അധിബോധകൻ, ബോധകവരൻ, അദ്ധ്യക്ഷൻ (*Chr.*). **prel'a-cy,** *n.* അധിബോധകത്വം, അദ്ധ്യക്ഷസ്ഥാനം, —പദവി; —വൎഗ്ഗം. **-ship, =a-tūre, =a-tūre-ship,** *n.* അധിബോധകസ്ഥാനം. **=a-tess,** *n.* അദ്ധ്യക്ഷ; അധിബോധകഭാൎയ്യ. **=lā'tial** (-shal), **=lat'ic, =lat'i-cal,** *a.* അദ്ധ്യക്ഷസംബന്ധമായ; അധിബോധകന്റെ. **=lat'i-cal-ly,** *ad.* അദ്ധ്യക്ഷസംബന്ധമായി. **=a-tism,** *n.* അധിബോധകത്വം, അദ്ധ്യക്ഷത്വം. **=a-tist,** *n.* അദ്ധ്യക്ഷപരിഷ. **=a-tīse, =a-tīze,** *v. t.* അദ്ധ്യക്ഷാധീനമാക്കുക. *v. i.* അദ്ധ്യക്ഷത്വം നടത്തുക.

**Pre-lect',** *v. t.* പരസ്യമായി വായിക്കുക; 2. പാഠകം പറയുക. *v. i.* സഭാമുമ്പാകെ സംസാരിക്കുക, പാഠകം കഴിക്കുക. **=lec'tion,** *n.* പാഠകം. **=lec'tor,** *n.* പാഠകൻ, പാഠകപ്രസംഗി.

**Prē-lī-bā'tion,** *n.* രുചിനോക്കൽ; മുൻരുചി; 2. മുൻപകൎച്ച.

**Pre-lim'i-nar-y** (-nĕr-i), *a.* മുഖവുരയായ; മുമ്പ് വേണ്ടുന്ന, ആരംഭ, ആദ്യമായ. *n.* പ്രാരംഭം, ആദ്യകൎമ്മം, സന്നാഹം, ഒരുമ്പാട്, മുന്നൊരുക്കം. **=nar-i-ly,** *ad.* പ്രാരംഭമായി.

**Prel'ūde,** *n.* പൂൎവ്വാരംഗം, മുന്നരങ്ങ്; 2. സംഗീതപ്രകരണം, ആലാപനം (*mus.*); 3. ആരംഭം, പ്രാരംഭം, മുഖവുര. **pre-lūde',** *v. i.* ആലാപനംചെയ്യുക. *v. t.* ആരംഭിക്കുക; 2. പ്രസ്താവനയായി ചെയ്യുക; 3. —ഇരിക്കുക. **=lū'dĕr,** *n.* ആലാപനക്കാരൻ. **=lū'di-al, =lū'di-ŏus, =lū'sive, =lū'sŏr-y,** *a.* ആലാപനംആയ; പ്രാരംഭ—. **=lū'sive-ly, =lū'sŏr-i-ly,** *ad.* ആരംഭമായി.

**Prē'ma-tūre,** *a.* കാലമാകുംമുമ്പെ മൂത്ത, —പഴുത്ത, വാടിപ്പഴുത്ത, കനല് വാടിയ; 2. അകാലമായ, കാലമെത്തും മുമ്പെയുള്ള, കാലം തികയാത്ത; 3. അതിവേഗം ആയ, ദ്രുതഗതി—; 4. സൂക്ഷ്മം അല്ലാത്ത, പ്രമാണം—. **p. birth** അകാലപ്പിറവി, അഴിക്കരു. **p. death** അകാലമരണം. **-ly,** *ad.* കാലത്തിന്ന് മുമ്പായി. **-ness, =tū'ri-ty,** *n.* അതിവേഗത, അകാലികത്വം.

**Prē-max-il'la,** *n.* (*pl.* **=max-il'læ**) മേലെ അരവെല്ല് (*an.*).

**Pre-med'i-tāte,** *v. t.* മുൻകൂട്ടിയാലോചിക്കുക, കല്പിച്ച്കൂട്ടുക. *v. i.* മുന്നാലോചിക്കുക. **-ly,** *ad.* കല്പിച്ച്കൂട്ടി. **=tā'tion,** *n.* മുന്നാലോചന, മുങ്കരുതല്.

**Prē'mi-ĕr,** *n.* ഒന്നാമത്തെ, ആദ്യ; 2. മുഖ്യമായ; 3. പഴക്കമേറിയ, ഏററവും പുരാതനമായ. *n.* പ്രധാനമന്ത്രി, മന്ത്രിപ്രവരൻ, ഒന്നാം കാൎയ്യസ്ഥൻ. **-ship,** *n.* പ്രധാനമന്ത്രിസ്ഥാനം.

**Prē-mil-len'ni-al,** *a.* സഹസ്രാബ്ദവാഴ്ചക്ക് മുമ്പുള്ള (*theo.*).

**Prem'ise, Prem'iss** (prem'is), *n.* പക്ഷം, പ്രതിജ്ഞ, പ്രമേയം; 2. *pl.* ഉദാഹരണം, ഉപനയം (*log.*): **major p.** ഉദാഹരണം; **minor p.** ഉപനയം; 3. *pl.* (കക്ഷികളുടെ പേരും വസ്തുവിവരവും കാണിക്കുന്ന) ആധാരപ്രാരംഭപ്രസ്താവന; 4. *pl.* ഇളകാത്ത സ്വത്ത്, അചര—, വീട്ടും പറമ്പും, വീട്ട്പറമ്പ്, പുരയിടം (*S.*). പുരവളപ്പ്, തൊടിക. **pre-mīse',** *v. t.* പ്രസ്താവനയായി വെക്കുക; 2. പ്രമേയമായി പ്രസ്താവിക്കുക. *v. i.* —പ്രസ്താവിക്കുക.

**Prem'iss,** *n.*, *see* **Premise.**

**Prē'mi-um,** *n.* സമ്മാനം, ബഹുമാനം, 'ഇനാം', പ്രതിഫലം; 2. വട്ടം, ലാഭം, വാശി; 'ജാസ്തി'വില; 3. ഭീമവീതം, ഭീമവരി.

**Pre-mon'ish,** *v. t.* കരുതിക്കൊൾവാൻ പറയുക, 'താക്കീത്' ചെയ്യുക; 2. മു

ക്കൂട്ടി ബുദ്ധിപറയുക. =mō-ni′tiŏn (-nish′un), *n.* മുന്നറിവ്, 'താക്കീത്'; സൂചന, ലക്ഷണം. =mon′i-tŏr, *n.* മുമ്പ് കൂട്ടി ഓൎമ്മപ്പെടുത്തുന്നവൻ, മുന്നറിവ് കൊടുക്കുന്നവൻ. =mon′i-tŏr-y, *a.* മുൻസൂചനത്തായ, ലക്ഷണം—. =mon′i-tŏr-i-ly, *ad.* മുന്നറിവായി.

Prē-mō-s̱ā′ic, *a.* മോശെയുടെ കാലത്തിന്ന് മുമ്പുള്ള.

Prē-mū-nī′re (-nī′ri), *n.*, *s. a.* Præmunire.

Pren′tice, *n. contr. f. of* Apprentice.

Pre-oc′eū-pȳ, *v. t.* മുമ്പായി കൈവശപ്പെടുത്തുക, ...കാൽ മുമ്പ്—; 2. മുന്നഭിപ്രായമുണ്ടാക, മുൻവിധി കഴിക്കുക. =eū-pan-cy, *n.* മുൻ കൈവശം. =eū-pā′tiŏn, *n.* മുൻകൈവശപ്പെടുത്തൽ; മുന്നഭിപ്രായം; എതിൎന്ന്യായം സംബന്ധിച്ചുള്ള മുൻകരുതല്.

Prē-or-dāin′, *v. t.* മുൻനിശ്ചയിക്കുക, മുമ്പ് കൂട്ടിനിൎണ്ണയിക്കുക. prē-or-di-nā′tiŏn, *n.* മുൻനിൎണ്ണയം.

Pre-pāre′, *v. t.* തക്കതാക്കുക, പാങ്ങാക്കുക, ഒരുക്കുക, 'തയ്യാ'റാക്കുക; 2. സംഭരിക്കുക, കോപ്പ് കൂട്ടുക. *v. i.* ഒരുക്കിവെക്കുക, വട്ടംകൂട്ടുക; 2. ഒരുങ്ങുക. =pâr′-a-ble, *a.* ഒരുക്കത്തക്ക; ഉണ്ടാക്കത്തക്ക. prep-a-rā′tiŏn, *n.* ഒരുക്കൽ, പാങ്ങാക്കൽ; ഒരുക്കം, കോപ്പ്, സന്നാഹം; വട്ടം, ചട്ടം, ഒരുമ്പാട്; ഔഷധം, മരുന്ന്; മാതൃക; പാചകോപയോഗസാധനം. =par′a-tive, *a.* പ്രാരംഭം ആയ, ഒരുമ്പാട്—. *n.* ഒരുക്കം, ചട്ടവട്ടം. =par′a-tive-ly, *ad.* ഒരുമ്പാടായി. =par′a-tŏr, *n.* പരിശോധനക്ക് മാതൃക തയ്യാറാക്കുന്നവൻ. =par′a-tŏr-y, *a.* ഒരുക്കുന്ന; ഒരുമ്പാട് ആയ, പ്രാരംഭം—. =pāred′ (-pārd′), *a.* തയ്യാറ്—, ഒരുക്കിവെച്ച, ഉണ്ടാക്കി—. =pā′red-ly, *ad.* ഒരുക്കിയതായി; ഒരുങ്ങിയതായി. =pā′-red-ness, *n.* ഒരുക്കം, ഒരുമ്പാട്. =pā′-rĕr, *n.* ഒരുക്കുന്നവൻ, തയ്യാറാക്കുന്നവൻ; ഉണ്ടാക്കുന്നവൻ.

Prē-pāy′, *v. t. ir.* (=pāid′, =pāid′) മുമ്പായി വിലകൊടുക്കുക, വില (കൂലി) മുഞ്ഞൂറ്—. =pāy′ment, *n.* (വില) മുഞ്ഞൂറ് കൊടുക്കൽ.

Pre-pense′, *a.* മുൻകൂട്ടി ആലോചിച്ച, കല്പിച്ച് കൂട്ടിയ. *malice p.* മനഃപൂൎവ്വദുഷ്ടവിചാരം (*l.*). -ly, *ad.* കല്പിച്ച് കൂട്ടിയതായി.

Pre-pol′lent, *a.* അധികശക്തിയുള്ള, ഊക്കേറിയ, പ്രബലതയുള്ള. =pol′-lence, =pol′len-cy, *n.* ഊററം, അധികബലം, പ്രാബല്യം.

Pre-pon′dĕr-āte, *v. t.* തൂക്കത്തിൽ മുന്തുക, അധികം തൂങ്ങുക, —ഘനമായിരിക്കുക; 2. പ്രബലപ്പെടുക, ശക്തിയിൽ കവിയുക. *v. i.* മുന്തുക്കമായിരിക്കുക, ചായുക, തട്ട് കുത്തുക; 2. പ്രബലപ്പെടുക. =pon′dĕr-ance, =pon′dĕr-an-cy, *n.* മുന്തൂക്കം, ഭാരാധിക്യം, ആധിക്യം; ബലം; ഗൌരവം. =pon′dĕr-ant, *a.* മുന്തൂക്കമുള്ള; മുഖ്യമായ. =ant-ly, *ad.* ആധിക്യമായി. =ā-ting-ly, *ad.* മുന്തൂക്കമായി. =ā′-tiŏn, *n.* മുന്തുങ്ങൽ; മുന്തൂക്കം; ആധിക്യം.

Prep-o-s̱i′tiŏn (-zish′un), *n.* ഉപസൎഗ്ഗം, വിഭക്ത്യുപസൎഗ്ഗം, പൂൎവ്വാവ്യയം, ഉപസൎഗ്ഗാവ്യയം (*gr.*). -al, *a.* ഔപസൎഗ്ഗികമായ. -al-ly, *ad.* ഉപസൎഗ്ഗമായി. =pos̱′i-tive, *a.* മുമ്പിൽ വെക്കുന്ന, ഉപസൎഗ്ഗമായ (*gr.*). *n.* ഉപസൎഗ്ഗം. =pos̱′-i-tŏr, =pos′tŏr, *n.* ചട്ടാമ്പിള്ള (*P.*), ശിഷ്യാഗ്രേസരൻ. =pos̱′i-tūre, *n.* നഗരാദ്ധ്യക്ഷം.

Prē-pos̱-s̱ess′, *v. t.* മുമ്പായി കൈവശപ്പെടുത്തുക, മുൻകൈവശമുണ്ടാക; 2. മുന്നഭിപ്രായം ജനിപ്പിക്കുക; 3. —ഉണ്ടാക; മനസ്സ് ചായുക. =s̱es′sing, *a.* മനോഹരം ആയ, ഇഷ്ടകരം—, പ്രിയം ജനിപ്പിക്കുന്ന. =s̱es′sing-ly, *ad.* ഇമ്പകരമായി. =s̱es′siŏn (-zesh′un), *n.* മുൻകൈവശം; മുന്നഭിപ്രായം; പക്ഷം, രസം. =s̱es′sŏr, *n.* മുൻകൈവശക്കാരൻ.

Pre-pos′tĕr-ŏus, *a.* തലകീഴായ, താറുമാറായ; 2. ബുദ്ധികെട്ട, ഭോഷത്വമായ; ബുദ്ധിക്ക് വിപരീതമായ. -ly, *ad.* മൊ

ഢ്യമായി. -ness, *n.* മൌഢ്യം, ബുദ്ധികേട്, അയുക്തി, വൈപരീത്യം.

**Pre-pō'tent,** *a.* ഊക്കേറിയ, പ്രഭാവം ഉള്ള; 2. സ്വഭാവപരമ്പരത്വശക്തി— (*biol.*). =pō'ten-cy, *n.* —ശക്തി (*biol.*).

**Prē'pūce,** *n.* അഗ്രചർമ്മം (*an.*). =pū'tial (-pū'shal), *a.* —ചർമ്മസംബന്ധമായ (*an.*).

**Pre-req'ui-site** (-rek'wi-zit), *n.* മുമ്പായിവേണ്ടുന്ന. *n.* മുമ്പിൽകൂട്ടിവേണ്ടുന്നത്, പൂർവ്വകാംക്ഷ.

**Pre-rog'a-tive,** *n.* പ്രത്യേകാവകാശം, വിശേഷാധികാരം, സ്വാതന്ത്ര്യം; 2. പദവി, അവകാശം. =tived (-tivd), *a.* സ്വാതന്ത്ര്യമുള്ള. -ly, *ad.* പദവിയായി.

**Pres'āge,** *n.* ലക്ഷണം, ശകുനം; 2. ഭാവിജ്ഞാനം. pre-sāge', *v. t.* മുമ്പ് കൂട്ടിതോന്നുക, മുന്നറിവുണ്ടാക; 2. മുമ്പിൽ കൂട്ടി അറിയിക്കുക. *v. i.* (of) പ്രവചിക്കുക. -'ful, *a.* ലക്ഷണം ആയ, ശകുനം—. =sā'gēr, *n.* ലക്ഷണം പറയുന്നവൻ, നക്ഷ്യം—, പ്രശ്നക്കാരൻ.

**Pres-by-ō'pi-a,** ='by-ō-py, *n.* വാൎദ്ധക്യദൃഷ്ടി, ദൂരക്കാഴ്ച (*med.*). ='by-ōpe, *n.* ദൂരക്കാഴ്ച ഉള്ളവൻ. =by-op'ic, *a.* —ഉള്ള; അടുത്ത് കാഴ്ചയില്ലാത്ത; വാൎദ്ധക്യദൃഷ്ടിസംബന്ധമായ.

**Pres'by-tēr,** *n.* സഭാമൂപ്പൻ (*Chr.*); 2. ബോധകൻ. ='tēr-al, =tē'ri-al, =tē'ri-an, *a.* സഭാമൂപ്പനെസംബന്ധിച്ച; മൂപ്പസംഘം—, —യോഗം—; മൂപ്പസഭാസംബന്ധമായ. ='tēr-āte, *n.* മൂപ്പസംഘം, —യോഗം; —സ്ഥാനം. -ess, —സ്ത്രീ. =tē'ri-an, *n.* —സഭാംഗം. =tē'ri-an-ism, *n.* —സഭ; മൂപ്പാധീന—, അദ്ധ്യക്ഷരഹിത—; —സഭാവാദം. =tē'ri-um, =tēr-y, *n.* മൂപ്പസംഘം, —യോഗം; —സഭോപദേശം; ബോധകഗൃഹം. -ship, *n.* മൂപ്പസ്ഥാനം.

**Pres-by'ti-a,** ='by-tism, *n.* വാൎദ്ധക്യദൃഷ്ടി, ദൂരക്കാഴ്ച (*med.*). =byt'ic, *a.* അടുത്ത് കാഴ്ചയില്ലാത്ത, ദൂരക്കാഴ്ചയുള്ള. ='bȳte, *n.* അടുത്ത് കാഴ്ചയില്ലാത്തവൻ.

**Prē'sci-ence** (-shi-ens), *n.* മുന്നറിവ്, ഭവിഷ്യജ്ഞാനം. =ent, *a.* —ജ്ഞാനം ഉള്ള, മുന്നറിവ്—. =ent-ly, *ad.* മുന്നറിവോടെ.

**Pre-scind',** *v. t.* വിഗ്രഹിച്ച് പരിശോധിക്കുക, പ്രത്യേകിച്ച്— (*met.*).

**Pre-scrībe',** *v. t.* നിൎണ്ണയിക്കുക, കല്പിക്കുക, ആജ്ഞാപിക്കുക; 2 മരുന്ന് കല്പിക്കുക, —കുറിക്കുക, ഓല എഴുതുക. *v. i.* കല്പിക്കുക; 2. മരുന്ന് കുറിക്കുക; 3. നടപ്പവകാശം പറയുക, കാലപ്പഴക്കാവകാശം—, ഉപയോഗാവകാശം വാദിക്കുക (*l.*). =scrī'bēr, *n.* കല്പിക്കുന്നവൻ; മരുന്ന് കുറിക്കുന്നവൻ. prē'script, *a.* കല്പിച്ച, നിൎണ്ണയിച്ച. *n.* വിധി, കല്പന; നിശ്ചയിച്ച മാതൃക. =scrip-ti-bil'i-ty, *n.* ആജ്ഞാപനീയത്വം. =scrip'ti-ble, *a.* ആജ്ഞാപ്യമായ. =scrip'tiŏn, *n.* കല്പിക്കൽ; കല്പന; ഔഷധവിധി, യോഗം, മരുന്ന് (*med.*); ഉപയോഗാവകാശം, നടപ്പവകാശം (*l.*). =scrip'tive, *a.* ദീൎഘോപയോഗത്താൽ സിദ്ധിച്ച (*l.*). =scrip'tive-ly, *ad.* നിത്യോപയോഗത്താൽ.

**Pres'ent,** *a.* ഉള്ള, ഹാജരുള്ള; പ്രത്യക്ഷം ആയ, സന്നിഹിതം—; 2. ഇപ്പോഴത്തെ, ആധുനിക, നടക്കുന്ന, സാമ്പ്രത, തല്ക്കാല, ഈ; 3. ഉടനെ ഉള്ള, തല്ക്ഷണം ആയ; 4. ഒരുക്കം—; 5. അനുകൂലം—, പ്രസന്നം—. p. tence ലട്, വൎത്തമാനകാലം (*gr.*). p. wit ക്ഷണയുക്തി. *n.* വൎത്തമാനകാലം, ഇക്കാലം, തത്സമയം; 2. *pl.* രേഖ, ലക്ഷ്യം (*l.*); 3. ലട്, വൎത്തമാനകാലം (*gr.*); 4. സമ്മാനം, ദാനം, കാഴ്ച, 'ഇനാം'; ദക്ഷിണ; 5. ആയുധാഭിവാദ്യം (*mil.*). at p. ഇപ്പോൾ, തല്ക്കാലം. for the p. അല്പസമയത്തേക്ക്, തല്ക്കാലത്തേക്ക്. pre-sent', *v. t.* സന്നിധാനത്തേക്ക് കൂട്ടിക്കൊണ്ട് വരിക, തിരുമുഖം കാണിപ്പിക്കുക; മുഖപരിചയമാക്കുക; 2. സന്നിധിയിൽവരിക; 3. കാണിക്കുക, പ്രത്യക്ഷമാക്കുക; 4. സമൎപ്പിക്കുക; 5. കൊടുക്കുക; സമ്മാനംകൊടുക്കുക, ദാനം—; 6. വരം—; 7. ബോധകോദ്യോഗത്തിന്ന് നിശ്ചയിക്കുക (*eccl.*). 8. ബോധിക്കുക, ഹാജരാക്കുക; 9. ഓങ്ങുക, (തോ

ക്ക് വെടിവെപ്പാൻ) പിടിക്കുക. to p. arms ആയുധാഭിവാദ്യം ചെയ്യുക (*mil.*). *v. i.* പുറത്തോട്ട് വരിക, പിള്ളത്തല കാണാറ്യരിക (*med.*). =′ence, *n.* ഉണ്മ, ആസ്തിക്യം; 'ഹാജര്'; സന്നിധി, സമക്ഷം; സാമീപ്യം, ഉള്ളേടം; സമ്മുഖം, തിരുമുഖം; അങ്ങുന്ന്, തിരുവടി; സന്ദൎശനശാല; രാജസഭ; ഭാവം, കാഴ്ച. p.e chamber, p.e room ആസ്ഥാനമണ്ഡപം. p.e of mind മനോധൈൎയ്യം, ധീരബുദ്ധി. =sent′a-ble, *a.* കാണിക്കാവുന്ന; കൊടുപ്പാൻ തക്ക; മററുള്ളവരുടെ മുമ്പാകെ കൊണ്ടുചെല്ലാകുന്ന, ചെന്ന് കാണാകുന്ന; പ്രസ്താവിക്കാകുന്ന. =tā′tiŏn, *n.* കാണിക്കൽ, ഹാജരാക്കൽ; പ്രത്യക്ഷത; പ്രസ്താവന; കാഴ്ച, ഭാവം, നാട്യം; ദാനം, സമ്മാനം; ബോധകോദ്യോഗത്തിന്നാക്കൽ (*eccl.*); പ്രസവം, പ്രസവത്തിൽ ആദ്യം പുറത്ത് വരുന്ന പിള്ളഭാഗം (*med.*). p.n copy ഗ്രന്ഥകൎത്താവ് സമ്മാനമായി കൊടുക്കുന്നപുസ്തകം, ബഹുമതിപുസ്തകം. =sen′ta-tive, *a.* ബോധകോദ്യോഗത്തിന്ന് നിശ്ചയിപ്പാൻ അധികാരമുള്ള; ബോധകോദ്യോഗനിശ്ചയം അനുവദിക്കുന്ന; സ്വയബോധനീയം ആയ, സഹജന്യബോധം— (*met.*). =en-tēe′, *n.* സമ്മാനം കിട്ടിയവൻ; ബോധകോദ്യോഗം— (*eccl.*). =sent′ĕr, *n.* കൊടുക്കുന്നവൻ, പ്രദാതാവ്. =sen′tive, *a.* ബോധകമായ. =sen′tive-ly, *ad.* ബോധകമായി. =sen′tive-ness, *n.* ബോധനീയത്വം. -ly, *ad.* ഉടനെ, വേഗം; അല്പംകഴിഞ്ഞിട്ട്, താമസിയാതെ. =sent′ment, *n.* പ്രത്യക്ഷമാക്കൽ; പ്രദൎശനം, കാഴ്ച; വിവരം; കുററാരോപണം, കുററവിചാരണ (*l.*). =en-toir′ (-ong-twor′), *n.* വിചിത്രതാലം.

Pre-sen′ti-ment, *n.* തോന്നല്, ശങ്ക, ഭയം; 2. അശുഭഭയം, ദോഷം—; 3. മുന്നറിവ്. =men′tal, *a.* അശുഭഭയംസംബന്ധിച്ച.

Pre-s̱ĕrve′, *v. t.* കാത്ത് രക്ഷിക്കുക, സൂക്ഷിക്കുക, പരിപാലിക്കുക, സംരക്ഷിക്കുക; 2. ശൎക്കരക്കട്ടിയിലിട്ട് വെക്കുക; ഉപ്പിലിട്ട്—; 3. ഭദ്രമായി—; കേട് വരാതെ സൂക്ഷിക്കുക; 4. നിലനിൎത്തിപ്പോരുക. to p. game വേട്ടമൃഗങ്ങൾ പെരുകുവാൻ വിടുക. *v. i.* സാധനങ്ങൾ പഞ്ചസാരക്കട്ടിയിലിട്ട് സൂക്ഷിക്കുക; ഉപ്പിട്ട്—; 2. നായാട്ട്മൃഗങ്ങൾ നശിക്കാതെ—. *n. pl.* കട്ടിയിലിട്ട പഴങ്ങൾ, —സാധനം; 2. വേട്ടയുരുപെരുകുന്ന കാട്; 3. മീൻപോററ്കുളം. =s̱ĕrv′a-ble, *a.* സംരക്ഷിക്കാകുന്ന; സൂക്ഷിച്ച് വെക്കാകുന്ന. pres-ĕr-vā′tiŏn, *n.* പരിപാലനം, പരിത്രാണനം; ഭദ്രത, സൂക്ഷ്മം. =s̱ĕr′va-tive, *a.* കേട് വരാതെ സൂക്ഷിക്കുന്ന ഗുണം ഉള്ള. *n.* —ഉള്ള സാധനം; പഞ്ചസാര; ഉപ്പ്; രക്ഷ. =s̱ĕr′va-tŏr-y, *n.* ഫലമൂലാദികൾ സൂക്ഷിക്കുന്ന സ്ഥലം. =s̱ĕrv′ĕr, *n.* പരിത്രാണകൻ, സംരക്ഷകൻ; രക്ഷ; ശാകപദാൎത്ഥങ്ങൾ കട്ടിയിലിട്ട് സൂക്ഷിക്കുന്നവൻ.

Pre-s̱īde′, *v. i.* സഭഭരിക്കുക, അഗ്രാസനത്തിൽഇരിക്കുക, അഗ്രാസനരായി—, അഗ്രസ്ഥസ്ഥാനം വഹിക്കുക, സഭാനായകത്വം—; 2. മേൽവിചാരം ചെയ്യുക, പരിപാലിക്കുക. =pres′i-den-cy, *n.* നാഥത്വം, മേൽവിചാരം, ഭരണം; തലസ്ഥാനം; നാഥത്വകാലം; സംസ്ഥാനം. pres′i-dent, *a.* നാഥനായിരിക്കുന്ന, തലവനായ. *n.* നാഥൻ, സഭാനാഥൻ, സംഘ—; (പ്രജാപ്രഭുത്വരാജ്യത്തിലെ) പ്രജാദ്ധ്യക്ഷൻ, പ്രജാപാലകൻ, രാജ്യാദ്ധ്യക്ഷൻ, വരിക്കുരാജൻ, 'പ്രെസിഡെണ്ട്'. pres-i-den′tial (-den′shal), *a.* ഭരിക്കുന്ന, പരിപാലിക്കുന്ന; തലവനെസംബന്ധിച്ച. =pres′i-dent-ship, *n.* നാഥത്വം; പ്രജാദ്ധ്യക്ഷത്വം, പ്രജാപരിപാലകസ്ഥാനം. =s̱ī′dĕr, *n.* അഗ്രാസനര്.

Press, *n.* ഒര് വക അണ്ണാൻ, അണ്ണാക്കൊട്ടൻ (*z.*); 2. കപ്പൽച്ചേക നിൎബ്ബന്ധം; 3. അമൎത്തുന്ന യന്ത്രം, ചക്ക്, ഞെക്കി; 4. യന്ത്രശാല; 5. അച്ചടിയന്ത്രം, അച്ച്; 6. അച്ച്കൂടം; 7. അച്ചടിപ്പ് വൃത്തി; 8. പുസ്തകങ്ങൾ; 9. വൎത്തമാനപത്രികകൾ; 10. പത്രികപ്രസിദ്ധകന്മാര്, —രചകന്മാര്; 11. പലകത്തട്ട്, 'അൽമാരി'; 12. തിക്കാതിരക്കം; 13. പണിത്തിരക്ക്; 14. കൂട്ടം, സമൂഹം. p.-gang കപ്പച്ചേക നിൎബ്ബന്ധകക്കൂട്ടം. p.-man അച്ചടിക്കുന്നവൻ; ഇസ്ത്രിക്കാരൻ; ചേകത്തിന്ന നിൎബ്ബന്ധിക്കുന്ന

വൻ; നിബ്ബന്ധിതചേകവൻ. p.-pack യന്ത്രത്തിൽ അമൎത്തി കെട്ടാക്കുക. p.-work അച്ചടിപ്പു വൃത്തി; പതിപ്പു്. copying-p. പകൎപ്പു് യന്ത്രം. cotton-p. നൂൽ—. oil-p. ചക്കു്. printing p. അച്ചടിയന്ത്രം. wine-p. മുന്തിരിങ്ങാച്ചക്കു്. liberty of the p. ഗ്രന്ഥപത്രപ്രസിദ്ധകസ്വാതന്ത്ര്യം. p. of sail സകലപായും കൊട്ടത്തോടൽ (*naut.*). *v. t.* നിബ്ബന്ധിച്ചു് കപ്പച്ചേകം ചെയ്യിക്കുക; 2. ഞെക്കുക, ഞെരിക്കുക, ചതക്കുക; 3. തിക്കുക, ഉന്തുക; 4. അമൎത്തുക; 5. ആട്ടുക; പിഴിയുക; 6. 'ഇസ്ത്രി' യിടുക; 7. ആശ്ലേഷിക്കുക, ആലിംഗനം ചെയ്യുക; 8. ഞെരുക്കം ചെയ്യുക, ഉപദ്രവിക്കുക; 9. ഞെരുക്കത്തിലാക, ബുദ്ധിമുട്ടുക; 10. നിബ്ബന്ധിക്കുക; 11. നിഷ്കൎഷിച്ചു് പറയുക; 12. പിടിപ്പിക്കുക; 13. ഉഗ്രമായി ഓടിക്കുക. *v. i.* ഞെക്കുക; 2. അമൎത്തുക; 3. തിക്കുക; 4. തിക്കിത്തിരക്കിച്ചെല്ലുക, തിക്കും തിരക്കുമാക; 5. നിഷ്കൎഷിക്കുക. ='sĕr, *n.* അമൎത്തുന്നവൻ. p.r foot തയ്യൽയന്ത്രത്തിലെ തുണിയമൎത്തി. ='sing̃, *a.* തിരക്കുള്ള, അടിയന്തരമായ; ബുദ്ധിമുട്ടിക്കുന്ന. ='sing̃-ly, *ad.* നിബ്ബന്ധത്തോടെ, അടിയന്തരമായി. pres'sive, *a.* തിരക്കുള്ള; ഭാരമായ. ='sŏr, *n.* നിബ്ബന്ധശക്തി, തിക്കു് (*phys.*). pres'su̥r-āg̃e (presh'u̥r-āj) *n.* ഞെക്കൽ; മുന്തിരിങ്ങാരസം; മുന്തിരിങ്ങാട്ടക്കൂലി. pres'su̥re (presh'u̥r), *n.* ഞെക്കൽ, അമൎത്തൽ; ഞെക്കു്; ഞെരുക്കം, ബുദ്ധിമുട്ടു്; ഭാരം; നിബ്ബന്ധം; കഷ്ടം, സങ്കടം; തിരക്കു്; മൎദ്ദ, തട്ടു് (*mech.*). atmospheric p.e വായുഭാരം, വായുവിന്റെ അമൎത്തൽ. fluid p.e നീൎത്തിക്കു്. p.e-gauge നീൎത്തിക്കു് മാത്ര; ആവിശക്തി—.

Prest, *a.* തയ്യാറായ, ഒരുക്കം ഉള്ള; 2. വൃത്തി—. p.-money ചേകവാച്ചാരപ്പണം. *n.* റൊക്കം, റൊക്കംപണം; 2. കടം. to give money in p. വഴിയെ കണക്കു് പറയത്തക്കവണ്ണം പണം കൊട്ടുക്കുക. *v. t.* വായ്പകൊടുക്കുക. prest'a-ble, *a.* കൊടുക്കാവുന്ന. =tā'tiŏn, *n.* പണംകൊടുക്കൽ; ചുങ്കം; സേവ. p.n-money അദ്ധ്യക്ഷപ്രതിഗ്രഹം (*eccl.*).

Pres'tig̃e (*or* -tēzh'), *n* നാണ്യം, വില, ഊററം, പേരു്, കീൎത്തി. 2. *pl.* ചെപ്പടിവിദ്യ, കണ്കെട്ടു്—.

Pres'ti-mon-y, *n.* പുരോഹിതവൃത്തി, ശാന്തിജീവിതം—.

Pres'tō, *ad.* വേഗം, ഉടനെ, ശീഘ്രം, ദ്രുതഗതിയായി; തല്ക്ഷണം; 2. വേഗതയോടെ (*mus.*). =tis'si-mō, *ad.* അതിവേഗതയോടെ (*mus.*).

Pre-s̱ūme', *v. t.* തന്റോന്നിത്വം കാട്ടുക, തുനിയുക, അഹങ്കരിക്കുക; 2. വെറുതെ നേരാണെന്നു് വിചാരിക്കുക, ആധാരമില്ലാതെ വിശ്വസിക്കുക; അനുമാനിക്കുക, ഊഹിക്കുക. *v. i.* അഭിപ്രായപ്പെടുക, വിശ്വസിക്കുക, പ്രമാണിക്കുക; 2. (on, upon) ധിക്കാരം കാട്ടുക, നിൎമ്മൎയ്യാദം—. =s̱ū'ma-ble, *a.* ഊഹിക്കാവുന്ന. =s̱ū'-ma-bly, *ad.* ഊഹപ്രകാരം; പക്ഷെ. =s̱ū'med-ly, *ad.* ഊഹമായി. =s̱ūm'ĕr, *n.* ഊഹിക്കുന്നവൻ; ധിക്കാരി, താന്തോന്നി. =s̱ū'ming̃-ly, *ad.* ധൈൎയ്യത്തോടെ; ധാൎഷ്ട്യത്തോടെ, ധിക്കാരത്തോടെ. =s̱ump'tiŏn (-zum'shun), *n.* ഊഹിക്കൽ, വിശ്വസിക്കൽ; വിശ്വാസം; ഊഹം, അനുമാനം; ഊഹത്തെളിവു്; തോന്നിയവാസം, ധിക്കാരം, അഹങ്കാരം; നിൎമ്മൎയ്യാദം. conclusive p.n നിൎവ്വാദാഭിപ്രായം. p.n of fact സംഭവാനുമാനം, അനുമാനസംഭവം (*l.*). p.n of law നിയമാനുമാനം (*l.*). =s̱ump'tive, *a.* ഊഹം ആയ, സംഭവ്യം—; ധിക്കാരമുള്ള. p.e evidence അവസ്ഥാനുഭവത്തെളിവു് (*l.*). p.e heir സംഭാവ്യാവകാശി. =s̱ump'tive-ly, *ad.* ഊഹമായി; സംഭാവ്യമായി. =s̱ump'-tū-ŏus, *a.* അഹങ്കാരമുള്ള, തുനിഞ്ഞ; ധിക്കാരമുള്ള; നിൎമ്മൎയ്യാദം ആയ; ഊഹാസ്പദം—; ധാൎഷ്ട്യമുള്ള. =s̱ump'tū-ŏus-ly, *ad.* ധിക്കാരത്തോടെ. =s̱ump'tū-ŏus-ness, *n.* തോന്നിയവാസം, താന്തോന്നിത്വം, ധിക്കാരം.

Pre-tence', -fu̥l, -less, *etc.*, *s. u.* Pretend.

Pre-tend', *v. t.* അവകാശം പറയുക; 2. നടിക്കുക, ഭാവിക്കുക; 3. വേഷം

ധരിക്കുക. *v. i.* (to) അവകാശപ്പെടുക, തേച്ച് ചെയ്യുക; 2. നാട്യംകാട്ടുക. =ten'dant, =ten'dĕr, *n.* തേച്ചുകാരൻ, കള്ളയവകാശി; നാട്യക്കാരൻ. -'ed, *a.* കള്ള, കപട. -'ed-ly, *ad.* കളവായി, നാട്യമായി. =ten'dĕr-ship, *n.* തേച്ച്, കള്ളയവകാശം. =tend'ing-ly, *ad.* തേച്ചായായി; ധിക്കാരമായി. =tence', =tense', *n.* തേച്ച് ചെയ്യൽ; തേച്ച്; നടിപ്പ്, നാട്യം; ഒഴികഴിവ്, ഭള്ള്, ഉപായം; കള്ളന്യായം. =tence'ful, =tense'ful, *a.* നാട്യമേറിയ. =tence'less, =tense'less, *a.* നിഷ്കപടമായ. =ten'siŏn, *n.* തേച്ച് ചെയ്യൽ, അവകാശപ്പെടൽ; തേച്ച്; നാട്യം, നടിപ്പ്. =ten'tiŏus (-shus), *a.* നാട്യമുള്ള; അവകാശഗൎവ്വം ചെയ്യുന്ന; ധിക്കാരമുള്ള. =ten'tiŏus-ly, *ad.* അഹങ്കാരത്തോടെ. =ten'tiŏus-ness, *n.* നാട്യം; ധിക്കാരം.

**Prē'tĕr-, Præ'tĕr-**, *pf.* കഴിഞ്ഞ, പൂൎവ്വ; 2. അടുത്ത, അരികെ ഉള്ള; 3. അപ്പുറം—; 4. കവിഞ്ഞ, അധികമായ, അ, വി. =tē'ri-ent, *a.* കഴിഞ്ഞ, ഭൂത, പൂൎവ്വ. -ist, *n.* ഭൂതകാലക്കാരൻ; (വെളിപ്പാടിലെ) പ്രവാചകസമ്പൂൎത്തിവാദി (*theo.*). pret'ĕr-it, -ite, præt'ĕr-ite, *a.* കഴിഞ്ഞകാലം സംബന്ധിച്ച; ഭൂത— (*gr.*). *n.* ഭൂതകാലം, ലങ് (*gr.*). pret'ĕr-ite-ness, -it-ness, *n.* ഭൂതത്വം. pret-ĕr-i'tiŏn (-ish'un), *n.* അതിക്രമണം; ഭൂതകാലസ്ഥിതി; അത്യയാലങ്കാരം (*rhet.*); അവകാശിലോപം (*l.*). pre-tĕr'i-tive, *a.* ഭൂതകാലം മാത്രമുള്ള (*gr.*). [അതി—.

**Prē-tĕr-hū'man**, *a.* അമാനുഷമായ,

**Prē-tĕr-mit'**, *v. t.* വിട്ട്കളയുക, ഉപേക്ഷിക്കുക, ലോപിക്കുക. =mis'siŏn (-mish'un), *n.* ഉപേക്ഷിക്കൽ; ലോപം; അത്യയാലങ്കാരം (*rhet.*).

**Prē-tĕr-nat'ū-ral**, *a.* അസാധാരണം ആയ; 2. അത്ഭുതം—, അപൂൎവ്വം—. -ism, *n.* അപൂൎവ്വത. -'i-ty, -ness, *n.* അസാധാരണത്വം, അപൂൎവ്വത. -ly, *ad.* അത്ഭുതമായി, അസാധാരണമായി.

**Prē-tĕr-pĕr'fect**, *n.* ഭൂതകാലം, ലങ് (*gr.*).

**Prē-tĕr-plu-pĕr'fect**, *n.* പൂൎണ്ണഭൂതകാലം (*gr.*).

**Prē'text**, *n.* നിമിത്തം, ഹേതു, കാരണം; 2. ഒഴികഴിവ്.

**Prē'tor**, *n.* റോമപുരിയിലെ ന്യായാധിപൻ; 2. നഗരാദ്ധ്യൻ; 3. ശിക്ഷാകൎത്താവ്. =tō'ri-al, =tō'ri-an, *a.* ന്യായാധിപസംഘസംബന്ധമായ; നീതിഭരണ—. p.n bands, p.n guards മെയ്ക്കാവൽസൈന്യം അംഗരക്ഷക—. *n.* മെയ്ക്കാവൽഭടൻ; *pl.* മെയ്ക്കാവൽസേന. =tō'ri-um, *n.* റോമസൈന്യാധിപത്തമ്പ്; യുദ്ധാലോചനസഭ; ദേശാധിപതി മന്ദിരം. -ship, *n.* ന്യായാധിപസ്ഥാനം.

**Pret'ty** (prit'ti), *a.* നല്ല, ചന്തം ഉള്ള, ഭംഗി—; രസികമായ; 2. സാമാന്യം വലിപ്പമുള്ള; കറെ അധികം ആയ; 3. സുന്ദരവിഷ്ടി—; 4. നീചം—, താണ; കള്ള; 5. ഊക്കുള്ള. *ad.* ഏതാനും, ഒട്ട്, മിക്കവാറും. p.-spoken ചക്കരവാക്ക് പറയുന്ന. =ti-ly, *ad.* ഭംഗിയായി, ചന്തത്തിൽ. =ti-ness, *n.* ചന്തം, അഴക്. -ish, *a.* ചേലുള്ള. -ism, *n.* നാട്യരീതി.

**Pre-vāil'**, *v. i.* (over, against) ജയിക്കുക, പ്രബലപ്പെടുക, സാദ്ധ്യം കാണുക; 2. നടപ്പാക, ബലത്തിലിരിക്കുക; 3. (on, upon, with) സമ്മതം ആക്കുക, മനസ്സ്—, സ്വാധീകരിക്കുക. -ing, *a.* അധികബലമുള്ള; സഫലം ആയ; നടപ്പ്—, സാധാരണം—. -ing-ly, *ad.* വഴക്കമാകത്തക്കവണ്ണം. prev'a-lence, prev'a-len-cy, *n.* പ്രബലത, പ്രാബല്യം; നടപ്പ്, വഴക്കം; വ്യാപനം, വ്യാപ്തി. prev'a-lent, *a.* സാധ്യകരം ആയ; പ്രബലം—; സഫലം—; ബലപ്പെട്ട; മുഖ്യം ആയ; നടപ്പ്—, രൂഢി—, പരക്കെയുള്ള. prev'a-lent-ly, *ad.* പ്രബലമായി, പരക്കെ.

**Pre-var'i-cāte**, *v. i.* തെറ്റുക, തെറ്റിപ്പറയുക, മാറിപ്പറയുക, തിരിച്ചുംമറിച്ചും പറയുക, ഉരുട്ട്—; 2. അന്യായംപ്രതികൾ യോജിച്ച് കളവായി അന്യായം നടത്തുക (*l.*); 3. ദുഷ്ടവിചാരത്തോടെ ഭരമേല്ക്കുക (*l.*). =cā'tiŏn, *n.* മാറിമാറിപ്പറ

യൽ; മറിപ്പും തിരിപ്പും, ഉരുട്ട്, ഉരുട്ടും പിരട്ടും; ഉദ്യോഗവഞ്ചന; അന്യായംപ്രതികൾ യോജിച്ചുള്ള കള്ളവ്യവഹാരം (*l.*). കള്ള ഭരമേല്പ് (*l.*). =cā-tŏr, *n.* ഉരുട്ട് പറയുന്നവൻ; കള്ളവ്യവഹാരി; വിശ്വാസഘാതകൻ.

**Pre-vent′**, *v. t.* മുമ്പിൽ ചെല്ലുക; നടത്തുക; 2. മുൻകണ്ട് പ്രവൃത്തിക്കുക; 3. വിലക്കുക; മുടക്കുക, തടുക്കുക, തടസ്ഥംചെയ്യുക, നിവാരണം—. -a-bil′i-ty, *n.* നിവാര്യത. -a-ble, *a.* മുടക്കാവുന്ന, നിവാര്യമായ. -a-tive, *n.* തടസ്ഥം, പ്രതിബന്ധം. -ĕr, *n.* തടുക്കുന്നവൻ, നിവാരകൻ. -ing-ly, *ad.* തടസ്ഥമായി. =ven′tiŏn, *n.* വിലക്കം, തടവ്, മുടക്കം, നിവാരണം. =ven′tive, *a.* മുടക്കംവരുത്തുന്ന, തടുക്കുന്ന. p.e service കള്ളവ്യാപാരനിവാരണസൈന്യം. *n.* തടസ്ഥം, നിവാരണം, പ്രതിബന്ധം. =ven′tive-ly, *ad.* തടസ്ഥമായി.

**Prē′vi-ŏus**, *a.* മുമ്പെയുള്ള, പൂർവ്വമായ, മുൻകൂട്ടിയുള്ള, തലെ. p. day തലനാള്, തലെദിവസം. the p. question വിരോധാഭിപ്രായം. p. to മുമ്പ്, മുമ്പായി. -ly, *ad.* മുമ്പിൽകൂട്ടി. -ness, *n.* പൂർവ്വത്വം.

**Pre-vīse′**, *v. t.* മുൻകാണുക; 2. മുൻകൂട്ടി അറിയിക്കുക, 'താക്കീത്'ചെയ്യുക. =vi′siŏn (-vizh′un), *n.* മുൻകാഴ്ച, മുന്നറിവ്.

**Prey** (prā), *n.* കവച്ച, കൊള്ള, അപഹൃതം; 2. ഇര, ആഹാരം, ഭക്ഷണം; 3. ഇരപിടിച്ച് തിന്നൽ; കൊള്ളയിടൽ. beast of p. മാംസഗ്രാസമൃഗം, ദുഷ്ട—. bird of p. മാംസഗ്രാസപക്ഷി. *v. i.* കൊള്ളയിടുക, കവച്ചചെയ്യുക; 2. പിടിച്ച് തിന്നുക. to p. on *or* upon കൊള്ളയിടുക; പിടിച്ച് തിന്നുക; ആധിപിടിപ്പിക്കുക, ക്ഷയിപ്പിക്കുക. -′ĕr, *n.* പിടിച്ച് തിന്നുന്നത്; കൊള്ളക്കാരൻ, നാശകൻ.

**Prīce**, *n.* വില, ക്രയം, 2. വൈശിഷ്ട്യം, വൈശിഷ്ട്യം; 3. പ്രതിഫലം. p.-current *or* p.-list വിലപ്പട്ടിക, നിരക്ക്, എക്കം, നിലവാരം. *v. t.* വിലവെക്കുക, —മതിക്കുക, —കെട്ടുക; 2. —ചോദിക്കുക. **prīced** (prīst), *a.* വില ഉള്ള; —കെട്ടിയ, —ഇട്ട. -′less, *a.* വിലയേറിയ, വിലകെട്ടാൻ പാടില്ലാത്ത, അമൂല്യമായ; വിലയില്ലാത്ത, നിസ്സാരമായ.

**Prick**, *n.* കുത്തുന്നത്, തുളക്കുന്നത്; മുള്ള്; മുന; സൂചി; തമര്, തുരപ്പണം; 2. കുത്തൽ; കുത്ത്, കുത്തല്; 3. തുള, ഭാരം; 4. വെടിക്കുറി; 5. ഉരുള, ചുരുള് (*naut.*). p.-eared കൂർത്തചെവിയുള്ള, ചെവികൂർത്തനെയുള്ള. p.-punch കൊല്ലന്റെ കുത്തുളി. *v. t.* കുത്തുക; തുളക്കുക; 2. കുത്തിവെക്കുക; കുത്തിപ്പിടിപ്പിക്കുക; 3. (off) അടയാളമിടുക, തെരിഞ്ഞെടുക്കുക; 4. കുത്തിടുക; 5. (on, off) കുതിരയെ മുള്ള്കുത്തി ഓടിക്കുക; ഉത്സാഹിപ്പിക്കുക, കുത്തിപ്പൊന്തിക്കുക, നിർബ്ബന്ധിക്കുക; 6. മനസ്സിൽ കുത്ത് കൊള്ളിക്കുക, മനോവേദന വരുത്തുക; 7. (up) ചെറുത്ത് പിടിക്കുക, എറുത്ത്—; കൂർപ്പിക്കുക: to p. up the ears ശ്രദ്ധയോടെ കേൾക്കുക; 8. മൂട്ടുക; 9. വരക്കുക; 10. കുതിരയുടെ കുളമ്പിൽ ആണി ചെലുത്തുക; മുടന്താക്കുക. *v. i.* തുളയുക; 2. കുത്തലെടുക്കുക; 3. കുതിരയോടിക്കുക; 4. പുളിച്ച് പോക; 5. കൂർത്ത് വരിക; 6. കറിനോക്കുക. -′ĕr, *n.* കുത്തുന്നവൻ; മുള്ള്, തമര്; മുന; നല്ല സവാരിക്കാരൻ. -′et, *n.* രണ്ട് വയസ്സുള്ള ഇളമാൻ. -′ing, *n.* കുത്തൽ; തുളക്കൽ; കുതിരയുടെ കുളമ്പിൽ ആണിതറക്കൽ, മുടന്താക്കൽ; കുത്തല്. p.g up കല്ലുമ്മായം തേക്കൽ (*arch.*). p.g the ship off കപ്പലിന്റെ ഗതിപടത്തിൽ കുറിക്കുക. -′y, *a.* മുള്ളുള്ള, കൂർത്ത.

**Pric′kle**, *n.* ചെറുമുള്ള്, മുന; 2. ആണി; ഉണല്; ചൂട്; 3. വള്ളിക്കൂട്ട. p.-back, p.-fish ഒര് മീന് (*z.*). p.-louse (നിന്ദ) തുന്നക്കാരൻ. *v. t.* കുത്തുക. prick′li-ness, *n.* മുള്ള്മുള്ളായിരിക്കുന്ന സ്ഥിതി. prick′ly, *a.* മുള്ളുള്ള, മുള്ള്മുള്ളായ; പരുപരുത്ത. p.y-heat ചൂട്. p.y-pear നാഗതാളി, പലക്കള്ളി, പലകക്കള്ളി (*b.*).

**Prīde**, *n.* പൊങ്ങച്ചം, വടായി, വലിപ്പം, നിഗളം, ഗർവ്വം, ഡംഭ്; 2. അഭിമാനം, സ്വാഭിമാനം; 3. അഹംഭാവം, അഹങ്കാരം; 4. ശ്രേഷ്ഠത, ശോഭ, വിശിഷ്ടത;

5. മോടി, കോലാഹലം; 6. ഉച്ചം, അഗ്രം, ഔന്നത്യം, മേന്മ; 7. മദം, ധാതുപുഷ്ടി, കാമാതുരത്വം; 8. പൈപ്ലേറ്. p. of India or p. of China വേപ്പ്, ആര്യവേപ്പ് (b.). p. of the desert ഒട്ടകം (z.). v. t. (reflex.) ഗർവ്വിക്കുക, പൊങ്ങച്ചം കാട്ടുക, നിഗളിക്കുക. v. i. അഭിമാനം കാട്ടുക. -'fụl, a. ഡംഭം ഉള്ള, അഹങ്കാരം—. -'fụl-ly, ad. അഹംഭാവത്തോടെ. -'fụl-ness, നിഗളം. -'less, a. പൊങ്ങച്ചമില്ലാത്ത. proud, a. ഗർവ്വം ഉള്ള, ഡംഭ്—, പൊങ്ങച്ചം—; അഹങ്കാരം—, അഹംഭാവം—, ദുരഭിമാനം—; ധിക്കാരം—, ധാർഷ്ട്യം—; (of) അഭിമാനം—; വിശിഷ്ടം ആയ, മനോഹരം—, കൌതുകം—; മോടി ഉള്ള, ഭംഗി—; പൈപ്ലേറ് പിടിച്ച. p.d flesh അരിപ്പുണ്ണ് (med.). proud'ish, a. എടുപ്പ് ഉള്ള. proud'ling, n. ഗർവ്വി, ഡംഭി. proud'ly, ad. ഗർവ്വത്തോടെ; ധാർഷ്ട്യത്തോടെ. proud'ness, n. ഗർവ്വം, പൊങ്ങച്ചം. [പീഠം.

*Prië-die-u'* (prē-de-u'), n. പ്രാർത്ഥന

Prīed, Prī'ĕr, s. u. Pry.

Priēst (prēst), n. ബോധകൻ, സഭാശുശ്രൂഷകൻ; പട്ടക്കാരൻ, പാദ്രി, അച്ചൻ (S.); കത്തനാര് (Syr.); 2. ആചാര്യൻ, പുരോഹിതൻ; ശാന്തിക്കാരൻ; പൂജാരി; 3. മുല്ല, മൊയിലിയാര്, കത്തീബ് (M.). high p. മഹാചാര്യൻ, മഹാപുരോഹിതൻ. p.-craft ഗുരുതന്ത്രം. p.-ridden ബോധകാധീനം ആയ, ഗുരുതന്ത്രാധീനം—. v. t. ബോധകനാക്കുക, പട്ടംകൊടുക്കുക, ബോധകനായി പ്രതിഷ്ഠിക്കുക. -'ĕr-y, n. ബോധകഗണം; (നിന്ദയായി) ബോധകത്വം. -'ess, n. പൂജാരിച്ചി. -'họọd, n. പൌരോഹിത്യം; പുരോഹിതപ്രവൃത്തി: —വർഗ്ഗം, —കുലം; ബോധകവർഗ്ഗം. -'ism, n. ബോധകപദ്ധതി. -'less, a. ആചാര്യനില്ലാത്ത. -'līke, -'ly, a. പൌരോഹിത്യ, ആചാര്യനുള്ള; ദൈവശുശ്രൂഷസംബന്ധമായ; ബോധകനുപററിയ. -'li-ness, n. പൌരോഹിത്യം.

Prig, v. i. വിലകൊണ്ട് തർക്കിക്കുക, പിഴയുക, പേയുക. v. t. വിലതാഴ്ത്തുക, സഹായമാക്കുക; 2. ഇറുക്കുക, കോച്ചുക (N.), കക്കുക. n. നാട്യക്കാരൻ, സുന്ദരവിഡ്ഢി; കോച്ചുന്നവൻ, കള്ളൻ. -'gĕr-y, -'gism (-izm), n. സുന്ദരവിഡ്ഢിത്വം, വിഡ്ഢ്യാസുരത്വം. -'gish, a. സുന്ദരവിഡ്ഢിയായ. -'gish-ly, ad. പിഴഞ്ഞ് കൊണ്ട്. -'gish-ness, n. സുന്ദരവിഡ്ഢിത്വം.

Prim, a. കൃത്യം ആയ, ഉചിതം—, യോഗ്യം—, 'ഭേഷ്'—, നല്ല; 2. ശൃംഗരിച്ച. v. t. ശൃംഗരിക്കുക, ചമയിക്കുക. v. i. മോടിയായി ഉടുത്ത് ചമയുക; 2. ചുറുക്കോടെ ചെയ്യുക. -'ly, ad. കൃത്യമായി, ഉചിതമായി. -'ness, n. കൃത്യത, ഔചിത്യം.

Prī'ma, a. ഒന്നാം, മുഖ്യം ആയ, പ്രധാനം—. *p.-donna* പ്രധാനസംഗീതക്കാരത്തി.

Prī'ma-cy, n., s. u. Primal.

*Prī'ma-fā-ci-ē* (-fā-shi-ē), ആദ്യനോട്ടത്തിന്ന്; പ്രഥമദൃഷ്ട്യാ (l.). p. evidence പ്രഥമദൃഷ്ടതെളിവ് (l.).

Prī'mā̆ge, n. ചരക്കുടമസ്ഥന്മാര് കപ്പല്ക്കാർക്ക് കൊടുക്കുന്ന സമ്മാനം, 'ഇനാം' (com.).

Prī'mal, a. ഒന്നാമത്തെ; ആദ്യ; 2. മുഖ്യമായ. =ma-cy, n. വിശിഷ്ടത, ശ്രേഷ്ഠത, മേന്മ; ശ്രേഷ്ഠാദ്ധ്യക്ഷപദവി, —സ്ഥാനം. =mar-i-ly, ad. ഒന്നാമതായി; ആദ്യം. =mar-i-ness, n. പ്രാഥമ്യത; മുഖ്യത, പ്രാധാന്യത. =mar-y, a. ആദ്യമായ, പ്രഥമ, പ്രാഥമിക, ആദ്യ, ഒന്നാമതായ; മുഖ്യം ആയ, പ്രധാനം—; ആദ്യം ഉണ്ടായ (geol.); പ്രഥമഗുണമുള്ള (ch.). p.y colours സപ്തവർണ്ണം; ചുവപ്പ്, നീല, മഞ്ഞനിറങ്ങൾ. p.y planets പ്രധാനഗ്രഹങ്ങൾ (as.). p.y qualities of bodies സഹജഗുണങ്ങൾ. p.y quills വലിയ തൂവല് (z.). p.y syphilis ഒര് വക രക്തവാതം (med.). p.y union പഴക്കാതെ മുറികൂടൽ (med.). n. പ്രധാനകാര്യം, പ്രാമുഖ്യസംഗതി; ആദ്യയോഗം (pol.); വലിയതൂവല് (z.); പ്രധാനഗ്രഹം (as.). =mā̆te, n. ശ്രേഷ്ഠാദ്ധ്യക്ഷൻ, അദ്ധ്യക്ഷപ്രവരൻ. P.e of England യോർക്കിലെ പ്രധാനാദ്ധ്യ

ക്ഷൻ. P.e of all England കേന്റർബ്ബ്റിയിലെ പ്രധാനാദ്ധ്യക്ഷൻ. =mā'tēs, *n. pl.* മാനുഷവാനരവൎഗ്ഗം (*z.*). =māte-ship, *n.* ശ്രേഷ്ഠാദ്ധ്യക്ഷസ്ഥാനം. =mā'-ti-al (-shi-al), =mat'i-cal, *a.* ശ്രേഷ്ഠാദ്ധ്യക്ഷനുള്ള.

Prī'māte, *etc.*, *s. u.* Primal.

Prīme, *a.* ഒന്നാമത്തെ, പ്രഥമ; ആദ്യ; മൂല; 2. പ്രധാനം ആയ, മുഖ്യം—; 3. മേത്തരം—, മികെച്ച, മുന്തിയ, ഉത്തമം ആയ; 4. ചെറുപ്പം—, ഇളയ, 5. കാമാതുരം ഉള്ള; 6. (') എന്ന അടയാളം—. p. cost മുതല്. p. factor (അശേഷ) അവിഭാജ്യഹാരകൻ (*arith.*). p. mark (') എന്ന അടയാളം. p. meridian ധ്രുവരേഖാരംഭം (*as.*). p. minister പ്രധാനമന്ത്രി, മന്ത്രിപ്രവരൻ, ഒന്നാം കാൎയ്യസ്ഥൻ. p. mover മൂലശക്തി (*mech.*); ചലനയന്ത്രം; ഹേതുഭൂതൻ. p. number (അശേഷ) അവിഭാജ്യസംഖ്യ. *n.* ആദ്യഭാഗം, പ്രഥമ—; പ്രഭാതം, പുലൎച്ച; പുഷ്പകാലം; ഇളമ്പ്രായം, യൌവനം, ബാല്യപ്രായം; ഉത്തമാംശം, മീത്ത്, മുന്തിയഭാഗം; ഉഷസ്സ്, ഉഷഃപ്രാൎത്ഥനാകാലം (*R. C.*); അവിഭാജ്യസംഖ്യ (*ar.*); ഒരംഗുലം. p. of the moon പ്രതിപദചന്ദ്രൻ. *v. t.* (തോക്കിന്റെ) തട്ടിൽ മരുന്ന് ഇടുക, കറിഞ്ഞി— (*S.*), 'കേപ്പ്'വെക്കുക; (ചിത്രത്തിൽ) ആദ്യത്തേപ്പ് ചായമിടുക; സാക്ഷികളെ പഠിപ്പിക്കുക; ഒരുക്കുക. to p. a pump 'ബോമ്പയിൽ' വെള്ളം നിറക്കുക. *v. i.* പുതിയതായ്ത്തീരുക; 'കേപ്പ്' ആയിരിക്കുക. -'ly, *ad.* ഒന്നാമതായി, വിശേഷമായി. -'ness, *n.* പ്രാഥമ്യത; വൈശിഷ്ട്യം. prim'ĕr, *n.* തോക്കിന്ന് തിപ്പറിക്കുന്നത്, 'കേപ്പ്', തിരി; പ്രഭാതപ്രാൎത്ഥനാപുസ്തകം (*R. C.*); ആദ്യവേദചരിത്രം— (*R. C.*); ആദ്യപാഠം—, ഒന്നാംപാഠം—; ഒരു വക ആണിയക്ഷരം (*print.*). great p.r വലിയ ആണിയക്ഷരം (*print.*). long-p.r ഇടത്തരം— (*print.*). prī'ming, *n.* തട്ട്മരുന്ന്, 'കേപ്പ്'; ആദ്യത്തേപ്പ്.

Prim'ĕr, *n.*, *s. u.* Prime.

Prī-mē'val, *a.* ആദ്യ, പൂൎവ്വത്തിലുണ്ടായിരുന്ന, ആദ്യകാലത്തെ. -ly, *ad.* ആദ്യമായി; ആദ്യംമുതല്ക്ക്.

Prī-mi-ġē'ni-al, *a.* ആദ്യത്തെ, ആദ്യം ജനിച്ച, കടിഞ്ഞൂലായ. =ġē'ni-ŏus, =miġ'ē-nŏus, *a.* ഒന്നാമത്തെ ആദ്യം ജനിച്ച.

Prī'ming, *n.*, *s. u.* Prime.

Prī-mip'a-ra, *n.* കടിഞ്ഞൂൽ ഗൎഭം, —പ്രസവം (*med.*). =rŏus, *a.* —പ്രസവം ആയ; —ഗൎഭം—.

Prī-mi'ti-a (-mish'i-a), *n.* (*pl.* prī-mi'ti-æ) ആദ്യഫലം; 2. ഒര് കൊല്ലത്തെ ബോധകജീവിതം (*l.*).

Prim'i-tive, *a.* ആദിയിലുള്ള, പൂൎവ്വകാലത്തെ; മൂല, ആദ്യ; 2. പഴക്കപ്പെട്ട, 3. മൂലപദമായ (*gr.*). p. colours സപ്തവൎണ്ണങ്ങൾ; ചുവപ്പ്നീലമഞ്ഞ—. p. fathers സഭാപിതാക്കൾ (*eccl.*). *n.* മൂലപദം (*gr.*). -ly, *ad.* ആദ്യം, ആരംഭത്തിൽ; മൂലമായി; പൂൎവ്വസമ്പ്രദായപ്രകാരം. -ness, *n.* പൂൎവ്വസ്ഥിതി, —ആചാരം.

Prim'ly, Prim'ness, *s. u.* Prim.

Prī-mō-ġē'ni-al, =āte, കടിഞ്ഞൂലായ, ആദ്യജാതനായ; 2. ആദ്യത്തെ; 3. ആരംഭമായ. =ġen'i-tive, *a.* ജ്യേഷ്ഠനെ സംബന്ധിച്ച. =ġen'i-tŏr, *n.* പൂൎവ്വീകൻ, പിതാമഹൻ, ആദ്യപിതാവ്, ആദ്യത്തെ കാരണവൻ. =ġen'i-tūre, *n.* ജ്യേഷ്ഠത്വം; (മക്കളിൽ) വയസ്സ്മൂപ്പ്; ജ്യേഷ്ഠത്വപിന്തുടൎച്ചാവകാശം, വയോജ്യേഷ്ഠത്വപ്പിന്തുടൎച്ച. =ġen'i-tūre-ship, *n.* ജ്യേഷ്ഠത്വം; ജ്യേഷ്ഠാവകാശം.

Prī-mor'di-al, *a.* ആദ്യത്തെ, പ്രാരംഭ, പൂൎവ്വ; 2. പ്രഥമോത്ഭവമായ (*biol.*). *n.* മൂലസൂത്രം, ആദ്യപ്രമാണം. -ism, *n.* പൂൎവ്വസമ്പ്രദായപ്പററ്. -ly, *ad.* ആദ്യം, ആരംഭത്തിൽ. =an, *n.* ഒര് വക മുന്തിരിങ്ങാപ്പഴം (*b.*).

Primp, *v. i.* (up) കിറുകൃത്യമായി ഉടുത്തു ചമയുക; 2. യോഗ്യതനടിക്കുക.

Prim'rōse, *n.* വസന്തകുസുമം (*b.*). *a.* പുഷ്പമയം ആയ, ശോഭനം—.

**Prī'mus,** *a.* ഒന്നാമനായ. *n.* സ്കോട്ലാണ്ട് അദ്ധ്യക്ഷസഭയിലെ അദ്ധ്യക്ഷാഗ്രേസരൻ.

**Prince,** ശ്രേഷ്ഠൻ; മഹാൻ; രാജാവ്; 2. രാജകുമാരൻ, —പുത്രൻ, ഇളയതമ്പുരാൻ; തമ്പാൻ; 3. പ്രഭുവരൻ; 4. തലവൻ, പ്രമാണി, ശിരോമണി. **p. consort** രാജ്ഞികണവൻ; കോവിലത്തമ്പുരാൻ, കോയിത്തമ്പുരാൻ. **p.'s feather** ഒർ പുഷ്പം (*b.*). **p.'s metal** (ചെമ്പും നാകവും കൂടിയ) ഒർ വക ഓട്. **p. of the blood** രാജകുമാരൻ. **p. of darkness** അന്ധകാരപ്രഭു, സാത്താൻ (*Bl.*). **P. of Wales** ഇംഗ്ലന്തിലെ ഇളമ, —യുവരാജൻ. **-'dŏm,** *n.* പ്രഭുത്വം. **-'kin, -'let, -'ling,** *n.* കുട്ടിത്തമ്പുരാൻ. **-'less,** *a.* പ്രഭുവില്ലാത്ത. **-'līke,** *a.* രാജകീയമായ. **-'li-ness,** *n.* രാജകീയത്വം. **-'ly,** *a.* രാജകീയ; രാജവംശത്തിൽഉള്ള; പ്രാഭവം—, പ്രതാപം—; മഹത്തായ, മഹാ; ഐശ്വൎയ്യമുള്ള. *ad.* രാജകീയമായി. **prin'cess,** *n.* രാജകുമാരി, —പുത്രി; തമ്പുരാട്ടി, തമ്പാട്ടി; രാജകുമാരപത്നി, കെട്ടിലമ്മ. **p.s royal** രാജാവിന്റെ ജ്യേഷ്ഠകുമാരി.

**Prin'ci-pal,** ശ്രേഷ്ഠം ആയ, മുഖ്യം—, പ്രധാനം—; 2. സാരം—, കാൎയ്യം—. *n.* തലവൻ, പ്രധാനി, പ്രമാണി, മുഖ്യസ്ഥൻ; 2. വിദ്യാശാലാദ്ധ്യക്ഷൻ, പ്രധാനഗുരുനാഥൻ; 3. —കുററക്കാരൻ (*l.*); 4. —കടക്കാരൻ, ഉണ്ടികക്കാരൻ (*l.*); 5. മുതലാളി (*l.*); 6. മുതല്, 'അസ്സല്' (*com.*); 7. കലധനം. **=pal'i-ty,** *n.* രാജത്വം, വാഴ്ച, കോയ്മ; ശ്രേഷ്ഠാധികാരം; ശ്രേഷ്ഠത; വൈശിഷ്ട്യം; പ്രഭു; പ്രഭുത്വം. **-ly,** *ad.* മുഖ്യം ആയി, പ്രധാനം—, ഒന്നാമത്—. **-ness,** *n.* പ്രാമുഖ്യത.

**Prin-cip'i-a,** *n. pl.* മൂലസൂത്രങ്ങൾ, ആദ്യപ്രമാണങ്ങൾ, പ്രാരംഭസിദ്ധാന്തങ്ങൾ.

**Prin'ci-ple,** *n.* മൂലം, കാരണം, ഹേതു, ആധാരം; 2. മൂലവസ്തു, ആദിഭൂതം; 3. ആദ്യകാരണം; 4. മൂലതത്വം, സഹജസ്വഭാവം; 5. പ്രമാണം, മൂലസൂത്രം, സിദ്ധാന്തം; 6. നീതി, നീതിസൂത്രം, സദ്ധൎമ്മപ്രമാണം; നടവടി—, നിയമനിഷ്ഠ; 7. സത്ത്, സാരം. *v. t.* പ്രമാണം ആക്കുക, സൂത്രം—, ധൎമ്മം—; 2. നീതിനിഷ്ഠ വരുത്തുക. **=pled** (-pld), *a.* നീതിയുള്ള, ധാൎമ്മികനായ.

**Print,** *v. t.* പതിക്കുക, വട്ടവുണ്ടാക്കുക; 2. മുദവെക്കുക, മുദ്രിക്കുക; അമൎത്തുക; 3. അച്ചടിക്കുക, അച്ച് പതിക്കുക; 4. ചീട്ടിത്തുണിയുണ്ടാക്കുക, തുണിയിൽ പൂവടിക്കുക; 5. ഛായാപടപ്പകൎപ്പെടുക്കുക. **p.ed goods** ചീട്ടിത്തുണി. *v. i.* അച്ചടിപ്രവൃത്തി ചെയ്യുക; 2. പുസ്തകം അച്ചടിച്ച് പ്രസിദ്ധമാക്കുക. *n.* വട്ട, അടയാളം; 2. മുദയാണി, അച്ച്, മുദ; 3. മുദ്രിതസാധനം; 4. അച്ചടി; 5. *pl.* ചിത്രം; 6. പുസ്തകം; പത്രിക; 7. *pl.* ചീട്ടി, ചീട്ടിത്തുണി; 8. ഛായാപടപ്പകൎപ്പ്, ഛായാചിത്രം. **in p.** അച്ചടിയായി; അച്ചടിച്ച് പ്രസിദ്ധമാക്കിയ; വാങ്ങാൻകിട്ടുന്ന; അക്ഷരപ്രകാരം, കൃത്യമായി. **out of p.** (പുസ്തകം) കൊള്ളാൻ കിട്ടാത്ത, വിററ് തീൎന്ന് പോയ. **p.-seller** ചിത്രവ്യാപാരി. **p.-shop** ചിത്രപ്പീടിക. **p.-works** തുണിയടിക്കുന്ന സ്ഥലം. **-'ĕr,** *n.* അച്ചടിപ്പണിക്കാരൻ; പുസ്തകപത്രികാദിഅച്ചടിക്കുന്നവൻ. **p.r's devil** അച്ച്പണിക്കാരൻ. **p.r's rollers** —മഷിഉരുൾ, —'റൂള്'. **-'ĕr-y,** *n.* ചീട്ടിത്തുണിയടിക്കുന്ന സ്ഥലം; അച്ചക്കൂടം. **-'ing,** *n.* അച്ച്പതിക്കൽ; അച്ചടിപ്പണി. **p.g-house, p.g-office** അച്ചുക്കൂടം. **p.g-ink** അച്ച്മഷി. **p.g-paper** —കടലാസ്. **p.g-press** —യന്ത്രം. **p.g-wheel** —ചക്രം. **-'less,** *a.* വട്ടവില്ലാത്ത.

I. **Prī'or,** *a.* മുമ്പിലേത്ത, പൂൎവ്വ; മുമ്പെ ഉള്ള, ....കാൽ മുമ്പെ—. **=or'i-ty,** *n.* പൂൎവ്വത്വം, മുമ്പ്; സ്ഥാനവലിപ്പം; ശ്രേഷ്ഠത. **p.y of debts** ആദ്യംആദ്യം വീട്ടേണ്ടുന്ന കടം. **-ly,** *ad.* മുമ്പായി.

II. **Prī'or,** *n.* സന്ന്യാസിമഠപ്രമാണി (*R. C.*). **-āte, -ship,** *n.* മഠാധിപത്യം (*R. C.*). **-ess,** *n.* മഠാധിപ (*R. C.*). **-y,** *n.* സന്ന്യാസിമഠം; ഉപമഠം.

**Prīse,** *v. t.* പെട്ടി ബലമായ്തുറക്കുക. **prī'sage,** *n.* കപ്പലിൽ വരുന്ന വീഞ്ഞി

ന്മേൽ പണ്ടുണ്ടായിരുന്ന രാജഭോഗം; കടൽയുദ്ധക്കൊള്ളയിലെ—.

**Prism**, *n.* സമാന്തരചതുർഭുജമുഖപിണ്ഡം (*geom.*). കിരണ(ഭാജക)സ്ഫടികം, ത്രികോണ— (*opt.*) =**mat'ic**, =**mat'i-cal**, *a.* സ്ഫടികാകൃതി ആയ; കിരണസ്ഫടികവിഭക്തം—. **p.c colours** സപ്തവർണ്ണങ്ങൾ (*opt.*). **p.c spectrum** സ്ഫടികവിഭക്തകിരണഛായ (*opt.*). =**mat'i-cal-ly**, *ad.* ത്രികോണസ്ഫടികാകൃതിയായി; കിരണസ്ഫടികത്താൽ. **pris'moid**, *n.* ത്രികോണസ്ഫടികാകാരസാധനം. **pris-moid'al**, *a.* —സ്ഫടികാകാരമുള്ള. **pris'my**, *a.* കിരണസ്ഫടികസംബന്ധമായ.

**Pris'on** (priz'n), *n.* തടവ്, തുറുങ്ക്, കാരാഗൃഹം, 'ജേല്'. **p.-house** കാരാഗൃഹം, തുറുങ്ക്. **p.-ship** കാരാഗൃഹക്കപ്പല് (*naut.*). **p.-van** തടവ്വണ്ടി. *v. t.* തടവിലാക്കുക, ബന്ധനത്തിലിടുക, വിലങ്ങിൽ വെക്കുക. =**o-nër**, *n.* തടവുകാരൻ; കുററാരോപിതൻ, പ്രതി; ബദ്ധൻ. **p.r's base** കട്ടികളുടെ ഒര് കളി.

**Pris'tine**, *a.* ആദ്യകാലത്തെ, പൂർവ്വ, ആദ്യ, പ്രഥമ.

**Prith'ee**, *int.* എന്നപേക്ഷിക്കുന്നു, ....ആലും, ....ആൽകൊള്ളാം.

**Prit'tle-prat-tle**, *n.* വൃഥാലാപം, വാഗ്ലാടിത്വം.

**Prī'va-cy**, *n.*, *s. u.* **Private**.

**Prī'vāte**, *a.* സ്വന്ത, തനത്, സ്വകാര്യ, സ്വകീയ; 2. പ്രത്യേകം ആയ; 3. രഹസ്യം—, ഗോപ്യം—; 4. സക്കാരുദ്യോഗമില്ലാത്ത. **p. act or statute** സ്വകാര്യനിയമം (*l.*). **p. nuisance or wrong** പ്രത്യേക ഉപദ്രവം, —നഷ്ടം (*l.*). **p. soldier** സാധാരണപടയാളി, 'സിപ്പായി'. **p. way** അന്യന്റെ ഭൂമിയിൽ കൂടിയുള്ള വഴിയവകാശം (*l.*). *n.* സാധാരണപടയാളി; 2. *pl.* ഗുഹ്യപ്രദേശം. **in p.** രഹസ്യത്തിൽ, ആരും അറിയാതെ. **prī'va-cy** (*or* priv'a-si), *n.* ഏകാന്തവാസം, ഏകാകിത്വം, മറവിലിരിക്കൽ, ഏകാന്തം, മറവ്; മറച്ച് വെക്കൽ, ഒളിച്ച്—; സ്വകാര്യം, രഹസ്യം. =**va-tēer'**, *n.* പടക്കറുവാളം ലഭിച്ച സ്വകാര്യകപ്പല്, സ്വകാര്യപടക്കപ്പല്; —കപ്പൽത്തലവൻ. *v. i.* സ്വകാര്യപടക്കപ്പല് ശത്രുകപ്പല് തിരഞ്ഞോടുക. =**va-tēer'ing**, *n.* —പടക്കപ്പലോട്ടം. =**va-tēers'man**, *n.* —പടക്കപ്പലുദ്യോഗസ്ഥൻ; —പടക്കപ്പലിലെ 'ഖലാശി'. **-ly**, *ad.* രഹസ്യമായി, പ്രത്യേകാൽ. **-ness**, *n.* ഏകാന്തവാസം, മറവ്; രഹസ്യം; സക്കാരുദ്യോഗമില്ലായ്മ. =**vā'tiŏn**, *n.* ഇല്ലാതാക്കൽ, പോക്കൽ, താഴ്ത്തൽ, തള്ളൽ; സ്ഥാനഭ്രഷ്ട്, താഴ്ച, അധഃപതനം; ദാരിദ്ര്യം, ബുദ്ധിമുട്ട്, വലച്ചല്; ഇല്ലായ്മ. **priv'a-tive**, *a.* ഇല്ലാതെ ആക്കുന്ന, നഷ്ടം—; നിഷേധം ആയ, നിഷേധരൂപം—; അഭാവാത്ഥകം—, നിഷേധാത്ഥകം— (*gr.*). *n.* അഭാവത്വം; അഭാവശബ്ദം (*log.*); നഞ്പദം, അഭാവോപസഗ്ഗം (*gr.*). **priv'a-tive-ly**, *ad.* അഭാവമായി. **priv'a-tive-ness**, *n.* അഭാവത്വം.

**Priv'et**, *n.* മയിലാഞ്ചി (*b.*).

**Priv'i-lege**, *n.* പ്രത്യേകാവകാശം, അവകാശം, മാന്യം; 2. ഒഴിവ്, സ്വാതന്ത്ര്യം; 3. പദവി. *v. t.* പ്രത്യേകാവകാശം കൊടുക്കുക, മാന്യം—; 2. ഒഴിവാക്കുക; 3. പ്രത്യേകാധികാരം കൊടുക്കുക. =**leged** (-lejd), *a.* —ഉള്ള, പ്രത്യേകാവകാശം—; ഒഴിവായ. **p.d communication** ഗോപ്യസ്വാതന്ത്ര്യ ഇടവാട്, —സംസാരം (*l.*); ആക്ഷേപരഹിതപ്രസ്താവന (*l.*). **p.d debts** ആദ്യം വീട്ടേണ്ടുന്ന കടം (*l.*). **p.d witnesses** ഗോപ്യസ്വാതന്ത്ര്യസാക്ഷികൾ (*l.*).

**Priv'y**, *a.* സ്വകീയ, തനത്, സ്വന്തം, പ്രത്യേക; 2. ഗോപ്യമായ; കളവായ; 3. സ്വകാര്യ, പ്രത്യേക; 4. ഗോപ്യമായി അറിവുള്ള, ഉള്ളുള്ള. **p. chamber** അരമനയിലെ ഗൂഢശാല. **p. council** രാജസഭ, രാജമന്ത്രി—; ഗൂഢ—. **p. councillor** രാജസഭാംഗം, ഗൂഢസഭാസത്. **p. purse** രാജസ്വകീയഭണ്ഡാരം; —ഭണ്ഡാരി. **p. seal or signet** രാജമുദ്ര; രാജമുദ്രാമന്ത്രി. *n.* കൂട്ടാളി; 2. മറപ്പുര, 'കക്കൂസ്', 'തണ്ടാസ്'. **priv'i-ly**,

*ad.* ഗോപ്യമായി. **priv'i-ty,** *n.* സ്വകാൎയ്യം, ഗോപ്യം; *pl.* ഗുഹ്യപ്രദേശം; യോജിപ്പ് (*l.*).

**Prīze,** *n.* കൊള്ള, കവൎച്ച, അപഹൃതം; 2. യുദ്ധകവൎച്ച; യുദ്ധകപ്പൽകൊള്ള; 3. വിരുത്, സമ്മാനം, ബഹുമതി; 4. നറുക്ക്, 'സോടതി'നിധി, 'സോടതി'; 5. പ്രതിഫലം; 6. (*also* **prīse**) മെത്ത. **p.-book** വിരുത്പുസ്തകം. **p.-court** യുദ്ധകപ്പൽ കൊള്ളക്കച്ചേരി. **p.-fight** മല്ലിടിത്തം, അങ്കം, 'കുസ്തി', പയററ്. **p.-fighter** അങ്കം കുറക്കുന്നവൻ, 'കുസ്തിക്കാരൻ'. **p.-fighting** മല്ലിടിത്തം, പയററ്, 'കുസ്തി'. **p.-man** വിരുത് കിട്ടിയവൻ; വിരുതൻ. **p.-master** യുദ്ധത്തിൽ പിടിച്ച കപ്പലധികാരി. **p.-medal** വിരുത് മുദ. **p.-money** കപ്പല്ക്കൊള്ളയോഹരി. **p.-ring** അങ്കക്കളം, കളരി. **to make p. of** കൊള്ളയായി പിടിക്കുക. *v. t.* (*also* **prīse**) മെത്തയിട്ട് പൊന്തിക്കുക; 2. തുറക്കുക; 3. ഒററുനോക്കുക, ഉളിഞ്ഞ്—; 4. വിലമതിക്കുക, —കെട്ടുക; 5. —വെക്കുക, ബഹുമാനിക്കുക. **prī'za-ble,** *a.* വിലയേറിയ. **prī'zēr,** *n.* വിലകെട്ടുന്നവൻ. **prī'zing, pri'sing,** *n.* മെത്തയിട്ട് പൊന്തിക്കൽ.

**Prō-,** *pf.* മുമ്പിൽ; 2. പകരം, 'ബദല്'; 3. പ്രകാരം; 4. പ്ര. *prep.* പകരം; 2. മുമ്പിൽ; മുമ്പോട്ട്. *p. confesso* സമ്മതിച്ചതായി, സമ്മതപ്രകാരം. (*l.*). *p. rata* വീതപ്രകാരം. *p. re nata* തല്ക്കാലാവസ്ഥക്ക് (*l.*). *ad.* ആയ്ക്കൊണ്ട്, വേണ്ടി, അനുകൂലമായി, പക്ഷത്തിൽ. **p. and con** അനുകൂലമായും പ്രതികൂലമായും, ഇരുഭാഗവും. **p.s and cons** അനുകൂലപ്രതികൂലന്യായങ്ങൾ.

**Prō'a, Prä'hu** (prä'u), *n.* മലായദ്വീപുകളിലെ ഒരു വക വള്ളം.

**Prob'a-ble,** *a.* തെളിയിക്കാവുന്ന; 2. ഇടയുള്ള, സംഭവ്യമായ; എന്ന് സംശയിക്കത്തക്ക; 3. നേരാണെന്ന് തോന്നത്തക്ക, ഏതാനും വിശ്വസിക്കത്തക്ക. **p. cause** ഊഹിതകാരണം (*l.*). **p. error** ഊഹിതാബദ്ധം. **the p.** സംഭവ്യകാൎയ്യം. **=bil-ism,** *n.* സംഭവ്യതാവാദം; ഗുരൂപദേശാനുസരണ—. **=bil-ist,** *n.* —വാദി; സംഭാവ്യതാ— **=bil'i-ty,** *n.* സംഭാവ്യത, ഇട, സംഗതി; സംഭവ്യകാൎയ്യം, നേരാണെന്ന് തോന്നത്തക്ക—; *pl.* സംഭാവ്യതാഗണനം (*math.*). **=bly,** *ad.* ഒരു സമയം, പക്ഷേ; ആയിരിക്കാം; ....ആനുമതി.

**Prō'bāte,** *n.* തെളിവ്; 2. മരണപത്രികസ്ഥാപനം (*l.*); 3. —സ്ഥാപനസാക്ഷ്യം (*l.*); 4. —സ്ഥാപനാവകാശം (*l.*); 5. —സ്ഥാപനാധികാരം (*l.*). *a.* —സ്ഥാപനസംബന്ധമായ. **p. court** *or* **court of p.** —സ്ഥാപകക്കോടതി. **p. duty** ഒസ്യത്തിൽ പെട്ട വസ്തുവിനുള്ള വരി; പിന്തുടൎച്ച—. *v. t.* മരണപത്രിക കോടതിമുഖേന സ്ഥാപിക്കുക.

**Prō-bā'tiön,** *n.* പരീക്ഷ; പരീക്ഷനില; പരീക്ഷാകാലം: **-al, -ar-y,** *a.* —സംബന്ധമായ; —ആയ, പരീക്ഷാൎത്ഥം—. **-ēr,** *n.* പരീക്ഷയിലിരിക്കുന്നവൻ, പരീക്ഷക്ക് വെച്ചവൻ; പുതിയവൻ, സ്ഥിരപ്പെടാത്തവൻ; ബോധകവിദ്യാൎത്ഥി (*eccl.*). **-ēr-ship,** *n.* പരീക്ഷാൎത്ഥിത്വം. **-ship,** *n.* പരീക്ഷാസ്ഥിതി. **='ba-tive,** *a.* പരീക്ഷാൎത്ഥം ആയ; പരീക്ഷ—. **=bā'tŏr,** *n.* പരീക്ഷകൻ; മാപ്പുസാക്ഷി (*l.*). **='ba-tŏr-y,** *a.* പരീക്ഷാൎത്ഥമായ; തെളിവ് സംബന്ധിച്ച. **p.y term** തെളിവെടുക്കുന്നകാലം (*l.*).

**Prōbe,** *n.* ഒരു വൈദ്യശസ്ത്രം, ശോധനക്കോല് (*med.*). **p.-scissors, p.-pointed scissors** ശസ്ത്രക്കത്രി (*med.*). *v. t.* ശസ്ത്രക്കോലിട്ട് നോക്കുക, പരിശോധിക്കുക; 2. സൂക്ഷ്മപരിശോധനചെയ്യുക.

**Prob'i-ty,** *n.* പരമാൎത്ഥം, സത്യം, യാഥാൎത്ഥ്യം.

**Prob'lem,** *n.* ചോദ്യം, പ്രശ്നം; 2. വിഷമം; 3. സംശയം; 4. ഉദ്ദേശകം, അഭ്യാസം (*geom.*); 5. കണക്ക്. **=mat'ic, =mat'i-cal,** *a.* ചോദ്യം ആയ; സംശയകരം—, അനിശ്ചയം—. **=mat'i-cal-ly,** *ad.* സംശയസ്ഥിതിയായി.

**Prō-bos'cis,** *n.* തുമ്പിക്കൈ, പ്രോഥം, ഹസ്തം; 2. (ഹാസ്യം) മൂക്ക്.

**Pro-cā'cious** (-shus), *a.* ധിക്കാരം ഉള്ള, ധൃഷ്ട്—. =**cac'i-ty**, *n.* ധാൎഷ്ട്യം, ധൃഷ്ടരതാം.

**Prō-cat-ärc'tic**, *a.* ആദ്യത്തെ; ആരംഭ (*med.*). =**ärx'is**, *n.* ഹേതു; തരം; ആരംഭം (*med.*).

**Prō-cēd'ūre**, *n.*, *s. u.* **Proceed.**

**Prō-cēed'**, *v. i.* (to, on) മുമ്പോട്ട് ചെല്ലുക, പോക; 2. (with) തുടരുക; 3. (from) പുറപ്പെടുക, ഉത്ഭവിക്കുക, ഉണ്ടാക; 4. (upon) നടത്തുക, ചെയ്യുക, സാധിപ്പിക്കുക; 5. സാധുവാക, ബലത്തിലിരിക്കുക; 6. (against) വ്യവഹാരപ്പെടുക, അന്യായം നടത്തുക (*l.*). =**cēd'ūre**, *n.* ഗതി; വൎത്തനം, പ്രവൎത്തനം; അഭിവൃദ്ധി; രീതി; പ്രവൃത്തി; നടപ്പ്; നടവടിക്രമം; നിൎവ്വാഹം; അന്യായം, വ്യവഹാരം. **-ĕr**, *n.* പോകുന്നവൻ. =**cēed'ing**, *n.* കൃത്യം, പ്രവൃത്തി; സംഭവം, വൃത്താന്തം; ഗതി; കാൎയ്യം; *pl.* വ്യവഹാരം. **p.gs of a society** യോഗസംഭവവിവരം. **legal p.gs** വ്യവഹാരം. **prō'cēeds**, *n. pl.* ഫലം, ഉൽപന്നം; വരവ്, വരുമാനം; വിററ് കിട്ടിയത്, വിക്രയദ്രവ്യം, വില.

**Pro-cĕr'i-ty**, *n.* നീളം, ഉയരം, ഉയൎച്ച; വളൎച്ച, പൊക്കം.

*Prō'ces* (prō'sā), *p. ver'bal*, *n.* പ്രവൃത്തിവിവരം, 'റിപ്പോൎട്ട്' (*l.*).

**Prō'cess** (*or* pros'ses), *n.* ഗമനം; ഗതി; 2. വളൎച്ച, അഭിവൃദ്ധി; 3. കാൎയ്യം; സ്ഥിതി; സംഭവം; 4. വിധം, പദ്ധതി, രീതി; നടവടി; 5. ക്രമം, ധൎമ്മം, ക്രിയ: **p. of nature** പ്രകൃതിധൎമ്മം; **chemical p.** രസവാദധൎമ്മം, —ക്രിയ; 6. മുഴ (*an.*); 7. വ്യവഹാരക്രമം (*l.*); 8. കല്പനകൾ, 'സമൻ', 'വാറണ്ട്' (*l.*). **final p.** വിധി നടത്തുവാനുള്ള കല്പന (*l.*). **p. of decomposition** ക്ഷയസ്ഥിതി, അഴിവ്, ചീയൽ. **p. of time** കാലക്രമം, കാലഗതി. **p. of vegetation** മുളച്ച് വരൽ. **in p.** നടന്ന് വരുന്ന. **prō-ces'siōn** (-sesh'un), *n.* ഗമനം; ഗതി; നട, ഘോഷയാത്ര, പ്രദക്ഷിണം, എഴുന്നെള്ളത്ത്; പരിവാരം. =**ces'siōn-al** (-sesh'un-), *a.* ഘോഷയാത്രസംബന്ധിച്ച; —ആയ. *n.* പ്രദക്ഷിണഗ്രന്ഥം (*R. C.*); കീൎത്തനം. =**ces'siōn-ar-y** (-sesh'un-), *a.* എഴുന്നെള്ളത്തായ. =**ces'sive**, *a.* വളൎന്ന് വരുന്ന.

**Prō'chein** (prō'shen), *a.* അടുത്ത, ഉററ. *p. ä'mi*, *p. ä'my* ഉററബന്ധു (*l.*).

**Prō'chron-ism** (-kron-izm), *n.* പിൻകാലസംഭവം മുൻകാലത്താക്കിക്കാണിക്കൽ; 2. മുൻതിയ്യതി വെച്ചെഴുതൽ.

**Proc'i-dence, =den'ti-a** (-den'shi-a), *n.* വീഴ്ച, പതനം (*med.*). **prō-cid'ū-ōus**, *a.* താഴോട്ട് വീണ, സ്ഥാനം തെററിയ.

**Prō-clāim'**, *v. t.* പ്രസിദ്ധം ആക്കുക, പരസ്യം—, ഘോഷിക്കുക; 2. കൊട്ടിയറിയിക്കുക, കിണ്ണം മുട്ടുക, ചെണ്ട—, തമുക്കടിക്കുക (*S.*), 3. അറിയിക്കുക; 4. രാജ്യഭ്രഷ്ട് കല്പിക്കുക; 5. സുവിശേഷം ഘോഷിക്കുക, പ്രസംഗിക്കുക. **-ĕr**, *n.* ഘോഷകൻ, പ്രസംഗി; പരസ്യമാക്കുന്നവൻ. **proc-la-mā'tiōn**, *n.* പരസ്യമാക്കൽ, കിണ്ണം മുട്ടൽ; പരസ്യം, വിളംബരം.

**Prō-clī'vōus, =clīve'**, *a.* ചായ്വുള്ള, ചാഞ്ഞ; 2. അനുസരണമുള്ള. =**cliv'i-ty**, *n.* ചരിവ്; പററ്, ചായ്വ്; തൃഷ്ണ, ആതുരതാം; മിടുക്ക്, പ്രാപ്തി; വാസന.

**Prō-con'sul**, *n.* പുരാതന രോമയിലെ ഉപാധിപതി; 2. നാടുവാഴി; 3. സേനാപതി. =**sū-lar, =sū-lar-y**, *a.* ഉപാധിപതിക്ക് ഉള്ള; —അധീനമായ. =**sū-lāte, -ship**, *n.* ഉപാധിപത്യം.

**Prō-cras'ti-nāte**, *v. t.* നീട്ടിവെക്കുക, നിൎത്തി—; 2. വൈകുക, താമസിക്കുക. *v. i.* ദീൎഘസൂത്രതാം പ്രയോഗിക്കുക, കാലതാമസം വരുത്തുക. =**nā'tiōn**, *n.* നീട്ടിവെക്കൽ; താമസം, കാലതാമസം; ദീൎഘസൂത്രം; ഉദാസീനത. =**nā-tŏr**, *n.* താമസക്കാരൻ, ദീൎഘസൂത്രക്കാരൻ. =**nā-tŏr-y**, *a.* ദീൎഘസൂത്രമായ; താമസംവരുത്തുന്ന.

**Prō'cre-āte**, *v. t.* ജനിപ്പിക്കുക, ഉണ്ടാക്കുക, ഉളവാക്കുക. =**ant**, *a.* ജനിപ്പിക്കുന്ന, ഉത്ഭവിപ്പിക്കുന്ന; സന്താനഭരി

തമായ; ഫല—. *n.* ജനകൻ. =ā'tiŏn, *n.* ജനിപ്പിക്കൽ; ഉല്പാദനം, പ്രസവം; ഉല്പത്തി, ജനനം. =ā-tive, *a.* ജനിപ്പിക്കുന്ന; ഉല്പാദകശക്തി ഉള്ള. =ā-tive-ness, *n.* ഉല്പാദകശക്തി, ധാതുബലം. =ā-tŏr, *n.* ജനിപ്പിക്കുന്നവൻ, ജനകൻ, പിതാവ്, അച്ഛൻ, അപ്പൻ (*S.*); തന്ത (*S.*).

**Prō-crus'te-an,** *a.* ബലം പ്രമാണമായി യോജിപ്പാക്കുന്ന, —കൊള്ളിക്കുന്ന, ഉപദ്രവിച്ച് ശരിയാക്കുന്ന.

**Proc-tī'tis,** *n.* ഗുദവീക്കം (*med.*).

**Proc'tŏr,** *n.* കാര്യസ്ഥൻ, മുക്ത്യാർനാമക്കാരൻ; 2. വക്കീല്; 3. പ്രതിനിധി; 4. വിദ്യാശാലശിക്ഷകൻ. *v.t.* ശിക്ഷകനായിരിക്കുക; 2. കാര്യസ്ഥനായി പ്രവൃത്തിക്കുക. -āge, *n.* ഭരണം, ശിക്ഷാഭരണം; (നിന്ദയായി) മേൽവിചാരം. =tō'ri-al, =tor'i-cal, *a.* കാര്യസ്ഥസംബന്ധമായ; ശിക്ഷകന്ന് ഉള്ള; ദണ്ഡനാധികാരം—. -ship, *n.* ശിക്ഷകത്വം; ശിക്ഷകത്വാധികാരകാലം.

**Prō-cum'bent,** *a.* കവിണ്ണ് വീഴുന്ന, കമിഴ്ന്ന് കിടക്കുന്ന; 2. നിലത്ത് പടരുന്ന (*b.*).

**Prō-cūre',** *v. t.* സമ്പാദിക്കുക, പ്രാപിക്കുക, കൈവശപ്പെടുത്തുക, വശത്താക്കുക; മേടിക്കുക; 2. സാധിപ്പിക്കുക; നിർവ്വഹിക്കുക; 3. കൂട്ടികൊടുക്കുക. *v.i.* കൂട്ടിപ്പ്രവൃത്തി ചെയ്യുക (*N.*); 2. കാര്യസ്ഥനായി പ്രവൃത്തിക്കുക. =cū'ra-ble, *a.* കിട്ടാകുന്ന; കിട്ടുന്ന; സാദ്ധ്യമായ. proc'ū-ra-cy, *n.* കാര്യസ്ഥപ്രവൃത്തി. proc-ū-rā'tiŏn, *n.* സമ്പാദിക്കൽ; കാര്യം നോക്കൽ; കാര്യസ്ഥപ്രവൃത്തി; അദ്ധ്യക്ഷപ്രതിഗ്രഹം (*eccl.*); വക്കാലത്ത്, മുക്ത്യാറ്, മുക്ത്യാർനാമം. p.n money കടം കിട്ടാൻ കൊടുക്കുന്ന വട്ടം, കടവട്ടം. proc'-ū-rā-tŏr, *n.* കാര്യസ്ഥൻ, മുക്ത്യാർനാമക്കാരൻ, വക്കീല്; പുരാതന റോമദേശാധിപതി. p.r-fiscal സർക്കാർ വക്കീല്. proc-ū-ra-tō'ri-al, *a.* കാര്യസ്ഥസംബന്ധമായ. proc'ū-rā-tŏr-ship, *n.* —സ്ഥാനം. proc-ū-rā'tŏr-y, *a.* കാര്യസ്ഥനായി നിയമിക്കുന്ന. =cūre'-ment, *n.* സമ്പാദിക്കൽ, സാധിപ്പിക്കൽ; സമ്പാദ്യം; യുക്തിസാമർത്ഥ്യം; കാര്യനടപ്പ്; കാര്യസ്ഥപ്രവൃത്തി. =cū'rĕr, *n.* സാധിപ്പിക്കുന്നവൻ; ഹേതുഭൂതൻ; കൂട്ടി, കൂട്ടികൊടുക്കുന്നവൻ. ='cū-ress, *n.* കൂട്ടികൊടുക്കുന്നവൾ, കുട്ടിനി.

**Prod'i-gal,** *a.* ധാരാളിക്കുന്ന, ദുർവ്വ്യയം ചെയ്യുന്ന; നശിപ്പിക്കുന്ന, ധ്വംസനം പാടുന്ന; മുടിക്കുന്ന, മുടിയനായ; 2. സൂക്ഷ്മം ഇല്ലാത്ത, ചരതം—; ഈററ—; 3. ധാരാളമായ. *n.* ധാരാളി, ദുർവ്വ്യയക്കാരൻ, മുടിയൻ; ദുർമ്മാർഗ്ഗി, ദുർന്നടപ്പുകാരൻ. =gal'i-ty, =ġence, *n.* ദുർവ്വ്യയം, ദുശ്ചെലവ്; ധാരാളത്വം, മുടിയാന്തരം. -īse, -īze, *v. i.* ധാരാളിക്കുക, മുടിയനായിരിക്കുക. *v. t.* ദുർവ്വ്യയം ചെയ്യുക. -ly, *ad.* ദുശ്ചെലവായി; ധാരാളമായി. =gāte, *v. t.* നശിപ്പിക്കുക, ദുർവ്വ്യയമാക്കുക.

**Prō-digi'ŏus** (-dij'us), *a.* അത്ഭുതം ആയ, അപൂർവ്വം—; 2. വളരെവലിയ, ബ്രഹ്മാണ്ഡമായ, മഹാ, പെരുത്ത; 3. അതിവിശാലം ആയ; 4. അധികം—, വളരെ—. -ly, *ad.* അത്യധികമായി; അതിശയമായി; വളരെ, നന്നെ, ഏററവും. -ness, *n.* ബ്രഹ്മാണ്ഡത്വം, അത്യന്തവലിപ്പം; വിശാലത. prod'i-ġy, *n.* അപൂർവ്വം; ഉത്പാതം; ദുർല്ലക്ഷണം, ദുശ്ശകുനം; അത്ഭുതം, അതിശയം; അപരൂപജന്തു, ഭയങ്കരപ്രാണി, രാക്ഷസൻ.

**Prō-dūce',** *v. t.* കൊണ്ട് വരിക; കാണിക്കുക, പ്രത്യക്ഷം ആക്കുക, ഹാജര്—; 2. പ്രസവിക്കുക, ജനിപ്പിക്കുക; കായ്ക്കുക, വിളയിക്കുക; മുളപ്പിക്കുക, ....ൽ നിന്നുണ്ടാക; 3. വരുത്തുക, ഉളവാക്കുക; ഹേതുവാക; 4. ഉണ്ടാക്കുക; 5. കിട്ടുക; 6. ദീർഘം ആക്കുക, അധികം—; 7. നീട്ടുക (*geom.*). *v. i.* ഉണ്ടാക, ഉല്പാദിക്കുക; 2. ഫലം ഉണ്ടാക, —ആക; 3. കായ്ക്കുക, വിളയുക; 4. സന്താനമുണ്ടാക. prod'ūce, *n.* ഉല്പന്നം, ഉത്ഭവം, വിളവ്, ഫലം; വരവ്, ലാഭം, ആദായം; സാദ്ധ്യം; കാര്യം; തുക. =dū'-cĕr, *n.* കാണിക്കുന്നവൻ; ഹാജരാക്കുന്നവൻ; ജനിപ്പിക്കുന്നവൻ; കൃഷിക്കാരൻ; ഇരിമ്പ് ചൂള. =dū-ci-bil'i-ty, =dū'-

ci-ble-ness, =duc-ti-bil'i-ty, *n.* ഉല്പാ ദനീയത്വം; കാൎയ്യകത്വം. =dū'ci-ble, =duc'ti-ble, *a.* ഉണ്ടാക്കാകുന്ന; കിട്ടാകുന്ന; ഉല്പാദനീയമായ; ഹാജരാക്കാകുന്ന.
prod'uct, *n.* ഉല്പന്നം, വിളവ്, സാദ്ധ്യം; ഫലം; പണിത്തരം; കൃതി, പ്രവൃത്തി; സന്തതി, സന്താനം; ആദായം, സമ്പാദ്യം; കാൎയ്യം; പെരുക്കം, ഗുണനഫലം, ഘാതം (*math.*). =duc'tile, *a.* നീട്ടാകുന്ന, അടിച്ച് പരത്താകുന്ന. =duc'tiŏn, *n.* കാണിക്കൽ; ഹാജരാക്കൽ; വിളവ്, ധാന്യം, ഫലം, ഉല്പന്നം; പണി; കൃതി; നീട്ടൽ. =duc'tive, *a.* ഉല്പാദകം ആയ, ഫലപ്രദം—; വളമുള്ള; ഉളവാക്കുന്ന, ജനിപ്പിക്കുന്ന; സഫലം ആയ, സാദ്ധ്യകരം—. =duc'tive-ly, *ad.* സഫലമായി. =duc-tiv'i-ty, =duc'tive-ness, *n.* സാഫല്യം; ഫലപുഷ്ടി. =duc'tress, *n.* ജനകി, അമ്മ; തള്ള.

Prō'em, *n.* മുഖവുര, അവതാരിക (*S.*), പീഠിക. =ē'mi-al, *a.* മുഖവുരയായ.

Prō-emp-tō'sis, *n.* ചന്ദ്രമാനവൎഷത്തിന്ന് (ഗണിതകൃത്യത്തിന്നായിക്കൊണ്ട്) ഒരു ദിവസം കൂട്ടൽ (*as.*).

Prō-fāne', *a.* ശുദ്ധമല്ലാത്ത; പ്രതിഷ്ഠിക്കാത്ത, ശുദ്ധിയാക്കാത്ത; 2. ലൌകികം ആയ, പ്രാപഞ്ചികം—; 3. അശുദ്ധം—, വഷളു—; ദൈവികമല്ലാത്ത; 4. ശങ്കയില്ലാത്ത; നിന്ദിക്കുന്ന, ദൈവദൂഷണം ചെയ്യുന്ന; ഭക്തികെട്ട. p. history ലോകചരിത്രം. *v. t.* ലംഘിക്കുക; 2. അശുദ്ധമാക്കുക; 3. പുച്ഛിക്കുക, നിന്ദിക്കുക; 4. വഷളാക്കുക, ദുരുപയോഗപ്പെടുത്തുക. prof-a-nā'tiŏn, *n.* ഭക്തികേട്; ദൈവനിന്ദ, —ദൂഷണം; അശുദ്ധിയാക്കൽ; ലംഘനം; ലാഘവം വരുത്തൽ. -ly, *ad.* അശുദ്ധമായി; ലൌകികമായി. -ness, =fan'i-ty, *n.* ഭക്തികേട്; ദൈവദൂഷണം; വഷളായ സംസാരം, ചീത്ത—; വഷളത്വം, അശുദ്ധി. =fā'nĕr, *n.* ദൂഷകൻ; ഭക്തികെട്ടവൻ.

Prō'fĕrt, *n.* രേഖ കോടതിമുമ്പാകെ ഹാജരാക്കൽ (*l.*).

Prō-fess', *v. t.* വെളിവിൽ പറയുക, പരസ്യമായി അറിയിക്കുക, പ്രസ്താപിക്കുക; 2. സ്വീകരിച്ച് പറയുക; സമ്മതിക്കുക; 3. പെരിമ പറയുക, ഭാവംകാട്ടുക, നടിക്കുക; 4. എണ്ണുക, വിചാരിക്കുക, എന്ന് പറയുക; 5. പ്രവൃത്തിനടത്തുക. *v. i.* മതസ്വീകാരം ചെയ്യുക; 2. പ്രസ്താപിക്കുക; സമ്മതിക്കുക. =fessed' (-fest'), *a.* സ്പഷ്ടം ആയ; പരസ്യം—, പരസമ്മതം—, എല്ലാവരും അറിയുന്ന. the P.d ഒരു വക യേശുവിത്ത സന്യാസികൾ (*R. C.*). -'sed-ly, *ad.* തുറന്ന്, പരസ്യമായി, സ്പഷ്ടമായി. =fes'siŏn (-fesh'un), *n.* പ്രസ്താവിക്കൽ; പ്രസ്താവന; നാട്യം, ഭാവം; മതസ്വീകാരം; പ്രവൃത്തി, ഉദ്യോഗം; പ്രവൃത്തിവൎഗ്ഗം, പ്രവൃത്തിക്കാര്; സന്യാസദീക്ഷ (*R. C.*). clerical p.n ബോധകപ്രവൃത്തി. legal p.n വക്കീൽ—. medical p.n വൈദ്യ—. p.n of arms പട്ടാള—, ഭടത്വം, പടച്ചേകം. the three p.ns, learned p.ns ബോധകവക്കീൽ വൈദ്യപ്രവൃത്തികൾ. =fes'siŏn-al (-fesh'un-), *a.* ഉദ്യോഗസംബന്ധമായ, പ്രവൃത്തി—; പ്രവൃത്തിക്ക് വേണ്ടുന്ന; പ്രവൃത്തി പരിചയമുള്ളവരുടെ, പ്രവൃത്തിക്കാരുടെ. *n.* പ്രവൃത്തിയായി ചെയ്യുന്നവൻ, ഉപജീവനാൎത്ഥം—. =fes'siŏn-al-ism, *n.* പ്രവൃത്തിയായി ചെയ്യൽ. =fes'siŏn-al-ist, *n.* ഉദ്യോഗസ്ഥൻ, പ്രവൃത്തിക്കാരൻ. =fes'-siŏn-al-ly, *ad.* പ്രവൃത്തിയായി; ഉദ്യോഗനിലയിൽ; =fes'sŏr, *n.* സ്വീകരിക്കുന്നവൻ, പ്രസ്താവകൻ; മതസ്വീകാരി, ക്രിസ്തുമത—; ഗുരു, ശാസ്ത്രി, പണ്ഡിതൻ, ശാസ്ത്രജ്ഞൻ. =fes-sō'ri-al, =fes'sŏr-y, *a.* പണ്ഡിതന്റെ, പണ്ഡിതനിലയിലുള്ള. =fes-sō'ri-at, =fes-sō'ri-āte, *n.* പണ്ഡിതഗണം; —സ്ഥാനം. =fes'sŏr-ship, *n.* —സ്ഥാനം.

Prof'fĕr, *v. t.* വെച്ച് കാട്ടുക, കൊടുക്കാമെന്ന് പറയുക; 2. ഏല്ക്കുക; 3. ഒരുങ്ങുക, മുതിരുക, ചെല്ലുക; 4. ഭാവിക്കുക, പുറപ്പെടുക, തുനിയുക. *n.* വാഗ്ദത്തം, ഒരുക്കം, പുറപ്പാട്; 2. വെച്ച് കാട്ടൽ; 3. ഏല്ക്കൽ; 4. ശ്രമം, യത്നം. -ĕr, *n.* വെച്ച് കാട്ടുന്നവൻ; ഏല്ക്കുന്നവൻ.

Prō-fi'cience (-fish'ens), =ĕn-cy, *n.* അഭിവൃദ്ധി, മിടുക്ക്; 2. നൈപുണ്യം, സാ

മത്ഥ്യം, പ്രവീണതപം. =**fi′cient** (-fish′-ent), *n.* മിടുക്കൻ, വിദഗ്ദ്ധൻ, സമൎത്ഥൻ, നിപുണൻ. *a.* മിടുമിടുക്കനായ; സാമൎത്ഥ്യം ഉള്ള, നല്ലപരിചയം—. =**fi′cient-ly** (-fish′ent-), *ad.* സാമൎത്ഥ്യത്തോടെ.

**Prō′file** (*or* -fēl), *n.* ആകൃതി, ആകാരം; 2. അൎദ്ധമുഖരൂപം, പാൎശ്വ—; 3. മുഖഭാഗചിത്രം. *v.t.* ആകൃതിവരക്കുക. =**fīl-ist**, *n.* —വരക്കുന്നവൻ.

**Prof′it**, *n.* ലാഭം ആദായം, വരവ്; 2. ഗുണം, ഉപകാരം, പ്രയോജനം, നന്മ, ഹിതം. *v.t.* ഉപകരിക്കുക, ഉതകുക; ആദായം വരുത്തുക. *v.i.* —ഉണ്ടാക; പ്രയോജനം—. **-a-ble**, *a.* ലാഭംഉള്ള, ആദായം—; പ്രയോജനം—. **-a-ble-ness**, *n.* ഉപകാരം; ആദായം. **-a-bly**, *ad.* ഉപകാരമായി; ലാഭമുണ്ടാകത്തക്കവണ്ണം. **-ing**, *n.* ലാഭം; ഉപകാരം. **-less**, *a.* ഉപകാരമില്ലാത്ത, വൃഥാവിലുള്ള, വെറും.

**Prof′li-gāte**, *a.* വഷളായ; 2. ദുൎമ്മാൎഗ്ഗി ആയ, ദുൎന്നടപ്പുകാരൻ—, വിഷയലമ്പടൻ—, തെമ്മാടി— (*S.*). *n.* വഷളൻ, തെമ്മാടി, ദുൎന്നടപ്പുകാരൻ. =**ga-cy**, *n.* ദുൎന്നടപ്പ്, നടപ്പ് ദോഷം, തെമ്മാടിത്തരം. **-ly**, *ad.* ദുൎന്നടപ്പായി. **-ness**, *n.* നടപ്പ് ദോഷം, ദുൎമ്മാൎഗ്ഗം, വഷളത്തരം.

**Prō-found′**, *a.* ആഴമുള്ള, അഗാധം ആയ; 2. ഗാഢം—; ഘനം—, ഗംഭീരം—; പരമ; 3. അഗാധബുദ്ധി ഉള്ള; —ജ്ഞാനം—; നല്ല വ്യുല്പത്തി—; കട്ടബുദ്ധിയായ; പൎയ്യവസാനത്തോളം എത്തുന്ന; തികഞ്ഞ; 4. വണക്കം ഉള്ള, താഴ്മ—, വിനയഭാവം—. **p. bow, p. obeisance** സാഷ്ടാംഗനമസ്കാരം, മഹാവണക്കം. **p. scholar** തികഞ്ഞവിദ്വാൻ. **p. sleep** ഗാഢനിദ്ര, ഘന—, നല്ല ഉറക്കം. *n.* അഗാധം; 2. സമുദ്രം; 3. പാതാളം. **-ly**, *ad.* അത്യധികമായി; ഗംഭീരമായി. **-ness**, =**fund′i-ty**, *n.* കഴം, ആഴം, അഗാധം.

**Prō-fūse′**, *a.* വഴിച്ചലായി ഒഴുകുന്ന; 2. ധാരാളതപം ഉള്ള, ഔദാൎയ്യം—, ഈററയില്ലാത്ത; 3. അത്യധികം ആയ, ധാരാളം—, കണക്കിലേറയുള്ള; ദുൎവ്യയമായ, കണക്കും കയ്യും ഇല്ലാത്ത. **-ly**, *ad.* വഴിച്ചലായി; ധാരാളമായി. **-ness**, =**fū′sion**, *n.* ഉദാരശീലം; ദുൎവ്യയം, ദുൎച്ചെലവ്; വഴിച്ചല്, സമൃദ്ധി, ബാഹുല്യം, പുഷ്കളതപം.

**Prog**, *v.i.* ഭിക്ഷ തെണ്ടുക, ഇരന്ന് നടക്കുക; 2. ഇറുക്കുക, നുള്ളിക്കളവ് ചെയ്യുക; 3. ഉപായത്താൽ സമ്പാദിക്കുക. *n.* ഭിക്ഷാന്നം, ഇരപ്പ്; 2. ആഹാരം, തീന്; 3. ഇരപ്പാളി.

**Pro-gen′ĕr-āte**, *v.t.* ജനിപ്പിക്കുക, ഉളവാക്കുക. =**ā′tion**, *n.* ജനിപ്പിക്കൽ; വൎദ്ധിപ്പിക്കൽ.

**Prō-gen′i-tŏr**, =**tress**, *n.*, *s. u.* **Progeny.**

**Prog′e-ny**, *n.* സന്താനം, പ്രജ, സന്തതി, മക്കള്; 2. വംശം, കുലം; 3. വംശപാരമ്പൎയ്യം. **prō-gen′i-tŏr**, *n.* പിതാമഹൻ; പൂൎവ്വീകൻ. **prō-gen′i-tress**, *n.* അമ്മ; പൂൎവ്വീക.

**Prog-nō′sis**, *n.* രോഗനിദാനം, —ലക്ഷണം, നിദാനം. =**nos′tic**, *a.* നിദാനം ആയ; ലക്ഷണം—, മുൻസൂചിപ്പിക്കുന്ന, മുൻകൂട്ടി കാണിക്കുന്ന. *n.* ലക്ഷണം, മുങ്കുറി, ശകുനം; ഭവിഷ്യജ്ഞാനം, നക്ഷ്ടം പറയൽ; പ്രവാചകം; നിദാനം (*med.*). =**nos′ti-ca-ble**, *a.* മുന്നറിയിക്കാകുന്ന. =**nos′ti-cāte**, *v.t.* ഭവിഷ്യജ്ഞാനമുണ്ടാക; മുന്നറിയിക്കുക; നക്ഷ്ടം പറയുക; പ്രവചിക്കുക; മുങ്കുറി ആയിരിക്കുക, ശകുനം—. =**nos-ti-cā′tion**, *n.* ഭവിഷ്യജ്ഞാനം, നക്ഷ്ടം പറയൽ; പ്രവാചകം; ലക്ഷണം, മുങ്കുറി. =**nos′ti-cā-tŏr**, *n.* ലക്ഷണം പറയുന്നവൻ, പ്രശ്നക്കാരി, നക്ഷ്ടക്കാരൻ, ജ്യോത്സ്യൻ.

**Prō′gramme** (-gram), *n.* പരസ്യം; 2. (യോഗ) പ്രവൃത്തി സൂചകപത്രം; കാൎയ്യക്രമം, —പരിപാടിക.

**Prog′ress**, *n.* പുരോഗതി; 2. ഗമനം, തുടൎച്ച; 3. വളൎച്ച; അഭിവൃദ്ധി, വൎദ്ധന, 4. സാദ്ധ്യം; 5. അഭ്യുദയം, ഉയൎച്ച; 6. രാജ്യദൎശനയാത്ര, എഴുന്നെള്ളത്ത്. **prō-gress′**, *v.i.* തുടരുക, മുമ്പോട്ട് ചെല്ലുക; 2. വൎദ്ധിച്ച് വരിക, അഭിവൃദ്ധി പ്രാപിക്കുക; 3. അഭ്യുദയമുണ്ടാക. =**gres′sion** (-gresh′un), *n.* മുമ്പോട്ടുള്ളഗതി; ഗതി;

കാലഗതി; വൃദ്ധി; ശ്രേഢി, ഗണിതശ്രേഢി (*math.*). **arithmetical p.n** ഗണിതശ്രേഢി, ശ്രേഢിസങ്കലനം (*math.*). **geometrical p.n** വൎഗ്ഗസങ്കലനം, ഗുണോത്തരശ്രേഢി (*math.*). **harmonic p.n** അനുപാതസങ്കലനം, —ശ്രേഢി (*math.*). **=gres'sion-al** (-gresh'un-), *a.* അഭിവൃദ്ധിസംബന്ധമായ; —ഉണ്ടാകാവുന്ന; —ആയ. **-ist, =gres'sion-ist,** *n.* നരകലാഭ്യുദയവാദി; പ്രകൃതിയഭ്യുദയ—. **-gres'sive,** *a.* മുമ്പോട്ടുള്ള; വൎദ്ധിച്ചു വരുന്ന, ഉത്തരോത്തരം ആയ, വൎദ്ധനവ്—; അഭിവൃദ്ധിയുള്ള; ക്രമാനുസാരമായ. **=gres'sive-ly,** *ad.* അനുക്രമമായി; അഭിവൃദ്ധിയായി. **=gres'sive-ness,** *n.* വൃദ്ധി, അഭിവൃദ്ധി.

**Prō-hib'it,** *v. t.* വിലക്കുക, വിരോധിക്കുക, അരുതെന്നു പറയുക; 2. തട്ടുക, മുടക്കുക, തടസ്ഥം ചെയ്യുക. **=i-tĕr,** *n.* വിലക്കുന്നവൻ; മുടക്കുന്നവൻ. **=bi'tiŏn** (-bish'un), *n.* വിലക്കൽ; വിലക്കം, വിരോധം, തടസ്ഥം; മദ്യവിക്രയതടസ്ഥം (*pol.*). **writ of p.n** മേല്ക്കോടതി കീഴ്ക്കോടതിക്കു വിചാരണ നിൎത്തുവാൻ അയക്കുന്ന കല്പന (*l.*). **=bi'tiŏn-ist** (-bish'-un-), *n.* അന്യരാജ്യച്ചരക്കുകൾക്കു വലിയ ചുങ്കം വെക്കേണമെന്നഭിപ്രായപ്പെട്ടുന്നവൻ, സ്വദേശവ്യാപാരരക്ഷകൻ; മദ്യവിക്രയ തടസ്ഥപക്ഷക്കാരൻ (*pol.*). **='i-tive, ='i-tŏr-y,** *a.* മുടക്കുന്ന; തട്ടുക്കുന്ന; തടസ്ഥമായ; നിരോധ (*l.*).

**Proj'ect,** *n.* യന്ത്രം; 2. കൃത്രിമം, തന്ത്രം, സൂത്രം, ഉപായം, യുക്തി; 3. മിത്ഥ്യാലോചന. **prō-jeet',** *v. t.* ചാട്ടുക, എറിയുക, പ്രക്ഷേപിക്കുക; 2. നിരൂപിക്കുക, ആലോചിക്കുക; തന്ത്രം പ്രയോഗിക്കുക, യുക്തി കാണുക; 3. (on, upon, into) (പടം) വരക്കുക. *v. i.* ഉന്തിനില്ക്കുക, തള്ളുക, തുറിക്കുക; 2. ഉപായം വിചാരിക്കുക. **=jec'tile** (-til), *a.* മുമ്പോട്ടു തള്ളുന്ന, പ്രക്ഷേപിക്കുന്ന; പ്രക്ഷേപണമായ. *n.* പ്രക്ഷേപിതം; ഉണ്ട, ചില്ല്; *pl.* പ്രക്ഷേപണവിദ്യ (*mech.*). **=jec'tiŏn,** *n.* ഏറു, എററു, എയ്യൽ, ചാട്ടം, ഉന്തിനില്ക്കൽ; കവിഞ്ഞുനില്ക്കുന്നതു, തുറിപ്പു, കവിച്ചല്; യന്ത്രിക്കൽ; തന്ത്രം, ഉപായം, സൂത്രം; പടം, രൂപം, ചിത്രം; വിതാനഭൂപടക്രമം. **Mercator's p.n** വിതാനഭൂപടം. **powder of p.n** ഇതരലോഹങ്ങൾ പൊന്നാക്കുന്ന ചൂൎണ്ണം, സ്വൎണ്ണകരസിന്ദൂരം (*al.*). **=ject'ŏr,** *n.* കൃത്രിമക്കാരൻ, തന്ത്രക്കാരൻ, സൂത്രക്കാരൻ; മിത്ഥ്യാലോചനക്കാരൻ. **=jec'tūre,** *n.* പൊന്തിനില്ക്കൽ, പൊന്തല്.

**Prō-jet'** (prō-zhā'), *n.* ആലോചന, അഭിപ്രായം; 2. നിയമക്കരടു; 3. മാൎഗ്ഗം, ഉപായം, സൂത്രം.

**Prō-lapse', =lap'sus,** *n.* ഗൎഭപാത്രത്താഴ്ച, ഗൎഭാശയഭ്രംശം (*med.*); 2. ഗുദഭ്രംശം, മൂലം പുറത്താകൽ (*med.*). **=lapse',** *v. i.* പുറത്തേക്കു ഉന്തിനില്ക്കുക, തുറിക്കുക.

**Prō-le-gom'e-non,** *n.* മുഖവുര, പ്രസ്താവന, അവതാരിക (*S.*). **=gom'e-nar-y,** *a.* മുഖവുര ആയ, പീഠിക—.

**Prō-lep'sis,** *n.* ആക്ഷേപനിവാരണാലങ്കാരം, പൂൎവ്വഗ്രഹണാലങ്കാരം (*rhet.*); 2. കാലഗണനവിരുദ്ധം; 3. പൂൎവ്വവിശേഷണപ്രയോഗം (*gr.*). **=lep'tie, =lep'ti-cal,** *a.* പൂൎവ്വഗ്രഹണസംബന്ധമായ; മുൻകാണുന്ന; മുമ്പിലേത്ത, പൂൎവ്വ; കാലം തെററിവരുന്ന, ഇടകരഞ്ഞു കറഞ്ഞു— (*med.*). **=lep'ti-cal-ly,** *ad.* മുൻകാഴ്ചയായി.

**Prō-le-tāire'** (-tār'), *n.* സാമാന്യൻ; അധമൻ; 2. ഭൂരിജനം. **=tā'ri-an,** *a.* സാമാന്യന്മാൎക്കുള്ള; താണ, നീചമായ. **=tā'ri-at,** *n.* നാട്ടിലെ സാധുക്കൾ, ദരിദ്രഗണം. **=tā'ri-āte,** *n.* നീചന്മാർ; ഇരപ്പാളികൾ. [(*l.*).

**Prol'i-cīde,** *n.* സന്താനഹത്യക്കുററം

**Prō-lif'ĕr-ŏus,** *a.* പൊട്ടിമുളക്കുന്ന; കൊമ്പു— (*b.*); 2. പുഷ്പത്തിൽനിന്നു പുഷ്പം ഉണ്ടാകുന്ന (*b.*).

**Prō-lif'ie, =i-cal,** *a.* സന്താനഭരിതമായ; ഫല—; 2. സന്താനപുഷ്ടിയുള്ള; 3. ഫലവത്തു ആയ; 4. ഉല്പാദകം—; 5. വിപുലം—, സമൃദ്ധി—, ധാരാളമുള്ള; 6. പുഷ്ടബുദ്ധിയായ; 7. കൊമ്പിൽനിന്നു മുളക്കുന്ന (*b.*). **=i-cal-ly,** *ad.* സന്താനപു

ക്ഷിയോടെ. =i-cāte, *v. t.* ഫലപുഷ്ടിവ രുത്തുക; സന്താനപുഷ്ടി—. =i-cā'tiŏn, *n.* പ്രജോല്പാദനം; കൊമ്പ് തെഴുത്തുണ്ടാകൽ (*b.*). -ness, =i-ca-cy, *n.* സന്താനപുഷ്ടി; ഫല—.

Prō'lix, *a.* നീണ്ട, അതിദീർഘംആയ; സവിസ്താരം—; 2. മട്ടുപ്പ് തോന്നുന്ന, വെറുപ്പ്—, ക്ഷീണം—. =lix'i-ty, =lix'-ness, *n.* ദൈർഘ്യം, വിസ്തീർണ്ണത. =lix'-ly, *ad.* സവിസ്താരമായി; നീട്ടിക്കൊണ്ട്.

Prol-ō-cū'tŏr, *n.* ഭാഷകൻ; 2. യോഗാഗ്രാസനൻ. -ship, *n.* പ്രതിഭാഷകസ്ഥാനം; യോഗാഗ്രേസരത്വം.

Prō'logue (-log), *n.* പ്രസ്താവന, നാന്ദി, തോടയം (*dr.*); 2. മുഖവുര, പീഠിക; 3. നാന്ദി, തോടയക്കാരൻ (*dr.*). *v. t.* തോടയം ചൊല്ലുക; 2. മുഖവുര എഴുതുക.

Prō-long', =lon'gāte, *v. t.* നീട്ടുക, ദീർഘമാക്കുക; 2. താമസിപ്പിക്കുക; നീട്ടിവെക്കുക, നിൎത്തി—. =lon'ga-ble, *a.* നീട്ടാകുന്ന, ദീർഘമാക്കുവാൻ കഴിയുന്ന. =lon-gā'-tiŏn, =long'ment, *n.* ദീർഘമാക്കൽ; താമസിപ്പിക്കൽ; വൎദ്ധനവ്. =long'ĕr, *n.* ദീർഘമാക്കുന്നവൻ; താമസിപ്പിക്കുന്നവൻ.

Prō-lu'siŏn (-zhun), *n.* പരീക്ഷാഭ്യാസം; 2. തോടയം; മുഖവുര; 3. പ്രാരംഭപ്രബന്ധം.

Prom-e-näde' (-näd'), *n.* ഉലാവൽ; 'ലാത്തല്', ഉല്ലാസനടത്തം, വിഹാരം; 2. ഉല്ലാസനട, വിഹാരസ്ഥാനം. *v. t.* ഉലാവുക, ലാക(ത്തു)ക. =näd'ĕr, *n.* ഉലാവുന്നവൻ, ലാത്തുന്നവൻ.

Pro-mē'the-an, *a.* പുനൎജ്ജീവകശക്തിയുള്ള; 2. പ്രോത്സാഹം ജനിപ്പിക്കുന്ന.

Prom'i-nent, *a.* ഉന്തിനില്ക്കുന്ന, പൊന്തി—; 2. എഴുന്ന, മുന്തിയ; 3. മുഖ്യം ആയ, ശ്രേഷ്ഠം—; 4. സ്പഷ്ടം—. =nence, =nen-cy, *n.* പൊന്താരം, ഉയൎച്ച, എകൎച്ച; മുഴ; കന്ന്, എകരം, മൊട്ട, മേട; സ്പഷ്ടത; പ്രാമുഖ്യത. -ly, *ad.* മുഖ്യമായി; സ്പഷ്ടമായി.

Prō-mis'cū-ŏus, *a.* സമ്മിശ്രം ആയ, സങ്കീർണ്ണം—, കൂടിക്കലൎന്ന; അഭേദമായ, വ്യത്യാസമില്ലാത്ത; 2. ക്ഷൾഗവിത്തായ (*N.*), താറ് മാറ്—, ക്രമംകെട്ട; 3. സാധാരണം ആയ, സങ്കരം—, പൊതുവെയുള്ള. =cū'i-ty, -ness, *n.* സങ്കരത്വം, സമ്മിശ്രം; താറ് മാറ്. -ly, *ad.* ക്ഷൾഗവിയായി; വകഭേദമില്ലാതെ.

Prom'ise, *n.* വാക്ക്, വാഗ്ദത്തം, വാഗ്ദാനം; 2. നിശ്ചയം (*l.*); 3. ഗുണലക്ഷണം, യോഗ്യതാ—, ആശ: a youth of great p. നല്ല യോഗ്യതാലക്ഷണമുള്ള ചെറുപ്പക്കാരൻ, യോഗ്യനായ്തീരാൻ ഇടയുള്ള—; 4. വാഗ്ദത്തം ചെയ്യപ്പെട്ട കാൎയ്യം. breach of p. വാഗ്ദത്തലംഘനം; വിവാഹനിശ്ചയഭംഗം (*l.*). Land of P. വാഗ്ദത്തദേശം, കനാൻരാജ്യം (*Bl.*). *v. t.* വാക്ക് കൊടുക്കുക, വാഗ്ദത്തം ചെയ്യുക; കയ്യേല്ക്കുക, ഏല്ക്കുക; 2. ആശകൊടുക്കുക, കാംക്ഷ ജനിപ്പിക്കുക: the clouds p. rain കാറ് കണ്ടാൽ മഴയുണ്ടാകുമെന്ന് തോന്നുന്നു; 3. നിശ്ചയം ചെയ്യുക. P.ed Land വാഗ്ദത്തദേശം, കനാൻരാജ്യം. to p. one's self തീൎച്ചപ്പെടുത്തുക, നിശ്ചചെയ്യുക; ഉറപ്പിക്കുക, വിശ്വസിക്കുക. *v. i.* ഉറപ്പ് കൊടുക്കുക, നിശ്ചയം ചെയ്യുക; 2. കാംക്ഷ ജനിപ്പിക്കുക, ആശയുണ്ടാക; തോന്നുക. =is-ēe', =is-sēe', *n.* വാഗ്ദത്തം കിട്ടിയവൻ, വാക്ക്— (*l.*). ='is-ĕr, ='is-ŏr, *n.* വാക്ക് കൊടുത്തവൻ, വാഗ്ദത്തം ചെയ്യുന്നവൻ. ='is-ing, *a.* വാഗ്ദത്തം ചെയ്യുന്ന; ഗുണലക്ഷണം ഉള്ള, യോഗ്യതാലക്ഷണം—. ='is-ing-ly, *ad.* വാഗ്ദത്തമായി. =mis'sive, *a.* വാഗ്ദത്തം ആയ; —ചെയ്യുന്ന. ='is-sŏr-i-ly, *ad.* വാഗ്ദത്തം ആയി. ='is-sŏr-y, *a.* —ആയ, ഉടമ്പടി—. p.y-note (*contr.* prō-nōte) വാഗ്ദത്തപത്രം, 'പ്രൊമിസറി', ഉണ്ടിക (*l.*).

Prom'on-tŏr-y, *n.* മുനമ്പ്, മുന, കോടി (*geog.*); 2. കൊടി, അററം (*an.*).

Prō-mōte', *v. t.* വളൎത്തുക, വൎദ്ധിപ്പിക്കുക, വൃദ്ധിയാക്കുക; അനുകൂലിക്കുക, സഹായിക്കുക; 2. ഉണൎത്തുക, ഉളവാക്കുക; 3. ഉയൎത്തുക, കയററംകൊടുക്കുക. =mō'-tĕr, *n.* അഭിവൎദ്ധകൻ, വളൎത്തുന്നവൻ, വൎദ്ധിപ്പിക്കുന്നവൻ; വൎത്തകസംഘസ്ഥാപകൻ; ഉളവാക്കുന്നവൻ, ജനിപ്പിക്കുന്ന

വൻ. =mō'tiŏn, *n.* വൎദ്ധിപ്പിക്കൽ, കയററംകൊടുക്കൽ; അഭിവൃദ്ധി; കയററം. =mō'tive, *a.* വൎദ്ധകമായ.

**Prompt,** *a.* ഒരുക്കം ഉള്ള, 'തയ്യാറ്'—; 2. ചുറുക്ക്—, വേഗത—; 3. താമസം ഇല്ലാത്ത, മടി—; 4. ഉടനടി ചെയ്യുന്ന, തല്ക്ഷണം—; സമയോചിതമായ. p.-book (അഭിനയ)സൂചകഗ്രന്ഥം. *n.* വിലകൊടുപ്പാനുള്ള അവധി (*com.*). p.-note വിലക്കുറിപ്പ് (*com.*). *v. t.* ഉത്സാഹിപ്പിക്കുക, പ്രേരേപിക്കുക, സഹായിക്കുക, തുണക്കുക; 2. ചെയ്യിക്കുക; കത്തിപ്പൊന്തിക്കുക, കിളൎത്തുക; 3. സൂചിപ്പിക്കുക, പറഞ്ഞ്കൊടുക്കുക, തോന്നിക്കുക; ഓൎമ്മപ്പെടുത്തുക. -'ĕr, *n.* പ്രോത്സാഹകൻ, ഉത്സാഹിപ്പിക്കുന്നവൻ; (അഭിനയ) സൂചകൻ. -'ing, *n.* സൂചിപ്പിക്കൽ; സൂചന; *pl.* തോന്നല്, മനോനിബന്ധം. -'i-tūde, -'ness, *n.* വേഗത, തീവ്രത; പ്രത്യുല്പന്നമതി, ക്ഷണബുദ്ധി; ഉത്സാഹം, ഔത്സുക്യം, ജാഗ്രത; ചുറുചുറുപ്പ്. -'ly, *ad.* വേഗത്തിൽ, ക്ഷണം.

**Promp'tū-ar-y,** *n.* അഗ്രശാല, കലവറ, ഉഗ്രാണം, പത്തായപ്പുര.

**Prō-mul'gāte, =mulġe',** *v. t.* പരസ്യമാക്കുക, (കിണ്ണം) മുട്ടിയറിയിക്കുക, കൊട്ടിയറിയിക്കുക, ഘോഷിക്കുക, പരത്തുക, പ്രസിദ്ധമാക്കുക. prom-ul-gā'tiŏn, *n.* പരസ്യമാക്കൽ, ഘോഷണം; അറിയിപ്പ്, പരസ്യം, പ്രസംഗം. =ul-gā'tŏr, =mul'ġĕr, *n.* പ്രസിദ്ധകൻ, പ്രസംഗി; അറിയിക്കുന്നവൻ.

**Prō-nā'os,** *n.* (ക്ഷേത്ര) ഗോപുരം; മണ്ഡപം; 2. പൂമുഖം (*arch.*).

**Prōne,** *a.* മുമ്പോട്ട് ചാഞ്ഞ, അകത്തോട്ട് വളഞ്ഞ; കനിഞ്ഞ, ചരിഞ്ഞ; 2. സാഷ്ടാംഗമായ, കമിഴ്ന്ന, കവിണ്ണ; 3. തലകീഴ് ആയ, മുന്നാക്കം—; 4. ചാഞ്ഞ, ചായ്വുള്ള, ചരിവായ; 5. (to) മനശ്ചായ്വുള്ള, മനസ്സ്വെച്ച; 6. (ആകാത്തതിൽ) വാസനയുള്ള. prō'nāte, *a.* ചാഞ്ഞ, ചരിഞ്ഞ. =nā'tiŏn, *n.* ഉള്ളങ്കൈകമിഴ്ത്തൽ; കമിഴ്ത്തിയകൈ (*phys.*). =nā'tŏr, *n.* തിരിപ്പ്പേശി (*an.*). -'ly, *ad.* സാഷ്ടാംഗമായി; അകത്തോട്ട് വളഞ്ഞ്. -'ness, *n.* അകവളവ്; കമിഴ്ന്ന്കിടക്കൽ, സാഷ്ടാംഗംവീഴൽ; ഝുക്കം, ചരിവ്; ഇച്ഛ, താല്പൎയ്യം, ശീലം, വാസന.

**Prong,** *n.* മുള്ള്, ശൂലം, പല്ലി; 2. പല്ല്, കവരം. p.-buck, p.-horn ഒരുവക കലമാൻ (*z.*). p.-hoe ഒരുവക കൈക്കോട്ട്, കുന്താലി. pronged (prongd), *a.* മുള്ള് ഉള്ള, പല്ല്—.

**Prō-nom'i-nal,** *etc., s. u.* Pronoun.

**Prō'noun,** *n.* പ്രതിസംജ്ഞ, സൎവ്വനാമം (*gr.*). demonstrative p. ചുട്ടെഴുത്ത്, ചൂണ്ട് പ്രതിസംജ്ഞ, സൂചക—. distributive p. വിഭാജകപ്രതിസംഖ്യ. indefinite p. അനിശ്ചയ—. interrogative p. ചോദ്യപ്രതിസംജ്ഞ. personal p. പുരുഷ—. possessive p. അധികാര—. reciprocal p. അന്യോന്യത—. reflexive p. ആത്മാൎത്ഥക—. relative p. സംബന്ധിത—. =nom'i-nal, *a.* പ്രതിസംജ്ഞയായ; സൎവ്വനാമലക്ഷണമുള്ള. =nom'i-nal-īse, =nom'i-nal-īze, *v. t.* പ്രതിസംജ്ഞ ആക്കുക. =nom'i-nal-ly, *ad.* —ആയി.

**Prō-nounce',** *v. t.* ഉച്ചരിക്കുക, വ്യക്തമായി പറയുക; ചൊല്ലുക; 2. പറയുക: p. judgment വിധിപറയുക; 3. പ്രസ്താവിക്കുക, തീൎച്ചപ്പെടുത്തിപ്പറയുക: he p.d the act to be fraud ആ പ്രവൃത്തി ചതിതന്നെയാണെന്ന് അവൻ തീൎമ്മാനിച്ച് പറഞ്ഞു; 4. പ്രസംഗിക്കുക, പാഠകം പറയുക. *v. i.* ഉച്ചരിക്കുക; ചൊല്ലുക; 2. അഭിപ്രായപ്പെടുക. =nounce'a-ble, *a.* ഉച്ചരിക്കാകുന്ന. =nounced' (-nounst'), *a.* ഉച്ചരിച്ച; സ്പഷ്ടം ആയ, തീൎച്ച—. -'ment, *n.* ഉച്ചരിക്കൽ; പ്രസ്താപം; പരസ്യം. =nounc'ĕr, =nun'ci-ā-tŏr (-shi-), *n.* ഉച്ചരിക്കുന്നവൻ. =nounc'ing, *a.* ഉച്ചരിക്കുന്ന; ഉച്ചാരണം സംബന്ധിച്ച; —കാണിക്കുന്ന. =nun'cial (-shal), =nun'ci-a-tive (-shi-), *a.* ഉച്ചാരണസംബന്ധമായ. =nun-ci-a-men'tō, =nun-ci-am-i-en'tō (*or* -nun-the-), *n.* വിളംബരം, പരസ്യം. =nun-ci-ā'tiŏn (-si-ā'shun *or* -shi-ā'shun), *n.* ഉച്ചരിക്കൽ;

ഉച്ചാരണം; ചൊൽത്ത്; പ്രസംഗം പറയൽ. =nun'ci-a-tōr-y (-shi-), *a.* ഉച്ചാരണസംബന്ധമായ; ഉച്ചരിക്കുന്ന.

**Proof,** *n.*, *s. u.* **Prove.**

**Prop,** *v. t.* താങ്ങ് കൊടുക്കുക, ഊന്ന്–, മുട്ട്–, തൂണ്–; കാല് വെച്ച്–; 2. താങ്ങുക, ആശ്രയമായിരിക്കുക. *n.* താങ്ങ്, ഊന്ന്, കാല്, തൂണ്; 2. ആധാരം, സഹായം, ആശ്രയം.

**Prō-pæ-deū'tics** (-pē-dū'tiks), *n. pl.* ആദ്യപാഠം, പാഠപ്രവേശം.

**Prop-a-gan'da,** *etc.*, *s. u.* **Propagate.**

**Prop'a-gāte,** *v. t.* പെററ് പെരുക്കുക; നട്ടുണ്ടാക്കുക; വൎദ്ധിപ്പിക്കുക; 2. വ്യാപിക്കുക; 3. പരത്തുക, പ്രസിദ്ധമാക്കുക; 4. ജനിപ്പിക്കുക, ഉളവാക്കുക. *v. i.* പെരുക, പെററ് പെരുകുക; മുളച്ചുണ്ടാക. =**ga-ble,** *a.* പെററ് പെരുക്കാകുന്ന; പരത്താകുന്ന. =**gan'da,** *n.* റോമൻകത്തോലിക്കമതപ്രസാരണസംഘം; മതപ്രസിദ്ധകസംഘം; –മാൎഗ്ഗം. =**gan'dism,** *n.* മതപ്രസാരണപ്രവൃത്തി; –ശ്രദ്ധ. =**gan'dist,** *n.* മതപ്രസാരകൻ; അഭിപ്രായ–. =**gā'tiōn,** *n.* വ്യാപനം, അഭിവൎദ്ധനം; പെററ് പെരുക്കൽ; –പെരുകൽ; വൃദ്ധി; വ്യാപ്തി, പരപ്പ്. =**gā-tive,** *a.* പെററ് പെരുകുന്ന; വളരുന്ന. =**gā-tōr,** *n.* വ്യാപിപ്പിക്കുന്നവൻ; പെരുക്കുന്നവൻ.

**Prō-pel',** *v. t.* മുമ്പോട്ട് തള്ളുക, –ഉന്തുക, ഓടിക്കുക. =**pel'lēr,** *n.* തള്ളുന്നത്; ഉന്തുന്നവൻ; (തീക്കപ്പലിലെ) ഓട്ടപ്പിരിയാണി; പിരിയാണിത്തീക്കപ്പല്. **p.r-wheel** തീക്കപ്പൽപ്പിരിയാണി. **screw-p.r.** തീക്കപ്പൽപ്പിരിയാണി; പിരിയാണിത്തീക്കപ്പല്. =**pul'siōn,** *n.* തള്ളൽ, ഉന്ത്; ചലനം; അനക്കം. =**pul'sive,** =**pul'sōr-y,** *a.* തള്ളുന്ന, ചലനോല്പാദകമായ.

**Prō-pend',** *v. i.* ചായുക; അനുകൂലിക്കുക. =**pen'den-cy,** *n.* ചായ്വ്; സശ്രദ്ധാലോചന. =**pen'dent,** *a.* മുമ്പോട്ട് ചാഞ്ഞ, അകത്തോട്ട് വളഞ്ഞ. =**pense',** *a.* ചായ്വുള്ള; വാസന–. =**pense'ly,** *ad.* ചാഞ്ഞ്, അനുകൂലിച്ച്. =**pense'ness,** *n.* ചരിവ്, ചായ്വ്; ഇുക്കം, അനുകൂലം; വാസന. =**pen'siōn,** =**pen'si-ty,** *n.* ചായ്വ്, അനുകൂലം; മനസ്സ്, താല്പൎയ്യം, വാസന, ശീലം, ഔന്മുഖ്യം. **evil p.y** ദുൎവ്വാസന, വ്യസനം. **good p.y** നല്ല വാസന, സുശീലം.

**Prop'ēr,** *a.* സ്വന്ത, നിജ; 2. പ്രത്യേകം ആയ, വിശേഷം–; 3. യഥോചിതം–, യോഗ്യം–, ഉചിതം–, യുക്തം–, തക്ക, പററിയ, കൊള്ളുന്ന, നല്ല; 4. ഭംഗിഉള്ള, അഴക്–; 5. സാക്ഷാൽ, സൂക്ഷ്മത്തിലുള്ള. **p. fraction** ക്രമഭിന്നിതം (*ar.*). **p. noun** പ്രത്യേകനാമം, വിശേഷ–, അങ്കിത– (*gr.*). *ad.* ശരിയായി, നന്നായി, വളരെ. **-ly,** *ad.* യോഗ്യമായി, ഉചിതമാംവണ്ണം; കൃത്യമായി, ശരിയായി. **-ness,** *n.* പ്രത്യേകത, യോഗ്യത.

**Prop'ēr-ty,** *n.* ലക്ഷണം, ഗുണം, വിശേഷം; 2. ഉടമ; ഉടമയവകാശം; 3. മുതല്, സ്വത്ത്, വസ്തു, ധനം, വസ്തുവക, ആസ്തി; 4. (*pl.* =**ēr-ties**) അഭിനയസാമഗ്രികൾ, നാടകക്കോപ്പുകൾ. **immovable p., real p.** ഭൂസ്വത്ത്, സ്ഥിര–, ഇളകാത്ത മുതല്. **literary p.** ഗ്രന്ഥപ്രസിദ്ധകാവകാശം. **movable p., personal p.** ജംഗമസ്വത്ത്, ചര–, ഇളകുന്ന മുതല്. **p.-man** നാടകക്കോപ്പ് വിചാരകൻ. **p.-tax** നികുതി, ശിമനികുതി, 'ജമ' (*l.*).

**Proph'e-cy** (prof'e-), *n.* പ്രവാചകം, ദീൎഘദൎശനം, കാലജ്ഞാനം, ഭവിഷ്യ–, മുന്നറിയിക്കൽ; ദിവ്യചക്ഷുസ്സ്; 2. പ്രവാചകപ്പുസ്തകം (*Bl.*); 3. വേദവ്യാഖ്യാനം; പ്രസംഗം. **-'e-sȳ,** ='**e-tīse,** ='**e-tīze,** *v. t.* മുന്നറിയിക്കുക, പ്രവചിക്കുക, ദീൎഘദൎശനം പറയുക; 2. സൂചിപ്പിക്കുക, മുൻകാണിക്കുക. *v. i.* പ്രവചിക്കുക; 2. വ്യാഖ്യാനിക്കുക; പ്രസംഗിക്കുക. =**et,** ='**e-sī-ēr,** *n.* ദീൎഘദൎശി, പ്രവാചകൻ; ഭവിഷ്യജ്ഞാനി; നക്ഷത്രക്കാരൻ, പ്രശ്നക്കാരി; സിദ്ധൻ, 'നെബി' (*M.*); വ്യാഖ്യാനി; ഭാഷകൻ. **school of the p.ts** പ്രവാചകാഭ്യാസശാല. ='**et-ess,** *n.* പ്രവാചകി, ദീൎഘദൎശിനി. =**phet'ic,** =**phet'i-cal,** *a.* പ്രവചനം ആയ, പ്രവാചകം–; (of) മുന്നറിയിക്കുന്ന. =**phet-i-cal'i-ty,** =**phet'i-cal-ness,** *n.*

പ്രവാചകത്വം; പ്രവാചകദൃഷ്ടി, ദീർഘദർശനം. =phet'i-cal-ly, *a.* പ്രവാചകമായി; മുന്നറിവായി.

**Proph-y-lac'tic** (prof-i-), *n.* രോഗനിവാരണൌഷധം; രോഗഹരം. =lac'-tic, =lac'ti-cal, *a.* രോഗം തടുക്കുന്ന, —അകററുന്ന. =lax'is, *n.* രോഗനിവാരണസൂത്രം; ആരോഗ്യപരിപാലനം; —രക്ഷ.

**Prō-pin'qui-ty,** *n.* അയല്പക്കം, അടുപ്പം, സാമീപ്യം; 2. കാലസാമീപ്യം; 3. ബന്ധുത്വം, ചാർച്ച, സംബന്ധം.

**Prō-pi'ti-āte** (-pish'i-āt), *v. t.* ശാന്തതപ്പെടുത്തുക, ശമിപ്പിക്കുക, 2. ശാന്തികഴിക്കുക; 3. പ്രായശ്ചിത്തം ചെയ്യുക, പരിഹാരം—; 4. ഇണക്കുക. *v. i.* പ്രായശ്ചിത്തം ചെയ്യുക, പരിഹരിക്കുക. =pi'-ti-a-ble (-pish'i-a-bl), *a.* പരിഹരിക്കാകുന്ന, പരിഹാര്യമായ. =pi-ti-ā'tiŏn (-pish-i-ā'shun), *n.* ശമനം, ശാന്തി, പരിഹാരം, പ്രായശ്ചിത്തം; യേശുക്രിസ്തു അനുഷ്ഠിച്ച പ്രായശ്ചിത്തയാഗം (*Chr.*). =pi'ti-ā-tŏr (-pish'i-), *n.* പ്രായശ്ചിത്തകർമ്മി. =pi'ti-ā-tŏr-i-ly, *ad.* പ്രായശ്ചിത്തംആയി. =ā-tŏr-y, *a.* —ആയ, പരിഹാരകം—; *n.* കൃപാസനം. =pi'tiŏus (-pish'us), *a.* തരം ആയ, അനുകൂലമുള്ള, ശുഭമുഹൂർത്തമായ; കൃപ ഉള്ള, ദയ—, പ്രസാദിക്കുന്ന, കടാക്ഷിക്കുന്ന. =pi'tiŏus-ly (-pish'us-), *ad.* തഞ്ചത്തിൽ, നല്ലമുഹൂർത്തത്തിൽ; അനുകൂലമായി. =pi'tiŏus-ness (-pish'us-), *n.* ശുഭത; പ്രസാദം.

**Prō'plasm,** *n.* അച്ച്, കരു, മൂശ. =plas'tic, *a.* കരുപ്പിടിക്കുന്ന. =plas'-tics, *n. pl.* കരുപ്പിടിവിദ്യ.

**Prō'pō-lis,** *n.* ഒര് വക മെഴു.

**Prō-pōne',** *v. t.* പ്രസ്താവിക്കുക, ആലോചനക്ക് വെക്കുക. =pō'nent, *a.* പ്രസ്താവിക്കുന്ന. *n.* പ്രസ്താവകൻ.

**Prō-pōr'tiŏn,** *n.* അനുപാതം, വീതം, കണക്ക്; 2. പ്രമാണം, അളവ്; 3. യോജിപ്പ്; 4. അംശം, ഓഹരി; 5. അനുപാതഗണിതം; ത്രൈരാശികം, പഞ്ച— (*math.*). arithmetical p. ലഘിതാനുപാതം (*math.*). compound p. പഞ്ചരാശികം, സപ്തരാശികം (*math.*). geometrical p. ക്രമാനുപാതം (*math.*). harmonical p. വിഷമാനുപാതം (*math.*). inverse p. വിപരീതാനുപാതം (*math.*). simple p. ത്രൈരാശികം (*math.*). in p. പ്രകാരം, അനുസാരം, വീതത്തിൽ. *v. t.* വീതിക്കുക; 2. അനുസാരം ആക്കുക; 3. അനുപാതം—; 4. ഓഹരിചെയ്യുക, അംശിക്കുക. -a-ble, *a.* വീതിക്കാകുന്ന; അനുപാതം ആക്കാവുന്ന; —ആയ. -a-ble-ness, *n.* യോജിപ്പ്, യോഗം. -a-bly, -al-ly, -āte-ly, *ad.* വീതത്തിൽ, അനുപാതമായി, പരിമാണാനുസാരമായി, യുക്തമായി. -al, -āte, *a.* പ്രമാണാനുസാരമായ, വീതപ്രകാരമുള്ള; അനുപാതമായ (*math.*). -al, *n.* രാശി (*math.*). -al'i-ty, -āte-ness, *n.* യോജിപ്പ്; അനുപാതം. -āte, *v. t.* വീതിക്കുക, വീതപ്രകാരം ആക്കുക, അനുപാതം—. -less, *a.* —ഇല്ലാത്ത, യോജിപ്പ്—. -ment, *n.* വീതിക്കൽ.

**Prō-pōse',** *v. t.* മുമ്പിൽവെക്കുക; 2. പ്രസ്താവിക്കുക, ആലോചനാവിഷയമായി പറയുക; 3. ഭാവിക്കുക, അഭിപ്രായപ്പെടുക. to p. to one's self ഭാവിക്കുക; ആലോചിക്കുക. *v. i.* ഭാവിക്കുക, നിരൂപിക്കുക; 2. വിവാഹാർത്ഥനം ചെയ്യുക, (പുരുഷൻ നേരിട്ട്) പെണ്ണ് ചോദിക്കുക. =pō'sal, *n.* പ്രസ്താവന, അഭിപ്രായം; ആലോചന, സൂത്രം; നിശ്ചയം; വിവാഹാർത്ഥനം; പ്രസ്താവം (*l.*). =pō'sĕr, *n.* പ്രസ്താവകൻ. prop-ō-si'tiŏn (-zish'un), *n.* പ്രസ്താവിക്കൽ, അഭിപ്രായപ്പെടൽ; പ്രസ്താവന, വിശ്വാസപ്രമാണം; വാക്യം (*gr.*); പ്രതിജ്ഞ, പ്രമേയം (*log.*); സിദ്ധാന്തം (*geom.*); ഉപന്യാസം (*rhet.*); വിഷയം. loaves of p.n കാഴ്ചയപ്പം (*Bl.*). =si'tiŏn-al (-zish'un-), *a.* പ്രസ്താവമായ.

**Prō-pound',** *v. t.* പറയുക, ആലോചനക്ക് വെക്കുക, പ്രസ്താവിക്കുക; 2. സഭാംഗമാക്കുവാൻ അഭിപ്രായപ്പെടുക (*eccl.*). =pound'ĕr, *n.* പ്രസ്താവകൻ.

**Prō-prē'tŏr,** =**præ'tŏr,** *n.* റോമനാട്ടു വാഴി, ദേശാധിപതി.

**Prō-prī'e-tŏr,** *n.* ഉടമസ്ഥൻ, ഉടയക്കാരൻ, ഉടമ (*N.*), മുതലാളി (*N.*); 2. ജന്മി. =**tar-y,** *n.* ഉടമസ്ഥൻ; ജന്മി; ജന്മിവൎഗ്ഗം, ജന്മികൾ; മുതലുടമയായ സന്ന്യാസി (*R. C.*). *a.* ഉടമസ്ഥനുള്ള; വസ്തു ആയ; ഉടമസ്ഥനായിരിക്കുന്ന. **p.y articles** കുത്തകച്ചരക്ക്. =**tō'ri-al,** *a.* ഉടമസ്ഥനുള്ള. **-ship,** *n.* ഉടമ(സ്ഥ)സ്ഥാനം, ജന്മിത്വം. =**tress,** *n.* ഉടമസ്ഥ.

**Prō-prī'e-ty,** *n.* യോഗ്യത, ഔചിത്യം; ചേൎച്ച; 2. മൎയ്യാദ.

**Prō-pul'siŏn,** *etc., s. u.* **Propel.**

**Prop'y-lon,** *n.* പടിപ്പുര; 2. പൂമുഖം.

*Prō rā'ta,* വീതപ്രകാരം, വീതത്തിൽ; ഓഹരിപ്രകാരം (*l.*).

**Prōre,** *n.* (കപ്പലിന്റെ) അണിയം.

**Prō-rec'tŏr,** *n.* ശമ്മാന്ന്യകലാശാലാദ്ധ്യക്ഷൻ. **-āte,** *n.* —കലാശാലാദ്ധ്യക്ഷസ്ഥാനം.

**Prō-rōgue'** (-rōg'), ='**gāte,** *v. t.* നീട്ടിവെക്കുക; 2. നിൎത്തി—; 3. രാജ്യാലോചനസഭാപ്രവൃത്തി നിൎത്തിവെക്കുക. =**gā'-tiŏn,** *n.* നീട്ടിവെക്കൽ; 'പാൎല്യമെന്ത്' സഭാപ്രവൃത്തി നിൎത്തൽ.

**Prō-sā'ic,** =**sā'i-cal,** *etc., s. u.* [**Prose.**

**Prō-scē'ni-um,** *n.* അരങ്ങ്; 2. തിര; 3. തിരയുടെ മുൻഭാഗം.

**Prō-scrībe',** *v. t.* കലപ്പെടുത്തുവാനുള്ളവരുടെ പട്ടികയിൽ പേര് എഴുതുക; കലക്ക് തീൎച്ചപ്പെടുത്തുക; 2. നാശത്തിന്ന് ഏല്പിക്കുക; രാജ്യത്തിൽനിന്ന് ഭ്രഷ്ടാക്കുക; രാജരക്ഷയിൽനിന്ന് നീക്കുക; 3. വൎജ്ജ്യമെന്ന് വിധിക്കുക, നിഷിദ്ധമാക്കുക. =**scrī'bĕr,** *n.* കലക്ക് എഴുതുന്നവൻ; ഭ്രഷ്ട് ആക്കുന്നവൻ; വൎജ്ജ്യം—. **pro'script** (pros'skript), *n.* കലക്കെഴുതൽ; നിഷേധകല്പന; വദ്ധ്യൻ; രാജരക്ഷാഭ്രഷ്ടൻ. =**scrip'tiŏn,** *n.* കലക്ക് നിശ്ചയിക്കൽ; കണ്ടവൎക്ക് കലപ്പെടുത്തുവാനുള്ള അനുവാദം; രാജരക്ഷാഭ്രഷ്ട് കല്പിക്കൽ; രാജ്യഭ്രഷ്ട്—; നിഷിദ്ധാജ്ഞ. =**scrip'tiŏn-al,** =**scrip'tive,** *a.* വദ്ധ്യപ്പട്ടികസംബന്ധിച്ച; രാജരക്ഷാഭ്രഷ്ടായ. =**scrip'tiŏn-ist,** *n.* കലക്ക് നിശ്ചയിക്കുന്നവൻ. =**scrip'tive-ly,** *ad.* വദ്ധ്യനിശ്ചയമായി; വൎജ്ജ്യമായി.

**Prōse,** *n.* ഗദ്യം, ഭാഷ്യം, നട (*N.*), സാധാരണഭാഷ; 2. വിരസസംസാരം, —ഭാഷ, സത്വരഹിത—. **p.-man** ഗദ്യക്കാരൻ. *a.* ഗദ്യം ആയ, സംസാരഭാഷ—; 2. രസം ഇല്ലാത്ത; ചുണകെട്ട. *v. t. & i.* ഗദ്യമായെഴുതുക; 2. ചുണയില്ലാതെ ചൊല്ലുക. =**sā'ic,** =**sā'i-cal,** **prō'sal,** *a.* ഗദ്യം ആയ, ഗദ്യരൂപം—; ചുണകെട്ട, രസമില്ലാത്ത. =**sā'i-cal-ly,** *ad.* നടയായി. =**sā'i-cal-ness,** *n.* വൈരസ്യം; സാധാരണത്വം. =**sā'i-cism,** **prō'sa-ism,** *n.* ഗദ്യരീതി. **prō'sĕr,** *n.* ദീൎഘമായി സംസാരിക്കുന്നവൻ; —എഴുതുന്നവൻ. **prō'si-ly, prō'sing-ly,** *ad.* ഗദ്യമായി. **prō-si-met'ri-cal,** *a.* ചമ്പുആയ, ചമ്പു—. **prō'si-ness,** *n.* ദൈൎഘ്യം, മാന്ദ്യം. **prō'sing,** *n.* ഗദ്യരചന; ദീൎഘസംസാരം. **prō'sy,** *a.* ഗദ്യമായ; രസമില്ലാത്ത.

**Pros'e-cūte,** *v. t.* ചെയ്യുക, നടത്തുക, നിറവേററുക, നിൎവ്വഹിക്കുക, നിവൃത്തിക്കുക, സാധിപ്പിക്കുക; 2. വ്യവഹരിക്കുക; 3. ക്രിമിനാൽ അന്ന്യായം നടത്തുക, അന്ന്യായപ്പെടുക, കററാരോപണം ചെയ്യുക (*l.*). *v. i.* കററം ചുമത്തുക, അന്ന്യായം നടത്തുക. =**cū'ta-ble,** *a.* അന്ന്യായപ്പെടാകുന്ന. =**cū'tiŏn,** *n.* ചെയ്യൽ, നടത്തൽ, നിവൃത്തിക്കൽ; നിൎവ്വഹണം, സാധിപ്പിക്കൽ; വ്യവഹരിക്കൽ (*l.*); അന്ന്യായം നടത്തൽ (*l.*), സൎക്കാരന്ന്യായം— (*l.*), (ക്രിമിനാൽ) അന്ന്യായകക്ഷി,—ഭാഗം (*l.*). =**cū-tŏr,** *n.* ചെയ്യുന്നവൻ, നടത്തുന്നവൻ, സാധകൻ; അന്ന്യായക്കാരൻ, 'ക്രിമിനാ'ലന്ന്യായം നടത്തുന്നവൻ (*l.*). **public p.r** 'സൎക്കാർ'വക്കീല്, 'ഗവൎമ്മെണ്ട്'—. =**cū-trix,** *n.* അന്ന്യായക്കാരത്തി, ക്രിമിനാലന്ന്യായം നടത്തുന്നവള് (*l.*).

**Pros'e-lȳte,** *n.* പുതുതായി മതത്തിൽ ചേൎന്നവൻ, മതാവലംബി, മാൎഗ്ഗം അനുസരിച്ചവൻ, വേദംകൂടിയവൻ; 'പ്രയി

സ്ലാം' (*M.*). =lȳte, ='el-y-tīse, ='el-y-tīze, *v. t.* മതത്തിൽ ചേൎക്കുക, വേദംകൂട്ടുക. ='el-y-tism, *n.* മതാവലംബിയാക്കൽ; മതാവലംബനം. ='el-y-tī-sēr, ='el-y-tī-zēr, *n.* മാൎഗ്ഗത്തിൽ കൂട്ടുന്നവൻ, മതത്തിൽ ചേൎക്കുന്നവൻ.

**Prō'sēr, Prō'si-ly, Prō-si-met'ri-cal, Prō'si-ness, Prō'sing,** *etc.*, *s. u.* Prose.

**Prō-sil'i-en-cy,** *n.* മുമ്പോട്ടുള്ള ചാട്ടം; 2. ഉന്തിനില്ക്കൽ, തുറിപ്പ്.

**Prō-slā'vēr-y,** *a.* അടിമവ്യാപാരാനുകൂലമായ. *n.*—വ്യാപാരാനുകൂലക്കാരൻ.

**Pros'ō-dy,** *n.* കാവ്യശാസ്ത്രം, ഛന്ദശ്ശാസ്ത്രം, കാവ്യകാരണം (*gr.*). =dī'a-cal, prō-sō'di-al, =sod'i-cal, *a.* കാവ്യപദ്ധതിസംബന്ധിച്ച; ഛന്ദശ്ശാസ്ത്രപ്രകാരമുള്ള. =dī'a-cal-ly, =sod'i-cal-ly, *ad.* കാവ്യശാസ്ത്രപ്രകാരം. prō-sō'di-an, =ō-dist, *n.* ഛന്ദശ്ശാസ്ത്രജ്ഞൻ, കാവ്യശാസ്ത്രി.

**Pros-ō-pō-pæ'ia** (-pē'ya), *n.* ചേതനാലങ്കാരം (*rhet.*).

**Pros'pect,** *n.* കാഴ്ചപ്രദേശം; കാഴ്ച; ദൂരക്കാഴ്ച; 2. ചിത്രപ്രദേശം; 3. പടം; 4. ഉയൎന്നദിക്ക്, കുന്ന്; 5. മുഖം, ദൎശനം; 6. പ്രതീക്ഷ, ആശ, പ്രത്യാശ; 7. മുൻകാഴ്ച, —കരുതല്. good p.s ഗുണത്തിനുള്ള തരം; മേലാലുള്ള ഗുണം, ഗുണപ്രതീക്ഷ. *v. t.* നോക്കുക; 2. ഉണ്ടോ എന്ന് നോക്കുക, പരിശോധിക്കുക. *v. i.* അന്വേഷിക്കുക, തിരയുക. =pec'tiŏn, *n.* മുൻകരുതല്, മുന്നോട്ടം. =pec'tive, *a.* മുൻകാഴ്ച ഉള്ള; മുൻകരുതല്—; ഭാവിയിൽ—, വരുവാൻ—, ഉണ്ടാവാൻപോകുന്ന; മേലാലത്തെ; പ്രതീക്ഷയിലിരിക്കുന്ന. *n.* കാഴ്ച. =pec'tive-ly, *ad.* ഭാവിയിൽ, മേലാൽ. =pec'tive-ness, *n.* ഭാവ്യം, ഭാവ്യത. -less, *n.* ഗുണപ്രതീക്ഷയില്ലാത്ത. =pec'tŏr, *n.* പരിശോധിക്കുന്നവൻ; ലോഹരത്നാദികൾ വിളയുന്ന ദിക്ക് തിരയുന്നവൻ. =pec'tus, *n.* ഘോഷവാറ്; സ്വഭാവത്തിരട്ട്; മുഖപ്രസ്താവന; പ്രസ്താവനാപരസ്യം.

**Pros-pec'tus,** *n.*, *s. u.* Prospect.

**Pros'pēr,** *v. t.* സാദ്ധ്യകരമാക്കുക, സാധിപ്പിക്കുക; 2. വൎദ്ധിപ്പിക്കുക; 3. അനുഗ്രഹിക്കുക. *v. i.* ശുഭപ്പെടുക, അഭിവൃദ്ധിയാകുക; 2. സാദ്ധ്യം—, സഫലം—; 3. വാഴ്ക, തഴെക്കുക; 4. വളരുക. =per'i-ty, -ŏus-ness, *n.* അഭിവൃദ്ധി, അഭ്യുദയം, ശുഭസ്ഥിതി; വാഴ്ച, തേററം, തഴെപ്പ്; സാൎത്ഥകത്വം, കൃതാൎത്ഥത, സിദ്ധി, സാദ്ധ്യം; ലാഭം; ശ്രീ, ലക്ഷ്മി, ഭാഗ്യം, ശുക്രദശ; സൌഭാഗ്യം; സമൃദ്ധി, സുഭിക്ഷം. -ŏus, *a.* അനുകൂലം ആയ; ശുഭം—; സാൎത്ഥകം—, സഫലം; വൎദ്ധകം—, ആദായമുള്ള. -ŏus-ly, *ad.* ശുഭമായി.

**Prō-spi'cience** (-spish'ens), *n.* മുൻകാഴ്ച, മുന്നോട്ടം.

**Pros'tāte,** *a.* (മൂത്രസഞ്ചിക്ക്) മുമ്പിലുള്ള (*an.*). *n.* മൂത്രപിണ്ഡമണി (*an.*). =tat'ic, *a.* —മണിസംബന്ധിച്ച (*an.*). =tī'tis, *n.* —മണിവീക്കം.

**Pros'the-sis,** *n.* ഉപസൎഗ്ഗം (*gr.*); 2. പോയ്പോയ ദേഹാംശത്തിന്ന് പകരം വെക്കൽ (*med.*). =thet'ic, *a.* ഉപസൎഗ്ഗമായ (*gr.*).

**Pros'ti-tūte,** *n.* വേശ്യ, തേവിടിച്ചി, ചൂളച്ചി, കൂത്തിച്ചി, വിലമകള്, പരസ്ത്രീ, ഗണിക; 2. ദുൎമ്മാൎഗ്ഗി, വഷളൻ, നീചൻ; കൂലിക്ക് കുത്തി. *v. t.* വേശ്യാവൃത്തിചെയ്യുക, പുലയാട്ടുക; 2. ദുൎമ്മാൎഗ്ഗിയായിരിക്കുക; വഷളാക്കുക, ദുൎവ്വ്യയോഗംചെയ്യുക, നീചോപയോഗം—. *a.* വേശ്യയായ; 2. വഷളായ. =tū'tiŏn, *n.* വേശ്യാവൃത്തി, പുലയാട്ട്; വഷളാക്കൽ. =tū-tŏr, *n.* ദുൎമ്മാൎഗ്ഗി; കൂലിക്ക് കുത്തുന്നവൻ.

**Pros'trāte,** *a.* ഉടനീളത്തിൽ കിടക്കുന്ന, വീണ്—; കവിണ്ണ് വീണ; 2. സാഷ്ടാംഗം—; 3. അപേക്ഷിക്കുന്ന, കാല് പിടിക്കുന്ന; 4. നിലത്ത് പടരുന്ന (*b.*). *v. t.* തള്ളിയിടുക, വീഴ്ത്തുക; 2. നശിപ്പിക്കുക, ഇല്ലാതാക്കുക; നിലം പരിചാക്കുക; 3. (*refl.*). സാഷ്ടാംഗംവീഴുക, കവിണ്ണ്—, നമസ്കരിക്കുക; 4. ക്ഷീണിപ്പിക്കുക, ശക്തിയില്ലാതെ ആക്കുക; കിടപ്പിൽ—. =trā'tiŏn, *n.* തള്ളിയിടൽ; സാഷ്ടാംഗം

വീഴൽ; സാഷ്ടാംഗനമസ്കാരം, വണക്കം; കിടപ്പിലാകൽ, ക്ഷീണം; വിഷാദം, കുഞ്ഞിതം; മാന്ദ്യം, മയക്കം (*med.*).

**Prō'stȳle,** *n.* സ്തംഭമണ്ഡപം (*arch.*). *a.* മുമ്പിൽ തൂണുള്ള (*arch.*).

**Prō'sy,** *a.*, *s. u.* **Prose.**

**Prō-tac'tic,** *a.* മുഖവുര ആയ, മുഖകഥ—; 2. തോടയം— (*dr.*).

**Prō-tag'ō-nist,** *n.* അഭിനയ നായകൻ; 2. വീരൻ, പ്രമാണി, അഗ്രേസരൻ, മുമ്പൻ.

**Prot'a-sis,** *n.* ചൊല്ല്, മൊഴി; പ്രസ്താവം; 2. വാക്യഖണ്ഡം; ഉപവാക്യം (*gr.*); 3. തോടയം (*dr.*). =tat'ic, *a.* തോടയംസംബന്ധിച്ച; —ആയ (*dr.*).

**Prō-tē'an,** *a.*, *s. u.* **Proteus.**

**Prō-tect',** *v. t.* രക്ഷിക്കുക, കാത്ത് രക്ഷിക്കുക, സം—, പോററി—, പാലിക്കുക, പരിപാലിക്കുക; 2. ആദരിക്കുക; 3. താങ്ങുക. =tect'ing-ly, *ad.* രക്ഷയായി. =tec'tiōn, *n.* സംരക്ഷണം; പരിപാലനം; ആശ്രയം, സങ്കേതം, രക്ഷ; 'രഹദാരി'; സ്വദേശവ്യാപാരപാലനം, അന്യദേശച്ചരക്കിന്ന് ചുങ്കം ചുമത്തൽ (*pol.*). writ of p.n അഭയപത്രം, രാജരക്ഷാപത്രം (*l.*). =tec'tiōn-ism, *n.* സ്വദേശവ്യാപാരപാലനവാദം (*pol.*). =tec'tiōn-ist, *n.* —വാദി (*pol.*). =tec'tive, *a.* പരിത്രാണകമായ, രക്ഷിക്കുന്ന, കാക്കുന്ന. p.e colouring ഗോപനാത്മവർണ്ണം (*z.*). p.e tariff സ്വദേശവ്യാപാരപാലനച്ചുങ്കം (*pol.*). =tec'tive-ness, *n.* പരിത്രാണകത്വം. =tec'tōr, *n.* രക്ഷകൻ, ത്രാതാവ്, പരിത്രാണകൻ, പരിപാലകൻ; ആശ്രിതവത്സലൻ; രാജ്യപരിപാലകൻ, പ്രതിരാജൻ. Lord P.r ഒലിവർ ക്രൊംവെൽ എന്ന ഇംഗ്ലീഷ് രാജ്യപരിപാലകൻ. =tec'tōr-al, =tō'ri-al, *a.* പരിപാലകസംബന്ധമായ. =tec'tōr-āte, *n.* രാജ്യപരിപാലനം, ക്രൊംവെലിൻെറ ഇംഗ്ലീഷ് രാജ്യപരിപാലനം; അധിരാജത്വം. =tec'tōr-less, *a.* അരക്ഷിതമായ; രക്ഷകനില്ലാത്ത. =tec'tōr-ship, *n.* രാജ്യപരിപാലകത്വം, പ്രതിരാജത്വം. =tec'tress, =tec'trix, *n.* പാലകി, പരിപാലകി. prō-te-gé', prō-te-gee' (prō-tā-zhā'), *n.* ആശ്രിതൻ, പാലിതൻ, ശരണാഗതൻ.

**Prō-te-gé', Prō-te-gee',** *n.*, *s. u.* **Protect.**

**Prō'tē-id,** *n.* (ഭക്ഷ്യങ്ങളിലെ) പുഷ്ടികരസത്വം, യവക്ഷാരജഭക്ഷ്യം (*phys.*). *a.* പുഷ്ടിസത്വമുള്ള.

**Prō-test',** *v. i.* പരസ്യമായി പ്രസ്താവിക്കുക; 2. സാക്ഷ്യപ്പെടുത്തുക; 3. ഖണ്ഡിതമായി പറയുക, തീർത്ത് —, നിഷ്കർഷിക്കുക; (against) വിരോധം പറയുക. *v. t.* പരസ്യമായി കാണിക്കുക, പ്രത്യക്ഷമാക്കുക; 2. സാക്ഷ്യപ്പെടുത്തുക. to p. a bill or note ഉണ്ടിക പിടിക്കാത്ത വിവരം സാക്ഷ്യപ്പെടുത്തുക, 'പ്രൊട്ടീസ്' ചെയ്യുക, ഉണ്ടിക വിസമ്മതസാക്ഷ്യം— (*com.*). prō'test, *n.* തീർമ്മാനം, ദൃഢോക്തി; 2. വിരോധം, വിസമ്മതം, എതിർപ്രസ്താവം, 3. ഉണ്ടിക വിസമ്മതസാക്ഷ്യം, 'പ്രൊട്ടീസ്' (*com.*); 4. കപ്പൽച്ചരക്ക് നഷ്ടസാക്ഷ്യം (*naut.*); 5. വിസമ്മതരേഖ (*l.*). prot'es-tant, *n.* വിരോധം പറയുന്നവൻ, ആക്ഷേപിക്കുന്നവൻ; നിഷ്കർഷിച്ച് പറയുന്നവൻ; മതനിഷ്കർഷകൻ, 'പ്രൊതസ്റ്റന്ത്' ക്രിസ്ത്യാനി, സുവിശേഷ—, നവീകൃതസഭക്കാരൻ (*Chr.*). *a.* വിരോധം പ്രസ്താവിക്കുന്ന, ആക്ഷേപിക്കുന്ന; പ്രൊതസ്റ്റന്തനായ. prot'es-tan-tism, ='es-tan-cy, *n.* 'പ്രൊതസ്റ്റന്ത്' മതം. prot-es-tā'tiōn, *n.* വിരോധപ്രസ്താവന; എതിർപ്രസ്താവം; നിഷേധവാദം (*l.*). prot'es-tā-tōr, =test'ēr, *n.* എതിർവാദി; നിഷ്കർഷകൻ; ഉണ്ടിക പിടിക്കാത്തവൻ (*com.*). =test'-ing-ly, *ad.* നിഷ്കർഷിച്ച്; വിസമ്മതത്തോടെ.

**Prot'es-tant,** *etc.*, *s. u.* **Protest.**

**Prō'te-us** (*or* prō'tus), *n.* രൂപംമാറുന്ന ഒര് ജലദേവത, കാമരൂപി (*myth.*); 2. രൂപം മാറുന്നവൻ; 3. ക്ഷണത്തിൽ അഭിപ്രായം മാറുന്നവൻ, ചപലൻ. prō-tē'an, *a.* വെവ്വേറെരൂപം ധരിക്കുന്ന; അഭിപ്രായം എളുപ്പത്തിൽ മാറുന്ന, ചാപല്യമുള്ള. ='tē-an-ly, *ad.* രൂപംമാറിക്കൊണ്ട്; മനഃസ്ഥിരതയില്ലാതെ.

Prō-tha-lā'mi-on, =lā'mi-um, *n.* മംഗലഗാനം, കല്യാണപ്പാട്ട്.

Prō-thon'o-tar-y, =ton'o-tar-y, *n.* പ്രധാനഗുമസ്തൻ. -ship, *n.* പ്രധാനഗുമസ്തോദ്യോഗം.

Prō'tō-, *pf.* പ്രഥമ, ആദ്യ, ഒന്നാമത്തെ. -col, *n.* ആദ്യപ്രതി, മൂല—; കരട്പകൎപ്പ്; ഉടമ്പടിപ്രമാണം; കരട്കരാറ്. *v. t. & i.* കരടെഴുതുക; ആദ്യപ്രതിവെക്കുക. -col-ist, *n.* കരട് എഴുതുന്നവൻ. -mär-tyr (-tĕr), *n.* ആദ്യരക്തസാക്ഷി (*Chr.*). -mor'phic (-fik), *a.* —രൂപത്തിലുള്ള. -or'gan-ism, *n.* സ്ഥാവരജംഗമജീവി (*biol.*). -pap'as, -pōpe, *n.* (യവനസഭയിലെ) പ്രധാനബോധകൻ. -plasm, -plas-ma, *n.* പ്രാണശുക്ലം —മൂലം (*biol.*). -plas-mat'ic, -plas'mic, *a.* ജീവോല്പത്തിസംബന്ധിച്ച; പ്രാണശുക്ലം—. -plast, *n.* മൂലം, മാതൃക, ആദ്യപ്രതി; —പ്രാണി (*biol.*). -plas'tic, *a.* ആദ്യം ഉണ്ടായ. -tȳpe, *n.* മൂലം, മാതൃക, മാതിരി. -zō'a, *n. pl.* അധമപ്രാണിവൎഗ്ഗം (*biol.*). -zō'an, -zō'ic, *a.* —പ്രാണിസംബന്ധമായ (*biol.*). -zō'an, *n.* (*pl.* -zō'a) —പ്രാണി (*biol.*).

Prō'tō-col, Prō'tō-mär-tyr, Prō'tō-plasm, Prō-tō-zō'an, *etc., s. u.* Proto.

Prō-tract', *v. t.* ദീൎഘിപ്പിക്കുക, കാലദീൎഘംവരുത്തുക, നീട്ടുക; 2. നിൎത്തിവെക്കുക, താമസിപ്പിക്കുക; 3. അളന്ന് വരക്കുക (*sur.*). =tract'ed, *a.* കാലദീൎഘമുള്ള, തുടൎച്ചയായ. =tract'ed-ly, *ad.* നീട്ടിക്കൊണ്ട്. =tract'ed-ness, =trac'tiōn, *n.* കാലവിളംബനം, താമസം; തുടൎച്ച; ദൈൎഘ്യം; അളന്ന് വരക്കൽ; വീതപ്രമാണപടം (*sur.*). =tract'ĕr, =tract'ōr, *n.* ദീൎഘസൂത്രക്കാരൻ, താമസിപ്പിക്കുന്നവൻ; നീട്ടുന്നവൻ; കോണമാത്രം (*sur.*); വികാസപേശി (*an.*); തുന്നൽമാതൃക. =tract'-ile, *a.* നീട്ടാകുന്ന. =trac'tive, *a.* കാലം ചെല്ലുന്ന, നീണ്ട്നില്ക്കുന്ന; തുടൎച്ചയായ; താമസം വരുത്തുന്ന.

Prō-trụde', *v. t.* മുമ്പോട്ട് തള്ളുക, ഉന്തുക; 2. തുറിപ്പിക്കുക, പുറത്താക്കുക. *v. i.* ഉന്തിനില്ക്കുക, തുറിക്കുക. =trụ'da-ble, =trụ'sile, *a.* തുറിപ്പിക്കാവുന്ന, പുറത്താക്കാകുന്ന. =trụ'siōn, *n.* ഉന്തിനില്ക്കൽ, തുറിപ്പ്; പ്രലംബനം. =trụ'sive, *a.* ഉന്തുന്ന, തള്ളുന്ന; പുറത്താകുന്ന. =trụ'-sive-ly, *ad.* ഉന്തിക്കൊണ്ട്, തുറിച്ച്.

Prō-tū'bĕr-ant, =tū'bĕr-ōus, *a.* പൊന്തിനില്ക്കുന്ന, ഉന്തി—; 2. വീങ്ങിയ, തുടിപ്പുള്ള. =ance, =an-cy, *n.* വീക്കം, തുടിപ്പ്, ചീൎപ്പ്; പൊടിപ്പ്; മുഴ്പ്പോടം, മുഴ; എകൎച്ച, ഉയരം. solar p.es സൂൎയ്യകിരണമുഴ്പ്പോടം (*as.*). -ly, *ad.* ചീൎത്ത്, തുടിച്ച്, വീങ്ങി. =tū'bĕr-āte, *v. i.* ഉയൎന്ന്നില്ക്കുക, ഉന്തി—; വീക്കുക. =ā'tiōn, *n.* ചീക്കൽ, പൊന്തൽ.

Prō'tȳle (-tīl), *n.* (സങ്കല്പ) വിശ്വമൂലദ്രവ്യം (*as.*).

Proud, *a., s. u.* Pride.

Prōve, *v. t.* പരിശോധിക്കുക; പരീക്ഷിക്കുക; 2. തെളിയിക്കുക, സാക്ഷ്യപ്പെടുത്തുക; 3. ഉറപ്പിക്കുക, സ്ഥാപിക്കുക, ദൃഢീകരിക്കുക; 4. അനുഭവിച്ചറിയുക, അനുഭവിക്കുക, സഹിക്കുക; 5. ഒത്ത്നോക്കുക; ശരിയോ എന്ന് നോക്കുക (*arith.*); 6. തിരുത്തുപകൎപ്പെടുക്കുക (*print.*), *v. i.* പരിക്ഷിച്ച്നോക്കുക; അറിയാറ്റുരിക, എന്ന് വരിക; ആയ്ത്തീരുക, തെളിയുക; തോന്നുക. proof, *n.* പരിശോധന, പരീക്ഷ; തെളിവ്, പ്രമാണം; ഏശായ്മ, തട്ടായ്മ, ഉറപ്പ്, കട്ടി; മനഃസ്ഥിരത, ദാൎഢ്യം; തിരുത്തുപകൎപ്പ് (*print.*); ശരിയോ എന്ന് നോക്കൽ, ഒത്ത്നോക്കൽ, പരീക്ഷ (*arith.*); വിശിഷ്ടപടച്ചട്ട. artist's p.f ചിത്രത്തിന്റെ ആദ്യപകൎപ്പ്. burden of p.f തെളിയിക്കേണ്ടഭാരം (*l.*). p.f-reader അച്ച്പിഴ തിരുത്തുന്നവൻ (*print.*). *a.* പരീക്ഷയായ, പരീക്ഷക്കുള്ള; ഉറപ്പുള്ള, കട്ടിയായ; ഏശാത്ത, തട്ടാത്ത, ഏല്ക്കാത്ത, കടക്കാത്ത: air-p.f കാററ്കടക്കാത്ത; bullet-p.f ഉണ്ടകൊള്ളാത്ത; water-p.f വെള്ളം കടക്കാത്ത; നനവ് തട്ടാത്ത; നനയാത്തതുണി, മെഴുശീല; p.f against harm ഊനംതട്ടാത്ത; (ചാരായം, റാക്ക്) വീൎയ്യമുള്ള. p.f-

charge ആയുധപരിശോധനവെടി. p.f-load കട്ടഭാരം (*mech.*). p.f-p.f ദൃശ്യാഭ്യമുള്ള, മക്കടമുക്കിയായ. p.f-sheet തിരുത്തപ്പകപ്പ്, 'പ്രൂഫ്' (*print.*). p.f-spirit നിയമവിഴ്ചമദ്യം. p.f-text പ്രമാണവാക്യം (*Bl.*). proof'less, *a.* തെളിവ് ഇല്ലാത്ത; —ഘോരാത്ത, നിഷ്പ്രമാണമായ. proof'less-ly, *ad.* തെളിവില്ലാതെ. prö'va-ble, *a.* തെളിയിക്കാകുന്ന. prö'va-ble-ness, *n.* പ്രമാണാകരണീയത്വം. prö'va-bly, *ad.* തെളിയിക്കാകുംവണ്ണം. pröved (prụvd), pröv'en (prụv'n), *p. p.* or *a.* തെളിയിച്ച; തെളിഞ്ഞ. not p.n തെളിവില്ലാത്ത (*Scot. l.*). prö'vĕr, *n.* തെളിയിക്കുന്നവൻ.

Prō-ved'i-tŏr, Prov'e-dōre, Prov'-i-dōre, *s. u.* Provide.

Prov'en-dĕr, *n.* നാല്ക്കാലിത്തീന്, വൈക്കോല്, ഉണക്ക് പുല്ല്.

Prov'ĕrb, *n.* മൊഴി, ചൊല്ല്, പഴമൊഴി, പഴഞ്ചൊല്ല്; സുഭാഷിതം; 2. സദൃശം; കടങ്കഥ; ഉപമ; 3. പാട്ട്, പരിഹാസം; 4. ഒര് വക നാടകം. Book of P.s ക്രിസ്ത്യാനിവേദപുസ്തകത്തിലെ 'സുഭാഷിതങ്ങൾ' എന്ന ഗ്രന്ഥം (*Bl.*). prō-vĕr'bi-al, *a.* പഴഞ്ചൊല്ല് ആയ; പ്രസിദ്ധം—, ലോകപ്രസിദ്ധം—, എല്ലാവരും അറിയുന്ന. =vĕr'bi-al-i̤sm, *n.* പഴഞ്ചൊല്ല്. =vĕr'bi-al-ist, *n.* പഴഞ്ചൊല്ലുകാരൻ; പഴഞ്ചൊല്ല് സംഗ്രഹകൻ. =vĕr'bi-al-īse, =vĕr'bi-al-īze, *v. t.* & *i.* പഴഞ്ചൊല്ലാക്കുക. =vĕr'bi-al-ly, *ad.* പഴഞ്ചൊല്ലായി; സാധാരണമായി; എല്ലാടത്തും.

Prō-vīde', *v. t.* കരുതിവെക്കുക, ചരതിച്ച്—; സംഭരിക്കുക; ശേഖരിക്കുക; 2. ഉണ്ടാക, കിട്ടുക; 3. (of, with) കൊടുക്കുക; 4. നിശ്ചയം ചെയ്യുക. *v. i.* സമ്പാദിക്കുക; 2. (against, for) ചരതിച്ച് വെക്കുക; 3. നിശ്ചയം—. =vī'ded, *conj.* (that) എന്നാൽ, എങ്കിലും, ആകിലും; എങ്കിൽ, ആകുന്നപക്ഷം. prov'i-dence, *n.* ഒരുക്കൽ; ഒരുക്കം, സംഭാരം; കരുതൽ; സൂക്ഷ്മം; ദൈവാധീനം, ഈശ്വരാധീനം; ഭാഗ്യം, നല്ലകാലം; ദിവ്യപരിപാലനം, ദൈവകൃത്യം (*theo.*); സൂക്ഷ്മം, ചരതം, വൌസ്സ്. prov'i-dent, *a.* (of) ചരതം ഉള്ള, സൂക്ഷ്മം—, കരുതിവെക്കുന്ന. prov-i-den'tial, *a.* ഭാഗ്യവശാൽ ഉള്ള; ദൈവകൃപയാൽ—. prov-i-den'tial-ly, *ad.* ദൈവാനുകൂല്യത്താൽ. prov'i-dent-ly, *ad.* സൂക്ഷ്മത്തോടെ; ചരതമായി. prov'-i-dent-ness, *n.* മുങ്കരുതല്, ചരതം, സൂക്ഷ്മം; വൌസ്സ്, മിതച്ചിലവ്. =vī'dĕr, *n.* ശേഖരിച്ച് കൊടുക്കുന്നവൻ; സമ്പാദിക്കുന്നവൻ. prov'e-dōre, prō-ved'i-tŏr, prov'i-dōre, *n.* സംഭാരകൻ; സൈന്യങ്ങൾക്കും കപ്പലുകൾക്കും മററും ഭക്ഷണസാധനങ്ങൾ ശേഖരിച്ച് കൊടുക്കുന്നവൻ. =vi̤'si̤ŏn (-vizh'un), *n.* സംഭരിക്കൽ, സമ്പാദിക്കൽ; ഒരുക്കം, ഏപ്പാട്, ചട്ടവട്ടം; *pl.* ഭക്ഷ്യം, ഭക്ഷണസാധനം; നിശ്ചയം; ക്ലിപ്തം. p.n-dealer ഭക്ഷണക്കോപ്പ് വില്ക്കുന്നവൻ. =vi̤'si̤ŏn, *v. t.* ഭക്ഷണക്കോപ്പുകൾ ഒരുക്കുക. =vi̤'si̤ŏn-al, =vi̤'si̤ŏn-ar-y (-vizh'un-), *a.* തല്കാലത്തേക്കുള്ള, താല്കാലിക. =vi̤'si̤ŏn-al-ly (-vizh'un-), *ad.* തല്കാലത്തേക്ക്. =vī'si̤ō, *n.* നിശ്ചയം, ക്ലിപ്തം. =vī'si̤ŏr-i-ly, *ad.* പക്ഷാന്തരമായി, നിശ്ചയമനുസരിച്ച്. =vī'si̤ŏr-y, *a.* പക്ഷാന്തരമായ, നിശ്ചയാധീനം—, നിശ്ചയങ്ങളുള്ള; തല്കാലത്തെ.

Prov'ince, *n.* ജയിച്ചടക്കിയ രാജ്യം; ജിത—; 2. ആധീന—; 3. നാട്, ദേശം, പ്രദേശം; സംസ്ഥാനം; 4. അദ്ധ്യക്ഷാധികാരപ്രദേശം; 5. കാര്യം, പ്രവൃത്തി, മുറ; അധികാരം, അവകാശം; ഉദ്യോഗം; 6, കനടരാജ്യസംസ്ഥാനം. the P.s കനടരാജ്യം. prō-vin'cial (-shal), *a.* സംസ്ഥാനം ആയ; —സംബന്ധിച്ച; നാട്ടുപുറം—, തറയിലുള്ള; ഗ്രാമ്യം ആയ, അപരിഷ്കൃതം—; അദ്ധ്യക്ഷാധീനം—. *n.* നാട്ടുപുറക്കാരൻ, തറക്കാരൻ; സംസ്ഥാനമാധിപതി (*R. C.*). =vin'cial-i̤sm, *n.* ഗ്രാമ്യഭാഷ, —പദം, ഗ്രാമ്യം, പട്ടുഭാഷ; അപരിഷ്കൃതാചാരം. =vin'cial-ist, *n.* നാട്ടുപുറവാസി; തറക്കാരൻ. =vin-ci-al'i-ty, *n.* ഗ്രാമ്യത. =vin'cial-īse, =vin'cial-īze, *v. t.* സംസ്ഥാനികം ആക്കുക; ഗ്രാമ്യം—. =vin'cial-ly, *ad.* സംസ്ഥാനികമായി.

**Prō-vi'sion, Prō-vi'sion-al, Prō-vi'sō,** *etc.*, *s. u.* Provide.

**Prō-vōke',** *v.t.* ഉണൎത്തുക, കിളൎത്തുക; 2. കോപിപ്പിക്കുക, കോപം ജനിപ്പിക്കുക, ദേഷ്യംവരുത്തുക. *v.i.* ക്രോധം ജനിപ്പിക്കുക. **prov-ō-ca'tion,** *n.* കോപിപ്പിക്കൽ, മുഷിപ്പിക്കൽ; കോപഹേതു; കാരണം, ഹേതു; പ്രോത്സാഹം, ഉജ്ജ്വലനം. =**voc'a-tive,** =**voc'a-tōr-y,** *a.* ക്രോധം ജനിപ്പിക്കുന്ന; കിളൎത്തുന്ന, ഉത്സാഹിപ്പിക്കുന്ന. *n.* അഗ്നിവൎദ്ധകൌഷധം, ദീപകം, ദീപനം; പ്രോത്സാഹകസാധനം. =**voc'a-tive-ness,** *n.* പ്രോത്സാഹനീയത്വം, ഉജ്ജ്വലനീയത്വം. =**vō'ka-ble,** *a.* കോപിപ്പിക്കാവുന്ന. =**vō'kĕr,** *n.* കോപിപ്പിക്കുന്നവൻ, ഉജ്ജ്വലിപ്പിക്കുന്നവൻ, കിളൎത്തുന്നവൻ. =**vō'king,** *a.* കോപം ജനിപ്പിക്കുന്ന; ഉണ്ടാക്കിത്തീൎക്കുന്ന, കിളൎത്തുന്ന. =**vō'king-ly,** *ad.* കോപിപ്പിച്ച് കൊണ്ട്, കോപം ജനിപ്പിക്കത്തക്കവണ്ണം.

**Prov'ost,** *n.* മുഖ്യസ്ഥൻ, തലവൻ; 2. നഗരാദ്ധ്യൻ, നഗരപ്രമാണി, **p.-marshal** (*pr.* prō-vō') സൈന്യദണ്ഡനാധികാരി (*mil.*). **-ship,** *n.* തലവസ്ഥാനം.

I. **Prow,** *n.* (കപ്പലിൻെറ) അണിയം, കൊമ്പ്; 2. കപ്പല്.

II. **Prow,** *a.* ശൌൎയ്യം ഉള്ള, ധൈൎയ്യം—, പരാക്രമശാലിയായ. **prow'ess,** *n.* ശൂരത, വീൎയ്യപരാക്രമം; യുദ്ധ—; ധീരത, വിക്രമം.

**Prowl,** *v. t.* പതുങ്ങിനടക്കുക, ഉളിഞ്ഞ്—; 2. ഇരതെണ്ടുക; 3. കൊള്ളതേടുക. *v. i.* ഇര—; കൊള്ളയിടുക. *n.* ഇരതെണ്ടൽ; കൊള്ളതേടൽ. **prowl'ĕr,** *n.* പതുങ്ങിനടക്കുന്നവൻ; ഉളിഞ്ഞ് നടക്കുന്നത്. **prowl'ing,** *a.* ഇരതേടുന്ന. **prowl'ing-ly,** *ad.* പതുങ്ങിക്കൊണ്ട്.

**Prox'i-māte,** *a.* അടുത്ത, ഉററ; അടുത്ത് മുമ്പുള്ള, —പിമ്പുള്ള; **p. cause** ഉടൻകാരണം, തല്ക്ഷണഹേതു. **p. principles** ദേഹധാതുഭാഗങ്ങൾ (*phys.*). **-ly,** *ad.* അടുക്കെ; ഉടനെ, തല്ക്ഷണം. =**im'i-ty,** *n.* അടുപ്പം, സാമീപ്യം, ചേൎച്ച; ബന്ധുത്വം, ചാൎച്ച.

*Prox'i-mō,* (*contr. f.* prox.) വരുന്ന മാസത്തെ തിയ്യതി, ഇനിയത്തെ മാസത്തെ—.

**Prox'y,** *n.* കാൎയ്യസ്ഥസ്ഥാനം, 'മുക്ത്യാറ്'; 2. ചീട്ടിടുവാനുള്ള അധികാരം; 3. അധികാരവാഹി, അധികാരപത്രം കിട്ടിയവൻ; 4. —പത്രം; 5. (സഭാകോടതിയിൽ) വക്കീൽനാമം (*Eng. l.*). **-ship,** *n.* കാൎയ്യസ്ഥസ്ഥാനം.

**Prude,** *n.* ലജ്ജാനാട്യമുള്ള സ്ത്രീ, വലിയനാണക്കാരത്തി; 2. അതിവിനീതാ, വിനയാഭിമാനി; 3. മാമാതക്കാരത്തി. **pru'dĕr-y,** *n.* ലജ്ജാനാട്യം; അതിവിനയം; പായ്യാരം, കൊഞ്ഞിക്കല്, മാമാതം. **pru'dish,** *a.* അതിലജ്ജയുള്ള, മയങ്ങുന്ന, കൊഞ്ഞിക്കുന്ന, നാണിച്ച് കോട്ടുന്ന; (സ്ത്രീ) കിറുകൃത്യമുള്ള. **pru'dish-ly,** *ad.* ലജ്ജാനാട്യത്തോടെ.

**Pru'dent,** *a.* ബുദ്ധിവിവേകംഉള്ള; 2. കാൎയ്യശേഷി—; കാൎയ്യബോധം—; 3. സൂക്ഷ്മം—; 4. മിതമായി ചിലവ് ചെയ്യുന്ന, വൌസ്സുള്ള. **pru'dence,** *n.* ബുദ്ധി, വിവേകം; കാൎയ്യബോധം; —പ്രാപ്തി; സൂക്ഷ്മം, വൌസ്സ്. =**den'tial** (-den'shal), *a.* വിവേകം ഉള്ള; സ്വാൎത്ഥബുദ്ധി—; പണം സംബന്ധിച്ച; മേൽവിചാരം ചെയ്യുന്ന, ആലോചന പറഞ്ഞ് കൊടുക്കുന്ന. *n. pl.* വിവേകവിഷയങ്ങൾ. =**den'tial-ist,** *n.* വിവേകി. =**den-ti-al'i-ty,** *n.* വിവേകം. =**den'tial-ly, -ly,** *ad.* ബുദ്ധിയോടെ, വിവേകത്തോടെ.

**Pru'dĕr-y, Pru'dish,** *etc.*, *s. u.* Prude.

**Prud'homme** (prud'om), *n.* വിശ്വസ്തനായ പൌരൻ; 2. നല്ലപണിക്കാരൻ, —കൈവേലക്കാരൻ.

**Pru'i-nāte,** =**nōse,** =**nŏus,** *a.* ഹിമം പൊതിഞ്ഞ; 2. വെളുത്ത് മിന്നുന്ന.

**Prune,** *v. t.* തുപ്പ് വെട്ടുക, കോതുക (*S.*), കൊമ്പിറക്കുക, കൊമ്പ് കൊത്തിനന്നാക്കുക, ചെത്തിവെടിപ്പാക്കുക; 2. കൊത്തിനീക്കുക, 3. നന്നാക്കുക, വെടിപ്പാക്കുക. *v. i.* ചെത്തിനന്നാക്കുക. *n.* ഒരു വക മുന്തിരിങ്ങ (*b.*). **pru'nĕr,** *n.* തുപ്പ് വെട്ടു

ന്നവൻ; ഒരു വക വണ്ട് (z.). prụ'niṅg, n. (ചെടി, മരം) ചെത്തിനന്നാക്കൽ. p.g-hook, p.g-knife ഒരു വക കൊട്ടവാള്, —കത്തി, വാക്കത്തി. p.g-shears മരക്കത്രി.

Prụ-nel'la, =nel'lō, n. ഒരു വക മാട്ടുവരോമത്തുണി; 2. —മുന്തിരിപ്പഴം (b.).

Prụ'ri-ent, a. കാമാതുരം ഉള്ള; 2. ചൊറിച്ചൽ—; 3. അത്യാഗ്രഹം—. =ence, =en-cy, n. കാമാതുരത്വം. -ly, ad. ദുർമ്മോഹത്തോടെ.

Prụ-rī'gō, n. ചൊറിച്ചല്; ഒരു വക ചൊറി (med.). =rig'i-nŏus, a. ചൊറിയായ; ചൊറിയാലുണ്ടായ.

Prụ-rī'tus, n. ചൊറിച്ചല് (med.).

Prus'sian (prush'an), n. പ്രഷ്യരാജ്യക്കാരൻ. p.-blue ഒരു വക കരിനീലച്ചായം, കൃഷ്ണവർണ്ണം. prus'sic acid ഒരു കഠിനവിഷം, ബദാംരവക വിഷം (ch.).

I. Prȳ, n. മെത്ത, ചന്നം (P.). v.t. (മെത്തയിട്ട്) പൊന്തിക്കുക, നീക്കുക.

II. Prȳ, v. i. ഉളിഞ്ഞ് നോക്കുക, പാളി—, ഒററ്—; 2. ഉററ്—; 3. അറിവാൻ ശ്രമിക്കുക. n. ഉളിഞ്ഞ് നോട്ടം; 2. അനുചിതശ്രദ്ധ. prīed, a. പാളിനോക്കിയറിഞ്ഞ. -'ĕr, prī'ĕr, n. ഉളിഞ്ഞ് നോക്കുന്നവൻ. -'iṅg, a. ഒററ് നോക്കുന്ന; അനാവശ്യശ്രദ്ധയുള്ള. -'iṅg-ly, ad. ഒററ് നോക്കിക്കൊണ്ട്.

Pryth'ee, s. a. Prithee.

Psälm (säm), n. കീർത്തനം, സങ്കീർത്തനം; 2. വേദസങ്കീർത്തനം (Bl.). The Psalms ക്രിസ്ത്യാനിവേദപുസ്തകത്തിലെ സങ്കീർത്തനപ്പുസ്തകം (Bl.). v. t. കീർത്തനം പാടുക, ദൈവത്തെ സ്തുതിക്കുക. psal'mist, psal'mō-dist (sal'- or säm'-), n. സങ്കീർത്തനരചകൻ, സങ്കീർത്തനക്കാരൻ; ഗായകപ്രമാണി (R. C.). -'is-try, psal'mō-dy (sal'mō- or säm'ō-), n. സങ്കീർത്തനപ്രയോഗം; സങ്കീർത്തനങ്ങൾ. psal-mod'ic, psal-mod'i-cal (sal-), a. സങ്കീർത്തനം സംബന്ധിച്ച. psal'mō-graph (sal'mō-graf), psal-mog'ra-phĕr (-fĕr), psal-mog'ra-phist (-fist), n. സങ്കീർത്തനരചകൻ. psal-mog'ra-phy (-fi), n. —രചന. psạl'tĕr (sạl'tĕr), n. സങ്കീർത്തനപ്പുസ്തകം (Chr.); ഒരു ജപമാല, കൊന്ത (R. C.). psạl'tĕr-y (sạl'tĕr-), n. ഒരു യൂദവാദ്യം, തംബുരു.

Psạl-tē'ri-um (sạl-), n. (pl. psạl-tē'ri-a) മൃഗങ്ങളുടെ മൂന്നാം പള്ള, പകപാശയം. =tē'ri-al, a. പകപാശയം സംബന്ധിച്ച.

Psē'phiṣm (sē'fizm), n. ഭൂരിപക്ഷ (സ്വീകൃത)നിർണ്ണയം.

Pseū-dæs-thē'ṣi-a, Pseū-de-pig'ra-phy, etc., s. u. Pseudo.

Pseū'dō- (sū'dō-), pf. കള്ള, വ്യാജ, കളവ് ആയ, മിത്ഥ്യ—, നാട്യം—. pseū-dæs-thē'ṣi-a (sū-dēs-thē'zhi-a), n. മിത്ഥ്യാബോധം; മിത്ഥ്യാസ്പർശബോധം (phys.). pseū-de-pig'ra-phy (sū-de-pig-ra-fi), n. (ഗ്രന്ഥകർത്താവ്) വ്യാജനാമം കാണിക്കൽ. -a-pos'tle (-pos'l), n. കള്ളപ്രവാചകൻ. -blep'sis, n. മിത്ഥ്യാദർശനം (med.). -clĕr'ġy, n. pl. കള്ളബോധകന്മാര്. -dox, a. അബദ്ധോപദേശമായ; n. അബദ്ധോപദേശം. -e-pis'-co-pa-cy, n. നാമാദ്ധ്യക്ഷന്മാര്. -form, n. മിത്ഥ്യാകൃതി. -graph (-graf), =dog'-ra-phy (-fi), n. കള്ളരേഖ, കള്ളാധാരം. =dol'ō-ġy, n. ഭോഷ്ക്, വ്യാജം, കളവ്. =dol'ō-ġist, n. പൊളിപറയുന്നവൻ. -mär'tyr (-tĕr), n. നാട്യരക്തസാക്ഷി. -nym, -nyme (-nim), n. സങ്കല്പനാമം, വ്യാജ—, കള്ളപ്പേര്. -nym'i-ty, =don'-y-mŏus-ness, n. മിത്ഥ്യാനാമസങ്കല്പം. =don'y-mŏus, a. സങ്കല്പനാമമുള്ള. =don'y-mŏus-ly, ad. കള്ളപ്പേരോടെ. -stel'la, n. മിത്ഥ്യാനക്ഷത്രം; കൊള്ളിമീന്, ഉല്ക്ക (as.).

Pshạw, Pshạ (shạ), int. ഛീ, ഛത്. v. i. പുച്ഛിക്കുക, നിസ്സാരമാക്കുക.

Psī-lan'thrō-py, =piṣm (sī-lan-), n. ക്രിസ്തുമനുഷ്യൻ മാത്രമായിരുന്നുവെന്ന വാദം, മാനുഷൈകവാദം (theo.).

=throp'ic, *a.* —വാദസംബന്ധമായ. =pist, *n.* —വാദി.

**Psi-lol'ō-ġy** (si-lol-), *n.* വ്യർത്ഥഭാഷണരസം 2. ധ്വനിരസം.

**Psō'ra** (sō'ra), *n.* ചൊറി, ചിരങ്ങ് (*med.*). =**ri'a-sis**, *n.* ചുണങ്ങ് (*med.*). **psō'ric** (sō'rik), *a.* ചിരങ്ങുള്ള. **psō'rics**, *n. pl.* ചൊറിമരുന്ന് (*med.*).

**Psȳ'chē** (sī'kē) *n.* കാമദേവപത്നി, രതി (*myth.*); 2. പ്രാണൻ, ജീവതത്വം; ദേഹി, ആത്മാവ്; മനസ്സ്; 3. കാററ്. **psȳ'chic** (sī'kik), **psȳ'chi-cal**, *a.* ആത്മസംബന്ധമായ; പ്രാണനെ സംബന്ധിച്ച; മനഃസംബന്ധം ആയ, മാനസികം—. **psȳ'chics**, *n.* ജീവതത്വശാസ്ത്രം; ആത്മതത്വ—, അദ്ധ്യാത്മവിദ്യ, അന്വീക്ഷണ—.

**Psȳ'chō-** (sī'kō-), *pf.* ആത്മക, മാനസിക, ആത്മസംബന്ധമായ. **-loġ'ic**, **-loġ'i-cal**, *a.* അദ്ധ്യാത്മജ്ഞാന—. **-loġ'i-cal-ly**, *ad.* അദ്ധ്യാത്മകമായി. =**chol'ō-ġist**, **-logue** (-log), *n.* അദ്ധ്യാത്മജ്ഞാനി; ജീവതത്വശാസ്ത്രി. =**chol'ō-ġy** (-kol'ō-), *n.* മനുഷ്യാത്മവിദ്യ, ആത്മലക്ഷണ—, —തത്വ—, ആദ്ധ്യാത്മ—, —ജ്ഞാനം; ജീവതത്വശാസ്ത്രം; അന്വീക്ഷണവിദ്യ. =**chom'a-chy** (-kom'a-ki), *n.* ദേഹിയും ദേഹവും തമ്മിലുള്ള പോരാട്ടം. **-man-cy**, *n.* ക്ഷുദ്രം, ആഭിചാരം, മാരണം. **-pan'ny-chism** (-kizm), *n.* മരണസമയം മുതൽ പുനരുത്ഥാനംവരെ ദേഹി നിദ്രയിലാണെന്ന ഉപദേശം, ആത്മനിദ്രാവാദം (*theo.*). **-pan'ny-chist** (-kist), *n.* —വാദി (*theo.*). =**chop'a-thy** (-kop'a-), *n.* മനോരോഗം; ചിത്തഭ്രമം (*med.*). **-path'ic**, *a.* മനോരോഗസംബന്ധമായ. =**chop'a-thist**, *n.* ചിത്തഭ്രമക്കാരൻ.

**Psȳ-chol'ō-ġy**, *etc.*, **Psȳ-chom'a-chy**, **Psȳ'chō-man-cy**, *s. u.* **Psycho.**

**Psȳ-chō'sis** (sī-kō'sis), *n.* ചൈതന്യം; 2. ബുദ്ധിഭ്രമം, ഭ്രാന്ത് (*med.*).

**Ptär'mi-gan** (tär-), *n.* ഒരുവക പക്ഷി, —കളക്കോഴി (*z.*).

**Ptis̱an** (tiz'an), *n.* കഞ്ഞിവെള്ളം, കഞ്ഞി.

**Ptol-e-mā'ic** (tol-e-) **system**, *n.* ഭൂമി സ്ഥിരമായി നില്ക്കയും സൂര്യചന്ദ്രാദികൾ ഭൂമിയെ ചുററുകയും ചെയ്യുന്നുവെന്ന വാദം, അചലഭൂവാദം (*as.*). **ptol'e-mā-ist** (tol-e-), *n.* —വാദി.

**Ptō'sis** (tō'sis), *n.* കണ്ണോളവാതം (*med.*).

**Ptȳ'a-lis̱m** (tī'a-), *n.* ലാലസ്രാവം, കേലഒലിക്കൽ (*med.*).

**Pū'bĕr-ty**, *n.* (ആണിന്ന്) ഉല്പാദകപ്രായം: 14 വയസ്സ്; (പെണ്ണിന്ന്) ഉല്പാദനപ്രായം: 12 വയസ്സ്; താരുണ്യം, പരുവപ്രായം, പുഷ്പകാലം; പക്വത; 2. ഋതുവാകൽ, തിരളൽ, തിരട്ട്കുളി, വയസ്സറിയിക്കൽ, ബുദ്ധിയറിയൽ; 3. പുഷ്പം കാലം (*b.*). **pū'bĕr-al**, *a.* താരുണ്യംസംബന്ധിച്ച; തിരട്ട്കുളി—. =**bĕr'u̱-lent**, *a.* ചെറുരോമമുള്ള (*b.*). **pū'bēs̱**, *n.* ഗുഹ്യപ്രദേശരോമം, മയിര് (*an.*); ഗുഹ്യപ്രദേശം; മുട്ടരോമം (*b.*). =**bes'cence** (-bes'ens), =**bes'cen-cy**, *n.* താരുണ്യം, പരുവം; രോമമുണ്ടാകൽ. =**bes'cent** (-bes'ent), *a.* താരുണ്യം എത്തിയ, തിരണ്ട; രോമമുള്ള. **pū'bic**, *a.* ഗുഹ്യപ്രദേശസംബന്ധമായ. **p.c bone** ഗുഹ്യാസ്ഥി, നാണിടമെല്ല് (*an.*). **pū'bis**, *n.* ഗുഹ്യാസ്ഥി (*an.*).

**Pub'lic**, *a.* സൎവ്വജനങ്ങൾക്കുമുള്ള, സമുദായത്തിന്റെ; പൊതുവെയുള്ള, പൊതു; 2. സാധാരണം ആയ, പ്രസിദ്ധം—, പരസ്യം—; 3. എല്ലാവൎക്കും ഉപയോഗിക്കാവുന്ന, —ചെല്ലാകുന്ന, —ഉള്ള: **p. road** പെരുവഴി, രാജമാൎഗ്ഗം, സൎക്കാർനിരത്ത്; **p.-house** വഴിയമ്പലം, കള്ള്പീടിക, റാക്ക്—, ചാരായക്കട, 'താവളണ' (*S.*); 4. സൎക്കാർവകയായ: **p. service** സൎക്കാരുദ്യോഗം; **p. servant** സൎക്കാരുദ്യോഗസ്ഥൻ, സൎക്കാരാള്. **p. act** *or* **statue** രാജ്യനിയമം, —ചട്ടം. **p. funds** സൎക്കാർപണം. **p. law** രാജ്യവ്യവഹാരനിയമം; രാജ്യനിയമം. **p. nuisance** ബഹുജനോപദ്രവം (*l.*). **p.-spirited**, **p.-hearted**, **p.-minded** പൊതുഗുണകാംക്ഷയുള്ള, ബ

ഌജനഗുണേച്ഛു ആയ. p. stores സക്കാര് വക യുദ്ധക്കോപ്പുകൾ. p. works സക്കാര് 'മരാമത്ത്'പണി. p. works department —വകുപ്പ്. *n.* മാനുഷവൎഗ്ഗം; 2. രാജ്യക്കാര്, ജനം; 3. സമുദായം. in p. പരസ്യമായി, വെളിയിൽ. =li-can, *n.* ചുങ്കക്കാരൻ, (നികുതിചുങ്കം കടവ് മുതലായവയുടെ) കുത്തകക്കാരൻ (*Bl.*); 2. വഴിയമ്പലക്കാരൻ; 3. കള്ള് പീടികക്കാരൻ, ചാരായക്കടക്കാരൻ. =li-cā'tiŏn, =lish-ment, *n.* പരസ്യമാക്കൽ; ഘോഷണം; (പുസ്തകാദി) അച്ചടിച്ച് പ്രസിദ്ധമാക്കൽ; പുസ്തകം, പത്രം. =li-cist, *n.* രാജ്യവ്യവഹാരനിയമജ്ഞൻ. =lic'i-ty, -ness, *n.* പ്രസിദ്ധി. -ly, *ad.* പരസ്യമായി, വെളിവിൽ; പൊതുഗുണത്തിന്നായി. ='lish, *v. t.* അറിയിക്കുക, പരസ്യമാക്കുക, ഘോഷിക്കുക, പ്രസിദ്ധപ്പെടുത്തുക, വിവാഹനിശ്ചയം പള്ളിയിൽ പ്രസിദ്ധമാക്കുക; വിളിച്ച് പറയുക; (പുസ്തകാദി) അച്ചടിച്ച് വില്ക്കുക; നടപ്പാക്കുക (*U. S.*). =lish-a-ble, *a.* പ്രസിദ്ധമാക്കാകുന്ന. =lish-ĕr, *n.* (പുസ്തകാദി) അച്ചടിച്ച് പ്രസിദ്ധം ചെയ്യുന്നവൻ, പുസ്തകപ്രസിദ്ധകൻ.

**Pūce** (pūs), *a.* കരിന്തവിട്ട് നിറമുള്ള.

**Pū'cel, Pụ-celle'** (pụ-sel'), *n.* കന്യക. -āġe, *n.* കന്യകാവ്രതം.

**Puck**, *n.* ഒര് ദേവത (*myth.*); യക്ഷൻ; കുട്ടിച്ചാത്തൻ. -'ish, *a.* നേരമ്പോക്കുള്ള; ദ്രോഹബുദ്ധിയായ.

**Puck'ĕr**, *v. t.* & *i.* (up) ഞെറിയുക; 2. ചുളിക്കുക; 3. ചുളിയുക. *n.* ഞെറി; 2. ചുളിവ്, ചുളിപ്പ്, മടക്ക്; 3. വേവലാതി. -ĕr, *n.* ഞെറിയുന്നവൻ. -y, *a.* ചുളിക്കുന്ന; ചുളിഞ്ഞ; മടക്ക് വീണ.

**Pud'dĕr**, *v. i.* അമളിയുണ്ടാക്കുക; 2. നാനാവിധമാക്കുക. *v. t.* ബുദ്ധിമുട്ടിക്കുക, പരിഭ്രമിപ്പിക്കുക. *n.* സംഭ്രമം; കഴപ്പം, കലക്കം; 2. അമളി.

**Pụd'ding** (-pụd'ing), *n.* (മാവ് പാല് മുട്ട മുതലായത് ചേൎത്തുണ്ടാക്കിയ) ഒര് മധുരപലഹാരം, പാൽപ്പിട്ട്; 2. മാംസംനിറച്ചുണക്കിയ കുടല്; 3. ആഹാരം, ഭക്ഷണം. p.-headed വിഡ്ഢിയായ. p.-pie ഇറച്ചിയട. p.-sleeve (കുപ്പായത്തിന്റെ) അകലക്കൈ. p.-stone ചെങ്കല്ല് (*N.*). p.-time ഭക്ഷണസമയം, ഊൺകാലം; തക്കസമയം, തരം, നല്ലമുഹൂൎത്തം.

**Pud'dle**, *n.* ചേററ്കുണ്ട്, ചളിക്കുണ്ട്; ചളിവെള്ളം; 2. കളിമണ്ണ്; കശ—. p.-poet കുകവി. *v. t.* കലക്കുക; 2. ചേററ് പിരട്ടുക, കരട്ടുക; 3. കളിമണ്ണ് കുഴക്കുക; 4. വെള്ളം കടക്കാതാക്കുക. pud'dly, *a.* ചെ(കൊ)ത്തയായ.

**Pū'den-cy**, *n.* നാണം, ലജ്ജ. =den'-da, *n. pl.* ഗുഹ്യപ്രദേശം (*an.*). =den'-dal, *a.* ഉപസ്ഥം സംബന്ധിച്ച. =den'-dum, *n.* ഭഗം, യോനി. pū'dic, pū'di-cal, *a.* യോനിസംബന്ധമായ. =dic'i-ty (-dis'i-), *n.* ലജ്ജ; വിനയം; പാതിവ്രത്യം.

**Pū'ĕr**, *n.* നായ്ക്കാഷ്ഠം.

**Pū'ĕr-īle**, *a.* കുട്ടികൾക്കൊത്ത, ബാല്യ; 2. പിള്ളർകളി ആയ; 3. നിസ്സാരം—; 4. അല്പബുദ്ധി—. -ly, *ad.* പിള്ളർകളിയായി. -ness, =il'i-ty, *n.* ബാല്യബുദ്ധി, കുട്ടിക്കളി; നിസ്സാരത; നിസ്സാരവാക്ക്.

**Pū-ĕr'pĕr-al**, *a.* പ്രസവസംബന്ധമായ, പ്രസവ, ഈററ്. p. fever ഈററ് പനി, പ്രസവജ്വരം (*med.*). ='pĕr-ŏus, *a.* പ്രസവമുള്ള.

**Puff**, *n.* ഊത്ത്; വീച്ച്; അല്പമായ കാററ്; 2. കാററ്നിറഞ്ഞ സാധനം; 3. പന്ത്; 4. ഒര് വക പൊങ്ങലപ്പം; 5. മുഖ ചൂൎണ്ണോപധാനം, 'പൌടർപഫ്'; 6. അതിസ്തുതി. *v. i.* ഊതുക; 2. (at) ഫഃ എന്ന് ആക്കുക, നിസ്സാരം—; 3. കിതെക്കുക, കിഴെക്കുക; 4. കാററ് നിറയുക, വീക്കുക, ചീക്കുക; 5. പൊങ്ങുക; പൊങ്ങച്ചം കാട്ടുക, ഗൎവ്വിക്കുക. *v. t.* കാററ് വീശി പാറിപ്പിക്കുക, ഓടിക്കുക; 2. ആട്ടുക, ആട്ടിയോടിക്കുക; 3. (up) ഊതിവീൎപ്പിക്കുക; 4. (up) പൊക്കിവെക്കുക, പൊന്തിക്കുക, ഉയൎത്തുക; വളൎത്തിപ്പറയുക, മുഖസ്തുതി പറയുക, പുകഴ്ത്തുക. ='fĕr, *n.* ഊതി വീൎപ്പിക്കുന്നവൻ; അതിസ്തുതി ചെയ്യുന്നവൻ;

(ലേലം) കപ്പിയിൽ കയററി വിളിക്കുന്ന വൻ; കടത്തവള (*z*.). ='fĕr-y, *n*. ഊതിവീപ്പിക്കൽ; മുഖസ്തുതി. ='fi-ness, *n*. പൊങ്ങല്. ='fing, *a*. ഊതുന്ന. p.g pig കടൽപന്നി, കടലേടി (*z*.). =fing-ly, *ad*. ഊരത്തോടെ; കിതെപ്പോടെ; അതിസ്തുതിയായി. ='fy, *a*. കാററ്നിറഞ്ഞ, വീത്ത, വീങ്ങിയ; പതം ഉള്ള; പൊണ്ണത്തടി—, മാംസളൻ ആയ; പ്രൌഢഭാഷ—.

I. **Pug**, *v. t*. മണ്ണ് കുഴക്കുക; 2. ചെത്തിത്തേക്കുക, ഓരായം അടക്കുക (*arch*.): *n*. കുഴച്ച കളിമണ്ണ്; 2. മൺചക്ക്. p.-mill മൺചക്ക്. ='ging, *n*. മണ്ണ് കുഴക്കൽ: ഓരായം അടക്കൽ (*arch*.).

II. **Pug**, *n*. യക്ഷൻ; 2. കരങ്ങ്; 3. കുറുക്കൻ; 4. ഒര് വക ചെറുനായ്. p.-face വാനരമുഖം. p.-faced —മുഖമുള്ള. p.-nose കരങ്ങമൂക്ക്, ചപ്പ—.

**Pugh** (pu), *int*. ഛീഃ, ഛൂഃ.

**Pū'gil-ism**, *n*. മുഷ്ടിയുദ്ധം, കുത്ത്, 'കുസ്തി', മല്ല്. =ist, *n*. മുഷ്ടിയുദ്ധംചെയ്യുന്നവൻ, മല്ലൻ, കുത്തുകാരൻ, 'കുസ്തി'ക്കാരൻ. =is'tic, *a*. മുഷ്ടിയുദ്ധംസംബന്ധിച്ച.

**Pug-nā'ciōus** (-nā'shus), *a*. കലഹപ്രിയമുള്ള; 2. ശണ്ഠകൂട്ടുന്ന, കലഹിക്കുന്ന, അടിപിടികൂട്ടുന്ന. -ly, *ad*. കലഹിച്ച്കൊണ്ട്. -ness, =nac'i-ty (-nas'i-), *n*. കലഹപ്രിയം.

**Pūh** (pū), *int*. ഛീ, ഛൂഃ.

**Pūis'ne** (pū'ne), **Pūis'ny** (pū'ni), *a*. ഇളയ; 2. വഴിയെ ഉള്ള, പിന്നേത്ത; 3. ചെറിയ; 4. സ്ഥാനത്തിൽ എളിയ, കീഴുള്ള, ഉപ; സഹ, കൂട്ടാളിയായ (*l*.). p. judge ഉപനീതിയധിപതി, സഹനീതിയധിപൻ, കൂട്ട്'ജസ്റ്റി', ഹൈക്കോടതിയിൽ രണ്ടാം 'ജസ്റ്റി' മുതലുള്ള ജസ്റ്റിമാരിൽ ഒരാള് (*l*.). *n*. ഇളയവൻ; 2. കീഴിലുള്ളവൻ; 3. ഉപനീതിയധിപൻ.

**Pū'is-sant** (-is-ant), *a*. ശക്തി ഉള്ള, വിക്രമം—, പരാക്രമശാലി ആയ, ഊക്കൻ—. =sance, *n*. ഊക്ക്, ബലം, ത്രാണി. -ly, *ad*. ഊക്കോടെ. -ness, *n*. പരാക്രമം.

I. **Pūke**, *v. t. & i*. ഛർദ്ദിക്കുക, കാറുക. *n*. വമനം, ഛർദ്ദി; 2. വമനൌഷധം (*med*.). pū'kĕr, *n*. ഛർദ്ദിക്കുന്നവൻ; ഛർദ്ദിപ്പിക്കുന്ന മരുന്ന്, വമി.

II. **Pūke**, *a*. കരിന്തവിട്ട് നിറമുള്ള.

**Pul'ehri-tūde** (-kri-tūd), *n*. ഭംഗി, സൌന്ദര്യം, അഴക്, ലാവണ്യം; 2. വൃത്തിവൈശിഷ്ട്യം, ചാരിത്രഭംഗി.

**Pūle**, *v. i*. (കോഴിക്കുഞ്ഞ്) കരയുക; 2. കിണങ്ങുക (*S*.), ഇളിയുക. pū'lĕr, *n*. കരയുന്നവൻ, ഇളിയുന്നവൻ; ബലഹീനൻ. pū'ling, *n*. കരച്ചല്; ഇളിച്ചല്. *a*. കരയുന്ന; കിണങ്ങുന്ന (*S*.), ഇളിച്ചലുള്ള. pū'ling-ly, *ad*. ഇളിഞ്ഞ്കൊണ്ട്.

**Pull**, *v. t*. വലിക്കുക, 2. ഇഴെക്കുക; പിടിച്ച്വലിക്കുക; 3. കീറുക, ചീന്തുക, പറിച്ച്ചീന്തുക; 4. പറിക്കുക, പറിച്ചെടുക്കുക; 5. (മണി) അടിക്കുക; 6. (തണ്ട്) വലിക്കുക, തുഴയുക; 7. കടിഞ്ഞാണ് വലിച്ച് കുതിരയെ നിൎത്തുക; 8. തിരുത്തപ്പകപ്പെടുക്കുക (*print*.). to p. apart പറിച്ച് ചീന്തുക. to p. down ഇടിക്കുക, പൊളിക്കുക, നശിപ്പിക്കുക; താഴ്ത്തുക. to p. off (ഉടുപ്പ്) അഴിക്കുക, (തൊപ്പി) എടുക്കുക; വലിച്ച്നീക്കുക. to p. out പറിച്ച്കളയുക, പൊരിച്ച്—. to p. up നിൎമ്മൂലമാക്കുക, പിഴുത്കളയുക. to p. and haul അങ്ങോട്ടുമിങ്ങോട്ടും വലിക്കുക, പിടിക്കുകയും വലിക്കുകയും ചെയ്യുക. to p. a finch പൊട്ടന്മാരെ ചതിക്കുക. *v. i*. പിടിച്ച്വലിക്കുക. to p. apart പൊട്ടുക, അറുക, ചീന്തിപ്പോക. to p. up കടിഞ്ഞാണ് പിടിച്ച്വലിക്കുക, (കുതിരയെ) നിൎത്തുക. to p. through ജയിക്കുക; തരക്കേട് കൂടാതെ കഴിക്കുക, കേട്പററാതെ ഇരിക്കുക; സുഖപ്പെടുക. *n*. വലി; 2. പിടിയും വലിയും; 3. നഷ്ടം; സങ്കടം; 4. പിടി; 5. കയറ്, ചരട്; 6. തണ്ട് വലി; 7. (കടിക്കുന്ന) വലി, കടിക്കൽ; 8. ഗുണം, അനുകൂലം, ജയം. p.-back തടസ്ഥം, മുടക്കം; ഇലക്കിടിക്കിത്തണ്ട് (*arch*.). ='lĕr, *n*. വലിക്കുന്നവൻ.

**Pul'let**, *n*. പിടക്കോഴി, അരക്കോഴി.

**Pul'ley** (pul'li), *n.* 'കപ്പി', കപ്പിയും കയറും (*mech.*). *v. t.* കപ്പിയിൽ വലിച്ച് കയററുക.

**Pul'mon-ar-y, =mon'ic,** *a.* ശ്വാസകോശസംബന്ധമായ; ചെമ്പരത്തിയോട് ചേൎന്ന. **=mon'ic,** *n.* ശ്വാസകോശൌഷധം (*med.*). **=mon-if'ĕr-ŏus,** *a.* ശ്വാസകോശം ഉള്ള, ചെമ്പരത്തി—.

**Pulp,** *n.* കഴമ്പ്, കാമ്പ്; പാട (*b.*); 2. മശ; ചുള (*b.*); 3. തോട്, തോല് (*b.*); 4. നാശമന്തവസ്തു (*an.*); 5. കടലാസ് ക്കുള്. *v. t.* ക്കുളാക്കുക; 2. മശനിക്കുക; തോട്—. **-'i-ness, -'ŏus-ness,** *n.* മജ്ജാഗുണം. **-'ŏus, -'y,** *a.* കഴമ്പുള്ള, മൃദുവായ; രസം ഉള്ള; മജ്ജ—.

**Pul'pit,** *n.* (ദേവാലയത്തിലെ) പ്രസംഗപീഠം; 2. പ്രസംഗിവൎഗ്ഗം, ബോധക—; 3. പ്രസംഗം; 4. പീഠം, ഉയൎന്നസ്ഥലം, തിണ്ണ, തറ. *a.* പ്രസംഗപീഠം സംബന്ധിച്ച; 2. പ്രസംഗസംബന്ധം ആയ; പ്രസംഗ. **-ēer',** *n.* (നിന്ദയായി) പ്രസംഗി. **-ish,** *a.* പ്രസംഗപീഠത്തിൽ ഉള്ള; പ്രസംഗംപോലെ—.

**Pulp'ŏus, Pulp'y,** *etc.*, *s. u.* **Pulp.**

**Pul'sāte, Pul'sa-tile, Pul-sā'tiŏn,** *etc. s. u.* **Pulse** I.

I. **Pulse,** *n.* ഹൃദയസ്ഫുരണം, നാഡി—, നാഡിയടി, നാഡി, നെഞ്ചത്തെ ഇടി (*phys.*); 2. അടി, അനക്കം, ഇളക്കം. **p.-wave** നാഡിയിളക്കം (*phys.*). **to feel one's p.** നാഡിപിടിച്ച് നോക്കുക, നാഡിപരീക്ഷ ചെയ്യുക, ഉള്ളറിയുക, കിണ്ണാണിക്കുക (*S.*). *v. i.* നാഡി അടിക്കുക, ഹൃദയം മിടിക്കുക; 2. സ്ഫുരിക്കുക; ഇളകുക, അനങ്ങുക. **pul'sāte,** *v. i.* (നാഡി) അടിക്കുക, സ്ഫുരിക്കുക, മിടിക്കുക, ഇടിക്കുക. **pul'sa-tile,** *a.* മിടിക്കാവുന്ന; മീട്ടാകുന്ന; മിടിക്കുന്ന. **=sā'tiŏn,** *n.* ഹൃദയസ്ഫുരണം, —മിടി; നാഡിയടി; അടി; അനക്കം, ഇളക്കം. **pul'sa-tive,** *a.* അടിക്കുന്ന, മിടിക്കുന്ന, ഇടിക്കുന്ന. **pul'sa-tŏr,** *n.* മിടിക്കുന്നവൻ; മിടിക്കുന്നത്. **pul'sa-tŏr-y,** *a.* സ്ഫുരണീയമായ; ഇടിക്കുന്ന. **-'less,** *a.* നാഡിവീണ, —ഇല്ലാത്ത; ജീവൻ—. **-'less-ness,** *n.* നാഡിവീഴ്ച; ജീവനില്ലായ്മ. **=sif'ic,** *a.* നാഡിയുണൎത്തുന്ന; അനക്കംവരുത്തുന്ന. **=sim'e-tĕr,** *n.* നാഡിമാത്ര (*med.*). **=som'e-tĕr,** *n.* ഒര് വക ജലാരോഹയന്ത്രം; നാഡിമാത്ര (*med.*).

II. **Pulse,** *n.* ഉഴുന്ന് (*b.*); പയറ് കടല മുതിര അവര തൊവര മുതലായ വാളുള്ള ധാന്യം (*b.*); 2. ഉഴുന്ന് പയറ് മുതലായ ചെടി (*b.*); 3. പരിപ്പ്, പരിപ്പ്.

**Pul-tā'ceŏus** (-tā'shus), *a.* കുഴമ്പായ, ക്കുളായ; മൃദുവായ.

**Pul'vĕr-īse, =īze, ='vĕr-āte,** *v. t.* പൊടിക്കുക, പൊടി ആക്കുക, ചൂൎണ്ണം—. *v. i.* —ആകുക, പൊടിയുക. **='vĕr-a-ble, =ī-sa-ble, =ī-za-ble,** *a.* ചൂൎണ്ണിക്കാകുന്ന. **=vĕr-ā'ceŏus** (-ā'shus), **=vĕr'ū-lent,** *a.* പൊടി ഉള്ള; —പാറിയ; —ആയ; —ആക്കാകുന്ന. **=i-sā'tiŏn, =i-zā'tiŏn,** *n.* പൊടിക്കൽ, ചൂൎണ്ണിക്കൽ. **=ī-sĕr, =ī-zĕr,** *n.* ചൂൎണ്ണിക്കുന്നവൻ. **='vĕr-ŏus,** *a.* പൊടി ആയ; ചൂൎണ്ണമയം—. **=vĕr'ū-lence,** *n.* ചൂൎണ്ണമയത്വം; പൊടിനിറഞ്ഞ സ്ഥിതി.

**Pū'ma,** *n.* അമേരിക്കയിലെ ഒര് വലിയ മാംസഗ്രാസമൃഗം, അമേരിക്കാസിംഹം, —പുലി (*z.*).

**Pum'ice** (*or* pū'mis), **p.-stone,** *n.* കിട്ടക്കല്ല്, കമിഴ്ക്കല്ല്, അഗ്നിപൎവ്വതശില (*min.*). **=mi'ceŏus** (-mish'us), *a.* —ശിലാസംബന്ധം ആയ; —ശിലാതുല്യം—. **=mic'i-form** (-mis'i-), *a.* കമിഴ്ക്കല്ല് പോലെയുള്ള.

**Pum'mel,** *n.* & *v. t.*, *s. a.* **Pommel.**

I. **Pump,** *n.* ജലാരോഹകയന്ത്രം, ഉത്തോലന—; 2. ജല—, —പ്രക്ഷേപണ—, 'ബോമ്പ'. **p.-room** ധാതുജലപ്പാനകമുറി. *v. t.* (യന്ത്രത്താൽ) വെള്ളം വലിക്കുക; 2. വെള്ളം എടുക്കുക, —വലിക്കുക; 3. —വററിക്കുക; 4. ചോദിച്ച് ചോദിച്ച് ഉള്ളറിയുക, കള്ളി മനസ്സിലാക്കുക. *v. i.* (ജലാരോഹയന്ത്രം) ചാമ്പുക, യന്ത്രത്താൽ വെള്ളം എടുക്കുക; 2. 'ബോമ്പ'യടിക്കുക. **-'āge,** *n.* ആരുദ്ധജലം, യന്ത്രത്താൽ എ

ടുത്ത വെള്ളം. -'ĕr, *n.* ജലയന്ത്രം ചാമ്പുന്നവൻ; ചാമ്പ് യന്ത്രം.

II. **Pump,** *n.* ഒര് വക നേൎമ്മച്ചെരിപ്പ്, 'ചപ്പാത്ത്'.

**Pum'pet,** *n., s. a.* Pompet.

**Pump'iŏn,** *n., s. a.* Pumpkin.

**Pump'kin, Pomp'iŏn, Pump'iŏn** (-yun), *n.* കമ്പളങ്ങ, മത്തങ്ങ, മത്തൻ (*N.*), മെല്ലക്കുമ്പളങ്ങ (*b.*); 2. ഇളവൻ, ഇളവൻ കമ്പളങ്ങ, നരയൻ—; വൈള്ള്യ— (*b.*); 3. കമ്പളവള്ളി (*b.*).

**Pun,** *n.* ഇരുപൊരുള് മൊഴി, ഉഭയാൎത്ഥപദം; ശ്ലേഷം, ശ്ലേഷോക്തി; 2. ഒര് വക കടംകഥ. *v. t.* ശ്ലേഷോക്തി പറയുക. -'nĕr, -'stĕr, *n.* ശ്ലേഷോക്തിക്കാരൻ, യുക്തിമാൻ. -nol'o-ġy, *n.* ശ്ലേഷോക്തിപ്രയോഗം.

I. **Punch,** *n.* ഒര് വക മദ്യപ്പാനകം. milk-p. ക്ഷീരമദ്യപ്പാനകം. p.-bowl മദ്യപ്പാനത്തളിക.

II. **Punch,** *n.* (പാവക്കളിയിലെ) കോമാളി, കോടങ്കി (*S.*). P. and Judy പാവക്കളി, പാവക്കൂത്ത്. -in-el'lō, *n.* കോമാളി; കുറുമുണ്ടൻ.

III. **Punch,** *n.* കുറുമുണ്ടൻ, മുണ്ടൻ (*S.*); 2. ഒര് വക കുതിര (*z.*). -'y, *a.* തടിച്ച് കുറുതായ.

IV. **Punch,** *n.* കുത്തുളി; 2. തുളക്കുന്ന ഇരിമ്പ്; 3. —യന്ത്രം; 4. കുത്ത് കോല്, താങ്ങ് (*arch.*). *v. t.* തുളക്കുക, ഭാരമുണ്ടാക്കുക; 2. നറുക്കുക. p.ing-machine, p.ing-press തുളമുറിക്കുന്ന യന്ത്രം. -'eŏn (-un), -'in, *n.* (ലോഹത്തിലടിക്കുന്ന) ചിത്രമുദ്ര; കുത്ത് കോല് (*arch.*); ഒര് പിപ്പ, 180 കുറ്റി, 126 കുറ്റി. -'ĕr, *n.* തുളക്കുന്നവൻ; തുളക്കുന്ന സാധനം.

V. **Punch,** *v. t.* കുത്തുക, തോണ്ടുക, തട്ടുക. *n.* തട്ട്, കുത്ത്.

**Punc'tāte, Punc'tā-ted,** *a.* കുത്ത; 2. പുള്ളിയുള്ള. punc'ti-form, *a.* മുനയായ.

**Punc-til'i-ō,** *n.* ആചാരകൃത്യത, —സൂക്ഷ്മം. =til'iŏus (-yus), *a.* —കൃത്യതയുള്ള, കൃത്യമായി നടക്കുന്ന. =til'iŏus-ly, *ad.* ആചാരകൃത്യതയോടെ, ബഹുകൃത്യമായി. =til'iŏus-ness, *n.* ആചാരനിഷ്ഠ.

**Punc'tū-al,** *a.* കൃത്യത ഉള്ള; കൃത്യമായ; 2. കാലകൃത്യതയുള്ള, സമയത്തിന്ന് വരുന്ന, —ചെയ്യുന്ന, സമയം തെറ്റാത്ത. -ist, *n.* ആചാരകൃത്യതയുള്ളവൻ. =al'i-ty, -ness, *n.* സമയകൃത്യത, നേരം തെറ്റായ്മ, തിട്ടം. -ly, *ad.* സമയത്തിന്ന്, നേരം തെറ്റാതെ, കൃത്യത്തിന്ന്.

**Punc'tū-āte,** *v. t.* വിരാമക്കുറി ഇടുക (*gr.*). =ā'tiŏn, *n.* —ഇടൽ (*gr.*); വിരാമചിഹ്നം. =a-tive, *a.* വിരാമക്കുറിസംബന്ധിച്ച. =ā-tŏr, *n.* —ഇടുന്നവൻ. ='tū-ist, *n.* വിരാമജ്ഞൻ.

**Punc'tūre,** *n.* കുത്ത്, തുള; 2. ചെറിയമുറിവ്. *v. t.* തുളക്കുക. ='tūred (-tūrd), *a.* കുത്ത് കുത്തായ; തുളഞ്ഞ.

**Pun'dit,** *n., s. a.* Pan'dit.

**Pun'ġent,** *a.* എരിയുന്ന, തീക്ഷ്ണമായ; 2. മുള്ള് ഉള്ള, കുത്തുന്ന, കഠിനമായ; 3. മുള്ള് ഉള്ള (*b.*). pun'ġence, pun'ġen-cy, *n.* എരു, എരിവ്, തീക്ഷ്ണത. -ly, *ad.* തീക്ഷ്ണമായി, എരുവോടെ, എരിവോടെ.

**Pū'nic,** *a.* പുരാതനകൎത്ഥജിന്ന്യരെ (ഫൊയ്നീക്യരെ) സംബന്ധിച്ച; 2. കൎത്ഥജിന്ന്യസ്വഭാവം ഉള്ള; ചതി—, വിശ്വാസവഞ്ചനചെയ്യുന്ന. =ni-ca fi'dēs, P. faith ഫൊയ്നീക്യവിശ്വാസം, വഞ്ചന, ചതി.

**Pū'ni-ness,** *n., s. u.* Puny.

**Pun'ish,** *v. t.* ശിക്ഷിക്കുക, ദണ്ഡിപ്പിക്കുക; 2. അടിക്കുക. -a-ble, *a.* ശിക്ഷായോഗ്യമായ; ശിക്ഷിക്കാവുന്ന. -a-ble-ness, *n.* ദണ്ഡനീയത്വം. -ĕr, *n.* ശിക്ഷിക്കുന്നവൻ, ശിക്ഷകൻ. -ment, pū-ni'tiŏn (-nish'un), *n.* ശിക്ഷിക്കൽ; ദണ്ഡനം, പ്രായശ്ചിത്തം; ശിക്ഷ (*l.*). pū'ni-tive, pū'ni-tŏr-y, *a.* ശിക്ഷക്ക് ഉള്ള, ശിക്ഷിപ്പാൻ—; ശിക്ഷയായ.

**Punk,** *n.* പൂതലിച്ചമരം, മരപ്പൂതല്.

**Pun'ka, Pun'kah,** *n.* 'പങ്ക', കാററ് വീശി, വലിവിശറി.

**Pun'nĕr, Pun-nol'o-ġy, Pun'stĕr,** *s. u.* Pun.

**Pun'net,** *n.* കൂട്ട, കൊട്ട.

I. **Punt,** *n.* ഒര്വക ചൂത്കളി. *v. i.* ചൂത്കളിക്കുക, ചൂതാട്ടുക. **-'ĕr,** *n.* ചൂത്കളിക്കുന്നവൻ.

II. **Punt,** *n.* ഒര്വക പരന്നതോണി. *v. t.* തോണികുത്തുക, ചല്ലം—, —വെക്കുക. **-'ĕr,** *n.* തോണികുത്തുന്നവൻ.

**Pū'ny,** *a.* പിഞ്ചായ, ചള്ളായ, വളരാത്ത; 2. ചെറിയ; 3. ഊക്ക്കുറഞ്ഞ; 4. താണ. *n.* ചെറുപ്പക്കാരൻ; 2. പുതിയവൻ. **pū'ni-ness,** *n.* അല്പത; ചെറുപ്പം; ബലഹീനത.

**Pup, Pup'py,** *n.* നായ്ക്കുട്ടി, നായ്ക്കുഞ്ഞ്, പട്ടിക്കുട്ടി (*S.*); 2. കടപ്പശുക്കുട്ടി. *v. i.* പട്ടിപെറുക, നായി—. **pup'py,** *n.* ഡംഭി. **-'py-hood,** *n.* (നായ്) കുട്ടിയായിരിക്കുംകാലം; ഇളമ്പ്രായം; കാര്യബോധമില്ലാത്ത കാലം. **-'py-ish,** *a.* നായ്സ്വഭാവമുള്ള; മര്യാദയില്ലാത്ത. **-'py-ism,** *n.* നിർമ്മര്യാദം, നീചത്വം; ഡംഭ്; ധാർഷ്ട്യം.

**Pū'pil,** *n.* ശിഷ്യൻ, ശിഷ്യ, വിദ്യാർത്ഥി, പഠിക്കുന്ന കുട്ടി, കുട്ടി; 2. രക്ഷാകർത്താവിൻ കീഴുള്ള കുട്ടി, രക്ഷിതൻ, രക്ഷിത; 3. 14 വയസ്സ് തികയാത്ത ആങ്കുട്ടി, 12 —പെങ്കുട്ടി (*l.*); 4. കൃഷ്ണമണി, കണ്മണി, കണ്മിഴി, കനീനിക, താര, താരക (*phys.*). **-āġe,** *n.* ശിഷ്യത്വം; ബാലപ്രായം. **-ar'i-ty,** *n.* ബാലപ്രായം. **-ar-y,** *a.* വിദ്യാർത്ഥിയെ സംബന്ധിച്ച; കൃഷ്ണമണി—. **-om'e-tĕr,** *n.* —മാത്ര (*phys.*).

**Pup'pet,** *n.* പാവാച്ചി (*N.*), 'ബൊമ്മ'; 2. പാവ; 3. മറ്റൊരുവന്റെ വാക്ക്പ്രകാരം മാത്രം ചെയ്യുന്നവൻ, ലഗ്നം, ചട്ടുകം, ആയുധം. **p.-man, p.-master, p.-player** പാവക്കളിക്കാരൻ, പാവക്കൂത്ത്കാരൻ. **p.-show** പാവക്കളി, പാവക്കൂത്ത്. **-ish,** *a.* പാവപോലെയുള്ള. **-ry,** *n.* പാവക്കളി—; നാട്യമായ.

**Pup'py,** *etc.*, *s.* **Pup.**

**Pur, Purr** (pĕr), *v. t.* & *i.* (പൂച്ച) ചീറുക. *n.* ചീറല്.

**Pur'blīnd,** *a.* പൂർണ്ണാന്ധനായ, കാഴ്ചയില്ലാത്ത; 2. ദൂരക്കാഴ്ച—; നല്ലകാഴ്ച—, വെള്ളെഴുത്തുള്ള. **-ly,** *ad.* ദൂരക്കാഴ്ചയില്ലാതെ; കണ്ണ് നല്ലവണ്ണം കാണാതെ. **-ness,** *n.* വെള്ളെഴുത്ത്, മാലക്കണ്ണ് (*med.*).

**Pur chāse,** *v. t.* തിരഞ്ഞ് സമ്പാദിക്കുക; കിട്ടുക, പ്രാപിക്കുക; 2. വിലക്ക് വാങ്ങുക, —എടുക്കുക, കൊള്ളുക; 3. ആർജ്ജിക്കുക, സമ്പാദിക്കുക; 4. സ്വയാർജ്ജിതമായി സമ്പാദിക്കുക (*l.*); 5. (യന്ത്രത്തിനു) സൂത്രപ്രയോഗം ചെയ്യുക. *n.* സമ്പാദനം; 2. വിലക്ക് വാങ്ങൽ, വിക്രയം; 3. സമ്പാദ്യം, സ്വത്ത്, മുതല്; 4. വിലക്ക് വാങ്ങിയ സ്വത്ത്; 5. യന്ത്രോപകരണം; 6. സ്വയാർജ്ജനം. **p.-money** വില, മൂല്യം. **worth or at** (so many) **years' p.** (ഇത്ര) കാലത്തെ കാലാനുഭവത്തിന്ന് തുല്യമായ വില. **=chās-ĕr,** *n.* വിലക്ക് വാങ്ങുന്നവൻ, ക്രേതാവ്, കൊണ്ടവൻ; സ്വയാർജ്ജിതമായി സമ്പാദിച്ചവൻ (*l.*).

**Pur'dah,** *n.* 'പരത', മറ, തിരശ്ശീല.

**Pūre,** *a.* കൂട്ട് ഇല്ലാത്ത, കലപ്പ്—, മായം—; 2. ശുദ്ധ, നല്ല, തനി, തൻ, സാക്ഷാൽ; 3. ദോഷരഹിതമായ, നല്ലനടപ്പുള്ള, ചാരിത്രശുദ്ധി ഉള്ള, പാതിവ്രത്യം—, പത്നിവ്രത്യം—; 4. സ്വച്ഛം ആയ, നിർമ്മലം—; 5. ശുചി ഉള്ള, ശുദ്ധി—; പവിത്രം ആയ; 6. ശുദ്ധസ്വരം—. **p.-impure** കേവലം മലിനമായ. **p. blue** പൂനീലം. **p. mathematics** സംഖ്യാഗണനശാസ്ത്രം; ഗണനപ്രമാണ—. **-'ly,** *ad.* ശുദ്ധിയായി; ശുദ്ധമേ, സാക്ഷാത്തായി, കേവലം. **-'ness,** *n.* സ്വച്ഛത, ശുദ്ധി, നിർമ്മലത. **pū-ri-fi-cā'tion,** *n.* ശുദ്ധിയാക്കൽ; ശുദ്ധീകരണം; പുണ്യാഹം; വ്രതാനുഷ്ഠാനം; വിശുദ്ധീകരണം (*theo.*). **pū-rif'i-cā-tive, pū-rif'i-ca-tōr-y,** *a.* ശുദ്ധിയാക്കുന്ന, പുണ്യാഹം ആയ. **pū'ri-fi-cā-tōr, pū'ri-fī-ĕr,** *n.* ശുദ്ധീകരിക്കുന്നവൻ; പുണ്യാഹം ചെയ്യുന്നവൻ. **pū'ri-fȳ,** *v. t.* ശുദ്ധിചെയ്യുക; —ആക്കുക; ശുദ്ധീകരിക്കുക; പുടംവെക്കുക, സ്ഫുടം ചെയ്യുക; പുണ്യാഹം—; ശുദ്ധിവരുത്തുക. *v. i.* —ആക, നിർമ്മലം—, സ്വച്ഛം—. **pū'rism,** *n.* ശുദ്ധികൃത്യത, അതിശുദ്ധി;

ഭാഷാ—. pū'rist, അതിശുദ്ധിമാൻ; ഭാഷാശുദ്ധിക്കാരൻ. =ris'tic, =ris'ti-cal, *a.* ശുദ്ധികൃത്യതസംബന്ധിച്ച; ഭാഷാശുദ്ധി—. pū'ri-tan, *n.* ക്രിസ്തുമത ശുദ്ധാഭിമാനി; ഒരു ക്രിസ്ത്യാനിപ്പരിഷ, 'പ്യൂരിത്താനൻ', അതിഭക്തൻ. *a.* 'പ്യൂരിത്താന'സഭാസംബന്ധമായ. pū-ri-tan'ic, pū-ri-tan'i-cal, *a.* —സംബന്ധമായ; മതകൃത്യത ഉള്ള; അതിഭക്തി—. pū-ri-tan'i-cal-ly, *ad.* മതകൃത്യതയോടെ; 'പ്യൂരിത്താന'ാചാരപ്രകാരം. pū'ri-tan-ism, *n.* 'പ്യൂരിത്താനോ'പദേശം. pū'ri-ty, *n.* ശുദ്ധി; നിൎമ്മായത്വം; വെടിപ്പ്, ശുചി, നിൎമ്മലത; പരിശുദ്ധി; പരമാൎത്ഥം, യഥാൎത്ഥത; പാതിവ്രത്യം; ഭാഷാശുദ്ധി.

Pur'fle, Purl (pĕr'fl, pĕrl), *v. t.* വിചിത്രക്കര വെച്ചലങ്കരിക്കുക; കസവ് കര പിടിപ്പിക്കുക. pur'fle, purl, pur'flew (-flū), *n.* വിചിത്രക്കര. p.l stitch ഒരു വക പിന്നൽപ്പണി. pur'fled, purled (-fld, pĕrld), *a.* ശൃംഗരിച്ച, കസവ് കരയാലലങ്കരിച്ച. pur'fling, purl'ing, *n.* വിചിത്രക്കര.

Pur-gā'tion, Pur'ga-tive, Pur'ga-tōr-y, *etc.*, *s. u.* Purge.

Purge (pĕrj), *v. t.* ശുദ്ധി ആക്കുക, —വരുത്തുക, നന്നാക്കുക; 2. മലശോധന ഉണ്ടാക്കുക, വിരേചിപ്പിക്കുക, വയറിളക്കുക; 3. അരിച്ച് വെടിപ്പാക്കുക; 4. ഉരുക്കിനന്നാക്കുക; 5. പ്രായശ്ചിത്തം ചെയ്യുക, പാപം മോചിക്കുക, ശുദ്ധീകരിക്കുക, നിൎമ്മലമാക്കുക; 6. കുററമില്ലെന്ന് തീൎച്ചപ്പെടുത്തുക (*l.*); 7. (away) നീക്കിക്കളയുക, ഇല്ലാതാക്കുക. *v. i.* നിൎമ്മലമായ്തീരുക; 2. മലശോധനയുണ്ടാക, വയറിളകുക, വയറൊഴിയുക. *n.* ശുദ്ധിയാക്കൽ; 2. വിരേചകൌഷധം, വയറിളക്കുന്ന മരുന്ന്. =gā'tion, *n.* ശുദ്ധീകരണം, വെടിപ്പാക്കൽ; നിരപരാധിയാണെന്ന് സത്യംചെയ്യൽ; (നെയ്യിൽ) വിരല് മുക്കൽ. ='ga-tive, *a.* വിരേചകമായ. *n.* വിരേചനൌഷധം (*med.*). ='ga-tive-ly, *ad.* ശുദ്ധിയാകത്തക്കവണ്ണം. =ga-tō'ri-al, =ga-tō'ri-an, *a.* മരണാനന്തര ശുദ്ധീകരണസ്ഥലം സംബന്ധിച്ച; പാപപ്രായശ്ചിത്തം— (*R. C.*). =ga-tō'ri-an, *n.* മരണാനന്തര ശുദ്ധീകരണവാദി (*R. C.*). ='ga-tōr-y, *a.* ശുദ്ധീകരിക്കുന്ന; പ്രായശ്ചിത്തമായ. *n.* മരണാനന്തരശുദ്ധീകരണസ്ഥലം, അഘനാശനാഗ്നി (*R. C.*), 'ബെസ്റ്റുക്കാന' (*Syr.*). purg'ĕr, *n.* ശുദ്ധീകരിക്കുന്നവൻ; വിരേചകൌഷധം (*med.*). purg'ĕr-y, *n.* പഞ്ചസാരശുദ്ധിയാക്കുന്ന സ്ഥലം. purg'ing, *a.* വെടിപ്പാക്കുന്ന, ശുദ്ധീകരിക്കുന്ന. *n.* ശുദ്ധിയാക്കൽ; അതിസാരം, വയറിളക്കം (*S.*), വയററ് പോക്ക്, പോക്ക് (*N.*).

Pū-ri-fi-cā'tiōn, Pū'ri-fȳ, Pū'rism, Pū'rist, Pū'ri-tan, Pū'ri-ty, *etc.*, *s. u.* Pure.

Pū'ri-form, *a.* ചലം ആയ; —പോലെയുള്ള (*med.*).

Pū'rim, *n.* യൂദന്മാരുടെ ഒരു പെരുന്നാള്, 'പൂറീം' ഉത്സവം.

I. Purl (pĕrl), *n.* & *v. t.*, *s. a.* Purfle.

II. Purl (pĕrl), *v. i.* ചുഴന്നൊഴുകുക; ചുഴിപ്പുണ്ടാക; ഇരച്ചലോടെ ഒഴുകുക; 2. ചുരുള് ചുരുളായി പൊങ്ങുക. *n.* ചുഴിപ്പ്; 2. ഇരച്ചല്; 3. ചൂട് മദ്യം, ചൂടുള്ള 'ബീര്'. -'ing, *n.* നീരൊഴുക്കം; ഇരച്ചല്.

Pur'lieu (pĕr'lu), *n.* മലങ്കാടോരം; 2. ഓരം, അറു, വക്ക്, അതൃത്തി, പ്രാന്ത്യപ്രദേശം; അയൽ—, —വക്കം.

Pur'lin, Pur'line (pĕr'lin), *n.* ഉലാം (*arch.*).

Purl'ing, *n.*, *s. u.* Purl II.

Pur-loin' (pĕr-), *v. t.* കക്കുക, മോഷ്ടിക്കുക. *v. i.* മോഷണം ചെയ്യുക. -ĕr, *n.* കക്കുന്നവൻ, കള്ളൻ.

Pur'pär-ty, Pur'pärt (pĕr-), Pour-pär'ty (pur-), *n.* കൂട്ടവകാശിക്കുള്ള ഓഹരി, സ്വത്തിന്റെ ഭാഗം (*l.*).

Pur'ple (pĕr'pl), *n.* ധൂമ്രവൎണ്ണം, നീലലോഹിത—, മാന്തളിര് നിറം; 2. ധൂമ്രവസ്ത്രം; റോമചക്രവൎത്തികളുടെ സ്ഥാന—; 3. രാജാധികാരം, ചക്രവൎത്തിത്വം; 4. പ

ദവി; ഐശ്വൎയ്യം; 5. *pl.* ചുവപ്പ്പനി (*med.*). to be born in the p. വലിയ കലത്തിൽ ജനിക്കുക, കലീനനായി പിറക്കുക. *a.* ധൂമ്രവൎണ്ണമുള്ള; 2. രാജകിയ; 3. രക്തവൎണ്ണമുള്ള, രക്തമയമായ. *v. t.* ധൂമ്രവൎണ്ണം ആക്കുക; 2. രക്തവൎണ്ണം—. ='plish, *a.* ഇളധൂമ്രവൎണ്ണംഉള്ള. pur-pū're-al, *a.* ധൂമ്രവൎണ്ണം—, കരിഞ്ചുവപ്പായ.

**Pur'pōrt** (pẽr-), *n.* ഉദ്ദേശം, ഭാവം, താല്പൎയ്യം; 2. പൊരുള്, സാരം. *v. t.* ഭാവിക്കുക; 2. അൎത്ഥമാക; 3. സാരമായിരിക്കുക. -less, *a.* നിരൎത്ഥകമായ; ഉദ്ദേശമില്ലാത്ത.

**Pur'pōse** (pẽr'pus), *n.* നിരൂപണം, വിചാരം, മനസ്സ്, നിനവ്; അഭിപ്രായം; 2. നോട്ടം, ഭാവം, താല്പൎയ്യം, ലാക്ക്, ഉദ്ദേശം; നിശ്ചയം. (in p., of p.) on p. കല്പിച്ച്കൂട്ടി, വേണമെന്ന്വെച്ച്. to no p. വെറുതെ, വ്യൎത്ഥമായി, ഫലമില്ലാതെ. *v. t.* ഭാവിക്കുക, വിചാരിക്കുക, നിരൂപിക്കുക; 2. ഉദ്ദേശിക്കുക, ലാക്കാക്കുക; 3. നിശ്ചയിക്കുക. =pōsed-ly (-pust-), -ly, *ad.* കല്പിച്ച്കൂട്ടി, വേണമെന്ന്വെച്ച്. -ful, *a.* മുഖ്യം ആയ, സാരം—, കാൎയ്യം—. -ful-ly, *ad.* മുഖ്യമായി. -less, *a.* ഉദ്ദേശമില്ലാതെ, വെറുതെ. -less-ness, *n.* നിരൎത്ഥകത്വം, മിത്ഥ്യത്വം. =ẽr, *n.* ഭാവിക്കുന്നവൻ, ഉദ്ദേശിക്കുന്നവൻ. =sive, *a.* ഉദ്ദേശസൂചകമായ.

**Pur-pres'tūre** (pẽr-), **Pour-pres'tūre** (pur-), *n.* കയ്യേറ്റം, സൎക്കാര്സ്വത്തിന്മേലുള്ള കയ്യേറ്റം (*l.*).

**Pur'pū-ra** (pẽr-), *n.* ഒര്വക ചുവപ്പ്പനി (*med.*). =rāte, =pū'rie, *a.* പനിസംബന്ധിച്ച.

**Pur-pū're-al**, *a.*, *s. u.* Purple.

**Purr**, *s. a.* Pur.

**Purse** (pẽrs), *n.* പണസ്സഞ്ചി, മടിശ്ശീല; കോന്തല; 2. മുതല്, പണം, ഖജാന; 3. വിരുത്പണം, സമ്മാനദ്രവ്യം; 4. ക്ലിപ്തമായ ഒര്സംഖ്യപണം. light p., empty p. ദാരിദ്ര്യം, കൈക്കുറച്ചല്, ഞെരുക്കം. long p., heavy p. ഐശ്വൎയ്യം, ധനപുഷ്ടി, കെട്ടിയിരിപ്പ്. p.-net കാല്വല. കര—. p.-pride ധനധാൎഷ്ട്യം, പണത്തിന്റെ ഊക്ക്. p.-proud ദ്രവ്യപ്രൌഢിയുള്ള. sword and p. ആളും പണവും. *v. t.* സഞ്ചിയിൽ ഇടുക, മടിശ്ശീല്ക്കകത്ത്—; 2. ഞെറിയുക, ചുരുക്കുക, മടക്ക്മടക്കാക്കുക. -'ful, *n.* സഞ്ചിനിറയപണം. purs'ẽr, *n.* പടക്കപ്പലിലെ പണകാൎയ്യസ്ഥൻ; (കച്ചവടക്കപ്പലിലെ) കണക്കെഴുത്ത്കാരൻ; കണക്കപ്പിള്ള, മുതൽപിടിക്കാരൻ (*S.*). p.r's name കള്ളപ്പേര്. purs'et, *n.* മടിശ്ശീല; കാല്വല, കരവല.

**Pur'si-ness**, *n.*, *s. u.* Pursy.

**Purs'lāin**, **Purs'lāne**, **Purs'ley** (pẽrs-), *n.* 'ബസല', 'ബസല'ച്ചീര (*b.*).

**Pur-sūe'** (pẽr-sū'), *v. t.* വഴിയെ പായുക, —ഓട്ടുക, പിന്തുടരുക; ഓടിക്കുക; 2. നോക്കുക, കിട്ടുവാൻ നോക്കുക; ....ന്ന് ശ്രമിക്കുക, പരിശ്രമിക്കുക, അന്വേഷിക്കുക; 3. തുടരുക, പോക; 4. ചെയ്യുക, ചെയ്യ്കൊണ്ടിരിക്കുക; 5. അനുകരിക്കുക, അനുസരിക്കുക; 6. പകെക്കുക; ഉപദ്രവിക്കുക, ബുദ്ധിമുട്ടിക്കുക. *v. i.* പിഞ്ചെല്ലുക, പിന്തുടരുക; ഓടിക്കുക; 2. തുടൎന്ന്പറയുക, തുടൎച്ചയായി—, പിന്നെയും—; 3. അന്യായം നടത്തുക (*l.*). =sū'a-ble, *a.* പിന്തുടരാകുന്ന. =sū'al, *n.* പിന്തുടരൽ; തുടൎച്ച. =sū'ance, *n.* വഴിയെ ഓടൽ; അനുസരണം; നടപ്പ്, പ്രയോഗം; ഫലം. in p.e of പ്രകാരം, അനുസാരമായി; നിമിത്തം, മൂലം, ഹേതുവായിട്ട്. =sū'ant, *a.* (to, of) തുടൎന്ന്വരുന്ന; പ്രകാരമുള്ള, അനുസാരമായ. =sū'ant, =sū'ant-ly, *ad.* പ്രകാരം, അനുസാരമായി, അനുസരിച്ച്. =sū'ẽr, *n.* വഴിയെ ഓടുന്നവൻ, പിന്തുടരുന്നവൻ; അന്യായക്കാരൻ (*Scot. l.*). ='sūit (-'sūt), *n.* പിന്തുടരൽ; പിന്തുടൎച്ച; യത്നം, പരിശ്രമം; തേട്ടം, സമ്പാദനം; വ്യാപാരം, പ്രവൃത്തി, തൊഴില്, ഉദ്യോഗം, കാൎയ്യം.

**Pur'suī-vant** (pẽr'swē-vant), *n.* രാജദൂതസഹായി, അനുചരൻ; 2. കലചിഹ്നോപപാലകൻ. p. at arms രാജോപദൂതൻ.

**Pur'sy** (pĕr'si), *a.* കിതെപ്പുള്ള; 2. തിന്ന് തടിച്ച, കൊഴുപ്പ് പിടിച്ച, തടിച്ച് കറുതായ. **='si-ness,** *n.* സുഖഭോഗപുഷ്ടി, പൊണ്ണത്തടി, കിതെപ്പ്.

**Pur'te-nance** (pĕr'te-nans), *n.* മൃഗത്തിന്റെ കരള് മുതലായത്, കല (*N.*), അകമാംസം (*P.*).

**Pū'ru-lent,** *a.* ചലം ഉള്ള, പഴുപ്പ്—; ചോരയും ചലവും കെട്ടിയ (*med.*). **=lence, =len-cy** *n.* പഴുപ്പ്, ചലയിക്കൽ, ചലംവെക്കൽ; ചലം (*med.*). **-ly,** *ad.* ചലയിച്ച്, പഴുത്ത്.

**Pur-vey'** (pĕr-vā'), *v. t.* കോപ്പുകൾ തയ്യാറാക്കികൊടുക്കുക, ഒരുക്കുക, ശേഖരിക്കുക, സംഭരിക്കുക; അകത്തഴിനടത്തുക (*S.*); 2. സമ്പാദിക്കുക, ഉണ്ടാക്കുക. *v. i.* ഭക്ഷണസാധനങ്ങൾ വാങ്ങി ശേഖരിക്കുക, ശേഖരിച്ച്വെക്കുക; 2. (to) കൂട്ടികൊടുക്കുക. **-ance,** *n.* സംഭരിക്കൽ, ശേഖരിക്കൽ; ഒരുക്കം, ചട്ടവട്ടം; മുങ്കരുതല്; കലവറവിചാരം; ഏല്പ്പാട്, കാര്യനടത്തിപ്പ്, നിവ്വാഹം; സംഭാരങ്ങൾ, ഭക്ഷണക്കോപ്പുകൾ; രാജാവശ്യത്തിലേക്ക് പിടിച്ചെടുക്കൽ. **-ŏr,** *n.* ഭക്ഷണക്കോപ്പ് ഒരുക്കുന്നവൻ, 'സരബ്രായി' ചെയ്യുന്നവൻ; കോവിലകക്കലവറക്കാരൻ; കൂട്ടികൊടുക്കുന്നവൻ, കൂട്ടി.

**Pur'view** (pĕr'vū), *n.* നിയമപ്പൊരുള്, ഉദ്ദേശം, താല്പര്യം (*l.*); 2. നിബന്ധന, നിശ്ചയം (*l.*).

**Pus,** *n.* ചലം, ദുഷ്ട്, പൂയം (*med.*).

**Push,** *v. t.* തിക്കുക; 2. ഉന്തുക, തള്ളുക; 3. (മൃഗം കൊമ്പ് കൊണ്ട്) കത്തുക; 4. കയറ്റുക, കവിഞ്ഞ് പ്രവൃത്തിക്കുക; 5. ഉന്തിക്കയറുക; 6. വദ്ധിപ്പിക്കുക; 7. ഓടിക്കുക, തുരത്തുക; 8. തകരാറാക്കുക; പരിഭ്രമിപ്പിക്കുക; 9. ബുദ്ധിമുട്ടിക്കുക, അലമ്പലാക്കുക, തിരക്കാക്കുക; 10. ഞെരുക്കുക. **to p. down** തള്ളിയിടുക, ഉന്തിമറിച്ചിടുക. *v. i.* തട്ടുക; 2. ചുറുചുറുപ്പോടെ പ്രവൃത്തിക്കുക; 3. ആക്രമിക്കുക; 4. തെഴക്കുക. **to p. on** വേഗം ഓടിക്കുക. *n.* കത്ത്; 2. തട്ട്, ഉന്ത്, തള്ള്; 3. അതിക്രമം, ആക്രമം; 4. പരിശ്രമം, യത്നം; 5. തരം, തഞ്ചം; തരുണം, അവസരം; 6. ഇട്ടക്കം, ഇറുക്കം; 7. തുനിവ്; ചുറുക്ക്, മിടുക്ക്. **-'ĕr,** *n.* ഉന്തുന്നവൻ. **-'ing,** *a.* ഉന്തിത്തിരക്കിചെല്ലുക, തള്ളിപ്പിടിച്ച്—; പരിശ്രമിക്കുന്ന, തുനിയുന്ന; ചുറുചുറുപ്പുള്ള; കയറ്റുന്ന; വേണ്ടാത്തതിൽ കയ്യിടുന്ന. **-'ing-ly,** *ad.* തിക്കിത്തിരക്കി.

**Pū-sil-lan'i-mŏus,** *a.* പൌരുഷം ഇല്ലാത്ത, ധൈയ്യം—; നെഞ്ഞുറപ്പ്—; 2. സ്ഥൈയ്യം—; 3. നീചബുദ്ധിയായ; 4. ചുണകെട്ട; 5. ഭീരുത ഉള്ള, പേടി—. **=im'i-ty, -ness,** *n.* അധൈയ്യം, ദൈന്യത, ഭീരുത. **-ly,** *ad.* ആണത്വമില്ലാതെ, പേടിയോടെ.

**Puss,** *n.* (ഓമനപ്പേര്) പൂച്ച; 2. മുയല് (*hunt.*). **p. in the corner** നാല് മൂലക്കളി. **pus'sy** (*dim. of* puss), *n.* പൂച്ച; (ഓമനയായി) പെങ്കുട്ടി, പെണ്ണ്.

**Pus'tūle,** *n.* പൊക്കള (*N.*), പൊള്ളം, സ്ഫോടം; 2. കുരു. **=tū-lant,** *a.* പൊക്കിള വരുത്തുന്ന; പൊള്ളിക്കുന്ന (*med.*). *n.* പൊള്ളിക്കുന്ന മരുന്ന് (*med.*). **=tū-lar, =tū-lāte, =tū-lā-ted, =tū-lŏus,** *a.* പൊള്ളംആയ, പൊക്കിള—. **=tū-lāte,** *v. t.* പൊക്കിള പൊന്തിക്കുക, പൊള്ളിക്കുക. **=tū-lā'tiŏn,** *n.* പൊക്കിളവരുത്തൽ; പൊള്ളല്.

I. **Put,** *n.* തറക്കാരൻ; 2. പൊട്ടൻ; 3. കോമാളി; 4. പച്ചപ്പൻ.

II. **Put,** *v. t. ir.* (put, put) ഇടുക, വെക്കുക; 2. പെടുത്തുക, ആക്കുക: **to p. in fear** ഭയപ്പെടുത്തുക; **to p. to flight** ഓടിക്കുക; 3. കൊടുക്കുക: **he p. the letter into her hands** അവൻ ആ കത്ത് അവളുടെ കയ്യിൽ കൊടുത്തു; 4. ചെയ്യുക, പ്രവൃത്തിക്കുക: **to p. a theory into practice** അഭിപ്രായപ്രകാരം പ്രവൃത്തിക്കുക; **other measures were p. in operation** വേറെ ശ്രമം ചെയ്യ് തുടങ്ങി; 5. സങ്കല്പിക്കുക, കല്പിക്കുക, വ്യാഖ്യാനിക്കുക, ധരിക്കുക: **to p. a wrong construction on an act** പ്രവൃത്തി വേറെ വിധം ധരിക്കുക; 6. ചോദിക്കുക: **to p. a question** ചോദ്യംചോദിക്കുക; 7. ഊഹിക്കുക, ആലോചിക്കുക; ഭാവിക്കുക, വെക്കുക, പ്രസ്താവിക്കുക,

പറയുക: to p. a case ഒര് സംഭവം ആലോചിക്കുക; —ഊഹിക്കുക; let us now p. that you have money നിങ്ങൾക്ക് പണം ഉണ്ടെന്ന് തന്നെ ഭാവിക്കാം, —വെക്കാം; this is ably p. ഇത് ചാതുൎയ്യത്തോടെ പ്രസ്താവിച്ചിരിക്കുന്നു; 8. ചെയ്യിക്കുക, ഉത്സാഹിപ്പിക്കുക; നിൎബ്ബന്ധിക്കുക; വശീകരിക്കുക: they p. us upon this mischief നമ്മെക്കൊണ്ട് ഈ ദ്രോഹം ചെയ്യിക്കുന്നത് അവരാണ്; he p. me to this revenge അവനാണ് എന്നെക്കൊണ്ട് ഈ പ്രതിക്രിയ ചെയ്യിച്ചത്; 9. എറിയുക: to p. the shot ഉണ്ട എറിയുക; 10. നീക്കിവെക്കുക, മാററിവെക്കുക. to p. a stop to നിൎത്തുക. to p. about (കപ്പല്) തിരിക്കുക. to p. away വിട്ട്കളയുക; ഉപേക്ഷിക്കുക. to p. back വഴിയോട്ടാക്കുക; തടസ്ഥം ചെയ്യുക, താമസിപ്പിക്കുക; ഇല്ലെന്ന് പറയുക, പാടില്ലെന്ന്—; യഥാസ്ഥാനപ്പെടുത്തുക. to p. by വെച്ചേക്കുക, ഒന്നും പറയാതിരിക്കുക; സൂക്ഷിച്ച്വെക്കുക, കരുതി—. to p. down താഴെ—; (വില) കുറക്കുക, താഴ്ത്തുക; നിൎത്തൽ ചെയ്യുക; എഴുതുക. to p. forth (കൈ) നീട്ടുക; (ഇല) പൊടിച്ച് വരിക; ഉപയോഗിക്കുക; ചോദിക്കുക; പ്രസിദ്ധം ചെയ്യുക. to p. forward പ്രസ്താവിക്കുക; ഉയൎത്തുക, കയററുക; വളൎത്തുക; (ഘടിയാൾസൂചി) മുമ്പോട്ടാക്കുക. to p. in ഇടയിൽ ചേൎക്കുക; മദ്ധ്യേ പറയുക, അനുകൂലമായി—; (കപ്പല്) തുറമുഖത്ത് വരിക; ബോധിപ്പിക്കുക, 'ഫയലാ'ക്കുക (*l.*); നേരെയാക്കുക (*med.*). to p. in mind ഓൎമ്മപ്പെടുത്തുക, തോന്നിച്ച് കൊടുക്കുക. to p. in print അച്ചടിക്കുക. to p. in words പറയുക, ഉച്ചരിക്കുക. to p. in a language ....ഭാഷയിൽ പറയുക, ഭാഷാന്തരം ചെയ്യുക. to p. into one's head തോന്നിക്കുക. to p. off അഴിച്ച്കളയുക, ഉരിയുക, ഊരുക, വെച്ച്കളയുക; തെററിക്കളയുക, തോല്പിക്കുക; താമസിപ്പിക്കുക, നിൎത്തിവെക്കുക; അഴിച്ചലാക്കുക, (കള്ളനാണ്യം) മാറുക; കടലിലേക്ക് പോക. to p. on *or* upon (വസ്ത്രം) ധരിക്കുക, (തലപ്പാവ്) കെട്ടുക, (തൊപ്പി, *etc.*) ഇടുക; കുററം പറയുക; സഹിക്കുക; ഉപയോഗിക്കുക; ചതിക്കുക; സ്ഥിതിയിലാക്കുക. to p. out പുറത്താക്കുക; മുളക്കുക; ഊതുക, കെടുത്തുക, പൊലിക്കുക; പലിശക്ക് കൊടുക്കുക; മുഷിപ്പിക്കുക, ദേഷ്യം വരുത്തുക; നീട്ടുക; പ്രസിദ്ധം ചെയ്യുക; തടസ്ഥം—; പരിഭ്രമിപ്പിക്കുക; തുറക്കുക, വാതില് വെക്കുക (*l.*); ഉളുക്കുക; കളിപോയ്പ്പോക. to p. over മേലധികാരിയാക്കുക; സാക്ഷിയാണെന്ന് പറയുക; നിൎത്തിവെക്കുക; (അക്കര, അപ്പുറം) കടത്തുക. to p. the hand to *or* unto പ്രവൃത്തിചെയ്യുക; കക്കുക. to p. through സമ്പൂൎത്തിയാക്കുക, സാധിപ്പിക്കുക. to p. to കൂട്ടുക, ചേൎക്കുക; ഇടവരുത്തുക; നുകംവെക്കുക, വണ്ടിക്ക് കെട്ടുക. to p. to a stand തടസ്ഥം ചെയ്യുക, മുടക്കുക. to p. to bed ഉറക്കിക്കിടത്തുക, പോററുക (*N.*); പ്രസവസഹായം ചെയ്യുക, കട്ടിയെടുക്കുക. to p. to account കണക്കിൽവെക്കുക. to p. to death കൊല്ലുക, കലപ്പെടുത്തുക, വധിക്കുക. to p. together കൂട്ടിച്ചേൎക്കുക. to p. this and that together, to p. two and two together അനുമാനിക്കുക, ശരിയായി ഊഹിക്കുക. to p. to it ബുദ്ധിമുട്ടിക്കുക, വിഷമത്തിലാക്കുക. to p. to rights ശരിയാക്കുക, ശരിപ്പെടുത്തുക. to p. to shame നാണിപ്പിക്കുക. to p. to silence മിണ്ടാതാക്കുക. to p. to the sword വെട്ടിക്കൊല്ലുക. to p. to trial *or* on trial പരീക്ഷിച്ച് നോക്കുക; വിസ്തരിക്കുക (*l.*). to p. to the vote ചീട്ടിടുക, അഭിപ്രായം അറിയുക. to p. trust in ആശ്രയിക്കുക, വിശ്വാസംവെക്കുക. to p. up പ്രാൎത്ഥിക്കുക; (വില്പാൻ), വെക്കുക; (വേട്ടയുരു) ചോലയിൽനിന്ന് പുറപ്പെടുക; കൂട്ടിവെക്കുക; ഉണക്കി—; ഉപ്പിലിട്ട്—; മറച്ച്—; തക്കസ്ഥലത്ത്—; (to) ഉത്സാഹിപ്പിക്കുക; ചെയ്യിക്കുക; (കൂടാരം) അടിക്കുക; (വീട്) പണിയുക, —ഉണ്ടാക്കുക; വീട്ടിൽ താമസിപ്പിക്കുക, അതിഥിയായി കൈക്കൊള്ളുക, സല്ക്കരിക്കുക. p. case എന്ന് വെക്കാം, എന്നിരിക്കട്ടെ. a p.-off ഒഴികഴിവ്, ഉപായം, വിള്ള.

*v. i.* കപ്പലോടിക്കുക; 2. ഒര്‌വക ചീട്ട് കളികളിക്കുക. **to p. about** (കപ്പല്) ഗതിമാററുക. **to p. back** (കപ്പല്) മടങ്ങുക, തിരിഞ്ഞോടുക. **to p. forth** മുളച്ച്‌വരിക, തളിക്കുക. **to p. in** (കപ്പല്) തുറമുഖത്തേക്ക്‌വരിക. **to p. in for** അവകാശപ്പെടുക; ഉദ്യോഗാർത്ഥിയായിരിക്കുക. **to p. off** (കപ്പല്) പുറപ്പെടുക; (കപ്പല്) കരവിട്ട്‌പോക. **to p. on** മുറുകിനടക്കുക; ഓട്ടുക. **to p. over** (കപ്പല്) ഒര്‌കരയിൽനിന്ന് മറുകരക്ക് ഓട്ടുക. **to p. to sea** (കപ്പല്) ഓട്ടം തുടങ്ങുക; (കപ്പല്) പുറങ്കടലിലേക്ക് പോക. **to p. up** പാർക്കുക, താമസിക്കുക; ഉദ്യോഗാർത്ഥിയായിരിക്കുക; കൃത്രിമിച്ചുണ്ടാക്കുക. **p. up** കൃത്രിമിച്ചുണ്ടാക്കിയ. **to p. up with** പൊറുക്കുക, ക്ഷമിക്കുക; സഹിക്കുക.

III. **Put** (*or* put), *n.* തട്ടൽ; 2. തട്ട്, തള്ള്; ഏറ്; 3. ഒര്‌വക കത്ത്കളി; 4. ചരക്ക്കൊടുപ്പാനുള്ള കരാറ് (*com.*).

**Pū'tāġe, Pū'tan-iṣm,** *n.* പുലയാട്ട്, വേശ്യാവൃത്തി.

**Pū'ta-tive,** *a.* വിചാരിച്ച്‌വരുന്ന, ഊഹിക്കുന്ന. **p. father of a child** കുട്ടിയുടെ അച്ഛനാണെന്ന് വിചാരിച്ച് വരുന്നവൻ.

**Pū'te-al,** *n.* (കിണററിന്റെ) ആള്മറ (*arch.*).

**Pū'tid,** *a.* കെട്ടഴുകിയ, ചീഞ്ഞ, നാറുന്ന; 2. നീചം ആയ, നിസ്സാരം—. **=tid'-i-ty, -ness,** *n.* ചീച്ചല്; നാററം.

**Put'log, Put'lock,** *n.* എകരത്തെണ്ടിക (*arch.*).

**Pū-tred'i-nŏus,** *a.*, *s. u.* Putrefy.

**Pū'tre-fȳ, Pū'tri-fȳ,** *n.* ചീയിക്കുക, അഴുകമാറാക്കുക, ദ്രവിപ്പിക്കുക, നാററുക; 2. കെടുത്തുക, കേട്‌വരുത്തുക, ഭ്രഷ്ട്പ്പെടുത്തുക; 3. വ്രണമാക്കുക. *v. i.* കെട്ട്കടുമ്പുക, ചീഞ്ഞഴിയുക, ചീഞ്ഞ്നാറുക. **=tred'i-nŏus,** *a.* —നാറുന്ന. **=tre-fac'tiŏn, =tri-fac'tiŏn, =trid'i-ty, =trid-ness,** *n.* അഴുകൽ; ചീച്ചല്, അളി(ഴി)വ്, ദ്രവത്വം. **=tre-fac'tive,** *a.* ദ്രവത്വം സംബന്ധിച്ച; ചീയിക്കുന്ന. **=tre-fac'tive-ness,** *n.* അളി(ഴി)വ്. **=tres'-cence,** *n.* ദ്രവത്വം; കെട്ടഴുകിയത്. **=tres'cent,** *a.* ചീച്ചൽപററിയ; അളി(ഴി)വ്സംബന്ധിച്ച. **=tres'ci-ble,** *a.* ചീഞ്ഞ്പോകാവുന്ന; ചീയുവാൻ ഇടയുള്ള. **pū'trid,** *a.* കെട്ടഴുകുന്ന; ചീഞ്ഞ്നാറുന്ന. **p.d fever** പകച്ചപ്പനി, സന്നിജ്വരം (*med.*). **pū'tri-lāġe,** *n.* ചീച്ചല് പററിയ സാധനം.

**Pū-tres'cent, Pū'trid, Pū'tri-fȳ, Pū'tri-lāġe,** *etc.*, *s. u.* Putrefy.

**Put'ty,** *n.* വാതിലിന്ന് കണ്ണാടിച്ചില്ല് പതിക്കുന്ന പശ. **p.-faced** (നിന്ദയായി) വെളുത്തമുഖമുള്ള. *v. t.* കണ്ണാടി പതിക്കുക.

**Puz'zle,** *n.* കടങ്കഥ, പ്രഹേളിക; സംഭ്രമസൂത്രം; 2. പരിഭ്രമം, മലപ്പ്. *v. t.* പരിഭ്രമിപ്പിക്കുക, അന്ധാളിപ്പിക്കുക, മലപ്പിക്കുക; 2. കുഴക്കുക, കുഴപ്പം വരുത്തുക; 3. (out) കടങ്കഥയുടെ ഉത്തരം കാണുക; സംഭ്രമസൂത്രം മനസ്സിലാക. *v. i.* ഭ്രമിക്കുക, അന്ധാളിക്കുക, മലച്ച്പോക; 2. സംഭ്രമസൂത്രം കണ്ട് പിടിപ്പാൻ ശ്രമിക്കുക. **puz'zlĕr,** *n.* കടങ്കഥക്കാരൻ. **puz'-zliṅg,** *a.* പരിഭ്രമിപ്പിക്കുന്ന, അന്ധാളിപ്പിക്കുന്ന. **puz'zliṅg-ly,** *ad.* പരിഭ്രമത്തോടെ.

**Pȳ-æ'mi-a** (pī-ē'mi-a), *n.* (മുറിയാലും മററും ഉണ്ടാകുന്ന) രക്തവിഷം (*med.*). **=æ'mic,** *a.* രക്തവിഷംസംബന്ധിച്ച.

**Pyc'nīte,** *n.* വിലപിടിച്ച ഒര്‌വക വലിയ കല്ല് (*min.*).

**Pȳe,** *n.*, *s. a.* Pie.

**Pyg'my, Pig'my,** *n.* വാമനൻ (*myth.*); 2. കള്ളൻ, മുണ്ടൻ (*S.*). **pyg'-my, pig'my, pyg-mē'an, pig-mē'-an,** *a.* വാമനനായ.

**Pȳ-jä'ma, Pai-jä'ma,** *n.* അകലക്കാലുറ, 'ഇജാറ്'.

**Py-lō'rus,** *n.* (*pl.* py-lō'rī) (കടൽഭാഗത്തെ) ആമാശയവായ് (*an.*). **-lor'ic,** *a.* —വായ് സംബന്ധിച്ച.

**Pȳ-o-ġen'ic,** *a.* ചലം ഉണ്ടാക്കുന്ന, ചലയിക്കുന്ന (*med.*).

**Pȳ'oid**, *a.* ചലംസംബന്ധിച്ച; 2. —പോലെയുള്ള (*med.*).

**Pyr-**, *pf. s. a.* **Pyro-**.

**Pyr'a-mid, =mis**, *n.* (*pl.* **=mi-dēs**) സൂചിയഗ്രചതുരസ്തംഭം, മിസ്രരാജ്യത്തിലെ പുരാതനരാജാക്കന്മാരുടെ സമാധിസ്തംഭം, 'പിരമിഡ്'; 2. ഏകവിതാനത്രിഭുജാവലിപിണ്ഡം (*geom.*). **=am'i-dal, =mid'ie, =mid'i-cal**, *a.* സൂചിയഗ്രചതുരസ്തംഭ സംബന്ധമായ; —സ്തംഭാകൃതിയായ. **=am'i-dal-ly, =mid'i-cal-ly**, *ad.* സൂചിയഗ്രചതുരസ്തംഭാകാരത്തിൽ.

**Pȳre** (pīr), *n.* ചിത, പട്ടട (*S.*).

**Pyr-et'ic**, *a.* ജ്വരംസംബന്ധിച്ച. **=et'ics**, *n. pl.* ജ്വരഹരി (*med.*). **pyr-e-tol'ō-ġy**, *n.* ജ്വരനിദാനം (*med.*). **=ex'i-a**, *n.* ജ്വരം, പനി (*med.*). **=ex'i-al, =ex'i-cal**, *a.* ജ്വരസംബന്ധമായ.

**Py-rīte'** (*or* pir'it), *n.* (*pl.* **py-rī'-tēs**) ഒരുവക തീക്കല്ല്, ചക്കുമുക്കിക്കല്ല്; (*min.*). 2. ലോഹശില (*min.*).

**Pyr'ō-**, *pf.* അഗ്നിസംബന്ധമായ, ഉഷ്ണംസംബന്ധിച്ച. **-ġen'ic**, *a.* ഉഷ്ണജനകം ആയ. **=og'ē-nōus**, *a.* അഗ്നിജം—. **=ol'a-try**, *n.* അഗ്നിആരാധന, —സേവ, —പൂജ. **=ol'a-tŏr**, *n.* —ആരാധകൻ. **=ol'ō-ġy**, *n.* താപശാസ്ത്രം. **=ol'ō-ġist**, *n.* —ശാസ്ത്രജ്ഞൻ. **=om'e-tĕr**, *n.* താപമാത്ര. **=om'e-try**, *n.* —മാപനം. **-scōpe**, *n.* താപദർശിനിയന്ത്രം. **-tech'-ni-an, -tech'nist, -tech-ni'cian** (-nish'an), *n.* കരിമരുന്നുപണിക്കാരൻ. **-tech'nic, -tech'ni-cal**, *n.* —പ്രയോഗംസംബന്ധിച്ച, —പണി—, വെടിക്കോട്ട—. **-tech'nics, -tech-ny**, *n.* കരിമരുന്നുപ്രയോഗം, വെടിക്കോട്ട, കമ്പവെടി, പൂവെടി.

**Pyr'rhic** (pir'rik), *n.* യവനയുദ്ധനൃത്തം. *a.* —നൃത്തംസംബന്ധിച്ച.

**Pyr'rhō-nism** (pir'rō-), *n.* ചാർവ്വാകമതം, നിരീശ്വരമതം. **=rhō'nē-an, =rhon'ic**, *a.* —മതംസംബന്ധിച്ച. **=nist**, *n.* ചാർവ്വാകൻ.

**Pyth-ag'ō-re-an-ism**, *n.* സംഖ്യാതത്വജ്ഞാനവാദം; 2. ജന്മാന്തരവാദം.

**Pyth'i-an games**, *n. pl.* യവനകളികൾ.

**Pyth'ō-ness**, *n.* ആഭിചാരിണി, ക്ഷുദ്രക്കാരത്തി; 2. ലക്ഷണം പറയുന്നവൾ. **=on'ic**, *a.* —പറയുന്ന. **=nism**, *n.* —പറയൽ, നക്ഷത്രം—. **=nist**, *n.* നക്ഷത്രക്കാരൻ.

**Pyx**, *n.* തിരുവത്താഴയപ്പപ്പെട്ടകം (*R. C.*); 2. നാണ്യമെച്ചപ്പെട്ടി; 3. തവുക്കപ്പെട്ടി, തവുക്കക്കൂട് (*naut.*). **p. cloth** തിരുവത്താഴയപ്പപ്പെട്ടകമറ. **trial of the p.** നാണ്യമാററ് പരിശോധന.

# Q

**Q**, ഇംഗ്ലീഷ് ഭാഷയിൽ പതിനേഴാമത്തെ അക്ഷരം. വ്യഞ്ജനം. പേര്: ക്യൂ. ഉച്ചാരണം: ക്; സദാകാലവും ഈ അക്ഷരത്തോട് u തുടന്നു വരും; രണ്ടും കൂടിയുള്ള ഉച്ചാരണം: ക്വ്, കവ്.

*Quä* (*or* kwā), *conj.* നിലയിൽ, എന്നുവെച്ച്, എന്ന നിലയിൽ.

**Quab**, *n.* പാകം ആകാത്തത്; പൂർണ്ണം—, അപൂർണ്ണമായത്.

**Quack**, *v.i.* താറാവ് കരയുക; 2. വമ്പു പറയുക, പിട്ട്—, സ്വപ്രശംസചെയ്യുക; നാട്യം കാണിക്കുക; 3. കട്ടക്കവൈദ്യനായിരിക്കുക. *n.* ആതിക്കരച്ചല്; 2. വൈദ്യനെന്നു പറഞ്ഞു നടക്കുന്നവൻ, അരവൈദ്യൻ, പൊട്ട—, കട്ടക്ക—; 3. വിദ്യാനാട്യക്കാരൻ. *a.* പൊങ്ങച്ചമുള്ള; കട്ടക്കവൈദ്യനായ; പൊട്ടമരുന്നായ. **q.-salver** വൈദ്യനാട്യക്കാരൻ; പിട്ട്കാരൻ. **-'ĕr-y, -'ism**, *n.* പൊട്ടവൈദ്യം; നാട്യം, പിട്ട്. **-'ish**, *a.* വടായിപറയുന്ന; പൊട്ടവൈദ്യമായ.

**Quad'r, Quad'ra, Quad'ri, Quad'ru,** *pf.* നാല്, ചതുഃ, ചതുർ, ചതുഷ്.

**Quad'ra,** *n.* (*pl.* quad'ræ) പീഠത്തറ, തറ (*arch.*).

**Quad'ra-ble, Quad'ri-ble,** *a.* നാലായിഭാഗിക്കാകുന്ന.

**Quad-ra-ge-nā'ri-ŏus,** *a.* നാല്പതായ; 2. നാല്പത് വയസ്സ് പ്രായമുള്ള.

**Quad'ra-gēne** (-jēn), *n.* നാല്പത്ദിവസത്തെ മോചനം, —പാപ— (*R. C.*).

**Quad-ra-ges'i-ma,** *n.* നാല്പത്ദിവസത്തെ നോമ്പ്, നോമ്പ്കാലം (*R. C.*). **Q. Sunday** നോമ്പിൽ ഒന്നാം ഞായറാഴ്ച. =**mal,** *a.* നോമ്പ്സംബന്ധിച്ച. =**mals,** *n. pl.* —വഴിപാട്.

**Quad-ran'gle,** *n.* ചതുഷ്കോണം, ചതുർഭുജ (*geom.*); 2. ചതുരം, നടുമിററം. =**gū-lar,** *a.* നാല് കോണ് ഉള്ള;—ഭുജ—. =**gū-lar-ly,** *ad.* ചതുഷ്കോണമായി.

**Quad'rant,** *n.* നാലാലൊന്ന്, കാലംശം; 2. വൃത്തപാദം, തുരീയം, വൃത്തത്തിൻെറ നാലാലൊന്ന് (*geom.*); 3. വിതാനചതുർത്ഥം; 4. തുരീയയന്ത്രം. =**ran'tal,** *a.* വൃത്തപാദം സംബന്ധിച്ച. ='**rans,** *n.* ഒരു പെനിയുടെ നാലാലൊന്ന്, 'ഫാർതിങ്ങ്'; താരം, അരപ്പൈസ്സ, രണ്ട് പൈ.

**Quad'rat,** *n.* ഒഴിവാണി, ഒഴിവ്കട്ടി (*print.*).

**Quad'rāte,** *a.* സമചതുരം ആയ (*geom.*); 2. വർഗ്ഗം—, തമ്മെത്രക്കം— (*math.*); 3. ശരി—, ഒത്ത. *n.* സമചതുരം, ചതുരശ്രം (*geom.*). *v. i.* (with) കൊള്ളുക, പററുക, യോജിക്കുക. =**rat'ic,** *a.* ചതുരശ്രസംബന്ധം ആയ; ചതുരം—; വർഗ്ഗസംബന്ധം— (*alg.*). **q.c equation** വർഗ്ഗസമീകരണം (*alg.*). =**rat'ics,** *n.* വർഗ്ഗസമീകരണഗണിതം (*alg.*). =**ra-tūre,** *n.* വർഗ്ഗണം; ചതുരശ്രം; പദസംസ്ഥാനം, പരിധിപദാന്തരം (*as.*). **q.e of the moon** സപ്തമി (*as.*). [(*P.*).

**Quad'rel,** *n.* ഇഷ്ടിക, കട്ട, ചെങ്കല്ല്

**Quad-ren'ni-al,** *a.* നാല്കൊല്ലം കൂടിയ; 2. —കൊല്ലത്തിൽ ഒരിക്കൽ ഉണ്ടാകുന്ന, നന്നാല് കൊല്ലം കൂടുമ്പോഴുള്ള. **-ly,** *ad.* നാല്കൊല്ലത്തിൽ ഒരിക്കൽ. =**ren'ni-um,** *n.* —കൊല്ലം, വൎഷചതുഷ്ടം.

**Quad'ri-ble,** *a. see* **Quadrable.**

**Quad-rī'ga,** *n.* നാല്കുതിര കെട്ടിയ രഥം.

**Quad-ri-gem'i-nal,** =**nŏus,** *a.* നാല്കൂടിയ, നാലെണ്ണം ഉള്ള; 2. രണ്ടിണയായ. [ള്ള.

**Quad-ri-gen-ā'ri-ŏus,** *a.* നാനൂറു

**Quad-ri-lat'ĕr-al,** *a.* ചതുർഭുജ ഉള്ള (*geom.*); 2. ചതുഷ്കോണം— (*geom.*). *n.* ചതുർഭുജ, ചതുരം (*geom.*). **-ness,** *a.* ചതുർഭുജത്വം.

**Quad-ri-lit'ĕr-al,** *a.* നാലക്ഷരമുള്ള.

**Qua-drille'** (ka-dril'), *n.* ഒരുവക നൃത്തം; 2. നൃത്തപ്പാട്ട്; 3. ഒരുവക ചീട്ട് കളി.

**Quad-ril'liŏn** (kwod-dril'yun), *n.* 25 സ്ഥാനമുള്ള സംഖ്യ (*Eng.*); 2. 16 സ്ഥാനമുള്ള സംഖ്യ (*Fr.*); 3. പരാർദ്ധം.

**Quad-ri-nō'mi-al,** =**nom'i-cal,** =**nom'i-nal,** *a.* നാല്രാശിയുള്ള (*alg.*). *n.* ചതുർരാശി (*alg.*).

**Quad-ri-pär'tīte,** *a.* നാലായിഭാഗിച്ച, നാലംശമുള്ള. **-ly,** *ad.* നാലോഹരിയായി. =**ti'tiŏn** (-tish'un), *n.* നാലിക്കൽ; നാലാലൊന്നാക്കൽ.

**Quad-ri-pen'nāte,** *a.* നാല് ചിറകുള്ള (*z.*). [ലിലയുള്ള.

**Quad-ri-phyl'lŏus** (-fil'lus), *a.* നാ

**Quad-ri-sec'tiŏn,** *n.* നാലംശമാക്കൽ, നാലായി ഭാഗിക്കൽ. [ള്ള (*z.*).

**Quad-ri-sul'cāte,** *a.* നാല്കുളമ്പു

**Quad-ri-syl'la-ble,** *n.* നാലക്ഷരപദം. =**syl-lab'ic,** =**syl-lab'i-cal,** *a.* നാലക്ഷരമുള്ള.

**Quad'ri-valve,** *n.* നാല്മടക്കുള്ള കതക്, —വാതില്പലക.

**Quad-riv'i-al,** *a.* നാല്വഴികൂടുന്ന, മുക്കോലപെരുവഴിയായ. =**riv'i-al,** =**riv'i-um,** *n.* (ഗണിതം സംഗീതം

ക്ഷേത്രഗണിതം ജ്യോതിഷം എന്ന) ചതുർവ്വിധ്യകൾ.

Quad-roon′, *n.* വെള്ളക്കാരന്റെയും കാപ്രിസ്സ്രീയുടെയും പുത്രിയിൽ വെള്ളക്കാരന്നുണ്ടായ സന്താനം.

Quad′ru-ped, *a.* നാല്കാലുള്ള, നാല്ക്കാലിയായ. *n.* നാല്ക്കാലികൾ, മൃഗങ്ങൾ. =dal, *a.* നാല്കാലുള്ള; നാല്ക്കാലികളിൽ പെട്ട.

Quad′ru-ple, *a.* നാലിരട്ടി ആയ, നാന്മടങ്ങ്—. *n.* നാന്മടങ്ങ്. *v. t.* നാലിരട്ടി ആക്കുക, നാന്മടങ്ങ്—. *v. i.* നാലിരട്ടിയാക. =plex, *a.* നാലായിമടക്കിയ. q.x system ഒര്കമ്പിമൂലം ഒരിക്കൽ തന്നെ അങ്ങോട്ടും ഇങ്ങോട്ടും ഈരണ്ട് വൎത്തമാനം അയക്കുന്ന സൂത്രം, ചതുൎവ്വിധ്യസൂത്രം. -ru′pli-cāte, *v. t.* നാല്മടക്ക് ആക്കുക. *a.* —ആയ; ചതുർഘാതമാക്കിയ (*math.*). =pli-cā′tiŏn, *n.* നാലിരട്ടിക്കൽ. =ply, *ad.* നാലിരട്ടിയായി, നാന്മടങ്ങായി.

Quæ′re (kwē′re), *v. imp.* ചോദിക്ക്, നോക്ക്, അന്വേഷിക്ക്. *n.* സംശയസൂചകം, സംശയം.

Quæs′tor, *n.*, *s. a.* Questor.

Quäff, *v. t.* കട്ടങ്ങനെ വലിച്ച് കുടിക്കുക, നല്ലവണ്ണം—, രസത്തോടെ—. *v. i.* ധാരാളം—. =′fĕr, *n.* പെരുങ്കുടിയൻ.

Quag, -mīre, *n.* കഴിക്കണ്ടം, മഹാചളിപ്രദേശം, ഈറനിലം. -′gy, *a.* മഹാചളിയുള്ള, ചതുപ്പായ. [(*z.*).

Quag′ga, *n.* അമെരിക്കക്കാട്ട്കഴുത

Quāich, Quāigh, Queigh (kwā), *n.* ചുക്കിതി, ചിരട്ട, പാനപാത്രം, കുടിക്കുന്ന പാത്രം.

I. Quāil, *v. i.* മരിക്കുക, ക്ഷയിക്കുക; ക്ഷീണിക്കുക; 2. വ്യാകലപ്പെടുക; മനമിടിയുക; 3. കിടുകിടുക്കുക, ധൈൎയ്യമില്ലാതാക, പേടിച്ച്മുറുകുക, —വിറെക്കുക.

II. Quāil, *n.* കാടപ്പക്ഷി; 2. വേശ്യ. q.-call, q.-pipe (കാടപ്പക്ഷി) വശീകരണശബ്ദം, വശീകരണസ്വരം.

Quāint, *a.* യുക്തിഉള്ള; 2. ഭംഗി—; 3. അപൂൎവ്വം ആയ, അസാധാരണം—; പ്രത്യേകം—; 4. വിലക്ഷണം—. -′ly, *ad.* വിലക്ഷണമായി. -′ness, *n.* അതിശയം, അപൂൎവ്വത്വം; പ്രത്യേകത; വൈരൂപ്യം.

Quāke, *v. i.* വിറക്കുക, നടുങ്ങുക, കിടുകിടുക്കുക; 2. കലുങ്ങുക, ഇളകുക, കമ്പിക്കുക. *n.* വിറ, നടുക്കം, കലുക്കം, കമ്പം. earth-q. ഭൂകമ്പം, ഭൂമികുലുക്കം. quā′kĕr, *n.* വിറക്കുന്നവൻ; (ഹാസ്യപ്പേര്) ഇളക്കക്കാര്, ഒര് ക്രിസ്ത്യാനിപ്പരിഷ, മിത്രസഭക്കാരൻ. q.r buttons കാഞ്ഞിരക്കുരു. q.r gun പൊട്ടത്തോക്ക്. q.r ladies ഒര്നീലപ്പൂച്ചെടി(*b.*). quā′kĕr-ess, *n.* മിത്രസഭക്കാരത്തി. quā′kĕr-ish, quā′kĕr-līke, quā′kĕr-ly, *a.* മിത്രസഭക്കാരനെപോലെ. quā′ker-ism, quā′kĕr-y, *n.* മിത്രസഭാചാരം, —സഭോപദേശം. quā′ki-ness, *n.* ഇളക്കം, കമ്പം, വിറ. quā′king, *a.* ഇളകുന്ന, കലുങ്ങുന്ന. *n.* കലുക്കം, കമ്പം. q.g-asp വിറക്കുന്ന ഒര് ഇല, ഒര് വക അരയാലില (*b.*). q.g-bog നടക്കുമ്പോൾ കലുങ്ങുന്ന ചതുപ്പ്നിലം. quā′king-ly, *ad.* നടുങ്ങിക്കൊണ്ട്; ഭയത്തോടെ. quā′ky, *a.* വിറക്കുന്ന, കലുങ്ങുന്ന, ഇളകുന്ന.

Qual-i-fi-cā′tiŏn, *etc.*, *s.u.* Qualify.

Qual′i-fȳ, *v. t.* തക്കതാക്കുക, യോഗ്യനാക്കുക; 2. പ്രാപ്തിവരുത്തുക; 3. അധികാരപ്പെടുത്തുക; 4. വിശേഷിപ്പിക്കുക; 5. ഭേദപ്പെടുത്തുക; തെളിയിക്കുക; ക്ലുപ്തപ്പെടുത്തുക, നിബന്ധനം വെക്കുക; 6. മയം ആക്കുക, പതം—, 7. വീൎയ്യംകുറക്കുക; കുറക്കുക; 8. ക്രമപ്പെടുത്തുക. *v. i.* പാറുക, തക്കതാക, യോഗ്യനാക; 2. ഉദ്യോഗാധികാരം കിട്ടുക. =fī-a-ble, *a.* യോഗ്യമാക്കാവുന്ന; വിശേഷപ്പെടുത്താകുന്ന. =fi-cā′tiŏn, *n.* യോഗ്യമാക്കൽ; വിശേഷിപ്പിക്കൽ; യോഗ്യത; വിശേഷണം; പ്രാപ്തി, യോഗ്യത, സാമൎത്ഥ്യം; വൈശിഷ്ട്യം; ഭേദം, മാററം, ക്ലിപ്തം; കുറവ്, വൈകല്യം. =fi-cā-tive, *n.* ഭേദകം, വിശേഷണം; നിബന്ധന. =fi-cā-tŏr, *n.* സഭാകോടതിയിൽ അന്യായം നടത്തുന്ന

ഉദ്യോഗസ്ഥൻ (*eccl.*). =fīed, *a.* യോഗ്യതയുള്ള, പററിയ, തക്ക, പ്രാപ്തിയുള്ള; ക്ലിപ്തമായ; ഭേദപ്പെട്ട. q.d endorsement പ്രത്യേക (നിശ്ചയത്തിന്മേലുള്ള) മേലൊപ്പ് (*com.*). q.d property ക്ലിപ്താവകാശം (*l.*). =fīed-ly, *ad.* നിശ്ചയങ്ങളോട് കൂടി, നിബന്ധനകളോട് കൂടി. =fīed-ness, *n.* ഔചിത്യം, യോഗ്യത. =fī-ĕr, *n.* യോഗ്യതവരുത്തുന്നവൻ; ഭേദപ്പെടുത്തുന്നവൻ.

**Qual'i-ty**, *n.* തരം, വിധം; 2. സ്ഥാനം, നില; 3. ഗുണം, സ്വഭാവം; പ്രകൃതി, ലക്ഷണം; സത്വം; 4. വീര്യം; വിശേഷം; 5. യോഗ്യത, വിശേഷത, സാമർത്ഥ്യം; 6. പദവി, കുലീനത, ഉൽകൃഷ്ടത, ശ്രേഷ്ഠത. q.-binding ഒര് വക നാട. the q. മഹാന്മാര്, മഹജ്ജനങ്ങൾ. =ta-tive, *a.* ഗുണസംബന്ധമായ; ഗുണമുള്ള. q.e analysis യോഗവിഭജനം (*ch.*). =ta-tive-ly, *ad.* ഗുണത്തോട് കൂടി.

**Quälm** (kwäm), *n.* പെട്ടന്നുള്ള വേദന, കത്തല്; 2. മോഹാലസ്യം, മൂർച്ഛ; 3. മനംപിരട്ടല്, —മറിച്ചല് (*S.*); 4. മനസ്സാക്ഷിക്കുത്ത്, മനഃശങ്ക, മനസ്താപം. -'ish, *a.* ഓക്കാനം വരുന്ന, മനംപിരട്ടലുള്ള. -'ish-ly, *ad.* മനംപിരട്ടലോടെ. -'ish-ness, *n.* മനംപിരട്ടല്.

**Quan-dā'ry**, *n.* പ്രയാസം, അമ്പരപ്പ്, വിഷമം; 2. സംശയം, ശങ്ക, ചഞ്ചലം.

**Quan'ti-ty**, *n.* അളവ്, തൂപ്പ്; തൂക്കം; എണ്ണം; പരിമാണം; 2. വലിപ്പം, വണ്ണം; 3. മാത്ര (*gr.*); 4. രാശി (*math.*); 5. കൂട്ടം; തുക; 6. വീതം; അംശം, ഭാഗം. q. of estate ചാർത്തിലെ കാലം (*l.*). q. of matter ഘനം, ഭാരം. q. of motion ചലനപ്രമാണം. infinite q. അനന്തരാശി. known q. വ്യക്തരാശി (*math.*). large q. വളരെ, അധികം. negative q. ഋണരാശി, ക്ഷയ— (*math.*). small q. അല്പം, അസാരം, കുറെ. unknown q. അവ്യക്തരാശി (*math.*). positive q. ധന—, ഘന— (*math.*). rational q. ശുദ്ധരാശി, അമൂല—. radical q., irrational q. മൂലരാശി, കൃത്രിമരാശി. =ti-fi-cā'tion, *n.* പരിമാണഭേദം; —വിശേഷം. ='ti-fȳ, *v. t.* അളവറിയുക, എണ്ണം പറയുക; പരിമാണഭേദം വരുത്തുക. ='ti-tā-tive, ='ti-tive, *a.* പരിമാണസംബന്ധം ആയ. q.e analysis യോഗപരിമാണവിഭജനം (*ch.*). ='ti-tā-tive-ly, ='ti-tive-ly, *ad.* പരിമാണസംബന്ധമായി. quan'-tum, *n.* (*pl.* quan'ta) അളവ്, എണ്ണം, തുക; പെരുക്കഭാഗം (*math.*). *q.m meruit* ന്യായമായത്, തക്കപ്രതിഫലം (*l.*). *q.m sufficit, q.m suff* ആവശ്യമുള്ളത്ര (*med.*). *q.m valebat* ന്യായമായ വില (*l.*).

**Quan'tum**, *n.*, *s. u.* Quantity.

**Quar'an-tīne** (-tēn), *n.* നാല്പത് ദിവസം, ഒര് മണ്ഡലം; 2. പകച്ച് വ്യാധിയുള്ള കപ്പല് കരയുമായി ഇടപെടാതെനില്ക്കേണ്ടുന്ന കാലം; 3. (ഗമനാഗമന)സംസർഗ്ഗനിഷേധം, കപ്പൽവിലക്കം, 'ക്രാന്തി' (*M.*); 4. സംസർഗ്ഗനിഷിദ്ധ(കപ്പൽ നില്ക്കേണ്ടും) സ്ഥലം; 5. (പിണ്ഡടച്ചക്കാരന്ന് ചെല്ലേണ്ടുന്ന ഗൃഹത്തിൽ മരിച്ചവൻെറ വിധവക്ക് താമസിപ്പാൻ അനുവാദമുള്ള) മണ്ഡലകാലം (*Eng. l.*). q.-flag (കപ്പലിലെ) വിലക്കക്കൊടി, മഞ്ഞക്കൊടി, 'ക്രാന്തി'ക്കൊടി. *v. t.* (കപ്പൽ) സംസർഗ്ഗം നിഷേധിക്കുക, (കപ്പൽ) വിലക്കുക, 'ക്രാന്തി'യിൽ വെക്കുക.

I. **Quar'rel**, *n.* അസ്ത്രം; 2. കോണായി വെച്ച ചതുരക്കണ്ണാടി; 3. ചതുരയിഷ്ടിക; 4. കണ്ണാടി (മുറിക്കുന്ന) വജ്രം; 5. ഒര് വക ഉളി.

II. **Quar'rel**, *n.* ശണ്ഠ, കലശല്, കൂട്ടം (*N.*), തകരാറ്, കലമ്പ്, പിണക്ക്, പിണക്കം; വക്കാണം, ഇടച്ചല്, വഴക്ക് (*S.*); 2. വിരോധം, പക. to pick a q. കലശലുണ്ടാക്കുക. *v. i.* കലമ്പുക, കലശല് കൂട്ടുക, കൂട്ടം—, ശണ്ഠയിടുക, പിണങ്ങുക; വക്കാണിക്കുക, ഇടയുക; വഴക്കുണ്ടാക; 2. പിറുപിറുക്കുക. *v. t.* ശണ്ഠകൂട്ടുക, —ചെയ്യുക. -ĕr, -lĕr, *n.* ശണ്ഠക്കാരൻ, കലഹക്കാരൻ. -et, *n.* ഇടച്ചല്, ഇന്നാങ്കം (*N.*), ചില്ലറപ്പിണക്കം. -liṅg, *a.* കലഹിക്കുന്ന; കലഹപ്രിയമുള്ള. -liṅg-ly, *ad.* ശണ്ഠയായി. -ŏus, -lŏus,

-sŏme, *a.* ഇളിച്ചൽ സ്വഭാവമുള്ള; പിണങ്ങുന്ന, ശുണ്ഠിയായ, കലഹപ്രിയമുള്ള. -sŏme-ly, *ad.* കലഹിച്ച് കൊണ്ട്. -sŏme-ness, *n.* കലഹപ്രിയം.

I. **Quar'ry**, *n.* കല്ലുഴി, കക്കുഴി, കല്ലണ, കല്പണ (*N.*), കല്ല്മട, കല്ല്വെട്ടാങ്കുഴി (*S.*), വെട്ട്കുഴി. q.-faced (കല്ല്) ചെത്താത്ത. q.-man കല്ല് കൊത്തി, കക്കൊത്തി. *v. t.* കല്ല് കൊത്തുക, —വെട്ടുക. quar'ri-ĕr, *n.* കക്കൊത്തി, കല്ല് വെട്ടിയെടുക്കുന്നവൻ.

II. **Quar'ry**, *n.* വേട്ടയുരുക്കുടല്; 2. വേട്ടയുരുക്കൂട്ടം; 3. വേട്ടയുരു. *v. i.* ഇരപിടിക്കുക; 2. റാഞ്ചുക. quar'ried (-rid), *a.* ഇരകിട്ടിയ.

I. **Quart**, *n.* (ധാന്യാളവ്) ഒര് ഇടങ്ങാഴി 'സേറ്' (*N.*), പടി (*P.*); 2. (ദ്രവകാളവ്) ഒര് കുപ്പി, കാൽക്കുററി, നാഴി, കാല്പടി (*P.*).

II. **Quart**, *n.* ചീട്ട്കളിയിൽ ഒര് ജാതിയിൽ തുടരെയുള്ള നാല് ചീട്ട്.

**Quar'tan**, *a.* നാലാംപക്കമുള്ള, നാലാംദിവസന്തോറും ഉണ്ടാകുന്ന. *n.* നാലാം പക്കപ്പനി (*med.*).

**Quar'tĕr**, *n.* കാലംശം, കാല്, നാലാലൊന്ന്, ഒന്നിൻെറ നാലിലൊരംശം; 2. ശതത്തൂക്കത്തിൻെറ നാലാലൊന്ന്, 'അന്തറിൻെറ'—, 28 റാത്തൽത്തൂക്കം; 3. (ധാന്യാളവ്) 8 'ബുഷൽ', 8 വട്ടി, ഏതാനും 8 പറ; 4. ശുക്ലാൎദ്ധചന്ദ്രൻ; കൃഷ്ണാൎദ്ധചന്ദ്രൻ (*as.*); 5. കുറക്, ഊപ്പ്. അറുത്ത മൃഗത്തിൻെറ നാലാലൊര് പങ്ക്; 6. ചെരിപ്പിൻെറ പിന്നരുത്തോല്; 7. അയനാൎദ്ധം, മൂന്ന് മാസകാലം; 8. നിരോധപാളയം (*mil.*); 9. അമരപാൎശ്വം (*naut.*); 10. ചതുൎദ്ദിക്കുകളിൽ ഒന്ന്; ദിഗ്ഭാഗം, ദിക്ക്; പ്രദേശം, ദേശം, രാജ്യം, നാട്; 11. പട്ടണഭാഗം; 12. പാൎപ്പിടം, ഇടം, സ്ഥലം; 13. *pl.* പടകപ്പലിൽ യുദ്ധസമയം ഓരോരുത്തര് നില്ക്കേണ്ടും ഇടം; 14. *pl.* താമസിക്കുന്ന സ്ഥലം, വിടുതി, താവളം; 15. കരുണ, ദയ, അഭയം കൊടുക്കൽ, അഭയം. q.-anna കാലണ, ഒര് മുക്കാല്. q.-badge കപ്പലിൻെറ അമരത്തുള്ള വിചിത്രപ്പണി. q.-bill യുദ്ധകപ്പലിൽ യുദ്ധസമയം ഓരോരുത്തര് നില്ക്കേണ്ടുന്ന സ്ഥലപ്പട്ടിക. q.-boat കപ്പലിലെ ഒര് 'വക്കാസ്'. q.-day മുമ്മൂന്ന് മാസം തികയുന്ന ദിവസം, പാട്ടം കൊടുക്കേണ്ടുന്ന—, മാൎച്ച് 25, ജൂൻ 24, സെപ്തമ്പർ 29, ദിസെമ്പർ 25. q.-deck അമരത്തട്ട് (*naut.*). q.-face മുഖഭാഗപടം. q.-foil ചതുൎദ്ദളാലങ്കാരം. q.-master പാളയ സംഭാരവിചാരകൻ (*mil.*); കപ്പല്ച്ചോപ്പ്—. q.-m.-general സംഭാരവിചാരകാദ്ധ്യക്ഷൻ (*mil.*). q.-m.-sergeant പാളയ വിചാരക സഹായി (*mil.*). q.-sessions കുററവിചാരണക്കോടതി (*l.*). q.-square വൎഗ്ഗപാദം, വൎഗ്ഗത്തിൻെറ കാലംശം (*math.*). q.-staff ദണ്ഡ്, വടി, പന്തീരാം വടി, മുച്ചാൺ വടി (*S.*). q.-rupee കാല്രുപ്പിക. q.-watch കപ്പലിലെയാമക്കാവല്. fifth q. അറുത്ത മൃഗത്തിൻെറ തോല്വും കൊഴുപ്പും. first q. ശുക്ലാൎദ്ധചന്ദ്രൻ (*as.*). fore q.s കൈക്കുറക്. free q.s കൂലിയില്ലാത്ത വീട്, (സൌജന്യ)വീട്. head-q.s മുഖ്യസ്ഥലം, തലസ്ഥാനം. hind q.s കാല്ക്കുറക്, തുട. last q. കൃഷ്ണാൎദ്ധചന്ദ്രൻ (*as.*). on the q. കപ്പലിൻെറ അമര പാൎശ്വത്തിന്നെതിൎഭാഗത്ത്. to change one's q.s മാറിപ്പാൎക്കുക. to give *or* show q. യുദ്ധത്തിൽ അഭയം വീണവനെ കൊല്ലാതെ തടവുകാരനാക്കുക, അഭയം കൊടുക്കുക, ദയകാട്ടുക. to keep q. നിലക്ക് നില്ക്കുക. *v. t.* നാലാക്കുക, നാലംശമാക്കുക; 2. വിഭാഗിക്കുക, ഓഹരി ചെയ്യുക; 3. പാൎപ്പാൻ ഇടം കൊടുക്കുക, പാൎപ്പിക്കുക, താമസിപ്പിക്കുക; 4. ഓഹരി കൊടുക്കുക. *v. i.* പാൎക്കുക, താമസിക്കുക. -āġe, *n.* മൂന്ന് മാസത്തെ ശമ്പളം. -iṅg, *n.* പാളയം (*mil.*). -ly, *a.* നാലാലൊന്നായ; മുമ്മൂന്ന് മാസം കൂടുമ്പോളുള്ള. *n.* ത്രൈമാസിക. *ad.* മുമ്മൂന്ന് മാസം കൂടുമ്പോൾ, മൂന്ന് മാസത്തിലൊരിക്കൽ. ='tĕrn, *n.* കാലംശം; ആഴക്ക്; നാല് റാത്തൽ (തൂക്കമുള്ള) അപ്പം. q.n loaf —അപ്പം. -on, *n.* കാലംശം; കാല് റാത്തല്; ഒര് പലം.

**Quar-tet′, =tett′, =tette′** (-tet′), *n.* ചതുരംഗരാഗം, ചതുസ്സ്വര സംഗീതം (*mus.*); 2. ശ്ലോകം, വൃത്തം, നാല് ശീര് (*pros.*).

**Quar′tō,** *a.* ഒര് പായികടലാസ് നാലായി മടക്കിയ. *n.* —മടക്കിയ വലിപ്പമുള്ള പുസ്തകം, ചതുഷ്പത്രിക ഗ്രന്ഥം, ചതുഷ്പത്രകം.

**Quartz** (kwarts), *n.* വെങ്കല്ല് (*min.*).

I. **Quash,** *n.*, *s. a.* Squash.

II. **Quash,** *v. t.* ഉന്മൂലപ്പെടുത്തുക, 'റദ്ദാ'ക്കുക; 2. ചതെക്കുക, നുറുക്കുക, ഞെരിക്കുക, പൊടിപൊടിയാക്കുക; 3. അമൎത്തുക, ഒതുക്കുക. *v. i.* കലുങ്ങുക. **quas-sā′tiōn,** *n.* കലുക്കം; കലുക്കൽ.

*Quā′sī* (or kwā′si), പോലെ, എന്നപോലെ, ഒര് വിധം, ഏതാണ്ടും. *a.* ഒര് വക, പോലെയുള്ള. **q.-historical** ചരിത്രം പോലെയിരിക്കുന്ന, ഒര് വക ചരിത്രമായ. *q.-modo* പുനരുത്ഥാനത്തിൽ ഒന്നാം ഞായറാഴ്ച (*R. C.*).

**Quass, Quas,** *n.* ഒര് വക റഷ്യമദ്യം, റഷ്യ'ബീര്'.

**Quas′si-a** (kwosh′i-a), *n.* ഒര് മരുന്ന് 'കോഷ്യ', ഒര് വക കൈപ്പ് കരിഞ്ഞാലി (*med.*). **=′sin, =′sine, =′sīte,** *n.* 'കോഷ്യ' സത്ത് (*med.*).

**Quā′tĕr-cŏus-in** (kā′tĕr-kuz-n), *n.* ദായാതി, ബന്ധു, ചാർച്ചക്കാരൻ.

**Qua-tĕr′nar-y, =tĕr′nāte,** *a.* നാലായ, നാല് കൂടിയ, ചതുഷ്കമായ. *n.* നാല്, ചതുഷ്കം. **=tĕr′ni-on,** *n.* നാല് എന്ന സംഖ്യ; ചതുഷ്കം; നാലക്ഷര പദം. **=tĕr′-ni-ty,** *n.* ചതുരേകത്വം.

**Quat′rāin** (or kä′trān), *n.* ശ്ലോകം, നാല് ശീര് വൃത്തം (*pros.*).

**Quā′vĕr,** *v. i.* വിറക്കുക, കലുങ്ങുക, ഇളകുക; 2. തൊണ്ട വിറക്കുക, ഇടത്തൊണ്ട—. *v. t.* പതറുക, ഗദ്ഗദമായി സംസാരിക്കുക. *n.* പതച്ച; കലുക്കം; ഗദ്ഗദശബ്ദം. **-ĕr,** *n.* പതറിപ്പറയുന്നവൻ.

**Quay** (kē), *n.* (*s. a.* Key II.) പാതാറ്. **-′āge,** *n.* പാതാറ് കൂലി.

**Quēan** (kwēn), *n.* പെണ്ണ്; 2. മൂധേവി, നീചസ്ത്രീ, നിസ്സാര—, വൃത്തികെട്ട—; 3. വേശ്യ.

**Quēa′sy** (kwē′zi), *a.* മനം പിരട്ടലുള്ള, മനം മറിയുന്ന; ഓക്കാനം വരുന്ന; 2. കുത്സിതയുള്ള. **=′si-ly,** *ad.* മനം പിരട്ടിക്കൊണ്ട്, ഓക്കാനത്തോടെ. **=′si-ness,** *n.* മനം പിരട്ടല്, ഓക്കാനം; വിരക്തി.

**Quēen** (kwēn), *n.* രാജ്ഞി, 'റാണി', രാജസ്ത്രീ, തമ്പുരാട്ടി; 2. രാജപത്നി, അമ്മച്ചി (*S.*), കെട്ടിലമ്മ; 3. അതിസുന്ദരി, സ്ത്രീരത്നം, ദേവി, മഹിഷി; 4. നഗര രത്നം, രാജ്യ—, ദ്വീപ—; 5. തേനീച്ചപ്പെണ്ണ്, മക്ഷികസ്ത്രീ (*z.*); പെണ്ണിറുമ്പ് (*z.*); 6. (വിലാത്തി ചതുരംഗത്തിൽ) രാജ്ഞി, (കാല് മാറിയ) മന്ത്രി; 7. (ചീട്ട് കളി) റാണി. **q.-consort** രാജപത്നി; അമ്മച്ചി (*S.*), കെട്ടിലമ്മ. **q.-craft** രാജനയം. **q.-dowager** രാജവിധവ. **q.-gold** ഇംഗ്ലാണ്ടിൽ പണ്ട് രാജപത്നിക്കുണ്ടായിരുന്ന ഒര് വരവ്. **q.-mother** രാജമാതാവ്, അമ്മ തമ്പുരാൻ. **q. of May, May-q.** ഉല്ലാസരാജ്ഞി, കേളിത്തമ്പുരാട്ടി. **q.-regent, q.-regnant** നാട് വാഴ്ചയുള്ള രാജ്ഞി, മഹാറാണി. **q.'s bench, q.'s counsel, q.'s English, q.'s evidence,** *s. a.* King's bench *etc.*, *s. u.* King. **q.'s metal** ഒര് വക വെള്ളോട്. **q.-post** കത്ത് കാല് (*arch.*). *v. i.* രാജ്ഞിവേഷം കെട്ടുക. *v. t.* (ചതുരംഗത്തിൽ) രാജ്ഞി കരുക, മന്ത്രി—. **-′dŏm,** *n.* രാജ്ഞി വാഴുന്ന രാജ്യം; രാജസ്ത്രീസ്ഥാനം; —പദവി, —നില; രാജ്ഞിയുടെ അധികാരം. **-′hood, -′ship,** *n.* രാജ്ഞിത്വം, രാജസ്ത്രീപദവി, —സ്ഥാനം. **-′ing,** *n.* ഒര് വക ആപ്പിൾ പഴം (*b.*); —മരം (*b.*). **-′li-ness,** *n.* രാജസ്ത്രീലക്ഷണം; ദേവിത്വം, മഹിഷിത്വം. **-′ly,** *a.* രാജ്ഞി തുല്യമായ; രാജ്ഞിക്ക് പററിയ.

**Quēer** (kwēr), *a.* അസാധാരണം ആയ, അപൂൎവ്വം—, പുതുമ—; 2. വല്ലാത്ത, വിലക്ഷണം ആയ; 3. സംശയകരം—; 4. സപകായ്യം—; 5. യഥാൎത്ഥമില്ലാത്ത. *n.* കള്ളനാണ്യം. **to shove the q.** കള്ളനാ

ണ്യം അഴിച്ചലാക്കുക. -'ish, *a.* വല്ലാത്ത, നടപ്പല്ലാത്ത. -'ly, *ad.* വിചിത്രമായി, പുതുമയായി. -'ness, *n.* അതിശയം; വല്ലായ്മ, പ്രത്യേകത.

**Quell,** *v. i.* താഴുക, കുറയുക. *v. t.* കീഴമൎത്തുക, ഒതുക്കുക, കീഴടക്കുക; 2. ശമിപ്പിക്കുക. ='lĕr, *n.* ശമിപ്പിക്കുന്നവൻ, അമൎത്തുന്നവൻ.

**Quench,** *v. t.* ഊതുക, കെടുത്തുക, പൊലിക്കുക; 2. ശമിപ്പിക്കുക, അടക്കുക, ആററുക; 3. തീൎക്കുക; ഒടുക്കുക. *v. i.* പൊലിഞ്ഞ് പോക, കെടുക; 2. ശമിക്കുക. -'a-ble, *a.* ശമിപ്പിക്കാകുന്ന, ശമനീയമായ. -'ĕr, *n.* കെടുത്തുന്നവൻ; ശമകൻ. -'less, *a.* കെടാത്ത, കെടുത്തുവാൻ കഴിയാത്ത; ശമിക്കാത്ത. -'less-ly, *ad.* കെടാതെ. -'less-ness, *n.* കെടായ്മ.

**Quē'rent,** *n.* അന്യായക്കാരൻ, വാദി (*l.*).

**Quer-i-mō'ni-ŏus,** *a.* അന്യായം പറയുന്ന, ആവലാധി—; 2. ഇളിച്ചൽസ്വഭാവമുള്ള. -ly, *ad.* സങ്കടം പറഞ്ഞ് കൊണ്ട്. -ness, *n.* ഇളിച്ചൽസ്വഭാവം.

**Quē'rist,** *n., s. u.* **Query.**

**Quĕrn,** *n.* 'ആസ്', തിരിക്കല്ല്.

**Quĕr'pō,** *n.* അടിവസ്ത്രം, അകക്കുപ്പായം.

**Quer'ū-lŏus,** =len'tial, *a.* തൃപ്തികെട്ട; പിറുപിറുക്കുന്ന; കററം പറയുന്ന; 2. സങ്കടം പറയുന്ന, ആവലാധി—; 3. ഇളിച്ചലുള്ള. -ly, *ad.* സങ്കടത്തോടെ; പിറുപിറുപ്പോടെ. -ness, *n.* ഇളിച്ചൽസ്വഭാവം.

**Quē'ry,** *n.* ചോദ്യം, പ്രശ്നം; അന്വേഷണം; 2. സംശയം; 3. (സംശയചിഹ്നമായ) ചോദ്യക്കുറി, (?) എന്ന അടയാളം. *v. i.* ചോദിക്കുക, അന്വേഷിക്കുക; 2. സംശയിക്കുക. *v.t.* ചോദ്യംചോദിക്കുക, ചോദിച്ചറിയുക; 2. സംശയിക്കുക; 3. സംശയചിഹ്നമിടുക. quē'rist, *n.* ചോദ്യം ചോദിക്കുന്നവൻ.

**Quest,** *n.* അന്വേഷണം, തിരച്ചല്; 2. അപേക്ഷ; ആഗ്രഹം, ഇച്ഛ; 3. അന്വേഷകന്മാര്; 4. ശവപരിശോധന. *v. t.* തിരയുക, അന്വേഷിക്കുക. *v. i.* തിരഞ്ഞ് നടക്കുക; 2. അപേക്ഷിക്കുക.

**Ques'tiŏn** (kwest'yun), *n.* ചോദിക്കൽ; 2. ചോദ്യം, പ്രശ്നം; 3. വാദം, തൎക്കം; 4. സംശയം; 5. വിചാരണ, അന്വേഷണം; 6. കാൎയ്യം, വിഷയം, പ്രസ്താപം. in q. പ്രസ്താപത്തിലെ, പ്രസ്തുത, പ്രസ്താപത്തിലിരിക്കുന്ന. leading q. സൂചകചോദ്യം (*l.*). out of q., past q. നിസ്സംശയമായി, നിശ്ചയം. out of the q. ആലോചിപ്പാൻ തരമില്ലാത്ത; പറയേണ്ടതില്ല, പറവാനില്ല; നിവൃത്തിയില്ല. previous q. വാദം നിൎത്തലാക്കേണമെന്നുള്ള പ്രസ്താവന (*parl.*). to beg the q. തൎക്കത്തിൽപെട്ട സംഗതി തന്നെ പ്രമാണമാക്കി വാദിക്കുക. to the q. വാദവിഷയം സംബന്ധിച്ച്. *v. i.* ചോദിക്കുക; 2. അന്വേഷിക്കുക. *v. t.* ചോദിക്കുക, വിസ്തരിക്കുക; 2. സംശയിക്കുക; 3. സമാധാനം ചോദിക്കുക, ആക്ഷേപിക്കുക; 4. അന്വേഷിക്കുക, സംസാരിക്കുക. -a-bil'i-ty, -a-ble-ness, *n.* സന്ദേഹം. -a-ble, *a.* അന്വേഷിക്കത്തക്ക; സംശയമുള്ള, സംശയകരമായ. -a-bly, *ad.* സംശയസ്ഥിതിയിൽ. -ar-y, *a.* ചോദ്യം ആയ; അന്വേഷണം—. *n.* തിരുശിക്ഷവ്യാപാരി. -ĕr, *n.* ചോദിക്കുന്നവൻ; വിചാരണചെയ്യുന്നവൻ. -ist, *n.* പരീക്ഷയടുത്ത വിദ്യാൎത്ഥി. -less, *a.* അന്വേഷണമില്ലാത്ത. *ad.* സംശയംകൂടാതെ, തീൎച്ചയായി.

**Ques'tor, Quæs'tor,** *n.* ഭണ്ഡാരവിചാരകൻ, 'ഖജാൻജി'. -ship, *n.* ഭണ്ഡാരവിചാരണോദ്യോഗം.

**Quib'ble,** *n.* ഉപായം, തക്കിടി, ഉരുട്ട്, വളതം; 2. വക്രോക്തി, ശ്ലേഷോക്തി; 3. ഒഴികഴിവ്. *v. i.* ഉരുളുക, പൃളം പറയുക; 2. ശ്ലേഷോക്തി പ്രയോഗിക്കുക. quib'blĕr, *n.* ഉപായി, ഉരുട്ട്പറയുന്നവൻ. quib'bling-ly, *ad.* ഉപായമായി; ഉരുട്ടായി.

**Quick,** *a.* സജീവ, ജീവൻ ഉള്ള, ചൈതന്യം—, പ്രാണൻ—; 2. ചുറുക്ക്—, ചുറുചുറുപ്പ്—; ചുണ—, ചൊടി—; 3. വേഗത—, വേഗം ആയ, ശീഘ്രം—; 4. അവി

വേഗം—, ബദ്ധപ്പാട് ഉള്ള, മുങ്കോപം—; 5. സുഖകരം ആയ, ബലപ്രദം—, കളിമ്മ ഉള്ള; 6. സൂക്ഷ്മം—, ശ്രദ്ധ—; 7. ഗർഭം—. q. with child കരുവിന്ന് ജീവൻവെച്ച, ഗർഭമുള്ള, ഗർഭിണിയായ. q.-lime കക്ക, വെന്ത ഇത്തിള്, —ഉച്ചില്, കമ്മായം, ചുണ്ണാമ്പ്. q.-sand മണല്ച്ചുഴി, ചുഴിമണല്. q-scented നല്ലഘ്രാണശക്തിയുള്ള. q.-set കള്ളിവേലി, പൊടിച്ച് വളരുന്ന വേലി, വേലിക്കള്ളി; വളരുന്ന വേലിയുള്ള; പൊടിക്കുന്നവേലിത്തറികുത്തുക. q.-sighted സൂക്ഷ്മദൃഷ്ടിയുള്ള. q.-sightedness സൂക്ഷ്മദൃഷ്ടി. q.-silver രസം, പാരസം, പാരതം. q.-silvered രസം തേച്ച, —പതിച്ച. q.-silvering രസ്പ്പ ണരസം. q.-witted കുശാഗ്രബുദ്ധിയുള്ള, ക്ഷണ—, തീക്ഷ്ണബുദ്ധിയായ. q.-wittedness തീക്ഷ്ണബുദ്ധി. q.-work വെള്ളത്തിൽ താണ് കിടക്കുന്ന കപ്പൽഭാഗം (*naut.*). *ad.* വേഗം, ക്ഷണം, ഉടനെ, ശീഘ്രം, ഉടനടി, ജാഗ്രതയായി. *n.* ജീവജന്തു; 2. പൊടിച്ച് വളരുന്ന ചെടി; 3. പ്രാണൻ; 4. ഇറച്ചി; 5. മർമ്മം, മുഖ്യഭാഗം, വേദനതട്ടുന്ന ഭാഗം, കെണ്ണിപ്പ്: to cut a finger nail to the q. നഖം ഇറച്ചിക്ക് തട്ടത്തക്കവണ്ണം മുറിക്കുക; to thrust a sword to the q. മർമ്മത്തിന്ന് കുത്തുക; to taunt one to the q. കെണ്ണിപ്പിന്ന് കൊള്ളിക്കുക; കൊള്ളിച്ച് പറയുക. -'en, *v. t.* ജീവിപ്പിക്കുക, പുനർജ്ജീവിപ്പിക്കുക; ഉണർത്തുക, കിളർത്തുക; ചുണക്കൂട്ടുക, ചുറുക്ക് വരുത്തുക; വേഗതപ്പെടുത്തുക, ബദ്ധപ്പെടുത്തുക. *v. i.* ജീവിക്കുക, ഉയിരുണ്ടാക; ജീവൻ വെക്കുക; വേഗതക്കൂട്ടുക. -'en-ĕr, *n.* ജീവിപ്പിക്കുന്നവൻ; ജീവിപ്പിക്കുന്നത്. -'en-ing, *n.* ജീവിപ്പിക്കൽ; (വയററിലെ) പിള്ളയനക്കം, കരുവിന്ന് ജീവൻ വെക്കൽ. -ly, *ad.* വേഗം, ശീഘ്രം, ഉടനെ. -'ness, *n.* വേഗത, ചുറുചുറുപ്പ്, തീക്ഷ്ണത; സൂക്ഷ്മം, മൂർച്ച; എരിവ്, എരു.

**Quid**, *n.* ഒര് വായ്ക്ക് വേണ്ടത്, വായ്നിറയ, ഒരിക്കൽ ചവക്കാൻ വേണ്ടുന്നത്: a q. of tobacco ഒര് വായ്ക്ക് പുകയില.

**Quī'dam**, *n.* ആരോ ഒരുത്തൻ, ഏതാണ്ടൊരുവൻ.

**Quid'di-ty** (qwid'i-ti), *n.* സത്ത്, സത്വം; സ്വഭാവം, ഗുണം; 2. കിറുകൃത്യത; 3. ഉഭയാർത്ഥവാക്ക്. quid'da-tive, =ta-tive, *a.* സാരം ആയ, സത്ത്—.

**Quid'dle**, *v. i.* നിസ്സാരകാര്യത്തിന്ന് നേരം കളയുക; 2. ശ്രദ്ധയില്ലാതെ ചെയ്യുക. quid'dle, quid'dlĕr, *n.* നിസ്സാരകാര്യത്തിന്ന് അദ്ധ്വാനിക്കുന്നവൻ.

**Quid'nunc**, *n.* സകലവും അറിവാൻ ആഗ്രഹിക്കുന്നവൻ; 2. —അറിയാമെന്ന് നടിക്കുന്നവൻ, സർവ്വജ്ഞനാട്യക്കാരൻ.

*Quid-prō-quō,* ഒന്നിന്ന് മറെറാന്ന്, ഒന്നിന്ന് പകരം മറെറാന്ന്; 2. പ്രതി, പകരം, തുല്യവസ്തു, വിലക്കുള്ള സാധനം (*l.*).

**Quī-esce'** (kwī-es'), *v. i.* ഉച്ചാരണമില്ലാതിരിക്കുക; ശബ്ദിക്കാതിരിക്കുക. =es'cence, =es'cen-cy, *n.* അനക്കമില്ലായ്മ; മൌനത, നിഷ്പ്രവൃത്തി, സ്വസ്ഥത, അടക്കം. =es'cent, *a.* അചലം ആയ, നിശ്ചലം—, അനങ്ങാത്ത; സ്വസ്ഥമായിരിക്കുന്ന; നിർവ്വികാരം ആയ, ശാന്തം—, സ്വാസ്ഥ്യമുള്ള; മൌനമായ; ഉച്ചാരണമില്ലാത്ത (*gr.*). *n.* നിരുച്ചാരണാക്ഷരം (*gr.*). =es'cent-ly, *ad.* മൌനമായി.

**Quī'et**, *a.* ശാന്തം ആയ, നിശ്ചലം—, അനക്കം ഇല്ലാത്ത, ഇളക്കം—; 2. മൌനമായ; 3. സമാധാനം ഉള്ള, സാവധാനം—, സൈ്വരം—, സ്വസ്ഥത—; ആധിയില്ലാത്ത; 4. സാധുവായ; സൌമ്യത ഉള്ള, അടക്കം—, മിണ്ടാത്ത; 5. പാകതയുള്ള, മോടികറഞ്ഞ, മിതം ആയ; മന്ദം—. *n.* സ്വസ്ഥത, സൈ്വരം, വിശ്രമം; 2. ശാന്തത, മൌനത, സമാധാനം; സാവധാനം. at q. ശാന്തം ആയ, സാവധാനം—. in q. സമാധാനത്തോടെ, ശാന്തമായി, സാവധാനത്തിൽ. *v. t.* നിശ്ചലം ആക്കുക, അനങ്ങാതെ—; മിണ്ടാതെ—, മൌനം—; 2. ശാന്തം—, ശമിപ്പിക്കുക; 3. അമർത്തുക. *v. i.* (down) ശാന്തം ആക; 2. മൌനം—. -ĕr, *n.* ശാന്തമാക്കുന്നവൻ, ശമിപ്പിക്കുന്നവൻ. -ism, *n.* വിരക്തി, വൈരാഗ്യം; മനഃസ്വാസ്ഥ്യം, ശാ

ന്നത; നിഷ്ക്രിയ; മൌനത; ധ്യാനനിഷ്ഠാവാദം (*eccl.*). -ist, *n.* —വാദി (*eccl.*). -is'tic, *a.* —വാദം സംബന്ധിച്ച. -ly, *ad.* ശാന്തമായി, അനങ്ങാതെ; സാവധാനത്തിൽ; മൌനമായി; മിണ്ടാതെ; ക്ഷാന്തിയോടെ. -ness, *n.* മൌനത; സ്വസ്ഥത, സൈര്യം; ശാന്തത. ='e-tūde, *n.* വിശ്രാമം, സൈരം; സമാധാനം. =e'tus, *n.* ഉദ്ധാരണം, മോചനം, വിശ്രമം; മരണം.

Quill, *n.* പക്ഷിത്തൂവല്; 2. (എഴുതുന്ന) തൂവല്, 'പേന'; 3. (മുള്ളന്റെ) അമ്പ്; 4. കുഴല്വാദ്യം; 5. ഒര് വക ഞെറിവ്; 6. വെറുകോല് (*w.*). q.-back ഒര് മത്സ്യം. q.-driver എഴുത്ത് പണിക്കാരൻ. *v. t.* ഞെറിയുക; 2. ചുറവുക. quilled (kwild), *a.* അമ്പുള്ള; തൂവലാകൃതിയായ. quil'ling, *n.* ഒര് വക ഞെറിവ്; ഒര് ശൃംഗാരം.

Quil-lāia' bärk, *n.* ഒര് വക ഇഞ്ച, —അത്ത് (*b.*).

Quilt, *n.* കോതടി, കോസടി, 'ഗുദിരി', ചെറു കിടക്ക; 2. വിരിപ്പ്. *v. t.* കോസടി തുന്നുക, (അകത്ത് വല്ലതും) നിറച്ച് തുന്നുക; 2. വിചിത്രമായി—. -'ĕr, *n.* കോസടി തുന്നുന്നവൻ. -'ing, *n.* നിറച്ച് തുന്നൽ; കോതടിത്തുണി.

Quī'nar-y, *a.* അഞ്ച്കൂടിയ, പഞ്ചകമായ.

Quince, *n.* ഒര് പഴം (*b.*); 2. ഒര് ഫലവൃക്ഷം (*b.*).

Quin'īne (*or* kwī'nīn *or* kwi-nēn), *n.* 'കയിനായ്', ജ്വരഹരി (*med.*).

Quin-qua-ges'i-ma, *a.* അയിമ്പതാമത്തെ, അമ്പതാം. Q. Sunday പുനരുത്ഥാനത്തിന്ന് 50 ദിവസം മുമ്പുള്ള ഞായറാഴ്ച (*Chr.*). [que.

Quin-quan'gū-lar, *etc.*, *s. u.* Quin-

Quin'que, *pf.* അഞ്ച്, പഞ്ച; 2. അഞ്ചിരട്ടി, അഞ്ച്മടങ്ങ്. =quan'gū-lar, =quan'gled (-quan'gld), *a.* പഞ്ചകോണം ഉള്ള, അഞ്ച്മൂല—. -fō'li-āte, -fō'li-ā-ted, അഞ്ചില—(*b.*), -lit'ĕr-al, *a.* അഞ്ചക്ഷരം—, പഞ്ചാക്ഷരിയായ (*gr.*). -lō'bāte, -lō'bā-ted, -lōbed (-lōbd), *a.* പഞ്ചദലം ഉള്ള, അഞ്ചിതള്— (*b.*). =quen'ni-al, *a.* അഞ്ച് കൊല്ലത്തിൽ ഒരിക്കൽ ഉണ്ടാകുന്ന, അയ്യഞ്ച്കൊല്ലം കൂടുമ്പോൾ—. *n.* പഞ്ചവത്സര സംഭവം. =quen'ni-um, *n.* വൎഷപഞ്ചകം.

Quin'sy, *n.* തൊണ്ടവീക്കം, തൊണ്ടമുള്ള്, മുള്ള്, കണ്ഠപാകം (*med.*).

Quin'tal, Ken'tle, *n.* ശതത്തൂക്കം, 'അന്തറ്', തുലാം, മന്ന്, 100 റാത്തല്, 112 റാത്തല്; 2. ഏകദേശം 220½ റാത്തലുള്ള ഒര് തൂക്കം.

Quin'tan, *a.* അഞ്ചാമത്തെ, അഞ്ചാമതായുണ്ടാകുന്ന. *n.* അഞ്ചാം പക്കപ്പനി (*med.*).

Quin-tes'sence, *n.* സാരസത്ത്, ശുദ്ധസത്വം. *v. t.* സത്തെടുക്കുക. =sen'-tial, *a.* സത്ത് ആയ, ശുദ്ധം—.

Quin-til'liŏn (-til'yun), *n.* 31 സ്ഥാനമുള്ള സംഖ്യ (*Eng.*); 2. 19 സ്ഥാനമുള്ള സംഖ്യ (*Fr.*, *U. S.*, *Ger.*).

Quin'tū-ple, *a.* അഞ്ച് ഇരട്ടി ആയ, —മടങ്ങ്—. *v. t.* —ഇരട്ടിയാക്കുക.

Quip, *n.* നേരമ്പോക്ക്, പരിഹാസം, കൊള്ളിവാക്ക്. *v. t.* കളിയാക്കുക, കുത്ത്വാക്ക് പറയുക. *v. i.* പരിഹസിക്കുക, കുത്തിപ്പറയുക, കൊള്ളിച്ച് പറയുക.

Quī'pō (kē'pō), Quī'pu (kē'pu), *n.* (അമേരിക്കയിൽ ചിലേടത്ത് പണ്ടുണ്ടായിരുന്ന) കണക്ക്ചരട്, ഗണിതച്ചരട്.

Quīre, *n.* 24 പായികടലാസുള്ള ഒര് അട്ടക്ക്. കടലാസട്ടക്ക്. [ന്മാർ.

Qui-rī'tēs, *n.* പുരാതന റോമപൌര

Quirk, *n.* ഉരുട്ട്, മറിപ്പ്, തക്കിടി, ഉപായം; വക്രോക്തി; 2. കുത്ത്വാക്ക്. -'ish, *a.* ഉരുട്ടും പിരട്ടുമായ. -'y, *a.* തക്കിടിയുള്ള, മറിപ്പും തിരിപ്പും ഉള്ള, തിരിപ്പനായ.

Quit, *a.* ബാദ്ധ്യത തീൎന്ന, മോചനം വന്ന; വിട്ട. q.-claim ഒഴിമുറി (*l.*). q.-rent 'ക്വിററ്റെന്റ്', സൎക്കാര് കാരായ്മ (*l.*). *v. t.* ഇല്ലാതാക്കുക, തീൎക്കുക; 2.

കാറ മോചനംചെയ്യുക, വിടുക; 3. കടം വീട്ടുക; 4. (reflex) പ്രവൃത്തിക്കുക, കാട്ടുക; സാധിപ്പിക്കുക: q. yourselves like men പുരുഷന്മാരായി പ്രവൃത്തിപ്പിൻ, ആണതപം കാട്ടുവിൻ; 5. ഉപേക്ഷിക്കുക, വിട്ടുകളയുക. to q. cost കടം വീട്ടുക, ചിലവ് വെച്ച് കൊടുക്കുക. to q. scores അന്യോന്യം വീട്ടുക, കണക്ക് കഴിക്കുക. *v. i.* വിട്ട് കളയുക, നിൎത്തിക്കളയുക, മതിയാക്കുക. quits, *int.* ഒത്തു, തുല്യം, ശരി: q.s we are even ശരി നാം ഒര് പോലെ ആയി; to cry q.s ഒര് പോലെ ആക, തുല്യം—. -'ta-ble, *a.* തീക്കാകുന്ന, വീട്ടാകുന്ന. -'tance, *n.* ഋണമോചനം, മോചനം, ഒഴിവ്, വിടുതല്. -'tĕr, *n.* വീട്ടുന്നവൻ.

Quīte, *ad.* പൂൎണ്ണമായി, മുഴുവനും, കേവലം, ആകപ്പാടെ, ആസകലം, മുററും, കട്ടൊഴിയാതെ, തീരെ; 2. വളരെ, നന്നായി, ഏററവും.

I. Quiv'ĕr, *v. i.* ഇളകുക, വിറക്കുക, കുലുങ്ങുക, കിടുകിടുക്കുക. *n.* വിറ, ഇളക്കം, കിടിലം. -ing-ly, *ad.* വിറച്ച്കൊണ്ട്.

II. Quiv'ĕr, *n.* അമ്പ്കാറി, —ക്കൂട്, അമ്പറ, പൂണി, ആവനാഴിക, തൂണീരം. quiv'ĕred (-ĕrd), *a.* പൂണിയുള്ള; ഉറയിലിട്ട.

*Qui-vive'* (kē-vēv'), ആരത്, ആരാണ്. to be on the *q. v* സൂക്ഷിക്കുക, ജാഗ്രതയായിരിക്കുക, കാവല് ചെയ്യുക.

Quix-ot'ie, *a.* വൃഥാ ശൌൎയ്യമുള്ള, ഭോഷത്വമായി പരാക്രമം കാട്ടുന്ന, വിഷ്ഠിതപം ആയ, പൊട്ടത്തരം—. =i-cal-ly, *ad.* മഹാവിഷ്ഠിതപമായി, വിട്ടഭോഷനായി. ='o-tism, ='o-try, *n.* അതികൃത്യത, വിട്ടുവിഷ്ഠിതപം.

Quiz, *n.* കടങ്കഥ; 2. പൊറാട്ട്, തമാശ, പരിഹാസം; 3. തമാശയാക്കുന്നവൻ; 4. പൊട്ടൻ; 5. അഭ്യാസം, പരീക്ഷ. (*U. S.*). *v. t.* വിഷമിപ്പിക്കുക; 2. ഹാസ്യമായി നോക്കുക; 3. അഭ്യസിപ്പിക്കുക. *v. i.* പരീക്ഷിക്കുക. quzzing-glass ചെറു കുഴല്ക്കണ്ണാടി. -'zĕr, *n.* തമാശക്കാരൻ; പരീക്ഷിക്കുന്നവൻ. -'zi-cal, *a.* തമാശ ആയ, പൊറാട്ട്—, നേരമ്പോക്ക്—. -'zi-cal-ly, *ad.* നേരമ്പോക്കായി. -'zism, *n.* തമാശയാക്കൽ.

Quod, *n.* തടവ്, തുറുങ്ക്, കാരാഗൃഹം, 'ജേല്'.

Quod'li-bet, *n.* വാദവിഷയം; 2. *pl.* നാനാവിഷയ ചോദ്യം. =tā'ri-an, *n.* ഉല്ലാസവാദം, നാനാവിഷയ—. =bet'i-cal, *a.* —വിഷയം ആയ; ഉല്ലാസാൎത്ഥം—. =bet'i-cal-ly, *ad.* പലവിഷയമായി; നേരമ്പോക്കായി.

Quoif (koif), -ụre' (-ụr'), *n.* ഒര് ശിരോവസ്ത്രം, ഒര് വക തൊപ്പി.

Quoit (koit), *n.* ചക്രം; 2. ഇരിമ്പ് വള; 3. ഇരിമ്പ് വള ചാടിക്കളി, ചക്രം ചാടൽ. *v. i.* ഇരിമ്പ് വള ചാടിക്കളിക്കുക.

Quon'dam, *a.* മുമ്പേത്ത, പണ്ടേത്ത, ആയിരുന്ന. *n.* സ്ഥാനഭ്രഷ്ടൻ, നീങ്ങിപ്പോയവൻ.

Quōr'um, *n.* പ്രവൎത്തകസംഖ്യ, പ്രവൃത്തിനടത്തുവാൻ അത്യാവശ്യമായ ആളെണ്ണം, നിയമപ്രകാരം ഒര് സഭക്ക് വേണ്ടുന്ന ചുരുങ്ങിയ സംഖ്യ.

Quō'ta, *n., pl. of* Quotum.

Quōte, *v. t.* (മറ്റൊന്നിൽനിന്ന്) എടുത്ത് എഴുതുക, പരവാക്യം പറയുക; 2. പ്രമാണമായി—; 3. നിരക്ക് വില—, എക്കം—. quō'ta-ble, *a.* എടുത്ത് പറയാകുന്ന, ആധാരമായി—. quō-ta-bil'i-ty, *n.* പ്രമാണീകരണീയതപം. =tā'-tiŏn, *n.* എടുത്ത് പറയൽ; പ്രമാണവാക്ക്, ആധാരം; അങ്ങാടിവിലപ്പട്ടിക, എക്കം, നിരക്ക്, നിലവാരം; മുദ്രയാണി (*print.*). q.n-marks പരവാക്യചിഹ്നം, പ്രത്യേകപദ—, ("....") എന്ന അടയാളം (*gr.*). =tā'tiŏn-ist, ='tĕr, *n.* പരവാക്യം പറയുന്നവൻ.

Quōth (*or* kwuth), *v. t.* (ഉത്തമപ്രഥമപുരുഷന്മാരിൽ മാത്രവും ആഖ്യയുടെ മുമ്പിൽ മാത്രവും വരുന്നത്) പറഞ്ഞു, ചൊന്നാൻ, ചൊല്ലീടിനാർ, ചൊന്നേൻ, ചൊന്നോം. -'a, *int.* നിശ്ചയം, നേരായി, നേര്.

**Quō-tid'i-an,** *a.* ദിവസേനയുണ്ടാകുന്ന. *n.* ദിവസപ്പനി, ദിവസേന വരുന്ന വിറപ്പനി (*med.*).

**Quō'tient** (kwō'shent), *n.* ഹരിതം, ലബ്ധി, ഹരണഫലം (*math.*).

**Quō'tum,** *n.* (*pl.* **quō'ta**) ഓഹരി, വീതം, പങ്ക്.

**Qụ-rän',** *n.* കുറാൻ, മുഹമ്മദീയ വേദപുസ്തകം, 'മുസ്സാഫ്' (*M.*).

# R

**R,** ഇംഗ്ലീഷ് ഭാഷയിലെ പതിനെട്ടാമത്തെ അക്ഷരം. വ്യഞ്ജനം. പേര്: 'ആർ'. ഉച്ചാരണം: റ്, ര്, ഴ്. **the three Rs** എഴുത്തും വായനയും കണക്കും, ആദ്യവിദ്യകൾ.

**Rab-bāte',** *v. t.* കിഴിച്ച് കൊടുക്കുക, വിട്ട്—; കുറെക്കുക. *n.* കിഴിപ്പ്, കിഴിവ്.

**Rab'bet,** *n.* ഒരുവക കുത (*carp.*); 2. —ഏപ്പ് (*carp.*). **r.-joint** കുതയേപ്പ്. *v. t.* കുതക്കുക; 2. ഏക്കുക, ഇഴെക്കുക (*carp.*).

**Rab'bi** (*or* -bī), **Rab'bin,** *n.* യൂദഗുരു, യഹൂദന്മാരുടെ—, 'റബ്ബി'. =**bin'ic,** =**bin'i-cal,** *a.* 'റബ്ബി'മാരെ സംബന്ധിച്ച, 'റബ്ബി'മാരുടെ *n.* 'റബ്ബി'ഭാഷ, എബ്രായഭാഷയുടെ ഒരു ഭേദം. =**bin'i-cal-ly,** *ad.* 'റബ്ബി'സമ്പ്രദായപ്രകാരം. ='**bin-ism,** *n.* 'റബ്ബി'മാരുടെ ഉപദേശം; —ഭാഷ. ='**bin-ist,** ='**bin-īte,** *n.* 'റബ്ബി'യുപദേശാവലംബി.

**Rab'bit,** *n.* മുയല്, ചെവിയൻ, ശശം (*z.*). **r.-buck** ആണ്മുയല്. **r.-doe** പെണ്മുയല്. **r.-burrow** മുയൽമട. **r.-warren** മുയൽക്കാട്. **-ing,** *n.* മുയൽവേട്ട, മുയൽനായാട്ട്, മുയലാട്ടൽ. **-ry,** *n.* മുയലിനെ പോററുന്ന കളം, മുയൽക്കളം.

**Rab'ble,** *n.* പുരുഷാരം, ജനക്കൂട്ടം, ആൾക്കൂട്ടം; 2. നിലവിളി, ആരവാരം, ആർപ്പ്, ഊയ്യാരം. **r.-rout** ആർത്ത് വിളിക്കുന്ന കൂട്ടം, കലഹക്കൂട്ടം. **the r.** അധമജനക്കൂട്ടം, പോക്കിരിക്കൂട്ടം, താണജനക്കൂട്ടം. *a.* കലഹക്കൂട്ടത്തിന്റെ; 2. ക്രമംകെട്ട, താറുമാറായ; 3. നീചന്മാരായ, താണ. *v. t.* ലഹള ചെയ്യുക. **-ment,** *n.* ലഹളക്കാര്, പോക്കിരിക്കൂട്ടം.

**Rab'id,** *a.* ഭയങ്കരം ആയ, കഠിനം—; 2. ഉന്മാദം ഉള്ള, മദം—, ഭ്രാന്ത്—; 3. മതഭ്രാന്ത്—; 4. (നായ്, കുറുക്കൻ) ഭ്രാന്ത് പിടിച്ച, പേ— (*S.*); 5. പേവിഷം സംബന്ധിച്ച (*med.*). =**bid'i-ty, -ness,** *n.* ഉന്മാദം, ഭ്രാന്ത്; നായ് ഭ്രാന്ത്. **-ly,** *ad.* ഭ്രാന്തോടെ; അതിരൂക്ഷതയോടെ.

**Rā'bi-ēṣ,** *n.* നായ് ഭ്രാന്ത്, ഭ്രാന്തൻനായിവിഷം; പേപ്പട്ടി—, പേവിഷം (*S.*).

**Rac-coon',** *n.* (അമേരിക്കയിലെ) ചെറുകരടി (*z.*).

I. **Rāce,** *n.* വേര്, കിഴങ്ങ് (*b.*). **r.-ginger** (പൊടിക്കാത്ത) ചുക്ക് (*b.*).

II. **Rāce,** *n.* ജാതി; വംശം; ഗോത്രം; കുലം; 2. കൂട്ടം, ഗണം; 3. വർഗ്ഗം (*b.*); 4. ചുവ, രുചി. **rā'ci-al** (*or* rā'shal), *a.* വംശസംബന്ധമായ.

III. **Rāce,** *n.* ഒഴുക്കം, ഗതി; 2. ഓട്ടം; വേഗത; 3. വിരുതോട്ടം, പന്തയ ഓട്ടം; 4. *pl.* കുതിരപ്പന്തയം; 5. മറുകല്, പോര്; 6. ആയുസ്സ്, ആയുഷ്കാലം; 7. നീരൊഴുക്ക്, നീര് വലി, വലിപ്പ്; 8. വൻതിര, കടല്; 9. (ചക്രം തിരിക്കുന്ന) വെള്ളച്ചാല്. **r.-cloth** പന്തയക്കുതിരത്തുണി. **r.-course, r.-track** പന്തയസ്ഥലം, ഓട്ടക്കളം. **r.-cup** പന്തയവിരുത്. **r.-glass** ഒരുവക കുഴല്ക്കണ്ണാടി. **r.-horse** പന്തയക്കുതിര; അതിവേഗതയുള്ള ഒരു ജാതികുതിര. *v. i.* വേഗം ഓടുക; 2. പന്തയത്തിൽ—. *v. t.* പന്തയക്കുതിര ഓടിക്കുക; 2. പന്തയത്തിൽ ഓടുക. **rā'cĕr,** *n.* പന്തയത്തിൽ ഓടുന്നവൻ; പന്തയക്കുതിര. **rā'ciṅg,** *a.* ഓടുന്ന. *n.* പന്തയ ഓട്ടം.

**Ra-cēme′**(-sēm′), *n.* പുഷ്പമഞ്ജരി, പൂക്കുല (*b.*). **rac-e-mā′tion** (ras-e-), *n.* മുന്തിരിങ്ങാക്കുല (*b.*). **rac-e-mif′ĕr-ŏus, rac-e-mōse, rac′e-mŏus** (ras-e-), *a.* കുലകുലയായ (*b.*).

**Rā′chis, Rhā′chis** (rā′kis), *n.* നട്ടെല്ല്, നെട്ടെല്ല് (*an.*). **rā-chi-al′-gi-a,** *n.* വിലക്കം, നെട്ടെല്ല്വേദന (*med.*). =**chit′ic** (-kit′ik), *a.* നെട്ടെല്ല് രോഗംസംബന്ധിച്ച (*med.*). **ra-chī′-tis** (-kī′tis), *n.* നെട്ടെല്ല് വീക്കം; എല്ല് രോഗം (*med.*).

**Rā′ci-ly, Rā′ci-ness,** *s. u.* **Racy.**

I. **Rack,** *n.* ആട്ട് മാംസത്തിന്റെ കഴുത്ത് കഷ്ണം; 2. കട്ടന്റെ—.

II. **Rack,** *n.* നാശം, ശൂന്യം. **r. and ruin** ശൂന്യം, നിർമ്മൂലനാശം. **to go to r.** നശിച്ച് പോക, നാനാവിധമായി—.

III. **Rack,** *n.* ചെറുമേഘം. *v. i.* (മേഘം) ചലിക്കുക, —ഓട്ടുക.

IV. **Rack,** *v. i.* (കുതിര) വേഗം നടക്കുക. *n.* (കുതിരയുടെ) ശീഘ്രനടത്തം.

V. **Rack,** *v. t.* മട്ട് നീക്കുക, അരിക്കുക, ഊററുക. **r. vintage** മട്ടൂററിയ വീഞ്ഞ്.

VI. **Rack,** *n.* ഒര് മരച്ചട്ടം; 2. പീഡനയന്ത്രം, ഭേദ്യ—; 3. വില്ല് വളക്കുന്ന—; 4. ആലവല്ലം; 5. തട്ട്, പലക; 6. കററി, മരയഴി; 7. വെട്ടുതല, പിടിതല (*w.*); 8. പല്ലിരിമ്പ് വാളം (*mech.*). **to be on the r.** പീഡയനുഭവിക്കുക. **to live at r. and manger** ആരാന്റെ ചോറുണ്ട് ജീവിക്കുക, പക്കച്ചോറുണ്ണുക. **to put to the r.** ഭേദ്യം ചെയ്യുക, ഹിംസിക്കുക. *v. t.* വലിച്ച് നീട്ടുക, യന്ത്രത്താൽ കയ്യും കാലും വലിച്ച് നീട്ടുക; 2. ഭേദ്യംചെയ്യുക, ഹിംസിക്കുക, പീഡിപ്പിക്കുക; 3. ഞെരുക്കുക, പിടിച്ച് പറിക്കുക, അപഹരിക്കുക. **r.-rent** കഠിനവാരം, —പാട്ടം. **r.-renter** കഠിനപാട്ടം കൊടുക്കുന്നവൻ; —വാങ്ങുന്നവൻ. **to r. one's brains** *or* **wits** പാട് പെട്ടാലോചിക്കുക; പണിപ്പെട്ട് ചെയ്യുക, ഭഗീരഥപ്രയത്നം—. **-′ĕr,** *n.* ഹിംസിക്കുന്നവൻ.

I. **Rack′et, Rac′quet** (rak′et), *n.* (പന്തടിക്കുന്ന) വടിവല; 2. ഒര് വക പന്ത് കളി. **r.-course** പന്തടിക്കളം, പന്തടിമെത്ത. *v. t.* വടിവലകൊണ്ടടിക്കുക.

II. **Rack′et,** *n.* നിലവിളി, ആരവാരം, അമളി; 2. കടിച്ച് കൂത്താടൽ, കടിക്കൂത്ത്. *v. i.* കൂക്കിയും വിളിയും കൂട്ടുക; 2. നിലവിളിച്ച് കളിക്കുക; 3. കടിച്ച് കൂത്താട്ടുക. **-ĕr,** *n.* അമളിക്കാരൻ. **-y,** *n.* നിലവിളിയുള്ള, ഉച്ചത്തിൽ ശബ്ദിക്കുന്ന.

*Ra-con′teur* (-ter), *n.* വിവരിക്കുന്നവൻ, കഥ പറയുന്നവൻ.

**Rac′quet,** *n., s. a.* **Racket** I.

**Rā′cy,** *a.* ചുവ ഉള്ള; പ്രത്യേകരുചി—; 2. പുതിയ, നല്ല; 3. രസികമായ, ഇമ്പം ഉള്ള. **rā′ci-ly,** *ad.* രസമായി, ഇമ്പമായി. **rā′ci-ness,** *n.* രസം, ലാവണ്യം.

**Rad′dle,** *n.* വേലിവാരി, അലക്; 2. അലക് കെട്ടിയ വേലി; 3. പാവ് കോല് (*w.*). *v. t.* അലക് വെച്ച് കെട്ടുക; 2. പിണെച്ച്—.

**Rā′di-al, Rā′di-ant,** *etc., s. u.* **Radiate.**

**Rā′di-āte,** *v. i.* രശ്മിവീശുക, കതിര് ചിന്നുക; പ്രകാശിക്കുക, ശോഭിക്കുക, മിന്നുക; 2. പുറപ്പെടുക. *v. t.* പുറപ്പെടുവിക്കുക, വീശുക; 2. പ്രകാശിപ്പിക്കുക; ശോഭിപ്പിക്കുക. =**āte,**=**ā-ted,** *a.* കതിരുള്ള, രശ്മിപുറപ്പെടുന്ന. =**al,** *a.* —സംബന്ധം ആയ; —തുല്യം—. =**al-ly,** *ad.* രശ്മിയായി. =**ance,**=**an-cy,** *n.* പ്രഭ, ശോഭ, തേജസ്സ്, ഒളി. =**ant,** *a.* ഒര് ദിക്കിൽനിന്ന് ചുററും പുറപ്പെടുന്ന; രശ്മിതുല്യമായ; ശോഭ ഉള്ള, പ്രഭ—; ഉഷ്ണം—; (മുഖം) തേജസ്സ്—. **r.t energy** രശ്മിശക്തി (*ph.*). **r.t heat** കിരണോഷ്ണം (*ph.*). *n.* പ്രകാശോല്പത്തിസ്ഥാനം; പ്രഭാമണ്ഡലം (*opt.*); കേന്ദ്രരേഖ (*geom.*). =**ant-ly,** *ad.* പ്രശോഭിതമായി, പ്രഭയോടെ. **-ly,** *ad.* രശ്മിതുല്യമായി; ഒര് ദിക്കിൽനിന്ന് പുറപ്പെട്ട് ചുററും വ്യാപിക്കുന്നതായി. =**ā′tion,** *n.* കതിര്വീശൽ; പ്രകാശദായകത്വം; പ്രഭ; പുറപ്പാട്. =**ā-tive,** *a.* ര

ശ്മിയായി പുറപ്പെടുന്ന. =ā-tŏr, *n.* രശ്മി വീശി; ഉഷ്ണജനകസൂത്രം.

**Rā-di-ā'ta,** *n. pl.* നക്ഷത്ര (രൂപ) പ്രാണികൾ, താര (രൂപ)— (*z.*). =āte, *n.* താരപ്രാണി (*z.*). *a.* താരപ്രാണി സംബന്ധമായ (*z.*).

**Rad'i-cal,** *a.* വേര് സംബന്ധിച്ച; 2. വേരിൽനിന്ന് പുറപ്പെടുന്ന (*b.*); 3. ഉല്പത്തിസംബന്ധിച്ച, മൂലം—, ആധാരം—, സ്വഭാവം—, പ്രകൃതി—, പ്രമാണം—; 4. പൂൎണ്ണം ആയ, സമൂലം—, ആകപ്പാടെ ഉള്ള, ഒട്ടുക്ക്—; 5. ധാതു സംബന്ധിച്ച (*philol.*); 6. മൂലം—, ഘാതം— (*math.*). r.-quantity മൂലരാശി, കരണി— (*alg.*). r. sign ഘാതചിഹ്നം, മൂല—, √ എന്ന അടയാളം (*alg.*). *n.* ധാതു (*philol.*); ധാത്വക്ഷരം (*philol.*); 2. നവീകരണവാദി (*pol.*); 3. മൂലദ്രവ്യം, മൂലാണു (*ch.*); 4. ഘാതരാശി, മൂല— (*alg.*). -ism, *n.* മൌലികത്വം; നവീകരണവാദം (*pol.*). =cal'i-ty, -ness, *n.* മൌലികത്വം, സ്വാഭാവികത്വം. -ly, *ad.* സമൂലം, ആമൂലം, ഉന്മൂലം, നിൎമ്മൂലം; സ്വഭാവേന, പ്രകൃത്യാ, സഹജമായി; പൂൎണ്ണമായി. =cant, *a.* വെര് മേലെ പൊന്തിയ (*b.*). =cāte, *v. i.* വേര് ഇറങ്ങുക, —കിഴിയുക, —ഊന്നുക (*b.*); ഉറക്കുക. *v. t.* വേരൂന്നിക്കുക, നടുക, കഴിച്ചിടുക. =cāte, =cā-ted, *a.* വേരൂന്നിയ; കിഴങ്ങുള്ള. =cā'tiŏn, *n.* ഉറച്ച് പോകൽ സ്ഥിരപ്പെടൽ; വേര് (*b.*). =cel, =cle, =cūle, *n.* ചെറുവേര്, നാര്; മുള (*b.*). =dic'ū-lar, *a.* വേര് സംബന്ധിച്ച (*b.*).

**Rā'di-ī,** *n., pl. of* Radius.

**Rad'ish,** *n.* മുല്ലങ്കി, മുള്ളങ്കി, ഒര് തക്കാരിക്കിഴങ്ങ് (*b.*).

**Rā'di-us,** *n.* (*pl.* rā'di-ī, *or* rā'di-us-es), അൎദ്ധവ്യാസം, കൎണ്ണാൎദ്ധം, ത്രിജ്യ, ജീവാ (*geom.*); 2. പ്രകോഷ്ഠാസ്ഥി, തിരിയെല്ല്, മണിബന്ധാധാരാസ്ഥി (*an.*). *r. vector* ചല കൎണ്ണം, മന്ദ— (*as.*).

**Rā'dix,** *n.* ധാതു, പ്രകൃതി (*philol.*); 2. സംഖ്യാപ്രമാണം, —വ്യവസ്ഥ (*math.*); 3. വേര് (*b.*).

**Raff,** *n.* കുനല്, കൂട്ടം; കപ്പ, ചണ്ടിയും ചവറും; 2. ആഭാസവൎഗ്ഗം, പോക്കിരികൾ; 3. നീചൻ. r.-merchant പഴയ സാമാനം വില്ക്കുന്നവൻ, കണ്ടതും കടിയതും—. riff-r. ചണ്ടികൾ, ആഭാസന്മാര്. -'ish, *a.* താണ, നീചം ആയ; ആഭാസം—.

**Raf'fle,** *n.* 'സോടതി', നറുക്കിടൽ. *v. i.* 'സോടതി'യിൽ കൂടുക. *v. t.* (off) 'സോടതി' ഇടുക. raf'flĕr, *n.* —ഇടുന്നവൻ.

**Räft,** *n.* തിരപ്പം, മരത്തിരപ്പം, ഉഡുപം. r.-bridge തിരപ്പപ്പാലം. *v. t.* തിരപ്പം കെട്ടുക; 2. തിരപ്പത്തിൽ കയററി കൊണ്ടുപോക. räf'tĕr, *n.* തിരപ്പക്കാരൻ; കഴക്കോല് (*arch.*). *v. t.* കഴക്കോല് ആക്കുക; —താങ്ങുക; ഉഴത് മറിക്കുക (*ag.*). ='ting, *n.* തിരപ്പം കെട്ടൽ; —കത്തൽ. räfts'man, *n.* തിരപ്പക്കാരൻ.

**Rag,** *n.* പഴന്തുണിക്കഷണം, കീററ് തുണി (*S.*), കീറത്തുണി; 2. *pl.* ജീൎണ്ണവസ്ത്രം, കീറിപ്പാറിയ ഉടുപ്പ്; 3. വൃത്തികെട്ടവൻ, പ്രച്ഛന്നൻ; 4. ഒര് വക പാറ (*geol.*); 5. പരുപരുത്ത അരു; 6. കപ്പപ്പായി (*naut.*). r.-dust കീററ് തുണിയിടിച്ച പൊടി. r.-man പഴന്തുണി വില്ക്കുന്നവൻ. r.-picker കീററ് തുണിപെറുക്കി. r.-tag ആഭാസക്കൂട്ടം, പോക്കിരികൾ. r.-wool കമ്പിളിക്കീററ്. *v. i.* കീറുക, ജീൎണ്ണിക്കുക. *v. t.* അരമിടുക, (അമ്മി) കൊത്തുക. rag'a-bash, rag'a-brash, *n.* മടിയൻ, 'സോമാരി'. rag-a-muf'fin, *n.* ആഭാസൻ, നിസ്സാരൻ, വഷളൻ; കീറിപ്പറിച്ചതുടുത്ത് നടക്കുന്നവൻ. -'ged, *a.* കീറിയ, കീറിപ്പറിഞ്ഞ; പരുപരുപ്പ് ആയ, പല്ല്പല്ല്—, ജൎജ്ജരം—, കൎക്കശം—; കരുകരുത്ത; ജീൎണ്ണവസ്ത്രം ധരിച്ച; വൃത്തികെട്ട. r.d lady ഒര് പുഷ്പം (*b.*). r.d robin —പുഷ്പം (*b.*). r.d sailor —പുഷ്പം (*b.*). r.d school ധൎമ്മപ്പള്ളിക്കൂടം, ധൎമ്മപാഠശാല, ധൎമ്മയെഴുത്ത് പള്ളി. -'ged-ly, *ad.* കീറിപ്പാറി. -'ged-ness, *n.* ജീൎണ്ണത, ജീൎണ്ണിപ്പ്.

**Rāġe,** *n.* ഉഗ്രത, കടുപ്പം, കാഠിന്യം; 2. കടുങ്കോപം, ഉഗ്രകോപം, ക്രോധം, രോഷം, ദ്വേഷ്യം; 3. ആതുരവിഷയം,

ഇച്ഛാ—, മോഹം, ഭ്രമം. *v. i.* ചീറുക, ക്രുദ്ധിക്കുക, കോപപരവശനാക, കോപിച്ച് തുള്ളുക; 2. ഉഗ്രമായിരിക്കുക; 3. അതിക്രമിക്കുക, അധികം ആയിരിക്കുക; കൊള്ള—; വ്യാപിക്കുക. **rā'ġing,** *n.* രൌദ്രത, (കടലിലെ) കോള്; കൊള്ള, അതിക്രമം. *a.* അതിക്രമിച്ചിരിക്കുന്ന, കൊള്ളയായ. **rā'ġing-ly,** *ad.* ഉഗ്രമായി, കോപത്തോടെ; അതിക്രമമായി, അധികമായി.

**Ra-goût'** (ra-gō'), *n.* മാംസക്കറി, ഇറച്ചിക്കറി, ഒരു വക 'ഇഷ്ടു'.

**Rā'ia,** *n.* (*pl.* rā'iæ) തിരണ്ടിമത്സ്യവർഗ്ഗം (*Z.*).

**Rāid,** *n.* ആക്രമണം, യുദ്ധാക്രമണം; കുതിരപ്പടയാക്രമണം; 2. 'ലൂട്ടി', കൊള്ളയിടൽ, യുദ്ധക്കവച്ചചെയ്യൽ. *v. t.* ആക്രമിക്കുക, 'ലൂട്ടി'യാക്കുക, യുദ്ധക്കവച്ച ചെയ്യുക. **-'ẽr,** *n.* കവച്ചപ്പടയാളി.

I. **Rāil,** *n.* മേലാട; സ്ത്രീകളുടെ കഴുത്താട.

II. **Rāil,** *n.* അഴി, കിരാതി (*S.*); 2. കറുഞ്ചട്ടം (*arch.*); 3. ഇരിമ്പ് പാത, തീവണ്ടിപ്പാതക്കിടുന്ന ഇരിമ്പ് വാളം; 4. കൈപ്പിടി; വേലി (*naut.*). **r.-fence** അഴിവേലി. **r.-guard** (തീവണ്ടിയന്ത്രത്തിലെ) വിഘ്നനിവാരണസൂത്രം. **by r.** തീവണ്ടിയിൽ, തീവണ്ടിവഴിക്ക്. *v. t.* അഴി ഇടുക, കൈപ്പിടിവെക്കുക; 2. തീവണ്ടി കയററി അയക്കുക. **-'ing,** *n.* അഴി, കിരാതി; ഇരിമ്പ് പാത; ഇരിമ്പ് പാതക്കോപ്പ്. **-'rōad, -'wāy,** *n.* ഇരിമ്പ് പാത, തീവണ്ടിവഴി; തീവണ്ടി, പുക—. **atmospheric r.y, elevated r.y** പൊക്കത്തിവണ്ടി. **cable-r.y** കമ്പിത്തിവണ്ടി. **ferry-r.y** തീവണ്ടിച്ചങ്ങാടം. **gravity-r.y** ആകർഷണചലനവണ്ടി. **underground r.y, underground r.d** തുരങ്കത്തിവണ്ടി, ഭൂമിയുടെ അടിയിൽ കൂടി ഓടുന്ന തീവണ്ടി. **r.y-brake** തീവണ്ടിവട്ടക്ക്, വട്ടക്ക് വണ്ടി. **r.y-car, r.y-carriage** (തീവണ്ടിക്കൂട്ടത്തിൽ) ആള് കയറുന്ന വണ്ടി. **r.y-chairs** (തീവണ്ടിപ്പാതയിലെ) കടിപ്പിരിമ്പ്. **r.y-plant** തീവണ്ടിക്കോപ്പ്. **r.y-sleepers** (തീവണ്ടിപ്പാതയിലെ) പാവ് മരം. **r.y-slide** (തീവണ്ടി) തിരിപ്പ് യന്ത്രം.

III. **Rāil,** *n.* ഒരു വക കുളക്കോഴി (*Z.*).

IV. **Rāil,** *v. i.* (at, against) ചീത്തപറയുക, വായി—, നാണംകെടുത്തുക, വാവിഷ്ഠാണം ചെയ്യുക; 2. ശകാരിക്കുക; 3. നിന്ദിക്കുക, പരിഹസിക്കുക. *v. t.* ഭക്ഷിക്കുക. **-'ẽr,** *n.* വാവിഷ്ഠാണക്കാരൻ; ശകാരിക്കുന്നവൻ. **-'ing,** *a.* ചീത്ത പറയുന്ന, നിന്ദിക്കുന്ന. **-'ing-ly,** *ad.* നാണംകെടുത്ത്കൊണ്ട്. **rāil'lẽr-y** (rāl'ẽr-*or* rāl'-), *n.* നേരമ്പോക്ക്, കളി, 'തമാശ'; കളിയാക്കൽ, ചേഷ്ട.

**Rāi'ment,** *n.* ഉടുപ്പ്, ചമയം, തുണി, ഉടുപ്പ്, വസ്ത്രം.

**Rāin,** *n.* മഴ, മാരി, വർഷം, വൃഷ്ടി. **r-beaten** മഴകൊണ്ട് കിടക്കുന്ന. **r.-bow** (-bō) മഴവില്ല്, ആകാശ—, ഇന്ദ്രധനുസ്സ്. **lunar r.-bow** ചന്ദ്രവില്ല്. **marine r.-bow** സമുദ്ര—. **r.-bow-hued** സപ്തവർണ്ണങ്ങളുള്ള. **supernumerary r.-bow** ഉപധനുസ്സ്. **r.-bowed** മഴവില്ലാകൃതിയായ. **r.-drop** മഴത്തുള്ളി. **r.-fall** മഴ, വർഷം. **r.-gauge** വർഷമാത്ര, മഴച്ചിരട്ട. **r.-prints** മഴവട്ട. **r.-tight** ചോരാത്ത, ചോർച്ചയില്ലാത്ത. **r.-water** മഴവെള്ളം. *v. i.* (it) (മഴ) പെയ്യുക, വർഷിക്കുക, ചൊരിയുക; 2. ഒഴുകുക, വാരുക. *v. t.* പെയ്യിക്കുക, വർഷിപ്പിക്കുക; 2. ധാരാളമായി കൊടുക്കുക, ചൊരിഞ്ഞ് —. **-'i-ness,** *n.* മഴ, മഴക്കോള്. **-'less,** *a.* മഴയില്ലാത്ത, അനാവൃഷ്ടിയായ. **-'y,** *a.* മഴയുള്ള, —പെയ്യുന്ന.

**Rāise,** *v. t.* ഉയർത്തുക, പൊന്തിക്കുക; കയററുക; 2. ഉന്നതിവരുത്തുക, ശ്രേഷ്ഠതപ്പെടുത്തുക; 3. വർദ്ധിപ്പിക്കുക, കൂട്ടുക, അധികമാക്കുക; 4. കത്തുക, നാട്ടുക, നിർത്തുക; 5. ഉറക്കുണർത്തുക, എഴുന്നീല്പിക്കുക; 6. ഉത്സാഹിപ്പിക്കുക, കത്തിപ്പൊന്തിക്കുക, കിളർത്തുക; 7. പുനർജ്ജീവിപ്പിക്കുക, പുനരുത്ഥാനം ചെയ്യിക്കുക; 8. ഉളവാക്കുക, ഉണ്ടാക്കുക; 9. നിർമ്മിക്കുക, പണിയിക്കുക, പണി ചെയ്യിക്കുക, കെട്ടുക, എടുക്കുക, എടുപ്പിക്കുക; 10. പണമുണ്ടാക്കുക, പിരി

ഷ്പിക്കുക, ശേഖരിക്കുക, സമ്പാദിക്കുക; 11. കൃഷിചെയ്യുക, നട്ടുണ്ടാക്കുക, നട്ട് വളൎത്തുക; 12. പോററി—, പോററുക; 13. (up) ഉളവാക്കുക; ഉണ്ടാക്കുക, സൃഷ്ടിക്കുക; 14. ഉണ്ടാക്കിത്തീൎക്കുക, വരുത്തുക: to r. a smile പുഞ്ചിരിവരുത്തുക; 15. നിലവിളിക്കുക: to r. a cry (നിലവിളി) കൂട്ടുക; 16. പ്രസ്താവിക്കുക: to r. an objection വിരോധാഭിപ്രായം പറയുക; 17. (മാവ്) പുളിപ്പിക്കുക, (അപ്പം) പൊന്തുമാറാക്കുക; 18. (കപ്പല്) കരയോടടുക്കുക; 19. (കപ്പല്) പായിതാഴ്ത്തുക; 20. ഉണ്ടാക്കുക, ആക്കിത്തീൎക്കുക (*l.*). to r. a blockade, to r. a siege നിരോധം നീങ്ങുക, നിരോധസൈന്യം പിൻവാങ്ങുക (*mil.*). to r. a check, a note, a bill of exchange *etc.* ഉണ്ടികയിൽ കാണിച്ച സംഖ്യ കളവായി അധികമാക്കുക (*com.*). to r. steam ആവിയുളവാക്കുക. to r. the wind (ഉപായേന തല്ക്കാലാവശ്യത്തിന്ന്) പണം സമ്പാദിക്കുക. to r. Cain, to r. the devil കലഹം ഉണ്ടാക്കുക, തകരാറ് ചെയ്യുക. rāis'a-ble, *a.* ഉയൎത്താകുന്ന. rāised (rāzd), *a.* ഉയൎന്ന; കൊത്തിപ്പൊന്തിച്ച പണിയായ; പുളിപ്പിച്ച് പൊന്തിച്ച. rāis'ĕr, *n.* ഉയൎത്തുന്നവൻ; കയററുന്നവൻ; കൃഷിചെയ്യുന്നവൻ. rāis'ing, *n.* പൊന്തിക്കൽ; വൎദ്ധിപ്പിക്കൽ; ജീവിപ്പിക്കൽ; മേല്പുരകയററൽ (*U. S.*); ലോഹത്തിൽ കൊത്ത് പണി ചെയ്യൽ. r.g plate ഉത്തരം (*carp.*). [രിങ്ങ (*b.*).

Rāi'sin (*or* rāz'n), *n.* ഉണക്ക് മുന്തിരിങ്ങ (*b.*).

*Rāi-son-ne'* (rā-zo-nā'), *a.* ക്രമപ്പെടുത്തിയ, വ്യവസ്ഥയായ.

I. Rāke, *n.* (പുല്ലും മററും കൂട്ടിച്ചേൎപ്പാനുള്ള) ഒരായുധം, വരണ്ടി, പല്ലി, വാരുകോല്; 2. വാരുകോൽയന്ത്രം. r.-stale പല്ലിപ്പിടി. *v. t.* (up) അടിച്ച് കൂട്ടുക; 2. കൂട്ടിച്ചേൎക്കുക; 3. വരണ്ടിവെടിപ്പാക്കുക; 4. ചിള്ളുക; 5. തിരയുക, ചിള്ളിനോക്കുക; 6. മാന്തുക, ഉരയുക, കോറുക; 7. കപ്പലിന്റെ നെട്ടനീളത്തിൽ വെടിവെക്കുക (*naut.*), നെട്ട— (*mil.*). to r. up കൂട്ടിച്ചേൎക്കുക; തീ മൂട്ടുക; കപ്പചിള്ളുക; ചിള്ളിപ്പുറത്താക്കുക. *v. i.* അടിച്ച് കൂട്ടുക; 2. ഉരഞ്ഞ് കൊണ്ട് പോക. rā'kĕr, *n.* വാരിക്കൂട്ടുന്നവൻ; വാരുകോൽയന്ത്രം; ശത്രുകപ്പലിന്ന് ഉടനീളത്തിൽ വെടികൊള്ളത്തക്കവണ്ണം വെച്ചിരിക്കുന്ന തോക്ക്. rā'king, *n.* ചിള്ളൽ; വാരിക്കൂട്ടിയ കൂനല്.

II. Rāke, *n.* മേല്പുരച്ചരിവ്, ചായ്വ്, ചരിവ്. *v. i.* ചരിഞ്ഞിരിക്കുക, ചായുക. raking course വിലങ്ങനെ വെച്ച കല്ല് വരി; —ഇഷ്ടിക—.

III. Rāke, *n.* ദുൎന്നടപ്പുകാരൻ, തെമ്മാടി, വിഷയലമ്പടൻ. r.-hell കാമുകൻ, സ്ത്രീസക്തൻ. *v. i.* തെമ്മാടിയായി നടക്കുക; ദുൎന്നടപ്പുകാരനായിരിക്കുക. rā'kĕr-y, *n.* ദുൎന്നടപ്പ്, വിഷയലമ്പടത്വം. rā'kish, *a.* കാമാതുരമുള്ള. rā'kish-ly, *ad* ദുൎന്നടപ്പായി. rā'kish-ness, *n.* വിഷയാസക്തി, സ്ത്രീലോലത്വം.

I. Ral'ly, *v. t.* (ചിന്നിപ്പോയവരെ) കൂട്ടിച്ചേൎക്കുക, യഥാസ്ഥാപിക്കുക. *v. i.* യഥാക്രമത്തിലാകുക, തിരികെ ഒന്നിച്ച് കൂടുക; 2. (പിന്നെയും) ശക്തി—, ധൈൎയ്യം—; 3. ബോധംവരിക; 4. തിരികെ വിലകയറുക. *n.* യഥാസ്ഥാപനം ഉണ്ടാകൽ; യഥാസ്ഥാപനം; പുനഃശക്തി പ്രാപിക്കൽ; മഹാജനസഭായോഗം (*U. S.*). ral'li-ance, *n.* പിന്നെയും ചേൎന്ന് വരൽ. ral'li-ĕr, *n.* തിരികെ കൂടിവരുന്നവൻ.

II. Ral'ly, *v. t.* ഹാസ്യം ആക്കുക, കളി—, തമാശ—. *v. i.* പരിഹസിക്കുക. *n.* നേരമ്പോക്ക്, ചേഷ്ട.

Ram, *n.* ആണാട്, കൊററൻ, ആട്ടുകൊററൻ, മുട്ടാട് (*z.*); 2. മേഷരാശി, മേട— (*as.*); 3. ഭിത്തിഭേദനയന്ത്രം, ഇടിയന്ത്രം; 4. (പടത്തീക്കപ്പലിന്റെ) ഇരിമ്പണിയക്കൂററി; 5. മുട്ടി, ഇടിമുട്ടി. *v. t.* മുട്ടുക, ഇടിക്കുക, കത്തിയിടിക്കുക; 2. ഇടിച്ച് താഴ്ത്തുക; 3. കത്തിനിറെക്കുക, അടിച്ചമൎത്തുക. -'rod, *n.* (തോക്കിന്റെ) അച്ച് കോല്. -'mĕr, *n.* അടിച്ച് കയററുന്നവൻ; മുട്ടി; അച്ച്കോല്. -'mish, -'my, *a.* കൊററനെപോലെ ഉള്ള; ചൂര് —; കാമാതുരം—. -'mish-ness, *n.* ഭോഗേച്ഛ.

Ram-a-dan', Ram-a-dhan', Rham-a-dzan', *n.* 'റംസ്സാൻ', 'റമുള്ളാൻ' (*M.*),

മുഹമ്മദീയരുടെ ഒമ്പതാമത്തെ മാസം; 2. മുഹമ്മദീയരുടെ നോമ്പ്മാസം; 3. നോമ്പ് (*M.*).

**Rā'mal**, *a.*, *s. u.* Ramify.

**Ram'ble**, *v. i.* ചുററിസഞ്ചരിക്കുക; നാട്തെണ്ടുക, ഉലാവുക, അങ്ങുമിങ്ങും നടക്കുക; 2. വായിൽ തോന്നിയത് സംസാരിക്കുക, തോന്നിയത് എഴുതുക; 3. വന്നപാട് വളരുക. *n.* ചുററിനടത്തം, സഞ്ചാരം, ഉലാവൽ, തെണ്ടല്. **ram'blĕr, ram'pler**, *n.* തെണ്ടി, ഉലാവിനടക്കുന്നവൻ, ചുററിനടക്കുന്നവൻ. **ram'bling, ram'plĕr**, *a.* ഉലാവുന്ന, കാര്യമില്ലാത്ത; വൃഥാവിലുള്ള.

**Ram'iē, Ram'ēe**, *n.* ഒര് നാരുള്ള ചെടി (*b.*); 2. ഉറപ്പുള്ള ഒര് വക നാര്.

**Ram'i-fȳ**, *v. t.* ശാഖകൾ ആക്കുക; 2. ഭാഗങ്ങൾ—, ഉപഭാഗങ്ങൾ—. *v. i.* ചിനെക്കുക, കൊമ്പുകളായി പിരിയുക; 2. നാനാഭാഗങ്ങളായി—. **rā'mal, rā'me-al, rā'me-ŏus**, *a.* ചിനെപ്പുള്ള; കൊമ്പ് സംബന്ധിച്ച (*b.*); കൊമ്പിന്മേൽ മുളക്കുന്ന (*b.*); —കായ്ക്കുന്ന (*b.*). =**fi-cā'tiŏn**, *n.* ചിനെപ്പ്, ശാഖയായി പിരിയൽ, കൊമ്പും താറും ഉണ്ടാകൽ; ശാഖ, പിരിവ്, ഭാഗം, വിഭാഗം. =**flō'rŏus**, *a.* കൊമ്പിന്മേൽപൂ ഉണ്ടാകുന്ന (*b.*). =**form**, *a.* കൊമ്പ്പോലെയുള്ള (*b.*). =**miġ'ĕr-ŏus**, *a.* കൊമ്പുണ്ടാകുന്ന. **ram'ōse, rā'mŏus**, *a.* കൊമ്പും ചില്ലിയും ഉള്ള; കൊമ്പുകളായി പിരിഞ്ഞിരിക്കുന്ന. **rā'mus**, (*n. pl.* **rā'mī**), കൊമ്പ്, ചിനെപ്പ്; മുഴ. **rā-mus'cūle**, *n.* ചെറുകൊമ്പ്, ചില്ലി.

**Ram'mĕr, Ram'mish, Ram'my**, *etc.*, *s. u.* Ram.

**Ram'ōse, Rā'mŏus**, *a.*, *s. u.* Ramify.

**Ramp, Romp**, *v. i.* തുള്ളുക, തുള്ളിക്കളിക്കുക; 2. ഓടുക, ചാടുക; 3. മരത്തിന്മേൽ പടന്ന്കയറുക (*b.*). *n.* തുള്ളൽ; ചാട്ടം; 2. എതിക്കൽ, ആക്രമം; 3. കവച്ചക്കാരൻ, പിടിച്ച്പറിക്കാരൻ; 4. കോവണിക്കൈപ്പിടി. =**pā'ciŏus**, =**pā'ġeŏus**, *a.* കുതിച്ച്ചാട്ടുന്ന; ഉഗ്രതയുള്ള. **ram'pāġe**, *n.* ഉഗ്രത, വേവലാധി, കോപം; ഭ്രന്തപ്പ്. *v. i.* തുള്ളിച്ചാട്ടുക; ഉഗ്രതകാട്ടുക; ക്രുദ്ധിക്കുക. **ramp'an-cy**, *n.* മുഴിപ്പ്; ഉഗ്രത; പോളിക്കൽ; പുളെപ്പ്; പോളിപ്പ്; ആധിക്യം; ബാഹുല്യം. **ramp'ant**, *a.* തുള്ളുന്ന; മുങ്കാല്യയത്തിനില്ക്കുന്ന (*her.*); പടന്ന്കയറുന്ന (*b.*); പുളെക്കുന്ന; പോളിച്ച്വളരുന്ന (*b.*). **r.t gardant** മുങ്കാല്യയത്തി നേരെ നോക്കിനില്ക്കുന്ന (*her.*). **r.t regardant** —തിരിഞ്ഞ്നോക്കി— (*her.*). **ramp'ant-ly**, *ad.* തുള്ളിച്ചാടിക്കൊണ്ട്; പോളിച്ച് (*b.*).

**Ram'pärt, Ram'piēr, Ram'pīre**, *n.* കോട്ടമതില്; 2. വാട, കൊത്തളം. *v. t.* വാടകോരുക, കൊത്തളമുണ്ടാക്കുക.

**Ram'plĕr**, *n.* & *a.*, *s. u.* Ramble.

**Ram'rod**, *n.*, *s. u.* Ram.

**Ram'shac-kle**, *a.* പൊളിഞ്ഞ, കേട്വന്ന. *v. t.* തിരയുക, അന്വേഷിക്കുക, ചില്ലിനോക്കുക.

**Ram'ū-lus**, *n.* (*pl.* **ram'ū-lī**), ചില്ലിക്കൊമ്പ് (*b.*); 2. പവിഴച്ചിനെപ്പ് (*z.*). =**lōse**, =**lŏus**, *a.* ചെറുകൊമ്പുകൾ ഉള്ള, ചില്ലി— (*b.*).

**Rā'mus, Rā-mus'cūle**, *n.*, *s. u.* Ramify.

**Ran**, *v. i. ir.*, *p. t. of* Run.

**Rā'na**, *n.* മണ്ഡൂകവർഗ്ഗം, തവള— (*z.*). **rā'na-nītes** (-nīts), *n. pl.* മണ്ഡൂകാരാധകന്മാര്, ഒര് യൂദപ്പരിഷ. **rā'nīne**, *a.* തവളയെ സംബന്ധിച്ച.

**Ran-ces'cent**, *a.*, *s. u.* Rancid.

I. **Ranch, Raunch**, *v. t.* പിടിച്ച്പറുക; —തിരിക്കുക; 2. പിരിക്കുക; 3. കീറുക; 4. ഉളുക്കുമാറാക്കുക.

II. **Ranch**, *n.* മേച്ചൽപ്രദേശം, മേച്ഭൂമി (*U. S.*). **r.-man**, =**chero**, *n.* ഇടയൻ, ഗോപൻ, നാല്ക്കാലികളെ പോററുന്നവൻ (*U. S.*); മേച്ചൽഭൂമിയുടെ ജന്മി (*U. S.*). **ran'chō**, *n.* ഇടയക്കുടിഞ്ഞില്, ഇടയപ്പന്തല്, ഇടയക്കാവച്ചാള (*U. S.*); പുൽപ്രദേശം, മേവിടം (*U. S.*).

**Ran'cid**, *a.* കാറിയ, കാറലുള്ള, കനെപ്പുള്ള (*S.*), ചീത്തയായ; 2. പുളിച്ച,

പഴക്കം ചുവക്കുന്ന, വളിച്ച. =ces'cent, *a.* കാറലുള്ള; പുളിക്കുന്ന. =cid'i-ty, -ness, *n.* കാറല്, കനെപ്പ് (*S.*). -ly, *ad.* കാറിക്കൊണ്ട്.

**Ran'cŏr**, ='cŏur, *n.* വൈരം, പക, കേട് (*N.*), കെട്ടമ്പ് (*S.*), വിരോധം. -ŏus, *a.* കട്ടമ്പകയുള്ള; ശത്രുത്വം—; കഠിനമായ. -ŏus-ly, *ad.* മത്സരംകൊണ്ട്, വൈരത്തോടെ.

**Ran'dom**, *n.* ചാഞ്ചാട്ടം; ഉദ്ദേശം ഇല്ലാത്ത ഗതി; ക്രമം—സ്ഥിതി; 2. ഭാഗ്യം, യോഗം: at r. വന്ന പാട്, ഒന്നും നോക്കാതെ; നോട്ടം വെക്കാതെ; 2. ഏറ്റ്ദൂരം, കല്ലേറ് (ദൂരം), പാട്, വെടിപ്പാട്, അമ്പിൻപാട്. *a.* ആലോചിക്കാതെയുള്ള, വന്ന പാട് ആയ, തോന്നിയപാട്—; ഭാഗ്യയോഗ്യംപോലെ—. r. courses പല വണ്ണത്തിലുള്ള കല്ല്‌വരി. r. shot കുറി നോക്കാതെയുള്ള വെടി. -ly, *ad.* വന്ന പാട്.

**Rañg**, *v. t. ir.*, *p. t. of* Ring.

**Rānġe**, *v.t.* വരിവരിയായി വെക്കുക, നിരയായി—, അട്ടിയായി—, അടുക്കായി—; അണിനിരത്തുക; 2. കൂട്ടത്തിൽനിൎത്തുക; പക്ഷംകൂട്ടുക, ഭാഗംനില്ക്കുക; 3. ജാതിതിരിക്കുക, വൎഗ്ഗം—; 4. ചുററിസഞ്ചരിക്കുക; നടന്ന്നോക്കുക; 5. കര പിടിച്ചോട്ടുക (*naut.*); 6. ഠിക്കിലുള്ളതായിരിക്കുക, ഉണ്ടാക, കാണുക (*biol.*). *v. i.* ചുററിസഞ്ചരിക്കുക, ചുററിത്തിരിയുക, അലഞ്ഞ് നടക്കുക; 2. ഇടം ഉണ്ടാക, എത്തുക, ചെല്ലുക, ....വരെ എത്തുക, ....ഓളം—; 3. കൂട്ടത്തിൽ ആക, ....ഓട്കൂട ഇരിക്കുക, നിലയിൽ ആക; 4. (with) ഒരേ നിരയിൽ ആയിരിക്കുക, അതേവരിയിൽ—, —ഭാഗത്ത്—; 5. ഉണ്ടാക, കാണുക (*biol.*). *n.* നിര, വരി, പങ്‌ക്തി, അണി, ചാല്; 2. കൂട്ടം, ഗണം, വൎഗ്ഗം; 3. പടി, പത്തനം, ചവിട്ട്; 4. ഒര്വക അട്ടപ്പ്; 5. സഞ്ചാരം, നടത്തം, യാത്ര, പോക്ക്; 6. പ്രദേശം; മൈതാനം, മേച്ചൽപ്രദേശം; 7. അതൃത്തി, അതിര്, സീമ; വിസ്തീൎണ്ണത, വിശാലത; 8. ഠിക്ക്, പ്രദേശം, പാൎപ്പിടം, ഉള്ള ഠിക്ക് (*biol.*); 9. പാട്, ദൂരം; 10. കുറിവെടിസ്ഥലം. r. of a gun വെടിപ്പാട്, ഉണ്ടയെത്തുന്നദൂരം. r. of mountains പൎവ്വതനിര, മലവരി. rān'ġĕr, *n.* ചുററിനടക്കുന്നവൻ, നടന്ന്നോക്കുന്നവൻ; കൊള്ള തേടി നടക്കുന്നവൻ; സഞ്ചാരക്കാവൽക്കാരൻ; നായാട്ട്നായി; ഒര്വക കുതിരപ്പടയാളി; വളൎത്തുകാട് (മലങ്കാട്) നോക്കുന്നവൻ, വനപാലകൻ, കാട്കാക്കുന്നവൻ, മലവാരഉദ്യോഗസ്ഥൻ. rān'ġĕr-ship, *n.* വനപാലകോദ്യോഗം.

**Rā'nīne**, *a.*, *s. u.* Rana.

I. **Rañk**, *a.* പുളച്ച്വളരുന്ന, പോളിപ്പുള്ള; ധാരാളമായ; വളരെ വളൎന്നിരിക്കുന്ന; 2. വലിയ, കഠിനം ആയ, ഭയങ്കരം—; 3. വെറും, സാക്ഷാൽ; 4. വളംഉള്ള, വളപുഷ്ടി—. *ad.* കഠിനമായി. -'ly, *ad.* പോളിച്ച്, പുളെപ്പോടെ, ധാരാളം, വളരെ; വല്ലാതെ. -'ness, *n.* പോളിപ്പ്.

II. **Rañk**, *a.* ചൂര്ഉള്ള, കാറ്മണം—, നാററം—; 2. ചുവ—; 3. കാമാതുരം—. -'ly, *ad.* ചൂരോടെ, ചുവയോടെ. ness, *n.* കാറല്, കനെപ്പ് (*S.*); ചുവ.

III. **Rañk**, *n.* നിര, വരി, അട്ടി; 2. അണി; 3. സ്ഥാനനില, —വലിപ്പം; 4. വക, വൎഗ്ഗം; 5. തരം, നില: a writer of the first r. മികെച്ച ഗ്രന്ഥകൎത്താവ്; വിശ്രുതനായ—; a lawyer of high r. മുന്തിയവക്കീല്, വലിയ—; 6. അവസ്ഥ, കുലീനത, ശ്രേഷ്ഠത, തറവാട്ട്വലിപ്പം, ആഭിജാത്യം: he is a man of r. അവൻ അവസ്ഥക്കാരനാണ്, —കുലീനനാണ്. r. and file ചെറുതരം ഉദ്യോഗസ്ഥന്മാരും പടയാളികളും, ഭടന്മാര്, പട്ടാളക്കാര്. the r.s ഭടവൎഗ്ഗം, 'സിപ്പായി'കൾ. to fill the r.s വേണ്ടുന്നേടത്തോളം ആളുണ്ടാക, പിടിപ്പതാളുണ്ടാക. to take r. of മുന്തിനില്ക്കുക, സ്ഥാനവലിപ്പമുണ്ടാക. *v. t.* നിരയായി വെക്കുക, അണിനിരത്തുക; 2. തരം തിരിക്കുക, വൎഗ്ഗത്തിലാക്കുക; ക്രമപ്പെടുത്തുക; 3. സ്ഥാനത്തിൽ മുന്തിനില്ക്കുക (*U. S.*). *v. i.* കൂട്ടത്തിലായിരിക്കുക, തരത്തിൽപെടുക; 2. സ്ഥാനം ഉണ്ടാക, കീൎത്തി—, ബഹുമാനം—: he r.s with the first class of poets അവൻ ശ്രേഷ്ഠകവികളിൽ ഒരുത്തനാണ്. -'ĕr, *n.* വെക്കുന്നവൻ, ക്രമപ്പെടുത്തുന്നവൻ.

**Ran'kle,** *v. i.* കാറുക; 2. ചൊറിയുക; 3. പുകച്ചൽ എടുക്കുക, കത്തൽ—; 4. പഴുക്കുക, ചലയിക്കുക; 5. വ്രണമാക; 6. കത്തുക, (മനസ്സിന്ന്) തട്ടുക, നോവുക. *v. t.* പഴുപ്പിക്കുക; 2. വ്രണമാക്കുക; 3. (മനസ്സിന്ന്) തട്ടിക്കുക, വേദനപ്പെടുത്തുക.

**Ran'ny,** *n.* ഒരുവക ചുണ്ടെലി (*z.*).

**Ran'sack,** *v. t.* നന്നായി തിരയുക, എല്ലാടവും അന്വേഷിക്കുക; സകലവും വലിച്ചിട്ട് നോക്കുക; ആരാഞ്ഞ്—; 2. കൊള്ളയിടുക. *v. i.* സകലമിക്കിലും തിരഞ്ഞ് നോക്കുക. *n.* തിരച്ചല്, അന്വേഷണം; 2. കവർച്ച, 'ലൂട്ടി'.

**Ran'sŏm,** *n.* ബന്ധനമോചനം, ഉദ്ധാരണം, വീണ്ടുകൊള്ളൽ, വീണ്ടെടുപ്പ്, മോചനം, മോക്ഷം; 2. വീണ്ടെടുപ്പ് ദ്രവ്യം, മറുവില; 3. പ്രായശ്ചിത്തം; 4. പിഴ. *v. t.* വീണ്ടുകൊള്ളുക, വീണ്ടെടുക്കുക; 2. ഉദ്ധരിക്കുക, വിടുവിക്കുക, രക്ഷിക്കുക; 3. വീണ്ടെടുപ്പ് ദ്രവ്യം വാങ്ങുക. **-a-ble,** *a.* വീണ്ടെടുക്കാകുന്ന. **-ĕr,** *n.* വീണ്ടെടുക്കുന്നവൻ, വീണ്ടെടുപ്പുകാരൻ. **-less,** *a.* വീണ്ടെടുപ്പാൻ കഴിയാത്ത.

**Rant,** *n.* നിരർത്ഥകസംസാരം; ഢീക്ക്, വീമ്പ്, വായാട്ടം. *v. i.* തൊള്ളയിടുക; വായാട്ടുക, വീമ്പ് പറയുക. **-'ĕr,** *n.* തൊള്ളയിടുന്നവൻ. **-'ing-ly,** *ad.* ഉച്ചത്തിൽ; അർത്ഥമില്ലാതെ. **-'y,** *a.* ഉച്ചത്തിലുള്ള; നിരർത്ഥകമായ.

I. **Rap,** *n.* ഒരുകെ (120 വാര) നൂല്.

II. **Rap,** *v. t.* മുട്ടുക, തട്ടുക, വാതിലിന്ന് മുട്ടുക. *n.* മുട്ടല്, തട്ടല്, മുട്ട്, തട്ട്. **rapped, rapt,** *p. p. a.* തട്ടിയ, മുട്ടിയ. **-'ping,** *n.* മുട്ടൽ. **-'pĕr,** *n.* മുട്ടുന്നവൻ; മുട്ടി, ചുററിക; മുരത്തകുളവ്.

III. **Rap,** *v. t.* പിടിച്ച് പററുക, പിടിച്ച് പറിക്കുക, 2. ലയിപ്പിക്കുക, വിഹ്വലനാക്കുക, മതിമറപ്പിക്കുക. **to r. and ren, to r. and rend** പിടിച്ച് പറിക്കുക, പററിക്കൊണ്ടുപോക. **to r. out** പെട്ടന്ന് ഉറക്കെ പറയുക, പറഞ്ഞൂടുക. **rapped, rapt,** *p. p. a.* പിടിച്ച് പററിയ; അപഹൃതനായ, ലയിച്ച് പോയ, വിഹ്വലനായ; ആനന്ദപരവശനായ. **-'tūre** (*or* -chur), *n.* പാരവശ്യം, ആനന്ദപാരവശ്യം, പരമാനന്ദം, പ്രമോദം. *v. t.* ആനന്ദവിഹ്വലനാക്കുക. **-'tū-rīse, -'tū-rīze,** *v. t.* ആനന്ദപാരവശ്യം വരുത്തുക. **-'tū-rŏus,** *a.* ആഹ്ലാദം ഉള്ള, മഹാസന്തോഷം—, ആനന്ദവിവശതയുള്ള. **-'tū-rŏus-ly,** *ad.* അത്യാനന്ദത്തോടെ, സംഭ്രമത്തോടെ.

IV. **Rap,** *n.* കാശ്, പൈസ, തുട്ട്, പുത്തൻ, ചക്രം (*S.*): **I have n't a r.** എന്റെ കയ്യിൽ ഒരു ഈയക്കാശ് പോലുമില്ല. **not to care a r.** ലേശംപോലും വിചാരമില്ലാതിരിക്കുക. **not worth a r.** അരക്കാശിന്നില്ലാത്ത. **-scal'liŏn** (-skal'yun), *n.* അരപ്പൈസക്കില്ലാത്തവൻ, പുല്ലൻ, നിസ്സാരൻ; കള്ളൻ.

**Ra-pā'ciŏus** (-shus), *a.* പിടിച്ച് പറിക്കുന്ന, തട്ടിപ്പറിക്കുന്ന, കൊള്ളയിടുന്ന; 2. ഇരപിടിച്ച് തിന്നുന്ന, ബുഭുക്ഷ ഉള്ള (*z.*). 3. ദുർമ്മോഹം—, കൊതി—; ലോഭം—; 4. അപഹരിക്കുന്ന. **-ly,** *ad.* ദ്രവ്യാഗ്രഹത്തോടെ; കൊള്ളയായി. **-ness, =pac'i-ty,** *n.* ദുല്ലാഭമോഹം; ബുഭുക്ഷ; അത്യാശ; പിടിച്ച് പറി, അപഹരണം. **rap-tō'ri-al, rap-tō'ri-ŏus,** *a.* (പക്ഷി) ഇരപിടിച്ച് തിന്നുന്ന, റാഞ്ചിപ്പിടിക്കുന്ന; റാഞ്ചുവാൻ തക്ക.

I. **Rāpe,** *n.* (കുലയിൽനിന്ന് പിടുങ്ങിയ) മുന്തിരിങ്ങ; 2. മുന്തിരിങ്ങച്ചണ്ടി; 3. അരിപ്പ. **r.-wine** മുന്തിരിങ്ങച്ചണ്ടിച്ചാറ്, താണവീഞ്ഞ്.

II. **Rāpe,** *n.* പിടിച്ച് കൊണ്ട് പോകൽ, അപഹരണം; സാഹസം; 2. കവർച്ച; 3. ബലാൽസംഗം (*l.*). *v. t.* ബലാൽസംഗം ചെയ്യുക, അപരാധിക്കുക (*l.*). **-'ful,** *a.* ബലാൽസംഗം ചെയ്യുന്ന.

III. **Rāpe,** *n.* എണ്ണയുള്ള ഒരുവക വിത്ത്, 'റേപ്പ്', ഒരുവക കടുക്, സർഷപം (*b.*). **r.-cake** 'റേപ്പ്'പിണ്ണാക്ക്. **r.-oil** കടുകെണ്ണ. **r.-seed** സർഷപം, കടുക്.

**Rap'id,** *a.* വേഗത ഉള്ള, വേഗത്തിൽ—; 2. തീവ്രം ആയ, ശീഘ്രം—; ബദ്ധപ്പാട് ഉള്ള, ദ്രുതഗതി—, ധടുതിയായ, *n.* (*pl.*) നീരോട്ടം, നീച്ചാട്ടം, ഒഴുക്ക്, ഒ

ലിപ്പ്, വല്യ. =pid'i-ty, -ness, *n.* വേഗത; വല്യ. -ly, *ad.* വേഗം, ഉടനെ.

**Rā'pi-ĕr**, *n.* ചൊട്ടവാള്, ചെറു—. =ĕred (-ĕrd), *a.* ചൊട്ടവാള് ഉള്ള, —ധരിച്ച, —കയ്യിലുള്ള.

**Rap'ine**, *n.* കൊള്ള, കവച്ച്, പിടിച്ച്പറി, 'ലൂട്ടി'. *v. t.* കൊള്ളയിടുക. ='i-nŏus, *a.* കവച്ചചെയ്യുന്ന.

**Rapped**, *a.*, *s. u.* Rap II and III.

**Rap-pel'**, *n.* യുദ്ധഭേരിനാദം, പടപ്പറ മുഴക്കം.

**Rap'pĕr**, *n.*, *s. u.* Rap II.

**Rap-pōrt'**, *n.* ചേച്ച്, സംബന്ധം, യോജിപ്പ്; 2. അനുപാതം. *en r.* യോജിപ്പായി, ഐക്യതയോടെ.

**Rap-s̱cal'liŏn**, *n.*, *s. u.* Rap IV.

**Rapt, Rap'tūre**, *etc.*, *s. u.* Rap III.

**Rap-tō'ri-al**, =tō'ri-ŏus, *a.*, *s. u.* Rapacious.

I. **Rāre**, *a.* ഏതാനും പച്ച ആയ; അരവേവ്—, വേവ് കറഞ്ഞ, നല്ലവണ്ണം വേകാത്ത (*U. S.*).

II. **Rāre**, *a.* എപ്പോഴുമില്ലാത്ത; പതിവില്ലാത്ത; 2. ദുല്ലഭം ആയ, വിരളം—; കിട്ടാത്ത; അരത്തിയുള്ള (*S.*); 3. അപൂൎവ്വം ആയ, അസാധാരണം—; 4. അതിവിശേഷം—; അമൂല്യം—, പ്രിയമുള്ള, വിലയേറിയ; 5. നേൎമ്മആയ, സൂക്ഷ്മം—; ഇഴയടുപ്പമില്ലാത്ത, നേരിയ; 6. ഘനംകുറഞ്ഞ, ലഘുവായ. r. bit രുചികരസാധനം. rā-re-fac'tiŏn, *n.* വിരളം ആക്കൽ; സൂക്ഷ്മം—, ലഘു—; വികസിപ്പിക്കൽ. rā're-fī-a-ble, *a.* നേൎമ്മ ആക്കാവുന്ന. rā're-fȳ, *v. t.* —ആക്കുക, സൂക്ഷ്മം—, ലഘു—; വികസിപ്പിക്കുക; *v. i.* സൂക്ഷ്മം ആയ്തീരുക, വിരളം—, ലഘു—; വികസിക്കുക; -'ly, *ad.* ദുല്ലഭമായി, അപൂൎവ്വമായി; വിശേഷമായി; സാമൎത്ഥ്യത്തോടെ. -'ness, rā'ri-ty, *n.* പുതുമ, അപൂൎവ്വത; അരത്തി (*S.*), ദൌല്ലഭ്യം; പ്രിയം; സൂക്ഷ്മത, നേൎമ്മ, ലാഘവം. rā'ri-ty, *n.* അപൂൎവ്വസാധനം, അമൂല്യവസ്തു. rā'rēe-shōw (*contr. f.* rarity-show) കൊണ്ട്നടന്ന് കാണിക്കുന്ന ചിത്രപ്പെട്ടകം; —കാഴ്ച, —തമാശ.

**Rā're-fȳ**, =fac'tiŏn, **Rā'rēe-shōw**, *etc.*, *s. u.* Rare II.

**Ras'cal**, *n.* സാമാന്യൻ; 2. നീചൻ, വഷളൻ, ആഭാസൻ; 3. കള്ളൻ, ചതിയൻ, 'തിരുടൻ', നേര്കെട്ടവൻ. *a.* സാമാന്യമായ, താണ, അധമ. -dŏm, *n.* ഖലത്വം, കള്ളത്തരം; കള്ളക്കൂട്ടം. -ess, *n.* കള്ളത്തി, 'തിരുടി'. =cal'i-ty, *n.* കള്ളത്തു:(ത്താ)ണം, ചതി, കൌടില്യം. =cal'liŏn, =cal'iŏn (-kal'yun), *n.* വഷളൻ, കശ്മലൻ, ആഭാസൻ. -ly, *ad.* ഉപായത്തോടെ; നിസ്സാരമായി.

**Rās̱e**, *v. t.* ചുരണ്ടുക; 2. മായ്ക്കുക; 3. ഇടിച്ച്കളയുക, നിലം പരിചാക്കുക. *v. i.* ചെത്തുക, ചെത്തിക്കളയുക. rā's̱ūre, മായ്ക്കൽ, ചുരണ്ടൽ; കത്ത്, തിരുത്ത്.

I. **Rash**, *v. t.* പറിച്ചെടുക്കുക; 2. മുറിക്കുക. -'ĕr, *n.* പന്നിമാംസക്കഷണം.

II. **Rash**, *n.* ചൂട്പൊന്തല്, ചൂട് (*med.*). nettle-r. തുവക്കാരി (*med.*).

III. **Rash**, *a.* തീവ്രമായ, വേഗതഉള്ള; ദ്രുതഗതി—; 2. ബദ്ധപ്പാട്—, തിരക്കേറിയ; 3. അവിവേകം ആയ, നിൎവ്വിചാരം—; 4. തുമ്പില്ലാത്ത; ഒരുമ്പെട്ട; 5. കൊഴിഞ്ഞ് പോകുന്ന, ഉതിരുന്ന. -'ly, *ad.* വിവേകമില്ലാതെ; ബദ്ധപ്പാടോടെ. -'ness, *n.* അവിവേകം, ദ്രുതഗതി, ധാൎഷ്ട്യം.

**Rasp**, *v. t.* ഉരച്ച്മിനുസമാക്കുക, രാ(കു)വുക, അരമിടുക; 2. വേദനപ്പെടുത്തുക, ഉപദ്രവിക്കുക; 3. ജ്വലിപ്പിക്കുക. *n.* അരം; 2. ചിര; മാന്ത (*N.*), കൈച്ചിര. -'ĕr, *n.* രാവുന്നവൻ; ചുരണ്ടി, മാന്തി. -'y, *a.* അരംപോലെ ഉള്ള; കിറുകിറു ശബ്ദം—. rasp'a-tŏr-y, *n.* വൈദ്യന്റെ അരം (*med.*).

**Rasp'ber-ry** (ras'ber-i), *n.* ഒര്വക പഴം (*b.*); 2. —ചെടി (*b.*).

**Rasse** (ras), *n.* ഒര്വക മെരു (*z.*).

**Rā's̱ūre**, *n.*, *s. u.* Rase.

**Rat**, *n.* എലി, മൂഷികൻ, ആഖു (*z.*); 2. തലകെട്ടി, മുടിപൂരണം; 3. പരിക്ഷവി

ട്ട് പ്രവൃത്തിക്കുന്നവൻ, പരിക്ഷ നിശ്ചയിച്ചതിൽ കറഞ്ഞ കൂലിക്ക്—. field-r. കാട്ടെലി (z.). ground-r. തുരപ്പനെലി, പെരിച്ചാഴി. musk-r. ഒര് വക ചുണ്ടെലി (z.). r.-snake ചേര (z.). r.s-bane എലിപ്പാഷാണം. r.'s-tail കതിരകൽ്ലുണ്ടാകുന്ന വാൽവ്യാധി. to smell a r. ശങ്കതോന്നുക, സംശയിക്കുക. v. i. പരിക്ഷ ഉപേക്ഷിക്കുക (pol.); 2. കറഞ്ഞ കൂലിക്ക് പണി എടുക്കുക; 3. എലികളെ പിടിക്കുക, —കൊല്ലുക. rat'tĕr, n. പരിക്ഷ വിട്ട് കളയുന്നവൻ (pol.), എലികളെ പിടിക്കുന്നവൻ; എലിപിടിയൻ നായ്. rat'ting, n. പരിക്ഷത്യാഗം (pol.); നായ്ക്കളെ കൊണ്ടുള്ള എലിവേട്ട.

Ră'ta-ble, etc., s. u. Rate II.

Rat-a-fi'a (-fē'a), n. മധുരമദ്യം.

Ra-tan', n., s. a. Rattan.

Ratch, Ratch'et (rach-), Rotch (roch), n. പൽക്കൊളുത്ത്, പൽക്കുററി (mech.). r.-wheel പൽച്ചക്രം (mech.).

I. Rāte, v. t. & i. ശകാരിക്കുക, ശാസിക്കുക, അധിക്ഷേപിക്കുക, ആക്ഷേപിക്കുക. rā'tĕr, n. ശകാരിക്കുന്നവൻ.

II. Rāte, n. വീതം, നിരക്ക്, 'എക്കം'; 2. പടി; പതിവ്; വാശി; 3. പ്രമാണം, പ്രകാരം; അനുപാതം; കണക്ക്; 4. തരം, വിധം; 5. വില; ചെലവ്; 6. നികുതി, വരി. r.-payer ജമക്കാരൻ, നികുതി കൊടുക്കുന്നവൻ. v. t. ഗണിക്കുക, കണക്ക്കൂട്ടുക, —ആക്കുക, മതിക്കുക; 2. കണ്ട് കെട്ടുക, (പാട്ടം, നികുതി) കെട്ടുക; 3. തരം തിരിക്കുക. v. i. തരത്തിൽ പെടുക, തരമായിരിക്കുക; 2. കണക്ക്കൂട്ടുക, —ഇടുക, —ആക്കുക. rā-ta-bil'i-ty, rā'ta-ble-ness, n. ഗണനീയത്വം; വീതിക്കത്തക്കനില. rā'ta-ble, rāte'a-ble, a. വിലകണക്കാക്കുന്ന, —വെക്കാകുന്ന, നികുതിച്ചുമത്തത്തക്ക; വീതപ്രകാരമുള്ള. rā'ta-bly, ad. വീതപ്രകാരം, കണക്കായി. rā'tĕr, n. വീതിക്കുന്നവൻ, കണക്കാക്കുന്നവൻ. [ട്ടൻ (z.).

Rā'tel, n. മലയണ്ണാൻ, മലയണ്ണാക്കൊ

I. Räth, n. കന്ന്, എകരം.

II. Räth, Räthe, a. കാലത്തെ ഉള്ള, നേരത്തെ—. ad. നേരത്തെ; വേഗം; തക്കസമയം. räth'ĕr, ad. (than) അധികമായി, ....കാൾ അധികം; —ഉത്തമം, —നല്ലത്: I would r.r go than stay, I had r.r go than stay ഞാൻ താമസിക്കയെക്കാൾ പോകയാണ് നല്ലത്, —ഉത്തമം; (than) ....ന്ന് പകരം, നേരെ മറിച്ച്, എന്ന് തന്നെയല്ല: he grew r.r worse than better അവന്ന് സുഖമായില്ലെന്ന് മാത്രമല്ല സുഖക്കേട് വർദ്ധിക്കയും കൂട ചെയ്തു, അവന്ന് സുഖക്കേട് മാറുകയല്ല വർദ്ധിക്കയാണ് ചെയ്തത്; കുറേശ്ശ, ഇത്തിരി, തെല്ല്, അല്പം, ഏതാനും: he is r.r weak അവൻ കുറെ ബലഹീനനാണ്; he is r.r deaf അവന്ന് ചെവി കുറെ പതുക്കെയാണ്, —ചെവി നല്ലവണ്ണം കേൾക്കയില്ല; the house is r.r damp ഈ വീട്ടിൽ ഞളപ്പം കുറെ ഉണ്ടു; അല്ലെങ്കിൽ, അഥവാ; അല്ല, എന്ന് വെച്ചാൽ, കൃത്യമായി പറകയാണെങ്കിൽ: he is a clever youth—r.r boy അവൻ മിടുക്കനായ ഒര് യുവാവ് അല്ല കുട്ടി ആകുന്നു; എന്ന് തന്നെ, എന്നുംകൂടി, ഒട്ടൊക്കെ: he sought her and not finding r.r feared her slain അവൻ അവളെ അന്വേഷിച്ച് കാണാത്തത് കൊണ്ട് അവളെ കൊന്ന് പോയി എന്നുംകൂടി വിചാരിച്ചു. the r.r വിശേഷാൽ, പ്രത്യേകിച്ച്. had r.r, would r.r ....ആണ് നല്ലത്, —ഉത്തമം.

Rat'i-fȳ, v. t. സമ്മതിക്കുക, ഉറപ്പിക്കുക, സ്ഥിരപ്പെടുത്തുക; 2. സാധുവാക്കുക, (കാര്യസ്ഥൻ ചെയ്ത പ്രവൃത്തി മുതലായി) സമ്മതിച്ചുറപ്പിക്കുക. =fi-cā'tiŏn, n. സമ്മതിക്കൽ, സ്ഥിരപ്പെടുത്തൽ; അനുമതി, സമ്മതം, ഉറപ്പ്. =fī-ĕr, n. സ്ഥിരപ്പെടുത്തുന്നവൻ.

Rā'ti-o (rā'shi-o), n. വീതം, അളവ്, പ്രമാണം, കണക്ക് (math.); 2. സംബന്ധം (math.).

Ra-ti-oc'i-nāte (rash-i-os'i-nāt), v.i. ന്യായം പറയുക, ന്യായപൂർവ്വം വാദിക്കുക. =nā'tiŏn, n. ന്യായവാദം, തർക്കം, യുക്തിയുക്തവാദം. =nā-tive, =nā-tŏr-y, a.

തക്കമായ; തക്കശീലമുള്ള; ന്യായപൂർവ്വകമായ.

**Rā'tiŏn**, *n.* (പടയാളികോ ഖലാശികോ ഉള്ള) നാൾപ്പടിയാഹാരം, കൊററ്, ആഹാരാംശം; 2. പടി, 'ബത്ത', വീതം. *v. i.* നാൾപ്പടികൊടുക്കുക, ആഹാരാംശം—.

**Ra'tiŏn-al** (rash'un-), *a.* ബോധശക്തിസംബന്ധിച്ച, മാനസികമായ; 2. ബുദ്ധി ഉള്ള, ജ്ഞാനം—, വിശേഷ ജ്ഞാനം—, അറിവ്—; 3. സബുദ്ധി ആയ; 4. ബുദ്ധിപൂർവ്വം—, ന്യായം—, വിഹിതം—, തക്ക; 5. യോഗസൂചകമായ (*ch.*). **r. horizon** സങ്കല്പാംബരം. **r. quantity** ശുദ്ധ രാശി, അമൂല— (*alg.*). *n.* സബുദ്ധി, വിശേഷജ്ഞാനമുള്ള പ്രാണി. **=ā'le**, *n.* പ്രമാണം, സൂത്രം; വ്യാഖ്യാനം. **-ism**, *n.* ബുദ്ധിപ്രമാണ വിശ്വാസം, —വിശ്വാസ വാദം, ദിവ്യപ്രകടനാ നിഷേധ— (*theo.*); ചാർവ്വാകത്വം, നിരീശ്വരവാദം; ബുദ്ധിപ്രാമാണികത്വം (*phil.*). **-ist**, *n.* ബുദ്ധിപ്രമാണ വിശ്വാസവാദി; നിരീശ്വര—; അബുദ്ധന്യായ—. **-is'tic**, **-is'ti-cal**, *a.* ബുദ്ധിപ്രമാണവാദം സംബന്ധിച്ച; —ആയ. **-is'ti-cal-ly**, *ad.* ബുദ്ധിപ്രമാണവിശ്വാസമായി; —വാദമായി. **=al'i-ty**, **-ness**, *n.* സബുദ്ധിത്വം; ബുദ്ധിപൂർവ്വകത്വം; മാനസികത്വം; ന്യായം. **-i-sā'tiŏn**, **-i-zā'tiŏn**, *n.* ബുദ്ധിപ്രമാണീകരണം. **-īse**, **-īze**, *v. t.* ബുദ്ധിപ്രമാണമാക്കുക; ബുദ്ധിപ്രമാണവിശ്വാസം അവലംബിക്കുക; ബുദ്ധിപൂർവ്വം ഗ്രഹിക്കുക; ശുദ്ധരാശിയാക്കുക (*alg.*); *v. i.* ബുദ്ധിപ്രമാണമായി വിശ്വസിക്കുക; ബുദ്ധിപ്രാമാണ്യമായിരിക്കുക. **-ly**, *ad.* ബുദ്ധിപ്രമാണമായി; —പൂർവ്വകമായി.

**Ra-tī'tæ**, *n. pl.* ഒട്ടകപ്പക്ഷിവർഗ്ഗം (*z.*). **=ra-ti-tāte'**, **=tīte'**, *a.* —വർഗ്ഗത്തിൽ പെട്ട. **=tīte'**, *n.* —വർഗ്ഗത്തിൽ പെട്ട പക്ഷി (*z.*).

**Rat'lines** (-lins), **='lins**, **=lings**, **='tlings**, *n. pl.* കമ്പയേണി. കയറേറണി (*naut.*).

**Ra-toon'**, *n.*, *s. a.* **Rattoon.**

**Rats'bāne**, *n.*, *s. u.* **Rat.**

**Rat'tan'**, **Ra-tan'**, *n.* ചൂരല്, പരമ്പ് (*P.*).

**Rat'ten**, *v. t.* (വിരോധക്കാര്) പണിയായുധം നശിപ്പിക്കുക; 2. —കളവ് ചെയ്യുക.

**Rat'tĕr**, **Rat'ting**, *s. u.* **Rat.**

**Rat'tle**, *v. i.* കിരുകിരുക്കുക, കിട്ടകിട്ടശബ്ദം ഉണ്ടാക, കിലുങ്ങുക, ചിലമ്പുക; 2. ചടുചട ഓടിക്കുക, കുതിര ചാടിച്ച് പോക; 3. (on, away) ചിലെക്കുക, പിറുപിറെ സംസാരിക്കുക. *v. t.* കിട്ടകിട്ട ശബ്ദിക്കുക, കിലുക്കുക; 2. മുഴക്കുക, ഒച്ചയാലുപദ്രവിക്കുക; അസഹ്യപ്പെടുത്തുക; 3. പരിഭ്രമിപ്പിക്കുക; 4. ശകാരിക്കുക; വാവിഷ്ഠാണം ചെയ്യുക. **to r. off** ഉച്ചത്തിൽ പറയുക; നാണം കെടുത്തുക. *n.* മുഴക്കം, രുഡരുഡ ശബ്ദം, കിലുക്കം, ചിലമ്പല്; 2. ചറുചറസംസാരം; ചിലെക്കൽ; 3. കിലുക്കട്ട; 4. വായ്പാടി; 5. ചക്രശ്വാസം, ഊർദ്ധ്വൻ, ശ്വാസംവലി. **r.-box** കിലുക്കട്ട. **r.-brained**, **r.-headed**, **r.-pated** അമലായ, ബോധമില്ലാത്ത. **r.-head**, **r.-pate** വായ്പാടി. **r.-snake** അമേരിക്കയിലുള്ള ഒര് വക വലിയ പാമ്പ്, കിലുകിലുപ്പാമ്പ് (*z.*). **r.-trap** കിരുകിരുയന്ത്രം. **to spring a r.** കിലുക്കട്ട കലുക്കുക. **rat'tlĕr**, *n.* കിലുകിലുക്കുന്നവൻ, കിട്ടകിട്ടശബ്ദം പുറപ്പെടുവിക്കുന്നത്.

**Rat'tlings**, *n.*, *s. a.* **Ratlines.**

**Rat-toon'**, **Ra-toon'**, *n.* തണ്ട് (പൊടിച്ചുണ്ടായ) കരിമ്പ്. *v. i.* തണ്ടിൽനിന്ന് പൊടിക്കുക, —മുളക്കുക.

**Rau'cid** (ra-), *a.* ചിലെച്ച. **rau'ci-ty**, *n.* ചിലെപ്പ്; തൊണ്ടയടപ്പ്; സ്വരസാദം. **rau'cŏus**, *a.* ചിലെച്ച, ചിലെപ്പുള്ള; ഒച്ചയടച്ച; കക്കശശബ്ദമായ. **rau'cŏus-ly**, *ad.* ചിലെപ്പോടെ; കക്കശമായി.

**Raught** (rat), *ir. p. t. of* **Reach.**

**Rav'āge**, *n.* അപഹരണം; ദ്രോഹം; 2. ഉപദ്രവം, ബാധ; 3. നാശം, ശൂന്യം, കെടുതി. *v. t.* അപഹരിക്കുക, ബലാൽ നശിപ്പിക്കുക, ശൂന്യമാക്കുക, പാഴാക്കുക; 2. കവച്ച്ചെയ്യുക; 3. ഇല്ലായ്മ—. **=ā-gĕr**, *n.* നശിപ്പിക്കുന്നവൻ; ബാധകൻ; അപഹാരി.

**Rāve**, *v. i.* ബുദ്ധിഭ്രമമുണ്ടാക, സുബുദ്ധിയില്ലാതിരിക്കുക; പിച്ച് പറയുക; 2. ഉഗ്രതകാട്ടുക; 3. ഉഗ്രമായൊട്ടുക; പാഞ്ഞൂട്ടുക; 4. (about, of, on) ഭ്രമിക്കുക, ചിത്തക്ഷോഭമുണ്ടാക, ആലാപിക്കുക, തുമ്പില്ലാതെ സംസാരിക്കുക. *v. t.* പിച്ചുംപിഴയും പറയുക, തോന്നിയതൊക്കെ—. **rā'-vĕr**, *n.* ഭ്രാന്തൻ, പിച്ചൻ. **rā'ving**, *a.* തുമ്പില്ലാതെ പറയുന്ന, പെയ്—, കണ്ടതും കടിയതും—. **rā'ving-ly**, *ad.* ഭ്രാന്തിൽ, തുമ്പില്ലാതെ, മനഃക്ഷോഭത്തോടെ.

**Rav'el** (rav'l), *v. t.* (out) പിരിയുടക്കുക, അഴിക്കുക, പിരിക്കുക; 2. ഇഴ എടുക്കുക; 3. കുഴക്ക് തീക്കുക, കെട്ടക്ക്—; 4. —ആക്കുക, കുഴപ്പം—, വിഷമിപ്പിക്കുക. *v. i.* പിരിയുടയുക; 2. കെട്ടക്ക് തീരുക; 3. വിഷമം—. **-ĕr, -lĕr**, *n.* കുഴക്ക് തീക്കുന്നവൻ. **-ling**, *n.* പിരിയുടക്കൽ, കുഴക്ക് തീക്കൽ; പിരിയുടഞ്ഞത്, തുണിയിഴ നൂല്.

**Rav'e-lin** (*or* rav'lin), *n.* കോട്ടക്കൊത്തളം.

I. **Rā'ven** (rā'vn), *n.* ഒര് വക വലിയ കാക്ക, അണ്ടങ്കാക്ക, ബലിക്കാക്ക, മലങ്കാക്ക (*z.*). **r.'s duck** ഒര് വക കുപ്പപ്പായത്തുണി. *a.* കറുത്ത, കരിങ്കറുപ്പായ.

II. **Rav'en, Rav'in, Rav'ine**, *n.* കൊള്ള, കവച്ച്, പിടിച്ച് പറി, 'ലൂട്ടി'; 2. ഇര, അപഹൃതം. *v. t.* പിടിച്ച് പററുക, അപഹരിക്കുക; 2. ചാടിപ്പിടിക്കുക, റാഞ്ചുക; 3. പിടിച്ച് വിഴങ്ങുക. *v. i.* കൊള്ളയിടുക; 2. ചാടിപ്പിടിക്കുക; 3. ബുഭുക്ഷയുണ്ടാക; കൊതികാട്ടുക, അലച്ച—. **-ĕr**, *n.* പിടിച്ച് പറിക്കുന്നവൻ; റാഞ്ചൻപക്ഷി (*z.*). **-ing**, *n.* ബുഭുക്ഷ; കൊള്ള, പിടിച്ച് പറി; അപഹരണം. *a.* അലച്ചയോടെ വിഴങ്ങുന്ന; കൊള്ളയിടുന്ന; ഇരതെണ്ടുന്ന. **-ing-ly**, *ad.* ബുഭുക്ഷയോടെ. **-ŏus**, *a.* ബുഭുക്ഷയുള്ള; പിടിച്ച് പറിക്കുന്ന; വിശന്ന് വശംകെട്ട; പെരുങ്കൊതിയുള്ള. **-ŏus-ly**, *ad.* പെരുങ്കൊതിയോടെ, അലച്ചയോടെ. **-ŏus-ness**, *n.* ബുഭുക്ഷ; അതിമോഹം.

I. **Rav'ine, Rav'in**, *s. a.* **Raven** II.

II. **Ra-vïne'** (ra-vēn'), *n.* മലങ്കുഴി, കൊല്ലി, മലപ്പിളപ്പ്.

**Rā'ving**, *etc.*, *s. u.* **Rave.**

**Rav'ish**, *v. t.* കവന്ന് കൊണ്ട് പോക, ബലാല്ക്കാരേണ—, പിടിച്ച്—; 2. ആഹ്ലാദിക്കുക, ആനന്ദവിവശത ഉണ്ടാക, പരമാനന്ദം—; 3. ബലാൽസംഗം ചെയ്യുക, അപരാധിക്കുക, (പെണ്ണ്) പിടിക്കുക. **-ĕr**, *n.* അപഹാരി; ആനന്ദവിഹ്വലൻ; ബലാൽസംഗക്കാരൻ. **-ing**, *a.* ആഹ്ലാദകരമായ, പരമാനന്ദമുള്ള. **-ing-ly**, *ad.* ആനന്ദസംഭ്രമത്തോടെ. **-ment**, *n.* അപഹരണം; വശീകരണം, മനോഹരണം; പ്രമോദം, പരമാനന്ദം; ബലാൽസംഗം, ബലഭോഗം.

**Raw** (ra̤), *a.* വേവിക്കാത്ത, പാകം ചെയ്യാത്ത, പച്ച; 2. പഴക്കാത്ത, പച്ചയായ; 3. പരിചയം ഇല്ലാത്ത, ശീലം—, പുതിയ; 4. (വെള്ളം) വാററാത്ത; 5. (നൂല്, പട്ട്) നൂല്ക്കാത്ത, പിരിക്കാത്ത; 6. (ചാരായം) കൂട്ടില്ലാത്ത, ശുദ്ധ; 7. (കൊഴുപ്പ്) ഉരുക്കാത്ത, അരിക്കാത്ത; 8. (തോല്) ഊറക്കിടാത്ത; 9. (ലോഹം, തുണി) മടക്കാത്ത, മടക്കിടാത്ത; 10. അതിശൈത്യമുള്ള, വിറച്ച് കോട്ടുന്ന. **r.-boned** എല്ലും തോലുമായ, വെറുംകൊട്ടായ, മെലിഞ്ഞ. **r.-head** (കുട്ടികളെ പേടിപ്പിപ്പാൻ പറയുന്ന) പൂച്ചിക്കാരൻ, കണ്ടംകാപ്പിരി. **r.-hide** ചാട്ടവാറ്, കൊരടാവ്. **r. material** ഉല്പന്നങ്ങൾ, വ്യാപാരത്തൊഴിൽ ദ്രവ്യം. **r. pig** ചീനച്ചട്ടിയിരിമ്പ്, വാപ്പിരിമ്പ്. *n.* പച്ചപ്പുണ്ണ്, വ്രണം; 2. തോലുരിഞ്ഞ സ്ഥലം. **-'ish**, *a.* ഏതാനും പച്ചയായ. **-'ly**, *ad.* പച്ചയായി; വേവിക്കാതെ; പഴക്കാതെ; പരിചയമില്ലാതെ; വെടിപ്പാക്കാതെ, പാകംവരുത്താതെ. **-'ness**, *n.* അപാകത, പാകമാകായ്മ.

I. **Rāy** (rā), *n.* രശ്മി, കതിര്, കിരണം (*ph.*); 2. കാഴ്ച, ദൃഷ്ടി; 3. കിരണരേഖ (*geom.*). **bundle of r.s, pencil of r.s** കതിർക്കുല, കിരണമഞ്ജരി, രശ്മിപുഞ്ജം; കിരണവ്യവസ്ഥ. **r.-point** —കേന്ദ്രം (*geom.*). *v. t.* രശ്മിയുണ്ടാക, കിരണം പുറപ്പെടുക. *v. i.* പ്രകാശിക്കുക, ശോഭിക്കുക. **-'less**, *a.* പ്രകാശമില്ലാത്ത, ഇരുണ്ട.

II. **Rāy** (rā), *n.* തിരണ്ടിമത്സ്യം (*z.*).

**Rāze, Rāse,** *v. t.* മാച്ചുക, മാ(യി)ച്ച് കളയുക, നീക്കുക; 2. നിലം പരിചാക്കുക, ഇടിച്ച് കളയുക; നശിപ്പിക്കുക. **rā'zūre,** *n.* മാച്ചൽ; തിരുത്ത്.

**Rā-zee',** *n.* മുകൾത്തട്ട് പോയ്പോയ പടക്കപ്പല്; 2. അധമത്വം വന്നത്. *v. t.* ചുരുക്കുക, കുറക്കുക, ചെറുതാക്കുക.

**Rā'zŏr,** *n.* മുടിക്കത്തി, ക്ഷൌരക്കത്തി, അമ്പിട്ടൻെറ കത്തി; 2. പന്നിത്തേററ (*z.*). **r.-strap, r.-strop** കത്തിയണെക്കുന്ന തോല്, അണത്തോല്പലക. **-a-ble,** *a.* ക്ഷൌരം ചെയ്വാൻ തക്ക.

**Rā'zūre,** *n., s. u.* **Raze.**

**Raz'zi-a** (rat'si-a), *n.* കൊള്ള, കവച്ച.

I. **Re,** *pf.* വഴിയോട്ട്, പിന്നോട്ട്; പിമ്പിൽ; 2. നേരെ എതിരെ, വിരോധമായി; 3. തിരികെ, പിന്നെയും, വീണ്ടും, പുനഃ, പുനർ.

*Note.* The meanings of many words beginning with **Re** as a prefix may be easily found by adding തിരികെ, പുനർ, പിന്നെയും *etc.* to the meanings of the principal words, and are therefore not given in the vocabulary.

**സൂചകം.** **Re** എന്ന ഉപസർഗ്ഗം ചേൎന്ന് വരുന്ന അനേകം ഇംഗ്ലീഷ് പദങ്ങളുടെ അൎത്ഥം ആ പദത്തിലെ മുഖ്യ വാക്കിൻെറ അൎത്ഥത്തോട് 'തിരികെ, പുനഃ, പിന്നെയും' മുതലായത് ചേൎത്താൽ എളുപ്പത്തിൽ കിട്ടാകുന്നത് കൊണ്ട് അതുകൾ ഈ ശബ്ദകോശത്തിൽ കാണിച്ചിട്ടില്ല.

II. **Re** (rā), *n.* (സ്വരഗ്രാമത്തിൽ) രണ്ടാമത്തെ സ്വരം, (അക്ഷരസ്വരത്തിൽ) 'രി' (*mus.*).

I. **Rēach** (rēch), *v. i.* ഓക്കാനിക്കുക. [*n.* ഓക്കാനം.

II. **Rēach** (rēch), *v. t.* നീട്ടുക, കൈനീട്ടുക; നീട്ടിക്കൊടുക്കുക; വെച്ച് കാട്ടുക; 2. കൊടുക്കുക; എടുത്ത് കൊടുക്കുക; 3. എത്തുക; 4. തൊടുക; പിടിക്കുക; 5. കൊള്ളിക്കുക; 6. വ്യാപിക്കുക, പരക്കുക; 7. എത്തുക; കാണുക, കണ്ണെത്തുക; 8. കിട്ടുക; 9. സാധിക്കുക; 10. ഗ്രഹിക്കുക; 11. തോല്പിക്കുക. *v. i.* കൈനീട്ടുക; 2. പരിശ്രമിക്കുക, യത്നിക്കുക; 3. ഏന്തുക; 4. എത്തുക; തൊടുക; 5. ഒക്കുക, തുല്യമാക; 6. വ്യാപിക്കുക; 7. കാററ് പിടിച്ചോടുക (*naut.*). **to r. after, to r. at** ഏന്തുക; ശ്രമിക്കുക, പ്രയത്നിക്കുക. *n.* നീട്ടൽ; 2. ഏന്തൽ; 3. എത്തുന്നേടം, എത്തുവാൻ കഴിയുന്ന സ്ഥിതി; എത്ത് പാട്, പാട്, വെടിപ്പാട്, അമ്പിൻപാട്; 4. പ്രാപ്തി, സാമൎത്ഥ്യം, കഴിവ്; വ്യാപാരശക്തി, സാദ്ധ്യ—; 5, വിശാലത, വിസ്താരം; 6. ഉപയോഗം; 7. വ്യാപനം; 8. പ്രവൃത്തി; 9. ഫലം, സാദ്ധ്യം; 10. നീളം; പരപ്പ്; 11. കടല്ക്കൈ, ഉൾക്കടല്; 12. ഉപായം, സൂത്രം, വിദ്യ. **-'a-ble,** *a.* എത്താകുന്ന. **-'ĕr,** *n.* ഏന്തുന്നവൻ; എത്തുന്നവൻ, തൊടുന്നവൻ. **-'less,** *a.* എത്താത്ത; ഉയരമുള്ള.

**Rē-act',** *v. t.* പിന്നെയും ചെയ്യുക, വീണ്ടുംപ്രവൃത്തിക്കുക; 2. ആവൎത്തിക്കുക. *v. i.* എതിരായി പ്രവൃത്തിക്കുക; 2. തടുക്കുക; എതിൎബ്ബലം കാട്ടുക; 3. അന്യോന്യം വിപരീതമായി പ്രവൃത്തിക്കുക, വിപരീതവീൎയ്യം കാട്ടുക. **=ac'tiŏn,** *n.* എതിൎബ്ബലം; വിപരീതശക്തി (*mech.*); പരസ്പരവ്യവഹാരം, —പ്രവൃത്തി (*ch.*); പ്രതികാരശക്തി, പ്രതിബലാ (*med.*); അധോഗതി (*pol.*). **=ac'tiŏn-ar-y,** *a.* പ്രതിശക്തി ആയ; വിപരീതശക്തി—; വിപരീതം—. *n.* എതിർപ്രവൃത്തകൻ (*pol.*). **=ac'tiŏn-ist,** *n.* എതിരായി പ്രവൃത്തിക്കുന്നവൻ. **=ac'tive,** *a.* വിപരീതശക്തിയുള്ള; പ്രതികാരശക്തിയായ. **=ac'tive-ly,** *ad.* എതിരായി, വിരോധമായി. **=ac'tive-ness,** *n.* പ്രതികാരകത്വം; വൈപരീത്യം.

**Rēad** (rēd), *v. t.* വ്യാഖ്യാനിക്കുക, അൎത്ഥം പറയുക; —കാണുക; 2. വായിക്കുക, ഓതുക, പഠനം ചെയ്യുക; 3. ഗ്രഹിക്കുക, മനസ്സിലാക്കുക; 4. അദ്ധ്യയനം ചെയ്യുക, പഠിക്കുക, അഭ്യസിക്കുക. **to r. one's**

self in പുതിയ ബോധകൻ പള്ളിയിൽ ആദ്യമായി വിശ്വാസപ്രമാണം മുതലായത് ഉറക്കെ വായിക്കുക, ബോധകപ്രവൃത്തിയിൽ പ്രവേശിക്കുക. *v. i.* വായിക്കുക, പാരായണം ചെയ്യുക; 2. പഠിക്കുക; 3. വായിച്ചറിയുക; 4. പുസ്തകത്തിൽ ഉണ്ടാക, എഴുതിക്കാണുക; 5. വായിക്കുമ്പോൾ തോന്നുക. to r. off വായിച്ച് കളയുക. to r. out ഉറക്കെ വായിക്കുക. to r. through വായിച്ച് തീൎക്കുക, മുഴുവനും വായിക്കുക. to r. between the lines വായിച്ചതിന്നപ്പുറം ധരിക്കുക, ഉള്ളൎത്ഥം മനസ്സിലാക്കുക. *n.* വായന. read (red), *a.* വായിച്ച; പഠിപ്പ് ഉള്ള. well-r.d വ്യുല്പത്തി—, നല്ല അറിവ്—. -'a-ble, *a.* വായിക്കാകുന്ന; സ്പഷ്ടം ആയ, വ്യക്തം—, തെളിവുള്ള; വായിക്കത്തക്ക; രസികമായ. -'a-ble-ness, -a-bil'i-ty, *n.* വ്യക്തി; രസം. -'a-bly, *ad.* വായിക്കത്തക്കവണ്ണം. -'ĕr, *n.* വായിക്കുന്നവൻ; പള്ളിയിൽ വേദപാഠം വായിക്കുന്നവൻ (*Chr.*); പാഠകം പറയുന്നവൻ; അച്ച്പിഴ തിരുത്തുന്നവൻ (*print.*); പാഠകൻ, വിദ്യാതല്പരൻ; പാഠപ്പുസ്തകം, വായനപ്പുസ്തകം. -ĕr-ship, *n.* വേദപാരായണോദ്യോഗം (*Chr.*). -'iṅg, *n.* വായന, പഠനം; അദ്ധ്യയനം, വിദ്യാഭ്യാസം, വ്യുല്പത്തി: പാഠകം, വായനപ്രസംഗം; എഴുതിക്കാണുന്ന വിധം, പാഠം, പാഠാന്തരം; അഭിനയം; മാപകയന്ത്രത്തിലെ മാത്ര സംഖ്യ. r.g of a thermometer ശീതോഷ്ണമാപകയന്ത്ര മാത്ര. r.g of a bill നൂതനനിയമപൎയ്യാലോചന. various r.gs പാഠാന്തരം, പാഠം. *a.* വായനസംബന്ധിച്ച; വായിക്കുന്ന; വായനക്കുള്ള; വായനയിൽ തൃഷ്ണയുള്ള. r.g-book പാഠപ്പുസ്തകം, വായനപ്പുസ്തകം. r.g-desk വായനപീഠം (*Chr.*). r.g-glass ഒരു വക ഭൂതക്കണ്ണാടി. r.-g-man ഉത്സാഹി; വിദ്യാൎത്ഥി. r.g-room വായനശാല, —മുറി.

Read'i-ly, ='i-ness, *s.u.* Ready.

Rēad'ĕr, Rēad'iṅg, *etc.*, *s.u.* Read.

Rē-ad-jŏurn', *v. t.* പിന്നെയും നിൎത്തിവെക്കുക, രണ്ടാമതും—.

Rē-ad-just', *v. t.* രണ്ടാമതും ക്രമപ്പെടുത്തുക; 2. വേറെപ്രകാരത്തിലാക്കുക. -ment, *n.* പുനഃക്രമം.

Rē-ad-mit', *v. t.* പിന്നെയും ചേൎക്കുക, രണ്ടാമതും—, വീണ്ടും—. =mis'siŏn (-mish'un), =mit'tance (mit'ans), *n.* പുനൎപ്രവേശനം, രണ്ടാമതും ചേൎക്കൽ.

Rē-a-dopt', *v. t.* പിന്നെയും അംഗീകരിക്കുക, —കൈക്കൊള്ളുക.

Read'y (red'y), *a.* ഒരുക്കം ഉള്ള, 'തയ്യാറ്'—, സിദ്ധം ആയ, സന്നദ്ധം—, ഒരുങ്ങിയിരിക്കുന്ന; 2. കാലമായ; 3. മനസ്സ് ഉള്ള; 4. ചുറുക്ക്—, ചൊടി—, ജാഗ്രത—; 5. സാമൎത്ഥ്യം—; 6. ക്ഷണബുദ്ധി—, കുശാഗ്രബുദ്ധി—; 7. കൈക്കെത്തിയ; തരത്തിലുള്ള; 8. പാങ്ങുള്ള; എളുപ്പമായ; 9. (*inf.*) ....ാൻ പോകുന്ന, ....ാൻ അടുത്ത, ....ആറായ; 10. തോക്കെടുത്ത് കൊത്തിവലിച്ച (*mil.*). all r. ഒരുങ്ങിനില്ക്കുന്ന. r.-made ഉണ്ടാക്കിവെച്ചിരിക്കുന്ന, തയ്യാറുള്ള. r. money റൊക്കം (പണം), നകത് (ഉരുപ്പിക). r.-reckoner കണക്ക് പട്ടികപ്പുസ്തകം. r.-witted തല്ക്ഷണബുദ്ധിയുള്ള, പ്രത്യുല്പന്നമതിയായ. to make r. തയ്യാറാക്കുക; ഒരുങ്ങുക. *ad.* ഒരുക്കമായി, ഒരുങ്ങി. *n.* (the) റൊക്കം പണം, കൈമുതല്. read'i-ly, *ad.* ഉടനെ; ഒരുക്കമായി. read'i-ness, *n.* ഒരുക്കം, ജാഗ്രത.

Rē-af-firm', *v. t.* പിന്നെയും പറയുക; വീണ്ടും ഉറപ്പിച്ച്—.

Rē-ā'gent, *n.* (രസവാദ) പരിശോധകദ്രവ്യം (*ch.*).

I. Rē'al, Rī'al, *n.* ഒരു സ്പാന്യനാണ്യം, 'ഇറയാല്' (*N.*).

II. Rē'al, *a.* ഉള്ള, വസ്തുത ആയ, വാസ്തവം—, നേര്—; 2. സാക്ഷാൽ, തനി, സ്വയം; 3. കൃത്യസംഖ്യ ആയ (*alg.*); 4. ഇളകാത്ത മുതല്—, സ്ഥിരസ്വത്ത്—, അചരസ്വത്ത്—, സ്ഥാവരസ്വത്ത്— (*l.*). r. action ഇളകാത്ത മുതലിനെപ്പററിയുള്ള വ്യവഹാരം (*l.*). r. estate *or* property വസ്തുവക, നിലംപറമ്പ് (*l.*); ജന്മസ്വത്ത് (*l.*). r. presence തിരുവത്താഴത്തിൽ ക്രിസ്തുവിന്റെ മാംസരക്തങ്ങൾ

വസ്തുതയായി ഉണ്ടെന്ന വാദം, വികാര സാന്നിദ്ധ്യവാദം (*R. C.*); നിർവ്വികാരസാന്നിദ്ധ്യ— (*theo.*). -i̱sm, *n.* പ്രപഞ്ചാസ്തിക്യ— (*phil.*); പ്രകൃതിതുല്യത, തത്തുല്യത (*art.*, *lit.*). -ist, *n.* പ്രപഞ്ചാസ്തിക്യവാദി (*phil.*); തത്തുല്യശില്പി (*art.*); കൃത്യവൎണ്ണനക്കാരൻ (*lit.*). -is'tic, *a.* പ്രപഞ്ചാസ്തിക്യവാദസംബന്ധം ആയ; പ്രകൃതിതുല്യം—. -is'ti-cal-ly, *ad.* പ്രപഞ്ചാസ്തിക്യവാദപ്രകാരം. -'i-ty, -ness, *n.* വസ്തുത, വാസ്തവ്യം; ഉണ്മ; ആസ്തിക്യം; സ്ഥാവരസ്വത്ത് (*l.*). -ī̱s'a-ble, -īz'a-ble, *a.* വസ്തു ആക്കാവുന്ന, പണം—; വസൂൽ—, പിരിഞ്ഞ്കിട്ടുന്ന; വസ്തുത ആക്കാവുന്ന; സാദ്ധ്യം—. -i-sā'tiŏn, -i-zā'tiŏn, *n.* വസ്തു ആക്കൽ; വസൂൽ—, പിരിക്കൽ; വസ്തുതയാക്കൽ; സാധിപ്പിക്കൽ. -ī̱se, -īze, *v.t.* വസ്തുത ആക്കുക, ഉള്ളത്—; സാദ്ധ്യം—, ഫലിപ്പിക്കുക; ഉള്ളതെന്ന് തോന്നിക്കുക; —തോന്നുക, ഗ്രഹിക്കുക, അനുഭവസിദ്ധമാക; സ്ഥാവരസ്വത്താക്കുക, വസ്തുവില്പറപ്പിക്കുക; വസൂലാക്കുക, പിരിക്കുക, സമ്പാദിക്കുക, പ്രാപിക്കുക, കിട്ടുക, ഉണ്ടാക; പണം ആക്കുക. *v. i.* പണം—, വിററ്പണം—, ഈടാകുന്ന (*S.*). -ī-s̱ĕr, -ī-zĕr, *n.* സാധിപ്പിക്കുന്നവൻ. -ī-s̱ing, -ī-ziṅg, *a.* വസ്തുത ആക്കുന്ന; വസ്തുതയാണെന്ന് തോന്നിക്കുന്ന. -ī-s̱ing-ly, -ī-ziṅg-ly, *ad.* —തോന്നുംവണ്ണം. -ly, *ad.* ഉള്ളവണ്ണം, വസ്തുതയിൽ, നേരായി, യഥാൎത്ഥത്തിൽ; നിശ്ചയം, തന്നെ. -ty, *n.* അചരത്വം (*l.*); സ്ഥാവരസ്വത്ത് (*l.*).

Rē-al'gär, *n.* അരിതാരം, ഹരിതാലം, മനശില, മനയില, മനയോല (*min.*).

Rē'al-ī̱se, =i̱sm, =ist, =al'i-ty, *etc.*, *s. u.* Real II.

I. Rē-al-lȳ', *v. t.* പിന്നെയും ഒരുമിപ്പിക്കുക, വീണ്ടും സഖിയാക്കുക; 2. പുനർത്രുപിക്കുക.

II. Rē'al-ly, *ad.*, *s. u.* Real II.

Realm (relm), *n.* രാജാധികാരം; 2. സാമ്രാജ്യം, രാഷ്ട്രം, രാജ്യം; 3. ദിക്ക്, ദേശം, പ്രദേശം, നാട്. -'less, *a.* രാജ്യമില്ലാത്ത.

Rē'al-ness, =al-ty, *s. u.* Real II.

I. Rēam (rēm), *v. t.* വലിച്ച്നീട്ടുക; നൂലാക്കുക, നാർനാരാക്കുക.

II. Rēam (rēm), *n.* (കടലാസ്) കെട്ട്, 20 'കയററ്', 480 പായി. printer's r. $21\frac{1}{2}$ കയററ്, 500 പായി.

III. Rēam (rēm), *v. t.* തുളയുടെ മുകള് ചെത്തുക; 2. തുള വലുതാക്കുക. -'ĕr, *n.* തുള ചെത്തുന്ന ഉളി.

Rē-an'i-māte, *v. t.* പുനൎജ്ജീവിപ്പിക്കുക, പിന്നെയും ചൈതന്യം വരുത്തുക. =mā'tiŏn, *n.* പുനൎജ്ജീവിപ്പിക്കൽ.

Rē-an'swĕr (-an'sĕr), *v. t.* & *i.* മറുവടിപറയുക; 2. കടംവീട്ടുക; 3. പ്രതിഫലം കൊടുക്കുക; 4. പ്രായശ്ചിത്തം ചെയ്യുക.

Rēap (rēp), *v. t.* അറുക്കുക, മൂരുക, കൊയ്യുക; 2. ശേഖരിക്കുക, കൂട്ടിച്ചേൎക്കുക; 3. കിട്ടുക, പ്രതിഫലം കിട്ടുക, അനുഭവം ഉണ്ടാക, ലാഭം—; 4. ക്ഷൌരംചെയ്യുക. r.ing-hook മൂച്ചക്കത്തി, അരുവാള്, അരുവാ(ൾ)ക്കത്തി. r.ing-machine മൂച്ചയന്ത്രം. *v. i.* മൂരുക, കൊയ്യുക. *n.* പിടി. -'ĕr, *n.* മൂരുന്നവൻ, കൊയ്യുന്നവൻ; മൂച്ചയന്ത്രം.

Rē-ap-pēar' (-pēr'), *v. i.* പിന്നെയും കാണുക; 2. രണ്ടാമതും വരിക; 3. വീണ്ടും ഉണ്ടാക. -ance, *n.* രണ്ടാമത്തെ വരവ്, പുനർ പ്രത്യക്ഷത.

Rē-ap-point', *v. t.* രണ്ടാമതും നിശ്ചയിക്കുക. -ment, *n.* പുനൎന്നിശ്ചയം.

I. Rēar (rēr), -'ly, *ad.* നേരത്തെ, കാലത്തെ.

II. Rēar (rēr), *n.* പിൻഭാഗം, വഴിയെപ്പുറം; 2. ഒടുക്കത്തേത്; 3. പിൻപട, പിന്നണി (*mil.*). *a.* പിമ്പിലുള്ള; 2. ഒടുവിലത്തെ, അവസാനത്തെ. r.-admiral നൌശണോപാധിപൻ. r.-front തിരിഞ്ഞ്നില്ക്കുന്ന പിന്നണി (*mil.*). r.-guard പിൻകാവൽപട—, —സൈന്യം (*mil.*); കാവല്, തുണ. r.-horse പച്ചത്തുള്ളൻ (*z.*). r.-line, r.-rank പിന്നണി (*mil.*). r.-sight (തോക്കിന്റെ) പിൻ കാണിക്കുററി. to bring up the r. വഴിയെ വരിക, അവസാനം—. *v. t.*

പിമ്പിൽനിൎത്തുക; 2. പിൻഭാഗം ഉറപ്പിക്കുക. *v. i.* (കതിര) നിമിന്നു് നില്ക്കുക, പിങ്കാലിന്മേൽ—. -'**mōst**, *a.* ഏററവും പിമ്പിലുള്ള, ഒടുവിലത്തെ. -'**wärd**, *a.* പിമ്പിലുള്ള, പിമ്പോട്ടുള്ള. *ad.* വഴിയോട്ട്, വഴിയിൽ. *n.* പിൻപട, പിൻകാവൽസൈന്യം; കാവല്, സഹായം.

III. **Rēar** (rēr), *v. t.* ഉണ്ടാക്കുക, നിൎത്തുക; 2. പിടിച്ച് പൊന്തിക്കുക; ഉയൎത്തുക; 3. പണിയിക്കുക, കെട്ടുക, നിൎമ്മിക്കുക, എടുക്കുക; സ്ഥാപിക്കുക; 4. പോററുക, വളൎത്തുക; 5. പഠിപ്പിക്കുക, അഭ്യസിപ്പിക്കുക, ശിക്ഷിച്ച് വളൎത്തുക. -'**ĕr**, *n.* ഉണ്ടാക്കുന്നവൻ; വളൎത്തുന്നവൻ.

**Rēar'mōst**, *a.*, *s. u.* **Rear** II.

**Rēar'mouse, Rēre'mouse, Rēer'-mouse**, *n.* കടവാതില്, ഉണ്ണിവാതില്, നരിച്ചീറ് (*z.*).

**Rēar'rānġe**, *v. t.* തിരികെ ക്രമപ്പെടുത്തുക; 2. വേറെപ്രകാരം ആക്കുക. -**ment**, *n.* —ആക്കൽ; പുനഃക്രമം, മാററം.

**Rēar'wärd**, *n. etc.*, *s. u.* **Rear** II.

**Rē-as-cend'**, *v. t. & i.* പിന്നെയും കയറുക, പുനരാരോഹണം ചെയ്യുക.

**Rēa'ṣon** (rē'zn), *n.* ന്യായം, കാരണം, നിമിത്തം, സംഗതി, ഹേതു; 2. പ്രമാണം, ആധാരം; യുക്തി; 3. ബോധശക്തി, ബോധേന്ദ്ര്യം, ബുദ്ധി, മതി, ചേതസ്സ്, ബുദ്ധിശക്തി, ഗ്രാഹ്യ—; വിവേചനാ—; 4. വിവേകം, ബുദ്ധിവിവേകം; 5. ആലോചന, വിചാരം; 6. ബുദ്ധിപൂൎവ്വകത്വം; സുബോധം; 7. ന്യായം, നീതി; 8. ധൎമ്മം, യോഗ്യത, സന്മാൎഗ്ഗം; 9. നേൎവ്വഴി, വഴി. **by r. of** ....കൊണ്ട്, കാരണത്താൽ, ....ആൽ, നിമിത്തം, ഹേതുവായിട്ട്. **in r., in all r.** ന്യായത്തിന്ന്, ന്യായപ്രകാരം, ധൎമ്മപ്രകാരം. **to bring to r.** ബുദ്ധി പഠിപ്പിക്കുക, പഠിപ്പിക്കുക. **to stand to r.** ബുദ്ധിക്കൊത്തതായി ഇരിക്കുക, ന്യായമായി—, യുക്തിയുക്തമായി—. *v. i.* ആലോചിക്കുക, ചിന്തിക്കുക, വിചാരിക്കുക, വിവേചിക്കുക; 2. അനുമാനിക്കുക; 3. വാദിക്കുക, തൎക്കിക്കുക; ന്യായം പറയുക, വാഗ്വാദം ചെയ്യുക; 4. സംഭാഷിക്കുക, കൂടിയാലോചിക്കുക. *v. t.* തൎക്കിക്കുക, വാദിക്കുക; 2. ന്യായം കാണിക്കുക; സംഗതി പറയുക; 3. ന്യായം പറഞ്ഞ് ബോധ്യം വരുത്തുക, സമ്മതമാക്കുക; 4. (down) കാൎയ്യം പറഞ്ഞ് സാവധാനപ്പെടുത്തുക; 5. (out) ന്യായപുരസ്സരം തെളിയിക്കുക, ന്യായത്താൽ സ്ഥാപിക്കുക. -**a-ble**, *a.* സബുദ്ധി ആയ; ബുദ്ധിപൂൎവ്വകം—, വിവേകം ഉള്ള, ബുദ്ധി—, ആലോചന—; ന്യായം ആയ, ശരി—, തക്ക, നല്ല. -**a-ble-ness**, *n.* ന്യായം, ഔചിത്യം, യുക്തി. -**a-bly**, *ad.* ന്യായമായി; ഏതാനും, ഒട്ടൊക്കെ, മിക്കവാറും. -**ĕr**, *n.* താൎക്കികൻ. -**iṅg**, *n.* ന്യായംപറയൽ; വാദം; വാദരീതി, തൎക്കപദ്ധതി; ആലോചനരീതി; തെളിവ്, ന്യായം, പ്രമാണം. -**less**, *a.* ബുദ്ധി ഇല്ലാത്ത; —കെട്ട, ന്യായമല്ലാത്ത.

**Rē-as-sem'ble**, *v. t. & i.* തിരികെ കൂടിവരിക.

**Rē-as-sĕrt'**, *v. t.* പുനഃസ്ഥാപിക്കുക; 2. യഥാസ്ഥാനത്താക്കുക.

**Rē-as-sure'** (-shur'), *v. t.* വീണ്ടും നിശ്ചയംവരുത്തുക, പിന്നെയും ഉറപ്പിക്കുക; 2. ധൈൎയ്യപ്പെടുത്തുക; 3. ഇതര സംഘത്തിൽ ഭീമരതിക്കുക.

**Reau'mur** (ra'mur *or* ra-mĕr'), *a.* 'റോമർ' തോത് പ്രകാരമുള്ള (*ph.*). *n.* —തോതിലുള്ള ശീതോഷ്ണമാപകയന്ത്രം (*ph.*).

**Rēave** (rēv), *v. t.* പിടിച്ച് പറിക്കുക, പറിച്ചെടുക്കുക, അപഹരിക്കുക, മോഷ്ടിക്കുക; 2. ഇല്ലാതാക്കുക. **rēav'ĕr**, *n.* കവൎച്ചക്കാരൻ, പിടിച്ച് പറിക്കാരൻ.

I. **Re-bāte'**, *v. t.* വായ്ത്തല പരത്തുക, മുനമടക്കുക; മൂൎച്ചകെടുത്തുക, മെഴുന്നനെയാക്കുക (*S.*); 2. കറക്കുക, കിഴിക്കുക, തള്ളുക. *n.* കറവ്; 2. കിഴിവ്, വാശി (*com.*). -**ment**, *n.* കിഴിവ്, വാശി.

II. **Re-bāte'**, *n.* കത; 2. കമ്മായ ഉലക്ക; 3. ഒര് വക കോടാലി; 4. ഒര് വക പാവ് കല്ല്. *v. t.* കതെക്കുക.

**Rē'bec, Rē'bek**, *n.* മുക്കമ്പിവീണ, മുത്തന്ത്രിവാദ്യം, സാരംഗി (*mus.*).

**Reb'el,** *a.* മത്സരിക്കുന്ന, കലഹിക്കുന്ന, രാജദ്രോഹിയായ; 2. മത്സരസംബന്ധമായ; 3. മത്സരക്കാരുടെ. *n.* മത്സരക്കാരൻ, രാജദ്രോഹി. =**bel',** *v. i.* രാജദ്രോഹം ചെയ്യുക, മത്സരിക്കുക; 2. അനുസരിക്കാതിരിക്കുക, മറുക്കുക, എതിൎത്തു നില്ക്കുക. -**dŏm,** *n.* മത്സരപ്രദേശം; മത്സരക്കൂട്ടം, രാജദ്രോഹിവൎഗ്ഗം; മത്സരസ്വഭാവം. =**bel'lĕr,** *n.* രാജദ്രോഹി. =**bel'liŏn** (-bel'yun), *n.* മത്സരിക്കൽ; മത്സരം, കലഹം, രാജദ്രോഹം; മറുക്കൽ, മറുത്തു നില്ക്കൽ. =**bel'liŏus** (-yus), *a.* മത്സരിക്കുന്ന, രാജദ്രോഹം ചെയ്യുന്ന. =**bel'liŏus-ly,** *ad.* മത്സരഭാവത്തോടെ. =**bel'liŏus-ness,** *n.* മത്സരം, കലഹം, സ്വാമിദ്രോഹം.

**Rē-bel'lōw** (-lō), *v. i.* പിന്നെയും ശബ്ദിക്കുക; 2. മാറെറാലി പുറപ്പെടുക, പ്രതിധ്വനിയുണ്ടാക.

**Re-bō'ant,** *a.* മാറെറാലിയുള്ള. =**ā'tiŏn,** *n.* പ്രതിധ്വനി, മാറെറാലി.

**Re-bound',** *v. i.* തെറിക്കുക, വഴിയോട്ട് ചാടുക, തള്ളിപ്പോരുക; 2. പ്രതിധ്വനിയുണ്ടാക; 3. തുള്ളിച്ചാടുക. *v. t.* മുഴങ്ങുക; 2. മാറെറാലി പുറപ്പെടുക. *n.* തെറിപ്പ്; 2. ചാട്ടം; 3. തള്ള്; 4. മുഴക്കം; പ്രതിധ്വനി.

**Re-buff',** *n.* തെറിക്കൽ, തെറിപ്പ്, പിമ്പോട്ടുള്ള ചാട്ടം, തള്ള്, ചവിട്ട്; 2. തടസ്ഥം, മുടക്കം; 3. തോല്വി; 4. മടക്കൽ, തള്ളൽ, ഉപേക്ഷിക്കൽ. *v. t.* തെറിക്കുക, വഴിയോട്ട് തള്ളുക; 2. തടസ്ഥം ചെയ്യുക, തടുക്കുക, മുടക്കുക; 3. തള്ളിക്കളയുക, മടക്കുക.

**Re-būke',** *v. t.* ശാസിക്കുക, ശാസിച്ചമൎത്തുക; 2. ആക്ഷേപിക്കുക. *n.* ശാസന; 2. അധിക്ഷേപം, ശകാരം; 3. 'താക്കീത്'. **to be without r.** മൎയ്യാദയായി നടക്കുക. ='**ka-ble,** *a.* ആക്ഷേപകരം ആയ, ശാസനായോഗ്യം—. ='**kĕr,** *n.* ശാസിക്കുന്നവൻ. ='**king-ly,** *ad.* ആക്ഷേപിച്ച്, ശാസനയായി.

**Rē-bul-li'tiŏn** (-lish'un), *n.* പതക്കൽ, പതച്ച് പൊങ്ങൽ; പതവരൽ.

**Rē'bus,** *n.* ചിത്രക്കുറി, —ഭാഷ, —ലിപി. *v. t.* —ലിപിയെഴുതുക, ചിത്രത്താൽ കുറിക്കുക.

**Re-but',** *v. t.* വഴിയോട്ടോടിക്കുക, പിന്നോക്കം തള്ളുക, ഓടിച്ച്കളയുക; 2. എതിൎക്കുക, നിരാകരിക്കുക, എതിൎവ്വാദം ചെയ്യുക, എതിൎത്തെളിവ് കൊടുക്കുക (*l.*). *v. i.* എതിരായി വാദിക്കുക (*l.*). =**but'-ta-ble,** *a.* ഉത്തരം പറയാകുന്ന; നിരാകരിക്കാകുന്ന. =**but'tal,** *n.* എതിൎത്തെളിവ് കൊടുക്കൽ (*l.*). =**but'tĕr,** *n.* പ്രതിവാദം (*l.*).

**Rē-eā'den-cy,** *n.* പുനഃപതനം, രണ്ടാമതും വീഴൽ; 2. വീണ്ടും സംഭവിക്കൽ; 3. പുനരാഗമനം.

**Re-eal'ci-trant,** *a.* ചവിട്ടുന്ന; 2. വിരോധം കാണിക്കുന്ന, എതിൎക്കുന്ന; 3. വഴങ്ങാത്ത, ഒതുങ്ങാത്ത. =**trāte,** *v. t.* ചവിട്ടുക; വെറുപ്പ് കാട്ടുക; തട്ടിക്കളയുക, തള്ളുക. *v. i.* ചവിട്ടുക; വിരോധം പറയുക, എതിൎത്ത് പറയുക. =**trā'tiŏn,** *n.* ചവിട്ട്; വിരോധം, വെറുപ്പ്; വഴക്കമില്ലായ്മ.

**Re-eall',** *v. t.* മടക്കിവിളിക്കുക, തിരിച്ച് വരുത്തുക; 2. മടക്കിയെടുക്കുക, ദുൎബ്ബലപ്പെടുത്തുക; 3. വേണ്ടെന്ന് വെക്കുക; 4. ഓൎമ്മിക്കുക, ഓൎത്ത് നോക്കുക. *n.* മടക്കിവിളിക്കൽ; 2. ദുൎബ്ബലപ്പെടുത്തൽ; 3. (സൈന്യം) മടങ്ങുവാനുള്ള കാഹളവിളി (*mil.*).

**Re-eant',** *v. t.* മറുത്ത്പറയുക, നിഷേധിക്കുക, മുമ്പ് പറഞ്ഞത് ഖണ്ഡിച്ച് പറയുക; 2. വാക്ക് മടക്കിയെടുക്കുക; 3. നിശ്ചയം മാററുക, പ്രതിജ്ഞതെററുക. *v. i.* മാറിപ്പറയുക, (ഒരിക്കൽ പറഞ്ഞത്) തള്ളിപ്പറയുക; 2. മടക്കിയെടുക്കുക. =**ean-tā'tiŏn,** *n.* തള്ളിപ്പറയൽ, ഖണ്ഡനം; മടക്കിയെടുക്കൽ; പ്രത്യാഖ്യാനം, വാക്പരിത്യാഗം, വിപരീതവാദം. -**ĕr,** *n.* നിഷേധകൻ, തള്ളിപ്പറയുന്നവൻ.

**Rē-ea-pit'ū-lāte,** *v. t. & i.* ആവൎത്തിച്ച്പറയുക, പിന്നെയും—; 2. സാരം—, ചുരുക്കിപ്പറയുക. =**lā'tiŏn,** *n.* ആവൎത്തനം; സംക്ഷേപം. =**lā-tŏr,** *n.*

ആവൎത്തിച്ച് പറയുന്നവൻ. =lā-tŏr-y, *a.* ആവൎത്തനമായ.

**Rē-cap'tiŏn**, *n.* (ചാടിപ്പോയവനെ) തിരികെ പിടിക്കൽ; 2. (കൊണ്ട് പോയ്പോ ളഞ്ഞത്) പിടിച്ച് കൊണ്ട് വരൽ, പ്രത്യ പഹാരം. =cap'tŏr, *n.* പ്രത്യപഹാരി. =cap'tūre, *n.* തിരികെ പിടിച്ചെടുക്കൽ; പ്രത്യപഹാരം; പ്രത്യപഹൃതം. *v. t.* ര ണ്ടാമതും പിടിക്കുക; തിരികെ കൈവശ പ്പെടുത്തുക.

**Rē-cast'**, *v. t.* രണ്ടാമതും എറിഞ്ഞ് കളയുക; 2. പുനൎന്രൂപിക്കുക, ഉടച്ച് വാ ൎക്കുക; 3. പിന്നെയും കണക്ക് കൂട്ടുക.

**Re-cēde'** (-sēd'), *v. i.* വഴിയോട്ട് പോക, പിന്തിരിയുക, മടങ്ങുക; 2. പിൻ വാങ്ങുക, —മാറുക; 3. ഉപേക്ഷിക്കുക, വി ട്ട്കളയുക. *v. t.* മടക്കിക്കൊടുക്കുക.

**Re-cēipt'**, *n.*, *s. u.* Receive.

**Re-cēive'** (-sēv'), *v. t.* കിട്ടുക, ലഭി ക്കുക; 2. വാങ്ങുക, മേടിക്കുക; 3. അറിയു ക; 4. പ്രാപിക്കുക; 5. എത്തുക, വരിക; 6. അംഗീകരിക്കുക, സ്വീകരിക്കുക, അവ ലംബിക്കുക; 7. കൈക്കൊള്ളുക, ചേൎത്ത് കൊള്ളുക; 8. (പാത്രത്തിൽ) കൊള്ളുക, പി ടിക്കുക; 9. കൊള്ളുക, ഏല്ക്കുക, തട്ടുക, അ നുഭവിക്കുക, പെടുക; 10. കളവ് മുതല് വാ ങ്ങുക; 11. പന്ത് തിരിച്ചടിക്കുക. =cēiv'-ing-house പാണ്ടികശാല, പണ്ടക—, പ ത്തായപ്പുര, കളം (*P.*). r.ng-ship കപ്പ ശിയഭ്യാസക്കപ്പല്. *v. i.* സല്ക്കരിക്കുക, കൈക്കൊള്ളുക, സ്വാഗതം ചെയ്യുക; 2. മു ഖം കാട്ടുക; 3. പന്ത് തിരിച്ചടിക്കുക. =cēipt' (-sēt'), *n.* കിട്ടൽ, പ്രാപിക്കൽ, എത്തൽ; വാങ്ങൽ; കൈക്കൊള്ളൽ; യോ ഗം, യോഗക്കുറിപ്പ്; പൃക്കവാറ്, ശീ(ചീ) ട്ട്, പുക്ക് ശീട്ട്, പററ്—, 'രശീതി' (*pl.*), വരുമാനം, വരവ്, ആയം. r.t-book യോഗക്കുറിപ്പ് പുസ്തകം; രശീതിപ്പുസ്തകം. r.t-stamp 'രശീതി'മുദ്ര. *v. t.* —കൊടു ക്കുക, ശീട്ട്—; കിട്ടിബോധിച്ചുവെന്ന് എ ഴുതിയൊപ്പിടുക; ക(കൈ)ച്ചീട്ട് എഴുതി ക്കൊടുക്കുക. *v. i.* പുക്ക് ശീട്ട് കൊടുക്കുക, 'രശീതി'—. =cēipt'ment, *n.* കററക്കാ രനെ പാപ്പിക്കൽ, —ഒളിപ്പിക്കൽ. =cēipt'ŏr (-sēt'ēr), *n.* 'രശീതി'കൊടുക്കു ന്നവൻ; കച്ചീട്ട് എഴുതിക്കൊടുക്കുന്നവൻ (*l.*). =cēiv-a-bil'i-ty, =cēiv'a-ble-ness, =cep-ti-bil'i-ty, *n.* പ്രാപ്യത, ലഭ്യത; പ്രാപ്തി; അംഗീകരണീയത്വം. =cēiv'a-ble, =cep'ti-ble, *a.* കിട്ടത്തക്ക; കൈക്കൊള്ളത്തക്ക, അംഗീകരണീയമാ യ, സ്വീകാരയോഗ്യം—. =cēiv'ed-ness, *n.* അംഗീകാരം; നടപ്പ്, രൂഢി. =cēiv'ēr, *n.* പരിഗ്രാഹകൻ, കിട്ടുന്നവൻ, വാങ്ങുന്നവൻ; മുതല് പിടിക്കാരൻ (*S.*), 'ക്യുറേട്ടറ്' (*l.*); കളവ് മുതല് വാങ്ങുന്ന വൻ (*l.*); കാച്ച് തട്ട് (*N.*), വാററ് പാത്രം (*S.*), തട്ട് (*ch.*); ബാഷ്പപാത്രം (*ch.*); (വാ യുബഹിഷ്കരണയന്ത്രത്തിലെ) ഗ്രഹകം, ഗ്രഹകപാത്രം (*ph.*); (ആവിയന്ത്രത്തി ലെ) ആവി—; (ദൂരശ്രവണയന്ത്രത്തിലെ) ശബ്ദിനി. exhausted r.r രിക്തഗ്രഹകം (*ph.*). =cēiv'ēr-ship, *n.* മുതല് പിടി സ്ഥാനം. =cep'ta-cle, rec-ep-ta-c'ū-lum, *n.* (*pl.* =cep-ta-c'ū-la) പാത്രം, ഭാ ജനം, ആശയം, സ്ഥലം, സ്ഥാനം; ആശ്ര യം, ആധാരം; പുഷ്പകോശം (*b.*). rec-ep-ta-c'ū-lar, *a.* പുഷ്പകോശസംബന്ധ മായ (*b.*). =cep'tiŏn, *n.* അംഗീകരണം, സ്വീകരണം, സ്വീകരിക്കൽ, കൈക്കൊ ള്ളൽ; പ്രാപണം, പരിഗ്രഹണം; കിട്ടൽ, എത്തൽ; അംഗീകൃതം; മുഖദൎശനം, മുഖം കാട്ടൽ, സന്ദൎശനം, സല്ക്കാരം; അവലംബ നം, സ്വീകാരം. =cep'tive, *a.* ഏല്ക്കുന്ന, ഗ്രാഹ്യ; പിടിച്ച് കൊള്ളുന്ന. =cep'tive-ness, =cep-tiv'i-ty, *n.* ഗോചരത്വം, പരിഗ്രാഹ്യത. rec'i-pē, *n.* യോഗം, യോഗക്കുറിപ്പ്, ഔഷധച്ചാൎത്ത്, മരുന്ന് യോഗം, മരുന്നോല, വൈദ്യച്ചീട്ട്. =cip'i-ence, =cip'i-en-cy, *n.* പ്രാപ്യ ത, പരിഗ്രാഹ്യത, =cip'i-ent, *n.* കിട്ടുന്ന വൻ, പ്രതിഗ്രാഹകൻ; വാററ് പാത്രം. *a.* കിട്ടുന്ന, പ്രാപിക്കുന്ന; പരിഗ്രാഹക മായ.

**Rē'cen-cy**, *n.*, *s. u.* Recent.

**Rē-cense'**, *v. t.* പരിശോധിക്കുക, പുനഃശോധന ചെയ്യുക. =cen'siŏn, *n.* പരിശോധന, നോട്ടം; പരീക്ഷ; 2. പാ ഠാന്തരപരിശോധന; 3. പരിശോധിത

ഗ്രന്ഥം. =cen'siŏn-ist, *n.* പരിശോധകൻ, ഗ്രന്ഥപരിശോധകൻ.

**Rē'cent,** *a.* ഇപ്പോഴത്തെ, ഇക്കാലത്തെ, തല്ക്കാലത്തെ; 2. പുതിയ, നൂതന, നവീന; 3. ഈ ഇടെ ഉണ്ടായ. **rē'cen-cy, -ness,** *n.* താല്ക്കാലികത്വം; പുതുക്കം, നൂതനത്വം. **-ly,** *ad.* പുതുതായി; ഈ ഇടെ, അടുത്തകാലത്ത്.

**Re-cep'ta-cle, Re-cep'ti-ble, Re-cep'tiŏn,** *etc., s. u.* **Receive.**

**Re-cess',** *n.* പിൻവാങ്ങൽ, മടക്കം, പിന്നോക്കം വെക്കൽ; 2. ഏകാന്തം, രഹസ്യം, ഗോപ്യത; 3. ഒഴിവ് സമയം, കല്പന, വിട്ടതല് (*N.*), ഇളവ് (*S.*); അനദ്ധ്യായം; 4. (ചുമരിലെ) മാടം, (—) വളവ്, (—) മൂല; 5. സ്വകാര്യസ്ഥലം, വിശ്രമ—, സങ്കേതം; 6. മർമ്മം, ഗൂഢം, അഗാധം. *v. t.* ഒളിവിടം ഉണ്ടാക്കുക, (ചുമരിൽ) മാടം—. =**cessed'** (-sest'), *a.* —ഉള്ള; സ്വകാര്യം ആയ, ഏകാന്തം—. =**ces'siŏn** (-sesh'un), *n.* പിൻവാങ്ങൽ, മടങ്ങൽ; മടക്കിക്കൊടുക്കൽ. =**ces'siŏn-al** (-sesh'un-), *a.* മടക്കത്തിലുള്ള. **r.l hymn** മടക്കപ്പാട്ട് (*R. C.*). =**ces'sive,** *a.* പിൻവാങ്ങുന്ന, മടങ്ങിപ്പോകുന്ന.

**Rech'a-bīte** (rek'a-), *n.* 'റെഖാബ്യര്', യൂദന്മാരുടെ ഇടയിലുണ്ടായിരുന്ന ഒര് മദ്യവർജ്ജകപ്പരിഷ (*Bl.*); 2. മദ്യവർജ്ജകൻ.

**Re-chēat'** (-chēt'), *n.* (നായാട്ട് നായ്ക്കളെ മടക്കിവിളിക്കുന്ന) കൊമ്പ് വിളി (*hunt.*). *v. i.* കൊമ്പൂതുക.

*Re-cher'ché* (ru-shĕr'shā), *a.* തെരിഞ്ഞെടുത്ത, മുന്തിയ, അതിവിശേഷമായ.

**Rec'i-pē, Re-cip'i-ent,** *etc., s. u.* **Receive.**

**Re-cip'rō-cal, Rec'i-prōque** (-prōk), *a.* മാറിമാറിവരുന്ന; ഒന്നിടവിട്ടുള്ള; 2. പരസ്പരമായ, അന്യോന്യം ഉള്ള, തമ്മിൽ തമ്മിൽ—, ഇതരേതരമായ; 3. അന്യോന്യം മാററാകുന്ന; 4. അന്യോന്യത പ്രതിസംഖ്യ ആയ (*gr.*); 5. സംബന്ധിതം— (*math.*). **r.l quantity** സംബന്ധിത രാശികൾ (*math.*). **r.l pronoun** അന്യോന്യത പ്രതിസംഖ്യ (*gr.*). **r.l proportion** സംബന്ധിതാനുപാതം (*math.*). *n.* ഇതരം, വ്യതികരം; 2. ഏകത്തെ വല്ല സംഖ്യകൊണ്ടും ഹരിച്ച് കിട്ടുന്ന സംഖ്യ, ഇതരസംഖ്യ (*math.*). =**cal'i-ty, =cal-ness,** *n.* അന്യോന്യത, പരസ്പരത്വം. =**cal-ly,** *ad.* അന്യോന്യം, തമ്മിൽ തമ്മിൽ, തമ്മാമ്മിൽ; ഇതരസംഖ്യയായി (*math.*). =**cāte,** *v. i.* മാറിമാറി പ്രവൃത്തിക്കുക, —വരിക; മുമ്പോട്ടും വഴിയോട്ടും ഇളകുക, മേലോട്ടും കീഴോട്ടും—. *v. t.* അന്യോന്യം ചെയ്യുക, ഇടവാട്—, കൊടുക്കുകയും വാങ്ങുകയും—, അങ്ങോട്ടും ഇങ്ങോട്ടും—, പകരം—, പ്രതിയായി—; തമ്മിൽ തമ്മിൽ മാറുക; മാറിമാറി വരിക. =**cā'tiŏn,** *n.* പരസ്പരത്വം; അന്യോന്യത, പെരുമാററം, ഇടവാട്, കൊള്ളക്കൊടുക്ക; മാറിമാറി വരുന്നസ്ഥിതി, മാററം. **rec-i-proc'i-ty,** *n.* പരസ്പരധർമ്മം, അന്യോന്യത. **r.y treaty, treaty of r.y** അന്യോന്യയുടമ്പടി, പരസ്പര സമയം.

**Re-ci'ṡiŏn** (-sizh'un), *n.* മുറിച്ച് കളയൽ, ഖണ്ഡിക്കൽ, ഛേദനം.

**Re-cī'tal, Rec-i-tā'tiŏn,** *etc., s. u.* **Recite.**

**Re-cīte',** *v. t.* ഉരുവിടുക, ആവർത്തിക്കുക; 2. വിവരിക്കുക; 3. ചൊല്ലുക, പാഠംപറയുക; 4. പ്രസ്താവിക്കുക, പറയുക (*l.*). *v. i.* ചൊല്ലുക. =**cī'tal,** *n.* ചൊല്ലൽ; എടുത്ത് പറയൽ, ആഖ്യാനം, ആവർത്തനം; വിവരണം; കഥ, വിവരം; (ഏകൻെറ) സംഗീതം, (—) വാദ്യവായന (*mus.*); പ്രസ്താവം (*l.*). **rec-i-tā'tiŏn,** *n.* ഉരുവിടൽ, ചൊല്ലൽ; ചൊല്ലത്ത്; പാഠം ചൊല്ലൽ. **rec-i-ta-tīve', rec-i-ta-tī'vō,** *n.* ഒര് വക സംഗീതം, ചൊല്ലിപ്പാട്ട് (*mus.*). **rec-i-ta-tīve,** *a.* ആവർത്തനം സംബന്ധിച്ച; സംഗീതമായ; പാട്ട് പോലെയുള്ള. =**cī'tĕr,** *n.* ചൊല്ലുന്നവൻ; ആഖ്യാനപ്പുസ്തകം.

**Reck,** *v. t.* കൂട്ടാക്കുക, വകവെക്കുക, ശങ്കിക്കുക; 2. കാര്യമായിരിക്കുക. *v. i.* (of) വിചാരിക്കുക, ചിന്തിക്കുക, കൂട്ടാക്കുക. **-'less,** *a.* വിചാരം ഇല്ലാത്ത, സൂക്ഷ്മം—, ജാഗ്രത—; നിർവ്വിചാരഭാവമുള്ള, ഉപേക്ഷയായ; തുനിഞ്ഞ, ഒരുമ്പെട്ട.

-'less-ly, *ad.* വിചാരം ഇല്ലാതെ. -'less-ness, *n.* ശങ്കയില്ലായ്മ, നിർവ്വിചാരഭാവം. -'ling, *a.* നോട്ടം ആവശ്യമായ, സൂക്ഷിച്ച് വളൎത്തേണ്ടുന്ന; ബലഹീനം ആയ, ശിഥിലമ—. *n.* ക്ഷീണിച്ച കട്ടി; ശിഥിലപ്രാണി.

Re-ck'on (rek'n), *v. t.* എണ്ണുക, ഗണിക്കുക, കണക്ക്കൂട്ടുക; 2. മതിക്കുക, വിലമതിക്കുക; 3. ബഹുമാനിക്കുക; 4. കണക്കിടുക, ആരോപിക്കുക; 5. വിചാരിക്കുക, ഊഹിക്കുക. *v. i.* എണ്ണുക, കണക്ക്കൂട്ടുക; 2. —പറയുക, —കഴിക്കുക. to r. for —പറയുക, —കൊടുക്കുക. to r. on *or* upon എണ്ണുക, ആശ്രയിക്കുക. to r. with കണക്ക്ചോദിക്കുക. to r. without one's host തലമറന്നെണ്ണതേക്കുക, കാൎയ്യമായ ആളെ വിട്ട് പ്രവൃത്തിക്കുക. -ĕr, *n.* കണക്ക്കൂട്ടുന്നവൻ; കണക്ക്പട്ടിക. ready-r.r —പട്ടികപ്പുസ്തകം. -ing, *n.* കണക്ക്കൂട്ടൽ; കണക്ക്; കാലക്കണക്ക്; കണക്ക്കഴിക്കൽ; വിട്ടുതിക്കണക്ക്, (വഴിയമ്പലം, ചോററുപുര, ചോററുകട, ഊൺപുര, 'ഹൊട്ടെൽ' മുതലായ ഇടങ്ങളിൽ കൊടുക്കേണ്ടുന്ന) ഊൺചിലവ്; ലക്ഷ്യം, വില, ബഹുമാനം, വകവെക്കൽ; കപ്പൽസ്ഥിതിഗണനം; —സ്ഥിതി. to be out of her r.g (കപ്പല്)സ്ഥിതിതെററുക.

Rē-clāim', *v. t.* മടക്കിച്ചോദിക്കുക, തിരിച്ച് വാങ്ങുക; തിരികെ കൈവശപ്പെടുത്തുക; 2. മടക്കിവിളിക്കുക; 3. മെരുക്കുക, ഇണക്കുക; 4. വഴിക്കാക്കുക, നന്നാക്കുക, ഗുണീകരിക്കുക, സന്മാൎഗ്ഗത്തിലാക്കുക; 5. (നിലം) വെട്ടിത്തെളിയിക്കുക, (പറമ്പ്) കിളെക്കുക; (കടല്, പുഴ) തുത്തുണ്ടാക്കുക. *v. i.* എതിൎത്ത് പറയുക, വിരോധിക്കുക, ആക്ഷേപിക്കുക; നന്നാക്കിത്തീൎക്കുക, സന്മാൎഗ്ഗത്തിലാക്കുക. -a-ble, *a.* മടക്കിച്ചോദിക്കാകുന്ന; നന്നാക്കിത്തീൎക്കാകുന്ന. -ant, -ĕr, *n.* വിരോധം പറയുന്നവൻ, ആക്ഷേപകൻ. -less, *a.* തിരികെ കിട്ടാൻ കഴിയാത്ത; നന്നാകാത്ത. rec-la-mā'tiŏn, *n.* തിരിച്ച് വരുത്തൽ, യഥാസ്ഥാപനം; വിരോധം, ആക്ഷേപം.

Re-clī'nāte, *etc.*, *s. u.* Recline.

Re-clīne', *v. t.* ചാരിവെക്കുക, ചരിച്ച്—, ചായ്ക്കുക. *v. i.* ചാരുക, ചായുക; 2. ചരിയുക, ചാരിക്കിടക്കുക; 3. വിശ്രമിക്കുക. *a.* ചരിഞ്ഞ, ചാഞ്ഞ് കിടക്കുന്ന, ചാഞ്ഞ. =clī'nant, *a.* വഴിയോട്ട് ചാഞ്ഞ, പുറത്തോട്ട് വളഞ്ഞ. =clī'nāte, =clīned' (-klīnd'), *a.* താഴോട്ട് ചാഞ്ഞ, ഒടിഞ്ഞ (*b.*). rec-li-nā'tiŏn, *n.* ചായൽ; ചരിവ്; തിമിരം നീക്കൽ (*med.*). =clī'nĕr, *n.* ചാരുന്നവൻ, ചാരിക്കിടക്കുന്നവൻ. =clī'ning, *a.* ചാഞ്ഞ (*b.*); ചരിഞ്ഞ.

Re-cluse', *a.* അടച്ച്പൂട്ടിയ, അകന്ന് നില്ക്കുന്ന, ഏകാന്തം ആയ; 2. ഏകാകി—. *n.* വാനപ്രസ്ഥൻ, സന്ന്യാസി; 2. ഏകാന്തസന്ന്യാസി (*R. C.*). -'ly, *ad.* ഏകാന്തമായി. -ness, *n.* ഏകാന്തത്വം; സന്ന്യാസിത്വം. =clūde', *v. t.* തുറക്കുക; അഴിച്ച് വിടുക. =clu'siŏn, *n.* പരിവ്രജനം, വിരക്തി, വൈരാഗ്യം. =clu'-sive, *a.* ഏകാന്തമായ. =clu'sŏr-y, *n.* ആശ്രമം, മഠം.

Rec-og-ni'tiŏn, Re-cog'ni-sance, *etc.*, *s. u.* Recognise.

Rec'og-nīse, =nīze, =nosce (-nos), *v. t.* തിരിയുക, കണ്ട് തിരിയുക, അറിയുക, തിരിച്ചറിയുക, മനസ്സിലാക; 2. സമ്മതിക്കുക, ഉണ്ടെന്ന് പറയുക; 3. സ്വീകരിക്കുക, അംഗീകരിക്കുക; 4. അറിമുഖം കാട്ടുക; വന്ദിക്കുക, വണങ്ങുക; 5. പ്രസാദിക്കുക, സന്തുഷ്ടികാട്ടുക; നന്ദി—. *v. i.* കൈ(ക)ച്ചീട്ട് വെക്കുക (*l.*). rec-og-ni'tiŏn, (-nish'un), =cog-ni-sā'tiŏn, =cog-ni-zā'tiŏn, *n.* കണ്ട് തിരിയൽ, മനസ്സിലാകൽ; തിരിച്ചറിവ്, അറിവ്; സമ്മതം; സ്വീകാരം. =cog'ni-tŏr, *n.* വിചാരണപഞ്ചായക്കാരൻ, 'ജ്യൂരി' (*l.*). =cog'ni-tŏr-y, *a.* തിരിച്ചറിവ് സംബന്ധിച്ച; സമ്മതമായ. =nī-sa-bil'i-ty, =nī-za-bil'i-ty, *n.* അഭിജ്ഞേയത്വം. =nī-sa-ble, =nī-za-ble, *a.* തിരിച്ചറിയാകുന്ന, അഭിജ്ഞേയമായ. =nī-sa-bly, =nī-za-bly, *ad.* തിരിച്ചറിയത്തക്കവണ്ണം; സമ്മതമായി. =cog'ni-sance, =cog'ni-zance (*or* -kon'i-zans), *n.* കൈ(ക)ച്ചീട്ട് (*l.*); വിചാരണപ്പഞ്ചായത്തീർപ്പ് (*l.*); അ

ടയാളം, കറി; കണ്ട്തിരിയൽ, മനസ്സിലാകൽ; സമ്മതം; സ്വീകാരം. =cog-ni-s̤ēe', =cog-ni-zēe' (*or* -kon-i-zē'), *n.* കച്ചീട്ട് എഴുതിവാങ്ങുന്നവൻ, —വെപ്പിക്കുന്നവൻ (*l.*). ='og-nī-s̤ĕr, ='og-nī-zĕr, *n.* തിരിച്ചറിയുന്നവൻ, കണ്ട്തിരിക്കുന്നവൻ; കച്ചീട്ട് വെക്കുന്നവൻ. =cog'ni-s̤ŏr, =cog'ni-zŏr (*or* -kon'i-zŏr), *n.* കച്ചീട്ട് വെക്കുന്നവൻ, കച്ചീട്ടുകാരൻ (*l.*).

Re-coil', *v. i.* വഴിയോട്ട് പോക, തെറിക്കുക, മടങ്ങിവരിക, തിരിച്ച്—; (തോക്ക്) ചവിട്ടുക; 2. പിൻവാങ്ങുക, പിന്തിരിയുക, വാങ്ങിനില്ക്കുക; അറെപ്പ് തോന്നുക; തെററിക്കളയുക; ശങ്കിക്കുക, കുശുക. =coil', -ment, *n.* പിന്തിരിവ്, തെറിക്കൽ; പിൻമാറൽ, കുശൽ; മടക്കം, തെറിപ്പ്; (തോക്കിൻെറ) ചവിട്ട്. -ĕr, *n.* കുശുന്നവൻ; തെറിക്കുന്നത്. -iṅg-ly, *ad.* തെറിപ്പോടെ, പിൻവാങ്ങിക്കൊണ്ട്.

I. Rē-col-lect', *v. t.* തിരികെ ചേക്കുക, കൂട്ടിച്ചേക്കുക.

II. Rec-ol-lect', *v. t.* ഓൎമ്മിക്കുക, ഓൎത്ത്നോക്കുക, ഓക്കുക, സ്മരിക്കുക; 2. (*reflex.*) തൻേറടം വരിക, സുബോധം—, ഓൎമ്മ—. ='ol-lect, ='ol-let, *n.* ഒരു വക സന്യാസി (*R. C.*). =lec'tiŏn, *n.* ഓൎമ്മിക്കൽ, സ്മരണം; ഓൎമ്മ, ധാരണ, സ്മൃതി; സ്മരണ, ജ്ഞാപകം; ഓൎമ്മയിലുള്ള കാലം; —സംഗതി; തൻേറടം. =lec'tive, *a.* ഓൎമ്മിപ്പാൻ കഴിയുന്ന.

Rec'ol-let, *n.*, *s. u.* Recollect II.

Rē-com-mence', *v. t.* തിരികെ ആരംഭിക്കുക, പിന്നെയും തുടങ്ങുക, പുതുതായി—.

Rec-om-mend', *v. t.* (ഒരാളെപ്പററി മറെറാരാളോട്) പക്ഷമായി പറയുക, ഗുണമായി—, 'ശിപാൎശി'ചെയ്യുക; 2. പുകഴ്ത്തുക, പ്രശംസിക്കുക; നല്ലതാണെന്ന് പറയുക, വേണ്ടതാണെന്ന്—; 3. ഏല്പിക്കുക, ഭരമേല്പിക്കുക. -a-ble, *a.* ശ്ലാഘനീയം ആയ, പ്രശസ്തം—, സ്തുതിക്കത്തക്ക. -a-ble-ness, *n.* ശ്ലാഘ്യത. -a-bly, *ad.* സ്തുത്യമായി. =men-dā'tiŏn, *n.* പക്ഷമായി പറയൽ, 'ശിപാൎശി'ചെയ്യൽ; 'ശിപാൎശി'; പുകഴ്ച. letter of r.n 'ശിപ്പാൎശി'ക്കത്ത്. =men'da-tŏr-y, *a.* 'ശിപാൎശി'ആയ; സ്തുത്യം—. -ĕr, *n*, 'ശിപാൎശി'ചെയ്യുന്നവൻ; ഗുണാഭിപ്രായം പറയുന്നവൻ.

Rē-com-mit', *v. t.* തിരികെ ഏല്പിക്കുക; 2. മടക്കിയയക്കുക.

Rec'om-pense, *v. t.* നഷ്ടം വെച്ച് കൊടുക്കുക; 2. പ്രതിഫലം—, കൂലി—; 3. പ്രായശ്ചിത്തം ചെയ്യുക; 4. പകരം വീളു(ട്ടു)ക, പ്രതിയായി ചെയ്യുക, പ്രതികാരം—. *n.* നഷ്ടം; 2. പ്രതിഫലം, കൂലി; 3. പ്രതികാരം, പ്രതിക്രിയ. =pen-sĕr, *n.* പ്രതിഫലം കൊടുക്കുന്നവൻ; പ്രതികാരം ചെയ്യുന്നവൻ. =pen-sive, *a.* പ്രതിഫലം ആയ; —കൊടുക്കുന്ന.

Rē-com-pōs̤e', *v. t.* പുതുതായി ഉണ്ടാക്കുക; പുനൎരൂപിക്കുക; 2. പിന്നെയും കൂട്ടിച്ചേക്കുക; 3. വീണ്ടും സാവധാനമാക്കുക.

Rec'on-cīle, *v. t.* ഇണക്കുക, സമാധാനം ആക്കുക, നിരപ്പ്—; 2. പൊരുത്തം—, വഴങ്ങുമാറ്—; 3. (with, to) യോജിപ്പ്, യോജ്യത്പ്പെടുത്തുക; 4. പറഞ്ഞ് തീക്കുക, സന്ധിപ്പിക്കുക. =cī-la-ble, *a.* ഇണക്കാകുന്ന. =cī-la-ble-ness, *n.* ഐക്യീകരണീയത്വം. =cī-la-bly, *ad.* ഇണങ്ങത്തക്കവണ്ണം. =cīle-ment, =cil-i-ā'tiŏn, *n.* ഒരുമിപ്പിക്കൽ, സന്ധിപ്പിക്കൽ; ഇണക്കം; യോജിപ്പ്, യോജ്യത. =cī-lĕr, *n.* സന്ധിപ്പിക്കുന്നവൻ. =cil'i-a-tŏr-y, *a.* യോജിപ്പിക്കുന്ന, നിരപ്പാക്കുന്ന, സമാധാനംവരുത്തുന്ന.

Rec'on-dīte (*or* -re-kon'dit), *a.* കാണാത്ത; മറഞ്ഞിരിക്കുന്ന; 2. രഹസ്യം ആയ, ഗൂഢം—, ഗോപ്യം—; 3. അഗാധം—, അഗോചരം—.

Rē-con-duct', *v. t.* മടക്കിക്കൂട്ടിക്കൊണ്ട് പോക.

Re-con'nāis-sance (-nā-sans), =con'-nois-sance (-noi-sans) *n.* പരിശോധന; ദേശപരീക്ഷ; 2. ശത്രുപാളയപരിശോധന (*mil.*); 3. പരീക്ഷയുദ്ധയാത്ര

(*mil.*). r. in force ശത്രുബലപരിശോധകപ്പട (*mil.*).

**Rec-on-noi'tĕr**, =noi'tre (-noi'tĕr), *v. t.* നോക്കിയറിയുക; 2. പരിശോധിക്കുക; 3. ദേശപരിശോധന ചെയ്യുക.

**Rē-con'quĕr** (-koṅ'kĕr), *v.t.* തിരികെ കൈവശപ്പെടുത്തുക, പിന്നെയും ജയിച്ചടക്കുക. =con'quest, *n.* പുനർവ്വിജയം.

**Rē-con-sid'ĕr**, *v. t.* പുനരാലോചിക്കുക. -ā'tiŏn, *n.* പുനരാലോചന.

**Rē-con-vey'** (-vā'), *v.t.* മടക്കിക്കൊണ്ട് പോക; 2. തിരിച്ച് കൊടുക്കുക, മുമ്പേത്ത ഉടമസ്ഥന് തന്നെ തിര് കൊടുക്കുക. =vey'ance (-vā'ans), *n.* തിരിച്ച് കൊടുക്കൽ; മറുതീര്.

**Re-cord'**, *v. t.* ഓർമ്മിക്കുക; 2. കുറിച്ച് വെക്കുക, എഴുതി—, ചാർത്തുക, രേഖപ്പെടുത്തുക, ലക്ഷ്യപ്പെടുത്തുക, 'റിക്കാർട്ടാക്കുക'. to r. a deed ആധാരം 'റജിസ്ത്രൂ'ാക്കുക. **rec'ord**, *n.* രേഖ, രേഖാവിവരം; 2. സംഭവ—; 3. പട്ടോല, 'റിക്കാട്'; 4. കൈശീത്ത്' മുതലായ രേഖ; 5. സാക്ഷ്യം; 6. ഓർമ്മക്കുറി, സ്മാരകചിഹ്നം; 7. ചരിത്രം, പൂർവ്വാവസ്ഥ, ചരിതം; 8. അപൂർവ്വസംഭവം; പൂർവ്വാധികത്വം. to beat *or* break the r. പൂർവ്വാധികമായിരിക്കുക, മുമ്പുണ്ടായതിനെ മുന്തുക. -'ĕr, *n.* രേഖപ്പെടുത്തുന്നവൻ, 'റജിസ്ത്രൂ'ഉദ്യോഗസ്ഥൻ; നഗരനീതിയധിപതി, —'ജഡ്ജി'. -'ĕr-ship, *n.* —നീതിയാധിപത്യം. -'ing, *a.* ലക്ഷ്യപ്പെടുത്തുന്ന; (യന്ത്രം) സ്വയച്ചാർത്ത്.

**Rē-cor-por-i-fi-cā'tiŏn**, *n.* പുനർദ്ദേഹധാരണം, പുനശ്ശരീരിത്വം.

I. **Rē-count'**, *v. t.* തിരികെ എണ്ണുക. *n.* പുനർഗ്ഗണനം.

II. **Re-count'**, *v. t.* വിവരമായി പറയുക, വിവരിക്കുക, വർണ്ണിക്കുക; 2. എണ്ണിപ്പറയുക.

**Rē-coup'**, =coupe' (-kup'), *v. t.* കൊടുക്കേണ്ടുന്ന പണത്തിൽ ഒര് ഭാഗം പിടിച്ച് വെക്കുക, കിഴിക്കുക, കുറക്കുക (*l.*); 2. പകരം കിട്ടുക, പ്രായശ്ചിത്തം—; 3. ഭർത്തിയാക്കുക; 4. (*refl.*) നഷ്ടം വെച്ച് കൊടുക്കുക, —കിട്ടുക. -ĕr, *n.* നഷ്ടം വെച്ച് കൊടുക്കുന്നവൻ. -ment, *n.* കിഴിക്കൽ; നഷ്ടംവെച്ച് കിട്ടൽ.

**Re-cōurse'** (-kōrs'), *n.* മടങ്ങിപ്പോകൽ, പുനർഗ്ഗമനം; 2. ശരണം, അഭയം, ഗതി, നിവൃത്തി, നിർവ്വാഹം, നീക്ക് പോക്ക്, കൊണ്ട്—. to have r. to ആശ്രയിക്കുക, ഉപാശ്രയംഗപ്പെടുത്തുക, പോക, ചെയ്യുക. to have r. to law അന്യായപ്പെടുക, കോടതികൊണ്ട് നോക്കുക. to have r. to war യുദ്ധം—. without r. ഉത്തരവാദിത്വമില്ലാതെ (*com.*).

I. **Rē-cŏv'ĕr**, *v. t.* തിരികെ പൊതിയുക, പിന്നെയും മൂടുക.

II. **Re-cŏv'ĕr**, *v. t.* തിരികെ കിട്ടുക, —കൈവശപ്പെടുത്തുക; 2. നന്നാക്കുക; യഥാസ്ഥാനപ്പെടുത്തുക; 3. പ്രായശ്ചിത്തം ചെയ്യുക; 4. പൊറുപ്പിക്കുക, സുഖപ്പെടുത്തുക, മാററുക; ബോധം വരുത്തുക; 5. ശമിപ്പിക്കുക; 6. ഉദ്ധരിക്കുക; 7. എത്തുക; 8. നഷ്ടം (വെച്ച്) വാങ്ങുക (*l.*); 9. വസൂലാക്കുക, പിരിക്കുക (*l.*); 10. ഒഴിപ്പിച്ച് കൈവശപ്പെടുത്തുക (*l.*); 11. വിധിസമ്പാദിക്കുക (*l.*). r. arms തോക്ക് (കുറിനോക്കുന്ന നിലയിൽനിന്ന്) താഴ്ത്തിപ്പിടിക്കുക (*mil.*). *v. i.* സുഖപ്പെടുക, ദീനം ഭേദമാക, —മാറുക, —പൊറുക്കുക; 2. (of, from) യഥാസ്ഥാനപ്പെടുക, നന്നായ്ത്തീരുക, ഗുണപ്പെടുക; 3. വിധികിട്ടുക, വ്യവഹാരം ജയിക്കുക (*l.*). -a-ble, *a.* തിരികെ കിട്ടാകുന്ന; സുഖപ്പെടുത്താകുന്ന; പിരിഞ്ഞ് കിട്ടുന്ന. -a-ble-ness, *n.* ശമനീയത്വം. =ĕr-ēe', *n.* വിധിയിലെ പ്രതി, വിധികടക്കാരൻ (*l.*). -ĕr, *n.* തിരികെ കൈവശപ്പെടുത്തുന്നവൻ. -ŏr', *n.* വിധിയുടമ (*l.*). =cŏv'ĕr-y, *n.* തിരികെ കിട്ടൽ; സുഖപ്പെടൽ; ബോധംവരൽ; ഗുണപ്പെടൽ, നന്നാകൽ; വിധികിട്ടൽ (*l.*).

**Rec're-ant**, *a.* അഭയം വീഴുന്ന; 2. ഭീരുത്വയ, പേടിക്കുടലൻ—; 3. നീചൻ—, അധമൻ—; 4. വിശ്വാസപാതകൻ—, ദ്രോഹി—. *n.* അഭയം വീഴുന്നവൻ; 2. ഭീരു; 3. നിസ്സാരൻ. =ance, =an-cy, *n.* ഭീരുത്വം; നീചത്വം.

I. **Rē-crē-āte'**, *v. t.* തിരികെ സൃഷ്ടിക്കുക, പുതുതായി ഉണ്ടാക്കുക. =ā'tiŏn,

*n.* പുനർസൃഷ്ടി. =ā'tive, *a.* പിന്നെയും സൃഷ്ടിക്കുന്ന.

II. **Rec're-āte,** *v. t.* പുനജ്ജീവിപ്പിക്കുക; 2. ക്ഷീണംമാററുക, തളച്ച പോക്കുക; വിശ്രമിപ്പിക്കുക; 3. സന്തോഷിപ്പിക്കുക, വിനോദിപ്പിക്കുക; 4. സന്തുഷ്ടിവരുത്തുക. =ā'tiŏn, *n.* വിശ്രമിക്കൽ; ആശ്വാസം, വിശ്രമം, മിനക്കേട്; ഉല്ലാസം, നേരമ്പോക്ക്, വിനോദം. =ā-tive, *a.* ക്ഷീണംപോക്കുന്ന, ശക്തിപുതുക്കുന്ന, തണുപ്പിക്കുന്ന, കളിപ്പിക്കുന്ന; നേരമ്പോക്കായ. =ā-tive-ly, *ad.* വിശ്രമിച്ചുകൊണ്ട്; വിനോദമായി. =ā-tive-ness, *n.* ക്ഷീണം പോക്കൽ; വിനോദം.

**Rec're-ment,** *n.* കിട്ടം, കറ, മട്ട്; 2. മലം, പുരീഷം (*med.*). =men'tal, =men-ti'tiŏus (-tish'us), *a.* കിട്ടം ആയ; മലം—. =men-ti'tial (-tish'al), *a.* മലംപോലെയുള്ള.

**Re-crim'i-nāte,** *v. i.* പ്രതിയായി കുററം ചുമത്തുക, അങ്ങോട്ടും കുററം പറയുക. *v. t.* പ്രതിയായി കുററപ്പെടുത്തുക. =nā'tiŏn, *n.* പകരം കുററം ചുമത്തൽ, പ്രത്യാരോപണം. =nā-tive, =nā-tŏr-y, *a.* പകരം കുററം ചുമത്തുന്ന. =nā-tŏr, *n.* പ്രതിയായി കുററപ്പെടുത്തുന്നവൻ, പ്രത്യാരോപകൻ.

**Rē-cru-des'cent,** *a.* പിന്നെയും പഴുക്കുന്ന, രണ്ടാമതും വ്രണപ്പെടുന്ന; 2. പിന്നെയും തുടങ്ങുന്ന, രണ്ടാമതും വ്യാപിക്കുന്ന. =cru'den-cy, =des'cence, =des'-cen-cy, *n.* പുനരാരംഭം, പുനവ്യാപനം; പുനരാധിക്യം (*med.*).

**Re-cruit',** *v. t.* നന്നാക്കുക, കേട് തീക്കുക, ജിണ്ണോദ്ധാരണം ചെയ്യുക; 2. ശക്തിപുതുക്കുക, ശക്തിപ്പെടുത്തുക, പുതുക്കുക; 3. കുറവ് തീക്കുക, നിറവാക്കുക; 4. ആളുകളെ ചേക്കുക; പട്ടാളത്തിൽ എഴുതിക്കുക (*mil.*). *v. i.* (തീന്ന് പോയതിന്ന് പകരം) പുതുതായി കിട്ടുക; 2. സുഖം വദ്ധിക്കുക; പുഷ്ടിവെക്കുക, തടിക്കുക; ചൂണവെക്കുക; 3. ആളുകളെ ചേക്കുക; പട്ടാളത്തിൽ എഴുതിക്കുക. *n.* പുതിയകോപ്പ്; 2. പുതുപട്ടാളക്കാരൻ; 3. പുതുക്കക്കാരൻ, ശീലമില്ലാത്തവൻ. -ĕr, *n.* (പട്ടാളത്തിൽ) ആളുകളെ ചേക്കുന്നവൻ. -ment, *n.* പുതുക്കൽ, കേട് തീക്കൽ; പട്ടാളത്തിൽ എഴുതിക്കൽ.

**Rec'tal,** *a., s. u.* **Rectum.**

**Rect'an-gle,** *n.* സമകോണചതുരം, സമകോണചതുർഭ്ജ (*geom.*); 2. പെരുക്കം (*math.*). =an-gle, =an-gled, =an'gū-lar, *a.* സമകോണുള്ള (*geom.*). =an'gū-lar-ly, *ad.* സമകോണുള്ളതായി. =an'gū-lar-ness, =an-gū-lar'i-ty, *n.* സമകോണുള്ള സ്ഥിതി.

**Rec'ti-,** *pf.* നേരെയുള്ള, നേർ, ചൊവ്വായ.

**Rec'ti-fȳ,** *v. t.* ശരിയാക്കുക, തിരുത്തുക, സുബദ്ധമാക്കുക; 2. നന്നാക്കുക; 3. ശുദ്ധിയാക്കുക (*ch.*); 4. രണ്ടാമത് വാററിയെടുക്കുക, പിന്നെയും കാച്ചിയെടുക്കുക (*com.*). =fī-a-ble, *a.* നന്നാക്കാകുന്ന, ശരിയാക്കാകുന്ന. =fi-ca'tiŏn, *n.* തിരുത്തി നന്നാക്കൽ; വാററിയെടുക്കൽ. =fi-cā-tŏr, =fī-ĕr, *n.* കാച്ച്പാത്രം. =fī-ĕr, *n.* ശരിയാക്കുന്നവൻ; തവുക്ക സുബദ്ധയന്ത്രം (*naut.*).

**Rec-ti-lin'e-al,** =lin'e-ar, *a.* നേരെയുള്ള, ചൊവ്വായ; 2. നേർരേഖഉള്ള; 3. —രേഖയാൽ—. -ly, *ad.* ചൊവ്വായി; നേർരേഖയുള്ളതായി. =ar'i-ty, *n.* നേർരേഖയുള്ള സ്ഥിതി.

**Rec-ti-ros'tral,** *a.* നേരെയുള്ളകൊക്കുള്ള (*z.*).

**Rec-tī'tis,** *n.* ഗുദവീക്കം (*med.*).

**Rec'ti-tūde,** *n.* ചൊവ്വ്, നേവ്വഴി; 2. നേര്, പരമാത്ഥം, യഥാത്ഥം; ന്യായം, നീതി; പട്ടാങ്ങ്, തുറന്നമനസ്സ്.

I. **Rec'to-,** *pf. s. u.* **Rectum.**

II. **Rec'to,** *n.* മടക്കിയ കടലാസിൻെറ വലത്തെപുറം (*print.*).

**Rec'tŏr,** *n.* അധീശൻ, കത്താവ്; 2. ഇടവകപട്ടക്കാരൻ (*S.*); ബോധകൻ (*Chr.*). 3. പ്രധാനഗുരു, ഉപാദ്ധ്യായാദ്ധ്യക്ഷൻ; വിദ്യാശാലാദ്ധ്യക്ഷൻ; 4. സവ്വകലാശാലാദ്ധ്യക്ഷൻ; 5. മഠാധിപതി (*R. C.*). -al, =tō'ri-al, *a.* ബോധക-

സംബന്ധമായ; വിദ്യാശാലാദ്ധ്യക്ഷ—. -āte, -ship, *n.* ബോധകസ്ഥാനം. -ess, rec'tress, rec'trix, *n.* അധീശ; ബോധകഭാൎയ്യ. =tŏr-y, *n.* ഇടവക, സഭ; ബോധകഗ്രഹം; ബോധകജീവിതം.

**Rec'tum,** *n.* മൂലദ്വാരം, മൂലം, ഗുദം (*an.*). rec'tal, *a.* ഗുദംസംബന്ധിച്ച; ഗുദപ്രദേശത്തുള്ള. rec'to-, *pf.* ഗുദസംബന്ധമായ. [(*an.*).

**Rec'tus,** *n.* (*pl.* rec'tī) നേർപേശി

**Re-cum'bent,** *a.* ചാരിയിരിക്കുന്ന, ചരിഞ്ഞിരിക്കുന്ന; കിടക്കുന്ന; 2. വിശ്രമിക്കുന്ന; 3. പ്രവൃത്തിയില്ലാത്ത; 4. മടിയുള്ള. =cum'bence, =cum'ben-cy, *n.* ചാരിയിരിക്കൽ; കിടത്തം; ചാരിയിരുത്തം. -ly, *ad.* ചാരിക്കൊണ്ട്, ചരിഞ്ഞ്.

**Re-cū'pĕr-āte,** *v. t.* മടക്കിക്കിട്ടുക, തിരികെ പ്രാപിക്കുക. *v. i.* സുഖപ്പെടുക, രോഗം ഭേദമാക. =a-ble, *a.* തിരികെകിട്ടാകുന്ന. =ā'tiŏn, *n.* മടക്കിക്കിട്ടൽ; സുഖമാകൽ. =ā-tive, =ā-tŏr-y, *a.* യഥാസ്ഥാനം സംബന്ധിച്ച; പുനൎജ്ജീ—; രോഗം ഭേദമാകുന്ന.

**Re-cur'** (-kĕr'), *v. i.* തിരികെ ഉണ്ടാക; 2. തോന്നുക; ഓൎമ്മവരിക; 3. സംഭവിക്കുക; 4. ആശ്രയിക്കുക, അഭയം പ്രാപിക്കുക. r.ing decimal ആവൎത്തകദശമഭിന്നിതം (*math.*). r.ing series ആവൎത്തകരാശി (*math.*). =cur'rence, =cur'ren-cy, *n.* തിരികെ ഉണ്ടാകൽ, പുനഃസംഭവം; ആവൎത്തനം; ആഗമനം; ആശ്രയം, സഹായം. =cur'rent, *a.* പിന്നെയും പിന്നെയും ഉണ്ടാകുന്ന; കൂടക്കൂടവരുന്ന; ഉല്പത്തിസ്ഥാനത്തേക്ക് മടങ്ങിച്ചെല്ലുന്ന (*an.*).

**Rec'ū-sant,** *a.* അനധീനമായ, വഴിപ്പെടാത്ത, കൂട്ടാക്കാത്ത; 2. (മതകാൎയ്യത്തിൽ) രാജാധികാരം നിഷേധിക്കുന്ന; രാജ്യമതം സ്വീകരിക്കാത്ത. *n.* ശഠൻ, അനധീനൻ, കൂട്ടാക്കാത്തവൻ; വിപരീതക്കാരൻ; രാജാധികാരനിഷേധകൻ; ഇംഗ്ലീഷ് സഭാത്യാഗി. =san-cy, *n.* അനധീനത; മതേതരത്വം.

I. **Red,** *v. t.* (up) വെടിപ്പാക്കുക, വൃത്തിയാക്കുക; 2. കുടുക്ക് തീൎക്കുക.

II. **Red,** *a.* ചുവപ്പായ, ചുവന്ന, ചെമ്പിച്ച, ചെം, കാവി, ചോരനിറമുള്ള, രക്തവൎണ്ണമുള്ള, ലോഹിത, പാടല. r.-ant ചുവന്നയിറുമ്പ് (*z.*). r. antimony കാവിക്കല്ല് (*min.*). r.-book രാജ്യോദ്യോഗസ്ഥപ്പട്ടിക. r.-brass കാരോട്. r.-breast ഒരു ചെറുപക്ഷി (*z.*). r.-cedar ചുകന്നകില് (*b.*). r.-cap ഒരു പക്ഷി (*z.*); —ഭൂതം. r.-chalk ചെഞ്ചുണ്ണാമ്പ്. r.-coat ചുവന്ന കുപ്പായക്കാരൻ; ഇംഗ്ലീഷ് പടയാളി. r. coral പവിഴം. r.-cotton ഉന്നമുരിക്ക്, പൂള (*b.*). r.-cross ഇംഗ്ലീഷ് രാജ്യചിഹ്നക്രൂശ്. r.-fire മത്താപ്പ്. r.-flag ആപൽ ചിഹ്നക്കൊടി. r.-gum (ശിശുക്കൾക്കുണ്ടാകുന്ന) ചുവപ്പ് രോഗം (*med.*). r.-hand, r.-handed കൈയിൽ ചോരപിരണ്ട; കുലപാതകം ചെയ്യുമ്പോൾ പിടിപെട്ട; കയ്യുംകളവുമായ. r.-hot പഴുത്ത, ചുട്ടുപഴുത്ത. r.-lead ചായില്യം, സിന്ദൂരം (*ch.*). r. leg, r. legs, r. shank വെറുങ്കാലോടെ നടക്കുന്നവൻ, ചെരിപ്പിടാത്തവൻ. r.-letter ചുവപ്പക്ഷരാടയാളമുള്ള; ഉത്സവം ആയ. r.-letter day വിശേഷദിവസം, നല്ല—, ഉത്സവം, പെരുന്നാള്. r.-man, r.-skin ഇന്ത്യാനൻ, ചെന്നിറക്കാരൻ, അമേരിക്കയിലെ പൂൎവ്വനിവാസി. r. ocher ചെങ്കാവി. r. republican പ്രജാപ്രഭുത്വവാദി (*pol.*). r.-ribbon ഇംഗ്ലാന്തിലെ വലിയൊരു പദവിചിഹ്നം. r.-sear, r.-short ചുട്ടു പഴുത്താൽ നുറുങ്ങിപ്പോകുന്ന. **Red Sea** ചെങ്കടല് (*geog.*) r.-tape ചുവപ്പ് ചരട്; ഉദ്യോഗനടവടിച്ചടങ്ങ്; ഉദ്യോഗനടവടിത്താമസം. r.-tapism ഉദ്യോഗനടവടികൃത്യത. r.-tapist —കൃത്യക്കാരൻ. r.-water (നാല്ക്കാലികൾക്കുണ്ടാകുന്ന) ചോരമൂത്രരോഗം. r.-wood രക്തചന്ദനം, ചെഞ്ചന്ദനം (*b.*); ചപ്പങ്ങം (*b.*). *n.* രക്തവൎണ്ണം, ചുവപ്പ് നിറം; 2. ചുവപ്പ് ചായം; 3. പ്രജാപ്രഭുത്വവാദി (*pol.*); 4. *pl.* ഋതുസ്നാനം. -'den (-red'n), *v. t.* ചുവപ്പിക്കുക. *v. i.* ചെമ്പിക്കുക, ചുവക്കുക; കരുവാളിക്കുക; രക്തപ്രസാദമുണ്ടാക. -'dish (-ish), *a.* ചുവപ്പ് ഛായയുള്ള. -'dish-ness, *n.* ഇളഞ്ചുവപ്പ്.

-'ly, *ad.* ചുവപ്പായി. -'ness, *n.* ചുവപ്പ്, രക്തവൎണ്ണം.

Re-dact', *v. t.* ആകൃതിപ്പെടുത്തുക, ഭാഷ്യയാക്കുക; 2. പുസ്തകം പ്രസിദ്ധമാക്കുവാൻ തയ്യാറാക്കുക. =dac'tion, *n.* ഗ്രന്ഥാനുക്രമണം. =dac'tor, *re-dac-teur'* (rā-dak-tĕr'), *n.* ഗ്രന്ഥാധിപൻ, ഗ്രന്ഥസംഗ്രഹകൻ.

Red'den, *v. t., s. u.* Red II.

Red-den'dum (re-den'-), *n.* ക്ലിപ്തനിശ്ചയം; വാര (പാട്ട) നിശ്ചയം (*l.*).

Red'dish, *etc., s. u.* Red II.

Red-di'tion (-dish'un), *n.* മടക്കിക്കൊടുക്കൽ, ഒഴിഞ്ഞ് കൊടുക്കൽ; 2. സമാധാനം, ഉത്തരം. ='di-tive, *a.* ഉത്തരം ആയ, സമാധാനം—.

Red'dle, *n.* ചെഞ്ചുണ്ണാമ്പ്, കാവിമണ്ണ് (*min.*).

Re-deem', *v. t.* തിരികെ വാങ്ങുക; 2. വീണ്ട് കൊള്ളുക, കാണം വീട്ടുക (*l.*); 3. കടം—; 4. മോചനംവരുത്തുക, വിട്ടുവിക്കുക; 5. വീണ്ടെടുക്കുക (*theo.*); 6. (വാഗ്ദത്തം) നിവൃത്തിക്കുക; 7. പ്രായശ്ചിത്തംചെയ്യുക. to r. the time സമയം വെറുതെ കളയാതിരിക്കുക, —നന്നായി ഉപയോഗിക്കുക. =deem-a-bil'i-ty, =deem'a-ble-ness, *n.* വിമോചനീയത്വം. =deem'a-ble, =demp'ti-ble, *a.* വീണ്ടെടുക്കാകുന്ന, വിമോചനീയമായ; വീട്ടേണ്ടുന്ന. =deem'ĕr, *n.* വിട്ടുവിക്കുന്നവൻ; വീണ്ട് കൊള്ളുന്നവൻ; വീണ്ടെടുപ്പുകാരൻ, യേശുക്രിസ്തു. =demp'tion (-dem'shun), *n.* വീണ്ടെടുക്കൽ, വിട്ടുവിക്കൽ, മോചനം; കാണം വീട്ടി വസ്തുതിരികെ എടുക്കൽ (*l.*); കടം വീട്ടൽ (*com.*). ക്രിസ്തുവിനാലുള്ള വീണ്ടെടുപ്പ്, പാപമോചനം (*theo.*). =demp'tion-ar-y, *n.* വീണ്ടെടുക്കത്തക്കവൻ; വിട്ടുതൽ പ്രാപിച്ചവൻ. =demp'tion-ĕr, *n.* തന്നെത്തന്നെ വീണ്ടെടുക്കുന്നവൻ; കപ്പക്കൂലിക്ക് പ്രവൃത്തി എടുക്കുന്നവൻ. =demp'tive, *a.* വീണ്ടെടുപ്പായ, വീണ്ടെടുക്കുന്ന. =demp'tŏr-y, *a.* വീണ്ടെടുപ്പത്ഥമായികൊടുത്ത; വീണ്ടെടുപ്പായ.

Rē-de-lib'ĕr-āte, *v. t. & i.* പുനരാലോചിക്കുക.

Rē-de-liv'ĕr, *v. t.* മടക്കിക്കൊടുക്കുക; 2. രണ്ടാമതും വിട്ടുവിക്കുക; 3. മറുവടികൊടുക്കുക. =liv'ĕr-ance, *n.* പുനൎമോചനം. =liv'ĕr-y, *n.* മടക്കിക്കൊടുക്കൽ; പിന്നെയും വിട്ടുവിക്കൽ.

Rē-de-mand', *v. t.* തിരികെ ചോദിക്കുക, പിന്നെയും ആവശ്യപ്പെടുക. *n.* പിന്നെയും ചോദിക്കൽ.

Rē-de-mīse', *v. t.* പിന്നെയും ചാത്തുക. *n.* ചാത്തിക്കൊടുത്തവന്ന് തന്നെ തീര് കൊടുക്കൽ, ഒഴിമുറി (*l.*).

Re-demp'tion, *etc., s. u.* Redeem.

Re-dent'ed, *a.* പല്ലുള്ള, പല്ല് പല്ലായ.

Red'gum, Red'hand, Red'hot, *etc., s. u.* Red II.

Red-hi-bi'tion (-bish'un), *n.* വിക്രയം ദുൎബ്ബലപ്പെടുത്തി വിററസാധനം ഉടമസ്ഥന്ന് മടക്കിക്കൊടുക്കൽ (*l.*). =hib'i-tŏr-y, *a.* വിക്രയം അസാധുവാക്കുന്ന, —ദുൎബ്ബലപ്പെടുത്തുന്ന.

Re-din'te-grāte, *a.* കേട് തീൎത്ത; പുതുക്കിയ. *v. t.* മുഴുവനാക്കുക, പുതുക്കുക, നന്നാക്കുക. =grā'tion, *n.* നന്നാക്കൽ, പുതുക്കൽ; പുതുക്കം; വിയോഗം (*ch.*). യഥായോഗച്ഛ (*met.*).

Rē-di-rect', *a.* പുനൎവ്വിസ്താരം സംബന്ധിച്ച (*l.*).

Rē-dis-burse' (-bĕrs'), *v. t.* പിന്നെയും കൊടുക്കുക; 2. മടക്കിക്കൊടുക്കുക.

Rē-dis-pōse', *v. t.* തിരികെ ക്രമപ്പെടുത്തുക.

Rē-dis-sēize', Rē-dis-sēise' (-sēz'), *v. t.* തിരികെ കയ്യേറുക.

Red'leg, Red'let-tĕr, *etc., s. u.* Red II.

Red'ō-lent, *a.* സുഗന്ധം പുറപ്പെടുവിക്കുന്ന, നല്ലവാസനയുള്ള. =lence, =len-cy, *n.* സുഗന്ധം, സൌരഭ്യം, നന്മണം, പരിമളം. -ly, *ad.* സുഗന്ധമായി.

Re-doub'le (-dub'l), *v. t.* പിന്നെയും ഇരട്ടിക്കുക, വൎദ്ധിപ്പിക്കുക, അധികമാക്കുക. *v. i.* വൎദ്ധിക്കുക.

I. **Re-doubt′** (-dout′), **Re-dout′**, *n.* കാവൽക്കോട്ട; 2. കൊത്തളം, വാട.

II. **Re-doubt′** (-dout′), *v. t.* ഭയപ്പെടുക, പേടിക്കുക. **-a-ble, =dout′a-ble,** *a.* ഭയങ്കരമായ; ഭീകരമായ; ശൌൎയ്യം ഉള്ള, വീൎയ്യപരാക്രമം—. **-ed,** *a.* ശ്രൂരനായ, ഭയപ്പെടത്തക്ക, ഉഗ്രമായ.

**Re-dound′,** *v. i.* വഴിയോട്ട് ഒഴുകുക; മടങ്ങിവരിക, തിരിച്ച്—; 2. ഫലമാക, ആയ്ത്തീരുക, ഉണ്ടാക; 3. വഴിയുക, കവിയുക. *n.* മടങ്ങിവരൽ; 2. ഫലം, പ്രതിഫലം, ഉപകാരം; 3. തെറിപ്പ്, പിഞ്ചാട്ടം.

**Re-draft′,** *v. t.* രണ്ടാമതും എഴുതുക; 2. പുതിയ 'അവാല' എഴുതുക. *n.* രണ്ടാം പകൎപ്പ്; —പ്രതി; 2. പിടിക്കാത്ത അവാല എഴുതിയവൻെറമേൽ ചിലവടക്കം മുൻസംഖ്യക്ക് എഴുതുന്ന 'അവാല', പ്രതി'യവാല' (*com.*).

**Rē-draw′** (-dra′), *v. t.* രണ്ടാമതും എഴുതുക, —വരക്കുക; —പകൎപ്പ് എഴുതുക; 2. —'അവാല'—. *v.i.* പ്രതിയവാല—.

I. **Rē-dress′,** *v. t.* രണ്ടാമതും ഉടുക്കുക.

II. **Re-dress′,** *v. t.* ശരിയാക്കുക, നന്നാക്കുക, തിരുത്തുക; 2. പരിഹരിക്കുക, സങ്കടനിവൃത്തിവരുത്തുക; ഭേദം വരുത്തുക, നിവാരണംചെയ്യുക. 3. പ്രതിശാന്തിചെയ്യുക. *n.* ശരിയാക്കൽ, നന്നാക്കൽ, തിരുത്തൽ; 2. ശമനം, സങ്കടനിവൃത്തി, പരിഹാരം, പ്രതിശാന്തി, പ്രതിവിധി; 3. പ്രായശ്ചിത്തം; 4. നിവാരകൻ; രക്ഷ. **-al, -ment,** *n.* പ്രതിശാന്തി, സങ്കടനിവൃത്തി. **-ĕr,** *n.* നിവാരകൻ, സങ്കടനിവൃത്തിവരുത്തുന്നവൻ. **=′si-ble,** *a.* സങ്കടനിവൃത്തിവരുത്താകുന്ന, നിവാൎയ്യമായ. **=dres′sive,** *a.* ഉപശാന്തിയായ. **=dress′-less,** *a.* അനിവാൎയ്യമായ, പ്രതിവിധിയില്ലാത്ത.

**Red′sēar′, Red′shank, Red′short, Red′skin, Red′tāpe,** *etc.*, *s.u.* **Red** II.

**Re-dūce′,** *v. t.* യഥാസ്ഥാനപ്പെടുത്തുക; 2. താഴ്ത്തുക; ചുരുക്കുക, കുറക്കുക; ചെറുതാക്കുക; 3. അമൎത്തപ്പെടുത്തുക, ശതിപ്പെടുത്തുക, മരിദമാക്കുക; 4. അധീനമാക്കുക, പിടിക്കുക, കൈവശപ്പെടുത്തുക; 5. ആക്കുക: to r. to powder പൊടി ആക്കുക; to r. to ashes ഭസ്മം—; 6. വകതിരിക്കുക, തരംതരമാക്കുക; ക്രമപ്പെടുത്തുക; 7. വെക്കുക, പെടുത്തുക: to r. to writing എഴുതിവെക്കുക, രേഖപ്പെടുത്തുക; to r. a language to rules ഭാഷക്ക് സൂത്രം സങ്കല്പിക്കുക; 8. മാററുക, സവൎണ്ണമാക്കുക, ആക്കുക (*ar.*); 9. ലോഹം ശുദ്ധി ആക്കുക (*ch.*); 10. യഥാസ്ഥിതിക്ക്— (*med.*). to r. to the ranks പട്ടാളക്കീഴുദ്യോഗസ്ഥനെ സാധാരണപടയാളിയായി താഴ്ത്തുക. **-ment, =duc′tion,** *n.* ചുരുക്കൽ, കുറക്കൽ; ആക്കിത്തീൎക്കൽ, മാററൽ (*ar. & alg.*); അധീനമാക്കൽ; താഴ്ത്തൽ; കുറക്കൽ, വററിക്കൽ; നേൎപ്പിക്കൽ; ക്രമപ്പെടുത്തൽ (*as.*); തിരുത്തൽ (*as.*); ചെറുമാത്രകയുണ്ടാക്കൽ; ശുദ്ധിയാക്കൽ (*ch.*); യഥാസ്ഥാനപ്പെടുത്തൽ (*med.*). r.n ascending ഉയൎത്തിമാററൽ (*ar.*). r.n descending താഴ്ത്തിമാററൽ (*ar.*). **=dū′cent,** *a.* ആക്കിത്തീൎക്കുന്ന. *n.* മാററം വരുത്തുന്ന സാധനം. **=dū′cĕr,** *n.* കുറക്കുന്നവൻ. **=dū′ci-ble,** *a.* ചുരുക്കാവുന്ന. **=dū′ci-ble-ness, =duc-ti-bil′i-tȳ,** *n.* സങ്കോചനീയത്വം. **=dū′cing,** *a.* താഴ്ത്തുന്ന. *n.* ചുരുക്കൽ. **=duc′tive,** *a.* ചുരുക്കുന്ന, സങ്കോചകരമായ. *n.* ലോഹം ശുദ്ധിയാക്കുന്ന സാധനം. **=duc′tive-ly,** *ad.* ചുരുക്കീട്ട്; ഫലമായി.

**Re-dun′dant,** *a.* കണക്കിലേറയുള്ള, അധികമായ, കവിച്ചലായ, വഴിച്ചലായ; 2. അതിവാചകത്വമുള്ള. **=dance, =dan-cy,** *n.* ആധിക്യം, ബാഹുല്യം; കവിച്ചല്; അതിവാചകത്വം; അനാവശ്യവാദം (*l.*). **-ly,** *ad.* ആവശ്യത്തിലധികമായി, കവിച്ചലായി.

**Re-dū′pli-cāte,** *v. t.* ഇരട്ടിക്കുക, പെരുക്കുക; ആവൎത്തിക്കുക; 2. ദ്വിത്വമാക്കുക (*gr.*). *a.* ഇരട്ടിയായ, ഇരട്ടിച്ച; ആവൎത്തിച്ച; 2. ദ്വിത്വമായ. **=dū-pli-cā′tion,** *n.* ഇരട്ടിക്കൽ; ഇരട്ടിപ്പ്; ഒരുവക പദാവൎത്തനാലങ്കാരം (*pros.*); ദ്വി

തപമാക്കൽ; (*gr.*); ദ്വിതപം (*gr.*). =**cā-tive**, *a.* രണ്ടുമടങ്ങായ, ഇരട്ടിയായ; ദ്വിതപമായ (*gr.*).

**Red'wood**, *n.*, *s. u.* **Red** II.

**Rēe**, *n.*, *s. a.* **Rei.**

**Re-echo** (-ek'o), *v. t. & i.* പ്രതിധ്വനിയുണ്ടാക, മാറെറാലി പുറപ്പെടുക; 2. മുഴങ്ങുക. *n.* മാറെറാലിയൊലി, പ്രതിധ്വനി(യുടെ) ധ്വനി.

**Rēed**, *n.* ഞാങ്ങണ, വേഴം; ഓട (*b.*); 2. കഴല്, വേണു; 3. അമ്പ്, അസ്ത്രം; 4. പുരപ്പുല്ല്; 5. വാദ്യത്തകിട്, വാദ്യക്കമ്പി (*mus.*); 6. അച്ച് (*w.*). **r.-organ** ഒര് വക കിന്നരപ്പെട്ടി. **'ed**, *a.* ഞാങ്ങണയുള്ള; കഴലായ, പാത്തിയായ. **-'en**, *a.* ഓടയായ; ഓടകൊണ്ടുള്ള. **-'less**, *a.* ഓടയില്ലാത്ത. **-'y**, *a.* ഞാങ്ങണയുള്ള; വേണുസ്വരംപോലെയുള്ള; കക്കശമായ.

**Rē-ed'i-fȳ**, *v. t.* പിന്നെയും ഉറപ്പിക്കുക; രണ്ടാമതും പണിയിക്കുക. =**ed-i-fi-cā'tiŏn**, *n.* പുനർനിർമ്മാണം; പുനഃസ്ഥിരീകരണം.

I. **Rēef**, *n.* കടലിലെ പാറക്കൂട്ടം, —കല്ല്; 2. കനകഞരമ്പ് (*min.*). **coral r.** പവിഴപ്പാറ. **-'y**, *a.* പാറയുള്ള.

II. **Rēef**, *n.* ഒര് കപ്പൽപ്പായി (*naut.*). **to take a r. in** പായി ചുരുക്കുക, —ചുരുട്ടിച്ചെറുതാക്കുക. *v. t.* —ചുരുക്കുക. **-'ĕr**, *n.* —ചുരുട്ടുന്നവൻ. **-'iṅg**, *n.* —ചുരുക്കൽ.

**Rēek**, *n.* പുക; ആവി. *v. i.* ആവിപുറപ്പെടുക, —പൊന്തുക; പുകയുക. **-'y**, *a.* പുകപിടിച്ച; —പുറപ്പെടുന്ന.

I. **Rēel**, *n.* ഒര് നൃത്തം.

II. **Rēel**, *n.* താറ്; വെട്ടുത്തല (*w.*); 2. 'റീല്', നൂലുരുള്; 3. ചക്രം, റാട്ട്, തിരിവട്ടം, ആവലം (*S.*). *v. t.* വെട്ടുത്തലയിൽ നൂല് ചുററുക, 'റീലിൽ'—.

III. **Rēel**, *v. i.* ചാഞ്ചാടുക, ആടിനടക്കുക; 2. തലതിരിയുക, —ചുററുക. *n.* ചാഞ്ചാട്ടം. **-'ĕr**, *n.* ചാഞ്ചാടുന്നവൻ.

**Rē-e-lect'**, *v. t.* രണ്ടാമതും തെരിഞ്ഞെടുക്കുക. =**lec'tiŏn**, *n.* രണ്ടാമത്തെ തെരിഞ്ഞെടുപ്പ്, പുനവ്വരണം.

**Rē-el'i-ġi-ble**, *a.* പിന്നെയും യോഗ്യത ഉള്ള, —അഹ്ഠത—, —വരിപ്പാൻതക്ക. =**bil'i-ty**, *n.* പുനരഹ്ഠത.

**Rē-em-bärk'**, *v. t. & i.* പിന്നെയും കപ്പലിൽ കയററുക; 2. —കപ്പലേറുക. =**bär-kā'tiŏn**, *n.* രണ്ടാമതും കപ്പലിൽ കയററൽ; —കയറൽ, രണ്ടാമത്തെ കപ്പലേററം.

**Rē-em-bod'y**, *v. t.* പിന്നെയും ദേഹം സങ്കല്പിക്കുക; 2. രണ്ടാമതും ഉൾപ്പെടുത്തുക; 3. —രൂപമാക്കുക.

**Rē-em-brāce'**, *v. i.* പിന്നെയും ആശ്ലേഷിക്കുക; 2. —സ്വീകരിക്കുക.

**Rē-e-mĕrġe'**, *v. i.* പിന്നെയും പൊന്തിവരിക, —കാണുക, —പ്രത്യക്ഷമാക. =**mĕr'ġence**, *n.* പുനർപ്രത്യക്ഷത.

**Rē-en-act'**, *v. t.* പിന്നെയും നിയമമാക്കുക. =**ac'tiŏn**, *n.* —നിയമമാക്കൽ. =**act'ment**, *n.* രണ്ടാമതും—; —വെച്ചനിയമം.

**Rē-en-cŏur'āġe**, *v. t.* പിന്നെയും ധൈര്യപ്പെടുത്തുക.

**Rē-en-fōrce'**, *v. t.* പിന്നെയും ബലപ്പെടുത്തുക; ബലംകൂട്ടുക; 2. പിന്നെയും സൈന്യം അയച്ചുറപ്പിക്കുക. *n.* ഉറപ്പ് കൂട്ടുന്നസാധനം; 2. വലിയ തോക്കിൻെറ പള്ള; 3. ഉറപ്പിന്ന് ചേൎത്ത തുണിക്കഷണം. **-ment**, *n.* പിന്നെയും ബലപ്പെടുത്തൽ, ബലംകൂട്ടൽ; 'കമ്മക്ക്', ഉതവിസൈന്യം.

**Rē-en-gāġe'**, *v. t. & i.* പിന്നെയും ഉൾപ്പെടുക; 2. —നേരിടുക. **-ment**, *n.* —നേരിടൽ; പിന്നെയുമുള്ള യുദ്ധം.

**Rē-en'tĕr**, *v. t.* പിന്നെയും പ്രവേശിക്കുക; 2. രണ്ടാമതും (തകിടിൽ) കൊത്തിത്താഴ്ത്തുക. *v. i.* പിന്നെയും ഉൾപ്രവേശിക്കുക; 2. ഉള്ളിലേക്ക് ചെല്ലുക. **-iṅg**, *n.* തുണിയിൽ രണ്ടാമതും അച്ച് പതിക്കൽ. **r.ing angle** (ബഹുഭുജയിലെ) ബഹിഷ്കോണം (*geom.*). =**en'-trance**, =**en'try**, *n.* പുനർപ്രവേശം. =**en'trant**, *a.* അകത്തേക്ക് ചെല്ലുന്ന, ഉള്ളിലേക്ക് ഉന്തിനില്ക്കുന്ന.

Rēer'mouse, *n.*, *s.a.* Rear-mouse.

Rē-es-tab'lish, *v. t.* പിന്നെയും സ്ഥാപിക്കുക; 2. പുതുക്കുക. -ĕr, *n.* പുനഃസ്ഥാപകൻ. -ment, *n.* പുനഃസ്ഥാപനം.

I. Rēeve, *n.* *(only in compounds)* കാര്യസ്ഥൻ, വാഴി, ഉദ്യോഗസ്ഥൻ.

II. Rēeve, *v. t. ir.* (rōve, rōve) കോക്കുക, തുളയിൽ കൂടിഇടുക, ഓടിക്കുക.

Rē-ex-am'ine, *v. t.* പിന്നെയും പരീക്ഷിക്കുക; 2. പരിശോധിക്കുക. =in-a-ble, *a.* —ആലോചിക്കത്തക്ക. =am-in-ā'tiŏn, *n.* പുനർ പരീക്ഷ; —പരിശോധന; —ആലോചന.

Rē-ex-chānge', *v. t.* പിന്നെയും മാറുക. *n.* പിന്നെയും മാറൽ; 2. പിടിക്കാത്ത 'അവാല'ക്കുള്ള ചിലവ് (*com.*).

Rē-ex-hib'it, *v. t.* പിന്നെയും കാണിക്കുക; 2. —തെളിവു രേഖയാക്കുക (*l.*).

Rē-ex-pel', *v. t.* പിന്നെയും പുറത്താക്കുക.

Re-fec'tiŏn, *n.* പലഹാരം, ഫലാഹാരം. =fec'tive, *a.* ക്ഷീണം തീർക്കുന്ന, പൈദാഹം ശമിപ്പിക്കുന്ന. *n.* വിശപ്പടക്കുവാനുള്ള സാധനം. =fec'tŏr-y, *n.* പലഹാരം കഴിക്കുന്ന മുറി; മഠാഗ്രശാല.

Re-fĕr', *v. t.* (=fĕrred, -ring) മടക്കിയയക്കുക; 2. (....അടുക്കലേക്ക്) അയക്കുക, ....ക്ക് പറഞ്ഞയക്കുക, ....ക്ക് ചെല്ലുവാൻ പറയുക: to r. a student to an author വിദ്യാർത്ഥിയെ ഗ്രന്ഥകർത്താവിന്നടുക്കലയക്കുക; 3. അഭിപ്രായത്തിന്ന് അയക്കുക, ആലോചനക്ക്—, ഏല്പിക്കുക: the court r.red the matter to an officer കോടതി ആ കാര്യം ഒരുദ്യോഗസ്ഥന്റെ അഭിപ്രായത്തിന്നയച്ചു; 4. ഊഹിക്കുക, അഭിപ്രായപ്പെടുക, ഭാവിക്കുക; കാരണമായി വിചാരിക്കുക, —പറയുക, സംബന്ധിപ്പിക്കുക. *v. i.* ചോദിക്കുക, അന്വേഷിക്കുക, നോക്കുക: to r. to a book പുസ്തകം നോക്കുക; 2. അഭിപ്രായം ചോദിക്കുക, ആലോചന—: in suits it is good to r. to a friend വ്യവഹാരകാര്യത്തിൽ ഒര് സ്നേഹിതനോട് അഭിപ്രായം ചോദിക്കുക നന്ന്; 3. കുറിക്കുക, സൂചിപ്പിക്കുക, കാണിക്കുക: the figure r.s to a foot-note ആ അക്കം സൂചകത്തെ കുറിക്കുന്നു; 4. കുറിച്ച് പറയുക: the lecturer r.red to the death of the sovereign പ്രസംഗി രാജാവ് നാട് നീങ്ങിയതിനെ കുറിച്ച് പ്രസ്താവിച്ചു; 5. അന്വേഷിക്കുക, ചോദിച്ചറിയുക: I r.red to his employer ഞാൻ അവന്റെ മുതലാളിയോട് അന്വേഷിച്ചു. ref'ĕr-a-ble, -ri-ble, *a.* കാരണം പറയാകുന്ന; സംബന്ധിപ്പിക്കാകുന്ന; ആലോചിക്കാകുന്ന. ref-ĕr-ēe', *n.* കാര്യം ഏല്പിച്ച് കിട്ടിയവൻ, മദ്ധ്യസ്ഥൻ, നടുവൻ, പഞ്ചായക്കാരൻ. ref'ĕr-ence, =fĕr'ment, *n.* അഭിപ്രായം ചോദിക്കൽ; അന്വേഷണം; ഏല്പിക്കൽ; സംബന്ധിപ്പിക്കൽ, കാരണസങ്കല്പം; വകതിരിക്കൽ; പ്രസ്താവന, സൂചന, സൂചകം; സംബന്ധം, വിഷയം; അന്വേഷിതാവ്, അന്വേഷിതൻ, അനപിക്ഷൻ, വിവരംകൊടുക്കുന്നവൻ; *pl.* പരിചയക്കാര്; പഞ്ചായക്കാരൻ; സംബന്ധസ്ഥലം, തുല്യവാക്യസൂചന, ഒത്ത് വാക്യം; പഞ്ചായത്തിന്ന് വെക്കൽ, പഞ്ചായം പറയൽ (*l.*); അഭിപ്രായത്തിന്നേല്പിക്കൽ (*l.*). R.ce Bible ഒത്ത് വാക്യവേദപുസ്തകം, തുല്യവാക്യസൂചിത—. ref-ĕr-en'dar-y, *n.* പഞ്ചായക്കാരൻ; രാജതീർപ്പ് അറിയിക്കുന്നവൻ. ref-ĕr-en'tial (-shal), *a.* സംബന്ധം കാണിക്കുന്ന; സൂചകമായ; ഒത്ത് നോക്കുവാനുള്ള. -en'tial-ly (-shal-), *ad.* സൂചകമായി. =fĕr'rĕr (-fĕr-ĕr), *n.* അയക്കുന്നവൻ; അഭിപ്രായം ചോദിക്കുന്നവൻ.

Re-fīne', *v. t.* ശുദ്ധി ആക്കുക, —ചെയ്യുക; തെളിയിക്കുക; നേർമ്മയാക്കുക; കറ നീക്കുക; സ്പു(പ്പ)ടം ചെയ്യുക; 2. നന്നാക്കുക, ഉൽകൃഷ്ടം ആക്കുക, വിശിഷ്ടം—. *v. i.* ശുദ്ധമാക; തെളിയുക; 2. നന്നായ്ത്തീരുക, ശ്രേഷ്ഠമാക; 3. അതിസൂക്ഷ്മമായിരിക്കുക. =fīned' (-fīnd'), *a.* ശുദ്ധിചെയ്ത, ശുദ്ധമായ; സ്പുടം ചെയ്ത; തെളിഞ്ഞ; ഉൽകൃഷ്ടമായ. =fī'ned-ly, *ad.* മെച്ചമായി. =fī'ned-ness, *n.* സ്വച്ഛത, സ്പുടത; ശുദ്ധി; ഉൽകൃഷ്ടത. -ment, *n.* ശുദ്ധിയാക്കൽ; ന

ന്നാക്കൽ; വൈശിക്ഷ്യം; സൂക്ഷ്മം. =fi'nĕr, *n.* നന്നാക്കുന്നവൻ; ശുദ്ധിയാക്കുന്ന സാധനം. =fi'nĕr-y, *n.* മൂശ; ഉല.

Rē-fit', *v. t.* നന്നാക്കുക, കേട് തീർക്കുക; 2. പിന്നെയും സംഭരിക്കുക. *v. i.* നന്നാക്കുക; കോപ്പ് ശേഖരിക്കുക. -ment, *n.* നന്നാക്കൽ; പുതുക്കം.

Rē-fix', *v. t.* പിന്നെയും നിശ്ചയിക്കുക; 2. —ഉറപ്പിക്കുക.

Re-fleet', *v. t.* മടങ്ങുക, വഴിയോട്ട് വളയുക, പിന്നോട്ട് —; 2. പരാവത്തിക്കുക, പ്രതിബിംബിക്കുക, പ്രതിച്ഛായ കാട്ടുക. *v. i.* പ്രതിവത്തിക്കുക, പ്രതിബിംബിക്കുക; 2. മടങ്ങിവരിക; 3. ചിന്തിക്കുക, ആലോചിക്കുക; ധ്യാനിക്കുക; 4. കുറവ് ആയിരിക്കുക, ആക്ഷേപം—, അപമാനം—. -ed, *a.* മടങ്ങിയ; പരാവത്തിതമായ, പ്രതിബിംബിച്ച; സ്വന്തമല്ലാത്ത, അന്യരിൽനിന്ന് കിട്ടിയ. -ent, *a.* പ്രതിവത്തിക്കുന്ന, പരാവത്തമായ; പ്രതിബിംബിക്കുന്ന. -i-ble, *a.* പരാവത്തനീയമായ. -ing, *a.* പരാവത്തിക്കുന്ന; പ്രതിബിംബിക്കുന്ന; ചിന്തിക്കുന്ന, ആലോചിക്കുന്ന. r.g circle കോണമാപനയന്ത്രം. =ing-ly, *ad.* ആലോചിച്ച്; ആക്ഷേപമായി, നിന്ദയായി. =flee'tiŏn, =flex'iŏn, *n.* പരാവത്തനം; പരാവൃത്തി; വിചാരം, ആലോചന, ധ്യാനം; പ്രതിബിംബം, പ്രതിച്ഛായ; വളവ്; വിചാരം, അഭിപ്രായം, മതം; ആക്ഷേപം, നിന്ദ; വിഭ്രമപരാവത്തനം (*phys.*). angle of r.n പരാവത്തനകോണം. =flee'tive, *a.* പ്രതിബിംബിക്കുന്ന; ചിന്തിക്കുന്ന; ധ്യാനശീലമുള്ള; ആത്മാത്ഥകമായ (*gr.*). =flee'tive-ly, *ad.* പ്രതിച്ഛായയായി; ആലോചിച്ച്; നിന്ദയായി. =flee'tive-ness, *n.* പരാവൃത്തി. -ŏr, *n.* പ്രതിബിംബിപ്പിക്കുന്നവൻ; പ്രതിബിംബിക്കുന്ന സാധനം; കണ്ണാടി, സ്ഫടികം, മിനുസമുള്ള സാധനം (*ph.*); പ്രതിധ്വനിയന്ത്രം (*ph.*); ഒര് വക കുഴൽക്കണ്ണാടി (*ph.*).

Rē'flex, *a.* മടങ്ങിയ, പരാവത്തിതമായ; 2. ആലോചിക്കുന്ന; 3. പ്രതിഫലിക്കുന്ന; 4. വിഭ്രമപരാവത്തനസംബന്ധം ആയ; —പരാവത്തിതം— (*phys.*). r. action വിഭ്രമപരാവത്തനം (*phys.*). r. nerve പരാവത്തകമജ്ജാതന്തു (*phys.*). *n.* പ്രതിബിംബം, പ്രതിച്ഛായ, നിഴല്; 2. വിഭ്രമപരാവത്തനചേഷ്ട (*phys.*). =flex', *v. t.* പിന്നോട്ട് തിരിയുക, മടങ്ങുക. =flexed', *a.* പുറത്തോട്ട് വളഞ്ഞ; വഴിയോട്ട് —. =flex-i-bil'i-ty, *n.* പരാവത്തനീയത്വം. =flex'i-ble, *a.* പ്രതിബിംബിപ്പിക്കാവുന്ന. =flex'iŏn, *n.*, *s. a.* reflection, *s. u.* Reflect. =flex'-i-ty, *n.* പരാവൃത്തി. =flex'ive, *a.* മടങ്ങിയ; ആലോചിക്കുന്ന; ആത്മാത്ഥകമായ (*gr.*). =flex'ive-ly, *ad.* ആത്മാത്ഥകമായി. =flex'ive-ness, *n.* ആത്മാത്ഥകത്വം; വിചാരം, ധ്യാനം. =flex'ly, *ad.* പരാവത്തിതമായി, പ്രതിച്ഛായയായി.

Re-flō-res'cence (-res'ens), *n.* പിന്നെയും പൂക്കൽ, രണ്ടാമതും പുഷ്പിക്കൽ (*b.*).

Rē-flōw', *v. i.* ഏററം താഴുക, ഇറക്കം വെക്കുക.

Rē-flow'er, *v. i. & t.* പിന്നെയും പൂക്കുക.

Rē-fluc-tū-ā'tiŏn, *n.* ഇറക്കം, താഴ്ച; 2. വേലിയിറക്കം.

Ref'lu-ent, *a.* ഇറക്കംവെച്ച, വെള്ളം താഴുന്ന, വേലിയിറക്കമായ. =ence, =en-cy, *n.* ഇറക്കം, വേലിയിറക്കം.

Rē'flux, *a.* മടക്കം ആയ; 2. ഇറക്കം—. *n.* താഴ്ച, ഇറക്കം; 2. പ്രതിവത്തനം; 3. വേലിയിറക്കം.

I. Rē-form', *v. t. & i.* പുനർരൂപിക്കുക. =for-mā'tiŏn, *n.* പുനർരൂപണം; രൂപപരിണാമം.

II. Re-form', *v. t.* പുതുതായി രൂപിക്കുക; 2. നന്നാക്കുക, പുതുക്കുക; 3. തിരുത്തുക, ഗുണീകരിക്കുക; സന്മാർഗ്ഗത്തിലാക്കുക. *v. i.* നന്നായ്ത്തീരുക, ഗുണപ്പെടുക. *n.* നന്നാക്കൽ; 2. നവീകരണം, പുതുക്കം. r.-school ബദ്ധബാലശിക്ഷാശാല, (പ്രായം കുറഞ്ഞ കുററക്കാർക്കുള്ള) ശിക്ഷാപാഠശാല. =form'a-ble, *a.* നന്നാക്കാകുന്ന, ഗുണീകരണീയമായ. ref-or-mā'tiŏn, *n.* നന്നാക്കൽ, ഗുണീകരണം; പുതുക്കം, ഗ

ണം; പുനഃസ്ഥാപനം; മതനവീകരണം. The R.n ലുഥരാലുണ്ടായ ക്രിസ്തു സഭാനവീകരണം. =form'a-tive,=form'a-tōr-y, *a.* പുനർരൂപിക്കുന്ന; നവീകരിക്കുന്ന. =form'a-tōr-y, *n.* ബാലബദ്ധശിക്ഷാശാല (ചെറുപ്രായക്കാരായ കററക്കാൎക്കുള്ള) ശിക്ഷാപാഠശാല. =formed' (-formd'), *a.* തിരുത്തിനന്നാക്കിയ; നന്നായ്തീൎന്ന, സന്മാൎഗ്ഗിയായ്തീൎന്ന; നവീകൃതമായ; നവീകൃതസഭയായ; (പട്ടാളം പൊളിച്ചശേഷം) പകതിശമ്പളത്തിന്ന് ഉദ്യോഗത്തിൽ നില്ക്കുന്ന (*mil.*). R.d churches പ്രൊതസ്തന്തസഭ, (ലുഥരാന) നവീകരണസഭ; (ലുഥരാനരെ പിരിഞ്ഞ) നവീകൃതസഭ (*eccl.*). -'ēr, *n.* നവീകരണക്കാരൻ, പുനഃസ്ഥാപകൻ, ഗൎമ്മാന്യസഭാനവീകരണക്കാരിൽ ഒരുവൻ (*eccl.*). -ist, *n.* നവീകാരകൻ.

Re-fract', *v. t.* വക്രമാക്കുക, വളക്കുക; 2. ഭേദിക്കുക; 3. രശ്മിഭേദനം ചെയ്യുക, രശ്മിവക്രമാക്കുക. -a-ble, *a.* ഭേദ്യമായ. -ed, *a.* വളഞ്ഞ, വക്രം ആയ; ഭിന്നം—. -iṅg, *a.* വക്രമാക്കുന്ന, ഭേദിപ്പിക്കുന്ന. =frac'tiōn, *n.* വക്രമാക്കൽ; വക്രത, വളവ്; രശ്മിവക്രത, കിരണഭേദനം, —ഭിന്നത; മണ്ഡലപ്രഭാവക്രത (*as.*); മണ്ഡലസ്ഥിതിവ്യത്യാസം (*as.*). angle of r.n രശ്മിവക്രകോണം (*opt.*). conical r.n —വക്രബഹുത്വം (*opt.*). differential r.n സ്ഥിതിവക്രത (*as.*). double r.n പ്രതിബിംബദ്വയത്വം (*opt.*). terrestrial r.n ദൃഷ്ടിവക്രത. r.n circle രശ്മിവക്രമാത്രം (*opt.*). =frac'tive, *a.* വക്രശക്തിയുള്ള; രശ്മിഭേദസംബന്ധമായ. =frac'tive-ness, *n.* രശ്മിഭിന്നത. =frac-tom'e-tēr, *n.* രശ്മിഭേദദൎശിനി (*opt.*); രശ്മിവക്രമാത്രം (*opt.*). =frac'tōr, *n.* കിരണഭേദിനി, ഒഴ്‌വക കുഴല്ക്കണ്ണാടി (*opt.*).

Re-frac'tōr-y, *a.* ദുശ്ശാഠ്യം ഉള്ള, ശഠത—, മക്കടമുഷ്ടിയായ; മുരട്ട്ശീലമുള്ള, പറഞ്ഞാൽ കേൾക്കാത്ത, അനുസരണംകെട്ട; 2. വേഗം ഉരുകാത്ത. =tōr-i-ly, *ad.* ശാഠ്യത്തോടെ, കടുമ്പിടിയായി. =tōr-i-ness, *n.* ശാഠ്യം, മക്കടമുഷ്ടിത്വം.

Ref'ra-gāte, *v. i.* എതിൎക്കുക. =ga-ble, *a.* ആക്ഷേപിക്കത്തക്ക. =ga-ble-ness, =ga-bil'i-ty, *n.* ഖണ്ഡനീയത്വം.

I. Re-frāin', *v. t.* തടുക്കുക, മുടക്കുക; 2. ഒതുക്കുക, കീഴമൎത്തുക. *v. i.* ചെയ്യാതിരിക്കുക, അടങ്ങുക; 2. അകന്ന് നില്ക്കുക, വിടുക. -ēr, *n.* മുടങ്ങിനില്ക്കുന്നവൻ. -ment, *n.* അടങ്ങിയിരിക്കൽ.

II. Re-frāin', *n.* പല്ലവി, ധ്രുവകം [(*mus.*).

Re-fran'ġi-ble, *a.* പരാവൎത്തനീയമായ, വക്രമായ്തീരുന്ന. =bil'i-ty, -ness, *n.* പരാവൎത്തനീയത്വം.

Re-fresh', *v. t.* ക്ഷീണംപോക്കുക, —മാററുക, —തീൎക്കുക; 2. ബലം പുതുക്കുക, ചൈതന്യം വരുത്തുക; 3. ആശ്വസിപ്പിക്കുക, വിശ്രമിപ്പിക്കുക; 4. പുതുക്കുക, നന്നാക്കുക; കേട് തീൎക്കുക. to r. the memory (വായനയാൽ) ഓൎമ്മ പുതുക്കുക, (എഴുതിവെച്ചത്) നോക്കുക. -'ēr, *n.* ക്ഷീണം തീൎക്കുന്നത്; ആശ്വാസം വരുത്തുന്നവൻ; (ഭീഷ്ടിച്ച് നില്ക്കുന്ന വ്യവഹാരത്തിൽ) വക്കീലിന്ന് കൊടുക്കുന്ന അധികപ്രതിഫലം (*l.*). -'fụl, *a.* ആശ്വാസപ്രദമായ; ക്ഷീണംതീൎക്കുന്ന. -'fụl-ly, *ad.* ബലം പുതുക്കുന്നതായി. -iṅg, *a.* ക്ഷീണംതീൎക്കുന്ന, വിശ്രമകരമായ. -iṅg-ly, *ad.* ചൈതന്യജനകമായി. -iṅg-ness, *n.* സുഖദായകത്വം. -ment, *n.* ക്ഷീണംതീൎക്കൽ; വിശ്രമം; പുതുബലം; പലഹാരം, ഫലാഹാരം.

Re-frig'ēr-āte, *v. t.* തണുപ്പിക്കുക; 2. ചൂട് തട്ടാതെ സൂക്ഷിക്കുക. =ant, =ā-tive, *a.* തണുപ്പിക്കുന്ന, കുളൎമ്മവരുത്തുന്ന. *n.* തണുപ്പിക്കുന്ന സാധനം; താപഹരം; ജ്വരഹരി, പനിക്കുള്ള മരുന്ന് (*med.*). =ā'tiōn, *n.* തണുപ്പിക്കൽ; കുളൎമ്മ. =ā-tōr, *n.* ശൈത്യംവരുത്തുന്നത്; ശൈത്യപ്പെട്ടി, കുളിരറ; ശീതകരയന്ത്രം. =ā-tōr-y, *a.* തണുപ്പിക്കുന്ന. *n.* തണുപ്പിക്കുന്ന സാധനം; കാച്ച് തട്ട്; ഹിമപാത്രം.

Re-frin'ġent, *a.* രശ്മിഭേദകമായ, =frin'ġen-cy, *n.* രശ്മിഭേദകത്വം.

I. Reft, *p. t.* & *p. p.* *of* Reave.

II. Reft, *n.* ഴിള്ളല്, ചീന്ത്, കീറ്.

**Ref'ūġe**, *n.* അഭയസ്ഥാനം, സങ്കേതം, രക്ഷാസ്ഥലം; 2. ശരണം, രക്ഷ, ആശ്രയം; 3. ഉപായം, സൂത്രം. cities of r. സങ്കേതനഗരങ്ങൾ (*Bl.*). house of r. അനാഥജനസങ്കേതം. to take r. ശരണം പ്രാപിക്കുക. =ū-ġēe', *n.* സങ്കേതം പ്രാപിക്കുന്നവൻ, ആശ്രിതൻ, ശരണാഗതൻ; പ്രാണരക്ഷക്കായി അന്യരാജ്യത്തിൽ ചെന്നു പാൎക്കുന്നവൻ. -less, *a.* ശരണമില്ലാത്ത, ദിക്കില്ലാത്ത.

**Re-ful'ġent**, *a.* പ്രഭയുള്ള, മിന്നുന്ന, തിളങ്ങുന്ന. =ful'ġence, =ful'ġen-cy, *n.* തേജസ്, കാന്തി, പ്രഭ, ഒളി, തിളക്കം, പ്രകാശം. -ly, *ad.* തിളക്കത്തോടെ, പ്രഭയോടെ.

I. **Re-fund'**, *v. t.* തിരികെ പകരുക; 2. തിരിച്ച് കൊടുക്കുക, മടക്കികൊടുക്കുക, (പണം) മടക്കിയടക്കുക, (കടം) വീട്ടുക. -ĕr, *n.* മടക്കിയടക്കുന്നവൻ.

II. **Rē-fund'**, *v.t.* പുതുതായി മുതലുണ്ടാക്കുക, പുതുമുതല് സ്ഥാപിക്കുക.

**Re-fūse'**, *v. t.* നിഷേധിക്കുക, സമ്മതിക്കാതിരിക്കുക, തള്ളുക, ഉപേക്ഷിക്കുക; 2. പിൻവാങ്ങിക്കുക, വഴിയോട്ട് നിൎത്തുക (*mil.*); 3. ത്യജിക്കുക, വേണ്ടെന്നു വെക്കുക. *v. i.* നിഷേധിക്കുക; 2. അനുസരിക്കാതിരിക്കുക. ref'ūse, *n.* നീക്കിക്കളഞ്ഞത്; ചണ്ടി, ചവറ്; ഉച്ഛിഷ്ടം, അവശിഷ്ടം, എച്ചില്; പീര (*N.*); തിരിവ്. *a.* തള്ളിയ; നിസ്സാരം ആയ, ഹീനം—; എച്ചില്. =fū'sa-ble, *a.* നിഷേധിക്കാവുന്ന; തള്ളിക്കളയാകുന്ന; വേണ്ടെന്നു വെക്കാകുന്ന. =fū'sal, *n.* നിഷേധിക്കൽ, ഉപേക്ഷിക്കൽ; നിഷേധം; നിഷേധാവകാശം, (വല്ലതും വിലക്ക് വാങ്ങുവാനുള്ള) ആദ്യാവകാശം, മുന്നവകാശം: I shall give you the r.l നിങ്ങൾ വേണ്ടെന്നു വെച്ചാലേ ഞാൻ മറെറാരാൾക്കു കൊടുക്കുകയുള്ളു. =fū'sĕr, *n.* ഉപേക്ഷിക്കുന്നവൻ, ത്യാജകൻ, ത്യാഗി.

**Rē-fū'sion**, *n.* പിന്നെയും ഉരുക്കൽ, ഉരുക്കിവാൎക്കൽ; 2. യഥാസ്ഥാപനം, പുനഃസ്ഥാപനം.

**Re-fūte'**, *v. t.* ഖണ്ഡിക്കുക, നിരാകരിക്കുക; 2. അബദ്ധമാണെന്നു വരുത്തുക, പ്രതിക്ഷേപിക്കുക. =fū-ta-bil'i-ty, *n.* പ്രതിക്ഷേപണീയത്വം. =fū'ta-ble, *a.* അബദ്ധമാക്കത്തക്ക, നിരാകരിക്കത്തക്ക. =fū'ta-bly, *ad.* പ്രതിക്ഷേപമായി. =fū'tal, ref-ū-tā'tion, *n.* ഖണ്ഡിക്കൽ; ഖണ്ഡനം, നിരാകരണം. =fū'ta-tor-y, *a.* അബദ്ധമാക്കുന്ന, നിരാകരിക്കുന്ന. =fū'tĕr, *n.* നിരാകരിക്കുന്നവൻ.

**Re-gāin'**, *v. t.* തിരികെ കിട്ടുക, കിട്ടുക; 2. മടങ്ങിയെത്തുക.

**Rē'gal**, *a.* രാജസംബന്ധമായ, രാജ, രാജകീയ. re-gā'le, *n.* രാജാവകാശം. re-gā'li-a, *n. pl.* രാജചിഹ്നങ്ങൾ; —ലക്ഷണങ്ങൾ; അധികാരചിഹ്നം, പദവി—. r.a of a church സഭാസ്വം; സഭാപദവി. re-gā'li-an, *a.* രാജചിഹ്നസംബന്ധമായ. -ism, *n.* രാജാധികാരവാദം. =gal'i-ty, *n.* രാജത്വം, അധീശത്വം; രാജാധികാരം. -ly, *ad.* രാജകീയമായി.

I. **Re-gā'le**, *n.*, *s. u.* Regal.

II. **Re-gāle'**, *v. t.* തൃപ്തിപ്പെടുത്തുക, സന്തുഷ്ടിവരുത്തുക; 2. വിരുന്നൂട്ടുക; 3. സന്തോഷിപ്പിക്കുക, ആനന്ദം ജനിപ്പിക്കുക. *v. i.* സല്ക്കരിക്കുക, സദ്യകഴിക്കുക. *n.* സദ്യ, വിരുന്ന്, എടുത്ത് വിലക്കിയസദ്യ. -ment, *n.* വിരുന്നൂട്ടൽ; സദ്യ, സല്ക്കാരം. =gā'lĕr, *n.* സല്ക്കരിക്കുന്നവൻ; ആനന്ദിപ്പിക്കുന്നവൻ.

**Re-gärd'**, *v. t.* നോക്കുക, ശ്രദ്ധിക്കുക; 2. ലക്ഷ്യമാക്കുക; ഉററുനോക്കുക; 3. വിചാരിക്കുക, ഭാവിക്കുക, എന്നു വെക്കുക, കരുതുക; 4. (ഭയ, വിരോധം *etc.*) കാട്ടുക, പെരുമാറുക; 5. ബഹുമാനിക്കുക, വണക്കം കാട്ടുക; 6. (*impers.*) സംബന്ധിച്ചിരിക്കുക: as r.s this ഈ കാൎയ്യംസംബന്ധിച്ച്. *n.* നോട്ടം, ദൃഷ്ടി; 2. ശ്രദ്ധ, ദാക്ഷിണ്യം, പക്ഷം; 3. ബഹുമാനം, വണക്കം, പ്രിയം, ആദരം; 4. (*pl.*) വന്ദനം, അഭിനന്ദി; 5. അവസ്ഥ, സ്ഥിതി; 6. വിചാരം, ചിന്ത; 7. സംബന്ധം; 8. കാൎയ്യം; 9. മേൽവിചാരം, മേൽനോട്ടം. in r. of നിമിത്തം; സംബന്ധിച്ച്. in r. to, with r. to സംബന്ധമായി, കുറിച്ച്. have r. to കരുതുക, ദാക്ഷിണ്യം കാട്ടുക.

-a-ble, *a.* നോക്കത്തക്ക, ശ്രദ്ധിക്കത്തക്ക, ബഹുമാനയോഗ്യമായ. -ant, *a.* തിരിഞ്ഞ് നോക്കുന്ന, മറിഞ്ഞ് —; വഴിയോട്ട് — (*her.*); കൃഷിയോട് ചേൎന്ന (*l.*). -ĕr, *n.* വിചാരിക്കുന്നവൻ; വനപാലകൻ, മലവാരവിചാരകൻ (*l.*). -ful, *a.* ശ്രദ്ധയുള്ള, കൂട്ടാക്കുന്ന; നോക്കുന്ന. -ful-ly, *ad.* ശ്രദ്ധയോടെ. -ing, *prep.* സംബന്ധിച്ച്, വിഷയമായി, കുറിച്ച്, കാൎയ്യത്തിൽ. -less, *a.* നോക്കാത്ത, കൂട്ടാക്കാത്ത, ലക്ഷ്യമാക്കാത്ത; അലക്ഷ്യമാക്കിയ. -less-ly, *ad.* അലക്ഷ്യമായി. -less-ness, *n.* അലക്ഷ്യഭാവം, നിൎവ്വിചാരം.

Re-gat'ta, *n.* തോണിപ്പന്തയം, പന്തയക്കപ്പലോട്ടം, നൌകാക്രീഡ.

Rē'ġen-cy, *n.*, *s. u.* Regent.

Re-ġen'ĕr-āte, *a.* പുനരുത്ഭവിച്ച; 2. പുനൎജ്ജന്മം പ്രാപിച്ച, പുനൎജ്ജാതമായ (*theo.*). *v. t.* പുനരുല്പാദിപ്പിക്കുക; 2. ജനിപ്പിക്കുക; 3. പുനൎജ്ജീവിപ്പിക്കുക, ശക്തിപ്പെടുത്തുക; 4. പുനൎജ്ജന്മം വരുത്തുക, പുനൎജ്ജാതനാക്കുക (*theo.*); 5. നവീകരിക്കുക, പുതുക്കുക. =ġen'ĕr-a-cy, =āte-ness, *n.* പുനൎജ്ജീവനം; പുനൎജ്ജാതത്വം. =ā'tiŏn, *n.* പുനൎജ്ജീവിപ്പിക്കൽ; പുനൎജ്ജീവനം; പുനൎജ്ജനനം, പുനൎജ്ജാതത്വം (*theo.*); പുനരുല്പത്തി, രണ്ടാമതും മുളക്കൽ (*biol.*); പിന്നെയും ഉണ്ടാകൽ (*phys.*). =a-tive, *a.* പുനൎജ്ജനകമായ. =a-tive-ly, *ad.* പുനരുല്പാദകമായി. =a-tŏr, *n.* പുനൎജ്ജനനം വരുത്തുന്നവൻ, പുനൎജ്ജനകൻ; ഉഷ്ണകരയന്ത്രം (*mech.*). =a-tŏr-y, *a.* പുതുക്കുന്ന; പുനൎജ്ജീവിപ്പിക്കുന്ന.

Rē'ġent, *n.* നാടുവാഴി; 2. പ്രതിരാജൻ; 3. ഭാരവാഹി, നായകൻ, കാൎയ്യദൎശി; 4. കലാശാലാപണ്ഡിതൻ. *a.* വാഴ്ചകഴിക്കുന്ന; പ്രതിരാജനായിരിക്കുന്ന. =ġen-cy, *n.* നാടുവാഴിസ്ഥാനം, വാഴ്ച, കോയ്മ; പ്രതിരാജത്വം; പ്രതിരാജസഭ. -ess, *n.* പ്രതിരാജസ്ത്രീ. -ship, *n.* പ്രതിരാജസ്ഥാനം.

Reg'i-cīde, *n.* രാജഹന്താവ്, രാജാവിനെ കൊല്ലുന്നവൻ; 2. രാജഹത്യ, —വധം. =cī'dal, *a.* രാജഹത്യസംബന്ധിച്ച; —ആയ.

Re-ġime' (rā-zhem'), *n.* രാജ്യഭരണരീതി, ഭരണവ്യവസ്ഥ; 2. സമുദായ—.

Reġ'i-men, *n.* ക്രമരാജ്യഭരണം; ഭരണവ്യവസ്ഥ; 2. ദിനചൎയ്യം, പത്ഥ്യം (*med.*); 3. പൊരുത്തം (*gr.*). =ġim'i-nal, *a.* പത്ഥ്യസംബന്ധമായ.

Reġi'ment (rej'ment), *n.* സൈന്യഭാഗം, പട്ടാളം സഹസ്രബലം (*mil.*). r. of the line സാധാരണപട്ടാളം. *v. t.* പട്ടാളംകെട്ടുക. reġ-i-men'tal, *a.* പട്ടാളസംബന്ധമായ. r.l school സൈന്യപാഠശാല. reġ-i-men'tal-ly, *ad.* പട്ടാളമായി, പട്ടാളക്രമത്തിൽ. reġ-i-men'tals, *n. pl.* പട്ടാളച്ചമയം, ഉടുപ്പ്.

Re-ġim'i-nal, *a.*, *s. u.* Regimen.

Rē'ġiŏn (rē'jun), *n.* ദിക്ക്, ദേശം, നാട്, രാജ്യം; 2. പ്രദേശം, ഇടം; 3. ദേശനിവാസികൾ. -al, *a.* പ്രദേശം സംബന്ധിച്ച.

Reġ'is-tĕr, *n.* ചാൎത്ത്, പട്ടിക, വരിയോല, പട്ടോല, 'റജിസ്റ്റ്ര'; 2. കപ്പൽപ്പട്ടിക; 3. കപ്പലുടമച്ചാൎത്ത്; 4. ചാൎത്തുദ്യോഗസ്ഥൻ, പട്ടോലക്കാരൻ; 5. സ്വയംചാൎത്ത് യന്ത്രം (*mech.*); യന്ത്രവേഗമാത്ര (*mech.*); 6. കമ്പിവൎത്തമാനച്ചാൎത്ത് യന്ത്രം (*tel.*); 7. കാററടപ്പ്; 8. വരിയൊക്കൽ (*print.*); 9. സ്വരനിദാനം (*mus.*). thick r. കണ്ഠസ്വരം (*mus.*). thin r. ശിരസ്സ്വരം (*mus.*). parish r. സഭാചാൎത്ത്; അംശച്ചാൎത്ത്. *v. t.* ചാൎത്തുക, പതിക്കുക, എഴുതുക, 'റജിസ്റ്റ്രാക്കുക'; 2. പട്ടികയിലെഴുതുക, 'റജിസ്റ്റ്രി'ൽപെടുത്തുക. r.ed letter റജിസ്റ്റ്രുക്കത്ത്. *v. i.* പട്ടോലയിലെഴുതുക; 2. അച്ചടിയിൽ ഇരുഭാഗവും വരിയൊത്തുവരിക. -ing, *a.* ചാൎത്തുന്ന, സ്വയംചാൎത്താം. -ship, *n.* ചാൎത്തുദ്യോഗം. =trant, *n.* ചാൎത്തിക്കുന്നവൻ; ചരക്കുടയാളയുടമസ്ഥൻ. =trär, *n.* ചാൎത്തുദ്യോഗസ്ഥൻ, ചാൎത്തുന്നവൻ, 'റജിസ്റ്റ്രാറ്'. =trär-ship, *n.* 'റജിസ്റ്റ്രാ'രുദ്യോഗം. =trā'tiŏn, *n.* ചാൎത്തൽ; ചാൎത്ത്; 'റജിസ്റ്റ്ര'. =try, *n.* ചാൎത്തൽ; ചാൎത്ത് സൂക്ഷിക്കുന്നസ്ഥലം; ചാൎത്ത്, 'റിക്കാട്'.

**Rē'ġi-us**, *a.* രാജസംബന്ധമായ, രാജകീയ. r. professor രാജ(സ്ഥാപിത) പണ്ഡിതസ്ഥാനം.

**Reg'let**, *n.* ചട്ടം (*arch.*); 2. ഒഴിവാണി (*print.*). [(*b.*).

**Reg'ma**, *n.* ഇതളിതളായ ഒര്പഴം

**Reg'nal, Reg'nan-cy, Reg'nant**, *s. u.* Reign.

**Rē-gorġe'**, *v. t.* ഛര്ദ്ദിക്കുക, കക്കുക, കാറുക; പുറത്താക്കുക; 2. പിന്നെയും വിഴുങ്ങുക.

**Rē-grāte'**, *v. t.* (കല്ല്) തിരികെ ചെത്തുക; 2. വകപ്പടിയായി വാങ്ങിവില്ക്കുക. =grā'tĕr, =grā'tŏr, *n.* —വില്ക്കുന്നവൻ. =grā'tĕr-y, *n.* —വില്ക്കൽ.

**Rē'gress**, *n.* പിൻവാങ്ങൽ, മടക്കം; 2. കിഴിച്ചൽ, താഴ്ച. re-gress', *v. i.* പിൻവാങ്ങുക, തിരിച്ച്പോക. =gres'siŏn (gresh'un), *n.* പിൻവാങ്ങൽ; താഴ്ച, അധഃപതനം. =gres'sive, *a.* മടങ്ങിപ്പോകുന്ന; താഴ്ച്ചയായ. =gres'sive-ly, *ad.* പിന്നോക്കമായി.

**Re-gret'**, *n.* വ്യസനം, ദുഃഖം; 2. ഖേദം, വേദന, അനുതാപം, മനസ്താപം, പശ്ചാത്താപം. *v. t.* ദുഃഖിക്കുക, സങ്കടപ്പെടുക; 2. വിചാരിച്ച് ദുഃഖിക്കുക; 3. ഖേദിക്കുക, മനസ്താപപ്പെടുക. -fu̧l, *a.* വ്യസനകരമായ. -fu̧l-ly, *ad.* വ്യസനത്തോടെ. -ta-ble, *a.* വ്യസനിക്കത്തക്ക. -ta-bly, *ad.* വ്യസനിക്കത്തക്കവണ്ണം.

**Reg'ū-lar**, *a.* വിധിപ്രകാരമുള്ള, ക്രമ—; ന്യായാനുസാരം ആയ; 2. കൃത്യം—, ശരി—; 3. പതിവ്—, സാധാരണം—, നിത്യേനയുള്ള; 4. സന്ന്യാസിവര്ഗ്ഗത്തിൽ പെട്ട (*R. C.*); 5. സാക്ഷാൽ, മുരത്ത, പച്ച: r. humbug തികഞ്ഞ കള്ളൻ. r. figures തുല്യഭുജക്ഷേത്രങ്ങൾ, തുല്യകോണ— (*geom.*). r. polygon തുല്യബഹുഭുജക്ഷേത്രം (*geom.*). r. polyhedron തുല്യബഹുമുഖ പിണ്ഡം (*geom.*). r. troops സ്ഥിരസൈന്യം. *n.* സന്ന്യാസി (*R. C.*); 2. (*pl.*) സ്ഥിരസൈന്യപടയാളി, പട്ടാളക്കാരൻ. =lar'i-ty, -ness, *n.* കൃത്യത. -īṣe, -īze, =lāte, *v. t.* ക്രമാനുസാരമാക്കുക; ശരിയാക്കുക, ക്രമപ്പെടുത്തുക, ചട്ടമാക്കുക; തിട്ടപ്പെടുത്തുക, നിശ്ചയിക്കുക, നിര്ണ്ണയിക്കുക. to regulate a watch or clock ഘടികാരനടത്തം കൃത്യമാക്കുക, നാഴികമണി ശരിയാക്കുക. -ly, *ad.* ക്രമപ്രകാരം, ശരിയായി, കൃത്യമായി; മുടങ്ങാതെ. =lā'tiŏn, *n.* ക്രമപ്പെടുത്തൽ; ക്രമം, ചട്ടം, വെപ്പ്, നിയമം, 'റെഗ്യുലേഷൻ'. r.n uniform നിയമ(ത്തിൽ കല്പിച്ച) ഉടുപ്പ്. =lā-tive, *a.* ക്രമപ്പെടുത്തുന്ന; പ്രമാണബോധമായ (*met.*). =lā-tŏr, *n.* ചട്ടപ്പെടുത്തുന്നവൻ; വിധാനസൂത്രം; കൃത്യമായ നാഴികമണി.

**Reg'ū-lus**, *n.* ചെറിയരാജാവ്; 2. ശുദ്ധലോഹം; 3. മഘനക്ഷത്രം, മകം (*as.*).

**Rē-gur'ġi-tāte**, *v. t.* തിരിച്ച്പകരുക, മറിക്കുക. *v. i.* തിരിച്ചൊഴുകുക, മറിയുക. =tā'tiŏn, *n.* മറിഞ്ഞ് വരൽ, മറിപ്പൻ, ഛര്ദ്ദി (*med.*); തിരികെ വിഴുങ്ങൽ.

**Rē-ha-bil'i-tāte**, *v. t.* തിരികെ ധരിപ്പിക്കുക; 2. പിന്നെയും അധികാരം കൊടുക്കുക; 3. യഥാസ്ഥാനപ്പെടുത്തുക. =tā'tiŏn, *n.* യഥാസ്ഥാപനം; യഥാസ്ഥിതി.

**Rē-hash'**, *v. t.* പിന്നെയും ഉപയോഗിക്കുക. *n.* പഴയസാധനംകൊണ്ടുണ്ടാക്കിയത്.

**Rē-hēar'** (-hēr'), *v. t.* രണ്ടാമതും വിചാരണചെയ്യുക.

**Rē-hĕarse'** (-hĕrs'), *v. t.* ആവര്ത്തിച്ച് ചൊല്ലുക, ഉരുക്കഴിക്കുക, ചൊല്ലുക; 2. വിവരിക്കുക, പറയുക, കഥിക്കുക; 3. ചൊല്ലിയഭ്യസിക്കുക; അഭിനയിച്ചഭ്യസിക്കുക; 4. ചൊല്ലിപ്പഠിപ്പിക്കുക; പറഞ്ഞ് കൊടുത്ത് പറയിക്കുക. *v. i.* ചൊല്ലിയഭ്യസിക്കുക. =hĕars'al (-hĕrs'al), *n.* ചൊല്ലൽ, ചൊല്ലത്ത്; ആവര്ത്തനം; കഥനം, വിവരണം; അഭിനയാഭ്യാസം, അഭ്യാസച്ചൊല്ലത്ത്, പൂര്വ്വപ്രയോഗം. dress r.l പൂര്വ്വാഭിനയം (*dr.*). =hĕars'ĕr, *n.* ചൊല്ലുന്നവൻ; അഭിനയാഭ്യാസി.

**Rē-hi-bi'tiŏn** (-bish'un), *n.* ചരക്ക് (കൊണ്ടവൻ കേട്നിമിത്തം വിററവ-

ന്ന്) മടക്കിക്കൊടുക്കൽ, ചരക്ക് മടക്കം (*l.*). =hib'i-tŏr-y, *a.* ചരക്ക് മടക്കം സംബന്ധിച്ച (*l.*).

**Rē-hȳ-poth'e-cāte**, *v. t.* രണ്ടാമത് പണയംവെക്കുക (*l.*). =cā'tiŏn, *n.* മേല്പണയം.

**Reichs'rat** (rīhs'rat), *n.* ഓസ്ത്രിയ രാജ്യത്തിലെ ആലോചനസഭ.

**Reichs'städt** (rīks'stät), *n.* ജൎമ്മാന്യയിലെ സ്വാതന്ത്ര്യനഗരം.

**Reichs'tag** (rīks'täg), *n.* ജൎമ്മാന്യ സാമ്രാജ്യാലോചനസഭ.

**Reign** (rān), *n.* രാജത്വം, രാജാധികാരം, കോയ്മ, വാഴ്ച; 2. വാഴ്ചകാലം, കാലകീൎത്തി. r. of a planet ദശ (*astr.*). *v. i.* രാജ്യം ഭരിക്കുക, രാജ്യഭാരം ചെയ്യുക, വാഴ്ചകഴിക്കുക, വാഴുക; 2. പരക്കുക, പ്രബലമായിരിക്കുക; 3. അധികരിക്കുക. reg'nal, *a.* രാജ്യഭാരം സംബന്ധിച്ച. reg'nan-cy, *n.* വാഴ്ച, രാജ്യഭാരം. reg'nant, *a.* വാഴുന്ന; മുഖ്യം ആയ, പ്രബലം—.

**Rē-im-burse'** (-bẽrs'), *v. t.* 'ഭൎത്തി' യാക്കുക, നികത്തിക്കൊടുക്കുക, (പണം) മടക്കിക്കൊടുക്കുക, (കടം) വീട്ടുക; 2. (*refl.*) ചെലവ് വെച്ച് കൊടുക്കുക, നഷ്ടം വെച്ച്—. =burs'a-ble, *a.* വീട്ടാകുന്ന, മടക്കിക്കൊടുക്കാകുന്ന. -ment, *n.* (കടം) വീട്ടൽ, ശരിയിടൽ (*S.*). =burs'ẽr, *n.* മടക്കിക്കൊടുക്കുന്നവൻ; കടം വീട്ടുന്നവൻ; നഷ്ടം വെച്ച് കൊടുക്കുന്നവൻ.

**Rein** (rān), **Reins**, *n. pl.* കടിഞ്ഞാണ്, കടിവാളവാറ്; 2. അടക്കൽ; ഒതുക്കം, അമച്ച. to give r. to, to give the r. to അഴച്ചിടുക, വിട്ടേക്കുക, അടക്കാതിരിക്കുക, സ്വാതന്ത്ര്യംകൊടുക്കുക. to take the r.s നടത്തുക, ഭരിക്കുക. *v. t.* കടിഞ്ഞാണ് പിടിച്ച് നടത്തുക; 2. ഒതുക്കുക, അടക്കുക, അമൎത്തുക. to r. in, to r. up കടിഞ്ഞാണ് വലിച്ച് നിൎത്തുക, നിൎത്തുക. *v. i.* കടിഞ്ഞാണിൽ നടക്കുക. -'less, *a.* കടിഞ്ഞാണില്ലാത്ത; തടസ്ഥമില്ലാത്ത.

**Rein'dēer** (rān'dẽr), *n.* ഒര് വക കലമാൻ, ഹിമസാരംഗം (*z.*).

**Rē-in-fōrce'**, -ment, *s. a.* Re-enforce, -ment.

**Reins** (rānz), *n.* മൂത്രപിണ്ഡം, കണ്ടിക്കായി (*S.*), വൃക്കം (*an.*); 2. കടിപ്രദേശം, അര; 3. അന്തരിന്ദ്രിയങ്ങൾ, ഉൾക്കരള്; 4. മനോഭാവം.

**Rē-in-stāte'**, *v. t.* പിന്നെയും കൈവശം കൊടുക്കുക; യഥാസ്ഥാനത്താക്കുക. -ment, *n.* യഥാസ്ഥാപനം.

**Reis, Rāis, Rās** (rāz), *n.* ഒര് പൊൎത്തുഗീസ് (കണക്ക്) നാണ്യം, 'റേസ്'.

**Rē-it'ẽr-āte**, *v. t.* പിന്നെയും പിന്നെയും പറയുക, പറഞ്ഞത് തന്നെ—; 2. പിന്നെയും ചെയ്യുക. *a.* പിന്നെയും പിന്നെയും പറഞ്ഞ. =it'ẽr-ant, *a.* ആവൎത്തിക്കുന്ന. =ā-ted-ly, *ad.* ആവൎത്തനമായി. =ā'tiŏn, *n.* ആവൎത്തനം; ആവൎത്തിച്ച് പറഞ്ഞത്. =a-tive, *n.* ആവൎത്തനാൎത്ഥകപദം (*gr.*); ആവൎത്തിതപദം (*gr.*).

**Rēiv'ẽr**, *n.*, *s. a.* Reaver.

**Re-ject'**, *v. t.* തള്ളുക, ത്യജിക്കുക, വിസൎജ്ജിക്കുക; 2. തിരസ്കരിക്കുക; 3. ഉപേക്ഷിക്കുക. -a-ble, =ti'tiŏus (-tish'us), *a.* ത്യാജ്യമായ; ഉപേക്ഷിക്കത്തക്ക. =jec-ta-men'ta, *n. pl.* വിസൎജ്ജിതം, മലമൂത്രങ്ങൾ. -'ẽr, *n.* തള്ളുന്നവൻ. =jec'-tiŏn, *n.* ത്യാഗം; ത്യക്തം. =jec'tive, *a.* തള്ളുന്ന, തിരസ്കരിക്കുന്ന. -ment, *n.* വിസൎജ്ജനം; വിസൎജ്ജിതം.

**Re-joice'**, *v. i.* സന്തോഷിക്കുക, ആനന്ദിക്കുക, മോദിക്കുക, ഉല്ലസിക്കുക. *v. t.* സന്തോഷിപ്പിക്കുക, ആനന്ദം ജനിപ്പിക്കുക. *n.* ആഹ്ലാദം. =joic'ẽr, *n.* സന്തോഷിക്കുന്നവൻ. =joic'ing, *n.* സന്തോഷം, ആനന്ദം, സമ്മോദം; ഉല്ലാസം; ഉത്സവം, ഘോഷം. =joic'ing-ly, *ad.* പരമാനന്ദത്തോടെ.

**Re-join'**, *v. t.* കൂട്ടിച്ചേൎക്കുക; 2. പിന്നെയും ചേൎക്കുക; 3. തിരികെ വരിക, പിന്നെയും വന്ന് ചേരുക; 4. ഉത്തരം പറയുക, മറുവടി—. *v. i.* ഉത്തരം—; 2. വ്യവഹാരത്തിന്ന് ഉത്തരം—, വാദിക്കുക (*l.*). =join'dẽr, *n.* പ്രത്യുത്തരം; ഉത്ത

രം, മറുവടി, 'ജവാബ്' (*M.*); പ്രതിവാദം, വാദം, ഉത്തരം, പത്രിക (*l.*).

**Re-jṳ've-nāte, =nīse, =nīze,** *v. t.* പിന്നെയും യൌവനം വരുത്തുക. **=nā'tiŏn, =ven-es'cence, =ven-es'cen-cy,** *n.* പുനൎയ്യൌവനം. **=ven-es'cent,** *a.* പുനൎയ്യൌവനം പ്രാപിക്കുന്ന.

**Re-lapse',** *v. i.* വഴിയോട്ട് ഊരുക, —വഴുതുക; 2. മുൻസ്ഥിതിയിലാകുക; പിന്നെയുംവീഴുക, അധഃപതനം സംഭവിക്കുക; 3. രോഗം തിരികെ വരിക, ദീനംപിന്നെയും അതിക്രമിക്കുക (*med.*); 4. പിന്നെയും വരിക; 5. വിശ്വാസത്യാഗംചെയ്യുക (*theo.*). *n.* അധഃപതനം, വീഴ്ച; 2. രോഗപുനരാഗമനം (*med.*); 3. വിശ്വാസഭ്രംശം (*theo.*). **=lap'sēr,** *n.* വിശ്വാസത്യാഗി. **=lap'sing,** *a.* മുൻസ്ഥിതിക്കാകുന്ന; അധഃപതനമായ. **r.g fever** ഒര് വക വസന്തപ്പനി (*med.*).

**Re-lāte',** *v. t.* തിരികെ വരുത്തുക; 2. കണക്കിടുക; 3. വൎണ്ണിക്കുക, വിവരിക്കുക; പറയുക; 4. സംബന്ധം ഉണ്ടാക, ചാൎച്ച—. **to r. one's self** വിചാരിച്ചത് പറയുക. *v. i.* (to) സംബന്ധം ഉണ്ടാക, ചാൎച്ച—; 2. സംബന്ധിച്ചിരിക്കുക; 3. നോക്കുക, കാൎയ്യമായി വിചാരിക്കുക. **=lā'ted,** *a.* ബന്ധുത്വം ഉള്ള, സംബന്ധം—, ചാൎച്ച—; സംബന്ധിച്ച; പറഞ്ഞ, വിവരിച്ച. **to be r.d to** സംബന്ധിച്ചിരിക്കുക; സംബന്ധം ഉണ്ടാക; ബന്ധുവായിരിക്കുക. **=lā'ted-ness, =lā'tiŏn-ship,** *n.* അടുപ്പം; സംബന്ധം, ചാൎച്ച; സപിണ്ഡത്വം. **r.p by marriage** സംബന്ധം, ബന്ധുത്വം; വിവാഹബന്ധുത്വം. **=lā'tēr, =lā'tŏr,** *n.* പറയുന്നവൻ. **=lā'tiŏn,** *n.* കഥനം, വിവരണം; കഥ, വിവരം; സംബന്ധം, ചേൎച്ച; വിഷയം, കാൎയ്യം; ബന്ധുത്വം, ചാൎച്ച; സപിണ്ഡൻ, ബന്ധു, ചാൎച്ചക്കാരൻ, കുഡുംബക്കാരൻ, കൂട്ട്കുഡുംബം, കുഞ്ഞ്കട്ടി; പൂൎവ്വപ്രാബല്യം (*l.*). **r.n by marriage** ബന്ധു. **in r.n to** സംബന്ധിച്ച്, കുറിച്ച്, പററി. **=lā'tiŏn-al,** *a.* സന്ധുബന്ധുക്കളുള്ള; സംബന്ധസൂചകമായ. **rel'a-tive,** *a.* സംബന്ധിച്ച, വിഷയമായ, കുറിച്ചുള്ള; സംബന്ധത്വമായ, സാക്ഷാത്തല്ലാത്ത, അകേവലം ആയ, സാപേക്ഷ—, അവിവക്ഷം—, താരതമ്യം—; സംബന്ധാൎത്ഥകം— (*gr.*). **r.e clause** ശബ്ദന്യൂനോപവാക്യം, വിശേഷണോപ—. **r.e term** സംബന്ധസൂചകപദം. *n.* ബന്ധു, ചാൎച്ചക്കാരൻ, കുഡുംബം, ഉററവൻ, ഉടപ്പക്കാരൻ (*S.*), കുഞ്ഞ്കട്ടി, സപിണ്ഡൻ; സംബന്ധാൎത്ഥകപ്രതിസംജ്ഞ (*gr.*). **rel'a-tive-ly,** *ad.* സംബന്ധത്തിൽ; താരതമ്യമായി; സാപേക്ഷയായി, അവിവക്ഷമായി. **rel'a-tive-ness, =tiv'i-ty,** *n.* സംബന്ധം, ചാൎച്ച; ചേൎച്ച.

**Re-lax',** *v. t.* അ(യ)ഴവാക്കുക, അ(യ)ഴക്കുക, ഇളെക്കുക, തളൎത്തുക; 2. കുറക്കുക, മിതമാക്കുക; 3. സ്വാസ്ഥ്യം വരുത്തുക, വിശ്രമിപ്പിക്കുക; സന്തോഷിപ്പിക്കുക, വിനോദിപ്പിക്കുക; 4. മലബന്ധം ഇല്ലാതാക്കുക, വിരേചിപ്പിക്കുക, വയറിളക്കുക. *v. i.* അ(യ)ഴയുക, തളരുക; 2. ഇളതാക, കുറയുക; 3. ഉദാസീനമാക. *a.* അഴവായ; ഉപേക്ഷയുള്ള, ശ്രദ്ധയില്ലാത്ത. **-a-ble,** *a.* ഇളെച്ച് വിടാകുന്ന. **-ant,** *n.* വിരേചകം, വിരേചനൌഷധം (*med.*). **-ā'tiŏn,** *n.* തളൎത്തൽ; അ(യ)ഴവ്; വിനോദം, ഉല്ലാസം, നേരമ്പോക്ക്. **-a-tive,** *a.* അഴവാക്കുന്ന; വിരേചിപ്പിക്കുന്ന. *n.* വയറിളക്കുന്നമരുന്ന്.

I. **Rē-lāy'** (-lā'), *v. t.* തിരികെവെക്കുക.

II. **Re-lāy'** (-lā'), *n.* മാറിമാറി ഉപയോഗിപ്പാനുള്ള സംഭാരം, 'തപ്പാല്'; 'തപ്പാൽ' കുതിര മുതലായവ; 3. മാറിമാറി പണി ചെയ്വാനുള്ള ആൾക്കാര്, മാററാള്.

I. **Rē-lēase'** (-lēs'), *v. t.* പിന്നെയും പാട്ടത്തിന്ന് കൊടുക്കുക, തിരികെക്കുലിക്ക്—.

II. **Re-lēase'** (-lēs'), *v. t.* ഒഴിവാക്കുക, വിടുക, സ്വാതന്ത്ര്യപ്പെടുത്തുക; 2. ശമിപ്പിക്കുക, മോചനം വരുത്തുക; 3. വിട്ട്കൊടുക്കുക, ഒഴിഞ്ഞ്—, ഒഴിമുറിവെക്കുക (*l.*). *n.* വിടൽ; 2. വിട്ടുതല്, സ്വാതന്ത്ര്യം, മോചനം; 3. ശമനം, സുഖം; 4. ഋണമോചനം, 'മാപ്പ്'; 5. ഒഴിമുറി (*l.*). **=lēas'a-ble,** *a.* ഒഴിവാക്കാവുന്ന, മോചനീയമായ.

=lēas'ēe, *n.* ഒഴിമുറി വാങ്ങുന്നവൻ (*l.*). =lēase'ment, *n.* മോചനം. =lēas'ĕr, *n.* മോചകൻ, വിമോചകൻ, വിമുക്താവ്. =lēas'ŏr, *n.* ഒഴിമുറിവെക്കുന്നവൻ (*l.*).

**Rel'e-gāte,** *v. t.* താഴ്ത്തുക; 2. അയച്ച്കളയുക; സ്ഥലംമാററുക; 3. നാട്കടത്തുക, രാജ്യത്തിൽനിന്ന് ഭ്രഷ്ടാക്കുക. =gā'tiŏn, *n.* മാററൽ; നാട്കടത്തൽ; മാററം, രാജ്യഭ്രഷ്ട്.

**Re-lent',** *v. i.* മൃദുവാക, അലിയുക; 2. കാഠിന്യം കുറയുക, സാവധാനമാക; 3. മനസ്സലിയുക, ദയതോന്നുക. -less, *a.* കഠിനമനസ്സുള്ള, അലിവ്തോന്നാത്ത, നിർദ്ദയമായ. -less-ly, *ad.* കാഠിന്യത്തോടെ, കരുണയില്ലാതെ. -less-ness, *n.* നിർദ്ദയത്വം, ക്രൂരത, ക്രൌര്യം. -ment, *n.* കരുണാഭാവം.

**Rē-let',** *v. t.* പിന്നെയും കൂലിക്ക് കൊടുക്കുക.

**Rel'e-vant,** *a.* സഹായിക്കുന്ന, താങ്ങുന്ന; 2. കാര്യത്തിന്നടുത്ത, പററിയ, തക്ക സംഗതിയായ, സംബന്ധപ്പെട്ട; 3. പ്രസ്താവോചിതമായ. =vance, =van-cy, *n.* കാര്യസംബന്ധം, പ്രസ്താവൌചിത്യം. -ly, *ad.* സംബന്ധമായി, പ്രസ്താവയോഗ്യമായി, തക്കതായി. [Rely.

**Re-lī'a-ble, Re-lī'ance,** *etc.*, *s. u.*

**Rel'ic, Rel'ique** (-ik), *n.* ശിഷ്ടം, ശേഷിപ്പ്; 2. *pl.* ശവം, ഉടല്; തിരുശേഷിപ്പ്, തിരുവസ്തു (*R. C.*); 3. ഓർമ്മക്കുള്ള സാധനം, സ്മാരകചിഹ്നം.

**Rel'ict,** *n.* വിധവ, 'മുണ്ടച്ചി', ഭർത്താവ് മരിച്ചവൾ. =lict'ed, *a.* കടല് തുറന്നുണ്ടായ (*l.*). =lic'tiŏn, *n.* —തുറന്നുണ്ടായ ഭൂമി (*l.*).

**Re-liēf'** (-lēf'), *n.* സഹായിക്കൽ, ശമിപ്പിക്കൽ; 2. സഹായം; 3. ശമനം, ആശ്വാസം, വിശ്രാമം; 4. ശമകം; 5. നിവൃത്തി; നിവാരണം; നിവൃത്തിമാർഗ്ഗം, 6. കാവൽമാററം, 'പാറാവ്'—, മാററിക്കൊടുക്കൽ; 'ബദലുകാരൻ'; 7. ഉയർത്തിയകൊത്ത് പണി, എഴുന്ന— (*S.*), പൊന്തക്കൊത്ത് —; 8. നിമ്നോന്നതം (*geog.*). -less, *a.* നിസ്സഹായമായ; നിവൃത്തിയില്ലാത്ത.

=liēv'a-ble, *a.* ശമിപ്പിക്കത്തക്ക; നിവൃത്തിയുണ്ടാകാവുന്ന. =liēve', *v. t.* ഉയർത്തുക, പൊന്തിച്ച്നിർത്തുക; കൊത്തിയുയർത്തുക, പൊന്തക്കൊത്ത്കൊത്തുക; വ്യത്യസ്തപ്പെടുത്തുക, വിപരീതം കാട്ടുക, ഇതരത്വം ഉണ്ടാക്കുക, മാററം വരുത്തുക; ശമിപ്പിക്കുക, (ബുദ്ധിമുട്ട്) തീർക്കുക, നിവൃത്തിവരുത്തുക; വിടുവിക്കുക, ഉദ്ധരിക്കുക; സഹായിക്കുക; ഭാരം നീക്കുക, വിശ്രാമം വരുത്തുക; ആളെ മാററിവെക്കുക, 'പാറാവ്'മാററുക; സങ്കടനിവൃത്തി വരുത്തുക. =liēve'ment, *n.* ശമിപ്പിക്കൽ; ശമനം. =liēv'ĕr, *n.* ആശ്വാസം വരുത്തുന്നവൻ; 'ബദല്'കാരൻ. =liēv'-ing, *a.* ശമകമായ; മാററം കൊടുക്കുന്ന. r.g officer ധർമ്മകാര്യവിചാരകൻ; 'ബദലുദ്യോഗസ്ഥൻ. =liē'vō, *n.* എഴുന്നപണി, പൊന്തക്കൊത്ത്—.

**Re-lī'ĕr,** *n.*, *s. u.* Rely.

**Re-lig'ieux** (rā-lēzh'i-u), *n. mas.* സന്യാസി (*R. C.*). =lig'ie-use (-uz), *n. fem.* സന്യാസിസ്ത്രീ, കന്യാസ്ത്രീ (*R.C.*).

**Re-ligi'ŏn** (-lij'un), *n.* ഭക്തി, ദൈവഭക്തി, —വിചാരം; 2. സത്യദൈവഭക്തി; 3. ക്രിസ്തീയത്വം; 4. മതം, മാർഗ്ഗം; 5. സന്യാസം (*R. C.*). natural r. പ്രകൃതിദൈവബോധം. r. of humanity മാനുഷത്വമതം. revealed r. ദിവ്യമതം, ക്രിസ്ത്യാനിമാർഗ്ഗം. -ar-y, -ĕr, -ist, *n.* ഭക്തൻ, മതവൈരാഗ്യമുള്ളവൻ. -ism, *n.* മതഭക്തി; കപട—, ഭക്തിനാട്യം. -īse, -īze, *v. t.* മാർഗ്ഗത്തിൽ ചേർക്കുക. -less, *n.* ഭക്തി ഇല്ലാത്ത; മതം—. =ligi-os'i-ty, =ligi'ŏus-ness, *n.* ഭക്തി, ദൈവഭക്തി. =ligi'ŏus (-lij'us), *a.* മാർഗ്ഗസംബന്ധമായ, മത—; ഭക്തിഉള്ള, ദൈവഭക്തി—; ഖണ്ഡിതം—; സന്യാസിയായ (*R. C.*). *n.* സന്യാസി; കന്യാസ്ത്രീ. =ligi'ŏus-ly, *ad.* ഭക്തിപൂർവ്വകമായി, ഭക്തിയോടെ; കൃത്യമായി, മനഃപൂർവ്വമായി.

**Re-lin'quish,** *v. t.* പിൻവാങ്ങുക; 2. വിട്ട്കളയുക, ഉപേക്ഷിക്കുക, ത്യജിക്കുക. =lin'quent, *a.* ഉപേക്ഷിക്കുന്ന. -ĕr,

=lin′quent, *n.* ഉപേക്ഷിക്കുന്നവൻ. -ment, *n.* വിട്ട് കളയൽ, ത്യാഗം.

**Rel-ique** (-ik), *n.*, *s. a.* **Relic.** ='i-quar-y, *n.* തിരുശിഷ്ടപ്പെട്ടകം.= liq′-ui-æ (-lik′wi-ē), *n. pl.* ശവം, ഉടല്; തിരുശേഷിപ്പ്. =liq′ui-an, *a.* തിരുശേഷിപ്പ് സംബന്ധിച്ച; —ആയ.

**Rel′ish,** *v. t.* രുചിതോന്നുക, രസമുണ്ടാക, ഏറ്റമായിരിക്കുക; 2. അഭിരുചി ഉണ്ടാക, ഇഷ്ടം—; 3. രുചിവരുത്തുക; വറവിടുക, കട്ടവറക്കുക, 'താളി'ക്കുക. *v. i.* രുചികരമായിരിക്കുക, സ്വാദുണ്ടാക. *n.* രുചി, സ്വാദ്, രസം; 2. താല്പര്യം, അഭിരുചി, ഇഷ്ടം; 3. വാസന, ചുവ; ലക്ഷണം; 4. ചാറ്, രസം, അച്ചാറ്, ഉപ്പിലിട്ടത്; കൂട്ടാൻ. -a-ble, *a.* രുചിവരുത്താകുന്ന; ഇഷ്ടകരം ആയ; സരസം—.

**Re-lū′cent,** *a.* ഉളിയുന്ന, മിന്നുന്ന, ശോഭതേടിയ.

**Re-luct′,** *v. i.* ചെറുക്കുക, എതിൎക്കുക; 2. പിൻവാങ്ങുക; 3. വിമ്മിഷ്ടം കാണിക്കുക. =luc′tance, =luc′tan-cy, *n.* (to, *formerly:* against; *an inf.*) വിരോധം, വെറുപ്പ്; അനിഷ്ടം, മനസ്സ്കേട്, മടി, ശങ്ക. =luc′tant, *a.* ചെറുത്ത്നില്ക്കുന്ന; വിരോധമുള്ള, മനസ്സില്ലാത്ത; മനമില്ലാമനസ്സായ, അരമനസ്സായ. =luc′tant-ly, *ad.* മനമില്ലാമനസ്സോടെ, മടിയോടെ.

**Rē-lume′,** =lu′mine, *v. t.* തിരികെ കത്തിക്കുക; 2. പിന്നെയും പ്രകാശിപ്പിക്കുക.

**Re-lȳ′,** *v. i.* (on, *formerly:* in) ആശ്രയിക്കുക, വിശ്വസിക്കുക, കരുതാക്കുക. =lī′a-ble, *a.* കരുത്തുള്ള; ആശ്രയിക്കത്തക്ക, പ്രമാണിക്കത്തക്ക, വിശ്വസിക്കത്തക്ക, വിശ്വാസയോഗ്യമായ. =lī-a-bil′i-ty, =lī′a-ble-ness, *n.* വിശ്വാസനീയത്വം, പ്രാമാണ്യത. =lī′a-bly, *ad.* പ്രമാണിക്കത്തക്കവണ്ണം, വിശ്വസിക്കത്തക്കവണ്ണം. =lī′ance, *n.* ആശ്രയിക്കൽ; ആശ്രയം, വിശ്വാസം. =lī′ant, *a.* ആശ്രയിക്കുന്ന; വിശ്വാസമുള്ള. =lī′ẽr, *n.* ആശ്രയിക്കുന്നവൻ, കരുതാക്കുന്നവൻ.

**Re-māin′** (-mān′), *v. i.* ഇരിക്കുക, ഉണ്ടാക, നില്ക്കുക; 2. താമസിക്കുക, പാൎക്കുക; 3. ശേഷിക്കുക, ബാക്കിയാക, മിച്ചമാക. *v. t.* ശേഷിച്ചിരിക്കുക. *n. pl.* ശേഷിപ്പുകൾ, ശിഷ്ടം, അവശിഷ്ടം; 2. *pl.* ശവം, ഉടല്; 3. മരണാനന്തരം പ്രസിദ്ധം ചെയ്യു കൃതി. =māin′dẽr, *n.* ശേഷിപ്പ്, ഉച്ഛിഷ്ടം; ശിഷ്ടം, ശേഷം, 'ബാക്കി' (*math.*); മറെറാരാളുടെ ജീവശേഷം കിട്ടാനുള്ള അവകാശം (*l.*). estate in r.r—അവകാശം(*l.*). *a.* ശേഷിപ്പായ; ഉച്ഛിഷ്ടമായ. =māin′der-man, *n.* മറെറാരാളുടെ ജീവശേഷമുള്ള അവകാശി (*l.*). rem′a-nence, rem′a-nen-cy, *n.* ഇരിപ്പ്, സ്ഥിതി. rem′a-nent, rem′-nant, *a.* ശേഷിപ്പുള്ള. *n.* ശിഷ്ടം, ശേഷിപ്പ്, ബാക്കി; അല്പം, ഉച്ഛിഷ്ടം, കഷണം; (കുത്ത് മുറിച്ച ബാക്കി) കഷണം തുണി, കഷണം (*com.*). rem′a-net, *n.* നിൎത്തിവെച്ച നമ്പ്ര, —വ്യവഹാരം (*l.*).

**Re-mand′,** *v. t.* മടക്കിയയക്കുക, പിന്നെയും പറഞ്ഞയക്കുക; 2. തടവിൽ നിൎത്തുക, 'റിമേണ്ട്'ചെയ്യുക. r.ed prisoner വിചാരണയിലിരിക്കുന്ന തടവുകാരൻ (*l.*). =mand′, -ment, *n.* മടക്കി അയക്കൽ; തടവിൽവെക്കൽ, 'റിമേണ്ട്' ചെയ്യൽ; 'റിമേണ്ട്', വിചാരണത്തടവ്.

**Rem′a-nence,** =nen-cy, =nent, *etc.*, *s. u.* **Remain.**

I. **Rē-märk′,** *v. t.* പിന്നെയും അടയാളമിടുക, പുതുതായി—.

II. **Re-märk′,** *v. t.* കുറിക്കുക; 2. കുറിക്കൊള്ളുക, ശ്രദ്ധിക്കുക, സൂക്ഷിക്കുക, ലക്ഷ്യമാക്കുക; 3. (*noun clause*) പറയുക, പ്രസ്താവിക്കുക; എഴുതുക; സൂചിപ്പിക്കുക. *v. i.* പ്രസ്താവിക്കുക, സൂചനയായി പറയുക; 2. വ്യാഖ്യാനിക്കുക. *n.* ശ്രദ്ധിക്കൽ; 2. ശ്രദ്ധ, നോട്ടം; 3. കുറിപ്പ്, സൂചന, സൂചകം; 4. പ്രസ്താവം, അഭിപ്രായം, വാക്ക്; 5. 'യാദാസ്ത്', പ്രത്യേകവിവരം. -a-ble, *a.* ലക്ഷ്യമാക്കത്തക്ക, ദൃഷ്ടിവെക്കത്തക്ക; മുഖ്യം ആയ, സാരം—, കാൎയ്യം—; സ്പഷ്ടം—, അപൂൎവ്വം—, വിചിത്രം—, ആശ്ചൎയ്യം—. -a-ble-ness, *n.* വൈചിത്ര്യം; പ്രത്യേകത. -a-bly, *ad.* വിശേഷാൽ, വിശേ

ക്ഷിച്ച്, പ്രത്യേകമായി. -ĕr, *n.* പ്രസ്താവകൻ, സൂചകൻ.

**Rē-mar'ry,** *v. t. & i.* പിന്നെയും വേളികഴിക്കുക, പുനർവ്വിവാഹം ചെയ്യുക. =**mar'riage** (-mar'ij), *n.* പുനർവ്വിവാഹം, രണ്ടാം കെട്ട്.

**Rē-mas'ti-cāte,** *v. t.* പിന്നെയും ചവക്കുക, അയവറക്കുക. =**cā'tiŏn,** *n.* അയവറക്കൽ.

**Rem'e-dy,** *n.* (for) മരുന്ന്, ഔഷധം; ചികിത്സ; 2. (for, against, *formerly:* to) പ്രതിവിധി, മറുകൈ, നിർവ്വാഹം, ഉപശാന്തി, പരിഹാരം, നിവാരണം, നീക്ക് പോക്ക്; 3. നിവൃത്തി (*l.*). **r. of the mint** നാണ്യം അടിക്കുന്നതിൽ തൂക്കത്തിലും മാററിലും ഉണ്ടാകുന്ന ശിഥിലഭേദം, നാണ്യഭേദം, കമ്മിട്ടവാശി. *v. t.* ചികിത്സിക്കുക, വൈദ്യം ചെയ്യുക, മരുന്ന് കൊടുക്കുക, ഔഷധം പ്രയോഗിക്കുക; മാററുക, ഭേദം വരുത്തുക; 2. പരിഹരിക്കുക, നിവാരണം ചെയ്യുക, നീക്ക് പോക്ക് കാണുക; 3. തിരുത്തുക; നന്നാക്കുക. =**mē'di-a-ble,** *a.* ചികിത്സിക്കാവുന്ന, മാററാകുന്ന; ഭേദപ്പെടുത്താകുന്ന, നിവാര്യമായ. =**mē'di-a-ble-ness,** *n.* നിവാര്യത. =**mē'di-a-bly,** *ad.* മാററത്തക്കവണ്ണം. =**mē'di-al,** =**mē'di-āte,** *a.* മരുന്ന് ആയ; ചികിത്സ—; പ്രതിവിധി—. =**mē'di-al-ly,** *ad.* ഔഷധമായി. =**e-di-less,** *a.* മരുന്ന് ഇല്ലാത്ത, ചികിത്സ—; മാറാത്ത; അനിവാര്യമായ.

**Re-mem'bĕr,** *v. t.* ഓക്കുക, ഓർമ്മവെക്കുക, ഓർമ്മിക്കുക, സ്മരിക്കുക; 2. ധാരണവെക്കുക, ശ്രദ്ധ—, കരുതിക്കൊള്ളുക, നിനെക്കുക, 3. വന്ദനം അറിയിക്കുക, അന്വേഷണം—: **r. me to him** ഞാൻ അവനെ അന്വേഷിച്ചിരിക്കുന്നുവെന്ന് അവനോട് പറയേണം. *v. i.* ഓർമ്മശക്തി ഉണ്ടാക, ധാരണ—. -**a-ble,** *a.* ഓർമ്മിക്കത്തക്ക, സ്മരണയോഗ്യമായ. -**a-bly,** *ad.* ഓക്കത്തക്കവണ്ണം. -**ĕr,** *n.* ഓക്കുന്നവൻ. =**mem'brance,** *n.* സ്മരണം, ഓർമ്മിക്കൽ; ധാരണ, നിനവ്, സ്മൃതി, സ്മരണ; ജ്ഞാപകം, സ്മാരകം, ഓർമ്മസാധനം, സ്മരണചിഹ്നം; കറിപ്പ്; ഓർമ്മശക്തി; ഓർമ്മ, അറിവ്; ഓർമ്മയിൽ പെട്ടകാലം. =**mem'bran-cĕr,** *n.* ഓർമ്മപ്പെടുത്തുന്നവൻ; ഓർമ്മസാധനം, സ്മാരകചിഹ്നം; സ്മാരകോദ്യോഗസ്ഥൻ.

**Rem'i-form,** *a.* തണ്ട് പോലെയുള്ള, തുഴയാകൃതിയായ.

**Rem'i-ġēs,** *n. pl.* (*s.* **rem'ex**) പക്ഷികളുടെ വലിയ തൂവല് (*z.*).

**Rem'i-grāte,** *v. i.* മടങ്ങിപ്പോക. =**grā'tiŏn,** *n.* മടക്കം.

**Re-mīnd',** *v. t.* ഓർമ്മപ്പെടുത്തുക, ഓപ്പിക്കുക. -**ĕr,** *n.* ഓപ്പിക്കുന്നത്; ജ്ഞാപകക്കത്ത്, (ഒരേ കാര്യത്തെപ്പററിയുള്ള) രണ്ടാം കത്ത്. -**ful,** *a.* ഓർമ്മവരുത്തുന്ന.

**Rem-i-nis'cence,** *n.* ഓർമ്മിക്കൽ; 2. ഓർമ്മ, അഭിജ്ഞാനം; 3. ഓർമ്മയുള്ള കാര്യം, സ്മരണവിഷയം. =**nis'cent,** *a.* ഓർമ്മയിൽപെട്ട; ഓർമ്മവരുത്തുന്ന; —ഉള്ള. *n.* ജ്ഞാപകപ്രസ്താവകൻ. =**nis-cen'tial,** *a.* ഓർമ്മസംബന്ധിച്ച.

**Re-mīṣe',** *v. t.* മടക്കിയയക്കുക, മടക്കിക്കൊടുക്കുക; 2. ഒഴിഞ്ഞ് കൊടുക്കുക. *n.* ഒഴിമുറി (*l.*).

**Re-miss',** *a.* നിഷ്ഠയില്ലാത്ത; 2. സൂക്ഷ്മം—, ജാഗ്രത—; 3. ഉപേക്ഷ ഉള്ള, ഉദാസീനത—; 4. ആലസ്യം—, മന്ദം ആയ, സാവധാനം—. -**ly,** *ad.* സൂക്ഷ്മക്കേടായി, ഉപേക്ഷയായി. -**ness,** *n.* ഉദാസീനത, അജാഗ്രത, ഉപേക്ഷ.

**Re-mis'siŏn,** *etc.*, *s. u.* **Remit.**

**Re-mit',** *v. t.* മടക്കിക്കൊടുക്കുക; 2. ഉപേക്ഷിക്കുക, വിട്ട് കൊടുക്കുക, ഇളെച്ച്—; ഒഴിഞ്ഞ്—; 3. രാജി—; 4. പണം അയക്കുക, —അടക്കുക; 5. അഭിപ്രായത്തിന് അയക്കുക; 6. കറക്കുക, ശമിപ്പിക്കുക; 7. ക്ഷമിക്കുക, മോചിക്കുക; 8. നിർബ്ബന്ധിക്കാതിരിക്കുക; 9. വസൂലാക്കാതിരിക്കുക. *v. i.* ശമിക്കുക, കറയുക; 2. പണം അടക്കുക. =**mit'ment,** *n.* വിടൽ; അയക്കൽ; വിട്ടതൽ; ക്ഷമ, മാപ്പ്. =**mit'tal,** *n.* വിട്ട് കൊടുക്കൽ; ഒഴിച്ച് വിടൽ. =**mit'tance,** *n.* പണം അയക്കൽ; —അടവ്; അയച്ചപണം, അടവ്—. **r.e list** 'ഇരിസാല്' (*l.*). =**mit'tēe,** *n.* പണം അ

യച്ച് കിട്ടിയവൻ (*com.*). =mit'tent, *a.* വിടുന്ന; ഒഴിവുള്ള. r.t fever വിട്ട്പനി (*med.*). =mit'tĕr, *n.* ക്ഷമിക്കുന്നവൻ, വിട്ട് കൊടുക്കുന്നവൻ; പണം അടക്കുന്നവൻ, —അയക്കുന്നവൻ; അവകാശം ഉറപ്പിക്കൽ, സ്ഥാനത്താക്കൽ, യഥാസ്ഥാപനം (*l.*). =mit'ti-tur, *n.* ഉപേക്ഷിക്കൽ, വിട്ട് കൊടുക്കൽ (*l.*); മടക്കിയയക്കൽ (*l.*). =mit'tŏr, *n.* പണം അടക്കുന്നവൻ; ക്ഷമിക്കുന്നവൻ. =miss'fụl, *a.* ക്ഷമിക്കുന്ന; ദയയുള്ള. =mis-si-bil'i-ty, *n.* ക്ഷന്തവ്യത. =mis'si-ble, *a.* ക്ഷമ്യം ആയ, ക്ഷന്തവ്യം—; വിട്ട് കൊടുക്കത്തക്ക. =mis'siŏn (-mish'un), *n.* ഉപേക്ഷിക്കൽ, വിട്ട് കൊടുക്കൽ; വിമോചനം, മോചനം; ക്ഷമ, 'മാപ്പ്'; ശമനം; തല്ക്കാലരോഗശാന്തി (*med.*); മടക്കി അയക്കൽ; പണമടവ്. =mis'sive, *a.* വിട്ട് കൊടുക്കുന്ന; ശമിക്കുന്ന; ക്ഷമിക്കുന്ന. =mis'sor-y, *a.* മോചനത്തിനുള്ള, വിമോചകമായ.

Rem'nant, *n.*, *s. u.* Remain.

Rē-mod'el, =mod'i-fȳ, *v. t.* പുനൎരൂപിക്കുക; രൂപഭേദംവരുത്തുക. =mod-i-fi-cā'tiŏn, *n.* പുനൎരൂപണം; ആകൃതിഭേദം, മാററം, ഭേദം.

Re-mon'strāte, *v. t.* കാണിച്ച് കൊടുക്കുക. *v. i.* പ്രതിവാദിക്കുക, വിരോധം പറയുക, എതിൎന്യായം—; 2. ബുദ്ധി—, ഗുണദോഷിക്കുക. =strance, *n.* കാണിച്ച് കൊടുക്കൽ, തെളിയിക്കൽ; വിരോധം, ആക്ഷേപം, എതിൎവ്വാദം; ഗുണദോഷം, ബുദ്ധിയുപദേശം. =strant, *a.* വിരോധംപറയുന്ന, ആക്ഷേപിക്കുന്ന. *n.* വിരോധം പറയുന്നവൻ. =strant-ly, *ad.* എതിരായി, വിരോധമായി. =strā'-tiŏn, *n.* വിരോധിക്കൽ; വിരോധം; പ്രതിവാദം. =mon'stra-tive, *a.* വിരോധം ആയ, ആക്ഷേപം—. =mon'strā-tŏr, *n.* വിരോധിക്കുന്നവൻ, പ്രതിവാദി.

Rem'ō-ra, *n.* താമസം, വിഘ്നം; 2. ഒരു മത്സ്യം (*z.*). =rāte, *v. t.* താമസിപ്പിക്കുക, തടസ്ഥം ചെയ്യുക.

Re-morse', *n.* മനസ്സാക്ഷിയുടെ കുത്ത്, മനോവേദന, ഖേദം, ക്ലേശം, പശ്ചാത്താപം; 2. പരിതാപം, ദയ, മനസ്സലിവ്. -fụl, *a.* പശ്ചാത്താപമുള്ള. -fụl-ly, *ad.* മനോവേദനയോടെ. -fụl-ness, *n.* പശ്ചാത്താപം.

Re-mōte', *a.* അകലെയുള്ള, ദൂരത്തെ; 2. പണ്ടേത്തെ; 3. അസംബന്ധം ആയ; 4. അന്യം—, ഇതരം—; 5. കേവലം—; 6. ഇടവിട്ട (*b.*). -ly, *ad.* അകലെ, ദൂരെ; പണ്ട്. -ness, *n.* ദൂരം, അകല്ച. =mō'-tiŏn, *n.* നീക്കം, അകററൽ; അകല്ച.

Rē-mount', *v. t.* & *i.* പിന്നെയും കയറുക. *n.* പുനൎവ്വാഹനക്കോപ്പ്; 2. പുതിയകുതിര, മറുകുതിര.

Re-mōve', *v. t.* മാററുക; 2. എടുക്കുക, അഴിക്കുക, ഊരുക; 3. നീക്കിവെക്കുക; നീക്കുക; 4. നശിപ്പിക്കുക, ഇല്ലാതാക്കുക; 5. കൊല്ലുക; 6. സ്ഥലം മാററുക, മാററം കല്പിക്കുക. *v. i.* മാറുക; 2. നീങ്ങുക; 3. സ്ഥലം മാറുക, വീട്—. *n.* മാററൽ; 2. മാററം; 3. സ്ഥലമാററം, വീട്—; 4. മാററുന്ന സാധനം; (മതിയാക്കിയ) ഭോജനസാധനം; 5. ഇട, ദൂരം, അകല്ച; പടി; 6. (പാഠശാലയിലെ) തരം, 'ക്ലാസ്'. =mō'va-ble, *a.* മാററാകുന്ന, നീക്കാകുന്ന. =mō-va-bil'i-ty, *n.* ബഹിഷ്കരണീയത്വം. =mō'val, *n.* മാററൽ; നീക്കം; നിവൃത്തി, പരിഹാരം. =mōved', *a.* സ്ഥലം മാറിയ, നീക്കിവെച്ച, മാററിയ; നീക്കിയ, പണിനീക്കിയ, സ്ഥാനഭ്രംശം വന്ന; ദൂരത്തുള്ള, അകലെയുള്ള; (പുരുഷാന്തരം or തലമുറ) അകന്ന. =mō'ved-ness, *n.* അകല്ച. =mō'vĕr, *n.* നീക്കുന്നവൻ; എടുക്കുന്നവൻ; ഇല്ലാതാക്കുന്നവൻ.

Re-mū'nĕr-āte, *v.t.* പ്രതിഫലം കൊടുക്കുക, കൂലി—; 2. ചിലവ് വെച്ച്—, നഷ്ടം—. =a-ble, *a.* പ്രതിഫലം കൊടുക്കാകുന്ന. =a-bil'i-ty, *n.* പ്രതിഫലദാതവ്യത. =ā'tiŏn, *n.* കൂലി, പ്രതിഫലം, പ്രായശ്ചിത്തം, ശമ്പളം; പ്രതിഫലംകൊടുക്കൽ. =a-tive, =a-tŏr-y, *a.* —ഉള്ള. =a-tive-ly, *ad.* പ്രതിഫലത്തോട് കൂടി. =a-tive-ness, *n.* പ്രതിഫലം; പ്രതിഫലദായകത്വം.

Re-nāis-sance', *n.*, *s. u.* Renascent.

**Rē'nal**, *a.* വൃക്കസംബന്ധമായ; മൂത്രപിണ്ഡ— (*an.*). **r. calculus** കല്ലടപ്പ് (*med.*).

**Rē-nāme'**, *v. t.* പുതിയപേരിടുക.

**Ren'ard, Reyn'ärd** (ren'ärd), *n.* ജംബൂകൻ, കുറുക്കൻ, കുറുനരി. **-īne**, *a.* കുറുക്കനെ സംബന്ധിച്ച.

**Re-nas'cent** (-nas'sent), **=nāis-sant'** (-nā-sän'), *a.* പുനർജ്ജീവിക്കുന്ന; 2. വിജ്ഞാനാഭ്യുദയസംബന്ധമായ. **=nas'-cence, =nas'cen-cy, =nāis-sance'** (-nā-säṅs'), *n.* പുനർജ്ജനനം, അഭ്യുദയം; (യൂറോപ്പിലുണ്ടായ) വിജ്ഞാനാഭ്യുദയം. **=nas'ci-ble**, *a.* പിന്നെയും ഉണ്ടാകുന്ന, തിരികെ മുളക്കുന്ന (*b.*).

**Ren-con'tre** (-kon'tĕr), *n.*, *s. u.* **Rencounter.**

**Ren-coun'tĕr**, *v. t.* എതിരിടുക, യദൃച്ഛയാ തമ്മിൽ കാണുക, കിടയുക, നേരിടുക. *v. i.* കണ്ടുമുട്ടുക, നേരിടുക, ഉരസുക, തമ്മിൽ മുട്ടുക; 2. പൊരുതുക. **=coun'tĕr, =con'tre**, *n.* കണ്ടുമുട്ടൽ, നേരിടൽ; പോര്, പട; പെട്ടന്നുള്ള യുദ്ധം.

**Rend**, *v. t. ir.* (**rent, rent**) കീറിക്കളയുക, പറിച്ചു ചീന്തുക; 2. പൊട്ടിക്കുക, പൊളിക്കുക, പിളക്കുക; 3. പറിച്ചെടുക്കുക; 4. ഛിന്നഭിന്നമാക്കുക. **r.-rock** കല്ലടപ്പ് പാറമരുന്ന് (*U. S.*). **to rap and r.** പിടിച്ചുപറിക്കുക. *v. i.* കീറുക, ചീന്തിപ്പോക; 2. പിളരുക; 3. ഛിന്നഭിന്നമാകുക. **='dĕr**, *n.* കീറുന്നവൻ. **ren'di-ble**, *a.* കീറാകുന്ന; പൊട്ടിക്കാകുന്ന. **rent**, *p. a.* കീറിയ. *n.* കീറല്, ചീന്തല്; ഭിന്നത.

I. **Ren'dĕr**, *n.*, *s. u.* **Rend.**

II. **Ren'dĕr**, *v. t.* മടക്കിക്കൊടുക്കുക; 2. വീട്ടുക; 3. പകരം വീളുക, പ്രതികാരം ചെയ്യുക; 4. കൊടുക്കുക, ഏല്പിച്ചു കൊടുക്കുക; 5. ചെയ്യുക; 6. ആക്കുക, ആക്കിത്തീർക്കുക; 7. ഭാഷാന്തരം ചെയ്യുക, 'തർജ്ജമ'—; 8. അനുഷ്ഠിക്കുക; 9. നെയി എടുക്കുക; 10. ചെത്തിത്തേക്കുക, കുമ്മായമിടുക. *v. i.* തുളയിൽക്കൂടി കഴക്കനെ ചെല്ലുക (*naut.*). *n.* മടക്കിക്കൊടുക്കൽ, വീട്ടൽ; പാട്ടം, വാരം, (*N.*), പുറപ്പാട് (*N.*). **-a-ble**, *a.* ചെയ്യാകുന്ന; കൊടുക്കാകുന്ന. **-ĕr**, *n.* ചെയ്യുന്നവൻ, കൊടുക്കുന്നവൻ; കൊഴുപ്പുരുക്കുന്ന ചട്ടി. **-iṅg**, *n.* പ്രവൃത്തി, അനുഷ്ഠാനം; ഭാഷാന്തരം, 'തർജ്ജമ'; ചെത്തിത്തേക്കൽ; ചെത്തിത്തേപ്പ്, 'കുപ്പാരിക്കൽ'; കൊഴുപ്പുരുക്കൽ, നെയ്യെടുക്കൽ. **ren'di-ble**, *a.* ചെയ്യാകുന്ന; കൊടുക്കാകുന്ന. **=di'tiŏn** (-dish'un), *n.* കൊടുക്കൽ; ചെയ്യൽ; ഏല്പിച്ചു കൊടുക്കൽ; അന്യരാജ്യത്തിലേക്ക് ഓടിവന്ന കുററക്കാരനെ അവന്റെ സൎക്കാരിന്ന് ഏല്പിച്ചു കൊടുക്കൽ; (യുദ്ധത്തിൽ) അഭയം വീഴൽ; ഭാഷാന്തരം, 'തർജ്ജമ'.

**Ren'dez-vōus** (ren'de-vö *or* raṅ'de-vö), *n.* കുറിനിലം, —സ്ഥലം, സങ്കേത—; 2. സേനാസങ്കേതം; പടകപ്പൽ—; 3. പറഞ്ഞൊത്ത കൂടി വരവ്. *v. i.* നിശ്ചയിച്ച ദിക്കിൽ കൂടിവരിക. *v. t.* കൂട്ടിവരുത്തുക, വിളിച്ചുകൂട്ടുക.

I. **Ren'di-ble**, *a.*, *s. u.* **Rend.**

II. **Ren'di-ble**, *a.*, *s. u.* **Render** II.

**Ren-di'tiŏn**, *n.*, *s. u.* **Render** II.

**Ren'e-gāde, =gā'dō**, *n.* വിശ്വാസഘാതകൻ, —ഘാതകൻ; 2. സ്വപക്ഷത്യാഗി; 3. സ്വമതത്യാഗി; ക്രിസ്ത്യാനിമതത്യാഗി, പാഷണ്ഡി; 4. പട്ടാളം വിട്ടുപോയ്ക്കളഞ്ഞവൻ; 5. ആഭാസൻ, തെണ്ടി, തുക്കിപ്പെറുക്കിനടക്കുന്നവൻ (*N.*).

**Re-new'** (-nū'), *v. t.* പുതുക്കുക; 2. നന്നാക്കുക; 3. യഥാസ്ഥാനത്താക്കുക; 4. പൊളിച്ചെഴുതുക, പിന്നെയും ചാർത്തുക; 5. പുനരാരംഭിക്കുക; 6. ആവൎത്തിക്കുക; 7. പുനർജ്ജന്മം പ്രാപിക്കുക, പുനർജ്ജാതനാകുക (*theo.*). *v. i.* പുതുതാക; 2. പുനരാരംഭിക്കുക. **-a-ble**, *a.* പുതുക്കാവുന്ന. **-al**, *n.* പുതുക്കൽ; പുതുക്കം, നവീകരണം. **=newed'** (-nūd'), *a.* പുതുക്കിയ. **-ed-ly**, *ad.* പുതുതായി, വീണ്ടും (*U. S.*). **-ed-ness**, *n.* നൂതനത്വം, പുതുക്കം. **-ĕr**, *n.* പുതുക്കുന്നവൻ, നവീകരിക്കുന്നവൻ.

**Re-ni'tent**, *a.* വില്പാട്ടം ഉള്ള, പൂൎവ്വസ്ഥിതിശക്തിയുള്ള—; 2. എതിൎക്കുന്ന, ചെറുത്തുനില്ക്കുന്ന, വിരോധസ്വഭാവമുള്ള.

=tence, =ten-cy, *n.* വില്ലാട്ടം; എതിർഭാവം.

I. Ren'net, -ing, *n.* ഒരു വക 'ഏപ്പൾ' പഴം, —മധുരജാമ്പ് (*b.*).

II. Ren'net, *n.* നാല്ക്കാലികളുടെ നാലാം പള്ളയുടെ അകത്തോല്, —ഉള്ളൂരി (*z.*); 2. (തൈരിന്റെ) ഉറ. r. stomach നാല്ക്കാലികളുടെ നാലാം പള്ള (*an.*). -ed, *a.* ഉറകൂട്ടിയ.

Re-nounce', *v. t.* നിഷേധിക്കുക; 2. ഉപേക്ഷിക്കുക, ത്യജിക്കുക, വേണ്ടെന്ന് വെക്കുക; വിസൎജ്ജിക്കുക. -ment, *n.* ത്യാഗം; വിസൎജ്ജനം. =noun'cĕr, *n.* ത്യാഗി, ഉപേക്ഷിക്കുന്നവൻ. =nun-ci-ā'tiŏn, *n.* ഉപേക്ഷിക്കൽ, ത്യാഗം. =nun'ci-a-tor-y, *a.* വിസൎജ്ജിക്കുന്ന; വിരക്തിസംബന്ധമായ.

Ren'ō-vāte, *v. t.* പുതുക്കുക, നൂതനമാക്കുക; 2. നന്നാക്കുക. =vā'tiŏn, *n.* പുതുക്കൽ; പുതുക്കം. =vā-tŏr, *n.* പുതുക്കുന്നവൻ, നവീകാരകൻ.

Re-nown', *n.* കീൎത്തി, ശ്രുതി, വിശ്രുതി; 2. സ്തുതി. =nowned' (-nound'), *a.* കീൎത്തിപ്പെട്ട, പ്രസിദ്ധപ്പെട്ട, ശ്രുതിപ്പെട്ട, വിശ്രുതമായ, ചൊല്ലാൎന്ന, പേർ പോന്ന, പ്രഖ്യാതിയുള്ള. -ed-ly, *ad.* കീൎത്തിയോടെ. -ĕr, *n.* കീൎത്തിക്കുന്നവൻ. -ful, *a.* യശസ്സുള്ള. -less, *a.* കീൎത്തിഇല്ലാത്ത, ശ്രുതി—.

I. Rent, *a.* & *n.*, *s. u.* Rend.

II. Rent, *n.* പാട്ടം, വാരം, പുറപ്പാട് (*N.*); 2. കൂലി, വാടക. black r. വാരനെല്ല്. forehand r. കൊഴക്കാണം, കട്ടക്കാണം, കാണം. house-r. വീട്ടു കൂലി, —വാടക. white r. പാട്ടപ്പണം, വാരപ്പണം. r.-arrear പുറപ്പാട് ബാക്കി, പാട്ടബാക്കി. r.-charge പുറപ്പാട്; പാട്ടം, വാരം; പുറപ്പാടിന്ന് വസ്തുവിന്മേലുള്ള പണയാവകാശം (*l.*). r.-roll വാരച്ചാൎത്ത്, പാട്ടച്ചാൎത്ത്. *v. t.* പാട്ടത്തിന്ന് കൊടുക്കുക; കൂലിക്ക്—; 2. പാട്ടത്തിന്ന് വാങ്ങുക, കൊഴ നടക്കുക. *v. i.* പാട്ടം ഉണ്ടാക; —കിട്ടുക. -'a-ble, *a.* പാട്ടത്തിന്ന് കൊടുക്കാവുന്ന. ='tal, *n.* വാരച്ചാൎത്ത്; കട്ടാകെവാരം, ആകപ്പാടെയുള്ള പാട്ടം. -'ĕr, *n.* പാട്ടക്കാരൻ, കുടിയാൻ, നടപ്പ്കാരൻ. reń'ti-er (räń'ti-ā), *n.* വാരം പാട്ടം വരവുള്ളവൻ, ജന്മി.

*Rente* (räńt), *n.* ഫ്രഞ്ച് ദേശത്തെ സൎക്കാർ കടത്തിന്ന് കൊടുക്കുന്ന പലിശ; 2. —സൎക്കാർ കടശ്ശീട്ട്.

I. Rent'ĕr, *n.*, *s. u.* Rent II.

II. Rent'ĕr, *v. t.* ചെറുങ്ങനെ കൂട്ടിത്തുന്നുക; 2. നന്നായി ഇഴയിടുക. -ĕr, *n.* കൂട്ടിത്തുന്നുന്നവൻ.

Reń'ti-er, *n.*, *s. u.* Rent II.

Re-nun-ci-ā'tiŏn, *etc.*, *s. u.* Renounce.

Rē-oc'cū-pȳ, *v. t.* തിരികെ വശത്താക്കുക; 2. —സ്വാധീനപ്പെടുത്തുക; 3. —പാൎക്കുക.

Rē-ō'pen (-ō'pn), *v. t.* & *i.* തിരികെ തുറക്കുക; 2. പുനരാലോചിക്കുക.

Rē-or'gan-īse, =īze, *v. t.* & *i.* തിരികെ ക്രമപ്പെടുത്തുക, പുനഃസ്ഥാപിക്കുക.

Rē-ō'ri-ent, *a.* തിരികെ ഉദിക്കുന്ന; 2. —ഉണ്ടാകുന്ന.

Rep, *n.* ഒരു വക വരവരയായ കമ്പിളിത്തുണി; 2. —പട്ടുതുണി. *a.* വരവരയായ.

Rē-pāid', *p. t.* & *p. p. of* Repay.

Rē-pāint', *v. t.* പിന്നെയും ചായം തേക്കുക, —റങ്ക് ഇടുക, —നിറംകൊടുക്കുക.

I. Re-pāir', *v. i.* പോക, ചെല്ലുക, ഗമിക്കുക. *n.* ഗമനം; 2. പോക്ക്, ഗതി; 3. മേയുന്ന ഇടം.

II. Re-pāir', *v. t.* കേടുതീൎക്കുക, നന്നാക്കുക, ജീൎണ്ണോദ്ധാരണം ചെയ്യുക, അററകുററം തീൎക്കുക; പുതുക്കുക; 2. നഷ്ടംവെച്ച് കൊടുക്കുക, പ്രായശ്ചിത്തം ചെയ്യുക. *n.* നന്നാക്കൽ, ജീൎണ്ണോദ്ധാരണം; സ്ഥിതി: in good r. നല്ല സ്ഥിതിയിലുള്ള, കേടില്ലാത്ത. -a-ble, rep'a-ra-ble, *a.* നന്നാക്കാവുന്ന, കേടുതീൎക്കാകുന്ന. -ĕr, *n.* നന്നാക്കുന്നവൻ. -ment, *n.* നന്നാക്കൽ. rep-a-ra-bil'i-ty, *n.* ജീൎണ്ണോദ്ധാരണീയത്വം. rep'a-ra-bly, *ad.* കേടുതീൎക്കത്ത

കാവണ്ണം. rep-a-rā'tiŏn, *n.* പുതുക്കൽ, നന്നാക്കൽ; നഷ്ടംകൊടുക്കൽ; പ്രായശ്ചിത്തം, നഷ്ടം, പ്രതിഫലം. =par'a-tive, *a.* നന്നാക്കുന്നതായ. *n.* നന്നാക്കുന്ന സാധനം.

Rep-är-tēe', *n.* തക്കതായ ഉത്തരം, തട്ടുത്തരം, 2. ക്ഷിപ്രോത്തരം; 3. വ്യംഗോക്തി, സരസോക്തി. *v. i.* ഉടനുത്തരം പറയുക.

Rē-pass', *v. t.* തിരികെ കടക്കുക; 2. മടങ്ങിപ്പോക. *v. i.* മടങ്ങിപ്പോക.

Re-past', *n.* ആഹാരം കഴിക്കൽ, തിന്നൽ; 2. ഭക്ഷണം, ആഹാരം; ഭോജനം, കൊററ്, ഊണ്.

Rē-pā'tri-āte, *v. t.* രാജ്യത്തിൽ തിരികെ ചേർക്കുക, പൌരത്വം മടക്കിക്കൊടുക്കുക. =pā-tri-ā'tiŏn, *n.* പൌരത്വയഥാസ്ഥാപനം.

Re-pāy', *v. t. ir.* (=pāid', =pāid') പണം മടക്കിക്കൊടുക്കുക, കടം വീട്ടുക; 2. പകരം ചെയ്യുക, പ്രതിഫലം കൊടുക്കുക; പകരം വീട്ടുക; 3. കടം രണ്ടാമതും വീട്ടുക. -a-ble, *a.* വീട്ടിക്കൊടുക്കാവുന്ന; വീട്ടേണ്ടുന്ന. -ment, *n.* കടംവീട്ടൽ; കടദേവ്യം; പ്രതികാരം.

Re-pēal' (-pēl'), *v. t.* മടക്കിവിളിക്കുക; 2. ദുർബ്ബലപ്പെടുത്തുക, അസാധുവാക്കുക, 'റദ്ദാക്കുക'. r.ing act ദുർബ്ബലപ്പെടുത്തുന്ന നിയമം (*l.*). *n.* മടക്കിവിളിക്കൽ; 2. ദുർബ്ബലപ്പെടുത്തൽ. -a-bil'i-ty, -a-ble-ness, *n.* ദുർബ്ബലീകരണീയത്വം. -a-ble, *a.* അസാധുവാക്കാകുന്ന. -ĕr, *n.* ദുർബ്ബലപ്പെടുത്തുന്നവൻ, റദ്ദാക്കുന്നവൻ.

Re-pēat' (-pēt'), *v. t.* പിന്നെയും പറയുക, —ചെയ്യുക, ആവൎത്തിക്കുക, ഉരുവിടുക, ഉരുക്കഴിക്കുക, ചൎവ്വണം ചെയ്യുക; 2. (ജാമ്യം) മടക്കിയടക്കുക (*Scot. l.*). to r. one's self പറഞ്ഞത് തന്നെ പറയുക, ചെയ്തത് തന്നെ ചെയ്യുക. *n.* ആവൎത്തിക്കൽ, ചൎവ്വണം; 2. ചൎവ്വിതം; 3. ആവൎത്തനചിഹ്നം (*mus.*). -ed-ly, *ad.* പിന്നെയും പിന്നെയും, പലകുറി, വീണ്ടുംവീണ്ടും, കൂടക്കൂട. -ĕr, *n.* ആവൎത്തിക്കുന്നവൻ; മുട്ടുന്ന കൈഘടികാരം; ചുഴററത്തോക്ക്; ആവൎത്തനകമ്പിയന്ത്രം (*tel.*); ആവൎത്തിതദശമഭിന്നിതം (*ar.*); ആവൎത്തനസൂചകക്കൊടി (*naut.*). -'ing, *a.* ആവൎത്തിക്കുന്ന; പിന്നെയും പിന്നെയും ചെയ്യുന്ന. r.g decimal ആവൎത്തിതദശമഭിന്നിതം (*ar.*). r.g fire-arm ചുഴററത്തോക്ക്. r.g watch മുട്ടുന്ന കൈഘടികാരം. rep-e-tend', *n.* ആവൎത്തകദശമഭിന്നിതാംശം (*math.*). rep-e-ti'tiŏn (-tish'un), *n.* ആവൎത്തനം; ഉരുവിടൽ, ചൊല്ലൽ; ആവൎത്തനപ്പാട്ട് (*mus.*); ആവൎത്തനാലങ്കാരം (*rhet.*); കോണമാപനം (*as.*); rep'e-tī-tor, *n.* സഹകാൎയ്യഗുരു (*Ger.*).

Re-pel', *v. t.* വഴിയോട്ട് തള്ളുക, ഉന്തുക; 2. ഓടിക്കുക; 3. തടുക്കുക, എതിൎക്കുക, ചെറുക്കുക. *v. i.* ഉന്തിത്തള്ളുക. -lence, -len-cy, *n.* നിരാക്ഷേപണശക്തി; തള്ള്, ഉന്ത്. -lent, *a.* ഓടിക്കുന്ന, തള്ളിപ്പുറത്താക്കുന്ന. *n.* തള്ളുന്നസാധനം; ദുൎന്നീര് കളയുന്ന മരുന്ന് (*med.*); ഒര് വകമെഴത്തുണി. -lĕr, *n.* ഓടിക്കുന്നവൻ, തടുക്കുന്നവൻ.

I. Rē'pent, *a.* (മരം) വീണേടത്ത് വേരിറങ്ങുന്ന (*b.*).

II. Re-pent', *v. i.* ഖേദിക്കുക, വിഷാദിക്കുക, ക്ലേശിക്കുക; 2. അനുതപിക്കുക, പശ്ചാത്താപപ്പെടുക; 3. മനസ്സ് മാറുക; 4. മാനസാന്തരപ്പെടുക, മനന്തിരിയുക (*thĕo.*). *v.t.* മനസ്സാപപ്പെടുക; 2. (*refl.*) വ്യസനിക്കുക; 3. (*impers.*) പശ്ചാത്താപം തോന്നുക. =pen'tance, *n.* അനുതാപം, മനസ്സാപം; മാനസാന്തരം, മനന്തിരിവ്. =pen'tant, *a.* അനുതാപമുള്ള, അനുതപിക്കുന്ന; അനുതാപചിഹ്നമായ. *n.* മാനസാന്തരപ്പെടുന്നവൻ, അനുതാപി. =pen'tant-ly, *ad.* അനുതാപത്തോടെ. -ĕr, *n.* പശ്ചാത്താപമുള്ളവൻ. =pent'-ing-ly, *ad.* അനുതാപത്തോടെ, അനുതപിച്ച് കൊണ്ട്. -less, *a.* അനുതാപമില്ലാത്ത.

Rē-pēo'ple (-pē'pl), *v. t.* കുടിയിരുത്തുക, പിന്നെയും ജനവാസമുണ്ടാക്കുക.

Rē-pĕr-cuss', *v. t.* തെറിക്കുക; 2. പ്രതിബിംബിക്കുക; 3. പ്രതിധ്വനിയുണ്ടാക,

103*

മുഴങ്ങുക. =cus'sion (-kush'un), *n.* തെറിക്കൽ; തെറിപ്പ്; പ്രതിച്ഛായ; മാറെറാലി; മുഴക്കം (*mus.*); ചാട്ട്, ഇറക്കം വെക്കൽ (*med.*). =cus'sive, *a.* വഴിയോട്ട് തെറിക്കുന്ന; മുഴക്കുന്ന; തെറിച്ച; മുഴങ്ങുന്ന.

**Rep'ĕr-tŏr-y**, *n.* അട്ടക്കിവെച്ച സ്ഥലം; 2. അനുക്രമണിക; 3. 'ഖജാന', ഭണ്ഡാരം; 4. പാണ്ടികശാല; അഗ്രശാല; 5. നാടകപ്പട്ടിക. *re-per-toire'* (ra-par-twär, re-per-twär'), *n.* നാടകപ്പട്ടിക, സംഗീതപ്പട്ടിക.

**Rep-e-tend', Rep-e-ti'tiŏn**, *etc.*, *s. u.* Repeat.

**Re-pīne'**, *v. i.* ആധിയുണ്ടാക, മനസ്സിൽവേവുക; 2. അസൂയപ്പെടുക; 3. പിറുപിറുക്കുക. =pī'nĕr, *n.* ഖേദിക്കുന്നവൻ. വ്യസനിക്കുന്നവൻ. =pī'niṅg-ly, *ad.* ആധിയോടെ; പിറുപിറുപ്പോടെ, തൃപ്തികേടായി.

**Re-plāce'**, *v. t.* പിന്നെയുംവെക്കുക; 2. യഥാസ്ഥാനത്താക്കുക; 3. മടക്കിക്കൊടുക്കുക, വീട്ടുക; 4. പകരം വെക്കുക, നീക്കി പകരം—; ബദലായിരിക്കുക. 5. (പകരം) നിവൃത്തിക്കുക; 6. മാററിവെക്കുക, സ്ഥലം മാറുക. =plāce-a-bil'i-ty, *n.* പകരം വെക്കാകുന്ന സ്ഥിതി. =plāce'a-ble, *a.* മാററാകുന്ന, നീക്കിവെക്കാകുന്ന; പകരം വെക്കാകുന്ന. =plāce'ment, *n.* പകരം വെക്കൽ.

**Rē-plant'**, *v. t.* പിന്നെയും നടുക; 2. പറിച്ച്—.

**Re-plen'ish**, *v. t.* പിന്നെയും നിറക്കുക; 2. ഒഴിവ് നികത്തുക; 3. നിറക്കുക; സമ്പൂർണ്ണമാക്കുക. -ĕr, *n.* നിറക്കുന്നവൻ. -ment, *n.* പിന്നെയും നിറക്കൽ; പുതു സംഭാരം.

**Re-plēte'**, *a.* നിറഞ്ഞ, പരിപൂർണ്ണമായ; 2. ഉള്ള; ധാരാളമായ. *v. t.* സമ്പൂർണ്ണമാക്കുക. -ness, *n.* നിറവ്, പരിപൂർണ്ണത, പൂർത്തി. =plē'tiŏn, *n.* നിറവ്, സമ്പൂർത്തി; ധാരാളത്വം; രക്താധിക്യം, അതിപുഷ്ടി (*med.*). =plē'tive, =plē'tor-y, *a.* നിറവായ, നിറക്കുന്ന. =plē'tive-ly, *ad.* നിറവായി, ധാരാളമായി.

**Re-plev'y**, *v. t.* ജാമ്യം വാങ്ങി വിട്ട് കൊടുക്കുക (*l.*); 2. ജാമ്യം എടുക്കുക (*l.*). =plev'i-a-ble, *a.* ജാമ്യത്തിന്മേൽ വിടാകുന്ന. =plev'in, =plev'y, *n.* ചരസ്വത്ത് തിരികെ കിട്ടുവാനുള്ള വ്യവഹാരം (*l.*); ജാമ്യകല്പന (*l.*).

**Rep'li-cant**, *n.*, *s. u.* Reply.

**Rep'li-cāte**, =cā-ted, *a.* മടക്കിയ, രണ്ടായി മടക്കിയ.

**Rep-li-cā'tiŏn**, *n.*, *s. u.* Reply.

**Re-plȳ'**, *v. i.* ഉത്തരം പറയുക, മറുവടി—, 'ജവാബ്'—; മറുവടി അയക്കുക, —എഴുതുക; 2. വാദിക്കുക, ഉത്തരം ബോധിപ്പിക്കുക (*l.*); 3. പകരം ചെയ്യുക, അങ്ങോട്ടും—. *v. t.* മറുവടി പറയുക, പ്രത്യുത്തരം—. *n.* മറുവടി, ഉത്തരം, 'ജവാബ്'; മറുവടിക്കത്ത്. rep'li-cant, =plī'ĕr, =plȳ'ĕr, *n.* ഉത്തരം പറയുന്നവൻ, —കൊടുക്കുന്നവൻ. rep-li-cā'tiŏn, *n.* ഉത്തരം, മറുവടി; സമാധാനം, വാദം (*l.*); മുഴക്കം, പ്രതിധ്വനി, മാറെറാലി; ആവർത്തനം; പകപ്പ്.

**Rē-pōne'**, *v. t.* പകരംവെക്കുക.

**Re-pōrt'**, *v. t.* വൃത്താന്തം അറിയിക്കുക; ഗ്രഹിപ്പിക്കുക; 2. അറിയിക്കുക, പറയുക; പ്രസ്താവിക്കുക; 3. വിവരം ബോധിപ്പിക്കുക, 'റിപ്പോർട്ട്'യക്കുക; 4. മാറെറാലിയുണ്ടാക; 5. (പ്രസംഗം) കുറിച്ചെടുക്കുക; 6. വർത്തമാനപത്രത്തിലേക്ക് എഴുതുക; വർത്തമാനക്കടലാസ്സിൽ പ്രസിദ്ധം ചെയ്യുക; 7. കുററപ്പെടുത്തുക, മേലധികാരിയെ അറിയിക്കുക, 'റിപ്പോർട്ടാക്കുക'. to be r.ed, to be r.ed of പ്രസ്താവമുണ്ടാക. to r. one's self ഹാജര് കൊടുക്കുക, ....മുമ്പാകെ ഹാജരാക. *v. i.* വിവരം അറിയിക്കുക; 2. വൃത്താന്തം എഴുതുക; 3. ....മുമ്പാകെ ഹാജരാക. *n.* വിവരം; 2. വൃത്താന്തം; 3. വർത്തമാനം, കേൾവി, കേട്ടുകേളി; ശ്രുതി; 4. ഒച്ച, ശബ്ദം, വെടി; 5. വൃത്താന്തരേഖ, 'റിപ്പോർട്ട്'; 6. വിധി; *pl.* വിധിസംഗ്രഹം; 7. സംഭവവിവരം: -a-ble *a.* അറിയിക്കാവുന്ന. -ĕr, *n.* അറിയിക്കുന്നവൻ; വിധിസംഗ്രഹകൻ; പത്രലേഖകൻ. -iṅg-ly, *ad.*

നാട്ട് വൎത്തമാനമായി, ജനശ്രുതിയായി. =tō'ri-al, *a.* പത്രലേഖനസംബന്ധമായ.

Re-pōse', *v. t.* കിടത്തുക; 2. (*refl.*) വിശ്രമിക്കുക, സ്വസ്ഥമായിരിക്കുക, ആശ്വസിക്കുക; 3. വിശ്വാസംവെക്കുക, വിശ്വസിക്കുക, ആശ്രയിക്കുക. *v. i.* കിടക്കുക; ഉറങ്ങുക; 2. സ്വസ്ഥമായിരിക്കുക; 3. ഇടുക, വെക്കുക. *n.* ശയനം, കിടപ്പ്, കിടത്തം; 2. ഉറക്കം, നിദ്ര; 3. വിശ്രാമം, സ്വസ്ഥത; 4. മനഃസ്വസ്ഥത, മനഃസുഖം; 5. നിൎത്ത്, യതി (*p.*); 6. നയനാമൃതം (*paint.*). =pō'sal, *n.* വെക്കൽ, ഇടൽ; ആശ്രയം, വിശ്വാസം. =pōsed' (-pōzd'), *a.* ശാന്തമായ, സ്വാസ്ഥ്യമുള്ള; സ്വസ്ഥമായിരിക്കുന്ന. =pō'sed-ly, *ad.* സ്വസ്ഥമായി. =pō'sed-ness, *n.* സ്വാസ്ഥ്യം. -ful, *a.* ശാന്തമായ. =pō'sēr, *n.* കിടക്കുന്നവൻ. =pos'it, *v. t.* ഇടുക, വെക്കുക; സൂക്ഷിച്ച് വെക്കുക, സംഭരിക്കുക. =si'tiŏn (-zish'un), *n.* വെക്കൽ; ചരതിച്ച് വെക്കൽ, നിക്ഷേപണം. =pos'i-tŏr, *n.* ഒര് (വൈദ്യ)ശസ്ത്രം. =pos'i-tŏr-y, *n.* വെക്കുന്ന സ്ഥലം; കലവറ, ഉഗ്രാണം; ഭണ്ഡാരം. =pō'sūre, *n.* ശാന്തത, സ്വസ്ഥത.

Rē-pō-si'tiŏn, =pos'i-tŏr-y, =pō'-sūre, *etc.*, *s. u.* Repose.

Rē-pos-sess', *v. t.* തിരികെ കൈവശപ്പെടുത്തുക; —കിട്ടുക. to r. one's self of (പോയ്പോയത്) തിരികെ കിട്ടുക. =ses'siŏn (-zesh'un), *n.* പുനഃപ്രാപ്തി.

Re-pöusse' (-pus'), *a.* ഉയൎത്തിക്കൊത്തിയ; 2. ഉയൎത്തിക്കൊത്ത് പണിയായ. *n.* പൊന്തക്കൊത്ത് പണി.

Rep-re-hend', *v. t.* ശാസിക്കുക, ആക്ഷേപിക്കുക, കററംപറയുക, ദൂഷ്യം—. -ēr, *n.* ആക്ഷേപിക്കുന്നവൻ, ആക്ഷേപകൻ. =hen'si-ble, *a.* ആക്ഷേപയോഗ്യമായ; ആക്ഷേപകരമായ. =hen'si-ble-ness, *n.* ആക്ഷേപ്യത. =hen'si-bly, *ad.* ആക്ഷേപകരമായി, തെററായി. =hen'siŏn, *n.* ശാസന, ആക്ഷേപം, വാഗ്ശിക്ഷ. =hen'sive, =hen'sŏr-y, *a.* ശാസനയായ. =hen'sive-ly, *ad.* ശാസനയായി.

I. Rē-pre-sent', *v. t.* തിരികെ കാണിക്കുക; —പ്രസ്താവിക്കുക. =tā'tiŏn, *n.* തിരികെ പറയൽ; ആവൎത്തനം.

II. Rep-re-sent', *v. t.* പിന്നെയും കാണിക്കുക; 2. കാണിക്കുക, കാട്ടുക; 3. സൂചിപ്പിക്കുക, കുറിക്കുക; 4. പ്രതിബിംബിക്കുക; 5. രൂപമായിരിക്കുക; 6. നാട്യം കാണിക്കുക; വേഷംധരിക്കുക; അഭിനയിക്കുക; 7. പ്രതിഭൂആയിരിക്കുക, പ്രതിനിധി—, പകരം നില്ക്കുക; 8. കാൎയ്യസ്ഥൻ ആയിരിക്കുക, 'മുക്ത്യാർ'നാമക്കാരൻ— (*l.*); 9. ഗ്രഹിപ്പിക്കുക; പറയുക, അറിയിക്കുക; 10. വിവരിക്കുക, വൎണ്ണിക്കുക; 11. അടയാളം ആയിരിക്കുക, ചിഹ്നം—; 12. തോന്നുക, അനുഭവിക്കുക; 13. നിരൂപിക്കുക (*met.*). -a-ble, *a.* സൂചിപ്പിക്കാവുന്ന. -ant, *a.* പ്രതിനിധിയായ. =tā'tiŏn, *n.* കാണിക്കൽ; അഭിനയിക്കൽ; പ്രതിനിധിയായിരിക്കൽ; സൂചിപ്പിക്കൽ; പ്രസ്താവിക്കൽ; മാതൃക, രൂപം, ഛായ; അഭിനയം, നാടകം; വാക്ക്; പ്രതിനിധികൾ; വിവരം; നിരൂപണം; പ്രതിനിധിയുള്ള സ്ഥിതി. =ta-tive, =tā'tiŏn-ar-y, *a.* രൂപമുള്ള; സൂചിപ്പിക്കുന്ന; പ്രതിനിധിയായ; പ്രജാപ്രതിനിധികൾ ഉള്ള (*pol.*); വൎഗ്ഗലക്ഷണം— (*nat.*); ജാതിയിൽ— (*nat.*); നിരൂപണമായ (*met.*). r.e government പ്രജാപ്രതിനിധികോയ്മ (*pol.*). *n.* സൂചകം, കുറി; തുല്യസാധനം; കാൎയ്യസ്ഥൻ, പ്രതിനിധി; പ്രതിഭൂ; 'മുക്ത്യാർ'നാമക്കാരൻ (*l.*); പ്രജാപ്രതിനിധി (*pol.*); ജാതി— (*nat.*); വൎഗ്ഗത്തിൽ പെട്ട ജന്തു (*nat.*). =ta-tive-ly, *ad.* പകരമായി, നാമത്തിൽ; ....ക്ക് വേണ്ടി. =ta-tive-ness, *n.* പ്രതിഭൂത്വം. -'ēr, *n.* കാണിക്കുന്നവൻ; വൎണ്ണിക്കുന്നവൻ.

I. Rē-press', *v. t.* തിരികെ അമൎത്തുക; 2. പിന്നെയും നിൎബ്ബന്ധിക്കുക.

II. Re-press', *v. t.* അമൎത്തിക്കളയുക, ഇല്ലാതാക്കുക; 2. ഒതുക്കുക, അമുക്കുക; 3. അടക്കുക. ='sēr, *n.* ഒതുക്കുന്നവൻ; അടക്കുന്നവൻ. ='si-ble, *a.* അടക്കാവുന്ന. =pres'siŏn (-presh'un), *n.* ഒതുക്കൽ; ഒതുക്കം, അടക്കം; തടസ്ഥം. ='sive, *a.* അമൎത്തുന്ന. ='sive-ly, *ad.* അമൎച്ചയായി.

**Re-priēve′** (-prēv′), *v. t.* ശിക്ഷ താമസിപ്പിക്കുക; 2. ഇടകൊടുക്കുക; 3. തല്ക്കാലശമനം വരുത്തുക. =**priēve′** (-prēv′), =**priēv′al,** *n.* ശിക്ഷാതാമസം; 2. മരണശിക്ഷ നീട്ടിവെക്കൽ; 3. തല്ക്കാലശമനം; 4. ഇട.

**Rep′ri-mand,** *n.* ശാസന, ആക്ഷേപം, അധിക്ഷേപം, വാഗ്ശിക്ഷ. *v. t.* ശാസിക്കുക, ആക്ഷേപിക്കുക, അധിക്ഷേപിക്കുക; വാഗ്ശിക്ഷ കഴിക്കുക. =**mand-ĕr,** *n.* ശാസിക്കുന്നവൻ.

**Re-print′,** *v. t.* പിന്നെയും അച്ചടിക്കുക, രണ്ടാമതും അച്ച് പതിക്കുക; 2. ഛായപുതുക്കുക. *n.* രണ്ടാംപതിപ്പ്; 2. തിരികെ അച്ചടിച്ച പുസ്തകം.

**Re-prī′sal,** *n.* പ്രതിയായി പിടിക്കൽ, പ്രത്യപഹാരം; 2. പകരംപിടിച്ചത്, പ്രത്യപഹൃതം; 3. പ്രതികാരം, പ്രതിക്രിയ. **to make r.s** പകരത്തിന്ന് പകരം ചെയ്യുക.

**Re-prōach′** (-prōch′), *v. t.* കുററംപറയുക, ദൂഷ്യം—, അപവാദം—; 2. നിന്ദിക്കുക, ശകാരിക്കുക, അധിക്ഷേപിക്കുക, ദൂഷിക്കുക. *n.* അപവാദം, നിന്ദ, ശകാരം, അധിക്ഷേപം; 2. അപമാനം. **-a-ble,** *a.* നിന്ദായോഗ്യമായ; ആക്ഷേപിക്കത്തക്ക. **-a-ble-ness,** *n.* ആക്ഷേപ്യത. **-a-bly,** *ad.* ശകാരമായി. **-ĕr,** *n.* നിന്ദിക്കുന്നവൻ, അപവാദി. **-ful,** *a.* ശകാരം ആയ, അധിക്ഷേപം—, ധിക്കാരം—; ലജ്ജാകരം—. **-ful-ly,** *ad.* നിന്ദയായി. **-ful-ness,** *n.* ധിക്കാരം, അപവാദം. **-less,** *a.* നിരപവാദിയായ, കുററമില്ലാത്ത.

**Rep′rō-bāte,** *a.* കറയുള്ള; 2. ചാടിക്കളഞ്ഞ; 3. കൊള്ളരുതാത്ത, ഒന്നിന്നും കൊള്ളാത്ത; 4. വഷളായ, ആഭാസംആയ, ഹീനം—; 5. ദുർമ്മാർഗ്ഗി—, തെമ്മാടി—. *n.* വഷളൻ, ദുർമ്മാർഗ്ഗി, തെമ്മാടി, പരക്കഴി (*S.*). *v. t.* ത്യജിക്കുക, തള്ളുക, വർജ്ജിക്കുക; 2. ശിക്ഷക്ക് ഏല്പിച്ച്കൊടുക്കുക. **-ness,** *n.* വഷളത്വം. =**bā-tĕr,** *n.* തള്ളുന്നവൻ. =**bā′tiŏn,** *n.* തള്ളിക്കളയൽ, ശഹനം; പരമദുഷ്ടത, അതി—; വിരോധം, വെറുപ്പ്; നിത്യശിക്ഷാമുന്നിർണ്ണയം (*theo.*). =**bā′tiŏn-ĕr,** *n.* —മുന്നിർണ്ണയവാദി (*theo.*). =**ba-tive,**=**bā-tŏr-y,** *a.* ദുർമ്മാർഗ്ഗസംബന്ധം ആയ; ആക്ഷേപസൂചകം—.

**Rē-prō-dūce′,** *v. t.* പിന്നെയുംകൊണ്ട് വരിക, —'ഹാജരാ'ക്കുക; 2. —ഉളവാക്കുക, പുനരുത്ഭവിപ്പിക്കുക; 3. രൂപമുണ്ടാക്കുക; ചിത്രംവരക്കുക; 4. ഓൎക്കുക; 5. പകപ്പെട്ടുക്കുക; =**dū′cĕr,** *n.* പുനരുല്പാദകൻ. =**duc′tiŏn,** *n.* പുനരുല്പാദനം; പുനരുല്പത്തി; പ്രത്യുല്പാദനം (*biol.*); പുനരുല്പന്നം. =**duc′tive,** =**duc′tor-y,** *a.* പുനരുല്പത്തി സംബന്ധം ആയ; പുനരുല്പാദകം—.

**Re-proof′** (-pruf′), *n.*, *s.u.* **Reprove.**

**Re-pröve′,** *v. t.* ശാസിക്കുക, ആക്ഷേപിക്കുക; 2. ദൂഷ്യംപറയുക. =**proof′** (-pruf′), =**prö′val,** *n.* ശാസന, ആക്ഷേപം; വാഗ്ശിക്ഷ. =**prö′va-ble,** *a.* ആക്ഷേപയോഗ്യമായ. =**prö′va-ble-ness,** *n.* ആക്ഷേപ്യത. =**prö′va-bly,** *ad.* ആക്ഷേപയോഗ്യമായി. =**prö′vĕr,** *n.* ശാസിക്കുന്നവൻ. =**prö′ving-ly,** *ad.* ശാസനയായി.

**Rep′tant, Rep-tā′tiŏn,** *etc.*, *s. u.* **Reptile.**

**Rep′tīle,** *n.* ഇഴജന്തു, —ജാതി, ഇരിയുന്നത്, ഉരഗം (*z.*); 2. മുതല ആമ മുതലായ ഉഭയജന്തു (*z.*); 3. അധമൻ, നീചൻ, നിസ്സാരൻ. *a.* ഇരിയുന്ന, ഇഴയുന്ന, ഉരസ്സ്കൊണ്ട് നടക്കുന്ന; 2. നീചം ആയ, ഹീനം—. **rep′tant, rep′tā-tor-y,** *a.* ഇഴയുന്ന, ഇരിയുന്ന (*z.*); പടരുന്ന (*b.*). =**tā′tiŏn,** *n.* ഇഴയൽ, ഇരിയൽ (*z.*). =**til′i-a,** *n. pl.* ഉഭയജന്തുവൎഗ്ഗം (*z.*). =**til′i-an,** *a.* ഇഴജാതി സംബന്ധിച്ച. *n.* ഇഴജന്തു; ഉഭയ—.

**Re-pub′lic,** *n.* പ്രജാവാഴ്ച, പ്രജാധിപത്യം. **r. of letters** വിദ്വജ്ജനവൎഗ്ഗം. =**li-can,** *a.* പ്രജാവാഴ്ചസംബന്ധിച്ച; പ്രജാപ്രഭുത്വമായ. *n.* പ്രജാധിപത്യവാദി (*pol.*); ഒര് വക പക്ഷി (*z.*). =**li-can-ism,** *n.* പ്രജാവാഴ്ച; പ്രജാധിപത്യവാദം. =**can-īse,** =**can-īze,** *v. t.* പ്രജാധിപത്യമാക്കുക.

**Rē-pub-li-cā'tiŏn,** *n.*, *s. u.* Republish.

**Rē-pub'lish,** *v. t.* പിന്നെയും പ്രസിദ്ധം ചെയ്യുക, —അച്ചടിച്ച് വില്ലുക. =**pub-li-cā'tiŏn,** *n.* പിന്നെയും പ്രസിദ്ധമാക്കൽ; രണ്ടാമതും പ്രസിദ്ധം ചെയ്ത പുസ്തകം. -**ĕr,** *n.* പുനഃപ്രസാധകൻ.

**Re-pū'di-āte,** *v. t.* തള്ളുക, ത്യജിക്കുക, വജ്ജിക്കുക; 2. (ഭാൎയ്യയെ) ഉപേക്ഷിക്കുക, ഒഴിക്കുക, ആചാരംകൊടുക്കുക; മൊഴിചൊല്ലുക (*M.*); 3. നിഷേധിക്കുക, ഇല്ലെന്ന് പറയുക. =**di-a-ble,** *a.* ത്യജിക്കത്തക്ക, നിഷേധിക്കത്തക്ക. =**ā'tiŏn,** *n.* ത്യാഗം, ഉപേക്ഷിക്കൽ, ഉപേക്ഷണം; നിഷേധം. =**ā'tiŏn-ist,** *n.* (രാജ്യ) ഋണനിഷേധവാദി (*pol.*). =**ā-tŏr,** *n.* ഉപേക്ഷിക്കുന്നവൻ.

**Re-pūgn'** (-pūn'), *v. t.* എതിൎക്കുക, വിരോധം നില്ക്കുക, തടുക്കുക. =**pug'na-ble,** *a.* വിരോധിക്കാവുന്ന; തടുക്കാവുന്ന. **pug'nance,** =**pug'nan-cy,** *n.* വിരോധം; വൈപരീത്യം; സഹജവിരോധം, വിരക്തി, വെറുപ്പ്; പ്രാതികൂല്യം. =**pug'-nant,** *a.* (to) ചെറുത്ത് നില്ക്കുന്ന, വിരോധഭാവമുള്ള; വിപരീതമായ; അനുസരിക്കാത്ത, വഴങ്ങാത്ത; അസഹ്യമായ; വെറുപ്പുള്ള; വൈമുഖ്യമായ. =**pug'nant-ly,** *ad.* വിരോധത്തോടെ, വെറുപ്പോടെ; പ്രതികൂലമായി. =**pūgn'ĕr** (-pūn'ĕr), *n.* എതിൎക്കുന്നവൻ, വിരോധിക്കുന്നവൻ, വെറുക്കുന്നവൻ.

**Re-pug'nant,** *a.*, *etc. s.u.* Repugn.

**Re-pul'lu-lāte,** *v. i.* പിന്നെയും മുളപൊട്ടുക, മുളച്ച് വളരുക (*b.*). =**lā'tiŏn,** *n.* പിന്നെയും മുളക്കൽ (*b.*).

**Re-pulse',** *v. t.* തടുക്കുക, പിന്നോട്ട് തള്ളുക; 2. ഓടിക്കുക; 3. തോല്പിക്കുക; 4. തള്ളുക, ഉപേക്ഷിക്കുക; പറഞ്ഞയച്ച് കളയുക. *n.* ഓടിക്കൽ, തള്ളൽ; 2. തള്ള്; 3. തോലപി, അപജയം; 4. നിഷേധം; തട്ട്കേട്. =**pul'sĕr,** *n.* ഓടിക്കുന്നവൻ, തള്ളുന്നവൻ. =**pul'siŏn,** *n.* തള്ളൽ, വിരോധം, വെറുപ്പ്, വിമ്മിഷ്ടം; പ്രക്ഷേപണശക്തി, വിക്ഷേപണ—, വികൎഷണം (*ph.*). =**pul'sive,** =**pul'sor-y,** *a.* എതിൎക്കുന്ന, തടുക്കുന്ന; വിരോധം ആയ, അസഹ്യം—, വെറുപ്പുള്ള. =**pul'sive-ly,** *ad.* വെറുപ്പോടെ, വിരോധത്തോടെ. =**pul'-sive-ness,** *n.* അസഹ്യത, ബീഭത്സത.

**Re-pūte',** *v. t.* ഭാവിക്കുക, വിചാരിക്കുക, നിരൂപിക്കുക; 2. എണ്ണുക, ഗണിക്കുക, മതിക്കുക. *n.* നടപ്പവസ്ഥ, പേര്; 2. ശ്രുതി, കേളി; 3. കീൎത്തി, യശസ്സ്, ബഹുമാനം. **rep'ū-ta-ble,** *a.* സ്തുത്യം ആയ. ശ്ലാഘനീയം—; മാനം ഉള്ള; ബഹുമാനം—, **rep'ū-ta-ble-ness,** *n.* കീൎത്തി, ശ്ലാഘ. **rep'ū-ta-bly,** *ad.* സ്തുത്യമായി, ശ്ലാഘനീയമായി. **rep-ū-tā'tiŏn,** *n.* നടപ്പവസ്ഥ, പേര്; നല്ലനടപ്പ് (*l.*); മാനം, കീൎത്തി, യശസ്സ്, പുകഴ്ച, നല്ലപേര്. =**pū'ta-tive-ly,** =**pū'ted-ly,** *ad.* കേൾവിപ്രകാരം, ശ്രുതി—, ലോകശ്രുതിയിൽ. -**less,** *a.* കീൎത്തിയില്ലാത്ത; ശ്രേഷ്ഠതയില്ല; മാനംകെട്ട.

**Re-quest',** *n.* അപേക്ഷിക്കൽ, അൎത്ഥനം, യാചനം; 2. അപേക്ഷ, അൎത്ഥന, യാചന, ആവശ്യം; 3. ചോദിച്ചകാൎയ്യം, അപേക്ഷാവിഷയം; 4. കാമ്യം, കാംക്ഷിതം. **in r.** പ്രിയം ആയ, മൂല്യം—, അത്യാവശ്യം—. **court of r.s** ചില്ലറ അദാലത്ത് കോടതി (*Eng. l.*). *v. t.* അപേക്ഷിക്കുക, ആവശ്യപ്പെടുക, യാചിക്കുക, അൎത്ഥിക്കുക. -**ĕr,** *n.* ചോദിക്കുന്നവൻ, അപേക്ഷക്കാരൻ.

**Req'ui-em** (rek'wi-), *n.* മരിച്ചവൎക്ക് വേണ്ടിയുള്ള 'മീസാ'രാധന, —'മീസപ്പാട്ട്' (*R. C.*); 2. ദുഃഖപ്പാട്ട്, പ്രലാപഗീതം.

**Req'uin,** *n.* ആൾപിടിയൻ സ്രാവ് (*z.*).

**Re-quīre',** *v.t.* ആവശ്യപ്പെടുക, ചോദിക്കുക; 2. കല്പിക്കുക; 3. വേണ്ടിവരിക, ആവശ്യമാക, 4. അപേക്ഷിക്കുക. =**quī'-ra-ble,** *a.* ആവശ്യപ്പെടത്തക്ക. -**ment,** *n.* ആവശ്യപ്പെടൽ, അൎത്ഥനം; കല്പന; ആവശ്യം, വേണ്ടത്. =**quī'rĕr,** *n.* ആവശ്യക്കാരൻ.

**Req'ui-site,** *n.* ആവശ്യം, അത്യാവശ്യം; വേണ്ടത്. *a.* ആവശ്യമായ, വേണ്ട

ന്ന. -ly, *ad.* ആവശ്യമായി. -ness, *n.* ആവശ്യം. =si̱'tiŏn (-zish'un), *n.* ആവശ്യപ്പെടൽ; കല്പന; ഓടിച്ചെന്ന കററക്കാരനെ അന്യസൎക്കാരോട് ആവശ്യപ്പെടൽ (*l.*); ഉണ്ടികക്ക് പണമടക്കുവാൻ— (*com.*); വിജയസൈന്യത്തിന്ന് വേണ്ടുന്ന ഭക്ഷണകോപ്പ് പരാജിതരാജ്യക്കാരോട്—(*mil.*); 'സാമൽവാര'സാമാനം; പൊതു ക്ഷണനം, പരസ്യ—. *v. t.* ആവശ്യപ്പെടുക; ക്ഷണിക്കുക. =si̱'tiŏn-ist, =qui̱s'i-tive, *n.* ആവശ്യപ്പെടുന്നവൻ. =qui̱s'i-tive, *a.* ആവശ്യംകാണിക്കുന്ന; ആവശ്യപ്പെടുന്ന. =qui̱s'i-tŏr, *n.* കല്പിക്കുന്നവൻ. =qui̱s'i-tŏr-y, *a.* ആവശ്യമായ, വേണ്ടിയ.

**Re-quīte'**, *v. t.* പ്രതിഫലംകൊടുക്കുക, നന്മക്ക് പകരം നന്മചെയ്യുക; 2. പ്രതികാരം ചെയ്യുക, പകരം വീട്ടുക, തിന്മക്ക് പകരം തിന്മ ചെയ്യുക; 3. ശിക്ഷിക്കുക. =quī'ta-ble, *a.* പകരം കൊടുക്കാവുന്ന; —ചെയ്യാകുന്ന. =quī'tal, *n.* —ചെയ്യൽ; പ്രതിഫലം; പ്രതികാരം. =quī'tĕr, *n.* പകരം ചെയ്യുന്നവൻ, പ്രതികാരി.

**Rēre'brāce**, *n.* ഭുജകവചം.

**Rē're-dos, Rē're-dosse** (-dos), *n.* പീഠമറ; 2. അടുപ്പ്തിണ്ണ, വീതന; 3. അടുപ്പ്.

**Rēre'mouse**, *n.*, *s. a.* **Rearmouse.**

*Res*, *n.* (*pl.* res) സാധനം, വസ്തു; 2. കാൎയ്യം, സംഗതി, വസ്തുത. *r. gestæ* ചെയ്യുകാൎയ്യങ്ങൾ; വാദവിഷയത്തോട് ചേൎന്ന സംഗതികൾ (*l.*). *r. judicata* വ്യവഹാരത്താൽ തീൎച്ചപ്പെട്ട സംഗതി, വ്യവഹാരത്തീൎമ്മാനം (*l.*).

**Re-scind'** (-sind'), *v. t.* ഛേദിച്ച്കളയുക; ഇല്ലായ്മചെയ്യുക; 2. ദുൎബ്ബലപ്പെടുത്തുക. -a-ble, *a.* അസാധുവാക്കാവുന്ന. -ment, *n.* ഛേദനം; ദുൎബ്ബലമാക്കൽ; ദൌൎബ്ബല്യം. =scis̱'s̱iŏn (-sizh'un), *n.* ദുൎബ്ബലപ്പെടുത്തൽ, അസാധുവാക്കൽ, 'റദ്ദാ'ക്കൽ. =scis'sŏr-y, *a.* ദുൎബ്ബലപ്പെടുത്തുന്ന, നീക്കിക്കളയുന്ന.

**Re-scrībe'**, *v. t.* പകരം എഴുതുക; 2. മറുവടി—; 3. പിന്നെയും—. rē'script, *n.* രാജമറുവടി, —കല്പന, രാജത്തീൎപ്പ്, നീ(തീ)ട്ട്; പാപ്പാവിന്റെ തീൎപ്പ് (*R. C.*); മറുരേഖ. =scrip'tiŏn, *n.* മറുവടി. =scrip'tive, *a.* മറുവടിയായ; തീൎപ്പായ. =scrip'tive-ly, *ad.* മറുവടിയായി.

**Res'cūe**, *v. t.* വിടുവിക്കുക, ഉദ്ധരിക്കുക, രക്ഷിക്കുക; 2. വിടുത്തിക്കൊണ്ട് പോക (*l.*). *n.* വിടുവിക്കൽ; 2. ഉദ്ധാരണം, രക്ഷ; 3. ജപ്തിമുതല് കൊണ്ട്പോയ്ക്കളയൽ (*l.*); 4. ന്യായമായ ബന്തോവസ്തിൽനിന്ന് വിടുത്തിക്കൊണ്ട്പോകൽ (*l.*). 5. ശത്രു കൈവശപ്പെടുത്തിയ സാധനം തിരികെ പിടിക്കൽ (*mil.*). -less, *a.* മോചനം ഇല്ലാത്ത, രക്ഷ—. res'cū-ĕr, *n.* ഉദ്ധാരകൻ, ത്രാതാവ്. res-cus-sēe', *n.* ബന്തോവസ്തിൽനിന്ന് ബലമായി വിടുതൽ കിട്ടിയവൻ (*l.*). res-cus'sŏr, *n.* —വിടുത്തിക്കൊണ്ട്പോകുന്നവൻ; ഉദ്ധൎത്താവ്.

I. **Rē-sĕarch'**, *v. t.* പിന്നെയും തിരയുക, —അന്വേഷിക്കുക.

II. **Re-sĕarch'**, *n.* പൎയ്യേഷണം, പരിശോധന. *v. t.* പൎയ്യേഷിക്കുക, തിരഞ്ഞ് നടക്കുക. -ĕr, *n.* പൎയ്യേഷകൻ.

**Rē-sēat'**, *v. t.* തിരികെ ഇരുത്തുക; 2. പുതിയ ഇരിപ്പിടം ഉണ്ടാക്കുക; 3. (കസേലക്ക്) പുതുതായി അടിവെക്കുക, —ചൂരലിടുവിക്കുക; 4. (കാലുറക്ക്) മൂട്ട് കഷണം വെക്കുക.

**Rē-sect'**, *v. t.* ഛേദിക്കുക, മുറിച്ച്കളയുക. =sec'tiŏn, *n.* വിഛേദനം.

**Rē-sēize'**, *v. t.* തിരികെപിടിക്കുക; 2. —കൈവശപ്പെടുത്തിക്കൊടുക്കുക; 3. —ജപ്തിചെയ്യുക (*l.*). =sēiz'ĕr, *n.* —പിടിക്കുന്നവൻ; പണ്ടാരത്തിലടക്കൽ. =sēiz'ure, *n.* പിന്നെയും പിടിച്ചെടുക്കൽ.

**Re-s̱em'ble**, *v. t.* തുല്യമായിരിക്കുക, ഒരുപോലെയിരിക്കുക; 2. തുല്യം ആക്കുക, പോലെ—. =s̱em'blance, *n.* തുല്യത, സാദൃശ്യം, സാരൂപ്യം. =s̱em'blant, *a.* തുല്യംആയ, ഏകരൂപം—. =s̱em'blĕr, *n.* തുല്യൻ, പോലെയുള്ളവൻ. =s̱em'bling-ly, *ad.* തുല്യമായി, പോലെ.

**Re-şent'**, *v. t.* ഉള്ളിൽ അനുഭവിക്കുക; 2. ഇഷ്ടംതോന്നുക, പ്രസാദിക്കുക; 3. നീരസംതോന്നുക, മുഷിച്ചൽ കാട്ടുക; 4. കോപിക്കുക, വെറുപ്പ്കാട്ടുക; 5. മണത്തറിയുക. *v. i.* രസക്കേടായിരിക്കുക, മുഷിയുക; 2. മണം ഉണ്ടാക. **-ĕr**, *n.* വിരോധം കാണിക്കുന്നവൻ. **-fu̥l**, **='tive**, *a.* വൈരം മുഷിയുന്ന, ഈറഉള്ള (*P.*), വെറുതി— (*N.*). **-fu̥l-ly**, *ad.* കോപത്തോടെ, വെറുപ്പോടെ. **-ing-ly**, *ad.* പകയോടെ. **-ment**, *n.* വിരോധംകാട്ടൽ; അനുഭവം; സന്തുഷ്ടി, പ്രസാദം; രസക്കേട്, വെറുപ്പ്, ക്രോധം; പക.

**Re-şĕrve'**, *v.t.* നിൎത്തിവെക്കുക, അടക്കി—, വെച്ചിരിക്കുക, വെച്ചേക്കുക; 2. കരുതിവെക്കുക, ചരതിച്ച്—, സൂക്ഷിക്കുക, സംഗ്രഹിക്കുക; 3. ഒഴിച്ച്വെക്കുക; തിരിച്ച്—, ഒഴിവാക്കുക. *n.* കരുതൽ, 2. സൂക്ഷിച്ച്വെച്ചത്, സംഭാരം, കോപ്പ്; 3. ഒഴിവാക്കിയത്; 4. അടക്കം, പരശങ്ക; ലജ്ജ, നാണം; 5. തിരിച്ച് വെച്ച സ്വത്ത്, പ്രത്യേക—; 6. പിന്നണി, പിൻബലം, 'കുമ്മക്ക്' (*mil.*); ഉതവിസൈന്യം (*mil.*), 7. കെട്ടിയിരിപ്പ്, ചരതമുതല്. **in r.** ഇരിപ്പ്, കരുതിവെച്ചത്. **=şĕr'vance**, **=vā'tiŏn**, *n.* കരുതിവെക്കൽ; മറച്ച്—, ഒളിച്ച്—; രഹസ്യം, സ്വകാൎയ്യം; തിരിച്ച് വെച്ച സ്വത്ത്, പ്രത്യേകമുതല്; ചരതം, കരുതല്; ഒഴിച്ച്വെച്ചത്, നിൎത്തി—, ഒഴിവ്; ക്ലുപ്തം, നിശ്ചയം; തിരുവത്താഴവിഭവാംശം (*R. C.*); പാപ്പാവിനുള്ള പ്രത്യേകാധികാരം (*R. C.*). **mental r.n** കാൎയ്യഭാഗം മറച്ച്വെക്കൽ. **=şĕr'va-tive**, *a.* സൂക്ഷിച്ച്വെക്കുന്ന. **=şĕr'va-tŏr-y**, *n.* ഭണ്ഡാരം, സംഗ്രഹസ്ഥലം; പത്തായപ്പുര. **=şĕrved'** (-zĕrvd'), *a.* ചരതിച്ച്വെച്ച, നിൎത്തി—; ശങ്കയുള്ള; മുനിആയ, ക്രമനെകട്ടക്കി—; തുറന്നമനസ്സില്ലാത്ത; യഥാൎത്ഥമില്ലാത്ത. **=şĕrv'ed-ly**, *ad.* ശങ്കയോടെ. **=şĕrv'ed-ness**, *n.* ശങ്ക; മൌനഭാവം; ഗോപ്യത. **=şĕr-vēe'**, *n.* ആൎക്കായി കരുതിവെച്ചിരിക്കുന്നുവൊ അവൻ, കരുതിവെച്ചിരിക്കുന്നവൻ. **=şĕrv'-ĕr**, **=şĕrv'ŏr**, *n.* —വെക്കുന്നവൻ. **=şĕrv'ist**, *n.* ഉതവിസൈനികൻ (*mil.*).

**reş-ĕrv-oir'** (-wa̤r'), *n.* സംഗ്രഹസ്ഥലം, ഭണ്ഡാരം; ജലാശയം, ചിറ, കുളം, തടാകം, 'ഏരി', കായല് (*S.*).

I. **Rē-set'**, *v. t.* പിന്നെയുംവെക്കുക; 2. രണ്ടാമതും അച്ചക്ഷരംക്രട്ടി— (*print.*); 3. പിന്നെയും പതിക്കുക. **rē'set**, *n.* —വെക്കൽ; രണ്ടാമതും ക്രട്ടിയ അക്ഷരം (*print.*). **=set'tĕr**, *n.* പിന്നെയുംവെക്കുന്നവൻ; —അക്ഷരംക്രട്ടുന്നവൻ.

II. **Re-set'**, *v. t.* ഒളിപ്പിച്ച് വെക്കുക; 2. കളവ്മുതല് ഒളിച്ച്—; 3. കുററക്കാരനെ ഒളിപ്പിച്ച്— (*Scot. l.*). *n.* കളവ്മുതല് കൈവശംവെക്കൽ; 2. കുററക്കാരനെ ഒളിപ്പിച്ച്—. **=set'tĕr**, *n.* കളവ്മുതല് കൈവശംവെക്കുന്നവൻ; കുററക്കാരനെ പാൎപ്പിക്കുന്നവൻ.

**Re-şīde'**, *v. i.* പാൎക്കുക, താമസിക്കുക, വസിക്കുക; 2. ഇരിക്കുക, ഉണ്ടാക. **reş'i-dence**, *n.* പാൎപ്പ്, വാസം; പാൎപ്പിടം, പുര, വീട്, ഭവനം, ഗൃഹം, വാസസ്ഥലം; ഇരിപ്പിടം. **reş'i-den-cy**, *n.* (മേല്ക്കോയ്മയുടെ) പ്രതിനിധിസ്ഥാനം: പ്രതിനിധിവാസസ്ഥാനം. **reş'i-dent**, *a.* പാൎക്കുന്ന. *n.* പാൎപ്പ്കാരൻ, നിവാസി, മിക്കുകാരൻ; (മേല്ക്കോയ്മ) പ്രതിനിധി, 'റസിഡെണ്ട്'. **reş-i-den'tial** (-den'shal), *a.* പാൎപ്പിടം സംബന്ധിച്ച; നിവാസികളെ—; പാൎക്കുന്ന, പാൎപ്പുള്ള. **reş-i-den'-tiar-y** (-shĕr-i), *a.* പാൎപ്പിടം ഉള്ള; പാൎപ്പ്—. *n.* പാൎക്കുന്നവൻ; സഭയിൽ പാൎപ്പുള്ളബോധകൻ. **=den'tiar-y-ship**, *n.* —ബോധകസ്ഥാനം. **reş'i-dent-ship**, *n.* (മേല്ക്കോയ്മ) പ്രതിനിധി—. **=şī'dĕr**, *n.* പാൎക്കുന്നവൻ.

**Reş'i-dūe**, *n.* ശിഷ്ടം, ശേഷം, ശേഷിപ്പ്; മിച്ചം, 'ബാക്കി'; 2. മരണപത്രികയിൽ പറഞ്ഞത് കഴിച്ചുള്ള വസ്തു (*l.*). **=şid'ū-al**, **=şid'ū-ar-y**, **=şid'ū-ŏus**, *a.* ശിഷ്ടംസംബന്ധിച്ച; —ആയ. **r.l air** (ശ്വാസകോശ) ശിഷ്ടവായു (*phys.*). *n.* ഗണിതഭേദം. **=şid'ū-um**, *n.* (*pl.* **=şid'ū-a**) മട്ട്, ഊറല്, കിട്ടം; ശേഷം, ശിഷ്ടം, 'ബാക്കി'.

I. **Rē-sīgn'** (-sīn'), *v. t.* രണ്ടാമതും ഒപ്പിടുക, പിന്നെയും—.

II. **Re-s̱īgn′** (-zīn′), *v. t.* ഒഴിഞ്ഞുകൊടുക്കുക, ഏല്പിച്ചുകൊടുക്കുക; ഒഴിഞ്ഞ്—, ഏല്പിച്ച്—; 'രാജി'—; 2. വഴിപ്പെടുക, കീഴടങ്ങുക, വിട്ട് കൊടുക്കുക; 3. ഉപേക്ഷിക്കുക, വേണ്ടെന്ന് വെക്കുക, ത്യജിക്കുക. **res-ig-nā′tiŏn,** *n.* ഒഴിഞ്ഞ്കൊടുക്കൽ, 'രാജി'—; —നാമം; കീഴ്പ്പെടൽ, സമർപ്പണം, അനുസരണം, സമ്മതം, ക്ഷമ, ക്ഷാന്തി. **=s̱īgned′** (-zīnd′), *a.* വിട്ട്കൊടുക്കുന്ന, സമ്മതം ഉള്ള, ക്ഷമ—, ക്ഷാന്തി—; ഈശ്വരേച്ഛാധീനമായ; ധൈര്യത്തിന്ന് ഏല്പിച്ച്കൊടുക്കുന്ന. **-ed-ly,** *ad.* ക്ഷമയോടെ, അധീനമായി. **res-ig-nēe′** (rez-i-nē′), *n.* ഒഴിഞ്ഞ്കിട്ടിയവൻ, ഏല്പിച്ച്—. **-ĕr,** *n.* ഒഴിയുന്നവൻ. **-ment,** *n.* ഒഴിഞ്ഞ് കൊടുക്കൽ, സമർപ്പണം.

**Re-s̱īle′,** *v. i.* പിന്നോട്ട് തുള്ളുക; 2. അറെച്ച്പോക; 3. പിൻവാങ്ങുക. **=s̱il′-i-ence, =s̱il′i-en-cy, res̱-i-li′tiŏn** (-lish′un), *n.* പിഞ്ചാട്ടം; തെറിപ്പ്, തെറിക്കൽ. **=s̱il′i-ent,** *a.* വഴിയോട്ട് തുള്ളുന്ന; തെറിക്കുന്ന.

**Res̱′in,** *n.* മരക്കറ, അരാളം, യക്ഷധൂപം. **mineral r.s** ശിലാജതു, 'അസ്സാല്ട്'. **-ā′ceŏus** (-ā′shus), *a.* കറഉള്ള; പശ—. **=s̱in′ic,** *a.* മരക്കറസംബന്ധിച്ച; മരക്കറയിൽനിന്നുണ്ടാകുന്ന. **-if′ĕr-ŏus,** *a.* കറഉണ്ടാകുന്ന. **-i-form,** *a.* —പോലെയുള്ള. **-oid,** *a.* മരക്കറക്ക് തുല്യമായ. **-ŏus, -y,** *a.* മരക്കറ സംബന്ധിച്ച; യക്ഷധൂപഗുണമുള്ള; മരക്കറയിൽ നിന്നുണ്ടാകുന്ന. **r.s electricity** ശിലാജതുവിദ്യുച്ഛക്തി (*elec.*). **-ŏus-ly,** *ad.* മരക്കറമൂലം. **-ŏus-ness,** *n.* കറഗുണം, പററ്, ഒട്ട്, ഒട്ടല്.

**Res-i-pis′cence,** *n.* അനുഭവജ്ഞാനം; 2. അനുതാപം, പശ്ചാത്താപം.

**Re-s̱ist′,** *v. t.* തടുക്കുക, എതിർക്കുക, ചെറുക്കുക; 2. തടസ്ഥം ചെയ്യുക, മുടക്കുക, വിരോധമായി പ്രവൃത്തിക്കുക. *v. i.* എതിർത്ത്നില്ക്കുക. *n.* (തുണിക്ക് ചായം പിടിക്കാതിരിപ്പാനുള്ള) ഒര് കൂട്ട്, ഒര് വക പശ. **-ance,** *n.* എതിർക്കൽ; വിരോധം; പ്രതിബന്ധം, തടസ്ഥം (*ph.*); വിഘ്നം. **-ant,** *a.* തടുക്കുന്ന, എതിർക്കുന്ന. *n.* **-ant, -ĕr,** *n.* തടുക്കുന്നവൻ, വിരോധിക്കുന്നവൻ. **-fụl,** *a.* തടസ്ഥമുള്ള. **=s̱ist-i-bil′i-ty, =s̱ist′i-ble-ness,** *n.* പ്രതിരുദ്ധ്യത; വിരോധഗുണം; പ്രതിബന്ധം. **-i-ble,** *a.* തടുക്കാവുന്ന, എതിർക്കാകുന്ന. **-i-bly,** *ad.* തടുക്കത്തക്കവണ്ണം, എതിരായി. **-ing,** *a.* തടുക്കുന്ന, എതിർക്കുന്ന. **-ing-ly,** *ad.* തടസ്ഥമായി, എതിർത്ത്. **=′tive,** *a.* തടസ്ഥമായ. **-less,** *a.* വിരോധമില്ലാത്ത; എതിർപ്പാൻ കഴിയാത്ത, തടുക്കാവതല്ലാത്ത. **-less-ly,** *ad.* തടസ്ഥമില്ലാതെ. **-less-ness,** *n.* നിർവ്വിഘ്നം, തടസ്ഥമില്ലായ്മ, എതിരില്ലായ്മ.

**Res′o-lụ-ble, Res̱′ō-lụte, Res̱-ō-lụ′tiŏn,** *etc., s. u.* **Resolve.**

**Re-s̱olve′,** *v. t.* വിഗ്രഹിക്കുക, യോഗം തിരിക്കുക, വിഭജിക്കുക; വിയോജിക്കുക; 2. അലിക്കുക, കലക്കുക; 3. ഉരുക്കുക; 4. തെളിയിക്കുക, സ്പഷ്ടം ആക്കുക; 5. (സംശയം) തീർക്കുക, പരിഹരിക്കുക; 6. (കടങ്കഥ) ഉത്തരം പറയുക, അർത്ഥം—; 7. അറിയുക, ഗ്രഹിക്കുക, ബോദ്ധ്യപ്പെടുക; നിശ്ചയം വരുത്തുക; 8. (മനസ്സിൽ) ഉറപ്പിക്കുക, നിശ്ചയിക്കുക, തീർമ്മാനിക്കുക; 9. (that) നിർണ്ണയിക്കുക, (സഭാ) നിർണ്ണയം ചെയ്യുക, (യോഗത്തിൽ) തീർച്ചപ്പെടുത്തുക; 10. (*refl.*) ആക്കുക, മാററുക; 11. ഉത്തരം കാണുക, ഫലം—, (കണക്ക്) ചെയ്യുക (*math.*); 12. (വീക്കം, മുഴ) ചപ്പിക്കുക, ചായിക്കുക (*med.*). *v. i.* മൂലധാതുക്കളായ്തീരുക, യോഗംതിരിയുക; 2. ഉരുകുക; 3. അലിയുക, ദ്രവമാകുക; 4. വിചാരിക്കുക, അഭിപ്രായപ്പെടുക; 5. തീർമ്മാനിക്കുക, നിശ്ചയിക്കുക. *n.* സ്പഷ്ടമാക്കൽ; 2. വ്യക്തി; 3. അർത്ഥം; 4. തീർപ്പ്, നിർണ്ണയം, നിശ്ചയം, തീർമ്മാനം. **res′o-lụ-ble,** *a.* വിഭാജ്യമായ; ഉരുക്കാവുന്ന; അലിക്കാകുന്ന. **res′o-lụ-ble-ness,** *n.* ദ്രാവ്യത. **res̱′ō-lụte,** *a.* തീർച്ചയായ; തീർമ്മാനിച്ച; ദൃഢം ആയ, സ്ഥിരം—; ധൈര്യം—, ധൃതി—. **res̱′ō-lụte-ly,** *ad.* ധീരതയോടെ, ദൃഢമായി, ഉറപ്പായി. **res̱′ō-lụte-ness,** *n.* ദാർഢ്യം, സ്ഥൈര്യം, ധൈര്യം. **res̱-ō-lụ′tiŏn,** *n.* വിയോഗം, വിഭാജനം; വ്യക്തമാക്കൽ; അർത്ഥംകാണൽ; വിഷമപരി

ഹരണം; സൈഥ്യം, സ്ഥിരത, ധൈൎയ്യം, ധൃതി; നിൎണ്ണയം, നിശ്ചയം, തീൎപ്പ്; ഉത്തരം കാണൽ (*math.*); ശമനം, ഭേദം (*med.*). r.n of a nebula ധൂമതാരാ വിഗ്രഹണം (*as.*). res-ō-lu'tiŏn-ĕr, res-ō-lu'tiŏn-ist, *n.* നിൎണ്ണയികൻ; നിൎണ്ണയപ്രസ്താവകൻ. res'ō-lu-tive, res'ō-lu-tŏr-y, *a.* വിഭാജകമായ. =sol-va-bil'i-ty, =sol'va-ble-ness, *n.* വിഭാജനീയത്വം. =sol'va-ble, *a.* വിഭാജ്യമായ, വിഗ്രഹിക്കത്തക്ക; വ്യക്തമാക്കാകുന്ന. =solved' (-zolvd'), *p. p.* & *a.* തീൎമ്മാനിച്ച, തീൎച്ചയാക്കിയ; ഉറച്ചിരിക്കുന്ന. =sol'ved-ly, *ad.* തീൎച്ചയായി, ദൃഢമായി, ഉറപ്പായി. =sol'ved-ness, *n.* സ്ഥൈൎയ്യം, ദൃഢത. =sol'vent, *a.* അലിക്കുന്ന; ഉരുക്കുന്ന. *n.* അലിക്കുന്ന സാധനം; (വീക്കം) ചാച്ചുന്ന മരുന്ന് (*med.*). =sol'vĕr, *n.* അലിക്കുന്ന സാധനം, ദ്രാവകം; വിക്ഷമഹരം; മനോനിശ്ചയം; തീൎച്ചപ്പെടുത്തുന്നവൻ, നിൎണ്ണയിക്കുന്നവൻ.

Res'o-nant, *a.* മണിയുന്ന; 2. മുഴങ്ങുന്ന, മുഴക്കം ഉള്ള; 3. മാറെറാലി—, പ്രതിധ്വനി—. =nance, =nan-cy, *n.* മുഴങ്ങൽ, മണിയൽ; മുഴക്കം, മണിച്ചല്. pulmonary r.e ശ്വാസകോശശബ്ദം (*med.*). -ly, *ad.* മുഴക്കത്തോടെ. =nā-tŏr, *n.* നാദശോധിനിയന്ത്രം.

Re-sorb', *v. t.* വിഴുങ്ങുക; 2. മുക്കുക. ='bent, *a.* മുക്കിക്കളയുന്ന. =sorp'tiŏn, *n.* മുക്കൽ; വലിക്കൽ; ലയം.

Re-sort', *v. i.* ചെല്ലുക, പോക; 2. ആശ്രയിക്കുക, സങ്കേതം പ്രാപിക്കുക; 3. തുനിയുക, ശ്രമിക്കുക. *n.* ചെല്ലൽ, ഗമനം, പോക്ക് വരവ്; അന്വേഷണം; 2. എപ്പോഴും ചെല്ലുന്ന സ്ഥലം; ജനങ്ങൾ കൂടിവരുന്ന—, ഗതാഗത—; 3. ആശ്രയം, തുണ, സഹായം; സങ്കേതം. last r. ഒടുക്കത്തെ കൈ, അററകൈ; അവസാനക്കോടതി. -ĕr, *n.* കൂടക്കൂടെ ചെല്ലുന്നവൻ, പോക്ക് വരവുള്ളവൻ.

I. Rē-sound', *v. t.* & *i.* തിരികെ ശബ്ദിക്കുക, പിന്നെയും ധ്വനിയുണ്ടാക; —ഒച്ചപ്പെടു(ത്തു)ക.

II. Re-sound', *v. i.* ഉച്ചത്തിൽ കേൾക്കുക; 2. മുഴങ്ങുക; 3. മാറെറാലിയുണ്ടാക, പ്രതിധ്വനി പുറപ്പെടുക; 4. എങ്ങും കേൾക്കുക, ഘോഷിക്കുക, പ്രസിദ്ധമാക, കേളി ഉണ്ടാക, —കേൾക്കുക; 5. ശബ്ദം എങ്ങും നിറഞ്ഞിരിക്കുക. *v. t.* മുഴക്കുക; 2. മാറെറാലി പുറപ്പെടുക; 3. പാടിഘോഷിക്കുക, വാദ്യം മുഴക്കുക; 4. പുകഴുക, കീൎത്തിക്കുക, ഘോഷിക്കുക. *n.* മുഴക്കം; 2. മാറെറാലി.

Re-sōurce' (-sōrs'), *n.* ആശ്രയം, സഹായം, മാൎഗ്ഗം, നിവൃത്തി, കൊണ്ട് പോക്ക്; 2. *pl.* പണം, മുതല്, ദ്രവ്യം; വക. -ful, *a.* നിൎവ്വാഹം ഉള്ള, ഉപായം—. -less, *a.* നീക്ക് പോക്കില്ലാത്ത, വഴികാണാത്ത. -less-ness, *n.* നിവൃത്തിയില്ലായ്മ.

Re-spect', *v. t.* ലക്ഷ്യമാക്കുക, ശ്രദ്ധിക്കുക, വിചാരിക്കുക; 2. കാൎയ്യമാക്കുക; നോക്കുക, സൂക്ഷിക്കുക, വകവെക്കുക; 3. ആദരിക്കുക, (ബഹു)മാനിക്കുക, വണങ്ങുക, ഉപചരിക്കുക; 4. സംബന്ധിച്ചായിരിക്കുക, സംബന്ധിച്ചിരിക്കുക. as r.s കുറിച്ച്, ....നെ പററി, വിഷയമായി, സംബന്ധിച്ച്. to r. the person *or* persons മുഖപക്ഷം ചെയ്യുക, പാരപക്ഷം—, പക്ഷഭേദം കാട്ടുക. *n.* ശ്രദ്ധിക്കൽ, ലക്ഷ്യമാക്കൽ; 2. ശ്രദ്ധ, സൂക്ഷ്മം, കരുതല്; 3. വണക്കം, ബഹുമാനം, ആദരം; 4. *pl.* വന്ദനം; 5. സംബന്ധം, വിഷയം; 6. സംഗതി, കാൎയ്യം: in this r. ഈ സംഗതിയിൽ; in any r. ഏത് പ്രകാരത്തിലും, വല്ല—, യാതൊരുവിധത്തിലും; in all r.s, in every r. എല്ലാ പ്രകാരത്തിലും; in one r. ഒര് കാൎയ്യത്തിൽ. in r. of സംബന്ധിച്ച്. in r. to, with r. to സംബന്ധിച്ച്, കുറിച്ച്, വിഷയത്തിൽ. to have r. of persons മുഖം നോക്കുക, പക്ഷം ചെയ്യുക, പക്ഷപാതം കാട്ടുക, പക്ഷഭേദം—. to pay one's r.s to ചെന്ന് കാണുക; നമസ്കരിക്കുക. -a-bil'-i-ty, -a-ble-ness, *n.* പൂജ്യത, മൎയ്യാദ, മാനം, യോഗ്യത. -a-ble, *a.* മാനമൎയ്യാദ ഉള്ള, യോഗ്യത—, സംഭാവ്യത—, പൂജനീയം ആയ, നല്ലതറവാട്ട് കാരൻ—, പൃ

ജ്യൻ—; സാമാന്യംനല്ല, തരക്കേടില്ലാത്ത. -a-bly, *ad.* മര്യാദയായി, മാനമര്യാദയോടെ; ഏതാനും, ഒട്ടൊക്കെ. -ant, *a.* അഭിമുഖമായ, മുഖത്തോട്മുഖം— (*her.*). -ĕr, *n.* മാനിക്കുന്നവൻ, വണക്കം കാട്ടുന്നവൻ. a r.r of persons മുഖം നോക്കുന്നവൻ, പക്ഷഭേദക്കാരൻ. -ful, *a.* വണക്കം ഉള്ള, മര്യാദ—; ഉപചാരശീലം—. -ful-ly, *ad.* വണക്കത്തോടെ, ഓച്ചാനിച്ച്. -ful-ness, *n.* വണക്കം, ഭക്തി. -ing, *prep.* സംബന്ധമായി, വിഷയത്തിൽ, കുറിച്ച്, പററി, ചൊല്ലി. =spec′-tive, *a.* സംബന്ധിച്ചുള്ള; സാപേക്ഷ ആയ, അകേവലം—, അവിവിക്തം—; പ്രത്യേകം—, അതാത്, ഓരോരോ, അവനവൻെറ, താന്താൻെറ; അന്യോന്യം ആയ, പരസ്പരം—. =spec′tive-ly, *ad.* യഥാക്രമം, ക്രമത്തിൽ, വെവ്വേറെ, പ്രത്യേകം പ്രത്യേകം, തൻെറ തൻെറ, താന്താൻെറ. -less, *a.* ലക്ഷ്യം ആക്കാത്ത, ഗണ്യം—; വിചാരം ഇല്ലാത്ത; ബഹുമാനം—; ധിക്കാരമുള്ള. -less-ness, *n.* അലക്ഷ്യഭാവം, തിരസ്കാരം, ധിക്കാരം.

Res-pi-rā′tiŏn, *etc.*, *s.u.* Respire.

Re-spīre′, *v.i.* ശ്വാസം കഴിക്കുക, വീപ്പ്—; 2. വിശ്രമിക്കുക; 3. വിശപ്പടക്കുക, പലഹാരം കഴിക്കുക; 4. ശ്വാസം വിടുക, —വലിക്കുക (*phys.*). *v. t.* ഉച്ഛ്വസിക്കുക, നിശ്വസിക്കുക, ശ്വാസം കഴിക്കുക; 2. —വിടുക, =spī-ra-bil′i-ty, =spī′ra-ble-ness, *n.* ശ്വാസ്യത, ശ്വാസനീയത. =spī′ra-ble, *a.* ശ്വാസ്യമായ, ശ്വസിപ്പാൻ തക്ക. res-pi-rā′tiŏn, *n.* ശ്വാസം കഴിക്കൽ, വീപ്പ്—; ശ്വാസോച്ഛ്വാസം, ശ്വാസം, നിശ്വാസം, ഉച്ഛ്വാസം (*phys.*); സ്വസ്ഥത, വിശ്രാമം. res-pi-rā′tiŏn-al, res-pi′ra-tive, res-pi′rā-tŏr-y, *a.* ശ്വാസസംബന്ധമായ, ശ്വാസം കഴിപ്പാനുള്ള. res′pi-rā-tŏr, *n.* ശ്വാസമറ, വായ്മറ.

Res′pite (-pit), *n.* താമസം, നിൎത്തിവെക്കൽ; 2. സൈ്വരം, സ്വസ്ഥത, വിരാമം, വിശ്രാമം; ഒഴിവ്, ഇട, ഇളവ് (*S.*), വിട്ടുതല്; മിനക്കേട് (*N.*); 3. മരണശിക്ഷ നിൎത്തിവെക്കൽ (*l.*). *v. t.* നിൎത്തിവെക്കുക; 2. ശിക്ഷനിൎത്തി—; 3. ഒഴിവാക്കുക, ഇടകൊടുക്കുക. -less, *a.* ഇട ഇല്ലാത്ത; വിശ്രാമം—.

Re-splen′dent, *a.* തിളങ്ങുന്ന, പ്രഭ ഉള്ള, തേജസ്സ്—. =dence, =den-cy, *n.* ശോഭ, ആഭ, പ്രഭ, കാന്തി, തിളക്കം, മിന്നല്. -ly, *ad.* തിളക്കത്തോടെ, ശോഭനമായി.

Re-spond′, *v.i.* ഉത്തരം പറയുക, മറുവടി—, പകരം—; 2. യോജിക്കുക, ചേരുക, പററുക, ഒത്ത് വരിക; 3. ഉത്തരവാദിയാക, പ്രായശ്ചിത്തംചെയ്യുക, നഷ്ടം വെച്ച്കൊടുക്കുക (*U. S.*). *v. t.* ഉത്തരംകൊടുക്കുക, മറുവടിപറയുക, 'ജവാബ്'— (*M.*); 2. യോജിപ്പായിരിക്കുക. *n.* ഉത്തരം, മറുവടി; 2. (വേദപാരായണമദ്ധ്യേയുള്ള) പാട്ട് (*Chr.*). -ence, -en-cy, *n.* ഉത്തരം പറയൽ. -ent, *a.* ഉത്തരം പറയുന്ന; യോജിപ്പുള്ള, ചേച്ചയായ. *n.* ഉത്തരം പറയുന്നവൻ; പ്രതി (*l.*); അപ്പീൽ പ്രതി (*l.*); പ്രതിവാദി. =den′-ti-a (-shi-a), *n.* കപ്പച്ചരക്ക് പണയംവെച്ച് വാങ്ങുന്ന കടം (*com.*). =sponse′, *n.* ഉത്തരം പറയൽ; ഉത്തരം, പ്രത്യുത്തരം; ദൈവാരാധനയിൽ സഭചൊല്ലുന്ന) പ്രതിപ്രാൎത്ഥന (*Chr.*). =sponse′less, *a.* ഉത്തരം ഇല്ലാത്ത, —പറയാത്ത. =spon-si-bil′i-ty, =spon′si-ble-ness, *n.* ഉത്തരവാദം, ഉത്തരവാദിത്വം, ചുമതല (*S.*); ഉത്തരവാദിത്വമുള്ള കാൎയ്യം; കടം വീട്ടാനുള്ള വക. =spon′si-ble, *a.* ഉത്തരവാദിയായ; ഉത്തരവാദിത്വമുള്ള; ഉത്തരം പറവാൻ ശേഷിയുള്ള; വിശ്വസ്തനായ, പ്രാപ്തിയുള്ള. =spon′si-bly, *ad.* ഉത്തരവാദിയായി; ഉത്തരവാദിത്വത്തോടെ. =spon′siŏn (-shun), *n.* ഉത്തരം പറയൽ; (ഒക്സ്ഫോഡ് കലാശാലയിലെ) ആദ്യപരീക്ഷ. =spon′sive, *a.* ഉത്തരം പറയുന്ന; —പറവാൻ ഒരുക്കമുള്ള; യുക്തമായ, ചേച്ചയുള്ള, പററിയ, തക്ക. =spon′-sive-ly, *ad.* ഉത്തരമായി; തക്കവണ്ണം. =spon′sive-ness, *n.* പ്രതിവാദസന്നദ്ധത്വം; യോജ്യത. =spon-sō′ri-al, =spon′sŏr-y, *a.* ഉത്തരം പറയുന്ന; മറു

വടിയായ. =spon'sŏr-y, *n.* പ്രതിപ്രാൎത്ഥന, മറു— (*Chr.*).

Re-sponse', Re-spon'si-ble, *etc.*, *s. u.* Respond.

I. Rest, *n.* നിശ്ചലനം; 2. നിവൃത്തി; 3. വിശ്രാമം; സൈ്വരം, സ്വസ്ഥത; സമാധാനം; 4. ഉറക്കം, നിദ്ര; 5. മരണം; 6. ആധാരം, താങ്ങ്, ഊന്ന്; 7. സത്രം, വഴിയമ്പലം; 8. യതി (*pros.*); 9. കണക്ക് കഴിക്കൽ; 10. നിൎത്ത് (*mus.*). r.-house സത്രം, വഴിയമ്പലം, 'മുസാവരി'. *v. i.* നിശ്ചലമായിരിക്കുക; 2. സ്വസ്ഥമായിരിക്കുക, ഒന്നും ചെയ്യാതെയിരിക്കുക; 3. സാവധാനമായിരിക്കുക; 4. കിടക്കുക; 5. ചാരുക, ചായുക, ഊന്നുക; 6. നില്ക്കുക, ഉറച്ചിരിക്കുക; 7. ഉറങ്ങുക; 8. മരിച്ച് കിടക്കുക; 9. ആശ്രയിക്കുക, നമ്പുക, തേറുക; 10. സമ്മതിക്കുക, തൃപ്തിപ്പെടുക. r.ing place വിശ്രാമസ്ഥലം. to r. with കാൎയ്യം ആയിരിക്കുക, അധികാരമുണ്ടാക, കയ്യിലായിരിക്കുക. *v. t.* സാവധാനപ്പെടുത്തുക, ശമിപ്പിക്കുക; 2. ആശ്വസിപ്പിക്കുക; 3. സ്വസ്ഥതവരുത്തുക; 4. വെക്കുക; ചാരുക. -'ful, *a.* സ്വസ്ഥമായിരിക്കുന്ന; സാവധാനം ആയ; വിശ്രാമം ഉള്ള, സ്വസ്ഥത—. -'ful-ly, *ad.* സ്വസ്ഥമായി. -'ful-ness, *n.* സ്വാസ്ഥ്യം. -'less, *a.* സൈ്വരമില്ലാത്ത; ഇളകിക്കൊണ്ടിരിക്കുന്ന, ചഞ്ചലമുള്ള; തൃപ്തികെട്ട; അടക്കമില്ലാത്ത; അടങ്ങിയിരിക്കാത്ത; ഉറക്കമില്ലാത്ത, ഉന്നിദ്രമായ; സുഖമില്ലാത്ത. -'less-ly, *ad.* സ്വസ്ഥത ഇല്ലാതെ; സുഖം—. -'less-ness, *n.* സൈ്വരക്കേട്; ഉന്നിദ്രത്വം; ചഞ്ചലം; അനക്കം.

II. Rest, *n.* (the) ശേഷം, ശിഷ്ടം, ശേഷിപ്പ്, 'ബാക്കി'; 2. (the) മററുള്ളത്, ഇതരം, ശേഷം പേര്; 3. ചരതമുതല്; ഇരിപ്പ്— (*com.*). *v. i.* ശേഷിച്ചിരിക്കുക. r.ing owing കടബാക്കി (*Scot.*).

Res'tant, *a.* തങ്ങ് നില്ക്കുന്ന, കററി—, മുരട് ശേഷിക്കുന്ന (*b.*).

Res'tau-rant (res'tō-räṅ), *n.* ഊൺപുര, വിടുതിപ്പുര, ചോററ് പുര, 'ഒട്ടെല്', ചോററ് കട (*S.*). res-tau-ra-teur' (-tō-ra-tĕr'), res'to-rā-tor, *n.* ചോററ് വെച്ച് വില്ക്കുന്നവൻ, ചോററ് പുരക്കാരൻ, ഭോജനവിക്രയി.

Rest'ful, *etc.*, *s. u.* Rest I.

Res'ti-tūte, *v. t.* മുൻസ്ഥിതിക്കാക്കുക, യഥാസ്ഥാനപ്പെടുത്തുക. *n.* പകരം, പ്രതി, 'ബദല്'. =tū'tiōn *n.* യഥാസ്ഥാപനം, മടക്കിക്കൊടുക്കൽ; നഷ്ടം, പ്രായശ്ചിത്തം, പ്രതിഫലം; പൂൎവ്വസ്ഥിതിഗമനം (*ph.*). r.n. of conjugal rights ദാമ്പത്യയഥാസ്ഥാപനം (*l.*). =tū-tŏr, *n.* യഥാസ്ഥാനപ്പെടുത്തുന്നവൻ; നഷ്ടം വെച്ച് കൊടുക്കുന്നവൻ.

Res'tive, *a.* ക്രുട്ടാക്കാത്ത, ദുശ്ശാഠ്യം ഉള്ള, ശഠത—, മുരട്ട് ശീലം—; 2. വഴിയോട്ട് പോകുന്ന; 3. മുന്നോട്ട് വെക്കുന്ന, ചെറുത്ത് നില്ക്കുന്ന; 4. (കുതിര) അടങ്ങിനില്ക്കാത്ത, തുള്ളിച്ചാടുന്ന, 'ഹറാമി'യായ. -ly, *ad.* അടങ്ങിനില്ക്കാതെ; മുരട്ട് ശീലത്തോടെ. -ness, *n.* മുരട്ട് ശീലം, 'ഹറാമി'ത്തരം.

Rest'less, *etc.*, *s. u.* Rest I.

I. Re-stōre', *v. t.* മുൻസ്ഥിതിക്കാക്കുക; നന്നാക്കുക; 2. സുഖപ്പെടുത്തുക; 3. യഥാസ്ഥാനത്താക്കുക; 4. മടക്കിക്കൊടുക്കുക; 5. പകരംകൊടുക്കുക; 6. പ്രായശ്ചിത്തംചെയ്യുക. =stō'ra-ble, *a.* നന്നാക്കാകുന്ന. =stō'ra-ble-ness, *n.* ഉദ്ധരണീയത്വം. =rā'tiōn, *n.* മുൻസ്ഥിതിക്കാക്കൽ, യഥാസ്ഥാപനം; യഥാസ്ഥിതി, പുതുക്കം; സൌഖ്യമാകൽ; സുഖം; നന്നാക്കിയത്, പുതുക്കിയത്. the R.n. ഇംഗ്ലാന്തിൽ 1660ൽ ഉണ്ടായ രാജത്വയഥാസ്ഥാപനം. universal r.n. സമസ്തരക്ഷ (*theo.*). =rā'tiōn-ĕr, =rā'tiōn-ist, *n.* —രക്ഷാവാദി (*theo.*). =rā'tiōn-ism, *n.* —വാദം (*theo.*). =stor'a-tive, =stor'a-tor-y, *a.* യഥാസ്ഥാനപ്പെടുത്തുന്ന; സുഖം വരുത്തുന്ന. *n.* സുഖകരൌഷധം (*med.*). =stor'a-tive-ly, *ad.* നന്നാക്കത്തക്കവണ്ണം, ഗുണകരമായി. res'to-rā-tŏr, *n.*, *s. u.* Restaurant. =stōr'ĕr, *n.* നന്നാക്കുന്നവൻ, സൌഖ്യമാക്കുന്നവൻ.

II. **Rē-stōre′**, *v. t.* തിരികെ ശേഖരിച്ച് വെക്കുക.

**Re-strāin′**, *v. t.* വഴിയോട്ട് വലിക്കുക; 2. പിടിച്ച് നിൎത്തുക; 3. വിലക്കുക; തടുക്കുക, മുടക്കുക; 4. അടക്കുക, ഒതുക്കുക; 5. കറക്കുക; 6. അരുത്തിവെക്കുക; 7. ക്ലുപ്തപ്പെടുത്തുക. **-a-ble**, *a.* അടക്കാകുന്ന; തടുക്കാകുന്ന. **-ed-ly**, *ad.* തടസ്ഥത്തോടെ, മുടക്കത്തോടെ. **-ẽr**, *n.* തടുക്കുന്നവൻ, മുടക്കുന്നവൻ; തടസ്ഥം. **-ment**, *n.* തടുക്കൽ, മുടക്കൽ. **=strāint′**, *n.* തടസ്ഥംചെയ്യൽ; അടക്കം, നിഗ്രഹം; വിലക്കം, മുടക്കം, തടസ്ഥം; നിരോധം, വിരോധം, പ്രതിബന്ധം; അതിര് ; ക്ലിപ്തം.

**Re-strict′**, *v. t.* അതിര് ഇടുക, —വെക്കുക; 2. ക്ലിപ്തപ്പെടുത്തുക; 3. ചട്ടം വെക്കുക, വെപ്പ് —, നിയമം—, നിബന്ധന—; 4. തടസ്ഥം—, നിരോധിക്കുക. **=stric′tiŏn**, *n.* മട്ട് വെക്കൽ; ക്ലിപ്തം, ചട്ടം, മട്ട് ; നിബന്ധന, വെപ്പ് ; തടസ്ഥം. **=stric′tiŏn-ar-y**, **=stric′tive**, *a.* അതിര് വെക്കുന്ന, ക്ലുപ്തംആയ; തടസ്ഥം—. **=stric′tive-ly**, *ad.* ക്ലിപ്തമായി; നിബന്ധനയായി. **=stric′tive-ness**, *n.* നിബന്ധന, നിരോധം.

**Rē-su-dā′tiŏn**, *n.* പിന്നെയും വിയൎപ്പിക്കൽ (*med.*).

**Re-sult′**, *v. i.* തെറിക്കുക; 2. (in) ആയ്തീരുക, അവസാനിക്കുക; 3. ഉണ്ടാക, ഉത്ഭവിക്കുക, ഉളവാക, ഫലിക്കുക; 4. സാധിക്കുക. *n.* തെറിക്കൽ; 2. ഫലം, ഫലസിദ്ധി; പരീക്ഷാഫലം; 3. ഒടുവ് , അവസാനം; 4. തീൎപ്പ് , നിശ്ചയം. **-ance**, *n.* ഉണ്ടാകൽ; സംഭവം; ഫലം. **-ant**, *a.* ഉണ്ടാകുന്ന, ഫലിക്കുന്ന. **r.t force** *or* **motion** കൂട്ടുശക്തി (*mech.*). *n.* കൂട്ടുശക്തി (*mech.*); ലോപസംഖ്യ (*math.*). **-fu̧l**, *a.* ഫലമുള്ള, സാദ്ധ്യകരം ആയ. **-less**, *a.* നിഷ്ഫലം—.

I. *Resu̧′mé* (rā-zu̧′mā), *n.* ചുരുക്കം, 'ഫ്ലോഷ്ടവാറ്', സംഗ്രഹം; ആവൎത്തനം.

II. **Re-sūme′**, *v. t.* മടക്കി എടുക്കുക; തിരികെ—; 2. —വരിക; 3. —ചെയ്യുക; 4. പിന്നെയും തുടങ്ങുക, പുനരാരംഭിക്കുക. **=′ma-ble**, *a.* പിന്നെയും ചെയ്യാകുന്ന; പുനരാരംഭിക്കത്തക്ക. **=sump′tiŏn**, *n.* മടക്കിയെടുക്കൽ; മുത്താപഹാരം; (ഭൂമി) പണ്ടാരത്തിലടക്കൽ (*Eng. l.*). **=sump′-tive**, *a.* മടക്കിയെടുക്കുന്ന.

**Rē-sum′mon**, *v. t.* തിരികെ വിളിപ്പിക്കുക; 2. പിന്നെയും കല്പനയയച്ച് വരുത്തുക, —'സമന'യക്കുക. **=sum′mŏns**, *n.* രണ്ടാമത്തെ കല്പന, —'സമൻ'കല്പന.

**Re-sump′tiŏn**, *etc.*, *s.u.* **Resume** II.

**Re-sū′pi-nāte**, **=nā-ted**, *a.* മേല്കീഴായ, തല—, തിരിഞ്ഞ; 2. മലൎന്ന. **=nā′-tiŏn**, *n.* മലൎന്ന് കിടപ്പ് ; മറിച്ചാമ്പാട്. **res′ū-pīne**, *a.* മലൎന്ന് കിടക്കുന്ന; ഉത്താനബുദ്ധിയായ; സൂക്ഷ്മം ഇല്ലാത്ത, വിചാരം—, നിൎവ്വിചാരിയായ.

**Re-sur′gent**, *a.* ജീവിച്ചെഴുന്നില്ക്കുന്ന, പുനരുത്ഥാനം ചെയ്യുന്ന. *n.* പുനൎജ്ജീവിക്കുന്നവൻ, പുനരുത്ഥാനം ചെയ്യുന്നവൻ. **=sur′gence**, *n.* ജീവിച്ചെഴുന്നില്ക്കൽ; പുനരുത്ഥാനം.

**Res-ur-rec′tiŏn**, *n.* വീണ്ടും എഴുന്നീല്ക്കൽ; പുനൎജ്ജീവിക്കൽ; 2. ജീവിച്ചെഴുന്നീല്പ് , ഉയിൎത്തെഴുന്നീല്പ് , പുനരുത്ഥാനം; 3. പുനരുത്ഥാനജീവദശ. **=rect′**, *v. t.* ശവംമാന്തുക; പുനൎജ്ജീവിപ്പിക്കുക; പിന്നെയും കത്തിപ്പൊന്തിക്കുക. **-ist**, *n.* ശവം മാന്തി. **-īse**, **-īze**, *v. t.* ജീവിച്ചെഴുന്നീല്പിക്കുക, പുനൎജ്ജീവിപ്പിക്കുക.

**Re-sus′ci-tāte**, *v. t.* പുനൎജ്ജീവിപ്പിക്കുക, ജീവൻവരുത്തുക; 2. മൃതസഞ്ജീവനം ചെയ്യുക. *v. i.* പുനൎജ്ജീവിക്കുക, ജീവിച്ച് വരിക. *a.* പുനൎജ്ജീവിച്ച. **=ta-ble**, *a.* ജീവിപ്പിക്കാകുന്ന. **=tant**, *a.* ഉജ്ജീവിപ്പിക്കുന്ന. *n.* പുനൎജ്ജീവിപ്പിക്കുന്നവൻ. **=tā′tiŏn**, *n.* ഉജ്ജീവനം; പുനൎജ്ജീവൻ. **=tā-tive**, *a.* ഉജ്ജീവിപ്പിക്കുന്ന; പുതുക്കുന്ന. **=tā-tŏr**, *n.* പുനൎജ്ജീവിപ്പിക്കുന്നവൻ.

**Ret**, *v. t.* ചീ(യി)ക്കുക; 2. (വക്ക് മുതലായത്) വെള്ളത്തിൽ ചീച്ച് നന്നാക്കുക. **-′tẽr-y**, *n.* വക്ക് ചീക്കുന്ന സ്ഥലം. **-′tin̄g**, *n.* —ചീക്കൽ; —ചീക്കുന്ന സ്ഥലം.

**Re-tāil′**, *v. t.* ചില്ലറവില്ക്കുക, ചില്ലാനക്കച്ചവടം ചെയ്യുക, വാണിഭം—; അഴിച്ചലാക്കുക; 2. വൎത്തമാനം പരത്തുക, പലരോടും പറയുക, പറഞ്ഞ് നടക്കുക; 3. കൈമാറി വില്ക്കുക; 4. പഴയ സാമാനം—. **rē′tāil**, *n.* ചില്ലറക്കച്ചവടം; ചില്ലാനക്കച്ചവടം; പഴഞ്ചരക്ക് കച്ചവടം. *a.* ചില്ലറ ആയ; 2. —വ്യാപാരമായ. **-′ĕr**, *n.* ചില്ലറക്കച്ചവടക്കാരൻ; പറഞ്ഞ് നടത്തുന്നവൻ. **-′ment**, *n.* ചില്ലറവ്യാപാരം.

**Re-tāin′**, *v. t.* പിടിച്ച് നിൎത്തുക, —വെക്കുക, കൈവശം—; 2. വിടാതിരിക്കുക; 3. മനസ്സിൽ വെക്കുക, കരുതുക; 4. പണിക്ക് നിൎത്തുക, ശമ്പളത്തിന്ന് വെക്കുക; 5. വക്കീലാക്കുക; 6. കൂലിക്ക് പിടിക്കുക. **-a-ble**, *a.* കൈവശം വെക്കാകുന്ന; നിശ്ചയിച്ചാക്കാകുന്ന. **-al, -ment, =ten′tiŏn**, *n.* പിടിച്ച് നിൎത്തൽ, നിൎത്തൽ; പിടിച്ച് നിൎത്തുന്ന ശക്തി, ബന്ധക—; ഓൎമ്മ—; കുറിപ്പ് പലക; തടസ്ഥം, പ്രതിബന്ധം; പിടിത്തം; തടവ്, കാരാഗൃഹം, തുറുങ്ക്; പിടിച്ച് വെപ്പാനുള്ള അവകാശം, കൈവശം വെപ്പാനുള്ള— (*l.*). **-ĕr**, *n.* പിടിച്ച് നിൎത്തുന്നവൻ; ബാല്യക്കാരൻ, പ്രവൃത്തിക്കാരൻ; അകമ്പടിക്കാരൻ, ആശ്രയിക്കുന്നവൻ, ആശ്രിതൻ; വക്കീലാക്കൽ (*l.*); കൈവശം വെക്കൽ (*l.*); വക്കീലിന്റെ പ്രതിഫലം, വക്കീൽ 'ഫീസ്' (*l.*); അകമ്പടി വെക്കൽ; ആശ്രിതനായിരിക്കൽ. **=tent′**, *n.* കൈവശം വെച്ചത്. **=ten′tive**, *a.* പിടിത്തം ഉള്ള, ധാരണ—; മറന്ന് പോകാത്ത. **r.e memory** നല്ല ഓൎമ്മശക്തി, —ധാരണ—. *n.* തടസ്ഥം, പ്രതിബന്ധം. **=ten′tive-ly**, *ad.* പിടിത്തത്തോടെ; ധാരണയോടെ. **=ten′tive-ness**, *n.* പിടിത്തം, പററ്; ധാരണ. **=ten-tiv′i-ty**, *n.* പിടിത്തം, പററ്.

**Rē-tāke′**, *v. t.* പിന്നെയും പിടിക്കുക, തിരികെ കൈവശപ്പെടുത്തുക; 2. പിടിച്ച് പററിയവനോട് പററുക.

**Re-tal′i-āte**, *v. t.* & *i.* പകരം ചെയ്യുക, —വീളു(ട്ടു)ക, പക—, പ്രതികാരം ചെയ്യുക. **=ā′tiŏn**, *n.* പകരം ചെയ്യൽ, —വീട്ടൽ; പ്രതിക്രിയ, പ്രതികാരം. **=ā-tive, =a-tŏr-y**, *a.* പ്രതിക്രിയയായ.

**Re-tärd′**, *v. t.* താമസിപ്പിക്കുക; 2. തടുക്കുക, വിഘ്നംവരുത്തുക, തടസ്ഥപ്പെടുത്തുക; 3. കുറക്കുക; 4. നിൎത്തിവെക്കുക, വഴിയോട്ടാക്കുക. **=tärd′, =tär-dā′tiŏn, -ment**, *n.* താമസിപ്പിക്കൽ; താമസം; തടസ്ഥം, വിഘ്നം. **r.d of the tide, r.n of the tide** നിലാവുദിക്കുന്നതിന്നും ഏററം തുടങ്ങുന്നതിന്നും ഇടയിലുള്ള സമയം. **-a-tive**, *a.* താമസംവരുത്തുന്ന. **-ĕr**, *n.* താമസിപ്പിക്കുന്നവൻ; മുടക്കുന്നവൻ.

**Retch** (rech *or* rēch), **Rēach**, *v. i.* ഓക്കാനിക്കുക, കാറുക; 2. കാൎക്കിക്കുക, കാൎക്കലിക്കുക, കാക്കരിക്കുക (*S.*); 3. ഛേട്ടുക, ഛേക്കുക; 4. മനംപിരട്ടുക.

**Rē′tē**, *n.* വല, വലമിടച്ചല്; 2. രക്തസിരജാലം (*an.*). **re-tē′ciŏus** (-tē′shus), *a.* ജാലാകൃതിയായ, വലപോലെയുള്ള.

**Re-ten′tiŏn, =tent′, =ten′tive,** *etc.*, *s. u.* **Retain.**

**Re-tex′tūre**, *n.* പിന്നെയും നെയ്യൽ; 2. —ഉണ്ടാക്കൽ.

**Rē′ti-ar-y** (rē′shi-ĕr-i), *a.* വലപോലെയുള്ള; 2. വലകെട്ടി ഇര പിടിക്കുന്ന; 3. വലയുള്ള; കട്ടുക്കുന്ന. *n.* എട്ടുകാലി, ചിലന്തി(ന്നി), വ(മ)ണ്ണാൻ (*z.*).

**Ret′i-cence, =cen-cy**, *n.* മിണ്ടാതിരിക്കൽ, മൌനം; 2. സംവൃതിയലങ്കാരം (*rhet.*). **=cent**, *a.* മിണ്ടാത്ത, അനങ്ങാത്ത, മൌനമായ, മുനിയായ.

**Ret′i-cle**, *n.* ചെറുവല; 2. കമ്പി—. **=tic′ū-lar, ret′i-form**, *a.* വലപോലെയുള്ള; വലമിടച്ചലായ; കന്നുകാലികളുടെ രണ്ടാംപള്ള ആയ, പകപാശയം— (*an.*). **=tic′ū-lar-ly**, *ad.* വലമിടച്ചലായി. **=tic′ū-lāte, =tic′ū-lā-ted**, *a.* വലമിടച്ചൽ ആയ, —പോലെയുള്ള. **=tic-ū-lā′tiŏn**, *n.* വലമിടച്ചൽ, ജാലാകൃതി. **=cūle**, *n.* (സ്ത്രീകളുടെ) തുന്നൽ സഞ്ചി, കൈ—; കമ്പിവല. **=tic′ū-lum**, *n.* കന്നുകാലികളുടെ രണ്ടാം പള്ള, പകപാശയം (*an.*).

**Ret'i-na,** *n.* നേത്രാന്തരപടലം (*an.*). =**ni'tis,** *n.* —പടലവീക്കം (*med.*).

**Ret'i-nūe,** *n.* അകമ്പടി, പരിവാരം, പരിജനം, അനുചരന്മാര്, കൂടയുള്ളവര്, കൂട്ടര്, ആൾക്കാര്.

**Re-tīre',** *v. t.* (*refl.*) പിൻവാങ്ങുക; 2. പിരിയുക, ഉദ്യോഗം ഒഴിയുക; 3. (ഉണ്ടിക) മടങ്ങിയെടുക്കുക, ഉണ്ടികക്ക് പണമടക്കുക (*com.*); 4. ഉദ്യോഗം പിരിക്കുക. *v. i.* പിൻവാങ്ങുക, പോക; മറവിടത്തിലേക്ക് പോക; മറവിൽ നില്ക്കുക; 2. മാറിക്കളയുക, പിൻമാറുക; 3. പ്രവൃത്തി ഉപേക്ഷിക്കുക, പിരിയുക; 4. ഉറങ്ങാൻ പോക, ഉറങ്ങുക. *n.* പിൻവാങ്ങൽ; 2. യുദ്ധത്തിൽനിന്ന് പിൻതിരിവാനുള്ള കാഹളനാദം (*mil.*). =**tīred'** (-tīrd'), *a.* സ്വകാര്യംആയ, ഗൂഢം—; ഏകാന്തം—; വിജനം—, നിർജ്ജനം—; ശാന്തം—, സൈ്വരം—; പ്രവൃത്തിയിൽനിന്ന് പിരിഞ്ഞ; ഉദ്യോഗം ഒഴിഞ്ഞ. **r.d list** അടുത്തുൺ ശമ്പളപ്പട്ടിക, 'പിഞ്ചിൻകാര്'. =**tīred'ly,** *ad.* സ്വകാര്യമായി; ഏകാന്തമായി. =**tīred'ness,** *n.* ഏകാന്തം, രഹസ്യം. **-ment,** *n.* വിടവാങ്ങൽ, പിരിയൽ; ഏകാന്തം; സ്വകാര്യപ്പാർപ്പിടം. =**tī'rĕr,** *n.* പിൻവാങ്ങുന്നവൻ; പിരിയുന്നവൻ. =**tī'ring,** *a.* ശങ്ക ഉള്ള, നാണം—; വാങ്ങിനില്ക്കുന്ന, അധൃഷ്യമായ; ഉദ്യോഗം പിരിയുന്ന. **r.g board** അടുത്തുണപേക്ഷക പരിശോധനസഭ (*mil.*). **r.g pension** *or* **allowance** അടുത്തുണ്, ജീവിതഭോഗം, 'പെൻഷൻ', 'പിഞ്ചിൻ'.

**Re-tor'siŏn,** *n., s. u.* **Retort.**

**Re-tort',** *v. t.* തിരിക്കുക, മടക്കുക; 2. തിരിച്ചടിക്കുക; 3. പ്രതിബിംബിക്കുക; 4. പ്രതിധ്വനിക്കുക; 5. തിരിച്ച് പറയുക, അങ്ങോട്ടും—, പ്രതി—, പകരം—; —കാട്ടുക. *v. i.* എതിർപറയുക, എതിത്ത്—. *n.* പ്രത്യുത്തരം, എതിർവാക്ക്, പ്രത്യാക്ഷേപം; കൊള്ളിവാക്ക്, കത്തുന്ന—; പ്രതിക്രിയ; 2. ഒരുവകമൂശ, വാററ്—, കാച്ച്കഴല്, ബകയന്ത്രം. **-ĕr,** *n.* പ്രതിപറയുന്നവൻ; കൊള്ളിവാക്കുകാരൻ. =**tor'tiŏn,** =**tor'siŏn,** *n.* മടക്കൽ, തിരിപ്പ്, തിരിക്കൽ; പ്രതിക്രിയ (*l.*). **-ive,** *a.* പ്രതിആയ, ഉത്തരം—.

**Rē-tŏuch'** (-tuch'), *v. t.* കറവ് തീക്കുക, നന്നാക്കുക, വെടിപ്പ് വരുത്തുക. *n.* നന്നാക്കൽ, കററംതീക്കൽ. **-ĕr,** *n.* കുററംതീക്കുന്നവൻ; വൃത്തിയാക്കുന്നവൻ.

**Rē-trāce',** *v. t.* വഴിയോട്ട് പോക; 2. തിരിച്ച്—, മടങ്ങിപ്പോക; 3. പിന്നെയും വരക്കുക.

**Re-tract',** *v. t.* മടക്കുക, കറുക്കുക; 2. മടക്കിയെടുക്കുക, പിൻവലിക്കുക; 3. തള്ളിപ്പറയുക, നിഷേധിക്കുക; 4. 'റദ്ദാ'ക്കുക, ദുർബ്ബലപ്പെടുത്തുക. *v. i.* കറുകുക, ചുരുങ്ങുക; 2. മറിച്ച് പറയുക, വാക്ക് മാറുക, —തെററുക; പറഞ്ഞതിന്ന് വിപരീതം പറയുക; വാക്ക് മടക്കിയെടുക്കുക; 3. ഒത്താപഹാരം ചെയ്യുക. =**trac'ta-ble,** =**trac'ti-ble,** *a.* മറുത്ത് പറയാകുന്ന; കറുക്കാകുന്ന. =**tā'tiŏn,** *n.* നിഷേധിക്കൽ; നിഷേധം. =**trac'tile,** *a.* മടക്കിയെടുക്കാകുന്ന; കറുക്കാകുന്ന. =**trac'tiŏn,** *n.* മടക്കിയെടുക്കൽ, നിഷേധിക്കൽ; വാക്ക് മാറൽ; അഭിപ്രായംമാററൽ; വിപരീതാഭിപ്രായം; കറുക്കൽ (*phys.*); ചുരുക്കം (*phys.*). =**trac'tive,** *a.* ഒത്താപഹാരമായ; തള്ളുന്ന. *n.* മടക്കുന്നത്. =**trac'tive-ly,** *ad.* പിൻവലിക്കുന്നതായി. =**trac'tŏr,** *n.* മടക്കിയെടുക്കുന്നവൻ; കറുക്ക് പേശി (*an.*).

**Re-trēat'** (-trēt'), *n.* പിൻവാങ്ങൽ, പിന്തിരിവ്; അപശമനം; 2. ചെല്ലുന്ന സ്ഥലം, നിലയം; സങ്കേതം, ആശ്രയസ്ഥാനം, ഏകാന്തസ്ഥലം; രഹസ്യ—; 3. യുദ്ധത്തിൽനിന്ന് പിൻവാങ്ങൽ (*mil.*); 4. —പിൻവാങ്ങുവാനുള്ള കാഹളധ്വനി; —കൊടി (*mil.*); 5. ഭജനം (*R. C.*). *v.i.* പിൻവാങ്ങുക, പിന്തിരിയുക, തിരിച്ച് പോക.

**Re-trench',** *v. t.* മുറിക്കുക, ചെത്തുക; 2. ചുരുക്കുക, കറക്കുക; 3. ക്ലിപ്തപ്പെടുത്തുക; 4. കോട്ടക്കകത്ത് വാടകോരുക. *v. i.* ചെലവ് ചുരുക്കുക. **-ment,** *n.* ചുരുക്കൽ; കോട്ടക്കകത്തുള്ള വാട.

**Rē-trī'al,** *n., s. u.* **Retry.**

**Ret-ri-bū'tiŏn,** *n.* മടക്കിക്കൊടുക്കൽ; കടംവീട്ടൽ; 2. പ്രതിഫലം, പ്രത്യുപകാരം; 3. പ്രതികാരം, പ്രതിക്രിയ, ശിക്ഷ; 4. അവസാനന്യായവിധി (*Chr.*). =**trib'ūte,** *v. t.* പ്രതികാരം ചെയ്യുക; പ്രതിഫലംകൊടുക്കുക. =**trib'ū-tēr,** *n.* പ്രതികാരംചെയ്യുന്നവൻ, പകരംവീട്ട(ട്ടു)ന്നവൻ. =**trib'ū-tive,** =**trib'ū-tōr-y,** *a.* പ്രതിക്രിയയായ; പ്രതികാരം സംബന്ധിച്ച.

**Re-triēve',** *v. t.* (പോരാട്ടായത്) തിരികെപ്രാപിക്കുക, മടക്കിക്കിട്ടുക; 2. നന്നാക്കുക, യഥാസ്ഥാനപ്പെടുത്തുക; 3. മടക്കിവിളിക്കുക, തിരികെ കൊണ്ടുവരിക; 4. കേട് തീക്കുക, കറവ്—. *v. i.* (വേട്ടയിൽ) മുറിവേററ ഉരുവിനെ തിരഞ്ഞ് കാണുക. =**triēv'a-ble,** *a.* ഗുണപ്പെടുത്താവുന്ന, നന്നാക്കാകുന്ന. =**triēv'a-ble-ness,** *n.* പുനഃപ്രാപ്യത. =**triēv'a-bly,** *ad.* തിരികെ കിട്ടത്തക്കവണ്ണം. =**triēv'-al, -ment,** *n.* യഥാസ്ഥാപനം. =**triēv'-ēr,** *n.* തിരികെകൊണ്ടുവരുന്നവൻ; ഒരുവക നായാട്ടുനായി (*z.*).

**Rē'trō-** (*or* ret'ro), *pf.* വഴിയോട്ട്, പിമ്പോട്ട്; കഴിഞ്ഞകാലംസംബന്ധിച്ച്. -**ăct',** *v. i.* വഴിയോട്ട് പ്രവൃത്തിക്കുക; തിരിച്ചടിക്കുക; എതിരായി പ്രവൃത്തിക്കുക; തിരിഞ്ഞ് നോക്കുക; കഴിഞ്ഞകാലംസംബന്ധിച്ചിരിക്കുക. -**ăc'tiŏn,** *n.* തിരിച്ചടി, വഴിയോട്ടുള്ള പ്രവൃത്തി; ഭൂതകാലസംബന്ധം. -**ăc'tive,** *a.* പിന്നോട്ട് പ്രവൃത്തിക്കുന്ന; ഭൂതകാലം സംബന്ധിച്ച. r.e **law** *or* **statute** ഭൂതാപേക്ഷാനിയമം (*l.*). -**ăc'tive-ly,** *ad.* ഭൂതകാലം സംബന്ധിച്ച്. -**cēde,** *v. t.* തിരിച്ച് കൊടുക്കുക, മടക്കിക്കൊടുക്കുക. *v. i.* വഴിയോട്ട് പോക, പിൻവാങ്ങുക. -**cē'-dent,** *a.* സ്ഥലം മാറിവരുന്ന (*med.*). -**ces'siŏn** (-sesh'un), *n.* പിൻവാങ്ങൽ; മടക്കിക്കൊടുക്കൽ; മടക്കം; അകംവലിയൽ (*med.*). -**dŭc'tiŏn,** *n.* വഴിയോട്ട് കൊണ്ടുപോകൽ. -**flex, -flexed,** *a.* വഴിയോട്ട് വളഞ്ഞ. -**flex'iŏn** (-flek'shun), *n.* —വളയൽ; പുറവളവ്. -**fract, -fract-ed,** *a.* പുറത്തോട്ട് വളഞ്ഞ, ഒടിവുള്ള. -**grāde,** *a.* വഴിയോട്ട് ഗമിക്കുന്ന, വിപരീതഗതിയുള്ള (*as.*); വഴിയോട്ടുള്ള, വിപരീതമായ; അധോഗതിയായ. r.e **development** അധോഗതി (*biol.*). *v. i.* വഴിയോട്ട് പോക; അധോഗതിവരിക. -**gra-dā'tiŏn,** *n.* പ്രതീപഗമനം; —ഗതി; അധഃപതനം. -**grā-ding-ly,** *ad.* വഴിയോട്ട്, അധോമുഖമായി. -**gress, -gres'siŏn,** (-gresh'un), *n.* വിപരീതഗതി, പിന്നോക്കം പോകൽ; അധോഗതി (*biol.*). -**gres'sive,** *a.* വഴിയോട്ട് പോകുന്ന, വിപരീത ഗതിയുള്ള; താണ് പോകുന്ന, അധോമുഖം ആയ; അധോഗതി— (*biol.*). -**gres'sive-ly,** *ad.* വഴിയോട്ട്, താഴോട്ട്, അധോമുഖമായി. -**min'ġent,** *a.* പിന്നോക്കം മൂത്രം ഒഴിക്കുന്ന. *n.* —വിസൎജ്ജിക്കുന്ന പ്രാണി (*z.*). -**min'ġen-cy,** *n.* വഴിയോട്ട് മൂത്രം വിസൎജ്ജിക്കൽ. -**pul'sive,** *a.* വഴിയോട്ട് തള്ളുന്ന, പിന്നോട്ടോടിക്കുന്ന; അററപ്പുള്ള. **re-trorse',** *a.* പുറകോട്ട് വളഞ്ഞ, കീഴോട്ട്—. **re-trorse'ly,** *ad.* താഴോട്ട് വളഞ്ഞതായി. -**spect,** *v. i.* തിരിഞ്ഞ് നോക്കുക, മറിഞ്ഞ്—; കഴിഞ്ഞകാലം സംബന്ധിക്കുക, ഭൂതാപേക്ഷയുണ്ടാക. *n.* മറിഞ്ഞ് നോക്കൽ; ഭൂതകാലാവലോകനം, ഭൂതാപേക്ഷ, കഴിഞ്ഞകാലസംബന്ധം. -**spec'tiŏn,** *n.* ഭൂതാവലോകനം, ഭൂതാപേക്ഷ. -**spec'tive,** *a.* തിരിഞ്ഞ് നോക്കുന്ന; കഴിഞ്ഞ കാൎയ്യം ചിന്തിക്കുന്ന; ഭൂതകാലം സംബന്ധിച്ച, ഭൂതാപേക്ഷ ആയ. -**spec'tive-ly,** *ad.* —ആയി, കഴിഞ്ഞകാലംസംബന്ധിച്ച്. -**vērt,** *v. t.* വഴിയോട്ട് തിരിയുക. -**vēr'siŏn,** *n.* പുറകോട്ട് തിരിയൽ; —വളയൽ; പുറവളവ്; വഴിയോട്ടുള്ള നീക്കം.

**Re-trude',** *v. t.* വഴിയോട്ട് തള്ളുക. =**tru'ṣiŏn,** *n.* പിന്നോക്കം തള്ളൽ; ഉന്ത്, തള്ള്.

**Rē-trȳ',** *v. t.* രണ്ടാമത് വിചാരണ ചെയ്യുക, —വിസ്തരിക്കുക. =**trī'al,** *n.* പുനഃശോധന; പുനൎവ്വിചാരണ.

**Ret'tēr-y, Ret'ting,** *s. u.* **Ret.**

**Re-tund',** *v. t.* മൂൎച്ചകെടുക്കുക; വാത്സ്യലമടക്കുക; 2. കറക്കുക; 3. മന്ദമാക്കുക.

I. **Rē-turn′**, *v. t. & i.* പിന്നെയും തിരിയുക.

II. **Re-turn′**, *v. i.* തിരിച്ച് പോക, മടങ്ങിപ്പോക, മടങ്ങുക; മടങ്ങിവരിക, തിരിച്ച്—; 2. പിന്നെയും ഉണ്ടാക, —സംഭവിക്കുക; 3. ഉത്തരം പറയുക, മറുവടി—; 4. തിരികെ കിട്ടുക, പിന്നെയും—; 5. തുടന്ന് ആലോചിക്കുക; —പറയുക, തുടരുക. *v. t.* മടക്കിക്കൊടുക്കുക, മടക്കിയയക്കുക; 2. വീട്ടുക; 3. പ്രതികാരം ചെയ്യുക; 4. പ്രതിഫലം കൊടുക്കുക; 5. ഉത്തരം പറയുക, മറുവടി അയക്കുക; 6. അങ്ങോട്ട് പറയുക, പ്രതി—; 7. അറിയിക്കുക; 8. കണക്ക് ബോധിപ്പിക്കുക, വിവരം അറിയിക്കുക; 9. തെരിഞ്ഞെടുക്കുക (*Eng.*); 10. ഖജാനക്കടക്കുക; 11. (കോടതി കല്പന) മടങ്ങിബോധിപ്പിക്കുക (*l.*); 12. (പന്ത്)മടങ്ങിയടിക്കുക; 13. (കത്ത് കളി) ഇറക്കുക. **to r. a lead** (കത്ത് കളി) ജാതി ഇറക്കുക. *n.* മടങ്ങൽ; 2. ഉണ്ടാകൽ, വരൽ, ആകൽ; 3. മടക്കൽ, മടക്കിക്കൊടുക്കൽ, പകരം ചെയ്യൽ; 4. പകരം, പ്രതി; പ്രതികാരം; 5. പ്രതിഫലം; 6. പണം; 7. ഉത്തരം, മറുവടി; 8. കണക്ക്, വിവരം, 'റിററൻ'; 9. *pl.* കണക്ക് പട്ടിക; 10. ലാഭം, ആദായം, അനുഭവം; 11. അകലം, വീതി (*arch.*); 12. (കല്പന) മടങ്ങിബോധിപ്പിക്കൽ (*l.*); 13. *pl.* തിരിച്ചല്, തിരിപ്പ്. **r.-day** നിശ്ചയിച്ച ദിവസം (*l.*). **r.-post** മടക്കത്തപ്പാല്. **-a-ble**, *a.* മടക്കിക്കൊടുക്കാകുന്ന; മടങ്ങിബോധിപ്പിക്കേണ്ടുന്ന (*l.*). **-ĕr**, *n.* മടക്കിക്കൊടുക്കുന്നവൻ. **-less**, *a.* ആദായമില്ലാത്ത.

**Re-ūn′ion**, *n.*, *s. u.* **Reunite.**

**Rē-ū-nīte′**, *v. t.* തിരികെ യോജിപ്പിക്കുക, തിരികെ കൂട്ടിച്ചേർക്കുക; 2. സന്ധിപ്പിക്കുക. **=ūn′iŏn** (-ūn′yun), **=ni′tiŏn** (-nish′un), *n.* പുനരൈക്യം, (പുനർ)യോജിപ്പ്, കൂടിവരവ്, സമ്മേളനം.

**Rev-a-les′cent**, *a.* സുഖമായ്ക്കൊണ്ട് വരുന്ന, ശക്തിവെച്ച്—. **=les′cence**, *n.* സുഖവദ്ധന, ശക്തി—.

**Re-vēal′** (-vēl′), **Rev′e-lāte**, *v. t.* വെളിച്ചത്താക്കുക, വെളിപ്പെടുത്തുക, കാണിക്കുക, പ്രത്യക്ഷമാക്കുക; 2. വെളിപ്പാടുണ്ടാക; 3. വെളിച്ചപ്പെടുക. *n.* വെളിപ്പാട്; വെളിച്ചപ്പാട്; 2. (*also* revel) കട്ടിലക്കുറക് (*arch.*). **-a-bil′i-ty, -a-ble-ness**, *n.* പ്രകടണീയത്വം, ആവിഷ്കരണീയത്വം. **-a-ble**, *a.* വെളിപ്പെടത്തക്ക, പ്രകാശനീയമായ. **-ĕr, rev′e-lā-tŏr**, *n.* വെളിപ്പെടുത്തുന്നവൻ, പ്രകാശകൻ. **-ment**, *n.* വെളിപ്പെടുത്തൽ. **rev-e-lā′tiŏn**, *n.* വെളിപ്പെടുത്തൽ, പ്രത്യക്ഷമാക്കൽ, പ്രകാശനം; വെളിപ്പാട്; വെളിച്ചപ്പാട്; ദിവ്യവെളിപ്പാട്, ദൈവവചനം, 'ബൈബിൾ' (*theo.*); *pl.* വെളിപ്പാട് പുസ്തകം (*Bl.*), അറിയിപ്പ്— (*S.*).

**Re-veil′le** (rā-vel′yā), *n.* പ്രഭാതഭേരി; —കാഹളം (*mil.*).

I. **Rev′el**, *n.*, *s. u.* **Reveal.**

II. **Rev′el, -ry**, *n.* മദ്യപാനഘോഷം, വെറിക്കൂത്ത്, ലഹരിക്കൂത്താട്ടം. **rev′el**, *v. i.* കുടിച്ച് കൂത്താടുക, മദ്യപാനോത്സവം ഘോഷിക്കുക; 2. ഉല്ലസിക്കുക; വിളയാടുക; 3. ലയിക്കുക. **-ĕr, -lĕr**, *n.* കുടിച്ച് മദിക്കുന്നവൻ. **-ment**, *n.* കുടിക്കൂത്ത്.

**Rev-e-lā′tiŏn, =lā-tŏr**, *s. u.* **Reveal.**

**Rev′el-ler, =el-ry**, *etc.*, *s. u.* **Revel II.**

**Rē-ven′di-cāte**, *v. t.* മടങ്ങി(ക്കി)ച്ചോദിക്കുക, അവകാശപ്പെടുക. **=cā′-tiŏn**, *n.* അവകാശപ്പെടൽ.

**Re-venge′**, *v. t.* പകരം വീട്ടു(ള്ളു)ക, പ്രതിക്രിയ ചെയ്യുക, പ്രതികാരം നടത്തുക; 2. പക വീള(ട്ടു)ക. *n.* പകരം വീട്ട(ള)ൽ; 2. പ്രതികാരം, പ്രതിക്രിയ; 3. പക, വൈരം. **-a-ble**, *a.* പകരംചെയ്യാകുന്ന. **-ful, =ven′ging**, *a.* പ്രതികാരം ചെയ്യുന്ന; പക ഉള്ള, മത്സരം—. **-ful-ly, =ven′ging-ly**, *ad.* മത്സരത്തോടെ. **-ful-ness**, *n.* മാത്സര്യം, മത്സരഭാവം, ക്ഷാത്രം. **=ven′gĕr**, *n.* പകയാളി, പ്രതികാരം ചെയ്യുന്നവൻ.

**Rev′en-ūe**, *n.* വരവ്, വരുമാനം, ആദായം, അനുഭവം, കാലാനുഭവം, വാരം, പാട്ടം; 2. പ്രതിഫലം; 3. മുതലെടുപ്പ്, കരം, നികുതി, സക്കാര് നികുതി. **R. Board** നികുതിഭരണസഭ, 'റെവന്യൂ

ബോഡ്', 'ബോഡ്യുകാര്'. r.-cutter കള്ളച്ചരക്ക് പിടിക്കുന്ന കപ്പല്. r. year 'ഫസലി' വഷം.

Re-vĕr'bĕr-āte, *v. t.* മാറെറാലിയു ണ്ടാക്കുക, പ്രതിധ്വനിയുളവാക്കുക; മുഴ ക്കുക; 2. വഴിയോട്ട് തള്ളുക, അങ്ങോട്ടുമി ങ്ങോട്ടും—; 3. പ്രതിബിംബിപ്പിക്കുക. *v. i.* മാറെറാലിയുണ്ടാക, പ്രതിധ്വനി പുറപ്പെടുക; 2. വഴിയോട്ട് തള്ളിപ്പോക; 3. പ്രതിബിംബിക്കുക. =vĕr'bĕr-ant, *a.* പിന്നോട്ട് തെറിക്കുന്ന; മാറെറാലിയു ള്ള, മുഴങ്ങുന്ന. =ā'tiŏn, *n.* മുഴക്കൽ; പ്രതിബിംബിപ്പിക്കൽ; മുഴക്കം. =a-tive, =a-tŏr-y, *a.* മാറെറാലിയുള്ള; പ്രതിബിംബിപ്പിക്കുന്ന. =ā-tŏr, *n.* പ്ര തിബിംബിപ്പിക്കുന്നത്; മാറെറാലിയുണ്ടാ കുന്നത്. =a-tŏr-y, *a.* ഉഷ്ണപ്രതിവ ർത്തകച്ചൂള.

Re-vēre' (-vēr'), rev'ĕr-ence, *v. t.* ബഹുമാനിക്കുക, വണങ്ങുക, ശങ്കിക്കുക; 2. ഭക്തികാട്ടുക; പൂജിക്കുക, നമസ്കരിക്കു ക. rev'ĕr-ence, *n.* ഭയഭക്തി, ബഹു മാനം, വണക്കം; പൂജ; ഓച്ചാനം, നമ സ്കാരം; അഭിമാനം, പദവി, അവസ്ഥ, ഉയന്നനില, ആഭിജാത്യം; പൂജ്യൻ; (his, your) ബോധകന്മാൎക്കുള്ള ബഹുമാനവാചി: his r.e the pastor വന്ദ്യശ്രീ ബോധ കര് (പട്ടക്കാരൻ). save your r.e (*contr. f.* sir r.e), saving your r.e വന്ദ്യശ്രീയങ്ങുന്ന് ക്ഷമിക്കണം. to do r.e ബഹുമാനിക്കുക, പൂജിക്കുക. rev'-ĕr-en-cĕr, *n.* പൂജകൻ, ഭക്തൻ. rev'-ĕr-end (*contr. f.* Rev. *or* Revd.), *a.* ബ ഹുമാനയോഗ്യൻആയ, മാന്യൻ—, പൂജ്യ ൻ—; ബോധകന്മാരുടെ (പട്ടക്കാരുടെ *S.*) പേരിന്ന് മുമ്പിൽ ചേക്കുന്ന ബഹുമാനവാ ചി, വന്ദ്യശ്രീ: Revd. William Dilger, Rev. Mr. Dilger വന്ദ്യശ്രീ വില്യം ദി ല്ഗർ ബോധകര്. very rd. 'ഡീൻ' എന്ന പ്രധാനബോധകൻെറ പേരിന്ന് മുമ്പിൽ ചേക്കുന്ന ബഹുമാനവാചി, മഹാ വന്ദ്യശ്രീ. right rd. സഭാദ്ധ്യക്ഷൻെറ പേരിന്ന് മുമ്പിൽ ചേക്കുന്ന ബഹുമാനവാ ചി, ദിവ്യശ്രീ. most rd. മേലദ്ധ്യക്ഷ ൻെറ മുമ്പിൽ ചേക്കുന്ന ബഹുമാനവാചി, മഹാദിവ്യശ്രീ. rev'ĕr-ent, rev-ĕr-en'-tial (-en'shal), *a.* വണക്കം ഉള്ള, ഗുരു ത്വം—, ഭയഭക്തി—; താഴ്മ—, വിനയം—. rev-ĕr-en'tial-ly, rev'ĕr-ent-ly, *ad.* വണക്കത്തോടെ, ഓച്ചാനിച്ച്, ബഹുമാ നിച്ച്. re-vē'rĕr, *n.* ബഹുമാനിക്കുന്ന വൻ; ഭക്തൻ.

Rev'ĕr-iē, Rev'ĕr-y, *n.* മനോരാ ജ്യം, മിത്ഥ്യാഭാവന; നിരൂപണം, മായാ വിചാരം.

Re-vĕrse', *a.* തിരിഞ്ഞ, മറിഞ്ഞ; 2. വിപരീതം ആയ, വ്യതിക്രമം—, പ്രതി ലോമം—, മറിച്ചാമ്പാടായ. r. fire പി മ്പിൽനിന്നുള്ള വെടി. r. operation വിപരീതക്രിയ, വ്യതിക്രമ—(*math.*). *n.* പുറം, മറുഭാഗം, പൃഷ്ഠം; 2. വിപരീതം, വ്യത്യാസം; 3. മാററം, പരിണാമം, വി കാരം; 4. തോല്വി, അപജയം; 5. ഉട്ടശ, ശനിപ്പിഴ, ഗ്രഹപ്പിഴ, നിൎഭാഗ്യം; 6. മറി. *v. t.* തിരിക്കുക; 2. മാററുക; വ്യത്യാസ പ്പെടുത്തുക; 3. പോക്കുക, ഇല്ലാതാക്കുക; 4. മറിക്കുക, കമിഴ്ത്തുക, തലകീഴാക്കുക, കീഴ്ക്കാമ്പാടാക്കുക; 5. മറിച്ച്കളയുക, നശിപ്പിക്കുക; 6. (അപ്പീലിൽ കീഴ്ക്കോട തിയുടെ) വിധിമാററുക (*l.*). r. arms തോക്ക് തിരിച്ച് പിടിക്കുക (*mil.*). *v. i.* മറിയുക, തിരിഞ്ഞ് പോക. =vĕr'sal, *n.* മാററൽ; തിരിക്കൽ; മറിക്കൽ; മാററം, വി ധിമാററം, ദുൎബ്ബലപ്പെടുത്തൽ. =vĕrsed' (vĕrst'), *a.* മറിഞ്ഞ, മറിച്ചാമ്പാടായ; (വിധി)മാററിയ (*l.*). =vĕr'sed-ly, *ad.* മറിച്ചാമ്പാട്; തലകീഴായി. -less, *a.* മാററാൻപാടില്ലാത്ത. -ly, *ad.* മറിച്ചാ മ്പാട്, നേരെമറിച്ച്, മറിച്ച്, വിപരീത മായി. =vĕr'sĕr, *n.* മറിക്കുന്നവൻ; മാ ററുന്നവൻ. =vĕr-si-bil'i-ty, *n.* പരിണാ മൃത. =vĕr'si-ble, *a.* മറിച്ച്വെക്കാവു ന്ന; മാററാകുന്ന; (തുണി) ഇരുപുറവും മി നുസമുള്ള. =vĕr'si-bly, *ad.* മറിക്കത്ത ക്കവണ്ണം. =vĕr'sing, *a.* മറിക്കുന്ന; വ ഴിയോട്ടോടുന്ന. r.g. engine, മുമ്പോട്ടും വഴിയോട്ടും ഓട്ടുന്ന യന്ത്രവണ്ടി. =vĕr'-siŏn, *n.* മടക്കം; ശിഷ്ടം; (ഒസ്യത്താൽ കൊടുത്തത് കഴിച്ച്) ശിഷ്ട(മുള്ള)സ്വത്ത് (*l.*); പിന്തുടച്ച; ഭാവികാലത്തിൽ കിട്ടാ

അല്ല ദ്രവ്യം; പൂർവ്വപരിണാമ്യത (*biol.*). =ver'sion-a-ry, *a.* ശിക്ഷാവകാശം സം ബന്ധിച്ച, —ആയ (*l.*). *n.* ശിക്ഷാവ കാശം (*l.*). =ver'sion-er, *n.* ശിക്ഷാ വകാശി (*l.*).

**Re-vĕrt'**, *v. t.* തിരിക്കുക, മറിക്കുക; മാററുക; 2. പ്രതിബിംബിക്കുക; 3. പ്ര തിധ്വനിയുണ്ടാക; 4. പരിണമിക്കുക (*ch.*). *v. i.* മടങ്ങിവരിക, തിരിച്ച് —; 2. ജന്മിക്ക് മടങ്ങിച്ചേരുക (*l.*); 3. പൂർവ്വ പരിണാമ്യതയുണ്ടാക (*biol.*); 4. മാറുക, വികാരംപ്രാപിക്കുക (*ch.*). *n.* തിരിക്ക ന്നവൻ. =vĕrt'ed, *a.* തിരിഞ്ഞ, മറി ഞ്ഞ; വളഞ്ഞ് തിരിഞ്ഞ (*her.*). =vĕrt'-ĕr, *n.* മടങ്ങിവരുന്നവൻ; ശിക്ഷാവകാ ശം (*l.*). =vĕrt'i-ble, *a.* മാററാകുന്ന; മടങ്ങിവരുന്ന. =vĕrt'ive, *a.* —വരുന്ന, തിരിച്ച് —. =vĕrt'ive-ly, *ad.* മടങ്ങി.

**Rev'ĕr-y**, *n.*, *s. u.* Reverie.

**Re-view'** (-vū'), *v. t.* തിരികെനോ ക്കുക; മറിഞ്ഞ് —; 2. പരിശോധിക്കുക; 3. (പുസ്തകം) പരിശോധിച്ചഭിപ്രായം പ റയുക; 4. സേനാപരിശോധനചെയ്യുക (*mil.*); 5. (കീഴ്ക്കോടതിയുടെ) വിധി പ രിശോധിക്കുക (*l.*); 6. തിരികെചെയ്യുക, രണ്ടാമതും പ്രവൃത്തിക്കുക. *v. i.* തിരി ഞ്ഞ് നോക്കുക; 2. പരിശോധിച്ചഭിപ്രാ യം പറയുക. *n.* പുനർദ്ദർശനം; 2. പരി ശോധന; 3. (ഗ്രന്ഥ)പരിശോധന; 4. പത്രഗ്രന്ഥം, മാസിക, ത്രൈമാസിക; 5. സൈന്യപരിശോധന (*mil.*); 6. വിധി— (*l.*); 7. രണ്ടാമതും പഠിച്ച പാഠം. -a-ble, *a.* പരിശോധിക്കാകുന്ന. -al, *n.* പരി ശോധന. -ĕr, *n.* പരിശോധകൻ; ഗ്ര ന്ഥപരിശോധകൻ.

**Re-vīle'**, *v. t. & i.* ചീത്തപറയുക, വായി—, വാവിഷ്ഠാണംചെയ്യുക; 2. നിന്ദി ക്കുക; 3. ശകാരിക്കുക. -ment, *n.* ചീ ത്തപറയൽ; ചീത്തവാക്ക്, വാവിഷ്ഠാണം; ശകാരം. =vī'lĕr, *n.* വാവിഷ്ഠാണക്കാ രൻ. =vī'ling, *n.* നിന്ദ; ശകാരം; ചീ ത്തവാക്ക്. *a.* ശകാരമായ. =vī'ling-ly, *ad.* വാവിഷ്ഠാണമായി.

**Re-vīse'**, *v. t.* പരിശോധിക്കുക, പി ന്നെയും വായിച്ച് നോക്കുക; 2. തിരുത്തി നന്നാക്കുക; 3. പിഴതിരുത്തുക (*print.*); 4. മാററുക, ഭേദപ്പെടുത്തുക. *n.* പരി ശോധന; തിരുത്തൽ. =vī'sa-ble, *a.* ന ന്നാക്കാകുന്ന. =vī'sal, =vi'siŏn (-vizh'un), *n.* പരിശോധിക്കൽ; പുനഃശോധന; തി രുത്തൽ; മാററം; പുനർവ്വിചാരണ (*l.*). =vī'sĕr, *n.* പരിശോധകൻ. =vi'siŏn-al, =vi'siŏn-ar-y (-vizh'un-), *a.* പരി ശോധന ആയ; പുനഃശോധന—; പുന ർവ്വിചാരണ—. =vī'sŏr-y, *a.* തിരുത്തി നന്നാക്കുന്ന; പുനഃശോധനയായ.

**Re-vīve', Rē-viv'i-fi-cāte**, *v. i.* പു നർജ്ജീവിക്കുക; 2. ക്ഷീണംതീരുക; ബലം വരിക; 3. ഉയിർക്കുക, ഉണരുക; 4. തെഴ ക്കുക, തളിർക്കുക. *v. t.* പുനർജ്ജീവിപ്പിക്കു ക; ചൈതന്യംവരുത്തുക; 2. ഉണർത്തുക, ചുണവരുത്തുക, ഉത്സാഹം—; 3. തെഴപ്പി ക്കുക; ശ്രദ്ധജനിപ്പിക്കുക; 4. ഓർപ്പിക്കുക, ഓർമ്മവരുത്തുക. =vī'va-ble, *a.* പുന ർജ്ജീവിപ്പിക്കാകുന്ന. =vī'val, -ment, *n.* സഞ്ജീവനം; തെഴപ്പ്; സശ്രദ്ധ, ഉന്മേ ഷം, ഉത്സാഹം; ഉണർവ്വ്, മതശ്രദ്ധ, ഭ ക്തിയുന്മേഷം, ഭക്തിയുണർച്ച, ആത്മിക യുണർച്ച. =vī'val-ism, *n.* ഉണർവ്വാത്മാ വ്; ഉണർവ്വ് പ്രവൃത്തി. =vī'val-ist, *n.* ഭക്തിയുണർച്ചവരുത്തുന്നവൻ, ഉണർവ്വ് പ്ര സംഗി. =vī-val-is'tic, *a.* ഉണർവ്വ് സം ബന്ധിച്ച. =vī'vĕr, *n.* പുനർജ്ജീവകൻ; സഞ്ജീവകൻ. =viv-i-fi-cā'tiŏn, *n.* പു നർജ്ജീവിപ്പിക്കൽ, സഞ്ജീവനം. =viv'i-fȳ, *v. t.* സഞ്ജീവനംചെയ്യുക, പുനർജ്ജീ വിപ്പിക്കുക. =vī'ving, *a.* ജീവൻ ഉണ്ടാ ക്കുന്ന, ചൈതന്യം—. =vī'ving-ly, *ad.* സഞ്ജീവകമായി. rev-i-vis'cence, rev-i-vis'cen-cy, *n.* പുനർജ്ജീവിപ്പിക്കൽ; ജീ വൻററപുതുക്കം, പുതിയജീവൻ. rev-i-vis'cent, *a.* പുനർജ്ജീവകമായ. =vī'vĕr, *n.* (കക്ഷി മരിക്കയാൽ പിന്തുടച്ചക്കാരൻ കക്ഷിചേർന്നുണ്ടാകുന്ന) വ്യവഹാരപ്പുതുക്കം (*l.*).

**Rē-viv'i-fi-cāte**, =cā'tiŏn, =viv'i-fȳ, =vis'cence, =vis'cent, *etc.*, *s. u.* Revive.

**Rev'ō-ca-ble**, =cā'tiŏn, *etc.*, *s. u.* Revoke.

**Re-vōke′**, *v. t.* ദുർബ്ബലപ്പെടുത്തുക, അസാധുവാക്കുക, 'റദ്ദാ'ക്കുക. *v. t.* (കത്ത് കളി) ജാതിമാറി കളിക്കുക. *n.* —കളിക്കൽ. **rev-ō-ca-bil′i-ty, rev′ō-ca-ble-ness**, *n.* ഖണ്ഡനീയത്വം. **rev′ō-ca-ble**, *a.* ദുർബ്ബലപ്പെടുത്താകുന്ന, ഖണ്ഡിക്കാകുന്ന. **rev′ō-ca-bly**, *ad.* അസാധുവാക്കത്തക്കവണ്ണം. **rev-ō-cā′tiŏn, -ment**, *n.* മടക്കി(ങ്ങി)വിളിക്കൽ; ദുർബ്ബലപ്പെടുത്തൽ; മാററൽ; മാററം. **rev′ō-cā-tŏr-y**, *a.* ദുർബ്ബലപ്പെടുത്തുന്ന. =**vō′kĕr**, *n.* റദ്ദാക്കുന്നവൻ. =**vō′king-ly**, *ad.* ഇല്ലായ്മചെയ്യുന്നതായി, അസാധുവാക്കിക്കൊണ്ട്.

**Re-vōlt′**, *v. i.* പിൻവാങ്ങുക, പിന്തിരിയുക; 2. ത്യജിക്കുക; 3. വെറുക്കുക; 4. വിശ്വാസഭംഗംചെയ്യുക; 5. ദ്രോഹിക്കുക, മത്സരിക്കുക; മറുതലിക്കുക (*S.*); 6. (at) വെറുപ്പ് തോന്നുക, വിമ്മിഷ്ടം—, അസഹ്യം—; മനംപിരട്ടുക. *v. t.* അസഹ്യപ്പെടുത്തുക, വിരോധംജനിപ്പിക്കുക. *n.* മത്സരം, ദ്രോഹം; മറുതലിപ്പ് (*S.*). **-ĕr**, *n.* മത്സരക്കാരൻ. **-ing**, *a.* ബീഭത്സംആയ, അസഹ്യം—, വെറുപ്പ് തോന്നുന്ന. **-ing-ly**, *ad.* മത്സരഭാവത്തിൽ; ബീഭത്സമായി. [Revolve.

**Rev′ō-lūte**, =**lū′tiŏn**, *etc.*, *s. u.*

**Re-volve′**, *v. i.* ചുററുക, തിരിയുക; ഉഴലുക, തിരിഞ്ഞ് കൊണ്ടിരിക്കുക; 2. ചുററിപ്പോക, പ്രദക്ഷിണം ചെയ്യുക, പരിവർത്തനം—; 3. കഴിഞ്ഞ് പോക, ഗതി ചെയ്യുക; 4. മടങ്ങിവരിക. *v. t.* ചുഴററുക, തിരിക്കുക, തിരിയുമാറാക്കുക; 2. ആലോചിക്കുക, ചിന്തിക്കുക, ധ്യാനിക്കുക. **rev′ō-lūte**, *a.* ചുരുണ്ട (*b.*). **rev-ō-lū′tiŏn**, *n.* ചുററിത്തിരിയൽ, തിരിച്ചല്; മടങ്ങിവരൽ; ഗതി; പരിവർത്തനദൂരം; —കാലം; പര്യായം, വട്ടം; പരിവർത്തനം, പ്രദക്ഷിണം (*as.*); ഭ്രമണം (*geom.*); മാററം, പരിണാമം; കോയ്മപരിവർത്തനം; —മാററം (*pol.*). **surface of r.n** രേഖാചക്രം (*geom.*). **solid of r.n** വിതാന— (*geom.*). =**lū′tiŏn-ar-y**, *a.* കോയ്മപ്പരിവർത്തനസംബന്ധമായ. =**lū′tiŏn-ar-y**, =**lū′tiŏn-ĕr**, =**lū′tiŏn-ist**, *n.* കോയ്മപ്പരിവർത്തകൻ. =**lū′tiŏn-ism**, *n.* കോയ്മപ്പരിവർത്തനം; കോയ്മപ്പരിവർത്തനാഭിപ്രായം. =**lū′tiŏn-ise**, =**lū′tiŏn-īze**, *v. t.* കേവലംമാററുക; കോയ്മപ്പരിവർത്തനം വരുത്തുക. =**vol′va-ble**, *a.* ചുററിത്തിരിയുന്ന. =**vol′vĕr**, *n.* ചുററിത്തിരിയുന്നവൻ; ചുഴററ് കൈത്തോക്ക്. =**vol′ving**, *a.* തിരിയുന്ന, ചുഴലുന്ന. **r.g fire-arm** ചുഴററ് തോക്ക്. **r.g light** —വിളക്ക്.

**Re-vulse′**, *v. t.* വഴിയോട്ട് വലിക്കുക. =**vul′siŏn** (-shun), *n.* വലി; പിൻവലിക്കൽ; പിൻമാററം; ഭാവ—. =**vul′sive**, *a.* പിന്നോക്കം വലിക്കുന്ന.

**Re-ward′**, *v. t.* പകരംചെയ്യുക, പ്രതിയായി—; 2. പ്രതിഫലംകൊടുക്കുക, സമ്മാനം—, 'ഇനാം'—. *n.* ബഹുമതി, സംഭാവന, ദക്ഷിണ; 2. പ്രതികാരം, 3. പ്രതിഫലം; 4. സമ്മാനം, 'ഇനാം'. **-a-ble**, *a.* സമ്മാനത്തിന്ന് യോഗ്യതയുള്ള. **-a-ble-ness**, *n.* സംഭാവനായോഗ്യത. **-a-bly**, *ad.* സമ്മാനയോഗ്യമായി. **-ĕr**, *n.* പ്രതിഫലം കൊടുക്കുന്നവൻ. **-less**, *a*, പ്രതിഫലമില്ലാത്ത, നിരർത്ഥകമായ.

**Rē-wŏrd′**, *v. t.* വേറെവാക്കിൽ പറയുക; വാക്ക് മാററിവെക്കുക.

**Rē-wrīte′** (-rīt′), *v. t.* പിന്നെയും എഴുതുക.

**Rex**, *n.* (*pl.* **rē′jēz**) രാജാവ്, അരചൻ, തമ്പുരാൻ.

**Reyn′ärd**, *n.* കുറുക്കൻ, കുറുനരി, കടകൻ.

**Rhā′chis**, *n.*, *s. a.* **Rachis.** നെട്ടെല്ല് (*an.*); 2. തണ്ട്, ഈർക്കില്. ഈള് (*b.*).

**Rhad-a-man′thus**, *n.* നരകത്തിലെ മൂന്ന് വിധികർത്താക്കളിലൊരുവൻ (*myth.*); 2. ന്യായസ്ഥനായ വിധികർത്താവ്. =**man′thine**, *a.* ന്യായകൃത്യതയുള്ള, കഠിനനീതിയുള്ള.

**Rhap′sō-dy**, *n.* ഖണ്ഡം, കാണ്ഡം, പർവ്വം; 2. അസംബന്ധപ്രബന്ധം; —കവിത; വികടകാവ്യം; 3. വികടപ്പാട്ട് (*mus.*). =**sod′ic**, =**sod′i-cal**, *a.* അസംബന്ധമായ, അകടവികടമായ. =**sod′i-cal-ly**, *ad.* വികടമായി. =**dist**, =**′sōde**,

*n.* വികടകവി; കാവ്യച്ചൊല്ലുകാരൻ; പാട്ടുകാരൻ; വന്ദി; അസംബന്ധപ്രബന്ധകൻ. =dīse, =dīze, *v. t.* വികടകാവ്യം ചൊല്ലുക. *v. i.* കാവ്യം ചൊല്ലിക്കേൾപ്പിക്കുക.

**Rhē'a,** *n.* അമേരിക്കയിലെ ഒട്ടകപ്പക്ഷി, 'റീയ'പ്പക്ഷി (*z.*).

**Rhē-om'e-tĕr,** *n.* പ്രവാഹമാത്ര (*ph.*). =om'e-try, *n.* —മാപനം.

**Rhet'o-ric,** *n.* സാഹിത്യവിദ്യ; 2. പ്രസംഗ—, പ്രഭാഷണ—; 3. അലങ്കാരശാസ്ത്രം; 4. ലാവണ്യഭാഷണം, രസികവാക്ക്. **rhe-tor'i-cal,** *a.* അലങ്കാരശാസ്ത്രസംബന്ധമായ; വാക്ചാതുര്യമുള്ള. =tor'i-cal-ly, *ad.* വാക്യാലങ്കാരത്തോടെ, വാഗ്ഢാടിയോടെ. =tŏr'i-cal-ness, *n.* വാഗ്മിത്വം. =ri'cian (-rish'un), *n.* അലങ്കാരശാസ്ത്രജ്ഞൻ; പ്രഭാഷകൻ, പ്രസംഗി. =rīse, =rīze, *v. i.* വാഗ്മിത്വം നടിക്കുക. *v. t.* അലങ്കാരത്തോടെ സംസാരിക്കുക.

**Rheum** (rum), *n.* കഫം, മൂക്കട്ട, മൂക്ക് ചളി; 2. കൺപീള, ഈളാ (*S.*), ഈത്താ (*S.*), പീള (*med.*). -'ic, *a.* പീളസംബന്ധിച്ച; മൂക്കട്ടയായ (*med.*). -'y, *a.* കഫം ഉള്ള; ചീരാപ്പ്—, ജലദോഷം—, മൂക്കൊലിക്കുന്ന (*med.*).

**Rheu'ma-tism** (ru'ma-), *n.* വാതം, വാതരോഗം, വാതക്കടച്ചല് (*med.*). inflammatory r. സന്ധ് വാതം. =mat'ic, =tis'mal, *a.* വാതംസംബന്ധിച്ച; —പിടിച്ച. *n.* വാതരോഗി.

**Rhīne'stōne,** *n.* ഒര് വക കല്ലരത്നം.

I. **Rhī'nō,** *n.* പൊന്ന്, വെള്ളി, പണം.

II. **Rhī'nō,** *pf.* മൂക്കിന്റെ, നാസാ. **rhi-ni'tis,** *n.* ചീരാപ്പ്, ജലദോഷം (*med.*). =nol'ō-ġy, *n.* നാസാശാസ്ത്രം; നാസാരോഗനിദാനം.

**Rhī-noc'ĕr-os,** *n.* കാ(ണ്ടാ)ണ്ഡാമൃഗം, ഒററക്കൊമ്പൻ, ഖഡ്ഗി (*z.*). =rot'ic, *a.* കാണ്ഡാമൃഗസംബന്ധമായ.

**Rhī'za,** *n.* വേര് (*b.*). **rhī'zō-ġen,** *a.* വേരിൽനിന്നുണ്ടാകുന്ന (*b.*); കിഴങ്ങുള്ള (*b*). **rhī-zoph'ō-ra** (-zof-), *n.*, *pl.* കണ്ടല് വൃക്ഷം (*b.*). =zoph'ō-rŏus, *a.* വേരുണ്ടാകുന്ന; കിഴങ്ങിറങ്ങുന്ന (*b.*).

**Rhō'di-um,** *n.* ഒര് വെള്ളലോഹം, 'റോടിയം' (*min.*). **rhō'dic,** *a.* 'റോടിയം' സംബന്ധിച്ച.

**Rhomb** (*or* rom), **Rhom'bus,** *n.* തുല്യചതുർഭുജക്ഷേത്രം (*geom.*); 2. ഷണ്മുഖപിണ്ഡം (*geom.*). **rhom'bic,** *a.* തുല്യചതുർഭുജാകൃതിയായ. **rhom-bō-hē'dron,** *n.* ഷണ്മുഖപിണ്ഡം (*geom.*). **rhom'-boid,** *n.* ദീർഘചതുർഭുജക്ഷേത്രം (*geom.*). =boid'al, *a.* ദീർഘചതുർഭുജാകൃതിയുള്ള.

**Rhu'bärb,** *n.* വരിയാത്ത് കിഴങ്ങ് (*b.*). -y, *a.* വരിയാത്ത് പോലെയുള്ള.

**Rhumb** (rum), *n.* നേർരേഖ. to sail on a r. (കപ്പല്) നേരെ ഓട്ടുക.

**Rhȳme** (rīm), *n.* കാവ്യം, പദ്യം, കവിത; 2. യമകം, അന്ത്യപ്രാസം; 3. ശീര്, വൃത്തലയം; 4. തുല്യോച്ചാരണപദം. without r. or reason രസമോ അർത്ഥമോ ഇല്ലാത്ത, തുമ്പുംവാലും—. *v. i.* കവിതകെട്ടുക; 2. ഉച്ചാരണതുല്യതയുണ്ടാക. *v. t.* പദ്യമാക്കുക. -'less, *a.* യമമില്ലാത്ത. **rhȳ'mĕr, -'stĕr, rhȳ'-mist,** *n.* കവിതക്കാരൻ; വികടകവി. **rhȳ'mĕr-y,** *n.* കുകവിത്വം. **rhȳ'mic,** *a.* യമകസംബന്ധമായ.

**Rhythm** (rithm), **Rhyth'mus,** *n.* ചേച്ച്, പൊരുത്തം; 2. താളം, ഗണച്ചേച്ച്, ഗണപ്പൊരുത്തം, ലയം, ഛന്ദസ്സ് (*pros.*). ='mĕr, *n.* കവിതക്കാരൻ, പദ്യരചകൻ. ='mic, ='mi-cal, *a.* ഗണമൊത്ത, താളമൊത്ത; താളംസംബന്ധിച്ച; അനുക്രമമായ. ='mi-cal-ly, *ad.* താളത്തിൽ, താളമൊപ്പിച്ച്; ക്രമത്തിൽ. ='mics, *n.* ഛന്ദഃശാസ്ത്രം. ='ming, *a.* പദ്യമായ. -'less, *a.* താളംകെട്ട, ചേച്ചയില്ലാത്ത, ഗണഭംഗമുള്ള.

**Rī'al,** *n.* അരപ്പൊണിന്ന് തുല്യമായ ഒര് പുരാതന ഇംഗ്ലീഷ് പൊൻ നാണ്യം.

**Rī'ant** (rē'oṅ), *a.* ചിരിക്കുന്ന; 2. ചിരിക്കത്തക്ക; 3. ഉല്ലാസകരമായ.

**Rib**, *n.* വാരിയെല്ല്, വാരി, പാൎശ്വാസ്ഥി (*an.*); 2. (കപ്പലിന്റെ) മണിക്കാല്; 3. (കുടയുടെ) ഇല്ലി; 4. വള്ള്; 5. മല്ല് (*arch.*); 6. തണ്ട്, നാറ്, നരമ്പ് (*b.*); ഈൎക്കില് (*b.*); 7. ഞരമ്പ് (*ming.*); 8. ഭാൎയ്യ. **r.-roast** പുതരത്തല്ലുക. **false r.** പാൎശ്വാരി (*an.*). **true r.** നേൎവ്വാരി (*an.*). *v. t.* മണിക്കാല് വെക്കുക; 2. ഇല്ലി—; 3. വള്ള്—; 4. പൊതിയുക. **to r. land** ചാല് വെച്ചുഴുക. **-'band, rib'and,** *n.* മണിക്കാല് വാരി. **ribbed** (ribd), *a.* വള്ളുള്ള. **-'bing** *n.* മല്ല്; വള്ള്; വാരി. **-'less,** *a.* വാരിയെല്ലില്ലാത്ത.

**Rib'ald,** *n.* നീചൻ, വഷളൻ, ആഭാസൻ. *a.* താണ, ഹീനം ആയ, നീചം—. **-ish,** *a.* ആഭാസം—. **=drŏus,** *a.* വഷളത്വമുള്ള. **=al-dry,** *n.* ചീത്തവാക്ക്, അസഭ്യം.

**Rib'and, Rib'band, Rib'bon,** *n.* പട്ട്നാട, 'റബീൻ'; 2. നേരിയകഷണം; കീററ്; 3. (കപ്പൽ) മണിക്കാൽവാരി. **the blue r.** ഇംഗ്ലീഷ് രാജ്യത്തിലെ 'ഗാൎട്ടർ' എന്ന ബഹുമാനപദവി. **the red r.** —'ബാത്ത്' എന്ന—. *v. t.* പട്ട്നാട കെട്ടുക.

**-Ric,** *suf.* ത്വം, അധികാരം, വാഴ്ച.

**Rīce,** *n.* നെല്ല് (*b.*); 2. അരി; 3. ചോറ്, അന്നം. **beaten r.** അവില്. **boiled r.** ചോറ്. **husked r.** അരി. **parched r.** വറുത്തരി. **popped r.** മലര്; പൊരി. **unhusked r.** നെല്ല്. **raw r.** പച്ചരി, ഉണങ്ങലരി. **r.-field** നെല്ലുണ്ടം, വയല്, നിലം, പാടം. **r.-flour** അരിമാവ്, പിട്ട്. **r.-paper** നേരിയ ചീനക്കടലാസ്. **r.-water** കഞ്ഞിവെള്ളം. **to eat r.** ഉണ്ണുക.

**Rich,** *a.* വകഉള്ള, ഐശ്വൎയ്യം—, ധനം—; മുതല്—; ധനികനായ; 2. സമൃദ്ധിആയ; 3. —ഉള്ള; 4. മേനി—; ധാരാളം—; 5. മികെച്ച, കേമിച്ച; 6. വളം ഉള്ള, ഫലപുഷ്ടി—; 7. വിലഉള്ള, —ഏറിയ, —പിടിച്ച; 8. രുചികരമായ; മധുരം ഉള്ള; നെയ്—; എരു—; 9. തെളിഞ്ഞ; (വൎണ്ണ)ശോഭ ഉള്ള; 10. ഇമ്പമായ, കൎണ്ണാമൃതമായ; 11. ഭംഗിയുള്ള, ശോഭതേടിയ; 12. രസികമായ. **the r.** പണക്കാര്, ധനവാന്മാര്, ധനികന്മാര്. **-'es,** *n. pl.* അൎത്ഥം, ധനം, പണം, സമ്പത്ത്, സ്വത്ത്, മുതല്, വസ്തുവക, വക; ഐശ്വൎയ്യം; സമൃദ്ധി. **-'ly,** *ad.* ഐശ്വൎയ്യമായി; ധാരാളമായി; നന്നായി. **-'ness,** *n.* ഐശ്വൎയ്യം; സമൃദ്ധി; പുഷ്ടി; മാധുൎയ്യം.

**Rick,** *n.* ക്രനല്, അമ്പാരം, ക്രമ്പാരം, മൂട; 2. (പുല്ല്) അതി(യി)രി, ഏരി (*N.*), തുറു (*S.*). **r.-stand** പറം (*N.*). *v. t.* ക്രനല്കൂട്ടുക, ക്രമ്പാരമാക്കുക; 2. അതിരിവെക്കുക. **-'ĕr,** *n.* അതിരിത്തുണ്, അതിരിക്കാല്. **-'le,** *n.* ചെറിയ ക്രനല്.

**Rick'ets,** *n. pl.* ഗ്രഹണി; പിള്ളവാതം, കടില—; കണ (*P.*). **rick'-et-y,** *a.* ഗ്രഹണിപിടിച്ച; വാതം—; ആട്ടുന്ന, ഇളകുന്ന.

**Ric'ō-chet** (*or* -shā), *n.* തുള്ളിത്തുള്ളിപ്പോകൽ, തെറിപ്പ്. **r.-firing** നിലവിതാനവെടി (*mil.*). *v. i.* തുള്ളിത്തുള്ളിപ്പോക, തെറിച്ച് തെറിച്ച്—.

**Rid,** *v. t.* ഉദ്ധരിക്കുക; 2. (of) വിട്ടുവിക്കുക, ഒഴിപ്പിക്കുക, നീക്കുക, ഇല്ലാതാക്കുക; സൊല്ലതീൎക്കുക; 3. ഓടിക്കുക; 4. നശിപ്പിക്കുക; 5. കടക്കുക, നീക്കംചെല്ലുക, ഓട്ടുക. **to be r. of** സൊല്ലതീരുക, ഉപദ്രവംനീങ്ങുക. **to get r. of** തീരുക, ഒഴിയുക, നീങ്ങുക; വിട്ട്പോരുക. **-'dance,** *n.* ഉദ്ധാരണം, വിട്ടുതല്, ഒഴിവ്, പററവെടിപ്പാക്കൽ. **-'dĕr,** *n.* നീക്കുന്നവൻ.

**Rī'da-ble, Rid'den,** *etc.*, *s. u.* **Ride.**

I. **Rid'dle,** *n.* അരിപ്പ, ചല്ലട (*S.*), 'പെനേര'; മുറം. *v. t.* അരിക്കുക, തെള്ളുക; വടികെട്ടുക; 2. തുളതുളയാക്കുക. **rid'dlĕr,** *n.* അരിക്കുന്നവൻ, തെള്ളുന്നവൻ.

II. **Rid'dle,** *n.* കടങ്കഥ, വിട്ടുകഥ, പ്രഹേളിക; 2. മറുപൊരുള്, രഹസ്യം; 3. കള്ളി, ഉള്ള്. *v. t.* കടങ്കഥയുടെ അൎത്ഥം പറയുക; 2. വ്യക്തമാക്കുക. *v. i.* കടങ്കഥപറയുക, കടമിട്ടുക (*S.*); 2. മറുപൊ

തുളായി സംസാരിക്കുക. rid'dlĕr, *n.* കടങ്കഥക്കാരൻ. rid'dliṅg, *a.* കടങ്കഥ പറയുന്ന; —ആയ. rid'dliṅg-ly, *ad.* കടങ്കഥയായി, മറുപൊരുളായി.

Rīde, *v. i. ir.* (rōde, rid'den) കതിരപ്പുറത്ത്കയറിപ്പോക, മൃഗത്തിൻെറ പുറത്ത്—, 'സവാരി'ചെയ്യുക; 2. വണ്ടിയിൽപോക, വാഹനത്തിൽ—; 3. പൊങ്ങിയൊഴുകുക; (കപ്പല്) നങ്കൂരമിട്ട്കിടക്കുക; 4. തൂങ്ങിക്കിടക്കുക, നില്ക്കുക, ആധാരമായിരിക്കുക; 5. കുതിരയോടിക്കുക; 6. വഹിച്ച്കൊണ്ട്പോക. to r. at anchor (കപ്പല്)നങ്കൂരമിട്ട്കിടക്കുക. to r. easy —നങ്കൂരം ഇട്ടേടത്ത് ഇളക്കംകൂടാതിരിക്കുക. to r. hard —ഇളകിക്കൊണ്ടിരിക്കുക. to r. out വെളിയിൽ'സവാരി'ചെയ്യുക. to r. to hounds വേട്ട'സവാരി'—. *v. t.* 'സവാരി'—, ഓടിക്കുക; 2. കുതിരകയറുക, സ്വാധികാരംനടത്തുക, കർത്തൃത്വം—; 3. കുതിരപ്പുറമേ കൊണ്ട് പോക; 4. പിണെയുക (*surg.*). to r. a hobby വിഷയഭ്രാന്തുണ്ടാക, ഏകചിന്തയായിരിക്കുക, നിത്യപ്പാട്ടായിരിക്കുക. to r. and tie മാറിമാറിപ്രവൃത്തിക്കുക, ഊഴമായിചെയ്യുക. to r. down താഴോട്ട്ഓടിക്കുക; മറിച്ചിടുക, തള്ളിയിടുക, തോല്പിക്കുക. to r. out (കപ്പല്) കോളിൽ കേട്കൂടാതിരിക്കുക. to r. rough-shod over one പീഡിപ്പിക്കുക, ഉപദ്രവിക്കുക. *n.* 'സവാരി'; 2. സവാരിക്കുതിര; 3. സവാരിവഴി. rī'da-ble, *a.* 'സവാരി'ചെയ്യാകുന്ന; 'സവാരി'ക്കുള്ള. rī'dĕr, *n.* സവാരിചെയ്യുന്നവൻ; വ്യാപാരസഞ്ചാരി; കുതിരമെരുക്കുന്നവൻ; അനുബന്ധരേഖ, —നിയമം; ഉപഭാരം; അഭ്യാസം, ഉദ്ദേശകം (*math.*); ഒര് ലന്ത പൊൻനാണ്യം. rī'dĕr-less, *a.* സവാരിക്കാരൻ ഇല്ലാത്ത, പുറത്ത്കയറിയവൻ—. rī'diṅg, *a.* 'സവാരി'ചെയ്യുന്ന. r.g-habit സവാരിയുടുപ്പ്. r.g-hood സ്ത്രീകളുടെ സവാരിയങ്കി. r.g-master സവാരിഗുരുക്കൾ. r.g-school സവാരിക്കളരി. r.g-rhyme പങ്ക്തിവൃത്തയമകം, ത്വരിതഗതിവൃത്തം (*pros.*). *n.* സവാരി.

Rī'dent, *a.* ചിരിക്കുന്ന.

Ridġe (rij), *n.* മുതുക്; 2. മലവരി, പർവ്വതശിഖരം; കുന്നുപ്രദേശം; 3. വരമ്പ്, തിണ്ട്; 4. മുകന്താഴം. r.-band, r.-rope (വണ്ടിയുടെ) തുക്കവാറ്. r.-piece, r.-plate, r.-pole മുകന്താഴം (*arch.*). r.-tiles മൂലയോട്. r. and furrow വരമ്പും ചാലും. *v. t.* വരമ്പെടുക്കുക; 2. ചുളിക്കുക. -'let, *n.* ഇടവരമ്പ്, ചതുക്ക് (*N.*). ridġ'ĕr, *n.* തുക്കവാറ്. ridġ'-iṅg-ly, *ad.* തിണ്ട്തിണ്ടായി. ridġ'y, *a.* തിണ്ടുള്ള.

Ridġ'el Ridġe'liṅg (rij-), *n.* ഒരണ്ഡം ഉടച്ച മൃഗം (*z.*).

Rid'i-cūle, *n.* പരിഹാസവിഷയം; 2. പരിഹാസം, അപഹാസം; 3. നിന്ദ; 'മക്കാറ്', 'തമാശ'. *v. t.* ഹാസ്യമാക്കുക, പരിഹസിക്കുക, 'മക്കാറ്'ആക്കുക, തമാശ—, കളി—. =cū'lĕr, *n.* പരിഹാസി. =dic-ū-los'i-ty, =dic'ū-lŏus-ness, *n.* അപഹാസ്യത, തമാശ, നേരമ്പോക്ക്. =dic'ū-lŏus, *a.* പരിഹാസ്യമായ, ചിരിക്കത്തക്ക, ഹാസ്യകരംആയ; നിസ്സാരം—, പമ്പ്രച്ഛം—. =dic'ū-lŏus-ly, *ad.* ചിരിവരത്തക്കവണ്ണം, പരിഹാസവിഷയമായി.

I. Rī'diṅg, *etc.*, *s. u.* Ride.

II. Rī'diṅg, *n.* ഒര് രാജ്യാംശം, താലൂക്ക്.

Ri-dot'tō, *n.* 'സദര്', നൃത്തവും പാട്ടും. *v. i.* പാടിനൃത്തംചെയ്യുക.

Rīfe, *a.* പരന്നിരിക്കുന്ന, അതിക്രമിച്ചിരിക്കുന്ന, വ്യാപിച്ചിരിക്കുന്ന; പ്രബലപ്പെട്ട, അധികരിച്ച, ധാരാളമുള്ള. -'ly, *ad.* അത്യന്തം, വളരെ. -'ness, *n.* വ്യാപകത്വം; ആധിക്യം.

Rif'fle, *n.* അരിപ്പത്തൊട്ടി.

Riff'raff, *n.* കപ്പ, ചണ്ടി. ചവറ്; 2. ആഭാസവർഗ്ഗം.

I. Rī'fle, *v. t.* പിടിച്ച്പറിക്കുക, പറിച്ചുകൊണ്ട്പോക, അപഹരിക്കുക, കൊണ്ട്പോയ്ക്കളയുക; 2. കവരുക. *v. i.* കവർച്ചചെയ്യുക, കൊള്ളയിടുക. rī'flĕr, *n.* കവർച്ചക്കാരൻ.

II. Ri'fle, *n.* (ചുറക്കുഴൽ) തോക്ക്; 'റയിഫൽ'. 2. *pl.* തോക്കുകാര്, കാലാൾപട്ടാളം (*mil.*); 3. മുരിക്കണ, അണപ്പലക. r.-bird ഭംഗിയുള്ള ഒര് പക്ഷി (*z.*). r.-man റയിഫൽപടയാളി. *v. t.* പാത്തി കീറുക; 2. ചുറയിടുക; 3. കത്തിയണക്കുക.

Rift, *n.* വിള്ളല്, കീറല്, പിളപ്പ്, ചീന്ത്; 2. കടവ്. *v. t.* ചീന്തുക, കീറുക, പിളക്കുക. *v. i.* വിള്ളുക, പിളരുക; 2. തേട്ട(ക്ക)ുക.

I. Rig, *v. t.* കോപ്പിടുക; 2. (കപ്പല്) കമ്പയും കയറും ഇടുക; 3. (out) ഉടുപ്പിക്കുക, ചമയിക്കുക. to r. a purchase കപ്പിയും കയറും നാട്ടുക. to r. a ship (കപ്പലിന്ന്) പായ്ക്കോപ്പ് കെട്ടുക. *n.* (കപ്പലിൻെറ) പായ്ക്കോപ്പ് തരം; 2. ചമയം, വേഷം. -'gĕr, *n.* ചമയിക്കുന്നവൻ; കപ്പപ്പായിക്കോപ്പ് കെട്ടുന്നവൻ. -'ging, *n.* കപ്പപ്പായ്ക്കോപ്പ്.

II. Rig, *n.* പോക്കിരി, ആഭാസൻ; 2. കളി, വിളയാട്ടം, വികൃതിത്തരം; 3. കാററ്, കാററൃത്ത്. to r. about, to run a r. വികൃതികളിക്കുക, കുറുമ്പ് കാട്ടുക (*P.*). *v. i.* വികൃതികാട്ടുക. *v. t.* കക്കുക, ഇറുക്കുക. to r. the market ഉപായത്താൽ നിരക്ക് കയററുക; —താഴ്ത്തുക.

Rī'gel, Rē'gel, *n.* ഒര് സ്ഥിരനക്ഷത്രം (*as.*).

Ri-ges'cent, *a.* തരിപ്പുള്ള, മരവിക്കുന്ന.

Rig'gĕr, Rig'ging, *n.*, *s. u.* Rig I.

Rig'gle, *v. i.*, *s. a.* Wriggle.

Right (rīt), *a.* നേരെയുള്ള, ചൊവ്വായ; 2. കത്തനെനില്ക്കുന്ന, ലംബമായ; 3. യഥാൎത്ഥം ഉള്ള, പരമാൎത്ഥം—, സത്യമായ; നീതിയുള്ള, ന്യായം ആയ; 4. ഉചിതം—, യോഗ്യം—, തക്ക, ഒത്ത, പററിയ; 5. സാക്ഷാൽ; സ്വന്ത, നിജ; 6. ശരിആയ, സുബദ്ധം—; 7. ഗുണകരം—, അനുകൂലം—; 8. വലഭാഗംആയ, ദക്ഷിണഭാഗം—; 9. കൃത്യം—; 10. (തുണിയുടെ) പുറം—. r. angle സമകോണം (*geom.*). r.-angled സമകോണമുള്ള (*geom.*). r. hand വലങ്കൈ, വലത്ത്(ത്തെ)കൈ; പ്രധാനി, വേണ്ടിയ ആള്. r.-handed വലങ്കയ്യൻ; വലത്തോട്ട് തിരിയുന്ന; വലമ്പിരിയായ. r.-handed screw വലമ്പിരിയാണി. r.-handedness വലങ്കൈസ്വാധീനം; സാമൎത്ഥ്യം, മിടുക്ക്. r.-hearted സൽഭാവമുള്ള, സുശീലനായ. r.-heartedness ഗുണമനസ്സ്. r. line നേർരേഖ. r.-lined നേർരേഖയായുള്ള. r.-minded യഥാൎത്ഥമുള്ള, പരമാൎത്ഥിയായ. r.-mindedness യാഥാൎത്ഥ്യം, സത്യം. r. sailing (ചതുർഭിക്കിൽ ഒന്നിന്ന്) നേരെയുള്ള കപ്പലോട്ടം. at r. angles ലംബമായി, കത്തനെ. r. and left ഇടവും വലവും, ചുററും; എങ്ങും. *ad.* ശരിയായി; 2. നേരെ, ചൊവ്വെ; 3. കൃത്യമായി; 4. ന്യായമായി, നീതിയായി; 5. നിയമാനുസാരം; 6. സത്യമായി, ഉള്ളവണ്ണം, വാസ്തവമായി; 7. വളരെ, ഏററവും, അതിയായി, അത്യന്തം. r. honourable ചില കലീനന്മാൎക്കും രാജസഭാംഗങ്ങൾക്കും മററും പേരിൻെറ മുമ്പിൽ ചേൎക്കുന്ന ബഹുമാനവാചി: ഏററവും ബഹുമാനപ്പെട്ട; മഹാനായ, ശ്രീമത്. r. reverend സഭാദ്ധ്യക്ഷബഹുമാനവാചി: ദിവ്യശ്രീ. r. about വലത്തോട്ട് എതിർഭാഗത്തേക്ക് തിരിയൽ; എതിർഭാഗം. to send to the r. about പിന്തിരിയിക്കുക, മടക്കുക. r. along ഇടവിടാതെ (*U. S.*). r. away, r. off ഉടനെ, ഇക്ഷണം, നേരെ (*U. S.*). r. running നേരെ. *n.* നീതി; 2. നേര്, സത്യം, പരമാൎത്ഥം; 3. ന്യായം; അധികാരം; അവകാശം; മാന്യം; 4. വലഭാഗം; 5. (തുണിയുടെ) പുറം. bill of r.s മാന്യവിവരം. by r., by r.s, by good r.s ന്യായമായി,ശരിയായി, കൃത്യമായി. divine r., divine r. of kings ശാശ്വതരാജത്വവാദം. to r.s നേരെ; ഉടനെ. to set to r.s, to put to r.s ശരിയാക്കുക, ക്രമപ്പെടുത്തുക. writ of r.s (കുടിയാനെ) ഒഴിപ്പിക്കുന്ന വ്യവഹാരം (*l.*). *v. t.* നേരെയാക്കുക, ചൊവ്വാക്കുക, ശരിപ്പെടുത്തുക; 2. നന്നാക്കുക, തിരുത്തുക; 3. കത്തനെനിൎത്തുക; 4. നിലക്ക്—; 5. ന്യായംപ്രവൃത്തിക്കുക, നീതിനടത്തുക, അന്യായനിവൃത്തിവരുത്തുക. to r. a vessel

കപ്പല് നിവിൎത്തുക. to r. the helm ചുക്കാൻ നേരെ പിടിക്കുക. *v. i.* നേരെയാക; 2. കുത്തനെ—, നിവിരുക. -'ĕr, *n.* ശരിപ്പെടുത്തുന്നവൻ; അന്യായ നിവൃത്തിവരുത്തുന്നവൻ. -'fụl, *a.* നീതിയായ, ന്യായമായ; അവകാശപ്പെട്ട, അവകാശമുള്ള. —'fụl-ly, *ad.* ന്യായമായി. -'fụl-ness, *n.* ന്യായം, നീതി. -'less, *a.* ന്യായം ഇല്ലാത്ത, അവകാശം—. —'ly, *ad.* ന്യായമായി, ശരിയായി; യോഗ്യമായി. -'ward, *ad.* വലത്തോട്ട്, വലഭാഗം കൊള്ളെ.

**Rīght'eŏus** (*or* rī'chus), *a.* നീതിയുള്ള, ധാൎമ്മികമായ, ന്യായസ്ഥനായ; 2. നീതിമാനായ, ദൈവവിചാരമുള്ള, പുണ്യമൂൎത്തിയായ. -ly, *ad.* നീതിയായി, ന്യായത്തോടെ. -ness, *n.* നീതി, പുണ്യം; ധാൎമ്മികത്വം, സാധുവൃത്തി.

**Rīght'ly, Rīght'ness,** *etc., s. u.* **Right.**

**Rig'id,** *a.* കട്ടപ്പമുള്ള, വിറങ്ങലിച്ച, വളയാത്ത; 2. കഠിനമായ, ഖണ്ഡിതം ഉള്ള, ക്രൂരത—. =ġid'i-ty, -ness, *n.* കട്ടപ്പം, ദാൎഢ്യം; കാഠിന്യം. -ly, *ad.* കട്ടപ്പത്തോടെ; കഠിനമായി. =ġid'ū-lŏus, *a.* സാമാന്യംകട്ടപ്പമുള്ള (*b.*).

**Rig'ma-rōle,** *n.* ചപ്പുംചവറും, പായ്യാരം, തോന്നിയവാസം, അനൎത്ഥകവാക്ക്, തുമ്പില്ലാത്ത—. *a.* അൎത്ഥമില്ലാത്ത, വാശ്ലൂ്തോന്നിയ, വിശ്ലിത്വമായ.

I. **Rig'or,** *n.* വിറങ്ങലിപ്പ്, മരവിപ്പ്; 2. വിറ, പനി, ശീതം, കളിര് (*med.*). r.-mortis ശവവിറങ്ങലിപ്പ്.

II. **Rig'ŏr, Rig'ŏur,** *n.* മരവിക്കൽ; 2. മരവിപ്പ്, ഉറപ്പ്; 3. കളിര്, (പനി) ശീതം (*med.*); 4. കാഠിന്യം, കഠോരത, കട്ടപ്പം; 5. മനഃകാഠിന്യം, നിഷ്ഠുരത, ക്രൂരത; 6. സൂക്ഷ്മത, ഖണ്ഡിതം; 7. നിഷ്ഠു, ഉഗ്രത. -iṣm, *n.* ഖണ്ഡിതം, ക്രൂരത; പാരുഷ്യം. -ist, *n.* കഠിനൻ, ഉഗ്രൻ. -ŏus, *a.* ക്രൂരതയുള്ള, ഖണ്ഡിതമായ; കട്ടപ്പമുള്ള, കഠിനമായ. r.s imprisonment കഠിനതടവ് (*l.*). -ŏus-ly, *ad.* കഠിനമായി. -ŏus-ness, *n.* കാഠിന്യം, കഠോരത, ഉഗ്രത.

**Rigs'dä-lĕr,** *n.* ഏതാനും ഒര് ഉറുപ്പികക്ക് തുല്യമായ ഒര് ദേനനാണ്യം.

**Riks'dä-lĕr,** *n.* ഏതാനും അര ഉറുപ്പികക്ക് തുല്യമായ സോ്രദനാണ്യം.

**Rīle,** *v. t.* കുത്തിക്കലക്കുക; 2. കോപിപ്പിക്കുക, മുഷിപ്പിക്കുക.

**Rill,** *n.* ചെറുതോട്, ചാല്, നീൎച്ചാല്. *v. i.* ചെറുങ്ങനെ ഒഴുകുക. -'et, *n.* കണ്ണിത്തോട് (*N.*).

**Rim,** *n.* അരു, വക്ക്, വിളുമ്പ്. *v.t.* വിളുമ്പ്വെക്കുക. -'mĕr, *n.* അരു ചെത്തുന്ന പടന്ന.

I. **Rīme,** *n.* ചീന്ത്, വിള്ളല്, പിളൎപ്പ്.

II. **Rīme,** *n.* തുഷാരം, പൊടിമഞ്ഞ്, കട്ടി—. *v. i.* മഞ്ഞ് ഉറക്കുക, —കട്ടിയാക. rī'my, *a.* പൊടിമഞ്ഞുള്ള.

III. **Rīme,** *n.* ഏണിപ്പടി, ചവിട്ട്, പതനം.

IV. **Rīme,** *n., v. i. & t.* **Rī'mĕr,** *s. a.* **Rhyme** and **Rhymer.**

**Rī-mōse', Rī'mŏus,** *a.* വിള്ളലുള്ള; 2. വിണ്ട്കീറിയ. -ly, *ad.* വിള്ളലായി, വിണ്ട്. =mos'i-ty, *n.* വിള്ളല്.

**Rim'ple,** *n.* മടക്ക്, ചുളിപ്പ്. *v.t.&i.* മടക്കുക, ചുളിക്കുക; 2. ചുളിയുക.

**Rīnd,** *n.* തോല്, തോട്, തൊലി (*S.*), തൊണ്ട്, കൊട്ട (*P.*); 2. മൊരി; 3. ഉമി; 4. മടല്, ചകിരി. *v. t.* തോല്ഉരിക്കുക, —പൊളിക്കുക, തൊലിക്കുക (*S.*). -less, *a.* തോലില്ലാത്ത. -'y, *a.* തൊലിയുള്ള.

**Rin'dĕr-pest,** *n.* ഗോമാരി, കന്നുകാലി(പ്പകൎച്ച)വ്യാധി.

**Rin'dle,** *n.* ആണി, ആണിച്ചാല്, 'ചാക്കട', ഓവ്(ക്).

I. **Rinġ,** *v. t. ir.* (rang, rung) മണിക്കുക; 2. മണിഅടിക്കുക, —മുട്ടുക; —കിലുക്കുക. 3. മുഴക്കുക; 4. പിന്നെയുംപിന്നെയും പറയുക; ഉറക്കെ—. to r. a peal വാദ്യമണിയടിക്കുക. to r. the changes upon ഒരേസംഗതി പലപ്രകാരം പറയുക. to r. in *or* out ആഘോഷത്തോടെ കൈക്കൊള്ളുക; —പറഞ്ഞയ

ക്കുക. to r. the bells backward ആപൽചിഹ്ന മണിയടിക്കുക. *v.i.* മ ണിയുക, ചിലമ്പുക; 2. വാദ്യമണിമുട്ടുക; 3. മുഴങ്ങുക, മുഴങ്ങിക്കൊണ്ടിരിക്കുക; 4. പരന്നിരിക്കുക, വൎത്തമാനമുണ്ടാക. *n.* ഒച്ച, ശബ്ദം, ഒലി; 2. കിലുക്കം, മണിച്ച (യ)ല്; 3. മുഴക്കം, ഊയ്യാരം; 4. മണി നാദം. -'ĕr, *n.* മണിമുട്ടുന്നവൻ; (ഇരി മ്പ്)പാര. -'ing, *a.* മുഴക്കുന്ന, കിലുക്കു ന്ന. *n.* മുഴക്കം, മൂളല്, മൂളിച്ച. -'ing-ly, *ad.* മുഴക്കത്തോടെ, മുഴങ്ങിക്കൊണ്ട്.

II. Ring, *n.* വൃത്തം, ചക്രം, വട്ടം, കണ്ണി, വളയല്; 2. മോതിരം, അംഗുലീയം; 3. കടുക്കൻ; 4. മൂക്കുത്തി; 5. ഓട്ടക്കളം; 6. കളരി; അരങ്ങ്; 7. മുഷ്ടിയുദ്ധം; 8. ചു റ്റുംനില്ക്കുന്ന ആൾക്കൂട്ടം, മണ്ഡലം; 9. ഏ കകേന്ദ്രവൃത്തപരിധി(കൾക്കു മദ്ധ്യേയുള്ള) വിടം, പരിധിവളയം (*geom.*); 10. ഗ്രന്ഥ സംഘം, കൂട്ടുകെട്ട്. r.-armour, r.-mail കണ്ണിക്കവചം. r.-dove മണിപ്രാ വ് (*z.*). r.-dropper ചതിയൻ. r.-finger മോതിരവിരല്, പവിത്ര—. r.-parrot മാലക്കിളി, ഒര് വക തത്ത (*z.*). r.-leader നൃത്തമണ്ഡലനായകൻ; മൂപ്പൻ, തലവൻ; കലഹപ്രമാണി, കസ്സതിമൂപ്പൻ, പോക്കിരിത്തലവൻ. r.-master കതി രക്കളിമൂപ്പൻ. r.-neck ഒര് പക്ഷി (*z.*). r.-sail, r.-tail ഒര് കപ്പല്പായി. r.-straked, r.-streaked പുള്ളിയുള്ള. r.-tail ഒര് പക്ഷി (*z.*). r.-toss മോതിരം ചാടിക്കളി. r.-worm ഒര് വക പുഴന ടപ്പ്, പുഴക്കടി, പടൎതാമര, മണ്ഡലക ഷ്ഠം. ear-r. കടുക്കൻ. nose-r. മൂക്കുത്തി. seal-r. മുദ്രമോതിരം, മുദ്രാംഗുലീയം. Saturn's r.s ശനിവളയങ്ങൾ (*as.*). the r. കതിരപ്പന്തയത്തിലെ വാതുകാര്; the prize-r. മുഷ്ടിയുദ്ധക്കളരി, 'കസ്സി'ക്കള രി; 'കസ്സി'ക്കാര്. wedding-r. കല്യാ ണമോതിരം. *v.t.* മോതിരം ഇടുക; 2. ചുററുക, ചുററുക. ringed (ringd), *a.* മോതിരം ഇട്ട; കല്യാണമോതിരം—; വേ ളികഴിഞ്ഞ. -'let, *n.* ചെറുമോതിരം; കുറുള്, ചുരുള്മുടി.

Rinse, *v.t.* തിരുമ്പുക, ഒലുമ്പുക (*N.*), മുക്കിപ്പിഴിയുക; 2. കലുക്കുഴിയുക, കൊപ്പു ളിക്കുക; 3. കഴുകുക, മോറുക (*S.*). *n.* തി രുമ്പൽ; 2. കലുക്കുഴിയൽ; 3. മോറല്. rin'sĕr, *n.* തിരുമ്പുന്നവൻ; കഴുകുന്ന വൻ; കൊപ്പുളിക്കുന്നവൻ.

Rī'ot, *n.* അഴിമതി, അമളി; 2. തോ ന്നിയവാസം; 3. കോലാഹലം; തകൃതി; 4. മദ്യപാനഘോഷം, മദം, വെറിക്കൂത്ത്; 5. കലഹം; ലഹള (*l.*). to run r. മദി ക്കുക. *v.i.* മദിക്കുക; തകൃതിപാടുക, കൂ ത്താടുക; 2. ലഹളചെയ്യുക. *v.t.* വിഷ യലമ്പടനായിരിക്കുക; തോന്നിയവാസം കാട്ടുക. -ĕr, *n.* മദിക്കുന്നവൻ; ലഹള ക്കാരൻ. -ŏus, *a.* തോന്നിയവാസമായ; തിന്ന് മദിക്കുന്ന, തകൃതിപാടുന്ന; കലഹി ക്കുന്ന, മത്സരിക്കുന്ന; ലഹളചെയ്യുന്ന (*l.*). -ŏus-ly, *ad.* കോലാഹലമായി, മദിച്ച്. -ŏus-ness, *n.* തുമുലം, അമളി, കോലാ ഹലം. -ry, *n.* കലഹിക്കൽ; ലഹള.

I. Rip, *n.* മീങ്കൊട്ട.

II. Rip, *v.t.* (up, open, off) കീറുക, മുറിക്കുക, തോല് പൊളിക്കുക, പറിച്ച് ചീ ന്തുക; 2. കീറിയെടുക്കുക; 3. (up) കീറി നോക്കുക; 4. പരതിയെടുക്കുക, ചിള്ളി യെടുക്കുക; 5. (നീളത്തിൽ) ഈരുക. r.-saw, ripping saw കൈവാള്. to r. out പറഞ്ഞുടുക. *n.* ചീന്ത്, കീറല്, മുറി; 2. ആഭാസൻ, തെമ്മാടി; 3. വേശ്യ; 4. ചാവാളിക്കുതിര; 5. (പുഴയിൽ) മോത യുള്ള സ്ഥലം. -'pĕr, *n.* കീറുന്നവൻ; ഒര് വക കത്തി; ആനക്കാര്യം, അതിശയം.

Rī-pā'ri-an, Rī-pā'ri-ŏus, *a.*, *s.u.* River.

Rīpe, *a.* മൂത്ത, മൂപ്പെത്തിയ, വിള ഞ്ഞ, പഴുത്ത (*b.*); 2. പകപംആയ; പാ കം—; 3. തികഞ്ഞ, വളൎച്ചയെത്തിയ; 4. പഴുപ്പെത്തിയ, ചലയിച്ച (*med.*); 5. ഒരു ക്കമായ, തയ്യാറായ; 6. പഴംപോലെയുള്ള. -'ly, *ad.* പാകത്തിൽ, തക്കസമയം. rī'-pen, *v.i.* മൂക്കുക, പഴുക്കുക, വിളയുക (*b.*); പാകമാക, വളൎച്ചയെത്തുക. *v.t.* വിള യിക്കുക, പഴുപ്പിക്കുക (*b.*); പകപമാക്കുക. -'ness, *n.* വിളവ്, മൂപ്പ്, പഴുപ്പ് (*b.*); പകപത; സമ്പൂൎണ്ണത.

Rī-pōst', *n.* വെട്ട്, തട്ട് (*fen.*); 2. തട്ടുത്തരം.

I. **Rip′ple,** *n.* ചുണംചീവി, ചുണച്ചീപ്പ്. *v. t.* ചുണംചീവുക; 2. മാന്തുക, കോറുക.

II. **Rip′ple,** *v. i.* അലെക്കുക, മോതുക, മോത ഉണ്ടാക, ഓളം—; 2. ഇരെക്കുക, ഒലിഉണ്ടാക. *v. t.* അലെക്കുക. *n.* അല, ഓളം, മോത, കല്ലോലം; 2. ഇരെച്ചല്, ഇരെപ്പ്, ഒലി. **r.-mark** (മണലിലെ) അലയടയാളം. **r.-marked** അലയടയാളമുള്ള, കല്ലോലമായ. **=′plet,** *n.* ചെറിയഓളം. **=′pling-ly,** *ad.* അലെച്ച്കൊണ്ട്, അലച്ചലോടെ. **=′ply,** *a.* ഓളം ഉള്ള, മോത—.

**Rip′rap,** *n.* ചളിയിൽ (കുഴിയാട്ട ഉറക്കുവാൻ അടിയിൽ) ഇടുന്ന കൽക്കൂട്ടം, കുഴിയാട്ടത്തറ. *v. i.* കുഴിയാട്ടത്തറയിടുക.

**Rīse,** *v. i. ir.* (**rōse, ris′en**) കയറുക, കേറുക, ഉയരുക, ആരോഹിക്കുക; 2. പറക്കുക, പറന്ന് കയറുക; 3. പൊങ്ങുക; പൊന്തിക്കിടക്കുക; 4. നീളംവെക്കുക, ഉയരം—; വളരുക; 5. ഉറക്കുണരുക, എഴുന്നീല്ക്കുക; 6. എഴുന്നീററ് നില്ക്കുക; 7. ഉയന്നിരിക്കുക, എകച്ചയുണ്ടാക; 8. കയററമായിരിക്കുക; 9. വിട്ട്പോക; നിരോധം ഉപേക്ഷിക്കുക (*mil.*); 10. (മാവ് പുളിച്ച്) പൊന്തുക; 11. (സൂൎയ്യൻ *etc.*) ഉദിക്കുക, ഉദിച്ച് പൊന്തുക (*as.*); 12. കാണാസ്സതിക, പ്രത്യക്ഷമാക; 13. (ചിരങ്ങ് *etc.*) പൊന്തുക (*med.*); 14. ആരംഭിക്കുക, ഉണ്ടാക; 15. (നദി) ഉത്ഭവിക്കുക, ഉറന്ന് വരിക; 16. മുറുകുക, വൎദ്ധിക്കുക, മുഴക്കുക; 17. (വില) കയറുക, —പൊന്തുക; 18. വലുതാക, വണ്ണംവെക്കുക; 19. വീങ്ങുക, വീക്കുക; 20. കലഹിക്കുക, മത്സരിക്കുക; 21. (ഒച്ച) പൊന്തുക; 22. (വെള്ളം) പൊങ്ങുക, —കയറുക; 23. നന്നാക, അഭിവൃദ്ധിയാക, മികെക്കുക, ശ്രേഷ്ഠതപ്രാപിക്കുക, കേമനാകുക; 24. (നാററം) പൊങ്ങുക; 25. വിശേഷംക്രൂട്ടുക, രസം—; 26. തോന്നുക, (മനസ്സിൽ) ജനിക്കുക; 27. കിട്ടുക; 28. ജീവിച്ചെഴുന്നീല്ക്കുക, ഉയിത്തെഴുന്നീല്ക്കുക, പുനരുത്ഥാനംചെയ്യുക; 29. (കച്ചേരി, സഭയോഗം) നിൎത്തുക, പിരിയുക. *n.* കയറൽ, ഏറൽ, ആരോഹണം; 2. ഉയൎച്ച, കയററം; 3. എകച്ച, എകരം, ഒന്തം; 4. ഉത്ഭവം, ഉറവിടം; 5. ഉദയം; 6. വളൎച്ച, വലിപ്പം, വൎദ്ധന, ആധിക്യം; 7. (ഒച്ച) മൂൎച്ച; മുഴക്കം; 8. ചാട്ടം. **rī′sĕr,** *n.* എഴുന്നീല്ക്കുന്നവൻ; നെററി (*arch.*). **rī′sing,** *a.* കയറുന്ന; പറക്കുന്ന; ഉദിക്കുന്ന; വൎദ്ധിച്ച് വരുന്ന, വായ്ക്കുന്ന; മുന്തിവരുന്ന; കേമനായ്തീരുന്ന; വളന്ന് വരുന്ന; ഇളയ. **r.g generation** ഇളന്തലമുറ. *prep.* കവിയുന്ന, കടക്കുന്ന, അധികമായ. *n.* കയററം, ഉയൎച്ച; പരു, കുരു (*med.*).

**Ris′i-ble,** *a.* ചിരി(റി)ക്കുന്ന; 2. ഹാസ്യകരമായ, ചിരിക്കത്തക്ക; 3. ഉല്ലാസകരംആയ; 4. ഹാസോല്ലാദകം— (*an.*). **=bles** (-bls), *n. pl.* ചിരി(റി); ഹസനം; ഹസനപേശികൾ (*an.*). **=bil′i-ty, -ness,** *n.* ഹസനശക്തി. **=bly,** *ad.* ചിരിയോടെ, ചിരിച്ച് കൊണ്ട്.

**Rī′sing,** *etc., s. u.* **Rise.**

**Risk,** *n.* അപകടാസ്പദം; 2. അപകടം, അപായം, ആപത്ത്; ഭയം; 3. നഷ്ടം, ചേതം (*com.*); 4. വൈഷമ്യം. **to run a r.** അപായകരമായിരിക്കുക; (നഷ്ടത്തിന്ന്) ഇടയുണ്ടാക; തുനിയുക, ധൈൎയ്യപ്പെട്ട് ചെയ്യുക; വരുമ്പോലെവരട്ടെ എന്ന് വെച്ച്—. **to take a r.** ഉത്തരവാദിയാക, കയ്യേല്ക്കുക. *v. t.* അപകടത്തിലാക്കുക; 2. തലകൊടുക്കുക; തുനിയുക,, ധൈൎയ്യപ്പെട്ട് ചെയ്യുക; 3. ഇടവരുത്തുക സംഗതി—. **to r. one's life** ജീവൻ കയ്യിൽ പിടിച്ച് ചെയ്യുക, മരിക്കുന്നെങ്കിൽ മരിക്കട്ടെ എന്ന് വെച്ച്—. **risk′ĕr,** *n.* തലകൊടുക്കുന്നവൻ, തുനിയുന്നവൻ. **-′ful, -′y,** *a.* ആപത്കരംആയ; അപകടാസ്പദം—, വിഷമമുള്ള.

**Rī-sō′ri-al,** *a., s. u.* **Risus.**

**Rī′sus,** *n.* ചിരി, ഹസനം. *r. sardonicus* പല്ലിളിക്കൽ; ഇളി. **=sō′ri-al,** *a.* ഹസനകരമായ; ഹസനോല്ലാദകമായ.

**Rīte,** *n.* കൎമ്മം, ക്രിയ; സംസ്കാരം; 2. ആചാരം, ചടങ്ങ്. **rit′ū-al,** *a.* ആചാരസംബന്ധമായ; കൎമ്മസഹിതമായ. *n.* ആചാരം; വിധി, നിയമം; സംസ്കാരശാസ്ത്രം. **rit′ū-al-ism,** *n.* ആചാരനിഷ്ഠ, ആചാരപ്പ്രാമാണ്യത; (ഇംഗ്ലന്ത് രാജ്യസഭ

യിലെ) ആചാരപ്രമാണവാദം. rit'ū-al-ist, *n.* —വാദി; ആചാരനിഷ്ഠപ്രതിഷ്ഠക്കാരൻ. rit-ū-al-is'tic, *a.* —നിഷ്ഠയായ; ആചാരപ്രമാണവാദം സംബന്ധിച്ച. rit'ū-al-ly, *ad.* ആചാരപ്രകാരം; കൎമ്മഭാഗമായി.

Rī'val, *n.* കൂട്ടവകാശി, കൂട്ടാളി; 2. സഹകാംക്ഷി; സഹകാൎയ്യാൎത്ഥി; 3. സ്പൎദ്ധി, പ്രതിപുരുഷൻ, എതിരാളി, പോര്കാരൻ; സ്പൎദ്ധിനി; 4. പ്രേമസ്പൎദ്ധി; പ്രേമസ്പൎദ്ധിനി; 5. സപത്നി; സപത്നി. *a.* സ്പൎദ്ധഉള്ള, പോര്—, സൌന്ദൎയ്യത്തിരക്ക്—; 2. എതിരായ, പ്രതിയായ; 3. ഞാൻഞാൻഎന്ന; എനിക്കെനിക്കെന്ന. *v. t.* സ്പൎദ്ധകാട്ടുക, പോര്—; 2. എനിക്കെനിക്കെന്ന് പിശകുക; 3. ഞാൻ ഞാൻഎന്ന ഭാവംകാട്ടുക; 4. മുന്നുവാൻ ശ്രമിക്കുക; ഒപ്പമാവാൻ—. -ry, -ship, *n.* പോര്, സ്പൎദ്ധ, മത്സരം, സൌന്ദൎയ്യത്തിരക്ക്, സൌന്ദൎയ്യപ്പിണക്കം, അഹമഗ്രിക, അഹമഹമിക.

Rīve, *v. t. ir.* (rīved, rīved *or* riv'en) വെട്ടിക്കീറുക, പറിച്ച്ചീന്തുക, പിളൎക്കുക. *v. i.* പിളരുക, ചീന്തുക. *n.* വിള്ളല്, പിളൎപ്പ്. rī'vĕr, *n.* ചീന്തുന്നവൻ, വെട്ടിപ്പൊളിക്കുന്നവൻ.

Riv'ĕr, *n.* പുഴ, നദി, ആറ്; 2. പ്രവാഹം. r.-basin താഴ്വര, മിട്ടാൽപ്രദേശം. r.-bed പുഴയുടെ അടി, ചാല്. r.-craft പുഴത്തോണി, പുഴയുരു. r.-driver മരം താഴ്ത്തുന്നവൻ, മരത്തിരപ്പക്കാരൻ. r.-god ജലദേവത. r.-horse നദികുതിര, നദീതുരഗം (*z.*). r.-side പുഴക്കര, നദീതീരം. r.-water പുഴവെള്ളം. rī-pā'-ri-an, *a.* പുഴയരുവിലുള്ള; നദീതീരം സംബന്ധിച്ച. rī-pā'ri-ŏus, *a.* പുഴക്കരയിലുണ്ടാകുന്ന. -ed, *a.* പുഴകളുള്ള. -ling, riv'ū-let, *n.* ചെറുപുഴ, തോട്. -y, *a.* അധികം പുഴകളുള്ള.

Riv'et, *n.* മടക്കാണി, തറി, തറ, മലര്. r.-joint, തറയേപ്പ്, മലരേപ്പ് (*carp.*). *v. t.* തറപിടിക്കുക, മലരാക്കുക; 2. തറപിടിച്ചുറപ്പിക്കുക; 3. ഉറപ്പിക്കുക, സ്ഥിരപ്പെടുത്തുക. -ĕr, *n.* തറപിടിക്കുന്നവൻ. -ing, *n.* തറപിടിക്കൽ; തറപിടിച്ച്ചേക്കൽ; പലവകതറി.

Rī'vōse, *a.* ചാല് ചാലായ, വരവീണ.

Riv'ū-let, *n.*, *s. u.* River.

Rix-ā'trix, *n.* കലഹക്കാരത്തി, വാവിഷ്ഠാണക്കാരത്തി, ശ്രൂപ്പണഖ.

Rix'dä-lĕr, *n.* ഒര് ഉറുപ്പികക്ക് തുല്യമായ ഒര് ലന്തവെള്ളിനാണ്യം.

Rix-dol'lar, *n.* ഏകദേശം മുക്കാലുറുപ്പികക്ക് തുല്യമായ ഒര് പഴയ വെള്ളിനാണ്യം.

Riz'zar, *v. t.* വെയിലിൽ ഉണക്കുക.

Rōach (rōch), *n.* കുറ (*z.*); 2. നല്ല വെള്ളത്തിലെ ഒര് മത്സ്യം (*z.*); 3. വളവ്. as sound as a r. ഊനമില്ലാത്ത.

Rōad (rōd), *n.* വഴിയാത്ര; 2. ആക്രമണം; 3. വഴി, നിരത്ത്, പെരുവഴി, ചെത്ത്—, നിരത്ത്—; രാജമാൎഗ്ഗം, മാൎഗ്ഗം; 4. തെരുവ്, തെരുവീഥി, വീഥി; 5. ഇടവഴി; 6. *pl.* കപ്പല് നങ്കൂരമിട്ട് നില്ക്കുന്ന സ്ഥലം, 'ബന്തറ്'. on *or* upon the r. യാത്രയിലിരിക്കുക; വഴിയിലായിരിക്കുക. r.-agent പിടിച്ച്പറിക്കാരൻ, പെരുവഴിക്കവൎച്ചക്കാരൻ (*U. S.*). r.-bed ഇരിമ്പ് പാത(യിടുന്ന) നിരത്ത്; ചെത്ത് വഴി. r.-book വഴിവിവരപ്പുസ്തകം. r.-maker വഴിവെട്ടുന്നവൻ. r.-metal ചരല്, കരിങ്കല്ല് നുറുക്ക്. r.-roller ഇടിമുട്ടിയന്ത്രം. r.-side വഴിയരു; പെരുവഴിയരികെ. r.-stead നങ്കൂരസ്ഥലം, 'ബന്തറ്'. r.-steamer പെരുവഴിത്തീവണ്ടി. r.-way നിരത്ത്; വണ്ടിവഴി. to go on the r. സഞ്ചാരവ്യാപാരം ചെയ്യുക. to take the r. യാത്രചെയ്യുക; -തുടങ്ങുക. to take to the r. പിടിച്ച്പറിക്കാരനായ്തീരുക. -'less, *a.* നിരത്തില്ലാത്ത, രാജമാൎഗ്ഗമില്ലാത്ത. -'stĕr, *n.* വെള്ളത്തഞ്ചം നോക്കി ഓട്ടുന്ന ഉരു (*naut.*); വഴിയാത്രക്കുതിര; ദീൎഘയാത്രക്ക് പററിയ ചവിട്ട് വണ്ടി; വണ്ടിക്കാരൻ.

Rōam (rōm), *v. i.* നാട് തെണ്ടുക, അലഞ്ഞ് നടക്കുക, ഉഴന്ന്—, ഉഴലുക; ഊടാടുക; 2. അങ്ങുമിങ്ങും നടക്കുക, സഞ്ചരിക്കുക. *v. t.* നടക്കുക, സഞ്ചരിക്കുക. *n.*

തെണ്ടല്; 2. സഞ്ചാരം. -'ĕr, *n.* നാട് തെണ്ടി, ഊര്—.

**Rōan** (rōn), *a.* (കുതിര) തവിട്ട്നിറത്തിൽ പാണ്ടുള്ള; 2. ഒര് വക മേത്തരം തോല് കൊണ്ടുള്ള. **r.-antelope** അഫ്രിക്കയിലെ വൻകലമാൻ (*z.*). *n.* കിരാൽനിറം, പിംഗലവർണ്ണം; 2. തവിട്ട്നിറത്തിൽ പാണ്ടൻകുതിര; 3. ഒര് വക നല്ല ആട്ടിന്തോല്.

**Rōar** (rōr), *v. i.* അലറുക, ഗർജ്ജിക്കുക; 2. ഉറക്കെ നിലവിളിക്കുക, ആർക്കുക; 3. മുഴങ്ങുക, ഇരെക്കുക; ഒച്ചയുണ്ടാക; 4. ആർപ്പ്വിളിക്കൂട്ടുക, കോലാഹലം—; 5. പൊട്ടിച്ചിരിക്കുക, അട്ടഹസിക്കുക; 6. ഏങ്ങിക്കിതെക്കുക. **r.ing boy** പോക്കിരിച്ചെറുക്കൻ, വികൃതി. **r.ing forties** കൊടുങ്കാററുള്ള സമുദ്രം. *v. t.* ഉറക്കെ പറയുക, വിളിച്ച്—. *n.* അലച്ച്, ഗർജ്ജനം; 2. നിലവിളി, അലയുംമുറയും; 3. ഇരെപ്പ്, ഇരെച്ചല്, മുഴക്കം; 4. ആർപ്പ്വിളി; ആർപ്പ്. -'ĕr, *n.* നിലവിളിക്കാരൻ; വികൃതിച്ചെറുക്കൻ; കിതെപ്പുള്ള കുതിര; ഒര് വക നത്ത് (*z.*). -'ing, *n.* ഗർജ്ജനം; നിലവിളി; ഊയ്യാരം; (കുതിരക്കുള്ള) കിതെപ്പ് (രോഗം). -'ing-ly, *ad.* അലച്ചയോടെ.

**Rōast** (rōst), *v. t.* തീയിൽ കാട്ടി ചുടുക; —ഇട്ട്—; വറക്കുക; പൊരിക്കുക; വരട്ടുക; 2. കരിക്കുക; 3. ചുട്ട്പഴുപ്പിക്കുക; 4. നിന്ദിക്കുക, പരിഹസിക്കുക. *v. i.* ചുടുക; പൊരിക്കുക, വറക്കുക; 2. പൊരിയുക. *n.* ചുട്ടഇറച്ചി; പൊരിച്ച—; വറുത്ത—. **to rule the r.** തലവനായിരിക്കുക, ഭരിക്കുക, നടത്തുക. *a.* പൊരിച്ച, ചുട്ട. -'ĕr, *n.* ഇറച്ചിപൊരിക്കുന്നവൻ; മുപ്പല്ലി; പൊരിക്കത്തക്ക ഇറച്ചി; പന്നിക്കുട്ടി. -'ing, *a.* വറക്കുന്ന. *n.* പൊരിക്കൽ.

I. **Rob, Rhob, Rō'hob,** *n.* പഴച്ചാറ് കട്ടി, പഴക്കച്ച്, കച്ച്.

II. **Rob,** *v. t.* പിടിച്ച്പറിക്കുക, കവരുക, കൊള്ളയിടുക; 2. മോഷ്ടിക്കുക, അപഹരിക്കുക, കവന്നെടുക്കുക; 3. കവച്ചക്കുററംചെയ്യുക (*l.*); 4. ഇല്ലാതാക്കുക, നശിപ്പിക്കുക. *v. i.* കവച്ചനടക്കുക. -'bĕr, *n.* അപഹാരി; കവച്ചക്കാരൻ (*l.*). -'bĕr-y, *n.* കവച്ച്ചെയ്യൽ; കൊള്ള, മോഷണം; കവച്ചക്കുററം (*l.*).

**Rob'bin,** *n.* മൂട, ചാക്ക്, കെട്ട് (*com.*).

**Rōbe,** *n.* അങ്കി, നിലയങ്കി; മേലങ്കി, മേല്ക്കുപ്പായം; 2. വിശേഷവസ്ത്രം; 3. സ്ഥാന—, രാജ—, പട്ടാംബരം; 3. കാട്ടിരോമത്തോല് (*U. S.*). *r. de-chambre* വീട്ടങ്കി. **r.-maker** സ്ഥാനചമയങ്ങൾ ഉണ്ടാക്കുന്നവൻ. **master of the r.s** പട്ടാംബരപാലകൻ. **mistress of the r.s** —പാലക. *v. t.* ഉടുപ്പിക്കുക, ചമയിക്കുക, അണിയിക്കുക. **rō'bing,** *n.* ഉടുക്കൽ, വസ്ത്രധാരണം. **r.g-room** സ്ഥാനചമയമുറി.

**Rob'ĕrs-man, Rob'ĕrts-man,** *n.* അറമുറിയൻ, വൻകള്ളൻ; കവച്ചക്കാരൻ.

**Rob'in, -red'breast, Rob'i-net,** *n.* ഒര് ചെറു പക്ഷി (*z.*). **r.n good-fellow** ഒര് യക്ഷി.

**Rob'o-rant,** ശക്തിവർദ്ധകമായ, ധാതു—. *n.* —വർദ്ധകൌഷധം, വാജീകരം (*med.*).

**Rō-bust', =bus'tiōus,** *a.* കരുത്ത് ഉള്ള, ഉക്ക്—, കായബലം—, കെല്പ്—, കെല്പനായ; കരിങ്കല്ല് പോലത്തെ; 2. ആരോഗ്യം ഉള്ള, പുഷ്ടി—; തിറം—; 3. പാരുഷ്യം—, കർക്കശം ആയ; 4. ആരോഗ്യകരം—. -ly, *ad.* കരുത്തോടെ; ആരോഗ്യത്തോടെ. -'ness, *n.* കരുത്ത്, ഉറപ്പ്, ഊക്ക്; പുഷ്ടി; ആരോഗ്യം; തിറം.

**Roe, Rock, Rukh,** *n.* ഒര് (സങ്കല്പ) പക്ഷി; ആനറാഞ്ചൻ, ആനറായപ്പക്ഷി.

**Rōche'ā-lum** (rōsh-), *n.* ഒര് വക പടിക്കാരം.

**Rōche'līme,** (rōsh'līm), *n.* കുമ്മായം, ചുണ്ണാമ്പ്.

**Roch'et,** *n.* അദ്ധ്യക്ഷചമയങ്ങളിൽ ഒന്ന്; 2. ഒര് മത്സ്യം (*z.*).

I. **Rock,** *n., s. a.* **Roe.** [(*w.*).

II. **Rock,** *n.* വെട്ടത്തല, പിടിത്തല

III. **Rock,** *n.* പാറ, പാറക്കല്ല്, പാറക്കെട്ട്; 2. ഉറപ്പ്; 3. സങ്കേതം, രക്ഷ,

ആശ്രയം; 4. തടസ്ഥം, അപകടം. r.-oil, r.-tar മണ്ണെണ്ണ. r.-ruby ഒരുവക പുഷ്പരാഗം. r.-salt കല്ലുപ്പ്, സൈന്ധവലവണം, ഇന്തുപ്പ്. r.-snake പെരുമ്പാമ്പ് (z.). r.-work കൃത്രിമപ്പാറ; കമ്മായത്തിൽ പതിച്ച കല്ല്. -'i-ness, n. പാറഗുണം. -'ĕr, n. ഒരുവകപ്രാവ് (z.). -'ĕr-y, n. കൃത്രിമപ്പാറ. -'less, a. പാറ ഇല്ലാത്ത. -'y, a. —ഉള്ള; —പോലെ—; കട്ടപ്പം—, കഠിനമായ.

IV. Rock, v.t. ആട്ടുക; ചാഞ്ചാടിക്കുക, അങ്ങോട്ടുംഇങ്ങോട്ടും ഇളക്കുക; 2. തൊട്ടിലാട്ടുക, ഊഞ്ചലാട്ടുക; 3. താരാട്ടുക, ഉറക്കുക, മണിക്കുക. v.i. ആടുക; 2. ചാഞ്ചാടുക, ഇളകുക. -'a-wāy, n. ഒരുവക നാലുരുള് വണ്ടി. -'ĕr, n. ആട്ടുന്നവൻ, തൊട്ടിലാട്ടുന്നവൻ; (തൊട്ടിലിൻെറയും മററും) ആട്ടുക്കാല്; മരക്കുതിര; ആട്ടുക്കസേല. -'ing, a. ആടുന്ന, ചാഞ്ചാട്ടമുള്ള. r.g-chair ആട്ടുക്കസേല. r.g-horse മരക്കുതിര.

Rock'et, n. ഒരുചെടി (b.); 2. ബാണം, വാണം; 3. മുനയില്ലാത്ത കന്തം. v.i. മേല്പട്ട് കയറുക.

Rod, n. കൊള്ളി, കോല്; വടി, ദണ്ഡ്; 2. ശിക്ഷ, ദണ്ഡനം; 3. ചെങ്കോല്, രാജദണ്ഡ്; 4. അധികാരം, വാഴ്ച; 5. പീഡ, ഞെരുക്കം; 6. ചൂണ്ടക്കോല്, പറച്ചൂണ്ടല്; 7. അളത്തക്കോല്; 8. പതിനാററ അടിയളവ്, ദണ്ഡ്. black r. (ഇംഗ്ലാന്തിലെ) ഒരു അരമനയുദ്യോഗസ്ഥൻ.

Rōde, p. t. of Ride.

Rō'dent, a. കാരുന്ന, കാന്ന് തിന്നുന്ന; 2. തിന്ന് പോകുന്ന, ചീഞ്ഞഴിയുന്ന (med.); 3. മൂഷികവർഗ്ഗത്തിൽപെട്ട (z.). n. അണ്ണാൻ, അണ്ണാക്കൊട്ടൻ (z.). 2. എലി, മൂഷികൻ (z.); 3. മുയല്, ശശം (z.). =den'ti-a (-shi-a), n. pl. മൂഷികവർഗ്ഗം.

Rod'ō-mont, n. പൊങ്ങച്ചക്കാരൻ, ഢീക്കുകാരൻ; വായ്പാടി, വടായിപറയുന്നവൻ. a. പൊങ്ങച്ചമുള്ള; വെടിയായ. =mon-tāde', mon-tā'dō, n. ഢീക്ക്, വമ്പ്, പെരിമ; വെടി. v.i. വമ്പ് പറയുക, വടായി—. =tā'dist, =tā'dŏr, n. പെരിമക്കാരൻ, വടായിക്കാരൻ, തണ്ട്തപ്പി.

I. Rōe (rō), n. ചെറുമാൻ (z.); പെൺമാൻ, പെടമാൻ, മാൻപേട (z.). r.-buck, r.-deer ചെറുമാൻ (z.).

II. Rōe, n. മീൻമുട്ട, ഇണററ്, പന(ന്നി)ഞ്ഞില്, പരിഞ്ഞില് (z.). rōed (rōd), a. മുട്ടയുള്ള, ഇണററ്വെച്ച (z.).

Rō-gā'tiŏn, n. നിയമപ്രസ്താവന; പ്രസ്താവിതനിയമം; 2. പ്രാൎത്ഥന, അപേക്ഷ (eccl.). r.-days സ്വൎഗ്ഗാരോഹണോത്സവത്തിന്ന് മുമ്പുള്ള മൂന്ന് ദിവസം (Chr.). r.-week സ്വൎഗ്ഗാരോഹണോത്സവവാരം (Chr.).

Rō'gā-tŏr-y, a. അന്വേഷകമായ; 2. തെളിവെടുക്കുന്ന; വിസ്തരിപ്പാനധികാരമുള്ള.

Rōgue (rōg), n. തെമ്മാടി, നാട്തെണ്ടി, പെറുക്കി; 2. കള്ളൻ, ചതിയൻ, തിരുടൻ; 3. വികൃതി; 4. കൂട്ടംതെററിയ കാട്ടാന. r.'s gallery ചോരചിത്രാവലി. r.'s march ഭ്രഷ്ടാക്കൽ, കൈകൊട്ടി പുറത്താക്കൽ. rō'guĕr-y (-gĕr-i), n. കള്ളത്തരം, കള്ളത്ത്രാ(ന്ത്രാ)ണം; കളവ്, ചതി; വികൃതിത്തരം. -'ship, n. കള്ളസ്വഭാവം. rō'guish (-gish), a. കള്ളനായ; വികൃതിത്തരമുള്ള. rō'guish-ly, ad. കള്ളത്തരമായി. rō'guish-ness, n. ധൂൎത്ത്, കൌടില്യം, കള്ളത്തരം.

Rō'hob, n., s. a. Rob I.

Roil, v.t. കലക്കുക, കലക്കാക്കുക; 2. കോപിപ്പിക്കുക, വെറുപ്പിക്കുക, മുഷിപ്പിക്കുക. -'y, a. കലങ്ങിയ, കലക്കുള്ള.

Roist, Rois'tĕr, Roys'tĕr, v.i. വമ്പ് കാട്ടുക, —പറയുക, പെരിമ—, ഢീക്ക് കാട്ടുക, പൊങ്ങച്ചം—. -'ĕr, -'tĕr-ĕr, roys'tĕr-ĕr, n. പെരിമക്കാരൻ, തണ്ട്തപ്പി. -'tĕr-ly, a. ഊററം നടിക്കുന്ന. ad. ഊററനാട്യത്തോടെ, പെരിമയായി.

Rōke, Rōak, Rook, Rouk, n. മഞ്ഞ്, കുളമ്പുക; 2. പുക; 3. ഓതം, ഈറം. rō'ky, a. മങ്ങലായ; കാറുള്ള; കുളമ്പുകയുള്ള.

Rōke'āge, Rō'kēe, n. പൊരിയുണ്ട.

**Rōle,** *n.* വേഷം, അഭിനയഭാഗം; 2. കോലം; നാട്യം, ഭാവം. **title-r.** കഥാനായകൻ; —നായിക.

**Rōll,** *v. t.* ഉരുട്ടുക, ചുററുക, തിരിക്കുക; 2. ചുരുട്ടുക; 3. ഉരുളയാക്കുക, ഉരുട്ടുക; 4. (up) ചുറെക്കുക, ചുററിക്കെട്ടുക; 5. ഒഴുകുക, പ്രവഹിക്കുക; 6. (forth, out) തൊഴിച്ചുവിടുക, ധാരാളംപറയുക; ഘോഷിക്കുക; 7. പരത്തുക; ഒതുക്കുക, തച്ചുചാലുക; ഞെക്കുക; 8. ഉരുട്ടിക്കൊണ്ടുപോക; ഉരുളിന്മേൽ—; 9. (ചെണ്ട)കൊട്ടുക, മുട്ടുക, അടിക്കുക; 10. പതിക്കുക, നിക്ഷേപിക്കുക (*geom.*); 11. ധ്യാനിക്കുക, ആലോചിക്കുക, ചിന്തിക്കുക. **to r. one's self** ഉരുളുക, പിരളുക, കിടന്നുമറിയുക. **to r. the eye** കണ്ണുരുട്ടുക. **to r. one's R.s** രേഫം കൾനമായുച്ചരിക്കുക. *v. i.* ഉരുളുക; 2. ചുററുക, തിരിയുക; 3. (ചക്രം) ഉരുണ്ടുപോക; 4. ചുരുളുക; 5. ഉരുളയാക, ഉരുണ്ടുകൂടുക; 6. (over) ഒഴുകിവീഴുക, കവിഞ്ഞൊഴുകുക; 7. (കാലം) കഴിയുക, ശമിക്കുക, ചെല്ലുക; 8. വട്ടംചുററുക; 9. (തിര)മറിയുക; 10. (കപ്പല്) ഇളകുക, ആടുക, ചരിയുക; 11. കിടന്നുരുളുക; 12. പരക്കുക, പരന്നുവരിക; 13. (ചെണ്ട)കൊട്ടുക, മുഴക്കുക; 14. (ഇടി)മുഴങ്ങുക. *n.* ഉരുളല്; 2. ഉരുൾച്ച; മറിച്ചല്; 3. ഉരുൾത്തടി; 4. ഞെക്കിത്തടി; 5. ചുരുള്, ചുരുട്ട്; 6. കടലാസ്ചുരുള്; പുസ്തകച്ചുരുള്; 7. രേഖ, ചാർത്ത്, പട്ടിക, വിവരം, 'റിക്കാട്'; 8. തിര, കെട്ട്; 9. പതമുള്ള കോതമ്പപ്പം; 10. (കപ്പല്)ആട്ടം, ഇളക്കം; 11. മുഴക്കം; 12. (ചെണ്ട)മുട്ട്, കൊട്ട്. **long-r.** അണി (നിരപ്പാനുള്ള) ഭേരി (*mil.*). **master of the r.s** രാജരേഖാപതി. **r.-call** പേര്വിളി; 'ഹാജര്'വിളിസമയം. **r.-way** മരം താഴ്ത്തുന്ന സ്ഥലം. **r.s of court, r.s of parliament** പ്രവൃത്തിവിവരം. **to call the r.** പേര്വിളിക്കുക, ഹാജരിടുക. **-'a-ble,** *a.* ചുരുട്ടത്തക്ക; ഉരുട്ടാകുന്ന. **-'ēr,** *n.* ചുരുട്ടുന്നവൻ; ഉരുട്ടുന്നവൻ; ഉരുൾത്തടി; ശോളസ്തംഭം; കെട്ട് (*med.*); വൻതിര; മഷിത്തടി (*print.*); (പടത്തിൻെറ) തണ്ട്, ചട്ടം, ചുറത്തടി; ചെറിയ ഉരുള്; മറിയുന്നപക്ഷി(*z.*); നിലത്തിര, ഞാഞ്ഞല് (*z.*). **r.r-bolt** (വണ്ടിയുടെ) വാർക്കൊളുത്ത്. **r.r-gin** (പരുത്തി)കുരുനീക്കിയന്ത്രം. **-'ey,** *n.* ചെറിയ കൈവണ്ടി. **-'iṅg** *a.* ഉരുളുന്ന; ചുററിത്തിരിയുന്ന; ചെറുചക്രമുള്ള. **r.g-fire** നിരവെടി (*mil.*). **r.g-friction** ഉരസല്, തടസ്ഥം. **r.g.-mill** തകിട് യന്ത്രം. **r.g-pin** മാവ്(പരത്തുന്ന)വടി. **r.g-press** തുണിമിനുക്കിയന്ത്രം. **r.g-stock, r.g-plant** (ഇരിമ്പ്പാത)വണ്ടികൾ, തീവണ്ടികൾ. **-'y-pol-y, rol'y-pol-y,** *n.* ഒര്വക അട.

**Rol'lick,** *v. i.* തുള്ളിക്കളിക്കുക, വിളയാടുക. **rol'lick-iṅg,** *a.* തുള്ളിച്ചാടിക്കളിക്കുന്ന.

**Rō'loṅg,** *n.* കോതമ്പ്തരി, തരി. **r.-conjee** തരിക്കഞ്ഞി.

**Rō-mā'ic,** *n.* നൂതനയവനഭാഷ, ഇപ്പോഴത്തെ ഗ്രീക്ക്—. *a.* ഇന്നത്തെ യവനരാജ്യംസംബന്ധിച്ച; 2. —ഭാഷ—.

**Rōme,** *n.* റോംനഗരം; റോമരാജ്യം; 2. റോമസഭ. **R.-penny, R.-scot** പാപ്പാവരി.

**Rō'man,** *a.* റോമ; റോമനഗരം സംബന്ധിച്ച; —രാജ്യം—; റോംകാരുടെ; 2. റോമമതം സംബന്ധിച്ച; റോമൻകത്തോലിക്ക്ആയ; 3. (അക്ഷരം) കുത്തനെ നില്ക്കുന്ന (*print.*); 4. I, V, X മുതലായ (റോമ) അക്കമായ. **R. balance** വെള്ളിക്കോല്, കയ്യോല്. **R. candle** ഒര്വകപൂക്കുററി; —നിലാവെടി. **R. Catholic** റോമസഭാസംബന്ധമായ; റോമക്കാരൻ, റോമക്രിസ്ത്യാനി, പഴഞ്ഞുറുകാരൻ(*S.*). **R. cement** (ംവെള്ളം തട്ടിയാൽ ഉറക്കുന്ന) നീക്കുമ്മായം. **R. law** പുരാതനറോമരാജ്യനിയമം. **R. nose** തത്തച്ചുണ്ടൻമൂക്ക്. **R. ocher** ഒര്വകപിംഗലവർണ്ണം. **R. order** സമ്മിശ്രതച്ച്ശാസ്ത്രം. *n.* റോംരാജ്യക്കാരൻ; 2. റോമപൌരത്വമുള്ളവൻ. **-esque'**(-esk'), *a.* ഏതാനും റോമതുല്യം ആയ; ഒര്വക റോമത്തച്ച്—; കെട്ട്കഥ—. **R.e style** ഒര്വക റോമത്തച്ച്ശാസ്ത്രം. *n.* —റോമത്തച്ച്—. **=man'ic,** *a.* റോം(നഗര)സം

ബന്ധമായ; ലത്തീനോല്പന്നഭാഷാ—; റോമസന്താനമായ. r.c spelling ശുദ്ധിയക്ഷരപദ്ധതി. -ish, *a.* റോമസഭാസംബന്ധമായ. -ism, *n.* —സഭോപദേശം, റോമൻകത്തോലിക്കമതം. -ist, *n.* റോമക്രിസ്ത്യാനി. -īse, -īze, *v. t.* ലത്തീനരൂപം ആക്കുക; റോമക്കാരൻ—. Rō'mish, *a.* റോമരാജ്യസംബന്ധമായ; റോമസഭാ—. Rō'mist, *n.* റോമക്രിസ്ത്യാനി.

Rō-mance', *n.* കഥപ്പാട്ട്; വീരകഥ; സങ്കല്പ—; അപൂർവ്വ—; 2. —സംഭവം; 3. ശൌര്യപ്രവൃത്തി; 4. മനോരാജ്യം; 5. പുരാതന ലത്തീനോല്പന്ന ഭാഷ; ഇററാല്യ—, സ്പാന്യ—, പൊൎത്തുഗീസ്—, ഫ്രഞ്ച്—; 6. സംഗീതകഥ (*mus.*). *a.* ലത്തീനോല്പന്നഭാഷാസംബന്ധമായ. *v. i.* വീരകഥപറയുക; 2. കഥകെട്ടുക. =man'cĕr, =man'cist, *n.* കഥാരചകൻ. =mansch' (-mansh'), =mansh', Ru-monsh', *n.* സ്വിത്സൎല്ലാണ്ടിലെ ഗ്രെസൻഭാഷ. =man'cy, =man'tic, =man'ti-cal, *a.* കെട്ട് കഥാസംബന്ധംആയ; ആശ്ചൎയ്യം—, അപൂൎവ്വം—; മനോരാജ്യം—; ശൂരഭാവമുള്ള; അതിഭംഗിയുള്ള, വിചിത്രമായ. =man'ti-cal-ly, =man'tic-ly, *ad.* അപൂൎവ്വമായി. =man'ti-cism, *n.* അപൂൎവ്വരചനാരീതി. =man'ti-cist, *a.* —രീതിക്കാരൻ. =man'tic-ness, *n.* അപൂൎവ്വതചം, വൈചിത്ര്യം; മനോരാജ്യം. [Rome.

Rō-man'ic, Rō'man-ism, *etc.*, *s.u.*

Rom'a-ny, Rom'ma-ny, *n.* 'ജിപ്സി' എന്ന ഒര് വക കറവൻ; —കറവത്തി; 2. 'ജിപ്സി'ഭാഷ. [പ്പാട്ട്.

Rō-maunt' (-mant'), *n.* അപൂൎവ്വകഥ

Rō'mish, *etc.*, *s. u.* Rome.

Romp, *v. i.* ആൎപ്പ് വിളിച്ച് കളിക്കുക; തുള്ളിക്കളിക്കുക. *n.* തുള്ളിച്ചി(പ്പെണ്ണ്); 2. തുള്ളിക്കളി, പാഞ്ഞ് കളി. -'ing, -'ish, *a.* തുള്ളിക്കളിക്കുന്ന. -'ing-ly, -'ish-ly, *ad.* തുള്ളിക്കളിച്ച് കൊണ്ട്. -'ish-ness, *n.* തുള്ളിക്കളിസ്വഭാവം.

Ronde (rond), *n.* ഉരുണ്ട കൈവടിവക്ഷരം (*print.*). r. bosse (-bos) ശിലാരൂപം, വിഗ്രഹം.

Ron'deau (-dō), Ron'del, Ron'dō, *n.* ഒര് വക കവിത.

Rood, *n.* ക്രിസ്തു ക്രൂശിൽ തൂങ്ങുന്ന രൂപം, —ചിത്രം; 2. അഞ്ചരവാര നീളയളവ്, ദണ്ഡ്; 3. കാൽഏക്ര, നാല്പത് ചതുരശ്രദണ്ഡ്. by the r. ക്രൂശാണ.

Roof, *n.* മേല്പുര, മേൽക്കൂട്; 2. വളവിനകം; 3. മേൽഭാഗം; 4. ഭവനം, വീട്. thatched r. ഓലപ്പുര. tiled r. ഓട്ട് പുര. r.-tree മേല്പുര. r. of the mouth അണ്ണാക്ക് (*an.*). *v.t.* മേല്പുരകെട്ടുക; 2. വീട്ടിന്നകത്താക്കുക. -'ĕr, *n.* മേല്പുര കൂട്ടുന്നവൻ. -'ing, *n.* —കൂട്ടൽ; മേൽക്കൂട്ട് മരം; മേല്പുര. -'less, *a.* മേല്പുരയില്ലാത്ത; വീടില്ലാത്ത. -'let, *n.* ചെറുമേല്പുര. -'y, *a.* മേല്പുരയുള്ള. [തേര്.

I. Rook, *n.* (ചതുരംഗത്തിൽ) രഥം,

II. Rook, *n.* ഒര് വക കാക്ക (*z.*); 2. ഉപായി; ചതിയൻ. *v. t.* & *i.* തോല്പിക്കുക, ചതിക്കുക. -'ĕr-y, *n.* കാക്കക്കൂട്ടം; കാക്കക്കൂട്ടക്കൂട്, കാക്കച്ചെക്ക (*S.*); പക്ഷിക്കൂട്ടം മുട്ടയിട്ട് വിരിക്കുന്ന സ്ഥലം; കടല്പശുമ(ട)ള; പഴയവീട്; കടിഞ്ഞിൽക്കൂട്ടം; വേശ്യാഗൃഹം.

Room, *n.* ഇടം, സ്ഥലം; 2. ഇരിപ്പിടം; 3. മുറി, അറ, അകം; 4. സ്ഥാനം, ഉദ്യോഗം; 5. ഒഴിവ്, പകരം: in his r. അവന്ന് പകരം; 6. ഇട, തരം, തഞ്ചം. r.-mate കൂടപ്പാൎക്കുന്നവൻ; ചങ്ങാതി. to give r. പിൻവാങ്ങുക; ഇടംകൊടുക്കുക; ഇടവരുത്തുക, സംഗതി—. to make r. തെററുക, മാറുക; തടസ്ഥംനീക്കുക; ഒഴിവാക്കുക. *v. i.* പാൎക്കുക, താമസിക്കുക. -'ĕr, *n.* വിട്ടുതിക്കാരൻ, പാൎപ്പ്കാരൻ. -'ful, *a.* പല അകങ്ങൾ ഉള്ള; ഇടം—. *n.* അകംനിറയ. -'i-ly, *ad.* വിശാലമായി, വിസ്താരത്തിൽ. -'i-ness, *n.* വിസ്താരം. -'less, *a.* ഇടംഇല്ലാത്ത; മുറി—. -'y, *a.* വിശാലമായ, ധാരാളംസ്ഥലമുള്ള, വലിയ.

Roon, *a.* കടുഞ്ചുവപ്പായ, ചുവന്ന. *n.* ചായില്യം; 2. ചുവപ്പ് നിറം.

Roost, *n.* കോഴികൾ ഇരുന്നുറങ്ങുന്ന കോല്, ചെക്ക (*S.*). 2. പക്ഷികളുടെ

ഉറക്കം; 3. പക്ഷിക്കൂട്ടം. **r.-cock** പൂവങ്കോഴി, ചാവല്. **at r.** ഉറങ്ങുവാൻപോയ, കിടന്ന, ഉറക്കായ. *v. i.* (പക്ഷി) ഇരിക്കുക; 2. —ഉറങ്ങുക; 3. പാൎക്കുക, താമസിക്കുക; ഉറങ്ങുക. **-'ĕr,** *n.* പൂവങ്കോഴി, ചേവല് (*U. S.*).

**Root,** *n.* വേര്; മൂലിക (*b.*); 2. കിഴങ്ങ് (*b.*); 3. മുരട് (*b.*); 4. മൂലം, ഉല്പത്തി; 5. പൂൎവ്വികൻ, പിതാമഹൻ; 6. വംശം, സ്വരൂപം; 7. ധാതു (*gr.*); 8. മൂലം (*math.*); 9. അടിവാരം, അടി. **r.-crop** കിഴങ്ങ്, ചേമ്പ്, ചേന. **aerial r.** വേട് (*b.*). **cube r.** ഘനമൂലം (*math.*). **primary r.** ആണിവേര്, തായി—, നാരായ—. **square r.** വൎഗ്ഗമൂലം (*math.*). **r. and branch** സമൂലം, മുഴുവനും. **r. and branch men** അലകംപിടിയും മാററുന്നവര്, അതിനവീകരണക്കാര്. **r.-hair** നാര് (*b.*). **r. of a nail** നഖത്തിൻെറ മുരട് (*an.*). **r. of a tooth** പല്ലിൻെറ വേര് (*an.*). **to strike r., to take r.** വേര് ഊന്നുക, —കിഴിയുക, —പിടിക്കുക; ഉറക്കുക; സ്ഥിരപ്പെടുക, പ്രബലപ്പെടുക. **to tear up by the r.** നിൎമ്മൂലംആക്കുക, ഉന്മൂലം—. *v. i.* വേര് ഇറങ്ങുക, —പിടിക്കുക; 2. മുളച്ച് വളരുക; 3. ഉറക്കുക, സ്ഥിരപ്പെടുക; 4. (പന്നി) കുഴിക്കുക, മാന്തുക; 5. സേവിക്കുക, പാദസേവ ചെയ്യുക. *v. t.* നടുക; 2. ഉറപ്പിക്കുക; 3. (up, out, away) പൊരിക്കുക, വേരോടെ പൊരിക്കുക, പറിച്ച് കളയുക; നിൎമ്മൂലം ആക്കുക, ഉന്മൂലം—; 4. മണ്ണ് മാന്തുക. **-'ed,** *a.* വേരൂന്നിയ; ഉറച്ച; ഉള്ളോട് പററിയ. **-'ed-ly,** *ad.* ഉറപ്പായി. **-'ed-ness,** *n.* ഉറപ്പ്, സ്ഥിരത. **-'ĕr,** *n.* പൊരിക്കുന്നവൻ. **-'less,** *a.* വേരില്ലാത്ത. **-'let,** *n.* നാര്, ചെറുവേര്. **-'y,** *a.* വേരുള്ള.

**Rōpe,** *n.* കയറ്, കമ്പ, പാശം; 2. പിരി; കല: **r. of onions** ഉള്ളിക്കുല (*b.*); 3. (*pl.*) ചെറുകുടലുകൾ. **r.-band** മാറ്, പിരിച്ച ചൂടി. **r.-dancer, r.-walker** ഞാണിന്മേൽ കളിക്കാരൻ. **r.-dancing** ഞാണിന്മേൽകളി. **r.-ladder** കയറേറണി, നൂലേണി. **r.-mat** ചൂടിപ്പായി, കയററ് പായി. **r.-walk** കമ്പ പിരിക്കുന്നസ്ഥലം, കയററാല. **r.-yarn** ചൂടി. **r. of sand** ഉറപ്പില്ലാത്തത്, വണ്ണാൻവല, ജലരേഖ. **r.'s end** കരടാവ്; കരടാവ് കൊണ്ടടിക്കുക. **to give one r.** അഴച്ച് വിടുക, സ്വാതന്ത്ര്യംകൊടുക്കുക, ഇഷ്ടത്തിന്ന് വിട്ടേക്കുക. *v. i.* കയറ് പിരിക്കുക; 2. വലിച്ച് നീട്ടുക, നൂലാക്കുക. *v. t.* കെട്ടുക, വരിയുക, ബന്ധിക്കുക; 2. കൂട്ടികെട്ടുക; 3. (in, off, out) കയറിട്ട് തടുക്കുക, അതിരിടുക; 4. (മൃഗത്തെ) കയറിട്ട് കടുക്കുക; 5. ആകൎഷിക്കുക, പാട്ടിലാക്കുക; 6. വഴിയോട്ട് വലിക്കുക. **rō'pĕr,** *n.* കയറ് പിരിക്കുന്നവൻ; കെട്ട് കെട്ടുന്നവൻ; തൂക്കികൊല്ലേണ്ടുന്നവൻ. **rō'pĕr-y,** *n.* കയറ് പിരിക്കുന്ന സ്ഥലം, കയററാല. **rō'pi-ly,** *ad.* കയറ് പോലെ, വലിഞ്ഞ് കൊണ്ട്. **rō'pi-ness,** *n.* വലിച്ചല്, ഒട്ടല്. **rō'pish,** *a.* കുറേച്ചവലിയുന്ന, വീണയായ. **rō'py,** *a.* കയറ് പോലെയുള്ള; വലിയുന്ന; പററുള്ള.

**Roq-ue-laure'** (rok-e-lar'), **Roq'ue-le,** *n.* അങ്കി, നീളക്കുപ്പായം, അങ്കക്ക.

**Roq-uet'** (rok-ā'), *v. t.* & *i.* (ഉണ്ടയുരുട്ടിക്കളി) തൻെറ ഉണ്ട എതിരാളിയുടെ ഉണ്ടക്ക് കൊള്ളിക്കുക.

**Rō'ral, Rō'ric,** *a.* മഞ്ഞ് സംബന്ധിച്ച; 2. —ഉള്ള. **r.c figures** ഛായാരൂപം (*ph.*). **=ră'tiŏn,** *n.* മഞ്ഞ് പെയ്യൽ. **rō'rid, rō'ry,** *a.* —ഉള്ള. **=rif'ĕr-ŏus,** *a.* —ഉളവാക്കുന്ന. **=rif'lu-ent,** *a.* —പെയ്യുന്ന. **rō'ru-lent,** *a.* ധാരാളംമഞ്ഞുള്ള.

**Ror'quăl,** *n.* ഒരു വക തിമിംഗലം (*z.*).

**Rō-sā'ceŏus, Rō-sā'ri-an, Rō'sa-ry,** *s. u.* **Rose** II.

**Ros'cid,** *a.* മഞ്ഞ് ഉള്ള, —പെയ്യുന്ന.

I. **Rōse,** *p. t. of* **Rise.**

II. **Rōse,** *n.* പനിനീർപുഷ്പം, ജപാപുഷ്പം, മുൾചേമന്തി, 'റോസപ്പൂ' (*b.*); 2. പനിനീർചെടി (*b.*); 3. തുണിപ്പൂ, ശീലപ്പൂ; 4. ശൃംഗാരജാലകം (*arch.*); 5. അരിപ്പക്കുഴല്; 6. ചുവപ്പ് രോഗം (*med.*); അഗ്നിവിസൎപ്പം, തീയങ്കാളപ്പൻ (*med.*); 7. തവുക്കപ്പടം; 8. പാടലവൎണ്ണം; 9. കടഞ്ഞവൈരക്കല്ല്. **infantile r., r.-rash**

ചുവപ്പ് രോഗം (*med.*). r.-apple പനിനീർജാമ്പ്, ജാംബവം (*b.*). r.-bay വെണ്ണാല, കൊടകപ്പാല (*b.*). r.-bud പനിനീർപ്പൂമൊട്ട്. r.-bust മുൾചേമന്തിച്ചെടി (*b.*). r.-catarrh, r.-cold, r.-fever ഒര് വക ജലദോഷപ്പനി (*med.*). r.-colour പാടലവൎണ്ണം, രോഹിതവൎണ്ണം, ഒര് വക ചുവപ്പ്. r.-coloured പാടലവൎണ്ണമുള്ള; മനോഹരമായ. r.-cut (വൈരം) കടഞ്ഞ. r.-diamond കടഞ്ഞവൈരം. r.-drop ഒര് മധുരം; ഒര് വക കാളപ്പു; (കുടിയാൽ വരുന്ന) മൂക്കിന്റെ ചുവപ്പ്, ചെമ്മൂക്ക്. r.-family ചേമന്തിവൎഗ്ഗം (*b.*). r.-knot ശീലപ്പൂ. r.-lake, r.-madder ഒര് വക ചായം. r.-mary ഒര് സുഗന്ധച്ചെടി (*b.*). r. of Jericho ഒര് പുഷ്പം (*b.*). r. of Sharon താമര (*b.*). r.-oil അത്തറ്. r.-pink ഒര് വക പാടലവൎണ്ണം; —വൎണ്ണം ഉള്ള; നാട്യം—. r.-water പനിനീര്; നാട്യമുള്ള; ഭാവം കാട്ടുന്ന r.-window ശൃംഗാരജാലകം, താമര— (*arch.*). summer-r. ചൂട് (*med.*). under the r. സ്വകാൎയ്യമായി, രഹസ്യത്തിൽ, ഗോപ്യമായി. wars of the R.s പണ്ട് രണ്ട് ഇംഗ്ലീഷ് രാജവംശങ്ങൾക്ക് തമ്മിലുണ്ടായ യുദ്ധം. r.-wood ഒര് വക വിട്ടി, ചേലവീട്ടി (*b.*). *v.t.* പാടലവൎണ്ണം ആക്കുക; 2. പരിമളം— rō-s̱ā'ceŏus (-zā'shus), *a.* ചേമന്തിവൎഗ്ഗത്തിൽ ഉള്ള; പനിനീർപുഷ്പംപോലെ—; പാടലവൎണ്ണം—. rō-s̱ā'ri-an, *n.* പനിനീർപ്പൂന്തോട്ടക്കാരൻ. rō's̱a-ry, *n.* മുൾചേമന്തിത്തടം; ജപസംഗ്രഹം (*R.C.*); —മാല, 'കൊന്ത' (*R.C.*); അക്ഷമാല, രുദ്രാക്ഷം—; 'തസ്ബി', 'തസ്ബിവി', 'തെസ്ബിവി' (*M.*); മാല; പദ്യമഞ്ജരി. =s̱ē-al, *a.* പനിനീർപ്പൂവാസന ഉള്ള; —നിറം—. ='s̱e-āte, *a.* —പുഷ്പംനിറഞ്ഞ; പാടലവൎണ്ണം ഉള്ള; പരിമളം—. ros̱'ine (*or* -ēn), *n.* ഇളഞ്ചുവപ്പ് വൎണ്ണം. =s̱ē'ō-la, *n.* ചുവപ്പ് രോഗം (*med.*). =s̱ē'ō-lŏus, *a.* —രോഗമുള്ള. rō's̱ĕr-y, *n.* പനിനീർപ്പുഷ്പതടം. rō's̱et, *n.* ഒര് വക ചുവപ്പ് ചായം. =s̱et'ta-wood, *n.* ചേലവീട്ടി (*b.*). =s̱ette' (-zet'), *n.* ശീലപ്പൂ, താമരപ്പൂ (*arch.*); ഒര് വക അരുണവൎണ്ണം. rō'-s̱ied, *a.* പനിനീർപുഷ്പശൃംഗാരം ഉള്ള; പാടലവൎണ്ണം—. rō's̱i-ly, *ad.* ചുവപ്പായി; ശോഭിതമായി. rō's̱i-ness, *n.* പാടലവൎണ്ണം; ശോഭ. rō's̱y, *a.* പനിനീർപുഷ്പതുല്യമായ; പാടലവൎണ്ണം ഉള്ള; പരിമളം—; ശോഭ—, മുഖംചുവന്ന.

Rō-s̱el'la, *n.* ഒര് വിശേഷജാതി തത്ത, പഞ്ചവൎണ്ണക്കിളി (*z.*).

Rō-s̱elle' (-zel'), *n.* പുളിച്ചീര, വിലാത്തിപ്പുളി (*b.*).

Rōs̱e'ma-rīne, *n.*, *s.a.* Rosmarine.

Ros̱'in, *n.* ചെഞ്ചലിയം (*b.*).

Ros̱'ma-rīne (-rēn), *n.* (സങ്കല്പ) കടല്ക്കുതിര.

Ross, *n.* മൊ(മു)രി, മുളി. *v.t.* മൊരിനീക്കുക.

Ros'tel, Ros-tel'lum, *n.* (*pl.* ros-tel'la), ചെറുചുണ്ട്, —കൊക്ക്; 2. (വിത്തിന്റെ) മുള (*b.*).

Ros'tĕr, *n.* പട്ടിക, ചാൎത്ത് (*mil.*).

Ros'tra, Ros'trāte, *s.u.* Rostrum.

Ros'trum, *n.* (*pl.* ros'tra), കൊക്ക്, ചുണ്ട്; 2. കപ്പലിന്റെ അണിയത്തല; 3. *pl.* തിണ്ണ, പ്രസംഗപീഠം. ros'tral, *a.* കൊക്ക് സംബന്ധിച്ച; പീഠതുല്യമായ. ros'trāte, ros'trā-ted, *a.* കൊക്കുള്ള. ros'tru̥-lum, *n.* ചെറുചുണ്ട്.

Rot, *v.i. r.&ir.* (rot'ted, rot'ted; rot'ted, rot'ten) ദ്രവിക്കുക, അഴുകുക, ചീഞ്ഞഴിയുക, കെട്ടുക, കെട്ട് കട്ടുമ്പുക; 2. നരമ്പിക്കുക, പൂതലിക്കുക; 3. ക്രമേണ നശിക്കുക, ഇരിക്കക്കെട്ടുക; 4. ചാകുക, മരിക്കുക. *v.t.* ചീ(യി)ക്കുക. *n.* ചീ(യി)ക്കൽ; 2. ചീച്ചല്, അഴുകല്; 3. പൂതലിപ്പ്; 4. പുഴുതിന്നൽ; കെടൽ (*b.*); 5. ഒര് നാല്ക്കാലിരോഗം; പണ്ടപ്പുഴ. rot'-ten, *a.* കെട്ട, ചീഞ്ഞ; ദ്രവിച്ച, നരമ്പിച്ച; അഴുകിയ; പൊളിഞ്ഞ; ഭദ്രമല്ലാത്ത, ഉറപ്പില്ലാത്ത. rot'ten-ly, *ad.* പൂതലിച്ചതായി. rot'ten-ness, *n.* അഴിവ്; പൂതലിപ്പ്; പൊളിച്ചല്.

Rō'tal, Rō'tar-y, *a.*, *s.u.* Rotate.

Rō-tāte', *v.i.* തിരിയുക, ഉരുളുക; ചുററുക; 2. ഊഴമായിചെയ്യുക, മാറിമാ

റി–. *v. t.* തിരിക്കുക, ചക്രംതിരിക്കുക, ചുററുക; ഉരുട്ടുക; 2. മാററുക, പകരം വെക്കുക, പിന്തുടരുമാറാക്കുക. *a.* ചക്രാകൃതി ആയ. **rō'tal,** *a.* ചക്രസംബന്ധം—; ചുററിത്തിരിയുന്ന. **rō'tar-y,** *a.* ചുററിത്തിരിയുന്ന, ചുററുന്ന; വട്ടംതിരിയുന്ന. **r.y shears** ചക്രകത്രിക. **rō-tā'ted,** *a.* ചുററുന്ന; ചക്രാകൃതിയായ. **=tā'tiŏn,** *n.* ചുററല്, തിരിച്ചല്; ചുററിത്തിരിയല്, ഉരുൾച്ച; ഊഴം; മാറിമാറി വരല്, മാററം, തുടച്ച, പര്യായം, ക്രമം. **r.n of the earth** ഭ്രമണം. **r.n in office** ഉദ്യോഗമാററം. **r.n of crops** (ഒരേ ഭൂമിയിൽ) മാറിമാറി (വെവ്വേറെ) കൃഷിചെയ്യൽ, വിളമാററം. **=tā'tiŏn-al,** *a.* ഭ്രമണസംബന്ധം ആയ; പരിവൃത്തിജന്യം ആയ; പരിവൎത്തനലക്ഷണമുള്ള. **=tive,** *a.* ചുററിത്തിരിയുന്ന; ഭ്രമണസംബന്ധമായ. **=tā'tŏr,** *n.* ചക്രപേശി, ചുഴററ്— (*an.*). **=tŏr-y,** *a.* ചുററിത്തിരിയുന്ന; വട്ടംചുററുന്ന, ചക്രം—; പര്യായംആയ. **rō'ti-form,** *a.* ചക്രാകൃതി–.

**Rōte,** *n.* ഒരു് കമ്പിവാദ്യം; 2. തിരയൊലി; 3. ആവൎത്തനം, ജല്പനം, പിന്നെയും പിന്നെയും ചൊല്ലൽ; 4. മനഃപാഠം, കാണാപ്പാഠം, കണ്ഠസ്ഥം. **by r.** മനഃപാഠമായി, അഭ്യസ്ഥമായി. **to learn by r.** കാണാപ്പാഠമാക്കുക.

**Rot'ten,** *etc., s. u.* **Rot.**

**Rot'ū-la,** *n.* മുട്ടുചിരട്ട, ജാനുവസ്ഥി (*an.*). **=lar,** *a.* ജാനുവസ്ഥി സംബന്ധിച്ച (*an.*).

**Rō-tund',** *a.* വട്ടത്തിലുള്ള, വൃത്തമായ; ഗോളാകൃതിയുള്ള, ഉരുണ്ട; 2. മുഴവൻ ആയ, പൂൎണ്ണം—; 3. ദീൎഘവൃത്തം— (*b.*). **=tun'da, =tun'dō,** *n.* വൃത്താകാരഗൃഹം; വട്ടമുറി. **=tun'dāte,** *a.* ഉരുണ്ട; അററംഉരുണ്ട. **=tun-di-fō'li-ŏus,** *a.* വട്ടയിലയുള്ള (*b.*). **=tun'di-ty, -ness,** *n.* ഗോളാകൃതി, ഉരുൾച്ച, ഉരുണ്ടവടിവ്; വൃത്താകാരം; സമ്പൂൎത്തി, പരിപൂൎത്തി, തികവ്.

**Rou̱'ble,** *n., s. a.* **Ruble.**

**Rou̱che** (ru̱sh), *n., s. a.* **Ruche.**

**Röu'e̱** (ru̱'ā), *n.* വിഷയലമ്പടൻ, ആഭാസൻ, സ്ത്രീപരൻ, സ്ത്രീസേവകൻ.

**Rou̱ge** (ru̱zh), *a.* ചുവ(ക)ന്ന. *r.-et-noir* (-ā-nwär) ഒരു് വക കത്തുകളി, —ചീട്ട്—. *n.* ഒരു് വക സിന്ദൂരം; 2. മുഖ(ത്തു് തേക്കുന്ന ഒരു് ചുവപ്പു്)ചായം. *v. t. & i.* മുഖം ചുവപ്പിക്കുക.

**Rough** (ruf), *a.* മിനുസമില്ലാത്ത, പരുപരുത്ത; 2. (ഭൂമി) കുന്നും(ണ്ടും)കുഴിയുമായ, നിരപ്പില്ലാത്ത; 3. (രത്നം) കടയാത്ത; 4. (കടല്)കോപിച്ച, കോളു് പിടിച്ച, കടലെടുക്കുന്ന; 5. (വസ്ത്രം) പരുക്കനായ; വൃത്തികെട്ട; അവലക്ഷണം ആയ; 6. (ശീലം) ശുണ്ഠി—; കടിച്ചെത്തുന്ന, മുരട്ട്; 7. നിൎമ്മൎയ്യാദംആയ; 8. (വാക്ക്) അസഭ്യം—; കഠിനം—, പരുഷം—, ക്രൂരം—, ഉഗ്രം—, നിഷ്ഠുരം—; 9. (ശബ്ദം) കൎക്കശം—, കൎണ്ണകഠോരം—, ദുസ്സഹം—; 10. (രുചി) വിരസം—, രൂക്ഷം—; 11. കാററും മഴയും ഉള്ള, കൊടുങ്കാററ്—; 12. (കണക്ക്) 'സുമാ'റായ, 'സുമാറ്'; 13. (പണി)പരുട്ട; 14. (വഴി) ദുൎഘടമായ; 15. മാൎദ്ദവമില്ലാത്ത, രോമമുള്ള; 16. (പകപ്പ്) കരടായ. **r.-cast** പരുവാപ്പ്, മട്ടിപ്പണി (*P.*), പെരുമ്പണി (*S.*); വെള്ളവെക്കൽ, കുപ്പാരിക്കൽ. **r. customer** ഇടപെടാൻ പേടിക്കേണ്ടുന്ന ആള്; കട്ടിച്ചാത്തൻ. **r. diamond** കടയാത്ത വൈരം; കാഴ്ചക്ക് മുരടനായ യോഗ്യൻ. **r. draft, r. draught** കരട്പടം. **r.-dry** ഇസ്ത്രിയിടാതെ ഉണക്കിയ. **r.-footed, r.-legged** കാലിൽ തൂവലുള്ള (*z.*). **r.-grained** പരുപരുത്ത; മുരട്ട്ശീലമുള്ള. **r.-head** ഒരു് പക്ഷി (*z.*). **to r.-hew** ചെത്തിക്കുറക്കുക; ആകൃതിയാക്കുക. **r.-hewn** ചെത്തിക്കുറെച്ച; പണിതീരാത്ത; മിനുസമാക്കാത്ത; പരുക്ഷഭാവം ഉള്ള, മുരട്ട്സ്വഭാവം—. **r. leg** ഒരു് വക പ്രാപ്പിടിയൻ (*z.*). **r.-rider** കുതിരയെ ശീലിപ്പിക്കുന്നവൻ. **r.-scuff** പോക്കിരി; തെമ്മാടി; ആഭാസവൎഗ്ഗം. **r.-setter** ചെത്താത്ത കല്ല് കെട്ടുന്ന പെരിതേരി. **r.-shod** (കുതിര) മുള്ളുലാടംതറച്ച. **to ride r.-shod** അന്യൎക്ക് വരാകുന്ന ദുഃഖം നോക്കാതെ പ്രവൃത്തിക്കുക. **r.-strings** ഊച്ചപ്പടിമരംകൊണ്ടുള്ള

കോണിത്താക്കം (*carp.*). to r.-work പട്ടപണി ചെയ്യുക. r.-wrought മട്ടിപ്പണിയായ. r. and ready ക്ഷണയുക്തിയുള്ള; തല്ക്ഷണം ഉണ്ടാക്കിയ, —തോന്നിയ, കശാഗ്രബുദ്ധിയായ. *n.* പോക്കിരി. in the r. വെടിപ്പാക്കാത്ത, കററം തീക്കാത്ത; കടയാത്ത. *ad.* പട്ടമട്ടായി; 2. നിൎമ്മൎയ്യാദമായി; 3. കഠോരമായി. *v.t.* പരുപരുപ്പാക്കുക; 2. കതിരയെ മെരുക്കുക, —ശീലിപ്പിക്കുക (*mil.*); 3. (out) പട്ടഭാഷയായി ചെയ്യുക. to r. it വിശപ്പും ദാഹവും സഹിക്കുക; പതിവ് വിട്ട് ഞെരുങ്ങുക. -'en, *v. t.* പരുപരുപ്പാക്കുക. *v. i.* പരുപരുപ്പാകുക. -'ing-in, *n.* കുപ്പാരിക്കൽ, കമ്മായത്തേപ്പ്, വെള്ളവെക്കൽ. -'ings, *n. pl.* അറുത്തശേഷം ഉണ്ടാകുന്ന പുല്ല്; രണ്ടാം—. -'ish, *a.* കരുകരുത്ത. -'ly, *ad.* പരുപരുപ്പായി; 'സുമാറായി', ഏകദേശം, കണ്മതിപ്പായി; നിൎമ്മൎയ്യാദമായി; ഉഗ്രതയോടെ. -'ness, *n.* പരുപരുപ്പ്; കക്കശഭാവം.

**Rou-leau'** (ru-lō'), *n.* ചെറുപൊതി; 2. നാണ്യച്ചുരുള്.

**Rou-lette'** (ru-let'), *n.* ഒര് വക ചട്ടിയുരുട്ടിക്കളി; 2. തകിടിൽ കുത്തിട്ടുന്ന ചക്രം.

**Round,** *a.* വട്ടത്തിലുള്ള, വൃത്താകാരം ആയ; 2. ഗോളാകൃതി—; ഉണ്ട—, ഉരുണ്ട; 3. വളഞ്ഞ; വളവുള്ള; 4. തികസംഖ്യ ആയ, പൂൎണ്ണസംഖ്യ—, ചില്ലറതള്ളിയ; 5. വലിയ, നല്ല, ധാരാളം ആയ; 6. (സ്വരം) പൂൎണ്ണം—, വ്യക്തം—, തുറന്ന; 7. ഓഷ്ഠ്യമായ, ചുണ്ട് കൂപ്പിച്ച (*gr.*); 8. തുറന്ന് പറയുന്ന, സ്പഷ്ടമായ; 9. നല്ല, ഉചിതം ആയ, യോഗ്യം—. r.-backed, r.-shouldered മുഴിപ്പ് വളഞ്ഞ. r.-bodies ഗോളക്ഷേത്രങ്ങൾ (*geom.*). r. game കക്ഷി പിരിയാത്ത കളി. r.-hand (എഴുത്ത്) ഉരുണ്ട വടിവ്. r.-head ഉണ്ടത്തലയൻ; ഇംഗ്ലാണ്ടിൽ ഒര് കാലം പ്രജാപക്ഷക്കാരാക്കിട്ടിരുന്ന നിന്ദ്യാനാമം. r.-house കപ്പലിലെ അറ; —മറപ്പുര. r.-ridge വട്ടച്ചാല് (*agr.*). r.-robin അധികംപേര് വൃത്താകൃതിയിൽ ഒപ്പിട്ട ഹരജി. r. shot കട്ടിയുണ്ട. r.s-man റോന്തക്കാരൻ; 'ബീററ്' പരിശോധകൻ. r.-top പായ്മരത്തട്ട് (*naut.*). r.-trot കതിരച്ചന്തം, വേഗതയുള്ള നടത്തം. r.-up കാലികളെ തെളിച്ച് കൂട്ടല് (*S. U.*) r.-worm ഇര, പാമ്പൻ (*z.*). at a r. rate വേഗം, ശീഘ്രമായി. in r. numbers തികസംഖ്യയായി; സുമാറ്. to bring up with a r. turn പെട്ടന്ന് നിൎത്തുക. *n.* വട്ടം, വൃത്തം, വളയം; 2. ഉണ്ട, ഗോളം; 3. കാലചക്രം, അയനം, വട്ടം, പരിവൎത്തനം; 4. തുടൎപ്രവൃത്തി, ദിനചൎയ്യ—; 5. പലര് കൂടി ചെയ്യുന്ന—; 6. വട്ടനൃത്തം, വട്ടക്കളി; 7. ഉദ്യോഗപൎയ്യായം; പിന്തുടൎച്ച; 8. പടി, ചവിട്ട്, പതനം; 9. കസേലക്കാൽവാരി; 10. പ്രവൃത്തിപ്രദേശം, നിത്യം പോകേണ്ടുന്ന സ്ഥലം; 11. കാവൽനടത്തം, 'റോന്ത'— (*mil.*); 12. *pl.* റോന്തപരിശോധകൻ (*mil.*); 13. കൂട്ട്വെടി (*mil.*); 14. തിര, നിറ (*mil.*); 15. തുടപ്പാട്ട്, പരിവൎത്തനസംഗീതം (*mus.*); 16. (മല്പിടിത്തം, കളി) വീപ്പ്, ഊത്; വര, ഉരു; 17. കൂട്ടം, സംഘം, സഭ; 18. മൂരിച്ചൂണ്ണക്കഷണം. gentlemen of the r. റോന്തപ്പടയാളികൾ, പാറാവുകാര്. r. of beef മൂരിച്ചുണ്ണക്കഷണം. sculpture in the r. പ്രതിമ. *ad.* ചുററും, എങ്ങും, എല്ലാടവും; 2. വട്ടത്തിൽ, വൃത്തത്തിൽ; 3. തിരിഞ്ഞ്; 4. വണ്ണത്തിൽ, ചുററളവായി; 5. എതൃപക്ഷത്തിലേക്ക്, മറുഭാഗത്തേക്ക്; 6. വളച്ച്, ചുററി; 7. എല്ലാവക്കും, കൂട്ടക്കൊക്കയും. all r. എല്ലാടവും; എല്ലാററിലുംസാമൎത്ഥ്യമുള്ള, എല്ലാററിന്നുംപോരുന്ന. all the year r. കൊല്ലം മുഴുവനും. to bring one r. അഭിപ്രായം മാററിക്കുക; സുഖപ്പെടുത്തുക. to come r. സുഖം ആകുക; അനുകൂലം—. to get r. സുഖപ്പെടുക; തിരിയുക; സ്വാധീനമാകുക. *prep.* ചുററും, ചുററിലും, നാല് ഭാഗത്തും, വട്ടത്തിൽ. r.-about വളഞ്ഞ, ചൊവ്വല്ലാത്ത; ആകപ്പാടെയുള്ള, കൂട്ടടങ്ങനെയുള്ള; ആട്ടത്തൊട്ടില്; വട്ടക്കളി; പററ് കപ്പായം; കൂടക്കൂടയുള്ള മാററം; ചുററും, നാല് ഭാഗത്തും. to come r.t പറഞ്ഞ് പററിക്കുക, ഉപായേന സമ്മതിപ്പിക്കുക; r.-aboutness വളവ്. *v. t.* വട്ടം ആ

ക്കുക, വൃത്തം—; 2. ഗോളം—, ഉരുട്ടുക; 3. വളയുക, ചുററുക, ചുഴലുക; 4. തികെക്കുക, പൂൎത്തിയാക്കുക; അവസാനിപ്പിക്കുക; 5. ചുററിപ്പോക; 6. ഭംഗിവരുത്തുക; ലാവണ്യമാക്കുക. to r. in, to r. up വലിച്ച് മുറുക്കുക. to r. off ഉരുട്ടുക. to r. up തെളിച്ച് കൂട്ടുക. *v. i.* ഉരുണ്ട് കൂടുക; 2. വളരുക; 3. മൂപ്പെത്തുക; പൂൎണ്ണമാക; 4. പാറാവ് നടക്കുക; 5. തിരിയുക. to r. to കപ്പല് കാററിന്ന് നേരെ തിരിക്കുക. -'ed, *a.* ഓഷ്ഠ്യമായ (*gr.*). roun'del, *n.* ഒര് വക പാട്ട് (*mus.*); വൃത്തം, വട്ടം; ചെറു പലിശ. roun'de-lāy, *n.* ഒര് വക കവിത; —പാട്ട്; ഉരുണ്ടസാധനം. -'ẽr, *n.* ചുററുന്നവൻ; കൂടക്കൂട ചെല്ലുന്നവൻ; വൃത്തം മുറിക്കുന്ന ആയുധം; *pl.* വട്ടപ്പന്താട്ടം. -'ing, *a.* ഉരുണ്ട, വൃത്തമായ; ഉരുണ്ട് കൂടുന്ന. *n.* ഓഷ്ഠ്യമാക്കൽ (*gr.*). -'ish, *a.* ഏതാനും ഉരുണ്ട. -'ish-ness, *n.* ഉരുൾച്ച; വട്ടം. -'let, *n.* ചെറു വൃത്തം. -'ly, *ad.* വട്ടത്തിൽ; സൂക്ഷ്മമായി, വ്യക്തമായി; തീൎച്ചയായി; വേഗം; നന്നായി, പൂൎണ്ണമായി; ഊക്കോടെ; കാൎയ്യമായി; വകപ്പടിയായി, ഒട്ടാകെ; സ്വമാററ്. -'ness, *n.* ഗോളാകാരം, ഉരുണ്ടവടിവ്; വട്ടം, ഉരുൾച്ച; ഭംഗി, ലാവണ്യം; വ്യക്തി, തെളിവ്; കൎശനം; യാഥാൎത്ഥ്യം.

Roup, *v. i.* & *t.* നിലവിളിക്കുക; 2. ലേലംചെയ്യുക. *n.* നിലവിളി; 2. ലേലം; 3. ഒര് കോഴിരോഗം.

I. Rouse, *v. i.* & *t.* കമ്പവലിക്കുക.

II. Rouse, *n.* മദ്യനിറപ്പാത്രം; 2. കടിക്കൂത്ത്, മദ്യപാനഘോഷം.

III. Rouse, *v. t.* (നായാട്ടുരുവിനെ) ഇളക്കുക, ആട്ടുക; 2. ഉറക്കുണൎത്തുക; 3. ഉണൎത്തുക, കിളൎത്തുക, കത്തിപ്പൊന്തിക്കുക; 4. ഇളക്കിവിടുക, കോപിപ്പിക്കുക; 5. അലച്ച് പൊങ്ങുമാറാക്കുക. *v. i.* ഉറക്ക് ഞെട്ടുക, എഴുന്നീല്ക്കുക; 2. ഉണൎച്ചവരിക, ഉത്സാഹംജനിക്കുക. rous'ẽr, *n.* ഉണൎത്തുന്നവൻ; വൻകാൎയ്യം. rous'ing, *a.* ഉണൎത്തുന്ന; കിളൎത്തുന്ന; ഭയങ്കരമായ, മഹാ. rous'ing-ly, *ad.* ഉണൎത്തിക്കൊണ്ട്.

I. Roust (rust), *v. t.* ഉണൎത്തുക; 2. അലമ്പലാക്കുക.

II. Roust, Rost, Roost, *n.* വെള്ളത്തിന്റെ ചാട്ടം, —വല്യ, —ഒലിപ്പ്.

I. Rout, *v. i.* അലറുക; മുക്കറയിടുക; 2. ക്രൂക്കവലിക്കുക. *n.* മുക്കറ; 2. നിലവിളി, ഊയ്യാരം, അയ്യംവിളി; 3. അമളി, ബഹളം, ലഹള.

II. Rout, *v. t.* ചുഴന്നെടുക്കുക, ചൂല്ലുക. to r. out കാട്ടുക; കണ്ടെത്തുക; നിൎബ്ബന്ധിച്ചെഴുന്നീല്പിക്കുക. *v. i.* മോന്തകൊണ്ട് കിളെക്കുക, മണ്ണ് കിളൎത്തുക.

III. Rout, *n.* സൈന്യം; യാത്രക്കൂട്ടം; ജനക്കൂട്ടം, ആൾക്കൂട്ടം; 2. പോക്കിരിക്കൂട്ടം, ലഹളക്കാര്; 3. അണിപിണക്കം, —ഭംഗം; 4. തോലപി, അപജയം; ഓട്ടം; 5. തോല്പിക്കൽ, ഓടിക്കൽ; 6. സമാധാനലംഘനം, അമളി, ലഹളക്കുള്ളശ്രമം (*l.*); 7. മോടിജനക്കൂട്ടം, ശൃംഗാരസഭ. to put to r. തോല്പിച്ചോടിക്കുക, തുരത്തുക, അപജയപ്പെടുത്തുക. *v. t.* അണിപൊളിക്കുക, —പൊട്ടിക്കുക; 2. പായിക്കുക, പായിപ്പിക്കുക; 3. അപജയപ്പെടുത്തുക. -'ŏus-ly, *ad.* അമളിയായി (*l.*).

Route (rut), *n.* മാൎഗ്ഗം, വഴി; 2. വഴിയാത്ര; 3. സൈന്യ—.

Rou-tïne' (ru-tēn'), *n.* പതിവ്, ദിനചൎയ്യം, നിത്യത്തൊഴില്; 2. സാധാരണപ്രവൃത്തി. =nar-y, *a.* പതിവുള്ള, സാധാരണമായ. =tin'ism, *n.* നടവടി, നേററി, തഴക്കം, ശീലം, രൂഢി. =tin'-ist, *n.* നടവടിക്കാരൻ, തഴക്കംവന്നവൻ.

Röux (rö), *n.* മാവ് ചേൎത്ത ആണം, —ചാറ്.

I. Rōve, *v. t.* കോൎക്കുക; 2. അട്ടിയാക്കുക; 3. പിണെക്കുക. *n.* ആണിത്തറ; 2. അട്ടി.

II. Rōve, *v. i.* കടൽക്കൊള്ളചെയ്യുക; കടൽക്കവൎച്ചക്കായി സഞ്ചരിക്കുക; 2. ചുററി—; അലഞ്ഞ് നടക്കുക, തെണ്ടി—, ഉഴന്ന്—, ഊടാടുക; 3. കുറിനോക്കാതെ എയ്യുക, വന്നപാട്—. *v. t.* ചുററിനടക്കുക; 2. വരമ്പെടുത്തുഴുക (*agr.*). *n.* ചുററിനടക്കൽ; 2. നടത്തം, സഞ്ചാരം. rō'-

vĕr, *n.* കപ്പല്ക്കവച്ചക്കാരൻ, കടൽക്കൊള്ളക്കാരൻ; ചുററിസഞ്ചരിക്കുന്നവൻ, തെണ്ടി; ചപലൻ, സ്ഥിരമില്ലാത്തവൻ; *pl.* എയ്യുന്നതിനുള്ള കുറി. at r.r's എന്തെങ്കിലും കുറിയാക്കി; വന്നപാട്. rō'ving, *n.* തെണ്ടല്, നടത്തം. rō'ving-ly, *ad.* ഉഴന്ന്, അലഞ്ഞ്. rō'ving-ness, *n.* സഞ്ചാരശീലം.

I. **Row**, *n.* ശണ്ഠ, പിണക്കം, തകരാറ്, കലശല്. **row'dy**, *n.* കലശല്കാരൻ, ശണ്ഠക്കാരൻ, തകരാറ്കാരൻ; പോക്കിരി. **row'dy-dow** (-dou), *n.* നിലവിളി, അമളി. **row'dy-dow-dy**, *a.* അമളിഉള്ള, തകരാറ്—. **row'dy-ish**, *a.* പോക്കിരിത്തനം—; പോക്കിരിയായ. **row'dy-ism**, *n.* പോക്കിരിത്തനം.

II. **Rōw** (rō), *n.* വരി, നിര; 2. പങ്ക്തി, പന്തി; 3. അണി; 4. അട്ടി; 5. അടുക്ക്. **rōwed** (rōd), *a.* നിരത്തിയ; അണി—; അട്ടിവെച്ച.

III. **Rōw** (rō), *v. t.* തണ്ട് വലിക്കുക, തുഴയുക; 2. തുഴഞ്ഞ് കൊണ്ട് പോക. *v. i.* തണ്ട് വലിക്കുക, തുഴയുക; 2. തണ്ട് വലിയാൽ ഓടുക. *n.* തണ്ട് വലിക്കൽ; 2. തോണിസഞ്ചാരം, വള്ളക്കളി. **r.-boat** തുഴത്തോണി. **r.-lock** തണ്ട്കററി, അളക്, അളകം മെതിയവും. **r.-port** യുദ്ധക്കപ്പലിലെ അളക് ഉള. **-'a-ble**, *a.* തുഴയാകുന്ന; തണ്ട് വലിപ്പാൻതക്ക വെള്ളമുള്ള. **-'ĕr**, *n.* തണ്ട്കാരൻ, തുഴയുന്നവൻ.

**Row'dy**, *etc.*, *s. u.* **Row** I.

**Row'el** (rou'el), *n.* കുതിരമുൾചക്രം; 2. കടിഞ്ഞാൺകണ്ണി; 3. കുതിരയുടെപതുവിൽ വെക്കുന്ന തിരി. *v. t.* കുതിരപ്പുണ്ണിൽ തിരിവെക്കുക.

**Row'en, Row'et, Row'ett, Row'ings, Rough'ings** (ruf-), *n.* ഉഴാതെ വിട്ടിരിക്കുന്ന പുല്ക്കണ്ടം; 2. ഒരിക്കൽ അറുത്തശേഷമുണ്ടാകുന്ന പുല്ല്, രണ്ടാം—.

**Row'lock** (rō'lok *or* rul'ok), *n.*, *s.u.* **Row** III.

**Rox'burgh** (-bĕrg), *n.* മുതുകിന്ന് മാത്രം തോലിടുന്ന പുസ്തകക്കെട്ട്.

**Roy'al**, *a.* രാജാവിന്റെ, രാജത്തിക്കുള്ള; രാജകീയ, രാജ; 2. മഹാനായ, ഔദാര്യശീലം ഉള്ള, ശ്രേഷ്ഠത—; 3. രാജരക്ഷയിങ്കിഴ്—. **r. bath** നീരാട്ടം, നീരാട്ട്കളി. **r. bed** പള്ളിമെത്ത, —വിരിപ്പ്. **r. birthday** തിരുനാള്. **r. boat** പള്ളിഓടം. **r. burial ground** പള്ളിമാറാട്ടം. **r. chase** പള്ളിവേട്ട. **r. closet** നീപ്പള്ളി. **r. clothes** തിരുവുട, തിരുവാട, തിരുവിടാട, തിരുമിടാട. **r. coronation** തിരുപ്പട്ടം. **r. cot** പള്ളിക്കട്ടില്. **r. death** തീപ്പെടൽ, തിരുപ്പെടൽ. **r. displeasure** തിരുവുള്ളക്കേട്. **r. eye** തിരുമിഴി. **r. face** —മുഖം. **r. food** അമൃതത്ത്, അമറേത്ത്. **r. handwriting, r. signature** തിരുവടയാളം, തൃക്കൈവിളയാട്ടം. **r. head** തിരുമുടി. **r. horoscope** തിരുനാൾച്ചാത്ത്. **r. illness** ഹീലായ്മ, ചൊവ്വില്ലായ്മ. **r. jewels** തിരുവാഭരണം. **r. lamp** പള്ളിവിളക്ക്. **r. letter** തരക്, നീട്ട്, തീട്ട്, തിരുവെഴുത്ത്. **r. marriage** പള്ളിക്കെട്ട്. **r. palankin** പള്ളിത്തണ്ട്. **r. person** തിരുമേനി, നിന്തിരുവടി, തിരുമനസ്സ്. **r. pleasure** തിരുവുള്ളം. **r. presence** തിരുമുമ്പ്. **r. residence** രാജധാനി, അരമന, കോവിലകം, കൊട്ടാരം. **r. sleep** പള്ളിക്കുറുപ്പ്. **r. smile** തിരുമുത്തിളക്കം. **r. speech** അരുളപ്പാട്, തിരുനാവൊഴിഞ്ഞത്, അരുളിച്ചെയ്യത്. **r. sword** പള്ളിവാള്. **r. treasury** രാജഭണ്ഡാരം. **r. walk** എഴുന്നെള്ളത്ത്. **r. eagle** രാജകഴുക് (*z.*). **His or Her R. Highness** (H. R. H.) രാജമഹിമശ്രീ. **r. mast** (കപ്പലിന്റെ) വലിയകൊമ്പ്. **r. metal** സ്വർണ്ണം, പൊന്ന്. **r. palm** അമേരിക്കപ്പന (*b.*). **r. purple** നീലധൂമ്രവർണ്ണം. **r. tiger** മലമ്പുലി, വരിയൻ, തെണ്ടോലവരിയൻ (*z.*). **r. touch** രാജസ്പർശം, (കണ്ഠമാല മാറുവാൻ) രാജാവ് തൊടൽ. *n.* ഒരു വക വലിയ കടലാസ്; 2. ഒര് കപ്പൽപ്പായി (*naut.*); 3. മാങ്കൊമ്പ്ചില്ലി (*z.*); 4. ചട്ടിപ്പീരങ്കി (*mil.*); 5. ഒര് പഴയ ഇംഗ്ലീഷ്നാണ്യം. **-et**, *n.* ചെറുരാജാവ്, രാജകൻ. **-ism**, *n.* സ്വാമിഭക്തി, രാ

ജ—; —പക്ഷം; രാജത്വവാദം. -ist, *n.* സ്വാമിഭക്തൻ; രാജപക്ഷക്കാരൻ; രാജത്വവാദി. -īse, -īze, *v. t.* രാജകീയം ആക്കുക. -ly, *ad.* —ആയി. -ty, *n.* രാജത്വം, രാജപദവി, തിരുമൂപ്പ്; രാജാവ്, തിരുമേനി; രാജാധികാരം, നാട്വാഴ്ച; രാജ്യം, നാട്; (നാണ്യ)രാജഭോഗം; (ഖനി)ജന്മി—; (സ്വത്വം, പുസ്തകം) കത്തൃ—.

**Roys'tĕr, Roys'tĕr-ĕr,** *n., s. a.* **Roister, Roisterer.**

**Rub,** *v. t.* തടവുക, തേക്കുക; തിരുമ്പുക, മട്ടിക്കുക; 2. തുടക്കുക, തുവൎത്തുക; 3. ഉരക്കുക, ഉരസുക, ഉരുമ്മുക; 4. ഉഴിയുക; 5. പിരട്ടുക, പൂശുക, തേക്കുക; 6. (up, over) തേച്ച്വെളുപ്പിക്കുക, —മോറുക; മിനുക്കുക; 7. ചുരണ്ടുക, മാച്ചുക; 8. തട്ടുക്കുക, മുടക്കുക, എതിൎക്കുക. to r. down മാലീസിട്ടുക, (കുതിരയെ)തുടക്കുക. to r. off ഉരച്ച്കളയുക, ഉരുമ്മുക. to r. out ചുരണ്ടിക്കളയുക, മാച്ചുക. to r. up തേച്ച്വെളുപ്പിക്കുക, വെടിപ്പാക്കുക; ഉണൎത്തുക, ഉത്സാഹിപ്പിക്കുക, ചുണപിടിപ്പിക്കുക. *v. i.* ഉരയുക, ഉരഞ്ഞ്പോക; 2. നുഴക. to r. along *or* on പ്രയാസേനനിവൃത്തിക്കുക. *n.* ഉരസല്, ഉരുമ്മല്; 2. തടസ്ഥം, മുടക്കം, വിഘ്നം; വിഷമം; 3. പരുപരുപ്പ്; 4. പരിഹാസം, നിന്ദ; 5. അണക്കല്ല്. r.-iron ഇരിമ്പ്വട്ടക്ക്. r.-stone കത്തി(യണക്കുന്ന) കല്ല്, ചാണക്കല്ല്. -'bĕr, *n.* ഉരക്കുന്നവൻ; ഓപ്പമണല്; ഓപ്പക്കോല്; അരം; കത്തിക്കല്ല്; എഴുത്ത്മാച്ചുന്ന 'റബ്ബറ്'; ഉഴിച്ചലുകാരൻ, തടവുന്നവൻ; പരിഹാസം; ചീട്ട്കളി; ഇന്ത്യാ'റബ്ബറ്' പശ; 'റബ്ബറ്'മേൽചെരിപ്പ്. r.r cloth 'റബ്ബറ്'മെഴുത്തുണി. -'bing, *a.* ഉരക്കുന്ന; തുടക്കുന്ന. *n.* തടവൽ, ഉഴിച്ചല്.

**Rub'a-dub,** *n.* ചെണ്ടശബ്ദം; 2. നിലവിളി; 3. ഇടവിടാത്ത ഒച്ച.

**Rub'bish,** *n.* ചണ്ടി, ചവറ്, കപ്പ, കച്ചറ, കാട്ടം; 2. സാരമില്ലാത്തത്, നിസ്സാരം. -y, *a.* ചണ്ടിആയ; നിസ്സാരം—.

**Rub'ble,** *n.* ചരല്, ചരക്കല്ല്; 2. പൊരിപ്പ്; 3. ചെത്താത്തകല്ല്; 4. *pl.* കോതമ്പ്ഉമി, —തവിട്. r. stone ചരല്ലല്. r.-work ചെത്താത്ത കല്ല് കെട്ടൽ. **rub'bly,** *a.* ചരലുള്ള.

**Ru̥-be-fā'ci-ent, =fac'tiŏn, =bed'i-nŏus, Ru̥'be-let,** *etc., s. u.* **Ruby.**

**Ru̥-bel'la, Ru̥-bē'o-la,** *n.* ഒര്വക കരുവൻ, —മണല് (*med.*).

**Ru̥-bes'cence, Ru̥-bes'cent,** *s. u.* **Ruby.**

**Ru̥'bi-can,** *a.* (കുതിര) ഊതനിറം ഉള്ള, ചുവപ്പ്നിറത്തിൽ പുള്ളി—.

**Ru̥'bi-celle** (-sel), *n.* മഞ്ഞപ്പുഷ്യരാഗം (*min.*).

**Ru̥'bi-con,** *n.* ഇററലിയിലെ ഒര് പുഴ. to pass *or* cross the R. തുനിഞ്ഞ്പുറപ്പെട്ടുക, നനഞ്ഞിറങ്ങുക.

**Ru̥'bi-cund,** *a., s. u.* **Ruby.**

**Ru̥-bid'i-um,** *n.* ഒര് ഇളമഞ്ഞലോഹം, 'റുബീഡ്യം' എന്ന മൂലധാതു (*min.*).

**Ru̥'bi-fy, =bi-fic,** *etc., s. u.* **Ruby.**

**Ru̥'ble, Rou̥'ble** (*Russ.* ru̥'bl), *n.* ഏകദേശം ഒന്നര ഉറുപ്പിക വിലക്കുള്ള റഷ്യനാണ്യം.

**Ru̥'bric,** *n.* ചുവപ്പെഴുത്ത്; 2. തലവാചകം; 3. നിയമനാമം; 4. ദൈവാരാധന നിയമക്കുറിപ്പ്; 5. *pl.* സഭാവിധികൾ; 6. ചട്ടം, ചടങ്ങ്, ആചാരം, നടവടി. *v. t.* ചുവപ്പിക്കുക; 2. ചുവപ്പടയാളം വെക്കുക. **ru̥'bric, =bri-cal,** *a.* ചുവപ്പ്ചായമിട്ട; ചട്ടമാക്കിയ; ചടങ്ങ്സംബന്ധിച്ച. **=cāte,** *a.* ചുവപ്പടയാളം ഉള്ള. *v. t.* —ഇടുക; വിശേഷതപ്പെടുത്തുക; ക്രമപ്പെടുത്തുക; സഭാചട്ടമാക്കുക. **=bri'cian** (-shan), **=cist,** *n.* ആചാരനിഷ്ഠക്കാരൻ; ചടങ്ങറിവാളി. **=bric'i-ty,** *n.* ചുവപ്പ്നിറം.

**Rub'stōne,** *n., s. u.* **Rub.**

**Ru̥'by,** *n.* ചുവപ്പ്കല്ല്, പുഷ്യരാഗം, പുഷ്പ—, പത്മ— (*min.*); 2. —രാഗവൎണ്ണം, ചുവപ്പ്നിറം. *a.* ചുവന്ന, പാടലമായ. r.-tail ഒര്വക വണ്ട് (*z.*). r.-throat ഒര് ചെറുപക്ഷി (*z.*). r.-wood രക്തചന്ദനം (*b.*). *v. t.* ചുവ(ക)പ്പിക്കുക. **ru̥-be-fā'ci-ent** *a.* ചുവപ്പിക്കുന്ന. *n.* ശ

ത്തിരം ചുവപ്പിക്കുന്ന ഒര് മരുന്ന് (*med.*). **rṳ-be-fac'tiŏn,** *n.* ചുവപ്പിക്കൽ. =**bed'-i-nŏus,** *a.* ഇളഞ്ചുവപ്പായ. **rṳ'be-let,** *n.* ചെറു പുഷ്പരാഗം =**bes'cence,** *n.* മുഖം ചുവക്കൽ, കരുവാളിപ്പ്. =**bes'-cent,** *a.* ചുവന്ന് വരുന്ന. **rṳ'bi-cund,** *a.* ചുവന്ന; ചുവപ്പ് നിറം ഉള്ള, പത്മരാഗച്ഛായ—. **rṳ-bi-cund'i-ty,** *n.* ചുവപ്പ് നിറം. **rṳ'bi-fȳ,** ചുവപ്പിക്കുക. **rṳ-bif'-ic,** *a.* ചുവപ്പിക്കുന്ന. **rṳ-bi-fi-cā'tiŏn,** *n.* ചുവപ്പിക്കൽ. **rṳ'bi-form,** *a.* ചുകപ്പായ, ചുവന്ന.

**Rṳche, Roṳche** (rush), *n.* (സ്ത്രീകളുടെ വസ്ത്രത്തിന്ന് വെക്കുന്ന) വിചിത്രക്കര, —നാട.

I. **Ruck,** *v. t. & i.* ചുളിക്കുക. *n.* ചുളി.

II. **Ruck,** *v. i.* ഉക്കററ് കുത്തിരിക്കുക, ഉക്കിച്ച്—; 2. ചമ്മണപ്പടിയിട്ട്—; 3. പൊരുന്നിരിക്കുക.

III. **Ruck,** *n.* കൂനല്; 2. പുല്ലുതിരി; 3. സാമാന്യജനം.

**Ruc-tā'tiŏn,** *n.* തേട്ട(ക്ക)ല്; 2. ഏമ്പക്കം, ഏമ്പല്. [അമളി.

**Ruc'tiŏn,** *n.* കലശല്; നിലവിളി;

**Rud'dĕr,** *n.* ചുക്കാൻ, പങ്കായം (*naut.*); 2. നടത്തുന്നവൻ, നായകൻ. **r.-head** ചുക്കാന്തല. **-less,** *a.* ചുക്കാനില്ലാത്ത.

**Rud'dle,** *n.* കാവിക്കല്ല്, കാവിമണ്ണ്. *v. t.* —മുക്കുക; —തേക്കുക; 2. ചുവപ്പിക്കുക.

**Rud'dy,** *a.* ചുവന്ന, പാടലമായ; 2. രക്തപ്രസാദം ഉള്ള, പ്രസന്നത—. =**died** (-did), *a.* ചുവപ്പിച്ച. =**di-ly,** *ad.* ചുവപ്പായി; പ്രസന്നതയോടെ. =**di-ness,** *n.* ചുവപ്പ്, അരുണവൎണ്ണം.

**Rṳde,** *a.* പരുക്കനായ, പരുപരുത്ത; മിനുക്കാത്ത; 2. വൃത്തികെട്ട, അവലക്ഷണം ആയ, മട്ടിപ്പണി— (*P.*); പെരുമ്പണി—, കന്നവേല— (*S.*); 3. മൎയ്യാദയില്ലാത്ത, നിൎമ്മൎയ്യാദമായ; മുരട്ട് ശീലം ഉള്ള, മൃഗസ്വഭാവം—; ആചാരോപചാരാദികളില്ലാത്ത; 4. കഠിനം ആയ, ഉഗ്രം—; 5. ഭയങ്കരം—, ക്രൂരം—; 6. അപൂൎണ്ണം—; ഭംഗിയില്ലാത്ത; 7. നൈപുണ്യം കുറഞ്ഞ; 8. വിരസമായ. **-'ly,** *ad.* മുഠാളത്തരമായി; പരുക്കനായി. **-'ness,** *n.* അവലക്ഷണം; നിൎമ്മൎയ്യാദം. **rṳ'dish,** *a.* മൎയ്യാദകുറഞ്ഞ. **rṳ'di-ty,** *n.* —ഇല്ലായ്മ; അറിവ്—.

**Rṳ'di-ment,** *n.* മൊട്ട്; വേര്, വിത്ത്, മുരട്; 2. മൂലതത്വം, അടിസ്ഥാനം, പ്രമാണം; ആദ്യപാഠം, ആരംഭം; 3. അപൂൎണ്ണാംശം (*biol.*). *v. t.* മൂലതത്വം പറയുക; 2. മൂലസൂത്രം പഠിപ്പിക്കുക. =**ment'-al,** =**ment'ar-y,** *a.* അടിസ്ഥാനം ആയ; പ്രാരംഭം—; ആദ്യത്തെ; അപൂൎണ്ണമായ, വികസിക്കാത്ത (*biol.*).

**Rṳ'dish, Rṳ'di-ty,** *s. u.* **Rude.**

**Rṳd'mas-dāy,** *n.* ക്രൂശുപ്പെരുന്നാള്, മേയി 3., സെപ്തമ്പ്ര 14 (*R. C.*).

**Rṳe** (rṳ), *n.* അരുത, സോമരാജൻ (*b.*); 2. കൈപ്പ്; 3. ദുഃഖം, ഖേദം, ക്ലേശം. *v. t.* ഖേദിക്കുക, വിചാരിച്ച് ദുഃഖിക്കുക, ക്ലേശിക്കുക; വിലപിക്കുക; 2. വ്യസനം ജനിപ്പിക്കുക; 3. മനസ്സ് മാററുക, പിൻവാങ്ങുക, വേണ്ടെന്ന് വെക്കുക. *v. i.* പശ്ചാത്താപപ്പെടുക, ശോചിക്കുക. **-'fṳl,** *a.* പ്രലാപകരം ആയ, ദുഃഖകരം—; വിലാപിക്കുന്ന, ശോചനീയമായ. **-'fṳl-ly,** *ad.* വ്യസനത്തോടെ, ശോചനീയമായി. **-'fṳl-ness,** *n.* സങ്കേശം, ശോകം, ദുഃഖം.

**Rṳ-fes'cent,** *a.* ചുവപ്പായ; 2. ചുകപ്പ് ഛായയുള്ള.

I. **Ruff,** *n.* ഞെറിക്കഴുത്ത് പട്ട; 2. ഞെറിശൃംഗാരം; 3. പൊങ്ങച്ചം, പെരിമ; 4. മട്ടളശബ്ദം (*mil.*). 5. ഒര് പക്ഷി (*z.*); 6. ഒര് വക മാടപ്രാവ് (*z.*); 7. കഴുത്ത് തൂവല് (*z.*). *v. t.* ചുളിക്കുക; 2. പ്രച്ഛന്നമാക്കുക, താറുമാറാക്കുക; 3. മട്ടളം മുട്ടുക (*mil.*). **ruffed** (ruft), *a.* കഴുത്ത് പട്ട ഉള്ള; കഴുത്തിൽ തൂവല്—.

II. **Ruff,** *n.* (ചീട്ട് കളിയിൽ) 'തുരുപ്പിട്ട്' മുറിക്കൽ. *v. t. & i.* 'തുരുമ്പിട്ട്' മുറിക്കുക.

**Ruf'fi-an,** *n.* കൂട്ടി; 2. ജാരൻ; 3. കശ്മലൻ, പോക്കിരി, വല്ലാത്തവൻ; 4. ഘാതകൻ, തലമുറിയൻ. *a.* ദുഷ്ടത ഉള്ള; ക്രൂരത—; 2. പാതകനായ. **-āġe,** *n.* പാതകവൎഗ്ഗം; കശ്മലക്കൂട്ടം. **-ish, -līke, -ly,** *a.* പാതകനായ; എന്തുംചെയ്യാൻ മടിയി

ല്ലാത്ത; ക്രൂരതയുള്ള, നിഷ്ഠുരമായ. -ism, *n.* കശ്മലത്വം, ഘാതകത്വം.

**Ruf'fle,** *n.* ഞെറിശ്രുംഗാരം; 2. കലക്കം; പരിഭ്രമം; 3. മദ്ദളശബ്ദം. *v. t.* ചുളിക്കുക, ഞെറിയുക; 2. ഞെറിവെക്കുക; 3. അലങ്ങലാക്കുക, അലങ്കോലമാക്കുക; ഇളക്കുക; 4. എറിച്ച് പിടിക്കുക, എറിക്കുക; 5. മദ്ദളംമുട്ടുക (*mil.*); 6. മനംകലക്കുക; 7. ഭംഗംവരുത്തുക, കേട്—; കഴപ്പം—, താറുമാറാക്കുക; ഛിന്നിക്കുക; 8. വാരിക്കൂട്ടുക. to r. the feathers of കോപിപ്പിക്കുക. ക്രോധം ജനിപ്പിക്കുക. *v. i.* ഉഗ്രമാക; 2. (ഉടുപ്പ്)പാറുക; (—)അഴിയുക; 3. പാരുഷ്യം കാട്ടുക; 4. അഹങ്കരിക്കുക, അഹംഭാവം കാട്ടുക. -less, *a.* ചുളുക്കില്ലാത്ത; അനക്കമില്ലാത്ത. -ment, *n.* ഞെറിക്കൽ; കലക്കൽ. ruf'flĕr, *n.* കലക്കുന്നവൻ; അഹങ്കാരി, ധിക്കാരി, പോക്കിരി; ഞെറിക്കുത്തി.

**Ru̱'fŏus,** *a.* ഇളഞ്ചുവപ്പായ, പിംഗലവണ്ണം ഉള്ള, കിരാൽനിറം—.

**Rug,** *n.* പരുക്കൻകമ്പിളി; 2. താണപരവതാനി; 3. മെതിപടം; 4. ജടയുള്ള നായി. r.-gown പരുക്കനങ്കി. *v. t.* പിടിച്ച് വലിക്കുക; പറിച്ച് ചീന്തുക; 2. പിടിച്ച് പറിക്കുക, കവച്ച്ചെയ്യുക. -'giṅg, *n.* കരിമ്പടം, പരുക്കൻകമ്പിളിത്തുണി.

**Ru̱'ga,** *n.* (*pl.* ru̱găe, *pr.* -jē) ചുളിവ്, മടക്ക്. ru̱'gāte, *a.* മടക്ക്മടക്കായ, ചുളിവുള്ള. ='gōse, ru̱'gŏus, *a.* വളരെ ചുളിവുള്ള. =gos'i-ty, *n.* ചുളിവ്. ru̱-ga-lōse', *a.* ഏതാനും ചുളിവുള്ള.

**Rug'ged,** *a.* കന്നം(ണ്ടം)കുഴിയുമായ, പരുപരുപ്പുള്ള, നിമ്നോന്നതമായ; തട്ടൊക്കാത്ത; 2. ദുഷ്കടംആയ; 3. പരുപ്രച്ഛം—; 4. രോമം ഉള്ള, —നിറഞ്ഞ; 5. പരുഷഭാവം ഉള്ള, ഉഗ്രത—; 6. കാററുംവിശറും—, കൊടുങ്കാററ്—; 7. കക്കശമായ; 8. രൂക്ഷതയുള്ള, മുഖം ചുളിച്ച, മുഷിഞ്ഞ; 9. നിമ്മ്യാദമായ; കോപം ഉള്ള, അഹങ്കാരം—. -ly, *ad.* പരുപരുപ്പായി; പപ്രച്ഛമായി; ഉഗ്രമായി. -ness, *n.* പാരുഷ്യം.

**Rug'giṅg,** *n.*, *s. u.* Rug.

**Ru̱'gōse, Ru̱'gŏus, Ru̱-ga-lōse',** *etc.*, *s. u.* **Ruga.**

**Ru̱'in,** *n.* പൊളിഞ്ഞ് വീഴൽ; 2. ഇടിവ്; 3. നാശം, സംഹാരം; 4. വീഴ്ച, അധഃപതനം; 5. ശൂന്യം; 6. *pl.* പാഴിടം; 7. ശൂന്യസ്ഥിതി; 8. നാശകാരണം. *v. t.* നശിപ്പിക്കുക, ശൂന്യമാക്കുക, പാഴാക്കുക, സംഹരിക്കുക; 2. ദോഷംവരുത്തുക. *v. i.* ശൂന്യമാക, പാഴായ്പോക, ജീണ്ണിക്കുക; നശിക്കുക, നിമ്മൂലമാക. -a-ble, *a.* നശിപ്പിക്കാകുന്ന. =nāte, *v. t.* പൊളിക്കുക, നശിപ്പിക്കുക; ശൂന്യമാക്കുക; തള്ളിയിടുക. *a.* പാഴായ, ശൂന്യമായ. =nā'tiŏn, *n.* നശിപ്പിക്കൽ, പാഴാക്കൽ; നാശം. =nĕr, *n.* നശിപ്പിക്കുന്നവൻ. =nŏus, *a.* നാശകരമായ; ദൂഷ്യം വരുത്തുന്ന; കേട് വന്ന, പൊളിഞ്ഞ; പാഴിടമായ. =nŏus-ly, *ad.* നാശകരമായി. =nŏus-ness, *n.* നാശകരത്വം, ദൂഷ്യം.

**Ru̱kh,** *n.*, *s. a.* Roc.

**Ru̱le,** *n.* വെപ്പ്, ചട്ടം, ക്രമം, ധമ്മം, പ്രമാണം; 2. പതിവ്, മയ്യാദ, നടവടി; 3. അധികാരം, വാഴ്ച, കോയ്മ, ഭരണം; 4. നിയമം; കല്പന (*l.*); 5. സൂത്രം, വിധി (*gr.*); 6. വഴി, പദ്ധതി, പ്രമാണം (*math.*); 7. വരക്കുന്നവടി, വടി; 8. അളത്തക്കോല്, മാത്രക്കോല്. r.-monger നിയമം മാത്രം പ്രമാണിക്കുന്നവൻ; നിയമാക്ഷരവിഷ്ഠി. as a r. പതിവായി, ആകപ്പാടെ, സാധാരണമായി. r. of three ത്രൈരാശികം, അനുപാതം (*math.*). r. of thumb തഴക്കം, പരിചയം, ശീലം, അഭ്യാസം. *v. t.* ഭരിക്കുക, വാഴ്ചകഴിക്കുക, അധികാരംനടത്തുക; 2. നടത്തുക; അനുസരിപ്പിക്കുക; 3. നടപ്പാക്കുക, പതിവാക്കുക; 4. നിയമം ആക്കുക, ചട്ടം— (*l.*); 5. വരക്കുക, വരയുക, വരയിടുക. *v. i.* (over) വാഴുക, ഭരിക്കുക; 2. നിയമംവെക്കുക, ചട്ടമാക്കുക (*l.*); 3. നിലവാരമാക, നിലെക്കുക (*com.*). -'less, *a.* നിയമമില്ലാത്ത. ru̱'lĕr, *n.* ഭരിക്കുന്നവൻ; നാട് വാഴി, പ്രമാണി; വരക്കുന്നവടി, വടി. ru̱'liṅg, *a.* വാഴ്ചകഴിക്കുന്ന, ഭരിക്കുന്ന, വാഴുന്ന; മുഖ്യംആയ, പ്രധാനം—; വരയിടുന്ന. r.g machine വരയിടുന്ന

യന്ത്രം. *n.* ഭരണം, വാഴ്ച; വര; വിധി, തീൎപ്പ് (*l.*). ru̱'ling-ly, *ad.* അധികാരത്തോടെ; അധികാരംനടത്തത്തക്കവണ്ണം.

I. **Rum,** *n.* കരിമ്പ്റാക്ക്, ശക്കരച്ചാരായം, റാക്ക്. r.-bud ചാരായ(ത്താലുണ്ടാകുന്ന മൂക്ക്)ചുവപ്പ്, ചെമ്മൂക്ക്. r.-seller റാക്ക്വില്ക്കുന്നവൻ, ചാരായക്കടക്കാരൻ. r.-shrub ചാരായപ്പാനകം. -'my, *a.* ചാരായസംബന്ധമായ, റാക്കിന്റെ. *n.* വൻകുടിയൻ, സുരാമത്തൻ.

II. **Rum,** *a.* പഴയമട്ടായ, പണ്ടേത്ത, അപൂൎവ്വമായ. *n.* പഴയമട്ടുകാരൻ, അപൂൎവ്വമനുഷ്യൻ; 2. തറ(യിലെ)ബോധകൻ.

**Rum'ble,** *v. i.* മുഴങ്ങുക; 2. നീരൊലി ഉണ്ടാക, ഗുളുഗുളുരവം—; മന്ദമായി ശബ്ദിക്കുക. *n.* മുഴക്കം, ഒച്ച; 2. വണ്ടിയുടെ (വഴിയിലുള്ള) ഇരിക്കപ്പലക; 3. മിനുക്കപ്പീപ്പ; മിനുക്കപ്പെട്ടി. *v. t.* മിനുക്കപ്പീപ്പയിലിട്ട് (കലുക്കി)മിനുക്കുക. =blĕr, *n.* മിനുക്കുന്നവൻ. =bling, *a.* മുഴങ്ങുന്ന. *n.* മുഴക്കൽ; മുഴക്കം. =bling-ly, *ad.* മുഴക്കത്തോടെ.

**Ru̱'mi-nal, Ru̱'mi-nant,** *a.* തേക്കിയരക്കുന്ന, അയവെക്കുന്ന, അയറുന്ന (*S.*), അയവിറക്കുന്ന (*z.*). ru̱'men, *n.* നാല്ക്കാലികളുടെ ഒന്നാം പള്ള, ആമാശയം (*an.*); അയവിറക്കൽ, തേക്കിയരക്കൽ; ചൎവ്വിതചൎവ്വണം, രോമന്ഥം. =nant, *n.* രോമന്ഥകം, അയവിറക്കുന്നമൃഗം (*z.*). =nan'ti-a (nan'shi-a), *n. pl.* നാല് പള്ളയുള്ള അയവിറക്കുന്ന മൃഗവൎഗ്ഗം, രോമന്ഥകവൎഗ്ഗം, ഒട്ടകം മാന് ആട് പശു എരിമ മുതലായവ. =nant-ly, *ad.* തേക്കിയരച്ച്കൊണ്ട്. =nāte, *v. t.* തേക്കിയരക്കുക, അയറുക (*S.*), അയവെക്കുക; ചൎവ്വിത ചൎവ്വണം ചെയ്യുക, ആലോചിക്കുക, ധ്യാനിക്കുക. =nā'tiŏn, *n.* തേക്കിയരക്കൽ, രോമന്ഥം; ധ്യാനം, ആലോചന; തേട്ട(ക്ക)ല്, പുളിന്തേട്ട(ക്ക)ല് (*phys.*). =nā-tive, *a.* അയവിറക്കുന്ന; ധ്യാനിക്കുന്ന. =nā-tŏr, *n.* ധ്യാനക്കാരൻ.

**Rum'māge,** *n.* കപ്പലിലെ ചരക്കറ; 2. വലിച്ചിട്ട്നോക്കൽ, തിരയല്, തിരച്ചല്, അന്വേഷണം. r.-sale പല ചരക്ക്ലേലം. *v. t.* കപ്പലിൽ ചരക്ക് കത്തിന്നിറക്കുക; 2. വലിച്ചിട്ട്നോക്കുക, സൂക്ഷ്മമായി പരിശോധിക്കുക. =ḡĕr, *n.* വാരിവലിച്ചിട്ട്നോക്കുന്നവൻ; സൂക്ഷ്മപരിശോധകൻ.

**Rum'mĕr,** *n.* വലിയ പാനപാത്രം; പിടിമോന്ത; 2. 'ബമ്പ്', തുടക്.

**Rum'my,** *a.*, *s. u.* Rum I.

**Ru̱'mŏr, Ru̱'mŏur,** *n.* വൎത്തമാനം, ശ്രുതി, കേള്വി, ബഹുവാക്ക്, കിംവദന്തി, പ്രസ്താവം. *v. t.* വൎത്തമാനം പരത്തുക. പറഞ്ഞ് നടക്കുക. -ĕr, *n.* വൎത്തമാനം പരത്തുന്നവൻ, കള്ളശ്രുതി—.

**Rump,** *n.* മൃഗത്തിന്റെ പൃഷ്ഠം, ചന്തി, ചണ്ണ; 2. (മൃഗിയുടെ) ചണ്ണക്കഷണം; 3. വാല്ക്കണ്ടം; അവസാനം, ശേഷിപ്പ്, ഉച്ഛിഷ്ടം. -'less, *a.* ചണ്ണയില്ലാത്ത.

**Rum'ple,** *v. t.* & *i.* പരുപരുപ്പാക്കുക; 2. ചുളിക്കുക; 3. ഞെറിയിടുക. *n.* മടക്ക്, ഞെറി; 2. ചുളിവ്. rum'pled (-pld), rum'ply, *a.* ചുളിഞ്ഞ.

**Rum'pus,** *n.* ശണ്ഠ, തകരാറ്, കലശല്; 2. ആരവാരം, അമളി.

**Run,** *v. i. ir.* (ran *or* run, run) ഓടുക, പായുക, വേഗം നടക്കുക; 2. (വെള്ളം) ഒഴുകുക, പ്രവഹിക്കുക; 3. (പാമ്പ്) ഇഴയുക; 4. (വണ്ടി) ഉരുളുക; 5. പാഞ്ഞ് പോക, ഓടിപ്പോക; 6. ഒളിച്ച് പോയ്ക്കളയുക; 7. വിരുതിന്ന് ഓടുക, പന്തയത്തിൽ—; 8. അപേക്ഷകൻ ആയിരിക്കുക, അൎത്ഥി—, ഉമേദാരൻ—: to r. for Parliament ആലോചനസഭാംഗമായ്തീരുവാൻ ഉത്സാഹിക്കുക; 9. (in, into) പെടുക, അകപ്പെടുക, ആയ്തീരുക: to r. in debt കടക്കാരനായ്തീരുക; 10. ചെയ്ത് പോരുക; കഴിച്ച് പോരുക: to r. through life കാലംകഴിച്ച് പോരുക; to r. in a circle ഒരേപ്രകാരം ചെയ്യുക; 11. കാൎയ്യം മാറിമാറി ആലോചിക്കുക; സംബന്ധം വിട്ട് സംസാരിക്കുക; ഒന്ന് തീരുംമുമ്പെ മറ്റൊന്ന് പറയുക: to r. from one subject to another ഒന്നിൽനിന്ന് മറ്റൊന്നിൽ തുള്ളുക; 12. (on) തുടൎച്ചയായി സംസാരിക്കുക, പറഞ്ഞ് കൊണ്ടിരിക്കുക; 13. (on) 'ബേങ്കിൽ' ഇട്ട പണം പെട്ടന്ന് (മടക്കി)

ചോദിക്കുക; 14. പരക്കുക, വ്യാപിക്കുക; 15. അലിയുക, ഉരുകുക; 16. ചുററുക, തിരിയുക; 17. പോക, യാത്രചെയ്യുക, ഓട്ടുക: the train r.s to Cannanore തീവണ്ടി കണ്ണൂരോളം പോകുന്നുണ്ട്; 18. എത്തുക, മുതൽ.....ഓളം ഉണ്ടാക: our memory does not r. so far നമ്മുടെ ഓൎമ്മ അത്രദൂരത്തോളം എത്തുന്നില്ല; 19. അങ്ങോട്ടും ഇങ്ങോട്ടും പോക, —ഓട്ടുക: the stage r.s between the river and the fort തപ്പാൽ വണ്ടി പുഴക്കൽനിന്ന് കോട്ടയോളവും കോട്ടയിൽനിന്ന് പുഴക്കലോളവും പോകുന്നുണ്ട്; 20. (കാലം)ചെല്ലുക, കഴിയുക; 21. പ്രവൃത്തിയുണ്ടാക: the mills r. six days in the week നെയ്ത്ത് ശാലയിൽ ആഴ്ചക്ക് ആറ് ദിവസം പണിയുണ്ട്; 22. വിചാരിക്കുക, ആലോചിക്കുക: our minds r. wholly on the good നാം മനസ്സ്കൊണ്ട് നന്മയായത് മാത്രം ആലോചിക്കുന്നു; 23. കിടക്കുക, കിടപ്പായിരിക്കുക, സ്ഥിതിയാക, ഇരിക്കുക: the walls r. east to west ചുമരുകൾ കിഴക്ക് പടിഞ്ഞാറായിട്ടാണ്; 24. ഉണ്ടാക, ആയിരിക്കുക: the letter r.s thus കത്ത് ഇങ്ങിനെയാണ്; 25. ശ്രുതിപ്പെടുക, പേരാക, അറിയുക: they r. by that name അവൎക്ക് അതാണ് പേര്; 26. വളരുക: girls r. up rapidly പെണ്കുട്ടികൾ വേഗം വളരും; 27. ചായുക, വാസനയുണ്ടാക: his nature r.s to indolence അവന്ന് മടിയിലേക്കാണ് വാസന; 28. കലന്ന്പോക, കൂടിക്കലരുക: the colours r. into one another നിറങ്ങൾ തമ്മിൽ കലന്ന്പോകുന്നു; 29. സംബന്ധിച്ചിരിക്കുക: customs r. only upon goods ചരക്കുകൾക്ക് മാത്രമേ ചുങ്കം ഉള്ളു; 30. അവധിയുണ്ടാക: the bill has 30 days to r. ഉണ്ടികക്ക് ഇനിയും 30 ദിവസത്തെ അവധിയുണ്ട്; 31. ഒലിക്കുക, ചോരുക: the ulcer r.s വ്രണം പൊട്ടിയൊലിക്കുന്നു; one of his ears r.s അവന്റെ ഒര് ചെവി ചോരുന്നു; 32. തുടൎച്ചയായി കളിക്കുക, —അഭിനയിക്കുക: the play r.s for six months ആ കളി 6 മാസത്തോളം കളിക്കും; 33. കാററ് പിടിച്ചോട്ടുക (*naut.*). r. agate ഓടിപ്പോയവൻ; വിശ്വാസത്യാഗി; തെമ്മാടി. r.-away ഓടിപ്പോയവൻ; ഒളിച്ച് പോയവൻ; ഒളിച്ച്പോയ; ഒളിവായ. r. round കള്ളൻ, പാതകൻ (*U. S.*). r.-way തോട്, ചാല്; (കാട്ട്മൃഗങ്ങളുടെ) നടച്ചാല്. as things r. സാധാരണമായി; ഒട്ടാകെ. to let r. അഴച്ച്വിടുക (*naut.*). to r. after വഴിയെ ഓട്ടുക; തേടുക; കിട്ടുവാൻ ശ്രമിക്കുക. to r. amuck ഭ്രാന്ത്പിടിച്ചോട്ടുക, കണ്ടവരുടെ നേരെ ഓട്ടുക; വകതിരിവില്ലാതെ പ്രവൃത്തിക്കുക. to r. away ഓടിപ്പോക, ഒളിച്ച്പോയ്ക്കളയുക; ചാടിപ്പോക. to r. at നേരെ പായുക, എതിൎക്കുക. to r. away with കൊണ്ട്പോയ്ക്കളയുക; കൊണ്ട് ഓടിക്കളയുക. to r. down (ഘടികാരം) നിന്ന്പോക; ക്ഷീണിക്കുക, ക്ഷയിക്കുക. to r. down a coast കപ്പല് കരപിടിച്ചോട്ടുക. to r. for an office ഉദ്യോഗാൎത്ഥിയായിരിക്കുക. to r. in *or* into കടക്കുക; അകത്ത്ചെല്ലുക; തമ്മിൽ മുട്ടിപ്പോക. to r. in with സമ്മതിക്കുക, യോജിക്കുക; അടുത്ത്ചെല്ലുക. to r. mad ഭ്രാന്തനായ്ത്തീരുക; പരിഭ്രമിക്കുക; നായിവിഷമേല്ക്കുക. to r. mad after *or* on ഭ്രമം ഉണ്ടാക, ഇച്ഛാതുരം—. to r. on കണക്ക് കഴിക്കാതിരിക്കുക, കണക്കെഴുതിക്കൊണ്ട്പോരുക; വിടാതെ സംസാരിക്കുക; തുടൎച്ചയായി ചെയ്യുക, ചെയ്ത്കൊണ്ടിരിക്കുക; കളിയാക്കുക, പരിഹസിക്കുക; വരിമാറാതെ അച്ചടിക്കുക (*print.*). to r. out തീൎന്ന്പോക, അവസാനിക്കുക, അററുതിയാക; പരക്കുക; വൎദ്ധിക്കുക; ക്ഷീണിക്കുക; ക്ഷയിക്കുക, ദരിദ്രനായ്ത്തീരുക; ഇല്ലാതാക. to r. over കവിഞ്ഞൊഴുകുക; ബദ്ധപ്പാടോടെ നോക്കുക, —വായിക്കുക; (വണ്ടി, കുതിര) വല്ലവരുടെയും മേൽ കയറിപ്പോക. to r. riot അതിക്രമിക്കുക; അധികമാക, കവിച്ചലാവ്വോക. to r. through തിരക്കിൽ വായിച്ച്തീൎക്കുക; ദുൎച്ചെലവ്ചെയ്യുക. to r. to seed കായാകുമ്പോഴേക്ക് മരം ക്ഷയിക്കുക; വളൎച്ച നില്ക്കുക; ശക്തിക്ഷയിക്കുക. to r. up വൎദ്ധിക്കുക, കയറുക. to r. with ഒഴ

കക. *v. t.* ഓടിക്കുക; 2. വിരുതിന്ന് ഓടിക്കുക; 3. അപേക്ഷകൻആക്കുക, ഉദ്യോഗാൎത്ഥി—: they also r. a candidate അവരുടെ ഭാഗത്തും ഒര് ഉദ്യോഗാൎത്ഥിയുണ്ട്; 4. പൂൎണ്ണമായി ആലോചിക്കുക, കറിച്ച് ധ്യാനിക്കുക; 5. (വാള്) കടത്തുക, ചെലുത്തുക, കത്തുക; (ആണി) തറക്കുക; 6. കയററുക, അകപ്പെടുത്തുക: he ran the ship aground അവൻ കപ്പല് കരക്ക് കയററി; he r.s himself upon great inconveniences അവൻ പലവിഷമങ്ങളിലും അകപ്പെടുന്നു; 7. ഉരുക്കുക; വാൎക്കുക: to r. bullets ഉണ്ടവാൎക്കുക; 8. അതുത്തിവെക്കുക; അടയാളം—; 9. കള്ളച്ചരക്ക് കടത്തിക്കൊണ്ട് പോക: to r. goods ചരക്ക് ചുങ്കം വീട്ടാതെ കൊണ്ട് പോക; 10. പന്തയത്തിൽ ഓട്ടുക, ഓട്ടം—; 11. കാലംകഴിക്കുക, നടക്കുക: to r. a certain career ....ആയി പ്രവൃത്തിക്കുക, —ജീവിക്കുക; 12. ഇടയാക ആപല്ക്കരമായ നിലയിലാക: to r. the risk of ....നേരിടത്തക്ക നിലയിലിരിക്കുക; 13. യോഗ്യഭാഗ്യത്തിന്ന് നില്ക്കുക, തുനിഞ്ഞ് പുറപ്പെടുക; 14. വരിക, ഒഴകുക: the pipe r.s hot water കഴലിൽകൂടി ചൂട് വെള്ളം വരുന്നു; 15. നടത്തുക, വെക്കുക: to r. a hotel വിടുതിപ്പുരവെക്കുക; 16. അസഹ്യപ്പെടുത്തുക, ഉപദ്രവിക്കുക; 17. ദുലോട്ടുക; 18. (മത്സ്യം) ചേപ്പായി നടക്കുക, —പുലപ്പായി—; —പുഴയിൽ കയറുക. to r. a blockade (കപ്പല്) നിരോധതുറമുഖത്തിൽനിന്ന് തെററി ഓട്ടുക. to r. down വേട്ടയുരുവിനെ ഓടിപ്പിടിക്കുക; (കപ്പല്) മറുകപ്പലിന്ന് മുട്ടി അതിനെ ആഴ്ത്തുക; ഞെരുക്കുക; ഇടിച്ച് പറയുക, അപമാനിക്കുക. to r. hard ജയം സംശയകരമാക്കുക; വിട്ട് കൊടുക്കാതിരിക്കുക; ബുദ്ധിമുട്ടിക്കുക; വല്ലാതെ പരിഹസിക്കുക. to r. into the ground കണക്കിലേറ ചെയ്യുക. to r. off ഒഴകിപ്പോക. to r. out നീട്ടുക; നശിപ്പിക്കുക. to r. the chances *or* one's chances എന്തും സഹിക്കുക, യോഗ്യഭാഗ്യമനുഭവിക്കുക. to r. through കുത്തിത്തുളെക്കുക. to r. up താങ്ങിനിൎത്തുക; വൎദ്ധിപ്പിക്കുക; തിരക്കിൽപണിയിക്കുക. *n.* പായൽ; 2. പാച്ചല്, ഓട്ടം; 3. തോട്, നീച്ചാല്; 4. ഒഴുക്കം, വാൎച്ച, കനിച്ചല്, ഉററല്; 5. ദശ, കാലം, തഞ്ചം; 6. അഴിച്ചല്, സാദ്ധ്യം; 7. തുടൎച്ചക്കളി; 8. 'ബേങ്കിലെ' (പണം മടക്കിയെടുപ്പാനുള്ള) തിരക്ക്; 9. മേച്ചൽസ്ഥലം; 10. (കപ്പല്) ഓട്ടം; —ഓടിയദൂരം, ഓട്ടത്തിൻറവേഗത; 11. ഉല്ലാസസഞ്ചാരം; 12. ഓട്ടം (*mil.*); 13. മീൻകയററം, മീൻചേപ്പ്; 14. വട്ടപ്പന്താട്ടത്തിൽ ഒര് ചുററ്; പന്തടിക്കളിയിൽ ഒര് ഓട്ടം; 15. തിരിക്കല്ല് കൂട്ടം, ആസ്. r.-let കണ്ണിത്തോട്. home-r. വീട്ടിലേക്കുള്ള യാത്ര, സ്വരാജ്യത്തിലേക്കുള്ള—, മടക്കം. in the long r. ഒടുക്കം, പരമാവധിയിൽ. the r. *or* the common r. സാമാന്യന്മാര്, ഭൂരിജനം; സാധാരണ സംഭവം; താണ തരം. to let go by the r. അഴച്ചിടുക (*naut.*). *a.* ഉരുകിയ; വാൎപ്പായ; 2. കള്ളച്ചരക്കായ. -'nĕr, *n.* ഓട്ടക്കാരൻ; പന്തയത്തിൽ ഓടുന്നവൻ; അഞ്ചല്ക്കാരൻ; കററംതുമ്പുണ്ടാക്കുന്നവൻ; ദൂതൻ; കള്ളച്ചരക്ക് കടത്തുന്നവൻ; ആൾക്കാരൻ (*U.S.*); ആസിൻെറ മേല്ക്കല്ല്, തിരിക്കല്ല്; കപ്പിക്കമ്പ (*naut.*); ചെറിയ ഉരുള്; നാളം, കുഴല്; (തുണിക്കുടയുടെ) കീഴണ്ട, ഊരണ്ട, ഊര് വട്ട്; ഒര് മത്സ്യം (*z.*); ഒര് പക്ഷി (*z.*). -'ning, *a.* ഓടുന്ന; (കുതിര) പന്തയത്തിന്നുള്ള; തുടരത്തുടര ആയ, തുടൎച്ച—; ഒന്നിച്ച്; (എഴുത്ത്) ചരിഞ്ഞവടിവായ; തുടരത്തുടരെയുള്ള; പടരുന്ന (*b.*); ചലം ഒലിക്കുന്ന, (ചെവി) ചോരുന്ന (*med.*). r.g-block ഊര് കപ്പി. r.g-board തീവണ്ടിച്ചവിട്ട് പലക. r.g-days (കപ്പല്) ഓട്ടക്കാലം. r.g-fight ഓട്ടപ്പട. r.g-fire ഇടമുറിയാത വെടി, ധാ(രാ)രമുറിയാത—, തുടവ്വെടി. r.g-gear വണ്ടിയുടെ സവേലും വില്ലും ചക്രവും. r.g-hand ചരിഞ്ഞവടിവ്. r.g-knot ഊരാങ്കുടുക്ക്. r.g-part കെട്ടിയ ഭാഗം കഴിച്ചുള്ള കയറ്, കയററ് ബാക്കി. r.g-rigging കപ്പിക്കയറുകൾ (*naut.*). r.g-title പുസ്തകത്തിൽ ഭാഗംതോറുമുള്ള തലവാചകം, തുടൎതലവാചകം. *n.* ഓട്ടം;

ഒഴക്കം; ചലമൊലിപ്പ്, വാച്ച്, ചോച്ച (*med.*). -'niṅg-ly, *ad.* ഓടിക്കൊണ്ട്.

**Run'a-gāte,** *s. u.* Run.

**Run'a-wāy,** *n., s. u,* Run.

**Run'del,** *n.* അകിഴ്; 2. ചെറുപുഴ, ചിററാറ്; 3. വട്ടം, വൃത്തം.

**Run'dle,** *n.* പടി, ചവിട്ട്, പതനം; 2. ചക്രം; 3. ഉരുള്, കപ്പി.

**Rund'let, Run'let,** *n.* ചെറുപീപ്പ.

**Ru̧ne,** *n.* സ്ക്കൊണ്ടിനേവ്യ അക്ഷരമാല, 'രൂനെ'ഴുത്ത്; 2. *pl.* സ്കൊണ്ടിനേവ്യകാവ്യം. ru̧'nĕr, *n.* ശോഥകവി; —ശാസ്ത്രി. ru̧'nic, *a.* 'രൂനെ'ഴുത്ത് സംബന്ധിച്ച. r.c wand മന്ത്രവടി. ru̧-nol'o-ġy, *n.* സ്കൊണ്ടിനേവ്യാക്ഷരവിദ്യ. ru̧-nol'o-ġist, *n.* —വിദ്വാൻ.

I. **Run'let,** *n., s. u.* Run.

II. **Run'let,** *n., s. a.* Rund'let.

**Run'nel,** *n.* ചിററാറ്, ചെറുതോട്, കണ്ണിത്തോട്.

**Run'nĕr,** *n., s. u.* Run.

**Run'net,** *n., s. a.* Rennet.

**Run'niṅg, Run'niṅg-ly,** *s. u.* Run.

**Runt, Rant,** *n.* ചെറുമൃഗം, കള്ളജാത്; കരുട്ട് വക (*S.*); മുണ്ടിപ്പശു (*S.*); കറുവക (*z.*); 2. ഒര് വക മാടപ്രാവ് (*z.*); 3. കള്ളൻ, മുണ്ടൻ. -'y, *a.* ചെറിയ, കരുവക ആയ; നിസ്സാരം—.

**Ru̧-pēe',** *n.* ഉരുപ്പിക, രൂപാ (*S.*). 16 അണക്കുള്ള ഇന്ത്യയിലെ വെള്ളിനാണ്യം.

**Ru̧'pi-a,** *n.* ചിരങ്ങ്, അങ്കാളപ്പൻ (*med.*). ='al, *a.* ചിരങ്ങിന്റെ; ചിരങ്ങ് സംബന്ധിച്ച.

**Rup'tūre** (*or* -chu̧r), **Rup'tiōn,** *n.* പൊട്ടൽ, ഭംഗം, വില്ലല്, വിണ്ട്കീറല്; 2. ഭിന്നത, പിണക്കം, ഇടച്ചല്, വൈരം; 3. യുദ്ധം; 4. ആന്ത്രക്കടച്ചല്, ആന്ത്രവായു, —വീക്കം, വൃദ്ധി— (*med.*); 5. പൊട്ടിത്തെറിക്കൽ. *v. t.* പൊട്ടിക്കുക, ഭേദിപ്പിക്കുക, അറുക്കുക; 2. പൊട്ടിപ്പോക; 3. ആന്ത്രവൃദ്ധിയുണ്ടാക (*med.*). *v. i.* പൊട്ടുക. rup'tūred (-tūrd), *a.* ആന്ത്രക്കടച്ചലുള്ള, വൃദ്ധിവീണ്ടിയ (*med.*).

**Ru̧'ral,** *a.* നാട്ട്പുറം സംബന്ധിച്ച; 2. തറയിൽ ഉള്ള, ഉൾനാട്ടിൽ—; 3. തറക്കാരനായ; പരിഷ്കാരമില്ലാത്ത, നാട്ട്മട്ട് ആയ; 4. കൃഷിസംബന്ധം—. r. dean നാട്ട്പുറത്തെ കീഴദ്ധ്യക്ഷൻ (*eccl.*). -iṣm, -ness, *n.* നാട്ട്മട്ട്, തറ—; —സ്വഭാവം; —ഭാഷ, ഗ്രാമ്യം. -ist, *n.* തറവീഥിക്കാരൻ, നാട്ട്പുറക്കാരൻ. ´=ral'i-ty, *n.* തറമട്ട്; നാട്ട്പുറം, തറ, ഉള്ളൂര്, കാട്ടിടിക്ക്. -īṣe, -īze, *v. t.* നാട്ട്പുറംപോലെ ആക്കുക. *v. i.* —ആക; നാട്ട്പുറത്ത് താമസിക്കുക; തറക്കാരനാക. -ly, *ad.* തറമട്ടായി.

**Ru̧ṣe,** *n.* കൌശലം, ഉപായം, സൂത്രം, വിളവ്; യുക്തി, തന്ത്രം; 2. ചതി, തക്കിടി, വഞ്ചന.

I. **Rush,** *n.* ഞാങ്ങണ, വേഴം, ഓടപ്പുല്ല്, പോട്ടപ്പുല്ല്; 2. തൃണം, പുല്ല്; 3. നിസ്സാരം. r.-candle, r.-light ചെറുവിളക്ക്, രാ—. r.-bearing (തറയിലെ) പള്ളിപ്രതിഷ്ഠപ്പെരുന്നാള്. rushed (rusht), *a.* പോട്ടനിറഞ്ഞ. -'i-ness, *n.* ഞാങ്ങണനിറവസ്ഥിതി. -'līke, *a.* വേഴംപോലത്തെ; ഉറപ്പില്ലാത്ത, ബലഹീനമായ. -'y, *a.* വേഴം നിറഞ്ഞ; ഞാങ്ങണകൊണ്ടുണ്ടാക്കിയ.

II. **Rush,** *v. i.* ഊക്കോടെ പായുക, പാഞ്ഞ്ചെല്ലുക, ഓടുക; 2. ചെന്ന്ചാടുക; തിരക്കോടെ ചെയ്യുക, ദ്രുതഗതിയായി—. *v. t.* ഉന്തുക, തള്ളുക; 2. ബദ്ധപ്പെടുത്തുക, തിരക്കാക്കുക. *n.* ഓട്ടം, പാച്ചല്; 2. (വെള്ളം) ചാട്ടം, ഒലിപ്പ്, വല്ലു; 3. (കാററ്) ഊത്ത്; 4. തിരക്ക്. -'ĕr, *n.* ഓടുന്നവൻ; തള്ളുന്നവൻ. -'iṅg-ly, *ad.* ഊക്കോടെ, തള്ളലോടെ.

**Rusk,** *n.* ഒര് വക പൊങ്ങലപ്പം; 2. ഒര് വക മധുര'ബിസ്ക്കോത്ത്'; 3. കപ്പലപ്പം; 4. കാച്ചിയറൊട്ടി; തീയില്വണക്കിയ —, —കോതമ്പപ്പം.

**Rus'set, -ty,** *a.* തവിട്ട്നിറമുള്ള, ശ്യാവവർണ്ണമായ; 2. പരുക്കനായ, താണ. *n.* തവിട്ട്നിറം, ശ്യാവ(മ)വർണ്ണം; 2. തവി

ട്ട്നിറച്ചമയം; 3. തറച്ചമയം; 4. തവിട്ട് നിറത്തിലുള്ള ഏപ്പൾപഴം (*b.*); —സബ്ബ ജ്ൽ— (*b.*).

**Rus'sia** (rush'a *or* ru'sha), *n.* റഷ്യാ രാജ്യം, രൂസ്സ് (*M.*). **R. leather** ഒരു വക മേത്തരം തോല്, പുസ്തകത്തോല്. **Rus'sian** (rush'an, ru'shan), *a.* റഷ്യ രാജ്യം സംബന്ധിച്ച; —ഭാഷ—; റഷ്യക്കാരെ—. *n.* റഷ്യക്കാരൻ; റഷ്യഭാഷ. **Rus'sō-phīle, Rus-soph'i-list,** *n.* റഷ്യമിത്രം. **Rus'sō-phōbe, Rus-soph'ō-bist,** *n.* —ശത്രു, —വൈരി. **Rus'sō-phō-bi-a,** *n.* —ഭയം.

**Rust,** *n.* ഇരിമ്പ് കറ, തുരുമ്പ്; ലോഹക്കറ; 2. പൂപ്പ്; 3. ഭ്രഷ്യം, കേട്. *v. i.* തുരുമ്പ് പിടിക്കുക, കറ—; 2. പൂപ്പ്—; 3. മടി—. *v. t.* തുരുമ്പിക്കുക, കറപിടിപ്പിക്കുക; 2. പൂപ്പ്—; 3. കേട് വരുത്തുക, കെടുത്തുക. **-'ful,** *a.* കറപിടിച്ച, —ഉള്ള; തുരുമ്പ് പിടിപ്പിക്കുന്ന. **-'i-ly,** *ad.* കറയോടെ. **-'i-ness,** *n.* കറ; പൂപ്പ്. **-'less,** *a.* കറയില്ലാത്ത. **-'y,** *a.* —പിടിച്ച, തുരുമ്പിച്ച; ഇരിക്കെക്കെട്ട; പൂപ്പ് പിടിച്ച, പഴക്കംപററിയ; കരിഞ്ഞുവപ്പായ; മങ്ങലായ; വൃത്തികെട്ട.

**Rus'tic, =ti-cal,** *a.* നാട്ട് പുറത്തുള്ള, തറക്കാരൻ ആയ; 2. പരുക്കൻ—, താണ; 3. നിൎമ്മൎയ്യാദമായ, പരിഷ്കാരമില്ലാത്ത; 4. പച്ചപ്പരമാൎത്ഥിയായ, യുക്തി ഇല്ലാത്ത; 5. മോടി—; നാട്യം—. **rus'tic,** *n.* തറക്കാരൻ, നാട്ട് പുറക്കാരൻ; 2. മുരടൻ; 3. പൊട്ടൻ, വിഡ്ഢി; 4. പച്ചപ്പരമാൎത്ഥി, നടിപ്പില്ലാത്തവൻ. **=ti-cal-ly, -ly,** *ad.* തറമട്ടായി. **=ti-cal-ness,** *n.* —മട്ട്. **=cāte,** *v. i.* തറവീഥിയിൽ ചെന്ന് താമസിക്കുക. *v. t.* നാട്ട് പുറത്താക്കുക; നാട്ട് പുറത്തേക്ക് പറഞ്ഞയക്കുക. **=cā'tiōn,** *n.* നാട്ട് പുറത്തയക്കൽ; വിദ്യാശാലയിൽനിന്ന് അല്പസമയത്തേക്ക് നീക്കിക്കളയൽ. **=tic'i-ty,** *n.* തറമട്ട്; നാഗരീകമില്ലായ്മ; പൊട്ടത്തരം; പരമാൎത്ഥം.

**Rust'i-ly, Rust'i-ness,** *s. u.* **Rust.**

**Rus'tle** (rus'l), *n.* (പട്ട് തുണിയുടെ) ഉലച്ചലൊച്ച, കിരുകിരുപ്പ്, ചറചറശബ്ദം. *v. i.* ഒച്ചപ്പെടുക, കിരുകിരുക്കുക; 2. പാഞ്ഞ് വീണ് പ്രവൃത്തിക്കുക (*U. S.*). *v. t.* ഒച്ചപ്പെടുത്തുക. **rust'lėr,** *n.* ഒച്ചപ്പെടുത്തുന്നവൻ; ഉത്സാഹി (*U. S.*).

**Rust'less, Rust'y,** *s. u.* **Rust.**

I. **Rut,** *n.* (മൃഗങ്ങൾക്ക്) ഇണചേരുവാനുള്ള മോഹം, കാമാതുരം, മദം, ബഹളി, വേളി, മേളി (*phys.*); 2. (മാൻ) ഇണചേരൽ; 3. തിരയൊച്ച. *v. i.* ബഹളിപിടിക്കുക, മേളി—; മദംപൊട്ടുക. *v. t.* ഇണയെടുക്കുക. **-'tėr,** *n.* മേളിയുള്ളമൃഗം. **-'tish, -'ty,** *a.* ബഹളിപിടിച്ച, മേളിയുള്ള. **-'tish-ness,** *n.* കാമാതുരം, ബഹളി.

II. **Rut,** *n.* വണ്ടിത്താര, ചക്രച്ചാല്, ചാല്. *v. t.* ചാലാക്കുക, താരവീഴ്ത്തുക. **-'ty,** *a.* ചാല് ചാലായ, താരവീണ.

**Ruth,** *n.* പരിതാപം, മനസ്സലിവ്, ദയ, ആൎദ്രത. **-'ful,** *a.* കരുണ ഉള്ള, കനിവ്—; പരിതാപകരം ആയ, ശോചനീയം—; ദുഃഖകരം—. **-'ful-ly,** *ad.* കരുണയോടെ. **-'less,** *a.* കരുണയില്ലാത്ത, നിൎദ്ദയം ആയ, ക്രൂരം—, കട്ടപ്പമുള്ള. **-'less-ly,** *ad.* നിൎദ്ദയമായി, നിഷ്ഠുരമായി. **-'less-ness,** *n.* നിൎദ്ദയ, ക്രൌൎയ്യം, നിഷ്ഠുരത.

**Ru'ti-lant,** *a.* ചുവപ്പ് പ്രഭയുള്ള; 2. [മിന്നുന്ന.

**Rut'tėr, Rut'tish,** *etc., s.u.* **Rut** I.

I. **Rut'ty,** *a., s. u.* **Rut** I.

II. **Rut'ty,** *a., s. u.* **Rut** II.

**Rȳe** (rī), *n.* ഒരു ധാന്യം, ഒരു വക കോതമ്പം, ചെറുകോതമ്പം (*b.*).

**Rynd,** *n.* ആസ് കററി.

**Rȳ'ot,** *n.* കൃഷിക്കാരൻ. **ryotwary system** സൎക്കാര് നികുതി ഭൂമിയുടമസ്ഥനോട് നേരിട്ട് വസൂലാക്കുന്ന സമ്പ്രദായം (*l.*).

# S

S, ഇംഗ്ലീഷിൽ പത്തൊമ്പതാമത്തെ അക്ഷരം. വ്യഞ്ജനം; ഊഷ്മാവ്. പേര്: എസ്. ഉച്ചാരണം: സ്, സ്സ്; ഷ്, ഷ്ഷ്, h എന്ന അക്ഷരം തുടൎന്നു വരുമ്പോൾ ശ്, ഷ്.

Sa-bā'oth, *n.*, *pl.* സൈന്യങ്ങൾ, ഗണങ്ങൾ, സേനകൾ. the Lord of S. സൈന്യങ്ങളുടെ യഹോവ (*Bl.*).

Sab'bath, *n.* ശ(ാ)ബ്ബത്, സ്വസ്ഥദിവസം, ഏഴാം—, വിശ്രമ—, കൎത്തൃ—, ഞായറാഴ്ച (*Chr.*); (യൂദന്മാൎക്കു) ശനിയാഴ്ച; 2. ഏഴാം ഏഴാം സംവത്സരം, ശബ്ബത്‌വൎഷം (*Bl.*); 3. സ്വസ്ഥത, വിശ്രാമം, സുഖം. s.-breaker ശാബ്ബത് ലംഘി, സ്വസ്ഥദിവസം പ്രവൃത്തിചെയ്യുന്നവൻ. s.-breaking ശാബ്ബത് ലംഘനം. s.-day's journey ഏകദേശം ഒരു നാഴികദൂരം. =ba-tā'ri-an, *n.* സ്വസ്ഥദിവസാചാരം കൃത്യമായി പ്രമാണിക്കുന്നവൻ; ശബ്ബതനുഷ്ഠാനവാദി. *a.* ശബ്ബതനുഷ്ഠാനസംബന്ധമായ. =ba-tā'ri-an-ism, *n.* —വാദം. -less, *a.* ശാബ്ബതാചരിക്കാത്ത; സ്വസ്ഥതയില്ലാത്ത, ഇടവിടാതെ പണി എടുക്കുന്ന. =bat'ic, =bat'i-cal, *a.* സ്വസ്ഥനാളു സംബന്ധിച്ച; ശാബ്ബതിന്നു തുല്യമായ; വിശ്രാമമുള്ള. s.l year ശാബ്ബത് സംവത്സരം. =ba-tism, *n.* പ്രവൃത്തിയൊഴിവ്; സ്വസ്ഥത.

Sab'ba-tŏn, *n.* പാദകവചം.

Sa-bel'li-an-ism, *n.* ത്രിത്വൈകമൂൎത്തിതവാദം (*theo.*).

Sā'bĕr, Sā'bre, *n.* വളഞ്ഞ വാള്, ചൊട്ട—, ചൂരി—, ചൊട്ട, ച്ഛുരിക. s.-fish തളയൻ (*z.*). sab're-tache (sab'ĕr-tash) കുതിരപ്പടയാളിയുടെ തോൽസഞ്ചി (*mil.*). *v. t.* വെട്ടുക, കൊത്തുക; 2. കൊല്ലുക.

Sā'bi-an-ism, *n.* (പൂൎവ്വാറബിയിലെ) സേബമതം, വാനഗോളാച്ചനം.

Sā'ble, *n.* ഒരു വക നീൎനായി, നീരണ്ണ(ാ)ൻ, കൃഷ്ണരോമശം, ശ്യാമകം (*z.*); 2. നീരണ്ണത്തോല്; 3. *pl.* വിലാപവസ്ത്രം. *a.* കറുത്ത, കറുപ്പായ, ഇരുണ്ട. *v. t.* കറുപ്പിക്കുക; 2. കറുപ്പു തുണി തൂക്കുക.

Sa-bōt' (sa-bō'), *n.* ഒരു വക മരച്ചെരിപ്പ്.

Sā'bre, *n.*, *s. a.* Saber.

Sab'ū-lŏus, *a.* മണൽപ്രദേശമായ. =lōse, *a.* —പ്രദേശത്തുണ്ടാകുന്ന (*b.*). =los'i-ty, *n.* —ഗുണം.

Sac, *n.* സഞ്ചി, കീശ; 2. ചാക്ക്; 3. നീൎസഞ്ചി, രസാശയം (*biol.*).

Sac'cha-rīne (or sak'ka-rin), =rŏus, *a.* ശൎക്കര(ചക്കര)സംബന്ധിച്ച; 2. —ഗുണം ഉള്ള; 3. മധുരം—; 4. ചക്കരയായ്തീരുന്ന. =rif'ĕr-ŏus, *a.* പഞ്ചസാര ഉണ്ടാക്കുന്ന. =char'i-fȳ, =rīse, =rīze, *v. t.* —ആക്കുക. =rim'e-tĕr, =rom'e-tĕr, *n.* ശൎക്കരമാത്രം. =roid, =roi'dal, *a.* പഞ്ചസാരപോലെയുള്ള.

Sac-ĕr-dō'tal (sas-), *a.* ആചാൎയ്യസംബന്ധമായ;—സ്ഥാനംസംബന്ധിച്ച, പൌരോഹിത്യ; 2. ബോധകസംബന്ധമായ. -ism, *n.* പൌരോഹിത്യവ്യവസ്ഥ; പുരോഹിതഭക്തി. -ly, *ad.* പൌരോഹിത്യമായി, ആചാൎയ്യധൎമ്മപ്രകാരം.

Sach'el, *n.* ചെറുസഞ്ചി.

Sä-chet' (sä-shā'), *n.* (ഉടുപ്പുകളുടെ ഇടയിൽ വെക്കുന്ന) പരിമളസഞ്ചി.

I. Sack, *n.* (ഒരു വക) സ്പാന്യവീഞ്ഞ്. s.-posset വീഞ്ഞുപാനകം.

II. Sack, *n.* ചാക്ക്, സഞ്ചി, ശീല, പയിമ്പ (*N.*); 2. ഒരു അളവ്, —ചാക്ക്; 3. (*also* sacque) സ്ത്രീകളുടെ മേലങ്കി; 4. ഒരു വക കുപ്പായം; 5. നീൎസഞ്ചി, രസകോശം (*biol.*). s.-cloth രട്ടുശീല; ദുഃഖവസ്ത്രം; അനുതാപ—. to give the s. to or get the s. പണിയിൽനിന്നു പിരിക്കുക, പണിനീക്കുക; പ്രേമഭംഗം വരുത്തുക, വിവാഹനിശ്ചയം തെറ്റുക. *v. t.* ചാക്കിൽ ഇടുക, —ആക്കുക, —നിറക്കുക; 2. ചാക്കു കടത്തുക. -'ful, *n.* ഒരു ചാക്ക്, ചാക്കുനിറയ. -'ing, *n.* ചാക്കുതുണി, രട്ട്—.

III. **Sack,** *n.* കൊള്ളയിടൽ; 2. കൊള്ള, കവൎച്ച, 'ലൂട്ടി'; 3. ആക്രമിച്ച് പിടിക്കൽ; 4. നാശം. *v. t.* കൊള്ളയിടുക, ലൂട്ടിയാക്കുക. **-'āġe,** *n.* നാശം; കവൎച്ച. **-ĕr,** *n.* ലൂട്ടിക്കാരൻ, കൊള്ളക്കാരൻ.

**Sā'cral,** *a., s. u.* **Sacrum.**

**Sac'ra-ment,** *n.* സത്യം, ആണ; 2. ദിവ്യചൊല്ലൂറി, വിശുദ്ധസംസ്കാരം, —കൎമ്മം (*Chr.*), കൂദാശ (*Syr.*); 3. ക്രിസ്തുവിന്റെ അത്താഴം, തിരുവത്താഴം, രാഭോജനം (*Chr.*). **=ment'al,** *a.* വിശുദ്ധകൎമ്മം സംബന്ധിച്ച; തിരുവത്താഴം—. *n.* വിശുദ്ധകൎമ്മസംബന്ധമായ കാൎയ്യം. **=ment'al-ism,** *n.* വിശുദ്ധകൎമ്മോപദേശം; വിശുദ്ധകൎമ്മമാഹാത്മ്യവാദം. **=ment'al-ist,** *n.* —വാദി; വികാരസാന്നിദ്ധ്യവാദി, പരിണാമ— (*theo.*). **=ment'al-ly,** *ad.* ചൊല്ലൂറിയായി. **=men-tā'ri-an,** *n.* നിൎവ്വികാരസാന്നിദ്ധ്യവാദി (*theo.*). **=men-tā'ri-an, =men'tar-y,** *a.* —വാദംസംബന്ധിച്ച; ചൊല്ലൂറി—. [(*Chr.*).

**Sa-erā'ri-um,** *n.* തിരുവത്താഴപീഠം

**Sā'ered,** *a.* സംസ്കൃതം ആയ; സമൎപ്പിതം—; 2. വിശുദ്ധം—, പവിത്രം—, തിരു; 3. മാൎഗ്ഗസംബന്ധമായ, മത—, ഭക്തി—; 4. വന്ദനായോഗ്യം ആയ; 5. അലംഘനീയം—; 6. പ്രതിഷ്ഠിതം—. **s. bean** താമരവള്ളി (*b.*); താമരയല്ലി (*b.*). **s. history** പവിത്രചരിത്രം, വേദ—. **s. place** ശ്മശാനസ്ഥലം (*l.*). **Society of the S. Heart** സ്ത്രീവിദ്യാഭ്യാസാൎത്ഥക കന്യാസ്ത്രീവൎഗ്ഗം. **-ly,** *ad.* പരിശുദ്ധമായി, വന്ദനീയമായി, ഭക്തിപൂൎവ്വം. **-ness,** *n.* പവിത്രത, വന്ദനീയത്വം.

**Sae'ri-fīce** (*or* -fīz), *n.* അൎപ്പണം, പ്രതിഷ്ഠാസംസ്കാരം; 2. ബലി, യാഗം, യജ്ഞം, ഹോമം; നിവേദ്യം, വഴിപാട്, കാഴ്ച; 3. സമൎപ്പണം; ത്യാഗം, പരിത്യാഗം, ഉപേക്ഷിക്കൽ; സംഹാരം; 4. നഷ്ടം, മുതലിൽ കുറച്ച് വില്ക്കൽ. **s. of an animal** പശുബന്ധം. **burnt s.** ഹവിസ്സ്, ഹോമം, ദഹനബലി. **s. of a cow** ഗോമേധം. **s. of ghee** ഹവിസ്സ്, ആജ്യം. **s. of a goat** അജമേധം. **s. of a horse** അശ്വ—. **human s.** നര—. **s. of one's self** സ്വാംഗഹോമം. **imperial s.** രാജസൂയം. *v. t.* അൎപ്പിക്കുക, പ്രതിഷ്ഠിക്കുക; 2. ബലികഴിക്കുക, യാഗംചെയ്യുക; 3. ത്യജിക്കുക, ഉപേക്ഷിക്കുക, ത്യാഗംചെയ്യുക, സമൎപ്പിച്ച് കൊടുക്കുക; ചെലവാക്കുക; 4. കഷ്ടം സഹിക്കുക, നഷ്ടം—; 5. നശിപ്പിക്കുക, പ്രാണത്യാഗം ചെയ്യുക; കൊല്ലുക; 6. മുതലിൽ കുറച്ച് വില്ക്കുക, നഷ്ടത്തിന്ന്—. *v. i.* ബലികഴിക്കുക, ഹോമംചെയ്യുക, യാഗം—. **=erif'ic, =erif'-i-cal,** *a.* യജ്ഞോപകരണമായ. **=erif'-i-ca-ble,** *a.* നിവേദ്യമായ. **=erif'i-eā-tor-y,** *a.* യാഗംചെയ്യുന്ന. **=erif'i-eant, =fi-eā-tŏr,** *n.* യജ്ഞപുരുഷൻ, യാഗം ചെയ്യുന്നവൻ, ബലികഴിക്കുന്നവൻ; പൂജാരി; ആചാൎയ്യൻ, പുരോഹിതൻ. **=fi'cial** (-fish'al), *a.* യാഗംസംബന്ധിച്ച; ബലിക്കുള്ള, യജ്ഞ; യാഗം ആയ; —ചെയ്യുന്ന. **s.l fire** ഹോമാഗ്നി. **s.l flower** പുഷ്പാഞ്ജലി, പുഷ്പബലി. **s.l food** നിവേദ്യം. **s.l grass** ദൎഭ, കുശ. **s.l hall** യാഗശാല. **s.l piece** യജ്ഞാംശം. **s.l pit** ഹോമകുണ്ഡം. **s.l place** യജ്ഞഭൂമി. **s.l priest** ഋത്വിക്ക്, ഋത്വിജൻ. **s.l session** സത്രം. **s.l time** യജ്ഞവേല. **s.l vessels and things** യജ്ഞോപകരണം, യജ്ഞദ്രവ്യം. **s.l work** —കൎമ്മം.

**Sae'ri-leġe,** *n.* പുണ്യകാൎയ്യദൂഷണം, അശുദ്ധമാക്കൽ; 2. ദേവസ്വാപഹരണം, ക്ഷേത്രകവൎച്ച, ക്ഷേത്രഭണ്ഡാരക്കവൎച്ച. **=lē'ġioŭs** (-lē'jus), *a.* ദേവസ്വാപഹരണം ആയ; പുണ്യകാൎയ്യദൂഷണം—; ധൎമ്മലംഘനം—; തീണ്ടലാക്കുന്ന, അശുദ്ധമാക്കുന്ന; ഭക്തികെട്ട. **=lē'ġioŭs-ly,** *ad.* ക്ഷേത്രക്കവൎച്ചയായി. **=lē'ġioŭs-ness,** *n.* ദേവസ്വാപഹരണദോഷം. **=lē'ġist,** *n.* ക്ഷേത്രക്കവൎച്ചക്കാരൻ, ദേവസ്വാപഹാരി.

**Sae'ris-tan, Sā'crist** (*or* sak'rist), *n.* പള്ളിപ്പണിക്കാരൻ, പള്ളികാവല്ക്കാരൻ (*Chr.*). **=ris-ty,** *n.* (പള്ളി) ഉപകരണമുറി.

**Sā'crum**, *n.* ത്രികം, ത്രികാസ്ഥി, മൂട്ടെല്ല്, പൂണെല്ല് (*an.*). **sā'cral**, *a.* ത്രികാസ്ഥിസംബന്ധമായ.

**Sad**, *a.* (*c. d.* sad'dĕr, *s. d.* sad'-dest), ദുഃഖം ഉള്ള, ക്ലേശം—, വ്യസനം—, ഖേദം—; 2. ശോചനീയം ആയ, ദുഃഖകരം—, ആപല്കരം—; 3. (നിറം) മങ്ങലായ, പ്രഭകുറഞ്ഞ; 4. ആകാത്ത, ചീത്ത (*N.*). **s.-bread** പൊന്താത്ത അപ്പം, പതമില്ലാത്ത—. **s.-iron** തുണിമിനുക്കിയിരിമ്പ്. **-'den**, *v. t.* ദുഃഖംവരുത്തുക, വ്യസനിപ്പിക്കുക; നിറംമങ്ങിക്കുക. *v. i.* കങ്ങിതമുണ്ടാക, ദുഃഖിക്കുക. **-'ly**, *ad.* ക്ലിഷ്ടനായി, ദുഃഖത്തോടെ. **-'ness**, *n.* ഖേദം, കങ്ങിതം, ശോകം.

**Sad'dle**, *n.* കോപ്പ്, 'ജീന്', പയ്യാണം; 2. 'ജീൻകോപ്പ്'; 3. (മാംസത്തിൻെറ) നട്ടക്കഷണം. **s.-backed** നട്ടകഴിഞ്ഞ; പുറംതാണ് കഴുത്തുയൎന്ന. **s.-bags** ജീൻസഞ്ചി. **s.-bow** ജീൻമുകപ്പ്. **s.-cloth** കതിരച്ചല്ലണം. **s.-gall** ജീൻപൊട്ട്. **s.-girth** (കുതിരയുടെ) നട്ടപ്പട്ട. **s.-horse** സവാരിക്കുതിര. **s.-joint** മടക്കപ്പ്. **s.-roof, s.-back roof** നെട്ടമ്പുര. **s.-shaped** നട്ടവളഞ്ഞ, —ഉരുണ്ട. **s.-tree** ജീൻകട്ട. **camel-s.** കട്ടില്. **elephant-s.** അമ്പാരി. **pack-s.** പൊതി. **to put the s. on the right horse** നേരായികുററംചുമത്തുക. **well or firm in the s.** ഉറച്ച, സ്ഥിരപ്പെട്ട. *v. t.* കോപ്പിടുക, ജീനിടുക; 2. ഭാരപ്പെടുത്തുക, ചുമത്തുക, ഭാരംചുമത്തുക. **sad'dled** (sad'ld), *a.* പുറത്ത് വിലങ്ങനെ വരയുള്ള; പുറംതാണ് കഴുത്തുയൎന്ന. **sad'dlĕr** (sad'lĕr), *n.* ജീനുണ്ടാക്കുന്നവൻ; ഒര് വക കടല്നായി (*z.*). **sad'dlĕr-y**, *n.* ജീൻകോപ്പ്, കുതിരക്കോപ്പ്; കുതിരക്കോപ്പുണ്ടാക്കൽ.

**Sad'dū-cēes**, *n.* ഒര് യൂദപ്പരിഷ, 'സദൂക്ക്യ'ൻ ആത്മനാസ്തികവാദി, (*Bl.*). **=cā'ic, =cē'an**, *a.* —വാദംസംബന്ധിച്ച. **=ce'ism, =cism**, *n.* —വാദം. **=cīse, =cīze**, *v. i.* സദൂക്ക്യോപദേശം അവലംബിക്കുക.

**Sad'ī-ron** (-ī-ĕrn), **Sad'ly, Sad'-ness**, *s. u.* **Sad.**

**Saen'gĕr-fest** (sen'gĕr-), *n.* ഗായകോത്സവം, സംഗീതോത്സവം.

**Sāfe**, *a.* സുഖം ആയ, ക്ഷേമം—; ഹാനിയില്ലാത്ത; 2. ആപത്ത് തട്ടാത്ത; ഭദ്രം ആയ, നിൎഭയം—; 3. ദോഷരഹിതമായ, അപായരഹിതമായ; 4. വിശ്വസ്തനായ, ചതിക്കാത്ത; 5. ഉറപ്പുള്ള, നഷ്ടംവരാത്ത; 6. ദോഷംപിണെപ്പാൻ കഴിയാത്ത; ഭയപ്പെടാനാവശ്യമില്ലാത്ത; 'ബന്തവസ്സിൽ' ഉള്ള; 7. സൂക്ഷ്മം—, അബദ്ധത്തിൽ ചാടാത്ത; ബുദ്ധിവിവേകം ഉള്ള. **s.-conduct** കാവല്, കാവൽസൈന്യം; വഴിത്തുണ; 'രഹദാരി', അഭയരേഖ, —പത്രം. **to s.-conduct** അഭയദാനംചെയ്യുക; സുരക്ഷിതമായിനടത്തുക. **s.-guard** സംരക്ഷണം, പരിത്രാണനം; മുങ്കരുതല്; കാവല്, രക്ഷ; വഴിക്കാവല്, വഴിത്തുണ; അഭയപത്രം. **to s.-guard** കാക്കുക, സൂക്ഷിക്കുക. **s.-keeping** പരിപാലനം, വിചാരണ, 'ബന്ത്'. **s.-pledge** ജാമ്യം (*l.*). *n.* ഭദ്രസ്ഥലം, സൂക്ഷിക്കുന്നേടം; 2. ഇരിമ്പ് പണപ്പെട്ടി; കരണപ്പെട്ടി; 3. (തീൻപണ്ടം) തട്ട് പെട്ടകം; 'മീററ് സേഫ്'. **iron s.** ഇരിമ്പ് പണപ്പെട്ടി. **meat-s.** (തീൻപണ്ടം) തട്ട് പെട്ടകം. **-'ly**, *ad.* സുഖേന, ഭദ്രമായി; കേട് വരാതെ, ഹാനിയില്ലാതെ, നിൎവ്വിഘ്നമായി; തരക്കേട് കൂടാതെ. **-'ness**, *n.* സുഖം, ഭദ്രത, രക്ഷ, നിൎഭയം. **-'ty**, *n.* രക്ഷ, സുഭദ്രത, നിൎഭയത്വം; വിശ്വാസം, വിശ്വസ്തത; ആശ്രയം; 'ബന്തോവസ്ത്'. **s.y-belt** പൊങ്ങത്തിപ്പട്ട. **s.y-buoy** പൊങ്ങത്തിത്തൊണ്ട്, തൊങ്ങിര; പൊങ്ങത്തിപ്പട്ട. **s.y-lamp** ഖനിദീപം, നിരപായ— (*ph.*). **s.y-match** നിരപായത്തീക്കുച്ച്, (പെട്ടിത്തോപ്പിൽ ഉരച്ചാൽമാത്രം കത്തുന്ന) ഭദ്രത്തീപ്പുല്ല്. **s.y-pin** മുനമൂടിസൂചി, തറക്കാത്ത—, രക്ഷാ—, 'സേഫ്ററിപിൻ'. **s.y-valve** രക്ഷാകവാടം (*ph.*).

**Saf'flow-er** (-flow-r), *n.* കസുംഭം, കയുമ്പപ്പൂ, ചെന്തുരകം (*b.*). **oil of s.** കയുമ്പപ്പൂവെണ്ണ.

**Saf'fron** (saf'ron), *n.* കങ്കുമപ്പൂ, കങ്കുമം (*b.*); 2. കങ്കുമച്ചെടി (*b.*); 3. കട്ടമഞ്ഞച്ഛായം. **bastard s.** കയുമ്പപ്പൂ (*b.*). **Indian s.** മഞ്ഞള് (*b.*). *a.* മഞ്ഞനിറമുള്ള. **-y,** *a.* ഇളമഞ്ഞയായ.

**Sag,** *v. i.* നട്ടുവളയുക, ഞെളിയുക, കലയുക, ഉലയുക; 2. മനസ്സിടിയുക, ചാപല്യമുണ്ടാക, ചഞ്ചലംതോന്നുക; 3. മെല്ലെനടക്കുക; മടിയോടെ—; ക്ഷീണ്—. *v. t.* വളക്കുക, കലെക്കുക; 2. ഭാരംവെക്കുക, —ചുമത്തുക. *n.* വളവ്, ഞെളിവ്, കലച്ചല്. **-'ging,** *n.* ഉലച്ചല്, വളവ്, ചാച്ചു്.

**Sā'ga,** *n.* സ്കണ്ടിനാവ്യപുരാണകഥ, [—പുരാണം.

**Sa-gā'cious** (-gā'shus), *a.* ആഘ്രാണക്രമ്മതയുള്ള, മണത്ത് അറിയുന്ന; 2. —ചെല്ലുന്ന; 3. ബുദ്ധിക്രമ്മത ഉള്ള, സാമൎത്ഥ്യം—, മിടുക്ക്—, ചാതുൎയ്യം—; വിവേകം—; യുക്തി—, സൂക്ഷ്മജ്ഞനായ. **-ly,** *ad.* ബുദ്ധിയോടെ, കൌശലത്തോടെ. **-ness,** **=gac'i-ty,** *n.* ആഘ്രാണക്രമ്മത; കാൎയ്യബോധം, ബുദ്ധിവൈഭവം, വിവേകം, യുക്തിസാമൎത്ഥ്യം; മിടുക്ക്, ചതുരത.

I. **Sāge,** *n.* ഒര് പരിമളച്ചെടി, കപ്പൂരതുളസി (*b.*). **s. green** ചാമ്പൽപച്ചനിറം. **sā'gy,** *a.* കപ്പൂരതുളസി ഉള്ള; —ഇട്ട, വാസനവരുത്തിയ; രുചി—, വറവിട്ട.

II. **Sāge,** *n.* ജ്ഞാനി, ബുദ്ധിമാൻ, ബുദ്ധിശാലി, വിവേകി; 2. യോഗി, ഋഷി, മുനി. *a.* ബുദ്ധിവിവേകമുള്ള, —ശാലിആയ; 2. —പൂൎവ്വം—, യുക്തി ഉള്ള; 3. ഗൌരവം—. **-'ly,** *ad.* ബുദ്ധിയോടെ. **-'ness,** *n.* ബുദ്ധിവിവേകം, യുക്തിസാമൎത്ഥ്യം; ഗൌരവം.

**Sag'ging,** *n., s. u.* **Sag.**

**Sag'i-nāte,** *v. t.* തടിപ്പിക്കുക, പുഷ്ടിപ്പിക്കുക. **=nā'tion,** *n.* തടിപ്പിക്കൽ, കൊഴുപ്പിക്കൽ.

**Sa-git'ta,** *n.* അമ്പ്, അസ്ത്രം, ശരം; 2. ഒര് നക്ഷത്രക്കൂട്ടം: പൂരാടം, പൂൎവ്വാഷാഢം; ഉത്രാടം, ഉത്തരാഷാഢം (*as.*); 3. കമാനിന്റെ നടുക്കല്ല് (*arch.*); 4. പരിധിയിൽനിന്ന് ജ്യാവിലേക്കുള്ളദൂരം, പരിധിജ്യാന്തരം (*geom.*). **sag'it-tal, ='it-tāte, =tā-ted,** *a.* അസ്ത്രസംബന്ധമായ; അമ്പ് പോലെ ഉള്ള; മുന—, കൂൎത്ത; പല്ലേപ്പ് സംബന്ധിച്ച (*an.*). **s.l suture** (തലയോട്ടിലെ) പല്ലേപ്പ് (*an.*). **=tā'ri-us,** *n.* ധനുരാശി, ധനുക്കുറ് (*as.*). **=tar-y,** *a.* അസ്ത്രസംബന്ധം ആയ; —തുല്യം—.

**Sā'gō,** *n.* പനനൂറ്, പനമ്പൊടി; 'സാബൂ'നരി, 'സേഗൊ'. **s.-palm, sā'gus,** *n.* ഒര്വക പന, സേഗൊ— (*b.*).

**Sā'gy,** *a., s. u.* **Sage** I.

**Sä'hib, Sä'heb,** *n.* അവൎകൾ, സായ്പ് (സ്സ്). **Sä'hib-ah** (sä'ib-a), *n.* മദാമ്മ, മദാമ്മയവൎകൾ, മ(ാ)ദാമ്മസായ്പ്.

**Sā'ic,** *n.* തുൎക്കിരാജ്യത്തിലെ പത്തമ്മാരി (*naut.*).

**Said** (sed), *a.* (*p. t. & p. p. of* **Say**) പറഞ്ഞ, മേല്പറഞ്ഞ, മേപ്പടി, മുൻപറഞ്ഞ.

**Sāi'ga,** *n.* സൈബീയ്യമാന് (*z.*).

**Sāil,** *n.* പായി, കപ്പല്പായി; 2. ചിറക്; 3. തിരികൽയന്ത്രപ്പായി; 4. പായ്ക്കപ്പല്; കപ്പല്; ഉരു; 5. പായ്ക്കപ്പൽയാത്ര; കപ്പൽയാത്ര. **s.-boat** പായി(കൊട്ടത്തോട്ടുന്ന)തോണി. **s.-cloth** കിത്താൻ (തുണി). **s.-maker** കപ്പല്പായുണ്ടാക്കുന്നവൻ. **s.-yard** പരിമാൻ (*naut.*). **to crowd s.** മുഴുവൻപായികൊട്ടത്തോട്ടുക. **to loose s.s** പായിവിരിക്കുക, —കൊട്ടുക (*naut.*). **to set a s.** പായി കാററിന്ന് നേരെ തിരിക്കുക. **to set s.** പായികൊട്ടുക, ഓട്ടംതുടങ്ങുക, കപ്പല് പുറപ്പെടുക. **to shorten s.** പായി ചുരുക്കുക. **to strike s.** പെട്ടന്ന് പായി താഴ്ത്തുക; വന്ദിക്കുക; താഴുക, വഴങ്ങുക. **under s.** ഓട്ടത്തിൽ; ഓട്ടന്നതായി. *v. i.* (കപ്പല്) പായികൊട്ടത്തോട്ടുക; (—) ഓട്ടുക; 2. നീന്തുക; വെള്ളത്തിന്മീതെ ഒഴുകിപ്പോക; 3. കപ്പൽയാത്രചെയ്യുക; 4. കപ്പലോട്ടം തുടങ്ങുക, പുറപ്പെടുക; 5. പാറുക, പറക്കുക, റാഞ്ചുക. *v. t.* പായ്ക്കപ്പലിൽ ഓട്ടുക; കടൽയാത്രചെയ്യുക; 2. പാറുക, റാഞ്ചുക; 3. കപ്പലോടിക്കുക. **-'a-ble,** *a.* കപ്പലോട്ടത്തിന്ന് തക്ക. **-'ēr,** *n.* കപ്പ

ലോട്ടക്കാരൻ; കപ്പല്. a fast s.r നല്ല ഓട്ടമുള്ള കപ്പല്. a heavy s.r ഓട്ടം കറഞ്ഞ—. -'ing, *n.* ഓട്ടം, കപ്പലോട്ടം; കപ്പലോട്ടവിദ്യ; നാവിക—. -'less, *a.* പായില്ലാത്ത. -'ŏr, *n.* കപ്പലോട്ടക്കാരൻ, കപ്പലോടി, കടലോടി, ക(ഖ)ലാശി. -'y, *a.* കപ്പപ്പായിപോലെ.

**Sāim,** *n.* കൊഴുപ്പ്, ചെരുവി, നെയ്.

**Sāint,** *n.* വിശുദ്ധൻ, മഹാഭക്തൻ; യോഗി; ദൈവഭക്തൻ; 2. സ്വൎഗ്ഗീയൻ, സിദ്ധൻ; സ്വൎഗ്ഗത്തിലെത്തിയവൻ, മോക്ഷത്തിലെത്തിയവൻ. 3. (*contr. f.* St.) പുണ്യമൂൎത്തി, പുണ്യാത്മാവ്, പുണ്യവാളൻ (*R. C.*); യോഗീശ്വരൻ. St. Andrew's cross X എന്ന ക്രൂശടയാളം. St. Anthony's cross T എന്ന ക്രൂശടയാളം. St. Anthony's fire അഗ്നിവിസൎപ്പം (*med.*). St. Anthony's nut നിലക്കടല, വേൎക്കടല (*b.*). s.'s bell മീസമണി (*R. C.*). St. Bernard ഒര് നല്ല ജാതിനായ് (*z.*). St. Elmo's fire (കപ്പല്ക്കൊമ്പിന്മേലും മററും കാണുന്ന) ഒര് വക വിദ്യുൽപ്രഭ. St. George's ensign ഇംഗ്ലീഷ് യുദ്ധകപ്പൽക്കൊടി. St. George's flag ഇംഗ്ലീഷ് കപ്പൽപ്പടനായകക്കൊടി. St. Ignatius's bean ഒര് വക കാഞ്ഞിരക്കുരു (*b.*). St. Leger ഇംഗ്ലാന്തിൽ ആണ്ട്തോറുമുള്ള ഒര് കതിരപ്പന്തയം. St. Martin's summer മഴയുള്ള ദിവസം. St. Simonian സമസ്തസ്വത്തും സൎവ്വജനങ്ങൾക്കും പൊതുവെയുള്ളതാണെന്ന് വാദിക്കുന്നവൻ, സാമാന്യധനവാദി. St. Simonianism —വാദം. St. Vitus's dance ഞരമ്പ് വലി (*med.*). *v. t.* വിശുദ്ധനാക്കുക; 2. പുണ്യവാളപ്പദവി കല്പിക്കുക. to s. it ഭക്തിനടിക്കുക. *v. i.* ഭക്തനായിരിക്കുക. -'dŏm, -'ship, *n.* വിശുദ്ധി, ഭക്തി; പുണ്യവാളലക്ഷണം. -'ed, *a.* വിശുദ്ധിയുള്ള, ഭക്തൻ ആയ; പവിത്രം—; സ്വൎഗ്ഗത്തിലെത്തിയ, മോക്ഷത്തിലെത്തിയ, കാലംചെന്ന, മരിച്ച്പോയ. -'ess, *n.* ഭക്ത; പുണ്യവാട്ടി, പുണ്യവാളസ്ത്രീ. -'hood, *n.* വിശുദ്ധി; പുണ്യവാളപ്പദവി; പുണ്യവാളസംഘം. -'ish, *a.* അൎദ്ധഭക്തനായ. -'ism, *n.* പുണ്യവാളസ്ഥിതി; ഭക്തിനാട്യം, കള്ളഭക്തി. -'līke, -'ly, *a.* വിശുദ്ധിയുള്ള, പവിത്രമായ; പുണ്യവാളതുല്യമായ. -'li-ness, *n.* പരിശുദ്ധി, സിദ്ധത്വം, സിദ്ധത.

**Saith,** (old) *3rd p. s. p. t. of* Say.

**Sāke,** *n.* കാരണം, സംഗതി, ഹേതു, നിമിത്തം; 2. ഉദ്ദേശം, വേണ്ടി, ആയ്ക്കൊണ്ട്, അൎത്ഥം, ആയി; 3. വിചാരിച്ച്. for his s. അവൻെറനിമിത്തം; അവന്ന് വേണ്ടി; അവനെവിചാരിച്ച്. for the s. of gain ലാഭത്തിന്നായ്ക്കൊണ്ട്. for the s. of one's health ദേഹസൌഖ്യാൎത്ഥം. for man's s. മനുഷ്യരുടെ നിമിത്തം. for both our s.s നാമിരുവരുടെയും—. for mercy's s. കരുണവിചാരിച്ച്, ദയവായി. for God's s. ദൈവത്തെ വിചാരിച്ച്.

**Sā'kĕr, Sā'car, Sā'cre,** *n.* ഒര് വക പ്രാപ്പിടിയൻ (*z.*); 2. ചെറുപീരങ്കി (*mil.*). -et, *n.* പ്രാപ്പിടിയപ്പൂവൻ (*z.*).

**Sā'ki,** *n.* അമേരിക്കക്കുരങ്ങ് (*z.*).

I. **Sal, Saul,** *n.* പയന്മരം, പയിനി (*b.*).

II. **Sal,** *n.* ഉപ്പ്, ക്ഷാരം, ലവണം. *s.-ammoniac, s.-volatile* നവസാരം. —ക്ഷാരം. *s.-catharticus* വയറിളക്കുന്ന ഉപ്പ്, ഭേദിയുപ്പ്. *s.-culinarius* സാധാരണ ഉപ്പ്, കറിയുപ്പ്. *s.-gemmæ* സാധാരണയുപ്പ്, വിളയുപ്പ്, മണ്ണുപ്പ്. *s.-martis* അന്നഭേദി; 'ഈരക്കാസ്'.

**Sa-läam'** (sa-läm'), **Sa-läm',** *n.* സലാം. *v. t.* സലാംചെയ്യുക, —കൊടുക്കുക, —കാട്ടുക, —ആക്കുക, —പറയുക.

**Sāl'a-ble, sāle'a-ble,** =bly, =bil'i-ty, -ness, *s. u.* Sell.

**Sa-lā'ciŏus** (-shus), *a.* കാമാതുരമായ, കാമാൎത്തിയുള്ള. -ly, *ad.* കാമാൎത്തിയോടെ. -ness, =lac'i-ty, *n.* കാമേച്ഛ, ദുഷ്കാമം, കാമാതുരം.

**Sal'ad,** *n.* പച്ചടി, 'സള്ളാദ്'; 2. ഒര് വക മാംസയോഗം; —മത്സ്യ—. -ing, *n.* പച്ചടിത്തക്കാരി.

**Sal'āde,** *n.* ശിരസ്ത്രം, തലക്കോരിക.

**Sal-a-man'dĕr**, *n.* (തീയിൽ ചാകാത്ത)ഒര് സങ്കല്പജന്തു (*myth.*); 2. നീപ്പല്ലി (*z.*); 3. അരണ (*z.*); 4. ഉടുമ്പ് (*z.*). =**man'drine**, *a.* അരണയുടെ; അരണപോലെയുള്ള; തീപ്പൊള്ളാത്ത. =**man'-droid**, *a.* അരണതുല്യമായ.

**Sal'a-ry**, *n.* ജീവിതം; ശമ്പളം; മാസപ്പടി. *v. t.* മാസപ്പടികൊടുക്കുക; 2. ശമ്പളം നിശ്ചയിക്കുക. =**ried** (-rid), *a.* മാസപ്പടി ഉള്ള, —വാങ്ങുന്ന.

**Sāle**, *n.*, *s. u.* **Sell.**

**Sal'eb, Sal'ep, Sal'ŏp, Sa'loop**, *n.* 'സാലാമിസ്രി' (*b.*).

**Sā'li-ant**, *a.*, *s. a.* **Salient.**

**Sal'ic, Sal'ique** (-ik), *a.* സാല്യഫ്രാങ്കരെസംബന്ധിച്ച; 2. സാല്യനിയമം—. **s. law** സ്ത്രീകൾക്ക് ജന്മിത്വത്തിന്നൊ രാജത്വത്തിന്നൊ അർഹതയില്ലെന്നും മററുമുള്ള നിയമം, സ്ത്രീയനർഹതനിയമം.

**Sā'li-ent, Sā'li-ant**, *a.* തുള്ളുന്ന, തത്തിത്തത്തിനടക്കുന്ന; 2. തുളുമ്പുന്ന, തിളച്ച് വരുന്ന; 3. ശ്രദ്ധയിൽ പെടുന്ന, കാഴ്ചയിൽ—, പ്രത്യക്ഷം ആയ, സ്പഷ്ടം—, കാണത്തക്ക; 4. ഉന്തിനില്ക്കുന്ന, പുറത്തേക്ക് ചാടുന്ന. *n.* കവിച്ചല്, ഉന്തിനില്ക്കുന്നഭാഗം. =**ence**, *n.* തുള്ളല്; ചാട്ടം; ആക്രമം; കവിച്ചല്; കവിഞ്ഞ് നില്ക്കുന്നത്. =**en-cy**, *n.* ചാട്ടം; ഊക്ക്, വീര്യം. -**ly**, *ad.* പ്രത്യക്ഷമായി, സ്പഷ്ടമായി; തുള്ളികൊണ്ട്.

**Sal'i-fȳ**, *v. t.* ഉപ്പാക്കുക, ക്ഷാരമാക്കുക (*ch.*). =**lif'ĕr-ŏus**, *a.* ഉപ്പ് ആക്കുന്ന; —ഉള്ള. =**fī'a-ble**, *a.* —ആക്കാവുന്ന. =**fi-cā'tiŏn**, *n.* ക്ഷാരം ആക്കൽ; —ആകൽ. **sal-im'e-tĕr, sal-om'e-tĕr**, *n.* ലവണമാത്ര, ക്ഷാര—.

**Sā'līne** (*or* sa-lin'), *a.* ഉപ്പുള്ള, ഉവരുള്ള; ലവണമയമായ; 2. ഉപ്പിക്കുന്ന, ഉവച്ചുവ ഉള്ള; ഉപ്പ് ഗുണം—. *n.* ഉപ്പുറവ്. =**lī'na**, *n.* ഉപ്പ് പടന്ന, ഉപ്പളം (*S.*); ഉപ്പെടുക്കുന്ന സ്ഥലം. **sal-i-nā'tiŏn**, *n.* ഉപ്പ് വെള്ളത്തിൽ കഴുകൽ. -'**ness**, =**lin'-i-ty**, ഉപ്പിക്കൽ, ഉവറ്, ലവണരസം. =**i-nif'ĕr-ŏus**, *a.* ഉപ്പ് ആക്കുന്ന; —ഉള്ള. =**lin'i-form**, *a.* —ഗുണം—. =**i-nom'e-tĕr**, *n.* ലവണമാത്ര.

**Sal'ique**, *a.*, *s. a.* **Salic.**

**Sa-lī'va**, *n.* തുപ്പല്, ഉമിനീര്, വായ്നീര്, ഈത്താ (*S.*), ലാല (*phys.*). =**lī'-val, sal'i-var-y** (-vĕr-), ഉമിനീര് സംബന്ധിച്ച; ലാലോല്പാദകമായ; ലാലവാഹകമായ. **s.y gland** ലാലമണി, ലാല്പോദകമണി (*an.*). **s.y duct** ലാലനാളം; ലാലക്കുഴല് (*an.*). **sal'i-vant**, *a.* ലാലോല്പാദകമായ. *n.* ലാലോല്പാദകസാധനം. **sal'i-vāte**, *v. t.* ഉമിനീരൊലിക്കുമാറാക്കുക; (രസപ്രയോഗത്താൽ) വാഴ്നീരൊഴുക്കുക. **sal-i-vā'tiŏn**, *n.* ലാലോല്പാദനം; നോളയൊഴുക്കം; വായ്പുണ്ണ്. =**lī'vŏus**, *a.* ലാലസംബന്ധമായ; —ഗുണമുള്ള.

**Sal'let, Sal'āde**, *n.* ഒര് വക ശിരസ്ത്രം, തലക്കോരിക.

I. **Sal'lōw** (-lō), *n.* അലരിക്കൊമ്പ്, അരളിച്ചുള്ളി (*b.*); 2. അരളിച്ചെടി, അലരിവൃക്ഷം (*b.*).

II. **Sal'lōw** (-lō), *a.* മഞ്ഞളിച്ച; 2. വിളർത്ത, രക്തപ്രസാദമില്ലാത്ത. *v. t.* വിളർക്കുക. -**ish**, *a.* ഇളമഞ്ഞയായ; ഏതാനും വിളർത്ത. -**ness**, *n.* മഞ്ഞളിപ്പ്, വിളർപ്പ്.

**Sal'ly**, *v. i.* തുള്ളിവീഴുക, ചാടി—; 2. തള്ളിവരിക; 3. പെട്ടന്ന് പുറത്ത് വന്നെതൃക്കുക, (കോട്ടക്കകത്ത് നിന്ന് പെട്ടന്ന് പുറത്ത് ചാടി) നിരോധസൈന്യത്തോടു യുദ്ധം ചെയ്യുക, അഭിയോഗം ചെയ്യുക. *n.* ചാടിവീഴൽ, തുള്ളല്; 2. ചാടിപ്പുറപ്പെടൽ, ചാട്ടം; 3. നിരോധസൈന്യാഭിയോഗം, അഭിയോഗം; 4. വഴിവിട്ട് നടത്തം, ഊട് വഴിസഞ്ചാരം; തെററി നടത്തം; 5. അസംബന്ധം; 6. വിലാസം, വിളയാട്ടം, വിഭ്രമം, ബുദ്ധിവിലാസം, നർമ്മാലാപവിഭ്രമം; 7. ഭ്രമം, തിളപ്പ്, മദം; തോന്നിയവാസം; കൃത്താട്ടം. **s.-lunn** ഒര് വക പതമുള്ള അപ്പം. **s.-port** പിൻവാതില്, ഉൾ—, ഒളി—; (കപ്പലിലെ) രക്ഷാവാതില്.

**Sal-ma-gun'di**, *n.* (മാംസമത്സ്യങ്ങളുടെ) ഒര് കൂട്ട് കറി; 2. സമ്മിശ്രം, സകലകലാദി, ക്ഷൾഗവി.

**Sal'ma-ri-a Mal'a-bar-i-ca,** *n.* പൃള, ഉന്നമുരിക്ക്, മുള്ളിലം, ഇലം (*b.*).

**Sal'mi, Sal-mis'** (sal-mē'), *n.* ഒരുവക വേട്ടയിറച്ചിഭക്ഷ്യം.

**Salm'ŏn** (sam'un), *n.* ഒരുനല്ല വലിയമത്സ്യം, 'കയിൽമീൻ' (*S.*); കളവൻ, ചെമ്പല്ലി?, കോര?, നരിമീൻ? (*z.*); 2. പിംഗലവൎണ്ണം. **s.-peel** കാടൻ, കണ്ണിക്കൻ, ചെറുകളവൻ (*z.*). *a.* പിംഗലവൎണ്ണമുള്ള. **-et, sam'let,** *n.* ചെറുകളവൻ (*z.*).

**Sal-om'e-tĕr,** *n.*, *s. u.* **Salify.**

**Sa-lōn'** (sä-lōng'), അലങ്കൃതമണ്ഡപം, 'സാള'; 2. അഭ്യാഗതശാല, സല്ക്കാരമുറി, സല്ലാപയറ; 3. *pl.* കലീനസല്ക്കാരം, മോടിവിരുന്ന്; 4. ധനികാതിഥിക്കൂട്ടം.

**Sa-loon',** *n.* അലങ്കൃതമണ്ഡപം, —ശാല; 2. അഭ്യാഗത—; സല്ലാപയറ; 3. സല്ക്കാരശാല, വിരുന്നറ; 4. വിനോദശാല; കേളിമണ്ഡപം; 5. ചിത്രശാല; 6. മദ്യശാല, പാനക—; ചാരായക്കട; 7. ഭക്ഷണശാല; 8. നൃത്ത—.

**Sa-loop',** *n.* സാലാമിശ്രി (*b.*); 2. ഒരുപാനകം, സാലാമിശ്രിപ്പാനകം.

**Sal'ŏp,** *n.*, *s. a.* **Salep.**

**Salp, Sal'pa, Sal'pi-an, Sal'pid,** *n.* ഒരുവക കടച്ചൊറി (*z.*).

**Sal'pinx,** *n.* കണ്ണാന്തന്നാളം (*an.*). =**pin-ġī-tis,** *n.* അന്തന്നാളവീക്കം (*med.*).

**Sal'sēs,** *n. pl.* പതക്കുന്ന ചളിയുപ്പ് വെള്ളം ഒഴുകുന്ന പൎവ്വതം, ചളിപ്പൎവ്വതം.

**Sal-sa-men-tā'ri-ŏus,** *a.* ഉപ്പുള്ള, ഉപ്പിക്കുന്ന; 2. ഉപ്പിട്ട; 3. ഉവരുള്ള.

**Sal'sō-ac-id,** *a.* ഉപ്പ് പുളിരസങ്ങൾ കലൎന്ന, ഉപ്പുംപുളിയുമുള്ള.

**Sal-sū'ġi-nŏus,** *a.* ഉപ്പ് പ്രദേശത്തിൽവളരുന്ന, കഴിനിലത്തുണ്ടാകുന്ന (*b.*).

**Sạlt,** *n.* ലവണം, ഉപ്പ്, കറിയുപ്പ്; ഇന്തുപ്പ്; 2. ചുവ; രുചി, രസം; ലാവണ്യം; 3. രൂക്ഷത; 4. കത്തുന്നവാക്ക്; 5. ബുദ്ധി, ക്ഷണയുക്തി; 6. ഉപ്പ് പാത്രം; —ചിരട്ട; 'നിമക്കദാനി'. 7. (old) കപ്പലോടി, കടലോടി, ക(ഖ)ലാശി; 8. ക്ഷാരം (*ch.*); 9. രക്ഷ, സൂക്ഷിക്കുന്നത്; 10. ശുദ്ധിയാക്കുന്നത്, കേട് പോക്കുന്നത്, വിമലകം; 11. ശിക്ഷ; 12. സംശയം, ശങ്ക; കിഴിവ്: **his statements must be taken with a grain of s.** അവൻെറ വാക്ക് ഇറക്കാൻപാടില്ല, —വിശ്വസിപ്പാൻശങ്കിക്കേണം; അവൻെറ വാക്കിൽ കുറെ കിഴിവ് കാണേണം; 13. *pl.* ഭേദിയുപ്പ്, വയറിളക്കുന്ന ഉപ്പ് (*med.*); 14. *pl.* കൈക്കണ്ടം, കഴിനിലം. **s.-cat** മാടപ്പ്രാ (ക്കളുടെ)തീന്. **s.-cellar** ഉപ്പ് പാത്രം, 'നിമക്കദാനി'. **s.-foot** വലിയ ഉപ്പ് പാത്രം. **s.-green** കടൽനിറമുള്ള. **s.-mouth** വായിവിസ്താരമുള്ള കുപ്പി. **rock-s.** ഇന്തുപ്പ്. **s. of hartshorn** നവക്ഷാരം (*ch.*). **s. of Venus** മയിൽതുത്ഥം, തുരിശ് (*ch.*). **above the s.** യോഗ്യന്മാരുടെ പന്തിയിൽ, —കൂട്ടത്തിൽ. **below the s.** താണവരുടെ—, —പന്തിയിൽ. *a.* ഉപ്പ് സംബന്ധിച്ച; 2. —ഉള്ള; 3. —ഇട്ട, —ഇട്ട് സൂക്ഷിച്ച; 4. ഉവര് വെള്ളം ഉള്ള; 5. കൈപ്പ്—; രൂക്ഷത—; 6. കാമാതുരം—. **s.-block** ഉപ്പ് കറുക്കുന്നയന്ത്രം; —സ്ഥലം. **s.-bottom** —വിളയുന്ന കണ്ടം. **s.-fish** ഉപ്പിട്ടമീന്, ഉണക്ക് മത്സ്യം; ഉപ്പ് വെള്ളത്തിലെ—, കടൽ—. **s.-garden** ഉപ്പ് പടന്ന, ഉപ്പളം. **s.-gauge** ലവണമാത്ര. **s.-horse** ഉപ്പിട്ട ഗോമാംസം. **s.-junk** ഉപ്പിട്ടുണക്കിയ—. **s.-marsh** കൈക്കണ്ടം. **s.-mine** ലവണഖനി, ഇന്തുപ്പ് കുഴി. **s.-pan** ഉപ്പ് പടന്ന, ഉപ്പളം (*S.*), ഉപ്പ് കറുക്കുന്നസ്ഥലം. **s.-pit** ഉപ്പ് കുഴി. **s.-rising** മാവ് പുളിപ്പിക്കുന്ന ഒരുകൂട്ട്, ഉറ. **s.-raker** ഉപ്പ് മണ്ണ് വാരി. **s.-rheum** ചുണങ്ങ്, മുളി (*med.*). **s.-spring** ഉപ്പുറവ്. **s.-water** ഉപ്പ് വെള്ളം, കടൽ—. **s.-water sailor** കടലോടി. *v. t.* ഉപ്പിടുക; 2. ഉപ്പിട്ട് വെക്കുക; ഉപ്പിലിടുക; 3. ഉപ്പ് കൊടുക്കുക; 4. കപ്പപ്പലക ഉപ്പ് പൊതിഞ്ഞ് വെക്കുക. **to s. a mine** (ധാതുദ്രവ്യമുണ്ടെന്ന് തോന്നിപ്പാൻ) ചതിവായി ധാതുദ്രവ്യങ്ങൾ ഖനികളിൽ ഇട്ട് വെക്കുക; തോല്പിക്കുക, ചതിക്കുക. **to s. away, to s. down** ഉ

ഉപ്പിലിട്ട് വെക്കുക; പണം സമ്പാദിക്കുക, —കെട്ടിവെക്കുക. *v. i.* ഉപ്പ് വിളയുക. -'ĕr, *n.* ഉപ്പ് ഉണ്ടാക്കുന്നവൻ; —വില്ക്കുന്നവൻ; സാധനങ്ങൾ ഉപ്പിട്ട് സൂക്ഷിക്കുന്നവൻ. -'ĕrn, *n.* ഉപ്പ് കറുക്കുന്ന സ്ഥലം. -'ing, *n.* ഉപ്പിടൽ; കൈക്കണ്ടം. -'ish, -y, *a.* ഉപ്പിക്കുന്ന, ഉവരുള്ള. -'ish-ly, *ad.* ഉവർച്ചുവയോടെ. -'ish-ness, *n.* ഉപ്പിക്കൽ, ഉവര്. -'less, *a.* ഉപ്പില്ലാത്ത, രസമില്ലാത്ത, ചപ്പയായ. -'ly, *ad.* ഉപ്പ് രസമുള്ളതായി. -'ness, *n.* ഉപ്പിക്കൽ, ഉപ്പ് രസം.

Salt'ant, *a.* തുള്ളുന്ന, ചാടുന്ന; 2. നൃത്തംചെയ്യുന്ന; 3. ചാട്ടംപോലെയുള്ള (*her.*). ='tāte, *v.i.* തുള്ളിച്ചാടുക; നൃത്തംചെയ്യുക. =tā'tiŏn, *n.* തുള്ളിച്ചാടൽ, ചാട്ടം; നാഡിയടി, മിടിക്കൽ; വർഗ്ഗലക്ഷണഭേദം, വർഗ്ഗപരിണാമം (*biol.*), =ta-tō'ri-a, =ta-tō'rēs, *n. pl.* തുള്ളുന്ന പ്രാണികൾ, തുള്ളൻവർഗ്ഗം (*z.*). =ta-tō'ri-al, =ta-tō'ri-ŏus, ='ta-tŏr-y, *a.* തുള്ളിനടക്കുന്ന, തുള്ളൻവർഗ്ഗത്തിൽപെട്ട (*z.*); തുള്ളുവാൻ കഴിയുന്ന; ചാട്ടംസംബന്ധിച്ച; തുള്ളുന്ന; നൃത്തംചെയ്യുന്ന. s.y spasm തുള്ളൽവ്യാധി, ഒര് വക ഞരമ്പ് വലി (*med.*).

Salt'cat, ='cel-lar, ='ĕr, ='ĕrn, *etc.*, *s. u.* Salt.

Sal'ti-grādes, *n. pl.* തുള്ളുന്ന ഒര് വക എട്ടുകാലിവർഗ്ഗം, തുള്ളൻചിലന്തി— (*z.*). =grāde, *a.* തുള്ളുവാൻതക്ക കാലുള്ള (*z.*). *n.* തുള്ളൻചിലന്തി (*z.*).

Sal'tiēr, Sal'tīre, *n.* X ആകൃതിയിലുള്ള ക്രൂശ് (*her.*). -wīse, *ad.* X ക്രൂശാകൃതിയിൽ (*her.*).

Salt'ish, Salt'less, Salt'mouth, *etc.*, *s. u.* Salt.

Salt-pē'tĕr, Salt-pē'tre, *n.* വെടിയുപ്പ്, യവജം, യവക്ഷാരം, ചവക്കാരം (*min.*).

Salt'y, *a.*, *s. u.* Salt.

Sa-lu'bri-ŏus, *a.* സുഖകരം ആയ, ആരോഗ്യകരം—; 2. ഹിതകരം—. -ly, *ad.* സുഖകരമായി. -ness, =lu'bri-ty, *n.* സുഖദായകത്വം, ആരോഗ്യകരത്വം, സുഖം. sal'ū-tar-y (-tĕr-), sal-ū-tif'ĕr-ŏus, *a.* സുഖപ്രദം ആയ, —വർദ്ധകം—; പത്ഥ്യം—, ഗുണകരം—; ഉപകാരം ഉള്ള, പ്രയോജനം—. sal'ū-tar-i-ly (-tĕr-), sal-ū-tif'ĕr-ŏus-ly, *ad.* സുഖപ്രദമായി; ഉപയോഗമുള്ളതായി. sal'ū-tar-i-ness, *n.* സുഖം; ഗുണം, പ്രയോജനം.

Sa-lute', *v.t.* വന്ദിക്കുക, നമസ്കരിക്കുക; 2. തൊഴുക, കൈകൂപ്പുക, വണങ്ങുക; 3. ചുംബിക്കുക; ആശ്ലേഷിക്കുക; 4. സല്കാരവാക്ക് പറയുക, ആചാരം—, അഭിവാദ്യം ചെയ്യുക; 5. ബഹുമാനവെടിവെക്കുക, ആചാരവെടി— (*mil.*). *n.* വന്ദനം, നമസ്കാരം; 2. കൈകൂപ്പൽ, തൊഴല്, വണക്കം; 3. ചുംബനം; ആലിംഗനം, ആശ്ലേഷം; 4. അഭിവാദ്യം, സല്കാരം, ഉപചാരം, ആചാരം; 5. ആചാരവെടി (*mil.*). general s. സൈന്യാഭിവാദ്യം (*mil.*). =lu'tĕr, *n.* വന്ദിക്കുന്നവൻ; അഭിവാദ്യം ചെയ്യുന്നവൻ; ആചാരം പറയുന്നവൻ. =ū-tā'tiŏn, *n.* വന്ദിക്കൽ, വണങ്ങൽ, സല്കരിക്കൽ; വന്ദനം, വണക്കം; അഭിവാദ്യം, സല്കാരം, ആചാരം. =lu-ta-tō'ri-an, *n.* വിദ്യാശാലാഭിവാദി (*U. S.*). =lu'ta-tŏr-i-ly, *ad.* അഭിവാദ്യമായി. =lu'ta-tŏr-y, *a.* സല്കാരം ആയ, അഭിവന്ദനം—; സ്വാഗതംപറയുന്ന. *n.* വിദ്യാശാലാഭിവാദ്യപ്രസംഗം.

Sal-ū-tif'ĕr-ŏus, *etc.*, *s. u.* Salu-[brious.

Sal'va-ble, Sal'vāge, Sal-vā'tiŏn, Salve, *etc.*, *s. u.* Save.

Sälve (säv), *n.* ലേപനം, കുഴമ്പ്, വറുകുഴമ്പ്, തഴി (*S.*); അഞ്ജനം, വടിക്കുന്ന മരുന്ന്; മുറി— (*med.*); 2. ശമനൌഷധം (*med.*); 3. മാറ്റ് മരുന്ന് (*med.*). *v. t.* കുഴമ്പിടുക, ലേപനം ചെയ്യുക, അഞ്ജനമെഴുതുക; 2. മരുന്ന് വടിക്കുക; —വെക്കുക; 3. ശമിപ്പിക്കുക, സൌഖ്യമാക്കുക, ഭേദം വരുത്തുക; 4. പൂശുക, തേച്ച് കളയുക.

Sal'vō, *n.* പീരങ്കിയണിവെടി (*mil.*); 2. അണിസല്കാരവെടി (*mil.*).

Sa-mar'i-tan, *n.* ശമര്യക്കാരൻ; 2. ശമര്യഭാഷ. the good S. ലോകരക്ഷക

നായ യേശു പറഞ്ഞ ഉപമയിലെ ദയാലു വായ ശമര്യക്കാരൻ (Luke 10, 30-37); ദയാലു, പരോപകാരി, അനാഥരക്ഷകൻ.

**Sam'bō,** *n.* കാപ്രി, കാപ്രിസന്താനം.

**Sam'bur, Sam'boo, Sam'bĕr,** *n.* കലമാൻ, മ്ലാവ്, മലമാൻ (*z.*).

**Sāme,** *a.* അതേ, ഒരേ, അത് തന്നെ, ഒന്ന് –, അവൻ—; 2. അന്യംഅല്ലാത്ത, വേറെ—; 3. മാററം ഇല്ലാത്ത, ഭേദം—, വ്യത്യാസം—, മാറാത്ത; 4. തുല്യം ആയ, തത്തുല്യം—, സമം—, പോലെയുള്ള, .......ന്ന് ഒത്ത; 5. മുൻപറഞ്ഞ, മേൽ—, പറവാൻ പോകുന്ന; 6. ഏതൊ അത്. **all the s.** എന്നാലും, എന്നിട്ടും, എന്തായാലും, അത് കൊണ്ടെന്ത്. **at the s. time** അപ്പോൾ തന്നെ; എന്നാൽ. **-'li-ness, -'ness,** *n.* തത്തുല്യത, തുല്യത, സമത്വം, അത് തന്നെ എന്ന സ്ഥിതി, ഐക്യം, അഭേദം, ഒരേ സ്ഥിതി, ഏകരീതി, നിർവ്വിശേഷം, ഇമ്പമില്ലായ്മ. [വിക്ഷക്കാററ്.

**Sā'mi-el,** *n.* തുർക്കിയിലെ ഒര് ഉഷ്ണ

**Sā'mīte,** *n.* പട്ട്നീരാളം.

**Sam'let,** *n., s. u.* **Salmon.**

**Samp,** *n.* ചോളക്കഞ്ഞി.

**Sam'pan, San'pan,** *n.* ചീനത്തോണി, ചീനവള്ളം; 2. (ചീനയിലെ) തോണിവീട്.

**Sam'ple,** *n.* മാതിരി, തരം, തരപ്പടി, 'സാമ്പൽ'; 2. മച്ചം; 3. മാതൃക, ദൃഷ്ടാന്തം. **sam'plĕr,** *n.* മാതിരി തയ്യാറാക്കുന്നവൻ; —നോക്കുന്നവൻ; തുന്നൽമാതൃക, തയ്യൽ—.

**Sam'shoo, Sam'shu,** *n.* (ചീനക്കാരുടെ) ചോററ്റാക്ക്.

**Sam'son,** *n.* ശിംശോൻ എന്ന മഹാബലവാൻ (*Bl.*); 2. ശക്തൻ, ഊക്കൻ, വീരൻ. **S.'s post, S.-post** (കപ്പലിലെ) തട്ട്തൂണ്; കപ്പിത്തൂണ്.

**San'a-ble,** *a.* ഭേദമാകുന്ന, മാറുന്ന; സുഖപ്പെടുന്ന; മാററാകുന്ന. **=bil'i-ty, -ness,** *n.* ശമനീയത്വം, സാദ്ധ്യം. **san'a-tive, san'a-tŏr-y,** *a.* ഭേദംവരുത്തുന്ന, ശമനം—; രോഗംമാററുന്ന, സുഖകരമായ. **san'a-tive-ness,** *n.* രോഗം മാററുന്ന ഗുണം. **san-a-tō'ri-um, San-i-tā'ri-um,** *n.* ചികിത്സാഗൃഹം, വൈദ്യശാല; സുഖവാസസ്ഥലം, ആരോഗ്യകര പ്രദേശം, ക്ഷേമകരസ്ഥലം.

**Sanc'ti-fȳ,** *v. t.* സംസ്കരിക്കുക, പ്രതിഷ്ഠിക്കുക, പവിത്രമാക്കുക; 2. പുണ്യാഹംചെയ്യുക; 3. വിശുദ്ധീകരിക്കുക, പാപകന്മഷം നീക്കുക; 4. വന്ദ്യം ആക്കുക, പാവനം—; 5. അലംഘനീയം—. **=fi-cā'tiŏn,** *n.* ശുദ്ധീകരണം; വിശുദ്ധീകരണം (*theo.*); പരിശുദ്ധി; സംസ്കരിക്കൽ; പ്രതിഷ്ഠ. **=fīed,** *a.* വിശുദ്ധീകരണം പ്രാപിച്ച; വിശുദ്ധമായ; ഭക്തിനാട്യമുള്ള. **=fī-ĕr,** *n.* വിശുദ്ധീകരിക്കുന്നവൻ; പരിശുദ്ധാത്മാവ്. **=fȳ-ing-ly,** *ad.* വിശുദ്ധീകരിക്കുംവണ്ണം, വിശുദ്ധീകരിച്ച് കൊണ്ട്. **sanc'ti-tūde, sanc'ti-ty,** *n.* വിശുദ്ധി; ഭക്തി; നിർമ്മലത, പവിത്രത; അലംഘനീയത്വം; സിദ്ധൻ, സ്വർഗ്ഗീയൻ.

**Sanc-til'ō-quent,** *a.* ദിവ്യകാര്യങ്ങളെക്കുറിച്ച് സംസാരിക്കുന്ന; 2. വിശുദ്ധസംഭാഷണമായ.

**Sanc'ti-mon-y,** *n.* വിശുദ്ധി; ഭക്തി; ഭക്തിനിഷ്ഠ; 2. പുറ(മെയുള്ള) ഭക്തി; 3. കപട—, കള്ള—. **=mō'ni-al, =mō'ni-ŏus,** *a.* വിശുദ്ധി ഉള്ള; ഭക്തി—; —നാട്യം—, ആചാര ഭക്തി—, കപടഭക്തനായ. **=mō'ni-ŏus-ly,** *ad.* ഭക്തിപൂർവ്വം; കപടഭക്തിയോടെ. **=mō'ni-ŏus-ness,** *n.* പവിത്രത; ഭക്തി; ആചാരഭക്തി; ഭക്തിഡംഭം.

**Sanc'tiŏn,** *n.* സ്ഥിരപ്പെടുത്തൽ, ഉറപ്പിക്കൽ; 2. സമ്മതം, അനുമതി, അനുവാദം, 'സാങ്ക്ഷൻ'; 3. അനുഷ്ഠാനം, നടത്തൽ; 4. പ്രമാണം, അനുശാസനം. *v. t.* സമ്മതിക്കുക, അനുവദിക്കുക; 'സാങ്ക്ഷനാക്കുക'; 2. ഉറപ്പിക്കുക. **-ar-y,** *a.* അനുമതിസംബന്ധമായ; അനുവദിക്കുന്ന.

**Sanc'ti-tūde, Sanc'ti-ty,** *n., s. u.* **Sanctify.**

**Sanc'tū-ar-y** (-ĕr-), *n.* പരിശുദ്ധസ്ഥലം, ശ്രീകോവില്, ഗർഭഗൃഹം; 2. അതിപരിശുദ്ധസ്ഥലം (*Bl.*); 3. തിരുവത്താഴപീഠം (*chr.*); 4. ദൈവോപാസനാമന്ദിരം; 5. സങ്കേതം, ശരണസ്ഥാനം, രക്ഷ.

**Sanc'tum,** *n.* ശഭ്ഗൃഹം, ശ്രീകോവില്, വിശുദ്ധസ്ഥലം; 2. പ്രത്യേകമുറി, സ്വകാൎയ്യ—. *s. sanctorum* അതിപരിശുദ്ധസ്ഥലം, മഹാപരിശുദ്ധ— (*Bl.*). =**tus,** *n.* മിസാരാധനാഭാഗം (*R. C.*); തിരുവത്താഴസംസ്കാരം. **s.s bell** 'മീസ' മണി, കൈ— (*R. C.*).

**Sand,** *n.* മണല്, പൂഴി, തരിമണ്ണ്; 2. മണൽത്തരി; തരിമണല്; 3. നാഴികക്കുപ്പി—; 4. സമയം, കാലം, നേരം; 5. ജീവകാലം; 6. *pl.* പൂഴിപ്രദേശം, മരുഭൂമി; 7. ചുണ, ധൈൎയ്യം, നെഞ്ഞൂറപ്പ്. **s.-bag** പൂഴിച്ചാക്ക്; കലപാതകമണൽസഞ്ചി. **s.-bagger** കലപാതകൻ. **s.-ball** മണൽ 'സാബൂൻ', —സോപ്പ്. **s.-bath** (പാത്രം) മണലിൽ കഴിച്ചിടൽ; ചൂട് പൂഴി മൂടിക്കിടക്കൽ. **s.-bed** മണൽത്തട്ട്. **s.-blast** സ്ഫടികക്കൊത്ത് വിദ്യ; —യന്ത്രം. **s.-blind** കണ്ണ് നല്ലവണ്ണം കാണാത്ത, കണ്ണിന്ന് വലച്ചലുള്ള, വെള്ളെഴുത്തുള്ള, ചെമ്മീൻകരുടനായ (*N.*). **s.-box** മണല്ക്കുപ്പി; (തീവണ്ടിയിലെ) മണൽപ്പെട്ടി. **s.-drift** മണത്തിട്ട. **s.-flag** കച്ചിക്കല്ല്. **s.-flood** മണൽപ്രവാഹം. **s.-glass** നാഴികക്കുപ്പി, നാഴികവട്ട, നാഴികച്ചിരട്ട, വാലുകായന്ത്രം. **s.-hill** മണല്ക്കുന്ന്. **s.-man** കുട്ടികൾക്ക് ഉറക്ക് വരുത്തുന്ന മിത്ഥ്യാപുരുഷൻ, പൂച്ചിക്കാരൻ. **s.-paper** മിനുക്കുകടലാസ്, 'സാൻപേപ്പറ്'. **to s.-paper** മിനുസമാക്കുക. **s.-pillar** മരുച്ചുഴലിക്കാററ്. **s.-piper** മൂഴക്കൻ (*z.*). **s.-pit** പൂഴിക്കുണ്ട്. **s.-stone** കച്ചിക്കല്ല്; ചാണക്കല്ല്. **s.-storm** ചെങ്കാററ്. *v.t.* മണലിടുക, പൂഴിവിതറുക; 2. മണ്ണ് കലത്തുക. **-'ed,** *a.* മണലുള്ള; മണൽപ്രദേശം ആയ; ശൂന്യപ്രദേശം—; പുള്ളിയുള്ള; നല്ലകാഴ്ചയില്ലാത്ത. **-'i-ness,** *n.* മണല്പാട്; പൂഴിനിറം. **-'y,** *a.* മണലുള്ള; മണൽപ്രദേശമായ; പൂഴിനിറമുള്ള, ഇളമഞ്ഞയായ.

I. **San'dal,** *n.*, *s. a.* **Sendal.**

II. **San'dal,** *n.* യാച്ചെരിപ്പ്, വള്ളിച്ചെരിപ്പ് (*S.*), കട്ട, കട്ടച്ചെരിപ്പ് (*P.*), ഒരുവക മെതിയടി. =**dalled** (-dald), *a.* ചെരിപ്പ് ചവിട്ടിയ, —ഇട്ട; മെതിയടി—; —ആകൃതിയുള്ള.

III. **San'dal, -wood,** *n.* ചന്ദനം, വെള്ളച്ചന്ദനം, ശ്രീഗന്ധം, ഗന്ധസാരം, മാലേയം, മലയജം (*b.*). **red s.d** രക്തചന്ദനം, ചെഞ്ചന്ദനം (*b.*).

**San'da-rac, =rach,** *n.* അരിതാരം, മനയോല (*min.*); 2. (വാൎണീഷുണ്ടാക്കുന്ന) മരക്കറ (*b.*).

**Sand'ed, Sand'i-ness, Sand'bag-gĕr, Sand'blīnd,** *etc.*, *s. u.* **Sand.**

**San'dĕrs,** *n.* രക്തചന്ദനം (*b.*); 2. ചെമ്മരം (*S.*).

**Sand'wich,** *n.* (ഇരുപുറവും വെണ്ണ പിരട്ടിയ കോതമ്പാപ്പപ്പൊളിയും നടുവെ പുഴുങ്ങിയ ഇറച്ചിപ്പൊളിയും വെച്ച) ഇറച്ചിയപ്പം, അട്ടക്കിറച്ചി. *v.t.* ഇറച്ചിയപ്പമട്ടക്കുക; 2. സമ്മിശ്രമാക്കുക; 3. ഇടയിൽ ചെലുത്തുക.

**Sand'y,** *a.*, *s. u.* **Sand.**

**Sāne,** *a.* മനഃസുഖം ഉള്ള, സുഖമനസ്സുള്ള, സുഖചിത്തനായ; അനുന്മത്തനായ; 2. സുബുദ്ധി ഉള്ള, വിവേചനാശക്തി—, ഗുണദോഷബോധം—. **-'ness, san'i-ty,** *n.* സുഖം, ആരോഗ്യം; അനുന്മാദം, സുബുദ്ധി, കാൎയ്യബോധം.

**Sang,** *v. t. ir.*, *p. t. of* **Sing.**

**San'ga, San'gū,** *n.* (അബിസ്സീന്യയിലെ നീളക്കൊമ്പൻ) പൂഞ്ഞക്കാള (*z.*).

**San'ga-rēe,** *n.* ഓക്ഷാരസപ്പാനകം.

*Sang'froid* (sän'frwä), *n.* മനഃകരുത്ത്, പരിഭ്രമരഹിതത്വം, നിശ്ചാഞ്ചല്യം, സമചിത്തം, ശാന്തമനസ്സ്.

**San-guif'ĕr-ŏus, =guif'lu-ŏus, ='guin-ar-y,** *etc.*, *s. u.* **Sanguine.**

**San'guine** (-gwin), **=nā'ceŏus,** *a.* രക്തവൎണ്ണമുള്ള, ചുവന്ന; 2. രക്തപുഷ്ടി ഉള്ള, —പ്രസാദം—; 3. ചോരത്തിളപ്പ്—, തീക്ഷ്ണത—, ചുണ—, ധൈൎയ്യം—; 4. വിശ്വാസം—, ഉറപ്പ്—, ആശ—; നിരാശപ്പെടാത്ത; 5. ഗാഢമായ. *n.* രക്തവൎണ്ണം, ചുവ(ക)പ്പ് നിറം; 2. ചോരപ്പച്ചക്കല്ല് (*min.*); 3. ഒരു ചുകപ്പ് ചായം. *v.t.* ചോര തെ

റപ്പിക്കുക, —പിരട്ടുക; 2. ചുവപ്പിക്കുക. =guif′ĕr-ŏus, *a.* രക്തവാഹകമായ (*phys.*). s.s vessels രക്തനാഡികൾ, —സിരകൾ (*phys.*). =gui-fi-cā′tiŏn, *n.* രക്തോല്പാദനം; രക്തപരിണാമം (*phys.*). =gui-fī-ĕr, *n.* രക്തം ഉളവാക്കുന്നവൻ; രക്തജനകൌഷധം. =guif′-lu̧-ŏus, *a.* ചോര ഒഴുകുന്ന, രക്തപ്രവാഹമായ. =gui-fȳ, *v. t.* ചോരവെപ്പിക്കുക; രക്തമാക്കിത്തീൎക്കുക. =guig′e-nŏus, *a.* രക്തജനകമായ. =guin-ar-i-ly, *ad.* അറുകുലയായി, നിഷ്ഠുരമായി. =guin-ar-i-ness, *n.* കുലപാതകത്വം; ക്രൂരത, നിഷ്ഠുരത. =′guin-ar-y, *a.* രക്തം ചൊരിയുന്ന, —ചിന്നുന്ന; രക്തപ്രവാഹമുള്ള; കുലപാതകം ആയ; നിഷ്ഠുരം —, ക്രൂരത ഉള്ള; കുലപാതകമനസ്സ് —. -less, *a.* ചോരയില്ലാത്ത, വിളൎത്ത. -ly, *ad.* ധൈൎയ്യത്തോടെ; ആശയോടെ. -ness, =guin′i-ty, *n.* രക്തപുഷ്ടി; തീക്ഷ്ണത, ഗാഢത. =guin′e-ŏus, *a.* ചോര ഉള്ള, രക്തപുഷ്ടി—; രക്തംസംബന്ധിച്ച; ഭയങ്കരം ആയ; രക്തം—; ചുവന്ന, ചോരനിറമുള്ള. =guin-iv′ō-rŏus, *a.* രക്തഭുക്കായ, ചോര കുടിക്കുന്ന. =guin′ō-len-cy, *n.* രക്തച്ഛായ, ചോരക്കലപ്പ്. =guin′ō-lent, *a.* രക്തച്ഛായ ഉള്ള; ചോരക്കലപ്പ് —. =′gui-sūġe, *n.* ചോര കുടിക്കുന്ന ജന്തു, ഓന്ത് (*z.*); അട്ട (*z.*).

San′he-drim, =drin (san′e-), *n.* യൂദന്മാരുടെധൎമ്മസഭ, — മന്ത്രി—; 'സുനേദ്ര്യം'. =drist, *n.* 'സുനേദ്ര്യ' സഭാംഗം, —സഭക്കാരൻ, —സഭാവാസി.

Sā′ni-ēs̱, *n.* വ്രണനീര്, ചൊറി—, ഊന്നീര് (*med.*). =ni-ŏus, *a.* വ്രണനീര് സംബന്ധിച്ച (*med.*); നീരൊലിക്കുന്ന (*med.*).

San′i-tar-y (-tĕr-), *a.* ദേഹസൌഖ്യം സംബന്ധിച്ച; 2. സുഖപരിപാലനം—; 3. —സംരക്ഷണാൎത്ഥമായ. =tā′ri-an, *a.* ആരോഗ്യസംബന്ധമായ; —ശാസ്ത്ര—; സുഖപരിപാലനത്തിനുള്ള. =tā′ri-an, =tā-rist, *n.* ആരോഗ്യശാസ്ത്രജ്ഞൻ. =tā′ri-um *n.* സുഖസ്ഥലം, സുഖത്തിന്ന് ചെന്ന് പാൎക്കുന്നസ്ഥലം, സൌഖ്യസങ്കേതം. =tā′tiŏn, *n.* സുഖകരമാക്കൽ; സുഖസംരക്ഷണം; —പരിപാലനപ്രവൃത്തി; ആരോഗ്യശാസ്ത്രം.

San′i-ty, *n.*, *s. u.* Sane.

Sank, *p. t. of* Sink.

*Säns*, *prep.* കൂടാത്ത, ഇല്ലാത്ത, വിനാ. *-cu-lotte′* (-ku-lot′), *n.* കാലുറയില്ലാത്തവൻ; പ്രജാധിപത്യവാദി; കോയ്മപരിവൎത്തനക്കാരൻ. *-cu-lot′tic, a.* —പരിവൎത്തനം ആയ; പ്രജാധിപത്യവാദം—. *-cu-lott′is̱m, n.* —വാദം; കോയ്മപരിവൎത്തനം. *-sou-ci′, ad.* സൂക്ഷ്മമില്ലാതെ; നിൎവ്വിചാരത്തോടെ, ലഘുഭാവത്തിൽ.

San′tō-nin, =nine (-nin), *n.* ഇരമരുന്ന്, കൃമിഘ്നം (*med.*).

I. Sap, *n.* പാല്, ചാറ്, കറ (*b.*); 2. (മരത്തിന്റെ) വെള്ള (*b.*); 3. പൊട്ടൻ, വിഡ്ഢി. s.-green ഇളമ്പച്ചച്ചായം. s.-head, s.-skull ഭോഷൻ, വിഡ്ഢി. s.-sucker ഒരുവക മരങ്കൊത്തി (*z.*). s.-wood (മരത്തിന്റെ) വെള്ള. -′fu̧l, *a.* പാലുള്ള, കറയുള്ള (*b.*). -′less, *a.* പാലില്ലാത്ത, രസമില്ലാത്ത (*b.*); ഉണങ്ങിയ; വയസ്സ് ചെന്ന; ക്ഷീണിച്ച, ചൈതന്യമില്ലാത്ത; കൎക്കശമായ. -′ling, *n.* തൈ, ചെറുമരം (*b.*). -′pi-ness, *n.* ചാറുള്ള സ്ഥിതി, പാലുള്ള—; പച്ച, രസം. -′py, *a.* നീരുള്ള; രസം ഉള്ള; ഇളമ്പ്രായമായ, ഊക്ക് കുറഞ്ഞ, ബലഹീനം ആയ; മന്ദബുദ്ധി—; അധികം വെള്ളയുള്ള (*b.*).

II. Sap, *v. t.* കുഴിച്ച് മറിക്കുക; അടിമേല് —, തുരക്കുക, നശിപ്പിക്കുക; 2. തുരങ്കംവെക്കുക (*mil.*); 3. ക്ഷീണിപ്പിക്കുക, ബലഹീനമാക്കുക; 4. മനസ്സ് ഭേദിപ്പിക്കുക. *v. i.* തുരങ്കംവെക്കുക; ഖനികുഴിക്കുക. *n.* കോട്ടത്തുരങ്കം (*mil.*). -′pĕr, *n.* തുരങ്കപ്പടയാളി (*mil.*). s.rs and miners തുരങ്കപ്പട്ടാളം (*mil.*).

Sap-a-dil′lō, *n.*, *s. a.* Sapodilla.

Sap′a-jō, Sap′a-jou̧, *n.* ഒരുവക വാല്ലൂരങ്ങ്, —ഹനുമാൻ (*z.*).

Sa-pan′wo̤od, Sap-pan′wo̤od, *n.* ചപ്പങ്ങം (*b.*).

Sap′ful, Sap′head, *etc.*, *s. u.* Sap I.

Sa-phē′na (-fē′na), *n.* പാദനാഡിഭേദം (*an.*). =phē′nŏus, *a.* പ്രത്യക്ഷമായ; കാൽനാഡിസംബന്ധിച്ച; —പ്രദേശത്തുള്ള.

Sap′id, *a.* രുചി ഉള്ള, സ്വാദ് —, രസം—. =pid′i-ty, -ness, *n.* രുചി, രസം, സ്വാദ്.

Sā′pi-ent, *a.* (ഹാസ്യമായി) ബുദ്ധിയുള്ള, സകലവും അറിയുന്ന; മിട്ടുമിട്ടക്കനായ. =ence, *n.* ബുദ്ധി, ജ്ഞാനം, സാമൎത്ഥ്യം. =en′tial, *a.* അറിവുള്ള; ജ്ഞാനമായകമായ. =en′tial-ly, *ad.* ബുദ്ധിയോടെ. -īse, -īze, *v. t.* ബുദ്ധിശാലിയാക്കുക. -ly, *ad.* ബുദ്ധിസാമൎത്ഥ്യത്തോടെ.

Sa-pin′dus, *n.* ശവക്കായിമരം, 'സാബൂൻ' കായി—(*b.*); 2. പൂവന്തി, പുളിഞ്ഞി, പൂവിരിഞ്ഞി (*b.*). =dā′ceŏus (-dā′shus), *a.* ശവക്കായിമരവൎഗ്ഗത്തിലുള്ള (*b.*).

Sap′less, Sap′ling, *s. u.* Sap I.

Sap-ō-dil′la, Sap-a-dil′lō, Sap-pa-dil′lō, Sap-pō-dil′la, Sap-ō-til′la, Sa-pō′ta, *n.* കാട്ടിരിപ്പ, കാട്ടിരുപ്പ (*b.*).

Sap-ō-nā′ceŏus (-nā′shus), =nar-y, *a.* ചവക്കാരം ആയ, ചവൎക്കാരഗുണം ഉള്ള, 'സോപ്പ്' പോലെ—; 2. 'സാബൂൻ' ഗുണം—. =nac′i-ty, *n.* ക്ഷാരഗുണം, 'സോപ്പ്'—. =pon′i-fī-a-ble, *a.* —ആക്കാകുന്ന. =pon-i-fi-cā′tiŏn, *n.* —ഉണ്ടാക്കൽ; —ആക്കൽ. =pon′i-fī-ĕr, *n.* —ഉണ്ടാക്കുന്നസാധനം. =pon′i-fȳ, *v. t.* —ഗുണംകൊടുക്കുക, ചവക്കാരമാക്കുക.

Sā′por, *n.* രുചി, രസം, സ്വാദ്. sap-ō-rif′ic, *a.* രുചിവരുത്തുന്ന. sap-or-os′i-ty, *n.* രുചി, രസം, സ്വാദ്. sap′ō-rŏus, *a.* രസമുള്ള രുചികരമായ.

Sa-pō′ta, *n.*, *s. a.* Sapodilla.

Sap-pan′wood, *s. a.* Sapan-wood.

Sap′pĕr, *n.*, *s. u.* Sap II.

Sap′phic (saf′fik), *n.* ഒര് വകകവിത.

Sap′phīre (*or* saf′fĕr), *n.* ഇന്ദ്രനീലം, നീലക്കല്ല്, മഹാനീലം (*min.*); 2. നീലനിറം. star s., asteriated s. നക്ഷത്രനീലം (*min.*). *a.* നീലവൎണ്ണം ഉള്ള. =phir-ine (-fĭr-in), *a.* നീലക്കല്ല് പോലെ—; നീലനിറം—.

Sap′pi-ness, Sap′py, *s. u.* Sap I.

Sa-proph′a-gan (-prof′a-), *n.* ശവവണ്ട് (*z.*). =gŏus, *a.* ശവംതിന്നുന്ന.

Sap′skull, Sap′wood, *s. u.* Sap I.

Sär′casm, *n.* നിന്ദ, പരിഹാസം; കുത്ത് വാക്ക്, കൊള്ളി—, വ്യംഗ്യം; കോപ്പായി, കുററടി (*S.*). =cas′tic, =cas′ti-cal, *a.* നിന്ദ ആയ, പരിഹാസം—; കൊള്ളിവാക്ക്—. =cas′ti-cal-ly, *ad.* ഹാസ്യമായി, ആക്ഷേപമായി, നിന്ദയോടെ.

Sär′cel, *n.* (ചിറകിലെ) പെരുന്തൂവല്. =celled (-seld), *a.* നടുവെമുറിച്ച, രണ്ടായിപകുത്ത (*her.*).

Särce′net, Särse′net (särs′net), *n.* നേൎമ്മപ്പട്ട്, നേരിയപട്ട്തുണി.

Sär-cī′na, *n.* (ദേഹനീരിലെ) ഒര് അണുപ്രാണി, ആമാശയാണുപ്രാണി (*biol.*).

Sär′cō, *pf.* മാംസംസംബന്ധിച്ച, മേദസ്സായ; 2. ഇറച്ചി. -cärp, -dĕrm, -dĕr-ma, *n.* പഴക്കാമ്പ്, മേദ (*b.*); ചുള (*b.*), -cēle (-sēl), *n.* ഓതം (*S.*), ക്രസ് (*N.*), വൃദ്ധിവീക്കം (*med.*). =cōde, *n.* (ജന്തുക്കളുടെ) മൂലശുക്ലം (*biol.*). =cod′ic, *a.* മൂലശുക്ലംസംബന്ധിച്ച. =coid, *a.* —ശുക്ലോല്പന്നം ആയ; മാംസതുല്യം—. -lem′-ma, *n.* മാംസപ്പേശിത്തോല്, പേശിചൎമ്മം (*an.*). -line (-lin), *a.* മാംസനിറമുള്ള. =col′ō-ġy, *n.* മാംസപേശിശാസ്ത്രം (*an.*). =cō′ma, *n.* (*pl.* sär-com′a-ta) മുഴ (*med.*). =com′a-tŏus, *a.* മുഴസംബന്ധിച്ച (*med.*). =coph′a-ga (-kof-), *n. pl.* സകോശമൃഗവൎഗ്ഗം (*z.*). =coph′a-gan, -phīle (-fīl), *n.* സകോശമാംസഗ്രാസമൃഗം (*z.*). =coph′a-gŏus, *a.* മാംസംതിന്നുന്ന, മാംസഗ്രാസമായ (*z.*). =coph′-a-gus, *n.* ഒര് വക കച്ചിക്കല്ല്; കല്ല്ശവപ്പെട്ടി; കല്ലറ. =coph′a-ġy, *n.* മാംസഭോജനം. =cō′sis, *n.* അതിപുഷ്ടി (*med.*); മുഴ (*med.*). =cot′ic, *a.* പുഷ്ടി

പ്രദമായ (*med.*). *n.* പുഷ്ടികരൌഷധം (*med.*). =′cous, *a.* മാംസമുള്ള.

Sär-cu-lā′tiōn, *n.* കളപറിക്കൽ, —വയക്കൽ.

Särd, Sär′dine, Sär′di-us, Sär′dō-in, Sär′dō-nyx, *n.* ഗോമേദകക്കല്ല്, ഗോമേദകം (*min.*).

I. Sär′dine (-din), *n.* ഒര് മത്സ്യം, മത്തി (*N.*), കൊഴുവ (*C.*), ചാള (*S.*, *z.*).

II. Sär′dine, *n.*, *s. a.* Sard.

Sär-don′ic, *a.* നിർബ്ബന്ധത്താലുള്ള, മനസ്സോടെയല്ലാത്ത; സ്വതവെയില്ലാത്ത; 2. കള്ള; 3. പരിഹാസം ആയ; നിന്ദ—; 4. പകയുള്ള. s. laugh അമുക്കിച്ചിരി, കഴുത്തറക്കുന്നചിരി. s. grin *or* laugh പല്ലിളിപ്പ്, മുഖക്കോട്ടം (*med.*).

Sär′dō-nyx, *n.*, *s. a.* Sard.

Sä′rēe, Sä′ri, *n.* സ്ത്രീകളുടെ ഉടുതുണി, തുണി, ചേല, പുട(വ).

Särk, *n.* അടിക്കുപ്പായം, കുട്ടത്ത, 'കമീസ്' 'ഷട്ട്' (*Scot.*). *v. t.* പലകയടിക്കുക (*carp.*). -′ing, *n.* നേരിയപലക (*carp.*).

Sär′lac, Sär′lyk, *n.* 'യാക്ക്' എന്ന [മലങ്കാള (*z.*).

Särn, *n.* കല്പടവ്; 2. ചവിട്ട്കല്ല്.

Sär′plär, *n.* (2240 റാത്തൽ തൂക്കമുള്ള) ആട്ടുരോമക്കെട്ട്. [ചാക്ക്ശീല.

Sär′plïer (-plēr), *n.* ചണരട്ട്തുണി,

Sar′ra-sin, =sine, Sar′a-sin, *n.* കോട്ടത്തുക്ക് വാതില്.

Sär′sa, Sär′za, Sär-sa-pa-ril′la, *n.* നന്നാറി, നന്നാറിക്കിഴങ്ങ്, നറുനീണ്ടി (*b.*).

Särse′net, *n.*, *s. a.* Sarcenet.

Sär-tō′ri-us, *n.* തുടപ്പേശി (*an.*). =tō′ri-äl, *a.* തുന്നക്കാരനുള്ള; തയ്യൽവേലസംബന്ധിച്ച, തുന്നൽപണി—; തുടപ്പേശി— (*an.*).

I. Sash, *n.* പട്ട; 2. അരപ്പട്ട, നടുക്കെട്ട്, ഇടക്കെട്ട് (*S.*), അരക്കച്ച. *v. t.* പട്ടധരിക്കുക, —ഇടുക.

II. Sash, *n.* (വാതിലിന്റെ) കണ്ണാടിച്ചട്ടം; 2. തുക്ക്ജാലകം, ഊര്—, —വാതില്. *v. t.* —വാതില് വെക്കുക.

Sā′sin, *n.* കൃഷ്ണമൃഗം, ശബരിമാൻ (*z.*).

Sas′sa-by, =bȳe, *n.* (അഫ്രിക്കയിലെ) കരിമാൻ, കൃഷ്ണമൃഗം (*z.*).

Sas′sa-nāġe, *n.* (മണ്ണരിച്ച) ചരല്.

Sas′sen-ach, *n.* ഇംഗ്ലീഷ്ക്കാരൻ.

Sat, Sate, *v. i. ir.*, *p. t. of* Sit.

Sā′tan, *n.* 'സാത്താൻ' (*Bl.*), അന്ധകാരപ്രഭു, ശൈത്താൻ (*M.*), പിശാച്. =tan′ic, =tan′i-cal, *a.* സാത്താന്റെ; പൈശാചികമായ; അതിദുഷ്ടതയുള്ള. =tan′i-cal-ly, *ad.* പൈശാചികമായി. =tan′i-cal-ness, *n.* പൈശാചികത്വം. -ism, *n.* ശൈത്താൻഗുണം, സാത്താന്യസ്വഭാവം, മഹാപൈശാചികത്വം. -ist, *n.* മഹാപിശാച്. -oph′a-ny (-of′a-), *n.* സാത്താന്റെ അവതാരം; ഭൂതഗ്രസ്തൻ, —ഗ്രസ്ത.

Satch′el, Sach′el, *n.* ചെറുസഞ്ചി, കൈ—; പുസ്തക—.

I. Sāte, Sāte′less, *s. u.* Satiate.

II. Sate, *s. a.* Sat.

Sat-ēen′, *n.*, *s. u.* Satin.

Sat′el-līte, *n.* അകമ്പടിക്കാരൻ, സേവകൻ, ആശ്രയക്കാരൻ; 2. ഉപഗ്രഹം (*as.*). *a.* സമീപമുള്ള, അടുത്ത (*an.*). =li′tiōus (-lish′us), *a.* ഉപഗ്രഹം സംബന്ധിച്ച.

Sā′ti-āte (sā′shi-āt), Sā′ted, *a.* (with, of) മടുത്ത, മതിമതിവന്ന, മടുപ്പ്—, ചെടിപ്പ്—. =āte, sāte, *v. t.* തൃപ്തിവരുത്തുക, മുഷ്ടമാക്കുക, മതിയാവോളം കൊടുക്കുക; മടുപ്പ്വരുത്തുക, ചെടിപ്പ് —. sāte′less, *a.* മതിയാകാത്ത, തൃപ്തിവരാത്ത. =ā′tiōn, sa-tī′e-ty, *n.* അതിതൃപ്തി, സന്തുഷ്ടി; മടുപ്പ്, ചെടിപ്പ്; വെറുപ്പ്, വിരോധം.

Sat′in, *n.* മിനുസപ്പട്ട്, സൂര്യകാന്തിപ്പട്ട്, സൂര്യപടം, ചിനാംശുകം. s.-wood പൂവം (*b.*)? പൂവരശ് (*b.*)? Denmark s. ചെരിപ്പ്തുണി, മിനുസക്കിത്താൻ. sat-ēen′, *n.* മിനുസത്തുണി. =′i-net, *n.* നേ

മ്പട്ടം, നേരിയ മിന്നുസപ്പട്ട്; ഒര് വക തുണി. -y, *a.* മിന്നുസപ്പട്ട് പോലെ ഉള്ള; മിന്നുസം—.

**Sat'īre** (*or* -ĕr), *n.* പരിഹാസകവിത, നിന്ദാശ്ലോകം, പ്രഹസനകാവ്യം; 2. വ്യംഗ്യം, നിന്ദ, പരിഹാസം, കുത്ത് വാക്ക്, കോറുവായി (*S.*). =tir'ic, =tir'i-cal, *a.* പ്രഹാസ്യകാവ്യം ആയ; നിന്ദ—, ആക്ഷേപം—; കഠിനം—. =tir'i-cal-ly, *ad.* പരിഹാസമായി. =tir'i-cal-ness, *n.* പ്രഹാസ്യത. sat'ir-ist, *n.* പരിഹാസകവി, കുകവി. =ĭr-īse, =ĭr-īze, *v. t.* പ്രഹാസ്യകവിത രചിക്കുക; നിന്ദിക്കുക, പരിഹസിക്കുക; അധിക്ഷേപിക്കുക.

**Sat'is-fȳ**, *v. t.* ആവശ്യംതീൎക്കുക; 2. തൃപ്തിപ്പെടുത്തുക, സന്തുഷ്ടിവരുത്തുക, മുഷ്ടമാക്കുക; 3. വീട്ടുക, കൊടുക്കുക, തീൎക്കുക; 4. നിശ്ചയംവരുത്തുക, ബോദ്ധ്യം—, സംശയം തീൎക്കുക. *v. i.* മതിയായിരിക്കുക, തൃപ്തിവരിക; 2. വീട്ടുക, പ്രായശ്ചിത്തം ചെയ്യുക. =fac'tiŏn, *n.* തൃപ്തിയാക്കൽ; തൃപ്തി, തുഷ്ടി, അലംഭാവം, അലമ്മതി; പ്രതിഫലം, പ്രായശ്ചിത്തം; വീട്ടൽ, ഋണമോചനം; പ്രതികാരം, പകരംവീട്ടൽ. =fac'tŏr-y, *a.* തൃപ്തികരം ആയ, മതി—; പ്രായശ്ചിത്തം—; ബോദ്ധ്യം—, യോഗ്യം—, തക്ക. =fac'tŏr-i-ly, =fȳ-ing-ly, *ad.* തക്കവണ്ണം, മതിയാകുംവണ്ണം, തൃപ്തികരമായി. =fac'tŏr-i-ness, *n.* തൃപ്തി; ബോദ്ധ്യത. =fī-a-ble, *a.* തൃപ്തിപ്പെടുത്താകുന്ന. =fī-ĕr, *n.* തൃപ്തിപ്പെടുത്തുന്നവൻ.

**Sā'trap**, *n.* (പുരാതനപാൎസ്സിരാജ്യത്തിലെ) ദേശാധിപതി; ഉപരാജാവ്, മണ്ഡലേശൻ; 2. നാടുവാഴി; 3. സാഹസക്കാരൻ, ക്രൂരവാഴി. =tra-pal, =trap'i-cal, *n.* ദേശാധിപത്യംസംബന്ധിച്ച, -ess, *n.* ദേശാധിപ, ഉപരാജസ്ത്രീ. =py, *n.* ദേശാധിപത്യം; നാട്.

**Sat'ū-rāte**, *v. t.* വ്യാപിപ്പിക്കുക, ചെലുത്തുക; 2. മുക്കുക, നനെക്കുക, ക(പ്പ)തൎത്തുക; 3. നിറെക്കുക; 4. പിടിപ്പിക്കുക, കലൎത്തുക (*ch.*); 5. മട്ടപ്പിക്കുക. =rāte, =rā-ted, *a.* നനഞ്ഞ; നിറഞ്ഞ; വ്യാപ്തമായ. =ra-ble, *a.* മുക്കാകുന്ന, നനക്കാകുന്ന. =ra-bil'i-ty, *n.* പിടിത്തം; പൂരണീയത്വം. =rant, *a.* നനക്കുന്ന; വ്യാപിക്കുന്ന; നിറെക്കുന്ന. *n.* കലപ്പ്, കലൎത്തുന്നസാധനം (*ch.*); പുളിന്തേട്ടൌഷധം (*med.*). =rā'tiŏn, *n.* വ്യാപനം, നിറയൽ; നിറവ്, വ്യാപ്തി; കലപ്പ് (*ch.*). ശുദ്ധവൎണ്ണം, തനിനിറം (*opt.*). =rā-tŏr, *n.* നനക്കുന്നവൻ; കലൎത്തുന്നവൻ; വ്യാപകം. [ശനിവാരം, മന്ദ—.

**Sat'ur-dāy** (sat'ĕr-), *n.* ശനിയാഴ്ച,

**Sat'urn** (-ĕrn), *n.* ഒര് ദേവത (*myth.*); 2. ശനിഗ്രഹം, രവിസുതൻ (*as.*); 3. ഈയം, കാരീയം (*al.*). =ur-nā'li-a, *n. pl.* ശനിമഹോത്സവം; ഉല്ലാസകാലം; ആറാട്ട്, വിളയാട്ടം, കൂത്താട്ടം. =ur-nā'li-an, *a.* ശനിമഹോത്സവസംബന്ധമായ, വെറികൂത്തായ. =tur'ni-an, *a.* ശനിദേവതയെ സംബന്ധിച്ച (*myth.*); ശനിദേവതാവാഴ്ചകാലം ആയ, സ്വൎണ്ണയുഗം—, കൃതയുഗം—, ഭാഗ്യകാലം—, ശുഭകാലം— (*myth.*); ശനിഗ്രഹംസംബന്ധിച്ച (*a.*). s.n verse ഒര് വക പുരാതനവൃത്തം. s.n year ശനിവട്ടം; 29½ കൊല്ലം (*as.*). =ur-nīne, *a.* ശനിദശയായ, ശനിപ്പിഴ ഉള്ള; മന്ദത—; ജാഡ്യത—; ഗൌരവം—; തമോഗുണം—. ='ur-nist, *n.* —ഗുണം ഉള്ളവൻ, മന്ദൻ.

**Sāt'yr** (-'ĕr), *n.* (കാമാതുരമുള്ള) വനദേവത (*myth.*); 2. ഒര് ചിത്രശലഭം (*z.*); 'ഒറാങ്ങ ഉട്ടാങ്ങ്', മനുഷ്യക്കുരങ്ങ് (*z.*). =rī'a-sis, *n.* കാമാതുരം, സ്ത്രീലോല്യപത്വം. =tyr'ic, =tyr'i-cal, *a.* ഉല്ലാസകരമായ.

**Sauce** (sas), *n.* രുചികരസാധനം, കറി, കൂട്ടാൻ, ചാറ്, ആണം, രസം, 'സാസ'; സമ്മന്തി, 'ചട്ടിനി'; 2. തക്കാരി, പച്ചക്കറിസാധനം; 3. കട്ടിയിലിട്ട പഴം, പഴക്കട്ടി; 4. ധിക്കാരം, അധികപ്രസംഗം. s.-box അധികപ്രസംഗി; വികൃതി. s.-pan ചട്ടി. to serve one with the same s. കൊക്കക്ക് കൊടില്, പകരത്തിന്ന് പകരം ചെയ്യുക. *v. t.* രസമാക്കുക, രുചിവരുത്തുക; 2. വറവി(ത്തി)ടുക, താളിക്കുക; 3. രസികം ആക്കുക; ഇഷ്ടകരം—; 4. കലൎത്തുക, ചേൎക്കുക; 5. എരിവ് കൂട്ടുക, മൂൎച്ച—; 6. ധിക്കാരംകാട്ടുക, അഹന്ത—.

='cĕr, *n.* ചെറുപിഞ്ഞാണത്താളിക, 'സാസറ്'. **sa̤u'ci-ly̤** (sa̤'si-), *ad.* ധിക്കാരത്തോടെ, അധികപ്രസംഗമായി. **sa̤u'ci-ness,** *n.* അവിധേയത്വം, ഗുരുത്വക്കേട്, ധിക്കാരം, അഹന്ത. **sa̤u'cy** (sa̤'si), *a.* ധിക്കാരമുള്ള, അവിധേയനായ, ഗുരുത്വംകെട്ട; അഹന്തയുള്ള.

**Sa̤u'lie** (sa̤'li), *n.* (ശ്മശാനക്രിയയിൽ) കൂലിവിലാപക്കാരൻ.

**Sa̤un'dĕrs-blue,** *n.* ഒര് നീലവണ്ണം.

**Sa̤un'tĕr** (sa̤n'tĕr), **San'tĕr,** *v. i.* മിനക്കെട്ട് നടക്കുക, വെറുതെ—; മടിയനായി—; 2. ഉലാവുക, ലാത്തുക (*M.*). *n.* ചുററിനടത്തം; 3. ഉലാവുന്നസ്ഥലം. **-ĕr,** *n.* മിനക്കെട്ട് നടക്കുന്നവൻ, ചുററി—.

**Sa̤ur** (sa̤r), *n.* ചാണവും മൂത്രവും, ആലച്ചളി.

**Sa̤u'ri-a** (sa̤'ri-), *n. pl.* ഗൌളിവർഗ്ഗം (*z.*). **=an,** *a.* —വർഗ്ഗത്തിൽപെട്ട (*z.*). *n.* പ്രാചീനമഹാഗൌളി (*z.*).

**Sa̤u'ry** (sa̤'ri), *n.* ഒര് വക കുഴലമത്സ്യം (*z.*).

**Sa̤u'sāge** (sa̤'sāj), *n.* ഇറച്ചി(നിറച്ച)കടല്, 'സാസീസ്'.

**Sā'va-ble,** *etc.*, *s. u.* **Save.**

**Sav'āge,** *a.* കാട്ടിലുള്ള, കാട്ട്, ആരണ്യ; 2. മെരുങ്ങാത്ത, ഇണങ്ങാത്ത; 3. കാട്ടിലുണ്ടാകുന്ന (*b.*); 4. മ്ലേച്ഛ; മര്യാദയറിഞ്ഞ് ക്രൂടാത്ത; നാഗരികത്വം ഇല്ലാത്ത, പരിഷ്കാരം—; 5. ഉഗ്ര, ക്രൂര. *n.* കാട്ടാളൻ, മ്ലേച്ഛൻ, മുരടൻ; നാഗരികത്വമില്ലാത്തവൻ; 2. നിഷ്ഠുരൻ, ക്രൂരൻ. *v.t.* മൃഗസ്വഭാവമാക്കുക. **-ly,** *ad.* മ്ലേച്ഛമായി; ക്രൂരമായി. **-ness,** *n.* മ്ലേച്ഛത; ക്രൌര്യം. **=a-gĕr-y,** *n.* മ്ലേച്ഛത, നാഗരികമില്ലായ്മ; മുരട്ട്ശീലം; അസുരക്രിയ; പട്ടുമുള, കാട്ടുപടല്പം (*b*). **=a-gism,** *n.* മുരട്ട്ഗുണം, കാട്ട്സ്വഭാവം, മൃഗ—.

**Sa-van'na, Sa-van'nah** (-na), *n.* (വൃക്ഷങ്ങളില്ലാത്തവിശാലമായ) പുല്പ്രദേശം.

**Sa-vänt'** (sa-vä̈ä'), *n.* വിദ്വാൻ, ജ്ഞാനി, ശാസ്ത്രി, വ്യുല്പന്നൻ.

**Sāve,** *v. t.* ഭദ്രമാക്കുക; കാക്കുക, പാലിക്കുക; 2. രക്ഷിക്കുക, ഉദ്ധരിക്കുക; 3. ആത്മരക്ഷനല്കുക, പാപമോചനം—(*theo.*); 4. ശേഷിപ്പിക്കുക, ലാഭിക്കുക (*S.*), ചരതിച്ച്വെക്കുക, സൂക്ഷിച്ച്—, സമ്പാദിക്കുക; 5. ഇല്ലാതാക്കുക, ഒഴിവാക്കുക, ചുരുക്കുക: **I will s. you that labour** നിങ്ങൾക്ക് ആ അദ്ധ്വാനം ഞാൻ ചുരുക്കിത്തരാം; 6. മുടക്കുക, തട്ടുക്കുക, ക്രുടാതെകഴിക്കുക, ഇടവരുത്താതിരിക്കുക: **you may speak and s. a woman's blush** നിങ്ങൾ പറകയാണെങ്കിൽ ആസ്ത്രീക്ക് ലജ്ജ നേരിടാതെ കഴിയും; 7. കൈവശപ്പെടുത്തുക, ഉപയോഗപ്പെടുത്തുക; തഞ്ചമാക്കുക; കൈവിടാതിരിക്കുക. **s.-all** മെഴുത്തിരിയിറുക്കി; ചെറിയകപ്പല്പായി; തൊട്ടി. **to s. appearances** മാനംരക്ഷിപ്പാൻ, —കളയാതിരിപ്പാൻ, മാലോകരെവിചാരിച്ച്, ലോകാചാരത്തിന്ന്, മര്യാദകരുതി. *v. i.* മിതമായി ചെലവ് ചെയ്യുക, ചെലവ് ചുരുക്കുക, ഈററിക്കുക, സമ്പാദിക്കുക. *prep.* or *conj.* ഒഴികെ, അല്ലാതെ, വിനാ, കുറയ: **forty stripes s. one** ഒന്ന് കുറയനാല്പതടി. *con.* അന്ന്യെ, എന്നിയെ; ......ആൽ അല്ലാതെ. **-'a-ble, sā'va-ble,** *a.* രക്ഷിക്കാകുന്ന; രക്ഷിക്കത്തക്ക; രക്ഷായോഗ്യമായ. **-'a-ble-ness, sā'va-ble-ness,** *n.* രക്ഷായോഗ്യത. **sā'vĕr,** *n.* രക്ഷിക്കുന്നവൻ; ചരതിച്ച്വെക്കുന്നവൻ, സമ്പാദിക്കുന്നവൻ. **sā'ving,** *a.* രക്ഷിക്കുന്ന, ഉദ്ധരിക്കുന്ന, രക്ഷാകരം ആയ, ത്രാണനം—; ലാഭമാക്കുന്ന; കുറക്കുന്ന, ഇല്ലാതാക്കുന്ന; തുരിശമായ, കൈമുറുക്കമുള്ള, മിതമായിചെലവിടുന്ന, നഷ്ടമാകാത്ത; മുതലൊത്ത, നഷ്ടമില്ലാത്ത: **a s.g bargain** ലാഭവും ചേതവുമില്ലാത്ത കച്ചവടം; ക്ലുപ്തംആയ, നിശ്ചയം—; പ്രതിഷേധം—. *prep.* അല്ലാതെ, ഒഴികെ; വണക്കത്തോടെ, വണങ്ങിക്കൊണ്ട്: **s.g your reverence** വന്ദ്യശ്രീ അങ്ങയെ വണങ്ങിക്കൊണ്ട്. *n.* (*pl.*) ശേഷിപ്പിച്ച്വെച്ചത്, മിച്ചം, സമ്പാദ്യം; ക്ലുപ്തം, നിശ്ചയം, പ്രതിഷേധം. **s.gs bank** ചരതഭണ്ഡാരം, 'സേവിങ്ങ്സ് ബേങ്ക്'. **sā'ving-ly** *ad.* മിതച്ചെലവാ

യി, ത്വരിശമായി, ഈററയോടെ, പിശ്രുക്കോടെ; രക്ഷാകരമായി, ആത്മരക്ഷലഭിക്കുംവണ്ണം. sā′ving-ness, *n.* ത്വരിശം, ലുബ്ധ്, പിശുക്ക്; രക്ഷാകരണീയത്വം. Sāv′iŏr, Sāv′iŏur (sāv′yĕr), *n.* രക്ഷിക്കുന്നവൻ, രക്ഷാനാഥൻ, രക്ഷിതാവ്, ഉദ്ധാരകൻ, ഉദ്ധൎത്താവ്, പരിപാലകൻ. The S.r, Our S.r, Your S.r ലോകരക്ഷിതാവായ യേശുക്രിസ്തു. sāv′iŏr-ess, sāv′iŏur-ess, *n.* രക്ഷിക്കുന്നവൾ, രക്ഷകി. sal-va-bil′i-ty, sal′va-ble-ness, *n.* രക്ഷണീയത്വം. sal′va-ble, *a.* രക്ഷണ്യമായ; രക്ഷിക്കാകുന്ന. sal′va-bly, *ad.* രക്ഷണ്യമായി, രക്ഷിക്കത്തക്കവണ്ണം. sal′vāge, *n.* കപ്പൽഛേദോദ്ധാരണം, (കടലിലെ) പ്രാണരക്ഷ, കപ്പൽ—, ചരക്ക്—; കപ്പൽഛേദോദ്ധാരണപ്രതിഫലം; കപ്പൽഛേദത്തിൽ രക്ഷിച്ച ചരക്ക്, ശേഷിച്ച് കിട്ടിയത്, ഛേദോദ്ധൃതം. sal-vā′tiŏn, *n.* രക്ഷിക്കൽ, രക്ഷണം, രക്ഷ, ഉദ്ധാരണം; പാപമോചനം, ആത്മരക്ഷ (*theo.*); രക്ഷാകരശക്തി. S.n Army 'രക്ഷാസൈന്യം' (എന്ന ഒര് ക്രിസ്ത്യാനിപ്പരിഷ). Sal-vā′tiŏn-ist, *n.* രക്ഷാസൈനികൻ. sal-vā′tor-y, *n.* സംഭാരശാല, ഉഗ്രാണം. salve, *int.* വാഴ്ക, ശുഭം, മംഗലം, ശുഭമസ്തു.

Sā′vŏr, -vŏur, *n.* ചുവ(യ), രുചി, രസം, സ്വാദ്; 2. മണം, വാസന; 3. ഗുണം, ലക്ഷണം, സ്വഭാവം; 4. ആഘ്രാണശക്തി; ചൂര്. *v. i.* (of) ചുയക്കുക, ചുവ ഉണ്ടാക, രുചി—; 2. (of) വാസന—; 3. (of) ഗുണം—. *v. t.* ചുവക്കുക, രുചിതോന്നുക; 2. മണമുണ്ടാക; 3. തോന്നുക; 4. കാട്ടുക, സൂചിപ്പിക്കുക; 5. രസംതോന്നുക, ഇഷ്ടപ്പെടുക. -i-ly, *ad.* ചുവയോടെ; വാസനയോടെ. -i-ness, *n.* ചുവ, രുചി, രസം, ഹൃദ്യത; പരിമളം, വാസന; ഗുണം. -less, *a.* ചുവ ഇല്ലാത്ത, രുചി—, ചപ്പയായ; വാസനയില്ലാത്ത, നിൎഗ്ഗന്ധമായ. -y, *a.* രുചികരമായ, സ്വാദുള്ള; സുഗന്ധമുള്ള. *n.* വാസനയുള്ള ഒര് ഇല (*b.*), ഒര് വക കറിവേപ്പ് (*b.*).

I. Saw, *v. t. ir.*, *p. t. of* See.

II. Saw, *n.* വാക്ക്, പ്രസംഗം; 2. ചൊല്ല്, മൊഴി, പഴഞ്ചൊല്ല്, സുഭാഷിതം.

III. Saw, *n.* ഈൎച്ചവാള്, അറപ്പ്—(*S.*), കരപത്രം, ക്രകചം. s.-bones (ഹാസ്യമായി) ശസ്ത്രവൈദ്യൻ. s.-buck, s.-horse ഒര് വക കാമരം, —ഈൎച്ചത്തട. s.-dust ഈൎച്ചപ്പൊടി. s.-file വാളരം, മുക്കോണരം. s.-fish വാൾസ്രാവ്, കൊമ്പൻസ്രാവ്, വാൾമീൻ (*z.*). s.-frame, s.-gate (ഈൎച്ച)വാൾചട്ടം. s.-gin പരുത്തിക്കുരുനീക്കുന്ന ഒര് യന്ത്രം. s.-log ഈൎച്ചത്തടി, ഉരുളൻമരം. s.-mill ഈൎച്ചയന്ത്രശാല. s.-pit തടക്കുഴി, അറപ്പ്കുഴി. s.-toothed വാൾപല്ലുള്ള. circular s. ചക്രവാള്. scroll s. ചട്ട—. *v. t. ir.* (sawed, sawn) ഈരുക, അറക്കുക (*S.*); 2. ഈൎച്ചപ്പടി ആക്കുക, പണിത്തരം—. *v. i.* ഈൎച്ചപ്പണിയെടുക്കുക; 2. മുറിക്കുക, ഈരുക; 3. (മരം) മുറിയുക. -′ĕr, -′yĕr, *n.* ഈൎച്ചക്കാരൻ, ഈരായി, വാൾക്കാരൻ.

Sax, *n.* ഒര് വക കത്തി, —കൊട്ടുവാള്.

Sax′a-tile (-til), *a.* പാറസംബന്ധിച്ച; 2. പാറയിൽവളരുന്ന; 3. —പാൎക്കുന്ന. sax-i-cā′vŏus, *a.* പാറകുഴിച്ച് പാൎക്കുന്ന (*z.*). sax-icō-līne, *a.* പാറയിൽ പാൎക്കുന്ന (*z.*). sax-ic′ō-lŏus, *a.* പാറമേൽ മുളച്ചുണ്ടാകുന്ന (*b.*). sax′i-frā-ga, sax′i-frāge, *n.* കല്ലുരുക്കി, അശ്മരിഹരി (*b.*). sax-i-fra-gā′ceŏus (-shus), sax-i′fra-gant, sax-if′ra-gŏus, *a.* കല്ല് ഉരുക്കുന്ന; —പൊട്ടിക്കുന്ന; അശ്മരിഹരമായ.

Sax′horn, Sax′ō-phōne, Sax′tū-ba, *n.* ഒര് പിത്തളക്കുഴല് വാദ്യം (*mus.*).

Sax′on-blue, *n.* ഒര് കടുനീലച്ചായം. Sax′on-grēen, *n.* ഒര് വക പച്ചച്ചായം.

I. Sāy (sā), *n.* മച്ചം, മാതിരി. to give a s. at ശ്രമിച്ച് നോക്കുക.

II. Sāy (sā), *v. t.* (said, said, *pr.* sed) പറയുക, മൊഴിയുക, സംസാരിക്കുക, ഉരെക്കുക, വദിക്കുക, കഥിക്കുക, വചിക്കുക; 2. ചൊല്ലുക, ഉരുക്കഴിക്കുക; 3. അഭിപ്രായപ്പെടുക; തീൎച്ചപ്പെടുത്തുക; 4. പ്രസ്താവി

ക്കുക; 5. ഊഹിക്കുക, സങ്കല്പിക്കുക, എന്ന് വെക്കുക, സുമാറ് പറയുക, എന്ന് തോന്നുക, ഏതാനും, ഏകദേശം: he had, s. a lac of rupees സുമാറ് പറകയാണെങ്കിൽ അവന്ന് ഒര് ലക്ഷം ഉറുപ്പികയുണ്ടായിരുന്നു, അവന്നുണ്ടായിരുന്നത് ഒര് ലക്ഷം ഉറുപ്പികയാണെന്ന് വെക്കാം. s. mass കുറുബാനവായിക്കുക (*Syr.*). s. one's prayers പ്രാർത്ഥിക്കുക, പ്രാർത്ഥന കഴിക്കുക, —ചൊല്ലുക. he says എന്നാണ് അവന്റെ അഭിപ്രായം. it is said, they s. എന്നാണ് പ്രസ്താവം, —വർത്തമാനം, എന്ന് പറയുന്നു, ....പോൽ. that is to s. എന്ന് വെച്ചാൽ. you don't s. so അതെയോ, ആശ്ചര്യം. *v. i.* പറയുക, ഉരിയാടുക; 2. ഉത്തരം പറയുക. *n.* വാക്ക്, പറവാനുള്ളത്, പറച്ചല്; 2. അഭിപ്രായം; 3. കഥ; 4. മൊഴി, വാക്യം, പഴഞ്ചൊല്ല്; -'ĕr, *n.* പറയുന്നവൻ; പ്രസ്താവിക്കുന്നവൻ. -'ing, *n.* വാക്ക്; പ്രസ്താവം, പ്രസ്താവന; ചൊല്ല്, മൊഴി, ഉക്തി, സുഭാഷിതം.

**Scab**, *n.* പൊററ; 2. നണല് (*S.*); ചിരങ്ങ്, ചൊറി; 3. ആടുകൾക്കുണ്ടാകുന്ന ചൊറി; 4. ഉരുളക്കിഴങ്ങിന്നുണ്ടാകുന്ന കത്ത്; 5. (വാപ്പിൽ) കല്ലരിപ്പ; 6. നിസ്സാരൻ, നീചൻ. *v. i.* പൊററകെട്ടുക, പുററാക. **scabbed** (skabd), *a.* പൊററ കെട്ടിയ, —ഉള്ള; ചിരങ്ങ് പിടിച്ച; നീചം ആയ, ഹീനം—. -'bed-ness, -'bi-ness, *n.* പുററ്; ചിരങ്ങ്. -'bi-ly, *ad.* പൊററകെട്ടിയതായി; ചിരങ്ങോടെ. -'by, *a.* പൊററകെട്ടിയ, —ഉള്ള; ചിരങ്ങ്—. **scā'bi-ēṣ**, *n.* ചിരങ്ങ്, ചൊറി (*med.*). **scā'bi-ŏus**, *a.* പൊററകെട്ടിയ; ചിരങ്ങ് പിടിച്ച, ചൊറി—. **scā'brŏus**, *a.* പരുപരുത്ത; ഉരം ഉള്ള; ചുണങ്ങ്—; പൊററ—; ആണിപൊന്തിയ; കർക്കശമായ, ഒഴുക്കമില്ലാത്ത. **scā'brŏus-ness**, *n.* പരുപരുപ്പ്, കരുകരുപ്പ്; കർക്കശത്വം.

**Scab'bard** (-bĕrd), *n.* വാളുറ, ഉറ. **s.-fish** കതിരവാലി (*P.*), തളയൻ (*z.*). *v. t.* ഉറയിലിടുക.

**Scab'ling, Scab'līne**, *n.* കല്ലുനുറുക്ക്, [കല്പൊടി.

**Scaf'fōld, -āġe**, *n.* പറം, ഏകരം, വെച്ച്കെട്ട് (*S.*); 2. മേട (*S.*) തറ, തിണ്ണ; 3. തൂക്ക്മരത്തട്ട്; തൂക്ക്മരം; കലക്കളം, വദ്ധ്യസ്ഥലം. brought to the s. തൂക്കിക്കൊന്ന, മരണശിക്ഷനടത്തിയ. -ing, *n.* പറം, ഏകരം; തിണ്ണ; ഏകരക്കോപ്പ്.

**Scagl'ia** (skal'ya), *n.* ഒര് വക ചുവപ്പ് കച്ചിക്കല്ല്. =iō'la, scal'iō-la (-yō'la), *n.* കൃത്രിമചിത്രശില.

**Scā'la-ble**, *a.*, *s. u.* Scale.

**Sca-lāde', Sca-lā'dō**, *n.*, *s. a.* Escalade.

**Sca-lar'i-form, Scā'lar-y**, *a.* പടിപടിയായ, കോവണിപോലെയുള്ള.

I. **Scald**, *v. t.* ചൂട്വെള്ളം കൊണ്ട് പൊള്ളിക്കുക, —പൊള്ളുക, കാഞ്ഞവെള്ളത്താൽ—, ആവിയാൽ—, ചൂടുള്ള ദേവ്യത്താൽ—; 2. ചൂടാക്കുക, അനത്തുക (*S.*). *n.* കാഞ്ഞവെള്ളംകൊണ്ടും മററും ഉണ്ടായ പൊള്ളല്; 2. തലപ്പുററ് (*med.*). *a.* പൊററ കെട്ടിയ, പുററ് പിടിച്ച. s.-head തലപ്പുററ്, തലച്ചുണങ്ങ് (*med.*).

II. **Scald, Skald, Sca'd'ĕr, Skald'ĕr**, *n.* സ്കേണ്ഡിനേവ്യകവി; 2. പാട്ടുകാരൻ, വന്ദി. -'ic, *a.* വന്ദിസംബന്ധമായ.

I. **Scāle**, *n.* തുലാത്തട്ട്; 2. തുലാം, തുലാസ്; 3. തൂക്കയന്ത്രം; 4. തൂക്ക്കോല്, കൈക്കോല്, കയ്യോല്, വെള്ളിക്കോല്; 5. *pl.* തുലാസ്, ത്രാസ്; 6. തുലാക്കൂറ്, തുലാരാശി (*as.*). s.-beam തുലാത്തണ്ട്; കയ്യോല്, വെള്ളിക്കോല്. platform s. തൂക്കയന്ത്രം, തൂക്കത്തട്ട്. *v. t.* തൂക്കുക; 2. അളക്കുക; 3. തോത് വെക്കുക; തോതനുസരിച്ച് ചെയ്യുക. s. a debt, wages *etc.*, s. down a debt, wages *etc.* കടം കൂലി മുതലായത് തോതനുസരിച്ച് കുറക്കുക (*U. S.*).

II. **Scāle**, *n.* ധൂ(ത്തു)ളി, ചൂളി, ചെതുമ്പല് (*z.*); 2. ഉപ്പിളി (*z.*); 3. ഓട്, തോട് (*z.*); 4. (പല്ലിന്റെ) ഇത്തിള് (*an.*); 5. അടുക്ക്, പൊളി; 6. ഒര് വക പാററ (*z.*); 7. ഇതള് (*b.*); 8. (മടക്ക് കത്തിപ്പിടിയുടെ) അകത്തകിട്; 9. അടര്, അട

പ്പൊളി (*an.*). s.-armour ധൂളിക്കവചം. s.-board (*pr.* skab′ĕrd) നേരിയ പലകമൂടി. s.-winged ന്തുളിച്ചിറകുള്ള (*z.*). *v. t.* ധൂ(ന്തു)ളി കളയുക; 2. അടപ്പൊളി നീക്കുക; ചുരണ്ടുക; 3. പല്ലിത്തില് പൊളിക്കുക; 4. പാററുക, പരത്തുക, വിതറുക; 5. പീരങ്കിക്കുഴല് (വെടിമരുന്ന് കത്തിച്ച്) വെടിപ്പാക്കുക. *v. i.* ഉരിയുക, അടരുക; 2. ഉപ്പിളികഴിക്കുക, ഓട്—; 3. പാറുക, പരക്കുക. scāled (skāld), *a.* ധൂളിഉള്ള; ഉപ്പിളി—; ധൂളികളഞ്ഞ; ന്തുളിച്ചിറകുള്ള (*z.*). -′less, *a.* ന്തുളിയില്ലാത്ത. scā′lĕr, *n.* ധൂളി കളയുന്നവൻ; ന്തുളി കളയുന്ന ആയുധം; (ദന്തവൈദ്യൻെറ) പല്ല് ചുരണ്ടി. scā′li-ness, *n.* ന്തുളിയുള്ള സ്ഥിതി, മുരുമുരുപ്പ്, പരുപരുപ്പ്. scā′ling, *a.* ന്തുളികളയുന്ന, -കളവാൻ പററിയ, ചുരുണ്ടുവാനുള്ള. scā′-ly, *a.* ധൂളി ഉള്ള (*z.*); ഉപ്പിളി— (*z.*); ഓട്— (*z.*); അട്ടക്കട്ടക്കായ, പൊളിപൊളിയായ; മുളിപിടിച്ച; നിസ്സാരൻ ആയ, നീചൻ—; ഇതളിതള്— (*b.*). s.y-winged ന്തുളിച്ചിറകുള്ള (*z.*).

III. Scāle, *n.* ഏണി, കോ(വ)ണി, ഇട്ടേണി, ഏണിപ്പടി; 2. അളവ്, മാത്ര, മാത്രക്കോല് (*sur.*); 3. പടമാത്ര, തോത്, 'സ്കേല്' (*sur.*); 4. പ്രമാണം, സംഖ്യപ്രമാണം (*math.*); 5. സ്വരഗ്രാമം, ഗ്രാമം (*mus.*); 6. പടി, പതനം, തോത്; തരം, മട്ട്, ക്രമം, വിധം; 7. വലിപ്പം, വണ്ണം, പരിമാണം, അളവ്: on a large s. അധികമായി, വളരെ; 8. നിരക്ക്, വീതം. s. of chords കോണമാത്ര (*sur.*). *v. t.* ഏണിവെച്ച് കയറുക, കയറുക; 2. കയറിമറിയുക. *v. i.* പടിപടിയായി എത്തുക, കോണിയായിരിക്കുക. scā′ling, *a.* കയറുവാനുള്ള, കയറുന്ന. s.g-ladder നൂലേണി, കയറേറണി.

Scā-lēne′ (-lēn′), *a.* അതുല്യഭുജ ഉള്ള; —കോണം— (*geom.*); 2. ത്രിഭുജപ്പേശി സംബന്ധമായ (*an.*). s. muscles (പുറത്തുള്ള) ത്രിഭുജപ്പേശി (*an.*). s. triangle വിഷമത്രിഭുജ (*geom.*). *n.* —ത്രിഭുജ (*geom.*). =lē-nō-hē′dron, *n.* ബാഹശ വിഷമത്രിഭുജമുഖപിണ്ഡം (*geom.*).

Scā′lĕr, Scā′li-ness, *s. u.* Scale II.

Scā′ling, *s. u.* Scale II. *and* III.

Scal-iō′la, *n.*, *s. u.* Scaglia.

Scall, *n.* തലപ്പുററ്, തലക്കരപ്പൻ; തലക്കുഷ്ഠം (*med.*). s.ed-head തലപ്പുററ്, തലച്ചുണങ്ങ് (*med.*).

Scal′liŏn, Scul′liŏn (-yun), *n.* ഒര് വക ചെറിയ ഉള്ളി, —വെങ്കായം (*b.*).

Scal′lop, Scol′lop, *n.* കടലിളമ്പക്ക, കടലോരിക്ക (*z.*); 2. കടലിളമ്പക്കത്തോട്; 3. ഇളമ്പക്ക (ത്തോടാകൃതിയിലുള്ള) പിഞ്ഞാണം, അലുക്ക്—. *v. t.* അലുക്കാക്കുക, അരുണ്ടെറിയുക; 2. അലുക്ക് പിഞ്ഞാണത്തിൽ പുഴുങ്ങുക, അപ്പമുരുക്കിട്ട്—.

I. Scalp, *n.* മുരുത്തടം; 2. കട്ടക്കത്തടം.

II. Scalp, *n.* തലയോട്ടിൻെറ തോല്, മസ്തകചർമ്മം; 2. ശിഖരം, ശിഖ, ഉച്ചം. s.-lock കട്ടമ, ശിഖ. *v. t.* തലയോട്ടിൻെറ തോലുരിക്കുക; 2. തോലുരിക്കുക. *v. i.* അല്പമായശീഘ്രലാഭവാണിഭം ചെയ്യുക. =′pel, *n.* ഒര് വൈദ്യശസ്ത്രം. -′ĕr, *n.* തലത്തോല് പൊളിക്കുന്നവൻ; ഒര് വൈദ്യശസ്ത്രം; ശീഘ്രലാഭവാണിഭക്കാരൻ. -′ing, *a.* തോലുരിക്കുന്ന. s.g-iron ഒര് വൈദ്യശസ്ത്രം. s.g-knife ഇന്ത്യാനക്കത്തി. *n.* തോല് പൊളിക്കൽ. =′pri-form, *a.* ഉളിപോലെയുള്ള.

Scā′ly, *a.*, *s. u.* Scale II.

Scam′ble, *v. i.* ആടിനടക്കുക, കലുങ്ങി—; 2. ഉറപ്പില്ലാതിരിക്കുക; 3. ഭാഷകെട്ടുക; 4. തിക്കിത്തിരക്കി നടക്കുക; 5. നിർമ്മര്യാദം കാട്ടുക; 6. കലഹിക്കുക, അമളി കൂട്ടുക. scam′blĕr, *n.* തകരാറുകാരൻ; ഊണ് നേരം നോക്കി വരുന്നവൻ, ക്ഷണിക്കാതെ—, ശാ(സാ)പ്പാട്ട് രാമൻ. scam′-bling-ly, *ad.* തുമ്പുകേടായി; അമളിയോടെ; ശാപ്പാട്ട് രാമനായി, അല(ച്ചു)ച്ചിയോടെ.

Scamp, *n.* ആഭാസൻ, തെമ്മാടി; 2. കള്ളൻ, തിരുടൻ, ചതിയൻ. *v. t.* കള്ളപ്പണി ചെയ്യുക, മട്ടിപ്പണി—, പട്ടപണി—. =′pish, *a.* തെമ്മാടിത്തരം ഉള്ള; കള്ളത്താ(ന്താ)ണം—.

**Scam′pĕr**, *v. i.* ഓട്ടം പിടിക്കുക, പാഞ്ഞ് കളയുക, ബദ്ധപ്പെട്ടോടുക. *n.* ഓട്ടം, പരക്കംപാച്ചല്. -**ĕr**, *n.* ബദ്ധപ്പെട്ടോടുന്നവൻ.

**Scan**, *v. t.* പടിപടിയായി കയറുക; 2. മാത്രഗണിക്കുക, ഗണവിഭജനം ചെയ്യുക, ഗണം നോക്കുക (*pros.*); ഗണമൊപ്പിച്ച് ചൊല്ലുക, രീതിയിൽ— (*pros.*); 3. കൃത്യമായി നോക്കുക, സൂക്ഷ്മമായി പരിശോധിക്കുക, ആരായുക. -′**siŏn**, *n.* ഗണശോധന, മാത്രവിഭാഗം, വൃത്തപരിശോധന (*pros.*).

**Scan′dal**, *n.* ഇടച്ച്; 2. ലോകാപവാദം; 3. അപമാനം, മാനക്കേട്, പോരായ്മ, നാണക്കേട്; 4. ആക്ഷേപം, അപവാദം, അവള്ളറ്, ദൂഷണം, നിന്ദ; 5. അപകീത്തി, മാനഹാനി (*l.*). *scanda-lum mag-na′tum* (*contr. f.* **scan. mag.**) സ്ഥാനിയപകീത്തി (*l.*). *v. t.* അപകീത്തിപ്പെടുത്തുക, മാനനഷ്ടംവരുത്തുക, അപവാദം പറയുക, ദൂറ്—; 2. ഇടച്ചവരുത്തുക. -**īse**, -**īze**, *v. t.* ഇടച്ചവരുത്തുക, മനസ്സുങ്ക—, ആതങ്കംചെയ്യുക; അപമാനം വരുത്തുക, നാണക്കേട്—; അപമാനിക്കുക, അപകീത്തിപ്പെടുത്തുക; ദുഷിക്കുക. -**ŏus**, *a.* ആതങ്കകരമായ, ഇടച്ചതോന്നിക്കുന്ന; മാനക്കേടായ, നാണംകെട്ട, ലജ്ജാവഹമായ; അപകീത്തിപ്പെടുത്തുന്ന. -**ŏus-ly**, *ad.* ആതങ്കകരമായി; നാണക്കേടായി; ദൂഷണമായി. -**ŏus-ness**, *n.* ആതങ്കതപം; ലജ്ജാകരതപം; അപമാനം.

**Scan′dent**, *a.* പററിക്കയറുന്ന, പിടിച്ച് കയറുന്ന, പടന്ന്— (*b.*).

**Scan′siŏn**, *n.*, *s. u.* **Scan.**

**Scan-sō′ri-al**, *a.* (പക്ഷി) നടന്ന് കയറുന്ന; 2. —കയറുവാൻതക്ക; 3. മരം കയറിപക്ഷിവഗ്ഗം സംബന്ധിച്ച. =**sō′-rēs**, *n. pl.* —വഗ്ഗം (*z.*).

**Scant**, *a.* അല്പമായ, ചുരുങ്ങിയ, കുറഞ്ഞ; 2. പോരാത്ത, എത്താത്ത, തികയാത്ത; 3. കഷ്ടിച്ച, അരിഷ്ടിച്ച; ലുബ്ധുള്ള; 4. അപൂവ്വം ആയ, ദുൎല്ലഭം—. *v. t.* ചുരുക്കുക, കുറക്കുക; 2. ഞെരുക്കുക, അരിഷ്ടിപ്പിക്കുക; 3. ഈററിക്കുക; 4. അതിര്വെക്കുക; 5. ഇറുക്കുക. *v. i.* കറയുക. *n.* അല്പത, സ്വല്പത, ദൌല്ലഭ്യം. -′**i-ly**, *ad.* അല്പമായി, ചുരുക്കത്തിൽ, കറവായി; ദുരിശമായി; ഈററയോടെ. -′**i-ness**, -′**ness**, *n.* ചുരുക്കം, ക്ഷാമം, പഞ്ചം, ഞെരുക്കം. -′**ly**, *ad.* ചുരുക്കമായി, പോരാതെ; ഞെരുങ്ങി; ഈററയോടെ; പ്രയാസേന, ഒട്ടും ഇല്ലാതെ, കേവലം—. -′**y**, *a.* ഞെരുങ്ങിയ, ഇറുങ്ങിയ; നേരിയ; പോരാത്ത, അല്പമായ, ചുരുങ്ങിയ; ദാരിദ്ര്യംപിടിച്ച; ലുബ്ധുള്ള; ദുരിശമായ.

**Scant′lińg**, *n.* നുറുക്ക്; അല്പം; 2. മാതിരി; 3. ഈച്ചപ്പടി; 4. അളവ്, മാത്ര; 5. പട്ടപടം, കരട്—; 6. വീപ്പച്ചട്ടം.

**Scant′ly, Scant′ness, Scant′y**, *s. u.* **Scant.**

I. **Scāpe**, *n.* ആണ്ട, മുള (*b.*); 2. തുണിന്റെ ഉടല്, തുണ്. -′**less**, *a.* ആണ്ടയില്ലാത്ത (*b.*).

II. **Scāpe**, *v. t. & i.* (*s. a.* **Escape**) ഒഴിഞ്ഞ് പോക, തെററിയൊഴിയുക. **s.-gallows** മരണശിക്ഷയിൽനിന്ന് പ്രയാസേന തെററിയൊഴിഞ്ഞവൻ. **s.-goat** (യഹൂദജനത്തിന്റെ) പാപം ചുമത്തി കാട്ടിൽ വിട്ട ആട് (*Bl.*); അന്യാപരാധവാഹി, ബലി, പ്രായശ്ചിത്തം. **s.-grace** ആഭാസൻ, തെമ്മാടി, വക്ഷളൻ.

**Sca-phan′dĕr** (-fan′dĕr), *n.* മുങ്ങച്ചമയം; 2. മുങ്ങക്കൂട്.

**Scaph′ism** (skaf′izm), *n.* തേൻ (പിരട്ടി വെയിലത്ത് കിടത്തുന്ന പണ്ടേത്ത) മരണശിക്ഷ.

**Scaph-ō-ceph′a-ly** (skaf-ō-sef′a-li), *n.* കൂച്ചുന്തല (*an.*).

**Scap′ple**, *v. t.* പട്ടപണിചെയ്യുക, മട്ടിപ്പണി—.

**Scap′ū-la**, *n.* (*pl.* =**læ**) കൈപ്പലകയെല്ല്, ചുമലെല്ല്, കൈച്ചട്ടകം, അംസഫലകാസ്ഥി (*an.*). =**lar**, *a.* അംസാസ്ഥി സംബന്ധിച്ച; തോള്—. =**lars** (-lĕrz), *n. pl.* അംസരക്തനാഡി (*an.*); ചിറകിലെ മുരട് തൂവല് (*z.*). =**lar-y**, *n.* മുറിക്കൈയങ്കി (*R. C.*); (ഉടുപ്പിന്നടിയിൽ

ധരിക്കുന്ന) ഭക്തിയാട (*R. C.*); കൈപ്പലകകെട്ട് (*surg.*).

I. **Scär, -'ring,** *n.* കല, വടു, കിണം (*S.*); പരി(ത്വ)ക്ക്. *v. t.* കലവീഴ്ത്തുക, പരുക്കുണ്ടാക്കുക. *v. i.* വടുവീഴുക, കല ഉണ്ടാക. **-'less,** *a.* —ഇല്ലാത്ത, വടുവീഴാത്ത. **-'ry,** *a.* കല ഉള്ള, വടു—.

II. **Scär, Scaur,** *n.* കടുന്തുക്കപ്പാറ, പാറക്കല്ല്; കുത്തനെനില്ക്കുന്നപാറ; 2. (കുന്നിൻെറ) കടുന്തുക്കപ്പുള്ള. **-'ry,** *a.* കടുന്തുക്കമായ; കടുന്തുക്കപ്പാറയുള്ള.

III. **Scär, Scā'rus,** *n.* ഒരു മത്സ്യം (*z.*).

**Scar'ab, ='a-bēe, =a-bæ'us, =a-boid,** *n.* ഒരു വകവണ്ട് (*z.*). **='a-boid,** *a.* വണ്ട് സംബന്ധമായ; വണ്ട് വൎഗ്ഗത്തിൽപെട്ട.

**Scar'a-mouch,** *n.* ഡംഭി, പൊങ്ങച്ചക്കാരൻ; 2. വിദൂഷകൻ, വൈഹാസികൻ, പുറാട്ടുകാരൻ, മാച്ചാൻ.

**Scārce** (skārs), *a.* ദുൎല്ലഭം ആയ, ദുൎഭിക്ഷം—, വിരളം—, അല്പം—, പഞ്ചം ഉള്ള, ക്ഷാമം—; 2. അപൂൎവ്വം ആയ; കിട്ടാത്ത. **to make one's self s.** ഒളിച്ച്പോക, ഓടിപ്പോയ്ക്കളയുക, കമ്പിനീട്ടുക. **scārce, -'ly,** *ad.* പ്രയാസേന, ഞെരുങ്ങി, കഷ്ടിച്ച്, സംശയത്തിൽ, ഉണ്ടെന്നും ഇല്ലെന്നും ആയി: **it was s.y enough for two** അത് രണ്ടാൾക്ക് എത്താൻ പ്രയാസം,—മതിയാകുന്ന കാൎയ്യം സംശയം, —അരിഷ്ടിച്ചെത്തും, —മതിയായെന്നും ഇല്ലെന്നും വരും; **s.y one was mounted** അവരിൽ ആരും കുതിരപ്പുറത്തായിരുന്നില്ല, —ഒരുവൻപോലും—; **s.y once he spoke** അവൻ മിണ്ടിയതേയില്ല; —ഒരിക്കലെങ്ങാൻ മിണ്ടിട്ടുണ്ടോ എന്നറിഞ്ഞില്ല; (2) അക്ഷണം, ഉടനെ, ചെയ്യ് കഴിയുമ്പോഴേ(ള്ളേ)ക്ക: **he had s.y finished when the other arrived** അവനത് പറഞ്ഞ് കഴിയുമ്പോഴേക്ക് മററവൻ എത്തി, —പറഞ്ഞ്തീൎന്നെന്നും ഇല്ലെന്നും ഇരിക്കുമ്പോൾ—, —പറഞ്ഞാക്ഷണം—. **-'ness, ='ci-ty,** *n.* ദുൎഭിക്ഷം, ദൌൎല്ലഭ്യം, പഞ്ചം, ക്ഷാമം; ചുരുക്കം, കുറവ്, പോരായ്മ; ദാരിദ്ര്യം, ഞെരുക്കം, ഇല്ലായ്മ; അരിത്തി (*S.*), അപൂൎവ്വത.

**Scāre,** *v. t.* അരട്ടുക, മെരിട്ടുക, വിരട്ടുക (*S.*), പേടിപ്പിക്കുക, ഭയപ്പെടുത്തുക. **to s. away** പേടിപ്പിച്ചോടിക്കുക. **to s. up** കാട്ടിളക്കുക; തിരഞ്ഞ് കാണുക. *n.* പേടി, ഭയം, ഭ്രമം, മെരിള്. **s.-crow** മരപ്പാച്ചി, പാവ, കോലം (*S.*), പേക്കോലം (*S.*), വിളരക്ഷ; ഭയഹേതു, ബിഭീഷികം; പപ്രച്ഛവേഷക്കാരൻ; ഒരു പക്ഷി (*z.*).

I. **Scärf,** *n.* കടല്ക്കാക്ക (*z.*).

II. **Scärf,** *n.* ഉത്തരീയം, അംശവസ്ത്രം, ചേലം, വേഷ്ടി; 'ശാ(സാ)ല്വ'; 2. അരക്കച്ച, കച്ച; 3. കണ്ഠവസ്ത്രം, കഴുത്താട, കഴുത്ത്പട്ട. **s.-skin** പരിചൎമ്മം, ബാഹ്യചൎമ്മം, പുറന്തൊലി (*an.*). *v. t.* അഴച്ചിടുക, തൂക്കിയിടുക; 2. ഉത്തരീയം ധരിക്കുക; 3. കണ്ഠവസ്ത്രം—; 4. 'സാലപ' ഇടുക.

III. **Scärf,** *v. t.* കുതക്കുക; 2. ഇണെക്കുക, ഇഴക്കുക, ഏക്കുക. *n.* കുത; 2. പേണേപ്പ്. **s.-joint** തട്ടുംപടവും (ഏപ്പ്) (*carp.*).

**Scar'i-fȳ,** *v. t.* വകിറുക, വാരു(റു)ക; കുത്തുക; 2. ചോരകൊത്തുക, കൊമ്പ് വെക്കുക (*med.*); 3. മണ്ണിളക്കുക, ചിള്ളുക (*agr.*). **=fi-cā'tiòn,** *n.* വാരൽ; കൊത്തൽ, കൊമ്പ് വെക്കൽ (*med.*); ചിള്ളൽ (*agr.*). **=fi-cā-tōr,** *n.* ചോരകൊത്ത് കത്തി, കൊമ്പ്കത്തി, ശസ്ത്രം (*surg.*). **=fī-ēr,** *n.* വാരുന്നവൻ; കൊമ്പ് വെക്കുന്നവൻ; ചിള്ളുന്നവൻ; കൊമ്പ്കത്തി (*surg.*); പല്ലിത്തടി, പല്ലിയന്ത്രം (*agr.*).

**Scā'ri-ōse, =ōus,** *a.* ഉണങ്ങിയ, നീര് വററിയ; ചുളുങ്ങിയ, പച്ചവിട്ട (*b.*); 2. നേൎമ്മയായ.

**Scär-lat-ī'na,** *n.* ചു(ക)വപ്പ് ദിനം, ഒരു വക പനി (*med.*). **=nal, =nōus,** *a.* ചുകപ്പ് പനി ഉള്ള; —സംബന്ധിച്ച.

**Scär'less,** *a., s. u.* **Scar** I.

**Scär'let,** *n.* ചുവ(ക)പ്പ് നിറം, കടുഞ്ചുവ(ക)പ്പ്—, രക്തവൎണ്ണം, അരുണ—; 2. ചുവപ്പ് തുണി, രക്താംബരം. *a.* കടുഞ്ചുവപ്പായ, രക്തവൎണ്ണമുള്ള, അരുണമായ. **s. fever** ചുവപ്പ്പനി, ഉദൎദ്ദം (*med.*). *v. t.* ചുവപ്പിക്കുക.

**Scärn,** *n.* ചാണകം, വളം. **s.-beetle** ചാണകവണ്ട് (*z.*).

**Scärp,** *n.* കോട്ടയുടെ അകിഴതു; 2. കിഴക്കാന്തൂക്കം, കട്ടന്തൂക്കം. *v. t.* കുത്ത നെ മുറിക്കുക, —കുഴിക്കുക; —ചെത്തുക.

I. **Scär'ry, Scär'ring,** *s. u.* **Scar** I.

II. **Scär'ry,** *a., s. u.* **Scar** II.

**Scā'rus,** *n., s. a.* **Scar** III.

**Scatch'es** (skach'ez), *n. pl.* പൊയ്ക്കാല്.

**Scāte,** *n., s. a.* **Skate.**

**Scath, Scāthe,** *n.* ഹാനി, ഊനം, കേട്, ദുഷ്യം, ദോഷം; 2. നഷ്ടം. *v. t.* ഊനം വരുത്തുക, ഹാനി—, ദുഷ്യപ്പെടുത്തുക; 2. നഷ്ടമാക്കുക, നശിപ്പിക്കുക. **-'ful,** *a.* ദുഷ്യകരം ആയ, ഉപദ്രവകരം—, ഹാനിവരുത്തുന്ന. **-'ful-ness,** *n.* ദുഷ്യം; നശീകരത്വം. **-'less,** *a.* ഊനമില്ലാത്ത, ദോഷം പററാത്ത.

**Scat'tĕr,** *v. t.* വിതറുക, ചിതറുക; 2. പാററുക; 3. തളിക്കുക; 4. ചിതറിക്കുക, പാററുക, പറപ്പിക്കുക; ഓടിക്കുക; 5. ചിന്നുക, ചിന്നിക്കുക; ചിന്തുക; 6. നശിപ്പിക്കുക, ഇല്ലാതെ ആക്കുക, നിഷ്ഫലം—. *v. i.* ചിതറിപ്പോക. **s.-brain, s.-brains** ബുദ്ധിപതറിയവൻ, വ്യഗ്രബുദ്ധി; തൻേറടമില്ലാത്തവൻ; നിർവ്വിചാരി. **s.-brained** ബുദ്ധിപതറിയ; ബോധംകെട്ട; വിചാരമില്ലാത്ത. **s.-good** ദ്രവ്യയക്കാരൻ, ധ്വംസനം പാടുന്നവൻ. **=tĕred** (-tĕrd), *a.* ചിന്നിയ, ചിന്തിയ, ചിതറിക്കിടക്കുന്ന; ക്രമഭംഗമുള്ള (*b.*). **=tĕred-ly,** *ad.* ഛിന്നംഭിന്നമായി. **=tĕred-ness,** *n.* വികീൎണ്ണത്വം. **-iṅg,** *a.* ചിതറിപ്പോകുന്ന; സംബന്ധമററ; ഒററയൊററയായ; പലക്കുമുള്ള. *n.* ഥിതറൽ, ചിതറൽ; ചിതറിക്കിടക്കുന്ന സാധനം. **-iṅg-ly,** *ad.* ചിതറിക്കൊണ്ട്; അങ്ങുമിങ്ങും, പരക്കെ.

**Sca-tū'ri-ent,** *a.* നിറഞ്ഞ് വഴിഞ്ഞ, കവിഞ്ഞൊഴുകുന്ന; ഒഴുകുന്ന.

**Scaup** (skap), *n*, ഒര് വക താറാവ്, —ആതി, —വ(ാ)ത്ത്; —ഇരണ്ട (*z.*).

**Scaup'ĕr,** *n*, വളവുളി, വളഞ്ഞ ഉളി.

**Scaur,** *n., s. a.* **Scar** II.

**Scav'āge,** *n.* (പൂൎവ്വകാലത്തെ) പരദേശവൎത്തകനികുതി.

**Scav'enge,** *v. t.* വെടിപ്പ് വരുത്തുക, വൃത്തിആക്കുക, ശുദ്ധി—; അടിച്ച് വാരുക; 2. നഗരംശുദ്ധിയാക്കുക. **=en-ging fees** തോട്ടിനികുതി. **=gĕr,** *n*, അടിച്ച് വാരുന്നവൻ, വെടിപ്പാക്കുന്നവൻ; കാട്ടംവാരുന്നവൻ, കപ്പവാരി; മലമൂത്രങ്ങൾ നീക്കം ചെയ്യുന്നവൻ, 'തോട്ടി" മറപ്പുരവെടിപ്പാക്കുന്നവൻ; ശവംതിന്നിപ്രാണി, മലളക്ക്. **s.r's daughter** ഒര് ഭേദ്യയന്ത്രം.

**Scē'na, Sce-nä'ri-ō,** *s. u.* **Scene.**

**Scēne** (sēn), *n.* കളരി, രംഗം, അരങ്ങ്, കളിത്തട്ട്, നാടകശാല; 2. രംഗശൃംഗാരം, ഗൃഹവൃക്ഷാദിചിത്രം, ചിത്രത്തിര (ശീല), ചിത്രപടം; 3. പ്രവേശം (*dr.*); 4. സ്ഥലം, സ്ഥാനം, ഭൂമി; കളം, തലം; 5. സംഭവകാലസ്ഥലാദിവിശേഷം; 6. കാഴ്ച; കാഴ്ചച്ചന്ത; വിചിത്രപ്രദൎശനം; 7. വിനോദക്കാഴ്ച, തമാശ; 8. ദിഗ്ഭാവം, ദിശാവിശേഷം, ദേശക്കാഴ്ച; 9. പ്രദൎശനം, ക്രോധപ്രദൎശനം; ശണ്ഠ, കലശല്, കലഹം; 10. നാടകം, കളി, കഥകളി; കൂത്ത്, നാട്യം. **s.-man, s.-shifter** തിരപിടിക്കുന്നവൻ. **behind the s.s** തിരക്കകമുള്ള; ഉള്ളറിഞ്ഞ, കള്ളിമനസ്സിലായ. **scē'na** (*or* sē'-na), *n.* സംഗീതപ്രവേശം, 'സഭര്'. **sce-nä'ri-ō,** *n.* സംഗീതാലാപനം. **-'ful,** *a.* ദിശാവിശേഷം ഉള്ള, ദേശക്കാഴ്ച—. **scē'nĕr-y,** *n.* അരങ്ങലങ്കാരം, രംഗശൃംഗാരം, പ്രദേശചിത്രം, —പടം; ദിശാവിശേഷം, ദേശക്കാഴ്ച, ദേശസ്വരൂപം. **scē'-nic, scē'ni-cal,** *a.* ദേശക്കാഴ്ചസംബന്ധിച്ച; ദിശാവിശേഷംആയ; നാടകം—, —സംബന്ധിച്ച.

**Scē-nog'ra-phy** (-fi), *n.* ചിത്രവിദ്യ; 2. വൎണ്ണനം. **=graph** (-graf), *n.* സൂക്ഷ്മചിത്രം. **=graph'ic, =graph'i-cal,** *a.* ചിത്രവിദ്യാസംബന്ധമായ; കൃത്യമായി വരച്ച. **=graph'i-cal-ly,** *ad.* കൃത്യചിത്രമായി; ചിത്രവിദ്യപ്രകാരം.

**Scent,** *v. t.* മണത്തറിയുക, മണം കൊണ്ടറിയുക, വാടപിടിക്കുക; 2. മണം ഉണ്ടാക, വാസന—, പരിമളം—. *v. i.* വാടയറിഞ്ഞു വേട്ടചെയ്യുക. *n.* ഗന്ധം, മണം, വാസന; നാററം, ചൂര്; 2. വാട; 3. പിന്തുടൎച്ച, തുടൎച്ച, വഴി, മാൎഗ്ഗം; 4. വാസനശക്തി, ചൂരറിവു. **-'ful,** *a.* പരിമളംഉള്ള, സുഗന്ധമായ; വാടപിടിക്കുന്ന; വാസനയറിയുന്ന. **-'ing-ly,** *ad.* മണം കൊണ്ടു. **-'less,** *a.* മണമില്ലാത്ത, നിൎഗ്ഗന്ധമായ. [Skeptic.

**Scep'sis** (*or* skep'sis), *n.*, *s. u.*

**Scep'tĕr, Scep'tre** (sep'tĕr), *n.* ചെങ്കോൽ, രാജദണ്ഡു; 2. രാജത്വം, രാജാധികാരം, പ്രഭുത്വം, വാഴ്ച. *v. t.* ചെങ്കോൽ ധരിപ്പിക്കുക; 2. രാജത്വംകൊടുക്കുക, രാജാവാക്കുക. **-less,** *a.* ചെങ്കോൽ ഇല്ലാത്ത; വാഴ്ച—. **=tral,** *a.* ചെങ്കോൽ സംബന്ധിച്ച; —പോലെയുള്ള.

**Scep'tic, =ti-cal, =ti-cism,** *etc.*, *s. u.* **Skeptic.**

**Scep'tral,** *a.*, *s. u.* **Scepter.**

**Sched'ūle** (shed'ūl), *n.* പട്ടിക, ചാത്തു; 2. പരിശിഷ്ടം. *v. t.* പട്ടികയാക്കുക.

**Schē'ma, =mat'ic, -tism,** *etc.*, *s. u.* **Scheme.**

**Schēme** (skēm), *n.* വ്യവസ്ഥ; സംഹിത; 2. പദ്ധതി, രീതി, ക്രമം; 3. കൃത്രിമം, തന്ത്രം, ഉപായം, സൂത്രം; യുക്തി; 4. സ്വരൂപം, രൂപം, ആകൃതി, മാതൃക, മാതിരി, പടം; 5. ഗ്രഹസ്ഥിതി (*astr.*); *v. t.* വ്യവസ്ഥവരുത്തുക, ക്രമം—; സൂത്രം ഉണ്ടാക്കുക; 2. രൂപിക്കുക; 3. സങ്കല്പിക്കുക, നിരൂപിക്കുക, ഭാവിക്കുക; 4. കൃത്രിമം ചെയ്യുക, യന്ത്രിക്കുക. *v. i.* ഉപായം പ്രവൃത്തിക്കുക, —കാണുക, നിൎവ്വാഹം—. **schē'ma,** *n.* (*pl.* **schē'ma-ta**) ധാരണാസംജ്ഞ (*phil.*). **=mat'ic,** *a.* സൂത്രസംബന്ധമായ; ധാരണാസംജ്ഞാ—. **schē'ma-tism,** *n.* യോഗം (*astr.*); സ്വരൂപം, മാതിരി. **schē'ma-tist, schē'mĕr, schē'mist,** *n.* സൂത്രക്കാരൻ; കയുക്തിക്കാരൻ, തന്ത്രക്കാരൻ. **='ma-tīse, ='ma-tīze,** *v. t.* തന്ത്രംപ്രവൃത്തിക്കുക; നിൎവ്വൎത്തിമാൎഗ്ഗംകാണുക, ഉപായം—. **-'ful,** *a.* ബഹുസൂത്രമുള്ള. **schē'ming,** *a.* സൂത്രക്കാരനായ; കയുക്തി ഉള്ള, തുരക്കുന്ന. **schē'ming-ly,** *ad.* കയുക്തിയോടെ.

**Schism** (sizm), *n.* ഭിന്നത, ഭേദം, വേൎപ്പാടു, ഇടച്ചൽ; 2. മതഭേദം, മതഭിന്നത. **=mat'ic, =mat'i-cal,** *a.* ഭേദമായ; ഭിന്നത ജനിപ്പിക്കുന്ന; മതഭേദമായ. **=mat'ic,** *n.* മതഭേദക്കാരൻ; ഭേദകൻ. **=mat'i-cal-ly,** *ad.* മതഭേദമായി. **=mat'i-cal-ness,** *n.* ഭിന്നത; മതഭേദം. **='ma-tīse, ='ma-tīze,** *v. t.* മതഭേദമുളവാക്കുക. **-'less,** *a.* മതഭേദമില്ലാത്ത.

**Schist** (shist), *n.* അടപ്പാറ, അടക്കല്ലു (*geol.*). **=tā'ceŏus** (-shus), *a*, കരി, മൺനിറമുള്ള, 'സ്ലേററു'—. **='tic, =tōse' -'ŏus,** *a.* അടപ്പാറസംബന്ധിച്ച; അടൎത്തിയെടുക്കാവുന്ന, അടൎന്നു വരുന്ന. **=tos'-i-ty,** *n.* അടൎച്ച.

**Schiz'ŏ-pod,** *n.* കൊഞ്ചൻ, ചെമ്മീൻ (*z.*). **=pod, =dŏus,** *a.* ചെമ്മീൻവൎഗ്ഗത്തിൽ പെട്ട (*z.*). **=zop'ŏ-da,** *n. pl.* ചെമ്മീൻവൎഗ്ഗം, കൊഞ്ചൻ— (*z.*).

**Schlich** (shlik), *n.* ലോഹപ്പൊടി; 2. കനകപ്പൊടി.

**Schol'ar, Scho-las'tic, Schō'li-um,** *etc.*, *s. u.* **School** II.

I. **School,** *n.* മീൻചേൎപ്പു, മീൻകൂട്ടം, പുലപ്പു. **-'ing,** *a.* ചേൎപ്പായ, പുലപ്പായ.

II. **School,** *n.* പാഠശാല, വിദ്യാ—; 2. എഴുത്തുപള്ളി, പള്ളിക്കൂടം (*S.*), 'ഇസ്കൂൾ', ഓത്തുപള്ളി (*M.*); 3. എഴുത്തു, പഠിപ്പു, അദ്ധ്യയനം; 4. തൎക്കശാസ്ത്രപാഠശാല; 5. കലാശാലപരീക്ഷാമണ്ഡപം; 6. വിദ്യാൎത്ഥിവൎഗ്ഗം, കുട്ടികൾ; 7. ശിഷ്യന്മാർ, തഥാഗതന്മാർ; 8. ഉപദേശഭേദക്കാർ, പരിഷ, വിദ്യാകക്ഷി: **s. of philosophy** ദൎശനം; 9. മട്ടു, രീതി, ചടങ്ങു; 10. അഭ്യാസശാല, കളരി. **s.-board, s.-committee** പാഠശാലാദ്ധ്യക്ഷസഭ. **s.-book** പാഠപുസ്തകം. **s.-boy** എഴുതാൻപോകുന്നവൻ, ഓതാൻ— (*M.*), പാഠകൻ, പാഠി, 'സ്കൂൾ'കുട്ടി, ബാലശിഷ്യൻ,

വിദ്യാൎത്ഥി; ഓത്തൻ. s.-dame, s.-ma'am (*U. S.*), s.-mistress ഉപാദ്ധ്യായാ, ഉപാദ്ധ്യായി, ആശാത്തി(*S.*), ഉപാദ്ധ്യായിനി, ഗുരുക്കത്തി, എഴുത്തമ്മ (*N.*). s.-day പഠിപ്പുള്ളദിവസം, 'സ്കൂൾ'—; അദ്ധ്യായ—. s.-fees ഗുരുദക്ഷിണ, 'സ്കൂൾ'പണം, —'ഫീസ്', മാസപ്പടി. s.-fellow, s.-mate സഹാദ്ധ്യായി, സഹപാഠി, 'സ്കൂൾ'ചങ്ങാതി. s.-girl, s.-maid എഴുതാൻ പോകുന്നവൾ, വിദ്യാൎത്ഥിബാലിക(ാ), 'സ്കൂൾ' പെങ്കുട്ടി. s.-house, s.-room എഴുത്ത് പള്ളി, ഓത്ത്—(*M.*), പള്ളിക്കൂടം, 'ഇസ്കോള്', പാഠശാല, വിദ്യാലയം, വിദ്യാശാല. s.-man തൎക്കജ്ഞൻ; തൎക്കയുക്തിക്കാരൻ. s.-master, s.-teacher എഴുത്തച്ഛൻ, ഗുരുക്കള് (*N.*), ആശാൻ (*S.*). ഗുരുനാഥൻ, ഉപാദ്ധ്യായൻ; ഓതിക്കോൻ. s.-ship നാവികവിദ്യാഭ്യാസക്കപ്പല്. s.-teaching പഠിപ്പിക്കൽ, വിദ്യാഭ്യാസം, അദ്ധ്യാപനം. boarding s. അനാഥശാല, —വസതി. common s. സാധാരണപാഠശാല. grammar-s. യവനലത്തീനഭാഷാ—. high s. ഉൽകൃഷ്ട—. industrial s. കരകൌശല—, തൊഴിലഭ്യാസശാല. middle s., secondary s. മദ്ധ്യപാഠശാല. normal s., training s. അദ്ധ്യാപന—, ശിക്ഷാക്രമ—. parochial s. സഭാ—, —'സ്കൂള്'. primary s. പ്രാഥമികപാഠശാല. Sunday-s., Sabbath-s. സൂൎയ്യവാര—, ഞായറാഴ്ച—, ഞായറാഴ്ചപ്പള്ളിക്കൂടം. technical s. സാങ്കേതികപാഠശാല. village-s. എഴുത്ത് പള്ളി, നാട്ടെഴുത്ത് പള്ളി. *v. t.* എഴുത്തിന്ന് ആക്കുക, എഴുതുവാൻ പോക, എഴുത്ത് പള്ളിയിലാക്കി പഠിപ്പിക്കുക, 'ഇസ്കൂളിൽ' അയക്കുക; 2. പറഞ്ഞ് കൊടുക്കുക, ഉപദേശിക്കുക, പഠിപ്പിക്കുക; 3. ശിക്ഷിക്കുക, ശാസിക്കുക; 4. ശീലിപ്പിക്കുക, അഭ്യസിപ്പിക്കുക. schol'ar, *n.* എഴുതാൻപോകുന്നവൻ, പഠിക്കുന്നവൻ, 'സ്കൂൾ'കുട്ടി, മാണവൻ, മാണവകൻ; മാണാക്കൻ, ശിഷ്യൻ; വിദ്യാൎത്ഥി; പഠിപ്പുള്ളവൻ, വിദ്വാൻ, പണ്ഡിതൻ, ശാസ്ത്രി, ശാസ്ത്രജ്ഞൻ, വ്യുല്പന്നൻ; (ഇംഗ്ലീഷ് കലാശാലകളിലെ) ശമ്പളവിദ്യാൎത്ഥി. schol'ar-like, schol'ar-ly, *a.* വിദ്യാൎത്ഥിക്കൊത്ത; പാണ്ഡിത്യമുള്ള; വിദ്യാപ്രദൎശകമായ. schol'ar-ly, *ad.* വിദ്യാസാമൎത്ഥ്യത്തോടെ. schol'ar-ship, *n.* വിദ്യാൎത്ഥിത്വം; പാണ്ഡിത്യം, വിദ്യ, പഠിപ്പ്, പഠിത്വം (*S.*), അറിവ്, വ്യുല്പത്തി; വിദ്യാഭ്യാസം; വിദ്യാൎത്ഥിശമ്പളം, വിദ്യാഭ്യാസസഹായ—. schō-las'tic, schō-las'ti-cal, *a.* പാഠശാലസംബന്ധിച്ച; വിദ്യാഭ്യാസം—; വിദ്യാൎത്ഥിസംബന്ധമായ; (യൂറോപ്പിൽ മദ്ധ്യകാലത്തിലെ) വിദ്വാന്മാരെ സംബന്ധിച്ച; തൎക്കയുക്തി ഉള്ള; വിദ്യാഡംഭ—. *n.* തൎക്കയുക്തിക്കാരൻ. schō-las'ti-cal-ly, *ad.* തൎക്കയുക്തിയനുസാരമായി. schō-las'ti-cism, *n.* തൎക്കയുക്തിവാദം, (മദ്ധ്യകാല) തത്വജ്ഞാന—. schō'li-a, *n. pl.* (*s.* schō'li-um), schō'li-ast, *n.* വ്യാഖ്യാനി, ടീകക്കാരൻ schō-li-as'tic, *a.* വ്യാഖ്യാനിയെ സംബന്ധിച്ച; ടീകസംബന്ധമായ. schō'li-on, schō'li-um, *n.* (*pl.* schō'li-a) വ്യാഖ്യാനം, ടീക. -ing, *n.* എഴുത്ത്, പഠിപ്പ്, വിദ്യാഭ്യാസം; പഠിപ്പിക്കൽ; ശാസന, ശിക്ഷ; ഗുരുദക്ഷിണ, 'സ്കൂൾഫീസ്'. -'ward (-wĕrd), *ad.* എഴുത്ത് പള്ളിയിലേക്ക്, 'ഇസ്കൂളി'ലേക്ക്.

Schoon'ĕr (skun'ĕr), *n.* രണ്ട് കൊമ്പുള്ള കപ്പല്, ഇരട്ടക്കൊമ്പൻ—(*naut.*); 2. ഒര് വക പാനപാത്രം (*U. S.*).

Scī-ag'ra-phy, Scī-og'ra-phy (-fi), *n.* ഛായാശാസ്ത്രം, നിഴൽവിദ്യ.

Scī-am'a-chy, *n.*, *see* Sciomachy.

Scī-at'ic, =at'i-ca, *n.* ഊരവായു (*N.*), ഇടുപ്പ് വാതം (*S.*), ഉക്ക് വേദന, നട്ട— (*med.*). =at'ic, =at'i-cal, *a.* ചണ്ണയെല്ല് സംബന്ധിച്ച (*an.*); ഊരപ്രദേശത്തുള്ള (*an.*). =at'i-cal-ly, *ad.* ഊരവായുകൊണ്ട്.

Scī'ence, *n.* അറിവ്, ജ്ഞാനം; 2. വിജ്ഞാനം; 3. പ്രകൃതിജ്ഞാനം, തത്വ—; 4. വിദ്യ, ശാസ്ത്രം; 5. സാമൎത്ഥ്യം, നൈപുണ്യം. abstract s. *or* pure s. പ്രകൃതിധൎമ്മശാസ്ത്രം. natural s. പ്രപഞ്ചശാസ്ത്രം. practical s. പരിചയജ്ഞാ

നം, —ശാസ്ത്രം. the seven s.s (വ്യാകരണം തക്കം അലങ്കാരം ഗണിതം ക്ഷേത്രഗണിതം ജ്യോതിശ്ശാസ്ത്രം സംഗീതം എന്ന) സപ്തവിദ്യകൾ. *v. t.* വിദ്വാനാക്കുക, ശാസ്ത്രജ്ഞനാക്കുക, പഠിപ്പിക്കുക. *scī-en'tĕr, ad.* അറിവോടെ. മനഃപൂവ്വം (*l.*). =en'tial, *a.* വിദ്യാസംബന്ധമായ; ശാസ്ത്രോല്പാദകമായ. =en-tif'ic, =en-tif'-i-cal, *a.* വിദ്യാസംബന്ധമായ, ശാസ്ത്ര—; ശാസ്ത്രാനുസാരമായ; വിദ്യാപരിചയമുള്ള. s.c method വിദ്യാപരിശോധന, സൂക്ഷ്മ—. =en-tif'i-cal-ly, *ad.* ശാസ്ത്രാനുസാരമായി. =en-tist, *n.* ശാസ്ത്രജ്ഞൻ, വിദ്വാൻ; പ്രകൃതിശാസ്ത്രജ്ഞൻ; വിദ്യാപയ്യേക്ഷകൻ; തത്വജ്ഞാനി.

*Scil'i-cet, ad.* (*contr. f.* sc. *or* ss.) എന്ന് വെച്ചാൽ, ഏതെന്ന് —, അതായിത്, അതായത്.

Scim'i-tĕr, =tar, Cim'e-tĕr, Scym'-e-tar, *n.* ഒരു വക വളഞ്ഞവാള്, കട്ടത്ത(ത്തി)ല; 2. വലിയ വെട്ടുകത്തി, കൊട്ടുവാള് (*N.*).

Scin'til-lāte, *v. i.* തീപ്പൊരിപാറുക, തീക്കണംപറക്കുക; 2. മിന്നുക, ഒളിയുക. =til'la, *n.* തീപ്പൊരി; അല്പം, ലേശം, ലവം; പൊടി, വിന്ദു. =lant, =lŏus, *a.* പൊരിപറക്കുന്ന; ഒളിയുന്ന. =lā'-tiŏn, *n.* പൊരിപാറൽ; മിന്നല്, ഒളി. =lŏus-ly, *ad.* മിന്നിക്കൊണ്ട്.

Scī-og'ra-phy, *n.*, *s. a.* Sciagraphy.

Scī'o-lŏus, *a.* അപൂണ്ണമായറിയുന്ന, നന്നായറിയാത്ത, നല്ലഅറിവില്ലാത്ത, അല്പജ്ഞനായ. =lism, *n.* അല്പജ്ഞാനം, —വിദ്യ, ചെറററിവ്. =list, *n.* പലവിഷയങ്ങളും അല്പമായറിയുന്നവൻ; അല്പജ്ഞൻ, അല്പജ്ഞൻ; വിദ്യാനാട്യമുള്ളവൻ. =lis'tic, *a.* അല്പജ്ഞാനംസംബന്ധിച്ച; അല്പജ്ഞനുള്ള.

Scī-om'a-chy, Scī-am'a-chy, *n.* നിഴല്പട; 2. കളിപ്പോര്; 3. ഭാവനായുദ്ധം, മായാ—; 4. വൃഥാ—.

Scī'ō-man-cy, *n.* ഛായാലക്ഷണശാസ്ത്രം, നിഴല് നോക്കി ലക്ഷണം പറയൽ.

Scī'on, *n.* മുള, തളിര്, കഴത്ത് (*b.*), 2. ചുള്ളി, കൊമ്പ്; നമ്പ്; 3. വംശജൻ; വംശക്കാരൻ, കുഡുംബക്കാരൻ, സന്താനം, സന്തതി; അവകാശി.

Scī-op'tic, =op'tric, *a.* ഛായാദശനസംബന്ധിച്ച (*opt.*). s. ball ഛായാദശകഗോളം (*opt.*). =op'ti-con, *n.* ഒരു വക ചിത്രദശിനി. =op'tics, *n.* ഛായാദശകവിദ്യ (*opt.*).

Scī-o-ther'ic, *a.* സൂയ്യഘടികാരംസംബന്ധിച്ച. s. telescope കാലഗണനയന്ത്രം.

Scī'ŏus (sī'us), *a.* ബോധശക്തി ഉ[ള്ള, അറിവ്—.

Scir'rhus, Schir'rus, Skir'rhus (skir'rus), *n.* കഴല, കഴലവീക്കം, മുഴ (*med.*). scir'rhoid, *a.* കഴലപോലെയുള്ള. =rhos'i-ty, *n.* കഴല; മുഴ (*med.*). scir'rhŏus, skir'rhŏus, *a.* കല്ലിച്ച, കഴല വീങ്ങിയ; —സംബന്ധിച്ച (*med.*).

Scis'sile (sis'il), Scis'si-ble, *a.* വെട്ടിപ്പിൽ മുറിക്കാകുന്ന, പാററ—, ഖണ്ഡിക്കാകുന്ന; കത്രിക്കാകുന്ന. scis'sel, scis'sil, *n.* തകിട് നുറുക്ക്; നാണ്യം മുറിച്ചെട്ടത്ത തകിട് ശിഷ്ടം. scis'siŏn (sizh'un), *n.* വെട്ടിപ്പിൽമുറിക്കൽ, കഷണിക്കൽ. scis'sŏr (sizh'ĕr), *v. t.* കത്രിക്കുക. scis'sŏrs (sizh'ĕrz), *n.*, *pl.* കത്തിരി, കത്രി, കത്രിക. a pair of s.s ഒരു കത്രി. scis'sūre (sizh'ūr), *n.* ചീന്ത്, വിള്ളല്, പിളപ്പ്.

Scī'ū-rine (sī'ū-rin), *a.* അണ്ണാൻവഗ്ഗത്തിൽപെട്ട (*z.*). *n.* അണ്ണാക്കൊട്ടൻ (*z.*). =ū'rus, *n.* അണ്ണ, അണ്ണാൻ, അണ്ണാക്കൊട്ടൻ (*z.*).

Sclāv, Sclāve, Sclav'ic, Scla-vō'ni-an, Scla-von'ic, *etc.*, *s. a.* Slav, Slavic, *etc.*

Scle-rō'sis, *n.* മരവിക്കൽ, കല്ലിക്കൽ, തരിപ്പ് (*med.*). sclē'rŏus, *a.* കല്ലിപ്പുള്ള, തരിപ്പുള്ള (*an.*).

Scle-rot'ic, =rō'tal, *n.* (കണ്ണിലെ) ബാഹ്യപടലം (*an.*). *a.* കട്ടിയായ, തടിപ്പുള്ള; 2. ബാഹ്യചമ്മസംബന്ധമായ

(*an.*); 3. കല്ലിപ്പുള്ള (*med.*). =rot'i-cal, *a.* ബാഹ്യചർമ്മസംബന്ധമായ (*an.*). =ti'tis, *n.* ബാഹ്യചർമ്മരോഗം (*med.*).

**Scobs**, *n. s. & pl.* രാവിയ പൊടി, അരം—, രാക്ക്—; 2. ലോഹക്കിട്ടം. **scob'-i-form**, *a.* പൊടിയായ.

**Scoff**, *n.* പരിഹാസം, കളിയാക്കൽ; നിന്ദ; 2. പരിഹാസവിഷയം. *v. i.* (at) പരിഹസിക്കുക, നിന്ദിക്കുക, അപമാനിക്കുക. *v. t.* കളിയാക്കുക, നോക്കിച്ചിരിക്കുക. ='fĕr, *n.* പരിഹാസി, നിന്ദകൻ. -'fĕr-y, *n.* പരിഹസിക്കൽ; അപഹാസം. ='fing-ly, *ad.* പരിഹാസത്തോടെ.

**Scōld**, *v. i.* (at) ശകാരിക്കുക, ശാസിക്കുക, അധിക്ഷേപിക്കുക. *v. t.* ഭേഷ്യപ്പെടുക, കലമ്പുക; 2. ആക്ഷേപിക്കുക. *n.* ശകാരിക്കുന്നവൻ; 2. കലമ്പുന്നവൾ, കലഹക്കാരത്തി, കൈകേയി, ശൂർപ്പണഖ; 3. ശാസിക്കൽ; കലമ്പ്. -'ĕr, *n.* ശാസിക്കുന്നവൻ, ആക്ഷേപകൻ. -'ing, *a.* ശകാരിക്കുന്ന. *n.* ശകാരം. -'ing-ly, *ad.* കലമ്പിക്കൊണ്ട്, അധിക്ഷേപമായി.

**Scol'lop**, *n. & v., s. a.* **Scallop.**

**Scol-o-pen'dra**, *n.* കരിഞ്ഞാണി, പഴുതാര (*z.*). =pen'drīne, *a.* പഴുതാരവർഗ്ഗത്തിൽ പെട്ട (*z.*).

**Scom'bĕr**, *n.* അയിലവർഗ്ഗത്തിലുള്ള മത്സ്യം, അയില (*z.*). -oid, *a.* അയിലപോലെയുള്ള.

**Scom'fish**, *v. t. & i.* ശ്വാസം മുട്ടിക്കുക, തൊണ്ടപിടിച്ച് ഞെക്കുക, ഞെക്കിക്കൊല്ലുക.

**Sconce**, *n.* കോട്ട, കൊത്തളം, വാട; 2. ചെററ, ചാപ്പ, കുടി(ഞ്ഞി)ല്; 3. ശിരസ്ത്രം, ശിരസ്ത്രാണം, തലക്കോരിക; 4. തല; തലമണ്ട, തലയോട്; 5. തലച്ചോറ്, ബുദ്ധി, വിവേകം; 6. തലവരി, വരിപ്പണം; 7. പിഴ; 8. 'ലാന്തറ്', 'പാററുസ്'; തൂക്കുവിളക്ക്; ചുവര്—, നില—; മെഴ(ക)ുതിരി—; 9. പൊങ്ങിയൊഴുകുന്ന ഹിമക്കഷണം; 10. ഇരിക്കപ്പലക, പലക, 'ബാങ്ക്', 'ബെഞ്ച്'. *v. t.* (*also* ensconce) മറയുടെ പിറകിൽ നില്ക്കുക, മറയത്തിരിക്കുക, മറക്കുക.

**Scōne, Scon, Skōne, Skon,** *n.* ഒരുവക അപ്പം, 'ഒറോട്ടി' (*M.*), പത്തല്, പത്തിരി.

**Scoop**, *n.* തവി (*S.*), കയ്യില് (*N.*) കയില്, ഓലങ്കം; 2. മരോട്, മരവോട്; 3. പടന്ന; 4. കോരി; 5. (ചെപ്പി)തോണ്ടി; 6. തടം, തളം, കുട്ട; 7. വീശൽ, വീച്ച്, അടി; 8. കോരൽ. **s.-net** കരവല; കോര് വല. **s.-wheel** (ചവിട്ട്) ചക്രം. *v. t.* തോണ്ടുക, കോരുക, മുക്കുക; 2. മുക്കിഒഴിക്കുക, —വററിക്കുക; 3. കുഴിക്കുക, തടമെടുക്കുക, തളമാക്കുക. -'ĕr, *n.* കോരുന്നവൻ.

**Scoot**, *v. i.* ബദ്ധപ്പെട്ട് പോക; 2. നെട്ടോട്ടംവെക്കുക.

I. **Scōpe**, *suf.* ദർശിനി(യന്ത്രം).

II. **Scōpe**, *n.* ഉദ്ദേശം, ലാക്ക്, താല്പര്യം, ഭാവം, നോട്ടം; 2. ഇടം, സ്ഥലം; 3. തഞ്ചം, തരം, ഏനം (*S.*), അവസരം, ആസ്പദം; സ്വാതന്ത്ര്യം; 4. നീളം; വിശാലം, വിസ്താരം.

**Scor-bū'tic, =ti-cal,** *a.* ശോണിതം ഉള്ള; 2. —സംബന്ധിച്ച (*med.*). =ti-cal-ly, *ad.* ശോണിതത്തോടെ. =bū'tus, *n.* ശോണിതരോഗം (*med.*).

**Scorch**, *v. t.* കരിക്കുക, വരട്ടുക, ഉണക്കുക; 2. പൊള്ളിക്കുക; 3. ചുട്ടുകളയുക, ദഹിപ്പിക്കുക, അഗ്നിക്കിരയാക്കുക. *v. i.* കരിയുക, പൊരിയുക, ഉണങ്ങുക; 2. ദഹിക്കുക, വേവുക, വെന്ത് പോക. -'ing, *a.* കത്തിക്കരിയുന്ന; പതക്കുന്ന; പൊള്ളുന്ന; അത്യുഷ്ണമുള്ള. -'ing-ly, *ad.* ചുട്ട് കരിക്കുന്നതായി. -'ing-ness, *n.* ജ്വാല; പൊള്ളല്; അത്യുഷ്ണം.

**Scōre**, *n.* കുത; 2. കുറി, അടയാളം; 3. കണക്കടയാളം, എണ്ണത്തിൻെറ കുറി; 4. കടം; 5. കാരണം, ഹേതു, നിമിത്തം, ആയ്ക്കൊണ്ട്, വേണ്ടി, പേരിൽ; 6. ഇരുപത്, 20, കോടി; 7. *pl.* വളരെ, അനവധി, അനേകം, അസംഖ്യം; 8. 20 വാരദൂരം; 9. 20 റാത്തൽതൂക്കം; 10. (കളിയിൽ) നേട്ടം, ജയം; 11. വര; ചാല്; 12. പൂർണ്ണരാഗക്കുറിപ്പ് (*mus.*). **long s.** വൻകടം. **short s.** ചില്ലറക്കടം. **to quit s.s**

കണക്ക് തീൎക്കുക; പ്രതിഫലം കൊടുക്കുക; പ്രായശ്ചിത്തം ചെയ്യുക; പ്രതിക്രിയ—. *v. t.* കത ഇടുക; 2. വര—; 3. ചെത്തുക; 4. എണ്ണംകുറിക്കുക, കണക്കടയാളംവെക്കുക; 5. കണക്ക് എഴുതുക, —വെക്കുക, ചുമത്തുക; 6. കൊത്തിവെക്കുക; 7. (കളിയിൽ) നേട്ടക്കണക്ക്—; 8. രാഗം പൂൎണ്ണമായെഴുതുക. **scō'rĕr**, *n.* അടയാളം കുറിക്കുന്നവൻ, കണക്കിടുന്നവൻ.

**Scō'ri-a**, *n.* കിട്ടം, ലോഹക്കറ; 2. 'ലാവ'ക്കട്ടി, അഗ്നിപൎവ്വതക്കരിക്കട്ട. =**ae**, =**ā'ceŏus**, ='**ri-ŏus**, *a.* കിട്ടം ആയ; —പോലെയുള്ള. ='**ri-form**, *a.* കിട്ടം—.

**Scō'rie**, *n.* കടല്ക്കാക്കക്കുഞ്ഞ് (*z.*).

**Scō'ri-fȳ**, *v.t.* കിട്ടമാക്കുക; 2. ശുദ്ധിയാക്കുക, സ്ഫുടംവെക്കുക (*ch.*). =**fi-cā'-tiŏn**, *n.* കിട്ടമാക്കൽ; സ്ഫുടംവെക്കൽ (*ch.*). =**fī-ĕr**, *n.* ഒര് വക മൂശ (*ch.*).

**Scorn**, *n.* പുച്ഛം, തിരസ്കാരം, നിന്ദ; 2. ഉച്ഛീകാരം; 3. നിന്ദാവിഷയം, പരിഹാസപാത്രം. **to think s.** മാനക്കേടായിവിചാരിക്കുക, പോരായ്മയെന്ന്—. **to laugh to s.** പരിഹസിക്കുക, അപഹസിക്കുക. *v. t.* പുച്ഛിക്കുക, നിസ്സാരം ആക്കുക, അലക്ഷ്യം—, ഗണ്യമാക്കാതിരിക്കുക; 2. നിന്ദിക്കുക, കുത്സിക്കുക, പരിഹസിക്കുക. *v. i.* കളിയാക്കുക, ഉച്ഛീകരിക്കുക. -'**ĕr**, *n.* നിന്ദിക്കുന്നവൻ, നിന്ദകൻ, പരിഹാസി. -'**ful**, *a.* നിന്ദയുള്ള, നിന്ദാവഹമായ. -'**ful-ly**, *ad.* നിന്ദയോടെ. -'**ful-ness**, *n.* ധിക്കാരം, ഭത്സനം, കുത്സനം.

**Scor'pi-ō**, *n.* (*pl.* =**pi-ō-nēs**) തേള്, വൃശ്ചികം (*z.*); 2. വൃശ്ചികരാശി (*as.*). =**ō'dō-a**, =**ō-nēs**, =**ē-nid'ē-a**, *n. pl.* വൃശ്ചികവൎഗ്ഗം (*z.*). =**oid**, =**oid'al**, *a.* തേള് പോലെയുള്ള. =**on**, *n.* തേള് (*z.*); ഒര് വക പല്ലി (*z.*); കഠിനശിക്ഷ (*Bl.*); വൃശ്ചികരാശി (*as.*); (പുരാതന) യന്ത്രക്കവിണ.

**Scor'ta-tor-y**, *a.* കാമവികാരംസംബന്ധിച്ച; പുലയാട്ട്—; 2. കാമാതുരമുള്ള.

I. **Scot**, *n.* സ്കോട്ട്ലാണ്ട്കാരൻ, സ്കോച്ച്കാരൻ, സ്കോതൻ. **Scotch** (skoch), **Scots**, **Scot'tish**, *a.* സ്കോട്ട്ലാണ്ട് രാജ്യം സംബന്ധിച്ച; —ഭാഷ—; സ്കോട്ട്ലാണ്ടുകാരെ—. **S.ch fiddle** ചിരങ്ങ്, ചൊറി. **S.ts-man**, **S.ch-man** സ്കോട്ട്ലാണ്ടുകാരൻ. **Scotch**, *n.* സ്കോട്ട്ലാണ്ടിലെ ഇംഗ്ലീഷ് ഭാഷ; സ്കോട്ട്ലാണ്ട് നിവാസികൾ. **Scō'ti-a** (-'shi-a), *n.* സ്കോട്ട്ലാണ്ട് ദേശം. -'**ti-cism**, *n.* —ഭാഷാരീതി. -'**ti-cīse**, -'**ti-cīze**, *v. t.* സ്കോട്ട്ലാണ്ടുകാരെ പോലെ ആക്കുക.

II. **Scot**, *n.* കരം, നികുതി, ചുങ്കം; വരി; 2. പിഴ, പ്രായശ്ചിത്തം. **s.-free** സൎവ്വമാന്യമായ, നികിതി ഇല്ലാത്ത; ദോഷം—; തരക്കേട് കൂടാതെ. **s. and lot** പുരാതന ആസ്തിനികുതി; ബാദ്ധ്യത, ഋണം, കൊടുക്കേണ്ടത്.

I. **Scotch** (skoch), **Scoatch** (skōch), **Scōat** (skōt), *v. t.* താങ്ങിപ്പിടിക്കുക; 2. താങ്ങ് കൊടുക്കുക, താക്കംവെക്കുക; 3. തടസ്ഥം—. *n.* താക്കം; 2. തടസ്ഥം.

II. **Scotch** (skoch), *v. t.* കോറുക, വാരുക; മുറിവേല്പിക്കുക. **s.ed collops** ഒര് വക മാംസക്കറി. **s.-hopper** അടാവുടികളി, ചൊട്ട് കളി, കക്ക്—. *n.* കോറല്, വാരല്, മുറിവ്. -'**ing**, *n.* കല്ല് ചെത്തല്.

III. **Scotch**, **Scotchman**, *etc.*, *s. u.* **Scot** I.

**Scot'frēe**, *s. u.* **Scot** II.

**Scō'ti-a** (skō'shi-a), *n.*, *s. u.* **Scot** I.

**Scot'ō-graph** (-graf), *n.* തമോലേഖനയന്ത്രം.

**Sco-tō'ma**, =**my**, *n.* തലതിരിച്ചല്, —ചുററല് (*med.*); 2. കണ്ണ് കാണാതാകുന്നതോ കൽ (*med.*).

**Scots**, **Scots'man**, **Scot'ti-cism**, **Scot'tish**, *etc.*, *s. u.* **Scot** I.

**Scoun'drel**, *n.* നീചൻ, ഹീനൻ, അധമൻ, ആഭാസൻ; 2. കള്ളൻ. *a.* നീചം ആയ, ഹീനം—, താണ. -**dŏm**, *n.* കള്ളത്തരം; കള്ളക്കൂട്ടം; തെമ്മാടിത്തരം. -**ism**, *n.* കള്ളത്രാ(ത്തോ)ണം, നീചത്വം.

**Scour,** *v. t.* തേച്ച് വെടിപ്പാക്കുക, ഉരച്ച് —; തേച്ച് മിന്നിക്കുക; 2. വയറിളക്കുക; 3. (off, away) മുടകളയുക, കഴുകിക്കളയുക, തേച്ച് കഴുകുക; 4. തിരഞ്ഞ് ഓട്ടുക, —നോക്കുക, പരിശോധിക്കുക, അങ്ങോട്ടുമിങ്ങോട്ടും ഓട്ടുക. *v. i.* വെടിപ്പാക്കുക, തേച്ച് മോറുക (*S.*), വടിക്കുക (*N.*); 2. അതിസരിക്കുക, വയറിളകുക; 3. ഓട്ടുക, തിരഞ്ഞ് നോക്കുക. *n.* (നാല്ക്കാലികളുടെ) വയററ് പോക്ക്. **-'āge,** *n.* തേച്ച് കഴുകിയ വെള്ളം. **-'ĕr,** *n.* തേച്ച് മിനുക്കുന്നവൻ; ചുററിസഞ്ചരിക്കുന്നവൻ; പതിയിരിപ്പ് കവച്ചക്കാരൻ.

**Scŏurge** (skĕrj), *n.* വാറ്, കയറ്; 2. കരടാവ്, ചമ്മട്ടി, ചാട്ടവാറ്, 'ചമ്പാക്ക്'; 3. അടി, ശിക്ഷ, ദണ്ഡനം; 4. ആപത്ത്, വിപത്ത്, ഉപദ്രവം, ബാധ. *v. t.* ചമ്മട്ടിയാൽ അടിക്കുക, കരടാവ്കൊണ്ട് —; 2. കഠിനമായിശിക്ഷിക്കുക, ദണ്ഡിപ്പിക്കുക; 3. ഉപദ്രവിക്കുക, പീഡിപ്പിക്കുക. **Scŏurg'ĕr,** *n.* ശിക്ഷിക്കുന്നവൻ, അടിക്കുന്നവൻ; പീഡകൻ.

**Scouse,** *n.* 'കലാശി'ത്തിന്, കപ്പല്ക്കാരുടെ ഭക്ഷണം.

I. **Scout,** *n.* തുറിച്ച് നില്ക്കുന്ന പാറ.

II. **Scout,** *v. t.* നിസ്സാരമാക്കുക, പുച്ഛിക്കുക; 2. തള്ളുക, തിരസ്കരിക്കുക.

III. **Scout,** *n.* ഒററ് നോക്കുന്നവൻ, ഒററുകാരൻ, ചാരൻ; 2. വിദ്യാർത്ഥിസേവകൻ; 3. ഒററ് നോക്കൽ. *v. t.* ഒററ് നോക്കുക; ശത്രുസൈന്യസ്ഥിതി അറിയുക, —പരിശോധിക്കുക. *v. i.* ചാരവൃത്തി ചെയ്യുക.

**Scŏv'el,** *n.* അട്ടപ്പുല്ല്.

**Scow,** *n.* വള്ളം, തുറമുഖത്തോണി, ചതുരത്തോണി, അടിപരന്ന തോണി. *v. t.* തോണിയിൽ കയററിക്കൊണ്ട് പോക.

**Scowl,** *v. i.* നെററി ചുളിക്കുക, മുഖം—, —കനപ്പിക്കുക; 2. വിമ്മിഷ്ടംകാട്ടുക, വെറുപ്പ് —, മുഷിയുക; 3. മൂടിക്കെട്ടിയിരിക്കുക, മങ്ങലായിരിക്കുക. *v. t.* വെറുമുഖം കാട്ടുക, ദുർമ്മുഖം—, മുഷിച്ചല് —. *n.* നെററിചുളിക്കൽ, ഭ്രൂ—, മുഖം കനപ്പിക്കൽ; 2. വെറുപ്പ്, മുഷിച്ചൽ, കോപം; 3. മങ്ങല്, മൂടല്. **-'ing-ly,** *ad.* വെറുപ്പോടെ.

**Scrab'bed eggs** മുട്ടകൊണ്ടുണ്ടാക്കുന്ന ഒര് ആഹാരം, മുട്ടത്തിന്.

**Scrab'ble,** *v. i.* മാന്തുക; 2. നാല് കാലിന്മേൽ നടക്കുക, ഇഴഞ്ഞ് —; 3. പിടിച്ച് കയറുക, പററിക്കയറുക; 4. വരച്ചിടുക, (എന്തെങ്കിലും) വരക്കുക. *v. t.* വരച്ചിടുക, കിറുക്കുക. *n.* മാന്തൽ; 2. മുട്ട് കുത്തി ഇഴയൽ; 3. പററിക്കയറൽ; 4. വരച്ചിടൽ, കിറുക്ക്.

**Scraf'fle,** *v. i.* പററിപ്പിടിച്ച് കയറുക, പൊത്തിപ്പിടിച്ച് —; 2. പിടിയും വലിയും കൂട്ടുക; 3. ഉത്സാഹിക്കുക; ചുറുക്ക് കാണിക്കുക.

**Scrag,** *n.* മെലിഞ്ഞത്, പരുപരുത്തത്; 2. എല്ലുള്ള മാംസം; 3. മാംസത്തിൻെറ കഴുത്ത് കഷണം; 4. കഴുത്ത്; 5. മെലിഞ്ഞവൻ, എല്ലും തോലുമായവൻ; 6. കരുണ്ടമരം. **s. of mutton** ആട്ടിൻെറ കഴുത്ത് കഷണം. **s.-necked** കഴുത്ത് മെല്ലിച്ച, നെട്ടക്കഴുത്തുള്ള. **-'ged, -'gy, -'ly,** *a.* പരുപരുപ്പ് ആയ, കന്നും കഴിയും—; നേർമ്മയായ, മെലിഞ്ഞ. **-'ged-ness, -'gi-ness,** *n.* പരുപരുപ്പ്; കൃശത. **-'gi-ly,** *ad*, മെലിഞ്ഞ്; പരുപരുപ്പായി.

**Scram'ble,** *v. i.* പററിപ്പിടിച്ച് കയറുക, പൊത്തിപ്പിടിച്ച് —; 2. പിടിയും വലിയും കൂട്ടുക, എനിക്കെനിക്കെന്ന് പോരാട്ടുക; 3. ഉരുണ്ട് പിരണ്ട് എട്ടുക്കുക; 4. പെറുക്കി—; ആർത്തിയോടെ പിടിക്കുക. *v. t.* പിടിച്ച് പറിച്ചുണ്ടാക്കുക; പാട് പെട്ട് സമ്പാദിക്കുക; 2. മുട്ടയടിക്കുക. *n.* പൊത്തിപ്പിടിച്ച് കയറൽ; 2. —കയററം; 3. പിടിയും വലിയും, പോരാട്ടം, അല്ലും തല്ലും. **=blĕr,** *n.* പൊത്തിപ്പിടിച്ച് കയറുന്നവൻ; ആർത്തിപിടിച്ചവൻ. **=bling,** *a.* താറുമാറായ, നാനാവിധമായ, വല്ലാത്ത, തുമ്പ് കെട്ട. **=bling-ly,** *ad.* താറുമാറായി.

**Scranch,** *v. t.* കടിച്ച് പൊട്ടിക്കുക; —പൊട്ടിച്ച് തിന്നുക.

**Scran'ky**, *a.* നേൎമ്മയായ, നേരിയ; മെലിഞ്ഞ, ശോഷിച്ച.

**Scran'ny, Scraw'ny** (skrạ'ni), *a.* നേരിയ; 2. ശുഷ്കിച്ച, മെലിഞ്ഞ, കൃശമായ.

**Scrap**, *n.* ചെത്ത്, അറുക്ക്, തുണ്ടം, കഷണം; 2. എഴുതിയകടലാസ് കഷണം, പുസ്തകത്തിൽനിന്ന് മുറിച്ചെടുത്ത—; 3. *pl.* കൊഴുപ്പുച്ചക്കിസ്സം; 4. *pl.* ഇരിമ്പ് തുണ്ടം. **s.-book** ശകലസംഗ്രഹപുസ്തകം, വിശിഷ്ടവിവര—, ചിത്ര—. **s.-iron** ഇരിമ്പ് അറുക്ക്. **-'pi-ly**, *ad.* കണ്ടംതുണ്ടമായി. **-'py**, *a.* കഷണംകഷണമായ; ചേൎച്ചയില്ലാത്ത, യോജിപ്പില്ലാത്ത.

**Scrāpe**, *v. t.* ചുരണ്ടുക, വരണ്ടുക, കരണ്ടുക; 2. ഉരക്കുക, ഉരസുക; 3. മിനുസമാക്കുക, മിനുക്കുക; 4. കിറുകിറുക്കുക, കൎക്കശസ്വരംപുറപ്പെടുവിക്കുക; 5. ചെത്തിനന്നാക്കുക, ചുരണ്ടിവെടിപ്പാക്കുക; 6. അല്പമല്പമായിക്കൂട്ടിച്ചേൎക്കുക; 7. (together, up) ഈറാറിച്ച് നേടുക, പാട്പെട്ട് സമ്പാദിക്കുക; 8. (down) കാല് നിലത്തുരക്കുക. **to s. acquaintance** നേരിട്ട് പരിചയമാക. **s.-penny** ലുബ്ധൻ, ഈറാറക്കുളി. *v. i.* ഉരക്കുക; ചുരണ്ടുക; 2. അദ്ധ്വാനിച്ച് സമ്പാദിക്കുക; 3. വാദ്യം അപസ്വരമായി വായിക്കുക; 4. കാല് നിലത്തുരക്കുക. *n.* ചുരണ്ടൽ; 2. വര; ഉരവ്; 3. കിറുകിറുശബ്ദം, കൎക്കശസ്വരം; 4. കാല് നിലത്തുരക്കൽ; 5. കാലുരച്ച് ചെയ്യുന്ന വണക്കം; 6. കടുക്ക്, വിഷമം, ക്ലേശം. **='pĕr**, *n.* ചുരണ്ടി; മാന്തി, ചിര(വ), കൈച്ചിര; പല്ലിത്തടി, ഉരുളത്തടി; വാച്ചി; ചുരണ്ടുന്നവൻ; വാദ്യം അപസ്വരത്തിൽ വായിക്കുന്നവൻ; ലോഭി, ലുബ്ധൻ, ഈറാറയൻ. **='ping**, *n.* ചുരണ്ടൽ; ചുരണ്ടിയ പൊടി; അടിച്ച് വാരിയത്, കാട്ടം, ചണ്ടി. *a.* ഉരക്കുന്ന, ചുരണ്ടുന്ന; കൎക്കശസ്വരമായ; ഈറാറിച്ച് നേടുന്ന. **='ping-ly**, *ad.* ചുരണ്ടി, ഉരച്ച്.

**Scrap'pi-ly, Scrap'py**, *s. u.* **Scrap.**

**Scratch** (skrach), *v. t.* ചൊറിയുക, അള്ളുക (*S.*), മാന്തുക; 2. കോറുക, വാരുക, വാളുക; 3. ചിള്ളുക, ചിന്തുക; 4. വരച്ചിടുക; 5. (out) കത്തിക്കളയുക, തടഞ്ഞ് കളയുക, മാച്ച്—; 6. മാളംകഴിക്കുക. *v. i.* മാന്തുക, കോറുക; 2. (മേശപ്പന്താട്ടത്തിൽ) ഭാഗ്യംകൊണ്ട് ജയിക്കുക. *n.* കോറല്, വാരല്, വാൾച്ച; ലഘുവായമുറിവ്; 2. (അങ്കക്കളരിയിലെ) അതിർവര; 3. പരീക്ഷ, ധൈൎയ്യപരീക്ഷ; 4. (*pl.* -'ĕs) കതിരകളുടെ കുളമ്പ് ചൊറി; 5. പൊയ്മുടി; 6. (മേശപ്പന്താട്ടം) ഭാഗ്യജയം. **s.-back** ഒര് കളിക്കോപ്പ്. **s.-coat, s.-work**, കല്ലുമ്മായമിടൽ. **s.-wig** പൊയ്മുടി. **to bring to the s.** ധൈൎയ്യംപരീക്ഷിക്കുക. **to come up to the s.** പൊരുതുക, പോരിന്ന് നില്ക്കുക; ആപത്തിൽ ധൈൎയ്യംകാട്ടുക. *a.* യദൃച്ഛയാ ഉള്ള, പെട്ടന്ന്—; 2. ഭാഗ്യവശാൽ—; 3. മുന്നൊരുക്കമില്ലാത്ത. **s.-race** പൊതുവിരുതോട്ടം; നറുക്ക് വിരുതോട്ടം. **-'ĕr**, *n.* മാന്തുന്നവൻ; റാഞ്ചൻപക്ഷി (*z.*). **-'ing-ly**, *ad.* ചൊറിഞ്ഞ് കൊണ്ട്. **-'y**, *a.* വാണ്ട, വാന്നിരിക്കുന്ന.

**Scrawl** (skrạl), *v. t.* വല്ലാതെവരക്കുക, ചീത്തയായി എഴുതുക, കിറുക്കുക. *v. i.* വൃത്തിയില്ലാതെ എഴുതുക, വരച്ചിടുക. *n.* വൃത്തികെട്ട കയ്യക്ഷരം, വ്യക്തിയില്ലാത്ത എഴുത്ത്. **-'ĕr**, *n.* വരച്ചിടുന്നവൻ, കിറുക്കുന്നവൻ.

**Scraw'ny**, *a.*, *see* **Scranny.**

**Scrāy, Scrāye**, *n.* ഒര് കടല്പക്ഷി (*z.*).

**Screak** (skrēk), *v. i.* (*s. a.* **Creak**) കിരുകിരുക്കുക, കിരുകിരുശബ്ദമുണ്ടാക; 2. വല്ലാതെ ശബ്ദിക്കുക; 3. കരയുക. *n.* കിരുകിരുശബ്ദം; 2. കരച്ചല്, നിലവിളി.

**Screām** (skrēm), *v. i.* നിലവിളിക്കുക, കൂക്കി—, —ഇടുക; 2. കരയുക, അകിറുക (*P.*), അലറുക, കതറുക. *n.* നിലവിളി, അയ്യംവിളി; 2. കരച്ചല്, അകിച്ച (*P.*), അലച്ച. **-'ĕr**, *n.* (അമേരിക്കയിലെ) കോഴികാപ്പൻപക്ഷി (*z.*). **-'ing**, *a.* നിലവിളിക്കുന്ന; ഉച്ചത്തിലുള്ള; നിലവിളിയായ.

**Screēch**, *v. i.* നിലവിളിക്കുക, ഉറക്കെശബ്ദിക്കുക; 2. കിരുകിരുക്കുക; 3. അലെക്കുക. *n.* നിലവിളി, കൂക്ക്—, അല. **s.-owl** നത്ത്, കൂമൻ, മൂങ്ങാ (*z.*). **-'y**, *a.* കിരുകിരുശബ്ദമായ, കൎക്കശമായ.

I. Scrēed, *n.* കമ്മായത്തടിപ്പ് മാതൃക; 2. വടിമുഴക്കോല്; 3. കഷ്ണം, തുണ്ടം.

II. Scrēed, *n.* വിള്ളല്, പിളപ്പ്, കീറ്; 2. നിലവിളി, ഊച്ചാരം; 3. പ്രസംഗം.

Scrēen, *n.* രക്ഷ; 2. മറ, തട്ടി, 'സ്ക്രീൻ'; 3. മുറിച്ചുമര്, മുറിമതില്; 4. തുണി, തിരശ്ശീല; 5. ചരലരിപ്പ. *v. t.* രക്ഷിക്കുക, കാക്കുക; 2. മറക്കുക, തടുക്കുക; 3. ചരലരിക്കുക, -'ings, *n. pl.* തരിമണ്ണ്.

Screw (skru), *n.* പിരിയാണി, തിരുകാണി; 2. (also wood-s., s.-nail) മുറുക്കാണി, 'ഇസ്ക്രൂറ'ാണി, 'ഇസ്ക്രൂറ്'; 3. തീക്കപ്പൽപ്പിരിയാണി; 4. പിരിയാണി(യാൽ ഓട്ടുന്ന) തീക്കപ്പല്; 5. പിടിച്ച്പറിക്കാരൻ, ചതിയൻ; ലുബ്ധൻ, ബദ്ധമുഷ്ടി, 'അക്കീസ്'; 6. കഠിനപരീക്ഷകൻ; —പരീക്ഷ; 7. പുകയിലപ്പൊതി; 8. ചടച്ചകുതിര. s.-bolt പിരിയാണിക്കോല്. s.-box പിരിയാണിയച്ച്. s.-cutting പിരിയാണിയാക്കുന്ന. s.-driver (ആണി)മുറുക്കിയുളി. s.-engine തീക്കപ്പൽയന്ത്രം. s.-jack പൊക്കിയന്ത്രം. s.-key, s.-wrench വില്ല്മുറുക്കി. s.-press പിരിയമത്തി (യന്ത്രം). s.-propeller തീക്കപ്പൽപിരിയാണി; പിരിയാണിത്തീക്കപ്പല്. s.-shell ശംഖ്. s.-steamer പിരിയാണിത്തീക്കപ്പല്. s.-tap പിരികുഴയന്ത്രം. s.-thread പിരി. endless s., perpetual s. ചക്രപ്പിരിയാണി. external s., male s. പിരിയാണി, തിരുകാ(ക്കാ)ണി. internal s., female s. പിരികുഴ; 'ചപ്പിഞ്ഞ'. micrometer s. അല്പമാത്ര, ലവ—. right and left s. ഇരുപിരിയാണി. wood-s. നേർമ്മപ്പിരിയാണി. a s. loose തരക്കേട്, ഊനം. to put the s. *or* s.s മുറുക്കുക, ഞെരുക്കുക, ബുദ്ധിമുട്ടിക്കുക. to put under the s. *or* s.s ഹേമംചെയ്യുക, നിർബ്ബന്ധിക്കുക. *v. t.* തിരിക്കുക; 2. പിരിയാണിവെക്കുക; 3. മുറുക്കുക, ഞെക്കുക, പിഴിയുക; ഞെരുക്കുക, ബുദ്ധിമുട്ടിക്കുക; 4. അന്യായമായിവാങ്ങുക, പിടിച്ച്പറിക്കുക; 5. (മുഖം) കോട്ടുക, ചുളിക്കുക; 6. (പരീക്ഷ) കഠിനമാക്കുക. to s. down ആണിവെച്ചുറപ്പിക്കുക. to s. out ഞെക്കിത്തുറപ്പിക്കുക; പിഴിഞ്ഞൊട്ടുക്കുക; ബലമായിപ്രാപിക്കുക; അപഹരിക്കുക. to s. up നിർബ്ബന്ധിക്കുക; ഹേമത്താൽസാധിപ്പിക്കുക. to s. in ആണിമുറുക്കുക, തിരിച്ച് തിരിച്ച് കടത്തുക. *v. i.* ഞെരുക്കുക, ഉപദ്രവിക്കുക, ദ്രോഹിക്കുക; 2. തിരിയുക, മറിയുക. -'ĕr, *n.* മുറുക്കുന്നവൻ. -'ing, *n.* മുറുക്കൽ. *a.* മുറുക്കുന്ന.

Scrib'bet, *n.* ചിത്രലേഖനി.

I. Scrib'ble, *v. t.* ബദ്ധപ്പാടിൽ എഴുതുക; 2. വരച്ചിടുക; *v. i.* വൃത്തിയില്ലാതെ എഴുതുക. *n.* വരച്ചിടൽ; 2. വൃത്തികെട്ട എഴുത്ത്; 3. നിസ്സാരമായ—. =blĕr, *n.* വരച്ചിടുന്നവൻ; ചില്ലറഗ്രന്ഥകർത്താവ്; നിസ്സാര—. =bling, *a.* വരച്ചിടുന്ന. *n.* വരച്ചിടൽ. =bling-ly, *ad.* വൃത്തികെട്ട അക്ഷരമായി.

II. Scrib'ble, *v. t.* കമ്പിളിനൂല് ചീവുക. =blĕr, *n.* കമ്പിളിച്ചീപ്പ്, കമ്പിളിചീവി. =bling, *n.* —ചീവൽ. s.g machine —ചീവിയന്ത്രം.

I. Scrībe, *n.* എഴുത്തുകാരൻ, ലേഖകൻ; 2. ചിത്രമെഴുത്തുകാരൻ; 3. 'ഗ്രമസ്ഥാവ്'; 4. പകർത്തെഴുതുന്നവൻ, പകപ്പ്'ഗ്രമസ്ഥൻ'; 5. യഹൂദ്യശാസ്ത്രി; യൂദവൈദികൻ. ='bism, *n.* യഹൂദ്യശാസ്ത്രിമതം.

II. Scrībe, *v. t.* എഴുത്ത് മുറി കഴിക്കുക (*carp.*); 2. എഴുതുക (*carp.*). scrī'bing-iron എഴുത്തുകോല് (*carp.*). *v. i.* അടയാളം വെക്കുക, വരക്കുക. ='bĕr, *n.* എഴുത്തുകോല്, എഴുത്തുളി (*carp.*).

Scrim'māge, Scrum'māge (-āj), *n.* ചെറുപട; 2. തകരാറ്, അടിപിടി; 3. പന്താട്ടത്തുമുലം.

Scrimp, *v. t.* ചുരുക്കുക, ചെറുതാക്കുക, കുറുതാക്കുക; 2. ഭക്ഷണം കുറക്കുക; 3. അരിഷ്ടിക്കുക, പിശുക്ക് കാട്ടുക, ലുബ്ധ്—. *a.* കുറിയ; 2. ദുർഭിക്ഷമായ, പഞ്ചംപിടിച്ച; 3. ചുരുക്കിയ, കുറച്ച. *n.* പിശുക്കൻ, ലുബ്ധൻ, ഈററക്കുളി (*N.*), ഈററപ്പൊററ (*N.*). -'ing, *a.* ചുരുക്കുന്ന. *n.* ചുരുക്കൽ. -'ing-ly, *ad.* കുറവായി, ചുരുക്കമായി. -'ness, *n.* ചുരുക്കം, കുറവ്, സ

ങ്കോചതപം. -'tiŏn, *n.* അല്പം, നറുക്ക്, കക്ഷണം.

I. Scrip, *n.* സഞ്ചി, പൊക്കണം, ഉറുപ്പ (*S.*), ശീ(ഷീ)ല (*N.*).

II. Scrip, *n.* ചീ(ശീ)ട്ട്, കറിപ്പ്; 2. പട്ടിക, വരിയോല; 3. സംഘപ്പക്കവാറ് (*com.*). script, *n.* കൈ(വടിവില്ലുള്ള) മുദ്രാക്ഷരം, കയ്യച്ചക്ഷരമുദ്ര (*print.*); അസ്സലാധാരം (*l.*); അക്ഷരം; വടിവ്. -tō'ri-um, *n.* (*pl.* -tō'ri-a) എഴുത്തറ. -'tŏr-y, *a.* എഴുത്ത്സംബന്ധിച്ച; എഴുത്തില്ലുള്ള; എഴുത്തിന്നുള്ള.

Scrip'tūre (*or* -chu̥r), *n.* എഴുത്ത്, ലേഖ; ആധാരം, രേഖ; 2. (*pl.*) പവിത്രരേഖകൾ, വിശുദ്ധവേദം, തിരുവെഴുത്തുകൾ (*Chr.*); 3. വേദവാക്യം, വേദോക്തം; 4. ശ്രുതി, നിഗമം, ശാസ്ത്രം. =tūr-al, *a.* പവിത്രരേഖയില്ലുള്ള; തിരുവെഴുത്തായ; വേദപുസ്തകപ്രകാരമുള്ള. =tūr-al-ism, *n.* വേദപ്രാമാണ്യത; വേദപ്രാമാണ്യതാവാദം. =tūr-al-ist, *n.* —വാദി. =tūr-al-ly, *ad.* വേദാനുസാരമായി. =tūr-al-ness, *n.* വേദാനുസരണീയതപം; ശാസ്ത്ര്യതപം. =tūr-ist, *n.* വേദവിദഗ്ദ്ധൻ; വേദപ്രിയൻ; വേദാനുസാരി.

Scriv'en-ĕr, *n.* എഴുത്ത് പ്രവൃത്തിക്കാരൻ, 'ഹരജി'യെഴുത്തുകാരൻ, ആധാരമെഴുത്തുകാരൻ; 2. കയ്യക്ഷരാഭ്യാസകൻ. s.'s palsy വിരല്വാതം (*med.*).

Scrō-bic'ū-lāte, =lā-ted, *a.* കഴികഴിയായ, ഒട്ടുള്ള (*b.*).

Scrof'ū-la, *n.* പെരുമുട്ട (*S.*), കണ്ഠമാല (*med.*). =līde, *n.* കണ്ഠമാലച്ചർമ്മരോഗം (*med.*). =lŏus, *a.* കണ്ഠമാലസംബന്ധിച്ച; —ഉള്ള. =lŏus-ly, *ad.* —സംബന്ധിച്ച്. =lŏus-ness, *n.* —ലക്ഷണം.

Scrōll, *n.* കടലാസ്ചുരുള്; 2. എഴുത്ത്, രേഖ; 3. പട്ടിക; 4. പത്രശൃംഗാരം (*arch.*); 5. കപ്പ്വലി. scrōlled (skrōld), *a.* ചുരുളായ; പത്രശൃംഗാരമുള്ള.

Scrō'tum, *n.* ഉറുപ്പ (*N.*), വൃഷണം, മുഷ്കം (*an.*). =tal, *a.* വൃഷണ സംബന്ധമായ. =ti-form, *a.* ഉറുപ്പാകൃതിയായ, ഉറുപ്പപോലെയുള്ള. =tō-cēle (-sēl), *n.* ആന്ത്രവായു, വൃദ്ധിവീക്കം (*med.*).

Scrub, *v. t.* ഉരക്കുക; ഉരച്ച്കഴകുക, തേച്ച്—. *v. i.* തേച്ച്വെടിപ്പാക്കുക, —മോറുക; 2. നയിക്കുക, പാട്പെടുക. *n.* നയിച്ച്നാള്കഴിയുന്നവൻ, ദരിദ്രൻ; 2. ഹീനൻ, നീചൻ; 3. അല്പസാധനം, നിസ്സാര—; 4. കററിച്ചൂല്; 5. കററിക്കാട്, കുറുങ്കാട്; 6. കുറുവകനാല്ക്കാലി. s.-board മാച്ചിൽപലക, —തട്ട്. s.-stone ഒര്വക കച്ചിക്കല്ല്. *a.* വൃത്തികെട്ട; താണ, നിസ്സാരമായ. -'bed, *a.* അരണ്ട്പോയ; കുരുണ്ട്—; കുറുവകയായ, വളച്ചയില്ലാത്ത. -'bĕr, *n.* ഉരച്ച്വെടിപ്പാക്കുന്നവൻ; ചൂല്. -'by, *a*, അല്പം ആയ, ഹീനം—; കുരുണ്ട.

Scruff, *n.* പിരടി; 2. പിരടിത്തോല്.

Scrum'māge, *n.*, *s.a.* Scrimmage.

Scrump'tiŏus (-shus), *a.* നല്ല, വിശേഷമായ, രസമുള്ള, 'ഭേഷായ'.

Scrunch, *v. t. & i.* കടിച്ച്പൊട്ടിക്കുക, കടിച്ച്തിന്നുക, കാന്ന്—.

Scru̥'ple, *n.* ഇരുപത് നെന്മണിത്തൂക്കം; 2. അല്പം, ലേശം, പൊടി; അണു; 3. ചഞ്ചലം, ശങ്ക, സംശയം, സന്ദേഹം, വികല്പം; മനശ്ശങ്ക. to make s. മനശ്ശങ്കതോന്നുക, ചഞ്ചലം ഉണ്ടാക. *v. i.* മനശ്ശങ്ക—, ചഞ്ചലംതോന്നുക. *v. t.* ശങ്കിക്കുക, വികല്പംകാട്ടുക, സംശയിക്കുക; 2. ചഞ്ചലിപ്പിക്കുക, ശങ്കജനിപ്പിക്കുക. =plĕr, *n.* സംശയിക്കുന്നവൻ, ആശങ്കിതൻ. =pū-los'i-ty, =pū-lŏus-ness, *n.* ചാഞ്ചല്യം, ശങ്ക, വികല്പം, സംശയം; കൃത്യത, സൂക്ഷ്മം. =pū-lŏus, *a.* ശങ്കഉള്ള, ചഞ്ചലം—; മനഃശങ്ക—; സൂക്ഷ്മം—, കൃത്യം ആയ, ഖണ്ഡിതം—. =pū-lŏus-ly, *ad.* ശങ്കയോടെ, മനശ്ശങ്കയോടെ, ചഞ്ചലഭാവത്തിൽ; വളരെ, അതി, ഏററവും.

Scru̥'ti-ny, *n.* പരീക്ഷ, പരിശോധന, സൂക്ഷ്മപരിശോധന, പരീക്ഷണം, നിരൂപണം; 2. സ്ഥാനാർത്ഥിപരീക്ഷ (*Chr.*); 3. വരണച്ചീട്ട് (*eccl.*); 4. വരണച്ചീട്ട്പരിശോധന (*parl.*). =ta-ble, *a.* ആരാഞ്ഞറിയാകുന്ന, പരിശോധിച്ചറി

യാകുന്ന. =tā'tŏr, =nī-ṣĕr, nī-zĕr, *n*, പരിശോധകൻ, പരീക്ഷകൻ. =nēer, *n.* പരിശോധകൻ; വരണച്ചിട്ട് പരിശോധകൻ. =nīṣe, =nīze, *v. t.* ആരായുക, പരീക്ഷിക്കുക, സൂക്ഷ്മമായി പരിശോധിക്കുക. *v. i.* ആരാഞ്ഞറിയുക, പരിശോധനപ്രവൃത്തിചെയ്യുക. =nŏus, *a.* സൂക്ഷ്മമായിപരിശോധിക്കുന്ന; സൂക്ഷ്മമുള്ള, കൃത്യമായ. =nŏus-ly, *ad.* കൃത്യമായി, ഖണ്ഡിതമായി.

**Scru̱-toire'** (-twär'), *n.* എഴുത്ത്പീഠം, ലേഖന—, മേശപ്പെട്ടി.

**Scrȳ**, *n.* കാട്ടുകോഴിക്കൂട്ടം.

**Scud**, *v. i.* വേഗംപോക, ഓടിപ്പോക; 2. പാറിപ്പോക (*naut.*) 3. പറക്കുക; *v. t.* വേഗംകടന്ന്പോക. **scudding under bare poles** (കപ്പല്)പായില്ലാതെ പാറിപ്പോകൽ. *n.* ഓട്ടം, പാറിപ്പോകൽ, തീവ്രഗമനം; 2. ഓടുന്നചെറുമേഘക്കൂട്ടം; 3. പെട്ടന്നുള്ള ചാറൽമഴ; 4. ചെറുപക്ഷിക്കൂട്ടം. **a s. of rain** കാറ്റോട്കൂടിയ മഴ. **-'dle**, *v. i.* ബദ്ധപ്പെട്ടോടുക; ബദ്ധപ്പെടുക.

**Scu̱'dō**, *n.* (*pl.* **Scu̱'dī**) ഏതാനും മൂന്നുറുപ്പികക്കുള്ള ഒര് ഇററലിവെള്ളിനാണ്യം; 2. —പൊൻ—; 3. ഏതാനും 50കക്കുള്ള ഒര് പുരാതനറോമപൊൻ—.

I. **Scuff**, *n.* പിരടി, പിടലി (*S.*), എരുത്ത്.

II. **Scuff**, *v. i.* കാല് പൊന്തിക്കാതെനടക്കുക, കാലുരച്ച്—.

**Scuf'fle**, *v. i.* മല്ല്കെട്ടുക; 2. അടിപിടികൂടുക, തല്ലുംപിടിയും—, തമ്മിൽതല്ലുക; 3. കലമ്പുക, കലഹിക്കുക. *n.* പിടിത്തം, മല്പിടിത്തം; 2. അടിപിടി, തല്ലുംപിടിയും; 3. കലഹം, ശണ്ഠ; 4. കുട്ടികളുടെ മുന്നാരത്തുണി; 5. കൊക്കോട്ട് (*N.*), ചെറുകൈക്കോട്ട്. =flĕr, *n.* പിടിത്തക്കാരൻ; തല്ലുകാരൻ; ചെറുപല്ലിത്തടി (*agr.*).

**Scug**, *v. i.* ഒളിക്കുക. *n.* ഒളിവിടം; സങ്കേതം; 2. കന്നിൻപള്ള.

**Sculk, Sculk'ĕr**, *s. a.* **Skulk, Skulker.**

I. **Scull**, *n.*, *s. a.* **Skull.**

II. **Scull**, *n.* (മീൻ) ചെപ്പ്, പുലപ്പ്.

III. **Scull**, *n.* തോണി, ചെറുതോണി, വള്ളം (*S.*), പാത്തി (*N.*); 2. ചെറുതണ്ട്; 3. തുഴ, പങ്കായം, ചുക്കാൻ; 4. ഒര് വക കടല്കാക്ക (*z.*). *v. t.* (തോണി) തണ്ട്വലിച്ച്പോക, —തുഴഞ്ഞ്—. *v. i.* തോണി തുഴയുക. ='lĕr, *n.* രണ്ട് തണ്ടുള്ള ചെറുതോണി; തുഴക്കുന്നവൻ, തണ്ട്വലിക്കുന്നവൻ.

**Scul'lĕr-y**, *n.* അട്ടക്കളയറ, കൊട്ടത്തടം(ളം); 2. ഉച്ഛിഷ്ടം, എച്ചില്.

I. **Scul'liŏn** *n.*, *s. a.* **Scallion.**

II. **Scul'liŏn**, *n.* പാത്രംതേച്ച്കഴകുന്നവൻ, കണ്ടപ്പണിക്കാരൻ, അട്ടക്കളച്ചെറുക്കൻ.

**Sculp'tūre** (*or -chur*), *n.* കൊത്ത്പണി, —വേല, ചിത്രംകൊത്തൽ, ശില്പവിദ്യ; 2. കൊത്ത്ചിത്രം, പ്രതിമ, വിഗ്രഹം, രൂപം. *v. t.* ചിത്രംകൊത്തുക, കൊത്ത്പണിചെയ്യുക. **sculp**, *v. t.* ചിത്രംകൊത്തുക. =tŏr, *n.* കൊത്ത്പണിക്കാരൻ, ചിത്രം കൊത്തുന്നവൻ, പ്രതിമയുണ്ടാക്കുന്നവൻ, ശില്പി; മെഴപ്പിടിക്കുന്നവൻ. =tūr-ess, *n.* കൊത്ത്പണിക്കാരത്തി, ചിത്രംകൊത്തുന്നവൾ. =tūr-al, *a.* കൊത്ത്പണി സംബന്ധിച്ച, ശില്പവിദ്യയായ. =tūr-esque' (-esk'), *a.* ശില്പവിദ്യാതുല്യമായ.

**Scum**, *n.* പത, നുര, പാട, അഴക്ക്; 2. കിട്ടം; 3. ചണ്ടി, ചവറ്, കീടം, ഊറല്, കല്ക്കം, മട്ട്. *v. t.* പതകോരുക, പാടനീക്കുക, മുറിക്കുക, അഴക്ക്കളയുക. *v. i.* പതപൊങ്ങുക, നുരക്കുക, പാടകെട്ടുക; 2. കിട്ടംപൊന്തുക. -'mĕr, *n.* പാടകോരുന്നസാധനം, കയ്യില്. -'ming, *n.* പാടനീക്കൽ; *pl.* പത, പാട; കിട്ടം. -'my, *a.* പാടയുള്ള.

**Scum'bĕr, Scum'mĕr**, *v. i.* കടവിറങ്ങുക, കാല്പടക്കത്തിന്നിരിക്കുക, പുറായിക്ക്പോക, തൂറുക. *n.* മലം, കാഷ്ഠം, തീട്ടം.

**Scum'ble**, *v. t.* (ചിത്രങ്ങൾക്ക്) നേർമ്മ

ച്ഛായത്തോപ്പ്തേക്കുക (*art.*). =′bling, *n.* വണ്ണത്തോപ്പ്; 2. സൌമ്യമാക്കൽ.

I. **Scum′mĕr,** *n., s. u.* Scum.

II. **Scum′mĕr,** *v. i., s. a.* Scumber.

**Scum′ming, Scum′my,** *s. u.* Scum.

**Scun′nĕr,** *v. t.* വെറുപ്പ് തോന്നിക്കുക, വിരോധംജനിപ്പിക്കുക. *v. i.* വെറുക്കുക, വിമ്മിഷ്ടം ഉണ്ടാക; 2. നീരസം—, വിരോധംതോന്നുക. *n.* വെറുപ്പ്, കണ്ട്ക്രൂടായ്മ; 2. വിരോധം, നീരസം; 3. മുൻവിധി; 4. മനസ്സുകേട്. [ഏരി (*z.*).

**Scup, -′paug** (-pag′), *n.* ഏരിമീന്,

**Scup′pĕr, s.-hole,** *n.* കപ്പല്ത്തട്ടിലെ ഓവ്തുള. **s.-hose** കപ്പലോവടപ്പ്. **s.-nail** തറയാണി.

**Scup′pĕr-nong,** *n.* ഒര് വക മുന്തിരിങ്ങ, —ഊക്ഷ (*b.*).

**Scur,** *v. i.* ഓട്ടുക, വേഗംനടക്കുക.

**Scurf** (skĕrf), *n.* ചുണങ്ങ്, തലപ്പൂററ്; 2. പൊററ; 3. ചൊ(കൊ)ത്ത; 4. പാട; 5. മുളി (*b.*). **-′i-ness,** *n.* ചുണങ്ങ്; മുളി. **-′y,** *a.* ചുണങ്ങുള്ള; മുളിപിടിച്ച.

**Scur′ri-ĕr,** *n., s. u.* Scurry.

**Scur′rile, =ril-ŏus,** *a.* ആഭാസം ആയ, വഷള്—, അസഭ്യം—, ഹീനം—. **=ril′i-ty, =ril-ŏus-ness,** *n.* ആഭാസത്വം, വഷളത്വം, അസഭ്യത; വഷളത്തരം, വായാവിഷ്ഠാണം **=ril-ŏus-ly,** *ad.* ആഭാസമായി, അസഭ്യമായി.

**Scur′ry,** *v. i.* പായുക, ഓടിപ്പോക. *n.* ഓടൽ; 2. ഓട്ടം, പാച്ചല്. **=ri-ĕr,** *n.* ഓട്ടുന്നവൻ.

I. **Scur′vy** (skĕr′vi), *a.* പൊററയുള്ള, പൊററകെട്ടിയ; 2. ചിരങ്ങ്പിടിച്ച, രക്തദുഷ്ടിയുള്ള; 3. നീചം ആയ, നിസ്സാരം—, ഹീനം—, താണ. **=vi-ly,** *ad.* അധമമായി, ആഭാസമായി. **=vi-ness,** *n.* നീചത്വം, അധമത്വം, ഹീനത.

II. **Scur′vy** (skĕr′vi), *n.* (കപ്പല്ക്കാർക്കുണ്ടാകുന്ന) രക്തദുഷ്ടിരോഗം, ഒര് വക രക്തപിത്തം, ലവണരക്തം (*med.*). **s.-grass** ഒര് വക കടച്ചീര (*b.*).

**Scut,** *n.* മുയലിന്റെ കുറുവാല്; 2. മാനിന്റെ—; 3. മുയല്, മാന് മുതലായ വേട്ടമൃഗം.

**Scū′ta,** *n. pl.* (*s.* **scū′tum**) ഒര് വക നീളപ്പലിശ. **=tāġe,** *n.* (പണ്ട് ഇംഗ്ലാണ്ട് രാജ്യത്തിൽ നടപ്പുണ്ടായിരുന്ന) പരിചവരി, പരിചപ്പണം. **=tal,** *a.* പലിശസംബന്ധമായ. **=tāte,** *a.* പരിചാകൃതിയായ; വട്ടത്തിലുള്ള; ഓട് ഉള്ള, തോട്—(*z.*).

**Scutch** (skuch), *v. t.* അടിക്കുക; 2. വക്ക്തല്ലുക; 3. ചേരി—; 4. നൂല്—. **s.-ing machine** —തല്ലിയന്ത്രം. *n.* വക്ക്മുട്ടി, നൂല്—; 2. വക്ക്ചണ്ടി, —ചവറ്. **-′ĕr,** *n.* വക്ക്തല്ലിയന്ത്രം.

**Scutch′eŏn** (skuch′un), *n.* (*see* **Escutcheon**) കലചിഹ്നം, പദവിമുദ്ര; 2. (പൂട്ടിന്റെ) മുഖപ്പററ്.

**Scū′ti-form,** *a.* പരിചാകൃതിയായ, പലിശപോലെയുള്ള.

I. **Scut′tle,** *n.* കൊട്ട, ക്രുട്ട, വട്ടി; 2. ചരക്ക്, വട്ടളം.

II. **Scut′tle,** *v. i.* ബദ്ധപ്പെടുക, ഉത്സലായിരിക്കുക; 2. ഓട്ടുക. *n.* ഓട്ടം, ബദ്ധപ്പെട്ട നടത്തം.

III. **Scut′tle,** *n.* കപ്പല്ത്തട്ടിലെ (മൂടിയുള്ള) ദ്വാരം; 2. മേല്പുരയിലെ (—) ദ്വാരം. 3. ദ്വാരമൂടി. **s.-butt, s.-cask** (കപ്പലിൽ നിത്യച്ചെലവിനുള്ള) നല്ല വെള്ളത്തിന്റെ പീപ്പ. *v. t.* കപ്പല്തുളക്കുക; 2. കപ്പലിന്റെ അടി തുളച്ച്മുക്കുക.

**Scut′tle-fish,** *n., s. a.* Cuttle-fish, *s. u.* Cuttle.

**Scū′tum,** *n., pl.* **Scū′ta,** *which see.*

**Scym′e-tar,** *n., s. a.* Scimiter.

**Scȳ′pha** (sī′fa), **Scȳ′phus** (sī′fus), *n.* (*pl.* **scȳ′phæ, scȳ′phī**) പാനപാത്രം; 2. 'കോപ്പ'; 3. പുഷ്പപുടം (*b.*).

**Scȳthe, Sīthe, Sȳthe** (sīth), *n.* അരുവാള്, മൂച്ചക്കത്തി, കോങ്കത്തി. **s.-man** മൂച്ചക്കാരൻ, കൊയ്ത്തുകാരൻ. **s.-stone** ചാണക്കല്ല്. **scȳthed** (sīthd), *a.* (ചക്രത്തിന്ന്) അരുവാള് കെട്ടിയ.

**Sēa** (sē), *n.* കടല്, സമുദ്രം, ആഴി, സാഗരം, അബ്ധി, വാരി; 2. വൻതടാകം; ഉപ്പ്—; 3. മഹാസമുദ്രം, ഭൂജലഭാഗം; 4. കടല്, തിര, കോള്; 5. താമ്രത്തൊട്ടി (*Bl.*); 6. അതിവിശാലം. **s.-anemone** കടച്ചൊറി (*z.*). **s.-ape** ഒര് വക സ്രാവ് (*z.*); നീർനായി (*z.*). **s.-apple** അമെരിക്ക കടത്തേങ്ങ (*b.*). **s.-bank** കടപ്പുറം, കടല്ക്കര, കടല്ത്തീരം; പാതാറ്. **s.-bass** കരിങ്കോര (*z.*). **s.-beach** കട(ല്പ)പ്പുറം. **s.-bear** കടല്നായി (*z.*); വെള്ളക്കരടി, ധ്രുവക്കരടി (*z.*). **s.-beast** ജലമൃഗം. **s.-beaten** തിരയടിക്കുന്ന. **s.-bird** കടല്പക്ഷി, നീർപ്പക്ഷി (*z.*). **s.-blubber** കടച്ചൊറി (*z.*). **s.-board, s.-bord, s.-coast, s.-marge s.-shore, s.-side** കടല്ത്തീരം; കടലോരം; കടല്പ്രദേശം, കടല്ക്കര; സമുദ്രതീരത്തുള്ള. **s.-boat** കടത്തോണി. **s.-bordering** കടലോരത്തിലുള്ള. **s.-born** കടലിൽ ഉണ്ടാകുന്ന; കടലിനാൽ—; കപ്പലിൽവെച്ച് ജനിച്ച. **s.-borne** കടല് മാൎഗ്ഗമായ. **s.-bound** —അതിരായ. **s.-bow** സമുദ്രവില്ല്. **s.-boy** 'കലാശി' ചെറുക്കൻ. **s.-breach** (കരയിൽ) കടല്ക്കയറ്റം. **s.-breeze** കടല്ക്കാറ്റ്. **s.-calf** കടല്നായി (*z.*). **s.-canary** ഒര് വക തിമിംഗലം (*z.*). **s.-captain** 'കപ്പിത്താൻ', 'മാല്മി', കപ്പത്തലവൻ. **s.-card, s.-compass** തവുക്ക, വടക്ക് നോക്കി. **s.-cat, s.-cat-fish** ഏട്ട (*z.*). **s.-chart** സമുദ്രപടം, കപ്പലോട്ടപ്പടം. **s.-clam** ഒര് വക ഇളമ്പക്ക (*z.*). **s.-coal** കല്ക്കരി. **s.-cocoa** 'അക്രാരി'ത്തേങ്ങ (*b.*). **s.-cow** കടല്പശു (*z.*); കടല്നായി (*z.*); ധ്രുവക്കുതിര (*z.*). **s.-craw-fish, s.-cray-fish** ചിറ്റാക്കൊഞ്ചൻ (*z.*). **s.-crow** കടല്ക്കാക്ക (*z.*). **s.-devil** ഒര് വക തിരണ്ടി (*z.*). **s.-dog** തെണ്ട (*z.*); കടല്നായി (*z.*); 'കലാശി', കടലോടി. **s.-duck** ഇരണ്ട (*z.*). **s.-eel** കടലാരല് (*z.*). **s.-elephant** വൻകടല്നായി (*z.*). **s.-farer** കപ്പല്ക്കാരൻ, കടലോടി, 'കലാശി', കടല്പ്രവൃത്തിക്കാരൻ. **s.-faring** കടലോടിയായ; കടല്പ്രവൃത്തിചെയ്യുന്ന. **s.-fight** കടല്പട, കപ്പൽയുദ്ധം, സമുദ്ര—. **s.-flower** കടച്ചൊറി (*z.*). **s.-foam, s.-froth** കടൽനുര. **s.-fowl** നീർപ്പക്ഷി (*z.*). **s.-fox** സ്രാവ് (*z.*). **s.-gate, s.-gait** വൻതിര, നീളത്തിര. **s.-girt** ചുറ്റുംസമുദ്രമുള്ള. **s.-god** 'നെപ്തൂൻ', വരുണൻ (*myth.*). **s.-goddess** വരുണാനി (*myth.*). **s.-going** കടലിലോടുന്ന. **s.-gown** മുറിക്കൈക്കുപ്പായം. **s.-green** സമുദ്രവൎണ്ണം; ഇളനീലനിറമായ. **s.-gull** കടല്ക്കാക്ക (*z.*), മീങ്കൊത്തി (*z.*). **s.-hog, s.-pig** കടലേടി, കട(ല്പ)പ്പന്നി (*z.*). **s.-holm** (ആള്പാൎപ്പില്ലാത്ത) ചെറുതുരുത്തി. **s.-horse** സമുദ്രക്കുതിര (*myth.*); ധ്രുവക്കുതിര (*z.*). **s.-jelly** കട(ല്ച്ചൊ)ച്ചൊറി (*z.*). **s.-king** പുരാതനസ്കേണ്ഡിനേവ്യത്തലവൻ. **s.-lamprey** കടലാരല് (*z.*). **s.-language, s.-term** 'കലാശിഭാഷ'. **s.-legs** കപ്പലോട്ടപ്പരിചയം. **s.-leopard** ഒര് വക കടല്നായി (*z.*). **s.-letter, s.-pass** (യുദ്ധകാലത്ത്) നിഷ്പക്ഷരാജ്യക്കപ്പൽ സാക്ഷ്യപത്രിക. **s.-level** കടല്പരപ്പ്, സമുദ്രവിതാനം. **s.-life** 'കലാശി'പ്രവൃത്തി, —വൃത്തി. **s.-lion** ഒര് വക വൻകടല്നായി (*z.*). **s.-maid** (സങ്കല്പ)മത്സ്യനാരി (*myth.*); ജലദേവത (*myth.*). **s.-mall, s.-maw, s.-mell, s.-mew** കടല്ക്കാക്ക (*z.*). **s.-man** (സങ്കല്പ) മത്സ്യപുമാൻ (*myth.*); കപ്പലുദ്യോഗസ്ഥൻ; 'കലാശി'. **able s.-man** പ്രവൃത്തിശീലമുള്ള 'കലാശി'. **ordinary s.-man** സാധാരണ '—'. **s.-manlike** കപ്പലോട്ടം ശീലമുള്ള. **s.-manship** നാവികവിദ്യ, കപ്പലോട്ടസാമൎത്ഥ്യം. **s.-mark** (കടലിൽനിന്ന് കാണത്തക്കവണ്ണം) കരയിൽ ഉയൎന്ന് നില്ക്കുന്നത്, ദിക്കടയാളം. **s.-mile** ജലനാഴിക. **s.-monster** വൻജലജന്തു (*z.*). **s.-mud, s.-ooze** ഉപ്പ്വളമണ്ണ്. **s.-nettle** കടച്ചൊറി (*z.*). **s.-otter** കടല്നീൎനായി (*z.*). **s.-piece** സമുദ്രചിത്രം. **s.-pool** ലവണജലാശയം. **s.-port** തുറമുഖം, 'ബന്തറ്'. **s.-quake** സമുദ്രകമ്പം. **s.-rat** കടല്ക്കള്ളൻ; ഒര് മത്സ്യം (*z.*). **s.-raven** ഒര് മത്സ്യം (*z.*); കടല്ക്കാക്ക (*z.*). **s.-risk** കപ്പൽച്ചേതം; സമുദ്രാപകടം. **s.-robber, s.-thief** കപ്പല്ക്കൊള്ളക്കാരൻ, കടല്ക്കള്ളൻ.

s.-room കപ്പലോട്ടുവാൻവേണ്ടുന്നസ്ഥലം, കപ്പലോട്ടസൌകൎയ്യം. s.-rover കടല്ക്കവൎച്ചക്കാരൻ; കൊള്ളക്കപ്പല്. s.-roving കടലിൽ അങ്ങോട്ടുമിങ്ങോട്ടും ഓടൽ. s.-salt ഉപ്പ്, കടലുപ്പ്. s.-scape സമുദ്രപ്രദേശചിത്രം. s.-serpent, s.-snake കട(ല്പാ)പ്പാമ്പ് (z.); മഹാജലസൎപ്പം (z.). s.-shell ഇത്തി(പ്പി)ള് (N.), കക്ക (S.). s.-sickness തലചുററല്; (കടൽ)ഛൎദ്ദി. s.-spider ഒരുവക ഞണ്ട് (z.). s.-turn കട(ല്കാ)ക്കാററ്. s.-turtle കടലാമ (z.). s.-unicorn കൊമ്പൻതിമിംഗലം (z.). s.-urchin ഒരുവക കട(ല്ചൊ)ച്ചൊറി (z.). s.-wall പാതാറ്. s.-walled ചുററും കടലുള്ള. s.-ware, s.-weed കട(ല്ചെ)ച്ചെടി. s.-water കടൽവെള്ളം, ഉപ്പ് —, സമുദ്രജലം. s.-wolf ഒരുവക കടല്നായി (z.). s.-worthiness കടലോട്ടത്തിനുള്ള യോഗ്യത. s.-worthy കടലിൽ ഓട്ടുവാൻ പററിയ. heavy s. വലിയകടല്, വൻതിര, കോള്. long s. നീളത്തിര; വിശാലക്കടല്. short s. ചെറുതിര; കറുങ്കടല്. at s. കടലിൽ, കരകാണാതെ; ദിക്കില്ലാതെ, വിഷമത്തിൽ. at full s. നിറവേലിയായി, നിറഞ്ഞ ഏററത്തോടെ; നിറവായി, സമൃദ്ധിയായി. beyond s.s, beyond the s., beyond the s.s മറുനാട്ടിൽ, അന്യരാജ്യത്തിൽ. half-s.s over അരമത്തനായി, നല്ലബോധമില്ലാതെ. to go to s. കലാശിയായ്ത്തീരുക, നാവികനാക. -'ward (-wĕrd), a. കടല്കൊള്ളെയുള്ള. ad. കടല്കൊള്ളെ.

I. Sēal (sēl), n. കടല്നായി (z.). s.-brown കരിന്തവിട്ട് നിറമുള്ള.

II. Sēal (sēl), n. മുദ്ര; 2. (അരക്കിൽ പതിച്ച) മുദ്രയടയാളം; 3. നിശ്ചയം, ഉറപ്പ്, ഭദ്രത. great s. ഇംഗ്ലീഷ് രാജ്യമുദ്ര. privy s. — രാജ —. s.-engraving രത്നക്കൊത്ത്, മുദ്രക്കൊത്ത് പണി. s.-ring മുദ്രമോതിരം. v. t. മുദ്രയിടുക; 2. ഉറപ്പിക്കുക, സ്ഥിരപ്പെടുത്തുക; 3. മുദ്രവെക്കുക; 4. അരക്ക് വെച്ചുറപ്പിക്കുക; 5. സ്വകാൎയ്യമായിവെക്കുക. s.ing-wax അരക്ക്.

I. Sēam (sēm), n. കൊഴുപ്പ്, ചെരുവി, നെയി.

II. Sēam (sēm), n. മൂട്ട്, തുന്ന്; 2. ചേൎപ്പ്, സന്ധ്, ഓരായം; 3. അട്ടി; 4. വടു, കല. v. t. മൂട്ടുക, തുന്നുക, തൈക്കുക (S.), കൂട്ടിച്ചേൎക്കുക, ഇഴചേൎച്ച് കൂട്ടുക; 2. വടു ഉണ്ടാക്കുക; — വിീൎത്തുക; 3. ഇഴപിന്നുക. v. i. പിളരുക, വിള്ളുക. -'ing, n. തുന്നൽ; വലയുടെകാല്. -'less, a. തുന്നലില്ലാത്ത, മൂട്ടാത്ത. -'stress, n. തുന്നക്കാരത്തി. -'stress-y, n. തുന്നപ്പണി, തയ്യൽവേല. -'y, a. വടുവുള്ള.

III. Sēam (sēm), n. ഒരു ധാന്യാളവ്, 64 ഇടങ്ങാഴിപ്പറ; 2. (കണ്ണാടി) 120 റാത്തൽതൂക്കം.

Se-ānce' (sā-äns'), n. സഭായോഗം; 2. ആത്മമതവാദിസഭായോഗം.

Sean'na-chie, Sen'na-chy, n. വന്ദി; 2. വംശാവലിജ്ഞൻ.

I. Sēar, Sēre (sēr), a. വാടിയ; ഉണങ്ങിയ. v. t. വാട്ടുക, ഉണങ്ങുക; 2. പൊള്ളിക്കുക; കരിക്കുക; 3. ചൂട് വെക്കുക; 4. കട്ടപ്പമാക്കുക, മരവിപ്പിക്കുക. s.-cloth മെഴത്തുണി, മെഴശീല. s.-leaves പഴുത്ത ഇല, ഉണക്കച്ചപ്പ്. s.-wood ഉണക്കക്കൊമ്പ്. to s. up അടച്ച് കളയുക, ഇല്ലാതാക്കുക. -'ed-ness, n. മരവിക്കൽ, കല്ലിക്കൽ. in the s. and yellow leaf വാൎദ്ധക്യം; ക്ഷയകാലം.

II. Sēar, n. തോക്കിന്റെ കൊത്തിപ്പല്ല്.

Sēarce (sērs), n. അരിപ്പ, ചല്ലടം (S.), മുറം, തട്ടപ്പ, 'പെരേര'. v. t. കൊഴിക്കുക; തെള്ളുക, അരിക്കുക, വടികെട്ടുക. sēarc'ēr, n. അരിക്കുന്നവൻ; അരിപ്പ, മുറം.

Sēarch (sērch), v. t. തിരയുക, അന്വേഷിക്കുക; 2. ശോധനചെയ്യുക, — നടത്തുക; 3. പരിശോധിക്കുക, പരീക്ഷിക്കുക. to s. out തിരഞ്ഞ് കാണുക. v. i. തിരയുക, അന്വേഷിക്കുക, തേടുക, തിരക്കുക. n. അന്വേഷണം; തേട്ടം, തിരയൽ; തിരച്ചല്; 2. ശോധന; 3. പരിശോധന, പരീക്ഷ. s.-warrant ശോധന'വാറണ്ട്', — കല്പന. right of s. യുദ്ധകാലത്ത് അന്യരാജ്യക്കപ്പലുകൾ ശോധനചെയ്യാനുള്ള അവകാശം (l.). s. of

person ദേഹപരിശോധന (*l.*). in s. of അന്വേഷിച്ച്, തിരഞ്ഞ്. -'a-ble, *a.* അന്വേഷിക്കാകുന്ന, തിരയാകുന്ന. -'a-ble-ness, *n.* അന്വേഷണീയത്വം. -'ĕr, *n.* അന്വേഷിക്കുന്നവൻ; ശോധന ചെയ്യുന്നവൻ; പരിശോധകൻ; ശവപരിശോധകൻ; ചുങ്കമുദ്യോഗസ്ഥൻ; ചൎമ്മ പരിശോധകൻ; പീരങ്കിശോധകയന്ത്രം; വെണ്ണശോധകോപകരണം; അശ്മരിശസ്ത്രം (*med.*). -'ing, *a.* അന്വേഷിക്കുന്ന; പരിശോധിക്കുന്ന; സൂക്ഷ്മമായ; ഉൾക്കിയെട്ടുക്കുന്ന, മനസ്സിന്ന് തട്ടുന്ന, ഏശുന്ന; ഉഗ്രതയുള്ള, കുത്തിത്തുളക്കുന്ന. -'ing-ly, *ad.* സൂക്ഷ്മമായി, ഖണ്ഡിതമായി. -'ing-ness, *n.* സൂക്ഷ്മം, ഉഗ്രത. -'less, *a.* ആരായുവാൻ കഴിയാത്ത; അറിവാൻ വഹിയാത്ത, അഗോചരമായ.

Sēa'ṣon (sē'zn), *n.* കാലഭേദം, കാലം, ഋതു; 2. സമയം, തഞ്ചം, നേരം, തരുണം, മുഹൂൎത്തം; 3. കുറെകാലം, അല്പകാലം: thou shalt be blind for a s. കുറെ കാലത്തേക്ക് നിണക്ക് കണ്ണ് കാണാതെ പോകും. cold s. ശീതകാലം. hot s. ഉഷ്ണ—. rainy s. മഴക്കാലം, വൎഷകാലം, വൎഷം, കാലവൎഷം. in s. കാലോചിതമായി, തക്കസമയം, തരം നോക്കി, തഞ്ചത്തിൽ. out of s. സമയം തെറ്റി, അകാലം, തഞ്ചക്കേടായി. *v. t.* തക്കതാക്കുക, കൊള്ളിക്കുക, യോഗ്യമാക്കുക; 2. ഒരുക്കുക, തയ്യാറാക്കുക; 3. പാകമാക്കുക; മയക്കുക; 4. പഴക്കം വരുത്തുക; പതംകൊട്ടുക്കുക, മയമാക്കുക; 5. തഴക്കം—, ശീലം ആക്കുക, നേററി—; 6. (മരം) ഉണക്കം തീൎക്കുക; 7. രുചിവരുത്തുക; വറവിടുക, വറത്തിടുക, താളിക്കുക, പുകാരിക്കുക (*M.*); 8. അഭിരുചി വരുത്തുക, രസം കൂട്ടുക, രസികമാക്കുക; 9. കൂട്ട് കൂട്ടുക, കട്ടപ്പം കുറക്കുക; ശാന്തമാക്കുക; 10. രഞ്ജന വരുത്തുക, വാസന ജനിപ്പിക്കുക; 11. സംഗമം ചെയ്യുക, ഗൎഭധാനം—. *v. i.* പാകം ആക, പക്വം—; 2. പററുക, തക്കതാക; 3. രാജ്യംപററുക, നാട്—, വെള്ളം—; 4. തഴക്കം വരിക, ശീലം—; 5. (മരം) ഉണക്കം തീരുക; 6. മയമാക; പതം വരിക. -a-ble, *a.* കാലോചിതമായ, തക്ക സമയത്തുള്ള; കാലത്തിന്ന് ഒത്ത, —പററിയ; തഞ്ചത്തിലുള്ള, തരമായ. -a-ble-ness, *n.* കാലൌചിത്യം, തക്കം, തരം. -a-bly, *ad.* തക്കസമയത്ത്, കാലോചിതമായി; തഞ്ചംനോക്കി. -al, *a.* ഋതുസംബന്ധമായ, കാലഭേദംസംബന്ധിച്ച. s.l dimorphism ഋതുരൂപവികാരം (*biol.*). -ĕr, *n.* രുചിവരുത്തുന്നവൻ; വറവ്, വറത്തിടൽ, താളിക്കൽ, പുകാരിക്കൽ (*M.*). -ing, *n.* പാകമാക്കൽ, പതംകൊട്ടുക്കൽ; രസം, ചാറ്, ആണം (*M.*); ശൎമ്മസ്സാല; ഉപസ്കാരം, വ്യഞ്ജനം, വറവ്, കട്ടുവറക്കൽ; രസം, നേരമ്പോക്ക്. s.g tub മാവ് കൂട്ടിയിടുന്ന തൊട്ടി. -less, *a.* ഋതുഭേദമില്ലാത്ത.

Sēat (sēt), *n.* ഇരിപ്പിടം, ആസനം, പീഠം; ഭദ്രാസനം; 2. 'കസേല'; നാല്കാലി; മുക്കാലി; 'ബാങ്ക്'; പലക, മണ; 3. വാസസ്ഥലം, പാൎപ്പിടം; നില, ഇടം, സ്ഥലം; 4. അടി, മൂട്: the s. of a chair കസേലയുടെ അടി; the s. of pantaloons കാല്ച്ചട്ടയുടെ മൂട്; 5. ഇരിത്തം; സ്ഥാനം, ഇരിക്കേണ്ടും സ്ഥലം; പതിവായ ഇരിപ്പിടം; ഇരിക്കുംവിധം. *v. t.* ഇരുത്തുക, ഇരിപ്പാൻ കൊടുക്കുക; 2. സ്ഥാനത്താക്കുക, ആക്കുക, വെക്കുക; 3. സ്ഥാപിക്കുക, ഉറപ്പിക്കുക; 4. പാൎപ്പിക്കുക; 5. അടിവെക്കുക, മൂട്—. -'ing, *n.* ഇരുത്തൽ, ഇരിപ്പാൻ കൊടുക്കൽ; ഇരിപ്പിടം ഉണ്ടാക്കൽ; —ഉണ്ടാക്കുന്ന സാധനം. -'less, *a*, ഇരിപ്പിടം ഇല്ലാത്ത; മൂട്—.

Se-bā'ceōus (-bā'shus), *a.* കൊഴുപ്പ് സംബന്ധിച്ച; 2. —ഉണ്ടാക്കുന്ന, —വെളിപ്പിക്കുന്ന; 3. —ആയ, നെയ്യായ; 4. കൊഴുപ്പ് പോലെയുള്ള. s. glands സ്നേഹപിണ്ഡം (*an.*). =bac'ic, *a.* കൊഴുപ്പായ; മേദസ്സ്പോലെയുള്ള. =bif'ĕr-ŏus, =bip'a-rŏus, *a.* അരക്ക് ഉണ്ടാകുന്ന, പന്തം— (*b.*); കൊഴുപ്പ്— (*phys.*).

Se-bes'ten, *n.*, *s. a.* Sepistan.

Se-bif'ĕr-ŏus, Se-bip'a-rŏus, *s. u.* Sebaceous.

Se-cā'le, *n.* ചെറുകോതമ്പ് വൎഗ്ഗം (*b.*).

Sē'cant, *n.* ഭേദനരേഖ (*geom.*); 2. പരിധിഭേദനരേഖ (*geom.*); 3. (വൃത്താം

ശ) അധിരേഖ (*trig.*); 4. ജീവാധിരേഖാനുപാതസംഖ്യ (*trig.*). *a.* ഭേദനം ചെയ്യുന്ന, ഖണ്ഡിക്കുന്ന, രണ്ടായി മുറിക്കുന്ന. **sē′can-cy,** *n.* ഭേദനം; ഭേദനസ്ഥാനം.

**Sec′cō,** *a.* ഉണങ്ങിയ, ആറിയ. **s. painting, painting in s.** ഉണക്കക്കുമ്മായച്ചുവർചിത്രം.

**Se-cēde′** (-sēd′), *v. i.* പിൻവാങ്ങുക, പിരിയുക, വേപ്പിരിയുക; 2. വിട്ടുക, ത്യജിക്കുക, ഉപേക്ഷിക്കുക; 3. വിട്ടൊഴിയുക, അകന്ന് നില്ക്കുക. **=cē′dēr,** *n.* പിരിഞ്ഞ് കളയുന്നവൻ. **=ces′siŏn** (-sesh′un), *n.* പിൻവാങ്ങൽ, വേപ്പാട്, പിരിച്ചല്.

**Se-cērn′,** *v. t.* പിരിക്കുക, വേപ്പെടുത്തുക; 2. പ്രത്യേകമാക്കുക, വിശേഷതപ്പെടുത്തുക; 3. (ദേഹനീര്) വേർതിരിക്കുക, ഉണ്ടാക, ഉളവാക, ഊറുക (*phys.*). **-ent,** *a.* വേർതിരിക്കുന്ന, ഉളവാക്കുന്ന (*phys.*). *n.* ദേഹസ്രാവവൎദ്ധകസാധനം; ദേഹസ്രാവണാശയം (*an.*). **-ment,** *n.* (ദേഹനീര്) വേർതിരിക്കൽ, ഉളവാക്കൽ (*phys.*).

**Se-ces′siŏn,** *n.*, *s. u.* **Secede.**

**Sē′chi-um,** *n.* അമേരിക്കച്ചുരങ്ങ (*b.*).

**Seck,** *a.* അഫലമായ; ആദായം ഇല്ലാത്ത; 2. ഫലവൃക്ഷി—.

**Se-clude′,** *v. t.* വാതില് പൂട്ടിയകത്തിരിക്കുക; പൂട്ടിയിടുക; 2. മറവിൽ വെക്കുക, അകററി—; 3. ഏകാന്തത്തിലാക്കുക; ഏകാന്തവാസംചെയ്യുക; മറവിലിരിക്കുക, പിരിഞ്ഞ് നില്ക്കുക. **=clu′ded-ly,** *ad.* മറവിൽ, ഏകാന്തമായി, രഹസ്യത്തിൽ, സ്വകാൎയ്യമായി. **=clu′ded-ness,** *n.* ഏകാന്തവാസം. **=clu′siŏn** (-zhun), *n.* അകററിവെക്കൽ; അകല്ച, വേപ്പാട്; ഏകാന്തവാസം; ഗോപ്യത. **=clu′sive,** *a* അകററുന്ന; ഏകാന്തമാക്കുന്ന; വേപ്പെടുത്തുന്ന.

**Sec′ŏnd,** *a.* രണ്ടാം, രണ്ടാമത്തെ, ദ്വിതിയ; 2. അടുത്ത, പിന്നേത്ത, പിറെറ, മറെറ, മറു, വേറെ, ഇതര; 3. കീഴിലുള്ള, അധീനമായ, ഉപ; 4. കീഴ്ത്തരമായ, താണ, 'ദ്വയം'; 5. ഒന്നിടവിട്ടുള്ള, ഒന്നരാടമായ: **every s. day** ഒന്നരാടം (ദിവസം). **s. child** മറുകടിഞ്ഞൂല്. **s.-rate, s. class** രണ്ടാംതരം, മദ്ധ്യമം, സാധാരണമായ. **s. cousin** ജ്യേഷ്ഠാനുജജ്യേഷ്ഠത്തിയനുജത്തിമക്കളുടെമക്കള്. **s. estate** ഇംഗ്ലാന്തിലെ പ്രഭുസഭ. **s. girl** ഉപദാസി. **s. floor, s. story** രണ്ടാം തട്ട്, —നില (*U. S.*); മൂന്നാം തട്ട് (*Eng.*). **s.-hand** പഴയ, ഉപയോഗിച്ച; രണ്ടാം കയ്യായ; കേട്ടറിഞ്ഞ. **s.-sight** ദിവ്യചക്ഷുസ്സ്, —ദൃഷ്ടി, ഭവിഷ്യജ്ഞാനം. **s.-sighted** ഭവിഷ്യജ്ഞാനമുള്ള. **s. thought** പിന്നാലോചന, പുനരാലോചന. **at s.-hand** നേരിട്ടല്ലാത്ത, അന്യവഴിയായി ഉള്ള, —മാൎഗ്ഗമായി—, അന്യര് മുഖേന—. **s. to none, without a s.** അദ്വിതീയം, അനുത്തരം, അത്യുത്തമം. *n.* രണ്ടാമത്തത്; 2. രണ്ടാമൻ, ദ്വിതീയൻ; 3. കീഴിലുള്ളവൻ; 4. കൂട്ടാളി, സഹായി, തുണയാളി; 5. ദ്വന്ദ്വയുദ്ധസഹായി; 6. *pl.* രണ്ടാംതരം ചരക്ക്; പട്ടതരം (കോതമ്പ്) മാവ്, —ധാന്യപ്പൊടി; 7. (സമയം) വികലാ, ക്ഷണം, നൊടി, മാത്ര, നിമിഷം, 'സെക്കണ്ട്' കലയുടെ അറുപതാം അംശം; നാഴികയുടെ 1440ാം—; 8. (ദൂരം) വികലാ, കലയുടെ അറുപതാം അംശം; ഭാഗത്തിൻെറ 3600ാം—; 9. (അളവ്) അംഗുലത്തിൻെറ പന്ത്രണ്ടാം—; 10. രണ്ടാം രാഗം (*mus.*). **s.-hand** (ഘടികാരത്തിൻെറ) 'സെക്കണ്ട്'സൂചി, വികലസൂചി. **s. of exchange** ഉണ്ടികപ്പകൎപ്പ് (*com.*). *v. t.* തുടരുക, പിന്തുടരുക, പിന്നാലെവരിക, വഴിയെ ഉണ്ടാക; 2. ഒന്നിടവിട്ടുണ്ടാക, ഇടയിൽവരിക; 3. സഹായിക്കുക, തുണക്കുക; 4. കയററം കൊടുക്കുക; 5. യോജിച്ച് പ്രസ്താവിക്കുക, —പറയുക, താങ്ങിപ്പറയുക, പിൻതാങ്ങുക; 6. ഉത്സാഹിപ്പിക്കുക, ധൈൎയ്യപ്പെടുത്തുക, ചുണകൂട്ടുക; 7. ദ്വന്ദ്വയുദ്ധസഹായിയായിരിക്കുക. **=dar-i-ly,** *ad.* രണ്ടാമത്തെതായി, രണ്ടാമത്, പിന്നെ. **=dar-i-ness,** *n.* രണ്ടാം നില, —സ്ഥാനം, ദ്വിതീയത്വം. **=dar-y,** *a.* രണ്ടാമത്തെ, ഇളമയായ, പിന്നേത്ത, വഴിയേത്ത; രണ്ടാംതരം ആയ, മദ്ധ്യമം—, താണ; മുഖ്യ

മല്ലാത്ത; കീഴുള്ള, അധീനമായ; അന്യര് മുഖേന ഉള്ള, ആളെയാക്കി ചെയ്യിക്കുന്ന, പ്രതിനിധിമുഖാന്തരമുള്ള, 'ബതലാള്' ചെയ്യുന്ന; അനുരോഗമായ, തുടന്ന് വരുന്ന (*med.*); ഏതാനും പഴക്കപ്പെട്ട, മദ്ധ്യനിലയെത്തിയ (*med.*); കട്ടപ്പംകറഞ്ഞ (*ch.*); അനന്തരോല്പന്നമായ (*min.*). **s.y accent** സ്വരോപഭാരം (*gr.*). **s.y amputation** സുഖാനന്തരാംഗച്ഛേദനം (*med.*). **s.y circle** ലംബവൃത്തം, —ചക്രം (*geom, as.*). **s.y colour** മിശ്രവൎണ്ണം. **s.y evidence** മദ്ധ്യമതെളിവ് (*l.*). **s.y fever** അനുജ്വരം (*med.*). **s.y planet** ഉപഗ്രഹം (*as.*). **s.y qualities** ഉപലക്ഷണങ്ങൾ, ഉപഗുണങ്ങൾ. **s.y syphilis** ഉഗ്രശ്രോണിതം(*med.*). **s.y tint** മന്ദവൎണ്ണം, ചാമ്പൽനിറം. *n.* കീഴുദ്യോഗസ്ഥൻ, രണ്ടാമൻ, ഉപാധിപൻ; ലംബവൃത്തം (*as.*); ഉപഗ്രഹം (*as.*). **-ĕr,** *n.* സഹായി, തുണയാളി; ഉപപ്രസ്താവകൻ, യോജിച്ച് പറയുന്നവൻ. **-ly,** *ad.* രണ്ടാമതായി, രണ്ടാമത്. **=con'dō,** *n.* (സംയോഗസംഗീതത്തിൽ) രണ്ടാം രാഗം (*mus.*).

**Sē'cret,** *a.* രഹസ്യം ആയ, ഗൂഢം—, ഗോപ്യം—; ഗുപ്തം—; 2. ഒളിവായ, ഒളി, ആരും അറിയാത്ത, മറവായിരിക്കുന്ന; ഒളിച്ച് വെച്ച; 3. സ്വകാൎയ്യം ആയ; ഏകാന്തം—; 4. സ്വകാൎയ്യം വെളിപ്പെടുത്താത്ത, കള്ളിവെളിച്ചത്താക്കാത്ത, മനസ്സുറപ്പുള്ള; സ്വകാൎയ്യമായി വെക്കുന്ന; വിശ്വസ്തതയുള്ള, വിശ്വാസത്തിന്ന് മതിയായ. *n.* രഹസ്യം, മൎമ്മം; 2. സ്വകാൎയ്യം, ഗോപ്യം; 3. *pl.* ഗുഹ്യപ്രദേശം. **in s.** രഹസ്യത്തിൽ, ഗൂഢമായി, സ്വകാൎയ്യമായി. **=cre-cy,** *n.* രഹസ്യം, ഗോപ്യത; സ്വകാൎയ്യം, ഏകാന്തം; വിശ്വസ്തത, മനസ്സുറപ്പ്. **=crē'tive,** *a.* രഹസ്യമായിവെക്കുന്ന, ഒളിച്ച്—. **=crē'tive-ness,** *n.* ഗോപ്യത; ഗോപ്യശക്തി. **-ly,** *ad.* രഹസ്യമായി, ഒളിവിൽ. **-ness,** *n.* ഗോപ്യത; ഒളിച്ച് വെക്കൽ.

**Sec're-tar-y** (-tĕr-), *n.* രഹസ്യം സൂക്ഷിക്കുന്നവൻ, —അറിയുന്നവൻ; 2. ലേനവൻ, എഴുത്ത് പ്രവൃത്തിക്കാരൻ, 'ഗുമസ്താവ്'; 'രായസക്കാരൻ', 'രായസം'; 3. മന്ത്രി, കാൎയ്യസ്ഥൻ, മേലധികാരി; 4. കാൎയ്യദൎശി; 5. എഴുത്ത്പീഠം, മേശപ്പെട്ടി; 6. ഒര് വലിയ റാഞ്ചൻപക്ഷി, ഒര് വക ഞാറ, പാമ്പ് കൊല്ലിപ്പക്ഷി (*z.*). **s.-bird** പാമ്പ് കൊല്ലി ഞാറ (*z.*). **s. of state, state-s.** മന്ത്രി. **chief s.** മേൽരായസം. **under-s.** ഉപരായസം. **=tā'ri-al,** *a.* രായസംസംബന്ധിച്ച. **=tā'ri-at, =tā'ri-āte,** *n.* രായസംകച്ചേരി, രായസപ്രവൃത്തിസ്ഥലം. **-ship,** *n.* രായസ ഉദ്യോഗം, —സ്ഥാനം; മന്ത്രി—; —ഉദ്യോഗകാലം.

**Se-crēte'** (-krēt'), *v. t.* ഒളി(പ്പി)ച്ച് വെക്കുക, മറച്ച്—; 2. വേൎത്തിരിക്കുക, ദേഹനീര് ഊറുമാറാക്കുക, —ഉളവാക്കുക (*phys.*); 3. —വിസൎജ്ജിക്കുക (*phys.*). **=crē'tiŏn,** *n.* ഒളിപ്പിക്കൽ, മറച്ച് വെക്കൽ; വേൎത്തിരിക്കൽ; ദേഹനീരുളവാക്കൽ (*phys.*); ദേഹനീര് (*phys.*); മലം (*phys.*). **=crē-ti'tiŏus** (-tish'us), *a.* ദേഹത്തിൽഊറിക്കൂടുന്ന; —ഉളവാകുന്ന. **=crē'tŏr-y,** *a.* ദേഹനീരൂറിക്കുന്ന, നിൎഭേദനംചെയ്യുന്ന (*phys.*). *n.* ദേഹനീൎപിണ്ഡം, സ്രവണാശയം (*phys.*).

**Se-crē'tive, Se-crē'tive-ness, Sē'cret-ly, Sē'cret-ness,** *s. u.* **Secret.**

**Sect,** *n.* പക്ഷം, കക്ഷി, പരിഷ; 2. മതം; മതഭേദം; ഉപദേശ—; 3. വിദ്യാകക്ഷി; അഭിപ്രായഭേദം; 4. ദൎശനം (*phil.*). **=tā'ri-an,** *a.* പരിഷസംബന്ധിച്ച; മതഭേദ—. **=tā'ri-an, sec'tā-rist, sec'tar-y, sec'tist,** *n.* പരിഷക്കാരൻ; ഭേദാഭിപ്രായവാദി; മതഭേദക്കാരൻ. **-'ism, =tā'ri-an-ism,** *n.* ഉപദേശഭേദവാദം; കക്ഷി—; മതഭേദ—. **=tā'ri-an-īse, =tā'ri-an-īze,** *v. t.* കക്ഷിവാദംജനിപ്പിക്കുക; കക്ഷിവാദത്തിൽ പെടുത്തുക.

**Sec'tile** (-til), *a.* (ലോഹം) കത്തികൊണ്ട് മുറിക്കാകുന്ന (*min.*) **=til'i-ty,** *n.* (ലോഹ)ഭേദനീയത്വം.

**Sec'tiŏn,** *n.* ഭേദനം, മുറിക്കൽ; 2. കഷണം, തുണ്ടം, മുറി; 3. ഗ്രന്ഥഭാഗം, ഖണ്ഡം, കാണ്ഡം, അംശം; പ്രകരണം, സ്കന്ധം, പൎവ്വം, അദ്ധ്യായം, വകുപ്പ്; 4. § എന്ന വകുപ്പടയാളം; 5. രാജ്യഭാഗം, പ്ര

ദേശം, ദേശം; 6. ജനഭാഗം, സമുദായം, പരിഷ, വകക്കാര്; 7. ഒര് ചതുരശ്രനാഴികവിസ്താരമുള്ള ഭൂമി (*U.S.*); 8. സ്ഥൎശസ്ഥാനം (*geom.*), തലം (*geom.*); പൃഷ്ഠം (*geom.*); രേഖ (*geom.*); വിന്ദു (*geom.*); 9. വൎഗ്ഗം, കലം (*nat.*); 10. പാൎശ്വപടം. **conic s.** ശങ്കുഗണിതം (*math.*). **-al,** *a.* സാമുദായികം ആയ; പ്രത്യേകം—; ഖണ്ഡം—; ഖണ്ഡിക്കാവുന്ന. **-al-ism, -al′-i-ty,** *n.* സമുദായപ്രതിപത്തി; ദേശ—. **-al-īse, -al-īze,** *v.t.* ഭാഗിക്കുക, ഖണ്ഡിക്കുക. **-al-ly,** *ad.* ഖണ്ഡമായി, ഭാഗംഭാഗമായി. **-īse, -īze,** *v.t.* സമുദായമാക്കുക, പരിഷതിരിക്കുക. **sec′ti-un-cle,** *n.* ചെറുപരിഷ. **sec′tŏr,** *n.* വൃത്തത്രിഭുജ, വൃത്തഖണ്ഡം (*geom.*); ഒര് വക മാപനയന്ത്രം (*sur., as.*). **sec′tŏr-al,** *a.* വൃത്തത്രിഭുജസംബന്ധമായ. **=tō′ri-al,** *a.* മുറിപ്പാൻ പററിയ (*an.*). *n.* മുറിക്കുന്ന പല്ല്, മുന്നാരപ്പല്ല് (*an.*).

**Sec′ū-lar** (-lĕr), *a.* ഒര് ശതാബ്ദത്തിൽ ഒരിക്കലുണ്ടാകുന്ന; ഒര് യുഗത്തിൽ—; 2. യുഗസംബന്ധമായ; യുഗങ്ങളായിട്ടുള്ള; അനേകായിരംകൊല്ലങ്ങൾകൊണ്ടുണ്ടായ; 3. പ്രാപഞ്ചികം ആയ, ലൌകികം—, ഭൌമികം—; ഐഹികം—; 4. ശരീരസംബന്ധം—, ജഡികം—; 5. മഠബന്ധമില്ലാത്ത, മഠസന്ന്യാസിഅല്ലാത്ത (*R. C.*); 6. ബോധകൻ—, സാമാന്യര് ആയ, 'അല്മനികൾ'—(*Syr.*). **s. clergy** മഠബന്ധമില്ലാത്ത ബോധകൻ(*R. C.*). **s. music, s. hymn, s. poem** ലൌകികപ്പാട്ട്. *n.* സന്ന്യാസിയല്ലാത്ത ബോധകൻ (*R. C.*); 2. ദേവാലയസംശീതക്കാരൻ (*Chr.*); 3. സഭക്കാരൻ, അല്മനി (*Syr.*). **-ism,** *n.* ലൌകികഭാവം; ജഡികസ്വഭാവം; മതത്യാഗവാദം. **-ist,** *n.* —വാദി. **=lar′i-ty, -ness,** *n.* ജഡികത്വം; പ്രാപഞ്ചികത്വം. **-i-sā′tiŏn, -i-zā′tiŏn,** *n.* ലൌകികമാക്കൽ; മഠബന്ധം ഉപേക്ഷിക്കൽ (*R. C.*). **-īse, -īze,** *v.t.* സന്ന്യാസിത്വംവിടുക (*R. C.*); ലൌകികം ആക്കുക; ജഡഭാവം—. **-ly,** *ad.* ലൌകികമായി.

**Sec′und,** *a.* (ഇല, പുഷ്പം) തണ്ടിന്റെ ഒര് ഭാഗം മാത്രം ഉള്ള (*b.*). **=cun′dāte,** *v. t.* അഭിവൃദ്ധിയാക്കുക, വൎദ്ധിപ്പിക്കുക. **=dā′tiŏn,** *n.* വൎദ്ധന, അഭിവൃദ്ധി, വാഴ്ച. **=un-dīne,** *n.* (വിത്തിന്റെ) ഉൾത്തൊലി (*b.*); *pl.* മറു, മറുപിള്ള, മാച്ച് (*an.*). **=dō-ġen′i-tūre,** *n.* മറുകടിഞ്ഞൂലവകാശം, ദ്വിതീയപുത്രാവകാശം.

**Se-cūre′,** *a.* നിൎഭയം ആയ, നിരാകുലം—; ആധിയററ, ചിന്താകുലം ഇല്ലാത്ത; വിചാരം—; മനഃസുഖംഉള്ള; നിശ്ചയം—, ഉറപ്പ്—; വിശ്വാസം—; 2. വിചാരം ഇല്ലാത്ത, സൂക്ഷ്മം—, ജാഗ്രത—, 3. (of) സംശയമററ, തേററംഉള്ള, തീൎച്ച—, ഉറപ്പായി വിശ്വസിച്ചിരിക്കുന്ന; 4. (from, against) ഭദ്രം ആയ, സുരക്ഷിതം—, അപകടം ഇല്ലാത്ത, ഹാനി—. *v. t.* ഭദ്രം ആക്കുക, അവിഘ്നം—, അപകടം ഇല്ലാതാക്കുക, ഹാനി—, കാക്കുക; 2. (against, from) ഉറപ്പ് വരുത്തുക; —വാങ്ങുക; ജാമ്യം—; 'ഭൂമി'തീൎക്കുക, —മുറിക്കുക; 3. 'ബന്താ'ക്കുക, ബന്തോവസ്തിൽവെക്കുക, ബന്തിൽ—; ഇട്ട് പൂട്ടുക, ഉറപ്പിക്കുക, ബന്ധിക്കുക; 4. കൈവശപ്പെടുത്തുക; വശത്താക്കുക, സ്വാധീനപ്പെടുത്തുക; 5. കിട്ടുക; സാധിപ്പിക്കുക. **-ly,** *ad.* ഉറപ്പായി, ഭദ്രമായി. **-ment,** *n.* ഭദ്രമാക്കൽ; രക്ഷ. **-ness,** *n.* ഭദ്രത, നിൎഭയം; അജാഗ്രത; ഉറപ്പ്, ജാമ്യം. **=cū′-rĕr,** *n.* സാധിപ്പിക്കുന്നവൻ; ഉറപ്പിക്കുന്നവൻ. **=cū′ri-ty,** *n.* ഭദ്രത; നിരാകുലത്വം; നിൎഭയം; ആശ്രയം, ധൈൎയ്യം; നിശ്ചയം; സൂക്ഷ്മക്കേട്, ഉപേക്ഷ, അജാഗ്രത, നിൎവ്വിചാരം, അശ്രദ്ധ; ഉറപ്പ്, പണയം, ഈട്, പണ്ടം; 'ജാമ്യം'; ലക്ഷ്യം, രേഖ, ആധാരം. **government securities** സൎക്കാര് കടപത്രം.

**Se-dan′,** *n.* ഒര് വകപല്ലക്ക്, അന്തോ(ന്ദോ)ളം, ശിവി(ബി)ക.

**Se-dāte′,** *a.* ശാന്തംആയ, അനാകുലം—; 2. സമചിത്തംഉള്ള; 3. ഗൌരവം—; 4. ധീരത—, സ്ഥൈൎയ്യം—; 5, മനഃക്ഷോഭമില്ലാത്ത. **-ly,** *ad.* സാവധാനത്തിൽ, ശാന്തമായി. **-ness,** *n.* ശമം; ഗാംഭീൎയ്യം; സാവധാനം, ശാന്തത. **=dā′tiŏn,** *n.* ശമനം; ശാന്തത. **sed′a-tive,** *a.* ശമിപ്പിക്കുന്ന; മാററുന്ന, തണുപ്പിക്കുന്ന, ശീതളമായ (*med.*). *n.* ശമൌഷധം (*med.*).

**Sed'en-tar-y** (-tĕr-), *a.* അധികനേരം കുത്തിരിക്കുന്ന, കുത്തിരുന്നു കഴിക്കുന്ന; 2. ഇരുത്തപ്രവൃത്തിയായ, കുത്തിരുന്നു ചെയ്യുന്ന; 3. ഉദാസീനത ഉള്ള, മന്ദത—, ചുറുചുറുപ്പില്ലാത്ത; 4. ശാന്തമായ, സാവധാനമുള്ള; 5. ഇരിത്തത്താലുള്ള; 6. ഒരേ ദിക്കിൽ തന്നെ ഇരിക്കുന്ന, നിശ്ചലമായ (z.) **sē'dent,** *a.* കുത്തിരിക്കുന്ന; ചുറുക്കില്ലാത്ത, ചുണകെട്ട; മന്ദമായ. =**tar-i-ly,** *ad.* കുത്തിരുന്നു; ഉദാസീനമായി. =**tar-i-ness,** *n.* കുത്തിരുത്തം; ഉദാസീനത.

**Se-dē'runt,** *n.* വിചാരണ, വിസ്താരം. **acts of s.** കോടതികല്പന. (*l.*).

**Sedġe** (sej), *n.* കോരപ്പുല്ല്, ഒരു വക പോട്ടപ്പുല്ല് (*b.*). **sedġed** (sejd), *a.* പോട്ടപ്പുല്ലു കൊണ്ടുണ്ടാക്കിയ. **sedġ'y,** *a.* കോരപ്പുല്ലുള്ള.

**Se-dil'i-a,** *n. pl.* (*s.* **se-dil'i-um**) (പള്ളിയിലെ) ബോധകാസനം.

**Sed'i-ment,** *n.* ഊറല്, മട്ട്; കല്ക്കം. =**men'tal,** =**men'tar-y** (-tĕr-i), *a.* ഊറലായ; ഊറിയുണ്ടായ. **s.y rocks** ഊറപ്പാറ (*geol.*). =**men-tā'tiŏn,** *n.* ഊറൽ; ഊറല്; ഊറമണ്ണ് (*geol.*).

**Se-di'tiŏn** (-dish'un), *n.* കലഹം, മത്സരഭാവം; എതിർഭാവം; 2. വിരോധം ജനിപ്പിക്കൽ, കലക്കമുണ്ടാക്കൽ; 3. രാജദ്രോഹത്തിന്നുത്സാഹിപ്പിക്കൽ. =**di'tiŏn-ar-y** (-dish un-), *n.* കലഹമുണ്ടാക്കുന്നവൻ; മത്സരിപ്പിക്കുന്നവൻ. =**di'tiŏus** (-dish'us), *a.* കലഹഭാവമായ; മത്സരംജനിപ്പിക്കുന്ന; രാജദ്രോഹത്തിന്നുത്സാഹിപ്പിക്കുന്ന. **di'tiŏus-ly** (-dish'us-), *ad.* മത്സരഭാവത്തോടെ; രാജദ്രോഹമായി. =**di'tiŏus-ness** (-dish'us-nes), *n.* കലഹഭാവം, മത്സരം—.

**Sed'litz,** *a., s. a.* **Seidlitz.**

**Se-dūce',** *v. t.* വശീകരിക്കുക, വിലോഭിക്കുക, തിന്മക്ക് ആകൎഷിക്കുക; ദുവൃത്തിയിലേക്ക് നടത്തുക, ദുൎന്നടപ്പിന്നുത്സാഹിപ്പിക്കുക; 2. ചാരിത്രഭംഗംവരുത്തുക, പാതിവ്രത്യഭംഗം—; അപരാധിക്കുക, വഷളാക്കുക, അഭിഗമിക്കുക. **-ment,** *n.* വശീകരിക്കൽ; വശീകരണം, വശീകരം. =**dū'cĕr,** *n.* വശീകരിക്കുന്നവൻ, വിമോഹകൻ, പ്രലോഭകൻ; അപരാധിക്കുന്നവൻ, അഭിഗാമി. =**dū'ci-ble,** *a.* വശീകരിക്കാകുന്ന. =**dū'ciṅg,** *a.* വശീകരമായ. =**dū'ciṅg-ly,** *ad.* വശീകരമായി. =**duc'tiŏn,** *n.* വശീകരണം; പാതിവ്രത്യഭംഗം, അഭിഗമനം; ആകൎഷണം. =**duc'tive,** *a.* വശീകരിക്കുന്ന, തെററിക്കുന്ന, വഷളാക്കുന്ന. =**duc'tive-ly,** *ad.* വശീകരമായി. =**duc'tress,** *n.* വശീകരിക്കുന്നവൾ, വശീകരക്കാരത്തി.

**Sed'ū-lŏus,** *a.* ഉത്സാഹംഉള്ള, ജാഗ്രത—, ശുഷ്കാന്തി—; അദ്ധ്യാനശീലം—. =**dū'li-ty, -ness,** *n.* സ്ഥിരോത്സാഹം, ശുഷ്കാന്തി. **-ly,** *ad.* ഉത്സാഹത്തോടെ.

I. **Sēe,** *n.* ആസനം, അഗ്രാസനം; 2. അദ്ധ്യക്ഷാസനം (*Chr.*); 3. അദ്ധ്യക്ഷാധികാരം (*Chr.*); 4. അദ്ധ്യക്ഷാധികാരസ്ഥലം, അദ്ധ്യക്ഷയിടവക (*Chr.*); 5. പാപ്പാസനം (*R. C.*); പാപ്പസ്ഥാനം (*R. C.*); പാപ്പാധികാരം (*R. C.*); പാപ്പാവിന്റെ ഇടവക, റോമസഭ (*R. C.*).

II. **Sēe,** *v. t. ir.* (**saw, sēen**) കാണുക, ദശിക്കുക, ദൃഷ്ടിക്കുക, പാൎക്കുക. വീക്ഷിക്കുക; നോക്കുക; 2. അറിയുക, ഗ്രഹിക്കുക, മനസ്സിലാക്കുക, ബോധിക്കുക; 3. ശ്രദ്ധിക്കുക, കരുതുക, സൂക്ഷിക്കുക, ദൃഷ്ടിവെക്കുക; 4. ചെന്നു കാണുക, കാണ്മാൻചെല്ലുക, മുഖംകാട്ടുക; 5. അനുഭവിക്കുക; ഇടപെടുക, പരിചയിക്കുക, ശീലിക്കുക: **to s. military service** സേവകംചെയ്യുക; 6. അനുഗമിക്കുക, കൂടപോക, തുണ—, അനുയാത്രചെയ്യുക. **to s.** (anything) **done** ചെയ്യിക്കുക. **to s.** (anything) **out** തീൎത്ത് കാണുക; പൂൎത്തിയാകുംവരെ ഉണ്ടാക. **to s. stars** കണ്ണിൽനിന്ന് തീപ്പൊരി പാറുക. **to s.** (one) **through** അവസാനംവരെ തുണക്കുക; സാദ്ധ്യമാകുംവരെ സഹായിക്കുക. *v. i.* കാഴ്ചയുണ്ടാക, കണ്ണുകാണുക; 2. (through, into) മനസ്സിലാക, ഗ്രഹിക്കുക; 3. (to) സൂക്ഷിക്കുക, കാൎയ്യംനോക്കുക, നോക്കിക്കൊള്ളുക. **See! see!** ഇതാ, നോക്ക് നോക്ക്. **I s.** അങ്ങിനെയാണ്, (എനിക്ക്) മനസ്സിലായി. **you s.** കേട്ടോ, മനസ്സിലാക്കണം, അല്ലേ.

let me (us) s. നോക്കട്ടെ, നില്ക്കട്ടെ; ആലോചിക്കാം, നോക്കാം. to s. about a thing ആലോചിക്കുക, നോക്കുക, വിചാരിക്കുക. to s. to നോക്കുക, സൂക്ഷിക്കുക. -'iṅg, *con.* (that) കൊണ്ട്, നിമിത്തം, ഹേതുവായിട്ട്, ആകയാൽ; അങ്ങിനെയിരിക്കെ; അവസ്ഥക്ക്, വിചാരിച്ച്: he did well s.g that he was so young അവനിത്ര ചെറുപ്പമായ അവസ്ഥക്ക് (അവന്റെ ചെറുപ്പത്തിന്ന്) അവന്റെ പ്രവൃത്തി വളരെ ഭംഗിയായി. sē'ĕr, *n.* കാണുന്നവൻ. sēer, *n.* ഭാവിജ്ഞൻ, ഭവിഷ്യജ്ഞാനി, പ്രശ്നക്കാരി; പ്രവാചകൻ, ദീർഘദർശി (*Bl.*). sēer'ess, *n.* പ്രവാചകി, ദീർഘദർശിനി (*Bl.*). sēer'ship, *n.* പ്രവാചകത്വം, പ്രവാചകസ്ഥാനം (*Bl.*).

Sēed, *n.* വിത്ത്, ബീജം; കരു, അണ്ടി (*b.*); 2. (only *s.*) ശുക്ലം, ധാതു, ബീജം, ഇന്ദ്രിയം (*phys.*); 3. മൂലം, ഉല്പത്തി; ഉറവിടം; 4. ഉല്പാദനം; 5. സന്താനം, സന്തതി, മക്കൾ, അനന്തരവന്മാർ; 6. വംശം, കുലം; 7. ജന്മം. s.-bearing വിത്തുണ്ടാകുന്ന (*b.*). s.-box, s.-vessel കൊട്ട, തോട്, തൊണ്ട്, കരട്ട, വാള് (*b.*). s.-bud മുള (*b.*). s.-cake ഒര് വക അപ്പം, പലഹാരം. s.-coat വിത്തിന്റെ തോല് (*b.*). s.-cod, s.-lip, s.-lop വിത്ത് വട്ടി, മുറം. s.-corn, s.-grain വിത്ത് നെല്ല്, —ധാന്യം, വിത്ത് (*b.*). s.-down ബീജരോമം, പരുത്തി (*b.*). s.-eater കൊത്തൻ (*z.*). s.-lac ഒര് വക അരക്ക്. s.-leaf, s.-lobe വിത്തില (*b.*). s.-man s.s-man വിതക്കുന്നവൻ, വാളുന്നവൻ; വിത്ത്കച്ചവടക്കാരൻ. s.-oil എണ്ണ, s.-oyster (മുരുത്തടം ഉണ്ടാകുവാൻ വെക്കുന്ന) ഇളമുരു (*z.*). s.-pearl ത(അ)രിമുത്ത്. s.-plat, s.-plot ഞാററ്കണ്ടം, ഞാറ് പെയ്യുന്നസ്ഥലം; പാവുന്ന—. s.-stalk വിത്ത്നാര് (*b.*). s.-time വിതക്കാലം, വാളുന്നസമയം, വിത, വാളിച്ച. s.-wool കരു (നീക്കാത്ത) പരുത്തി (*b.*). *v. t.* വിത്തിടുക, വിതക്കുക, വാളുക; നടുക; 2. ബീജ(ങ്ങളാൽ) ശൃംഗാരംചെയ്യുക. to s. down പുല്ല് വിത്ത് വിതക്കുക. -'ĕr, *n.* വിതക്കുന്നവൻ; നടുന്നവൻ. -'i-ness, *n.* പപ്രച്ഛം, പഴക്കം, ജീർണ്ണിപ്പ്; ക്ഷീണം, ജർജ്ജരത്വം. -'less, *a.* വിത്തില്ലാത്ത. -'liṅg, *n.* ഞാറ്; തൈ (*b.*). -'y, *a.* വിത്തുണ്ടാകുന്ന (*b.*); അധികം വിത്തുള്ള; കായിച്ച, കായായ; ചുവയുള്ള; ജീർണ്ണിച്ച, പഴക്കപ്പെട്ട; കീറിമാല ആയ; ജർജ്ജരം—, പപ്രച്ഛം—.

Sēe'iṅg, *s. u.* See II.

Sēek, *v. t. ir.* (sought, sought, *pr.* sąt) അന്വേഷിക്കുക, തേടുക, തിരയുക, തിരക്കുക (*S.*); 2. അപേക്ഷിക്കുക, ചോദിക്കുക, യാചിക്കുക; 3. വാഞ്ഛിക്കുക, ആഗ്രഹിക്കുക, ഇച്ഛിക്കുക, മോഹിക്കുക; 4. പ്രവേശിക്കുക, ചെല്ലുക, പോക. *v. i.* തിരഞ്ഞ് നടക്കുക, തേടി—. to s. after തിരഞ്ഞ്—; പിന്തുടരുക. to s. for അന്വേഷിച്ച് നടക്കുക. s.-sorrow ആധിക്കാരൻ. s. no further ഒര് വക 'ഏല്പ്പ്' പഴം (*b.*). to s. one's life കൊലപ്പെടുത്തുവാൻ ഭാവിക്കുക. -'ĕr, *n.* അന്വേഷിക്കുന്നവൻ, അന്വേഷകൻ.

Sēel, *v. t.* കണ്ണ് തുന്നിക്കൂട്ടുക; 2. കണ്ണ് കെട്ടുക; കുരുടാക്കുക. *n.* കാലം, സമയം.

Sēem, *v. i.* തോന്നുക; 2. പോലെയിരിക്കുക; 3. നടിക്കുക, ഭാവം കാണിക്കുക. it s.s തോന്നുന്നു, പോൽ, അത്രെ. -'ĕr, *n.* നടിക്കുന്നവൻ, നാട്യക്കാരൻ, ഭാവക്കാരൻ. -'iṅg, *a.* തോന്നുന്ന, തോന്നലായ; കാഴ്ചയിൽഉള്ള, ഭാവം—, നാട്യമായ; തക്ക, യുക്തംആയ, ഉചിതം—. *n.* തോന്നല്, കാഴ്ച, ഭാവം, നാട്യം. -'iṅg-ly, *ad.* കാഴ്ചക്ക്, തോന്നത്തക്കവണ്ണം. -'iṅg-ness, *n.* ഭാവം, വേഷം, നാട്യം. -'li-ness, *n.* യോഗ്യത, ഔചിത്യം; അഴക്, ചന്തം. -'ly, *a.* തക്ക, പററിയ, ഒത്ത; യോഗ്യം ആയ, ഉചിതം—; ഭംഗി ഉള്ള, ചന്തം—. *ad.* തക്കവണ്ണം, യോഗ്യമായി.

Sēen, *p. p. of* Sēe. കണ്ട, ദർശിച്ച; കണ്ടറിഞ്ഞ.

Sēep, Sīpe, *v. i.* കനിയുക, ചോരുക. -'āge, sī'pāge, *n.* കനിച്ചല്, ചോച്ച്; ചോന്ന് വന്നവെള്ളം. -'y, sī'py, *a.* വെള്ളംവാന്ന് പോകാത്ത, ചളിയായ, ചൊ(കൊ)ത്തകെട്ടിയ.

I. Sēer, *a.* വേദനയുള്ള; പുണ്ണായ; 2. കഠിനമായ.

II. Sēer, Sēer'ess, Sēer'ship *s. u.* See II. [ത്ര്യം) (*z.*).

Sēer'fish, Sēir'fish, *n.* അയക്കൂറ(മ

Sēer'hand, Sēer'suck-ĕr, *n.* ഒര്വ കട്ടക്കൂലം, മേത്തരംതുണി.

Sēe'saw (sē'sa), *n.* (ഒര്തല താഴുമ്പോൾ മറുതല പൊങ്ങുന്ന) ആട്ടപ്പലക, ചാഞ്ചാട്ടപ്പലക, ഉഴിഞ്ഞാൽമരം, മരവൂഞ്ഞാല്; 2. ചാഞ്ചാട്ടക്കളി; 3. പൊന്തലും താഴലും, താഴ്ചയും ഉയച്ചയും, ചാഞ്ചാട്ടം. *v. i.* ചാഞ്ചാട്ടക, മേല്പട്ടും കീഴ്പട്ടുംപോക, പൊന്തുകയും താഴകയും ചെയ്യുക; മുമ്പോ(ന്നോ)ട്ടം വഴിയോട്ടംപോക. *v. t.* ചാഞ്ചാടിക്കുക, അങ്ങോട്ടും ഇങ്ങോട്ടും പോകമാറാക്കുക. *a.* ചാഞ്ചാട്ടമുള്ള, പൊന്തുകയും താഴകയും ചെയ്യുന്ന, അങ്ങോട്ടും ഇങ്ങോട്ടും പോകുന്ന.

Sēethe (sēth), Sēeth, *v. t. r. & ir.* (sēethed, sēethed, *o. f.* sod, sod'den) പുഴുങ്ങുക, വെള്ളത്തിലിട്ട് വേവിക്കുക. *v. i.* പതക്കുക, പതച്ച് മറിയുക, തിളെക്കുക, കതിക്കുക. sēeth'ĕr, *n.* കലം; ഉരുളി, നാരങ്ങമുറി, ചരക്ക്, വട്ടളം.

Seg, *n.* ഉടച്ച മൂരി, കാള.

Se-gär', *n.*, *s. a.* Cigar.

Seg'gar, Sag'gar, Sag'gĕr, Seg'-gĕr, *n.* (വിശേഷപിഞ്ഞാണപാത്രം ചൂളവെക്കുമ്പോൾ അത് മൂടുന്ന) ചൂളച്ചട്ടി.

Seg'ment, *n.* ഖണ്ഡം, കഷ്ണം, തുണ്ടം, മുറി, ഭാഗം, അംശം; 2. ഖണ്ഡം, വൃത്താംശം (*geom.*); 3. (ചില പ്രാണികളുടെ) ഉടൽവള (*biol.*). s. of a line രേഖാംശം (*geom.*) s. of a sphere ഗോളാംശം (*geom.*). =ment'al, *a.* ഖണ്ഡംസംബന്ധിച്ച; ഖണ്ഡം ആയ; ഉടൽവള— (*biol.*). =men-tā'tiŏn, *n.* ഖണ്ഡനം; ഉടൽവളയുണ്ടാകൽ (*biol.*). -'ed, *a.* ഖണ്ഡംഖണ്ഡമായ; സന്ധുള്ള, ഏപ്പുള്ള.

Seg're-gāte, *v. t.* അകററിവെക്കുക, വേറെയാക്കുക, പിരിക്കുക; പിരിച്ച് പാർപ്പിക്കുക; 2. വേർതിരിച്ച് വെക്കുക. *v. i.* പിരിഞ്ഞ് കൂടുക, തിരിഞ്ഞ്— (*geol.*). *a.* പിരിഞ്ഞ; 2. വേർതിരിച്ച; 3. തെരിഞ്ഞെടുത്ത; 4. പിരിവായ (*b.*). =gā'tiŏn, *n.* പിരിക്കൽ; പിരിവ്, വേർപാട്; തിരിഞ്ഞ് കൂടൽ (*geol.*). s.n camp അകററ് പാളയം; മാററ്—.

Seid'litz, Sed'litz, *a.* 'സീഡ്ലിത്സ്' ഗ്രാമത്തിലുള്ള. s. powders ഒര്(വിരേചന) പാനകചൂർണ്ണം. s. water —ധാതുജലം.

Seign'ior (sēn'yor), *n.* പ്രഭു; 2. യജമാനൻ; 3. ഗൃഹസ്ഥൻ; 4. (സ്പാന്യപൊർത്തുഗാൽ രാജ്യങ്ങളിലെ) പുരുഷോപചാരപദം: മാന്യ, എന്നവര്, അവൎകള്. grand s. തുൎക്കിസുല്ത്താൻ. seig-neū'-ri-al (se-nū'ri-), -al, seig-nō'ri-al (se-nō'ri-), =io'ri-al, *a.* ഗൃഹസ്ഥസംബന്ധമായ; അധികാരമുള്ള; സ്വതന്ത്രനായ. -āge, *n.* രാജാവകാശം, രാജഭോഗം; നാണ്യ(ലോഹ)ക്കിഴിവവകാശം, നാണ്യശാലഭോഗം, കമ്മിട്ടവരി; ജന്മിഭോഗം, ഉടമ—. -al-ty, *n.* പ്രഭുത്വം; ഇടപ്രഭുത്വം; പ്രഭുസ്ഥാനം. -y, seign'eū-ry, seign'-io-ry, *n.* പ്രഭുത്വം; അധികാരം; ഇടപ്രഭുത്വം.

Sēine (sēn), *n.* കോര്വല, ആച്ച് വല. s.-boat, കോര്വലത്തോണി. sēin'ĕr, *n.* വലവലിക്കുന്നവൻ. sēin'-ing, *n.* വലവലിക്കൽ.

Sēir'fish, *n.*, *s. a.* Seerfish.

Sēise, *v. t.*, *s. a.* Seize.

Sēis'in, *n.*, *s.a.* Seizin, *u.* Seize.

Seīs'mic, Seīs'mal (sīs-), *a.* ഭൂകമ്പസംബന്ധിച്ച; 2. ഭൂകമ്പത്താലുണ്ടായ. s.c vertical ഭൂകമ്പകേന്ദ്രോപരിഭാഗം. seīs'mo-graph (-graf), *n.* ഭൂകമ്പലേഖനയന്ത്രം. seīs-mog'ra-phy (-fi), *n.* —ലേഖനം; ഭൂകമ്പശാസ്ത്രം. =mol'ō-ġy, *n.* —ജ്ഞാനം. =mom'e-tĕr, ='mō-scōpe, *n.* —മാത്രം.

Sēize, Sēise, (*l.*), *v. t.* ഓടിപ്പിടിക്കുക, പാഞ്ഞ് പിടിക്കുക; 2. എന്തിപ്പിടിക്കുക; 3. ബലം പ്രമാണമായി കൈവശപ്പെടുത്തുക; 4. പെട്ടന്ന് പിടിക്കുക; 5. കോടതികല്പനപ്രകാരം—, 'ജപ്തി'ചെയ്യുക

(*l.*); 6. ഗ്രഹിക്കുക; മനസ്സിലാക്കുക; 7. നാര് കൊണ്ട് കെട്ടുക, ചൂടി— (*naut.*). to be seized of, to be seised of കൈവശക്കാരനായിരിക്കുക (*l.*); കൈവശാവകാശമുണ്ടാക (*l.*). to s. on *or* upon ബലമായിപിടിക്കുക, പിടിച്ച് വശത്താക്കുക. sēiz'ĕr, *n.* പിടിക്കുന്നവൻ, കൈവശപ്പെടുത്തുന്നവൻ. sēiz'in, sēiṣ'in (*l.*), *n.* കൈവശം (*l.*); കൈവശാവകാശം (*l.*); വസ്തു, മുതല്. s.n in deed, s.n in fact യഥാൎത്ഥകൈവശം (*l.*). s.n in law നിയമകൈവശം; കൈവശന്യായം (*l.*). sēiz'ing, *n.* പിടിക്കൽ, കൈവശപ്പെടുത്തൽ; കെട്ടൽ (*naut.*); കയറ്, ചൂടി, നാര് (*naut.*). sēiz'ĕr, *n.* പിടിക്കുന്നവൻ, കൈവശപ്പെടുത്തുന്നവൻ (*l.*). sēiz'ụre (sēzh'ur), *n.* പിടിക്കൽ; പിടിത്തം; കൈവശമാക്കൽ; 'ബന്തിൽ'വെക്കൽ; കൈവശം, ഉടമ; പിടിച്ചമുതല്, —വസ്തു.

*Sē'jant, Sē'jeant, a.* കുത്തിരിക്കുന്ന (*her.*). *s. rampant* മുൻകാല് പൊക്കിക്കുത്തിരിക്കുന്ന (*her.*). [വില്.

Sē'kos, *n.* (ക്ഷേത്രത്തിലെ) ശ്രീകോ

Sē'lah (-la), *n.* ആവൎത്തനം, പിന്നെയും ചൊല്ലൽ (*Bl.*); 2. നിൎത്ത്, മൌനത (*Bl.*).

Sel'dŏm, *ad.* ദുല്ലഭമായി, ചുരുക്കമായി, അപൂൎവ്വമായി; എങ്ങാനും ഒരിക്കല്, എപ്പോഴെങ്കിലും—, അങ്ങിനെയിരിക്കുമ്പോൾ—. *a.* ദുല്ലഭമായ, ചുരുക്കമായ. -ness, *n.* ദൌല്ലഭ്യം, അപൂൎവ്വത.

Se-lect', *a.* തിരിഞ്ഞ് എടുത്ത, തെരിഞ്ഞ്—, തിരഞ്ഞ്—; നോക്കി—, പെറുക്കി—; 2. നല്ല, വിശേഷം ആയ, ഉത്തമം—, ഉല്കൃഷ്ടം—. s. committee വരിഷ്ഠസഭ. s.-man നഗരാഢ്യൻ. *v. t.* തെരിഞ്ഞെടുക്കുക, തിരഞ്ഞെടുക്കുക, തിരിഞ്ഞെടുക്കുക. -'ed-ly, *ad.* വളരെ സൂക്ഷ്മത്തോടെ, വകതിരിവോടെ, തിരഞ്ഞ്. =lec'tiŏn, *n.* തെരിഞ്ഞെടുക്കൽ, തിരിയൽ; തെരിഞ്ഞെടുപ്പ്; തിരഞ്ഞെടുത്തത്. natural s.n ഉത്തമാവശേഷധൎമ്മം(*biol.*). -'ive, *a.* തെരിഞ്ഞെടുപ്പായ; തെരിഞ്ഞെടുപ്പിനുള്ള. -ness, *n.* ഉൽകൃഷ്ടത, വൈശിഷ്ട്യം. -ŏr, *n.* തെരിഞ്ഞെടുക്കുന്നവൻ.

Se-lē'nō-graph (-graf), *n.* ചന്ദ്രചിത്രം; 2. —വൎണ്ണനം. sel-e-nog'ra-phĕr, =phist (-fist), *n.* —ശാസ്ത്രജ്ഞൻ. sel-e-nō-graph'ic, sel-e-nō-graph'i-cal, *a.* —ശാസ്ത്രസംബന്ധമായ. sel-e-nog'ra-phy, *n.* —ശാസ്ത്രം. =nol'ō-ġy, *n.* —ജ്യോതിശ്ശാസ്ത്രം. =nō-log'i-cal, *a.* —ജ്യോതിശ്ശാസ്ത്രസംബന്ധമായ.

Self, *n.* (*pl.* selveṣ) താൻ; 2. ആത്മതത്വം, അഹം—, നിജ—, സ്വയ—; 3. മൂൎത്തിത്വം; 4. ആള്; 5. സ്വാൎത്ഥം, തൻേറടം, തൻകാൎയ്യം, സ്വസ്നേഹം, ആത്മസ്നേഹം: s. is his aim അവൻെറ ഉദ്ദേശം സ്വാൎത്ഥമത്രെ; 6. മൂൎത്തി: she was beauty's s. അവൾ സൌന്ദൎയ്യ(ത്തിന്ന് ഒര്)മൂൎത്തിയായിരുന്നു. *pron.* (emphasis) തന്നെ: I my-s. will write ഞാൻ തന്നെ എഴുതും; I will examine for my-s. ഞാൻ തന്നെ പരീക്ഷിക്കും; thou thy-s. shalt go നീ തന്നെ പോകേണം; thou shalt see for thy-s. നീ തന്നെ നോക്കുക; he him-s. shall write അവൻ തന്നെ എഴുതേണം; she shall examine for her-s. അവൾ തന്നെ പരീക്ഷിച്ച് നോക്കേണം; you your-s. shall write നിങ്ങൾ തന്നെ എഴുതേണം; we will see for ourselves ഞങ്ങൾ തന്നെ നോക്കും; the child it-s. shall be carried ആ കുട്ടിയെ തന്നെ എടുത്ത് കൊണ്ടുപോകേണം; 2. (reflexively) തന്നെ: I abhor my-s. എനിക്ക് എന്നോട് തന്നെ വെറുപ്പ് തോന്നുന്നു; we value ourselves ഞങ്ങൾഞങ്ങളെത്തന്നെ വിലയുള്ളവരെന്ന് എണ്ണുന്നു; thou enrichest thy-s. നീ നിണക്ക് തന്നെ ആദായമുണ്ടാക്കുന്നു; he loves him-s. അവൻ തന്നെത്തന്നെ സ്നേഹിക്കുന്നു; they see themselves അവര് തങ്ങളെത്തന്നെ കാണുന്നു. *comp.* ആത്മ, നിജ, സ്വയ, സ്വ: s.-commendation ആത്മസ്തുതി; s.-denying —ത്യാഗിയായ, സ്വയ—; 2. താൻതന്നെ, തന്നിൽതന്നെ, തന്നെത്തന്നെ: s.-elected തന്നെത്തന്നെ

തെരിഞ്ഞെടുത്ത; 3. സ്വതെ, സ്വതവെ, തനിയെതന്നെ, തനി, താനായി, സാക്ഷാൽ, അന്യമല്ലാത്ത, സ്വന്ത: s.-adjusting സ്വതെശരിയാകുന്ന.

[*Note.* The meanings of compound words with *self* not found in the vocabulary, may be easily formed by adding the meanings of the principal words to one of the above meanings.—സൂചകം: self എന്ന പദം ചേൎന്നുവരുന്നതായി ഈ ശബ്ദകോശത്തിൽ കാണാത്ത സമാസപദങ്ങളുടെ അൎത്ഥം മുഖ്യപദത്തിന്റെ ഭാവത്തോട് മേല്പറഞ്ഞ അൎത്ഥങ്ങളിൽ ഏതെങ്കിലും ചേൎത്ത്വായിച്ചാൽ ഉണ്ടാകുന്നതാകുന്നു.] s.-abased താഴ്മ ഉള്ള; ലജ്ജ—. s.-abasement തന്നെത്തന്നെ താഴ്ത്തൽ. s.-abhorrence തന്നെത്തന്നെവെറുക്കൽ. s.-abnegation സ്വയത്യാഗം, ആത്മനിരസനം. s.-abuse സ്വനിന്ദ; സ്വയഭോഗം. s.-accused തന്നെത്തന്നെ കുററപ്പെടുത്തുന്ന. s.-action നിജകൎമ്മം. s.-adjusting സ്വതവെ ശരിയാകുന്ന. s.-admiration ആത്മപ്രശംസ. s.-annihilation —സംഹാരം. s.-applause —സ്തുതി. s.-applying തനിയെ പ്രവൃത്തിക്കുന്ന, താൻതന്നെ—. s.-approving ആത്മസന്തുഷ്ടിയുള്ള. s.-assertion സ്വയനിഷ്കൎഷ. s.-assumed സ്വകല്പിതമായ. s.-banished താനായി നാട് വിട്ട്പോയ്ക്കളഞ്ഞ. s.-begotten, s.-born നിജസന്താനമായ. s.-colour തനിവൎണ്ണം, സാക്ഷാൽ—. s.-command സ്വയഭരണം. s.-conceit സ്വാഭിമാനം; താന്തോന്നിത്വം; പൊങ്ങച്ചം. s.-confidence സ്വാശ്രയം, ധൈൎയ്യം, തന്റേടം. s.-conscious ആത്മബോധം ഉള്ള. s.-contained അടക്കം—, ഒതുക്കം—. s.-contradiction സ്വതവിരുദ്ധം. s.-control സ്വയഭരണം, ഇന്ദ്രിയജയം. s.-culture സ്വയവിദ്യാഭ്യാസം. s.-deceit, s.-delusion ആത്മവഞ്ചന. s.-defence, s.-defense സ്വയരക്ഷ. in s.-defence —രക്ഷാൎത്ഥം. s.-denial സ്വയത്യാഗം, ആത്മനിരസനം. s.-dependent, s.-depending പരാശ്രയമില്ലാത്ത, സ്വതന്ത്രമുള്ള. s.-destruction ആത്മഹത്യ. s.-devotion പരാൎത്ഥബുദ്ധി, സ്വയത്യാഗശീലം. s.-distrust ശങ്ക, ധൈൎയ്യക്ഷയം. s.-educated സ്വയവിദ്യാഭ്യാസിയായ, തനിയെ പഠിച്ച, ഗുരുവില്ലാതെ—. s.-elective സ്വയവരണാധികാരമുള്ള. s.-enjoyment ആത്മസന്തുഷ്ടി. s.-esteem സ്വാഭിമാനം, അഭിമാനം. s.-evident സ്വതഃസ്പഷ്ടമായ. s.-exaltation ആത്മപ്രശംസ, സ്വ—. s.-examination ആത്മപരിശോധന, സ്വയ—. s.-existence സ്വയംഭൂത്വം. s.-existent —ഭൂവായ. s.-explaining സ്വതഃസ്പഷ്ടമായ. s.-glorious പൊങ്ങച്ചമുള്ള, ആത്മസ്തുതിയായ. s.-government സ്വയഭരണം, അടക്കം, ഇന്ദ്രിയജയം, —നിഗ്രഹം; പ്രജാപ്രഭുത്വം, —വാഴ്ച. s.-healing തനിയെ സുഖമാകുന്ന. s.-help സ്വയാശ്രയം, സ്വന്തസഹായം. s.-homicide ആത്മഹത്യ. s.-ignorant തന്നെത്താനറിയാത്ത, ആത്മജ്ഞാനരഹിതമായ. s.-importance അഹംഭാവം, അഹങ്കാരം, ദുരഭിമാനം. s.-imposed താനായി ഏററ, മനഃപൂൎവ്വമായ, മനസ്സാലെയുള്ള. s.-imposture സ്വയവഞ്ചന. s.-indignation തന്നോട് തന്നെയുള്ളകോപം. s.-indulgence ഇന്ദ്രിയനിഗ്രഹം ഇല്ലായ്മ, ഇച്ഛയടക്കം—, തോന്നിയവാസം. s.-indulgent ഇച്ഛയടക്കമില്ലാത്ത, തോന്നിയവാസമായ. s.-interest സ്വാൎത്ഥബുദ്ധി. s.-interested —പരനായ. s.-involution ധ്യാനം. s.-justifier സ്വന്തനീതികാരൻ, തന്നെത്തന്നെ നീതീകരിക്കുന്നവൻ. s.-kindled തനിയെകത്തിയ, കാട്ടുതീയായ. s.-knowing തന്നെത്താനറിയുന്ന. s.-knowledge ആത്മബോധം. s.-life സ്വാൎത്ഥജീവനം. s.-love സ്വാൎത്ഥം, ആത്മപ്രീതി. s.-luminous സ്വതെമിന്നുന്ന. s.-made താനായുണ്ടാ

ക്കിയ, സ്വന്തപ്രയത്നത്താലുണ്ടായ; സ്വയസിദ്ധമായ. s.-made man അന്യസഹായംക്രൂടാതെ യോഗ്യനായിട്ടീന്ന, സ്വന്തസാമൎത്ഥ്യത്താൽ ശ്രേഷ്ഠതപ്രാപിച്ച, താനായിനന്നായ. s.-motion സ്വതശ്ചലനം. s.-moved, s.-moving സ്വതശ്ചലനമുള്ള. s.-murder ആത്മഹത്യ. s.-murderer —ഹത്യചെയ്യുന്നവൻ, —ഹന്താവ്. s.-neglecting സ്വയത്യാഗമുള്ള. s.-opinion പൊങ്ങച്ചം, ആത്മപ്രശംസ. s.-opinioned അഹംഭാവമുള്ള. s.-originating ആത്മജാതമായ. s.-possessed തന്റേടം ഉള്ള, ഒതുക്കം—, അടക്കം—. s.-possession ദമം, ശമം, ശാന്തത, സാവധാനം, സാത്വികത്വം. s.-praise ആത്മസ്തുതി. s.-preservation —രക്ഷ, സ്വയ—. s.-propagating —പ്രചാരണമുള്ള. s.-registering സ്വതഃലേഖകമായ. s.-reliance ധൈൎയ്യം. s.-reliant ധൈൎയ്യമുള്ള. s.-renunciation സ്വയത്യാഗം, ആത്മ—. s.-reproach സ്വയാക്ഷേപം, സ്വയനിന്ദ. s.-reproof —ശാസന. s.-repugnant സ്വതവിരുദ്ധം ആയ, അയുക്തി—. s.-respect അഭിമാനം, സ്വാഭിമാനം. s.-restraint ഇന്ദ്രിയനിഗ്രഹം, അടക്കം. s.-reverence സ്വാഭിമാനം. s.-righteous സ്വന്തനീതിയുള്ള. s.-righteousness സ്വന്തനീതി. s.-sacrifice ആത്മയാഗം, സ്വയാൎപ്പണം. s.-satisfaction ആത്മസന്തുഷ്ടി. s.-seeker സ്വാൎത്ഥബുദ്ധിക്കാരൻ. s.-seeking —പരനായ; സ്വാൎത്ഥം. s.-slaughter ആത്മഹത്യ. s.-sufficiency അഹംഭാവം; സ്വാഭിമാനം. s.-sufficient തനിക്കാമ്പോന്ന; അഹംഭാവമുള്ള. s.-suspicious ആത്മശങ്കയുള്ള, ധൈൎയ്യമില്ലാത്ത. s.-taught ഗുരുവില്ലാതെ പഠിച്ച, താനായി—. s.-torture ആത്മഭേദ്യം. s.-trust സ്വാശ്രയം. s.-view സ്വാൎത്ഥം. s.-will തന്നിഷ്ടം, ദുശ്ശാഠ്യം, ശാഠ്യം. s.-willed തന്നിഷ്ടമുള്ള. s.-willedness ദുൎവ്വാശി, ദുശ്ശാഠ്യം. s.-worship ആത്മാരാധന. s.-wrong ആത്മദോഷം. -'hood, *n.* മൂൎത്തിത്വം. -'ish *a.* സ്വാൎത്ഥബുദ്ധിയുള്ള, തങ്കരുതലുള്ള; സ്വാൎത്ഥ നീതിവാദം (*eth.*) -'ish-ly, *ad.* സ്വാൎത്ഥബുദ്ധിയോടെ. -'ish-ness, -'ism, *n.* സ്വാൎത്ഥം, സ്വസ്നേഹം. -'ist, *n.* സ്വാൎത്ഥബുദ്ധി. -'less, *a.* സ്വാൎത്ഥമില്ലാത്ത. -'less-ness, *n.* സ്വാൎത്ഥരഹിതത്വം, പരോപകാരശീലം. -'sāme, *a.* അതേ, ഒരേ.

Sell, *v. t. ir.* (sōld, sōld) വില്ക്കുക, വിക്രയം ചെയ്യുക, വിലക്ക് കൊടുക്കുക, തീൎ—; 2. ഒററിക്കൊടുക്കുക, വിശ്വാസവഞ്ചനചെയ്യുക; 3. തോല്പിക്കുക, ചെണ്ടകൊട്ടിക്കുക, ചതിക്കുക. to s. one's life dearly ശത്രുസംഹാരം ചെയ്ത് മരിക്കുക; വീരനായി—. to s. out തീരെവില്ക്കുക, തീൎക്കൊടുക്കുക. *v.i.* കച്ചവടം ചെയ്യുക; 2. വിലയുണ്ടാക, വില്ക്കുക: rice s.s at Rs. 8 a bag now അരിചാക്കിന്ന് ഇപ്പോൾ എട്ടുറുപ്പികവിലയുണ്ട്. to s. out മുഴവനം വില്ക്കുക; തീൎക്കൊടുക്കുക. *n.* വഞ്ചന, ചതി; 2. നേരമ്പോക്ക്. -'ẽr, *n.* വില്ക്കുന്നവൻ, വിക്രയി. sāle, *n.* വില്പന; വിക്രയം; തീൎ; അഴിച്ചല്, ചിലവ്; ലേലം. sāles'man, *n.* വില്ക്കുന്നവൻ, കച്ചവടക്കാരൻ. sāles'wo-man, *n.* കച്ചവടക്കാരത്തി. s.e-work വില്പനച്ചരക്ക്; പട്ടപണി. bill of s.e തീൎപ്പിലയോല. of s.e, on s.e, for s.e വില്പാനുള്ള, വില്പാൻ വെച്ച; കൊള്ളാൻകിട്ടുന്ന. sāle'a-ble, sāl'a-ble, *a.* വില്പാൻപാട്ടുള്ള; വില്ക്കുത്തക്ക; അഴിച്ചലാകുന്ന; വിലകിട്ടുന്ന. sale'-a-bly, sāl'a-bly, *ad.* വില്ക്കുത്തക്കതായി. sāle'a-ble-ness, sāl'a-ble-ness, sāl-a-bil'i-ty, *n.* ക്രേയത്വം.

Sel'tẽrs wa'tẽr, Selt'zẽr wa'tẽr, *n.* ജൎമ്മനിയിലെ ഒര് ധാതുജലം.

Sel'vāge, Sel'vedge (-vej), *n.* (നെയ്ത്തു)കര; 2. പൂട്ടിന്റെറവള്ള്; 3. ചേടിമണ്ണ്.

Sel-vā-gee', *n.* ചുടിക്കൈ; തെരിക (*naut.*).

Selves, *n. pl. of* Self.

Sem'a-phōre (-fōr), *n.* കൊടിമരം; ദീപസ്തംഭം; സംജ്ഞ—; കൈമരം. =phor'ic, =phor'i-cal, *a.* സംജ്ഞാസ്തംഭം സംബ

ന്ധിച്ച. =rist, *n.* കൊടിവലിക്കുന്നവൻ, സംജ്ഞാസ്തംഭപ്രവൎത്തകൻ.

**Sem-a-tol'ō-ġy,** *n.* സംജ്ഞാവിദ്യ; 2. —ശാസ്ത്രം.

**Sem'a-trōpe,** *n.* സൂൎയ്യകിരണ സംജ്ഞായന്ത്രം.

**Sem'blance,** *n.* തോന്നല്; 2. ഛായ; രൂപം, ആകൃതി; 3. തുല്യത, സാദൃശ്യം. ='blant, *a.* പോലെതോന്നുന്ന. sem'ble, *v. i.* എന്ന് തോന്നുന്നു (*l.*).

**Sē-mei-og'ra-phy, Sē-mi-og'ra-phy** (-fi), *n.* രോഗനിദാനശാസ്ത്രം, നിദാനം (*med.*).

**Sē-mei-ol'ō-ġy, Sē-mi-ol'ō-ġy, Sē-mei-ot'ics, Sē-mi-ot'ics,** *n.* ലക്ഷണജ്ഞാനം; —വിദ്യ; 2. നിദാനം (*med.*); 3. സംജ്ഞാജ്ഞാനം; —വിദ്യ. =ot'ic, *a.* സംജ്ഞാഭാഷാസംബന്ധമായ; നിദാനം സംബന്ധിച്ച (*med.*).

**Sē-mei-ot'ics, Sē-mi-ot'ics** *etc.*, *s. u.* Semeiology.

**Sē'men,** *n.* (*pl.* sem'i-na), വിത്ത്, ബീജം (*b.*); 2. ശുക്ലം (ക്രം), ഇന്ദ്രിയം, ധാതു, ബീജം, രേതസ്സ്. (*phys.*). sem'i-nal, sem'i-nar-y (-nĕr-), *a.* ബീജം ആയ; ശുക്ലം—; ശുക്ലസംബന്ധം—; മൂലം—, മൂലഹേതു—, പ്രാമുഖ്യം—, ആദ്യത്തെ. s.l fluid ശുക്ലം, ഇന്ദ്രിയം (*phys.*). s.l discharge ഇന്ദ്രിയസ്ഖലനം. s.l leaf ബീജപത്രം (*b.*). s.l receptacle ശുക്ലകോശം. sem-i-nal'i-ty, *n.* ബീജത്വം; പ്രാമുഖ്യത. sem'i-nāte, *v. t.* വിതക്കുക, വാളുക; പെരുക്കുക, വൎദ്ധിപ്പിക്കുക. sem-i-nā'tiōn, *n.* വിത്തിടൽ, വിത; പെരുക്കൽ; വിത്ത് വീഴൽ (*b.*). sem-i-nif'ĕr-ŏus, sem-e-nif'ĕr-ŏus, sem-i-nif'ic, sem-i-nif'i-cal, *a.* വിത്തുള്ള (*b.*); ബീജോല്പാദകം ആയ; ശുക്ലസംബന്ധം—. sem-i-ni-fi-cā'tiōn, *n.* വിത്തിട്ട് പെരുക്കൽ. sem'i-nist, *n.* (പുരുഷസ്ത്രീ) ബീജസങ്കരോല്പാദനവാദി (*biol.*).

**Se-mes'tĕr,** *n.* ആറുമാസകാലം, അയനം, വൎഷാൎദ്ധം.

**Sem'i,** *pf.* പകുതി, പാതി, അര, അൎദ്ധം, അൎദ്ധ; 2. ഏതാനും, മിക്കവാറും, ഒട്ടൊക്കെ; 3. അപൂൎണ്ണമായ; അപൂൎണ്ണമായി. (*Note.* Malayalam equivalents of compound words with *semi* as prefix, not found in the vocabulary, may be easily formed by the addition of one of the above meanings to the meaning of the principal word.—Semi എന്ന പദം ചേൎന്ന് വരുന്നതായി ഈ പദാവലിയിൽ കാണാത്ത സമാസപദങ്ങളുടെ അൎത്ഥം മുഖ്യപദത്തിന്റെ ഭാവത്തോട് മേല്ക്കാണിച്ചതിൽ ഒന്ന് ചേൎത്താൽ അനായാസേന കാണാകുന്നതാകുന്നു). s.-angle അൎദ്ധകോണം (*geom.*). s.-annual അയനന്തോറുമുള്ള. s.-annually അയനന്തോറും, ആറാറ് മാസം കൂടുമ്പോൾ. s.-annular അൎദ്ധവൃത്തമായ. s.-barbarian —നാഗരീകത്വമുള്ളവൻ. s.-breve, s.-brief —മാത്ര (*mus.*). s.-circle —വൃത്തം. s.-circular —വൃത്തമായ, —ചന്ദ്രാകാരമായ. s.-colon അപൂൎണ്ണവിരാമം, ; എന്ന അടയാളം (*gr.*). s.-consonant അൎദ്ധവ്യഞ്ജനം (*gr.*). s.-conscious ഏതാനും ബോധമുള്ള. s.-cubium, s.-cupium അൎദ്ധസ്ഥാനം, അരക്ക് കീഴുട്ട് കളിക്കൽ. s.-diameter അൎദ്ധവ്യാസം (*geom.*). s.-diurnal അരദിവസംകൊണ്ടുള്ള, ദിവസേന രണ്ട് വട്ടമുണ്ടാകുന്ന. s.-double സാമാന്യപ്പെരുന്നാള് (*R. C.*). s.-fable കളവും നേരും കലൎന്നവിവരം. s.-fluid, s.-liquid കഴമ്പായ, കഴമ്പ് പാകം ആയ. s.-lunar അൎദ്ധചന്ദ്രാകാരം—. s.-monthly പക്ഷം തോറുമുള്ള. s.-mute വിക്കൻ, കക്കൻ. s.-nude അൎദ്ധനഗ്നമായ. s.-official ഉദ്യോഗസ്വഭാവമായ, ഏതാനും ഉദ്യോഗനിലയിലുള്ള. s.-palmate, s.-palmated അൎദ്ധ ജാലപാത്തായ (*z.*). s.-ped അപൂൎണ്ണഗണം (*pros.*). s.-pellucid, s.-perspicuous, s.-transparent നല്ല തെളിവില്ലാത്ത, ഒട്ടൊക്കെ സുക്ഷ്മമായ; സ്വച്ഛതക്കു

റവുള്ള, അൎദ്ധപ്രസന്നമായ. s.-precious ഏതാനും വിലയുള്ള. s.-sphere അൎദ്ധഗോളമായ. s.-tone —രാഗം (*mus.*). s.-translucent അല്പപ്രസന്നതയുള്ള. s.-vowel അൎദ്ധസ്വരം (*gr.*). s.-weekly ആഴ്ചക്ക് രണ്ട് വട്ടമുള്ള, അൎദ്ധവാരം തോറുമുള്ള.

**Sem'i-nal**, *etc.*, *s. u.* Semen.

**Sem'i-nar-y** (-nĕr-), *n.* ഞാററ് കണ്ടം, ഞാററ് പൊററ; (*agr.*); 2. മൂലം, മൂലസ്ഥാനം; 3. വിദ്യാശാല; ബോധകവിദ്യാലയം. *a.* വിത്ത് സംബന്ധിച്ച. =nā'ri-an, =nar-ist, *n.* ബോധകവിദ്യാൎത്ഥി.

**Sē-mi-og'ra-phy, Sē-mi-ol'o-ġy**, *etc.*, *s. a.* Semeiography, Semeiology, *etc.*

**Sem'īte, Shem'īte**, *n.* (യൂദന്മാര് അറബികൾ മുതലായ) ശേംവംശക്കാരൻ, ശേമ്യൻ. *a.* ശേമ്യ. =it'ic, Shem-it'ic, *a.* ശേമ്യ. s.c languages (ഹിബ്രു അറബി, ഫൊയ്നീക്യ, അറമായ, അസ്സീയ്യ, ഗീസ്, അമ്ഹാറിക്ക് മുതലായ) ശേമ്യഭാഷകൾ. ='i-tism, *n.* ശേമ്യഭാഷാരീതി.

**Sem-o-lē'la, =lī'na, =lī'nō, Semoule'** (sā-mul'), *n.* നേരിയ കോതമ്പ് മാവ്, കോതമ്പ് പൊടി.

**Sem-pĕr-vī'rent**, *a.* നിത്യപച്ചയായ, എപ്പോഴും പച്ചയായിരിക്കുന്ന, വാടാത്ത.

**Sem-pi-tĕr'nal**, *a.* ഒടുക്കം ഇല്ലാത്ത, അവസാനം—; 2. ആദ്യന്തരഹിതം ആയ, നിത്യം—. =tĕr'ni-ty, *n.* നിത്യത, അസീമത.

**Semp'stĕr, =stress**, *n.* തുന്നക്കാരത്തി, തയ്യൽക്കാരത്തി. ='stress-y, *n.* തുന്നപ്പണി.

**Sen'ar-y** (-ĕr-), *a.* ആറായ, ആറ് പിടിച്ച, ഷൾ, ഷൾക്കമായ; 2. ആറുള്ള.

**Sen'āte**, *n.* ആലോചനസഭ, ഓലക—; 2. പ്രഭു—; ശ്രേഷ്ഠാലോചന—; 3. കലാശാലാദ്ധ്യക്ഷ—; 4. വിദ്യാശാല—(*U.S.*) s.-chamber മന്ത്രശാല, ആലോചനമന്ദിരം. s.-house —മണ്ഡപം, ആസ്ഥാന—. =a-tŏr, *n.* ആലോചനസഭക്കാരൻ, ശ്രേഷ്ഠാലോചനസഭാംഗം. =tō'ri-al, *a.* ആലോചനസഭാംഗത്തിനുള്ള; ആലോചനസഭക്കാരനെ സംബന്ധിച്ച. =tŏr-ship, *n.* ആലോചനസഭാംഗസ്ഥാനം, —പദവി. =nātus-con-sult', *n.* പുരാതന റോമാലോചനസഭാതീൎപ്പ്.

**Send**, *v. t. ir.* (sent, sent) അയക്കുക; പറഞ്ഞയക്കുക; ആളയക്കുക; 2. അയപ്പിക്കുക; 3. വിടുക, എയ്യുക, എറിയുക: to s. an arrow അമ്പെയ്യുക, അസ്ത്രംവിടുക; 4. വരുത്തുക, നല്കുക, കൊടുക്കുക: God s. him well ദൈവം അവനെ നന്നാക്കട്ടെ. to s. away അയച്ച് കളയുക. to s. word പറഞ്ഞയക്കുക. *v. i.* ആളയക്കുക; 2. (കപ്പല്) ആടുക. to s. for വിളിപ്പാൻ അയക്കുക; വിളിപ്പിക്കുക; ആവശ്യപ്പെടുക; കൊണ്ട് വരാനയക്കുക. *n.* (*also* scend) തിരയുക്ക് (*naut.*). -'ĕr, അയക്കുന്നവൻ.

**Sen'dal, Cen'dal, San'dal**, *n.* നേൎമ്മ പട്ട് തുണി.

**Se-nee'ti-tūde**, *n.* വാൎദ്ധക്യം, വയസ്സ്.

**Se-nes'cence**, *n.* പ്രായാധിക്യം, വാൎദ്ധക്യം; 2. ക്ഷയം. =nes'cent, *a.* വയോധികമായ, വയസ്സായ; ക്ഷയം പററിയ.

**Sen'e-schal** (-shal), *n.* ഉഗ്രാണാധിപൻ, കലവറാധികാരി. -ship, *n.* കലവറാധിപത്യം.

**Sē'nīle**, *a.* വയസ്സായ; 2. വാൎദ്ധക്യ; 3. പ്രായാധിക്യംകൊണ്ടുണ്ടാകുന്ന. s. gangrene വാൎദ്ധക്യപ്പുണ്ണ് (*med.*). se-nil'i-ty, *n.* വാൎദ്ധക്യം, വയസ്സ്.

**Sē'ni-ŏr**, *a.* വയസ്സ് മൂത്ത, മൂപ്പുള്ള, മൂ(സ്സ)ത്ത; 2. സ്ഥാനത്തിൽ മുന്തിയ, മുന്തിയ, ഉയൎന്ന; ഒന്നാം; 3. കാലപ്പഴക്കം ഉള്ള, പഴക്കം—; 4. ഉയൎന്നതരത്തിലുള്ള. *n.* മൂത്തവൻ, മൂപ്പ്, മൂപ്പിന്ന്; കാരണവര്, ജ്യേഷ്ഠൻ; 2. മുന്തിയവൻ, വലിയവൻ, ഒന്നാമൻ, ഉയൎന്നവൻ; ഉദ്യോഗപ്പഴക്കമുള്ളവൻ; 3. വയസ്സൻ, മൂപ്പര്; 4. മൂപ്പൻ. =or'i-ty, *n.* മൂപ്പ്; മുമ്പ്. -īse, -īze, *v. t.* അധികാരം നടത്തുക, ഭരിക്കുക; അധികാര നാട്യംകാട്ടുക.

**Sen'na**, *n.* നിലവാക, 'ചുണ്ണാമ്മക്കി' (*b.* & *med.*).

**Sen'night** (sen'nit), *n.* ഏഴ് രാപ്പകൽ, ഒര് വാരം, ഒരാഴ്ചവട്ടം.

**Se-noc'ū-lar,** *a.* ആറ് കണ്ണുള്ള, ഷ ൺനേത്രമുള്ള.

**Señ'ōr,** (sēn'yōr), *n.* സ്ലാന്ത്യയിലെ പുരുഷക്ഷോപചാരപദം: എന്നവര്, അവ ർകൾ, മാന്യ; 2. യോഗ്യൻ, മാന്യൻ. **sēñ-ōr'a** (sēn-yōr'a), സ്ലാന്ത്യയിലെ വി വാഹിതസ്ത്രീയുപചാരപദം: അമ്മ, എന്ന വര്, അവർകൾ, മാന്യ; 'മദാമ്മ', കലീ നസ്ത്രീ. =**rī'ta** (-rē'ta), *n.* സ്ലാന്ത്യയിലെ കന്യകോപചാരപദം: അമ്മ, എന്നവര്, അവർകൾ; യുവതി, 'മിസി'.

**Sen'sāte, Sen-sā'tiōn,** *etc., s. u.* **Sense.**

**Sense,** *n.* ഇന്ദ്രിയം; 2. ബോധം, അ റിവ്, ജ്ഞാനം; ഗോചരത്വം, അനുഭവം; 3. മനഃശക്തി, ബോധ—, വിവേചനാ—; 4. ബുദ്ധി, വിവേകം, പ്രാപ്തി; 5. കാൎയ്യം, ന്യായം, സാരം; 6. അഭിപ്രായം, നിരൂപ ണം, വിചാരം; 7. ഭാവം, അൎത്ഥം, താല്പൎയ്യം; 8. ഗുണദോഷജ്ഞാനം; 9. ഗതി (*geom.*). **common s.** മൂലബോധശക്തി; സാമാ ന്യബുദ്ധി; കാൎയ്യബോധം, വിവേകം; സു ബുദ്ധി. **moral s.** ഗുണദോഷജ്ഞാനം; ധൎമ്മാധൎമ്മവിവേചനശക്തി. **the s.s** പഞ്ചേന്ദ്രിയങ്ങൾ: **the s. of feeling** സ്പ ൎശേന്ദ്രിയം, സ്പൎശബോധം, തൊട്ടറിവ്; **the s. of hearing** ശ്രോത്രേന്ദ്രിയം, ശ്രു തിബോധം, കേൾവി; **the s. of sight** രൂ പേന്ദ്രിയം, രൂപബോധം, കാഴ്ച; **the s. of smelling** ഗന്ധേന്ദ്രിയം, ഗന്ധബോ ധം, മണത്തറിവ്; **the s. of tasting** രസേന്ദ്രിയം, രസബോധം, രുചി. **the inner** *or* **internal s.** സ്വയബോധശ ക്തി, അന്തൎജ്ഞാനം, മനസ്സ്, മനഃശക്തി. **s.-capsule** ഇന്ദ്രിയപുടം (*an.*) **s.-object** വിഷയം: രൂപം, ശബ്ദം, ഗന്ധം, രസം, സ്പൎശം. **s.-organ** ജ്ഞാനേന്ദ്രിയം, കര ണം: ശ്രോത്രം, ചെവി; ത്വക്ക്, തോല്; ചക്ഷുസ്, കണ്ണ്; നാവ്, ജിഹ്വാ; നാസി ക, മൂക്ക് (*phys.*); **in his s.s** സുബുദ്ധി യോടെ, സുബോധത്തോടെ. **out of his s.s** ബുദ്ധിഭ്രമത്തോടെ, ഭ്രാന്തായി; സു ബോധമില്ലാതെ. *v. t.* ഇന്ദ്രിയബോധമു ണ്ടാക, ഗോചരമാക. **sen'sāte,** *v. t.* ഇ ന്ദ്രിയഗോചരം ആകുക. **sen'sāte, sen'-sā-ted,** *a.* —ആയ. =**sā'tiōn,** *n.* —ഗോ ചരത്വം; ബോധം, ജ്ഞാനം; വേദനം; അനുഭവം; മനോഭാവം, മനഃക്ഷോഭം; ആശ്ചൎയ്യം, കൌതുകം; ഇളക്കം, ഭ്രമം, അമ ളി, ഘോഷം, ലഹള. =**sā'tiōn-al,** *a.* ഇന്ദ്രിയ ബോധ സംബന്ധമായ; —ബോ ധൈകജ്ഞാനവാദ— (*met.*); മനഃക്ഷോ ഭജനകം ആയ, ആശ്ചൎയ്യകരം—, പരിഭ്ര മം ജനിപ്പിക്കുന്ന. =**sā'tiōn-al-ism,** *n.* ഇന്ദ്രിയബോധൈകജ്ഞാനവാദം (*met.*); പരിഭ്രമണം. =**sā'tiōn-al-ist,** *n.* (ഇന്ദ്രി യ) ബോധൈകജ്ഞാനവാദി (*met.*); ഭ്രമി പ്പിക്കുന്നവൻ. **-'ful,** *a.* ബുദ്ധിയുള്ള, ന്യാ യം ആയ, കാൎയ്യം—; അൎത്ഥമുള്ള. **-'less,** *a.* ബുദ്ധികെട്ട; ബോധമില്ലാത്ത; ഭോഷ ത്വം ആയ, അകാൎയ്യം—, ന്യായമല്ലാത്ത; അനൎത്ഥമായ, അൎത്ഥമില്ലാത്ത. **-'less-ly,** *ad.* ബുദ്ധി ഇല്ലാതെ; അൎത്ഥം—. **-'less-ness,** *n.* ബോധമില്ലായ്മ; ബുദ്ധികേട്. **sen-si-bil'i-ty, sen'si-ble-ness,** *n.* ബോധശക്തി, ഗോചരത്വം (*phys.*); ച ണ, ഉണൎച്ച, വേദനം, ചൈതന്യം; സൂ ക്ഷ്മബോധം; മനഃക്ഷോഭം, മനസ്സുരുക്കം, സഹതാപഗുണം; അനുഭവജ്ഞാനം, അ നുഭവം; കൃത്യത, സൂക്ഷ്മത. **sen'si-ble,** *a.* ഗോചരമായ; അറിയത്തക്ക, അനുഭവമാ യ, തോന്നുന്ന, തട്ടുന്ന, പ്രത്യക്ഷമായ; ഇ ന്ദ്രിയബോധം ഉള്ള, ബോധശക്തി—; സൂ ക്ഷ്മബോധം—; കൃത്യത—; മനസ്സിളക്കം—; അറിവ് —, ജ്ഞാനം—; ബോദ്ധ്യമായ; ഗു ണദോഷബോധം ഉള്ള; ബുദ്ധി—, യുക്തി —, വിവേകം—; കാൎയ്യബോധം—; സാമ ൎത്ഥ്യം—; ബുദ്ധിപൂൎവ്വകമായ. *n.* ബോധം; വിഷയം; സബുദ്ധി. **sen'si-bly,** *ad.* അ റിയത്തക്കവണ്ണം, കാണത്തക്കവണ്ണം, പ്ര ത്യക്ഷമായി; ഉള്ളോട് തട്ടിയതായി, വേദ നയോടെ; ബുദ്ധിയോടെ, ന്യായമായി. **sen-si-fā'cient,** *a.* ബോധപരിണാമകം ആയ. =**sif'ēr-ŏus,** *a.* ബോധജനകം—; —വാഹകം—. =**sif'ic, =sig'e-nŏus,** *a.* —ജനകം—. =**sif'i-ca-tōr-y,** *a.* —വികാ രകം—. **sens'ism,** *n.* ബോധൈകജ്ഞാ നവാദം (*phil.*). **sen'sist,** *n.* —വാദി.

sen'si-tive, *a*. ബോധശക്തിഉള്ള; സ്പർശബോധം—; സൂക്ഷ്മബോധം—, ശീഘ്രചൈതന്യം—, ഉളുപ്പ്—; വേഗം മനസ്സിന്ന് തട്ടുന്ന; വേഗം മുഷിയുന്ന, തൊട്ടാവാടിയായ; സഹിക്കവഹിയാത്ത; ലജ്ജാലുവായ; കൃത്യതയുള്ള, സൂക്ഷ്മദർശകം ആയ (*mech.*); ക്ഷിപ്രവികാരകം— (*ch.*) ഇന്ദ്രിയഗോചരം—; സബുദ്ധി—; ബോധശക്തിസംബന്ധിച്ച. s.e paper ഛായാചിത്രക്കടലാസ് (*phot.*). s.e plant തൊട്ടാ(ൽ)വാടി (*b.*). sen'si-tive-ly, *ad.* ഉളുപ്പോടെ. sen'si-tive-ness, *n.* ഉളുപ്പ്, ശീഘ്രചൈതന്യം. sen-si-tiv'i-ty, *n.* ക്ഷിപ്രവികാരത്വം. sen'si-tīse, sen'si-tīze, *v. t.* ക്ഷിപ്രവികാരത്വം വരുത്തുക, ഛായാപടക്കടലാസുണ്ടാക്കുക (*phot.*). sen'si-tī-sẽr, sen'si-tī-zẽr, *n.* ക്ഷിപ്രവികാരകദ്രവ്യം. (*phot.*). sen'si-tŏr-y, sen-sō'ri-um (*pl.* sen-sō'ri-a), sen'sŏr-y, *n.* ജ്ഞാനേന്ദ്രിയകേന്ദ്രം, മജ്ജാകേന്ദ്രം, മർമ്മം (*phys.*). sen'sẽr, sen-sō'ri-al, sen'sŏr-y, *a.* ഇന്ദ്രിയബോധവാഹകമായ; മജ്ജാതന്തുവായ; മജ്ജാകേന്ദ്രംസംബന്ധിച്ച (*phys.*). sen-sō-ri-vō-li'tiŏn-al, *a.* ബോധേച്ഛാവഹമായ (*phys.*). sen'su-al (-shu-), sen-su-al-is'tic (-shu-), *a.* ഇന്ദ്രിയസംബന്ധമായ, പഞ്ചകരണ—; ജഡികമായ, അനാത്മികമായ; ജഡഭാവമുള്ള, ജഡഭോഗസംബന്ധമായ; ഭോഗേച്ഛ ഉള്ള, കാമാതുരം—, വിഷയലമ്പടത്വം—; ബോധൈകജ്ഞാനവാദംസംബന്ധിച്ച (*phil.*). sen'su-al-ism, sen'su-ism (-shu-), *n.* ഭോഗേച്ഛ; ബോധൈകജ്ഞാനവാദം (*phil.*); ജഡഭോഗവൈശിഷ്ട്യവാദം (*eth.*). sen'su-al-ist (-shu-), *n.* —വാദി (*eth.*); വിഷയലമ്പടൻ, കാമാതുരൻ. sen-su-al'i-ty, sen'su-al-ness, sen-su-os'i-ty (-shu-), *n.* കാമാതുരം, ഭോഗേച്ഛ, വിഷയലമ്പടത്വം. sen-su-al-i-sā'tiŏn, sen-su-al-i-zā'tiŏn (-shu-), *n.* ജഡികമാക്കൽ; ജഡികത്വം. sen'su-al-īse, sen'-su-al-īze (-shu-), *v. t.* ജഡികം ആക്കുക; ഇന്ദ്രിയാധീനം—. sen'su-al-ly (-shu-), *ad.* ജഡികമായി, കാമാതുരമായി. sen'su-ŏus (-shu-), *a.* ഇന്ദ്രിയസംബന്ധം ആയ; സബുദ്ധി—; ബുദ്ധിക്ക് തട്ടുന്ന; ബുദ്ധിസൂചകമായ; ഇന്ദ്രിയാധീനമായ. sen'su-ŏus-ly (-shu-), *ad.* ഇന്ദ്രിയസംബന്ധമായി. sen'su-ŏus-ness (-shu-), *n.* ഇന്ദ്രിയാധീനത്വം.

Sent, *v. t. ir.*, *p. t.* & *p. p. of* Send.

Sen'tence, *n.* അർത്ഥം; 2. അഭിപ്രായം; 3. തീർപ്പ്; (പ്രതികൂല)വിധി; 4. ഉപദേശം (*phil.*, *theo.*); 5. ശിക്ഷ (*l.*); 6. മൊഴി, ചൊല്ല്, ആപ്തവചനം; 7. വാചകം, വാക്യം (*gr.*). complex s. അവയവവാക്യം, സമ്മിശ്ര— (*gr.*). compound s. സംയുക്ത— (*gr.*). dark s. മറുപൊരുള്. principal s. പ്രധാനവാക്യം (*gr.*). simple s. നിരവയവ— (*gr.*). subordinate s. ഉപ— (*gr.*). adjectival s. (നാമ)വിശേഷണ— (*gr.*). adverbial s. (ക്രിയാ)വിശേഷക— (*gr.*). s. of death മരണശിക്ഷ (*l.*). s. of fine പിഴ— (*l.*). s. of imprisonment തടവ്— (*l.*). *v. t.* വിധികല്പിക്കുക, ശിക്ഷ—, ശിക്ഷിക്കുക (*l.*). =cẽr, *n.* ശിക്ഷകല്പിക്കുന്നവൻ. =ten'tial (-shal), *a.* വാചകം ആയ, വാക്യം—; വാക്യത്തിനുള്ള. =ten'tial-ly, *ad.* വാക്യമായി. =ten'tiŏus (-shus), *a.* വാക്യങ്ങൾ ഉള്ള; അർത്ഥപുഷ്ടി—; ആപ്തവാക്യം ആയ; സൂത്രം—; =ten'tiŏus-ly, *ad.* പഴമൊഴിയായി. =ten'tiŏus-ness, *n.* അർത്ഥപുഷ്ടി; സാരഗർഭം.

Sen'ti-ent (-shi-), *a.* ബോധേന്ദ്രിയം ഉള്ള; 2. സ്പർശബോധം—; 3. വിശേഷജ്ഞാനം— (*phys.*). *n.* സബുദ്ധി. =ence, =en-cy, *n.* സചേതനത്വം; സബുദ്ധിത്വം; സ്പർശബോധം. =ent-ly, *ad.* സബുദ്ധിയായി; സ്പർശബോധത്തോടെ.

S3n'ti-ment, *n.* ഭാവന, തോന്നല്, വിചാരം, നിരൂപണം, സങ്കല്പം; 2. രസം, ഭാവം, വാസന; 3. മതം, അഭിപ്രായം; 4. വാചകം, വാക്യം; ആപ്തവാക്യം, ചൊല്ല്, വാക്ക്, മൊഴി; 5. ബോധം, മനോഭാവം, മനഃചേഷ്ട. =ment'al, *a.* സങ്കല്പം ആയ; തോന്നല്—, മനോഭാവം—;

രസം ഉള്ള; കൃപ—, മനസ്സുരുക്കമുള്ള; മനസ്സുറപ്പില്ലാത്ത; മനോഭാവപ്രകാരം ഉള്ള, മനഃചേഷ്ടപ്രകാരം—. =ment'al-ism, *n.* രസം; സങ്കല്പം; മനഃചേഷ്ട. =ment'-al-ist, *n.* കരുണാരസം ഉള്ളവൻ; മനഃചേഷ്ട—. =men-tal'i-ty, *n.* സങ്കല്പന; രസം; മനഃചേഷ്ട. =ment'-al-ly, *ad.* മനോഭാവപ്രകാരം, സങ്കല്പമായി.

Sen'ti-nel, *n.* കാവല്ക്കാരൻ, 'പാറാവ്'കാരൻ; 2. പാളയക്കാവല്ക്കാരൻ (*mil.*); 3. ഒര് വക ഞണ്ട് (*z.*). *v. t.* കാവലായി നില്ക്കുക, കാക്കുക; 2. കാവല് വെക്കുക, 'പാറാവ്'നിൎത്തുക. sen'try, *n.* കാവല്പടയാളി (*mil.*); കാവല്ക്കാരൻ; കാവല്, 'പാറാവ്'പ്രവൃത്തി. s.y-box കാവല്പുര, കാവൽത്തുണ്, കാവല്ച്ചാള.

Sē'pal (*or* sep'al), *n.* പൂവില, പുഷ്പപത്രം (*b.*). sē'palled (-pald), *a.* പുഷ്പപത്രം ഉള്ള (*b.*). -ine, *a.* —സംബന്ധിച്ച; —ഗുണം ഉള്ള. -ŏus, *a.* പൂവില—; —സംബന്ധിച്ച.

Sep'ar-āte, *v. t.* പിരിക്കുക, വേൎതിരിക്കുക; വിഭജിക്കുക, (വി)ഭാഗിക്കുക; ഭേദിപ്പിക്കുക, സംബന്ധംവിട്ടുത്തുക, അകറ്റുക; 2. മദ്ധ്യേ ഉണ്ടാക, നടുവിൽകിടക്കുക; 3. പ്രത്യേകിക്കുക, തിരിച്ച് വെക്കുക. *v. i.* പിരിയുക, വേൎതിരിയുക, അകലുക, ഛിദ്രിക്കുക, പിരിഞ്ഞ് പോക. *a.* പിരിഞ്ഞ, വേൎതിരിഞ്ഞ, വേപെട്ട; 2. അകന്ന, ചേൎച്ച ഇല്ലാത്ത, സംബന്ധം—; പ്രത്യേകമായ, വേറിട്ട് നില്ക്കുന്ന; 3. ശരീരത്തിൽനിന്ന് വേൎവ്വിട്ട, വിയോഗം ആയ, അശരീരി—. s. estate സ്ത്രീസ്വത്ത്, സ്ത്രീധനം (*l.*). s. maintenance ഉപേക്ഷിതഭാൎയ്യാജീവനാംശം (*l.*)., =a-bil'i-ty, =a-ble-ness, *n.* വിഭാജ്യത, വിയോജ്യത, ഭേദ്യത. =a-ble, *a.* വേൎപിരിക്കാകുന്ന; ഭേദിക്കാകുന്ന, ഭേദ്യമായ. =a-bly, *ad.* വിഭാജ്യമായി. -ly, *ad.* വെവ്വേറെ, പ്രത്യേകംപ്രത്യേകം ആയി. -ness, *n.* വേൎപാട്; പ്രത്യേകത. =ā'ti-cal, *a.* മതഭേദം സംബന്ധിച്ച. =ā-ting, *a.* പിരിപ്പാനുള്ള, വേൎതിരിപ്പാനുള്ള. =ā'tion, *n.* വേൎപിരിക്കൽ; പിരിച്ചല്, വേൎപാട്; വിയോഗം (*ch.*); വിവാഹമോചനം, ഭാൎയ്യാത്യാഗം, ഉപേക്ഷണം, (ഭാൎയ്യയെ) ഒഴിക്കൽ, മൊഴിചൊല്ലൽ (*M.*). judicial s.n പുനൎവ്വിവാഹനിഷിദ്ധത്യാഗം (*l.*), =ā-tism, *n.* മതഭേദം, സഭാഛിദ്രം; സമുദായഭിന്നത. =ā-tist, *n.* മതഭേദക്കാരൻ; ഭിന്നസഭക്കാരൻ. =ā-tis'tic, *a.* മതഭേദംസംബന്ധിച്ച; -ആയ. =ā-tive, =ā-tŏr-y, *a.* വേൎപിരിക്കുന്ന, ഭിന്നിപ്പിക്കുന്ന. =ā-tŏr, *n.* പിരിക്കുന്നവൻ; വേൎപാട് വരുത്തുന്നവൻ; പണിക്കോല് (*w.*) =ā-tŏr-y, *n.* വിയോഗഭാജനം (*ch.*). =ā-trix, *n.* (*pl.* -tri-ces) ദശമഭിന്നിതവിന്ദു (*arith.*); വിഭജനചിഹ്നം.

Sē'phen (-fen), *n.* കോട്ടിയാടൻ, വലിയതിരണ്ടി (*z.*).

Sep'i-a, *n.* (*pl.* Sep'i-æ) കൃന്തള് മത്സ്യം (*z.*); 2. (—മഷിക്കുട്ടിയ) തവിട്ട് ചായം. *a.* തവിട്ട് നിറമുള്ള. sep'ic, *a.* കൃന്തള് സംബന്ധിച്ച; —മഷികൊണ്ടുണ്ടാക്കിയ. sep-i-dā'ceŏus (-shus), *a.* —വൎഗ്ഗത്തിലുള്ള (*z.*).

Sep'i-ment, *n.* അതിര്; വേലി, കിള; ഇടവഴി.

Sē'poy, *n.* നാട്ട് പട്ടാളക്കാരൻ, —പടയാളി, 'സിപ്പായി'.

Seps, *n.* ഒര് വക വലിയ പല്ലി, ഗൌളി, തവിട്ട് പല്ലി (*z.*).

Sep'sis, *n.* രക്തവിഷരോഗം (*med.*). sep'sin, *n.* ചീച്ചൽവിഷം, അഴിവ്—(*ch.*). sep-tæ'mi-a, sep-ti-cæ'mi-a (-sē'mi-a), *n.* വിഷരക്തം (*med.*).

I. Sept, *n.* വംശം, ഗോത്രം, കുലം.

II. Sept, *pf.* സപ്ത, ഏഴ്.

Sept'aṅ-gle, *n.* സപ്തകോണക്ഷേത്രം (*geom.*). sept-aṅ'gū-lar, *a.* —കോണമുള്ള.

Sep'tāte, *a., s. u.* Septum.

Sep-tem'bĕr, *n.* (പുരാതനറോമരുടെ ഏഴാംമാസം), ഒമ്പതാമത്തെമാസം, 'സെപ്തമ്പർ', 'സത്തെമ്പ്ര', ചിങ്ങം കന്നിമാസം, ഭാദ്രപദ ആശ്വിന(ന)മാസം.

**Sep-tem′flu̦-ŏus,** *a.* ഏഴിരട്ടിയായി ഒഴുകുന്ന; 2. ഏഴായി—.

**Sep-tem′par-tīte,** *a.* ഏഴായി ഭാഗി ച്ച, —പകുത്ത, സപ്തഭാഗമായ.

**Sep-tem′vir,** *n.* സപ്തസഭാംശം. **-āte,** *n.* സപ്തജനവാഴ്ച.

**Sep′ten-ar-y** (-ĕr-), *a.* ഏഴായ, സ പ്ത; 2. സപ്തസംബന്ധമായ; 3. സപ്തവാ ഷ്കിക, ഏഴ് കൊല്ലത്തേക്കുള്ള. *n.* സപ്ത കം. =**āte,** *a.* സപ്താംശമുള്ള (*b.*). =**ten′nāte,** *n.* സപ്തവൎഷം, ഏഴ് കൊല്ലം. =**ten′ni-al,** *a.* സപ്തവാൎഷിക; ഏഴ് കൊ ല്ലം നില്ക്കുന്ന. =**ten′ni-al-ly,** *ad.* ഏ ഴേഴ് കൊല്ലംകൂടുമ്പോൾ, ഏഴ് കൊല്ലത്തി ലൊരിക്കൽ.

**Sep-ten′tri-al,** =**ten′tri-on,** =**ten′-tri-on-al,** *a.* ഉത്തര, വടക്കെ. =**ten′-tri-ō,** *n.* സപ്തൎഷികൾ (*as.*). =**ten′-tri-on,** *n.* ഉത്തരദിക്ക്, വടക്കൻ—, വടക്ക്. [സപ്തസാധനങ്ങൾ.

**Sep-tet′,** =**tette′** (-tet′), *n.* സപ്തകം,

**Sep′ti-,** *pf.* സപ്ത, ഏഴ്. **sep′tic,** *a.* ഏഴായ, സപ്ത.

I. **Sep′tic,** =**ti-cal,** *a.* ചീക്കുന്ന, ചീ ച്ചൽവരുത്തുന്ന. *n.* ചീക്കുന്ന സാധനം. =**ti-cal-ly,** *ad.* ചീക്കുംവണ്ണം. =**tic′i-ty,** *n.* ചീച്ചല്, അഴിവ്.

II. **Sep′tic,** *a.*, *s. u.* **Septi.**

**Sep-ti-cæ′mi-a,** *n.*, *s. a.* **Septæ-mia,** *s. u.* **Sepsis.**

**Sep-ti′flu̦-ŏus,** *a.*, *s. a.* **Septem-fluous.** [മായ (*b.*).

**Sep-ti-fō′li-ŏus,** *a.* സപ്തപത്രക

**Sep-ti-lat′ĕr-al,** *a.* സപ്തഭുജയുള്ള (*geom.*).

**Sep-til′liŏn** (-til′yun), *n.* 43 സ്ഥാന മുള്ള സംഖ്യ (*Eng.*); 2. 25 സ്ഥാനമുള്ള—. (*Fr.*, *U.S.*).

**Sep-tū-a-ġen-ā′ri-an,** =**aġ′en-ar-y,** *n.* എഴുപത് വയസ്സുള്ളവൻ(ൾ). *a.* എഴുപത് വയസ്സുള്ള.

**Sep-tū-a-ġes′i-ma,** *n.* സപ്തതിദി നം, നോമ്പിന്ന് മുമ്പേത്ത മൂന്നാം ഞായ റാഴ്ച (*chr.*). =**mal,** *a.* എഴുപതിതായ.

**Sep′tū-a-ġint,** *n.* (ക്രിസ്ത്യാനിവേദ പുസ്തകത്തിലെ) പഴയനിയമ(ഖണ്ഡ)ത്തി ന്റെ യവനഭാഷാന്തരം (*contr. f.* LXX.).

**Sep′tū-ar-y,** *n.* ഏഴ് കൂടിയത്; 2. വാരം, ആഴ്ചവട്ടം.

**Sep′tum,** *n.* (*pl.* **sep′ta**) (അറകളു ടെ) നടുച്ചുമര്, നടുച്ചുവ(മ)ര്; ഇടച്ചുമര്; 2. കള്ളി, മഹാബീജ്യം, വിടപം (*b.*). **sep′tāte,** *a.* അറയറയായ. **sep′tū-lum,** *n.* ഇടത്തൊലി (*an.*).

**Sep′tū-ple,** *a.* ഏഴിരട്ടിയായ, ഏഴ് മടങ്ങായ. *v. t.* ഏഴിരട്ടിക്കുക.

**Sep′ul-chĕr,** =**chre** (-kĕr), *n.* ശവ ക്കുഴി, സമാധി, കവറ് (*M.*); 2. ശവക്ക ല്ലറ; 3. കല്ലറ, സമാധിസ്തംഭം; 4. ശ്മശാ നം. a **whited s.** കപടഭക്തൻ. *v. t.* (ശവം)കുഴിച്ചിടുക, മറചെയ്യുക; ശ്മശാന ക്രിയ—. =**pul′chral** (-kral), *a.* ശവ സംസ്കാരസംബന്ധിച്ച; ശവക്കുഴി— കല്ലറ—, സമാധി—; തൊണ്ടക്കുററായ. **sep′ul-tūre,** *n.* ശവസംസ്കാരം, ശവം മറചെയ്യൽ; ശ്മശാനക്രിയ, ഉത്തര—; 2. ശ്മശാനം; ശവക്കുഴി, കവറ് (*M.*).

**Se-quā′ciŏus** (-kuā′shus), *a.* ചൊല്പ ടിനടക്കുന്ന, ഉപദേശം കേട്ട്—; പിന്തുട രുന്ന; ആശ്രയിച്ച് നില്ക്കുന്ന; 2. പതം ഉ ള്ള, മയം—, അടിച്ച് പരത്താകുന്ന; 3. ത ൎക്കസൂത്രാനുസാരമായ. **-ness,** =**quac′i-ty,** *n.* കീഴ്പ്പഴക്കം; മയം.

**Sē′quel,** *n.* ശേഷം, തുടൎച്ച, പിൻസം ഭവം, ഉത്തരഭാഗം; 2. ഫലം, ഫലസി ദ്ധി, അനുഭവം; 3. അനുമാനം, തീൎപ്പ്. =**quē′la,** *n.* (*pl.* =**quē′læ**) പിന്തുടരുന്ന ത്; ശിഷ്യൻ, തഥാഗതൻ; അനുമാനം, തീൎപ്പ്; അനുരോഗം (*med.*).

**Sē′quence,** *n.* തുടൎച്ച; പിന്തുടൎച്ച; 2. യഥാക്രമം, അനുക്രമം; 3. ഫലം, അന്ത്യം; 4. അനുവൎത്തനം, അനുസംഭവം (*phil.*); 5. തുടൎമ്മേളം (*mus.*); 6. ഇടപ്പാട്ട് (*R.C.*); 7. (ശീട്ട് കളി) തുടൎച്ചീട്ട്, തുടക്കത്ത്. **s. of tenses** കാലപ്പൊരുത്തം (*gr.*). **sē′-**

quent, *a.* പിന്തുടരുന്ന, തുടച്ച് ആയ; ഫലം—. *n.* പിന്തുടരുന്നവൻ; ഫലം. =quen'tial, *a.* അനുക്രമമായ. =quen'tial-ly, *ad.* തുടച്ച്യായി; ഫലമായി.

Se-ques'tĕr, =ques'trāte, *v. t.* പിടിച്ച്പററുക, 'ജപ്തി'ചെയ്യുക (*l.*); പിടിച്ച് വെക്കുക, മൂന്നാംകയ്യിൽ—(*l.*); കണ്ട് കെട്ടുക, സൎക്കാരിലടക്കുക (*l.*); 2. വസ്തു ഒഴിപ്പിക്കുക, പിടിച്ചെടുക്കുക; 3. വേറെയാക്കുക, മാററിവെക്കുക, നീക്കി—; 4. (*refl.*) പിൻവാങ്ങുക, വാങ്ങിനില്ക്കുക, പിരിഞ്ഞ് കളയുക. *v. i.* അവകാശമുപേക്ഷിക്കുക (*l.*). *n.* മാററം; വേൎപ്പിടുത്തൽ; 2. മൂന്നാമൻ, നടുവൻ, മദ്ധ്യസ്ഥൻ; പഞ്ചായക്കാരൻ; 3. (ഒഴിച്ച) അസ്ഥിഖണ്ഡം (*med.*). ='tĕred (-tĕrd), *a.* അകന്ന്നില്ക്കുന്ന; ഏകാന്തമായ. ='tra-ble, *a.* പിടിച്ചടക്കാവുന്ന, ജപ്തിചെയ്യാകുന്ന. =tral, *a.* അസ്ഥിരോഗസംബന്ധമായ (*med.*). seq-ues-trā'-tiŏn, *n.* മൂന്നാമൻപക്കൽവെക്കൽ (*l.*); കോടതിബന്തിൽ—, പരിഗ്രഹണം (*l.*); 'ജപ്തി'; കണ്ട് കെട്ടൽ, പണ്ടാരത്തിലടക്കൽ, പിടിച്ചെടുക്കൽ (*l.*); വേൎപ്പാട്, പിൻവാങ്ങൽ; ഏകാന്തവാസം. seq-ues-trā'-tŏr, *n.* ജപ്തിചെയ്യുന്നവൻ (*l.*); പരിഗ്രാഹകൻ (*l.*). ='trum, *n.* (*pl.* ='tra) അസ്ഥിരോഗം (*med.*).

Sē'quin, Chē'quin, Zē'quin, *n.* ഏതാനും 7 ക. വിലക്കുള്ള ഒര് പുരാതന പൊൻനാണ്യം.

Se-ragl'iō (-ral'yō *or* -räl'yō), *n.* പ്രത്യേകസ്ഥലം; 2. തുൎക്കിസുല്ത്താന്റെ അരമന; 3. അന്തഃപുരം, സ്ത്ര്യാഗാരം; 4. വേശ്യാഗൃഹം.

Se-rä'ī, *n.* അരമന; 2. അന്തഃപുരം; 3. വഴിയമ്പലം, സത്രം, ധൎമ്മശാല, 'മുസാവരി'. [(*naut.*).

Se-rang', *n.* 'തണ്ടേലൻ', 'തണ്ടേല്'

Ser'aph (-af), *n.* (*pl.* ser'aphs *or* ser'a-phim) സ്വൎഗ്ഗീയദൂതവരൻ, ദൈവദൂതശ്രേഷ്ഠൻ, ശ്രേഷ്ഠദൈവദൂതൻ, 'സെറാഫി'. =raph'ic, =raph'i-cal (-raf-), *a.* 'സെറാഫ്യ'; ദൈവദൂതസംബന്ധമായ; പരിശുദ്ധ, സിദ്ധ. =raph'i-cal-ly, *ad.* 'സെറാഫ്യ' തുല്യമായി. =raph'i-cal-ness, *n.* 'സെറാഫ്യ'പദവി. =raph'i-cism, *n.* —ഗുണം. -ī'na, =a-phine (-fin), *n.* കിന്നരം. [ഞൻ (*myth.*).

Se-rā'pis, *n.* സുഭിക്ഷദേവത, വരു

Sēre (sēr), *a.* വാടിയ, ഉണങ്ങിയ.

Ser-e-nāde', *n.* പ്രേമോല്ലാസസംഗീതം, സന്ധ്യാമേളം. *v. t.* & *i.* പ്രേമസംഗീതം പാടുക. =nā'dĕr, *n.* —സംഗീതക്കാരൻ. =nä'ta, ='e-nāte, *n.* —സംഗീതം.

Se-rēne' (-rēn'), *a.* പ്രഭ ഉള്ള, തെളിവ്—, സ്വച്ഛത—, നിൎമ്മലം ആയ, പ്രസന്നം—; 2. ശാന്തം—, സാത്വികം—; 3. (സ്ഥാനോപചാരവാചി) പ്രശാന്തമഹിമയുള്ള: Your S. Highness പ്രശാന്തമഹിമശ്രീയങ്ങുന്ന്. *n.* ആഭ, സ്വച്ഛത; 2. ശാന്തത. *v. t.* പ്രസന്നം ആക്കുക; 2. ശാന്തം—. -ly, *ad.* തെളിവായി; പ്രസന്നമായി; ശാന്തമായി, സാത്വികമായി. -ness, =ren'i-ty, *n.* നൈൎമ്മല്യം; സ്വച്ഛത; തെളിവ്; ശാന്തത; മനഃശാന്തത, സാത്വികത്വം. =ren'i-ty, *n.* (സ്ഥാനോപചാരം) പ്രശാന്തമഹിമ: Your S.y പ്രശാന്തമഹിമശ്രീയങ്ങുന്ന്.

Sĕrf, *n.* അടിയാൻ; അടിമ. -'āge, -'dom, -'hood, -'ism, *n.* അടിമ, അടിയായ്മ; അടിമത്തനം.

Sĕrge, *n.* ഒര് വക മേത്തരം കമ്പിളിത്തുണി, —'ചകലാസ്സ്'. silk s. അടിശ്ശീലപ്പട്ട്. [പീഠം— (*R. C.*).

Sĕr'ges *n. pl.* വലിയ മെഴുത്തിരി,

Ser'geant, Ser'jeant (sär'jent), *n.* (പുരാതന) 'ആമീൻ'; 2. രാജപരിചാരകൻ; 3. (പട്ടാളത്തിലെ) മുഖ്യകീഴുദ്യോഗസ്ഥൻ, 'സാജെന്റ്' (*mil.*); 4. ശ്രേഷ്ഠ 'വക്കീല്'; 5. (രാജപരിചാരകോപചാരപദം) സ്വരൂപ, കോവിലക: s.-surgeon കോവിലകവൈദ്യൻ. s.-at-arms രാജപരിചാരകൻ; ക്രമപരിപാലകോദ്യോഗസ്ഥൻ. s.-at-law ശ്രേഷ്ഠ'വക്കീല്', 'വക്കീൽ'വരൻ. s.-major കീഴുദ്യോഗസ്ഥപ്രമാണി, വലിയ'സാജെന്റ്', 'സാജെന്റ്'മൂപ്പൻ, 'സാജെന്റ്'മേജര് (*mil.*);

colour-s. കൊടിമൂപ്പൻ, 'കളർസാർജന്റ്' (*mil.*). commissary s. സൈന്യാഹാരസംഭാരകമൂപ്പൻ, 'കമ്മിസ്സരിസാർജന്റ്' (*mil.*). drill-s. ആയുധാഭ്യാസോദ്യോഗസ്ഥൻ, 'കവാത്ത് സാർജന്റ്', 'ഡ്രിൽ—' (*mil.*). ordnance-s. യുദ്ധസംഭാരമൂപ്പൻ, —'സാർജന്റ്' (*mil.*). quartermaster-s. പാളയമൂപ്പൻ, 'ക്വാട്ടർമാസ്റ്റർസാർജന്റ്' (*mil.*). ='gean-cy ='jean-cy, -cy, -ship, *n.* (പട്ടാളത്തിലെ) മുഖ്യകീഴുദ്യോഗസ്ഥാനം, 'സാർജന്റ്'—. -ry, ser'-jeant-ry, -y, ser'jean-ty, *n.* രാജകുടിയായ്മ, (രാജപരിചാരക) വിരുത്തിക്കുടിമ. grand s.y രാജകുടിമ.

Ser'i-al, =āte, -ā'tim, =ā'tiŏn, *etc.* *s. u.* Series.

Se-ri'ceŏus (se-rish'us), *a.* പട്ടായ, മയമുള്ള; 2. മയമായരോമമുള്ള (*b.*). =ser'-ri-cā-ted, *a.* മാർദ്ദവരോമമുള്ള.

Ser'i-cul-tūre, *n.* പട്ട്പുഴവിനെ പോററൽ, പട്ട്വ്യവസായം.

Sēr'i-ēs, *n.* വരി, നിര, മാല, കോവ (ഴ), അണി, കൂട്ടം; 2. പരമ്പര, തുടൎച്ച; 3. തരം, വൎഗ്ഗം (*biol.*); 4. പരമ്പരരാശി (*math.*). =i-al, *a.* അനുക്രമം ആയ; തുടൎച്ച—; ഭാഗംഭാഗം—, അനേകാംശമുള്ള; പരമ്പരആയ; നിര— (*b.*). *n.* തുടൎഗ്രന്ഥം; തുടർകഥ. =i-al'i-ty, *n.* തുടൎച്ച; പരമ്പരത്വം. ='i-al-ly, *ad.* ക്രമാനുസാരമായി; ഭാഗംഭാഗം ആയി. ='i-āte, *a.* ക്രമത്തിലുള്ള, യഥാക്രമം ആയ; വൎഗ്ഗസംബന്ധം—. ='i-āte-ly, *ad.* അനുക്രമമായി; പരമ്പരയായി. =i-ā'tim, *ad.* ക്രമത്തിൽ, വഴിക്ക് വഴിയായി; ഓരോന്നായി. =i-ā'tiŏn, *n.* അനുക്രമം; അനുക്രമണം.

Sēr-i-ō-com'ic, ='i-cal, *a.* കാൎയ്യവും കളിയും കലൎന്ന, കളിയും കാൎയ്യവും ആയ, ഗംഭീരോല്ലാസമയം—.

Sēr'i-ŏus, *a.* ഗൌരവമുള്ള, ഗംഭീരം ആയ, ഗാഢം—; ശ്രദ്ധാപൂൎവ്വം—; 2. കാൎയ്യം—, കളിയല്ലാത്ത; 3. ഘനമുള്ള, മുഖ്യം ആയ; 4. ഭയങ്കരം—, ആപല്ക്കരം—, കഠിനം—. -ly, *ad.* ഗൌരവമായി; കാൎയ്യമായി; അത്യന്തം. -ness, *n.* ഗുരുത്വം, ഗൌരവം; ഭയങ്കരത; കാഠിന്യം, കഷ്ടം.

Ser'jeant, =jean-cy, *etc.*, *s. a.* Sergeant.

Sĕr'mon, *n.* പ്രബന്ധം; ഭാഷണം; 2. പ്രസംഗം, മതപ്രസംഗം; 3. ബുദ്ധിയുപദേശം, ബുദ്ധിവാക്ക്. -ēer, -ist, -ī-sĕr, -ī-zĕr, *n.* പ്രസംഗി. -ĕr, *n.* (പരിഹാസമായി) പ്രസംഗക്കാരൻ, തത്വംപറയുന്നവൻ. -et, -ette, *n.* ചെറുപ്രസംഗം. -'ic, -'i-cal, *a.* പ്രസംഗതുല്യം ആയ; ഗൌരവം—. -ish, *a.* പ്രസംഗംപോലെയുള്ള. -īse, -īze, *v. i.* പ്രസംഗം രചിക്കുക; പ്രസംഗിക്കുക; ഖണ്ഡിതനിയമം കല്പിക്കുക. *v. t.* പ്രസംഗിക്കുക.

Se-ros'i-ty, *n.*, *s. u.* Serous.

Se-rot'i-nŏus, *a.* താമസിച്ച് പൂക്കുന്ന (*b.*); 2. കാലംവൈകിയുണ്ടാകുന്ന (*biol.*).

Sē'rŏus, Se-ros'i-ty, *s. u.* Serum.

Sĕr'pent, *n.* പാമ്പ്, ഭുജംഗം, നാഗം, സൎപ്പം (*z.*); 2. ചതിയൻ, പകയൻ; 3. ഒരു വക വാണം; 4. ഒരു നക്ഷത്രക്കൂട്ടം, പൃഷ്ഠ്യം, പൃയം (*as.*); 5. ഒരു വക കുഴല് വാദ്യം (*mus.*). s.-cucumber പടവലങ്ങ, പടവലം (*b.*). s.-eagle (പാമ്പ് കൊല്ലി) കഴുകൻ (*z.*). s.-tongued ഇരട്ടനാവുള്ള, നാവ് പിളൎന്ന (*z*). s.-temple നാഗസ്ഥാനം. s.-worship നാഗസേവ. *v. i.* പുളയുക; 2. വളഞ്ഞ് പുളഞ്ഞ് നടക്കുക. *v. t.* പുളയുക. =pen-tā'ri-a, *n.* ഈശ്വരമുല്ല, പെരുങ്കിഴങ്ങ് (*b.*). =pen-tā'ri-us, =pens, *n.* ഒരു നക്ഷത്രക്കൂട്ടം, പൃഷ്ഠ്യം, പൃയം (*as.*). =pen'ti-form, *a.* പാമ്പാകൃതി ആയ. =pen-tig'e-nŏus, *a.* സൎപ്പജന്യം—. =pen-tīne, *a.* സൎപ്പാകൃതി—; വളഞ്ഞ് പുളഞ്ഞ, വളവുള്ള; വക്ര, കടില; കൌശലമുള്ള. *n.* ഒരു വക കല്ല്, സൎപ്പശില (*min.*). =pen-tīne-ly, *ad.* വക്രഗതിയായി; സൎപ്പാകൃതിയിൽ. -īse, -īze, *v. i.* വളഞ്ഞ് പുളഞ്ഞിരിക്കുക. =pen-try, *n.* വക്രഗതി; നാഗസ്ഥാന(ത്താൻ)കോട്ട.

Sĕr-pī'gō, *n.* തഴുതണം (*med.*). =pig'i-nŏus, *a.* ഇഴയുന്ന, ഇരിയുന്ന; തഴുതണമുള്ള (*med.*).

**Ser'rāte,** =rā-ted, *a.* കരുക്കായ, പല്ല് പല്ലായ (*b.*). =rā'tiŏn, *n.* പല്ല് പല്ലായിരിക്കൽ; ഒര് പല്ല്. =ra-tūre, *n.* പല്ല് പല്ലായിമുറിക്കൽ, കരക്കൽ; ഒര് പല്ല്. =rū-lāte, =rū-lā-ted, *a.* ചെറുങ്ങനെ കരന്ന, അല്പാല്പമായി കരുക്കുള്ള. =rū-lā'tiŏn, *n.* ചെറുങ്ങനെ കരുക്കിടൽ; ചെറുപല്ല്.

**Ser'ri-cā-ted,** *a.*, *s. u.* Sericeous.

**Ser'ried** (-rid), *a.* തുററ, തിങ്ങിയ, തിങ്ങിവിങ്ങിയ; 2. തച്ചമത്തിയ; 3. തടിച്ച.

**Ser'rū-lāte,** =lā-ted, =lā'tiŏn, *s. u.* Serrate.

**Sē'rum,** *n.* മേദുരം, നിണനീര് (*phys.*). 2. ദേഹ—(*phys.*). blood s. നിണ— ചോര— (*phys.*). muscle s. മാംസ— (*phys.*). s. of milk തൈര് വെള്ളം. sē'rŏus, *a.* നേൎമ്മയായ, നേൎത്ത, വെള്ളമായ (*phys.*); 2. നിണനീര് സംബന്ധിച്ച (*phys.*). se-ros'i-ty, *n.* നീര്ഗ്ഗുണം; നിണനീര്, മേദുരം, ദേഹനീര്; മാംസ—(*phys.*).

**Sĕr'va-ble,** *a.*, *s. u.* Serve.

**Sĕr'val,** *n.* ഒര് വക പുള്ളിനരി, —കാട്ട് പൂച്ച (*z.*). -īne, *a.* കാട്ട് പൂച്ച വൎഗ്ഗത്തിൽ പെട്ട (*z.*).

**Sĕrve,** *v. t.* വേലചെയ്യുക, പണിയെടുത്ത് കൊട്ടക്കുക; ഭൃത്യംചെയ്യുക, പണിക്കാരനായിരിക്കുക; 2. സേവിക്കുക, ശുശ്രൂഷിക്കുക; 3. ആരാധിക്കുക, ഉപാസിക്കുക; 4. കീഴായിരിക്കുക, താണിരിക്കുക, കിഴിഞ്ഞിരിക്കുക; 5. (up) വിളമ്പുക, വിളമ്പിക്കൊട്ടക്കുക; ഓഹരിചെയ്യുക, ഭാഗിച്ച് കൊട്ടക്കുക; 6. ഉണ്ണുമ്പോൾ (അട്ടക്കെ നിന്ന്) ശുശ്രൂഷിക്കുക, വിളമ്പക്കാരനായിരിക്കുക; 7. മററൊരാൾക്കു വേണ്ടിപ്രവൃത്തിക്കുക; പകരം—; 8. ഉതകുക, ഉപയോഗപ്പെട്ടക, ഉപകരിക്കുക, ഉപകാരമായിരിക്കുക; 9. മതിയാക; 10. (for) പകരം ആയിരിക്കുക, ബദല്—; 11. പെരുമാറുക. കാട്ടുക, പ്രവൃത്തിക്കുക; 12. (കോടതി കല്പന) നടത്തുക (*l.*); 13. കാലംകഴിക്കുക; 14. (ശിക്ഷ) അനുഭവിക്കുക; 15. ഇണയെട്ടക്കുക; 16. (കളി) പന്തടിച്ച് കൊട്ടക്കുക; 17. (ചൂടി) വരിയുക (*naut.*). to s. an attachment *or* a writ of attachment 'ജപ്തി'ചെയ്യുക, ജപ്തികല്പന നടത്തുക (*l.*). to s. an execution വിധി നടത്തുക (*l.*). to s. an office ഉദ്യോഗം നടത്തുക, —ഭരിക്കുക. to s. a process കല്പനനടത്തുക (*l.*). to s. a warrant വാറണ്ട്—, വാറണ്ടിൽ പിടിക്കുക. to s. a writ കല്പനനടത്തുക, കല്പനപ്പകൎപ്പ് കൊട്ടക്കുക (*l.*). to s. in പ്രവൃത്തി ഉണ്ടാക, ഉദ്യോഗം—. to s. one out പകരം കൊട്ടക്കുക, പ്രതിക്രിയ ചെയ്യുക. to s. one right (തിന്മ, ദോഷം) കിട്ടിയത് നന്നായി, നന്നായ്പോയി; അങ്ങിനെ തന്നെ വേണം. to s. one's self താനായിചെയ്യുക, സ്വയംഭൃത്യനായിരിക്കുക. to s. one's self of ഉപയോഗിക്കുക. to s. out വിഭാഗിച്ച് കൊട്ടക്കുക. to s. up ഇലവെക്കുക, വിളമ്പുക, തീൻകൊണ്ട് വെക്കുക. *v. i.* ദാസൻ ആയിരിക്കുക, ഭൃത്യൻ—, ബാല്യക്കാരൻ—, ഭൃത്യംചെയ്യുക; കണ്ടപ്പണി—; 2. വീട്ട് പണി—, അട്ടക്കളപ്പണി—, കട്ടിപ്പട്ടരായിരിക്കുക; 3. ഉദ്യോഗംചെയ്യുക, പ്രവൃത്തിയിൽ ഇരിക്കുക; സൎക്കാരുദ്യോഗത്തിൽ—; 4. മതിയായിരിക്കുക; പററുക, കൊള്ളുക, ഉതകുക; 5. (കളി) പന്തടിച്ച് കൊട്ടക്കുക. sĕr'va-ble, *a.* സേവ്യമായ. sĕr'vant, *n.* പണിക്കാരൻ, വേലക്കാരൻ, ബാല്യക്കാരൻ, ഭൃത്യൻ, ദാസൻ. s.t-man *or* serving-man പണിക്കാരൻ, ബാല്യക്കാരൻ. s.t girl *or* maid, serving maid പണിക്കാരത്തി, വേലക്കാരത്തി. public s.t സൎക്കാരുദ്യോഗസ്ഥൻ. s.t of s.ts. ദാസാനുദാസൻ, ദാസാധമൻ. your humble s.t, your obedient s.t കത്തുകളിൽ സമാപ്തിയുപചാരവാക്ക്: ആശ്രിതൻ, എളിയ. sĕr'vant-ry, *n.* ഭൃത്യഗണം. sĕr'vĕr, *n.* സേവിക്കുന്നവൻ; താലം, തളിക. time-s.r ഋദ്ധിദാസ്യക്കാരൻ. sĕr'vice, *n.* സേവിക്കൽ, പണിചെയ്യൽ; സേവ; പണി, വേല, ഊഴിയം, പ്രവൃത്തി; തൊഴില്; ഉദ്യോഗം; ശുശ്രൂഷ; വണക്കം, വന്ദനം; ആരാധന, ഭജനം, ഉപാസനം, ദൈവാരാധന; കീ

ത്തനം; ഉപയോഗം; ഉപകാരം; ഉപകാരപ്രവൃത്തി, ഗുണം; വിളമ്പൽ; (ഊൺ) വിഭവങ്ങൾ; തീൻപാത്രക്കൂട്ടം; (കല്പന) നടത്തൽ (*l.*); ചൂടി, ചരട്, വക്ക് (*naut.*); (കളി) പന്തടിച്ച് കൊടുക്കൽ; ഇണയെ ചേർക്കൽ. **s.e-book** പ്രാർത്ഥനപ്പുസ്തകം (*Chr.*). **s.e-pipe** വീട്ട് കുഴല്, ചെറു—. **tea s.e** ചായപ്പാത്രക്കൂട്ടം. **military s.e** ഭേകം. **naval s.e** കപ്പൽഭേകം. **s.e-line** പന്തടിക്കളത്തിലെ ഒര് വര. **s.e of a writ, process,** *etc.* കല്പനനടത്തൽ (*l.*). **s.e of an attachment** ജപ്തിചെയ്യൽ (*l.*). **s.e of an execution** വിധിനടത്തൽ (*l.*). **to accept s.e** കല്പന വാങ്ങുക (*l.*). **at your s.e** കല്പിക്കുമ്പോലെ, 'തയ്യാറ്', ഒരുക്കം. **to take s.e** പ്രവൃത്തിക്ക് നില്ക്കുക, ഉദ്യോഗമേല്ക്കുക, **to see s.e** യുദ്ധച്ചേകംചെയ്യുക. **sĕr'vice-a-ble,** *a.* ഉപയോഗപ്പെടുന്ന; ഉപകാരമുള്ള, ഗുണകരമായ; പററിയ, തക്ക, കൊള്ളുന്ന; പ്രവൃത്തിക്ക് പററിയ; ചുറുക്ക് ഉള്ള, ഉത്സാഹം—. **sĕr'vice-a-ble-ness,** *n.* ഉപയോഗം. **sĕr'vice-a-bly,** *ad.* പററുന്നതായി; ഉപയോഗമുള്ളതായി. **sĕr'vi-ent,** *a.* ആധീനമായ (*l.*). **s.t tenement** *or* **estate** സൌകര്യബാദ്ധ്യസ്വത്ത് (*l.*). **sĕr-vi-ette'** (-et'), *n.* മേശത്തുവാല. **sĕr'vīle,** *a.* ദാസ്യമായ; അടിയാക്ക് പററിയ; നീചമായ; പാദസേവ ചെയ്യുന്ന; അന്യാശ്രയത്തിലുള്ള, അന്യാധീനം ആയ, അടിമ—; (അക്ഷരം) ആദേശം—, ആഗമം— (*gr.*); (അക്ഷരം) ഉച്ചാരണമില്ലാത്ത, മൌനമായ (*gr.*). *n.* ആഗമം, ആദേശം (*gr.*). **sĕr'vīle-ly,** *ad.* ദാസ്യഭാവത്തിൽ; നീചമായി. **sĕr'vīle-ness, sĕr-vil'i-ty,** *n.* ദാസ്യം; നീചത്വം. **sĕr'ving,** *a.* സേവിക്കുന്ന; പററുന്ന, കൊള്ളുന്ന. **sĕr'vīte,** *n.* ഒര് വക രോമസന്യാസി (*R. C.*). **sĕr'vi-tŏr,** *n.* സേവകൻ, ഭൃത്യൻ; ആശ്രിതൻ; സഹായശമ്പളവിദ്യാർത്ഥി. **sĕr'vi-tūde,** *n.* ദാസ്യം, സേവകത്വം; അടിമപ്പാട്, അടിമത്തനം; സൌകര്യബാദ്ധ്യത (*l.*). **penal s.e** കഠിനതടവ് ശിക്ഷ (*l.*). **personal s.e** പ്രത്യേകസൌകര്യബാദ്ധ്യത (*l.*). **predial s.e** സൌകര്യബാദ്ധ്യത (*l.*).

I. **Sĕr'vice, s.-trēe,** *n.* ഒര് ചെടി (*b.*). **s.-berry** ഒര് കായി (*b.*).

II. **Sĕr'vice, Sĕr'vice-a-ble** *etc.*, *s.u.* Serve.

**Sĕr'vīle, Sĕr'vi-tŏr, Sĕr'vi-tūde,** *etc.*, *s. u.* Serve.

**Ses'a-me,** *n.* എള്ള്, തിലം (*b.*). **open s.** (ഒര് അറബിക്കഥയിലെ), 'തുറക്കെള്ളെ' എന്ന വാക്ക്, മന്ത്രം.

**Ses'qui-,** *pf.* ഒന്നരവീതം. **-al'tĕr, -al'tĕr-al, -al'tĕr-āte, -al'tĕr-ŏus,** *a.* ഒന്നര ഇരട്ടിയായ. **=quip'li-cāte,** *a.* രണ്ടര—. **-pē'dal, -pe-dā'li-an,** *a.* ഒന്നര അടിയുള്ള; (പദം) നീളമുള്ള, നീണ്ട. **-pe-dā'li-an-ism, -pē'dal-ism, -pē-dal'i-ty,** *n.* ദീർഘപദോപയോഗം.

**Ses'siŏn** (sesh'un), *n.* ഇരിക്കൽ; ഇരുത്തം; കൂടിയിരുത്തം; 2. കൂടിവരവ്, യോഗം, സഭ, സംഘം; സഭായോഗം; 3. വിചാരണസഭ; വിചാരണ; കററവിചാരണ, 'സെഷൻ'; 4. സഭായോഗകാലം, കാര്യനിർവ്വാഹക—, പ്രവൃത്തി—, സത്രം. **s. court** (ജില്ലയിലെ) കററവിചാരണക്കോടതി, 'സെഷൻ'കോടതി (*l.*). **church s.** (മൂപ്പസഭയിലെ) സഭാകോടതി; മൂപ്പയോഗം. **court of s.** സ്കോട്ട്ലണ്ടിലെ പ്രധാനകോടതി. **quarter s.s** കററവിചാരണക്കോടതി (*l.*). **s.s of the peace** 'മജിസ്ത്രേട്ട്' വിചാരണ. **-al,** *a.* സഭായോഗസംബന്ധമായ.

**Sess'pool,** *n.*, *s. a.* Cesspool.

**Set,** *v. t. ir.* (set, set) ഇരുത്തുക; ഇടുക, വെക്കുക; 2. നിർത്തുക; സ്ഥാപിക്കുക, ഉറപ്പിക്കുക; 3. നിലക്കാക്കുക, നിലക്ക് നിർത്തുക, ആക്കുക, ആക്കിത്തീർക്കുക, ആക്കിവെക്കുക; 4. നിന്ന് പോകമാറാക്കുക, തടസ്ഥപ്പെടുത്തുക, കട്ടുക്കുക, വിഷമത്തിലാക്കുക, വിഷമിപ്പിക്കുക; 5. മനസ്സുറപ്പിക്കുക, കഠിനപ്പെടുത്തുക; 6. നാട്ടുക, നടുക, കഴിച്ചിടുക; 7. പതിക്കുക, അമിഴ്ത്തുക, വെക്കുക; 8. കട്ടിയാക്കുക, ഉറക്കുട്ടു

ക, തെരാക്കുക; 9. ക്രമത്തിലാക്കുക, നന്നാക്കുക; 10. അണക്കുക, മൂൎച്ചയാക്കുക, ചാണപിടിക്കുക; 11. വിരിക്കുക, വിടൎത്തുക, നിവിൎത്തുക; 12. (പാട്ട്, രാഗം) തുടങ്ങുക; 13. ഉളുക്ക് പിടിക്കുക, —മാറുക; എല്ലുമുറിക്രട്ടുക (*med.*); 14. ശരിയാക്കുക, കണക്കാക്കുക; 15. താഴ്ത്തുക; 16. പന്തയം വെക്കുക, വാത്—, —പിടിക്കുക; 17. വാക്ക് രാഗത്തിന്നൊപ്പിക്കുക (*mus.*); 18. നിശ്ചയിക്കുക, കുറിക്കുക, തീൎച്ചപ്പെടുത്തുക; 19. ശൃംഗരിക്കുക, അലങ്കരിക്കുക; 20. (at) വിലമതിക്കുക, —വെക്കുക, ഗണ്യമാക്കുക; 21. വാടപിടിച്ച് ഉരുകാട്ടുക (*hunt.*); 22. കൊടുക്കുക, കല്പിക്കുക, നിയമിക്കുക; 23. പറുക (*Scot.*); 24. അക്ഷരം പെറുക്കി വെക്കുക, —ക്രട്ടുക, —ചേൎക്കുക (*print.*). **to s. against** വിപരീതമാക്കുക, എതിൎക്കുക; പകരംവെക്കുക. **to s. agoing** ഇളക്കുക, നടത്തുക; തുടങ്ങുക, ആരംഭിക്കുക. **to s. apart** തിരിച്ച് വെക്കുക, വേറെ—, വകതിരിച്ച്—, പ്രത്യേകിച്ച്—. **to s. a saw** ഈൎച്ചവാൾപല്ല് വളക്കുക. **to s. aside** വിട്ട് കളയുക; മാറുക, ദുൎബ്ബലപ്പെടുത്തുക (*l.*), വേൎതിരിച്ച് വെക്കുക. **to s. at defiance** അലക്ഷ്യമാക്കുക, തുച്ഛീകരിക്കുക; വീരവാദം ചെയ്യുക. **to s. at ease** ശമിപ്പിക്കുക, ശാന്തമാക്കുക. **to s. at naught** പുച്ഛിക്കുക, അഗണ്യമാക്കുക, നിരാദരിക്കുക. **to s. a trap, snare** *or* **gin** കെണിവെക്കുക, വല—, വില്ല്—. **to s. at work, to s. to work** പ്രവൃത്തി ചെയ്യിക്കുക, ആരംഭിപ്പിക്കുക; (*refl.*) പ്രവൃത്തി ചെയ്യുക, (പ്രവൃത്തിക്ക്) പുറപ്പെടുക. **to s. before** കാണിക്കുക; മുമ്പാകെ വെക്കുക. **to s. by** നീക്കിവെക്കുക, തള്ളുക; വില വെക്കുക. **to s. by the compass** ദിക്കറിയുക, നിലയറിയുക. **to s. down** എഴുതിവെക്കുക, കുറിച്ച്—, രേഖപ്പെടുത്തുക; നിയമിക്കുക, സ്ഥാപിക്കുക; കല്പിക്കുക; താഴ്ത്തുക. **to s. eyes on** കാണുക, ദൃഷ്ടിക്കുക. **to s. fire to, to s. on fire** കൊള്ളിവെക്കുക; ജ്വലിപ്പിക്കുക; കിളൎത്തുക. **to s. forth** കാട്ടുക; പ്രസിദ്ധപ്പെടുത്തുക. **to s. forward** മുമ്പോട്ട് ഉന്തുക; അഭിവൃദ്ധിയാക്കുക. **to s. free** സ്വാതന്ത്ര്യപ്പെടുത്തുക, വിടുത്തുക. **to s. in order** ക്രമപ്പെടുത്തുക. **to s. milk** പാല് പാടകെട്ടാൻ വെക്കുക; ഉറക്രട്ടുക, തെരാക്കുക. **to s. much by** കാൎയ്യമായിവിചാരിക്കുക. **to s. little by** നിസ്സാരമായിവിചാരിക്കുക. **to s. off** വേൎതിരിച്ച് വെക്കുക; തിരിച്ച്—; ഭാഗിക്കുക; അലങ്കരിക്കുക; വൎണ്ണിച്ച് പറയുക. **to s. off against** തമ്മിൽ തട്ടിക്കഴിക്കുക. **to s. on** *or* **upon** ഉത്സാഹിപ്പിക്കുക, കുത്തിപ്പൊന്തിക്കുക; ഉദ്യോഗിപ്പിക്കുക, ......... കൊണ്ട് ചെയ്യിക്കുക; മനസ്സ് വെക്കുക, ആശ—. **to s. one's cap for** വിവാഹാൎത്ഥം ശ്രമിക്കുക. **to s. one's self against** വിരോധംകാട്ടുക, വിരോധിയായിരിക്കുക. **to s. one's teeth** പല്ല് കടിയിടുക. **to s. on foot** ആരംഭിക്കുക, തുടങ്ങുക. **to s. out** പങ്കിടുക, ഭാഗിക്കുക; ശൃംഗരിക്കുക; തയ്യാറാക്കുക, ഒരുക്കുക, അയക്കുക; കാണിക്കുക, പ്രദൎശിപ്പിക്കുക; പ്രസ്താവിക്കുക, പറയുക (*l.*). **to s. over** മേലെവെക്കുക, അധികാരിയായി—; തീര് കൊടുക്കുക. **to s. right** നന്നാക്കുക, തിരുത്തുക; ക്രമത്തിലാക്കുക. **to s. sail** (കപ്പല്) ഓട്ടംതുടങ്ങുക, (—) പുറപ്പെടുക. **to s. store by** വിലവെക്കുക. **to s. the fashion** രീതിനിൎണ്ണയിക്കുക, ചമയാകൃതിനടപ്പാക്കുക. **to s. the teeth on edge** പല്ല് പുളിക്കുക. **to s. the watch** (കപ്പലിൽ) യാമക്കാവല് വെക്കുക. **to s. to** (മുദ്ര) വെക്കുക, ഇടുക. **to s. up** ഉണ്ടാക്കുക, പണിയിക്കുക; ഉയൎത്തുക; സ്ഥാപിക്കുക, ആരംഭിക്കുക; പ്രവൃത്തിക്കാക്കുക; കുറി(യായി) വെക്കുക; നിലവിളിക്കുക, ഉച്ചത്തിൽപറയുക; അഭിപ്രായപ്പെടുക, പ്രസ്താവിക്കുക; പൊതുവരുത്താക്കുക; മത്തനാക്കുക; അക്ഷരം ക്രട്ടിവെക്കുക (*print.*). **to s. up the rigging** 'ആലാത്ത്' മുറുക്കുക (*naut.*). *v. i.* അസ്തമിക്കുക; കാണാതാക, മറയുക, ഇല്ലാതാക; 2. നടുക, നാട്ടിപ്പണിചെയ്യുക; 3. മുളക്കുക; 4. മിടിവരിക, —ഇടുക; 5. കട്ടപ്പം ആക്കുക, ഉറപ്പ്—; 6. കട്ടി—, കല്പിപ്പിക്കുക; 7. ഗതിയായിരിക്കുക; ഒഴുകുക; 8. (out)

പുറപ്പെടുക; 9. വാടപിടിക്കുക (*hunt.*); 10. (out) യത്നിക്കുക, ശ്രമിക്കുക; 11. പറവുക. to s. about തുടങ്ങുക, ആരംഭിക്കുക. to s. forward നടക്കുക, യാത്രതുടരുക. to s. forth പ്രയാണംതുടങ്ങുക. to s. in തുടങ്ങുക; ഉറക്കുക, തീച്ചയാക; ഏററംകയറുക, (വെള്ളം) വേലിയായിരിക്കുക. to s. off പുറപ്പെടുക; മററു കടലാസ്സിൽ പതിഞ്ഞ്പോക (*print.*). to s. on *or* upon ആരംഭിക്കുക, പുറപ്പെടുക; ആക്രമിക്കുക; കലശല് ചെയ്യുക. to s. out പുറപ്പെടുക; തുടങ്ങുക. to s. to ശ്രമിക്കുക, യത്നിക്കുക. to s. up പ്രവൃത്തിക്കാരംഭിക്കുക; നടിക്കുക, നാട്യം കാണിക്കുക. *a.* ഉറച്ച, ഉറപ്പുള്ള, സ്ഥിരമായ; 2. ഇളക്കം ഇല്ലാത്ത, മാററം—; 3. ശരിയായ, ക്രമാനുസാരംആയ; 4. സ്ഥാപിതം—, നിയമിതം—, ചട്ടം—; 5. ശരിപ്പെടുത്തിയ, കൊള്ളിച്ച, രൂപിച്ച. s. line വേപ്പ് (ചൂണ്ടല്). s. speech ഒരുക്കികൊണ്ടുവന്നപ്രസംഗം. *n.* അനുമാനം; അവസാനം; 2. തൈ, ഞാറ്; 3. കലച്ചല്; 4. ഒര് വക ചുററിക (*carp.*); 5. (*also* sett) കൂട്ടം: a s. of china പിഞ്ഞാണക്കൂട്ടം; 6. പരിഷ, കക്ഷി; 7. ഗതി, ഓട്ടം; 8. നത്തകഗണം; 9. വാൾപല്ല് വളവ്; 10. മൃഗക്കൂട്ടം; 11. (കളി)വര, ചൂത്; 12. ആണിയക്ഷരവിസ്താരം (*print.*). s.-back പാന്മുരി, വളര്, ചെടി (*arch*); അടിവലിവ്, ചുഴിപ്പ് (*U. S.*); തടസ്ഥം, അപജയം (*U. S.*). s.-bolt ഒര് വക നിമ്പാണി. s.-down ആക്ഷേപിക്കൽ; ആക്ഷേപം, ശാസന. s.-fair മിനുക്കിയിട്ട കമ്മായപ്പുരപ്പ്. s.-off തട്ടിക്കഴിപ്പ്; ശൃംഗാരം; തട്ടിക്കഴിപ്പാനുള്ള സംഖ്യ (*l.*); വളര്, പാന്മുരി, ചെടി (*arch*). s.-out പാത്രാവലിപ്രദർശനം. dead s. നായി ഉരുവുള്ളേടം കാട്ടൽ; തടസ്ഥം, മുടക്കം; ആക്രമണം. to make a dead s. ആക്രമിക്കുക. -'ness, *n.* ഏകരീതിത്വം; സ്ഥിരത; ശാഠ്യം. -'tĕr, *n.* വെക്കുന്നവൻ, ഇടുന്നവൻ, ചെയ്യുന്നവൻ; വേട്ട(യുരുകാട്ടിക്കൊടുക്കുന്ന) നായി (*z.*); ചതിയന്മാരുടെകൂട്ടാളി; സംഗീതരചകൻ. -'ting, *n.* വെക്കൽ, ഇടൽ; അനുമാനം; ഒഴുക്കം, വല്യ; കട്ടിയാകൽ, ഉറക്കൽ; ഉരുവുള്ളേടം കാട്ടൽ (*hunt.*); പതിച്ചത്, അമിഴ്ത്തിയത്, രത്നം; പതിപ്പ്ലോഹം, തകിട്. s.g-coat (കമ്മായം) മിനുസത്തേപ്പ്, വെള്ളവെക്കൽ (*arch.*). s.g-dog നായാട്ട്നായി (*hunt.*). s.g-pole ചല്ലം, ഇറക്കോല്. s.g-rule മുദ്രാക്ഷരക്കുററി (*print.*).

Sē'ta, *n.* (*pl.* sē'tæ) രോമം(*z.*); 2. (മുള്ളമ്പന്നിയുടെ) അമ്പ് (*z.*); 3. (ഇലയുടെ) രോമം (*b.*). se-tā'ceŏus (-shus), *a.* രോമംഉള്ള; അമ്പ്—; --പോലെ—. se-tif'-ĕr-ŏus, *a.* —മുളക്കുന്ന. =tig'ĕr-ŏus, *a.* രോമംഉള്ള; അമ്പ്—; മുള്ള്—. sē'tōse, sē'tous, *a.* രോമം നിറഞ്ഞ; മുള്ള്—. set'ū-la, set'ūle, *n.* ചെറുരോമം. set'-ū-lōse, *a.* ചെറുരോമമുള്ള.

Set-back, Set-bolt, Set-down, *s. u.* Set.

Set-ēe', Set-tēe', *n.* ഒര് വക ചെറിയ കപ്പല്.

Set'ness, Set'-off, *s. u.* Set.

Sē'ton, *n.* (കുരുവില്ലം മററും വെക്കുന്ന)ക്ഷാരത്തിരി, പരുത്തിത്തിരി (*med.*).

Sē'tōse, Sē'tŏus, *s. u.* Seta.

Set'-out, *n.*, *s. u.* Set.

Sett, *n.* കൂട്ടം.

I. Set-teē', *n.* ചാര് ബാങ്ക്, ചാരുകട്ടില്, ഇരിക്കക്കട്ടില്.

II. Set-teē', *n.*, *s. a.* Setee.

Set'tĕr, Set'ting, *s. u.* Set.

I. Set'tle, *n.* ഇരിപ്പിടം, ആസനം; 2. ചാര് ബാങ്ക്, ഇരിക്കക്കട്ടില്, ചാരുകട്ടില്; 3. തളം. s.-bed ഇരിക്കക്കട്ടില്, രത്നമഞ്ചം.

II. Set'tle, *v. t.* തീച്ചപ്പെടുത്തുക, സ്ഥിരപ്പെടുത്തുക; 2. പ്രതിഷ്ഠിക്കുക, ബോധകോദ്യോഗത്തിൽ ആക്കുക (*U. S.*); 3. സാവധാനം—, ശാന്തം—, ശമിപ്പിക്കുക; 4. തെളിയിക്കുക, ഊററുക; 5. (നിലം) അമത്തുക, ചായിക്കുക; 6. കുത്തി അമത്തുക, കല്യക്കി—; 7. സംശയംതീക്കുക, തീച്ചവരുത്തുക; 8. തീക്കുക, സമാധാനമാക്കുക, സന്ധിപ്പിക്കുക; 9. (കണക്ക്) കഴിക്കുക,

—തീക്കുക; 10. പണംകൊടുക്കുക, കടംവീട്ടുക; 11. കുടിയിരുത്തുക, നിവസിപ്പിക്കുക. to s. on or upon ധനം (നിശ്ചയിച്ച്) കൊടുക്കുക, വസ്തുതിരിച്ച്—. to s. the land (കപ്പല്) കരവിട്ട്പോക. *v. i.* ഉറക്കുക. സ്ഥിരപ്പെടുക; 2. ആയ്ത്തീരുക; 3. പാൎക്കുക, (നി)വസിക്കുക; 4. ഗൃഹസ്ഥനാക, വേളികഴിക്കുക, വിവാഹം ചെയ്യുക; 5. പ്രവൃത്തിയില്പുറക്കുക; 6. (നിലം) അമരുക; 7. തെളിയുക; 8. ഊറുക; 9. അമൎന്ന്പോക, ഇരുന്ന്—, താണ്—; 10. ശമിക്കുക; 11. സന്ധിക്കുക, തമ്മിൽ തീരുക; 12. കണക്ക്കഴിക്കുക; 13. (ഭാൎയ്യാ)സ്വത്താക്കിക്കൊടുക്കുക, സ്ത്രീധനമായി കൊടുക്കുക. =tled-ness, *n.* സ്ഥിരത; തീൎച്ച. -ment, *n.* സ്ഥിരമാക്കൽ; സ്ഥിരത; പ്രവൃത്തിക്കാക്കൽ; ബോധകനാക്കൽ, കുടിയേററൽ; കുടിയേറൽ; തീൎച്ചപ്പെടുത്തൽ, തീൎക്കൽ; ദാനംകൊടുക്കൽ; സ്വത്ത്തിരിച്ച്വെക്കൽ; ഭാൎയ്യാസ്വത്താക്കൽ; ഭാൎയ്യാസ്വത്ത്; സ്ഥാപിതം; കുടിയേററം, പ്രദേശം, നാട്; ദാനം, സ്വത്ത്; ബോധകദാനം; ഇരുന്ന്പോകൽ (*arch.*); *pl.* പൊട്ട്, വിള്ളല് (*arch.*); സ്ഥിരംപാൎപ്പ്സ്ഥലം, പാൎപ്പ്. revenue s.t കണ്ടെഴുത്ത് 'സെട്ല്മെണ്ട്' (*l.*). set'tlĕr, *n.* തീൎക്കുന്നവൻ; പാൎപ്പുകാരൻ; കുടിയേററക്കാരൻ, നിവാസി; അടി, കുത്ത്, അരിപ്പത്തൊട്ടി. set'tling, *n.* തീൎക്കൽ; സ്ഥിരപ്പെടുത്തൽ; കുടിയേറിപ്പാൎക്കൽ; ഇരുന്ന്പോകൽ; *pl.* ഊറല്, മട്ട്. s.g-day കണക്ക്കഴിക്കുന്ന ദിവസം, പണംകൊടുക്കേണ്ടുന്ന—.

Set'-to (set'tu), *n.* പിടിത്തം; 2. തൎക്കം, വാദം. [Seta.

Set'ū-la, Set'ūle, Set'ū-lōse, *s. u.*

Sev'en (sev'vn), *a.* ഏഴായ, ഏഴ്, സപ്ത. s. sciences, *s. u.* Science. s. stars കാൎത്തികനക്ഷത്രം (*as.*). s. wonders of the world, *s.u.* Wonder. s. up ഒരുവക ചീട്ട്കളി. *n.* ഏഴ്, സപ്തം, 7, ൭, VII. s.-night വാരം, ആഴ്ചവട്ടം. s.-score നൂററിനാല്പത്. s.-shooter ഏഴ്കുഴൽ കൈത്തോക്ക്. s.-fold, *a.* —ഇരട്ടിയായ, —മടങ്ങായ. -tēen, *a.* പതിനേഴായ, പതിനേഴ്. *n.* പതിനേഴ്, സപ്തദശം, 17, ൧൭, XVII. -tēenth, *a.* പതിനേഴാമത്തെ, പതിനേഴാം; പതിനേഴാലൊന്നായ. *n.* പതിനേഴാമത്തേത്; പതിനേഴാലൊന്ന്, $\frac{1}{17}$. sev'enth, *a.* ഏഴാം, ഏഴാമത്തെ; ഏഴാലൊന്നായ. s.th day ഏഴാം ദിവസം, ശനിയാഴ്ച. *n.* ഏഴാമത്തേത്, സപ്തമി; ഏഴാലൊന്ന്, $\frac{1}{7}$. sev'enth-ly, *ad.* ഏഴാമതായി. -ti-eth, *a.* എഴുപതാം, എഴുപതാമത്തെ; എഴുപതാലൊന്നായ. *n.* എഴുപതാമത്തേത്; എഴുപതാലൊന്ന്, $\frac{1}{70}$. -ty, *a.* എഴുപതായ. *n.* എഴുപത്, സപ്തതി, 70, ൭൦, LXX. the s.y പഴയനിയമം യവനഭാഷയിൽ തൎജ്ജിമചെയ്യുവര്. -ty-four, *n.* എഴുപത്തുനാല് പീരങ്കിയുള്ള പടക്കപ്പല്, വലിയ— (*naut.*).

Sev'ĕr, *v. t.* മുറിക്കുക, ഖണ്ഡിക്കുക, കണ്ടിക്കുക, കഷ്ണിക്കുക; 2. വേറെയാക്കുക, വേൎതിരിക്കുക; 3. പകുക്കുക, വിഭാഗിക്കുക; 4. മുറിച്ച്കളയുക; 5. ഒഴിവാക്കുക, ഒഴിച്ച്വെക്കുക; 6. വെവ്വേറെയാക്കുക, പിരിക്കുക (*l.*). *v. i.* പിരിയുക; 2. വ്യത്യാസംവെക്കുക, വേൎതിരിക്കുക. -a-ble, *a.* മുറിച്ച്കളയാകുന്ന. -al, *a.* ഓരോന്ന് ആയ, പ്രത്യേകം—, പ്രത്യേകം പ്രത്യേകം—, ഓരോ; വെവ്വേറെയുള്ള; പല, അനേകം, കുറെ. joint and s.l എല്ലാവരുംകൂടിയും ഓരോരുത്തരായും (*l.*). *n.* പലര്; പലത്. in s.l പ്രത്യേകമായി, വെവ്വേറെ. -al-ly, *ad.* പ്രത്യേകംപ്രത്യേകമായി, വെവ്വേറെ. -al-ty, *n.* പ്രത്യേക അവകാശം, സ്വകാൎയ്യ—. estate in s.y പ്രത്യേകസ്വത്ത് (*l.*). -ance, *n.* വെവ്വേറെയാക്കൽ, ഭാഗിക്കൽ; വിഭജനം; വിഭജിക്കൽ (*l.*).

Se-vēre', *a.* ഗൌരവം ഉള്ള, ഘനഭാവം—; 2. കൎശനം ആയ, ഖണ്ഡിതം—; 3. കൃത്യതയുള്ള; 4. കഠിനംആയ, കൊടൂരം—, ഉഗ്രം—; 5. കടുപ്പംഉള്ള, ക്രൂരത—, നിഷ്ഠുരംആയ, ദുസ്സഹം—. -ly, *ad.* കഠിനമായി. -ness, *n.* ഗൌരവം; കാഠിന്യം, കടുപ്പം. =vĕr'i-ty, *n.* ഗൌരവം, കൎശനം; കടുപ്പം, കൊടൂരം; ക്രൂരത, നിഷ്ഠുരത; കൃത്യത.

*Sē'vres blūe* (sa'vr blū), *n.* ഇളനീല വൎണ്ണം. s. ware പരന്ത്രീസ് പിഞ്ഞാണം.

Sew (sō), *v.t. ir.* (sewed, sewn *pr.* sōd, sōn) തുന്നുക, മൂട്ടുക, തയ്ക്കുക; 2. (up) തുന്നിക്കൂട്ടുക; 3. (up) തുന്നിക്കെട്ടുക. *v. i.* തുന്നൽപ്രവൃത്തിചെയ്യുക. -'ẽr, *n.* തുന്നുന്നവൻ; തയ്യൽക്കാരൻ. sew'ing, *n.* തുന്നല്. *a.* തുന്നുന്ന. s.g-machine തുന്ന്യന്ത്രം, തയ്യൽ—. s.g-press, s.g-table പുസ്തകംതുന്നുന്നചട്ടം. s.g thread തുന്നുന്നനൂല്.

Sew'āġe (su'āj), *n.* ഓവ് (ക്)വെള്ളം, അഴുക്ക്—; 2. ഓക്പണി; ഓവ്കൂട്ടം. sew'ẽr, *n.* ഓക്, ആണിച്ചാല്. ='ẽr-āġe, *n.* ഓക്പണി; ഓവ്കൂട്ടം; ഓക്വെള്ളം.

Sew'el (su'el), *n.* പക്ഷിപ്പാച്ചി.

I. Sew'ẽr (sō'ẽr), *n.*, *s. u.* Sew.

II. Sew'ẽr (su'ẽr), *n.*, *s. u.* Sewage.

III. Sew'ẽr (sū'ẽr), *n.* (സദ്യയിലെ) വിളമ്പൻ, വിരുന്ന്പ്രമാണി.

Sew'ẽr-āġe, *n.*, *s. u.* Sewage.

Sew'ing (sō'ing), *n.* & *a.*, *s.u.* Sew.

I. Sex, *pf.* ആറ്, ഷൾ, ഷൺ.

II. Sex, *n.* സ്ത്രീപുരുഷഭേദം, ആണ് പെണ്ണ് എന്ന—, ലിംഗ—. the s., the fair s. സ്ത്രീവൎഗ്ഗം, സ്ത്രീകൾ. sexed (sexd), *a.* ലിംഗഭേദം ഉള്ള; —സംബന്ധിച്ച; ആണൊപെണ്ണൊ ആയ. -'less, *a.* ലിംഗഭേദം ഇല്ലാത്ത. -'ly, *ad.* —സംബന്ധിച്ച്. -'ū-al, *a.* —സംബന്ധിച്ച; —ഉള്ള; ലിംഗം സംബന്ധിച്ച, യോനി—; മൈഥുനം—. s.l commerce, s.l connection, s.l intercourse മൈഥുനം, സംസൎഗ്ഗം, ഭോഗം. s.l method സ്ഥാവരലിംഗവൎഗ്ഗീകരണം (*b.*). -'ū-al-ist, *n.* —വൎഗ്ഗീകരണവാദി. -'ū-al'i-ty, *n.* ലിംഗഭേദം. -'ū-al-īse, -'ū-al-īze, *v. t.* ലിംഗഭേദം സങ്കല്പിക്കുക. -'ū-al-ly, *ad.* —ആയി; ലിംഗം സംബന്ധിച്ച്.

Sex-ag'e-nar-y, *a.* ഷഷ്ഠി, അറുപത് ആയ; 2. —കൂടിയ; 3. —വയസ്സുള്ള. s. arithmetic ഷഷ്ഠിഗണിതം. s. or sexagesimal scale ഷഷ്ഠിഭാഗഗണിതം, വൃത്തഗണിതം. *n.* അറുപത് കൂടിയത്; —വയസ്സുള്ളവൻ. =nā'ri-an, *n.* അറുപത് വയസ്സുള്ളവൻ.

Sex-a-ġes'i-ma, *n.* ഷഷ്ഠിദിനം, നോമ്പിന്ന് മുമ്പ് രണ്ടാംഞായറാഴ്ച (*Chr.*). =mal, *a.* അറുപത് സംബന്ധിച്ച. s.l fractions or numbers, astronomical fractions (അറുപതൊ) അറുപത് പെരുക്ക(മൊ നാമധാരിയായ)ഭിന്നിതം, ഷഷ്ഠിഭിന്നിതം, ജ്യോതിശ്ശാസ്ത്ര— (*arith. alg.*). s.l or sexagenary arithmetic ഷഷ്ഠിഗണിതം. s.l scale ഷഷ്ഠിഭാഗഗണിതം, വൃത്തഗണിതം.

Sex'an-gle *n.* ഷട്കോണം (*geom.*); 2. ഷൾഭുജക്ഷേത്രം (*geom.*); ='an-gled, =an'gū-lar, *a.* ഷട്കോണമുള്ള.

Sexed, *a.*, *s. u.* Sex.

Sex-en'ni-al, *a.* ആറ് കൊല്ലം നില്ക്കുന്ന; 2. ആറ് വൎഷത്തിൽ ഒരിക്കലുണ്ടാകുന്ന. *n.* ഷഡ്വാൎഷികസംഭവം. -ly, *ad.* ആറ് കൊല്ലത്തിൽ ഒരിക്കൽ.

Sex'less, Sex'ly, *s. u.* Sex.

Sex'tāin, *n.* ആറ് ശീര് വൃത്തം (*pros.*).

Sex'tans, *n.* ഒര് പുരാതനറോമനാണ്യം; 2. ഒര് നക്ഷത്രഗണം (*as.*).

Sex'tant, *n.* വൃത്തഷൾഭാഗം (*math.*); 2. ദൂരകോണമാത്ര; 3. ഒര് നക്ഷത്രഗണം (*as.*).

Sex-til'liōn (-til'yun), *n.* 37 സ്ഥാനമുള്ള സംഖ്യ (*Eng.*); 22 സ്ഥാനമുള്ള സംഖ്യ (*Fr. & U. S.*).

Sex'tō, *n.* ഒര് പായികടലാസ് ആറായിമടക്കിയുണ്ടാക്കിയപുസ്തകം; ഷണ്മടക്ക്, ആറ് മടക്ക്. -dec'i-mō, *n.* ഒര് പായികടലാസ് പതിനാറായി മടക്കിയുണ്ടാക്കിയ പുസ്തകം. പതിനാറ് മടക്ക്.

Sex'tōn, *n.* പള്ളിപ്രവൃത്തിക്കാരൻ, പള്ളി'ശിപായി', 'കപ്യാർ' (*S.*). -ess, *n.* പള്ളിപ്രവൃത്തിക്കാരത്തി. -ship, *n.* പള്ളിപ്രവൃത്തി, പള്ളിശിപായിപ്പണി.

Sex'tū-ple, *a.* ആറിരട്ടിയായ, ഷണ്മടങ്ങായ.

**Sex'ū-al**, *etc.*, *s. u.* **Sex.**

**Shab**, *n.* നാല്ക്കാലിച്ചൊറി. *v. i.* പീറത്തരംകാട്ടുക. **-'bi-ly**, *ad.* വൃത്തികേടായി, പച്ഛ്രച്ഛമായി. **-'bi-ness**, *n.* വൃത്തികേട്, പച്ഛ്രച്ഛം. **-'by**, *a.* ജീൎണ്ണിച്ച, കീറിയ, കീറിപ്പാറിയ; ജീൎണ്ണവസ്ത്രംധരിച്ച, ഇഴഞ്ഞിയതുട്ടത്ത; വൃത്തികെട്ട, അഴക്കായ; ഹീനം ആയ, നിസ്സാരം—.

**Shab'by**, *etc.*, *s. u.* **Shab.**

**Shack**, *v. i.* (ധാന്യമണി) ഉതിരുക; 2. മൂന്നകണ്ടത്തിൽമേയുക; 3. തുക്കിപ്പെറുക്കിനടക്കുക. *n.* ഉതിർമണി; ഉതിക്കായി; 2. മേച്ചലവകാശം; 3. പെറുക്കി, തെണ്ടി, ഇരപ്പാളി. **common of s.** കൂട്ട്മേച്ചലവകാശം (*l.*).

I. **Shack'le**, *n.* താളടി, കററിത്താള് (*P.*), തണ്ട്പുല്ല്, ഒട്ട(വ്) (*N.*).

II. **Shack'le**, *n.* (*pl.*) വിലങ്ങ്, തോളം, ആമം, തള, ചങ്ങല; ബന്ധനം; 2. മുടക്കം, തടസ്ഥം; 3. വള, കാൽവള; 4. ആമപ്പൂട്ടിൻെറകൊളുത്ത്; 5. തിവണ്ടിക്കൊളുത്ത്. *v. t.* തളക്കുക, ബന്ധിക്കുക, ചങ്ങലക്കിടുക, വിലങ്ങിലാക്കുക; 2. തടസ്ഥപ്പെടുത്തുക, മുടക്കുക; 3. തമ്മിൽകൊളുത്തുക. **s.-bolt** തിവണ്ടിക്കൊളുത്ത്.

**Shack'ly**, *a.* ഇളകുന്ന, ആടുന്ന (*U.S.*).

**Shad**, *n. s. & pl.* ഒര്മത്സ്യം, തൊലിയൻ (*N.*), തൊവിടിമത്തി, കണ്ണൻമത്തി (*z.*).

**Shad'dock**, *n.* മധുരനാരകം, 'ബൊമ്പ്ലിമൊസ്'മരം (*b.*); 2. മധുരനാരങ്ങ, മധുരാമ്ലഫലം, 'ബൊമ്പ്ലിമൊസ്' (*b.*).

**Shāde**, *n.* ചോല, കാനല്, തണല്; നിഴല്; 2. *pl.* ഇരുള്, മങ്ങല്; 3. മറവിടം, ഏകാന്തസ്ഥലം; 4. കുട, മറ; 5. രക്ഷ, ആശ്രയം; 6. പ്രേതം, ഭൂതം; 7. (ചിത്രം) ഇരുണ്ടഭാഗം; 8. വൎണ്ണഭേദം, നിറഭേദം, ഛായ; 9. സൂക്ഷ്മവ്യത്യാസം, —ഭേദം. **the s.s** അധോലോകം, യമ—, പാതാളം. *v. t.* മറക്കുക, തണലാക്കുക; 2. മൂടുക, മറവെക്കുക; 3. മങ്ങലാക്കുക; 4. ഇരുളാക്കുക; 5. വൎണ്ണഭേദംവരുത്തുക. **-'ful**, *a.* നിഴല്ഉള്ള, തണല്—. **-less**, *a.* —ഇല്ലാത്ത, ചോല—. **='dẽr**, *n.* മറക്കുന്നവൻ; മറ. **='di-ly**, *ad.* തണലായി, ചോലയായി; സംശയകരമായി. **='di-ness**, *n.* തണല്; നിഴല്; മറവ്; സംശയസ്ഥിതി. **='diṅg**, *n.* മറക്കൽ; (ചിത്രം) ഇരുളിക്കൽ. **shad'ōw** (-ō), *n.* നിഴല്; ഇരുട്ട്; മറവ്; തണല്; രക്ഷ; പ്രതിബിംബം, രൂപം; പിരിയാത്തചങ്ങാതി; ഒളിവായി പിന്തുടരുന്നവൻ, ചാരൻ; ഛായ, അപൂൎണ്ണരൂപം; അല്പം, ലേശം, നാമം; ക്ഷണിക്കാതെ വരുന്ന വിരുന്നുകാരൻ. **s.w of death** മരണവേദന, —നിഴല്. *v. t.* വെളിച്ചംമറക്കു(യു)ക, നിഴലാക്കുക, ഇരുട്ടാക്കുക; ഒളിപ്പിക്കുക, മറക്കുക; കാക്കുക, രക്ഷിക്കുക; നിറഭേദംവരുത്തുക; ഛായയായികാട്ടുക, മങ്കറിയായി—, കറിക്കുക; മൂടലാകുക, ഇരുളുക; ഒളിവായി പിന്തുടരുക, ഒററ്നോക്കുക. **shad'ōw-i-ness**, *n.* നിഴലിപ്പ്, നിഴല്. **shad'ōw-iṅg**, *n.* നിറഭേദം; ഛായ. **shad'ōw-less**, *a.* നിഴലില്ലാത്ത. **shad'ōw-y**, *a.* നിഴലുള്ള; ഇരുണ്ട; മങ്ങലായ; ഛായയായ, മങ്കറിയായ; വസ്തുതയല്ലാത്ത, മിത്ഥ്യയായ. **shā'dy**, *a.* തണലുള്ള, ചോലയായ; മറവിലുള്ള; രഹസ്യം ആയ, സംശയകരം—. **on the s.y side of** അപ്പുറം, കഴിഞ്ഞ. **to keep s.y** ഒളിവിലിരിക്കുക; മിണ്ടാതിരിക്കുക. [ഇരിമ്പ്.

**Shā'drach** (-drak), *n.* ഉരുകാത്ത

**Shaft**, *n.* അമ്പ്, അസ്ത്രം, ശരം; 2. കന്തപ്പിടി; കന്തം; 3. (ചെടിയുടെ)തണ്ട് (*b.*); 4. (തുവല്)തണ്ട് (*z.*); 5. ഏക്കാല്; 6. കവരവിളക്ക്തണ്ട്; 7. പിടി; തായി, തള്ള; 8. തൂണ്, സ്തംഭം (*arch.*); 9. പുകക്കുഴലിൻെറ മുകള്; 10. ഗോപുരം; 11. നൂല്ക്കോല് (*w.*); 12. യന്ത്രത്തണ്ട് (*mech.*); 13. ഒര്വക മൂളിപ്പക്ഷി (*z.*); 14. തുരങ്കക്കിണററ്, തുരങ്കക്കുഴി; 15. വായുകുഴല്; 16. ഉലയറ. **-'ed**, *a.* തൂണുള്ള; പിടിയുള്ള.

**Shag**, *n.* പരുത്തരോമം; 2. —കമ്പിളിത്തുണി; 3. തറിച്ചപുകയില; 4. കടല്ക്കാക്ക (*z.*). *a.* രോമംഉള്ള. **s.-haired** നീണ്ടരോമം—. **s.-rag** വൃത്തികെട്ടവര്. *v. t.* രോമമയം ആക്കുക; 2. പരുക്കൻ—. **-'ged, -'gy**, *a.* പരുക്കനായ; രോമം ഉ

ള്ള, പരുപരുപ്പ്—. -'ged-ness, -'gi-ness, *n.* രോമമയത്വം; പരുപരുപ്പ്.

Sha-grēen', *n.* ഒരു വക പരുപരുപ്പ് തോല്; 2. (മത്സ്യങ്ങളുടെ) അരമുള്ള തോല് (*z.*). =grēen', =grēened' (-grēnd'), *a.* പരുപരുപ്പ് തോല് കൊണ്ടുണ്ടാക്കിയ; അരമുള്ള തൊലിയുള്ള (*z.*).

Shäh, Schäh (shä), *n.* പെർഷ്യ(പാർസി)രാജ്യത്തെ രാജാവിന്റെ സ്ഥാനപ്പേര്, 'ഷാ'.

Shāke, *v. t. ir.* (shook, shā'ken) ഇളക്കുക, കലുക്കുക; 2. വിറപ്പിക്കുക; 3. മനസ്സിളക്കുക, ചഞ്ചലിപ്പിക്കുക; 4. (off, out) തെറ്റപ്പിക്കുക, കടയുക. to s. a cask പീപ്പ അഴിച്ച് കഷ്ണമാക്കുക. to s. hands കൈകലുക്കുക, —കൊട്ടുക്കുക, —പിടിക്കുക. to s. the bells കിണ്ണം മുട്ടുക. to s. out a reef പായി വിട്ട് കൊടുക്കുക (*naut.*). to s. the sails കാററ് കൊണ്ട് പായികടയുക (*naut.*). *v. i.* ഇളകുക കലുങ്ങുക; 2. തുള്ളുക; വിറക്കുക, കിട്ടുകിട്ടുക്കുക; 3. കമ്പിക്കുക. shaking piece ഗോമാംസത്തിന്റെ കീഴ്ക്കഴുത്ത് കഷ്ണം. *n.* ഇളക്കം, കലുക്കം; 2. വിറ; 3. കമ്പം; 4. (മരത്തിന്റെ) വയറ്, വിള്ളല്; ചീന്ത്, പൊട്ട്. s.-down തല്ക്കാലക്കിടക്ക, വിരിപ്പ്. no great s.s നിസ്സാരം, പൊരുളില്ലാത്തത്. the s.s വിറപ്പനി, തുള്ളപ്പനി (*med.*). ='ken, *a.* കലുക്കിയ; ഇളകിയ; വിണ്ട; കേട്പററിയ. ='kĕr, *n.* ഇളക്കുന്നവൻ, കലുക്കുന്നവൻ; പ്രകമ്പനമതഭേദക്കാരൻ. ='kĕr-ess, *n.* —മതഭേദക്കാരത്തി. ='kĕr-ism, *n.* പ്രകമ്പനമതഭേദം. ='ki-ness, *n.* ഇളക്കം, കലുക്കം. ='kings, *n. pl.* കപ്പലിലെ ചണ്ടി, കപ്പച്ചവറ്. ='ky, *a.* ഇളക്കം ഉള്ള, കലുക്കം—; വിണ്ട; ആട്ടുന്ന, ആട്ടംപററിയ.

Shāle, *n.* തോട്, തൊണ്ട്, കൊട്ട (*b.*); 2. ചക്കരപ്പാറ (*geol.*). *v. t.* തോട്കളയുക, ഉരിക്കുക, തൊലിക്കുക. shā'ly, *a.* തോടുള്ള.

Shall, *v. i. ir. & a. v.* (should, should, *pr.* shud) ഭാവികാലപ്രത്യയം: (ഉത്തമമദ്ധ്യമപുരുഷന്മാരിലും ചോദ്യത്തിൽ മദ്ധ്യമപുരുഷനിലും) ഉം, ആം: I s. go ഞാൻ പോകും; —പോകാം; s. you go നിങ്ങൾ പോകുമോ? 2. (മദ്ധ്യമപ്രഥമപുരുഷന്മാരിലും ചോദ്യത്തിൽ ഉത്തമപുരുഷനിലും) വേണം: you s. go, you *should* go നിങ്ങൾ പോകേണം; he s. go, he *should* go അവൻ പോകേണം; s. I go, *should* I go ഞാൻ പോകേണമോ? 3. (*think, say etc.* എന്നവററിൻ ശേഷം മദ്ധ്യമ പ്രഥമ പുരുഷന്മാരിൽ) ഉം: you say you s. go നിങ്ങൾ പോകും എന്നാണ് നിങ്ങൾ പറയുന്നത്; he thinks he s. go അവൻ പോകും എന്നാണ് അവൻ വിചാരിക്കുന്നത്; 4. (if എന്നതിന്റെ ശേഷം ത്രിപുരുഷന്മാരിലും) ഉം: if you s. write നിങ്ങൾ എഴുതുമെങ്കിൽ; 5. (like എന്നതിന്റെ ശേഷം ഉത്തമപുരുഷനിൽ) ഉണ്ട്: I s. like to go എനിക്ക് പോവാൻ മനസ്സ് (താല്പര്യം) ഉണ്ട്; I *should* think എനിക്ക് തോന്നുന്നു; I *should* like എനിക്ക് താല്പര്യമുണ്ട്.

Shal-loon', *n.* ഒരു വക നേർമ്മത്തുണി.

Shal'lop, *n.* തോണി, പാത്തി; വള്ളം, പടവ്(ക്), ചീന; മഞ്ചു, ഓടി.

Shal-lot', *n.* ഒരു വക ചെറിയ ഉള്ളി (*b.*).

Shal'lōw (-lō), *a.* ആഴം ഇല്ലാത്ത, കഴം കുറഞ്ഞ; 2. ഗാഢമല്ലാത്ത; 3. ബുദ്ധികുറഞ്ഞ, അല്പബുദ്ധിയായ അല്പജ്ഞനായ. s.-bodied (കപ്പല്) പള്ള ഉയരം കുറഞ്ഞ. s.-brained, s.-pated ബുദ്ധികുറഞ്ഞ, മന്ദബുദ്ധി ആയ, പൊട്ടൻ-. s.-hearted അനുരാഗഹീനം—. *n.* വെള്ളം കുറഞ്ഞ സ്ഥലം, മാട് (*N.*) മണ്ണുത്തി(ത്തി)ട്ട. *v. t.* ആഴം കുറക്കുക. *v. i.* വെള്ളം കുറയുക. -ly, *ad.* കഴമില്ലാതെ. -ness, *n.* ആഴമില്ലായ്മ, കര, മാട് (*N.*).

Shalt, *2nd pers. s. of* Shall.

Shā'ly, *a.*, *s. u.* Shale.

Sham, *n.* മായം, മിത്ഥ്യ; 2. ചതി, പിത്തലാട്ടം, മറിമായം, ചെപ്പിടിവിദ്യ, വേഷം, ഉപായം; 3. നാട്യം; 4. പുറംകാഴ്ച. pillow s. തലയണവിരി. *a.* കള്ള, കപടം ആയ; 2. കളി–, മിത്ഥ്യ–. *v. t.* നടി

ക്കുക; 2. ചതിക്കുക, തോല്പിക്കുക; 3. ഉപായേന ചെലുത്തുക. to s. Abram or Abraham രോഗം നടിക്കുക; ദുഷിക്കുക. *v. i.* കള്ളത്ത്രാണം കാട്ടുക, വഞ്ചിക്കുക; 2. നടിക്കുക, വേഷം കെട്ടുക. -'mĕr, *n.* മായാവി, ചതിയൻ.

Sham'an, *n.* (മൊങ്കോല്യയിലെ) പ്രേതാച്ചക പൂജാരി. =an'ic, *a.* പ്രേതാച്ചക മതംസംബന്ധിച്ച. -ism, *n.* —മതം, പ്രേതാച്ചനം. -ist, *n.* പ്രേതാച്ചകൻ.

I. Sham'ble, *n.* ഖനിത്തട്ട് (*ming.*); 2. *pl.* മാംസം വില്ക്കുന്നസ്ഥലം, ഇറച്ചിക്കട; 3. *pl.* മൃഗങ്ങളെ അറുക്കുന്ന സ്ഥലം.

II. Sham'ble, *v. i.* ആടിക്കുഴഞ്ഞ് നടക്കുക, ഇഴച്ച് വലിച്ച്—. ='bling, *a.* കുഴഞ്ഞ. *n.* കുഴഞ്ഞ നടത്തം.

Shāme, *n.* ലജ്ജ, നാണം, ഉളുപ്പ്; 2. നാണക്കേട്, നിന്ദ, അപമാനം, മാനക്കേട്, പോരായ്മ; 3. നാണം കെട്ടകാൎയ്യം, ലജ്ജാകരം; 4. ഗുഹ്യപ്രദേശം. s.-proof നാണംകെട്ട, ഉളുപ്പില്ലാത്ത. for s. നാണമില്ലേ, ഉളുപ്പില്ലയോ. to put to s. നാണിപ്പിക്കുക, നാണക്കേട് വരുത്തുക, അപമാനിക്കുക. *v. t.* ലജ്ജിപ്പിക്കുക, നാണിപ്പിക്കുക, ഉളുപ്പ് കെടുക്കുക; 2. നാണം കെടുത്തുക, അപമാനിക്കുക; 3. പരിഹസിക്കുക. *v. i.* ലജ്ജിക്കുക, നാണം തോന്നുക. -'fāced (-fāst), -'fast, *a.* നാണം ഉള്ള, ശങ്ക—, ലജ്ജാശീലം—. -'fāced-ly, -'fast-ly, *ad.* നാണത്തോടെ, ലജ്ജാശീലത്തോടെ. -'fāced-ness, -'fast-ness, *n.* നാണം, ലജ്ജാശീലം. -'fụl, *a.* ലജ്ജാകരമായ, നാണംകെട്ട; മാനം—; ലജ്ജതോന്നിക്കുന്ന. -'fụl-ly, *ad.* നാണംകെട്ട്, ലജ്ജാകരമായി. -'fụl-ness, *n.* ലജ്ജ, ഉളുപ്പ്. -'less, *a.* ലജ്ജയില്ലാത്ത, നാണം കെട്ട; ഉളുപ്പില്ലാത്ത; അസഭ്യമായ. -'less-ly, *ad.* നാണമില്ലാതെ. -'less-ness, *n.* ലജ്ജയില്ലായ്മ, ഉളുപ്പില്ലായ്മ. ='mĕr, *n.* നാണിപ്പിക്കുന്നവൻ; അപമാനിക്കുന്നവൻ.

Sham'mĕr, *n.*, *s. u.* Sham.

Sham'my, C̄ham'ois, Sham'oy, Sham'ois, *n.* ചെറുമാൻ, വാതമൃഗം (*z.*); 2. വാതമൃഗചൎമ്മം; മൃദു—. =moy'ing, *n.* തോല് മാൎദ്ദവമാക്കൽ.

Sham-poo', C̄ham-poo', *v. t.* മൎദ്ദിക്കുക, ഞെക്കുക, തടവുക; ചവിട്ടിത്തടവുക; മുക്കിത്തടവുക; 2. താളിതേക്കുക, 'സോപ്പ്'—. -ĕr, *n.* തടവുന്നവൻ.

Sham'rock, *n.* ഒരുവക മൂവില (*b.*); 2. അയല്ലാണ്ട് രാജ്യചിഹ്നം.

Shaṅ-ghai', Shaṅ-ghae', *v. t.* ലഹരി പിടിപ്പിച്ച് 'കലാശി'യാക്കുക. *n.* ജാതിക്കോഴി (*z.*).

I. Shaṅk, C̄haṅk, *n.* ശംഖ് (*z.*).

II. Shaṅk, *n.* കണങ്കാ(ക്കാ)ല്, മീങ്കാല്: കാലെല്ല്; കാല്; 2. തണ്ട്; താക്കോൽ തണ്ട്, —കററി; നങ്കൂരത്തണ്ട്; കൈക്കോട്ട് വള, —കട്ടമ; (കുപ്പായക്കുടുക്ക്) കുഴ; 3. ലോഹക്കയ്യില്, തവി; 4. അക്ഷരക്കുററി (*print.*); 5. (*also pl.*) കണ്ടിയപ്പൻ, കണ്ടികാപ്പൻ (*z.*); 6. *pl.* കണ്ണാടിച്ചവണ. to ride s.'s mare കാൽനടയായി പോക. *v. i.* (off) കൊഴിയുക, കൊഴിഞ്ഞ് വീഴുക. shaṅked (shaṅkt), *a.* കാലുള്ള; തണ്ടുള്ള.

Shan't, (*contr. f. of* shall not) ഇല്ല; 2. അരുത്.

I. Shan'ty, *a.* മോടിയുള്ള.

II. Shan'ty, *n.* ചന്ത, ചാപ്പ, ചെററപ്പുര, കടി(ഞ്ഞി)ല്. *v. i.* ചന്തകെട്ടിപ്പാൎക്കുക.

Shāpe, *v. t.* സൃഷ്ടിക്കുക; രൂപിക്കുക; ആകൃതിപ്പെടുത്തുക, സ്വരൂപമാക്കുക, ഉരുത്തിരിക്കുക, ഭാഷയാക്കുക; 2. ആക്കുക, ആക്കിത്തീൎക്കുക; ഗതിവരുത്തുക, തിരിക്കുക; അനുസാരമാക്കുക, ഏല്പെടുത്തുക; 3. സങ്കല്പിക്കുക, ഭാവിക്കുക; 4. യന്ത്രിക്കുക, നിരൂപിച്ചുണ്ടാക്കുക; ചട്ടംകെട്ടുക, ഏല്പാട് ചെയ്യുക. *v. i.* അനുസാരമാക്കുക. *n.* രൂപം, ആകൃതി, ഭാഷ; വേഷം; 2. സ്വരൂപം; കാഴ്ച; 3. ജീവജന്തു; 4. മാതൃക, മാതിരി; 5. മൂൎത്തി. to take s. രൂപംധരിക്കുക, ആകൃതിയുണ്ടാക. ='pa-ble, *a.* ആകൃതിപ്പെടുത്താകുന്ന; രൂപാകൃതിയുള്ള. -'less, *a.* രൂപം ഇല്ലാത്ത; സ്വരൂപം—; വിരൂപമായ. -'less-ness, *n.* വൈരൂ

പ്യം. -'li-ness, *n.* സുരൂപം. -'ly, *a.* സുരൂപം ഉള്ള; ഭംഗി—. ='pĕr, *n.* ഉണ്ടാക്കുന്നവൻ; ഭാഷയാക്കുന്നവൻ.

**Shärd,** *n.* കലനുറുക്ക്, മാടോട്; 2. മുട്ടത്തോട്; 3. വണ്ടോട് (*z.*). -'ed, -'y, ഓട്ടുള്ള.

**I. Shāre,** *n.* കൊഴു (*N.*), കലപ്പനാക്ക് (*S.*), സീരം. **s.-beam** കൊഴുച്ചട്ടം.

**II. Shāre,** *n.* ഭാഗം, അംശം; പങ്ക്; 2. വൎത്തകസംഘ ഓഹരി; 3. ഗ്രഢാസ്ഥി (*an.*). **s.-bone** ഗ്രഢാസ്ഥി (*an.*). **s.-broker** കുററ് കച്ചവട വൎത്തകസംഘോഹരിക്കച്ചവടക്കാരൻ. **s.-holder** വൎത്തക സംഘോഹരിക്കാരൻ, ഓഹരിയുടമ. **to go s.s** കൂറുണ്ടാക, ഓഹരിക്കാരനായിരിക്കുക. **s. and s. alike** തുല്യാംശമായി. *v. t.* ഭാഗിക്കുക, ഓഹരിചെയ്യുക, പങ്കിടുക; 2. കൂടിയനുഭവിക്കുക, കൂറ് കൂടുക, കൂററായ്മ ഉണ്ടാക. *v. i.* പങ്ക്—, ഓഹരികിട്ടുക; 2. കൂറുണ്ടാക. ='rĕr, *n.* ഓഹരിക്കാരൻ, കൂറുകാരൻ, കൂററായ്മക്കാരൻ; വിഭാഗിക്കുന്നവൻ, പങ്കിടുന്നവൻ.

**Shärk,** *n.* സ്രാവ്, ശ്രാവ്, ത്രാവ്, ചിറാക് (വ്), തുറാവ് (*z.*); 2. തട്ടിപ്പറിക്കുന്നവൻ, പിടിച്ച് പറിക്കാരൻ, കള്ളൻ, ചതിയൻ, അപഹാരി. *v. i.* കക്കുക, ഇറുക്കുക; 2. തോല്പിക്കുക, ചതിക്കുക; 3. ഉപായത്താൽ സമ്പാദിക്കുക. -'ĕr, *n.* ഉപായി; പററിത്തിന്നുന്നവൻ. -'ing, *n.* പിടിച്ച് പറി, അപഹാരം; തട്ടിപ്പറിച്ച് നാള് കഴിക്കൽ.

**Shärp,** *a.* മൂൎച്ച ഉള്ള; 2. മുന—, കൂൎത്ത; 3. കട്ടപ്പംഉള്ള; 4. തിളങ്ങുന്ന, കണ്ണ് മഞ്ഞിക്കുന്ന; 5. എരു ഉള്ള; രൂക്ഷത—; കൎക്കശം ആയ, കഠോരം—; തീക്ഷ്ണം—; 6. അരസ്വരം ഉയൎന്ന (*mus.*); 7. കഠിനം ആയ; തീവ്രം—; 8. നന്നകളിര് ഉള്ള, ബഹുശൈത്യം—; 9. പരുഷമായ, കത്തുന്ന; 10. സൂക്ഷ്മം ഉള്ള; 11. (ബുദ്ധി) കൂൎമ്മത—; 12. ക്രുദ്ധ—; 13. ആൎത്തിപിടിച്ച; 14. ഉഗ്രമായ; 15. ഉപായം ഉള്ള, കൌശലം—; 16. തറക്കുന്ന, തരിതരിയായ; 17. കത്തനെ നില്ക്കുന്ന, കിഴക്കാന്തൂക്കമായ; 18. അകസ്മാത്തായ, പെട്ടന്നുള്ള; 19. ഖരമായ (*gr.*). **s. cut** തെളിവായ, സ്പഷ്ടമായ. **s. practice** ചതി, കള്ളക്കൌശലം. **s.-saw** ഒര് ചെറുപക്ഷി (*z.*). **s.-set** അത്യാശ ഉള്ള, അത്യാൎത്തി—, വിശന്ന് പരവശമായ. **s.-shooter** നല്ല കറിക്കാരൻ, വെടിക്കാരൻ. **s.-shooting** കറിക്ക് കൊള്ളുന്ന വെടി, നല്ല—; തൎക്കം, വാദം. **s.-sighted** സൂക്ഷ്മദൃഷ്ടി ഉള്ള; നല്ലകണ്ണ്—; സാമൎത്ഥ്യം—. **s.-sightedness** സൂക്ഷ്മദൃഷ്ടി; സാമൎത്ഥ്യം. **s. tail** ഒര് വക ഇരണ്ട (*z.*); —കളക്കോഴി (*z.*). **s.-visaged** കൂൎത്ത മുഖംഉള്ള. **s.-witted** ബുദ്ധിസാമൎത്ഥ്യം—, തീക്ഷ്ണബുദ്ധി—. **to brace s., to s. up** (കപ്പല്) കാററിന്ന് തിരിക്കുക. *ad.* മൂൎച്ചയോടെ, മുനയായി; 2. കത്തുന്നതായി; 3. ക്രുദ്ധയോടെ; 4. ആൎത്തിയോടെ; 5. കൃത്യമായി. **look s.** വേഗം, ശീഘ്രം, ക്ഷണം. *n.* അരസ്വരക്കുറി, ♯ എന്ന അടയാളം (*mus.*); 2. ഉച്ചസ്വരം; 3. ഒലിപ്പ്; 4. കൂൎത്തസൂചി; 5. *pl.* കോതമ്പ് തരി; 6. നിപുണൻ, സമൎത്ഥൻ, വിദഗ്ദ്ധൻ. *v. t.* അരസ്വരം ഉയൎത്തുക (*mus.*). *v. i.* ചതിക്കുക, കച്ചവടത്തിൽ തോല്പിക്കുക; 2. സ്വരം ഉയൎത്തിപ്പാടുക. -'en, *v. t.* മൂൎച്ചയാക്കുക, കൂൎപ്പിക്കുക, അണക്കുക; മൂൎച്ചകൂട്ടുക, ശക്തിവൎദ്ധിപ്പിക്കുക; ആൎത്തിപിടിപ്പിക്കുക; ഉഗ്രം ആക്കുക, കഠിനം—; കട്ടപ്പംകൂട്ടുക; കൎക്കശംആക്കുക, തീക്ഷ്ണം—; പുളിപ്പിക്കുക; അരസ്വരം ഉയൎത്തുക (*mus.*). *v. i.* മൂൎച്ചയാക. -'ĕr, *n.* കച്ചവടത്തിൽ തോല്പിക്കുന്നവൻ, വ്യാപ്തിക്കാരൻ, ചതിയൻ, കള്ളൻ. -'ie, *n.* ഒര് വക നീളത്തോണി. -'ly, *ad.* രൂക്ഷതയോടെ, കഠിനമായി, അത്യന്തം. -'ness, *n.* മൂൎച്ച, കട്ടപ്പം; മിടുക്ക്, മിടുമ, ബുദ്ധികൂൎമ്മത.

**Shat'tĕr,** *v. t.* ഉടക്കുക, തകൎക്കുക, ഛിന്നംഭിന്നംആക്കുക, ചൂര് ചൂര്—, പൊടിപൊടി—, നുറുക്കുക; 2. (ബുദ്ധി) പതറിക്കുക, ഭ്രമിപ്പിക്കുക, കളയുക, നശിപ്പിക്കുക. *v. i.* ഉടഞ്ഞ് പോക, നുറുങ്ങിപ്പോക, ചൂര് ചൂരാക. *n.* കഷ്ണം, നുറുക്ക്. **s.-brained, s.-pated** ബുദ്ധിഭ്രമമുള്ള. **into s.s.** കഷ്ണംകഷ്ണമായി. -y, *a.* നുറുങ്ങിപ്പോകുന്ന, ഉറപ്പില്ലാത്ത, ഭംഗുരമായ.

**Shāve**, *v. t. ir.* (shāved; shāved *pr.* shāvd, *or* shā'ven) ക്ഷൌരംചെയ്യുക, ചിരെക്കുക, വടിക്കുക, മുണ്ഡനംചെയ്യുക; മുടികളയുക, താടി—; 2. ചെത്തുക; ചുണ്ണങ്ങുക, വരണ്ടുക, കരണ്ടുക, ചുരണ്ടുക; 3. ഏററവും അടുക്കൽക്കൂടിപോക, തൊട്ട്കൊണ്ട് —, തട്ടിയെന്നും തട്ടിയില്ലെന്നും ഇരിക്കുക; 4. പിടിച്ച്പറിക്കുക, അപഹരിക്കുക. to s. a note ഉണ്ടിക വിലതാഴ്ത്തി വാങ്ങുക. *v. i.* ചിരെക്കുക, ക്ഷൌരംചെയ്യുക; 2. കച്ചവടത്തിൽതോല്പിക്കുക; പിടിച്ച്പറിക്കുക. *n.* ചെത്ത്, പൊളുക്ക; 2. ക്ഷൌരം, മുടിഎടുക്കൽ, താടിവടിക്കൽ; 3. അധികമായവട്ടം (*com.*); 4. ഒര്വക കത്തി; 5. തൊട്ട്കൊണ്ട്പോകൽ. s.-hook കാപ്പക്കോല്. -'ling, *n.* ക്ഷൌരംചെയ്യുവൻ; മൊട്ടത്തലയൻ. ='vĕr, *n.* ചിരെക്കുന്നവൻ; ക്ഷുരകൻ, അമ്പിട്ടൻ; [(*of* Sudras) വിളക്കത്തുവൻ (*P.*), വളിഞ്ചിയൻ (*N.*), നാസ്യൻ, നാവുതിയൻ, നാവ്യൻ; (*of* Tiers, Mukuvars, etc.) കാവുതിയൻ; (*of* Artisans) പൊതുവാൻ; (*of* Moplas) ഒസ്സാൻ;] കള്ളക്കച്ചവടക്കാരൻ, ചതിയൻ; പിടിച്ച്പറിക്കാരൻ; കൊള്ളക്കാരൻ; കട്ടി, ചെറുക്കൻ, ഉണ്ണി, കട്ടൻ; ക്ഷൌരയന്ത്രം. note s.r ഉണ്ടികഉല്ലാലി. ='ving, *n.* ക്ഷൌരപ്രവൃത്തി, ക്ഷൌരം; ചെത്ത്, പൊളുക്ക; ചിപ്പുളിപ്പൊടി; ചുണ്ണങ്ങ്; രൊക്കപ്പൊടി (*S.*), അരപ്പൊടി. s.g-brush മുടിനനക്കുച്ച്, ക്ഷൌരക്കുച്ച്.

**Shaw** (shạ), *n.* കറുങ്കാട്, കററിക്കാട്; 2. *pl.* ഇല, ചെടികളുടെ കഴത്ത്, —തല. s.-fowl (കറിവെടിക്കുള്ള) കോഴിരൂപം.

**Shawl**, *n.* സാല്യവ, 'ഷാള്'. *v. t.* സാലപുതക്കുക.

**Shē**, *pron.* അവള്, ആസ്ത്രീ; 2. സ്ത്രീ. 3. (മൃഗത്തിൻെറ) പെണ്ണ്: s.-bear പെണ്കരടി. s.-cat പെൺപൂച്ച, കൊറുണ്ടി (*N.*). s.-buffalo എരുമ.

**Shē'a**, *n.* ഒര്വക മരം, വെണ്ണമരം (*b.*).

**Shēad'ing** (shĭd'-), *n.* അംശം, ദേശം.

**Shēaf**, *n.* (*pl.* shēaves, *pr.* shēvz) പിടി, കററ, ചുരുട്ട്; 2. കെട്ട്, കൂട്ടം. *v. t.* & *i.* കററകെട്ടുക, ചുരുട്ടാക്കുക. -'y, *a.* കററയായ. shēave, *v. t.* കററകെട്ടുക; ശേഖരിക്കുക.

I. **Shēal, Shēel, Shēel'ing, Shēil, Shēil'ing, Shiēl, Shēal'ing, Shiēl'ing**, *n.* ചാള, ചെററ, കുടി(ഞ്ഞി)ല്, പന്തല്; 2. ആട്ടാല, ആട്ട്കൊട്ടില്. shēal, *v. t.* ചാളയിലാക്കുക; 2. മുളെക്കുക, ആലയിലാക്കുക.

II. **Shēal**, *v. t.* ഉരിക്കുക, തോട്കളയുക, തൊലിക്കുക; 2. ഉമിനീക്കുക. *n.* തോല്, തോട്, തൊണ്ട്; 2. ഉമി; 3. മടല്. -'ing, *n.* ഉമി.

**Shēar**, *v. t. ir.* (shēared *pr.* shērd, *or* shōre; shēared *or* shōrn) കത്രിക്കുക, നറുക്കുക, (ആട്ടിൻെറ) രോമം കത്രിക്കുക; 2. മുറിച്ച്കളയുക; 3. മൂരുക, കൊയ്യുക, അറുക്കുക; 4. അപഹരിക്കുക, പിടിച്ച്പററുക. *n.* (*pl.*) കത്രി, കത്രിക; 2. ആട്ട്രോമം കത്രിക്കൽ. s.-blade കത്രിയുടെ ഒര്ഭാഗം, കത്രിയലക്. s.-man കത്രിക്കുന്നവൻ. s.-steel പതമുള്ള ഉരുക്ക്. *v. i.* തെററുക, മാറുക. -'ĕr, *n.* കത്രിക്കുന്നവൻ; മൂരുന്നവൻ, മൂച്ചക്കാരൻ, കൊയ്ത്തുകാരൻ. -'ing, *n.* കത്രിക്കൽ, ആട്ട്രോമം കത്രിക്കൽ; (കത്രിച്ച) ആട്ട്രോമം; മുറിച്ചെടുത്തത്; ഒരിക്കൽ മാത്രം രോമം കത്രിച്ചആട്; മൂച്ച്, കൊയ്ത്ത്; കക്ഷണിക്കൽ; ഉരുക്ക്പതമാക്കൽ;. s.g machine കത്രികയന്ത്രം. -'ling, *n.* ഒരിക്കൽ മാത്രം രോമം കത്രിച്ച ആട്. shēars (shērz), *n. pl.* യന്ത്രക്കത്രിക; 2. (*also* shēers) ഒര് കയററ്യന്ത്രം.

**Shēat'fish, Shēath'fish**, *n.* മുഴ്യ, മുഴ, മുഷുമത്സ്യം (*z.*).

**Shēath**, *n.* ഉറ; കത്തിയുറ; വാളുറ. s.-knife പീശ്ശാ(ച്ചാ)ങ്കത്തി, പീശ്ശാത്തി; medullary s., primitive s., schwann's s. മജ്ജാപാട (*an.*). shēath, shēathe, *v. t.* ഉറയിലിടുക; 2. ഉറയുണ്ടാക്കുക; 3. പൊതിയുക; 4. (കപ്പലിന്ന്) അടിയിൽ ചെമ്പടിക്കുക; 5. മൂച്ച്കെട്ടുക്കുക. to s. the sword യുദ്ധംതീരുക, സമാധാനമാക. shēathed (shēthd), *a.* ഉറയുള്ള;

ചെമ്പടിച്ച. =′ĕr, *n.* ഉറയിലിടുന്നവൻ; ചെമ്പടിക്കുന്നവൻ. -′ing, *a.* ഉറയുള്ള; കഴലായ (*b.*). *n.* ചെമ്പ്പലക, —തകിട്; മച്ച്, പാക്ക് (*arch.*); മച്ച്പലക. -′less, *a.* ഉറയില്ലാത്ത; ചെമ്പടിക്കാത്ത. -′y, *a.* ഉറ ആയ; —പോലെയുള്ള.

I. **Shēave** (shēv), *n.* കപ്പിയുരുള്, കപ്പി. s.-hole (മരത്തിലെ) കപ്പിദ്വാരം.

II. **Shēave**, *v. t.*, *s. u.* Sheaf.

I. **Shed**, *n.* പന്തല്, ചാപ്പ; ചെററപ്പുര, ചാള, കുടി(ഞ്ഞി)ല്.

II. **Shed**, *v. t.*, *ir.* (shed, shed) വേറ്പിരിക്കുക; പകുക്കുക; 2. ചിന്നുക, ചിന്തുക, ചൊരിയുക, തൂകുക, ഒഴിക്കുക, പകരുക, പൊഴിയുക; 3. നല്കുക, കൊടുക്കുക, തരിക; 4. കൊഴിക്കുക, വീഴ്ത്തുക; (ഉച്ചിളി)കഴിക്കുക, ഓട്—; 5. വാരുക, വടിയുക; 6. തളിക്കുക, തൂളിക്കുക; 7. വിതറുക, പാററുക; 8. പിണിവായി തുറക്കുക (*w.*). *v. i.* കൊഴിയുക. *n.* വേറ്പാട്, പിരിച്ചല്; 2. ചിന്ന(ൽ)ല്, ചൊരിച്ചല്: blood-s. രക്തച്ചൊരിച്ചല്; കത്ത്മറി, കല; 3. (നീര്)മറി: water-s. നീർമറി, (നദികളുടെ) ചാല്മറി; 4. പിണിവായി (*w.*). -′dĕr, *n.* ചിന്നുന്നവൻ, തൂകുന്നവൻ, ചൊരിയുന്നവൻ; ഓട്കഴിച്ച ഞണ്ട്, പനിഞണ്ട് (*z.*). -′ding, *n.* തൂകൽ, ചൊരിയൽ, ഒഴിക്കൽ; ഓട്കഴിക്കൽ; ഓട്; ഉച്ചിളി.

**Shēel, Shēel′ing**, *s. a.* Sheal.

**Shēen**, *a.* ഒളിയുന്ന, തിളങ്ങുന്ന, പ്രഭയുള്ള. *v. i.* തിളങ്ങുക. *n.* കാന്തി, തിളക്കം, മിന്നല്, ഒളി, പ്രഭ. -′ly, *ad.* തിളക്കത്തോടെ. -′y, *a.* പ്രഭയുള്ള.

**Shēep**, *n.*, *s.* & *pl.* ആട്, അജം, മേഷം; ചെടയാട്, ചെമ്മരിയാട്; 2. നാണമുള്ളവൻ, ഭീരു, പൊട്ടൻ, സാധു; 3. *pl.* സത്യദൈവഭക്തന്മാര് (*Bl.*). s.-cot, s.-cote, s.-fold, ആട്ട്കൊട്ടില്, ആട്ടാല, തൊഴുത്ത്, ആട്ടിൻപെട്ട (*S.*). s.-dog ഇടയനായ് (*z.*). s.-faced നാണം ഉള്ള. s.-headed പൊട്ടത്തരം—, വിഡ്ഢിയായ. s.-hook ഇടയദണ്ഡ്, ഇടയക്കോല്. s.-master ആട്ടിടയൻ; ആട്ടുടമസ്ഥൻ. s.-pest ഒര്വക ഊരം (*b.*). s.-pox ആട്ട്വസൂരി. s.-run, s.-walk മേച്ചൽസ്ഥലം; പുല്ലലം, തിമ്പലം. s.'s-eyes കടാക്ഷം, പ്രേമനോട്ടം. s.-shank ഊരാങ്കുടുക്ക്. s.'s-head ഏരി (മത്സ്യം) (*z.*). s.-shearer ആട്ട്രോമം കത്രിക്കുന്നവൻ. s.-shearing—കത്രിക്കൽ; രോമം കത്രിക്കുന്ന അടിയന്തരം. s.-shears ആട്ടുകത്രി. s.-skin ആട്ടിന്തോല്; സർവ്വകലാശാലസാക്ഷ്യപത്രം. black s. കള്ളൻ, ഗുരുത്വംകെട്ടവൻ. wild s. കാട്ടാട് (*z.*). -′ish, -′y, *a.* ആട്പോലത്തെ; നാണമുള്ള; ധൈര്യമില്ലാത്ത, പേടിക്കുടലനായ. -′ish-ly, -′i-ly, *ad.* നാണത്തോടെ. -′ish-ness, *n.* ലജ്ജ, ശങ്ക; പേടി.

**Shēer**, *a.* തെളിഞ്ഞ, സ്വച്ഛ, ശുദ്ധ; 2. നേർമ്മയായ; 3. സാക്ഷാൽ, വെറും, കേവലമായ; 4. കിഴക്കാന്തൂക്കമായ, കുത്തനെയുള്ള. *v. i.* തെററിപ്പോക, തിരിയുക, തെററുക, മാറുക. to s. off വഴിതെററുക, —മാറുക, മാറിനില്ക്കുക. to s. up ഏങ്കോണായിവരിക, വളഞ്ഞ്—. *n.* കപ്പത്തട്ടിന്റെ ഉയരവും താഴ്ചയും; 2. (ഒററനങ്കൂരമിട്ട്നില്ക്കുമ്പോഴുള്ള) കപ്പൽസ്ഥിതി; 3. തിരിക്കൽ; 4. *pl.* കത്രി.

**Shēet**, *n.* നേർമ്മയായിപരന്ന സാധനം; 2. പുതപ്പ്; വിരിപ്പ്, മെത്തശ്ശീല, 'തുപ്പട്ടി'; 3. ഒര്പായികടലാസ് 'താള്'; കത്ത്; വർത്തമാനപത്രം, പത്രിക; 4. *pl.* പുസ്തകം, ഗ്രന്ഥം; 5. തകിട്, ലോഹത്തകിട്, ലോഹപ്പലക; കണ്ണാടിച്ചില്ല്; 6. ജലാശയം, ചിറ, തടാകം, കടല്; 7. ഹിമപ്പരപ്പ്; 8. കപ്പപ്പായി; 9. 'തമാൻ' (കയറ്), 'കോസ്' (*naut.*); 10. *pl.* തോണിക്കള്ളി. s.-anchor വലിയ നങ്കൂരം; രക്ഷ, ഉറപ്പ്, ആശ്രയം; അററശരണം. s.-cable, s.-chain വലിയ നങ്കൂരച്ചങ്ങല; —നങ്കൂര ആലാത്ത്. s.-gold പൊൻതകിട്. fore-s.s അണിയക്കള്ളി (*naut.*). stern s.s അമരക്കള്ളി (*naut.*). a s. in the wind ഏതാനും അമലായ. both s.s in the wind നന്ന അമലായ, കുടിച്ച്ബോധമില്ലാത്ത. in s.s താള്താളായി, പുസ്തകമായികെട്ടാതെ. s.-light-

**ning** മിന്നൽനിര. *v. t.* പുതപ്പിക്കുക; തുണിയിട്ട് മൂടുക; പൊതിയുക; 2. പരന്നിരിക്കുക, വിശാലമായിരിക്കുക. **-'ful,** *n.* തുപ്പട്ടിയിൽ പിടിപ്പത്. **-'ing,** *n.* പുതപ്പിന്ന് പററിയതുണി, കാട, പുറക്കാളി; (പാതാറിന്ന്) പലകപാകൽ; തകിടാക്കൽ; തകിട്, പലക.

**Shēik** (*or* shāk), **Schēik, Shāik, Shēikh,** *n.* (അറബികളുടെ) ഗോത്രത്തലവൻ, കാരണവൻ; ഗ്രാമാധികാരി; 'ഷേക്ക്'.

**Shēil, Shēil'ing,** *n., s. a.* **Sheal.**

**Shek'el,** *n.* ഒര് പുരാതന എബ്രായത്തൂക്കം: (പൊന്ന്) ഏതാനും ഒര് ഉറുപ്പികത്തൂക്കം, 130 നെന്മണിത്തൂക്കം; (വെള്ളി) 224 നെന്മണിത്തൂക്കം; (ചെമ്പ്) 450 — ; 2. ഏതാനും 10ക. വിലക്കുള്ള ഒര് പുരാതന എബ്രായപൊൻനാണ്യം; —മുക്കാൽ ഉറുപ്പിക— വെള്ളി—; —അരയണ—ചെമ്പ് നാണ്യം; 3. (ഹാസ്യമായി) പണം.

**She-kī'nah, She-chī'nah** (-kī'na), *n.* കൃപാസനത്തിന്മേലുണ്ടായിരുന്ന ദൈവതേജസ്സ് (*Bl.*).

**Sheld,** *a.* പലവണ്ണമുള്ള, പുള്ളിയുള്ള.

**Sheld'fowl, Shel'drāke, Shel'-duck,** *n.* (ഒര് വക) വൻതാറാവ് (*z.*).

**Shelf,** *n.* (*pl.* **shelves**), *n.* പലകത്തട്ട്, തട്ട്, പലക, 'ശെല്ഫ്'; പുസ്തകത്തട്ട്; 2. മണത്തിട്ട, മാട്; (കടലിലെ) പാറസ്ഥലം; 3. പാറത്തട്ട് (*ming.*); 4. (കപ്പലിൻെറ) നെട്ടുഞ്ചട്ടം (*naut.*). **to lay on the s.** മൂലക്കിട്ടുക; നീക്കിക്കളയുക; ഉപേക്ഷിക്കുക. **-'y,** *a.* (കടല്) മണത്തിട്ട ഉള്ള, പാറ—. **shelve,** *v. t.* തട്ട് വെക്കുക; —ഉണ്ടാക്കുക; 2. തട്ടിന്മേൽവെക്കുക; 3. മൂലക്കിടുക, തള്ളിക്കളയുക, വേണ്ടെന്ന് വെക്കുക. *v. i.* ചായുക, ചാമ്പ്രയായിരിക്കുക. **shelv'ing, shelv'y,** *a.* ചാമ്പ്രയായ, ചരിഞ്ഞ, ചാഞ്ഞ. *n.* തട്ടുണ്ടാക്കൽ; തട്ടിന്മേൽവെക്കൽ; നീക്കി—, മൂലക്കിടൽ; തട്ട് പലക; പലകത്തട്ട് കൂട്ടം.

**Shell,** *n.* തോട്; 2. അണ്ടി, കൊട്ട, കരട്ട, ചിരട്ട (*b.*); 3. തൊണ്ട്, തോട് (*b.*); 4. മുട്ടത്തോട്; 5. ഇത്തിള്, ഉച്ചില്, കക്ക ശംഖ്, കവിടി, ചിപ്പി, മുരുത്തോട്; ഇളമ്പക്കത്തോട് (*z.*); 6. ആമത്തോട് (*z.*); 7. ഞണ്ടിൻെറതോട് (*z.*); 8. കട(ൽ)നാക്ക് (വ്), കടൽനുര (*z.*); 9. പന്നിയിത്തിള് (*z.*); 10. ഓട്ടുള്ളജലപ്രാണി (*z.*): മുരു; ഇളമ്പക്ക; കട്ടക്ക, കല്ലിമ്മ(ൽ)ക്കായ്, കല്ലിറച്ചി; ഓരിക്ക; ഉവക്ക; നമിച്ചി; ഞണ്ട്, ക്രന്തല്; 11. ചട്ടിപ്പീരങ്കിയുണ്ട, പൊട്ടിത്തെറിക്കുന്ന ഉണ്ട, തീക്കുടുക്ക (*mil.*); 12. വെടിമരുന്ന് തിര; 13. പൊള്ളപ്പണി, ചട്ടം, പുറംപണി; ചുമര്; 14. ഒര് വക ശവപ്പെട്ടി; 15. —വീണ, തൊണ്ട്—; 16. *pl.* 'കൊക്കൊ'ത്തോട്; 17. കപ്പിച്ചട്ടം (*naut.*); 18. ഒര് വക ഘനം കുറഞ്ഞ തോണി. **message s.** കത്ത് (വെച്ചയക്കുന്ന) ചട്ടിയുണ്ട (*mil.*). **s.-button** ചിപ്പിക്കുടുക്ക്, പൊള്ളക്കുടുക്ക്. **s.-fish** ഓട്ടുള്ളജലപ്രാണി, ശുക്തിമത്സ്യം (*z.*). **s.-gun** ചട്ടിത്തോക്ക്, ചട്ടിപ്പീരങ്കി (*mil.*). **s.-jacket** കറുക്കുപ്പായം. **s.-lac, shel'lac** പച്ചരക്ക് (*b.*). **s.-lime** ഇത്തിൾനൂറ്, ഉച്ചില്—, ഇത്തിൾച്ചുണ്ണാമ്പ്, കമ്മായം, കക്ക. **s.-meat** കല്ലിറച്ചി (*z.*). **s.-proof** തീക്കുടുക്കയേശാത്ത. **s.-road** ഉച്ചില് (പാവിയ) നിരത്ത്. **s.-sand** ഉച്ചിൽപൊടിമണല്. **s.-work** ചിപ്പിപ്പണി. *v. t.* തോലുരിക്കുക, ഇറക്കുക, തോട് നീക്കുക; ഉരിക്കുക; 2. ഉമിനീക്കുക, കുത്തുക; 3. ഇറക്കുക; ഉടക്കുക; 4. തീക്കുടുക്കവിടുക, —നിറച്ച് വെടിവെക്കുക; വെടിവെച്ച് തകർക്കുക. **to s. out** കൊടുക്കുക, സൌജന്യം കൊടുക്കുക. *v. i.* തോട് ഉരിയുക; തൊലിയുക; 2. കൊഴിയുക. **shelled** (sheld), *a.* തോട് ഉള്ള, ചിപ്പി—. **='lĕr,** *n.* ഇറക്കുന്നവൻ, തോട് നീക്കുന്നവൻ. **='ling,** *n.* ഉമിനീക്കിയ 'ഓട്ട്സ്'ധാന്യം, കുത്തിയ—. **='ly,** *a.* ഇത്തിള് ഉള്ള, ഇത്തിൾക്ക—.

**Shel'tĕr,** *n.* രക്ഷ, മറവ്, കാവല്; 2. വീട്, പുര; 3. രക്ഷകൻ, പരിത്രാണികൻ, ത്രാതാവ്; 4. സങ്കേതം, ആശ്രയം. **s.-tent** കൈക്കൂടാരം. *v. t.* പാർപ്പിക്കുക, വീട്ടിന്നകത്താക്കുക; വീട്ടിൽകൈക്കൊള്ളുക; 2. രക്ഷിക്കുക, മറക്കുക; 3. മറുവേഷം ആക്കുക; തിരിയാതെ—; 4. സങ്കേതംകൊ

ടുക്കുക, അഭയം—. *v. i.* വീട്ടിന്നകത്ത് കടക്കുക; തണലത്ത് ഇരിക്കുക. -less, *a.* വീടില്ലാത്ത. -y, *a.* സങ്കേതം ആയ; വീട്—.

Shel'tie, Shel'ty, Shet'land pō'ny, *n.* 'ശെട്ട്ലാണ്ട്'രാജ്യത്തെ കുതിര; ചെറു—, തട്ട്—.

Shelve, *etc.*, *s. u.* Shelf.

Shem'īte, =it'ic, ='it-ish, ='it-ism, *s. u.* Semite, *etc.*

Shē'ōl, *n.* പാതാളം, യമലോകം; 2. ശവക്കുഴി, ശ്മശാനം.

Shep'hĕrd (shep'ĕrd), *n.* ഇടയൻ, ആട്ടിടയൻ, ഗോപാലകൻ; 2. ബോധകൻ, ഗുരു, ആചാര്യൻ. s.-dog, ഇടയനായ്, ആട്കാവൽ—. s.'s crook മുടിക്കോല്. *v. t.* ആട് മേയ്ക്കുക, ഇടയപ്രവൃത്തി ചെയ്യുക. -ess, *n.* ഇടയത്തി(ച്ചി), ഗോപാലസ്ത്രീ. -ish, *n.* ഇടയപ്രവൃത്തി സംബന്ധിച്ച. -ism, *n.* ഇടയവൃത്തി. -ling, *n.* ഇടയക്കുട്ടി. -ly, *ad.* ഇടയവൃത്തിയായി; ബോധകനായി.

Shĕr'bet, *n.* 'സർബത്ത്', കല്ക്കണ്ടപ്പാനകം.

Shĕrd, *n.* കഷണം, നുറുക്ക്. pot-s. കലനുറുക്ക്.

Sher'iff, *n.* നഗരാധികാരി; നഗരസമാധാനരക്ഷകൻ; 2. 'നാജര്' (*l.*). -al-ty, -dŏm, -ry, -ship, -wick, shriev'al, shriv'al, shriēv'al-ty, *n.* നഗരാധികാരം; 'നാജരു'ദ്യോഗം.

Sher'ry, *n.* ഒര് വക സ്പാന്യവീഞ്ഞ്. s.-cobbler വീഞ്ഞ്പാനകം.

Sher'ry-val-lies, *n. pl.* തോൽകാല്ച്ചട്ട.

Sheth, *n.* കരിപ്പലക (*agr.*).

Shet'land pō'ny, *s. a.* Sheltie.

Shew (shō' *formerly* shū) *etc.*, *s. a.* show *etc.* s.-bread കാഴ്ചയപ്പം (*Bl.*).

Shib'bō-leth (shib'ō-), *n.* (ഉച്ചരിപ്പാൻ) വിഷമപദം; 2. പരീക്ഷാപദം, 3. പരിക്ഷാചിഹ്നം.

Shīe, Shīed, *s. u.* Shy.

Shiēld, *n.* പലിശ, പരിച, ഖേടം; 2. രക്ഷ, ആശ്രയം, സങ്കേതം; 3. രക്ഷകൻ, പാലകൻ; 4. സ്ഥാനമുദ്രക്കളം (*her.*). s.-bearer പലിശക്കാരൻ. s.-drake, *s. a.* Shel'drāke. *v. t.* പലിശകൊണ്ട് മറക്കുക; 2. തടുക്കുക; 3. രക്ഷിക്കുക. -'less, *a.* പരിചയില്ലാത്ത; അരക്ഷിതമായ. -'less-ly, *ad.* പലിശയില്ലാതെ; അരക്ഷിതമായി. -'less-ness, *n.* അനാഥത്വം, നിർഗ്ഗതി.

Shiēl'ing, *n.*, *s. a.* Sheal.

Shift, *v. t.* അംശിക്കുക; 2. സ്ഥലം മാറുക; 3. മാററിവെക്കുക; തിരിച്ച്—; 4. ഗതിമാററുക, തിരിക്കുക; 5. മാററുക, പകരംവെക്കുക; (തുണി, ഉടുപ്പ്) മാററു(റു)ക; 6. അകററുക, തെററിക്കുക. to s. off താമസിപ്പിക്കുക, നിൎത്തിവെക്കുക; മാററി—, ഇട്ടേക്കുക. to s. the 'scene സ്ഥലംമാററുക, ദിക്ക്—, കഥാപ്രദേശം—. *v. i.* ഓഹരിചെയ്യുക; 2. സ്ഥലംമാറുക; 3. മാറുക; 4. തിരിയുക; 5. വസ്ത്രംമാറുക; 6. നിവൃത്തിക്കുക, നിൎവ്വഹിക്കുക, കഴിച്ച്കൂട്ടുക, ഒപ്പിക്കുക, പൊരുത്തുവരുത്താക്കുക; 7. കൌശലം പ്രവൃത്തിക്കുക; 8. ഉരുണ്ട്പോക, ചാളിപ്പോക, ചരിയുക (*naut.*). to s. about ചുററിത്തിരിയുക. *n.* മാററൽ; 2. സ്ഥലംമാററൽ; സ്ഥലമാററം; 3. വസ്ത്രംമാറൽ; മാറിയുടുത്തത്, മറുതുണി; 4. തിരിയൽ; നിൎവ്വാഹം; 5. ഉപായം, കൌശലം; തന്ത്രം, ചതി; 6. (സ്ത്രീകളുടെ) അടിക്കുപ്പായം, 'കമീസ്'; 7. മാറിമാറി പണി എടുക്കൽ; പണിമാററം; കൈ, വീപ്പ്; ഊഴം; 8. അററകൈ; 9. (വീണക്കമ്പി തൊടുന്നതിലുള്ള) വിരല് മാററം (*mus.*). to make s. നിവൃത്തിയാക്കുക, പൊരുത്തുവരുത്താക്കുക, പററിക്കുക. a s. of linen ഒര് ഉടുപ്പ് ഇഴഞ്ഞാതിരിക്കുന്നസമയം; മറുതുണി. -'a-ble, *a.* മാററാകുന്ന. -'ĕr, *n.* മാററുന്നവൻ; ചതിയൻ, വഞ്ചകൻ; (കപ്പലിലെ) അടുക്കളച്ചെറുക്കൻ; സൂത്രം (*mech.*). -'i-ness, *n.* തന്ത്രം, കൌശലം, ഉപായം. -'ing, *a.* മാറുന്ന, മാറിമാറിവരുന്ന, സ്ഥിരമില്ലാത്ത, ചാപല്യമുള്ള; മാററുവാനുള്ള. -'ing-ly, *ad.* മാറിമാറി. -'less, *a.* യുക്തിഇല്ലാത്ത; നിവൃ

ത്തിമാശ്ശ്യം—; കൊററിന്ന് —, വക—; ചരതം—; ദുഷ്ചെലവുകാരനായ; മടിയനായ. -'less-ly, *ad.* ചരതം ഇല്ലാതെ; വക—. -'less-ness, *n.* സൂക്ഷ്മമില്ലായ്മ; ദാരിദ്ര്യം. -'y, *a.* ഉപായം ഉള്ള, കൌശലം—.

Shī'īte (shē'īt), Shī'ah (shē'a), *n.* (മുഹമ്മദീയരിലെ) ഷീയാമതഭേദക്കാരൻ, 'ഷീയാ'.

Shi-kär'ēe, =kär'i, *n.* നായാട്ട്കാരൻ, വേട്ടക്കാരൻ, 'ശിക്കാറ്'കാരൻ.

Shil-lā'lah, =lē'lah, Shil-lā'ly, Shil-lē'ly, *n.* വടി, കുറുവടി, ദണ്ഡ്.

Shil'ling, *n.* മുക്കാലുറുപ്പികക്കുള്ള ഒര് ഇംഗ്ലീഷ് വെള്ളിനാണ്യം, 'ഷില്ലിംഗ്'.

Shil'li-shal-li, Shil'ly-shal-ly, *ad.* നിശ്ചയമില്ലാതെ, ചഞ്ചലമായി. *v. i.* ശങ്കിക്കുക, സംശയിക്കുക; 2. നിസ്സാരകാര്യങ്ങളിൽ ഉൾപ്പെടുക. *n.* ശങ്ക, സംശയം, ചഞ്ചലം.

Shī'lōh (-lō), *n.* 'ശീലോ', 'മശീഹ', യേശുക്രിസ്തു (*Bl.*).

Shī'ly, *s. a.* Shyly, *s. u.* Shy.

Shim, *n.* ഒര് വക ചെറുകൊഴു (*agr.*).

Shim'mĕr, *v. i.* ഒ(ള)ളിയുക, മിന്നുക, അലയുക, മിന്നിമിന്നിക്കാണുക; 2. മങ്ങിമങ്ങിപ്രകാശിക്കുക. *n.* മങ്ങൽവെളിച്ചം, മിന്നല്; 2. അലച്ചല്. -ing, *n.* മങ്ങൽവെളിച്ചം.

Shim'my, *n.* സ്ത്രീകളുടെ അടിക്കുപ്പായം, 'കമീസ്'.

Shin, *n.* മുഴങ്കാലെല്ല്, നിട്ടെല്ല്, പുല്ലൂരി (*S.*), ചലനാസ്ഥി (*an.*). s.-bone നിട്ടെല്ല്, ചലനാസ്ഥി (*an.*). s.-plaster വിലകുറഞ്ഞപത്രനാണ്യം (*U. S.*). *v. i.* (up) പൊത്തിപ്പിടിച്ച് കയറുക, തളയി(ട്ടി)ട്ട്—; 2. അങ്ങുമിങ്ങും പാഞ്ഞ് കടം വാങ്ങുക. *v. t.* തളയിട്ട്കയറുക. -'ney, *n.* കാറവടിക്കളി.

Shin'dy, *n.* അമളി, കോലാഹലം; 2. കൂത്താട്ടം; 3. ലഹള; 4. ഇഷ്ടം, പ്രിയം, രസം; 5. കാറവടിക്കളി.

Shīne, *v. i. ir.* (shōne, shōne) പ്രകാശിക്കുക, ഒളിയുക; 2. മിന്നുക, തിളങ്ങുക; 3. ശോഭിക്കുക, വിളങ്ങുക; 4. മുന്തുക, തെളിയുക, ശ്രുതിപ്പെടുക. to make or cause the face to s. upon മംഗലം ഭവിപ്പിക്കുക, ശുഭമാക്കുക; കൃപകാട്ടുക. *v. t.* മിന്നിക്കുക (*U. S.*). *n.* തിളക്കം, മിന്നല്, മിനുക്കം, പ്രഭ, കാന്തി; 2. വെയില്, വെയിലുള്ള ദിവസം; 3. ഇഷ്ടം, പ്രിയം (*U. S.*); 4. തുള്ളല്, കോപ്പിരാട്ടി (*U. S.*). sun-s. വെയില്. to cut up sun-s. കോപ്പിരാട്ടികാട്ടുക (*U. S.*). shī'nĕr, *n.* മിന്നുന്നത്; നക്ഷത്രം, തേജോഗോളം; പണം; കട്ടങ്ങാലിപ്പരല് (*z.*). shī'ning, *a.* മിന്നുന്ന, പ്രകാശം ഉള്ള, ശോഭ—; മിനുസം—. *n.* പ്രകാശിക്കൽ. shī'ning-ness, *n.* പ്രഭ. shī'ny, *a.* പ്രഭയുള്ള; തെളിവ്—.

Shī'ness, *n.*, *s. u.* Shy.

Shin'gle, *n*, ഉരുളങ്കല്ല്; ചരക്കല്ല്; 2. (മര) പലകയോട്; 3. (പീടികയുടെ) പേപ്പലക (*U. S.*). *v. t.* ഓട് മേയുക, —ഇടുക; 2. (മുടി) പററക്കത്രിക്കുക; 3. (ഇരിമ്പ്) മുട്ടിമുട്ടി കറകളയുക, മുട്ടി നന്നാക്കുക. ='glĕr, *n.* (ഇരിമ്പ്) അടിക്കുന്നവൻ; (ഇരിമ്പ്) മുട്ടിയന്ത്രം. *n.* (*pl.*) ഒര് വക വിസപ്പം, ഒട്ടുഞാണ് (*S.*), അരച്ചൊറി (*med.*). ='gling, *n.* ഓടിടൽ; പലകയോട്; ഓട്ട്മേല്പുര; ഇരിമ്പടിക്കൽ. s.g-hammer മുട്ടിയന്ത്രം. s.g-mill ഇരിമ്പുല. ='gly, *a.* ചരക്കല്ലുള്ള.

Shī'ning, *etc.*, *s. u.* Shine.

Shin'ney, *n.*, *s. u.* Shin.

Shin'tō, -ism, Sin'tu, Sin'tu-ism, *n.* (ജാപ്പാൻരാജ്യത്തിലെ) പൂർവ്വജാർച്ചനമതം. -ist, *n.* 'ശിന്റോ'മതക്കാരൻ.

Shin'ty, *n.* ഒര് വക കാറവടിക്കളി; 2. (കാറ)വടി.

Shī'ny, *a.*, *s. u.* Shine.

I. Ship, *suf.* സ്ഥാനം, സ്ഥിതി, നില, ഉദ്യോഗം, പ്രവൃത്തി, വിദ്യ.

II. Ship, *n.* കപ്പല്, ഉരു; 2. മൂന്ന് കൊമ്പൻകപ്പല്. s.-biscuit, s.-bread, ഉണക്കപ്പം, കപ്പലപ്പം. s.-board കപ്പൽപള്ള; കപ്പല്. on s.-board കപ്പലിൽ.

s.-boy കലാശിച്ചെറുക്കൻ. s.-breaker (ഉപയോഗമില്ലാത്ത) കപ്പല് പൊളിക്കുന്ന വൻ. s.-broker കപ്പല്'ദല്ലാലി'. s.-builder, s.-wright കപ്പലുണ്ടാക്കുന്നവൻ, കപ്പത്തച്ചൻ, ഓടായി, ഇളന്തച്ചൻ. s.-building കപ്പലുണ്ടാക്കൽ, ഇളന്തച്ച്; s.-canal കപ്പത്തോട്. s.-carpenter, s.-joiner കപ്പലാശാരി. s.-chandler കപ്പൽച്ചരക്ക് വില്ക്കുന്നവൻ. s.-chandlery കപ്പൽച്ചരക്ക്; കപ്പൽച്ചരക്ക് വ്യാപാരം. s.-fever ഒര്വക പകച്ചപ്പനി, സന്നിജ്വരം (*med.*). s.-holder, s.-owner കപ്പലുടമ(സ്ഥൻ). s.-let ചെറുകപ്പല്. s.-letter (തപ്പാല്ക്കപ്പലല്ലാത്ത) കപ്പൽമാർഗ്ഗമായി വന്ന കത്ത്. s.-load കേവ്ചരക്ക്. s.-man കപ്പല്ക്കാരൻ, 'കലാശി'. s.-master 'കപ്പിത്താൻ', 'മാലുമി'. s.-mate കൂട്ട്കലാശി, ഒരേ കപ്പലിൽ പണിയെടുക്കുന്നവൻ. s.-money ഇംഗ്ലാന്തിൽ പണ്ടുണ്ടായിരുന്ന ഒര്നികുതി, കപ്പൽകരം. s.-pendulum കപ്പലാട്ടമാത്രം. s.-railway കപ്പല് (കയററുന്ന) തീവണ്ടി. s.-rigged (കപ്പല്) മൂന്ന് കൊമ്പുള്ള. s.-shape കപ്പലിലെ പോലെ; ഒതുക്കത്തോടെ, വൃത്തിയായി, ക്രമത്തിൽ. s.-wreck കപ്പൽഛേദം; ഉടഞ്ഞ കപ്പല്; നാശം, പൊളിച്ചല്; കപ്പൽഛേദംവരിക; നശിക്കുക. s.-yard കപ്പശ്ശാല. s.'s company കപ്പല്ക്കാര്, ഉരുക്കാര്, 'കലാശി'കൾ. s.'s days (കപ്പല്) ചരക്ക് കയററുവാനും ഇറക്കുവാനും അനുവദിച്ചിട്ടുള്ള കാലം. s.'s husband കപ്പക്കലവറക്കാരൻ. s.'s ladder കപ്പല്ക്കോണി, കലാഞ്ചി(ഞ്ഞി). s.'s papers കപ്പല്ലക്ഷ്യങ്ങൾ (*l.*). armed s. തല്ലാലയുദ്ധക്കപ്പല്. battle-s. പടക്കപ്പല്, പോക്കപ്പല്, യുദ്ധക്കപ്പല്. s. of the line വലിയ യുദ്ധക്കപ്പല്. to take s. കപ്പല്കയറുക. *v. t.* കപ്പലിൽ കയററുക, കടൽവഴിയായി അയക്കുക; 2. കയററിയയക്കുക, അയക്കുക; 3. (off) അയച്ച് കളയുക; 4. കലാശിയാക്കുക, കപ്പൽപ്പണിക്കാക്കുക; 5. (കപ്പലിന്നകത്ത്) തിര അടിക്കുക, മോതമീഴുക; 6. തക്കസ്ഥലത്താക്കുക. *v. i.* കപ്പല്പണിക്ക് നില്ക്കുക; 2. കപ്പലേറുക. -'ful, *n.* കപ്പല്നിറയ. -'less, *a.* —ഇല്ലാത്ത. -'ment, *n.* കപ്പലിൽകയററൽ; ചരക്ക്. -'pĕr, *n.* ചരക്ക് കയററിയയക്കുന്നവൻ. -'ping, *a.* കപ്പല്സംബന്ധിച്ച; ചരക്ക് കയററുന്ന. *n.* കയററിയയക്കൽ; കപ്പൽക്കൂട്ടം; നൌശണം; കപ്പലോട്ടം. s.g articles കപ്പൽസേവയുടമ്പടി.

Shīre, *n.* ജില്ല, താലൂക്ക്, ചേരി.

Shĭrk, *v. t.* തോല്പിച്ച് സമ്പാദിക്കുക; 2. ഇരന്ന് വാങ്ങുക; 3. മുടങ്ങിക്കളയുക, തെററിക്കളയുക, ചെയ്യാതെകഴിക്കുക, ഒഴിഞ്ഞ്കളയുക; മടിച്ച്—, ഉപേക്ഷകാട്ടുക. *v. i.* പററിത്തിന്നുക, ഉപായത്താൽ ഉപജീവനം കഴിക്കുക; 2. മുടങ്ങിനില്ക്കുക, ഒഴിഞ്ഞ്കളയുക, തെററിക്കളയുക. *n.* ചതിയൻ, ഉപായി; 2. തെററിക്കളയുന്നവൻ; 3. ഉപേക്ഷക്കാരൻ. -'ĕr, *n.* മടിച്ചുകളയുന്നവൻ. -'y, *a.* മടികാട്ടുന്ന, മടിച്ച് (ഞ്ഞ്) കളയുന്ന.

Shĭrr, -'ing, *n.* ചുരുക്കിടൽ, ഞെറിച്ച്നൂലോട്ടൽ. shĭrred (shĕrd), *a.* ഞെറിച്ച്നൂലോട്ടിയ; വലിയുന്ന; (മുട്ട) ഉടച്ച് പകന്ന് പൊരിച്ച (*ck.*).

Shĭrt, *n.* ആണുങ്ങളുടെ അടിക്കുപ്പായം, കുടുത്ത(ത്തിനി), 'കമീസ്', 'ഷൎട്ട്'. *v. t. & i.* അടിക്കുപ്പായമിടുക. -'ing, *n.* അടിക്കുപ്പായത്തുണി, 'ലാങ്ക്ലാത്ത്'. grey s.g മാതിരിപ്പാട്, 'കോറാമല്ല്'. -'less, *a.* അടിക്കുപ്പായം ഇല്ലാത്ത; —ഉടുക്കാത്ത; ദരിദ്രനായ.

Shist, ='tōse, *s. a.* Schist, Schistose, *n.* മാക്കല്ല്, വെണ്ണക്കല്ല്.

Shīve, *n.* അപ്പക്കഷണം; 2. നുറുക്ക്; 3. ചണക്കൊള്ളി; 4. അടപ്പ്, 'ബൂച്ച്'.

I. Shiv'ĕr, *n.* നുറുക്ക്, ചെറുകഷണം; 2. പൂള്, ചെത്ത്, പൊളുക്ക; 3. ഒര്വക നീലക്കളിമണ്ണ്, നീല'സ്ലേററ്' (*geol.*); 4. ചെറുകപ്പി (*naut.*); 5. മക്കിടി (*arch.*). *v. t.* നുറുക്കുക, തകൎക്കുക, കഷണം കഷണമാക്കുക. *v. i.* നുറുങ്ങിപ്പോക.

II. Shiv'ĕr, *v. i.* വിറക്കുക, നടുങ്ങുക, കിടുകിടുക്കുക. *v. t.* പായികടയുക

(*naut.*). *n.* വിറയല്, വിറ, നട്ടക്കം, കിട്ടകിട്ടപ്പ്. -'ing-ly, *ad.* വിറയലോടെ. -y, *a.* വിറക്കുന്ന; തൊട്ടാൽ പൊട്ടുന്ന, പൊട്ടിപ്പോകുന്ന, നുറുങ്ങിപ്പോകുന്ന, ഭംഗുരമായ. [(*ming.*).

**Shōad** (shōd), *n.* ലോഹഞരമ്പ്

**Shōal** (shōl), *n.* കൂട്ടം; പുലപ്പ്, (മീൻ) ചേപ്പ് (*N.*), (മീൻ) പാപ്പ് (*S.*); 2. മാട് (*N.*), മണൽതിട്ട; ആഴം കുറഞ്ഞ സ്ഥലം, കര. *v. i.* ചേപ്പായി കൂട്ടുക; 2. മാട്ടുണ്ടാക. *a.* മാടായ; വെള്ളംകുറഞ്ഞ, കഴം—. *v. t.* കഴം കുറഞ്ഞ് കുറഞ്ഞ് വരിക; 2. കരയോടടുക്കുക. -'i-ness, *n.* മാട്. -'ing, *a.* കഴം കുറഞ്ഞ് കുറഞ്ഞ് വരുന്ന. -'y, *a.* മാട്ടുള്ള.

**Shōar** (shōr), *n.* താങ്ങ്, ഊന്ന്.

**Shōaṭ** (shōt), *n.* പന്നിക്കുട്ടി (*z.*).

I. **Shock**, *n.* കുററപ്പട, നെല്ലുണ്ട. *v. t. & i.* കുണ്ടയിടുക, കുററയതിരിവെക്കുക, കുററപ്പടകൂട്ടുക.

II. **Shock**, *n.* കലുക്കം, ഞെട്ടല്; 2. മുട്ട്, തട്ട്; കുത്ത്; 3. ഉന്ത്, തല്ല്; 4. കമ്പം, മനഃകമ്പം, ഭ്രമം, മനക്ഷോഭം; 5. വെറുപ്പ്, അറപ്പ്; 6. ഭയം; ആശ്ചര്യം, ഭ്രമം, സംഭ്രമം; 7. ധാതുക്ഷോഭം (*med.*). *v. t.* കലുക്കുക, ഞെട്ടിക്കുക; 2. തട്ടുക, മുട്ടുക, ഇടിക്കുക; 3. ഭയം ജനിപ്പിക്കുക; ആശ്ചര്യം—; വെറുപ്പ് വരുത്തുക; വേദന—. *v. i.* തമ്മിൽ മുട്ടുക. -'ing, *a.* ഭയങ്കരമായ, ഞെട്ടിക്കുന്ന; അറപ്പുള്ള, ഘോരം ആയ, അസഹ്യം—. -'ing-ly, *ad.* ഭയങ്കരമായി, അസഹ്യമായി; ഏററവും, അത്യന്തം.

III. **Shock**, s.-dog, *n.* ജട(യുള്ള) നായി; 2. ജട. *a.* ജടയായ, ജ(ചെ)ടകെട്ടിയ. s.-head, s.-headed, നീണ്ടതലമുടിഉള്ള; ജടകെട്ടിയതല—.

**Shod**, *v. t. ir.*, *p. t. of* Shoe.

**Shod'dy**, *n.* പഴങ്കമ്പിളിനൂല്; 2. പരുക്കൻകമ്പിളിത്തുണി. *a.* പഴങ്കമ്പിളിനൂല് കൊണ്ടുണ്ടാക്കിയ; 2. ശുദ്ധമല്ലാത്ത; നാട്യമായ, കള്ള. -ism, *n.* നാട്യം, വേഷം.

**Shō'dĕr**, *n.* പൊൻ(തകിടടിക്കുന്ന) തോല്.

**Shŏe** (shu), *n.* ചെരിപ്പ്, പാദരക്ഷ, പാദുകം; 'ശ്രൂ', അര'ബൂട്ട്സ്'; 'പാപ്പാസ്'; 2. 'ലാടം', ഖുരത്രം, ഖുരത്രാണം. 3. ഹിമവണ്ടി(യുടെ അടി)പ്പട്ട; 4. വട്ടക്ക്, 'ബ്രേക്ക്'; 5. കൊട്ടത്തളം (*arch.*); 6. ആസ്വായി. s.-bill ഒര് വലിയ നീപ്പക്ഷി, അഫ്രിക്ക കണ്ടിയപ്പൻ (*z.*). s.-black ചെരിപ്പ് തുടക്കുന്നവൻ. s.-buckle ചെരിപ്പ് കൊളുത്ത്. s.-flower ചെമ്പരത്തിപ്പൂ (*b.*). s.-horn, s.ing-horn ചെരിപ്പ് (വിടത്തി)കൊമ്പ്; സംഗായി, നട്ടവൻ; വശീകരണം. s.-latchet, s.-string, s.-tie ചെരിപ്പ് വാറ്. s.-leather ചെരിപ്പ്തോല്. s.-maker ചെരിപ്പ് ഉണ്ടാക്കുന്നവൻ, —കുത്തി, ചക്കിളി(യൻ), കിടാരൻ (*N.*), ചെമ്മാൻ (*S.*). s.-making ചെരിപ്പ് ഉണ്ടാക്കൽ, —പണി. s.-stone ചെരിപ്പ്കുത്തിക്കല്ല്. s. of an anchor നങ്കൂരനാക്ക്; നങ്കൂരപ്പലക. *v. t. ir.* (shod, shod) ചെരിപ്പിടുക; 2. ലാടംകെട്ടുക, —തറക്കുക; 3. (പിത്തള, വെള്ളി, പൊന്ന്) കെട്ടുക. -'less, *a.* ചെരിപ്പിടാത്ത; ലാടംകെട്ടാത്ത. shö'ĕr (shu'ĕr), *n.* ലാടക്കാരൻ.

**Shog**, *n.* ഇളക്കം, കലുക്കം, ഉന്ത്, തട്ട്. *v. t.* കലുക്കുക. *v. i.* നീങ്ങുക, പതുക്കെ നടക്കുക. -'gle, *v. t.* തള്ളുക, ഉന്തുക; കലുക്കിനടക്കുക.

**Shōne**, *p. t. & p. p. of* Shine.

**Shook**, *p. t. of* Shake.

I. **Shoot, Shūte, Chūte**, *n.* ചരിവ് സ്ഥലം, ചാപ്പ്; 2. പുഴച്ചാല്. to take a s. പുഴച്ചാലിൽകൂടിപോക.

II. **Shoot**, *v. t. ir.* (shot, shot) പ്രക്ഷേപിക്കുക, വിടുക, അയക്കുക, എയ്യുക, എ(തെ)റവുക, പ്രയോഗിക്കുക; 2. വെടിവെക്കുക; 3. വെടിവെച്ച് കൊല്ലിക്കുക; 4. —കൊല്ലുക; 5. ചാടിക്കുക, ചാട്ടുക, എറിയുക; 6. (out) തളിക്കുക, പുറപ്പെടുവിക്കുക, വിടുക; 7. നീട്ടുക; 8. ചിപ്പുളിയിടുക (*carp.*); 9. വേഗം കടന്ന് പോക, ഓടിക്കടക്കുക; 10. വിചിത്രം ആക്കുക, കല്ലാ

ഷം—. **to be shot of** വിട്ട്പോക. *v. i.* വെടിവെക്കുക; 2. പ്രക്ഷേപിക്കുക, വിടുക, തള്ളുക; 3. പറക്കുക, വീഴുക; 4. കത്തിക്കടക്കുക; ഉള്ളിൽകടക്കുക; 5. കത്തലെടുക്കുക; 6. മുളക്കുക; തളിക്കുക; 7. വളരുക; 8. പരിണമിക്കുക, വികാരമുണ്ടാക; 9. ഉന്തിനില്ക്കുക, തുറിച്ച്—, നീണ്ട്—; 10. ഊക്കോടെ ഓടുക (*naut.*). **to s. a head** മുന്തിയോടുക; വേഗം ഓടുക. *n.* പ്രക്ഷേപണം, ചാടൽ; ഏറ്; വെടിവെക്കൽ; വെടി; 2. മുള, ചിനെപ്പ്, തളിര്, കരുന്ന്, കൂമ്പ് (*b.*); 3. നീച്ചാട്ടം; 4. ലോഹഞരമ്പ് (*ming.*); 5. ഊടു(നൂല്) (*w.*); 6. പന്നിക്കുട്ടി (*z.*). **-'ĕr,** *n.* എയ്യുന്നവൻ; വെടിവെക്കുന്നവൻ, പ്രക്ഷേപകൻ; തോക്ക്; കൊള്ളിമീൻ, വീഴ്ന്ന നക്ഷത്രം, ഉല്ക്ക (*as.*). **-'ing,** *n.* വെടിവെക്കൽ, വെടി; എയ്യൽ; 'ശിക്കാറ്', വേട്ട, നായാട്ട്; കത്തല്, കഠിനവേദന. *a.* വെടിവെക്കുന്ന; വീഴുന്ന; പറക്കുന്ന. **s.g-board** ചിപ്പുളിപ്പലക (*carp.*). **s.g-box** നാട്ട്പുറത്തുള്ള(ചെറിയ)വീട്. **s.g-gallery** കറിവെടിനിലം. **s.g-iron** തോക്ക് (*U. S.*). **s.g-star** വീഴ്ന്ന നക്ഷത്രം, ഉല്ക്ക (*as.*). **-'y,** *a.* മുളച്ച് വരുന്ന(*b.*). **shot,** *p. t.* & *p. p. of* **shoot.** *a.* വെടികൊണ്ട; വിചിത്രമായി നെയ്ത. *n.* (*pl.* **shot** *or* **shots**) വെടി; ഉണ്ട; ചില്ല്; വെടിപ്പാട്, അമ്പിൻപാട്, കല്ലേറ്; കറിക്കാരൻ. **s.t-belt** സഞ്ചിപ്പട്ട. **s.t-cartridge** ചില്ല്തിര, —തോട്ട. **s.t-gauge** ഉണ്ടമാത്ര. **s.t-gun** ചെറിയതോക്ക്. **s.t-hole** ഉണ്ടത്തുള, ഉണ്ടപ്പഴുത്. **s.t-locker** (കപ്പലിലെ)ഉണ്ടയറ. **s.t-proof, s.t-free** ഉണ്ടകടക്കാത്ത. **s.t prop** ഉണ്ടത്തുളയടപ്പ്. **s.t-tower** ചില്ല് (വാക്കുന്ന)ഗോപുരം. **s.t-window** ഉന്തിനില്ക്കുന്ന ജാലകം, തുറിജാലകം. **s.t of a cable** ഇണെച്ച് കൂട്ടിയചങ്ങല. *v. t.* ചില്ല്നിറക്കുക. **shots,** *n. pl.* കാലിത്തീറിവ്. **shot'ted,** *a.* ചില്ല്നിറച്ച. **shot'ten,** *a.* (മത്സ്യം) മുട്ടയിട്ട; ഉളുക്കിയ (*med.*).

**Shop,** *n.* പീടിക, കച്ചവടപ്പീടിക, കട, ആപണം, വാണിഭശാല, 'ഷാപ്പ്'; 2. പണിപ്പുര, തൊഴില്ശാല. **s.-board** പണിപ്പലക, പണിമേശ. **s.-book** കണക്ക്പുസ്തകം, കണക്ക്. **s.-boy** പീടികപ്പണിക്കാരൻ. **s.-girl, s.-maid, s.-woman** പീടികപ്പണിക്കാരത്തി. **s.-keeper** പീടികക്കാരൻ, ചില്ലറക്കച്ചവടക്കാരൻ. **s.-lifter** പീടികക്കള്ളൻ; അങ്ങാടിക്കള്ളൻ. **s.-lifting** പീടികക്കളവ്, അങ്ങാടിക്കളവ്. **s.-man** പീടികക്കാരൻ, കച്ചവടക്കാരൻ; പീടികപ്പണിക്കാരൻ; പണിപ്പുരക്കാരൻ. **s.-rent** പീടികക്കൂലി. **s.-walker** പീടിക മേനോക്കി. **s.-worn** കെട്ടിപ്പഴകിയ. **to smell of the s.** തൊഴില് വെളിപ്പെടുത്തുക. **to talk s.** തന്റെ തൊഴിലിനെപ്പററി സംസാരിക്കുക; തൊഴില് വാക്ക് ഉപയോഗിക്കുക. *v. i.* പീടികയിൽ ചെന്ന് സാമാനം വാങ്ങുക, കൊള്ളുക. **-'līke,** *a.* പീടികക്ക് പററിയ; താണ. **-'pĕr,** *n.* സാമാനംവാങ്ങുന്നവൻ. **-'pish,** *a.* ചില്ലറക്കച്ചവടക്കാരനെപോലെയുള്ള. **-'py,** *a.* പീടിക ഉള്ള; —സംബന്ധിച്ച.

I. **Shōre,** *p. t. of* **Shear.**

II. **Shōre, Shōar,** *n.* താങ്ങ്, ഊന്ന്, കത്തുകാല്, മുട്ട്; 2. ചാര്; 3. പുറന്തുണ. *v. t.* (up) താങ്ങ്കൊടുക്കുക, ഊന്ന്കൊടുക്കുക; 2. ചാര്കെട്ടുക. **shō'rĕr,** *n.* ഊന്ന്; ചാര്. **shō'ring,** *n.* ഊന്ന്കൊടുക്കൽ; ചാര്കെട്ടൽ; ഊന്ന്കൂട്ടം.

III. **Shōre,** *n.* കര, തീരം, കൂലം; കടല്ക്കര, കടല്ത്തീരം. **in s.** കരക്ക് സമീപം. **on s.** കരയിൽവെച്ച്; കരയിലേക്ക്. **s.-birds** നീർപ്പക്ഷിവർഗ്ഗം (*z.*). **s.-crab** കരഞണ്ട് (*z.*). **shō-rā'ge,** *n.* ചുങ്കം. **-'less,** *a.* കര ഇല്ലാത്ത, —കാണാത്ത. **-'ward,** *ad.* —കൊള്ളെ.

**Shor'ling,** *n.* (രോമംനീക്കിയ) ആട്ടിന്തോല്; 2. (ആദ്യംരോമംകത്രിച്ച) ആട്.

**Shorn,** *p. p. of* **Shear.**

**Short,** *a.* കുറിയ, നീളം കുറഞ്ഞ, നെടുപ്പം—, കള്ളനായ; ചെറു, ചെറിയ; 2. അല്പനേരത്തേക്ക് ഉള്ള, —കാലത്തേക്ക്—, അല്പ; 3. കുറഞ്ഞ, പോരാത്ത, തികയാത്ത, എത്താത്ത; 4. (of) കുറവായ, ഇല്ലാത്ത, കൈക്കുറച്ചലുള്ള; 5. അടുത്ത; 6. (of) അ

ല്ലാതെ ഉള്ള, ഒഴികെ—: **nothing s. of money will win him** പണംകൊണ്ടല്ലാതെ മററൊന്ന് കൊണ്ടും അവനെ സ്വാധീകരിക്കാവുന്നതല്ല; 7. ചുരുങ്ങിയ, ചുരുക്കത്തിലുള്ള; 8. കടാകടി ആയ, കർക്കശം—; 9. മൊരിഞ്ഞ (*ck.*); 10. വേഗം പൊട്ടിക്കാകുന്ന, ഭംഗുരമായ (*min.*); 11. വാങ്ങിവില്ലൂവാനേറെ (*com.*); 12. ഹ്രസ്വ (*gr.*). **s.-breathed** വേഗംവേഗം ശ്വാസം കഴിക്കുന്ന, കിതെപ്പ് ഉള്ള; മുട്ടല്—; അല്പായുസ്സ്—. **s.-cake** മധുരമില്ലാത്ത അപ്പം. **s.-clothes** കറുങ്കാല്ചട്ട. **s.-coming** കുറവ്, ഉപേക്ഷ, ഉദാസീനത; വിളനഷ്ടം. **s.-dated** ഇടകുറഞ്ഞ, ചുരുങ്ങിയ അവധിക്കുള്ള. **s.-hand** ഹ്രസ്വലിപി, ശീഘ്ര—. **s.-handed** ആള്കുറവുള്ള, പണിക്കാര് ചുരുങ്ങിയ. **s.-head** തിമിംഗലക്കുട്ടി (*z.*). **s.-horn** കുറുങ്കൊമ്പൻ കാലി (*z.*). **s.-jointed** കുറുങ്കമ്പുള്ള (*b.*); കുറുങ്കാലുള്ള (*z.*). **s.-lived** ആയുസ്സ് കുറഞ്ഞ; അല്പകാലത്തേക്കുള്ള, താല്ക്കാലികം ആയ; ക്ഷണികം—. **s.-rib** പഴവാരി (*an.*). **s.-sighted** ഹ്രസ്വദൃഷ്ടി ഉള്ള, അടുത്ത് കാഴ്ച—, ദൂരക്കാഴ്ച ഇല്ലാത്ത; ഗാഢജ്ഞാനം—, ഭാവിജ്ഞാനം—, തല്ക്കാലബുദ്ധിആയ; അല്പബുദ്ധി—; സൂക്ഷ്മം ഇല്ലാത്ത, ചരതം—. **s.-sightedly** ദൂരക്കാഴ്ചയില്ലാതെ; തല്ക്കാല ബുദ്ധിയായി. **s.-sightedness** ഹ്രസ്വദൃഷ്ടി, അടുത്ത് കാഴ്ച; തല്ക്കാലബുദ്ധി. **s.-spoken** വേഗം സംസാരിക്കുന്ന; ചുരുക്കിപ്പറയുന്ന; പരുഷവാക്കായ. **s.-suit** (ചീട്ട്കളി) ഒര് ജാതിയിൽ മൂന്ന് ശീട്ടിൽ അധികമില്ലാത്ത. **s.-waisted** അരമെല്ലിച്ച. **s.-winded** കിതെപ്പുള്ള. **s.-wing** ഒര് വക ചെറുപക്കി (*z.*). **s.-witted** ബുദ്ധിക്കുറവുള്ള, മന്ദബുദ്ധി ആയ, അല്പബുദ്ധി—. **cold s.** ശീതഭംഗുരമായ, തണുത്താൽ പൊട്ടുന്ന. **hot s.** ഉഷ്ണഭംഗുരമായ, ചൂടായിരിക്കുമ്പോൾ പൊട്ടുന്ന. **at s. notice** ഉടനെ, ഉടനടി, ക്ഷണം. **at s. sight** കണ്ട ഉടനെ, കാലതാമസം കൂടാതെ (*com.*). **to come s., to fall s.** പോരാതെ വരിക, എത്താതെ—, കുറവായിരിക്കുക. **to cut s.** കുറക്കുക, ചുരുക്കുക. *n.* ചുരുക്കം, സംക്ഷേപം, സാരാംശം, 'ഷോൎട്ട്'; 2. *pl.* പാറല്, നുറുക്ക്; 3. *pl.* താണവക്ക് (*b.*); 4. കുറുങ്കാല്ചട്ട; 5. ഹ്രസ്വസ്വരം (*gr.*). **in s.** ചുരുക്കത്തിൽ, സംക്ഷേപിച്ച്. **the long and s.** മുഴുവനും, ആകപ്പാടെ, സാരം. **the s.s** വാങ്ങിവില്ലേണ്ടുന്നവര് (*com.*). *ad.* ചുരുക്കത്തിൽ; 2. കുറവായി; 3. പെട്ടന്ന്; 4. ഉടനെ, വേഗം. **to sell s.** വാങ്ങിവില്ലൂവാനേല്ക്ക, കൈവശം ഇല്ലാത്തത് വില്ലൂവാൻ നിശ്ചയംചെയ്യുക (*com.*). **-'āge,** *n.* 'കമ്മി', കുറവ്, കിഴിവ്. **-'en,** *v.t.* കുറക്കുക, ചെറുതാക്കുക; നീളം കുറക്കുക; എളുപ്പമാക്കുക; ചുരുക്കുക; (of) ഇല്ലാതാക്കുക, കളയുക; മൊരിക്കുക, പൊടിയുമാറാക്കുക (*ck.*). **to s.n a rope** മുറുക്കുക, വലിയുമാറാക്കുക (*naut.*). **to s.n sail** പായി താഴ്ത്തുക (*naut.*). *v. i.* കുറയുക, ചുരുങ്ങുക. **-'en-ĕr,** *n.* ചുരുക്കുന്നവൻ; കുറക്കുന്നവൻ. **-'en-ing,** *n.* ചുരുക്കൽ; മൊരിക്കൽ (*ck.*). **-'ly,** *ad.* ഉടനെ, വേഗം, അല്പനേരത്തിന്ന് ശേഷം; ചുരുക്കമായി, സംക്ഷേപിച്ച്. **-'ness,** *n.* കുറവ്; ചുരുക്കം, ഹ്രസ്വത; പോരായ്മ.

I. **Shot,** *p. t.* & *p.p. of* **Shoot.**

II. **Shot,** *n., s. u.* **Shoot.**

III. **Shot,** *a.* വിചിത്രമായ, കല്മാഷമായ. **s.-silk** വിചിത്രപ്പട്ട് തുണി.

IV. **Shot,** *n.* ഓഹരി, വീതം. **s.-clog** (കൂട്ടുക്ക് വേണ്ടി) ചെലവിടുന്ന ചങ്ങാതി.

**Shough** (shok), *n.* ജടനായി (*z.*).

**Should** (shud), *p. t. of* **Shall.**

**Shōul'dĕr** (shōl-), *n.* തോള്, മുഴിപ്പ്, സ്കന്ധം, അംസം, ഭുജം; 2. *pl.* ചുമല്; 3. ആശ്രയം; 4. ശാഖ, കൈ; 5. കൈക്കുറക്, കുറക്. **s.-belt** പട്ട, തോൾപ്പട്ട. **s.-blade** അംസഫലക, കൈപ്പലച്ചട്ടകം (*an.*). **s.-knot** തോളണി. **s.-slip** കൈപ്പല കയ്യുളുക്ക്. **s.-shotten** ചുമലുളുക്കിയ. **s.-strap** സ്കന്ധശൃംഗാരം, (ചുമലിലെ) സ്ഥാനപ്പട്ട (*mil.*). **s. of mutton** ആട്ടിന്റെ കൈക്കുറക്; ഒര് കപ്പല്പായി. **to put one's s. to the wheel** സഹായിക്കുക, തുണക്കുക. *v. t.* ചുമല്കൊണ്ടുന്തു

ക, തള്ളുക; 2. ചുമല് കൊടുക്കുക, ചുമക്കുക; കാവിക്കുക; 3. ഭാരംവഹിക്കുക, ഉത്തരവാദിയാക. **s.-arms** തോക്ക് ചുമലട്ടുപ്പിച്ച് പിടിക്കുക (*mil.*). =**dĕred** (-dĕrd), *a.* ചുമലുള്ള.

**Shout,** *v.i.* ആൎക്കുക, അട്ട(ഷ്ട)ഹസിക്കുക, ക്രുക്കുക, നിലവിളിക്കുക, ക്രുക്കി—. **to s.** പരിഹസിച്ചാൎക്കുക. *v. t.* നിലവിളിക്കുക, ഉച്ചത്തിൽപറയുക, ഉറക്കെ—; 2. ആൎപ്പ് വിളിക്കുട്ടുക. *n.* നിലവിളി, ആൎപ്പ്; അട്ടഹാസം. -'**ĕr,** *n.* നിലവിളിക്കുന്നവൻ.

**Shōve,** *v.t.* ഉന്തുക, തള്ളുക; 2. ഉന്തിനീക്കുക. *v. i.* ഉന്തിത്തള്ളിച്ചെല്ലുക, തിക്കിത്തിരക്കിനടക്കുക; 2. (off) കത്തിനീക്കുക; 3. (by) തള്ളിക്കളയുക. *n.* ഉന്ത്, തള്ള്.

**Shŏv'el,** *n.* ഒരു വക പടന്ന; 2. —വലിയചട്ടുകം. **s.-bill** ഇരണ്ട (*z.*). **s.-board, shuffle-board, shove-board, shove-groat** ഒരു വക കളി. **s.-head** ഒരു വക സ്രാവ്, കണ്ണക്കോടിസ്രാവ് (*z.*). **s.-nose** പൂഴിസ്രാവ് (*z.*). *v. t.* കോരുക; 2. കോരിയിട്ടുക, കോരിക്കുട്ടുക. -**ard,** *n.* ഇരണ്ട (*z.*). -**ĕr,** -**lĕr,** *n.* കോരുന്നവൻ; ഇരണ്ട (*z.*). -**ful,** *n.* പടന്നനിറയ.

**Shōw** (shō), *v. t. ir.* (**shōwed, shōwed** *or* **shōwn**), *s. a.* **Shew.** കാണിക്കുക, കാട്ടുക; 2. വെളിപ്പെടുത്തുക, അറിയിക്കുക; 3. വഴികാണിക്കുക; നടത്തുക, കൂട്ടിക്കൊണ്ട് ചെല്ലുക; 4. തെളിയിക്കുക; 5. നല്കുക. **to s. forth** പ്രത്യക്ഷംആക്കുക; പ്രസിദ്ധം—. **to s. his paces** കുതിരയുടെ ഓട്ടം പരീക്ഷിക്കുക. **to s. off** ഡംഭ് കാട്ടുക, സുന്ദരവിഷ്ഠിയായിരിക്കുക. **to s. up** വെളിച്ചത്താക്കുക. *v. i.* കാണായ്വരിക, കാണുക, പ്രത്യക്ഷമാക; 2. തോന്നുക; 3. പറവുക, കൊള്ളുക, യോഗ്യമായിരിക്കുക. **to s. off** മോടികാട്ടുക. *n.* കാണിക്കൽ; 2. പ്രദൎശനം; കാഴ്ച, വേല, തമാശ, കളി; മോടിവിദ്യ; 3. മോടി. ഡംഭ്; നാട്യം; 4. രൂപം, ആകൃതി; 5. വേഷം, നടിപ്പ്; കാപട്യം; 6. പ്രസവാരംഭസ്രാവം (*med.*). **s.-bill** കാഴ്ചപ്പരസ്യം. **s.-box** വിനോദക്കാഴ്ചപ്പെട്ടി. **s.-bread** കാഴ്ചയപ്പം (*Bl.*). **s.-card** പ്രദൎശകപത്രം. **s.-case** കാഴ്ചപ്പെട്ടകം. **s.-glass** മുഖക്കണ്ണാടി, ദൎപ്പണം. **s.-man** വിനോദക്കാഴ്ചക്കാരൻ, കൌതുകപ്രദൎശകൻ. **s.-room** പ്രദൎശനശാല; വാണിഭ—. **s.-stone** പ്രശ്നശില. **s. of hands** കൈപൊന്തിക്കൽ, ഹസ്തപ്രദൎശനം. **agricultural s.** കൃഷിപ്രദൎശനം. **cattle-s.** കന്നുകാലിപ്രദൎശനം. -'**ĕr,** *n.* പ്രദൎശകൻ, കാണിക്കുന്നവൻ. -'**i-ly,** *ad.* മോടിയായി, ആഡംബരത്തോടെ. -'**i-ness,** *n.* ശൃംഗാരം, ആഡംബരം, മോടി, സുന്ദരവിഷ്ഠിതം. -'**ing,** *n.* കാഴ്ച, പ്രദൎശനം; പ്രത്യക്ഷത; പ്രസ്താവന. -'**ish,** *a.* മോടിയായ; നാട്യമുള്ള. **shōwn,** *p. a.* കാണിച്ച. -'**y,** *a.* കാഴ്ചയായ; പ്രദൎശിപ്പിക്കുന്ന; മോടിയായ.

I. **Shōw'ĕr** (shōĕr), *n.*, *s. u.* **Show.**

II. **Show'er** (show'r), *n.* മഴ, വൃഷ്ടി, വൎഷം, മാരി; 2. ധാരാളം, പുഷ്കലത്വം; 3. പൊഴിച്ചല്. **s.-bath** പാററിക്കുളി, ധാരസ്നാനം. *v. t.* പാററി നനക്കുക, വെള്ളം പാററുക; 2. മഴയാൽ നനയുക; 3. ധാരാളംകൊടുക്കുക, ചൊരിയുക, പൊഴിയുക. *v. i.* മഴപെയ്യുക; 2. പെയ്യുക, വൎഷിക്കുക. -**ful,** *a.* അധികംമഴയുള്ള, അതിവൃഷ്ടിയായ. -**i-ness,** *n.* ധാര; പാററല്. -**less,** *a.* മഴയില്ലാത്ത, അനാവൃഷ്ടിയായ. -**y,** *a.* ധാരമുറിയാതെയുള്ള, അതിവൃഷ്ടിയായ; മഴസംബന്ധിച്ച.

**Shram,** *v. t.* വിറങ്ങലിപ്പിക്കുക; 2. (കളിര് കൊണ്ട്) കോട്ടുക.

**Shrank,** *p. t. of* **Shrink.**

**Shrap'nel, s. -shell,** *n.* പൊട്ടിത്തെറിക്കുന്ന ഉണ്ട, തെറിയുണ്ട, പീരങ്കിത്തെറിയുണ്ട.

**Shred,** *n.* ചീന്ത്, ചീള്, കീററ്, വാരല്; 2. കഷണം, നുറുക്ക്. *v. t.* ചീന്തുക, വാരുക, ചീളായിമുറിക്കുക; 2. നുറുക്ക് നുറുക്കാക്കുക. -'**ding,** *n.* ചീന്തൽ, വാരൽ; ചീള്. -'**dy,** *a.* ചീള് ചീളായ, നാര് നാരായ. -'**less,** *a.* നാര് ഇല്ലാത്ത, നാര് പോല്യം—.

**Shrew** (shrụ), *n.* ശുണ്ഠിക്കാരൻ; ശു ണ്ഠിക്കാരത്തി; 2. ശൂൎപ്പണഖ, കൈകെയി, ദുശ്ശീലക്കാരത്തി, കലഹക്കാരത്തി, കലഹി നി, കലഹപ്രിയ. 3. ഒരുവക ചുണ്ടെലി (*z.*). **s.-mouse** —ചുണ്ടെലി(*z.*). **-'ish,** *a.* ശുണ്ഠിയായ. **-'ish-ly,** *ad.* ദുശ്ശീല ത്തോടെ. **-'ish-ness,** *n.* കലഹപ്രിയം.

**Shrewd** (shrụd), *a.* ദുശ്ശീലമുള്ള; 2. ദുഷ്ടമായ; 3. കൌശലം ഉള്ള, കൃത്രിമം—, ഉപായം—, യുക്തി—, കണ്ണ് കണ്ട; 4. സാ മൎത്ഥ്യം ഉള്ള, മിടുക്ക്—. **-'ly,** *ad.* യുക്തി സാമൎത്ഥ്യത്തോടെ. **-'ness,** *n.* കൌശലം, യുക്തി.

**Shriēk,** *n.* കരച്ചല്, അകിച്ച് (*P.*), നിലവിളി; അയ്യംവിളി; അലച്ച. **s.-owl** നത്ത് (*z.*). *v. i.* അകിറുക (*P.*), കര യുക, നിലവിളിക്കുക. *v. t.* അലെക്കുക. **-'ĕr,** *n.* നിലവിളിക്കുന്നവൻ.

**Shriēv'al-ty,** *s. u.* **Sheriff.**

**Shrift,** *n.*, *s. u.* **Shrive.**

**Shrīke,** *n.* ഒരുവക പക്ഷി (*z.*).

**Shrill,** *a.* ക്രുത്തസ്വരം ആയ, കക്ക ശം—, കണ്ണശൂല—. **s.-gorged** തൊണ്ട ചിലെച്ച. **s.-tongued** കക്കശസ്വരമു ള്ള. *v. i.* ചിലെക്കുക, കക്കശമായി ശ ബ്ദിക്കുക. *v. t.* കക്കശശബ്ദം പുറപ്പെട്ടു വിക്കുക. **-'ness,** *n.* കക്കശത്വം. **-'ly,** *ad.* ക്രുത്തസ്വരമായി. *a.* ഏതാനും ക ക്കശമായ.

**Shrimp,** *n.* ചെമ്മീൻ, ചെള്ളി (*S.*), കൊഞ്ചൻ (*z.*); 2. കള്ളൻ, കുറുമുണ്ടൻ, വാമനൻ. **s.-net** കോരുവല. **-'ĕr,** *n.* ചെമ്മീൻ വീച്ചക്കാരൻ.

**Shrīne,** *n.* തിരുവസ്തുപ്പെട്ടി; 2. പു ണ്യസ്ഥലം, ക്ഷേത്രം; 3. തീൎത്ഥം; 4. വി ശിഷ്ടകാൎയ്യം. *v. t.* അകത്താക്കി സൂക്ഷി ക്കുക; 2. ഭക്തിപൂൎവ്വംവെക്കുക.

**Shrink,** *v. i. ir.* (*p. t.* **shrank** *or* **shrunk,** *p. p.* **shrunk** *or* **shrunk'en**) ചുളുങ്ങുക; ചുരുളുക; ചുരുങ്ങുക; 2. പിൻ വാങ്ങുക, മടിയുക, വഴിമയാട്ട് വെക്കുക, പിൻമാറുക; അറച്ച്പോക; 3. കോട്ടുക, വിറക്കുക, മിറുകുക. *v. t.* ചുളിക്കുക; ചുരുക്കുക. *n.* ചുളിക്കൽ; ചുളിവ്; ചു രുക്കം; 2. പിന്മാറൽ, പിന്മാററം. **-'āġe,** *n.* ചുരുക്കം, കറവ്; 'കമ്മി', ഉണക്കക്ക മ്മി. **s.e cracks** മണ്ണ് വിള്ളല്. **-'ĕr,** *n.* ചുരുക്കുന്നവൻ; പിൻവാങ്ങുന്നവൻ. **-'iṅg-ly,** *ad.* ചുരുങ്ങിക്കൊണ്ട്.

**Shriv'al-ty,** *n.*, *s. u.* **Sheriff.**

**Shrīve,** *v. t. r.* or *ir.* (*p. t.* **shrīved** *or* **shrōve,** *p. p.* **shrīved** *or* **shriv'en**) പാപസ്വീകാരം കേൾക്കുക, 'കുമ്പസാരം'— (*R.C.*); പാപമോചനംകൊടുക്കുക(*R.C.*); 2. 'കുമ്പസാരിക്കുക', പാപസ്വീകാരംചെ യ്യുക; പാപമോചനംപ്രാപിക്കുക (*R. C.*). *v. i.* പാപസ്വീകാരംകേൾക്കുക. **shrift, shrī'viṅg,** *n.* 'കുമ്പസാരം' കേൾക്കൽ (*R. C.*); 'കുമ്പസാരം', പാപസ്വീകാരം (*R. C.*). **s.t-father** 'കുമ്പസാരം'കേൾക്കു ന്ന 'പാദ്രി' (*R. C.*). **shrī'vĕr,** *n.* പാപ സ്വീകാരംകേൾക്കുന്നവൻ. **shrōve,** *p. t. of* **shrive.** **S.e Sunday** പഞ്ചശുദ്ദിനം. **S.e Tuesday** നോമ്പിൻതലനാള്. **s.e tide** (പഞ്ചശുദ്ദിനം മുതൽ നോമ്പ് തുടങ്ങും വരെയുള്ള) കുമ്പസാരകാലം (*R. C.*).

**Shriv'el,** *v. i.* (up) ചുളുങ്ങുക, ചുരു ങ്ങുക; ചുരുണ്ട്പോക, കരുണ്ട്—. *v. t.* ചുളിക്കുക.

**Shroff,** *n*, സറാപ്പ്, ഉണ്ടികകച്ചവട ക്കാരൻ, പണമിടവാട്ടുകാരൻ. **-'āġe,** *n.* 'സറാപ്പ്'കച്ചവടം, 'ഉണ്ടിയൽ' വ്യാ പാരം (*S.*).

I. **Shroud, Shrọọd, Shrowd,** *v. t.* തുമ്പ്മുറിക്കുക, അററംമുറിച്ച് നന്നാക്കുക; 2. കൊത്തിക്കളയുക.

II. **Shroud,** *n.* മറവ്, മൂടി; മറശീല; 2. ഉടുപ്പ്, തുണി; 3. ശവമുഖത്തുണി, ശവ പ്പുടവ; 4. ആവരണം; രക്ഷ; 5. തുപ്പ് (*b.*); 6. *pl.* കപ്പല്പായ്ക്കയറ് (*naut.*). **s.-laid** നാല്പിരിയായ. *v. t.* മൂടുക, മറയിടു ക, മറക്കുക; 2. ശവമുഖത്ത് തുണിയിടുക, ശവപ്പുടവപുതപ്പിക്കുക. **-'ed,** *a.* —ഇട്ട; കയറുള്ള. **-'iṅg,** *n.* കപ്പല്പായ്ക്കയറ്. **-'less,** *a.* ശവപ്പുടവയില്ലാത്ത. **-'y,** *a.* സങ്കേതം ആയ, രക്ഷ—.

**Shrōve,** *p. t. of* **Shrive.**

I. **Shrub**, *n.* (പഞ്ചസാരനാരങ്ങചാരായം ഇവ കലൎന്ന) മധുരമദ്യം.

II. **Shrub**, *n.* ചെടി, പടൎ. -'bĕr-y, *n.* വള്ളിക്കെട്ട്, ചുള്ളിക്കാട്, കുറുങ്കാട്, പൊന്ത, വള്ളിക്കുടില്. -'bi-ness, *n.* ചുള്ളിക്കാട്ടുള്ള സ്ഥിതി. -'by, *a.* ചെടി ഉള്ള; ചെടിപോലെ—. -'less, *a.* —ഇല്ലാത്ത.

**Shrug**, *v. t. & i.* തോള് ചുളിക്കുക, മുഴിപ്പുയൎത്തുക; 2. സംശയിക്കുക, ശങ്കിക്കുക; വെറുപ്പ് കാട്ടുക, വിമ്മിഷ്ടം—. *n.* തോള് ചുളുക്കൽ; 2. സംശയസൂചന.

**Shrunk'en**, *p. p. of* Shrink.

**Shuck**, *n.* തോട്; മടല്; 2. മുരുത്തോട്; ഇളമ്പക്കത്തോട്. *v. t.* ഉരിക്കുക, ഇറക്കുക; തോലുരിക്കുക. -'ĕr, *n.* മുരുപൊളിക്കുന്നവൻ; ഇളമ്പക്ക ഇറക്കുന്നവൻ.

**Shud'dĕr**, *v. i.* വിറെക്കുക, കിടുകിടുക്കുക; നടുങ്ങുക, ഞെട്ടിപ്പോക. *n.* നടുക്കം; വിറ, കിടുകിടുപ്പ്. -ing-ly, *ad.* വിറച്ച് കൊണ്ട്.

**Shude**, *n.* ഉമി; തവിട്.

**Shuf'fle**, *v. t.* കൂട്ടിക്കലൎത്തുക; കൈമറിക്കുക; 2. (കത്ത്) കശക്കുക, കഴക്കുക, കലക്കുക; 3. ചെലുത്തുക. to s. off തട്ടിക്കളയുക; ഒഴിഞ്ഞ് കളയുക. to s. up തിരക്കിട്ട് ചെയ്യുക; കാട്ടിക്കൂട്ടുക. *v. i.* (ശീട്ട്) കശക്കുക, കഴക്കുക; 2. മാറിമാറിപ്പോക; 3. വാക്ക് മാററിമാററിപ്പറയുക, കളവ് പറയുക; 4. തക്കിടികാട്ടുക, യുക്തിപ്രയോഗിക്കുക; 5. ഇഴച്ച് വലിച്ച് നടക്കുക, ചാളി—. *n.* കൂട്ടിക്കലൎത്തൽ; 2. കശക്കൽ, കഴക്കൽ; 3. ഇഴച്ച് വലിച്ചനടത്തം; 4. കൌശലം, കൃത്രിമം, തക്കിടി. s.-board ഒര് വക കളി. s.-cap പണം കലുക്കിക്കളി. s.-wing ഒര് വക കുരികില് (*z.*). ='flĕr, *n.* കൈമറിക്കുന്നവൻ; കലക്കുന്നവൻ; കൃത്രിമക്കാരൻ. ='fling, *a.* ചാളിനടക്കുന്ന; വഴുതിപ്പറയുന്ന. ='fling-ly, *ad.* തക്കിടിയായി.

**Shu'mac**, *n.*, *s. a.* Sumac.

**Shun**, *v. t.* ഒഴിഞ്ഞ് നില്ക്കുക, അകന്ന്—, വൎജ്ജിക്കുക; 2. തെററിക്കളയുക. -'less, *a.* ഒഴിവാൻപാടില്ലാത്ത; നിവൃത്തിയില്ലാത്ത.

**Shunt**, *v. t.* വഴിമാറുക; 2. (തീവണ്ടി) പാതമാററുക. *v. i.* മാറിക്കളയുക, തിരിയുക. *n.* പാതമാററം. -'ĕr, *n.* പാതമാററുന്നവൻ.

**Shut**, *v. t. ir.* (shut, shut) അടക്കുക, പൂട്ടുക; (ചെവി) പൊത്തുക, (കണ്ണ്) ചിമ്മുക, (വാതില്) മൂട്ടുക, ചാരുക; 2. മുടക്കുക, വിലക്കുക, നിരോധിക്കുക; 3. അകററുക, ഭ്രഷ്ടാക്കുക. to s. in അകത്തിട്ട് പൂട്ടുക; മറവായിരിക്കുക, മറയുക. to s. off പുറത്താക്കുക; അടച്ച് കളയുക. to s. out അകത്ത് കടക്കാതാക്കുക; ചോരാതാക്കുക. to s. together കൂട്ടിവിളക്കുക; ചാൎത്തിടുക. to s. up പൂട്ടിയിടുക; തടുക്കുക; തടവിലാക്കുക; തീരുക, അവസാനിക്കുക; ചാൎത്തിടുക; വായടക്കുക, മിണ്ടാതാക്കുക. *v. i.* പൂട്ടുക, അടയുക. to s. up മിണ്ടാതിരിക്കുക. *a.* പൂട്ടിയ, അടച്ച; 2. നീങ്ങിയ, വിട്ട്പോയ; അഘോഷമായ (*gr.*). *n.* അടപ്പ്, പൂട്ടൽ; 2. പൂട്ടുംകാലം; 3. ചാൎത്ത് വര. -'tĕr, *n.* പൂട്ടുന്നവൻ, അടക്കുന്നവൻ; ജാലകക്കതക്, ജാലകവാതില്, ജനവാതില്പലക; മൂടി, അടപ്പ്. -'tĕred (-tĕrd), *a.* ജാലകക്കതകുള്ള.

**Shut'tle**, *n.* നെയ്ത്തോടം, ഓടം (*w.*); 2. തുന്നോടം; 3. അടപ്പ്. s.-box തോല്പക്ഷി, ഓടപ്പക്ഷി (*w.*). s.-race പിണിവായി (*w.*). s.-wise അങ്ങോട്ടും ഇങ്ങോട്ടും, ചാലിയൻെറ ഓടം പോലെ. *v. i.* ഓടം ചാടുക.

**Shut'tle-cock**, =cork, *n.* അടിച്ച് കളിക്കുന്ന ഒര് തൂവൽകിടേശ്, ഒര് വക പന്ത്; 2. കിടേശടിക്കളി. *v. t.* അങ്ങോട്ടും ഇങ്ങോട്ടും അടിക്കുക; 2. അന്യോന്യം എതിൎത്ത് പറയുക.

**Shȳ**, *a.* പേടിയുള്ള, അഞ്ചുന്ന; മെരുക്കമില്ലാത്ത; 2. നാണം ഉള്ള, ലജ്ജാശീലം—; 3. ശങ്ക—; 4. സൂക്ഷ്മം—. *v. i.* (കുതിര) പേടിച്ച് മെരിളുക. *v. t.* തെറുപ്പിക്കുക. *n.* (കുതിര) മെരിൾച്ച, അഞ്ചല്; 2. ഏറ്, തെറുപ്പിക്കൽ. shī'ĕr, *n.* അഞ്ചുന്നവൻ; പേടിയുള്ള കുതിര. -'ly,

shī'ly, *ad.* ശങ്കയോടെ; നാണത്തോടെ; മെരുങ്ങാതെ. -'ness, shīness, *n.* പേടി; ലജ്ജ, നാണം.

Sĭ, *n.* (സംഗീതത്തിൽ) 'നി', പഞ്ചമം (നിഷാദം) (*mus.*).

Sib'i-lant, =lŏus, *a.* ഊഷ്മാവായ (*gr.*). *n.* ഊഷ്മാവ് (*gr.*). =lance, =lancy, *n.* ഊഷ്മഗുണം. =lāte, *v. t.* & *i.* 'ശ്ശ' കാരം ചേൎത്ത് ഉച്ചരിക്കുക, ഊഷ്മാവായി—. =lā'tiŏn, *n.* ഊഷ്മാക്ഷരോച്ചാരണം; ശ്രുല്ക്കാരം; 'ശ്ശ്' എന്നധ്വനി. =la-tŏr-y, *a.* ഊഷ്മാവായ; ശ്രുല്ക്കാരം ചെയ്യുന്ന.

Sib'yl, *n.* നക്ഷ്ത്രക്കാരത്തി, പ്രശ്നക്കാരത്തി; 2. ലക്ഷണം പറയുന്നവൾ; കൈനോക്കുന്നവൾ, കാക്കക്കുറവത്തി. -ist, *n.* ശകുനം നോക്കുന്നവൻ; പ്രശ്നംവെപ്പിക്കുന്നവൻ. =līne, *a.* പ്രശ്നക്കാരത്തിയെസംബന്ധിച്ച; പ്രശ്നക്കാരത്തിരചിച്ച.

I. Sic, *a* അപ്രകാരമുള്ള, അങ്ങിനെയുള്ള (*scot.*).

II. *Sic, ad.* കാണും പ്രകാരം, എന്നാണ് കാണുന്നത്.

Sic'a-mōre, *n.*, *s. a.* Sycamore.

Sic'ca, *n.* നാണ്യമുദ്ര. s. rupee സിക്കയുറുപ്പിക, (സാധാരണ ഉറുപ്പികയെക്കാൾ $\frac{1}{15}$ അധികം തൂക്കമുള്ള) മുകിളയുറുപ്പിക.

Sic'ca-tive, sic-cif'ic *a.* ഉണക്കുന്ന. *n.* ഉണക്കം വരുത്തുന്ന സാധനം. ='cāte, *v. t.* ഉണക്കുക. =cā'tiŏn, *n.* ഉണക്കൽ, ഉണക്കം.

Sīce (sīz *or* sīs), *n.* (പകിടയിലെ) ആറാം പുള്ളി.

Sick, *a.* സുഖക്കേടുള്ള, രോഗംപിടിച്ച, ദീനം—, രോഗാൎത്തമായ, വ്യാധിഉള്ള; 2. ഓക്കാനം—, മനംപിരിച്ച(രട്ട)ല്—; 3. (of) വെറുപ്പ്—, വിരോധം—, മതിമതിയായ; മട്ടപ്പ് വന്ന, ചെടിപ്പ്—; 4. ഭ്രഷ്ട്യം ഉള്ള, കേട്—. s.-bay കപ്പലിലെ രോഗിശാല. s.-bed രോഗശയ്യ, കിടപ്പ്. s.-berth പടക്കപ്പലിലെ രോഗിശാല. s.-brained ചിത്തഭ്രമമുള്ള. s.-headache തലച്ചുററല്, ഛൎദ്ദി. s.-list രോഗിപ്പട്ടിക. s.-room രോഗിയറ. the s. രോഗികൾ, ദീനക്കാര്. -'en, *v. t.* ദീനംപിടിപ്പിക്കുക, രോഗംവരുത്തുക; ഓക്കാനം—, മനംമറിക്കുക (*S.*), —പിരട്ടിക്കുക. *v. i.* ദീനംപിടിക്കുക; വെറുപ്പ് വരിക; മട്ടത്ത് പോക; ക്ഷയിക്കുക. -'en-iṅg, *a.* രോഗംവരുത്തുന്ന; ഓക്കാനം—, മനംപിരട്ടുന്ന. -'en-iṅg-ly, *ad.* ഓക്കാനംവരത്തക്കവണ്ണം. -'ish, *a.* സുഖക്കേടുള്ള; മനംപിരട്ടലുള്ള. -'ish-ly, *ad.* സുഖക്കേടായി. -'ish-ness, *n.* സുഖമില്ലായ്മ. -'less, *a.* രോഗമില്ലാത്ത, സുഖമുള്ള. -'lied (-lid), *a.* രോഗംപിടിച്ച. -'li-ness, *n.* രോഗാൎത്തത. -'ly, *a.* സുഖം കുറവായ, ക്ഷീണം ഉള്ള, രോഗം—; —വരുത്തുന്ന, (കാലം, ദിക്ക്) സുഖക്കേടുള്ള; ക്ഷീണിച്ച, വിളൎത്ത; മനംപിരട്ടുന്ന. *ad.* സുഖക്കേടായി; വെറുപ്പോടെ. *v. t.* (over *only in the p. p.*) വ്യാധിഗ്രസ്തമാക്കുക: sicklied over വ്യാധിഗ്രസ്തമായ. -'ness, *n.* രോഗം, ദീനം, വ്യാധി; ഓക്കാനം, ഛൎദ്ദി, വമനം.

Sic'kle, *n.* അരു(രി)വാള്, മൂച്ചത്തി, കോങ്കത്തി. s.-bill ഒര് ചെറു പക്ഷി (*z.*). s.-man കൊയ്ത്തുകാരൻ, മൂച്ചക്കാരൻ. sic'kled (sik'ld), *a.* അരിവാളുള്ള. sic'klĕr, *n.* മൂരുന്നവൻ, കൊയ്യുന്നവൻ.

Sick'ly, Sick'ness, *etc.*, *s. u.* Sick.

Sīde, *n.* ഭാഗം; 2. വക്ക്, ഓരം, അരു, വള്ള്; 3. (ചതുരത്തിൽ) നീളം, നീണ്ടഭാഗം, നെട്ടു—; 4. ദിക്ക്, ഇടം; പുറം; 5. പാൎശ്വം, വാരിഭാഗം, വാരി; 6. പള്ള, ചരിവ്; 7. പക്ഷം, പരിഷ, കക്ഷി; 8. തായ്വഴി, വംശം; 9. മുഖം; 10. ഭുജ (*geom.*). s.s man കക്ഷിക്കാരൻ, പക്ഷക്കാരൻ; പള്ളിസഹായി. s.-taking പക്ഷംചേരൽ. by the s. of അടുക്കെ, സമീപം. s. by s. നിരയായി, വരിയായി, അടുത്തടുത്ത്, ഒന്നിച്ച്, കൂടെ. to choose s.s കൂച്ചാക്കുക, ഉത്തിപിരിയുക (*N.*). to take s.s പക്ഷംപിടിക്കുക, കക്ഷിപിരിയുക, ഭാഗംകൂടുക. from all s.s നാല് ഭാഗത്ത്നിന്നും, എല്ലാദിക്കിൽനിന്നും. on all s.s എല്ലാംകൊണ്ടും; എല്ലാടത്തും. on the one s.……on the other s. ഒര്

പ്രകാരം........മറുപ്രകാരം, ഒരു പക്ഷം. .......മറുപക്ഷം, ഒരു ഭാഗത്ത്.......മറു—. *a.* ഭാഗത്ത് ഉള്ള, അരുവിൽ—; 2. നെട്ടങ്ങനെ—, നീളത്തിൽ—; 3. വക്രമായ, വളഞ്ഞ, നേരെയല്ലാത്ത. **s.-action** (പള്ളത്തിരത്തോക്കിലെ) നിറയന്ത്രം. **s.-arms** അര(ക്ക് കെട്ടുന്ന) ആയുധം: വാള്, കത്തി, തോക്ക്കുന്തം, 'വയനാത്തി'. **s.-axe** വക്രക്കോടാലി. **s.-board** തിൻമേശത്തട്ട്. **s.-box** അരങ്ങറ. **s.-cut** ഊട് നിരത്ത്; കൈത്തോട്. **s.-dish** ഉപാഹാരം, ഉപവിഭവം. **s.-glance** കടാക്ഷം. **s.-hill** കുന്ന് പള്ള, ചരിവ്. **s.-lever** ഊഞ്ഞി. **s.-lever engine** ഊഞ്ഞിയന്ത്രം. **s.-piece** കട്ടിളക്കാല് (*carp.*) **s.-post** കുത്ത്കാല് (*carp.*). **s.-saddle** (കുതിരപ്പുറത്ത്) സ്ത്രീ(കൾ ഇരിക്കുന്ന) ജീന്. **s.-table** അരുമേശ. **s.-walk** നട, നടവഴി. **s.-wheel** തീക്കപ്പൽചക്രം. **s.-wind** പാർശ്വ(ഭാഗത്ത് നിന്ന് വരുന്ന)കാററ്; വക്രാക്രമണം; ഉപായം. **s.-winder** തട്ട് (*fen.*). *v. i.* ചായുക; 2. പക്ഷംചേരുക, —പിടിക്കുക. *v. t.* അരുവെക്കുക. **sī'ded,** *a.* ഭാഗമുള്ള. **-'ling, -'long,** *ad.* നെട്ടങ്ങനെ, ഉടനീളത്തിൽ; ഓരമായി, ഒരു ഭാഗംകൊള്ളെ. *a.* ചരിവായ; **sī'dĕr,** *n.* ഭാഗത്തുള്ളവൻ, പക്ഷക്കാരൻ. പക്ഷംപിടിക്കുന്നവൻ. **-'wāys, -'wīse,** *ad.* നെട്ടങ്ങനെ, നീളത്തിൽ. **sī'ding,** *n.* പക്ഷംചേരൽ; (തീവണ്ടി)ഇണപ്പാത; ചുമര് മറ (*carp.*). **sī'dle,** *v. i.* പാർശ്വം കൊള്ളെ നടക്കുക, ഓരമായി—, ചരിഞ്ഞ്—.

**Sī-dē're-al,** *n.* നക്ഷത്രംസംബന്ധിച്ച; 2. നക്ഷത്രഗതിക്കനുസാരമായ (*as.*). **s. day** അറുപത് നാഴിക കൂടിയ ദിവസം. **s. year** $365\frac{1}{4}$ ദിവസം കൂടിയ വർഷം. **sid'ĕr-al,** *a.* നക്ഷത്രസംബന്ധമായ (*as.*); ഗ്രഹപ്പിഴയുള്ള (*astr.*). **sid-ĕr-ā'tion,** *n.* ഒരു വക അഗ്നിവിസർപ്പം (*med.*). **-īse, -īze,** *v. t.* ആകാശത്തിലാക്കുക, ഉയർത്തുക.

**Siēge** (sēj), *n.* ആസനം; 2. സ്ഥാനം, നില; 3. അമേദ്ധ്യം; ചാണകം; 4. നിരോധം, വളയൽ; 5. സ്വാധീനപ്പെടുത്തുവാനുള്ള പരിശ്രമം; 6. കണ്ണാടിയുലത്തളം; 7. പണിമേശ. **s.-gun** കാളന്തോക്ക്, വലിയപീരങ്കി. **s.-train** നിരോധപ്പീരങ്കിക്കൂട്ടം. **s.-work** നിരോധക്കൊത്തളം. **to lay s.** നിരോധിക്കുക, വളയുക. **to raise a s.** അവരോധം ഉപേക്ഷിക്കുക. *v. t.* നിരോധിക്കുക, അവരോധിക്കുക, വളഞ്ഞിടുക.

**Si-en'na,** *n.* ഒരു വക മൺചായം.

**Si-er'ra,** *n.* പർവ്വതശ്രേണി, മലവരി.

**Si-es'ta,** *n.* ഉച്ചക്കുള്ള ഉറക്കം, മദ്ധ്യാഹ്നനിദ്ര, ഉച്ചക്കണ്ണ് കാച്ചല്.

***Si-eur'*** (s-yĕr'), *n.* പരന്ത്രീസ് ഭാഷയിലെ ബഹുമാനവാചി: മാന്യരേ, താങ്കൾ, ഇവിടന്ന്.

**Sieve** (siv), *n.* അരിപ്പ, ചല്ലട (*S.*). 'പെനേര'; 2. ഒരു വക കൂട്ട. **sift,** *v. t.* തെള്ളുക, അരിക്കുക; 2. കൊഴിക്കുക, ചലിക്കുക, ചേറുക, ചേറിത്തിരിക്കുക; 3. സൂക്ഷ്മമായി പരിശോധിക്കുക, കിണ്ണാണിക്കുക (*S.*). **to s.t out** പാററിനോക്കുക, ചേറി—. **sift'ĕr,** *n.* ചേറുന്നവൻ; (ഇരണ്ടവാത്ത് മുതലായ) നീരരിപ്പപ്പക്ഷി (*z.*).

**Sift,** *v. t., s. u.* **Sieve.**

**Sig,** *n.* മൂത്രം, ചെറുനീര്.

**Sīgh** (sī), *v. i.* നെടുവീർപ്പിടുക, ദീർഘശ്വാസംകഴിക്കുക; 2. ദുഃഖിക്കുക, വിലപിക്കുക, വ്യസനിക്കുക; 3. ഏങ്ങുക, ഞരങ്ങുക. *v. t.* നിശ്വസിക്കുക, ശ്വാസംവിടുക; 2. നെടുവീർപ്പിടുക, ക്ലേശിക്കുക, വിലപിക്കുക; 3. ദുഃഖത്തോടെപറയുക. *n.* നെടുവീർപ്പ്, ദീർഘശ്വാസം; 2. നെടുവീർപ്പിടൽ; 3. ദുഃഖം, വിലാപം, വ്യസനം. **s.-born** ദുഃഖകരമായ. **-'ĕr,** *n.* നെടുവീർപ്പിടുന്നവൻ. **-'ing,** *a.* ദീർഘശ്വാസമിടുന്ന; വിലാപിക്കുന്ന. **-'ing-ly,** *ad.* ദുഃഖത്തോടെ.

**Sīght** (sīt), *n.* ദർശിക്കൽ, കാണൽ; 2. കാഴ്ച, നോട്ടം, ദർശനം; 3. ദൃഷ്ടിഗോചരത്വം; കാഴ്ചശക്തി; 4. കണ്ണ്, നേത്രം; 5. കാണത്തക്കസ്ഥിതി; നോട്ടമെത്തുന്നദിക്ക്, കാഴ്ചപ്രദേശം; 6. കാഴ്ച, അത്ഭുതക്കാഴ്ച, പ്രദർശനം; 7. അറിവ്, നോട്ടം; പരിശോധന; 8. അഭിപ്രായം, അഭിമതം,

നോട്ടം, കാഴ്ച; 9. (തോക്കിൻെറ) കാണിത്തുള; കാണിക്കുറി; 10. (ചിത്രം) കാഴ്ചഭാഗം; 11. ക്രമല്, കൂട്ടം, പെരുപ്പം. s.-draft, a bill payable at s. റൊക്കഹുണ്ടിക, കാണിക്കുമ്പോൾ പണം കൊടുക്കേണ്ടുന്ന— (*com.*). s.-hole വെടിത്തുള, കാഴ്ചത്തുള. s.-proof കാണ്മാൻകഴിയാത്ത, കണ്ണെത്താത്ത. s.-seeing വിശേഷം കാണൽ, അത്ഭുതക്കാഴ്ചകൾ നോക്കൽ; കൌതുകബുദ്ധി. s.-seer വിശേഷംകാണുന്നവൻ, കൌതുകപ്രിയൻ. s.-shot കണ്ണെത്തുന്നടിക്ക്. s.s man ഒര് പുതിയ രാഗം കണ്ട ഉടനെ പാടുവാൻ കഴിയുന്നവൻ, ക്ഷണസംഗീതക്കാരൻ. front s., open s. (തോക്കിൻെറ) കാണിക്കുറി. long s. ദൂരക്കാഴ്ച. short s. സമീപക്കാഴ്ച, അടുത്ത് കാഴ്ച. at s. കണ്ട ഉടനെ, കാണിക്കുമ്പോൾ, ആവശ്യപ്പെട്ടമ്പോൾ (*com.*), കണ്ടപാട്; ഒരേനോട്ടത്തിന്ന്. in s., within s. കാണത്തക്കനിലയിൽ, ദൃഷ്ടിയിൽ. out of s. കണ്ണ് മറഞ്ഞാൽ; കണ്ണ് തെററിയാൽ. to come in s. പ്രത്യക്ഷമാക, കാണാസ്സരിക, ദൃഷ്ടിഗോചരമാക. to gain s. of കാണുക. to disappear from s. അപ്രത്യക്ഷമാക, കണ്ണ് മറയുക. after s. കണ്ടശേഷം, കാണിച്ച— (*com.*): three months after s. കാണിച്ചിട്ട് മൂന്ന് മാസം കഴിഞ്ഞ ഉടനെ (*com.*). at first s. ആദ്യനോട്ടത്തിന്ന്. to take s. കുറിനോക്കുക. *v. t.* കാണുക, ദശിക്കുക; 2. കാണിത്തുളയിൽക്കൂടിനോക്കുക; 3. കുറിനോക്കുക. —പിടിക്കുക. *v. i.* —നോക്കുക. -'ed, *a.* കാഴ്ച ഉള്ള, ദൃഷ്ടി—. -'ing, *n.* കാഴ്ച, നോട്ടം. *a.* കാഴ്ചക്കുള്ള. s.g shot നോട്ടവെടി, പരീക്ഷ—. -'less, *a.* കാഴ്ചയില്ലാത്ത, കണ്ണ് കാണാത്ത, കരുടനായ; കാഴ്ചക്ക് വെറുപ്പായ, കണ്ട് കൂടാത്ത. -'less-ly, *ad.* കാഴ്ചയില്ലാതെ. -'less-ness, *n.* കരുട്, ആന്ധ്യം. -'li-ness, *n.* ഭംഗി, സൌന്ദൎയ്യം; വ്യക്തി. -'ly, *a.* ഭംഗി ഉള്ള, ചന്തം—; കാണ്മാൻതക്ക, കാണത്തക്ക.

Sig'il, *n.* മുദ്ര; 2. ഒപ്പ്. -lā'ri-a, *n. pl.* (*s.* sig-il'lum) ചെറിയ(മൺ)പ്രതിമ; മഹോത്സവത്തിൻെറ ഒടുവിലത്തെ രണ്ട് ദിവസം; ശിലാ(ഭൂത)വൃക്ഷം (*geol.*). -lā-ted, *n.* മുദ്രവെച്ച് ശൃംഗരിച്ച. -la-tive, *a.* മുദ്രസംബന്ധമായ; മുദ്രവെക്കുവാൻതക്ക; അരക്കായ. -'lum, *n.* (*pl.* sig-il'la) മുദ്ര.

Sig'la, *n. pl.* അടയാളം, കുറി; 2. അക്ഷരക്കുറി, അക്ഷരചിഹ്നം; 3. ചുരുക്കക്കുറി.

Sig'moid, =moid'al, *n.* എതിർവളവുള്ള, ഇരുഭാഗത്തേക്കുംവളഞ്ഞ, 'S' പോലെയുള്ള.

Sīgn (sīn), *n.* അടയാളം, കുറി, ചിഹ്നം; 2. സൂചന; 3. തെളിവ്; 4. ശകുനം; 5. അതിശയം, അത്ഭുതം; 6. ഓൎമ്മക്കുറി, സ്മാരകം, സ്മാരകചിഹ്നം; 7. മുദ്രകുറി; നിഴല്; രൂപം; 8. അക്ഷരം, ലിപി; 9. ആംഗ്യം, സംജ്ഞ, കൈ; ആംഗികഭാഷ; 10. കൊടി; 11. പേപ്പലക; 12. ഇടം, രാശി (*as.*); 13. ഗണിതചിഹ്നം: plus (+) സങ്കലിതചിഹ്നം, കൂട്ടടയാളം; minus (—) കിഴിപ്പടയാളം, വ്യവകലിതചിഹ്നം; into (×) ഗുണനചിഹ്നം, പെരുക്കാടയാളം; by (÷) ഹരിക്കുന്ന അടയാളം, ഹരണചിഹ്നം (*math.*); 14. ലക്ഷണം, നിദാനം (*med.*); 15. സ്വരചിഹ്നം (*mus.*). s.-board പേപ്പലക. s.-manual തിരുവടയാളം, തൃക്കൈവിളയാട്ടം, രാജാവിൻെറ ഒപ്പ്; തുല്യംചാൎത്തൽ; സ്വഹസ്താക്ഷരം, കയ്യെഴുത്ത്; കയ്യൊപ്പ്. s.-post കൈകാട്ടിമരം. s.s of the zodiac രാശിചിഹ്നം: Aries മേഷം, മേടം (♈); Taurus വൃ(ഋ)ഷഭം, ഇടവം (♉); Gemini മിഥുനം (♊); Cancer കൎക്കിടകം (♋); Leo സിംഹം, ചിങ്ങം (♌); Virgo കന്നി (♍); Libra തുലാം (♎); Scorpio വൃശ്ചികം (♏); Sagittarius ധനു (♐); Capricornus മകരം (♑); Aquarius കുംഭം (♒); Pisces മീനം (♓). s. of interrogation '(?)' എന്ന ചോദ്യക്കുറി, പ്രശ്നചിഹ്നം. s. of exclamation '(!)' എന്ന ആശ്ചൎയ്യചിഹ്നം, അതിശയക്കുറി. s. of quotation '("....", '....')' എന്ന പരവാക്യചിഹ്നം, പ്രത്യേക—. natural s.s കഥകളിക്കൈ. *v. t.* ആംഗ്യംകാട്ടുക,

കൈകാട്ടുക, —മാട്ടുക; 2. സൂചിപ്പിക്കുക; 3. ഒപ്പ് ഇടുക, —വെക്കുക, കയ്യൊപ്പിടുക; 4. കരിശ്ശുവരക്കുക (*S.*); 5. (away) തീര് കൊടുക്കുക; 6. അടയാളം ഇടുക, —വെക്കുക. *v.i.* ആംഗ്യംകാട്ടുക; 2. കൊടി—; 3. ഒപ്പ് വെക്കുക. -'a-ble, *a.* ഒപ്പ് വെക്കത്തക്ക; —ആവശ്യമായ. -'ĕr, *n.* ഒപ്പിട്ടന്നവൻ.

Sig'nal, *n.* അടയാളം, കുറി; 2. കുറിവാക്ക്; 3. കൊടി; 4. മുന്നടയാളം. s.-man (തീവണ്ടി) കൊടികാട്ടുന്നവൻ. *a.* ശ്രദ്ധിക്കത്തക്ക, കുറിക്കൊള്ളത്തക്ക; 2. വിശിഷ്ടം ആയ, കാര്യം—; 3. പ്രത്യക്ഷം—; 4. അസാധാരണം—; 5. അടയാളം—. the s. service ഋതുവിശേഷപരിശോധകന്മാര്. s. station —പരിശോധനസ്ഥലം. *v.t.* അടയാളംകാണിക്കുക; 2. കൊടി—; 3. അറിവ് കൊടുക്കുക. -ist, *n.* അടയാളംകാണിക്കുന്നവൻ; കൊടി—; അറിവ് കൊടുക്കുന്നവൻ. -īse, -īze, *v.t.* വിശിഷ്ടംആക്കുക, മുഖ്യം—, കാര്യം—; അടയാളംകാട്ടുക, കൊടി—; അറിയിക്കുക. -lĕr, *n.* കൊടികാട്ടുന്നവൻ; കമ്പിഗുമസ്തൻ. -ly, *ad.* ശ്രേഷ്ഠമായി, കാര്യമായി; പ്രത്യക്ഷമായി. -ment, *n.* അടയാളം കാണിക്കൽ; വിശേഷപ്പെടുത്തൽ; വർണ്ണിക്കൽ. sig'nāte, *a.* വർണ്ണലക്ഷണമുള്ള (*z.*).

Sig'na-tūre, *n.* ഒപ്പ്, മുദ്ര; കയ്യൊപ്പ്; 2. കയ്യെഴുത്ത്, സ്വഹസ്താക്ഷരം; 3. ലക്ഷണം, ഗുണചിഹ്നം; 4. സ്വരസൂചകം (*mus.*); 5. അച്ചക്കം, അച്ച് കുറി (*print.*); 6. (*contr. f.* S. *or* Sig.) വൈദ്യസൂചകം. *v.t.* ഒപ്പ് ഇടുക, —വെക്കുക. sig'na-tor-y, *a.* മുദ്രസംബന്ധിച്ച; ഒപ്പിടുന്ന; കരാറിൽ ഉൾപ്പെട്ട. *n.* ഒപ്പുകാരൻ, ഒപ്പ് വെക്കുന്നവൻ; എഴുതിക്കൊടുക്കുന്നവൻ.

Sig'net, Priv'y Sig'net, *n.* മുദ്ര, രാജമുദ്ര. s.-ring മുദ്രമോതിരം, മുദ്രാംഗുലീയം. writer to the s. വക്കീല് (*Scot.*). -ed, *a.* മുദ്രകുത്തിയ, —വെച്ച.

Sig-nif'i-cant, =cā-tŏr-y, *a.* സൂചകമായ; 2. അർത്ഥമുള്ള; 3. അടയാളം ആയ; 4. സാരം—, സാരഗർഭം—; മുഖ്യം—, കാര്യം—. s. figure പൂജ്യം ഒഴിച്ചുള്ള സംഖ്യ (*math.*). =cānt, =ca-tŏr-y, *n.* സാരം; 2. കുറി, ചിഹ്നം. =cance, =can-cy, *n.* അർത്ഥകത്വം; അർത്ഥം, ഭാവം, സാരം, പൊരുള്; പ്രാമുഖ്യത; ഗൌരവം; ഘനം; ഫലം. -ly, *ad.* സാരമായി, അർത്ഥത്തോടെ. =cāte, *n.* വ്യക്തി (*log.*). =cā'tiŏn, *n.* സൂചന, അറിയിക്കൽ; അർത്ഥം, ഭാവം, സാരം. =ca-tive, *a.* സൂചിപ്പിക്കുന്ന; അർത്ഥമുള്ള. =ca-tive-ly, *ad.* സൂചനയായി; അർത്ഥത്തോടെ. =ca-tive-ness, *n.* സൂചകത്വം; അർത്ഥകത്വം. =cā-tŏr, *n.* സൂചകൻ; സൂചകം. ='ni-fȳ, *v.t.* അടയാളത്താൽ കാണിക്കുക, കുറിക്കുക, സൂചിപ്പിക്കുക; അറിയിക്കുക; പ്രസ്താവിക്കുക; അർത്ഥം ആയിരിക്കുക; കാര്യം—: it signifies nothing, it does not s.y അത് സാരമില്ല, അത് കൊണ്ടേതുമില്ല.

Sign'ŏr, sign'ore, sign'ior (sen'-yor), *n.*, *s.a.* Seignior. sign'ō-ra (sēn'yō-ra), *n.* ഇററാല്യ ഭാഷയിലെ വിവാഹിതസ്ത്രീയുപചാരപദം: അമ്മ, അവകൾ, എന്നവര്, 'മദാമ്മ'. =rī'na, *n.* ഇററാല്യഭാഷയിലെ കന്യകയുപചാരപദം: അമ്മ, അവകൾ, എന്നവര്, 'മിസി'.

Sī'lence, =lent-ness, *n.* നിശ്ശബ്ദം, ഒച്ചയില്ലായ്മ; 2. മൌനം, മൌനത, മിണ്ടായ്മ; ഊമത്വം; 3. രഹസ്യം; 4. ശാന്തത; 5. മറതി, വിസ്മൃതി. *int.* മിണ്ടല്ല, അനങ്ങല്ല, മൌനമായിരിക്ക. *v.t.* മിണ്ടാതെ ആക്കുക, മൌനം—; 2. സാവധാനം—, ശമിപ്പിക്കുക; 3. പ്രസംഗിക്കാതാക്കുക, പ്രസംഗംമുടക്കുക; 4. വെടിനിർത്തിക്കുക, —വെക്കാതാക്കുക. =lent, *a.* നിശ്ശബ്ദം ആയ; മൌനം—, മിണ്ടാത്ത, മുനിയായ; അനക്കമില്ലാത്ത; ഉച്ചാരണമില്ലാത്ത, മൌനം ആയ (*gr.*); നിഷ്ക്കാരകം—. s.t partner പണക്കുറുകാരൻ. *n.* മൌനകാലം. =len'ti-ar-y (-shi-), *n.* കോടതിക്രമരക്ഷകൻ, 'കോട്ട് കീപ്പർ'; സക്കാറ് രഹസ്യപാലകൻ. =len'tiŏus (-shus), *a.* മിണ്ടാത്ത, മുനിയായ. =lent-ly, *ad.* മിണ്ടാതെ, അനങ്ങാതെ, മെല്ലെ; ആരും അറിയാതെ.

Sī'lex, *n.*, *s.a.* Silica.

**Sil'hu̥-ette** (sil'u̥-et), *n.* നിഴൽപടം, —ചിത്രം. *v. t.* —ചിത്രം വരക്കുക; 2. നിഴലിക്കുക, നിഴല് വീഴുക.

**Sil'i-ca, Si'lex,** *n.* വെങ്കല്ല്. **si-li'ceŏus, =li'ciŏus** (-lish'us), *a.* വെങ്കല്ല് സംബന്ധിച്ച. **sil'i-con,** *n.* സ്ഫടികമൂലം.

**Sil'i-cle, =lic'ū-la, =cūle, sil'i-qua, sil'ique** (sil'ik), *n.* കോച്ചില് (*N.*), വാള്, തോട് (*b.*). **si-lic'ū-lōse, sil'i-quōse, sil'i-quŏus,** *a.* കോച്ചില് ഉള്ള, തോട്— (*b.*).

**Silk,** *n.* പട്ട്, കൌശം, കൌശേയം; 2. പട്ട് തുണി, കൌശികം. **s.-cotton** ഉന്നം, ഇലവം, പൂളപ്പഞ്ഞ്. **s.-cotton tree** പൂള, ഉന്നമരിക്ക്, ഇലവം (*b.*). **s.-gland** കൌശപിണ്ഡം (*z.*). **s.-gown** രാജവക്കീലങ്കി, രാജവക്കീല്, സക്കാര്—. **s.-man, s.-mercer** പട്ട് വ്യാപാരി. **s.-moth** പട്ട്പുഴപ്പാപ്പാത്തി (*z.*). **s.-spider** പട്ട്ചിലന്തി, ഒരുവക എട്ട്കാലി (*z.*). **s.-thrower, s.-throwster** പട്ട്നൂല്ക്കുന്നവൻ. **s.-worm** പട്ട്പുഴ (*z.*). **raw s.** നൂല്ക്കാത്തപട്ട്, പുഴപ്പട്ട്. **-'en,** *n.* പട്ട്സംബന്ധിച്ച; പട്ട്കൊണ്ടുള്ള; മാൎദ്ദവമായ, നേരിയ; പട്ടുടുത്ത. *v. t.* പട്ട്പോലെ ആക്കുക. **-'i-ness,** *a.* പട്ട്ഗുണം, കൌശേയത്വം; മൃദുത്വം; സ്ത്രീസ്വഭാവം, ബലഹീനത. **-'y,** *a.* പട്ട്സംബന്ധിച്ച; —കൊണ്ടുള്ള; മാൎദ്ദവമായ; മാൎദ്ദവരോമമുള്ള.

**Sill,** *n.* അടിസ്ഥാനം, തറ; 2. കട്ടിളപ്പടി, പൂഴിപ്പടി (*S.*), ഉമ്മരപ്പടി; 3. ഉമ്മരം; 4. കറുമ്പടി.

**Sil'la-bub, Syl'la-bub,** *n.* (പാലും വീഞ്ഞും പഞ്ചസാരയും കൂടിയ) തൈര് വീഞ്ഞ്, —പാനകം.

**Sil'ly,** *a.* ബുദ്ധികെട്ട, ഭോഷത്വമുള്ള, മൌഢ്യം ആയ, പൊട്ടത്തരം—, പൊട്ട. **=li-ly,** *ad.* ബുദ്ധിമോശമായി, വിഡ്ഢിത്വമായി. **=li-ness** *n.* ഭോഷത്വം, വിഡ്ഢിത്വം, മൌഢ്യം.

**Silt,** *n.* ഊറൽമണ്ണ്, ചളി. *v. t.* മണ്ണ്കൊണ്ട് അടക്കുക, തടസ്ഥപ്പെടുത്തുക. *v. i.* (വെള്ളം) കനിയുക. **-'y,** *a.* ചളിയുള്ള; ഊറൽമണ്ണായ.

**Si-lu̥re', =lu̥'roid,** *n.* മുഷുവൎഗ്ഗമത്സ്യം (*z.*). **=lu̥'roid,** *a.* —വൎഗ്ഗത്തിൽപെട്ട.

**Sil'va, Syl'va,** *n.* (*pl.* sil'væ *or* syl-) ഒരു രാജ്യത്തിലെവൃക്ഷഗണം, സ്ഥാവരവിശേഷം (*b.*); 2. —വിവരം, —വൎണ്ണനം. **sil'van, syl'van,** *a.* വനസംബന്ധമായ, കാട്ടുള്ള; കാട്ട്പ്രദേശമായ. **sil'vas, sel'vas,** *n. pl.* (ദക്ഷിണാമേരിക്കയിലെ) വിശാലവനം.

**Sil'vĕr,** *n.* വെള്ളി, രൂപ്യം, രജതം, ശ്വേതം; 2. വെള്ളിനാണ്യം; 3. വെള്ളനിറം. **german-s.** നല്ലവെള്ളോട്, പാലോട്. **s.-beater** വെള്ളിത്തകിടടിക്കുന്നവൻ. **s.-mine** വെള്ളിഖനി. **s.-mounted** —കെട്ടിയ. **pure s.** ഊത്തക്കട്ടി. *a.* വെള്ളികൊണ്ടുണ്ടാക്കിയ, വെള്ളി; 2. വെളുത്ത, നരയുള്ള, വെളുത്ത് മിന്നുന്ന; 3. വിലയേറിയ; 4. മണിച്ചലുള്ള; 5. ശാന്തമായ. **s.-age** ത്രേതായുഗം; ക്രിസ്തുശകത്തിലെ ഒന്നും രണ്ടും ശതാബ്ദം. **s.-foil** വെള്ളിയിലത്തകിട്. **s.-fox** ഒരുവക ധ്രുവക്കുറുക്കൻ (*z.*). **s.-gray** ചാമ്പൽവൎണ്ണമുള്ള. **s.-leaf** വെള്ളിയിലത്തകിട്. **s.-plate** വെള്ളിപ്പാത്രങ്ങൾ. **s.-sides** വേളൂരിമത്സ്യം, ചൂട— (*z.*). **s.-smith** തട്ടാൻ. **s. spoon** വെള്ളിക്കരണ്ടി. **to be born with a s. spoon in one's mouth** വകയുള്ളേടത്ത് ജനിക്കുക; നല്ലമുഹൂൎത്തത്തിൽ—. **s.-stick** രാജകാവൽപരിശോധകൻ. **s.-ware** വെള്ളിപ്പാത്രം; വെള്ളിപ്പണ്ടം. **s.-wedding** (ഏകദമ്പതിമാരുടെ) ദാമ്പത്യപഞ്ചവിംശോത്സവം, ദാമ്പത്യോത്സവം. *v. t.* വെള്ളിപൂശുക, —മുക്കുക; 2. മിന്നിക്കുക; 3. വെളുപ്പിക്കുക; നരയാക്കുക. *v. i.* വെളുക്കുക. **-i-ness,** *n.* വെള്ളിമയത്വം; വെണ്മ. **-ing,** *n.* വെള്ളിപൂശൽ; വെള്ളിപ്പൂച്ച്, വെള്ളിത്തേപ്പ്. **-ise, -ize,** *v. t.* വെള്ളിമുക്കുക. **-less,** *a.* വെള്ളി ഇല്ലാത്ത, പണം—, ദാരിദ്ര്യമുള്ള. **-ly,** *ad.* വെള്ളയായി; മണിച്ചലോടെ. **=vĕrn,** *a.* വെള്ളികൊണ്ടുണ്ടാക്കിയ. **-y,**

*a.* വെള്ളിതുല്യമായ; വെളുത്ത; വെള്ളി പൂശിയ; മണിയുന്ന.

**Si-mär′**, =märre′, Ci-mär′, Cy-mär′, Sa-märe′, Si-märe′, *n.* സ്ത്രീകളുടെ നിലയങ്കി.

**Sim′i-a**, *n.* (*pl.* sim′i-æ) വാനരവൎഗ്ഗം (*z.*). =i-al, =i-an, =i-ŏus, *a.* വാനരവൎഗ്ഗത്തിൽപെട്ട; കരങ്ങ് പോലെയുള്ള.

**Sim′i-lar**, *a.* തുല്യംആയ, സന്നിഭം–, പോലെയുള്ള; 2. ഏകരീതിയായ; ഏതാനംഒര് പോലെയുള്ള; 3. ഒരേവൎഗ്ഗത്തിൽ പെട്ട. s. figures ഏകരൂപക്ഷേത്രങ്ങൾ (*geom.*). *n.* തുല്യം, സന്നിഭം. =lar′i-ty, *n.* തുല്യത, ഏകരൂപം. -ly, *a.* പോലെ, തുല്യമായി. =la-tive, *a.* തുല്യസൂചകമായ.

**Sim′i-le**, *n.* ഉപമാലങ്കാരം, ഉപമ (*rhet.*); 2. സാദൃശ്യം, സാമ്യം, ദൃഷ്ടാന്തം, ഉപമാനം. =mil′i-tūde, *n.* തുല്യത, സാരൂപ്യം, സമത്വം; സാദൃശ്യം, ഉപമാനം; തത്തുല്യസാധനം. =lī̆se, =līze, *v. t.* ഒപ്പിക്കുക, ഒപ്പംആക്കുക, തുല്യം–, സാദൃശ്യപ്പെടുത്തുക.

**Sim′i-lŏr**, *n.* വെള്ളോട്.

**Sim′i-tar**, *n.*, *s. a.* Scimitar.

**Sim′mĕr, Sim′pĕr**, *v. i.* പതക്കുക; 2. പതക്കുവാൻ തുടങ്ങുക; 3. മെല്ലെവേവുക. *v. t.* പതപ്പിക്കുക; 2. മെല്ലെവേവിക്കുക.

**Sim′o-ny**, *n.* മതോദ്യോഗവിക്രയകററം. =mō′ni-ac, =nist, *n.* —കററക്കാരൻ. =ni′a-cal, =mō′ni-al, =mō′ni-ŏus, *a.* —വിക്രയദോഷംസംബന്ധിച്ച; —ഉള്ള. =ni′a-cal-ly, *ad.* —വിക്രയകററമായി.

**Si-moom′**, =moon′, *n.* (അറബിയിലെ) വിഷക്കാററ്, ഉഷ്ണക്കാററ്.

**Sī′mŏus**, *a.* ചപ്പമൂക്കായ, പതിമൂക്കുള്ള.

**Sim′pai** (-pī), *n.* മലായക്കുരങ്ങ് (*z.*).

I. **Sim′pĕr**, *s. a.* Simmer.

II. **Sim′pĕr**, *v. i.* പുഞ്ചിരികൊള്ളുക; 2. ഇളിക്കുക. *n.* പുഞ്ചിരി, കള്ളച്ചിരി; 2. ഇളി. -ĕr, *n.* പുഞ്ചിരിക്കാരൻ, പുഞ്ചിരികൊള്ളുന്നവൻ. -ing, *a.* —ഉള്ള. *n.* —കൊള്ളൽ. -ing-ly, *ad.* പുഞ്ചിരിയോടെ; ഇളിച്ച്കൊണ്ട്.

**Sim′ple**, *a.* മൂലം ആയ, ഏകദ്രവ്യം–: s. substance മൂലപദാൎത്ഥം, ഏകദ്രവ്യ–; 2. സമ്മിശ്രമല്ലാത്ത; തനി(ച്ച), ശുദ്ധ, കൂട്ട്കൂട്ടാത്ത; 3. ലളിതം ആയ, എളുപ്പം–, വിഷമമില്ലാത്ത; 4. ഒററ ആയ, ഏകം–; 5. മോടിയില്ലാത്ത, വിനീതമായ, ഒതുക്കമുള്ള; 6. സാധാരണമായ, 'സാദ'; 7. വെറും, മാത്രം: a medicine whose s. touch will effect a cure ആ മരുന്ന് തൊട്ടാൽമതി സുഖപ്പെടും, സ്പൎശനമാത്രത്താൽ ആ മരുന്ന് കൊണ്ട് സുഖംകാണും; 8. ശുദ്ധനായ, യുക്തിയില്ലാത്ത, പരമാൎത്ഥമുള്ള, നിഷ്കപടം ആയ, പച്ചപ്പരമാൎത്ഥി—; 9. യഥാൎത്ഥം—, സഹജം—, പ്രകൃതം—, സ്വഭാവേനഉള്ള, നാട്യമല്ലാത്ത; 10. സ്പഷ്ടം ആയ, തെളിവുള്ള; 11. പൊട്ടനായ, ഭോഷത്വമുള്ള; 12. പട്ട, താണ; 13. നിരവയവം ആയ (*b.*); 14. ഏകരീതി—. s. contract വാക്കാൽകരാറ് (*l.*). s. equation ഏകവൎണ്ണസമീകരണം (*alg.*). s.-hearted, s.-minded പരമാൎത്ഥഗുണമുള്ള, കപടമില്ലാത്ത. s. interest തനിപലിശ. *n.* ഏകദ്രവ്യം; 2. ഏകമൂലിക, ഒററമരുന്ന് (*med.*). *v. i.* പച്ചമരുന്ന് പറിക്കുക. -ness, =plic′i-ty, *n.* നിരവയവത്വം; ഏകദ്രവ്യത്വം; പരമാൎത്ഥഗുണം, യഥാൎത്ഥത്വം; സാധാരണത്വം; വ്യക്തി, സരളത്വം; ഭോഷത്വം, പൊട്ടത്തരം. =′plĕr, =′plist, *n.* മരുന്ന് പറിക്കുന്നവൻ. -ton, *n.* വിട്ടുഭോഷൻ, വിഡ്ഢി, പൊട്ടൻ, പൊണ്ണൻ (*N.*). sim-pli-fi-cā′tiŏn, *n.* എളുപ്പമാക്കൽ; ചുരുക്കൽ (*math.*). sim′pli-fȳ, *v. t.* എളുപ്പം ആക്കുക, ലളിതം—; ചുരുക്കുക (*math.*). sim′ply, *ad.* മാത്രം കേവലം, വെറും; സ്വതവെ, തന്നെ; നിഷ്കപടമായി; ഭോഷത്വമായി.

**Sim′ū-lā′crum**, *n.*, *s. u.* Simulāte.

**Sim′ū-lāte**, *v. t.* നടിക്കുക, ഭാവംനടിക്കുക, വേഷംധരിക്കുക, —കെട്ടുക, കപടമായിഭാവിക്കുക. *a.* നാട്യമായ, ഭാവം നടിച്ച, കപടമായ. =lā′crum, *n.* (*pl.* -lā′cra) വേഷം, രൂപം, ഭാഷ; തുല്യത.

=lā'tiŏn, *n.* നാട്യം, മായം, വ്യാജം, വേഷം; വേഷധാരണം. =lā-tŏr, *n.* നാട്യക്കാരൻ, വേഷധാരി. =lā-tŏr-y, *a.* ഭാവംനടിച്ച; —നടിക്കാകുന്ന.

Sim-ul-tā'ne-ŏus, *a.* ഒരേസമയത്തുള്ള, ഏകകാലികമായ. s. equation ബഹുവര്ണ്ണസമീകരണം (*alg.*). =ta-nē'-i-ty, -ness, *n.* ഏകകാലികത്വം. -ly, *ad.* അതേകാലത്ത്, ഒരേസമയം.

Sin, *n.* പാപം, അഘം, ദോഷം, അപരാധം, പാതകം, അകൃത്യം, ദുഷ്കൃതം, ലംഘനം; 2. തെററ്, തപ്പ്, കററം; 3. പാപബലി, കററ—; 4. ദുഷ്ടൻ, പാതകൻ. s.-born പാപോല്പന്നമായ. s.-offering പാപബലി, കററ—. actual s. കമ്മപാപം, ക്രിയാ— (*theo.*). deadly or mortal s. മഹാപാപം: കലപാതകം, ജഡമോഹം, ദ്വ്യാഗ്രഹം, പെരുന്തീററി, ഗവ്വം. അസൂയ, മടിവ് (*R. C.*). original s. ജന്മപാപം, ജാതപാപം (*theo.*). venial s. ലഘുപാപം (*R. C.*). *v. i.* (against) പാപംചെയ്യുക, കററം—, ദുഷ്കൃതം—; കല്പനലംഘിക്കുക; 2. ദോഷം ചെയ്യുക, ദ്രോഹിക്കുക. -'ful, *a.* പാപം ആയ, പാതകം—; പാപമയം—. -'ful-ly, *ad.* ദോഷമായി. -'ful-ness, *n.* പാപമയത്വം, പാതകത്വം. -'less, *a.* പാപരഹിതമായ, പാപം ഇല്ലാത്ത, പരിശുദ്ധ. -'less-ly, *ad.* പാപമില്ലാതെ. -'less-ness, *n.* പാപരഹിതത്വം, പരിശുദ്ധി. -'nĕr, *n.* പാപി, പാപാത്മാവ്, കററക്കാരൻ, അപരാധി.

Si-nā'pis, *n.* കടുക് (*b.*). =pism, *n.* കടുക് കൊണ്ട് പൊള്ളിക്കൽ (*med.*).

Since, *ad.* .....തുടങ്ങി ഇത് വരെ, മുതൽ—, തൊട്ട്.....വരെ, മുതല്ക്ക്, അതിൽപിന്നെ; 2. മുമ്പ്, അപ്പുറം. ever s. അത് മുതല്ക്ക്, അതിൽപിന്നെ (ഇന്നോളം). it is long s. I saw you ഞാൻ നിന്നെ കണ്ടിട്ട് വളരെകാലമായി. long s. വളരെകാലംമുമ്പ്. how long s.? എത്രകാലംമുമ്പാണ്? എത്രകാലമായി? I have not seen him s. അതിൽപിന്നെ ഞാൻ അവനെ കണ്ടിട്ടില്ല. *prep.* പിന്നെ, ശേഷം; ഇപ്പുറം, മുതല്ക്ക്: s. my coming ഞാൻ വന്നത് മുതല്ക്ക്, --വന്നതിൽപിന്നെ; s. four years നാല് കൊല്ലത്തിന്നിപ്പുറം; s. the Russo-Japanese war റഷ്യജാപ്പാൻയുദ്ധത്തിന്ന് ശേഷം. *conj.* അത് കൊണ്ട്, ആകയാൽ, നിമിത്തം: s. you are my friend നീ എന്റെ സ്നേഹിതനാകകൊണ്ട്; s. the matter is so കാൎയ്യം അങ്ങിനെയാകകൊണ്ട്.

Sin-cēre', *a.* ശുദ്ധമായ, മായമില്ലാത്ത; 2. യഥാൎത്ഥം ആയ, നിഷ്കപടം—, ഉണ്മ—; 3. വിശ്വസ്തതയുള്ള, സത്യ. -ly, *ad.* യഥാൎത്ഥമായി, സത്യത്തിൽ; മായമില്ലാതെ. -'ness, =cer'i-ty, *n.* യഥാൎത്ഥത, നിഷ്കാപട്യം; മായമില്ലായ്മ.

Sin'ci-put, *n.* തലയുടെ മുൻഭാഗം, മുന്തല, നെററിഭാഗം (*an.*). =cip'i-tal, *a.* നെററിപ്രദേശത്തുള്ള.

I. Sīne, *n.* ജ്യാവ്, വൃത്താംശലംബരേഖ (*trig.*); 2. —ലംബമീഷം (*trig.*). s. of an angle വൃത്താംശലംബം (*trig.*); കണ്ണാനുപാതം (*trig.*). versed s. വ്യാസാംശം (*trig.*). sin'i-cal, *a.* വൃത്താംശലംബം സംബന്ധിച്ച.

II. *Sī'nĕ, prep.* ഇല്ലാതെ, വിനാ, നിഃ, വി, അ. *s. dī'e* ദിവസം കുറിക്കാതെ, എപ്പോളെന്ന് നിശ്ചയിക്കാതെ. *s. qua non* കൂടാതെ കഴിയാത്ത, നിവ്വാഹമില്ലാത്ത, അത്യാവശ്യമായ; നിവൃത്തിയില്ലാതെ.

Sī'ne-cūre, *n.* പ്രവൃത്തിയില്ലാത്ത(സഭാ)ശമ്പളം; 2. —ശമ്പളോദ്യോഗം, സൌജന്യശമ്പളം, വേലയില്ലാത്തകൂലി. *v. t.* പ്രവൃത്തിയില്ലാത്ത ശമ്പളോദ്യോഗത്തിലാക്കുക. =cū-ral, *a.* സൌജന്യശമ്പളം സംബന്ധിച്ച; —ശമ്പളോദ്യോഗമായ. =rism, *n.* —ശമ്പളം. =rist, *n.* —ശമ്പളം വാങ്ങുന്നവൻ.

Sin'ew (sin'ū), *n.* സ്നായു, നാഡി, ഞ(ന)രമ്പ് (*an.*); 2. മാംസപേശി; 3. മജ്ജാതന്തു; 4. *pl.* ഊക്ക്, ബലം, കായബലം. s.s of war പണം, ദ്രവ്യം. *v. t.* കൂട്ടിച്ചേൎക്കുക; 2. ബലപ്പെടുത്തുക. =ewed (-ūd), *a.* നാഡിബലമുള്ള; ഊക്കുള്ള. -i-ness, *n.* നാഡിബലം, ഊക്ക്. -less, *a.*

ഊക്ക് കുറഞ്ഞ, ബലമില്ലാത്ത. -y, *a.* സ്നായുസംബന്ധമായ; ഞരമ്പ് ഉള്ള; കയ്യൂക്ക്—, കായബലം—, ഊക്കനായ.

**Sin'ful, -ly, -ness,** *s. u.* Sin.

**Sing,** *v.i.ir.* (sang *or* sung, sung) പാടുക, ഗാ(യ)നംചെയ്യുക, കീർത്തനംചൊല്ലുക; 2. (പക്ഷി)പാടുക; 3. മൂളുക, മുഴങ്ങുക; ചൂളയിടുക; 4. കവിതകെട്ടുക, കാവ്യംരചിക്കുക; 5. സ്തുതിക്കുക, വർണ്ണിക്കുക, കീർത്തിക്കുക, പുകഴ്ത്തുക. *v.t.* സംഗീതം പാടുക; 2. പാടിഘോഷിക്കുക, കവിതയിൽവർണ്ണിക്കുക; 3. പാടിയുറക്കുക, മണിക്കുക, താരാട്ടുക; 4. പാട്ടോട് കൂടികൂട്ടികൊണ്ട് പോക. s.-sing അഭ്യസിക്കുകലമാൻ (z.). s.-song മോശപ്പെട്ടപാട്ട്; നീട്ടിസംസാരം, ഇഴെച്ച് വലിച്ച—; നിസ്സാരകവിത. -'ĕr, *n.* പാടുന്നവൻ, പാട്ടുകാരൻ, ഗായകൻ, സംഗീതക്കാരൻ; ഭാഗവതർ. -'ing, *n.* പാട്ട്, സംഗീതം, ഗായനം. s.g-book പാട്ട്പുസ്തകം, സംഗീതപ്പുസ്തകം. s.g-master സംഗീതപ്രമാണി; ഭാഗവതർ. s.g-school സംഗീതപാഠശാല. *a.* പാടുന്ന. s.g-bird സംഗീതപ്പക്ഷി (z.). -ing-ly, *ad.* പാടിക്കൊണ്ട്, പാട്ടോടെ. song, *n.* പാട്ട്, സംഗീതം; 2. കീർത്തനം; 3. കവിത, കാവ്യം, ശ്ലോകം; 4. പരിഹാസവിഷയം, പാട്ട്; 5. അല്പം, നിസ്സാരം. s.g-bird സംഗീതപ്പക്ഷി (z.). old s.g അല്പം, നിസ്സാരം. s.g-craft കവനം, കവിതരചിക്കൽ; പാട്ട്കെട്ടൽ. song'ful, *a.* പാടുന്ന; പാട്ടുള്ള. song'ish *a.* സംഗീതംകൊണ്ടുള്ള. song'less, *a.* പാട്ട്പാടുവാൻ കഴിയാത്ത. song'stĕr, *n.* പാട്ടുകാരൻ; പാടുന്നപക്ഷി (z.). song'-stress, *n.* പാട്ടുകാരത്തി; സംഗീതപ്പക്ഷിപ്പിട (z.).

**Singe** (sinj), *v.t.* തീയിൽവാട്ടുക, കരിക്കുക; 2. രോമംകരിക്കുക; 3. തുണിനാര്—. *n.* വാട്ടൽ; 2. കരിക്കൽ. sin'-gĕr, *n.* കരിക്കുന്നവൻ; തുണിനാര്കരിക്കുന്നവൻ; —കരിക്കുന്നയന്ത്രം.

**Sing'ĕr,** *n., s. u.* Sing.

**Sin-gha-lēse',** *n.* സിംഹളക്കാര്, 'ചിങ്കളികൾ'; 2. സിംഹളഭാഷ, 'ചിങ്കളി'.

**Sing'ing, -ly,** *s. u.* Sing.

**Sin'gle,** *a.* ഒററയായ; 2. പ്രത്യേകം—; 3. ഏകാകി—; തനിയെയുള്ള; 4. വിവാഹം ചെയ്യാത്ത, ഒണ്ടിക്കാരൻ(രത്തി) ആയ, ബ്രഹ്മചാരി—; കന്യക—; 5. പിരിയില്ലാത്ത; 6. ഓരോരുത്തനായ, ദ്വന്ദ്വ: s. combat, s. fight ദ്വന്ദ്വയുദ്ധം; 7. കലപ്പില്ലാത്ത, ശുദ്ധ, തനിച്ച; 8. ഏകാഗ്രത ഉള്ള, യഥാർത്ഥം—. s. bar, s. tree (വണ്ടിയുടെ) വാക്കുററി. s.-breasted ഒററമാറുള്ള (കുപ്പായം). s. entry (വരവും ചിലവും വെവ്വേറെ എഴുതുന്ന) ഒററക്കണക്ക് (*com.*). s. file ഒററച്ചാല്, ഒററയണി, ഒരുത്തൻെറ വഴിയെ ഒരുത്തനായി. s.-handed ഒററക്കയ്യനായി; ഏകനായി, അന്യസഹായം കൂടാതെ. s.-hearted, s.-minded ഏകാഗ്രത ഉള്ള, യഥാർത്ഥം—, ഹൃദയപരമാർത്ഥത—. s. state വിവാഹരഹിതത്വം, ബ്രഹ്മചര്യം; കന്യകാവൃത്തി. s.-stick മുച്ചാൺവടി. s. ton (ചീട്ട്കളി) ഒര്ജാതിയിലെ ഒററശ്ശീട്ട്. *v. t.* തിരഞ്ഞെടുക്കുക, തെരിഞ്ഞെടുക്കുക; 2. തിരിയുക. *n.* ഒററ, ഒന്ന്; 2. *pl.* നേർമ്മപ്പട്ട്നൂല്; 3. ഒര് പോങ്ങധാന്യം; 4. *pl.* രണ്ടാള് (മാത്രം കളിക്കുന്ന) വലപ്പന്താട്ടം. -ness, *n.* ഏകാകിത്വം; പ്രത്യേകത; ഏകാഗ്രത, പരമാർത്ഥം. sin'glet, *n.* ഒര് വക മുറിക്കൈക്കുപ്പായം, 'വേസ്ക്കോട്ട്'. sin'gly, *ad.* ഓരോന്നായി, പ്രത്യേകംപ്രത്യേകമായി; തനിയെ, ഏകനായി; യഥാർത്ഥമായി.

**Sing'-sing, Sing'-song,** *etc., s. u.* Sing.

**Sin'gū-lar** (-lĕr), *a.* പ്രത്യേകംആയ; 2. ഒററ—; 3. ഓരോന്ന്— (*l.*); 4. ഏകവചനം— (*gr.*); 5. അപൂർവ്വം—, അതിശയം—; 6. വിശിഷ്ടം—, ശ്രേഷ്ഠം—; 7. അസാധാരണം—; 8. വിപരീതം—; 9. അതുല്യം—, അനന്യം—. s. number ഏകവചനം (*gr.*). *n.* ഏകവചനം (*gr.*). -'i-ty, *n.* പ്രത്യേകത; വൈശിഷ്ട്യം, ശ്രേഷ്ഠത; അപൂർവ്വത്വം; പ്രത്യേകാവകാശം.

-īse, -īze, *v. t.* പ്രത്യേകിക്കുക; വിശിഷ്ടമാക്കുക. -ly, *ad.* പ്രത്യേകമായി; അപൂൎവ്വമായി; അസാധാരണമായി; ഏകവചനമായി.

Sin-gul'tus, *n.* എക്കിള്, എക്കിട്ട (*med.*). =gul'tŏus, *a.* എക്കിള് സംബന്ധിച്ച; —ഉള്ള.

Sin'i-cal, *a.*, *s. u.* Sine I.

Sin'is-tĕr, *a.* ഇടഭാഗത്തെ, ഇടത്തെ, വാമ; 2. അശുഭം ആയ, അമംഗളം—; ദുൎഭാഗ്യം—, ഭാഗ്യംകെട്ട, ഗ്രഹപ്പിഴപിടിച്ച, ഭാഗ്യദോഷം ഉള്ള; 3. വക്രബുദ്ധി—, ദുഷ്ടത—, ദുഷ്ട, കള്ള; 4. ദോഷകരം ആയ, ആപല്കരം—. s. aspect ദുൎദ്ദശ, ഗ്രഹപ്പിഴ, ഗ്രഹദോഷം (*astr.*). -ly, *ad.* അശുഭമായി; വക്രമായി. =tral, *ad.* ഇടഭാഗംകൊണ്ടുള്ള (*an.*); ദുഷ്ടതയായി; *a.* ഇടഭാഗം സംബന്ധിച്ച; ഇടത്തോട്ട് ചാഞ്ഞ; തെററായ, ദുഷ്ട; (ശംഖ്) ഇടമ്പിരിയായ (*z.*). =tral'i-ty, *n.* ഇടവശതാ; വക്രത. =tral-ly, *ad.* ഇടത്തോട്ട്; ദോഷകരമായി. =tror'sal, =trorse, *a.* വലത്ത് നിന്ന് ഇടത്തോട്ട് പിരിയുള്ള. =trŏus, *a.* ഇടത്തുള്ള; ഇടത്തോട്ട് ചരിഞ്ഞ; തെററായ, വക്രമായ. =trŏus-ly, *ad.* അശുഭമായി, ദുൎദ്ദശയായി; തെററായി; ഇടങ്കയ്യായി.

Sink, *v. i. ir.* (sunk *or* sank, sunk *or* sunk'en) ആഴുക, താഴുക; മുങ്ങിപ്പോക, ആണ്ട് (ണ്ടു)പോക; 2. കടക്കുക, പൂകുക, ഉൾപ്രവേശിക്കുക; തറക്കുക; 3. നന്നായി മനസ്സിലാകുക; 4. താണ് പോക, വീഴുക; 5. ക്ഷീണിക്കുക; 6. കുറയുക; 7. ചെറുതാവ്വോക. *v. t.* ആഴ്ത്തുക, മുക്കുക; 2. ക്ഷയിപ്പിക്കുക, നശിപ്പിക്കുക; ഇല്ലാതാക്കുക, പോക്കുക; 3. കഴിക്കുക, കുത്തുക, തോണ്ടുക: to s. a well കിണറ് കുത്തുക, —തോണ്ടുക; 4. കുറക്കുക; 5. അപഹരിക്കുക; 6. മറച്ച് വെക്കുക; ഒളിച്ച് വെക്കുക; അമൎത്തിക്കളയുക; 7. വീട്ടുക, കൊട്ടത്ത് തീൎക്കുക. *n.* ഓവ്; 2. കൊട്ടത്തളം; 3. കുഴി. s.-hole കല്പക്കുഴി. -'ĕr, *n.* ഭാരം; ചൂണ്ടക്കൂട്ടി; കടീയം. -'ing, *n.* ആണ്ടുപോകൽ, ആഴ്ത്തൽ. *a.* മുങ്ങിപ്പോകുന്ന; ആഴ്ത്തിക്കളയുന്ന. s.g fund കടം വീട്ടാൻ വെച്ചദ്രവ്യം.

Sin'less, Sin'nĕr, *etc.*, *s. u.* Sin.

Sin-ol'o-ġy, *n.* ചീനഭാഷാജ്ഞാനം. =ġist, =logue(-log), *n.* ചീനഭാഷജ്ഞൻ.

Sin'ō-pīte, *n.* കാവിമണ്ണ്. =nō'-pi-a, =nō'pis, *n.* കാവിവൎണ്ണം, ഒര് വക ചുവപ്പ് ചായം.

Sin'ō-ple, *n.* പച്ചവൎണ്ണം (*her.*).

Sin'tĕr, *n.* കിട്ടം, കീടം, തുരുമ്പ്.

Sin'tō, Sin'tụ, Sin'tō-ism, Sin'tō-ist, *etc.*, *s. a.* Shinto *etc.*

Sin'ū-ŏus, =ōse, *a.* സൎപ്പാകൃതിയായ, വളഞ്ഞ് പുളഞ്ഞ, വക്രമായ. sin'ū-āte, *a.* വളവുള്ള, അററം വളഞ്ഞ് വളഞ്ഞുള്ള. *v. i.* വളഞ്ഞ് പുളഞ്ഞിരിക്കുക. sin'ū-ā-ted, *a.* വളവുള്ള. sin-ū-ā'tiŏn, *n.* വളവ്. =os'i-ty, *n.* വക്രത. =ŏus-ly, *ad.* വളഞ്ഞ് പുളഞ്ഞ്.

Sī'nus, *n. s.* & *pl.* ദ്വാരം, വായി; 2. കുഴി; 3. വളവ്; 4. ഉൾക്കടല്, കായല്; 5. ഒട്ട്, ഒട്ടല് (*an.*); 6. വീക്കം, വിദ്രധി, സ്ഫോടം, കുരു, നാഡിവ്രണം (*med.*); 7. വളവ് (*b.*).

Sip, *v. t.* ഇറുമ്പുക, കുറേശ്ശകുറേശ്ശ കുടിക്കുക; 2. നുകരുക; 3. കുടിക്കുക, പാനംചെയ്യുക. *v. i.* ഓരോ ഇറക്കായി കുടിക്കുക. *n.* ഇറുമ്പൽ, കുറേശ്ശകുടിക്കൽ; 2. ഇറക്ക്, അല്പം. -'pĕr, *n.* ഇറുമ്പുന്നവൻ. -'pet, *n.* പാലിൽകുതൎത്തിയഅപ്പം.

Sīpe, *v. i.*, *s. a.* Seep.

Siph'i-lis, *etc.*, *s. a.* Syphilis, *etc.*

Sī'phon (-fon), *n.* വളവ് കുഴല്, കുടിലനാളം, ഉൽക്ഷേപണി, വക്രനാളി (*ph.*). *v. t.* ഉൽക്ഷേപിക്കുക, വക്രനാളംവെക്കുക. -āġe, *n.* ഉൽക്ഷേപണം. -al, -'ic, *a.* വക്രനാളം സംബന്ധിച്ച.

Sip'pĕr, Sip'pet, *s. u.* Sip.

*Sī'quis,* ബോധകോദ്യോഗാൎത്ഥിപരസ്യം (*eccl.*).

Sĭr, *n.* (പാരമ്പൎയ്യമാടമ്പികൾക്കും മാടമ്പികൾക്കും ബഹുമാനാൎത്ഥമായി പേരിന്ന് മുമ്പിൽ വെക്കുന്ന) പദവിസംജ്ഞ: ശ്രീ

മാൻ, ശ്രീമൽ, മഹാൻ; 2. ബഹുമാനാനുകരണപദം: അങ്ങുന്നേ, ഇവിടന്ന്, താങ്കൾ, നിങ്ങൾ; മാന്യരേ, വിഭോ; യജമാനാ.

**Sīre**, *n.* രാജബഹുമാനാനുകരണപദം: മഹാരാജാവേ, നിന്തിരുവടി, തിരുമുമ്പ്; —മനസ്സ്; (ഇ)റാൻ; 2. അച്ഛൻ, അപ്പൻ, പിതാവ്; കാരണവര്; ഭര്ത്താവ്; 3. രചകൻ, കാരണഭൂതൻ; 4. (മൃഗത്തിന്റെ) തന്ത, കതിരത്തന്ത. *v. t.* (മൃഗം)ജനിപ്പിക്കുക. -′less, *a.* അപ്പൻ ഇല്ലാത്ത; തന്ത—.

**Sī′ren**, *n.* ജലകന്യകാ, വിമോഹിനീ (*myth.*); 2. മോഹിനി, വശീകരക്കാരത്തി; 3. ചതി, മായം; 4. പിൻകാലില്ലാത്ത ഒര് ജലജന്തു (*z.*); 5. (*also* sī′rēne, sȳ′ren) ധ്വനിമാത്രു; ചൂളക്കുഴല്. *a.* വശീകരിക്കുന്ന, മോഹിനിയായ. sī-rē′ni-a, *n. pl.* സമുദ്രശ്വാനവര്ഗ്ഗം (*z.*). =ren′i-cal, *a.* മോഹനീയം ആയ; വഞ്ചകം—. -īse, -īze, *v. i.* മോഹിപ്പിക്കുക, വശീകരിക്കുക.

**Sir′i-us**, *n.* ശ്വണത്ം, പുനര്വ്വസു; ത്രിശങ്കുനക്ഷത്രം (*as.*).

**Sĭr′loin, Sur′loin**, *n.* (ഗോമാംസത്തിന്റെ) പാര്ശ്വഖണ്ഡം, വാരിക്കഷണം.

**Sĭr′nāme**, *n.*, *s. a.* Surname.

**Si-roc′cō**, *n.* (ഇററലിരാജ്യത്തിൽ അടിക്കുന്ന ഒര്) ഉഷ്ണക്കാററ്. [എടാ, രേ.

**Sir′rah**, *n.* നിന്ദാനുകരണപദം:

**Sir′up**, *etc.*, *s. a.* Syrup, *etc.*

***Sir-vente′*** (sir-vänt′), *n.* ഒര് വക പരിഹാസകാവ്യം.

**Sis**, *n. contr. f. of* Sister.

**Si-sāl′-grass, S.-hemp**, *n.* യൂറോപ്പ (അമേരിക്ക) കൈതനാര്, കൈതനൂല്.

**Sīse**, *n.* ആറ്; (പകിടയിലെ) ആറാം പുള്ളി; 2. ആറാം പുള്ളിവീഴൽ.

**Sis′e-ra-ra, =ra-ry**, *n.* നല്ലകത്ത്, ഒന്നാംതരം—; ഊക്കനടി. [(*z.*).

**Sis′kin**, *n.* മഞ്ഞക്കിളി, മഞ്ഞപ്പക്ഷി

**Sīs′mō-graph** (-graf), =mom′e-tĕr, *s. a.* Seismograph, Seismometer, *s. u.* Seismic.

**Siss**, *v. i.* ശ്രൂല്കാരമിടുക. *n.* ശ്രൂല്കാരം, 'ശ്രൂ' എന്ന ഒച്ച.

**Sist**, *v. t.* വിചാരണനിര്ത്തിവെക്കുക (*Scot. l.*); 2. കോടതികയററുക, സമനയച്ച് വരുത്തുക (*Scot. l.*). to s. one's self കോടതിയിൽ ഹാജരാക. *n.* വിചാരണനിര്ത്തിവെക്കൽ; 2. —നിര്ത്തിവെക്കാനുള്ള കല്പന.

**Sis′tĕr**, *n.* സ്വസൃ, സ്വസാ, സോദരി, ഭഗിനി, പെങ്ങള്, ഉടപ്പിറന്നവള്; 2. (സമുദായ) സഹോദരി; 3. കന്യാസ്ത്രീ (*R. C.*); 4. ഇണ, 'ജോട്'. elder s. ജ്യേഷ്ഠത്തി, ഏ(ചേ)ട്ടത്തി, 'അക്ക', അഗ്രജ. half-s. പെങ്ങള്, ഭിന്നോദരി, അച്ഛന്റെ (വേറെ ഭാര്യയിലെ) മകള്, അമ്മയുടെ (വേറെ ഭര്ത്താവിന്റെ) മകള്. younger s. അനുജത്തി, അവരജ. father's s., mother's s. (elder) മൂത്തമ്മ; (younger) ഇളയമ്മ. step-s. പിറക്കാത്ത പെങ്ങള്; (elder) പിറക്കാത്തേട്ടത്തി; (younger) പിറക്കാത്തനുജത്തി. s.-in-law (husband's s.) നനന്ദാ, നാത്തൂൻ; (wife's s.) ശ്യാലകി, ശ്യാലിക, ശ്യാലി; (elder) ജ്യേഷ്ഠത്തി, (younger) അനുജത്തി; (brother's wife) നാത്തൂൻ, പ്രജാവതി, ഭ്രാതൃജായ; (elder brother's wife) അമ്മായി. s.'s husband അളിയൻ, ആവുത്തൻ; (husband's s.'s husband) നാനാന്ദ്രപതി. father's s.'s husband, mother's s.'s husband (elder) മൂത്തപ്പൻ, മൂത്തച്ഛൻ; (younger) ഇളയപ്പൻ, ഇളയച്ഛൻ. s.'s son (to the brother) മരുമകൻ, അനന്തരവൻ, സ്വസ്രീയൻ, സ്വസ്രേയൻ, ഭാഗിനേയൻ; (to the sister) മകൻ. s.'s daughter (to the brother) മരുമകള്, ഭാഗിനേയി, സ്വസ്രീയ, സ്വസ്രേയി; (to the sister) മകള്. s. of charity, s. of mercy പരോപകാരിണി, രോഗിപരിപാലക. -hood, *n.* സഹോദരിസംബന്ധം; സഹോദരിത്വം, കന്യാസ്ത്രീസ്ഥാനം (*R. C.*); കന്യാസ്ത്രീകൾ, —സ്ത്രീവര്ഗ്ഗം (*R. C.*). -less, *a.* പെങ്ങളില്ലാ

ത്ത. -ly, *a*. പെങ്ങളെപോലെയുള്ള; പെങ്ങൾക്കൊത്ത; സ്നേഹമുള്ള.

Sis'trum, *n*. ഒരുമിസ്രകമ്പിവാദ്യം.

Sis-y-phē'an (-fē'an), *a*. പിന്നെയും പിന്നെയും ചെയ്യാനുള്ള, ഒരിക്കലും തീരാത്ത, ചെയ്യാൽ—.

Sit, *v. i. ir.* (sat, sat) കുത്തി(യി)രിക്കുക, ഇരിക്കുക; 2. ചെക്കയിരിക്കുക (*S.*). 3. സ്വസ്ഥമായിരിക്കുക; വിശ്രമിക്കുക; പാർക്കുക; 4. (on) വീഴുക, ഞെരുക്കുക, ഭാരമായിരിക്കുക; കിടക്കുക; 5. പററുക, കൊള്ളുക; 6. പൊരുന്നുക, മുട്ടക്കിരിക്കുക; 7. ഗതിയായിരിക്കുക: where does the wind s.? കാററിൻെറ ഗതി എങ്ങിനെയാണ്? 8. സ്ഥാനം ഏല്ക്കുക, ഉദ്യോഗാസനത്തിൽ ഇരിക്കുക; 9. ന്യായാസനത്തിൽ—, വിചാരണനടത്തുക; 10. സഭകൂട്ടുക, യോഗം—; 11. ചിത്രം എടുപ്പാനിരിക്കുക. to s. at meat or at table ഉണ്മാൻ ഇരിക്കുക, തീനിന്ന്—, ഭക്ഷണത്തിന്ന്—. to s. cross-legged ചമ്മണപ്പടിയിട്ട്—, പത്മാസനത്തിൽ—; ചള്ളയിടുക. to s. down കുത്തിരിക്കുക; നിരോധിക്കുക, (പട്ടണം) വളയുക; പാപ്പാക്കുക; വിശ്രമിക്കുക; മതിയാക്കുക. s.-fast സ്ഥിരമായ, ഇളകാത്ത; കുതിരത്തഴമ്പ്, കുരു. to s. for a fellowship സർവ്വകലാശാലാംഗ പരീക്ഷ കൊടുക്കുക. to s. for a portrait പടംപിടിപ്പാനിരിക്കുക, ചിത്രമെടുപ്പിക്കുക. to s. out തീരുവോളം ഇരിക്കുക, അവസാനത്തോളം—; മിനക്കെടുക. to s. under കീഴിൽപഠിക്കുക, ശിഷ്യനായിരിക്കുക; ഇരുന്ന്കേൾക്കുക. to s. up എഴുന്നീററിരിക്കുക; ഉറക്കിളെക്കുക. to s. with knees sticking up ഉക്കററിരിക്കുക, ഉക്കിച്ചിരിക്കുക. *v. t.* മേലെ ഇരിക്കുക, കയറി—; 2. (*refl.*) ഇരുത്തുക, ഇരിപ്പാൻ കൊടുക്കുക; ഇരിക്കുക; 3. പററുക. -'tĕr, *n*. ഇരിക്കുന്നവൻ; ചിത്രം എടുപ്പാൻ ഇരിക്കുന്നവൻ; പൊരുത്തിലിരിക്കുന്നപക്ഷി. -'ting, *a*. കുത്തിരിക്കുന്ന; ഇരുത്തത്തിലുള്ള. *n*. ഇരിക്കൽ; ഇരിപ്പ്, ഇരുത്തം; ആസനം, ഇരിപ്പിടം; ചിത്രം എടുപ്പാൻ ഇരിക്കൽ; ചിത്രത്തിന്നിരിക്കുന്ന സമയം; സഭ, യോഗം; വിചാരണ; പൊരുന്നൽ. s.g-room നടുവകം, ഇരിപ്പറ, തളം.

Sīte, *n*. നില്ക്കുന്നസ്ഥലം, സ്ഥാനം, സ്ഥലം; ഇടം, തറ, 'ജാഗ'; 2. സ്ഥിതി, ഇരിപ്പ്.

Sit'fast, *s. u.* Sit. [സം ഇടുക.

Sīthe, *v. i.* നെടുവീർപ്പിടുക, ദീർഘശ്വാ

Sī-tol'o-ġy, Sit-i-ol'ō-ġy, *n*. പത്ഥ്യശാസ്ത്രം, ഭക്ഷണക്രമം, പത്ഥ്യം.

Sī-to-phō'bi-a, Sit-i-o-phō'bi-a (-fō'bi-), *n*. അരോചകം, ആഹാരവിമ്മിഷ്ടം, ഭക്ഷണത്തിന്ന് മനസ്സില്ലായ്ക (*med.*).

Sit'tĕr, Sit'ting, *s. u.* Sit.

Sit'ū-āte, =ā-ted, *a*. സ്ഥിതിചെയ്യുന്ന, സ്ഥാപിച്ചിരിക്കുന്ന, വെച്ചിരിക്കുന്ന; 2. ഉള്ള, കിടക്കുന്ന, ഇരിക്കുന്ന; 3. പാർക്കുന്ന ഇരിപ്പിടമുള്ള. =āte, *v. t.* സ്ഥാപിക്കുക. =ā'tiŏn, *n*. സ്ഥിതി; സ്ഥാനം, ഇരിപ്പിടം, നില്പ്; നില, അവസ്ഥ, സംസ്ഥിതി; ഉദ്യോഗം, പണി, പ്രവൃത്തി, തൊഴില്.

Sī'tus, *n*. സ്ഥാവരാംശപദ്ധതി, സസ്യഭാഗാനുക്രമണം (*b.*).

Sitz'bäth, *n*. കുളിത്തൊട്ടി; 2. തൊട്ടിസ്നാനം; അർദ്ധ—, ഇരുന്ന് കുളി.

Siv-a-thē'ri-um, *n*. പ്രാചീന ഹസ്തിമൃഗം, തുമ്പിക്കൈമാൻ, ചതുശ്ശൃംഗമൃഗം.

Six, *a*. ആറായ, ഷഷ്, ഷട്, ഷൾ. *n*. ആറ്, ഷട്കം; ൬, 6, VI. s.-fold ആറിരട്ടി, ആറ് മടങ്ങ്, ഷഡ്ഗുണം. s.-footer ആറടി ഉയരമുള്ളവൻ, നെടിയവൻ, ദീർഘകായൻ. s.-pence (ഇപ്പോൾ) 6 ണ വിലക്കുള്ള ഇംഗ്ലീഷ് വെള്ളിനാണ്യം. s.-penny 6 ണ വിലക്കുള്ള. s.-score 6 കോടി, 120. s.-shooter 6 കുഴൽ കൈത്തോക്ക്. to be at s.s and sevens താറുമാറായിരിക്കുക, കീഴ്മേലായിരിക്കുക, ക്രമക്കേടായിരിക്കുക. -'teen, *a*. പതിനാറായ, ഷോഡശ. *n*. പതിനാറ്, ഷോഡശം, ൧൬, 16, XVI. 16mo (ഒരു പായി കടലാസ്) പതിനാറായി മടക്കിയ പുസ്തകം, ഷോഡശപുസ്തകം. -'tēenth, *a*. പതിനാറാം, പതിനാറാമത്തെ; പതിനാറാ

ലൊന്നായ. *n.* പതിനാറാമത്തേത് ; പതിനാറാലൊന്ന്; $\frac{1}{16}$. **sixth,** *a.* ആറാം, ആറാമത്തെ, ഷഷ്ഠ, ഷഷ്ഠി; ആറാലൊന്നായ. *n.* ആറാമത്തേത് ; ആറാലൊന്ന്, $\frac{1}{6}$. **sixth'ly,** *ad.* ആറാമതായി. **-'ti-eth,** *a.* അറുപതാം, അറുപതാമത്തെ, ഷഷ്ടിതമ; അറുപതാലൊന്നായ. *n.* അറുപതാമത്തേത്, ഷഷ്ടിതമം; അറുപതാലൊന്ന്, $\frac{1}{60}$. **-'ty,** *a.* അറുപതായ, ഷഷ്ടിയായ. *n.* അറുപത്, ഷഷ്ടി, ൬൰, 60, LX, lx.

**Sī'za-ble, Sī'zar** *etc., s.u.* **Size** III.

I. **Sīze,** *n.* ആറ്; 2. (പകിടയിലെ) ആറാം പുള്ളി.

II. **Sīze,** *n.* പശ, 'ശോന്ത്'; 2. പററുന്ന സാധനം; 3. കഞ്ഞി, കാന്തങ്ങ (*w.*). *v. t.* പശതേക്കുക, —പിരട്ടുക; 2. പാവ് നനക്കുക, കഞ്ഞിയിടുക (*w.*). **sī'zi-ness,** *n.* ഒട്ട്, വററ്. **sī'zing,** *n.* പശതേക്കൽ; നേമ്മപ്പശ. **sī'zy,** *a.* പശയായ, ഒട്ടുന്ന, പശയുള്ള.

III. **Sīze,** *n.* പടി, വീതം; 2. (സവ്വകലാശാലയിലെ) അധികഭക്ഷണമാഹരി; 3. വലിപ്പം, വണ്ണം, വിസ്താരം; നീളം, വീതി; 4. തരം, വിധം; 5. നില; 6. മുത്ത് പലക, മൌക്തികമാപകയന്ത്രം. **s.-roll** ഉപരേഖ, ഉപലക്ഷ്യം. **s.-stick** ചെരിപ്പളവ് കോല്. *v. t.* പരിമാണം നിശ്ചയിക്കുക; 2. വണ്ണപ്രകാരം വെക്കുക; 3. ഉയരപ്രകാരം നിൎത്തുക (*mil.*); 4. വലുതാക്കുക, വണ്ണംകൂട്ടുക; 5. അളന്ന് മുറിക്കുക. **to s. up** സ്വഭാവഗുണംമതിക്കുക. *v. i.* വലുതാകുക, വണ്ണംവെക്കുക; 2. അധികഭക്ഷണസാധനംവാങ്ങുക; 3. കടമ്പെടുക. **sī'za-ble,** *a.* വലിയ, വളരെവണ്ണമുള്ള; ഒത്ത—. **sī'zar, sī'zĕr,** *n.* (കലാശാലയിലെ) സഹായശമ്പളവിദ്യാൎത്ഥി. **sī'-zar-ship,** *n.* —വിദ്യാൎത്ഥിത്വം. **sīzed** (sīzd), *a.* വലിപ്പപ്രകാരംവെച്ച; തരംതിരിച്ച; വണ്ണം ഉള്ള, വലിപ്പം—. **sī'zĕr,** *n.* തരംതിരി(ക്കുന്ന)യന്ത്രം. **sī'zing,** *n.* വലിപ്പംനോക്കി തരംതിരിക്കൽ; —മതിക്കൽ; (കലാശാലയിലെ) അധികഭക്ഷണവിഭവം.

**Sī'zel,** *n., s.a.* **Scissel,** *s.u.* **Scissile.**

**Skāin,** *n., s.a.* **Skean.**

I. **Skāte,** *n.* ഹിമപാദുകം, (ഹിമത്തിൽ വഴുതിഓടുവാനുള്ള) ഇരിമ്പ് മെതിയടി. *v. i.* (ഹിമത്തിൽ) വഴുതിയോടുക. **='tĕr,** *n.* —വഴുതിയോടുന്നവൻ, ഹിമഗാമി; എഴുത്തച്ചൻ, മീങ്കുറ (*z.*).

II. **Skāte,** *n.* തിരണ്ടിമത്സ്യം (*z.*). **blue or gray s.** മേത്തിരണ്ടി (*z.*). **smooth s., barndoor s.** കോട്ടിയാടൻ (*z.*).

**Skēan, Skāin, Skēine,** *n.* (സ്കോട്ട്ലാണ്ടിലെ) ആയുധക്കത്തി.

**Ske-dad'dle** (-dad'l), *v. i.* പേടിച്ചോടുക, കമ്പിനീട്ടുക.

**Skēet,** *n.* മരവോട്, മരോട് (*naut.*).

I. **Skein** (skān), **Skāin,** *n.* (നൂൽ) കൈ.

II. **Skein,** *n.* ഇരണ്ടക്കൂട്ടം (*z.*).

**Skel'e-ton** (-'e-tn), **Skel'et,** *n.* അസ്ഥിക്കൂടം, കങ്കാളം (*an.*); 2. മെലിഞ്ഞവൻ, കൊട്ടൻ, എല്ലുംതോലുമായവൻ; 3. ചട്ടം, കൂട്; 4. മുഖ്യഭാഗം, സാരാംശം; പ്രസംഗവിഭാഗം. *a.* അസ്ഥിക്കൂടം ആയ; 2. ആകൃതി—; 3. സാരാംശം—. **s.-bill** പേരും സംഖ്യയും ഒഴിച്ച്‌വിട്ട ഉണ്ടിക (*com.*). **s.-key** പല്ലില്ലാത്താക്കോല്. **s.-leaf** നാരില. **=tal,** *a.* അസ്ഥിക്കൂടസംബന്ധം ആയ. **=tog'e-nŏus,** *a.* —ഭാഗം—. **=tol'o-gy,** *n.* —ശാസ്ത്രം. **-īse, -īze,** *v. t.* അസ്ഥിക്കൂടം ഉണ്ടാക്കുക; നരമ്പിലയാക്കുക.

**Skep, Skip,** *n.* കൊട്ട, കൂട്ട; 2. തേനീച്ചക്കൂട്, തേങ്കൂട്.

**Skep'tic, Scep'tic,** *n.* അജ്ഞാനവാദി, അജ്ഞാനി; 2. സംശയക്കാരൻ, സന്ദേഹവാദി (*met.*); 3. അവിശ്വാസി, നിരീശ്വരൻ (*theo.*). **skep'tic, scep'-tic, skep'ti-cal, scep'ti-cal,** *a.* അജ്ഞാനവാദംസംബന്ധിച്ച; അവിശ്വാസിയായ; സകലവുംസംശയിക്കുന്ന; പവിത്രരേഖകൾവിശ്വസിക്കാത്ത (*theo.*). **=cal-ly,** *ad.* വിശ്വാസംഇല്ലാതെ, സന്ദേഹത്തോടെ. **=cal-ness,** *n.* അജ്ഞാനം; സ

ന്ദേഹം; അവിശ്വാസം. **skep'ti-cism, scep'ti-cism**, *n.* സംശയം, സന്ദേഹം; അജ്ഞാനവാദം, സന്ദേഹ— (*met.*); നിരീശ്വര—, അവിശ്വാസം (*theo.*). **=cise, =cize**, *v.t.* സംശയിക്കുക, സൎവ്വസന്ദേഹം കാട്ടുക.

**Sker'ry**, *n.* പാറത്തുരുത്തി, (കടലിലെ) കടൽക്കൂട്ടം, കല്ക്കെട്ട്.

**Sketch** (skech), *n.* കുറിപ്പ്; സ്വരൂപം; സാധാരണവിവരം; 2. കരട്ചിത്രം; —പടം; 3. ചിത്രാരംഭം, ചിത്രക്കുറിപ്പ്. **s.-book** ചിത്രക്കുറിപ്പ്പുസ്തകം. *v.t.* സാരംകുറിക്കുക; 2. ആകൃതിവരക്കുക; സ്വരൂപംകുറിക്കുക; 3. ചിത്രക്കരട് വരക്കുക. *v.i.* ചിത്രംവരക്കുക. **-'ĕr**, *n.* ചിത്രംവരക്കുന്നവൻ, ചിത്രക്കുറിപ്പ്—. **-'i-ly**, *ad.* കരടായി. **-'i-ness**, *n.* അപൂൎണ്ണത. **-'y**, *a.* കുറിപ്പ്ആയ; കരട്—; അപൂൎണ്ണം—.

**Skew** (skū), **Skūe**, *ad.* വളവായി, വക്രമായി, കോണായി; 2. ഒരു്ഭാഗത്തേക്ക്. *a.* ചാഞ്ഞുയായ, ചരിവായ, വളഞ്ഞ, വളവായ, വക്ര. *v.i.* കോണായിനടക്കുക, അരുകൊള്ളെ—; 2. കതിരപേടിച്ച് അരുകൊള്ളെപോക; 3. കടാക്ഷിക്കുക, ചരിച്ച്നോക്കുക, കോണായി—, കോങ്കണ്ണായി—. *v.t.* വക്രമാക്കുക; 2. ചരിച്ചെറിയുക.

**Skew'ĕr** (skū'-), (ഇറച്ചി കുത്തിപ്പിടിപ്പിക്കുന്ന മരത്തിന്റെ) ആണി, മുള്ള്. *v.t.* മുള്ള് കുത്തിപ്പിടിപ്പിക്കുക.

**Skid, Skēed, Skid'pan**, *n.* ഇരിമ്പ് വട്ടക്ക്; 2. ഊന്ന്; 3. കാലാങ്കി (*N.*). *v.t.* താങ്ങ്കൊട്ടുക്കുക; 2. കാലാങ്കിവെച്ചുരുട്ടുക. 3. വട്ടക്ക്മുറുക്കുക.

**Skiff**, *n.* ചെറുതോണി, പാത്തി. *v.t.* പാത്തിയിൽ കയറിപ്പോക.

**Skill**, *n.* ബുദ്ധി; 2. സാമൎത്ഥ്യം, പ്രാപ്തി, നൈപുണ്യം, വൈദഗ്ദ്ധ്യം, മിടുക്ക്; 3. തഴക്കം, പരിചയം. *v.i.* (*impers.*) കാൎയ്യമായിരിക്കുക. **skilled** (skild), *a.* (in) സാമൎത്ഥ്യംഉള്ള, തഴക്കം—, പരിചയം—. **skil'ful, -'ful**, *a.* (at, in, of) നൈപുണ്യം—, സാമൎത്ഥ്യം—, നല്ലപരിചയം—. **skil'ful-ly, -'ful-ly**, *ad.* സാമൎത്ഥ്യത്തോടെ. **skil'fụl-ness, -'fụl-ness**, *n.* സാമൎത്ഥ്യം, പടുത്വം, മിടുക്ക്. **-'less**, *a.* സാമൎത്ഥ്യമില്ലാത്ത.

**Skil'let**, *n.* (കൈപ്പിടിയുള്ള) ചെമ്പ്ചട്ടി, വെപ്പ്കലം.

**Skim**, *v.t.* പാടനീക്കുക; പത—, നുര കളയുക; 2. പാട എടുക്കുക; മുറിക്കുക; 3. മേല്ഭാഗത്ത്കൂടെപായുക, മുകളിൽമാത്രം തൊടുക; 4. തിരക്കിൽവായ്ക്കുക; സാരംമാത്രംനോക്കുക. *v.i.* വഴുതുക, ഓടിച്ച് പോക; 2. ബദ്ധപ്പാടിൽവായിക്കുക; 3. വെള്ള(കമ്മായം)വെക്കുക. *a.* (*contr. f. of* **skimming** *and* **skimmed**) പാട നീക്കിയ, മുറിച്ച. **s.-coat** വെള്ള(കമ്മായം), കുപ്പാരിക്കൽ. **s.-milk, s.d milk** പാട എടുത്ത പാല്. *n.* ചണ്ടി, ചവറ്, അഴുക്ക്. **-'mĕr**, *n.* പാടനീക്കുന്നവൻ; പാടക്കയ്യില്; മീങ്കൊത്തിപ്പക്ഷി (*z.*). **-'ming**, *n.* പാടനീക്കൽ, മുറിക്കൽ. *pl.* നുര, പാട, പത. **-'ming-ly**, *ad.* മേലെ ഓടിച്ച്കൊണ്ട്.

**Skimp**, *v.t.* നിസ്സാരമാക്കുക; 2. ഈറകാണിക്കുക. *v.i.* ലുബ്ധ്കാട്ടുക. *a.* അല്പം, ഇത്തിരി.

**Skin**, *n.* തോല്, തൊലി (*S.*), ചൎമ്മം, ത്വക്ക് (*an.*); 2. *pl.* മൃഗത്തോല്; 3. തോൽതുരുത്തി; 4. തോട്, തോല് (*b.*); 5. കപ്പലുള്ള (*naut.*). **s.-bound** തോല്മാംസത്തോട്പററിയ. **s.-deep** തോല്പൊട്ടിയ, വാന്ന; അല്പമായ. **s.-flint** കൈമുറുക്കമുള്ളവൻ, ലുബ്ധൻ. **s.-friction, s.-resistance** (കപ്പലിന്നുള്ള) നീൎത്തടസ്ഥം. **s.-wool** ചത്തആട്ടിന്റെരോമം. **s. of the teeth** കേവലം ഇല്ലാത്ത, ഒട്ടം—, ഒന്നം—. **scarf-s.** പുറന്തൊലി, പരിചൎമ്മം, ബാഹ്യ— (*an.*). **true s.** ഉൾത്തൊലി, സ്ഥൂലചൎമ്മം (*an.*). *v.t.* തോല് ഉരിക്കുക, —പൊളിക്കുക, തൊലിക്കുക; 2. തോല്കൊണ്ട്പൊതിയുക, പൊതിയുക; 3. തോല്പിച്ചെടുക്കുക, പററിക്കുക. *v.i.* തോല് വരിക. **-'ful**, *n.* തുരുത്തിനിറയ. **-'less**, *a.* തോലില്ലാത്ത. **skinned** (skind), *a.* തോല്പൊതിഞ്ഞ. **-'nĕr**, *n.*

തോലുരിക്കുന്നവൻ; തോല്ക്കച്ചവടക്കാരൻ. **-'ni-ness**, *n.* വെറും തോലായിരിക്കുന്ന സ്ഥിതി. **-'ny**, *a.* തോലായ, മാംസമില്ലാത്ത.

**Skink, Scink**, *n.* ഒര് വക പല്ലി (*z.*); 2. ഉടുമ്പ് (*z.*).

I. **Skip**, *n.* ഉരുൾക്കൊട്ട.

II. **Skip**, *n.*, *s. a.* **Skep.**

III. **Skip**, *v. i.* തുള്ളുക, തുള്ളിക്കളിക്കുക; 2. (over) കടന്ന് തുള്ളിപ്പോക; നോക്കാതിരിക്കുക, സൂക്ഷിക്കാതിരിക്കുക. *v. t.* കയറ് വീശിത്തുള്ളുക; 2. വിട്ട് കളയുക; 3. തുള്ളിക്കുക. *n.* തുള്ളൽ, ചാട്ടം; കയറ് വീശിത്തുള്ളൽ; 2. കടന്ന് ചാട്ടം; ഒഴിച്ച് വിടൽ, വിട്ട് കളയൽ. **s.-kennel** പരിചാരകൻ, ചെറുക്കൻ (*S.*), ബാല്യക്കാരൻ (*N.*). **s.-jack** പെട്ടന്നുയൎന്ന നീചൻ; കടന്ന് കൂടിയവൻ; ഭൃത്യൻ; ഒര് വക വണ്ട് (*z.*); പലവക മത്സ്യം (*z.*). **-'pĕr**, *n.* തുള്ളുന്നവൻ; നിൎവിചാരി, സൂക്ഷ്മം കെട്ടവൻ; മിട്ടില് (*z.*); ചിത്രശലഭം, പാപ്പാത്തി (*z.*). **-'pinġ**, *a.* തുള്ളുന്ന. **s.g-rope** തുള്ളച്ചരട്, തുള്ളക്കയറ്. **-'inġ-ly**, *ad.* തുള്ളിക്കൊണ്ട്, തുള്ളിച്ചാടി.

I. **Skip'pĕr**, *n.*, *s. u.* **Skip** III.

II. **Skip'pĕr**, *n.* 'തണ്ടേലൻ', 'തണ്ടേൽ', 'സ്രാങ്ക്'; 2. മാലുമി, (കച്ചവട) കപ്പത്തലവൻ, 'കപ്പിത്താൻ'.

**Skĭr'mish**, *n.* ചെറുപട, ഇടപ്പോര്, ചില്ലറയുദ്ധം. *v. i.* ചെറുപടകൂടുക, ചില്ലറയുദ്ധംചെയ്യുക. **-ĕr**, *n.* ചില്ലറയുദ്ധം ചെയ്യുന്നവൻ; *pl.* മുൻപടസേന (*mil.*).

**Skĭrt**, *n.* (കുപ്പായത്തിൻെറ) കീഴ്ഭാഗം; 2. വക്ക്, വിളമ്പ്, അരു; പ്രാന്ത്യം; കര; 3. (സ്ത്രീകളുടെ) 'പാവാട'; 4. (മൃഗങ്ങളുടെ) വിഭാജകചൎമ്മം. *v. t.* പൊതിയുക, ചുററുക; 2. അരുവെക്കുക, കര—, 3. അരുവായിരിക്കുക, അരുവിൽ ഉണ്ടാക. *v. i.* അതിരിൽആയിരിക്കുക, വക്കത്ത്—; 2. പ്രാന്ത്യത്തിൽപാൎക്കുക. **-'inġ**, *n.* (മുറിയുടെ) അരുപ്പലക (*arch.*); 'പാവാട'; 'പാവാട'ത്തുണി. **s.g-board** അരുപ്പലക (*arch.*).

**Skit**, *n.* ആക്ഷേപം; 2. പരിഹാസം; 3. തെറി. *v. t.* കത്തിപ്പറയുക, അധിക്ഷേപിക്കുക.

**Skit'tish**, *a.* ഭീരുത്വമുള്ള, പേടിക്കുടലനായ; 2. ശങ്ക ഉള്ള, നാണം—; 3. വിശ്വാസത്തിന്ന് പോരാത്ത, നമ്പുവാൻ കൊള്ളരുതാത്ത; 4. അസ്ഥിരമായ, ചഞ്ചലം ഉള്ള; 5. മോട്ട്—. **-ly**, *ad.* പേടിയോടെ. **-ness**, *n.* ഭീരുത്വം, പേടി.

**Skit'tles** (skit'tlz), *n. pl.* (നാട്ടക്ക് കൊള്ളിപ്പാനുള്ള) പന്തെറുകളി, ഉണ്ടയേറു—. **skit'tle**, *a.* —കളിക്കുള്ള. **s.e-alley** പന്തേറുകളം. **s.e-ball** മരയുണ്ട, മരപ്പന്ത്.

I. **Skīve**, *v. t.* തോല് (ചെത്തി) നേൎമ്മയാക്കുക. **skī'vĕr**, *n.* തോൽചീള്; പുസ്തക(ത്തിന്നിടുന്ന)ത്തോല്; തോല് (ചെത്തുന്ന) കത്തി; തോൽ (ചെത്തി) യന്ത്രം. **skī'vinġ**, *n.* തോല് ചെത്തൽ; തോല്പൊളി.

II. **Skīve**, *n.* വൈര(ം മിനുക്കുന്ന) ഓപ്പക്കോല്, വജ്രമിനുക്കി.

**Skonce**, *n.*, *s. a.* **Sconce.**

**Skor'ō-dīte**, *n.*, *s. a.* **Scorodite.**

**Skrēen**, *n.*, *s. a.* **Screen.**

**Skrim'māġe**, *n.*, *s. a.* **Scrimmage.**

**Skrimp**, *v. t.*, *s. a.* **Scrimp.**

**Skrinġe**, *v. i.*, *s. a.* **Scringe.**

**Skūe**, *ad.*, *s. a.* **Skew.**

I. **Skulk**, *v. i.* ഒളിക്കുക; പാളുക, പതുങ്ങുക; 2. ഒളിച്ച് പോയ്ക്കളയുക, തെററിക്കളയുക. **skulk, -'ĕr**, *n.* പതുങ്ങുന്നവൻ; തെററിക്കളയുന്നവൻ. **-'inġ-ly**, *ad.* ഒളിച്ച്, പതുങ്ങിക്കൊണ്ട്.

II. **Skulk**, *n.* കുറുനരിക്കൂട്ടം, ഒര് കൂട്ടം കുറുക്കന്മാര്.

**Skull**, *n.* തലയോട്, —മണ്ട, മൊട്ട, മണ്ട, കപാലം (*an.*); 2. തല; 3. തലച്ചോറ്; ബുദ്ധി; 4. മനസ്സ്; 5. മൊട്ടത്തൊപ്പി; 6. (*also* scull) ഒര് വക തണ്ട്, തുഴ. **s.-cap**, മൊട്ടത്തൊപ്പി. **s.-fish** തിമിംഗലം. **s. and cross bones** മൃത്യുചിഹ്നം.

**Skum**, *n.*, *s. a.* **Scum.**

**Skunk**, *n.* ഒരു ദുൎഗ്ഗന്ധമൃഗം, കല്ലുണ്ണി (z.). *v. t.* (കളിയിൽ) ജയിക്കുക. **-'ish**, *a.* ദുൎഗ്ഗന്ധമുള്ള.

**Skur'ry**, *n.* (*s. a.* **Scurry**) ബദ്ധപ്പാട്, തിരക്ക്. **hurry-s.** മുരംതിരക്ക്, തിരക്കിന്മേൽതിരക്ക്.

**Skȳ**, *n.* (*pl.*) ആകാശം, ആകാശത്തട്ട്, വാനം, വ്യോമം, ഗഗനം, ദ്യോ; 2. അന്തരീക്ഷം, അംബരം; 3. കാലഭേദം, ഋതുവിശേഷം; 4. ദിഗ്വിശേഷം. **s.-blue** നീലനിറം. **s.-colour** ഇന്ദ്രനീലം, ഇളനീലവൎണ്ണം. **s.-high** ഏററവും ഉയരമുള്ള, അത്യുന്നതമായ. **s.-lark, s.-laverock** വാനംപാടിപക്ഷി (z.). **s.-larking** കപ്പല്ക്കൊമ്പിൽ കയറിക്കളിക്കുക; കളിക്കുക, ഓടിച്ചാടിനടക്കുക; പാളിപ്പതുങ്ങിനടക്കുക, പതുങ്ങിയിരിക്കുക. **s.-light** വെളിജാലകം, മേല്പുര—. **s.-rocket** വാണം. **s.-sail** ഒരു കപ്പല്പ്പായ്. **s.-scraper** മുക്കോൺപായ്, ശീവ് (*naut.*). **open s.** തെളിഞ്ഞ ആകാശം; വെളിപ്രദേശത്ത്, മറവില്ലാതെ. **under open s.** വെളിയെ, വെളിയിൽ. *v. t.* (ചിത്രം) വളരെ ഉയരത്തിൽ തൂക്കുക; 2. മേല്പട്ട് എറിയുക. **skȳed** (skīd), *a.* ചുററും ആകാശമുള്ള. **-'ey, -'ish**, *a.* ആകാശതുല്യമായ; ആകാശത്തിലുള്ള, വാന; ആകാശമയമായ. **-'ward**, *a.* ആകാശത്തിലേക്കുള്ള. *ad.* മേല്പട്ട്, ആകാശത്തിലേക്ക്.

I. **Slab**, *n.* പലക, കല്പലക, പടവുകല്ല്, പാവ്—; 2. തകിട്; 3. പുറവട്ട്, പുറോട്ട്; 4. അഴഞ്ഞുനില്ക്കുന്ന പായി (*naut.*). **s.-line** മറുക്ക് (*naut.*). **s.-sided** പരന്ന; നീണ്ടുമെല്ലിച്ച, നീളംകോലിയായ. **-'bĕr**, *n.* ഒരു വക ഈച്ചവാള്, അറപ്പ്—. **-'bing**, *a.* പലകയാക്കാകുന്ന; പാവിന്നു പററിയ, പടവിന്ന്—.

II. **Slab**, *a.* കുഴമ്പ് ആയ, ഏതാനും കട്ടി—; നോള—. **-'bĕr, slav'ĕr, slob'-bĕr**, *v. i.* തുപ്പല് ഒലിക്കുക, കേല—, —ഒഴുകുക, ഈത്താവീഴുക (*S.*). *v. t.* തുപ്പലൊലിപ്പിക്കുക; കേലയൊഴുക്കുക; 2. വെള്ളംതെറുപ്പിക്കുക, —മറിക്കുക; 3. എച്ചിലാക്കുക; 4. ചിന്തുക, വിതറുക. *n.* തുപ്പല്; ഉമിനീര്, കേല, നോള, ഈത്താ (*S.*). **-'bĕr-ĕr**, *n.* കേലയൊലിപ്പിക്കുന്നവൻ; പൊട്ടൻ; ഭ്രാന്തൻ. **-'bĕr-y**, *a.* തുപ്പലൊഴുകുന്ന; നോളയായ; വഴുക്കലുള്ള, വഴുതുന്ന. **-'bi-ness**, *n.* വഴുവഴുപ്പ്. **-'by**, *a.* കുഴമ്പ് ആയ; നോള—, വഴുവഴുപ്പുള്ള.

I. **Slack**, *n.* കല്ക്കരിനുറുക്ക്, കല്ക്കരിപ്പൊടി, പൊടിക്കരി.

II. **Slack**, *n.* താഴ്വര, കൊല്ലി.

III. **Slack**, *a.* അഴ(യ)ഞ്ഞ, അഴ(യ)വുള്ള, മുറുകാത്ത; 2. ഊക്ക് ഇല്ലാത്ത, മുറുക്കം—; 3. ജാഗ്രത—, ഉപേക്ഷ ഉള്ള, അലസഭാവം—; ഉദാസീനംആയ; 4. സാവധാനം—, കറവ്—, മന്ദം—. തിരക്ക് കുറഞ്ഞ. **s. in stays** (കപ്പല്)ഓട്ടം കുറഞ്ഞ. **s.-water** ഏററംതുടങ്ങിയ; വല്ലുഇല്ലാത്ത, ഒലിപ്പ്—; വേലിക്കും ഇറക്കത്തിന്നും മദ്ധ്യേയുള്ള സമയം, ഏററവും ഇറക്കവും ഇല്ലാത്ത—, ഏററം നിലച്ച—, ഇറക്കം—. *n.* അഴ(യ)വ്; 2. അഴ(യ)ഞ്ഞു കിടക്കുന്ന ഭാഗം, തുങ്ങിക്കിടക്കുന്നത്. **slack, -'ly**, *ad.* സാവധാനത്തിൽ, മന്ദമായി; 2. അഴ(യ)വായി. **slack, -'en**, *v. i.* അഴ(യ)യുക; 2. ഉപേക്ഷകാട്ടുക, അജാഗ്രത—; 3. നീറുക, അലിയുക, ഉതിരുക; 4. ശമിക്കുക, സാവധാനംആകുക, ശാന്തം—; 5. മന്ദം—; വേഗതകുറയുക; 6. ക്ഷീണിക്കുക, തളരുക. *v. t.* അഴ(യ)ച്ചുവിടുക, വിട്ടുകൊടുക്കുക, അഴ(യ)ക്കുക; 2. നീററുക, പൊടിക്കുക; 3. തളൎത്തിയിടുക, മന്ദം ആക്കുക, സാവധാനം—, വേഗതകുറക്കുക; 4. ശമിപ്പിക്കുക, കുറക്കുക. **air-slacked lime** കമ്മായം. **-'ness**, *n.* അഴ(യ)വ്; സാവധാനം, ആലസ്യം, മന്ദത; കുറവ്.

**Slag**, *n.* (ലോഹ)കിട്ടം, കറ; കഴിപ്പ് (*S.*); 2. അഗ്നിപൎവ്വതച്ചാമ്പല്. **s.-furnace, s.-hearth** ഈയത്തുല. **-'gy**, *a.* കിട്ടം ആയ; —പോലെയുള്ള.

**Slāie** (slā), *n.*, *s. a.* **Sley.**

**Slāin**, *p. p. of* **Slay.**

**Slāke**, *v. t.* തണുപ്പിക്കുക, ശമിപ്പിക്കുക, ആററുക, പോക്കുക, (ദാഹം)തീൎക്കുക; 2. (തീ) കെടുത്തുക; 3. നീററുക. **s.ed**

lime നൂറ്, ചുണ്ണാമ്പ്, കമ്മായം. *v. i.* കെട്ട്പോക, കെടുക; 2. തണുക്കുക; 3. തളരുക; 4. നീറുക. **s.-trough** കൊല്ലൻെറ നീരൊത്താട്ടി. **-'less,** *a.* കെടുത്തുവാൻ കഴിയാത്ത; ശമിക്കാത്ത.

**Slam,** *v. t.* (വാതില്) ഉറക്കെ അടക്കുക, തച്ചടക്കുക; 2. (down) ഇട്ട്വിടുക, ഇട്ടുടുക; 3. ഇടിക്കുക, അടിക്കുക; 4. വെട്ടിക്കൊല്ലുക; 5. (കളിയിൽ) ജയിക്കുക. **to s. to** ഉറക്കെ അടക്കുക. *v. i.* —അടയുക. *n.* —അടക്കൽ; 2. (വാതില് തച്ചടക്കുമ്പോൾഉള്ള) ഒച്ച; 3. (കളിയിൽ)ജയം; 4. പടിക്കക്കാരക്കിട്ടം. **s.-bang or slap-bang** ഊക്കോടെ, ഉച്ചത്തിൽ, ഉറക്കെ.

**Slan'dĕr,** *n.* ദൂഷണം, ദൂഷ്യം, നുണ, കരള, ദൂറ്, പൈശൂന്യം; 2. അപവാദം, അപ(വ)മാനം, നിന്ദ; 3. (വാക്കാലുള്ള) അപകീൎത്തി (*l.*). *v. t.* ദൂഷിക്കുക, ദൂഷണം പറയുക, ദൂറ്—; 2. അപവാദം—, മാനക്കേട് വരുത്തുക; 3. (വാക്കാൽ) അപകീൎത്തിപ്പെടുത്തുക. **-ĕr,** *n.* ദൂഷകൻ, ദൂറുകാരൻ, പൈശൂന്യശാലി. **-ŏus,** *a.* ദൂഷിക്കുന്ന; ദൂഷണം ആയ. **-ŏus-ly,** *ad.* —ആയി. **-ŏus-ness,** *n.* ദൂഷ്യം, അവദൂറ്.

I. **Slang,** *p. t. of* **Sling.**

II. **Slang,** *n.* മുനമ്പ്, കോടി.

III. **Slang,** *n.* വിലങ്ങ്, ചങ്ങല.

IV. **Slang,** *n.* താണവാക്ക്, പട്ട—, ദുൎഭാഷ; കൊച്ച്വാക്ക്. **s.-whanger** ദുഷിവാക്കുകാരൻ. *v. t.* ദുഷിവാക്ക്പറയുക; 2. പട്ടവാക്കുപയോഗിക്കുക. **-'i-ness,** *n.* പട്ടത്തരം, ഗ്രാമ്യത, ഹീനത. **slan'-gŏus, slang'y, slang'ey,** *a.* ഗ്രാമ്യം ആയ; പട്ടവാക്ക്—, —പറയുന്ന.

**Slank,** *p. t. of* **Slink.**

**Slant,** *v. i.* ചരിയുക, ചായുക, വളയുക; ചാമ്പ്രയായിരിക്കുക. *v. t.* ചരിക്കുക, വളക്കുക; ചാമ്പ്രയാക്കുക. *n.* ചരിവ്, വളവ്; ചാച്ചല്, ചരിച്ചല്, ചാമ്പ്ര; 2. കുത്തുവാക്ക്, കൊള്ളി—. **s. of wind** കാററിൻെറ ഗതിഭേദം. *a.* ചരിഞ്ഞ, ചാമ്പ്ര ആയ. **-'ing,** *a.* ചരിവ്—, ചാമ്പ്ര—. **-'ing-ly, -'wīse, -'ly,** *ad.* ചാമ്പ്രയായി, ചരിവായി.

**Slap,** *n.* അടി, അറച്ചല് (*S.*). *v. t.* അടിക്കുക, അറയുക. **s.-dash** വന്നപാട്, നോക്കാതെ; പെട്ടന്ന്; വന്നപാട് ചെയ്യുക, ബദ്ധപ്പാടോടെ—. **s.-jack** ഒരുവക പാളയട. *ad.* പെട്ടന്നുള്ള അടിയോടെ; 2. ഝടിതിയിൽ, പെട്ടന്ന്; 3. ഉടനെ. **-'pĕr,** *n.* അടിക്കുന്നവൻ; ബീഭത്സം, ഭയങ്കരം, വളരെ വലിയത്. **-'pĕr, -'ping,** *a.* വലിയ, ഊക്കനായ, പെരും.

**Slāpe,** *a.* വഴവഴപ്പ് ഉള്ള; മിനുസം—; 2. ഉപായം—, കൌശലം—; 3. കപടഭാവം—. **s.-ale** ശുദ്ധമദ്യം. **s.-face** വേഷധാരി, ഉപായി.

**Slash,** *v. t.* വെട്ടിമുറിക്കുക, വെട്ടിക്കീറുക; 2. ചമ്മട്ടികൊണ്ടടിക്കുക, 'ചബുക്ക്' കൊണ്ടടിക്കുക; 3. 'ചബുക്ക്' പൊട്ടിക്കുക. *v. i.* വെട്ടുക; 2. അടിക്കുക; 3. കൊത്തിമുറിക്കുക. *n.* ചീന്ത്, മുറി, പരുക്ക്; 2. (ഉടുപ്പിൻെറ) കീറല്, വിള്ളല്; 3. *pl.* ചതുപ്പ്നിലം, നീരൊപ്പൊററ (*U. S.*). **slashed** (slasht), *a.* വെട്ടിമുറിച്ച, മുറിപ്പതിക്ക്ഉള്ള; വിള്ളല്—, കീറല്—; ചീന്ത്ചീന്തായ (*b.*). **-'ĕr,** *n.* നെരപ്പൻ (*w.*). **-'y,** *a.* ചതുപ്പുള്ള, നനഞ്ഞ.

I. **Slat,** *n.* ചട്ടം; 2. അഴി. **-'ting,** *n.* ചട്ടക്കൂട്ടം.

II. **Slat,** *v. t.* അടിക്കുക, പ്രഹരിക്കുക; 2. പിടിച്ച്മറിച്ചിടുക; 3. കീറുക, ചീന്തുക; 4. പിടിക്കൂട്ടുക, ഉത്സാഹിപ്പിക്കുക. **-'ting,** *n.* (കാററത്ത്) പാറൽ.

**Slatch** (slach), *n.* ചെറുകാററുത്ത് (*naut.*); 2. (കോളുകൾക്കിടയിലുള്ള) ശാന്തത (*naut.*); 3. കയററിൻെറ അഴ(യ)ഞ്ഞ ഭാഗം.

I. **Slāte,** *n.* അടപ്പാറ, അടക്കല്ല്; 2. മാക്കല്ല്, വെണ്ണക്കല്ല്; 3. കല്പലക, 'സ്ലേററ്'; 4. ഒരുവക ഓട്, കല്ലോട്; 5. ഉദ്യോഗാൎത്ഥിപ്പട്ടിക (*U. S.*). **s.-ax, s.-axe** ഒരുവക മഴു. **s.-clay** —കളിമണ്ണ്. **s.-colour, s.-gray** ചാമ്പൽവൎണ്ണം. **s.-pencil** 'സ്ലേററ് പെൻസില്', കല്ലോല്.

**s.-rocks** വെണ്ണപ്പാറ. *v. t.* കല്ലോട് മേയുക, —ഇടുക; 2. ഉദ്യോഗാൎത്ഥിപ്പട്ടികയിൽ ചെടുത്തുക. **slā'tĕr,** *n.* ഓട് ഇടുന്നവൻ, —മേയുന്നവൻ. **slā'tiṅg,** *n.* —മേയൽ, —മേച്ചൽ; —മേച്ചൽപണി; ഓട്. **slā'ty,** *a.* വെണ്ണക്കല്ല് പോലെയുള്ള, അടരുന്ന.

II. **Slāte, Slēte,** *v. t.* (നായെ) പിടികൂട്ടുക.

**Slatt,** *n.* മേല്ക്കല്ല്, തൊപ്പിക്കല്ല്.

**Slat'tĕr,** *v. i.* വൃത്തിയില്ലാതിരിക്കുക; വൃത്തികേടായിഉടുക്കുക; പപ്രച്ഛനായിരിക്കുക; 2. ദുൎവ്വ്യയംചെയ്യുക, നശിപ്പിക്കുക. **slat'tĕrn,** *n.* വൃത്തികെട്ടസ്ത്രീ, പപ്രച്ഛ. *a.* വൃത്തികേടായ. *v. t.* (away) ദുൎവ്വ്യയം ചെയ്യുക, തിന്ന് മുടിക്കുക, നശിപ്പിക്കുക. **=tĕrn-li-ness,** *n.* വൃത്തികേട്, പപ്രച്ഛം. **=tĕrn-ly,** *a.* വൃത്തികേടായ, വെടിപ്പില്ലാത്ത. *ad.* വെടിപ്പില്ലാതെ, വൃത്തികേടായി.

**Slat'tiṅg,** *s. u.* **Slat** I. & II.

**Slā'ty,** *a., s. u.* **Slate** I.

**Slaugh'tĕr** (slą'tĕr), *n.* ക(കൊ)ല, ക(കൊ)ലപാതകം, അറുക(കൊ)ല, സംഹാരം; നിഗ്രഹം, വധം; 2. മൃഗങ്ങളെ അറുക്കൽ. **s.-house** അറപ്പ്കട, (മൃഗങ്ങളെ) അറക്കുന്നസ്ഥലം. **s.-man** —അറക്കുന്നവൻ, 'കസായി'. *v. t.* കൊല്ലുക, വധിക്കുക, നിഗ്രഹിക്കുക, സംഹരിക്കുക, വെട്ടിക്കൊല്ലുക; 2. മൃഗങ്ങളെ അറുക്കുക. **-ĕr,** *n.* ക(കൊ)ലപാതകൻ, ഘാതകൻ; മൃഗങ്ങളെ അറുക്കുന്നവൻ, 'കസായി', 'കസാപ്പുകാരൻ'. **-ŏus,** *a.* നാശകരം ആയ, അറുകല—, പാതകം—. **-ŏus-ly,** *ad.* അറുകലയായി.

**Släv, Släve, Seläv,** *n.* (റഷ്യക്കാര് ഉൾപ്പെട്ടുള്ള) 'സ്ലാവ്' വംശം. **slav'ic, =vō'ni-an, =von'ic,** *a.* 'സ്ലാവ്യ'.

**Slāve,** *n.* അടിമ, അടിയാൻ, ദാസൻ; വട്ടവൻ (*M.*); അടിയാത്തി, ദാസി, അടിമസ്ത്രീ, വട്ടവത്തി (*M.*); 2. അധീനൻ, വശൻ, ജിതൻ; 3. കണ്ഠപ്പണിയെടുക്കുന്നവൻ; 4. നീചൻ, ഹീനൻ. **s.-born** അടിമയായിപിറന്ന. **s.-catcher** അടിമകളെപിടിക്കുന്നവൻ. **s.-coffle** വില്പാൻ നിൎത്തിയ അടിമക്കൂട്ടം. **s.-driver** അടിമമൂപ്പൻ; ക്രൂരനായമേലധികാരി. **s.-holder, s.-owner** അടിമയുടമ(സ്ഥൻ). **s.-holding** അടിമകളുള്ള. **s.-hunt** അടിമവേട്ട, അടിമപ്പിടിത്തം. **s.-ship** അടിമ(കളെകയററിയ)കപ്പല്. **s.-trade** അടിമക്കച്ചവടം, അടിമവ്യാപാരം. **s.-trader** —വ്യാപാരി. *v. i.* കണ്ഠപ്പണി എടുക്കുക, ദാസ്യംചെയ്യുക, പാട് പെട്ട്നയിക്കുക. *v. t.* (*see* **Enslave**) അടിമയാക്കുക. **slā'vĕr** *n.* അടിമക്കപ്പല്; അടിമവ്യാപാരി. **slā'vĕr-y,** *n.* ദാസ്യം, അടിമത്തനം, അടിമ, അടിയായ്മ; അധീനത, വശത; അടിമയുടമസ്ഥത, അടിമകളുള്ളസ്ഥിതി. **slā'vey,** *n.* ദാസി, പണിക്കാരത്തി, വേലക്കാരത്തി, ഇരിക്കുന്നവള് (*N.*). **slā'vish,** *a.* അടിമത്തനം ആയ, ദാസ്യം ആയ; നീചം—; പാട്ടപെടുന്ന. **slā'vish-ly,** *ad.* ദാസ്യമായി. **slā'-vish-ness,** *n.* ദാസ്യം, അടിമത്തനം. **slā-voc'ra-cy,** *n.* അടിമവ്യാപാരാനുകൂല പരിഷ; —കോയ്മ.

I. **Slā'vĕr,** *n., s. u.* **Slave.**

II. **Slav'ĕr,** *v. i.* ഉപ്പലൊലിക്കുക; കേലഒഴുകുക. *v. t.* ഉപ്പലൊലിപ്പിക്കുക. *n.* ഉപ്പല്, കേല, നോള. **-ĕr,** *n.* ഉപ്പലൊലിപ്പിക്കുന്നവൻ; ഭ്രാന്തൻ; പൊട്ടൻ. **-iṅg,** *a.* കേലഒഴുകുന്ന. **-iṅg-ly,** *ad.* ഉപ്പലൊലിപ്പിച്ച് കൊണ്ട്.

**Slā'vĕr-y, Slā'vey, Slā'vish** *etc.* *s. u.* **Slave.**

**Slav'ic, Sla-von'ic, Sla-vō'ni-an,** *s. u.* **Slav.**

**Slāy,** *v. t. ir.* (**Slew** *pr.* slų, **Slāin**) കൊല്ലുക, ക(കൊ)ലപ്പെടുത്തുക; 2. നിഗ്രഹിക്കുക, നശിപ്പിക്കുക. **-'ĕr,** *n.* കൊല്ലുന്നവൻ, ക(കൊ)ലപാതകൻ, ഘാതകൻ. **slāin,** *p. a.* കൊല്ലപ്പെട്ട.

**Slā'zy,** *a., s. a.* **Sleazy.**

**Slēave** (slēv), **s.-silk,** *n.* കഴഞ്ഞിയ പട്ട് നൂല്; 2. പിരിക്കാത്ത—. *v. t.* ക

ട്ടക്ക് തീക്കുക, കഴക്ക്—; 2. നൂല് ച്ചുററുക (*w.*). **slēaved** (slēvd), *a.* ച്ചുററാത്ത, നൂല്ക്കാത്ത.

**Slēa'zy, Slā'zy,** *a.* നേരിയ, നേർമ്മ, കട്ടിയില്ലാത്ത.

**Sled,** *n.* ഹിമവണ്ടി, —ശകടം. *v. t.* —വണ്ടിയിൽ കയററിക്കൊണ്ട് പോക. **-'ding,** *n.* —പോകൽ; (ഹിമത്തിൻെറ) ഉറപ്പ്.

I. **Sledge** (slej), *n.* ഹിമവണ്ടി, —വാഹനം, —ശകടം; 2. ഒര് വക ചീട്ട് കളി. *v. t.* ഹിമശകടസവാരിചെയ്യുക.

II. **Sledge** (slej), **s.-ham'mĕr,** *n.* വൻ ച്ചുററിക, മുട്ടി, കൂടം.

**Slēek,** *a.* മിനുക്കം ഉള്ള, മിനുസം—, മെഴുപ്പ്—; 2. ഒഴുക്കം—, കർക്കശമല്ലാത്ത. *ad.* എളുപ്പത്തിൽ, ലളിതമായി. *n.* മിനുസംവരുത്തുന്നസാധനം; 2. 'വാണ്ണീഷ്'. *v. t.* മിനുസമാക്കുക, മിനുക്കുക; 2. മയം വരുത്തുക. **-'it,** *a.* മുഖസ്തുതിയായ; വഞ്ചനയുള്ള. **-'ly,** *ad.* മിനുസമായി. **-'ness,** *n.* മിനുക്കം, മെഴുപ്പ്. **-'y,** *a.* മിനുന്ന; കപടമുള്ള, ഉപായമായ.

**Slēep,** *v. i. ir.* (slept, slept) ഉറങ്ങുക, നിദ്രകൊള്ളുക; തുയില്—, കിടക്കുക, ശയിക്കുക; 2. ശ്രദ്ധയില്ലാതിരിക്കുക, ഓക്കാതിരിക്കുക; 3. മരിച്ച് കിടക്കുക; ശവക്കുഴിയിൽ—; 4. മൌനം ആയിരിക്കുക, ശാന്തം—; 5. നിഷ്ഫലകം—; വെറുതെയിരിക്കുക. *v.t.* ഉറക്കംവരിക; 2. കിടപ്പാൻ കൊട്ടുക്കുക; 3. രാപാർപ്പിക്കുക. **to s. away** ഉറങ്ങിക്കഴിക്കുക. **to s. off** ഉറക്കത്താൽ തീരുക. **s. at-noon** ഒര് പൂച്ചെടി (*b.*). *n.* ഉറക്കം, നിദ്ര, തുയില്; സ്വപ്നം, സുഷ്പ്തി, സുഷുപ്തി; 2. മയക്കം. **s.-charged** ഉറക്കംതൂക്കു(ങ്ങു)ന്ന, നിദ്രാമയക്കമുള്ള. **s.-waker** പരതന്ത്രസുഷുപ്തൻ. **s.-waking** —സുഷുപ്തി. **s.-walker** നിദ്രാചരൻ, സ്വപ്നചാരി. **s.-walking** നിദ്രാഭ്രമണം, —ചരണം, സ്വപ്നനിദ്ര. **s. of plants** വൃക്ഷനിദ്ര (*b.*). **deep s., heavy s.** ഗാഢനിദ്ര, സുഷുപ്തി, നല്ല ഉറക്കം. **-'ĕr,** *n.* ഉറങ്ങുന്നവൻ, ഉറക്കക്കാരൻ, നിദ്രാണൻ; മടിയൻ, 'സോമാരി'. **-'ful,** *a.* ഉറക്കംവന്ന, നിദ്രാമയക്കമുള്ള. **-'ful-ness,** *n.* ഉറക്കം, മയക്കം. **-'i-ly,** *ad.* ഉറക്കത്തിൽ, മയക്കത്തോടെ. **-'i-ness,** *n.* ഉറക്കം, നിദ്രാമയക്കം; തുയില്. **-'ing,** *a.* ഉറങ്ങുന്ന; ഉറക്കത്തിന്നായുള്ള. **s.g-car** (തീവണ്ടിയിലെ) ശയനശകടം, ഉറക്ക് വണ്ടി. **s.g-draught** ഉറക്ക(ത്തിന്നുള്ള)മരുന്ന് (*med.*). **s.g partner** പണം മുടക്കുകമാത്രം ചെയ്യുന്ന കൂറുകാരൻ, പണക്കൂറുകാരൻ (*com.*). **s.g table** അരിപ്പത്തട്ട് (*ming.*). *n.* ഉറങ്ങൽ; ഉറക്കം. **-'ish,** *a.* ഉറക്ക് വന്ന, നിദ്രാമയക്കം ഉള്ള, മയക്കം—. **-'less,** *a.* ഉറക്ക് ഇല്ലാത്ത, —വരാത്ത, ഉന്നിദ്രമായ; സ്വസ്ഥതയില്ലാത്ത, സദാ ഇളകിക്കൊണ്ടിരിക്കുന്ന. **-'less-ly,** *ad.* ഉറക്കമില്ലാതെ, ഉറങ്ങാതെ. **-'less-ness,** *n.* ഉറക്കമില്ലായ്മ, ഉന്നിദ്രത്വം. **-'y,** *a.* ഉറക്കം ഉള്ള, —തൂ(ക്കു)ങ്ങുന്ന, മയക്കമുള്ള; ഉറക്കം വരുത്തുന്ന, ഉറക്കത്തിന്നുള്ള; ചുണകെട്ട, മന്ദമായ; ചൈതന്യം ഇല്ലാത്ത, ജാഗ്രത—. **s.y duck** ഒര് വക ഇരണ്ട (*z.*). **s.y head** ഉറക്കംതൂങ്ങുന്നവൻ; ഒര് വക ഇരണ്ട (*z.*).

I. **Slēep'ĕr,** *n., s. u.* **Sleep.**

II. **Slēep'ĕr,** *n.* (തീവണ്ടി)പാതപ്പാവ് (മരം), 'സ്ലീപ്പർ'; 2. (മച്ചിൻെറ) തുലാം (*U. S.*); 3. ഉത്തരം (*arch.*).

**Slēet,** *n.* ആലിപ്പഴം, ആലങ്കട്ട, ഹിമകം. *v. i.* ആലിപ്പഴം വീഴുക, —പെയ്യുക. **-'i-ness,** *n.* ഹിമകഗുണം. **-'y,** *a.* ആലിപ്പഴം സംബന്ധിച്ച; —വീഴുന്ന.

I. **Slēeve,** *n., s. a.* **Sleave.**

II. **Slēeve,** *n.* (കുപ്പായ)കൈ; 2. ആണിത്തോട്. **s.-button, s.-links** കൈക്കുടുക്ക്. **s.-fish** കൂന്തല് (*z.*). **to laugh in the s.** കാണാതെ ചിരിക്കുക, ഉള്ള് കൊണ്ട്—. **to pin on the s. of** സ്വാധീനപ്പെടുത്തുക. **to hang on the s. of** ആശ്രയിക്കുക, ആശ്രിതനായിരിക്കുക. *v.t.* (കുപ്പായത്തിന്ന്)കൈവെക്കുക, —പിടിപ്പിക്കുക. **slēeved** (slēvd), *a.* കൈ ഉള്ള; —വെച്ച. **-'less,** *a.* കൈഇല്ലാത്ത, —വെക്കാത്ത.

**Sleid** (slād), *v. t.*, *s. u.* **Sley.**

**Sleigh** (slā), *n.* ഹിമശകടം, —വാഹനം, —വണ്ടി. **s.-bell** —ശകടമണി, ചെറു—. **-'ing**, *n.* ഹിമവണ്ടിസവാരി, കട്ടിയായ ഹിമം.

**Sleight** (slīt), *n.* കൌശലം, ഉപായം, സൂത്രം, വിദ്യ, തന്ത്രം; 2. സാമൎത്ഥ്യം, മിടുക്ക്. **s. of hand** കയ്യടക്കം, ചെപ്പിടിവിദ്യ, കണ്കെട്ട്—, ഇന്ദ്രജാലം.

**Slen'dĕr**, *a.* നേരിയ, നേൎമ്മയായ; 2. മെലിഞ്ഞ, ശോഷിച്ച; 3. ബലംകുറഞ്ഞ, ഉറപ്പില്ലാത്ത; 4. അല്പംആയ, ശിഥിലം—; കുറച്ച്, ലേശം; 5. പോരാത്ത, തികയാത്ത, എത്താത്ത; 6. എളിയ, സാധ്യമട്ടില്ലുള്ള, താണ; 7. സംകോചമായ(*gr.*). **-ly**, *ad.* നേൎമ്മയായി; അല്പമായി; കുറേശ്ശ. **-ness**, *n.* മെലിച്ചല്; നേൎമ്മ; ചുരുക്കം, ദാരിദ്ര്യം; ദുൎഭിക്ഷം; ഇല്ലായ്മ.

**Sle-pez'** (-pets'), *n.* (കണ്ണില്ലാത്ത) ഒരുവക അകിഴെലി, കണ്ണില്ലാത്തുരപ്പൻ (*z.*).

**Slept**, *p. t. of* **Sleep.**

**Sleuth** (sluth), *n.* ചൂര്, വാട; വാടപിടിത്തം. **s.-hound, slouth-hound, sluth-hound** വാടപിടിക്കുന്ന നായി, നായാട്ട്നായി.

I. **Slew**, *p. t. of* **Slay.**

II. **Slew, Slewed**, *s. u.* **Slue.**

**Sley, Slāie** (slā), *n.* അച്ച്, മുളപ്പൊളി (*w.*). **sley, sleid** (slā, slād), *v. t.* നെരടിക്കൂട്ടുക, അച്ചിലിടുക, അച്ചിലാക്കുക (*w.*).

**Slīce**, *n.* പൊളുക്ക, പൊളി; കഷണം, ഖണ്ഡം, തുണ്ടം; 2. അലകകലമുള്ള കത്തി; 3. തീ(ഇരിമ്പ്)ചട്ടുകം; 4. (*pl.*) മരപ്പൂള് (*naut.*). *v. t.* പൊളിപൊളിയായിമുറിക്കുക, കഷണിക്കുക; 2. ഖണ്ഡംഖണ്ഡം ആക്കുക, ഓഹരിചെയ്യുക, പങ്കിടുക; 3. (തീച്ചട്ടുകംകൊണ്ട്) ഉലതെളിയിക്കുക. **slī'cĕr**, *n.* അകലക്കത്തി.

I. **Slick, Slich**, *s. a.* **Schlich.**

II. **Slick, -'en**, *a.* മിനുസമുള്ള. *v. t.* മിനുക്കുക, മിനുസമാക്കുക. **-'ens**, *n.* കനകപ്പൊടി; ലോഹപ്പൊടി. **-'ĕr**, *n.* മിനുക്കകാല്; ഓപ്പക്കോല്. **-'ing**, *n.* മിനുസമാക്കൽ. **-'ness**, *n.* മിനുസം, മിനുക്കം. [(*carp.*).

III. **Slick**, *n.* കയ്യുളി, വടക്കനുളി

**Slid**, *p. t. of* **Slide.**

**Slid'den**, *p. p. of* **Slide.**

**Slīde**, *v. i. ir.* (**slid; slid'den, slid**) വഴുതുക, നിരങ്ങിപ്പോക, തെന്നു(ണ്ണു)ക; 2. ഇഴയുക, ഇരിയുക; 3. (ഹിമത്തിന്മേൽ) വഴുതിയോടുക; 4. (അറിയാതെ) കടന്ന്പോക; 5. തടസ്ഥംകൂടാതെപോക; ഒഴുക്കനെ—; 6. (അറിയാതെ) കഴിഞ്ഞ്പോക; 7. ഊരിപ്പോക, വഴുതിപ്പോക, ചാളിപ്പോക; 8. മറന്ന്പോക. *v. t.* നിരക്കുക; 2. (അറിയാതെ)ചെലുത്തുക. *n.* വഴുതൽ; 2. വഴുതിയോട്ടം; 3. ഒഴുക്കം; 4. കാലാങ്കി (*N.*), ഊരുപലക (*S.*); 5. ഹിമപ്പരപ്പ്; 6. കൊളുത്ത്; 7. ജാലദീപചിത്രം; കണ്ണാടിച്ചിത്രം; 8. (ഭൂതക്കണ്ണാടിയിൽവെക്കുന്ന) ശോധനച്ചില്ല്; 9. ഇടിഞ്ഞ്വീഴൽ, ഇടിവ്, മലമ്പൊട്ട്. **s.-box** ആവിയറ (*mach.*). **s.-lathe** കടച്ചൽയന്ത്രം (*carp.*). **s.-rail** (തീവണ്ടി)പാതമാററിച്ചക്രം. **s.-rule** ഗണിതവടി. **s.-valve** ഊര്കവാടം (*mach.*). **slī'dĕr**, *n.* വഴുതുന്നവൻ; (യന്ത്രത്തിന്റെ) ഊര്ഭാഗം. **slī'ding**, *a.* വഴുതലുള്ള; വഴുതുന്ന, നിരങ്ങുന്ന. **s.g-friction** വഴപ്പുരസല് (*ph.*).

I. **Slīght** (slīt), *n.*, *s. a.* **Sleight.**

II. **Slīght** (slīt), *a.* സാരമല്ലാത്ത, നിസ്സാരം ആയ; 2. അല്പം—, ലഘു—, ലേശം, അസാരം, തെല്ല്, ഇത്തിരി; 3. ഈടില്ലാത്ത; ഉറപ്പില്ലാത്ത; 4. മെല്ലിച്ച; നേൎമ്മ ആയ; 5. ഭോഷത്വം—, വിഡ്ഢിത്വം—. *v. t.* നിസ്സാരമാക്കുക, തുച്ഛീകരിക്കുക, പുച്ഛിക്കുക; 2. അലക്ഷ്യം ആക്കുക, അഗണ്യം—. **to s. off** പുച്ഛിക്കുക; ഓടിക്കുക; നീക്കുക. **to s. over** തിരക്കിൽചെയ്യുക, സൂക്ഷ്മംകൂടാതെ—. *n.* നിസ്സാരമാക്കൽ; 2. നിന്ദ, പുച്ഛം, അപമാനം. *ad.* അല്പമായി, ലേശം. **-'ĕr**, *n.* ധിക്കാരി, പുച്ഛിക്കുന്നവൻ, നിസ്സാരമാക്കുന്നവൻ. **-'ing**, *a.* അലക്ഷ്യമാക്കുന്ന. **-'ing-ly**, *ad.* തുച്ഛീകാരമായി. **-'ly**, *ad.* അല്പമാ

യി, അല്പം, ലേശം. -'ness, *n.* അല്പത, നിസ്സാരത; ലാഘവം; ധിക്കാരം, നിന്ദ.

**Slī'ly**, *ad.*, *s. u.* **Sly.**

**Slim**, *a.* ബലംകറഞ്ഞ; സാരമില്ലാത്ത; 2. നേൎമ്മയായ; മെല്ലിച്ച, കൃശമായ. -'ly, *ad.* നേൎമ്മ ആയി; നിസ്സാരം—, അല്പം—. -'ness, *n.* മെലിച്ചല്; കൃശത; അല്പത; നിസ്സാരത.

**Slīme**, *n.* ചളി, ചളിമണ്ണ്, കളി—; 2. പററുള്ളസാധനം, നോള; 3. ചലം, ചലമലം (*phys.*); 4. കീല് (*Bl.*). s.-pit കില്ലുഴി. *v. t.* ചളിതേക്കുക. slī'-mi-ly, *ad.* —ആയി. slī'mi-ness, *n.* —ഗുണം. slī'my, *a.* —ആയ; —പോലെയുള്ള.

**Slī'ness**, *n.*, *s. u.* **Sly.**

I. **Sling**, *n.* കവ(വി)ണ; 2. കവിണയേറ്; ഏറ്; 3. ഉറി; മാല്; 4. തൂക്ക് ശീല, ഏന്താനം (*surg.*); 5. കട്ടക്ക്; 6. തൂക്കക്കയറ്, തൂക്കവാറ്; 7. (*pl.*) കെട്ട് (*naut.*). s.-cart വലിവണ്ടി. s.-dog ഇരിമ്പ് കൊളുത്ത്. *v. t. ir.* (slang, slung) കവിണയെറിയുക; 2. എറിയുക, പ്രക്ഷേപിക്കുക; 3. കെട്ടിത്തൂക്കുക, തൂക്കിയിടുക; 4. കട്ടക്കുക; 5. കെട്ടുക. -'ĕr, *n.* കവിണക്കാരൻ.

II. **Sling**, *n.* മധുരറാക്ക്.

**Slink**, *v. i. ir.* (slank, slunk; slunk) ഒളിച്ച് പോക, തെററിക്കളയുക; 2. (മൃഗങ്ങളുടെ) കരുവഴിയുക, ചനകലങ്ങുക, ചിനവീശുക (*P.*). *v. t.* (മൃഗം) കാലംതികയും മുമ്പെ പെറുക; കരുവഴിയുക. *a.* (മൃഗം)അകാലപ്പിറവിയായ; 2. മെലിഞ്ഞ, ശോഷിച്ച. *n.* (മൃഗം) അകാലപ്പിറവി, മാസം തികയാതെ പിറന്ന കന്ന്; 2. കള്ളൻ, തിരുടൻ; 3. (*pl.*) ചാവടക്കന്ന് തോല്. -'y, *a.* മെലിഞ്ഞ, മെല്ലിച്ച.

**Slip**, *v. t.* വഴുതിനടക്കുക, —ഓട്ടുക; 2. —വീഴുക, വഴുതിപ്പോക, ചാളിപ്പോക; 3. (out, off) തെററിപ്പോക; തെററിക്കളയുക; ഒളിച്ച് പോക; 4. (into) നുഴയുക, (അറിയാതെ) കടന്ന് കൂടുക; 5. ഉണ്ടായ്പ്പോക, സംഭവിക്കുക; 6. ഇടറുക, പിഴെച്ച് പോക; അബദ്ധത്തിൽചാടുക. to let s. കെട്ടഴിഞ്ഞ് പോക, ഇളകിപ്പോക. *v. t.* (ഒളിച്ച്)ചെയ്യുക, ഒളിവായി ഇടുക; 2. ഉപേക്ഷകാട്ടുക, കളഞ്ഞ് കളയുക; 3. കഷണിക്കുക, മുറിച്ചെടുക്കുക; 4. ഊരുക, അഴിച്ച് വിടുക; 5. അഴിഞ്ഞ് പോക, വിട്ട്—; 6. (മൃഗം) കാലംതികയുംമുമ്പെ പെറുക. to s. off ഉരിഞ്ഞിടുക. to s. on വാരിവലിച്ചിടുക്കുക. *n.* വഴുതൽ; 2. പിഴ, അബദ്ധം; 3. മുറിച്ചെടുത്തകൊമ്പ്; വള്ളിത്തല; കൊടിത്തല (*b.*); 4. കഷണം, തുണ്ടം; 5. (നായിന്റെകഴുത്ത്) പട്ട, നായ്ച്ചങ്ങല; 6. ഒളിച്ച് പോകൽ, തെററിക്കളയൽ; 7. അച്ചടിത്തുണ്ടം (*print.*); 8. (സ്ത്രീകളുടെ) തളക്കുപ്പായം; 9. (കട്ടികളുടെ) മുന്നാരത്തുണി, —മേല്ക്കുപ്പായം; 10. ഉറ; 11. കടച്ചപ്പൊടി; 12. കളിമണ്ണ് പശ; 13. നുല്ക്കൂട്ട്; 14. (കപ്പല് വെക്കുന്ന) ഊര് പലകത്തട്ട്; 15. നങ്കൂരത്തളം; 16. (വീടുകൾക്കു മദ്ധ്യേയുള്ള) ഇടവഴി, സന്ധ്; 17. (പള്ളിയിലെ) ഇരിപ്പിടം, 'ബാങ്ക്', 'ബെഞ്ച്'; 18. (പന്തടിക്കളത്തിൽ പന്തടിക്കുന്നവന്റെ) പിങ്കാവല്. long s. —അകലപ്പിങ്കാവല്. short s. അടുക്കപ്പിങ്കാവല്. land-s. മലയിടിവ്. s.-board ഊരാമ്പലക. s.-knot ഊരാക്കുടുക്ക്. s.-on മേലങ്കി. s.-shod (മടമ്പില്ലാത്ത) 'പാപ്പാസ്'ഇട്ട; വൃത്തികെട്ട, പപ്രച്ഛമായ; സൂക്ഷ്മമില്ലാത്ത. s.-shoe അറച്ചെരിപ്പ്, 'ചപ്പാത്ത്', 'പാപ്പാസ്'. s.-slop കട്ടപ്പമില്ലാത്തചാരായം; വ്യഥാപ്രസംഗം; നിസ്സാരപ്പുസ്തകം; പൊരുളില്ലാത്തകാൎയ്യം. to give one the s. ഒളിച്ച് പോക, തെററിക്കളയുക, വലിഞ്ഞ് കളയുക, കഴിഞ്ഞ് പോരുക. s. of memory ഓൎമ്മത്തെററ്. s. of the tongue വാക്കിലുള്ള പിഴ, വാപ്പിഴ. s. of the pen അക്ഷരപ്പിഴ. to s. a cable ചങ്ങല വീണ് പോക. -'pāge, *n.* വഴുതൽ. -'pĕr, *n.* വഴുതുന്നവൻ; (*pl.*) അറച്ചെരിപ്പ്, 'ചപ്പാത്ത്', 'പാപ്പാസ്'; (കട്ടികളുടെ) മേല്ക്കുപ്പായം, മുന്നാരത്തുണി; വണ്ടിവട്ടക്ക്. -'pĕred (-pĕrd), *a.* ചപ്പാത്തിട്ട. -'pĕr-i-ly, *ad.* വഴവഴപ്പായി. -'pĕr-i-ness, -'pi-ness, *n.* വഴുവഴുപ്പ്. -'pĕr-y, -'py, *a.* വഴവഴപ്പായ, വഴ

തൽഉള്ള; മെഴപ്പ്—, മിനുസം—; ഉറപ്പി ല്ലാത്ത, വിശ്വസിപ്പാൻ തരമില്ലാത്ത, തോല്പിക്കുന്ന; പിടിച്ച്നിൎത്താൻ കഴിയാത്ത, വഴുതിക്കളയുന്ന; അസ്ഥിരംആയ, അനിശ്ചയം—, ചപലം—; സംശയകരം—; നടപ്പ്ദോഷമുള്ള.

**Slit**, *v. t. ir.* (slit, slit'ted; slit, slit'ted) ചീന്തുക, ചീളാക്കുക, കീറുക; 2. പിളൎക്കുക. *n.* കീററ്, ചീള്; 2. ചീന്ത്, വിള്ളല്; പിളപ്പ്. -'tĕr, *n.* ചീന്തുന്നവൻ, കീറുന്നവൻ. -'ting, *a.* ചീന്തുന്ന, കീറുന്ന.

**Slī'vĕr**, *v. t.* കീറുക, ചീള് ചീളാക്കുക. *n.* ചീള്, കീററ്; 2. (*pl.*) ചൂണ്ടലിര.

**Slōam** (slōm), *n.* കല്ലൂരിമണ്ണ് (*ming.*).

**Slōat** (slōt), *n.* വാരി, ഒട്ട്, 'ക്ലാമ്പ്', ചട്ടം, കീലം.

**Slob'bĕr**, *s. a.* Slabber, *s. u.* Slab II.

**Slob'bĕr-y**, *a.* നനവുള്ള, ഈറനായ; 2. പുഞ്ചയായ.

**Slock**, -'en, *v. t.* തീൎക്കുക; 2. ശമിപ്പിക്കുക.

**Slōe** (slō), *n.* കാട്ട്മുന്തിരിപ്പഴം (*b.*).

**Slō'gan** (*or* slụ'gan), *n.* പോര് വിളി; 2. ഗോത്രയോഗവിളി.

**Sloọ, Slụe**, *n., s. a.* Slough I.

**Sloop**, *n.* ഒര് വക ചെറുകപ്പല്, 'പത്തമ്മാരി'. s. of war ചെറുതരം പടകപ്പല്.

I. **Slop**, *n.* വെള്ളം തളംകെട്ടിയ സ്ഥലം, ചൊ(കൊ)ത്ത; 2. *pl.* ക്രൂള്, കാടി (കഞ്ഞി); 3. *pl.* എച്ചില് വെള്ളം. s.-basin, s.-bowl എച്ചില് (കഴുകുന്ന) തൊട്ടി. *v. t.* വെള്ളംതിളാവുക, —മറിക്കുക; 2. തുളുമ്പിക്കുക. *v. i.* (over) തുളുമ്പുക. -'pi-ness, *n.* ചൊ(കൊ)ത്ത, ചളി. -'py, *a.* (വെള്ളം) തളംകെട്ടിയ, കൊത്തയായ.

II. **Slop**, *n.* (*pl.*) കാല്ച്ചട്ട, കാൽ'സറായി' 'ഇജാറ്'; 2. *pl.* (തുന്നിവില്ക്കുന്ന) ഉടുചമയം; 3. *pl.* 'കലാശി'ച്ചമയം. s.-seller ഉടുചമയക്കച്ചവടക്കാരൻ. s.-shop ഉടുചമയപ്പീടിക. s.-work ഉടുചമയവ്യാപാരം; —പ്രവൃത്തി; പട്ടപണി.

**Slōpe**, *n.* ചരിവ്; പള്ള, താഴ്വാരം. *a.* ചരിവായ, ചാമ്പ്രയായ. *v. t.* ചായിക്കുക, ചാമ്പ്രയാക്കുക. *v. i.* ചരിഞ്ഞിരിക്കുക, ചാമ്പ്രയായിരിക്കുക; 2. പോയ്ക്കളയുക, തെററിക്കളയുക. -'ness, *n.* ചരിവ്, ചായ്വ്, ചാച്ചല്. slō'ping, slō'py, *a.* ചരിവുള്ള, ചാമ്പ്രയായ. slō'ping-ly, *ad.* ചരിവായി, ചാമ്പ്രയായി.

**Slosh, Slosh'y**, *s. a.* Slush, Slushy.

I. **Slot**, *n.* അഴിപ്പലക; 2. തഴുത്, താഴ്; 3. പാത്തി; 4. കട്ടമുത്തുള, വൈരത്തുള; 5. കട്ടമ. -'ted, *a.* അഴിയുള്ള. -'ting, *n.* അഴിയിടൽ; തഴുതുണ്ടാക്കൽ.

II. **Slot**, *n.* മാൻചുവട്, മാൻകാലടി. s.-hound, *s. a.* Sleuth-hound.

**Sloth**, *n.* സാവധാനം, മന്ദത, താമസം; 2. ഉദാസീനത; ആലസ്യം; മടി(വ്); 3. തേവാങ്കം(ങ്ക്), കട്ടിസ്രാ(ത്രാ)ങ്ക് (*z.*). s.-monkey ചുട്ടിത്തേവാങ്ക് (*z.*). -'fụl, *a.* ആലസ്യം ഉള്ള, മടി—. -'fụl-ly, *ad.* മടിയോടെ. -'fụl-ness, *n.* മടിവ്, മന്ദത.

**Slouch**, *n.* തലകുനിച്ചനടത്തം, കഴത്തൊടിച്ചിട്ട—; 2. കോമാളി—; 3. അധോമുഖതാപം; 4. പൊണ്ണൻ, കോമാളി. s.-hat പതമുള്ള ഒര് വക തൊപ്പി, ഒടിത്തൊപ്പി. *v. i.* തലതാഴ്ത്തുക, കഴുത്തൊടിച്ചിട്ടുക; 2. വല്ലാതെനടക്കുക, മന്ദമായി—. *v. t.* ഒടിച്ചിട്ടുക; 2. ഒര് ഭാഗംചരിച്ചിട്ടുക. -'ing, -'y, *a.* ഒര് ഭാഗം തൂങ്ങുന്ന, തൂങ്ങിക്കിടക്കുന്ന; കട്ടി ഇല്ലാത്ത; രൂപം—; ആടിനടക്കുന്ന.

I. **Slough** (slou), **Sloọ, Slụe**, *n.* വെള്ളം നില്ക്കുന്ന സ്ഥലം, ചേററ് കണ്ടം, ചതുപ്പ്നിലം; 2. പുഴക്കൈ.

II. **Slough** (slou), *n.* കഴിനിലം, ചളികുണ്ട്, ചേററ് കുണ്ട്. -'y, *a.* ചളികുണ്ടുള്ള, കഴിനിലമായ.

III. **Slŏugh** (sluf), *n.* ഉപ്പിളി; ഓട്; 2. പൊററ (*med.*). *v. i.* (off, away) പൊററകെട്ടുക, തോല് പൊളിയുക. *v. t.*

ഉപ്പിളികഴിക്കുക; ഓട്—; 2. ഉരിഞ്ഞ് കളയുക; നീക്കിക്കളയുക. -'ing, *n.* ഉപ്പിളികഴിക്കൽ; ഓട്—. -'y, *a.* പൊററയായ; ഉപ്പിളിയായ.

**Slŏv'en** (sluv'n), *n.* (*fem.* **slat'tĕrn** *or* **slut**) വൃത്തികെട്ടവൻ, പപ്രച്ഛൻ; മനാരംകെട്ടവൻ (*M.*). **-li-ness,** *n.* വൃത്തികേട്, മനാരക്കേട് (*M.*). **-ly,** *a.* പപ്രച്ഛമായ, വൃത്തികെട്ട; വൃത്തികേടായി ഉടുത്ത. *ad.* വൃത്തികേടായി.

**Slōw** (slō), *a.* സാവധാനം ആയ, മെല്ലെ—, മന്ദഗതി—, വേഗതകുറഞ്ഞ, ചുറുക്കില്ലാത്ത, താമസമുള്ള; 2. പതുക്കെ ആയ, സാവധാനത്തിലുള്ള; 3. ഒരുങ്ങാത്ത, ദീർഘസൂത്രത്വംഉള്ള; 4. വിവേകം—; 5. (ഘടികാരം) പിമ്പിൽ ആയ; 6. മന്ദബുദ്ധി—, ചുണകെട്ട; 7. (*in comp.*) കുറഞ്ഞ, അല്പ. **s.-back** മടിയൻ, 'സോമാരി'. **s.-coach** സാവധാനക്കാരൻ, പതുക്കെപ്പുഴഞ്ഞി. **s.-hound,** *s. a.* **sleuth-hound. s.-witted** പൊട്ടനായ, ബുദ്ധികുറഞ്ഞ. *ad.* പതുക്കെ, മെല്ലെ, സാവധാനത്തിൽ. *v. t.* സാവധാനമാക്കുക, വേഗതകുറക്കുക; ഓട്ടം—; താമസിപ്പിക്കുക. *v. i.* (up) ഓട്ടംകുറഞ്ഞ് വരിക. **-'ly,** *ad.* മെല്ലെ, പതുക്കെ, സാവധാനത്തിൽ, താമസത്തോടെ. **-'ness,** *n.* സാവധാനം; താമസം; മന്ദത.

**Slōws** (slōz), *n.* പാല്പനി (*med.*).

**Slōw'wŏrm** (slō'wĕrm), *n.* കുരുടി (ടൻ) പാമ്പ് (*z.*).

**Slub,** *n.* രോമനൂല്ക്കെട്ട്. *v. t.* (രോമനൂല്) കൈയാക്കിക്കെട്ടുക. **-'bĕr,** *v. t.* വൃത്തികേടായിചെയ്യുക, പടുപണി—, മട്ടപ്പണിയാക്കുക; പൂശുക. *n.* രോമനൂല് കെട്ടുന്ന യന്ത്രം. **-'bĕr-de-gull'iŏn** (-gul'yun), *n.* ആഭാസൻ, ഏഭ്യൻ. **-'bĕr-ing-ly,** *ad.* വൃത്തികേടായി, പട്ടതരമായി. **-'bing,** *a.* കയ്യായികെട്ടുന്ന. **s.g-billy, s.g-machine** (രോമ)നൂല് കെട്ടുന്ന യന്ത്രം.

**Sludge** (sluj), *n.* ചളി, ചേറ്, ചളിമണ്ണ്; 2. (വെള്ളത്തിൽപൊന്തിനില്ക്കുന്ന) ഹിമക്കഷണം. **sludg'ĕr,** *n.* ചളികോരിക്കൊട്ട. **sludg'y,** *a.* ചളിയായ.

I. **Slue, Slew** (slu), *v. t.* ചുററിത്തിരിയുക (*naut.*); 2. (round) തിരിയുക, പിരിയുക. *v. i.* (round) തിരിയുക, മടങ്ങുക. **slued, slewed** (slud), *a.* അരമത്തനായ, ഏതാനും അമല് പററിയ.

II. **Slue,** *n.*, *s. a.* **Slough** I.

**Slug,** *n.* മടിയൻ, 'സോമാരി', കുഴി(ശ്രു)മടിയൻ; 2. ഒര് വക അച്ച് (*z.*); 3. —(ഇലതിന്നി)പുഴ (*z.*); 4. —തോക്കുണ്ട; 5. അച്ചീയക്കട്ടി (*print.*); 6. (*pl.*) പഴത്ത അയിര് (*ming.*). *v. t.* തോക്കിൽ നിറക്കുക; 2. ഉറക്കെ അടിക്കുക. *v. i.* (വെടിപൊട്ടുമ്പോൾ ഉണ്ട) നീണ്ട് വരിക. **-'a-bed,** *n.* ഉറക്കപ്രിയൻ, മടിയൻ. **-'gard** (-gĕrd), *n.* മഹാമടിയൻ, കുഴി(ശ്രു)മടിയൻ. *a.* മടിയുള്ള; 'സോമാരി'യായ. **-'gard-īse, -'gard-īze,** *v. t.* കശ്രുമടിയനാക്കുക. **-'gard-y,** *n.* കശ്രുമടിവ്, 'സോമാരിത്തനം'; അലസത്വം. **-'gĕr,** *n.* ഓണത്തല്ലുകാരൻ, അടിക്കാരൻ, 'കുസ്തി'ക്കാരൻ. **-'gish,** *a.* മടിയനായ, ചുണകെട്ട; ഓട്ടം കുറഞ്ഞ, മെല്ലനെ ഒഴുകുന്ന; നിസ്സാരകമായ; മന്ദബുദ്ധിയായ. **-'gish-ly,** *ad.* മടിയോടെ; മെല്ലെ, മന്ദമായി. **-'gish-ness,** *n.* മടിവ്; സാവധാനം; മാന്ദ്യം.

**Sluice** (slus), *n.* മഞ്ച (*N.*), തൂമ്പ് (*S.*), പാത്തി; ചീപ്പ് (പ്പ്); 2. വാതില്, മാർഗ്ഗം, വഴി; 3. നീരൊഴുക്ക്, വെള്ളം; 4. അരിപ്പത്തൊട്ടി (*ming.*). **s.-way** ചീപ്പ് (പ്പ്). *v. t.* പാത്തിയിൽക്കൂടി വെള്ളംവിടുക, പാത്തിതുറക്കുക; 2. വെള്ളം വിട്ട് നനക്കുക; 3. കഴുകുക; 4. അരിക്കുക (*ming.*). **sluic'y** (slus'y), *a.* ഒഴുകിവീഴുന്ന, ധാരാളമായ.

**Slum,** *n.* (*pl.*) ചെററപ്പുര, കുടിഞ്ഞില്, ചാള. **-'ming,** *a.* ചെററപ്പുരകളിൽ ചെന്ന് നോക്കുന്ന.

**Slum'bĕr,** *v. i.* ഉറങ്ങുക, മയങ്ങിക്കിടക്കുക, ഉറക്കംതൂക്കു(ങ്ങു)ക; 2. ഒന്നും ചെയ്യാതെ ഇരിക്കുക, സ്വസ്ഥമായി—, ചൈതന്യമില്ലാതെ—. *v. t.* ഉറങ്ങുവാൻ കിട

ക്കക. *n.* ഉറക്കം, നിദ്രാമയക്കം, ഉറക്കം തൂക്കൽ; 2. സ്വസ്ഥത. -ĕr, *n.* ഉറങ്ങുന്നവൻ, ഉറക്കംതൂക്കുന്നവൻ. -ing-ly, *ad.* മയക്കത്തോടെ. -less, *a.* ഉറക്കം ഇല്ലാത്ത; —വരാത്ത. -ŏus, slum′-brŏus, *a.* ഉറക്കത്തിന്നുള്ള; നിദ്രസംബന്ധിച്ച; ഉറക്കമുള്ള.

I. Slump, *n.* ആകത്തുക, വകപ്പടി, മൊത്തം (*Scot.*). *v. t.* ക്രമമില്ലാക്കുക, കൂട്ടടങ്ങനെയിടുക.

II. Slump, *n.* ചതുപ്പ്നിലം; 2. ഗുളുഗുളുരവം, വെള്ളത്തിൽ വീഴുന്ന ശബ്ദം. *v. i.* (മീതെനടക്കുമ്പോൾ) പൊട്ടിത്താണുപോക, കട്ടങ്ങനെതാഴുക. -′y, *a.* പൊട്ടിത്താഴുന്ന; ചതുപ്പായ.

Slung, *p. t. and p. p. of* Sling. s.-shot ഒര്വക ചാട്ടവാറ്, ഉണ്ടക്കുരടാവ്.

Slunk, *p. t. and p. p. of* Slink.

Slur (slĕr), *v. t.* അഴുക്കാക്കുക; ചീത്തപ്പെടുത്തുക, വിടക്കാക്കുക; 2. അപമാനിക്കുക, താഴ്ത്തിപ്പറയുക, ഹീനതപ്പെടുത്തുക; 3. മറക്കുക, മൂടിക്കളയുക, നോക്കാതെ കടന്ന്പോക; 4. തോല്പിക്കുക, ചെണ്ടകൊട്ടിക്കുക, ചതിക്കുക; 5. (അക്ഷരം) വിഴുങ്ങിക്കളയുക; 6. ഒഴുക്കമായിപാടുക (*mus.*). 7. ഉരഞ്ഞ്പോക, നിരങ്ങി— (*print.*). *n.* കറ, കളങ്കം; 2. കറവ്, അപവാദം, അപമാനം, നിന്ദ; ദുഷ്യസൂചന; 3. ചതി, ചെണ്ടകൊട്ടിക്കൽ; 4. ‿ അഥവാ ⁀ എന്ന ഒഴുക്കക്കുറി (*mus.*). slurred (slĕrd), *a.* ഒഴുക്കക്കുറിയുള്ള (*mus.*); ഒഴുക്കമായി പാടുന്ന.

Slush, Slosh, *n.* പതമുള്ള ചളി, ചേറ്; 2. അലിഞ്ഞഹിമം; 3. കൊഴുപ്പ്, ചെരുവി; 4. കൊഴുപ്പ്ചണ്ടി; 5. ഒര്വക വെള്ളത്തേപ്പ്. *v. t.* കൊഴുപ്പ്തേക്കുക; 2. വെള്ളച്ചായം—. -′y, *a.* ചൊത്തആയ, ചളി—, —കെട്ടിയ.

Slut (*mas.* Sloven), വൃത്തികെട്ട സ്ത്രീ, പഴ്പ്രച്ഛ, മൂദേവി, ജ്യേഷ്ഠ, ചേട്ട; 2. പെൺനായി; പട്ടി, കൊടിച്ചി (*N.*). -′tĕr-y, *n.* വൃത്തികേട്, പഴ്പ്രച്ഛത്തരം. -′tish, *a.* വൃത്തികെട്ട, ജ്യേഷ്ഠയായ. -′tish-ly, *ad.* പഴ്പ്രച്ഛമായി. -′tish-ness, *n.* വൃത്തികേട്, മൂദേവിത്വം.

Slȳ, *a.* കയ്യടക്കം ഉള്ള, ചുറുക്ക്—; 2. സാമർത്ഥ്യം—, കൌശലം—, വിവേകം—; 3. യുക്തി—, ഉപായം—, കയ്യുക്തി—, തന്ത്രം—; 4. കൃത്രിമം—, കപടം—. s.-boots വിരുതൻ, ലോകപ്പിരട്ടി, ഉപായി. by the s., on the s. രഹസ്യത്തിൽ, ഉപായേന. -′ly, *ad.* വിവേകത്തോടെ; ഉപായേന, യുക്തിയോടെ. -′ness, *n.* ഉപായം; കയ്യുക്തി, ദുര്യുക്തി.

Slȳpe, *n.* നട, കയ്യാല, ഇടനാഴി.

I. Smack, *n.* മഞ്ചു, വള്ളം, ഓടി, ഓടം; പടക്ക്, മീന്തോണി.

II. Smack, *n.* ചുവ(യ), രുചി, രസം, സ്വാദ്; 2. ലേശം, അല്പം; 3. മുത്തം, ചുംബനം, ഉമ്മ (*N.*); 4. നൊട്ട, ചപ്പല്; 5. ചമ്മട്ടിപൊട്ടിക്കൽ, ചമ്മട്ടിയൊച്ച; 6. അടി. *v. i.* ചുയ(വ)ക്കുക, ചുവ ഉണ്ടാക; 2. ലക്ഷണം—, ഛായ—; 3. മുത്തുക, ചുംബിക്കുക, ഉമ്മകൊടുക്കുക; 4. നൊ(പൊ)ട്ടയിടുക, നുണക്കുക. *v. t.* ചുംബിക്കുക; 2. നൊട്ടയിടുക, നുണെക്കുക; 3. പുളയിക്കുക, ചമ്മട്ടിപൊട്ടിക്കുക. -′ing, *n.* നൊട്ടശബ്ദം. *a.* ഊററം ഉള്ള, ചുറുക്ക്—.

Small, *a.* ചെറിയ, കുറിയ; അല്പമായ; 2. സാരമില്ലാത്ത, ചില്ലറ ആയ; 3. നീചബുദ്ധി—, ഹീനം—; 4. അല്പകാലത്തേക്കുള്ള, കുറെ; 5. ബലഹീനമായ; മെലിഞ്ഞ; 6. നേരിയ; 7. മുട്ടആയ, മന്ദം—, മെല്ലനെയുള്ള. s.-arms (തോക്ക്വാള്മുതലായ) ചിററായുധങ്ങൾ. s.-beer ലഹരികുറഞ്ഞ മദ്യം, ഒര്വക 'ബീര്' മദ്യം. s.-clothes കാൽചട്ട, 'ഇജാറ്'. s.-coal ഇരുന്നല്; പൊടിക്കല്ക്കരി. s.-craft (മഞ്ചുപത്തമാരി മുതലായ) ചെറുതരം ഉരു. s.-debts' court, s.-causes' court ചില്ലറവ്യവഹാരക്കോടതി,'സ്മാൾകാസ്'കോടതി (*l.*). s.-fruits (മുന്തിരിങ്ങമുതലായ) ചെറുപഴങ്ങൾ. s.-hand ചെറിയ അക്ഷരം, ഒര്വക ചെറുതരം കടലാസ്. s. hours അദ്ധ്രാത്രികഴിഞ്ഞസമയം, അദ്ധ്രാത്രിക്കും പുലച്ചക്കും മദ്ധ്യേയുള്ള സമയം, പാതിരക്ക്ശേഷം. s. letter ചെ

റിയ ആണിയക്ഷരം (*print.*); അല്പാക്ഷരം (*gr.*). s. piece രണ്ടകാലണക്കുള്ള ഒര് ചെറിയ സ്റ്റ്ലാങ്ങ്നാണ്യം, അരക്കാല്. s.-pox, *see vocabulary*. s. register അത്യുച്ചസ്വരം (*mus.*). s.-stuff മാറ്, പിരിച്ചചൂടി. s.-talk നേരമ്പോക്ക്, വെടിപറയൽ. s.-wares നാട, ചരട് മുതലായ ചരക്ക്. s. sword ചെട്ടവാള്. on a s. scale ചെറുങ്ങനെ. great and s. വലിയവനും ചെറിയവനും, കലീനരും കലഹീനരും, ആബാലവൃദ്ധം, എല്ലാവരും. *ad.* മെല്ലെ, പതുക്കെ. *n.* തടികുറഞ്ഞഭാഗം, നേരിയഭാഗം, ഇളന്തല, മെലിഞ്ഞപ്രദേശം; 2. *pl.* കാൽചട്ട, 'ഇജാറ്'; 3. *pl.* (വിദ്യാശാലയിലെ) ആദ്യപരീക്ഷ. -'āge, *n.* ഒര് വക ചീര (*b.*). -'ish, *a.* വലിപ്പംകുറഞ്ഞ. -'ness, *n.* ചെറുപ്പം, അല്പത. -'y, *ad.* കുറച്ച്, അല്പം; വിവരമായി, സൂക്ഷ്മമായി, കൃത്യമായി.

**Small'pox**, *n.* വ(മ)സൂരി, കരിപ്പ് (*med.*).

**Smalt**, *n.* ഒര് വക കരിനീലച്ചായം, നീലറങ്ക്. s.-blue നീലച്ചായം.

**Sma-rag'dine**, *a.* മരതകക്കല്ല് സംബന്ധിച്ച; 2. മരതകതുല്യമായ; 3. മരതകപ്പച്ചയായ.

**Smärt**, *v.i.* നോവുക, വേദനയുണ്ടാക, കത്തലെടുക്കുക, കത്തിപ്പറിക്കുക; 2. മനോവേദനയുണ്ടാക; 3. നീറുക, കാളുക, നൊന്തിരിക്കുക, സഹിക്കവഹിയാതിരിക്കുക. *v.t.* കത്തിത്തുളക്കുക; 2. വേദനപ്പെടുത്തുക. *n.* കത്തല്, കഠിനവേദന, നോവ്, നൊമ്പരം(ലം); 2. വ്യസനം, അഴല്ച്ച, ക്ലേശം; 3. വിരുതൻ; ബദ്ധപ്പെട്ടച്ചൻ; പ്രസരിപ്പുകാരൻ, പൊങ്ങച്ചക്കാരൻ; 4. പ്രായശ്ചിത്തദ്രവ്യം. *a.* കത്തലെടുക്കുന്ന, കഠിനവേദനയുള്ള; 2. എരിയുന്ന, തീക്ഷ്ണമായ; 3. ഉഗ്ര, കഠിനമായ; 4. ചുറുക്ക് ഉള്ള, ചുണ—; ചൊടി—; 5. വീര്യം—; 6. ശോഭ—, തേജസ്സ്—; 7. സാമർത്ഥ്യം—, യുക്തി—, ക്ഷണയുക്തി—; 8. മോടി—, ഭംഗി—; 9. (കാററ്) ഊക്ക്—, നല്ല. s.-money പ്രായശ്ചിത്തദ്രവ്യം; (യുദ്ധത്തിൽ മുറിവേററ പടയാളികൾക്ക് കൊടുക്കുന്ന) പതക്ക്പണം, അപായപ്രായശ്ചിത്തം (*mil.*); അധികനഷ്ടം (*l.*). s.-ticket അപായപ്രായശ്ചിത്താവകാശപത്രം. -'en, *v.t.* (up) മോടിആക്കുക, —വരുത്തുക. -'ly, *ad.* ചുറുക്കോടെ; പ്രസരിപ്പോടെ. -'ness, *n.* ചുണ; മിടുക്ക്; തീവ്രത; പ്രസരിപ്പ്; മോടി; പ്രതാപം.

**Smash**, *v.t.* അടിച്ച്പൊളിക്കുക, തകക്കുക, ഉടക്കുക, ഛിന്നംഭിന്നം ആക്കുക. *v.i.* തകരുക, ഉടയുക, തകന്ന്പോക, പൊളിയുക. *n.* ഇടിച്ചല്, ഇടിവ്, ഉടവ്, പൊളിച്ചല്; 2. നാശം, മുടിവ്, നഷ്ടം; 3. 'ദീവാളി' നിർദ്ധനത്വം. -'ĕr, *n.* തകക്കുന്നവൻ, പൊളിക്കുന്നവൻ; പരുത്തത്, ഏററവും വലിയസാധനം; അപൂർവ്വം; കള്ളനാണ്യവ്യാപാരി.

**Smat'tĕr** (smat'ĕr), *v.i.* അറിവില്ലാതെസംസാരിക്കുക; എന്തെങ്കിലുംപറയുക, ചിലെക്കുക; 2. കുറേശ്ശഅറിയുക, ലേശം അറിവുണ്ടാക. *v.t.* പുറംപൊളിയായി സംസാരിക്കുക; 2. അല്പമായി രുചിച്ച് നോക്കുക, ഇറുമ്പുക; 3. ലേശം അറിവ് സമ്പാദിക്കുക. *n.* അല്പജ്ഞാനം, ചില്ലറയറിവ്. -ĕr, *n.* അല്പജ്ഞൻ, അർദ്ധജ്ഞൻ; വിദ്യാനാട്യക്കാരൻ. -ing, *n.* അല്പജ്ഞാനം, ചെറററിവ്; പ്രകടിപ്പ്.

**Smēar** (smēr), *v.t.* പിരട്ടുക, പൂശുക, മെഴുകുക, തേക്കുക; 2. അഴുക്കാക്കുക, മുഷിക്കുക, ഇഴുക്കുക, ചേറാക്കുക; 3. വഷളാക്കുക, അശുദ്ധമാക്കുക, മലിനപ്പെടുത്തുക, ദൂഷ്യപ്പെടുത്തുക. *n.* മെഴുക്ക്, കൊഴുപ്പ്; 2. എണ്ണ, കഴമ്പ്, തൈലം; ലേപനം; 3. കറ, കളങ്കം; കല. -'y, *a.* മെഴുക്കാകുന്ന; അഴുക്കാക്കുന്ന; ഒട്ടലുള്ള; പററലുള്ള; കഴമ്പായ.

**Smēath** (smēth), **Smēe**, **Smew** (smū), *n.* ഒര് നീർപ്പക്ഷി (*z.*).

**Smec'tīte**, *n.* ഒര് വക ചവക്കാരം, ക്ഷാ(കാ)രം.

**Smell**, *v.t. ir.* (smelt, smelt) മണത്ത് അറിയുക, —നോക്കുക, (ആ)ഘ്രാണിക്കുക, മണക്കുക; 2. (out) അറിയുക, സംശയിക്കുക, ഗ്രഹിക്കുക. to s. a rat സൂചനകിട്ടുക, സംശയിക്കുക. to s. out

(യുക്തികൊണ്ട്) മനസ്സിലാക്കുക. *v. i.* (of) മണംവരിക, വാസനയുണ്ടാക; മണക്കുക, ഗന്ധിക്ക; നാറുക, ചൂരുണ്ടാക; 2. ചുവ(യ)തോന്നുക, ചുവ(യ)ക്കുക; 3. മണത്ത്നോക്കുക; 4. ഉപായത്താൽഅറിയുക. *n.* ഘ്രാണേന്ദ്രിയം, മണത്തറിവ് (*phys.*); 2. വാസന, ഗന്ധം, മണം, പരിമളം; 3. നാററം, ചൂര്. **s.-feast** ശാപ്പാട്ട്രാമൻ, കൊതിയൻ. **-'ĕr,** *n.* മണത്തറിയുന്നവൻ; വാസനയുള്ളവൻ, നാറുന്നവൻ; മൂക്ക്. **-'ing,** *n.* മണക്കൽ; ഘ്രാണേന്ദ്രിയം. **s.g-bottle** ആഘ്രാണതൈലം. **s.g-salts** മണക്കുന്ന ഉപ്പ്, ആഘ്രാണക്ഷാരം, നവക്ഷാരസത്ത്. **-'less,** *a.* വാസനയില്ലാത്ത, നിർഗ്ഗന്ധമായ.

I. **Smelt,** *p.t. and p.p. of* **Smell.**

II. **Smelt,** *n.* ഒര് വക വെള്ളരിമത്സ്യം, ചൂടമീൻ (*z.*).

III. **Smelt,** *v. t.* (ലോഹം) ഉരുക്കുക, അയിരുരുക്കുക; 2. ഉരുക്കി ശുദ്ധിയാക്കുക, സ്ഫുടംവെക്കുക. **-'ĕr,** *n.* ഉരുക്കുന്നവൻ, അയിരുരുക്കുന്നവൻ. **-'ĕr-y,** *n.* അയിരുരുക്കുന്ന കൊട്ടില്. **-'ing,** *a.* ഉരുക്കുന്ന. **s.g furnace** അയിരുല.

**Smĕrk,** *v. i., s. a.* **Smirk.**

**Smew,** *n., s. a.* **Smeath.**

**Smick'ĕr,** *v. i.* കൊഞ്ഞിക്കുക, കൊഞ്ചുക.

**Smid'dy,** *n., s. u.* **Smith.**

**Smī'lax,** *n.* നന്നാറിച്ചെടി, നറുനീണ്ടിച്ചെടി (*b.*).

**Smīle,** *v. i.* പുഞ്ചിരികൊള്ളുക, —ഇടുക, മന്ദഹാസമുണ്ടാക, മന്ദസ്മിതംചെയ്യുക, സ്മയിക്കുക; 2. ഉള്ളുകൊണ്ട് ചിരിക്കുക; 3. പ്രസന്നതയുണ്ടാക, മനോഹരം ആയിരിക്കുക; 4. (on) ശുഭം—, പ്രസാദിക്കുക. *v. t.* പുഞ്ചിരിയിടുക; 2. പ്രസാദംകാണിക്കുക. *n.* പുഞ്ചിരി, മന്ദഹാസം, മന്ദസ്മിതം; 2. പ്രസന്നത, സന്തോഷം; 3. പരിഹാസം, നിന്ദ; 4. പ്രസാദം, അനുഗ്രഹം, അനുകൂലം; 5. ഭംഗി. **-'less,** *a.* പുഞ്ചിരിയില്ലാത്ത. **smī'lĕr,** *n.* മന്ദസ്മിതക്കാരൻ. **smī'let,** *n.* ഇളഞ്ചിരി. **smī'ling-ly,** *ad.* മന്ദസ്മിതത്തോടെ. **smī'ling-ness,** *n.* പുഞ്ചിരിക്കൽ, പ്രസന്നത, സന്തോഷം.

**Smĭrch,** *v. t.* തേക്കുക, പൂശുക; 2. കറയാക്കുക, അഴുക്കാക്കുക. *n.* കറ, കല.

**Smĭrk, Smĕrk,** *v. i.* പുഞ്ചിരിനടിക്കുക. *n.* നാട്യപ്പുഞ്ചിരി. *a.* മോടിയുള്ള, ചന്തമായ. **-'ing-ly,** *ad.* പുഞ്ചിരിനാട്യത്തോടെ. **-'y,** *a.* പുഞ്ചിരിനടിച്ച.

**Smīte,** *v. t. ir.* (**smōte; smit'ten,** *pr.* smit'n) അടിക്കുക, കുത്തുക, പ്രഹരിക്കുക. 2. ....കൊണ്ട് അടിക്കുക; 3. വെട്ടുക, കൊല്ലുക; 4. തോല്പിച്ചോടിക്കുക, യുദ്ധത്തിൽ തോല്പിക്കുക; 5. നശിപ്പിക്കുക, 6. കഷ്ടപ്പെടുത്തുക, പീഡിപ്പിക്കുക, ശിക്ഷിക്കുക; 7. മനസ്സിന്ന് തട്ടമാറാക്കുക; 8. ഉളവാക്കുക, ജനിപ്പിക്കുക. **to s. off** നിഗ്രഹിക്കുക. **to s. out** പൊരിച്ച്കളയുക, പറിച്ച്—. **to s. with the tongue** ശകാരിക്കുക, വാഗ്ദണ്ഡംകഴിക്കുക. *v. i.* അടിക്കുക; 2. മുട്ടുക. *n.* അടി, കുത്ത്, പ്രഹരം; 2. വെട്ട്. **smī'tĕr,** *n.* അടിക്കുന്നവൻ.

**Smith,** *n.* ലോഹപ്പണിക്കാരൻ; 2. കൊല്ലൻ, പെരുങ്കൊല്ലൻ, കരുവാൻ; 3. തട്ടാൻ, പൊൻപണിക്കാരൻ; 4. ഉണ്ടാക്കുന്നവൻ; സാധിപ്പിക്കുന്നവൻ. **s.-craft** കൊല്ലപ്പണി; തട്ടാപ്പണി. **black-s.** കൊല്ലൻ, കരുവാൻ. **copper-s.** ചെമ്പ്കൊട്ടി, ചെമ്പോട്ടി. **gold-s.** പൊന്പണിക്കാരൻ, തട്ടാൻ. **silver-s.** വെള്ളിപ്പണിക്കാരൻ, തട്ടാൻ. **-'ĕr-y,** *n.* കൊട്ടില്; തട്ടാപ്പണി. **-'ing,** *n.* കൊല്ലപ്പണി, ഇരിമ്പ്പണി; ലോഹപ്പണി. **smith'y, smid'dy,** *n.* (കൊല്ലന്റെ) കൊട്ടില്.

**Smith'ĕr,** *n.* ചാറൽമഴ, പാറൽ—; 2. *pl.* കഷ്ണം, നുറുക്ക്, തുണ്ടം. **-ēens,** *n. pl.* കഷണം, പൊടി, തുണ്ടം.

**Smith'ĕr-y, Smith'ing, Smith'y,** *s. u.* **Smith.**

**Smitt,** *n.* കാവിമണ്ണ്.

**Smit'ten,** *p. p. of* **Smite.**

**Smock,** *n.* സ്ത്രീകളുടെ അകക്കുപ്പായം, അടിക്കുപ്പായം, 'കമീസ്'; 2. കുപ്പായം.

*a.* അടിക്കുപ്പായംസംബന്ധിച്ച; 2. സ്ത്രീസംബന്ധമായ, പെണ്ണുങ്ങൾക്കുള്ള. **s.-faced** സ്ത്രീമുഖം ഉള്ള, മാർദ്ദവം—; സ്ത്രീതുല്യമായ. **s.-frock** പണിക്കുപ്പായം. *v.t.* അടിക്കുപ്പായം ഇടുക; പണിക്കുപ്പായം—. **-'less,** *a.* അടിക്കുപ്പായമില്ലാത്ത.

**Smōke,** *n.* പുക, ധൂമം, ധൂപം; 2. ആവി; മഞ്ഞ്; 3. നിസ്സാരം, മിത്ഥ്യ; 4. പുകയിലവലി, ചുരുട്ട്—. **s.-arch, s.-box** (തീവണ്ടിയന്ത്രത്തിലെ) പുകക്കൂട്. **s.-ball** പുകയുണ്ട (*mil.*). **s.-black** അട്ടക്കരി, ഇല്ലട്ടക്കരി. **s.-board** അട്ടപ്പുതട്ട്. **s.-dry** പുകയത്തുണക്കുക, പുകകൊള്ളിക്കുക. **s.-house** ഇറച്ചി മത്സ്യം മുതലായത് പുകകൊള്ളിക്കുന്ന സ്ഥലം. **s.-jack** പുകയന്ത്രം. **s.-stack** പുകക്കുഴല്. **to end in s.** പുകഞ്ഞുപോക, കത്തിപ്പോക, നശിക്കുക; വൃഥാവാക. *v.i.* പുകയുക; 2. കത്തുക, എരിയുക, ജ്വലിക്കുക; 3. പൊടിപടലമുണ്ടാക; പുകപൊങ്ങുക; 4. പുകയിലവലിക്കുക; 5. കഷ്ടപ്പെടുക, ശിക്ഷയനുഭവിക്കുക. *v. t.* പുകകൊള്ളിക്കുക, പുകയത്ത് വെക്കുക; 2. ധൂപിക്കുക, പുകയിക്കുക; 3. വാടപിടിക്കുക; 4. കണ്ടെത്തുക, കണ്ട് പിടിക്കുക; 5. കളിയാക്കുക; 6. പുകയിലവലിക്കുക, ചുരുട്ട്—; 7. (out) പുകയിട്ട് പുറത്താക്കുക. **smō'ka-ble,** *a.* പുകകൊള്ളിക്കത്തക്ക. **-'less,** *a.* പുകയില്ലാത്ത, പുകയാത്ത. **smō'kēr,** *n.* പുകയത്തുണക്കുന്നവൻ; പുകയിലവലിക്കുന്നവൻ; —വലിക്കുന്നസ്ഥലം. **smō'ki-ly,** *ad.* പുകയുന്നതായി. **smō'ki-ness,** *n.* പുകയുന്നഗുണം. **smō'king,** *n.* പുകയിലവലിക്കൽ, ചുരുട്ട്—, വീടി—. *a.* പുകയിലവലിക്കുന്ന. **s.g-room** (പുകയില) വലിയറ. **s.g-car** —വണ്ടി. **smō'ky,** *a.* പുകയുന്ന, പുകഉള്ള; —പോലെ—; മൂടലായ, ക്രുദ്ധനുകയുള്ള; പുകകെട്ടുങ്ങിക്കിടക്കുന്ന, —പുറത്ത് പോകാത്ത; -പിടിച്ച; പുകയുപദ്രവമുള്ള.

**Smōl'dēr,** *etc., s.a.* **Smoulder,** *etc.*

**Smooch,** *v.t., s.u.* **Smutch.**

**Smooth,** *a.* നിരപ്പായ; 2. മിനുസം ഉള്ള, മിനുക്കം—; 3. മിനുക്കിയ; 4. ശാന്തമായ; 5. ഒഴുക്കമുള്ള; 6. സൌമ്യം ആയ; ചക്കരവാക്ക്—, മുഖസ്തുതി—; 7. വഴവഴപ്പ്—, തടസ്ഥമില്ലാത്ത (*ph.*). **s.-bore** സാദക്കുഴൽതോക്ക്. **s.-chinned** താടി (രോമം) ഇല്ലാത്ത. **s.-faced** സൌമ്യമുഖമുള്ള. **s.-spoken, s.-tongued** ചക്കരവാക്ക് പറയുന്ന. *ad.* മിനുസമായി; ശാന്തമായി. *n.* മിനുക്കൽ; 2. മിനുസമുള്ളത്; മൃദുഭാഗം. *v. t.* മിനുസമാക്കുക, മിനുക്കുക; ഓപ്പമിടുക; 2. ചിപ്പുളിയിടുക, ചിപ്പുളിയുന്തുക (*carp.*); 3. 'ഇസ്ത്രി'യിടുക, കൊട്ടുവടിയിടുക; 4. എളുപ്പം ആക്കുക, സുഗമം—; 5. ലളിതം—, ഒഴുക്കംവരുത്തുക; 6. പൂശിക്കളയുക, മിനുക്കിക്കളയുക. 7. ശാന്തം ആക്കുക; 8. ക്രമം—. *v. i.* മുഖസ്തുതിപറയുക, ചക്കരവാക്ക്—. **-'ēr,** *n.* മിനുക്കുന്നവൻ, മിനുക്കി. **-'ing,** *n.* മിനുക്കൽ. *a.* മിനുസമാക്കുന്ന. **s.g-iron** 'ഇസ്ത്രി'ക്കല്ല്, കൊട്ടുവ(ത)ടി, 'ഇസ്ത്രി'പ്പെട്ടി. **s.g-plane** മിനുസച്ചിപ്പുളി (*carp.*). **-'ly,** *ad.* മിനുസമായി; സൌമ്യതയോടെ. **-'ness,** *n.* മിനുസം, മൃദുത്വം.

**Smōte,** *p. t. of* **Smite.**

**Smŏth'ēr,** *v.t.* ഞെക്കിക്കൊല്ലുക, ശ്വാസംമുട്ടിക്കുക; 2. മൂടുക; ഇല്ലാതാക്കുക, കെടുത്തുക; 3. അടക്കുക, ഒതുക്കുക, മറച്ച് വെക്കുക. *v. i.* ശ്വാസംമുട്ടുക, വീർപ്പ്—; 2. നീറുക, എരിഞ്ഞ് പോക. *n.* കട്ടംപുക; 2. പൊടിപടലം. **-i-ness,** *n.* വീർപ്പ്മുട്ടിക്കുന്നഗുണം. **-ing-ly,** *ad.* ശ്വാസംമുട്ടിക്കുന്നതായി. **-y,** *a.* ശ്വാസം മുട്ടിക്കുന്ന.

**Smouch,** *v.t.* ചേറ് പിരട്ടുന്ന, അഴക്കാക്കുന്ന. *n.* ചേറ്; 2. കറ.

**Smōul'dēr, Smōl'dēr,** *v. i.* നീറുക, പുകഞ്ഞിരിക്കുക, നീറിക്കത്തുക; 2. (മനസ്സിൽ) എരിഞ്ഞ് കൊണ്ടിരിക്കുക. **-ing, smōul'dry, smōl'dry,** *a.* നീറിക്കൊണ്ടിരിക്കുന്ന, പുകഞ്ഞ് കൊണ്ടിരിക്കുന്ന, എരിഞ്ഞ് കൊണ്ടിരിക്കുന്ന. **-ing-ness,** *n.* നീറല്, എരിച്ചല്.

**Smudge** (smuj), *n.* പുക; 2. പുകക്കുണ്ട്; 3. കരി, കറ, കളങ്കം. *v.t.* പുകയിടുക, 2. പുകയിട്ട് ശ്വാസംമുട്ടിക്കുക; 3. കരിപിടിപ്പിക്കുക; കറയാക്കുക. **smudg'i-ness,** *n.* കരിനിറം, കറ.

**Smug**, *a.* വൃത്തിഉള്ള, ചന്തം—, മോടി—, അഴക്—. **-'ly**, *ad.* ഭംഗിയായി, മോടിയായി. **-'ness**, *n.* വെടിപ്പ്, മോടി.

**Smug'gle**, *v.t.* & *i.* കള്ളച്ചരക്ക് കൊണ്ട് പോക, ചുങ്കംവീട്ടാതെ ചരക്ക് കൊണ്ട് വരിക, —കൊണ്ട് പോക. **smug'gled** (smug'g'ld) **goods** കള്ളച്ചരക്ക്, വ്യാജച്ചരക്ക്. **smug'glĕr**, *n.* കള്ളച്ചരക്ക് കൊണ്ട് വരുന്നവൻ; കള്ളച്ചരക്ക് കപ്പല്.

**Smug'ly, Smug'ness**, *s. u.* **Smug.**

**Smut**, *n.* അട്ടക്കരി, ഇല്ലട്ടക്കരി; 2. അഴക്ക്, ചേറ്; 3. പൂപ്പ്, കരിപ്പൂപ്പ്; 4. അസഭ്യം, ചീത്തവാക്ക്, ചീത്ത, വാവിക്ഷ്വാണം. *v. t.* കരിപിടിപ്പിക്കുക, കറുപ്പിക്കുക; 2. പൂപ്പ് പിടിപ്പിക്കുക; 3. കറപ്പെടുത്തുക, കറയാക്കുക; 4. പൂപ്പ് നീക്കുക. *v. i.* കരിപിടിക്കുക, കരിയാക; 2. കരിവീഴക. **-'ty**, *a.* കരിപിടിച്ച, പുക—; പൂപ്പ് പററിയ; അസഭ്യമായ. **-'ti-ly**, *ad.* കരിയായി, കറുപ്പായി. **-'ti-ness**, *n.* കരി, കറുപ്പ്.

**Smutch** (smuch), *n.* കറ, ചേറ്, കല. *v. t.* (*also* **Smooch**) പുകപിടിപ്പിക്കുക, കരി—.

**Smut'ty, Smut'ti-ly, Smut'ti-ness**, *s. u.* **Smut.**

**Snack**, *n.* ക്രറ്, ഓഹരി; 2. അല്പാഹാരം, (തിരക്കിട്ടുണ്ട) ഒര് പിടിച്ചോറ്. **to go s.s** ക്രറ് ക്രടുക, പങ്ക്—, ഓഹരിക്ക്—.

**Snaf'fle, s.-bit**, *n.* ചങ്ങലക്കടിവാളം. *v. t.* ചങ്ങലക്കടിവാളം ഇടുക; 2. കടിഞ്ഞാണ്—.

**Snag**, *n.* (മുറിച്ചകൊമ്പിൻെറ) കററി; മുഴ; 2. കൊന്ത്രമ്പല്ല്; പുഴപ്പല്ല്; 3. പുഴയിലുള്ള മരക്കുററി; 4. (മാനിൻെറ) ചില്ലിക്കൊമ്പ്, കവരക്കൊമ്പ് (*z.*). **s.-tooth** കൊന്ത്രമ്പല്ല്; പുഴപ്പല്ല്. *v. t.* കൊമ്പ് കഴിക്കുക, —കൊത്തുക; 2. മരക്കുററിക്ക് തട്ടി കേട് വരുത്തുക. **snagged** (snagd), *a.* കററിഉള്ള. **-'gy**, *a.* മുഴ—; കററി—; ശൃംഗിയായ.

**Snāil**, *n.* അച്ച് (*z.*); 2. മടിയൻ, മന്ദഗതിക്കാരൻ, പതുക്കപ്പുഴങ്ങി. **s.-like** പതുക്കെ, മെല്ലെ.

**Snāke**, *n.* പാമ്പ്, സർപ്പം (*z.*). **blind s.** കരുടിപ്പാമ്പ് (*z.*). **green (whip) s.** പച്ചോ(ച്ചി)ലപ്പാമ്പ്, പച്ചിളിപ്പാമ്പ് (*z.*). **rat-s.** ചേര (*z.*). **tree-s.** മരപ്പാമ്പ് (*z.*). **water-s.** നീർക്കോലി (*z.*). **ringed s.** വളവളപ്പൻ (*z.*). **s.-eater, s.-neck** ചകോരം (*z.*). **s.-gourd** ചുരങ്ങ (*b.*). **s.-root** കിരിക്കിഴങ്ങ് (*b.*). **s.-stone** ഒര് വക ചാണക്കല്ല്. **s.-wood** കാട്ടുവള്ളിക്കാഞ്ഞിരം, മോതിരക്കാഞ്ഞിരം (*b.*). *v. t.* (out) (മളയിൽനിന്ന്) പുറത്തേക്ക് വരിക; പുറപ്പെടുക; 2. വളച്ച് വെക്കുക (*naut.*). *v. i.* ഇഴയുക, ഇരിയുക. **snā'-kish, snā'ky**, *a.* പാമ്പിൻെറ; പാമ്പ് പോലെയുള്ള; വളഞ്ഞ; കൌശലം ഉള്ള, യുക്തി—; സർപ്പാകൃതിയായ.

**Snap**, *v. t.* അറുക്കുക, പൊട്ടിക്കുക; 2. നറുക്കുക, തകർക്കുക; 3. അടിക്കുക, തട്ടുക; 4. തച്ചടക്കുക; 5. കപ്പുക, കടിക്കുക; 6. (up) തിമിക്കുക; 7. ക്രുദ്ധിച്ച് പറയുക; 8. പുളയിച്ച് ശബ്ദംപുറപ്പെടുവിക്കുക, പൊട്ടിക്കുക; 9. (വിരല്) നൊടിക്കുക; 10. കൊളുത്ത് വെക്കുക, പിടിത്തം—. *v. i.* അററുപോക, പൊട്ടിപ്പോക; 2. നറുങ്ങിപ്പോക; 3. പൊട്ടിത്തെറിക്കുക; 4. (at) കപ്പുക (*N.*), കമ്മുക (*S.*); കടിപ്പാൻനോക്കുക; (മീന് ഇര) കൊത്തുക; 5. (at) ചീറുക, മെരിട്ടുക; 6. വെടിപൊട്ടാതെപോക, തീക്രുടാതെ—. *n.* പൊട്ടൽ, പൊട്ട്; 2. കപ്പൽ; കപ്പ്; 3. നൊടിക്കൽ, നൊടി; 4. (പൊട്ടുന്ന) ഒച്ച; 5. കൊതിയൻ, അത്യാഗ്രഹി; 6. കടി, കക്ഷണം, നറുക്ക്, വായി, അല്പം, പൊടി; 7. ഇട, വീപ്പ്, സമയം; 8. പിടിത്തം, കൊളുത്ത്; 9. *pl.* ചുക്കട, ഒര് വക ചെറിയ അപ്പം; 10. ജാഗ്രത, ചുറുക്ക്; 11. ലാഭത്തഞ്ചം, പണം ഉണ്ടാക്കാനുള്ള തരം. **s.-judgment** പെട്ടന്നുള്ള അഭിപ്രായം, ആലോചിക്കാതെയുള്ള തീപ്പ്. **s.-lock** കൊളുത്ത് പൂട്ട്. **s.-shot** കുറിനോക്കാതെയുള്ള വെടി. **-'pĕr**, *n.* പിടിക്കുന്നവൻ; ഒര് മത്സ്യം (*z.*); ഒര് വക ആമ (*z.*); മരങ്കൊത്തിപ്പക്ഷി (*z.*). **-'ping**, *a.* കപ്പുന്ന;

പിടിക്കുന്ന. s.g turtle ഒര്വക വലിയവെള്ളാമ (z.). -'pish, -'py, *a.* കപ്പുന്ന, കടിക്കുന്ന; കടിച്ചെത്തുന്ന, ശുണ്ഠിയായ; ഇളിഞ്ഞ. -'pish-ly, *ad.* ശുണ്ഠിയായി, ഈറയോടെ. -'pish-ness, *n.* ഇളിച്ചല്, ശുണ്ഠി.

Snāre, *n.* കെണി, വല, വില്ല്, കണി, കണ്ണി, കരുക്ക്; 2. കട്ടക്ക്; 3. ചെണ്ടക്കമ്പി; 4. ഒര്വൈദ്യശസ്ത്രം (*surg.*). s.-drum ചെറുചെണ്ട (*mil.*). *v. t.* കെണിക്കുക, വലയിൽപെടുത്തുക, കട്ടക്കുക; 2. കട്ടക്കിലാക്കുക, കഴക്കുക. snā'rĕr, *n.* കെണിവെക്കുന്നവൻ, വില്ല്—, കട്ടക്കുന്നവൻ. snā'ry, *a.* കെണിയുള്ള; കട്ടക്കുന്ന; കൌശലമുള്ള.

I. Snärl, *v. t.* തകിടിൽകൊത്തിപ്പൊന്തിക്കുക, പൊന്തക്കൊത്ത് പണിചെയ്യുക. -'ĕr, *n.* —പണിക്കാരൻ. -'ing, *a.* —പണിയായ. s.g-iron കൊത്തുളി.

II. Snärl, *v. t.* കട്ടക്കാക്കുക, കഴക്കുക; 2. കട്ടക്കിലാക്കുക, കെണിക്കുക, കഴപ്പത്തിലാക്കുക. *n.* കട്ടക്ക്, കഴക്ക്; 2. കഴപ്പം, വിക്ഷമം, ദുഘടം.

III. Snärl, *v. t.* മുരളുക, ചീറുക, ഉരമ്പു (മ്മു)ക; 2. മുറുമുറുക്കുക, പിറുപിറുക്കുക, കററംപറയുക. *n.* മുരൾച്ച, ചീററം; 2. പിറുപിറുപ്പ്; ക്രോധം, കാലുഷ്യം. -'ĕr, *n.* ചീറുന്നവൻ; ശണ്ഠക്കാരൻ; മുരളുന്ന മൃഗം. -'ing, *a.* മുരളുന്ന; ഈറപിടിച്ച.

Snā'ry, *a.*, *s. u.* Snare.

Snatch (snach), *v. t.* പിടിച്ച്പറവുക, തട്ടിപ്പറിക്കുക, പിടുങ്ങുക, പറവുക, ബലമായെടുക്കുക, പറിച്ചെടുക്കുക; 2. പിടിച്ച് വലിച്ച് കൊണ്ട് പോക; 3. മുരുണ്ടുക. *v. i.* (at) പിടിപ്പാൻനോക്കുക, ഏന്തുക. *n.* പിടിത്തം, പററല്; തട്ടിപ്പറിക്കൽ; ഏന്തൽ; 2. വീപ്പ്, ഊഴം, കൈ; 3. തുണ്ടം, കഷ്ണണം, അല്പം, ലേശം. s.-block (കയറിടുന്ന) കപ്പി (*naut.*) -'ĕr, *n.* പിടിച്ച് പറവുന്നവൻ. -'ing-ly, *ad.* പെട്ടന്ന്, ബലമായി; പിടിച്ച് പററിക്കൊണ്ട്.

Snath, Snēad, Snēed, Snēath, Snēathe, Snēeth, Snāthe, Sned, *n.* അരുവാൾപിടി.

Snēak, Snick, *v. i.* പതുങ്ങിനടക്കുക, ഒളിഞ്ഞ്—, ഒളിച്ച്പോക, നുഴക; 2. നിരങ്ങുക, താഴക, നിലത്തോട് പറവുക; താണ് വീണ് ചെയ്യുക; 3. നീചത്വംകാട്ടുക, ഹീനഭാവം—. *n.* നീചൻ, അധമൻ. -'ĕr, *n.* പതുങ്ങുന്നവൻ; നീചൻ; ഒര്വക പാനപാത്രം, കിണ്ടി, പിടിമോന്ത, മുരുട. -'i-ness, *n.* നീചത്വം. -'ing, -'y, *a.* പേടിച്ചൊളിക്കുന്ന; ധൈര്യമില്ലാത്ത; ഉള്ളാലെയുള്ള; നീചമായ. -'ing-ly, *ad.* ഹീനമായി. -'ing-ness, *n.* നീചത്വം; ഭീരുത്വം.

Snēath, Snēathe, *see* Snath.

Sneck, Snick, *n.* കൊളുത്ത്, വാതിൽകൊക്ക. *v. t.* (വാതിലിന്ന്) കൊക്കയിടുക. s. up മിണ്ടല്ല.

Snēer, *v. i.* മുഖംകോട്ടുക, കൊഞ്ഞനം കാട്ടുക; 2. നിന്ദിക്കുക, പരിഹസിക്കുക, നിസ്സാരമാക്കുക; 3. ശോക്കികാട്ടുക. *v. t.* കൊഞ്ഞനംകാട്ടിപ്പറയുക; 2. നിന്ദിക്കുക, നിസ്സാരമാക്കുക, പുച്ഛിക്കുക. *n.* കൊഞ്ഞനംകാട്ടൽ; 2. പരിഹാസം, ചിരി; 3. ധിക്കാരം. -'ĕr, *n.* പരിഹസിക്കുന്നവൻ. -'ing-ly, *ad.* നിന്ദയോടെ.

Snēeze, *v. i.* ചിമ്മുക, തുമ്പു(മ്മു)ക. not to be s.d at നിസ്സാരമാക്കാൻ തരമില്ലാത്ത, കാൎയ്യമായിവിചാരിക്കേണ്ടുന്ന. *n.* തുമ്മ(മ്പ)ല്, ചിമ്മല്, ക്ഷവം, ക്ഷുതം. snēez'ing, *n.* ചിമ്മല്, തുമ്പല്.

I. Snell, *a.* ചുറുക്കുള്ള, വേഗതയുള്ള.

II. Snell, *n.* ചൂണ്ടക്കണ്ണി.

I. Snick, *n.* വട്ടു, കല, മുറി; 2. കെട്ട്, കട്ടക്ക്. *v. t.* മുറിക്കുക, മുറിച്ചെടുക്കുക.

II. Snick, *s. a.* Sneak.

Snick'ĕr, Snig'gĕr, *v. i.* വായിപൊത്തിച്ചിരിക്കുക; 2. അമുക്കിച്ചിരിക്കുക. *n.* അമുക്കിച്ചിരി.

Snīde, *a.* ഉപായം ഉള്ള, കൌശലം—; 2. ചതി—; 3. നിന്ദ്യമായ.

Sniff, *v. i.* & *t.* മൂക്കിൽവലിക്കുക; ഉറക്കെമണക്കുക; 2. മണക്കുക; മണത്തറിയുക. *n.* മൂക്കിൽവലിക്കൽ; മണക്കൽ; 2. മണത്തറിവ്; 3. മണക്കുന്നസാധനം. -'fing, *n.* മൂക്ക് വലി (*phys.*).

**Snif'fle**, *v. i.* മൂക്ക് വലിക്കുക.

**Snift**, *v. i.* മൂക്കിൽവലിക്കുക; 2. മണക്കുക. *n.* നൊടിനേരം, നിമിഷം; 2. ഹിമവൎഷം.

**Snig**, *v. t.* മുറിച്ച് കളയുക, വെട്ടിക്കളയുക.

**Snig'gĕr**, *v. i.*, *s. a.* **Snicker.**

**Snig'gle**, *v. i.* വക്കുക, ചൂണ്ടലിടുക. *v. t.* ധററ് പിടിക്കുക; 2. കടുക്കുക.

**Snip**, *v. t.* നറുക്കുക, തുണ്ടംമുറിക്കുക, കോത് വെട്ടുക (*S.*), തലനുള്ളുക; 2. മുറിച്ചെടുക്കുക; 3. എടുത്ത് കളയുക, അപഹരിക്കുക. *n.* നറുക്കൽ, കത്രിക്കൽ, വെട്ടൽ; 2. വെട്ട്; 3. കഷണം, തുണ്ടം; 4. തുന്നക്കാരൻ; 5. തകിട് കത്രി. **s.-snap** കൊക്ക, കൊക്കപറയൽ; ശീഘ്രമായ; ചുണയുള്ള; ചുരുക്കമായ; കൎശനമായ. **-'pĕr**, *n.* നറുക്കുന്നവൻ, മുറിക്കുന്നവൻ. **s.r-snapper** നിസ്സാരൻ. **-'pet**, *n.* ചെറുകഷണം, അല്പം. **-'pet-y**, *a.* വളരെ ചെറിയ, അത്യല്പം ആയ, ശിഥിലം—.

**Snīpe, Snip'pack**, *n.* (കടൽ)പുള്ള്, മൂഴക്കൻ, കോട്ടാൻ (*z.*); 2. പൊട്ടൻ, ഭോഷൻ, വിഡ്ഢി. **s.-fish** ഒരു് വക തളയൻ (*z.*). **snī'py**, *a.* മൂഴക്കനെപോലെയുള്ള.

**Snīthe, snith'y**, *a.* ക്രൂത്ത, കത്തുന്ന; 2. മുറിക്കുന്ന; 3. കഠിനമായ.

**Sniv'el**, *v. i.* മൂക്കൊലിക്കുക, മൂക്കിന്നൊലിക്കുക; 2. മൂക്ക് വലിക്കുക; 3. കരയുക. *n.* മൂക്ക(ക്കി)ട്ട, മൂക്ക് ചളി, മൂക്കിള, നാസികാമലം. **-ĕr, -lĕr**, *n.* മൂക്കൊലിക്കുന്നവൻ; മൂക്ക് വലിക്കുന്നവൻ. **-ly**, *a.* മൂക്കൊലിക്കുന്ന, ജലദോഷം ഉള്ള, ചീരാപ്പ്—; കരയുന്ന, പരിതാപകരമായ.

**Snob**, *n.* ഭാവംനടിക്കുന്നവൻ, പൊങ്ങച്ചക്കാരൻ, ഡംഭി; അഴക് രാവണൻ; 2. നഗര(വാസിയായ)വിദ്യാൎത്ഥി; 3. ചെരിപ്പ് കുത്തി; 4. കറഞ്ഞകൂലിക്ക് പണിയെടുക്കുന്നവൻ. **-'bĕr-y, -'bish-ness, ='bism**, *n.* ഭാവനാട്യം, ഡംഭ്, അഹങ്കാരം. **-'bish, -'by**, *a.* പൊങ്ങച്ചമുള്ള, വലിയഭാവംനടിക്കുന്ന. **-'bish-ly**, *ad.* അഹംഭാവത്തോടെ. **-'liṅg**, *n.* ചെറിയശപ്പി. **-oc'ra-cy**, *n.* ശപ്പിഗണം.

**Snod**, *n.* മുടികെട്ടുന്നനാട, —ചരട്, മൂട് മുറുക്കി. *a.* മിനുക്കിനന്നാക്കിയ, വൃത്തി ഉള്ള; 2. കൗശലം—.

**Snood**, *n.* കന്യകാമുടിനാട, —മൂട് മുറുക്കി; 2. ചൂണ്ടക്കണ്ണി. *v. t.* മുടികെട്ടുക. **-'ed**, *a.* കന്യകാമുടിനാടകെട്ടിയ.

**Snooze**, *n.* അല്പനിദ്ര, ലഘു—, കണ്ണ് കാച്ചൽ. *v. i.* അല്പമായി ഉറങ്ങുക, കണ്ണ് കാച്ചുക.

**Snōre**, *v. i.* ക്രുക്ക(ം)വലിക്കുക. *n.* ക്രുക്ക(ം)വലി, ക്രുക്ക, ഘൎഘരം. **snō'rĕr**, *n.* ക്രുക്ക(ം)വലിക്കുന്നവൻ. **snō'riṅg**, *n.* ക്രുക്ക(ം)വലി, ഘൎഘരരവം (*phys.*).

**Snort**, *v. i.* മൂക്കിൽകൂടി ഉഗ്രമായി ശ്വാസംവിടുക, ചീറുക, ചീററുക; 2. ക്രുക്ക(ം)വലിക്കുക; 3. പൊട്ടിച്ചിരിക്കുക. *v. t.* ചീററുക; 2. ചീറികൊണ്ട് പറയുക. *n.* ചീറൽ; 2. ചീററം. **-'ĕr**, *n.* ചീററുന്നവൻ.

**Snot**, *n.* മൂക്കട്ട, മൂക്കിള, മൂക്ക് ചളി; 2. നീചൻ, ആഭാസൻ. *v. t.* മൂക്ക് ചീന്തുക, —പിടിക്കുക. **-'tĕr**, *v. i.* മൂക്കൊലിക്കുക. **-'ty**, *a.* മൂക്കിളപിരണ്ട; —ഒലിക്കുന്ന; വൃത്തികെട്ട, അഴക്കായ. **-'ti-ly**, *ad.* അഴക്കായി, വൃത്തികേടായി. **-'ti-ness**, *n.* വൃത്തികേട്, മാലിന്യം.

**Snout**, *n.* മോന്ത; 2. തുമ്പിക്കൈ; 3. (ഹാസ്യമായി) മൂക്ക്; 4. കഴൽവായി, ചുണ്ട്, മുന, അററം. *v. t.* മുനവെക്കുക, ചുണ്ട്—. **-'y**, *a.* മോന്തപോലെയുള്ള.

I. **Snōw** (snō), *n.* 'പത്തേമ്മാരി', ചെറുകപ്പല് (*naut.*).

II. **Snōw** (snō), *n.* ഹിമം, തുഷാരം, ഉറച്ചമഞ്ഞ്, മഞ്ഞ് കട്ടി; 2. വെളുത്തസാധനം; 3. പെയ്യുന്നത്. **s.-ball** ഹിമയുരുള; ഒരു് പുഷ്പം (*b.*). **s.-bird, s.-bunting, s.-flakē, s.-fleck, s.-flight** ഒരു് ഹിമപ്പക്ഷി (*z.*). **s.-blind** ഹൈമാന്ധതയുള്ള. **s.-blindness** ഹിമാന്ധത, ഹൈമാന്ധത. **s.-bound** ഹിമാവൃത, ഹിമത്തിൽകടുങ്ങിയ. **s.-broth** അലിമഞ്ഞ്; ഹിമജലം; ശീതളപാനകം. **s.-cap** ഒരു് ചെറുപക്ഷി (*z.*). **s.-capped** ഹിമം മൂടിയ, ഹിമശിഖരമുള്ള. **s.-drift** ഒലിച്ച്

യന്നഹിമം, ഹിമപ്പരപ്പ്. **s.-drop** ഒര് പൂണ്ണം (*b*.). **s.-flake** ഹിമസ്ഫടികം, ഹിമച്ചില്ല്, മഞ്ഞ്കട്ട. **s.-flood** ഹിമപ്രവാഹം, ഹിമവെള്ളം. **s.-line** ഹിമപ്രാന്തം. **s.-plow, s.-plough** ഹിമക്കൊഴു. **s.-shed** ഹിമപ്പന്തല്. **s.-shoe** ഹിമച്ചെരിപ്പ്. **s.-slip** ഹിമപ്രവാഹപതനം. **s.-storm** ഹിമക്കോള്. **s.-white** തൂയ്യവെള്ളയായ, നന്നവെളുത്ത. *v. i.* (*impers.*) ഹിമം പെയ്യുക, —വീഴുക. **-'less,** *n.* —ഇല്ലാത്ത. *v. t.* വിതറുക. **-'y,** *a.* ശുദ്ധവെള്ളയായ, വെളുത്ത; ഹിമം മൂടിയ; ശുദ്ധം ആയ, നിമ്മലം—.

**Snub,** *v. t.* തിരുള്ളനള്ളുക, തല—, തുഞ്ചംമുറിക്കുക; 2. വളച്ചുനിൎത്തുക, അരട്ടുക; 3. ശാസിക്കുക, ശകാരിക്കുക; 4. ധിക്കാരംകാട്ടുക, അലക്ഷ്യമാക്കുക. **to s. a cable or rope** (അഴച്ച്വിടുന്ന കമ്പ) പെട്ടന്ന്പിടിച്ച്നിൎത്തുക. *n.* തടസ്ഥം; 2. ശകാരം; 3. അലക്ഷ്യം. **s.-nose** ചപ്പമൂക്ക്. **s.-nosed** പതിമൂക്കുള്ള. **s.-post, s.bing post** തോണികെട്ടിയിടുന്നകററി.

I. **Snuff,** *n.* തിരിയുടെ അഴുക്ക്, തിരിത്താമ്പല്, തിരിമക്കി, കരിന്തിരി. *v. t.* തിരിയുടെ അഴുക്ക് കളയുക, തിരിമുറിക്കുക. **to s. out** (തിരിമുറിച്ച്) വിളക്ക് പൊലിക്കുക. **-fĕrs,** *n. pl.* തിരികത്രി, ചവണ.

II. **Snuff,** *v. t.* പുകയിലപ്പൊടിവലിക്കുക, പൊടി—; 2. മൂക്കിൽ—; 3. മണക്കുക, മണത്തറിയുക. *v. i.* ഊക്കോടെശ്വാസം വലിക്കുക; 2. വിരസംകാട്ടുക, മുഷിയുക. *n.* മൂക്കിൽവലിക്കൽ; 2. മണക്കൽ; 3. മണത്തറിവ്; 4. പുകയിലപ്പൊടി, പൊടി; നാസികചൂൎണ്ണം. **s.-box** പൊടിക്കുപ്പി, പൊടിയളു; ചിമിഴ് (*S*.). **s.-taker** പൊടിവലിക്കുന്നവൻ. **to take it in s.** മുഷിയുക. **up to s.** തോല്പിപ്പാൻ കഴിയാത്ത, യുക്തിയുള്ള. **='fĕr,** *n.* പൊടിവലിക്കുന്നവൻ; കടലേടി, കടല്പന്നി (*z*.). **='fing-ly,** *ad.* മുഷിച്ചലായി. **='fy,** *a.* പുകയിലപ്പൊടിപിരണ്ട; വെറുപ്പ്പിടിച്ച.

**Snuf'fle,** *v. i.* മൂക്ക്കൊണ്ട് സംസാരിക്കുക, കിണുങ്ങിപ്പറയുക (*S*.); മൂക്ക(ക്കു)റയനായിരിക്കുക; 2. അടഞ്ഞമൂക്കിൽക്കൂടി ശ്വാസംവിടുക. *n.* കിണുങ്ങിപ്പറയൽ; 2. മൂക്ക് (കൊണ്ടുള്ള) സംസാരം; 3. മൂക്കടപ്പൊച്ച; 4. കിണുക്ക്; 5. നാട്യസ്വരം; 6. കപടഭക്തി; 7. *pl.* മൂക്കടപ്പ്, മൂക്കൊലിപ്പ്, ജലദോഷം, 'ചീരാപ്പ്'. **=flĕr,** *n.* കിണുങ്ങിപ്പറയുന്നവൻ; നാട്യസ്വരക്കാരൻ.

**Snuf'fy,** *a.*, *s. u.* **Snuff** II.

**Snug,** *a.* പററിക്കൊണ്ട്, ചൂട്ടുള്ളതായി, ചൂട്പററിക്കൊണ്ട്; 2. അടങ്ങിയ, മറവായ, ആരുംകാണാത്ത; 3. ഒതുക്കമുള്ള, പാങ്ങുള്ള, അനുകൂലമായ, സുഖകരമായ. *v. i.* (up, together) പററിക്കിടക്കുക, പററുക. *v. t.* സുഖത്തിൽ കിടത്തുക; 2. (പിരിച്ചചരട്) ഉരച്ച്മിനുക്കുക. **-'gĕr-y,** *n.* സുഖസ്ഥലം. **-'gle,** *v. i.* തിക്കിത്തിരക്കിപ്പററുക; സുഖേനകിടക്കുക. **-'ly,** *ad.* സുഖമായി; ഒതുക്കത്തോടെ; ഭദ്രമായി. **-'ness,** *n.* ഒതുക്കം, സുഖം.

**Snȳ,** *n.* മരക്കഷണത്തിന്റെ പുറവളവ്; 2. കപ്പൽപള്ളവളവ്. **-'ing,** *n.* കപ്പലിന്റെ അണിയപ്പലക.

**Sō,** *ad.* അപ്പോലെ, ഇപ്പോലെ, അത്പോലെ, ഇത്—, അപ്രകാരം, ഇപ്രകാരം, അവ്വണ്ണം, ഇവ്വണ്ണം, അങ്ങിനെ, ഇങ്ങിനെ; 2. അത്ര, ഇത്ര; 3. (*following* as *or* inasmuch as) (എങ്ങിനെയൊ) അങ്ങിനെ, (ഏത് പ്രകാരമോ) അപ്രകാരം; 4. (as *or* that *following*) (......ആക) തക്കവണ്ണം: **he was s. fortunate as to escape,** *or* **he was s. fortunate that he escaped** അവൻ തെററി രക്ഷപ്പെടത്തക്കവണ്ണം അവന്ന് ഭാഗ്യം ഉണ്ടായി, അവന്റെ ഭാഗ്യംകൊണ്ട് അവൻ തെററിപ്പോന്നു, തെററിപ്പോരത്തക്കയോഗം അവനുണ്ടായി; **be s. kind as to tell me** ദയവായി എന്നോട് പറവിൻ; **s. far as I was able** എന്റെകഴിവിന്ന് തക്കവണ്ണം, എന്നാൽകഴിയുമ്പോലെ; 5. എത്രയോ, എത്രയോ അധികം, വളരെ, അധികം, നന്നെ: **it is s. good** അത് എത്രയോ നന്ന്, അത് വളരെ നല്ലത്; 6. പറഞ്ഞപോലെ, മേല്പ്രകാരം, അവ്വണ്ണംതന്നെ,

അങ്ങിനെതന്നെ; ഉം: show him respect yourself and make others to do s. too നീതന്നെ അവനെ ബഹുമാനിക്കുകയും മററുള്ളവരെക്കൊണ്ടും അപ്രകാരം ചെയ്യിക്കുകയും വേണം; he is a king's son, s. are you അവൻ ഒര് രാജകുമാരനാകുന്നു നിങ്ങളും അങ്ങിനെതന്നെ, നിങ്ങളും അവനെപോലെ ഒര് രാജപുത്രനാകുന്നു; 7. (*also conj.*) അത് കൊണ്ട്, അത് ഹേതുവായി, അത് നിമിത്തം, ആകയാൽ, ആയത് കൊണ്ട്; 8. നന്ന്, വേണ്ടല്ല, വേണ്ടതില്ല, അങ്ങിനെയാകട്ടെ, അങ്ങിനെ; 9. (*expletive*) എങ്കിലൊ, എന്നാൽ, അങ്ങിനെ: s. the work is done, is it? അങ്ങിനെ (എന്നാൽ) ആ പണി തീൎന്നു അല്ലേ?; 10. എന്ത്, എന്താ(ണ്)പറയുന്നത്, അതെയോ, അങ്ങിനെയാണോ: do you say he refuses? s.? എന്ത് അവൻ കൂട്ടാക്കുകയില്ലെന്നോ?; 11. ഏതാനും, ഏകദേശം, ഏറക്കുറയ, മറെറാ: I will remain here a week or s. ഞാൻ ഏതാനും ഒരാഴ്ചവട്ടം ഇവിടെ താമസിക്കും, ഞാൻ ഒരാഴ്ചവട്ടമോ മറെറാ—. so....as .....പ്രകാരം, .....പോലെ; .....ഏത് പ്രകാരമോ അപ്രകാരം, ഓളം. s. called എന്ന് പറഞ്ഞ് വരുന്ന, എന്ന് പറയുന്ന. s. far അത്രക്ക്, ആ വിഷയത്തിൽ, അവസ്ഥക്ക്, സംബന്ധിച്ചേടത്തോളം, ഓളം. s. far forth അത്രോളം, അത്രക്ക്. s. forth, s. on മുതലായ, ആദിയായ, ഇത്യാദി, മററും. s. long പൎയ്യന്തം. so so ഓഹോ, ഓ; അങ്ങിനെയൊ; ഒര് വിധം, സാമാന്യം, ഏതാനും, ഒട്ടൊക്കെ; അങ്ങിനെ; എന്ന് പറയാം. s. that ....ആൻ ക്കവണ്ണം, ആയ്കൊണ്ട്, ....ആൻവേണ്ടി. s. then അത് കൊണ്ട്, അത് ഹേതുവായി, എന്നത് കൊണ്ട്, കാരണത്താൽ, അങ്ങിനെയാകയാൽ. s. much as പോലും. s. much the better അത്രക്ക് നന്നായി, അത്രക്ക് ഗുണം. *conj.* എങ്കിൽ, ...... ആൽ, ......പക്ഷം. *int.* നല്ലത്; 2. നില്ല്, നില്ക്ക്; 3. മിണ്ടല്ല.

**Sōak** (sōk), *v. t.* നനക്കുക, കു(പ്പ)ത്തുക, തുവെക്കുക, മുക്കുക; 2. ഒഴുകുക; 3. ഈറുക, ഇറുമ്പുക, വലിച്ചെടുക്കുക, നക്കുക; 4. (through) പ്രവേശിക്കുക, കനിഞ്ഞ് ചെല്ലുക. *v. i.* നനയുക, കു(പ്പ)തരുക; 2. കനിയുക, ഊറുക; 3. ആൎത്തിയോടെ കുടിക്കുക; കണക്കിലേറ—. -'āġe, *n.* കു(പ്പ)തിരൽ; കനിച്ചല്; കനിച്ചൽ കമ്മി, —'ജാസ്തി'. -'ĕr, *n.* തുവെക്കുന്നവൻ; കുതരുന്നസാധനം; പെരുങ്കുടിയൻ. -'ing, *a.* നനക്കുന്ന, കു(പ്പ)തൎത്തുന്ന, നനഞ്ഞൊലിക്കുന്ന, നനഞ്ഞൊഴുകുന്ന. -'ing-ly, *ad.* തുവെച്ച്, നനച്ച്, കുതൎന്ന്. -'y, *a.* നനഞ്ഞ, നനഞ്ഞൊഴുകുന്ന, കുതൎന്ന.

**Sōal** (sōl), *n.* കപ്പക്കുണ്ട്.

**Sōam** (sōm), *n.* കരിച്ചങ്ങല, കലപ്പച്ചങ്ങല.

**Sōap** (sōp), (*see* Saponaceous), *n.* ചവക്കാരം, ചവല്കാരം, 'സാബൂൻ', 'സോപ്പ്'; 2. അത്ത്, ഇഞ്ച; താളി. s.-bubble നീൎപ്പോള; ക്ഷണികസാധനം. s.-berry, s.-nut 'സാബൂൻ'കായി, 'ചവ' ക്കായി (*b.*). s.-plant, s.-apple, s.-berry tree, s.-bulb, s.-weed, s.-tree ഒര് വക ചവക്കായിമരം (*b.*). s.-suds സോപ്പ് നര; ഇഞ്ചപ്പത. hard s., soda s. നൂറ്'സോപ്പ്', താണ—. soft s. നല്ല—, പതമുള്ള—; മുഖസ്തുതി. toilet s. മേൽതേക്കുന്ന—. *v. t.* 'സോപ്പ്'തേക്കുക; 2. താളി—; 3. മുഖസ്തുതി പറയുക. -'i-ness, *n.* 'സോപ്പ്'ഗുണം; ചവക്കാര—; നോള—. -'y, *a.* 'സോപ്പ്'ഗുണമുള്ള; ചവല്കാര—; 'സോപ്പ്'പോലെയുള്ള; —തേച്ച.

**Sōar** (sōr), *v. i.* പറന്ന് കയറുക, മേല്പട്ട്—; 2. ഉയരുക, ആരോഹിക്കുക. *n.* മേലോട്ട് പറക്കൽ, പറന്ന് കയറൽ. -'ing, *n.* ഉയൎച്ച. *a.* ഉയരുന്ന. -'ing-ly, *ad.* മേല്പട്ട് കയറിക്കൊണ്ട്.

**Sō-ä've** (sō-ä'vā), *a.* മധുരമായ, ലാവണ്യമായ (*mus.*). -men'te, *ad.* ലാവണ്യസ്വരത്തിൽ (*mus.*).

**Sob**, *v. i.* വിക്കി(ങ്ങി)വിക്കി(ങ്ങി)ക്കരയുക, തേങ്ങിക്കരയുക, തേങ്ങുക, എക്കിട്ടയിട്ട് കരയുക. *n.* തേങ്ങിക്കരയൽ; 2.

തേങ്ങല്, വിമ്മല്; 3. കരച്ചല്. -'bing, *n.* തേങ്ങല്; വിലാപം.

**Sō'bĕr,** *a.* സുബോധമുള്ള; നിർമ്മദമായ; 2. ലഹരിയില്ലാത്ത; (മദ്യം പെരുമാറുന്നതിൽ) മിതം ഉള്ള; 3. തൻേറടം—, പരിഭ്രമമില്ലാത്ത; 4. പാകത ഉള്ള, സ്വാസ്ഥബുദ്ധി—, (പരി)പാകം—; 5. ഗൌരവം—; ഗംഭീരമായ. s.-minded പാകതയുള്ള. s.-mindedness പരിപാകത. *v. t.* സുബോധം വരുത്തുക; 2. ലഹരിയില്ലാതാക്കുക. *v. i.* (down) സുബോധംവരിക, ബുദ്ധി—; അമലിറങ്ങുക. -īse, -īze, *v. t. & i.* സുബോധംവരുത്തുക; —വരിക. -ly, *ad.* സുബോധത്തോടെ; മിതമായി; ശാന്തമായി; ഗൌരവത്തോടെ. -ness, *n.* നിർമ്മദത്വം, പാകത. =brī'e-ty, *n.* മിതശീലം; സുബുദ്ധി, നിർമ്മദത്വം; പരിപാകം, പാകത, ശാന്തത; ഗൌരവം.

**Sob'ō-lēs,** *n.* വേർമുള, വേച്ചെടി (*b.*); 2. നാര് (*b.*). =lif'ĕr-ŏus, *a.* വേർമുളയുള്ള.

**Sō-brī'e-ty,** *n., s. u.* Sober.

**Sō'bri-quet, Sou'bri-quet** (sō'-bri-kā *or* sụ'-), *n.* മാററപ്പേര്, കളിപ്പേര്, പരിഹാസപ്പേര്, പരിഹാസനാമം.

**Soc'āġe, Soc'cāġe,** *n.* ഒര് വക വെറുങ്കൊഴവവകാശം (*l.*).

**Sō'-called** (-kald), *s. u.* So.

**Sō'ci-a-ble,** *etc., s. u.* Social.

**Sō'cial** (sō'shal), *a.* ജനസംഘസംബന്ധമായ, സമുദായ—, സാമുദായികമായ, സാമാജികമായ; സംസർഗ്ഗസംബന്ധമായ, സാംസർഗ്ഗികമായ; 2. സഹവാസപ്രിയം ഉള്ള, —ശീലം—, സാഹവാസികമായ; 3. ഇണക്കംഉള്ള, രഞ്ജന—; 4. സൌജന്യം—, സല്ലാപപ്രിയം—; 5. ചങ്ങാതിത്വത്തിന്ന് പററിയ; 6. അന്യോന്യം ഉള്ള, തമ്മിൽ തമ്മിൽ—; 7. ജാത്യാചാരസംബന്ധമായ, പരസ്പരമായ; 8. കൂട്ടമായിവളരുന്ന (*b.*); 9. കൂട്ടമായിപാർക്കുന്ന (*z.*). s. plant ഗണസസ്യം (*b.*). s. science പരസ്പരവ്യവഹാരജ്ഞാനം, സാഹവാസികവിദ്യ, സമുദായവ്യവഹാരശാസ്ത്രം. the s. evil വേശ്യാവൃത്തി. sō-ci-a-bil'i-ty, sō'ci-a-ble-ness, *n.* സഹവാസശീലം, സംസർഗ്ഗപ്രിയം; സല്ലാപചാതുൎയ്യം, രസികത്വം; രഞ്ജന. sō'ci-a-ble, *a.* ചേർച്ച ഉള്ള; മനഃപൊരുത്തം—; ചങ്ങാതിത്വത്തിന്ന് പററിയ; സഹവാസശീലം ഉള്ള, സംസർഗ്ഗപ്രിയം—; മെരുക്കം—, ഇണക്കം—; സല്ലാപചാതുൎയ്യം—, —ശീലം—; മധുരാലാപഭരിതമായ, സല്ലാപരസമുള്ള. *n.* —യോഗം, മൈത്രി—, സ്നേഹസല്ക്കാരം, —സദ്യ; ഒര് വകവണ്ടി. sō'ci-a-bly, *ad.* സംസർഗ്ഗപ്രിയമത്തോടെ; സഹവാസശീലത്തോടെ; സല്ലാപരസത്തോടെ. -ism, *n.* സ്ഥിതിസമത്വവാദം; —പരിവൎത്തന—; അരാജകത്വ—. -ist, *n.* സ്ഥിതിസമത്വവാദി; —പരിവൎത്തന—; അരാജക—. -ist, -is'tic, *a.* സ്ഥിതിസമത്വവാദസംബന്ധമായ; —പരിവൎത്തനം സംബന്ധിച്ച. =ci-al'i-ty, -ness, *n.* സഹവാസപ്രിയം; —ശീലം; ലോ(കൃം)ഗ്ര്യം, സൌജന്യം; സല്ലാപപ്രിയം; കൂററായ്മ. -īse, -īze, *v. t.* രഞ്ജിപ്പിക്കുക, സംസർഗ്ഗപ്രിയംവരുത്തുക; സ്ഥിതിസമത്വംവരുത്തുക. -ly, *ad.* സാമുദായികമായി; ജാതിമൎയ്യാദപ്രകാരം; സഹവാസധൎമ്മാനുസാരമായി. =cī-e-tā'ri-an, =cī'e-tar-y, *a.* കൂററായ്മസംബന്ധിച്ച; പരസ്പരസംബന്ധാനുസാരം ആയ; സമുദായസംബന്ധം—; ജാത്യാചാരംസംബന്ധിച്ച. =cī'e-ty, *n.* സംവാസം, സാഹചൎയ്യം, സഹവാസം, ചങ്ങാതിത്വം, സമ്പൎക്കം, സംസർഗ്ഗം; കൂറ്, കൂററായ്മ; സംബന്ധം, ചേർച്ച; സംഘം, സമൂഹം, സഭ, സമാജം; വൎഗ്ഗക്കാര്, വകക്കാര്, സ്വജനം, സമുദായം, ജാതിക്കാര്; സാമൂഹ്യസ്ഥിതി; അവസ്ഥക്കാര്, യോഗ്യന്മാര്, തറവാട്ടുകാര്, പ്രമാണപ്പെട്ടവര്. s.y of Jesus യെശുവിന്തസന്യാസിവൎഗ്ഗം (*R. C.*). s.y verses രസകവിത.

**Sō'cial-ism, Sō-cī'e-ty** *etc., s. u.* Social.

**Sō-cin'i-an-ism,** *n.* ക്രിസ്തുദിവ്യത്വനിഷേധവാദം, 'സൊഷീന്യമതം' (*eccl.*).

**Sō-ci-ol'ō-ġy,** *n.* പരസ്പരവ്യവഹാരജ്ഞാനം, സാഹവാസികവിദ്യ, സമുദായവ്യവഹാരശാസ്ത്രം. =ō-loġ'ic, =loġ'i-cal,

*a.* —വ്യവഹാരവിദ്യാസംബന്ധമായ. **log'i-cal-ly,** *ad.* സാഹവാസികവിദ്യയായി. **=gist,** *n.* പരസ്പരവ്യവഹാരജ്ഞൻ, സമുദായവ്യവഹാരശാസ്ത്രജ്ഞൻ.

I. **Sock,** *n.* കൊഴു.

II. **Sock,** *n.* പുരാതനനാടകച്ചെരിപ്പ്; 2. ഉല്ലാസനാടകചിഹ്നം; 3. (ചെറിയ) കാലുറ; 4. ചെരിപ്പിൻെറ ഉൾത്തോല്. **-'less,** *a.* കാലുറയിടാത്ത.

**Soc'ket,** *n.* കുഴി, തടം, ദ്വാരം; 2. ആധാരം, ഭാജനം; 3. കുഴ, ച്ചുററ്, മോതിരക്കണ്ണി; തുള; 4. (of the door) അരങ്ങല്; 5. (of the eye) കണ്കുഴി, കണ്കൂട് (*S.*), കണ്ണുഹ (*an.*); 6. മെഴുത്തിരി(വെക്കുന്ന) തുള. **s.-chisel** പൊഴിയുളി (*carp.*). **ball and s. joint** കുമിളത്തടക്കെണിപ്പ് (*an.*). **-ed,** *a.* തടമുള്ള.

**Sō'cle,** *n.* തറ, പാദപീഠം; 2. കററിയുയരം (*arch.*).

**Sō-crat'ic, =i-cal,** *a.* (യവനശാസ്ത്രിയായ) 'സോക്രററീസി'ൻെറ പദ്ധതിയായ, ചോദ്യോത്തരവാദമായ. **=i-cal-ly,** *ad.* —വാദമായി. **=tism,** *n.* 'സോക്രററീസ്' പദ്ധതി, പ്രശ്നോത്തരവാദം; 'സോക്രററീസിൻെറ' തത്വജ്ഞാനം.

**Sod,** *n.* മേല്മണ്ണ്, മൺകട്ട, പുല്കൂട്ട. *v. t.* മണ്ണിട്ട് പൊത്തുക, —മൂടുക; 2. പുല്കൂട്ടവെക്കുക. **-'dy,** *a.* മൺകട്ടയായ; മണ്ണ് മൂടിയ; പുല്കൂട്ടയുള്ള.

**Sō'da,** *n.* കാരം, ക്ഷാരം, ഉവർമണ്ണ്; 2. പപ്പടക്കാരം; 3. ലവണസാരം. **s.-water** അംഗാരാമ്ലപാനകം, 'സോട'. **cooking s.** പപ്പടക്കാരം. **washing s.** ക്ഷാ(ചാ)രം, 'ദോബി'ക്കാരം. **=dā'ic,** *a.* ക്ഷാരസംബന്ധമായ; കാരം ഉള്ള.

**Sō-dal'i-ty,** *n.* ചങ്ങാതിക്കൂട്ടം, ഭ്രാതൃവർഗ്ഗം, ഐക്യസഭ; 2. ഭക്തസമാജം (*R. C.*).

**Sod'den** (sod'n), *a.* (*p.p. of* **Seethe**) പുഴുങ്ങിയ, വേവിച്ച; വെന്ത; 2. കു(പ്പ)തന്ന, നനഞ്ഞ. **s.-witted** മന്ദതയുള്ള, മന്ദബുദ്ധിയായ. *v. i.* വേവുക, വെന്തിരിക്കുക, വെന്ത് പോക. *v. t.* പു(ക)തത്തുക.

**Sod'dy,** *a., s. u.* **Sod.**

**So'dĕr,** *n., s. a.* **Solder.**

**Sō'dic,** *a., s. u.* **Sodium.**

**Sō'di-um,** *n.* ലവണധാതു. **s. chloride** ഉപ്പ്, കറിയുപ്പ്, ലവണം. **sō'dic,** *a.* ലവണധാതു സംബന്ധിച്ച; —ഉള്ള.

**Sod'o-my,** *n.* ആൺപുണച്ച്, പുരുഷമൈഥുനം, ഗുദാ—, തുടക്ക് വെക്കൽ, പ്രകൃതിവിരോധഭോഗം. **=mīte,** *n.* പുരുഷമൈഥുനക്കാരൻ. **mit'i-cal,** *a.* പ്രകൃതിവിരോധഭോഗംസംബന്ധിച്ച, ഗുദാമൈഥുനമായ. **mit'i-cal-ly,** *ad.* പുരുഷമൈഥുനമായി.

**Sō-ev'ĕr,** *ad.* ....ആയാലും, ....എങ്കിലും. **what-s.** എന്തായാലും, എന്തെങ്കിലും. **who-s.** ആരെങ്കിലും, ആരായാലും. **whom-s.** ആരെയെങ്കിലും. **where-s.** എവിടെയെങ്കിലും.

**Sō'fa,** *n.* പര്യങ്കം, മഞ്ചം, ചാര്കട്ടില്, ഇരിക്കക്കട്ടില്, 'കോച്ച്', 'സോഫ', പടപ്പുറം (*M.*). **s.-bed** ചപ്രമഞ്ചം

**Sof'fit,** *n.* മെതിയത്തിൻെറ അടി (*arch.*).

**Sō'fi, Sō'fism,** *s. a.* **Sufi, Sufism.**

**Soft,** *a.* കട്ടപ്പമില്ലാത്ത, പതം ഉള്ള, പശിമ—, മയം—, മൃദുത്വം—, മാർദ്ദവമായ; 2. മിനുസം ഉള്ള; 3. തണുപ്പ്—; 4. സൌമ്യം ആയ; 5. മൃദു—, മൃദുലം—, മഞ്ജുളം—, മധുരം—; 6. കോമളം—; 7. അലിവ് ഉള്ള, ആർദ്രത—, ദയ—; 8. ശാന്തം ആയ; 9. ഭീരുത്വം ഉള്ള, പേടി—, ആണത്വം ഇല്ലാത്ത, ധൈര്യം—; 10. എളുപ്പം ആയ, സാവധാനം—; 11. ബലഹീനം—; 12. അല്പബുദ്ധി—, ബുദ്ധികുറഞ്ഞ; 13. സുഖമായ; 14. മുന ഇല്ലാത്ത, വാത്തല—; —വളഞ്ഞ; 15. ലഘുവായ, ധാതുമിശ്രമില്ലാത്ത(*min.*). 16. മൃദുവായ (*gr.*). **s. clam** ഇളമ്പക്ക (*z.*). **s. coal** കീല്, താറ്. **s. crab** പനിഞണ്ട്, ഓട്കഴിച്ച— (*z.*). **s.-headed** ബുദ്ധികുറഞ്ഞ, പൊട്ടനായ. **s.-hearted** മനസ്സലിവുള്ള. **s.-heartedness** ആർദ്രത. **s. money** പത്രനാണ്യം, 'നോട്ട്'(*U. S.*). **s. mute** മദ്ധ്യമം(*gr.*).

s. shell, s.-shelled ലോലമായതോട്ടുള്ള. s.-shell clam കട്ടക്ക, കല്ലിമ്മൽകായി (z.). s.-sawder മുഖസ്തുതി, ചക്കരവാക്ക്. s.-spoken മൃദുസ്വരം ആയ; സൌമ്യം—. s. soap താണ്'സോപ്പ്', നൂറ്'സോപ്പ്'. s. tack പുളിപ്പുള്ള അപ്പം. s. tortoise വെള്ളാമ (z.). n. പൊട്ടൻ, പൊണ്ണൻ (N.), ബുദ്ധിശൂന്യൻ. ad. പതുക്കെ, മെല്ലെ, സാവധാനത്തിൽ; 2. ശാന്തമായി. സൌമ്യമായി. int. മിണ്ടല്ല, അനങ്ങല്ല; നില്ല്(ക്ക്). sof'ten (sof'n), v. t. പതം ആക്കുക, —വരുത്തുക; മാട്ടവം—; പാകം—; മയം—; ലഘുവാക്കുക; ഘനംകറക്കുക; കാഠിന്യം—; അലിവ് തോന്നിക്കുക; ശമിപ്പിക്കുക, ശാന്തമാക്കുക, തണുപ്പിക്കുക; കോമളമാക്കുക; വീര്യംകറക്കുക, കട്ടപ്പം—, ശക്തി—; ഇള(യ)താക്കുക, ഇളപ്പമാക്കുക; ധൈര്യംകറക്കുക, ഭീരുത്വംജനിപ്പിക്കുക; പതുക്കെ ആക്കുക, സാവധാനം—. v. i. പതംവെക്കുക, മയംവരിക; ശമിക്കുക. -enĕr (-nĕr), -nĕr, n. ശമിപ്പിക്കുന്നവൻ. -ening (-ning), a. പതം ആക്കുന്ന; ശാന്തം—. n. പതം. s.g of the brain, cerebral s.g ഒരു വക തലച്ചോർവ്യാധി, —ചിത്തഭ്രമം. -'ish, a. ഏതാനുംപതമുള്ള. -'ling, n. ഭീരു; കാമാതുരൻ. -'ly, ad. സാവധാനത്തിൽ, പതുക്കെ, മെല്ലെ. -'ness, n. പതം, മയം, പാകത, ശാന്തത.

Sog'gy, a. വെള്ളംനിറഞ്ഞ, നനഞ്ഞ, പൃ(ക)തന്ന. sog'gi-ness, n. നനവ്, ക(പ്പ)തമ്മ. [ക്രൂവേ.

Sō-hō', int. ക്രൂക്കുന്ന ശബ്ദം, ക്രൂകാ,

*Soi-di-sant'* (swa-de-zän'), a. താൻ തന്നെത്തന്നെ വിളിച്ച് വരുന്ന, തനിക്ക് തന്നെ പേരിട്ട; 2. ഭാവിക്കുന്ന, നാട്യം ഉള്ള; 3. കാംക്ഷ—.

I. Soil, v. t. കെട്ടിയിട്ട് തീൻകൊടുക്കുക; പച്ചപ്പുല്ലരിഞ്ഞ് തീററുക; 2. വയററ് പോക്ക് വരുത്തുക.

II. Soil, n. മണ്ണ്, ഭൂമി, എക്കല് (S.); 2. ദേശം, രാജ്യം, നാട്; 3. വളം; 4. മലം, അമേദ്ധ്യം. alluvial s. വണ്ടൽമണ്ണ്. black or cotton s. കരശൽ—, കട്ടപ്പ—. clayey s. കളി—, പശിമ—. good s., fertile s. പശിമരാശി—. light s., poor s. അടിത്തലം—, രാശിക്കുറ്. lime s. ചുക്കാൻമണ്ണ്, ചുണ്ണാമ്പ്—. loamy s. കശ—, കളി—. peaty s. അഴി—. red s. ചെമ്മണ്ണ്, ചെമ്പൻ. salt s. ഉവമ്മണ്ണ്, ഓര് മണ്ണ്, ഉവന്നിലം. sandy s. മണല് രാശി, മണല്പാട്. night-s. മലം, കാഷ്ഠം, തീട്ടം. s.-pipe ഓവ്(ക്). v. t. വളംഇടുക, —ചേർക്കുക. -'less, a. മണ്ണില്ലാത്ത, അടിത്തലംമണ്ണായ (agr.).

III. Soil, n. ചളിപ്രദേശം, കഴിനിലം, നീരാപ്പൊററ; 2. വെള്ളം, നീച്ചാല്; 3. (കാട്ടുമൃഗംവെള്ളംകടിക്കുന്ന)കടവ്; ചേറ്; 4. അശുദ്ധി, മലിനത, അശുചി; 5. വൃത്തികെട്ടസ്ഥലം, ചെ(കൊ)ത്ത; 6. കറ, കളങ്കം. to take s. കഴിനിലത്തേക്ക് ഓട്ടുക; സങ്കേതംപ്രാപിക്കുക, അഭയം—. v. t. അഴുക്കാക്കുക, മുഷിപ്പിക്കുക, ഇഴുക്കുക; 2. അപകീർത്തിപ്പെടുത്തുക, അപമാനിക്കുക, പേര് ചീത്തയാക്കുക, വഷളാക്കുക. v. i. മുഷിയുക, ഇഴുങ്ങുക, അഴുക്കാകുക. -'i-ness, n. കറ; മാലിന്യം. -'ūre, n. കളങ്കം, കറ, വട്ടു; അശുദ്ധി, അശൌചം, തീണ്ടല്, പുല.

*Soir'ee* (swa̤r'ā), n. വൈകുന്നേരമുള്ള കൂടിവരവ്, സായാഹ്നസഭ, സന്ധ്യാ—.

Sō'jŏurn (-jĕrn), v. i. തല്ക്കാലംപാക്കുക, താമസിക്കുക, തങ്ങുക; 2. പ്ര(പര)വാസംചെയ്യുക, പരദേശിയായിരിക്കുക. n. അല്പകാലവാസം, തല്ക്കാല—, വിടുതി, പ്രവാസം. -ĕr, n. പ്രവാസി, പരദേശി; തല്ക്കാലവാസി. -ing, n. താമസിക്കൽ, തല്ക്കാലപ്പാപ്പ്, താമസം. -ment, n. പ്രവാസം; വിടുതി.

I. Sol, n. സൂര്യൻ; 2. പൊന്ന്, സ്വർണ്ണം (al.). sō'lar, a. സൂര്യൻെറ; സൂര്യസംബന്ധമായ, സൂര്യ, സൌര്യമാന. s.r cycle സൂര്യവട്ടം, —പര്യായകാലം, 28 കൊല്ലം (as.). s.r day അഹോരാത്രം (as.). s.r engine സൂര്യോഷ്ണചലനയന്ത്രം. s.r month സൂര്യമാനമാസം. s.r oil ഒരു വിധം മണ്ണെണ്ണ. s.r spots സൂര്യകല, സൂര്യലക്ഷ്മം, സൂര്യകളങ്കം (as.). s.r system സൂര്യമണ്ഡലനിര, സൌര്യഗോള

നികരം, സൂൎയ്യനിബന്ധന, സൌൎയ്യലോകഗണം, സൂൎയ്യലോകം, സൂൎയ്യജഗത്ത്. **s.r telegraph** സൂൎയ്യദൂത്. **so-lā'ri-um**, *n.* സൂൎയ്യമണ്ഡപം, വെണ്മാട—; (രോഗിശാലയിലെ)സുഖമണ്ഡപം. **sō-lar-i-s̱ā'tiŏn, sō-lar-i-zā'tiŏn**, *n.* അധികംവെയില് കൊള്ളൽ; പൊള്ളിപ്പോകൽ; (ഛായാപടത്തിന്നുണ്ടാകുന്ന സൂൎയ്യ) പ്രഭാധിക്യദൂഷ്യം (*phot.*). **sō'lar-īs̱e, sō'lar-īze**, *v. t.* (സൂൎയ്യ) പ്രഭാധിക്യദോഷം വരുത്തുക (*phot.*). *v. i.* —വരിക (*phot.*). **sol'-i-form**, *a.* സൂൎയ്യാകൃതിയായ; സൂൎയ്യതുല്യമായ. **sol-i-sē'qui-ŏus**, *a.* സൂൎയ്യനുള്ള ഭാഗത്തേക്ക് തിരിയുന്ന (*b.*).

II. **Sol**, *n.* 'പ', പഞ്ചമരാഗം, മദ്ധ്യമം (*mus.*). **sōl-fä', sol-feg-gi-är'e** (-fej-i-är'a), *v. t.* സപ്തസ്വരം പാടിയഭ്യസിക്കുക, സരളിപാടുക. **sōl-fä', sol-feg'gi-ō** (-fej'i-ō), *n.* സപ്തസ്വരം, സ്വരഗ്രാമം, സരളി.

III. **Sol**, *n.* ഒര് പൈസക്കുള്ള ഒര് പരന്ത്രീസ് ചെമ്പ് നാണ്യം; 2. ഏകദേശം ഒന്നരഉറുപ്പികക്കുള്ള ഒര് നാണ്യം.

I. **Sō'la**, *s. a.* **Solus.**

II. **Sō'la**, *n.* നെല്ലിത്താളി (*b.*).

**Sol'āce**, *n.* സാന്ത്വനം, ആശ്വാസം; 2. ശമനം; 3. തണുപ്പ്; 4. വിശ്രാമം. *v. t.* ആശ്വസിപ്പിക്കുക, സാന്ത്വനംപറയുക; 2. തണുപ്പിക്കുക; 3. ശമിപ്പിക്കുക. *v. i.* ആശ്വാസംകൈക്കൊൾക; ആശ്വസിക്കുക; ദുഃഖം ശമിക്കുക; 2. സന്തോഷിക്കുക. **-ment**, *n.* ആശ്വസിപ്പിക്കൽ; ആശ്വാസം; ശമകം. **so-lā'ti-um** (-shi-um), *n.* ശമകം; പ്രായശ്ചിത്തം, നഷ്ടം, സാന്ത്വനപ്രതിഫലം.

**Sō'lan goose, Sō'land**, *n.* ഒര് വക കടൽപക്ഷി (*z.*).

**So-lan'dĕr, Sel'lan-dĕrs̱**, *n.* കുതിരകൾക്കുണ്ടാകുന്ന ഒര് രോഗം.

**Sō-lā'nō**, *n.* സ്പാന്യ(സ്പേയിൻ)രാജ്യത്തടിക്കുന്ന ഒര് ഉഷ്ണക്കാററ്.

I. **Sō'lar**, *a.*, *s. u.* **Sol** I.

II. **Sō'lar**, *n.*, *s. a.* **Soler.**

**Sō-lā'ti-um** (-shi-um), *n.*, *s. u.* **Solace.**

**Sōld**, *p. t. and p. p. of* **Sell.**

**Sol'dĕr** (*or* sa̤'dĕr), **So'dĕr**, *n.* വിളക്കായി, ധാതുലേപം; 2. കൂട്ടിച്ചേൎക്കുന്നത്; പററ്, പശ. **hard s.** വിളക്കായി. **soft s.** ഈയപ്പററ്, ഈയം. *v. t.* വിളക്കായിവെക്കുക, കൂട്ടിവിളക്കുക, വിളക്കുക; 2. സംഘടിപ്പിക്കുക, പററിക്കുക, തമ്മിൽചേൎക്കുക; 3. കഷണംവെക്കുക, നന്നാക്കുക. **-ĕr**, *n.* വിളക്കായിവെക്കുന്നവൻ; പററിക്കുന്നവൻ, സംഘടിപ്പിക്കുന്നവൻ. **-ing**, *a.* കൂട്ടിവിളക്കുന്ന. **s.g iron** ഈയപ്പററിരിമ്പ് (കോല്).

**Sōl'diĕr** (sōl'jĕr), *n.* പടയാളി, ഭടൻ, ചേകവൻ; 2. പട്ടാളക്കാരൻ, 'സിപ്പായി'; 3. യോദ്ധാവ്, യുദ്ധവീരൻ; 4. ഒര് വക ചിതല് (*z.*). **s.-like** പടയാളിക്കൊത്ത. *v. i.* പട്ടാളത്തിൽചേരുക, ചേകംചെയ്യുക; 2. (*pr.* sō'jĕr) പ്രവൃത്തിനാട്യംകാണിക്കുക (*U. S.*). **-ing**, *n.* ചേകംചെയ്യൽ; പടച്ചേകം; പ്രവൃത്തിനാട്യം (*U. S.*). **-ly**, *a.* പടയാളിക്കൊത്ത; യോദ്ധാവായ; വീൎയ്യപരാക്രമമുള്ള, വീരനായ, ധീരനായ. **-ship**, *n.* ചേകവഗുണം; യുദ്ധനൈപുണ്യം. **-y**, *n.* പടജ്ജനം, പട്ടാളം, സൈന്യം.

**Sōl'do**, *n.* (*pl.* **sōl'di**) നാല് പൈ [ക്കുള്ള ഒര് ഇററലിനാണ്യം.

I. **Sōle**, *n.* ഉള്ളങ്കാല്, കാലിന്റെ ഉള്ളടി; 2. പാദം; 3. ചെരിപ്പിന്റെ അടി, അടിത്തോല്; 4. അടി(ഭാഗം); 5. കുളമ്പ് (*z.*); 6. മ(ാ)ന്തല്, നങ്ക്മീന് (*z.*). **s.-leather** തടിച്ചതോല്. *v. t.* അടിത്തോല് വെക്കുക.

II. **Sōle**, *a.* ഏകമായ, തനിയെ ഉള്ള, ഒററയായ, തനിയായ, തനിച്ച; 2. മാത്രമായ; 3. ഒണ്ടിയായ, വിവാഹംകഴിയാത്ത (*l.*). **-'ly**, *ad.* തനിയെ, ഏകനായി; മാത്രം. **-'ness, -'ship**, *n.* ഏകത്വം, ഏകാകിത്വം.

**Sol'e-cis̱m**, *n.* (ഭാഷാ)രീതിപ്പിഴ, വാചകപ്പിഴ, വ്യാകരണത്തെററ്; പട്ടഭാഷ; 2. അയുക്തി, ആചാരപ്പിഴ, അനാചാരം. **=cist**, *n.* രീതിപിഴച്ചവൻ; അനാചാര

ക്കാരൻ. =cis'tic, =cis'ti-cal, *a.* രീതി പിഴച്ച, ശുദ്ധിതെററിയ; അബദ്ധമായ. =cis'ti-cal-ly, *ad.* രീതിപ്പിഴയായി, അബദ്ധമായി. =cīse, =cīze, *v. i.* രീതിപിഴക്കുക, വാചകപ്പിഴവരുത്തുക.

**Sol'emn** (sol'em), *n.* മതാചാരാനചിതമായ, വിധിപൂൎവ്വകമായ, സംസ്കാരം—, കൎമ്മസമേതമായ; പുണ്യമായ, പവിത്ര; 2. ഭയഭക്തിയുള്ള, ഭക്തിപുരസ്സരമായ; 3. ഉത്സവമായ; 4. വലിയ, മഹാ, പ്രാമുഖ്യമായ; 5. ഗൌരവമുള്ള, ഗംഭീരമായ; 6. സാക്ഷാൽ; 7. ഗൌരവനാട്യമുള്ള; 8. ആചാരാനചിതമായ; നിയമാനുസാരമായ (*l.*). s.-breathing ഗൌരവം തോന്നിക്കുന്ന. -ness, =lem'ni-ty, *n.* ഭക്തി(പൂൎവ്വകമായ) കൎമ്മം, സംസ്കാരം; ഭയങ്കരത്വം; ഗംഭീരത, ഗൌരവം; ഉത്സവം; ഭയഭക്തി; ഗൌരവനാട്യം; ശങ്ക, ഭയം; ആചാരം, അച്ചടക്കം, നിയമാനുസരത്വം, മുറ (*l.*). =lem'-ni-ṣāte, =lem'ni-zāte, =nīṣe, =nīze, *v. t.* സംസ്കരിക്കുക, സംസ്കാരപൂൎവ്വംചെയ്യുക, കൎമ്മം—; ആഘോഷിക്കുക, കൊണ്ടാട്ടുക; ബഹുമാനിക്കുക; ഗൌരവം പൂണുക. =nī-ṣā'tiŏn, =nī-zā'tiŏn, *n.* കൎമ്മാനുഷ്ഠാനം, അനുഷ്ഠാനം, സംസ്കാരം. =nī-ṣẽr, =nī-zẽr, *n.* കൎമ്മി, സംസ്കരിക്കുന്നവൻ, കൎമ്മംചെയ്യുന്നവൻ. -ly, *ad.* മതാചാരത്തോട്ടക്രടി; തീൎച്ചയായി; ഗൌരവമായി; നിയമാനുസാരം.

**Sōle'ness**, *n.*, *s. u.* Sole II.

**So-lē'no-don**, *n.* ഒരുവക ഉറുമ്പുതീനിമൃഗം (*z.*).

**Sō'lẽr, Sō'lar**, *n.* മാളികമുറി, മാടം.

**Sōle'ship**, *n.*, *s. u.* Sole II.

**Sōl-fä'**, *s. u.* Sol II.

**Sol-fa-nā'ri-a**, *n.* ഗന്ധകഖനി, ഗന്ധകക്കുഴി.

**Sol-fa-tä'ra**, *n.* അഗ്നിപൎവ്വതപ്പൊട്ട് (*geol.*).

**Sol-fe-rī'nō**, *n.* ഒരുവക പാടലവൎണ്ണം.

**Sō'lī**, *n.*, *pl. of* Solo.

**Sō-lic'it**, *v.t.* ചോദിക്കുക, അൎത്ഥിക്കുക, യാചിക്കുക, അപേക്ഷിക്കുക; കെഞ്ചുക; 2. മുട്ടിക്കുക, നിൎബ്ബന്ധിക്കുക, അലമ്പലാക്കുക; 3. കിട്ടുവാൻശ്രമിക്കുക, അന്വേഷിക്കുക; 4. ആഗ്രഹിക്കുക, വാഞ്ഛിക്കുക; 5. ആകൎഷിക്കുക, മോഹിപ്പിക്കുക; ക്ഷണിക്കുക. -ant, *n.* അപേക്ഷകൻ. =i-tā'-tiŏn, *n.* അൎത്ഥനം; അപേക്ഷ, പ്രാൎത്ഥന, കെഞ്ചല്; മുട്ടിക്കൽ, നിൎബ്ബന്ധം; വാഞ്ഛ, ഇച്ഛ. =i-tŏr, *n.* പ്രാൎത്ഥകൻ, അപേക്ഷകൻ; വക്കീല് (*l.*). s.r-general രാജവക്കീല്. s.rship വക്കീലുദ്യോഗം. =i-tŏus, *a.* അപേക്ഷ ഉള്ള, ആഗ്രഹം—, വാഞ്ഛ—, ആതുരം—; ചിന്താകുലം—, വേവിലാധി—, തൃഷ്ണ—. =i-tŏus-ly, *ad.* ആകുലത്തോടെ, തൃഷ്ണയോടെ, വേവിലാധിയോടെ. =i-tŏus-ness, *n.* ചിന്താകുലം, ചിന്ത, വ്യാകുലം, ഔത്സുക്യം, ഉൾകണ്ഠ. =i-tress, *n.* അപേക്ഷിക്കുന്നവൾ, അപേക്ഷക്കാരത്തി. =i-tūde, *n.* ചിന്താകുലം, വ്യഗ്രത, ആധി, വേവിലാധി, ഉൾകണ്ഠ.

**Sol'id**, *a.* ഘനദ്രവ്യം ആയ, —പദാൎത്ഥം—, കട്ടിസാധനം— (*ph.*); 2. പൊള്ളയല്ലാത്ത, കട്ടിയായ; 3. നീളവും വീതിയും കനവുമുള്ള, കണ്ടിആയ, ഘനം—(*arith.*); 4. പിണ്ഡം—(*geom.*); 5. ഉറപ്പ് ഉള്ള; കട്ടപ്പം—, ബലം—; 6. സമാസമായ, ഒററപ്പദംപോലെയുള്ള (*gr.*); 7. വിശ്വാസയോഗ്യം ആയ, ഉറപ്പ്—, ഘനം—, പരമാൎത്ഥം—, യഥാൎത്ഥം—; 8. കായബലം ഉള്ള, ഊക്ക്—, സുഖദേഹിയായ; 9. ഉള്ളുറ (*b.*); 10. അനതിക്രമം ആയ, അവ്യാപൃം— (*met.*). s. angle പിണ്ഡകോണം (*geom.*). s. colour ഒരുപോലെയുള്ളനിറം. s. measure കണ്ടിയളവ് (*arith.*). s. square പടച്ചതുരം (*mil.*). *n.* ഘനദ്രവ്യം, —പദാൎത്ഥം, കട്ടിസാധനം (*ph.*); 2. പിണ്ഡം (*geom.*). the s.s (അസ്ഥിമാംസമാദിയായ) ദേഹാംശം (*phys.*). =lid'i-fī-a-ble, *a.* കട്ടിയാക്കാകുന്ന. =lid-i-fi-cā'tiŏn, *n.* കട്ടിയാക്കൽ; കട്ടിനില. =lid'i-fȳ, *v. t.* കട്ടി ആക്കുക, ഘനദ്രവ്യം—; കട്ടപ്പം—; സ്ഥൂലം—. *v. i.* കട്ടിയായ്ത്തീരുക, ഉറക്കുക. =lid'i-ty, -ness, *n.* ഘനത്വം, കട്ടിഗുണം (*ph.*); കാമ്പുററം (*b.*); ഊക്ക്; അനതിക്രമണത്വം, അവ്യാപൃത്വം (*met.*); കട്ടപ്പം; സ്ഥിരത, നിശ്ചയം, സാധുത, ബലം, ഗാഢത; ഘന

ഫലം, കണ്ടിയളവ് (*geom.*). -ly, *ad.* കട്ടിയായി; ഉറപ്പായി, സത്യമായി.

**Sol-i-dar′i-ty,** *n.* കൂററായ്മ, കൂറ്, സഹാനുഭവം; അവകാശബാദ്ധ്യതാസംബന്ധം; 2. ഐകമത്യം. =′i-dar-y, *a.* കൂററായ്മയുള്ള.

**Sol-id-un′gū-la,** *n. pl.*, =un′gū-lāte, Sol′i-ped, Sol′i-pēde, *n.* ഒററക്കുളമ്പുള്ളമൃഗം, കളമ്പ് പിളരാത്ത— (*z.*). =lar, =lŏus, so-lip′e-dŏus, *a.* ഒററക്കുളമ്പുള്ള (*z.*).

**Sol-i-fid′i-an,** *n.* വിശ്വാസമാത്ര(രക്ഷണ്യ)വാദി, കർമ്മനിഷേധ— (*theo.*). *a.* വിശ്വാസൈകവാദമയ. -ism, *n.* വിശ്വാസമാത്രവാദം, കർമ്മനിഷേധ— (*theo.*).

**Sol′i-form,** *a.*, *s. u.* Sol I.

**So-lil′ō-quy** (-kwi), *n.* തന്നോട് തന്നെയുള്ളസംസാരം, സ്വഗതഭാഷണം, ആത്മഗതവചനം. =quīse, =quīze (-kwīz), *v. i.* തന്നോട് തന്നെസംസാരിക്കുക, സ്വഗതഭാഷണംചെയ്യുക.

**Sol′i-ped,** =pēde, =lip′e-dŏus, *s. u.* Solidungula.

**So-lip′sism,** *n.* അഹങ്കാരം, അഹംഭാവം, ഞാൻ എന്ന ഭാവം (*eth.*); 2. അഹം, അഹംതത്വം (*met.*).

**Sol-i-se′qui-ŏus,** *s. u.* Sol I.

**Sol′i-tar-y** (-tĕr-), *a.* തനിച്ചുള്ള, തനിയെപാക്കുന്ന; 2. സഖി ഇല്ലാത്ത, തുണ—; ഏകാകിയായ, ഒണ്ടിക്കാരനായ; 3. ഏകനായിചെയ്യു; 4. ഏകാന്തം ആയ, നിർജ്ജനം—, ആള് പാപ്പില്ലാത്ത; 5. ശൂന്യം ആയ; 6. മൌനം—; 7. ഭയങ്കരം—; 8. ഏകം—, ഒററ—, അനന്യം—; 9. വംശച്ഛേദ്ദം ഇല്ലാത്ത (*b.*). *n.* ഏകാകി; 2. ഏകാന്തവാസി; 3. വാനപ്രസ്ഥൻ, സന്യാസി. =tāire′ (-tār′), *n.* ഏകാന്തവാസി; സന്യാസി; ഒററവജ്രം (പതിച്ച കണ്ഠാഭരണം), ഒററക്കല്ല് വെച്ച പതക്കം; (*also* solitary) ഒര് വലിയപ്രാചീനപക്ഷി (*z.*); ഒര് വക ഏകാകിക്കളി. =tar-i-ly, *ad.* തനിയെ; ഏകാന്തത്തിൽ; =tar-i-ness, *n.* ഏകാകിത്വം; ഏകാന്തം.

**Sol′i-tūde,** *n.* ഏകാകിത്വം; 2. ഏകാന്തവാസം; 3. ഏകാന്തസ്ഥലം, നിർജ്ജനപ്രദേശം; 4. കാട്, വനാന്തരം.

**So-liv′a-gant,** =gŏus, *a.* ഏകനായി സഞ്ചരിക്കുന്ന, തനിയെ യാത്രചെയ്യുന്ന.

**Sol-mi-sā′tiŏn, Sol-mi-zā′tiŏn,** *n.* സ്വരഗ്രാമം പാടൽ.

**Sō′lō,** *n.* (*pl.* sō′lōs, sō′lī) ഏകസംഗീതം, തനിപ്പാട്ട്, ഒരാള് മാത്രം പാടുന്ന പാട്ട്; 2. ഏകവാദ്യം, ഒരാള് മാത്രം വായിക്കുന്നവാദ്യം. -ist, *n.* ഏകസംഗീതക്കാരൻ; —വാദ്യക്കാരൻ.

**Sol′o-mon,** *n.* ഇസ്രയേലിലെ മഹാജ്ഞാനിയായ രാജാവ്; 2. ജ്ഞാനി, മഹാജ്ഞാനി.

**Sō′lon,** *n.* യവനനിയമകർത്താവ്; 2. നിയമജ്ഞൻ.

**Sol′stice** (-stis), *n.* നില്പ്; 2. അയനാന്തം, അയനം, സംക്രമം, സങ്ക്രാന്തി (*as.*). summer s. (ഭൂമദ്ധ്യരേഖക്ക് വടക്ക്) ഉത്തരായനാന്തം, ജൂൻ 21നു—, കർക്കടസങ്ക്രമം; (മദ്ധ്യരേഖക്ക് തെക്ക്) ദക്ഷിണായനാന്തം, ഡിസെമ്പർ 21നു—, മകരസങ്ക്രമം. winter s. (ഭൂമദ്ധ്യരേഖക്ക് വടക്ക്) ദക്ഷിണായനാന്തം, ഡിസെമ്പർ 21നു—, മകരസങ്ക്രമം; (ഭൂമദ്ധ്യരേഖക്ക് തെക്ക്) ഉത്തരായനാന്തം, ജൂൻ 21നു—, കർക്കടസങ്ക്രമം. =sti′tial (-stish′al), *a.* അയനംസംബന്ധിച്ച; അയനാന്തസമയത്തുള്ള; ഉത്തരായനാന്തകാലത്തെ, മദ്ധ്യവേനല്ക്കുള്ള. s.l points അയനാന്തങ്ങൾ.

**Sol′ū-ble,** *a.* വേർതിരിയുന്ന, വിഭാജ്യമായ (*ph.*); 2. അലിക്കാകുന്ന, അലിയുന്ന, കലങ്ങുന്ന, ദ്രാവ്യമായ (*ch.*); 3. ഉത്തരംകാണാകുന്ന, (കണക്ക്)ചെയ്യാകുന്ന (*math.*); 4. കണ്ട് പിടിക്കാകുന്ന, തെളിയിക്കാകുന്ന; 5. അഴ(യ)വുള്ള; 6. തുറന്നിരിക്കുന്ന. =bil′i-ty, -ness, *n.* ദ്രാവ്യത, അലിച്ചൽ ഗുണം; വിഭാജ്യത (*b.*). =lūte′, *a.* അയ(ഴ)വുള്ള; വിശാലമായ; സന്തോഷം ഉള്ള, പ്രസന്നത—; വിഭാജ്യമായ (*b.*); അലിയുന്ന. =lū′tiŏn, *n.* വിഭജനം; വേപ്പാട്, പിരിച്ചല്; പരിഹാരം; ഉത്തരംകാണൽ

(*math.*); ഉത്തരം (*math.*); തെളിയിക്കൽ; തെളിവ്, വ്യക്തി; ഭിന്നത; അലിക്കൽ, കലക്കൽ; കലപ്പ്, ദ്രാവകം (*ch.*); രോഗസമാപ്തി (*med.*); രോഗമൂർച്ഛ (*med.*); ദ്രാവകൌഷധം (*med.*). mechanical s.n കലപ്പ് (*ch.*). chemical s. ധാതുസമ്മിശ്രത (*ch.*). ='ū-tive, *a.* അലിയുന്ന, കലങ്ങുന്ന; അഴ(യ)വായ; വയറിളക്കുന്ന, വിരേചകമായ.

**Sō'lus** (*mas.*), **Sō'la** (*fem.*), *a.* തനിയെ, ഏകനാ(യാ)യി (*dr.*).

**So-lūte', So-lū'tiŏn,** *etc.*, *s. u.* **Soluble.**

**Solve,** *v. t.* വിഭജിക്കുക; 2. വ്യക്തമാക്കുക, വിശദമാക്കുക, തെളിയിക്കുക; 3. (സംശയം, വിഷമം) പരിഹരിക്കുക, —തീക്കുക; 4. ഉത്തരംകാണുക, —പറയുക; 5. സാധിപ്പിക്കുക, കണ്ടെത്തുക, ചെയ്യുക (*math.*). **sol-va-bil'i-ty,** *n.* പരിഹാര്യത; ഉത്തരംകാണ്മാനുള്ളകഴിവ് (*math.*); ധനത്വം, കടംവീട്ടുവാനുള്ളകഴിവ്. **sol'va-ble, sol'vi-ble,** *a.* പരിഹാര്യമായ; തെളിയിക്കാകുന്ന; ചെയ്യാകുന്ന, ഉത്തരംകാണാകുന്ന; വീട്ടാകുന്ന. **sol'va-ble-ness,** *n.* പരിഹാര്യത. **sol'ven-cy,** *n.* ദ്രാവകശക്തി, വിഭാജകഗുണം; ധനത്വം, കടംവീട്ടുവാനുള്ളകഴിവ്. **sol'vend,** *n.* വിഭാജ്യസാധനം. **sol'vent,** *a.* വിഭാജകഗുണമുള്ള, അലിക്കുന്ന, ദ്രാവകമാക്കുന്ന; ധനം ഉള്ള, കടംവീട്ടുവാൻകഴിവ്—, —മുതല്—. *n.* ദ്രാവകം, അലിക്കുന്നവെള്ളം, —നീര്; തെളിയിക്കുന്നവൻ. **sol'-vĕr,** *n.* തെളിയിക്കുന്നവൻ, ഉത്തരംകാണുന്നവൻ.

**Sō'ma,** *n.* ഉടല്, ഉടലിന്റെ നെടുംപകുതി (*an.*). **=mat'ic, =mat'i-cal,** *a.* ശരീരസംബന്ധമായ, ദേഹംസംബന്ധിച്ച; ദേഹക്രൂട്—. **=mat'ics, -tol'ō-ġy,** *n.* പദാൎത്ഥശാസ്ത്രം; ശരീര—. **-tist,** *n.* പ്രപഞ്ചാത്മവാദി, അനാത്മ—.

**Som'bĕr, Som'bre, Som'brŏus,** *a.* മങ്ങലായ, മന്ദമായ, ഇരുണ്ട; ശ്യാമമായ; 2. കുണ്ഠിതം ഉള്ള, വ്യാകുലം—, (മുഖം) വാടിയ, പ്രസന്നതയില്ലാത്ത. **som'bĕr, som'bre,** *v. t.* മങ്ങലാക്കുക, ഇരുളാക്കുക; 2. കറുപ്പിക്കുക. **=bĕr-ly, =bre-ly, =brŏus-ly,** *ad.* കുണ്ഠിതത്തോടെ; നിരാശയോടെ. **=bĕr-ness, =bre-ness, =brŏus-ness,** *n.* മങ്ങല്; മന്ദത; വ്യസനം, കുണ്ഠിതം, വ്യാകുലം.

**Som-bre'rō** (-brā-), *n.* വലിയ വട്ടത്തൊപ്പി.

I. **-sŏme,** *suf.* ആയ, ഉള്ള; 2. മയമായ; 3. പോലെയുള്ള, തുല്യമായ. **glads.** സന്തോഷമുള്ള. **wins.** മനോഹരമായ.

II. **Sŏme,** *a.* അല്പം, അസാരം, കുറെ; 2. ചില; ചിലര്; ചിലത്; 3. എങ്ങാണ്ടൊരുവൻ, ആരൊരുത്തൻ, ഏതാണ്ടൊരുവൻ: s. one ആരൊരുവൻ, ഏതോ—; 4. വല്ല, ഏതെങ്കിലുംഒര്: s. healthier clime അധികംസുഖകരമായ വല്ലദിക്കും; at s. period or other ഏതെങ്കിലുംഒരു കാലത്ത്, വല്ലപ്പോഴും, എപ്പോഴെങ്കിലും ഒരിക്കല്, ഒരിക്കലല്ലെങ്കിൽ ഒരിക്കല്; 5. ഏതാനും, കുറച്ച്, ഒട്ടൊക്കെ: it was just to s. extent അത് ഒട്ടൊക്കെ ന്യായമായിരുന്നു; 6. ഏകദേശം, ഏറക്കുറയ, ഏതാണ്ട്: s. eighty houses ഏഴുപതെണ്ണത് വീട്, പത്തെണ്ണത്—; s. two thousand persons ഒന്ന് രണ്ടായിരം ആള്; 7. കുറെഅധികം, സാമാന്യം, അനല്പം; 8. (of) കുറെ, ഒര് ഭാഗം, ചില തൊക്കയും. **s.-body** ആരോരുവൻ, ഒരുവൻ, ഒരാള്; കേമൻ, പ്രമാണി, മുഖ്യൻ: he thinks himself to be s.-body താൻകേമനെന്നാണ് അവനുഭാവം. **s.-how** എങ്ങിനെയൊ; എങ്ങിനെയെങ്കിലും, എന്തായാലും. **s.-how or other** എങ്ങിനെയെങ്കിലും, വല്ലപ്രകാരവും. **some.....some** ചിലര്.....മറ്റുചിലര്, ഒര്ക്കൂട്ടര്.....മറെറക്കൂട്ടര്. **s.thing** വല്ലതും, എന്തെങ്കിലും; അല്പം, കുറച്ച്; കേമൻ, യോഗ്യൻ; ഏതാനും, അല്പമായി; കുറെ അകലെ. **s. time** ഒരിക്കല്, മുമ്പ്, പണ്ട്; ചിലപ്പോൾ; വല്ലപ്പോഴും, പിന്നെയൊരിക്കൽ; മുമ്പേത്ത, പണ്ടേത്ത, ഒരിക്കൽആയിരുന്ന. **s.times** ചിലപ്പോൾ, ഓരോരിക്കൽ. **s.times.....s.times** ഒരിക്കൽ....മറെറാരിക്കൽ, ചിലപ്പോൾ....

മററുചിലപ്പോൾ. s.what ഏതാനും, ഒട്ടൊക്കെ, കുറേച്ച(ശ്ശ); കേമൻ, യോഗ്യൻ. s.when എപ്പോഴൊക്കരിക്കൽ, ഒര്കാലം. s.where എവിടെയൊ ഒര്ദിക്കിൽ, എങ്ങാണ്ടൊരിടത്ത്., എങ്ങാനും. s.while ഒരിക്കല്. s.whither എവിടേക്കോ, എങ്ങാണ്ടോ.

**Sŏm'ĕr-sault, Sum'mĕr-sault, Sŏm'ĕr-set, Sŏm'mĕr-set, Sum'mĕr-set,** *n.* മലക്കം, മറിച്ചല്, കരണം, പിമ്പ്. to cut a s., to turn a s., to do a s. മലക്കംമറിയുക, പിമ്പ്—.

**Sŏme'thing, Sŏme'tīmes, Sóme'-what,** *etc.*, *s. u.* Some II.

**Som-nam-bū-lā'tiŏn,** *n.* ഉറക്കത്തിലുള്ള നടത്തം, നിദ്രാഭ്രമണം, സ്വപ്നചാരം. =lar, =lie, =lis'tie, *a.* നിദ്രാചാരംസംബന്ധിച്ച; ഉറക്കത്ത് നടക്കുന്ന, സ്വപ്നസഞ്ചാരിയായ. =lāte, *v. i. & t.* ഉറക്കത്ത് നടക്കുക, സ്വപ്നസഞ്ചാരംചെയ്യുക. ='bū-lā-tŏr, =nam'būle, ='bū-list, *n.* ഉറക്കത്ത് നടക്കുന്നവൻ, നിദ്രാചാരി, സ്വപ്നസഞ്ചാരി. =lism, *n.* നിദ്രാഭ്രമണവ്യാധി, സ്വപ്നചാരം, ഉറക്ക് നടത്തം.

**Som'ni-al, =a-tive, =a-tor-y,** *a.* നിദ്രാസംബന്ധമായ; സ്വപ്ന—.

**Som-nie'ū-lŏus,** *a.* ഉറക്കം ഉള്ള, മയക്കം—.

**Som-nif'ĕr-ŏus, =nif'ie,** *a.* ഉറക്കം വരുത്തുന്ന, നിദ്രാജനകമായ, സ്വാപകരമായ.

**Som-nil'ō-quence, =quism, =quy,** *n.* ഉറക്കത്തിലുള്ള സംസാരം, നിദ്രാലാപം, നിദ്രാഭാഷണം. =quist (-kwist), *n.* നിദ്രാലാപി, നിദ്രാഭാഷി, ഉറക്കത്ത് സംസാരിക്കുന്നവൻ. =quŏus, *a.* നിദ്രാലാപമുള്ള, ഉറക്കത്ത് സംസാരിക്കുന്ന.

**Som-nip'a-thy, =nop'a-thy,** *n.* പരതന്ത്രസുഷുപ്തി. =thist, *n.* —സുപ്തൻ.

**Som'nō-lent,** *a.* ഉറക്കം ഉള്ള, നിദ്രാമയക്കം—; 2. മയക്കം—. =lence, =len-cy, *n.* ഉറക്കം; മയക്കം. -ly, *ad.* ഉറക്കത്തിൽ; മയക്കത്തോടെ.

**Som'nō-lism,** *n.* പരതന്ത്രസുപ്തി.

**Sŏn,** *n.* മകൻ, പുത്രൻ, കുമാരൻ; 2. വംശജൻ; 3. *pl.* സന്താനം, സന്തതി; 4. കുട്ടി; ശിഷ്യൻ; 5. നിവാസി, രാജ്യക്കാരൻ; 6. ഉല്പന്നം. The S. പുത്രൻ, പുത്രനായ ദൈവം, യേശുക്രിസ്തു (*Bl.*). s.-in-law മരുമകൻ, മകളുടെഭർത്താവ്, ജാമാതാ(വ്). S. of God ദൈവപുത്രൻ, യേശുക്രിസ്തു (*Bl.*). S. of Man മനുഷ്യപുത്രൻ, യേശുക്രിസ്തു (*Bl.*). s.s of the prophets പ്രവാചകശിഷ്യന്മാർ. -'less, *a.* പുത്രനില്ലാത്ത. -'ship, *n.* പുത്രസ്ഥാനം, പുത്രത്വം.

**Sō'nant,** *a.* ധ്വനിസംബന്ധിച്ച; 2. മുഴക്കമുള്ള, മുഴങ്ങുന്ന, മണിയുന്ന; 3. ഉച്ചാരണമുള്ള (*gr.*). *n.* സ്വരം; ഘോഷ (*gr.*).

**Sō-nä'ta,** *n.* വാദ്യസംഗീതം (*mus.*). =ti'na, *n.* ചെറുവാദ്യസംഗീതം (*mus.*).

**Sŏng,** *etc.*, *s. u.* Sing.

**Sō-nif'ĕr-ŏus,** *a.* ധ്വനി ഉള്ള; 2. മുഴക്കം—; 3. ധ്വനിവാഹകമായ. =fi-eā'tiŏn, *n.* ശബ്ദംപുറപ്പെടുവിക്കൽ.

**Son-in-law,** *s. u.* Son.

**Son'net,** *n.* ഗീതിക, ഗാഥ, ലഘുകാവ്യം, പദം, ശ്ലോകം, ചെറുകവിത. *v. i.* ശ്ലോകമുണ്ടാക്കുക. -ēer', *n.* ഗീതികാരചകൻ; നിസ്സാരകവി. *v. i.* കവിതകെട്ടുക. -ĕr, -ist, *n.* ചെറുകവിതക്കാരൻ.

**So-nom'e-tĕr,** *n.* ധ്വനിമാത്രു (*ph.*); 2. ശ്രുവണമാത്രു (*med.*).

**Sō-nō'rŏus,** *a.* ധ്വനിക്കുന്ന, ഒച്ചയുള്ള; 2. മുഴക്കം—, മണിയുന്ന, ചിലമ്പുന്ന; 3. ഉച്ചത്തിലുള്ള, ഉറച്ച; 4. വ്യക്തം ആയ; ഇമ്പം—; 5. ഗാഢധ്വനിയുള്ള (*med.*). =rif'ie, *a.* ധ്വനിപുറപ്പെടുവിക്കുന്ന, ഒച്ചയുണ്ടാകുന്ന. =nor'i-ty, -ness, *n.* മുഴക്കം, മണിച്ചല്. -ly, *ad.* മുഴങ്ങിക്കൊണ്ട്, മുഴക്കത്തോടെ.

**Sŏn'ship,** *n.*, *s. u.* Son.

**Son'tag,** *n.* (സ്ത്രീകളുടെ) മിടച്ചൽമേലുപ്പായം.

**Soon,** *ad.* ഉടനെ, വേഗം, ക്ഷണം, തല്ക്ഷണം; 2. നേരത്തെ, മുമ്പ്കൂട്ടി; 3.

(would) ഇച്ഛയോടെ, താല്പൎയ്യത്തോടെ. as s. as, so s. as ആക്ഷണം, ഉടനെ, വേഗം. s.-er or later (ഭാവിയിൽ) എപ്പോഴെങ്കിലും ഒരിക്കൽ.

**Soot**, *n.* കരി, അട്ടക്കരി, ഇല്ലട്ടക്കരി. *v. t.* കരിപിരട്ടുക, —പിടിപ്പിക്കുക. -'i-ness, *n.* കരിഗുണം, കരിനിറം. -'ish, -'y, *a.* കരിയായ; കരിപിരണ്ട; കറുത്ത. -'ty, *v. t.* കരിതേക്കുക, കറപ്പിക്കുക.

**Sooth**, *a.* നേരായ, സത്യമായ; 2. ഇഷ്ടകരമായ. s.-fast നേരായ; നേരുള്ള; നേരായി. *ad.* സത്യമായി; 2. ഇഷ്ടകരമായി. *n.* സത്യം, നേര്.

**Soothe**, *v. t.* നേരാണെന്ന് സമ്മതിക്കുക; 2. സമ്മതിക്കുക, ഇഷ്ടംപോലെ ചെയ്യുക, പ്രസാദിപ്പിക്കുക; 3. ആശ്വസിപ്പിക്കുക, സാന്ത്വനംചെയ്യുക; 4. ശമിപ്പിക്കുക, ശാന്തമാക്കുക. sooth'ĕr, *n.* ആശ്വസിപ്പിക്കുന്നവൻ; ചിപ്പടാച്ചിക്കാരൻ. sooth'-ing-ly, *ad.* ശമകമായി, ശാന്തമായി; ആശ്വാസമായി.

**Sooth'sāy**, *v. i.* മുമ്പ് കൂട്ടിപ്പറയുക, ലക്ഷണംപറയുക, നക്ഷ്ടം—, പ്രശ്നംവെച്ച് നോക്കുക. -ĕr, *n.* ലക്ഷണംപറയുന്നവൻ, നക്ഷ്ടക്കാരൻ, പ്രശ്നക്കാരൻ. -ing, *n.* ലക്ഷണംപറയൽ, നക്ഷ്ടം—; ലക്ഷണം, നക്ഷ്ടം; പ്രവാചകം.

**Soot'i-ness, Soot'ish, Soot'y**, *s. u.* Soot.

**Sop**, *n.* കു(പു)തൎത്തിയ സാധനം; (പാല് ചാറ് മുതലായതിൽ) മുക്കിയ അപ്പം; 2. ശമകം. s.s in wine ഒര് പുഷ്പം (*b.*). *v. t.* നീരിൽമുക്കുക, ചാററിൽ—. -'pĕr, *n.* ചാററിൽമുക്കുന്നവൻ. -'py, *a.* കുതന്ന, പുതന്ന, നനഞ്ഞ.

**Soph** (sof), *s. u.* Sophism.

**Soph'ism** (sof'izm), **Soph'is-try**, *n.* ദുസ്തൎക്കം, കുതൎക്കം, അബദ്ധന്യായം, ആഭാസം, ഹേത്വാഭാസം, സത്യാഭാസം, സിദ്ധാന്താഭാസം, യുക്ത്യാഭാസം; തറുതല, ഉരംതിരിച്ചല്. soph'ist, *n.* തൎക്കശാസ്ത്രി, താൎക്കികൻ; കുതൎക്കി, ദുസ്തൎക്കി, തൎക്കയുക്തിക്കാരൻ, തറുതലക്കാരൻ. soph'is-tĕr (*contr. form* soph), *n.* സൎവ്വകലാശാലയിൽ രണ്ട് കൊല്ലം പഠിച്ച വിദ്യാൎത്ഥി. =phis'tic, =phis'ti-cal, ദുസ്തൎക്കംആയ, സത്യാഭാസം—. =phis'ti-cal-ly, *ad.* അബദ്ധന്യായമായി, തറുതലയായി. =phis'ti-cāte, *v. t.* കൂട്ടിക്കലൎത്തുക, ചീത്തആക്കുക, നിസ്സാരം—; മറിപ്പുംതിരിപ്പും—, മറിച്ച് കളയുക; ഉരംതിരിച്ചല് പറയുക. =phis'ti-cāte, =phis'ti-cā-ted, *a.* കലൎപ്പുള്ള, ശുദ്ധമല്ലാത്ത. =phis-ti-cā'tiŏn, *n.* കൂട്ടിക്കലൎത്തൽ. =phis'ti-cā-tŏr, *n.* കൂട്ടിക്കലൎത്തുന്നവൻ.

**Sō'por**, *n.* ഗാഢനിദ്ര (*med.*). =pō-rif'ĕr-ŏus, =pō-rif'ic, *a.* ഉറക്കത്തിന്നുള്ള, ഉറക്കംവരുത്തുന്ന, നിദ്രാജനകംആയ. =rif'ĕr-ŏus-ly, *ad.* —ആയി. =rif'-ĕr-ŏus-ness, *n.* നിദ്രാജനകഗുണം. =rif'ic, *n.* —ഔഷധം, ഉറക്കത്തിന്നുള്ള മരുന്ന്. =rōse, =rŏus *a.* ഉറക്കത്തിന്ന് ഉള്ള; ഉറക്കം—, നിദ്രാമയക്കം—.

**Sop'per, Sop'py**, *s. u.* Sop.

**Sō'pra**, *ad.* മുമ്പെ, മേലെ (*mus.*). *n.* മേലെത്തത്, ഉയൎന്നസ്വരം. =prä'-nist, *n.* (സംഗീതത്തിൽ) ഉച്ചസ്വരം പാടുന്നവൻ. =prä'nō, *n.* (*pl.* =prä'ni) ഉച്ചസ്വരം, ഉയൎന്നസ്വരം, താരകസ്വരം, (സംഗീതത്തിൽ)ഉയൎന്നഭാഗം; ഉച്ചസ്വരം പാടുന്നവൻ. [(*z.*).

**Sō'ra**, *n.* ഭംഗിയുള്ള ഒര് ചെറുപക്ഷി

**Sor'cĕr-y, Sor'cĕr-ing**, *n.* മന്ത്രവാദം, ആഭിചാരം, ക്ഷുദ്രം, ഒടി, മാരണം; ശൂന്യവിദ്യ. sor'cĕr-ĕr, *n.* മന്ത്രവാദി, ആഭിചാരക്കാരൻ, ക്ഷുദ്രക്കാരൻ, മാരണം ചെയ്യുന്നവൻ. sor'cĕr-ess, *n.* മന്ത്രവാദിനി, ആഭിചാരിണി. sor'cĕr-ŏus, *a.* മന്ത്രവാദംസംബന്ധിച്ച; ആഭിചാരമായ.

**Sor'dēs**, *n.* അഴുക്ക്, മലം; 2. (പല്ലിന്മേലുള്ള) കറ, (നാവിന്മേലുള്ള) പൂപ്പ് (*med.*).

**Sor'did**, *a.* മലിനംആയ; 2. ഹീനം—, നീചം—, താണ; 3. ദ്രവ്യാഗ്രഹം ഉള്ള, ലോഭം—; ലുബ്ധ്—. -ly, *ad.* നീചമായി; ലുബ്ധോടെ, ഈററയോടെ. -ness, *n.* നീചത്വം; ലുബ്ധ്, പിശുക്ക്.

I. **Sōre**, *a.*, *s. a.* Sorrel.

II. Sōre, *n.* ഇളമാൻ (*z.*); 2. രാജാളി കുഞ്ഞ് (*z.*).

III. Sōre, *a.* പതം ഉള്ള; വേദനെ—; നോവുന്ന; പുണ്ണായ; 2. വേഗംമുഷിയുന്ന, തൊട്ടാവാടിത്തായ; 3. കഠിനം—, ആപല്ക്കരം—, വലിയ. s. eye ചെങ്കണ്ണ് (*med.*). s. mouth വായ്പുണ്ണ് (*med.*). s. throat തൊണ്ടനോവ്, തുരള. *n.* കരു, പരു, ചിരങ്ങ്; പുണ്ണ്, വ്രണം; മുറിവ്; 2. ദുഃഖം, സങ്കടം, കഷ്ടം, വിപത്ത്. *ad.* വേദനയോടെ; 2. കഠിനമായി, ഭയങ്കരമായി, വളരെ. -'ly, *ad.* വളരെ, നന്നെ, അധികമായി, കഠിനമായി; വേദനയോടെ; സങ്കടമായി. -'ness, *n.* പതം; വേദന, നോവ്; വലിപ്പം.

Sor'el, *n.* ഇളമാൻ (*z.*); 2. കിരാൽ [നിറം.

Sōre'ly, Sōre'ness, *s. u.* Sore III.

Sor'ghum, *n.* ചീനക്കരിമ്പ്, അരിച്ചോളം, അരിച്ചവളം, കാക്കച്ചോളം, ഇറുങ്ക് (*b.*). *s. vulgare* ചോളം (*b.*).

Sor'gō, *n.* (ചോളം വരക് തിന മുതലായ) ചാമവൎഗ്ഗം (*b.*).

Sō-rī'tēs, *n.* ന്യായമാല (*log.*). -rit'-i-cal, *a.* ന്യായമാലസംബന്ധിച്ച; —പോലെയുള്ള.

Sorn, *v. i.* പെട്ടന്ന് അതിഥിയായി ചെല്ലുക (*Scot.*). -'ĕr, *n.* പെട്ടന്നെത്തിയ അതിഥി.

So-rō'ral, *a.* സഹോദരിയെ സംബന്ധിച്ച; 2. സഹോദരിത്വമായ. =rōr'i-cīde, *n.* സോദരിഹത്യ; സോദരിഹന്താവ്. =rō'rīse, =rō'rīze, *v. i.* സഹോദരികളെപോലെ ഇരിക്കുക, സഹോദരികളായിപെരുമാറുക. =rō'sis, *n.* സ്ത്രീസമാജം.

I. Sō-rō'sis, *n.*, *s. u.* Sororal.

II. Sō-rō'sis, *n.* ചുളചുളയായപഴം (*b.*).

Sor'rel, Sōre, *a.* കിരാൽനിറം ഉള്ള, പിംഗലവൎണ്ണം—. *n.* പിംഗലവൎണ്ണം.

Sor-ren'tō wŏrk, *n.* മരക്കൊത്ത് പണി.

Sor'rōw (-rō), *n.* ദുഃഖം, വ്യസനം, ശോകം, അല്ലല്, താപം, കഞ്ഞിതം, ഖേദം, ക്ലേശം. s.-stricken മഹാദുഃഖം ഉള്ള, ദുഃഖപാരവശ്യം ഉള്ള. *v. i.* ദുഃഖിക്കുക, ശോചിക്കുക, ക്ലേശിക്കുക. sor'ri-ly, *ad.* ദുഃഖത്തോടെ; സാരമില്ലാതെ, അമാന്തമായി. sor'ri-ness, *n.* ശോചനീയത്വം, താപം, അല്ലല്; നിസ്സാരത്വം. -fu̧l, *a.* ദുഃഖമുള്ള; ശോച്യംആയ; വ്യസനകരം—; അനുശോചനീയം—. -fu̧l-ly, *ad.* ദുഃഖത്തോടെ. -fu̧l-ness, *n.* ക്ലേശം, ദുഃഖം. -less, *a.* ദുഃഖമില്ലാത്ത. sor'ry, *a.* വ്യസനം ഉള്ള, പരിതാപം—; ഭയങ്കരംആയ; നിസ്സാരം—, പൊരുളില്ലാത്ത; അരിഷ്ടതയുള്ള.

Sors̱, *n.* (*pl.* sor'tēs̱) നറുക്ക്, ചീട്ട്, ചിട്ടി; 2. നറുക്കിടൽ.

Sort, *n.* തരം, വിധം, വക, വൎഗ്ഗം, ജാതി; 2. പ്രകാരം, മാതിരി; 3. കൂട്ടം, ഇണ, 'ജോട്'; 4. *pl.* മുദ്രാക്ഷരഗണം (*print.*); 5. *pl.* പലതരം, നാനാജാതി. out of s.s മുദ്രാക്ഷരം തികച്ചമില്ലാത്ത (*print.*); തരംതെററിയ, മുഷിഞ്ഞ; സുഖക്കേടുള്ള, സുഖമില്ലാത്ത. to run upon s.s ഒരേ മുദ്രാക്ഷരം കണക്കിലേറ ആവശ്യമായുരിക (*print.*). *v. t.* വകതിരിക്കുക, തരം—; 2. ക്രമപ്പെടുത്തുക; 3. കൂട്ടിക്കലൎത്തുക; കൂട്ടത്തിൽആക്കുക, വൎഗ്ഗത്തിൽ ചേൎക്കുക; 4. തെരിഞ്ഞെടുക്കുക, തിരിയുക; 5. അനുസാരം ആക്കുക, ഒപ്പം—, യോജിപ്പിക്കുക. *v. i.* ചേരുക, യോജിക്കുക; 2. ഒക്കുക, പാറുക. -'a-ble, *a.* തരംതിരിക്കാകുന്ന. -'ĕr, *n.* —തിരിക്കുന്നവൻ.

Sor'tēs̱, *n.*, *pl. of* Sors.

Sor'tiē, *n.* (നിരോധിതസൈന്യഭാഗം പെട്ടന്ന് പുറത്തിറങ്ങി നിരോധകസൈന്യത്തോട് ചെയ്യുന്ന) പോരാട്ടം; ചാട്ടപ്പോര്, അവപാതം (*mil.*).

Sor'ti-leġe (-lej), =til'e-ġy, *n.* നറുക്കിടൽ, ചീട്ടിടൽ. =lē'ġiōus (-lē'jus), *a.* നറുക്കിടൽസംബന്ധിച്ച.

Sō'ry, *n.* മയിൽതുത്ഥം, തുരിശ് (*ch.*); 2. തുരിശ്മണ്ണ്.

So-so, *s. u.* So.

Sos-te-nu̧'tō, *a.* നീട്ടിപ്പാടേണ്ടുന്ന (*mus.*).

**Sot,** *n.* മുഠാളൻ; 2. ലഹരിപിടിച്ചവൻ, വെറിയൻ; 3. മുരത്തകുടിയൻ, മഹാമദ്യപാനി. *v. t.* ലഹരിപിടിപ്പിക്കുക. *v.i.* മത്തനാക, അമലേറുക. **-'tish,** *a.* ഭോഷനായ, കുടിച്ച്‌ വെറിയനായ. **-'tish-ly,** *ad.* അമലോടെ, മത്തനായി. **-'tish-ness,** *n.* ഭോഷത്വം; ലഹരി, അമല്.

**So-ta-dē'an, =tad'ic,** *a.* അമ്മായി ശ്ലോകം ആയ; —സംബന്ധിച്ച. **=tad'ic,** *n.* —ശ്ലോകം.

**So-tē-ri-ol'o-ġy,** *n.* സുഖശാസ്ത്രം; സുഖപാലനവിദ്യ; 2. യേശുക്രിസ്തുവിനാലുള്ള രക്ഷണ്യോപദേശം, ക്രിസ്തുരക്ഷണ്യവാദം (*theo.*).

**Sot'tish,** *etc.*, *s. u.* **Sot.**

***Sot-tō-vō'ce*** (-vō'chā), മൃദുസ്വരത്തിൽ, സാവധാനത്തിൽ (*mus.*); 2. പതുക്കെ, മെല്ലെ.

**Sou** (su), *n.* ഒരു പൈസ(തുട്ട്, 4പൈ)ക്കുള്ള ഒരു പരന്ത്രീസ് ചെമ്പ് നാണ്യം.

**Sou-brette'** (su-bret'), *n.* ദാസി, അനുചാരിക; 2. ദൂതി(ക), പ്രേഷ്യ (*dr.*); 3. വേണ്ടാതനക്കാരത്തി.

**Sou'bri-quet** (su'bri-kā), *s. a.* **Sobriquet.**

**Souce,** *n.*, *s. a.* **Souse** I.

**Sou-chong'** (su-shong'), *n.* ഒരു മാതിരി നല്ലചായ, —തേയില.

I. **Souf'fle,** *n.* കിരുകിരുശബ്ദം, ചെറുമുഴക്കം (*med.*).

II. **Souf'fle** (suf'la), *n.* ഒരു വക മുട്ടയ[പ്പം (*ck.*).

I. **Sough** (suf), *n.* ചെറിയ ഓവ്(ക്).

II. **Sough** (suf *or* sow), *n.* ചൂളവിളി, ഊത്ത്, മുഴക്കം; 2. ശ്രുതി, കിംവദന്തി, വർത്തമാനം (*Scot.*); 3. നീട്ടിസംസാരം. *v. i.* ചൂളമിടുക, —വിളിക്കുക; 2. (കാററ്) ഊതുക.

**Sought** (sąt), *p. t. and p. p. of* **Seek.**

**Sōul** (sōl), *n.* ആത്മാവ്; ദേഹി; ജീവാത്മാവ്; പ്രാണൻ; 2. ബുദ്ധി, ചേതസ്; മനസ്സ്, ചിത്തം; 3. ജീവൻ, ചൈതന്യം; 4. സാരം, സത്ത്, കാര്യഭാഗം; 5. ധൈര്യം, ശൌര്യം; 6. ആള്, മനുഷ്യൻ: **poor s.** സാധുമനുഷ്യൻ, പാവപ്പെട്ടവൻ (*S.*); **a thirsty s.** ദാഹിച്ചിരിക്കുന്നവൻ; 7. ആത്മസ്വരൂപി, അശരീരി. **cure of s.s** ആത്മശുശ്രൂഷ, പൌരോഹിത്യം. **s.-bell** ചാവുമണി. **s.-foot, s.-scot, s.-shot** ശേഷക്രിയപണം (*R. C.*). **s. of the universe** പരമാത്മാവ്. **individual s.** ജീവാത്മാവ്. **upon my s.** എന്റെ ജീവനാണ. **with all my s.** പൂർണ്ണമനസ്സോടെ. **sōuled** (sōld), *a.* ദേഹിഉള്ള, പ്രാണൻ—; മനസ്സ്—; മനസ്സുള്ളനായ. **-'less,** *a.* ദേഹിഇല്ലാത്ത; സല്ഗുണം—; ധൈര്യം—; ചൈതന്യം—; ക്രൂരം ആയ; നീചം—. **-'less-ly,** *ad.* ചൈതന്യമില്ലാതെ; ഹീനമായി.

**Sou'li-lī,** *n.* യാവക്ഷരങ്ങ്, ഒരു വക കരിങ്കുരങ്ങ് (*z.*).

I. **Sound,** *n.* (മീൻ)പൊട്ടി.

II. **Sound,** *a.* മുഴുവനായ, മുഴു, പൂർണ്ണ; 2. ഊനം ഇല്ലാത്ത, കേട്—, ദൂഷ്യം—; 3. സുഖം ഉള്ള, ആരോഗ്യം—; 4. സ്വസ്ഥബുദ്ധി—, സുബുദ്ധി—; 5. ഉറപ്പ്—, ഊക്ക്—, ശക്തി—; 6. ദൃഢം ആയ, ഭദ്രം—; 7. ശരി—; നല്ല; 8. മിടുക്കൻ ആയ, ബുദ്ധിമാൻ—; 9. പരമാർത്ഥമുള്ള; 10. ന്യായം ആയ, സാധു—, നിയമാനുസാരം— (*l.*); 11. സുബദ്ധം—; ശുദ്ധ, സൽ; 12. ഗാഢം ആയ; 13. കഠിനം—, ഉഗ്രം—. **s. currency** വിലകുറയാത്ത നാണ്യം (*com.*). **sound, -'ly,** *ad.* നന്നായി, നല്ലവണ്ണം, ഗാഢമായി, വെടിപ്പിൽ, ഊനമില്ലാതെ. **-'ness,** *n.* നന്മ, ഗുണം, ഊനമില്ലായ്മ.

III. **Sound,** *n.* കടൽക്കൈവഴി, ജലസന്ധ്, കടലിടുക്ക് (*geog.*). **s.-dues** കപ്പൽകടവ് ചുങ്കം.

IV. **Sound,** *v. t.* ആഴംഅളന്ന് നോക്കുക, കുഴം—; ഈയംഇട്ട്—; 2. അഭിപ്രായംഅറിയുക, ഉള്ള്—, മനസ്സ്—; 3. മുട്ടിനോക്കുക (*med.*). *v. i.* ഈയംഇട്ട് വെള്ളത്തിന്റെകുഴംഅളക്കുക. *n.* അന്തരാശയശോധിനി (*med.*). **-'āge,** *n.* ആഴമളവ് കൂലി. **-'ing,** *a.* ആഴംഅളക്കുന്ന; ഉള്ളറിയുന്ന. **s.g-lead** ആഴം അളക്കു

വാൻ ഇടുന്ന ഈയം, ആഴക്കട്ടി. **s.g-line** ആഴംഅളക്കുന്നകയറ്, ഈയക്കയറ്. **s.g-rod** കപ്പലിന്നകത്ത് കയറിയവെള്ളം നോക്കുന്നകോല്, കമ്മത്ത് കോല് (*naut.*). *n.* ആഴംഅളക്കൽ; കഴം; *pl.* ഈയമിട്ടളക്കാകുന്നജലാശയം; (ഈയ്യക്കട്ടിക്ക് പററുന്ന)ചിപ്പി. **in s.gs** എണ്ണത് മാറിൽകവിയാത്ത കഴം. **-'less,** *a.* ആഴമളപ്പാൻ കഴിയാത്ത, ഈയം എത്താത്ത; അത്യ ഗാധമായ.

v. **Sound,** *n.* ഒച്ച, ശബ്ദം, മുഴക്കം, ധ്വനി, നിനാദം, നാദം; മണിച്ചല്; 2. വായുചലനം,.വായുവനക്കം; 3. ധ്വനിശാസ്ത്രം; 4. ഒച്ചപ്പാട്. **s.-board** ധ്വനിപ്പലക (*mus.*). **s.-boarding** ഒച്ചയടപ്പ് പലക. **s.-bow** മണി(യുടെ)വളയം. **s.-post** വീണക്കുററി (*mus.*). *v. i.* ഒച്ചപ്പെടുക, ശബ്ദിക്കുക, ശബ്ദംഉണ്ടാക, ധ്വനി—; 2. ഒച്ചപുറപ്പെടുക, മുഴങ്ങുക; 3. മുഴങ്ങിച്ചെല്ലുക, കേൾ്ക്കുക, അറിവാറാക; 4. തോന്നുക. *v. t.* ഒച്ചപ്പെടുത്തുക; 2. ധ്വനിക്കുക, ശബ്ദിക്കുക; 3. സ്വരം പുറപ്പെടുവിക്കുക; 4. (വാദ്യം)വായിക്കുക; 5. (കാഹളം)ഊതുക, മുഴക്കുക; 6. നാദത്താൽ അറിയിക്കുക; 7. ഘോഷിക്കുക, പുകഴ്ത്തുക, പ്രസിദ്ധമാക്കുക, കീൎത്തിക്കുക; 8. മുട്ടിനോക്കുക, മണിച്ച്—, ചൊട്ടി—. **-'a-ble,** *a.* ധ്വനിക്കാകുന്ന. **-'ĕr,** *n.* ധ്വനിക്കുന്നവൻ, ശബ്ദിക്കുന്നവൻ; ഊതുന്നവൻ; വില്ല്യചഌബ്ബിനി (*tel.*). **-'ing,** *a.* ഒച്ചഉള്ള, മുഴക്കം—, മുഴങ്ങുന്ന. **s.g-post** വീണ(യുടെഅകത്ത് വെക്കുന്ന)കുററി(*mus.*). **s.g-board** ധ്വനിപ്പലക (*mus.*). *n.* ശബ്ദിക്കൽ, ഒച്ചപ്പെടുത്ത(ക്ക)ൽ. **-'less,** *a.* ഒച്ചയില്ലാത്ത, നിശ്ശബ്ദംആയ, മൌനം—. **-'less-ly,** *ad.* ഒച്ചപ്പെടുത്താതെ, നിശ്ശബ്ദമായി. **-'less-ness,** *n.* നിശ്ശബ്ദം.

**Soụp** (sụp), *n.* ചാറ്, ആണം (*M.*), മാംസരസം, മാംസക്കഷായം, യൂഷം, 'സൂപ്പ്'; 2. രസം, കഷായം. **s.-kitchen** ധൎമ്മയൂഷാഗ്രശാല. **s.-ticket** ധൎമ്മയൂഷചീട്ട്. **-māi'gre** (-mā'gr), *n.* തക്കാരിച്ചാറ്; മീൻചാറ്. **-'y,** *a.* ചാറ്പോലെയുള്ള; യൂഷമായ.

**Sour,** *a.* പുളിക്കുന്ന, പുളിപ്പുള്ള, അമ്ലമായ, പുളിരസമുള്ള; 2. പുളിച്ച്പോയ, വളിച്ച്—, പഴക്കംചുവക്കുന്ന, —മണക്കുന്ന, കാറുന്ന, കാറലുള്ള; 3. മുഷിച്ചലുള്ള, വെറുപ്പുള്ള, വെറുതിപിടിച്ച, ഇളിയനായ, ഇളിഭ്യനായ; 4. കഷ്ടമായ, വേദനയുള്ള; 5. (ഭൂമി)അഫലമായ (*agr.*). **s.-sop** പുളിയാത്തിച്ചക്ക (*b.*). *n.* പുളി, പുളിരസം, അമ്ല—; ശുക്തം; 2. കഷ്ടം, വേദന. *v.t.* പുളിപ്പിക്കുക, പുളിപ്പാക്കുക; 2. അഫലമാക്കുക (*agr.*); 3. കൈപ്പിക്കുക, കൈപ്പാക്കുക, ദുഃഖകരമാക്കുക; 4. വെറുപ്പിക്കുക, മുഷിപ്പിക്കുക; 5. (ചുണ്ണാമ്പ്) ഇടിച്ച് കുമ്മായമാക്കുക. *v. i.* പുളിച്ച്പോക, (പാല്)തെരുത്ത്പോക, —കട്ടപ്പിടിച്ച്—; 2. വെറുപ്പ്തോന്നുക, മുഷിയുക. **-'ing,** *n.* പുളിയുള്ള 'ഏപ്പ്ൾ'പഴം (*b.*). **-'ish,** *a.* ലേശം പുളിരസമുള്ള. **-'ly,** *ad.* പുളിയായി; പുളിയോടെ; മുഷിച്ചലോടെ, വെറുപ്പോടെ. **-'ness,** *n.* പുളിപ്പ്.

**Sōurce** (sōrs), *n.* ഉറവിടം, ഉല്പത്തിസ്ഥാനം; 2. ആരംഭം, തുടക്കം, ഉത്ഭവം; 3. ഉറവ്, നീരുറവ്; 4. മൂലം, കാരണം, ഹേതു, മൂലകാരണം, —ഹേതു.

I. **Souse, Souce, Sowce, Sowse,** *n.* ഉപ്പിലിട്ടത്; 'അച്ചാറ്'; 2. ഉപ്പിലിട്ട പന്നിച്ചെവി; 3. പന്നിച്ചെവി; ചെവി; 4. വെള്ളത്തിലിടൽ, കുതൎത്തൽ. *v. t.* ഉപ്പിലിടുക, അച്ചാറിടുക; 2. വെള്ളത്തിലിട്ട് വെക്കുക, കു(പ്പ)തൎത്തുക; 3. നനക്കുക, വെള്ളത്തിൽമുക്കുക.

II. **Souse,** *v. i.* റാഞ്ചുക, പെട്ടന്ന് വീഴുക; 2. —അതിക്രമിക്കുക. *v. t.* റാഞ്ചുക. *n.* റാഞ്ചൽ. *ad.* റാഞ്ചിക്കൊണ്ട്; ഊക്കോടെ; പെട്ടന്ന്.

**Soụ-tache'** (sụ-tash'), *n.* നേരിയപട്ട്നാട, പട്ട്കര.

**Soụ-tane'** (sụ-tan'), *n.* നിലയങ്കി, ബോധകവസ്ത്രം, അങ്കി, 'ലോഹ' (*S.*).

**South** (*by sailors:* Sou), *n.* തെക്ക്, ദക്ഷിണദിക്ക്, ദക്ഷിണം, അവാചി; 2. തെക്കെരാജ്യം; 3. തെന്നൽ(കാററ്). **s.-down** ഇംഗ്ലാണ്ടിലെ ഒര് പ്രദേശം; ഒര്

വക ആട് (z.). **s.-east** അഗ്നിമൂല, —കോണ്, ദക്ഷിണപൂൎവ്വം, തെക്ക്കിഴക്ക്; ആഗ്നേയ, തെക്ക്കിഴക്കെ. **s.-easter** ഒരുവക കൊടുങ്കാററ്, കോള്. **s.-easterly** തെക്ക്കിഴക്കെ, ആഗ്നേയ; തെക്ക്കിഴക്ക്നിന്ന്വരുന്ന, —കിഴക്കോട്ട്പോകുന്ന; അഗ്നിമൂലകൊണ്ടുള്ള. **s.-eastern** തെക്ക്കിഴക്കെ. **s.-eastward, s.-eastwardly** തെക്ക്കിഴക്കോട്ട്. **s. frigid zone** ദക്ഷിണധ്രുവകച്ച (*geog.*). **s. pole** ദക്ഷിണധ്രുവം (*geog.*). **s.-west** തെക്ക്പടിഞ്ഞാററ്, ദക്ഷിണപശ്ചിമം, നിരൃതികോണ്, —മൂല; ദക്ഷിണപശ്ചിമ. **s.-west monsoon** ദക്ഷിണപശ്ചിമക്കാററ്; ഇടവവൎഷം, കാലവൎഷം. **s.-wester** കൊടുങ്കാററ്, കോള്, 'തൂഫാൻ'; ഒരുവകവാൽതൊപ്പി, —മെഴുത്തുണിത്തൊപ്പി. **s.-westerly** നിരൃതിമൂലകൊണ്ടുള്ള; തെക്ക്പടിഞ്ഞാററ്നിന്ന്. **s.-western** തെക്ക്പടിഞ്ഞാറെ. **s.-westward, s.-westwardly** തെക്ക്പടിഞ്ഞാറോട്ട്. **-'ĕr,** *n.* തെക്കൻകാററ്, തെന്നൽ, ഒരുവക കൊടുങ്കാററ്. **-'ĕr-li-ness, -'ĕrn-li-ness,** *n.* ദാക്ഷിണ്യം; ദക്ഷിണഗതി. **-'ĕr-ly, -'ĕrn,** *a.* തെക്കുള്ള, തെക്കെ; തെക്ക്നിന്ന്വന്ന; തെക്കോട്ട്പോകുന്ന. **s.n cross** (ക്രൂശാകൃതിയിലുള്ള) ഒരുനക്ഷത്രഗണം (*as.*). **s.n fish** ഒരുനക്ഷത്രഗണം (*as.*). **s.n hemisphere** ദക്ഷിണാൎദ്ധഗോളം (*geog.*). **-'ĕrn, -'ĕrn-ĕr, -'ron,** *n.* തെക്കൻ. **-'ĕrn-ly,** *a.* ഏതാണ്ടുംതെക്കുള്ള. *ad.* തെക്കോട്ട്. **-'ĕrn-mōst, -'mōst,** *a.* ഏററവുംതെക്കുള്ള. **-'ing,** *n.* ദക്ഷിണഗതി, തെക്കോട്ടുള്ളയാത്ര; (ചന്ദ്രൻമുതലായവാനഗോളം) ഉച്ചതെററുന്നസമയം (*as.*); മദ്ധ്യരേഖക്ക് തെക്കുള്ളദൂരം (*as.*); ദക്ഷിണദൂരം (*sur.*). **-'ness,** *n.* (തവുക്കസൂചിയുടെ)ദാക്ഷിണ്യം. **-'ward** (-wĕrd), **-'wards,** *ad.* തെക്കോട്ട്, തെക്ക്കൊണ്ടുള്ള. **-'ward,** *a.* തെക്കോട്ടുള്ള. *n.* തെക്കൻദിക്ക്, ദക്ഷിണരാജ്യം. **-'ward-ly,** *ad.* തെക്കോട്ട്.

*Souve'nir* (suv'nēr), *n.* സ്മാരകം, ഓൎമ്മക്കുറി, സ്മാരകചിഹ്നം; സ്മാരകസമ്മാനം.

**Sov'ĕr-eign** (-in), *n.* അധിപതി; രാജാവ്, ചക്രവൎത്തി, രാജ്ഞി; നാടുവാഴി; കോയ്മ; 2. (ഇപ്പോൾ) പതിനഞ്ച് ഉറുപ്പികയുള്ള ഇംഗ്ലീഷ്പൊൻനാണ്യം, 'പൌണ്'; 3. ഒരുവക ചിത്രശലഭം (z.). *a.* (*poetical:* sov'ran) ശ്രേഷ്ഠാധികാരം ഉള്ള, സൎവ്വാധികാരം—, ആധിപത്യം—, കൎത്തൃത്വം—; 2. നാടുവാഴി ആയ, ശ്രേഷ്ഠാധികാരി—; 3. രാജത്വമുള്ള, രാജകീയ; 4. മുഖ്യംആയ, പ്രധാനം—, ശ്രേഷ്ഠം—, വിശിഷ്ടം—, പരമ; 5. (ഔഷധം)കൈകണ്ട, സിദ്ധ. **s. state** സ്വയാധിപത്യരാജ്യം. **-ly,** *ad.* പ്രധാനമായി; അതിവിശേഷമായി; സൎവ്വാധികാരത്തോടെ. **-ty,** *n.* ആധിപത്യം, രാജത്വം, കൎത്തൃത്വം, വാഴ്ച, കോയ്മ, അധികാരം; പ്രാധാന്യം; സ്വാതന്ത്ര്യം; സ്വയാധിപത്യരാജ്യം.

I. **Sow** (sou), *n.* പെൺപന്നി (z.); 2. ഉലക്കുഴല്; 3. ലോഹക്കട്ടി; 4. മറപ്പന്തല് (*mil.*).

II. **Sōw** (sō), *v.t. ir.* (**sōwed** *pr.* sōd; **sōwn** *or* **sōwed**) വിതക്കുക, വാളുക, വിത്തിടുക; 2. വിതറുക, പരത്തുക, ചിതറുക; 3. കടയുക, തളിക്കുക. *v. i.* വാളുക, വിതക്കുക. **-'ĕr,** *n.* വിതക്കുന്നവൻ.

**Sōw'ans, Sōw'ens, Sōw'ins,** *n. pl.* ഉമി'ബോള്' (*N.*), ഉമിയപ്പം.

**Sōwn,** *p. p. of* **Sow** II.

**Soy** (soi), *n.* (ജാപ്പാന്യരും ചീനക്കാരും മത്സ്യത്തിന്ന് കൂട്ടുന്ന) ഒരുവക ചാററ്.

**Spa,** *n.* ധാതുജലയുറവ്, ധാതുജലക്കിണററ്.

**Spāce,** *n.* ആകാശം, അന്തരീക്ഷം, ദിഗന്തരം; 2. വിശാലം, വിസ്തീൎണ്ണം, പരപ്പ്; 3. ഇടം, സ്ഥലം; 4. വിസ്താരം; ദൂരം, അന്തരം, ഇട; 5. കാലം, സമയം, നേരം; 6. അല്പസമയം, ക്ഷണനേരം; 7. വെറുമുദ്ര(*print.*); 8. അക്ഷരാന്തരമുദ്ര(*print.*); 9. നിൎത്ത് (*mus.*). **absolute s., Euclidian s.** നിരായാമാന്തരം, പരിമാണഹീനവിശാലം, ഭാവനാവിശാലം (*geom.*). **s.-line** രേഖാന്തരമുദ്ര (*print.*). **s.-rule** രേഖാമുദ്ര (*print.*). *v. t.* (അക്ഷരം)ഇടവിട്ട് കൂട്ടുക (*print.*). **-'ful,** *a.* വിശാലം

ആയ, വിസ്തീൎണ്ണം—; അകലമുള്ള. -'less, *a.* സ്ഥലംഇല്ലാത്ത, ഇടം—, ഇട—. spā'-cial, spā'tial, *a.* ഇടംസംബന്ധിച്ച, സ്ഥലം—. spā'cial-ly, spā'tial-ly, *ad.* ഇടംസംബന്ധിച്ച്, സ്ഥലസംബന്ധമായി. spā'ciŏus (-shus), *a.* വിശാലംആയ, വിസ്തീൎണ്ണം—, വിസ്താരമുള്ള; വലിയ, ധാരാളംസ്ഥലമുള്ള. spā'ciŏus-ly, *ad.* വിശാലമായി. spā'ciŏus-ness, *n.* വിസ്തീൎണ്ണം, വിശാലത.

**Spa-da-ssin'** (spa-da-san'), *n.* വമ്പൻ; 2. മല്ലൻ; മല്ലിട്ടത്തക്കാരൻ, 'കസ്തിക്കാരൻ'; 3. വേണ്ടാതനക്കാരൻ, ഉരന്തിരിഞ്ഞവൻ.

I. **Spāde, Spāid, Spāy, Spāy'ad, Spāy'ade**, *n.* മൂന്ന് വയസ്സായ മാന് (*z.*).

II. **Spāde, Spā'dō**, *n.* ഷണ്ഡൻ; 2. ഉടച്ചമൃഗം, കപ്പാരിച്ച—, കാല് കെട്ടിയ—; 3. ധാതുബലമില്ലാത്തവൻ (*l.*).

III. **Spāde**, *n.* പടന്ന, കൈക്കോട്ട് (*N.*), ഉമ്പ (*S.*), മൺതുടപ്പ (*S.*), ഖനിത്രം; 2. കളിക്കുന്ന ചീട്ടിൽ ഒര് ജാതി, 'ഇസ്പാദ്'; 'സ്പേഡ്'; 3. ഒര് വക കത്തി. s.-bayonet പടന്നക്കുന്തം, പടന്ന'വയനാത്തി'. s.-bone അംസഫലക (*phys.*). to call a s. a s. പച്ചയായിപറയുക, തുറന്ന്—, ഒളിക്കാതെ—. *v. t.* ചെത്തുക, കഴിക്കുക, കൊത്തുക, കോരുക. -'ful, *n.* കൈക്കോട്ട്നിറയ. spā'dĕr, *n.* കിളക്കുന്നവൻ, ചെത്തുന്നവൻ.

**Spa-di'ceŏus** (-dish'us), *a.* കരിന്തവിട്ട് നിറം ഉള്ള; 2. (പൂ)തണ്ട്— (*b.*).

**Spa-dille'** (-dil'), *n.* (കത്ത് കളിയിൽ) 'സ്പേഡ്'ജാതിയിലെ ഒററപ്പുള്ളി.

**Spā'dix**, *n.* പൂത്തണ്ട്, പൂവില (*b.*).

**Spā'dō**, *n.*, *s. a.* Spade II.

**Spa-droon'**, *n.* വാള്, ഖഡ്ഗം.

**Spāe** (spā), *v. i.* ലക്ഷണംപറയുക, നക്ഷം— (*Scot.*). s.-man —പറയുന്നവൻ, നക്ഷക്കാരൻ. s.-wife നക്ഷക്കാരത്തി.

**Spä'hī, Spä'hēe** (*or* -ē), *n.* തുൎക്കിക്കുതിരപ്പടയാളി; 2. (പരന്ത്രീസ് സൈന്യത്തിലെ) അല്ജീയ്യക്കുതിരപ്പടയാളി.

**Spāid**, *n.*, *s. a.* Spade I.

**Spāke**, *old p. t. of* Speak.

**Spāke'net**, *n.* ഞണ്ട് വല, കണ്ടാച്ചി.

**Spal'ding knīfe, Spalt'ing k.**, *n.* മീൻ(കീറുന്ന)കത്തി.

**Spāle**, *n.* പൊളി; പൊളക്ക, കഷ്ണം; 2. (കപ്പലിൻെറ) പള്ളവാരി.

**Spall**, *n.* കൈപ്പലക (*an.*); 2. കല്ക്കഷണം. *v.t.* നുറുക്കുക; 2. മുട്ടിത്താഴ്ത്തുക. *v. i.* അടന്ന് പോക.

**Spal'pēen**, *n.* നിസ്സാരൻ, ഒന്നിന്നും കൊള്ളാത്തവൻ, പൊങ്ങ് പുഴങ്ങി.

**Spalt**, *v. t.* & *i.* ചെത്തിക്കുറക്കുക, കുറെക്കുക; കീറുക. *a.* ചീന്തുന്ന, പൊട്ടുന്ന; 2. സൂക്ഷ്മമില്ലാത്ത; 3. ചേപ്രയായ. s.ing knife, *s. a.* Spalding knife.

**Span**, *n.* ചാണ്, ചൊട്ടച്ചാണ്, 9 അംഗുലം, അരമുളം, അരക്കാൽമാററ്; 2. അല്പസ്ഥലം; 3. അല്പസമയം; 4. വിട്ടം, അകലം, ഉള്ള്; 'കമാൻ'അകലം. 5. കെട്ടിയുറപ്പിച്ചകയറ് (*naut.*); 6. 'ജോട്'കതിര, ഇണക്കുതിര, ഒരേർകതിര. s.-counter 'വില്ലീസ്'കളി. s.-dogs കൊളുത്ത്. s.-iron ഒര് വക ചാട്ടുളി. s.-piece വി(പി)ട്ടം. s.-roof നെട്ടമ്പുര, മെയ്യാപ്പുര. spick and s., *s.u.* Spick. *v.t.* ചാണ് വെക്കുക; —വെച്ചളക്കുക; 2. ഒററംമുതൽ മറെറ അററത്തോളം വെക്കുക; 3. ഇണെച്ച് കെട്ടുക. *v.i.* ജോടായിരിക്കുക. -'less, *a.* കമാൻകെട്ടുവാൻ പാടില്ലാത്ത. -'nĕr, *n.* ചാണ് വെക്കുന്നവൻ, അളക്കുന്നവൻ; കമാൻകെട്ടുന്നവൻ; വില്ല്മുറുക്കി.

**Spa-næ'mi-a**, *n.* ചോരയില്ലായ്മ, ചോരക്കുറവ്, വിളൎച്ച, പിത്തം (*med.*). =næm'ie, *a.* പിത്തംപിടിച്ച, വിളൎത്ത.

**Span'cel**, *n.* (മൃഗങ്ങളുടെ) കാല് കൂച്ചുന്നകയറ്. *v. t.* കാല് കൂച്ചുക.

**Spang**, *v. i.* തുള്ളുക, ചാടുക. *n.* തുള്ളല്, ചാട്ടം.

**Span'gle**, *n.* തകിട് തുണ്ടം; 2. മിന്നി. *v.t.* മിന്നിവെക്കുക. *v.i.* മിന്നുക. span'-glĕr, *n.* മിന്നുന്നസാധനം, മിന്നി. span'-gly, *a.* മിന്നുന്ന, ഒളിയുന്ന.

**Span'iard** (-yẽrd), *n.* 'സ്പേയിൻ'രാജ്യക്കാരൻ, 'സ്പാന്യ'ൻ.

**Span'iel** (-yel), *n.* ഒര്വക ചെറുജടനായി; 2. പാദസേവകൻ. *a.* പാദസേവചെയ്യുന്ന, താണ്വീണ്സേവിക്കുന്ന. *v. i.* പാദസേവചെയ്യുക. *v. t.* വഴിയെ നടക്കുക, ആശ്രയിക്കുക.

**Span'ish,** *a.* സ്പേയിൻരാജ്യം സംബന്ധിച്ച; 2. സ്പാന്യരെ—. **S.-juice** ഇരട്ടിമധുരം (*b.*). **S.-main** കരീബ്യക്കടല്. **S.-potato** ചക്കരക്കിഴങ്ങ്, കപ്പക്കിഴങ്ങ്, 'ബത്താസ്' (*b.*). **S.-sheep** മെറീനൊ ആട് (*z.*). *n.* 'സ്പാന്യ'ഭാഷ, 'സ്പേയിൻ'—.

I. **Spańk,** *v. t.* കൈനിവിർത്തി അടിക്കുക, കൈകൊണ്ട്—. *n.* അടി. **-'ĕr,** *n.* അടിക്കുന്നവൻ.

II. **Spańk,** *v. i.* വേഗംനടക്കുക, തിരക്കിട്ട്—. **-'ĕr,** *n.* തിരക്കിട്ട്നടക്കുന്നവൻ; വേഗതയുള്ള കതിര; വലിയവൻ, നെട്ടൻ, നെട്ടക്രൂസ് (*N.*), ഹിഡിംബൻ, ഭീമസേനൻ. **-'ińg,** *a.* വേഗംനടക്കുന്ന, ഓട്ടുന്ന; വലിയ, പെരും. **s.g breeze** കൊടുങ്കാററ് (*naut.*).

**Span'less, Span'nĕr, Span'piece,** *s. u.* **Span.**

**Span'new,** *a.* കേവലംപുതിയ, സാക്ഷാൽ പുത്തനായ.

I. **Spär,** *n.* സ്ഫടികമണ്ണ്, വെങ്കല്ല് (*min.*). **-'ry,** *a.* സ്ഫടികതുല്യമായ.

II. **Spär,** *n.* ഉരുണ്ടമരക്കഷണം, പാമരം, പരിമാൻ (*naut.*); 2. കഴക്കോല് (*arch.*). *v. t.* (കപ്പലിന്ന്) കൊമ്പ് വെക്കുക.

III. **Spär,** *v. i.* (കോഴി) ചവിട്ടുക; 2. കത്തുക, മുഷ്ടിചുരുട്ടുക, അടിക്കുക; 3. തക്കിക്കുക. *n.* മുഷ്ടിയുദ്ധം, തല്ല്, പിടിത്തം. **-'rĕr,** *n.* മുഷ്ടിയുദ്ധംചെയ്യുന്നവൻ.

**Spar'a-ble,** *n.* ചെരിപ്പാണി.

**Spar'a-drap,** *n.* 'പ്ലാസ്ത്രി', പററ്, പത്തി (*med.*).

**Spāre,** *v. t.* സൂക്ഷിച്ച്ചിലവാക്കുക, സൂക്ഷിക്കുക; 2. ഉപയോഗിക്കാതിരിക്കുക, ചെയ്യാതിരിക്കുക, വിലക്കുക, തടുക്കുക; 3. കാക്കുക, രക്ഷിക്കുക; 4. ശിക്ഷിക്കാതിരിക്കുക; ക്ഷമിക്കുക, ദയകാണിക്കുക; 5. ശേഷിപ്പിക്കുക, ആദായപ്പെടുത്തുക; 6. കൂടാതെകഴിക്കുക, ഉപേക്ഷിക്കുക, വേണ്ടെന്ന് വെക്കുക. **to s. one's self** മെയ്കാക്കുക, അദ്ധ്വാനംകൂടാതെ കഴിക്കുക; ശിക്ഷ—; ആക്ഷേപം—. *v. i.* മിതമായിചെലവിടുക, ധാരാളിക്കാതിരിക്കുക; 2. ഈററിക്കുക, ലുബ്ധ്കാട്ടുക; 3. വേദനപ്പെടുത്താതിരിക്കുക; 4. ക്ഷമിക്കുക, ദയകാണിക്കുക. *a.* മിതം ആയ, തുരിശം—; 2. ഈററ ഉള്ള, പിശുക്ക്—; 3. തല്ക്കാലാവശ്യംകഴിച്ചുള്ള, അധികംഉള്ള, ഉടനെവേണ്ടാത്ത, ബാക്കിയായ, ശേഷിപ്പുള്ള, മിച്ചമായ; 4. കരുതിവെച്ച, സംഗ്രഹിച്ച്—, അധികമുള്ള; 5. മെലിഞ്ഞ, മെല്ലിച്ച, ശുഷ്കിച്ച; 6. അല്പം ആയ, സ്വല്പം—, അരിഷ്ടിച്ച. **s. anchor** മാററ്നങ്കൂരം. **s. bed** മിച്ചക്കിടക്ക, അതിഥിക്കിടക്ക. **s. diet** പത്ഥ്യം(ഥ്യം). **s. hour, s. time** ഒഴിവ്സമയം, മിനക്കേട്. **s. man** കൃശൻ. **s. money** മിച്ചപ്പണം, കെട്ടിയിരിപ്പ്. **s.-rib** പന്നിയുടെ വാരിക്കണ്ടം. **s. rigging** മറുകയറ്. **s. tonnage** കപ്പലിലെ ഒഴിവ് സ്ഥലം. *n.* മിച്ചം, ശേഷിപ്പ്. **-'ly, spā'ring-ly,** *ad.* തുരിശമായി, മിതമായി, സൂക്ഷ്മത്തോടെ. **-'less** *a.* സൂക്ഷിക്കാത്ത, ചരതമില്ലാത്ത. **-'ness,** *n.* മെലിച്ചല്, കൃശത. **spā'rĕr,** *n.* കരുതിവെക്കുന്നവൻ. **spā'ring,** *a.* സൂക്ഷ്മംഉള്ള, ചരതം—; മിതംആയ, തുരിശം—; കരുണയുള്ള. **spā'-ring-ness,** *n.* മിതം, ചരതം, സൂക്ഷ്മം; പിശുക്ക്.

**Spärġe,** *v. t.* തളിക്കുക, കടയുക, പ്രോക്ഷിക്കുക. **spär'ġĕr,** *n.* മൂടിക്ക് തുളയുള്ളപാത്രം, തളിക്കുന്ന—, വീശി.

**Spā'ring,** *etc., s. u.* **Spare.**

**Spärk,** *n.* തീപ്പൊരി, പൊരി, കണം; 2. മിന്നി; മിന്നല്; 3. വിത്ത്, മൂലം; 4. ലവം, ലേശം; 5. സുന്ദരവിഷ്ഠി, പച്ചസുന്ദരൻ; 6. സ്ത്രീലോലൻ. **s.-arrester** പൊരിയമുക്കി. *v. i.* സുന്ദരവിഷ്ഠിതാം കാട്ടുക; 2. സ്ത്രീലോലനായിരിക്കുക. **-'ĕr,** *n.* പൊരിയമുക്കി. **-'ish,** *a.* പൊരിപോ

ലത്തെ; ചുറുക്ക് ഉള്ള, സന്തോഷം—; അഴക് രാവണനായ, മോടിയുള്ള. spär'kle, *n.* ചെറുപൊരി, —കണം; ഒളി, ഒളിവ് (മ), മിന്നല്; പ്രഭ. *v. i.* പൊരിപാറുക; ഒളിയുക; മിന്നുക, എറിക്കുക; പതച്ച് പൊങ്ങുക, നുരക്കുക. *v. t.* തിളങ്ങുക, പൊരിപാറുക. spär'klĕr, *n.* ഒളിയുന്നസാധനം. spär'kling, *a.* പൊരിപാറുന്ന; മിന്നുന്ന, തിളങ്ങുന്ന; ചൊടിയുള്ള. spär'-kling-ly, *a.* തിളക്കത്തോടെ. spär'-kling-ness, *n.* തിളക്കം, ഒളിമ.

Spär'kle, *etc.*, *s. u.* Spark.

Spar'rōw (-rō), *n.* കരികില്, അട്ടക്കുളക്കുരികില്, അറപ്പക്ഷി, അറക്കിളി, കുരി (*S.*), ചടകം (*z.*). s.-hawk പുള്ള് (*z.*). s.-grass, *corruption of* Asparagus.

Spär'ry, *a.*, *s. u.* Spar I.

Spärse, *a.* ചിതറിക്കിടക്കുന്ന, അന്നിബിഡംആയ; 2. ദുല്ലഭം—, വിരളം—; 3. പടപ്പായ (*b.*). -'ly, *ad.* ചുരുക്കമായി, അങ്ങുമിങ്ങും കുറേശ്ശയായി. -'ness, *n.* ചുരുക്കം, വിരളതചം. spär'sim, *ad.* ചുരുക്കമായി; ചിതറിക്കൊണ്ട്, അവിടവിടെ ഓരോന്നായി.

Spär'tan, *n.* പുരാതനസ്പാൎത്തനിവാസി; 2. ധീരൻ, ധൈൎയ്യശാലി. *a.* ധീരത ഉള്ള, ശൌൎയ്യം—.

Spasm, *n.* ഞരമ്പ് വലി, വലി, ക്രു(കോ)ച്ചല്, കൊളുത്തല്, വിലക്കം (*med.*); 2. പെട്ടന്നുള്ള മനക്ഷോഭം. =mod'ic, =mod'i-cal, spas'tic, *a.* ഞരമ്പ് വലി സംബന്ധിച്ച; കോച്ചലുള്ള; വലിയോട്ടുകൂടിയ; വേഗംതീരുന്ന, ക്ഷണികമായ; തല്ക്കാലത്തേക്കുള്ള. s.c croup തൊണ്ടമുള്ള്, കള്ളപ്പല്ല് (*med.*). =mod'ic, *n.* ഞരമ്പ് വലിഔഷധം (*med.*). =mod'i-cal-ly, spas'ti-cal-ly, *ad.* ക്രുച്ചലായി; പെട്ടന്ന്. spas-tic'i-ty, *n.* വലിവ്; ക്രുച്ചല്.

I. Spat, *p. t. of* Spit.

II. Spat, *n.* ചെറുമുത്ത.

III. Spat, *v. i.* & *t.* ഇണറ് കഴിക്കുക, (മീന്) മുട്ടയിടുക.

IV. Spat, *n.* പരന്നസാധനംകൊണ്ടുള്ള അടി; 2. ശണ്ഠ, തകരാറ്, കലശല്. *v. i.* കലഹിക്കുക. *v. t.* കൈനിവിൎത്തിയടിക്കുക; 2. കൈമു(കൊ)ട്ടുക.

Spāte, *n.* വെള്ളപ്പൊക്കം, പുഴക്കവിച്ചല്.

Spāthe, Spath'a (*pl.* spath'æ), *n.* കല (*b.*); 2. കൊതുമ്പ് (*b.*); 3. പാള (*b*). =thā'ceōus (-shus), spath'al, spāthed (spāthd), spath'ōse (-ōs), spath'ŏus, *a.* കൊതുമ്പുള്ള; പാളയായ; പാളപോലെയുള്ള (*b.*).

Spath'ic, Spath'i-form, Spath'-ōse, *a.* സ്ഫടികമണ്ണുള്ള, —മണ്ണായ, വെങ്കല്ല് പോലെയുള്ള (*min.*).

I. Spath'ōse, Spath'ŏus, *a.*, *s. u.* Spathe.

II. Spath'ōse, *a.*, *s. u.* Spathic.

Spath'ū-lāte, *a.*, *s. u.* Spatula.

Spā'tial, Spā'tial-ly, *s. u.* Space.

Spat'tĕr, *v. t.* തെറുപ്പിക്കുക, കടയുക; 2. വീശുക, തളിക്കുക; 3. ദുഷ്യപ്പെടുത്തുക, അപകീൎത്തിപ്പെടുത്തുക, ഛീത്തയാക്കുക. *v. i.* പാററിത്തുപ്പുക, തുപ്പിക്കളയുക; ഉമിഴ(ണ്ണ)ക. s.-dashes (*pl.*) കാല് മറ(ത്തുണി). s.-dashed കാല് മറ ഇട്ട.

Spat'ū-la, *n.* ചട്ടുകം, തുടുപ്പ (*S.*). =lāte, spath'ū-lāte, *a.* ചട്ടുകാകൃതിയായ.

Spav'in, *n.* കുതിരകളുടെ മുട്ട് വീക്കം.

I. Spawl, *n.* പൊളുക്ക, കക്ഷണം.

II. Spawl, -'ing, *n.* തുപ്പല്. *v. i.* & *t.* തുപ്പുക.

Spawn, *v. t.* & *i.* (മത്സ്യം) മുട്ടയിടുക, ഇണറ് വെക്കുക; 2. (നിന്ദയായി) പെറുക. *n.* മീൻമുട്ട, ഇണറ് (*N.*), പനി(ന)ഞ്ഞിൽ, പരിഞ്ഞിൽ (*N.*), ചന (*S.*); 2. (നിന്ദയായി) മക്കൾ, സന്തതി; 3. വേർമുള (*b.*). -'ĕr, *n.* പെണ്മീന്, ഇണറ് വെച്ചമീന്; മുട്ടയുള്ളപ്രാണി.

I. Spāy, *v. t.* (മൃഗത്തിന്റെ) ശുക്ലകോശം എടുത്ത് കളയുക, മുട്ടക്കുടല് നീക്കുക.

II. Spāy, *n.*, *s. a.* Spade I.

Speāk (spēk), *v.i. ir.* (spōke; spō'ken) സംസാരിക്കുക; 2. വാക്ക് പറയുക; ഉരിയാടുക, മിണ്ടുക; 3. പറയുക, മൊഴിയുക, ഭാഷിക്കുക, സംഭാഷിക്കുക; 4. ചൊല്ലുക, പ്രസംഗിക്കുക, പാഠകംകഴിക്കുക, ഭാഷണം—; 5. പ്രസ്താവിക്കുക; 6. ശബ്ദിക്കുക, ധ്വനിക്കുക; 7. ഉച്ചരിക്കുക, അറിയിക്കുക. to s. of പ്രസ്താവിക്കുക; ഗണ്യമാക്കുക, നോക്കുക. to s. out ഉറക്കെപറയുക, ഉച്ചത്തിൽ—; തുറന്ന്—. to s. well for 'ശിഫാൎശി'പറയുക, പക്ഷം—, അനുകൂലിച്ച്—; അനുകൂലംആയിരിക്കുക, നല്ലലക്ഷണം—. to s. with തമ്മിൽസംസാരിക്കുക, ....ഓട്—, സംഭാഷിക്കുക. *v. t.* മിണ്ടുക, ഉരിയാടുക; 2. പറയുക, മൊഴിയുക, ചൊല്ലുക, വദിക്കുക; 3. പ്രസിദ്ധമാക്കുക, ഘോഷിക്കുക; 4. പുകഴ്ത്തുക; 5. സംസാരിക്കുക; സംഭാഷിക്കുക; ഉച്ചരിക്കുക. to s. a ship (ഒര്)കപ്പലിൽനിന്ന് (മറുകപ്പലിലുള്ളവരോട്) സംസാരിക്കുക. speāk'a-ble, *a.* സംസാരിക്കത്തക്ക; സംസാരിപ്പാൻ കഴിവുള്ള; യോഗ്യം ആയ, സഭ്യം—. speāk'ĕr, *n.* സംസാരിക്കുന്നവൻ; ഭാഷകൻ, പ്രസംഗി; സഭാഗ്രസ്ഥൻ, അഗ്രാസനൻ, അഗ്രസ്ഥൻ; തലവൻ; ഇംഗ്ലാണ്ടിലെ പ്രജാപ്രതിനിധിസഭാഗ്രസ്ഥൻ; പ്രസംഗഗ്രന്ഥം. speāk'ĕr-ship, *n.* അഗ്രേസരത്വം, അഗ്രസ്ഥസ്ഥാനം; നായകത്വം. speāk'ing, *a.* സംസാരിക്കുന്ന; സംസാരത്തിന്നുള്ള; ജീവനുള്ളപോലെയുള്ള, ജീവ. a s.g-acquaintance അല്പപരിചയം, കണ്ടാൽമിണ്ടുന്ന—. s.g-trumpet ഗാഢവാദിനി(യന്ത്രം). s.g-tube സംസാരനാളം. to be on s.g-terms അല്പംപരിചയമുണ്ടാക. not to be on s.g-terms തമ്മിൽഉരിയാട്ടമില്ലാത്ത, കണ്ടാൽ മിണ്ടാത്ത. *n.* മിണ്ടാട്ടം, വാക്ക്, സംസാരം; പ്രസംഗം, ഭാഷണം. speēch (spēch), *n.* (*from* speak) സംസാരേന്ദ്രിയം, വാഗിന്ദ്രിയം; സംസാരശക്തി; സംസാരം; വാക്ക്, വാണി, വചനം, മൊഴി, ശീര്; ഭാഷ; സംഭാഷണം; ഭാഷാഭേദം; ഗ്രാമ്യം; വൎത്തമാനം, പ്രസ്താവം; പ്രസംഗം, ഭാഷണം, പാഠകം; അഭിപ്രായം. s.h-maker പ്രസംഗി. part of s.h പദം (*gr.*). *v. i. & t.* ഭാഷണംകഴിക്കുക, പ്രസംഗിക്കുക. speēch'fụl, *a.* വാക്ക് പെരുത്ത; വാചാലതയുള്ള, വാഗ്മിയായ. speēch-i-fi-cā'tiŏn, *n.* (നിന്ദയായി) പ്രസംഗം. speēch'i-fī-ĕr, *n.* (നിന്ദയായി) പ്രസംഗക്കാരൻ. speēch'i-fȳ, *v. i.* (നിന്ദയായി) ദീൎഘമായി സംസാരിക്കുക, പ്രസംഗിക്കുക. speēch'i-fȳ-ing, *a.* (നിന്ദയായി) പ്രസംഗിക്കുന്ന. speēch'ing, *n.* പ്രസംഗിക്കൽ, ഭാഷണംകഴിക്കൽ. speēch'less, *a.* വാക്കില്ലാത്ത, മൌനമായ; വായില്ലാത്ത, ഊമയായ. speēch'less-ly, *ad.* വാക്കില്ലാതെ; ഊമനായി. speēch'less-ness, *n.* മൌനത, ഊമത്വം.

Spēar (spēr), *n.* കുന്തം, വേല്, ഈട്ടി; ശൂലം; 2. കുന്തക്കാരൻ; 3. ഉടക്കുളി (*S.*), ചാട്ടുളി; 4. പുല്ക്കൊടി, പുല്ത്തണ്ട്, ഇഴ; 5. കതിരക്കുഞ്ചിരോമം; 6. ചാമ്പുകോല് (*ph.*). s.-fish ഒര്വക കൊമ്പൻസ്രാവ് (*z.*). s.-foot കുതിരയുടെ പറിക്കാല്. s.-grass ഞാങ്ങണ, കോന്തമ്പുല്ല് (*S.*), വേഴം(*b.*). s.-hand വലങ്കൈ. s.-head കുന്തത്തല, കുന്തമുന. s.-man കുന്തക്കാരൻ. s.-mint ഒടതളം, പൊതിനാവ് (*b.*). s.-side അച്ഛൻവംശം, പിതൃവഴി. *v. t.* (കുന്തംകൊണ്ട്)കുത്തുക, കുത്തിക്കൊല്ലുക; 2. കുത്തിത്തുളക്കുക. *v. i.* മുളച്ച് പൊന്തുക, നീളത്തിൽപുറപ്പെടുക. -'ĕr, *n.* കുത്തുന്നവൻ; ചാട്ടുളിക്കാരൻ, ഉളിചാട്ടുന്നവൻ. -'y, *a.* കുന്താകൃതിയായ.

Spe'cial (spesh'al), *a.* വൎഗ്ഗസംബന്ധമായ, ജാതിക്കുള്ള; 2. പ്രത്യേകമായ, പ്രത്യേകാലുള്ള, വിശേഷവിധിയായ, വിശേഷാലുള്ള; 3. അപൂൎവ്വം ആയ, അസാധാരണം—; 4. വ്യത്യസ്തം—. s. damage വിശേഷവിധിനഷ്ടം, അധിക—(*l.*). s. jury പ്രത്യേകജ്ജൂരി, —പഞ്ചായക്കാര് (*l.*). s. partner ക്ലിപ്തക്കുറുകാരൻ, പ്രത്യേക— (*com.*). s. partnership —കുറ് (*com.*). s. session —യോഗം, —വിചാരണ. s. statute —നിയമം (*l.*). s. verdict —അഭിപ്രായം (*l.*). -ism, *n.* —വിഷയാ

ഭ്യാസം, —ജ്ഞാനം. -ist, *n.* —വിഷയജ്ഞൻ, വിശേഷജ്ഞൻ, വിദഗ്ദ്ധൻ, പ്രവീണൻ; പ്രത്യേകരോഗചികിത്സകൻ, വിശിഷ്ടവൈദ്യൻ. =i-al'i-ty, *n.* പ്രത്യേകകാര്യം, വിശേഷത; രേഖ, ലക്ഷ്യം, ആധാരം (*l.*); വൈശിഷ്ട്യം, പ്രത്യേകലക്ഷണം; —വിഷയം; ജാതിലക്ഷണം. -ī-s̱ā'tiŏn, -ī-zā'tiŏn, *n.* പ്രത്യേകിക്കൽ; വിശേഷാവസ്ഥ; അവയവപ്രത്യേകത (*biol.*). -īs̱e, -īze, *v. t.* പ്രത്യേകാൽ പ്രസ്താവിക്കുക, വിശേഷിപ്പിക്കുക; പ്രത്യേകാഭ്യാസംചെയ്യുക; പ്രത്യേകിച്ച് വെക്കുക, തിരിച്ച്—; പ്രത്യേകാവയവം ഉണ്ടാക (*biol.*). -ly, *ad.* പ്രത്യേകാൽ, പ്രത്യേകമായി, പ്രത്യേകിച്ച്, വിശേഷാൽ, വിശേഷിച്ച്, വിശേഷതഃ; വിശേഷവിധിയായി. -ty, *n.* പ്രത്യേകത; രേഖ, ലക്ഷ്യം, ആധാരം (*l.*); പ്രത്യേകാഭ്യാസം, വിശേഷജ്ഞാനം; പ്രത്യേകപരിചയം.

*Spē'cie* (spē'shi *or* spē'shā), *n.* (പൊൻവെള്ളി)നാണ്യം, പണം, മുതല്, റൊക്കം, നകത്. *in s.* അതേപ്രകാരം, അത് പോലെതന്നെ, അതേസാധനമായിട്ട്, സാധനമായിട്ട്; കൃത്യമായി, നിശ്ചയപ്രകാരം, പറഞ്ഞവണ്ണം (*l.*).

Spē'ciēs̱, *n. s. & pl.* ഛായ, രൂപം, ആകാരം(*phil.*); 2. ജാതി, വംശം, വൎഗ്ഗം, ഭേദം (*sc.*); 3. വിധം, തരം, വക, മാതിരി; 4. ആകൃതി, സ്വരൂപം (*l.*).

Spe-cif'ic, *etc.*, *s. u.* Specify.

Spec'i-fȳ, *v. t.* പ്രത്യേകമായിപറയുക, വിശേഷതപ്പെടുത്തി—; 2. വിവരമായി—, വിവരിക്കുക; 3. വകതിരിച്ച്പറയുക. =fī-a-ble, *a.* പ്രത്യേകിച്ച്പറയത്തക്ക. =cif'ic, =cif'i-cal, *a.* വൎഗ്ഗത്തിന്നുള്ള; വൎഗ്ഗലക്ഷണംആയ; വിശേഷം—, പ്രത്യേകം—; കൃത്യം—, തീൎച്ച—; സിദ്ധൌഷധം—, കൈകണ്ടമരുന്ന്—. s.c centre വൎഗ്ഗോല്പത്തിമൂലം(*nat.*). s.c character വൎഗ്ഗലക്ഷണം (*nat.*). s.c disease പ്രത്യേകരോഗം(*med.*). s.c duty പ്രത്യേകച്ചുങ്കം (*com.*). s.c gravity വിശേഷഘനം, ലക്ഷണഗുരുത്വം (*ph.*). s.c heat —ഘൎമ്മം, വിശേഷ— (*ph.*). s.c legacy പ്രത്യേകദസ്യത്ത് (*l.*). s.c name വൎഗ്ഗനാമം (*nat.*). s.c performance പ്രത്യേകപ്രവൃത്തി (*l.*). s.c relief പ്രത്യേകനിവൃത്തി (*l.*). *n.* സിദ്ധൌഷധം, കൈകണ്ടമരുന്ന്, ഒററമൂലിക(*med.*); യോഗ്യത. =cif'i-cal-ly, *ad.* പ്രത്യേകമായി, വിശേഷവിധിയായി. =cif'i-cal-ness, *n.* പ്രത്യേകത. spec-i-fi-cā'tiŏn, *n.* ക്ലൃപ്തം; വിവരം; പത്രിക. =cif'ic-ness, *n.* പ്രത്യേകത, വിശേഷത.

Spec'i-men, *n.* മാതിരി, തരപ്പടി, തരം, മച്ചം.

Spe-ci-os'i-ty, *n.*, *s. u.* Specious.

Spē'ciŏus (-shus), *a.* ഭംഗിഉള്ള, ചന്തം—; പുറമോടി—; 2. കാഴ്ചക്ക് (മാത്രം) ശരിയായ, നന്നായിതോന്നുന്ന, കാഴ്ചക്ക് (മാത്രം)ന്യായമായ. =ci-os'i-ty, -ness, *n.* കാഴ്ചഭംഗി; നാട്യം; കാഴ്ചക്ക് (മാത്രം) ഭംഗിയായസാധനം. -ly, *ad.* പുറമോടിയായി.

I. Speck, *n.* നെയ്യുടല്, മീങ്കൊഴുപ്പ്, മീൻനെയ്. -siŏn-ēer', -tiŏn-ēer' (-shun-ēr'), *n.* ചാട്ടുളിമൂപ്പൻ.

II. Speck, *n.* പുള്ളി, കുത്ത്; മറു; 2. കറ, പൊട്ട്, കല, വട്ടു, കളങ്കം; 3. പൊടി, തരി; അല്പം, ലേശം; 4. ഒര് മത്സ്യം (*z.*). s. in the eye (കണ്ണിലെ)പൂ(*med.*). s. and span, *s.u.* Spick. *v. t.* പുള്ളികുത്തുക; 2. കറആക്കുക, കളങ്കം—. spec'-kle, *n.* (*dim. of* speck) ചെറുപുള്ളി, പലവൎണ്ണപ്പുള്ളി, ശകലം. *v. t.* പുള്ളിപ്പുള്ളി ആക്കുക. spec'kled (-kld), *a.* —ആയ. spec'kled-ness, *n.* ശകലത.

Speckt, *n.* മരങ്കൊത്തി (*z.*).

Spec'ta-cle, *n.* അത്ഭുതക്കാഴ്ച, വിനോദക്കാഴ്ച; കൌതുകം, കളി, 'തമാശ'; 2. *pl.* കണ്ണട, മൂക്ക് കണ്ണാടി, ഉപനേത്രം; 3. *pl.* സഹായം, ഉപകരണം. =cled (-kld), *a.* കണ്ണടവെച്ച; കൺവളയമുള്ള (*z.*). s.d snake സൎപ്പം, നാഗം (*z.*). =tac'ū-lar, *a.* പ്രദൎശനസംബന്ധം ആയ; വിനോദക്കാഴ്ച—; കൌതുകം—, കുതൂഹലം—, അത്ഭുതകരം—; കണ്ണടസംബന്ധിച്ച.

Spec'tant, *a.* നോക്കിനില്ക്കുന്ന, പാൎത്തു—; 2. കാത്തിരിക്കുന്ന.

**Spec-tā'tŏr**, *n.* നോക്കുന്നവൻ, നിന്ന് കാണുന്നവൻ, കാണി, കാഴ്ചക്കാരൻ, ദർശകൻ. =**tō'ri-al**, *a.* കാണിയെസംബന്ധിച്ച. -**ship**, *n.* ദർശകത്വം. =**tā'-tress**, =**tā'trix**, *n.* നോക്കുന്നവൾ, കാഴ്ചക്കാരത്തി.

**Spec'tĕr**, **Spec'tre** (-tĕr), *n.* ഭൂതം, പ്രേതം, പിശാച് ; 'ജിന്ന്', 'ശൈത്താൻ' (*M.*); മായക്കാഴ്ച. **spec'tral**, *a.* ഭൂതക്കാഴ്ചസംബന്ധിച്ച; ഭൂതമായ. **spec'tral-ly**, *ad.* പ്രേതമായി.

**Spec-trol'ō-ġy**, **Spec'trō-scōpe**, *etc.*, *s. u.* **Spectrum.**

**Spec'trum**, *n.* (*pl.* **spec'tra**) പ്രഭാകിരണ(വണ്ണ)ഛായ(ാപങ്ക്തി); പ്രഭാവണ്ണഛായ (*opt.*); 2. (പ്രഭയുള്ള സാധനം കുറെനേരം നോക്കിയശേഷം പിന്നെ നോക്കുന്നേടത്തൊക്കയും കാണുന്ന) ഒളിനിഴല്, നേത്രപ്രഭാഛായ (*opt.*). **ab-sorption s.** ഭിന്നകിരണ(വണ്ണ)ഛായ. **chemical s.** പ്രഭാതത്വ—. **chromatic s.** സൂര്യകിരണ—. **continuous s.** അഭിന്നകിരണ—. **gaseous s.** വാതകപ്രഭാ—. **normal s.** പ്രമാണപ്രഭാ—. **ocular s.** നേത്രപ്രഭാഛായ, ഒളിനിഴല്. **prismatic s.** (കിരണവിഭാജകസ്ഫടിക)വണ്ണഛായ. **solar s.** സൂര്യപ്രഭാ—. **s. analysis** വണ്ണഛായാ(തത്വ)പരിശോധന. **thermal s.** കിരണഘമ്മവണ്ണഛായ. **spec-trō-log'i-cal**, *a.* വണ്ണഛായാ(തത്വ)പരിശോധനസംബന്ധിച്ച. **spec-trō-log'i-cal-ly**, *ad.* —പരിശോധനയിൽ, —പരിശോധനയായി. =**trol'ō-ġy**, *n.* വണ്ണഛായാപരിശോധനവിദ്യ. =**trom'e-tĕr**, *n.* വണ്ണഛായാമാത്രം. **spec-trō-phō-tom'e-tĕr**, *n.* വണ്ണഛായപ്രഭാമാത്രം. **spec'trō-scōpe**, *n.* വണ്ണഛായാതത്വദർശിനി (യന്ത്രം). **spec-trō-scop'ic**, **spec-trō-scop'i-cal**, *a.* —ദർശിനിയാലുള്ള ; —ദർശിനിസംബന്ധിച്ച. **spec-trō-scop'i-cal-ly**, *ad.* —ദർശിനിയാൽ. =**trō'scop-ist**, *n.* വണ്ണഛായാതത്വജ്ഞൻ, —തത്വദർശകൻ. =**trō'scop-y**, *n.* —തത്വപരിശോധന.

**Spec'ū-lar**, *a.*, *s. u.* **Speculum.**

**Spec'ū-lāte**, *v.i.* ആലോചിക്കുക, വിചാരിക്കുക, നിരൂപിക്കുക; ധ്യാനിക്കുക; 2. അനുമാനിക്കുക, അനുമിക്കുക (*phil.*); 3. (വിലകയറുമെന്നും അപ്പോൾ അധികലാഭത്തിന്ന് വില്ക്കാമെന്നും) ഊഹിച്ച് ചരക്ക് കൊള്ളുക, അതിമോഹക്കച്ചവടം ചെയ്യുക, ഊഹക്കച്ചവടം—, യോഗ്യഭാഗ്യക്കച്ചവടം— (*com.*). *v. t.* സൂക്ഷ്മമായി ആലോചിക്കുക, ധ്യാനിക്കുക. =**lā'tiŏn**, *n.* ആലോചന, നിരൂപണം; ധ്യാനം; അനുമാനം (*phil.*); യോഗ്യഭാഗ്യക്കച്ചവടം, ഊഹക്കച്ചവടം, അതിമോഹക്കച്ചവടം (*com.*); തുനിവ്, തുനിഞ്ഞപ്രവൃത്തി; ഊഹം, സങ്കല്പം, മനോരാജ്യം; ഒര് വക ചീട്ട്കളി. =**lā-tist**, =**lā-tŏr**, *n.* സങ്കല്പകൻ; യോഗ്യഭാഗ്യവ്യാപാരി, ഊഹക്കച്ചവടക്കാരൻ, അതിമോഹക്കച്ചവടക്കാരൻ (*com.*). =**lā-tive**, *a.* ധ്യാനശീലമുള്ള; നിരൂപിക്കുന്ന; സങ്കല്പം ആയ, കല്പന—; നുഴഞ്ഞ് നോക്കുന്ന, ഉളിഞ്ഞ്—; യോഗ്യഭാഗ്യക്കച്ചവടമായ. =**lā-tive-ly**, *ad.* നിരൂപണംആയി; സങ്കല്പം—; ഊഹക്കച്ചവടം—. =**lā-tive-ness**, *n.* നിരൂപണം, കാല്പനികത്വം. =**lā-tŏr-y**, *a.* കാഴ്ചക്ക് പററിയ; —ഉള്ള ; മേൽനോട്ടം—; ധ്യാനശീലം—; അതിമോഹക്കച്ചവടമായ. =**list**, *n.* നിരൂപകൻ; നോക്കുന്നവൻ.

**Spec'ū-lum**, *n.* (*pl.* **spec'ū-la**) കണ്ണാടി, മുഖക്കണ്ണാടി, ദപ്പണം; 2. (ചീനക്കുഴലിന്ന് ചേർത്ത് വെക്കുന്ന) ലോഹക്കണ്ണാടി; 3. അന്തരാശയദർശിനി (*surg.*); 4. (ചിലപക്ഷികൾക്കുള്ള) മിന്നിത്തുവല് (*z.*). **s. metal** കണ്ണാടിയോട്. =**lar**, *a.* മിനുസമുള്ള, കണ്ണാടിപോലെയുള്ള, സ്ഫടികതുല്യമായ; അന്തരാശയദർശിനിമുഖേനയുള്ള (*med.*); കാഴ്ചക്ക് അനുകൂലമായ. **s.r iron** അയഃസ്ഫടികം (*min.*).

**Sped**, *p. t.* & *p. p. of* **Speed.**

**Spēech**, *etc.*, *s. u.* **Speak.**

**Spēed** (spēd), *n.* സാദ്ധ്യം, കൃതാർത്ഥത, ശുഭം, മംഗലം(മ്മ); 2. വേഗത, തീവ്രത, ശീഘ്രത, ദ്രുതി, ത്വരിതം; ഓട്ടം. **God s.**, **good s.** മംഗലം, സാദ്ധ്യം, കൃതാർത്ഥത.

**s. gauge, s. indicator, s. recorder** വേഗമാത്ര (*mech.*). **s. well** ഒരു ചെടി (*b.*). *v. i. ir.* (**sped, sped**) അനുഭവമാക, ഉണ്ടാക, സംഭവിക്കുക, നേരിടുക; 2. നന്നായിരിക്കുക, നന്നായ്വരിക, സാദ്ധ്യമുണ്ടാക, ശുഭമാക, കൃതാൎത്ഥതയുണ്ടാക; 3. ബദ്ധപ്പെടുക, തത്രപ്പെടുക, വേഗംവരിക. *v. t.* സാധിപ്പിക്കുക, ശുഭമാക്കുക, അനുകൂലിക്കുക, സഹായിക്കുക, തുണനില്ക്കുക; 2. ശീഘ്രമാക്കുക, ഓടിക്കുക, ത്വരിക്കുക; ബദ്ധപ്പെടുത്തുക, ദ്രുതഗതിയായിപോക; 3. വേഗതപ്പെടുത്തുക, താമസംകൂടാതെചെയ്യുക; 4. നശിപ്പിക്കുക, അവസാനിപ്പിക്കുക; 5. മംഗലം ആശംസിക്കുക, ശുഭയാത്ര കാംക്ഷിക്കുക, അനുഗ്രഹിക്കുക. **God s. you, them,** *etc.* ശുഭമായ്വരട്ടെ, മംഗലംഭവിക്കട്ടെ. **-'ĕr,** *n.* ത്വരിതശക്തിക്കാരൻ; വേഗതയുള്ളത്. **-'i-ly,** *ad.* വേഗം, ശീഘ്രത്തിൽ; ബദ്ധപ്പാടോടെ. **-'i-ness,** *n.* വേഗത; ദ്രുതഗതി. **-'less,** *a.* വേഗതയില്ലാത്ത, മന്ദഗതിയായ. **-'y,** *a.* ശീഘ്രമായ, വേഗതഉള്ള, ചുറുചുറുപ്പ് —; ബദ്ധപ്പാട് —, നല്ലഓട്ടം —; കൈവേഗത —.

**Spelk,** *n.* കത്താക്കോല്, സൂചിക്കോല് (*arch.*).

I. **Spell,** *v. t.* ആള്മാറിചെയ്യുക, ഊഴമായി —, മാറിമാറിപ്രവൃത്തിക്കുക, ആള്മാററിക്കൊടുക്കുക. *n.* മാറിമാറിപ്രവൃത്തിക്കൽ, ഊഴപ്പണി, ആള്മാററിക്കൊടുക്കൽ; 2. ഊഴം; വീപ്പ്; 3. ഊഴപ്പണിക്കാര്; 4. ഒത്താശ (*U. S.*).

II. **Spell,** *n.* കഥ; 2. ശ്ലോകം, പദ്യം; 3. മന്ത്രം; രക്ഷ, യന്ത്രം, യന്ത്രത്തകിട്. **s.-bound** മന്ത്രവശംആയ; അന്ധാളിച്ച, തരിച്ച. **s.-work** മന്ത്രപ്രവൃത്തി, ആഭിചാരം. *v. t. ir.* (**spelt, spelt**) ചൊല്ലുക, പറയുക; 2. മന്ത്രംചൊല്ലുക, —ജപിക്കുക, മന്ത്രിക്കുക; മന്ത്രിച്ച് വശമാക്കുക, മന്ത്രാധീനമാക്കുക; വശീകരിക്കുക; 3. അക്ഷരം ഓരോന്നായി ചൊല്ലുക; അക്ഷരംകൂട്ടി എഴുതുക; ശരിയായി—; 4. (out) അക്ഷരം കൂട്ടിവായിക്കുക, പ്രയാസേന—; മനസ്സിലാക്കുക. *v. i.* അക്ഷരംകൂട്ടിവായിക്കുക; —എഴുതുക. **='la-ble,** *a.* —വായിക്കാകുന്ന; —എഴുതാകുന്ന. **='lĕr,** *n.* അക്ഷരംചൊല്ലുന്നവൻ; പാഠാരംഭപ്പുസ്തകം (*U. S.*). **-'ful,** *a.* മന്ത്രപൂൎണ്ണമായ. **='ling,** *n.* അക്ഷരംചൊല്ലൽ; —കൂട്ടിഎഴുതൽ; അക്ഷരമാല, —കാണ്ഡം. *a.* അക്ഷരംസംബന്ധിച്ച. **s.g-bee, s.g-match** രണ്ട് ഭാഗക്കാര് മറുത്ത് ഇംഗ്ലീഷ് പദങ്ങളുടെ അക്ഷരം ചൊല്ലൽ, പദാക്ഷരപ്പോര്. **s.g-book** പാഠാരംഭപ്പുസ്തകം, അക്ഷരമാല.

I. **Spelt,** *p. t. & p. p. of* **Spell.**

II. **Spelt,** *n.* (German wheat) ഒരു വക തിന (*b.*); ചെന്തിന, കമ്പ് (*b.*).

III. **Spelt, Spel'tĕr,** *n.* നാകം, തുത്തനാകം (*min.*).

**Spel'tĕr,** *n.*, *s. a.* **Spelt** III.

**Spence,** *n.* കലവറ, ഉഗ്രാണം, പത്തായപ്പുര; 2. ഉള്ളകം; 3. തീൻമുറി, അഗ്രശാല.

I. **Spen'cĕr,** *n.* കുറുങ്കുപ്പായം.

II. **Spen'cĕr,** *n.* ഒരു കപ്പൽപ്പായി (*naut.*).

**Spend,** *v. t. ir.* (**spent, spent**) നീക്കിവെക്കുക, തിരിച്ച് —; 2. അഴിക്കുക, വ്യയംചെയ്യുക, ചെ(ചി)ലവ് ഇടുക, —അറുക്കുക, —ആക്കുക; 3. (on, upon) പറയുക; കൊടുക്കുക; ഉപയോഗിക്കുക; 4. ദ്രവ്യയംചെയ്യുക, നഷ്ടമാക്കുക, ഒടുക്കുക, മുടിക്കുക, ധാരാളിക്കുക, നശിപ്പിക്കുക, ധ്വംസനംപാടുക, നാനാവിധമാക്കുക; 5. (സമയം) ചെ(ചി)ലവാക്കുക, കളയുക, കഴിക്കുക, കഴിച്ച് കൂട്ടുക; 6. ക്ഷയിപ്പിക്കുക, ക്ഷീണിപ്പിക്കുക, ശക്തിഇല്ലാതാക്കുക, —കെടുക്കുക. *v. i.* ചെ(ചി)ലവ് ഇടുക, —ആക്കുക; 2. —ആയ്പോക, ഇല്ലാതാക, തീരുക, മുടിയുക; 3. പരക്കുക, ഒഴുകുക; 4. കഴിക്കുക (*ming.*). **s.-thrift** ദ്രവ്യയക്കാരൻ, ദുൎച്ചെലവുകാരൻ, മുടിയൻ; മുടിയനായ. **s.-thrifty** മുടിയനായ. **-'ĕr,** *n.* ചെലവിടുന്നവൻ; ധാരാളി, ദ്രവ്യയക്കാരൻ, മുടിയൻ. **-'ing,** *n.* ചെലവാക്കൽ; ചെലവ്. **s.g money** തഞ്ചെലവ് പണം, സ്വകാൎയ്യപ്പണം. **spent,** *p. a.* ശക്തി ചെലവായ്പോയ, ക്ഷയിച്ച, ക്ഷീണിച്ച, തളൎന്ന, ഊക്കററ; മുട്ടയിട്ട (*z.*). **s.t ball** ഊക്ക് കെട്ട ഉണ്ട.

Spĕrm, *n.* ബീജം, ഇന്ദ്രിയം, ശുക്ലം (*phys.*); 2. തിമിംഗലത്തലക്കൊഴുപ്പ്. s.-cell ശുക്ലരസ്രം (*phys.*). s.-oil തിമിംഗലത്തലനെയ്. s.-whale, spermaceti-whale ഒരുവക വലിയതിമിംഗലം, വൻതലതിമിംഗലം, കടലാന (*z.*). s.-whale porpoise ചെറുതിമിംഗലം (*z.*). spĕr-ma-cē'ti, *n.* തിമിംഗലത്തലക്കൊഴുപ്പ്, തിമിംഗലത്തലമെഴു. spĕr'mar-y, *n.* ശുക്ലകോശം, അണ്ഡം, വൃഷണം, ഫലം (*an.*). =mat'ic, =mat'i-cal, *a.* ശുക്ലസംബന്ധമായ (*phys.*). s.c cord —നാഡി, —നാളം (*an.*). s.c fluid ഇന്ദ്രിയം, ബീജം, ശുക്ലം (*phys.*). s.c vessels ശുക്ലകോശം (*an.*). spĕr'ma-tin, *n.* —പശ (*phys.*). spĕr'ma-tism, *n.* ഇന്ദ്രിയവിസർജ്ജനം, —സ്ഖലനം (*phys.*). spĕr'ma-tō, spĕr'mō, *pf.* ബീജ, ഇന്ദ്രിയ, ശുക്ല. spĕr-ma-tō-ġen'e-sis, *n.* ശുക്ലരസ്രോല്പാദനം (*biol.*). spĕr-ma-tō-ġe-net'ic, *a.* —രസ്രോല്പത്തിസംബന്ധമായ. spĕr-ma-tog'e-nŏus, spĕr-ma-toph'ō-rŏus (-tof'ō-rus), *a.* ശുക്ലോല്പാദകംആയ, ഇന്ദ്രിയജനകം—. spĕr-ma-to-gō'ni-um, *n.* ശുക്ലമൂലപിണ്ഡം (*phys.*). spĕr'ma-toid, *a.* ശുക്ലതുല്യമായ. spĕr-ma-tō'ŏn (*pl.* spĕr-ma-tō'a), spĕr'ma-tō-blast, spĕr'mō-blast, *n.* ശുക്ലരസ്രം (*phys.*). spĕr-ma-tō'al, *a.* —രസ്രംസംബന്ധിച്ച. spĕr'ma-tō-phōrē, ='ma-tō-spōre, ='mō-phōre, ='mō-spōre, *n.* ശുക്ലരസ്രസഞ്ചയം (*phys.*). spĕr-ma-tor-rhē'a, spĕr-ma-tor-rhœ'a, *n.* ശുക്ലസ്രാവം; ഇന്ദ്രിയസ്ഖലനം, സ്വപ്നേന്ദ്രിയം, നഷ്ടേന്ദ്രിയം, യക്ഷിമോഹം, —പീഡ (*med.*). spĕr-ma-tō-zō'id, spĕr-ma-tō-zō'-oid, spĕr-ma-tō-zō'on, (*pl.* -tō-zō'a), *n.* ശുക്ലമൂലം (*biol.*). spĕr'mic, *a.* ശുക്ലസംബന്ധമായ, ബീജസംബന്ധിച്ച. spĕr-mid'i-um, (*pl.* -mid'i-a), *n.* ബീജകോശം (*b.*). spĕr'mō-dĕrm, *n.* വിത്തിൻെറതോല്, ബീജചർമ്മം (*b.*). spĕr-mol'ō-ġist, *n.* ബീജസംഗ്രഹകൻ; —ശാസ്ത്രജ്ഞൻ. spĕr-moph'y-ta (-mof'i-), *n. pl.* വിത്തുള്ളവൃക്ഷവർഗ്ഗം, ബീജസ്ഥാവരം— (*b.*). spĕr'mō-phȳte (-fīt), *n.* ബീജവൃക്ഷം, വിത്തുള്ളമരം (*b.*). spĕr-mō-phyt'ic (-fit'ik), *a.* വിത്തുണ്ടാകുന്ന (*b.*). spĕr-mō-plas'ma, *n.* ശുക്ല(പ്രാണ)മൂലം (*biol.*). spĕr'mō-sphēre (-sfēr), spĕr-ma-tō-ġem'ma, *n.* ശുക്ലരസ്രസഞ്ചയപിണ്ഡം (*phys.*). spĕr'mūle, *n.* ശുക്ലരസ്രം (*phys.*).

Spetch'es (spech'ez), *n. pl.* തോൽചവറ്, തോൽചണ്ടി.

Spew (spū), *v. t.* ഛർദ്ദിക്കുക, കാറുക, കക്കുക, വമിക്കുക. *v. i.* ഛർദ്ദിക്കുക; 2. വിത്ത് (മണ്ണിൽനിന്ന്) പുറത്താവുക (*agr.*). *n.* ഛർദ്ദിച്ചത്, ഛർദ്ദിമലം. -'ĕr, *n.* ഛർദ്ദിക്കുന്നവൻ. -'i-ness, *n.* നനവ്; വമനം, ഓക്കാനം. -'y, *a.* നനഞ്ഞ, ക(പ്പ)തന്ന; ഓക്കാനിക്കുന്ന, മനംപിരട്ടുന്ന, ഛർദ്ദിയുള്ള.

Sphac'el (sfas'el), =e-lus, *n.* വ്രണം, പുണ്ണ് (*med.*). =e-lāte, *v. i.* ചീഞ്ഞഴിയുക, കെട്ട്കട്ടുമ്പുക. *v. t.* പുണ്ണാക, വ്രണപ്പെടുക. =e-lāte, =e-lā-ted, *a.* പുണ്ണായ, വ്രണപ്പെട്ട, ചീഞ്ഞഴിഞ്ഞ. =lā'tiŏn, *n.* ചീച്ചല്, അഴിവ്.

Sphē'nō-gram (sfē'nō-), *n.* ആപ്പെഴുത്ത്, ആപ്പക്ഷരം. =nog'ra-phy (-fi), *n.* ആപ്പെഴുത്ത്; ആപ്പെഴുത്ത് വായന.

Sphē'noid, -'al (sfē-), *a.* ആപ്പ് പോലെയുള്ള, പൂള്—; 2. കട്ടുന്നുടിയെല്ല് സംബന്ധിച്ച (*an.*). s. bone കട്ടുന്നുടിയെല്ല് (*an.*). *n.* കട്ടുന്നുടിയെല്ല് (*an.*).

Sphē'ral, *a.*, *s. u.* Sphere.

Sphēre (sfēr), *n.* ഗോളം, ഉണ്ട (*geom.*); 2. വാനഗോളം, മണ്ഡലം (*as.*); 3. ആകാശമണ്ഡലം, വ്യോമ— (*as.*); 4. അർത്ഥവിസ്താരം, —സമ്പൂർത്തി (*log.*); 5. ദേശ; പ്രദേശം; സ്ഥാനം; പ്രവൃത്തി; അധികാരം; 6. അവസ്ഥ, നില, സ്ഥിതി; 7. ക്രാന്തിചക്രം, ഭ്രമണവൃത്തം. doctrine of the s. ഗോളഗണിതം. music of the s.s വാനഗോളസഞ്ചാരമേളനം. *v. t.* ഗോളമായിസ്ഥാപിക്കുക; 2. ഗോളം ആക്കുക, ഗോളാകൃതി—; 3. സമ്പൂർണ്ണം—.

**sphē'ral** (sfē-), *a.* ഗോളസംബന്ധമായ; —വടിവായ; ഉരുണ്ട; ആകാരസൌഷ്ഠവമുള്ള; സമ്പൂൎണ്ണമായ. **spher'ic, spher'i-cal** (sfer-), *a.* ഉണ്ടആയ, ഗോളം—, ഉരുണ്ടവടിവുള്ള; ഗോളസംബന്ധമായ; വാനഗോള—. **s.l geometry** ഗോളഗണിതം. **spher'i-cal-ly,** *ad.* ഉണ്ടയായി, ഗോളാകൃതിയിൽ. **spher'i-cal-ness, sphe-ric'i-ty** (sfe-ris-), *n.* ഗോളാകാരം, ഉരുൾ്ച. **spher'i-cle,** *n.* ചെറുഗോളം, ഉണ്ട. **spher'ics,** *n.* ഗോളഗണിതം (*math.*). **spher'ō-graph** (sfer'ō-graf), *n.* –സൂത്രം. **spher'oid,** *n.* അണ്ഡാകാരം, അണ്ഡം, ദീൎഘഗോളം. **spher-oid'al, spher-oid'ic, spher-oid'i-cal,** *a.* അണ്ഡാകൃതിയുള്ള. **s.l state** പഴുത്തതകിടിന്മേൽ പകൎന്ന വെള്ളത്തിന്റെ ഉരുൾ്ച, ജലകണാണ്ഡത്വം (*ph.*). **spher-oid'al-ly,** *ad.* അണ്ഡാകൃതിയായി. **spher-oi-dic'-i-ty, spher-oid'i-ty,** *n.* അണ്ഡാകാരം, അണ്ഡത്വം. **spher-om'e-tĕr,** *n.* ഗോളമാത്രം, വക്ര— (*ph.*). **spher'ūle,** *n.* ചെറുഗോളം, ചെറിയ ഉണ്ട, ഗുളിക. **spher'y,** *a.* ഉരുണ്ട, വട്ടത്തിലുള്ള; ഗോളസംബന്ധമായ.

**Sphinc'tĕr** (sfink'tĕr), *n.* വൃത്തപേശി (*an.*). *a.* വൃത്തപേശിസംബന്ധിച്ച; വൃത്താകാരമായ. **s.-muscle** വൃത്തപേശി (*an.*).

**Sphinx** (sfinks), *n.* (സിംഹത്തിന്റെ ഉടലും സ്ത്രീമുഖവും ഉള്ളതായ ചിറകുള്ള) ഒരു രാക്ഷസിരൂപം, സിംഹനാരി—; 2. തന്ത്രക്കാരൻ, ഉപായി.

**Sphra-gis'tics** (sfra-jis'tiks), *n.* മുദ്രശാസ്ത്രം, —ജ്ഞാനം.

**Sphyg'mic** (sfig'mik), *a.* നാഡിയടിസംബന്ധിച്ച, നാഡിസംബന്ധമായ (*phys.*). **='mō-graph** (-graf), **='mō-scōpe,** *n.* —ദൎശിനി(യന്ത്രം). **=mom'-e-tĕr,** *n.* —മാത്ര (*phys.*). **='mō-phōne** (-fōn), *n.* —ശ്രവണയന്ത്രം (*phys.*).

**Spī'ca,** *n.* (*pl.* **spī'cæ,** *pr.* spī'sē) (മുറിവു ഉളുക്കു മുതലായതിനുള്ള) ചികിത്സക്കെട്ടു (*med.*); 2. ഒരു നക്ഷത്രം, ചിത്ര, ചിത്തിര (*as.*).

**Spic-cā'tō,** *a.* പ്രത്യേകംപ്രത്യേകം ആയ (*mus.*).

**Spīce,** *n.* (കുരുമുളക്, കറുപ്പത്തോല്, ജാതിക്ക, ഏലത്തരി, കറാമ്പു മുതലായ) സുഗന്ധവൎഗ്ഗം, —ദ്രവ്യം, ഗന്ധ—, സുഗന്ധവ്യഞ്ജനം, ഗന്ധ'മസാല', 'ഗ(ഷ്ര)റംമസാല', 'ഷമ്മമസാല', മസാലക്കോപ്പു, ത്രിജാതകം; 2. രുചിവരുത്തുന്നസാധനം; 3. രസം, രുചി, വാസന; 4. കലൎപ്പു, കൂട്ടു; 5. അല്പം, ലേശം. **s.-nut** ഗന്ധമസാലയപ്പം. *v. t.* ഗന്ധമസാലക്കൂട്ടുക, 'ഗറം മസാല'ചേൎക്കുക; 2. വാസനവരുത്തുക; 3. രുചികരമാക്കുക. **spī'cĕr,** *n.* ഗന്ധമസാല ചേൎക്കുന്നവൻ; രുചിക്കൂട്ടുന്നവൻ. **spī'cĕr-y,** *n.* ഗന്ധമസാലവൎഗ്ഗം, ഗറം (ഷറം)മസാല; ഗന്ധമസാലയറ. **spī'ci-ly,** *ad.* ഗന്ധമസാലപോലെ; രുചികരമായി. **spī'ci-ness,** *n.* ഷമ്മസാലഗുണം, സുഗന്ധം. **spī'cy,** *a.* ഗന്ധമസാലചേൎത്ത, രുചിഉള്ള; നല്ലവാസന—, സുഗന്ധമായ, പരിമളമായ; സുഗന്ധദ്രവ്യംവിളയുന്ന; എരുഉള്ള, ചൊടി—.

**Spī'ci-form,** *a.*, *s. u.* **Spicose.**

**Spick,** *n.* ആണി, കററി. **s. and span, speck and span** ശുദ്ധപുതിയ, കേവലം—, സാക്ഷാൽ—, പച്ചക്കോടിയായ.

**Spī-cōse', Spī'cous,** *a.* കതിരായ, കലകലയായ (*b.*). **spī'ci-form,** *a.* കതിരുപോലെയുള്ള (*b.*). **=cos'i-ty,** *n.* കലകലയായസ്ഥിതി.

**Spī'cū-la,** *n.* (*pl.* **spī'cū-læ**) ചെറുകതിരു, —കല, —ചെണ്ടു (*b.*); 2. (മാംസ) മുള, മാംസപ്പൊടിപ്പു. **=lar,** *a.* അമ്പു പോലെയുള്ള, കൂൎത്ത, മുനയുള്ള. **=lāte,** *a.* ആരുള്ള; ചെണ്ടുചെണ്ടായ (*b.*). *v. t.* കൂൎപ്പിക്കുക, മുനയാക്കുക. **spī'cūle, spī'-cū-lum** (*pl.* **spī'cū-la**), *n.* ആരു, ചെറുമുള്ളു; ചെറുകതിരു (*b.*).

**Spī'cy,** *a.*, *s. u.* **Spice.**

**Spī'dĕr,** *n.* എട്ടുകാലി, ചിലന്നി(ന്തി), ചെലിന്നി (*N.*), വണ്ണാൻ (*N.*), മൎക്കടകൻ, ഊൎണ്ണനാഭം(*z.*); 2. (നീണ്ടകൈപ്പിടിയുള്ള) ഇരിമ്പോടു, കൈപ്പിടിച്ചീനച്ചട്ടി. **s.-crab** ഒരു വക വലിയ ഞണ്ടു (*z.*). **s.-**

hunter ഒര് ചെറുപക്ഷി (*z.*). s.-lines കഴൽകണ്ണാടിയിലെ വണ്ണാൻവല; —സൂക്ഷ്മരേഖ. s.-monkey ഒര് വക(കാലും വാലുംനീണ്ട)അമേരിക്കക്കുരങ്ങ് (*z.*). s.-web, s.'s web ചിലന്നിവല, വണ്ണാൻ—(വണ്ണാമ്പല); മാറാല്, മാറാല, മാറാമ്പല്, മാക്കടം. =dĕred (-dĕrd), *a.* ചിലന്നി നിറഞ്ഞ; വണ്ണാൻവലകെട്ടിയ, മാറാല—. -līke, *a.* എട്ടുകാലിയെപോലെയുള്ള.

Spī'ed, *p. t. & p. p. of* Spy.

Spig'net, *n., s. a.* Spikenard.

Spig'ot, *n.* ആപ്പ്, തിരിക്ക്, അടപ്പ്, 'ബൂച്ച്'. s. and faucet joint കഴലേപ്പ്.

Spīke, *n.* വലിയആണി, ഇരിമ്പ് കമ്പി; 2. കററി; 3. കന്തത്തല, കന്തമുന; 4. കതിര് (*b.*); 5. (പൂ)ചെണ്ട് (*b.*). s.-team (കൂട്ടിക്കെട്ടിയ) മൂന്ന് കതിര, (ഒന്നിച്ച് പൂട്ടിയ) ഒര് കതിരയും ഒരേർകാളയും (*U. S.*). *v. t.* ആണിഅടിക്കുക, —തറക്കുക, കൂട്ടിത്തറക്കുക; 2. ആണിവെച്ചുറപ്പിക്കുക, കററി—; 3. കററിക്ക് കെട്ടുക; 4. തോക്കിന്റെ വെടിത്തുള അടച്ച് കളയുക, വെടിത്തുളക്ക് ആപ്പിടുക. spīked (spīkt), *a.* കതിരുള്ള; ആണിയടിച്ച; ആപ്പിട്ടടച്ച. -'let, *n.* ചെറുകതിര് (*b.*). spī'ky, *a.* കതിര് പോലെയുള്ള; മൂർച്ചയുള്ള, കൂർത്ത; കന്തമുനവെച്ച.

Spīke'närd, Spig'net, *n.* ജടാമാഞ്ചി, ജടാമാംസി, തപസ്വിനി, നറുത (*b.*); 2. ജടാമാംസിതൈലം, നറുത—, നറുനൈലം.

Spīle, *n.* ആപ്പ്, അടപ്പ്, തിരിക്ക്. ബൂച്ച്; 2. നാളം, കഴല്; 3. തൂണ്, കാല്. സ്തംഭം. s.-hole വായുത്തുള. *v. t.* തിരിക്കിടുക, ആപ്പിടുക; 2. വായുത്തുളവെക്കുക.

Spil'i-kin, Spil'li-kin, Spil'li-ken, *n.* (കളിക്കുള്ള) കരു.

I. Spill, *n.* പൂള്; 2. കമ്പി; 3. അടപ്പ്, തിരിക്ക്; 4. ചുരുള്.

II. Spill, *v. t. ir.* (spilled, *pr.* spild, spilt; spilled, spilt) നശിപ്പിക്കുക; 2. തുളുമ്പിക്കുക, തിളാവുക, തെറുപ്പിക്കുക, മറിക്കുക; 3. വിതറുക; 4. ചിന്നുക, ചൊരിയിക്കുക; 5. കപ്പൽപ്പായിതിരിക്കുക. s.-way പാത്തി, ചീപ്പ്. s.ing-line പായ്ക്കയറ് (*naut.*). *v. i.* തുളുമ്പുക, മറിയുക. ='lĕr, *n.* ചൊരിയിക്കുന്നവൻ, മറിക്കുന്നവൻ; വേപ്പ് ചൂണ്ടല് (*N.*). spilt, *p. a.* തുളുമ്പിയ, മറിഞ്ഞ, ചൊരിഞ്ഞ.

Spil'let-fish-ing, Spil'liard-fish-ing, *n.* വേപ്പ് ചൂണ്ടലിട്ട് മീൻപിടിക്കൽ, വേപ്പ്പണി.

Spin, *v. t. ir.* (span, spun; spun) നൂല്ക്കുക; 2. (out) സാവധാനത്തിൽ ചെയ്യുക, കാലക്രമേണ—; 3. ദീർഘിപ്പിക്കുക; നേരംകളയുക, കഴിച്ച് കൂട്ടുക, കഴിക്കുക; 4. (പമ്പരം)തിരിക്കുക, ചുററിക്കുക, ചുററുക; 5. വണ്ണാൻവലകെട്ടുക, പട്ട് കൂട് ഉണ്ടാക്കുക; 6. തകിട് ചുരുട്ടുക, —വളക്കുക (*mech.*). to s. a yarn കഥപറയുക, കള്ളക്കഥ— (*naut.*). to s. hay പുല്ല് പിരിച്ച് കെട്ടുക (*mil.*). to s. street yarn അങ്ങുമിങ്ങും വർത്തമാനംപറഞ്ഞ് നടക്കുക. to s. out the time നേരംകളയുക, താമസംവരുത്തുക. *v. i.* നൂല് നൂല്ക്കുക; ചൂടിപിരിക്കുക; 2. ചുററിത്തിരിയുക, ചുററുക, തിരിയുക; 3. അല്പാല്പമായി ഒഴുകുക, വാരുക; 4. (വാഹനത്തിൽ കയറി) വേഗം ഓട്ടുക. *n.* ചുററല്, തിരിച്ചല്; 2. ഓട്ടം; ഓടിക്കൽ; 3. ചുററിത്തിരിച്ചലിന്റെവേഗത, പ്രദക്ഷിണ— (*kin.*). -'nĕr, *n.* നൂല്ക്കുന്നവൻ; വലകെട്ടുന്നപ്രാണി, ചിലന്നി(ന്തി) (*z.*); നൂല് (നൂല്ക്കുന്ന) യന്ത്രം. -'nĕr-et, *n.* (എട്ടുകാലിയുടെ) തന്തുനാഭി (*z.*). -'nĕr-ūle, *n.* —തന്തുനാളം (*z.*). -'ning, *n.* നൂല്ക്കല്. *a.* നൂല്ക്കുന്ന. s.g gland (പട്ടുപുഴുവിന്റെ)കൊശമണി (*z.*). s.g-house തടവ്, കാരാഗൃഹം. s.g-jenny നൂൽ(നൂല്ക്കുന്ന)യന്ത്രം (*mech.*). s.g-wheel റാട്ട്, (നൂൽ)ചക്രം. -'stĕr, *n.* നൂല് നൂല്ക്കുന്നസ്ത്രീ; അവിവാഹിത, കന്യക (*l.*). -'stress, *n.* (നൂല്)നൂല്ക്കുന്നസ്ത്രീ.

Spin'ach (spin'aj), Spin'āge, *n.* പശ(ച)ള, പോദിക, അപോദിക, ദയഷ്ലി, പെരുത്താളി (*N.*), വസലച്ചീര, വസലവള്ളി (*b.*). common s. പോദിക, വസല (*b.*). New Zealand s. മുള്ള് വസല (*b.*).

**Spī'nal, Spī'nāte,** *s. u.* **Spine.**

**Spin'dle,** *n.* കതിര്, വെടിത്തല, പിടിത്തല (*w.*); 2. വെറുങ്കോല്, 'നല്ലി' (*w.*); 3. കററി, അച്ചുതണ്ട് (*mech.*); 4. കൂമ്പ്, തണ്ട്, നാരായത്തണ്ട്; 5. നൂലിൻെറ അളവ്, കൈ (*w.*). **s.-legged, s.-shanked** കാല് നീണ്ട. **s.-legs, s.-shanks** കൊച്ചക്കാലൻ. **s.-shaped** കൂമ്പിച്ച, കൂമ്പായ. **s.-side** അമ്മവംശം, —സംബന്ധം. **dead s.** സ്ഥിരക്കററി (*mech.*). **live s.** തിരുകററി, തിരിക്കററി (*mech.*). *v. i.* കൂമ്പിക്കുക, കൂമ്പ് പുറപ്പെടുക. **spin'dling,** *a.* നീണ്ട, നെട്ടനായ; മെല്ലിച്ച.

**Spīne,** *n.* മുള്ള് (*b.*); 2. (മീനിൻെറ) മുതുക് മുള്ള് (*z.*); 3. മുതുകെല്ല്, നെട്ടെല്ല്, തണ്ടെല്ല്, നെട്ടുമുള്ള്, പൃഷ്ഠാസ്ഥി, പൃഷ്ഠവംശം (*an.*); 4. മുതുക്; തിണ്ട്; മുകന്താഴം. **s. back** (മുതുകത്ത്) മുള്ളുള്ള മത്സ്യം (*z.*). **s. bill** ഒര് പക്ഷി (*z.*). **s.-finned** മുള്ളിറകുള്ള (*z.*). **spī'nal,** *a.* നെട്ടെല്ല് സംബന്ധിച്ച; പൃഷ്ഠാസ്ഥിപ്രദേശത്തുള്ള. **s.l accessory nerves** തലഞരമ്പ്. **s.l column** നെട്ടുമുള്ള്. **s.l cord, s.l chord, s.l marrow** (തണ്ടെല്ല്) മജ്ജാനാളം, നെട്ടുമജ്ജാ—. **spī'nāte,** *a.* നെട്ടെല്ല് ഉള്ള; —പോലെ—. **spīned** (spīnd), *a.* തണ്ടെല്ല്—; മുള്ള്—. **-'less,** *a.* മുതുകെല്ലില്ലാത്ത. **spī-nes'cent,** *a.* മുള്ള് ഉള്ള (*b.*); —പോലെ— (*b.*). **spī-nif'ĕr-ŏus,** *a.* —ഉണ്ടാകുന്ന; —ഉള്ള. **spī'ni-form,** *a.* നെട്ടെല്ല് പോലെ—; മുള്ള്—. **spī-nig'ĕr-ŏus,** *a.* നെട്ടെല്ല്—; മുള്ള്—. **spī'ni-ness, spī-nos'i-ty,** *n.* നെട്ടുമുള്ളുള്ള സ്ഥിതി; മുള്ളുള്ള—. **spin'ny, spin'ney, spī'ny,** *a.* മുൾകാട്, കുറുങ്കാട്, പൊന്ത, പൊന്തക്കാട്. **spī'nōse,** *a.* മുള്ള് നിറഞ്ഞ; —ഉള്ള. **spī'nŏus,** *a.* —ഉള്ള; —പോലെ—. **s.s process of a vertebra** (തണ്ടെല്ലിൻെറ) മുള്ള് (*an.*). **spī'nūle** *n.* ചെറുമുള്ള്; —തണ്ടെല്ല്. **spin-ū-les'cent,** *a.* ചെറുമുള്ളുള്ള. **spī'nū-lōse, spī'nū-lŏus,** *a.* മുള്ള് മുള്ളായ (*b.*). **spī'ny,** *a.* മുള്ള് നിറഞ്ഞ (*b.*); നെട്ടെല്ല്പോലെയുള്ള, നേരിയ; വിഷമമുള്ള.

I. **Spin'el, Spin'elle** (spin'el), *n.* പലവർണ്ണത്തിലുള്ള ഒര് രത്നം (*min.*). **s.l ruby** ചുകപ്പ് കല്ല്, ചുക(വ)പ്പ് (*min.*).

II. **Spin'el,** *n.* (അലക്കിയ) നാടനൂല്.

**Spīne'less, Spī-nes'cent,** *s. u.* **Spine.**

**Spin'et,** *n.* ഒര് കമ്പിവാദ്യം, ഒര് വക വീണ (*mus.*).

**Spī-nif'ĕr-ŏus, Spī'ni-form, Spī-nig'ĕr-ŏus,** *etc.*, *s. u.* **Spine.**

**Spin'nĕr, Spin'nĕr-et, Spin'nĕr-ūle,** *s. u.* **Spin.**

**Spin'ney, Spin'ny,** *s. u.* **Spine.**

**Spin'ning,** *s. u.* **Spin.**

**Spī'nōse, Spi-nos'i-ty, Spī'nŏus,** *s. u.* **Spine.**

**Spī-nō'zism, =nō'sism,** *n.* ഒര് വക വേദാന്തം, അദ്വൈതം. **=nō'zist, =nō'sist,** *n.* വേദാന്തി, അദ്വൈതക്കാരൻ.

**Spin'stĕr, Spin'stress,** *s. u.* **Spin.**

**Spī'nūle, Spi-nū-les'cent, Spī'nū-lōse, Spī'nū-lŏus, Spī'ny,** *s. u.* **Spine.**

**Spī'ra-cle,** *n.* തിമിംഗലനാസാദ്വാരം, മൂക്ക്, കടലപ്പന്നിമൂക്ക് (*an.*); 2. (കീട) ശ്വാസരന്ധ്രം (*z.*); 3. (മത്സ്യ) ശ്വാസ—, ചെകിള (*z.*); 4. ദ്വാരം, തുള, രന്ധ്രം. **=rac'ū-lar,** *a.* നാസാദ്വാരംസംബന്ധിച്ച.

**Spī'ral,** *etc.*, *s. u.* **Spire** II.

**Spī'rant,** *n.* മഹാപ്രാണം, ഘോഷവത്ത് (*gr.*).

I. **Spīre,** *n.* തുമ്പ്, കൂമ്പ്, കൊടി (*b.*); 2. ശിഖരം, ശൃംഗം, ശിഖ, കൊട്ടുമുടി; 3. ഗോപുരം, ഗോപുരാഗ്രം, ഗോപുരമുന (*arch.*); 4. തുരങ്കത്തിരി (*ming.*); 5. അററം, അഗ്രം, മുന, ഉച്ചം, തുഞ്ചം. *v. i.* കൂമ്പിക്കുക, തുമ്പ് വരിക. **spīred** (spīrd), *a.* ഗോപുരംഉള്ള; ഗോപുരാഗ്രം പോലെ—. **spī'ring,** *a.* തുമ്പ് വരുന്ന, കൂമ്പിക്കുന്ന (*b.*spī). **'ry,** *a.* ചുറച്ചുറയായ, പിരിപിരിയായ.

II. **Spīre,** *n.* വളവ്, പിരി, ശംഖ് പിരി, ചുഴി; ആവർത്തനം, വ്യാവർത്തനം; 2. വ്യാവർത്തരേഖ, ചുഴി—, പിരി— (*geom.*).

**spi′ral,** *a.* പിരിപിരി ആയ, ചുഴി—; വ്യാവൎത്തരേഖ— (*geom.*). **s.l shell** ശംഖ്. *n.* വ്യാവൎത്തരേഖ(*geom.*); പിരി; ശംഖ്. **spī-ral′i-ty,** *n.* പിരി, ചുഴിവ്. **spī′ral-ly,** *ad.* പിരിപിരിയായി. **spī′-ri-cle,** *n.* ബീജതന്തു (*b.*). **spī′ry,** *a.* ഗോപുരമായ, കൂമ്പായ; ഗോപുരമുള്ള.

**Spir′it,** *n.* കാററ്; ശ്വാസം; 2. പ്രാണൻ, ഉയിര്, ജീവൻ; 3. ബോധം; 4. ജീവതത്വം, സത്വം; 5. ദേഹി, ആത്മാവ്; 6. (നിശ്ശരീര) ആത്മാവ്; പരമാത്മാവ്; 7. പ്രേതാത്മാവ്, ഭൂതം; ഭൂതം; 8. ചിത്തം, മനസ്സ്, മനശ്ശക്തി; ചൈതന്യം; നെഞ്ഞുറപ്പ്, വീൎയ്യം, പ്രഭാവം, ധൈൎയ്യം; 9. വീരൻ, മിടുക്കൻ; 10. സ്വഭാവം, ഗുണം; 11. *pl.* മനോഭാവം, ഭാവം; 12. താല്പൎയ്യം, അൎത്ഥം, ഭാവാൎത്ഥം, പൊരുള്, സാരം; 13. വായുഗുണം, ബാഷ്പത്വം; 14. *s.* & *pl.* വാററ്ദ്രവകം, ചാരായം, റാക്ക്, വാററ്മദ്യം; 15. (റാക്കിൽകലക്കിയ) ദ്രവൌഷധം (*med.*); 16. ഗന്ധകം; നവക്ഷാരം; രസം, പാഷാണം (*al.*). **absolute s.** ചിന്മയൻ. **astral s.s** വാനഗോളവാസികൾ, പ്രേതാത്മാക്കൾ, പിശാചുക്കൾ. **animal s.s** മജ്ജാതത്വം; ചുണ, ചുറുക്ക്, ചൈതന്യം; കളിഭാവം, ഉല്ലാസം, ലീല. **ardent s.s** ചാരായം, റാക്ക്, വാററ്മദ്യം. **familiar s.** യക്ഷി. **Holy S., The S.** ദൈവാത്മാവ്, പരിശുദ്ധാത്മാവ്, പരിശുദ്ധാത്മാവായദൈവം (*theo.*). **proof-s.** നിയമവീൎയ്യറാക്ക്. **rectified s.** കട്ടു(ച്ചുമേറിയ)റാക്ക്. **s.-lamp** മദ്യസാരദീപം, ചാരായവിളക്ക്. **s. of wine, s.s of wine** മദ്യസാരം. **s.-rapping** പ്രേതപ്രശ്നം. *v. t.* (up) ചുണവരുത്തുക, ചൈതന്യം—, വീൎയ്യംജനിപ്പിക്കുക, ഉത്സാഹിപ്പിക്കുക, ധൈൎയ്യപ്പെടുത്തുക; 2. ഉജ്ജ്വലിപ്പിക്കുക, കിളത്തുക; 3. (away, up) കരകടത്തുക, കളിച്ച്കൊണ്ട്പോക, കട്ട്—. **s.ing away** പറഞ്ഞയച്ച്കളയുക; തെററിച്ച്—, സാക്ഷികളെ കോടതിയധികാരാതൃത്തിയിൽനിന്ന് അകററിക്കളയുക (*l.*). **-ed, -ful,** *a.* ചുറുക്ക്ഉള്ള, ചുണ—, ചൊടി—. **high-s.d** സന്തോഷം—. **low-s.d** കുണ്ഠിതം—, വിഷാദം—. **mean-s.d** നീചഭാവം—. **-ed-ly, -ful-ly,** *ad.* ചുണയോടെ. **-ed-ness, -ful-ness,** *n.* ചുണ, ചൊടി, തിടം, ചുറുചുറുപ്പ്. **-i̤sm, -ū-al-i̤sm,** *n.* ആത്മമയത്വം, ആത്മികത്വം; പരമാത്മവാദം, ബ്രഹ്മ—, ജ്ഞാനമാൎഗ്ഗം, വേദാന്തം (*phil.*); പ്രേതാത്മാലാപം, പ്രേതസംസൎഗ്ഗം. **-ist, -ū-al-ist,** *n.* ആത്മികൻ; പുരോഹിതൻ, ഗുരു, സ്വാമി; ബോധകൻ; പരമാത്മവാദി, വേദാന്തി; പ്രേതാത്മാലാപകൻ, പ്രേതസംസൎഗ്ഗക്കാരൻ. **-less,** *a.* ആത്മാവില്ലാത്ത; ചുണകെട്ട; കുണ്ഠിതമായ; ഊക്കററ; ധൈൎയ്യമില്ലാത്ത; മരിച്ച, ചത്ത. **-less-ly,** *ad.* ജീവൻ ഇല്ലാതെ; ധൈൎയ്യം—. **-less-ness,** *n.* ചുണകേട്; ധൈൎയ്യക്ഷയം. **=i-tō′s̤ō,** *a.* ചുണയുള്ള (*mus.*). *ad.* ചുറുചുറുപ്പോടെ (*mus.*). **-ŏus,** *a.* വാററിയെടുത്ത; ശുദ്ധിചെയ്ത; ശുദ്ധമായ; ചൊടിയുള്ള. **-ŏus-ness,** *n.* ചാരായഗുണം. **-ū-al,** *a.* ആത്മകംആയ, ആത്മമയം—; ആത്മികം—; അരൂപി—; മാനസികം—; ദൈവാത്മാവിനാലുള്ള, ദിവ്യംആയ, പരിശുദ്ധം—; മതസംബന്ധം—, സഭാകാൎയ്യം—. **s.l court** മതവിചാരണസഭ. **s.l-minded** സാത്വികഭാവംഉള്ള, ഭക്തി—. **s.l-mindedness** ഭക്തി. *n.* ആത്മികകാൎയ്യം. **-ū-al-ist, -ū-al-is′tic,** *a.* വേദാന്തസംബന്ധമായ; പ്രേതാത്മാലാപ—. **-ū-al′i-ty, -ū-al-ness,** *n.* ആത്മകത്വം; ദിവ്യത്വം; ദേവസ്വം, ബ്രഹ്മസ്വം; സഭാസ്വം, സഭാസ്വത്ത്, സംഘ—, സമുദായ—. **-ū-al-i-s̤ā′-tiŏn, -ū-al-i-zā′tiŏn,** *n.* ആത്മമയമാക്കൽ; വാററിയെടുക്കൽ. **-ū-al-īs̤e, -ū-al-īze,** *v. t.* ആത്മകമാക്കുക; ഭാവാൎത്ഥമെടുക്കുക; വാററുക. **-ū-al-ly,** *ad.* ആത്മമയമായി; ആത്മ(ത്മി)കമായി. **-ū-al-ty,** *n.* സഭാവിചാരണയോഗം, മതപരിപാലകസഭ. ***spir′it-ū-elle,*** *a.* ചാരായഗുണമുള്ള; ശുദ്ധമായ. **-ū-os′-i-ty, -ū-ŏus-ness,** *n.* ആത്മകത്വം; ചാരായഗുണം. **-ū-ŏus,** *a.* ആത്മകം ആയ; സൂക്ഷ്മം—; പവിത്രം—; ചാരായം—, റാക്ക്ഗുണമുള്ള.

**Spī'rō-graph** (-graf), *n.* ശ്വാസലേഖനി(യന്ത്രം) (*med.*). =**rom'e-tĕr,** *n.* ശ്വാസകോശമാത്രു; ശ്വാസവായു— (*med.*). =**rom'e-try,** *n.* ശ്വാസവായുമാപനം (*med.*). ='**rō-scōpe,** *n.* ശ്വാസകോശമാത്രു (*med.*).

**Spĭrt,** *v. i., s. a.* **Spurt.**

**Spĭr'tle,** *v. t.* തെറുപ്പിക്കുക, വീശി തെറുപ്പിക്കുക, വീച്ചുക.

I. **Spī'ry,** *a., s. u.* **Spire** I.

II. **Spī'ry,** *a., s. u.* **Spire** II.

I. **Spit,** *n.* (മാംസം തീയിൽ കാട്ടി ചുട്ടുവാനുള്ള) ഇരിമ്പ്കോല്, ഇറച്ചിക്കുന്തം, മാംസശ്രൂലം; 2. മണത്തിട്ട; 3. മുനമ്പ്; 4. ഒര് കൈക്കോട്ടാഴം, പടന്നയാഴം. *v. t.* ഇറച്ചിക്കുന്തത്തിൽ ഏററുക, —കോൎക്കുക; 2. കത്തിപ്പിടിക്കുക; 3. കത്തിത്തുളക്കുക; 4. കഴിക്കുക, കിളക്കുക. -'**ful,** *a.* പടന്നനിറയ. -'**ted,** *a.* ശ്രൂലത്തിൽകത്തിയ; നിളത്തിൽപുറപ്പെട്ടുവന്ന. -'**tĕr,** *n.* ഇറച്ചികത്തുന്നവൻ; (കൊമ്പ് മുളച്ച)മാൻകിടാവ്. -'**tle,** *v. t.* ഛിള്ളുക. *n.* കൊക്കോട്ട്.

II. **Spit,** *v. t. ir.* (**spit, spat; spit, spat**) തുപ്പുക, ഉമിയുക; 2. ഛൎദ്ദിക്കുക, പുറത്താക്കുക. *v. i.* തുപ്പല്ഒലിക്കുക, —ഒഴുകുക; 2. ചാറുക. **to s. on, to s. upon** പുച്ഛിക്കുക, അപമാനിക്കുക. *n.* തുപ്പല്, ഉമിനീര്, ഈത്താ (*S.*), വായ്നീര്, എച്ചില്, ലാല, നിഷ്ഠീവം. **s.-ball** (ചവച്ചുരുട്ടിയ)കടലാസുണ്ട; തമ്പലം. **s. box** കോളാമ്പി, പ്രതിഗ്രാഹം. **s. curl** നെററിക്കുറുള്. **s.-fire** മഹാകോപി, കോപിഷ്ഠൻ, കട്ടക്കോപി. **s. venom** വിഷത്തുപ്പല്, വായ്വിഷം. -'**tĕr,** *n.* തുപ്പുന്നവൻ. -'**tle,** *n.* തുപ്പല്, ഉമിനീര്, ലാല. -**toon,** *n.* കോളാമ്പി, കാളാഞ്ചി, പ്രതിഗ്രാഹം, തുപ്പുന്നത്, പടിക്കം, വള(യ)ർവട്ടക.

**Spīte,** *n.* വിരോധം, ഈൎഷ്യ, പക, ദ്വേഷം, വൈരം, സിദ്ധാന്തം, ഇന്നാങ്കം (*M.*); 2. വെറുപ്പ്, മുഷിച്ചല്. **in s. of, s. of** കൂട്ടാക്കാതെ, എതിരായി, എന്ത് ആയിട്ടും, എന്നിട്ടും, എന്നാല്യം. **to owe one a s.** പകഭാവിക്കുക, വൈരംകാട്ടുക, വിരോധമുണ്ടാക. *v. t.* വിരോധം കാണിക്കുക, പകഭാവിക്കുക; 2. ഉപദ്രവിക്കുക. -'**ful,** *a.* വിരോധം ഉള്ള, മത്സരം—, ദുഷ്ടവിചാരം—, ദ്രോഹവിചാരം—. -'**ful-ly,** *ad.* ദുഷ്ടവിചാരത്തോടെ. -'**ful-ness,** *n.* ദ്രോഹബുദ്ധി, ക്ഷാത്രം, വിരോധം.

**Spit'fīre,** *n., s. u.* **Spit** II.

**Spit'ful, Spit'ted,** *s. u.* **Spit** I.

I. **Spit'tĕr,** *n., s. u.* **Spit** I.

II. **Spit'tĕr,** *n., s. u.* **Spit** II.

I. **Spit'tle,** *n., s. u.* **Spit** I.

II. **Spit'tle,** *n., s. u.* **Spit** II.

**Spit-toon', Spit'ven-om,** *n., s. u.* **Spit** II.

**Spitz dog,** *n.* ഒര് വക ജടനായി (*z.*).

**Splanch'nic** (splank'nik), *a.* ദേഹാന്തരാശയംസംബന്ധിച്ച, ഉൾക്കരള്—. =**nog'ra-phy** (-fi), =**nol'ō-ġy,** *n.* ദേഹാന്തരാശയശാസ്ത്രം.

**Splash, Splat'tĕr,** *v. t.* അടിച്ച്തെറുപ്പിക്കുക, വെള്ളം—, ചളി—; 2. തളിക്കുക, കടയുക; നനക്കുക. *v. i.* വെള്ളത്തിൽ അടിച്ച്കളിക്കുക, വെള്ളംതെറുപ്പിക്കുക. *n.* നീൎത്തെറിപ്പ്; തെറിച്ച്വീണ വെള്ളം, —ചളി; 2. വെള്ളത്തിലടിച്ച ഒച്ച. **s.-board** (വണ്ടിയുടെ) ചളിപ്പലക, —ഇ(ചി)റക്. -'**ĕr,** *n.* അടിച്ച്തെറുപ്പിക്കുന്നവൻ; (വണ്ടിയുടെ) ചളിപ്പലക, —ചി(ഇ)റക്. -'**y,** *a.* ചളിയായ, അഴക്ക് വെള്ളമുള്ള.

**Splat'tĕr,** *v. i. & t., s. a.* **Splash. s.-dash,** *a.* ബഹളം, അമളി, നിലവിളി, ഘോഷം, കോലാഹലം.

**Splāy,** *v. t.* ഉളുക്കുക, ഏപ്പ്തെററുക, കൈപ്പലകയുളുക്കുക; 2. ചാമ്പരയാക്കുക, ചായ്വായിരിക്കുക. *a.* ഉന്തിനില്ക്കുന്ന, തുറിച്ച്—; വിരൂപമായ. *n.* (വാതിലിന്റെ) മഞ്ചാരി. **s.-foot** പരന്നകാല്. **s.-foot, s.-footed** കാലടിപരന്ന, പരപ്പ്കാലുള്ള. **s.-mouth** തുറന്നവായി. **s.-mouthed** തുറന്നവായുള്ള.

**Splēen**, *n.* പ്ലീഹ, ഉദരഗ്രന്ഥി (*an.*); 2. ഗുന്മവ്യാധി, പ്ലീഹോദരം, കട്ടി, കെണ്ട (*med.*); 3. കോപം, വൈരം, വിരോധം; 4. ക്രോധപാരവശ്യം; 5. വ്യാകലം. **s.-wort** പ്ലീഹശത്രു(*b.*). **splēened** (splēnd), *a.* പ്ലീഹനീക്കിയ. **-'fụl, -'ish, -'y**, *a.* പ്ലീഹരോഗം ഉള്ള, പ്ലീഹോദരം— (*med.*); ഗുന്മരോഗം— (*med.*); കോപം—, ഈറപിടിച്ച. **-'ish-ly**, *ad.* കോപത്തോടെ. **-'ish-ness**, *n.* കോപാധിക്യം. **sple-nal'ği-a**, *n.* പ്ലീഹനോവ് (*med.*). **sple-net'ic, sple-net'i-cal, sple'ni-tive**, *a.* പ്ലീഹരോഗം ഉള്ള (*med.*); പക—, ദുഷ്ടത—, അസൂയ—; വെറുതിപിടിച്ച. *n.* പ്ലീഹോദരം, കട്ടി, കെണ്ട (*med.*); ഗുന്മവ്യാധി (*med.*). **sple-net'i-cal-ly**, *ad.* കോപത്തോടെ. **splen'ic, splen'i-cal**, *a.* പ്ലീഹസംബന്ധമായ. **sple-nī'tis**, *n.* പ്ലീഹവീക്കം(*med.*). **sple'nō-cēle**, *n.* പ്ലീഹവൃദ്ധി (*med.*). **sple-nog'ra-phy** (-fi), **sple-nol'ō-ğy**, *n.* പ്ലീഹശാസ്ത്രം. **splē'noid**, *a.* പ്ലീഹാകൃതിയായ. **sple-not'ō-my**, *n.* പ്ലീഹഛേദം (*med.*).

**Splen'dent**, *a.* മിനുസമുള്ള; 2. മിന്നുന്ന, പ്രഭയുള്ള; 3. തിളങ്ങുന്ന, ശോഭിക്കുന്ന, തേജോമയമായ. **splen'did, splen'drŏus, splen'dŏr-ŏus, splen'dŏur-ŏus**, *a.* തേജസ്സുള്ള; മിന്നുന്ന, തിളങ്ങുന്ന; ശോഭയേറിയ, വിശിഷ്ടമായ, കേമിച്ച; മഹത്വം ഉള്ള, മഹിമ—; മഹാ, കീൎത്തിപ്പെട്ട, വിശ്രുതമായ. **splen'did-ly**, *ad.* വിശിഷ്ടമായി, ശോഭയോടെ. **splen'did-ness**, *n.* മഹിമ. **splen-dif'ĕr-ŏus**, *a.* (കളിയായി)മഹിമയുള്ള. **splen'dŏr, splen'dŏur**, *n.* കാന്തി, ശോഭ, ആഭ; മഹത്വം, മഹിമ; ആഡംബരം, ഘോഷം; അലങ്കാരം, ശൃംഗാരം.

**Splen'did, Splen'dŏur**, *etc.*, *s. u.* Splendent.

**Sple-net'ic, Splen'ic, Sple-nī'tis, Sple'ni-tive**, *etc.*, *s. u.* Spleen.

**Splē'ni-us**, *n.* പിരടിമാംസം, പിടലി— (*S.*), പിരടിപ്പേശി (*an.*).

**Sple'nō-cēle, Sple-nog'ra-phy, Splē'noid, Sple-nol'ō-ğy, Sple-not'ō-my**, *s. u.* Spleen.

I. **Splent**, *n.*, *s. a.* Splint.

II. **Splent**, *n.* ഒരുവക താണ നിലക്കരി. **s. coal** താണ കല്ക്കരി.

**Splīce**, *v. t.* ഇഴെച്ച് കൂട്ടുക, എ(നെ)രടിക്കൂട്ടുക, പിരിച്ച് കൂട്ടുക, കെട്ടുക; 2. ഇണെക്കുക, ഇണെച്ച് കെട്ടുക; 3. വിവാഹംചെയ്യുക, സംബന്ധം—. **to s. the main brace** അദ്ധ്വാനംനിമിത്തം ഏറ കുടിക്കുക (*naut.*); കുടിക്കുക. *n.* ഇഴെപ്പ്, ഏപ്പ്.

**Splint, Splent**, *n.* പൂള്, പൊളുക്ക; 2. (എല്ല് മുറിഞ്ഞാൽവെച്ച് കെട്ടുന്ന) മരക്കഷണം, തൈതല് (*S.*), വൈദ്യപ്പൊളുക്ക (*surg.*); 3. കതിരക്കുളമ്പെല്ല് (*an.*); 4. ഒരു കതിരരോഗം; 5. കവചത്തകിട്; 6. കല്ക്കരി. **s.-armour** ഒരുവക ലോഹകവചം. **s.-bone** കതിരക്കുളമ്പെല്ല്. **s.-coal** ഒരുവക താണ കല്ക്കരി. *v. t.* ചീന്തുക; 2. വൈദ്യപ്പൊളുക്കവെച്ച് കെട്ടുക. **splint'ĕr**, *v. t.* നീളത്തിൽചീന്തുക, കീറുക; വൈദ്യപ്പൊളുക്കവെച്ച് കെട്ടുക. *v. i.* ചീന്തിപ്പോക. *n.* ചീന്ത്, അടപ്പ്. **s.r-bar** വണ്ടിയുടെകുറുഞ്ചട്ടം. **s.r-proof** തീക്കുടുക്കപ്പൊളുക്ക തടുക്കുന്ന. **splin'tĕr-y**, *a.* പൂളായ, പൊളുക്കയായ.

**Split**, *v. t. ir.* (split, split) നീളത്തിൽചീന്തുക, കീറുക, പിളക്കുക; 2. പൊട്ടിക്കുക, തകൎക്കുക, അടൎത്തുക; 3. ഭേദിപ്പിക്കുക, ഭിന്നിപ്പിക്കുക; 4. ധാതുവിയോഗം ചെയ്യുക, വിഗ്രഹിക്കുക (*ch.*). **to s. hairs** മുടിനാര് ചീന്തുക; (പ്രയോജനമില്ലാതെ) അതിസൂക്ഷ്മമായവ്യത്യാസംനോക്കുക. **to s. one's sides with laughter** ചിരിച്ച് (വയറ്)കുഴുക, —കൊളുത്തുക. *v. i.* വിള്ളുക, വിണ്ട്പോക, ചീന്തിപ്പോക; 2. തകരുക, പൊട്ടിപ്പോക; 3. ഭിന്നതയുണ്ടാക; 4. പൊട്ടിച്ചിരിക്കുക; 5. രഹസ്യംവെളിച്ചത്താക്കുക, വിശ്വാസഘാതകം ചെയ്യുക. **to s. on a rock** അസാദ്ധ്യമായ്തീരുക, കളത്തിലിറങ്ങുക. *n.* ചീന്ത്, പൊട്ട്, വിടവ്, അടര്; 2. ഭിന്നത; 3. പൂള്,

പൊളുക്ക. *a.* ചീന്തിയ, വിണ്ട; 2. പിളന്ന (*b.*). s.-pea, s.-pease, s.-pulse പരിപ്പ്. s.-ring വട്ടകണ്ണി. s.-tongued നാവ് പിളന്ന, ഇരട്ടനാവുള്ള (*z.*).

Splotch, *n.* കറ, കളങ്കം. -'y, *a.* പുള്ളികുത്തിയ, കറഉള്ള, കളങ്കം—.

Splut'tĕr, *v. i.* ബദ്ധപ്പാടോടെ സംസാരിക്കുക, പതറിപ്പറയുക, 'ബളബള' യെന്ന് പറയുക. *n.* പതച്ച, 'ബളബള' സംസാരം, നിലവിളി, ഒച്ചപ്പാട്. -ĕr, *n.* പതറിപ്പറയുന്നവൻ.

Spod'ō-man-cy, *n.* വെണ്ണീറ് ഇട്ട് ലക്ഷണംനോക്കൽ, ഭസ്മപ്രശ്നം, —ലക്ഷണം. =man'tic, *a.* ഭസ്മലക്ഷണസംബന്ധമായ.

Spoil, *v. t.* (spoiled *pr.* spoild, spoilt; spoiled, spoilt) (of) അപഹരിക്കുക, കവൎന്നെടുക്കുക, കൊള്ളയിടുക; 2. പിടിച്ച് പറിക്കുക, കവൎച്ചചെയ്യുക; 3. ഭ്രഷ്ടപ്പെടുത്തുക, നഷ്ടം ആക്കുക, ചീത്ത—, നശിപ്പിക്കുക. *v. i.* കവൎച്ചചെയ്തുപജീവിക്കുക; 2. ചീത്തയാക, വിടക്കാവ്വോക, കേട് വരിക, ചീയുക, നശിക്കുക. *n.* കൊള്ള, കവൎച്ച, അപഹൃതം; 2. (*pl.*) ലാഭം, ആദായം; 3. ലബ്ധി, കാൎയ്യസിദ്ധി; 4. കവരൽ, കൊള്ളയിടൽ; 5. നാശം, കേട്. s.-bank ചിറ; കിള,തിണ്ട്. the s.s system ഉദ്യോഗലാഭകാംക്ഷ (*pol.*). s.s-man ഉദ്യോഗലാഭകാംക്ഷി (*pol.*). s.s-monger ഉദ്യോഗലാഭവിക്രയി (*pol.*). -'a-ble *a.* അപഹരിക്കാകുന്ന. -'ĕr, *n.* അപഹാരി, കവൎച്ചക്കാരൻ; നശിപ്പിക്കുന്നവൻ, വഷളാക്കുന്നവൻ.

I. Spōke, *p. t. of* Speak.

II. Spōke, *n.* (ചക്രത്തിന്റെ) അഴി, അരം, കീലം, എഴക് (*S.*), കമ്പ്; 2. ചക്കാൻപിടി (*naut.*); 3. പടി, ചവിട്ട്, പതനം; 4. (വണ്ടി) വട്ടക്ക്. s.-shave വളവ് ചിപ്പുളി; ഒര് വക കത്തി. to put a s. in one's wheel തടസ്ഥപ്പെടുത്തുക, വില്ല് വെക്കുക. *v. t.* (ചക്രത്തിന്ന്) അഴിയിടുക.

Spō'ken, *p. p. of* Speak. *a.* പറഞ്ഞ; 2. വാക്കാലുള്ള; 3. സംസാരിക്കുന്ന.

Spōkes'man, *n.* (*pl.* =men) (മറ്റൊരുവന്ന് വേണ്ടി) സംസാരിക്കുന്നവൻ, ഉപിഭാഷി, 'വക്കീല്', മദ്ധ്യസ്ഥൻ, വക്താവ്, മുഖം, വായി.

Spō'li-āte, *v. t.* & *i.* കവൎച്ചചെയ്യുക, കൊള്ളയിടുക, അപഹരിക്കുക. =ā'tiŏn, *n.* കൊള്ളയിടൽ; കൊള്ള, കവൎച്ച; (യുദ്ധകാലത്തുള്ള) കപ്പല്ക്കൊള്ള; പള്ളിവ്യവഹാരം (*eccl.*); ആധാരത്തിന്ന് വരുത്തിയകേട് (*l.*). =ā-tive, =ā-tŏr-y, *a.* കറക്കുന്ന; (ദേഹത്തിൽനിന്ന്) രക്തം കറച്ച് കളയുന്ന (*med.*). =ā-tŏr, *n.* കൊള്ളക്കാരൻ, കവൎച്ചക്കാരൻ.

Spon'dēe, *n.* (രണ്ട് ഗുരുമാത്രയുള്ള) ഒര് ഗണം, ഇരുഗുരുഗണം (*pros.*). =dā'ic, =dā'i-cal, *a.* —ഗണം ആയ; —ഉള്ള (*pros.*).

Spon'dyl, Spon'dyle, *n.* (നെട്ടെല്ലി ലെ) മുതുകെല്ല്, നെട്ടെല്ല് സന്ധ് (*an.*).

Spŏnġe (spunj), *n.* കടൽപായല്, കടൽപാശി, 'സ്പോഞ്ച്', 'സ്പഞ്ച്', നീരൊപ്പി (*z.*); 2. പരാന്നതുക്കൻ, ആരാന്റെ ചോറ് തിന്ന് നടക്കുന്നവൻ; പററിത്തിന്നുന്നവൻ, തക്കിടിക്കാരൻ; മടിയൻ; 3. പുളിച്ച് പൊന്തിയമാവ്; 4. ഉരുകിയ ഇരിമ്പ്; 5. ഇരിമ്പയിക്കട്ടി; 6. പീരങ്കിത്തുടപ്പം; 7. ലാടമടമ്പ്. s.-cake ഒര് വക മുട്ടയപ്പം, 'സ്പഞ്ചപ്പം'. to set a s. മാവ് പുളിപ്പിക്കുക. to throw up the s. പിൻവാങ്ങുക, തോററുവെന്ന് സമ്മതിക്കുക. *v. t.* നീരൊപ്പുക, നീര് വലിച്ചെടുക്കുക; 2. നനച്ച് തുടക്കുക; 3. മാച്ചുകളയുക; 4. തോല്പിച്ചെടുക്കുക, അപഹരിക്കുക; പററിച്ച് കൈക്കലാക്കുക. *v. i.* വലിച്ചെടുക്കുക; 2. പററിക്കൂടികൈക്കലാക്കുക; 3. പുളിച്ച് പൊന്തുക. -'let, spŏn'ġi-ōle, *n.* ചെറുവേരിന്റെ അററം (*b.*). spŏn'ġe-ŏus, spŏn'ġi-form, spŏn'ġi-ōse, spŏn'ġi-ŏus, *a.* പായല് പോലെ ഉള്ള; ചെറുരന്ധ്രം—, നീര് വലിക്കുന്ന; പതമുള്ള. spŏn'ġĕr, *n.* ഒപ്പുന്നവൻ; തുടക്കുന്നവൻ; കടല്പാശിപറിക്കുന്നവൻ; പരാന്നഭോജി, തക്കിടിക്കാരൻ. spŏn'ġi-æ, spŏn'ġi-da, spŏn-ġi-ō-zō'a, *n. pl.* പാശിവൎഗ്ഗം

(*z.*). spŏn'gi-ness, *n.* നീരൊപ്പുന്നഗുണം; പതുപതുപ്പ്, പതം, മാർദ്ദവം. spŏn'ġing, *a.* നീരൊപ്പുന്ന. s.g-house അരാലത്ത് തടവുകാരെ (ജേലിലയക്കുംമുമ്പെ) താമസിപ്പിക്കുന്ന സ്ഥലം. spŏn'ġy, *a.* പതമുള്ള, മാർദ്ദവമായ; ബഹുരന്ധ്രങ്ങളുള്ള; നനഞ്ഞ, ക(പ്പ)തന്ന; മഴയുള്ള; വെള്ളം വലിച്ചെടുക്കുന്ന, ഒപ്പുന്ന.

Spŏnk, *n.*, *s. a.* Spunk.

Spon'sal, *a.* വിവാഹസംബന്ധമായ; 2. മണവാട്ടിക്കുള്ള, മണവാട്ടിയെസംബന്ധിച്ച.

Spon'son, *n.* തീക്കപ്പലിലെ ഒര് തട്ട്.

Spon'sŏr, *n.* 'ജാമ്യക്കാരൻ', ഉത്തരവാദി; 2. സ്നാനപ്രതിനിധി (*Chr.*); 3. തലതൊട്ടപ്പൻ, തലതൊട്ടമ്മ, 'കമ്പാതിരി' (*R. C.*). =sō'ri-al, *a.* സ്നാനപ്രതിനിധിസംബന്ധമായ. -ship, *n.* സ്നാനപ്രാതിനിധ്യം; തലതൊട്ടസ്ഥാനം; ഉത്തരവാദിത്വം.

Spon-tā'ne-ŏus, *a.* പ്രകൃത്യാ ഉള്ള, സ്വഭാവേന—, സഹജന്യംആയ; 2. സ്വമേധ—, സ്വമനസ്സാലെയുള്ള, മനഃപൂൎവ്വകമായ; 3. തനിയെമുളച്ച് വളരുന്ന, പട്ടമുളയായ (*b.*). s. combustion നീറല്, സ്വതദാഹം. s. generation സ്വയോല്പാദനം (*biol.*). =ta-nē'i-ty, -ness, *n.* സഹജന്യത; സ്വേച്ഛ, സ്വമേധ; തന്നിഷ്ടം; മനഃപൂൎവ്വത; സ്വയപരിണാമം (*biol.*); മാംസപേശിത്തിളപ്പ് (*biol.*). -ly, *ad.* സ്വയമേവ, സ്വതവെ, തനിയെതന്നെ.

Spon-tọon', *n.* ഒര് വക ഈട്ടി (*mil.*).

Spook, Spūke, *n.* ഭൂതം, പ്രേതം, പിശാച്.

Spool, *n.* വെറുങ്കോല്, നല്ലി (*w.*). s.-stand കാററ് വട്ടം (*w.*). *v. t.* നൂല് ചുററുക, നല്ലി—. -'ĕr, *n.* നൂല് ചുററുന്നവൻ(ൾ).

Spoom, Spoon, *v. i.* കപ്പല് കാററിന്ന് പാറിപ്പോക (*naut.*).

I. Spoon, *n.*, *s. a.* Spoom.

II. Spoon, *n.* കയ്യല്, കയില്, 'കരണ്ടി', തവി; ദവ്വി; 2. പൊട്ടൻ, ഭോഷൻ. s.-bill കരണ്ടിയപ്പൻ (*z.*). s.-diet, s.-meat ദോവകാഹാരം, കഞ്ഞി (*med.*). s.-drift മുകില്. s.-net കരണ്ടാച്ചി(വല). *v. t.* കോരുക. *v. i.* പ്രേമഗോഷ്ഠികാട്ടുക, അനുരാഗചേഷ്ടയുണ്ടാക, കോപ്പിരാട്ടികാട്ടുക. -'ey, -'y, *a.* പ്രേമഗോഷ്ഠികാട്ടുന്ന, കോപ്പിരാട്ടി—, മനക്കരുത്തില്ലാത്ത. *n.* അനുരാഗചേഷ്ടക്കാരൻ, കോപ്പിരാട്ടിക്കാരൻ; ഭോഷൻ. -'ful, *n.* കരണ്ടിനിറയ, ഒര് കരണ്ടി; അല്പം. -'i-ly, *ad.* പ്രേമചേഷ്ടയോടെ.

Spoor, *n.* കാട്ട് മൃഗത്തിന്റെ കാലടി, ചുവട്. *v. i.* ചുവട് പിടിച്ച് ചെല്ലുക.

Spor'a-dēṣ, *n. pl.*, *s. u.* Sporadic.

Spō-rad'ic, =i-cal, =rā'di-al, *a.* ഒററയൊററആയ, ഒററത്തററ—, പ്രത്യേകം—, അങ്ങുമിങ്ങുമുള്ള, പരക്കാത്ത. s.c disease പരക്കാത്തവ്യാധി (*med.*). spor'a-dēṣ, *n. pl.* ഒററനക്ഷത്രം, ഗണത്തിൽ പെടാത്ത— (*as.*). =i-cal-ly, *ad.* ഒററത്തററയായി.

Spōre, Spor'ūle, *n.* നിഷ്പുഷ്പസസ്യബീജം (*b.*); 2. അണുബീജം (*biol.*); 3. ഖണ്ഡ— (*biol.*). s.-formation ഖണ്ഡബീജോല്പാദനം, ഖണ്ഡോല്പത്തി (*biol.*); അണുബീജോല്പാദനം (*biol.*). =rif'ĕr-ŏus, *a.* അണുബീജോല്പാദകമായ. =ri-fi-cā'tiŏn, spor-ū-lā'tiŏn, *n.* അണുബീജോല്പത്തി. spō'rō-cärp, *n.* അണുബീജകോശം (*b.*). spō-rō-ġen'e-sis, *n.* അണുബീജോല്പാദനം (*biol.*). spor-ū-lif'ĕr-ŏus, *a.* അണുബീജജനകമായ (*biol.*).

Spoṛ'ran, *n.* രോമത്തോൽസഞ്ചി.

Spōrt, *n.* കളി, വിനോദം, ക്രീഡ, ലീല, കേളി, വിളയാട്ടം; 2. നേരമ്പോക്ക്, 'തമാശ', ഉല്ലാസം; പരിഹാസം; 3. കരു, കളിക്കോപ്പ്; 4. പരിഹാസവിഷയം; 5. വേട്ട, നായാട്ട്, 'ശിക്കാറ്'; മീൻപിടി; 6. പന്തയക്കളി; 7. നായാട്ടുകാരൻ; 8. ചൂത് കളിക്കാരൻ; 9. പ്രത്യേകത (*b.* & *z.*). s.sman നായാട്ടുകാരൻ; മീൻപിടിക്കുന്നവൻ. s.smanship വേട്ട, നായാട്ട്; നായാട്ട് സാമൎത്ഥ്യം. in s. കളിയായി,

'തമാശക്ക്'. *v. i.* കളിക്കുക, ഉല്ലസിക്കുക, വിളയാട്ടുക; 2. നായാട്ടുക, വേട്ടയാട്ടുക, 'ശിക്കാറ്'ചെയ്യുക; മീൻപിടിക്കുക; 3. വാതുവെച്ചു കളിക്കുക; 4. പൊരുളിക്കാതിരിക്കുക, വിലവെക്കാതിരിക്കുക; 5. പ്രത്യേകരൂപമാക (*b.*, *z.*). *v. t.* (*with rec. pron.*) കളിക്കുക, ഉല്ലസിക്കുക; 2. കേളിയാട്ടുക; 3. കാണിക്കുക, വിളങ്ങിക്കുക; 4. (off) കടം പറയുക, കടങ്കഥ—. to s. one's oak അറയുടെപുറവാതിലടക്കുക. -'al, *a.* കളിസംബന്ധമായ; കളിക്കുപയോഗിക്കുന്ന. -'ĕr, *n.* കളിക്കാരൻ; വേടൻ, നായാട്ടുകാരൻ. -'fụl, *a.* കളിക്കാരൻ(ത്തി)ആയ, രസികൻ—; തമാശയുള്ള; കളിയായ. -'fụl-ly, *ad.* കളിയായി. -'fụl-ness, *n.* കളിഭാവം. -'iṅg, *a.* കളിക്കുന്ന; കളിഭാവമുള്ള. s.g-book പന്തയക്കണക്ക്. s.g-house ചൂതുപുര. s.g-man നായാട്ടുകാരൻ; കതിരപ്പന്തയക്കാരൻ; 'കസ്റ്റിക്കാരൻ'; ചൂതാടി. -'iṅg-ly, -'ive-ly, *ad.* കളിയായി, തമാശയായി. -'ive, *a.* കളിപ്പിക്കുന്ന; രസമുള്ള, വിനോദകരമായ. -'ive-ness, *n.* കളി, നേരമ്പോക്ക്. -'less, *a.* രസം ഇല്ലാത്ത; സന്തോഷം—. -'liṅg, *n.* കളിക്കുട്ടി.

Spor'tū-la, *n.* (*pl.* Spor'tū-læ) ദാനം; 2. സമ്മാനം; 3. വിരുത്; 4. ഭിക്ഷ, ധർമ്മം.

Spor-ū-lā'tiŏn, Spor'ūle, Spor-ū-lif'ĕr-ŏus, *s. u.* Spore.

Spot, *n.* കുത്ത്, വട്ടു; 2. കറ, കളങ്കം; 3. കററം, അപരാധം; 4. അപമാനം, നിന്ദ; 5. പുള്ളി; 6. അല്പസ്ഥലം; സ്ഥലം, ഇടം; 7. ഒരുവക മാടപ്രാവ് (*z.*); 8. ഇരു(ൾ)മീൻ(*z.*); 9. *pl.* റൊക്കംവിററതുണിച്ചരക്ക് (*com.*). s.s on the sun സൂര്യകലങ്കം (*as.*). to live upon the s. (സ്ഥലത്ത്) പാക്കുക, കുടിയിരിക്കുക. on *or* upon the s. ഉടനെ, അവിടെത്തന്നെ. *v. t.* അടയാളമിടുക; 2. കറആക്കുക, —വീഴിക്കുക; 3. കണ്ടുതിരിയുക, —പിടിക്കുക; 4. കറപ്പെടുത്തുക, വഷളാക്കുക, അപമാനം വരുത്തുക. to s. timber (മരം)ചെത്തിക്കുറക്കുക. *v. i.* വട്ടുവീഴുക; 2. കറ—; 3. കറപ്പെടുക. -'less, *a.* കറയില്ലാത്ത, നിഷ്കളങ്കമായ, ശുദ്ധ. -'less-ly, *ad.* നിഷ്കളങ്കമായി. -'less-ness, *n.* നിഷ്കളങ്കത്വം. -'ted, -'ty, *a.* പുള്ളിയുള്ള, പുള്ളിപ്പുള്ളിയായ. s.d fever പകർച്ചപ്പനി, വസന്തജ്വരം (*med.*). -'ted-ness, -'ti-ness, *n.* പുള്ളിയുള്ളസ്ഥിതി. -'tĕr, *n.* പുള്ളികുത്തുന്നവൻ.

Spouse, *n.* വിവാഹസ്ഥൻ; വിവാഹിത; 2. ഭർത്താവ്; ഭാര്യ; 3. വിവാഹം നിശ്ചയിച്ചവൻ, മണവാളൻ; വിവാഹം നിശ്ചയിച്ചവൾ, മണവാട്ടി. spou'sal, *a.* വിവാഹസംബന്ധമായ, വിവാഹ. spou'sals, *n. pl.* വിവാഹം, വേളി, മംഗലം, കല്യാണം. -'less, *a.* ഭാര്യ ഇല്ലാത്ത; ഭർത്താവ്—; വിവാഹംചെയ്യാത്ത, വേളികഴിയാത്ത.

Spout, *v. t.* (ചെറുദ്വാരത്തിൽകൂടി) വെള്ളം ഊക്കോടെ തെറുപ്പിക്കുക, പീച്ചുക, ചാമ്പുക; 2. പ്രസംഗിക്കുക, വാഗ്ധാടിയോടെപ്രസ്താവിക്കുക; 3. പണയംവെക്കുക. *v. i.* ഊക്കോടെ തെറിക്കുക, തെറിച്ചുവീഴുക; 2. വെള്ളംതെറുപ്പിക്കുക; 3. അലങ്കാരപ്രസംഗംചെയ്യുക. *n.* കുഴല്, നാളം, പാത്തി; കിണ്ടിവാല്; പീച്ചാങ്കുഴല്; 2. വായി, ദ്വാരം; 3. ചാല്; 4. മരത്തൊട്ടി; മരപ്പാത്തി; 5. വെള്ളത്തെറിപ്പ്, നീർച്ചുഴി, ജലനാളി. to put, shove, *or* pop up the s. പണയംവെക്കുക, ഈടുവെക്കുക. -'ĕr, *n.* വെള്ളംതെറുപ്പിക്കുന്നവൻ. -'less, *a.* വാലില്ലാത്ത; നാളമില്ലാത്ത.

Sprag, *n.* മരത്തുണ്, താങ്ങ്, കാല്, കുത്തുകാല്; 2. വട്ടക്ക്. *v. t.* വട്ടക്ക്മുറുക്കുക; 2. കുത്തുകാല്കൊടുക്കുക.

Sprāin, *v. t.* ഉളുക്കിപ്പിക്കുക, ഉളുക്കുമാറാക്കുക, പടംമറിക്കുക. *n.* ഉളുക്ക്, ക്ലേശല്, പടംമറിയല്. s.-fracture സ്നായുഭംഗം (*med.*).

Spraṅg, *p. t. of* Spring.

Sprat, *n.* ചെറുമത്തി, ചെറുചാള (*S.*), കണ്ണമ്മത്തി (*z.*).

Spraẉl (spral), *v. i.* നീണ്ടുനിവിന്ന് കിടക്കുക, കാലകത്തി—; 2. വളഞ്ഞുപുളഞ്ഞുപടരുക; 3. ഇഴയുക.

**Sprawls** (spralz), *n. pl.* ചില്ലിക്കൊമ്പ്, കൊമ്പുംതാറും.

I. **Spray**, *n.* ചുള്ളിക്കൊമ്പ്, ഉപശാഖ; 2. കൊമ്പുംതാറും; 3. മൃശക്കുഴല്. **s.-drain** ചെറിയഓവ്പാലം, ചുള്ളിപ്പാലം (*agr.*).

II. **Spray**, *n.* തിരപ്പാറല്, നീപ്പാറല്, ശീകരം; 2. പാററ് ഓവകം, ശീകരൌഷധം (*med.*); 3. ശീകരയന്ത്രം, മരുന്ന് വീശി (*med.*). **s.-board** തിരത്തട്ട് (*naut.*). *v. t.* വെള്ളംപാററുക, —വീശുക; 2. ഓവകംപാററുക.

**Spread** (spred), *v. t. ir.* (**spread, spread**) പരത്തുക, വിശാലം ആക്കുക, വിസ്താരം—, വിസ്തീർണ്ണം—; 2. വിരിക്കുക, വിടത്തുക, നിവിത്തുക; 3. വ്യാപിപ്പിക്കുക, പടത്തുക; 4. (abroad) പ്രസിദ്ധം(ദ്ധി) ആക്കുക, പരസ്യം—; 5. പരക്കുമാറാക്കുക; 6. വിതറുക, പാററുക, (വളം) ഇടുക; 7. തയ്യാറാക്കുക, ഒരുക്കുക, വിളമ്പുക. **to s. the board, to s. a table** ഇലവെക്കുക, വിളമ്പുക. **to s. a net** വലവീശുക, —ഇടുക. *v. i.* വിസ്താരമാക, നീളുക; 2. പടരുക; 3. പരസ്യംആക, പ്രസിദ്ധി—; 4. പരക്കുക, പകരുക. *n.* വിസ്താരം, വിശാലസ്ഥലം; വിരിവ്; 2. പടച്ച്; 3. വിരിപ്പ്; 4. ഭക്ഷണപ്പന്തി, ഊണ്, സല്ക്കാരം, വിരുന്ന്; 5. വിക്രയാവകാശത്തീര് (*com.*); 6. അസീമവിതാനം (*geom.*). *a.* പരന്ന; 2. വിടന്ന. **s.-eagle** ചിറക് വിടത്തിയ കഴക്രൂപം (*her.*); നാട്യം ആയ, അധികപ്രസംഗം—. **-'er**, *n.* പരത്തുന്നവൻ; ചണംചീവി. **-'ing-ly**, *ad.* വളരെ; പരക്കെ.

**Spree**, *n.* ഉല്ലാസഘോഷം; 2. മദ്യപാന—, ലഹരിപ്രമോദം, വെറിക്കൂത്ത്.

**Spren'gel pump**, *n.* വായുപ്രക്ഷേപക(രസ)യന്ത്രം (*ph.*).

**Sprig**, *n.* തളിര്, നമ്പ്, തഴ; 2. ചുള്ളിക്കൊമ്പ്; 3. ചെറുപ്പക്കാരൻ, യുവാവ്; 4. നിമ്പാണി. *v. t.* തോരണംകെട്ടിയലങ്കരിക്കുക, ഇലകൾകൊണ്ട് ശൃംഗാരപ്പണിചെയ്യുക; 2. തളിരാകൃതിയിൽതുന്നുക, —നെയ്യുക. **sprigged** (sprigd), *a.* ചുള്ളിക്കൊമ്പ് ഉള്ള. **-'gy**, *a.* —നിറഞ്ഞ.

**Spright** (sprīt), **Sprite**, *n.* ഭൂതം, പ്രേതാത്മാവ്, മായക്കാഴ്ച. **-'less**, *a.* ചൈതന്യമില്ലാത്ത, ചുണകെട്ട, മന്ദതയുള്ള. **-'li-ness**, *n.* ചുണ, ചുറുക്ക്, ചുറുചുറുപ്പ്, ചൈതന്യം; ഉന്മേഷം. **-'ly**, *a.* ആത്മതുല്യമായ; ഉയി(ശി)ര് ഉള്ള, ചൊടി—, ചുറുചുറുപ്പ്—; ചുണവരുത്തുന്ന.

**Spring**, *v. i. ir.* (**sprang, sprung; sprung**) തുള്ളുക, ചാടുക; 2. തുള്ളിപ്പുറപ്പെടുക; ചാടിപ്പുറപ്പെടുക, തുള്ളിപ്പറക്കുക; 3. തെറിക്കുക; 4. പെട്ടന്നുണ്ടാക; ഉളിക്കുക; 5. കലയുക, ഉലയുക; 6. (up, forth, out) മുളക്കുക; 7. ഉറന്ന് വരിക; ഉത്ഭവിക്കുക, ജനിക്കുക; 8. നന്നാക, അഭിവൃദ്ധിയാക. **to s. at....** നേരെചാടുക, ചാടിയെത്തുക. **to s. forth** ചാടിപ്പുറപ്പെടുക, ചാടിവീഴക. **to s. in** ചാടിക്കടക്കുക, ചാടിവരിക. **to s. on** *or* **upon....** മേൽചാടിവീഴക, എതിൎക്കുക, ആക്രമിക്കുക. *v. t.* പുറത്ത് ചാടിക്കുക, ഇളക്കുക; 2. ഉളവാക്കുക, പെട്ടന്ന് വരുത്തുക; —വെളിപ്പെടുത്തുക; 3. പൊട്ടിക്കുക, വെടിവെച്ച് പൊട്ടിക്കുക; 4. വില്ലിക്കുക; പൊളിക്കുക; 5. പെട്ടന്ന് പൂട്ടുക; 6. (in, out) വളക്കുക, വളച്ചിടുക; 7. തുള്ളിക്കടക്കുക, കടന്ന് ചാടുക. **to s. an arch** കമാനംവെക്കുക (*arch.*). **to s. a butt** അടിപ്പലകയിളക്കുക (*naut.*). **to s. a fence** വേലികടന്നുതുള്ളുക. **to s. a leak** ഉളഞ്ഞ് പോക; കമ്മത്ത് വരിക (*naut.*). **to s. the luff** കാററ് പിടിച്ചോടുക (*naut.*). **to s. a mast** *or* **spar** പാമരംവളക്കുക, —കോട്ടുക, ചീന്തുമാറാക്കുക (*naut.*). **to s. a mine** തുരങ്കംവെടിമരുന്നിട്ട് പൊട്ടിക്കുക. **to s. a rattle** കലുക്കട്ടകലുക്കുക. *n.* തുള്ളല്, ചാട്ടം, കതിപ്പ്; 2. കലച്ചല്; 3. വില്ലാട്ടം, തെറിപ്പ്, സ്ഥിതിശമൃത; 4. (വണ്ടിയുടെയും മററും) വില്ല്; 5. നീരുറവ്; ഉറവിടം, ഉത്ഭവസ്ഥാനം, ഉല്പത്തി—; 6. കാരകശക്തി, ബലം; ഹേതു, മൂലം, കാരണം; 7. വസന്തം, വസന്തകാലം, പുഷ്പകാലം, മധുമാസം, മേടമിടവമാസങ്ങൾ, മാൎച്ച് ഏപ്രിൽ മേയിമാസങ്ങൾ; 8. ആരംഭം, വൃദ്ധികാ

ലം; 9. വിള്ളല്, ചീന്ത്, പൊട്ട് (*naut.*). **air-s., atmospheric s.** വായുവില്ല്. **boiling s.** ചൂട്ടറവ്. **coil-s.** ചുറവില്ല്. **elliptic s.** മുഴവില്ല്, നാലുതുള് വണ്ടിവില്ല്. **hair-s.** (മുടി)നാര് വില്ല്, (ഘടികാര)തെറിവില്ല്. **half-elliptic s.** അരവില്ല്, രണ്ടുതുള് വണ്ടിവില്ല്. **mineral s.** ധാതുപ്രവാഹം. **oil-s.** സ്നേഹപ്രവാഹം, മണ്ണെണ്ണയുറവ്. **spiral s.** പിരിവില്ല്. **s.-balance** വില്ല്തുലാസ്. **s.-beauty** ഒര് ചെടി (*b.*); ഒര് ചിത്രശലഭം (*z.*). **s.-bed, s.-mattress** വില്ലിടക്ക, വില്ല്മെത്ത, കമ്പിക്കിടക്ക, കമ്പിമെത്ത. **s.-bok, s.-buck** കലമാൻ (*z.*). **s.-gun** വില്ത്തോക്ക്. **s.-head** ഉറവ്, ഉറവിടം. **s.-halt** കതിരമുടന്ത്. **s.-lock** വില്ലൂട്ട്. **s. of pork** പന്നിയുപ്പ്. **s.-tide, s.-time** വസന്തകാലം. **s.-tides** വാവേററം, വാവിറക്കം. **s.-wagon** വില്ലുള്ള വണ്ടി. **s.-wheat** വസന്തക്കോതമ്പം. **-'ĕr,** *n.* തുള്ളിക്കുന്നവൻ; കാടിളക്കുന്നവൻ. **-'i-ness,** *n.* വില്ലാട്ടം, സ്ഥിതിഗമ്യത, മയബലം; നനവ്. **-'ing,** *n.* തുള്ളൽ; ചാട്ടം; വളച്ച്, വദ്ധന; മുള, തളിര്; ചെടി. **-'let,** *n.* ചെറുവില്ല്. **-'y,** *a.* വില്ലാട്ടമുള്ള, കലയുന്ന, പൂവ്വസ്ഥിതിഗമ്യമായ; ഉറവ് ഉള്ള, നീരോട്ടം—.

**Spring'al,** *n.* യന്ത്രക്കവിണ, യന്ത്രവില്ല്.

**Spring'bok, ='buck, Spring'ĕr,** *etc.*, *s. u.* **Spring.**

**Springe,** *n.* കട്ടക്ക്, കെണി, കതുക്ക്; 2. ഊരാങ്കുട്ടക്ക്, ഊരാഞ്ചുളക്ക് (*S.*). *v. t.* കട്ടക്കുക; 2. കെണിവെച്ച് പിടിക്കുക.

**Sprin'kle,** *v. t.* കടയുക, തളിക്കുക, തെറുപ്പിക്കുക; 2. ചിന്നുക, വിതറുക; 3. ശുദ്ധിയാക്കുക, വിശുദ്ധീകരിക്കുക. *v. i.* പ്രോക്ഷിക്കുക, തളിക്കുക; 2. മഴചാ(പാ)റുക; 3. (പൊടി)പാറുക. *n.* തളിപ്പ്, തളി; 2. പൊടി. **sprin'klĕr,** *n.* തളിക്കുന്നവൻ, പ്രോക്ഷിക്കുന്നവൻ; വീശി, പനിനീർവീശി; (തുളതുളയായ വാലുള്ള) നനപ്പാത്രം, വീശിപ്പാത്രം. **sprin'kling,** *n.* പ്രോക്ഷണം, തപ്പണം; ചാറല്; തുള്ളി, അല്പാല്പം.

**Sprint,** *v. i.* അതിവേഗംഓട്ടുക, ശീഘ്രമായി—. *n.* ഓട്ടം, നെട്ടോട്ടം, തീവ്രമായഓട്ടം. **s.-race** തീവ്രപന്തയം. **-'ĕr,** *n.* അതിവേഗംഓട്ടുന്നവൻ; തീവ്രപന്തയക്കാരൻ.

I. **Sprit,** *v. i.* മുളവരിക, പൊടിക്കുക, അവെക്കുക, കിളക്കുക.

II. **Sprit,** *n.* പരിമാൻ, കോൺപരിമാൻ (*naut.*). **bow-s.,** *s. u.* **Bow. s.-sail** കൊമ്പ്പായി.

**Sprīte,** *etc.*, *s. a.* **Spright.**

**Sprout,** *v. i.* മുളവരിക, മുളക്കുക, പൊടിക്കുക, അവെക്കുക, കിളക്കുക, തളിക്കുക, അങ്കുരിക്കുക. *v. t.* മുളപ്പിക്കുക; 2. മുളപൊട്ടിച്ച് നീക്കുക. *n.* മുള, തളിര്, അങ്കുരം, കൂമ്പ്, തുമ്പ്, പല്ലവം; 2. *pl.* 'ഗോസ്സ്', 'മുട്ടഗോസ്സ്' (*b.*).

I. **Spruce,** *n.* (കൂമ്പിച്ച് വളരുന്ന)ഒര് മരം (*b.*).

II. **Spruce,** *a.* വൃത്തിയായ, വെടിപ്പുള്ള. *v. t.* & *i.* മോടിയായി ഉടുത്ത് ചമയുക. **-'ly,** *ad.* വൃത്തിയായി, മോടിയായി. **-'ness,** *n.* വൃത്തി, വെടിപ്പ്, അഴക്, ചന്തം.

**Sprue,** *n.* മൂശവായി; 2. കിട്ടം, കറ.

I. **Sprung,** *p. t.* & *p. p. of* **Spring.**

II. **Sprung,** *a.* വിണ്ട്കീറിയ, ചീന്തിയ, പൊട്ടുള്ള (*naut.*).

**Sprȳ,** *a.* ചുറുക്ക് ഉള്ള, ചുണ—.

**Spud,** *n.* കൈക്കോട്ട്; 2. തടിച്ച സാധനം.

**Spūe,** *v. t.* & *i.*, *s. a.* **Spew.**

**Spuil'zie, Spul'zie,** *n.* കൊള്ള, കവച്ച, അപഹൃതം.

**Spūme,** *n.* പത, നുര; 2. അഴക്ക്, ചേറ്. *v. i.* പതപൊങ്ങുക, നുര—. **=mes'cence, spū'mi-ness,** *n.* നുരയുള്ള സ്ഥിതി. **=mes'cent,** *a.* നുരവരുന്ന; പതപോലെയുള്ള. **=mif'ĕr-ŏus,** *a.* പതവരുത്തുന്ന. **spū'mŏus, spū'my,** *a.* നുരഞ്ഞ; —ഉള്ള; ചേറ് പൊന്തിയ.

**Spun,** *p. t. & p. p. of* **Spin.** **s.-hay** മൂടക്കയറ്, പുല്ലുയറ്. **s.-silk** പിരിച്ചപട്ട് നൂല്. **s.-yarn** പിരിച്ചകയറ്.

**Spunk, Spŏnk,** *n.* പൂതലിച്ചമരം, അരുമ്പിയ—, വേഗംതീപിടിക്കുന്നവിറക്; 2. തീപ്പരുത്തി; 3. ചുണ, ചൊടി, തീക്ഷ്ണത. **-'ky,** *a.* ചുണയുള്ള, ചുറുക്കുള്ള.

**Spur** (spĕr), *n.* കതിരമുള്ള്, കതിമുള്ള്; 2. ഉത്സാഹം, പ്രോത്സാഹം, പ്രേരണം; 3. തുറിപ്പ്; മുഴ; 4. തായിവേര്, നാരായ—; 5. കോഴിമുള്ള് (*z.*); 6. മലങ്കൊമ്പ്, പർവ്വതശാഖ; 7. ചെരിപ്പ്മുള്ള്; 8. കത്ത്കാല് (*carp.*); 9. ഊന്ന്കാല്, മുട്ട്കാല് (*arch.*); 10. പാദപീഠം (*arch.*); 11. നട്ടച്ചമ(വ)ര്. **s.-fowl** കാട്ട്കോഴി (*z.*). **s.-gall** മുള്ള്കല, —തഴമ്പ്. **s.-gear, s.-wheel** പല്ല്ചക്രം(*mech.*). **s.-pepper** കാന്താരിമുളക്, പറങ്കി— (*b.*). **s.-royal, s.-rial, s.-ryal** ഏഴര ഉറുപ്പികക്കുള്ള ഒര് പുരാതന ഇംഗ്ലീക്ക് പൊൻനാണ്യം. **s.-way** കതിരപ്പാത. *v.t.* (കതിരയെ) മുള്ള്കൊണ്ട് കത്തുക, കതിമുള്ള്കത്തി ഓടിക്കുക; 2. ഉത്സാഹിപ്പിക്കുക, നിർബ്ബന്ധിക്കുക; 3. കതിമുള്ള് ധരിക്കുക. *v.i.* (കുതിരയെ) വേഗം ഓടിക്കുക; 2. ബദ്ധപ്പെടുക; 3. പരിശ്രമിക്കുക. **-'less,** *a.* കതിമുള്ളില്ലാത്ത. **spurred** (spĕrd), *a.* കതിരമുള്ള് ധരിച്ച; വേരുള്ള. **-'rĕr,** *n.* ഉത്സാഹിപ്പിക്കുന്നവൻ, പ്രേരകൻ. **-'ri-ĕr,** *n.* കതിരമുള്ളുണ്ടാക്കുന്നവൻ.

**Spū'ri-ŏus,** *a.* സാക്ഷാലല്ലാത്ത, കളവായ, കള്ള; കൃത്രിമമായ, കല്പിതമായ; 2. ശുദ്ധമല്ലാത്ത, അശുദ്ധമായ, കൂട്ടുള്ള, മായമുള്ള; 3. ജാരസന്താനംആയ, വേശ്യാപുത്രൻ(ത്രി)—, കൌലടേയൻ—. **s. wing** കള്ളച്ചിറക് (*z.*). **-ly,** *ad.* കൃത്രിമമായി; മായമായി. **-ness,** *n.* കൃത്രിമം, കള്ളത്തരം; അശുദ്ധി.

**Spurn** (spĕrn), *v. t.* ചവിട്ടുക, ചവിട്ടിത്തെറുപ്പിക്കുക; 2. തിരസ്കരിക്കുക, ത്യജിക്കുക, തുച്ഛീകരിക്കുക. *v. i.* ചവിട്ടുക, കാല്മേലുട്ട് കടയുക; 2. പുച്ഛിക്കുക, നിസ്സാരമാക്കുക; ധിക്കരിക്കുക. *n.* ഉത, ചവിട്ട്; 2. തിരസ്കാരം, തുച്ഛീകാരം; 3. കല്ക്കരിത്തുണ് (*ming.*). **s.-water** കപ്പൽത്തട്ടിലെ നീച്ചാല് (*naut.*). **-'ĕr,** *n.* ചവിട്ടുന്നവൻ; ധിക്കാരി.

**Spurred, Spur'rĕr, Spur'ri-ĕr,** *s. u.* **Spur.**

**Spur'ry, Spur'rey,** *n.* ഒര് ചെടി (*b.*).

I. **Spurt, Spirt** (spĕrt), *v. i.* ചാടിപ്പുറപ്പെടുക, തെറിച്ച് വരിക. *v. t.* തെറുപ്പിക്കുക, പീച്ചുക, ഊക്കോടെതുപ്പുക. *n.* ചാട്ടം, തെറിപ്പ്, തെറിക്കൽ; 2. മുള; 3. പെട്ടന്നുള്ള ഭാവവികാരം, പാരവശ്യം. **spur'tle,** *v. t.* പാററുക.

II. **Spurt** (spĕrt), *n.* പരിശ്രമം, തുനിവ്; 2. ഊക്ക്. *v. i.* പരിശ്രമിക്കുക, തുനിഞ്ഞ് പുറപ്പെടുക.

**Spur'tle,** *v. t., s. u.* **Spurt** I.

**Spur'wāy,** *n., s. u.* **Spur.**

**Sput,** *n.* വട്ടപ്പാറ്, പാററ്തുളി.

**Spū'ta-tive,** *a.* തുപ്പലുറയുന്ന; 2. തുപ്പിക്കൊണ്ടിരിക്കുന്ന. **-tā'tiŏn,** *n.* തുപ്പൽ, കഫംതുപ്പൽ; കാക്കിക്കൽ. **spū'tum** (*pl.* **spū'ta**), *n.* തുപ്പല്, ഉമിനീര്, കേല; 2. കഫം.

**Sput'tĕr,** *v. i.* തുപ്പല് തെറുപ്പിക്കുക; 2. പതറിപ്പറയുക, പിറുപിറപ്പറയുക, ബദ്ധപ്പെട്ട് സംസാരിക്കുക; 3. 'ശീ'എന്ന ശബ്ദത്തോടെ പുറപ്പെടുക. *v. t.* പാററിത്തുപ്പുക. *n.* തെറിച്ചതുപ്പല്; 2. ബദ്ധപ്പാടോടെയുള്ള സംസാരം, പിറുപിറവാക്ക്. **-ĕr,** *n.* തുപ്പല് തെറുപ്പിച്ച് സംസാരിക്കുന്നവൻ.

**Spū'tum,** *n., s. u.* **Sputative.**

**Spȳ,** *v.t.* (*p.t. & p.p.* **spīed**) ദൃഷ്ടിയിൽപെടുക, കാണുക; ദൂരെകാണുക; മറവിൽ—; 2. ഉററുനോക്കുക, പരിശോധിക്കുക; 3. (out) ഒററുനോക്കുക, ഉള്ളറിയുക. *v. i.* സൂക്ഷിച്ച് നോക്കുക. *n.* (*pl.* **spīes**) ഒററുനോക്കുന്നവൻ; 2. ഒററുകാരൻ, ചാരൻ (*mil.*). **s.-boat** ഒററുതോണി. **s.-glass** ദൂരദർശിനി, ഒര് വക കുഴല്ക്കണ്ണാടി. **s.-money** ഒററുകൂലി. **S.-Wednesday** തിരുബുധനാഴ്ച (*eccl.*). **-'ism,** *n.* ഒററുനോക്കൽ, ചാരത്വം.

**Squab**, *a.* തടിച്ച, സ്ഥൂലിച്ച, പുഷ്ടിച്ച; 2. തൂവല് ഇല്ലാത്ത, —വരാത്ത. *n.* പ്രാകുഞ്ഞ് (*z.*); 2. പക്ഷിക്കുഞ്ഞ് (*z.*); 3. കുറുമുണ്ടൻ; 4. ഉരുളന്തലയണ; 5. ഇരിക്കക്കട്ടില്; 'കോച്ച്', 'സോഫ'; 'കസേല'. **s.-chick** (മുട്ടവിരിഞ്ഞ) കോഴിക്കുഞ്ഞ്. *ad.* 'ചടപിടാ'എന്ന്, ഘനമായവീഴ്ചയോടെ. **-'bish, -'by,** *a.* തടിച്ച, സ്ഥൂലിച്ച; (കുറു)മുണ്ടനായ; ഘനമുള്ള.

**Squab'ble,** *v. i.* കലഹിക്കുക, കലശല്കൂട്ടുക, ശണ്ഠയിടുക, അടിപിടികൂടുക, തമ്മിൽതല്ലുക; 2. വാദിക്കുക, തൎക്കിക്കുക. *v. t.* ആണിയക്ഷരം പിശകുക, വരി—(*print.*). *n.* അടിപിടി, തകരാറ്, ശണ്ഠ, തമ്മിത്തല്ല്. **-'bler,** *n.* കലഹക്കാരൻ, ശണ്ഠക്കാരൻ.

**Squab'by, Squab-chick,** *s. u.* **Squab.**

I. **Squad,** *n.* (ചെറിയ)പടയാളിക്കൂട്ടം, സൈന്യപ്പങ്ക് (*mil.*); 2. ചെറിയകൂട്ടം.

II. **Squad,** *n.* ചളി, ചൊ(കൊ)ത്ത.

**Squad'ron,** *n.* ചതുരം; 2. സേനാചതുരം (*mil.*); 3. കുതിരപ്പട്ടാളഭാഗം, (120 മുതൽ 200 വരെ ആളുള്ള) അശ്വാരൂഢസേനാഭാഗം (*mil.*); 4. പടക്കപ്പൽകൂട്ടം (*naut.*). **flying-s.** പരിശോധനപ്പടക്കപ്പൽകൂട്ടം. **=roned** (-rond), *a.* ചതുരപ്പടയായി നിന്ന, (സേന)ചതുരശ്രാകൃതിയിൽ നിന്ന.

**Squal'id,** *a.* അഴുക്കായ, വൃത്തികെട്ട, ചേറ്പിരണ്ട. **=lid'i-ty, -ness, squal'ŏr,** *n.* അഴുക്ക്, ചേറ്, വൃത്തികേട്, മാലിന്യം. **-ly,** *ad.* അഴുക്കായി, വെടിപ്പില്ലാതെ.

I. **Squall,** *n.* കാററുംമഴയും, കോള്. **black s.** കാറുംകോളും. **thick s.** മഴക്കോള്, ഹിമക്കോള്. **white s.** പെട്ടന്നുള്ളകോള്. **to look out for s.s** ചരതിക്കുക, സൂക്ഷിക്കുക, ജാഗരിക്കുക. **='ly,** *a.* കോളുള്ള; തരിശായ (*agr.*); ഒര് പോലെയില്ലാത്ത, നെയ്ത്തിൽപിഴച്ച (*w.*).

II. **Squall,** *v. i.* പേടിച്ച് നിലവിളിക്കുക, വൈരംകൊട്ടുക. *n.* നിലവിളി, വൈരം. **-'ĕr,** *n.* നിലവിളിക്കുന്നവൻ.

**Squā'lō-don,** *n.* പ്രാചീനതിമിംഗലം.

**Squā'loid,** *a.* സ്രാവിനുള്ള; 2. സ്രാവ് സംബന്ധിച്ച (*z.*).

**Squal'ŏr,** *n., s. u.* **Squalid.**

**Squā'ma** (*pl.* **squā'mæ**), *n.* മുളി (*med.*). **=mā'ceŏus** (-shus), **='māte, ='mā-ted, ='mōse, ='mŏus,** *a.* മുളിഉള്ള, —പിടിച്ച. **=mā'ta,** *n. pl.* ഇത്തിൾമൃഗവൎഗ്ഗം (*z.*). **=mel'la** (*pl.* **='mel'læ**), *n.* മുറി, (മര)മുളി (*b.*). **='mi-form,** *a.* മുളിപോലെയുള്ള. **='mig'ĕr-ŏus,** *a.* മുളിഉള്ള, —പിടിച്ച. **='moid,** *a.* —പോലെയുള്ള; —ഉള്ള.

**Squā-mel'la, Squā'mi-form, Squā-mig'er-ŏus, Squā'moid, Squā'mōse,** *etc., s. u.* **Squama.**

**Squan'dĕr,** *v. t.* ചിന്നിക്കുക, വിതറുക; 2. ധാരാളിക്കുക, ധ്വംസനംപാട്ടുക, ദുൎവ്യയംചെയ്യുക, ദുൎച്ചെലവാക്കുക, മുടിക്കുക, നാനാവിധമാക്കുക, നശിപ്പിക്കുക. *v. i.* ദുൎവ്യയംചെയ്യുക, പൊടിപാററുക; 2. അലഞ്ഞ് നടക്കുക; 3. പാററുക, പറപ്പിക്കുക. *n.* ദുൎവ്യയം, ധാരാളം, നാനാവിധം, പൊടിപാററൽ. **-ĕr,** *n.* ദുൎവ്യയക്കാരൻ, ധാരാളിക്കുന്നവൻ, മുടിയൻ, വിട്ടുകയ്യൻ (*S.*). **-ing-ly,** *ad.* ധാരാളമായി; ദുൎവ്യയമായി.

**Squāre,** *n.* സമചതുരം, സമചതുരക്ഷേത്രം (*geom.*); 2. ചതുരം, ചതുരഖണ്ഡം; കളം; ചതുഷ്കം; 3. കണ്ണാടിച്ചില്ല്; 4. മുദ്രാക്ഷരചതുരം (*print.*); 5. റൂററടിവിസ്താരം (*carp.*); 6. നാല്കെട്ട്, ചതുശ്ശാല; 7. നടുമിററം; നടുസ്ഥലം; 8. മട്ടം (*carp.*); 9. ചതുരശ്രം, ക്ഷേത്രഫലം, വൎഗ്ഗം, തമ്പെരുക്കം (*ar. & alg.*); 10. ചതുരപ്പട (*mil.*); 11. യോജിപ്പ്, ചേൎച്ച; അനുരൂപത, തുല്യത, സമത്വം; 12. നിരപ്പ്; 13. കലഹം, കലശല്, ശണ്ഠ. **hollow s.** പടച്ചതുരം. **all s.** കൃത്യമായ, ശരിയായ, ശരിപ്പെടുത്തിയ. **to be on all s.s with** കൃത്യമായി ഒത്തിരിക്കുക, തത്തുല്യമായിരിക്കുക. **on the s., upon the s.** തുറസ്സായി, വെളിവിൽ, പരമാൎത്ഥമായി. *a.* നാല്തുല്യഭുജകളും നാല്

സമകോണങ്ങളും ഉള്ള സമചതുരമായ (*geom.*); 2. സമകോണങ്ങളാകുന്ന; 3. ഉടല്പരന്ന; 4. പററിയ, തക്ക, ശരിയായ; 5. നേരുള്ള, പരമാൎത്ഥമുള്ള; 6. തുല്യമായ; 7. ബാക്കിയില്ലാത്ത; 8. ശേഷിപ്പിക്കാത്ത, മുഴുവനംതിന്നുന്ന, മൃഷ്ടാന്നമായ. **s. foot** ഒരടിനീളവും ഒരടിവീതിയും ഉള്ളത്, ചതുരശ്രയടി. **s. knot** ആണ്കെട്ട്. **s. measure** നീളവും വീതിയും തമ്മിൽ പെരുക്കിയത്, ചതുരശ്രയളവ്, പെരുക്കം. **s. number** ചതുരശ്രസംഖ്യ, വൎഗ്ഗ—, വൎഗ്ഗം, ക്ഷേത്രഫലം, തമ്പെരുക്കം (*ar.*). **s. root** വൎഗ്ഗമൂലം, പദം (*math.*). **s.-rigged** (കപ്പല്) ചതുരപ്പായുള്ള. **s. sail** ചതുരപ്പായി (*naut.*). **s. toes** പഴയമട്ടുകാരൻ, —സമ്പ്രദായക്കാരൻ; കിറുകൃത്യക്കാരൻ. **three s.** തുല്യത്രിഭുജയായ. **five s.** തുല്യപഞ്ചഭുജയായ. **to get s. with** ശരിയാക; വീട്ടുക, വീട്ടിക്കൊടുക്കുക; പകരം വീട്ടുക. *v. t.* സമചതുരമാക്കുക; 2. ചതുരമായുണ്ടാക്കുക; 3. അളവ് ഒപ്പിക്കുക; 4. അനുരൂപമാക്കുക, ശരിപ്പെടുത്തുക, യോജിപ്പിക്കുക; 5. ആകൃതിപ്പെടുത്തുക; 6. കണക്ക് ഒപ്പിക്കുക, ബാക്കിയിറക്കുക; 7. വൎഗ്ഗിക്കുക, ക്ഷേത്രഫലം കാണുക. **to s. one's shoulders** ചുമല് പൊന്തിക്കുക; നീരസംകാട്ടുക; നിന്ദിക്കുക. **to s. the circle** വൃത്തത്തിന്റെ ചതുരം കാണുക; അസാദ്ധ്യമായതിന്നു ശ്രമിക്കുക. *v. i.* ഒക്കുക, ഒപ്പമാക, യോജിക്കുക, പററുക, കൊള്ളുക, യുക്തമായിരിക്കുക; 2. (up, off) തല്ലിന്ന് നില്ക്കുക, തെരുത്ത് കെട്ടുക, —നില്ക്കുക. **-'ly,** *ad.* സമചതുരത്തിൽ; ശരിയായി. **-'ness,** *n.* സമചതുരഗുണം, ചതുരശ്രത. **squā'rĕr,** *n.* ചതുരമാക്കുന്നവൻ; ശരിയാക്കുന്നവൻ. **squā'rish,** *a.* ഏതാനുംസമചതുരമായ.

**Squar'rōse, Squar'rŏus,** *a.* വാള്പ്പല്ല് പോലെ ഇലയുള്ള, പല്ല്പല്ലായ— (*b.*). **squar'rū-lōse** (-ū-lōs), *a.* ഏതാനും പല്ല്പല്ലായ (*b.*).

I. **Squash,** *n.* പിഞ്ച്കായി, മൂക്കാത്തകായി, ചള്ള് (*b.*); 2. കക്കിരിക്ക (*b.*); 3. ഒര് വക നീൻകായി (*z.*).

II. **Squash,** *v. t.* ചതക്കുക, ചീ(യി)ക്കുക, കുത്തിച്ചിക്കുക. *n.* പതമുള്ള സാധനം; 2. ചള്ള് വാള്, ഒടിവാള്, ഒടിയൻ (*b.*); 3. പാകം ആകാത്തത്; 4. ഇളമ്പ്രായക്കാരൻ; 5. ചള്ള്; 6. വീഴ്ച; 7. കലുക്കം, ഇളക്കം. **squish-s.** പതുപതശബ്ദം. **-'ĕr,** *n.* ചതക്കുന്നവൻ. **-'i-ness,** *n.* പതം, പതുപതുപ്പ്. **-'y,** *a.* പതമുള്ള, മൃദുവായ.

**Squat,** *v. i.* നിലത്ത് പതിഞ്ഞിരിക്കുക, ചമ്മണപ്പടിയിട്ടിരിക്കുക; ചള്ളയിടുക; 2. ഉക്കിച്ചിരിക്കുക, ഉക്കാററിരിക്കുക; 3. പതുങ്ങുക, നിലത്ത് പററിക്കിടക്കുക; 4. കയ്യേറുക, ബലമായി കൈവശപ്പെടുത്തുക. *a.* ഉക്കിച്ചിരിക്കുന്ന; 2. ചള്ളയിട്ട; 3. പൂജിക്കുന്ന, താണ് വീണ് സേവിക്കുന്ന; 4. തടിച്ച് കുറുതായ. *n.* ചമ്മണപ്പടിയിട്ടിരിക്കൽ; ചള്ളയിടൽ; 2. ഉക്കിച്ചിരിക്കൽ; 3. പതുങ്ങൽ. **-'tĕr,** *n.* ഉക്കിച്ചിരിക്കുന്നവൻ; കയ്യേററക്കൈവശക്കാരൻ; കടിയേററക്കാരൻ. **-'ty,** *a.* തടിച്ച് കുറുതായ.

**Squaw,** *n.* പെണ്ണ്, സ്ത്രീ; 2. (അമേരിക്കയിലെ) ഇന്ത്യാനസ്ത്രീ.

**Squawk,** *s. a.* Squeak.

**Squawl,** *s. a.* Squall.

**Squēak, Squawk** (skwēk, skwak), *v. i.* ചിലെക്കുക; 2. നിലവിളിക്കുക, വല്ലാതെ ശബ്ദിക്കുക; 3. (ചെരിപ്പ്) കരയുക, കിറുക്കുക; 4. (പേടികൊണ്ട്) സമ്മതിക്കുക, കുററസമ്മതംചെയ്യുക, സ്വീകരിക്കുക. *n.* ചിലെപ്പ്; 2. കിറുകിറുശബ്ദം, കിരുകിരുക്കൽ, (ചെരിപ്പിന്റെ) കരച്ചല്, —കിക്ക്. **-'ĕr,** *n.* വല്ലാതെ ശബ്ദിക്കുന്നവൻ; കിരുകിരുശബ്ദം പുറപ്പെടുവിക്കുന്ന സാധനം, (കരയുന്ന) ചെരിപ്പ്. **-'ing-ly,** *ad.* കിരുകിരെ.

**Squēal** (skwēl), *v. i.* നിലവിളിക്കുക; അലറുക; ചിലെക്കുക; 2. മാപ്പ് സാക്ഷിയായ്ത്തീരുക; കുററസമ്മതംചെയ്യുക; 3. സ്വകാൎയ്യംപുറത്താക്കുക. *n.* നിലവിളി; അലച്ച. **-'ĕr,** *n.* നിലവിളിക്കുന്നവൻ.

**Squēam'ish** (skwēm'ish), *a.* മനംപിരട്ടല് ഉള്ള, —പിരിച്ചല്—; 2. രുചികൃത്യത—; ബഹുപഥ്യം—; 3. കിറുകൃത്യത—;

കൃത്യക്കാരൻ ആയ; 4. ശുണ്ഠി—; വേഗം മുഷിയുന്ന. -ly, *ad.* മനമറിച്ചലോടെ; വെറുപ്പോടെ; ബഹുകൃത്യമായി. -ness, *n.* മനംപിരട്ടല്, മനമറിച്ചല്, ഓക്കാനം; അരോചകം, വിരക്തി; കൃത്യത; മുഷിച്ചല്.

**Squēeze** (skwēz), *v. t.* ഞെക്കുക, ഞമു(മി)ണ്ടുക, പിഴിയുക; അമൎത്തുക; 2. ചതക്കുക; ഞെരുക്കുക, ഉപദ്രവിക്കുക; ഭാരപ്പെടുത്തുക; 3. (out, through) ഞെക്കിപ്പുറത്താക്കുക, ഞെക്കിത്തുറപ്പിക്കുക. to s. out ഞെക്കിപ്പുറത്താക്കുക. *v. i.* (through, into) തിക്കുക, തിക്കിത്തിരക്കി കടക്കുക. to s. through തിക്കിത്തിരക്കിച്ചെല്ലുക. *n.* ഞെക്കല്, അമൎത്തല്; പിഴിയല്; 2. നിൎബ്ബന്ധം, ഞെരുക്കം; 3. വട്ടു, ഛായ, മുദ്ര. squēez'ĕr, *n.* ഞെക്കുന്നവൻ; ഞെക്കി, ഇറുക്കി. squēez'ing, *n.* ഞെക്കല്, പിഴിയല്; നിൎബ്ബന്ധം, ഞെരുക്കം; *pl.* കല്ക്കം, ചണ്ടി; വട്ടു, മുദ്ര.

**Squelch** (skwelsh), *v. t.* അമൎത്തുക; 2. തകൎക്കുക; 3. മിണ്ടാതാക്കുക. *n.* 'പടാ' എന്നുള്ള വീഴ്ച; 2. മിണ്ടാതാക്കുന്ന ഉത്തരം, തെറി, തട്ടുത്തരം.

**Squib**, *n.* ഛടകം, പടക്കം; 2. തുരങ്കത്തിരി (*ming.*); 3. പരിഹാസകൃതി. *v. i.* ഛടകംപൊട്ടിക്കുക; 2. കൊള്ളിവാക്ക് പറയുക, പരിഹസിക്കുക; നിന്ദിക്കുക; 3. തൎക്കിക്കുക, വാദിക്കുക.

**Squid**, *n.* കൂന്തല് (മത്സ്യം) (*z.*); 2. ഒര് വക ചൂണ്ടല്.

**Squill**, *n.* കാന്തങ്ങ, കാട്ടുള്ളി (*b.*); 2. ചിററാക്കൊഞ്ചൻ (*z.*); 3. കുരിക്ക (*z.*).

**Squil'la**, *n.* (*pl.* squil'læ) ചിററാക്കൊഞ്ചൻ (*z.*); 2. കുരിക്ക (*z.*).

**Squint**, *a.* കോങ്കണ്ണായ; ചരിച്ച് നോക്കുന്ന; 2. സംശയത്തോടെ—, പാളി—; അസൂയയുള്ള, വിരോധം—. s.-eye കോങ്കണ്ണ്. s.-eyed കോങ്കണ്ണായ. *v. i.* പാളിനോക്കുക; 2. കോങ്കണ്ണുണ്ടാക; 3. ചരിഞ്ഞിരിക്കുക. *v. t.* ചരിക്കുക; 2. കോങ്കണ്ണിട്ടുനോക്കുക. *n.* കണ്ണിട്ട് നോക്കൽ, പാളി—; 2. കോങ്കണ്ണ്, തിൎയ്യഗ്ദൃഷ്ടി. -'ĕr, *n.* കോങ്കണ്ണൻ. -'ing, *a.* കോങ്കണ്ണായ, ചരിച്ചുനോക്കുന്ന. *n.* കോങ്കണ്ണ്. -'ing-ly, *ad.* കോങ്കണ്ണാലെ.

**Squir'al-ty, Squir'är-chy,** *etc., s.u.* **Squire.**

**Squīre**, *n.* (*contr. f.* esquire) (മാടമ്പിയുടെ) ആയുധക്കാരൻ; 2. അകമ്പടിക്കാരൻ; 3. (സ്ത്രീ)സേവക്കാരൻ; 4. പ്രമാണി, മുഖ്യസ്ഥൻ; 5. മാന്യൻ, മഹാരാജമാന്യരാജശ്രീ. *v. t.* അകമ്പടിക്കാരനായിരിക്കുക; 2. (സ്ത്രീ)സേവചെയ്യുക. squir'-al-ty, squir'är-chy, squīre'är-chy, *n.* ദേശപ്രമാണിവൎഗ്ഗം, മുഖ്യസ്ഥന്മാര്. squīr'ärch, *n.* പ്രമാണിവൎഗ്ഗത്തിൽപെട്ടവൻ. squīr'är-chal, *a.* —പെട്ട. squīr-ēen', *n.* ഇടപ്രമാണി, ഇടമുഖ്യസ്ഥൻ. -'hood, -'ship, *n.* പ്രമാണിസ്ഥാനം, പ്രമാണിത്വം. -'ling, *n.* ചെറുപ്രമാണി. -'ly, *ad.* മുഖ്യസ്ഥനായി.

**Squirm**, *v. i.* പിരിയുക, പിടക്കുക, പുളയുക.

**Squir'rel**, *n.* അണ്ണാൻ, അണ്ണാക്കൊട്ടൻ, അണ്ണാക്കണ്ണൻ (*S.*), കാഷ്ഠമാൎജ്ജാരൻ. ചമരപുച്ഛം (*z.*). flying-s. പാറാടൻ, പാററാട്, പാറയാ(ത്ത)ൻ (*z.*).

**Squirt**, *v. t.* പീച്ചുക, (വെള്ളം)അടിക്കുക; 2. ഊക്കോടെതുപ്പുക. *v. i.* (വെള്ളം) തെറിച്ച് വീഴുക; 2. പിറ് പിറനൊടിയുക, വായാട്ടുക. *n.* പീച്ചാങ്കുഴല്, 'പിസ്കാരി' വസ്തിക്കുഴല്; 2. നീൻ്റാളം, ജലപ്രവാഹം. -'ĕr, *n.* പീച്ചുന്നവൻ, 'പിസ്കാരി' അടിക്കുന്നവൻ, വസ്തിപ്രയോഗിക്കുന്നവൻ.

**St.** (*contr. f. of* Saint *or* Street).

**Stab**, *v. t.* (ആയുധംകൊണ്ട്)കുത്തുക, കുത്തിപ്പിളരുക, കുത്തിമുറിക്കുക, വെട്ടുക; 2. കുത്തിക്കൊല്ലുക; 3. ദൂഷണംപറഞ്ഞ് നടത്തുക, ദൂഷ്യപ്പെടുത്തുക. *v. i.* കുത്തിമുറിവേല്പിക്കുക, കുത്തിത്തുളക്കുക, മുറിപ്പെടുത്തുക; 2. വേദനപ്പെടുത്തുക. to s. at കുത്തുവാൻഓങ്ങുക, കുന്തം—. *n.* മുറിപ്പഴുത്, കുത്ത്, കുത്ത് മുറി, വെട്ട്; 2. ഗ്രദ്ധമായദൂഷണം, പൈശുന്യം. -'bĕr, *n.* കുത്തുന്നവൻ, കുത്തുകാരൻ; ഒളിക്കുലപാ

തകൻ; ചെറുകന്തം. -'bing-ly, *ad.* കത്തിമുറിക്കുന്നതായി; പൈശ്രൂന്യമായി.

**Stā'bat Mā'tĕr**, *n.* വിലാപപ്പാട്ട് (*R. C.*).

**Sta-bil'i-ment, Sta-bil'i-tāte**, *etc.*, *s. u.* **Stable** I.

I. **Stā'ble**, *a.* സ്ഥിരമായ, ഉറപ്പുള്ള; 2. ദൃഢമായ, സ്ഥിരതയുള്ള, ഏകാഗ്രമായ; 3. ഈടുനില്ലുന്ന; ഇളകാത്ത. **s. equilibrium** സ്ഥിരസമത്തൂക്കം, അചലസ്ഥിതി (*ph.*). =**bil'i-ment**, *n.* സ്ഥിരമാക്കൽ, ഉറപ്പിക്കൽ; സ്ഥിരത; താങ്ങ്. =**bil'i-ty, -ness**, *n.* സ്ഥിരത, ഉറപ്പ്, ദൃഢത, നിശ്ചലത്വം; മനഃസ്ഥിരത, നിഷ്ഠ; ദാർഢ്യം. **stā'bly**, *ad.* ഉറപ്പായി, സ്ഥിരമായി. **sta-bil'i-tāte**, *v. t.* സ്ഥിരമാക്കുക.

II. **Stā'ble**, *n.* കുതിരപ്പന്തി, പന്തി, കുതിരലായം, ലായം, മന്ദുരം, വാജിശാല; 2. ആനപ്പന്തി, വാരീ, ഗജബന്ധിനി; 3. ആല, പശുവാല, ഗോശാല, തൊഴുത്ത്, ഗോഷ്ഠം; 4. ആട്ടാല, ആട്ടുകൊട്ടില്. **s.-boy** കാലിച്ചെ(റു)ക്കൻ. **s.-fly** പോന്ത, പശുപ്പോന്ത (*z.*). **s.-man** കുതിരക്കാരൻ. *v. t.* ലായത്തിലാക്കുക; 2. മുളെക്കുക. *v. i.* ലായത്തിൽപാർക്കുക; ആലയിലിരിക്കുക. ='**blĕr**, *n.* ലായക്കാരൻ. ='**bling**, *n.* പന്തിയിൽകെട്ടൽ; ആലയിലാക്കൽ, മുളെക്കൽ; ആല; ലായം, പന്തി.

*Stac-cā'to*, *a.* പ്രത്യേകമായ, വേർതിരിച്ച, സൂക്ഷ്മംആയ (*mus.*); 2. ചുരുക്കം—, ഖണ്ഡിതം—.

**Stack**, *n.* പുല്ലുതി(യി)രി, പുല്ലേരി, പുല്ലുണ്ട, തുറു (*S.*) വൈക്കോൽകണ്ട; 2. കുനല്, കുമ്പാരം; 3. പറം (*N.*); 4. അട്ടി; 5. (നൂററെട്ടുകണ്ടിയളവുള്ള)വിറകട്ടി; 6. പുകക്കുഴല് (*arch.*). **s.-guard** അതിരിപ്പുര. **s.-stand** പറം. **s.-yard** പുല്ലളം, കളം. **s. of arms** (ഒന്നോടൊന്നു ചാരിവെച്ച)തോക്കട്ടി (*mil.*). *v. t.* കുട്ടിവെക്കുക, അതി(യി)രി—, പറം—, അട്ടി—; കണ്ടയിടുക, തുറുകൂട്ടുക (*S.*). **to s. arms** (തോക്ക്)അട്ടിവെക്കുക (*mil.*). -'**āge**, *n.* പുല്ലുതി(യി)രി, തുറു; അട്ടി; കൂട്ടം; അതിരിനികതി. -'**ing**, *a.* അട്ടിവെക്കുന്ന. **s.g-band, s.g-belt** അതിരിക്കെട്ട്, അതിരിക്കയറ്. **s.g-stage** പറം. *n.* അതിരിവെക്കൽ.

**Stac'te**, *n.* ഒരു സുഗന്ധസാധനം (*Bl.*); മുറൾ, മൂറു, കുങ്ങിലെണ്ണ, മിശ്രേയ (*b.*).

**Stad'dle, Stad'le**, *n.* താങ്ങ്, ഊന്ന്, കുത്തുകാല്; 2. പറം; 3. പുല്ലട്ടി; 4. ചെറുമരം, ഇളയമരം, മരത്തൈ. *v. t.* (കാടുവയക്കി) മരത്തൈ നിറുത്തുക; 2. (പുല്ല്) അട്ടിയായികെട്ടുക.

I. **Stāde**, *n.*, *s. a.* **Stadium**.

II. **Stāde**, *n.* പാതാറ്, കടവ്.

**Sta-dim'ē-tĕr**, *n.*, *s. u.* **Stadium**.

**Stad'i-um** (*pl.* **stad'i-a**), **Stāde**, *n.* 202 വാര ദൂരം, 'സ്റ്റാദി' (എന്ന പുരാതന യവന റോമ ദൂരയളവ്); 2. പന്തയക്കളരിഷ്ഠം; 3. ഓട്ടക്കളം, പന്തയച്ചാല്; 4. (ഭൂമിയളക്കുന്ന) ദണ്ഡ്, കോല്. **s.-rod, sta-dim'ē-tĕr**, *n.* ദണ്ഡ്, കോല്, വാരി.

**Stadt'hōld-ĕr** (stad'hōld-), *n.* 'ലന്ത' രാജ്യാധികാരി, 'ലന്ത'നാടുവാഴി; 2. ദേശാധിപതി. -**āte, -ship**, *n.* ലന്തക്കോയ്മ, ലന്തരാജ്യാധിപത്യം; ദേശാധിപസ്ഥാനം.

**Staff**, *n.* കോല്; 2. വടി, യഷ്ടി; കുത്തിനടക്കുന്നവടി; 3. ദണ്ഡ്; 4. പിടി; 5. ഊന്നുകോല്, താങ്ങ്, ഊന്ന്; 6. സ്ഥാനവടി, അംശവടി; അധികാരചിഹ്നം; 7. രാജദണ്ഡ്; 8. കൊടിക്കാല്, കൊടിമരം, ധ്വജം; 9. (കോണിയുടെ)പടി, പതനം, ചവിട്ട്; 10. ശ്ലോകം, പദ്യം; 11. രാഗാംശം; 12. രാഗരേഖ (*mus.*); 13. സൈന്യാധിപസഹായിവൎഗ്ഗം, സേനാധിപത്യോദ്യോഗസ്ഥന്മാർ (*mil.*); 14. സഹായികൾ, കീഴുദ്യോഗസ്ഥന്മാർ, പ്രവൃത്തിക്കാര്. **cross-s.** ക്ഷേത്രമാപദൎശിനി (കോല്) (*sur.*). **s. corps** സേനാധിപോദ്യോഗവൎഗ്ഗം (*mil.*). **Jacob's s., Jacob-s.** തവുക്കക്കോല്. **s.-angle** മഞ്ചാരി (*arch.*). **s. of life** ആഹാരം, അപ്പം, ചോറ്, ജീവസന്ധാരണസാധനം.

**Staff'man.** *n.* പട്ട്ഌല്പണിക്കാരൻ, പട്ട്ഌല്ക്കാരൻ.

**Stag,** *n.* ആൺമാന്, ഹരിണം, സാരംഗം, കടമാൻ, കല— (*z.*); 2. കുതിരക്കുട്ടി; 3. തുള്ളിച്ചിപ്പെണ്ണ്; 4. ഉടച്ചമൂരി, കാള; 5. (സ്വകാൎയ്യ) കടപത്രവ്യാപാരി (*com.*). **s.-beetle** വണ്ട് (*z.*). **s.-bull** കാല് കെട്ടിയമൂരി, ഉടച്ച—, കാള. **s.-dance** പുരുഷ(ന്മാർ മാത്രമുള്ള) നൃത്തം. **s.-evil** (കുതിരയുടെ) മുഖവാതം. **s.-hound** ഒര് വക വലിയ നായാട്ട്നായി (*z.*). **s.-party** പുരുഷ(ന്മാൎക്ക് മാത്രമുള്ള) വിരുന്ന്, പുരുഷസല്ക്കാരം. *v. i.* (സ്വകാൎയ്യമായി) കടപത്രവ്യാപാരം ചെയ്യുക (*com.*). *v. t.* നോക്കിക്കൊണ്ടിരിക്കുക; പിന്തുടരുക, വിടാതെകണ്ടിരിക്കുക. **-'gärd,** *n.* നാല് വയസ്സുള്ള ചെങ്കിരിമാൻ, രോഹിതം (*z.*).

**Stāge,** *n.* തട്ട്; 2. തിണ്ണ, തറ, പീഠം; 3. തട്ടി, എകരം (*N.*), പറം, വെച്ച്കെട്ട് (*S.*); 4. തിരപ്പത്തട്ട്; 5. കളിത്തട്ട്, രംഗസ്ഥലം, അരങ്ങ്; നാടകശാല; 6. നാടകാഭിനയം, കളി; 7. നാടകം; 8. സ്ഥാനം, സ്ഥലം, സംഭവസ്ഥലം; 9. (ഭൂതക്കണ്ണാടിയിലെ) വിഷയത്തട്ട്, തട്ട്; 10. 'മഞ്ചല്', 'മജല്', ഒര് ദിവസത്തെവഴി; 11. അഞ്ചല്പ്പുര, അഞ്ചല് മാററുന്നസ്ഥലം, കുതിര—, തപ്പാല്, താവളം; 12. സത്രം, വിശ്രമസ്ഥലം; 13. തപ്പാൽവണ്ടി; 14. പതനം, സ്ഥിതി, നില; 15. രൂപം, സ്വഭാവം (*biol.*). **s.-box** അരങ്ങിന്നടുത്തസ്ഥലം, അരങ്ങിൽ ഉത്തമസ്ഥലം, അരങ്ങ്ക്കൂട്, രംഗാസനാവലി. **s.-carriage, s.-coach, s.-wagon** തപ്പാൽവണ്ടി. **s.-coachman** തപ്പാൽവണ്ടിക്കാരൻ. **s.-door** അണിയറവാതില്. **s.-house** തപ്പാൽമാററുന്നസ്ഥലം, താവളം. **s.-lights** അരങ്ങ്വിളക്ക്. **s.-micrometer** (ഭൂതക്കണ്ണാടിയിലെ) പരിമാണമാത്രം. **s.-play** നാടകം, കളി, കഥകളി. **s.-player** അഭിനയിക്കുന്നവൻ, വേഷം. **s.-struck** നാടകഭ്രമമുള്ള. **s.-whisper** (അഭിനയ) സ്വകാൎയ്യം, ആത്മഗതം. *v. t.* അഭിനയിക്കുക; 2. പരസ്യമായി കാണിക്കുക, പരസ്യമാക്കുക. **stā'ġẽr,** *n.* നാടകക്കാരൻ, ആട്ടക്കാരൻ, കളിക്കാരൻ; വയസ്സൻ; ദീൎഘപരിചയമുള്ളവൻ, നിത്യാഭ്യാസി; നിപുണൻ; തപ്പാൽവണ്ടിക്കുതിര. **stā'ġing,** *n.* എകരം, പറം, വെച്ച്കെട്ട്; തപ്പാൽവണ്ടിവെക്കൽ; —യാത്ര.

**Stag'ē-vil, Stag'gärd,** *s. u.* **Stag.**

**Stag'gẽr,** *v. i.* ആടിപ്പോക, ചാഞ്ചാടുക, ആടിനടക്കുക, വേക്കുക (*S.*), ഇടറിപ്പോക; 2. ഇളക്കംതട്ടുക, ക്ഷീണിക്കുക, പരുങ്ങുക, പരിഭ്രമിക്കുക; 3. പിൻവാങ്ങുക; ഓട്ടംതുടങ്ങുക; 4. സംശയിക്കുക, ശങ്കിക്കുക. *v. t.* ചാഞ്ചാടിക്കുക, വേപ്പൽവരുത്തുക (*S.*); 2. ശങ്കജനിപ്പിക്കുക, സംശയംതോന്നിക്കുക; 3. പരിഭ്രമിപ്പിക്കുക; 4. (ഇടവിട്ട് അങ്ങോട്ടുംഇങ്ങോട്ടും) അഴിവെക്കുക; 5. —പല്ല്—. *n.* (*pl.*) ആട്ടം, ചാഞ്ചാട്ടം; 2. തലചുററല്, —തിരിച്ചല് (*med.*); 3. (*pl.*) ഒര് കുതിരവ്യാധി, കുതിരവീഴ്ച; 4. സംശയം, പരിഭ്രമം, പരുങ്ങല്. **stomach-s.s** (കുതിരകൾക്കുണ്ടാകുന്ന) വയറ്വീപ്പ്. **-ing-ly,** *ad.* ആടിക്കൊണ്ട്.

**Stag'hound,** *n.*, *s. u.* **Stag.**

**Stā'ġing,** *n.*, *s. u.* **Stage.**

**Stag'nan-cy, Stag'nant,** *etc.*, *s. u.* **Stagnate.**

**Stag'nāte,** *v. i.* ഒഴുക്കില്ലാതിരിക്കുക, കെട്ടിനില്ക്കുക; 2. ചീത്തയാക, കെടുക; 3. തളരുക, മന്ദമാക, കുറയുക. **-nant,** *a.* കെട്ടിനില്ക്കുന്ന, ഒഴുക്ക്ഇല്ലാത്ത, ചലനം—, നിലെച്ച; 2. ചീത്തയായ, കെട്ട, അശുദ്ധമായ; 3. ചുറുക്കില്ലാത്ത, മന്ദമായ, തളൎന്ന. **='nan-cy,** *n.* നിശ്ചലത്വം, കെട്ടിനില്പ്. **='nant-ly,** *ad.* ഒഴുക്കില്ലാതെ, കെട്ടിനില്പായി. **=nā'tiŏn,** *n.* കെട്ടിനില്ക്കൽ, ഒഴുക്കംഇല്ലായ്മ, നീരോട്ടം—, ചോരയോട്ടം—; നിശ്ചലത്വം; മന്ദത, മാന്ദ്യം; കുറവ്.

**Stāid,** *p. t.* & *p. p.* *of* **Stay,** *a.* ഗൌരവംഉള്ള; 2. സുബോധം—; 3. സ്ഥിരത—; 4. ശാന്തംആയ, ക്രമം—. **-'ly,** *ad.* സ്ഥിരമായി, ശാന്തമായി; സുബുദ്ധിയോടെ. **-'ness,** *n.* ഗൌരവം; സ്ഥിരത; അച്ചടക്കം, ശാന്തത; സുബോധം; ക്രമം.

**Stāil,** *n.* പിടി, ചൂല്പിടി, മാച്ചില്പത്തണ്ട്.

**Stāin,** *v. t.* കറ ആക്കുക, —വീഴിക്കുക, കറപ്പെടുത്തുക, മലിനമാക്കുക; 2. നിറംകയററുക, —പിടിപ്പിക്കുക, ചായംമുക്കുക, 'റങ്ക്'കൊടുക്കുക; 3. കറവ് വരുത്തുക, മാനക്കേട്—, ദൂഷ്യപ്പെടുത്തുക, പേര് ചീത്തയാക്കുക, ചീത്തപ്പെടുത്തുക; 4. കീഴ്ത്തരമാക്കുക, താഴ്ത്തുക. **s.ed glass** വൎണ്ണക്കണ്ണാടി. *v. i.* നിറംകൊടുക്കുക; 2. —പിടിക്കുക; 3. മങ്ങുക. *n.* കറ, കളങ്കം; 2. പുള്ളി; 3. മാലിന്യം, അപ(വ)മാനം, മാനക്കേട്, കറവ്; 4. നാണക്കേട്, ലജ്ജ; 5. ഛായ; ച്ചവ. **-'ĕr,** *n.* കറപ്പെടുത്തുന്നവൻ; കറയാക്കുന്നവൻ; 'റങ്ക്'കൊടുക്കുന്നവൻ, —പണിക്കാരൻ. **paper-s.r** വൎണ്ണക്കടലാസുണ്ടാക്കുന്നവൻ. **-'less,** *a.* കറയില്ലാത്ത; നിഷ്കളങ്കംആയ, നിൎമ്മലം—. **-'less-ly,** *ad.* നിഷ്കളങ്കമായി.

**Stāir,** *n.* പടി; 2. *pl.* കോണിപ്പടി, കോവണി, ഏണിപ്പടി, പടിക്കെട്ട്, സോപാനം. **s.-case, s.-way, flight of s.s, pair of s.s, run of s.s** കോ(വ)ണി, കോ(വ)ണിപ്പടി, ഏണിപ്പടി, പടിക്കെട്ട്. **s.-head** സോപാനാഗ്രം. **s.-rod** കോണിപ്പരവതാനിക്കോല്. **below-s.s, down-s.s** അടിത്തട്ട്, താഴത്തെതട്ട്; താഴെ, അടിത്തട്ടിൽ, ചുവട്ടിൽ. **up-s.s** മാടം, മാളിക, മേൽത്തട്ട്, മുകള്; മേൽത്തട്ടിൽ, മുകളിൽ, മാളികമേൽ, മാടത്തിന്മേൽ.

**Stāith,** *n.* പാതാറ്, ഏററിറക്കത്തറ. **s.-man** ചരക്ക് തൂക്കുന്നവൻ; —ഏററിറക്കംചെയ്യുന്നവൻ.

**Stāke,** *n.* കററി, നാട്ട, തറി; 2. ഊന്ന്, താങ്ങ്; 3. അഴി; 4. ചിതക്കുററി, വധസ്തംഭം; യൂപം; 5. ധൎമ്മാൎത്ഥദഹനം, മതാൎത്ഥമരണം, രക്തസാക്ഷിദഹനം; 6. അടേോല, അടക്കോല്; 7. പന്ത(ാ)യം, വാത്; പണയം. **at s.** പണയത്തിലായ, ആപൽക്കരമായ. **s.-driver** ഒര് പക്ഷി (*z.*). **s.-holder** വാത് മദ്ധ്യസ്ഥൻ, നടുവൻ, മൂന്നാമൻ, മൂന്നാംകൈ. *v. t.* ഊന്ന് കൊടുക്കുക; 2. (out) തറികുത്തുക; അതിരിടുക, അതിര് വെക്കുക; 3. വാത് വെക്കുക, —പിടിക്കുക, പന്തയംവെക്കുക; 4. അപകടത്തിലാക്കുക, പണയത്തിലാക്കുക; 5. യോഗ്യഭാഗ്യം അനുഭവിക്കുക; 6. കുത്തിത്തുളക്കുക, കുത്തിമുറിവേല്പിക്കുക.

**Stak-tom'e-tēr,** *n.* തുള്ളിയളവ്, തുള്ളിക്കുഴല്.

**Sta-lac'tīte, Sta-lag'mīte,** *n.* (ചുണ്ണാമ്പ്)കല്ലുററ് (*min.*). **=lac'tic, =lac'ti-cal, =tit'ic, =tit'i-cal, sta-lag-mit'ic, sta-lag-mi'ti-cal,** *a.* —കല്ലുററായ; —കല്ലുററ് സംബന്ധിച്ച.

I. **Stāle, Stēal, Stēle,** *n.* പിടി, തണ്ട്.

II. **Stāle,** *a.* പഴകിയ, പഴയ; പഴക്കം ചുവക്കുന്ന; വളിച്ച; 2. ചപ്പയായ, രസമില്ലാത്ത; 3. പ്രായംകടന്ന, യൌവന്യംകഴിഞ്ഞ; 4. വീൎയ്യംകറഞ്ഞ, രസംപോയ; 5. സാമാന്യം ആയ, സാധാരണം—. **s. affidavit** ഒര് കൊല്ലംമുമ്പെയുള്ള സത്യവാങ്മൂലപത്രിക (*l.*). **s. bread** പഴയ അപ്പം. **s. demand** അധികംകാലം ആവശ്യപ്പെടാതെവിട്ട അവകാശം, കാലഹരണപ്പെട്ട— (*l.*). **s. mate** (ചതുരംഗം)ഈടരശ്; ഈടരശാക്കുക. **s. news** പഴയ വൎത്തമാനം. *v. t.* ചപ്പയാക്കുക, രുചിയില്ലാതാക്കുക; 2. വളിക്കുക; 3. വീൎയ്യംകളയുക; 4. ശോഭകേറക്കുക; 5. ഉപയോഗംഇല്ലാതാക്കുക; 6. പഴക്കപ്പെടുത്തുക. *v. i.* മൂത്രം വീഴ്ത്തുക, മൊള്ളുക (*S.*); (കുതിര)മൂത്രംഒഴിക്കുക. *n.* മൂത്രം; 2. (മൃഗ)മൂത്രം. **-ly,** *ad.* പഴക്കമായി. **-ness,** *n.* പഴക്കം, വളിപ്പ്.

I. **Stalk** (stak), *n.* തണ്ട്; കാണ്ഡം; താള്; വളയം (*b.*); 2. കണ്ണി, ഞെട്ടപ്പ് (*S.*), മൂക്ക്, ഞെട്ടി (*b.*); 3. മട്ടല്; 4. ഈക്കില്; 5. തുവല്ക്കുഴല്, തുവൽത്തണ്ട്. **stalked** (stakt), *a.* തണ്ട് ഉള്ള; ഞെട്ടി—. **-'less,** *a.* —ഇല്ലാത്ത; കണ്ണി—. **-'y,** *a.* തണ്ട് പോലെയുള്ള, മട്ടല്—; ഉറപ്പുള്ള.

II. **Stalk** (stak), *n.* പതുക്കെനടക്കുക, മെല്ലെ—; സൂക്ഷിച്ച്—; 2. (*refl. pr.*) എത്തി—, മടമ്പ് ചവിട്ടാതെ—, ഒച്ചപ്പെടുത്താതെ—; 3. പാളിപ്പതുങ്ങി—, മറപററി—; 4. ഞെളിഞ്ഞ്—, ഡംഭോടെ—; 5. നടക്കുക. *v. t.* എത്തിനടക്കുക, ഒളിഞ്ഞ്—, പതുങ്ങി—. *n.* ഞെളിഞ്ഞനടത്തം, ഞെളി

ച്ചല്, പൊങ്ങച്ചനടത്തം. -'ĕr, *n.* ഞെളിഞ്ഞ്നടക്കുന്നവൻ; ഡംഭി; ഒര് വക വല. -'ing, *a.* നടക്കുന്ന; പതുങ്ങുന്ന. s.g-horse നായാട്ട്മറ; വേഷം, നാട്യം, മറവ്, മൂടി.

**Stall**, *n.* സ്ഥലം, സ്ഥാനം, ഇടം; 2. ആലക്കള്ളി, ലായക്കള്ളി; 3. തൊഴുത്ത്; ലായം, പന്തി; 4. വാണിഭസ്ഥലം, (ഒര്) മുറിപീടിക, ചാപ്പ, ചന്തപ്പുര, കട, ആവാരി(*S.*); 5. (ചരക്ക് നിരത്തിവെക്കുന്ന) പലക, തട്ട്; 6. (പള്ളിയിലെ)ബോധകാസനം; 7. നാടകശാലാസനം; 8. തുരങ്കം (*ming.*). s.-fed കെട്ടിയിട്ട് പോററിയ. s.-feed പോററുക; വരട് (ട്ട് പുല്ല്) തീററുക. s.-man കച്ചവടക്കാരൻ; കടക്കാരൻ; പുസ്തകവ്യാപാരി. *v.t.* ആലക്കള്ളിയിൽ ആക്കുക, തൊഴുത്തിൽകെട്ടുക, ലായത്തിൽ നിൎത്തുക; 2. തടിപ്പിക്കുക, പുഷ്ടിപ്പിക്കുക; 3. (ചളിയിൽ)പൂണ്ട് പോക. *v.i.* കൂട്ടിൽ ഇരിക്കുക; 2. പൂണ്ട് പോക; 3. തിന്ന് ചടക്കുക. -'āge, *n.* ചന്തപ്പുര(കെട്ടുവാനുള്ള) അവകാശം; ചാപ്പക്കൂലി. stalled (stald), *a.* കെട്ടിനിറുത്തിയ; പുഷ്ടിപ്പിച്ച. -'ĕr, *n.* കൊടിപിടിക്കുന്നവൻ, കൊടിക്കാരൻ. -'ing, *n.* ലായത്തിലാക്കൽ, മുളെക്കൽ.

**Stall'iŏn** (stal'yun), *n.* ഉടക്കാത്ത കുതിര, കാല് കെട്ടാത്ത—, ഇണയെട്ടപ്പാൻ നിറുത്തിയ—.

**Stal'lon**, *n.* ചെത്ത്; 2. നട്ട് പിടിപ്പിക്കുന്നകൊമ്പ്; 3. കൊമ്പ്.

**Stal'wart** (-wĕrt), **Stal'wŏrth**, *a.* കെല്പനായ, കെല്പുള്ള, ഊക്കനായ; 2. ധീരനായ; 3. ഉഗ്രമായ. -ly, *ad.* കെല്പോടെ, ധീരതയോടെ. -ness, *n.* കെല്പ്; ഊക്ക്; ധീരത; ഉഗ്രത.

**Stā'men**, *n.* (*pl.* stā'mens *or* stam'i-na) നൂല്; പാവ് (നൂല്) (*w.*); 2. *pl.* (stā'mens) അല്ലി, (പുഷ്പ)കേസരം (*b.*). stā'mened (-mend), *a.* അല്ലിയുള്ള (*b.*). stam'i-na, *n. pl.* കട്ടിഭാഗം; കരുത്ത്, ഊക്ക്, കെല്പ്; ജീവബലം, ഊന്ന്, പിൻബലം. stam'i-nal, *a.* അല്ലിസംബന്ധിച്ച; —ആയ (*b.*); കരുത്തായ.

stam'i-nāte, *a.* അല്ലിഉള്ള (*b.*); —ഉണ്ടാകുന്ന (*b.*). *v. t.* ഊക്ക് കൊടുക്കുക, കെല്പ് വരുത്തുക. =min'e-al, =min'e-ŏus, *a.* നൂലുള്ള; പാവായ (*w.*); അല്ലിഉള്ള, —സംബന്ധിച്ച, അല്ലിയോട് ചേൎന്ന (*b.*). stam-in-if'ĕr-ŏus, *a.* അല്ലിയുണ്ടാകുന്ന, കേസരജനകമായ (*b.*). stam-i-nōde, stam'i-nō'di-um, *n.* (*pl.* stam-i-nō'-di-a) അഫലകേസരം, പൊട്ടയല്ലി (*b.*); അനപത്യാംഗം, വന്ധ്യാംഗം (*biol.*).

**Stam'mel**, *n.* പൊണ്ണക്കുതിര; 2. ഒര് വക ചുവപ്പ് ചായം. *a.* ചുവന്ന.

**Stam'mĕr**, *v.i.* വിക്കുണ്ടാക, വിക്കുക, കൊഞ്ഞ് ഉണ്ടാക, കക്ക്—, കുളറുക (*S.*); 2. ഇടറിപ്പറയുക. *v. t.* (out) വിക്കിവിക്കിപ്പറയുക. *n.* വിക്ക്, കൊഞ്ഞ്, കക്ക്, കുളച്ച് (*S.*). -ĕr, *n.* കൊഞ്ഞൻ, കക്കൻ, വിക്കൻ. -ing, *a.* വിക്കുള്ള, കൊഞ്ഞിപ്പറയുന്ന. *n.* വിക്ക്, കക്ക്, കൊഞ്ഞ്, കുളച്ച്. -ing-ly, *ad.* വിക്കിവിക്കി, കൊഞ്ഞികൊഞ്ഞി.

**Stamp**, *v.t.* നിലത്ത് ചവിട്ടുക, കാല് ഉരക്കുക; ഉതെക്കുക; 2. ചതെക്കുക, പൊടിക്കുക; 3. അയിര് പൊടിക്കുക (*ming.*); 4. മുദ്രകുത്തുക, ചാപ്പയടിക്കുക; 5. (മനസ്സിൽ)പതിക്കുക, ദൃഢപ്പെടുത്തുക, ഉറപ്പിക്കുക; 6. അച്ച് പതിക്കുക, അച്ചടിക്കുക; 7. നാണ്യംഅടിക്കുക, കമ്മിട്ടം— (*S.*); 8. മുദ്രപതിക്കുക, —പററിക്കുക. to s. out പറിച്ച്നീക്കുക, പെട്ടന്ന് നിൎത്തല് ചെയ്യുക; നിൎമ്മൂലമാക്കുക, ഉന്മൂലനംചെയ്യുക. *v.i.* ഇടിക്കുക, കുത്തുക, പൊടിക്കുക; 2. ചവിട്ടുക, ഉതെക്കുക. *n.* ചവിട്ടൽ, ഉതെക്കൽ; 2. അച്ച്, മുദ്ര, ചാപ്പ; 3. മുദ്ര(യടയാളം), വട്ടു, അടയാളം, കറി; പതിപ്പ്; 4. മുദ്രയുള്ളസാധനം, മുദ്രിത—; 5. കൊത്ത്പണി, കൊത്ത്ചിത്രം, രൂപം; 6. മുദ്ര, ലക്ഷ്യം; 7. (തപ്പാൽ)മുദ്ര, തീരുവമുദ്ര (*S.*); മുദ്രക്കടലാസ്സ്, മുദ്രപത്രം; 8. ചാപ്പ, അച്ച്; 9. ലക്ഷണം, ഛായ, അടയാളം; 10. പേര്, കീൎത്തി, നാണ്യം; 11. അധികാരം; 12. മാതിരി, വിധം, തരം, സ്വരൂപം, പ്രകൃതി, ആകൃതി; 13. യന്ത്രച്ചുററിക, യന്ത്രക്കൂടം; 14. ഉലക്ക; ഇടിയുലക്ക; 15. *pl.* പണം, 'നോട്ട്', പത്രനാണ്യം

(*U. S.*). s.-act മുദ്രപത്രനിയമം (*l.*). s.-collector (ഉപയോഗിച്ച) മുദ്രശേഖരിക്കുന്നവൻ. s.-cutter മുദ്രകൊത്തുന്നവൻ. s.-superintendent മുദ്രപത്രമേലധികാരി. s.-duty മുദ്രവില. s.-hammer യന്ത്രക്കൂടം. s.-head ലോഹമുട്ടി. s.-mill, s.ing-mill അയിര് (പൊടിക്കുന്ന) യന്ത്രം (*ming.*). s.-note 'ലക്കോസ്', 'ലക്കൊസ്സ്'. s.-office മുദ്രപത്രക്കച്ചേരി. s.-vendor മുദ്രപത്രവിക്രയി, 'വേണ്ടറ്'. -'ĕr, *n.* മുദ്രകുത്തുന്നവൻ, —വെക്കുന്നവൻ; മുദ്രയന്ത്രം; ഇടിയുലക്ക. -'iṅg, *a.* മുദ്രവെക്കുന്ന; ചവിട്ടുന്ന. s.g-ground മൃഗങ്ങൾ പതിവായി ചെന്ന് നില്ക്കുന്ന സ്ഥലം, ചോല, കടവ്; പ്രവൃത്തിസ്ഥലം; സാധാരണമായി പോകാറുള്ള ഇടം. s.g-machine കമ്മിട്ടം; അച്ച് യന്ത്രം. *n.* മുദ്രവെക്കൽ.

Stam-pēde', *n.* (മൃഗക്കൂട്ടത്തിന്റെ) വിരളിയോട്ടം; 2. തുരുതുരെപ്പാച്ചല്; പരിഭ്രമം, ഓട്ടം; 3. സൈന്യപലായനം. *v. i.* (മൃഗക്കൂട്ടം) വിരളിപിടിച്ചോട്ടുക; 2. (സൈന്യം)ഭയപ്പെട്ടോട്ടുക. *v. t.* (മൃഗക്കൂട്ടം)ഭയപ്പെടുത്തിയോടിക്കുക.

Stamp'ĕr, Stamp'iṅg, *s. u.* Stamp.

Stance, *n.* പുരസ്ഥലം, പുരത്തറ, പറമ്പ്, പുരയിടം.

Stănch, Staunch, *v. t.* ചോരനിൎത്തുക, മുറികെട്ടുക; 2. നിൎത്തുക, തടസ്ഥംചെയ്യുക; 3. ശമിപ്പിക്കുക; 4. ഊന്ന് കൊടുക്കുക, താങ്ങ്—, മുട്ട്—; 5. ബലപ്പെടുത്തുക, ഉറപ്പിക്കുക. *v. i.* ചോരനില്ക്കുക, രക്തപ്രവാഹംശമിക്കുക. *n.* ചോരനിൎത്തുന്നത്; 2. തടസ്ഥം; 3. (വെള്ളംകെട്ടിനിൎത്തുന്ന) ചിപ്പ്, പാത്തി. *a.* കമ്മത്തില്ലാത്ത; ഉറപ്പുള്ള, കേടില്ലാത്ത, നല്ല; 2. സ്ഥിരതയുള്ള; ഭക്തി—; വിശ്വസ്തത—, ചാപല്യമില്ലാത്ത, ദൃഢ, ധീര. stan'chel, stan'chiŏn (-shun), *n.* ഊന്ന്, താങ്ങ്; തൂണ്; വിലങ്ങ്, മുട്ട്. -'ĕr, *n.* ചോരനിൎത്തുന്നവൻ; —നിൎത്തുന്നസാധനം. -'less, *a.* (ചോര) നിൎത്തുവാൻകഴിയാത്ത, നില്ക്കാത്ത. -'ly, *ad.* ഉറപ്പായി, സ്ഥിരമായി. -'ness, *n.* ഉറപ്പ്, സ്ഥിരത, നിശ്ചാപല്യം, ദാൎഢ്യം.

Stand, *v. i. ir.* (stood, stood) നില്ക്കുക, നിവിന്ന് നില്ക്കുക, കുത്തനെ—; 2. സ്ഥിതിചെയ്യുക, ഇരിക്കുക, കിടക്കുക, ഉണ്ടാക; 3. പോകാതിരിക്കുക, (എത്തിയേടത്ത്)നില്ക്കുക; 4. ഈട് നില്ക്കുക, ദീൎഘം ചെല്ലുക, നിന്ന് പോരുക; 5. ബലപ്പെടുക; സഹിക്കുക; നിൎവ്വാഹമുണ്ടാക; 6. പിൻവാങ്ങാതിരിക്കുക; 7. (ആശ്രയിച്ച്)നില്ക്കുക, ചാരി—; 8. ഇളകാതെനില്ക്കുക, ഉറച്ച്—; 9. പിടിച്ച്—, പററി—; 10. ആയിരിക്കുക, നില്ക്കുക: charity s.s first സ്നേഹം ഒന്നാമത്തേതായിരിക്കുന്നു; sacrifices which *stood* only in meats and drinks ആഹാരപാനീയങ്ങളായ ബലികൾ; 11. കൊള്ളുക, പററുക, യോഗ്യമായിരിക്കുക; 12. (കപ്പലിന്റെ) ഗതിയായിരിക്കുക, ....ക്ക് ഓട്ടുക (*naut.*); 13. തെരിഞ്ഞെടുപ്പിന്ന് നില്ക്കുക, ഉദ്യോഗാൎത്ഥിആയിരിക്കുക, സ്ഥാനാൎത്ഥി—; 14. കെട്ടിനില്ക്കുക; 15. നീളമുണ്ടാക; 16. സാധുവായിരിക്കുക, ബലത്തിലിരിക്കുക (*l.*); 17. കോടതിയിൽഹാജരാക (*l.*). to s. by (പടക്കപ്പലുകൾ യുദ്ധത്തിന്നു) ഒരുങ്ങിയിരിക്കുക (എന്ന കല്പന). to s. against തടുക്കുക, എതിൎക്കുക, ചെറുക്കുക. to s. at ease കൈകൊട്ടുക, -മുട്ടുക (*mil.*). to s. by അടുക്കെയുണ്ടാക; കൺസാക്ഷിയായിരിക്കുക; ഹാജരുണ്ടാക; നോക്കാതിരിക്കുക, അലക്ഷ്യമാക്കുക; തുണക്കുക, സഹായിക്കുക, ഒത്താശചെയ്യുക; ഊന്നിനില്ക്കുക, ആശ്രയമായിരിക്കുക. to s. corrected അബദ്ധംശരിയാക്കുക. to s. easy സ്വസ്ഥമായി നില്ക്കുക, നിന്നു വിശ്രമിക്കുക (*mil.*). to s. fast ഉറച്ച് നില്ക്കുക; —പോക. to s. firmly on വിശ്വസിക്കുക. to s. for ഉദ്യോഗാൎത്ഥിയായിരിക്കുക; പക്ഷം ആയിരിക്കുക, —പിടിക്കുക, ഭാഗത്ത് നില്ക്കുക; പകരം—; സൂചിപ്പിക്കുക, കുറിക്കുക; ....കൊള്ളെ ഓട്ടുക (*naut.*). to s. from കടല് കൊള്ളെ— (*naut.*). to s. in ചെലവ് പിടിക്കുക, വിലയുണ്ടാക. to s. in hand ഉപയോഗപ്പെടുക; ഗുണകരമായിരിക്കുക. to s. off അകലെനില്ക്കുക; കൂട്ടാക്കാതിരിക്കുക; അകന്ന് നില്ക്കുക; മുന്തി—, പൊന്തി—. to s. off and on അടുത്തും അകന്നും കരപററി ഓട്ടുക (*naut.*). to s. on ഒരേ

ന്തുക്കിൽ ഓട്ടുക (*naut.*). **to s. out** തുറിച്ച് നില്ക്കുക; എതിൎക്കുക, ചെറുത്ത് നില്ക്കുക; കരവിട്ടോട്ടുക (*naut.*). **to s. to** ജാഗ്രതയായിചെയ്യുക, ഉത്സാഹിക്കുക; സ്ഥിരോത്സാഹംകാട്ടുക; ഉറച്ച് നില്ക്കുക, ഉറപ്പുണ്ടാക; വാക്ക് തെററാതിരിക്കുക, നിശ്ചയം—; സമ്മതിക്കുക; വിടാതിരിക്കുക, പിടിച്ച് നില്ക്കുക; യോജിക്കുക, ഒക്കുക, യോജിപ്പായിരിക്കുക, ഒത്ത് കാണുക; സഹായിക്കുക, തുണക്കുക. **to s. together** യുക്തമായിരിക്കുക, യോജിപ്പുണ്ടാക, പററുക. **to s. to sea** കടല് കൊള്ളെ ഓട്ടുക (*naut.*). **to s. under** അനുഭവിക്കുക; എതിൎക്കുക. **to s. up** എഴുന്നീററ് നില്ക്കുക, എഴുന്നീല്ക്കുക; ചെയ്വാൻ പുറപ്പെട്ടുക; കുത്തനെനില്ക്കുക, തെറുത്ത്—, എറുത്ത്—; രോമാഞ്ചമുണ്ടാക; എതിൎക്കുക, വാദിക്കുക. **to s. up for** പക്ഷം എട്ടുക്കുക, —പറയുക; തുണക്കുക. **to s. upon** സംബന്ധിച്ചിരിക്കുക; വിലമതിക്കുക, —വെക്കുക, അഭിമാനിക്കുക; പിടിച്ച് നില്ക്കുക; ശഠിക്കുക, നിഷ്ക്കൎഷിക്കുക; എതിൎക്കുക, കയൎക്കുക. **to s. upon ceremonies** ആചാരനിഷ്ഠക്ക് ചെയ്യുക. **to s. with** പററുക, യോജിക്കുക. **it s.s to reason** അങ്ങനേവരാൻ തരമുള്ള. *v.t.* സഹിക്കുക, പൊറുക്കുക; 2. എതിൎത്ത് നില്ക്കുക, ചെറുത്ത്—; 3. വഴങ്ങുക, അധീനമായിരിക്കുക, കീഴടങ്ങുക, സമ്മതിക്കുക; 4. നിൎത്തുക, കുത്തനെവെക്കുക; 5. (എല്ലാവൎക്കുംവേണ്ടിഒരുവൻ)ചെലവിട്ടുക, നിൎവ്വഹിക്കുക, സല്ക്കരിക്കുക. **to s. fire** വെടിക്രൂട്ടാക്കാതെ നില്ക്കുക, വെടിക്ക് പിൻവാങ്ങാതിരിക്കുക. **to s. it** ഇളകാതെ നില്ക്കുക, സഹിച്ച്—. **to s. one** മററൊരുവന്ന് വേണ്ടി ചെലവ് ചെയ്യുക. **to s. one's ground** നിലച്ച്നില്ക്കുക, വിട്ട് കൊട്ടുക്കാതിരിക്കുക. **to s. trial** വിസ്താരത്തിന്നുത്തരംപറയുക; കോടതികൊണ്ട് നോക്കുക. *n.* നില്ക്കൽ; നില്പ്; 2. എതിൎക്കൽ, എതിരിടൽ, ചെറുത്ത് നില്ക്കൽ; 3. സ്ഥലം, സ്ഥാനം, ഇടം, നില; 4. വണ്ടിത്താവളം; 5. തറ, ഉയൎന്നസ്ഥലം; 6. മേശ, (വല്ലതും കൊളുത്തുവാനോ വെക്കുവാനോ തൂക്കുവാനോ ഉള്ള) തട്ട്, —പലക, —കൊളുത്ത്, —കൊക്ക; 7. നില, സ്ഥിതി, പദവി; 8. അനുകൂലസ്ഥലം, താവളം; 9. (കോടതിയിൽ) സാക്ഷി (നില്ക്കുന്ന) കൂട്; 10. സംശയം, വിഷമം, വികടസ്ഥിതി; 11. മരത്തൊട്ടി; 12. ഒൎത്തുക്കം, 250—300 റാത്തല്. **s.-by** തുണയാളി, സഹായി; താങ്ങം, ഊന്ന്, ആശ്രയം. **s.-pipe** കുത്ത് കുഴല്, കുത്ത് നാളം, നീൎക്കുഴല്. **s.-point** ദൃക്സ്ഥാനം; പ്രമാണം; അവസ്ഥ, നില. **s.-still** നില്പ്; നിൎത്ത്; നിശ്ചലത്വം, നിഷ്ക്കാരകത്വം. **microscope s.** ഭൂതക്കണ്ണാടിക്കാല്. **s. of ammunition** (ഉണ്ടയുംമരുന്നുംകൂടിയ)പീരങ്കിത്തിര (*mil.*). **s. of arms** (തോക്ക്മുതലായ)ആയുധക്കൂട്ടം (*mil.*). **s. of colours** ഒററക്കൊടി (*mil.*). **to be at a s.** നിലച്ച്പോക, നിന്ന്—; തരിച്ച്—; സംശയിക്കുക, വിഷമിക്കുക, പരിഭ്രമിക്കുക. **to make a s.** എതിൎക്കുക, ചെറുത്ത്നില്ക്കുക. **-'āge,** *n.* (ലോഹക്കുഴികളിൽ) വെള്ളംനില്ക്കുന്നസ്ഥലം, തുരങ്കക്കുളം, ഖനിവാപി (*ming.*). **-'ĕr,** *n.* നില്ക്കുന്നവൻ. **s.r-by, by-s.r** അടുത്ത് നില്ക്കുന്നവൻ, കൂടി—, ഹാജരുള്ളവൻ, കാണി. **-ing,** *a.* (പറമ്പിൽ, ഭൂമിയിൽ, നിലത്ത്)ഉള്ള, —നില്ക്കുന്ന, മുറിക്കാത്ത; മുരാത്ത: **s.g corn** നിലത്തുള്ളകൃഷി; ഒഴുക്കില്ലാത്ത, കെട്ടിനില്ക്കുന്ന; (നിറം)മങ്ങാത്ത, —ഇളകാത്ത, —പോയ്പ്പോകാത്ത; (ഈട്)നില്ക്കുന്ന; സ്ഥിരമായ, മാറാത്ത, ശാശ്വതമായ, നിത്യം—: **s.g army** സ്ഥിരസൈന്യം; **s.g committee** —സഭ, ശാശ്വത—; **s.g counsel** സ്ഥിരവക്കീല്; **s.g order, s.g rule** സ്ഥിരകല്പന, —നിയമം; ഉറപ്പിച്ച, പിടിപ്പിച്ച, നീക്കിവെക്കുവാൻകഴിയാത്ത. **s.g cup** നെട്ടംപാനപാത്രം. **s.g finish** (ഭവനത്തിന്റെ) സ്ഥാവരക്കോപ്പ് (*arch.*). **s.g part** മുറുക്കികെട്ടിയകയററ് (*naut.*). **s.g rigging** കെട്ടിനിറുത്തിയ കമ്പ (*naut.*). *n.* നിൎത്തൽ; നിൎത്ത്; നില്ക്കൽ; നില്പ്; നിലനില്പ്, കാലപ്പഴക്കം, ഈട്: **an officer of long s.g** അധികംകാലം ഉദ്യോഗംഭരിച്ചവൻ, പഴക്കമുള്ളഉദ്യോഗസ്ഥൻ; സ്ഥലം, ഇടം, ദിക്ക്; നില, പദവി: **a man of high s.g** നല്ലപദവിയിലുള്ളആള്. **s.g off** (കരയിൽനിന്ന്) കടല്കൊള്ളെയുള്ള

ഓട്ടം (*naut.*). s.g on കരകൊള്ളെയു ള്ള— (*naut.*). -'ish, *n.* മക്ഷിപ്പെട്ടി, മക്ഷിക്കൂട്, തുവല്പെട്ടി.

**Stand'ard** (-ĕrd), *n.* കൊടി, പതാക, ധ്വജം; രാജ്യകൊടി; 2. പ്രമാണം; പരിമാണപ്രമാണം, പ്രമാണത്തൂക്കം, പ്രമാണയളവ്; 3. വെപ്പ്, ചട്ടം, നിയമം, സൂത്രം, വിധി, വ്യവസ്ഥ, നിലവ(ാ)രം; 4. നാണ്യക്കൂട്ട് പ്രമാണം; 5. തൂണ്, കാല് (*carp.*); 6. നെട്ടഞ്ചട്ടം (*carp.*); 7. കരിപ്പലക (*agr.*); 8. വലിയപാനപാത്രം; 9. ഊന്ന് കൊട്ടക്കാത്ത ചെടി (*hort.*). s.-bearer കൊടിപിടിക്കുന്നവൻ, കൊടിക്കാരൻ, പതാകി, ധ്വജി; തലവൻ, പ്രമാണി. *a.* പ്രമാണംആയ, വ്യവസ്ഥ—, വ്യവസ്ഥിതം—; 2. വിശിഷ്ടം—, ഉത്തമം—, സർവ്വസമ്മതം—; 3. (ഫലവൃക്ഷം) തനിയെനില്ക്കുന്ന, ഊന്നില്ലാത്ത (*hort.*). s. candle പ്രകാശപ്രമാണം(ആയ മെഴുക്തിരി). s. gauge (തീവണ്ടി)ക്കുത്തുപ്പാത. s. wing ഒരു പക്ഷി, പരദീസപ്പക്ഷി (*z.*). -īse, -īze, *v. t.* പ്രമാണാനുസാരം ആക്കുക, —ഗണിക്കുക.

**Stand'by, Stand'ĕr, Stand'ing,** *etc., s. u.* Stand.

**Stang,** *n.* തണ്ട്, മുള, കോല്; 2. ഭൂമിയളവ്, ദണ്ഡ്. s.-ball ഇണയുണ്ട. to ride the s. ഒററക്കോലിന്മേലിരുത്തികൊണ്ട് നടക്കുക, (ഭാൎയ്യമാരെ അടിക്കുന്നവൎക്കും മററും പണ്ടുണ്ടായ) ഒരു ശിക്ഷ. *v. i.* കുത്തലെടുക്കുക, കഠിനവേദനയുണ്ടാക, (വേദന)മിന്നുക.

**Stan'hōpe,** *n.* കൂടില്ലാത്ത ഒരുവക (വില്ല്)വണ്ടി.

I. **Stank,** *n.* കെട്ടിനിറുത്തിയവെള്ളം, ചിറ, കുളം.

II. **Stank,** *p. t. of* Stink.

**Stan'nar-y** (-nĕr-i), *a.* വെള്ളീയഖനി സംബന്ധിച്ച. *n.* വെള്ളീയക്കുഴി, വംഗഖനി. ='nāte, *n.* വെള്ളീയഭസ്മം, വംഗ— (*ch.*). ='nic, *a.* വെള്ളീയംസംബന്ധിച്ച; —ഉള്ള, —കലൎന്ന. =nif'ĕr-ŏus, *a.* വംഗോല്പാദകമായ; വെള്ളീയമുള്ള.

**Stan'za,** *n.* ശ്ലോകം, പദ്യം, ഗാഥ; 2. മുറി, അറ (*arch.*). =zā'ic, *a.* ശ്ലോകംസംബന്ധിച്ച; —ആയ.

**Staph-y-lō'ma** (staf-i-), *n.* തുറിക്കണ്ണ് (*med.*). =lō'ma-tŏus, *a.* കണ്ണ് തുറിച്ച, തുറിക്കണ്ണ്(രോഗം)ഉള്ള (*med.*).

**Stā'ple,** *n.* ചന്ത, വൎത്തകസ്ഥലം, വ്യാപാരകേന്ദ്രം, —നഗരം; 2. ഉഗ്രാണം, പാണ്ടികശാല; 3. ഉറവിടം, ഉല്പത്തിസ്ഥാനം; 4. മുഖ്യഉല്പന്നം; പ്രധാനചരക്ക്; 5. മുഖ്യസാധനം; —കാൎയ്യം; 6. ഉല്പന്നം, വ്യാപാരത്തൊഴിൽദ്രവ്യം; 7. (ചണംപരുത്തിരോമം) നാര്, ഇഴ; 8. ഇരിമ്പ് കുററി, കൊക്കുകുററി, കൊളുത്ത്; 9. ഉപഖനി; ചെറുതുരങ്കം. fine s. നേരിയ ഇഴ. *a.* ചന്ത ആയ, വ്യാപാരകേന്ദ്രം—; 2. സ്ഥിരകച്ചവടം—; 3. അഴിച്ചലാകുന്ന; 4. വകപ്പടിയായി ഉണ്ടാകുന്ന; —ഉണ്ടാക്കുന്ന; 5. വകപ്പടിക്കച്ചവടം ആയ; 6. മുഖ്യം—, പ്രധാനം—. s. commodity മുഖ്യചരക്ക്. s. food മുഖ്യാഹാരം. *v. t.* ഇഴഗുണംനോക്കിതരംതിരിക്കുക. stā'plĕr, *n.* മുഖ്യചരക്ക്കച്ചവടക്കാരൻ; ആട്ട്രോമംതരംതിരിക്കുന്നവൻ.

**Stär,** *n.* നക്ഷത്രം, താര; മീന്, വാനമീന്; 2. ഗ്രഹം; 3. ധ്രുവനക്ഷത്രം, ധ്രുവൻ; 4. *pl.* ഗ്രഹചാരം, ദശ; 5. സ്ഥാനചിഹ്നം; 6. * എന്ന സൂചക—, നക്ഷത്രക്കുറി; 7. നിലാവെടി; 8. കേമൻ, കീൎത്തിമാൻ, വിശ്രുതൻ. fixed s. സ്ഥിരനക്ഷത്രം. fallen s. വീഴ്നക്ഷത്രം; സ്ഥാനഭ്രഷ്ടൻ. falling s., shooting s. കൊള്ളിമീൻ, ഉല്ക്ക. temporary s. ക്ഷണനക്ഷത്രം (*as.*). variable s. പരിണാമ— (*as.*). s.-blind കണ്ണ് നല്ലവണ്ണംകാണാത്ത, ചെമ്മീൻകണ്ണനായ, അൎദ്ധാന്ധനായ. s.-board (അമരത്ത്നിന്നു അണിയം കൊള്ളെ നോക്കുമ്പോൾ) കപ്പലിന്റെ വലഭാഗം; വലഭാഗത്തുള്ള; വലത്തോട്ട് തിരിക്കുക. s.-chamber ഇംഗ്ലാണ്ടിലെ ഒരു പുരാതന കോടതി. s.-counter ജ്യോതിശ്ശാസ്ത്രി. s.-craft ജ്യോതിഷം. s.-crossed ദുൎദ്ദശ ഉള്ള, ഗ്രഹപ്പിഴ—, ഗ്രഹചാരമായ. s.-finch ഒരു പക്ഷി (*z.*). s.-fish ഒരുവക കടച്ചൊറി (*z.*). s.-

gauge തോക്ക്കുഴല്മാത്ര. s.-gazer ജ്യോതിഷക്കാരൻ, ജ്യോത്സ്യൻ; ജ്യോതിശ്ശാസ്ത്രി. s.-gazing ജ്യോതിഷം; ജ്യോതിർവ്വിദ്യ; തരിപ്പ്, കിനാവ്കാണൽ. s.-light, s.-shine നാട്ട്വെളിച്ചം, നക്ഷത്രപ്രകാശം, മീൻവെട്ടം. s.-lit നക്ഷത്രപ്രകാശമുള്ള. s.-monger ജ്യോതിഷക്കാരൻ, പ്രശ്നാരി, കണിശൻ, നഷ്ടക്കാരൻ. s.-nose ഒര്വക മൂക്കനെലി (z.). s.-polygon നക്ഷത്രപഞ്ചകോണം (*geom.*). s.-proof നക്ഷത്രപ്രകാശംകാണാത്ത; ഇലതിങ്ങിയ. s.-showers ഉല്ക്കാപ്പാതം. s.-spangled നക്ഷത്രാലങ്കൃതമായ. s.-spangled banner അമേരിക്കയിലെ ഐകമത്യരാജ്യക്കൊടി. s.-stone ഒര്വക പുഷ്യരാഗം (*min.*). s.-throat ഒര് ചെറു പക്ഷി (z.). s.s and stripes അമേരിക്കയിലെ ഐകമത്യരാജ്യക്കൊടി. s. of Bethlehem ഒര്വക പുഷ്പച്ചെടി (*b.*). s. of the earth ഒര്ചെടി (*b.*). S. of India ഇന്ത്യാനക്ഷത്രമഹൽപദവി. *v. t.* നക്ഷത്രപ്പുള്ളിയാൽ അലങ്കരിക്കുക. *v. i.* ശോഭിക്കുക, പ്രഭയോടുകൂടിയിരിക്കുക, ഒളിയുക. -'less, *a.* നക്ഷത്രംകാണാത്ത, കാറ്മൂടിയ. -'līke, *a.* നക്ഷത്രാകൃതിയായ; പ്രകാശിക്കുന്ന, ഒളിയുന്ന. stärred (stärd), *a.* നക്ഷത്രാലങ്കൃതമായ. -'ri-ness, *n.* നക്ഷത്രപ്രത്യക്ഷത. -'ry, *a.* നക്ഷത്രംനിറഞ്ഞ; നക്ഷത്രാലങ്കൃതം ആയ; നക്ഷത്രജന്യം—; —സംബന്ധം—, നക്ഷത്രത്തിൻെറ; പ്രകാശിക്കുന്ന, ഒളിയുന്ന; നക്ഷത്രതുല്യമായ. the s.y heaven നക്ഷത്രമണ്ഡലം. s.y ray ഒര്വക തിരണ്ടിമത്സ്യം (z.).

Stärch, *n.* (ധാന്യ)നൂറ്, —പൊടി, ഊറല്; 2. കഞ്ഞി, പശ; 3. അകല്ച; ആചാരപ്പെരുമാററം. *v. t.* കഞ്ഞിമുക്കുക, കട്ടിയാക്കുക; 2. പാവ്നനക്കുക, കഞ്ഞിയിടുക (*w.*). *a.* കട്ടിആയ; 2. കൃത്യം—; 3. ഖണ്ഡിതം—; 4. അകല്ച്ചയുള്ള. stärched (stärcht), *a.* കഞ്ഞിമുക്കിയ; കട്ടി ആയ; കൃത്യം—; അകന്ന; ആചാരാനുചിതം—. -'ed-ness, *n.* കട്ടി; കൃത്യത; അകല്ച; ആചാരപൂർവ്വത. -'ĕr, *n.* കഞ്ഞിമുക്കുന്നവൻ; പാവ്നനക്കുന്നവൻ, പാവിന്ന്കഞ്ഞിയിടുന്നവൻ (*w.*). -'ly, *ad.* കഞ്ഞിമുക്കിയപോലെ. -'ness, *n.* കഞ്ഞിപ്പശ, കട്ടി; കൃത്യത; അകല്ച, ആചാരപൂർവ്വത. -'y, *a.* നൂറ്ഉള്ള, പൊടി—; നൂറുപോലെ—; കഞ്ഞി—; കട്ടിആയ; കൃത്യം—, അകല്ച്ചയുള്ള.

Stär'chām-bĕr, ='craft, ='crossed, *etc.*, *s. u.* Star.

Stāre, *v. i.* അമ്പരപ്പോടെനോക്കുക, അതിശയിച്ച്—, തുറിച്ച്—, മിഴിച്ച്—; കണ്ണ്മിഴിക്കുക; 2. ഉററ്നോക്കുക; 3. പ്രത്യക്ഷമായിരിക്കുക, തുറിച്ച്നില്ക്കുക. *v. t.* ഉററ്നോക്കുക, ശ്രദ്ധിച്ച്—. to s. in the face കണ്ണിൻെറ മുമ്പാകെയുണ്ടാക, പ്രത്യക്ഷമായിരിക്കുക. *n.* കണ്ണ്മിഴിക്കൽ; 2. പരിഭ്രമം; ആശ്ചര്യം; ഭയം. stā'rĕr, *n.* തുറിച്ച്നോക്കുന്നവൻ; ഉററ്—. stā'riñg-ly, *ad.* കണ്ണ്മിഴിച്ച്കൊണ്ട്; ആശ്ചര്യത്തോടെ.

Stär'finch, ='fish, ='gā-zĕr, *etc.*, *s. u.* Star.

Stā'riñg-ly, *ad.*, *s. u.* Stare.

Stärk, *a.* വിറങ്ങലിച്ച, മരവിച്ച; 2. ഊക്കനായ, കായബലമുള്ള, ശക്തിയുള്ള; 3. സാക്ഷാൽ, കേവലമായ, വെറും, അശേഷമായ, തീരെ. *ad.* തീരെ, കേവലം, അശേഷം, സാക്ഷാൽ, വെറും. s. mad തികഞ്ഞഭ്രാന്തനായ, മുരത്ത—. s. naked കേവലംനഗ്നമായ. *v. t.* വിറങ്ങലിപ്പിക്കുക, മരവിപ്പിക്കുക. -'ly, *ad.* അശേഷമായി; മരവിച്ച്; ഊക്കോടെ. -'ness, *n.* കേവലത്വം; മരവിപ്പ്; വീര്യം, ബലം.

Stär'less, ='līght, ='līke, *s. u.* Star.

Stär'liñg, Stāre, Stärred (stärd), Stärn, *n.* ഒര്പക്ഷി, കവളങ്കാളി, ഒര്വക മൈന (z.); 2. ഒര്മത്സ്യം (z.); 3. (*also* Sterling) പാലത്തിൻെറ താങ്ങ്.

Stär'lit, ='moñ-gĕr, ='nōse, *s. u.* Star.

Star'ost, *n.* (പോലാണ്ടിലെ) പ്രഭു, 'കില്ലെദാർ'. =ty, *n.* പ്രഭുവിൻെറകോട്ട, കില്ല; പ്രഭുത്വം.

Stär'proof, Stärred, Stär'ri-ness, Stär'ry, *etc.*, *s. u.* Star.

I. **Stärt,** *v. i.* തുള്ളുക, ചാടുക; 2. പേടിച്ച് തുള്ളുക; വേദനകൊണ്ട്—; തുള്ളിപ്പോക; അളുക്കുക, ഉളുത്ത് പോക; 3. ഞെട്ടുക, ഞെട്ടിപ്പോക; 4. ഞെട്ടിയെഴുന്നീല്ക്കുക; 5. തുടങ്ങുക, ആരംഭിക്കുക, പുറപ്പെടുക; 6. ഇളകിപ്പോക, അഴയുക. **to s. after** പിന്തുടരുക, വഴിയെഓടുക. **to s. against** എതിരുദ്യോഗാൎത്ഥി ആയിരിക്കുക. **to s. for** ഉദ്യോഗാൎത്ഥി—. **to s. up** ഞെട്ടിയെഴുന്നീല്ക്കുക, പെട്ടന്ന് എഴുന്നീല്ക്കുക, എഴുന്നീററുചാടുക; പെട്ടന്ന് കാണാസ്സുരിക; —മുന്തിവരിക; —കേമിക്കുക. *v. t.* തുള്ളിക്കുക; 2. ഞെട്ടിക്കുക; പേടിപ്പിക്കുക; 3. പെട്ടന്ന് എഴുന്നീല്പിക്കുക, —ഉണൎത്തുക; 4. ഓടിക്കുക; 5. ഉളവാക്കുക, ഉണ്ടാക്കുക, സങ്കല്പിക്കുക; 6. ഇളക്കുക, പുറപ്പെടീക്കുക; ഓടിക്കുക; പ്രവഹിപ്പിക്കുക; ചലനംവരുത്തുക; 7. ആരംഭിക്കുക, തുടങ്ങുക; 8. തെററിക്കുക, ഉളുക്കുമാറാക്കുക; 9. അഴക്കുക, ഇളക്കുക; 10. ഒഴിക്കുക, പകൎന്ന്കളയുക; (ആപ്പ് തുറന്ന്) വെള്ളം എടുക്കുക (*naut.*). *n.* തുള്ളിക്കൽ, ഞെട്ടിക്കൽ; 2. തുള്ളല്, ഞെട്ടല്, അളുക്ക്, ഉളുപ്പ്; 3. ഇളക്കം, ചലനം, ഓട്ടം; 4. പിടക്കല്, വലി; തിട്ടുതിട്ടുക്കം; 5. ചാട്ടം, തെറിപ്പ്; 6. പുറപ്പാട്, ആരംഭം, തുടക്കം. **by s.s and leaps** തിട്ടുതിട്ടുങ്ങനെ, തിട്ടുക്കത്തോടെ. **to get,** *or* **have, the s. (of)** (മറെറാരാളെക്കാൾ)മുമ്പ് തുടങ്ങുക; മുമ്പിടുക; മുന്നുക. **s.-up, up-s.** പെട്ടന്ന് വലുതായവൻ, ഇന്നലെപെയ്യുമഴക്ക് ഇന്ന് മുളച്ച തകര, അല്പപ്രഭു. **-'ēr,** *n.* പുറപ്പെടുന്നവൻ; തുടങ്ങുന്നവൻ; പന്തയഓട്ടംതുടങ്ങുവാൻ സമയംകാണിക്കുന്നവൻ; ഉരുവിനെഇളക്കുന്ന നായ് (*hunt.*). **-'fụl,** *a.* ഞെട്ടലുള്ള, പേടികൂടലുള്ള. **-'fụl-ness,** *n.* ഭീരു, ഭീരുത(ത്വം). **-'ing,** *a.* പുറപ്പെടുന്ന; തുടങ്ങുന്ന; ചലിപ്പിക്കുന്ന. **s.g-bar** (യന്ത്രത്തിലെ) ചലനപ്പിടി (*mech.*). **s.g-point** പുറപ്പെടുന്നസ്ഥലം; ഉല്പത്തിസ്ഥാനം, ഉത്ഭവം. **s.g-post** (കുതിര)പന്തയഓട്ടം തുടങ്ങുന്നസ്ഥലം. *n.* പുറപ്പാട്; ആരംഭം. **-'ing-ly,** *ad.* ഞെട്ടലോടെ; തിട്ടുതിട്ടുക്കനെ. **-'ish,** *a.* ഭീരുവായ; (കുതിര)പേടിയുള്ള.

II. **Stärt,** *n.* വാല്; 2. പിടി, കൈപ്പിടി, തായി, തള്ള; 3. കരിപ്പിടി (*agr.*).

**Stär'tle,** *v. i.* ഞെട്ടുക, ഞെട്ടിപ്പോക, പേടിച്ച് ഞെട്ടുക, —തുള്ളുക. *v. t.* ഞെട്ടിക്കുക, പേടിപ്പിക്കുക; 2. അതിശയിപ്പിക്കുക; 3. പരിഭ്രമിപ്പിക്കുക; 4. തടുക്കുക; മുടക്കുക; തെററിക്കുക. *n.* ഞെട്ടല്, ഭയം. **='tling-ly,** *ad.* ഭയപാരവശ്യത്തോടെ, പാരവശതയോടെ. **='tlish,** *a.* പേടിക്കുടലനായ; (കുതിര)പേടിയുള്ള.

**Stärt'-up,** *s. u.* **Start** I.

**Stärve,** *v. i.* പട്ടിണികിടക്കുക, ആഹാരമില്ലാതിരിക്കുക; 2. പട്ടിണികൊണ്ട് മരിക്കുക, വിശന്ന് ചാകുക; 3. പട്ടിണിപ്പാടായിരിക്കുക; ദാരിദ്ര്യംകൊണ്ട് വലയുക; 4. കുളിര് കൊണ്ട് മരിക്കുക. *v. t.* —കൊല്ലുക; 2. പട്ടിണിയിട്ട്—; 3. ഭക്ഷണസാധനം ഇല്ലാതാക്കുക, ക്ഷാമംവരുത്തുക; 4. പോഷണംകൊടുക്കാതെനശിപ്പിക്കുക; 5. ക്ഷീണിപ്പിക്കുക, ക്ഷയിപ്പിക്കുക. **=vā'-tiŏn,** *n.* പട്ടിണിയിടൽ; ആഹാരംകൊടുക്കാതിരിക്കൽ; പട്ടിണിപ്പാട്, പട്ടിണി; ക്ഷാമം. **='ved-ly,** *ad.* പട്ടിണിയായി, ആഹാരം ഇല്ലാതെ; —കൊടുക്കാതെ; ഈററയോടെ, ലുബ്ധോടെ. **-'ling,** *n.* ആഹാരം കിട്ടാത്തവൻ; പട്ടിണികൊണ്ട് വലഞ്ഞവൻ. *a.* വിശപ്പുള്ള; മെലിഞ്ഞ; തിന്മാനില്ലാത്ത. [ടകപ്പാട്.

**Stas'i-mon,** *n.* (*pl.* **stas'i-ma**) നാ

**Stas'is,** *n.* ചോരയോട്ടമില്ലായ്മ, ചോരകെട്ടൽ (*med.*).

**Stā'ta-ble,** *a., s. u.* **State** II.

**Stā'tal, Stā'tant,** *a., s. u.* **State** I.

I. **Stāte,** *n.* സ്ഥിതി, നില, ഇരിപ്പ്, അവസ്ഥ; വ്യവസ്ഥ; 2. സ്ഥാനം, പദവി; 3. വക, ഐശ്വൎയ്യം, മുതല്; 4. ആഡംബരം, കോലാഹലം, മോടി; 5. (*or* estate) വകക്കാര്; വൎഗ്ഗക്കാര്; സമുദായം; 6. രാജ്യാധികാരികൾ, കോയ്മ, മന്ത്രിമാര്, മന്ത്രിസഭ; 7. ആലോചന—; 8. രാജ്യക്കാര്, പ്രജാധിപത്യരാജ്യം; 9. സംസ്ഥാനം. **s.-hood** സംസ്ഥാനപദവി. **s.s-evidence** മാപ്പ് സാക്ഷി. **s.s-general** (പണ്ടത്തെ)

പരന്ത്രീസ് ആലോചനസഭ; ലന്താലോചനസഭ. **s.sman** മന്ത്രി; രാജതന്ത്രജ്ഞൻ; ചെറുജന്മി. **s.smanship** രാജതന്ത്രജ്ഞാനം; ഭരണസാമൎത്ഥ്യം; മന്ത്രിപ്രവൃത്തി. **s.swoman** രാജതന്ത്രജ്ഞ. **nascent s.** കുടിക്കലരാത്തസ്ഥിതി (*ch.*). **secretary of s.** മന്ത്രി. *a.* രാജ്യസംബന്ധമായ; സൎക്കാരിന്നുള്ള. **s. affairs** രാജകാൎയ്യം; രാജ്യകാൎയ്യം, രാജ്യാധിപത്യം, കോയ്മ. **s. barge** പള്ളിവള്ളം. **s. bed** പള്ളിമെത്ത; വിചിത്രക്കിടക്ക. **s. carriage** രാജശകടം, രാജരഥം. **s.-craft** രാജതന്ത്രം, രാജനയം. **s.-house** സംസ്ഥാനാലോചനസഭാമണ്ഡപം. **s.-monger** രാജ്യതന്ത്രജ്ഞൻ. **s.-paper** സൎക്കാര് രേഖ. **s.-prison** തടവ്, കാരാഗൃഹം. **s.-prisoner** രാജദ്രോഹതടവുകാരൻ. **s.-rights, s.s-rights** സംസ്ഥാനാവകാശം. **s.-room** മണിയറ; കപ്പലിലെ മുഖ്യ അറ. **s.-sword** പള്ളിവാള്. **s.-trial** രാജദ്രോഹകുററവിചാരണ. **stā'tal,** *a.* സംസ്ഥാനസംബന്ധമായ. **stā'tant,** *a.* നില്പുപോലെയുള്ള (*her.*). **-'less,** *a.* ആഡംബരംഇല്ലാത്ത, കോലാഹലം—. **-'li-ly,** *ad.* പദവിയോടെ; സ്ഥാനമാനങ്ങളോടെ; അതിവിശേഷമായി. **-'li-ness,** *n.* പദവി, മോടി; വൈശിഷ്ട്യം; പ്രഭാവം, പ്രതാപം; മാഹാത്മ്യം. **-'ly,** *a.* പദവിയുള്ള, ഉയൎന്ന നിലയിലുള്ള; വിശിഷ്ടമായ; മഹിമയുള്ള. *ad.* മഹത്വത്തോടെ; രാജഘോഷത്തോടെ. **=toc'ra-cy,** *n.* പ്രജാവാഴ്ച; രാജവാഴ്ച; രാജ്യാധികാരിക്കോയ്മ.

II. **Stāte,** *v. t.* വെക്കുക, സ്ഥാപിക്കുക, നിയമിക്കുക; കല്പിക്കുക; 2. പ്രസ്താവിക്കുക, വിവരിക്കുക, വിവരംപറയുക, പറയുക; 3. ബോധിപ്പിക്കുക. *n.* പ്രസ്താവം; 2. (പ്രസ്താവ)രേഖ. **stā'ta-ble,** *a.* പ്രസ്താവയോഗ്യമായ, പറയത്തക്ക. **stā'-ted,** *a.* നിശ്ചയിച്ച, നിയമിച്ച; പറഞ്ഞുവെച്ച; കാലനിശ്ചയപ്രകാരം ഉണ്ടാകുന്ന, നിശ്ചയിച്ചകാലത്ത്—. **stā'ted-ly,** *ad.* നിശ്ചയിച്ച കാലത്ത്; ക്രമം തെററാതെ, ക്രമാനുസാരമായി. **-'ment,** *n.* പ്രസ്താവിക്കൽ, പറയൽ; പ്രസ്താവം, പ്രസ്താവന, വാക്ക്; വാമൊഴി, കയ്ച്ചീത്ത് (*l.*). **written s.t** പത്രിക, ഉത്തരം (*l.*). **stā'tĕr,** *n.* പ്രസ്താവകൻ, പറയുന്നവൻ. **stā'ting,** *n.* പറയൽ; പ്രസ്താവം; പ്രസ്താവന.

I. **Stā'tĕr,** *n.* 11 ഉറുപ്പിക വിലക്കുള്ള പുരാതന യവനപൊൻനാണ്യം.

II. **Stā'tĕr,** *n., s. u.* **State** II.

**Stath'mo-graph** (-graf), *n.* തീവണ്ടിവേഗമാത്ര.

**Stat'ics,** *n. pl.* പദാൎത്ഥസ്ഥിതിശാസ്ത്രം, —സമത്തൂക്കം—. **social s.** സമുദായസ്ഥിതി—. **='ic, ='i-cal,** *a.* സ്വസ്ഥമായിരിക്കുന്ന, സ്ഥിതിചെയ്യുന്ന; ഗുരുത്വശക്തിയുള്ള; പദാൎത്ഥസമത്തൂക്കം സംബന്ധിച്ച, —സ്ഥിതി—. **='i-cal-ly,** *ad.* സ്ഥിതി ചെയ്യുന്നതായി; ഘനശക്തി സംബന്ധിച്ച്; സമത്തൂക്കം—.

**Stā'tiŏn,** *n.* നില്ക്കൽ; 2. നില്പ്; 3. സ്ഥിതി; 4. സ്ഥലം, സ്ഥാനം; 5. താവളം; 6. തീവണ്ടി'ആപ്പീസ്', —'സ്റ്റേഷൻ'; 7. പൊലീസ് കച്ചേരി, —'സ്റ്റേഷൻ'; 8. ദൃക്സ്ഥാനം (*sur.*); 9. ഇടം, ഉണ്ടാകുന്നിടിക്ക്, ഉല്പത്തിപ്രദേശം (*biol.*); 10. 'ബന്തറ്', തുറമുഖം (*naut.*); 11. പടക്കപ്പൽതുറമുഖം; 12. സേനാസ്ഥാനം, പട്ടാളസ്ഥലം (*mil.*); 13. തുരങ്കത്താവളം (*ming.*); 14. ഉദ്യോഗം, സ്ഥാനം, പ്രവൃത്തി; 15. ഇരിപ്പിടം, നില്ക്കുന്നസ്ഥലം; 16. നില, അവസ്ഥ; 17. ബുധശുക്രവാരവ്രതം, ബുധനാഴ്ചയുംവെള്ളിയാഴ്ചയുംഉള്ളനോമ്പ് (*R. C.*); 18. പള്ളി(പ്രദക്ഷിണത്തിലെ)വന്ദനസ്ഥാനം (*R. C.*). **s.-bill** (പടക്കപ്പലിൽയുദ്ധസമയംഓരോരുത്തര് നില്ക്കേണ്ടുന്ന) സ്ഥലവിവരംപട്ടിക. **s.-house** 'പൊലീസ് കച്ചേരി'; തീവണ്ടി'യാപ്പീസ്'. **s.-master** തീവണ്ടി 'യാപ്പീസ'ധികാരി, 'സ്റ്റേഷൻമാസ്റ്റർ'. **s.-pointer** സ്ഥാനലേഖനി (*sur.*). **s.-staff** കോണമാത്ര (*sur.*). *v. t.* വെക്കുക, ഇരുത്തുക, നിൎത്തുക, ആക്കുക; സ്ഥാപിക്കുക; 2. പ്രവൃത്തിക്കാക്കുക, സ്ഥാനത്താക്കുക. **-al,** *a.* സ്ഥലംസംബന്ധിച്ച. **-ar-i-ness,** *n.* സ്ഥിരത, നിശ്ചലത്വം, ഇളക്കമില്ലായ്മ. **-ar-y** (-ĕr-i), *a.* ഇളകാത്ത, അചലമായ; ഉറച്ച, സ്ഥിരമായ; ഒരേസ്ഥി-

തിയിലുള്ള, മാററമില്ലാത്ത. s.y air (ശ്വാസകോശത്തിലെ) ശേഷവായു (*phys.*). s.y engine (ഒരു സ്ഥലത്ത്) വെച്ചുറപ്പിച്ച യന്ത്രം. s.y magistrate (ഒരു സ്ഥലത്ത്) സ്ഥിരം കച്ചേരിചെയ്യുന്ന 'മജിസ്ട്രേട്ട്'. *n.* അചലസാധനം; (ചലനംപ്രത്യക്ഷമാകാത്ത) ഗ്രഹം. -ĕr, *n.* (കടലാസ് തുവല് മുതലായ) 'സാമാൻവാര'ച്ചരക്ക് വില്ക്കുന്നവൻ, ലേഖനസാമഗ്രിവിക്രയി. -ĕr-y, *n.* (കടലാസ് തുവല് മഷി മുതലായ) 'സാമാൻവാര'സാമാനം, ലേഖനസാമഗ്രി. *a.* —സാമഗ്രിയായ.

Stā'tiŏn-ĕr, -y, *s. u.* Station.

Sta-tis'tics, =tis-tol'ō-ġy, *n.* (*s.*) (ജന)സ്ഥിതിവിവരവിദ്യ; 2. (*pl.*) —വിവരക്കണക്ക്, —വിവരപ്പട്ടിക; 3. വിവരത്തിരട്ട്, കണക്ക്. =tis'tic, =tis'ti-cal, *a.* (ജന)സ്ഥിതിവിവരവിദ്യാസംബന്ധമായ; —വിവരക്കണക്ക്—, കണക്ക്—. =tis'ti-cal-ly, *ad.* —പ്രകാരം, (ജന) സ്ഥിതിവിവരം കണക്കായി. stat-is-ti'cian (-tish'an), *n.* (ജന)സ്ഥിതിവിവരശാസ്ത്രജ്ഞൻ; സംഗ്രഹകൻ.

Sta-toc'ra-cy, *n., s. u.* State I.

Stat'ū-ar-y, *n., s. u.* Statue.

Stat'ūe, *n.* പ്രതിമ, വിഗ്രഹം, ബിംബം, കൊത്തിയുണ്ടാക്കിയ രൂപം. *v. t.* പ്രതിമ ഉണ്ടാക്കുക; 2. —ആക്കുക; 3. —വെക്കുക, —നിൎത്തുക, —സ്ഥാപിക്കുക. stat'ū-ar-y, *n.* —കൊത്തുന്നവൻ; —വാൎക്കുന്നവൻ; കൊത്ത് പണിക്കാരൻ; പ്രതിമയുണ്ടാക്കൽ, കൊത്ത് പണി; ശിലാമൂൎത്തിസഞ്ചയം. stat'ūed (-ūd), *a.* ശിലാരൂപാലങ്കൃതമായ. -less, *a.* പ്രതിമയില്ലാത്ത. -līke, *a.* ശിലാരൂപംപോലെയുള്ള; നിശ്ചലമായ. =ū-esque' (-ū-esk'), *a.* വിശേഷക്കൊത്ത് പണിയായ; പ്രതിമാലക്ഷണമുള്ള. =ū-esque'ly (-ū-esk'li), *ad.* പ്രതിമയെ പോലെ; വിശിഷ്ടക്കൊത്ത് പണിയായി. =ū-ette' (-ū-et'), *n.* ചെറുപ്രതിമ, 'ബൊമ്മ'.

Stat'ūre, *n.* നീളം, ഉയരം, പൊക്കം; 2. ശരീരവളൎച്ച, വലിപ്പം, വണ്ണം. stat'ūred (-'ūrd), *a.* വളൎച്ചയെത്തിയ.

*Stā'tus, n.* സ്ഥിതി, നില, അവസ്ഥ. *s. in quo, s. quo, in s. quo* ഉള്ള സ്ഥിതി, തല്ക്കാല—, ഇപ്പോഴത്തെനില, യഥാപ്രകാരം.

Stat'ūte, *n.* നിയമം, വെപ്പ്, ചട്ടം, കല്പന, 'കാനൂൻ(ല്)'; 2. നിശ്ചയം; 3. കൃഷിപ്പണിക്കാരുടെകൂട്ടം. s.-book നിയമഗ്രന്ഥം. s.-fairs (കൂലിപ്പണിക്കായി നില്ക്കുന്ന) കൃഷിപ്പണിക്കാരുടെ കൂട്ടം. s.-labour (രാജ്യാവശ്യത്തിലേക്കുള്ള) നിൎബ്ബന്ധവേല. s.-merchant, s.-staple (അവധിക്ക് കടം വീട്ടാതിരുന്നാൽ വസ്തു കൈവശപ്പെടുത്തിയനുഭവിക്കാമെന്നുള്ള പണ്ടേത്തെ) പണയപത്രം. s.-mile സൎക്കാര് നാഴിക, നിയമ—, 1760 വാര. s. of limitations കാലഹരണനിയമം (*l.*). ='ū-ta-ble, *a.* നിയമത്താലുള്ള; നിയമാനുസാരമായ. ='ū-ta-bly, *ad.* നിയമപ്രകാരം. ='ū-tŏr-y, *a.* നിയമത്താൽ സ്ഥാപിച്ച. [Stanch.

Stäunch, -'ly, -'ness (stansh-), *s. u.*

Stau'rō-līte, ='rō-tīde (sta'rō-), *n.* ഒരു വക കരിങ്കല്ല് (*mil.*).

Stāve, *n.* പീപ്പപ്പലക; 2. പടി, പതനം, ചവിട്ട്; 3. ശ്ലോകം, പദ്യം; 4. ≡ എന്ന രാഗരേഖ (*mus.*); 5. സങ്കീൎത്തനാംശം (*eccl.*). *v. t.* (in) പൊളിക്കുക, പലകനീക്കുക; 2. (off) കത്തിനീക്കുക, ഉന്തി—, തള്ളുക; 3. (off) താമസിപ്പിക്കുക, കാലദീൎഘംവരുത്തുക; 4. (off) ഓടിച്ച് കളയുക; 5. (പീപ്പ പൊളിച്ച് അതിന്നകത്തുള്ള സാധനം) കളഞ്ഞ് കളയുക; 6. (പീപ്പക്ക്) പലകവെക്കുക; 7. (കോവണിക്ക്) പടി—; 8. വെള്ളംകടക്കാതാക്കുക; 9. ഉറപ്പിക്കുക. to s. and tail കരടിവേട്ടചെയ്യുക. *v. i.* തകൎന്ന് പോക, പൊളിഞ്ഞ്—. stā'ving, *n.* പലകയടിക്കൽ.

Stāves (*or* stävz), *n. pl. of* Staff; 2. *pl. of* Stave.

Staw (sta), *v. i.* കത്തിത്തീറുക; കത്തിനിറക്കുക; 2. മട്ടുപ്പ് വരിക, മട്ടത്ത് പോക.

I. Stāy (stā), *n.* (കപ്പലിലെ) കൊമ്പ് (നിറുത്തുന്ന) കമ്പ. s.-tackle കയററി

റക്ക്കമ്പ (*naut.*). **back s.s** പള്ളക്കമ്പ (*naut.*). **fore and aft s.s** അണിയക്കമ്പ (*naut.*). **in s.s** *or* **have in s.s** കപ്പലിന്റെ ഗതി മാറിക്കൊണ്ടിരിക്കുക. **to miss s.s** (കപ്പല്)തിരിപ്പാൻ കഴിയാതിരിക്കുക (*naut.*).

II. **Stāy** (stā), *v.t. ir.* (**stāyed, stāid; stāyed, stāid**) പിടിച്ച്നിൎത്തുക, താങ്ങി—; 2. താങ്ങ്കൊടുക്കുക; 3. ഉറപ്പിക്കുക; 4. വെള്ളത്തിൽ പൊക്കിനിൎത്തുക; —പൊന്തിച്ച്—; 5. ഊക്ക് വരുത്തുക; 6. തല്ക്കാലതൃപ്തിവരുത്തുക, തല്ക്കാലത്തേക്ക് മതിയാക; 7. സഹിക്കുക; 8. തടുക്കുക; തടുത്ത് നിൎത്തുക; 9. പിടിച്ച് വെക്കുക, പിടിക്കുക; 10. താമസിപ്പിക്കുക; 11. കാത്തിരിക്കുക, താമസിക്കുക; 12. നിൎത്തുക, മതിയാക്കുക, അവസാനിപ്പിക്കുക; 13. തറക്കുക, വെച്ച് പിടിപ്പിക്കുക (*mech.*); 14. (കപ്പല്)തിരിക്കുക (*naut.*). **s.-ship** ഒര് മത്സ്യം (*z.*). **to s. a mast** പാമരം ചരിക്കുക. *v. i.* പാൎക്കുക, താമസിക്കുക, നില്ക്കുക; 2. മിണ്ടാതിരിക്കുക, അനങ്ങാതിരിക്കുക; 3. നിന്ന് പോരുക, ഒരേസ്ഥിതിയിൽ നില്ക്കുക; 4. കാത്തിരിക്കുക, താമസിക്കുക; 5. ചെയ്യ്കൊണ്ടിരിക്കുക; 6. ആശ്രയിച്ച് നില്ക്കുക, ഊന്നി—, തങ്ങി—; 7. നിന്ന്പോക; 8. തോററുപോകാതിരിക്കുക; 9. ഗതിമാറുക (*naut.*). *n.* ഊന്ന്, താങ്ങ്, മുട്ട്; 2. *pl.* (സ്ത്രീകളുടെ) മാൎക്കുപ്പായം, കവചം, അംഗരക്ഷ, അംഗിക, ചോലകം; 3. പാൎപ്പ്, വാസം, താമസം; 4. നില്പ്, നിൎത്ത്; അവസാനം. **s.-busk** കവചവാരി, അംഗികത്തണ്ട്. **s.-lace** അംഗികച്ചരട്. **s.-maker** ചോലകയുണ്ടാക്കുന്നവൻ. **stāyed, stāid,** *a.* സ്ഥിരത ഉള്ള; ഉറപ്പ്—; ക്രമം—; സുബോധം—, തന്റേടം—. **-'ed-ly, stāid'ly,** *ad.* സ്ഥിരതയോടെ; തന്റേടത്തോടെ. **-'ed-ness,** *n.* സ്ഥിരത; കരുത്ത്, കട്ടി; ഘനം. **-'ẽr,** *n.* താങ്ങുന്നവൻ, സഹായിക്കുന്നവൻ; താങ്ങ്, ഊന്ന്, മുട്ട്; താമസിപ്പിക്കുന്നവൻ; തടുക്കുന്നവൻ; പന്തയഓട്ടത്തിൽ ക്ഷീണിക്കാത്തവൻ, —ക്ഷീണിക്കാത്ത കുതിര. **-'less,** *a.* താമസമില്ലാത്ത; നില്ക്കാത്ത.

**Stead** (sted), *n.* സ്ഥലം, ഇടം; 2. പകരംനില്ക്കുന്നത്; 'ബദല്'നില്ക്കുന്നവൻ, ബദലുകാരൻ; 3. കട്ടില്; 4. കളപ്പുര. **bed-s.** കട്ടില്. **farm-s., on s.** കളപ്പാട്, കളപ്പുര. **home-s.** ഭവനം; പുരയിടം, പുരയുംപറമ്പും. **road-s.** 'ബന്തറ്', (കപ്പല്)നില്ക്കുന്ന സ്ഥലം. **in s. of** പകരം, ബദലായി. **to stand in s., to do s.** ഉപയോഗപ്പെടുക, ഉതകുക, ഉപകാരമായ്വരിക. *v.t.* തുണക്കുക, സഹായിക്കുക; ഒത്താശചെയ്യുക; 2. ഉതകുക, ഉപകരിക്കുക. **-'ing,** *n.* കളപ്പുര, കളപ്പാട്.

**Stead'fast, Sted'fast,** *a.* ഉറപ്പുള്ള, ഉറച്ച, സ്ഥിരമായ; 2. മനഃസ്ഥിരതയുള്ള, ചാപല്യമില്ലാത്ത, നെഞ്ഞുറപ്പുള്ള. **-ly,** *ad.* സ്ഥിരമായി, ഉറപ്പോടെ. **-ness,** *n.* സ്ഥിരത, ദാൎഢ്യം, നിശ്ചാപല്യം.

**Stead'i-ly, -'i-ness,** *s. u.* **Steady.**

**Stead'ing,** *n., s. u.* **Stead.**

**Stead'y** (sted'i), *a.* ഉറപ്പുള്ള, ഉറച്ച് നില്ക്കുന്ന, ഇളകാത്ത; 2. സ്ഥിരത ഉള്ള, സ്ഥിരോത്സാഹം—, ഏകാഗ്രത—, ചാപല്യമില്ലാത്ത; കരുത്തുള്ള; 3. മാറാത്ത, യഥാക്രമമായ; 4. ഇടവിടാതെയുള്ള. *v. t.* സ്ഥിരപ്പെടുത്തുക, ഇളകാതെനിൎത്തുക; 2. താങ്ങുക; 3. മാറാതാക്കുക. *v. i.* ഉറച്ച്നില്ക്കുക, സ്ഥിരമായി—; 2. ഇളക്കംക്രൂടാതെ ഓടുക. **stead'i-ly,** *ad.* സ്ഥിരമായി; ക്രമമായി. **stead'i-ness,** *n.* സ്ഥിരത; കരുത്ത്, ഏകാഗ്രത; ക്രമം.

**Steāk** (stāk), *n.* (വറുത്ത) ഗോമാംസക്കഷണം; 2. (പാകംചെയ്യു) മാംസക്കഷണം.

I. **Stēal** (stēl), *n.* പിടി, തായി, തള്ള; കൈ; കാത്.

II. **Stēal** (stēl), *v.t.ir.* (**stōle, stōl'en**) കക്കുക, കളവ്ചെയ്യുക, മോഷണം—, മോഷ്ടിക്കുക, ഇറുക്കുക; 2. (*refl.*) കളിച്ച് ചെല്ലുക, —പോക; 3. പാളിപ്പതുങ്ങി നടക്കുക; 4. സൂചിപ്പിച്ച് പറയുക, കൊള്ളിച്ച്—; 5. കൌശലത്താൽ സാധിപ്പിക്കുക, ഉപായേന—; 6. (away) അപഹരിക്കുക; ആകൎഷിക്കുക; അറിയാതെ കൈവശപ്പെടുത്തുക; 7. ഒളിച്ച് പ്രവൃത്തിക്കുക. **to s. a**

march (of, on, upon, over) ഒളിവായി ചെല്ലുക; (അറിയാതെ)തോല്പിക്കുക. *v.i.* കക്കുക, കളവ്കുററം ചെയ്യുക, മോഷ്ടിക്കുക; 2. ഒളിച്ച്ചെയ്യുക, ഗൂഢമായി പ്രവൃത്തിക്കുക. -'ĕr, *n.* കള്ളൻ, കക്കുന്നവൻ, മോഷണക്കാരൻ, മോഷ്ടാവ്, തസ്കരൻ. -'ing, *n.* കളവ്, മോഷണം; *pl.* കളവ്മുതല്, തൊണ്ടി (*S.*), അപഹൃതം. -'ing-ly, *ad.* കളവായി; മോഷണമായി; ഗൂഢമായി. stealth (stelth), *n.* ഉപായം, കള്ളക്കൌശലം, ഗൂഢമായപ്രവൃത്തി, ഗോപ്യം. by s.th കളവായി, ഗൂഢമായി. stealth'i-ly, *ad.* ഒളിവായി, കളവായി, രഹസ്യത്തിൽ, ആരും അറിയാതെ. stealth'i-ness, *n.* ഗോപ്യത; കള്ളത്തനം; ഉപായം. stealth'līke, stealth'y, *a.* കളവായ, കള്ള, വ്യാജ; ആരുംകാണാത്ത, ഗോപ്യമായ; ഉപായമുള്ള. stōl'en (stōl'n), *a.* കളവ്ചെയ്ത, കട്ട. s.n property കളവ്മുതല് (*l.*), തൊണ്ടി (*S.*).

Stēam (stēm), *n.* ആവി, നീപ്പുക; ബാഷ്പം; 2. കുളമ്പുക, മഞ്ഞ്; 3. പുക; 4. ഗന്ധം, വാസന. s.-boat, s.-packet, s.-ship, s.-tug, s.-vessel തീ'ബോട്ട്' ആവിക്കപ്പല്, തീക്കപ്പല്. s.-bath (ആവിയാൽ)വിയർപ്പിക്കൽ, ആവിക്കുളി. s.-boiler (ആവി)കടാഹം. s.-car തീവണ്ടി, ആവി—, പുക—. s.-carriage യന്ത്ര—, സ്വയചലന—. s.-chest കവാടപ്പെട്ടി, ആവിപ്പെട്ടകം. s.-chimney ആവിക്കുഴല്. s.-colours യന്ത്രറങ്ക്. s.-cylinder (ആവി)ഗോളസ്തംഭം. s.-dome ആവികുംഭം. s.-engine ആവിയന്ത്രം. s.-fire-engine യന്ത്ര'ബോമ്പ'. s.-gas ബാഷ്പം. s.-gauge ആവിമാത്ര. s.-gun ആവിത്തോക്ക്. s.-hammer യന്ത്രക്കൂടം. s.-navigation തീക്കപ്പലോട്ടം, ആവിക്കപ്പൽസഞ്ചാരം. s.-pipe ആവിനാളം. s.-plow *or* s.-plough യന്ത്രക്കരി, ആവിക്കരി. s.-port ആവികവാടം. s.-power ആവിശക്തി, —യന്ത്രം. s.-press ആവിയച്ച്. s.-propeller ആവിപ്പിരിയാണി, ഓട്ടപ്പിരിയാണി. s.-pump ആവി'ബോമ്പ'. s.-room കടാഹയൊഴിയ്സ്ഥലം. s.-table (തീൻ) ചൂട്മേശ. s.-trap (ആവിക്കുഴലിലെ) നീർദ്വാരം. s.-whistle (ആവി)ചൂളക്കുഴല്. *v.i.* ആവിവരിക, —പുറപ്പെടുക; 2. പൊന്തിവരിക, കയറുക; 3. കാണാതെപോക, ആവിയായ്പോക; 4. ആവിയാൽനടക്കുക, —ചലിക്കുക; (പുറപ്പെട്ട്) വരിക; (—)പോക; 5. ആവി ഉണ്ടാക, —ജനിക്കുക. *v. t.* ആവിയിൽവെക്കുക, ആവിതട്ടിക്കുക; 2. പുഴക്ക്വെക്കുക; 3. പുഴങ്ങുക, വണ്ട്കെട്ടുക. -'ĕr, *n.* തീക്കപ്പല്, ആവിക്കപ്പല്; യന്ത്ര'ബോമ്പ'; യന്ത്രവണ്ടി; പുഴക്ക്പാത്രം; വണ്ട്പാത്രം; കടലിരണ്ട (*z.*). s.r-duck കടലിരണ്ട (*z.*). -'i-ness, *n.* ആവിഗുണം, ബാഷ്പത്വം; മഞ്ഞല്, മൂടല്. -'y, *a.* ആവിആയ; ആവിതുല്യം—; ബാഷ്പമുള്ള; മഞ്ഞലായ, മൂടലുള്ള.

Stēam-boat, s.-ship, s.-vessel, *etc.*, *s. u.* Steam.

Stēan, -'ing, *s. a.* Steen, Steening.

Ste-ap'sin, *n.* കണ്ണായരസസാരം (*phys.*).

Stē'a-rine (-rin), *n.* കൊഴുപ്പ്സത്ത്, ചെരുവി—, നെയി— (*phys.*). =ar'ic, *a.* കൊഴുപ്പ്സത്ത്ഉള്ള; —പോലെയുള്ള. s.c acid കൊഴുപ്പ്സാരാമ്ലം (*ch.*).

Stē'a-tīte, *n.* ഒര്വക വെണ്ണക്കല്ല് (*min.*). =a-tit'ic, *a.* വെണ്ണക്കല്ല്സംബന്ധിച്ച; —പോലെയുള്ള.

Stē-a-tō'ma, *n.* കൊഴുപ്പ്മുഴ, നെയിമുഴ (*med.*). -tŏus, *a.* —മുഴയുള്ള.

Stē-a-top'y-ga, *n.* ചന്തിക്കൊഴുപ്പ്, കൊഴുത്തചന്തി. =gŏus, *a.* കൊഴുത്തചന്തിയുള്ള.

Sted, Sted'fast, Sted'fast-ly, *etc.*, *s. a.* Stead, Steadfast, Steadfastly, *etc.*, *s. u.* Stead.

Stēed (stēd), *n.* പടക്കുതിര, ചമയക്കുതിര; കുതിര, അശ്വം, തുരഗം, വാജി. -'less, *a.* കുതിരയില്ലാത്ത.

Stēek, Stēik, *v. t.* കുത്തിത്തുളക്കുക; തുളക്കുക; 2. തുന്നുക; 3. തുന്നിപ്പിടിപ്പിക്കുക; 4. ഉറപ്പിക്കുക.

**Stēel,** *n.* ഉരുക്ക്, സാരലോഹം, തീക്ഷ്ണായസം; 2. (മൂൎച്ചയുള്ള) ആയുധം; വാൾ, കട്ടാരം; 3. അണക്കോൽ; 4. ചക്കമുക്കി; 5. കടുപ്പം, ഉറപ്പ്; കാഠിന്യം; 6. ഉരുക്ക് സത്ത്, ലോഹദ്രാവകം (*med.*). **s.-clad** ലോഹകവചംധരിച്ച; ഉരുക്ക്പലകയടിച്ച. **s.-engraving** ഉരുക്ക് (ഇൽ കൊത്തിയ) ചിത്രം. **s.-hearted** കട്ടത്തമനസ്സ് ഉള്ള, മനഃകാഠിന്യം—. **s.-head** ഒരു മത്സ്യം (*z.*). **s.-mill** ഉരുക്ക് ചക്ക്, ഇരിമ്പ്—; ഉരുക്ക് ശാല, ഉരുക്കാല. **s.-pen** ഉരുക്ക് (തൂവൽ)മുന, ഉരുക്ക് പേന. **s.-trap** എലിക്കത്രി. **s.-wine** ലോഹവീഞ്ഞ് (*med.*). **s.-yard** വെള്ളിക്കോൽ, തുലാക്കോൽ, തുക്കയന്ത്രം. **Bessemer s.** ചീനച്ചട്ടിയുരുക്ക്. **blister-s.** ഇരിമ്പുരുക്ക്. **cast-s., puddled s.** നല്ല ഉരുക്ക്. **chromium-s.** കടുപ്പമുള്ള—. **mild s.** പതമുള്ള—. **Tungsten-s.** കാന്തയുരുക്ക്. **tincture of s.** ഉരുക്ക് സത്ത്, ലോഹദ്രാവകം (*med.*). *v. t.* ഉരുക്ക് വെക്കുക; 2. മൂൎച്ച ആക്കുക; തല(ഴ)യുക; 3. കടുപ്പം ആക്കുക; 4. മിനുസം—, മിനുക്കുക; 5. മനസ്സുറപ്പിക്കുക, കഠിനപ്പെടുത്തുക; ധൈൎയ്യപ്പെടുത്തുക. **-'ẽr,** *n.* ഉരുക്ക് വെക്കുന്നവൻ; മൂൎച്ചയാക്കുന്നവൻ; കടുപ്പമാക്കുന്നവൻ. **-'i-ness,** *n.* ഉരുക്ക്ഗുണം; മൂൎച്ച; ഉറപ്പ്. **-'ing,** *n.* ഉരുക്ക് വെക്കൽ, വായ്ത്തല—, മൂൎച്ചയാക്കൽ. **-'y,** *a.* ഉരുക്ക് കൊണ്ടുണ്ടാക്കിയ; ഉരുക്ക് വെച്ച; —പോലെ ഉള്ള; കടുപ്പം ഉള്ള; ഉറപ്പ്—; ഉരുക്ക് നിറം—.

**Stēen, Stēan, Stēin,** *n.* മണ്പാത്രം, കലം, കടുക്ക, ചട്ടി; 2. കല്പാത്രം; 3. (കിണററിന്റെ)കെട്ട്, ഉൾക്കെട്ട്. *v. t.* (കിണറ്)കെട്ടുക, കല്ല് പടുക്കുക. **-'ing,** *n.* (കിണററിന്റെ) കല്ക്കെട്ട്.

I. **Stēep,** *v. t.* കുതൎത്തുക, പുതൎത്തുക, മുക്കുക, നനക്കുക, ഊവെക്കുക; 2. ചീയിക്കുക; 3. കുതൎത്തിപ്പിഴിയുക. *v. i.* പുതരുക, കുതരുക. *n.* കുതൎത്തിയത്; 2. ധാന്യം പുതൎത്തിയ വെള്ളം. **-'ẽr,** *n.* പുതൎത്തുന്നപാത്രം, തൊട്ടി, കടകം.

II. **Stēep, -'y,** *a.* കുത്തനെയുള്ള, കിഴുക്കാന്തൂക്കം ആയ, കടുന്തൂക്കം—; ചരിവ്—, ചെങ്കുത്ത്— (*S.*); 2. അത്യധികം—, കഠിനം—. **s.-down** കടുന്തൂക്കാഗാധമായ, വലിയ ഇറക്കമായ. **s.-up** കുത്തനെ ഉയൎന്ന, വലിയ കയററമായ. *n.* കടുന്തൂക്കം, കിഴുക്കാന്തൂക്കം, ചെങ്കുത്ത് (*S.*), ചരിവ്, പ്രപാതം. **-'en,** *v. i.* അധികമധികം കുത്തനെയാകുക, —കടുന്തൂക്കമായ്ത്തീരുക. **-'i-ness, -'ness,** *n.* കടുന്തൂക്കം, ചെങ്കുത്ത്, പ്രപാതം; ചരിവ്. **-'ish,** *a.* ഏതാനും കടുന്തൂക്കമായ, —കുത്തനെനില്ക്കുന്ന. **-'ly,** *ad.* കുത്തനെ, കിഴുക്കാന്തൂക്കമായി, ചരിവായി.

**Stēe'ple,** *n.* ഗോപുരാഗ്രം, ശിഖരം, ശൃംഗം; 2. ഗോപുരം, മണിമാളിക. **s.-chase** (വേലി, ചുമര്, തട്ടി മുതലായ) തടസ്ഥം കടന്നുള്ള കുതിരപ്പന്തയ ഓട്ടം, തടസ്ഥക്കുതിരപന്തയം. **s.-chaser** —പന്തയക്കാരൻ; —പന്തയക്കുതിര. **s.-chasing** തടസ്ഥക്കുതിരപന്തയം. **s.-crowned** മേടഉള്ള; ഗോപുരം—; ഗോപുരാഗ്രം—; (തൊപ്പി)അററംകൂൎത്ത, കൂമ്പനായ; കൂമ്പൻതൊപ്പിയിട്ട. **stēe'pled** (stē'pld), *a.* ഗോപുരമുള്ള; ഗോപുരാകൃതിയായ; മണിമേടകളുള്ള.

I. **Stēer,** *n.* കട്ടൻ; 2. ഉടച്ചകാളക്കിടാവ്, കാല് കെട്ടിയകട്ടൻ; 3. മൂരി, എരുത്, കാള. *v. t.* ഉടെക്കുക, കാല് കെട്ടുക. **-'ling,** *n.* ചെറുകാള, കട്ടൻ.

II. **Stēer,** *v. t.* ചുക്കാൻപിടിക്കുക, (തോണി, കപ്പല്) ഓടിക്കുക; 2. വഴികാട്ടുക; 3. നടത്തുക. *v. i.* ചുക്കാൻപിടിക്കുക; നടത്തുക; 2. നടക്കുക, അനുസരിക്കുക, തിരിയുക; 5. നടപ്പ് ആയിരിക്കുക, ഗതി—. **-'a-ble,** *n.* നടത്താകുന്ന, ഇഷ്ടംപോലെ തിരിക്കാകുന്ന. **-'āge,** *n.* നടത്തൽ, നടത്തിക്കൽ; ചുക്കാൻബലം, —പിടിത്തം (*naut.*); അമരം (*naut.*); (കുറഞ്ഞകൂലി കൊടുക്കുന്ന യാത്രക്കാൎക്കുള്ള) താണതട്ട്, സഞ്ചാരിത്തട്ട്, ഉത്താരിത്തട്ട് (*naut.*); നിൎവ്വാഹം, നടത്തിപ്പ്; നായകത്വം, മേൽവിചാരം; നിൎവ്വാഹക്കോപ്പ്. **s.e passenger** താണതരം ഉത്താരിയാള്, തട്ടാള്. **s.e-way** (ചുക്കാന്ന്) ഒതുങ്ങിയ ഓട്ടം (*naut.*). **-'ẽr, stēers'man,** *n.* (തോണി കപ്പൽ മുതലായവ) ഓടിക്കുന്നവൻ, ചുക്കാ

ങാരൻ; നടത്തുന്നവൻ. -'iṅg, *a.* നടത്തുന്ന, തിരിക്കുന്ന. s.g-wheel ചുക്കാൻ ചക്രം, ചുക്കാന്റെപിടി (*naut.*).

**Stēer'liṅg,** *n.*, *s. u.* Steer I.

**Stēeve,** *v. i.* മേലോട്ട് ഉന്തിനില്ക്കുക, മേല്പട്ട് വളയുക (*naut.*). *v. t.* —വളക്കുക; 2. ചരക്ക് (കപ്പലിന്നകത്ത്) അട്ടുക്കുക. *n.* (അണിയക്കൊമ്പ്) വളവ്; 2. പാര. stēev'iṅg, *n.* ചരക്കട്ടുക്കൽ; പാര.

**Steg-a-nog'ra-phy** (-fi), *n.* ഗോപ്യലേഖനം, ഗൂഢലിപിവിദ്യ. =phist (-fist), *n.* ഗൂഢലിപിജ്ഞൻ.

**Steg-nō'sis,** *n.* മലബന്ധം (*med.*); 2. തടസ്ഥം (*med.*). =not'ic, *a.* മലബന്ധംവരുത്തുന്ന; വയറുറപ്പിക്കുന്ന (*med.*). *n.* സ്രാവഹരൌഷധം, ബന്ധകം (*med.*).

**Stēin,** *n.*, *s. a.* Steen.

**Stē'la, Stē'le** (*pl.* Stē'læ), *n.* സ്മാരകസ്തംഭം, ഓൎമ്മത്തൂണ്; 2. നാഴികക്കല്ല്. stē'lēne (-lēn), *a.* സ്തംഭം ആയ; സ്തംഭതുല്യം—.

**Stel'lar, -y,** (*fr.* star) *a.* നക്ഷത്രസംബന്ധമായ; 2. നക്ഷത്രംനിറഞ്ഞ, നക്ഷത്രനിബിഡമായ. ='lāte, ='lā-ted *a.* നക്ഷത്രാകാരമായ; നക്ഷത്രതുല്യമായ; കോണ്‌കോണായ. =lif'ĕr-ŏus, *a.* നക്ഷത്രം ഉള്ള; —നിറഞ്ഞ. ='li-form, *a.* നക്ഷത്രതുല്യം ആയ, നക്ഷത്രാകൃതി—. ='li-fȳ, *v. t.* നക്ഷത്രംപോലെ ആക്കുക. ='lū-lar (-ū-lĕr), *a.* നക്ഷത്രതുല്യമായ; രശ്മി ഉള്ള; നക്ഷത്രചിഹ്നം—.

**Stel'liŏn** (stel'yun), *n.* പുള്ളിപ്പല്ലി (*z.*).

I. **Stem,** *n.* തടിമരം, മുരട്; തായ്മരം; തണ്ട്, താള് (*b.*); 2. ഞെട്ടി, കണ്ണി (*b.*); 3. വംശം, കുലം, തറവാട്; 4. തായ്വഴി; 5. അണിയം, കൊമ്പ് (*naut.*); 6. മുൻഭാഗം, ഉയൎന്നസ്ഥലം; 7. പിടി; 8. മുള (*b.*); 9. ധാതു, പ്രകൃതി (*gr.*). s.-leaf തണ്ടില (*b.*). from s. to stern അണിയംമുതൽ അമരംവരെ, (കപ്പലിൽ) മുഴുവനും (*naut.*). *v. t.* തണ്ട് നീക്കുക, നാര് കളയുക; 2. മണ്ണ് കുത്തിനിറക്കുക. -'less, *a.* തണ്ടില്ലാത്ത (*b.*). -'let, *n.* ചെറുതണ്ട്, നാര് (*b.*). stem'my, *a.* നാരുള്ള, തണ്ടുള്ള.

II. **Stem,** *v. t.* മുറിക്കുക; 2. തട്ടുക്കുക, തടസ്ഥം ചെയ്യുക, നിൎത്തുക. *v. i.* തടസ്ഥം കൂട്ടാക്കാതെ മുമ്പോട്ട് ചെല്ലുക, വെള്ളം മുറിച്ചോട്ടുക (*naut.*).

**Stem'ples** (-plz), *n.* ഖനിപ്പടി, ഖനിക്കോ(വ)ണി.

**Stench,** *n.* നാററം, ദുൎഗ്ഗന്ധം, ചൂര്; മുഷ്ടുങ്ങ്, മുയി(ഴി)ങ്ങ്.

**Sten'cil,** *n.* s.-plate എഴുത്ത് (മുറിച്ച) തകിട്, അക്ഷരത്തകിട്. *v. t.* തകിട് വെച്ചെഴുതുക. -ĕr, -lĕr, *n.* തകിട് വെച്ചെഴുതുന്നവൻ.

**Sten'ō-graph** (-graf), *n.* ചുരുക്കെഴുത്ത്, കുറുക്കെഴുത്ത്, സംക്ഷിപ്തലിപി, ഹ്രസ്വ—. *v. t.* ചുരുക്കെഴുത്ത് എഴുതുക. =og'ra-phĕr (-fĕr), ='ra-phist (-fist), *n.* കുറുക്കെഴുത്തുകാരൻ. =graph'ic, =graph'i-cal (-graf-), *n.* സംക്ഷിപ്തലിപിയായ. =og'ra-phy (-fi), *n.* സംക്ഷിപ്തലേഖനം, കുറുക്കെഴുത്ത്.

**Ste-noph'yl-lŏus** (-nof'il-us), *a.* കൃത്ത ഇലയുള്ള (*b.*).

**Ste-nō'sis,** *n.* കൃച്ഛ്രം, തടസ്ഥം (*med.*).

**Stent,** *v. t.* ഒതുക്കുക, തട്ടുക്കുക; 2. നിൎത്തലാക്കുക. *v. i.* നിൎത്തുക, മതിയാക്കുക. *n.* ഓഹരി, വീതം.

**Sten'tŏr,** *n.* ഉറക്കെശബ്ദിക്കുന്നവൻ, ഗംഭീരസ്വരമുള്ളവൻ. =tō'ri-an, =tō'ri-ŏus, *a.* ഉച്ചത്തിലുള്ള, ഉറച്ച, ഉറക്കെയുള്ള, ഗംഭീരമായ.

I. **Step,** *v. i.* ചുവട് വെക്കുക, അടി—; 2. നടക്കുക, മെല്ലെനടക്കുക; 3. ചെല്ലുക, കയറുക, പോക, ഗമിക്കുക. to s. ashore കരക്കിറങ്ങുക. to s. aside മാറിനില്ക്കുക, മാറിക്കളയുക; പിൻവാങ്ങുക. to s. down ഇറങ്ങുക, കിഴിയുക (*N.*). to s. forth പുറപ്പെട്ട് വരിക, മുമ്പോട്ട്—, വരിക. to s. in *or* s. into കയറിച്ചെല്ലുക. കയറുക; പെട്ടന്ന് ചെല്ലുക; കൈവശപ്പെടുത്തുക, അവകാശം കിട്ടുക. to s. on നടന്ന് പോക. to s. short ചെറുചുവട് വെക്കുക, കാല് കുറുക്കി നടക്കുക (*mil.*). to s. out കാല് വലിച്ച് നടക്കുക, വലിയ ചുവട് വെക്കുക (*mil.*); പുറപ്പെട്ട് പോക,

വെളിയിൽപോക. to s. over കടന്ന് പോക. *v. t.* കാല്വെക്കുക, ചവിട്ടടി വെക്കുക, ചവിട്ടുക; 2. പാമരം നിൎത്തുക, കൊമ്പ്വെക്കുക(*naut.*). s.-ping-stone ചവിട്ട്കല്ല്; നടക്കല്ല്. to s. off അടി വെച്ചളക്കുക, അളക്കുക; വിഭാഗിക്കുക. *n.* ചുവട്, അടി; 2. അടിവെക്കൽ; 3. ചവിട്ട്, പടി, പതനം, കമ്പ്; 4. ക്രമം, അല്പം: s. by s. പടിപടിയായി, ക്രമേണ, അല്പാല്പമായി, കറേശ്ശ; 5. അല്പദൂരം; 6. ചവിട്ടടി, കാലടി; 7. നടത്തം; 8. പ്രവൃത്തി, ശ്രമം, പരിശ്രമം; 9. ഏൎപ്പാട്; 10. *pl.* ഗതി, നട; 11. *pl.* ഇട്ടേണി, ഏണി; 12. പാമരക്കുഴി, പായ്മരത്തറ (*naut.*). back s. പിൻചുവട്. half s. അരച്ചുവട്. s.-ladder ഏണി, ഇട്ടേണി. s.-stone ചവിട്ട്കല്ല്, ചവിട്ട്. to take a s., to take s.s പ്രവൃത്തിക്കുക, വഴിനോക്കുക, ശ്രമിക്കുക. to miss one's s., to take a false s. അടിവഴുതുക; പിഴെച്ച്പോക, അബദ്ധം പ്രവൃത്തിക്കുക. -'ped (*p. p.* stept), *a.* പടിഉള്ള; ചവിട്ട്—; പടിപടിയായ. -'pĕr, *n.* നടക്കുന്നവൻ, നടത്തക്കാരൻ.

II. Step-, *pf.* ജനനത്താലല്ലാത്ത, വിവാഹത്താൽ ബന്ധുവായ; പിറക്കാത്ത. s.-brother പിറക്കാത്ത ജ്യേഷ്ഠൻ, —അനുജൻ, വൈമാത്രേയൻ. s.-child പിറക്കാത്തമകൻ, —മകൾ, പിറക്കാക്കുട്ടി. s.-dame, s.-mother പിറക്കാത്തമ്മ (*N.*), ചിററമ്മ (*S.*), രണ്ടാമത്തമ്മ, കടിയമ്മ (*S.*), വിമാതാവ്, സപത്നിമാതാവ്. s.-daughter പിറക്കാമകൾ, സപത്നിസുതഃ. s.-father പിറക്കാത്തച്ഛൻ (*N.*). ചിററപ്പൻ(*S.*), രണ്ടാമത്തപ്പൻ, കടിയപ്പൻ(*S.*), അമ്മയുടെ ഭൎത്താവ്, മാതൃപതി. s.-parent പിറക്കാത്തച്ഛൻ; പിറക്കാത്തമ്മ. s.-sister പിറക്കാത്ത ജ്യേഷ്ഠത്തി, —അനുജത്തി; പിറക്കാപ്പെങ്ങൾ, വൈമാത്രി, വിമാതൃജാ, അന്യോദൎയ്യാ. s.-son ഭൎത്താവിന്റെമകൻ; ഭാൎയ്യയുടെ—, പിറക്കാത്ത—, സപത്നീസുതൻ.

Steph'an-īte (stef'an-īt), *n.* ഒരു വക അഞ്ജനക്കല്ല് (*min.*).

Step'lad-dĕr, *s. u.* Step I.

Step'mŏth-ĕr, Step'pā-rent, *s. u.* Step II.

Steppe (step), *n.* പുല്ക്കാട്, പുൽവനം [(*geog.*).

Step'ped, Step'pĕr, Step'ping-stōne, Step'stōne, *s. u.* Step I.

Step'sis-tĕr, Step'sŏn, *s. u.* Step II.

-stĕr, *suf.* കാരൻ, കാരി, കാരത്തി, ചെയ്യുന്നവൻ, ചെയ്യുന്നവൾ.

Stĕr-cō-rā'ceŏus (-shus), *a.* വളം സംബന്ധിച്ച; 2. മലം—. =rar-y, *n.* വളക്കുണ്ട്; മറപ്പുര.

Stĕr'cō-rā-nism, =cō'rā-ri-an-ism, *n.* (തിരുവത്താഴ) വിഭവദാഹവാദം (*R. C.*). =ran-ist, *n.* —വാദി (*R. C.*).

Stēre, *n.* ഏകദേശം 1½ കണ്ടിവാരയുള്ള കണ്ടിയളവ്.

Ster'e-ō, *pf.* കട്ടിയായ, ഉറപ്പുള്ള.

Ster'e-ō-bāte, *n.* തറ, അടിസ്ഥാനം, അസ്ഥിഭാരം (*arch.*).

Ster-e-och'rō-my (-ok'rō-), *n.* കൽചിത്രമെഴുത്ത്; ചുവർ—. =chrōme (-krōm), *n.* —ചിത്രം, കൽ—. =chrom'-ic, *a.* —ചിത്രം ആയ; —ചിത്രം സംബന്ധിച്ച.

Ster'e-o-gram, *n.* പൊന്തച്ചിത്രം, പൊന്തക്കൊത്ത് ചിത്രം; 2. പ്രാകൃത(ദൎശിനി)ചിത്രം, ഘനദൃക്ചിത്രം.

Ster'e-o-graph (-graf), *n.* (പ്രാകൃതദൎശിനിയിൽ വെക്കുന്ന) ഘനദൃക്ചിത്രം. -'ic, -'i-cal, *a.* ഘനദൃക്ചിത്രം ആയ; —സംബന്ധിച്ച; ഒരേവിതാനത്തിൽ വരച്ച; പിണ്ഡലേഖനമായ. -'i-cal-ly, *ad.* ഘനദൃക്ചിത്രമായി; പിണ്ഡലേഖനമായി. =og'ra-phy (-fi), *n.* —ലേഖനവിദ്യ.

Ster-e-om'e-tĕr, *n.* പിണ്ഡമാത്ര, കണ്ടി—; 2. ഓഘകഷ്ഠന—. =ō-met'ric, =ō-met'ri-cal, *a.* പിണ്ഡമാത്ര സംബന്ധിച്ച. =ō-met'ri-cal-ly, *ad.* —ആയി; ഓഘകഷ്ഠനമാത്രപ്രകാരം. =om'e-try, *n.* പിണ്ഡമാപനം.

Ster'e-ō-scōpe, *n.* പ്രാകൃതദൎശിനി (കണ്ണാടി), ഘനദൃക്ചിത്രദൎശിനി. =scop'-

ic, =scop'i-cal, *a.* —ചിത്രദർശിനിസംബന്ധിച്ച. =scop'i-cal-ly, *ad.* —മുഖേന, —മൂലം. =os'cō-pist, *n.* ചിത്രദർശിനി യുണ്ടാക്കുന്നവൻ. =os'co-py, *n.* ഉന്നത ചിത്രദർശനം, പ്രാകൃത—; —ദർശിനി ഉണ്ടാക്കൽ; പ്രാകൃതചിത്രം—.

Ster-e-ot'ō-my, *n.* പിണ്ഡഭേദനം; 2. രത്നക്കടച്ചൽ, കല്ല് കടയൽ. =tom'-ic, =tom'i-cal, *a.* പിണ്ഡഭേദനംസംബന്ധിച്ച; (രത്നം)കടഞ്ഞ.

Ster'e-ō-tȳpe, *n.* സ്ഥിരാക്ഷരത്തകിട്, വാർപ്പച്ച് തകിട്; 2. വാർപ്പച്ചടി. s.-block സ്ഥിരാക്ഷരപ്പലക. *v. t.* അച്ച് തകിട് വാർക്കുക; 2. ഉറപ്പ് ആക്കുക, സ്ഥിരം—, മാററമില്ലാതെ—. =tȳped (-tīpt), *a.* അച്ച് തകിടായിവാർത്ത; വാർപ്പ് തകിടച്ചടിആയ; സ്ഥിരാക്ഷരപ്പതിപ്പ്—, കട്ടി—, ഉറപ്പ്—; ഒരേതരം—; സ്ഥിരം—, മാറാത്ത. =tȳp-ĕr, tȳp-ist, *n.* അച്ച് തകിട് വാർക്കുന്നവൻ; സ്ഥിരാക്ഷരപ്പതിപ്പുകാരൻ, വാർപ്പ് തകിട് കൊണ്ടച്ചടിക്കുന്നവൻ. =tȳp-ĕr-y, *n.* അച്ച് തകിട് വാർപ്പ്, —വാർപ്പ്ശാല. =typ'ic, *a.* സ്ഥിരാക്ഷരത്തകിടായ, വാർപ്പച്ച് തകിടായ. =tȳ-pog'ra-phĕr(-fĕr), *n.* സ്ഥിരാക്ഷരമുദ്രകൻ, വാർപ്പ് തകിട് കൊണ്ടച്ചടിക്കുന്നവൻ. =tȳ-pog'ra-phy (-fi), *n.* തകിടച്ചടി, സ്ഥിരാക്ഷരമുദ്രണം. =tȳp-y, *n.* സ്ഥിരാക്ഷരത്തകിട് വാർപ്പ്.

Ster'ile (ster'il), *a.* അഫലം ആയ, വിളവുണ്ടാകാത്ത, വളമില്ലാത്ത; തരിശായ; 2. പെറാത്ത, മച്ചിയായ, വന്ധ്യതയുള്ള; 3. ഉല്പാദകശക്തിയില്ലാത്ത; 4. മുളക്കാത്ത; 5. കായ്ക്കാത്ത; 6. നിസ്സാരമായ, സാരവത്തല്ലാത്ത. =il'i-ty, *n.* വിഫലത്വം, അഫലത്വം; വന്ധ്യത്വം, നിരുല്പാദകത്വം. =il-i-sā'tiŏn, =il-i-zā'tiŏn, *n.* അഫലീകരണം; അഫലത്വം; വന്ധ്യത്വം; അണുപ്രാണിനാശനം. ='il-īse, ='il-īze, *v.t.* തരിശ് ആക്കുക, വളമില്ലാതെ—, അഫലം—; വന്ധ്യം—; ഉല്പാദകശക്തി കെടുക്കുക; അണുപ്രാണിനാശം ചെയ്യുക, രോഗബീജം നശിപ്പിക്കുക.

Stĕr'let, *n.* ഒരു വക നല്ലമത്സ്യം (*z.*).

Stĕr'ling, *n.* നാണ്യം, ഇംഗ്ലീഷ്—; 2. നാണ്യമാററ്. *a.* നല്ലനാണ്യമായ; 2. ഇംഗ്ലീഷ്—; 3. ശുദ്ധ; മികച്ച, മുന്തിയ, ഒന്നാന്തരം ആയ, വിശേഷം—.

I. Stĕrn, *n.* ഒരു പക്ഷി (*z.*).

II. Stĕrn, *a.* കട്ടപ്പം ഉള്ള; രൂക്ഷത—; 2. ഉഗ്രത—; കഠിനം ആയ; 3. ക്രൂരം—, കൊടൂരം—, നിഷ്ഠുരം—, നിർദ്ദയം—; 4. ഗൌരവം ഉള്ള; പാരുഷ്യം—; 5. സ്ഥിരത—, മാററമില്ലാത്ത. -'ly, *ad.* ഉഗ്രമായി; നിഷ്ഠുരതയോടെ. -'ness, *n.* കാഠിന്യം; രൌദ്രത; ഗൌരവം; പാരുഷ്യം.

III. Stĕrn, -'āge, *n.* അമരം (*naut.*); 2. നായകസ്ഥാനം, നടത്തിപ്പ്; 3. പിൻഭാഗം, പൃഷ്ഠം; 4. വാല്; നായിന്റെ വാല്. by the s. അമരംകുത്തിയ (*naut.*). *a.* അമരത്തുള്ള, അമര. s.-board പിന്നോട്ടുള്ള ഓട്ടം (*naut.*). s.-chaser അമരപ്പീരങ്കി (*naut.*). s.-fast അമരക്കമ്പ (*naut.*). s.-frame അമരക്കൊമ്പ് (*naut.*). s.-knee, s.-son അമരക്കോണ്. s.-port അമരത്തുള (*naut.*). s.-sheets അമരക്കള്ളി (*naut.*). s.-way പിന്നാക്കമുള്ള ഓട്ടം (*naut.*). s.-wheel അമരച്ചക്രം (*naut.*). s.-wheeler അമരച്ചക്രക്കപ്പല്. stĕrned (stĕrnd), *a.* അമരമുള്ള. -'ĕr, *n.* നായകൻ. -fōre'mōst, *ad.* അമരം മുമ്പിലായി; മറിച്ചാമ്പാട്; അബദ്ധമായി. -'mōst, *a.* ഏററവും പിമ്പിലുള്ള, വഴിയേത്ത.

Stĕr'nal, *a.* എതിമ്മുള്ള് സംബന്ധിച്ച, മാറെല്ല്— (*an.*). s. rib നേർവ്വാരി (*an.*). s.-costal നെഞ്ഞത്തുള്ള; മാറ് സംബന്ധിച്ച. stĕr'ne-bra, *n.* (*pl.* stĕr'ne-bræ) എതിമ്മുള്ളെല്ല്, മാറെല്ല്തുണ്ടം (*an.*). stĕr'ne-bral, *a.* —തുണ്ടം സംബന്ധിച്ച. stĕr'nō, *pf.* മാറെല്ല്—. s.o-costal നേർവ്വാരി—, മാറത്തുള്ള. stĕr'num, *n.* (*pl.* stĕr'na) മാറെല്ല്, എതിമ്മുള്ള്, ഉരോസ്ഥി (*an.*).

Stĕrned, Stĕrn'ĕr, Stĕrn-fōre'-mōst, Stĕrn'mōst, *s. u.* Stern III.

Stĕrn'ly, Stĕrn'ness, *s. u.* Stern II.

Stĕr'nō, Stĕr'num, *s. u.* Sternal.

**Stĕrn'pōrt, Stĕrn'sŏn,** *s. u.* Stern III.

**Stĕr-nū-tā'tiŏn,** *n.* തുമ്മല്, തുമ്പല്. **=nū'ta-tive, =nū'ta-tŏr-y,** *a.* തുമ്മിക്കുന്ന, തുമ്പല് വരുത്തുന്ന. **=nū'ta-tŏr-y,** *n.* തുമ്മിക്കുന്നസാധനം; —മരുന്ന്, നസ്യം.

**Stĕrn'wāy, Stĕrn'whēel,** *etc., s. u.* Stern III.

**Stĕr'tō-rŏus, =tō'ri-ŏus,** *a.* ക്രക്കം വലിക്കുന്ന, ക്രക്കവലി ഉള്ള; 2. ഞരക്കം—.

*Stet,* നില്ക്കട്ടെ, തടഞ്ഞത് നീക്കരുതു; 2. തിരുത്ത് തിരുത്തല്ലെന്ന് കാണിക്കുന്ന അടയാളം (*print.*).

**Steth-om'e-tĕr,** *n.* ഉരോമാത്രം, വക്ഷമാത്രം (*phys.*).

**Steth'ō-scōpe,** *n.* വക്ഷപരിശോധിനി (*med.*). *v. t.* വക്ഷം (പരിശോധിനിയാൽ) പരിശോധിക്കുക, വക്ഷപരിശോധനചെയ്യുക. **=scop'ic, =scop'i-cal,** *a.* —പരിശോധിനി സംബന്ധിച്ച; —പരിശോധനയാലറിവായ. **=scop'i-cal-ly,** *ad.* —പരിശോധനയാൽ; —പരിശോധനയായി. **=scop-ist,** *n.* —പരിശോധകൻ. **ste-thos'cō-py,** *n.* —പരിശോധന.

**Stēve,** *v. t.* (കപ്പലിൽ) ചരക്ക് അട്ടി വെക്കുക. **stē've-dōre, stiv'a-dōre,** *n.* (കപ്പലിൽ) ചരക്കട്ടി വെക്കുന്നവൻ; ചരക്കട്ടിമൂപ്പൻ.

**Stew** (stū), *v. t.* (വെള്ളത്തിൽ) വേവിക്കുക, വെക്കുക, പുഴുങ്ങുക, അനത്തുക (*S.*), മന്ദാഗ്നിയിൽ വററിക്കുക. *v. i.* (വെള്ളത്തിൽ) വേവുക. *n.* (*pl.*) വേശ്യാഗൃഹം; 2. വേശ്യ; 3. വേവിച്ച സാധനം, പുഴുക്ക്, ഇറച്ചിപ്പുഴുക്ക്, 'ഇസ്റ്റു'; 4. വേവലാതി, താറുമാറ്, അമളി, നാനാവിധം. **s.-pan, s.-pot** പുഴുക്ക്പാത്രം, കലം, ചട്ടി. **-'ish,** *a.* വേശ്യാഗൃഹംപോലെയുള്ള. **Irish s.** (മാംസവും ഉരുളക്കിഴങ്ങും കൂടിയ) ഇറച്ചിപ്പുഴുക്ക്. **in a s.** പേടിച്ച് വിയർത്തു; അദ്ധ്വാനിച്ച് —; എരിപൊരിയായ.

**Stew'ard** (stū'ĕrd), *n.* കലവറക്കാരൻ, ഉഗ്രാണികൻ, വിചാരിപ്പുകാരൻ; 2. പ്രവൃത്തിക്കാരൻ, പാർവ്വത്യക്കാരൻ, കാര്യസ്ഥൻ; 3. ഭക്ഷണവിചാരിപ്പുകാരൻ, 'ബൊട്ട്ലെറ്'; 4. പണംപിരിവുകാരൻ, (പാട്ടം, വാരം) പിരിക്കുന്നവൻ; 5. (സ്കോട്ട്ലാണ്ടിൽ) ഭണ്ഡാര(പണ്ടാര)ഭൂമിയധികാരി. **lord high s.** (പണ്ട്) പ്രധാനമന്ത്രി; (ഇപ്പോൾ) പ്രത്യേകമന്ത്രി. **-ess,** *n.* കലവറക്കാരത്തി; (യാത്രക്കപ്പലിലെ) സ്ത്രീപരിചാരിക, സ്ത്രീശുശ്രൂഷക്കാരത്തി. **-ly,** *ad.* കലവറക്കാരനായി; സൂക്ഷ്മത്തോടെ. **-ship,** *n.* കലവറസ്ഥാനം; പാർവ്വത്യം; കാര്യസ്ഥസ്ഥാനം. **='art-ry,** *n.* മേൽവിചാരക്കാരൻ, മേനോക്കി; കലവറസ്ഥാനം; ഭണ്ഡാരഭൂമിയധികാരം.

**Stew'ish, Stew'pan, Stew'pot,** *s. u.* Stew.

**Sthen'ic,** *a.* ഊക്കുള്ള, ഉഗ്രമായ; ശോക്ഷിയോട്കൂടിയ (*med.*).

**Stib'i-al, -ism,** *etc., s. u.* Stibium.

**Stib'i-um,** *n.* അഞ്ജനം, അഞ്ജനക്കല്ല് (*ch.*). **='i-al,** *a.* അഞ്ജനമുള്ള; അഞ്ജനതുല്യമായ. **='i-al-ism,** *n.* അഞ്ജനവിഷം. **='i-ā-ted,** *a.* അഞ്ജനക്കലപ്പുള്ള. **='ic,** *a.* അഞ്ജനസംബന്ധമായ. **='i-ŏus,** *a.* അഞ്ജനംചേന്ന. **='ine,** *n.* അഞ്ജനബാഷ്പം.

**Stic-cā'dō,** *n.* ഒര് വക വാദ്യം.

**Stich** (stik), *n.* ശ്ലോകം, പദ്യം; 2. വേദവാക്യവരി; 3. വൃക്ഷനിര. **-'ic,** *a.* ശ്ലോകമായ; വേദവാക്യവരിസംബന്ധിച്ച. **-'ō-man-cy,** *n.* ശ്ലോകപ്രശ്നം.

**Stick,** *n.* ചുള്ളി, ചുള്ളല്, മരക്കൊമ്പ്; 2. വടി, ദണ്ഡ്, ഗദ; 3. കോല്; 4. പൊട്ടൻ, മൂഢൻ; 5. മുദ്രാക്ഷരക്കൂട് (*print.*); 6. കുത്ത്, വെട്ട്, മുറി. **s.-lac** കോലരക്ക്, ലാക്ഷാ (*b.*). **a s. of eels** ഇരുപത് ആരല്. **to cut one's s., to cut s.** പാഞ്ഞ് കളയുക, ഓടിപ്പോക. *v. t. ir.* (**stuck, stuck**) കുത്തുക, തുളക്കുക; 2. കുത്തിക്കൊല്ലുക; 3. തറക്കുക; 4. ചെലുത്തുക; 5. ഉറപ്പിക്കുക, (മൊട്ട്സൂചികൊണ്ട്) കുത്തിപ്പിടിപ്പിക്കുക, വെച്ച് പിടിപ്പിക്കുക, പിടിപ്പിക്കുക; 6. വെക്കുക, നാട്ടുക; കുത്തിനാട്ടുക; 7. പററിക്കുക, ഒട്ടിക്കുക, പ

തിക്കുക; 8. മുദ്രാക്ഷരംചേൎത്ത് വെക്കുക, അക്ഷരം നിരത്തുക (*print.*); 9. (മരം) കടയുക, കടച്ചല്പണിചെയ്യുക; 10. നിൎത്തിക്കളയുക; 11. വിഷമിപ്പിക്കുക, കുഴക്കുക, ബുദ്ധിമുട്ടിക്കുക, സംശയിപ്പിക്കുക; 12. തോല്പിക്കുക, ചതിക്കുക, (ചതി)പററിക്കുക, ചതിച്ച് വാങ്ങുക. to s. out തുറപ്പിക്കുക, മുഴെക്കുക, ഉന്തിനില്ക്കുമാറാക്കുക. *v. i.* ഒട്ടുക, പററുക; 2. പററിനില്ക്കുക, പററിക്കൊള്ളുക, ഉറച്ച് നില്ക്കുക, ഇളകാതിരിക്കുക; 3. തടസ്ഥപ്പെട്ടുക, മുടങ്ങുക, നിന്ന് പോകുക; 4. താമസിക്കുക; 5. (at) സംശയിക്കുക, വിഷമിക്കുക, ശങ്കതോന്നുക; 6. സംശയിപ്പിക്കുക, വിഘ്നംവരുത്തുക, ശങ്കജനിപ്പിക്കുക. to s. by പററിനില്ക്കുക, പക്ഷം—; പററിക്കൊള്ളുക; ബുദ്ധിമുട്ടിക്കുക. to s. out ഉന്തിനില്ക്കുക; നിന്ന് പോരുക. to s. to മുറുകെ(ക്കി)പിടിക്കുക, പിടിച്ച് നില്ക്കുക, വിടാതെകൊണ്ടിരിക്കുക. to s. up എ(തെ)രുത്ത് നില്ക്കുക. to s. up for വാദിച്ച് നില്ക്കുക, ....ന്ന് വേണ്ടി വാദിക്കുക. to s. upon ഓൎത്ത് കൊണ്ടിരിക്കുക, വിടാതെ കൊണ്ടിരിക്കുക. -'ĕr, *n.* ഒട്ടിക്കുന്നവൻ, പററിക്കുന്നവൻ, പതിക്കുന്നവൻ; വിഷമം, പ്രയാസം. -'i-ness, *n.* ഒട്ടല്, പററല്, പശ. -'ing, *a.* പററിക്കുന്ന. s.g-piece (ഗോമാംസം) പിരടിത്തുണ്ടം. s.g-place, s.g-point ഉറച്ച്നില്ക്കുന്ന സ്ഥലം. s.g-plaster മുറിക്കുട്ടിമരുന്ന്, 'പ്ലാസ്ത്രി'. -'y, *a.* ഒട്ടുന്ന, പററുന്ന; പശയായ; കുഴമ്പായ.

**Stick'le**, *v. i.* ചാതിക്കാരംപിടിക്കുക; 2. വാദിക്കുക, തൎക്കിക്കുക; വഴക്കുണ്ടാക്കുക; പോരാട്ടുക; 3. പക്ഷംമാറിമാറിപ്പിടിക്കുക. *v. t.* പിടിച്ച് നീക്കുക; സമാധാനമാക്കുക; 2. മദ്ധ്യസ്ഥം ചെയ്യുക. *n.* നീച്ചാട്ടം; 2. ഒലിപ്പ്, വല്യ. s.-back ഒര് മത്സ്യം (*z.*). stick'lĕr, *n.* ചാതിക്കാരം പിടിക്കുന്നവൻ; ദുശ്ശാഠ്യക്കാരൻ, ദുൎവ്വാശിക്കാരൻ.

**Stick'y**, *a.*, *s. u.* Stick.

**Stiff**, *a.* വളയാത്ത, മയമില്ലാത്ത, വിറങ്ങലിച്ച, മരവിച്ച; 2. കട്ടിയായ, മുറുക്കമുള്ള, കുഴങ്ങനെയുള്ള, കൊഴുത്ത; 3. ഊക്കുള്ള, കഠിനമായ; 4. വിട്ട്കൊടുക്കാത്ത, മൎക്കടമുഷ്ടിയായ, മുരട്ട്ശീലമുള്ള, ദുശ്ശാഠ്യമുള്ള; 5. പ്രാകൃതമല്ലാത്ത, രസംകുറഞ്ഞ കൎക്കശമായ; ആചാരത്തിനുള്ള; 6. കണ്ണ കഠോരമായ, വ്യസനകരമായ; 7. (പായി കൊട്ടത്തോട്ടമ്പോൾ) ചരിയാത്ത (*naut.*); 8. വലിയ, കഠിന, അത്യധികമായ. s.-backed ശാഠ്യമുള്ള, ശംബദ്ധിയായ. s.-hearted, s.-necked മൎക്കടമുഷ്ടിയായ, കഠിനകണ്ഠമുള്ള, ദുശ്ശാഠ്യമുള്ള. s.-neck കഴുത്തുളുക്ക്. s.-neckedness ശാഠ്യം, ശഠത. s. tail ഒര് വക ഇരണ്ട (*z.*). s.-tailed കട്ടിത്തുവലുള്ള. -'en, *v. t.* വളയാതാക്കുക; കട്ടിയാക്കുക; കൊഴുപ്പിക്കുക, മുറുക്കുക; കഞ്ഞിമുക്കുക; മരവിപ്പിക്കുക, വിറങ്ങലിപ്പിക്കുക, തരിപ്പിക്കുക. *v. i.* കട്ടിയാക, കട്ടപ്പമാക; മുറുകുക, തരിക്കുക, മരവിക്കുക. -'enĕr (-'nĕr), *n.* കട്ടിയാക്കുന്നവൻ. -'ening (-ning), *n.* കട്ടിയാക്കൽ; കൊഴുപ്പിക്കൽ; കട്ടിയാക്കുന്നസാധനം, കഞ്ഞി, പശ. s.g order (കപ്പല് ചരിയാതിരിപ്പാൻ ചരക്കിറക്കും മുമ്പെ പുതിയ ചരക്ക് കയററുവാനുള്ള) കയററനുവാദം. -'ish, *a.* ഏതാനും കട്ടിയായ. -'ly, *ad.* കൎക്കശഭാവത്തിൽ. -'ness, *n.* മയമില്ലായ്മ, കട്ടപ്പം; മരവിപ്പ്; കൊഴുപ്പ്, മുറുക്കം; കൎക്കശതചം, കാഠിന്യം.

I. **Sti'fle**, *n.* കുതിര(കാൽ)മുട്ട്. s.-bone മുട്ടെല്ല്.

II. **Sti'fle**, *v. t.* ശ്വാസംമുട്ടിക്കുക, തിക്ക്—(*S.*); 2. ഞെക്കുക; ഞെക്കിക്കൊല്ലുക; 3. അടക്കിക്കളയുക, മുട്ടിച്ച്—; (തീ)കെട്ടുത്തുക, ഇല്ലാതാക്കുക; 4. അമുക്കുക, ഒതുക്കിക്കളയുക; അടക്കുക. *v. i.* ശ്വാസംമുട്ടി മരിക്കുക. stī'flĕr, *n.* ശ്വാസംമുട്ടിക്കുന്നവൻ.

**Stig'ma** (*pl.* stig'ma-ta), *n.* ചൂട് (വെച്ച)അടയാളം, ചൂട്, വര; 2. കറ, കല, കളങ്കം; 3. അപമാനം, നിന്ദ, ദുഷ്കീൎത്തി, അപവാദം, ദൂഷ്യം; 4. ഗൎഭകേസരാഗ്രം (*b.*); 5. മറു; കാക്കപ്പുള്ളി, തിലകം (*an.*); 6. ചോരകെട്ടൽ, ച്യവക്കൽ (*med.*); 7. സഹവിന്ദു (*geom.*); 8. *pl.* വട്ട, മുറിപ്പഴുത്, (ക്രിസ്തുവിൻെറ) മുറിപ്പഴുത് (*R. C.*). =mat'ic, *n.* കുററമുദ്രയുള്ളവൻ, (കുററക്കാരൻ എന്ന്) ചൂടടയാളംവെച്ചവൻ; ദുഷ്കീൎത്തിയുള്ളവൻ; ഊനമുള്ളവൻ; ക്രൂരൻ. =mat'-

ic, =mat'i-cal, *a.* ചൂടുവെച്ച; അപവാദമുള്ള, ദുർജ്ഞേരുള്ള; കാക്കപ്പുള്ളിസംബന്ധിച്ച (*an.*); ശര്ഭകേസരം— (*b.*). s.c geometry *or* =mat'ics സഹവിന്ദുഗണിതം. =mat'i-cal-ly, *ad.* ചൂടടയാളത്തോടുകൂടി; ദുർജ്ഞേരായി; ഊനമുള്ളതായി. -tist, *n.* (ക്രിസ്തുവിന്റെ) മുറിപ്പുഴുതുള്ളവൻ. -tī-ṣā'tiŏn, -tī-zā'tiŏn, *n.* ചൂടുവെക്കൽ, വരവെക്കൽ; (ക്രിസ്തുവിന്റെ) മുറിപ്പുഴുതുണ്ടാക്കൽ. -tīṣe, -tīze, *v. t.* ചൂടുവെക്കുക, വര—, അടയാളം—; അപകീർത്തിപ്പെടുത്തുക. -tōse, *a.* ശര്ഭകേസരംസംബന്ധിച്ച (*b.*).

I. Stīle, *n.* സൂര്യഘടികാരസൂചി, ഛായാഘടികാരസൂചി. stī'lar, *a.* —സൂചിസംബന്ധിച്ച.

II. Stīle, *n.* കട, കടവായി, കടായി, കടമ്പ് (*S.*), കോ(വ)ണി; 2. നെട്ടഞ്ചെട്ടം.

Stī'let, Stī'lette (-let), Stȳ'let, *s. a.* Stiletto.

Sti-let'tō, *n.* കട്ടാരം, കഠാരം; 2. കുത്തുസൂചി. *v. t.* (കട്ടാരംകൊണ്ട്) കുത്തുക, കുത്തിക്കൊല്ലുക.

I. Still, *a.* അനങ്ങാത്ത, ഇളകാത്ത, അനക്കം ഇല്ലാത്ത, ഇളക്കം—; 2. മൌനമായ, മിണ്ടാത്ത, ഉരിയാടാത്ത, ഒച്ചയില്ലാത്ത; 3. ശാന്തം ആയ, സാവധാനം—; 4. മന്ദം ആയ, മുട്ട—; 5. പതച്ചുപൊങ്ങാത്ത; 6. തിളക്കമില്ലാത്ത. s.-birth ചാപ്പിള്ള, ചാവടപ്പിള്ള. s.-born ചാപ്പിള്ളയായ; നിഷ്ഫലമായ. s.-hunt ഒളിവേട്ട; ഗൂഢപരിശ്രമം. s.-life നിർജ്ജീവസാധനം; —സാധനചിത്രം. s.-stand, stand-s. നിൽത്ത്, നിന്നുപോകൽ; തടസ്ഥം. *n.* മൌനത, നിശ്ശബ്ദം. *v. t.* ഇളകാതാക്കുക, അനങ്ങാതാക്കുക; 2. നിർത്തുക; 3. മൌനമാക്കുക; 4. ശമിപ്പിക്കുക, ശാന്തമാക്കുക; അടക്കുക, ഒതുക്കുക, സാവധാനമാക്കുക. -'ėr, *n.* ശാന്തമാക്കുന്നവൻ. -'ness, *n.* നിശ്ചലത്വം, അനക്കമില്ലായ്മ; മൌനത, ശാന്തത; നിഷ്ക്കാരകത്വം; മൌനവാസം. ='ly, *a.* മൌനം ആയ, ശാന്തം—; അനക്കമില്ലാത്ത. *ad.* മൌനമായി; ഇളകാതെ; മന്ദമായി.

II. Still, *ad.* ഇതുവരെ(യിൽ), ഇത്രത്തോളം, ഇത്രോളം (ടം); 2. ഇനിയും, മേലാലും, ഇനിമേലും; 3. എപ്പോഴും(ളം), എല്ലാകാലവും, സദാ(യ്പോഴും), നിരന്തരം; 4. അധികം, അത്രക്കധികം, അതിലും അധികം; 5. എന്നിട്ടും, എങ്കിലും, എന്നാലും, ആകിലും; 6. പിന്നെയും, അനന്തരവും, അതിന്റെശേഷവും. s. and anon പിന്നെയും പിന്നെയും; ഇടവിടാതെ; എപ്പോഴും.

III. Still, *n.* കാച്ചുപാത്രം, വാററു—, കാച്ചുരുളി (*S.*), കാച്ചുതട്ട് (*N.*); 2. —സ്ഥലം. s.-burn കരിഞ്ഞുപോക, പുകകാളുക. s.-house കാച്ചുപുര, —സ്ഥലം. s.-room —സ്ഥലം; റാക്കറ. *v. t.* ഇററിററുവീഴിക്കുക, ഉററുമാറാക്കുക; 2. വാററുക, ഇറക്കുക, (റാക്ക്)കാച്ചുക. stil-la-ti'tiŏus (stil-a-tish'us), *a.* വാരു(ല്യ)ന്ന, തുള്ളിതുള്ളിയായി വീഴുന്ന, വാററിയെടുത്ത. stil'la-tor-y, *n.* കാച്ചുരുളി, കാച്ചുതട്ട്, —പുര. stil'li-cīde, *n.* വാച്ച്, ധാരയായി വീഴൽ; ഇറവെള്ളം. stil'li-form, *a.* തുള്ളിതുള്ളിയായ.

Still'ness, Still'stand, Stil'ly, *etc.*, *s. u.* Still I.

Stilt, *n.* പൊയ്ക്കാല്; 2. ഊന്നുകാല്, —വടി; 3. കരിപ്പിടി (*agr.*); 4. ഒരുവക നീർപ്പക്ഷി, ബകവർഗ്ഗപ്പക്ഷി (*z.*). *v. t.* പൊയ്ക്കാലിന്മേൽ നടക്കുക. -'ed, -'y, *a.* —കയറിയ; ഉയന്ന, പൊന്തിയ; വിദ്യാനാട്യമുള്ള, (ഭാഷ)പൊങ്ങച്ച. -'i-fȳ, *v. t.* പൊയ്ക്കാലിന്മേൽ കയററുക; ഉയത്തുക.

Stim'ū-lant, *s. u.* Stimulate.

Stim'ū-lāte, *v. t.* ചുണവരുത്തുക, ചൈതന്യം—, ചൊടി—; ഉന്മേഷം—; 2. കത്തിപ്പൊന്തിക്കുക, ഉത്സാഹിപ്പിക്കുക, ഇളക്കിവിടുക, ശുഷ്കാന്തിവരുത്തുക, പ്രേരേപിക്കുക; 3. (വിദ്യുച്ഛക്തിയാൽ) ഉണത്തുക (*phys.*). =lant, *a.* ചൈതന്യംവരുത്തുന്ന, ചുണ—; ഉത്സാഹിപ്പിക്കുന്ന; ഉന്മേഷിപ്പിക്കുന്ന; ചൈതന്യവദ്ധകമായ (*phys.*). *n.* ഉന്മേഷകം; ചൈതന്യവദ്ധകസാധനം, ദീപകം; ചാരായം, റാക്ക് (*phys. & med.*). =lā'tiŏn, *n.* ചുണവ

ന്തത്തൽ; ചൊടി, ചുണ, ഉണൎച്ച, ചുറുചുറുപ്പ്, ഉന്മേഷം, ഉത്സാഹം; ദീപനം; പ്രവൎത്തനം; എരിച്ചല്, പുകച്ചല് (*med.*). =lā-tive, *a.* ഉത്തേജകം ആയ, പ്രരോചകം—; പ്രേരേപകം—, ഉന്മേഷകം—. =lā-tŏr, *n.* ഉത്സാഹിപ്പിക്കുന്നവൻ. =lā-tress, *n.* ഉത്സാഹിപ്പിക്കുന്നവൾ. =lism, *n.* പ്രാണോത്തേജകവാദം, ഉത്തേജക വൈദ്യം (*med.*); ചാരായചികിത്സ (*med.*). ='ū-lus (*pl.* ='ū-lī), *n.* മുടിങ്കോല്, തോട്ടി; ഉത്സാഹഹേതു, പ്രോത്സാഹം, പ്രേരേപകം; ദീപകം (*phys.*).

**Sting**, *n.* വിഷമുള്ള്, —പുച്ഛം, അലം, ആണി, മുള്ള്; വിഷപ്പല്ല് (*z.*); 2. മുള്ള്, അരം (*b.*); 3. കുത്ത്, വേദന, വ്യഥ; 4. കടി, കുത്ത്; കുത്തല്; കുത്തൽ, കടിക്കൽ, ദംശനം; 5. മുടിങ്കോല്, തോട്ടി; 6. പ്രോത്സാഹം, പ്രേരണം; 7. മൂൎച്ച; 8. രസം. s.-bull, s.-fish കട്ട(മത്സ്യം) (*z.*). *v. t. ir.* (stang, stung) കുത്തുക, കടിക്കുക; 2. വ്യഥ ഉണ്ടാക, കഠിനവേദന—; 3. ഉത്സാഹിപ്പിക്കുക, ഇളക്കിവിടുക, കുത്തിപ്പൊന്തിക്കുക. -'a-rēe, -'tāil, *n.* മുൾത്തിരണ്ടി (*z.*). -'ĕr, *n.* കുത്തുന്നവൻ; കടിക്കുന്നവൻ; വേദനപ്പെടുത്തുന്നവൻ. -'ing, -'y, *a.* കുത്തുന്ന; കുത്തിത്തുളക്കുന്ന; കടിക്കുന്ന; മുന ഉള്ള; മൂൎച്ച—; എരിവ്—; വേദനപ്പെടുത്തുന്ന; കഠിനമായ, കട്ട. -'ing-ly, *ad.* കുത്തായി, കഠിനമായി. -'less, *a.* മുള്ള് ഇല്ലാത്ത; വിഷം—.

**Stin'gy**, *a.* ലോഭം ഉള്ള, ലുബ്ധ്—, ഈററ—, പിശുക്ക്—, കൃപണനായ. stin'gi-ly, *ad.* ഈററയോടെ. stin'gi-ness, *n.* കൃപണത്വം, ലുബ്ധ്, ലോഭം, ഈററ, പിശുക്ക്.

**Stink**, *v. i. ir.* (stank, stunk) നാറുക, ചൂരടിക്കുക, ദുൎഗ്ഗന്ധം ഉണ്ടാക, നാററം—, —വെക്കുക. *v. t.* നാററുക, ദുൎഗ്ഗന്ധമുണ്ടാക്കുക. *n.* നാററം, ദുൎഗ്ഗന്ധം, ചൂര്. -'ard, *n.* നാറി, ദുൎഗ്ഗന്ധമുള്ളവൻ; കല്ലുണ്ണിമെരു (*z.*). s.-ball (ശത്രുക്കപ്പലിൽ എറിയുന്ന) നാറിയുണ്ട (*mil.*). s.-pot —നാറിക്കലം (*naut.*); ഒരു വക ആമ (*z.*). s.-stone നാറിപ്പാറ (*min.*). s.-weed ഉമ്മം (*b.*). s.-wood പീനാറി (*b.*). -'ĕr, *n.* നാറുന്നവൻ, നാററമുള്ളവൻ. -'ing, *a.* നാററമുള്ള. s.-badger കല്ലുണ്ണിമെരു (*z.*). -'ing-ly, *ad.* ദുൎഗ്ഗന്ധത്തോടെ, നാറിക്കൊണ്ട്.

**Stint**, *v. t.* അളവ് വെക്കുക; അതിര്—, ക്ലൢപ്തപ്പെടുത്തുക; 2. കുറക്കുക; 3. ഈററിക്കുക; 4. പണിവീതിച്ച് കൊടുക്കുക; 5. (കതിരക്ക്) ശബ്ദമുണ്ടാക, ചിനപ്പിടിക്കുക. *v. i.* നിന്ന് പോക. *n.* (*also* stent) അതിര്, അളവ്, ക്ലിപ്തം; 2. തടസ്ഥം; 3. ഓഹരി, വീതം. -'ed-ness, *n.* കുറവ്. -'ĕr, *n.* അതിര് വെക്കുന്നവൻ, കുറക്കുന്നവൻ. -'less, *a.* അതിര് ഇല്ലാത്ത; കുറവ്—.

**Stīpe**, *n.* തണ്ട് (*b.*); 2. ഞരമ്പ്, നാര് (*b.*); 3. തടിമരം (*b.*); 4. കുമില്ക്കാല്, ക്രൻകാല് (*b.*). stī'pel, *n.* കുട്ടില (*b.*). =pel'-lāte, *a.* കുട്ടിലയുള്ള (*b.*).

**Stī'pend**, *n.* പടി, മാസപ്പടി, ശമ്പളം, സഹായശമ്പളം, പ്രതിഫലം, ജീവിതം, വിരുത്തി. *v. t.* പ്രതിഫലം കൊടുക്കുക, ശമ്പളം—. =pen-di-ā'ri-an, *n.* പ്രതിഫലകാംക്ഷ ഉള്ള; ശമ്പളം—. =pen'di-ar-y, *a.* മാസപ്പടി—, ജീവിതം—. *n.* ശമ്പളക്കാരൻ, വിരുത്തിക്കാരൻ. =pen'-di-āte, *v. t.* ശമ്പളം കല്പിക്കുക, ജീവിതം കൊടുക്കുക, മാസപ്പടി—. -less, *a.* ശമ്പളമില്ലാത്ത.

**Stip'i-tāte**, *a.* തണ്ടുള്ള, ഞെട്ടിയുള്ള (*b.*). stip'i-ti-form, *a.* തണ്ടാകൃതിയായ (*b.*).

**Stip'ple**, *v. t.* കുത്ത് കുത്തായി കൊത്തുക; 2. കുത്ത് ചിത്രം എഴുതുക. stip'-ple, stip'pling, *n.* കുത്ത് കൊത്ത്, കുത്ത് ചിത്രം.

**Stip'tic**, *s. a.* Styptic.

**Stip'ū-la**, *etc.*, *s. u.* Stipule.

I. **Stip'ū-lāte**, *a.*, *s. u.* Stipule.

II. **Stip'ū-lāte**, *v. i.* നിശ്ചയംചെയ്യുക, 'കരാറ്'—, സമയം—, തമ്മിൽനിശ്ചയിക്കുക. =lā'tiŏn, *n.* 'കരാറ്', ഉഭയസമ്മതം, സമയം; പ്രതിജ്ഞ; 2. നിശ്ചയംചെയ്യൽ; 3. നിശ്ചയം (*l.*); 4. ജാമ്യം (*l.*). =lā-tŏr, *n.* നിശ്ചയംചെയ്യുന്നവൻ, സമയം—.

**Stip'ūle, Stip'ū-la** (*pl.* stip'ū-læ) *n.* കുട്ടില, ഉപപത്രം (*b.*); 2. ഇളന്തുവല് (*z.*). =ū-lā'ceŏus, =lar, =lar-y, *a.* ഉപപത്രം സംബന്ധിച്ച; കുട്ടിലയായ (*b.*). =lāte, stip'ūled (-ūld), *a.* കുട്ടിലയുള്ള (*b.*).

**Stĭr**, *v. t.* (stĭrred, stĭrred, *pr.* stẽrd) അനക്കുക; നീക്കിവെക്കുക; 2. ഇളക്കുക, കലക്കുക; 3. തോണ്ടുക, കിളത്തുക, ചിള്ളുക; നോണ്ടുക (*S.*), കിണ്ടുക (*S.*), മിണ്ടുക, പ്രസ്താവിക്കുക; 4. ഉത്സാഹിപ്പിക്കുക, കത്തിപ്പൊന്തിക്കുക. *v. i.* അനങ്ങുക, ഇളകുക; 2. ഉത്സാഹിക്കുക; 3. ഉണ്ടാക, സംഭവിക്കുക; 4. ഉറക്കുണരുക, എഴുന്നീല്ക്കുക. *n.* ഇളക്കം, അനക്കം, കോലാഹലം, ബഹളം (*S.*); 2. കലഹം, കലക്കം, അമളി; 3. മനഃകലക്കം, പരിഭ്രമം, സംഭ്രമം. s.-about ക്രുള്, കഞ്ഞി. -'less, *a.* ഇളക്കം ഇല്ലാത്ത, അനക്കം—; ശാന്തമായ. -'rĕr, *n.* ഇളക്കുന്നവൻ. s.r-up കിളത്തുന്നവൻ, ഉത്സാഹിപ്പിക്കുന്നവൻ. -'ring, *a.* ഇളക്കം ഉള്ള; എപ്പോഴും പ്രവൃത്തിച്ച് കൊണ്ടിരിക്കുന്ന, ഉത്സാഹിയായ, ചുറുചുറുപ്പുള്ള.

**Stĭrk**, *n.* കട്ടൻ, കാളക്കിടാവ് (*z.*).

**Stĭr'less**, *a.*, *s. u.* Stir.

**Stĭrps**, *n.* (*pl.* stĭr'pēs) വംശം, കലം, കഡുംബം (*l.*); 2. വർഗ്ഗം, വക (*b.*).

**Stĭr'rĕr, Stĭr'ring**, *s. u.* Stir.

**Stĭr'rup**, *n.* അങ്കപ(വ)ടി, 'റക്കാബ്', പാദഗ്രഹണി, പാദധാരണി, ജീനിച്ചവിട്ട്; 2. പിടി; 3. കമ്പ, കയറ് (*naut.*). s.-bone (ചെവിയിലെ) 'റക്കാബെ'ല്ല് (*an.*). s.-cup യാത്രാപാനകം, സൌജന്യമദ്യം. s.-iron ഇരിമ്പങ്കപടി. s.-leather, s.-trap അങ്ക(പടി)പ്പട്ട.

**Stitch** (stich), *n.* തുന്ന്, ഇഴ; 2. ഇഴദൂരം; ഇട, ദൂരം; 3. കത്തല്, മിന്നല്, വിലക്കം, കഠിനവേദന (*med.*); 4. തുണിക്കഷണം; വസ്ത്രം, തുണി; 5. ഉഴവ് ചാല്, ചാല് (*agr.*). chain-s. തുടരിഴ. lock-s. കൊളുത്തിഴ. pearl-s., purl-s. മോടിയിഴ, ചിത്രത്തുന്ന്. *v. t.* തുന്നുക, തയ്ക്കുക, തുന്നിടുക; 2. കുത്തിക്കെട്ടുക, തുന്നിക്കെട്ടുക; 3. ചാലിടുക (*agr.*). to s. up തുന്നിക്കൂട്ടുക. *v. i.* തുന്നൽപ്രവൃത്തിചെയ്യുക, തയ്ക്കുക. -'el, *n.* (നാര് പൊന്തിയ) രോമനൂല്. -'ĕr, *n.* തുന്നുന്നവൻ, തുന്നക്കാരത്തി. -'ĕr-y, *n.* തുന്നല്, തുന്നപ്പണി, തയ്യൽവേല (*S.*). -'ing, *n.* തുന്നപ്പണി, തുന്നല്, തുന്നിടൽ, നിരത്തുന്നല്.

**Stith'y**, *n.* അടകോല്, അടകല്ല്; 2. (കൊല്ലന്റെ) കൊട്ടില്, —ആല. *v. t.* അടകല്ലിന്മേൽവെച്ച് മുട്ടുക, തച്ച് നീട്ടുക, അടിച്ച് പരത്തുക.

**Stīve**, *v. t.* തുറുക, തിരുകുക, കുത്തിനിറക്കുക; 2. ചൂട് പിടിപ്പിക്കുക, ഉഷ്ണം വരുത്തുക, കമിറുമാറാക്കുക. *v. i.* കമിറുക, ശ്വാസംമുട്ടുക. *n.* പാറൽമാവ്, (പാറുന്ന) പൊടിമാവ്.

**Stī'vĕr**, *n.* (ഏകദേശം ഒരണവിലക്കുള്ള) ഒര് ലന്തപ്പണം.

**Stōak** (stōk), *v. t.* നിറുത്തുക; 2. പിടിച്ച് ഞെക്കുക, അമുക്കുക.

**Stōat** (stōt), *n.* ഒര് വക നീർനായ് (*z.*).

**Stoc-cāde'**, *n.*, *s. a.* Stockade.

**Stoc-cā'dō**, *n.* (വാള് കത്തി മുതലായത് കൊണ്ടുള്ള) കുത്ത്, വെട്ട്.

**Stock**, *n.* മുരട്, കററി; 2. തടിമരം, തടി; 3. (കൊമ്പ് ഒട്ടിച്ച് ചേർത്ത) തായ്മരം; 4. മുട്ടം, മുട്ടി; 5. തൂണ്, സ്തംഭം; 6. ഊന്ന്, താങ്ങ്; 7. മടയൻ, പൊണ്ണൻ (*N.*), പൊട്ടൻ, മാടൻ; 8. (തോക്കിന്റെ) ചട്ട, പാത്തി; 9. ചട്ടിത്തമര്, പൂത്തമര്, തമര് (*carp.*); 10. ചിപ്പുളിക്കൂട് (*carp.*); 11. നങ്കൂരപ്പിടി (*naut.*); 12. അടകോല്, അടകോല്ത്തറ; 13. അച്ച് പിടി; 14. രാജകടശ്ശീട്ട്, കണക്ക് കുറിപ്പ്; 15. കാരണവൻ, പിതാമഹൻ, മൂലപിതാവ്, വംശപിതാവ്, ആദ്യ—; 16. വംശം, കലം, അന്വയം, കഡുംബം, തറവാട്, വീട്, താവഴി; 17. മൂലധനം, —ദ്രവ്യം, മുതല്, മുടക്ക് (പണം), നീവി; 18. *pl.* സൎക്കാര് കടദ്രവ്യം, രാജ്യകടം; രാജ്യകടശ്ശീട്ട്, സൎക്കാര് കടപത്രം; 19. മൂലധനക്കണക്ക്; 20. ഇരിപ്പ് ചരക്ക്; 21. കെട്ടിയിരിപ്പ് (*N.*), ഇട്ട്കെട്ട് (*S.*), ഇരിപ്പ് ദ്രവ്യം; 22. സംഗ്രഹം, സംഭാരം, ശേഖരം; 23. നാല്ക്കാലി, കന്ന് കാലി, കാ

ലിക്കൂട്ടം, ഗോധനം, പശുസമ്പത്ത്; 24. കഴുത്ത് പട്ട, കണ്ഠവസ്ത്രം; 25. *pl.* തോളം; 26. *pl.* ചെങ്കല്ല് (*P.*), ഇഷ്ടിക; 27. ലോഹാറായിക്കൂട്ടം (*min.*); 28. ജാതി, വൎഗ്ഗം; 29. ഗണം, സഞ്ചയം, രാശി; 30. മാംസസാരം, ഇറച്ചിസത്ത് (*ck.*). **s.-account** മൂലധനക്കണക്ക്. **s.-blind** കേവലം കണ്ണ് കാണാത്ത, പൂൎണ്ണാന്ധനായ. **s.-broker** സൎക്കാർ കടപത്രവ്യാപാരി. **s.-car** (തീവണ്ടിയിലെ) നാല്ക്കാലിവണ്ടി. **s.-company, joint-s.-company** കൂറ് കച്ചവടസംഘം, വ്യാപാരസംഘം, കൂട്ട് വ്യാപാരസംഘം. **s.-dove, s.-pigeon** കാട്ട്പ്രാവ്, മാടപ്രാവ് ചെങ്ങാലി, കപോതം (*z.*). **s.-duck** ഇരണ്ട (*z.*). **s.-exchange** സൎക്കാർ കടപത്രവിക്രയസ്ഥലം; —വിക്രയിവൎഗ്ഗം. **s.-farmer, s.-man** കന്ന് കാലി വളൎത്തുന്നവൻ, ഗോപൻ, ഇടയൻ. **s.-fish** ഉപ്പിട്ടുണക്കിയ മത്സ്യം, ഉണക്ക് മത്സ്യം, 'കരുവാട്' (*P.*). **s.-gold** സ്വൎണ്ണനിക്ഷേപം, —നിധി. **s.-holder** സൎക്കാർ കടപത്ര ഉടമ(സ്ഥൻ). **s.-jobber** —ദല്ലാലി. **s.-jobbing** —ദല്ലാലിക്കച്ചവടം. **s.-list** —പത്രപ്പട്ടിക. **s.-lock** (മരക്കഷണത്തിൽ ഉറപ്പിച്ച) തറപ്പൂട്ട്, മരത്താഴ് (*S.*). **s.-market** സൎക്കാർ കടപത്രവ്യാപാരസ്ഥലം; കന്നുകാലിച്ചന്ത, നാല്ക്കാലിച്ചന്ത, കാളച്ചന്ത. **s.-purse** സംഘസ്വത്ത്, കൂട്ട് സ്വത്ത്. **s.-station** നാല്ക്കാലിവളൎത്ത് സ്ഥലം. **s.-still** ഒട്ടും അനങ്ങാത്ത, വിറങ്ങലിച്ച, സ്തംഭിച്ച, സ്തബ്ധമായ. **s.-tackle** നങ്കൂരക്കൂടുക്ക് (*naut.*). **s.-taking** (ഇരിപ്പ്) ചരക്ക് കണക്കെടുക്കൽ. **s.-in-trade** വ്യാപാരച്ചരക്ക്, കച്ചവടക്കോപ്പ്; പണിയായുധം. **bit-s.** തമര്, ചട്ടിത്തമര്, പൃത്തമര് (*carp.*). **dead-s.** കൃഷിക്കോപ്പ്. **live-s.** കന്നുകാലി, നാല്ക്കാലി, കന്ന്; ഗോധനം. **paper-s.** പഴന്തുണി, കടലാസു(ണ്ടാക്കുവാൻ ഉപയോഗിക്കുന്ന) സാധനം. **to have something on the s.s** വല്ലതും ചെയ്തു കൊണ്ടിരിക്കുക, വല്ലതിലും മിനക്കെടുക. **to take s.** (ഇരിപ്പ്) ചരക്ക് കണക്കെടുക്കുക. **to take s. in** വ്യാപാരസംഘത്തിൽ കൂറ് കൂടുക; വിശ്വസിക്കുക, വിശ്വാസം വെക്കുക, ആശ്രയിക്കുക. **to take s. of** കണക്കെടുക്കുക; സൂക്ഷ്മവിവരം അറിയുക. *v. t.* സംഗ്രഹിക്കുക, കൂട്ടിവെക്കുക, ശേഖരിക്കുക; 2. നിറക്കുക, സംഭരിക്കുക; 3. പ്രവൃത്തിക്കോപ്പ് കൂട്ടുക; 4. കൃഷിചെയ്യുക; 5. (പശുവിന്റെ അകിട്ടിൽ) പാല് നിൎത്തുക; 6. തോളത്തിൽ വെക്കുക. **to s. an anchor** (നങ്കൂരത്തിന്ന്) പിടിവെക്കുക (*naut.*). **to s. cards** (ചീട്ടുകളിയിൽ ചതിക്കത്തക്കവണ്ണം) ചീട്ട് കശക്കുക. **to s. down** പുല്ലുകൃഷിചെയ്യുക (*agr.*). **to s. up** പൊരിച്ച് കളയുക, പറിച്ച്—, ഉന്മൂലനംചെയ്യുക. *a.* നിത്യോപയോഗത്തിന്നുതകുന്ന; 2. നിലനില്ക്കുന്ന, സ്ഥിരംആയ, ശാശ്വതം—; 3. പതിവ്—, സാധാരണം—. **s.-company** നാടകസംഘം, (കഥ)കളിക്കൂട്ടം. **-'ĕr,** *n.* (തോക്കിന്ന്) ചട്ടയിടുന്നവൻ. **-'ish,** *a.* കമ്പം ആയ; പൊട്ടൻ—, മൂഢൻ—. **-'y,** *a.* തടിച്ച് കുറുത്—, മുണ്ടൻ—(*S.*); താന്തോന്നി—.

**Stock-āde', Stoc-cāde',** *n.* മരവേലി, മരക്കോട്ട, ശങ്കുവരണം; 2. ചീനവേലി, മുള—. *v. t.* മരവേലികെട്ടുക, ചീനവേലി—, മരക്കോട്ട—.

**Stock-i-net',** *n.*, *s. u.* **Stocking.**

**Stock'ing,** *n.* മേ(ൽ)ജോട്, കാല്ശ്ശസ (*S.*), പാദയുറ, കീഴ്ക്കാലുറ, ചരണാഛദം, പാദാവരണം, പാദത്രം. **s.-frame** മേജോടച്ച്. **blue s.** വിദുഷി, വിദ്യാനാട്യക്കാരത്തി. *v. t.* മേജോടിടുക. **stock-i-net',** *n.* പിന്നല്ക്കുപ്പായം, പിന്നൽമേജോട്. **-ĕr,** *n.* മേജോട് പിന്നുന്നവൻ.

**Stodg'y** (stoj'i), *a.* നനഞ്ഞ, പു(ക)തന്ന.

**Stœch-i-ol'ō-ġy, Stœch-i-om'e-try,** *s. a.* **Stoichiology, Stoichiometry.**

**Stō'ic,** *n.* സീനോ (എന്ന ഒരു യവനതത്വജ്ഞാനിയുടെ) ശിഷ്യൻ; 'സ്റ്റൊായിക്യ' ജ്ഞാനി; 2. വിരക്തൻ, വൈരാഗി, വിരക്തവാദി; 3. നിസ്പൃഹൻ, സമചിത്തൻ, —ബുദ്ധി, സുഖദുഃഖാദിയനധീനൻ, ജിതേന്ദ്ര്യൻ, രാഗഹീനൻ. **stō'ic, -'i-cal,** *a.* 'സ്റ്റൊായിക്യ' വാദസംബന്ധം ആയ;

—വാദം—; വിരക്തി ഉള്ള, ഇന്ദ്രിയജയം—, രാഗഹീനമായ. ='i-cal-ly, *ad.* വിരക്തിയോടെ. ='i-cal-ness, *n.* വൈരാഗ്യം, വിരക്തി, സമചിത്തത, നിസ്പൃഹത്വം. ='i-cism, *n.* 'സ്റ്റോയിക്യ'വാദം; വിരക്തി; സമചിത്തത; നിസ്പൃഹത്വം.

Stoi-ch-i-ol'ō-ġy, Stœch-i-ol'ō-ġy (stēk-), *n.* ദേഹധാതുശാസ്ത്രം; (*phys.*). 2. മൂലന്യായശാസ്ത്രം (*log.*); 3. ആദ്യപാഠം, മൂലപ്രമാണം. stoich-i-om'e-try, stœch-i-om'e-try, *n.* ധാതുമാപനവിദ്യ.

Stō'i-cism, *n.*, *s. u.* Stoic.

Stōke, *v. t. & i.* തീയുലത്തുക; 2. തീ ഇടുക, —പിടിപ്പിക്കുക. s.-hole ഉലവായി, ഉലത്തറ. stō'kĕr, *n.* തീയിടുന്നവൻ, കരിക്കാരൻ; (ഉലയിൽ) കരി(ഇടുന്ന) യന്ത്രം; തീക്കോല്, കൊടില്.

Stō'la, *n.* (*pl.* stō'læ) സ്ത്രീകളുടെ നിലയങ്കി.

I. Stōle, *p. t. of* Steal.

II. Stōle, *n.*, *s. a.* Stolon.

III. Stōle, *n.* നിലയങ്കി; 2. (ബോധകചമയത്തിലെ) പട്ടുനാട (*eccl.*). groom of the s. പള്ളിയറപ്രമാണി. stōled (stōld), *a.* നിലയങ്കിധരിച്ച; പട്ടുനാട വെച്ച.

Stōl'en, *p. p. of* Steal.

Stol'id, *a.* മുഠാളൻ ആയ, വിട്ടഭോഷൻ—, മന്ദബുദ്ധി—; ചുണകെട്ട. =lid'-i-ty, -ness, *n.* വിട്ടവിഡ്ഢിത്വം, മന്ദബുദ്ധി, ബുദ്ധിമാന്ദ്യം, പൊട്ടത്തരം.

Stō'lon, Stōle, *n.* വേട് (*b.*).

Stō'ma, Stō'māte, *n.* (*pl.* stom'-a-ta) സൂക്ഷ്മരന്ധ്രം (*an.*); 2. ശ്വാസരന്ധ്രം (*b.*). =mat'ic, *a.* ശ്വാസരന്ധ്രം സംബന്ധിച്ച (*b.*). stom-a-tif'ĕr-ŏus, stom'a-tŏus, *a.* —ഉള്ള; —രന്ധ്രജനകമായ.

Stŏm'ach (stum'ak), *n.* ആമാശയം, അന്നാശയം, പക്വാശയം, തീൻപണ്ടി; പൊട്ടി (*an.*); 2. വയറ്, ഉദരം, കുക്ഷി, ജഠരം, പിചണ്ഡം; വട്ടി, കുംഭ, പള്ള (*an.*); 3. വിശപ്പ്, തിന്നിഭ്രാന്ത്, ഭക്ഷണോന്മേഷം; ദഹനം, ജഠരാഗ്നി; 4. ആഗ്രഹം, ഇച്ഛ, താല്പര്യം; 5. കോപം, രോഷം; 6. ഗർവ്വം, ഡംഭ്. s.-pump ആമാശയവസ്തി (*med.*). s.-tube ആമാശയക്കുഴല് (*med.*). s.-worm ഇര, പാമ്പൻ (*z.*). *v. t.* ഉള്ളിൽ വെക്കുക, കരുതി—; 2. സഹിക്കുക; 3. മുഷിയുക, വെറുക്കുക. -al, =mach'ic, =mach'i-cal, *a.* ആമാശയം സംബന്ധിച്ച; വയററിന്റെ, വയററിലെ; ദഹനസംബന്ധമായ; അഗ്നിവർദ്ധകമായ, ദീപനത്തിനുള്ള. -al, =mach'ic, *n.* അഗ്നിവർദ്ധകൌഷധം, ദീപനൌഷധം (*med.*). -ĕr, *n.* സഹിക്കുന്നവൻ; മാപ്പുതക്കം, പതക്കം. -less, *a.* ആമാശയമില്ലാത്ത; അരോചകമുള്ള, തിന്മാൻമനസ്സില്ലാത്ത. -y, *a.* ദുശ്ശാഠ്യം ഉള്ള; കണ്ണിതം—; പൊങ്ങച്ചം—.

Stō'ma-pod (*pl.* stō-map'ō-da), Stom'a-to-pod (*pl.* -top'ō-da), *n.* ക്രൂരിക്കവർഗ്ഗപ്രാണി, ക്രൂരിക്ക (*z.*).

Stō'māte, *n.*, *s. u.* Stoma.

I. Stō-mat'ic, =tif'ĕr-ŏus, *s. u.* Stoma.

II. Stō-mat'ic, *n.* കവിളുന്നമരുന്ന്, വായികൊള്ളുന്ന—, വായ്പുണ്ണ്— (*med.*). stom-a-tī'tis, *n.* വായ്പുണ്ണ് (*med.*). stom'a-tō-scōpe, *n.* വക്ത്രദർശിനി (*med.*).

Stom-a-tī'tis, *s. u.* Stomatic II.

Stom'a-tō-scōpe, *s. u.* Stomatic [II.

Stom'a-tŏus, *s. u.* Stoma.

Stomp, *v. i.* ചുവട്‌വെക്കുക; 2. അടിവെച്ച് നടക്കുക.

Stōne, *n.* കല്ല്, ശില, പാഷാണം; 2. രത്നം, രത്നക്കല്ല്, കല്ല്; 3. കല്ലറ, സ്മശാനസ്തംഭം; 4. കല്ലടപ്പ്, നീരടപ്പ് കല്ല്, അശ്മരി (*med.*); 5. വൃഷണം, പിട്ടുക്ക്, അണ്ഡം, അണ്ടി (*an.*); 6. അണ്ടി, കുരട്ട, കുരു (*b.*); 7. പതിന്നാല് റാത്തൽതൂക്കം, (മാംസം, മത്സ്യം: 8 റാത്തല്; പാല്ക്കുട്ടി: 16 റാത്തല്; ചണം: 32 റാത്തല്; കണ്ണാടി: 5 റാത്തല്) കല്ല്; 8. കട്ടപ്പം, ഉറപ്പ്, കല്ലിപ്പ്, കാഠിന്യം; 9. അച്ച് കല്ല് (*print.*). s.-age ശിലായുഗം. s. bass

ഒര് മത്സ്യം (*z.*). s.-biter ഒര് മത്സ്യം (*z.*). s.-blind ഘനാന്ധനായ, പൂണ്ണാന്ധനായ, കണ്ണ് ഒട്ടും കാണാത്ത. s.-boiling (പഴുപ്പിച്ച) കല്ലിട്ട് വതപ്പിക്കല്, ശിലാപചനം. s.-bow ഒര് വക വില്ല്, വില്ലൂവിണ. s.-brash ചരല് മണ്ണ്. s.-break ഒര് ചെടി (*b.*). s.-breaker (കല്ല്) മുട്ടിയന്ത്രം. s.-bruise, s.-crush കല്ല് (തറച്ച) മുറി, കല്ലരിക്ക്. s.-buck ഒര് വക കലമാൻ (*z.*). s.-cat കല്ലേട്ട (*z.*). s.-chat, s.-smickle ഒര് ചെറുപക്ഷി (*z.*). s.-coal കല്ക്കരി. s.-cold കുളിത്തട്ടയായ, വിറങ്ങലിച്ച, നന്നതണുത്ത. s.-cutter കല്ല് കൊത്തുന്നവൻ, കല്ലൊത്തി, കക്കൊത്തി, കല്ലാശാരി, കല്ലൊട്ടി, കല്ല് ചെത്തുന്നവൻ, പെരുന്തേരി; കല്ല് ചെത്ത് യന്ത്രം; രത്നം കടയുന്നവൻ. s.-cutting കല്ല് കൊത്തൽ; കല്ല് കടച്ച(ച്ചി)ൽ. s.-dead അശേഷം ജീവനില്ലാത്ത, ചത്ത് വിറങ്ങലിച്ച. s.-deaf ചെവി ഒട്ടും കേൾക്കാത്ത. s.-fruit കുരു(ഉള്ള)പ്പഴം (*b.*). s.-hammer (കല്ല്)മുട്ടി. s.-hatch ഒര് പക്ഷി (*z.*). s.-hearted മനഃകട്ടപ്പം ഉള്ള, കഠിനമനസ്സ്—, ക്രൂരത—, ദയയില്ലാത്ത. s.-jar കല്ലുരണി. s.-mason കല്ലാശാരി, പെരുന്തേരി, കല്ലണിക്കാരൻ, പൂഴിത്തച്ചൻ, പരവൻ, പരക്കുറുപ്പ്. s.-mortar ഒര് വക പീരങ്കി (*mil.*). s.-oil കല്ലെണ്ണ, മണ്ണെണ്ണ. s.-pit കല്ല(പ്പ)ണ, കല്ക്കുഴി, കല്ല് വെട്ട് കുഴി (*S.*). s.-pitch (ഒര് വക) കന്മദം. s.-still ഇളകാത്ത, കരിങ്കല്ല് പോലെ ഉറച്ച. s.'s cast, s.'s throw കല്ലേറ് (ദൂരം). s.-ware ഒര് വക കല്പാത്രം, കല്ച്ചട്ടി, കൽഭരണി. s.-work കല്ലണി; കല്ക്കെട്ട്, കന്മതില്. bowing s. ശിലാജ്ഞാപകം. granite s. കരിങ്കല്ല്. laterite s. കല്ല്, വെട്ട് കല്ല്. meteoric s. ഉല്ക്കശില, വാനശില, കൊള്ളിമീങ്കല്ല്. philosopher's s. സ്വൎണ്ണമണി, സ്വൎണ്ണസിദ്ധി, പൊങ്കല്ല്; ഗഗനകുസുമം. precious s. രത്നക്കല്ല്, രത്നം. to leave no s. unturned കഴിവുള്ള തൊക്കയും ചെയ്യുക, ചതുരുപായവും പ്രവൃത്തിക്കുക. *a.* കല്ല് കൊണ്ടുള്ള; 2. കല്ല് സംബന്ധിച്ച; 3. കുരുഉള്ള, അണ്ടി—, കുരട്ട—; 4. കല്ല് പോലെ—. *v. t.* കല്ലെറിയുക, എറയുക, തെറുക; 2. കല്ലെറിഞ്ഞ് കൊല്ലുക; 3. കല്ലിപ്പിക്കുക, ഉറപ്പിക്കുക; കഠിനപ്പെടുത്തുക; 4. കുരുനീക്കുക, കുരുകളയുക; 5. കല്ല് കെട്ടുക, —പടുക്കുക; 6. കല്ല് കൊണ്ടുരക്കുക. stō'nĕr, *n.* കല്ലെറിയുന്നവൻ, ഏറുകാരൻ; കന്മതില് കെട്ടുന്നവൻ. stō'ni-ly, *ad.* കല്ല് പോലെ, കല്ലായി. stō'ni-ness, *n.* കല്ലിപ്പ്, കട്ടപ്പം, കാഠിന്യം. stō'nish, *a.* കല്ല് പോലെയുള്ള, ശിലാമയമായ. stō'ny, *a.* കല്ല് സംബന്ധിച്ച; —ഉള്ള; —പോലെ—, ഉറപ്പ്—; കല്ലിപ്പിക്കുന്ന, കല്ലാക്കുന്ന; കല്ലായുള്ള, ദയയില്ലാത്ത, ക്രൂരമായ; വിറങ്ങലിച്ച.

Stood, *v.i. ir. p.t.& p.p. of* Stand.

Stook, *n.* കററ. *v. t.* കററകെട്ടുക.

I. Stool, *n.* കൊമ്പ് (മുളപ്പിച്ചുണ്ടാകുന്ന) ചെടി (*b.*). *v. i.* കൊമ്പുണ്ടാക; പടരുക; 2. നാര് പുറപ്പെടുക; 3. മുളവരിക.

II. Stool, *n.* മുക്കാലി, നാല്ക്കാലി; 2. ബാഹ്യപീഠം, ബാഹ്യാസനം; 3. ബാഹ്യം, കാല്മടക്കം, കടവിറങ്ങൽ, പുറായിക്കിരിക്കൽ, കളാത്ത് (*M.*); 4. അമേദ്ധ്യം, മലം, തീട്ടം; 5. കെണിപ്രാവ്, വശീകരണപ്പക്ഷി (*U. S.*); 6. അദ്ധ്യക്ഷാസനം, അദ്ധ്യക്ഷയിടവക; 7. പാദപീഠം, കാല്പീഠം; 8. മുരു (പിടിപ്പാൻ വെച്ച) സാധനം, മുരുക്കരു. s.-pigeon വശീകരണപ്പക്ഷി; വശീകരിക്കുന്നവൻ. window-s., s. of a window ജാലകപ്പടി (*arch.*). cutty-s., s. of repentance ചെറുമുക്കാലി (*Scot.*).

I. Stoop, *n.* പൂമുഖം; 2. പുറക്കോവണി; 3. പടിപ്പുര; 4. നട; 5. കോലാ(നാ)യി.

II. Stoop, Stoup (stụp), *n.* മദ്യപാത്രം, കുടം; കപ്പി, ഭരണി.

III. Stoop, *n.* തൂണ്, നാട്ട.

IV. Stoop, *v. i.* കുനിയുക, അകത്തോട്ട് വളയുക, മണങ്ങുക; 2. കൂനുക, കൂന്ന് നടക്കുക; 3. താഴുക, കീഴ്പ്പെടുക, വഴങ്ങുക, വണങ്ങുക, അധീനമാക; 4. താഴ്മകാട്ടുക, വിനയം—; 5. റാഞ്ചുക, (ഇ)റാവുക; 6. പറന്ന് താഴുക, —വീഴുക. *v. t.* കുനിക്കു

ക, വളക്കുക; 2. ചരിക്കുക, ചായ്ക്കുക. *n.* കനിവ്, വളവ്; 2. കൂന്; 3. താഴ്ച, വിനയം; 4. താഴ്ച, അധഃപതനം,ദൈന്യം; 5. റാഞ്ചൽ. -'ĕr, *n.* കനിയുന്നവൻ, വണങ്ങുന്നവൻ. -'iṅg, *a.* വണങ്ങുന്ന; അകവളവുള്ള. *n.* അകവളവ്, കൂന്. -'iṅg-ly, *ad.* വണക്കത്തോടെ; വിനയത്തോടെ.

Stop, *v. t.* (*p. t.* & *p. p.* stopped, *pr.* stopt) അടക്കുക; 2. പൊത്തുക; 3. മുറികെട്ടുക; 4. തടുക്കുക, തടസ്ഥപ്പെടുത്തുക, മുടക്കുക; 5. നിൎത്തുക, നിൎത്തലാക്കുക; 6. കുത്തിടുക, വിരാമംകറിക്കുക (*gr.*); 7. (സ്വരം) ക്രമപ്പെടുത്തുക (*mus.*); 8. അടച്ച് വെക്കുക, അടപ്പിടുക (*naut.*). *v. i.* അടയുക; 2. നില്ക്കുക; 3. മതിയാക്കുക; 4. താമസിക്കുക, പാൎക്കുക. *n.* നിൎത്തൽ; 2. നില്പ്, നിൎത്ത്; 3. തടസ്ഥം, മുടക്കം; 4. (സ്വര)വിധാനസൂത്രം (*mus.*); 5. കുത്ത്, വിരാമം (*gr.*); 6. അല്പപ്രാണം (*gr.*). s.-cock അടപ്പ് കുഴല്, അടപ്പ് നാളം. s.-gap അടപ്പ്; തല്ക്കാലനിവൃത്തി, ഉപായം. s.-ship ഒര് മത്സ്യം (*z.*). s.-watch നിൎത്ത് ഘടികാരം. -'less, *a.* നിൎത്തില്ലാത്ത, നില്ക്കാത്ത. -'pāġe, *n.* നിൎത്തൽ; നിൎത്ത്; നില്പ്, നിന്ന് പോകൽ; താമസം; പിടിത്തം; തടസ്ഥം. -'ped, *a.* അല്പപ്രാണമായ (*gr.*). -'pĕr, *n.* നിൎത്തുന്നവൻ, നില്പിക്കുന്നവൻ; അടക്കുന്നവൻ; തടസ്ഥം ചെയ്യുന്നവൻ; തിരുക്ക്, അടപ്പ്, 'ബൂച്ച്', 'കാൎക്ക്'; ഊരാങ്കുടുക്ക് (*naut.*). *v. t.* തിരുക്കിടുക, അടക്കുക, അടപ്പിടുക. -'piṅg, *n.* തിരുക്ക്, അടപ്പ്; മറ (*ming.*); വാതില് (*ming.*). s.g out ോവകക്കൊത്ത് പണി. -'ple, *n.* അടപ്പ്, തിരുക്ക്, മൂടി. *v. t.* തിരുക്കിടുക, അടക്കുക, മൂടുക.

Stōpe, *n.* ചാമ്പറക്കുഴി, ചാമ്പറഖനി (*ming.*). *v. t.* ചാമ്പറയായി കുഴിക്കുക (*ming.*). stō'piṅg, *n.* ചാമ്പറയായി കുഴിക്കൽ.

Stop'less, Stop'pāġe, Stop'ped, Stop'pĕr, *etc.*, *s. u.* Stop.

Stō'rāġe, *n.*, *s. u.* Store.

Stō'rax, *n.* ഒര് സുഗന്ധപ്പശ, ഗുല്ഗുലു, ശിലാകുസുമം, ശിലാപുഷ്പം, ശിലാരസം.

Stōre, *n.* സംഭാരം, ശേഖരം, സംഗ്രഹം; 2. കൂട്ടം, സഞ്ചയം; 3. സമൃദ്ധി; 4. ഇട്ട് കെട്ട് (*S.*), കെട്ടിയിരിപ്പ്; 5. ഉഗ്രാണം, അറ, കലവറ, ഭണ്ഡാരം, പത്തായപ്പുര; 6. പാണ്ടികശാല, കൊട്ടില് (*P.*); പീടിക, കട (*S.*); 7. *pl.* ഭക്ഷണക്കോപ്പ്, കോപ്പ്; 8. യുദ്ധസംഭാരം. s.-clothes വിക്രയചമയം, വിക്രയവസ്ത്രം. s.-house കലവറ, പത്തായപ്പുര; പാണ്ടികശാല. s.-keeper കലവറക്കാരൻ; പീടികക്കാരൻ. s.-pay പണത്തിന്ന് പകരം സാധനം കൊടുക്കൽ, സാധനശമ്പളം. s.-room കലവറ, സംഭാരമുറി. s.-ship യുദ്ധസംഭാരക്കപ്പല്. in s. കരുതിവെച്ചത്, ഒരുക്കമുള്ളത്, വെച്ചിരിപ്പുള്ളത്. to set s. by വിലമതിക്കുക, —വെക്കുക, കാൎയ്യമായി വിചാരിക്കുക. *a.* ശേഖരിച്ച, കൂട്ടിവെച്ച. *v. t.* കരുതിവെക്കുക, സംഗ്രഹിച്ച് —, ശേഖരിച്ച്—; 2. കൂട്ടി—, കെട്ടി—; 3. സൂക്ഷിച്ച്—, അറയിൽ ഇടുക, പത്തായത്തിൽ—. stōred (stōrd), *a.* ശേഖരിച്ച് വെച്ച, സംഭരിച്ച്—. stō'rĕr, *n.* —വെക്കുന്നവൻ.

Stō'rey, *n.*, *s. a.* Story I.

Storġe, *n.* പുത്രവാത്സല്യം, സന്താനപ്രതിപത്തി; 2. (ജന്തുക്കളുടെ) പിള്ളസ്നേഹം.

Stō'ried, *a.*, *s. u.* Story I. & II.

Stork, *n.* കൊക്ക്, കൊച്ച, ബകം (*z.*). s.-billed കൊക്ക് നീണ്ട.

Storm, *n.* കൊടുങ്കാററ്, പെരുങ്കാററ്, കോള്, 'തൂഫാൻ' (*M.*); 2. കലക്കം, അമളി, കലാപം, ലഹള, മത്സരം; 3. എതിൎപ്പ്, വിരോധം; 4. ക്ഷോഭം; 5. ആക്രമണം. s.-beat കോള് കൊണ്ട് കേട് തട്ടിയ. s.-cock ഒര് പക്ഷി (*z.*). s.-finch ഒര് പക്ഷി (*z.*). s.-glass ഋതുഭേദേശിനി(യന്ത്രം). s.-tossed കോളിലകപ്പെട്ട. s.-sail തടിച്ച കപ്പപ്പായി. s.-wind ഊക്കുള്ള കാററ്, കൊടുങ്കാററ്. s.-window (ജാലകത്തിന്റെ) പുറക്കതക്, ഇരട്ടജാലകം. *v. t.* ആക്രമിക്കുക, കയറിപ്പിടിക്കുക, കോട്ടപിടിക്കുക. *v. i.* കൊടുങ്കാററടിക്കുക, കോളെടുക്കുക, കോളുണ്ടാക; 2. കാററും മഴയും ഉണ്ടാക: it s.s

കാററും മഴയും ഉണ്ട്; 3. കോപിക്കുക, ക്രുദ്ധിക്കുക. -'ful, *a.* കൊട്ടങ്കാററ് അധികമുള്ള. -'ful-ness, *n.* പെരുങ്കാററ് കൊട്ടങ്കാററിൻെറ ആധിക്യം. -'i-ly, *ad.* കൊട്ടങ്കാററായി; ക്രോധത്തോടെ. -'like, *a.* കൊട്ടങ്കാററ്പോലെയുള്ള. -'i-ness, *n.* കൊട്ടങ്കാററടിക്കൽ; ഊക്ക്, രൂക്ഷത; ക്രോധം. -'ing, *a.* ആക്രമിക്കുന്ന. s.-g party ആക്രമസേന (*mil.*). -'less, *a.* കൊട്ടങ്കാററില്ലാത്ത, ശാന്തമായ. -'y, *a.* കോളുള്ള; കൊട്ടങ്കാററ്സംബന്ധിച്ച; ക്രോധം ഉള്ള, കടുങ്കോപം—; പരുഷമായ, രാഗാനചിതമായ.

**Storth'ing** (stort'ing), *n.* നൊർവ്വെരാജ്യാലോചനസഭ.

I. **Stō'ry, Stō'rey,** *n.* തട്ട്, നില, മാടം, മാളിക; 2. തട്ടുയരം. s.-post മാടത്തൂണ് (*arch.*). stō'ried (-rid), *a.* തട്ടുള്ള, നിലയുള്ള, നിലയായ മാളികയായ.

II. **Stō'ry,** *n.* കഥ, ചരിത്രം, ചരിതം, വിവരം; ഐതിഹ്യം, ഇതിഹാസം; പുരാണം; 2. ചെറുകഥ, കെട്ട് കഥ, കള്ളക്കഥ; 3. പൊള്ള്, ഭോഷ്ക്, കളവ്, കള്ളം (*S.*). s.-book കഥപ്പുസ്തകം. s.-teller കഥ പറയുന്നവൻ; കഥകെട്ടിയുണ്ടാക്കുന്നവൻ; ചരിത്രക്കാരൻ; വളതംപറയുന്നവൻ, പൊള്ള്—, പൊള്ളൻ. s.-telling കഥ പറയുന്ന; കഥപറയൽ. s.-writer കഥാരചകൻ. *v. t.* കഥപറയുക; 2. കഥയായെഴുതുക; 3. ചരിത്രം—. stō'ried (-rid), *a.* കഥയായ; ചരിത്രവിശേഷം ഉള്ള, ഐതിഹ്യംആയ, പൌരാണികം—.

**Stot,** *n.* കട്ടൻ, കാളക്കിടാവ്.

I. **Stound,** *v. i.* വേദനയുണ്ടാക; 2. സങ്കടപ്പെടുക. *n.* കഠിനവേദന; 2. പെട്ടന്നുള്ള ദുഃഖം.

II. **Stound,** *s. a.* **Astound.**

**Stöup** (stụp), *n.* കിണ്ടി, മുരുട, ഒര് ദ്രാവകയളവ്പാത്രം; 2. പരിശുദ്ധജല പാത്രം, അന്നദവെള്ളപാത്രം, കാസ (*R. C. Syr.*).

**Stöur** (stụr), *n.* കലഹം, കലശല്; 2. പൊടിപടലം.

I. **Stout,** *a.* ബലം ഉള്ള, കെല്പ്—, ഊക്ക്—, ശക്തി—; 2. സ്ഥൂലിച്ച, പുഷ്ടിച്ച, തടിച്ച; 3. ധൈര്യം ഉള്ള, വീര്യം—, ശൌര്യം—, പൌരുഷം—; 4. പ്രൌഢി—, ഡാബ്—, പൊങ്ങച്ചം—; 5. ഉറപ്പ്—, കട്ടിആയ; പരുക്കൻ—; 6. പൊണ്ണത്തടിയൻ—, പൊണ്ണൻ— (*S.*). വണ്ണം ഉള്ള, മാംസളതചം—. s.-built, s.-made കായബലം—, ഊക്ക്—. s.-hearted ധീരത—, നെഞ്ചുറപ്പ്—. s.-heartedness ധീരത, ശൌര്യം. -'ish, *a.* സാമാന്യം വണ്ണമുള്ള, പൊണ്ണനായ (*S.*). -'ly, *ad.* ഊക്കോടെ; ധൈര്യത്തോടെ; നിശ്ശങ്കയായി; തീരെ, കേവലം. -'ness, *n.* ഊക്ക്, കെല്പ്; തടി, വണ്ണം; പുഷ്ടി.

II. **Stout,** *n.* (വീര്യമുള്ള) യവമദ്യം, ഒര് വക (കടുപ്പമുള്ള) ബീര്.

I. **Stōve,** *p. p. of* **Stave.** *a.* പൊളിഞ്ഞ, പൊട്ടിയ.

II. **Stōve,** *n.* ചൂട് (പിടിപ്പിച്ച)മുറി; 2. ഉഷ്ണഗൃഹം; 3. ചൂളയറ; 4. അടുപ്പ്, നെരുപ്പോട്, തീച്ചട്ടി; ചൂട്ടടുപ്പ്, ഇരിമ്പടുപ്പ്. s.-house ഉഷ്ണഗൃഹം. s.-pipe അടുപ്പ് കുഴല്. s.-pipe hat നെടുന്തൊപ്പി. cooking s. ഇരിമ്പടുപ്പ്. *v. t.* ഉഷ്ണഗൃഹത്തിൽവെച്ച് വളത്തുക; ചൂട് വരുത്തുക (*b.*); 2. ഉണക്കുക; 3. ചൂടാക്കുക.

**Stō'vĕr,** *n.* കന്നുകാലിത്തീന്, പുല്ല്, വൈക്കോല്.

**Stōw** (stō), *v. t.* അടുക്കുക, അടുക്കിവെക്കുക, അട്ടി—, —ഇടുക; 2. ചേത്ത് വെക്കുക, ശേഖരിച്ച്—; 3. ഒളി(പ്പി)ച്ച്—. s. away കപ്പലിൽ ഒളിവായി കയറിയവൻ, കള്ള'ഉത്താരി'. s.-board, s.-bord കപ്പ, കപ്പക്കുണ്ട്. -'ăġe, *n.* അടുക്കിവെക്കൽ; സംഗ്രഹം, ശേഖരിപ്പ്; അറ, കലവറ; അടുക്കിവെച്ച സ്ഥിതി; —ചരക്ക്, അട്ടിച്ചരക്ക്, അട്ടി; അട്ടി(വെക്കുന്ന)കൂലി. -'ing, *n.* ഒര് വക ഖനിപ്രവൃത്തി.

**Stra-bis'mus,** *n.* കോങ്കണ്ണ് (*med.*). =mom'e-tĕr, *n.* കോങ്കണ്ണ്മാത്ര (*med.*). =bot'o-my, *n.* കോങ്കണ്ണ് (ശസ്ത്ര)ചികിത്സ (*med.*).

**Strad'dle**, *v. i.* കാല്കവച്ച്വെക്കുക; —നടക്കുക, പാത്തി—; 2. പിണെച്ച്വെക്കുക. *v. t.* കാല്കവച്ച്—. *n.* —വെക്കൽ, —നടക്കൽ; 2. കവയകലം; കവപ്പ്; 3. ഒര്വക വിക്രയാവകാശം. -'dling, *a.* പിണെഞ്ഞിരിക്കുന്ന.

**Strag'gle**, *v. i.* വഴിതെറ്റുക; 2. അലഞ്ഞ്നടക്കുക, ഉഴലുക; 3. അണിപിശകുക; 4. ചിതറിയിരിക്കുക; 5. ചെല്ലിയെഴുകുക (*S.*), പടന്ന്പോക (*b.*); 6. ഇടക്കിടെ ഉണ്ടാക, ഓരോരിക്കൽ സംഭവിക്കുക. *n.* അലഞ്ഞ്നടക്കൽ. **strag'-glĕr**, *n.* വഴിതെറ്റിനടക്കുന്നവൻ; കൂട്ടം പിരിഞ്ഞ്—; അലഞ്ഞ്—; പടച്ച; പോളിപ്പ്; ഒററത്തററയായിരിക്കുന്നത്, ചെല്ലി (*S.*). **strag'gling**, *a.* വഴിതെററിയ, അലഞ്ഞ്നടക്കുന്ന; പടന്ന, പോളിച്ച. *n.* വഴിതെററൽ, അലഞ്ഞ്നടക്കൽ; പോളിക്കൽ. **strag'gling-ly**, *ad.* ഒററതിരിഞ്ഞ്, ചിതറിക്കൊണ്ട്.

**Strāight** (strāt), *a.* നേരെയുള്ള, ചൊവ്വായ, സരളമായ, വളവില്ലാത്ത; 2. (ചീട്ട്കളിയിൽ ഒരേജാതിയിൽ ആസ് രാജാവ് രാജ്ഞി ജാക്കി പത്താം പുള്ളി ഇവ തുടച്ച്യായുള്ള) ഐമ്മെച്ചമായ; 3. നീതി ഉള്ള, നേര്—, പരമാൎത്ഥം—; 4. കലപ്പില്ലാത്ത, വെള്ളം കൂട്ടാത്ത; 5. ഇടുങ്ങിയ, അകലം കുറഞ്ഞ. **s.-edge** മട്ടക്കോല്. **s.-flush, s.-hand** (ചീട്ട്കളിയിലെ) ഐമ്മെച്ചം. **s.-lined** നേർരേഖയായ. **s.-out** തുറന്ന് പ്രവൃത്തിക്കുന്ന, നേരെവാ നേരെപോ എന്നുള്ള; യഥാൎത്ഥം ആയ; കേവലം—. **s.-spoken** നേരെ പറയുന്ന, തുറന്ന്— (*U. S.*). **s.-way, s.-ways** ഉടനെ, തല്ക്ഷണം. **a s. face** ഗൌരവഭാവം. **a s. line** നേർരേഖ, സരളരേഖ (*geom.*). *n.* (ശീട്ട്കളിയിൽ) ഐമ്മെച്ചം. *v. t.* നേരെയാക്കുക. **-'en**, *v. t.* നേരെയാക്കുക, ചൊവ്വാക്കുക; നിവിൎത്തുക; ശരിപ്പെടുത്തുക, ക്രമപ്പെടുത്തുക. **to s.n one's face** ഗൌരവഭാവംകാട്ടുക. **-'enĕr** (-nĕr), *n.* നേരെയാക്കുന്നവൻ. **-for'ward**, *a.* നേരെയുള്ള, ചൊവ്വായ വളയാത്ത; പരമാൎത്ഥം ഉള്ള, യഥാൎത്ഥം—. *ad.* നേരെ; പരമാൎത്ഥത്തിൽ, നേരായി. **-for'ward-ly**, *ad.* യഥാൎത്ഥമായി, നേരായി; നേരെ. **-for'-ward-ness**, *n.* ചൊവ്വ്; പരമാൎത്ഥം, യഥാൎത്ഥം. **-'ly**, *ad.* നേരെ, ചൊവ്വായി, വളയാതെ; ഇടുക്കത്തോടെ, ഇറുക്കത്തോടെ, ഇറുങ്ങിക്കൊണ്ട്. **-'ness**, *n.* ചൊവ്വ്, സരളത്വം; ഇടുക്കം, ഞെരുക്കം.

I. **Strāin**, *n.* വംശം, സന്താനം, സന്തതി, വൎഗ്ഗം, കുലം; 2. തറവാട്, വീട്, കുഡുംബം, ഗൃഹം; 3. ജാതിസ്വഭാവം, പാരമ്പൎയ്യഗുണം; 4. വക, തരം, ജാതി, ഇനം (*S.*).

II. **Strāin**, *v. t.* വലിച്ച്നീട്ടുക, മുറുക്കുക; 2. മുക്കുക; 3. സാഹസപ്പെടുക, അതിപ്രയത്നംചെയ്യുക; 4. വളക്കുക; 5. നിൎബ്ബന്ധാൎത്ഥം ജനിപ്പിക്കുക, ഇല്ലാത്ത അൎത്ഥം ഉണ്ടാക്കുക; 6. (വലിച്ച്) ശക്തികുറക്കുക, ക്ഷീണിപ്പിക്കുക, കേട് വരുത്തുക; 7. ഉളുക്ക് വരുത്തുക, കൃച്ചല്—, ഊനം—; 8. ഞെക്കുക, ഞെരുക്കുക, പിഴിയുക, അമുക്കുക; 9. നിൎബ്ബന്ധിച്ച് വരുത്തുക, നടിക്കുക, സഹജമല്ലാത്തതാക്കുക; 10. നിൎബ്ബന്ധിക്കുക, ബുദ്ധിമുട്ടിക്കുക, അസഹ്യപ്പെടുത്തുക; 11. അരിക്കുക, വടികെട്ടുക; തെള്ളുക; തെളിയിക്കുക, ശുദ്ധിയാക്കുക. **to s. a point** പതിവ് വിട്ട് ചെയ്യുക, പ്രമാണം തെററി പ്രവൃത്തിക്കുക, നിൎബ്ബന്ധപൂൎവ്വം—. **to s. courtesy** കണക്കിലേറ ഉപചാരം കാട്ടുക, അധികോപചാരം—, ആചാരകൃത്യം—. *v. i.* സാഹസപ്പെടുക, അതിയത്നം ചെയ്യുക; 2. മുക്കുക; 3. (വെള്ളം) കനിഞ്ഞ് ചെല്ലുക, ഉൾപ്രവേശിക്കുക, ഊറുക. *n.* മുറുക്കൽ; 2. മുക്കൽ; 3. മുറുക്കം, വലിച്ചല്; 4. മുക്ക്; 5. അതിപ്രയത്നം, സാഹസം; 6. ഉളുക്ക്; 7. കേട്, ദൂഷ്യം; 8. തിങ്ങൽ, തിക്ക്; അമൎത്തൽ; അമൎച്ച (*ph.*); 9. രൂപഭേദം, ആകൃതി—; വലിപ്പ— (*ph.*); 10. രാശബന്ധം; രാഗം (*mus.*); 11. സതതസ്വരം, നിത്യപ്പാട്ട്; 12. പാട്ട്, സംഗീതം; 13. കവിത; 14. സാരം, താല്പൎയ്യം, വിഷയം; 15. രീതി, വിധം, ഭാവം; 16. ച്ഛവ, വാസന, ഛായ; 17. സ്വഭാവം, സഹജഗുണം. **-'a-ble**, *a.* മുറുക്കാവുന്ന, വലിച്ച്നീട്ടാകുന്ന. **-'a-bly**, *ad.* ഊക്കോടെ; ഭയങ്കരമായി. **strāined** (strānd), *a.* സാ

ഹസമായ, നിൎബ്ബന്ധത്താലുള്ള; സഹജമല്ലാത്ത; ലഘുവായ, ബലംകുറഞ്ഞ, കറവായ; രസക്ഷയമുള്ള; രസംകുറഞ്ഞ. -'ĕr, *n.* മുറുക്കുന്നവൻ, വലിക്കുന്നവൻ; അരിപ്പ. -'ing, *a.* അരിക്കുന്ന; മുക്കുന്ന. *n.* തെളിതാര (*S.*); മുക്കല്.

**Strāit,** *a.* ഇടുങ്ങിയ, ഇടുക്കമുള്ള, ഇടുക്ക്, അകലംകുറഞ്ഞ; ഇറുങ്ങിയ, ഇറുക്കമുള്ള, കട്ടസ്സായ (*S.*); 2. പററിയ, മുറുക്കമുള്ള; 3. ഖണ്ഡിതം ആയ; 4. ദുൎഘടം—, വിഷമം ഉള്ള, പ്രയാസം—. **s.-handed** കൈമുറുക്കം—, ഈററ—. **s.-handedness** ലുബ്ധ്, ഈററ. **s.-jacket, s.-waistcoat** (ഭ്രാന്തന്മാരെ ധരിപ്പിക്കുന്ന) കട്ടങ്കുപ്പായം. **s.-laced** മാറുമുറുക്കിധരിച്ച; ഖണ്ഡിതം ഉള്ള, കൃത്യം—. *n.* ഇടുക്ക്, ഇടുക്ക് വഴി; 2. *s.* or *pl.* കടൽകൈവഴി, കടലിടുക്ക് (*geog.*); 3. കരയിടുക്ക്; 4. *pl.* ബുദ്ധിമുട്ട്, ഞെരുക്കം, ശതിരകട്. **-'en,** *v. t.* വിസ്താരംകുറക്കുക, ഇടുക്കമാക്കുക; ചുരുക്കുക, കുറക്കുക; ബന്ധിക്കുക; മുറുക്കുക; ഞെരുക്കുക: **s.ened circumstances** ദാരിദ്ര്യം, ബുദ്ധിമുട്ട്. -'ly, *ad.* ഇടുക്കമായി; കൃത്യമായി, ഖണ്ഡിതമായി. -'ness, *n.* ഇടുക്കം; ഞെരുക്കം, ദാരിദ്ര്യം,

**Strāke,** *n.* പുള്ളി, വര; 2. (വണ്ടിച്ചക്രത്തിന്റെ) വട്ട്; 3. (കപ്പലിന്റെ) ഒര് വരി പലക; 4. അരിപ്പത്തൊട്ടി (*ming.*).

**Strāle,** *n.* കണ്ണിലുണ്ണി, കൃഷ്ണമണി.

**Strā-mash',** *v.t.* അടിക്കുക; 2. പൊളിക്കുക, പൊട്ടിക്കുക, തകക്കുക, നശിപ്പിക്കുക. *n.* തകരാറ്, കലഹം, അടിപിടി.

**Stra-min'e-ŏus,** *a.* ഉണക്കപ്പുല്ല് കൊണ്ടുള്ള; 2. വൈക്കോലായ, പുല്ലായ; 3. പുല്ല് പോലെയുള്ള; 4. വൈക്കോൽനിറമുള്ള (*b.*).

**Stra-mō'ni-um, Stram'o-ny,** *n.* ഉന്മത്തം, ഉമ്മം, കരിയുമ്മത്തം, ധൂൎത്തം, മാതുലം, കനകം (*b.*).

I. **Strand,** *n.* (കയറിന്റെ) പിരി, ഇഴ. *v. t.* ഇഴപൊട്ടുക.

II. **Strand,** *n.* കടല്പുറം(പ്പുറം), സമുദ്രതീരം. *v. t.* (കപ്പല്) കരക്ക് കയററുക. *v. i.* (കപ്പല്) ഉറച്ച് പോക, അടിയുക, കരക്ക് കയറുക.

**Strānge,** *a.* (*c. d.* **strān'gĕr,** *s. d.* **strān'gest**) അന്യരാജ്യത്തുള്ള, പരദേശ്യം ആയ, വിദേശ്യം—; 2. അന്യം—, ഇതരം—; പരന്മാൎക്കുള്ള, സ്വന്തമല്ലാത്ത; 3. അപൂൎവ്വം ആയ, പുതുമ—, വിചിത്രം—, ആശ്ചൎയ്യകരം—; 4. അസാധാരണം—, പതിവില്ലാത്ത, പ്രത്യേകമായ; 5. അകല്ച ഉള്ള, ശങ്ക—, മെരുങ്ങാത്ത, ഇണക്കം ഇല്ലാത്ത; 6. പരിചയം—. **s. sail** അറിയാത്ത കപ്പല്. **s. woman** പരസ്ത്രീ, വേശ്യ (*Bl.*). **to make it s.** അറിയാത്തഭാവം നടിക്കുക. **to make s., to make one's self s.** ആശ്ചൎയ്യം ഭാവിക്കുക; അറികയില്ലെന്ന പറയുക; പരദേശിവേഷം കെട്ടുക. *int.* അത്ഭുതം, ആശ്ചൎയ്യം. -'ly, *ad.* അറിമുഖം ഇല്ലാതെ, പരിചയം—, അകല്ചയോടെ; അത്ഭുതമായി, ആശ്ചൎയ്യകരമായി. -'ness, *n.* അന്യത, പുതുമ, അത്ഭുതം; അസാമാന്യത; അകല്ച, രസക്കേട്, നീരസം. **strān'gĕr,** *n.* അന്യൻ, പരദേശി, അന്യരാജ്യക്കാരൻ, വിദേശ്യൻ; വഴിപോക്കൻ; കണ്ടറിവ് ഇല്ലാത്തവൻ, മുഖപരിചയം—, അറിമുഖം—; അതിഥി, വിരുന്നുകാരൻ, വിട്ടതിക്കാരൻ; അന്യൻ (*l.*).

**Stran'gle,** *v. t.* കഴുത്ത് പിടിച്ച് ഞെക്കുക, കരള് പിടിച്ച്—, ഞെക്കിക്കൊല്ലുക; 2. വീൎപ്പ് മുട്ടിക്കുക, ശ്വാസം—; 3. ഇല്ലാതാക്കുക, നശിപ്പിക്കുക; 4. അമൎത്തിക്കളയുക, അമുക്കുക. *v. i.* വീൎപ്പ് മുട്ടുക, ശ്വാസം മുട്ടിച്ചാകുക. **-a-ble,** *a.* ഞെക്കിക്കൊല്ലാകുന്ന; അമുക്കിക്കളയാകുന്ന. ='glĕr, *n.* ഞെക്കിക്കൊല്ലുന്നവൻ; ഇല്ലാതാക്കുന്നവൻ, നശിപ്പിക്കുന്നവൻ. ='gles (-glz), *n.* (കുതിരകളുടെ) തൊണ്ടവീക്കം. ='gū-lāte, ='gū-lā-ted, *a.* കൃച്ഛ്രമായ, ഇറുങ്ങിയ, ചോര ഓടാത്ത, —കെട്ടിയ (*med.*); കെട്ട് വീണ (*b.*). **s.d hernia** ആന്ത്രവൃദ്ധി (*med.*). =gū-lā'tiŏn, *n.* ഞെക്കിക്കൊല്ലൽ; വീൎപ്പ് മുട്ടിക്കൽ (*med.*); ഇറുക്കം, അടപ്പ് (*med.*); ചോരയോട്ടം ഇല്ലാതാകൽ (*med.*). =gū'ri-ŏus, *a.* മൂത്രകൃച്ഛ്രംസംബന്ധിച്ച (*med.*); —ഉള്ള (*med.*). ='gū-

ry, *n.* മൂത്രച്ചൂട്, മൂത്രകൃച്ഛ്രം (*med.*); കെട്ട് വീഴൽ (*b.*).

**Strap,** *n.* തോൽവാറ്; 2. ചാട്ടവാറ്, കരടാവ്; 3. ചെരിപ്പ് വാറ്; 4. തോല്പട്ട; 5. പട്ട; 6. കത്തിയണക്കുന്നതോല്, അണത്തോല്; 7. സ്കന്ധശൃംഗാരം, ചുമല്പട്ട. **s.-shaped** അകലത്തെക്കാൾ (ആറിരട്ടി) നീളമുള്ള. **s.-work** ശൃംഗാരപ്പണി (*arch.*). *v.t.* (strapped, strapped, *pr.* strapt) കരടാവ് കൊണ്ട് അടിക്കുക, തോൽവാറ് കൊണ്ട്—; 2. തോൽവാറിട്ട് കെട്ടുക; 3. തോലിന്മേൽ അണക്കുക. **-pā'dō,** *n.* (കയറ് കെട്ടി മേല്പട്ട് വലിച്ച് താഴയിടുന്ന) ഒര് ശിക്ഷ. *v.t.* (വലിച്ച് താഴെയിട്ട്) ശിക്ഷിക്കുക. **-'pĕr,** *n.* തോൽവാറ് ഉപയോഗിക്കുന്നവൻ; കണക്കിലേറ വലിപ്പമുള്ള വൻ, പൊണ്ണത്തടിയൻ, 'നെട്ടക്രൂസ്' (*N.*); വണ്ണമുള്ള സാധനം. **-'ping,** *a.* നെടിയ, കെല്പനായ, നീളം ഉള്ള, ഊക്ക്—; പുഷ്ടി—; വലിയ.

**Strass,** *n.* സ്ഫടികക്കണ്ണാടി.

**Strā'ta,** *pl. of* **Stratum.**

**Strat'a-ġem,** *n.* (യുദ്ധത്തിലെ) കള്ളക്കൌശലം; 2. തന്ത്രം, കൌശലം, ഉപായം; ചതി, കയുക്തി. **=ġem'i-eal,** *a.* യുക്തിയുള്ള. **strat-e-ġet'ie, strat-e-ġet'i-eal, stra-teg'ie, stra-teg'i-eal,** *a.* ഉപായംസംബന്ധിച്ച; ചതിയായ; കൌശലത്താൽ സാധിപ്പിച്ച. **s.c line** യുദ്ധാനുക്രമസ്ഥാനമാർഗ്ഗം (*mil.*). **s.c point, s.l point** യുദ്ധാനുക്രമസ്ഥാനം, പോക്കളാനുകൂലം. **strat-e-ġet'ies, stra-teg'-ies, strat'e-ġy,** *n.* സേനാനയവിദ്യ; സേനാനായകത്വം; യുദ്ധനൈപുണ്യം; ഉപായപ്രയോഗം. **stra-teg'i-eal-ly,** *ad.* കൌശലത്തോടെ, ഉപായമായി. **strat'e-ġist,** *n.* യുദ്ധവിദഗ്ദ്ധൻ; സേനാനയനൈപുണ്യമുള്ളവൻ. **stra-tē'-gus,** *n.* (*pl.* **stra-tē'gī**) സേനാനി, പടനായകൻ.

**Strath,** *n.* വിശാലതാഴ്വര, നദീതാഴ്വര.

**Strath'spey** (-spā), *n.* ഒര് വക നൃത്തം; 2. ഒര് വക തുള്ളപ്പാട്ട്.

**Stra-tie'ū-lāte, Strat-i-fi-eā'tiŏn, Strat'i-fȳ,** *etc.*, *s. u.* **Stratum.**

**Stra-toe'ra-cy,** *n.* സൈന്യവാഴ്ച, പടയാളിക്കോയ്മ, സൈന്യാധിപത്യം, സൈന്യാധിപക്കോയ്മ.

**Stra-tog'ra-phy** (-fi), *n.* സൈന്യവിവരണം. **=graph'ie, =graph'i-eal** (-graf-), *a.* സേനാവിവരണം സംബന്ധിച്ച. [മായ.

**Stra-ton'ie,** *a.* സൈന്യസംബന്ധ

**Stra-tot'ie,** *a.* സേനാസംബന്ധമായ; 2. ആയോധനകാംക്ഷയുള്ള; 3. യുദ്ധസംബന്ധമായ.

**Strā'tum,** *n.* (*pl.* **strā'ta**) ശിലാനിര, ശിലാപ്രസ്തരം, പാറനിര, പാറയട്ടി (*min.*); 2. അട്ടി, നിര, വരി, അട്ടക്ക്; പട്ടക്ക് (*S.*). **=tie'ū-lāte,** *a.* അട്ടക്കട്ടക്കായ (*min.*). **strat-i-fi-eā'tiŏn,** *n.* അട്ടിവെക്കൽ, നിരനിരയായിവെക്കൽ; അട്ടക്ക്, അട്ടി; അട്ടക്ക് വളച്ച് (*phys.*). **strat'i-fīed,** *a.* അട്ടി ആയ, അട്ടക്കട്ടക്ക്—. **strat'i-form,** *a.* പ്രസ്തരാകൃതി—. **strat'i-fȳ,** *v.t.* അട്ടിയട്ടിയായി വെക്കുക. **strat-i-graph'ie, strat-i-graph'-i-eal** (-graf-), *a.* പ്രസ്തരസംബന്ധമായ (*geol.*). **=tig'ra-phy** (-fi), *n.* പ്രസ്തരശാസ്ത്രം (*geol.*). **='tus,** *n.* മേഘപ്രസ്തരം, കാറ്നിര, തട്ട് തട്ടായ (വിശാല) മേഘം.

**Straw** (strą), *n.* പുല്ല്, വയ്ക്കോല്, കച്ചി (*S.*). നെല്ക്കച്ചി (*S.*); 2. പുല്ക്കൂറ; 3. നിസ്സാരം, പുല്ല്, തൃണം. **s.-bid** വെറും ലേലം, എടുക്കാത്ത— (*U. S.*). **s.-board** വൈക്കോൽ (കടലാസ്) പലക. **s.-colour** വൈക്കോൽനിറം, ഇളമഞ്ഞ—. **s.-cut-ter** വൈക്കോൽനുറുക്കി (യന്ത്രം). **s.-plait, s.-plat** മിടഞ്ഞ വൈക്കോല്; വൈക്കോൽതൊപ്പി. **s.-roof** പുല്ല് മേഞ്ഞപുര. **man of s.** പുല്പാവ, തൃണമൂർത്തി; സങ്കല്പപുരുഷൻ; പാവ; ലഗ്നം, ചട്ടുകം; അരപ്പൈസക്കില്ലാത്തവൻ, നിസ്സാരൻ. **to be in the s.** പ്രസവിക്കുക, പെററ് കിടക്കുക. **-'y,** *a.* വൈക്കോല് കൊണ്ടുണ്ടാക്കിയ; —പോലെ ഉള്ള.

**Straw'ber-ry** (strą-), *n.* ഒരു പടച്ചെടി (*b.*); 2. (പടച്ചെടിയുടെ) രുചികരമായ ഒരു പഴം, 'സ്ത്രാബെറി'പ്പഴം (*b.*). **s.-leaf** 'സ്ത്രാബെറി'യില; രാജപ്രഭു (duke) സ്ഥാനചിഹ്നം.

**Strāy**, *v. i.* വഴിതെററുക, —പിഴക്കുക; തിരിഞ്ഞുപോക; 2. കൂട്ടം പിരിഞ്ഞുപോക; അലഞ്ഞുനടക്കുക; ചെല്ലിയെഴുകുക (*S.*). 3. തെററിപ്പോക, പിഴെച്ചുപോക. *a.* തെററിപ്പോയ; 2. അലഞ്ഞുനടക്കുന്ന, അനാഥ. *n.* കൂട്ടംപിരിഞ്ഞ മൃഗം, അലഞ്ഞുനടക്കുന്ന—, ചെല്ലി (*S.*); 2. തെററിലകപ്പെട്ടവൻ; 3. തെററിലകപ്പെടൽ. **-'ēr**, *n.* തെററിനടക്കുന്നവൻ, അലഞ്ഞു—.

**Strēak** (strēk), *n.* (ഇതരവൎണ്ണ)രേഖ, വര; 2. കര, പട്ട; 3. വരിപ്പലക, പലകവരി (*naut.*); 4. (ലോഹങ്ങളുടെ) ഉരപ്പൊടി, ഉരനിറം, മാററ് (*min.*). *v. t.* വരവെക്കുക, —ഇടുക; കരവെക്കുക; 2. നാനാവൎണ്ണമാക്കുക. **to s. it** വേഗത്തിൽ ഓടുക. **strēaked** (strēkt), **-'y**, *a.* വരവെച്ച; പലവൎണ്ണം ഉള്ള; വല്ലായ്മ—, സുഖം തോന്നാത്ത (*U. S.*).

**Strēam** (strēm), *n.* നീരൊഴുക്കം; ഒഴുക്കം, ധാര; 2. പ്രവാഹം, നദി, പുഴ, തോട്, നീച്ചാല്; 3. രശ്മി; 4. തുടൎച്ച; 5. ഗതി, പോക്ക്; വാസന, ചാച്ചു്. **s.-anchor** ചെറുനങ്കൂരം (*naut.*). **s.-ice** ഹിമനദി, ഹിമപ്രവാഹം. **s.-tin** വെള്ളീയപ്പൊടി. **s.-works** വെള്ളീയം അരിക്കുന്ന സ്ഥലം (*ming.*). **gulf-s.** സമുദ്രനദി (*geog.*). **to float with the s.** നാടോടുമ്പോൾ നടുവെ (ആയിരിക്കുക). *v. i.* ഒഴുകുക, പ്രവഹിക്കുക, ധാരയായി വീഴുക; 2. പൊഴിയുക; 3. പ്രകാശിക്കുക; 4. (കാററത്ത്)പാറുക, പറക്കുക. *v. t.* പ്രവഹിപ്പിക്കുക, ഒഴുക്കുക; 2. കല്മാഷമാക്കുക, വിവിധവൎണ്ണങ്ങളാൽ അലങ്കരിക്കുക; 3. വിടൎത്തുക, വിരിക്കുക. **-'ēr**, *n.* കൊടി, കൊടിക്കൂറ, പതാക; പ്രഭാനാളം; വെള്ളീയം അരിക്കുന്നവൻ. **-'ful**, *a.* നദികൾ ധാരാളമുള്ള, ജലപുഷ്ടിയുള്ള, ആററുപ്രദേശമായ. **-'i-ness**, *n.* ജലപുഷ്ടി; പ്രവാഹത്വം; ഒഴുക്കം; നാളം. **-'ing**, *a.* പ്രവഹിക്കുന്ന; ഒഴുകുന്ന. *n.* ഒഴുക്കം, പ്രവാഹനം; വെള്ളീയം അരിക്കൽ (*ming.*). **-'less**, *a.* പുഴകൾ ഇല്ലാത്ത, നീരൊഴുക്കം—, വരണ്ട. **-'let**, *n.* തോട്, നീച്ചാല്. **-'y**, *a.* ജലപുഷ്ടിഉള്ള, നീരൊഴുക്കം—; പ്രവാഹതുല്യം ആയ; പ്രവാഹം—.

**Strēet**, *n.* നിരത്ത്, വഴി, രാജമാൎഗ്ഗം; 2. തെരു(വ്), വീഥി, തെരുവീഥി. **s.-Arab** അലഞ്ഞുനടക്കുന്നവൻ, തെണ്ടി—, തുക്കിപ്പെറുക്കി, അനാഥൻ. **s.-broker** (ഒരു വക) സ്വകാൎയ്യപണമിടവാട്ടുകാരൻ. **s.-crossing** കല്ലുപടുത്തവഴി. **s.-door** (വീട്ടിന്ന്) തെരുവീഥി (ഭാഗത്തേക്കുള്ള) വാതില്. **s.-walker** വേശ്യ, പരസ്ത്രീ, വിലമകള് (*S.*). **the s.** പണമിടവാട് സ്ഥലം; —വൎഗ്ഗക്കാര്. **-'ward**, *a.* തെരുവീഥികൊള്ളെയുള്ള.

**Streṅgth, Streṅgth'en**, *etc.*, *s. u.* **Strong.**

**Stren'ū-ŏus**, *a.* ചുറുക്ക് ഉള്ള, ശ്രദ്ധ—, ആസക്തി—, തൃഷ്ണ—, ഉത്സാഹം—, അഭിനിവേശം—; 2. സാഹസം—; 3. ധീരത—, ശൌൎയ്യം—, ധൈൎയ്യം—; 4. സന്തതം ആയ; 5. നിൎഭയം—. **-ly**, *ad.* അതിശ്രദ്ധയോടെ, ജാഗ്രതയോടെ; ധീരതയോടെ. **-ness**, *n.* ആസക്തി; ശൌൎയ്യം; ചുറുക്ക്.

**Strep'ent, Strep'ĕr-ŏus**, *a.* ഉച്ചത്തിൽ ഉള്ള, ഉറക്കെ—; നിലവിളിയായ.

**Stress**, *n.* ബുദ്ധിമുട്ട്, തിരക്ക്; 2. നിൎബ്ബന്ധം; 3. ഊക്ക്, ഉഗ്രത; തടസ്ഥം; 4. സാരം, അൎത്ഥം; 5. ഭാരം, ഗൌരവം, ബലം, സ്വരഭാരം, അവധാരണം (*gr.*); 6. 'ജപ്തി', 'ജപ്തി'മുതല് (*Scot. l.*). **s. of voice** ഊക്കുള്ളസ്വരം; അവധാരണം. **s. of weather** കോളിന്റെ തടസ്ഥം, —ഉഗ്രത. **to lay s. upon** സാരമായി വിചാരിക്കുക, കാൎയ്യമാക്കുക; ഊന്നിപ്പെടുത്തുക, ഗൌരവമായി പറയുക, ഉറപ്പിച്ച്—. **to put s. upon, to put to a s.** ഞെരുക്കുക, സാഹസപ്പെടുത്തുക, നിൎബ്ബന്ധിക്കുക. *v. t.* തിരക്കാക്കുക, ബുദ്ധിമുട്ടിക്കുക, മുട്ടിക്കുക, നിൎബ്ബന്ധിക്കുക, ഞെരുക്കുക.

-'fụl, *a.* ഗൌരവം ഉള്ള, ഊക്ക്—; മുറുക്കം—.

**Stretch** (strech), *v. t.* നീട്ടുക, ഏന്തുക; 2. നിവിൎത്തുക, വലിച്ച് നീട്ടുക; 3. വിസ്താരമാക്കുക, വിരിക്കുക, വിടൎത്തുക, വിശാലമാക്കുക, പരത്തുക; 4. (വലിച്ച്) മുറുക്കുക; 5. —പിടിക്കുക; 6. കവിഞ്ഞ് പറയുക, —പ്രവൃത്തിക്കുക; 7. വളൎത്തിപ്പറയുക, അതിവൎണ്ണനം ചെയ്യുക, കടത്തിപ്പറയുക (*S.*). *v. i.* എത്തുക, നീണ്ട് കിടക്കുക, നീളം ഉണ്ടായിരിക്കുക, വിസ്താരം—, വിശാലമായിരിക്കുക; 2. കടയുക, നിവിരുക, കയ്യുംകാലുംനീട്ടുക; 3. വലിയുക, നീളുക; 4. സത്യംവിട്ട് സംസാരിക്കുക, അതിവൎണ്ണനചെയ്യുക; 5. (കപ്പല്) പായി മുഴവനും കൊട്ടത്തോട്ടുക. **s. out** (തണ്ട്) മുറുക്കി വലിക്കുക. *n.* നീട്ടൽ, വലിക്കൽ, നിവിൎത്തൽ, ഏന്തൽ; 2. പരിശ്രമം, യത്നം, പ്രയത്നം, അദ്ധ്വാനം, സാഹസം; 3. വിശാലസ്ഥലം, വിസ്തീൎണ്ണപ്രദേശം; 4. അങ്ങേഅററം, അഗ്രം; 5. ഗതി, കിടപ്പ്, നില; 6. (കപ്പലിൻെറ) ഒര് ഓട്ടം. **home-s.** (ഓട്ടക്കളത്തിൽ) ലാക്കിന്നടുത്തഭാഗം. **to be on the s.** ഭഗീരഥപ്രയത്നം ചെയ്യുക. -'ẽr, *n.* നീട്ടുന്നവൻ; നീട്ടുന്നത്; നീളത്തിൽ കെട്ടിയ കല്ല് (*arch.*); (വീട്ട്) പണിത്തരമരം (*arch.*); (തോണിയിലെ) ചവിട്ട്പടി; (തോണിയിലെ) കള്ളിപ്പടി; ശിബിക, പറം, മഞ്ചം; അതിവൎണ്ണന, കളവ്; (തുണിക്കുടയുടെ) ചെറിയ ഇല്ലി, കറുക്കില്ലി; (ചെരിപ്പ് മുതലായതിന്നുള്ള) വിടരച്ച്; ചിത്രപടച്ചട്ടം, ചിത്രക്കൂട്. -'ịng, *a.* വലിച്ച് നീട്ടുന്ന. **s.g course** നീളത്തിൽ കെട്ടിയ കല്ല് വരി (*arch.*).

**Strew** (strụ *or* strō), *v. t. ir.* (strewed, strewed *pr.* strụd *or* strōd, *or* strewn *pr.* strụn *or* strōn) വിതറുക, ചിതറുക, തൂകുക; 2. നിലത്ത് വിതറുക; 3. പരത്തുക, വ്യാപിപ്പിക്കുക. -'ịng, *n.* വിതറൽ; *pl.* വിതറിയ സാധനം. **strewn,** *p. a.* വിതറിയ.

**Strī'a,** *n.* (*pl.* strī'æ) വട്ട. ='āte, *v. t.* വട്ടവീഴിക്കുക, വര—. ='āte, ='ā-ted, *a.* വട്ടഉള്ള; പിരി—; വൎണ്ണരേഖ—. ='ā'tiŏn, *n.* വട്ടവീഴൽ; പിരി. ='a-tūre, *n.* വട്ട, വര.

**Strick'en,** *a.*, *s. u.* Strike.

**Strick'le, Strick'lẽr, Strick'less,** *n.* (പറ)വടിക്കുന്നവടി, പറക്കോല്, വടിപ്പൻ (*S.*); 2. അണക്കോല്, മുരിക്കണ.

**Strict,** *a.* മുറുകിയ, ഗാഢമായ; 2. വലിഞ്ഞ് നില്ക്കുന്ന, മുറുക്കമുള്ള; 3. കൃത്യം ആയ, ഖണ്ഡിതം—, കണിശം—, തിട്ടം—, പൂൎണ്ണ; 4. കഠിനം ആയ, ഉഗ്രം—, നിഷ്ഠയുള്ള; 5. ക്ലുപ്തം ആയ, നിശ്ചിതം—; 6. നേരെ വളരുന്ന (*b.*). **stric'tiŏn,** *n.* മുറുക്കൽ; മുറുക്കം. -'ly, *ad.* കൃത്യമായി; സൂക്ഷ്മത്തിൽ; ഉററ്. -'ness, *n.* കൃത്യത, ഖണ്ഡിതം. **stric'tūre** (*or* -chụr), *n.* നോട്ടം; ആക്ഷേപം; കൃച്ഛ്രം, ഇറുക്കം, അടപ്പ് (*med.*). **stric'tūred** (-tūrd), *a.* ഇറുങ്ങിയ, അടഞ്ഞ, കൃച്ഛ്രമായ (*med.*).

**Strīde,** *v. i. ir.* (strōde, strid'den *or* strid) വലിച്ച് നടക്കുക, വലിയ ചുവട് വെച്ച്—; 2. കാല് കവച്ച് നില്ക്കുക, —വെക്കുക. *v. t.* കവച്ച് കടക്കുക, കടക്കുക; 2. കാല് കവച്ച് വെക്കുക. *n.* വലിയ ചുവട് വെക്കൽ; 2. വലിയചുവട്; 3. വൻചുവടകലം.

**Strī'dent,** *a.* കൎക്കശശബ്ദമായ. **strī'-dor,** *n.* കൎക്കശശബ്ദം, കിറുകിറു—, കിറുക്ക്. **strid'ū-lāte,** *v. i.* വല്ലാതെ ശബ്ദിക്കുക, (മൎണ്ണട്ട) കരയുക. **strid-ū-lā'tiŏn,** *n.* കൎക്കശശബ്ദം പുറപ്പെടുവിക്കൽ; കൎക്കശശബ്ദം, (പ്രാണികളുടെ) കരച്ചല്. **strid'-ū-lā-tŏr,** *n.* കൎക്കശശബ്ദപ്രാണി. **strid'-ū-la-tŏr-y, strid'ū-lōus,** *a.* കൎക്കശശബ്ദമുള്ള; (പ്രാണി) കരയുന്ന.

**Strīfe,** *n.* യത്നം, പരിശ്രമം; 2. പോര്, മല്ല്, സ്പൎദ്ധ(ത), അഹമഹമിക; 3. വാഗ്വാദം; കലശല്, ശണ്ഠ; 4. പോരാട്ടം, യുദ്ധം. -'fụl, *a.* കലഹിക്കുന്ന, പിണങ്ങുന്ന. **strīve,** *v. i. ir.* (strōve, stiv'en *or* strōve) പ്രയത്നിക്കുക, പരിശ്രമിക്കുക, അദ്ധ്വാനിക്കുക; 2. (against, with) എതിൎക്കുക, വാദിക്കുക, മല്ല് കെട്ടുക, പോരാടുക; 3. പോര് കാട്ടുക, സ്പൎദ്ധയുണ്ടാക. *n.* പരിശ്രമം, യത്നം. **striv'en,**

*p. p. of* strive. strī'vĕr, *n.* പ്രയത്നിക്കുന്നവൻ; പോരാടുന്നവൻ. strī'-viṅg, *n.* പോരാട്ടം. *a.* പോരാടുന്ന. strī'viṅg-ly, *ad.* പരിശ്രമത്തോടെ, പോരാടിക്കൊണ്ട്.

Strī'ġēṡ, *n. pl.* മൂങ്ങാവർഗ്ഗം (*z.*). strī'ġīne, *a.* മൂങ്ങാവർഗ്ഗത്തിൽപെട്ട (*z.*); ക്രമനെപ്പോലെയുള്ള.

Striġ'il, *n.* (കുളിക്കുമ്പോൾ ദേഹം ഉരച്ച് തേക്കുവാനുള്ള) ഉരക്കുച്ച്. -lōse, stri-gōse', strī'gŏus, *a.* ഉരത്തരോമമുള്ള (*b.*).

Strīke, *v. t. ir.* (struck, struck, strick'en) തട്ടുക, മുട്ടുക, മേട്ടുക; 2. അടിക്കുക, തല്ലുക, താഡിക്കുക, പ്രഹരിക്കുക; 3. കത്തുക; 4. ഉന്തുക; 5. എറിയുക; 6. തളിക്കുക; 7. (നാണ്യം) അടിക്കുക, കമ്മിട്ടം— (*S.*); 8. (മുഠ) കത്തുക; 9. ചെലുത്തുക; 10. ഊന്നുക; വേരൂന്നുക; 11. ശിക്ഷിക്കുക; ദണ്ഡിപ്പിക്കുക; 12. (മണി) മുട്ടുക, അടിക്കുക; 13. (ചെണ്ട) കൊട്ടുക; 14. (കപ്പൽപ്പായി, കൊടി) ഇറക്കുക, താഴ്ത്തുക, നീക്കുക; 15. (തമ്പ്) പൊളിക്കുക, അഴിക്കുക; 16. (ആശ്ചര്യം *etc.*) തോന്നിക്കുക; 17. (ഭയം, വ്യസനം *etc.*) പെടുത്തുക, തട്ടുക: the plan s.s me favourably ആ മാർഗ്ഗം അനുകൂലമാണെന്ന എനിക്ക് തോന്നുന്നു; 18. ആക്കിത്തീർക്കുക, വരുത്തുക: how often does he s. you dumb with his answers അവൻെറ ഉത്തരംകൊണ്ട് എത്രവട്ടം നിണക്ക് വാക്ക് മുട്ടിപ്പോയിരിക്കുന്നു; the light *struck* him blind ആ വെളിച്ചംകൊണ്ട് അവന്ന് കണ്ണ് കാണാതായ്പ്പോയി; the lightning *struck* him dead മിന്നല് തട്ടീട്ട് അവൻ മരിച്ചുപോയി; 19. പെട്ടന്ന് ഉളവാക്കുക: to s. a light (പെട്ടന്ന്) വെളിച്ചം കത്തിക്കുക; she s.s a universal peace അവൾ പെട്ടന്ന് ലോകമെങ്ങും സമാധാനം ഉളവാക്കുന്നു; 20. (തീപ്പുല്ല്) ഉരച്ച് കത്തിക്കുക; 21. (കച്ചവടം, കരാറ്) ചെയ്യുക; 22. പിടിച്ച് പറവുക, തോല്പിച്ചെടുക്കുക; 23. (പറ *etc.*) വടിക്കുക; 24. പെട്ടന്ന് കാണുക, കണ്ണിൽ പെടുക: my eye *struck* a strange word ഒര് അസാധാരണ പദം എൻെറ കണ്ണിൽ പെട്ടു; 25. വായ്പചോദിക്കുക: he *struck* a friend for Rs. 5 അവൻ ഒര് സ്നേഹിതനോട് 5ക. മുട്ട് വായ്പ ചോദിച്ചു; 26. (മദ്യം തണുക്കുവാൻ മററൊരു പാത്രത്തിൽ) പകരുക; 27. (കൈകൊണ്ട്) തടവുക; 28. (*only in p. p.*) ചെല്ലുക, കഴിയുക, ആക: well *struck* in years നന്ന പ്രായം ചെന്ന; 29. ചെത്തി മിനുക്കുക (*arch.*). to s. an attitude ഭാവം നടിക്കുക. to s. a balance, *s. u.* Balance. to s. fire (ചക്കമുക്കിയാൽ) തീ പററിക്കുക. to s. a flag കൊടിയിറക്കുക, കൊടിതാഴ്ത്തുക. to s. a jury (ഇരുകക്ഷികളും കൂടി ബോദ്ധ്യപ്പെട്ട) പഞ്ചായക്കാരെ തിരഞ്ഞെടുക്കുക (*l.*). to s. a lead അയിരട്ടി കണ്ട് കിട്ടുക (*ming.*); ധനസമ്പാദ്യത്തിന്ന് തരം കിട്ടുക. to s. a ledger *or* an ăccount (കണക്ക്) ആകയിടുക, ബാക്കിയിറക്കുക (*cŏm.*). to s. hands with കൈകൊട്ടുക്കുക, —പിടിക്കുക, —കലുക്കുക; കൈയ്യടിക്കുക, നിശ്ചയം ചെയ്യുക. to s. off (കണക്കിൽ) തള്ളുക, 'കമ്മി' ചെയ്യുക; കത്തിക്കളയുക; അച്ചടിക്കുക, അച്ച് പതിക്കുക (*print.*); വെട്ടിക്കളയുക, കൊത്തിക്കളയുക. to s. oil (മണ്ണെണ്ണക്കിണററിൽ) എണ്ണ കാണുക; നല്ല ലാഭം കിട്ടുക, വളരെ പണം കിട്ടുക (*U. S.*). to s. out തമ്മിൽ മുട്ടിയുണ്ടാക്കുക; മാച്ചുകളയുക, കിറുക്കിക്കളയുക, കത്തിക്കളയുക, തടഞ്ഞ് കളയുക; കണ്ട് പിടിക്കുക. to s. sail പായിറക്കുക, പായിതാഴ്ത്തുക. to s. up (വാദ്യം) മീട്ടുവാൻ തുടങ്ങുക, മുഴക്കുവാൻ—, കൊട്ടുവാൻ—, മുട്ടുവാൻ—; പാട്ട്—; സംഗീതം ആരംഭിക്കുക; (കിണ്ണം) അടിച്ചുണ്ടാക്കുക. to s. work വേലമുടക്കുക, പണി—, പണിയെടുക്കുകയില്ലെന്ന് ശഠിച്ച് നില്ക്കുക. *v. i.* ചെല്ലുക, പോക; തിരിയുക; കയറുക; 2. അടിക്കുക; കത്തുക; വെട്ടുക; മുട്ടുക; 3. തട്ടുക, കൊള്ളുക; 4. (മണി) മുട്ടുക, —അടിക്കുക; 5. എതിർക്കുക; 6. ശ്രമിക്കുക; 7. സ്പർശിക്കുക, തൊടുക; 8. (കപ്പല്) കരക്ക് കയറുക, ഉറച്ച് പോക, അടിയുക; 9. പറക്കുക, ഓടുക; എയ്യുക; മിന്നുക; 10. (into) പെട്ടന്നുണ്ടാക: to s. into reputation

(പെട്ടന്ന്) കീൎത്തിപൊങ്ങുക, കീൎത്തിമാനായ്തീരുക; 11. (കൊടി)താഴ്ത്തുക, വഴങ്ങുക, കീഴ്പ്പെടുക; 12. വേലമുടക്കുക, (കൂലിക്ക് ശഠിച്ച്) പണിയെടുക്കാതിരിക്കുക; 13. (മുത്ര)പിടിക്കുക, പററുക; 14. പണംകക്കുക, —മോഷ്ടിക്കുക. to s. at അടിപ്പാൻ ഓങ്ങുക. to s. for പെട്ടന്ന് പുറപ്പെടുക. to s. home കൊള്ളുക, തട്ടുക, ഏശുക. to s. in പെട്ടന്ന് അകത്ത് കടക്കുക; (രോഗം) അകംവലിഞ്ഞ് പോക; തട്ടുക, തടസ്ഥംചെയ്യുക; ചാടിവീഴുക; കൂടിപ്പാട്ടുക. to s. in with ഒക്കുക, പററുക; യോജിക്കുക. to s. out പുറപ്പെടുക, തുടങ്ങുക; ഊക്കോടെ അടിക്കുക. to s. up വാദ്യം തുടങ്ങുക. *n.* അടിക്കൽ, കത്തൽ, വെട്ടൽ; 2. പറക്കോല്, പറവടിപ്പൻ (*S.*); 3. (എട്ടിടങ്ങഴിയുള്ള) ഒര് പറ; 4. (32 ഇടങ്ങഴി) നാല് പറ; 5. നിറയളവ്; 6. നോട്ടം, ഗുണം, വിശേഷം; 7. (ശാസ്ത്ര) വേലമുടക്കം, പണിയെടുക്കാതിരിക്കൽ; 8. അപഹരണം, ഭയപ്പെടുത്തിയപഹരണം. s.-block ചെറുചിപ്പുളി (*carp.*). strick'en, *p. p. of* Strike. *a.* അടികൊണ്ട; വെട്ട്—, മുറിവേററ; ക്ഷീണിച്ച, കവിഞ്ഞ, ചെന്ന: s.n in age പ്രായം ചെന്ന; (മണിക്കൂറ്) പൂൎണ്ണമായ, —മുഴവനും. strī'kĕr, *n.* അടിക്കുന്നവൻ, മുട്ടുന്നവൻ; കരുവാച്ചെറുക്കൻ; ചാട്ടുളി; ചാട്ടുളിക്കാരൻ; (ശാസ്ത്ര) വേലമുടക്കക്കാരൻ; കസ്സൂലിക്കാരൻ. strī'kiṅg, *a.* അടിക്കുന്ന; മനസ്സിൽതട്ടുന്ന; പ്രത്യക്ഷം ആയ; അസാധാരണം—, അപൂൎവ്വം—, അത്ഭുതകരം—; സാരം—, കാൎയ്യം—. s.g distance ഊക്കെത്തുന്നദൂരം, ഊക്കേററ, ഊക്ക് പാട്. s.g plate പൂട്ട് തകിട്. *n.* അടിക്കൽ, മുട്ടൽ; അടി, മുട്ട്. strī'kiṅg-ly, *ad.* മനസ്സിൽതട്ടുംവണ്ണം; പ്രത്യക്ഷമായി; ആശ്ചൎയ്യകരമായി; കാൎയ്യമായി. strī'kiṅg-ness, *n.* അസാധാരണത്വം, അത്ഭുതം.

Striṅg, *n.* നൂല്, ചരട്, വക്ക്, ചൂടി; 2. വാറ്; 3. കയറ്, ദാമം; 4. കോവ (*N.*), കോപ്പ്, കോപ്പൻ (*S.*); എണ്ണച്ചരട്; മാല; ചങ്ങല; 5. വരി; നിര; 6. കൂട്ടം; 7. കമ്പി, തന്ത്രി; 8. *pl.* കമ്പിവാദ്യം, വീണ; 9. ഞാണ്; 10. നാര്, ചെറുവേര്; 11. ഞരമ്പ്. s.-band വീണമേളം. s.-beans ഒടിപ്പയറ്; അവരക്ക. s.-halt (കുതിരയുടെ) ഞരമ്പ് വലി. s.-board, s.-piece വള്ള്; കോവണിയുടെ നെട്ടഞ്ചട്ടം. to have two s.s to one's bow ഇരട്ടസൂത്രക്കാരനായിരിക്കുക, ഇരുവിദ്യയുണ്ടാക, ഒരുപായം പററാഞ്ഞാൽ മറെറാന്ന് നോക്കുക. *v. t.* കമ്പിയിടുക, തന്ത്രിയിടുക; 2. കമ്പിമുറുക്കിശരിയാക്കുക, തന്ത്രിമുറുക്കുക; 3. കോൎക്കുക; 4. മുറുക്കുക, ഉറപ്പാക്കുക; 5. നാരെടുക്കുക, നാര് നീക്കുക. striṅged (striṅgd), *a.* കമ്പിയുള്ള; തന്ത്രിയാലുള്ള. -'ĕr, *n.* കോൎക്കുന്നവൻ; (വില്ലിന്ന്) ഞാണിടുന്നവൻ. -'i-ness, *n.* നാരുള്ള സ്ഥിതി. -'less, *a.* കമ്പിയില്ലാത്ത. striṅg'y, *a.* നാരുള്ള, നാര് നാരായ; വലിച്ച് നീട്ടാകുന്ന, മെഴുപ്പാകമായ.

Strin'ġent, *a.* നിൎബ്ബന്ധമായ, ഖണ്ഡിതമായ, കൃത്യമായ, നിഷ്കൎഷയുള്ള, കഠിനമായ. ='ġen-cy, *n.* നിൎബ്ബന്ധം, ഖണ്ഡിതം. =ġen'dō, *a.* വേഗതയുള്ള (*mus.*). -ly, *ad.* നിഷ്കൎഷയായി, ഖണ്ഡിതമായി. -ness, *n.* നിൎബ്ബന്ധം; ഖണ്ഡിതം.

Striṅg'ĕr, Striṅg'halt, Striṅg'y, *etc.*, *s. u.* String.

Strip, *v. t.* കളയുക, നശിപ്പിക്കുക, ഇല്ലാതാക്കുക; 2. കവരുക, അപഹരിക്കുക; 3. (തുണി, വസ്ത്രം) അഴിക്കുക, ഉരിയുക; നഗ്നമാക്കുക; 4. (തോല്, തോട്) ഉരിക്കുക; 5. (പാല് മുഴവനും) കറന്നെടുക്കുക, വററപ്പിഴിയുക; 6. കൊമ്പ് താഴ്ത്തുക (*naut.*); 7. ചാലെടുക്കുക (*agr.*); 8. (പുകയില) തണ്ട് നീക്കുക, ഊരുക. *v. i.* (വസ്ത്രം) അഴിക്കുക, കഴിക്കുക, ഉരിയുക. *n.* ചീള്, കീററ്; 2. അരിപ്പത്തൊട്ടി (*ming.*). s.-leaf ഊന്നെടുത്ത പുകയില. -'liṅg, *n.* ഇളമ്പ്രായക്കാരൻ, ചെറുപ്പക്കാരൻ, ചെറുക്കൻ, ബാലകൻ, ബാല്യക്കാരൻ, വാലിഭൻ (*S.*), യുവാവ്. -'pĕr, *n.* ഉരിയുന്നവൻ. -'piṅg, *n.* ഉരിയൽ; ഉരിക്കൽ; *pl.* അവസാനത്തെ കന്ന് പാല്.

Strīpe, *n.* വര, രേഖ, വരി; 2. (തുണി) കര; 3. കരടാവടി; അടി, തല്ല്; 4. അടിപ്പിണര്, പിണര്, വട്ട, തിണ

ഷ്പ്; 5. കറി, ചിഹ്നം; 6. കക്ഷിയടയാളം (*U. S.*); 7. *pl.* സ്ഥാനവര, സ്ഥാനക്കുറി (*mil.*). **stars and s.s** അമേരിക്കയിലെ ഐകമത്യരാജ്യക്കൊടി. *v. t.* വരവെക്കുക; 2. കര—; 3. വിവിധവൎണ്ണമാക്കുക; 4. അടിക്കുക, പ്രഹരിക്കുക. **strīped** (strīpt), *a.* വരയുള്ള. **s.d snake** വളവളപ്പൻ (*z.*).

**Strip'-lēaf, Strip'ling, Strip'pĕr,** *etc.*, *s. u.* **Strip.**

**Strīve,** *v. i.*, *s. u.* **Strife.**

**Strōam** (strōm), *v. i.* വലിച്ച് നടക്കുക, വൻചുവട് വെച്ച്—.

**Strōde,** *p. t. of* **Stride.**

**Strōke,** *n.* (*from* **Strike**) അടി; മുട്ട്; തട്ട്; വെട്ട്; 2. മുറി; ഊനം; വ്രണം; 3. (മണി) അടി, —മുട്ടല്; 4. തടവൽ, തഴകൽ; ഉഴിച്ചല്; 5. (എഴുത്ത്) വര, വലി; 6. തിരുത്ത്; 7. പരിശോധന; 8. സ്പൎശം; 9. (രോഗം) ഉപദ്രവം, ബാധ; ബാധിക്കൽ, പിടിപെടൽ; 10. ആപത്ത്, വിപത്ത്; 11. മിടിക്കൽ; 12. വലി, തുഴ(ക്കൽ;) 13. തുഴവേഗത; 14. മുൻതണ്ട്, അമരത്തണ്ട്; 15. അമരത്തണ്ടുകാരൻ; 16. പരിശ്രമം, യത്നം; 17. സൂത്രം, വിദ്യ; 18. സാദ്ധ്യം, സിദ്ധി; 19. ചാട്ടം, ഗതി; ചലനം. **s.s-man** അമരത്തിൽ നിന്ന് (ഒന്നാം) തണ്ടുകാരൻ. **s.-oar** —തണ്ട്. **to keep s.** തണ്ട് യോജിച്ച് വലിക്കുക, ചേൎന്ന്—. *v. t.* തഴുകുക, തടവുക, തലോടുക; 2. പ്രിയം കാട്ടുക; 3. ആശ്വസിപ്പിക്കുക; 4. മിനുക്കുക; ഉരച്ച് മിനുസമാക്കുക; 5. അമരത്തണ്ട് വലിക്കുക, മുൻതണ്ട്—. **strō'kĕr,** *n.* തഴുകുന്നവൻ; തടവുന്നവൻ; ഉഴിച്ച(ൽ)ക്കാരൻ. **strō'king,** *n.* തഴുകൽ, തലോടൽ; മിനുക്കൽ; ചുരുക്കിടൽ, ഞെറിക്കൽ; *pl.* ഒടുക്കത്തെ കറന്ന പാല്.

**Strōll,** *v. i.* നടക്കുക, ഉലാവുക, ലാത്തുക (*M.*), ചുററിനടക്കുക; 2. അലഞ്ഞ്—. *n.* നടത്തം, ഉലാവൽ, ലാത്തൽ, സഞ്ചാരം. **='lĕr,** *n.* ചുററിനടക്കുന്നവൻ; തെണ്ടി—, തെണ്ടി.

**Strō'ma,** *n.* പാശചൎമ്മം (*an.*). **=mat'ie,** *a.* പലവകയായ, നാനാപ്രകാരമുള്ള.

**Strong,** *a.* (*c. d.* **strong'ĕr,** *s. d* **strong'est**) ഊക്ക് ഉള്ള, ബലം—, ശക്തി—; 2. കായബലം—, ആരോഗ്യം—, ദേഹസൌഖ്യം—, ദൃഢഗാത്രനായ; 3. ഉറപ്പുള്ള; കട്ടിയായ; 4. സൈന്യബലം ഉള്ള; 5. ഐശ്വൎയ്യം—; 6. തികഞ്ഞ: **an army of ten thousand s.** പതിനായിരം പടയാളികൾ പൂൎത്തിയായ സൈന്യം; 7. ഉരത്ത; ഉഗ്രം ആയ, കഠിനം—; 8. കഠോരം—, കടുപ്പം ഉള്ള; 9. നിഷ്കൎഷ—, നിഷ്ഠ—; 10. വീൎയ്യം—; 11. ലഹരി—; 12. രൂക്ഷത—; 13. പുഷ്ടിപ്രദം ആയ; 14. സ്ഥിരം—, മാററുവാൻ കഴിയാത്ത; 15. നല്ല; 16. കടുത്ത; 17. ഗാഢമായ; 18. സ്വരപരിണാമക്രിയയായ (*gr.*). **s. box** ഇരിമ്പ് പെട്ടി; പണപ്പെട്ടി; കരണപ്പെട്ടി. **s. conjugation** സ്വരപരിണാമക്രിയാമാല (*gr.*). **s. hand** കയ്യൂക്ക്; ബലാല്ക്കാരം, ബലംപ്രമാണം. **s.-hold** കോട്ട. **s.-minded** ധൈൎയ്യം ഉള്ള, പൌരുഷം—. **s.-mindedness** ധീരത. **s.-set** കട്ടിയായ; ഉറപ്പുള്ള. **s. verb** സ്വരപരിണാമക്രിയ (*gr.*). **s. water** റാക്ക്, ചാരായം. **strength,** *n.* ബലം, ശക്തി, ഊക്ക്; 2. ഉറപ്പ്, കടുപ്പം; 3. ഭദ്രത; 4. ആശ്രയം, സങ്കേതം; 5. സംഖ്യ, എണ്ണം, തുക; 6. രചനാവിശേഷം; 7. ഉഗ്രത, രൂക്ഷത; 8. കടുപ്പം, വീൎയ്യം. **on** *or* **upon the s.th of** വിശ്വസിച്ച്, ആശ്രയിച്ച്, ബലത്തിന്മേൽ. **strength'en,** *v. t.* ബലപ്പെടുത്തുക, ശക്തീകരിക്കുക, ഊക്ക് കൂട്ടുക, ഉറപ്പാക്കുക; ധൈൎയ്യപ്പെടുത്തുക. *v. i.* ബലപ്പെടുക, ശക്തിയുണ്ടാക. **strength'en-ĕr, strength'nĕr,** *n.* ബലപ്പെടുത്തുന്നവൻ; ബലപ്രദസാധനം, പുഷ്ടിപ്രദ—. **strength'en-ing,** *a.* ബലംവരുത്തുന്ന, പുഷ്ടിപ്രദമായ. **s.g jelly** ബലപ്രദലേഹ്യം (*med.*). **s.g plaster** ബലകരൌഷധം (*med.*). **strength'en-ing-ly,** *ad.* ബലപ്പെടുത്തിക്കൊണ്ട്. **strength'-ful,** *a.* ഊക്കുള്ള. **strength'ful-ness,** *n.* ബലം; വീൎയ്യം. **strength'less,** *a.*

ബലഹീനമായ. -'ish, *a.* ഏതാനും ബലമുള്ള. -'ly, *ad.* ഊക്കോടെ; ഉറപ്പായി, ഭദ്രമായി; ഉഗ്രതയോടെ, കഠിനമായി.

**Strop**, *n.* (കത്തിയണെക്കുന്ന) അണത്തോല്. *v.t.* അണക്കുക.

**Stroph'ē** (strof'ĕ), *n.* വഴിപ്പാട്ട്; 2. പല്ലവി; 3. ശ്ലോകം. **stroph'ic**, *a.* പല്ലവി ആയ; ശ്ലോകം—.

**Stroud**, *n.* പരുക്കൻകമ്പിളി, കരിമ്പടം; 2. *pl.* കമ്പക്കെട്ട് (*naut.*). -'ing, *n.* പരുക്കൻതുണി.

**Strōve**, *p.t. of* **Strive**, *s.v.* **Strife**.

**Strōw**, *v.t. ir.* (**strōwed, strōwn**), *s.a.* **Strew**.

**Struck**, *p.t. and p.p. of* **Strike**.

**Struc'tūre** (*or* -chur), *n.* നിർമ്മിക്കൽ, പുരയെടുക്കൽ, പുരപ്പണി; 2. രൂപം, ആകൃതി, ഭാഷ; 3. കെട്ട്; രചന; 4. ചേപ്പ്, ആരട്ടപ്പം, അണച്ചേച്ച്; 5. അംശവിധാനം, അംശസംയോഗം (*biol.*); 6. നിർമ്മാണം, എടുപ്പ്, വീട്, പുര, കെട്ടിടം. =tūr-al, *a.* നിർമ്മാണസംബന്ധമായ; അംശവിധാനം സംബന്ധിച്ച. =tūred (-tūrd), *a.* അംശവിധാനപ്രത്യേകതയുള്ള (*biol.*); അംശപ്രഭേദം—. -less, *a.* —ഇല്ലാത്ത; ഏകരൂപമായ. =tūr-ist, *n.* നിർമ്മാണികൻ, നിർമ്മാതാവ്, ശില്പി.

**Strug'gle**, *v.i.* പിരിയുക, ഞെളിയുക; ഉഴക്കുക, പിടക്കുക; 2. അദ്ധ്വാനിക്കുക, സാഹസപ്പെടുക, യത്നിക്കുക; 3. പോരാടുക, പാട് പെടുക, ഉടെക്കുക; പിടിയും വലിയും കഴിയുക; 4. ബുദ്ധിമുട്ടുക, വലയുക. *n.* പിരിച്ചല്, ഞെളിച്ചല്; 2. പരിശ്രമം, പ്രയത്നം, അദ്ധ്വാനം, സാഹസം; 3. ബുദ്ധിമുട്ട്, വിഷമം, ഞെരുക്കം; ദുർഘടം; 4. പോര്, പോരാട്ടം, പിടിത്തം, പിടിയും വലിയും. **strug'glĕr**, *n.* പോരാടുന്നവൻ, ഉടെക്കുന്നവൻ.

**Strum**, *v.t.* & *i.* അറിഞ്ഞ് കൂടാതെ വാദ്യംവായിക്കുക, തോന്നിയവാസംമീട്ടുക.

**Strụ'ma**, *n.* കണ്ഠമാല (*med.*). =mat'ic, =mōse', ='mŏus, *a.* കണ്ഠമാല ഉള്ള; —സംബന്ധിച്ച. ='mŏus-ness, *n.* —ഉള്ള സ്ഥിതി.

**Strum'pet**, *n.* പരസ്ത്രീ, വേശ്യ, ചൂളച്ചി, കൂത്തിച്ചി. *a.* വേശ്യയായ; 2. വേശ്യാലക്ഷണമുള്ള. *v.t.* (കൂത്തിച്ചി എന്ന് പറഞ്ഞ്) അപമാനിക്കുക; ദൂഷിക്കുക, അപരാധം പറഞ്ഞുണ്ടാക്കുക, അപവാദം പറയുക.

**Strung**, *p.t.* & *p.p. of* **String**.

**Strut**, *v.i.* വീക്കുക, ചീക്കുക; 2. നിഗളിച്ച് നടക്കുക, പൊങ്ങച്ചത്തോടെ—; 3. എടുപ്പ് കാട്ടുക, വലിയ ഭാവം നടിക്കുക. *v.t.* അകററിവെക്കുക, അട്ടക്കാതാക്കുക. *n.* എടുപ്പുള്ള നടത്തം; 2. ഭാവനാട്യം; 3. കുത്ത് കാല്, തെണ്ടിക, വിട്ടം (*arch.*). -'tĕr, *n.* പൊങ്ങച്ചക്കാരൻ, എടുപ്പുള്ളവൻ. -'ting, *a.* ഭാവനാട്യമുള്ള. -'ting-ly, *ad.* എടുപ്പോടെ, പൊങ്ങച്ചത്തോടെ.

**Strụ'thi-ō**, *n.* (*pl.* **strụ-thi-ō'nēs**) ഉഷ്ട്രപക്ഷിവർഗ്ഗം, ഒട്ടകപ്പക്ഷി— (*z.*). **strụ'thi-an**, =ō'nīne, =ŏus, *a.* ഉഷ്ട്രപക്ഷിവർഗ്ഗത്തിൽ പെട്ട.

**Strut'tĕr, Strut'ting, Strut'ting-ly**, *s.u.* **Strut**.

**Strych'nos**, *n.* കാഞ്ഞിരം, കാരസ്കരം (*b.*). **strych'ni-a, strych'nine** (strik'nin *or* -nēn), *n.* കാഞ്ഞിര(ക്കുരു)സത്ത്, കാരസ്കര— (*med.*). **strych'nic**, *a.* കാഞ്ഞിരസത്ത് സംബന്ധിച്ച; കാരസ്കരം ചേൎന്ന.

**Stub**, *n.* മുരട്, കുററി; 2. തുണ്ടം, മുറി; 3. (ചെക്ക് രശീതിമുതലായതുകളുടെ) കുററി; 4. കുററിത്തുവല്; 5. ലാടയാണി; 6. ലാടയാണിയിരിമ്പ്. **s.-end** മുതുതല. **s.-iron** ലാടയിരിമ്പ്. **s.-short, s.-shot** ഈച്ചയററം, പൊഴുക്ക. **s.-twist** (തോക്കിൻെറ) കുഴലിരിമ്പ്. *v.t.* (വേരോടെ) പറിക്കുക, പൊരിക്കുക; 2. നിർമ്മൂലമാക്കുക, ഉന്മൂലനംചെയ്യുക; 3. കുററിപൊരിക്കുക; 4. കാല് വെച്ച് കുത്തുക (*U.S.*). -'bed (*or* stubd), *a.* കുററിയായ; തടിച്ച; പൊട്ടനായ; കുററിനിറഞ്ഞ; പരുപരുത്ത, പരുക്കനായ. -'bed-ness, *n.* ഭോഷത്വം; പരുപരുപ്പ്. -bi-ness, *n.* തടിപ്പ്; പരുപരുപ്പ്. -'by, *a.* കുററിനിറഞ്ഞ; തടിച്ച; കുറുതായ; കുററിയായ.

**Stub'ble,** *n.* കട്ട(വ്) (*N.*), താള്, താളടി, കച്ചി (*S.*), തണ്ട്, പൃല്ലണ്ട്. **stub'bled** (-bld), **stub'bly,** *a.* താളടിയുള്ള.

**Stub'bŏrn,** *a.* വളയാത്ത, വഴങ്ങാത്ത; 2. ശഠത ഉള്ള, ശാഠ്യം—, ദുർവ്വാശി—, മക്കടമുഷ്ടിആയ, മുരട്ട്ശീലമുള്ള. **-ly,** *ad.* ദുശ്ശാഠ്യത്തോടെ. **-ness,** *n.* ശഠത, മക്കടമുഷ്ടിത്വം.

**Stub'by,** *a., s. u.* **Stub.**

**Stuc'cō,** *n.* മിനുസക്കുമ്മായം, വെള്ള (*N.*), ഇളക്കുമ്മായം (*S.*), കമ്മായച്ചാന്ത്; 2. മിനുസക്കുമ്മായപ്പണി, കമ്മായച്ചാന്ത് ചിത്രം. **s.-work** മിനുസക്കുമ്മായപ്പണി. *v. t.* മിനുസക്കുമ്മായപ്പണി ചെയ്യുക, കമ്മായച്ചാന്ത്കൊണ്ട് ശൃംഗരിക്കുക. **-ĕr,** *n.* ഇളക്കുമ്മായപ്പണിക്കാരൻ.

**Stuck,** *p. t. & p. p.* **Stick. s.-up** ഡംഭിയായ, പൊങ്ങച്ചമുള്ള.

**Stuck'le,** *n.* കററക്കെട്ട്, (നെൽ) ചുരുട്ട്കെട്ട്, കററ.

I. **Stud,** *n.* (പെററ്പെരുകവാൻ വേണ്ടി പോററിവരുന്ന) പൊലിക്കുതിര (ക്കൂട്ടം), പോററ്കതിര(കൾ); 2. കുതിര (കൾ); 3. പന്തയക്കുതിര(കൾ); 4. സവാരിക്കുതിര. **s.-book** പൊലിക്കുതിരവിവരം. **s.-horse** പൊലിക്കുതിര, ക്കുററക്കുതിര.

II. **Stud,** *n.* കററി; 2. തടിമരം; 3. കത്തുകാല് (*arch.*); 4. കടയാണി, മൊട്ടാണി; 5. അടിക്കുപ്പായക്കുടുക്ക്, കുടുക്ക്, 'സ്റ്റഡ്'. *v. t.* മൊട്ട്വെക്കുക, കമിഴ്—; 2. അമിഴ്ത്തുക, പതിച്ചലങ്കരിക്കുക, ഖചിതമാക്കുക; 3. നിറക്കുക. **-'ding,** *n.* കത്തുകാല്മരം, കത്തുകാല്. **s.g-sail** ചെറിയ ഒര് കപ്പപ്പായി.

**Stū'dent, Stud'ied,** *etc., s. u.* [**Study.**

**Stū'di-ō,** *n.* ശില്പശാല, ശില്പത്തൊഴിലറ, ചിത്രമെഴുത്തറ, ചിത്രശാല; 2. പ്രവൃത്തിസ്ഥലം, തൊഴിലറ.

**Stud'y,** *n.* അദ്ധ്യയനം, പഠനം, പാഠം, അഭ്യാസം, ശിക്ഷണം, വിദ്യാഭ്യാസം, പഠിപ്പ്, വായന; 2. വിചാരം, ആലോചന, ചിന്ത, ധ്യാനം; 3. പാഠവിഷയം; ആലോചനാവിഷയം; 4. വായനമുറി, എഴുത്ത്—, പാഠ—; പ്രവൃത്തിസ്ഥലം; 5. പരിശീലനം, പ്രത്യേകാഭ്യാസം (*f. a.*). **brown s.** വിചാരം, ധ്യാനം, ചിന്താകലം. *v. i.* ധ്യാനിക്കുക, ആലോചിക്കുക, ശ്രദ്ധിക്കുക, ചിന്തിക്കുക; 2. പഠിക്കുക, അഭ്യസിക്കുക, മനസ്സിലാക്കുക; 3. ഉത്സാഹിക്കുക. *v. t.* അദ്ധ്യയനംചെയ്യുക, പഠിക്കുക, അഭ്യസിക്കുക; 2. ശ്രദ്ധിക്കുക, ശ്രദ്ധയോടെ നോക്കുക, സൂക്ഷ്മത്തോടെ—; 3. ആലോചിക്കുക; 4. മനസ്സിലാക്കുക; 5. മനഃപാഠം ചെയ്യുക; 6. മനസ്സ്വെക്കുക. **stū'dent,** *n.* പഠിക്കുന്നവൻ, വിദ്യാർത്ഥി, ശിഷ്യൻ, ബ്രഹ്മചാരി, അദ്ധ്യേതാവ്, മാണവകൻ, അഭ്യാസി; വിദ്വാൻ; അഭിജ്ഞൻ. **stū'dent-ry,** *n.* ശിഷ്യഗണം, —വർഗ്ഗം. **stū'dent-ship,** *n.* വിദ്യാർത്ഥിത്വം, ശിഷ്യത്വം; വിദ്യാനൈപുണ്യം. **stud'ied** (stud'id), *a.* നന്നായിപഠിച്ച; പരിചയിച്ച; നല്ലവണ്ണം ആലോചിച്ച; പഠിപ്പുള്ള, വിദ്വാനായ; കല്പിച്ച്കൂട്ടിച്ചെയ്ത, മനഃപൂർവ്വകമായ. **stud'ied-ly,** *ad.* കല്പിച്ച്കൂട്ടി; ആലോചിച്ച്. **stud'i-ĕr,** *n.* പഠിക്കുന്നവൻ. **stū'di-ŏus,** *a.* ഉത്സാഹിച്ച് പഠിക്കുന്ന, ഉത്സാഹം ഉള്ള; വിദ്യാതാല്പര്യം—; ആലോചന—, വിചാരിച്ച് പ്രവൃത്തിക്കുന്ന; (*inf. or* of) ശ്രദ്ധയുള്ള, സശ്രദ്ധനായ; മനഃപൂർവ്വകമായ, കല്പിച്ച്കൂട്ടിച്ചെയ്ത, ആലോചിച്ച് പ്രവൃത്തിക്കുന്ന; അഭ്യാസാനുകൂലമുള്ള; ആലോചിക്കത്തക്ക. **stū'di-ŏus-ly,** *ad.* ഉത്സാഹത്തോടെ; ശ്രദ്ധയോടെ. **stū'di-ŏus-ness,** *n.* ഉത്സാഹഗുണം; ശ്രദ്ധാശീലം.

**Stu'fa,** *n.* (അഗ്നിപർവ്വതസംബന്ധമായി ചില ദിക്കിൽ ഉണ്ടാകുന്ന) ആവിയുറവ്, ചൂട്ടറവ് (*geol.*).

**Stuff,** *n.* കോപ്പ്, ദ്രവ്യം, പദാർത്ഥം, സാധനം, ഉപകരണം, സാമഗ്രി, പണ്ടം; 2. മൂലസാധനം; —തത്വം, സത്വം; 3. തുണിച്ചരക്ക്, 'ജവളി'ച്ചരക്ക്, ശീലത്തരം (*S.*); 4. കമ്പിളിത്തുണി; 5. വീട്ട്സാമാനം, ഗൃഹോപസ്കരം, ഉട്ടുരുട്ട് (*N.*), തട്ടുമുട്ട് (*S.*); അടുക്കളക്കോപ്പ്; 6. മരുന്ന്, ഔഷധം; കഷായം; 7. നിസ്സാരസാധ

നം, ചണ്ടി, ചവറ്; 8. നിസ്സാരവാക്ക്, പൊരുളില്ലാത്ത—, കുത്സിത—, വ്യർത്ഥാലാപം; 9. (ഉരുക്കൾക്കു തേക്കുന്ന) എണ്ണ, താറ് (*naut.*). **household s.** വീട്ടുസാമാനം. **small s.** ചെറുതരം കയറുകൾ (*naut.*). **s.-gown** തുണിയങ്കി, വക്കീലങ്കി; ഇളമവക്കീല്, വക്കീലിളമ. *v. t.* നിറക്കുക; 2. കുത്തിനിറക്കുക, കുത്തിച്ചെലുത്തുക, കുത്തിത്തിരുകുക; 3. (കോഴി മുതലായതിൽ) മസാലനിറക്കുക, നിറച്ച് പുഴുങ്ങുക (*ck.*); 4. അടക്കുക, തടസ്ഥപ്പെടുത്തുക; 5. വീപ്പ് മുട്ടിക്കുക; 6. വീപ്പിക്കുക, വീങ്ങുമാറാക്കുക; 7. കുത്തിത്തീറ്റുക; 8. (ചത്തജന്തുവിന്റെ) തോല് നിറച്ച് വെക്കുക; 9. (നിറച്ച്) ഭോഷ്യാക്കുക; 10. ധാരാളം പഠിക്കുക; 11. കണ്ടതും കടിയതും (വളരെ) പഠിക്കുക; 12. കള്ളച്ചീട്ടിടുക (*U. S.*). *v. i.* പെരുന്തീററി തിന്നുക, മൂക്കററം—. **-'ĕr,** *n.* നിറക്കുന്നവൻ. **='fi-ness,** *n.* ചീപ്പ്, വീക്കം. **='fĭng,** *n.* നിറവ്, പൂരണം, നിറസാധനം; നിറമസാല, മസാലക്കൂട്ട് (*ck.*); തോല് (മയം വരുത്തുന്ന) എണ്ണ, തോലെണ്ണക്കൂട്ട്. **s.g-box** രോധിനിയറ (*mech.*). **='fy,** *a.* ചീത്ത, വണ്ണമുള്ള; ചുറുചുറുപ്പുള്ള; മുഷിഞ്ഞ (*U. S.*); കാറേറാട്ടമില്ലാത്ത, കുമിറുന്ന.

**Stul'ti-fȳ,** *v. t.* ഭോഷത്വം ആക്കുക, മൂഢൻ—, പൊട്ടൻ—, ഭോഷൻകളിപ്പിക്കുക (*S.*), ചെണ്ടകൊട്ടിക്കുക; 2. ഭോഷത്വമെന്ന് വിചാരിക്കുക; 3. ചിത്തഭ്രമവാദം ചെയ്യുക (*l.*). **=fi-cā'tiŏn,** *n.* ഭോഷത്വമാക്കൽ; ഭോഷങ്കളി, മൂഢത്വം. **=fī-ĕr,** *n.* ഭോഷത്വമാക്കുന്നവൻ. **=til'ō-quence, =til'ō-quy** (-kwi), *n.* പൊട്ടത്തരം, ഭോഷത്വസംസാരം, വിടുവാക്ക്, ജല്പനം. **=til'ō-quent** (-kwent), *a.* വിടുവാക്കായ. **=til'ō-quent-ly,** *ad.* ജല്പനമായി.

**Stum,** *n.* മുന്തിരിങ്ങാരസം, മുന്തിരിച്ചാറ്, പുതുവീഞ്ഞ്; 2. വീര്യം വെപ്പിച്ച വീഞ്ഞ്. *v. t.* വീഞ്ഞ് (മുന്തിരിച്ചാറ് കൂട്ടി) വീര്യം വെപ്പിക്കുക.

**Stum'ble,** *v. i.* കാലിടറുക, വഴുതിപ്പോക, അടിവഴുതുക; ഇടറിവീഴുക; 2. ആടിനടക്കുക, ചാഞ്ചാടുക; 3. പിഴെക്കുക, അബദ്ധത്തിൽ ചാടുക, തെററിൽ അകപ്പെടുക, കററംചെയ്യുക; 4. (on, upon, against) നിനയാതെ സംഭവിക്കുക, യദൃച്ഛയാ ഉണ്ടാക, —കാണുക. *v. t.* കാലിടറുമാറാക്കുക, ഇടറിക്കുക; 2. തെററിക്കുക, തെററിൽ അകപ്പെടുത്തുക; 3. ദുർഘടത്തിലാക്കുക; 4. സംഭ്രമിപ്പിക്കുക, വിഷമിപ്പിക്കുക. *n.* വഴുതിപ്പോകൽ, ഇടറിവീഴൽ; 2. ഇടർച്ച; വീഴ്ച; 3. അബദ്ധം, തെററ്, കററം. **stum'blĕr,** *n.* കാലിടറുന്നവൻ. **stum'blĭng,** *a.* ഇടറുമാറാക്കുന്ന. **s.g-block, s.g-stone** ഇടർച്ച, വിരോധം; തടസ്ഥം; വിഷമം. **stum'blĭng-ly,** *ad.* ഇടർച്ചയായി.

**Stump,** *n.* മരക്കുററി, മുരട്; 2. അടിത്തുണ്ടം, മുരട്ടുകഷണം, മുട്ടി; 3. കററി; 4. *pl.* കാല്; 5. (പന്തടിക്കളിയിലെ) നാട്ട; 6. ഉരത്തോല് (*paint.*); 7. (പൂട്ടിന്നകത്തുള്ള ഒര്) വില്ല്. **s.-orator, s.-speaker** മരമുട്ടിമേൽ നിന്ന് പ്രസംഗിക്കുന്നവൻ, മുട്ടിപ്രസംഗി, ഭൂരിജന—. **s.-oratory, s.-speech** മുട്ടിപ്രസംഗം, ഭൂരിജന—. **s.-tailed** മുറിവാലനായ; കുറുവാലുള്ള. **s.-tailed lizard** ഇരുതലപ്പല്ലി (*z.*). **leg-s.** (പന്തടിക്കളിയിൽ പന്തടിക്കുന്നവന്ന്) അടുത്ത നാട്ട. **off-s.** (—) അകന്ന—. **to go on the s., to take the s.** (മരമുട്ടിമേൽ കയറി രാജ്യകാര്യങ്ങളെ സംബന്ധിച്ച്) ഭൂരിജനപ്രസംഗം ചെയ്യുക. *v. t.* കുററിയാക്കുക, മുരടേ മുറിക്കുക; 2. കാല് വെച്ച് കുത്തുക; 3. വീരവാദം പറയുക, പോരിന്ന് വിളിക്കുക; 4. വിഷമിപ്പിക്കുക, ദുർഘടമാക്കുക, വൈഷമ്യത്തിലാക്കുക; 5. ഭൂരിജനപ്രസംഗം ചെയ്യ് സഞ്ചരിക്കുക; 6. (out) (പന്താട്ടത്തിൽ നാട്ട തട്ടി) കളി പോക്കുക, നാട്ട തട്ടുക. **to s. it** കാല്നടയായി പോക; ഓടിക്കളയുക, ചാടിപ്പോക; ഭൂരിജനപ്രസംഗം ചെയ്യുക. *v. i.* വല്ലാതെ നടക്കുക. **to s. up** (വില) റൊക്കം കൊടുക്കുക. **='pā̆ge,** *n.* കററിക്കാണം; കററിക്കാണനികുതി. **-'ĕr,** *n.* മുറിച്ച് കററിയാക്കുന്നവൻ; പൊങ്ങച്ചക്കാരൻ, ഭള്ള് പറയുന്നവൻ, ആത്മപ്രശംസക്കാരൻ; കള്ളക്കഥ, പൊള്ള്. **-'i-ness,** *n.* കററിയായ സ്ഥിതി. **-'y,** *a.* കററിനിറഞ്ഞ; കട്ടിയായ, മരവിച്ച; ഊക്കുള്ള; (കുറു)മുണ്ടനായ.

**Stun**, *v. t.* (അടിയാൽ) ബോധം കെടുത്തുക; 2. മോഹാലസ്യപ്പെടുത്തുക; 3. ചെവി കേൾക്കാതാക്കുക, ചെവിടടപ്പിക്കുക; 4. തരിപ്പിക്കുക; അന്ധാളിപ്പിക്കുക. *n.* ബോധക്കേട്, മോഹാലസ്യം, മൂർച്ഛ. **-'nĕr**, *n.* ബോധക്കേട് വരുത്തുന്നവൻ, അന്ധാളിപ്പിക്കുന്നവൻ; അത്ഭുതം. **-'niṅg**, *a.* ബോധം കെടുത്തുന്ന, മോഹാലസ്യപ്പെടുത്തുന്ന; ചെവിടടക്കുന്ന; അതിശയം കുറിക്കുന്ന, —ആന്ന. **-'niṅg-ly**, *ad.* തരിച്ച് പോകത്തക്കവണ്ണം.

**Stun'sāil**, *n.*, *contr. f. of* **Stud-ding-sail**, *s. u.* **Stud** II.

**Stuṅg**, *p. t. and p. p. of* **Sting.**

**Stuṅk**, *p. t. and p. p. of* **Stiṅk.**

**Stun'nĕr, Stun'niṅg**, *s. u.* **Stun.**

**Stunt**, *v. t.* വളരാതാക്കുക, അരട്ടുക. *n.* അരൾച്ച; 2. അരണ്ട ജന്തു; 3. കടലാനക്കുട്ടി (*z.*). **-'ed**, *a.* അരണ്ട് പോയ; 2. കുറുമുണ്ടനായ, കള്ളനായ. **-'ed-ness, -'ness**, *n.* മുണ്ടത്വം, ചെറുപ്പം; ചുരുക്കം.

**Stūpe**, *n.* ഒത്തണശീല, വേത് തുണി (*med.*). *v. t.* ഒത്തണംവെക്കുക, വേത്—, —പിടിക്കുക, വെതുമ്പുക (*S.*).

**Stū-pe-fā'cient, Stū-pi-fā'cient**, *etc.*, *s. u.* **Stupefy.**

**Stū'pe-fȳ, Stū'pi-fȳ**, *v. t.* മന്ദത വരുത്തുക, ബുദ്ധിമാന്ദ്യം—, —മയക്കം—, ബോധംകെടുത്തുക, തരിപ്പിക്കുക; 2. സ്തംഭിപ്പിക്കുക. **=fā'cient, stū-pi-fā'cient, =fac'tive, stū-pi-fac'tive**, *a.* ബുദ്ധി മയക്കുന്ന, ബുദ്ധിമാന്ദ്യംവരുത്തുന്ന, ബോധക്കേട്—; സ്തംഭകമായ. **=fā'cient, stū-pi-fā'cient** (-shent), **=fac'tive, stū-pi-fac'tive**, *n.* ബോധംകെടുത്തുന്ന മരുന്ന്, മയക്കുന്ന മരുന്ന്, മോഹകൌഷധം; സ്തംഭകൌഷധം (*med.*). **=fac'tiŏn, stū-pi-fac'tiŏn**, *n.* ജാഡ്യം, ജഡത്വം, ബുദ്ധിമാന്ദ്യം, ബോധക്കേട്, ബുദ്ധിമയക്കം; ബുദ്ധിമയക്കൽ. **=fīed** (-fīd), *a.* മയക്കംതട്ടിയ, സുബ്ബമായ, മന്ദതപററിയ. **=fīed-ness**, *n.* ജാഡ്യത. **=fī-ĕr**, *n.* ബുദ്ധിമാന്ദ്യംവരുത്തുന്നവൻ; ജഡീകരൌഷധം (*med.*).

**Stū-pen'dŏus**, *a.* അതിശയം ആയ, വിസ്മയകരം—, അത്ഭുതകരം—; 2. അതിവിശാലം—, ബ്രഹ്മാണ്ഡം—, മഹാ, വമ്പിച്ച, പെരു(ം). **-ly**, *ad.* ആശ്ചര്യകരമായി. **-ness**, *n.* വന്മ, വലിപ്പം; വിസ്മയോല്പാദകത്വം.

**Stū'pe-ŏus, Stū-pōse'**, *a.* നാര് നാരായ, ജടകെട്ടിയ; 2. ചണച്ചിപ്പം പോലെയുള്ള.

**Stū'pid**, *a.* മന്ദത ഉള്ള, ജാഡ്യം—; 2. ബുദ്ധികെട്ട, പൊട്ടൻ ആയ, മടയൻ—; പൊണ്ണൻ—, വിഡ്ഢി—; 3. പട്ടത്തരം—, പട്ടപ്പണി—, കോലംകെട്ട. **-ly**, *ad.* വിഡ്ഢിത്വമായി. **-ness, =pid'i-ty**, *n.* മന്ദത, ബുദ്ധിമാന്ദ്യം; വിട്ടവിഡ്ഢിത്വം, ഭോഷത്വം; വ്യാമോഹം, ഇന്ദ്രിയസ്തംഭനം; ആശ്ചര്യം; ജാഡ്യം.

**Stū'pi-fȳ**, *s. a.* **Stupefy.**

**Stū'por**, *n.* ഇന്ദ്രിയസ്തംഭനം, വ്യാമോഹം; 2. അന്ധാളിപ്പ്, അമ്പരപ്പ്; 3. മയക്കം, ഉന്മാദം; 4. നിർബ്ബുദ്ധി, ദുർബ്ബുദ്ധി, തൻേറടമില്ലായ്മ.

**Stū'prāte**, *v. t.* അപരാധിക്കുക, ബലാൽസംഗം ചെയ്യുക. **=prā'tiŏn, stū'-prum**, *n.* അപരാധിക്കൽ; ബലാൽസംഗം.

I. **Stur'dy** (stĕr'di), *a.* മുരട്ശീലം ഉള്ള, ധാർഷ്ട്യം—, ദുർവ്വാശി—; 2. കട്ടപ്പം—, പാരുഷ്യം—, കഠിനം ആയ, കഠോരം—; 3. സ്ഥിരത ഉള്ള, ദാർഢ്യം—; 4. കെല്പ്—, ഊക്ക്—, കായബലം—; പുഷ്ടി—, സ്ഥൂലിച്ച; ദൃഢഗാത്രനായ; 5. കട്ടി ആയ, ഊക്കൻ—, ഉറപ്പ് ഉള്ള, പരുത്ത. **stur'-di-ly**, *ad.* വാശിയോടെ; സ്ഥിരമായി. **stur'di-ness**, *n.* ശഠത; സ്ഥൈര്യം; ബലം.

II. **Stur'dy**, *n.* ഒര് കന്ന് കാലി രോഗം (*vet.*).

**Sturġe'ŏn**, *n.* കടൽക്കൂരി (മത്സ്യം), പൂഴിപ്പരിതലസ്രാവ് (*z.*). **stū-ri-ō'nēs**, *n. pl.* കൂരിമത്സ്യവർഗ്ഗം (*z.*). **stū-ri-ō'-ni-an**, *n.* കടൽക്കൂരി (*z.*). *a.* കൂരിവർഗ്ഗത്തിൽപെട്ട (*z.*).

**Stut'tĕr,** *v. t. & i.* വിക്കിപ്പറയുക, കൊഞ്ഞിപ്പറയുക, കുളറുക (*S.*), ഇടറിപ്പറയുക, ഗൽഗദമായി സംസാരിക്കുക. *n.* വിക്ക്, കക്ക്, കൊഞ്ഞ്, ഗൽഗദം. **-ĕr,** *n.* വിക്കൻ, കക്കൻ, കൊഞ്ഞൻ. **-ing,** *n.* വിക്കിപ്പറയൽ; കക്ക്. *a.* കൊഞ്ഞ് ഉള്ള, വിക്ക്—. **-ing-ly,** *ad.* വിക്കി വിക്കി, ഗല്ഗദമായി.

I. **Stȳ, Stīgh** (stī), *n.* പന്നിക്കൂട്, പന്നിക്കൊട്ടില്, സൂകരശാല; 2. ദുൎഗ്ഗന്ധസ്ഥലം, മ്ലേച്ഛ—, മലിന—. *v. t.* (പന്നിയെ) കൂട്ടിൽ ആക്കുക, —ഇടുക.

II. **Stȳ, Stȳe** (stī), **Stȳ'an,** *n.* (കൺ) പോളക്കുരു, കണ്ണി(ൽ)ക്കണ്ടൻ, കഞ്ചുരു (*med.*).

**Stȳ'an, Stȳe,** *s. a.* **Sty** II.

**Styġ'i-al, Styġ'i-an,** *s. u.* **Styx.**

**Stȳ-la-gal-mā'ic, Stȳ-lo-gal-mā'ic,** *a.* സ്തംഭപ്രതിമയായ (*arch.*).

**Stȳle** (stīl), **Stȳ'lus,** *n.* എഴുത്താണി, നാരായം; 2. എഴുത്ത് കോല്, ലേഖനി, തൂവല്, തൂലിക, പേന; 3. കൊത്തുളി; 4. ഒര് വൈദ്യശസ്ത്രം, ശലാക (*med.*); 5. പ്രാണി(കളുടെ) വാൽമീശ (*z.*); 6. സൂൎയ്യഘടികാരസൂചി; ശങ്കു, കീലം; 7. പൂവല്ലി, അല്ലി (*b.*); 8. വാചകരീതി, ഭാഷാ—, രീതി, ഭാഷാസരണി; വാഗ്വൃത്തി; 9. ഭാഷാലങ്കാരം, അലങ്കാരം; അലങ്കാരഭാഷ; 10. പദ്ധതി, സമ്പ്രദായം (*f. a.*); 11. വഴക്കം, മൎയ്യാദ, നടവടി, ആചാരം; സന്മൎയ്യാദ; 12. ചമയരീതി, ഉടുപ്പുചമയക്രമം, മട്ട്; 13. നാമധേയം, പേര്, സ്ഥാനപ്പേര്; 14. ലേഖനപദ്ധതി; 15. സംസാരരീതി; 16. കാലഗണനക്രമം. **New s.** (400കൊണ്ട് ഹരിച്ചാൽ ശിഷ്ടം ഉണ്ടാകുന്നതായും 100 കൊണ്ട് ഹരിച്ചാൽ ശിഷ്ടം ഉണ്ടാകാത്തതായും ഉള്ള വൎഷസംഖ്യ ഒഴികെ 4കൊണ്ട് ശിഷ്ടം കൂടാതെ ഹരിക്കാകുന്ന വൎഷസംഖ്യയുള്ള കൊല്ലത്തിന്നു 366 ദിവസവും ശേഷമുള്ള കൊല്ലങ്ങൾക്ക് 365 ദിവസവും ഉള്ളതായ ഗ്രെഗോറികാലഗണനം എന്ന) ആധുനികകാലഗണനസമ്പ്രദായം. **Old s.** (വൎഷസംഖ്യ 4കൊണ്ട് ഹരിച്ചാൽ ശിഷ്ടം ഉണ്ടാകാത്ത പക്ഷം ആ വൎഷത്തിന്ന് 366 ദിവസവും അല്ലാത്തതിന്ന് ഒക്കയും 365 ദിവസവും ഉള്ളതായ യൂല്യൻ കാലഗണനം എന്ന) പ്രാചീനകാലഗണനസമ്പ്രദായം. **s. of court** കോടതിനടവടി, കച്ചേരി—. *v. t.* വിളിച്ച് വരിക, പേര് പറഞ്ഞ്—, നാമധേയം ഉണ്ടാക, അഭിധാനം—, സ്ഥാനപ്പേര്—. **stȳ'let,** *n.* കട്ടാരം; വൈദ്യകഠാരം, —ശ്ലാഖ (*med.*); പ്രാണിമീശ (*z.*). **=lif'ĕr-ŏus,** *a.* അല്ലിയുള്ള (*b.*). **stȳ'li-form, stȳ'loid,** *a.* നാരായാകൃതിയായ, എഴുത്താണിപോലെയുള്ള. **stȳ'lish,** *a.* വിശിഷ്ടരീതി ആയ, വിചിത്രം—; മോടി ഉള്ള, ബഹുമോടി—, അവസ്ഥയായി **stȳ'lish-ly,** *ad.* ബഹുമോടിയായി. **stȳ'lish-ness,** *n.* ആകൃതിവൈശിഷ്ട്യം (ഷ്ട്യം), വൈചിത്ര്യം. **stȳ'list,** *n.* ഭാഷാരീതിസങ്കല്പകൻ; ഭാഷാരീതിജ്ഞൻ. **=lis'tic,** *a.* ഭാഷാരീതിസംബന്ധം ആയ; ഭാഷാരീതി—. **stȳ'līte,** *n.* ഉയൎന്ന സ്തംഭാഗ്രങ്ങളിന്മേൽ പാൎത്തുവന്നിരുന്ന ഒര് വക ക്രിസ്ത്യാനിസന്യാസി, സ്തംഭസന്യാസി (*Chr.*). **stȳ'lō-,** *pf.* ചെന്നിയാണിസംബന്ധിച്ച (*an.*). **stȳ'lō-bāte,** *n.* സ്തംഭത്തൂടപ്പീഠം (*arch.*). **stȳ'lō-graph** (-graf), *n.* നാരായപ്പേന, നാരായലേഖനി. **stȳ-lō-graph'ic, stȳ-lō-graph'i-cal,** *a.* —ലേഖനം സംബന്ധിച്ച, —ലേഖനത്തിന്നുള്ള; —ലേഖനിസംബന്ധിച്ച. **s.c pen** —ലേഖനി, നാരായത്തൂലിക. **s.c pencil** നാരായക്കോല്. **stȳ-lō-graph'-i-cal-ly,** *ad.* —ലേഖനമായി. **=log'ra-phy** (-fi), *n.* —ലേഖനം, —ലിപി. **stȳ'-loid,** *a.* ചെന്നിയാണിസംബന്ധിച്ച (*an.*). **s.d process** ചെന്നിയാണി (*an.*). **=lom'e-tĕr,** *n.* സ്തംഭമാത്ര.

**Sty-lom'ma-ta, Sty-lom-ma-toph'ō-ra** (-tof'ō-), *n. pl.* അച്ച് വൎഗ്ഗം (*z.*). **=toph'ō-rŏus,** *a.* അച്ച് വൎഗ്ഗത്തിൽ പെട്ട; അച്ചില് വൎഗ്ഗം സംബന്ധിച്ച.

**Stȳ'lus,** *n., s. a.* **Style.**

**Styp'tic, Stip'tic, Styp'ti-cal,** *a.* പരിബന്ധകമായ, സങ്കോചകമായ, മുറുക്കുന്ന; 2. രക്തപ്രതിബന്ധകമായ, രക്ത

സ്രാവം നിൎത്തുന്ന, ചോര—. *n.* രക്തബന്ധകൌഷധം, ചോര നിൎത്തുന്ന മരുന്ന് (*med.*). =**tic'i-ty,** *n.* രക്തപ്രതിബന്ധകത്വം.

**Stȳ'rax,** *n.*, *s. a.* Storax.

**Stȳthe** (stīth), *n.* ഇരുമ്പുതാമലമയബാച്ചും (*ming.*).

**Styx,** *n.* (പാതാള ലോകത്തിലെ) വൈതരണിനദി, പ്രേതനദി, തീപ്പുഴ. **styg'-i-al, styg'i-an,** *a.* വൈതരണിസംബന്ധിച്ച; പാതാള സംബന്ധമായ, നരകത്തിലുള്ള; മഹാദുഷ്ടതയുള്ള.

**Sū-a-bil'i-ty, Sū'a-ble,** *s. u.* Sue.

**Sū'ant, Sū'ant-ly,** *s. a.* Suent, Suently.

**Suā'sion** (swā'zhun), *n.* സമ്മതിപ്പിക്കൽ; 2. സമ്മതം; നിൎബ്ബന്ധം. **suā'si-ble** (swā'zi-bl), *a.* സമ്മതം വരുത്താകുന്ന; വേഗം സമ്മതിക്കുന്ന; ബോധനീയമായ. **suā'sive, suā'sor-y,** *a.* വശീകരശക്തിയുള്ള, പാട്ടിലാക്കുന്ന, പറഞ്ഞ് സമ്മതിപ്പിക്കുന്ന. **suā'sive-ly,** വശീകരസാമൎത്ഥ്യത്തോടെ, പാട്ടിൽ വരുത്തുംവണ്ണം, പറഞ്ഞ് മയക്കി.

**Suāve** (swāv *or* swäv), *a.* മധുരം ഉള്ള; 2. ഇമ്പം—, രസം—; 3. രഞ്ജന—, ചേതോഹരം ആയ, രസികം—. -'**ly,** *ad.* മനോരഞ്ജകമായി, ഇമ്പമായി. **suāv'-i-fȳ,** *v. t.* രഞ്ജകം ആക്കുക, മനോഹരം—. =**vil'ō-quent,** *a.* വായിമധുരമുള്ള, ലാവണ്യമായ, മധുഭാഷണം ഉള്ള. =**vil'-ō-quy,** *n.* വാഗ്മാധുൎയ്യം. **suav'i-ty,** *n.* മാധുൎയ്യം, ലാവണ്യം, രസം; മനോഹരത; നയശീലം, മൃദുലത്വം, സൌമ്യത, സാത്വികത്വം; മനോജ്ഞത, സ്വാദ്.

**Sub,** *pf.* കീഴിലുള്ള, കീഴ്, താഴെയുള്ള, താഴ്, അടി, അധോ, താണ; 2. അധീനമായ, ഉപ, സഹായിക; ദ്വിതീയ, രണ്ടാം; 3. ഉൾ, അന്തർ; 4. ചെറു, കുറു, കൊച്ച്; 5. അല്പമായുള്ള; അല്പ, ലേശ, ലവ (*ch.*). *n.* കീഴുദ്യോഗസ്ഥൻ, ഉപസ്ഥാനികൻ; 2. പട്ടാളാംശോപനായകൻ, 'ജമേദാർ' (*mil.*).

*Note.* The meanings of words beginning with *Sub* as a prefix, not found in the vocabulary, may be easily formed by adding കീഴ്, താഴ്, അധോ, ഉപ etc. to the meanings of the principal words.
സൂചകം. Sub എന്ന ഉപസൎഗ്ഗം ചേൎന്നുവരുന്നതായി ഈ ശബ്ദകോശത്തിൽ കാണാത്ത പദങ്ങളുടെ അൎത്ഥം ആ പദത്തിലെ മുഖ്യവാക്കിന്റെ അൎത്ഥത്തോട് 'കീഴ്', 'താഴ്', 'അധോ', 'ഉപ' മുതലായത് ചേൎത്താൽ എളുപ്പത്തിൽ കാണാം.

**Sub-ac'id,** *a.* ലേശം പുളിയുള്ള, ഈഷൽഅമ്ലമായ. *n.* ഈഷദമ്ലസാധനം.

**Sub-ac'rid,** *a.* ഏതാനും കാരമുള്ള, ലേശം രൂക്ഷതയുള്ള; അല്പം ചവൎപ്പുള്ള.

**Sub-a-cūte',** *a.* സാമാന്യം കഠിനം ആയ, ഏതാനും ഉഗ്രം—. [(*z.*).

**Sub-a-dun'cāte,** *a.* ലേശം വളഞ്ഞ

**Sub-ad'vō-cāte,** *n.* ഉപവക്കീല്.

**Sub-ā-ē'ri-al,** *a.* ആകാശത്തിൻകീഴുള്ള; 2. തുറസ്സായ, വെളിയിലുള്ള; 3. ഭൂമുഖത്തുള്ള, ഭൂമിയുടെ ഉപരിഭാഗത്തുള്ള (*geol.*).

**Sub-ā'gent,** *n.* കീഴ് കാൎയ്യസ്ഥൻ (*l.*).

**Su̱'bāh,** *n.* രാജ്യഭാഗം; 2. ദേശാധിപത്യം. **-där,** *n.* ദേശാധിപതി; ദേശ്യശതാധിപൻ, 'സുബേദാർ'.

**Sub-āid',** *v. t.* ഉള്ളാലെ സഹായിക്കുക, ഒളിവായി—.

**Sub-al'pīne,** *a.* പൎവ്വതാഗ്രവാസി ആയ, മലവാസി—.

**Sub'al-tērn,** *a.* കീഴുദ്യോഗസ്ഥനായ; 2. ഉപവൎഗ്ഗമായ (*log.*). *n.* കീഴുദ്യോഗസ്ഥൻ; 2. പട്ടാളാംശനായകൻ, ഉപശതാധിപൻ; 3. ഉപപ്രമേയം (*log.*). =**tēr'-nant,** *n.* സാമാന്യപ്രമേയം (*log.*). =**tēr'-nāte,** *a.* ഇടവിട്ടുണ്ടാകുന്ന; തുടൎച്ചയായ; കീഴിലുള്ള, അധീനമായ; താണ. *n.* പ്ര

ത്യേകപ്രമേയം (*log.*). =nā-ting, *a.* ഇടവിട്ടുണ്ടാകുന്ന, മാറിമാറിവരുന്ന; തുടച്ച ആയ. =nā'tiŏn, *n.* മാറിമാറിവരൽ; തുടച്ച; ആധീനത.

**Sub-an'gū-lar,** *a.* ഏതാനും ക്രുത്ത; 2. കോണാകൃതി ആയ; 3. ക്രുമ്പായ.

**Sub-ap'i-cal,** *a.* അഗ്രത്തോടടുത്ത, അഗ്രത്തിന്ന് ഉടൻ കീഴെയുള്ള.

**Sub-a-quat'ic,** =ā'que-ŏus, *a.* വെള്ളത്തിന്നടിയിലുള്ള, ആണ്ട് കിടക്കുന്ന, മുങ്ങിക്കിടക്കുന്ന; 2. വെള്ളത്തിന്നടിയിൽ ഉപയോഗിക്കാകുന്ന,— ഉപയോഗിപ്പാനുള്ള; 3. വെള്ളത്തിലുണ്ടായ, വെള്ളത്തിന്നടിയിലുണ്ടാകുന്ന, ജല (*geol.*).

**Sub-ärc'tic,** *a.* ധ്രുവത്തോടടുത്ത; ധ്രുവപ്രദേശത്തുള്ള.

**Sub-är'cū-āte,** =är'cū-ā-ted, *a.* വില്ല് പോലെയുള്ള, ചാപാകൃതിയായ.

**Sub-ar-rā'tiŏn,** *n.* (സമ്മാന)ദാന വിവാഹനിശ്ചയം, മോതിരപ്പരിചയം.

**Sub-as'tral,** *a.* നക്ഷത്രങ്ങൾക്ക് കീഴുള്ള; ആകാശത്തിങ്കീഴിലുള്ള; 2. ഭൌമികമായ, ലോകസംബന്ധമായ.

**Sub-a-strin'gent,** *a.* ഏതാനും ചവപ്പുള്ള; ചവപ്പ് ചുവയുള്ള.

**Sub-at'om,** *n.* അതിപരമാണു (*ch.*).

**Sub-aud'** (sub-ạd'), *v. t.* ധരിക്കുക, അന്തൎദ്ധാരണം ചെയ്യുക, ലോപപൂൎത്തി വരുത്തുക, അന്തൎഭവിച്ചതായി വിചാരിക്കുക. =di'tiŏn (-dish'un), *n.* ലോപപൂരണം; അന്തൎദ്ധാരണം; ലോപം, അന്തൎഭൂതം.

**Sub-ax'il-lar-y** (-aks'il-ĕr-i), *a.* കക്ഷത്തിങ്കീഴുള്ള (*an.*).

**Sub'brēed,** *n.* ഉപവംശം (*z.*).

**Sub-cạu'dal** (-kạ'dal), *a.* വാലിങ്കീഴുള്ള (*an.*). [ത്തിങ്കീഴുള്ള.

**Sub-ce-lest'ial** (-lest'yal), *a.* വാന

**Sub-cen'tral,** *a.* കേന്ദ്രത്തിങ്കീഴുള്ള; 2. ഏതാനും മദ്ധ്യത്തിലുള്ള.

**Sub-class',** *n.* ഉപവംശം (*biol.*).

**Sub-com-mit'tēe,** *n.* ഉപസഭ, അധീനസഭ.

**Sub-com-pressed'**(-prest'), *a.* ഏതാനും അമൎന്ന, ഏകദേശം ഒതുങ്ങിയ.

**Sub-con'cāve,** *a.* ലേശം ഉത്താനാകൃതിയായ, ഏതാനും അകവളവുള്ള.

**Sub-con'i-cal,** *a.* അല്പം ക്രുമ്പിച്ച.

**Sub-con'sciŏus** (-kon'shus), *a.* നിൎബ്ബോധമായ, സഹജ്ഞപ്തിരഹിതമായ (*ps.*); 2. ലേശം ബോധമുള്ള.

**Sub-con-stel-lā'tiŏn,** *n.* നക്ഷത്രോപഗണം (*as.*).

**Sub-con'tract,** *n.* കീഴ്ക്കരാറ്. =trac'tŏr, *n.* കീഴ്ക്കരാറുകാരൻ.

**Sub-con'tra-ry,** *a.* ഒട്ടൊക്കെ വിപരീതമായ. [തിയായ.

**Sub-cor'dāte,** *a.* ഏതാനും ഹൃദയാകൃ

**Sub-cos'tal,** *a.* വാരിയെല്ലിൻ കീഴെയുള്ള (*an.*).

**Sub-crā'ni-al,** *a.* തലയോട്ടിന്റെ മുൻഭാഗത്തുള്ള; 2. മുഖസംബന്ധമായ (*an.*).

**Sub-cū-tā'ne-ŏus,** *a.* ചൎമ്മത്തിങ്കീഴിലുള്ള (*an.*).

**Sub-cū-tic'ū-lar,** *a.* ബാഹ്യചൎമ്മത്തിന്നടിയിലുള്ള (*an.*).

**Sub-dēa'con** (-dē'kn), *n.* ഉപശുശ്രൂഷകൻ (*R. C.*). [ദശാംശമായ.

**Sub-dec'ū-ple,** *a.* പത്താലൊന്നായ,

**Sub-dĕr-i-sō'ri-ŏus,** *a.* മിതപരിഹാസമായ. [മിതമായ.

**Sub-de-riv'a-tive,** *n.* ഉല്പന്നോല്പാ

**Sub-dī'al,** *a.* വെളിയിലുള്ള, വെളിം പ്രദേശത്തെ.

**Sub-dī'a-lect,** *n.* ഭാഷോപഭേദം.

**Sub-di-chot'ō-my** (-kot'ō-), *n.* ഉപവിഭാഗം.

**Sub-di-ti'tiŏus** (-tish'us), *a.* ശോപ്യമായി പകരം വെച്ച, അറിയാതെ മാറിക്കളഞ്ഞ; 2. കൃത്രിമമായി ചേൎത്ത.

**Sub-di-vĕr'si-fȳ,** *v.t.* പിന്നെയും നാനാതരമാക്കുക; 2. വീണ്ടും വിചിത്രമാക്കുക.

**Sub-di-vīde',** *v. t.* അംശം ഭാഗിക്കുക, കീഴ്ഭാഗം ചെയ്യുക, ഓഹരി ചെയ്യുത് പി

ന്നെയും ഖാഫരി വെക്കുക, ഭാഗംകൊണ്ട് ഭാഗമാക്കുക. *v. i.* കീഴ്ഭാഗമായ്തീരുക. =vi'ṣiŏn (-vizh'un), *n.* ഭാഗിച്ചത് പിന്നെയും ഭാഗിക്കൽ; കീഴ്ഭാഗം.

**Sub'dō-lŏus,** *a.* ഉപായം ഉള്ള, കൌശലം—, സൂത്രം—.

**Sub-dū'a-ble,** =dū'al, *s. u.* Subdue.

**Sub-dūce',** =duct', *v. t.* പിൻവലിക്കുക, അപഹരിക്കുക, എടുത്ത് കളയുക; 2. കിഴിക്കുക, കമ്മിചെയ്യുക. =duc'tiŏn, *n.* പിൻവലിക്കൽ, അപഹരണം, എടുത്ത് കളയൽ; കിഴിക്കൽ, വ്യവകലിതം (*ar.*).

**Sub-dūe',** *v. t.* കീഴ്പ്പെടുത്തുക, അധീനം ആക്കുക, സ്വാധീനം—, വശത്താക്കുക, കൈവശപ്പെടുത്തുക, ജയിച്ചടക്കുക; 2. കീഴമർത്തുക, ഒതുക്കുക; 3. നശിപ്പിക്കുക, നിഗ്രഹിക്കുക, ഇല്ലാതാക്കുക, ഹരംചെയ്യുക; 4. വഴങ്ങുമാറാക്കുക, മെരുക്കുക, അടക്കുക; 5. പറഞ്ഞ് പാട്ടിലാക്കുക; 6. ശമിപ്പിക്കുക, സാവധാനപ്പെടുത്തുക; 7. ഉരുക്കുക, അലിക്കുക; 8. പതംവരുത്തുക, മയം—, പശിമയാക്കുക; 9. (നിലം) കീറിമറിക്കുക, ഉഴുതിടുക (*agr.*); 10. കളപറിക്കുക (*agr.*); 11. മന്ദമാക്കുക, കട്ടപ്പം കറക്കുക. =dū'a-ble, *a.* കീഴടക്കാവുന്ന, ജയിക്കാകുന്ന. =dū'al, *n.* വശത്താക്കൽ, കീഴ്പ്പെടുത്തൽ. =dūed' (-dūd'), *a.* അടങ്ങിയ, ഒതുങ്ങിയ; കീഴ്പ്പഴക്കം ഉള്ള; സൌമ്യത—; മന്ദമായ. =dū'ēr, *n.* ജയിച്ചടക്കുന്നവൻ, വിജയൻ, നിഗ്രഹകൻ.

**Sub-dul'cid,** *a.* മധുരരസമായ ഉള്ള, ലേശം മധുരം—.

**Sub'du-ple,** *a.* പകുതി ആയ, അർദ്ധം—, രണ്ട് പങ്കുള്ളതിൽ ഒന്നായ (*math.*). s. ratio അർദ്ധവീതം, അർദ്ധാനുപാതം (*math.*).

**Sub-dū'pli-cāte,** *a.* വർഗ്ഗമൂലപ്രസ്താവിതവീതമായ, വർഗ്ഗമൂലവീതമായ (*math.*). s. ratio വർഗ്ഗമൂലവീതം (*math.*); വീതവർഗ്ഗമൂലം (*math.*).

**Sub-ed'i-tŏr,** *n.* ഉപപത്രാധിപൻ.

**Sub-e-lon'gāte,** *a.* ഏതാനും നീളമുള്ള; ലേശം ദീർഘമായ.

**Sub-ē'qual** (-ē'quol), *a.* ഏകദേശം സാമം ആയ, ഏതാനും തുല്യം—.

**Sū-bē're-ŏus, Sū'bĕr-ōse, Sū'bĕr-ŏus,** *a.* 'കിടേശ്'സംബന്ധിച്ച; 'കാക്ക്' പോലെയുള്ള.

**Sub-fam'i-ly,** *n.* ഉപവംശം (*biol.*).

**Sub-fī'brŏus,** *a.* ലേശം നാരുള്ള.

**Sub-fus'cŏus,** *a.* ഏതാനും ഇരുണ്ട; 2. ഏകദേശം കറുത്ത; 3. കരിന്തവിട്ട് നിറമുള്ള.

**Sub-ġē'nus,** *n.* (*pl.* Sub-gen'er-a) അന്തർജ്ജാതി, ഉപജാതി (*biol.*).

**Sub-glob'ū-lar,** *a.* ഏതാനും ഗോളാകൃതിയായ. [പൻ.

**Sub-gŏv'ĕrn-ŏr,** *n.* ഉപദേശാധി

**Sub'group** (-grup), *n.* ഉപഗണം (*biol.*). [വിക്രയം.

**Sub-has-tā'tiŏn,** *n.* ലേലം, പരസ്യ

**Sub-in'dex,** *n.* (*pl.* Sub-in'di-cēṣ) അടിക്കുറി, പാദസൂചകം, അധോലിപി: (*e.g.* $a_2$ $b_3$ $c_n$ എന്നതിൽ 2, 3, *n* എന്നവ).

**Sub-in-feū-dā'tiŏn,** *n.* കീഴ്ക്കുടിയായ്മ.

**Sub-in-gres'siŏn** (-gresh'un), *n.* ഗോപ്യപ്രവേശനം, ഒളിച്ച് കടക്കൽ; 2. ഒളിവഴി. [(*mus.*).

**Sụ'bi-tō,** *ad.* വേഗതയോടെ, ശീഘ്രം

**Sub-jā'cent,** *a.* കീഴെയുള്ള, താഴെ കിടക്കുന്ന; 2. അടിവാരത്തിലുള്ള.

**Sub'ject,** *a.* കീഴിലുള്ള; 2. അധികാരത്തിൻകീഴിലുള്ള, അധീനരാജ്യമായ (*l.*); 3. (to) അധീനം ആയ, ആസ്പദം—, വശം—, ആയത്തം—, പാത്രം—, ഭാജനം—, ഇടയുള്ള; ഉള്ള; 4. കീഴ്പ്പഴക്കം ഉള്ള, അടക്കം—, അനുസരണം—, വഴങ്ങുന്ന, കീഴടങ്ങിയിരിക്കുന്ന; 5. പ്രകാരമുള്ള, അനുസാരമായ. *n.* അധീനൻ, അധീനമായത്; 2. പ്രജ, രാജ്യക്കാരൻ, നിവാസി; 3. വിഷയം, പ്രസ്തുതം, പ്രസ്താവം; 4. നായകൻ, കഥാനായകൻ; 5. കർത്താവ്, ആഖ്യ (*gr.* & *log.*); 6. തത്വം, സത്വം, സത്ത്, വസ്തു; 7. മനസ്സ്, മനശ്ശക്തി; 8. അഹംതത്വം; 9. ഉരു; (കീറിനോക്കുന്ന) ശവം (*an.*); 10.

സംഗീതവിഷയം (*mus.*); 11. ചിത്രവിഷയം (*f. a.*). s.-matter മുഖ്യവിഷയം, കാൎയ്യം, സംഗതി, പ്രസ്താവം. **sub-ject′,** *v. t.* അധീനമാക്കുക, കീഴ്പ്പെടുത്തുക, വശത്താക്കുക; 2. പാത്രം ആക്കുക, ഭാജനം—, ഇര—, ഇടവരുത്തുക; 3. ബോദ്ധ്യമാക്കുക, ബോദ്ധ്യപ്പെടുത്തുക, ബോധിപ്പിക്കുക; 4. കീഴ്പ്പെടുത്തുക; സേവക്കാക്കുക; 5. അനുഭവിപ്പിക്കുക; ഉൾപ്പെടുത്തുക, അകപ്പെടുത്തുക; 6. ചുമത്തുക; 7. അനുസാരമാക്കുക. **=ject′ed,** *a.* അധീനപ്പെട്ടുത്തിയ, കീഴടങ്ങിയ, വഴങ്ങിയ, പരാജിതം ആയ; ഇര—, ആസ്പദം—, അധീനം—, പാത്രം—. **=jec′tiŏn,** *n.* വശത്താക്കൽ, കീഴ്പ്പെടുത്തൽ, വഴങ്ങിക്കൽ; അധീനത, അനുസരണം, വഴക്കം, കീഴ്വഴക്കം, കീഴ്പ്പെടൽ. **-ist,** *n.* മനസ്തത്വജ്ഞൻ (*met.*). **=jec′tive,** *a.* വിഷയം സംബന്ധിച്ച; സ്വയജ്ഞാനം—, ആത്മജ്ഞാനോല്പന്നം ആയ; മാനസികം—; അഹംതത്വം—; ആധിപിടിച്ച, ചിന്താകുലമുള്ള; സ്വയലക്ഷണമുള്ള, പ്രത്യേകതയുള്ള (*lit. & art.*). s.e sensation തോന്നല്, ഇന്ദ്രിയചേഷ്ട, നിജേന്ദ്രിയത്വം (*phys.*). **=jec′tive-ly,** *ad.* സ്വയമായി; അഹംതത്വമായി; അധീനമായി. **=jec′tive-ness, =tiv′i-ty,** *n.* അഹംതത്വം; ആത്മജ്ഞാനം; മാനസികത്വം; അഹംതത്വലക്ഷണം. **=jec′tiv-ism,** *n.* കൎത്തൃജ്ഞാനവാദം, മനോവികാരജ്ഞാന—, അഹംതത്വ— (*met.*). **=jec′tiv-ist,** *n.* കൎത്തൃജ്ഞാനവാദി, മനോവികാരജ്ഞാന—, അഹംതത്വ—. **-less,** *n.* പ്രജയില്ലാത്ത; വിഷയരഹിതമായ. **-ness,** *n.* അധീനത; വഴക്കം.

**Sub-join′,** *v. t.* കൂട്ടിച്ചേൎക്കുക, ചേൎത്ത് പറയുക, —എഴുതുക, —വെക്കുക; 2. അനുബന്ധമാക്കുക. **-′dĕr,** *n.* അനുബന്ധം. **=junc′tiŏn,** *n.* കൂട്ടിച്ചേൎക്കൽ, ചേൎത്ത് പറയൽ; അനുബന്ധം. **=junc′tive,** *a.* അനുബന്ധമായ, കൂട്ടിച്ചേൎത്ത; സംഭാവനാരൂപമായ (*gr.*). s.e mood സംഭാവനാരൂപം, സംശയാൎത്ഥക—, പക്ഷാൎത്ഥ— (*gr.*). *n.* സംഭാവനരൂപം (*gr.*); സംഭാവനക്രിയ (*gr.*).

***Sub jū′di-ce*** കോടതിമുമ്പാകെയുള്ള, വിചാരണയിലിരിക്കുന്ന (*l.*); 2. വിധി പറഞ്ഞിട്ടില്ലാത്ത, തീൎച്ചയാകാത്ത (*l.*).

**Sub′ju-gāte,** *v. t.* നുകത്തിങ്കീഴാക്കുക; 2. കീഴാക്കുക, അധീനപ്പെടുത്തുക; 3. പിടിച്ചടക്കുക, ജയിച്ചടക്കുക. **=gā′tiŏn,** *n.* വശത്താക്കൽ, സ്വാധീനപ്പെടുത്തൽ; കീഴടക്കം, പരാജയം. **=gā-tŏr,** *n.* ജയശാലി, വിജയൻ, കീഴടക്കുന്നവൻ.

**Sub-junc′tiŏn, Sub-junc′tive,** *etc., s. u.* **Subjoin.**

**Sub-king′dŏm,** *n.* ഉപവൎഗ്ഗം (*biol.*).

**Sub-lap-sā′ri-an, =lap′sa-ry,** *n.* (പാപ)പതന (മുൻ)നിൎണ്ണയ നിഷേധവാദി, (പാപ)പതന ജ്ഞാനവാദി (*c. h.*). *a.* (മനുഷ്യന്റെ) പാപപതനാനന്തരമുള്ള. **-ism,** *n.* പതനനിൎണ്ണയനിഷേധവാദം, പതനജ്ഞാനവാദം (*c. h.*).

**Sub′lāte,** *v. t.* കൊണ്ട് പോയ്ക്കളയുക, എടുത്ത് കൊണ്ട് പോക. **=lā′tiŏn,** *n.* കൊണ്ട് പോകൽ, എടുക്കൽ, അപഹരണം. **=tive,** *a.* എടുത്ത് കൊണ്ട് പോകാവുന്ന, അപഹാൎയ്യമായ.

**Sub′lēase** (-lēs), *n.* കീഴ്പ്പാട്ടം, കീഴ്ക്കുടിയായ്മ, കീഴ്നടപ്പവകാശം, കീഴ്ക്കോഴവകാശം (*l.*). **sub-les-sēe′,** *n.* കീഴ്ക്കുടിയാൻ, കീഴ്പ്പാട്ടക്കാരൻ, കീഴ്നടപ്പുകാരൻ.

**Sub-let′,** *v. t.* കീഴ്ക്കുടിയാനെ ഏല്പിക്കുക, കീഴ്പ്പാട്ടത്തിന്ന് കൊടുക്കുക.

**Sub-le-vā′tiŏn,** *n.* ഉയൎത്തൽ; 2. ഉയൎച്ച; 3. ഉയരം; 4. മത്സരം, ലഹള.

**Sub-lieu-ten′ant** (-lef-ten′ant *or* -lū-ten′ant), *n.* പട്ടാളാംശോപനായകൻ, രണ്ടാം 'ലെഫ്റ്റനൻ', ഉപ 'ജമേദാര്' (*mil.*).

**Sub-lī′ma-ble, Sub′li-māte, Sub-li-mā′tiŏn,** *etc., s. u.* **Sublime.**

**Sub-līme′,** *a.* ഉന്നതമായ, ഉയൎന്ന, പൊക്കത്തിലുള്ള; 2. മുന്തിയ, വമ്പിച്ച; 3. ശ്രേഷ്ഠമായ, ഉത്കൃഷ്ടമായ; 4. മഹിമയുള്ള, ശ്രേയസ്സ്—; 5. മഹാനായ; വിശ്രുതനായ; 6. മാഹാത്മ്യമുള്ള, മഹത്ത് ആയ, മഹത്തരം—, മഹാ; 7. മോടിയുള്ള, മനോഹരം

ആയ, വിശേഷം—, വിശിഷ്ടം—; 8. ഗംഭീരം—; 9. ആഹ്ലാദം ഉള്ള; 10. പ്രൌഢി—, ഗൎവ്വം—, ഡാഭ്—, പൊങ്ങച്ചം—. *n.* (the) ഉത്കൃഷ്ടരീതി, രീതിവൈശിഷ്ട്യം; 2. പ്രൌഢരീതി; 3. മഹത്തരം, അതിവിശേഷം, വൈശിഷ്ട്യം, ഉൽകൃഷ്ടം. *v. t.* ഉയൎത്തുക; 2. ബാഷ്പീകരിക്കുക; (ഭസ്മം)വെക്കുക (*ch.*); 3. പുടം—, —ഇടുക, ശുദ്ധിയാക്കുക (*ch.*); 4. പുകഴ്ത്തുക, വാഴ്ത്തുക; 5. വിശേഷപ്പെടുത്തുക, വിശേഷിപ്പിക്കുക, ഉൽകൃഷ്ടമാക്കുക; 6. ശ്രേഷ്ഠതപ്പെടുത്തുക. *v. i.* (ഭസ്മം)വെക്കുക, നീറുക (*ch.*). =lī'ma-ble, *a.* (ഭസ്മം) വെക്കാകുന്ന (*ch.*). =lī'ma-ble-ness, *n.* ബാഷ്പീകരത്വം, പുടഗുണം (*ch.*). ='li-māte, *v. t.* ബാഷ്പീകരിക്കുക, (ഭസ്മം)വെക്കുക, —എടുക്കുക (*ch.*); ശുദ്ധി ആക്കുക; ഉൽകൃഷ്ടം—, ശ്രേഷ്ഠതപ്പെടുത്തുക. *n.* ഭസ്മം (*ch.*). corrosive s.e രസകപ്പൂരം (*ch.*). s.e of mercury രസഭസ്മം, രസസിന്ദൂരം(*ch.*). s.e of sulphur പൂശഗന്ധകം(*ch.*). *a.* ബാഷ്പീകരിച്ച, ഭസ്മം ആയ, (ഭസ്മം)വെച്ച (*ch.*); പുടം— (*ch.*). ='li-mā-ted, *a.* പുടം—, ശുദ്ധിആക്കിയ (*ch.*); ഉൽകൃഷ്ടം—. =li-mā'tiŏn, *n.* ബാഷ്പീകരണം, (ഭസ്മം)വെക്കൽ (*ch.*); പുടപാകം (*ch.*); ഭസ്മം (*ch.*); ശുദ്ധിചെയ്യൽ (*ch.*); ശുദ്ധി (*ch.*); മഹത്വീകരണം; മഹത്വം, മഹിമ; ഉൽകൃഷ്ടത, വൈശിഷ്ട്യം. ='li-mā-tŏr-y, *a.* ഭസ്മം വെക്കുവാനുള്ള, വെപ്പിന്നുള്ള (*ch.*). *n.* പുടപാത്രം, ഭസ്മകലശം (*ch.*). =līmed' (-līmd'), *a.* (ഭസ്മം) എടുത്ത; പുടമിട്ട, ശുദ്ധിയാക്കിയ. =līme'ly, *ad.* മഹത്തരമായി; ഉൽകൃഷ്ടമായി. =līme'ness, =lim'i-ty, *n.* മേന്മ, മാഹാത്മ്യം, ഉൽകൃഷ്ടത, ഔന്നത്യം, ശ്രേഷ്ഠത; വിശിഷ്ടകാൎയ്യം; പ്രൌഢി, ഔദ്ധത്യം. =lim-i-fi-cā'tiŏn, *n.* ഉൽകൃഷ്ടമാക്കൽ; ഉൽകൃഷ്ടത; വെപ്പ് (*ch.*). [(*an.*).

Sub-lin'gual, *a.* നാവിന്റെ കീഴുള്ള

Sub-li'tiŏn, *n.* (ചിത്രംവൎണ്ണത്താൽ) ലാംഛിതമാക്കൽ, ലാംഛീകരണം (*paint.*).

Sub-lu'nar, =nar-y, *a.* ചന്ദ്രന്റെ കീഴിലുള്ള; 2. ഭൂമിയിലുള്ള, ഐഹികം ആയ, ഭൌമികം—, സാംസാരികം—.

Sub-lux-ā'tiŏn, *n.* തിറമ്പ്, അളുക്ക് (*surg.*). [(*an.*).

Sub-mam'mar-y, *a.* മുലക്ക് കീഴുള്ള

Sub-ma-rïne' (-rēn'), *a.* കടലിന്നടിയിലുള്ള; 2. വെള്ളത്തിന്നടിയിൽ ഓടുന്ന; 3. സമുദ്രത്തിന്നടിയിൽ ഉപയോഗിക്കുന്ന; 4. സമുദ്രത്തിലുണ്ടാകുന്ന. s. armour ജലമജ്ജനകവചം, നീച്ചട്ട. s. boat കടലിന്നടിയിൽ ഓടുന്ന തോണി, നീപ്പടക്, ജലാന്തൎപ്പോതം. s. cable, s. telegraph കടല്കമ്പി. s. mine കപ്പൽത്തുരങ്കം, നൌനാശകയന്ത്രം. *n.* കടൽച്ചെടി (*b.*); 2. ജലജന്തു (*z.*); 3. ജലാന്തൎപ്പോതം, നീപ്പടക്.

Sub-mĕrge', *v. t.* വെള്ളത്തിൽ താഴ്ത്തുക, ആഴ്ത്തുക; 2. വെള്ളത്തിൽ മുക്കുക, മുക്കിക്കൊല്ലുക; 3. വെള്ളപ്പൊക്കംവരുത്തുക. *v. i.* വെള്ളത്തിൽചാടുക; 2. ആഴുക, മുങ്ങുക; 3. വെള്ളപ്പൊക്കമുണ്ടാക; 4. ഉൾപ്പെടുക; ലയിക്കുക. =mĕr'gence, =mĕr'siŏn, *n.* മുക്കൽ, ആഴ്ത്തൽ; നിമജ്ജനം, പ്ലാവനം; മുങ്ങിച്ചാകൽ; വെള്ളപ്പൊക്കം, ജലപ്രളയം. =mĕrse', =mĕrsed' (-mĕrsd), *a.* വെള്ളത്തിന്നടിയിൽ വളരുന്ന, ജലജമായ, കടൽച്ചെടിയായ (*b.*). [ള്ള.

Sub-me-tal'lic, *a.* ലോഹച്ഛായയു

Sub-mis'siŏn (-mish'un), Sub-mis'sive, *etc.*, *s. u.* Submit.

Sub-mit', *v. t.* താഴെവെക്കുക; 2. (*refl. pron.*) വഴങ്ങുക, കീഴടങ്ങുക, അനുസരിക്കുക; 3. സമൎപ്പിക്കുക, മുമ്പാകെവെക്കുക, സമക്ഷത്ത്—, ബോധിപ്പിക്കുക. *v. i.* കീഴടങ്ങുക, വഴങ്ങുക; 2. സമ്മതിക്കുക; 3. (തന്നെത്തന്നെ) ഏല്പിച്ച് കൊടുക്കുക, സ്വയത്യാഗം ചെയ്യുക, സഹിക്കുക. =miss', =mis'sive, *a.* വിനയം ഉള്ള, താഴ്മ—, വണക്കം—, കീഴടക്കം—, അടക്കം—, അനുസരണം—, ശാന്തം ആയ, മൃദു—; സൌമ്യതയുള്ള. =mis'siŏn, *n.* കീഴടങ്ങൽ; ബോധിപ്പിക്കൽ; കീഴടക്കം, വിധേയത്വം, അനുസരണം; സൌമ്യത, ശാന്തത; വണക്കം; കുററസ്വീകാരം; പഞ്ചായസമൎപ്പണനിശ്ചയം (*l.*). =mis'sive-ly, *ad.* താഴ്മയോടെ, വിനയത്തോടെ. =mis'sive-ness, *n.* അച്ചടക്കം, വണക്കം,

വിനയം, അനുസരണം. =mit'tĕr, *n.* ബോധിപ്പിക്കുന്നവൻ; കീഴടങ്ങുന്നവൻ.

**Sub-mon'ish,** *v. t.* തോന്നിച്ച് കൊടുക്കുക, ഉത്സാഹിപ്പിക്കുക. =**ni'tiŏn** (-nish'-un), *n.* സൂചന, പ്രേരണം; ഉത്സാഹിപ്പിക്കൽ.

**Sub-mul'ti-ple,** *n.* ഒരു സംഖ്യയെ ശേഷിപ്പ് കൂടാതെ ഹരിക്കുന്ന സംഖ്യ, നിശ്ശേഷഹാരകം, മാ(പ)നസംഖ്യ (*math.*). *a.* മാനസംഖ്യ ആയ (*math.*); —സംബന്ധിച്ച (*math.*). (*med.*).

**Sub-när-cot'ic,** *a.* മയക്കഗുണമുള്ള

**Sub-nas'cent,** *a.* കീഴെ മുളക്കുന്ന, —വളരുന്ന, താഴെ ഉണ്ടാകുന്ന, അധോജന്യമായ.

**Sub-neet',** *v. t.* കീഴെ കെട്ടുക, ചുവടെ ബന്ധിക്കുക.

**Sub-nō-tā'tiŏn,** *n.* കുറിപ്പ്, കത്ത്; 2. നീട്ട്, തീട്ട്, തരക്.

**Sub-nū'vol-ar,** *a.* മേഘത്തിങ്കീഴെയുള്ള; 2. ഏതാനും കാറ് മൂടിയ, മൂടലായ.

**Sub-oc'tāve,** =**oc'tū-ple,** *a.* എട്ടാലൊന്നായ, അരക്കാലോഹരിയായ.

**Sub-of'fi-cĕr,** *n.* കീഴുദ്യോഗസ്ഥൻ.

**Sub-or'dĕr,** *n.* ഉപവർഗ്ഗം, വർഗ്ഗശാഖ, ശാഖാവർഗ്ഗം (*nat.*).

**Sub-or'di-nāte,** *a.* (*contr. form* Sub.) താണ, കീഴിലുള്ള, കീഴ്; കീഴ്ത്തരം ആയ, അധമം—; 2. അധീനം—. **s.** or **sub. collector** ഉപജില്ലാധികാരി, ഉപജില്ലാധിപതി, 'സബ്ബ് കല്ക്കട്ടറ്'. **s.** or **sub. judge** ഉപന്യായാധിപതി, 'സബ്ബ് ജഡ്ജി'. **s. sentence** അധീന വാക്യം, ഉപവാക്യം (*gr.*). *n.* കീഴുദ്യോഗസ്ഥൻ. **medical s.** ഉപവൈദ്യൻ, വൈദ്യസഹായി. *v. t.* താഴെ ആക്കുക, കീഴിൽ—; 2. താഴ്ത്തിവിചാരിക്കുക; 3. കീഴ്പെടുത്തുക, അധീനമാക്കുക. =**or'di-na-cy,** *n.* അ(ആ)ധീനത. **-ly,** *ad.* കീഴായി, അധീനമായി. **-ness,** *n.* അധീനത, കീഴായ്മ. =**nā'tiŏn,** *n.* താഴ്ത്തൽ, കീഴാക്കൽ; അധീനപ്പെടുത്തൽ; അധീനത; താഴ്മ; വണക്കം; ആധീനസ്ഥിതി. =**nā-tive,** *a.* കീഴ്പെടുത്തുന്ന; അധീനസൂചകം ആയ; ഉപവാക്യസംയോജകമായ (*gr.*).

**Sub-orn'** (-arn'), *v. t.* കള്ളസ്സാക്ഷി പറയിക്കുക, സത്യം ചെയ്യ് കളവ്— (*l.*); 2. വശീകരിക്കുക, പാട്ടിലാക്കുക, സ്വാധീകരിക്കുക; 3. ഉള്ളാലെ സഹായിക്കുക, ഉത്സാഹിപ്പിക്കുക. =**nā'tiŏn,** *n.* കള്ളസ്സാക്ഷി പറയിക്കൽ, സത്യംചെയ്യ് കളവ്—; കോഴ കൊടുത്ത് കുററം ചെയ്യിക്കൽ, (കുററം ചെയ്യാൻ) കൈക്കൂലി കൊടുത്ത് പാട്ടിലാക്കൽ. **-or'nĕr,** *n.* കളവായി സാക്ഷി പറയിക്കുന്നവൻ; ദുഷ്കാര്യം ചെയ്യിക്കുന്നവൻ.

**Sub-ō'val,** =**ō'vāte,** =**ō'vā-ted,** *a.* അണ്ഡാകൃതിപരായയുള്ള.

**Sub-pē'na, Sub-pœ'na** (sup-pē'na), *n.* (ലംഘിച്ചാൽ ശിക്ഷയുണ്ടാകുമെന്നായി) കോടതിയിൽ ഹാജരായി സാക്ഷി പറവാനുള്ള കല്പന, 'ഹാജർ'കല്പന, 'സമൻ' കല്പന, 'സമൻസ്', ആഹ്വാനപത്രം (*l.*). *s. ad testificandum* സാക്ഷി (പറവാനുള്ള) കല്പന (*l.*). *s. duces tecum* രേഖ(ഹാജരാക്കുവാനുള്ള) കല്പന (*l.*). *v. t.* സമൻ കല്പന നടത്തുക, സമനയപ്പിക്കുക (*l.*). =**pœ'nal,** *a.* ശിക്ഷാഭയം കൊണ്ട് ചെയ്യു; ഭയപ്പെടുത്തി ആവശ്യപ്പെട്ട.

**Sub-pur'chās-ĕr,** *n.* കൊണ്ടവനോട് കൊള്ളുന്നവൻ, കീഴ്ക്കച്ചവടക്കാരൻ.

**Sub-quad'rāte,** *a.* ഏതാനും സമചതുരമായ.

**Sub-quad'ru-ple,** *a.* നാലാലൊന്ന് ആയ, കാലോഹരി—, കാലംശം—.

**Sub-quin'tū-ple,** *a.* അഞ്ചാലൊന്നായ.

**Sub-rēad'ĕr** (-rēd'ĕr), *n.* ധർമ്മശാസ്ത്രോപപണ്ഡിതൻ (*l.*).

**Sub-re-lig'iŏn** (-lij'un), *n.* ഉപമതം, ഭക്തിപൂർവ്വകകാര്യം.

**Sub-rep'tiŏn,** *n.* വ്യാജസമ്പാദനം, കൃത്രിമ—; ഉപായത്താൽ കൈവശമാക്കൽ.

**Sub'rō-gāte,** *v. t.* പകരം ആക്കുക, 'ബദല്'വെക്കുക. =**gā'tiŏn,** *n.* പകരം

വെക്കൽ; വിധി തീര് വാങ്ങൽ, (കിട്ടുവാനുള്ള) കടം— (*l.*). [ഉപ്പ് ചുവയുള്ള.

**Sub-sā'līne,** *a.* ഉവരായ, ഉപ്പിക്കുന്ന,

**Sub-scrībe',** *v. t.* ചുവടെ എഴുതുക; 2. ഒപ്പ് വെക്കുക; 3. സമ്മതിച്ചൊപ്പിടുക; സമ്മതിക്കുക, നിശ്ചയം ചെയ്യുക; 4. (ഒപ്പിട്ട്) സാക്ഷ്യപ്പെടുത്തുക; 5. വരി(യോലയിൽ പേര്) ചാർത്തുക, (സൌജന്യം കൊടുക്കാമെന്ന്) വാഗ്ദത്തം ചെയ്യുക, ഭരമേല്ക്കുക, ഏല്ക്കുക. *v. i.* ഒപ്പ് വെക്കുക; 2. സമ്മതിക്കുക, യോജിക്കുക; 3. (for) ഉത്തരവാദിയാക, 'ജാമ്യം' നില്ക്കുക; 4. വരിയോലയിലെഴുതുക, (കൊടുക്കാമെന്ന്) വാഗ്ദത്തം ചെയ്യുക, ഏല്ക്കുക; 5. (പത്രം) വരിക്കാരനായ്തീരുക, പതിവുകാരനാക. =**scrī'ba-ble,** *a.* സമ്മതിക്കാവുന്ന. =**scrī'bĕr,** *n.* ഒപ്പിടുന്നവൻ; ഭരമേല്ക്കുന്നവൻ; സമ്മതിക്കുന്നവൻ; വരിക്കാരൻ. **sub'script,** *a.* ചുവടെ എഴുതിയ; ($X_a$ $A_n$ $Y_2$ എന്നതിൽ *a, n,* 2 പോലെയുള്ള) അടിക്കുറിആയ, അധോലിപി— (*math.*). *n.* അടിക്കുറി. =**scrip'tiōn,** *n.* ചുവടെ എഴുതൽ; ഒപ്പ് വെക്കൽ; വരിയോല, പട്ടിക; ഒപ്പ്, കയ്യൊപ്പ്; സമ്മതം; വരിസംഖ്യ, വരിപ്പണം, വില; വിശ്വാസസമ്മതം (*eccl.*); (മരുന്നോലയിലെ) വൈദ്യസൂചന (*med.*). =**scrip'tive,** *a.* ഒപ്പ് സംബന്ധിച്ച; വരിയോല—. =**scrip'tive-ly,** *ad.* വരിയോലയായി, പട്ടികയായി. [ശം, ഉപാംശം.

**Sub-sec'tiōn,** *n.* കീഴ് ഭാഗം, കീഴം

**Sub-sec'ū-tive,** *a.* തുടർച്ചയായ, ക്രമോല്ക്കൃഷ്മായ.

**Sub-sen'si-ble,** *a.* അഗോചരമായ.

**Sub-sep'tū-ple,** *a.* ഏഴാലൊന്നായ.

**Sub'se-quent,** *a.* പിന്നേത്ത, വഴിയേത്ത, ശേഷമുള്ള, പിൻകാലത്തുള്ള, കഴിഞ്ഞിട്ടുള്ള, അനന്തരമായ, തദനന്തരമായ, ഉത്തര, പര, അനു; 2. പിന്നാലെയുള്ള, തുടർച്ചയായ. =**quence,** =**quen-cy,** *n.* തുടർച്ച, പിന്തുടർച്ച; പിമ്പ്; ക്രമോല്ക്കൃഷ്ം. **-ly,** *ad.* വഴിയെ, പിന്നെ, അതിൽ പിന്നെ, അനന്തരം, അതിന്റെ ശേഷം, ശേഷം.

**Sub-sĕrve',** *v. t.* ശുശ്രൂഷചെയ്യുക, സേവിക്കുക; 2. ഉതകമാറാക്കുക, സഹായിക്കുക, സാധിപ്പിക്കുക. *v. i.* സേവിക്കുക, കീഴ്പണിയംചെയ്യുക (*S.*). =**sĕr'vi-ence,** =**sĕr'vi-en-cy,** *n.* സേവ, പൂജ; ഉതക്കം, ഒത്താശ, സഹായം;. ദാസ്യം. =**sĕr'vi-ent,** *a.* ഉപയോഗമുള്ള; സാധകമായ; കീഴ്പ്പെട്ടിരിക്കുന്ന; അധീനമായ; സേവിച്ച് നില്ക്കുന്ന. =**sĕr'vi-ent-ly,** *ad.* അനുകൂലമായി; ഉപയോഗമുള്ളതായി.

**Sub-ses'qui,** *pf.* മൂന്നിൽ രണ്ടോഹരിയായ (*ch.*).

**Sub-sex'tū-ple,** *a.* ആറാലൊന്നായ.

**Sub-sīde',** *v. i.* താണ് പോക, താഴുക, ഊറുക; 2. താഴോട്ട് ചായുക, ഇടിയുക; അമരുക, പതിയുക, അവിയുക, ഇരുന്ന് പോക; 3. ശാന്തമാക, ശമിക്കുക, ഭേദമാക. =**sī'dence,** =**sī'den-cy,** *n.* ഇടിവ്, ഇരുന്ന് പോകൽ, താണ് പോകൽ, താഴ്ച.

**Sub-sid'i-ar-y,** *a.* ഉതകുന്ന, സഹായം ആയ, തുണ—; 2. ഉപനദി— (*geog.*); 3. ഉപ; 4. സഹായദ്രവ്യം ആയ, ഒത്താശപ്പണം—; കരം—; ഒത്താശപ്പണം സംബന്ധിച്ച. *n.* സഹായി, തുണയാളി, ഒത്താശക്കാരൻ. =**a-ri-ly,** *ad.* സഹായമായി; അധീനമായി. =**dīse,** =**dīze,** *v. t.* ഒത്താശപ്പണം കൊടുക്കുക; സഹായം കിട്ടുവാൻ പണം കൊടുക്കുക; സൎക്കാരിൽനിന്ന് ദ്രവ്യസഹായം ചെയ്യുക, കോയ്മദ്രവ്യം കൊടുക്കുക. **sub'si-dy,** *n.* സഹായം, ഒത്താശ; (രാജാവിന്ന് പ്രജകളാലുള്ള) ദ്രവ്യസഹായം, സൌജന്യകരം; (ഒര് കോയ്മ മറെറാരു കോയ്മക്കു കൊടുക്കുന്ന) ഒത്താശപ്പണം, രാജകോഴ; (സൎക്കാരിൽനിന്നുള്ള) ദ്രവ്യസഹായം, പ്രോത്സാഹദ്രവ്യം, കോയ്മദ്രവ്യം.

**Sub-sīgn'** (-sīn'), *v t.* ഒപ്പ് വെക്കുക, കയ്യൊപ്പിടുക. **sub-sig-nā'tiōn,** *n.* സാക്ഷ്യപ്പെടുത്തൽ.

**Sub-sist',** *v. i.* ഉണ്ടാക, ഭവിക്കുക, ഇരിക്കുക; 2. സ്ഥിതിചെയ്യുക, നില്ക്കുക, നിലനില്ക്കുക; 3. ജീവനംചെയ്യുക, കഴിഞ്ഞ് കൂടുക, പുലന്ന് പോരുക, അഹസ്സ്ക

ഴിക്കുക, ഉപജീവനം–, (അഹോ)വൃത്തി–, നാൾപൊറുതി–, നാള്കഴിയുക, ജീവിച്ച്പോരുക. *v. t.* പുലൎത്തുക, പോററുക, കഴിച്ച്കൂട്ടുക. =sist′ence, =sist′en-cy, *n.* സത്വം, ആസ്ഥിത്വം, ഭാവം; ഉണ്മ, ഇരിപ്പ്, സ്ഥിതി; ആവാസം; ആഹാരം, കൊററ്, അന്നവസ്ത്രം; ഉപജീവനം, വൃത്തി, പിഴെപ്പ് (*S.*), കഴിച്ചല്; പ്രത്യേകാസ്ഥിത്വം, മൂൎത്തിത്വം (*theo.*). s.e allowance കൊററ്പണം. =sist′ent, *a.* സത്തായ, ആസ്ഥിത്വമുള്ള, ഉണ്മയുള്ള; ഉള്ളതായ, ആവസിക്കുന്ന, സഹജമായ.

Sub′soil, *n.* അടിമണ്ണ്, മണ്ണ്. s. plow അടിമണ്ണ്മറിക്കുന്ന കൊഴു, അടികൊഴു. *v. t.* (മണ്ണ്)കൊത്തി മറിക്കുക, കീറിമറിക്കുക.

Sub-sō′lar-y, *a.* സൂൎയ്യന്ന് കീഴെ ഉള്ള; 2. ഭൂമിയിൽ–, ഭൌമികം ആയ, ഐഹികം–, ലൌകികം–, സാംസാരികം–.

Sub-spē′ciēs (-spē′shēz), *n.* ഉപവൎണ്ണം, ഉപജാതി (*biol.*).

Sub′stance, *n.* സത്വം, തത്വം, കാതല്; 2. സത്ത്, പൊരുള്, സാരം; 3. കാൎയ്യം, വസ്തുത; 4. വസ്തു, ദ്രവ്യം, പദാൎത്ഥം, ജഡപദാൎത്ഥം; 5. സാരാംശം, കാൎയ്യഭാഗം, മുഖ്യസാരം; 6. അൎത്ഥം, താല്പൎയ്യം; 7. ഉറപ്പ്, കട്ടി, കരുത്ത്; 8. ആസ്തി, വസ്തുവക, മുതല്, വക; 9. പ്രത്യേകാസ്ഥിത്വം, മൂൎത്തിത്വം (*theo.*). -less, *a.* സത്വം ഇല്ലാത്ത, കാതല്–. =′stant, =stan′tial (-shal), *a.* വസ്തുത ആയ, ഉണ്മ–, വാസ്തവം–, സാക്ഷാലുള്ള, ഉള്ള, സാക്ഷാൽ; പരമാൎത്ഥം ആയ; കാൎയ്യം–, സാരം–; കട്ടി–, ഉറപ്പുള്ള, കരുത്തുള്ള; വകയുള്ള, ധനികനായ, യോഗ്യനായ. =stan-ti-al′i-ty (-shi-al′i-ti), *n.* ആസ്തിത്വം, വാസ്തവ്യം. =stan′tial-īse, =stan′tial-īze, *v. t.* വസ്തുതയാക്കുക; ഉറപ്പിക്കുക. =stan′tial-ly, *a.* സാരമായി, കാൎയ്യമായി; വസ്തുതയായി, ഉള്ളവണ്ണം, സാക്ഷാൽ; ഉറപ്പായി. =stan′tial-ness, *n.* ഉണ്മ, ആസ്ഥിത്വം; ഉറപ്പ്, കരുത്ത്. =stan′tials (-shalz), *n. pl.* കാൎയ്യഭാഗം, സാരാംശം. =stan′ti-āte (-shi-āt), *v. t.* സത്താക്കുക, ഉണ്മവരുത്തുക, ആസ്തിത്വം–; വസ്തുത ആക്കുക, വാസ്തവം–; തെളിയിക്കുക, സ്ഥാപിക്കുക. =stan-ti-ā′tiŏn, *n.* തെളിയിക്കൽ; തെളിവ്. =stan-tī′val, *a.* നാമപദം സംബന്ധിച്ച (*gr.*); –പോലെയുള്ള (*gr.*). =stan-tī′val-ly, *ad.* നാമപദമായി (*gr.*). =′stan-tive, *a.* ആസ്തിത്വപ്രതിപാദകമായ; പരാശ്രയമില്ലാത്ത, സ്വാശ്രയമുള്ള, തനിക്കാമ്പോന്ന, സ്വാതന്ത്ര്യമുള്ള; ഉറപ്പുള്ള, സ്ഥിരം ആയ, കാൎയ്യം–, സാരം–; മുഖ്യം–, പ്രമാണം–. s.e colour (സ്വയ)ലാഞ്ഛകവൎണ്ണം. s.e verb ആസ്തിത്വക്രിയ, (to be) എന്ന 'ഉൾ'ധാതുക്രിയ, 'ഭൂ'ധാതുക്രിയ. s.e law പ്രമാണനിയമം. noun s.e നാമം, നാമപദം (*gr.*). *n.* നാമം, നാമപദം (*gr.*). =′stan-tive, =′stan-tiv-īse, =′stan-tiv-īze, *v. t.* നാമപദം ആക്കുക, നാമരൂപം– (*gr.*). =′stan-tive-ly, *ad.* വസ്തുതയായി; സാരമായി, മുഖ്യമായി; നാമപദമായി (*gr.*). =′stan-tive-ness, *n.* പ്രാമുഖ്യത, പ്രാധാന്യത.

Sub′stan-tive, *etc.*, *s. u.* Substance.

Sub′sti-tūte, *n.* പകരക്കാരൻ, 'ബദല്'കാരൻ, പ്രതിപുരുഷൻ, പ്രതിനിധി, പ്രതിഭൂ; പിണിയാള് (*S.*), ആൾപേര് (*S.*); 2. പകരം, 'ബദല്', പ്രതി; 3. പിണിയാൾചേകവൻ, പകരപ്പടയാളി (*mil.*). *v. t.* പകരം ആക്കുക, –വെക്കുക, 'ബദല്'–; 2. മാററുക. =stit′ū-ent, *n.* പ്രതികണം (*ch.*). =tū-ted, *a.* മാററിയ; 'ബദലായ'; പ്രതികണത്വമുള്ള (*ch.*). s.d executor (മരണശാസന) പ്രതിപ്രവൎത്തകൻ (*l.*). s.d service (of a summons) പതിച്ച്നടത്തൽ (*l.*). =tū′tiŏn, *n.* 'ബദല്'വെക്കൽ, പകരം–, മാററൽ; പകരം, 'ബദല്', പ്രതിഭൂത്വം; പ്രാതിനിദ്ധ്യം, കാൎയ്യസ്ഥസ്ഥാനം; 'ബദല' വകാശി (*l.*); (യേശുക്രിസ്തു നരകുലത്തിന്ന് പകരമായി മരിച്ചുവെന്ന) പ്രാതിഭൂത്വവാദം (*theo.*); പ്രതികണത്വം (*ch.*). =tū′tiŏn-al, =tū′tiŏn-ar-y, *a.* പ്രാതിഭൂത്വം സംബന്ധിച്ച; പകരമായ. =tū′tiŏn-al-ly, *ad.* പ്രതിഭൂത്വമായി. =tū-tive, *a.* ബദല്വെക്കുന്ന; പകരംവെക്കാകുന്ന.

**Sub-stract′**, *etc.*, *s. a.* Subtract.

**Sub′strāte, Sub-strā′tum**, *n.* (*pl.* sub-strā′ta) അടിയട്ടി, കീഴട്ടക്ക്; അടിപ്പട; 2. അടിമണ്ണ് (*agr.*); 3. സാരം, കാതല്, സത്ത്, പൊരുള്.

**Sub-struc′tūre** (*or* -chur), =**struc′tiŏn**, *n.* ആധാരം; 2. തറ, അടിസ്ഥാനം, അസ്ഥിവാരം (*arch.*). **sub-struct′**, *v. t.* അടിസ്ഥാനം ഇടുക, തറകെട്ടുക.

**Sub-sul′tive**, =**sul′tŏr-y**, *a.* തുള്ളുന്ന, തെറിക്കുന്ന; 2. തത്തുന്ന, തുള്ളിത്തുള്ളി നടക്കുന്ന. =**sul′tŏr-i-ly**, *ad.* തുള്ളിക്കൊണ്ട്. =**sul′tus**, *n.* വലി, ഞരമ്പ് വലി (*med.*).

**Sub-sūme′**, *v. t.* ഉൾപ്പെടുത്തുക, അടക്കുക. =**sū′ma-ble**, *a.* ഉൾപ്പെടുത്താകുന്ന, അടങ്ങുന്ന. =**sump′tiŏn** (-sum′shun), *n.* ഉൾപ്പെടുത്തൽ; ഉപനയം (*log.*). =**sump′tive** (-sum′tiv), *a.* ഉപനയം ആയ; —സംബന്ധിച്ച.

**Sub-tan′gent**, *n.* സ്പർശോപരേഖ [(*geom.*).

**Sub-tär-tā′re-an**, *n.* പാതാളത്തിന്നടിയിലുള്ള; 2. നരകസംബന്ധമായ.

**Sub-teg-ū-lā′ne-ŏus**, *a.* മേല്പുരക്കുള്ളിലുള്ള; 2. വീട്ടിന്നകത്തുള്ള.

**Sub-ten′ant**, *n.* കീഴ്ക്കുടിയാൻ, കീഴ്പാട്ടക്കാരൻ (*l.*).

**Sub-tend′**, *v. t.* കീഴിൽ നീളുക, കീഴായി ഞാലുക, വാലുക; തുടന്ന് കിടക്കുക (*geom.*); 2. എതിരായിരിക്കുക, എതിരായ്ക്കിടക്കുക (*geom.*). =**tense′**, *n.* തുടർരേഖ, ഞാണ് (*geom.*).

**Sub-tep′id**, *a.* ഇളഞ്ചൂടായ, വെക്കയുള്ള.

**Sub-tĕr′flu-ent**, =**tĕr′flu-ŏus**, *a.* അടിയിൽക്കൂടി ഒഴുകുന്ന, അന്തർപ്രവാഹമായ.

**Sub′tĕr-fūge**, *n.* ഒഴികഴിവ്, സൂത്രം, തന്ത്രം, മറിപ്പുംതിരിപ്പും, കൌശലം, ഉപായം; പൊളി, വളതം, ഛലം, കളവ്, കള്ളം (*S.*).

**Sub′tĕr-rā′ne-an**, =**rā′ne-ŏus**, =**res′tri-al**, *a.* ഭൂമിയുടെ ഉള്ളിൽ ഉള്ള, ഭൂഗർഭത്തിൽ—, ഭൂവന്തർഗ്ഗതം ആയ, തുരങ്കം—. **s. passage** തുരങ്കം, നിലവഴി. =**rāne**, *n.* ഗുഹ, ഗഹ്വരം; നിലയറ. =**rā′ne-ŏus-ly**, *ad.* ഭൂവന്തർഗ്ഗതമായി, ഭൂമിയുടെ ഉള്ളിൽക്കൂടി.

**Sub′tile** (*or* sut′l), *a.* സൂക്ഷ്മം ആയ, നേർമ്മ—, നേരിയ; 2. ശിഥിലമായ, നേരിയ ഇഴ ഉള്ള; 3. മൂർച്ച—, തീവ്രം ആയ, ഉഗ്രം—, തീക്ഷ്ണം—; 4. വിവേചനം ഉള്ള, വിവേകം—, കുശാഗ്രബുദ്ധി—; 5. ശുദ്ധിചെയ്ത, ഉൽകൃഷ്ടമായ; 6. യുക്തിസാമർത്ഥ്യം ഉള്ള, ഉപായം—, തന്ത്രം—, കൌശലം—, സൂത്രം—. **-ly**, *ad.* ഉപായത്തോടെ. **-ness, sub′til-ism, sub-til′i-ty, sub′til-ty**, *n.* സൂക്ഷ്മത; ശിഥിലത്വം; ബുദ്ധിക്രമ്മത, സാമർത്ഥ്യം, ചതുരത, വൈദഗ്ദ്ധ്യം; ഉപായം, യുക്തി, കയുക്തി. =**til-i-sā′tiŏn**, =**til-i-zā′tiŏn**, *n.* സൂക്ഷ്മം ആക്കൽ, നേർമ്മ—; ബാഷ്പീകരണം (*ch.*); ശുദ്ധിചെയ്യൽ, പുടംവെക്കൽ; മിനുക്കൽ, നന്നാക്കൽ. =**′til-īse**, =**′til-īze**, *v. t.* നേർമ്മയാക്കുക; മിനുക്കുക; പുടമിടുക; അതിവിശേഷമാക്കുക. *v. i.* അതിസൂക്ഷ്മമായി വാദിക്കുക, ശിഥിലവ്യത്യാസം നോക്കുക. =**′til-ī-sĕr**, =**′til-ī-zĕr**, *n.* മിനുക്കുന്നവൻ.

**Sub′tle** (sut′l), *a.* കയുക്തി ഉള്ള, തന്ത്രം—, കൃത്രിമം—; 2. വഞ്ചന ആയ, ചതി—, ഉപായം ഉള്ള; 3. യുക്തിസാമർത്ഥ്യം—; 4. ബുദ്ധിക്രമ്മത—; ക്രുത്ത്; 5. അഗോചരം ആയ, അഗ്രാഹ്യം—; 6. പിടിക്കുവാൻ കിട്ടാത്ത. **-ness, -ty**, *n.* തന്ത്രം, ഉപായം, സൂത്രം; സൂക്ഷ്മവിവേചനം. **sub′tly** (sut′li), *ad.* കൌശലത്തോടെ; ചതിവായി; സൂക്ഷ്മമായി.

**Sub-ton′ic**, *a.* അല്പപ്രാണമായ (*gr.*). *n.* അല്പപ്രാണാക്ഷരം (*gr.*); 2. (സ്വരഗ്രാമത്തിൽ) 'നി' എന്ന സ്വരം, നിഷാദം, സപ്തമസ്വരം (*mus.*).

**Sub-tract′, Sub-stract′**, *v. t.* കിഴിക്കുക; 2. കുറക്കുക, 'കമ്മി' ചെയ്യുക, നീക്കുക, തള്ളുക. **-′ĕr**, *n.* കിഴിക്കുന്നവൻ. =**trac′tiŏn**, *n.* കിഴിക്കൽ, കുറക്കൽ; കിഴിക്കുന്ന കണക്ക്, വ്യവകലിതം, വ്യവകലനം (*math.*); ചെയ്യാതിരിക്കൽ, മുടക്കം (*l.*). **s.n of conjugal rights** ദാമ്പത്യ

വിയോജനം (*l.*). s.n of a legacy അവകാശമുടക്കം (*l.*). s.n of service പ്രവൃത്തി— (*l.*). s.n of rent പാട്ടം കൊടുക്കാതിരിക്കൽ, —ബാക്കിയാക്കൽ, പാട്ടമുടക്കം (*l.*). =trac'tive, *a.* കിഴിക്കുന്ന, കിഴിപ്പായ; ക്ഷയരാശിയായ (*math.*). sub'tra-hend, *n.* കിഴിപ്പാനുള്ള സംഖ്യ, ശോധക—, ശോധകം, ഋണം (*math.*).

Sub'tra-hend, *n. s. u.* Subtract.

Sub-trans-lu'cent, *a.* ലേശം പ്രസന്നമായ, ഏതാനും തെളിവായ.

Sub-trans-pā'rent, *a.* ഏതാനും പ്രസന്നമായ, സ്വച്ഛതകുറയായുള്ള.

Sub-treas'ur-y (-trezh'ur-), *n.* ഉപഭണ്ഡാരം, കിഴ് 'ഖജാന', താലൂക്ക് 'ഖജാന'.

Sub'trībe, *n.* ഉപഗോത്രം (*biol.*).

Sub-trip'le, *a.* മൂന്നാലൊന്നായ (*math.*).

Sub-trip'li-cāte, *a.* ഘനമൂലാനുസാരമായ (*math.*). s. ratio ഘനമൂലാനുപാതം (*math.*).

Sub-trude', *v. t.* കീഴിലാക്കുക, അടിയിൽ വെക്കുക; 2. ചെരുതുക, ചെലുത്തുക.

Sub-typ'i-cal, *a.* വർഗ്ഗഭേദമുള്ള; 2. ഭിന്നവർഗ്ഗത്തിൽ പെട്ട (*z.*).

Sū'bū-lāte, =lā-ted, =li-form, *a.* കൃത്ത് കൃത്ത് വരുന്ന, കൃമ്പിച്ച.

Sub-un'gual, *a.* നഖത്തിങ്കിഴുള്ള (*an.*); 2. കുളമ്പിന്നടിയിലുള്ള (*vet.*).

Sub'urb (-ĕrb), *n.* ഉപനഗരം; ഉപഗ്രാമം; 2. *pl.* നഗരപ്രാന്ത്യം; 3. അതൃത്തി, പ്രാന്ത്യം; 4. അയല്പ്രദേശം. =ur'-ban (-ĕr'ban), *a.* ഉപനഗരത്തിലുള്ള; ഉപഗ്രാമസംബന്ധമായ. *n.* ഉപനഗരവാസി, ഉപഗ്രാമത്തിൽ പാൎക്കുന്നവൻ. sub'urbed (-ĕrbd), *a.* ഉപനഗരം ഉള്ള, പുറംപേട്ട—.

Sub-va-rī'e-ty, *n.* തരഭേദം.

Sub-vēne', *v. i.* കീഴിൽ വരിക; 2. താങ്ങായിരിക്കുക, ആധാരം ആക, ഊന്നായ്വരിക; 3. സംഭവിക്കുക, ഉണ്ടായ്വരിക. =ven'tiŏn, *n.* കീഴെവരൽ; ഇറക്കിവെക്കൽ; താങ്ങ്, ഊന്ന്; അത്താണി; സഹായം, തുണ, ഉതവി; സൎക്കാര് (ചെയ്യുന്ന) ദ്രവ്യസഹായം, പണ്ടാ(ഭണ്ഡാ)രസഹായം. =ven'tiŏn, =ven'tiŏn-īse, =ven'tiŏn-īze, *v. t.* തുണക്കുക, സഹായിക്കുക; ദ്രവ്യസഹായം ചെയ്യുക. =ven-ti'tiŏus (-tish'us), *a.* ഉതവിയായ, തുണക്കുന്ന, സഹായിക്കുന്ന.

Sub-vĕr'siŏn, *etc.*, *s. u.* Subvert.

Sub-vĕrt', *v. t.* കീഴ്മേൽ മറിക്കുക, തള്ളിയിടുക, മറിച്ചിടുക; 2. ഇടിച്ച് കളയുക, നിലം പരിചാക്കുക; 3. ഉന്മൂലനം ചെയ്യുക, നിൎമ്മൂലമാക്കുക, നശിപ്പിക്കുക; 4. മറിച്ച് കളയുക, തിരിച്ച് കളയുക, (മനസ്സ്) ഭേദിപ്പിക്കുക, വക്ഷളാക്കുക. *v. i.* ഇടിച്ച് കളയുക, പൊളിക്കുക; 2. നാശകരമായിരിക്കുക. =vĕr'siŏn, *n.* മറിച്ചിടൽ; മറിഞ്ഞ് വീഴൽ, വീഴ്ച, അധഃപതനം; നാശം, വിനാശം, ഉന്മൂലനം. =vĕr'-siŏn-ar-y, =vĕr'sive, *a.* നാശകരമായ, അധഃപതനം വരുത്തുന്ന. =vĕrt'ant, *a.* തിരിച്ച് വെച്ച (*her.*). =vĕrt'ĕr, *n.* മറിച്ചിടുന്നവൻ; മറിച്ച് കളയുന്നവൻ; നാശകൻ, നശിപ്പിക്കുന്നവൻ. =vĕrt'i-ble, *a.* മറിച്ചിടാവുന്ന; മറിച്ച് കളയാവുന്ന; നശിപ്പിക്കാകുന്ന.

Sub-vō'cal, *a.* അല്പപ്രാണമായ (*gr.*). *n.* അല്പപ്രാണാക്ഷരം (*gr.*); 2. സപ്തമസ്വരം, 'നി', നിഷാദം (*mus.*).

Sub'wāy (-wā), *n.* (ഭൂമിയുടെ അടിയിലുള്ള) നിലവഴി, തുരങ്കവഴി.

Sub-wŏrk'ĕr, *n.* കീഴ്പ്രവൃത്തിക്കാരൻ, സഹായി, 2. തുണ, തുണയാളി.

Suc'cāde, *n.* മധുരപദാൎത്ഥം; 2. *pl.* 'മിഠായി', മധുരദ്രവ്യം, പഞ്ചസാരയിലിട്ട സാധനം, കട്ടിയിലിട്ട—; 3. പലഹാരം.

Suc-ce-dā'ne-ŏus, *a.* പകരമായ, 'ബദലാ'യ. =dā'ne-um, *n.* (*pl.* suc-ce-dā'ne-a) പകരക്കാരൻ, ബദല്യകാരൻ; (ഒരു മരുന്ന് ഇല്ലാഞ്ഞാൽ പകരം കൊടുക്കുന്ന) മറുമരുന്ന് (*med.*).

Suc-cēed' (suk-sēd'), *v. t.* തുടരുക, തുടൎച്ചയായിവരിക; പിന്തുടരുക; 2. അനന്ത

രവനായിരിക്കുക; കിരീടാവകാശിയാക, രാജാവായ്തീരുക; മൂപ്പ് കിട്ടുക, തുടൎച്ചയായി സ്ഥാനം കിട്ടുക; 3. ശേഷം ഉണ്ടാക, —സംഭവിക്കുക; 4. ഫലമായുണ്ടാക; 5. അനുശമിക്കുക; 6. വഴിയെ കാട്ടുക; 7. സാധിപ്പിക്കുക; 8. നന്നാക്കുക, വാസ്സുക, തഴപ്പിക്കുക, അഭിവൃദ്ധിവരുത്തുക. *v. i.* (to) പിന്തുടരുക; 2. അവകാശിയാക, അവകാശം കിട്ടുക; 3. സ്ഥാനത്തിൽവരിക; സിംഹാസനം കയറുക, രാജാവായ്തീരുക; 4. വഴിയെ ഉണ്ടാക, —സംഭവിക്കുക; 5. സാദ്ധ്യമാക, സഫലമാക, ശുഭപ്പെടുക, കൈക്കുടുക, ഫലിക്കുക. =cēed'ant, *a.* തുടരത്തുടരെയുള്ള (*her.*). =cēed'ĕr, sue-ces'sŏr, *n.* പിന്തുടൎച്ചക്കാരൻ, അനന്തരവൻ; ഉത്തരാധികാരി. -ing, *a.* പിന്നെയുള്ള, അനന്തരമായ; വരുവാനുള്ള, ഇനിയത്തെ. *n.* പിന്തുടൎച്ച; തുടസംഭവം; ഫലം. =cess', *n.* വഴിയേത്ത സംഭവം; 2. ഫലം; 3. സിദ്ധി, കാൎയ്യസിദ്ധി, സാദ്ധ്യം, ശുഭഫലം; 4. കൃതാൎത്ഥത; 5. വിശേഷകാൎയ്യം, ശുഭകാൎയ്യം, ശ്രീ, ജയം; 6. വിജയൻ, മിടുക്കൻ; കൃതാൎത്ഥൻ. =cess'fu̥l, *a.* സഫലം ആയ, സാദ്ധ്യം—, ശുഭം—, മംഗലം—, ശ്രീ—, ജയപ്രദം—. =cess'fu̥l-ly, *ad.* കാൎയ്യസിദ്ധിയോടെ, ശുഭമായി. =cess'fu̥l-ness, *n.* സിദ്ധി, കാൎയ്യസിദ്ധി; കൃതാൎത്ഥത. =ces'siŏn (-sesh'un), *n.* പിന്തുടരൽ; 2. തുടൎച്ച, പിന്തുടൎച്ച, ക്രമാനുക്രമസംഭവം; 3. പരമ്പരത്വം; 4. സന്താനം, വംശം; 5. പിന്തുടൎച്ചാവകാശം, അനന്തരാവകാശം; സ്ഥാനപ്പിന്തുടൎച്ച; സിംഹാസനപ്പിന്തുടൎച്ച, രാജത്വാവകാശം; 6. പിന്തുടൎച്ചക്കാരൻ, അനന്തരവൻ, അവകാശി. S.n Act പിന്തുടൎച്ചനിയമം, അവകാശനിയമം (*l.*). S.n Certificate പിന്തുടൎച്ചാധികാരപത്രം, പിന്തുടൎച്ച 'സൎട്ടിഫിക്കേററ്', (മരിച്ചവൻെറ) കുററി കടം(പിരിപ്പിപ്പാൻ അവകാശിക്ക് കിട്ടുന്ന) അധികാരപത്രം (*l.*). s.n duty പിന്തുടൎച്ചവരി, അവകാശവരി (*l.*). s.n of crops (നിലത്തിലെ) വിളമാററം(*agr.*). Apostolic *or* Apostolical s.n അപ്പോസ്തലത്വപിന്തുടൎച്ചവാദം, പരമ്പരാപ്പോസ്തലത്വവാദം (*theo.*). =ces'siŏn-al (-sesh'un-), *a.* പിന്തുടൎച്ചസംബന്ധിച്ച, അവകാശം—; അനുക്രമംആയ, യഥാക്രമം—; തുടൎച്ച—. =ces'siŏn-al-ly, *ad.* ക്രമാനുസാരമായി; പിന്തുടൎച്ചയായി. suc-ces'siŏn-ist, *n.* പരമ്പരത്വവാദി; പരമ്പരാപ്പോസ്തലത്വവാദി (*theo.*). =ces'sive, *a.* അനുക്രമംആയ; പരമ്പര—, തുടൎച്ച—, പിന്നെയും പിന്നെയും ഉള്ള. s.e induction പ്രത്യേകതോത്ഭവപ്രമാണം (*math.*). =ces'sive-ly, *ad.* ക്രമേണ, തുടൎച്ചയായി. =ces'sive-ness, *n.* പരമ്പരത്വം, തുടൎച്ച. =cess'less, *a.* നിഷ്ഫലം ആയ, അസാദ്ധ്യം—. =cess'less-ly, *ad.* വൃഥായിൽ, വെറുതെ, നിഷ്ഫലമായി. =cess'less-ness, *n.* നിഷ്ഫലത്വം, നിരൎത്ഥകത്വം.

Sue-cess', *etc.*, *s. u.* Succeed.

Sue-ces'siŏn, Sue-ces'sŏr, *etc.*, *s. u.* Succeed.

Sue-cid'ū-ŏus, *a.* വീഴാനായ; വീഴാൻപോകുന്ന; വീഴുന്ന.

Sue-cif'ĕr-ŏus, *a.* (മരത്തിന്ന്) പാല് വെപ്പിക്കുന്ന, രസോല്പാദകമായ (*b.*); 2. കറ ഒഴുകുന്ന (*b.*).

Sue-cinct', *a.* അര മുറുക്കിയ; തെറു(രു)ത്ത് കയററിയ; മുറുക്കിക്കെട്ടിയ; 2. അടക്കിയ, ഒതുക്കിയ; 3. ചുരുക്കമായ, സംക്ഷേപമായ. -ly, *ad.* ചുരുക്കമായി, സംക്ഷേപമായി. -ness, *n.* ചുരുക്കം, സംഗ്രഹത്വം.

Sue'ci-nīte, *n.* 'അമ്പര്' (*min.*); 2. ഒരുവക പുഷ്പരാഗം, ചുകപ്പ് കല്ല് (*min.*). =cin'ie, =nŏus, *a.* 'അമ്പര്' സംബന്ധിച്ച; 'അമ്പര്'പോലെയുള്ള.

Sue-cīse', *a.* തുഞ്ചം മുറിച്ചപോലെയുള്ള, അററം മുറിച്ച (*b.*). =ci'siŏn, *n.* മുറിക്കൽ; മുറിച്ച് കളയൽ.

Sue'cŏr, Sue'cour, *v. t.* സഹായിപ്പാൻ ഓടുക; സഹായത്തിന്നായി ഓടുക; 2. സഹായിക്കുക, ബുദ്ധിമുട്ട് തീൎക്കുക, കഷ്ടത്തിൽ തുണക്കുക; 3. 'കുമ്മക്ക്'എത്തിക്കുക (*mil.*). *n.* സഹായം, തുണ, ഉതവി, ഒത്താശ; 2. പിൻബലം, 'കുമ്മക്ക്' (*mil.*); 3. സഹായക്കാരൻ; സഹായസൈന്യം (*mil.*). -a-ble, സഹായിക്കാകുന്ന. -ĕr,

*n.* തുണയാളി, സഹായക്കാരൻ. -less, *a.* തുണയില്ലാത്ത.

**Suc′cō-tash**, *n.* (പച്ചച്ചോളവും അവരക്കയും കൂടിയ) ചോളപ്പുഴക്ക്.

**Suc′cū-ba** (*pl.* suc′cū-bæ̅), **Suc′cū-bus** (*pl.* suc′cū-bī), *n.* യക്ഷി; 2. യക്ഷിബാധ (*med.*). =bīne, *a.* യക്ഷി സംബന്ധമായ. =bŏus, *a.* തമ്മിൽ പററിക്കിടക്കുന്ന ഇലയുള്ള, അട്ടക്കിലയുള്ള (*b.*).

**Suc′cū-lent**, =lŏus, *a.* നീരുള്ള, ചാറുള്ള, രസമുള്ള, രസമയമായ; 2. ആർദ്രമായ. s.t plants ഒര് വക ചീരത്തരം (*b.*). =lence, =len-cy, *n.* രസമയത്വം, രസഭരിതത്വം. -ly, *ad.* രസത്തോടെ.

**Suc-cumb′**(-kum′), *v. i.* പെട്ട്പോക, പെടുക, വശമാക, പട്ട്പോക; 2. ഇരയായ്തീരുക; 3. വഴങ്ങുക, ഒതുങ്ങുക, അധീനപ്പെടുക. =cum′bent, *a.* ഒതുക്കമുള്ള, വഴങ്ങുന്ന.

**Suc-cur′sal**, *a.* സഹായമായ; 2. ഉപദേവാലയമായ (*eccl.*); 3. ആശ്രയിച്ച് നില്ക്കുന്ന.

**Suc′cus**, *n.* (പച്ച)മരുന്ന് (പിഴിഞ്ഞ) നീര് (*med.*).

**Suc-cus′siŏn** (-kush′un), **Suc-cus-sā′tiŏn**, *n.* കലുക്കൽ; 2. ദേഹം കലുക്കിനോക്കൽ (*med.*); 3. വിറ, കലുക്കം, നടുക്കം, തുള്ളല്. =cus′sive, *a.* കലുങ്ങുന്ന, കലുക്കമുള്ള.

**Such**, *a.* അങ്ങനെയുള്ള, അങ്ങനെത്ത, ഇങ്ങനെയുള്ള, ഇങ്ങനെത്ത, അപ്രകാരം ഉള്ള, ഇപ്രകാരം–, അത് പോലെ– ഇത് പോലെ–; 2. തുല്യമായ; 3. (*followed by* that *or* as) തക്ക, തക്കവണ്ണമുള്ള: the book is not s. that (*or* as) I can recommend നന്നെന്ന് ഞാൻ അഭിപ്രായപ്പെടത്തക്ക ഒര് പുസ്തകമല്ല ഇത്; these fruits are not s. as those we saw yesterday ഇന്നലെ നാം കണ്ട പഴംപോലെയല്ല ഇത്; give your children s. precepts as tend to make them better കുട്ടികൾ നന്നായ്തീരത്തക്കവണ്ണമുള്ള കല്പനകൾ വേണം അവക്ക് കൊടുപ്പാൻ; his misery was s. that none of the by-standers could refrain from weeping കണ്ടവരൊക്കയും കരഞ്ഞ് പോകുംവണ്ണമുള്ളതായിരുന്നു അവന്റെ പാട്; 4. അങ്ങിനെ തന്നെ, അതേപ്രകാരം, പ്രകാരം തന്നെ: he was good and continues s. അവൻ ഗുണവാനായിരുന്നു ഇപ്പോഴും അങ്ങിനെ തന്നെ, അവൻ പണ്ടും ഇപ്പഴും ഗുണവാൻ തന്നെ; 5. (*as*) പോൾ, കാലം: this was the state of the kingdom at s. time as the enemy landed ശത്രുസൈന്യം കരക്കിറങ്ങിയ(പ്പോൾ) കാലം രാജ്യാവസ്ഥ ഇവ്വണ്ണമായിരുന്നു; 6. ഇന്നിന്ന, ഇന്ന: to-morrow we will go into s. a city and continue there a year നാളെ നാം ഇന്നിന്ന നഗരത്തിൽ ചെന്നു അവിടെ ഒര് കൊല്ലം പാർക്കും; in rushed one and tells him s. a knight has now arrived ഒരുത്തൻ ഓടിവന്ന് ഇന്ന മാടമ്പി അപ്പോൾ തന്നെ എത്തിയെന്ന് അവനെ അറിയിച്ചു; 7. എത്രയോ, ഏററവും, വലിയ, മഹാ: every thing was managed with so much care and s. excellent order was observed എപ്പാടൊക്കയും വെടിപ്പിൽ ചെയ്തിരുന്നു, ക്രമവും എത്രയോ നന്നായിരുന്നു; the fleet encountered s. a terrible storm that it put back ഏററവും ഭയങ്കരമായ കോളുണ്ടായത്കൊണ്ട് കപ്പൽക്കൂട്ടം തുറമുഖത്തേക്ക് മടങ്ങിപ്പോന്നു. *pron.* അവര്, ആളുകൾ: he was the father of s. as dwell in tents കൂടാരങ്ങളിൽ പാർക്കുന്നവർക്ക് അവൻ പിതാവായി; s. as I are free in spirit എന്നെപ്പോലെയുള്ളവര് ആത്മസ്വാതന്ത്ര്യമുള്ളവരാകുന്നു. s. and s., s. or s. ഇന്നിന്ന. s.-like, s. character ഇവ്വണ്ണമുള്ള, ഇത്തരത്തിലുള്ള. -′wīse, *ad.* ഇപ്രകാരം, അപ്രകാരം, അവ്വണ്ണം, ഇവ്വണ്ണം.

**Suck**, *v. t.* ഈമ്പുക, ചപ്പുക, ഇറുമ്പുക (*N.*), ഉറിഞ്ചുക (*S.*); 2. ഈമ്പിക്കുടിക്കുക, നകരുക; 3. മുല കുടിക്കുക; 4. ഉൾക്കൊള്ളുക, വലിച്ചെടുക്കുക; 5. വാർക്കുക,

വാന്ന് പോകമാറാക്കുക; 6. (വെള്ളം) ചാമ്പിയെടുക്കുക; 7. ചുഴിച്ച് താഴ്ത്തുക, ആഴ്ത്തുക; 8. വിഴുങ്ങുക. to s. in, to s. up ഈമ്പിക്കുടിക്കുക, വലിച്ച് കുടിക്കുക. നുകരുക. to s. out ഈമ്പിക്കളയുക, ചാമ്പിക്കളയുക. *v. i.* ഈമ്പിക്കുടിക്കുക, ചപ്പുക; 2. ചാമ്പിയെടുക്കുക; 3. മുലകുടിക്കുക, തള്ളയുടെ പാല് —; 4. വലിച്ച് —, —എടുക്കുക. *n.* ഈമ്പൽ, ചപ്പൽ, ഉറിഞ്ചൽ; 2. രസം, ചാറ്, നീര്; 3. മുലപ്പാല്; 4. ഒരിറക്ക്, ഒരു തുള്ളി, അല്പം. -'ĕr, *n.* വലിച്ചെടുക്കുന്നവൻ, ഈമ്പുന്നവൻ; നുകരുന്ന പ്രാണി (*z.*); (പ്രാണികളുടെ) സ്രശിനി (*z.*); മുലകുടിക്കുന്ന കുട്ടി, മുലക്കുട്ടി, പൈതല് (*N.*); കന്ന് കുട്ടി; (ജലയന്ത്രത്തിലെ) ഭാജനം, നീർത്തൊട്ടി; (ജലയന്ത്രത്തിലെ) ഭാജനകവാടം; നീർക്കുഴല്, നീർനാളം; (കുട്ടികൾ കളിക്കുന്ന) തോല്പത്തി; കിളിച്ചിൽ (*S.*), ഇളന്തണ്ട് (*S.*), അവ, അക, വേമ്പ്ള (*b.*); ഒരു മത്സ്യം (*z.*); ഇത്തിക്കണ്ണി (*b.*); പെരുങ്കുടിയൻ; പൊട്ടൻ, വിഡ്ഢി (*U.S.*). *v. t.* ഇളന്തണ്ട് ഒടിച്ച് കളയുക (*b.*). *v. i.* മുള പൊട്ടുക (*b.*). -'ing, *a.* മുല കുടിക്കുന്ന; കുട്ടിയായ; ഇളമ്പ്രായമുള്ള; അറിവില്ലാത്ത. s.g bottle മുലക്കുപ്പി. s.g pump ജലാരോഹകയന്ത്രം. suck'le, *v. t. & i.* മുലകുടിപ്പിക്കുക, മുലകൊടുക്കുക, പാല് —; ഊട്ടുക; വളർത്തുക. suck'lĕr, *n.* (കുട്ടികൾക്ക്) മുല (കൊടുക്കുന്ന) പ്രാണി, സ്തനപ്രാണി (*z.*). -'ling, *n.* മുലക്കുട്ടി, പൈതല്, കുഞ്ഞ് (*S.*), കുഞ്ഞൻ (*N.*); കന്ന് കുട്ടി, (പാല് കുടിക്കുന്ന) മൃഗക്കുട്ടി. suc'tiŏn, *n.* ഈമ്പൽ, ചപ്പൽ; വെള്ളം ചാമ്പൽ. s.n-chamber (ജലയന്ത്രത്തിലെ) ഭാജനം, നീർത്തൊട്ടി. s.n-pipe (ജലയന്ത്രത്തിലെ) ആകർഷകനാളം. s.n-valve —ഭാജനകവാടം. s.n-pump ജലാരോഹകയന്ത്രം, ജലയന്ത്രം, 'ബോമ്പ'. suc-tō'ri-al, suc-tō'ri-ŏus, *a.* വലിച്ചെടുപ്പാനുള്ള; ഈമ്പുവാൻതക്ക; നുകന്ന് ജീവിക്കുന്ന. suc-tō'ri-an, *n.* ഒരു മത്സ്യം (*z.*).

Suck'et, *n.* മധുരദ്രവ്യം, പലഹാരം, 'മിഠായി'.

Suck'le, Suck'lĕr, Suck'ling, *etc.*, *s. u.* Suck.

Su'cre (shu'kĕr), *n.* ഈക്വഡോർരാജ്യത്തിൽ 1 ഉറുപ്പിക 6 അണക്കുള്ള ഒരു വെള്ളിനാണ്യം.

Su'crōse, *n.* ശർക്കര, പഞ്ചസാര (*ch.*).

Suc'tiŏn, Suc-tō'ri-al, *etc.*, *s. u.* Suck.

Su-dam'i-na, *n. pl.* (*sing.* Su-da-men), ചൂട് പൊന്തല്, ചൂട് (*med.*).

Su-dā'ri-um, *n.* (യേശുക്രിസ്തു ക്രൂശ് ചുമന്ന് പോകുമ്പോൾ വിയർപ്പ് തുടച്ചാറെ തന്റെ മുഖരൂപം പതിഞ്ഞതായി കെട്ടിച്ചമയ്ക്കുന്ന) തിരുവുറുമാല് (*R. C.*).

Sū'da-tor-y, *a.* വിയർപ്പുള്ള, സ്വേദമുള്ള. *n.* ആവിക്കുളിസ്ഥലം; 2. ആവിക്കുളി, സ്വേദജനകസ്ഥാനം. =tō'ri-ŭm, *n.* (*pl.* =tō'ri-a), *n.* ആവിക്കുളിപ്പുര.

Sud'den (sud'n), *a.* പെട്ടന്നുള്ള, യദൃച്ഛയാസംഭവിച്ച, അകസ്മാത്തായ, ആകസ്മികമായ, നിനയാതെ ഉള്ള, പൊടുന്നനവെ—; 2. തിടുക്കനെ—, ദ്രുതഗതിയായ, ബദ്ധപ്പാട്ടില്ലുള്ള; 3. അതിവേഗത്തില്ലുള്ള, ഝടിതി ആയ, ശീഘ്രം—. *ad.* പെട്ടന്ന്, പൊടുന്നനവെ. *n.* യാദൃച്ഛികസംഭവം; 2. ആശ്ചര്യം, വിസ്മയം. all of a s., on a s., of a s. പെട്ടന്ന്, പൊടുന്നനവെ, ആകസ്മികമായി. -ly, *ad.* പെട്ടന്ന്, പൊടുന്നനവെ, യദൃച്ഛയാ, അകസ്മാത്തായി. -ness, -ty, *n.* ആകസ്മികത്വം. on a s.y പെട്ടന്ന് (*Scot.*).

Sū-dor-if'ic, *a.* വിയർപ്പിക്കുന്ന, സ്വേദോല്പാദകമായ. *n.* സ്വേദജനകൌഷധം, വിയർപ്പിക്കുന്ന മരുന്ന് (*med.*). sū'-dor-al, *a.* വിയർപ്പ് സംബന്ധിച്ച; വിയർപ്പിനാലുണ്ടാകുന്ന, സ്വേദജമായ. =if'ĕr-ŏus, =ip'a-rŏus, *a.* സ്വേദജനകമായ (*phys.*). sudoriferous glands സ്വേദപിണ്ഡം (*an.*).

Suds, *n. pl.* സോപ്പ് വെള്ളം, 'സാബൂൻ'വെള്ളം, ചവക്കാരനീര്; 2. നുര, പത. in the s. വിഷമത്തിൽ, ദുർഘടത്തിൽ, ഞെരുക്കത്തിൽ.

**Sūe** (sū), *v. t.* വഴിയെ പായുക, പിന്തുടരുക; 2. അപേക്ഷിക്കുക, അൎത്ഥിക്കുക, 3. വിവാഹാൎത്ഥനംചെയ്യുക; 4. വ്യവഹാരപ്പെടുക, വ്യവഹാരംനടത്തുക, വ്യവഹരിക്കുക, അന്യായപ്പെടുക, അന്യായംകൊടുക്കുക, —ബോധിപ്പിക്കുക, —നടത്തുക (*l.*); 5. (കപ്പല്) കരക്ക് കയററിവെക്കുക. **to s. out** ഹരജിപ്രകാരം കിട്ടുക, അപേക്ഷിച്ച് വാങ്ങുക (*l.*). *v. i.* അപേക്ഷിക്കുക, ഹരജികൊടുക്കുക; 2. വാദിക്കുക; 3. യാചിക്കുക, അൎത്ഥിക്കുക; 4. വ്യവഹാരപ്പെടുക, അന്യായംകൊടുക്കുക; 5. വിവാഹാൎത്ഥനംചെയ്യുക; 6. പ്രേമസല്ലാപം—; 7. (കപ്പല്) കരക്ക് കയററിവെക്കുക. **sū-a-bil'i-ty,** *n.* വ്യവഹാരം കൊടുക്കാവുന്ന നില; വ്യവഹാരബാദ്ധ്യത, നക്ഷ്ടോത്തരവാദിത്വം (*l.*). **sū'a-ble,** *a.* വ്യവഹാരബാദ്ധ്യതയുള്ള, അന്യായത്തിന്ന് ഉത്തരം പറയേണ്ടിവരുന്ന (*l.*). **sū'ĕr,** *n.* വ്യവഹരിക്കുന്നവൻ, അന്യായക്കാരൻ, ഹരജിക്കാരൻ (*l.*); അപേക്ഷകൻ, അൎത്ഥകൻ (*see* **Suit**).

**Sū'ent, Sū'ant,** *a.* നിരപ്പായ; 2. ഒര്പോലെ പരന്ന; 3. മിനുസമായ. **-ly,** *ad.* നിരക്കെ, ഒര്പോലെ; മിനുസമായി.

**Sū'et,** *n.* കൊഴുപ്പ്, നെയ്യ്, 'ചരുവി'; 2. (മൃഗങ്ങളുടെ) നെയ്യാല (*z.*). **-y,** *a.* കൊഴുപ്പുള്ള, നെയ്യുള്ള.

**Suf'fĕr,** *v. t.* സഹിക്കുക, അനുഭവിക്കുക, പെടുക; 2. പൊറുക്കുക, സഹിച്ച് നില്ക്കുക; 3. വരിക, ഉണ്ടാക, നേരിടുക; 4. വിടുക, സമ്മതിക്കുക, തടുക്കാതിരിക്കുക, മുടക്കാതിരിക്കുക. *v. i.* വേദനപ്പെടുക, നോവുക, കഷ്ടം അനുഭവിക്കുക; 2. ശിക്ഷ—, മരണശിക്ഷ—; 3. ദ്രവ്യംപററുക, തരക്കേട് പിണയുക; 4. മുടങ്ങുക. **-a-ble,** *a.* സഹിക്കാവുന്ന, സഹനീയം ആയ, സഹ്യം—. **-a-ble-ness,** *n.* സഹനീയത്വം, പൊറുതി. **-a-bly,** *ad.* സഹനീയമായി. **-ance,** *n.* കഷ്ടാനുഭവം, വേദനപ്പെടൽ; പൊറുമ, സഹിഷ്ണുത; വേദന, ക്ലേശം, പീഡ, കഷ്ടം, ഞെരുക്കം; ക്ഷമ, സഹനം, ക്ഷാന്തി; അനുവാദം, സമ്മതം; മുടക്കമില്ലായ്മ, വിട്ട് കൊടുക്കൽ; (ചരക്ക് കപ്പലിൽ കയററുവാനുള്ള) ചുങ്കസമ്മതം. **estate at s.e** കാലം എത്തിയ കൈവശം (*l.*). **on s.e** വിരോധം പറയാത്തത് കൊണ്ട്. **-ĕr,** *n.* കഷ്ടം അനുഭവിക്കുന്നവൻ, പീഡിതൻ; നഷ്ടം നേരിട്ടവൻ; സമ്മതിക്കുന്നവൻ, വിട്ട് കൊടുക്കുന്നവൻ. **-ing,** *n.* കഷ്ടാനുഭവം; വേദന, നഷ്ടം, കഷ്ടം, കഷ്ടപ്പാട്, സങ്കടം, പാട്, പിണി. *a.* കഷ്ടപ്പെടുന്ന, സങ്കടം അനുഭവിക്കുന്ന. **-ing-ly,** *ad.* കഷ്ടപ്പാടോടെ.

**Suf-fīce',** *v. i.* മതിയാക, പോരുക, തികയുക, എത്തുക; 2. കൊള്ളുക, പററുക, തക്കതാക. *v. t.* തൃപ്തിപ്പെടുത്തുക, തൃപ്തിവരുത്തുക; 2. തികെക്കുക, എത്തിക്കുക, ഒപ്പിക്കുക. **=fi'cien-cy** (-fish'en-si), *n.* മതിയായ്മ, വെണ്ടുന്നത്ര, ധാരാളം; പുഷ്ടി; ഔചിത്യം; യോഗ്യത, പ്രാപ്തി, ശേഷി, പൎയ്യാപ്തി, സാമൎത്ഥ്യം; വക, മുതല്, ധനപുഷ്ടി; കെട്ടിയിരിപ്പ്; അഹംഭാവം, സ്വാഭിമാനം, തന്നിഷ്ടം. **=fi'cient** (-fish'ent), *a.* മതിയായ, പോരുന്ന, പിടിപ്പത്, വേണ്ടുന്ന; ആവശ്യംപോലെയുള്ള, ധാരാളം(ആയ); തക്ക, പ്രാപ്തിഉള്ള, ശേഷി—, യോഗ്യത—; വക—; അഹംഭാവം—, തന്നിക്കാമ്പോന്ന. **=fi'cient-ly,** *ad.* വേണ്ടുവോളം, മതിയാവോളം, ആവശ്യംപോലെ, ധാരാളം; തക്കപോലെ. **=fi'cing,** *a.* തൃപ്തിയാംവണ്ണമുള്ള, മതിയായ, വേണ്ടുന്ന. **=fi'cing-ly,** *ad.* മതിയാംവണ്ണം. **=fi'cing-ness,** *n.* തൃപ്തി, അലംമതി, അലംഭാവം, സന്തുഷ്ടി; ധാരാളത്വം.

**Suf'fix,** *n.* പ്രത്യയം (*gr.*); 2. അധോലിപി (*math.*). **suf-fix',** *v. t.* പ്രത്യയം ചേൎക്കുക (*gr.*); 2. ഒടുവിൽ ചേൎക്കുക. **=fix'iŏn, =fix'ment,** *n.* പ്രത്യയം ചേൎക്കൽ; സപ്രത്യയത്വം.

**Suf-flāte',** *v. t.* ഊതുക; 2. ഊതി വീൎപ്പിക്കുക; 3. പ്രേരേപിക്കുക. **=flā'tiŏn,** *n.* ഊതൽ; ഊതി വീൎപ്പിക്കൽ.

**Suf'fō-cāte,** *v. t.* ശ്വാസം മുട്ടിക്കുക, തൊണ്ട പിടിച്ച് ഞെക്കുക; 2. ഞെക്കിക്കൊല്ലുക, ശ്വാസംമുട്ടിച്ച്—; 3. നശിപ്പിക്കുക, ഇല്ലാതാക്കുക; 4. (തീ) കെടുത്തുക. *v. i.* ശ്വാസംമുട്ടിപ്പോക, വീൎപ്പ് മുട്ടുക. *a.* ശ്വാ

സംമുട്ടിയ, തൊണ്ട ഞെക്കിയ. =cā-ting, *a.* ശ്വാസംമുട്ടുന്ന, വീപ്പ്—. *n.* —മുട്ടൽ. =cā-ting-ly, *ad.* ശ്വാസംമുട്ടുംവണ്ണം, വീപ്പ്—. =cā'tiŏn, *n.* ശ്വാസംമുട്ടിക്കൽ; വീപ്പ്മുട്ടല്, മുട്ടല്; വീപ്പ്മുട്ടിച്ചാകല്, മുങ്ങിച്ചാകല്, തൂങ്ങിച്ചാകല്. =cā-tive, *a.* ശ്വാസംമുട്ടിക്കുന്ന, തിക്ക്—(*S.*), വീപ്പ്—.

**Suf-fos'siŏn,** *n.* കുഴിച്ച്മറിക്കൽ (*agr.*).

**Suf'fra-gan,** *etc.*, *s. u.* **Suffrage.**

**Suf'frāge,** *n.* ചീട്ട്; 2. അഭിപ്രായം പറയൽ; 3. സമ്മതം, അനുമതി; 4. സാക്ഷ്യം; 5. സാക്ഷി; 6. ചെറുപ്രാൎത്ഥന (*R. C.*); 7. (മരിച്ചവൎക്ക് വേണ്ടിയുള്ള) പ്രാൎത്ഥന (*R. C.*). **suf'fra-gan,** *a.* സഹായിക്കുന്ന, സഹായകനായ, ഉപ. s.n bishop ഉപാദ്ധ്യക്ഷൻ (*eccl.*). *n.* സഹായി; ഉപാദ്ധ്യക്ഷൻ. **suf'fra-gan-ship,** *n.* ഉപാദ്ധ്യക്ഷസ്ഥാനം. **suf'fra-ḡist,** *n.* ചീട്ടിടുവാൻ അവകാശമുള്ളവൻ, വരണാവകാശി, ചീട്ടവകാശി; ചീട്ടിടുന്നവൻ; ചീട്ടവകാശവാദി.

**Suf-fru̥'ti-cōse,** =cōus, =tes'cent, *a.* (മുരട്) മരമായ (*b.*).

**Suf-fū'mi-gāte,** *v. t.* പുകയിക്കുക, ധൂപിക്കുക; 2. പുക ഏല്പിക്കുക, —കൊള്ളിക്കുക. =gā'tiŏn, *n.* പുകയിക്കൽ, ധൂപിക്കൽ; പുകയേല്പിക്കൽ.

**Suf-fūs̱e',** *v. t.* വെള്ളംകടയുക, തളിക്കുക; 2. (വെള്ളം) നിറക്കുക; 3. വ്യാപിപ്പിക്കുക, പരത്തുക. =fū's̱iŏn, *n.* പരത്തൽ; പരക്കൽ, വ്യാപനം, വ്യാപ്തി; പരത്തുന്ന സാധനം; വൎണ്ണക്കലപ്പ് (*z.*).

**Su̥g'ar** (shug'ĕr), *n.* ചക്കര, ശൎക്കര, ഗുളം, വെല്ലം, പഞ്ചസാര, സിത; 2. മധുരമുള്ളത്; 3. ചക്കരവാക്ക്, മധുമൊഴി. **s.-baker** ശൎക്കര ശുദ്ധിയാക്കുന്നവൻ. **s.-beet** (പഞ്ചസാര ഉണ്ടാക്കുന്ന) ഒര് വക മധുരക്കിഴങ്ങ്, 'ബീററ്റൂട്ട്' (*b.*). **s.-bird** ഒര് വക ചെറു പക്ഷി (*z.*). **s.-boiling** പഞ്ചസാര ശുദ്ധിയാക്കൽ. **s.-bush, s.-orchard** ശൎക്കരമരക്കൂട്ടം. **s.-camp** ശൎക്കരക്കളം, കരിമ്പാല. **s.-candy** കല്ക്കണ്ടി, കല്ക്കണ്ടം, ഖണ്ഡമോദകം. **s.-cane** കരിമ്പ്, ഇക്ഷു (*b.*). **s.-crystal** തരിപ്പഞ്ചസാര, പഞ്ചസാരക്കട്ട. **s.-house** പഞ്ചസാരശുദ്ധിയാക്കുന്ന സ്ഥലം. **s.-loaf, loaf-s.** പഞ്ചസാരക്കട്ട, കട്ടിപ്പഞ്ചസാര, ആണിവെല്ലം; ഒര് വക തൊപ്പി. **s.-maple, s.-tree** (മരശൎക്കര എടുക്കുന്ന) ശൎക്കരവൃക്ഷം (*b.*). **s.-mill** കരിമ്പാട്ടുന്ന യന്ത്രം, കരിമ്പ് ചക്ക്. **s.-mite** ശൎക്കരക്കൊത്തൻ (*z.*). **s.-plum** ശൎക്കരമിഠായി. **s.-refiner** പഞ്ചസാര ശുദ്ധിയാക്കുന്നവൻ. **s.-refining** പഞ്ചസാര ശുദ്ധിയാക്കൽ. **s.-tongs** പഞ്ചസാരക്കൊടില്. **s. of lead** വങ്കഭസ്മം (*ch.*). **beet-s.** കിഴങ്ങ്ശൎക്കര. **cane-s.** ശൎക്കര, പഞ്ചസാര, ഇക്ഷുശൎക്കര. **diabetes s., diabetic s.** മൂത്രപ്പഞ്ചസാര (*med.*). **fruit-s.** പഴങ്ങളിലെ മധുരസാധനം, പഴമധുരം, ഫലമധു. **grape-s.** ദ്രാക്ഷാശൎക്കര, മുന്തിരിപ്പഴശൎക്കര. **invert-s.** പഴശൎക്കര. **malt-s.** യവശൎക്കര. **manna-s.** മന്നമധു. **milk-s., s. of milk** ക്ഷീരമധു, പാലിലെ മധുരസാധനം, പാല്പഞ്ചസാര. **muscle-s., heart-s.** (മാംസപേശി, കരള് മുതലായതിലുള്ള) ദേഹശൎക്കര. **starch-s.** ധാന്യശൎക്കര, മാവ്പൊടി—. *v. i.* (off) ശൎക്കരപ്പാവ് കറുക്കുക. *v. t.* പഞ്ചസാരയിടുക, മധുരം ആക്കുക, —ചേൎക്കുക; 2. ചക്കരവാക്ക് പറയുക; 3. മുഖസ്തുതി—. =ared (-ĕrd), *a.* മധുരമുള്ള; മാധുൎയ്യമുള്ള, വാഗ്മധുരമുള്ള; പ്രേമമാന്ന. -i-ness, *n.* മധുരം, മാധുൎയ്യം. -ing, *n.* മധുരമാക്കൽ; പഞ്ചസാര പൂശൽ; പഞ്ചസാരപ്പൂച്ച്. -less, *a.* പഞ്ചസാര ഇല്ലാത്ത; മധുരം—. -y, *a.* പഞ്ചസാര പോലെയുള്ള; മധുരം ഉള്ള; മധുരപ്രിയം—.

**Su-ḡes'cent,** *a.* വലിച്ചെടുക്കുന്ന, ഈമ്പുന്ന, ഇറുമ്പുന്ന.

**Sug-ḡest'** (sug-jest' *or* sŭd-jest'), *v. t.* സൂചിപ്പിക്കുക, തോന്നിക്കുക; (നി) മന്ത്രിക്കുക, ഉപദേശിക്കുക; 2. പറയുക, പ്രസ്താവിക്കുക. *v. i.* തോന്നിച്ച്കൊടുക്കുക; 2. പരീക്ഷിക്കുക. -ĕr, സൂചകൻ, തോന്നിക്കുന്നവൻ; പരീക്ഷകൻ. =ḡes'tiŏn, -ment, *n.* സൂചിപ്പിക്കൽ; സൂചന, ഇംഗി

തം; പ്രസ്താവം; കൊള്ളിവാക്ക് ; പ്രോത്സാഹം, പരീക്ഷ; (കോടതിയിൽ) ബോധിപ്പിക്കൽ (*l.*); ഭാവന (*met.*); ഭാവനാശക്തി (*met.*). **-ive,** *a.* സൂചനയായ. **-ive-ly,** *ad.* സൂചനയായി. **-ive-ness,** *n.* സൂചനീയത്വം. **-ress,** *n.* സൂചിപ്പിക്കുന്നവൾ.

**Sū'i-cīde,** *n.* പ്രാണത്യാഗം; 2. സ്വയഹത്യ, ആത്മഹത്യ (*l.*); 3. ആത്മഹന്താവ്, —ഘാതകൻ, സ്വയ—; 4. സ്വയകൃതമോക്ഷം; സ്വാത്മനാശനം. **=cī-dism,** *n.* ആത്മഘാതകത്വം. **=cī'dal,** *a.* സ്വയവധം ആയ, ആത്മഹത്യ—; സ്വാത്മനാശകം—. **=cī'dal-ly,** *ad.* ആത്മഹത്യയായി, സ്വയഹാനിയായി.

**Sū'i-cism,** *n.* സ്വാത്മബുദ്ധി, തന്നെപ്പോററല് ; 2. അഹംഭാവം. **sū'ist,** *n.* സ്വാത്മബുദ്ധിക്കാരൻ, തന്നെപ്പോററി.

*Sū'i gen'e-ris,* സ്വയവൎഗ്ഗമായ, സവൎണ്ണമായ, അതേ വൎഗ്ഗത്തിൽപെട്ട.

**Sū'il-līne,** *a.* വരാഹവൎഗ്ഗത്തിൽ പെട്ട (*z.*).

**Sū'ine** (*or* -ēn), *n.* ചെരുവിവെണ്ണ.

**Sū'ist,** *n., s. u.* **Suicism.**

**Sūit** (sūt), *n.* (*see* **Sue**) അൎത്ഥനം; 2. യത്നം, പരിശ്രമം, സാഹസം, അദ്ധ്വാനം; 3. വിവാഹാൎത്ഥനം; 4. പ്രേമാലാപം, പ്രേമസല്ലാപം, രസം; 5. അന്യായം, വ്യവഹാരം (*l.*); 6. (*also* **sūite,** *pr.* swēt) അകമ്പടി, പരിവാരം, പരിജനം, സേവകവൎഗ്ഗം; 7. (*also* **sūite,** *pr.* swēt) തുടച്ച്, കൂട്ടം, വരി, അണി, പങ്ക്തി: **s.e of rooms** തുടർമുറികൾ, അറക്കൂട്ടം, തൊട്ടകങ്ങൾ; 8. ഇണ, കൂട്ടം, ജോഡ്: **a s. of clothes** ഒരിണവസ്ത്രം, ഒരു ജോഡ് ഉടുപ്പ് ; 9. (ചീട്ട് കളി) ജാതി, ഇനം (*S.*). **s.-service, s. and service** (പൂൎവ്വത്തിലെ) ജന്മിസേവ. **s.-court** ജന്മിക്കച്ചേരി. **s.-custom** പുരാതന വഴക്കം, പൂൎവ്വാചാരം, നാട്ട് നടപ്പ്. **to bring a s.** വ്യവഹാരപ്പെടുക, അന്യായം കൊടുക്കുക. **to follow s.** (ചീട്ട് കളി) ജാതിയിറക്കുക; മററുള്ളവര് ചെയ്യുമ്പോലെ ചെയ്യുക. *v. t.* യോജിക്കുമാറാക്കുക, യുക്തമാക്കുക, കൊള്ളിക്കുക; 2. പററുക, കൊള്ളുക, യോഗ്യമാക; 3. ബോധിക്കുക, തൃപ്തിയാക, ഇഷ്ടകരമാക, ഒക്കുക. *v. i.* (with *or* to) യോജിക്കുക, പററുക, കൊള്ളുക, ചേരുക; ഉചിതമാക. **-a-bil'i-ty, -'a-ble-nēss,** *n.* ചേൎച്ച, യോഗ്യത, യോജ്യത, ഇണക്കം, പൊരുത്തം. **-'a-ble,** *a.* തക്ക, പററിയ, യുക്തമായ, ചേൎച്ചയുള്ള; യോഗ്യമായ. **-'a-bly,** *ad.* തക്കപോലെ, യോഗ്യമാംവണ്ണം. **suite** (swēt), *n.* അകമ്പടി, പരിവാരം, പരിജനം, അനുചരന്മാര് ; തുടച്ച്; വരി; ഇണ. **-'ing,** *n.* മുഴചമയ(ത്തിന്ന് തക്ക)തുണി. **-'ŏr,** *n.* ഹരജിക്കാരൻ, അപേക്ഷക്കാരൻ; വിവാഹാൎത്ഥി; പ്രേമസല്ലാപക്കാരൻ, രമണൻ; കക്ഷി, അന്യായക്കാരൻ (*l.*). **-'ress,** *n.* അപേക്ഷക്കാരി, അപേക്ഷക്കാരത്തി. [തരി.

**Sū'jī, Soo'ġēe,** *n.* കോതമ്പ് തരി,

**Sul'cāte, =cā-ted,** *a.* ചാല് ചാലായ, ഉഴവ് ചാലുള്ള, പൊഴിയായ (*S.*). **=cā'-tiŏn,** *n.* ചാല്, തടം. **sul'ci-form,** *a.* ചാലാകൃതിയായ. **sul'cus,** *n.* (*pl.* **sul'cī**), ചാല് ; വിള്ളല്.

**Sulk,** *v. i.* മുഖം കോട്ടുക, —ചുളിക്കുക; 2. ദുൎമ്മുഖം കാട്ടുക, വെറുമുഖം—, വെറുപ്പോടെയിരിക്കുക; 3. കഞ്ഞിതപ്പെടുക; 4. ദുശ്ശാഠ്യം കാട്ടുക. **-'ĕr,** *n.* വെറുതി കാട്ടുന്നവൻ. **='ki-ly,** *ad.* വെറുപ്പോടെ, ശുണ്ഠിയോടെ. **='ki-ness,** *n.* ദുൎമ്മുഖം, വെറുപ്പ് ; കഞ്ഞിതം. **sulks,** *n.* വിമ്മിഷ്ടം, വെറുപ്പ്; ഉൾക്കോപം, ഉദ്വേഗം, കഞ്ഞിതം. **to be in the s.s** മുഷിഞ്ഞിരിക്കുക, വിഷണ്ഡനായിരിക്കുക. **='ky,** *a.* വിഷാദമുള്ള, വിഷണ്ഡനായ; വെറുപ്പ് പിടിച്ച, ഈറ— (*P.*); വാശി—; കഞ്ഞിതം ഉള്ള; ദ്വേഷ്യം—.

I. **Sul'ky,** *a., s. u.* **Sulk.**

II. **Sul'ky,** *n.* ഒരാൾക്ക് കയറുവാനുള്ള രണ്ടുരുൾക്കുതിരവണ്ടി. *a.* രണ്ടുരുളുള്ള.

**Sul'lāġe,** *n.* ലോഹക്കറ; കിട്ടം; 2. ചളി, ചേറ്.

**Sul'len,** *a.* ഇരുണ്ട, കറുത്ത; മൂടലായ; 2. അശുഭം ആയ, ഗ്രഹപ്പിഴ—, ദുശ്ശ

കനം—; 3. മുഖം കറുത്ത, വെറുപ്പുള്ള, കടിച്ചെത്തുന്ന, വെറുതി പിടിച്ച; 4. വിഷണ്ഡനായ, കണ്ണിതമുള്ള; 5. ദുശ്ശാഠ്യം ഉള്ള, വാശി—; 6. മന്ദം ആയ, ഉദാസീനം—. -ly, *ad.* ശീലക്കേടോടെ, വെറുപ്പോടെ; വിഷാദത്തോടെ. -ness, *n.* വെറുപ്പ്, ദേഷ്യഭാവം; കണ്ണിതം.

**Sul'ly,** *v. t.* കറ ആക്കുക, അഴക്ക്—, മലിനം—; 2. കറപ്പെടുത്തുക, ദൂഷ്യപ്പെടുത്തുക, അപകീർത്തിപ്പെടുത്തുക. *v. i.* കറയാക; 2. ദൂഷ്യംവരിക. *n.* കറ, കളങ്കം, മാലിന്യം; 2. ദൂഷ്യം, കേട്.

**Sulph** (sulf), **Sul'phō, Sul'phāte, Sul-phat'ic, Sul'phīde, Sul'phīte,** *etc., s. u.* **Sulphur.**

**Sul'phur** (-fĕr), *n.* ഗന്ധകം, സൌഗന്ധികം, കീടഘ്നം, ധാതുവൈരി (*min.*); 2. ഒരു വക പാപ്പാത്തി (*z.*). s.-bossom, s.-whale ഒരു വക വലിയ തിമിംഗലം (*z.*). s.-shower ഒരു വക മഞ്ഞപ്പൂമ്പൊടി കൊഴിയൽ (*b.*). cream of s. നെല്ലിക്കാഗന്ധകം. flower of s. പൂഗന്ധകം, ഗന്ധകരജ. sul'phū-rāte, sul-phū're-ŏus, =phū-rīne (*or* -rēn), *a.* ഗന്ധകം ഉള്ള; —കലന്ന, ഗന്ധകഗുണമുള്ള. sul'phū-rāte, sul'phū-rīse, sul'phū-rīze, *v. t.* ഗന്ധകം പിടിപ്പിക്കുക; ഗന്ധകപ്പുകയേല്പിക്കുക. =phū-rā'tiŏn (-fū-rā'shun), *n.* ഗന്ധകം പിടിപ്പിക്കൽ, ഗന്ധകപ്പുകയേല്പിക്കൽ; ഗന്ധകമയത്വം. =phū-rā-tŏr (-fū-), *n.* ഗന്ധകപ്പുകക്കലശം. =phū're-ŏus-ly, *ad.* ഗന്ധകമയമായി. =phū're-ŏus-ness, *n.* ഗന്ധകമയത്വം. =phū-ret-ed, =phū-ret-ted, =phū-rīsed, =rīzed (-rīzd), *a.* ഗന്ധകസമ്മിശ്രമായ, ഗന്ധകം ചേർത്ത. =phū'ric, *a.* ഗന്ധകം സംബന്ധിച്ച (*ch.*); ഗന്ധകജന്യമായ (*ch.*). s.c acid ഗന്ധകദ്രാവകം (*ch.*). =phū-ring, *n.* ഗന്ധകപ്പുകയേല്പിക്കൽ; വെളുപ്പിക്കൽ, വെള്ളനിറമാക്കൽ. =phū-rŏus, *a.* ഗന്ധകമുള്ള; ഗന്ധകജന്യമായ. =phū-ry, *a.* ഗന്ധകതുല്യമായ; —ഗുണമുള്ള. sulph (sulf), sul'phō (-fō), *pf.* ഗന്ധകസംബന്ധമായ, ഗന്ധകദ്രാവകം ചേർന്ന (*ch.*). sul'phāte (-fāt), *n.* ഗന്ധകയുപ്പ്; ഗന്ധകദ്രാവകസമ്മിശ്രസാധനം, ഗന്ധകയുക്തപദാർത്ഥം (*ch.*). s.e of copper തുത്ഥം, മയിൽതുത്ഥം, തുരിശ്. s.e of iron അന്നഭേതി, 'ഈരോക്കാസ്'. red s.e of iron കാസിശം. green s.e of iron ധാതുശേഖരം. s.e of magnesia ഭേതിയുപ്പ്. s.e of quinine കൊയിനാവ് ഭസ്മം, കൊയിനാവ് ചൂർണ്ണം. s.e of zinc വെള്ളത്തുത്ഥം, പാൽതുത്ഥം. sul-phat'ic, *a.* ഭസ്മതുല്യമായ; ഗന്ധകദ്രാവകഭസ്മമായ (*ch.*). sul'phīde (-fīd), *n.* ഗന്ധകമയപദാർത്ഥം (*ch.*). sul'phīte (-fīt), *n.* ഗന്ധകദ്രാവകമയപദാർത്ഥം (*ch.*).

**Sul-pi'ci-an, Sul-pi'ti-an** (-pish'i-an), ബോധകശാലാഗുരു (*R. C.*).

**Sul'tan,** *n.* 'സുൽത്താൻ,' മുഹമ്മദീയനാട്ടുവാഴി, —രാജാവ്; 2. തുൎക്കിസുൽത്താൻ, (രൂമി)ഉറുമിസുൽത്താൻ. s. red കട്ടംചുവപ്പായ. =tā'na (*or* tä'na), =ness, *n.* സുൽത്താന്റെ ഭാൎയ്യ, സുൽത്താനസ്ത്രീ. =tā'na (*or* tä'na), *n. pl.* കുരുവില്ലാമുന്തിരിങ്ങ, 'കിസ്മിസ്' (*b.*). =nāte, *n.* സുൽത്താൻ കോയ്മ; സുൽത്താന്റെ രാജ്യം; സുൽത്താൻ സ്ഥാനം. =tan'ic, *a.* സുൽത്താനെ സംബന്ധിച്ച; സുൽത്താനുള്ള. -ry, *n.* സുൽത്താന്റെ രാജ്യം. -ship, *n.* സുൽത്താൻസ്ഥാനം.

**Sul'try,** *a.* അത്യുഷ്ണമുള്ള, വെമ്പുന്ന, വെമ്പലുള്ള, കമു(മി)റുന്ന, കമി(മു)ച്ചയുള്ള, പൊരിയുന്ന, വേവുന്ന, ചുട്ട് പൊരിയുന്ന; 2. വര(റ)ണ്ട, ഉലന്ന. sul'tri-ly, *ad.* അത്യുഷ്ണമായി. sul'tri-ness, *n.* അത്യുഷ്ണം, പെരി(രു)ഞ്ചൂട്; വറൾച്ച, ഉലച്ചൽ.

**Sum,** *n.* തുക, മൊത്തം, ആക; സംയോഗം, സങ്കലനം; 2. പണം, ദ്രവ്യം; 3. സാരം, സാരാംശം, സംഗ്രഹം; 4. താല്പൎയ്യം, പൊരുള്, ആകപ്പാടെയുള്ള സ്വഭാവം; 5. തികവ്, പരിപൂർണ്ണത; അഗ്രം; 6. കണക്ക് (*arith.*). algebraic s. ഫലം (*math.*). s. and substance സാരം, മുഖ്യസാരം, സത്ത്. *v. t.* (up) കൂട്ടുക, തുകയാക്കുക, മൊത്തം ഇടുക, ആക—; 2. (up) ചുരുക്കിപ്പറയുക, അടക്കിപ്പറയുക, സാരംപറയുക; 3. (up) ഗുണദോഷനിരൂ

പണം ചെയ്യുക; സ്വഭാവസാരം പ്രസ്താവിക്കുക (*l.*); 4. ചിറക് മുഴുവനും വരിക. **s.ming up** സ്വഭാവസാരപ്രസ്താവനം, തത്വപ്രസ്താവനം (*l.*); ഗുണദോഷനിരൂപണം; ചർവ്വണം, ആവർത്തനം; സാരസംഗ്രഹം. **-'less,** *a.* അസംഖ്യമായ, കണക്കില്ലാത്ത, അനവധി, അതിരില്ലാത്ത, സീമയററ; അമൂല്യമായ. **-'mar-i-ly,** *ad.* ചുരുക്കമായി, സംക്ഷേപിച്ച്. **-'mar-ist,** *n.* സംഗ്രഹകൻ, സംക്ഷേപകൻ. **-'mar-īse, -'mar-īze,** *v. t.* ചുരുക്കുക, സംഗ്രഹമാക്കുക, സംക്ഷേപിക്കുക; ചുരുക്കത്തിൽ പ്രസ്താവിക്കുക. **-'mar-y,** *n.* ചുരുക്കം, സംഗ്രഹം, സംക്ഷേപം, തിരട്ട്, ഫേലാഷവാറ്. *a.* തുകയായ, കൂട്ടിച്ചേർത്ത; സംക്ഷിപ്തമായ, ചുരുക്കമായ, ചുരുങ്ങിയ, സംഗ്രഹമായ; ബദ്ധപ്പാടോടെയുള്ള, അടിയന്തരമായ, ക്ഷണേനയുള്ള. **s.y process, s.y proceedings** ചുരുക്കപ്രവൃത്തി; ക്ഷിപ്ര—; ചില്ലറവിചാരണ, പലവക— (*l.*). **s.y trial** ക്ഷിപ്രവിചാരണ, സംക്ഷേപ— (*l.*). **-mā'tiŏn,** *n.* ആകഉടൽ, തുകകാണൽ; ആകത്തുക, ഒട്ടാക. **-'mĕr,** *n.* കണക്ക് കൂട്ടുന്നവൻ; കണക്കപ്പിള്ള. **-'mist,** *n.* കണക്ക് കൂട്ടുന്നവൻ; സംക്ഷേപകൻ, സംഗ്രഹകൻ.

**Sū'mac, Sū'mach** (shū'mak), *n.* (ചായംമുക്കുവാനും തോല് ഊറക്കിടുവാനും മററും ഉപയോഗമുള്ള) ഒര് മരം (*b.*); 2. 'ജാപ്പാൻവാർണ്ണിഷ്'മരം (*b.*).

**Sum'bul, Sum'bal,** *n.* ഒര് മൂലിക, 'സമ്പുൽ'കിഴങ്ങ് (*b.*). =**bu'lic,** *a.* —കിഴങ്ങായ; —സംബന്ധിച്ച.

**Sum'less,** *a., s. u.* **Sum.**

**Sum'mar-y,** *etc., s. u.* **Sum.**

**Sum-mā'tiŏn,** *n., s. u.* **Sum.**

I. **Sum'mĕr,** *n., s. u.* **Sum.**

II. **Sum'mĕr,** *n.* വിട്ടം, പിട്ടം, തെണ്ടിക (*arch.*); 2. മതിയം, മേൽമതിയം (*arch.*); 3. (*also* **summer-tree**) എട്ടത്ത് കെട്ടി, തെണ്ടിക, പടങ്ങ് (*N.*), തുലാം (*arch.*).

III. **Sum'mĕr,** *n.* വേനൽക്കാലം, വേനല്, ഉഷ്ണകാലം, ഗ്രീഷ്മ—, വസന്ത—, ഗ്രീഷ്മഋതു, കുംഭം മീനം മേടം മാസങ്ങൾ, ഫിബ്രുവരി മാർച്ച് ഏപ്രിൽ—. **s.-colt** (ഉഷ്ണത്താലുള്ള) വായുചലനം. **s.-com-plaint** ഉഷ്ണാതിസാരം (*med.*). **s.-rash** ചൂട് പൊന്തൽ, ചൂട് (*med.*). **s.-wheat** ഗ്രീഷ്മഗോതമ്പം (*agr.*). **s.-fallow, s.-stir** നിലം പാങ്ങാക്കൽ. **s.-house** വസന്തമണ്ഡപം; ആരാമമന്ദിരം, കേളിഗൃഹം, വിലാസമന്ദിരം, വേനൽച്ചേരി. *v. i.* ഉഷ്ണകാലംകഴിക്കുക, ഉഷ്ണകാലത്ത് പോയി പാർക്കുക. *v. t.* ഉഷ്ണകാലത്ത് പോററുക. **-li-ness,** *n.* ഗ്രീഷ്മത്വം, വസന്തത്വം. **-sault** (-salt), **-set,** *n. s. a.* **sŏm'ĕr-sault, sŏm'ĕr-set.** **-tīde,** *n.* വേനൽക്കാലം, ഉഷ്ണകാലം. **-y,** *a.* ഗ്രീഷ്മകാലം സംബന്ധിച്ച, വേനലായ, വസന്തതുല്യമായ.

**Sum'mĕr-trēe,** *s. u.* **Summer** II.

**Sum'mist,** *n. s. u.* **Sum.**

**Sum'mit,** *n.* ശിഖരം, ശൃംഗം, കൊടുമുടി; 2. ഉച്ചം, അഗ്രം, തുഞ്ചം, ശിഖ. **s. level** പ്രസ്ഥം, ഉയർവിതാനം. **-less,** *a.* കൊടുമുടിയില്ലാത്ത.

**Sum'mŏn,** *v. t.* (up) വിളിക്കുക, ക്ഷണിക്കുക; 2. വരുവാൻ കല്പിക്കുക, ഹാജരാവാൻ—; 3. കല്പന അയച്ച് വരുത്തുക, 'സമൻ' അയക്കുക (*l.*); 4. വിട്ട് കൊടുപ്പാൻ ആവശ്യപ്പെടുക (*mil.*). **-ĕr,** *n.* വിളിച്ച് വരുത്തുന്നവൻ; ഹാജരാവാൻ കല്പിക്കുന്നവൻ; കല്പന നടത്തുന്നവൻ, കോർക്കാരൻ, 'ബത്തശിവായി'. **sum'mŏns,** *n.* (*pl.* **sum'mŏns-es**) വിളിച്ച് വരുത്തൽ; ഹാജരാവാൻ കല്പിക്കൽ; ഹാജർകല്പന, കോടതി—, 'സമൻ'—, 'സമൻസ്' (*l.*); (കോട്ട, പട്ടണം) ഏല്പിച്ച് കൊടുപ്പാൻ ആവശ്യപ്പെടൽ, വിട്ട് കൊടുപ്പാനുള്ള നിർബ്ബന്ധം (*mil.*). *v. t.* കല്പന അയച്ച് വരുത്തുക, വരുവാൻ കല്പന അയക്കുക.

**Su-mo͝om',** *n., s. a.* **Simoom.**

*Sum'mum bō'num,* ഉത്തമനന്മ, പരമഗുണം, നിശ്രേയസ്, ആപവർഗ്ഗം, പരമകാഷ്ഠ.

**Sump,** *n.* തളം, കൊട്ടത്തളം; 2. നീർക്കുണ്ട്, ഖനിക്കിണറ്; 3. ചളിക്കുണ്ട്; 4.

ഉപ്പളത്തളം. s.-fuse നീർതുരങ്കത്തിരി. s.-men ഖനിക്കിണറ് കഴിക്കുന്നവര്, ഖനിക്കിണററ് പണിക്കാര്.

**Sumph** (sumf), *n.* പൊട്ടൻ, പൊണ്ണൻ (*N.*), വിഡ്ഢി (*Scot.*).

**Sum'pi-tan,** *n.* അമ്പ് ഊതുന്ന കുഴല്, അമ്പൂത്ത് കുഴല്, അസ്ത്രക്കുഴല്.

**Sump'tĕr** (sum'tĕr), *n.* പൊതിക്കാള, പൊതിക്കുതിര, പേറ് കുതിര, പൊതിമൃഗം, ചുമട്ട് കുതിര (*S.*), പേറ് മാട്. *a.* ചുമടെടുക്കുന്ന, പൊതിമൃഗമായ.

**Sump'tiŏn** (sum'shun), *n.* ഉദാഹരണം (*log.*).

**Sump'tū-ar-y** (sum'tū-ĕr-i), *a.* ചെലവ് സംബന്ധിച്ച; 2. വ്യയക്രമീകരണമായ. s. laws, s. regulations വ്യയക്രമീകരണനിയമം, ക്ലൃപ്തവ്യയനിയമം. **sump'tū-ŏus,** *a.* ചെലവുള്ള, അധികച്ചിലവുള്ള; വിലപിടിച്ച; വിലയേറിയ; ധാരാളം ആയ; സുഖഭോഗം—, ആഡംബരം—, ബഹുമോടി—; മെച്ചം—, വിശിഷ്ടം—. **sump'tū-ŏus-ly,** *ad.* സുഖാനുഭോഗമായി, കോലാഹലത്തോടെ. **sump'tū-ŏus-ness,** *n.* ആഡംബരം, കോലാഹലം; ഭോജനസുഖം; —വിശേഷം; വേഷാഡംബരം.

I. **Sun, Sunn,** *n.* ചണകം, ശണം, ഷണം, ഒര് വക വക്ക്, കാട്ട് തെന്തൽ കൊടി, കണ്ണശ്രുല (*b.*).

II. **Sun,** *n.* സൂര്യബിംബം; സൂര്യഗോളം (*as.*); 2. സൂര്യൻ, പകലോൻ, ആദിത്യൻ, ഭാസ്കരൻ, ഞായർ, അംശുമാൻ, തപനൻ, ദിവാകരൻ, ഭാനു, ഭാനുമാൻ, കതിരവൻ, നേരം, ഉദിപ്പ്; 3. ഗ്രഹഗണകേന്ദ്രം, ലോകനികര—; സ്ഥിരനക്ഷത്രം; 4. വെയില്, സൂര്യപ്രഭ, സൂര്യപ്രകാശം; സൂര്യോഷ്ണം; 5. തേജസ്സ്. s.-angel ഭംഗിയുള്ള ഒര് ചെറുപക്ഷി (*z.*). s.-bath സൂര്യവൈദ്യം, വെയിൽചികിത്സ (*med.*). s.-beam സൂര്യരശ്മി, —കിരണം, കതിര്. s.-bear കരിങ്കരടി (*z.*). s.-beetle പൊൻവണ്ട് (*z.*). s.-bird, s.-bittern സപ്തർണ്ണക്കിളി (*z.*). s.-blind ജാലകത്തിരശ്ശീല, ജാലകമറ. s.-blink സൂര്യപ്രഭ (*Scot.*). s.-bonnet (സ്ത്രീകളുടെ) വെയിൽമറത്തൊപ്പി. s.-bow മഴവില്ല്, ആകാശ—, ഇന്ദ്രധനുസ്സ്. s.-burn (വെയിൽകൊണ്ട്) നിറംമങ്ങിയ; മങ്ങൽനിറം; ശ്യാമതം. s.-burner ബാഷ്പദീപശണം. s.-burning മങ്ങൽനിറം, ശ്യാമതം. s.-burnt വെയില് കൊണ്ട് കരിഞ്ഞ. s.-burst പെട്ടന്നുള്ള സൂര്യപ്രകാശം. s.-clad പ്രഭപൂണ്ട, തേജസ്സുള്ള. s.-dart ആദിത്യരശ്മി. **Sun'dāy,** *n.* ഞായറാഴ്ച, സൂര്യവാരം, ആദിത്യ—, ഒന്നാംനാള്; സ്വസ്ഥദിവസം, സ്വസ്ഥനാള്, ക്രിസ്ത്യാനിശാബത്, കർത്തൃവാരം (*Chr.*), Advent S.y ആഗമനഞായറാഴ്ച. Low S.y പുനരുത്ഥാനാനന്തര—. Palm-S.y നഗരപ്രവേശനനാള് (*chr.*), കുരുത്തോലപ്പെരുന്നാള് (*R. C.*). Passion-S.y പുനരുത്ഥാനത്തിന്ന് മുമ്പ് രണ്ടാം ഞായറാഴ്ച. Whit-s.y പെന്തക്കോസ്തുദിവസം, —ഞായറാഴ്ച. S.y-letter സൂര്യവാരസൂചകാക്ഷരം. S.y-school സൂര്യവാരപാഠശാല, ഞായർപാഠശാല, ഞായറാഴ്ചപ്പള്ളിക്കൂടം (*S.*). s.-dew പ്രാണിഗ്രാസസസ്യം (*b.*). s.-dial സൂര്യഘടികാരം, ഛായായന്ത്രം, ഛായാമണി. s.-dog സൂര്യപരിവേഷപ്പുള്ളി (*as.*). s.-down സൂര്യാസ്തമാനം, സൂര്യാസ്തമയം, അസ്തമാനം, അസ്തമിക്കൽ (*M.*); (സ്ത്രീകളുടെ)വെയിൽതൊപ്പി. s.-dried വെയിലിൽ ഉണക്കിയ, വെയിലത്ത്—. s.d brick കട്ട, പെട്ടിക്കട്ട (*N.*), പച്ചഇഷ്ടിക, പച്ചച്ചെങ്കല്ല് (*P.*). s.-fever മൂർച്ഛപ്പനി, സൂര്യമൂർച്ഛജ്വരം (*med.*). s.-fish, s.-star ഒര് വക മത്സ്യം (*z.*); —സ്രാവ് (*z.*); വലിയ കടല്പ്പൊറി (*z.*). s.-flower സൂര്യകാന്തി (പുഷ്പം), സൂര്യപ്പൂ, സൂര്യമുഖി (*b.*). s.-gem ഒര് ചെറുപക്ഷി, മൂളിപ്പക്ഷി (*z.*). s.-glass തീക്കണ്ണാടി. s.-glow അസ്തമാനശോഭ. s.-light സൂര്യപ്രകാശം, സൂര്യപ്രഭ, പകൽവെളിച്ചം; പകല്; വെയില്. s.-lit സൂര്യപ്രകാശമുള്ള. s.-picture ഛായാപടം. s.-proof (സൂര്യ)വെളിച്ചം തട്ടാത്ത, വെയില്—. s.-spots സൂര്യകല (*as.*). s.-rise, s.-rising, s.-up സൂര്യോദയം, ഉദയം; ഉദയകാലം, നേരംഉദിക്കൽ; കിഴക്ക്,

പൂൎവ്വദിക്ക്. s.-set, s.-setting അസ്തമനം, അസ്തമാനം; അസ്തമാനകാലം, വൈകുന്നേരം, സായാഹ്നം, സായങ്കാലം; ക്ഷയകാലം, ക്ഷയം, അവസാനം; പടിഞ്ഞാറ്, പശ്ചിമദിക്ക്, അപരം, പാശ്ചാത്യം. s.-shade വെയില്മറ; ചെറുകട; മേലാപ്പ്, പ്രച്ഛദം. s.-shine സൂൎയ്യപ്രകാശം, വെയില്; വെയിലുള്ള സ്ഥലം; പ്രഭ, പ്രകാശം; സൂൎയ്യോഷ്ണം, ഉഷ്ണം, ചൂട്. s.-shiny സൂൎയ്യപ്രഭ ഉള്ള; തെളിവ്—; വെയില്—; തേജസ്സ്—, തിളങ്ങുന്ന, പ്രശോഭിതമായ; പ്രസന്നത ഉള്ള, സന്തോഷം—. s.-squall വലിയ കടച്ചൊറി (z.). s.-stone സൂൎയ്യകാന്തരത്നം (*min.*); സൂൎയ്യാഭ്രം (*min.*). s.-stroke മൂച്ഛ, സൂൎയ്യമൂച്ഛ (*med.*). s.-struck സൂൎയ്യമൂച്ഛ തട്ടിയ. s.-wheel, s. and planet wheels ചലനയന്ത്രം (*mech.*). S. of Rightousness നീതിസൂൎയ്യൻ, യേശുക്രിസ്തു (*Bl.*). under the s. സൂൎയ്യന്ന്കീഴ്, ഭൂമിയിൽ, ലോകത്തിൽ. *v. t.* വെയിൽകൊള്ളിക്കുക, വെയിലത്തിടുക; 2. ചിക്കുക; 3. ആറിയിടുക. -'dĕr, *v. t.* വെയിലും കാററും കൊള്ളിക്കുക, വെയിലത്തിടുക, കാററത്തിടുക. -'less, *a.* വെയില് തട്ടാത്ത, നിഴലില്ലുള്ള; കാനലുള്ള, ചോലയായ; തണലുള്ള. -'līke, *a.* ആദിത്യതുല്യമായ, സൂൎയ്യനെപ്പോലെയുള്ള. -'ni-ness, *n.* വെയില്, ഉഷ്ണം; സൂൎയ്യപ്രകാശം. -'ny, *a.* സൂൎയ്യനെസംബന്ധിച്ച; സൂൎയ്യനുള്ള; സൂൎയ്യോല്പന്നമായ; ആദിത്യതുല്യമായ; പ്രകാശമുള്ള; പ്രഭ—, ശോഭനീയമായ; സൂൎയ്യപ്രകാശമുള്ള; വെയില് തട്ടുന്ന, ചോലയില്ലാത്ത; പ്രസന്നമായ; മുഖപ്രസന്നതഉള്ള, സന്തോഷം—. *n.*, *s. a.* sun-fish. -'ward, *ad.* സൂൎയ്യനെക്കൊള്ളെ, സൂൎയ്യൻെറനേരെ. -'wīse, *ad.* സൂൎയ്യഗതിപ്രകാരം; കിഴക്ക്നിന്ന് പടിഞ്ഞാറോട്ട്.

I. Sun'dĕr, *v. t.* പിരിക്കുക, വിയോജിപ്പിക്കുക, വേർപിരിക്കുക, ഭേദിപ്പിക്കുക; 2. ഭിന്നിക്കുക, ഛിന്നഭിന്നമാക്കുക, നുറുക്കുക; 3. ഖണ്ഡിക്കുക, അംശിക്കുക, ഭാഗിക്കുക. *v. i.* പിരിയുക, അകലുക; 2. നുറുങ്ങിപ്പോക. *n.* വിയോഗം, വേപാട്; പിരിച്ചൽ; 2. ഭാഗിക്കൽ. in s. ഭാഗംഭാഗം ആയി, കഷണങ്ങളായി.

II. Sun'dĕr, *v. t.*, *s. u.* Sun II.

Sun'dew (-dū), Sun'dī-al, Sun'dog, Sun'down, Sun-dried, *etc.*, *s. u.* Sun II.

Sun'dry, *a.* പലവക ആയ, പലതരം—, വിവിധം—, നാനാപ്രകാരമുള്ള; 2. അനേകം, പല, ചില; 3. ചില്ലറ. s.-man പലചരക്ക്കച്ചവടക്കാരൻ; ചില്ലറക്കച്ചവടക്കാരൻ. all and s. കൂട്ടടങ്ങനെയും ഓരോന്നായും, ആകപ്പാടെയും പ്രത്യേകംപ്രത്യേകമായും. sun'dries, *n. pl.* പലവക സാധനങ്ങൾ; ചില്ലറ; പലവകച്ചരക്ക്. sun'dri-ly, *ad.* നാനാപ്രകാരം, പലവകയായി, വിവിധമായി.

Sun'fish, Sun'flow-er, *s.u.* Sun II.

Suṅg, *p. t.* & *p. p.* *of* Sing.

Sun'glass, Sun'glōw, *s. u.* Sun II.

Suṅk, *p. t.* & *p. p.* *of* Sink. s.-fence ഇടവഴി, (ഇടയി), ഇടവഴിയും കിളയും. -'en, *a.* ആണ്ട്പോയ, ആണ്ട്കിടക്കുന്ന, മുങ്ങിപ്പോയ.

Sun'less, Sun'līght, Sun'līke, Sun'lit, *etc.*, *s. u.* Sun II.

Sunn, *n.*, *s. a.* Sun I.

Sun'na, *n.* മുഹമ്മദീയസമ്പ്രദായസംഗ്രഹം, —പാരമ്പൎയ്യം, —പാരമ്പൎയ്യകഥകൾ, —പുരാണം. Sun'ni-äh, Sun'nīte, *n.* സുന്നി എന്ന മുഹമ്മദീയമതഭേദക്കാരൻ, സുന്നി (*M.*).

Sun'nud, *n.* അധികാരപത്രം, അധികാരരേഖ, 'സന്നത്'; 2. ദാനാധാരം.

Sun'ny, Sun'proof, Sun'rīse, Sun'set, Sun'shāde, Sun'shīne, Sun'squall, Sun'stōne, Sun'strōke, Sun'ward, Sun'wīse, *etc.*, *s. u.* Sun II.

Sup, *v. t.* ഇറുമ്പുക, ചപ്പുക, വലിച്ച് കുടിക്കുക, ഇറുമ്പിക്കുടിക്കുക. *v. i.* അത്താഴംകഴിക്കുക, —ഉണ്ണുക, —വെയിക്കുക (*M.*). *n.* ഒരിറക്ക്, ഒര്തുള്ളി, അല്പം, ലേശം. -'pĕr, *n.* അത്താഴം, സന്ധ്യാഭോജനം, രാ(ത്രി)ഭോജനം. the Lord's S.r തിരുവത്താഴം, രാത്രിഭോജനം, കൎത്തൃഭോജനം, 'സക്രമെന്ത്' (*S.*), കുറുവാന

(*Syr.*). *v. i.* അത്താഴംകഴിക്കുക. *v. t.* —കൊടുക്കുക. -pĕr-less, *a.* അത്താഴം ഇല്ലാത്ത, രാപ്പട്ടിണി ആയ. -'ping, *n.* ഇരുമ്പിക്കുടിക്കൽ; അത്താഴം ഉണ്ണൽ.

Sū'pĕr, *pf.* അതി, അധിക, അത്യന്ത; 2. മേലെ, മേൽ, മുകൾ, മുകളിൽ; 3. വിശിഷ്ട, വിശേഷ, ശ്രേഷ്ഠ, ഉത്തമ; 4. കവിഞ്ഞ, കടന്ന. *n. contr. f. of* Supernumerary.

Sū'pĕr-a-ble, *a.* ജയിക്കാകുന്ന, അടക്കാകുന്ന; നിഗ്രഹിക്കാകുന്ന; 2. സാദ്ധ്യമായ. -ness, *n.* ജിത്യത്വം. =bly, *ad.* ഒതുക്കത്തക്കതായി.

Sū-pĕr-a-bound', *v. i.* അതിയായി ഉണ്ടാക, ധാരാളം—, വേണ്ടുന്നതിൽ അധികം—; 2. കവിയുക. =bun'dance, *n.* ബാഹുല്യം, ബഹുലത്വം, പുഷ്കല(ള)ത്വം, സുഭിക്ഷം, മഹാസമൃദ്ധി; ബഹുത്വം, അധികത്വം, ആധിക്യം, കവിച്ചല്, വഴിച്ചല്. =bun'dant, *a.* അതി ആയ, അധികം—, ബഹുലം—; കണക്കിലേറ. =bun'dant-ly, *ad.* അത്യധികമായി.

Sū-pĕr-add', *v. t.* (ഉള്ളതിനോട്) പിന്നെയുംകൂട്ടുക, അധികം—; 2. വിശേഷാൽ—; 3. കൂടയുണ്ടാക; കൂട്ടിച്ചേർക്കുക, കൂടക്കൂട്ടുക. =ad-di'tiŏn (-dish'un), *n.* കൂട്ടിച്ചേർക്കൽ; കൂടിച്ചേർന്നത്; മികപ്പ്.

Sū-pĕr-ad-vēn'ient (-vēn'yent), *a.* ചേർന്ന് വന്ന, തുണയായിവന്ന; 2. നിനയാതെകിട്ടിയ.

Sū-pĕr-al-i-men-tā'tiŏn, *n.* പെരുന്തീററി, കണക്കിലേറത്തിന്നൽ, മൂക്കററം—.

Sū'pĕr-al-tar, *n.* പീഠത്തട്ട്.

Sū-pĕr-an-gel'ic, *a.* ദൈവദൂതന്മാരെക്കാൾ ഉയർന്ന, ദൂതരിലും മുന്തിയ.

Sū-pĕr-an'nū-āte, *v. t.* (പ്രായാധിക്യത്താലോ രോഗത്താലോ) വശംകെടുക, ക്ഷീണിക്കുക; 2. പ്രവൃത്തിക്ക് കൊള്ളാതാക; 3. അടുത്തൂൺ കൊടുത്ത് പിരിക്കുക, 'പിൻജിൻ' ആക്കുക. =ā-ted, *a.* നീക്കിവെച്ച; പഴക്കപ്പെട്ട; ക്ഷീണിച്ച, വയോധികനായ, കിഴവനായ. =ā'tiŏn, *n.* (പ്രായാധിക്യത്താലുള്ള) ശേഷിക്കേട്; പ്രവൃത്തിക്ക് പററായ്ക, അയോഗ്യത, വാർദ്ധക്യം, വൃദ്ധാപ്യത.

Sū-pĕrb', *a.* മഹാ, വൻ, മഹത്തായ, അതിശോഭനീയമായ; 2. ദിവ്യ, മഹിമയുള്ള; 3. വിലയേറിയ; 4. ഭംഗിയേറിയ; 5. അതിവിശേഷമായ, അതിവിശിഷ്ടമായ, മികച്ച; 6. കോലാഹലമായ. -ly, *ad.* അതിമോടിയായി, മഹത്തായി. -ness, *n.* വന്മ, മാഹാത്മ്യം, വൈശിഷ്ട്യം, മഹിമ.

Sū-pĕr-cär'gō, *n.* (കപ്പലിലെ) ചരക്ക് കാര്യസ്ഥൻ, വ്യാപാരഗുമസ്തൻ, ചരക്ക് മേലാള്.

Sū-pĕr-ce-lest'ial (-lest'yal), *a.* വാനത്തിന്മീതെയുള്ള, ആകാശത്തട്ടിന്ന് അപ്പുറം ഉള്ള; 2. അതിദിവ്യമായ.

Sū-pĕr-chärge', *v. t.* ഒര് കുലചിഹ്നത്തിന്മേൽ മററൊന്ന് വരക്കുക, വരച്ചതിന്മേൽ വരക്കുക (*her.*) sŭ'pĕr-chärge, *n.* (കുല) ചിഹ്നത്തിന്മേൽ ചിഹ്നം (*her.*).

Sū-pĕr-cil'i-ŏus, *a.* ഡംഭുള്ള, ഗർവ്വിഷ്ഠനായ, അഹംഭാവം ഉള്ള, പൊങ്ങച്ചം—. 2. അധികാരനാട്യം—; 3. ധിക്കാരം—, അകനിന്ദ—; 4. മദം—, മദോന്മത്തനായ. =cil'i-ar-y, *a.* കൺപുരികം സംബന്ധിച്ച, പുരികത്തിന്മേലുള്ള; കണ്ണിന്നുകളിൽ പുള്ളിയുള്ള (*z.*). -ly, *ad.* ഉച്ചീകാരഭാവത്തോടെ. -ness, *n.* അഹങ്കാരം, ഗർവ്വം, നിഗളം; പുച്ഛഭാവം. =cil'i-um, *n.* കൺപുരികം (*an.*); പുരികപ്രദേശം (*an.*).

Sū-pĕr-con-cep'tiŏn, *n.* ഇരട്ട (പിള്ള) ഗർഭധാരണം, യമഗർഭം (*phys.*).

Sū-pĕr-cres'cence, *n.* ഇത്തിക്കണ്ണി, ഇത്തി (*b.*). =cres'cent, *a.* മററൊന്നിനെ പററിപ്പിടിച്ച് വളരുന്ന; ഇത്തിക്കണ്ണിആയ (*b.*).

Sū-pĕr-cū'ri-ŏus, *a.* കുതൂഹലബുദ്ധിയേറിയ.

Sū-pĕr-dom'i-nant, *n.* സ്വരഗ്രാമത്തിൽ ആറാമത്തെ സ്വരം, ധൈവതം, 'ധ' (*mus.*).

Sū-pĕr-em'i-nent, *a.* അതിവിശേഷമായ, ഉൽകൃഷ്ടമായ, ഉൽകൃഷ്ടോൽകൃഷ്ട

മായ, മികച്ച. =nence, =nen-cy, *n.* അതിവൈശിഷ്ട്യം, മേന്മ, ഉൽകൃഷ്ടോൽകൃഷ്ടത, അതിശ്രേഷ്ടത. -ly, *ad.* അത്യുത്തമമായി, സർവ്വോൽകൃഷ്ടമായി.

Sū-pĕr-er′ō-gāte, *v. i.* മുറകവിഞ്ഞ് ചെയ്യുക, മട്ട് കടന്ന്—; 2. പുണ്യംചെയ്യുക; 3. മററൊരുവൻെറ പോരായ്മ നികത്തുക. =gā′tiŏn, *n*, മുറകവിഞ്ഞ പ്രവൃത്തി, അത്യാചാരം; പുണ്യപ്രവൃത്തി. works of s.n പുണ്യപ്രവൃത്തി (*R. C.*). =og′a-tive, =er-og′a-tŏr-y, *a.* മുറകവിഞ്ഞ് ചെയ്യു, വേണ്ടുന്നതിലധികം—, കണക്കിലേറ—; അത്യാചാരം ആയ; പുണ്യം—.

Sū-pĕr-es-sen′tial, *a.* ഏററവും പ്രധാനം ആയ, പ്രാമുഖ്യം—. [വിഞ്ഞ.

Sū-pĕr-eth′i-cal, *a.* നീതിധർമ്മം ക

Sū-pĕr-ex-alt′ (eg-zalt′), *v. t.* അതിയായി വാഴ്ത്തുക; 2. മററുള്ളവരെക്കാൾ അധികം പുകഴ്ത്തുക. =tā′tiŏn, *n.* സീമാതീതസ്തുതി.

Sū-pĕr-ex′cel-lent (-ek′sel-), *a.* അതിവിശിഷ്ടം ആയ, അത്യുൽകൃഷ്ടം—, പരമം—. =lence, *n.* അതിവൈശിഷ്ട്യം, അത്യുൽകൃഷ്ടത.

Sū-pĕr-ex-ci-tā′tiŏn (-ek-si-), *n.* അത്യന്തഭ്രമം, മഹാവേവലാതി.

Sū-pĕr-ex-cres′cence, *n.* മുഴ (*an.*); 2. ഇത്തിക്കണ്ണി (*b.*); 3. അനാവശ്യം.

Sū′pĕr-fam-i-ly, *n.* ഗോത്രം (*z.*).

Sū-pĕr-fe-cun-dā′tiŏn, *n.* ഇരട്ടഗർഭം, ചിഗർഭം, യമഗർഭം, (*phys.*). =cun′di-ty, *n.* സന്തതിപ്പെരുപ്പം, സന്താനഭരിതത്വം.

Sū-pĕr-fē′tāte, *v. i.* ചിഗർഭം ഉണ്ടാക, ഇരട്ടഗർഭം—. =tā′tion, *n.* ഗർഭദ്വയത്വം, യമഗർഭം (*phys.*).

Sū-pĕr-fi′cial (-fish′al), *a.* പുറഭാഗം സംബന്ധിച്ച; 2. ബഹിർഭാഗത്തുള്ള; 3. മേലെകിടക്കുന്ന, മുകളിൽ—; 4. കഴം കറഞ്ഞ, ആഴം ഇല്ലാത്ത; 5. ശേപ്പ്—, നേർമ്മ ആയ; 6. പുറംതേപ്പായ; 7. ഗാഢം അല്ലാത്ത, അന്തസ്സ് ഇല്ലാത്ത; 8. പുറംപൊളി ആയ, ഉത്താനം—; 9. അല്പജ്ഞൻ—; ഉൾകരുത്ത് ഇല്ലാത്ത; കാതല്—, സാരം—, ഉള്ള് പൊള്ളയായ. -ly, *ad.* പുറംപൊളി ആയി. -ness, =al′i-ty, *n.* ബാഹ്യത്വം; ചുമ്മകത്വം. -ist, *n.* ബാഹ്യൻ, ചുമ്മകൻ. -īse, -īze, *v. t.* പുറംപൊളി ആയി വിചാരിക്കുക, നിസ്സാരമായി—; കശ്നമായി വിചാരിക്കാതിരിക്കുക. =fi′ci-ar-y (-fish′i-ĕr-i), *n.* കാരായ്മക്കാരൻ, കാരായ്മക്കുടിയാൻ (*C.*), കുടിയിരിപ്പ് കുടിയാൻ (*N.*). *a.* പൃഷ്ഠഭാഗം സംബന്ധിച്ച; മേൽഭാഗത്തുള്ള; കാരായ്മആയ. =fi′ciēs (-fish′ēz *or* fish′i-ēz), *n.* പുറഭാഗം, മേൽഭാഗം, മേല്പാട്; വിസ്താരം, അളവ്; ചതുരശ്രയളവ്; ക്ഷേത്രം; തലം, പൃഷ്ഠം, പരപ്പ് (*geom.*); ചമയം (*l.*), കഴിക്കാണക്കുടിയിരിപ്പവകാശം, കാരായ്മ (*l.*).

Sū′pĕr-fīne, *a.* മെച്ചമായ, മികച്ച, അതിവിശേഷം ആയ, ഉത്തമം—, മേലു(ത്ത)രം—, ഒന്നാന്തരം—, മുന്തിയ; 2. നന്നനേർമ്മ ആയ; 3. അതിസൂക്ഷ്മം—; 4. കണക്കിലേറ കൃത്യം—, കിറുകൃത്യം—. -ness, *n.* വിശിഷ്ടത, വിശേഷം.

Sū-pĕr′flu-ŏus, *a.* വേണ്ടുന്നതിൽ ഏറെ ഉള്ള, ആവശ്യത്തിലധികം—; 2. അനാവശ്യമായ; 3. ഉപയോഗം ഇല്ലാത്ത, വ്യർത്ഥം ആയ, അധികം—, കവിച്ചൽ—; 4. അദ്ധ്യാരോപം—. =flu′i-ty, -ness, *n.* അനാവശ്യകത്വം; ആധിക്യം; നിരർത്ഥകത്വം; വേണ്ടാത്തത്, വേണ്ടാതനം; മോടിസാധനം. -ly, *ad.* അനാവശ്യമായി; കണക്കിലേറ.

Sū′pĕr-flux, *n.* മഹാസമൃദ്ധി; അതിപുഷ്ടി; കവിച്ചല്, ധാരാളത്വം.

Sū-pĕr-fō-li-ā′tiŏn, *n.* ബഹുപത്രത്വം, പത്രപുഷ്ടളത്വം, ഇലപ്പുഷ്ടി (*b.*).

Sū-pĕr-frŏn′tal, *n.* പീഠത്തുണി, പീഠശീല (*eccl.*).

Sū-pĕr-hēat′ (-hēt′), *v. t.* കണക്കിലേറ ചൂടാക്കുക; 2. ബാഷ്പം ആക്കുക. sū′pĕr-hēat, *n.* അധികോഷ്ണം, അത്യന്തോഷ്ണം, ഉഷ്ണാധിക്യം.

Sū-pĕr-hū′man, *a.* അതിമാനുഷം ആയ, അമാനുഷം—; 2. ദിവ്യം—.

Sū-pĕr-im-pōse', *v. t.* (മറെറാന്നിൻെറ) മേലെ ഇടുക, —മുകളിൽ വെക്കുക. =pō-si'tiŏn (-zish'un), *n.* മേലെ ഇടൽ, മേലെ വെക്കൽ.

Sū-pĕr-im-preg-nā'tiŏn, *n.* ഉപരിഗർഭധാരണം.

Sū-pĕr-in-cum'bent, *a.* ഊന്നിനില്ക്കുന്ന, ചാരി—, മേലെകിടക്കുന്ന. =cum'bence, =cum'ben-cy, *n.* ഊന്നിനില്പ്, ചായ്പ്; ആശ്രയം; ഭാരം.

Sū-pĕr-in-dūce', *v. t.* അതിപ്രേരേപണംചെയ്യുക; 2. അധികം നിർബ്ബന്ധിക്കുക; 3. ചുമത്തുക; 4. കൂട്ടിയിടുക. -ment, =duc'tiŏn, *n.* അതിപ്രേരണം.

Sū-pĕr-in-tel-lec'tū-al, *a.* ബുദ്ധിയെ കവിഞ്ഞ; അഗോചരമായ.

Sū-pĕr-in-tend', *v. t.* മേൽവിചാരം ചെയ്യുക; നോക്കുക; 2. നടത്തുക; 3. ചെയ്യിക്കുക, എടുപ്പിക്കുക; 4. നിർവ്വഹിക്കുക. =ten'dence, =ten'den-cy, *n.* മേൽവിചാരം, നോട്ടം; പാർവ്വത്യം, മേൽമണിയം; അദ്ധ്യക്ഷത, മേലധികാരം. =ten'dent, =ten'dant, *a.* മേൽവിചാരം ചെയ്യുന്ന; നടത്തുന്ന. *n.* മേനോക്കി, മേൽവിചാരക്കാരൻ; നിർവ്വാഹകൻ; അദ്ധ്യക്ഷൻ, 'സുപ്രഡേണ്ട്'. =ten'dĕr, *n.* മേൽവിചാരക്കാരൻ.

Sū-pĕr-in-ves'ti-tūre, *n.* മേലാട; 2. പുറങ്കുപ്പായം; മേലങ്കി.

Sū-pē'ri-ŏr, *a.* മേലെയുള്ള; 2. മേൽഭാഗം ആയ; 3. മേല്തരം—, അധികം വിശേഷം—, വിശിഷ്ടം—, ഉൽകൃഷ്ടം—, മുന്തിയ, ഉത്തമം ആയ, അധികം—; 4. ഉയന്ന, ശ്രേഷ്ഠനായ, മേലധികാരിയായ, വലിയ; മുമ്പുള്ള; 5. (to) തോല്ക്കാത്ത, വശമാകാത്ത; കൂട്ടാക്കാത്ത, വകവെക്കാത്ത; 6. വിശാലമായ; 7. വിശാലാത്ഥമുള്ള. s. conjunction (സൂര്യൻെറ ഏകഭാഗത്തുള്ള ഗ്രഹത്തിനും ഭൂമിക്കും തമ്മിലുള്ള) പരമദൂരം (*as.*). s. planet (സൂര്യനിൽനിന്നു ഭൂമിയെക്കാൾ) ദൂരെയുള്ള ഗ്രഹം, അകലഗ്രഹം (*as.*). s. figure, s. letter ($x^5$, $a^n$ എന്നതിലെ 5, *n* എന്നത് പോലെയുള്ള) ഉപരിസംഖ്യ, —ലിപി; സൂചകക്കുറി (*print.*). *n.* പ്രവരൻ, ശ്രേഷ്ഠൻ, മുന്തിയവൻ; 2. (വയസ്സ്) മൂത്തവൻ; 3. സമത്ഥൻ; 4. മഠാദ്ധ്യക്ഷൻ, മഠാധിപതി, മഠാധിപൻ (*R. C.*). -ess, *n.* (കന്യാകാമഠത്തിലെ) അധിപസ്ത്രീ, (കന്യക)മഠാധിപത്നി, മഠാധിപ (*R. C.*). =or'i-ty, *n.* ശ്രേഷ്ഠത, വിശേഷം, വിശിഷ്ടത, ഉൽകൃഷ്ടത, വലിപ്പം, മുമ്പ്, അധീശത്വം; പ്രഭാവം; മൂപ്പ്; പ്രാധാന്യം. -ly, *ad.* ഉത്തമമായി, അതിവിശേഷമായി.

Sū-pĕr-jā'cent, *a.* നേരെ മേലെയുള്ള.

Sū-pĕr'la-tive, *a.* അത്യുന്നതം ആയ; 2. അതിശ്രേഷ്ഠം—, അതിവിശിഷ്ടം—, അത്യധികം—, പരമം—, ഉത്തമോത്തമം—, അത്യുത്തമം—; പരമ; 3. ഉത്തമവാചി ആയ, ഉത്തമവിശേഷണരൂപം— (*gr.*). s. degree ഉത്തമവാചി, ഉത്തമവിശേഷണരൂപം, വിശേഷണോത്തമരൂപം (*gr.*). *n.* അത്യുത്തമം, ഉൽകൃഷ്ടോൽകൃഷ്ടം, ഉത്തമോത്തമം, പരമം; 2. ഉത്തമവാചി, വിശേഷണോത്തമരൂപം (*gr.*). absolute s. അധിവിശേഷണം. -ly, *ad.* ഏററവും വിശേഷമായി, അത്യുൽകൃഷ്ടമായി. -ness, *n.* അതി വൈശിഷ്ട്യം, അത്യുൽകൃഷ്ടത.

Sū-pĕr-lū'nar, =nar-y, *a.* ചന്ദ്രന്ന് മീതെയുള്ള; 2. അഭൌമികമായ.

Sū-pĕr-ma-tē'ri-al, *a.* അജഡപദാത്ഥം ആയ, അജഡം—.

Sū-pĕr-max-il'la, *etc.*, *s. a.* Supramaxilla, *etc.*

Sū-pĕr-mē'di-al, *a.* പകുതിക്ക് മേലെയുള്ള; 2. സാമാന്യത്തിലധികമായ.

Sū-pĕr-mun'dāne, *a.* ലോകത്തിന്ന് മീതെയുള്ള.

Sū-pĕr-nac'ū-lar, *a.* ഉത്തമമദ്യം ആയ; 2. ഒന്നാന്തരം ആയ, 'അസ്സല്'—. =lum, *n.* (ഒരു തുള്ളിപോലും ബാക്കി വെക്കാത്ത) നല്ല മദ്യം.

Sū-pĕr'nal, *a.* അത്യുന്നതമായ, ഉയരത്തിലുള്ള; 2. പാരത്രികം ആയ, സ്വൎഗ്ഗീയം—, ദിവ്യ.

**Sū-pĕr-nā'tant**, *a.* പൊങ്ങിക്കിടക്കുന്ന, പൊന്തിയിരിക്കുന്ന; 2. മുകളിൽ നില്ക്കുന്ന. =**na-tā'tiŏn**, *n.* വെള്ളത്തിന്മേൽ പൊന്തിനില്ക്കൽ, പൊങ്ങൽ.

**Sū-pĕr-nat'ū-ral**, *a.* അസാധാരണം ആയ, അ(തി)മാനുഷം—, സ്വഭാവാതീതം—, അലൌകികം—, പ്രകൃതിധൎമ്മം കവിഞ്ഞ; 2. അത്ഭുതമായ, അതിശയമായ. **the s.** പാരലൌകികം, അതിമാനുഷം, പ്രകൃത്യാതീതം. **-ism**, *n.* അലൌകികത്വം, അ(തി)മാനുഷത്വം; (*also* **Supra-naturalism**) ദൈവകൎമ്മവാദം (*theo.*). **-ist**, *n.* —വാദി (*theo.*). **-is'tic**, *a.* —വാദമായ; അ(തി)മാനുഷത്വം സംബന്ധിച്ച. =**ral'i-ty, -ness**, *n.* സ്വഭാവാതീതത്വം. **-īse, -īze**, *v. t.* അതിമാനുഷമായി വിചാരിക്കുക, സ്വഭാവാതീതമായി എണ്ണുക. **-ly**, *ad.* അലൌകികമായി, അമാനുഷമായി.

**Sū-pĕr-nū'mĕr-ar-y**, *a.* സംഖ്യാതീതമായ, കണക്കിലേറെയുള്ള, അധികം ആയ, 'ജാസ്തി'—; 2. അനാവശ്യം—, വേണ്ടുന്നതിലേറെയുള്ള. *n.* സംഖ്യാതീതം, സംഖ്യാതിരിക്തം, കവിച്ചല്; 2. അധികോദ്യോഗസ്ഥൻ, അതിരിക്തോദ്യോഗസ്ഥൻ (*mil.*); 3. അതിരിക്താഭിനയക്കാരൻ, 'ജാസ്തി' വേഷക്കാരൻ (*dr.*).

**Sū-pĕr-ŏr-di-nā'tiŏn**, *n.* ബോധകപിന്തുടൎച്ച മുൻനിശ്ചയം (*eccl.*).

**Sū-pĕr-phos'phāte** (-fos'fāt), *n.* പ്രകാശരാതിക്ഷാരം (*ch.*). **s. of lime** ചുണ്ണാമ്പ് വളം (*agr.*).

**Sū-pĕr-phys'i-cal** (-fiz'i-), *a.* പ്രകൃത്യതീതമായ.

**Sū-pĕr-pol'i-tic**, *a.* അതിനയമുള്ള.

**Sū-pĕr-pōse'**, *v. t.* മേലെ വെക്കുക, ഉൽസ്ഥാപനം ചെയ്യുക; 2. ക്ഷേത്രോൽസ്ഥാപനം ചെയ്യുക (*geom.*). =**pō'sa-ble**, *a.* ഉൽസ്ഥാപനീയമായ. =**pō-si'tiŏn** (-zish'un), *n.* മേലെ വെക്കൽ, ഉൽസ്ഥാപനം; ക്ഷേത്രോൽസ്ഥാപനം (*geom.*).

**Sū-pĕr-prāise'**, *v.t.* അതിസ്തുതിചെയ്യുക, അതിയായി സ്തുതിക്കുക.

**Sū-pĕr-prō-pōr'tiŏn**, *n.* അത്യനുപാതം.

**Sū-pĕr-rē'gal**, *a.* രാജാതീതമായ.

**Sū-pĕr-roy'al**, *a.* (കടലാസ്) അധികം വലിയ.

**Sū'pĕr-salt**, *n.* അതിക്ഷാരം (*ch.*).

**Sū-pĕr-sat'ū-rāte**, *v. t.* അധികം നനക്കുക. =**rā'tiŏn**, *n.* അധികനനവ്.

**Sū-pĕr-scrībe'**, *v. t.* തലവാചകം എഴുതുക; 2. മേലെഴുത്ത്—, 'മേൽവിലാസം'—. =**scrip'tiŏn**, *n.* തലവാചകം എഴുതൽ; തലവാചകം, മേലെഴുത്ത്, മേൽവിലാസം; ('സേവിപ്പാൻ' എന്ന അൎത്ഥത്തിൽ) ℞. എന്ന വൈദ്യക്കുറി (*med.*).

**Sū-pĕr-sec'ū-lar**, *a.* പാരലൌകികമായ.

**Sū-pĕr-sēde'**, *v. t.* പകരം ആക്കുക, —വെക്കുക, 'ബദല്'—; 2. നീക്കി പകരം—; 3. മാററുക; 4. നിഷ്ഫലമാക്കുക, അസാധുവാക്കുക, ദുൎബ്ബലപ്പെടുത്തുക; 5. നിൎത്തിവെക്കുക; 6. ചെയ്യാതിരിക്കുക, വേണ്ടെന്ന് വെക്കുക, ഉപേക്ഷിക്കുക. =**sē'de-as**, *n.* അധികാര(ം) ദുൎബ്ബല(പ്പെടുത്തുവാനുള്ള) കല്പന (*l.*); വിചാരണ നിൎത്തിവെപ്പാനുള്ള കല്പന (*l.*); =**sē'dūre, =ses'siŏn** (-sesh'un), *n.* പകരംവെക്കൽ; നീക്കി പകരം നിശ്ചയിക്കൽ; ദുൎബ്ബലപ്പെടുത്തൽ.

**Sū-pĕr-sen'si-ble, =sen'sụ-al** (-shụ-al), *a.* ബുദ്ധിയെ കടക്കുന്ന, ബോധാതീതം ആയ, അഗോചരം—.

**Sū-pĕr-sen'si-tive**, *a.* സ്പൎശബോധാധിക്യമുള്ള; 2. വികൃതസ്പൎശബോധമുള്ള; 3. ഒട്ടും സഹിക്കവഹിയാത്ത. **-ness**, *n.* സ്പൎശബോധാധിക്യം; വികൃതസ്പൎശബോധം; ഇളിച്ചൽസ്വഭാവം.

**Sū-pĕr-sen'sụ-ŏus**, *a.* ബുദ്ധിക്കെത്താത്ത; 2. ഇന്ദ്രിയാധീനത്വമേറിയ.

**Sū-pĕr-sĕr'vice-a-ble**, *a.* കണക്കിലേറ സേവ ചെയ്യുന്ന, അതിപൂജകനായ; 2. ആചാരക്കള്ളനായ.

**Sū-pĕr-ses'sion**, *n.*, *s.u.* **Supersede**.

**Sū-pĕr-sō'lar**, *a.* സൂൎയ്യന്ന് മീതെയുള്ള.

**Sū-pĕr-sti'tiŏn** (-stish'un), *n.* അതിഭക്തി; മിത്ഥ്യാഭക്തി, വീൺഭക്തി; 2. മൂഢവിശ്വാസം, ദുൎവ്വിശ്വാസം; 3. അതിവി

ശ്വാസം, വിശ്വാസനിക്ഷ; 4. അജ്ഞാന ഭക്തി, ആചാരഭക്തി; 5. ശകനാളിവിശ്വാസം; 6. അതികൃത്യത, കിറുകൃത്യത, അതിനിഷ്ഠ. =**sti'tiŏus** (-stish'us), *a.* മിത്ഥ്യാഭക്തിസംബന്ധിച്ച; മൂഢവിശ്വാസം ആയ, ദുർവ്വിശ്വാസം—; അതിനിഷ്ഠ ഉള്ള; അജ്ഞാനഭക്തി—; ശകനാളിനോക്കുന്ന; അതികൃത്യതയുള്ള. **s.s use** നിയമവിരുദ്ധോപയോഗം. =**sti'tiŏus-ly,** *ad.* ദുർവ്വിശ്വാസമായി; മിത്ഥ്യാഭക്തിയോടെ. =**sti'tiŏus-ness,** *n.* മൂഢവിശ്വാസം; മിത്ഥ്യാഭക്തി, അജ്ഞാന—; അതിനിഷ്ഠ.

**Sū-pĕr-strāin',** *v. t.* അധികം മുറുക്കുക; 2. —വലിക്കുക; 3. —മുക്കുക.

**Sū-pĕr-strā'tum,** *n.* (*pl.* **sū-pĕr-strā'ta**) മേലട്ടി.

**Sū-pĕr-struct',** *v. t.* കെട്ടിപ്പൊന്തിക്കുക, തറമേൽ കെട്ടുക, അടിസ്ഥാനത്തിന്മേൽ പണിയിക്കുക. =**struc'tiŏn,** *n.* കെട്ടിപ്പൊന്തിക്കൽ, പണിയിക്കൽ, നിൎമ്മിക്കൽ; എടുപ്പ്, നിൎമ്മാണം, പുര; പണി. =**struc'tive,** *a.* കെട്ടിപ്പൊന്തിച്ച; മറ്റൊന്നിന്മേൽ പണിത. =**struc'tŏr,** *n.* കെട്ടിപ്പൊന്തിക്കുന്നവൻ, നിൎമ്മാണികൻ. =**struc'tūre,** *n.* പണി, എടുപ്പ്, നിൎമ്മാണം; (എടുപ്പിൽ തറക്ക് മേലെയുള്ള) മുകൾഭാഗം, കെട്ടിപ്പൊന്തിച്ചത് (*arch.*); (തീവണ്ടിവഴിയിൽ ഇരിമ്പുപാത, പാവുമരം മുതലായത് ഉൾപ്പെട്ട) മേൽക്കോപ്പ്.

**Sū-pĕr-sub-stan'tial,** *a.* ജഡാതീതമായ; 2. ആത്മികമായ.

**Sū-pĕr-tĕr-rā'ne-an,** *a.* ഭൂമുഖത്തുള്ള, മുകൾപരപ്പിൽ ഉള്ള.

**Sū-pĕr-ter-res'tri-al,** *a.* ഭൂമിക്ക് മേലെ ഉള്ള, പാരലൌകികമായ.

**Sū-pĕr-ton'ic,** *n.* സ്വരഗ്രാമത്തിലെ രണ്ടാം സ്വരം, 'രി', ഋഷഭം (*mus.*).

**Sū-pĕr-trag'i-cal,** *a.* അതിശോചനീയം ആയ, ഏററവും ദുഃഖകരം—; 2. കരുണരസാധിക്യമുള്ള.

**Sū-pĕr-vēne',** *v. i.* മേലെ വരിക, പുറമെനിന്ന്—; 2. സംഭവിക്കുക, ഉണ്ടാക; 3. പിന്തുടരുക, വന്ന് കൂടുക, ദൈവാൽ ഉണ്ടാക. =**vē'ni-ent,** *a.* വന്ന് കൂടിയ; ദൈവാൽ ഉണ്ടായ; പിന്നെ—, അനന്തര സംഭവമായ. =**ven'tiŏn,** *n.* വന്ന് കൂടൽ, സംഭവം, അട്ടക്ഷം, ദൈവം.

**Sū-pĕr-vīse',** *v. t.* മേൽവിചാരം ചെയ്യുക, നോക്കിനടത്തുക. =**vī'sal,** =**vi'siŏn** (-vizh'un), *n.* മേൽനോട്ടം, മേൽവിചാരം, മേലന്വേഷണം; മേലായ്മ. =**vī'sive,** =**vī'sŏr-y,** *a.* മേൽവിചാരം സംബന്ധിച്ച; മേലന്വേഷണം ആയ, മേലായ്മ—. =**vī'sŏr,** *n.* മേനോക്കി, മേലന്വേഷണക്കാരൻ, മേൽവിചാരകൻ, അദ്ധ്യക്ഷൻ.

I. **Sū-pīne',** *a.* മലൎന്ന, മലൎന്ന് കിടക്കുന്ന, ഊൎദ്ധ്വമുഖമായ; 2. ചരിഞ്ഞ, ചരിവായ, ചാഞ്ഞ് കിടക്കുന്ന; 3. വെയിൽ തട്ടുന്ന; 4. ഉപേക്ഷയുള്ള, നിൎവ്വിചാരി ആയ, ഉത്താനബുദ്ധി—, ഉദാസീനത ഉള്ള, ശ്രദ്ധകെട്ട, അജാഗ്രതയുള്ള. =**nā'tiŏn,** *n.* കൈ മലൎത്തൽ (*phys.*); മലൎന്ന കൈ (*phys.*); മലൎന്ന് കിടക്കൽ (*phys.*). =**nā'tŏr,** *n.* മലപ്പേശി (*an.*). **-ly,** *ad.* മലൎന്ന്; ഉപേക്ഷയായി. **-ness,** *n.* മലച്ച; ജാഡ്യം, ഉദാസീനത, ആലസ്യം.

II. **Sū'pīne,** *n.* ക്രിയാനാമം (*gr.*).

**Sup'pĕr,** *etc.*, *s. u.* **Sup.**

**Sup-plāce',** *v. t.* മാററിവെക്കുക, പകരം—.

**Sup-plant',** *v. t.* മറിച്ചിടുക; 2. വഴിക്കുഴികഴിക്കുക; 3. സ്ഥാനഭ്രഷ്ട് വരുത്തുക, ഓടിക്കുക; 4. (ഉള്ളത്) നീക്കി പകരം വരിക. **-ā'tiŏn,** *n.* മാററിവെക്കൽ, നീക്കം. **-ĕr,** *n.* വഴിക്കുണ്ട് കഴിക്കുന്നവൻ, തോല്പിച്ച് കൈവശപ്പെടുത്തുന്നവൻ, (ഉള്ളവനെ) നീക്കിച്ച് പകരം വന്നവൻ.

**Sup'ple,** *n.* വളയുന്ന, പതം ഉള്ള, മാൎദ്ദവം—; 2. ഒതുക്കം—, വഴങ്ങുന്ന; വിട്ട് കൊടുക്കുന്ന, ശാഠ്യമില്ലാത്ത; 3. മെരുക്കമുള്ള; 4. മഴക്ക് തക്കവണ്ണം കടപിടിക്കുന്ന, ചാപല്യമുള്ള; പൂജിക്കുന്ന, മുഖസ്തുതി പറയുന്ന, വളത്തിപ്പറയുന്ന. **s.-chapped** (-chapt) ഇഷ്ടം നോക്കിപ്പറയുന്ന, മാലോ(ക)രമ്മായി ആയ. **s.-jack** ഒര് തടിച്ച വള്ളി (*b.*); വള്ളിവടി. *v. t.* പതംവരുത്തുക, മയം—; 2. വളക്കുക; 3. വഴങ്ങുമാ

റാക്കുക, കീഴ്പ്പെടുത്തുക, ഒതുക്കുക, അനുസരിപ്പിക്കുക. *v. i.* പതംഞ്ഞുക, മയംവരിക; 2. വളയുക. -ly, *ad.* പതമായി; മെഴുക്പോലെ; സൌമ്യതയോടെ. -ness, *n.* മയം, മൃദുത്വം, മാൎദ്ദവം; ചാപല്യം.

**Sup′ple-ment**, *n.* (*from* Supply) തുടൎച്ച, ചേൎപ്പ്, പൂരണം, പരിപൂരണം; 2. പരിശിഷ്ടം, അവശിഷ്ടം, അനുബന്ധം, ശേഷം, ഉത്തരഖണ്ഡം; 3. ഉപപത്രം; 4. ശേഷപൂരണം, പരിശിഷ്ടം (*math.*). *v. t.* കൂട്ടിച്ചേൎക്കുക; 2. പൂൎത്തിയാക്കുക; 3. പൂരണം ചേൎക്കുക; 4. പരിശിഷ്ടം—, അനുബന്ധം—. =ment′al, =ment′ar-y, *a.* കൂട്ടിച്ചേൎത്ത; തുടൎച്ച ആയ; പരിശിഷ്ടം—, അനുബന്ധം—; ഉപപത്രം—. s.l air (ശ്വാസകോശത്തിലെ) ശേഷവായു (*phys.*). s.l bill തുടരന്യായഹരജി. =tā′tiŏn, *n.* ന്യൂനപൂരണംചെയ്യൽ, പൂൎത്തിയാക്കൽ. sup′ple-tive, sup′ple-tŏr-y, *a.* കറവ്തീൎക്കുന്ന, നികപ്പായ, നികത്തുന്ന, പൂരണം ആയ, അനുബന്ധം—. sup′ple-tŏr-y, *n.* നികപ്പ്, നിവൃത്തി, പൂരണം.

**Sup′ple-ness**, *n.*, *s. u.* Supple.

**Sup′ple-tive, Sup′ple-tŏr-y**, *s. u.* Supplement.

**Sup-plī′al**, *n.*, *s. u.* Supply.

I. **Sup-plī′ance**, *n.*, *s. u.* Supply.

II. **Sup′pli-ance**, *n.*, *s. u.* Suppliant.

**Sup′pli-ant**, *a.* കെഞ്ചുന്ന, യാചിക്കുന്ന, താണ്‌വീണപേക്ഷിക്കുന്ന; 2. അപേക്ഷആയ. *n.* കെഞ്ചുന്നവൻ, അപേക്ഷകൻ, അപേക്ഷക്കാരൻ, ഹരജിക്കാരൻ. =ance, *n.* അപേക്ഷ, യാചന, പ്രാൎത്ഥന. -ly, *ad.* കെഞ്ചലോടെ, അപേക്ഷയോടെ. -ness, *n.* അപേക്ഷാഭാവം; വിനയം; യാചന.

**Sup′pli-cāte**, *v. t.* അപേക്ഷിക്കുക, അൎത്ഥിക്കുക, യാചിക്കുക, കെഞ്ചുക; 2. പ്രാൎത്ഥിക്കുക. *v. i.* കെഞ്ചുക. =can-cy, =cā′tiŏn, *n.* പ്രാൎത്ഥന, വിജ്ഞാപനം, യാചന, അപേക്ഷ. =cant, *a.* അപേക്ഷആയ, പ്രാൎത്ഥന—. =cant, =cā-tŏr, *n.* അപേക്ഷകൻ, അൎത്ഥി, പ്രാൎത്ഥകൻ. =cant-ly, *ad.* യാചനയായി. =cat, *n.* സൎവ്വകലാശാലഹരജി. =cā-ting-ly, *ad.* അപേക്ഷയായി; പ്രാൎത്ഥനയോടെ. =cā-tŏr-y, *a.* പ്രാൎത്ഥന ആയ; താഴ്മയുള്ള; ശ്രദ്ധാപൂൎവ്വകമായ.

**Sup-plȳ′**, *v. t.* (with) നിറക്കുക, കറവ്തീൎക്കുക, നികത്തുക; 2. സംഭരിക്കുക, ശേഖരിക്കുക, കോപ്പ്കൂട്ടുക; 3. കൊടുക്കുക, ഉണ്ടാക്കിക്കൊടുക്കുക, ഒരുക്കിക്കൊടുക്കുക, എത്തിച്ച്കൊടുക്കുക; 4. പകരമായിരിക്കുക, 'ബദലാ'യിരിക്കുക, പ്രതിയായിരിക്കുക; 5. സഹായിക്കുക; 6. ആവശ്യം തീൎക്കുക, ബുദ്ധിമുട്ട്—. sup-plȳ′, =plī′al, *n.* കൊടുക്കൽ, എത്തിച്ച്കൊടുക്കൽ; 2. കോപ്പ്, സാഹിത്യം, സംഭാരം, സാമഗ്രി, ആവശ്യപ്പെട്ട സാധനങ്ങൾ; 3. സഹായസൈന്യം, 'കമ്മക്ക്', പിൻബലം (*mil.*); 4. *pl.* ആയുധക്കോപ്പ്, ഭക്ഷണക്കോപ്പ് (*mil.*); 5. *pl.* രാജ്യഭരണച്ചെലവ്; മുതല്, പണം, ദ്രവ്യം; 6. 'ബദല്' കാരൻ, മുട്ട്ശാന്തി; പ്രതിബോധകൻ. stated s.y സ്ഥിരപ്രസംഗി (*U. S.*). s.y and demand ഇരിപ്പും അഴിച്ചലും, ചരക്കും ആവശ്യക്കാരും; പണിയും പണിക്കാരും. *a.* ഉള്ള, കിട്ടുന്ന, എത്തിക്കുന്ന. =plī′ance, *n.* കോപ്പ്, സാഹിത്യം; ഉതവി, സഹായം; തൃപ്തി, സന്തുഷ്ടി.

**Sup-pōrt′**, *v. t.* വഹിക്കുക, താങ്ങുക; 2. ഊന്ന്കൊടുക്കുക, മുട്ട്—; 3. സഹിക്കുക, പൊറുക്കുക; 4. തുണക്കുക, സഹായിക്കുക; 5. ധൈൎയ്യപ്പെടുത്തുക; 6. അഭിനയിക്കുക, വേഷംകെട്ടുക; 7. പോററുക, ചെലവിന്ന്കൊടുക്കുക, രക്ഷിക്കുക; 8. നടത്തുക, നിലനിൎത്തിപ്പോരുക; 9. സ്ഥാപിക്കുക, ഉറപ്പിക്കുക; 10. സംരക്ഷിക്കുക; 11. നിൎവ്വഹിക്കുക; 12. അനുകൂലിക്കുക, അനുകൂലമായി പ്രവൃത്തിക്കുക; 13. തുണനില്ക്കുക. *n.* താങ്ങൽ, സഹായിക്കൽ; 2. ഊന്ന്, താങ്ങ്, തൂണ്, മുട്ട്; 3. തുണ, സഹായം, ഉതവി; 4. പിൻബലം (*mil.*). points of s. താങ്ങകലം (*arch.*). right of s. (ഒര്‌വീട്ടിന്റെ മേല്പുര അന്യന്റെ ചുമരിന്മേൽ തൊടുത്ത്‌വെപ്പാനുള്ള) ചാരവകാശം (*l.*). -a-ble, *a.* താങ്ങുവാൻതക്ക; രക്ഷണീയം ആയ; സഹ

നീയം—. -a-ble-ness, *n.* സഹായിക്കത്തക്ക നില; സഹനീയത്വം. -a-bly, *ad.* താങ്ങത്തക്കതായി; സഹനീയമായി. -ĕr, *n.* താങ്ങുന്നവൻ, സംധാരകൻ, ആധാരം; സഹായി, അനുകൂലി, പക്ഷക്കാരൻ, കക്ഷി; (കലചിഹ്നത്തിലെ) ഇടവലരൂപങ്ങൾ (*her.*); കച്ച, പട്ട (*med.*). -less, *a.* നിരാധാരം ആയ; നിസ്സഹായി—, തുണയില്ലാത്ത. -ress, *n.* സഹായക്കാരത്തി.

Sup-pōṣe', *v. t.* സങ്കല്പിക്കുക, എന്ന് വെക്കുക, എന്നിരിക്കുക; 2. ഊഹിക്കുക, നിനക്കുക, നിരൂപിക്കുക, ഭാവിക്കുക; വിചാരിക്കുക; 3. തോന്നുക; 4. അനുമാനിക്കുക, അനുമിക്കുക. *v. i.* ആലോചിക്കുക, വിചാരിക്കുക, അഭിപ്രായപ്പെടുക. =pō'ṣa-ble, *a.* ഊഹ്യമായ; ഭാവിക്കത്തക്ക. =pō'ṣa-ble-ness, *n.* ഊഹ്യത. =pō'ṣa-bly, *ad.* ഊഹിക്കത്തക്കതായി. =pō'ṣal, *n.* സങ്കല്പനം; സങ്കല്പം, ഊഹം, തോന്നല്, അഭിപ്രായം. =pō'ṣĕr, *n.* ഊഹിക്കുന്നവൻ, ഊഹക്കാരൻ, വിചാരിക്കുന്നവൻ. =ṣi'tiŏn (-zĭsh'un), *n.* ഊഹിക്കൽ, ഭാവിക്കൽ; സങ്കല്പനം; സങ്കല്പം, ഊഹം, അനുമാനം, വിചാരം, അഭിപ്രായം; ഭാവന; സംശയം, ശങ്ക. =ṣi'tiŏn-al, *a.* ഊഹം ആയ, ഊഹാപോഹം—, സങ്കല്പം—, സന്നിശ്ധം—. =poṣ-i-ti'tiŏus (-tish'us), *a.* കളവായ, കള്ള, കൃത്രിമം ആയ, കള്ളത്ത്രാ(ന്ത്രാ)ണം—; സങ്കല്പം—, ഊഹം—. =poṣ-i-ti'tiŏus-ly, *ad.* കളവായി, മാറാട്ടമായി (*S.*). =poṣ-i-ti'tiŏus-ness, *n.* വ്യാജം, കൃത്രിമം, കള്ളത്ത്രാ(ന്ത്രാ)ണം. =poṣ'i-tive, *a.* ഊഹം ആയ, അനുമാനം—. *n.* പക്ഷാർത്ഥവാചി, സംശയവാചി (*gr.*). =poṣ'-i-tive-ly, *ad.* ഊഹമായി, സങ്കല്പമായി. =poṣ'i-tŏr, *n.* വസ്തി, വസ്തിക്കുഴല്, 'പിസ്കാരി' (*med.*). =poṣ'i-tŏr-y, *n.* വസ്തിയൌഷധം.

Sup-press', *v. i.* കീഴമർത്തുക, അമർത്തുക, ഒതുക്കുക, ശമിപ്പിക്കുക; 2. അടക്കുക; പിടിച്ച് വെക്കുക; 3. പറയാതിരിക്കുക, ചെയ്യാതിരിക്കുക; 4. മറച്ച് വെക്കുക, ഒളിച്ച്—, മൂടി—; 5. ഇല്ലായ്മചെയ്യുക; 6. നിർത്തുക, നിർത്തലാക്കുക. ='si-ble, *a.* അടക്കത്തക്ക, അമർത്തത്തക്ക. =pres'siŏn (-presh'un), *n.* അമർത്തൽ, ഒതുക്കൽ, നിർത്തൽ; അമർച്ച; നിഗ്രഹം; ഒളിച്ച് വെക്കൽ; ഗോപനം, ഗോപ്യത; ലോപം (*gr.*); കൃച്ഛ്രം, തടസ്ഥം (*med.*). s.n of urine മൂത്രകൃച്ഛ്രം, മൂത്രച്ചൂട് (*med.*). ='sive, *a.* അമർത്തുന്ന; ജയിക്കുന്ന; നിഗ്രഹിക്കുന്ന; ഒളിച്ച് വെക്കുന്ന. =pres'sŏr, *n.* അമർത്തുന്നവൻ; ശമിപ്പിക്കുന്നവൻ.

Sup'pū-rāte, *v. i.* ചലയിക്കുക, ചലംവെക്കുക, പഴക്കുക (*med.*). *v. t.* ചലയിപ്പിക്കുക, പഴപ്പിക്കുക (*med.*); 2. പാകംവരുത്തുക. =rant, =rā-tive, *n.* പഴപ്പിക്കുന്ന മരുന്ന്, സപൂയകൌഷധം (*med.*). =rā-ted, *a.* പഴുത്ത, ചലം വരുന്ന, —ഒഴുകുന്ന, —ഒലിക്കുന്ന (*med.*). =rā'tiŏn, *n.* ചലയിക്കൽ, പഴപ്പിക്കൽ; ചലം; പഴുപ്പ്, സപൂയകത്വം (*med.*). =rā-tive, *a.* ചലം വെപ്പിക്കുന്ന, പഴപ്പിക്കുന്ന (*med.*). s.e fever പഴുപ്പ് പനി, പൂയകജ്വരം (*med.*); രക്തവിഷം (*med.*).

Sū'pra, *ad.* & *pf.* മേൽ, മുകൾ, മേലെ; 2. മുൻ; 3. അപ്പുറമായ; 4. കടന്ന, കവിഞ്ഞ; 5. പുറമെ; കൂടാതെ.

Sū-pra-cil'i-ar-y, *a.*, *s. a.* Superciliary.

Sū-pra-cos'tal, *a.* വാരിക്ക് മേലെ ഉള്ള (*an*); 2. വാരിക്കപ്പുറം— (*an.*).

Sū-pra-crā'ni-al, *a.* മൂർദ്ധാവിലുള്ള (*an.*)

Sū-pra-lap-sā'ri-an, =lap'sar-y, *n.* രക്ഷണ്യമുൻനിർണ്ണയവാദി (*c. h.*). *a.* —വാദം ആയ. -iṣm, *n.* —വാദം (*c. h.*).

Sū-pra-lū'nar, =lū'nar-y, *a.* ചന്ദ്രന് അപ്പുറമുള്ള; 2. അത്യുന്നതമായ.

Sū-pra-max'il-la, *n.* (*pl.* Sū-pra-max'il-læ, *pr.* -lē) മേലെ അരവെല്ല് (*an.*). =lar-y, *a.* താടിയെല്ലിന്ന് മേലെയുള്ള (*an.*); അരവെല്ലിൻെറ; അരവെല്ല് സംബന്ധിച്ച (*an* ).

Sū-pra-mun'dāne, *a.* പാരലൌകികമായ, സ്വർഗ്ഗീയമായ.

Sū-pra-nat'ū-ral, *etc.*, *s. u.* Supernatural.

Sū-pra-oc-cip'i-tal, *a.* പിൻതലക്ക് മേലെയുള്ള (*an.*).

Sū-pra-or'bi-tal, =or'bi-tar, *a.* കൺകുഴിക്ക് മേലെയുള്ള (*an.*).

Sū'pra-prō-test, *n.* (വിസമ്മതസാക്ഷ്യാനന്തരം) അന്യൻ ഉണ്ടിക പിടിക്കൽ (*com.*).

Sū-pra-pū'bi-an, =pū'bic, *a.* ഗുഹ്യാസ്ഥിക്ക് മീതെയുള്ള (*an.*).

Sū-pra-rē'nal, *a.* മൂത്രപിണ്ഡങ്ങൾക്കു മീതെയുള്ള (*an.*).

Sū-pra-scap'ū-lar,=scap'ū-lar-y, *a.* കൈപ്പലകക്ക് മീതെയുള്ള (*an.*).

Sū-pra-spī'nal, *a.* നെട്ടെല്ലിന്ന് മീതെയുള്ള (*an.*).

Sū-pra-stĕr'nal, *a.* മാറെല്ലിന്ന് മേലെയുള്ള (*an.*).

Sū-pra-tem'pō-ral, *a.* ചെന്നിക്ക് മേലെയുള്ള (*an.*).

Sū-pra-vul'gar, *a.* അവസ്ഥക്കാരനായ, മുന്തിയ നിലയിലുള്ള; കുലീനനായ.

Sū-prem'a-cy, *n.*, *s. u.* Supreme.

Sū-prēme', *a.* ശ്രേഷ്ഠാധികാരം ഉള്ള, സൎവ്വാധികാരം—, സാമ്രാട്ടായ, അധിരാജനായ; 2. മുമ്പുള്ള, മുമ്പനായ; 3. അത്യന്തമായ; 4. വമ്പിച്ച, വൻ, മഹാ, പെരും; 5. അതിശ്രേഷ്ഠനായ; 6. ഏററവും, അത്യന്തം, അതി; പരമ, ശ്രേഷ്ഠ, മുഖ്യ; 7. തുഞ്ചത്തുള്ള, അഗ്രത്തിലുള്ള (*b.*). the S., the S. Being ഈശ്വരൻ, സൎവ്വേശ്വരൻ, സൎവ്വശക്തൻ, ദൈവം, പരാപരൻ, പരമാത്മാവ്. =prem'a-cy, *n.* സൎവ്വാധികാരം, ഈശിത്വം, സൎവ്വേശ്വരത്വം, ശ്രേഷ്ഠത, പ്രാധാന്യത, മാഹാത്മ്യം. oath of s.y, പാപ്പാ(വിൻെറ അ)ധികാരനിഷേധസത്യം, ഇംഗ്ലീഷ് രാജമതാധികാരസ്വീകാരസത്യം. -'ly, *ad.* മുഖ്യമായി, പ്രധാനമായി; ഏററവും, അത്യന്തം.

Sur, *pf.* മേൽ, മേലെ, മീതെ; 2. അപ്പുറം.

Su̥'ra, *n.* 'കുറാ'ൻെറ അദ്ധ്യായം, സൂറ (*M.*).

Su̥'rah, *n.* ഒര് വക മാൎദ്ദവമുള്ള പട്ടുതുണി. s. silk മാൎദ്ദവപ്പട്ട്.

Sū'ral, *a.* മീങ്കാലിൽ ഉള്ള, കാൽവണ്ണസംബന്ധിച്ച (*an.*).

Sur'bāse, *n.* പാദപീഠശൃംഗാരം (*arch.*). 2. വളറ് (*arch.*).

Sur-bed', *v. t.* കത്തനെ വെക്കുക, —നിൎത്തുക.

Sur-cēase' (-sēs'), *n.* നിൎത്ത്; 2. അവസാനം, അന്ത്യം, ഒടുവ്.

Sur-chärge', *v.t.* അധികം ഭാരം കയററുക; 2. അധികം നിറക്കുക; 3. 'ജാസ്തി' വിലയിടുക, അധികം ചെലവ് കാണിക്കുക; 4. (പൊതുമൈതാനത്തിൽ) കണക്കിലേറ കാലികളെ വിടുക (*l.*); 5. (കണക്കിൽ) വരവ് പിടിപ്പാൻ വിട്ട് പോക (*l.*). *n.* അധികഭാരം, വൻചുമട്; 2. 'ജാസ്തി'വില; അധികച്ചെലവ്; 3. (മൈതാനത്തിൽ) കണക്കിലേറ കാലിയെ വിടൽ (*l.*); 4. (കണക്കിൽ) വരവ് പിടിപ്പാൻ വിട്ട്പോകൽ (*l.*). =chär'-gĕr', *n.* അധികഭാരം കയററുന്നവൻ; 'ജാസ്തി' വിലയിടുന്നവൻ.

Sur-cin'gle, *n.* തോൽവാറ്, തുക്കവാറ്; 2. (ബോധകാങ്കിയുടെ) അരപ്പട്ട (*eccl.*). sur-cin'gled (-'gld), *a.* പട്ടയിട്ട; അരപ്പട്ട കെട്ടിയ.

Sur'cōat, *n.* മേലങ്കി.

Sur'cū-lōse, *a.* വള്ളിക്കൊടി, കൊടിനാര്, തലനാർകൊടി (*b.*).

Surd (sĕrd), *a.* വൎഗ്ഗമൂലം കാണാത്തസംഖ്യആയ, മൂലിക—, കരണി—(*math.*); 2. ഖരം—, അതിഖരം— (*gr.*). *n.* കരണി, മൂലിക, മൂലികരാശി (*math.*); 2. ഖരം, അതിഖരം (*gr.*).

Su̥re (shu̥r), *a.* നിശ്ചയമായ, നിശ്ചയമുള്ള, നിജമായ; 2. നിസ്സംശയമായ; 3. വിശ്വസിക്കത്തക്ക; 4. വിശ്വാസമുള്ള; 5. തീൎച്ച ആയ, വാക്ക് തെററാത്ത, മാറാത്ത; ഉറപ്പുള്ള, സ്ഥിരമായ; 6. ഭദ്രമായ. s.-footed കാലുറപ്പുള്ള, അടിയുറച്ച.

to be s., be s. നിശ്ചയമായി, നിശ്ചയം, സംശയമില്ലാതെ, തീൎച്ചയായി. to make s. നിശ്ചയം വരുത്തുക, ഉറപ്പ്—. *ad.* നിശ്ചയമായി, സംശയം ഇല്ലാതെ, —കൂടാതെ, ഉറപ്പായി, തീൎച്ചയായി. -'ly, *ad.* നിശ്ചയമായി, സത്യമായി, തീൎച്ചയായി; നിസ്സംശയം; ഭദ്രമായി, ഊനംകൂടാതെ, അപകടമില്ലാതെ. -'ness, *n.* നിശ്ചയം, ദൃഢത, നിൎണ്ണയം. -'ti-ship, *n.* ജാമ്യം, ഉത്തരവാദം, ഉത്തരവാദിത്വം, പ്രാതിഭാവ്യം, പ്രതിഭൂത്വം. -'ty, *n.* ഉറപ്പ്, നിശ്ചയം; ആധാരം; ജാമ്യം; ജാമ്യക്കാരൻ (*l.*); ജാമ്യാതിഥി, ഇടാള്.

Surf (sĕrf), *n.* തിരയടി, തിരമാല, അല, മുൻതിര, ഒടിച്ചുകുത്ത് (*S.*), കല്ലോലം, തരംഗം. s.-boat തിരത്തോണി, ജീവരക്ഷപ്പടക്. s.-man ജീവരക്ഷത്തോണിക്കാരൻ. -'ĕr, *n.* കടലിരണ്ട (*z.*). -'y, *a.* തിരയടിക്കുന്ന, അധികം കടലുള്ള, കടലെട്ടുക്കുന്ന.

Sur'fāce (sĕr'fās), *n.* പുറഭാഗം, മുകൾഭാഗം, പുറം, മേല്പുറം, മുഖം; 2. കാഴ്ചഭാഗം, പുറംപൊളി; 3. തലം, പൃഷ്ഠം, വിതാനം (*geom.*). s.-gauge വിതാനദൎശിനി (യന്ത്രം). s.-plate വിതാനമാപകയന്ത്രം. s.-printing മുദ്രാച്ചരാപനം, ആണിയച്ചടി. *v. t.* നിരത്തുക, നിരപ്പാക്കുക; 2. ഉഴച്ചപിടിക്കുക (*agr.*); 3. മിനുക്കുക, ചെത്തിമിനുക്കുക; 4. പൊന്നരിക്കുക. =cĕr, *n.* മിനുക്കിയന്ത്രം.

Sur'feit (sĕr'fit), *n.* പെരുന്തീററി, അതിഭക്ഷണം, അതിഭോജനം, മൂക്കററം തിന്നൽ, കുത്തിനിറക്കൽ; 2. വിങ്ങൽ; 3. മട്ടുപ്പ്, ചടപ്പ്. *v. i.* കണക്കിലേറ തിന്നുക, മൂക്കററം—; 2. തിന്ന് മട്ടുക്കുക; 3. അതിതൃപ്തി വരുത്തുക, മതിയാവോളം അനുഭവിക്കുക. *v. i.* (reflex) കുത്തിത്തീറുക, മൂക്കററംതിന്നുക; 2. മട്ടുപ്പ് വരുത്തുക; 3. വെറുപ്പ്—. -ĕr, *n.* കടലൻ, തിന്നി, തിന്നിഭ്രാന്തൻ, ശാപ്പാട്ട്രാമൻ.

Surf'ĕr, Surf'man, Surf'y, *s. u.* Surf.

Surġe (sĕrj), *n.* തിരമാല, വലിയകടല്; 2. അല്ലോലകല്ലോലത്വം, തിരയടി, കടലെട്ടുക്കൽ. s.-beaten കടലടിയുള്ള, കടലടിക്കുന്ന. *v. i.* തിരയടിക്കുക, കടലടിക്കുക. *v. t.* അഴക്കുക, അഴച്ച് വിട്ടുക, തളത്തു(ത്തു)ക. -'fụl, sur'ġy, *a.* വലിയ തിരയടിക്കുന്ന, നന്ന കടലെട്ടുക്കുന്ന, അലയുള്ള, തിരമാലയുള്ള. -'less, *a.* തിരയില്ലാത്ത; ശാന്തമായ, പതമുള്ള. sur'ġent, *a.* കടല് പൊങ്ങുന്ന; വെള്ളം വേലിയായ, ഏററം കയറുന്ന.

Sur'ġeŏn (sĕr'jun), *n.* ശസ്ത്രവൈദ്യൻ; 2. ഒരുവക മത്സ്യം, ഏരി (*z.*). s.-apothecary വൈദ്യൻ. s.-dentist ദന്തവൈദ്യൻ. s.-fish ഏരിമത്സ്യം. s.-general (സൎക്കാർ) വൈദ്യാധികാരി, —വൈദ്യാദ്ധ്യക്ഷൻ. civil s. (സൎക്കാർ) വൈദ്യൻ. -cy, *n.* ശസ്ത്രവൈദ്യസ്ഥാനം, (സൎക്കാർ) വൈദ്യസ്ഥാനം. sur'ġĕr-y, *n.* ശസ്ത്രവൈദ്യം; ശസ്ത്രവൈദ്യശാല; —ശാസ്ത്രം. sur'ġi-cal, *a.* —സംബന്ധമായ, ശസ്ത്രവൈദ്യനുള്ള; —വൈദ്യമായ; —വൈദ്യത്തിന്നുള്ള. s.l fever പഴുപ്പ്പനി, പൂയകജ്വരം (*med.*); രക്തവിഷം (*med.*). s.l instrument വൈദ്യശസ്ത്രം. s.l operation ശസ്ത്രപ്രയോഗം, കീറലും മുറിക്കലും. sur'ġi-cal-ly, *ad.* —പ്രയോഗത്താൽ; ശസ്ത്രവൈദ്യപ്രകാരം.

Sur'ġy, *a.*, *s. u.* Surge.

Sur-in-ten'dant, *n.*, *s. a.* Superintendent, *s. u.* Superintend.

Sur'li-ly, Sur'li-ness, *s. u.* Surly.

Sur'loin, *n.*, *s. a.* Sirloin.

Sur'ly (sĕr'li), *a.* ദുശ്ശീലമുള്ള, മുഷിഞ്ഞ, വെറുപ്പുള്ള, വെറുതിപിടിച്ച, മുഖം കറുത്ത, —വീൎപ്പിച്ച, കൎക്കശഭാവം ഉള്ള, രൂക്ഷത—, കടിച്ചെത്തുന്ന, വേക്രംപിടിച്ച, വേകരം—; 2. ഉഗ്രം ആയ; കഠിനം—, 3. ഇരുണ്ട; 4. കൊട്ടുകാററുള്ള, കോളുള്ള. sur'li-ly, *ad.* വെറുമുഖമായി, മുഷിച്ചലോടെ, പരുഷമായി. sur'li-ness, *n.* ദുശ്ശീലം, ദുൎമ്മുഖം, കൎക്കശഭാവം, പാരുഷ്യം.

Sur-mīṣe' (sĕr-mīz'), *n.* തോന്നൽ, വിചാരം, ഊഹം, ശങ്ക, സംശയം, അനുമാനം. *v. t.* ഊഹിക്കുക, ശങ്കിക്കുക, വിചാരിക്കുക, അനുമിക്കുക. =mī'ṣa-ble,

*a.* ഊഹിക്കത്തക്ക, ഊഹനീയമായ. =mī'ṣal, *n.* ഊഹം, ശങ്ക. =mī'ṣĕr, *n.* ഊഹിക്കുന്നവൻ. =mī'ṣiṅg, *a.* ഊഹിക്കുന്ന, വിചാരിക്കുന്ന. *n.* ഊഹനം.

**Sur-mount'** (sĕr-), *v.t.* മേലെ കയറുക, കവിഞ്ഞുയന്ന് നില്ക്കുക, കടന്നുയരുക, . . . .കാൽ ഉയരുക; 2. ജയിക്കുക, പരാഭവിക്കുക, വെല്ലുക; 3. തീക്കുക; 4. കടക്കുക, കവിയുക, അതിക്രമിക്കുക, മുന്നുക. -a-ble, *a.* ജയിപ്പാൻ കഴിയുന്ന; തീക്കാകുന്ന. -a-ble-ness, *n.* പാരഗമ്യത. -ed, *a.* (കമാൻ) അകലപ്പകതിയെക്കാൾ ഉയരമുള്ള (*arch.*). -ĕr, *n.* ജയിക്കുന്നവൻ, കടക്കുന്നവൻ.

**Sur-mul'let** (sĕr-), *n.* മാലാൻവഗ്ഗമത്സ്യം (*z.*); 2. തിരുതമത്സ്യം (*z.*).

**Sur'mū-lot** (sĕr-), *n.* ഒരുവക എലി, തവിട്ടെലി (*z.*).

**Sur'nāme** (sĕr'nām), *n.* വീട്ട്പേര്, തറവാട്ട്പേര്, വംശപ്പേര്, കുടുംബപ്പേര്; 2. അച്ഛൻപേര്; 3. മറുപേര്, ഉപനാമം. sur-nāme', *v.t.* വീട്ട്പേര് കൂട്ടിവിളിക്കുക; 2. തറവാട്ട്പേരിടുക; 3. മറുപേരിടുക. =nom'i-nal, *a.* തറവാട്ട്പേരായ, വീട്ട്പേര് സംബന്ധിച്ച.

**Sur-pass'** (sĕr-pas'), *v. t.* കടക്കുക, കവിയുക, മുന്നുക; 2. അതിക്രമിക്കുക, 3. അധികം ആക; 4. വഴിയിലാക്കുക; മുൻപിടുക. -'sa-ble, *a.* മുന്താകുന്ന, അധികരിക്കാകുന്ന; അധികരണീയമായ. ='siṅg, *a.* മുന്തിനില്ക്കുന്ന; അതിവിശിഷ്ടമായ. ='siṅg-ly, *ad.* കവിച്ചലായ, അതിശ്രേഷ്ഠം ആയി, അതിശയം—. ='siṅg-ness, *n.* ആധിക്യം; മുമ്പ്, മുന്തല്, ശ്രേഷ്ഠത.

**Sur'plice** (sĕr'plis), *n.* ബോധക(വെള്ളമേലങ്കി, വെള്ളനിലയങ്കി (*eccl.*). s. fees സഭാകമ്മപ്രതിഫലം, പള്ളികമ്മ— (*eccl.*). ='pliced (-'plist), *a.* വെള്ളയങ്കി ഉടുത്ത, വെള്ളനിലയങ്കി ധരിച്ച.

**Sur'plus** (sĕr-), *n.* ശേഷിപ്പ്, ബാക്കി, 'ജാസ്തി', ശിഷ്ടം, മിച്ചം; 2. (ചെലവ് കഴിച്ചുള്ള) ഇരിപ്പ് മുതല്, കെട്ടിയിരിപ്പ്. *a.* ശേഷിപ്പായ, ബാക്കി ഉള്ള, വേണ്ടുന്നതിലധികം—, 'ജാസ്തി'—. -aġe, *n.* ബാക്കി, മിച്ചം, 'ജാസ്തി'; അനാവശ്യവാദം, അസംബന്ധ— (*l.*).

**Sur-prīṣe'** (sĕr-prīze'), *n.* നിനയാതെയുള്ള വരവ്, മുന്നറിവ് കൊടുക്കാതെയുള്ള—; 2. യദൃച്ഛയാ ഉള്ള സംഭവം, യാദൃച്ഛികം, ആകസ്മികം; 3. ആശ്ചയ്യം, വിസ്മയം; 4. വിസ്മയകരസംഭവം; 5. ഭ്രമം. s.-party ചമല്ക്കാരമിത്രയോഗം (*U. S.*). *v. t.* നിനയാതെ വരിക, പൊടുന്നനവെ—; 2. പെട്ടന്ന് പിടിക്കുക; 3. ആശ്ചയ്യം ജനിപ്പിക്കുക, വിസ്മയം—, അത്ഭുതം തോന്നിക്കുക; 4. ഭ്രമിപ്പിക്കുക; 5. (into) യദൃച്ഛയാ ചെയ്യിക്കുക, (നിനയാതപുറം) അകപ്പെടുത്തുക. =prī'ṣal, *n.* പൊടുന്നനവെയുള്ള വരവ്; ആശ്ചയ്യം, അത്ഭുതം; ഭ്രമം. =prī'ṣĕr, *n.* പെട്ടന്ന് വരുന്നവൻ; വിസ്മയം ജനിപ്പിക്കുന്നവൻ; ഭ്രമിപ്പിക്കുന്നവൻ. =prī'ṣiṅg, *a.* വിസ്മയകരം ആയ, അത്ഭുതം—, അസാധാരണം—; അനന്യം—. =prī'ṣiṅg-ly, *ad.* അത്ഭുതകരമായി. =prī'ṣiṅg-ness, *n.* അത്ഭുതം, വിസ്മയകരത്വം, വൈചിത്ര്യം.

**Sur-ren'dĕr**, *v. t.* വിട്ട്കൊടുക്കുക, ഏല്പിച്ച്—; 2. ഒഴിയുക; 3. (*reflexively*) വശം ആക, അധീനം—, വിധേയൻ—; 4. ഒഴിഞ്ഞ്കൊടുക്കുക, ഒഴിമുറിവെക്കുക (*l.*); 5. പിടിച്ച്കൊടുക്കുക, ഹാജരാക്കി—. *v. i.* ശരണം വീഴുക, അഭയം ചൊല്ലുക. *n.* ഏല്പിച്ച്കൊടുക്കൽ, സമപ്പണം; 2. ഒഴിഞ്ഞ്കൊടുക്കൽ (*l.*); 3. ഹാജരാക്കി കൊടുക്കൽ (*l.*); 4. പിടിച്ച്കൊടുക്കൽ (*l.*). s.-deed ഒഴിമുറി (*l.*). -ēe', *n.* ഒഴിഞ്ഞ്കിട്ടിയവൻ, ഒഴിമുറി വാങ്ങിയവൻ (*l.*). -ĕr, *n.* ഏല്പിച്ച്കൊടുക്കുന്നവൻ; ശരണം പ്രാപിച്ചവൻ. -ŏr, *n.* ഒഴിഞ്ഞ്കൊടുക്കുന്നവൻ, ഒഴിമുറി വെക്കുന്നവൻ (*l.*).

**Sur-rep-ti'tiŏus** (-tish'us), *a.* കളവ് ആയ, കപടം—, കൃത്രിമം—, ഗൂഢം—, ചതി—, വഞ്ചന—; കള്ള. =rep'tiŏn, *n.* കള്ളത്താണം ചെയ്യൽ, കള്ളത്താണം, കൃത്രിമം; കാണാതെയുള്ള വരവ്, ഒളിച്ച്വരൽ. -ly, *ad.* കളവായി, കൃത്രിമമായി, ഉപായേന.

**Sur'rey** (sur'ri), *n.* (നാല്വരുൾ) ഉല്ലാസവണ്ടി.

**Sur'rō-gāte,** *n.* നിയുക്തൻ, കാര്യസ്ഥൻ, പ്രതിനിധി, പകരക്കാരൻ, 'ബദലാൾ'; 2. അദ്ധ്യക്ഷപ്രതിനിധി; 3. വിവാഹാനുവാദപത്രദായകൻ; 4. പിന്തുടർച്ച(വ്യവഹാര)നീതിയധിപതി (*U. S.*). *v. t.* പകരം വെക്കുക, —ആക്കുക, 'ബദല്' വെക്കുക. **-ship,** *n.* പ്രതിനിധിസ്ഥാനം. =**gā'tiŏn,** *n.* പ്രതിനിധിയാക്കൽ; പകരം വെക്കൽ.

**Sur-round',** *v. t.* ചുററുക, വളക്കുക, വളച്ചിടുക; 2. ചുററും ഉണ്ടാക, ചുററിയിരിക്കുക; 3. വളഞ്ഞിടുക, നിരോധിക്കുക (*mil.*). *n.* കാട്ടിവേട്ട (*U. S.*). **-ing,** *a.* ചുററും ഉള്ള, ചുററിയിരിക്കുന്ന, ചൂഴവും ഉള്ള, ചൂഴന്ന. *n.* വളയൽ, ചുററൽ; *pl.* ചുററ്പാട്, അയൽവക്കം; സംബന്ധം, സംഗതി, അവസ്ഥ.

**Sur-sol'id,** *n.* പഞ്ചഘാതം (*math.*).

**Sur-stȳle',** *v. t.* മറുപേരിടുക.

**Sur'tax,** *n.* കൂട്ട്നികുതി, പുറ—, പ്രത്യേക—. **sur-tax',** *v. t.* പ്രത്യേകനികുതി ചുമത്തുക.

**Sur-töut'** (sĕr-tu̱'), *n.* മേലങ്കി, പുറങ്കുപ്പായം.

**Sur-vei̱l'lance** (-vāl'yans *or* -vā'-lans), *n.* നോട്ടം, മേൽനോട്ടം, —വിചാരണ; 2. പരിശോധന; 3. കാവല്, 'ബന്ത്', 'ബന്തോവസ്ത്'. **under s.** കാവലിൽ, ബന്തിൽ. =**vei̱l'lant,** *n.* കാവല്ക്കാരൻ; മേനോക്കി, മേൽവിചാരക്കാരൻ; ഒററുകാരൻ, ചാരൻ. *a.* നോക്കുന്ന, മേൽവിചാരം ചെയ്യുന്ന; കാക്കുന്ന; കാവലുള്ള.

**Sur-ve̱y'** (sĕr-vā'), *v. t.* നോക്കുക, (ഉയരത്തിൽനിന്ന്) ചുററും നോക്കുക, ദശിക്കുക; 2. സൂക്ഷിച്ച് നോക്കുക, പരിശോധിക്കുക; 3. കണ്ട്കെട്ടുക; 4. ഭൂമി അളക്കുക, കണ്ടെഴുതുക (*S.*), 'പൈമാശി' ചെയ്യുക, 'സര്വ്വേ(രി)' ചെയ്യുക; 5. പാട്ടം കെട്ടുക; നികുതി—. **sur've̱y,** =**ve̱y'al** (-vā'al), *n.* നോട്ടം, ദൃഷ്ടി, കാഴ്ച; 2. അന്വേഷണം, പരിശോധന; 3. ഭൂമി അളക്കൽ, 'പൈമാശി', കണ്ടെഴുത്ത്, 'സര്വ്വേ(രി)'; 4. ഭൂസ്ഥിതിപടം, പടം, 'പ്ലാൻ'. **trigonometrical s.** ത്രികോണഭൂമിയളവ്. =**ve̱y'ance,** *n.* നോട്ടം, പരിശോധന. =**ve̱y'ing,** *n.* ഭൂമിയളവ് വിദ്യ, ക്ഷേത്രമാപന—; ഭൂപടം വരക്കൽ, ഭൂമിയളന്ന് പടം—. **geodetic s.g** ഭൂരൂപവിദ്യ. **maritime s.g, nautical s.g** സമുദ്രമാപന—. **plane s.g** ഭൂ(മി)മാപന—, ക്ഷേത്രമാപന—. **topographical s.g** ഭൂസ്ഥിതിമാപന—, ക്ഷേത്രരൂപലേഖന—. =**ve̱y'ŏr,** *n.* മേനോക്കി, മേൽവിചാരകൻ; പരിശോധകൻ; കണ്ട്കെട്ടുന്നവൻ; ഭൂമിയളക്കുന്നവൻ, കണ്ടെഴുതുന്നവൻ; ക്ഷേത്രമാപകൻ; (ചുങ്കത്ത്) ചരക്ക്പരിശോധകൻ. =**ve̱y'ŏr-ship,** *n.* മേൽവിചാരകത്വം; കണ്ടെഴുത്തുദ്യോഗം.

**Sur-vīve'** (sĕr-vīv'), *v. t.* (സഹജീവികളെക്കാൾ) അധികം ജീവിച്ചിരിക്കുക, അധികം ജീവിക്കുക, . . . .ന്റെ ശേഷം ജീവനോടിരിക്കുക, ശേഷിച്ചിരിക്കുക. *v. i.* ശേഷിക്കുക, (മററുള്ളവരുടെ മരണാനന്തരം) ജീവിച്ചിരിക്കുക; 2. തെററിപ്പിഴക്കുക, തെററിരക്ഷപ്പെടുക. =**vī'val,** *n.* ശേഷിച്ചിരിക്കൽ, അധികം ജീവിച്ചിരിക്കൽ; പുരാതന നടവടി, —വഴക്കം, —മര്യാദ; —വിശ്വാസം. **s.l of the fittest** ഉത്തമാവശേഷധർമ്മം (*biol.*). =**vī'vance,** =**vī'van-cy,** =**vī'ven-cy,** =**vī'vŏr-ship,** *n.* ജീവനോടെ ശേഷിച്ചിരിക്കൽ; (കൂട്ട്കടിയാന്മാരിൽ) ശേഷിച്ചവനുള്ള പൂർണ്ണാവകാശം (*l.*). **chance of s.p** ജീവകാലയോഗക്കണക്ക്. =**vī'vĕr,** =**vī'vŏr,** *n.* ജീവനോടെ ശേഷിച്ചിരിക്കുന്നവൻ, ശേഷിച്ചവൻ. =**vī'ving,** *a.* ജീവനോടെ ശേഷിച്ചിരിക്കുന്ന, ജീവനോട്കൂടെയുള്ള, ജീവിച്ചിരിക്കുന്ന.

**Sus-cep'ti-ble,** =**cep'tive,** *a.* കൂട്ടാകുന്ന, ചേക്കാകുന്ന; 2. വരാകുന്ന, ഉണ്ടാകാവുന്ന; 3. ഇട ഉള്ള, തരം—, സംഗതി—, ആസ്പദം—; 4. പററുന്ന, തട്ടുന്ന, ഏശുന്ന, ഏല്ക്കുന്ന, കൊള്ളുന്ന, പിടിക്കുന്ന; 5. തക്ക, യുക്തം ആയ, യോഗ്യം—, ഉചിതം—; 6. ഗ്രഹണശക്തി ഉള്ള; 7. ലഘുവികാരം—;

8. പതം—, മയം—, മാൎദ്ദവമായ. =cep-ti-bil'i-ty, =cep'ti-ble-ness, =cep'tive-ness, =tiv'i-ty, *n.* യോഗ്യത; ഗ്രഹണ ശക്തി, സ്വീകാരഗുണം; പിടിത്തം, ഏശുന്നഗുണം, പററ്; ഇട, തരം, അനുക്രലം, ആസ്സദം; ഗാഢത; ആൎദ്രത, വേഗത, ഉരുക്കം; ഇളക്കം, ലാഘവത്വം, ചാപല്യം; ഇളിച്ചല്; ഉളുപ്പ്; ഉണച്ച, ഞെട്ടല്; തൊട്ടാൽവാടിഗുണം. =cep'ti-bly, *ad.* ഇടയുള്ളതായി, തരമുള്ളതായി; തക്കതായി; മനശ്ചാപല്യത്തോടെ. =cep'-tiŏn, *n.* ഗ്രഹണം, സ്വീകരണം, അംഗീകരണം. =cep'tŏr, *n.* ഭരമേല്ക്കുന്നവൻ, സ്വീകരിക്കുന്നവൻ; രക്ഷിതാവ്, രക്ഷാകൎത്താവ്; തലതൊട്ടപ്പൻ, സ്നാനപിതാവ്, ജ്ഞാന— (*Chr.*), 'കമ്പാതിരി', (*R. C.*). =cip'i-en-cy, *n.* അംഗീകരണം. =cip'i-ent, *a.* കൈക്കൊള്ളുന്ന, സ്വീകരിക്കുന്ന. *n.* വാങ്ങുന്നവൻ, ചേക്കുന്നവൻ, പ്രാപകൻ.

Sus-ci-tā'tiŏn, *n.* ഉണൎത്തൽ, ഉത്സാഹിപ്പിക്കൽ, കിളൎത്തൽ, പ്രേരേപിക്കൽ, കുത്തിപ്പൊന്തിക്കൽ; 2. പ്രോത്സാഹനം.

Sus'lik, Sous'lik, *n.* സഞ്ചിയണ്ണാൻ, സഞ്ചിയണ്ണാക്കൊട്ടൻ (*z.*).

Sus-pect', *v. t.* ശങ്കതോന്നുക, ശങ്കിക്കുക; 2. തോന്നുക; 3. സംശയിക്കുക; ഊഹിക്കുക; 4. വിശ്വസിക്കാതെയിരിക്കുക. *v. i.* സംശയിക്കുക, . . . മേൽ സംശയം തോന്നുക, —പറയുക; 2. ശങ്കിക്കുക. *n.* (കുററക്കാരനെന്ന്) സംശയിക്കപ്പെട്ടവൻ, സംശയമുള്ളവൻ. -a-ble, *a.* സംശയിക്കാവുന്ന. -ed, *a.* ശങ്കയുള്ള, സംശയമുള്ള; സംശയിക്കപ്പെട്ട. -ed-ly, *ad.* സംശയിച്ച്. -ed-ness, *n.* സംശയിക്കപ്പെട്ടസ്ഥിതി, സംശയം. -ĕr, *n.* സംശയിക്കുന്നവൻ, ശങ്കിക്കുന്നവൻ. -fụl, *a.* സംശയിക്കുന്ന, ശങ്കിക്കുന്ന; വിശ്വസിക്കാത്ത. -fụl-ness, *n.* ശങ്ക, സംശയം. -less, *a.* സംശയിക്കാത്ത; സംശയിക്കപ്പെടാത്ത (*see* Suspicious).

Sus-pend', *v. t.* തൂക്കിനിൎത്തുക, തൂക്കുക, കൊളുത്തുക, ഞാത്തുക, ഞാത്തുക; 2. ആശ്രയിച്ചിരിക്കുക; 3. (ഒര് കാലത്തേക്ക്) ഉപേക്ഷിക്കുക; നിൎത്തിവെക്കുക; തടസ്ഥപ്പെടുത്തുക; 4. തീൎച്ചപ്പെടുത്താതിരിക്കുക, സംശയസ്ഥാനത്ത് വെക്കുക; ചഞ്ചലപ്പെടുക; 5. (ഒര് സമയത്തേക്ക്) നീക്കുക, 'സസ്പെണ്ട്' ചെയ്യുക; 6. (തല്ക്കാലത്തേക്ക്) ദുൎബ്ബലപ്പെടുത്തുക; 7. ദ്രാവകത്തിൽ കലക്കുക (*ch.*). to s. payment ലിവാളി എടുക്കുക, (കടം നിമിത്തം) കച്ചവടം നിൎത്തുക, പൊളിഞ്ഞ് പോക, നിൎദ്ധനനായ്ത്തീരുക (*com.*). *v. i.* ഒന്നും ചെയ്യാതിരിക്കുക, പ്രവൃത്തി നിൎത്തുക; 2. കടം വീട്ടുവാൻ മുതലില്ലാതിരിക്കുക, ലിവാളി ആക. -ĕr, *n.* തൂക്കുന്നവൻ, തൂക്കുന്നത്; (കാലുറ ദേഹത്തിൽ നിൎത്തുവാനുള്ള) ചുമൽപ്പട്ട. sus-pen-sā'tiŏn, *n.* തല്ക്കാലത്തേക്ക് നീക്കൽ, നീക്കിവെക്കൽ; തല്ക്കാലനീക്കം. =pense', *n.* തൂങ്ങിനില്ക്കുന്ന സ്ഥിതി; അനിശ്ചയം, ചഞ്ചലം, അസ്ഥിരത, സംശയം; തല്ക്കാലനിൎത്ത്; നിൎത്തിവെക്കൽ; തല്ക്കാല അവകാശനഷ്ടം. s.e account തല്ക്കാലക്കണക്ക്, കുറിപ്പ്. =pen-si-bil'i-ty, *n.* വിലംബനീയത്വം. =pen'si-ble, *a.* തൂക്കാവുന്ന, ഞാത്താവുന്ന, പൊക്കിനിൎത്താവുന്ന, പൊന്തിച്ച്—. =pen'siŏn, *n.* തൂക്കിനിൎത്തൽ; തൂങ്ങല്; നിൎത്തല്, നിൎത്ത്; തല്ക്കാലം നിൎത്തിവെക്കൽ; —ദുൎബ്ബലപ്പെടുത്തൽ; കച്ചവടം നിൎത്തൽ, ലിവാളിയെടുക്കൽ; (ശിക്ഷ) നിൎത്തിവെക്കൽ; തല്ക്കാലനീക്കം; താമസം, തടസ്ഥം; കലക്കല് (*ch.*); കലങ്ങിയ സാധനം (*ch.*); വേവലാതി, സംശയം; സ്വരം നീട്ടൽ, സ്വരദൈൎഘ്യം (*mus.*). s.n-bridge തൂങ്ങുന്നപാലം, തൂക്കുപ്പാലം, ഞാത്തുപ്പാലം. s.n-scale ഞേലത്തുലാത്തട്ട്. pleas in s.n വ്യവഹാരം നിൎത്തിവെപ്പാനുള്ള അപേക്ഷ (*l.*). points of s.n തുലാനാക്ക്. s.n of arms (പോൎക്കളത്തിൽവെച്ച് അല്പസമയത്തേക്കുള്ള) യുദ്ധനിവൃത്തി. =pen'sive, *a.* നിൎത്തിവെക്കുന്ന; സംശയസ്ഥാനത്തിലാക്കുന്ന; താമസംവരുത്തുന്ന; അനിശ്ചയമായ, സംശയകരമായ. =pen'sŏr, =pen'sŏr-y, *n.* താങ്ങ്; പട്ട; കൌപീനം. =pen'sŏr-y, *a.* തൂങ്ങുന്ന, ഞേലുന്ന; ആശ്രയിച്ചിരിക്കുന്ന; തൂക്കിനിൎത്തുന്ന.

**Sus-pi'ciŏus** (-pish'us), *a.* (*see* Suspect) സംശയിക്കുന്ന, ശങ്കയുള്ള; 2. ഊഹിക്കുന്ന; 3. സംശയസൂചകമായ; സംശയിക്കത്തക്ക, സംശയകരമായ, സംശയം തോന്നിക്കുന്ന; 4. വിശ്വാസമില്ലാത്ത; 5. ഭയം ഉള്ള. =**pi'ciŏn** (-pish'un), *n.* സംശയിക്കൽ; സംശയം, തോന്നല്, ഊഹം, ശങ്ക; അല്പം, ലേശം, ഇത്തിരി. **-ly**, *ad.* സംശയത്തോടെ, ശങ്കയോടെ. **-ness**, *a.* സന്നിശ്ചിതത്വം, സന്ദേഹം.

**Sus-pīre'**, *v. i.* നെടുവീർപ്പിടുക, ദീർഘശ്വാസം കഴിക്കുക; 2. ശ്വാസം—. =**pī'-ral**, *n.* ശ്വാസം കഴിപ്പാനുള്ള ദ്വാരം; വിള്ളല്; (മണ്ണിന്നടിയിലുള്ള) നീർച്ചാല്. =**pi-rā'tiŏn**, *n.* നെടുവീർപ്പിടൽ; ദീർഘശ്വാസം, നെടുവീർപ്പ്; ഞരക്കം.

**Sus-tāin'**, **Sus'ten-tāte**, *v. t.* താങ്ങുക, താങ്ങിനിർത്തുക; ഊന്ന് കൊടുക്കുക, മുട്ട്—; ആധാരമായിരിക്കുക; 2. വഹിക്കുക, പേറുക; 3. പൊക്കിനിർത്തുക, പൊന്തിച്ച്—; 4. ആശ്വസിപ്പിക്കുക, ധൈര്യപ്പെടുത്തുക; 5. പോററുക, തീററുക, പോഷിപ്പിക്കുക; 6. സഹിക്കുക, പൊറുക്കുക; 7. സഹായിക്കുക; രക്ഷിക്കുക, ഉദ്ധരിക്കുക; 8. അനുവദിക്കുക, സമ്മതിക്കുക; 9. ആദരിക്കുക; 10. നടത്തുക; 11. തെളിയിക്കുക; ഉറപ്പിക്കുക, സ്ഥാപിക്കുക; 12. ഏല്ക്കുക; അനുഭവിക്കുക. **-a-ble**, *a.* നിലനിർത്താകുന്ന. =**tāined'** (-tānd'), *a.* സ്ഥിരമായ, ഒരേനിലയിൽ ഉള്ള, ഒര് പോലെ—, യഥാക്രമത്തിൽ—; നിദാനമായ. **-ĕr**, *n.* താങ്ങുന്നവൻ, സംധാരകൻ, നിലനിർത്തുന്നവൻ. **-ment**, *n.* സംരക്ഷണം; പോഷണം; സഹായം. **sus'te-nance**, *n.* പോററൽ, സംരക്ഷണം, ജീവസംധാരണം; ആഹാരം, ഭക്ഷണപദാർത്ഥം, ഭക്ഷണക്കോപ്പ്, തീൻപണ്ടം; ഉപജീവനമാർഗ്ഗം, അഹോവൃത്തി. =**ten-tac'ū-lar**, *a.* താങ്ങുന്ന, നിലക്ക് നിർത്തുന്ന (*an.*). =**ten-tā'tiŏn**, =**ten'tiŏn**, *n.* സംരക്ഷണം; ആദരണം; സംരക്ഷ; താങ്ങ്; തുണ; ആഹാരം; ജീവസംധാരണം (*phys.*). **sustentation fund** സഭാസ്വവസ്തു (*eccl.*). ='**ten-ta-tive**, *a.* ഊന്നായ, താങ്ങായ; ബലപ്പെടുത്തുന്ന; സ്ഥിരപ്പെടുത്തുന്ന. **s.e functions** ദേഹസംയോഗവൃത്തി (*phys.*).

**Su-sur'rant**, *a.* കശുകശുക്കുന്ന, മന്ത്രിക്കുന്ന, ചെവിയിൽ പറയുന്ന. =**rā'tiŏn**, *n.* കശുകശുക്കൽ; കശുകശുശബ്ദം, മുട്ട—. =**sur'rŏus**, *a.* കശുകശുക്കുന്ന; നൊടിയുന്ന, ഒച്ചപ്പാടുള്ള. =**sur'rus**, *n.* കശുകശുക്കൽ, കശുകശുശബ്ദം; മുരൾച്ച; നൊടിച്ചല്. [കെട്ടിയ.

**Sū'tile**, *a.* തുന്നിയുണ്ടാക്കിയ, തുന്നി

**Sut'lĕr**, **Sut'ling**, *etc.*, *s. u.* **Suttle** II.

**Sut-tēe'**, *n.* സതി, ഉടന്തടിയേററം, വിധവാദാഹം, സഹഗമനം. **-ism**, *n.* സതീധർമ്മം, ഉടന്തടിചാട്ടം.

I. **Sut'tle**, *n.* (പാത്രത്തുക്കവും നൂററിന്ന് നാല് കണ്ട് കിഴിവും പോകയുള്ള) തനിത്തൂക്കം, ശരിയിട (*S.*).

II. **Sut'tle**, *v. i.* പട്ടാള(ത്തോടുകൂട സഞ്ചരിച്ച്) കച്ചവടം ചെയ്യുക, സൈന്യാനുചരവ്യാപാരം ചെയ്യുക; 2. സൈന്യത്തിന്ന് വേണ്ടുന്ന കോപ്പുകൾ എത്തിച്ച് കൊടുക്കുക. **sut'lĕr**, *n.* സൈന്യാനുചരവ്യാപാരി, പട്ടാളകച്ചവടക്കാരൻ. **sut'lĕr-ship**, *n.* സേനാനുചരവാണിജ്യം, പട്ടാളക്കച്ചവടപ്രവൃത്തി. **sut'ling**, *a.* പട്ടാളക്കച്ചവടമായ.

**Sū'tūre**, *a.* തുന്നിച്ചേർക്കൽ; 2. തുന്നിച്ചേർപ്പ്, തുന്നൽവട; 3. മുറി തുന്നിക്കൂട്ടൽ, മുറിത്തുന്ന് (*surg.*); 4. അസ്ഥിസംയോഗം, കട്ടുന്തുടിയേപ്പ് (*an.*); 5. ചേർപ്പ്, സന്ധി (*b.*). **sū'tū-ral**, *a.* തുന്ന് സംബന്ധിച്ച; സന്ധികൾ ഉള്ള (*b.*). **sū'tū-ral-ly**, *ad.* തുന്നായി. **sū'tū-rā-ted**, *a.* കൂട്ടിത്തുന്നിയ, തുന്നിച്ചേർത്ത, തുന്നിപ്പിടിപ്പിച്ച. **sū'tūred** (-tūrd), *a.* തുന്നുള്ള; കൂട്ടിത്തുന്നിയ.

**Su'ze-rāin**, *n.* മേൽകോയ്മ, അധിരാജൻ, ശ്രേഷ്ഠാധിപൻ; സാമ്രാട്ട്; 2. മേലായ്മ. **-ty**, *n.* അധിരാജത്വം, മേലധികാരം, സാമ്രാജ്യം; മേലായ്മ.

**Swab**, **Swob**, *v. t.* ഒപ്പുക, തുവർത്തുക, നനവ് തുടക്കുക, കഴുകിത്തുടക്കുക. *n.* തുടപ്പ് തുണി; 2. കയററ് ചൂല്; 3. തുട

ക്കച്ച്, മരുന്ന്കച്ച് (*med.*); 4. തോക്ക് തുടപ്പം. -'běr, *v. t.* ഒപ്പുക, തുടക്കുക, തുടച്ചുണക്കുക. *n.* ഒപ്പുന്നവൻ, തുടക്കുന്നവൻ; കപ്പൽ വെടിപ്പാക്കുന്നവൻ, കപ്പൽമസാലച്ചി (*naut.*).

**Swad, Swod,** *n.* തോട്, തോല്, തൊണ്ട്, കൊട്ട (*P.*); 2. പൊട്ടൻ, മുരടൻ; 3. പിണ്ഡം, കട്ട; 4. കൂട്ടം (*U. S.*).

**Swad'dle,** *v. t.* തുണിചുററുക, തുണിചുററിക്കെട്ടുക; 2. ശിശുക്കളെ തുണികൊണ്ട് പൊതിയുക, —ചുററുക; പുതപ്പിക്കുക. *n.* ചുററിക്കെട്ടുന്ന തുണി, കച്ചത്തുണി, ബാലപരിവേഷ്ടനം. ='dlěr, *n.* തുണിചുററുന്നവൻ; (അയല്ലാണ്ടിലെ മെത്തൊഡിസ്റ്റ് സഭക്കാരെ വിളിക്കുന്ന പരിഹാസപ്പേരായ) തുണിചുററി. ='dling, *a.* ചുററിക്കെട്ടുന്ന, ശിശുക്കളെ പൊതിയുന്ന. **s.g band, s.g cloth, s.g clout** ശിശുക്കളെ പുതപ്പിക്കുന്ന തുണി, —ചുററിക്കെട്ടുന്ന—, ബാലപരിവേഷ്ടനം, പഴന്തുണിക്കഷണം, ജീൎണ്ണവസ്ത്രം.

**Swag,** *v. i.* തൂങ്ങുക; 2. തുറുത്തുക, തുറിക്കുക; 3. കുലുങ്ങുക, ആടുക, (ഘനംകൊണ്ട്) മുമ്പോട്ട് ചാടുക. *n.* ആട്ടം, കുലുക്കം; 2. കളവ്മുതല്, കവച്ച—, തൊണ്ടി (*S.*). **s.-bellied** കമ്പയുള്ള, വയറ് ചാടിയ. **s.-belly** കമ്പ, കുടവയറ്; വയററ്കരു (*med.*). -'gěr, *v. i.* ആടി നടക്കുക, ചാഞ്ചാടുക; പെരുമയോടെ നടക്കുക, തക്കതികാട്ടി—; ധോരണി അടിക്കുക, പൊങ്ങച്ചം പറയുക, വീമ്പ്—, ആത്മപ്രശംസചെയ്യുക. *v. t.* ഊററം പറയുക; തുളുമ്പുക (*S.*). *n.* തക്കതി, പൊങ്ങച്ചം, വമ്പ്, ഊററം. -'gěr, *n.* പെരിമക്കാരൻ, പൊങ്ങച്ചക്കാരൻ, ഢീക്കുകാരൻ, പത്രാസുകാരൻ, നാമൂസ്കാരൻ. ='gy, *a.* തൂങ്ങിക്കിടക്കുന്ന, വീണ്കിടക്കുന്ന, താണ്—.

**Swāin,** *n.* ഭൃത്യൻ, ദാസൻ, കൃഷിച്ചെറുക്കൻ, ബാല്യക്കാരൻ; 2. (നാട്ടുപുറത്തെ) ചെറുപ്പക്കാരൻ, തറക്കാരൻ, ഗ്രാമികൻ; 3. (തറക്കാരനായ) പ്രേമസല്ലാപക്കാരൻ. **s.-mote, swani-mote, swein-mote** ഇംഗ്ലണ്ടിലെ കാട്ട്കച്ചേരി, മലവാരം കച്ചേരി, സഞ്ചായക്കച്ചേരി (*S.*). -'ish, *a.* തറക്കാരനായ; ചെറുപ്പക്കാരനായ, തിരിവാടില്ലാത്ത; മുരടനായ. -'ish-ness, *n.* തറമട്ട്; മുരടത്തനം, മുരട്ട്ഗുണം. -'liñg, *n.* തറച്ചെറുക്കൻ. -'ship, *n.* ബാല്യം; പ്രേമാൎത്ഥനം, പ്രേമസല്ലാപം.

**Swāle,** *n.* താഴ്വര; 2. നീരാപ്പൊററ, ചതുപ്പ്നിലം; 3. ചോലസ്ഥലം. *v. i. & t.* ഉരുകിപ്പോക; 2. ക്ഷയിച്ച്—; 3. കരിഞ്ഞ്—.

I. **Swal'lōw** (swol'lō), *n.* മീവൽപക്ഷി, മേവൽ— (*z.*). **s.-tail** പരന്തുംവാലേപ്പ് (*carp.*); ഒര് വക വേഷം (*b.*); (പിൻഭാഗം ലേശം ഇണക്കാതെ വിട്ട) വാൽക്കുപ്പായം; അസ്ത്രം; ഒര് വക പാപ്പാത്തി, ഓണക്കിളി, ചിത്രശലഭം (*z.*). **s.-tailed** മീവൽവാലുള്ള; വാൽക്കുപ്പായമായ; പരന്തുംവാലേപ്പായ.

II. **Swal'lōw** (swol'lō), *v. t.* വി(മി)ഴുങ്ങുക, ഗ്രസിക്കുക, തിന്നുക; കടിക്കുക, ഇറക്കുക; 2. (up) വിഴുങ്ങിക്കളയുക; 3. മൂടിക്കളയുക; 4. ഉള്ളിലേക്ക് വലിച്ച്കൊണ്ട്പോയ്ക്കളയുക; 5. (കേട്ടപാട്) വിശ്വസിക്കുക, നമ്പുക, സ്വീകരിക്കുക; 6. (up) അപഹരിക്കുക, കൈവശപ്പെടുത്തുക; 7. എടുത്ത്കളയുക, ചെലവാക്കുക; 8. നശിപ്പിക്കുക, നാനാവിധമാക്കുക; 9. പിൻവലിക്കുക, മടക്കിയെടുക്കുക; 10. ലംഘിക്കുക; 11. സഹിക്കുക, പൊറുക്കുക, ക്ഷമിക്കുക. *v. i.* ഇറക്കുക, തിന്നുക, വിഴുങ്ങുക. *n.* വിഴുങ്ങൽ; 2. തൊണ്ട, ഭക്ഷണനാളം, തീൻകുഴൽ (*an.*); 3. രുചി, സ്വാദ്; രസം, ഇഷ്ടം; 4. കൊതി, നണ, അത്യാശ; 5. ഒരിറക്ക്; ഒര് വായി. -ěr, *n.* വിഴുങ്ങുന്നവൻ; പെരുവയറൻ, കടലൻ; പെരുങ്കൊതിയൻ.

**Swal-lōw'-tāil,** *etc., s. u.* Swal-[low I.

**Swam,** *p. t. of* Swim.

**Swamp, Swang,** *n.* ചതുപ്പ്നിലം, നീരാപ്പൊററ, കൈക്കണ്ടം, കുഴിക്കണ്ടം, ചേററുനിലം, *v. t.* ചേററിൽ താഴ്ത്തുക, ചളിയിൽ ആഴ്ത്തുക; 2. തോണി ആഴ്ത്തുക, —മറിക്കുക; 3. വിഷമത്തിലാക്കുക, ദുൎഘടത്തിൽ ആക്കുക; 4. പൊളിക്കുക. *v. i.* ചളിയിൽ താഴുക; 2. (തോണിയിൽ) വെ

ള്ളം നിറയുക, മുങ്ങിപ്പോക, മറിഞ്ഞു് പോക, കിഴ്ന്നു്പോക; 3. വിഷമത്തിലാക, കുഴങ്ങുക, കുടുങ്ങിമറിയുക; 4. പൊളിയുക, നശിക്കുക. -'y, *a.* ഈറൻനിലം ആയ, ചളിപ്രദേശം—; കഴിക്കണ്ടം—; നനവുള്ള.

**Swan**, *n.* അരയന്നം, അന്നം, ഹംസം, ഹംസപ്പക്ഷി, രാജഹംസം, മരാളം (*Z.*); 2. ഹംസഗണം; 3. ഒരു് നക്ഷത്രഗണം (*as.*). **s.-herd** അന്നപാലകൻ, അരയന്നച്ചെറുക്കൻ. **s.-hopping, s.-upping** (റേറംസ്പുഴയിൽ ഉള്ള അരയന്നക്കുഞ്ഞുകളെ പിടിച്ചു് അടയാളം വെക്കുവാൻ കൊല്ലത്തിൽ ഒരിക്കൽ ചെയ്യു പതിവുള്ള) അന്നഘോഷയാത്ര. **s.-mark** (അരയന്നക്കൊക്കിന്മേൽ വെക്കുന്ന) ഉടമയടയാളം. **s.'s-down** അരയന്നപ്പൂട, അന്നപ്പൂട; മിനുസക്കമ്പിളിത്തുണി. **s.-skin** അന്നത്തുവൽത്തോല്; ഒരു് വക മാർദ്ദവമായ തടിച്ച കമ്പിളിത്തുണി. **-'līke, -'ny,** *a.* അരയന്ന തുല്യമായ. **-'nĕr-y,** *n.* അരയന്നക്കൂട്, അന്നക്കളം.

**Swang**, *n., s. a.* **Swamp.**

**Swan'hĕrd, Swan-hopping,** *s. u.* **Swan.**

**Swan'i-mōte,** *n., s. a.* **Swainmote,** *s. u.* **Swain.**

**Swan'kie, Swan'ky,** *n.* ചുണയുള്ള കുട്ടി, ചുറുചുറുപ്പുള്ള ചെറുപ്പക്കാരൻ (*scot.*).

**Swan'līke, Swan'märk, Swan'-nĕr-y,** *etc., s. u.* **Swan.**

**Swap, Swop,** *v. i.* വീഴുക, പതിക്കുക, ഇറങ്ങുക; 2. താഴോട്ടു് ഓടുക, കീഴ്പ്പോട്ടു്—; 3. ചിറകടിക്കുക. *v. t.* മാറുക; 2. ഒത്തു് മാറുക. *n.* മാററം; 2. മാററക്കച്ചവടം. *ad.* ബദ്ധപ്പാടോടെ.

**Swāpe, Swēep, Swēpe, Swīpe,** *n.* ഏത്തം, തുലായന്ത്രം.

**Sward,** *n.* പുൽസ്ഥലം, പുൽനിലം, പുൽത്തറ; 2. പുൽക്കട്ട; 3. മണ്ണിന്റെ (പുല്ലുള്ള) മേൽഭാഗം. **s.-cutter** ഒരു് വക കലപ്പ, പുൽക്കലപ്പ, പുൽക്കരി; പുല്ലറപ്പു് യന്ത്രം, അരുവാൾയന്ത്രം. **s.-pork** ഉപ്പിട്ടുപന്നിയിറച്ചി. *v. t. & i.* പുല്ലു് വെച്ചു് പിടിപ്പിക്കുക; 2. പുല്ലു് മൂടിയിരിക്കുക. **-'ed, -'dy,** *a.* പുല്ലു് മൂടിയ.

**Swärf,** *n.* (വെള്ളം കൂട്ടി ചാണക്കു് പിടിക്കുമ്പോൾ ഉണ്ടാകുന്ന) ചാണച്ചളി. *v. i.* ക്ഷീണിക്കുക, തളരുക.

I. **Swarm,** *v. i.* പൊത്തിപ്പിടിച്ചു് കയറുക, തളയിട്ടു്—.

II. **Swarm,** *v. i.* (തേനീച്ച) കൂട്ടമായിക്കൂടുക, —പുറപ്പെടുക; 2. ഒന്നിച്ചു് കൂടുക, സംഘമായി—, ജനശേഖരം ഉണ്ടാക, സമൂഹമായിക്കൂടുക; 3. നിറഞ്ഞിരിക്കുക, ധാരാളം ഉണ്ടാക; 4. പെററു പെരുകുക, വർദ്ധിക്കുക. *v. t.* ജനശേഖരം ചെയ്യുക, കൂട്ടമായിക്കൂടുക. *n.* കൂട്ടം, പ്രാണിക്കൂട്ടം; തേനീച്ചക്കൂട്ടം; 2. തേനീച്ചക്കൂടു്; 3. പുരുഷാരം, സമൂഹം, ജനക്കൂട്ടം, ജനശേഖരം, ആൾത്തിരക്കു്; 4. ഗണം, സഞ്ചയം.

**Swart, Swart'y, Swarth, Swarth'y,** *a.* കരിനിറമായ, ഇരുണ്ട; കറു(റ)ത്ത; ഇളംകറുപ്പായ, 2. കരിന്തവിട്ടുനിറമുള്ള. *v. t.* കറ(റു)പ്പിക്കുക. **-'i-ly, swarth'i-ly,** *ad.* കറുപ്പായി, കരിനിറമായി; പിംഗലവർണ്ണമായി. **-'i-ness, -'ness, swarth'i-ness, swarth'ness,** *n.* കറുപ്പു്; കറുപ്പുനിറം; പിംഗലവർണ്ണം. **-'ish,** *a.* ഇളംകറുപ്പായ, എൾനിറമുള്ള, ഏതാനും കറുത്ത.

I. **Swarth,** *etc., s. a.* **Swart,** *etc.*

II. **Swarth,** *n.* മായക്കാഴ്ച, പ്രേതദർശനം.

III. **Swarth,** *n.* പുൽനിലം; 2. കറുംപുല്ലു്, കററിപ്പുല്ലു്.

IV. **Swarth,** *n., s. a.* **Swath.**

**Swart'i-ness, Swart'ish, Swart'-ness, Swart'y** *s. u.* **Swart.**

I. **Swash, Swash'y,** *a.* നന്ന പഴുത്ത, പഴുത്തടിഞ്ഞ.

II. **Swash,** *v. i.* വെള്ളം ഒലിക്കുക; 2. —അടിക്കുക, ഓളം ഉണ്ടാക, മോത—; 3. പൊങ്ങച്ചം പറയുക; ആത്മപ്രശംസ ചെയ്യുക; 4. നിലവിളിക്കുക, ഒച്ചപ്പെടുത്തുക. *n.* നീരൊലിപ്പു്, ഒലിപ്പു്; 2. മോത, ഓളം,

അല; 3. വെള്ളം അടിക്കൽ; 4. നീച്ചാല്; 5. അഴി, അഴിമുഖം; 6. ഢീക്ക് പറയുന്നവൻ, ഊററം—. **s.-way** അഴി, അഴിമുഖം. **s.-buckler, -'ĕr,** *n.* തക്റതിക്കാരൻ, വമ്പ്പറയുന്നവൻ, പൊങ്ങച്ചം—, ഊററക്കാരൻ. **-'ing,** *a.* വീമ്പുള്ള, ഡംഭിയായ; മുഴക്കമുള്ള; തകൎത്ത, തിമിൎത്ത.

**Swath,** *n.* മൂച്ചാല്; 2. മുന്നിട്ട ധാന്യം; അറുത്തിട്ട പുല്ല്; 3. തുണി ചുററിക്കെട്ടൽ; കീററ്തുണി. **s.-bank** (അറുത്തിട്ട) പുൽനിര. **-ĕr,** *n.* (വീണ കിടക്കുന്ന ധാന്യത്തണ്ട് മൂരുവാൻ നിവിൎത്തിവെക്കുന്ന) തണ്ടുയൎത്തിസൂത്രം.

**Swāthe,** *v. t.* തുണി ചുററിക്കെട്ടുക. *n.* കീററ്തുണി; 2. തുണിച്ചുററ്; 3. തുണി ചുററിക്കെട്ടൽ.

**Swāy** (swā), *v. t.* കൈവീശുക, ചുഴററുക; 2. ഭരിക്കുക, വാഴുക, വാഴ്ചകഴിക്കുക; അധികാരം നടത്തുക; നടത്തുക; 3. ആട്ടുക, ഉലയുക, വളയുക, ചായ്ക്കുക; 4. തൂക്കമുണ്ടാക; 5. ഉയൎത്തുക, പൊന്തിച്ച് നിൎത്തുക (*naut.*). *v. i.* ചായുക, ചരിയുക, തൂങ്ങുക; 2. ആട്ടുക, ഉലയുക; 3. ഘനം ഉണ്ടാക, പ്രാബല്യം—; 4. വാഴ്ചകഴിക്കുക, ഭരിക്കുക. *n.* ചുഴററൽ, വീശൽ; 2. ആയുധം ഇളക്കൽ; 3. ഭാരം, തൂക്കം, ഘനം; 4. പ്രാബല്യം; 5. ഊക്ക്, ചാട്ടം; 6. വാഴ്ച, അധികാരം; 7. കത്താക്കോല്. **s.-backed, swāyed** (swād), *a.* നട്ടുവളഞ്ഞ. **-'fụl,** *a.* വീശുവാൻ കഴിവുള്ള; ഭരണ പ്രാപ്തിയുള്ള. **-'ing,** *n.* നട്ടുവളവ്, (കുതിരകൾക്കു) നെട്ടെല്ലിന്നുള്ള ഊനം (*vet.*).

**Swēal** (swēl), **Swāle,** *v. t.* ഉരുകിപ്പോക, നഷ്ടമാമ്പോക. *v. t.* ചുട്ടുക, കരിക്കുക.

**Swēar** (swār), *v. i. ir.* (**swōre, sworn**) സത്യം ചെയ്യുക, ആണയിടുക; 2. സത്യം ചെയ്ത് പറയുക (*l.*); 3. ശപഥം ചെയ്യുക; 4. ശപിക്കുക, ചീത്ത പറയുക, അസഭ്യം സംസാരിക്കുക. **to s. by** വളരെ വിശ്വസിക്കുക, ആശ്രയിക്കുക, പ്രമാണമായിവിചാരിക്കുക. **to s. off** മേലാൽ ചെയ്യുകയില്ലെന്നു സത്യം ചെയ്യുക, ശപഥം—, പ്രതിജ്ഞ—. *v. t.* സത്യം—, പ്രതിജ്ഞ—; 2. (in, into) സത്യം ചെയ്യിക്കുക, ആണയിടുവിക്കുക (*l.*); 3. ആണയിട്ടുറപ്പിക്കുക, ശപഥം ചെയ്യുക; 4. ആണയിട്ടപേക്ഷിക്കുക. **to s. the peace against one** നല്ല നടപ്പിന്ന് ജാമ്യം വാങ്ങുവാൻ അപേക്ഷിക്കുക (*l.*). **-'ĕr,** *n.* ആണയിടുന്നവൻ, സത്യം ചെയ്യുന്നവൻ; അസഭ്യം സംസാരിക്കുന്നവൻ, ചീത്തവാക്ക് പറയുന്നവൻ. **-'ing,** *a.* ആണയിടുന്ന; ചീത്തവാക്ക് പറയുന്ന. *n.* സത്യം ചെയ്യൽ; അസഭ്യം പറയൽ.

**Sweat** (swet), *v. i. ir.* (**sweat, sweat'ed; sweat, sweat'ed**) വിയൎക്കുക, വിയൎപ്പ്പൊട്ടുക; 2. അദ്ധ്വാനിക്കുക, പാട്പെടുക, പണിപ്പെടുക; 3. (കൂട്ടിവെച്ച സാധനങ്ങളിൽനിന്ന്) ആവിനീരുറയുക, വെള്ളം പൊടിയുക. *v. t.* വിയൎപ്പിക്കുക, സ്വേദിപ്പിക്കുക; 2. പുറത്താക്കുക; 3. വിളക്കുക; 4. വശത്താക്കുക, പിടിച്ച്പറുക, തോല്പിച്ചെടുക്കുക. **to s. coin** നാണ്യം (സഞ്ചിയിൽ കൂട്ടിയിട്ട് കലുക്കി) തേയുമാറാക്കുക. *n.* വിയൎക്കൽ; 2. വിയൎപ്പ്, സ്വേദം; 3. വിയൎത്തിരിക്കുന്ന സ്ഥിതി; 4. പണി, അദ്ധ്വാനം, നയിപ്പ്; 5. പ്രയത്നം, പരിശ്രമം; 6. പൊടിയുന്ന നീര്; ആവി—; 7. (പന്തയക്കുതിരയുടെ) ഓട്ടാഭ്യാസം. **s.-box** (കപ്പലിലെ) തടവ്മുറി, കപ്പൽത്തുറുങ്ക്. **s.-glands** സ്വേദപിണ്ഡങ്ങൾ (*an.*). **-'ĕr,** *n.* വിയൎപ്പുള്ളവൻ; വിയൎപ്പിക്കുന്നവൻ; സ്വേദജനകസാധനം; സ്വേദകൌഷധം (*med.*); സ്വേദകഞ്ചുകം, വിയൎപ്പുപ്പായം; കൂലികുറക്കുന്ന മുതലാളൻ. **-'i-ly,** *ad.* വിയൎപ്പോടെ. **-'i-ness,** *n.* വിയൎപ്പ്. **-'ing,** *a.* വിയൎക്കുന്ന; വിയൎപ്പിക്കുന്ന. **s.g-bath** ആവിക്കുളി; സ്വേദജനകസൂത്രം. **s.g-house** ആവിക്കുളിപ്പുര. **s.g-iron** (കുതിരകളുടെയും മററും വിയൎപ്പ് വടിച്ചെടുക്കുന്ന) വിയൎപ്പലക്, വിയൎപ്പിരിമ്പ്. **s.g-room** വിയൎപ്പിപ്പാനുള്ള അകം, വിയൎപ്പറ. **s.g-sickness** (അത്യന്തം വിയൎപ്പുള്ള മരണകരമായ) ഒര് പകൎച്ചപ്പനി, വിയൎപ്പുനി, സ്വേദജ്വരം (*med.*). *n.* വിയൎക്കൽ; വിയൎപ്പിക്കൽ. **-'y,** *a.* വിയൎത്തിരിക്കുന്ന; വിയൎപ്പ്കൊ

ങ്ങ് നനഞ്ഞ; വിയപ്പ് ആയ, —പോലെയുള്ള; —വരുത്തുന്ന; അദ്ധ്വാനമേറിയ, പ്രയാസം ഉള്ള, വിക്ഷമം—.

**Swēde** (swēd), *n.* സ്വീഡൻ (സ്വേദ) രാജ്യവാസി. **Swē'dish,** *a.* സ്വീഡൻ രാജ്യത്തുള്ള; സ്വേദക്കുള്ള. *n.* സ്വേദ ഭാഷ.

**Swē-den-bor'gi-an,** *n.* നവയരുശലേമ്യവാദി (*Chr.*). *a.* —വാദം സംബന്ധിച്ച. **-ism.** *n.* —വാദം (*Chr.*).

**Swēē'ny, Swin'ney,** *n.* (കുതിരകൾക്ക് ഉണ്ടാകുന്ന) മെലിച്ചല്, ഊരയാട്ടം, പേശിക്ഷയം (*vet.*).

**Swēēp,** *v. t. ir.* (**swept; swept**) അടിച്ച് വാരുക, തൂക്കുക (*S.*), വെടിപ്പാക്കുക; 2. അടിച്ച് കൂട്ടികൊണ്ട് പോക, തുടച്ച് വാരി—, വാരിക്കൊണ്ട് പോക, വാരി എടുക്കുക; 3. വീശുക; 4. പറപ്പിക്കുക; 5. ഉരയുക, ഉരക്കുക, ഇഴെക്കുക, ഇഴച്ച് വലിച്ച് നടക്കുക; 6. നിശളിച്ച്—, പ്രൌഢിയോടെ—; 7. മീട്ടുക, വാദ്യം വായിക്കുക; 8. (വല) വലിക്കുക (*naut.*); 9. ചുററും നോക്കുക. *v. i.* അടിച്ച് വാരുക, —തളിക്കുക, തുത്തിറക്കുക (*S.*), വെടിപ്പാക്കുക; 2. വീശുക, ഊക്കോടെ അടിക്കുക; 3. ഊററത്തോടെ നടക്കുക, പ്രതാപത്തോടെ—, പ്രസരിപ്പോടെ—; 4. നോക്കുക, ദശിക്കുക. *n.* അടിച്ച് വാരൽ; 2. വട്ടം, വൃത്തം, വിസ്താരം; 3. ഒഴുക്കം, ചാട്ടം, പ്രവാഹം; 4. ഉഗ്രത; വിനാശം, സംഹാരം; 5. വക്രഗതി, വളവ്; 6. അടിച്ച് വാരുന്നവൻ, 'മസാൽജി'(ൽച്ചി); 7. പുകക്കുഴല് വെടിപ്പാക്കുന്നവൻ; 8. കപ്പലിൻെറ വളവ് (*naut.*); 9. ചുക്കാൻ, പങ്കായം (*naut.*); 10. ഏത്തം, തുലായന്ത്രം; 11. (ചീട്ട് കളിയിൽ) പൂർണ്ണജയം, മുഴവൻപിടിത്തം; 12. *pl.* അടിക്കാട്ടം, കുപ്പ, ചണ്ടി; 13. (പൊന്ന്, വെള്ളി) രാവ്പൊടി. **s.-net** കോരുവല, വലിക്കുന്ന വല, ഓട്ടവല. **s.-saw** ചക്രവാള്. **s.-stake** പന്തയം ഒക്ക ജയിക്കൽ, മുഴജയം. **s.-stakes** മുഴജയം; കുതിരപ്പന്തയപ്പണം; പന്തയക്കുതിരയോട്ടം. **s.-washer** (തട്ടാന്മാരുടെ നെരിപ്പോട്) വെണ്ണീരരിക്കുന്നവൻ. **s. of the tiller** ചുക്കാൻചക്രം. **-'āge,** *n.* പുൽവിളവ്, അറുത്ത് കൂട്ടിയ പുൽക്കററ. **-'ēr,** *n.* അടിച്ച് വാരുന്നവൻ, വെടിപ്പാക്കുന്നവൻ, ശുചിയാക്കുന്നവൻ, ശുചീകരണസാധനം, **-'ing,** *a.* അടിച്ച് വാരുന്ന, തുക്കു(ത്തു)ന്ന (*S.*); ഉഗ്രതയോടെ ഓട്ടുന്ന; നാശകരമായ, സകലവും കൊണ്ട് പോയ്ക്കളയുന്ന; അടക്കിപ്പറയുന്ന, ഭൂരിയായ. **-'ing-ly,** *ad.* കൂട്ടടങ്ങനെ. **-'ing-ness,** *n.* വ്യാപ്തി, വിശാലത; സാമാന്യത, ഭൂരിതം. **-'ings,** *n. pl.* അടിക്കാട്ടം, കാട്ടം, കുപ്പ, ചണ്ടി, ചവറ്, 'കറുമ്മൻ' (*S.*). **-'y,** *a.* ചുഴററുന്ന, ചുഴററിയിളക്കുന്ന; ഊക്കോടെ നടക്കുന്ന.

**Swēēt,** *a.* മധുരം ഉള്ള, സ്വാദ്—, മധു ആയ, രുചികരം—; 2. പരിമളം ഉള്ള, സൌരഭ്യം—, സുഗന്ധം—, നല്ല വാസന—; 3. ഇമ്പം ആയ, കർണ്ണാമൃതം—, മൃദുസ്വരം—, ലാവണ്യം—, രസികം—; രസം ഉള്ള; 4. ഭംഗി—, സൌന്ദര്യം—, ചന്തം—, അഴക്—, മനോഹരം ആയ, വിചിത്രം—; 5. കുളിർവെള്ളം—, ശുദ്ധജലം—, ഉവർച്ചുവയില്ലാത്ത, ഓരില്ലാത്ത; 6. നല്ല, പച്ച, പുതിയ, കേട് വരാത്ത; പഴക്കപ്പെടാത്ത, പുളിക്കാത്ത, വളിക്കാത്ത; ചീയാത്ത; കാറാത്ത; 7. മനോജ്ഞം ആയ, മനോരഞ്ജകം—, രമ്യം—, സാത്വികം—, ശാന്തം—, സൌമ്യതയുള്ള, ചേതോഹരം ആയ, ഇഷ്ടകരം—. **s.-apple, s.-sop** ആത്ത(ത്തി)ച്ചക്ക, പറങ്കിച്ചക്ക, ശീതാപ്പഴം (*P.*), രാമചിത്താമരം (*b.*). **s.-bay** ഒര് ലത (*b.*). **s.-bread, neck s.-bread, throat s.-bread** കണ്ഠപിണ്ഡം; പശുക്കിടാവിൻെറ കണ്ഠപിണ്ഡമാംസം. **s.-bread, belly s.-bread** കണ്ണായം (*an.*); പശുക്കിടാവിൻെറ കണ്ണായ മാംസം, കരളിറച്ചി. **s.-briar, s.-brier** ഒര് വക പനിനീർപ്പുഷ്പം (*b.*). **s.-calamus, s.-cane, s.-flag, s.-rush** വയമ്പ്, വചാ, ഖരസാരം (*b.*). **s.-corn** മധുരച്ചോളം (*b.*). **s.-herbs** (ഒടതളം കൊത്തമ്പാലരി മുതലായ) വാസനച്ചെടി. **s.-heart** പ്രിയൻ, വല്ലഭൻ, കാന്തൻ, രമണൻ; പ്രിയ, വല്ലഭ, കാന്ത, രമണി. **s.-hearting** പ്രേമസല്ലാപം. **s.-john, s.-william** ഒര് ഉദ്യാനപുഷ്പം (*b.*); ഒര്

പക്ഷി (z.). **s.-meats** ശക്കരയിലിട്ട പഴം, കട്ടിയിലിട്ട—. **s.-meat** മധുരദ്രവ്യം, മിഠായി, പലഹാരം; തോൽറങ്ക്, തോൽചായം. **s.-milk** കറന്നപാട് ഉള്ള പാല്. **s.-oil** ഒലിവെണ്ണ. **s.-pea** പരിമളപുഷ്പപ്പയറ് (b.). **s.-potato** ചക്കരക്കിഴങ്ങ്, കപ്പക്കിഴങ്ങ്, "വത്താസ്" (b.). **s.-root** ഇരട്ടിമധുരം, ജ്യേഷ്ഠമധു, കന്നിവേര് (b.). **s.-scented, s.-smelling** പരിമളം ഉള്ള, സുഗന്ധം—. **s.-sultan** ഒര് പുഷ്പം (b.). **s.-tempered** സുശീലം ഉള്ള, സന്മയ്യാദ—. **s.-tooth** മധുരപ്രിയം; പലഹാരം തിന്നി. **s.-water, white s.-water** വെള്ളമുന്തിരിങ്ങ (b.). **s.-wine** മധുരവീഞ്ഞ്. **s.-wood** ഒര് പണിത്തരമരം. **to be s. on** പ്രിയമുണ്ടാക, പ്രേമംജനിക്കുക. *n.* (*pl.*) മധുരസാധനം, മി(ട്ട)ായി, പലഹാരം; 2. സ്വന്തഭവനത്തിൽ ഉണ്ടാക്കിയ വീഞ്ഞ്, ഗൃഹവീഞ്ഞ്; 3. പരിമളവസ്തു; 4. രസം, സന്തോഷം, രമ്യത; 5. പ്രേമവാചി: പ്രിയൻ, പ്രിയ, മുത്ത്, പൊന്ന്, മാണിക്കക്കല്ല്. **-'ly,** *ad.* മധുരമായി, മാധുയ്യത്തോടെ. **-'en,** *v. t.* മധുരമാക്കുക, മധുരിപ്പിക്കുക, മധുരം ചേക്കുക, പഞ്ചസാരയിടുക, ശക്കരകൂട്ടുക, ചക്കരയിടുക; രസികം ആക്കുക, ഇഷ്ടകരം—, മനോരഞ്ജകം—, മനോഹരം—, രമ്യം—; ശമിപ്പിക്കുക, ശാന്തമാക്കുക, പതം വരുത്തുക; ലഘു ആക്കുക, സഹ്യം--, വിഷമം കറക്കുക, ഭാരം—; ഭംഗി ആക്കുക, ഇമ്പം—, സൌമ്യം—; ശുചി—, ശുദ്ധം—; ഫലപുഷ്ടി വരുത്തുക, വളം ചേക്കുക; അരിക്കുക, ശുദ്ധി ആക്കുക. *v. i.* മധുരിക്കുക, മധുരം ഉണ്ടാക. **-'en-ĕr,** *n.* മധുരം ആക്കുന്നവൻ; ശമിപ്പിക്കുന്നവൻ, സാവധാനപ്പെടുത്തുന്നവൻ. **-'en-ing,** *n.* മധുരം ആക്കൽ; മധുരം, പഞ്ചസാര, ശക്കര, ചക്കര. **-'ing,** *n.* മധുരമുള്ള ആപ്പൽപഴം; 'പ്രിയവാചി': പ്രിയൻ, പ്രിയ. **-'ish,** *a.* മധുരച്ഛായ ഉള്ള, ഇളമധുരം—. **-'ish-ness,** *n.* മധുരച്ഛായ, ഇളമധുരം. **-'ness,** *n.* മാധുയ്യം, രുചി, സ്വാദ്; ഇമ്പം, രസം; ഭംഗി; പരിമളം, മനോജ്ഞകത്വം, രമ്യത.

**Swell,** *v. i. ir.* (**swelled** *pr.* sweld; **swelled, swōl'len** *pr.* swōl'n), വീങ്ങുക, തുടിക്കുക, വീക്കുക; 2. വദ്ധിക്കുക, പെരുകുക, വളരുക, വലുതാക; 3. പൊങ്ങുക, (കടല്) കോപിക്കുക, തിര അലച്ച് പൊങ്ങുക, ഇളകിമറിയുക; 4. നിഗളിക്കുക; 5. തുറിക്കുക, തുറുത്തുക; ഉന്തിനില്ക്കുക, തുറിച്ച്നില്ക്കുക; 6. ചീക്കുക, വീത്ത് കെട്ടുക; 7. ഡംഭിക്കുക, പെരിമ കാട്ടുക, —നടിക്കുക, പ്രതാപംകാട്ടുക, പ്രൌഢി—; പ്രൌഢമായിരിക്കുക; 8. ധിക്കാരം കാട്ടുക, ധാഷ്ട്യം—; 9. കാണക്കാണ വലുതായ്തീരുക, വിശാലമാക, വിസ്തീണ്ണമാക; വണ്ണം വെക്കുക; 10. കന്നിക്കുക, വൻതുകയാക. *v. t.* വലുതാക്കുക; വദ്ധിപ്പിക്കുക, പെരുക്കുക, വണ്ണം വെപ്പിക്കുക; 2. പൊങ്ങുമാറാക്കുക; 3. ഉഗ്രം ആക്കുക, ഗൌരവം—; ഘനം കൂട്ടുക; 4. ചീപ്പിക്കുക; 5. നിഗളിപ്പിക്കുക; 6. (സ്വരം) ക്രമേണ മുഴപ്പിക്കുക (*mus.*). *n.* വീങ്ങൽ; 2. വീക്കം, ചീപ്പ്; 3. ഉയച്ച, പൊക്കം; 4. വദ്ധന, വളച്ച; 5. വെള്ളപ്പൊക്കം; ഏററം, വേലി; 6. മുഴപ്പ്; എടുപ്പ്; 7. ഒന്തം, ചെറുകുന്ന്; 8. തിര, തിരമാല, കടല്, കോള്, അല; 9. (സ്വരത്തിന്റെ) ക്രമോല്കൃഷ്ടമായ ഉയച്ചയും താഴ്ചയും, സ്വരോച്ചനീചത്വങ്ങൾ; 10. (< > എന്ന) സ്വരനിദാനചിഹ്നം; 11. ഡംഭി, ഡംഭാചാരി, സുന്ദരവിഡ്ഢി, പച്ചസുന്ദരൻ; 12. കേമൻ, മഹാൻ. **ground-s.** കടൽപൊക്കം, കടലെടുപ്പ്. **organ-s.** (വീണപ്പെട്ടിയിലെ) സ്വരഗാഢസൂത്രം (*mus.*). *a.* കേമനായ, മഹാനായ; 2. മോടിനാട്യമുള്ള, അഴക്രാവണനായ; 3. വിശ്രുതനായ. **s.-fish, s.-toad** കക്കമ്മൻ (*N.*), കടത്തവള (*z.*). **s.-mob** വിശേഷമായി ഉടുത്ത് ചമഞ്ഞ കള്ളന്മാര്, മോടിക്കള്ളന്മാര്. **-'dŏm,** *n.* കേമന്മാരുടെ കൂട്ടം, മഹദ്ഗണം. **-'ling,** *n.* വീക്കം, തുടിപ്പ്, ചീപ്പ്; തിങ്ങല്; പൊക്കം; വെള്ളപ്പൊക്കം; അല; തുറിപ്പ്; മുഴ (*med.*). **-'ish,** *a.* സുന്ദരവിഡ്ഢി ആയ, പച്ചസുന്ദരൻ—.

**Swelt, Swel'tĕr,** *v. t.* & *i.* എരിപൊരിയെടുക്കുക, വെന്ത്കമിറുക, വേവുക, ഉഷ്ണത്താൽ വലയുക; 2. വിയക്കുക,

വെള്ളം പൊടിയുക. swel'try, *a.* കമിറുന്ന, അത്യുഷ്ണമുള്ള.

**Swept,** *p. t. & p. p. of* sweep, *a.* അടിച്ച് വാരിയ, വെടിപ്പാക്കിയ.

**Swĕrve,** *v. i.* വഴിതെററുക, അലഞ്ഞ് നടക്കുക; 2. വളയുക, വളഞ്ഞ് പോക; 3. ലംഘിക്കുക; 4. മര്യാദതെററുക, പിഴച്ച് പോക, പിഴക്കുക; 5. ചായുക; 6. പുളഞ്ഞ് കയറുക. *v. t.* തെററിക്കുക.

**Swift,** *a.* വേഗത ഉള്ള, ശീഘ്രത—, തീവ്രത—, തീവ്രം ആയ, ത്വരിതം—; 2. ചുണ ഉള്ള, ചുറുക്ക്—; 3. ക്ഷണികമായ. s. foot വേഗത ഉള്ള, ഓട്ടം—; ഒട്ടകപ്പക്ഷി (*z.*). *n.* നീച്ചാട്ടം; 2. ഒര് പക്ഷി (*z.*); 3. ഒര് വക പല്ലി (*z.*); 4. *pl.* (നൂല് ചുററുന്ന) താറ്, വെട്ടത്തല (*w.*), 'റീല്'. swift, swift'ly, *ad.* വേഗം, ശീഘ്രം, ത്വരിതമായി, ദ്രുതഗതിയോടെ, ഝടിതിയായി. -'ĕr, *n.* കമ്പ, കയറ് (*naut.*). *v. t.* മുറുക്കുക, വലിച്ച് കെട്ടുക (*naut.*). -'let, *n.* ഒര് ചെറുപക്ഷി, മീവൽപക്ഷി. -'ness, *n.* വേഗത, തീവ്രത, ദ്രുതഗതി.

**Swig,** *v. t.* വലിച്ച് കടിക്കുക, മോന്തിക്കുടിക്കുക, മോന്തുക; 2. ഈമ്പുക. *n.* മോന്തൽ; 2. ഒര് വക യവമദ്യം.

**Swill,** *v. t.* പന്നികടിക്കുമ്പോലെ കടിക്കുക, മോന്തുക, വലിച്ച് കടിക്കുക, കട്ടകടെ—, ആൎത്തിയോടെ—; 2. മൃക്കററം—, കടിച്ച് ലഹരിയാക. *v. i.* പെരുങ്കടി കടിക്കുക, കണക്കില്ലാതെ—. *n.* പന്നി (ക്ക് കൊട്ടക്കുന്ന) വെള്ളം, കാടിവെള്ളം; 2. പെരുങ്കടി. -'lĕr, *n.* ആൎത്തിയോടെ കടിക്കുന്നവൻ; പെരുങ്കടിയൻ. -'lings, *n. pl.* പന്നിക്കാടി.

I. **Swim,** *v. i. ir.* (swam, swum; swum) (വെള്ളത്തിൽ) പൊങ്ങിനില്ക്കുക, പൊന്തി—, പൊന്തിയൊഴകക; 2. നീന്തുക; 3. വെള്ളം നിറയുക, വെള്ളം പൊങ്ങുക; 4. ഒലിച്ച് പോക; 5. മുങ്ങുക, മുഴകക. *v. t.* നിന്തിക്കടക്കുക, നീന്തുക; 2. നീന്തിക്കുക; 3. (വെള്ളത്തിലിട്ട്) പതിര് കളയുക. *n.* നീന്തം; 2. (മീനിന്റെ) പൊട്ടി (*z.*); 3. മീൻ കിടക്കുന്ന സ്ഥലം, മീൻതടം. s.-bladder മീൻപൊട്ടി. to be in the s. അനുകൂലമുണ്ടാക, നല്ലദശയായിരിക്കുക. -'mĕr, *n.* നീന്തുന്നവൻ, നീന്തക്കാരൻ; കുതിരയുടെ കാൽമുഴ (*vet.*); വെള്ളത്തിൽ മുങ്ങുന്ന പക്ഷി, മുങ്ങപ്പക്ഷി (*z.*). little s.r ഒര് പക്ഷി (*z.*). -'ming, *a.* നീന്തുന്ന; നീന്തുവാൻ കഴിയുന്ന; നീന്തമായ; നീന്തത്തിനുള്ള; പൊങ്ങിനില്ക്കുന്ന; വെള്ളം നിറഞ്ഞ. *n.* നീന്തം. -'ming-ly, *ad.* നീന്തിക്കൊണ്ട്; പൊങ്ങിക്കൊണ്ട്, ഒഴകിക്കൊണ്ട്; തടസ്ഥം കൂടാതെ, എളുപ്പത്തിൽ, ലഘുവായി; സാദ്ധ്യകരമായി, ശുഭമായി. -'ming-ness, *n.* വെള്ളം നിറയൽ; ജലധാര.

II. **Swim,** *v. i. ir.* (swam, swum; swum) തലചുററുക, തലതിരിയുക, മോഹാലസ്യം ഉണ്ടാക. -'ming, *a.* തലതിരിയുന്ന, തലചുററുന്ന, തലതിരിച്ചലുള്ള; *n.* തലതിരിച്ചല്, തലചുററല്, മോഹാലസ്യം (*med.*).

**Swin'dle,** *v. t.* ചതിക്കുക, പററിക്കുക, തോല്പിക്കുക, വഞ്ചിക്കുക. *n.* വഞ്ചന, ചതി, പററിക്കല്; തക്കിടി. swin'-dlĕr, *n.* തോല്പിക്കുന്നവൻ, വഞ്ചകൻ, ചതിയൻ; അപഹാരി. swin'dlĕr-y, *n.* വഞ്ചന, ചതി, കള്ളത്ത്രാണം, പെരുഞ്ചതി.

**Swīne,** *n. s. & pl.* വരാഹവൎഗ്ഗത്തിൽ പെട്ട മൃഗം, പന്നി, ഒററിയാൻ (*S.*), സൂകരം; വീട്ട്പന്നി, പോററ്പന്നി. s.-oat മരപ്പയറ് (*b.*). s.-bread കമില്, കൂന് (*b.*). s.-case, s.-cote, s.-cure, s.-sty പന്നിക്കൂട്, പന്നിക്കൊട്ടില്, കൊട്ടില്. s.-fish മുഴ, മുയ്യ, മുശു (*z.*). s.-pipe ഒര് പക്ഷി. s.-pox പൊട്ടി, തീപ്പാറി (*N.*), പൊങ്ങംപനി (*S.*). s.-stone നാറിപ്പാറ (*min.*). -'hĕrd, *n.* പന്നികളെ നോക്കുന്നവൻ, പന്നിച്ചെറുക്കൻ. swī'nĕr-y, *n.* പന്നിക്കൂട്. swī'nish, *a.* പന്നിയെ സംബന്ധിച്ച; പന്നിയെപ്പോലെയുള്ള; വൃത്തികെട്ട, മൃഗപ്രായനായ. swī'nish-ly, *ad.* പന്നിക്കൊത്തവണ്ണം, വൃത്തികേടായി. swī'nish-ness, *n.* സൂകരപ്രായം, വൃത്തികേട്.

**Swing**, *v. i. ir.* (swang, swung; swung) അങ്ങോട്ടും ഇങ്ങോട്ടും ആട്ടുക, ആടുക, തൂങ്ങിയാടുക; 2. തിരിയുക, (മുമ്പോട്ടും വഴിയോട്ടും) ഇളകുക; 3. ചാഞ്ചാടുക; 4. ഊഞ്ഞാലാടുക, ഊഞ്ചാലാടുക; 5. കപ്പല് (നങ്കൂരം ഇട്ടേടത്ത് അങ്ങോട്ടും ഇങ്ങോട്ടും) ഇളകുക, തിരിയുക; 6. തൂങ്ങിച്ചാകുക, തൂക്കിലിട്ട് ചാകുക (*S.*). to s. round the circle മുഴുവനും ചുററിവരിക, വലംവെക്കുക; മുഴുവനും പരിശോധിക്കുക. *v. t.* ആട്ടുക; 2. ചുഴററുക, വീശുക; 3. നടത്തുക; 4. തിരിക്കുക. to s. a door, s. a gate, *etc.* ഉരക്കററിമേൽ നിൎത്തുക, വിശാക(വ)രിവെക്കുക (*carp.*). *n.* ആട്ടം, ഡോളനം, ചാഞ്ചാട്ടം, ഇളക്കം, ഭ്രമണം, വിറ; 2. ഊഞ്ചാല്, ഊഞ്ഞാല്; 3. ആട്ടത്തൊട്ടില്, ആട്ടക്കട്ടില്; 4. ഡോളനശക്തി; 5. ചക്രശക്തി; 6. സ്വാതന്ത്ര്യം; തോന്നിയവാസം. s.-bridge ആട്ടപ്പാലം. s.-plow, s.-plough ചക്രമില്ലാക്കലപ്പ. s.-tree കതിരവണ്ടിയുടെ വാച്ചട്ടം. s.-wheel (ഘടികാരത്തിൻെറ) ഡോളച്ചക്രം. full s. തടസ്ഥമില്ലായ്മ, പൂൎണ്ണസ്വാതന്ത്ര്യം; ഊററം. -'ĕr, *n.* ആട്ടുന്നവൻ, വട്ടംതിരിയുന്നവൻ.

**Swinge**, *v. t.* അടിക്കുക, തല്ലുക, പൊതിര തല്ലുക; 2. വാറ് കൊണ്ട് അടിക്കുക; 3. ശിക്ഷിക്കുക. -ing, *a.* വലിയ, പെരുത്ത, ബ്രഹ്മാണ്ഡമായ. -ing-ly, *ad.* വലിപ്പത്തോടെ. swin'gĕr, *n.* അടിക്കുന്നവൻ.

**Swin'gle**, *v. t.* ചണം ചീവുക, —തല്ലുക; 2. കള അരിയുക (*agr.*). *n.* ചണക്കത്തി. swin'gling, *a.* ചണം ചീവുന്ന. s.g tow ചണച്ചവറ്.

**Swī'nish**, *etc.*, *s. u.* Swine.

**Swīpe**, *n.* തുലായന്ത്രം, ഏത്തം; 2. ചുഴററിയടി, വീശിയടി; 3. *pl.* വീൎയ്യം കറഞ്ഞ യവമദ്യം. *v. t.* വീശിയടിക്കുക, വീശിയെറിയുക; 2. കക്കുക, പിടിച്ച് പറിക്കുക (*U. S.*).

**Swi'ple**, *n.* മെതിക്കോല്; 2. ചണക്കത്തി.

**Swĭrl**, *v. t. & i.* ചുഴററുക, ചുഴിച്ചുഴിയായിരിക്കുക, ചുഴിപ്പുണ്ടാക. *n.* ചുഴററൽ; 2. ചുഴി, ചുഴിപ്പ്.

**Swish**, *v. t.* ശ്രുല്കാരം ഇടുക; 2. ചുററി വീശുക; 3. അടിക്കുക. *v. i.* തട്ടുക. *n.* ശ്രുല്കാരം, 'ശ്'എന്ന ശബ്ദം; 2. കടൽനുര.

**Swiss, Swit'zĕr** (-sĕr), *n. s. & pl.* സ്വിസ്സല്ലാന്ത് രാജ്യക്കാരൻ. Swiss, *a.* —രാജ്യം സംബന്ധിച്ച, —രാജ്യനിവാസികളെ—.

**Switch** (swich), *n.* ചുള്ളല്, ചുള്ളിക്കോല്; 2. മാററിവെക്കാകുന്ന ഇരിമ്പ് പാത, കററി; 3. തലകെട്ടി (തലോട്ടി), മുടിപ്പൂരണം, വാൎമുടി; 4. വിദ്യുത്തിഭേദസൂത്രം. s.-engine (തീവണ്ടികൾ പാത മാററുകയും തമ്മിൽ കൂട്ടിച്ചേൎക്കയും ചെയ്യുന്ന) സംയോജകയന്ത്രവണ്ടി. s.-man കററി കാവല്ക്കാരൻ. *v. t.* ചുള്ളിവടികൊണ്ട് അടിക്കുക, 'ജാട്ടി'കൊണ്ട് —; 2. (വടി) വീശുക, പുളയിക്കുക; 3. വേലി നറുക്കി നന്നാക്കുക; 4. (off, from, *etc.*) തീവണ്ടി പാത മാററുക; 5. വിദ്യുത്തി ഭേദിപ്പിക്കുക. *v. i.* നെഞ്ഞൂന്തി നടക്കുക. -'ing, *a.* അടിക്കുന്ന; വണ്ടി തിരിക്കുന്ന; വിദ്യുത്തിഭേദം വരുത്തുന്ന. s.g engine സംയോജകയന്ത്രവണ്ടി. -'y, *a.* പുളയിക്കുന്ന.

**Switch'el** (swich'el), *n.* ഒര് വക ഇഞ്ചിപ്പാനകം.

**Swit'zĕr**, *n.*, *s. a.* Swiss.

**Swiv'el** (swiv'l), *n.* (ചങ്ങലയുടെ) തിരിക്കുൎണ്ണി, തിരുകാണി, തിരിയാണി; 2. (*also* s.-gun) ചെറു പീരങ്കി. s.-bridge ആട്ടപ്പാലം. s.-eyed കോങ്കണ്ണുള്ള. s.-joint തിരികററി. *v. i.* (കററിമേൽ) തിരിയുക.

**Swiz'zle**, *v. t.* മോന്തിക്കുടിക്കുക, വലിച്ച് കുടിക്കുക. *n.* മദ്യം; ചാരായം.

**Swob, -'bĕr**, *s. a.* Swab, Swabber.

**Swōl'len** (swōl'n), *p. p. of* Swell, *a.* വീങ്ങിയ, തുടിച്ച, ചീൎത്ത.

**Swoon**, *v. i.* (away) ബോധക്കേടുണ്ടാക, ബോധം കെട്ട് പോക, മോഹാല

സ്സപ്പെടുക, മോഹിക്കുക. *n.* തളച്ച്, ബോധക്കേട്, മോഹാലസ്യം, മൂൎച്ഛ, മയക്കം. -'iṅg, *a.* മോഹാലസ്യമുള്ള. *n.* ബോധക്കേട്, മയക്കം. -'iṅg-ly, *ad.* മോഹാലസ്യത്തോടെ, മൂൎച്ഛിച്ച്.

**Swoop,** *v. t.* ചാടിപ്പിടിക്കുക, റാഞ്ചുക; 2. പിടിക്കുക; പിടിച്ച് പറിക്കുക, അപഹരിക്കുക. *v. i.* റാഞ്ചുക. *n.* റാഞ്ചൽ. s.-stake കൂട്ടങ്ങളെ, വന്നപാട്, തോന്നിയപോലെ.

**Swop,** *v. t., s. a.* Swap.

**Swōrd** (sōrd), *n.* വാള്, ഖഡ്ഗം; ചുരി, ചൊട്ടവാള്; ആയുധക്കത്തി; 2. അധികാരം, ശക്തി, കോയ്മ; 3. ശിക്ഷ, ഖണ്ഡനം; 4. നാശം, സംഹാരം, കല; 5. കലഹം, യുദ്ധം; 6. സേനാബലം. s.-arm വലങ്കൈ. s.-bayonet കത്തിവാള്, വാള്, 'വയനാത്തി'. s.-bean വാളവരക്ക (*b.*). s.-bearer ആയുധം വഹിക്കുന്നവൻ, ആയുധവാഹി; (സ്ഥാനചിഹ്നമായ) വെള്ളിവാള്, വാളകമ്പടി. s.-belt വാൾപട്ട. s.-bill കൊക്കൻപക്ഷി (*z.*). s.-blade വാളലക്, അലക്. s.-cane, s.-stick വടിവാള്. s.-dance വാളുംപലിശക്കളി; വാൾനൃത്തം. s.-fight, s.-play വാൾപയററ്, വാളേററ്, വാളങ്കം. s.-fish കൊമ്പൻസ്രാവ്, കൊമ്പൻതുറാവ് (*z*); തളയൻ (*z.*); കഴലമീൻ (*z.*); ഒര് നക്ഷത്രഗണം (*as.*). s.-knot വാൾച്ചെണ്ട്, വാൾപൊടിപ്പ്, കാഞ്ചി. s.-law വാൾക്കോയ്മ, ബലാല്ക്കാരം, കയ്യൂക്ക്. s.-man, s.sman വാളഭ്യാസി, അഭ്യാസി, വാൾപയററ്കാരൻ, വാളേററ്കാരൻ, പൊയ്ത്തുകാരൻ; പടയാളി, ചേകവൻ, ചേവകൻ. s.-mat ചൂടിപ്പായി, കയററ്പായി. s.-play വാൾപയററ്, പയററ്, വാളങ്കം, പൊയ്ത്ത്. s.-player വാൾപയററ്കാരൻ, അങ്കക്കാരൻ, അഭ്യാസി. s.-shaped വാളാകൃതിയായ, ഖഡ്ഗാകൃതിയായ (*b.*). s.s-manship വാളഭ്യാസം, അഭ്യാസം. to measure s.s with one പൊയ്യുക, പൊരുതുക, എതൃത്ത്നില്ക്കുക. to put to the s. വെട്ടിക്കൊല്ലുക, കൊത്തിക്കൊല്ലുക, തലവെട്ടിക്കളയുക. -'ed, *a.* വാളുള്ള, ആയുധപാണി ആയ, വാള് അരക്ക് കെട്ടിയ. -'iṅg, *n.* പിളക്കൽ; പിളരൽ; വെട്ടിമുറിക്കൽ. -'less, *a.* വാളില്ലാത്ത, നിരായുധനായ.

**Swōre,** *p. t. of* Swear.

**Swōrn** (*p. p. of* Swear), *a.* സത്യം ചെയ്ത; 2. സത്യം ചെയ്ത് പറഞ്ഞ; 3. ആണയിട്ടുറപ്പിച്ച. s. brothers കൂട്ട്പടയാളികൾ, വിശ്വസ്തചങ്ങാതിമാർ. s. enemies ഉഗ്രശത്രുക്കൾ, ബദ്ധശത്രുക്കൾ, കഠിനമത്സരക്കാർ. s. friends ഉററമിത്രങ്ങൾ, ഉററചങ്ങാതി, ബദ്ധമിത്രം.

**Swum,** *p. t. & p. p. of* Swim.

**Swuṅg,** *p. t. & p. p. of* Swing.

**Syb'a-rīte,** *n.* ഭോഗപ്രിയൻ, ഭോഗി, വിഷയലംപടൻ. =rit'ic, =rit'i-cal, *a.* സുഖഭോഗം സംബന്ധിച്ച; ഭോഗേച്ഛ ആയ, ഭോഗപ്രിയം—; ഭോഗേച്ഛു—; ദുഷ്ചെലവ്കാരനായ; പുരുഷത്വമില്ലാത്ത. =rit-iṣm, *n.* സുഖഭോഗം; ഭോഗപ്രിയം; ദുൎവ്യയം; വിഷയലംപടത്വം; അപൌരുഷം.

**Syc'a-mīne,** *n., s. a.* Sycamore.

**Syc'a-mōre, Syc'ō-mōre, Syc'a-mīne,** *n*, അമാറത്തി (*b.*); 2. മിസ്രിയത്തി (*b.*); 3. കാട്ടത്തി (*b.*); 4. ശക്കരമരം (*b.*).

**Sȳce** (sīs), *n.* കുതിരക്കാരൻ, അശ്വപാലകൻ.

**Sȳ-cēe',** *n.* (ചീനരാജ്യത്തിൽ നാണ്യമായി ഉപയോഗിക്കുന്ന) വെള്ളിക്കട്ടി.

**Syc-h-nō-cār'pous,** *a.* ചിരഫലമുള്ള, അധികംകാലം കായ്ക്കുന്ന (*b.*).

**Syc'ō-phant** (-fant), *n.* ഏഷണിക്കാരൻ; 2. മുഖസ്തുതിക്കാരൻ; 3. പാദപൂജകൻ, പാദസേവകൻ; *v. i.* മുഖസ്തുതി ചെയ്യുക; 2. സേവിച്ച്കൂടുക. *v. i.* പാദപൂജ ചെയ്യുക. =phan-tiṣm, =phan-cy, *n.* മുഖസ്തുതി; പാദപൂജ, ചാട്ടുകാരിത്വം. =phan'tic, =phan'ti-cal, *a.* മുഖസ്തുതി ആയ; കാക്കപിടിക്കുന്ന, സേവപിടിക്കുന്ന; ആശ്രയിച്ച്കൂടുന്ന, സേവിച്ച്—. =phan-tish, *n.* മുഖസ്തുതിപോലെയുള്ള; പാദപൂജ ആയ. =tish-ly, *ad.* ചാടാ

യി, മുഖസ്തുതിപോലെ. =tīse, =tīze, *v. i.* മുഖസ്തുതി ചെയ്യുക; പാദപൂജ—.

**Sȳ-cō'sis**, *n.* പുഴക്കടി, പുഴനടപ്പ് (*med.*).

**Sȳ'e-nīte, Sī'e-nīte**, *n.* ഒരുവക സ്ഫടികക്കല്ല് (*min.*). =nit'ic, sī-e-nit'ic, *a.* സ്ഫടികക്കല്ലായ.

**Sȳle** (sīl), **Sīle**, *n.* കഞ്ഞിമ്മത്തി, ചെറുമത്തി.

**Syl-la-bā'ri-um**, ='la-bar-y, *s. u.* [Syllable.

**Syl'la-ble, Syl'lābe**, *n.* അക്ഷരം, അച്ച് (*gr.*); 2. ഏകസ്വരാക്ഷരഗണം (*gr.*); 3. വാക്യാംശം, വാക്ക്, പദം; 4. ലവം, ലേശം; 5. പുള്ളി. *v. t.* ഉച്ചരിക്കുക; 2. അക്ഷരം കൂട്ടി പറയുക, —വായ്ക്കുക. syl-la-bā'ri-um (*pl.* syl-la-bā'ri-a), syl'la-bar-y, *n.* പദലിപി, പദസംജ്ഞ, പദചിഹ്നം. =lab'ic, =lab'i-cal, *a.* അക്ഷരസംബന്ധമായ; ഏകസ്വരോച്ചാരണം സംബന്ധിച്ച; അക്ഷരം ഉള്ള; ഏകസ്വരോച്ചാരണം ആയ. =lab'i-cal-ly, *ad.* അക്ഷരമായി; ഏകസ്വരോച്ചാരണാക്ഷരയോഗമായി. =lab'i-cāte, =lab'i-fȳ, =bīse, =bīze, *v. t.* പദവിഗ്രഹം ചെയ്യുക, പദപരിച്ഛേദനം—, അക്ഷരം തിരിക്കുക; ഏകസ്വരാക്ഷരയോഗം ആക്കുക. =lab-i-cā'tiŏn, =lab-i-fi-cā'tiŏn, *n.* പദപരിച്ഛേദനം, പദവിഗ്രഹം. =bism, *n.* ഏകസ്വരാക്ഷരസംയോഗവ്യവസ്ഥ. =bist, *n.* പദപരിച്ഛേദകൻ.

**Syl'la-bub**, *n.*, *s. a.* Sillabub.

**Syl'la-bus**, *n.* (*pl.* syl'la-bī), സാരം, ചുരുക്കം, സംക്ഷേപം, സംഗ്രഹം, ഢോക്ഷവാറ്; 2. സംഹിത; 3. വിഷയസംഗ്രഹം, വിഷയാനുക്രമണിക.

**Syl-lep'sis**, *n.* ദ്വന്ദ്വാർത്ഥാലങ്കാരം (*rhet.*); 2. അരപ്പൊരുത്തം (*gr.*). =lep'tic, =lep'ti-cal, *a.* ദ്വയാർത്ഥാലങ്കാരമായ; അരപ്പൊരുത്തമായ.

**Syl'lō-ġism**, *n.* ന്യായം, അനുമാനന്യായം, —പ്രമാണം, സാവയവന്യായം, ത്രിപാദസിദ്ധാന്തം (*log.*). =ġis'tic, =ġis'ti-cal, *a.* ന്യായസംബന്ധമായ, നയ്യായിക; ത്രിപാദന്യായമായ. =ġis'ti-cal-ly, *ad.* അനുമാനന്യായമായി, ത്രിപാദന്യായാനുസാരമായി. =ġi-sā'tiŏn, =ġi-zā'tiŏn, *n.* ന്യായാനുമാനം, ന്യായസിദ്ധാന്തം. =ġīse, =ġīze, *v. i.* ന്യായാനുസാരം വ്യവഹരിക്കുക, ത്രിപാദന്യായമായി വാദിക്കുക. =ġi-sēr, =ġi-zēr, *n.* ന്യായതാർക്കികൻ, നയ്യായികവാദി.

**Sylph** (silf), *n.* ദേവസ്ത്രീ, ദേവാംഗന; ദിവ്യാംഗന; യക്ഷി; ഗന്ധർവ്വസ്ത്രീ; കിന്നരി, കിന്നരസ്ത്രീ; മോഹിനി (*myth.*); 2. തന്വംഗി, സുന്ദരി; 3. ഒരു വക മൂളിപ്പക്ഷി (*z.*). -'id, *n.* യക്ഷിപ്പെണ്ണ്, ചെറുകിന്നരി. -'īne, -'ish, -'līke, *a.* ദിവ്യാംഗനാതുല്യമായ, സൌഭാഗ്യം ഉള്ള, സൌന്ദര്യം—.

**Syl'van, Syl-vat'ic**, *s. a.* **Silvan**, *s. u.* **Silva**, *a.* കാട് സംബന്ധിച്ച; 2. വനപ്രദേശമായ, മരങ്ങളുള്ള; 3. നാട്ടുപുറം ആയ, തറ—; 4. നാട്ടുപുറക്കാരൻ—. *n.* വനദേവത; 2. തറക്കാരൻ. syl'va, (*pl.* sylvæ), *s. a.* silva.

**Sy-mär', Sy-märr'**, *n.*, *s. a.* **Simar.**

**Sym'bol**, *n.* അടയാളം, കുറി, ചിഹ്നം; 2. സംജ്ഞ; 3. ദൃഷ്ടാന്തം, ഉദാഹരണം; 4. രൂപം, പ്രതിരൂപം; ആകൃതി, മാതൃക, പ്രതിമ; 5. ഗണിതചിഹ്നം; അർത്ഥസൂചകാക്ഷരം (*math.*); 6. വിശ്വാസപ്രമാണം, —സൂത്രം, ഉപദേശസാരം (*theol.*); 7. സൂചകാക്ഷരം, നാമചിഹ്നം (*ch.*). sym'bol, -īse, -īze, *v. t.* ലക്ഷണതുല്യതവരുത്തുക, സമാനം ആക്കുക; പ്രതിരൂപം—; സൂചകം—, സൂചനയായി വിചാരിക്കുക; കുറിക്കുക, ചിഹ്നത്താൽ സൂചിപ്പിക്കുക; അടയാളം സങ്കല്പിക്കുക; *v. i.* ലക്ഷണതുല്യതയുണ്ടാക, ഒത്തിരിക്കുക, യോജിക്കുക; തുല്യവിശ്വാസം ഉണ്ടാക, വിശ്വാസയോജ്യത—; ചിഹ്നം ഉപയോഗിക്കുക; ഉപമാനമായി സൂചിപ്പിക്കുക; അടയാളങ്ങളാൽ കുറിക്കുക. =bol'ic, =bol'ics, *n.* ചിഹ്നവിജ്ഞാനം; —ശാസ്ത്രം; വിശ്വാസപ്രമാണ—, മതോപദേശതാരതമ്യ— (*theol.*); =bol'ic, =bol'i-cal, *a.* അടയാളം സംബന്ധിച്ച; ചിഹ്നം ആയ, സൂചകം—, പ്രതിരൂപം—, കുറിക്കുന്ന. s.l delivery കൈമാററ അടയാളം, അടയാ

ഉക്കെമാററം (*b.*). s.l philosophy ഗൂഢലിപിതത്വജ്ഞാനം. =bol'i-cal-ly, *ad.* ഉപമാനമായി, സൂചകമായി, അൎത്ഥത്തിൽ. =bol'i-cal-ness, *n.* ഉപമാനം; പ്രതിച്ഛായ, പ്രതിരൂപം; സൂചകത്വം. -ism, *n.* സൂചിപ്പിക്കൽ; സൂചന; ചിഹ്നവ്യവസ്ഥ; മതോപദേശതാരതമ്യശാസ്ത്രം, —വ്യത്യസ്ഥ— (*theol.*). -ist, *n.* ചിഹ്നപ്രയോജകൻ. -is'tic, -is'ti-cal, *a.* ഉപമാലക്ഷണം ഉള്ള, സൂചകാൎത്ഥം—, അൎത്ഥസൂചകമായ. -i-sā'tiŏn, -i-zā'tiŏn, *n.* സൂചിപ്പിക്കൽ, കറിക്കൽ; ചിഹ്നപ്രയോഗം, ചിഹ്നസൂചന. -ī-sĕr, -ī-zĕr, *n.* അടയാളത്താൽ സൂചിപ്പിക്കുന്നവൻ. =log'i-cal, *a.* ചിഹ്നശാസ്ത്രസംബന്ധമായ; —നൈപുണ്യമുള്ള; —ശാസ്ത്രജ്ഞനായ. =bol'ō-gist, *n.* ചിഹ്നശാസ്ത്രജ്ഞൻ, ചിഹ്നപ്രയോജകൻ. =bol'ō-gy, *n.* ചിഹ്നശാസ്ത്രം, സൂചകവിദ്യ, ഉപമാന—.

**Sym'me-try,** *n.* അംഗപ്പൊരുത്തം, അവയവാനുപാതം, അംഗസൌഷ്ഠവം; രൂപചതുരശ്രത; 2. ചേൎച്ച, യോജ്യത; 3. രൂപസാദൃശ്യപ്രമാണം, നിൎമ്മാണതുല്യത (*biol.*); 4. ദളതുല്യത (*b.*); 5. യഥാപ്രമാണത, രൂപതുല്യത. bilateral s. ദ്വിപാൎശ്വഭാഗതുല്യത (*biol.*). radial s. കേന്ദ്രാശ്രയഭാഗ— (*biol.*). respective s. ഏതുഭാഗ— (*biol.*). serial s., zonal s. വൃത്താശ്രയഭാഗ— (*biol.*). =met-ri-an, =met-ri'cian (-rish'un), =met-rist, *n.* അംഗസൌഷ്ഠവകൃത്യക്കാരൻ. =met'ric, =met'ri-cal, *a.* അംഗസൌഷ്ഠവം ഉള്ള, അവയവാനുപാതം—; ഉഭയപാൎശ്വാംഗതുല്യത— (*biol.*); തുല്യസംഖ്യാവയവങ്ങൾ— (*biol.*); ദളാംശതുല്യത— (*b.*); രൂപതുല്യത— (*b.*); യഥാക്രമമായ (*b.*); സാമാന്യഹാരകനുള്ള, പരസ്പരമാപകമായ (*math.*). അംഗാനുസരണതമുള്ള (*math.*). =met'ri-cal-ly, *ad.* അംഗചേൎച്ചയോടെ; ഭംഗിയായി. =met'ri-cal-ness, *n.* അംഗസൌഷ്ഠവം, അവയവാനുപാതം; ചേൎച്ച, ഇണക്കം, അനുരൂപത, യോജിപ്പ്, ഭംഗി. =met-rīse, =met-rīze, *v. t.* അംഗസൌഷ്ഠവം വരുത്തുക, യോജ്യത വരുത്തുക.

**Sym'pa-thy,** *n.* സഹതാപം; 2. പരിതാപം, സഹാനുഭാവം, ദയ, അലിവ്, ആൎദ്രത, കരുണ, അനുശോചനം, വേദന, സംവേദനം; 3. മമത, അനുകമ്പ; 4. സ്വഭാവതുല്യത, ആനുഗുണ്യം, ആനുരൂപ്യം, പ്രകൃതിസാമ്യത; 5. (ഒരംഗത്തിനുള്ളത് ശേഷം അംഗങ്ങൾക്കും തട്ടുന്ന) അംഗസംവേദനം (*phys.*); 6. (ഒരാൾക്കുള്ളത് കണ്ടിട്ട് മറെറാരാൾക്കും ഉണ്ടാകുന്ന) ദേഹസംവേദനം, സാങ്ക്രമികസംവേദനം (*phys.*); 7. (രണ്ട് സാധനങ്ങൾക്ക് തമ്മിലുള്ള) ആകൎഷണസംവേദനം, സംശ്ലിഷ്ടസംവേദനം (*ph.*); 8. (പ്രയോഗാദിതുല്യതയായ) സഹകാരകത്വം, സഹകാരകസംവേദനം. =thet'ic, =thet'i-cal, *a.* സഹതാപമുള്ള; പരിതാപജന്യം ആയ; അംഗസംവേദനജന്യം— (*phys.*). s.c nerve സംവേദന (മജ്ജാ)തന്തു (*an.*). s.c sounds സംവേദനശബ്ദം (*ph.*). s.c system ദേഹസംവേദനവ്യവസ്ഥ (*an.*). =thet'i-cal-ly, *ad.* സഹതാപത്തോടെ; സഹകാരകമായി. =thist, =thī'sĕr, =thī'zĕr, *n.* സഹതാപമുള്ളവൻ, അലിവുള്ളവൻ, കരുണാലു, കൃപാലു. =thīse, =thīze, *v. i.* സഹതാപം തോന്നുക, പരിതപിക്കുക, അനുശോചിക്കുക; സഹാനുഭാവം ഉണ്ടാക; യോജിക്കുക, അനുകൂലിക്കുക. [മുള്ള (*b.*).

**Sym-pet'al-ŏus,** *a.* സംയുക്തദല

**Sym'phō-ny** (-fō-ni), *n.* സ്വരമേളം; മേളക്കൊഴുപ്പ് (*S.*), സ്വരലാവണ്യം (*mus.*); 2. ഒരു പുരാതനവാദ്യം; 3. വാദ്യസംഗീതം (*mus.*). =phō'nic, *a.* മേളമൊത്ത, ഇമ്പസ്വരം ആയ; വാദ്യസംഗീതം—. =phō'ni-ŏus, *a.* മേളമൊത്ത, സ്വരച്ചേൎച്ചയുള്ള. =nist, *n.* വാദ്യസംഗീതരചകൻ. =nīse, =nīze, *v. i.* യോജിക്കുക, പൊരുത്തമുണ്ടാക, യോജിപ്പായിരിക്കുക, ചേൎച്ചയുണ്ടാക; മേളമൊക്കുക.

**Sym'phy-sis** (-fi-), *n.* (*pl.* sym'-phy-sēs) അസ്ഥിയുപാസ്ഥിസംയോഗം (*an.*); 2. മുറികൂടൽ (*med.*); 3. ദ്വാരം അടഞ്ഞ്പോകൽ, തടസ്ഥം. sym'phy-tism, *n.* കൂടിച്ചേരൽ; പദസംയോഗം (*phil.*).

**Sym-pi-e-som′e-tĕr**, *n.* വായുഘന മാപക(ഭാവക)യന്ത്രം.

**Sym′plō-cē**, *n.* പദാവൎത്തനാലങ്കാരം (*rhet.*).

**Sym-pō′si-um**, *n.* (*pl.* **sym-pō′-si-a**) കൂടിക്കൂടിക്കൽ; മദ്യസല്ക്കാരം, മദ്യസദ്യ, ഉല്ലാസവിരുന്ന്, —സദ്യ; 2. പ്രബന്ധസംഗ്രഹം, ഉപന്യാസ—. =**pō′si-ac**, *a.* മദ്യസദ്യ സംബന്ധിച്ച; കൂടിക്കൂടിക്കുമ്പോളുണ്ടായ. *n.* (സദ്യയിലുള്ള) വിദഗ്ദ്ധ ഭാഷണം; വിദഗ്ദ്ധസഭ. =**pō′si-ärch** (-ärk), *n.* വിരുന്ന് പ്രമാണി, സദ്യാധിപൻ. =**pō′si-ast**, *n.* കൂടിക്കൂടിക്കുന്നവൻ, വിരുന്നുകാരൻ. =**pō′si-on**, *n.* മദ്യസല്ക്കാരം, ഉല്ലാസസദ്യ.

**Symp′tŏm** (sim′tum), *n.* രോഗലക്ഷണം, രോഗനിദാനം, നിദാനം (*med.*); 2. ലക്ഷണം, ലിംഗം, അടയാളം, കുറി, സൂചകം. =**tō-mat′ic**, =**tō-mat′i-cal**, *a.* ലക്ഷണസംബന്ധം ആയ; ലക്ഷണം—; അടയാളം—; നിദാനസംബന്ധം—, നിദാനാനുസാരം—. =**tō-mat′i-cal-ly**, *ad.* ലക്ഷണപ്രകാരം; അടയാളമായി. =**tom-a-tol′ō-ġy**, *n.* നിദാനം (*med.*).

**Syn** (*before* **p**, **b** *and* **m**: **Sym**, *before* **l**: **Syl**), *pf.* കൂട, സഹ, കൂട്ട്; 2. ഏകകാലത്തുള്ള, ഒരേസമയത്തുള്ള.

**Syn-æ̈r′e-sis, Syn-er′e-sis**, *n.* സ്വരസന്ധി (*gr.*).

**Syn′a-gogue** (-gog), *n.* യൂദസഭായോഗം; യൂദസഭാരാധനാഗൃഹം, 2. യൂദപ്പള്ളി; 3. *also* **great s.** (നൂററിരുപത് അംഗങ്ങളുള്ള) യൂദമതാധികാരസഭ; 4. പുരാതന ക്രിസ്ത്യാനിസഭ; 5. ജനസംഘം. =**gog′-i-cal**, യൂദസഭായോഗം സംബന്ധിച്ച; യൂദപ്പള്ളിക്കുള്ള.

**Syn-a-lē′pha**, =**læ̈′pha** (-fa), *n.* സ്വരലോപം (*gr.*).

**Syn-al-lag-mat′ic**, *a.* പരസ്പരബാദ്ധ്യതയുള്ള (*l.*)

**Syn-a-læ̈′pha**, *n.*, *s. a.* **Synalepha**.

**Syn-an′thŏus**, =**an′thos**, *a.* ഇലയും പൂവും ഒരേ കാലത്തുണ്ടാകുന്ന, പത്രപുഷ്പസഹകാലികമായ (*b.*).

**Syn′är-chy** (-ki), *n.* സംഹഭരണം, കൂട്ട്കോയ്മ.

**Syn-är-tē′sis**, *n.* യോജിപ്പ്, ബന്ധം, ചേൎച്ച; 2. ഉററ സംബന്ധം, ഉററ ചേൎച്ച.

**Syn-är-thrō′sis**, =**thrō′di-a**, *n.* എല്ലിണപ്പ്, അസ്ഥിബന്ധം (*an.*)

**Syn′as-try**, *n.* ഗ്രഹയോഗം; 2. യോഗം, ദശ, ഭാഗ്യം; 3. ഗ്രഹപ്പിഴ, ദുൎദ്ദശ.

**Syn-ax′is**, *n.* സഭ (*Chr.*); 2. (പണ്ട്) കൎത്തൃഭോജനം (*Chr.*).

**Syn′cärp**, =**cär′pi-um** (*pl.* =**cär′-pi-a**), *n.* കൂട്ട്പഴം (*b.*).

**Syn-chō-rē′sis**, *n.* വാദമായകത്വാലങ്കാരം (*rhet.*).

**Syn′chrō-nal, Syn′chron′i-cal**, =′**chrō-nŏus**, *a.* ഒരേ സമയത്തുണ്ടാകുന്ന, ഏകകാലികമായ, അതേകാലത്തുണ്ടാകുന്ന. =**nal**, *n.* സമകാലസംഭവം. =**chron′i-cal-ly**, *ad.* ഒരേ കാലത്ത്, അതേ സമയം. =′**chron-ism**, =′**chron-y**, *n.* ഏകകാലികത്വം, യൌഗപദ്യം; കാലാനുക്രമണിക. =**chron-is′tic**, *a.* യൌഗപദ്യം സംബന്ധിച്ച; കാലാനുക്രമണികമായ. =**chron-i-sā′tiŏn**, =**chron-i-zā′tiŏn**, *n.* ഏകകാലികമാക്കൽ; ഏകകാലികസംഭവം; സംഭവസമകാലികത്വം. =**nīse**, =**nīze**, *v. i.* ഏകകാലത്തുണ്ടാക, ഒരേ—; കാലംകൊണ്ട് ഒത്തിരിക്കുക, ഏകകാലികമായിരിക്കുക. *v. t.* ഒരേ കാലത്താക്കുക, ഏകകാലികമാക്കുക; സമയം ഒപ്പിക്കുക. =**chron-ol′ō-ġy**, *n.* യോഗപദ്യകാലഗണനം. =**nŏus-ly**, *ad.* അതേകാലത്ത്, ഏകകാലികമായി.

**Syn′chy-sis** (-ki-), *n.* സമ്മിശ്രത; 2. സംഭ്രമം; 3. താറുമാറ്.

**Syn-clas′tic**, *a.* ചുററും ഒരേ ഭാഗത്തേക്ക് വളഞ്ഞ, ചുററും തുല്യവളവുള്ള.

**Syn-clī′nal**, *a.* ചുററും അകത്തേക്ക് ചാഞ്ഞ, നാല്പാട്ടും ഉൾചരിവുള്ള.

**Syn′cō-pē**, *n.* അക്ഷരലോപം (*gr.*); 2. സ്വരസംയോഗം, സ്വരലയം (*mus.*); 3. മോഹാലസ്യം, മൂൎച്ഛ, തളൎച്ച, മയക്കം, ബോധക്കേട് (*med.*); 4. നിൎത്ത്, തടസ്ഥം, മുടക്കം. =**pal**, *a.* ലോപമായ (*gr.*);

സ്വരലയമായ (*mus.*); മൂൎച്ഛ ആയ, മയക്കം പോലെയുള്ള (*med.*). =pāte, =pīse, =pīze, *v. t.* ചുരുക്കുക, അക്ഷരം വിട്ടുകളയുക, പദസങ്കോചനം ചെയ്യുക (*gr.*); സ്വരലയം വരുത്തുക (*mus.*). =pā'tiŏn, *n.* അക്ഷരലോപനം, പദസങ്കോചനം (*gr.*); സ്വരസംയോജനം, സ്വരലയം (*mus.*). =pist, *n.* അക്ഷരം ചുരുക്കുന്നവൻ, അക്ഷരലോപകൻ; സ്വരസംയോജകൻ.

**Syn-cret'ic,** *a.* അഭിപ്രായഭേദം ഇല്ലായ്മ ചെയ്യുന്നതായ, ഏകാഭിപ്രായമാക്കിത്തീൎക്കുന്ന; ദൎശനൈക്യം സംബന്ധിച്ച. =cre-tism, =cra-tism, *n.* വിപരീതകക്ഷിസംയോജകപരിശ്രമം, —പരിശ്രമവാദം. =tist, *n.* —വാദി. =tis'tic, *a.* —വാദിക്കുള്ള; വിപരീതകാൎയ്യസംയോജനം സംബന്ധിച്ച. [(*rhet.*).

**Syn'cri-sis,** *n.* താരതമ്യാലങ്കാരം

**Syn-des-mog'ra-phy** (-fi), **Syn-des-mol'ō-ġy,** *n.* ദേഹബന്ധശാസ്ത്രം, തന്തുബന്ധ—(*an.*), സ്നായു—(*an.*). =mō'-sis, *n.* തന്തുബന്ധസന്ധി, സ്നായു— (*an.*).

**Syn-det'ic,** =det'i-cal, *a.* കൂട്ടിച്ചേൎക്കുന്ന, സംയോജകമായ. =det'i-cal-ly, *ad.* സംയോജകമായി.

**Syn'dic,** *n.* അധികാരി, കാൎയ്യക്കാരൻ; ന്യായാധിപതി; 2. സംഘകാൎയ്യസ്ഥൻ; 3. വക്കീല്; 4. രക്ഷാധികാരി(*l.*). =di-cāte, *n.* കാൎയ്യസ്ഥസ്ഥാനം, മേൽവിചാരം, അധികാരം; കാൎയ്യവിചാരകസഭ; പരിപാലക—; കാൎയ്യാധികാര—; സംഘനായക—.

**Sȳne** (sīn), *ad.* പിന്നേതിൽ, വഴിയെ; 2. മുതല്ക്ക്; 3. മുമ്പ്, പണ്ട്; 4. സാവധാനത്തിൽ, താമസത്തോടെ. *conj.* കൊണ്ട്, കാരണത്താൽ, ഹേതുവായി, നിമിത്തം; 2. കണ്ടിട്ട്, കാണുകകൊണ്ട്.

**Syn-ec'dō-chē** (-dō-kē), *n.* ഉപലക്ഷണാലങ്കാരം (*rhet.*). =doch'i-cal (-dok'i-), *a.* ഉപലക്ഷണമായ. =doch'i-cal-ly, *ad.* ഉപലക്ഷണാലങ്കാരമായി.

**Syn-ē'chi-a** (ē'ki-a), *n.* ഒരു വക നേത്രരോഗം (*med.*).

**Syn-ec-phō-nē'sis** (-fō-), *n.* സന്ധി, ലോപസന്ധി, ലോപം (*gr.*).

**Syn-er'e-sis,** *n.*, *s. a.* Synæresis.

**Syn'er-ġy,** *n.* കൂട്ടുപ്രവൃത്തി, സഹപ്രവൎത്തനം. =ġet'ic, *a.* സഹപ്രവൎത്തകമായ, കൂടിപ്രവൃത്തിക്കുന്ന. =ġism, (ഒരുവന്റെ പുനൎജ്ജനനത്തിൽ ദൈവവും അവനും കൂടി പ്രവൃത്തിക്കുന്നുവെന്ന) സഹപ്രവൎത്തനവാദം (*theol.*). =ġist. *n.* —വാദി (*theol.*); സഹപ്രവൎത്തകൌഷധം, കൂട്ടുമരുന്ന് (*med.*). -ġis'tic, *a.* സഹപ്രവൎത്തനവാദം സംബന്ധിച്ച; കൂടിപ്രവൃത്തിക്കുന്ന, യോജിച്ച്—.

**Syn-ġen'ē-sis,** *n.* (ഒരു വിത്തിൽ ഭാവിസന്താനോല്പാദകബീജം ഒക്കയും അടങ്ങിയിരിക്കുന്നുവെന്ന) സന്താനബീജവാദം (*biol.*).

**Syn'graph** (-graf), *n.* (കക്ഷികൾ മുഴുവനും ഒപ്പിട്ട) കൂട്ടുരേഖ (*l.*).

**Syn-i-zē'sis,** *n.* കൃഷ്ണമണിഹാനി (*med.*); 2. ലോപം (*gr.*).

**Syn-neū-rō'sis,** *n.* (*pl.* =rō'-sēs) സ്നായുസന്ധി (*an.*).

**Syn'od** (*or* Sin'ud), *n.* സഭായോഗം (*c. h.*); 'സൂനോദ്', 'സുനഹദോസ്', (*Syr.*); രാജ്യാധികാരസഭ, നിയമനിൎമ്മാണ—; 3. ഗ്രഹയോഗം (*as.*). general s., ecumenical s. സാധാരണാദ്ധ്യക്ഷയോഗം, സാധാരണ സഭായോഗം. national s. രാജ്യാദ്ധ്യക്ഷയോഗം, രാജ്യസഭായോഗം. provincial s. ദേശാദ്ധ്യക്ഷയോഗം, ദേശസഭായോഗം. diocesan s. ഇടവക സഭായോഗം. =ō-dal, =od'ic, =od'i-cal, *a.* സഭായോഗം സംബന്ധിച്ച; —ആയ. =ō-dal, *n.* അദ്ധ്യക്ഷവരി (*eccl.*); സഭായോഗനിൎണ്ണയം. =od'ic, =od'i-cal, *a.* ഗ്രഹയോഗം സംബന്ധിച്ച (*as.*); യോഗാന്തരകാലം സംബന്ധിച്ച (*as.*). =od'i-cal-ly, *ad.* സഭായോഗമായി; സഭായോഗത്തിൽവെച്ച്; സഭായോഗനിൎണ്ണയപ്രകാരം. -ist, *n.* സഭായോഗപക്ഷക്കാരൻ.

**Syn-om'ō-sy,** *n.* (സത്യംചെയ്തു ചേൎന്ന) സഹോദരസംഘം, മിത്രസംഘം.

Syn'ō-nym, =nyme (-nim), *n.* (*pl.* =nyms, =nymes, =on'y-ma) പര്യായശബ്ദം, പര്യായപദം. =nym'ic, *n.* പര്യായശബ്ദശാസ്ത്രം (*gr.*). =nym'ic, =nym'i-cal, =y-mŏus, *a.* പര്യായശബ്ദമായ; തുല്യാൎത്ഥപദംസംബന്ധിച്ച. =nym'i-con, *n.* പര്യായശബ്ദനിഘണ്ടു. =mist, *n.* പര്യായശബ്ദജ്ഞൻ. =mīse, =mīze, *v. t.* പര്യായശബ്ദം പറയുക, തുല്യാൎത്ഥപദത്താൽ കാണിക്കുക. =mŏus-ly, *ad.* പര്യായശബ്ദമായി. =on'y-my, *n.* തുല്യാൎത്ഥത്വം, ഏകാൎത്ഥത്വം; പര്യായശബ്ദസംഹിത; പര്യായശബ്ദാലങ്കാരം (*rhet.*).

Syn-op'sis (*pl.* Syn-op'sēs), *n.* കാര്യത്തിരട്ട്, സാരസംഗ്രഹം, സംക്ഷേപവിവരം. =op'tic, =op'ti-cal, *a.* പൂൎണ്ണരൂപദൎശകമായ, കാര്യത്തിരട്ടായ, സാരസംഗ്രഹമായ. =op'ti-cal-ly, *ad.* സാരസംഗ്രഹമായി; ഒട്ടാകയായി. =op'tic, *n.* (ക്രിസ്ത്യാനിവേദപുസ്തകത്തിൽ മത്തായി, മാൎക്കോസ്, ലൂക്കോസ് എന്ന മൂന്ന് പേർ യേശുക്രിസ്തുവിൻെറ ജീവചരിത്രവിവരം വെവ്വേറെ എഴുതിയ) ആദ്യത്തെ മൂന്ന് സുവിശേഷങ്ങളിൽ ഒന്ന്, മത്തായിസുവിശേഷം, മാൎക്ക്—, ലൂക്ക്— (*theol.*). =op'tist, *n.* (യേശുക്രിസ്തുവിൻെറ ജീവചരിത്രം എഴുതിയ) ആദ്യത്തെ മൂന്ന് സുവിശേഷകന്മാരിൽ ഒരുവൻ, മത്തായി, മാൎക്കോസ്, ലൂക്കോസ് (*theol.*).

Syn-os-te-ol'ō-ġy, *n.* ദേഹസന്ധിശാസ്ത്രം (*an.*). =os-te-ō'sis, (*pl.* =ō'sēs), =tō'sis, *n.* അസ്ഥിബന്ധം (*an.*); മുറിഞ്ഞുന്ന് വട്ടമാററം (*med.*).

Syn-ō'vi-a, *n.* നിണനെയ് (*an.*). =ō'vi-al, *a.* നിണനൈ സംബന്ധിച്ച, നിണനൈ ഊറുന്ന. s.l capsule നിണനെയ് കോശം (*an.*). s.l fluid നിണനൈ, മേദോവകം (*an.*). s.l membrane മേദപ്പാട (*an.*).

Syn-tac'tic, *etc.*, *s. u.* Syntax.

Syn'tax, Syn-tax'is, *n.* വാക്യകാണ്ഡം, വാക്യാധികാരം, വാക്യശാസ്ത്രം, വാക്യരചന—, പദസംയോഗ—, പദപ്രയോഗ— (*gr.*). =tac'tic, =tac'ti-cal, *a.* വാക്യകാണ്ഡംസംബന്ധിച്ച; വാക്യരചന—; വാക്യരചനാസൂത്രപ്രകാരമുള്ള. =tac'ti-cal-ly, *ad.* വാക്യശാസ്ത്രപ്രകാരം.

Syn-te-rē'sis, *n.* മനസ്സാക്ഷിധൎമ്മം, മനസ്സാക്ഷിപ്രമാണം (*met.*).

Syn-thĕr'mal, *a.* തുല്യോഷ്ണമുള്ള.

Syn'the-sis, *n.* (*pl.* Syn'the-sēs) സംയോഗം, മിശ്രണം, യോഗം, കൂട്ട്; 2. സംയോജനപദ്ധതി; കൂട്ടൽ, സങ്കലനം (*ch.*); 3. സംയോജനം (*log.*). =sist, *n.* സംയോജനപദ്ധതിക്കാരൻ. =sīse, =sīze, *v. t.* സംയോജിക്കുക, കൂട്ടിച്ചേൎക്കുക; സംയോഗത്താൽ ഉളവാക്കുക. =thet'ic, =thet'i-cal, *a.* സംയോജനം സംബന്ധിച്ച; സംയോഗത്താലുള്ള; സംയോജനപദ്ധതിയായ; കൃത്രിമമായ, ഉണ്ടാക്കിയ (*ch.*). s.c language, s.l language സപ്രത്യയഭാഷ, പ്രത്യയപരിണാമഭാഷ. =thet'i-cal-ly, *ad.* സങ്കലനപദ്ധതിയായി. =tīse, =tīze, *v. t.* സംയോജിക്കുക, കൂട്ടിച്ചേൎത്തുണ്ടാക്കുക.

Syn'to-my, *n.* ചുരുക്കം, സംക്ഷേപം, തിരട്ട്.

Syph'i-lis (sif'i-), *n.* ഉഷ്ണപ്പുണ്ണ്, ഉഷ്ണരോഗം, ഗ്രന്ഥിപ്പുണ്ണ്, പറങ്കിപ്പുണ്ണ്, ഉപദംശം (*med.*); 2. പറങ്കിക്കുഷ്ഠം (*med.*). =lit'ic, *a.* നടപ്പ്ദോഷരോഗം സംബന്ധിച്ച; ഉഷ്ണരോഗം ഉള്ള; പറങ്കിക്കുഷ്ഠം—. *n.* ഉഷ്ണരോഗി. =lit'i-cal-ly, *ad.* ഉഷ്ണരോഗമായി, ദുൎവ്യാധിയോടെ. =lō-dĕrm, *n.* പറങ്കിക്കുഷ്ഠം (*med.*). =lō-dĕr'ma-tŏus, *a.* പറങ്കിക്കുഷ്ഠം പിടിച്ച (*med.*). =ioid, *a.* ഉഷ്ണരോഗതുല്യമായ. =lol'ō-ġist, *n.* —വൈദ്യൻ. =lol'ō-ġy, *n.* —വൈദ്യശാസ്ത്രം.

Sȳ'phon, *n.*, *s. a.* Siphon.

Sȳ'ren, *n.*, *s. a.* Siren.

Syr'i-ac, Syr'i-an, *a.* സുറിയരാജ്യസംബന്ധിച്ച; 2. സുറിയഭാഷ—; 3. സുറിയാണിയായ. *n.* സുറിയഭാഷ, സുറിയാണി—. Syr'i-an, *n.* സുറിയരാജ്യക്കാരൻ, സുറിയാണി; സുറിയാണിസഭക്കാരൻ.

**Syr'inġe,** വസ്തിക്കുഴല്, 'പിസ്ക്കാരി', പീച്ചാങ്കുഴല്. *v.t.* പിസ്ക്കാരി അടിക്കുക, വസ്തിപ്രയോഗം ചെയ്യുക (*med.*).

**Syr'inx,** *n.* (*pl.* syr'in-ġēs) ഒരു കുഴല്വാദ്യം (*mus.*); 2. പക്ഷികളുടെ ശ്വാസനാളം (*an.*). [ലയങ്കി.

**Syr'ma,** *n.* (പുരാതന) അഭിനയന്നി

**Syrt** (sērt), *n.* മണല്ത്തിട്ട, മാട്; 2. ചതുപ്പ്നിലം, ചളിപ്പ്രദേശം. **syr'tic,** *a.* മണല്ത്തിട്ടയായ, മാടായ; ചതുപ്പ്നിലം പോലെയുള്ള. **syr'tis** (*pl.* syr'tēs), *n.* മണല്ത്തിട്ട, ചുഴിമണല്.

**Syr'up,** *n.* ശക്കരപ്പാവ്; 2. (പഞ്ചസാര, തേൻ മുതലായത് ചേൎത്തുണ്ടാക്കിയ) മധുപാനകം; 'സൎവ്വത്ത്'. **-y,** *a.* ചക്കരപ്പാവ്പോലെയുള്ള; സൎവ്വത്ത്—; മധുരമുള്ള.

**Sys-tal'tic,** *a., s. u.* Systole.

**Sys'ta-sis,** *n.* (രാജ്യസംബന്ധമായ) സമാജം, സംഘം.

**Sys'tem,** *n.* അനുക്രമം, പദ്ധതി; 2. സ്ഥാപനം, സംസ്ഥാപനം, നിബന്ധനം, വ്യവസ്ഥ; 3. സംഹിത, തന്ത്രം; 4. വിശ്വം, അഖിലാണ്ഡം; പ്രപഞ്ചവ്യവസ്ഥ; 5. ക്രമം, ചട്ടം, നിയമം, പ്രമാണം, രീതി, സൂത്രം, രൂപം; 6. അംശവ്യവസ്ഥ, അംശസംയോഗം, ഇന്ദ്രിയാവലി (*biol.*); 7. ശരീരക്കൂറ്, ദേഹക്കൂറ്, ശരീരപ്രകൃതി; 8. ശരീരം, ദേഹം. **s. of divinity** വൈദികസംഹിത. **s. of botany** ഉല്ഭിജ—. **s. of chemistry** രസവാദപദ്ധതി, രസായനതന്ത്രം. **s. of government** ഭരണവ്യവസ്ഥ, രാജ്യഭാരപദ്ധതി, —രീതി. **s. of philosophy** ദൎശനം. **block s.** (ഇരുസ്ഥാനങ്ങൾക്ക് മദ്ധ്യേയുള്ള ഇരിമ്പ് പാതയിൽ ഒരേ സമയം ഒന്നിലധികം തീവണ്ടിക്കൂട്ടം ഓടാതിരിപ്പാനുള്ള) വഴിതടസ്ഥസൂത്രം. **capillary s.** രക്തസിരവ്യവസ്ഥ. **conservative s.** പദാൎത്ഥസ്വാശ്രയശക്തിധൎമ്മം. **digestive s.** ഭഹനേന്ദ്രിയവ്യവസ്ഥ, ദേഹേന്ദ്രിയ—, ദഹനേന്ദ്രിയാവലി. **military s.** സൈന്യവ്യവസ്ഥ, —സംസ്ഥാപനം. **muscular s.** മാംസപേശിവ്യവസ്ഥ, —സഞ്ചയം. **solar s.,** *s. u.* Sol I. **-at'ic, -at'i-cal,** *a.* വ്യവസ്ഥ ആയ; —സംബന്ധിച്ച; —ഉള്ള; വ്യവസ്ഥിതമായ; ക്രമാനുസാരം ആയ, യഥാക്രമം—, രീതിപ്രകാരമുള്ള; വിശ്വം സംബന്ധിച്ച, വിശ്വവ്യവസ്ഥ—, പ്രാപഞ്ചികമായ; വിവിധേന്ദ്രിയാവലി സംബന്ധിച്ച. **s.c theology,** *s. u.* Theology. **-at'i-cal-ly,** *ad.* ക്രമപ്രകാരം, യഥാക്രമം, ചട്ടപ്രകാരം, വ്യവസ്ഥിതമായി, വ്യവസ്ഥോചിതമായി, വ്യവസ്ഥപ്രകാരം. **-a-tism,** *n.* ക്രമീകരണം, സംസ്ഥാപനം, സംഹിതയാക്കൽ. **-a-tist,** *n.* ക്രമീകാരകൻ, വ്യവസ്ഥകൻ; ക്രമാനുസാരി, സൂത്രം പ്രമാണിക്കുന്നവൻ, പദ്ധതിപ്രകാരം ചെയ്യുന്നവൻ. **-a-tī-ṣā'tiŏn, -a-tī-zā'tiŏn, -i-ṣā'tiŏn, -i-zā'tiŏn,** *n.* ക്രമീകരണം, വ്യവസ്ഥയാക്കൽ; സംസ്ഥാപനം. **-a-tīṣe, -a-tīze, -īṣe, -īze,** *v. t.* വ്യവസ്ഥയാക്കുക, ക്രമപ്പെടുത്തുക, ചട്ടപ്പെടുത്തുക, രൂപമാക്കുക; പദ്ധതിവരുത്തുക; സംഹിതയാക്കുക. **-a-tī-ṣĕr, -a-tī-zĕr, -ī-ṣĕr, -ī-zĕr,** *n.* ക്രമീകാരകൻ, ചട്ടപ്പെടുത്തുന്നവൻ, വ്യവസ്ഥകാരകൻ. **-a-tol'ō-ġy,** *n.* വ്യവസ്ഥശാസ്ത്രം; സംഹിത—. **-'ic,** *a.* വ്യവസ്ഥാനുസാരമായ; ഇന്ദ്രിയാവലിക്കുള്ള; മുഴുദേഹം സംബന്ധിച്ച; പ്രാകൃതമായ. **s.c death** ദേഹവിയോഗം, മരണം. **-'less,** *a.* വ്യവസ്ഥയില്ലാത്ത; വ്യവസ്ഥയിൽ പെടാത്ത; അവ്യവസ്ഥകമായ.

**Sys'tō-lē,** *n.* അമരൽ; 2. ഏസ്വമാകൽ, ചുരുങ്ങൽ (*gr.*); 3. ഹൃത്സങ്കോചനം, ഹൃദയസങ്കോചനം, ഹൃദയാമൎച്ച (*phys.*). **=tal'tic,** *a.* സങ്കോചവികാസങ്ങളാൽ ഉണ്ടാകുന്ന (*phys.*); സങ്കോചവികാസശക്തിയുള്ള; അമരുന്ന. **=tol'ic,** *a.* സങ്കോചനം സംബന്ധിച്ച; ഹൃദയസങ്കോചനം—.

**Sȳthe,** *n., s. a.* Scythe.

**Syz'y-ġy,** *n.* (*pl.*) (ഗ്രഹ)യോഗം; 2. വൃത്തസമ്മിശ്രണം (*pros.*). **=zyġ'i-al,** *a.* യോഗസംബന്ധമായ; വൃത്തസമ്മിശ്രണം സംബന്ധിച്ച.

# T

T, ഇംഗ്ലീഷ് ഭാഷയിൽ ഇരുപതാമത്തെ അക്ഷരം. വ്യഞ്ജനം. പേര്: റീ. ഉച്ചാരണം: റ്, ട്, ത്; h എന്ന അക്ഷരം പരമായി വരുമ്പോൾ: ത്, ഢ്. T.-cart (രണ്ടാൾക്ക് ഇരിക്കാവുന്ന ഒര് വക) ഉല്ലാസവണ്ടി. to a T. കൃത്യമായി; നല്ലവണ്ണം; സമ്പൂർണ്ണമായി.

Tab, *n.* (ചെരിപ്പിന്റെ) പൂട്ട്തോല്; 2. (ചെരിപ്പിന്റെ വാറ റങ്ങളിൽ പിടിപ്പിക്കുന്ന) ലോഹക്കുഴ; 3. പിടി; 4. കൊക്ക; 5. കര, 'ലേസ്'; 6. തൊങ്ങല്.

Ta-bā'nus, *n.* ഒരുവിധം ഈച്ച, പോന്ത (*z.*).

Tab'ärd, Tab'ērd, *n.* കലചിഹ്നക്കുപ്പായം. -ēr, *n.* കലചിഹ്നക്കുപ്പായം ധരിക്കുന്നവൻ; (ഓക്സ്ഫോഡ് സർവ്വകലാശാലയിലെ ഒര്) ശമ്പളവിദ്യാർത്ഥി.

Tab'a-ret, *n.* തടിച്ച പട്ട്തുണി.

Tab-a-shēer', *n.* മുളങ്കർപ്പൂരം, മുളകർപ്പൂരം, മുളനൂറ്, വംശരോചനം, വംശലോചനം, മുളയുപ്പ്, തപക്ഷീരം (*b.*).

Tab'bi-net, *n.*, *s. u.* Tabby,

Tab'by, *n.* ഒരുവക നല്ല പട്ട്തുണി, തിരമാലപ്പട്ട്; 2. (കുമ്മായവും ചരലും കൂട്ടിയ) 'ജല്ലി', ചരൽക്കൂട്ട്, വജ്രശാരം; 3. വരിയൻപൂച്ച, പുള്ളിപ്പൂച്ച, പൂച്ച; 4. വർത്തമാനക്കാരത്തി. *a.* വളവ്വരയുള്ള; വരിയനായ; പുള്ളി ഉള്ള; പലനിറം—. *v. t.* പട്ട്തുണിയിൽ വളവ്വരയുണ്ടാക്കുക. =′bi-net, tab'i-net, *n.* രോമപ്പട്ട്തുണി.

Tab'e-fȳ, Tab-e-fac'tiŏn, *s. u.* Tabes.

Tā'bēr, *n.*, *s. a.* Tabor.

Tab'ērd, *n.*, *s. a.* Tabard.

Tab'ēr-nac-le, *n.* കടില്; കൂടാരം, തമ്പ്; 2. സാക്ഷ്യകൂടാരം, സമാഗമനകൂടാരം (*Bl.*); 3. ദൈവാലയം, ദൈവമന്ദിരം; ദൈവാരാധനസ്ഥലം; മണ്ഡപം; 4. ശരീരം; 5. തിരുവത്താഴവിഭവപ്പെട്ടകം; 6. ചുമരിലുള്ള മാടം; 7. വിചിത്രപ്പണി (*R. C.*); 8. (പള്ളിയിൽ) ഗായകവർഗ്ഗസ്ഥാനം (*R. C.*). t.-work വിചിത്രശൃംഗാരപ്പണി. feast of t.s കൂടാരപ്പെരുന്നാള് (*Bl.*). *v. i.* തല്ക്കാലവാസം ചെയ്യുക, കടിപാർക്കുക, വസിക്കുക, താമസിക്കുക; 2. സൂക്ഷിച്ച് വെക്കുക, അടച്ച് വെക്കുക. =nac'ū-lar (-lĕr), *a.* സാക്ഷികൂടാരം സംബന്ധിച്ച; ക്രാസിപ്പണിയായ, അന്താഴം ഇട്ട (*arch.*); ചാപ്പആയ; കടില്—, കടിഞ്ഞില്—; താണ; സാധാരണമായ.

Tā'bēṣ, *n.* ദേഹമെലിച്ചല് (*med.*), t. mesenterica ഒര്വക ഗ്രഹണി (*med.*). tab'e-fȳ, *v. t.* ക്ഷയിപ്പിക്കുക. മെലിയിക്കുക; ക്ഷയിക്കുക, മെലിയുക. tab-e-fac'tiŏn, *n.* മെലിച്ചല്, ഉരുക്കം, ഗ്രഹണി, ക്ഷയം. =bes'cent, *a.* മെലിയുന്ന, ക്ഷയിക്കുന്ന. ta-bet'ic, tab'id, *a.* ഗ്രഹണി സംബന്ധിച്ച; —പോലെയുള്ള; മെലിച്ചലുള്ള, ഗ്രഹണിപിടിച്ച (*med.*). ta-bet'ic, *n.* ഗ്രഹണിരോഗി. tab'id-ly, *ad.* ഗ്രഹണിയായി. tab'id-ness, *n.* മെലിച്ചല്, ഗ്രഹണി. =bif'ic, =bif'i-cal, *a.* മെലിച്ചല് വരുത്തുന്ന, ഗ്രഹണി—.

Tab'i-net, *n.*, *s. u.* Tabby.

Tab'la-tūre, *n.* ചുമര്ചിത്രം, മച്ച്ചിത്രം; ചിത്രം; 2. (പൂർവ്വത്തിലെ) രാഗസൂചകലിപി, രാഗലിപി (*mus.*); 3. മണ്ടയെല്ലംശം (*an.*).

Tā'ble, *n.* പരപ്പ്, 2. തകിട്, ചില്ല്; 3. പലക, എഴുത്ത്പലക; 4. *pl.* കറിപ്പ് പുസ്തകം; 5. നാല്ക്കാലി, 'മേശ', പീഠം; 6. തീൻമേശ, ഭക്ഷണമേശ; 7. വിരുന്ന്പന്തി, പങ്കതി; 8. പന്തിക്കാര്; വിരുന്നുകാര്; 9. സംഗ്രഹം, സംക്ഷേപം, തിരട്ട്; 10. അനുക്രമണിക, പൊരുളടക്കം; 11. പട്ടിക; 12. ആദിഭൂതപ്പട്ടിക, മൂലപദാർത്ഥപ്പട്ടിക (*ch.*); 13. കണക്ക്പട്ടിക (*math.*); 14. ഉള്ളങ്കൈവര; 15. തലയോട്ട്പലക, മസ്തകാസ്ഥി (*an.*); 16. കളിപ്പലക, ചൂത്പലക, ചൂത്പടം; 17. കണ്ണാടിച്ചില്ല്; 18. രത്നമുഖം. t.-anvil കയ്യടകോല്.

t.-bed മേശക്കിടക്ക. t.-beer ഇള(യവ) മദ്യം, ഇള 'ബീര്'. t.-bell കിലുക്ക്മണി. t.-book കുറിപ്പ് പുസ്തകം. t.-cloth മേശത്തുണി, മേശത്തുപ്പട്ടി. t.-cover മേശത്തുണി. t.-diamond മുഖ(ംകടഞ്ഞ) വജ്രം, മുഖവൈരം. t.-knife (വലിയ) മേശക്കത്തി, മുഴമേശക്കത്തി. t.-land മലനാട്, മലമ്പരപ്പ്, ഉയന്നാട്, മേട്, പ്രസ്ഥം. t.-linen തുപ്പട്ടി, മേശത്തുവ്വാല. t.-man (കളിക്കുന്ന) കരു. t.-mat തട്ടക്ക്, ചെറുപ്പല്ലായി. t.-money ചോററ് പണം, 'ബത്ത', പടി, തീൻചെലവ് (*mil. or naut.*). t.-plate, t.-ware ഭക്ഷണപാത്രങ്ങൾ, പിഞ്ഞാണപ്പാത്രങ്ങൾ. t.-rent അദ്ധ്യക്ഷച്ചെലവ് വരി. t.-shore മിട്ടാൽപ്രദേശം. t.-spoon മേശക്കരണ്ടി, വലിയ കഴിയല്, തവി. t.-spoonful കഴിയല്നിറയ, ഒര് വലിയ തവി. t.-talk (ഉണ്ണുമ്പോഴുള്ള) പന്തിഭാഷണം, പന്തിസംഭാഷണം, വിശ്രംഭാലാപം, വെടിവാക്ക് (*S.*). t.-talker പന്തിസംഭാഷണക്കാരൻ. t.-tipping, t.-turning (പലര് വട്ടത്തിൽനിന്ന് മേശതൊട്ടാൽ അത് സ്വതവെ ഇളകുന്ന) ചൈതന്യാധികരണം. bench-t. ജഗതി, ചകതി, ചേതി, തറക്കെട്ട് (*arch.*). cord-t. കത്ത്കളിമേശ; കത്ത്കളി. Communion T., Lord's T. തിരുവത്താഴമേശ, തിരുവത്താഴപീഠം; തിരുവത്താഴം (*Chr.*). multiplication t. ഗുണകോഷ്ഠം. raised t. ചുമരില്ലുള്ള മുലപ്പാട്. to lay on the t. ആലോചന നിത്തിവെക്കുക, വാദം—. to serve t.s അന്നദാനം ചെയ്യുക, സാധുപരിപാലനം—. to turn the t.s മറിച്ചാമ്പാടാക്കുക, കീഴ്മേൽ മറിക്കുക, തിരിച്ചടിക്കുക, അവസ്ഥാന്തരം വരുത്തുക, —വരിക. twelve t.s പുരാതന റോമരാജ്യനിയമം. *t.d'hote* (*pr.* tā'bl-dōt), വഴിയമ്പല(ത്തിലെ) ഭക്ഷണപ്പന്തി. t. of contents പൊരുളടക്കം, സൂചിപത്രം, സൂചി. t. of interest പലിശപ്പട്ടിക. t. of weights and measures അളവ് തൂക്കപ്പട്ടിക. spread the t. ഭക്ഷണം മേശമേൽ കൊണ്ട്വെക്കുക, വിളമ്പുക. to keep an open t. അതിഥിസല്ക്കാരം ചെയ്യുക, ആതിത്ഥ്യം കാട്ടുക. to keep a good t. സുഖഭോജനം കൊടുക്കുക, മൃഷ്ടാന്നം—, നല്ല ഭക്ഷണം—. to be at t. ഭക്ഷണത്തിന്നിരിക്കുക, ഉണ്മാനിരിക്കുക. sitting at the same t. സഹഭോജനം, പന്തിഭോജനം. *v. t.* പട്ടികയാക്കുക, പട്ടികവരക്കുക, കള്ളി—; 2 ചാർത്തുക; 3. ഇണെക്കുക, തട്ടംവിടവുംവെച്ച് ഇണെക്കുക, ഏപ്പിടുക (*carp.*); 4. (മേശമേൽ) വെക്കുക; 5. വാദം നിത്തിവെക്കുക; 6. കുറിക്കുക, കണക്ക് കുറിക്കുക; 7. വലിയ മടക്കിട്ട് തുന്നുക. *v. i.* വിട്ടുതിക്കാരനായി പാക്കുക, ഉണ്ടു താമസിക്കുക. tab'let, *n.* ചെറു പലക; ചെറു തകിട്; ശിലാരേഖ; ചിത്രം; *pl.* ചെറുകുറിപ്പ് പുസ്തകം; കട്ട, കട്ടി, ആണി; വട്ട്, മാത്ര, ഒര് വക ഗുളിക (*med.*). tā'bling, *n.* പട്ടികയാക്കൽ; ക്രമപ്പെടുത്തൽ; തട്ടം വിടവും വെച്ച് ഇഴക്കൽ; തട്ടം വിടവും ഏപ്പ് (*carp.*); കപ്പപ്പായിമടക്ക്. tab'ū-la (*pl.* tab'ū-læ), *n.* ചെറു മേശ; —തകിട്; —പലക. *t.a rasa* മിനുസപ്പലക; (കുട്ടികളുടെ) അനനുഭവമാനസം, നിർല്ലേഖിതമാനസം (*met.*). tab'ū-lar (-lẽr), *a.* മേശാകൃതിയായ, മേശപോലെയുള്ള; അട്ടക്കട്ടക്ക് ആയ; പോളപോള—; ചതുരം ചതുരം—; പട്ടിക—; കള്ളിവരച്ച; കണക്ക് പട്ടികപ്രകാരമുള്ള. tab-ū-lar-i-sā'tiŏn, tab-ū-lar-i-zā'tiŏn, tab-ū-lā'tiŏn, *n.* പട്ടികയാക്കൽ. tab'ū-lar-īse, tab'ū-lar-īze, tab'ū-lāte, *v. t.* ചുതുക്കുക; പട്ടികയാക്കുക; മുകൾപ്പരപ്പാക്കുക.

*Tab-leau'* (tab-lō'), *n.* (*pl.* 'tab-leaux' *pr.* tab-lōz') സാക്ഷാൽ സ്വരൂപം; 2. വിശിഷ്ടചിത്രം; 3. നാട്യം, അഭിനയം; 4. അഭിനയദശ്നം. *t. vi-vant'* (ve-văng') അഭിനയദശ്നം.

Tā'ble-book, Tā'ble-cloth, Tā'ble-d'hote, Tab'let, Tā'ble-ware, *etc.*, *s. u.* Table.

Ta-boo', Ta-bu', *n.* ഭ്രഷ്ട്, ജാതിഭ്രഷ്ട്, പന്തിവിരോധം, കൂടിക്കഴിയാതിരിക്കൽ, വിലക്കം, മുടക്കം. *v. t.* ഭ്രഷ്ട്ക

ല്പിക്കുക, —ആക്കുക; വിലക്കുക, മുടക്കുക; പന്തിവിരോധം ചെയ്യുക; മാററ് വിരോധിക്കുക.

**Tā'bŏr, Tā'bĕr, Tab'ō-rīne,** (-rēn), **Tā'bŏur, Tam'bŏr, Tam'bŏur, Tam'-bŏur-īne, Tam'bū-rīn,** *n.* തപ്പ്, തപ്പിട്ട, തമ്മിട്ടം, മൃദംഗം, മദ്ദളം, മുരച്ച, മുരജം, പാണി, പണവം, തുടി, ഉടുക്ക്, കിടികിടി, നടമിഴാവ് (*S.*), 'തമ്പോററ്'. *v. t.* & *i.* മുട്ടുക, കൊട്ടുക, അടിക്കുക. **-ĕr,** *n.* മദ്ദളക്കാരൻ, മൃദംഗക്കാരൻ. =**tab'ŏur-et, tab'ret,** *n.* ചെറു മദ്ദളം. **tab'ŏur,** *n.* ചെറു മൃദംഗം; പീഠം, ആസനം; ചിത്രത്തയ്യൽച്ചട്ടം.

**Ta-bu̥',** *n.*, *s. a.* Taboo.

**Tab'ū-la, Tab'ū-lar, Tab'ū-lāte,** *etc.*, *s. u.* Table.

**Tac,** *n.* (ഒരു പുരാതന) ജന്മിഭോഗം.

I. **Tāce,** *n.* ഒരു വക ക്രൂശ്.

II. **Tā'cē, Tas'sē,** *n.* ഊരുകവചം, ഊരുരക്ഷ, തുടക്കവചം.

*Tā'cet,* മൌനമായിരിക്കുക; മൌനം (*mus.*).

**Ta-chom'e-tĕr** (-kom'e-tĕr), *n.* വേഗമാപനയന്ത്രം; 2. പ്രവാഹവേഗമാപനയന്ത്രം; 3. രക്തവേഗമാപനയന്ത്രം (*phys.*).

**Tach'y-di-dax-y** (tak'i-), *n.* ആശുബോധനീയപദ്ധതി.

**Ta-chy'gra-phy** (-ki'gra-fi), *n.* ശീഘ്രലേഖനവിദ്യ; 2. *s. a.* Stenography. =**graph'ic,** =**graph'i-cal,** *a.* ശീഘ്രലേഖനംസംബന്ധിച്ച; *s. a.* Stenographic, *etc.*

**Tac'it,** *a.* മൌനമായ, മിണ്ടാത്ത; 2. മൌനാനുവാദമായ. **-ly,** *ad.* മിണ്ടാതെ, മൌനാനുവാദമായി. =**'i-turn** (-tĕrn), *a.* മുനിയായ, മിതഭാഷിയായ, മൌനശീലമുള്ള. =**turn'i-ty,** *n.* മൌനശീലം, മിതഭാഷണം; മൌനത.

**Tack,** *n.* മുള്ളാണി, തുറട്ട (*S.*); 2. അനുബന്ധം, ചേപ്പ്; 3. (കപ്പലിലെ) ഒരു കയറ്, പാമരക്കയറ്; 4. ഒരു കപ്പപ്പായി; 5. കപ്പലിൻെറ ഗതി; 6. പാട്ടം, പാട്ടാവകാശം; 7. വിശ്വാസം. **t.-pins** കയറ് (കെട്ടുന്ന) കററി. **t.s-man** പണയക്കാരൻ, പണയദാര്, കാണാരി (*l.*). **star-board t.** (കോസ്) വലത്തോട്ട് ചാഞ്ഞ ഓട്ടം. **port-t.** 'ഏമാൻ', ഇടഭാഗം ചാഞ്ഞ ഓട്ടം. **t. of a flag** കൊടിക്കയറ്. **to haul t.s aboard** പായി വലിക്കുക, പായി വിരിക്കുക. *v. t.* ആണി അടിക്കുക, —തറക്കുക; 2. പിടിപ്പിക്കുക; 3. തുന്നിപ്പിടിപ്പിക്കുക; 4. വിളക്കുക; 5. (on, to) ചേക്കുക, കൂട്ടിച്ചേക്കുക; അനുബന്ധമാക്കുക; 6. (കപ്പല്) തിരിക്കുക, കാററിന്ന് എതിരായി ഓട്ടുക, പായിചരിച്ചോട്ടുക, ചാഞ്ഞോട്ടുക. *v. i.* (കപ്പല്) തിരിക്കുക; 2. പായി ചരിച്ചോട്ടുക, ചാഞ്ഞോട്ടുക. **-'ĕr,** *n.* തറക്കുന്നവൻ. **-'et,** *n.* ചെറിയ മുള്ളാണി. **-'ing,** *n.* (ഒരേ സ്വത്തിന്മേൽ ഒരുവന്ന് വെവ്വേറെ കാലത്ത് സിദ്ധിച്ച കാണപണയാവകാശം ഒന്നായി വിചാരിക്കുന്ന) കൂട്ട് പണയബാദ്ധ്യത (*l.*).

**Tack'ey,** *s. a.* Tacky.

**Tac'kle,** *n.* കപ്പിയും കയറും; കമ്പ, കയറ്; 2. പണിയായുധം, പണിമുട്ടുകൾ (*S.*), പണിക്കോപ്പ്, കോപ്പ്; 3. കപ്പക്കയറുകൾ. **t.-board, t.-post** കയറ് പിരിച്ചട്ടം. **t.-fall** കമ്പയററം. **fishing t.** (വല മുതലായ) മീൻപിടിക്കോപ്പ്, ചൂണ്ടക്കോപ്പ്. **ground t.** നങ്കൂരം, ചങ്ങല, കമ്പ. **gun-t.** പീരങ്കിയേററ് സൂത്രം. **tack-t.** മറുക്ക്. **fall and t., block and t.** ഇരട്ടക്കപ്പിയും കയറും. *v. t.* പണിക്കോപ്പ് കൊട്ടുക്കുക; 2. കെട്ടുക, കോപ്പിടുക, (കതിരയെ) വണ്ടിക്ക് കെട്ടുക; അമി(വി)ക്കുക, പൂട്ടുക; 3. പിടിക്കുക, കൊ(പൊ)ത്തിപ്പിടിക്കുക, ഊപ്പ(പ്പ്)ടങ്ങ(നെ)പിടിക്കുക. **tac'kled** (tak'kld), *a.* കയറ് കെട്ടിയുണ്ടാക്കിയ, കയറ് കൊണ്ടുണ്ടാക്കിയ. **tac'kling,** *a.* കപ്പക്കയറുകൾ, പായിമരക്കോപ്പുകൾ (*naut.*); കോപ്പുകൾ, ആയുധങ്ങൾ; കതിരക്കോപ്പ്, 'ജീനി', 'ജീൻ'.

**Tack'y, Tack'ey,** *a.* പററുന്ന, ഉണങ്ങാത്ത, ആറാത്ത (*U. S.*). *n.* പററ്.

**Tact,** *n.* സ്പൎശബോധം, സ്പൎശേന്ദ്രിയം, തൊട്ടറിവ്; 2. താളം, താളം പിടിക്കൽ, ശ്രുതി, ശ്രുതിപിടിക്കൽ (*mus.*); 3. മനഃസ്പൎശം, മനസ്സിന്ന് തട്ടൽ; 4. യുക്തികൌശലം, യുക്തി, മിടുക്ക്, സാമൎത്ഥ്യം, ചാതുൎയ്യം; വിവേകം, ക്ഷണയുക്തി. **-'a-ble,** *a.* തൊടാവുന്ന, തൊടത്തക്ക, സ്പൎശിക്കത്തക്ക. **tac'tile,** *a.* സ്പൎശേന്ദ്രിയസംബന്ധമായ, തൊട്ടറിയുന്ന; സ്പൎശനീയമായ, തൊടാവുന്ന. **t.e sense** സ്പൎശബോധം, സ്പൎശേന്ദ്രിയം (*phys.*). **=til'i-ty,** *n.* സ്പൎശനീയത്വം. **tac'tiŏn,** *n.* സ്പൎശനം, തൊടല്, അട്ടപ്പം. **-'less,** *a.* സാമൎത്ഥ്യം ഇല്ലാത്ത, യുക്തി—; വിവേകം—. **tac'tū-al,** *a.* സ്പൎശബോധം സംബന്ധിച്ച, സ്പൎശേന്ദ്രിയം—; സ്പൎശബോധജന്യമായ.

**Tac'tics,** *n. pl.* (യുദ്ധത്തിന്ന് സൈന്യങ്ങളെ നിൎത്തുന്ന) അണികൌശലം, അണിവിദ്യ, സേനവിന്യാസകൌശലം, വ്യൂഹരചനവിദ്യ; വ്യൂഹനിൎമ്മാനം; 2. ആയോധനവിദ്യ; യുദ്ധസാമൎത്ഥ്യം; 3. യുക്തി, കൌശലം, സാമൎത്ഥ്യം. **tac'tic, =ti-cal,** *a.* അണികൌശലം സംബന്ധിച്ച; വ്യൂഹരചനവിദ്യയായ. **=ti'cian** (-tish'an), *n.* അണിവിദ്യക്കാരൻ, വ്യൂഹരചനാവിദഗ്ദ്ധൻ; സമൎത്ഥൻ, സാമൎത്ഥ്യക്കാരൻ.

**Tac'tile,** *etc., s. u.* **Tact.**

**Tad'pōle,** *n.* തവളമുടില് (*S.*), —മിട്ടില്, വാലൻപേക്കൻ (*z.*).

**Tæ'di-um,** *n., s. a.* **Tedium.**

**Tāel, Tāle,** *n.* (നാലര ഉറുപ്പിക വിലയുള്ള) ഒര് ചീനനാണ്യം; 2. (മൂന്നര ഉറുപ്പികത്തൂക്കമുള്ള) ഒര് ചീനത്തൂക്കം.

**Tæ'ni-a** (tē'ni-a, *pl.* **tæ'ni-æ**), *n.* കലപ്പാമ്പ്, ഇര, പാമ്പൻ, ആന്ത്രകീടം; 2. നാടപ്പാമ്പൻ (*z.*); 3. മജ്ജാബന്ധം, മജ്ജാരേഖ, മസ്തിഷ്കരേഖ (*an.*).

**Taf'fĕr-el,** *n., s. a.* **Taffrail.**

**Taf'fe-ta, =ty,** *n.* വിശേഷപ്പെട്ട പട്ടുതുണി.

**Taff'rāil, Taf'fĕr-el,** *n.* (കപ്പലിന്റെ) അമരമേൽത്തട്ട്; 2. അമരമേൽത്തട്ടഴി, അമരക്കിരാതി, അമരവേലി.

**Taf'fy, Tof'fy,** *n.* ചക്കരമിട്ടായി, ശക്കരമിട്ടായി; 2. മുഖസ്തുതി, ശൃംഗാരവാക്ക്, പൊന്നാര—. [രായം.

**Taf'i-a,** *n.* കരിമ്പ്റാക്ക്, ശക്കരച്ചാ

**Tag,** *n.* തൊങ്ങല്; 2. (വല്ലതിന്മേലും കെട്ടിത്തൂക്കിയ) നറുക്ക്; 3. (ചരടററത്ത് പിടിപ്പിച്ച) ലോഹക്കുഴല്; 4. (നാടകത്തിലെ) സൂചകവാക്ക്; 5. അററം, അഗ്രം; 6. ഹീനമായത്, നിസ്സാരമായത്; 7. ആട്ടിൻകട്ടി; 8. കണ്ണാടംപൊത്ത് കളി; തൊട്ട് കളി. **t.-belt, t.-sore** ആട്ടുകൾക്കുണ്ടാകുന്ന ഒര് രോഗം (*vet.*). **t.-lock** മുടിക്കുടുക്ക്, ജട. **t.-rag, t. and rag** പുരുഷാരം, പോക്കിരിക്കൂട്ടം, നിസ്സാരജനക്കൂട്ടം. **t.-tail** വാലിന്ന് നിറഭേദമുള്ള ഒര് പുഴ (*z.*); (മററൊരുത്തനെ) ആശ്രയിച്ച് നടക്കുന്നവൻ, ആശ്രിതൻ. *v. t.* തൊങ്ങല് വെച്ച് കെട്ടുക; 2. കൂട്ടിച്ചേൎക്കുക, പിടിപ്പിക്കുക; 3. ഓടിത്തൊടുക, പാഞ്ഞ് തൊടുക. *v. i.* (after) വഴിയെ നടക്കുക, അനുചരനായിരിക്കുക. **-'gĕr,** *n.* കൂട്ടിച്ചേൎക്കുന്നവൻ; മുള്ള്; (മുള്ളന്റെ) അമ്പ്. **-'let,** *n.* ചെറുതൊങ്ങല്.

**Tagl-iō'ni** (tal-yō'ni), *n.* പുറങ്കുപ്പായം.

**Tag'ū-an,** *n.* പറക്കുന്ന അണ്ണാക്കൊട്ടൻ, പാറണ്ണാൻ (*z.*).

I. **Tāil,** *n.* ക്ലൃപ്തം, ചുരുക്കം (*l.*). **estate in t.** (ആദ്യനിശ്ചയപ്രകാരമുള്ള അവകാശികൾക്ക് മാത്രം അനുഭവിക്കാകുന്ന) ക്ലൃപ്താവകാശിസ്വത്ത്, അവകാശിനിൎണ്ണയസ്വത്ത്. *a.* ക്ലൃപ്തമായ; ചുരുക്കിയ, ചുരുങ്ങിയ (*l.*). **-'zēe, -'zie,** *n.* പ്രത്യേകാവകാശിനിൎണ്ണയരേഖ (*l.*).

II. **Tāil,** *n.* വാല്, പുച്ഛം, ലാംഗൂലം (*z.*); 2. അററം, ഇളന്തല; 3. പരിവാരം, അകമ്പടി; 4. (നാണ്യത്തിൽ തല ഇല്ലാത്തതായ) മറുഭാഗം, നാണ്യമറുഭാഗം; 5. സ്നായു (*an.*); 6. *pl.* പതിര്, തുളി; 7. ഓട്ടിന്റെ അടിഭാഗം; 8. *pl.* അയിരുച്ചിപ്പം (*ming.*). **t.-bay** (ചുമരിന്മേലും തൊണ്ടികമേലും കൊണ്ട് നില്ക്കുന്ന) തുലാം (*arch.*). **t.-beam, t.-joist, t.-piece** (മച്ചിന്റെ) തുലാം (*arch.*). **t.-board** വണ്ടിയുടെ വഴിപ്പലക. **t.-end** അററം,

അവസാനം, ഒട്ടവ്. t. of a comet നക്ഷത്രവാല് (*as.*). t. of a gale കൊടുങ്കാററിൻെറ ഒട്ടവ്, പതമായ കോള്. t. of a lock തോട്ചീപ്പിൻെറ കീഴററം. to turn t. ഓടിക്കളയുക, പാഞ്ഞ്കളയുക; പിൻവാങ്ങുക. *v. t.* വാല്പിടിച്ച് വലിക്കുക. to t. in or on (അററം) ചുമരിന്മേൽ കൊള്ളിച്ച് വെക്കുക. *v. i.* (in *or* into) —കൊള്ളുക, —നില്ക്കുക; 2. (കപ്പല് നങ്കൂരത്തിന്മേൽ) തിരിഞ്ഞ്കളിക്കുക. tāiled (tāld), *a.* വാലുള്ള. -'ing, *n.* (ചുമരിൽ കവിഞ്ഞ് നില്ക്കുന്ന) കല്ല്, ഉുറിക്കല്ല്; *pl.* പതിര്, തുളി; *pl.* അയിരുച്ചിസ്സം. -'less, *a.* വാലില്ലാത്ത.

Tāil'āġe, Tāil'lāġe, *n.*, *s. a.* Tallage.

Tāil'ŏr, *n.* തുന്നക്കാരൻ, തയ്യല്ക്കാരൻ, വണ്ണാൻ, പാണൻ (*S.*); 2. വേളൂരിമത്സ്യം (*z.*). t.-bird തയ്യൽപക്ഷി (*z.*). *v. i.* തുന്നൽപ്രവൃത്തിചെയ്യുക, തയ്യൽവേല—. -ess, *n.* തുന്നക്കാരത്തി. -iṅg, *n.* തുന്നപ്പണി, തയ്യൽവേല.

Tāin, *n.* ലോലമായ വെള്ളീയത്തകിട്; 2. (കണ്ണാടികൾക്കുള്ള) രസത്തേപ്പ്.

Tāint, *v. t.* അശുദ്ധം ആക്കുക, വിഷകരം—, ചീത്ത—; ദുഷിപ്പിക്കുക; 2. കറപ്പെടുത്തുക, ദൂഷ്യപ്പെടുത്തുക, ദൂഷ്യം വരുത്തുക, കേട്—. *v. i.* അശുദ്ധം ആക, ചീത്ത—; 2. ദുഷിക്കുക; 3. ചീയുക. *n.* അശുദ്ധം, അശുചി; 2. വിഷം; 3. ചീച്ചല്, അഴിവ്; 4. അപമാനം, ദൂഷ്യം, അപകീർത്തി. -'less. *a.* കറയില്ലാത്ത, കളങ്കമററ; ശുദ്ധമായ. -'less-ly, *ad.* ദൂഷ്യമില്ലാതെ. -'ūre, *n.* അശുദ്ധി; ചുവ; കറ, കളങ്കം.

Tāke, *v. t. ir.* (tọọk; tā'ken) എടുക്കുക; 2. പിടിക്കുക; 3. എടുത്ത് കൊണ്ട് പോക, പിടിച്ച് കൊണ്ട്—; 4. അധീനപ്പെടുത്തുക, കൈവശപ്പെടുത്തുക, പിടിച്ചടക്കുക; 5. തടവുകാരനാക്കുക; 6. (രോഗം) പിടിപെടുക, ബാധിതനാക; 7. സംഭവിക്കുക, ഉണ്ടാക, നേരിടുക; 8. വശീകരിക്കുക, ആകൎഷിക്കുക; മനം അഴിയുമാറാക്കുക; 9. തിരഞ്ഞെടുക്കുക, തെരിഞ്ഞെടുക്കുക; 10. ഉപയോഗിക്കുക; 11. ആവശ്യമാക, വേണ്ടിവരിക; 12. ചിത്രം വരക്കുക, —എഴുതുക; 13. ഊഹിക്കുക, അനുമാനിക്കുക; 14. (രൂപം) ധരിക്കുക; 15. അംഗീകരിക്കുക; 16. വഴിക്ക് പോക; 17. കൂട്ടികൊണ്ട് പോക, കൂടപ്പോക; 18. കൊണ്ട് പോക; കൊണ്ട് പോയി കൊടുക്കുക; കൊണ്ട് വരിക; 19. (from) എടുത്ത് കളയുക, കിഴിക്കുക; 'കമ്മി'ചെയ്യുക; 20. വാങ്ങുക; 21. ചേൎക്കുക; 22. തിന്നുക, ഉണ്ണുക, (ഭക്ഷണം) കഴിക്കുക; 23. ചാടിക്കടക്കുക; 24. സഹിക്കുക, പൊറുക്കുക; 25. വിചാരിക്കുക, ഭാവിക്കുക, ധരിക്കുക, ഊഹിക്കുക; 26. അഭിപ്രായപ്പെടുക; 27. സമ്മതിക്കുക. to be *taken* aback *s. u.* Aback. to t. advantage of *s. u.* Advantage. to t. air, to t. the air *s. u.* Air. to t. aim കുറിനോക്കുക. to t. along കൊണ്ട് പോക, കൂട്ടികൊണ്ട് പോക. to t. arms വാളെടുക്കുക, പടയെടുക്കുക, യുദ്ധം തുടങ്ങുക. to t. away കൊണ്ട് പോക, നീക്കം ചെയ്യുക; ഇല്ലാതാക്കുക, എടുത്ത് കളയുക. to t. breath വിശ്രമിക്കുക, ക്ഷീണം തീൎക്കുക. to t. care കാക്കുക, രക്ഷിക്കുക. to t. care of സൂക്ഷിക്കുക, മേൽവിചാരം ചെയ്യുക. to t. down താഴ്ത്തുക; കുണ്ഠിതപ്പെടുത്തുക; വിനയപ്പെടുത്തുക; സേവിക്കുക, കുടിക്കുക; പൊളിക്കുക, ഇടിക്കുക; കുറിക്കുക, എഴുതുക, എഴുതിയെടുക്കുക. to t. effect പററുക, ഫലിക്കുക. to t. a fancy രസം തോന്നുക, പ്രിയം—, മോഹം—. to t. fire കത്തുക; കോപിക്കുക. to t. ground to the right or the left സൈന്യം വലത്തോട്ടോ ഇടത്തോട്ടോ നീങ്ങുക, —പരക്കുക (*mil.*). to t. heart ധൈൎയ്യപ്പെടുക. to t. to heart ആധിയുണ്ടാക, ക്ലേശിക്കുക. to t. heed സൂക്ഷിക്കുക. to t. heed to ശ്രദ്ധവെക്കുക. to t. hold of പിടിക്കുക, മുറുകെ(ക്കി) പിടിക്കുക. to t. horse കുതിരപ്പുറമെ പോക. to t. in വളച്ച് കെട്ടുക, വേലി—; ഉള്പ്പെടുത്തുക, ഉള്പ്പെട്ടിരിക്കുക; ചുരുക്കുക, ചുരുട്ടുക, മടക്കുക; തോല്പിക്കുക, പററിക്കുക, ചെണ്ടകൊട്ടിക്കുക; ഗ്രഹിക്കുക, മനസ്സിലാക്കുക; പതി

വായി വാങ്ങുക. to t. in hand *s. u.* Hand. to t. in vain വ്യഥാവിൽ ഉപയോഗിക്കുക, വെറുതെ സത്യം ചെയ്യുക. to t. issue കക്ഷിപിരിയുക. to t. leave കല്പനയെടുക്കുക, കല്പനവാങ്ങുക; വിടവാങ്ങുക. to t. newspaper, magazine, *etc.* വരിക്കാരനായിരിക്കുക. to t. notice കുറിക്കൊള്ളുക, മനസ്സിലാക്കുക, അറിയുക. to t. notice of അറിയുക, ആദരിക്കുക, ആദരവ് ചെയ്യുക. to t. oath സത്യം ചെയ്യുക, ആണയിടുക. to t. off എടുത്ത് കളയുക, എടുക്കുക, നീക്കുക; അറുക്കുക, വെട്ടുക; നശിപ്പിക്കുക; ഹാനിവരുത്തുക; അസാധുവാക്കുക; ദുർബ്ബലപ്പെടുത്തുക, മടക്കിയെടുക്കുക; കുടിക്കുക, സേവിക്കുക; കൊള്ളുക, വിലക്ക് വാങ്ങുക; പാർക്കുക; പ്രതിമയുണ്ടാക്കുക; നടിക്കുക, ഹാസ്യഗോഷ്ഠികാട്ടുക, ഭാവചേഷ്ട—. to t. on ഏല്ക്കുക, ഭരമേല്ക്കുക. to t. one's own course സ്വേച്ഛപ്രകാരം പ്രവൃത്തിക്കുക, താന്തോന്നിയായി നടക്കുക. to t. order for ഭരമേല്ക്കുക, ഏററ് നടത്തുക, ഏർപ്പാട് ചെയ്യുക. to t. orders ഹിതം അറിയുക, കല്പിച്ച് കിട്ടുക; ബോധകോദ്യോഗത്തിൽ പ്രവേശിക്കുക. to t. out പിരിയുക; കിഴിക്കുക; നീക്കുക; വാങ്ങുക, എടുക്കുക; സിദ്ധിക്കുക; ഇല്ലാതാക്കുക; കൂട്ടിക്കൊണ്ട് പോക. to t. over ഏല്ക്കുക, ഭരമേല്ക്കുക. to t. part ഓഹരിക്കാരനാക, ഓഹരിയുണ്ടാക, കൂറുണ്ടാക, പങ്കുകൊള്ളുക. to t. part with ചേരുക, കൂടുക. to t. place സംഭവിക്കുക. to t. root വേരൂന്നുക, വേര് കിഴിയുക, —ഇറങ്ങുക; മുളക്കുക. to t. sides പക്ഷമെടുക്കുക, കക്ഷിപിരിയുക. to t. stock (ഇരിപ്പ്) ചരക്ക് കണക്കെടുക്കുക. to t. the field യുദ്ധം തുടങ്ങുക. to t. the ground (കപ്പല്) ഉറച്ച് പോക. to t. thought ചിന്തപ്പെടുക, ചിന്താകലം ഉണ്ടാക. to t. to task സമാധാനം ചോദിക്കുക, ആക്ഷേപിക്കുക, അധിക്ഷേപിക്കുക. to t. up പൊന്തിക്കുക, ഉയർത്തുക; വാങ്ങുക, മേടിക്കുക; തുടങ്ങുക, ആരംഭിക്കുക; കെട്ടുക; ചുരുക്കിടുക; ചെലവാക; വേണ്ടിവരിക, പിടിക്കുക; കണ്ടെത്തുക; പ്രാപിക്കുക; പിടികിട്ടുക; ശകാരിക്കുക, അധിക്ഷേപിക്കുക; തുടന്ന് പ്രവൃത്തിക്കുക; കയ്യേല്ക്കുക, ഏററ് പിടിക്കുക; അടങ്ങിയിരിക്കുക; അനുകൂലിക്കുക, സഹായിക്കുക; 'വസൂലാ'ക്കുക, പിരിക്കുക; 'അവാലക്ക്' പണം അടക്കുക (*com.*); മുറുക്കുക. to t. up arms യുദ്ധം ചെയ്യുക, മത്സരിക്കുക, എതിർക്കുക. to t. upon oneself ഏല്ക്കുക, ഉത്തരവാദിയാക; ചുമക്കുക, വഹിക്കുക; സഹിക്കുക. to t. up the gauntlet ദ്വന്ദ്വയുദ്ധത്തിന്ന് നില്ക്കുക, അങ്കക്ഷണനം സ്വീകരിക്കുക, വെല്ലുവിളിക്കുക. *v. i.* പിടിക്കുക; 2. ഫലിക്കുക; 3. പ്രസാദിക്കുക; 4. സാദ്ധ്യമാക; 5. (to) പോക; 6. ഓടുക, പായുക; 7. തിരിയുക; 8. (പടത്തിൽ) ഛായ പതിയുക. to t. after പോലെയിരിക്കുക, തുല്യമായിരിക്കുക; അനുകരിക്കുക. to t. on മനസ്സിന്ന് തട്ടുക; മുറയിടുക, അലയിടുക. to t. to രസമുണ്ടാക, പ്രിയപ്പെടുക, വാസനയുണ്ടാക; ചെയ്യുക; പ്രവേശിക്കുക. to t. up with തൃപ്തിപ്പെടുക, അലംഭാവമുണ്ടാക. to t. with ഇഷ്ടപ്പെടുക. *n.* പിടിച്ചത്, കിട്ടിയത്; 2. (ഒര് വലക്ക്) പട്ട മത്സ്യം; മീൻപാട; 3. (ഒരുവന്ന് ഒരിക്കൽ അക്ഷരം നിരത്തുവാനേല്പിച്ച) പത്രാംശം (*print.*). t.-in ചതി, വഞ്ചന. t.-off നാട്യചേഷ്ട, ഹാസ്യചേഷ്ട. t.-up (തുന്ന് യന്ത്രത്തിലെ) നൂല് മുറുക്കി.

tā'ken, *p. p. of* take, *a.* എടുത്ത.

tā'kĕr, *n.* എടുക്കുന്നവൻ; പ്രാപകൻ; പിടിക്കുന്നവൻ. tā'king, *a.* പിടിക്കത്തക്ക; ആകർഷകമായ, മോഹനമായ. *n.* പിടിക്കൽ, കൈവശപ്പെടുത്തൽ; പിടിത്തം; ആധി, ആകുലം; മനഃക്ഷോഭം. tā'king-ly, *ad.* മനോഹരമായി. tā'king-ness, *n.* മോഹനീയത്വം.

Talc, Talk, *n.* അഭ്രം, അഭ്രകം, കാക്കത്താലി, കാക്കപ്പൊന്ന്, പഴമാനം (*S.*). -'ōse', -'ŏus, talck'y, *a.* അഭ്രകം സംബന്ധിച്ച; —കൊണ്ടുള്ള; —പോലെയുള്ള.

I. Tāle, *n.*, *s. a.* Tael.

II. Tāle, *n.* ചൊല്ല്; 2. കഥ, വർത്തമാനം, വൃത്താന്തം, വിവരം; 3. പ്രസ്താവം; 4. ചരിത്രം, ഇതിഹാസം, ഐതിഹ്യം; 5.

കെട്ട്കഥ, കൃതി, സങ്കല്പം; 6. എണ്ണം, കണക്ക്, തുക. t.-bearer, t.-teller ഏഷണിക്കാരൻ, നുണപറയുന്നവൻ, കരളക്കാരൻ. t.-bearing ഏഷണി, കരള, നുണ. tā'lēs, *n. pl.* (ഹാജരായ പഞ്ചായക്കാരെക്കൊണ്ട് എണ്ണം തികയാഞ്ഞാൽ കോടതിയിലുള്ള വല്ലവരെയും പഞ്ചായക്കാരായി ഇരുത്തിയ) കൂട്ട്പഞ്ചായക്കാര് (*b.*). t.s-man കൂട്ട്പഞ്ചായക്കാരൻ (*l.*). -'ful, *a.* അനേകം കഥകളുള്ള. -'wīse, *ad.* കഥയായി.

Tal'ent, *n.* 'താലന്ത്'; 2. (അമ്പത്തേഴ് റാത്തലുള്ള) പുരാതന യവനത്തൂക്കം; 3. (തൊണ്ണൂററി മൂന്നേമുക്കാൽ റാത്തലുള്ള) യൂദത്തൂക്കം; 4. (2650 ഉറുപ്പികക്ക് തുല്യമായ യവനപ്പണക്കണക്ക്; 5. (5940 ഉറുപ്പികക്ക് തുല്യമായ) യഹൂദന്മാരുടെ വെള്ളിപ്പണക്കണക്ക്; 6. (82125 ഉറുപ്പികക്ക് തുല്യമായ) എബ്രായപൊൻപണക്കണക്ക്; 7. വരം, പ്രാപ്തി, സാമൎത്ഥ്യം, ചമത്കാരം. -ed, *a.* വരപ്രാപ്തി ഉള്ള, ശേഷി—, സാമൎത്ഥ്യം—.

Tal'i-pēs, *n.* കവകാല് (*med.*).

Tal'i-pot, *n.* കടപ്പന, ശ്രീതാളി (ലി) (*b.*).

Tal'is-man, *n.* രക്ഷ, ഉറുക്ക്, യന്ത്രം, കവചം. =man'ic, =man'i-cal, *a.* രക്ഷസംബന്ധിച്ച; —ആയ; മന്ത്രശക്തിയുള്ള.

Talk (tak), *v.i.* സംസാരിക്കുക, തമ്മിൽ പറയുക, സംഭാഷിക്കുക, സംഭാഷണം ചെയ്യുക, മിണ്ടുക; 2. വാദിക്കുക, ആലോചിക്കുക; 3. ചിലെക്കുക, നൊടിയുക. to t. of പറയുക, പ്രസ്താവിക്കുക. to t. to സംസാരിക്കുക, ഗുണദോഷിക്കുക. *v. t.* സംസാരിക്കുക; 2. (away) സംസാരത്തിൽ കഴിക്കുക, സംസാരിച്ച് നേരം കളയുക; 3. സംസാരത്താൽ ആക്കുക, —ആയ്തീരുക. to t. over കുറിച്ച് സംസാരിക്കുക; കൂടിയാലോചിക്കുക; പറഞ്ഞ് ബോദ്ധ്യംവരുത്തുക; *n.* സംസാരിക്കൽ; 2. സംസാരം, ഭാഷണം, സംഭാഷണം; 3. ശ്രുതി, വൎത്തമാനം, കിംവദന്തി; 4. പ്രസ്താവം; വിഷയം. -'a-tive, *a.* വായ്പാടിയായ, ചിലെക്കുന്ന, ചറുചറെ പറയുന്ന; ജല്പനമായ. -'a-tive-ly, *ad.* വായ്പാടിത്വത്തോടെ. -'a-tive-ness, *n.* ജല്പനം; വായ്പാടിത്വം. -'ĕr, *n.* സംസാരിക്കുന്നവൻ, സംഭാഷണക്കാരൻ, വാചാലൻ, വാഗ്മി, ഭാഷണവൈഭവമുള്ളവൻ; വായ്പാടി, വായാടി; പൊങ്ങച്ചക്കാരൻ, പെരിമപറയുന്നവൻ. -'ing, *a.* സംസാരിക്കുന്ന, സംസാരപ്രിയം ഉള്ള; വാചാലത്വം—, വായ്പാടിത്വം—.

Tall, *a.* നെടിയ, ഉയരം ഉള്ള, പൊക്കം—, 2. ദീൎഘകായനായ; 3. മെച്ചമായ, വിശേഷപ്പെട്ട; 4. ദുൎവ്വ്യയമായ, അത്യധികമായ. -'ness, *n.* നെട്ടപ്പം, നീളം, ദേഹദൈൎഘ്യം, പൊക്കം; വലിപ്പം.

Tal'lāġe, Tal'li-āġe, Tāil'āġe, Tāil'lāġe, *n.* നികുതി; 2. ചുങ്കം. *v. t.* നികുതികെട്ടുക; 2. ചുങ്കം ചുമത്തുക.

Tal'lōw (-'lō), *n.* കൊഴുപ്പ്, നെയി, ചെരുവി. t.-candle മെഴുകുതിരി. t.-chandler മെഴുകുതിരിയുണ്ടാക്കുന്നവൻ; മെഴുത്തിരിക്കച്ചവടക്കാരൻ. t.-chandlery മെഴുത്തിരിപ്പണി; മെഴുകുതിരിപ്പണിസ്ഥലം. t.-face മുഖം വിളൎത്തവൻ. t.-faced വിളൎത്ത, ചോരയില്ലാത്ത. t. tree (ചീനത്തിലുള്ള) ചെരുവിമരം (*b.*). *v. t.* കൊഴുപ്പ്പിരട്ടുക, ചെരുവി തേക്കുക; 2. കൊഴുപ്പിക്കുക, പുഷ്ടിപ്പിക്കുക. -ĕr, *n.* കൊഴുപ്പ്മൃഗം. -ing, *n.* കൊഴുപ്പിക്കൽ; കൊഴുപ്പ്ഗുണം. -ish, *a.* ചെരുവിഗുണം ഉള്ള, ചെരുവി ഛായ—. -y, *a.* ചെരുവിഗുണം—; കൊഴുപ്പ്പോലെ—; നെയ്പ്പശ—, മെഴുപ്പ്—; വഴവഴപ്പ്—.

Tal'ly, *n.* എണ്ണം കുത്തിച്ച മരക്കഷണം; 2. 'അസ്സ്'ല്കണക്ക്, പകൎപ്പ്കണക്ക്; അസ്സലും പകൎപ്പും ഉള്ള കണക്ക്; കണക്ക്, കുറിപ്പ്; 3. ഇണ, ജോഡ്; തുല്യം; 4. കുത, അടയാളം. t.-clerk, t.-man (കപ്പലിൽ കയററിറക്ക് ചരക്കിന്റെ) എണ്ണം നോക്കുന്നവൻ. t.-shop കടംകൊടുക്കുന്ന പീടിക, കടക്കട. t.-trade കടക്കച്ചവടം. counter-t. കണക്ക്പ്രതി. *v. t.* തുല്യമായി കുതക്കുക; 2. തുല്യമാക്കുക, കൊള്ളിക്കുക, പററിക്കുക; 3. (കപ്പലിലെ കയററിറക്ക് ചരക്ക്) എണ്ണം കുറിക്കുക, —നോക്കുക. t. on പരന്തുംവാല് വെച്ച് ഏക്കു

ക, —ഇഴക്കുക (*carp.*). *v. i.* കൊള്ളുക, പററുക; 2. യോജിക്കുക; 3. തുല്യമാക, അനുസാരമാക, ചേരുക, ചേച്ചയാക; 4. എണ്ണം കറിക്കുക. t. on (വഴിക്ക് വഴി ആള് നിന്ന്) കമ്പവലിക്കുക.

**Tal'ly-hō,** *int.* പിടിപിടി, 'ഇസ്സോ' പ്പിടി. *n.* (നായാട്ടിൽ) നായെ പിടിക്കുട്ടൽ; 2. ഉല്ലാസവണ്ടി. t.-coach ഉല്ലാസവണ്ടി.

**Tal'ma,** *n.* (സ്ത്രീകളുടെ) ചെറുമഴക്കുപ്പായം.

**Tal'mud,** *n.* 'തൽമൂദ്', യഹൂദ്യപാരമ്പൎയ്യന്യായങ്ങൾ, —സമ്പ്രദായധൎമ്മം. -'ic, -'i-cal, -is'tic, *a.* പാരമ്പൎയ്യന്യായം സംബന്ധിച്ച. -ist, *n.* പാരമ്പൎയ്യന്യായാനുസാരി; —ന്യായശാസ്ത്രി.

**Tal'on,** *n.* പക്ഷിനഖം.

**Ta-look', Ta-luk',** *n.* താലൂക്ക്.

**Tā'lus** (*pl.* **Tā'li**), *n.* ചാട്ടെല്ല് (*an.*); 2. കവക്കാല്; 3. ചരിവ്, ചായിപ്പ്, ചാമ്പ്ര; 4. ചാമ്പ്രപ്പാറ.

**Tā-ma-bil'i-ty, Tā'ma-ble,** *etc., s. u.* Tame.

**Ta-man'du, Ta-man'du-a, Ta'ma-nour** (-nwär), *n.* (ഉറുമ്പ് തീനി)മൃഗം, ഉറുമ്പ് തീനിക്കരടി (*z.*).

**Tam'a-rin,** *n.* അണ്ണക്കുരങ്ങ്, അണ്ണാൻകരങ്ങ് (*z.*)

**Tam'a-rind,** *n.* പുളി(മരം), മധുരപ്പുളി, ചിഞ്ച, തിന്ത്രിണി (*b.*); 2. പുളി, വാളൻപുളി, പുളിങ്ങ, അമ്ലം, അമ്ലിക (*b.*). t.-fish പടമിട്ടമീന്. Manilla t. കൊക്കാപ്പുളിമരം (*b.*); കൊടപ്പുളി (*b.*).

**Tam'a-risk,** *n.* പിച്ചുലം, ഭാനുകം (*b.*); മന്നച്ചെടി (*b.*).

**Tam'bac, Tom'bac,** *n.* തമ്പാക്ക്.

**Tam'bŏur, Tam'bŏr,** *n.* ചിത്രത്തയ്യൽച്ചട്ടം; 2. (*also* t.-work) ചിത്രത്തയ്യല്; 3. *s. a.* Tabor; 4. നാഡിയടിലേഖനസൂത്രം (*phys.*). *v. t.* ചിത്രത്തുന്നല് ചെയ്യുക. -īne, *n., s. a.* Tabor.

**Tam'bū-rĭn,** *n., s. a.* Tabor.

**Tāme,** *a.* മെരുങ്ങിയ, ഇണങ്ങിയ; 2. കീഴ്പ്പെട്ട, അധീനമായ, ഒതുങ്ങിയ; 3. കുഞ്ഞിതമുള്ള; 4. ചുണകെട്ട, ആണത്വം ഇല്ലാത്ത; 5. രസം—, ചപ്പയായ. *v. t.* മെരുക്കുക, ഇണക്കുക; 2. കീഴ്പ്പെടുത്തുക, ഒതുക്കുക. tā-ma-bil'i-ty, tā'ma-ble-ness, *n.* മെരുങ്ങുന്ന ഗുണം, ഇണക്കം. tā'ma-ble, -'a-ble, *a.* മെരുങ്ങുന്ന, ഇണങ്ങുന്ന; ഇണക്കാകുന്ന. -'less, *a.* മെരുങ്ങാത്ത, ഇണങ്ങാത്ത; കാട്ട് സ്വഭാവമുള്ള. -'less-ness, *n.* മെരുങ്ങായ്മ, കാട്ട് സ്വഭാവം. -'ly, *ad.* ഇണക്കത്തോടെ. -'ness, *n.* ഇണക്കം, മെരുക്കം, അധീനത, വശത. tā'mĕr, *n.* മെരുക്കുന്നവൻ; ഒതുക്കുന്നവൻ, ദമയിതാവ്.

**Tam'ine, Tam'i-ny,** *n.* ഒര് വക കമ്പിളിത്തുണി. tam'is, *n.* തുണിയരിപ്പ, 'പെനേര', ചല്ലട (*P.*); വണ്ണ്, തെളിതാര (*S.*). t.s-bird ചീനക്കോഴി, ശീമക്കോഴി, വാങ്കോഴി (*z.*). tam'my, *n.* കമ്പിളിത്തുണി; ചകലാസ്; അരിപ്പ, തെളിതാര.

**Tamp,** *v. t.* (പാറ പൊളിക്കുവാൻ നിറക്കുന്ന മരുന്നിന്ന്) മേൽനിറ നിറക്കുക, തിററിയിടുക; 2. തട്ടിനിരത്തുക, തടവി—. tam'pe-on, tam'pi-on, tam'kin, tom'pi-on, *n.* പീരങ്കിയാപ്പ്. tam'pĕr, *n.* മേൽനിറ നിറക്കുന്നവൻ, പാറമരുന്ന് നിറക്കുന്നവൻ; പാര, ഇരിമ്പ് പാര, കട്ടപ്പാര. -'ing, *n.* കുത്തിനിറക്കൽ, തിററൽ; മേൽനിറസാധനം. t.g-iron കട്ടപ്പാര.

I. **Tam'pĕr,** *n., s. u.* Tamp.

II. **Tam'pĕr,** *v. i.* (വേണ്ടാത്തതിൽ) കൈയിടുക, വെറുതെ ഏപ്പെടുക; 2. പരീക്ഷിച്ച് നോക്കുക; 3. കേട് വരുത്തുക, ദൂഷ്യം വരുത്തുക; 4. കള്ളത്ത്രാണം പ്രവൃത്തിക്കുക, ഗൂഢമായി—; 5. കൈക്കൂലി കൊടുക്കുക, കോഴ കൊടുത്ത് സാധിപ്പിക്കുക, പണം കൊടുത്ത് വശത്താക്കുക, സ്വാധീകരിക്കുക. -ĕr, *n.* ഇടപെടുന്നവൻ, കൈയിടുന്നവൻ; നേര് കെട്ടവൻ, കള്ളക്കൌശലക്കാരൻ.

**Tăm-pi'cō fī'bĕr** *or* **fī'bre,** *n.* പനങ്കണ്ണി, പനനാര് (*b.*).

**Tam′pinġ, Tam′pi-on,** *s. u.* Tamp.

**Tam′pōe,** *n.* ഒരുവക പഴം (*b.*); ഒരുവക 'ജാമ്പ്' (*b.*).

**Tam′pon,** *n.* തിരുക്ക്, തിരി, പത്തി (*med.*). *v. t.* തിരുക്ക് ഇടുക, തിരിവെക്കുക (*med.*). [ത്തിരുക്ക്.

**Tam′pọọn,** *n.* പീപ്പയടപ്പ്, പീപ്പ

**Tam′tam, Tom′tom,** *n.* ഒരുവക ചെണ്ട; 2. ഒരുവക മണി. *v. i.* ചെണ്ടമുട്ടുക, കിണ്ണം—; 2. പരസ്യമായി അറിയിക്കുക.

I. **Tan,** *n.*, *s. a.* Picul.

II. **Tan,** *n.* (തോല് ഊറക്കിടുവാൻ ഉപയോഗിക്കുന്ന) മരത്തോല്, കരുവേലകത്തോല്; 2. ഒരുവക തവിട്ട് വണ്ണം; 3. ചെമ്മാനം, കരുവാളിപ്പ്, (വെയില് കൊണ്ട് ദേഹത്തിന്ന് ഉണ്ടാകുന്ന) കറുപ്പ് വണ്ണം. **t.-bark** കരുവേലകത്തോല്, മരത്തോല്. **t.-pickle** (തോല് പതം വരുത്തുന്ന) ഊറനീര്. **t.-pit, t.-vat** ഊറത്തൊട്ടി. **t.-yard** ഊറച്ചാപ്പ. **black and t.** കറുപ്പിൽ തവിട്ട് പുള്ളിയുള്ള. *v. t.* (തോല്) ഊറക്കിടുക, പതംവരുത്തുക, —വെപ്പിക്കുക; 2. തവിട്ട്നിറമാക്കുക; 3. വെയില് കൊണ്ട് കറുപ്പിക്കുക. *v. i.* പതംവരിക; 2. തവിട്ട്നിറമാക. **-′linġ,** *n.* (വെയില് കൊണ്ട്) ചെമ്പിച്ചവൻ. **-′na-ble,** *a.* ഊറക്കിടാവുന്ന; കറുപ്പിക്കാവുന്ന. **-′nāġe, -′ninġ,** *n.* ഊറക്കിടൽ, പതംവെക്കൽ. **-′nĕr,** *n.* തോല് ഊറക്കിടുന്നവൻ. **-′nĕr-y,** *n.* തോലൂറച്ചാപ്പ; തോലൂറപ്പണി. **-′nic,** *a.* മരത്തോല്ലൂറ സംബന്ധിച്ച; മരത്തൊലിക്കഷായമായ. **t.c acid, -′nin,** *n.* കട്ടക്കദ്രാവകം, മഷിദ്രാവകം (*ch.*); മരത്തൊലിക്കഷായം, മരത്തൊലിക്കറ.

**Tan′a-ġĕr,** *n.* പാടുന്ന ഒരുവക പക്ഷി, പലവണ്ണക്കുയില് (*z.*). **tan′a-grine, tan′a-groid,** *a.* പലവണ്ണക്കുയില് വർഗ്ഗത്തിൽ പെട്ട (*z.*).

**Ta-nä′te,** *n.* കാട്ടുനായി (*z.*).

**Tan′dem,** *a.* (കുതിര) ഒന്നിൻെറ വഴിയെ മറെറാന്ന് കെട്ടിയ. *ad.* —കെട്ടിക്കൊണ്ട്. *n.* ഒന്നിൻെറ വഴിയെ ഒന്ന് കെട്ടിയ കുതിര. **t.-engine** ഇരട്ടയന്ത്രവണ്ടി. **t.-bicycle, t.-tricycle** (മുമ്പിലും വഴിയിലുമായി രണ്ടാൾ കയറുന്ന) ഇരട്ടച്ചവിട്ടുവണ്ടി.

I. **Tanġ,** *n.* രുസ്സ്വാദ്, ചുവ; 2. നിറം; 3. (കത്തിയുടെയും മററും) തരം, തരന്ത്; 4. തോക്ക് കുഴലിൻെറ മുരട്; 5. പട്ടക്കൊളുത്ത്, പട്ടമുള്ള്.

II. **Tanġ,** *n.* ചിലപ്പ്, മണിച്ചല്, ശബ്ദം, നാദം. *v. t.* ചിലപ്പിക്കുക, മണിക്കുക. **to t. bees** (കിണ്ണം) മണിച്ച് തേനീച്ചകളെ കൂട്ടുക. *v. i.* മണിയുക, ചിലമ്പുക. [വെരുക് (*z.*).

**Tan′ga-lunġ,** *n.* മെരു, മെരുക്,

**Tan′ġent,** *n.* സ്പർശരേഖ (*geom.*). *a.* സ്പർശിക്കുന്ന, തൊടുന്ന; 2. സ്പർശരേഖയായ. **t. scale** പീരങ്കിക്കാണിക്കുററി. **tan′ġence, tan′ġen-cy,** *n.* സ്പർശനം, തൊടല്. **=ġen′tal, =ġen′tial** (-shal), *a.* സ്പർശരേഖസംബന്ധിച്ച, —ആയ, —രേഖാഗതിയുള്ള, —രേഖാഭാഗത്തേക്കുള്ള. **=ġen′tial-ly,** *ad.* സ്പർശരേഖാഗതിയായി.

**Tan′ġĕr-īne, Tan′ġier-īne** (=ēn), *n.* ഒരുവക മധുരനാരങ്ങ (*b.*).

**Tan′ġi-ble,** *a.* തൊട്ടറിയാകുന്ന, സ്പർശനീയമായ, സ്പർശിക്കത്തക്ക; 2. പിടിക്കത്തക്ക, കിട്ടാകുന്ന, അനുഭവിക്കാകുന്ന; 3. ഗ്രഹണീയം ആയ, ബോദ്ധ്യം—; 4. വസ്തുത—, സാക്ഷാൽ; 5. സ്പഷ്ടം ആയ, പ്രത്യക്ഷം—. **=bil′i-ty, -ness,** *n.* സ്പർശനീയത്വം; വാസ്തവ്യം; സ്പഷ്ടത; വ്യക്തി. **=bly,** *ad.* തൊടത്തക്കവണ്ണം, പിടിക്കത്തക്കവണ്ണം; സ്പഷ്ടമായി.

**Tan′gle,** *v. t.* (നൂല്) കെട്ടക്കാക്കുക, കുഴക്കാക്കുക, കുഴക്കുക, ചിക്കാക്കുക; 2. കെട്ടുക, കെണിക്കുക. *v. i.* കുഴങ്ങുക, കെട്ടക്കാക്കുക; 2. കെട്ടുങ്ങുക. *n.* കെട്ടുക്ക്; 2. *pl.* ഒര് മീൻപിടിസൂത്രം, മീൻപിടിയിരിമ്പ്; 3. ഒരുവക കട(ൽ)ച്ചമ്മി. **tan′glinġ-ly,** *ad.* കെട്ടക്കായി; കെട്ടങ്ങി. **tan′gly,** *a.* കെട്ടക്കായ; കെട്ടങ്ങിയ, ചമ്മിനിറഞ്ഞ (*see* Entangle). [പ്പലക.

**Tan′gram,** *n.* (സപ്തഖണ്ഡ) ചതുര

**Tan′gun,** *n.* (തിബേത്തിലെ) പാണ്ടൻകുതിര (*z.*).

Tan'i-ĕr, Tan'ni-ĕr, *n.* ഒരു വക ഷീര, തകര (*b.*).

Tan'ist, *n.* (ഐൎല്ലാന്ത് രാജ്യത്തിലെ) വരിഷ്ഠജന്മി. -ry, *n.* വരിഷ്ഠജന്മാവകാശം.

Tā'nīte, *n.* ചാണക്കൽക്കൂട്ട്; ചാണക്കല്ല്.

I. Tank, *n.* (1⅓ ഉറുപ്പിക ഇടയുള്ള) ഒരു തൂക്കം; 2. (കാലുറുപ്പിക ഇടയുള്ള) മുത്തു തൂക്കം.

II. Tank, *n.* കുളം, ചിറ, ഏരി, കൊക്കരണി. t.-engine ജലാശയയന്ത്രവണ്ടി. t.-iron പലകയിരിമ്പ്. t.-worm (വെള്ളത്തിലെ) മി(ഷി)ട്ടില് (*z.*).

Tan'ka, Tan'ki-a, *n.* ചീനത്തിലെ നീളത്തോണി, നീളപ്പടക്.

Tan'kard (-kĕrd), *n.* (മൂടിയുള്ള ഒരു) വലിയ പാനപാത്രം; 2. പിടിമൊന്ത, കിണ്ടി.

Tan'ki-a, *n.*, *s. a.* Tanka.

Tan'ling, Tan'na-ble, Tan'nāge, Tan'nĕr, *etc.*, *s. u.* Tan II.

Tan'rec, *n.*, *s. a.* Tenrec.

Tan'sy, *n.* ഒരു വാസനച്ചെടി (*b.*).

Tant, *n.* ചെഞ്ചിലന്തി(ന്നി) (*z.*).

Tan'ta-līse, =līze, *v. t.* ആശ കാട്ടി തോല്പിക്കുക, (വൃഥാ) മോഹിപ്പിക്കുക, (വെറുതെ) കൊതിപ്പിക്കുക; 2. പീഡിപ്പിക്കുക, ഉപദ്രവിക്കുക, വേദനപ്പെടുത്തുക. =lism, =lis-ā'tiŏn, =li-zā'tiŏn, *n.* ആശ കൊടുത്തു ചതിക്കൽ, ആശാഭംഗം വരുത്തൽ; പീഡിപ്പിക്കൽ, പീഡനം; പീഡ. =lī-sĕr, =lī-zĕr, *n.* മോഹിപ്പിച്ചു തോല്പിക്കുന്നവൻ, വെച്ചുകാട്ടീട്ടു കൊടുക്കാതിരിക്കുന്നവൻ. =lī-sing-ly, lī-zing-ly, *ad.* (വൃഥാ) മോഹിപ്പിച്ചുകൊണ്ടു, കൊതിപ്പിച്ചു, ആശകാട്ടി തോല്പിച്ചുകൊണ്ടു.

Tan'ta-lum, =li-um, *n.* ഒരു മൂലധാതുപദാൎത്ഥം, 'താന്തലം' (*ch.*).

Tan'ta-mount, *a.* പോലെയുള്ള, ഒത്ത, തുല്യം ആയ, സമാനം—, സമം—; 2. തന്നെ—.

Tan-tiv'y, *n.* കുതിച്ചോട്ടം, കാലു പറിച്ചോട്ടം, അത്യുഗ്രസവാരി. *v. i.* ശീഘ്രമായിപ്പോക, തീവ്രമായി—. *ad.* അതിവേഗത്തിൽ, ശീഘ്രമായി, തീവ്രമായി.

Tan'trum, *n.* ദുൎബ്ബുദ്ധി, തോന്നിയവാസം; 2. പൊങ്ങച്ചം, പ്രൌഢി.

Tan'yärd, *n.*, *s. u.* Tan II.

Tā'ō-ism, *n.* (ചീനത്തിലെ ബൌദ്ധമതശാഖയായ) 'തായൊ'മതം. =ist, *n.* 'തായൊ'മതക്കാരൻ.

I. Tap, *v. t.* തട്ടുക, തൊട്ടുക, പതുക്കെ അടിക്കുക; 2. (ചെരിപ്പിന്നു) അടിത്തോലു വെക്കുക. *v. i.* മെല്ലെ അടിക്കുക. *n.* തട്ടൽ, തൊടൽ; തട്ടു, മിടി; 2. (ചെരിപ്പിന്റെ) അടിത്തോലു; 3. *pl.* (ഉറങ്ങുവാനുള്ള സമയം കുറിക്കുന്ന) നിദ്രാകാഹളവിളി, നിയമച്ചെണ്ട (*mil.*).

II. Tap, *n.* പീപ്പദ്വാരം, പീപ്പക്കുഴലു; 2. പീപ്പയടപ്പു, പീപ്പത്തിരുക്കു; 3. മദ്യം; മദ്യതരം; 4. കള്ളുചാപ്പ, മദ്യവിക്രയസ്ഥലം, ചാരായക്കട. on t. പീപ്പ തുറന്നു എടുക്കാകുന്ന; ദ്വാരമുള്ള, കുഴലു വെച്ച. *v. t.* പീപ്പ തുളക്കുക, തുറക്കുക, ദ്വാരം ഉണ്ടാക്കുക; 2. പകൎന്നെടുക്കുക; 3. കുളവായി എടുക്കുക; 4. ചോരുമാറാക്കുക, ഇററിററു വീഴുമാറാക്കുക; 5. (തെങ്ങു) ചെത്തുക, —ഏറുക, —അരിയുക. t.-house ചാരായക്കട. t.-room ചാരായമുറി. t.-root ആണിവേരു, നാരായവേരു, തായിവേരു. -'pĕr, *n.* തെങ്ങു അരിയുന്നവൻ, —ഏറുന്നവൻ, ചെത്തുകാരൻ. -'ping, *n.* ചെത്തു, തെങ്ങേററു. t.g knife ഏററുകത്തി, ചെത്തു—. tree-t.g ഏററു, ചെത്തു, അരിയലു. -'stĕr, *n.* പീപ്പയിൽനിന്നു മദ്യം തുറന്നെടുക്കുന്നവൻ; മദ്യം വില്ക്കുന്നവൻ.

Tāpe, *n.* നാട; 2. അളവുനാട, അളത്തച്ചരടു. t.-line അളവുനാട, അളത്തച്ചരടു. t.-worm നാടപ്പാമ്പൻ (*an.*). red t., *s. u.* Red.

Tā'pĕr, *n.* മെഴുകുതിരി; 2. കത്തുന്ന മെഴുതിരി; 3. ചെറുവിളക്കു; 4. കൂപ്പു, കൂമ്പ, കൂപ്പിപ്പു. *a.* കൂൎത്ത, കൂമ്പിച്ച. *v. i.* കൂൎത്തുവരിക. *v. t.* കൂപ്പിക്കുക. =pĕred (-pĕrd), *a.* വിളക്കുകത്തിച്ച, വിളക്കുവെച്ചുള്ള. -ing, *a.* കൂൎത്ത, കൂമ്പിച്ച; മെല്ലിച്ച.

-ing-ly, *ad.* ക്രുദ്ധതായി. -ing-ness, *n.* ക്രുപ്പ്, ക്രുമ്മ.

Tap'es-try, Tap'et, *n.* ചിത്രപടം, രത്നക്കമ്പിളി, ചിത്രകംബളം, ചിത്രത്തിരശ്ശീല. t.-carpet പരവതാനി, ചിത്രച്ചവുക്കാളം. *v. t.* ചിത്രപടംകൊണ്ടലങ്കരിക്കുക.

Tap'et, *s. a.* Tapestry.

Tap'e-ti, *n.* അമേരിക്കമുയല (*z.*).

Ta-pē'tum, *n.* (കണ്ണിൻെറ)തിളക്കം, മിന്നല് (*an.*).

Tāpe'wŏrm, *n.*, *s. u.* Tape.

Tap'house, *n.*, *s. u.* Tap II.

Tap-i-ō'ca, *n.* മരക്കിഴങ്ങ് നൂറ്, കൊള്ളിക്കിഴങ്ങ് പൊടി, പൂളക്കിഴങ്ങ് പൊടി. (*see* Cassava).

Tā'pĭr, *n.* 'താപ്പീര്' മൃഗം, ഒര് വക നീർപ്പന്നി, മോന്തപ്പന്നി (*z.*). -oid, *a.* നീർപ്പന്നിവർഗ്ഗത്തിൽ പെട്ട (*z.*).

Tā'pis (*or* tä'pē), *n.* ചിത്രപടം, മേശത്തുണി, മേശപ്പടം. on the t., upon the t. മേശമേൽ വെച്ച, ആലോചനയിലിരിക്കുന്ന. tap'is, *v. t.* ചിത്രപടം വിരിക്കുക; 2. ചിത്രത്തയ്യൽവേല ചെയ്യുക, ചിത്രം തൈക്കുക. -ēr, *n.* ചിത്രത്തയ്യൽവേലക്കാരൻ.

Tap'ish, Tap'pis, Tap'pish, Tap'-pice, *v. i.* പതുങ്ങിക്കിടക്കുക; 2. ഇഴയുക, നിരങ്ങുക; 3. ചള്ളയിടുക; 4. ഒളിച്ചിരിക്കുക.

Tap'pice, Tap'pis, *s. a.* Tap'ish.

Tap'room, Tap'root, Tap'stĕr, *s. u.* Tap II.

I. Tär, *n.* കപ്പല്ക്കാരൻ, കപ്പലോടി, കടലോടി, ഉരുക്കാരൻ, 'കലാശി'.

II. Tär, *n.* 'താറ്', 'ഭാറ്', കീല്. coal t. താറ്, കീല്. mineral t. ഒര് വക കന്മദം (*min.*). wood t. പന്തം (*b.*). *v. t.* താറ് പൂശുക, —തേക്കുക, താറിടുക. to t. and feather a person അപമാനിക്കുക; ശിക്ഷിക്കുക. -'ry, *a.* താറ് ആയ; —തേച്ച; കീല് പോലെയുള്ള.

Tar'a-nis, *n.* (കെല്ടരുടെ) മൃധേഷി, ജ്യേഷ്ഠ (*myth*).

Tar-an-tass', *n.* (റഷ്യയിലെ) നാലുരുൾ ഹിമവണ്ടി.

Tar-an'tū-la, =en'tū-la, *n.* (*pl.* -læ) വിഷച്ചിലന്നി(ന്തി), ഉറുമാമ്പ(പ്പ)ലി (*z.*). =lā-ted, *a.* ചിലന്നിവിഷമേററ.

Tar-boosh', *n.* തുക്കിത്തൊപ്പി.

Tär'di-grāde, *a.* പതുക്കെ നടക്കുന്ന, മന്ദഗതിയായ; 2. തേവാങ്ക് വർഗ്ഗത്തിൽ പെട്ട (*z.*). *n.* (*pl.* -grā'da) തേവാങ്കം, കട്ടിസ്സാങ്ക് (*z.*). [Tardy.

Tär'di-ly, Tär'di-ness, *etc.*, *s. u.*

Tär'dō, *ad.* മെല്ലെ, സാവധാനത്തിൽ (*mus.*). *n.* തേവാങ്ക് (*z.*).

Tär'dy, *a.* മന്ദഗതിയായ, മെല്ലെ നടക്കുന്ന, വേഗതയില്ലാത്ത, സാവധാനത്തിലുള്ള; 2. സമയത്തിന്ന് ചെയ്യാത്ത, താമസമുള്ള, താമസിപ്പിക്കുന്ന, ദീഘസൂത്രതയുള്ള. tär'di-ly, *ad.* മെല്ലെ, സാവധാനത്തിൽ, താമസത്തോടെ. tär'di-ness, tär'di-ty, *n.* മന്ദത, സാവധാനം; താമസം, ദീഘസൂത്രം.

I. Tāre, *n.* കള, (നെല്ലിലെ) പുല്ല്; നായ്ക്കൂല്ല (*b.*); 2. ഒര് വക വള്ളി (*b.*).

II. Tāre, *n.* (ചരക്ക് തൂക്കുന്നതിൽ അതുകൾ പൊതിഞ്ഞോ നിറച്ചോ വെച്ച സാധനങ്ങളുടെ) പൊതിത്തൂക്കം, പാത്രവാശി, താര (*S.*). *v. t.* പാത്രവാശിവിട്ട് തൂക്കം കണക്കാക്കുക, കൃത്യത്തൂക്കം എടുക്കുക. tāred (tārd), *a.* തൂക്കിയ, തൂക്കം കൃത്യമാക്കിയ, —ശരിയാക്കിയ.

Ta-ren'tē, *n.* ഒരുവക പല്ലി (*z.*).

Ta-ren'tū-la, *n.*, *s. a.* Tarantula.

Tärġe, Tär'get, *n.* പലിശ, പരിച; 2. വെടിക്കുറിപ്പലക, ലക്ഷ്യം; 3. കറിക്ക് കൊള്ളിക്കൽ, കറി. tär'get-ed, *a.* പലിശ പിടിച്ച, പരിചയുള്ള. tär-get-ēer', tär-get-iēr', *n.* പലിശക്കാരൻ.

Tär'gum, *n.* (പഴയനിയമത്തിലുള്ള ചില പുസ്തകങ്ങളുടെ) കല്ദായഭാഷാന്തരം, —വ്യാഖ്യാനം. -ist, *n.* —ഭാഷാന്തരക്കാരൻ; —തർജ്ജിമ പഠിച്ചവൻ.

Tar'iff, *n.* നിരക്ക്, ചുങ്കവീതം, 'താരീപ്പ്' (*S.*); 2. ചുങ്കം, വരി; 3. വീതപ്പട്ടി

-ക, പ്രതിഫലവീതം, 'ഫീസ്'നിരക്ക്. *v. t.* നിരക്കുണ്ടാക്കുക, നിരക്ക് വെക്കുക.

Tär'la-tan, *n.* ദുകൂലം, നേരിയ 'മസ്ലീൻ'തുണി.

Tärn, *n.* മലഞ്ചിറ, പൎവ്വതതടാകം.

Tär'nish, *v. t.* തിളക്കം കെടുക്കുക, മങ്ങിക്കുക; 2. അഴുക്കാക്കുക, ചേറാക്കുക, ഇഴിക്കുക, മുഷിക്കുക, വൃത്തിയില്ലാതാക്കുക; 3. പേര് ചീത്തയാക്കുക, ദൂഷ്യപ്പെടുത്തുക, കറപ്പെടുത്തുക. *v. i.* നിറംമങ്ങുക, മുഷിയുക. *n.* മങ്ങല്, തിളക്കക്കുറവ്; 2. അഴുക്ക്; 3. കറ; 4. കററം. -ĕr, *n.* കറപ്പെടുത്തുന്നവൻ.

Tā'rō (*or* tä'rō), *n.* ചേമ്പ് (*b.*).

Tar'ot, Tar'oe, *n.* ഒര് വക കത്ത് കളി, ശീ(ചീ)ട്ട് കളി.

Tar'pan, *n.* (കാസ്പ്യ) കാട്ട് കുതിര (*z.*).

Tär-pau'lin, =pau'ling, =paw'ling (-pa'-), *n.* താപ്പ്പായി, താപ്പ്പടം, കീല്പടം, 'പരദാൻ'; മെഴുത്തുണി; 2. മെഴുക് തുണിത്തൊപ്പി, 'കലാശി'ത്തൊപ്പി; 3. 'കലാശി', കപ്പല്ക്കാരൻ, ഉരുക്കാരൻ (*see* Tar I).

Tär'pon, Tär'pum, *n.* ഒര് വക വലിയ ചേളാക്കോര (*z.*).

Tär'quin-ish, *a.* അഹംഭാവമുള്ള, ഡംഭിയായ; 2. ധിക്കാരമുള്ള.

Tar'ri-ĕr, *n.*, *s. u.* Tarry II.

I. Tär'ry, *a.*, *s. u.* Tar II.

II. Tar'ry, *v. i.* താമസിക്കുക, വഴിയിലാല്പോക, വൈകുക, തങ്ങുക; 2. പാൎക്കുക. *v. t.* കാത്തിരിക്കുക. tar'ri-ĕr, *n.* വൈകുന്നവൻ, താമസിക്കുന്നവൻ.

Tär'sal, *a.*, *s. u.* Tarsus.

Tär-sāle', (*pl.* tär-sā'li-a), Tärse, *n.* പാദാസ്ഥി (*an.*).

Tär'si-a, -tu'ra, *n.* മരച്ചിത്രപ്പതിപ്പ്പണി.

Tär'si-ĕr, Tär'si-us, *n.* ഒര് വക കള്ളുതിന്നി, കല്ലുണ്ണി (*z.*).

Tär'sus, *n.* (*pl.* tär'sī) നരിയാണി (*an.*); 2. കൺപോളസ്നായു (*an.*). tär'sal, *a.* നരിയാണി സംബന്ധിച്ച (*an.*); കൺപോളസ്നായു— (*an.*). t.l cartilage, t.l plate കൺപോളസ്നായു (*an.*). *n.* കാല്ത്തറയെല്ല്, പാദാസ്ഥി (*an.*).

I. Tärt, *a.* എരിയുന്ന, എരുവുള്ള, ചവൎപ്പുള്ള, പുളിപ്പുള്ള, പുളിക്കുന്ന; 2. രൂക്ഷതയുള്ള, തീക്ഷ്ണമായ, കഠിനമായ. -'ish, *a.* ചവൎപ്പ് ചുവയുള്ള; ലേശം പുളിക്കുന്ന. -'ly, *ad.* പുളിപ്പോടെ; രൂക്ഷതയോടെ. -'ness, *n.* ചവൎപ്പ്, പുളിപ്പ്; രൂക്ഷത, തീക്ഷ്ണത; കഠിനം, കട്ടപ്പം.

II. Tärt, *n.* അട, ഓട്ടട. -'let, *n.* ചെറിയട, പല്ലട.

I. Tär'tan, *n.* വരയുള്ള കമ്പിളിത്തുണി, കള്ളിയുള്ള—; 2. (സ്കോട്ലന്തിലെ മലനാട്ടിൽ സാധാരണ ധരിച്ച് വരുന്ന) ഒര് വക കമ്പിളിത്തുണി.

II. Tär'tan, *n.* (മദ്ധ്യതരന്ന്യാഴിയിലോടുന്ന) ഒര് വക ഉരു, പത്തേമ്മാരി (*naut.*).

I. Tär'tar (-tĕr), =rum, *n.* വീഞ്ഞ്മട്ട് (*ch.*); 2. (പല്ലിന്ന് പററുന്ന) ഇത്തിള് (*an.*). =tā're-ŏus, -ŏus, *a.* വീഞ്ഞ്മട്ടുള്ള, വീഞ്ഞ്മട്ട്ഗുണമുള്ള. -'ic, *a.* വീഞ്ഞ്മട്ട് സംബന്ധിച്ച. =rīse, =rīze, *v. t.* വീഞ്ഞ്മട്ട് കൂട്ടുക.

II. Tär'tär, *n.* താൎത്തരിരാജ്യക്കാരൻ; 2. കോപി. to catch a T. തന്നിക്കൊത്താത്തവനെ പിടിക്കുക, ഊക്കറിയാതെ തുള്ളുക. *a.* താൎത്തരിദേശം സംബന്ധിച്ച. =tā'ri-an, -tär'ic, *a.* താൎത്തരിരാജ്യം സംബന്ധിച്ച, താൎത്തരിക്കാരെ—. -ŏus, *a.* താൎത്തരിഗുണമുള്ള, താൎത്തരിതുല്യമായ; ദുസ്സ്വഭാവമുള്ള, മുൻകോപിയായ.

III. Tär'tar, =tā're-an, =tā're-ŏus, *s. u.* Tartarus.

Tär'ta-rus, Tär'tar, *n.* പാതാളം, അധോലോകം, നരകം. =tā're-an, =tā're-ŏus, *a.* പാതാളം സംബന്ധിച്ച; നരകത്തിലുള്ള; നരകതുല്യമായ.

Tärt'ish, Tärt'ly, Tärt'ness, *s. u.* Tart I.

Tärt'let, *n.*, *s. u.* Tart II.

Tär-tuffe', =tufe' (-tuf'), *n.* കപടഭക്തൻ, ഭക്തിനാട്യക്കാരൻ. =tuff'ish, =tuf'ish, *a.* ഖണ്ഡിതം ഉള്ള; കപടഭക്തി—, കള്ളഭക്തിയായ.

Ta-sim'e-tĕr, *n.* ഘനപദാൎത്ഥവികാസമാപനയന്ത്രം (*ph.*).

Task, *n.* കല്പിച്ച പണി, ഏല്പിച്ച—, ചുമത്തിയവേല, നിശ്ചയിച്ച പ്രവൃത്തി, കണക്കാക്കിയ പണി; 2. ഏററ പ്രവൃത്തി; 3. പ്രവൃത്തി, ഉദ്യോഗം; 4. ഭരമേല്പ്; 5. അദ്ധ്വാനം. t.-master പണി കല്പിക്കുന്നവൻ, —എടുപ്പിക്കുന്നവൻ; മേലാള്, 'മേസ്ത്രി'. t.-work ചെയ്യുപ്രവൃത്തി; കരാറ് പണി. to take to t. ആക്ഷേപിക്കുക, ശാസിക്കുക. *v. t.* പണികല്പിക്കുക, —നിശ്ചയിക്കുക, —ഏല്പിക്കുക; വേല ചുമത്തുക; 2. ഭാരം—; 3. നികുതി—; 4. കററപ്പെടുത്തുക, ആക്ഷേപിക്കുക. -'ĕr, *n.* പണികല്പിക്കുന്നവൻ; പണി എടുക്കുന്നവൻ, കൂലിപ്പണിക്കാരൻ; വല്ലിക്കാരൻ.

Tas'let, Tasse (tas), Tas'set, *n.* ഊരുരക്ഷ, ഊരുകവചം, തുടക്കവചം, കാല്പടച്ചട്ട.

Tas'sel (tas'sl), *n.* പൊടിപ്പ്, ചെണ്ട്, മാമ്പ്, കഞ്ചം; 2. പൂച്ചെണ്ട്; 3. പുസ്തകഅടയാളം; പാഠക്കുറി; 4. ഉത്തരപ്പലക (*arch.*). *v. i.* ചെണ്ട് തൂങ്ങുക; 2. (ചെടി) കലക്കുക. *v. t.* പൊടിപ്പ് വെക്കുക.

Tas'set, *n.*, *s. a.* Taslet.

Tāste, *v. t.* തൊട്ട് നോക്കുക; 2. രുചി—, രുചിക്കുക, സ്വാദ്—; 3. അല്പം തിന്നുക, ലേശംകഴിക്കുക; 4. അനുഭവിച്ചറിയുക, പരിചയിക്കുക; പരീക്ഷിക്കുക; 5. അനുഭവിക്കുക, പങ്ക് കൂടുക. *v. i.* രുചിനോക്കുക, —അറിയുക; 2. —ഉണ്ടാക, ചുവ—, ചുവക്കുക; 3. അല്പമായി അനുഭവിക്കുക; 4. പങ്കുണ്ടാക. *n.* രുചിനോക്കൽ, നാവിന്മേൽ വെക്കൽ; 2. രുചി, സ്വാദ്, ചുവ; 3. രുചിച്ചറിവ്, രസം (*phys.*); 4. (for) ഇഷ്ടം, പ്രിയം, താല്പൎയ്യം; 5. വൈശിഷ്ട്യവിവേചനശക്തി, സൂക്ഷ്മബോധം; 6. രീതി, മട്ട്; 7. പരീക്ഷ, പരിശോധന; 8. പരിശ്രമം; 9. അല്പം, ലേശം; 10. പട്ട്നാട. t.-buds, t.-goblets (നാവിലെ) രസപിണ്ഡം (*an.*). tāst'a-ble, *a.* രുചിനോക്കാകുന്ന, രുചി നോക്കത്തക്ക; —ഉള്ള, സ്വാദ്—. -'fụl, *a.* രസം—, നല്ല രുചി—; ഭംഗി—, രസികമായ. -'fụl-ly, *ad.* രുചിയോടെ. -'fụl-ness, *n.* രസം, രസികത്വം. -'less, *a.* രുചി ഇല്ലാത്ത, സ്വാദ്—, ചപ്പയായ; മൎയ്യാദകെട്ട; മൎയ്യാദതെററിയ, നടപ്പില്ലാത്ത. -'less-ly, *a.* രുചിയില്ലാതെ. -'less-ness, *n.* രുചികേട്. tāst'ĕr, *n.* രുചിനോക്കുന്നവൻ; രുചിനോക്കുവാനുള്ള പാത്രം. tāst'i-ly, *ad.* രുചിയോടെ. tāst'ing, *n.* രുചിച്ചറിവ്, രസേന്ദ്രിയം; നാവ്. tāst'y, *a.* സൂക്ഷ്മബോധമുള്ള; രസികമായ, നല്ല.

Täs'tō, *n.* (വീണപ്പെട്ടിയിലെ) സ്വരക്കമ്പി (*mus.*).

Tāst'y, *a.*, *s. u.* Taste.

I. Tat, *n.* ചാക്ക് തുണി, ചാക്ക് ശീല, രട്ട്, 'പരദാൻ'.

II. Tat, *n.* തട്ട് കതിര, തട്ട് (*z.*).

Tath, *n.* ചാണകം, വളം; 2. ചാണകപ്പുല്ല്. *v. t.* (പറമ്പത്ത് വളംകൂട്ടുവാൻ) കാലിയെ പറമ്പിൽ കെട്ടുക.

Ta-tou' (-tụ), =tụ'si-id, -āy, -ar-y, *n.* (അമേരിക്കയിലെ വലിയ) ഇത്തിൾപന്നി, ഇത്തിൾ മുള്ളൻ, അള്ളുവൻ (*z.*).

Tatt, *v. t.* & *i.* കൊളുത്തിഴത്തയ്യൽ ചെയ്യുക, തോണിത്തുന്നല്—. ='tĕr, *n.* കൊളുത്തിഴത്തയ്യല്ക്കാരൻ, —തയ്യല്ക്കാരത്തി. ='ting, *n.* കൊളുത്തിഴനാട, ഒര് വക 'ലേസ്'. t.g shuttle തയ്യൽലോടം, തുന്നലോടം, തുന്നല്ക്കോണി, തുന്നലുളക്കോല്.

Tat'ta, *n.* തട്ടി, ചിശ.

I. Tat'tĕr, *n.*, *s. u.* Tatt.

II. Tat'tĕr, *n.* (*pl.*) കീറത്തുണി, കീററ് തുണി, പഴന്തുണി; 2. കീറിപ്പാറിയത്. *t.-de-mal'ion* കീറിപ്പാറിയത് ഉടുത്തവൻ, ഇരപ്പാളി. *v. t.* ചീന്തുക, കീറുക. =tĕred (-tĕrd), *p. a.* കീറിപ്പാറിയ, ജീൎണ്ണിച്ച, കണ്ടംതുണ്ടമായ.

Tat'ting, *n.*, *s. u.* Tatt.

Tat'tle, *v. i.* നൊടിയുക, ചിലക്കുക, പിറുപിറെ പറയുക, വായാടുക, ജല്പിക്കുക; 2. ഏഷണി പറയുക, നുണ—, കോള് കൂത്തുക; 3. വെടിപറയുക. *n.* വെടി; 2. നൊടിച്ചല്, നിസ്സാരസംസാരം; 3. വായാട്ടം, ജല്പനം, ചിലക്കല്. tat'tlĕr, *n.*

വെടിപറയുന്നവൻ; ചറുചറെ പറയുന്നവൻ, വായാടി, ജല്പകൻ; ഏഷണിക്കാരൻ, കോള്കത്തി; ഒര്വക നീച്ചക്ഷി, മൃഗക്കൻ (*z.*). **tat'tlĕr-y,** *n.* വെടിപറയല്, നിസ്സാരസംസാരം, നേരമ്പോക്ക്. **tat'tling,** *a.* വെടിപറയുന്ന; ഏഷണി—. **tat'tling-ly,** *ad.* നേരമ്പോക്കായി; ഏഷണിയായി.

**Tat-too',** *n.* (പടയാളികൾ രാത്രി പാളയത്തിലടങ്ങുവാൻ ഉള്ള) പാളയഭേരി, പാളയച്ചെണ്ട, പാളയകാഹളം (*mil.*). **the devil's t.** വിരല്മുട്ടൽ.

II. **Tat-too',** *v. t.* പച്ചകുത്തുക. *n.* പച്ചകുത്തല്.

**Ta-tu', Ta-tu'si-id,** *s. a.* **Tatou.**

I. **Taught** (tat), *a., s. a.* **Taut.**

II. **Taught** (tat), *p. t. & p. p. of* **Teach.**

I. **Taunt** (tant), *a.* വളരെ ഉയരമുള്ള, പൊക്കമേറിയ, ഉന്നതമായ (*naut.*).

II. **Taunt** (tant), *v. t.* ചീത്തപറയുക, ശകാരിക്കുക; ഭത്സിക്കുക; 2. നിന്ദിക്കുക; 3. അപഹസിക്കുക, പരിഹസിക്കുക; 4. പുച്ഛിക്കുക, നിസ്സാരമാക്കുക. *n.* ശകാരം, അധിക്ഷേപം; 2. ചീത്തവാക്ക്; 3. അപഹാസം, നിന്ദാവാക്ക്, ഭത്സനം. **-'ĕr,** *n.* നിന്ദകൻ, പരിഹാസി. **-'ing,** *a.* ശകാരിക്കുന്ന, നിന്ദിക്കുന്ന. *n.* ഭത്സനം, നിന്ദ, കുത്സനം; കുത്സിതവാക്ക്. **-'ing-ly,** *ad.* ശകാരമായി; നിന്ദയായി. **-'ress,** *n.* ശകാരക്കാരത്തി.

**Tau'ri-cor-nis, Tau'ri-cor-nŏus, Tau'ri-dōr, Tor-e-ä-dōr', Tau'ri-form, Tau'rine, Tau'rō-col, Tau-rō-col'la, Tau-rō-mā'chi-an, Tau-rom'-a-chy,** *s. u.* **Taurus.**

**Tau'rus** (ta'rus), *n.* വൃഷഭരാശി, ഋഷഭ—, ഇടവ— (*as.*); 2. കാൎത്തിക നക്ഷത്രം, കൃത്തിക— (*as.*); 3. പശുവൎഗ്ഗമൃഗം, വൃഷഭ—, കന്നുകാലി(*z.*). **tau'ri-cor-nis, tau'ri-cor-nŏus,** *a.* കാളക്കൊമ്പുള്ള, കൊമ്പുള്ള. **tau'ri-dōr, tor-e-ä-dōr',** *n.* മൂരിപ്പോരാളി, മൂരിപ്പോരുകാരൻ, കാളയോട് പൊരുതുന്നവൻ; നന്ദിഹന്താവ്. **tau'ri-form,** *a.* വൃഷഭാകൃതിയുള്ള, കാളപോലെയുള്ള. **tau'rine,** *a.* വൃഷഭവൎഗ്ഗത്തിൽ പെട്ട. **tau'rō-col, tau-rō-col'la,** *n.* മൂരിത്തോൽപ്പശ. **tau-rō-mā'chi-an,** *a.* വൃഷഭയുദ്ധം സംബന്ധിച്ച, മൂരിപ്പോര്—. *n.* മൂരിപ്പോരാളി. **tau-rom'a-chy** (-ki), *n.* കാളപ്പോര്, മൂരിപ്പോര്, വൃഷഭയുദ്ധം.

**Taut** (tat), **Taught** (tat), *a.* വലിഞ്ഞ്നില്ക്കുന്ന, അഴച്ചലില്ലാത്ത, മുറുക്കം ഉള്ള (*naut.*); 2. ചുട്—; സുഖം—, ഭമോയ. **t. hand** ഖണ്ഡിതക്കാരനായ കപ്പലുദ്യോഗസ്ഥൻ, ഉഗ്രമാലുമി.

**Tau-te-gō'ri-cal** (ta-), *a.* (ഒരേ കാൎയ്യം വെവ്വേറെ വാക്കുകളാൽ പറയുന്ന) പൎയ്യായാലങ്കാരം ആയ; 2. —സംബന്ധിച്ച.

**Tau-tog', Tau-taug'** (ta-tag'), *n.* മുരുമീൻ (*z.*).

**Tau-tō-log'ic,** *etc., s. u.* **Tautology.**

**Tau-tol'ō-gy** (ta-), *n.* പുനരുക്തിയലങ്കാരം (rhet); 2. ചൎവ്വിതചൎവ്വണം, പറഞ്ഞത് തന്നെ പിന്നെയും പറയല്. **=tō-log'ic, =tō-log'i-cal, =tŏ'lō-gŏus,** *a.* പുനരുക്തിയലങ്കാരമായ; ഒരേ അൎത്ഥമുള്ള. **t.l echo** മാറെറാലിക്ക്മാറെറാലി, ആവൎത്തനമാറെറാലി, ആവൎത്തനപ്രതിധ്വനി. **=log'i-cal-ly,** *ad.* അൎത്ഥഭേദമില്ലാതെ. **=gist,** *n.* പുനരുക്തിയലങ്കാരക്കാരൻ, പുനരുക്തിപ്രയോജകൻ. **='ō-gīse, ='ō-gīze,** *v. i.* ഒരേകാൎയ്യം പലവിധത്തിൽ പറയുക, പുനരുക്തി പ്രയോഗിക്കുക.

**Tau-tō-ou'si-an, =ou'si-ŏus,** *a.* തുല്യസത്വമുള്ള, സ്വഭാവതുല്യതയുള്ള.

**Tau-toph'ō-ny** (-tof'ō-), *n.* സ്വരാവൎത്തനം (*gr.*). **=tō-phon'i-cal** (-fon'i-kal), *a.* സ്വരാവൎത്തനം സംബന്ധിച്ച; —ആയ.

**Tav'ĕrn,** *n.* ചാരായപ്പീടിക, കള്ള്ഷാപ്പ്, ചാരായക്കട, 'താവരണ'; 2. വഴിയമ്പലം, സത്രം. **-ĕr,** *n.* ചാരായപ്പീടികക്കാരൻ.

I. **Taw** (ta), *v. t.* ആട്ടിൻതോല്മയം വരുത്തി വെളുപ്പിക്കുക. **-'ĕr,** *n.* തോല് വെളുപ്പിക്കുന്നവൻ. **-ĕr-y,** *n.* തോല്പ്പാപ്പ്.

II. Ta̤w (ta̤), *n.* വലിയ ഗോ(കോ)ട്ടി; 2. ഗോട്ടിക്കളി; 3. ഗോട്ടിക്കളിവര.

Ta̤w'dry (ta̤'dri), *a.* വൎണ്ണമോടിയുള്ള, വെറും മോടിയായ, ഭംഗിയില്ലാത്ത; 2. വിലസഹായമുള്ള, താണ.

Ta̤w'ny (ta̤'ni), *a.* മഞ്ഞളിച്ച, തവിട്ട് നിറമുള്ള; 2. വെയില് കൊണ്ട് കരുവാളിച്ച. ='ni-ness, *n.* പിംഗലവൎണ്ണം; മഞ്ഞളിപ്പ്; കരുവാളിപ്പ്.

Ta̤ws, Ta̤wes, Ta̤wse (ta̤z), *n.* (കുട്ടികളെ അടിപ്പാനുള്ള) തോൽവാറ്; 2. ചൂരല്, വടി.

Tax, *n.* നികുതി, കരം; 2. വരി; 3. സേവ; 4. ചെലവ്; നഷ്ടം. t.-gatherer നികുതിപിരിക്കുന്നവൻ, കരം പിരിവുകാരൻ, അംശം അധികാരി, പ്രവൃത്തിക്കാരൻ. t.-gathering നികുതിവസൂലാക്കൽ. t.-payer നികുതികൊടുക്കുന്നവൻ. *v. t.* നികുതികെട്ടുക, —ചുമത്തുക, കരം പതിക്കുക; —പിരിക്കുക; 2. വ്യവഹാരച്ചെലവ് കണക്കാക്കുക (*l.*); 3. (with) കുററം ചുമത്തുക, —പറയുക, ആക്ഷേപിക്കുക. -a-bil'i-ty, -'a-ble-ness, *n.* കരാൎഹത. -'a-ble, *a.* നികുതി കെട്ടാകുന്ന; നികുതി കൊടുക്കത്തക്ക; വ്യവഹാരച്ചെലവിൽ ചേൎക്കാവുന്ന (*l.*). -'a-bly, *ad.* നികുതി കെട്ടത്തക്കതായി. -ā'tiŏn, *n.* നികുതികെട്ടൽ; കരം പിരിക്കൽ; വരിചുമത്തൽ; നികുതിക്രമം, നികുതിവ്യവസ്ഥ, വ്യവഹാരച്ചെലവ് കണക്കാക്കൽ; നികുതി, കരം. -'ĕr, *n.* നികുതികെട്ടുന്നവൻ; (*also* tax'ŏr) (കേംബ്രിഡ്ജ് വിദ്യാശാലയിലെ) അപ്പപ്രമാണി. -'less, *a.* നികുതിയില്ലാത്ത.

Tax'i-är-ch (-ärk), *n.* പുരാതന യവന സേനാധിപൻ.

Tax'i-dĕr-my, *n.* (മൃഗത്തോലുകൾ നിറച്ച് ജീവനുള്ള മൃഗാകൃതിയാക്കുന്ന) തോല്നിറവിദ്യ. =dĕr'mic, *a.* തോല്നിറവിദ്യസംബന്ധിച്ച. =dĕr-mist, *n.* മൃഗത്തോല് നിറച്ച് വെക്കുന്നവൻ, തോല്നിറപ്രവൃത്തിക്കാരൻ.

Tax-ol'ŏ-ġy, *n.*, *s. a.* Taxonomy.

Tax-on'ŏ-my, Tax-ol'ŏ-ġy, *n.* സ്ഥാവരജംഗമശാസ്ത്രം; 2. വൎഗ്ഗീകരണധൎമ്മം. =nom'ic, *a.* സ്ഥാവരജംഗമശാസ്ത്രം സംബന്ധിച്ച; വൎഗ്ഗീകരണധൎമ്മം—; വൎഗ്ഗീകരണമായ. =on'ŏ-mist, *n.* സ്ഥാവരജംഗമശാസ്ത്രജ്ഞൻ; വൎഗ്ഗീകരണധൎമ്മജ്ഞൻ.

Tax'ŏr, Tax'pāy-ĕr, *s. u.* Tax.

Tāy'ra, Tāi'ra, *n.* ഒര് (മാംസഗ്രാസ) മൃഗം (*z.*).

Taz'za (tat'za), *n.* ശൃംഗാരതളിക.

Tēa (tē), *n.* ചായയില, ചായ, തേയില (*S.*); 2. ചായപ്പാനകം, ചായവെള്ളം, ചായ; 3. ഇലക്കഷായം (*med.*); 4. അത്താഴം. t.-board ചായപ്പാത്രത്തട്ട്. t.-bug ചായച്ചാഴി (*z.*). t.-caddy ചായയിലപ്പെട്ടി. t.-chest (ഈയ്യത്തകിട് വെച്ച) തേയിലപ്പെട്ടി. t.-cup ചായക്കോപ്പ. t.-cupful ചായക്കോപ്പ നിറയ, ഒര് ചായക്കോപ്പ. t.-garden ചായത്തോട്ടം. t.-kettle (ചായ ഉണ്ടാക്കുവാൻ വെള്ളം പതപ്പിക്കുന്ന) 'ജവന', 'കേററല്'. t.-party ചായവിരുന്ന്, തേയിലവിരുന്ന്, ചായസല്ക്കാരം. t.-plant, t.-tree ചായച്ചെടി (*b.*). t.-pot, t.-urn ചായ (കാച്ച്)പ്പാത്രം, ചായച്ചൊംബി (*M.*). t.-poy മുക്കാലിമേശ. t.-rose ഒര് വിശേഷ പനിനീർ പുഷ്പച്ചെടി (*b.*). t.-service, t.-set ചായ(കുടി)പ്പാത്രങ്ങൾ. t.-table ചായമേശ. t.-taster ചായ തരംതിരിക്കുന്നവൻ. t.-saucer ചായക്കോപ്പത്തട്ട്, ചായപ്പിഞ്ഞാണത്തളിക, 'സാസറ്'. t.-spoon ചായക്കരണ്ടി, ചെറുതവി. t.-spoonful ചെറുകരണ്ടി നിറയ. *v. i.* ചായ(പ്പാനകം) കുടിക്കുക.

Tēach (tēch), *v. t. ir.* (ta̤ught, ta̤ught *pr.* ta̤t) പഠിപ്പിക്കുക, ചൊല്ലിക്കൊടുക്കുക, അദ്ധ്യാപനം ചെയ്യുക, വശമാക്കിക്കൊടുക്കുക; 2. വിദ്യാഭ്യാസം ചെയ്യിക്കുക, ഗുരുനാഥനായി പഠിപ്പിക്കുക; 3. ഉപദേശിക്കുക; 4. അഭ്യസിപ്പിക്കുക; 5. നടത്തുക; 6. കാണിക്കുക; 7. പ്രബോധിപ്പിക്കുക. *v. i.* പഠിപ്പിക്കുക, ഗുരുവേല ചെയ്യുക. -'a-ble, *a.* പഠിപ്പിക്കാവുന്ന, പഠിക്കുന്ന, പഠിപ്പാൻ താല്പൎയ്യം ഉള്ള;

കീഴ്‌വഴക്കം—. -'a-ble-ness, *n.* അദ്ധ്യാപനീയത്വം; വിദ്യാവാസന, വിദ്യാതാല്പര്യം. -'ēr, *n.* പഠിപ്പിക്കുന്നവൻ, അദ്ധ്യാപകൻ, പണ്ഡിതൻ, ഗുരുനാഥൻ, ഗുരുക്കൾ, എഴുത്തച്ഛൻ, എഴുത്തമ്മ, ഉപാദ്ധ്യായൻ, വാദ്ധ്യാൻ, ആശാൻ, ആശാട്ടി (*S.*); ശിക്ഷകൻ; ഉപദേശകൻ, ഉപദേഷ്ടാവ്, ഗുരു; പ്രസംഗി; സ്വാമി, ബോധകൻ, ആചാര്യൻ. -'ing, *n.* പഠിപ്പിക്കൽ, പഠിപ്പിക്കുന്ന പ്രവൃത്തി, അദ്ധ്യാപനം, ശിക്ഷ, ശിക്ഷണം, വിദ്യാഭ്യാസം; വിദ്യ, പാഠം; ഉപദേശം. -'less, *a.* പഠിപ്പിപ്പാൻ കഴിയാത്ത, പഠിക്കാത്ത.

Tēa'cup, *etc.*, *s. u.* Tea.

Tēa'gle, *n.* കയററ്‌യന്ത്രം.

Tēague (tēg), *n.* (നിന്ദയായി) ഐര്ല്ലാന്ത്കാരൻ, ഐരിഷ്ക്കാരൻ.

Tēak (tēk), Tēek, *n.* തേക്ക്‌മരം, ജാതിമരം (*b.*). t.-wood ജാതി—, തേക്ക്—.

Tēa'ket-tle, *n.*, *s. u.* Tea.

Tēal (tēl), *n.* ഇരണ്ട, എരണ്ട (*z.*). t.-duck ഇരണ്ട (*z.*). goose-t. വാത്ത്‌കട്ടി.

Tēam (tēm), *n.* പ്രാണിക്കൂട്ടം; 2. താറാക്കുട്ടിക്കൂട്ടം, താറാക്കുഞ്ഞ്‌കൂട്ടം; 3. മൃഗനിര; 4. ഇണക്കാള, 'ജോട്'കാള, ഇണക്കുതിര, 'ജോട്'കുതിര, (ഒന്നായിട്ട് കെട്ടിയ) വാഹനമൃഗഗണം; 5. ആൾക്കൂട്ടം, പണിക്കാരുടെ കൂട്ടം; 6. (വിരുത്‌കളിയിൽ) പക്ഷം, പരിഷ, ഉത്തി, ഭാഗം, സംഘം; 7. ഇരണ്ടക്കൂട്ടം; 8. കടിയാന്മാരെ വിചാരണചെയ്യാൻ ജന്മിക്കുള്ള അവകാശം, കടിയാൻവിചാരണയവകാശം. t.-work കൂട്ട്‌പ്രവൃത്തി. *v. i.* (വാഹനത്തിന്ന്) ഇണകെട്ടുക, കൂടക്കെട്ടുക; 2. മൃഗപാലകനായിരിക്കുക, കാലികളെ മേയ്ക്കുക; 3. (വണ്ടി) തെളിക്കുക, —ഓട്ടുക. *v. t.* ഇണയായിപ്പൂട്ടുക, ഒന്നിച്ച്‌പൂട്ടുക, കൂട്ടിക്കെട്ടുക. -'ing, *n.* കാലി മേയ്ക്കൽ; തെളിക്കൽ; മരം വലിപ്പിക്കൽ; കരാറ്‌പ്രവൃത്തി. -'stēr *n.* കാലിമേയ്ക്കുന്നവൻ; വണ്ടി തെളിക്കുന്നവൻ.

Tēa'pot, Tēa'poy, *n.*, *s. u.* Tea.

I. Tēar (tēr), *n.* കണ്ണുനീര്, കണ്ണീര്, അശ്രു, ബാഷ്പം, നേത്രാംബു (*phys.*); 2. മിന്നുന്ന മണി, മണി; 3. ദുഃഖം, വിലാപം, ശോകം. t.-falling കണ്ണീരൊഴുകുന്ന, അശ്രുധാരയുള്ള. t.-pit അശ്രുകോശം (*an.*). -'fụl, *a.* കണ്ണുനീരൊഴുകുന്ന, കരയുന്ന. -'fụl-ly, *ad.* കണ്ണീരോടെ, കരഞ്ഞ്‌കൊണ്ട്. -'fụl-ness, *n.* അശ്രുപ്രവാഹം, അശ്രുധാര; കരച്ചല്; ദുഃഖം, വ്യസനം. -'less, *a.* കണ്ണുനീരില്ലാത്ത; കരയാത്ത; പരിതാപമില്ലാത്ത; മനസ്സിന്ന്‌തട്ടാത്ത. -'less-ly, *ad.* കണ്ണീരില്ലാതെ; കരയാതെ; ദുഃഖിക്കാതെ. -'less-ness, *n.* കണ്ണീരില്ലായ്മ; ദുഃഖമില്ലായ്മ. -'y, *a.* കണ്ണീരൊഴുകുന്ന; കണ്ണീരുള്ള; ദുഃഖമുള്ള; മണിമണിയായ.

II. Tēar (tār), *v. t. ir.* (tāre, tōre; tōrn) കീറുക, പറിച്ച്‌കീറുക, ചീന്തുക, പറിച്ച്‌ചീന്തുക; 2. വാരുക, കോറുക; 3. മാന്തുക, മാന്തിപ്പറിക്കുക; 4. പിളക്കുക; 5. ഭേദിപ്പിക്കുക, ഭിന്നിപ്പിക്കുക, ഛിന്നിക്കുക, ഛിന്നംഭിന്നം ആക്കുക; 6. പിരിക്കുക, വേപ്പെട്ടുത്തുക, വേപാട്‌വരുത്തുക, അകററുക; 7. എടുത്ത്‌കളയുക; 8. പിച്ചിപ്പറിക്കുക; 9. കോപിപ്പിക്കുക, ഇളക്കുക. to t. down ഇടിച്ച്‌കളയുക, പൊളിച്ച്—. to t. off പറിച്ച്—. to t. out പറിച്ചെടുക്കുക, ചുഴന്നെടുക്കുക, ചൂന്നെടുക്കുക. to t. up കുത്തിക്കിളക്കുക, കഴിച്ച്‌മറിക്കുക; നാനാവിധമാക്കുക. *v. i.* കീറുക, ചീന്തുക, കീറിപ്പോക; 2. ഉഗ്രതകാട്ടുക; 3. ഊക്കോടെ ഓടുക; 4. കോപിക്കുക, ക്രുദ്ധിക്കുക. *n.* കീറൽ, ചീന്തൽ; 2. ചീന്ത്, വിള്ളല്, പിളപ്പ്; 3. വകിറൽ. wear and t. തേമാനം, ഉപയോഗപ്പഴക്കം, പഴക്കം. -'ēr, *n.* കീറുന്നവൻ, പറിച്ച്‌ചീന്തുന്നവൻ; കോപിഷ്ഠൻ, കുപിതൻ, ക്രോധപരവശൻ.

Tēar'fạl-ling, Tēar'fụl, Tēar'less, Tēar'pit, Tēar'y, *etc.* *s. u.* Tear I.

Tēa'-sạu-cēr, *n.*, *s. u.* Tea.

Tēase (tēz), *v. t.* (നൂല്) ചിക്ക്‌തീക്കുക; ചുററുക; 2. (തുണിയിൽ) രോമം പൊന്തിക്കുക; 3. കീറുക, വകിറുക, വാരുക; 4. ഉപദ്രവിക്കുക, അലമ്പ(ല)ാക്കുക, അസ

ഹ്യപ്പെടുത്തുക, പീഡിപ്പിക്കുക, മുഷിപ്പിക്കുക, അലട്ടുക (*S.*). **t. tenon** ഇരട്ടക്കൂട്ടമയേപ്പ് (*carp.*). *n.* ഉപദ്രവക്കാരൻ, ഉപദ്രവി, അലട്ടുന്നവൻ. **tēaṣ'ĕr,** *n.* അസഹ്യപ്പെടുത്തുന്നവൻ, ഉപദ്രവക്കാരൻ.

**Tēa'ṣel, Tēa'ṣle, Tēaṣ'ṣel, Tēa'zel, Tēa'zle** (tē'zl), *n.* (കായ്ക്കു മുള്ളുള്ള) ഒരു ചെടി (*b.*); 2. കായ്മുള്ള്; 3. (തുണിയിൽ) രോമം പൊന്തിക്കുന്ന സാമഗ്രി. **t.-frame** രോമംപൊക്കിച്ചട്ടം. *v. t.* രോമം പൊന്തിക്കുക, മുള്ളു വലിക്കുക. **-ĕr, -lĕr, tēaṣ'lĕr,** *n.* (തുണിയിൽ) മുള്ളു വലിക്കുന്നവൻ, രോമം പൊന്തിക്കുന്നവൻ. **-iṅg, -liṅg, tēa'zliṅg,** *n.* മുൾക്കായി പറിക്കൽ; (തുണിയിൽ) മുള്ളു വലിക്കൽ.

**Tēaṣ'ĕr,** *n., s. u.* **Tease.**

**Tēa'ṣle,** *n., s. a.* **Teasel.** [Tea.

**Tēa'spoon, Tēa-spoon'ful,** *s. u.*

**Tēat** (tēt), *n.* മുലക്കണ്ണ്, മുലക്കാമ്പ്, ചൂചുകം, സ്തനാഗ്രം; 2. മുല, സ്തനം; 3. അകിട്, ചെരുന്നല് (*N.*); 4. മൂക്ക്, കററി. **-'ed,** *a.* മുലയുള്ള; അകിട്ടുള്ള.

**Tēathe** (tēth), *s. a.* **Tath.**

**Tēa'zel, Tēa'zle,** *n., s. u.* **Teasel.**

**Tēaz'ĕr** (tēz'ĕr), *n.* ഉലയിൽ കരിയിടുന്നവൻ, ഉലക്കാരൻ. **tēaze'hōle** (tez'-hōl), *n.* ഉലവായി. [ക്കാററ്.

**Teb'bad,** *n.* (മദ്ധ്യാസ്യയിലെ) ഉഷ്ണ

**Tē'beth,** *n.* യൂദരുടെ പത്താം മാസം, തേബെത്ത്, ധനു, ഡിസമ്പർ ജനവരി.

**Tech'i-ly, Tech'i-ness,** *s. u.* **Techy.**

**Tech'nic, Tech'ni-cal, Tech-ni-cō-log'i-cal, Tech-nō-log'i-cal, Tech-nō-log'ic** (tek-), *a.* (അതതു) ശാസ്ത്രസംബന്ധമായ, —വിദ്യാ—, ശാസ്ത്രീയം ആയ, പാരിഭാഷികം—, സങ്കേതികം—; 2. സാങ്കേതികപദം—; 3. പ്രത്യേകപദപ്രയോഗം—. **tech'nic, tech'nïque,** (tek'nēk), *n.* സങ്കേതികപദ്ധതി; വിദ്യാനൈപുണ്യം, —സാമത്ഥ്യം; ചമത്കാരപ്രവൃത്തി, ശില്പവേല; *pl.* സാങ്കേതികപദം; *pl.* —സാമഗ്രി, —കോപ്പ്. **=ni-cal'i-ty, =cal-neṣs, tech'niṣm,** *n.* പാരിഭാഷികത്വം, സങ്കേതികത്വം; പ്രത്യേകത; പ്രത്യേകവിഷയങ്ങൾ, —സംഗതി; സങ്കേതികകാൎയ്യങ്ങൾ. **=cal-ly,** *ad.* പ്രത്യേകരീതിയായി; സാങ്കേതികശബ്ദമായി. **='ni-calṣ, tech'nics,** *n. pl.* വിദ്യാവിഷയങ്ങൾ; ശാസ്ത്രീയങ്ങൾ; പ്രത്യേകശാസ്ത്രീയങ്ങൾ; സാങ്കേതികപദങ്ങൾ; സാങ്കേതികശാസ്ത്രം; ശില്പ—, തച്ച്—. **tech'-ni-cist,** *n.* ശാസ്ത്രജ്ഞൻ, വിദ്യാനൈപുണ്യമുള്ളവൻ. **=nic'ol-ō-ġy, =nol'-ō-ġy,** *n.* സാങ്കേതികവിദ്യ, തൊഴിൽശാസ്ത്രജ്ഞാനം, തൊഴിലറിവ്. **=nol'ō-ġist,** *n.* സാങ്കേതികശാസ്ത്രജ്ഞൻ; സാങ്കേതികശാസ്ത്രരചകൻ; പാരിഭാഷികപദവണ്ണി.

**Tech'y,** *a.* ഇളിയുന്ന, ഇളിച്ചൽസ്വഭാവമുള്ള, മുഷിയുന്ന, തൊട്ടാൽവാടിയായ, മുറിമൊഞ്ചുള്ള (*S.*); 2. വെക്രയുള്ള, വെറുപ്പുള്ള. **tech'i-ly,** *a.* ഇളിഞ്ഞുകൊണ്ട്, ഇളിഭ്യമായി. **tech'i-ness,** *n.* ഇളിച്ചല്, ഇളിപ്പ്, ഇളിഭ്യം.

**Tec-ton'ics,** *n.* നിൎമ്മാണവിദ്യ, ശില്പവിദ്യ; 2. തച്ച്ശാസ്ത്രം, ശില്പശാസ്ത്രം. **=ton'ic,** *a.* നിൎമ്മാണവിദ്യസംബന്ധിച്ച. **=tol'ō-ġy,** *n.* അംഗ(നിൎമ്മാണ)ശാസ്ത്രം, അവയവശാസ്ത്രം (*biol.*).

**Tec-tō'ri-al,** *a.* മൂടിയായ; ആച്ഛാദനംസംബന്ധിച്ച. [(*z.*).

**Tec'tri-cēṣ,** *n. pl.* ചിറക്, തൂവല്

**Ted,** *v. t.* (പുല്ല്) ചിക്കുക. **-'dĕr,** *n.* പുല്ല് ചിക്കിയന്ത്രം.

I. **Ted'dĕr,** *n., s. u.* **Ted.**

II. **Ted'dĕr,** *n., s. u.* **Tether.**

***Tē Dē'um*** ('ദൈവമേ നിണക്ക്' സ്തോത്രം എന്ന) ക്രിസ്തീയസ്തോത്രഗീതം (*Chr.*); 2. പ്രഭാതദൈവാരാധന; ദൈവാരാധന (*Chr.*).

**Tedġe** (tej), *n.* (വാപ്പ്പണിയിൽ) കരുവായി, കരുദ്വാരം.

**Tē'di-ŏus,** *a.* ക്ഷീണിപ്പിക്കുന്ന, മുഷിപ്പിക്കുന്ന; 2. ദീൎഘമായ, നീണ്ട; 3. മന്ദമായ, താമസമുള്ള; 4. മടുപ്പ് വരുത്തുന്ന, ചടപ്പ്—. **-ly,** *ad.* ക്ഷീണിക്കുംവണ്ണം, മുഷി

ന്യംവണ്ണം. -ness, tē'di-um, tæ'di-um, *n.* ദീൎഘം; മുഷിച്ചല്; ക്ഷീണം, ചടപ്പ്; മടുപ്പ്.

Tēek, *n.*, *s. a.* Teak.

Tēal, Til, *n.* തിലം, എള്ള് (*b.*). t.-oil എള്ളെണ്ണ, നല്ലെണ്ണ, എണ്ണ. t.-seed എള്ള്.

I. Tēem, *v. t.* പകരുക, ഒഴിക്കുക; 2. (ഉരുക്കുരുക്കി) മൂശയിൽ പകരുക.

II. Tēem, *v. t.* യുക്തമെന്ന് വിചാരിക്കുക.

III. Tēem, *v. i.* (മൃഗം) പെറുക; 2. ഗൎഭംധരിക്കുക; 3. ഗൎഭംതികഞ്ഞിരിക്കുക; 4. നിറഞ്ഞിരിക്കുക; 5. കാച്ചുക; 6. പെരുകുക, സമൃദ്ധിയായിരിക്കുക, ധാരാളം ഉണ്ടായിരിക്കുക. *v. t.* ഉല്പാദിപ്പിക്കുക, ഉളവാക്കുക. -'ĕr, *n.* ഉല്പാദകൻ, ജനകൻ, ഉളവാക്കുന്നവൻ; ജനനി, പ്രസവിക്കുന്നവൾ. -'ing, *a.* ഉല്പാദകമായ, ഉളവാക്കുന്ന; സന്താനഭരിതമായ; ഫല—; ധാരാളം ആയ, പുഷ്കല(ം)—, സമൃദ്ധി—. -'less, *a.* അഫലം ആയ; തരിശ്—; വന്ധ്യ—, മച്ചി—, പ്രസവിക്കാത്ത.

I. Tēen, *n.* ദുഃഖം, ശോകം, വ്യസനം; 2. വേദന; 3. കഷ്ടം. -'fụl, *a.* ദുഃഖമുള്ള, ശോചനീയമായ. -'y, *a.* ഇളിയുന്ന, ഇളിഭ്യമായ, വെറുപ്പുള്ള, മുഷിച്ചലുള്ള.

II. Tēen, *v.t.* വളച്ച്കെട്ടുക, വേലി—; 2. അകത്താക്കുക. -'āġe, *n.* (വേലിയുടെ) വാരി, അലക്.

Tēens, *n.*, *pl.* (പതിമൂന്ന് മുതൽ പത്തൊമ്പത് വരെയുള്ള) ഇളംപ്രായം, ചെറുപ്രായം, ബാല്യം, യൌവന്യം. tēen'y, *a.* ചെറിയ, നന്നചെറുതായ.

Tēest, *n.* (തകരപ്പണിക്കാരന്റെ) ചെറിയ അടകോല്, കയ്യടകോല്.

Tēe'tan, ഒരു പക്ഷി; വാനമ്പാടി (*z.*).

Tēe'tēe, *n.* അണ്ണക്കുരങ്ങ്, അണ്ണാൻകുരങ്ങ് (*z.*).

Tēeth, *n.* (*pl. of* tooth), *v. i.* പല്ല് വരിക, പല്ല്മുളക്കുക. eye-t., milk-t., wisdom-t., *s. u.* Tooth. -'ing, *n.* പല്ല്വരല്, പല്ല്മുളക്കല് (*phys.*).

Tēe-tō'tal, *a.* പൂൎണ്ണം ആയ, മുഴുവനം—, കേവലം—. -'ĕr, -'lĕr, *n.* ലഹരിവൎജ്ജനനിഷ്ഠയകാരൻ, ലഹരിവൎജ്ജകൻ. -ism, *n.* മധുവൎജ്ജനം, മദ്യവൎജ്ജനം, ലഹരിവൎജ്ജനം. -ly, *ad.* കേവലം, മുഴുവനം, ആകപ്പാടെ.

Tēe-tō'tum, *n.* ഒരു കളിക്കോപ്പ്, കൈപ്പമ്പരം.

Teg'men (*pl.* teg'mi-na), Teg-men'tum (*pl.* teg-men'ta), Teg'ū-ment, *n.* ആച്ഛാദനം, ആവേഷ്ടനം, ആവരണം, മൂടല്; 2. തോല്, ചൎമ്മം, (*z.*); 3. ചുണങ്ങ്, തവിട് (*b.*); 4. തുവല് (*z.*). teg-men'tal, *a.* ആവേഷ്ടനം സംബന്ധിച്ച; തൊലിയായ. teg-ū-men'tar-y, *a.* ചൎമ്മമായ, ചൎമ്മംസംബന്ധിച്ച (*z.*).

Te-guex'in, *n.* പെരുംപല്ലി, പുള്ളിപ്പല്ലി, മഹാഗൌളി (*z.*); 2. ഒരു വക ഉടുമ്പ് (*z.*).

Teg'ū-la, *n.* (*pl.* teg'ū-læ), ഓട്; 2. തുളി. =lar(lĕr), *a.* ഓട് സംബന്ധിച്ച; ഓട് പോലെയുള്ള; ഓടിട്ടത് പോലെയുള്ള; ഓട്കൊണ്ടുള്ള. =lar-ly, *ad.* അട്ടുക്കട്ടക്കായി. =lā-ted, *a.* (കവചം) അട്ടുക്കട്ടക്കായ.

Te-hēe', *n.* പൊട്ടിച്ചിരി, അ(ട്ട)ട്ടഹാസം, പരിഹാസച്ചിരി, അപഹാസച്ചിരി. *int.* ഹീ ഹീ ഹീ. *v. i.* പൊട്ടിച്ചിരിക്കുക; ചിരിച്ച്കളിയാക്കുക, പരിഹസിച്ച്ചിരിക്കുക.

Teĭl (tēl), t.-tree, *n.* നാരകം, ചെറുനാരകം, പുളിനാരകം (*b.*).

Teĭnd (tēnd), *n.* പതാരം, ദശാംശം.

Teĭn'land (tēn-), *n.* (ഭണ്ഡാര) പണ്ടാരഭൂമി.

Teĭ'nō-scōpe (tī'nō-skōp), *n.* കിരണഭാജകകുഴല്ക്കണ്ണാടി (*ph.*).

Tek, *n.* (സൈബീര്യ) കാട്ടാട് (*z.*).

Te'lar-y, *a.* (ചിലന്തി) വലകെട്ടുന്ന; 2. (വണ്ണാൻ) വല ആയ; —സംബന്ധിച്ച.

Tel'e-dū, *n.*, നാറിക്കരടി, നാററക്കരടി (*z.*).

**Tel′e-gram,** *etc., s. u.* Telegraph, *etc.*

**Tel′e-graph** (-graf), *n.* വൎത്തമാനക്കമ്പിയന്ത്രം, വൎത്തമാനക്കമ്പി, വിദ്യുത്തയന്ത്രം, മിന്നൽക്കമ്പി. **t. cable** വിദ്യുല്ക്കമ്പി; കടല്ക്കമ്പി. **acoustic t.** ധ്വനിവിദ്യുൽയന്ത്രം. **dial t.** അക്ഷരസൂചകവിദ്യുൽ—. **electric t., electro-magnetic t.** വിദ്യുത്ത്—, മിന്നൽത്തപ്പാല്. **facsimile t., pan t.** തത്തുല്യാക്ഷരവിദ്യുൽയന്ത്രം. **indicator t.** സൂചിചലനവിദ്യുൽ—. **printing t., type-printing t.** അക്ഷരമുദ്രണവിദ്യുൽ—, അക്ഷരലേഖനവിദ്യുൽ—. **signal t.** ചിഹ്നവിദ്യുൽ—; കൈകാട്ടിമരം. **sub-marine t. cable** കടല്ക്കമ്പി; സമുദ്രക്കമ്പി. *v. i.* കമ്പിയടിക്കുക, കമ്പിവൎത്തമാനം അയക്കുക, വിദ്യുത്തയക്കുക. **=gram,** *n.* കമ്പിവൎത്തമാനം, കമ്പി, വിദ്യുത്ത്. **=gram′mic,** *a.* കമ്പിവൎത്തമാനം ആയ; —പോലെയുള്ള; ചുരുക്കമായ, ഹ്രസ്വമായ. **-ĕr, -ist,** *n.* കമ്പിയന്ത്രക്കാരൻ, കമ്പിയന്ത്രപ്രയോജകൻ, കമ്പിയടിക്കുന്നവൻ. **=graph′ic, =graph′i-cal,** *a.* കമ്പിവൎത്തമാനം സംബന്ധിച്ച; —ആയ. **=graph′i-cal-ly,** *ad.* കമ്പിവൎത്തമാനമായി, വിദ്യുൽവാൎത്തയായി. **=leg′ra-phy** (-fi), *n.* മിന്നല്ക്കമ്പിവിദ്യ, കമ്പിസൂത്രം, വിദ്യുത്തശാസ്ത്രം.

**Te-lem′e-tĕr,** *n.* ദൂരമാപനയന്ത്രം.

**Tē-le-ō-ceph′a-lī** (-sef′a-), *n. pl.* ഭക്ഷ്യമത്സ്യവൎഗ്ഗം, തിന്നുന്ന മീൻതരങ്ങൾ (*z.*).

**Tel-e-ol′ō-ġy,** *n.* ഉപാധികാരണവാദം, വിശേഷാല്പത്തിയുപാധിവാദം (*biol.*); 2. ഉദ്ദിശ്യാനുഗുണപ്രകൃതിവിശേഷവാദം. **=ō-loġ′i-cal,** *a.* ഉപാധികാരണവാദംസംബന്ധിച്ച; —ആയ. **=ō-loġ′-i-cal-ly,** *ad.* ഉദ്ദിശ്യാനുഗുണപ്രകൃതിവിശേഷവാദമായി. **=ġist,** *n.* —വാദി (*biol.*); വിശേഷാല്പത്തിയാദികാരണവാദി.

**Tel-e-or-gan′ic,** *a.* പ്രാണസംബന്ധമായ; പ്രാണനായ (*phys.*); 2. പ്രാമുഖ്യമായ.

**Te-lep′a-thy,** *n.* (ദൂരെ ഇരിക്കുന്നവരുടെ വിചാരങ്ങൾ പഞ്ചേന്ദ്രിയസംബന്ധമില്ലാതെ അന്യോന്യം അറിവായി വരുന്ന) മനസ്സഹവൎത്തനഗുണം; വിചാരാനിന്ദ്രിയപ്പകൎച്ച.

**Tel′e-phōne** (-fōn), *n.* ദൂരശ്രുവണയന്ത്രം, ദൂരസംസാരയന്ത്രം, ദൂരവിദ്യുദ്ധ്വനിയന്ത്രം (*ph.*). *v. t.* ദൂരശ്രുവണയന്ത്രം മൂലം അറിയിക്കുക, ദൂരവിദ്യുദ്ധ്വനിയന്ത്രം മുഖേന സംസാരിക്കുക, ദൂരസംസാരയന്ത്രം മൂലം പറയുക. **=phon′ic,** *a.* ധ്വനി ദൂരെ നയിക്കുന്ന, ധ്വനിപ്രചാരകമായ, ശബ്ദം ദൂരെ എത്തിക്കുന്ന; ദൂരശ്രുവണയന്ത്രം സംബന്ധിച്ച; ദൂരസംസാരയന്ത്രം മുഖേനയുള്ള. **=phon′i-cal-ly,** *ad.* ദൂരശ്രുവണയന്ത്രം മുഖേന. **=y,** *n.* ദൂരശ്രുവണവിദ്യ, ദൂരധ്വനിവിദ്യ.

**Tel′e-scōpe,** *n.* കുഴല്ക്കണ്ണാടി, ചീനക്കുഴല്, ദൂരദൎശിനി, ദൂരദൎശിനിക്കുഴല്. **t.-sight** (തോക്കിന്റെ) കാണിക്കുറിക്കുഴല്. **astronomical t.** വാനദൎശനക്കുഴല്ക്കണ്ണാടി. **photographic t.** ഛായാലേഖനക്കുഴല്ക്കണ്ണാടി. **prism t.** *s. a.* Teinoscope. **terrestrial t.** സാധാരണ കുഴല്ക്കണ്ണാടി. *v. i.* (ഒന്ന് മറെറാന്നിന്നകത്ത്)കടന്ന് പോക; 2. (തീവണ്ടികൾ തമ്മിൽ മുട്ടി ഒര് വണ്ടി മറെറാര് വണ്ടിയുടെ അകത്ത്)കോൎത്ത് പോക. *v.t.* (—ഒന്ന് മറെറാന്നിൽ)ചെലുത്തുക; 2. തീവണ്ടികൾ തമ്മിൽ മുട്ടിച്ച് നശിപ്പിക്കുക. **=scop′ic, =scop′i-cal,** *a.* കുഴല്ക്കണ്ണാടി സംബന്ധിച്ച; ദൂരദൎശിനിയായുള്ള; ദൂരദൎശിനിയാൽ മാത്രം കാണ്മാൻ പാടുള്ള; ദൂരദൃഷ്ടിയുള്ള; (ഒന്ന് മറെറാന്നിൽ) ചെലുത്താകുന്ന; വലിച്ച് നീട്ടാകുന്ന; കുറുക്കുവാനും നീട്ടുവാനും കഴിയുന്ന. **scop′i-cal-ly,** *ad.* കുഴല്ക്കണ്ണാടികൊണ്ട്; ചീനക്കുഴലാകൃതിയായി. **=pist,** *n.* കുഴല് വെച്ച് നോക്കുന്നവൻ, ദൂരദൎശിനിപ്രയോജകൻ. **=es′cō-py,** *n.* ദൂരദൎശിനിപ്രയോഗവിദ്യ, കുഴല്ക്കണ്ണാടിവിദ്യ.

**Tel′e-stic** (-tik), *n.* ഉദ്ദേശം സംബന്ധിച്ച; 2. ലാക്കിലെത്തുന്ന.

**Tel′e-stich,** *n.* (ഓരോവരിയുടെ അന്ത്യാക്ഷരം ക്രമപ്രകാരം കൂട്ടിച്ചേൎത്താൽ

ഒര് പേര് ഉണ്ടാകുന്ന) അന്ത്യാക്ഷരനാമ കവിത (*pros.*).

**Tel'ic, Tel'lic,** *a.* ഉദ്ദിഷ്ടസൂചകമാ യ, ലാക്ക് കാണിക്കുന്ന (*gr.*).

I. **Tell,** *v.t. ir.* (tōld; tōld) എണ്ണുക; 2. പറയുക, ചൊല്ലുക, വചിക്കുക, വദി ക്കുക; 3. വിവരിക്കുക; 4. അറിയിക്കുക, വെളിച്ചത്താക്കുക; 5. പറഞ്ഞ് കൊടുക്കുക, മനസ്സിലാക്കുക, പഠിപ്പിക്കുക; 6. കല്പിക്കു ക; 7. അപേക്ഷിക്കുക; 8. കണ്ടെത്തുക, കണ്ട് പിടിക്കുക. **t.-tale** ഏഷണി പറ യുന്ന, കണ്ടണിക്കാരനായ, ഒററ് കൊടുക്കു ന്ന; കണ്ടതുംകടിയതും പറയുന്ന, ചിലെ ക്കുന്ന; ഏഷണിക്കാരൻ, കോൾകത്തി (*N.*), കണ്ടണിക്കാരൻ (*S.*), വിട്ടവായൻ, വായടക്കമില്ലാത്തവൻ; ഒററ് കൊടുക്കുന്ന വൻ; ചുക്കാൻസൂത്രം (*naut.*); മാല്യമിത്ത വുക്ക (*naut.*); പണികാട്ടിയന്ത്രം (*mech.*). **to t. off** എണ്ണുക; ഓഹരിചെയ്യുക, വിഭാ ഗിക്കുക. *v.i.* വിവരിക്കുക, പറയുക, അറിയിക്കുക; 2. കൊള്ളുക, പററുക, തട്ടു ക, ഏശുക; 3. സഫലമാക. **to t. of** പ്രസ്താവിക്കുക, വിവരിച്ച് പറയുക, വ ർണ്ണിക്കുക; അറിയിക്കുക, (കററം) വെളിച്ച ത്താക്കുക, കററപ്പെടുത്തുക. **to t. on** ഒററ് കൊടുക്കുക, ഒററിക്കൊടുക്കുക. *n.* വാക്ക്, വിവരം, പ്രസ്താവം; 2. കഥ, വ ർത്തമാനം; 3. കണക്ക്. **-'a-ble,** *a.* പറ യത്തക്ക. **='lĕr,** *n.* പറയുന്നവൻ, അറി യിക്കുന്നവൻ; അറിവ് കൊടുക്കുന്നവൻ, ഒററുകാരൻ; വിവരിക്കുന്നവൻ, കഥിക്കു ന്നവൻ, വർണ്ണിക്കുന്നവൻ; ഖജാനക്കാരൻ, 'ഖജാൻജി', സറാപ്പ്; വരണച്ചീട്ടെണ്ണുന്ന വൻ. **='lĕr-ship,** *n.* സറാപ്പുദ്യോഗം. **='ling,** *a.* ഫലിക്കുന്ന, സഫലമായ; പററു ന്ന, തട്ടുന്ന; ബലമുള്ള, ഊക്കുള്ള. **='ling-ly,** *ad.* സഫലമായി, കൊണ്ടകയ്യായി.

II. **Tell,** *n.* കന്ന്, ഒന്നം, മൺകൂമ്പാരം, കൽ—.

**Tel-lū'ral, =lū'ri-an, =lū'ric,** *a.* ഭൂമിസംബന്ധിച്ച; 2. ഭൌമികമായ. **=lū'-ri-an,** *n.* ഭൂവാസി; 2. (*also* **=lū'ri-on**) അഹോരാത്രകാലഭേദദശിനിയന്ത്രം.

**Tel-lū'ri-um,** *n.* ഒര് മൂലധാതുപദാ ർത്ഥം, 'ടെല്ലൂറിയം' (*ch.*).

**Tel'ō-tȳpe,** *n.* വിദ്യുൽവാർത്തമുദ്രണ യന്ത്രം. [ദ്യുൽയന്ത്രം.

**Tel'phĕr** (-fĕr), *n.* വാഹനനയവി **t.-line, t.-road** വിദ്യുൽനയമാർഗ്ഗം. **-āge,** *n.* വാഹനവിദ്യുൽപ്രേരണം.

**Tem-ĕr-ā'ri-ŏus,** *etc.*, *s. u.* **Temerity.**

**Te-mer'i-ty,** *n.* അവിവേകധൈര്യം, ധൃതി, ധാർഷ്ട്യം. **tem-ĕr-ā'ri-ŏus,** *a.* അതിധൈര്യമുള്ള, അവിവേകധൃതിയുള്ള, കണ്ണുംചിമ്മിചാടുന്ന, മുന്നുംപിന്നുംനോക്കാ ത്ത, തുമ്പ് കെട്ട, സാഹസമുള്ള; താന്തോ ന്നിത്വമുള്ള. **tem-ĕr-ā'ri-ŏus-ly,** *ad.* തുനിഞ്ഞ്, അതിധൈര്യത്തോടെ, സാഹ സത്തോടെ, ഒന്നും കൂട്ടാക്കാതെ, കണ്ണുചി മ്മികൊണ്ട്.

**Tem-pē'an,** *a.* മനോഹരമായ; 2. ഭംഗിയേറിയ; 3. ആനന്ദകരമായ.

**Tem'pĕr,** *v. t.* (കണക്ക് പോലെ) കൂട്ടി ച്ചേർക്കുക; (തക്കവീതത്തിൽ) കൂട്ടിക്കലർത്തുക, യുക്തമായി കൂട്ടിക്കലർത്തുക, കൂട്ടിക്കലർത്തു ക, യോഗം ആക്കുക; 2. പാകം—, പതം—; 3. ശാന്തം—, സൌമ്യം—, തണുപ്പിക്കുക; 4. സംയോജിപ്പിക്കുക, കൊള്ളിക്കുക, വി ഹിതമാക്കുക; 5. കട്ടപ്പമാക്കുക; 6. കൂട്ടി ച്ചേർക്കുക; 7. ഭരിക്കുക, നടത്തുക; 8. മണ്ണ് പാകം ആക്കുക, പശിമ—, മയംവരുത്തുക. *v. i.* പാകമാക; 2. പതമാക, മയമാക. *n.* പാകത്തിലുള്ള കൂട്ട്, യോഗാംശത്തക്കൂട്ട്, ഒത്തകൂട്ട്; 2. ദേഹക്കൂറ്, കൂറ്; 3. സ്വഭാ വം, ശീലഗുണം; 4. സൌമ്യഭാവം, ശാന്ത ത, സാത്വികത്വം; 5. കോപം, ഊക്ക്വാവ്, ക്രോധം; 6. കട്ടപ്പം; 7. മയം, പതം; 8. നടു, മദ്ധ്യമാർഗ്ഗം; 9. പാകം, ഒത്തപാകം. **-a-ble,** *a.* പാകമാക്കാവുന്ന. **-a-ment,** *n.* കൂട്ട്, യോഗച്ചേർച്ച; യോജിപ്പിക്കൽ; യോജിപ്പ് മാർഗ്ഗം; ദേഹക്കൂറ് (*phys.*); സ്വ ഭാവം, ശീലഗുണം. **-a-men'tal,** *a.* സ്വ ഭാവാനുസാരമായ; സഹജമായ. **-ance,** *n.* മിതാനുഭവം, മിതാനുഭോഗം, മിതം; മിതഭക്ഷണം; മിതമദ്യപാനം; ശാന്തഗു ണം, സൌമ്യഭാവം, ക്ഷമ, സാത്വികത്വം. **t.e society** മദ്യവർജ്ജനസംഘം, മധുവ ർജ്ജനസംഘം. **-āte,** *a.* മിതം ആയ,

ശീതോഷ്ണം—; ശാന്തം—, സാവധാനം—, സൌമ്യം—; മിതാനുഭവമുള്ള; മിതാനുഭോഗമായ; മദ്ധ്യവൎജ്ജനത്താലുണ്ടാകുന്ന. **t.e zone** ശീതോഷ്ണക്കച്ച, മിതശീതോഷ്ണക്കച്ച (*geog.*). **-āte-ly,** *ad.* മിതമായി; ശാന്തമായി. **-āte-ness,** *n.* മിതഗുണം, മിതഭാവം; മിതാനുഭവം. **-a-tive,** *a.* കുറുക്കുവാൻ കഴിയുന്ന; പാകംവരുത്താകുന്ന. **-ā-tūre,** *n.* സ്വഭാവം, സ്ഥിതി, ഗുണനില; ശീതോഷ്ണസ്ഥിതി (*ph.*), ശീതോഷ്ണക്കണക്ക്, ശീതോഷ്ണപ്പടി. **animal t.e** ചോരച്ചൂട്, രക്തോഷ്ണം; ശരീരച്ചൂട്, ദേഹോഷ്ണം (*phys.*). **t.e sense** ശീതോഷ്ണബോധം; ശീതോഷ്ണ താരതമ്യബോധം. **=pĕred** (-pĕrd), *a.* പതംവരുത്തിയ, പതമാക്കിയ; കട്ടപ്പമാക്കിയ; ശീലഗുണമുള്ള. **bad-t.d** കോപിയായ, കോപിക്കുന്നായ, ദുശ്ശീലമുള്ള. **good-t.d** സുശീലമുള്ള, സല്ഗുണമുള്ള, സാത്വികനായ, സാധുത്വമുള്ള. **-ĕr,** *n.* പാകമാക്കുന്നവൻ; കമ്മായമിടിയന്ത്രം. **-iṅg,** *n.* കട്ടപ്പമാക്കൽ, കട്ടപ്പം കൂട്ടൽ; പതമാക്കൽ. **t.g colour** ലോഹക്കട്ടപ്പനിറം.

**Tem′pest,** *n.* കൊടുങ്കാറ്റ്, കോള്, വിശറ്, 'തൂഫാൻ'; 2. അമളി, ലഹള, ബഹളം; 3. മോടിജനസംഘം. **=pes′-tū-ŏus,** *a.* കൊടുങ്കാറ്റുള്ള; കൊടുങ്കാറ്റായ; കൊടുങ്കാറ്റ് സംബന്ധിച്ച; ഉഗ്രമായ, കലശലായ. **=pes′tū-ŏus-ly,** *ad.* കൊടുങ്കാറ്റായി; ലഹളയായി. **=pes′tū-ŏus-ness,** *n.* കൊടുങ്കാറ്റടിക്കൽ, കോള്, വിശറ്.

**Tem′plar** *n.*, *s. u.* **Temple** IV.

**Tem′plāte, Tem′plet,** *n.* പണിമാതൃക, മാതൃകപ്പലക; 2. (തെണ്ടികയുടെ അടിക്ക് വെക്കുന്ന) താങ്ങ്മുട്ടി, —മരം, —പലക, —കല്ല് (*arch.*).

I. **Tem′ple,** *n.* തുണിക്കോല്, തുണിവടി, വീശുകോല്, വീത് കോല് (*w.*).

II. **Tem′ple,** *n.* ചെന്നി, നെററിത്തടം (*an.*); 2. കണ്ണുടത്തണ്ട്. **t.-bone** ചെന്നിയെല്ല് (*an.*). **tem′pō-ral,** *a.* ചെന്നിസംബന്ധിച്ച; നെററിത്തടത്തിലുള്ള (*an.*).

III. **Tem′ple,** *n.* മണ്ഡപം; ക്ഷേത്രം; ഉപാസനമന്ദിരം; 2. (യരുശലേമിലുണ്ടായിരുന്ന) യഹോവാലയം, ഇസ്രയേല്യദൈവാലയം, യഹൂദ്യദേവാലയം (*Bl.*); 3. പള്ളി, ആരാധനസ്ഥലം; 4. ദൈവസാന്നിദ്ധ്യമുള്ളേടം. *v. t.* ക്ഷേത്രമുണ്ടാക്കുക; 2. ദേവനെ പ്രതിഷ്ഠിക്കുക. **tem′pled** (-pld), *a.* ദൈവാരാധനസ്ഥലം ഉള്ള, പള്ളി—; പള്ളിക്കകത്ത്—.

IV. **Tem′ple,** *n.* സന്ന്യാസിപ്പടയാളിമഠം; 2. ന്യായശാസ്ത്രമണ്ഡപം. **Inner T., Middle T.** (ലണ്ടൻനഗരത്തിലെ) രണ്ട് ന്യായശാസ്ത്രമണ്ഡപങ്ങൾ. **knights of the t.** സന്ന്യാസിപ്പടയാളിവൎഗ്ഗം. **tem′-plar** (-plĕr), *n.* (പൂൎവ്വത്തിലെ) സന്ന്യാസിപ്പടയാളി; ന്യായശാസ്ത്രവിദ്യാൎത്ഥി; 'ഫ്രീമേസൻ' സംഘക്കാരൻ; മദ്ധ്യവൎജ്ജനസാമാജികൻ. *a.* ദൈവാലയം സംബന്ധിച്ച; ന്യായശാസ്ത്രമണ്ഡപം—.

**Tem′plet,** *n.*, *s. u.* **Template.**

**Tem′pō,** *n.* വേഗതക്രമം, താളം, അടി (*mus.*).

I. **Tem′pō-ral,** *a.*, *s. u.* **Temple** II.

II. **Tem′pō-ral,** *a.* കാലം സംബന്ധിച്ച, കാലികമായ; 2. ജീവകാലം സംബന്ധിച്ച; 3. ഇഹലോകം—, ഐഹികം ആയ, ലൌകികം—; 4. ജഡികം—, അനാത്മികം—; 5. രാജ്യസംബന്ധം—, മതസംബന്ധം അല്ലാത്ത, സഭാസംബന്ധം—. **t. augment** ആദ്യസ്വരദീൎഘം (*gr.*). **lords t.,** *s. u.* **Lord.** *n.* (*pl.*) ലൌകികകാൎയ്യം, രാജ്യകാൎയ്യം. **=ral′i-ty,** *n.* തല്ക്കാലികത്വം; (*pl.*) ശാരീരികകാൎയ്യങ്ങൾ; ലൌകികാദായം, വരുമാനം, പിരിവ്. **-ly,** *ad.* ശാരീരികമായി. **-ness,** *n.* ലൌകികഭാവം. **-ty,** *n.* സ്വത്ത്, സഭാസ്വം, ദേവസ്വം.

**Tem′pō-rar-i-ly,** *etc.* *s. u.* **Temporary.**

**Tem′pō-rar-y,** *a.* ക്ഷണികം ആയ, താല്ക്കാലികം—, അസ്ഥിരം—, അനിത്യം—തല്ക്കാലത്തേക്കുള്ള. **t. star** ക്ഷണനക്ഷത്രം (*as.*). **=rar-i-ly,** *ad.* തല്ക്കാലത്തേക്ക്, അല്പസമയത്തേക്ക്, കുറച്ച് കാലം. **=rar-i-ness,** *n.* തല്ക്കാലികത്വം, അനിത്യത.

**Tem′pō-rīse**, =**rīze**, *v. i.* കാലത്തിന്നനുസാരമായിരിക്കുക, കാലത്തിന്ന് തക്ക കോലം കെട്ടുക, നാടോടുമ്പോൾ നടുവെ യായിരിക്കുക; 2. (വിപരീതകക്ഷികളിൽ ഒരുവനെ കാണുമ്പോൾ അവന്നനുകൂലമായും മററവനെ കാണുമ്പോൾ അവന്നനുകൂലമായും) തരംനോക്കിപ്പറയുക, തരം നോക്കി സംസാരിക്കുക; 3. താമസിപ്പിക്കുക, കാലവിളംബനം വരുത്തുക. =**rī-sā′tiŏn**, =**rī-zā′tiŏn**, *n.* കാലം നോക്കി പ്രവൃത്തിക്കൽ, തരംനോക്കി—. =**rist**, =**rī-sēr**, =**rī-zēr**, *n.* കാലാനുസാരി, മഴക്ക് തക്കവണ്ണം കടപിടിക്കുന്നവൻ, മാലോ(ക)രമ്മായി, തരംനോക്കി പറയുന്നവൻ. =**rī-sing-ly**, =**rī-zing-ly**, *ad.* കാലാനുസാരമായി, അവസ്ഥോചിതമായി.

**Tempse**, *n.*, *s. a.* Temse.

**Tempt**, *v. t.* പരീക്ഷിക്കുക; 2. വശീകരിക്കുക, (തിന്മയിലേക്ക്) ആകർഷിക്കുക; 3. ഉത്സാഹിപ്പിക്കുക, നിർബ്ബന്ധിക്കുക, കത്തിപ്പൊന്തിക്കുക, കിളത്തുക; 4. പരിശ്രമിക്കുക, യത്നിക്കുക. =**ta-bil′i-ty**, *n.* പരീക്ഷ്യത, പരീക്ഷാസ്പദം. =′**ta-ble**, *a.* പരീക്ഷ്യം ആയ, പരീക്ഷാസ്പദം—, പരീക്ഷിതവ്യം—. =**tā′tiŏn**, *n.* പരീക്ഷിക്കൽ, മോഹിപ്പിക്കൽ; പരീക്ഷ, വശീകരണം, ആകർഷണം, പ്രലോഭനം; പരിക്ഷാസ്പദം; മോഹം, നിർബ്ബന്ധം, വശീകരം. =**tā′tiŏn-less**, *a.* പരീക്ഷാരഹിതം ആയ; അഹേതുകം—. =**tā′tiŏus**, =′**ting**, *a.* മോഹനീയം—, മോഹകം—, ആകർഷകം—, ഔത്സുക്യം—, വശീകരിക്കുന്ന. =′**tēr**, *n.* പരീക്ഷകൻ, പ്രലോഭകൻ, വിലോപകൻ; പിശാച്, സാത്താൻ (*Chr.*). =′**ting-ly**, *ad.* പരീക്ഷയായി, വശീകരണമായി. =′**ting-ness**, *n.* ആകർഷകത്വം, വശീകരം, വശീകരണം. =′**tress**, *n.* വശീകരിക്കുന്നവൾ, വശീകരക്കാരത്തി, മോഹിനി.

**Temse**, **Tempse**, **Tems**, *n.* അരിപ്പ, ചല്ലട, 'പെനേര', മുറം. **t.-bread**, **temsed-bread**, **t.-loaf** പൊടിമാവപ്പം.

**Tem′ū-lent**, *a.* ലഹരിപിടിച്ച, മത്തനായ, അമലുള്ള. =**lence**, =**len-cy**, *n.* മത്ത്, ലഹരി, അമല്; കടി, മദ്യപാനം. =**tive**, *a.* ഏതാനും ലഹരിയുള്ള; കടി അഭ്യസിച്ച; മദ്യപാനവ്യസനമുള്ള.

**Ten**, *a.* പത്ത്, ദശം; 2. അനേകം, പല. *n.* പത്ത്, ദശം, ദശകം; 10, X, ൰ എന്ന അക്കം. **t.-fold** പത്തിരട്ടി, പത്ത്മടങ്ങ്, പതിന്മടങ്ങ്; പപ്പത്ത്, പതുപ്പത്ത്. **t. o'clock** പത്ത്മണി; ഒര് ചെടി (*b.*). **t. penny** പത്ത്പെനി വിലക്കുള്ള, പത്തണക്കുള്ള; ഒര് വക ആണി. **t.-pins** ഒര് വകപന്ത്കളി. **t.-pounder** ഒര് മത്സ്യം (*z.*). **t.-strike** (പന്ത്കളിയിലെ) പൂർണ്ണജയം; ക്ഷണയുക്തി; കട്ടക്കെ. **tenth**, *a.* പത്താമത്തെ, ദശമമായ; പത്താലൊന്നായ. *n.* പത്താമത്തേത്, ദശമം; പത്താലൊന്ന്; പത്തിലൊന്ന്, $\frac{1}{10}$, ഒന്ന്പത്തി; പതാരം, ദശാംശം. *pl.* പ്രത്യേകരാജഭോഗം; ധർമ്മസ്വത്ത്. **t.h meter**, **t.h metre** ഒര് നീളാളവ് പ്രമാണം. **tenth′ly**, *ad.* പത്താമതായി, ദശമമായി.

**Ten′a-ble**, *a.* പിടിച്ച്നിൽക്കാകുന്ന, നിലനിൽക്കാകുന്ന; 2. രക്ഷിക്കാകുന്ന, ചെറുത്ത്നില്ക്കാകുന്ന, കാത്ത്കൊള്ളാകുന്ന; 3. സ്ഥാപിക്കാകുന്ന, വാദിക്കാവുന്ന, പ്രതിവാദ്യമായ, വാദിക്കത്തക്ക. =**bil′i-ty**, -**ness**, *n.* രക്ഷണീയത്വം; സ്ഥിരീകരണീയത്വം; പ്രതിവാദനീയത്വം. **ten′a-bly**, *ad.* കാത്ത് രക്ഷിക്കത്തക്കവണ്ണം.

**Te-nā′ciŏus** (-nā′shus), *a.* പിടിച്ച്കൊള്ളുന്ന, മുറുകെ പിടിക്കുന്ന, മുറുക്കിപ്പിടിക്കുന്ന; 2. ഗാഢമായ, ഉറപ്പുള്ള, ശക്തിയുള്ള, കല്ലിൽ കൊത്തിയപോലെയുള്ള, നല്ല(ഓർമ്മയുള്ള), ഓർമ്മശക്തിയുള്ള; 3. പററുന്ന, പററുള്ള, കൊഴക്കനെയുള്ള, വലിച്ചാൽ നീളുന്ന, മെഴപ്പാകമായ, കഴമ്പായ; 4. അണുച്ചേർച്ചയുള്ള, ഉറപ്പുള്ള, കട്ടിയായ, ആരട്ടപ്പമുള്ള; 5. ഈററയുള്ള, ലൃബ്ബുള്ള; 6. ശാഠ്യമുള്ള, മർക്കടമുഷ്ടിയായ. -**ly**, *ad.* മുറുക്കെ, വിടാതെ, ശാഠ്യത്തോടെ. -**ness**, =**nac′i-ty**, *n.* പിട്ടത്തം, സ്ഥിരത, ഓർമ്മശക്തി, സ്മരണശക്തി; സംലഗ്നാകർഷണം (*ph.*); ഉറപ്പ് (*ph.*); സംശ്ലിഷ്ടത, പററ് (*ph.*); ഭാരവഹനശക്തി (*ph.*).

**Te-na-c̄ū-lum** (*pl.* te-nac̄ū-la), *n.* വൈദ്യകൊക്ക (*med.*).

**Ten'ant,** *n.* കുടിയാൻ, പാട്ടക്കാരൻ, നടപ്പുകാരൻ, (വസ്തു)നടക്കുന്നവൻ, കൊഴക്കാരൻ, കഴിക്കാണക്കാരൻ (*l.*); 2. കുടിയിരിപ്പുകാരൻ, കൈവശക്കാരൻ, പാക്കുന്നവൻ. *t. in capite,* t. in chief പണ്ടാരഭൂമികൈവശക്കാരൻ, പണ്ടാരകുടിയാൻ. t. in common കൂട്ടവകാശി, കൂട്ടുസ്വത്തുള്ളവൻ. *v. t.* കുടിയാനായിരിക്കുക, അന്യന്റെ ഭൂമി നടക്കുക, പാട്ടനടപ്പുണ്ടാക, കൊഴനടപ്പുണ്ടാക. **ten'-an-cy,** *n.* കുടിയായ്മ, പാട്ടനടപ്പ്, കൊഴനടപ്പ് (*l.*); കുടിയിരിപ്പ്. **-a-ble,** *a.* പാട്ടത്തിന്ന് കൊടുക്കാവുന്ന; കൂലിക്ക് —; പാട്ടം നടക്കാവുന്ന; കുടിയിരിക്കാകുന്ന. **-a-ble-ness,** *n.* പാട്ടം നടക്കത്തക്ക സ്ഥിതി; കൂലിക്ക് പാക്കത്തക്ക നില. **-less,** *a.* കുടിയാനില്ലാത്ത; ആരും നടക്കാത്ത; കൂലിക്ക് പാക്കാത്ത. **=an-try,** *n.* കുടിയാൻ വൎഗ്ഗം, കുടിയാന്മാരുടെ കൂട്ടം, കുടിയാന്മാർ.

**Ten'ant-saw,** *s. a.* Tenon-saw.

**Tench,** *n.* നല്ല വെള്ളത്തിലെ ഒർ മത്സ്യം, കരിമീൻ (*z.*).

I. **Tend,** *v. t.* കാത്ത് രക്ഷിക്കുക, പാലിക്കുക, രക്ഷിക്കുക; 2. അനുചരിക്കുക; 3. സൂക്ഷിക്കുക, ശ്രദ്ധിക്കുക. **to t. a vessel** (കപ്പല് നങ്കൂരം ഇട്ടേടത്ത്) നങ്കൂരച്ചങ്ങല കുടുങ്ങാതാക്കുക. *v. i.* (on, upon) ശുശ്രൂഷിക്കുക, സേവചെയ്യുക, സേവിച്ച് നില്ക്കുക. **-'ance,** *n.* ശുശ്രൂഷ, സേവ; അനുചരണം. **-'ĕr,** *n.* പാലകൻ, നോക്കുന്നവൻ, സൂക്ഷിക്കുന്നവൻ; ധാത്രി, 'ആയ', കുട്ടിയെ നോക്കുന്നവൾ; (കപ്പൽക്കൂട്ടത്തിന്ന് കോപ്പുകളും വൎത്തമാനങ്ങളും എത്തിച്ച് കൊടുപ്പാനുള്ള) സേവകപ്പല് (*naut.*); (തീവണ്ടിയന്ത്രത്തിന്ന് വേണ്ടുന്ന കരിയും വെള്ളവും നിറച്ച് വെക്കുന്ന) സേവവണ്ടി, കൂട്ടുവണ്ടി.

II. **Tend,** *v. i.* (to, towards) .....ലേക്ക് ചെല്ലുക, പോക, ഗതിയായിരിക്കുക, ചായുക; 2. ആയ്ത്തീരുക; 3. ഉതകുക, സാധിപ്പിക്കുക. **-'en-cy,** *n.* പോക്ക്, ഗതി, ചായ്വ്, വാസന; ഫലം; ഉപയോഗം; ശ്രമം; നോട്ടം മനോഗതം, താല്പൎയ്യം.

I. **Tend'ĕr,** *n., s. u.* Tend I.

II. **Ten'dĕr,** *v. t.* വെച്ച്കാട്ടുക, കൊടുപ്പാൻ ഒരുങ്ങുക, ഹാജരാക്കുക (*l.*); 2. ഏല്പ്പിക, 'ഒക്കാസ്'കൊടുക്കുക. *n.* വെച്ച്കാട്ടൽ, കൊടുപ്പാനൊരുങ്ങൽ, കൊടുക്കാമെന്ന് പറയൽ, ഒരുങ്ങൽ, ഒരുക്കം. 2. 'ഒക്കാസ്', ഭരമേല്പ്; 3. നിശ്ചയം, വാഗ്ദത്തം, വാഗ്ദാനം; 4. വെച്ച്കൊടുക്കുന്ന സാധനം, പണം. legal t., *s. u.* Legal.

III. **Ten'dĕr,** *a.* മൃദുവായ, പതമുള്ള, മയമുള്ള; 2. ലഘുവായ, ഉറപ്പ്കുറഞ്ഞ; ലോലമായ, കോമളമായ, ശിഥിലമായ, നേൎമ്മയായ, മെല്ലിച്ച, മെലിഞ്ഞ; 3. ഇളയ, പ്രായംകുറഞ്ഞ; പിഞ്ചായ; മൂക്കാത്ത; 4. വേഗം തട്ടുന്ന, —വേദന പററുന്ന; 5. ശക്തികുറഞ്ഞ, ബലഹീനമായ; 6. സഹിക്കുവാൻ കഴിയാത്ത, സഹനശക്തി ഇല്ലാത്ത; 7. ധൈൎയ്യം—, പൌരുഷം; 8. മൂക്കാത്ത, പാകം ആകാത്ത; 9. സ്നേഹം ഉള്ള, ദയ—, ആൎദ്രത—, അലിവ്—, കൃപ—, പരിതാപം—; 10. പരോപകാരശീലം—; 11. ക്ഷമിക്കുന്ന; 12. പ്രിയം ഉള്ള, വില—; 13. ശ്രദ്ധ—; 14. വിചാരം—, ചിന്ത—; 15. (of) സൂക്ഷ്മം—, നോട്ടം—, ചരതം—; 16. സൌമ്യത—, ശാന്തത—; 17. വാത്സല്യം—, ആദരവ്—; 18. വേദനവരുത്തുന്ന, ദുഃഖകരമായ, നൊമ്പരി(ലി)പ്പിക്കുന്ന; 19. ചരിയുന്ന (*naut.*). t. foot കോമളൻ, ഞെരുക്കം ശീലിക്കാത്തവൻ, അദ്ധ്വാനശീലമില്ലാത്തവൻ (*U. S.*). t.-footed സുഖപ്രിയമുള്ള. t.-hearted മനഃസ്ഥൈൎയ്യമില്ലാത്ത, വേഗം മനസ്സിളകുന്ന; ദയയുള്ള; കരുണയുള്ള. t.-heartedly കനിവോടെ. t.-hearted-ness കരൾക്കനിവ്, മനസ്സലിവ്. t. loin പശുവിന്റെയും പന്നിയുടെയും വാരിമാംസം. **-ling,** *n.* ഏളത്തമുള്ളവൻ, പ്രിയൻ, ഓമനക്കുട്ടി. **-ly,** *ad.* വാത്സല്യത്തോടെ, കൃപയോടെ; സൌമ്യതയോടെ; പ്രേമത്തോടെ. **-ness,** *n.* മൃദുത്വം; ഇളമ്പ്രായം, കോമളത്വം; ബലമില്ലായ്മ, ലോലത്വം; ദയ.

**Ten'di-nŏus,** *a., s. u.* Tendon.

**Ten'don,** *n.* സ്നായു (*an.*). t.-reflex സ്നായുജന്യസങ്കോചനം (*phys.*). **-ŏus,**

ten′di-nŏus, *a.* സ്നായുസംബന്ധമായ; സ്നായുതുല്യമായ; സ്നായു ഉള്ള.

Ten′drae, Tan′ree, Ten′ree, *n.* ഒരുവക മുള്ളൻപന്നി, മുള്ളൻ (*z.*).

Ten′dril, *n.* വള്ളിക്കൊടി, നാക്കൊടി, നാര്; വള്ളിക്കാല് (*S.*), ചുരുള്, പ്രതാനം, കൊടിക്കുന്തല്, പററുമ്പ് (*b.*). *a.* പററിപ്പിടിക്കുന്ന, പററിക്കയറുന്ന. =driled =drilled (-drild), *a.* കൊടിനാരുള്ള (*b.*). [brious.

Ten′e-bræ (-brē), *n.*, *s. u.* Tene-

Te-nē′bri-ŏus, =brif′ie, =brif′ie-ŏus, =brōse, =brŏus, *a.* ഇരുണ്ട, ഇരുട്ടായ, ഇരുട്ടുള്ള, അന്ധകാരമായ. =′e-bræ (-brē), *n.* (ക്രിസ്തുവിൻെറ കഷ്ടാനുഭവങ്ങളെ വൎണ്ണിക്കുന്ന) കഷ്ടാനുഭവസ്തോത്രഗീതങ്ങൾ (*R. C.*). =bros′i-ty, =brŏus-ness, *n.* ഇരുള്, ഇരുട്ട്, അന്ധകാരം.

Ten′e-ment, *n.* കുടിമയവകാശം, കുടിമജന്മം, കുഡുംബജന്മം; 2. കഴിക്കാണാവകാശം; കഴിക്കാണക്കുടിയിരിപ്പ്; 3. ശാശ്വതാവകാശം; ശാശ്വതാവകാശസ്വത്ത്; 4. കുടിയിരിപ്പ്, പാൎപ്പിടം, പുര, വീട്, ഭവനം; വാസസ്ഥലം, ഗൃഹം; പുരയിടം; 5. കൂലിക്ക് കൊടുക്കുന്ന വീട്, വാടകപ്പുര. free t., frank t. ശാശ്വതാവകാശം. t.-house വാടകപ്പുര, വാടകമുറി. -al, *a.* കുടിമയായ; പാട്ടത്തിന്ന് കൊടുക്കാകുന്ന; കൂലിക്ക്—. -ar-y, *a.* —കൊടുക്കുന്ന; കുടിയിരിപ്പായ.

Te-nes′mus, *n.* വയററുകടി, വയററുവേദന, വയററുകടി, മൂലക്കടച്ചല്, മൂലരോഗം, അൎശ്ശോരോഗം, അൎശ്ശസ്സ് (*med.*). vesical t. മൂത്രക്കടച്ചല് (*med.*). =nes′-mie, *a.* മൂലക്കടച്ചല് സംബന്ധിച്ച, മൂലവ്യാധിയുള്ള.

Ten′et, *n.* ഉപദേശം, മതോപദേശം; 2. വാദം; 3. അഭിപ്രായം; 4. വിശ്വാസപ്രമാണം.

Ten′fōld, *a.*, *s. u.* Ten.

Tē′ni-a, *n.*, *s. a.* Tænia.

Ten′nis, *n.* വലപ്പന്താട്ടം. t.-court വലപ്പന്താട്ടക്കളം. court-t., lawn-t. വലപ്പന്താട്ടം. *v. t.* പന്തടിക്കുക; 2. അങ്ങോട്ടും ഇങ്ങോട്ടും ഓടിക്കുക; 3. മുമ്പോട്ടും വഴിയോട്ടും തള്ളുക.

Ten′nụ, *n.*, *s. a.* Tapir.

Ten o′eloek, *s. u.* Ten.

Ten′on, *n.* കുടുമ (*carp.*); 2. കന്നം കുടുമയുമേപ്പ് (*carp.*). t.-saw, tenant-saw ചെറുകൈവാള് (*carp.*). *v. t.* കുടുമവെക്കുക (*carp.*).

Ten′ŏr, *n.* പോക്ക്, ഗതി, തുടൎച്ച; 2. വിധം, പ്രകാരം; 3. പതിവ്, നടവടി, വഴക്കം; പദ്ധതി; 4. നോട്ടം; 5. സാരം, താല്പൎയ്യം, അൎത്ഥം, ഭാവം, പൊരുള്; 6. അഭിപ്രായം; 7. സ്വഭാവം, ഗുണം; 8. നേൎപ്പകൎപ്പ് (*l.*); 9. പുരുഷന്മാരുടെ ഉച്ചസ്വരം; മദ്ധ്യമനാദം, (ബഹുനാദസംഗീതത്തിൽ) മൂന്നാം നാദം, —ധ്വനി (*mus.*); 10. മദ്ധ്യമനാദസംഗീതക്കാരൻ (*mus.*); 11. മദ്ധ്യമധ്വനിവാദ്യം (*mus.*).

Te-not′ō-my, *n.* സ്നായുഭേദനം (*surg.*). =tōme, *n.* സ്നായുഭേദനശസ്ത്രം (*surg.*).

Ten′pen-ny, Ten′pins, Ten′-pound-ĕr, *s. u.* Ten.

Ten′ree, Tan′ree, *s. u.* Tendrac.

I. Tense, *n.* കാലം (*gr.*). future t. ഭാവികാലം (*gr.*). imperfect t., past t. ഭൂതകാലം, ലങ് (*gr.*). perfect t. പൂൎണ്ണഭൂതകാലം, ലിട് (*gr.*). pluperfect t. സമ്പൂൎണ്ണഭൂതകാലം (*gr.*). present t. വൎത്തമാനകാലം, ലട് (*gr.*).

II. Tense, *a.* വലിഞ്ഞുനില്ക്കുന്ന, വലിവുള്ള, മുറുക്കമുള്ള, അയയാത്ത; 2. വിറങ്ങലിച്ച; 3. കട്ടിയായ, ഉറപ്പുള്ള. -′ly, *ad.* മുറുക്കത്തോടെ, മുറുക്കമായി, മുറുകെ. -′ness, ten′si-ty, *n.* മുറുക്കം, വലിച്ചല്. ten-si-bil′i-ty, ten-sil′i-ty, *n.* വലിച്ചാൽ നീളുന്ന ഗുണം, ആയാമത്വം, വിസ്തരണീയത്വം. ten′si-ble, ten′sile (-sil), *a.* വലിച്ച് നീട്ടാകുന്ന, അടിച്ച് നീട്ടാകുന്ന, വിസ്തരണീയമായ. ten′siled (-sild), *a.* വിസ്തൃതമായ. ten′siŏn (-shun), *n.* വലിക്കല്; വലിവ്, മുറുക്കം; വിറങ്ങ

ലിപ്പ്; അതിശ്രദ്ധ; വിഫലത; വേവിലാതി; ആയാമതാപം (*ph.*); വലിയുക്ക് (*mech.*); (തുന്ന് യന്ത്രത്തിലെ) നൂല് മുറുക്കിസൂത്രം; വിസ്തരണശക്തി, വികാസശക്തി; പൂർവ്വസ്ഥിതിഗമ്യത, അയവ് (*ph.*). **ten'siŏned** (-shund), *a.* വലിഞ്ഞ, മുറുക്കമുള്ള. **ten'sive**, *a.* മുറുക്കം തോന്നുന്ന; വിറങ്ങലിപ്പുള്ള. **ten'sŏr**, *n.* നീട്ടേശി, ആയാമപേശി (*an.*).

**Ten'strīke**, *s. u.* Ten.

I. **Tent, Tent'wīne, Tin'ta**, *n.* ഒര് വക വീഞ്ഞ്, കടുംചുവപ്പ് വീഞ്ഞ്.

II. **Tent**, *n.* ശ്രദ്ധ, സൂക്ഷ്മം; 2. ഭാവം, ഉദ്ദേശം. *v. t.* ശ്രദ്ധിക്കുക, സൂക്ഷിക്കുക; 2. കാക്കുക; 3. തടുക്കുക, മുടക്കുക. **-'ĕr**, *n.* നോക്കുന്നവൻ, മേനോക്കി, ഉപ'മേസ്ത്രി'; മേലധികാരി.

III. **Tent**, *n.* വ്രണത്തിരി, തിരുക്ക് (*surg.*); 2. ക്ഷതശോധനക്കമ്പി (*surg.*). *v. t.* തിരിവെക്കുക; 2. (മുറിവിന്നകത്ത്) കമ്പിയിട്ട് നോക്കുക (*surg.*).

IV. **Tent**, *n.* കൂടാരം, തമ്പ്, 'ഡേറ', കൂറക്കുടിഞ്ഞില്, പടക്കുടി, വസ്ത്രവേശ്മം. **t.-bed** ഉയന്ന മേക്കട്ടിക്കട്ടില്. **t.-maker** കൂടാരപ്പണിക്കാരൻ. *v. i.* കൂടാരത്തിൽ പാക്കുക, തമ്പടിച്ച് താമസിക്കുക. **-'ed**, *a.* തമ്പുകൾ നിറഞ്ഞ. **-'fụl**, *n.* ഒരു തമ്പിലടങ്ങുന്നതു.

**Ten'ta-ele, Ten-tae'ū-lum** (*pl.* **ten-tae'ū-la**), *n.* സ്പർശിനി, പ്രാണിമീശ (*z.*); 2. മൃഗമീശ (*z.*). **=eled** (-kld), **=tae'ū-lāte, =tae'ū-lā-ted**, *a.* സ്പർശിനിയുള്ള. **=tae'ū-lar**, *a.* സ്പർശിനി സംബന്ധിച്ച; —ആയ. **=tae-ū-lā'ta**, *n. pl.* ഇണസ്പർശിനിപ്രാണിവർഗ്ഗം (*z.*).

**Ten'ta-tive**, *a.* പരീക്ഷാർത്ഥമായ, നോട്ടത്തിന്നുള്ള. *n.* നോട്ടം, പരീക്ഷ; പരിശ്രമം. **=tā'tiŏn**, *n.* പരീക്ഷ; പരീക്ഷിച്ച് ശരിപ്പെടുത്തൽ; വെച്ച് നോക്കി ശരിപ്പെടുത്തൽ. **-ly**, *ad.* പരീക്ഷാർത്ഥമായി.

**Tent'ed**, *a.*, *s. u.* Tent IV.

I. **Tent'ĕr**, *n.*, *s. u.* Tent II.

II. **Ten'tĕr**, *n.* (തുണിയുണക്കുന്ന) ചട്ടം, തുറട്ട് (*S.*). **t.-ground** തുറട്ട് കളം, തുണിച്ചട്ടക്കളം. **t.-hook** തുണിക്കൊളുത്ത്, കൊളുത്ത്, കൊക്ക. **to be on the t.s, to be on the t.-hooks** വലിഞ്ഞ് നില്ക്കുക; വിഷമിക്കുക, ബുദ്ധിമുട്ടുക, ദുർഘടത്തിലാക. *v. i.* വലിയുക. *v. t.* ചട്ടത്തിലിട്ടുണക്കുക.

**Tent'fụl**, *a.*, *s. u.* Tent IV.

**Tenth, Tenth'ly, Tenth mē'tĕr**, *etc.*, *s. u.* Ten.

**Tent'mā-kĕr**, *n.*, *s. u.* Tent IV.

**Ten-tō'ri-um**, *n.* മദ്ധ്യമസ്തിഷ്കം (*an.*).

**Ten-ū-i-fō'li-ŏus**, *a.*, *s. u.* Tenuity.

**Ten-ū-i-ros'tral**, *a.*, *s. u.* Tenuity.

**Te-nū'i-ty**, *n.* നേർമ്മ, അകലക്കുറവ്; 2. ലാഘവം, ഘനക്കുറവ്; 3. വിശിഷ്ടത. **ten-ū-i-fō'li-ŏus**, *a.* സൂചിയിലയുള്ള (*b.*). **ten-ū-i-ros'tral**, *a.* സൂചിക്കൊക്കുള്ള (*z.*). **ten'ū-ŏus**, *n.* നേരിയ, നേർമ്മയായ, ചെറിയ, സൂചിതുല്യമായ; ലഘുവായ, ഘനംകുറഞ്ഞ. **ten'ū-āte**, *v. t.* നേർമ്മയാക്കുക, ഘനം കുറക്കുക.

**Ten'ūre**, *n.* വസ്തുനടപ്പ്; 2. വസ്തുനടപ്പവകാശം; 3. പാട്ടം, വാരം, ജന്മഭോഗം; 4. കൈവശസമ്പ്രദായം, കൈവശരീതി; അവകാശനില, —വിധം.

**Tep'e-fȳ**, *v. t. & i.*, *s. u.* Tepid.

**Teph'ra-man-cy** (tef'ra-), *n.* ഭസ്മവിദ്യതിലക്ഷണം.

**Tep'id**, *a.* ഇളഞ്ചൂടായ, വെക്കയുള്ള, മന്ദോഷ്ണമായ, കോഷ്ണമായ, കുളുപ്പം വിട്ട, അനച്ച, അനത്തിയ. **-ness, te-pid'-i-ty, tē'por**, *n.* ഇളഞ്ചൂട്, ചെറുചൂട്, മന്ദോഷ്ണം, ശീതോഷ്ണം, കോഷ്ണം, വെക്ക, ചെറുവെക്ക. **tep'e-fȳ**, *v. t. & i.* ഇളഞ്ചൂടാക്കുക, വെക്കപിടിപ്പിക്കുക, കുളുപ്പം വിടുത്തുക. **tep-e-fae'tiŏn**, *n.* വെക്കപിടിപ്പിക്കൽ, അനത്തൽ, ഇളഞ്ചൂടാക്കൽ.

**Tē'por**, *n.*, *s. u.* Tepid.

**Te-qui'la** (ta-ke'la), *n.* ഒര് വക (മെക്സിക്കൊ) മദ്യം.

Ter′aph (-af), (*pl.* ter′a-phim *pr.* -fim), *n.* (യൂദന്മാരുടെ) ആഭിചാരവിഗ്രഹം.

Ter′a-pin, *n.*, *s. a.* Terrapin.

Ter′a-toid, *a.* അസാധാരണം ആയ, അപൂൎവ്വം—, ഭയങ്കരരൂപി—, വികൃതരൂപി—, രാക്ഷസൻ—. =tog′e-ny, *n.* രാക്ഷസജനനം, അപൂൎവ്വ—, ഭയങ്കര—, കുരൂപ—. =tō-log′i-cal, *a.* ഭയങ്കരജനനശാസ്ത്രസംബന്ധിച്ച. =tol′ō-gy, *n.* രാക്ഷസജനനശാസ്ത്രം, വൈരൂപ്യോല്പാദനശാസ്ത്രം. =tō′ma, *n.* ജനനമുഴ (*med.*).

Ter′bi-um, *n.* ഒരു മൂലധാതുപദാൎത്ഥം, 'ടെർബ്യം' (*ch.*). ter′bic, *a.* 'ടെർബ്യം' സംബന്ധിച്ച; —ഉള്ള.

Tĕrce, *n.*, *s. a.* Tierce.

Tĕr′cel, *etc.*, *s. a.* Tiercel, *etc.*

Ter-cen′ten-ar-y (-ĕr-i), *a.* മൂന്നു നൂററാണ്ടായ, ശതാബ്ദത്രയമായ. *n.* ത്രിശതാബ്ദോത്സവം.

Tĕr′cet, *n.*, *s. a.* Triplet.

Ter′e-binth, =bin′thēne, *etc.*, *s. a.* Turpentine, *etc.*

Ter′e-bra (*pl.* ter′e-bræ), *n.* ശംഖ് (*z.*). =brant, *a.* തുളക്കുന്ന (*z.*). =brāte, *v. t.* തുളക്കുക. =brā-ting, *a.* തുളക്കുന്ന, കുത്തിത്തുളക്കുന്ന; കുത്തലായ, കുത്തലെടുക്കുന്ന (*med.*). =brā′tiŏn, *n.* കുത്തിത്തുളക്കൽ, തുളക്കൽ.

Ter′e-dine, =ē′dō, *n.* കുത്തിത്തുളക്കുന്ന ജന്തു, മരപ്പുഴ, ഉരുപ്പുഴ, ഉറപ്പുഴ (*z.*).

Te-rēte′ (-rēt′), *a.* ഗോളസ്തംഭമായ, സൂചിഗോപുരാകൃതിയായ. =rē′tial (-rē′shal), *a.* ഉരുണ്ട.

Tĕr′gal, *a.* പുറംസംബന്ധിച്ച, പൃഷ്ഠം— (*an.*). tĕr′gant, tĕr′gi-ant, *a.* പുറം തിരിച്ചു നില്ക്കുന്ന, പൃഷ്ഠദൎശകമായ (*her.*).

Ter-ġem′i-nal, =nāte, *a.* മൂന്നിണയായ; ത്രിയുഗ്മപത്രമുള്ള (*b.*). =ġem′i-nŏus, *a.* മൂന്നിരട്ടിയായ; ത്രിയുഗ്മമായ.

Tĕr-ġif′ĕr-ŏus, *a.* പുറത്തുള്ള, പൃഷ്ഠവാഹിയായ. t. plants പത്രപൃഷ്ഠബീജസസ്യം (*b.*).

Tĕr′ġi-vĕr-sāte, *v. i.* മറിക്കുകയും തിരിക്കുകയും ചെയ്യുക; 2. ഒഴിഞ്ഞു കളയുക; 3. പൊളിപറയുക, പൊളി—. =sā′tiŏn, *n.* മറിഞ്ഞുകളയൽ; മറിപ്പും തിരിപ്പും; ഒഴികഴിവു, പൊളി, പൊളി, ഉള്ള, ഭോഷ്കു; ചപലത, ചാപല്യം. =sā-tŏr, *n.* പൊള്ളൻ, വളതം പറയുന്നവൻ, കളവു—; ഒഴികഴിവു—.

Tĕr′gum, *n.* (*pl.* tĕr′ga) പ്രാണിപൃഷ്ഠം (*z.*); 2. പുറത്തെ ഓടു (*z.*).

Tē′rin, Tā′rin, *n.* പാടുന്ന ഒരു പക്ഷി (*z.*).

Tĕrm, *n.* അതിര്, അറുതി, എല്ല (*S.*); 2. അററം, അഗ്രം, പ്രാന്ത്യം; 3. സമയം, അവധി, ഇട, 'ഗട്ട', കെട്ട (*S.*); 4. (വിദ്യാശാലകളിൽ) അദ്ധ്യായകാലം, അഭ്യാസകാലം, പാഠകാലം, പാഠകാലഭാഗം; 5. ക്ഷേത്രാഗ്രം, ക്ഷേത്രാന്തം, ബിന്ദു; രേഖ; പൃഷ്ഠം, തലം (*geom.*); 6. കാലം, കാലാവധി (*l.*); 7. ഊഴം, തവണ (*S.*); 'കിസ്തു' (*l.*); 8. കോടതിവിചാരണകാലഭാഗം, കച്ചേരികാലം (*l.*); 9. പ്രമേയവാച്യം, പ്രമേയവാച്യം (*log.*); 10. ന്യായാവയവം (*log.*); 11. പേര്, നാമം, വാക്ക്; 12. ചതുഷ്കോണചിത്രസ്തംഭം (*arch.*); 13. രാശി, പദം (*math.*); 14. *pl.* ആൎത്തവം, കൈവരയല്, തീണ്ടാരിക്കല്, മാസക്കുളി (*med.*); 15. *pl.* നിശ്ചയം (*l.*); 16. *pl.* ഭാവം, സ്ഥിതി, നില, നില്പു; 17. വാരംപാട്ടം അടക്കേണ്ടുന്ന സമയം, തവ്വു (*l.*). t.-fee കച്ചേരികാലവ്യവഹാരച്ചെലവു (*l.*); പാഠകാലഭാഗപ്പടി, പാഠകാലഭാഗ 'ഫീസ്'. first t. ആദ്യരാശി, ആദ്യപദം (*math.*). പാഠകാലാദ്യഭാഗം. Easter t. (ഏപ്രിൽ 15 മുതൽ മേയി 8 വരെയുള്ള) രണ്ടാം കച്ചേരികാലം (*l.*). Hilary t. (ജനുവരി 11 മുതൽ 31 വരെയുള്ള) ഒന്നാം— (*l.*). last t. അന്ത്യരാശി, അന്ത്യപദം (*math.*). Michaelmas t. (നവമ്പ്ര 2 മുതൽ 25 വരെയുള്ള) നാലാം കച്ചേരികാലം (*l.*). Trinity t. (മേയി 22 മുതൽ ജൂൻ 12 വരെയുള്ള) മൂന്നാം— (*l.*). major t. പ്രമേയവാച്യം (*log.*). mean t., middle t. സംബന്ധാ

വയവം (*log.*). minor t. പ്രമേയാഖ്യാവയവം (*log.*). technical t. സാങ്കേതികനാമം, —സംജ്ഞ. Candlemas t. (ഫിബ്രുവരി 2-ാം തിയ്യതിയായ) മകരത്തവ്വ്. Lammas t. (ആഗസ്റ്റ് 1-ാം തിയ്യതിയായ) കക്കിടകത്തവ്വ്. Martinmas t. (നവമ്പ്ര 11-ാം തിയ്യതിയായ) തുലാത്തവ്വ്. Whitsunday t. (മേയി 15-ാം തിയ്യതിയായ) മേടത്തവ്വ്. t.s of a proportion അനുപാതരാശികൾ (*math.*). t.s of ratio സംബന്ധരാശികൾ (*math.*). to bring to t.s സമ്മതിപ്പിക്കുക, രാജിയാക്കുക; കീഴ്പ്പെടുത്തുക, നിൎബ്ബന്ധിക്കുക, ബലം പ്രമാണമായി സമ്മതിപ്പിക്കുക. to make t.s, to come to t.s സമ്മതിക്കുക, നിശ്ചയം ചെയ്യുക, കരാറ്—; രാജിയാക, തമ്മിൽ ഒക്കുക, സന്ധിക്കുക. good t.s, friendly t.s ഇഷ്ടം, സ്നേഹം, മിത്രഭാവം. bad t.s വിരോധം, സിദ്ധാന്തം, മുഷിച്ചല്. *v. t.* പേരിടുക, പേര് വിളിക്കുക, വിളിക്കുക, നാമധേയം കല്പിക്കുക. -′ĕr, -′ŏr, *n.* കച്ചേരിവിചാരണകാലം മുഴുവനും ഹാജരായിരിക്കുന്നവൻ. -′ĕr, *n.* കടിമക്കുടിയാൻ; കഴിക്കാണക്കാരൻ (*l.*). tĕr′mi-na-ble, *a.* അത്യത്തിവെക്കാകുന്ന, അതിര്—; അവധിവെക്കാകുന്ന; അവസാനിപ്പിക്കാകുന്ന, ക്ലപ്തപ്പെടുത്താകുന്ന. tĕr′mi-na-ble-ness, *n.* ക്ലപ്തം, സീമത്വം. tĕr′mi-nal, *a.* അററം സംബന്ധിച്ച, അഗ്രമായ; തുഞ്ചമായ (*b.*); തണ്ടിൻെറ അററത്തുണ്ടാകുന്ന (*b.*). t.l statue അതിൎത്തദേവത, അതിൎബ്ബിംബം. t.l velocity ചലനാന്ത്യവേഗത (*ph.*); ചലനാന്ത്യം (*ph.*). *n.* അററം, അഗ്രം; അത്യത്തി, അതിര്; അവസാനം, ഒടുവ്. tĕr-mi-nā′li-a, *n. pl.* അതിൎദ്ദേവതോത്സവം. tĕr′mi-nant, *n.* അവസാനം, സമാപ്തി. tĕr′mi-nāte, *v. t.* അതിര് വെക്കുക, അതിരിടുക; അഗ്രമാക്കുക; ക്ലപ്തപ്പെടുത്തുക; അവസാനിപ്പിക്കുക, സമാപിക്കുക; ഇല്ലാതാക്കുക, തീക്കുക, തീച്ചപ്പെടുത്തുക; പൂൎണ്ണം ആക്കുക, സമ്പൂൎണ്ണം—, തികെക്കുക. *v. i.* അതിരായിരിക്കുക; അവസാനിക്കുക, നിന്ന് പോക; തീരുക, സമാപ്തിയാക; അവധി എത്തുക. tĕr-mi-nā′tiŏn, *n.* അത്യത്തിവെക്കൽ, അതിരിടൽ; ഒടുക്കൽ, സമാപിക്കൽ, അവസാനിക്കൽ; അതിര്, അത്യത്തി; അഗ്രം; അവധി; അവസാനം; സമാപ്തി, ഒടുവ്; ക്ലപ്തം, ഫലം; ഉദ്ദേശം, ആന്തരം; പദം; അന്തം, പദാന്തം, പ്രത്യയം, അന്ത്യാക്ഷരം (*gr.*). tĕr-mi-nā′tiŏn-al, *a.* അന്ത്യമായ; പ്രത്യയമായ (*gr.*). tĕr′mi-na-tive, tĕr′mi-na-tŏr-y, *a.* അവസാനിക്കുന്ന; തീച്ചയായ, നിശ്ചയമായ, ദൃഢമായ. tĕr′mi-na-tive-ly, *ad.* ഒടുക്കം വരുത്തുന്നതായി; തീച്ചപ്പെടുത്തുന്നതായി. tĕr′mi-nā-tŏr, *n.* അവസാനിപ്പിക്കുന്നവൻ; (ചന്ദ്രൻെറ സപ്രകാശമുഖത്തിന്നും നിഷ്പ്രകാശമുഖത്തിന്നും മദ്ധ്യേ അതിരായ) ചന്ദ്രപ്രഭാപ്രാന്ത്യം (*as.*). tĕr′mi-nĕr, *n.* തീച്ചപ്പെടുത്തൽ, തീൎപ്പ് കല്പിക്കൽ, കററവിചാരണ, 'സെഷൻ'വിസ്താരം (*l.*). tĕr′mi-nism, *n.* (ഓരോരുവന്ന് രക്ഷക്കായിക്കൊണ്ട് ദൈവം പ്രത്യേകമായി ഒര് കാലം നിശ്ചയിച്ചിട്ടുണ്ടെന്നുള്ള) കൃപാകാലവാദം (*theo.*). tĕr′mi-nist, *n.* —വാദി (*theo.*). tĕr-mi-nō-log′i-cal, *a.* സംജ്ഞാശാസ്ത്രം സംബന്ധിച്ച, നാമശാസ്ത്രം—. tĕr-mi-nō-log′i-cal-ly, *ad.* നാമശാസ്ത്രസംബന്ധമായി. tĕr-mi-nol′ō-ġy, tĕr-mō-nol′ō-ġy, *n.* നാമശാസ്ത്രം, സംജ്ഞാശാസ്ത്രം, വാച്യശാസ്ത്രം; സാങ്കേതിക സംജ്ഞാശാസ്ത്രം. tĕr′mi-nus (*pl.* tĕr′mi-nī), *n.* അത്യത്തി, അതിര്; (റോമരുടെ) അതിൎദ്ദേവത (*myth.*); അതിൎബ്ബിംബം; അതിൎക്കല്ല്; അററം, അന്ത്യം, അതിക്കിള; തീവണ്ടിവഴിയററം, (തീവണ്ടി) അഗ്രസ്ഥാനം, —കനിക്ക—, അവസാന—, ഒന്നാമാപ്പീസ്, ഒടുക്കത്തെയാപ്പീസ്. -′less, *a.* അതിരില്ലാത്ത, അതിരററ, സീമയില്ലാത്ത, ഒടുങ്ങാത്ത; അവൎണ്ണനീയമായ; നിൎവ്വാച്യമായ. -′ly, *a.* കാലഭാഗങ്ങൾതോറും ഉണ്ടാകുന്ന, കാലന്തോറുമുള്ള. *ad.* കാലഭാഗന്തോറും, കാലന്തോറും, മാറിമാറി, ഊഴപ്രകാരം.

Tĕr′ma, *n.* പ്രാന്ത്യമസ്തിഷ്കം (*an.*).

Tĕr′ma-gant, *n.* (മുഹമ്മദീയരുടെ) ഗൎജ്ജനഭൂതം (*myth.*); 2. കലഹക്കാരൻ; 3. കലഹക്കാരത്തി. *a.* കലഹിക്കുന്ന, അ

മളിയുള്ള, ബഹളംകൂട്ടുന്ന, ശണ്ഠചെയ്യുന്ന; 2. അധിക്ഷേപിക്കുന്ന. =gan-cy, *n.* കലഹശീലം, ഉഗ്രവാരം, നിലവിളി, അമളി, കലാപം, ബഹളി, ബഹളം. -ly, *ad.* കലഹഭാവത്തോടെ. [Termes.

Tĕr'ma-tar-y, =tā'ri-um, *s. u.*

Tĕrm'ĕr, *n.*, *s. u.* Term.

Tĕr'mēs, Tĕr'mi-tēs, *n. pl.* ചിതല്‌വർഗ്ഗം (*z.*). tĕr-ma-tā'ri-um, tĕr'ma-tar-y, *n.* ചിതല്പുറ്റ്, പുറ്റ്, വാന്മീകം. tĕr'mīte, *n.* ചിതല് (*z.*).

Tĕr'mi-nal, Tĕr-mi-nā'li-a, Tĕr'mi-nāte, Tĕr-mi-nā'tiŏn, Tĕr'mi-na-tive, Tĕr'mi-nism, Tĕr-mi-nol'ŏ-ġy, Tĕr'mi-nus, *etc.*, *s. u.* Term.

Tĕr'mīte, *n.*, *s. u.* Termes.

Tĕrm'less, Tĕrm'ly, Tĕr-mō-nol'ŏ-ġy, Tĕrm'ŏr, *etc.*, *s. u.* Term.

I. Tĕrn, ഒരു വക കടല്ക്കാക്ക (*z.*).

II. Tĕrn, *a.* മൂന്നിരട്ടിയായ, മുമ്മടങ്ങായ; മൂന്ന് കൂടിയ, മുമ്മൂന്നായ. t. flowers ത്രിപുഷ്പം (*b.*). t. leaves ത്രിപത്രം, മുവില (*b.*). t. schooner മൂന്ന് കൊമ്പൻ കപ്പല്, മുക്കൊമ്പൻ—. *n.* മൂന്ന് കൂടിയത്, മുമ്മൂന്ന് കൂടിയത്; മുവിണ, സോടതി വിജയം. tĕr'nar-y, *a.* മുമ്മൂന്നായ, ത്രിഭാഗമായ (*ch.*). *n.* മൂന്ന് എന്ന സംഖ്യ, മൂന്ന്, ത്രിത്വം, ത്രിമൂർത്തിത്വം. tĕr'nāte, *a.* മുമ്മൂന്നായ. tĕr'nāte-ly, *ad.* മുമ്മൂന്നായി. tĕr'ni-on, *n.* മൂന്നെന്ന സംഖ്യ, മൂന്ന് കൂടിയത്, മുമ്മൂന്ന്.

Tĕrne'plāte (tĕrn'plāt), *n.* ഈയം പൂശിയ ഇരിമ്പ് തകിട്, തകരം.

Tĕr'ni-on, *n.*, *s. u.* Tern II.

Tĕrp-sich'ŏ-rē, *n.* (യവനരുടെ) നൃത്തദേവത (*myth.*). =rē'an, *a.* നൃത്തദേവതക്കുള്ള; നൃത്തം സംബന്ധിച്ച.

Ter'ra, *n.* ഭൂമി; ഭൂതലം; 2. നിലം, മണ്ണ്. *t. alba* വെൺമണ്ണ്. *t. cotta* ചൂട്‌വെച്ച ഒരു വക കളിമണ്ണ്, ചുട്ട(കളി)മണ്ണ്, മേത്തരം കശമണ്ണ്. t.-culture കൃഷി, വ്യവസായം. t.-cultural കൃഷിസംബന്ധമായ. *t. firma* ഉറച്ച നിലം, ഉണങ്ങിയ നിലം, കര. *t. Japonica* കാററ്, കാത്ത് (*b.*). *t. Sienna* കാവിമണ്ണ്, മണ്ണായം. *t. Verde* പച്ച(നിറമുള്ള ഒരു) മണ്ണ്, ഒരു വക പച്ചച്ചായം.

Ter'rāce, *n.* മേല്ത്തളം, മേട, മതില്മേട, അളിന്ദം, അളിന്ദഭൂമി; 2. പുറയില്ലി, മിഞ്ചാമ്പരം, പ്രഗ്രീവം, വിതർദ്ദിക; 3. വെണ്മാടം, മെത്ത, പ്രാസാദപൃഷ്ഠം; 4. വീഥി, തെരു, തെരുവീഥി, കച്ചറായി; 5. വേദിക, ജലതീരമേട. *v. t.* മേടയാക്കുക; മേല്ത്തളമുണ്ടാക്കുക; 2. വെണ്മാടമാക്കുക.

Ter'rāne, *n.* ഒരേജാതി പാറ, തുല്യോല്പന്നശില (*geol.*).

Ter'ra-pin, Ter'a-pin, Ter'ra-pen, Ter'ra-pene, Tur'a-pen, *n.* വെള്ളാമ, കൂർമ്മം, കമഠം (*z.*).

Ter-rā'que-ŏus (-rā'kwe-us), *a.* കടലും കരയും ആയ; ജലസ്ഥലാത്മകം—, ഭൂമിയും സമുദ്രവും—.

Ter'ras, *n.*, *s. a.* Trass. [Tureen.

I. Ter-rēen', Ter-rēne', *s. a.*

II. Ter-rēen', Ter-rēne', *a.* മണ്ണ് സംബന്ധിച്ച; 2. മണ്ണ് കൊണ്ടുള്ള; 3. ഭൂമിസംബന്ധിച്ച, ഭൗമികമായ, ലൌകികമായ. *n.* ഭൂമുഖം, ഭൂപൃഷ്ഠം, നിലം; 2. മുകൾഭാഗം, മുകൾപരപ്പ്.

Terre'blue (ter'blu), *n.* നീലമണ്ണ്

Terre'plāin, =plāin (ter'plen), *n.* കോട്ടയിലെ പീരങ്കിത്തറ, പീരങ്കിത്തിണ, തോക്ക് തിണ (*mil.*).

Ter-res'tri-al, *a.* ഭൂമിയായ; 2. ഭൂതലം സംബന്ധിച്ച; ഭൂമിയിലുള്ള; 3. ഭൌമികമായ; ലൌകികമായ, പ്രാപഞ്ചികമായ, സാംസാരികമായ; 4. കരയായ; 5. നിലത്ത് പാർക്കുന്ന (*z.*); 6. ഭൂദർശനത്തിനുള്ള. *n.* ഭൂവാസി, മനുഷ്യൻ. -ly, *ad.* ഭൌമികമായി. -ness, *n.* ലൌകികത്വം.

Ter'ret, *n.* ജീൻവട്ടക്കണ്ണി, ജീൻകണ്ണി.

Terre-ten'ant (ter-ten'ant), Ter-ten'ant, *n.* ഭൂമികൈവശക്കാരൻ, നടപ്പ്കടിയാൻ (*l.*).

Terre'vĕrte (ter'vĕrt), *n.* ഒരു വക പച്ചനിറമുള്ള മണ്ണ്; പച്ചച്ചായം.

Ter′ri-ble, *etc.*, *s. u.* Terrify.

Ter-ric′ō-læ, *n. pl.* ഭൂനാഗവൎഗ്ഗം, നിലത്തിരവൎഗ്ഗം (*z.*).

Ter-ri-en′ni-ak, *n.* ധ്രുവക്കുറുക്കൻ, ധ്രുവജംബുകം (*z.*).

I. Ter′ri-ĕr, *n.* ചെറുനായി; നായാട്ടു് നായി; ജടനായി (*z.*).

II. Ter′ri-ĕr, Ter′rar, *n.* മറുപാട്ടക്കൂട്ടം, കൈചീട്ടുകൾ (*l.*); 2. പൈമാശിക്കണക്കു് (*l.*).

Ter-rif′ie, *etc.*, *s. u.* Terrify.

Ter′ri-fȳ, *v. t.* ഭയപ്പെടുത്തുക, പേടിപ്പിക്കുക, ഭ്രമിപ്പിക്കുക, മെരിട്ടുക, വിരട്ടുക; അരട്ടുക. =′ri-ble, =rif′ie, =rif′i-eal, *a.* ഭയങ്കരമായ, ഭയാനകമായ, പേടിതോന്നുന്ന; ഘോരമായ, ഭീകരമായ; കഠിനമായ, ഉഗ്രമായ, ഭീമമായ; ബീഭത്സമായ; അതിയായ. =′ri-ble-ness, *n.* ഭയങ്കരത്വം, ഭയങ്കരത. =′ri-bly, =rif′i-eal-ly, *ad.* ഭയങ്കരമായി, ഭീകരമായി. ter′rŏr, *n.* ഭയം, ഭ്രമം, മഹാഭയം, ത്രാസം, സംഭ്രമം; ഭയഹേതു, ഭയങ്കരം. t.r-fraught പേടിപിടിച്ച. t.r-giving ഭയങ്കരമായ, പേടിപ്പിക്കുന്ന. t.r-smitten, t.r-stricken, t.r-struck മെരിണ്ട, ഭ്രമംതട്ടിയ, സംഭ്രമമുള്ള. King of T.rs മരണം. reign of t.r (പരന്ത്രീസ് രാജ്യത്തിൽ രാജ്യപരിവൎത്തനകാലത്തുണ്ടായ) ഉഗ്രക്രോധം. ter′rŏr-ism, *n.* ഭയപ്പെടുത്തൽ; ഭയപ്പാടു്, ഉഗ്രരാജ്യഭരണം, ഭീകരഭരണം. ter′rŏr-ist, *n.* ഉഗ്രഭരണകൎത്താവു്; (പരന്ത്രീസ് രാജ്യത്തിലുണ്ടായിരുന്ന) ഉഗ്രക്രോധപക്ഷക്കാരൻ. ter′rŏr-īse, ter′rŏr-īze, *v. t.* ഭയപ്പെടുത്തുക, മെരിട്ടുക, ഭയം ജനിപ്പിക്കുക; ഭയപ്പെടുത്തി ചെയ്യിക്കുക. ter′-rŏr-less, *a.* നിൎഭയമായ, പേടിയില്ലാത്ത.

Ter-rig′e-nŏus, *a.* ഭൂജന്യമായ; 2. ഭൂമിയിലുള്ള; 3. ഭൂമിയിൽനിന്നുണ്ടായ.

Ter′ri-tor-y, *n.* രാജ്യം, പ്രദേശം, നാടു്, ദേശം; 2. അധീനരാജ്യം; 3. ഉപസംസ്ഥാനം (*U. S.*). =tō′ri-al, *a.* സംസ്ഥാനസംബന്ധമായ; ഉപസംസ്ഥാന—; രാജ്യത്തിന്റെ; ഭൂമിസംബന്ധിച്ച. =tō′ri-al-īse, =tō′ri-al-īze, *v. t.* രാജ്യം വിസ്തീൎണ്ണമാക്കുക, രാജ്യംകൂട്ടിച്ചേൎക്കുക; അധീനരാജ്യം ആക്കുക; ഉപസംസ്ഥാനം—. =tō′ri-al-ly, *ad.* രാജ്യസംബന്ധമായി; അധീനരാജ്യമായി. =tō-ried (-rid), *a.* അധീനരാജ്യമുള്ള; ഉപസംസ്ഥാനമുള്ള.

Ter′rŏr, *etc.*, *s. u.* Terrify.

Ter′ry, *n.* പട്ടു്പടം, രത്നപടം.

Tĕrse, *a.* മിനുക്കം ഉള്ള, മിനുസം—; 2. ഉല്കൃഷ്ടത—; 3. വൃത്തി—; 4. ലഘുപദാന്വിതമായ; 5. സംക്ഷേപമായ; 6. ഒഴുക്കം ഉള്ള, ലാവണ്യം—, നല്ല. -′ly, *ad.* ഭംഗിയായി, സംക്ഷേപമായി, ശുദ്ധിയായി, വൃത്തിയായി. -′ness, *n.* ശുദ്ധി, വൃത്തി; ലാഘവം; ലാവണ്യം.

Ter-ten′ant, *n.*, *s. a.* Terretenant.

Tĕr′tial (tĕr′shal), *n.* മുൻതൂവല്, വലിയതൂവല് (*z.*). *a.* ഉൾത്തൂവലായ (*z.*).

I. Tĕr′tian (-shan), *a.* മൂന്നാംപക്കം ഉണ്ടാകുന്ന, മുമ്മൂന്നു് ദിവസം കൂടുമ്പോൾ—; 2. മൂന്നാം പനിയായ. *n.* മൂന്നാം പനി, ഒന്നരാടം പനി (*med.*).

II. Tĕr′tian (-shan), *n.* (420 കുപ്പി കൊത്ത 105 കററി കൊള്ളുന്ന) ഒരു് വീഞ്ഞളവു്.

Ter′tiar-y (*or* -shi-ĕr-i), *a.* മൂന്നാമത്തെ, മൂന്നാന്തരമായ; 2. തൃതീയഗുണമുള്ള (*ch.*), ഉൾത്തൂവലായ (*z.*). t. age ചതുഷ്പാദ്യുഗം (*geol.*). t. colour സമ്മിശ്രവൎണ്ണം. t. period ചതുഷ്പാദ്യുഗാരംഭകാലം, സ്തനപ്രാണികാലം. t. formation, t. period, t. system സ്തനപ്രാണികാലശില (*geol.*). t. syphilis ഉഗ്രദുർവ്യാധി, രക്തവിഷകുഷ്ഠം, പറങ്കിക്കുഷ്ഠം (*med.*). *n.* (സന്യാസികളിൽ) മൂന്നാംവൎഗ്ഗം (*R. C.*); 2. ചതുഷ്പാദ്യുഗം, സ്തനപ്രാണികാലം; 3. സ്തനപ്രാണികാലശിലാവൎഗ്ഗം (*geol.*); 4. ഉൾത്തൂവലു് (*z.*). =′ti-āte, *v. t.* മൂന്നാമതു് ചെയ്യുക; തോക്കുകുഴല് പരിശോധിക്കുക.

Ter-ụ-ter′ō, *n.* മുൾച്ചിറകുള്ള ഒരു് പക്ഷി (*z.*).

*Tĕr′za-rī-ma* (tĕrt′sa-rē-ma), ഒരു് വക ത്രിപ്രാസവൃത്തം (*pros.*).

**Tĕr-zet′tō** (tĕrt-set′tō), *n.* ത്രിധ്വനിരാഗം, ത്രിനാദരാഗം (*mus.*).

**Tes′se-lar, Tes′sel-lar** (-lĕr), *a.*, *s. u.* Tessera.

**Tes-sel-lā′ta,** *n. pl.* ഇത്തിൾമൃഗവൎഗ്ഗം, കവചമൃഗവൎഗ്ഗം (*z.*).

**Tes′sel-lāte,** *v. t.* കളങ്ങളാക്കുക, കളമുണ്ടാക്കുക, കളംകളമായി പട്ടുക്കുക. =**lāte,** =**lā-ted,** *a.* ഖചിതപ്പണിയായ, അമിഴ്ത്തുവേലയായ, വിചിത്രമായിപ്പട്ടത്ത; കളംകളമായ (*b. z.*). =**lā′tiōn,** *n.* അമിഴ്ത്തൽ; വിചിത്രഖചിതപ്പണി.

**Tes′sĕr-a,** *n.* (*pl.* tes′sĕr-æ) ചതുരസ്സുടികം, ചതുരചിത്രശില, ചതുരമൎമ്മരക്കല്ലു; 2. (നാടകശാലയിൽ കടപ്പാൻ ചീട്ടായി ഉപയോഗിച്ച) ദന്തഖണ്ഡം, അസ്ഥിക്കഷണം, മരക്കഷണം, നാടകശാലനറുക്ക്; 3. വിരുത്കറി, വിരുത്മുദ്ര. =′**se-lar,** =**sel-lar** (-lĕr), *a.* ചതുരസ്സുടികം അമിഴ്ത്തിയ, വിചിത്രപ്പടവായ. =**al,** **tes′sū-lar** (-lĕr), ചതുരസ്സുടികമായ; ചതുരസ്സുടികം സംബന്ധിച്ച.

I. **Test,** *n.* മൂശ, സ്വൎണ്ണയുല, വെള്ളിയുല; 2. മൂശപരീക്ഷ, ഉരുക്കിപ്പരിശോധിക്കൽ, മാററുനോക്കൽ; 3. പരീക്ഷ, പരിശോധന, നോട്ടം; 4. പരീക്ഷാസാധനം; 5. പരീക്ഷാമാൎഗ്ഗം; 6. മച്ചം, മെച്ചം, മാററ, ഉരവു; 7. ഉരക്കല്ലു; 8. സൂക്ഷ്മലക്ഷണം, വ്യത്യസ്തലക്ഷണം; 9. പ്രമാണം; 10. പരീക്ഷാഫലം; തീൎപ്പു; 11. വ്യത്യാസം; 12. വിവേചനം; 13. രസവാദപരീക്ഷ (*ch.*); 14. രസവാദശോധകസാധനം (*ch.*). **T.-Act** റോമമതോപദേശത്യാഗസത്യം. **t.-object** ദൎശിനിപരീക്ഷാസാധനം. **t.-paper** രസവാദശോധകക്കടലാസു (*ch.*), ഹസ്താക്ഷരപരീക്ഷാസൂത്രം (*l.*). **t.-tube** കണ്ണാടിക്കുഴല്പാത്രം (*ch.*); മാപനക്കുഴല് (*ph.*). *v. t.* പുടംവെക്കുക, പുടം ഇടുക, മൂശപരീക്ഷ ചെയ്യുക; 2. ശുദ്ധിയാക്കുക; 3. പരിശോധിക്കുക, പരീക്ഷിക്കുക, ശോധനചെയ്യുക; 4. രസവാദപരീക്ഷ ചെയ്യുക (*ch.*). -′**a-ble,** *a.* ശോധനീയമായ, പരീക്ഷിക്കത്തക്ക. -′**ing,** *n.* പരീക്ഷിക്കൽ, പരിശോധന, പരീക്ഷ; പുടംവെക്കൽ **t.g machine** ബലശോധകയന്ത്രം.

II. **Test, Tes′ta** (*pl.* tes′tæ), *n.* (വണ്ട് മുതലായതിന്റെ) ഓടു (*z.*); 2. ചിപ്പി, തോടു (*z.*); 3. ഉമി, തൊലി, തോലു, തോടു (*b.*). =**tā′cē-a** (-tā′shi-a), *n. pl.* (മുരുമുതലായ) ചിപ്പിപ്രാണിവൎഗ്ഗം, ശംഖപ്രാണിവൎഗ്ഗം (*z.*). =**tā′cē-an,** *n.* ചിപ്പിപ്രാണി (*z.*). =**tā-cē-og′ra-phy,** =**tā-cē-ol′ō-ġy,** *n.* ചിപ്പിപ്രാണിശാസ്ത്രം, ശംഖശാസ്ത്രം. =**tā′ceōus** (-tā′shus), *a.* ചിപ്പിസംബന്ധിച്ച, തോടു—, ഓടു—; ചിപ്പിയുള്ള; ചെന്തവിട്ടുനിറമുള്ള. **t.s animals** ചിപ്പിപ്രാണികൾ, മുരു, മുരിങ്ങ; ഇളമ്പക്ക; ഓരിക്ക; ഊക്ക; കല്ലിന്മേൽക്കായി, കട്ടക്ക.

**Tes′ta-cy,** *n.*, *s. u.* Testament.

**Tes′ta-ment,** *n.* മരണപത്രിക, 'ഒസ്സ്യത്ത്'; 2. നിയമം; 3. (ദൈവപ്രോക്ത) നിയമം, ദിവ്യവെളിപ്പാടു, പവിത്രരേഖ, ക്രിസ്ത്യാനിവേദഭാഗം (*Chr.*); 4. പുതിയനിയമം (*Chr.*). **holographic t.** സ്വഹസ്താക്ഷര'ഒസ്സ്യത്ത്'. **New T.** (ക്രിസ്ത്യാനികളുടെ വേദഭാഗമായ) പുതിയ നിയമം, പുതുനിയമം (*Chr.*). **Old T.** —പഴയനിയമം (*Chr.*). **tes′ta-cy,** *n.* 'ഒസ്സ്യത്ത്' എഴുതിവെക്കൽ; മരണശാസനം ചെയ്യൽ. =**ment′al,** *a.* നിയമം സംബന്ധിച്ച; മരണപത്രികയായ. =**ment′ar-y,** *a.* മരണശാസനം സംബന്ധിച്ച; മരണപത്രികയാൽ കൊടുത്ത; 'ഒസ്സ്യത്ത്' ചെയ്യ; മരണപത്രികപ്രകാരമുള്ള. =**ment-ā′tiōn,** *n.* 'ഒസ്സ്യത്താൽ കൊടുക്കൽ. **tes′tāte,** *a.* 'ഒസ്സ്യത്ത്' ചെയ്യ, മരണപത്രിക എഴുതിവെച്ച (*l.*). *n.* 'ഒസ്സ്യത്ത്'കാരൻ, മരണശാസകൻ (*l.*). =**tā′tŏr,** *n.* മരണപത്രിക എഴുതിവെക്കുന്നവൻ (*l.*). =**tā′trix** മരണപത്രിക എഴുതിവെക്കുന്നവൾ.

**Tes′tē, Tes-tēd′,** *s. u.* Testify.

I. **Tes′tĕr,** *n.* ശിരസ്ത്രാണം, തലക്കോരിക; 2. മേക്കട്ടി; 3. മേല്ക്കൂട്ടു.

II. Tes'tĕr, Tes'ton, (*contr. f.* tizzy), *n.* (ആറണക്കുള്ള) പുരാതന പരന്ത്രീസ് വെള്ളിനാണ്യം; 2. (ആറണക്കുള്ള) ഇംഗ്ലീഷ് (ആറുപെൻസ്) നാണ്യം.

I. Tes'tēs, *n. pl. of* teste, *s. u.* Testify.

II. Tes'tēs, *n. pl. of* Testis.

Tes-ti-căr'di-nēs, *n. pl.* ഇളമ്പക്കവർഗ്ഗം (*z.*). [*s. u.* Testis.

Tes'ti-cle, =cond, =tic'ū-lar, *etc.*

Tes-ti-ere' (-ār'), *n.* പടക്കുതിരത്തലക്കോരിക, അശ്വശിരസ്ത്രാണം (*mil.*).

Tes-ti-fi-că'tiŏn, *etc. s. u.* Testify.

Tes'ti-fȳ, *v. i.* സാക്ഷിപറയുക, സാക്ഷ്യം—, സാക്ഷ്യപ്പെടുത്തുക, തെളിവ് കൊടുക്കുക; 2. സത്യത്തിന്മേൽ കൈപ്പീത്ത് കൊടുക്കുക, കോടതിയിൽ സാക്ഷിപറയുക; 3. (against) അറിവ് കൊടുക്കുക, ഒററ്—, കററപ്പെടുത്തുക. *v. t.* സാക്ഷിപറയുക, സത്യംചെയ്യ് പറയുക, സാക്ഷ്യപ്പെടുത്തുക; 2. കോടതിയിൽ സത്യംചെയ്യ് സാക്ഷിപറയുക (*l.*). tes'tē (*pl.* tes'tēs), *n.* സാക്ഷി (*l.*); ആധാരത്തിലെ സാക്ഷിവിവരം (*l.*). tes-tēd', *a.* (രേഖയിൽ) സാക്ഷിവിവരം ചേത്ത (*l.*). tes-ti-fi-că'tiŏn, *n.* സാക്ഷിപറയൽ, സാക്ഷ്യപ്പെടുത്തൽ, തെളിവ് കൊടുക്കൽ. =fi-cā-tŏr, =fī-ĕr, *n.* സാക്ഷിപറയുന്നവൻ, സാക്ഷ്യപ്പെടുത്തുന്നവൻ, സാക്ഷി (*see* Testimony).

Tes'ti-ly, *ad. s. u.* Testy.

Tes'ti-mon-y, *n.* (*see* Testify) സാക്ഷ്യം, സാക്ഷി, തെളിവ്; 2. സ്വീകാരം; 3. പ്രമാണം, ആധാരം; 4. (യഹൂദ്യജനത്തിന്ന് മോശെ മുഖാന്തരം ദൈവം കൊടുത്ത) നിയമപ്പലക (*Bl.*); 5. ദിവ്യവെളിപ്പാട്, ദൈവോക്തശാസ്ത്രം, പവിത്രരേഖകൾ, വേദപുസ്തകം (*Chr.*). =mō'ni-al, *n.* സാക്ഷ്യപത്രം; സാക്ഷ്യചിഹ്നം; പ്രേമചിഹ്നം; ബഹുമാനചിഹ്നം; വിരുത്, വീരവള, വീരച്ചങ്ങല. *a.* സാക്ഷ്യം സംബന്ധിച്ച; —ആയ.

Tes'ti-ness, *n.*, *s. u.* Testy.

Test'ing, *etc.*, *s. u.* Test I.

Tes'tis (*pl.* tes'tēs), Tes'ti-cle, *n.* അണ്ഡം, അണ്ടി, മുട്ട, വൃഷണം, മുഷ്കം, പിടുക്ക്, ഉറുപ്പ (*an.*). tes'ti-cond, *a.* ഗുപ്തവൃഷണമുള്ള (*z.*). =tic'ū-lar, *a.* വൃഷണം സംബന്ധിച്ച; അണ്ഡമായ. =tic'ū-lāte, *a.* അണ്ഡാകൃതിയായ (*b.*).

Tes-tōne', *n.* (ആറണവിലക്കുള്ള) ഒര് പോൎത്തുഗീസ് വെള്ളിനാണ്യം.

Tes-to͝on', *n.* (ഏകദേശം ഒര് ഉറുപ്പികവിലക്കുള്ള) ഒര് ഇതാല്യനാണ്യം.

Tes-tū'dō, *n.* (*pl.* tes-tū'di-nēs) കാരാമ, ആമ, കൂൎമ്മം, കമഠം, കച്ഛപം (*z.*); 2. പരിചമറ, —രക്ഷ, പലകമറ; 3. ഒര് വാദ്യം, ഒര് വക വീണ (*mus.*). =tū'di-nal, =tū-di-nā'ri-ŏus, *a.* ആമക്കുള്ള, ആമയെ സംബന്ധിച്ച, കൂൎമ്മതുല്യമായ. =tū-di-nā'ta, *n.*, *pl.* കൂൎമ്മവർഗ്ഗം (*z.*). =tū'di-nāte, =tū'di-nā-ted, *a.* ആമത്തോട് പോലെയുള്ള; മേല്പുരയുള്ള; മുകൾഭാഗം വളഞ്ഞ; കമാനാകൃതിയായ. =din'e-ŏus, *a.* ആമത്തോട് പോലെയുള്ള.

Tes'ty, *a.* വേഗം മുഷിയുന്ന, ഈറയുള്ള (*P.*), മുൻകോപമുള്ള; 2. ഇളിയുന്ന, ഇളിച്ചൽ സ്വഭാവമുള്ള, ഇളിഭ്യനായ. tes'ti-ly, *a.* ഇളിച്ചലോടെ, ഈറയോടെ, വെറുപ്പോടെ. tes'ti-ness, *n.* ഇളിച്ചല്, ഈറ, വെറുപ്പ്; ദുശ്ശീലം; വെറുതി; മുങ്കോപം.

Tet'a-nus, *n.* (മുറിവുകളാലുണ്ടാകുന്ന) ഞരമ്പ് വലിരോഗം, ക്ഷതസന്നി, മുറിസന്നി, ധനുൎവ്വാതം (*med.*); 2. വലി, ഞരമ്പ് വലി, —കല്യക്കം (*phys.*). =tan'ic, *a.* –വലിയുള്ള, —വിറയുള്ള (*phys.*); സന്നിജനകമായ (*med.*). *n.* (കാഞ്ഞിരക്കുരുമുതലായ) മജ്ജാവിക്ഷപദാൎത്ഥം (*med.*). tet'a-nin, *n.* സന്നിവിഷം. =ni-sā'tiŏn, =ni-zā'tiŏn, *n.* ഞരമ്പ് വലി, മജ്ജാതന്തുസങ്കോചനം (*phys.*). =nīse, =nīze, *v. t.* ഞരമ്പ് വലിവരുത്തുക (*phys.*), ക്ഷതസന്നിപിടിപ്പിക്കുക (*med.*). =noid, *a.* —സന്നിപോലെയുള്ള. tet'a-ny, *n.* ഇളസന്നി (*med.*).

**Tetch'y, Tetch'i-ness,** *s. a.* Techy, Techiness.

**Tete** (tāt), *n.* പൊയ്മുടി, മുടിത്തൊപ്പി; 2. തലകെട്ടി, വാമ്മുടി, മുടിപൂരണം.

*Tete-a-tete'* (tāt-a-tāt'), *n.* (രണ്ടു പേൎക്കു തമ്മിലുള്ള) സ്വകാൎയ്യസംഭാഷണം, കൂടിക്കാഴ്ച, അഭിമുഖസല്ലാപം, കൂടിയാലോചന; 2. (രണ്ടു പേൎക്കു ഇരിപ്പാനുള്ള) ഇരിക്കക്കട്ടില്, പൎയ്യങ്കം, മഞ്ചം. *a.* സ്വകാൎയ്യമായ; 2. മമതയുള്ള. *ad.* മുഖാമുഖമായി, അഭിമുഖമായി; 2. സ്വകാൎയ്യമായി; 3. മമതയോടെ.

*Tete-de-pont'* (tāt-de-pwăng'), *n.* പാലക്കോത്തളം (*mil.*).

**Te-tel',** *n.* ആഫ്രിക്കക്കലമാൻ (*z.*).

**Teth'ĕr,** *n.* (നാല്ക്കാലിയെ മേയുവാൻ കെട്ടിയിടുന്ന) നീളക്കയറ്, മേച്ചല്കയറ്. *v. t.* കെട്ടിയിടുക, കയററിന്മേൽ നിൎത്തുക, കെട്ടിമേയ്ക്കുക, കെട്ടിത്തിററുക.

**Tet'ra,** *pf.* നാല്, നാൻ, ചതുഃ, ചതുർ, ചതുഷ്.

**Tet'ra-chord** (-kard), *n.* ചതുസ്സ്വരഗ്രാമം (*mus.*).

**Tet-ra-chot'ō-mŏus** (-kot'ō-mus), *a.* നാലായി ഭാഗിച്ച (*b.*); 2. നന്നാലായ (*b.*). [(*pros.*).

**Tet-ra-eō'lon,** *n.* ചതുഷ്കാലവൃത്തം

**Tet'rad,** *n.* നാല് എന്ന സംഖ്യ; 2. നാല്ക്കൂട്ട്. =**rad'ie,** *a.* നാലെന്ന അക്കം സംബന്ധിച്ച; നാലായ. =**dīte,** *n.* നാലാം തിയ്യതി ജനിച്ച; ചതുൎമ്മൂൎത്തികളെ ഭജിക്കുന്ന.

**Tet-ra-dae'tyl,** =**dae'tyle** (-til), =**dae'tyl-ŏus,** *a.* (കൈക്കോ കാലിന്നോ) നന്നാല് വിരലുള്ള (*z.*). [Tetrad.

**Tet-rad'ie, Tet'ra-dīte,** *s. u.*

**Tet'ra-don, Tet'ra-dont,** *s. a.* Tetrodon, Tetrodont.

**Tet'ra-drachm** (-dram), **Tet-ra-drach'ma** (-drak'ma), *n.* (ഏകദേശം രണ്ടര ഉറുപ്പികക്കുള്ള പുരാതന യവനനാണ്യമായ) ചതുൎദ്രമ്മ.

**Tet'ra-gon,** *n.* ചതുഷ്കോണക്ഷേത്രം, ചതുൎഭുജക്ഷേത്രം, ചതുരം (*geom.*). =**trag'ō-nal,** *a.* ചതുഷ്കോണം സംബന്ധിച്ച; നാല് കോണുള്ള; ചതുൎഭുജയായ.

**Tet-ra-gram'ma-ton,** *n.* (ചില പുരാതനരാജ്യക്കാര് ദൈവനാമസൂചകമായി വിചാരിച്ച് വന്ന) നാല് എന്ന ഗോപ്യസംഖ്യ.

**Tet-ra-hē'dron,** *n.* ചതുൎമ്മുഖത്രിഭുജപിണ്ഡം (*geom.*). **regular t.** ചതുൎമ്മുഖതുല്യത്രിഭുജപിണ്ഡം (*geom.*). =**hē'dral,** *a.* ചതുൎഭുജയുള്ള, ചതുൎമ്മുഖമുള്ള; ചതുൎമ്മുഖതുല്യത്രിഭുജപിണ്ഡാകൃതിയായ. **t. angle** പിണ്ഡകോണം (*geom.*). =**hē'dral-ly,** *ad.* ചതുൎമ്മുഖത്രിഭുജപിണ്ഡമായി. =**hē'drīte,** *n.* ചെമ്പയിര് (*min.*)

**Tet-ra-hex-a-hē'dron,** *n.* ചതുൎവ്വിംശതിതുല്യത്രികോണമുഖപിണ്ഡം (*geom.*).

**Te-tral'ō-gy,** *n.* ചതുൎന്നാടകാഭിനയം (*dr.*).

**Te-tram'e-tĕr,** *n.* അനുഷ്ടുപ് വൃത്തം, ശ്ലോകവൃത്തം (*pros.*).

**Tet'ra-morph** (-morf), *n.* (നാല്) സുവിശേഷകലക്ഷണസൂചകരൂപം (*Chr.*).

**Te-tra'ō-nid,** *n.* കാടവൎഗ്ഗപ്പക്ഷി (*z.*).

**Tet-ra-pet'a-lŏus,** *a.* ചതുൎദ്ദളമുള്ള (*b.*); 2. ചതുൎദ്ദളപുഷ്പമായ (*b.*).

**Tet-ra-phar'ma-eon,** =**eum** (-far'-ma-), *n.* ഒര് വക മെഴുക്കുഴമ്പ് (*med.*).

**Tet-ra-phyl'lŏus** (-fil'lus), *a.* നാലിലയുള്ള, ചതുഷ്പത്രകമായ (*b.*).

**Tet'ra-pla,** *n.* ചതുൎമ്മൂലഗ്രന്ഥവേദപുസ്തകം (*Chr.*); 2. ചതുൎഭാഷാഗ്രന്ഥം; 3. ചതുൎഭാഗപത്രഗ്രന്ഥം.

**Tet'ra-pod,** *n.* ചിത്രശലഭം, പാപ്പാത്തി (*N.*), ഓണക്കിളി (*z.*).

**Te-trap'ō-dy,** *n.* നാലടിദീൎഘം; നാലടിദൂരം.

**Te-trap'tĕr-an,** *n.* ചതുഷ്പത്രപ്രാണി (*z.*). ='**tĕr-ŏus,** *a.* നാല് ചിറകുള്ള, ചതുഷ്പത്രിയായ (*z.*).

**Tet'rap-tōte,** *n.* ചതുൎവ്വിഭക്തിനാമം (*gr.*).

**Tet′rärch** (-rärk), *n.* (റോമസാമ്രാജ്യത്തിൻെറ ഒര് അധീനരാജ്യത്തിൽ നാലാലൊന്നിന്ന് അധിപനായ) ചതുൎത്ഥാംശാധിപതി, ഉപദേശാധിപതി; 2. ഇടപ്രഭു; 3. ഉപരാജാവ്, അധീന—, ചെറിയ—. =**rär-chāte,** =**chy,** *n.* ചതുൎത്ഥാംശാധിപത്യം, ചതുൎത്ഥാംശദേശം; ഇടപ്രഭുത്വം; ഉപരാജ്യം, അധീനരാജ്യം. =**rär′chi-cal,** *a.* ചതുൎത്ഥാംശാധിപതിക്കുള്ള; ചതുൎത്ഥാംശദേശം സംബന്ധിച്ച.

**Tet-ra-spĕr′mŏus,** *a.* നാല് വിത്തുള്ള, ചതുൎബ്ബീജകമായ (*b.*). **t. plant** (ഓരോ പുഷ്പത്തിൽ) നന്നാല് വിത്തുള്ള ചെടി, ചതുൎബ്ബീജകസസ്യം (*b.*).

**Tet-ras′tich** (-ras′tik), *n.* ചതുഷ്പാദവൃത്തം (*pros.*); 2. ചതുഃശ്ലോകകവിത (*pros.*).

**Tet-ra-stȳle** (-stīl), *a.* (മുൻഭാഗത്ത്) നാല് തൂണുള്ള, ചതുഃസ്തംഭാന്വിതമായ. *n.* ചതുഃസ്തംഭ(ാന്വിത)മന്ദിരം.

**Tet′ra-syl-la-ble,** *n.* ചതുരക്ഷരപദം, നാലക്ഷരവാക്ക് (*gr.*). =**syl-lab′ic,** =**syl-lab′i-cal,** *a.* നാലക്ഷരമുള്ള; ചതുരക്ഷരപദമായ.

**Tet′rō-don, Tet′ra-don, Tet′rō-dont, Tet′ra-dont, Tet′ra-ō-dont,** *n.* ഒര് വക കടത്തവള, കക്കമ്മൻ (*z.*).

**Tet′tĕr,** *n.* ചൎമ്മരോഗം, ചൊറി (*med.*). **moist t.** തഴതണം, ചിരങ്ങ് (*med.*). **scaly t.** ചുണങ്ങ്, ചേരപ്പൊളന്നര (*med.*). *v. t.* ചൊറി പിടിപ്പിക്കുക. -**ŏus,** *a.* ചൎമ്മരോഗമായ, ചൊറിപോലെയുള്ള (*med.*).

**Tet′tĕr-tot-tĕr, Tit′tĕr-tot-tĕr, Tit′tĕr-cum-tot-tĕr,** *n.* (*s. a.* **See-saw**) ആട്ടപ്പലക, ചാഞ്ചാട്ടപ്പലക.

**Tet-ti-gō′ni-an,** *n.* തുള്ളൻവൎഗ്ഗപ്രാണി, തുള്ളൻ (*z.*).

**Tet′tix,** *n.* ചെറുതുള്ളൻവൎഗ്ഗം (*z.*).

**Teū′ton,** *n.* പുരാതന ജൎമ്മൻ (ശൎമ്മാന്ന്യ)ഗോത്രക്കാരൻ; 2. ശൎമ്മാന്ന്യവംശജൻ; ഡച്ച് (ലന്ത)—; സ്വീഡൻ—; നോൎവ്വേ—; ദേന—; ഇംഗ്ലീഷ്—; 3. ആൎയ്യ—; ഹിന്തുയൂരോപ്യ—, 'തൃത്തോന്ന്യൻ'. =**ton′ic,** *a.* 'തൃത്തോന്ന്യരെ' സംബന്ധിച്ച; 'തൃത്തോന്ന്യ'ഭാഷ—, —ഭാഷയായ. **t.c languages** (ആൎയ്യവംശഭാഷകളിൽ പെട്ട) ശൎമ്മാന്ന്യഗോത്രസ്കാന്തിനേവ്യഭാഷകൾ. **t.c order** (ശൎമ്മാന്ന്യയിലുണ്ടായിരുന്ന) ഒര് ഭടസന്ന്യാസിവൎഗ്ഗം; ജൎമ്മനിയിലെ ഒര് ബഹുമാനപദവി. *n.* പൂൎവ്വ 'ശൎമ്മാന്ന്യ'ഭാഷ; 'തൃത്തോന്ന്യ'ഭാഷാവൎഗ്ഗം. =**ton′i-cism,** *n.* 'തൃത്തോന്ന്യ'രീതി, ജൎമ്മൻ—.

**Tew** (tū), *v. t.* (തോല് വക്ക് മുതലായത്) അടിച്ച് പതമാക്കുക, മയംവരുത്തുക, നന്നാക്കുക; 2. ചീവുക; 3. അടിക്കുക, പ്രഹരിക്കുക; പിടിച്ച് വലിക്കുക; ഉപദ്രവിക്കുക. *v. i.* അദ്ധ്വാനിക്കുക, പാട് പെടുക. *n.* കമ്പ; 2. ചങ്ങല; 3. കയറ്; 4. ചരട്. [ഉലക്കുഴല്.

**Tew′el** (tū′el), *n.* കുഴല്, പുകക്കുഴല്;

**Text,** *n.* (വ്യാഖ്യാനത്തിൻെറ) മൂലം, മൂലപ്രബന്ധം, മൂലഗ്രന്ഥം; മൂലശ്ലോകം, മൂലവാക്യം; 2. (ക്രിസ്ത്യാനിവേദപുസ്തകത്തിലെ) നാല് സുവിശേഷങ്ങൾ (*chr.*); 3. വേദവാക്യം, പ്രസംഗാധാരവാക്യം, പ്രസംഗവാക്യം (പ്രസംഗ) ആധാരവചനം (*Chr.*); 4. പ്രബന്ധവിഷയം, വാദവിഷയം; പ്രസ്താവം, വിഷയം; 5. വലിയ അക്ഷരം; വലിയ മുദ്രാക്ഷരം (*print.*). **t.-blindness,** *s. a.* **word-blindness,** *s. u.* **Word. t.-book** (കുറിപ്പുകൾക്ക് സ്ഥലം ഒഴിച്ച് വെച്ച) ഒഴിവ് സ്ഥലപ്പുസ്തകം; പാഠപുസ്തകം; മൂലഗ്രന്ഥം. **t.-hand** മൂലവാക്യാക്ഷരം, വലിയ കയ്യക്ഷരം. **t.-man** പ്രമാണവാക്യക്കാരൻ, പ്രമാണം ചൊല്ലുന്നവൻ. **tex′tū-al,** *a.* മൂലം സംബന്ധിച്ച, മൂലവാക്യം—, —ആയ, സൂത്രം—; മൂലഗ്രന്ഥാനുസാരം—; പ്രമാണം ഉള്ള. **tex′tū-al-ist, tex′tū-ar-ist, tex′tū-ar-y,** *n.* പ്രമാണം ചൊല്ലുന്നവൻ, പ്രമാണവാക്യക്കാരൻ; സൂത്രജ്ഞൻ; വേദശാസ്ത്രി, വേദപാരഗൻ. **tex′tū-al-ly,** *ad.* മൂലപ്രകാരം; മൂലത്തിൽ. **tex′tū-ar-y,** *a.* മൂലഗ്രന്ഥത്തിൽ ഉള്ള, മൂലത്തിൽ—, മൂലം ആയ; പ്രമാണം—. *n.* മൂലവാക്യം കൃത്യമായി പ്രമാണിക്കുന്നവൻ, മൂലകൃത്യക്കാരൻ.

**Tex'tile, Tex-tō'ri-al, Tex'trine,** *etc.*, *s.u.* Texture.

**Text'man, Tex'tū-al, Tex'tū-al-ist, Tex'tū-al-ly, Tex'tū-ar-ist, Tex'tū-ar-y,** *etc.*, *s. u.* Text.

**Tex'tūre,** *n.* നെയ്യൽ, നെയ്ത്ത്, മിടച്ചൽ; 2. നെയ്യുത്, നെയ്യു സാധനം, തുണി, 'ജവളി', ശീലത്തരം; 3. ഇഴയടുപ്പം, കട്ടി, ഉടല്; 4. അംഗസംയോഗം, അവയവച്ചേർച്ച്; ആരട്ടപ്പം, ചേപ്പ്, അണച്ചേർച്ച്; കെട്ട്, രചന; 5. പേശിനാര് (*biol.*). *v. t.* മിടയുക, നെയ്യുണ്ടാക്കുക, ചേർത്തുണ്ടാക്കുക, ഉണ്ടാക്കുക. **tex'tile** (-til), *a.* നെയ്ത്ത് സംബന്ധിച്ച; മിടച്ചലായ; തുണിസംബന്ധിച്ച, ശീലത്തരം—; നെയ്യുണ്ടാക്കിയ; മിടഞ്ഞുണ്ടാക്കാകുന്ന. *n.* മിടഞ്ഞുണ്ടാക്കാകുന്ന സാധനം, തുണി. **tex-tō'ri-al, tex'trine** (-trin), *a.* നെയ്ത്ത് സംബന്ധിച്ച. **tex'tū-ral,** *a.* ഇഴ—, കട്ടി—.

**Thal'a-mus** (*pl.* **thal'a-mī**), *n.* (*also* **optic t.**) ദൃഷ്ടിമസ്തിഷ്കം (*an.*); 2. പുഷ്പകേസ(ശ)രം, അല്ലി (*b.*). **=lam'-ic,** *a.* ദൃഷ്ടിമസ്തിഷ്കം സംബന്ധിച്ച (*an.*).

**Tha-las'si-an,** *n.* കടലാമ (*z.*).

**Tha-las'sic,** *a.* സമുദ്രസംബന്ധിച്ച, സമുദ്രജന്യമായ (*geol.*).

**Tha-las-sog'ra-phy** (-fi), *n.* സമുദ്രപ്രാണിശാസ്ത്രം.

**Thä'lĕr** (tä'lĕr), *n.* (ഒന്നര ഉറുപ്പികയുള്ള) ഒര് ജർമ്മൻവെള്ളിനാണ്യം.

**Tha-lī'a,** *n.* വിദ്യാദേവത, സരസ്വതി, ഗണപതി; (യവനരുടെ) നവവിദ്യാദേവികളിൽ ഒന്ന് (*myth.*). 2. (യവനരുടെ) മൂന്ന് വിദ്യാദേവികളിൽ ഒന്ന് (*myth.*); 3. ജലദേവത (*myth.*). **=lī'-an,** *a.* വിദ്യാദേവതാസംബന്ധമായ; പ്രഹസനനാടകം സംബന്ധിച്ച; ചിരിപ്പിക്കുന്ന, നേരംപോക്കായ, ഉല്ലാസകരമായ.

**Thal'li-um,** *n.* (ഇളനീലലോഹമായ) ഒര് മൂലധാതുപദാർത്ഥം, 'താല്യം' (*min.*).

**Thal'lō-gen,** *n.* നിഷ്പുഷ്പസസ്യം (*b.*).

**Tham'muz, Tam'muz,** *n.* (ഫൊയ്നീക്യ) കാമദേവൻ, കന്ദർപ്പൻ (*myth.*); 2. യൂദരുടെ നാലാം മാസം, ജൂലായിമാസം, മിഥുനം കർക്കിടകം.

**Than,** *conj.* . . . . നെക്കാൾ, . . . . നെക്കാളും, . . . . നെക്കാട്ടിൽ; . . . . നെ അപേക്ഷിച്ച് (*S.*); . . . . ല്ലും, . . . . ൽ, . . . . . . ൽ വെച്ച്: I would rather suffer t. that you should want നിങ്ങൾ ബുദ്ധിമുട്ടുകയെക്കാൾ ഞാൻ ഞെരുങ്ങുകയാണ് നല്ലത്, ഞാൻ ഞെരുങ്ങിയാലും വേണ്ടതില്ല നിങ്ങൾ ബുദ്ധിമുട്ടരുതു; behold a greater t. Solomon is here ശലമോനിലും വലിയവൻ ഇതാ; this is greater t. the other ഇത് മറേറതിനെക്കാൾ വലിയത്, ഇതും മററതും ആയാൽ ഇതാണ് വലിയത്; it is wiser being meek t. fierce ഉഗ്രതയെക്കാൾ സൌമ്യതയാകുന്നു ബുദ്ധി.

**Thā'nāge,** *n.*, *s. u.* Thane.

**Than'a-toid,** *a.* മൃത്യുതുല്യമായ, മരണസദൃശമായ.

**Than-a-tol'ō-gy,** *n.* മൃത്യുവർണ്ണനം; 2. മൃത്യുവാദം.

**Than-a-top'sis,** *n.* മൃത്യുദർശനം; 2. മരണ(ത്തെ കുറിച്ചുള്ള) ധ്യാനം.

**Thāne, Thegn** (thān), *n.* (ഇംഗ്ലാണ്ടിലെ) പുരാതന പ്രഭുവർഗ്ഗം, പ്രഭു, ഇടപ്രഭു. **thā'nāge, -'dŏm,** *n.* ഇടപ്രഭുത്വം. **-'hood, thegn'hood, -'ship,** *n.* ഇടപ്രഭുസ്ഥാനം, പ്രഭുപദവി; പ്രഭുവർഗ്ഗം; പ്രഭുഭോഗം.

**Thank,** *n.* (*pl.*) നന്ദി, കൃതജ്ഞത, ഉപകാരസ്മരണ, അറിവ്, കൂറ് (*S.*). **t.s-give** നന്ദിബലി കഴിക്കുക, കൃതജ്ഞതാസൂചകമായി കൊടുക്കുക. **t.s-giver** നന്ദിവഴിപാട് കഴിക്കുന്നവൻ. **t.s-giving** നന്ദിചൊല്ലല്, നന്ദിപറയല്; കൃതജ്ഞതാസ്തോത്രപ്രാർത്ഥന, ദൈവസ്തോത്രോത്സവം, കൃതജ്ഞതോത്സവം. **t.-offering** നന്ദിബലി, കൃതജ്ഞതാബലി, സ്തോത്രവഴിപാട്. **to give t.s, to return t.s** നന്ദിപറയുക, നന്ദിചൊല്ലുക. *v. t.* നന്ദിപറയുക, കൃതജ്ഞത കാട്ടുക, ഉപകാരസ്മരണ ഉണ്ടാക, അറിവ് ഉണ്ടാക; 2. (വക്രോക്തിയായി) ആക്ഷേപിക്കുക, കുററം

പറയുക. -'ful, *a.* കൃതജ്ഞതായോഗ്യമായ, നന്ദിപറയത്തക്ക; നന്ദിഉള്ള, ഉപകാരസ്മരണ—, നന്ദിഭാവം—. -'ful-ly, *ad.* നന്ദിയോടെ. -'ful-ness, *n.* നന്ദിഭാവം, ഉപകാരസ്മരണ, അറിവ്. -'less, *a.* നന്ദികെട്ട, അറിവില്ലാത്ത, അറിവ് കെട്ട, കൃതഘ്നതയുള്ള; കൃതജ്ഞതായോഗ്യമല്ലാത്ത; ഇഷ്ടമില്ലാത്ത, മനസ്സില്ലാത്ത. -'less-ly, *ad.* കൃതഘ്നതയോടെ; ഇഷ്ടമില്ലാതെ. -'less-ness, *n.* കൃതഘ്നത, നന്ദികേട്, അറിവില്ലായ്മ. -'wŏr-thi-ness, *n.* കൃതജ്ഞതായോഗ്യത. -'wŏr-thy, *a.* കൃതജ്ഞതായോഗ്യമായ, നന്ദിപറയത്തക്ക; പുകഴ്ചയുള്ള; സ്തുത്യം ആയ, ശ്ലാഘനീയം—.

Thär, Thäar, Tähr, *n.* ഹിമാലയ ആട്, ഒര് വക മലയാട്, ഒര് വക കാട്ടാട് (*z.*).

That (*pl.* thōse) *dem. pron.* അത്; t. which he has said is true അവൻ പറഞ്ഞത് നേരാണ്; *those* in the basket are good fruits കൂട്ടയിലുള്ളത് നല്ല പഴമാണ്; the early fame of the man was equal to t. of the most celebrated princes അദ്ദേഹത്തിന്ന് ആദ്യകാലമുണ്ടായിരുന്ന കീർത്തി വിശ്രുതന്മാരായ പ്രഭുക്കളുടേതിനോട് (കീർത്തിയോട്) തുല്യമായിരുന്നു; 2. എന്നത്, ചെയ്യുന്നത്, എന്ന കാര്യം: t. be far from thee to slay the righteous with the wicked ദുർജ്ജനങ്ങളോട്ടുകൂടി സജ്ജനങ്ങളെയും കൊല്ലുക എന്നത് (കൊല്ലുന്നത്, കൊല്ലുന്നകാര്യം) നിണക്ക് അന്യമായിരിക്കട്ടെ; 3. ആദ്യം പറഞ്ഞത്, മുമ്പിൽ—, ആദ്യത്തേത്, അങ്ങേത്: self-love and reason reign in human nature and we do neither call this a good nor t. a bad സ്വാർത്ഥവും വിവേകവും മാനുഷസ്വഭാവത്തിൽ ബലപ്പെട്ടിരിക്കുന്നു ഇത് (ഒടുവിൽ പറഞ്ഞ വിവേകം) സല്ഗുണമെന്നും അത് (ആദ്യം പറഞ്ഞ സ്വാർത്ഥം) ദുർഗ്ഗുണമെന്നും നാം പറയുന്നില്ല. t. is എന്ന് വെച്ചാൽ, അതായത്, ഏതെന്നാൽ, എന്തെന്നാൽ. what of t. അതിനെന്ത്, അത് കൊണ്ടെന്ത്. *rel. pron.* (ശബ്ദന്യൂനം, ക്രിയാപുരുഷനാമം) ചെയ്യ, ചെയ്യുന്ന; ചെയ്യുവൻ, ചെയ്യുത്; . . . . . യാവനോ . . . . അവൻ, . . . . ആരോ അവൻ, . . . . യാതൊന്നോ അത്: the king t. rules well is generally popular നന്നായി രാജ്യം ഭരിക്കുന്ന രാജാവിനോട് പ്രജകൾക്ക് സ്വാമിഭക്തിയുണ്ടാകം, നന്നായി രാജ്യം ഭരിക്കുന്ന രാജാവ് ഏതോ ആ രാജാവിന്റെ നേരെ പ്രജകൾക്ക് ഭക്തിയുണ്ടാകം; he t. reproveth a scorner getteth to himself shame പരഹാസിയെ ആക്ഷേപിക്കുന്നവന്ന് (ആക്ഷേപിക്കുന്നവൻ ആരോ അവന്ന്) ലജ്ജാഫലം, പരിഹാസിയെ ശാസിക്കുന്നവൻ നാണം കെട്ടം; we speak t. we do know ഞങ്ങൾ അറിയുന്നത് ഞങ്ങൾ പറയുന്നു; we testify t. we have seen ഞങ്ങൾ കണ്ടത് ഏതോ അതിനെപ്പററി ഞങ്ങൾ സാക്ഷി പറയുന്നു. *a.* ആ: t. house ആ വീട്; from t. hour ആ നാഴികമുതൽ; till t. day ആ ദിവസംവരെ, അന്നാൾവരെ. *ad*, അത്ര, അത്രക്ക്, അങ്ങിനെ, അത്രത്തോളം. എത്രയോ: he was so frightened t. he could say nothing അവന്ന് മിണ്ടുവാൻ കഴിയാതവണ്ണം ഭയമുണ്ടായിരുന്നു, അവൻ എത്രയോ ഭയപ്പെട്ടുപോയത് കൊണ്ട് മിണ്ടുവാൻ കഴിഞ്ഞില്ല, അവന്ന് ഒന്നും മിണ്ടുവാൻ കഴിഞ്ഞില്ല അത്ര(ക്ക്) ഉണ്ടായിരുന്നു അവന്നു ഭയം. all t. മുതലായത്, ഇത്യാദി, മററും: with singing, laughing and all t. പാട്ടും ചിരിയും മററും, പാട്ട് ചിരി മുതലായത്. for t., in t. നിമിത്തം, കൊണ്ട്. for all t. എന്തൊക്കെ ആയിട്ടും, എത്രയൊക്കെ—. *con.* എന്ന്, എന്നായി, എന്നുള്ളത്: he told me t. he would come താൻ വരുമെന്ന് അവൻ എന്നോട് പറഞ്ഞു; t. he did not come here is certain അവൻ ഇവിടെ വന്നിട്ടില്ലെന്നുള്ളത് നിശ്ചയം തന്നെ. 2. അത് കൊണ്ട്, നിമിത്തം, ഹേതുവായിട്ട്: he does hear me and t. he does I weep എന്റെ കരച്ചല് അവൻ കേൾക്കുന്നത് കൊണ്ട് തന്നെ ഞാൻ കരയുന്നു; 3. (may *or* might, so, in order,

to the end) ആയ്യൊണ്ട്, . . . . ആൻവേണ്ടി, ചെയ്യത്തക്കവണ്ണം: these things I say t. you might be saved നിങ്ങൾക്ക് രക്ഷക്കായ്യൊണ്ടാകുന്നു ഞാൻ ഇത് പറയുന്നത്; to the end t. he may prolong his days അവന്ന് ദീൎഘായുസ്സ് ഉണ്ടാവാൻവേണ്ടി (തക്കവണ്ണം); 4. . . . . ആൽ കൊള്ളായിരുന്നു, . . . എങ്കിൽ എത്ര നന്നായിരുന്നു: ah t. I were there to see this ഇത് കാണ്മാൻ (തക്കവണ്ണം) ഞാൻ അവിടെ ഉണ്ടായിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു!

**Thatch**(thach), *n.* പുരപ്പുല്ല്, (പുരകെട്ടുന്ന) ഓല, —പട്ട (*P.*); 2. ഒര് വക പന, കരിമ്പന (*b.*). t.-sparrow അറക്കിളി, വീട്ടുപക്ഷി (*z.*). *v. t.* പുല്ല് കൊണ്ട് പുരമേയുക, ഓലകെട്ടുക, പുരകെട്ടുക, പുരപൊതിയുക. -'ĕr, *n.* പുരകെട്ടുന്നവൻ, പുരപൊതിയുന്നവൻ. -'ing, *n.* പുരകെട്ടൽ, പുല്ലിടൽ; പുരമേച്ചല്; പുല്ല്, ഓല, പട്ട.

**Thaught** (that), *n.*, *s. a.* Thwart.

**Thau-ma-tol'a-try** (tha-), *n.* അത്ഭുതവിഷയാരാധന.

**Thau'ma-trōpe** (tha'ma-trōp), *n.* നേത്ര (വിഷയാഭാവ) പ്രതിബിംബ ദൎശിനി(സൂത്രം).

**Thau'ma-turge** (tha'ma-tĕrj), *n.* മന്ത്രവാദി, ആഭിചാരക്കാരൻ; 2. അതിശയം ചെയ്യുന്നവൻ, അത്ഭുതം പ്രവൃത്തിക്കുന്നവൻ. =tur'gic, =tur'gi-cal, *a.* മന്ത്രവാദം സംബന്ധിച്ച; ഇന്ദ്രജാലം—, കണ്ണെകെട്ട് വിദ്യ ആയ, കയ്യടക്കം—; അതിശയം—. =tur'gics, *n.* കണ്ണെകെട്ട് വിദ്യ, കയ്യടക്കം, മഹേന്ദ്രജാലം, ജാലവിദ്യ, ഇന്ദ്രജാലപ്രയോഗം. =tur'gist, *n.* അതിശയം ചെയ്യുന്നവൻ, അത്ഭുതകാരി; അത്ഭുതങ്ങളിൽ വിശ്വാസമുള്ളവൻ. =tur'gus, *n.* അതിശയം ചെയ്യുന്നവൻ; പരിശുദ്ധൻ (*R. C.*). =tur'gy, *n.* അതിശയപ്രവൃത്തി, അത്ഭുതം; മന്ത്രവാദം; കയ്യടക്കം, പന്തടക്കം, മഹേന്ദ്രജാലം.

**Thaw** (tha), *v. i.* ഉരുകുക, അലിയുക, ദ്രവിക്കുക, ദ്രവകമായ്ത്തീരുക, വെള്ളമായ്ത്തീരുക; 2. (ഹിമം ഉരുകത്തക്കവണ്ണം) ചൂടുണ്ടാക, ഉഷ്ണമുണ്ടാക; 3. പതമാക, മയമാക, സൌമ്യമാക. *v. t.* ഉരുക്കുക, അലിക്കുക. *n.* ഉരുകല്, ദ്രവകത്വം, ദ്രവത്വം, വെള്ളമാകല്; 2. ഉഷ്ണം, ചൂട്. -'y, *a.* ഉരുകുന്ന, അലിയുന്ന, വെള്ളമാകുന്ന.

**The** (*or* thĕ), (ഉച്ചാരണം thē, സ്വരംകൊണ്ട് തുടങ്ങുന്ന പദത്തിന്ന് മുമ്പിൽ ഉച്ചാരണം thĕ, വ്യഞ്ജനംകൊണ്ട് തുടങ്ങുന്ന പദത്തിന്ന് മുമ്പിൽ thu), *a.* or *def. art.* (സാധാരണാൎത്ഥസൂചകമായ നാമങ്ങൾക്കും ക്ലൃപ്താൎത്ഥപദങ്ങൾക്കും മുമ്പിൽ) നിരൎത്ഥം: t. sun സൂൎയ്യൻ; t. moon ചന്ദ്രൻ; I bought t. big horse not t. small one ഞാൻ വലിയ കുതിരയെ വാങ്ങി ചെറിയതിനെയല്ല; 2. (പ്രത്യേകാൎത്ഥസൂചകമായി വിശേഷണം കൂടാതെ വരുമ്പോൾ) ആ, ഈ: give me t. book ആ പുസ്തകം താ; did you post t. letter? (മുമ്പ് പറഞ്ഞതായ, എഴുതിവെച്ചതായ) ആ കത്ത് തപ്പാലിൽ ഇട്ടുവോ? 3. (വിശേഷണപദങ്ങൾ ചേൎന്ന് വരുമ്പോൾ) നിരൎത്ഥം: t. sure way ദൃഢമാൎഗ്ഗം; t. lucky man ഭാഗ്യശാലി; 4. (വൎഗ്ഗനാമത്തിന്ന് മുമ്പിൽ) നിരൎത്ഥകമെങ്കിലും ഇംഗ്ലീഷിൽ ഏകവചനമായത് മലയാളത്തിൽ ബഹുവചനമായി പറയേണ്ടതാണ്: t. horse is a very useful animal കുതിരകൾ വളരെ ഉപയോഗമുള്ള ജന്തുക്കളാകുന്നു; t. lion is not found in Europe വിലാത്തിയിൽ സിംഹങ്ങളില്ല; 5. (നദി, സമുദ്രം മുതലായവകളുടെ പേരുകൾക്ക് മുമ്പിൽ) നിരൎത്ഥം: t. Ganges is the sacred river of t. Hindus ഗംഗാനദി ഹിന്തുക്കളുടെ ഒര് തീൎത്ഥമാകുന്നു; t. water in t. Black Sea is not black കരിങ്കടലിലെ വെള്ളം കറുപ്പല്ല. *ad.* (*with c. d.*) എത്രയോ. . . . . അത്ര, തക്കവണ്ണം, അത്രക്ക്: t. sooner you come t. better നീ എത്ര വേഗം വരുന്നുവോ അത്രയും നന്ന്; t. greater t. hurry t. less t. speed എത്ര തിരക്കോ അത്ര സാവധാനം, തിരക്കിന്ന് തക്കവണ്ണം വേഗത കുറയും, തിരക്ക് ഏറുന്നതി

ന്ന് തക്കവണ്ണം വേഗത കറയും. t. more you eat t. stouter you grow തിന്നുന്നത്രക്ക് പുഷ്ടിവെക്കും.

Thē'a, *n.* ഒര് വക ചായച്ചെടി, തെയിലച്ചെടി (*b.*). thē'i-form, thē'ine, thē-ī'na, *a.* ചായപോലെയുള്ള.

Thē-an'dric, Thē-an-throp'ic, =an-throp'i-cal, *a.* ദൈവത്വമാനുഷത്വങ്ങൾ കൂടിയുള്ള. =an'thrō-pism, =an'thrō-py, *n.* ദിവ്യത്വമാനുഷത്വ(ങ്ങൾ കൂടിയുള്ള) സ്വഭാവം; ദൈവത്തിന്ന് മാനുഷത്വം കല്പിക്കൽ, ക്രിസ്തുവിൻെറ ഉഭയതത്വവാദം. =an'thrō-pist, *n.* ക്രിസ്തുവിന്ന് ദിവ്യത്വമാനുഷത്വങ്ങൾ ഉണ്ടെന്ന് വാദിക്കുന്നവൻ, ഉഭയതത്വവാദി (*theo.*).

Thē'är-chy (-ki), *n.* ദേവഭരണം, ദേവവാഴ്ച. =är'chic (-kik), *a.* ദിവ്യവാഴിയായ, ദിവ്യരാജാവായ.

Thē'a-tēr, =tre (-tēr), *n.* നാടകശാല, രംഗസ്ഥലം, രംഗം, അരങ്ങ്, കൃത്തമ്പലം, മണിത്തറ; 2. കാഴ്ചശാല; 3. രംഗാസനസ്ഥലം, തട്ടിരിപ്പിടസ്ഥലം; 4. രംഗഭൂമി, പോർക്കളം, അങ്കക്കളം. =at'ric, =at'ri-cal, *a.* നാടകശാല സംബന്ധിച്ച; കഥാപ്രദേശപ്രദൎശനം—; അഭിനയം—, —പോലെയുള്ള; കൃത്രിമമായ, നാട്യമായ. =at-ri-cal'i-ty, *n.* നാടകതുല്യത; —സംബന്ധം. =at'ri-cal-ly, *ad.* നാടകമായി, അഭിനയമായി; നാടകംപോലെ. =at'ri-cals, *n. pl.* നാടകം, കളി, അഭിനയം; സ്വകാൎയ്യനാടകം.

Thēave, Thāve, *n.* ആട്ടിൻകുട്ടി.

The-bā'ic, *a.* (മിസ്രയിലെ) തേബാപ്രദേശത്തുള്ള; 2. കൊപ്തഭാഷയിലെ ക്രിസ്ത്യാനിവേദപരിഭാഷ സംബന്ധിച്ച.

Thē'ban, *n.* തേബരാജ്യക്കാരൻ; 2. ജ്ഞാനി. T. year (365ദിവസവും 6മണിക്കൂറും ഉള്ള) മിസ്രവൎഷം.

Thē'ca (*pl.* thē'cæ *pr.* -sē), *n.* ഉറ. thē'cal, *a.* ഉറ സംബന്ധിച്ച.

Thec'la, *n.* ഒര് ജാതി (ഭംഗിയുള്ള) ചിത്രശലഭം (*z.*).

Thēe, *pro. ob. c. of* Thou, *see* Thou.

Theft, *n.*, *s. u.* Thief.

Thegn (thān), -'hood, *s. a.* Thane, Thanehood.

Thē'i-form, Thē'ine, Thē-ī'na, *s. u.* Thea.

Their, *pron.*, *s. u.* They.

Thē'ism, *n.* ദേവവാദം; ഈശ്വര—, ആസ്തിക്യ—, ആസ്തിക്യം, ആസ്തികത്വം; 2. ദൈവവിശ്വാസം, ഏകദൈവവിശ്വാസം, ഏകദൈവത്വമതം. thē'ist, *n.* ഈശ്വരവാദി, ഏകദേവ—, ആസ്തിക്യ—. =is'tic, =is'ti-cal, *a.* ഈശ്വരമതം സംബന്ധിച്ച; ഏകദേവത്വമതമായ, ആസ്തികത്വമായ.

Thel-phū'si-an (-fū'si-), *n.* നല്ല വെള്ളത്തിലെ ഞണ്ട്, കളിനീര് ഞണ്ട്, ശുദ്ധജലകൎക്കടം (*z.*).

Thē-lyt'ō-kŏus, *a.* (പ്രാണി)പെണ്ണ് മാത്രം പെറുന്ന (*z.*).

Them, *ob. c. of* They, *s. u.* They.

Thēme (thēm), *n.* പ്രബന്ധവിഷയം, പ്രസംഗ—, വിഷയം, പ്രസ്താവം; 2. മൂലവാക്യം; 3. പ്രകരണം, പ്രബന്ധം; 4. വിദ്യാശാല(ാഭ്യാസ)പ്രബന്ധം; 5. ധാതു, പ്രകൃതി (*gr.*); 6. സംഗീതവിഷയം (*mus.*). =mat'ic, *a.* ധാതുവായ (*gr.*); പ്രകൃതിസംബന്ധിച്ച (*gr.*); സംഗീതവിഷയം— (*mus.*). t.c catalogue സംഗീതമാതൃക (*mus.*).

Thē'mis, *n.* (യവനരുടെ) നീതിദേവി, നീതിന്യായദേവത (*myth.*).

Them-selves', *pron.*, *s. u.* They.

Then, *ad.* അപ്പോൾ, അന്നേരം, അക്കാലം, അന്ന്, ആ സമയം; 2. തല്ക്ഷണം, ഉടനെ; 3. അനന്തരം, പിന്നെ, ശേഷം, അതിൻെറ(ന്ന്)ശേഷം, പിന്നേതിൽ, അതിൽപിന്നെ; 4. മറെറാരിക്കൽ, ഇനി ഒരിക്കൽ, ഇനി, വഴിയെ; പിന്നെയും. t. adays അക്കാലം, അന്ന്. by t. അതിന്നിടയിൽ, തന്മദ്ധ്യേ. now and t. കൂടക്കൂട, അപ്പപ്പഴ്, അപ്പപ്പോൾ, ചിലപ്പോൾ, ചിലസമയം, ഓരോരിക്കൽ. till t. അത്രോളം, അത് വരെയും, അത്

വരയിലും, അത്വ:രെക്കും, അന്നോളം, അക്കാലംവരെ. the t. administration അക്കന്നത്ത കോയ്മ, അന്നുള്ള രാജ്യഭരണകൎത്താക്കന്മാർ, അക്കാലത്തെ മന്ത്രിസഭ. *conj.* എങ്കിൽ, എന്നാൽ, ആകിൽ, അങ്ങിനെയെങ്കിൽ, എന്ന് വന്നാൽ; 2. അത്കൊണ്ട്, അത്നിമിത്തം, അതിനാൽ, അത് ഹേതുവായിട്ട്.

Thē'när, *n.* ഉള്ളങ്കൈ, കരതലം(*an.*); 2. അംഗുഷ്ഠാധാരം, പെരുവിരൽ മുരട് (*an.*). thē'nal, thē'när, *a.* ഉള്ളങ്കൈ സംബന്ധിച്ച; കരതലത്തിലുള്ള; ഉള്ളങ്കൈയായ.

Thence, *ad.* അവിടെനിന്ന്, അവിടന്ന്, അങ്ങുന്ന്, ആ ദിക്കിൽനിന്ന്; 2. അന്ന് മുതൽ(ക്ക്), അന്ന് തുടങ്ങി, അതിൻറശേഷം, ഇനി, മേലാൽ, ഇനിമേൽ; 3. അത്കൊണ്ട്, ആകയാൽ; 4. അവിടെ ഇല്ലാത്ത, ഇല്ലാത്ത, വിട്ട്പോയ, സ്ഥലം വിട്ട്പോയ. from t. അവിടന്ന്; അതിൽപിന്നെ. -'fōrth, -for'ward, *ad.* അന്ന് മുതല്ക്ക്, അതിൻറശേഷം, അതിൽ പിന്നെ, അനന്തരം, പിന്നേതിൽ. from t.h പിന്നെ, മേലാൽ, അതിൻറശേഷം.

Thē-ō-ehris'tie (-kris'tik), *a.* ദൈവാഭിഷിക്തനായ.

Thē-oc'ra-cy, *n.* ദേവക്കോയ്മ, ഈശ്വരപ്രഭുത്വം, ദൈവകൎത്തൃകത്വം; 2. പുരോഹിതക്കോയ്മ; 3. (ഇസ്രയേൽജനത്തിന്ന് രാജാക്കന്മാർ ഉണ്ടാകുംമുമ്പെ ഉണ്ടായിരുന്ന) ദേവരാജവാഴ്ച. ='ō-erat, *n.* ദേവക്കോയ്മാധീനപ്രജ; (രാജ്യകാൎയ്യങ്ങളിൽ) ദിവ്യധൎമ്മാനുസാരി. =erat'ie, =erat'i-eal, *a.* ദൈവക്കോയ്മസംബന്ധിച്ച, ദൈവം വാഴ്ചകഴിക്കുന്ന.

Thē-oc'ra-sy, *n.* (സത്യദൈവത്തെയും വിഗ്രഹങ്ങളെയും ഒന്നിച്ച് സേവിക്കുന്നതായ) സമ്മിശ്രദേവാരാധന; 2. ദൈവധ്യാനനിഷ്ഠ, യോഗം, സമാധി (*phil.*).

Thē'ō-erat, Thē-ō-erat'ie, *etc.*, *s. u.* Theocracy.

Thē-od'i-cy, *n.* (ലോകത്തിൽ തിന്മ ഉണ്ടാവാൻ അനുവദിക്കുന്നതിൽ ദൈവനീതി കാണാസ്സുരുന്നുവെന്നുള്ള) തിന്മനീതിവാദം (*theo.*); 2. ദൈവതത്വവാദം; 3. അമൎത്ത്യാത്മകതത്വവാദം.

Thē-od'ō-līte, *n.* കോണമാപനയന്ത്രം, ഭൂമാപനക്കുഴല്. =lit'ie, *a.* കോണമാപനയന്ത്രം സംബന്ധിച്ച; ഭൂമിമാപനക്കുഴല്കൊണ്ടുള്ള.

Thē-og'ō-ny, =nism, *n.* ദൈവോല്പത്തി (*myth.*); 2. ദൈവസംഭവം; ദൈവവംശവിവരം (*myth.*). =ō-gon'ie, *a.* ദൈവോല്പത്തിസംബന്ധിച്ച; ദൈവവംശവിവരമായ. =nist, *n.* ദൈവോല്പത്തിവൎണ്ണികൻ.

Thē-ol'ō-gas-tēr, Thē-ol'ō-ġēr, Thē-ō-lō'ġi-an, Thē-ō-loġ'i-eal, Thē-ol'ō-ġīse, Thē'ō-logue, *etc.*, *s. u.* Theology.

Thē-ol'ō-ġy, =ō-loġ'ies, *n.* വേദസിദ്ധാന്തശാസ്ത്രം, സത്യവേദസിദ്ധാന്തം, ക്രിസ്ത്യാനിവേദസിദ്ധാന്തം, സത്യവേദശാസ്ത്രസാരം; 2. ഈശ്വരജ്ഞാനം, ദൈവജ്ഞാനം, ബ്രഹ്മജ്ഞാനം, അദ്ധ്യാത്മജ്ഞാനം; 3. അദ്ധ്യാത്മവിദ്യ, പരമാത്മവിദ്യ. ascetic t. സല്കൎമ്മശാസ്ത്രം, പുണ്യകൎമ്മ—. moral t. മതനീതി—, ധൎമ്മാധൎമ്മവിവേചന—. natural t. സൃഷ്ടിജന്യദേവജ്ഞാനം, പ്രകൃതിജന്യസിദ്ധാന്തജ്ഞാനം. revealed t. ദേവശ്വാസീയവേദസിദ്ധാന്തശാസ്ത്രം. scholastic t. തൎക്കയുക്തിവേദസിദ്ധാന്ത—. speculative t. തത്വജ്ഞാനസങ്കല്പസിദ്ധാന്ത—. systematic t. വ്യവസ്ഥിതവേദസിദ്ധാന്ത—. =gas-tēr, *n.* വേദസിദ്ധാന്തജ്ഞാനനാട്യക്കാരൻ. =ġēr, =lō'ġi-an, =ġist, ='ō-logue (-log), *n.* വേദസിദ്ധാന്തജ്ഞൻ, വേദസിദ്ധാന്തശാസ്ത്രി, (ക്രിസ്ത്യാനി) വേദപണ്ഡിതൻ. =loġ'ie, =loġ'i-eal, *a.* വേദസിദ്ധാന്തം സംബന്ധിച്ച; ദൈവജ്ഞാനമായ. =loġ'-i-eal-ly, *ad.* ഈശ്വരജ്ഞാനമായി, വേദസിദ്ധാന്തശാസ്ത്രമായി. =ġīse, =ġīze, *v. t.* വേദസിദ്ധാന്തശാസ്ത്രമാക്കുക; വേദസിദ്ധാന്തശാസ്ത്രം പ്രയോഗിക്കുക, വേദസിദ്ധാന്തവ്യവസ്ഥചെയ്യുക. *v. i.* വേദസിദ്ധാന്തം വ്യവസ്ഥയാക്കുക, വേദവിഷയാഭിപ്രായം പറയുക. =ġī-sēr, =ġī-

zẽr, *n.* വേദസിദ്ധാന്തവാദി, വേദസിദ്ധാന്തജ്ഞൻ. ='ō-logue (log), ='ō-log, *n.* വേദസിദ്ധാന്തവിദ്യാർത്ഥി.

Thē-om'a-ehy (-ki), *n.* ദേവാസുരയുദ്ധം (*myth.*); 2. ദേവ(കൾ തമ്മിലുള്ള) യുദ്ധം (*myth.*); 3. ദൈവത്തോടുള്ള എതിർഭാവം, ദൈവേഷ്ടത്തിന്ന് വിരോധം നില്ക്കൽ, ദൈവേഷ്ടത്യാഗം, ദൈവശത്രുത്വം. =ehist (-kist), *n.* ദേവകളോട് യുദ്ധം ചെയ്യുന്നവൻ, അസുരൻ; ദൈവവിരോധി, ദൈവത്തോടെതിർത്ത് നില്ക്കുന്നവൻ.

Thē'ō-man-cy, *n.* വെളിച്ചപ്പാട് (മൂലം) ലക്ഷണം (നോക്കൽ).

Thē-op'a-thy, *n.* മതഭക്തിവാസന, ദൈവാരാധനനിഷ്ഠ. =thet'ie, =path'-ie, *a.* മതഭക്തിസംബന്ധിച്ച; ഭക്തിരസമുള്ള.

Thē-oph'a-ny (-of'a-ni), *n.* ദേവപ്രത്യക്ഷത, ദൈവാവതാരം, അവതാരം. =phan'ie (-fan'ik), *a.* ദൈവാവതാരസംബന്ധിച്ച; ദൈവപ്രത്യക്ഷതയായ.

Thē'op-neūs-ty (-nūs-ti), *n.* ദേവപ്രേരണം, ദൈവാത്മാഭിഷേകം. =neūs-ted (-nūs-ted), =neūs'tie (-nūs'tik), *a.* ദേവപ്രേരിതമായ, ദൈവശ്വാസീയമായ, ദൈവാത്മപ്രേരിതമായ.

The-or'bō, *n.* ഒരു വക കമ്പിവാദ്യം, ഇരട്ടവീണ, വല്ലകി (*mus.*). =or'bist, *n.* വല്ലകിവായിക്കുന്നവൻ.

Thē'ō-rem, *n.* സ്ഥാപിതപ്രമാണം, സിദ്ധാന്തം, സൂത്രം; 2. സ്ഥാപനീയപ്രമാണം, പ്രമേയോപപാദ്യം, പ്രമേയം (*math.*). binomial t. ദ്വയരാശിഘാതപ്രമാണം (*math.*). negative t. നിഷേധസിദ്ധാന്തം, നിഷേധപ്രമേയം. particular t. പ്രത്യേകപ്രമേയം, പ്രത്യേകസൂത്രം (*math.*), —പ്രമേയം (*math.*). universal t. സർവ്വസാമാന്യപ്രമേയം (*math.*). t. of Pappus വൃത്തഗുണനപ്രമാണം (*math.*). *v. t.* സൂത്രമായി പ്രസ്താവിക്കുക, സിദ്ധാന്തപ്രമാണമാക്കുക. =re-mat'ie, =re-mat'i-eal, =rem'ie, *a.* പ്രമേയസംബന്ധം ആയ, സിദ്ധാന്തപ്രമാണം—, സൂത്രം—. =rem'a-tist, *n.* പ്രമേയപ്രയോജകൻ, സിദ്ധാന്തപ്രമാണസ്ഥാപകൻ.

Thē-ō-ret'ie, Thē-or'ie, Thē'ō-rist, *etc.*, *s. u.* Theory.

Thē'ō-ry, *n.* ഭാവനാഭിപ്രായം, ഭാവനാജ്ഞാനം; ശാസ്ത്രീയജ്ഞാനശാസ്ത്രം; ആഗമം, ഉപപത്തി, മന്ത്രം; 2. അഭിപ്രായം, ഊഹം, സങ്കല്പം, മതം, അഭിമതം, നിരൂപണം, മനോരാജ്യം; 3. സിദ്ധാന്തം, വാദം, ഉപദേശം, പ്രമാണം; 4. പ്രകൃതിവിശേഷന്യായം, —തത്വം, ന്യായം, തത്വം. atomic t. അണുപരിണാമപ്രമാണം. binary t. (രസായനപദാർത്ഥങ്ങൾ ഒക്കയും വിപരീതഗുണമുള്ള രണ്ട് ധാതുക്കൾ ചേർന്നുണ്ടാകുന്നതാകുന്നു എന്ന) ധാതുദ്വയസമ്മിശ്രണവാദം(*ch.*). =ret'ie, =ret'-i-eal, *a.* ശാസ്ത്രംസംബന്ധിച്ച. ശാസ്ത്രീയം ആയ, മന്ത്രം—, അവ്യവഹാരികം—, സങ്കല്പം—; കാല്പനീകം—, ഊഹം—. =ret'i-eal-ly, *ad.* ഭാവനയിൽ, ശാസ്ത്രീയമായി, അവ്യവഹാരികമായി. =ret'ies, *n.* സങ്കല്പം, മനോരാജ്യം, കല്പന; കല്പനാവാദം. =or'ie, *a.* മനോരാജ്യ സംബന്ധമായ. =rist, =rī-s̤ēr, =rī-zẽr, *n.* അഭിപ്രായക്കാരൻ, സങ്കല്പകൻ, മനോരാജ്യക്കാരൻ. =ri-s̤ā'tiŏn, =ri-zā'tiŏn, *n.* ആലോചന, ഭാവന, സങ്കല്പം, കല്പന. =rīs̤e, =rīze, *v.i.* അഭിപ്രായം പറയുക; ന്യായം പ്രസ്താവിക്കുക; അവ്യാവഹാരികന്യായം പറയുക; ഊഹിക്കുക.

Thē-or'i-ea, *n. pl.* =or'ie fund, (യവനന്മാരുടെ ഇടയിൽ പൊതുജനോല്ലാസത്തിന്ന് സർക്കാരിൽനിന്ന് വ്യയംചെയ്യു) പ്രജോല്ലാസാർത്ഥദ്രവ്യം, പ്രജോല്ലാസവ്യയദ്രവ്യം.

Thē-os'ō-phy (-fi), *n.* ഗൂഢദേവജ്ഞാനവാദം; 2. മന്ത്രമുഖദേവജ്ഞാനവാദം; 3. രസായനമുഖദേവജ്ഞാനവാദം; 4. പ്രത്യക്ഷപ്രകാശിതേശ്വരജ്ഞാനവാദം, ആത്മപ്രകാശിതദൈവജ്ഞാനവാദം. =soph (-sof), =os'ō-phẽr (-fẽr), =phist (-fist), *n.* ഗൂഢദൈവജ്ഞാനവാദി, ആത്മപ്രകാശിതദൈവജ്ഞാനവാദി. =soph'ie, =soph'i-eal (-sof-), *a.* മന്ത്രമുഖദൈവജ്ഞാനം സംബന്ധിച്ച; പ്രത്യക്ഷപ്രകാശി

തദൈവജ്ഞാനമായ. =soph'i-cal-ly, =phist'i-cal-ly, *ad.* നിഗ്രന്ഥദൈവജ്ഞാനവാദമായി. =phism (-fizm), *n.* ശോപ്യദൈവജ്ഞാനവിശ്വാസം. =phīse, =phīze (-fīz), *v. i.* നിഗ്രന്ഥേശ്വരജ്ഞാനിയായിരിക്കുക.

**Ther-a-peū'tic**, =peū'ti-cal (-pū-), *a.* വൈദ്യംസംബന്ധിച്ച, ആയുൎവ്വേദിക മായ; 2. രോഗം മാററുന്ന, സുഖപ്പെടുത്തുന്ന. =peū'tics, *n. pl.* ഒരു വക (വൈദ്യ) സന്യാസിവൎഗ്ഗം (*c. h.*). =peū'tic, *n.* വൈദ്യസന്യാസി (*c. h.*). =peū'tics, *n.* വൈദ്യശാസ്ത്രം, ഭേഷജശാസ്ത്രം, ആയുൎവ്വേദം. =peū'tist, *n.* വൈദ്യശാസ്ത്രി, ആയുൎവ്വേദജ്ഞൻ; വൈദ്യൻ, ഭിഷക്ക്.

**There** (thār), *ad.* അവിടെ, അങ്ങ്, അദ്ദിക്കിൽ, ആ ദിക്കിൽ, തത്ര; 2. അവിടേക്ക്; 3. അതാ; 4. (വാക്യാരംഭത്തിൽ ക്രിയ മുമ്പും കൎത്താവ് പിമ്പും ആയ്വരുമ്പോൾ) നിരൎത്ഥകം: t. is a path which no fowl knoweth യാതൊരു പക്ഷിയും അറിയാത്ത ഒരു വഴിയുണ്ട്. t.-about, t.-abouts അതിന്നു സമീപം, അവിടെയടുക്കെ; ഏകദേശം, ഏതാണ്ടും; 'സുമാറ്', ഏറക്കുറയ, അതു സംബന്ധിച്ച്, അതിനെക്കുറിച്ച്. t.-after അതിൽപിന്നെ, അതിന്റെശേഷം, അനന്തരം, പിന്നേതിൽ, പിന്നെ; അതിൻപ്രകാരം, അതു പോലെ, അങ്ങിനെ, അതിന്നനുസാരമായി. t.-anent അതു സംബന്ധമായി. t.at അവിടെ, അങ്ങ്; അപ്പോൾ, അതിങ്കൽ, അതുകൊണ്ട്. t.by അതിനാൽ, അതു നിമിത്തം, അതുകൊണ്ട്; ആ സംബന്ധത്തിൽ, അക്കാൎയ്യത്തിൽ; അതിനോടു ചേൎന്ന്; ഏകദേശം, ഏതാണ്ടും. t.for അതിന്നായിക്കൊണ്ട്, ഇതിന്നായിക്കൊണ്ട്, അക്കാൎയ്യത്തിലേക്ക്. t.fore അതുകൊണ്ട്, ആകയാൽ, അതു നിമിത്തം, അതു ഹേതുവായിട്ട്. t.from അവിടംമുതല്ക്ക്; അതിൽനിന്ന്, ഇതിൽനിന്ന്. t.in അതിൽ, ഇതിൽ; അവിടെ, ഇവിടെ; അപ്പോൾ, ഇപ്പോൾ; ആ കാൎയ്യംസംബന്ധിച്ച്, ഈ കാൎയ്യത്തിൽ. t.into അതിലേക്ക്, ഇതിലേക്ക്, അതിൽ, ഇതിൽ, അവിടെ, ഇവിടെ. t.of അതിന്റെ, ഇതിന്റെ, അതിൽനിന്ന്, ഇതിൽനിന്ന്. t.on അതിന്മേൽ, ഇതിന്മേൽ; അപ്പോൾ. t.out അതിൽനിന്ന്, ഇതിൽനിന്ന്. t.to അതിന്ന്, ഇതിന്ന്, അതിനോട്, ഇതിനോട്. t.tofore അതുവരെയും, അത്രോളം; അതിന്നുമുമ്പ്. t.under അതിന്നു കീഴിൽ, ഇതിന്റെ കീഴിൽ, അതിൽതാഴെ. t.unto അതിന്ന്, ഇതിന്ന്; അതുകൂടാതെ. t.upon അതിന്റെ മേൽ, ഇതിന്റെ മേൽ; അപ്പോൾ, അന്നേരം; അതുകൊണ്ട്, ആകയാൽ, അതുനിമിത്തം; ഉടനെ, തൽക്ഷണം. t.with അതുകൊണ്ട്, ഇതുകൊണ്ട്, അതിങ്കൽ, ഇതിങ്കൽ; അതുകൂടാതെ; അതോടുകൂടി. t.withal അതിനോടുകൂടെ, ഇതിനോടുകൂടെ, അപ്പോൾ തന്നെ, അതുകൂടാതെ, അതല്ലാതെ. here and t. ഇങ്ങും അങ്ങും, അവിടവിടെ, ഓരോരോദിക്കിൽ.

**Thē-re-ol'ō-gy**, *n.* വൈദ്യശാസ്ത്രം, ആയുൎവ്വേദം.

**Thē'ri-ac**, =rī'a-ca, *n.* വിഷഹരലേഹ്യം; 2. ചക്കരപ്പാവ്. ശക്കരപ്പാവ്, പാവ്, കട്ടി, പാനി (*S.*). *a.* ഔഷധമായ; ശക്കരപ്പാവായ. thē'ri-al, *a.* ശക്കരക്കട്ടിയായ.

**Thē-ri-ō-don'ta**, =don'ti-a, **Thē-rō-mor'pha** (-mor'fa), *n. pl.* ശിലാഭൂതമാംസഗ്രാസസൎപ്പവൎഗ്ഗം. [ജലതീൎത്ഥം.

**Thĕr'mæ** (-mē), *n. pl.* ചൂടുറവ്, ഉഷ്ണ

**Thĕr'mal**, **Thĕr'mic**, *a.* ഉഷ്ണമുള്ള, ചൂടുള്ള; 2. ഉഷ്ണത്തിന്റെ; 3. ഉഷ്ണംസംബന്ധിച്ച; 4. ഉഷ്ണത്താലുള്ള, ഉഷ്ണംകൊണ്ടുള്ള. t. unit ഉഷ്ണഗണനപ്രമാണം (*ph.*). t.c fever സൂൎയ്യമൂൎച്ഛജ്വരം (*med.*). -ly, *ad.* ചൂടായി, ചൂടോടെ. =met'ō-graph (-graf), *n.* ഉഷ്ണദൎശകയന്ത്രം.

**Thĕr'mi-dor**, *n.* (ഫ്രഞ്ച് പ്രജാപ്രഭുത്വപഞ്ചാംഗത്തിലെ) പതിനൊന്നാം മാസം, ജൂലായി 19-ാംനു മുതൽ ആഗസ്ത് 17-ാംനു വരെ, കൎക്കിടകം.

**Thĕr'mō-**, *pf.* ഉഷ്ണ, ഘൎമ്മ.

**Thĕr-mō-ba-rom'e-tĕr**, *n.* (വെള്ളം പതക്കുന്ന ചൂട് പ്രമാണമാക്കി ഉയരം അറിയുന്ന) ഔന്നത്യമാപനജലയന്ത്രം.

Thĕr-mō-bat′tĕr-y, Thĕr-mō-mul′ti-plī-ĕr, Thĕr′mō-pīle, *n.* ഉഷ്ണതാരതമ്യദർശിനി(യന്ത്രം).

Thĕr-mō-cau′tĕr-y (-ka′tĕr-), *n.* ചൂടുവെച്ച് പൊള്ളിക്കൽ, ചൂടുവെക്കൽ (*surg.*).

Thĕr-mō-chem′is-try (-kem′is-), *n.* ഘർമ്മരസായനശാസ്ത്രം. =chem′ic, =chem′i-cal, *a.* ഘർമ്മരസായനം സംബന്ധിച്ച, ഘർമ്മരസായനത്താലുള്ള.

Thĕr-moch′rō-sy (-mok′rō-), *n.* ഉഷ്ണരശ്മിതാം (*ph.*).

Thĕr′mō-cur-rent, *n.* ഉഷ്ണജന്യചലനം, ഉഷ്ണജന്യവിദ്യുച്ചലനം.

Thĕr-mō-dy-nam′ics, *a.* ഘർമ്മപ്രവർത്തനശാസ്ത്രം. =nam′ic, *a.* ഘർമ്മപ്രവർത്തനശാസ്ത്രം സംബന്ധിച്ച; ഘർമ്മപ്രവർത്തനത്താലുള്ള.

Thĕr-mō-e-lec-tric′i-ty (-tris′i-ti), *n.* ഘർമ്മ(ജന്യ)വിദ്യുച്ഛക്തി. =lec′tric, *a.* ഘർമ്മ(ജന്യ)വിദ്യുച്ഛക്തി സംബന്ധിച്ച. =trom′e-tĕr, *n.* ഘർമ്മ(ജന്യ)വിദ്യുച്ഛക്തിമാപനയന്ത്രം (*ph.*).

Thĕr′mō-ġen, *n.* അഗ്നി, ഉഷ്ണം, ഘർമ്മം, ചൂട്. =ġen′ic, =moġ′e-nŏus, *a.* ഉഷ്ണം സംബന്ധിച്ച; ഉഷ്ണജനകമായ.

Thĕr′mō-graph (-graf), *n.* ഉഷ്ണഭേദദർശകയന്ത്രം (*ph.*).

Thĕr-mol′ō-ġy, *n.* ഉഷ്ണവർണ്ണനം.

Thĕr-mol′y-sis, *n.* ഉരുകൽ, ഉഷ്ണവിയോഗം, ദ്രാവ്യത (*ch.*). =lȳse, =lȳze, *v. t.* ഉരുക്കുക, ഉഷ്ണത്താൽ വിയോജിപ്പിക്കുക, ദ്രാവകമാക്കുക.

Thĕr-mō-mag′net-ism, *n.* ഘർമ്മ(ജന്യ)കാന്തശക്തി (*ph.*).

Thĕr-mom′e-tĕr, *n.* ഉഷ്ണമാപനയന്ത്രം, ഘർമ്മമാപനയന്ത്രം (*ph.*). air-t. ഘർമ്മമാപനവായുയന്ത്രം (*ph.*). clinical t. ദേഹോഷ്ണമാപനയന്ത്രം, ജ്വരമാപനയന്ത്രം (*med.*). metallic t. ഘർമ്മമാപനലോഹയന്ത്രം. register-t., self-registering t. ഘർമ്മദർശകയന്ത്രം. =met′ric, =met′ri-cal, *a.* ഘർമ്മമാപനയന്ത്രം സംബന്ധിച്ച; ഉഷ്ണമാപനയന്ത്രത്താലുള്ള. =met′ri-cal-ly, *ad.* ഘർമ്മമാപനയന്ത്രത്താൽ, —യന്ത്രംമുഖേന. =met-rō-graph′ic (-graf′ik), *n.* ഉഷ്ണഭേദദർശിനി(യന്ത്രം). =mom′e-try, *n.* ഉഷ്ണമാപനം.

Thĕr-mō-mul′ti-plī-ĕr, Thĕr′mō-pīle, *s. a.* Thermobattery.

Thĕr′mō-scōpe, *n.* ഉഷ്ണഭേദസൂചകയന്ത്രം (*ph.*). =scop′ic, *a.* ഉഷ്ണഭേദസൂചകയന്ത്രം സംബന്ധിച്ച; —യന്ത്രത്താലുള്ള.

Thĕr′mō-stat, *n.* ഘർമ്മഭേദദർശിനി (യന്ത്രം). =stat′ic, *a.* ഘർമ്മഭേദദർശിനിയന്ത്രം സംബന്ധിച്ച; —ദർശിനിയാലുള്ള.

Thĕr-mō-sys-tal′tic, *a.* ഉഷ്ണജന്യസംകോചമായ.

Thĕr-mō-tax′ic, *a.* ദേഹോഷ്ണവിധാനം സംബന്ധിച്ച (*phys.*).

Thĕr-mō-ten′siŏn (-shun), *n.* (ഇരിമ്പിന്ന് വരുത്തുന്ന) ഉഷ്ണക്കട്ടപ്പം.

Thĕr-mot′ic, =mot′i-cal, *a.* ഘർമ്മം സംബന്ധിച്ച, ഉഷ്ണത്താലുള്ള. =mot′ics, *n.* ഉഷ്ണശാസ്ത്രം, ഘർമ്മശാസ്ത്രം.

Thĕr-mō-vol-tā′ic, *a.* ഘർമ്മവിദ്യുച്ഛക്തിസംബന്ധമായ.

Thē-rō-mor′pha, *n.*, *s. a.* Theriodonta.

The-sau′rus (-sa′rus), *n.* (*pl.* the-sau′rī) പത്തായപ്പുര, ഉഗ്രാണം; ഭണ്ഡാരം; 2. ജ്ഞാനനിക്ഷേപം, ജ്ഞാനഭണ്ഡാരം; 3. നിഘണ്ടു, ശബ്ദകോശം; 4. ജ്ഞാനകോശം.

Thēse, *pron. pl. of* This.

Thē′si-cle, *n.*, *dim. of* Thesis.

Thē′sis, *n.* (*pl.* thē′sēs) തർക്കസിദ്ധാന്തം, വാദപ്രസ്താവം; 2. പ്രബന്ധം, ഉപന്യാസം; 3. കലാശാലാപദവിപ്രബന്ധം; 4. പ്രതിജ്ഞ, പൂർവ്വപക്ഷം (*log.*); 5. ഗംഭീരസ്വരം (*mus.*); 6. (ശ്ലോകം ചൊല്ലുന്നതിൽ വേണ്ടുന്ന) ധ്വനിലാഘവം (*pros.*); 7. ലഘുധ്വനിയക്ഷരം (*pros.*). thē′si-cle, *dim. n.* ഉപപ്രതിജ്ഞ, ഉപപ്രസ്താവം.

**Thes'mō-thēte** (-thēt), *n.* ധൎമ്മദാതാവ്, നിയമനിൎമ്മാണികൻ.

**Thes'pi-an,** *a.* നാടകം സംബന്ധിച്ച, അഭിനയമായ. *n.* അഭിനയക്കാരൻ, നാടകവേഷം.

**Thē'ur-gy** (-ēr-ji), *n.* ദൈവകൃത്യം; 2. അത്ഭുതം, അതിശയം; 3. മന്ത്രവാദം, ആഭിചാരം, ക്ഷുദ്രം, ഇന്ദ്രജാലം, മഹേന്ദ്രജാലം. =**ur'gic,** =**ur'gi-cal,** *a.* മന്ത്രവാദം സംബന്ധിച്ച. **t.c hymns** മന്ത്രങ്ങൾ; മന്ത്രികൾ, മന്ത്രംചൊല്ലൽ. =**gist,** *n.* മന്ത്രവാദി, ഇന്ദ്രജാലക്കാരൻ.

**Thews** (thūz), *n. pl.* മാംസപേശി; 2. പേശിബലം, കായബലം, കയ്യൂക്ക്; ഊക്ക്, നാഡിബലം, ശക്തി. **thewed** (thūd), **thew'y** (thū'i), *a.* പേശിയുള്ള; പേശിബലമുള്ള, നാഡിബലമുള്ള, കരിങ്കല്ല്പോലെയുള്ള.

**They** (thā), *pron. pl.* (*s.* **he, she, it**) അവര്, അങ്ങോര് (*S.*); 2. അവ, അവററ, അതുകൾ; 3. ആരാണ്ടോ, ആരോചിലര്: **t. say** എന്നാണ് പ്രസ്താവം, എന്ന് പറയുന്നു, എന്ന് കേൾക്കുന്നു. **their** (*poss. c. of* **they**), അവരുടെ, അവൎക്കുള്ള; അവയുടെ, അവററിന്റെ, അതുകളുടെ, അതുകൾക്കുള്ള. **theirs,** *poss. pron.* അവരുടേത്, അവൎക്കുള്ളത്. **them** (*ob. c. of* **they**), അവരെ, അവൎക്ക്, അവയെ, അവററെ, അവററിന്ന്, അതുകൾക്ക്; തങ്ങളെത്തന്നെ. **them-selves',** *pron.* തങ്ങൾതന്നെ; തങ്ങളെത്തന്നെ; തന്നെ: **they t.s did it** അവര് തന്നെയാകുന്നു അത് ചെയ്തത്.

**Thib'et cloth** (tib'et-), *n.* പരിക്കൻ കമ്പിളിത്തുണി, കരിമ്പടം; 2. നേൎമ്മക്കമ്പിളിവസ്ത്രം.

**Thib'e-tan** (tib'e-), **Thi-bē'tian** (ti-bē'shan), *a.* തിബേത്ത്രാജ്യത്തിലുള്ള. *n.* തിബേത്തുകാരൻ.

**Thick,** *a.* ഘനം ഉള്ള, കനം—, വണ്ണം—, തടി—, കേമം—; 2. നിബിഡമായ, തിങ്ങിയ; 3. തടിപ്പുള്ള; 4. കലങ്ങിയ, കലക്കുള്ള, തെളിവില്ലാത്ത; 5. മുഴപ്പുള്ള, കൊഴുത്ത, കട്ടിയായ; 6. അടുത്തടുത്തുണ്ടാകുന്ന, തുടരെയുണ്ടാകുന്ന, കൂടക്കൂടെയുള്ള; 7. അക്ഷരവ്യക്തിയില്ലാത്ത, അസ്പഷ്ടമായ; 8. (നിദ്ര) ഗാഢമായ, ബോധമില്ലാത്ത; 9. മന്ദമായ; 10. ഉററ, വളരെ ഇഷ്ടത്തിലുള്ള; 11. മുററുള്ള. **t. register** കണ്ഠസ്വരം (*mus.*). **t. stuff** തടിച്ച പലക (*naut.*). **t. bill** ഒര് പക്ഷി (*z.*). **t. head** പൊട്ടൻ, ഭോഷൻ; ഒര് പലവൎണ്ണപ്പക്ഷി (*z.*). **t.-headed** മുരാളനായ, മന്ദബുദ്ധിയായ. **t.-set** അടുത്തടുത്തുള്ള, അടുത്തടുത്ത് നട്ട; തടിച്ച് കുറുതായ, കുറുമുണ്ടനായ, മുണ്ടനായ; തുററ വേലി; ഒര് വക തടിച്ച തുണി. **t. skin** മുരടൻ, വിട്ടുവിഡ്ഢി, വിഡ്ഢി. **t.-skinned** തോല് തടിച്ച; ഉളുപ്പില്ലാത്ത; വിഡ്ഢിയായ, അണ്ണാരപ്പൊണ്ണനായ. **t. skull** പട്ടുമുരാളൻ, വിട്ടുവിഡ്ഢി. **t.-skulled** തലമണ്ട തടിച്ച; പൊട്ടൻ ആയ, പൊണ്ണൻ—, മടിയൻ—, മാടൻ—. **t. wind** കതിര(കൾക്കുണ്ടാകുന്ന ഒര്) ശ്വാസരോഗം. **t.-winded** (കതിര) ശ്വാസരോഗമുള്ള. *n.* തിങ്ങിയ ഇടം, തുററ സ്ഥലം; 2. ധാരാളമുള്ള കാലം. **through t. and thin** ഏത് നിലയിലും, ഏത് വിധത്തിലും, എല്ലാ വിഷമത്തിലും, സകല ദുൎഘടത്തിലും. *ad.* കൂടക്കൂടെ, തുടരത്തുടരെ, വേഗംവേഗം; 2. തിങ്ങി, നിബിഡമായി, മുരടേറിയതായി; 3. വണ്ണത്തിൽ, ദശപ്പിൽ. **thick, thick'en** (thik'n), *v. t.* ഘനം ആക്കുക, തടിപ്പ്—, കേമം—; 2. കൊഴുപ്പിക്കുക, മുഴപ്പിക്കുക, കട്ടിയാക്കുക; 3. ഇടതുൎക്കുക, തുൎക്കുക; 4. കൂടക്കൂടെ ചെയ്യുക; 5. പെരുക്കുക, വൎദ്ധിപ്പിക്കുക; 6. തിമിൎക്കുക. *v. i.* വൎദ്ധിക്കുക, പെരുകുക, കൂടുക; 2. മുഴക്കുക; 3. മുറുകുക. **-'en-ing,** *n.* മുഴപ്പിപ്പാൻ ചേൎക്കുന്ന സാധനം, മുഴപ്പ്, മാവ്. **-'et,** *n.* കുറുങ്കാട്, ചുള്ളിക്കാട്, തുററ കാട്, തുറുപ്പ്കാട് (*S.*). **-'ish,** *a.* ഏതാനും കട്ടിയായ; ഘനമേറിയ. **-'ly,** *ad.* തടിപ്പായി; കനത്തിൽ; കേമത്തോടെ; തിങ്ങിവിങ്ങി. **-'ness,** *n.* ഘനം, കനം, വണ്ണം; മുഴപ്പ്, കൊഴുപ്പ്, കട്ടി; തടിപ്പ്, തടി, ദശപ്പ്; ഇഴയടുപ്പം; അടുപ്പം; തിക്ക്; തിങ്ങല്; കടന്ന് കൂടായ്മ; നിബിഡത; ബുദ്ധിമാന്ദ്യം.

**Thīef** (thēf), *pr.* (*pl.* **thīeves**, thēvz), *n.* കക്കുന്നവൻ, കള്ളൻ, മോഷ്ടണക്കാരൻ, മോഷ്ടാവ്, ചോരൻ, തസ്കരൻ, തിരുടൻ, കളവ്കററം ചെയ്യുവൻ. **t.-catcher, t.-taker** കള്ളന്മാരെ പിടിക്കുന്നവൻ. **t.-leader** കള്ളനെ വിട്ടത്തിക്കൊണ്ട് പോകുന്നവൻ. **t.-tube** (പീപ്പയിൽനിന്ന് നോട്ടത്തിന്ന് മദ്യം എടുക്കുന്ന) ചെറുകുഴല്. **thīeves'-vinegar** (രോഗിശാലയിൽ ഉപയോഗിക്കുന്ന ഒര് വക) പരിമള കാടി. **theft,** *n.* കക്കൽ, മോഷ്ടിക്കൽ, മോഷണം; കളവ്കററം (*l.*); **to comit t.t** കളവ്ചെയ്യുക, കളവ്കററം ചെയ്യുക (*l.*); കളവ്മുതല്, തൊണ്ടി (*S.*). **t.t lote** കള്ളനോട് ഉടമസ്ഥൻ മുതലോ പ്രായശ്ചിത്തമോ വാങ്ങി വിടൽ. **thīeve** (thēv), *v.t.* & *i.* മോഷ്ടിക്കുക, മോഷണം ചെയ്യുക, കക്കുക, ചൌയ്യംചെയ്യുക, കളവ് കററം ചെയ്യുക. **thīev'ēr-y, thīev'ish-ness,** *n.* മോഷണം, ചൌയ്യം, കക്കൽ, കളവ്. **thīev'ish,** *a.* കക്കുന്ന, കളവഭ്യസിച്ച, മോഷണവാസനയുള്ള; കള്ളനെപ്പോലെയുള്ള; കള്ളനെപ്പോലെ വരുന്ന, ഒളിവായ, രഹസ്യമായ; കട്ട, കളവിനാലുള്ള; കളവായ. **thīev'ish-ly,** *ad.* കളവായി, മോഷണമായി.

**Thīgh** (thī), *n.* തുട, ഊരു (*an.*). **t.-bone** തുടയെല്ല്, ഊൎവ്വസ്ഥി (*an.*).

**Thill,** *n.* (ഒററക്കുതിരവണ്ടിയുടെ) ഏക്കാല്, ഈൎത്ത്; 2. കല്ക്കരിഖനിയുടെ അടിനിലം. **t.-horse, -'ēr,** *n.* (ഏക്കാലിന്ന് നടുവെയുള്ള) കുതിര; (മുമ്പിലും വഴിയിലുമായി കെട്ടിയ കുതിരകളിൽ) വഴിയിലെ കുതിര.

**Thim'ble,** *n.* (തുന്നുന്നവർ വിരലിന്ന് സൂചി തട്ടാതിരിപ്പാൻ ഇടുന്ന) വിരലുറ, വിരൽരക്ഷ, അംഗുലിത്രാണം, 'തിമ്പിള്', 'തിതാള്'; 2. പററ്, കുഴ. **t.-eye** ഒര് വക അയില (*z.*). **t.-rig, t.-rigging** ചെപ്പിടിവിദ്യ, കയ്യടക്കം, പന്തടക്കം. **t.-rig** ചതിക്കുക, തോല്പിക്കുക. **t.-rigger** കയ്യടക്കക്കാരൻ, ചെപ്പിടിവിദ്യക്കാരൻ, കയ്യടക്കച്ചതിയൻ. **-ful,** *n.* വിരലുറയിൽ കൊള്ളുന്നതു, അത്യല്പം.

**Thin,** *a.* നേൎമ്മയായ, നേരിയ, നേൎത്ത, തടികുറഞ്ഞ, ദേശപ്പില്ലാത്ത, ഘ(ക)നം കുറഞ്ഞ; 2. മുഴപ്പില്ലാത്ത, തെളിയായ, കട്ടിയില്ലാത്ത; 3. ലഘുവായ, വിരളമായ; 4. ആരട്ടപ്പമില്ലാത്ത; ഇഴയടുപ്പമില്ലാത്ത, ഇഴയകന്ന; 5. മുരട് പോരാത്ത; 6. ശുഷ്കിച്ച, ശോഷിച്ച, മെലിഞ്ഞ, മെല്ലിച്ച, കൃശമായ; 7. ക്ഷീണിച്ച; 8. ചെറിയ, അല്പമായ, ശിഥിലമായ; ചുരുങ്ങിയ; 9. ഉള്ളിൽകൂടി കാണാകുന്ന; 10. സൂക്ഷ്മമായ; 11. ഇളതായ, ഇളയ; മൂക്കാത്ത, പിഞ്ചായ. **t.-skinned** തോല് നേൎമ്മയായ; മുൻകോപമുള്ള; വേഗം മുഷിയുന്ന, തൊട്ടാൽ വാടിയായ. *ad.* ദൂരദൂരെ; മുരട് കുറവായി. *v.t.* നേൎമ്മ ആക്കുക; 2. വിരളം—, ലഘു—, സൂക്ഷ്മം—; 3. കൃശം—, ശിഥിലം—, മെലിയിക്കുക; 4. ക്ഷീണിപ്പിക്കുക. *v.i.* നേൎമ്മയാക; 2. മെലിയുക; 3. കുറയുക; 4. മുററില്ലാതാക. **-'ly,** *ad.* നേൎമ്മയായി; ദൂരെദൂരെ; കുറവായി; മുററില്ലാതെ. **-'nēr,** *n.* നേൎമ്മയാക്കുന്നവൻ. **-'ness,** *n.* നേൎമ്മ; വിരളത്വം; ലഘുത്വം; കൃശത. **-'nish,** *a.* ഏതാനും മെലിഞ്ഞ, മെല്ലിച്ച, ചെള്ളിച്ച.

**Thīne,** *poss. pron.*, *s. u.* **Thou.**

**Thing,** *n.* വസ്തു; 2. സാധനം, ദ്രവ്യം, പദാൎത്ഥം, പണ്ടം; 3. കാൎയ്യം, വസ്തുത, അവസ്ഥ, പ്രവൃത്തി, ക്രിയ, സംഭവം, വൎത്തമാനം; 4. അംശം, ഭാഗം, അല്പം, വല്ലതും; 5. പാവം, സാധു: **poor t. she is crying** പാവം അവൾ കരയുന്നു; 6. ജന്തു, പ്രാണി; 7. നിസ്സാരസാധനം; 8. *pl.* കോപ്പ്, സാമാനം; 9. *pl.* വസ്ത്രം; 10. സ്വത്ത് (*l.*); 11. (*pr.* ting) സ്വീഡൻനോൎവ്വെ രാജ്യങ്ങളിലെ നിയമനിൎമ്മാണസഭ. **t.s personal** ഇളകുന്ന സ്വത്ത്, —മുതല്, ജംഗമസ്വത്ത്, ചരസ്വത്ത്, കൈമുതല് (*l.*). **t.s real** ഇളകാത്ത സ്വത്ത്, സ്ഥാവര—, ഭൂസ്വത്ത് (*l.*).

**Think,** *v.i.ir.* (**thought; thought,** *pr.* that), എന്ന് തോന്നുക: **mē-thinks'** എന്ന് എനിക്ക് തോന്നുന്നു; **mē-thought'** (-that') എന്ന് എനിക്ക് തോന്നി; 2. വിചാരിക്കുക, ചിന്തിക്കുക, ആലോചിക്കുക, നിനെക്കുക, നിരൂപിക്കുക; 3. ഓൎമ്മയു

ണ്ടാക; 4. ധ്യാനിക്കുക; 5. ഭാവിക്കുക, അഭിപ്രായമുണ്ടാക, ഊഹിക്കുക; 6. തുനിയുക, പുറപ്പെടുക; 7. കണക്ക് വെക്കുക, എണ്ണുക. **to t. better of** ഗുണമായ അഭിപ്രായമുണ്ടാക; അഭിപ്രായം മാററുക. **to t. much of, to t. well of** കാൎയ്യമായി വിചാരിക്കുക, വിലവെക്കുക. *v. t.* ആലോചിക്കുക, നിരൂപിക്കുക, നിനെക്കുക; 2. വിശ്വസിക്കുക; 3. എണ്ണുക, ഗണിക്കുക, വിലവെക്കുക. **-'a-ble,** *a.* വിചാരിക്കാവുന്ന, ചിന്തനീയമായ, ആലോചിക്കത്തക്ക. **-'ĕr,** *n.* വിചാരിക്കുന്നവൻ; ആലോചിക്കുന്നവൻ, ആലോചനക്കാരൻ; വിചാരബുദ്ധിയുള്ളവൻ; ജ്ഞാനി, തത്വജ്ഞാനി. **-'ing,** *a.* വിചാരശക്തിയുള്ള, ആലോചനാശക്തിയുള്ള, സബുദ്ധിയായ. *n.* വിചാരം, ആലോചന, നിരൂപണം, വിചാരബുദ്ധി, വിചാരശീലം. **-'ing-ly,** *ad.* വിചാരത്തോടെ, ആലോചനയോടെ, ബുദ്ധിപൂൎവ്വമായി. **thought** (that), *n.* വിചാരിക്കൽ, ചിന്തിക്കൽ; 2. വിചാരം, ചിന്ത, ആലോചന; 3. ധ്യാനം; 4. തോന്നല്, നിരൂപണം, ഊഹം, നിനവ്; 5. ചിന്താകുലം, ആധി; 6. കരുതല്; 7. ഭാവന, അഭിപ്രായം, മതി; 8. അല്പം, ഇത്തിരി, തെല്ല്: **a t.t longer** അല്പനേരം കൂടി. **a t.t better** അതിനെക്കാൾ ലേശം നല്ലത്; 9. വിചാരശക്തി, ആലോചനാശക്തി, വിവേകം. **thought'ful,** *a.* നന്നായി ആലോചിച്ച, ആലോചനയോട് കൂടിയ; ധ്യാനത്തിന്നുള്ള; ധ്യാനശീലമുള്ള; ശ്രദ്ധ ഉള്ള; സൂക്ഷ്മം—; വിവേകം—; മോഹം—; ആധിപിടിച്ച, വ്യാകുലതിയുള്ള, ചിന്താകുലമുള്ള. **thought'-ful-ly,** *ad.* ആലോചനയോടെ; വിചാരപൂൎവ്വം, ബുദ്ധിപൂൎവ്വം. **thought'ful-ness,** *n.* വിചാരശീലം; ധ്യാനശീലം, **thought'less,** *a.* വിചാരം ഇല്ലാത്ത. ചിന്ത—; സൂക്ഷ്മം—, അജാഗ്രതയുള്ള; ഉപേക്ഷയായ, നിൎവ്വിചാരിയായ; ഉദാസീനതയുള്ള; വെറിയനായ; മദമുള്ള, മദോന്മത്തനായ; ഉല്ലാസഭാവമുള്ള, കളിക്കാരനായ; ആലോചനയില്ലാത്ത, ബുദ്ധികെട്ട, മന്ദബുദ്ധിയായ. **thought'less-ly,** *ad.* വിചാരം ഇല്ലാതെ, ആലോചന—, ബുദ്ധി—. **thought'less-ness,** *n.* നിൎവ്വിചാരഭാവം; ഉത്താനബുദ്ധി, ആലോചനക്കുറവ്; സൂക്ഷ്മക്കേട്, അജാഗ്രത, ഉപേക്ഷ.

**Thin'ly, Thin'nĕr, Thin'ness, Thin'nish,** *etc. s. u.* **Thin.**

**Thi-on'ic,** *a.* ഗന്ധകം ഉള്ള; 2. —സംബന്ധിച്ച; 3. —പോലെയുള്ള. **thī'ō,** *pf.* —ചേൎന്ന, —ഉള്ള, —കലൎന്ന.

**Thi-on-īne', Thi-on-ol',** *n*, ഒരു വക ചുകപ്പ് ചായം.

**Thĭrd,** *etc. s. u.* **Three.**

**Thĭr'lāge,** *n.* (കോതമ്പ് പൊടിക്കുന്ന) ദേശ ചെറുജന്മാവകാശം (*Scot. l.*).

**Thĭrst,** *n.* ദാഹം, തൃഷ്ണ, തൃഷ, പിപാസ; 2. (for, of, after) അത്യാഗ്രഹം, മോഹം, ആഗ്രഹം, ആശ, ആൎത്തി. *v. i.* ദാഹിക്കുക, തൊണ്ട ആറുക, —വറളുക; 2. ഇച്ഛിക്കുക, ആഗ്രഹിക്കുക, കൊതിക്കുക, ആൎത്തിയുണ്ടാക. *v. t.* ആൎത്തിയോടെയിരിക്കുക. **-'ĕr,** *n.* ദാഹമുള്ളവൻ, ദാഹിക്കുന്നവൻ, പിപാസു. **-'i-ly,** *ad.* ദാഹത്തോടെ, ആൎത്തിയോടെ. **-'i-ness,** *n.* ദാഹം, തൃഷ്ണ; ആൎത്തി. **-'y,** *ad.* ദാഹമുള്ള, തൊണ്ടവരണ്ട, വറൾച്ചയുള്ള; ഉണങ്ങിയ, വറണ്ട.

**Thĭr'tēen,** *a.* പതിമൂന്ന്, ത്രയോദശം. *n.* പതിമൂന്ന് എന്ന എണ്ണം, 13, XIII, ൧൩. **='tēenth,** *a.* പതിമൂന്നാമത്തെ, ത്രയോദശി ആയ; പതിമൂന്നാലൊന്നായ, പതിമൂന്നിൽ ഒന്നായ. *n.* പതിമൂന്നാലൊന്ന്, പതിമൂന്നിലൊന്ന്; $\frac{1}{13}$; ത്രയോദശി.

**Thĭr'ty,** *a.* മുപ്പതായ, ത്രിംശതി, ത്രിംശത്. *n.* മുപ്പതെണ്ണം, മുപ്പതെന്ന സംഖ്യ, 30, XXX, ൩൰. **thĭr'ti-eth,** *a.* മുപ്പതാമത്തെ, ത്രിംശ; മുപ്പതാൽ ഒന്നായ, മുപ്പതിലൊന്നായ. *n.* മുപ്പതിലൊന്ന്, മുപ്പതാലൊന്ന്, $\frac{1}{30}$.

**This,** *pron.* (*pl.* **thēse**), ഇവൻ, ഇവൾ, ഇത്, ഏതൽ, ഇദം; 2. ഇപ്പറഞ്ഞത്, ഒടുവിൽ പറഞ്ഞത്. *a.* ഈ: **t. house** ഈ വീട്. **by t.** ഇതിന്നി

ടക്ക്, അപ്പഴേക്ക്. thēse (*pron. pl.*) ഇവ, ഇവകൾ, ഇവററ, ഇതുകൾ; ഇവര്; ഈ കാൎയ്യങ്ങൾ; ഇപ്പറഞ്ഞവ, ഒടുവിൽ പറഞ്ഞത്. t.e three months ഇക്കഴിഞ്ഞ മൂന്നുമാസം; *a.* ഈ: t.e houses ഈ വീടുകൾ.

This'tle (this'l), *n.* മുൾച്ചെടി, പറക്കാര, കുരുമുള്ള് (*b.*). this'tly (this'li), *a.* മുള്ളുള്ള, മുൾപ്പടൎപ്പുള്ള, മുള്ളായ; മുൎച്ചയുള്ള, മുനയുള്ള, കൂൎത്ത.

Thith'ër, *ad.* അവിടേക്ക്, അങ്ങോട്ടേക്ക്; 2. അതിലേക്ക്, ആ ഭാഗത്തേക്ക്, അതിനെക്കൊള്ളെ. hither and t. ഇങ്ങോട്ടും അങ്ങോട്ടും, ഇങ്ങുമങ്ങും; ഇതും അതും. *a.* അകലെയുള്ള, അപ്പുറമുള്ള, അക്കരെയുള്ള; 2. അധികം പ്രായമുള്ള, . . . . ലും അധികംകാലം ചെന്ന, മൂത്ത, വയസ്സുള്ള. -ward (-wërd), *ad.* അങ്ങോട്ടേക്ക്, ആഭാഗംകൊള്ളെ.

Thit'sēe, Thēet'sēe, Thiet'siē (ബൎമ്മരാജ്യത്തിലെ) വാൎണ്ണീഷ് (കറയെടുക്കുന്ന) മരം (*b.*); 2. വാൎണ്ണീഷ്, മരക്കറ.

Thlip'sis, *n.* അമൎത്തൽ, അമൎച്ച, ഞെക്കൽ (*med.*).

Thōle, Thōle'pin, Thōw'el, Thōwl (thōl), *n.* (തോണിയിൽ തണ്ടിടുവാൻ പാളിക്ക് വെച്ച് പിടിപ്പിക്കുന്ന) അളവ് (ക്).

Thō'mism, Thō'ma-ism, *n.* മുന്നിൎണ്ണയവാദം (*theol.*). thō'mist, *n.* —വാദി.

Thong, *n.* തോല്പാറ്.

Thor, *n.* ഇടി(യുടെ) ദേവൻ, വരുണൻ (*myth.*); ഇന്ദ്രൻ (*myth.*).

Thō-rac'ic, *etc.*, *s. u.* Thorax.

Thō'ral, *a.* കിടക്ക സംബന്ധിച്ച.

Thō'rax, *n.* നെഞ്ചറ, നെഞ്ച്, മാറ്, ഉരസ്സ്, വക്ഷം (*an.*); 2. (ചെറുപ്രാണികളുടെ) ഉടല് (*z.*); 3. മാൎക്കവചം, ഉരസ്ത്രാണം. =rac'ic (-ras'ik), *a.* നെഞ്ചറ സംബന്ധിച്ച, നെഞ്ചിലുള്ള, നെഞ്ചത്തുള്ള. t.c duct സംയുക്തധാതുവാഹിനി (*an.*). *n.* ഒര് ജാതിമത്സ്യം (*z.*). thor-a-com'e-tër, *n.* ഉരോമാപനയന്ത്രം (*phys.*).

Thō'ri-um, *n.* ഒര് മൂലപദാൎത്ഥലോഹം, 'തോറിയം'. thō'ric, *a*, 'തോറിയം'സംബന്ധിച്ച; 'തോറിയം' ഉള്ള.

Thorn (tharn), *n.* മുള്ള്, കണ്ടകം, ശല്യം, കാര; 2. മുൾച്ചെടി; 3. ഉപദ്രവം, വിഘ്നം; 4. ചിന്താകുലം. t.-apple ഉമ്മം, ഉമ്മത്തം (*b.*). t.-back മുള്ളൻതിരണ്ടി (മത്സ്യം) (*z.*); ഒര് വക വലിയ ഞണ്ട് (*z.*). t.-bill വിചിത്രവൎണ്ണപ്പക്ഷി (*z.*). t.-bird ഒര് പക്ഷി (*z.*). t.-bush മുൾച്ചെടി (*b.*). t.-but, *s. a.* turbot. t.-devil മുള്ളമ്പല്ലി (*z.*). t.-head ഒര് വക കരിങ്ങാണി (*z.*); ഒര് വക പുഴ (*z.*). t.-headed തലയിൽ മുള്ളുള്ള. t.-hedge മുൾവേലി, ഇല്ലിവേലി, പരുവവേലി. t.-set മുള്ളുള്ള, മുള്ള് വെച്ച. t.-tail ഒര് വക മൂളിപ്പക്ഷി (*z.*). *v. t.* (മുള്ള്) കുത്തുക, —തറക്കുക, —നടുക. -'less, *a.* മുള്ളില്ലാത്ത. -'y, *a.* മുള്ളുള്ള; മുള്ള് പോലെയുള്ള, ശല്യം ആയ; വിഷമം—, ദുഷ്ടം—.

Thŏr'ōugh (thur'ō), *a.* അവസാനത്തോളമുള്ള; 2. മുഴുവനായ, സമ്പൂൎണ്ണമായ, പരിപൂൎണ്ണമായ, തികഞ്ഞ; 3. നല്ല, വിശിഷ്ടമായ. t.-bass മേളം (*mus.*). t.-brace (വണ്ടിയുടെ) വില്ല് തോല്, —തോല് വില്ല്. t.-bred (കുതിര) നല്ല ജാതി, ജാതി; ചുണയുള്ള, ചുറുക്കുള്ള; വിശേഷമായ; ജാതിക്കുതിര. t.-fare വഴി, പെരുവഴി, ഇടവഴി, ഗതാഗതസ്ഥലം; പോക്ക് വരവ്, ഗതാഗതം. t.-going, t.-paced, t.-sped അററത്തോളം എത്തുന്ന, അടിയോളം ചെല്ലുന്ന; മുഴുവനായ, തികഞ്ഞ, സമ്പൂൎണ്ണമായ, പരിപൂൎണ്ണമായ; അങ്ങേ അററത്തുള്ള. t.-lighted ഇരുഭാഗത്തും ജാലകങ്ങളുള്ള. t.-pin (കുതിരകൾക്കുള്ള) കാൽവീക്കം, മുട്ട് വീക്കം (*vet.*). *ad.* പൂൎണ്ണമായി, മുഴുവനും. *n.* നീൎച്ചാല്. -'ly, *ad.* മുഴുവനും, പൂൎണ്ണമായി, തികെച്ചലായി, മുററും, അശേഷം, തീരെ, കേവലം. -'ness, *n.* തികവ്, തികച്ചല്, പൂൎണ്ണത, പരിപൂൎണ്ണത.

Thorp, Thorpe, *n.* ചെറുഗ്രാമം; ഗ്രാമം; 2. തെരുവ്.

Thōse, *pron.*, *pl. of* That.

**Thoth**, *n.* (മിസ്രക്കാരുടെ) വിദ്യാദേവത, സരസ്വതി, ഗണപതി (*myth.*); 2. അക്ഷരം സങ്കല്പിച്ചവൻ; 3. ആത്മതത്വജ്ഞാനി; 4. (മിസ്രക്കാർ ആരാധിച്ചുവന്ന) വാലില്ലാക്കുരങ്ങ് (*z.*).

**Thou**, *pron. 2nd pers. sing.* (നിന്ദയായി) നീ; 2. പദ്യത്തിലും 'കേക്ക'രെന്ന മതഭേദക്കാരുടെ സംസാരത്തിലും) താൻ, നിങ്ങൾ, താങ്കൾ. *v. t.* നീ എന്ന് വിളിക്കുക. *v. i.* (കേക്കരെപ്പോലെ നിങ്ങൾ എന്നതിന്ന്) നീ എന്ന പദം ഉപയോഗിക്കുക. **thēe**, *ob. c. of* **thou** നിന്നെ; തന്നെ; നിങ്ങളെ, താങ്കളെ; നിങ്ങൾതന്നെ; നിന്നെത്തന്നെ. **thīne**, (*poss. pron. fr.* **thou**) നിന്റെ, തന്റെ, നിങ്ങളുടെ; നിങ്ങളുടേത്. **thȳ**, (*poss. c. of* **thou** നിന്റെ, തന്റെ, നിങ്ങളുടെ. **thȳ-self'** *ref. pron.* നീ തന്നെ, നിന്നെത്തന്നെ.

**Thōugh** (thō), *ad.* എന്നിട്ടും, എന്നാലും, എങ്കിലും, ആകിലും, ആയിട്ടും; ഇങ്ങിനെയൊക്കയായിട്ടും, താനും. *conj.* ആലും, ആകിലും, എന്നാലും, എങ്കിലും. **as t.** എന്നപോലെ.

I. **Thought** (that), *p. t.* & *p. p. of* **Think.**

II. **Thought**, **-'ful**, **-'less**, *etc.*, *s. u.* **Think.**

**Thou'sand**, *n.* ആയിരം, സഹസ്രം; 2. അനേകം, വളരെ; 3. ആയിരം എണ്ണം, ആയിരം എന്ന സംഖ്യ, 1000, ൧൦൦൦, M *or* CIↃ. *a.* ആയിരമായ, സഹസ്ര, വളരെ, അനേകം. **t.-fold** ആയിരംമടങ്ങ്, ആയിരംഇരട്ടി. **t.legs** ചേരട്ട, തേരട്ട (*z.*). **thou'sandth**, *a.* ആയിരാമത്തെ; ആയിരത്തിൽ ഒന്നായ; അത്യല്പം, ഏററവും ചെറിയ. *n.* ആയിരത്തിലൊന്ന്, $\frac{1}{1000}$, ·001.

**Thōw'el** (thō'el), **Thowl** (thōl), *s. a.* **Thole.**

**Thral'dom**, *n.*, *s. u.* **Thrall.**

**Thall**, *n.* ദാസൻ, അടിമ, അടിയാൻ, വട്ടവൻ (*M.*); 2. ദാസ്യത്വം, അടിമത്തനം, അടിയായ്മ; 3. പീഷ്പത്തട്ട്, തട്ട്. *v. t.* അടിമയാക്കുക. **-'dom, thral'dom**, *n.* ദാസ്യം, ദാസത്വം, അടിമത്തനം, അടിയായ്മ, ദാസവൃത്തി. **-'less**, *a.* അടിയാരില്ലാത്ത; അടിമയല്ലാത്ത, സ്വതന്ത്രനായ. **-'līke**, *a.* അടിമയെപ്പോലെയുള്ള, ദാസതുല്യമായ, ദാസ്യമായ.

**Thrap'ple**, *n.* തൊണ്ട, തൊള്ള, ശ്വാസനാളം, കുരല് (*an.*).

**Thrash, Thresh**, *v. t.* (ധാന്യം) മെതിക്കുക, അറയുക (*S.*), മണിയാക്കുക, ചവിട്ടുക, (പുല്ല്) തല്ലുക; 2. അടിക്കുക, പൊതിരത്തല്ലുക, പ്രഹരിക്കുക. *v. i.* മെതിക്കുക, മണിയാക്കുക; 2. അദ്ധ്വാനിക്കുക, പാട്പെടുക; 3. ഓടുക, പായുക. **-'ĕr, thresh'ĕr**, *n.* മെതിക്കുന്നവൻ; മെതിയന്ത്രം; വാലൻസ്രാവ്, കള്ളൻസ്രാവ് (*z.*). **-'ing**, *a.* മെതിക്കുന്ന. **t.g-floor, threshing-floor** കളം. **t.g-machine** മെതിയന്ത്രം. *n.* മെതിക്കൽ, മണിയാക്കൽ, കണ്ടനം.

**Thra-son'i-cal**, *a.* വമ്പ്പറയുന്ന, ഊററം—, വടായി—, പൊങ്ങച്ചം ഉള്ള, ആത്മപ്രശംസ—. **-ly**, *ad.* പൊങ്ങച്ചത്തോടെ, ഡംഭോടെ; ആത്മപ്രശംസയോടെ.

**Thrāve**, *n.* (12, ചിലേടത്ത് 24, ധാന്യച്ചുരുട്ട് കെട്ടിയ) കററ.

**Thread** (thred), *n.* നൂല്, ഇഴ; നാര്; ചരട്; കയറ്; തന്തു; 2. ശലാക; 3. (പിരിയാണിയുടെ) ചുറ, പിരി; 4. തുടച്ച, ഗതി, സംബന്ധം, രസക്കയറ്. **t.-bare** നൂല്പിഞ്ഞിയ, ഇഴതെളിഞ്ഞ, പഴതായ, ജീർണ്ണിച്ച; പഴമ്പുരാണമായ, കെട്ട്പഴകിയ **t.-bareness** പിഞ്ഞൽ, ജീർണ്ണത; പഴക്കം. **t.-fin** ഒര്ജാതി മത്സ്യം (*z.*). **t.-fish** തളയൻമത്സ്യം (*z.*). **t.-lace** നൂല് (കൊണ്ട് തുന്നിയുണ്ടാക്കിയ) നാട, നൂല്'ലേസ്'. **t. needle, t. the needle** (കുട്ടികൾ വട്ടത്തിൽ കൈകോത്ത്നില്ക്കുമ്പോൾ ഒര് കുട്ടി പുറത്ത്നിന്ന് നൂണ് കടക്കുന്ന) ഒര്കളി, നൂല്കോക്കും കളി. **t.-shaped** നൂല്പോലെയുള്ള, തന്തുവായ, നാരായ. **t.-worm** ഇര, പാമ്പൻ, കൃമി (*z.*). **air-t.s** വണ്ണാൻ

വല, ചിലന്തിവല. *v. t.* (സൂചിക്കുഴയിൽ) നൂല്കോൎക്കുക; 2. ഞെരുങ്ങിക്കടക്കുക, തിക്കിത്തിരക്കിക്കടക്കുക; 3. (പിരിയാണിക്ക്) ചുറയെടുക്കുക. -'ĕr, *n.* സൂചികോൎക്കുന്ന സൂത്രം; ആണിച്ചുറ യന്ത്രം. -'i-ness, *n.* ശലാകഗുണം, നാര്ഗുണം. -'y, *a.* നൂലായ, നേൎമ്മയുള്ള, നൂല്കൊണ്ടുള്ള.

**Thrēap, Thrēpe, Thrēip,** *v. t.* ശഠിച്ച് പറയുക, ശാഠ്യംകാണിക്കുക; 2. ശാസിക്കുക; 3. അടിക്കുക, പ്രഹരിക്കുക; 3. പററിക്കുക, തോല്പിക്കുക, ചതിക്കുക. *v. i.* ശഠിക്കുക, വാശിപിടിക്കുക. *n.* ദുശ്ശാഠ്യം, ദുൎവ്വാശി.

**Threat** (thret), *n.* പേടിപ്പിക്കൽ, ഭയപ്പെടുത്തൽ, ഭീക്ഷണി, ഭീക്ഷണിവാക്ക്, തൎജ്ജനം, ഭത്സനം, പടാച്ചി (*S.*), ചിമിട്ട് (*S.*). *v. t. & i.* പേടിപ്പിക്കുക, ഭീക്ഷണികാട്ടുക. -'en, *v. t.* ഭയപ്പെടുത്തുക, ഭീക്ഷണികാട്ടുക, പേടിപ്പിക്കുക, മെരിട്ടുക, തൎജ്ജനം ചെയ്യുക, തൎജ്ജിക്കുക, ഭത്സിക്കുക, പടാച്ചി പറയുക (*S.*), ചിമിട്ടുക (*S.*), പിട്ട്കാട്ടുക, കോപ്പിരാട്ടികാട്ടുക; 2. പറഞ്ഞ് പേടിപ്പിക്കുക; 3. ഉണ്ടാകുമെന്ന് തോന്നിക്കുക. *v. i.* ഭീക്ഷണിവാക്ക് പറയുക, ഭയംജനിപ്പിക്കുക; 2. ഭയങ്കരമായിരിക്കുക. -'en-ĕr, *n.* ഭയപ്പെടുത്തുന്നവൻ, ഭീക്ഷണികാട്ടുന്നവൻ, തൎജ്ജകൻ, ഭത്സകൻ. -'en-ing, *a.* ഭീക്ഷണിയായ. *n.* ഭീക്ഷണം, പേടികാട്ടൽ, പേടിപ്പിക്കൽ. t.g letters ഭയപ്പെടുത്തി അപഹരണക്കത്ത്, ഭീക്ഷണിക്കത്ത് (*l.*). -'en-ing-ly, *ad.* ഭീക്ഷണിയോടെ. -'ful, *a.* ഭീക്ഷണികാട്ടുന്ന; ഭയങ്കരമായ. -'ful-ly, *ad.* തൎജ്ജനമായി; ഭയജനകമായി.

**Thrēe,** *a.* മൂന്ന്, ത്രി, ത്രയം. *n.* മൂന്നെണ്ണം, ത്രയം, മൂന്ന് എന്ന അക്കം, 3, III, ൩. t. coat (കമ്മായം) മൂന്ന് ചാല്, മൂന്ന് തേപ്പ്. t.-cornered മുക്കോണായ, മൂന്ന് മൂലയുള്ള, ത്രികോണമായ. t.-decker മൂന്ന് തട്ട് (കളില്യം പീരങ്കിവെച്ച) പടക്കപ്പല്. t.-flowered മൂന്നിണപ്പുഷ്പമുള്ള, മുപ്പൂവായ (*b.*). t.-fold മുമ്മൂന്നായ; മൂന്നിരട്ടിയായ, മുമ്മടങ്ങായ. t.-handed മൂന്നാള്കൂടി കളിക്കുന്ന. t.-leafed, t.-leaved മുവ്വിലയുള്ള (*b.*); മുമ്മൂന്നിലയുള്ള (*b.*). t.-lobed മൂന്നിതളുള്ള (*b.*). t.-lobed leaf മൂന്നിതളില (*b.*). t. nerve മൂന്ന് ഞരമ്പുള്ള (*b.*). t.-nerved leaf മൂന്ന് നരമ്പുള്ള ഇല (*b.*). t.-parted മൂന്നായി ഭാഗിച്ച; മൂന്ന് ഭാഗക്കാരുള്ള. t.-pence (മൂന്നണക്കുള്ള) ഒര് വെള്ളിനാണ്യം. t.-penny മൂന്നണ മാത്രം വിലയുള്ള; താണ, നിസ്സാരമായ. t. pile മേത്തരം വില്ലൂസ് തുണി. t.-piled മെച്ചമായ, മേത്തരമായ, മികച്ച; വിലപിടിച്ച; ദുൎവ്യയമായ; ആഡംബരമായ; അതിവൎണ്ണനയായ, വളത്തിപ്പറയുന്ന; പ്രൌഢിയുള്ള; കലീനനായ. t.-ply മുപ്പിരിയായ, മൂന്നിഴയുള്ള, മുമ്മൂന്നായ. t.-pointed മുക്കോണായ, മൂന്ന് മുനയുള്ള. t.-quarter മുക്കാല്; (ചിത്രം) മുപ്പതെ ഇരുപത് അംഗുലം ചതുരമായ. t.-quarter length (ചിത്രം) അരയോളം മാത്രം വരച്ച. t.-score മൂന്ന് കോടി, അറുപതെണ്ണം. t.-sided ത്രിഭുജയുള്ള. t.-square തുല്യത്രിഭുജാകൃതിയായ; (അരം) മൂന്ന് പാട്ടുള്ള, മുപ്പാട്. t.-valved ത്രികവാടമുള്ള. t.-way മുക്കുഴലായ. rule of t. ത്രൈരാശികം, ത്രൈരാശികക്കണക്ക് (*ar.*). third, *a.* മൂന്നാമത്തെ, മൂന്നാം, തൃതീയ, തൃതീയം; മൂന്നാലൊന്നായ, മൂന്നിലൊന്നായ, ഒന്ന് മൂന്നീയായ; $\frac{1}{3}$. t.d borough കീഴ് 'കൻസ്റ്റേബൽ'. t.d estate (ഇംഗ്ലണ്ടിലെ) പ്രജാലോചനസഭ, പ്രജാസഭ. t.d order (സന്ന്യാസികളുടെ) മൂന്നാംപദവി (*R. C.*). t.d penny (വസൂലായ പിഴയിൽ ഇടപ്രഭുവിനുള്ള) മൂന്നാലൊരോഹരി. t.d person പ്രഥമപുരുഷൻ (*gr.*). t.d sound (സ്വരഗ്രാമത്തിലെ) മൂന്നാംസ്വരം, ഗ, ഗാന്ധാരം (*mus.*). *n.* മൂന്നാലൊന്ന്, മൂന്നിലൊന്ന്, ഒന്ന് മൂന്നീ, $\frac{1}{3}$, ഒര് നിമിഷത്തിന്റെ മൂവായിരത്തി അറുനൂറാം അംശം, ഒര് 'സെക്കണ്ടിന്റെ' അറുപതാം അംശം; സ്വരഗ്രാമത്തിലെ മൂന്നാംസ്വരം, ഗ, ഗാന്ധാരം (*mus.*); *pl.* (ഭൎത്താവിന്റെ സ്വത്തിന്റെ മൂന്നാലൊന്നായ) വിധവയോഹരി, വൈധവ്യഭാഗം (*l.*). third'ings, *n. pl.* (കുടിയാൻ മരിച്ചാൽ അവന്റെ നടപ്പ്നിലത്തിൽ അപ്പോൾ ഉള്ള വിള

യിൽ ജന്മിക്കുള്ള) മൂന്നാലൊര് പ്രത്യേക ജന്മിഭാഗം (*l.*). **thĭrd'ly**, *ad.* മൂന്നാമതായി. **thrīce**, *ad.* മൂന്ന് വട്ടം, മൂന്ന് കുറി, മൂന്നുരു, മൂന്ന് തവണ, മൂന്ന് പ്രാവശ്യം; മുമ്മടങ്ങായി, മൂന്നിരട്ടിയായി; വീണ്ടുംവീണ്ടും, പിന്നെയും പിന്നെയും, തുടരത്തുടരെ; വളരെ, ധാരാളം. **t.e-fa-voured** വളരെ പ്രിയമുള്ള.

**Thrēne, Thrē'nōde, Thren'ō-dy**, *n.* വിലാപം; 2. വിലാപഗീതം, മരണപ്പാട്ട്. **=net'ie, =net'i-eal**, *a.* പ്രലാപം സംബന്ധിച്ച, ദുഃഖകരമായ, ശോകമുള്ള. **thren'ō-dist**, *n.* വിലാപഗീതരചകൻ.

**Threp-sol'ō-ġy**, *n.* പോഷണശാസ്ത്രം; ഭോജനശാസ്ത്രം. [Thrasher.

**Thresh, Thresh'ĕr**, *s. a.* **Thrash**,

**Thresh'ōld**, *n.* ഉമ്മരപ്പടി, പൂഴിപ്പടി; 2, കട്ടിളപ്പടി; 3. പ്രവേശനം, വാതില്, ദ്വാരം; 4. ആരംഭം, പ്രാരംഭം, തുടക്കം, ആദ്യം.

**Threw** (thrụ), *pt. of* **Throw.**

**Thrīce**, *a.*, *s. u.* **Three.**

**Thrid**, *v. t.* ചെലുത്തുക, കടത്തുക; 2. വഴിയുണ്ടാക്കുക; 3. നൂല് കോക്കുക; 4. നൂണ് കടക്കുക, തിക്കിത്തിരക്കിക്കടക്കുക. *n.* നൂല്; 2. തുടൎച്ച; 3. സംബന്ധം, ചേൎച്ച.

**Thrī'fal-lōw**, *n.*, *s. a.* **Thry-fallow.**

**Thrift**, *etc.*, *s. u.* **Thrive.**

I. **Thrill**, *n.* പക്ഷിസ്വരം, പക്ഷിശബ്ദം. [നാസാദ്വാരം.

II. **Thrill**, *n.* പക്ഷികളുടെ മൂക്ക് തുള,

III. **Thrill**, *v. t.* തുളക്കുക; 2. കുത്തുക, കലുക്കുക, കിട്ടുകിട്ടുത്തുക, നെഞ്ഞിടിക്കുക, മിടിക്കുക, ഉളുക്കമാറാക്കുക, കോൾമയിര് വരുത്തുക, വിറക്കുക; 3. ചെലുത്തുക, കത്തിക്കിളത്തുക. *v. i.* തുളയുക; 2. കടക്കുക, ഉൾപ്രവേശിക്കുക; 3. രോമാഞ്ചം ഉണ്ടാക, പുലകം—, കോൾമയിര് കൊള്ളുക, ഉളുക്കുക, കിട്ടുകിട്ടുക്കുക, നെഞ്ഞിടിക്കുക, ഹൎഷം ഉണ്ടാക. *n.* തുരപ്പണം; 2. കോൾമയിര്, രോമാഞ്ചം, പുലകം, ഹൎഷം, നെഞ്ഞിടി. **='ling**, *a.* ഹൎഷകരമായ, നെഞ്ഞിടിവരുത്തുന്ന, ഉളുത്തുപോകുന്ന. **='ling-ly**, *ad.* ഉളുത്ത് കൊണ്ട്, വിറയോടെ. **='ling-ness**, *n.* ഉളുപ്പ്; കിടിലം; രോമാഞ്ചം, പുലകം, ഹൎഷം.

**Thrips**, *n.* ചാഴി, പുഴ (*z.*).

**Thrīve**, *v. i. ir.* (**thrīved**, *pr.* thrīvd, **thrōve**; **thrīved, thriv'en**) വകയുണ്ടാക, മുതല് കൂടുക, അഭിവൃദ്ധിപ്പെടുക, നന്നായിവരിക, ശുഭപ്പെടുക, വൎദ്ധിച്ച് വരിക; 2. സാദ്ധ്യമുണ്ടാക, സഫലമാക; 3. വളരുക, പുഷ്ടിക്കുക, പുഷ്ടിവെക്കുക, നന്നാകുക, വാഴ്ക്കുക, തഴക്കുക. **thriv'en**, *p. t. of* **thrive. thrī'vĕr**, *n.* അഭിവൃദ്ധിയുള്ളവൻ, ശുഭപ്പെടുന്നവൻ. **thrī'ving-ly**, *ad.* സാദ്ധ്യകരമായി, ശുഭമായി, പുഷ്ടിയോടെ. **thrī'ving-ness**, *n.* തഴപ്പ്, വൎദ്ധന, വളൎച്ച; നികപ്പ്; അഭിവൃദ്ധി; സാദ്ധ്യം, ശുഭത. **thrift**, *n.* തഴപ്പ്; സൂക്ഷ്മം, മിതവ്യയം; നല്ക്കാൎയ്യസ്ഥതം, നല്ക്കാൎയ്യനടപ്പ്; സൂക്ഷ്മഗൃഹപരിപാലനം, മട്ട് ചിലവ്, ചരതം; സാദ്ധ്യം, സാഫല്യം; അഭിവൃദ്ധി; ആദായം, ലാഭം, വരുമാനം; വക, മുതല്, സമ്പത്ത്; പുഷ്ടി, വൃദ്ധി, വളൎച്ച, വാഴ്ച്ച; പോളിപ്പ്. **thrift'i-ly**, *ad.* സൂക്ഷ്മത്തോടെ, ചരതത്തോടെ; കൃശമായി, മിതവ്യയമായി. **thrift'i-ness**, *n.* സൂക്ഷ്മം, മിതവ്യയശീലം, ഒതുക്കച്ചിലവ്, ചരതം, സിദ്ധി, സാദ്ധ്യം, സാഫല്യം, ശുഭത. **thrift'-less**, *a.* ചരതമില്ലാത്ത, സൂക്ഷ്മമില്ലാത്ത; ദുൎവ്യയക്കാരനായ, ധാരാളിയായ, ധാരാളശീലമുള്ള; തഴക്കാത്ത, ശുഭപ്പെടാത്ത, അഭിവൃദ്ധിയില്ലാത്ത, നന്നാകാത്ത. **thrift'less-ly**, *ad.* സൂക്ഷ്മമില്ലാതെ, ധാരാളമായി; ദുൎവ്യയമായി, വരവിലും അധികം ചിലവ് ചെയ്ത്; അശുഭമായി; തഴപ്പില്ലാതെ; നന്നാകാതെ. **thrift'less-ness**, *n.* ദുൎവ്യയം; സൂക്ഷ്മക്കേട്, ചരതമില്ലായ്മ; വക്കത്തില്ലായ്മ. **thrift'y**, *a.* സൂക്ഷ്മം ഉള്ള, ചരതം—; മിതവ്യയം—, തുരിശമായ; നല്ക്കാൎയ്യസ്ഥനായ; ഒതുങ്ങിച്ചിലവ് ചെയ്യുന്ന, മട്ട് തെറ്റാതെ ചിലവ് ചെയ്യുന്ന, വകനോക്കിച്ചിലവ് ചെയ്യുന്ന; വൎദ്ധ

നവുള്ള, അഭിവൃദ്ധിയുള്ള; വകയുള്ള, മുതല് കൂടിവരുന്ന; തഴച്ച് വരുന്ന, മുന്തിവരുന്ന; വായ്ക്കുന്ന; പുഷ്ടിയോടെ വളരുന്ന; പോളിച്ച് വരുന്ന; സൂക്ഷിച്ച് വെച്ച, ചരതിച്ച് വെച്ച, നേടിയ.

**Thrō'**, *cont. fr. of* Through.

**Thrōat** (thrōt), *n.* കഴുത്ത്, കണ്ഠം; 2. തൊണ്ട, കഴുത്തിൻെറ മുൻഭാഗം, വേള, തൊള്ള (*S.*), ഗളം (*an.*); 3. ഭക്ഷണനാളം, തീൻകഴല്; 4. (പാത്രങ്ങളുടെ) വാല്, കട്ടങ്ങിയ വായി, കഴുത്ത്. **t.-band, t.-pipe** ശ്വാസനാളം (*an.*), കുരൽവള, ക്ലോമം. **t.-boil** തൊണ്ടമുഴ (*an.*). **t.-latch** (കുതിരകളുടെ) മുഖപ്പട്ടവാറ്. **to give one the lie in his t.** ഒരുവൻ പറഞ്ഞത് കളവാണെന്ന് അവൻെറ മുഖത്ത് നോക്കിപ്പറയുക. **to lie in one's t.** പച്ചക്കളവ് പറയുക, ശുദ്ധമേ കളവ് പറയുക. **-'y,** *a.* കണ്ഠ്യമായ; മുഴക്കമുള്ള, ഗംഭീരമായ; ചിലച്ച. **throt'tle,** *n.* (*dim. fr. of* throat) ശ്വാസനാളം, കുരൽവള (*an.*); (തീവണ്ടിയന്ത്രത്തിലെ) ആവികവാടം. **t.e lever** —കവാടപ്പിടി. **t.e valve** —ആവികവാടം. *v. t.* തൊണ്ടപിടിച്ച് ഞെക്കുക, തൊണ്ടക്ക് പിടിക്കുക, വേള പിടിക്കുക, കഴുത്ത് പിടിച്ച് ഞെക്കുക, ശ്വാസം മുട്ടിക്കുക, ഞെക്കിക്കൊല്ലുക; ഗദ്ഗദമായി പറയുക, കിതപ്പോടെ—; ആവി അടക്കുക; ആവി കുറക്കുക. *v. i.* ശ്വാസം മുട്ടുക, വീർപ്പ് മുട്ടുക, തൊണ്ട അടയുക; പ്രയാസേന ശ്വാസം വിടുക; കിതക്കുക. **throt'tlēr,** *n.* തൊണ്ടപിടിച്ച് ഞെക്കുന്നവൻ; ഞെക്കിക്കൊല്ലുന്നവൻ.

**Throb,** *v. i.* (നാഡി) അടിക്കുക, നെഞ്ഞ ഇടിക്കുക, —പതറുക, കിട്ടകിട്ടക്കുക, വിങ്ങുക, പിടയുക. *n.* ഇടിപ്പ്, പതച്ച്, കിട്ടകിട്ടക്കം, സ്ഫുരണം.

**Throd'den,** *v. i.* വളരുക, വായ്ക്കുക.

**Thrōe** (thrō), *n.* കഠിനവേദന, പ്രാണവേദന, പ്രാണസഞ്ചാരം, നോവ്, നൊമ്പരം (*S.*); 2. ഈററ്നോവ്, പ്രസവവേദന, നൊമ്പലം (*N.*); 3. കോടാലി. *v. i.* പ്രാണവേദനയുണ്ടാക, വേദനപ്പെടുക; 2. ക്ലേശിക്കുക; 3. ഈററ്നോവുണ്ടാക. *v. t.* അത്യന്തം വേദനപ്പെടുത്തുക, നൊമ്പലിക്കുക.

**Throm-bō'sis,** *n.* (നാഡിയിലെ) രക്തതടസ്ഥം, ചോരകെട്ടൽ (*med.*). **-bot'ic,** *a.* രക്തതടസ്ഥം സംബന്ധിച്ച. **throm'bus** (*pl.* **throm'bī**), *n.* ചോരക്കട്ട, കട്ടച്ചോര; ചോരകെട്ടൽ (*med.*); വീക്കം, മുഴ (*med.*)

**Thrōne,** *n.* സിംഹാസനം, രാജാസനം, നൃപാസനം; 2. അദ്ധ്യക്ഷാസനം, ഭദ്രാസനം, പീഠം; 3. രാജാധികാരം, രാജത്വം, പ്രഭുത്വം, വാഴ്ച; 4. രാജാവ്, അധികാരി; 5. ശ്രേഷ്ഠൻ, മഹാൻ; 6. *pl.* ശ്രേഷ്ഠദൈവദൂതവർഗ്ഗം (*Bl.*). *v. t.* സിംഹാസനത്തിലിരുത്തുക; 2. അദ്ധ്യക്ഷസ്ഥാനത്താക്കുക; 3. അധികാരിയാക്കുക, രാജാവാക്കുക, പട്ടംകെട്ടുക, അരിയിട്ട് വാഴിക്കുക; 4. ഉയർത്തുക, ശ്രേഷ്ഠതപ്പെടുത്തുക. *v. i.* സിംഹാസനത്തിലിരിക്കുക, സിംഹാസനസ്ഥിതനാക, രാജാവാക, പട്ടം കിട്ടുക; 2. വാഴ്ചകഴിക്കുക, രാജ്യംഭരിക്കുക, വാഴുക. **-'less,** *a.* സിംഹാസനമില്ലാത്ത; രാജത്വമില്ലാത്ത.

**Throng,** *n.* കൂട്ടം, വ്യൂഹം, ഗണം, സഞ്ചയം; 2. പുരുഷാരം, ആൾത്തിരക്ക്; 3. തിരക്ക്, തിക്കും തിരക്കും; ഞെരുക്കം; 4. സൈന്യം. *v. i.* ഒന്നിച്ച് കൂടുക, കൂട്ടമായി കൂടുക; 2. തിക്കിത്തിരക്കിക്കൂടുക; തിക്കും തിരക്കും ആക; 3. തിങ്ങിവിങ്ങുക. *v. t.* പുരുഷാരം കൂട്ടുക, ആൾക്കൂട്ടം കൂട്ടുക, കൂട്ടിവരുത്തുക, കൂട്ടമായിച്ചേർക്കുക; 2. നിറക്കുക; 3. ഞെരുക്കുക.

**Throp'ple,** *n.* & *v. t.*, *s. a.* Throttle.

**Thros'tle** (thros'l), *n.* ഒരു പക്ഷി (*z.*); 2. നൂല്ക്കുന്ന യന്ത്രം.

**Throst'ling** (thros'ling), *n.* (കാലികൾക്കുണ്ടാകുന്ന) നാത്തവളരോഗം (*vet.*).

**Throt'tle, Throt'tlēr,** *s. u.* Throat.

**Through** (thrū), *prep.* (*contr. f.* thrō') . . . . ൽക്കൂടി; ഇടയിൽക്കൂടി, ഊടെ; 2. നടുവെ, മദ്ധ്യേ; 3. മുഖേന, മുഖാന്തരം, മൂലം, മൂലമായി, പ്രമുഖമായി, ദ്വാരേണ, ദ്വാരാ; 4. ഒക്കയും, മുഴുവനും; 5. ആദ്യന്തം. *ad.* ഒരററം മുതൽ മറെറ അററം

വരെ, ആദ്യവസാനം, മുഴുവനും, ആകപ്പാടെ; 2. അവസാനത്തോളം. **-out,** *ad.* മുഴുവനും, അശേഷം; എല്ലാടവും, എല്ലാടത്തും, ഒക്കെയും; എല്ലാകാലത്തും. **to drop t.** വീണ്ണ് പോക, നിഷ്ഫലമാക, വ്യർത്ഥമാക, വെറുതെയാക. **to fall t.** നിഷ്ഫലമാക, ഫലിക്കാതിരിക്കുക. *a.* ഇങ്ങുന്ന് അങ്ങോളമുള്ള, ഒരററംമുതൽ മറേറ അററത്തോളം പോകുന്ന; 2. മുഴുവനുമായ, പൂർണ്ണമായ; 3. ആദ്യന്തമായ, ആദ്യംമുതൽ അവസാനത്തോളമുള്ള; 4. ഗതാഗതത്തിനുള്ള. **t.-bolt** അററത്തോളം എത്തുന്ന ആണി. **t.-bridge** (മേൽക്കൂട്ടിൻെറ ആധാരത്തിന്മേൽ നില്ക്കുന്ന) മേൽക്കൂട്ട് പാലം, മേൽത്തുൺപാലം. **t.-stone** (പരന്ന) ശവക്കല്ലറക്കല്ല്. **t.-ticket** മുഴുയാത്രച്ചീട്ട്. **t.-train** (ഒരററം മുതൽ മറെറ അററത്തോളംപോകുന്ന) മാറാ(ത്ത) വണ്ടി.

**Thrōve,** *p.t. of* **Thrive.**

**Thrōw** (thrō), *v.t. ir.* (**threw,** *pr.* thru; **thrōwn,** *pr.* thrōn) എറിയുക, ചാടുക, ചാട്ടുക; പ്രക്ഷേപിക്കുക; 2. തള്ളിയിടുക, മറിച്ചിടുക; 3. ഉന്തിക്കയററുക; അടിച്ചു കയററുക; 4. സൈന്യം നിൎത്തുക, —സ്ഥാപിക്കുക(*mil.*); 5. ചൂതാടുക, 'ഓത്' കളിക്കുക; 6. മേലെയിടുക, പുതക്കുക, ധരിക്കുക; 7. വസ്ത്രം അഴിക്കുക, ഉരിയുക; 8. ഉപ്പിളികഴിക്കുക; 9. (കലം)മനയുക; 10. മൃഗംപിടിക്കുക; 11. പറയുക, പ്രസ്താവിക്കുക; 12. (മുയല്)പെറുക; 13. നൂല് പിരിക്കുക, പട്ട് നൂല്ക്കുക. **to t. away** കളഞ്ഞ് കളയുക, എറിഞ്ഞ് കളയുക; വെറുതെ കളയുക; സൌജന്യംകൊടുക്കുക; ദുർവ്വ്യയംചെയ്യുക; ത്യജിക്കുക, തള്ളുക, വേണ്ടെന്ന് പറയുക. **to t. back** അങ്ങോട്ടും പറയുക, ഉത്തരംപറയുക, എതിൎത്ത് പറയുക; തള്ളുക, ഉപേക്ഷിക്കുക, വേണ്ടെന്ന് പറയുക; പ്രതിബിംബിക്കുക. **to t. by** ഇട്ട് കളയുക, വെച്ച് കളയുക, ത്യജിക്കുക; നീക്കുക, മാററുക. **to t. down** തള്ളിയിടുക, ഉന്തിയിടുക; ഇടിച്ച് കളയുക; മറിച്ചിടുക; തോല്പിക്കുക, നശിപ്പിക്കുക. **to t. in** ചെലുത്തുക, 'പിസ്കാരി'അടിക്കുക; വെക്കുക; കൊടുക്കുക, കൂട്ടിക്കൊടുക്കുക, 'ജാസ്തി'കൊടുക്കുക; പറയുക. **to t. off** തള്ളുക; പുറത്താക്കുക; തട്ടിക്കളയുക; സ്വാതന്ത്ര്യം പ്രാപിക്കുക; ഉപേക്ഷിക്കുക; ഉരിഞ്ഞ് കളയുക; വിട്ട് കളയുക; ഓട്ടംതുടങ്ങുക. **to t. on** ഭാരം ചുമത്തുക; ഭാരം കയററുക. **to t. out** പുറത്താക്കുക, നീക്കുക; ഭ്രഷ്ടാക്കുക; പറയുക, സൂചിപ്പിക്കുക; വഴിയിലാക്കുക, മുന്തിപ്പോക, മുന്നിടുക; ഉന്തിനിൎത്തുക, കവിഞ്ഞ് നിൎത്തുക; ഊന്ന് കൊടുക്കുക; പുറപ്പെടുവിക്കുക; ഭ്രമിപ്പിക്കുക. **to t. over** ഉപേക്ഷിക്കുക, വിട്ട് കളയുക. **to t. up** വിട്ട് കളയുക; അമ്മാനമാടുക; രാജികൊടുക്കുക; ഛൎദ്ദിക്കുക; തിരക്കിട്ട് ചെയ്യുക. **to t. oneself down** കിടക്കുക; വീഴുക. **to t. oneself on** *or* **upon** ആശ്രയിക്കുക, ശരണംപ്രാപിക്കുക. *v.i.* എറിയുക, ചാടുക; 2. ചൂതാടുക, പകിട കളിക്കുക. **to t. about** കൌശലം പ്രയോഗിക്കുക, സൂത്രം നോക്കുക, ഉപായം ചെയ്യുക. *n.* എറിയൽ, ചാടൽ, പ്രക്ഷേപണം; 2. ഏറ്; 3. ഏറ്ദൂരം: a **stone-t.** ഒര് കല്ലേറ് (ദൂരം); 4. ചൂതാട്ടം, പകിട ചാടൽ; 5. അമ്മാനാട്ടം; 6. കശവൻെറ ചക്രം; 7. (*also* **thrōwe**) കടച്ച(ൽ)ക്കൂട് (*carp.*). **t. crook** പല്ല് പിരിയന്ത്രം. **-'ẽr,** *n.* എറിയുന്നവൻ, പ്രക്ഷേപകൻ; (*also* **throw'stẽr**) പട്ട് നൂല്ക്കുന്നവൻ, പട്ട് നൂല് പിരിക്കുന്നവൻ; കലം മനയുന്നവൻ, കശവൻ. **-'ing,** *a.* എറിയുന്ന; മനയുന്ന. **t.g engine, t.g mill, t.g table, t.g wheel** കശവച്ചക്രം. *n.* എറിയൽ, ഏറ്. **thrōwn** (thrōn), (*p.p. of* **throw**), *a.* പിരിച്ച. **t.n silk** മുപ്പിരിപ്പട്ട് നൂല്. **t.n singles** പട്ട് ചരട്, കത്ത് ചരട്.

I. **Thrum, Thrumb** (thrum), *n.* പുടവക്കര, (പാവിൻെറ) വിടുതല, പാവററം; 2. ചിക്ക് നൂല്; 3. ചിക്ക് ചൂടി; 4. പുഷ്പകേസരം, അല്ലി (*b.*). **t.-cap** മിടച്ചൽതൊപ്പി, തുന്ന് തൊപ്പി. **t.-hat** പരിക്കൻകമ്പിളിത്തൊപ്പി. *v.t.* പുടവക്കര വെക്കുക, ഞേലം—, തൊങ്ങല്—. **-'my,** *a.* പുടവക്കരപോലെയുള്ള; ഞേലംആയ; —വെച്ച.

II. **Thrum**, *v. i. & t.* അപസ്വരമായി വീണവായ്ക്കുക; 2. മിടിക്കുക, മുട്ടുക.

I. **Thrush, Thrush'el, Thrush'ĕr**, *n.* ഒര് പക്ഷി, മൈന, വെള്ളപ്പക്ഷി, സാരിക, ശാരിക; ശരാതി, ശരാടി, ശരാരി, ശരാലി (*z.*).

II. **Thrush**, *n.* അക്കരം, (കുട്ടികൾക്കുണ്ടാകുന്ന)വായ്പുണ്ണ്, വായിഗ്രന്ഥി(*med.*); 2. (നാല്ക്കാലികൾക്കുണ്ടാകുന്ന) കുളമ്പ് വ്യാധി (*vet.*).

**Thrust**, *v. t. ir.* (**thrust; thrust**) തള്ളുക, ഉന്തുക, തട്ടുക, തട്ട് കൊട്ടുക്കുക, നീക്കുക; 2. (through) കുത്തുക, കുത്തിവാരുക; തുളക്കുക. **to t. away, to t. from** തട്ടിക്കളയുക, ഉന്തിക്കളയുക, ത്യജിക്കുക, തള്ളുക. **to t. in** തള്ളിക്കയററുക, ഉന്തിക്കയററുക. **to t. off** തട്ടിക്കളയുക, തള്ളിക്കളയുക; ഉന്തിനീക്കുക. **to t. on** ഹേമിക്കുക, നിബ്ബന്ധിക്കുക. **to t. out** പുറത്താക്കുക. **to t. through** കുത്തുക, തുളക്കുക. **to t. oneself in** *or* **into** സമ്മതംകൂടാതെ കടക്കുക, കയ്യേറുക; ക്ഷണിക്കാതെ ചെല്ലുക. **to t. together** ഞെക്കുക, അമർത്തുക; ഞെരുക്കുക. *v. i.* കുത്തുക; 2. നുഴുക, തിക്കികടക്കുക, തിക്കിത്തിരക്കിച്ചെല്ലുക; 3. ഉന്തിത്തള്ളിച്ചെല്ലുക, ആക്രമിക്കുക; 4. തുരത്തുക. *n.* കുത്ത്, വെട്ട്; 2. ആക്രമം; 3. തിക്ക് (*arch.*). **-'ĕr**, *n.* കുത്തുന്നവൻ, വെട്ടുന്നവൻ. **-'ing**, *n.* ഞെക്കൽ; ഉന്തൽ; പാല്പാട പിഴിയൽ; *pl.* (*also* **thrutch'ings**) പിഴിഞ്ഞെടുത്ത പാല്പാട.

**Thrȳ'fal-lōw, Thrī'fal-lōw, Trī'-fal-lōw**, *v. t.* മൂന്നാം ചാല് ഉഴുക, മൂന്നാമത് കാലിവെക്കുക.

**Thud**, *n.* അടിശബ്ദം, 'പടാ' എന്ന ശബ്ദം; 2. അടി, ഇടി, കുത്ത്.

**Thug**, *n.* (കവച്ചയും കലപാതകവും തൊഴിലായിനടത്തിവന്ന കൂട്ടമായ)ടക്കർ. **-'gēe, -'gĕr-y, -'gism**, *n.* (ടക്കരുടെ) കളികുലപാതകം.

**Thū'le**, *n.* ഭൂമിയുടെ വടക്കേ അററത്തുള്ള രാജ്യം, ഏററവും വടക്കുള്ള രാജ്യം, ഉത്തരപ്രദേശം. *ul'ti-ma t.* ഭൂമിയുടെ അററം.

**Thū-li-ūm'**, *n.* ഒര് മൂലപദാർത്ഥലോഹം, 'തൂല്യം' (*ch.*).

**Thumb** (thum), *n.* കൈയ്യുടെ പെരുവിരല്, തള്ളവിരല്, അപ്പ(ൻ)വിരല്, അംഗുഷ്ഠം. **t.-band** (പെരുവിരലോളം വണ്ണമുള്ള) ചരട്. **t.-bird** ഒര് പക്ഷി (*z.*). **t.-blue** പൃനീലം. **t.-mark** (ഇടത്തെ) പെരുവിരലടയാളം; (ചില നല്ല നായ്ക്കൾക്ക് കാലിനുള്ള) കറുപ്പ് പുള്ളി. **t.-nut** (പിടിയുള്ള) 'ചപ്പിഞ്ഞ'. **t.-ring** പെരുവിരൽമോതിരം. **t.-kin, t.-screw** (ഒര് ഭേദ്യസൂത്രമായ) പെരുവിരൽ ഞെക്കി **t.-stall** അംഗുഷ്ഠത്രാണം. **under one's t.** ആധീനത്തിലുള്ള, ആശ്രിതനായ, ചൊല്പടിക്ക് നടക്കുന്ന. **by rule of t.** പട്ടപണിയായി, മട്ടിപ്പണിയായി; പഠിക്കാതെ. *v. t.* വല്ലാതെ പിടിക്കുക; 2. (പെരുവിരല് കൊണ്ട്) വാദ്യം വായ്ക്കുക, മീട്ടുക; 3. തൊട്ടുഴക്കാക്കുക, ചേറ് പിരട്ടുക; നിത്യം ഉപയോഗിക്കുക; 4. പെരുവിരല് കൊണ്ട് പൊത്തുക, അമർത്തുക. *v. i.* വല്ലാതെ മീട്ടുക. **thumbed** (thumd), *a.* പെരുവിരലുള്ള; അഴുക്കായ.

**Thum'mim**, *n. pl.* (ഇസ്രയേല്യരുടെ മഹാപുരോഹിതൻെറ മാപ്പതക്കത്തിന്മേൽ ഉണ്ടായിരുന്ന) ഗൂഢാർത്ഥാലങ്കാരം, മർമ്മചിഹ്നം (*Bl.*).

**Thump**, *n.* അടിയൊച്ച, 'ട്ടെ' എന്ന ശബ്ദം; 2. അടി, ഇടി, മുട്ട്, തട്ട്, 3. വീഴ്ച. *v. t. & i.* അടിക്കുക, മുട്ടുക, ഇടിക്കുക, അറയുക (*S.*). **-'ĕr**, *n.* മുട്ടുന്നവൻ, അടിക്കുന്നവൻ, ഇടിക്കുന്നവൻ. **-'ing**, *a.* ഘനമുള്ള, വലിയ, പെരു(०).

**Thun'dĕr**, *n.* ഇടി, ഇടിശബ്ദം, ഇടിയൊച്ച, മേഘധ്വനി, മേഘഗജ്ജനം, ഇടിമുഴക്കം; 2. ഗംഭീരശബ്ദം, ഗജ്ജനം, മുഴക്കം, ഭയങ്കരശബ്ദം; 3. മഹാഭീഷണി, ഭയങ്കരകല്പന, ശാപാജ്ഞ. **t.-rod** വിദ്യുൽക്ഷേപകമ്പി. **t.-snake** ചേര (*z.*). **t.-bird** ഒര് പക്ഷി, ഒര് വക മൈന (*z.*). **t.-bolt** മിന്നല്പിണര്, ഇടിവാള്; പെട്ടെന്നുള്ള ഭയങ്കരം; ശാപാജ്ഞ, മതാധികാരിശാപം; ഭീഷണി. **t.-burst, t.-clap,** ഇടിമുഴക്കം, ഇടിശബ്ദം, ഇടിവെട്ടൽ. **t.-cloud** കാർമ്മേഘം, മിന്നല്ക്കാറ്. **t.-**

head വൃത്തകാമേഘം. t.-proof മിന്നല്തട്ടാത്ത. t.-shower ഇടിയും മഴയും. t.-stone ഇടിവാള്, ഇടിവാളം, വജ്രം, മിന്നല്പിണറ്. t.-storm അശനിവൎഷം, ഇടിയും മിന്നലും കൂടിയ കൊടുങ്കാററ്, ഇടിയും മിന്നലും. t.-strike ഇടിവെട്ടൽ, മിന്നല്തട്ടൽ. t.-struck ഇടിവെട്ടിയ, മിന്നല്തട്ടിയ, വജ്രഹതമായ; അത്യന്തം ഭ്രമിച്ച. *v. i.* (*impers.*) ഇടി ഉണ്ടാക, ഇടിമുഴക്കം—, ഇടിയും മിന്നലും—, ഇടിവെട്ടുക: it thundered continuously ഇടവിടാതെ ഇടിമുഴങ്ങികൊണ്ടിരുന്നു; 2. ഗംഭീരമായി ശബ്ദിക്കുക, ഗൎജ്ജിക്കുക; 3. മഹാശാപം ഉച്ചരിക്കുക. *v.t.* ഭയപ്പെട്ടു നിലവിളിക്കുക; 2. കൎശനത്തോടെ പറയുക; 3. ഭീഷണി—, ആക്ഷേപിക്കുക. -ĕr, *n.* ഇടിമുഴക്കുന്നവൻ; (റോമരുടെ) ജ്യൂപ്പിററർ (ദേവൻ); ഇന്ദ്രൻ (*myth.*). -ing, *a.* ഇടിവെട്ടുന്ന, ഇടിമുഴക്കുന്ന; മുഴക്കമുള്ള; ഏററവും വലിയ, മഹാ; അത്യധികം, ഏററവും. *n.* ഇടി. -ing-ly, *ad.* ഇടിമുഴക്കത്തോടെ; മഹാശബ്ദത്തോടെ. -less, *a.* ഇടിമുഴക്കമില്ലാതെ, ഒച്ചയില്ലാതെ. -ŏus, ='drŏus, -y, *a.* ഇടിമുഴങ്ങുന്ന, ഇടിപുറപ്പെടുവിക്കുന്ന; ഗംഭീരശബ്ദം—; ഗൎജ്ജനമായ, ഗംഭീരശബ്ദമായ. -ŏus-ly, *ad.* ഇടിയോട് കൂടി.

Thū'ri-ble, *n.* ധൂപപാത്രം, ധൂപകലശം (*R. C.*).

Thū-rif'ĕr-ŏus, *a.* കുന്തുരുക്കമുണ്ടാകുന്ന, സാമ്പ്രാണിയുണ്ടാകുന്ന. =ri-fi-cā'-tiŏn, *n.* ധൂപിക്കൽ, സാമ്പ്രാണിപുകയിക്കൽ; ധൂപം കാണിക്കൽ.

Thurs'dāy (thĕrz'dā), *n.* വ്യാഴാഴ്ച, വ്യാഴം, ഗുരുവാരം. ബൃഹസ്പതിവാരം, (ആഴ്ചയിൽ) അഞ്ചാംദിവസം. Holy T. (യേശുക്രിസ്തുവിന്റെ കഷ്ടാനുഭവ ആഴ്ചവട്ടത്തിലെ) വ്യാഴാഴ്ച, തിരുവ്യാഴാഴ്ച, ദുഃഖവ്യാഴാഴ്ച (*Chr.*). [ധൂപം.

I. Thus, *n.* കുന്തുരുക്കം, കുന്തുരുക്കം,

II. Thus, *ad.* ഇങ്ങിനെ, അങ്ങിനെ, ഇവ്വണ്ണം, അവ്വണ്ണം, ഇപ്രകാരം, അപ്രകാരം, ഈ വിധത്തിൽ, ഈവിധം, ഏവം, ഇത്ഥം, ഇതി; 2. ഇത്ര, അത്ര.

Thwack, *v. t.* (പരന്ന സാധനംകൊണ്ട്) അടിക്കുക, 'പടാ'എന്ന് അടിക്കുക, ഇടിക്കുക. *n.* ഇടി, അടി.

Thwart, *a.* വിലങ്ങനെയുള്ള, വിലങ്ങത്തിലുള്ള. *prep.* വിലങ്ങനെ, വിലങ്ങത്തിൽ. *n.* (തോണിയിലെ) പടി. *v. t.* തടുക്കുക, മുടക്കുക, വിരോധിക്കുക, വിലക്കുക; 2. പ്രതികൂലിക്കുക; 3. നിഷ്ഫലമാക്കുക. *v. i.* വിലങ്ങനെ ചെല്ലുക; 2. എതിൎക്കുക; 3. വികടമാകുക. -'ĕr, *n.* (ആടുകൾക്കുള്ള) വലിരോഗം, വിറ (*vet.*). -'ing-ly, *ad*) വിരോധമായി, പ്രതികൂലമായി; വിലക്കത്തക്കവണ്ണം, മുടക്കത്തക്കവണ്ണം. -'ly, *ad.* വിലങ്ങനെ; ചരിവായി, ചാഞ്ഞ്, വക്രമായി. -'ness, *n.* വിലക്കം, വിലങ്ങനെ നില്ക്കുന്ന സ്ഥിതി; ചാച്ച്, ചരിവ്, വക്രത; വികടം, താറുമാറ്.

Thȳ, *poss. pron.*, *s. u.* Thou.

Thȳ'ine-wood (thī'in-wud), *n.* അകില്, അഗരു (*b.*).

Thȳme (tīm), *n.* ഒര് വക 'ഒടതളം', ഒര് സുഗന്ധച്ചെടി (*b.*). thȳ'mic, *a.* ഒടതളം സംബന്ധിച്ച, ഒടതളത്തിന്റെ. thȳ'my, *a.* ഒടതളം ഉള്ള; പരിമളം—.

I. Thȳ'mic, *a.*, *s. u.* Thymus.

II. Thȳ'mic, *a.*, *s. u.* Thyme.

Thȳ'mus, *a.* കണ്ഠപിണ്ഡം സംബന്ധിച്ച (*an.*). t. gland, t. body കണ്ഠപിണ്ഡം (*an.*). *n.* കണ്ഠപിണ്ഡം (*an.*). thȳ'mic, *a.* കണ്ഠപിണ്ഡം സംബന്ധിച്ച (*an.*).

Thȳ'roid, *a.* നീളപ്പരിചാകൃതിയായ, പലിശപോലെയുള്ള; 2. കൃകോപാസ്ഥി സംബന്ധിച്ച (*an.*); 3. കൃകപിണ്ഡം— (*an.*). t. cartilage കൃകോപാസ്ഥി, കൃകകുഞ്ചം (*an.*). t. body, t. gland കൃകപിണ്ഡം (*an.*).

Thyrse (thĕrs), Thyr'sus (thĕr'sus), *n.* (മദ്യദേവതാചിഹ്നം) ദണ്ഡ്. ='soid, =soid'al, *a.* —ദണ്ഡ് സംബന്ധിച്ച.

Thȳ-self', *pron.*, *s. u.* Thou.

Ti'ar, Ti-ā'ra, *n.* (പുരാതന പാസ്സികളുടെ) ശിരോലങ്കാരം, ഒര് വക തൊപ്പി;

2. പാപ്പായിന്റെ മുമ്മുടി, —കിരീടം, മകടം, മൂന്ന് തട്ടുള്ള കിരീടം; 3. പാപ്പാസ്ഥാനം. **ti-a'raed** (-rad), *a.* മുമ്മുടി ധരിച്ച.

**Tib'eat,** *n.* പെൺപൂച്ച, കൊറുഞ്ഞി (*N.*).

**Tib'i-a** (*pl.* **tib'i-æ**), *n.* (കാലിന്റെ) നിട്ടെല്ല്, ചലനാസ്ഥി, അശ്വമുഖാസ്ഥി (*an.*); 2. ഒര് വക കഴല് വാദ്യം, വേണു. **=al,** *a.* ചലനാസ്ഥിസംബന്ധിച്ച (*an.*), കഴല് വാദ്യം—. *n.* ചലനാസ്ഥി (*an.*); 2. (*also* **tib'i-ale,** *pl.* **tib-i-al'i-a**) ചലനോപാസ്ഥി (*an.*). **ti-bic'i-nāte,** *v. i.* കഴല് വിളിക്കുക. **tib'i-ō,** *pf.* ചലനാസ്ഥിസംബന്ധിച്ച (*an.*).

**Tic,** *n.* ഞരമ്പ് വലി; 2. മുഖക്കോട്ടം (*med.*). **-dou-lou-reux'** (-du-lu-ru'), *n.* മുഖവാതം, മുഖവലി (*med.*). **spasmodic t.** മുഖക്കോട്ടം (*med.*).

**Ti-eal',** *n.* (ഏകദേശം എട്ടണക്ക് തുല്യമായ) സിയാം രാജ്യത്തിലെ ഉണ്ടനാണ്യം; 2. (ഒന്നേമുക്കാൽ ഉറുപ്പികത്തൂക്കത്തിന്ന് തുല്യമായ) സിയാമിലെ പൊൻതൂക്കം; 3. (ഏകദേശം ഒന്നര ഉറുപ്പികക്ക് ശരിയായ) ചീനത്തിലെ പണക്കണക്ക്; 4. (പത്തുറുപ്പികത്തൂക്കത്തിന്ന് തുല്യമായ) ചീനപ്പലം.

I. **Tick,** *n.* കടം. *v. i.* കടം വാങ്ങുക; 2. കടംകൊടുക്കുക. **on t.** കടമായി.

II. **Tick,** *n.* (നായി മുതലായ മൃഗങ്ങളുടെ മേൽ പററുന്ന) ഉണ്ണി, നായുണ്ണി, പലയുണ്ണി (*z.*); 2. ചെള്ള്. **t.-bean** ഒര് വക മുതിര (*b.*).

III. **Tick,** *n.* കിടക്കശ്ശീല; 2. കിടക്കയുറ, തലയണയുറ. **-'en, -'ing,** *n.* കിടക്കത്തുണി, കിടക്കശ്ശീല; കട്ടിത്തുണി.

IV. **Tick,** *n.* (ഘടികാരത്തിന്റെ) അടി, ഇടി, 'ടിക്ക് ടിക്ക്' എന്ന ശബ്ദം; 2. ✓ എന്ന തൊട് കറി, അടയാളം; 3. ഒര് പക്ഷി (*z.*). **death-t.** ഒര് വക വണ്ട് (*z.*). *v. i.* (ഘടികാരം) അടിക്കുക, ഇടിക്കുക, 'ടിക്ക് ടിക്ക്' എന്ന് മുട്ടുക; 2. മെല്ലെ അടിക്കുക; 3. തടവുക, തലോടുക. *v. t.* തൊട് കറിയിടുക, കറിക്കുക, അടയാളം വെക്കുക. **-'ĕr,** *n.* 'ടിക്ക് ടിക്ക്' എന്ന ശബ്ദം പുറപ്പെടുവിക്കുന്നവൻ, അടിക്കുന്നവൻ, അടിക്കുന്നത്; കമ്പി(യടിക്കുന്ന) യന്ത്രം. **-'tack,** *n.* (ഘടികാര) അടി; (*also* **trick-track**) ഒര് വക കളി. *ad.* 'ടിക്ക് ടിക്ക്' എന്ന ശബ്ദത്തോടെ.

**Tick'et,** *n.* നറുക്ക്; 2. കുറിപ്പ്; 3. പ്രവേശനപത്രം, അനുവാദപത്രം; 4. (കൂലികൊടുത്തതിന്നടയാളമായി കിട്ടുന്ന) ശീട്ട്, ചീട്ട്; 5. വിലക്കുറിപ്പ്; 6. ഓഹരിസാക്ഷ്യപത്രം; 7. (തെരിഞ്ഞെടുപ്പിന്ന് നില്ക്കുന്നവരുടെ) വരണാർത്ഥിപ്പട്ടിക (*pol.*). **t.-day** (കടപ്പത്രവ്യാപാര)കണക്ക് ദിവസം. **t.-porter** (നമ്പ്ര് ഉള്ള) ചുമട്ടുകാരൻ. **t. of leave** (ചില നിശ്ചയങ്ങൾ അനുസരിച്ച് പുറമെ താമസിച്ച് പ്രവൃത്തി ചെയ്യുകൊൾ്വാൻ ചില തടവുകാൎക്ക് കൊടുക്കുന്ന) സ്വാതന്ത്ര്യാനുവാദപത്രം. *v. t.* നറുക്ക് കെട്ടുക, —തൂക്കുക; 2. ശീട്ട് കൊടുക്കുക (*U. S.*). **-ing,** *n.* ഇരിമ്പയിര് ലേലം.

**Tic'kle,** *v. t.* കിക്കിളിയാക്കുക; 2. ചിരിപ്പിക്കുക; 3. സന്തോഷിപ്പിക്കുക, ഉല്ലസിപ്പിക്കുക; 4. തൃപ്തിപ്പെടുത്തുക. *v. i.* കിക്കിളിയാകുക; 2. കിക്കിളിയാക്കുക. **tic'klĕr,** *n.* കിക്കിളിയാക്കുന്നവൻ, കിക്കിളിയാക്കുന്നത്; വിഷമം, പ്രയാസം; കടപ്പട്ടിക; ഓീപ്പത്തിരക്ക് (എടുപ്പാനുള്ള) മുള്ള്. **tic'klish,** *a.* കിക്കിളിയുള്ള, കിറണിയുള്ള (*S.*); വഴവഴപ്പുള്ള; ആട്ടമുള്ള, ഉറപ്പില്ലാത്ത, അസ്ഥിരമായ, ചാപല്യമുള്ള; വിഷമമുള്ള, ദുൎഘടമായ. **tic'klish-ly,** *ad.* കിക്കിളിയോടെ; വിഷമത്തോടെ, വിഷമിച്ച്. **tic'klish-ness,** *n.* കിക്കിളി, കിറണി (*S.*).

**Tick'tack,** *n.*, *s. u.* **Tick** IV.

**Tid,** *a.* പതമുള്ള; 2. മിനുസമുള്ള; 3. ഇളതായ. **t.-bit, tit-bit** തിന്മാൻതക്ക പതമുള്ള കഷണം, രുചികരനുറുക്ക്, സ്വാദ് നുറുക്ക്.

**Tīde,** *n.* കാലം, സമയം: **even t.** വൈകുന്നേരം, സായാഹ്നം, സന്ധ്യാകാലം; 2. ഏററവും ഇറക്കവും, വേലിയേററം, വേലിയിറക്കം; വേല; 3. ഒഴുക്കം, പ്രവാഹം; 4. ഗതി, പോക്ക്, ചാട്ടം; 5. പന്ത്രണ്ട് മണി

ക്കൂറ് നേരം. t.-current വേലിവെള്ളച്ചാട്ടം, വേലപ്രവാഹം. t.-day രണ്ട് വേലിദയററത്തിന്ന് മദ്ധ്യേയുള്ള കാലം. t.-dial വേലദശിനി, ഏററയിറക്ക(ങ്ങൾ കാണിക്കുന്ന) സൂത്രം. t.-gate ചീപ്പ്; (വെള്ളത്തിൻെറ) കത്ത്, ചാട്ടം. t.-gauge വേലമാപനയന്ത്രം. t.-lock ചീപ്പ്. t.sman, t.-waiter ചുങ്കം പിരിവുകാരൻ, ചുങ്കം ഉദ്യോഗസ്ഥൻ. t.-mill (വെള്ളംകൊണ്ട് തിരിയുന്ന) തിരികല്ല് യന്ത്രം, നീർച്ചക്ക്; നീർച്ചക്രം, യന്ത്രചക്രം. t.-rip ചുഴിപ്പ്; മോത. t.-rode വെള്ളച്ചാട്ടംകൊണ്ട് ഇളകുന്ന (*naut.*). t.-table വേലിയിറക്കപ്പട്ടിക. t.-water വേലിയിറക്കമുള്ള സ്ഥലം; കടലോരം, കടല്ത്തീരം. t.-wave, tidal wave വേലിത്തിര, വേലിവെള്ളപ്പൊക്കം. primitive t.-wave സമുദ്രവേലിവെള്ളം. derivative t.-wave ഉൾക്കടല് വേലിവെള്ളം. t.-way (പുഴയിലെ) നീർച്ചാല്. t.-wheel (വെള്ളച്ചാട്ടത്താൽ തിരിയുന്ന) നീർച്ചക്രം. atmospheric t. വായുവേലാ, വായുചലനം, കാററ്. ebb-t., low-t. ഇറക്കം, വേലിയിറക്കം. flood-t., high t. ഏററം, വേലിയേററം. neap-t. അഷ്ടമിയേററം, ചെറിയ ഏററം, ചെറിയ ഇറക്കം, ചതുക്കേററം, ചതുക്കിറക്കം. spring-t. വാവേററം, വാവിറക്കം, വലിയ ഏററം, വലിയ ഇറക്കം. lag of the t., lagging of the t. താമസയേററം. priming t. ശീഘ്രയേററം. to work double t.s, *s. u.* Work. *v. t.* (ഏററത്തിന്നും ഇറക്കത്തിന്നും) ഒഴുകിപ്പോക, ആച്ച്നോക്കി ഒഴുകുക. to t. over a difficulty കരകാണുക, വിഷമം തീന്ന് കിട്ടുക, നിവൃത്തി കാണുക. *v. t.* ഏററം കയറുക, വെള്ളം വേലിയായിരിക്കുക; 2. ഏററത്തിന്ന് ഓട്ടുക (*naut.*). tī'dal, *a.* ഏററിറക്കം ഉള്ള, വെള്ളം കയറുകയും താഴുകയും ചെയ്യുന്ന. t.l basin ഏററക്കോതി. t.l river ഏററവും ഇറക്കവുമുള്ള പുഴ. -'less, *a.* ഏററയിറക്കമില്ലാത്ത. tī-dol'ō-ġy *n.* ജലവേലാശാസ്ത്രം, വേലിയിറക്കശാസ്ത്രം.

Tī'di-ly, Tī'di-ness, *s. u.* Tidy II.

Tī'dings, *n. pl.* വത്തമാനം, വാത്ത, വിവരം, വിശേഷം, വൃത്താന്തം, ഉദന്തം, സമാചാരം, ശ്രുതി. tī'ding-less, *a.* വത്തമാനമില്ലാത്ത; വിവരമൊന്നും അറിയാത്ത.

Tid'lāy, *n.*, *s. a.* Wren.

Tī-dol'ō-ġy, *n.*, *s. u.* Tide.

I. Tī'dy, Tid'dy, *n.*, *s. a.* Wren.

II. Tī'dy, *a.* വൃത്തി ഉള്ള, വെടിപ്പ്—; ശുചി—; 2. ക്രമം—; 3. യോഗ്യം ആയ, യുക്തം—, ഉചിതം—. *v. t.* വൃത്തിയാക്കുക, വെടിപ്പാക്കുക. *v. i.* ക്രമപ്പെടുത്തുക, ക്രമമാക്കുക. tī'di-ly, *ad.* വൃത്തിയായി, വെടിപ്പിൽ; ക്രമത്തിൽ. tī'di-ness, *n.* വൃത്തി, ശുചി; ക്രമം; ഔചിത്യം.

III. Tī'dy, *n.* കസേലത്തുണി, കസേലച്ചിത്രശീല, വിചിത്ര തുന്ന് മൂടി; 2. (കുട്ടികളുടെ) മുന്നാരയുടുപ്പ്.

Tīe (tī), *n.* കെട്ട്, കട്ടക്ക്; 2. ബന്ധനം, ബാന്ധവം, സംബന്ധം; 3. ബാദ്ധ്യത, ചുമതല, കടം, മുറ; 4. കേശഭാരം; കൊണ്ട; 5. സമമാകൽ, (ഇരുഭാഗവും) തുല്യമായിരിക്കൽ; 6. വിട്ടം, പിട്ടം, തുലാം (*arch.*); 7. ⌒ എന്ന സ്വരസംയോഗചിഹ്നം (*mus.*); 8. *pl.* വാച്ചെരിപ്പ്; 9. കണ്ഠവസ്ത്രം, കഴുത്താട. t.-bar, t.-rod തുലാം (*arch.*). t.-beam വള (*arch.*). t.-tick കട്ടേപ്പത്തുണി (*z.*). t.-wig ഒരു വക ശൃംഗാരത്തലമുടി. bale-t. (കൊളുത്തുവാനുള്ള) കുട്ടക്ക്, കുഴ. *v. t.* കെട്ടുക, ബന്ധിക്കുക; 2. കൂട്ടിക്കെട്ടുക; കെട്ടിടുക, കട്ടക്കിടുക, ഇണച്ച് (ഏച്ച്) കെട്ടുക, ഇണച്ച് കൂട്ടുക; 3. ചേന്നിരിക്കുക, യോജിച്ചിരിക്കുക, ഐകമത്യപ്പെട്ടിരിക്കുക; 4. നിബ്ബന്ധിക്കുക, വിരോധിക്കുക, തടുക്കുക; 5. സ്വരസംയോഗചിഹ്നം ഇടുക (*mus.*); 6. (ഇരുഭാഗവും) സമമായിരിക്കുക, തുല്യമായിരിക്കുക. to ride and t. ഊഴമായി പ്രവൃത്തിക്കുക, ഊഴംവെച്ച് ചെയ്യിക്കുക. to t. down കെട്ടിയിടുക, കുച്ചിയിടുക, കുച്ചിപ്പിടിച്ച് കെട്ടുക; തടുക്കുക, തടസ്ഥം ചെയ്യുക. to t. hand and foot കാലും കയ്യും കുച്ചുക. to t. one's hands behind his back ചട്ടുവം(കം) മറിച്ച് കെ

ട്ടുക. to t. up ബന്ധിക്കുക, കെട്ടിയിട്ടുക, തടുത്ത്നിൎത്തുക, തടഞ്ഞ്നിൎത്തുക. *v. i.* (ഇരുഭാഗവും) സമമാക. ti'ĕr, *n.* കെട്ടുന്നവൻ.

I. Tī'ĕr, *n.*, *s. u.* Tie. [വസ്ത്രം.

II. Tī'ĕr, Tīre, *n.* കുട്ടികളുടെ മുന്നാര

III. Tïer (tēr), *n.* വരി; 2. തട്ട്; 3. പട, പടവ്; 4. അടുക്ക്, നിര, അട്ടി. t.s of a cable കമ്പിയിഴ.

Tïerce (tērs), *n.* നാല്പത്തിരണ്ട് കററി പ്പീപ്പ; 2. പീപ്പ; 3. (സ്വരഗ്രാമത്തിൽ) മൂന്നാം സ്വരം, ഗാന്ധാരം, ഗ (*mus.*); 4. കത്ത്കളിയിൽ ഒര്ജാതിയിൽ തുടരെയുള്ള മൂന്ന് ശീട്ട്; 5. പുലൎന്നിട്ട് ഏഴരനാഴികസമയം, രാവിലെ ഒമ്പത്മണി, ഒമ്പത്മണിയാരാധന (*R. C.*). t.-major (കത്ത്കളിയിൽ) ഒര്ജാതിയിലെ ഒററപ്പുള്ളിയും (ആസ്) രാജാവും റാണിയും കൂടിയത്.

Tïer-ce' (tēr-sā'), *a.* മൂന്ന് തുല്യാംശമായി ഭാഗിച്ച (*her.*).

Tïer'cel(tēr'sel), Tïerce'let(tērs'let), *n.* ആൺപ്രാപ്പിടിയൻ (*z.*).

Tïer'cet (tēr'set), *n.* മൂന്ന് ശീര് (ചീര്) വൃത്തം; മുപ്പ്രാസവൃത്തം (*pros.*).

Tīe'rod, *n.*, *s. u.* Tie.

*Tïers'e-tät* (tērz'e-tä *or* tyar'za-ta), (പരന്ത്രീസ് രാജ്യത്തിലെ) സാമാന്യജനം, പ്രജാവൎഗ്ഗം.

Tīe'tick, Tīe'wig, *n.*, *s. u.* Tie.

Tiff, Tift, *n.* ചാരായം, റാക്ക്, മദ്യം; 2. ഒര് ചുക്കിരി, ഒര് 'ഗ്ലാസ്', ഒര് 'ഓം', ഒര് ഇറക്ക്; 3. കോപം, ക്രോധം; 4. ശണ്ഠ, തകരാറ്, കലശല്. *v. i.* കോപിക്കുക; മുഷിയുക; 2. കലഹിക്കുക. -'ish, *a.* ദ്വേഷ്യംപിടിച്ച, കോപമുള്ള, മുഷിഞ്ഞ.

Tif'fa-ny, *n.* നേൎമ്മരോമത്തുണി; 2. നേൎമ്മപ്പട്ട്.

Tif'fin, *n.* ഉപഭക്ഷണം, ഉപഭോജനം, അന്തരഭോജനം, പലഹാരം, 'ടിഫ്ഫിൻ'.

Tif'fish, *a.*, *s. u.* Tiff.

Tift, *n.*, *s. a.* Tiff.

Tig, *n.* കണ്ണാടം പൊത്ത്കളി, കണ്ണ് പൊത്തിക്കളി; 2. വലിയ പാനപാത്രം.

Ti-ġel'la, =ġelle' (-jel'), *n.* മുള, അങ്കുരം, കൂമ്പ്, നാമ്പ് (*b.*).

Tī'gĕr, *n.* നരി, പുലി, കടുവാ (*S.*), ശാൎദ്ദൂലം, വ്യാഘ്രം (*z.*); 2. മൂൎഖൻ, ക്രൂരൻ, രക്തപ്രിയൻ; 3. അകമ്പടിസവാരിക്കാരൻ, അശ്വാരൂഢപരിചാരകൻ; 4. മുഴക്കം; ആൎപ്പ് (*U. S.*). t.-beetle മാംസം തിന്നിവണ്ട്. t.-cat പോക്കാൻപൂച്ച, കാട്ട്പൂച്ച (*z.*). t.-eye ഒര്വക വൎണ്ണക്കല്ല് (*min.*). t.-foot, t.s-foot ഒര് പൂച്ചെടി (*b.*). t.-footed ഉഗ്രതയുള്ള, ചാടിവീഴുന്ന. t.-shark പുള്ളിസ്രാവ് (*z.*). t.-shell പുള്ളിക്കവിടി (*z.*). t.-wolf ഒര്വക നായ്ക്കുറുറൻ (*z.*). t.-wood വിചിത്രക്കാതല്മരം. American t. (*s. a.* Puma) ഒര്വക പുള്ളിപ്പുലി (*z.*). Bengal t., royal t. തെങ്ങാലവരിയൻ, വരിയമ്പുലി, ആൾപ്പിടിയൻ, മലമ്പുലി (*z.*). clouded t., tortoise-shell-t. പുള്ളിപ്പുലി (*z.*). -ish, -ine, tī'grine, tī'grish, *a.* നരിയെപ്പോലെ; ഉഗ്രതയോടെ. tī'gress, *n.* പുലി, പെൺപുലി, പെൺകടുവാ (*z.*).

Tīght (tīt), *a.* മുറുക്കമുള്ള, മുറുകിയ, അഴ(യ)വില്ലാത്ത; 2. കട്ടിയായ, ഉറപ്പുള്ള; 3. ഇട്ടു(റു)ങ്ങിയ, ഇറുക്കമുള്ള, കട്ടസ്സായ (*S.*); 4. (വെള്ളം, കാററ്) കടക്കാത്ത; 5. ചോരാത്ത; 6. കീറാത്ത, മുഴുവനായ; 7. വൃത്തിയായ, വെടിപ്പുള്ള; 8. കൈമുറുക്കമുള്ള, പിശുക്കുള്ള, ഈററയുള്ള; 9. ലഹരിയുള്ള, ബോധമില്ലാത്ത; 10. (പണം, ചരക്ക്) വീഴ്ച്ചയുള്ള, ദുല്ലഭമായ, പ്രിയമുള്ള, വിലപൊന്തിയ. -'en, *v. t.* വലിക്കുക, വലിച്ച്മുറുക്കുക; 2. ഞെരുക്കുക, ഇറുക്കുക. -'en-ĕr, *n.* മുറുക്കുന്നവൻ; മുറുക്കാക്കപ്പി. -'ly, *ad.* മുറുകെ, മുറുക്കി; ഞെരിയ, ഞെരുങ്ങ; വൃത്തിയായി. -'ness, *n.* മുറുക്കം; ഇറുക്കം, കട്ടസ്സ്; ഞെരുക്കം, വിഷമം. tīghts (tīts), *n. pl.* ഇറുക്കക്കാല്യറ.

Tī'gress, Tī'grine, Tī'grish, *s. u.* Tiger.

Tīke, *n.* നായി, ശുനകൻ; 2. മുരടൻ, തറക്കാരൻ; 3. പൊട്ടൻ.

Til'bur-y, Til'burgh (-bĕrg), *n.* കുടില്ലാത്ത ഒര് വക രണ്ടുരുൾക്കുതിരവണ്ടി.

I. Tīle, *v. t.* രഹസ്യമായി വെക്കുക, കാക്കുക. tī'lĕr, tȳ'lĕr, *n.* മിണ്ടാമത (ക്കാരുടെ കൂട്ടത്തിലുള്ള) കാവല്ക്കാരൻ, 'ഫ്രീമേസൻ' കാവല്ക്കാരൻ.

II. Tīle, *n.* ഓട് (*arch.*); 2. പാവ് കല്ല് (*arch.*); 3. മേല്പുരത്തകിട് (*arch.*); 4. മൂശ; 5. ഓവ് കുഴല്; 6. ഉറപ്പുള്ള തൊപ്പി, കട്ടിത്തൊപ്പി. t.-drain മമ്പാത്തി, മങ്കുഴലോവ്. t.-earth കളിമണ്ണ്, കുശമണ്ണ്; പാറസ്ഥലം. t.-fish ഒര് വക കോര, കററില (*z.*). t.-kiln ചൂട്ടാല, ചൂള; ഓട്ട് പണിസ്ഥലം. t.-red മൺനിറമുള്ള, കാവിനിറമുള്ള. t.-tea കട്ടിച്ചായ, കട്ടിത്തേയില. *v. t.* ഓട് ഇടുക. ഓട് മേയുക; 2. മൂടുക, പുതക്കുക, മറക്കുക. tī'lĕr, *n.* ഓടിടുന്നവൻ, ഓട് മേയുന്നവൻ. tī'lĕr-y, *n.* ഓട്ട് പുര, ഓട് മുറിക്കുന്ന സ്ഥലം, ഓട്ടാല, ചൂള. tī'ling, *n.* ഓട് മേഞ്ഞ സ്ഥലം, ഓടിടൽ; ഓട്.

Ti-li-ā'ceŏus (-ā'shus), *a.* നാച്ചെടി വൎഗ്ഗത്തിലെട്ട, ശ(ച)ണവൎഗ്ഗത്തിലുള്ള (*b.*).

Tī'ling, *n.*, *s. u.* Tile II.

I. Till, *n.* കള, പുല്ല് (*b.*).

II. Till, *n.* വലിപ്പ്; 2. പെട്ടിവലിപ്പ്; 3. പണമിടുന്ന വലിപ്പ്; 4. പണപ്പെട്ടി. t.-alarm (പണപ്പെട്ടി തുറക്കുമ്പോൾ മററുള്ളവർ അറിവാൻതക്കവണ്ണം ഉള്ള) ഭണ്ഡാരമണിനാദസൂത്രം. =lĕr, *n.* ചെറുവലിപ്പ്.

III. Till, *n.* (വെള്ളച്ചാട്ടത്തിന്ന് ഒലിച്ച് വന്ന) ഒഴുക്ക് മണ്ണ്, വണ്ടല്മണ്ണ്; 2. ചരല്പ്രദേശം.

IV. Till, *prep.* ഓളം, വരെ, വരെക്കും, പൎയ്യന്തം. t. now ഇത് വരെയും, ഇന്നോളവും. t. then അത് വരെക്കും, അത്രത്തോളം, അന്നോളം. *conj.* ഓളം, വരെ, വരെക്കും.

V. Till, *v. t.* ഉഴുക, കൊത്തുക, കിളക്കുക, നിലം പാങ്ങാക്കുക; 2. കൃഷിചെയ്യുക, വിളയിറക്കുക. *v. i.* കൃഷിചെയ്യുക, കൃഷിനടക്കുക, നിലംനടക്കുക. ='la-ble, *a.* ഉഴത്തക്ക, കാലിവെപ്പാൻ പാട്ടുള്ള; കൃഷിചെയ്യത്തക്ക. ='lāge, *n.* കൃഷിപ്രവൃത്തി, വെള്ളായ്മ (*P.*), വ്യവസായം; കൃഷിഭൂമി, വിളഭൂമി. ='lĕr, *n.* കൃഷിക്കാരൻ, കണ്ടം കൊത്തുന്നവൻ. tilth, *n.* ഉഴത് പാങ്ങാക്കിയ നിലം; ഉഴവ് ചെന്ന സ്ഥിതി; കൃഷിസ്ഥലം.

I. Til'lĕr, *n.*, *s. u.* Till V.

II. Til'lĕr, *n.* അക, അവ, (കററിയിൽനിന്നുണ്ടാകുന്ന) മുള, വേമ്മുള (*b.*); 2. മരത്തൈ. *v. i.* (*also* til'lōw) അകെക്കുക, വേരിൽനിന്ന് മുള പൊട്ടുക, (കററി) തളിക്കുക.

III. Til'lĕr, *n.* ചുക്കാൻപിടി; 2. പിടി, കൈപ്പിടി. t. rope ചുക്കാൻകയറ്.

IV. Til'lĕr, *n.*, *s. u.* Till II.

Til'ley (til'li), Til'ly, t.-seed, *n.* നീൎവ്വാളക്കുരു, നീൎവ്വാളം (*b.*).

Til'lō-dont, *n.* ശിലാഭൂതമാംസഗ്രാസമൃഗം. =don'ti-a, =don'ta, *n. pl.* ശിലാഭൂതമൃഗവൎഗ്ഗം.

Til'lot, *n.* മെഴുത്തുണിസഞ്ചി.

Til'lōw, *n.*, *s. u.* Tiller II.

Til'ly-val-ly, Til'le-val-ly, Til'ly-fal-ly, Til'le-fal-ly, *a.*, *ad. or int.* ച്ഛേ, പോ, നിസ്സാരം.

Til'mus, *n.* (കഠിനരോഗത്തിൽ രോഗി)വിരിപ്പ് തുണിപിച്ചിപ്പറിക്കൽ (*med.*).

I. Tilt, *n.* മേലാപ്പ്; 2. കൂടാരം, തമ്പ്, 'ഡേറ'; 3. വണ്ടിക്കൂട് തുണി; 4. തോണിയുടെ അമരത്ത് വെക്കുന്ന മേലാപ്പ്, ഛത്രി (*naut.*), പന്നകം (*S.*). t.-boat ഛത്രിത്തോണി. t.-roof വള്പുര. *v. t.* മേലാപ്പ് വെക്കുക, ഛത്രി—, പന്നകം—; t.-waggon കൂട്ടുള്ള വണ്ടി, പുരയുള്ള—.

II. Tilt, *v. t.* ചരിക്കുക, ചരിച്ച് വെക്കുക; 2. കുന്തം ഓങ്ങുക, കുന്തം ചാട്ടുക, കുന്തംകൊണ്ട് കുത്തുക; 3. (ലോഹം) അടിച്ച് പതമാക്കുക, മുട്ടുക, അടിക്കുക. *v. i.* (കുതിരപ്പുറത്ത് കയറി കുന്തം നേരെ പിടിച്ച് കൊണ്ട് അത് പ്രകാരം വരുന്ന എതിരാളിയെ കുത്തത്തക്കവണ്ണം കുതിര ഓടിക്കു

ന്നതായ) കതിരക്കുന്തപ്പോരേല്ക്കുക, കന്തപ്പോര് ചെയ്യുക; 2. അങ്കംപൊരുതുക, അങ്കംകറക്കുക, തമ്മിൽ പൊരുതുക, എതിർക്കുക; 3. ചായുക, ചരിയുക, ചരിഞ്ഞ് വീഴുക, കത്തിപ്പോക. *n.* കന്തച്ചാട്ടം, കന്തപ്പോര്; 2. കുതിരക്കുന്തപ്പോര്, കുതിരക്കുന്തപ്പൊയ്ത്ത്; 3. യന്ത്രക്കൂടം; 4. ചരിവ്, മുന്നാക്കം, ആക്കം. **t.-hammer** (കൊല്ലന്റെ) യന്ത്രക്കൂടം. **t.-mill** യന്ത്രക്കൂടശാല. **t.-yard** കന്തപ്പൊയ്ത്ത്കളരി. **full t.** പൂൎണ്ണശക്തിയോടെ, ഊക്കോടെ, ഊററത്തോടെ. **-'ĕr,** *n.* കന്തപ്പോരാളി, കന്തപ്പൊയ്ത്തുകാരൻ; അങ്കക്കാരൻ, അങ്കംപൊരുതുന്നവൻ; യന്ത്രക്കൂടംകൊണ്ട് മുട്ടുന്നവൻ. **-'ĭng,** *n.* കന്തപ്പോര്, കന്തപ്പൊയ്ത്ത്; ഉരുക്ക് അടിച്ച് പതമാക്കൽ. **t.g helmet** കന്തപ്പോര് ശിരസ്ത്രം.

**Tilth,** *n., s. u.* Till V.

**Tim'bal, Tym'bal,** *n.* പെരിമ്പറ, ഭേരി, ചെണ്ട.

I. **Tim'bĕr, Tim'bre** (-bĕr), **Tim'-mĕr,** *n.* രോമത്തോല്ക്കെട്ട്; 2. രണ്ട് കോടി (നാല്പതെണ്ണം) രോമത്തോല്ക്കെട്ട്; 3. ആറുകോടി (നൂററിരുപതെണ്ണം) രോമത്തോല്ക്കെട്ട്.

II. **Tim'bĕr, Tim'bre** (-bĕr), *n.* കുലചിഹ്നശൃംഗാരം (*her.*).

III. **Tim'bĕr,** *n.* പണിത്തരമരം; 2. തടിമരം, തടി; 3. കോപ്പ്, പണിക്കോപ്പ്; 4. ഉത്തരം, തുലാം, തെണ്ടിക; 5. അറത്ത്കെട്ട്, കെട്ട്, മേൽക്കൂട്ട്; 6. കാട്; 7. കപ്പലിന്റെ മണിക്കാല് (*naut.*). **t.-beetle** മരം (തുളക്കുന്ന) വണ്ട് (*z.*). **t.-doodle** മരക്കൊത്തൻ, മരംകൊത്തി (*z.*). **t.-head** മണിക്കാല്ക്കൂററി (*naut.*). **t.-man** (ലോഹഖനിയിൽ) മരത്താങ്ങ് വെക്കുന്നവൻ. **t.-mare** (പടയാളികളെ ശിക്ഷക്കായി കയററുന്ന) മരക്കുതിര. **t.-scribe** കത്തുളി; ചാപ്പമുദ, ചാപ്പക്കോലിരിമ്പ്. **t.-sow, t.-worm** ഉറപ്പുഴ (*z.*). **t.-tree** പണിത്തരമരം, പണിമരം. **t.-work** മരപ്പണി. **t.-yard** മരച്ചാപ്പ. *v. t.* മരംകൊണ്ടുണ്ടാക്കുക. *v. i.* (മരത്തിന്മേൽ) കൂടുകെട്ടുക. **tim'bĕred** (-bĕrd), *a.* മരമുള്ള, മരംകൊണ്ടുള്ള; പണിത, നിൎമ്മിച്ച, ഉണ്ടാക്കിയ; മരക്കാട്ടുള്ള, ധാരാളം മരമുള്ള, (കാട്, ഭൂമി) വളരെ മരമുള്ള. **-ĭng,** *n.* മരംകൊണ്ടുണ്ടാക്കൽ; മരങ്ങൾ; പണിത്തരങ്ങൾ; മരപ്പണി; മരം. **-lĭng,** *n.* ചെറുമരം.

I. **Tim'bre,** *n., s. u.* Timber I.

II. **Tim'bre,** *n., s. u.* Timber II.

III. **Tim'bre** (-bĕr), *n.* സ്വരവിശേഷം, സ്വരഗുണം; 2. സ്വരഭേദം, സ്വരവ്യത്യാസം (*mus.*).

**Tim'brel,** *n.* തപ്പ്, തപ്പിട്ട, തമുക്ക്, മദ്ദളം. **=breled, =brelled** (-breld), *a.* തപ്പ് കൊട്ടിപ്പാടിയ; തപ്പ് കൊട്ടുന്ന.

**Tīme,** *n.* കാലം, സമയം; 2. നേരം, പൊഴുത്; 3. നേരം, കാലം, അവസരം, തഞ്ചം, ഇട; 4. ആയുഷ്ക്കാലം, ജീവകാലം; ഐഹിക ജീവകാലം, അനിത്യത; 5. പ്രസവസമയം, പ്രസവം; 6. മടങ്ങ്, പ്രാവശ്യം, ഉരു, തവണ, വേള, വട്ടം, കുറി; 7. (ക്രിയയുടെ) കാലം (*gr.*); 8. താളം, ലയം (*mus.*). **t.-ball** (കൃത്യമായ മദ്ധ്യാഹ്നം കാണിപ്പാൻ കൊടിമരാഗ്രത്തിൽനിന്ന് യന്ത്രമൂലം വീഴുന്ന) മദ്ധ്യാഹ്നഗോളം. **t.-bargain** സമയകൃത്യവ്യാപാരക്കരാറ്, ക്ലുപ്തകാല(ത്ത് നിവൃത്തിപ്പാനുള്ള) നിശ്ചയം (*com.*). **t.-bill, t.-table** പാഠക്രമം, പാഠവിഷയപ്പട്ടിക; (വാഹനങ്ങളുടെ) ഗതാഗതകാലവിവരം, സമയസൂചി(പത്രം); സ്വരവിധാനം (*mus.*). **t.-book** പണിക്കണക്ക്. **t.-detector** 'റോന്ത്'ദശിനി(ഘടികാരം). **t. enough** തക്കസമയം, നേരംനോക്കി, തക്കകാലത്ത്, കാലം; നേരത്തേ. **t.-fuse** കാലകൃത്യവെടിത്തിരി. **t.-honoured** കാലപ്പഴക്കമുള്ള, ഏറിയകാലം ആചരിച്ച് വന്ന, പാരമ്പൎയ്യമായ, രൂഢിയായ. **t.-immemorial, t. out of mind, t. out of memory** പുരാതനമായുള്ള, തുടക്കമറിയാത്ത, പണ്ടുപണ്ടേയുള്ള, പണ്ടേക്കും പണ്ടേയുള്ള. **t.-keeper** നാഴികമണി, നാഴികച്ചിരട്ട, നാഴികവട്ട, ഘടികാരം; പണിക്കണക്കെഴുതുന്നവൻ, (കൂലിക്കാരുടെ) കണക്കെഴുതിവെക്കുന്നവൻ, 'മേസ്ത്രി'; (വാഹനങ്ങൾ പുറപ്പെടേണ്ടുന്ന) സമയം

കാണിക്കുന്നവൻ; താളക്കാരൻ, താളം പിടിക്കുന്നവൻ; (പന്തയക്കളികളിൽ) സമയസൂചകൻ. t.-killing നേരംപോക്കുന്ന. t.-lock (പൂട്ടിയാൽ നിശ്ചയിച്ച കാലത്തിന്ന് മുമ്പെ തുറപ്പാൻ കഴിയാത്ത) യന്ത്രപ്പൂട്ട്, സൂത്രത്താഴ്. t.-piece നാഴികമണി, മൌനഘടികാരം, ചെറുഘടികാരം, മുട്ടാ(നാഴിക)മണി. t.-pleaser, t.-server കാലത്തിന്ന് തക്ക കോലം കെട്ടുന്നവൻ, വെട്ടുന്ന വാളിന്ന് നെയ്യിടുന്നവൻ, നാടോടുമ്പോൾ നടുവെ എന്നുള്ളവൻ, ദൃഷ്ടിസേവക്കാരൻ, ദൃഷ്ടിസേവകൻ. t.-sanctioned വഴക്കമായ്വന്ന, കാലപ്പഴക്കമുള്ള, രൂഢിയായ. t.-saving ശീഘ്രത ഉള്ള, തീവ്രത—, വേഗത—. t.-serving കാലത്തിന്നൊത്ത കോലം, ദൃഷ്ടിസേവ; ദൃഷ്ടിസേവയുള്ള. t.-worn പഴകിയ, ജീൎണ്ണിച്ച. t. of day (രാവിലെയും ഉച്ചക്കും വൈകുന്നേരവും രാത്രിയും വെവ്വേറെ വാക്കുകളാലുള്ള) കാലോചിതവന്ദനം, യുക്തവന്ദനം, വന്ദനം. t. of memory പതിമൂന്നാം നൂററാണ്ട് മുതല്ക്കുള്ള കാലം. absolute t. സൎവ്വസാമാന്യകാലഗണനം, സൎവ്വസാമാന്യ സമയം, ദിഗ്ഭേദരഹിത—, ദിഗ്ഭേദരഹിതകാലഗണനം. apparent t. (നട്ടുച്ച കൃത്യം പന്ത്രണ്ട് മണിയായി വിചാരിച്ചുള്ള) സൌൎയ്യസമയഗണനം, സൌൎയ്യസമയം, ദേശകൃത്യസമയം, ദേശകൃത്യകാലഗണനം. astronomical t. (ഉച്ചമുതൽ തുടൎച്ചയായി ഇരുപത്തിനാലു മണിക്കൂറായെണ്ണുന്ന) ജ്യോതിഷസമയം, ജ്യോതിഷകാലഗണനം. at t.s ചിലപ്പോൾ, ചിലനേരം, ഓരോരിക്കൽ, കൂടക്കൂട. civil t. (അൎദ്ധരാത്രിമുതൽ ഉച്ചവരെ പന്ത്രണ്ട് മണിക്കൂറായും ഉച്ചമുതൽ പിറെറ അൎദ്ധരാത്രിവരെ പിന്നെയും പന്ത്രണ്ട് മണിക്കൂറായും എണ്ണിവരുന്ന) സാമാന്യസമയം, സാമാന്യകാലഗണനം. common t. (ഒര് നിമിഷത്തിൽ ഇരുപത്തെട്ടിതംഗുലം വിസ്താരമായ തൊണ്ണൂറ് ചുവട് വെക്കുന്ന) സാധാരണവേഗം (*mil.*). in t. തക്കസമയം, ....ആൻ തക്കവണ്ണം, നേരത്തിന്ന്, നേരംനോക്കി; കുറെ നേരത്തിന്ന്, നേരംനോക്കി; കുറെ കഴിഞ്ഞാൽ, വഴിയെ, പിന്നേതിൽ, കാലം ചെല്ലുമ്പോൾ, കാലഗതിയിങ്കൽ. mean t. കൃത്യസമയം. equation of t. (കൃത്യസമയത്തിന്നും സൌൎയ്യസമയത്തിന്നും തമ്മിലുള്ള) വ്യത്യാസസമയം. quick t. (ഒര് നിമിഷത്തിൽ ഇരുപത്തെട്ടംഗുലമുള്ള നൂററിപ്പത്ത് ചുവട് വെക്കുന്ന) അധികവേഗം (*mil.*). sidereal t. നക്ഷത്രസമയം, നക്ഷത്രകാലഗണനം, നാൾക്കണക്ക്. solar t. ഛായാഘടികാരസമയം, അടിവാക്യസമയക്കണക്ക്. standard t. നിയമസമയം, നിയമകാലഗണനം, പ്രാമാണ്യസമയം. true t. കൃത്യസമയം; സൌൎയ്യസമയം. to kill t. നേരംപോക്കുക, സമയം വെറുതെ കളയുക. to make t. നേരം കിട്ടുക; നേരം ഉണ്ടാക്കുക; നേരം പിടിക്കുക, നേരം വേണ്ടിവരിക. to move, run *or* go against t. നിശ്ചയിച്ച സമയത്തിന്നിടെ കഴിയുന്നത്ര ദൂരം ഓടുക, അതിവേഗം ഓടുക, എത്രയും വേഗത്തിലോടുക. to lose t. വൈകുക, താമസമാകുക; വഴിയിലാകുക, പിന്നിലാകുക. to mark t. നില്ക്കുച്ചുവട് വെക്കുക (*mil.*); താളംപിടിക്കുക (*mus.*). *v. t.* സമയം കുറിക്കുക, സമയം നിശ്ചയിക്കുക; 2. തക്കസമയത്ത് ചെയ്യുക, പറഞ്ഞ സമയം—; 3. ഒരേ സമയത്ത്—, ഒന്നായി—, യോജിച്ച്—; 4. സമയമറിയുക, സമയം നിശ്ചയിക്കുക; 5. താളംപിടിക്കുക (*mus.*). *v. i.* താളംപിടിക്കുക; 2. ഒര് പോലെ ചുവട് വെച്ച് നടക്കുക. -'less, *a.* അസമയമായ, സമയം തെററിയ, നേരം തെററിയ; അനന്തമായ, അതിരില്ലാത്ത, സീമയററ. -'less-ly, *ad.* അസമയത്ത്, നേരം തെററി. -'li-ness, *n.* സമയകൃത്യത, സമയൌചിത്യം, തഞ്ചം, തരം. -'ly, =mŏus, *a.* കാലോചിതമായ, തക്കസമത്ത് ഉള്ള; നേരത്തെ—, കാലത്തെ—. -'ly, ='mŏus-ly, *ad.* സമയംനോക്കി, തക്കസമയത്ത്, നേരത്തെ, മുമ്പ്കൂട്ടി. tī'mĕr, *n.* സൂക്ഷ്മഘടികാരം, കൃത്യഘടികാരം. -'ist, tī'-mist, *n.* താളത്തിന്ന് പാടുന്നവൻ.

Tim'id, Tim'ŏr-ŏus, Tim'ŏr-sŏme, Tim'ĕr-sŏme, *a.* ധൈൎയ്യമില്ലാത്ത, ഭീരുതമുള്ള, ഭീരുവായ; പേടിയുള്ള, ശങ്കയു

ള്ള, ഭയമുള്ള. -ly, tim'ŏr-ŏus-ly, *ad.* പേടിയോടെ. -ness, -'i-ty, tim'ŏr-ŏus-ness, *n.* ഭീരുത്വം, ഭീരുത, പേടി, ഭയം, ശങ്ക, ക്രുശല്.

**Tī'mist**, *n.*, *s. u.* Time.

**Tim'mĕr**, *n.*, *s. a.* Timber I.

**Tī-moc'ra-cy**, *n.* (മാനം പ്രമാണകാര്യമായിരിക്കുന്ന) അഭിമാനവാഴ്ച; 2. (ധനംനോക്കി സ്ഥാനമാനങ്ങൾ കൊടുക്കുന്ന) കുബേരരക്കോയ്മ. =mō-crat'ic, *a.* അഭിമാനക്കോയ്മ സംബന്ധിച്ച; കുബേരരക്കോയ്മയായ.

**Ti-mō-nēer'**, *n.* ചുക്കാങ്കാരൻ, ചുക്കാൻ പിടിക്കുന്നവൻ (*naut.*).

**Tim'ŏr-ŏus**, *etc.*, *s. a.* Timid *etc.*

**Tim'ō-thy, T.-grass**, *n.* ഒര് വക നല്ല പുല്ല് (*b.*).

**Tim'pa-nō**, *n.*, *s. a.* Tympano.

**Tim'whis-key**, *n.* ഒര് വക വണ്ടി.

**Tin**, *n.* വെള്ളീയം, വംഗം (*min.*); 2. (മുഖക്കണ്ണാടിക്കു വെക്കുന്ന) രസത്തകിട്; 3. (വെള്ളീയം പൂശിയ) ഇരിമ്പ് തകിട്, തകരം, താമരക്കം, 'ററിൻ'; 4. പണം, വെള്ളി, പൈസ്സ. t.-cry വെള്ളീയത്തകിടൊച്ച. t.-foil നേരിയ വെള്ളീയത്തകിട്. t.-man തകരപ്പണിക്കാരൻ; തകരക്കച്ചവടക്കാരൻ. t.-plate തകരം. t.-smith തകരപ്പണിക്കാരൻ; ഈയം പൂശുന്നവൻ, കല്ലായിക്കാരൻ. t.-ware തകരപ്പാത്രങ്ങൾ, താമരക്കസാമാനങ്ങൾ, തകരക്കോപ്പുകൾ. block-t. വെള്ളീയക്കട്ടി. *v. t.* വെള്ളീയം പൂശുക, കല്ലായിയിടുക, (ചെമ്പ് പാത്രം) പൂശുക; 2. തകരം പൊതിയുക. tinned (tind), *a.* വെള്ളീയം പൂശിയ; തകരം മേഞ്ഞ, തകരം പുതച്ച, തകരം ഇട്ട; തകരപ്പെട്ടിയിലിട്ട് വെച്ച. -'nĕr, *n.* വെള്ളീയം എടുക്കുന്നവൻ, വെള്ളീയഖനിപ്രവൃത്തിക്കാരൻ; തകരപ്പണിക്കാരൻ; കല്ലായിക്കാരൻ. -'ning, *n.* വെള്ളീയം പൂശൽ, കല്ലായിയിടൽ; ഈയപ്പൂച്ച്, വെള്ളീയത്തോല്പ്, കല്ലായി. -'ny, *a.* വെള്ളീയം സംബന്ധിച്ച; —ഉള്ള; —പോലെ—.

**Tin'a-mou**, *n.* (ഒട്ടകപ്പക്ഷിവർഗ്ഗത്തിലെട്ട) ഒര് പക്ഷി (*z.*). ti-nam'i-dēs, *n. pl.* ഒട്ടകപ്പക്ഷിവർഗ്ഗം (*z.*).

**Tin'cal**, *n.* പൊങ്കാരം (*ch.*).

**Tin'chel, Tin'chill**, *n.* കാട് തെളിക്കൽ, നായാട്ട്.

**Tinct**, *a.* നിറമുള്ള, വർണ്ണമുള്ള. *n.* നിറം, വർണ്ണം, 'റങ്ക്', ഛായ, ചായം. *v. t.* നിറം കൊടുക്കുക, ചായമിടുക, റങ്ക് കയററുക. tinc-tō'ri-al, *a.* നിറം സംബന്ധിച്ച; നിറം വരുത്തുന്ന.

**Tinc'tūre**, *n.* നിറം, ഛായ; 2. സത്ത്, സാരം, ദ്രാവകം; 3. (മദ്യസാരത്തിൽ കലക്കിയ) ദ്രാവകൌഷധം; 4. ചുവ, രുചി, രസം; 5. കലപ്പ്, കൂട്ട്; 6. വാസന. *v. t.* നിറംവരുത്തുക, വർണ്ണം കൊടുക്കുക; 2. കലത്തുക; 3. മനസ്സിൽ പതിയുക; 4. വ്യാപിക്കുക; 5. വഷളാക്കുക.

**Tin'dal**, *n.* 'തണ്ടേലൻ', 'തണ്ടേല്', മരക്കാൻ (*naut.*), 'സറാങ്ങ്'; 2. പാളയസേവകൻ (*mil.*).

**Tin'dĕr**, *n.* ചക്ക് മുക്കിപ്പഞ്ഞി; 2. വേഗം തീപ്പിടിക്കുന്ന സാധനം, ശീഘ്രദാഹ്യം.

I. **Tīne**, *v. t.* വളയുക, വളച്ചിടുക; 2. അകത്താക്കുക, വേലികെട്ടുക.

II. **Tīne**, *n.* (മുപ്പല്ലിയുടെ) പല്ല്, മുന, ഇല്ലി. tīned (tīnd), *a.* പല്ലുള്ള.

**Tin'e-a**, *n.* പുഴനടപ്പ് (*med.*); 2. മണ്ഡലകുഷ്ഠം, പടർതാമര (*med.*); 3. (*also* tin'e-an, tin'e-id) ഒര് വക ഉറപ്പുഴ (*z.*).

I. **Ting**, *n.* മണിച്ചല്, മണിശബ്ദം, മുഴക്കം, കിണ് കിണ് ശബ്ദം, കിലുക്കം. *v. i.* കിലുങ്ങുക, മണിയ്ക്കുക, കിണുങ്ങുക.

II. **Ting**, *n.* (ചീനക്ഷേത്രത്തിലെ) ശ്രീകോവില്.

**Tinge**, *v. t.* ചേക്കുക, കൂട്ടുക, കലത്തുക; 2. നിറംകൊടുക്കുക, ചായം പിടിപ്പിക്കുക, —കയററുക. *n.* ഛായ, രുചി, സ്വാദ്, ചുവ; 2. കലപ്പ്; 3. നിറം. tin'gent, *a.* നിറംപിടിക്കുന്ന, —മാറുന്ന. tin'gĕr, *n.* ചായം തേക്കുന്നവൻ, നിറം കൊടുക്കുന്നവൻ, 'റങ്ക്'കയററുന്നവൻ.

**Tin'gle**, *v. i.* (ചെവി) മൂളുക, മുഴങ്ങുക, ചെവിടടക്കുക; 2. ഉളുത്ത്പോക; 3. കുത്തലെടുക്കുക, നോവുക; 4. തരിക്കുക.

**Tink, Tin'kle**, *v. i.* മണിയുക, ചിലമ്പുക. *v. t.* മണിക്കുക, മണിച്ച്നോക്കുക. **tink, tin'kle, tin'kling**, *n.* മണിച്ചല്, ചിലമ്പല്, കിലുക്കം. **tin'kēr, tin'klēr**, *n.* (ചെമ്പ് പിത്ത(ച്ച)ള മുതലായ ലോഹപാത്രങ്ങൾ നന്നാക്കുന്ന) ചെമ്പ്കൊട്ടി, ചെമ്പോട്ടി, മൂശാരി; ശില്പി, കൌശലപ്പണിക്കാരൻ; ചെറു പീരങ്കി (*mil.*); ചെറിയ അയിലമത്സ്യം (*z.*); ചമ്പാനയില (*z.*); വേളൂരിമത്സ്യം (*z.*); (*z.*); തിരണ്ടി (*z.*). ='kēr, *v. t.* വിളക്കുക; നന്നാക്കുക. *v. i.* ചെമ്പ്പണി ചെയ്യുക, പിച്ചളപ്പണി ചെയ്യുക. ='kēr-ing, *n.* ചെമ്പ്കൊട്ടിപ്പണി. ='kēr-ly, *a.* ലോഹപ്പണിക്കാരനെപ്പോലെയുള്ള.

**Tin'man, Tinned, Tin'nēr, Tin'ning, Tin'ny**, *s. u.* Tin.

**Tin-nī'tus**, *n.* ചെവിയിലുള്ള മൂളല്—മൂളിച്ച, മുഴക്കം, ചെവിടടപ്പ് (*med.*).

**Tin'sel**, *n.* കാക്കപ്പൊന്ന്, തീത്തകിട്, കഞ്ചത്തകിട്, കള്ളപ്പൊന്ന്; 2. മിത്ഥ്യാശോഭനവസ്തു, നിസ്സാരസാധനം. *a.* ശോഭയുള്ള; 2. കാഴ്ചക്കുള്ള; 3. സാരമില്ലാത്ത. *v. t.* കാക്കപ്പൊന്ന്കൊണ്ടലങ്കരിക്കുക; 2. മോടികാട്ടുക, മിത്ഥ്യാശോഭ കാട്ടുക. -ly, *a.* കാക്കപ്പൊന്ന്പോലെയുള്ള; മിന്നുന്ന; മോടിയുള്ള; വിലകുറഞ്ഞ. *ad.* മോടിയോടെ; ചിലവില്ലാതെ.

**Tint**, *n.* നിറം, വർണ്ണഛായ, ഇളനിറം; 2. (ഒരേമാതിരി വർണ്ണത്തിലുള്ള) ഛായാഭേദം; 3. (ചിത്രത്തിൽ) നിഴലിപ്പ്. *v. t.* ഛായവരുത്തുക, ഇളനിറംകൊടുക്കുക, നിറംതോന്നിക്കുക.

**Tin'tin-nab'ū-lar, =lar-y, =lŏus**, *a.* മണിശബ്ദമുള്ള, മണിയുന്ന, കിലുങ്ങുന്ന. =lā'tiŏn, *n.* മണിശബ്ദം, മണിനാദം; കിണക്കം, കിലുക്കം, മണിച്ചല്.

**Tin'tō**, *n.* ഒര്വക വീഞ്ഞ്.

**Tin'wāre**, *n.*, *s. u.* Tin.

**Ti'ny**, *a.* ഏററവും ചെറിയ, ചെറിയ, ചിന്ന; 2. അല്പമായ, ശിഥിലം ആയ, ക്ഷുദ്രം—, അതിലഘു—.

**Tip**, *n.* അററം, അഗ്രം, തുഞ്ചം, കൊടി, തുമ്പം; 2. മുന; 3. ലോഹക്കെട്ട്, ചുററ്, വപ്പ്, 4. തൊപ്പിവട്ട്; 5. ഒട്ടകരോമക്കൂച്ച്; 6. കല്പണപ്പൊടി; 7. (പതുക്കെയുള്ള) അടി, തട്ട്; 8. 'ഇനാം', സമ്മാനം; 9. സൂചന; 10. ഉള്ള്, കള്ളി. **t.-cart** (സാമാനം ഇറക്കുവാൻ മറിക്കാവുന്ന) മറിപ്പെട്ടിവണ്ടി. **t.-cat** ചുള്ളിവടിക്കളി, 'ഗില്ലിത്തണ്ട്'കളി. **t.-staff** (അററം ലോഹംകൊണ്ട്) കെട്ടിയ വടി; 'പോലീസ്' ഉദ്യോഗസ്ഥൻ, 'കൺസ്റ്റബൾ'. *v. t.* കൂർപ്പിക്കുക, മുനവെക്കുക; 2. (വടി) കെട്ടിക്കുക, (അററം)കെട്ടിക്കുക, കെട്ടുക; 3. പതുക്കെ അടിക്കുക, കിടെക്കുക, തട്ടുക; 4. 'ഇനാം'കൊടുക്കുക, സമ്മാനം—; 5. ചരിക്കുക, ചരിച്ച്വെക്കുക. **to t. of** മറിച്ച്കളയുക, ഒഴിച്ച്കളയുക, പകരുക. **to t. over** കമിഴ്ത്തിക്കളയുക, മറിക്കുക. **to t. the wink** കണ്ണിട്ട്കൊടുക്കുക, കണ്ണിടുക, കണ്ണ്കാട്ടുക. **to t. up** ചരിക്കുക. *v. i.* ചരിയുക, ചരിഞ്ഞ്കിടക്കുക, മറിഞ്ഞ്പോക. **to t. off** ചരിഞ്ഞ്വീഴുക, മറിഞ്ഞ്വീഴുക.

**Tip'pet**, *n.* സ്ത്രീകളുടെ ചുമലാട, കണ്ഠവസ്ത്രം, കണ്ഠരക്ഷ; 2. ചൂണ്ടക്കണ്ണി, ചൂണ്ടച്ചരട്; 3. (പുരമേയുന്ന) പുല്ക്കററ.

**Tip'ple**, *v. i.* മദ്യപാനം ചെയ്യുക, കുടിക്കുക, പതിവായി കുടിക്കുക, കൂടക്കൂട—. *v. t.* കണക്കിലേറ—, മട്ടുതെററി—; 2. പുല്ക്കററ ഉണക്കുക. *n.* മദ്യം, റാക്ക്, ചാരായം. **tip'pled** (-pld), *a.* ലഹരിയുള്ള, മത്തനായ, കുടിച്ച് ബോധമില്ലാത്ത, നന്നകുടിച്ച. **tip'plēr**, *n.* കുടിയൻ, 'വെട്ട്സപാരി'. **tip'pling**, *a.* ചാരായം കുടിക്കുന്ന. **t.g-house** റാക്ക്പീടിക, ചാരായക്കട, കള്ള്ചാപ്പ, 'താവരണ' (*S.*).

**Tip'si-fȳ, Tip'si-ly**, *etc.*, *s. u.* Tipsy.

**Tip'staff**, *n.*, *s. u.* Tip.

**Tip'sy**, *n.* കുടിച്ച, മത്തനായ, ലഹരിപിടിച്ച; 2. ചാഞ്ചാടുന്ന, ആടിനടക്കുന്ന. **tip'si-fȳ**, *v. t.* ലഹരിയാക്കുക, ലഹരിപിടിപ്പിക്കുക. **tip'si-ly**, *ad.* ലഹരിയായി. **tip'si-ness**, *n.* ലഹരി, അമല്, മത്ത്.

Tip'tōe (-tō'), *n.* (കാല്)വിരലററം, കാലററം; 2. കന്നുകാല് (*S.*). *a.* (കാല്) വിരലിന്മേൽ നില്ക്കുന്ന, മടമ്പുയൎത്തി നില്ക്കുന്ന; 2. കന്നുന്ന, കാലററം നടക്കുന്ന; 3. പൊന്തിയ, ഉയൎന്ന, ഉയൎന്നുനില്ക്കുന്ന; 4. ജാഗ്രതയുള്ള. *ad.* മെല്ലെ, ഒച്ചപ്പെട്ടത്താതെ, നിശ്ശബ്ദമായി. *v. i.* വിരലററം നടക്കുക, വിരലൂന്നി നടക്കുക, കന്നുക (*S.*), ഏന്തി നടക്കുക, മടമ്പുയൎത്തി നടക്കുക. t.-mirth ഉല്ലാസഘോഷം, സന്തോഷാഘോഷം, പരമാനന്ദം, ആഹ്ലാദം. to be a t., t. stand a t., to be on t., to stand on t. കണ്ണും ചെവിയുമായിരിക്കുക, ശ്രദ്ധയോട് കൂടെയിരിക്കുക, കാത്ത് കൊണ്ടിരിക്കുക; ഒററക്കാലിന്മേൽ നില്ക്കുക.

Tip'top, *a.* മികവ്, മെച്ചം, മുന്തിയത്, ഒന്നാന്തരം, വിശിഷ്ടം. *a.* വിശേഷപ്പെട്ട, അതിവിശേഷമായ.

Tip'ū-la (*pl.* tip'ū-læ), *n.* വടക്ക് നോക്കി (പ്രാണി), പച്ചത്തുള്ളൻ, ദീൎഘപാത്ത് (*z*). =lar-y, *a.* ദീൎഘപാത്ത് വൎഗ്ഗത്തിൽപെട്ട (*z.*).

Ti-rāde', *n.* ആക്ഷേപപ്രസംഗം, അധിക്ഷേപഭാഷണം; 2. വായ്പട, അതിശകാരം.

Ti-rāill-eur' (ti-rāl-yẽr' *or* te-ral-yụr'), *n.* വെടിക്കാര്, കറിക്കാര് (*mil.*); 2. ചില്ലറ പടസൈന്യാംശം, ചില്ലറപ്പടപ്പടയാളി (*mil.*).

I. Tīre, *n.*, *s. a.* Tier.

II. Tīre, *n.* ചമയം, ഉടുചമയം, വസ്ത്രം; 2. തൊപ്പി, ശിരോവസ്ത്രം, തലപ്പാവ്, ത(ര)ലക്കെട്ട്; 3. (*also* tī'er) (കുട്ടികളുടെ) മുന്നാരവസ്ത്രം; 4. (വണ്ടിച്ചക്രത്തിന്റെ) പട്ട. t.-woman പരിചാരിക, ദാസി, 'ആയ'; നാടകത്തിൽ വേഷം കെട്ടിക്കൊടുക്കുന്നവൾ, അണിയിക്കുന്നവൾ, ചമയിക്കുന്നവൾ. *v. t.* ചമയിക്കുക, ഉടുക്കുക, ധരിക്കുക; 2. പട്ടവെക്കുക, —ഇടുക, —താഴ്ത്തുക. tī'ring room അണിയറ.

III. Tīre, *v. i.* ക്ഷീണിക്കുക, തളരുക; 2. ആലസ്യപ്പെടുക; 3. മുഷിയുക; 4. മടുക്കുക, ചടെക്കുക. *v. t.* ക്ഷീണിപ്പിക്കുക; 2. മുഷിപ്പിക്കുക; 3. ആലസ്യപ്പെടുത്തുക; 4. മടുപ്പിക്കുക, ചടപ്പിക്കുക. to t. out കഴയുമാറാക്കുക; മടുപ്പിക്കുക; ബുദ്ധിമുട്ടിക്കുക. tīred (tīrd), *a.* തളൎന്ന, ക്ഷീണിച്ച; കഴഞ്ഞ. tīred'ness, *n.* ക്ഷീണം, തളൎച്ച; കഴച്ചല്; ചടപ്പ്. -'sōme, *a.* ക്ഷീണിപ്പിക്കുന്ന; ബുദ്ധിമുട്ടിക്കുന്ന; മുഷിപ്പിക്കുന്ന, മുഷിച്ചല് വരുന്ന; ദുൎഘടമായ, വിഷമമുള്ള; മടുപ്പ് വരുത്തുന്ന; ആലസ്യം—. -'sōme-ly, *ad.* മുഷിച്ചല് വരത്തക്കവണ്ണം; മടുപ്പ്—. -'sōme-ness, *n.* മുഷിച്ചല്; മടുപ്പ്; ബുദ്ധിമുട്ട്.

Tīre'wọm-ȧn, Tī'riṅg-room, *s. u.* Tire II.

Tī'rō, *n.*, *s. a.* Tyro.

T-ī'ron, *n.*, *s. u.* T.

Tī-rō'ni-an, *a.* സംക്ഷിപ്തലിപി സംബന്ധിച്ച.

Tir'ra-lir-ra, *n.* പക്ഷിസ്വരം; 2. കാഹളസ്വരം; ശംഖ് വിളി.

Tir'wit, *n.* ഒര് പക്ഷി, ടിട്ടിഭം, കോയക്ഷി (*z.*). [തന്നെ.

'Tis̱ (tiz), (*contr. fr. of* it is) അത്

Ti-s̱āne', *n.*, *s. a.* Ptisan.

Tī's̱ar (tē'zar), *n.* കണ്ണാടിയുലത്തിണ.

Tis̱'ie, ='i-cal, Tis̱'ic-ky, *a.* ക്ഷയരോഗം ഉള്ള, ശ്വാസകോശരോഗം— (*med.*); *n.* ക്ഷയം, ചെമ്പരത്തിരോഗം, ശ്വാസകോശരോഗം (*med.*).

Tis̱'ri, *n.* യഹൂദന്മാരുടെ ഏഴാമത്തെ മാസം, 'തിസ്രി', സെപ്തമ്പ്ര ഒക്ടോബർ, കന്നിമാസം.

Tis'sūe (tish'ū), *n.* മിടച്ചൽപണി, മിടഞ്ഞത്, പിന്നിയത്, നെയ്യത്; 2. തുണി; 3. (മൂടുപടത്തിന്നായി ഉപയോഗിക്കുന്ന) അതിനെമ്മപ്പട്ട്, പൊൻനീരാളം; 4. ദേഹമൂലസാധനം, ഇന്ദ്രിയമൂലപദാൎത്ഥം (*biol.*); 5. ഇന്ദ്രിയം, ദേഹകരണം; 6. വല, ജാലം; 7. കൃത്രിമം, സങ്കല്പം, നിൎമ്മാണം; 8. തുടൎച്ച; 9. തുടര്, ശൃംഖല, ചങ്ങല, മാല: t. of falsehood കളവിന്മേൽ കളവ്, ഒര് കൂട്ടം കളവ്, കളവ്കോവ (കോമ്പ); t. of forgeries കള്ളാധാരക്കൂ

ട്ടം, കൃത്രിമരേഖാവലി. t.-paper (ചിത്ര രക്ഷക്കായി ഉപയോഗിക്കുന്ന) അതിനേർമ്മക്കടലാസ്, ചിത്രരക്ഷക്കടലാസ്, ചിത്രരക്ഷപത്രം. *v. t.* കോൎത്ത് കെട്ടുക, മാലയായി കെട്ടുക, മിടഞ്ഞുണ്ടാക്കുക; നെയ്യുണ്ടാക്കുക. tis'sūed (-'ūd), *a.* നീരാളം ധരിച്ച; വിചിത്രമായ; അലങ്കൃതമായ.

Tit, *n.* ചെറുകുതിര, തട്ട്കുതിര, തട്ട്; 2. (നിന്ദയായി) സ്ത്രീ, പെണ്ണ്; 3. നറുക്ക്, കഷ്ണം, തുണ്ടം; 4. ഒര് ചെറുപക്ഷി(*z.*); പാടുന്ന ഒര് പക്ഷി (*z.*). t. for tat പകരം, പകരത്തിന്ന് പകരം, പ്രതിക്രിയയായി, കൊക്കക്ക് കൊടില്, വളഞ്ഞ കത്തിക്ക് തിരിഞ്ഞ ഉറ; കൊട്ടത്തും കൊള്ളല്.

Tī'tan, Tī-tan'ic, *a.* ദാനവനായ, ദൈത്യനായ, രാക്ഷസനായ (*myth.*); 2. ഏററവും വലിയ, ബ്രഹ്മാണ്ഡമായ, ഭീമമായ, ബീഭത്സമായ.

I. Tī-tan'ic, *a.*, *s. u.* Titan.

II. Tī-tan'ic, *a.*, *s. u.* Titanium.

Tī-tā'ni-um, *n.* ഒര് മൂലധാതുപദാൎത്ഥം, 'തൈത്താനിയം'. =tan'ic, *a.* 'തൈത്താനിയം' സംബന്ധിച്ച; —ഉള്ള. =tan-if'ĕr-ŏus, *a.* 'തൈത്താനി'യോല്പാദകമായ. tī-tan-it'ic, *a.* 'തൈത്താനിയം ഉള്ള, 'തൈത്താന്യ'.

Tit'bit, *n.*, *s. a.* Tidbit.

Tīthe, *n.* പത്താം അംശം, പത്താലൊന്ന്; 2. ദശാംശം, ദശമാംശം, പതാരം; 3. പള്ളിവരി, സഭാവരി, മതാൎത്ഥവീതം, ധൎമ്മാൎത്ഥവീതം; 4. ചെറിയ അംശം, ഓഹരി. t.-commissioner ധൎമ്മാൎത്ഥവീതനിൎണ്ണയകൻ. great t.s, predial t.s ഭൂമിയുല്പന്നാദായപതാരം, വൻപതാരം. mixed t s മൃഗോല്പന്നാദായ—. personal t.s പ്രവൃത്തിയുല്പന്നാദായ—. small t.s പ്രവൃത്തിയുല്പന്നാദായ—, മൃഗോല്പന്നാദായ—. *v. t.* ദശാംശംപിരിക്കുക, പതാരം ചുമത്തുക; 2. പതാരം കൊടുക്കുക. *v. i.* ദശാംശം കൊടുക്കുക. tī'tha-ble, *a.* പതാരം കൊടുക്കത്തക്ക, ദശാംശാൎഹമായ; ദശാംശാൎഹതയുള്ള. tī'thĕr, *n.* പതാരം വാങ്ങുന്നവൻ; —കൊടുക്കുന്നവൻ. tī'thing, *n.* ദശാംശം വാങ്ങൽ; പതാരം; (ഒര് ഗ്രാമക്കാരുടെ നല്ലനടപ്പിന്ന് വേണ്ടി സൎക്കാരിലേക്ക് ജാമ്യംനില്ക്കുന്ന) ദശോത്തരവാദികൾ (*O. Eng. l.*). t.g-man ദശോത്തരവാദിത്തലവൻ, മുഖ്യസ്ഥൻ (*O. Eng. l.*); സമാധാനപരിപാലകൻ, 'പോലീസ്സുകാര്' (*l.*); പള്ളിമുഖ്യസ്ഥൻ.

Tī-thon'ic, *a.* (രസായന)പരിണാമകരരശ്മി സംബന്ധിച്ച. =thō-nic'i-ty, *n.* രസായനപരിണാമകത്വം. =thō-nō-graph'ic, *a.*, *s. a.* Photographic. =nom'e-tĕr, *n.* രസായനപരിണാമമാപനയന്ത്രം.

Tī'tī, *n.*, *s. a.* Teetee.

Tit'il-lāte, *v. t.* & *i.* കിക്കിളിയാക്കുക; 2. മൂക്കിലിട്ട് തിരിക്കുക. =lā'tiŏn, *n.* കിക്കിളിയാക്കൽ; കിക്കിളി, കിറിണി (*S.*); സന്തോഷം, ചിരി. =la-tive, *a.* കിക്കിളിയുള്ള; കിക്കിളിയാക്കുന്ന.

Tī'tle, *n.* മേലെഴുത്ത്, തലവാചകം, തലക്കെട്ട് (*S.*); 2. മുഖപത്രം; 3. പേര്, നാമം, നാമധേയം; 4. പുസ്തകമുതുക്; 5. ധൎമ്മശാസ്ത്രാദ്ധ്യായം; നിയമഭാഗം; 6. സ്ഥാനപ്പേര്, അഭിധാനം, പദവി; 7. അവകാശം (*l.*); 8. ആധാരം, രേഖ, ലക്ഷ്യം, കരണം (*l.*); 9. സഭ. t.-deeds ആധാരം, രേഖ (*l.*). t.-page (പുസ്തകത്തിന്റെ) തലവാചകക്കടലാസ്സ്, പേർവിവരക്കടലാസ്സ്, മുഖപത്രം. *v. t.* പേര് വിളിക്കുക, —ഇടുക, നാമധേയം കല്പിക്കുക. tī'tled (tī'tld), *a.* പേരുള്ള, പേരായ; സ്ഥാനം ഉള്ള, പദവി—. -less, *a.* പേരില്ലാത്ത; സ്ഥാനമില്ലാത്ത; സാമാന്യമായ; അവകാശമില്ലാത്ത. tit'ū-lar, *a.* പേര് മാത്രമുള്ള; പേര് മാത്രമായ, (അധികാരവും മററുമില്ലാതെ) സ്ഥാനപ്പേര് മാത്രമുള്ള. t.r bishop (ഇപ്പോൾ ഇല്ലാത്ത ഒര് സഭയുടെ പേര് ചേൎത്ത് പറയുന്ന) നാമസഭാദ്ധ്യക്ഷൻ (*R. C.*). tit'ū-lar, tit'ū-lar-y, *n.* സ്ഥാനപ്പേരുള്ളവൻ, സ്ഥാനപ്പേര് മാത്രമുള്ളവൻ. tit-ū-lar'i-ty, *n.* നാമമാത്രസ്ഥാനം, നാമമാത്രത്വം. tit'ū-lar-ly, *ad.* പേരിന്ന് മാത്രം, നാമമാത്രമായി; വെറുംസ്ഥാനമായി. tit'ū-lar-y, *a.* സ്ഥാനപ്പേരായ; പേര് മാത്രമുള്ള; സ്ഥാനസംബന്ധമായ.

Tit'lĕr, *n.* പഞ്ചസാരക്കട്ട, (വെല്ലത്തിൻെറ) ആണി.

Tit'ling, Tit'lēne, *n.* കരികില്, അടക്കാപ്പക്ഷി (*z.*); 2. ഉണക്ക്മത്സ്യം, ഉണക്ക്മീൻ.

Tit'mouse (*pl.* tit'mīce), Tit'mal, Tit, Tom'tit, Tit'ti-mouse, *n.* പാട്ടന്ന ഒര്പക്ഷി (*z.*).

Tī'trāte, *v. t.* വിയോഗിക്കുക, വിഗ്രഹിക്കുക; 2. വീൎയ്യം നിൎണ്ണയിക്കുക (*ch.*). =ted, *a.* വീൎയ്യനിൎണ്ണയം ഉള്ള, പ്രമാണവീൎയ്യം— (*ch.*). =trā'tiŏn, *n.* വിഗ്രഹിക്കൽ, വിയോജനം; വിയുക്തദ്രവ്യം (*ch.*).

I. Tit'tĕr, *v. i.* ചിരിക്കുക, അമുക്കിച്ചിരിക്കുക, വിങ്ങിച്ചിരിക്കുക, കല്യങ്ങിച്ചിരിക്കുക. *n.* ചിരി, കല്യങ്ങിച്ചിരി.

II. Tit'tĕr, Tēet'ĕr, Tit'tĕr-tot-tĕr, *s. a.* Seesaw.

Tit'ti-mouse, *n.*, *s. a.* Titmouse.

Tit'tle, *n.* പുള്ളി, വിസൎഗ്ഗം, വിന്ദു, വള്ളി; 2. അണു, അല്പം, ലവം, ലേശം, അണുമാത്രം, അണുവോളം.

Tit'tle-tat-tle, *n.* വെടിപറയൽ, നിസ്സാരസംസാരം, നേരമ്പോക്ക്, വായാട്ടം, പാഴ്വാക്ക്; 2. വെടിപറയുന്നവൻ, വായാടി, വൎത്തമാനക്കാരൻ. *v. i.* വെടിപറയുക, കശാപിശാ—, തുമ്പില്ലാതെ സംസാരിക്കുക; ചിലെക്കുക.

Tit'ty, *n.* ചെറുമുല; 2. മുലഞെട്ടി, മുലക്കണ്ണ്.

Tit'ū-bāte, *v. i.* ആട്ടുക, അങ്ങോട്ടും ഇങ്ങോട്ടും ഇളകുക; 2. ഇടറിവീഴുക, ഇടറുക. =bā'tiŏn, *n.* ആട്ടൽ, ഉരുട്ടൽ; ആട്ടം, ചാഞ്ചാട്ടം; ഇടറിവീഴൽ.

Tit'ū-lar, Tit-ū-lar'i-ty, Tit'ū-lar-y, *etc.*, *s. u.* Title.

Tiv'y, *ad.* അതിവേഗം, ശീഘ്രമായി, ഝടിതിയായി (*hunt.*).

Tmē'sis(mē'sis), *n.* അന്തരാഗമം(*gr.*).

Tŏ, *prep.* . . . . നു, ന്ന്, . . . . കു, ക്ക്: I gave it t. him ഞാൻ അത് അവന്ന്കൊടുത്തു; he gave it t. the child അവൻ അത് ആ കുട്ടിക്ക് കൊടുത്തു; 2. . . . . ഓട്: he said t. him അവൻ അവനോട് പറഞ്ഞു; 3. . . . . ക്ക്, . . . . ലേക്ക്, . . . . ഏക്ക്: he went t. Calicut അവൻ കോഴിക്കോട്ടേക്ക് പോയി; 4. അടുക്കൽ, മുമ്പാകെ: come t. me എൻെറ അടുക്കൽ വാ; they went t. the king അവർ രാജാവിൻെറ മുമ്പകെ ചെന്നു; 5. . . . . ഓടുള്ള, നേരെയുള്ള: our duty t. God ദൈവത്തോട് നമുക്കുള്ള മുറ; our duty t. our parents നമുടെ മാതാപിതാക്കന്മാരോടുള്ള മുറ; a dislike t. liquor മദ്യത്തോടുള്ള വെറുപ്പ്; 6. . . . . ആൻ, . . . . വേണ്ടതിന്ന്, . . . . ന്നത്: good t. eat തിന്മാൻ നന്ന്; he is ready t. go അവൻ പോകുവാൻ ഒരുക്കമുണ്ട്, പോകേണ്ടതിന്ന് അവൻ ഒരുങ്ങിനില്ക്കുന്നു; it is bad t. tell lies കളവ്പറയുന്നത് ചീത്തയാകുന്നു; 7. . . . ഓളം, . . . . വരെ, . . . പൎയ്യന്തം: they met us t. the number of 300 മുന്നൂറോളം പേര് ഞങ്ങളെ എതിരേററു; he can count t. ten അവന്ന് പത്തുവരെ എണ്ണുവാൻ കഴിയും; 8. ആകത്തക്കവണ്ണം, . . . . അതിലേക്ക്: he engaged in a war t. his cost അവന്ന് ദോഷം വരത്തക്കവണ്ണം (അവൻെറ കാലക്കേടിന്ന്) അവൻ ഒര് യുദ്ധത്തിൽ ചെന്ന്പെട്ടു; factions exist t. the prejudice of the state രാജ്യത്തിന്ന് ദൂഷ്യം വരത്തക്കവണ്ണമുള്ള കക്ഷിവഴക്കുണ്ട്; 9. നേക്ക്നേരെ, അഭിമുഖമായി, അടുത്തടുത്ത്: hand-t.-hand fight മെയ്യോട്മെയ്യായ യുദ്ധം, അടുത്തുള്ള പോര്; they stood face t. face അവര് അഭിമുഖമായി നിന്നു; 10. യോജിച്ച, പററിയ, ഹിതമായ: an occupation t. his taste അവന്ന് ഹിതമായ പ്രവൃത്തി; a husband t. her mind അവളുടെ ഇഷ്ടത്തിന്നൊത്ത ഭൎത്താവ്; 11. . . . . ഓട് ഒത്ത്നോക്കിയാൽ, എങ്ങിനെയോ അങ്ങിനെ: three is t. nine as nine is t. twenty-seven മൂന്ന് ഒമ്പതിന്ന് എങ്ങിനെയോ അങ്ങിനെയാകുന്നു ഒമ്പത് ഇരുപത്തേഴിന്ന്; all that they did was piety t. this ഇതിനോട് ഒത്ത് നോക്കിയാൽ അവർ ചെയ്തതൊ

ക്കയും സുകൃതമാണെന്ന് പറയേണം; 12. യോജിപ്പായി: she danced t. the music വാദ്യത്തിന്ന് യോജിച്ച് അവൾ നൃത്തംചെയ്തു; 13. അതോട് കൂടെ, ഒന്നിച്ച്, ഓ. . . .ഉം, കൂടെ: wisdom he has, and t. wisdom courage അവന്ന് ബുദ്ധിയുണ്ട് ബുദ്ധിയോട്കൂടെ ധൈര്യവുമുണ്ട്. t.-day ഇന്ന്, ഇന്ന് പകല്. t.-morrow നാളെ. t.-night ഇന്ന് വൈകന്നേരം, ഇന്ന് രാത്രി, ഈ രാത്രി. t. and again, t. and fro അങ്ങോട്ടും ഇങ്ങോട്ടും, മുമ്പോട്ടും വഴിയോട്ടും; അങ്ങോട്ടും ഇങ്ങോട്ടും നടക്കൽ. t. the face മുഖത്ത് നോക്കി, കണ്ണിന്റെ മുമ്പാകെ. t. wit എന്ന് വെച്ചാൽ, അതായത്, അതാവിത്.

Tōad (tōd), *n.* പേക്കാന്തവള (*N.*), പേക്കത്തവള (*S.*), വിഷത്തവള, ചൊറിത്തവള (*N.*), കുട്ടത്തിത്തവള (*S.*), ഭേകം (*z.*). t.-eater പേക്കനെ തിന്നി; മുഖസ്തുതിക്കാരൻ, സേവക്കാരൻ, പാദപൂജകൻ. t.-fish കടത്തവള (*z.*). t.-flax ഒര് പൂച്ചെടി (*b.*). t.-head ഒര് പക്ഷി (*z.*). t.-stone ഒര് വക പാറ; —കല്ല്, ഒര് വക രത്നം. t.-stool പേക്കൂണ്, പേക്കൂന് (*S.*), പേക്കുമില്, ഭ്രാന്തൻകുമില് (*b.*). -'let, *n.* കുട്ടിത്തവള, ചെറുതവള. -'y, *n.* മുഖസ്തുതിക്കാരൻ, പാദപൂജകൻ; മൂധേവി, തറക്കാരത്തി; പട്ടപെണ്ണ്. *v. t.* സേവിച്ച്കൂടുക, ആശ്രയിച്ച്നില്ക്കുക. -'y-ism, *n.* നീചസേവ, പാദപൂജ.

Tōast (tōst), *v. t.* (കോതമ്പപ്പം തീയിൽ കാച്ചി) ഉണക്കുക, ചുടുക, കരിക്കുക, തീയിൽ കാച്ചുക; 2. ചൂടാക്കുക, ചൂട് പിടിപ്പിക്കുക; 3. മംഗലാത്ഥം കുടിക്കുക, ബഹുമാനാത്ഥം കുടിക്കുക, സ്വസ്തി ചൊല്ലി കുടിക്കുക. *n.* ഉണക്കിയ കോതമ്പപ്പം, ചുട്ട—, കരിച്ച—, 'റോസ്റ്റ്'; 2. കാച്ചി(പാലിൽ)കുതിർത്ത അപ്പം; 3. അഭിവാദ്യപാനം; 4. പാനാഭിവന്ദ്യസ്ത്രീ, പാനാഭിവന്ദിത; 5. പാനാഭിവന്ദിതൻ, മംഗലാശംസിതൻ; മംഗലാശംസിതകാര്യം, പുകഴ്ച്ചിക്ഷയം. t.-rack അപ്പപ്പൊളിത്തട്ട്. t.-master മംഗളാശംസകൻ, സ്വസ്തിവാദി, മദ്യവാഴ്ത്തി. t.-water (കോതമ്പപ്പം കരിച്ചിട്ട) അപ്പവെള്ളം, അപ്പനീര്, 'റോസ്റ്റ്' വെള്ളം. -'ĕr, *n.* മംഗളാശംസകൻ, മദ്യാഭിവന്ദകൻ, സ്വസ്തിവാദി; (തീയിൽ കാച്ചുവാൻ അപ്പപ്പൊളി കൊരുന്ന) അപ്പക്കോല്, കാച്ച്കോല്. -'ing, *a.* അപ്പം കാച്ചുന്ന. t.g fork കാച്ച്മുപ്പല്ലി, കാച്ച്പല്ലി, കാച്ച്മുള്ള്.

Tōat (tōt), *n.* ചിപ്പുളിക്കൂട് (*carp.*).

Tō-bac'cō, *n.* പുകയില, ധൂപപത്രം, തമ്പാക്ക്; 2. പുകയിലച്ചെടി (*b.*). t.-box തിരണ്ടിമത്സ്യം (*z.*). t.-camphor പുകയിലസത്ത്, പുകയിലവിഷം (*ch.*). t.-man പുകയിലക്കച്ചവടക്കാരൻ, ചുരുട്ട്കച്ചവടക്കാരൻ. t.-pipe ചുങ്കാൻ, ചുങ്കാണി, തൊണ്ടുകുഴലും, 'പയിപ്പ്'. -nist, *n.* പുകയിലക്കച്ചവടക്കാരൻ; പുകയിലകൃഷിക്കാരൻ.

Tō'bine (-bin), *n.* കട്ടിപ്പട്ടുതുണി.

Tō'bit, *n.* (വേദപുസ്തകത്തിലെ) തൃക്തഗ്രന്ഥങ്ങളിൽ ഒന്ന്, തൊബീത്തിന്റെ പുസ്തകം.

Tō-bog'gan, Tō-bō'gan, Tar'bō-gan, *n.* (ഹിമച്ചരിവുകളിൽ ഊരി ഓടി കളിപ്പാൻ ഉപയോഗിക്കുന്ന) വഴുക്കത്തോണി; 2. ഒര് വക ഹിമവണ്ടി. *v. i.* വഴുക്കത്തോണിയിൽ കയറി മലമുകളിൽനിന്ന്) ഊരിക്കിഴിയുക, വഴുതിയിറങ്ങുക. -ĕr, -ist, *n.* വഴുക്കത്തോണിയഭ്യാസി, വഴുക്കത്തോണിക്കളിക്കാരൻ.

Toc-cä'ta, *n.* ഒര് വക വിശിഷ്ട സംഗീതം (*mus.*).

Toch'ĕr (tok'ĕr), *n.* (മണവാട്ടിക്ക് വിവാഹസമയം അവളുടെ വീട്ട്കാര് കൊടുക്കുന്ന) സ്ത്രീധനം (*Scot.*).

Tock'āy, *n.* പുള്ളിപ്പല്ലി (*z.*).

Tō'cō, *n.*, *s. a.* Toucan.

Tō-col'ō-ġy, Tō-kol'ō-ġy, *n.* സൂതികവൈദ്യശാസ്ത്രം, പ്രസൂതികവൈദ്യശാസ്ത്രം; പ്രസവശാസ്ത്രം (*med.*); 2. പേറ്റിവിദ്യ (*med.*). [—നാദം.

Toc'sin, *n.* ആപൽസൂചകമണിയടി;

**Tod,** *n.* കററിക്കാട്, മുൾപടപ്പ്, പടർകാട്; 2. (28 റാത്തലുള്ള) ആട്ടുരോമത്തൂക്കം; 3. കുറുക്കൻ, കുറുനരി (*z.*).

**Tō-dāy,** *n.*, *s. u.* To.

**Tod'dle,** *v. i.* പിച്ചനടക്കുക, പിച്ചം നടക്കുക. *n.* പിച്ചനടത്തം. **tod'dlĕr,** *n.* പിച്ചനടക്കുന്നവൻ, ഉണ്ണി, കുട്ടി.

**Tod'dy,** *n.* കള്ള്, മദ്യം, 2. (റാക്കും ചൂടുവെള്ളവും പഞ്ചസാരയും ചേൎന്ന) ചാരായപ്പാനകം, മധുരറാക്ക്. **t.-cat** കല്ലുണ്ണി, കള്ളുണ്ണി, കള്ളുതിന്നി (*z.*).

**Tō-dō',** *n.* ബഹളം, അമളി, തിരക്ക്, കലാപം, ലഹള.

**Tōe** (tō), *n.* കാൽവിരല്, പാദാംഗുഷ്ഠം, പാദാംഗുലം (*an.*); 2. കുളമ്പിന്റെ മുൻഭാഗം (*z.*); 3. ചെരിപ്പിന്റെ മുൻഭാഗം. **great t.** കാലിന്റെ പെരുവിരല്, കാലിന്റെ ചുണ്ട് (*N.*). *v. t.* കാൽവിരല്കൊണ്ട് തൊടുക; 2. എത്തുക. *v. i.* കാൽവിരല് വെക്കുക. **to t. in** രണ്ട് കാലിന്റെയും മടമ്പ് അകത്തി നില്ക്കുക. **to t. out** മടമ്പ് രണ്ടും അടുപ്പിച്ച് നില്ക്കുക. **tōed** (tōd), *a.* കാൽവിരലുള്ള.

**Tō-fall',** *n.* ചരിവ് (*ad.*).

**Tof'fēe, Tof'fy,** *n.*, *s. a.* Taffy.

**Toft,** *n.* മരത്തോപ്പ്; 2. മൈതാനം; 3. പഴയ പുരത്തറ. **t.-man** തോപ്പുടമ.

**Tō'fus,** *n.*, *s. a.* Tophus.

**Tō'ga** (*pl.* tō'gæ), *n.* (പുരാതന റോമനിവാസികളുടെ) മേലാട, മേലങ്കി. ='**gā-ted, tō'ged,** *a.* അങ്കിയിട്ട.

**Tō-geth'ĕr,** *a.* ഒന്നിച്ച്, ഒരുമിച്ച്, കൂടെ; സഹ; 2. തമ്മിൽ ഇണച്ച്, കൂട്ടി; 3. യോജിച്ച്. **t. with . . . .** ഉം കൂടെ, കൂട, . . . . ഓട്കൂട. **three days t.** തുടൎച്ചയായി മൂന്ന് ദിവസം, ഇടവിടാതെ മൂന്ന് ദിവസം.

**Tog'gĕr-y,** *n.* ഉടുചമയം, ചമയം, ഉടുപ്പ്, വേഷം.

**Tog'gle, Tog'gel** (-gl), *n.* (കമ്പകുടുക്കുന്ന) മരയാണി. **t.-iron** കൊക്കച്ചാട്ടുളി, ആണിച്ചാട്ടുളി. **t.-joint** മുട്ടേപ്പ്.

I. **Toil,** *n.* വല, കണി, കെണി, കുടുക്ക്, ജാലം.

II. **Toil,** *v. i.* അദ്ധ്വാനിക്കുക, പാട്പെടുക, നയിക്കുക, പ്രവൃത്തിക്കുക, പ്രയത്നം ചെയ്യുക, പണിയെടുക്കുക, വേല ചെയ്യുക, യത്നിക്കുക, കഷ്ടപ്പെടുക, ദേഹദണ്ഡം ചെയ്യുക. *v. t.* (out) നയിക്കുക, പണി ചെയ്യുക. *n.* അദ്ധ്വാനം, പണി, വേല, പ്രവൃത്തി, നയിപ്പ്, പ്രയത്നം, ദേഹദണ്ഡം, കഷ്ടപ്പാട്. **-'ĕr,** *n.* അദ്ധ്വാനിക്കുന്നവൻ, നയിക്കുന്നവൻ, നയിപ്പ്കാരൻ, ദേഹദണ്ഡക്കാരൻ. **-'fụl,** *a.* അദ്ധ്വാനമേറിയ, നയിപ്പുള്ള, വിഷമമുള്ള. **-'less,** *a.* അദ്ധ്വാനമില്ലാത്ത. **-'sōme,** *a.* അദ്ധ്വാനമേറിയ, ക്ഷീണിപ്പിക്കുന്ന, വിഷമമുള്ള, പ്രയാസമുള്ള. **-'sōme-ly,** *ad.* പ്രയാസേന, പ്രയാസത്തോടെ. **-'sōme-ness,** *n.* അദ്ധ്വാനം, പാട്, പ്രയാസം; ക്ഷീണം.

**Toil'et,** *n.* മേശത്തുണി, മേശവിരിപ്പ്, മേശപ്പുടം; 2. (ഉടുക്കേണ്ടുന്ന ഉടുപ്പ് വെക്കുന്ന) വസ്ത്രമേശ; 3. (*also* **toil-ette',** *pr.* -et') ഉടുത്ത്ചമയൽ; ചമയവിധം; ചമയം, വസ്ത്രം. **t.-glass** (വസ്ത്രമേശമേൽ വെക്കുന്ന) വലിയ മുഖക്കണ്ണാടി, ദൎപ്പണം. **t.-service, t.-set** (ഉടുക്കുന്ന മുറിയിൽ മുഖം കഴുകുവാനും മററും ആവശ്യമായി വെക്കുന്ന) ചമയോപയോഗ പാത്രങ്ങൾ. **t.-table** ചമയമേശ. **to make one's t.** ഉടുത്ത്ചമയുക, ചമയുക, വെടിപ്പിൽ ഉടുക്കുക, മോടിയായി ഉടുക്കുക.

**Toil-ette',** *n.*, *s. a.* Toilet.

**Toil'fụl,** *a.*, *s. u.* Toil II.

**Toil-i-nette'** (-net'), *n.* (പാവ് നൂലും പട്ടും ഊട രോമവും ആയ) പട്ട്രോമത്തുണി.

**Toil'less, Toil'sōme,** *etc.*, *s. u.* [Toil II.

**Toise,** *n.* (ഏകദേശം 6½ ജാതിയടിയുള്ള) ഒര് പരന്ത്രീസ് നീളയളവ്.

**Tō-kāy',** *n.* ഒര് വക വെള്ളമുന്തിരിപ്പഴം (*b.*); 2. വിശേഷമായ ഒര് വീഞ്ഞ്.

**Tō'ken** (tō'kn), *n.* അടയാളം, ചിഹ്നം, കുറി, സംജ്ഞ; 2. സ്നേഹചിഹ്നം, സ്മാരകം,

ഓൎമ്മസാധനം; 3. ലക്ഷ്യം, അധികാരലക്ഷ്യം; 4. സ്വകാൎയ്യനാണ്യം; 5. (സൎക്കാരുടെ) പ്രത്യേക നാണ്യം; 6. (അച്ച് പതിച്ച 250 പായി കടലാസ്സ് കൂടിയ) അച്ച് പത്രക്കെട്ട് (*print.*); 7. (സ്കോച്ച് സഭയിൽ തിരുവത്താഴത്തിൽ ചേരുന്നവൎക്ക് മുമ്പ് കൂട്ടി കൊടുക്കുന്ന) ചിഹ്നമുദ്ര; 8. ഖനിക്കുറിപ്പ് (*ming.*). t.-money (ലോഹവിലയിലധികം വിലയുള്ള) നാണ്യപ്പണം. t.-sheet (അച്ച് പത്രക്കെട്ടിലെ) അവസാനക്കടലാസ് (*print.*). -less, *a.* അടയാളമില്ലാത്ത, ചിഹ്നരഹിതമായ.

Tōl, Tōll, *v. t.* എടുത്ത് കളയുക, നീക്കുക; അസാധുവാക്കുക, ദുൎബ്ബലപ്പെടുത്തുക (*l.*).

Tō'la, *n.* (150 ഗ്രെയിൻ തൂക്കമായ) ഒരുറുപ്പികത്തൂക്കം, "തോല".

Tōl'booth, *n.*, *s. u.* Toll IV.

Tōld, *pt. and p. p. of* Tell.

Tōle, Tōll, *v. t.* ആകൎഷിക്കുക, വശീകരിക്കുക.

Tō-lē'dō, *n.* മെച്ചം വാളലക്, നല്ല ഒരു ജാതി വാള്.

Tol'ĕr-a-ble, *a.* സഹിപ്പാൻ കഴിയുന്ന, സഹിക്കാകുന്ന, സഹ്യമായ, പൊറുക്കാവുന്ന; 2. മദ്ധ്യമമായ, തരക്കേടില്ലാത്ത, ഒട്ട് കൊള്ളാകുന്ന, സാമാന്യമായ, മോശമില്ലാത്ത. =bil'i-ty, -ness, *n.* സഹനീയത്വം; മദ്ധ്യമത്വം, തരക്കേടില്ലായ്മ. =bly, *ad.* പൊറുക്കത്തക്കവണ്ണം, സഹനീയമായി; ഒട്ടൊക്കെ, ഏതാനും, തരക്കേടില്ലാതെ. =ance, *n.* സഹിഷ്ണുത, പൊറുമ, സഹനശക്തി, സഹനശീലം; വൈപരീത്യസഹിഷ്ണുത, എതിരഭിപ്രായപ്പൊറുമ, പരമതദ്വേഷരഹിതത്വം; (നിത്യപെരുമാററത്താൽ വിഷകരൌഷധങ്ങളാലുള്ള) ഹാനിരഹിതത്വം. t.e of the mint നാണ്യഭേദം; കമ്മിട്ടവാശി. ='ĕr-ant, *a.* സഹിക്കുന്ന, പൊറുമയുള്ള; വൈപരീത്യസ്ഹനമുള്ള; പരമതദ്വേഷമില്ലാത്ത. ='ĕr-āte, *v. t.* സഹിക്കുക, പൊറുക്കുക; സമ്മതിക്കുക, അനുവദിക്കുക; വിരോധിക്കാതിരിക്കുക, തടുക്കാതിരിക്കുക. =ĕr-ā'tiŏn, *n.* പൊറുക്കൽ, സഹനം; സമ്മതിക്കൽ, വിരോധിക്കാതിരിക്കൽ; പരമതസമ്മതം, പരമതദ്വേഷരഹിതത്വം, മതവൈപരീത്യസഹനം, മതസ്വാതന്ത്ര്യം.

I. Tōll, *n.*, *s. a.* Tol.

II. Tōll, *n.*, *s. a.* Tole.

III. Tōll, *v. t.* മണിയടിക്കുക, മണിമുട്ടുക; 2. മരണ(വിവരം അറിയിക്കുന്ന) മണിമുട്ടുക, ചാവ് മണി—; 3. (ആളുകൾ കൂടിവരുവാൻ) മണിയടിക്കുക. *v. i.* മണിമുട്ടുക, മണിയടിക്കുക. *n.* മണിയടിക്കൽ, മണിമുട്ടൽ; 2. മരണമണിമുട്ടൽ; ചാവ് മണി; 3. മണിനാദം, മണിശബ്ദം, മണിയൊച്ച, ഘണ്ടാനാദം. -'ĕr, *n.* മണിമുട്ടുന്നവൻ, 'കപ്യാര്' (*R. C.*).

IV. Tōll, *n.* ചുങ്കം; കടവ് (കൂലി), വരി, നികുതി; 2. ക്രയവിക്രയസ്വാതന്ത്ര്യം; 3. (ധാന്യം പൊടിച്ച് കൊടുക്കുന്നതിനുള്ള) ധാന്യക്കൂലി, പൊടിപതം. t.-bar ചുങ്കവാതില്. t.-booth, tol'booth തടവ് മുറി, തുറുങ്ക്; തടവിൽ ആക്കുക, തുറുങ്കിലിടുക. t.-bridge കൂലിയുള്ള പാലം. t.-corn കൂലിധാന്യം, പൊടിപതം. t.-dish പതമളവ് (പാത്രം). t.-gate ചുങ്കവാതില്, ചുങ്കം. t.-gatherer, t.-man ചുങ്കം പിരിക്കുന്നവൻ. t.-house ചുങ്കപ്പുര. t.-thorough (മൃഗങ്ങൾക്കുള്ള) നഗരച്ചുങ്കം (*l.*). t.-traverse (മൃഗങ്ങൾക്കുള്ള) ജന്മിച്ചുങ്കം (*l.*). t.-turn (മൃഗങ്ങൾക്കുള്ള) മടക്കച്ചുങ്കം (*l.*). t. and team ചന്തയുടമയവകാശം (*l.*). *v. i.* ചുങ്കം കൊടുക്കുക; 2. ചുങ്കം വാങ്ങുക, —പിരിക്കുക, —വസൂലാക്കുക. *v. t.* ചുങ്കം പിരിക്കുക. -'a-ble, *a.* ചുങ്കം കൊടുക്കേണ്ടുന്ന, ചുങ്കമുള്ള. -'āġe, *n.* ചുങ്കം പിരിക്കൽ; ചുങ്കം, കടവ് (കൂലി). -'ĕr, *n.* ചുങ്കം പിരിക്കുന്നവൻ, ചുങ്കക്കാരൻ.

I. Tōll'ĕr, *n.*, *s. u.* Toll III.

II. Tōll'ĕr, *n.*, *s. u.* Toll IV.

Tol'men, Dol'men, *n.* (ശവം വെപ്പാൻ ഉണ്ടാക്കിയ) കഴിക്കല്ല്.

Tōl'tec, *n.* പുരാതന മെക്സിക്കൊ നിവാസികൾ.

**Tō-lu'**, **T.-bal'sam**, *n.* ഒരു വക സാമ്പ്രാണി. **t.-tree** ഒരു വക സാമ്പ്രാണി മരം (*b.*).

**Tom'a-hawk** (-hąk), *n.* ഒരു വക വെണ്മഴു, പരശു. *v. t.* വെണ്മഴുകൊണ്ട് വെട്ടുക, —കൊല്ലുക. [ഞ്ചൻകരളു്.

**Tom'al-ley**, **Tom'al-line**, *n.* കൊ

**Tō-män'**, *n.* (ഏകദേശം 5 ഉറുപ്പികവിലക്കുള്ള) പാസിയിലെ പണക്കണക്ക്.

**Tō-mā'tō** (*or* tō-mä'tō), *n.* തക്കാളിച്ചെടി (*b.*); 2. (*also* love-apple) തക്കാളിക്കായി, തക്കാളിപ്പഴം (*b.*).

**Tömb** (töm), *n.* ശവക്കുഴി, ശവക്കല്ലറ, കല്ലറ, കവറു് (*M.*); 2. പ്രേതമണ്ഡപം, പ്രേതസ്മാരകം, ചൈത്യം. **t.-stone** കല്ലറ, ശ്മശാനസ്തംഭം, പ്രേതസ്മാരകം, ചൈത്യം. *v. t.* (ശവം) മറചെയ്യുക, അടക്കുക, കുഴിച്ചിടുക; പ്രേതമണ്ഡപത്തിൽ വെക്കുക. **-'less**, *a.* ശവക്കുഴിയില്ലാത്ത, കല്ലറയില്ലാത്ത.

**Tom'bac**, **Tom'bak**, **Tam'bac**, *n.* ഒരു വക തമ്പാക്കു്; 2. (*also* German brass, Dutch brass) (ചെമ്പും നാകവും കൂടിയ) ഓടു്; 3. (*also* Dutch metal, white t.) ഒരു വക വെള്ളോടു്. [ചി.

**Tom'boy**, *n.* തുള്ളിച്ചിപ്പെണ്ണു്, തുള്ളി

**Tom'cat**, *n.* ആൺപൂച്ച, കണ്ടൻ (*N.*), കണ്ടൻപൂച്ച.

**Tom'cod**, *n.* ഒരു വക മത്സ്യം (*z.*).

**Tōme**, *n.* പുസ്തകം, ഗ്രന്ഥം, വൻപുസ്തകം, പെരുമ്പുസ്തകം. **-'let**, *n.* ചെറുപുസ്തകം.

**Tō'men-tōse**, **=men'tŏus**, *a.* ജടകെട്ടിയ, ജടപിടിച്ച (*b.*). **=men'tum** (*pl.* **=men'ta**), *n.* ജടനാരു്, ജടവേരു് (*b.*).

**Tom'fool**, *n.* വിട്ടുവിഡ്ഢി, പട്ടുഭോഷൻ, പട്ടുമുഠാളൻ, കമലമാടൻ. **-'ẽr-y**, *n.* വിഡ്ഢിത്വം, ഭോഷത്വം, പൊട്ടത്തരം.

**Tō'mi-um** (*pl.* **tō'mi-a**), *n.* പക്ഷിക്കൊക്കിന്റെ) മൂൎച്ചയുള്ള ഭാഗം, കൊക്കുവായിത്തല, കൊക്കുമുന (*z.*).

**Tom'john** (tom'jon), *n.* ഒരു വക പല്ലക്കു്, പല്ലക്കി (*N.*), പള്ളിത്തണ്ടു്, തണ്ടു്.

**Tom'my**, *n.* (ഒരണക്കുള്ള) കോതമ്പപ്പം; 2. (പണിക്കാരു് പണിസ്ഥലത്തേക്കു് കൂടെ കൊണ്ടുപോകുന്ന) ഭക്ഷണം, ഉച്ചഭക്ഷണം, കഞ്ഞി, ഉച്ചക്കഞ്ഞി, തണ്ണിക്കുടി (*N.*); 3. (പണത്തിന്നു് പകരം വല്ല സാമാനവും കൊടുക്കുന്ന) സാമാനക്കൂലി, വല്ലി; 4. മാററക്കച്ചവടം (*P.*). **t.-master** വല്ലികൊടുക്കുന്നവൻ. **t.-shop**, **t.-store**, വല്ലിക്കളം, വല്ലിസാമാനപ്പീടിക.

**Tom'nod-dy**, *n.* ഒരു കടൽപക്ഷി (*z.*); 2. പൊട്ടൻ, ഭോഷൻ, മൂഢൻ, വിഡ്ഢി. [ച്ചൊറി (*z.*).

**Tō-mop'te-ris**, *n.* ഒരു വക കടൽ

**Tō-mor'rōw**, *ad.* & *n.*, *s. u.* **To.**

**Tom'pi-on**, *n.*, *s. a.* **Tampion.**

**Tom'pon**, *n.* (കല്ലച്ചിലെ) മഷിവടി.

**Tom'rig**, *n.* മൂവ്പ്പെണ്ണു്, തുള്ളിച്ചിപ്പെണ്ണു്, തുള്ളിച്ചി.

**Tom'tit**, *n.*, *s. a.* **Titmouse.**

**Tom'tom**, *n.*, *s. a.* **Tamtam.**

I. **Ton**, *n.* കണ്ണേമ്പാരമത്സ്യം (*z.*).

II. **Toǹ**, *n.* വഴക്കം, നടപ്പു്, രൂഢിവേഷം, വേഷസമ്പ്രദായം, മോടി, വേഷമോടി. **bon-t.** ശൃംഗാരമോടി, മോടിവേഷക്കാരു്. **-'nish**, *a.* മോടിയായ, വേഷമോടിയുള്ള. **-'nish-ness**, *n.* മോടി, ആഡംബരം, ശൃംഗാരമോടി.

III. **Tŏn**, *n.* (നാലു് കണ്ടി, ഇംഗ്ലണ്ടിൽ 2540 റാത്തലു്, അമേരിക്കയിലെ ഐക്യരാജ്യങ്ങളിൽ 2000 റാത്തലു് ഉള്ള) ഇംഗ്ലീഷ് തൂക്കം, 'തന്നു്'; 2. (കപ്പലിൽ 40 കണ്ടിയടിയുള്ള ചരക്കു്) കള്ളി 'തന്നു്'; 3. (പീപ്പകളിൽ 6 ശതത്തൂക്കം, ചാക്കിൽ 7 ശതത്തൂക്കം കൂനലിൽ 8 ശതത്തൂക്കം അപ്പം, 10 ബുഷൽ (പറ) ഉരുളക്കിഴങ്ങു്, 8 ചാക്കു് 10 പീപ്പ ധാന്യമാവു്, 40 കണ്ടിയടി തടിമരം, 50 കണ്ടിയടി പണിത്തരമരം ആയ) ഭാര'തന്നു്', (കപ്പൽ) കേവു് 'തന്നു്'. **long t.** ഇംഗ്ലീഷ്'തന്നു്'. **short t.** അമേരിക്ക'തന്നു്'. **-'nāge**, *n.* (കേവു്ചരക്കു്) ഭാരം; (ഉരുവിൽ എത്ര ചരക്കു് കയററാമെന്നുള്ള) കേവുപാടു്; കപ്പച്ചുങ്കം, നങ്കൂരപ്പണം; കപ്പൽക്കൂട്ടം, ഉരുക്കൂട്ടം.

gross t.e (ഉരുവിന്റെ) ഉൾപ്പാട്. net t.e (ഉരുവിന്റെ) കേവ്പാട്.

Tō-nal'i-ty, *n.*, *s. u.* Tone.

Tō'nāme, *n.* കൂട്ട്പേര്, മറുപേര്.

Ton'ca-bēan, *n.*, *s.a.* Tonka-bean.

Tōne, *n.* ശബ്ദം, ഒച്ച, നാദം, ധ്വനി, സ്വരം, സ്വനം; 2. ഭാവം, ചേഷ്ട, ചേഷ്ടിതം (*rhet.*); 3. നീട്ടൽ, നീട്ടിവായന, രാഗവായന; 4. സ്വരം (*mus.*): high t. ഉച്ചസ്വരം; ഉയന്നസ്വരം (*mus.*); long t. താനം (*mus.*); quarter t. ശ്രുതി (*mus.*); semi-t. അൎദ്ധസ്വരം, സ്വരാംശം (*mus.*); 5. സൌഖ്യം, ആരോഗ്യം, സ്വാസ്ഥ്യം (*med.*); 6. സംകോചകശക്തി (*phys.*); 7. മനോഭാവം, സ്വഭാവം, ശീലം; 8. താല്പൎയ്യം, പോക്ക്, ഗതി, ഉദ്ദേശം; 9. രീതി; 10. (ചിത്രങ്ങൾക്കുള്ള) ശോഭ, ഭംഗി. t.-colour സ്വരഗുണം, സ്വരവിശേഷം (*mus.*). t.-syllable സ്വരഭാര(മുള്ള) അക്ഷരം, ഗൌരവാക്ഷരം. *v. t.* നാട്യസ്വരത്തിൽ ഉച്ചരിക്കുക, നീട്ടിയുച്ചരിക്കുക; 2. സ്വരവികാരം വരുത്തുക, സ്വരപ്രത്യേകത്വം—; 3. (ചിത്രം) ഛായാഭേദം—. to t. down സ്വരം താഴ്ത്തുക (*mus.*); (വൎണ്ണം) മന്ദമാക്കുക (*paint.*); മയമാക്കുക, ശാന്തമാക്കുക, കറക്കുക. to t. up സ്വരം ഉയത്തുക, സ്വരപുഷ്ടി വരുത്തുക. tō-nal'i-ty, *n.* സ്വരപ്രമാണം (*mus.*). tōned (tōnd), *a.* സ്വരമുള്ള, സ്വരമായ. t.d paper വൎണ്ണഛായക്കടലാസ്. -'less, *a.* സ്വരമില്ലാത്ത, രാഗമില്ലാത്ത. ton'ic, *a.* സ്വരസംബന്ധമായ; സ്വരോച്ചാരണമായ, ശുദ്ധോച്ചാരണമായ (*gr.*); സ്വരവൎദ്ധകമായ (*mus.*); സുഖവൎദ്ധകമായ, ആരോഗ്യകരമായ, അഗ്നിവൎദ്ധകമായ (*med.*). *n.* ശുദ്ധോച്ചാരണാക്ഷരം, സ്വരം (*gr.*); പ്രമാണസ്വരം (*mus.*); സുഖവൎദ്ധകൌഷധം, അഗ്നിവൎദ്ധകൌഷധം (*med.*). t.c sol-fa രാഗ(ചിഹ്ന) പദപദ്ധതി, പദസ്വരഗ്രാമം. ton'ic, ton'i-cal, *a.* ധ്വനി സംബന്ധമായ. tō-nic'i-ty, tō'nus, *n.* പേശിസങ്കോചത്വം. =nom'-e-tĕr, *n.* ധ്വനിമാപനയന്ത്രം (*ph.*); കണ്ണിഴിയളവ്യന്ത്രം (*med.*). =nom'e-try, *n.* ധ്വനിമാപനം (*ph.*); കണ്ണിഴിമാപനം (*med.*). tō'nō-phant (-fant), *n.* ധ്വനിചലനദൎശിനി (*ph.*). tō'nŏus, *a.* ധാരാളം ശബ്ദമുള്ള, നല്ല ധ്വനിയുള്ള.

Ton'ga, *n.* ഒര് മൂലിക (*med.*); 2. ഒര് വക തള്ളാൽവണ്ടി.

Tongs, *n. pl.* കൊടില്, ചവണ. a pair of t.s കൊടില്.

Tŏngue (tung), *n.* നാവ്, നാക്ക്, നാ (*S.*), ജിഹ്വ, രസനാ (*an.*); 2. ഉച്ചാരണം, സംസാരം; 3. പ്രസംഗം; വാചാലത്വം, വാഗ്മിത്വം; 4. ഭാഷ; 5. വാക്ക്; 6. ഭാഷക്കാര്, ജനങ്ങൾ, രാജ്യക്കാര്; 7. (പ്രാണികളുടെ) സ്പൎശിനി (*z.*); 8. നങ്ക്, മാന്തള് (*z.*); 9. തുലാനാക്ക്; 10. (മരത്തിന്റെ) കുടുമ (*carp.*); 11. മുനമ്പ്, കൊടി, കോടി; 12. (വണ്ടിയുടെ) ഈത്ത്, ഏക്കാല്; 13. മണിനാക്ക്; 14. (പാമരത്തിന്റെ) അഗ്രഖണ്ഡം (*naut.*); 15. വാദ്യത്തകിട്, വാദ്യക്കമ്പി (*mus.*). t.-bone നാക്കെല്ല്, ജിഹ്വാസ്ഥി (*an.*). t.-shaped ജിഹ്വാകൃതിയായ. t.-tie ജിഹ്വാബന്ധം (*med.*); മിണ്ടാതാക്കുക, വായടക്കുക. t.-tied സംസാരിപ്പാൻ കഴിയാത്ത; വിക്കുള്ള, കക്കുള്ള; വാക്കില്ലാത്ത. to hold the t. മിണ്ടാതിരിക്കുക, മൌനമായിരിക്കുക, വായടക്കുക. *v. t.* പറയുക, സംസാരിക്കുക; 2. ശാസിക്കുക, ശകാരിക്കുക; 3. (നാവ് കൊണ്ട് വാദ്യത്തിൽ) സ്വരഭേദം വരുത്തുക (*mus.*); 4. കുടുമ വെച്ചിഴക്കുക (*carp.*). *v. i.* സംസാരിക്കുക, നൊടിയുക, ചിലെക്കുക; 2. (കുഴൽവാദ്യത്തിൽ) സ്വരവികാരം വരുത്തുക (*mus.*). tŏngued (tungd), *a.* നാവുള്ള. -'less, *a.* നാവില്ലാത്ത; മിണ്ടാത്ത, ഊമനായ; മൌനിയായ; വായില്ലാത്ത. -'let, *n.* ചെറിയ നാവ്. -'stĕr, *n.* സംസാരക്കാരൻ; വായാട്ടക്കാരൻ, വായ്പാടി; കഥപറയുന്നവൻ, വൎത്തമാനക്കാരൻ. tŏngu'y, tŏngue'y (tung'i), *a.* വാചാലനായ, വാഗ്മിയായ.

Ton'ic, Ton'i-cal, Tō-nic'i-ty, *etc.*, *s. u.* Tone.

Tō-nīght' (tụ-nīt'), *ad.* & *n.*, *s.u.* To.

Tō'nīte, *n.* ഒര് വക ശക്തിയുള്ള പാറമരുന്ന്.

Toṅ'ka-bēan, Toṅ'ga-b., Toṅ'quin-b., *n*. (പുകയിലപ്പൊടിയിൽ പരിമളത്തിന്ന് ചേക്കുന്ന) ഒരു കുരു (*b*.).

Ton'nāge, *n*., *s. u.* Ton III.

Ton'nish, Ton'nish-ness, *s. u.* Ton II.

Tō-nom'e-tĕr, Tō-nom'e-try, Tō'-nō-phant, Tō'nŏus, *s. u.* Tone.

Toṅ'quin-bēan, *s. a.* Toṅka-bean.

Ton'sil, *n*. കണ്ഠപിണ്ഡം (*an*.). -ar, -it'ic, -lit'ic, *a*. കണ്ഠപിണ്ഡം സംബന്ധിച്ച (*an*.). -ī'tis, -lī'tis, *n*. കണ്ഠപിണ്ഡവീക്കം, മുള്ള് (വരല്), കള്ളപ്പല്ല് (*med*.). =sil'ō-tōme, *n*. കണ്ഠപിണ്ഡച്ഛേദനശസ്ത്രം (*surg*.). -ot'ō-my, *n*. കണ്ഠപിണ്ഡഭേദനം, —ച്ഛേദനം (*surg*.).

Ton'sile, *a*. മുറിക്കാവുന്ന, ഭേദ്യമായ, ഛേദ്യമായ.

Ton'sōre, *n*. മുടികളയുന്നവൻ, ക്ഷൌരക്കാരൻ, ക്ഷുരകൻ; വിളക്കത്തുവൻ, വിളക്കത്തുനായര്, വളഞ്ചിയൻ, നാസ്യൻ, നാസികൻ, നാവുതിയൻ; കാവുതിയൻ; അമ്പട്ടൻ; ഒസ്സാൻ (*M*.). =sō'ri-al, *a*. ക്ഷുരകനെ സംബന്ധിച്ച; ക്ഷൌരം—. ton'sụre (ton'shụr), *n*. (ബോധകസ്ഥാനപ്രവേശനമായി ആദ്യം ചെയ്യുന്ന) മൂൎദ്ധാക്ഷൌരകൎമ്മം, മൂൎത്തിക്ഷൌരം; പട്ടംവെട്ടല്, പട്ടംവെട്ട് (*R. C.*); ബോധകപട്ടം ഏല്ക്കൽ (*R. C.*); (ബോധകോദ്യോഗാടയാളമായി വെച്ച് വരുന്ന) ക്ഷൌരം ചെയ്യ മൂൎദ്ധാവ്, വെട്ട്മൂൎദ്ധാവ് (*R. C.*); ചൌളം(ലം), ചൌളകൎമ്മം. ton'sụred (-shụrd), *a*. പട്ടംവെട്ടിയ, മൂൎത്തിക്ഷൌരമുള്ള; ക്ഷൌരംചെയ്യ, മുടികളഞ്ഞ; മുടികത്രിച്ച, തലനറുക്കിയ; കഷണ്ടിയായ; മൊട്ടയായ. [(കൂട്ട്)ഭീമ.

Ton-tīne' (-tēn'), *n*. വൎഷാശനദ്രവ്യ

Tō'nus, *n*., *s. u.* Tone.

Tō'ny, *n*. പൊട്ടൻ, പൊണ്ണൻ (*N*.), വിഡ്ഢി, മടയൻ.

Too, *ad*. അധികം, ഏറെ, വേണ്ടുന്നതിൽ ഏറെ, വളരെ, കണക്കിലേറ, കവിഞ്ഞ, അതി; 2. പോലെ തന്നെ, എന്ന് മാത്രമല്ല, അത് കൂടാതെ, അതോട് കൂടി, കൂട. t. too അത്യധികം, ഏററവും അധികം. he is t. proud to learn അവന്റെ ഗൎവ്വം(കൊണ്ട്) നിമിത്തം അവൻ പഠിക്കയില്ല, അവന്ന് പഠിക്കുവാൻ കഴിയാതവണ്ണം ഗൎവ്വമുണ്ട്. let those who view crime behold the vengeance t. പാതകം കാണുന്നവര് പ്രതിക്രിയയും കൂടെ കാണട്ടെ.

Tọọk, *p. t. of* Take.

Tool, *n*. ആയുധം, പണിയായുധം, പണിക്കോപ്പ്, (പണി) സാമാനം; 2. കരണം, സാമഗ്രി, ഉപകരണം; 3. (*also* machine t.) യന്ത്രോപകരണം; 4. ലഗ്നം, ചട്ടുകം, പാവ. t.-post, t.-stock (യന്ത്രത്തിൽ) കത്തിയാധാരം. t.-rest —കത്തിയാധാരക്കാല്. *v. t.* (പണിക്കോപ്പ് കൊണ്ട്) പ്രവൃത്തിക്കുക, പണിചെയ്യുക; 2. വണ്ടി ഓടിക്കുക, —ഓട്ടുക, —തെളിക്കുക. -'ing, *n*. പണിക്കോപ്പ് (കൊണ്ട് ചെയ്യു) പണി, ആയുധപ്പണി. [(*b*.).

Toon, T.-wọọd, *n*. ചുകന്നകില് മരം

Toot, *v. i.* & *t*. കുഴലൂതുക, ശംഖ് വിളിക്കുക. -'ĕr, *n*. ശംഖ് ഊതുന്നവൻ, കുഴല് വിളിക്കുന്നവൻ, ചീനി ഊതുന്നവൻ.

Tooth (*pl.* tēeth), *n*. പല്ല്, ദന്തം, ദശനം, രദനം, ദംഷ്ട്രം (*an*.); 2. അണ്ണാക്ക്; 3. രുചി, സ്വാദ്, രസം; 4. വാൾപല്ല്, പല്ല്, പല്ലുരു, യന്ത്രപ്പല്ല്; 5. (മുപ്പല്ലിയുടെ) പല്ല്, മുള്ള്; 6. (ചീപ്പിന്റെ) പല്ല്; 7. (ആന, കാണ്ടാമൃഗം മുതലായവയുടെ) കൊമ്പ് (*z*.); 8. (പന്നിയുടെ) തേററ (*z*.); 9. ഉരല്പററി; കട്ടമ, തിരുകററി, ആരുഞ്ചാല്; 10. (ആനക്കൊമ്പിനുള്ള) ചുറ. t.-ache പല്ല്കുത്ത് (അല്), പല്ല്വേദന, ദന്തശൂല, പല്ല്നോവ്. t.-bill, t.-billed pigeon ഒപി പ്രാവ് (*z*.). t.-brush പല്ല് (തുടക്കുന്ന) പല്ല്കുച്ച്, മിസ്സാക്ക് (*M*.), ദന്തശോധിനി. t.-drawer പല്ല് പറിക്കുന്നവൻ, ദന്തവൈദ്യൻ. t.-edge പല്ല് പുളിപ്പ്. t.-key ഒരു ദന്തശസ്ത്രം. t.-net ഓട് വല. t.-ornament ദന്തശൃംഗാരം (*arch*.). t.-pick, t.-picker പല്ലുകുത്തി, പല്ലുളി (*S*.); പല്ലുക്കുത്തി, പല്ല്

കോല്, പല്ലിടകുത്തി. **t.-powder** ദന്തശോധനചൂൎണ്ണം, കരി, ഉമിക്കരി. **t.-rash** പല്ലരണ, നൊണ്ണ് വീക്കം, നൊണ്ണ് പുണ്ണ് (*med.*). **t. and nail** മാന്തിയും കടിച്ചും, ഉഗ്രതയോടെ, കഴിയുംപ്രകാരം ഒക്കയും. **in the *teeth*** നേരെ, എതിരായി, മുമ്പാകെ, നേരെ വിരോധമായി. **in spite of the *teeth*** വിരോധം കൂട്ടാക്കാതെ, തടസ്ഥം—, എന്തായാലും. **to cast in the *teeth*** ധിക്കാരം പറയുക, എതിൎത്ത്—, മുഖത്ത് നോക്കി നിന്ദിക്കുക, പറഞ്ഞപമാനിക്കുക. **to show the *teeth*** പല്ലിളിക്കുക; ഭയപ്പെടുത്തുക, പേടിപ്പിക്കുക. **to the *teeth*** നേരെ വിരോധമായി, മുഖത്ത് നോക്കി. **artificial t.** വെച്ചപല്ല്, കെട്ടിയ—. **milk-*teeth*** ആദ്യത്തെ പല്ലുകൾ, കട്ടിപ്പല്ല്, ബാലദന്തം. **wisdom-*teeth*** പ്രായദന്തം, പ്രായപ്പല്ല്. **large t.** ചക്കപ്പല്ല്. **irregular t.** കൊന്ത്രമ്പല്ല്. **old age *teeth*** വൃദ്ധപ്പല്ല്. *v. t.* പല്ല് വെക്കുക; 2. പല്ല് കതക്കുക; 3. ആരങ്ങാൽ കററിയിലിടുക.

**toothed** (tötht), *a.* പല്ലുള്ള; പ്ല് പല്ലായ (*b.*). **t.d whale** ഒരു ജാതി തിമിംഗലം (*z.*). **t.d wheel** പല്ലുചക്രം. **-'ing,** *n.* പല്ല് വരൽ, പല്ല് മുളക്കൽ; പല്ലിടൽ, പല്ലിട്ട് കെട്ടൽ (*arch.*). **t.g plain** പല്ലിപ്പുളി (*carp.*). **-'less,** *a.* പല്ലില്ലാത്ത, പല്ല് കൊഴിഞ്ഞ, പല്ല് പോയ, പല്ല് കഴിഞ്ഞ, നൊണ്ണനായ. **-'let,** *n.* ചെറുപല്ല്. **-'let-ed, -'let-ted,** *a.* ചെറുപല്ലുള്ള. **-'sŏme,** *a.* സ്വാദുള്ള, രസമുള്ള, രുചികരമായ. **-'sŏme-ly,** *ad.* രുചിയോടെ. **-'sŏme-ness,** *n.* രസം, രുചി, സ്വാദ്. **-'y,** *a.* പല്ലുള്ള; പല്ലോട് കൂടിയ.

**Too-zoo',** *n.* ഒരു വക മണിപ്രാവ് (*z.*).

I. **Top,** *n.* പമ്പരം. **t.-shaped** പമ്പരാകൃതിയായ (*b.*). **t.-shell** പമ്പരശംഖ് (*z.*).

II. **Top,** *n.* മേലെയററം, അഗ്രം, തുഞ്ചം, മുന, ശിഖരം, കൊടുമുടി; 2. മേല്ഭാഗം, മുകൾഭാഗം; 3. മേല്പര, മുകന്താഴം; 4. മൂടി, അടപ്പ്, 5. അററം, അങ്ങെയററം, ശിരസ്സ്, ഉച്ചി; 6. ശ്രേഷ്ഠത, ഒന്നാംസ്ഥാനം, പ്രഥമസ്ഥാനം, പ്രാധാന്യത; 7. ശ്രേഷ്ഠൻ, പ്രമാണി, മുഖ്യസ്ഥൻ, തലവൻ; 8. മൂൎദ്ധാവ്, നെറുക; 9. കുടുമ, ശിഖ; 10. തല, തുഞ്ചം (*b.*); 11. പാമരത്തട്ട് (*naut.*); 12. (ചീവിയ) ആട്ട്രോമക്കെട്ട്; 13. അടുത്തസമയം; 14. അടുപ്പം, സാമീപ്യം; 15. (കടഞ്ഞ രത്നത്തിന്റെ) ചുററ് പാട്, രത്നച്ചുററ്, രത്നവൃത്തം; 16. (*pl.*) (മുട്ടോളം എത്തുന്ന) നീളച്ചെരിപ്പ്, സവാരിച്ചെരിപ്പ്. **t.-armour** പാമരത്തട്ട്, പാമരക്കൂട് (*naut.*). **t.-block** വലിയ ഇരിമ്പ്കപ്പി (*naut.*). **t.-boots** നീളച്ചെരിപ്പ്, സവാരിച്ചെരിപ്പ്. **t.-coat** മേല്ക്കുപ്പായം, പുറങ്കുപ്പായം. **t.-drain** (വെള്ളം) ഓവ് വെച്ച് വാക്കുക; ഓക്കീറുക, ആണികീറുക. **t.-draining** വെള്ളം വററിക്കൽ, ചതുപ്പ് മാററൽ, വെള്ളം വാക്കൽ. **t.-dress** വളം ചേക്കൽ, വളം കൂട്ടൽ, വളം ഇടൽ. **t.-dressing** വളം ഇടൽ, വളം ചേക്കൽ; മേൽവളം. **t.-gallant** (പാമരത്തിന്റെ) നടുഭാഗം; ഉയൎന്ന, ഉന്നതമായ. **t.-gallant mast** (പാമരത്തിന്റെ) നടുഭാഗം സംബന്ധിച്ച, —മൂന്നാംഖണ്ഡം—, —മൂന്നാംതട്ട്— (*naut.*). അത്യുന്നതമായ, ഉയൎന്ന; വിശിഷ്ടമായ. **t.-gallant breeze** നേരെ അടിക്കുന്ന കാററ്. **t.-hamper** (കപ്പലിന്റെ) അററത്തെ പരിമാൻകയററ് മുതലായത്. **t.-heavy** തലവണ്ണമുള്ള, മേൽഭാഗം തടിച്ച. **t.-knot** നെറുകൎത്തുവല് (*z.*); (സ്ത്രീകളുടെ) കൊണ്ട; കുടുമ; ഒരു മത്സ്യം (*z.*). **t.-light** കപ്പലിലെ മുകൾവിളക്ക്, അഗ്രദീപം. **t.-man, t.s-man** ഇടയപ്രമാണി, കാലിമൂപ്പൻ; (ഈൎച്ചക്കാരിൽ) മേലായി. **t.-mast** (പാമരത്തിന്റെ) രണ്ടാം ഖണ്ഡം, —രണ്ടാം തട്ട് (*naut.*). **t.-minnow** നല്ലവെള്ളത്തിലെ ഒരു മത്സ്യം (*z.*). **t.-piece** നെറുകത്തൊപ്പി, മൊട്ടത്തൊപ്പി. **t.-proud** മഹാഡംഭിയായ, മഹാഗൎവ്വിയായ. **t.-rope** പാമരക്കയറ്. **t.-sail** (കപ്പത്തട്ടിൽനിന്ന്) രണ്ടാം കപ്പപ്പായി. **t.-soil** മേൽമണ്ണ്, പുറമ്മണ്ണ്, അടിത്തലംമണ്ണ്. **t.-soiling** പൊരിപ്പ് നീക്കൽ. **t.-stone** തൊപ്പിക്കല്ല്; ഉത്തരക്കല്ല്.

t.-tackle പാമരക്കമ്പ (*naut.*). t.-timbers (കപ്പലിന്റെ) മണിക്കാല് (കഴിഞ്ഞുള്ള) മേല്പലകകൾ. t.-tool കൂടം, മുട്ടി, ചുററിക. t. and but പലകചാണ്ട്രിയായി ഇണെക്കൽ. *v. i.* ഉയന്നിരിക്കുക, ഉന്നതമായിരിക്കുക; 2. ശ്രേഷ്ഠമായിരിക്കുക, ശ്രേഷ്ഠതപ്പെടുക; 3. മുമ്പിടുക, മികെക്കുക; 4. വദ്ധിക്കുക, അതിക്രമിക്കുക; 5. വിശിഷ്ടമാക. *v. t.* മൂടുക, കവിയുക; 2. മുന്തുക; 3. അഗ്രേസരനാകുക, കയറുക; 4. മുകളിൽ എത്തുക; 5. തലവെട്ടുക, അററം മുറിക്കുക, തല അരിയുക; 6. വിശിഷ്ടമാക്കുക, വിശേഷമായി ചെയ്യുക; 7. ഒര് തല ഉയത്തുക, ചായിക്കുക, ചാച്ച് നിത്തുക. to t. off തീക്കുക, പൂത്തിയാക്കുക; ശൃംഗരിക്കുക, അലങ്കരിക്കുക. -'fụl, *a.* വക്കോളമുള്ള, നിറഞ്ഞ, തികഞ്ഞ, പരിപൂണ്ണമായ. -'less, *a.* അററമില്ലാത്ത, അററം കാണാത്ത; അത്യുന്നതമായ; അതിവിശേഷമായ; അതിരില്ലാത്ത, സീമയററ. -'mōst, *a.* അത്യുന്നതമായ, ഏററവും മേലെയുള്ള, അഗ്രത്തിലുള്ള; മുന്തിനില്ക്കുന്ന. -'pin͏g, *a.* ഉയരമുള്ള, ഉന്നതമായ; മുന്തിയ; പെരിമയുള്ള, ഭാവനാട്യമുള്ള, ഡംഭുള്ള; വിശേഷമായ; ധീരതയുള്ള. *n.* മുന്തിനില്ക്കൽ; തലവെട്ടൽ; ഒര് തല പൊക്കിവെക്കൽ, ചരിച്ച് വെക്കൽ (*naut.*). (*pl.*) ചണ്ടവറ്. t.g lift കമ്പ (*naut.*). -'ping-ly, *ad.* പെരിമയോടെ, പൊങ്ങച്ചത്തോടെ.

Tō'pärch (-pärk), *n.* പ്രമാണി, മുഖ്യസ്ഥൻ; 2. ദേശാധിപതി, ഇടപ്രഭു. -y *n.* ചെറിയ രാജ്യം; ദേശം, ഇടപ്രഭുത്വം.

Tō'pau (tō'pa), *n.* കാണ്ടാമൃഗപ്പക്ഷി (*z.*).

Tō'paz, *n.* പുഷ്പരാഗം, പുഷ്യരാഗം; പീതാശ്മം, പീതസാരം, ഗോമേദ(ക)ം (*min.*); 2. (ഒര് വക ഭംഗിയുള്ള) മൂളിപ്പക്ഷി (*z.*). =paz'ō-līte, *n.* പീതപുഷ്പരാഗം, മഞ്ഞക്കല്ല് (*min.*).

Top'-block, Top'-boots, Top'-chāin, Top'-cōat, Top'-drāin, Top'-dress, *etc.*, *s. u.* Top II.

I. Tōpe, *n.* സ്തൂപം, ബൌദ്ധപ്രേതസ്ഥാനം, ബൌദ്ധശവക്കല്ലറ.

II. Tōpe, *n.* തോപ്പ്, മരക്കൂട്ടം, തോട്ടം, കാവ്, മരക്കാവ്.

III. Tōpe, Tō'pĕr, *n.* പിള്ളസ്രാവ്, ഒര് വക ചെറിയ ചിറ:(ക്)വ് (*z.*); 2. ഒര് പക്ഷി (*z.*).

IV. Tōpe, *v. i.* മദ്യപിക്കുക, നന്നകുടിക്കുക, കുടിച്ച് ലഹരിയാക. tō'pĕr, *n.* പെരുങ്കുടിയൻ, വട്ട്സ്വാമി, മഹാമദ്യപാനി.

Top'et, *n.* ഒര് പക്ഷി (*z.*).

Top'fụl, Top'gal-lant, *s. u.* Top II.

Toph, Tō'phin (-fin), *n.* ചാണക്കല്ല്, കച്ചിക്കല്ല് (*min.*). tō-phā'ceŏus (-fā'shus), *a.* കക്കശമായ, പരുപരുത്ത, തരിതരിയായ; മണലുള്ള; കല്ലുള്ള. tō'-phus (*pl.* tō'phī), tō'fus, *n.* കല്ലിപ്പ്, അസ്ഥിമുഴ, അസ്ഥിവീക്കം (*med.*).

Top'-hamp-ĕr, Top'-heav-y, *s. u.* Top II.

Tō'phet (tō'fet), Tō'pheth (-feth), *n.* (യരുശലേമിൽ ഉണ്ടായിരുന്ന ഒര്) വലിയ ശ്മശാനസ്ഥലം; 2. ചുടല, ചുടുകാട്; 3. കുപ്പക്കുഴി; 4. നരകം.

Tō'phin (to'fin), Tō'phus (*pl.* tō'-phī), Tō'fus, *s. u.* Toph.

Top'i-ar-y, =ā'ri-an, *a.* ശൃംഗാരത്തോട്ടം സംബന്ധിച്ച, ഉദ്യാന സംബന്ധമായ; 2. (ചെടികൾ) നറുക്കി ഭംഗിയാക്കിയ, കത്രിച്ച് രൂപമാക്കിയ. t.y work ശൃംഗാരത്തോട്ടപ്പണി.

Top'ic, *n.* വാദന്യായം, തക്കസൂത്രം (*rhet. and log.*); 2. (*pl.*) തക്കശാസ്ത്രം; 3. (*pl.*) വിഷയം, സംഗതി, പ്രസ്താവം; 4. പ്രകരണം; 5. വറുകഴമ്പ്; 'പ്ലാസ്ത്രി', ലേപനം, വടിക്കുന്ന മരുന്ന് (*med.*). top'ic, top'i-cal, *a.* സ്ഥലം സംബന്ധിച്ച, സ്ഥലത്തുള്ള, പ്രത്യേകസ്ഥലത്തുള്ള; ക്ലിപ്തമായ; (ദേഹത്തിൽ) വടിപ്പാനുള്ള, —വെപ്പാനുള്ള (*med.*); വാദന്യായം സംബന്ധിച്ച (*rhet.*); തക്കശാസ്ത്രാനുസാരമായ(*log.*); സംഭവ്യാവസ്ഥാവാദമായ(*log.*). -'i-cal-ly, *ad.* —വാദമായി, പ്രത്യേകസ്ഥലം സംബന്ധിച്ച; —വിഷയം—.

**Top′-knot, Top′less, Top′-līght, Top′man, Top′mast, Top′mōst,** *s. u.* Top II.

**Tō-pog′ra-phy** (-fi), *n.* സ്ഥലവൎണ്ണനം, ദേശവിവരം, സ്ഥലവൎണ്ണനശാസ്ത്രം. **=phĕr** (-fĕr), **=phist** (-fist), *n.* —ശാസ്ത്രി; ദേശവൎണ്ണി. **top-ō-graph′ie, =graph′-i-eal** (-graf-), *a.* സ്ഥലവൎണ്ണനം സംബന്ധിച്ച, ദേശവൎണ്ണനശാസ്ത്രം—. **t.l map** ഭൂസ്ഥിതിപടം, ദേശപടം. **t.l survey-ing** ഭൂസ്ഥിതിമാപനം. **=graph′i-eal-ly,** *ad.* ദേശവൎണ്ണനയായി. **=pol′ō-gy,** *n.* (വല്ല വിവരവും ഓൎമ്മയിൽ ഉറക്കത്തക്കവണ്ണം അത് വല്ല സ്ഥലത്തോട് ചേൎത്ത് പറയുന്നതായ) സ്ഥലസംബന്ധജ്ഞാപകവിദ്യ; —പദ്ധതി. **=pon′ō-my,** *n.* സ്ഥിതിവിവരം; വഴിവിവരം.

**Top′piece, Top′ping,** *etc., s. u.* Top II.

**Top′ple,** *v. i.* മുമ്പോട്ട് വീഴുക, മറിഞ്ഞ്—, മറിഞ്ഞ് കെട്ടി—, ഇടിഞ്ഞ്—; പൊളിഞ്ഞ്—. *v. t.* മറിച്ചിടുക, ഉരുട്ടിയിടുക, തള്ളിയിടുക, ഉന്തിയിടുക.

**Top′-proud, Top′-rōpe, Top′-sāil,** *s. u.* Top II.

**Tops-and-bot′toms,** *n. pl.* (രണ്ടായി മുറിച്ച് അടുപ്പിൽവെച്ച് കാച്ചിയ) ഉണക്കപ്പം.

**Top′-shāped** (-′shāpt), **Top′-shell,** *s. u.* Top I.

**Tops′man, Top′soil, Top′soil-ing, Top′stōne,** *s. u.* Top II.

**Top′sy-tur-vy** (-tĕr-vi), *ad.* തല കീഴായി, കീഴ്മേലായി, അകടവികടമായി, വിപൎയ്യസ്തമായി.

**Top′-tae-kle, Top′-tim-bĕrs, Top′-tool,** *s. u.* Top II.

**Tōque** (tōk), **Tō-quet′** (tō-kā′), *n.* ഒരു മാതിരി തൊപ്പി; 2. ഒരു വക കരണ്ട് (*z.*).

**Tor,** *n.* ഗോപുരം; 2. കൂൎച്ചക്കുന്ന്; 3. കൂൎച്ചൻപാറ.

**Tore,** *n., s. a.* Torque.

**Torch,** *n.* ചൂട്ട; ചൂട്ട്, ഉൽക, ദീപിക, പന്തം, 'ദീപട്ടി', കോ(ൽ)ത്തിരി. **t.-bearer** ചൂട്ട പിടിക്കുന്നവൻ. **t.-light** ചൂട്ടവെളിച്ചം; പന്തം കത്തിച്ചുള്ള. **t.-wood** (ചൂട്ടക്ക് പററിയ) ഒരു വക മരം (*b.*).

**Tor′chon lāce** (tor′shon), *n.* ഒരു വക താണ പിന്നൽനാട, —'ലേസ്'.

I. **Tōre,** *p. t. of* Tear.

II. **Tōre,** *n.* (പുല്ലരിഞ്ഞ) കററി, പുല്ലുററി, പുൽത്തണ്ട്.

III. **Tōre,** *n., s. a.* Torus.

IV. **Tōre,** *n.* വളയം (*geom.*); 2. വളയപിണ്ഡം (*geom.*).

**Tōre-a-dō′re,** *n.* (സ്പാന്യരാജ്യത്തിൽ കാളകളോട് അങ്കം കറക്കുന്ന) ശൂരിപ്പൊയിത്തുകാരൻ, കാളപ്പോരാളി.

**Tō-reū′tie,** *a.* പൊന്തക്കൊത്ത് പണിയായ; 2. (ലോഹ) പ്രതിമക്കൊത്ത് സംബന്ധിച്ച; 3. ലോഹക്കൊത്ത് പണിയായ. **=reū-ma-tog′ra-phy** (-fi), **=reū-ma-tol′ō-gy,** *n.* ലോഹപ്രതിമക്കൊത്ത് വിദ്യ; —ശാസ്ത്രം.

**Tor′ment,** *n.* അതിവേദന, മഹാ—, ഉഗ്ര—, യാതന; 2. പീഡ, ദണ്ഡം, ബാധ, ഭൂതോപദ്രവം; 3. അരിഷ്ടത, കഷ്ടപ്പാട്, പങ്കപ്പാട്. **=ment′,** *v. t.* ഉപദ്രവിക്കുക, ഏററവും വേദനപ്പെടുത്തുക, കഷ്ടപ്പെടുത്തുക; 2. പീഡിപ്പിക്കുക; 3. അസഹ്യപ്പെടുത്തുക, ബുദ്ധിമുട്ടിക്കുക, അലമ്പലാക്കുക, അലോസരപ്പെടുത്തുക; 4. പരിഭ്രമിപ്പിക്കുക, സംഭ്രമിപ്പിക്കുക്, ഇളക്കുക. **-′ĕr, -′ŏr,** *n.* പീഡിപ്പിക്കുന്നവൻ, പീഡകൻ, ബാധകൻ, ഉപദ്രവി. **-′ful,** *a.* ഉഗ്രവേദന ആയ, പീഡ—; കഠിനം—, ഉഗ്രം—, കൊടൂരം—. **-′ing,** *a.* പീഡിപ്പിക്കുന്ന, ഉപദ്രവിക്കുന്ന. **-′ing-ly,** *ad.* ബാധയായി, ഉപദ്രവമായി; വേദനപ്പെടുത്തിക്കൊണ്ട്. **-′ŏr,** *n.* ഒരു വക പല്ലിത്തടി (*agr.*). **-′ress,** *n.* ഉപദ്രവക്കാരത്തി, ബുദ്ധിമുട്ടിക്കുന്നവൾ. **tor′mi-na,** *n. pl.* ഉദരശൂല, ആന്ത്രശൂല, ശൂലവേദന (*med.*). **tor′-mi-nōus,** *a.* ശൂലനോവുള്ള, വയറ്കടിയുള്ള (*med.*).

Tōrn, *p. p. of* Tear.

Tor-nā'dō, *n.* ചുഴലിക്കാററ്, കൊട്ടക്കാററ്, കോള്, 'തൂപ്പാൻ'.

Tō-rōse', Tō'rŏus, Tō'ru̥-lōse, Tō'ru̥-lŏus, *a.* മുഴമുഴയായ (*b.*). =ros'i-ty, *n.* പരുപരുപ്പ്, കന്നം കഴിയും; മുഴയുള്ള സ്ഥിതി.

Tor-pē'dō, *n.* തരിപ്പൻതിരണ്ടി, മിന്നൽതിരണ്ടി (*z.*); 2. കപ്പൽതുരങ്കം, നൌനാശകയന്ത്രം, നൌനാശകപ്പടക് (*naut.*); 3. വെടിപ്പൊട്ടുണ്ട, സൈന്യനാശകയന്ത്രം, ഗ്രന്ഥനാശകയന്ത്രം (*mil.*); 4. ആപൽചിഹ്നയുണ്ട; 5. എണ്ണഖനിയുണ്ട; 6. ഏറ് ചടകം, ഏറ് പടക്കം, 'പൊട്ടാസ്'. t.-boat നൌനാശകപ്പടക്. t.-destroyer (നൌനാശക)യന്ത്രനാശകരപ്പടക് (*naut.*). t.-nettings നൌരക്ഷാജാലം. *v. t.* നാശകരയന്ത്രത്താൽ നശിപ്പിക്കുക. =ped'i-nŏus, *a.* തരിപ്പൻതിരണ്ടിക്കുള്ള (*z.*); നൌനാശകയന്ത്രം പോലെയുള്ള; തരിപ്പിക്കുന്ന, തരിപ്പ് വരുത്തുന്ന, മയക്കം—, ബോധം കെടുത്തുന്ന; മന്ദമായ.

Tor'pid, *a.* തരിച്ച, മരവിച്ച, വിറങ്ങലിച്ച, സ്തംഭിച്ച, സുപ്തമായ; നിശ്ചലമായ; 2. നിശ്ചേതനമായ; 3. മന്ദതയുള്ള. =pes'cence, =pid'i-ty, -ness, tor'por, *n.* തരിപ്പ്, മന്ദത, ജാഡ്യത, നിശ്ചേതനത്വം, ബോധക്ഷയം, മയക്കം, സുഷുപ്തി. =pes'cent, *a.* തരിപ്പുള്ള, വിറങ്ങലിച്ച. -ly, *ad.* തരിപ്പോടെ; സുപ്തമായി; മന്ദമായി. tor'pi-fȳ, *v. t.* സ്തംഭിപ്പിക്കുക, തരിപ്പിക്കുക, മന്ദമാക്കുക, നിശ്ചേതനമാക്കുക. tor-por-if'ic, *a.* തരിപ്പ് വരുത്തുന്ന, സ്തംഭിപ്പിക്കുന്ന.

Tor'por, -if'ic, *s. u.* Torpid.

Torque (tork), *n.* (കഴുത്തിലിടുന്ന) ചുററച്ചങ്ങല, മാല, പട്ട, എണ്ണച്ചരട്; 2. ഇരുബലം; 3. പിരിബലം; 4. തിരിച്ചൽ, തിരിക്കൽ, ചുററിത്തിരിയൽ, ചുഴററൽ. tor'quāte (-kāt), *a.* കഴുത്തിന്ന് (ചുററും) വരയുള്ള (*z.*). tor'quā-ted, *a.* മാല ഇട്ട, മാലധരിച്ച. torqued (torkt), *a.* പിരിച്ച; വളച്ച് വെച്ച. tor'quēs (tor'kwēz), *n.* (കഴുത്തിന്ന് ചുററും വേറെ നിറത്തിലുള്ള) വര, പട്ട, മാല.

Tor're-fȳ, *v. t.* (തീയിൽ) ഉണക്കുക, വറക്കുക; 2. ലോഹായിര് വറക്കുക. =fac'tiŏn, *n.* വറുക്കൽ.

Tor'rent, *n.* പ്രവാഹം, വെള്ളച്ചാട്ടം; മലവെള്ളം; 2. ആധിക്യം, പെരുപ്പം, ഉഗ്രത. *a.* കുത്തിയൊലിക്കുന്ന, പ്രവഹിക്കുന്ന; 2. പ്രവാഹമായ. =ren'tial (-shal), =ren'tine, *a.* പ്രവാഹം സംബന്ധിച്ച; പ്രവാഹത്താലുള്ള.

Tor-ri-cel'li-an (-chel'li-), *a.* ററാറിസ്സെല്ലി എന്ന തത്വജ്ഞൻ കണ്ട് പിടിച്ച. t. tube (മേലെ അടഞ്ഞതും അടി തുറന്നതും ആയി 30 അംഗുലത്തിൽ കറയാതെ നീളമുള്ള) കണ്ണാടിക്കുഴല്, വായുഘനമാപകക്കുഴല്. t. vacuum (വായുഘനമാപകക്കുഴലിലെ) വായുരിക്തത (*ph.*).

Tor'rid, *a.* വരണ്ട, ഉണങ്ങിയ, ഉഷ്ണമുള്ള; 2. ചുട്ട്കത്തുന്ന, വേവുന്ന, അത്യുഷ്ണമായ. t. zone ഉഷ്ണക്കച്ച (*geog.*). =rid'i-ty, -ness, *n.* അത്യുഷ്ണം, വൻചൂട്. [ര.

Tor'ril, *n.* നീചസ്ത്രീ; 2. പൊട്ടക്കുതി

Tor'rŏck, *n.* കടൽക്കാക്ക (*z.*).

Tor'sal, *n.*, *s. a.* Torsel.

Tōrse, *n.* പുഷ്പലതാമാല (*her.*); 2. വികാസനീയവിതാനം (*geom.*).

Tor'sel, Tor'sal, *n.* താങ്ങ്പലക, അടിപ്പലക (*arch.*).

Tor'siŏn (-shun), *n.* പിരിക്കൽ; 2. പിരി; 3. പിരിയുടയൽ; പിരിയുടവ് ശക്തി. t.-balance ശക്തിദശ്കസൂക്ഷ്മയന്ത്രം (*ph.*). t.-scale സൂക്ഷ്മത്തുലാസ്. angle of t. സൂക്ഷ്മകോണം (*geom.*). moment of t. പിരിബലം. tor-si-bil'i-ty, *n.* പിരിയുടയൽ, പിരിയുടവ്. -al, *a.* പിരി സംബന്ധിച്ച; പിരിയുടവായ.

Torsk, *n.* ഒര് മത്സ്യം (*z.*).

Tor'sō, *n.* (തലയും കൈകാലുകളും പോകയുള്ള) ഉടല്, (ഹസ്തപാദരഹിത) കബന്ധം; 2. കബന്ധപ്രതിമ.

**Tort**, *n.* (അദാലത്ത് വ്യവഹാരത്താൽ നഷ്ടംവെച്ച് കിട്ടാകുന്ന ദോഹം ഉപദ്രവം കയ്യേററം മുതലായ) കടിലപ്രവൃത്തി, നഷ്ടബാദ്ധ്യതപ്രവൃത്തി (*l.*); 2. കടിലനഷ്ടവ്യവഹാരം (*l.*). **t.-feasor** കടിലപ്രവൎത്തകൻ, നഷ്ടപ്രവൎത്തകൻ, കയ്യേററക്കാരൻ (*l.*). *a.* വലിഞ്ഞ് നില്ക്കുന്ന, വലിഞ്ഞ, മുറുകിയ, മുറുക്കമുള്ള. **tor'tious** (-shus), *a.* കടിലപ്രവൃത്തി ആയ, നഷ്ടബാദ്ധ്യതപ്രവൃത്തി—, കടിലപ്രവൃത്തി സംബന്ധിച്ച. **tor'tious-ly**, *ad.* കടിലപ്രവൃത്തിയായി, നഷ്ടബാദ്ധ്യതപ്രവൃത്തിയായി. **tor'tive**, *a.* പിരിച്ച, പിരിയുള്ള; പിണെച്ച, പിണെഞ്ഞ.

**Tor'ta**, *n.* (നനവുള്ള) വെള്ളിയയിര് (*ming.*).

**Tor'teau** (tor'tō), *n.* (*pl.* **tor'teaus**, *pr.* -tōz) ധൂമ്രഖേടം; രക്തവൃത്തം (*her.*).

**Tor'ti-col-lis**, *n.* കഴുത്തുളുക്ക്, പിരടിയുളുക്ക് (*med.*).

**Tor'tile**, *a.* പിരിച്ച, പിണെച്ച, വളച്ച് വെച്ച. **=til'i-ty**, *n.* പിരി, വളവ്, പിണെച്ചല്.

**Tor-til'la** (-tēl'ya), *n.* ചോളപ്പത്തിരി, ചോളപ്പത്തല് (*M.*), ചോളബോളി (*N.*). [Tort.

**Tor'tious** (-shus), **-ly**, **='tive**, *s. u.*

**Tor'toise** (tor'tis, -tiz, *or* -tus), *n.* ആമ, കൂൎമ്മം, കച്ഛപം; കാരാമ, വെള്ളാമ (*z.*). **t.-shell** ആമത്തോട്.

**Tor'tō-lous**, *a.* അവിടവിടെ കെട്ടുള്ള, കെട്ട് വീണ.

**Tor'trix**, *n.* ഒര് വക പാററ, ശലഭം (*z.*); 2. ഒര് വക വിഷമില്ലാത്ത പാമ്പ് (*z.*). **tor'tri-cid**, *a.* പാററ സംബന്ധിച്ച; പാററവൎഗ്ഗത്തിൽ പെട്ട (*z.*).

**Tor'tū-ous**, *a.* വളഞ്ഞ, വളവായ, വക്രമായ, പിണെഞ്ഞ, വളഞ്ഞ് പുളഞ്ഞ; 2. പരമാൎത്ഥമില്ലാത്ത, വളഞ്ഞവഴിയായ, അബദ്ധമായ, ചതിയായ. **tor'tū-ōse**, *a.* പിണെച്ച് വെച്ച, മിടച്ചലായ, ചുററയായ. **tor-tū-os'i-ty**, **-ness**, *n.* വളവ്, വക്രത. **-ly**, *ad.* വളവായി; മിടച്ചലായി.

**Tor'tūre** (*or* chur), *n.* പീഡ, വ്യഥ, അതിവേദന, യാതന; 2. ദണ്ഡം, ഭേദ്യം; 3. ഭേദ്യം ചെയ്യൽ, ഭേദ്യം ഏല്പിക്കൽ, കിട്ടി (*S.*). *v. t.* വേദനപ്പെടുത്തുക, വ്യഥപ്പെടുത്തുക, ഉപദ്രവിക്കുക, സങ്കടപ്പെടുത്തുക; 2. ഭേദ്യം ചെയ്യുക, —ഏല്പിക്കുക, കിട്ടിയിടുക (*S.*); 3. കോട്ടുക, തിരിക്കുക, അൎത്ഥം മറിച്ച് കളയുക. **tor'-tū-ra-bly**, *a.* ഉപദ്രവിക്കാകുന്ന, ഭേദ്യം ചെയ്യാകുന്ന. **tor'tū-rēr**, *n.* ഉപദ്രവി, സാഹസക്കാരൻ, പീഡകൻ, ഭേദ്യം ചെയ്യുന്നവൻ. **tor'tū-ring-ly**, *ad.* വ്യഥയായി, ബാധയായി, ഭേദ്യമായി. **tor'-tū-rous**, *a.* ഉഗ്രവേദനയുള്ള, വേദനപ്പെടുത്തുന്ന; പീഡയായ; ഭേദ്യമായ; ഭേദ്യം ചെയ്യുന്ന.

**Tor'u-la** (*pl.* **tor'u-læ**), *n.* അണുപ്രാണിക്കോമ്പ (*biol.*); 2. അരിക്കുമില്, അരിക്കുന്ന് (*b.*). **-form**, *a.* കോമ്പയായ, കോവയായ (*biol.*). [Torose.

**Tō'ru-lōse**, **Tō'ru-lous**, *s. u.*

**Tō'rus** (*pl.* **Tō'rī**), **Tōre**, *n.* മുഴ (*b.*); 2. വളര് (*arch.*).

**Tō'ry**, *n.* (രാജ്യഭരണകാൎയ്യങ്ങളിൽ) പഴമപ്രിയൻ, പൂൎവ്വസമ്പ്രദായപ്രിയൻ, പൂൎവ്വസ്ഥാപനാഭിമാനി, യഥാസ്ഥിതിരക്ഷകൻ, പൂൎവ്വസമ്പ്രദായസംരക്ഷകൻ; 2. പഴമസംരക്ഷകകക്ഷിക്കാരൻ, പൂൎവ്വസ്ഥാപനസംരക്ഷകപരിഷക്കാരൻ; യഥാസ്ഥിതികൻ, രാജപക്ഷക്കാരൻ (*pol.*). *a.* പഴമസംരക്ഷകപക്ഷം സംബന്ധിച്ച (*pol.*). **-ism**, *n.* പൂൎവ്വസ്ഥാപനസംരക്ഷകപ്രമാണം; യഥാസ്ഥിതിരക്ഷകവാദം (*pol.*).

**Toss**, *v. t.* (tossed, tost; tossed, tost) മേല്പട്ട് എറിയുക, എറിയുക; അമ്മാനം ആട്ടുക; ചാട്ടുക; 2. (തല) ഉയൎത്തുക, ചരിക്കുക; 3. പൊന്തിയും താണും ഇരിക്കുക, അലയുക, ചാഞ്ചാട്ടുക; 4. കലക്കുക, കീഴ്മേൽ മറിക്കുക, താറുമാറാക്കുക; 5. പരീക്ഷിക്കുക; 6. ഉപദ്രവിക്കുക, അസഹ്യപ്പെടുത്തുക. **t.-pot** കടിയൻ, പെരുങ്കുടിയൻ, മദ്യപാനി. **to t. off** ബദ്ധപ്പെട്ട് കടിക്കുക, കട് കടെ കടിക്കുക.

**to t. oars** തണ്ട് ഊരി കത്തനെ നിൎത്തുക. *v. i.* ഉതളുക, പിരളുക, പിരിയുക, ഞെളിയുക; 2. ചൂടാന്തരംകിട്ടുക, വേവിലാധിപ്പെടുക; 3. കടയുക; 4. അലയുക, അലഞ്ഞാടുക, ഉഴലുക. **to t. for** ത്രാസ് മറിക്കുക; പകിടയുരുട്ടുക; ദാത് കളിക്കുക; ചൂതാടുക. **to t. up** (തൎക്കമുള്ള കാൎയ്യങ്ങൾ തീൎച്ചപ്പെടുത്തേണ്ടതിലേക്ക്) നാണ്യം മേല്പട്ട് ചാടുക, നാണ്യം ചാടി തീൎച്ചപ്പെടുത്തുക; കളിനോക്കുക; ഭാഗ്യപരീക്ഷ ചെയ്യുക. *n.* ഏറ്, അമ്മാനാട്ടം; 2. (തല)കലുക്കം, ഉൽക്ഷേപണം. **-'ĕr,** *n.* എറിയുന്നവൻ; ചാട്ടുന്നവൻ, ഉൽക്ഷേപകൻ. **-'i-ly,** *ad.* ധിക്കാരത്തോടെ, അഹങ്കാരത്തോടെ, നിന്ദയോടെ. **-'ing,** *n.* ഏറ്, പ്രക്ഷേപണം, അലച്ചല്, അല; ഉരുൾച്ച, പിരൾച്ച. **-'y,** *a.* (ഗൎവ്വത്തോടെ) തലചരിക്കുന്ന, തലയാട്ടുന്ന; ഡംഭം ഉള്ള; ധിക്കാരം—, പുച്ഛം—.

**Tos'sel,** *n., s. a.* Tassel.

**Tos'sĕr, Tos'si-ly, Tos'sing, Toss'-pot, Tos'sy,** *s. u.* Toss.

**Tost,** *p. t. and p. p. of* Toss.

***Tos'tō,*** *a.* വേഗതയുള്ള, ശീഘ്രമായ (*mus.*). *piu-t.* അതിവേഗതയോടെ (*mus.*).

**Tot,** *n.* ചെറിയത്, (ഓമനയായി) ചിന്നൻ, ചെറുക്കൻ, ചെറുമി, കിടാവ്, കുഞ്ഞ് (*S.*), ഉണ്ണി, കുട്ടൻ, ചിമിട്ട്; 2. ചെറുപാനപാത്രം; 3. പൊട്ടൻ, വിഡ്ഢി. **to t. about** പിച്ചനടക്കുക; ആടിനടക്കുക. **to t. down** കുറിക്കുക, കുറിച്ചിടുക, അടയാളം വെക്കുക.

**Tō'tal,** *a.* മുഴുവനായ, പൂൎണ്ണമായ, തികവായ, തികച്ചലായ; 2. മൊത്തമായ, ആകപ്പാടെയുള്ള, ആകത്തുകയായ. **t. abstinence** മദ്യപാനപരിവൎജ്ജനം. **t. depravity** ജന്മപാപം (*theo.*). **t. eclipse** പൂൎണ്ണഗ്രഹണം (*as.*). *n.* അശേഷം, ആക, മൊത്തം, തുക, മുഴുവനും. **-'i-ty, -ness,** *n.* സമ്പൂൎണ്ണത, പൂൎണ്ണത; ആകത്തുക, മൊത്തം, പരിപൂൎണ്ണത. **-īse, -īze,** *v. t.* പൂൎണ്ണമാക്കുക, മുഴുവനാക്കുക, പരിപൂൎണ്ണമാക്കുക; ആകയിടുക, ആകത്തുകയിടുക. **-ly,** *ad.* മുഴുവനും, മുഴുവനായി, ആകപ്പാടെ, പരിപൂൎണ്ണമായി. *in tō'tō* മുഴുവനും, ആകപ്പാടെ, കേവലം, അശേഷം.

I. **Tō'te,** *v. t.* എടുത്ത് കൊണ്ട് പോക, ചുമന്ന് കൊണ്ട് പോക. [നം.

II. **Tōte,** *n.* മുച്ചൂടും, സകലതും, മുഴുവ

**Tō'tem,** *n.* (ഇന്ത്യാനർ കലചിഹ്നമായി ഉപയോഗിക്കുന്ന) പടചിത്രം. **-'ic,** *a.* കലചിഹ്നം സംബന്ധിച്ച; പ്രകൃതിയാരാധന—. **-ism,** *n.* കലചിഹ്നനടപ്പ്, —സമ്പ്രദായം; കലചിഹ്നഭക്തി; പ്രകൃതിയാരാധന. **-ist,** *n.* കലചിഹ്നവംശക്കാരൻ. **-is'tic,** *a.* കലചിഹ്നവംശം സംബന്ധിച്ച.

**T' ŏth'ĕr** (tuth'ĕr), *contr. f. of* **the other** *or* **that other,** മറേറത്.

**Tō'ti-pal-māte,** *a.* (പക്ഷി) നാല് വിരലിന്നും ചെററയുള്ള, കാൽച്ചെററയുള്ള, ജാലപാത്തായ (*z.*). **=pal-mī,** *n. pl.* ജാലപാദപ്പക്ഷിവൎഗ്ഗം, കാൽച്ചെററപ്പക്ഷിവൎഗ്ഗം (*z.*).

**Tot'tĕr,** *v. i.* വിറക്കുക, വീഴുമെന്ന് തോന്നുക, വീഴാൻപോക, ആടുക, ആഞ്ഞിപ്പോക, ചാളിപ്പോക; 2. ഉറപ്പില്ലാതെയിരിക്കുക, ഇളകുക, ചരിയുക, ചായുക; 3. ചഞ്ചലപ്പെടുക. **-ĕr,** *n.* ആടുന്നവൻ, ചാളിപ്പോകുന്നവൻ. **-ing-ly,** *ad.* ഇളകിക്കൊണ്ട്, ആടിക്കൊണ്ട്. **-y, tot'ty,** *a.* വീഴാൻ പോകുന്ന, ആടുന്ന, ഇളകുന്ന; അസ്ഥിരമായ; ചാഞ്ചാട്ടമുള്ള.

**Tot'tle,** *v. i.* ആടിനടക്കുക, ചാഞ്ചാടിനടക്കുക. **tot'tlish,** *a.* വിറയുള്ള, വീഴാൻ പോകുന്ന, ചാളിപ്പോകുന്ന; സ്ഥിരതയില്ലാത്ത; കാലുറക്കാത്ത.

**Tot'ty,** *a., s. u.* Totter.

**Tō'ty,** *n.* കപ്പല്ക്കാരൻ, ഉരുക്കാരൻ, 'കലാശി'; 2. മീൻപിടിക്കുന്നവൻ.

**Tou'can** (tu'kan), *n.* പെരുങ്കൊക്കൻ പക്ഷി (*z.*); 2. ഒര് നക്ഷത്രഗണം (*as.*). **-et,** *n.* പെരുങ്കൊക്കൻപക്ഷിക്കുട്ടി (*z.*).

**Touch** (tuch), *v. t.* തൊടുക, സ്പൎശിക്കുക; 2. തൊട്ടറിവുണ്ടാക, സ്പൎശബോധമുണ്ടാക; 3. എത്തുക, പ്രാപിക്കുക, എത്തി

ച്ചേരുക; 4. സംബന്ധിച്ചിരിക്കുക, . . . കുറിച്ചായിതിരിക്കുക; 5. പെരുമാറുക, ഇടപെടുക; 6. കയ്യിട്ടുക, അനക്കുക; 7. കൊള്ളിക്കുക, ഏശുമാറാക്കുക, മനസ്സിന്ന് തട്ടിക്കുക; 8. അലിവ് തോന്നിക്കുക, മനസ്സുരുക്കുക; 9. ലഘുവായി വരക്കുക; 10. കുറം തീൎക്കുക, നന്നാക്കുക; 11. പകരുക, പകരുമാറാക്കുക; 12. പാറുക; 13. മീട്ടുക, വാദ്യം വായിക്കുക; കഴലൂതുക, (രാഗം) പാട്ടുക; 14. പ്രേരേപിക്കുക, നിൎബ്ബന്ധിക്കുക; 15. ദോഷം ചെയ്യുക, ഉപദ്രവിക്കുക, ദ്രോഹിക്കുക; 16. തലക്കാച്ചലുണ്ടാക, ബുദ്ധിക്ക് സ്ഥിരക്കേടുണ്ടാക; 17. സ്പൎശരേഖയായിരിക്കുക (*geom.*); 18. തടവുക; തൊട്ട് സൌഖ്യപ്പെടുത്തുക. **t.-me-not** കറുമുറുച്ചക്ക (*b.*); കറുക്കൻവെള്ളരി, ഒര് വക പൊട്ടിക്ക (*b.*); മുഖാൎബ്ബുദം (*med.*). **to t. a sail** കപ്പപ്പായി (കാററ് കൊണ്ട്) കുടയുക. **to t. the wind** കാററ് പിടിച്ചോട്ടുക (*naut.*). **to t. up** കേട് തീൎക്കുക, നന്നാക്കുക, തിരുത്തി നന്നാക്കുക. *v. i.* തമ്മിൽ തൊട്ടിരിക്കുക, തൊട്ട് കിടക്കുക; 2. പിടിക്കുക; 3. തട്ടുക; 4. (on, upon) സൂചിപ്പിക്കുക, അല്പം പറയുക, തൊട്ട് പറയുക; 5. (പായി കടയത്തക്കവണ്ണം) കാററ് പിടിച്ചോട്ടുക (*naut.*). **to t. and go** കപ്പലടി നിലത്ത് ഉരഞ്ഞുംകൊണ്ട് പോക, അടി തൊട്ടെന്നും തൊട്ടില്ലെന്നും ഇരിക്കുക. **to t. at** (കപ്പല്) തുറമുഖത്ത് അല്പസമയം നില്ക്കുക, സ്ഥലത്ത് അടുക്കുക, ഏററിറക്ക് ചെയ്യുക. **to t. on, to t. upon** അല്പനേരം ചെന്നിരിക്കുക; അല്പസമയം താമസിക്കുക; അല്പമായി പ്രസ്താവിക്കുക, സൂചിപ്പിക്കുക. *n.* തൊടല്, സ്പൎശനം; 2. തൊട്ടറിവ്, സ്പൎശബോധം, സ്പൎശജ്ഞാനം, സ്പൎശേന്ദ്രിയം (*phys.*); 3. മനോവികാരശക്തി, പ്രേരകശക്തി; പ്രേരേപണം; 4. മനോനിൎബ്ബന്ധം, മനോവികാരം, മനക്ഷോഭം, ഭാവം; 5. ചുവ, ഗന്ധം, വാസന; 6. ശാസന, ആക്ഷേപം; കുത്ത്; 7. (ചിത്രം) വരക്കൽ, വര, രേഖ; 8. രൂപം, സ്വരൂപം, മുഖഭാവം, സാദൃശ്യം; 9. വാദ്യവായന, മീട്ടൽ; 10. (*pl.*) രാഗം, സംഗീതം, പാട്ട്; 11. ലേശം, അല്പം, ഛായ; 12. സൂചന, തോന്നിക്കൽ, തോന്നല്; 13. പ്രബന്ധം, ഉപന്യാസം; 14. ഉരക്കല്ല്; 15. ഉരച്ച്നോക്കൽ, മാറററിയൽ; 16. പരീക്ഷ, പരിശോധന; 17. ഗുണം, വിശേഷം, ലക്ഷണം; 18. വാദ്യവായനാരീതി (*mus.*); 19. (കാൽപന്താട്ട) കളത്തിന്റെ പുറഭാഗം; 20. കട്ടികളുടെ ഒര് കളി. **t.-box** ചക്ക് മുക്കിപ്പെട്ടി. **t.-hole** വെടിത്തുള, കറിഞ്ഞിത്തുള (*S.*). **t.-needle** മച്ചം. **t.-paper** വെടിയുപ്പ് കടലാസ്, തോക്ക് തിരിക്കടലാസ്. **t.-stone** ഉരക്കല്ല്; ഉരകല്ല്, കഷം; പരീക്ഷ. **t.-wood** പൂതലിച്ച മരം, ദ്രവരുമ്പല്, ഉണങ്ങിയ കമില്. **in t.** (കാൽപന്താട്ട) കളത്തിന്റെ പുറത്ത്. **to be in t.** തൊട്ടിരിക്കുക; അനുകൂലിക്കുക, സഹതാപം ഉണ്ടാക. **to keep t.** ഏററകാൎയ്യം നിവൃത്തിക്കുക. **to keep t. with** *or* **of** പെരുമാറുക, ഇടവാട് ചെയ്യുക, ചേൎന്നിരിക്കുക, അനുകൂലിച്ച് പ്രവൃത്തിക്കുക. **t. and go** തൊട്ടെന്നും തൊട്ടില്ലെന്നും ഉള്ള സ്ഥിതി, പ്രയാസേനയുള്ള രക്ഷ. **-'a-ble,** *a.* തൊടത്തക്ക, തൊടാവുന്ന, സ്പൎശനീയമായ. **-'a-ble-ness,** *a.* സ്പൎശനീയത്വം. **-'i-ly,** *ad.* ഇളിച്ചലോടെ, വെറുപ്പോടെ, ഈറയോടെ (*P.*), കോപത്തോടെ. **-'i-ness,** *n.* ഇളിച്ചല്, കോപം, ഈറ (*P.*), കടിച്ചെത്തൽ. **-'ing,** *a.* മനസ്സിളക്കുന്ന, മനസ്സിന്ന് തട്ടുന്ന, ദുഃഖകരമായ, പരിതാപകരമായ, ശോചനീയമായ. *prep.* സംബന്ധമായി, സംബന്ധിച്ച്, കുറിച്ച്, വിഷയമായി, പററി, തൊട്ട്, കൊണ്ട്. *n.* സ്പൎശനം, തൊടല്; സ്പൎശേന്ദ്രിയം. **-'ing-ly,** *ad.* മനസ്സിളകത്തക്കവണ്ണം, അലിവ് തോന്നത്തക്കവണ്ണം. **-'y,** *a.* ഇളിയുന്ന, ഇളിച്ചലുള്ള, മുങ്കോപമുള്ള, ഈറപിടിച്ച; തൊട്ടാവാടിയായ.

**Tough** (tuf), *a.* ഉലയുന്ന. വളയുന്ന; 2. ഉറപ്പുള്ള, കട്ടിയായ, ബലമുള്ള; 3. കഴഞ്ഞനെയുള്ള, കഴമ്പായ, മെഴുപ്പാകമായ, ഒട്ടുന്ന; പററുന്ന, പശയുള്ള; 4. കട്ടപ്പമുള്ള, കഠിനമായ, ഉഗ്രമായ; 5. വളയാത്ത, ഉലയാത്ത; 6. വഴങ്ങാത്ത, ശാഠ്യമുള്ള. **t. cake, t. pitch** കട്ടിച്ചെമ്പ്. **t. head** ഒര് വക ഇരണ്ട (*z.*). **-'en** (tuf'n), *v. i.*

& *t.* കട്ടിയാക്കുക, ഉറപ്പ് വരുത്തുക. -'ish, *a.* ഏതാനും കട്ടിയായ, സാമാന്യം ഉറപ്പുള്ള. -'ly, *ad.* ഉറപ്പായി, കട്ടപ്പമായി. -'ness, *n.* ഉലച്ചല്, ഉറപ്പ്; കട്ടി, കട്ടപ്പം.

**Tou'īte**, *n.* ഒര് പക്ഷി (*z.*).

**Töu̱-pee', Tou̱-pet'** (tu̱-pā'), *n.* ചെറുകട്ടമ, കട്ടമ, കറുള്; 2. ഒര് വക മുടിത്തൊപ്പി.

**Töu̱'pet-tit**, *n.* ഇരട്ടത്തലച്ചി (*z.*).

**Töur** (tu̱r), *n.* സഞ്ചാരം, യാത്ര, ചുററിസഞ്ചാരം; 2. 'ജമാവന്തി'; 3. ഊഴം, ഊഴപ്രവൃത്തി, ഊഴവേല. *v. i.* സഞ്ചരിക്കുക, ചുററിസഞ്ചരിക്കുക; 2. 'ജമാവന്തി'ചെയ്യുക. -'ist, *n.* യാത്രക്കാരൻ, സഞ്ചാരി, ചുററിസഞ്ചരിക്കുന്നവൻ.

**Tou-rā'eō**, *n.*, *s. a.* Turacou.

**Töur'ist**, *n.*, *s. u.* Tour.

**Töur'ma-line, Tu̱r'ma-line** (tu̱r'-ma-lin), *n.* ഒര് വക കാന്തക്കല്ല് (*min.*).

**Töurn** (tu̱rn), *n.* റാട്ട്, നൂൽചക്രം.

**Töur'na-ment** (tu̱r'na-), **Töur'ney** (tu̱r'ni), *n.* കളിപ്പട, പടക്കളി, ആയോധനക്കാഴ്ച, സാദിക്രീഡ; 2. (ചതുരംഗം മുതലായ) കളിപ്പോര്; 3. യുദ്ധം, പട. **töur'ney**, *v. i.* കളിപ്പട ചെയ്യുക; 2. ആയോധനാഭ്യാസം കാട്ടുക.

**Töur'ni-quet** (tu̱r'ni-ket), *n.* രക്തതടസ്ഥശസ്ത്രം (*surg.*).

**Töur-nois'** (tu̱r-nwä'), *n.* (6 ണ. 8 പ.ക്ക് തുല്യമായ) പൂർവ്വപരന്ത്രീസ് പണക്കണക്ക്.

**Töur-nu̱re'** (tu̱r-nu̱r'), *n.* രൂപം, ആകൃതി; 2. (സ്ത്രീകളുടെ) പാവാടവിടർത്തി, കൊട്ട.

**Touse, Touze, Tou'sel, Tou'sle**, *v. t.* & *i.* പിടിച്ച് വലിക്കുക, പിച്ചിപ്പറിക്കുക; 2. പറിച്ച് ചീന്തുക; 3. ഉപദ്രവിക്കുക, അസഹ്യപ്പെടുത്തുക. *n.* പിടിച്ച് വലിക്കൽ; 2. അലമ്പലാക്കൽ; 3. അലമ്പല്. **tou'sēr**, *n.* ഉപദ്രവി(ക്കുന്നവൻ).

I. **Tout**, *n.* (പന്തയക്കുതിരകളുടെ വിവരം) ഒറററിയുന്നവൻ; 2. കക്ഷി'ദല്ലാലി', വ്യവഹാര—. *v. i.* ഒറററിയുക; 2. കക്ഷികളെ പിടിക്കുക; വ്യവഹാര'ദല്ലാലി'യായിരിക്കുക. -'ēr, *n.* വ്യവഹാര'ദല്ലാലി'; 'ദല്ലാലി'; ഉദ്യോഗാർത്ഥി.

II. **Tout**, *v. i.*, *s. a.* Toot.

***Töut-ensem'ble*** (tu̱t-oṅ-soṅ'bl), *n.* ആകപ്പാടെയുള്ളകാഴ്ച (*f. a.*).

**Tout'ēr**, *n.*, *s. u.* Tout. I.

**Touze**, *v. t.*, *s. a.* Touse.

I. **Tōw** (tō), *n.* ചണച്ചവറ്, ചണച്ചിക്ക്; 2. പത്തിപ്പഞ്ഞ് (*med.*). **t.-head** വെളുത്ത തലമുടിയുള്ള കട്ടി. -'y, *a.* ചണച്ചവറായ; ചണച്ചവറ് പോലെയുള്ള.

II. **Tōw** (tō), *v. t.* (തോണി മുതലായ ഉരുക്കളെ വെള്ളത്തിൽ കൂടി കയറ് കെട്ടി) വലിച്ച് കൊണ്ട് പോക. *n.* (ഉരു വലിപ്പാൻ കെട്ടുന്ന) കയറ്, കമ്പ, ചങ്ങല; 2. കെട്ടിവലിക്കൽ; 3. (കമ്പകെട്ടി വലിക്കുന്ന) കപ്പല്, ഉരു, തോണി; മരത്തിരപ്പം. **t.-boat** (കയറ് കെട്ടി വലിച്ചുകൊണ്ട് പോകുന്ന) തോണി, ചീന (*N.*), വള്ളം (*S.*); (കപ്പലുകൾ വലിച്ച് കൊണ്ട് പോകുവാനുള്ള) ചെറുതിക്കപ്പല്. **t.-line, t.-rope** കയറ്, കമ്പ, ചങ്ങല. **t.-path** (ഉരു വലിച്ച് കൊണ്ട് പോകുന്നവര് കരയിൽ നടക്കുന്ന) നടവഴി, നടച്ചാല്. **to take in t.** കമ്പകെട്ടി വലിക്കുക. -'āge, *n.* കയറ് കെട്ടി വലിക്കൽ; വലിക്കൂലി.

**Tō'ward** (tō'ērd), **Tō'wards**, *prep.* . . . . ലേക്ക്, . . . . കൊള്ളെ; 2. . . . . നേരെ, . . . . ഓട്; 3. കുറിച്ച്, സംബന്ധിച്ച്, വിഷയമായി; 4. ഏകദേശം, ഏറക്കുറയ; 5. അടുക്കെ, സമീപം. *ad.* സമീപത്ത്, അടുക്കെ. *a.* സമീപിച്ച, അടുക്കെയുള്ള; 2. ഒരുക്കമുള്ള, സിദ്ധനായ, ജാഗ്രതയുള്ള; 3. കീഴ്പഴക്കമുള്ള, അനുസരണമുള്ള, വിധേയനായ, നമ്രതയുള്ള; 4. ചുറുക്കുള്ള, ധൈര്യമുള്ള, ശൌര്യമുള്ള; പിൻവാങ്ങാത്ത. -li-ness, *n.* അടക്കം, ഒരുക്കം, കീഴ്പഴക്കം, അനുസരണം. -ly, *a.* ഒരുക്കം ഉള്ള, ജാഗ്രത—; അനുസരണം—. -ness, *n.* ഒരുക്കം, ജാഗ്രത; അനുസരണം.

**Tow'-bōat** (tō'bōt), *n.*, *s. u.* Tow II.

**Tow'el,** *n.* തുവത്ത്, തോൎത്ത്, തോൎത്ത്മുണ്ട്, ഗാത്രമാൎജ്ജനി, മാൎജ്ജനവസ്ത്രം, 'തുവാല'. *v. t.* വടികൊണ്ട് അടിക്കുക. **-ing, -ling,** *n.* (വേണ്ടുന്ന നീളത്തിൽ തോൎത്താക്കി മുറിപ്പാനുള്ള) പാവ് തോൎത്ത്.

**Tow'er** (tow'r), *n.* ഗോപുരം, പ്രാസാദം; 2. മണിമാളിക, മണിഗോപുരം; 3. കൊത്തളം; 4. കോട്ട, ദുൎഗ്ഗം; 5. രക്ഷാസ്ഥലം, സങ്കേതം; 6. ഉയൎന്ന തൊപ്പി, നീളത്തൊപ്പി. *v. i.* ഉയൎന്നിരിക്കുക, ഉന്നതമായിരിക്കുക; 2. മേല്പട്ടു പറക്കുക. **=ered, =ery** (tow'rd, -ri), *a.* ഗോപുരങ്ങളുള്ള, മണിമേടകളുള്ള. **='ering** (-'ring), *a.* അത്യുന്നതമായ, ഉയരമേറിയ, ഉയൎന്നു നില്ക്കുന്ന; അതിയായ, കഠിനമായ, ഉഗ്രമായ.

**Tōw'-head** (tō'hed), *s. u.* **Tow** I.

**Tōw'-līne,** *n.*, *s. u.* **Tow** II.

**Town** *n.* പട്ടണം, നഗരം, പുരം, പുരി, നഗരി (*S.*), പത്തനം; 2. പട്ടണവാസികൾ, നഗരക്കാര്; 3. തലസ്ഥാനം, പ്രധാനപട്ടണം; 4. കളം, കളപ്പുര, കളപ്പാട്; കൃഷിസ്ഥലം, പത്തായപ്പുര, ചിറവാരി (*N.*). **t.-clerk** നഗരപ്രമാണി. **t.-crier** കിണ്ണം മുട്ടുന്നവൻ, പരസ്യം ചെയ്യുന്നവൻ. **t.-hall** നഗരമണ്ഡപം, നഗരസഭാമണ്ഡപം, 'മുൻസ്സിപ്പാലാപ്പീസ്'. **t.-house** നഗരഭവനം, പട്ടണത്തിലുള്ള വീട്. **t.-meeting** നഗരസഭ, നഗരജനസഭ. **t.-talk** നഗരപ്രസ്താവം, അങ്ങാടിവൎത്തമാനം, വൎത്തമാനം, ശ്രുതി, കിംവദന്തി. **t.s-folk, t.s-people** നഗരവാസികൾ, നഗരക്കാര്. **t.sman** നഗരവാസി, പട്ടണത്തിൽ പാൎക്കുന്നവൻ. **-'ish,** *a.* നഗരവാസികൾക്കുള്ള; നഗരംപോലെയുള്ള. **-'less,** *a.* നഗരങ്ങളില്ലാത്ത. **-'let,** *n.* ചെറുനഗരം, ചെറിയ പട്ടണം. **-'ship,** *n.* നഗരാധികാരപ്രദേശം. **-'ward, -'wards,** *ad.* പട്ടണത്തിലേക്ക്, നഗരംകൊള്ളെ.

**Tōw'-path, Tōw'-rōpe,** *n.*, *s. u.* **Tow** II.

**Tow'ṣĕr, Tow'zĕr, Tou'zĕr,** *n.* നായി, ശ്വാവ്, ശുനകൻ.

**Tōw'y** (tō'i), *a.*, *s. u.* **Tow** I.

**Tox-æ'mi-a,** *n.* രക്തവിഷരോഗം (*med.*).

**Tox'ic, ='i-cal,** *a.* വിഷം ഉള്ള; 2. —ആയ; 3. —സംബന്ധിച്ച. **='i-cant,** *n.* വിഷം, വിഷസാധനം, —ദ്രവ്യം, നഞ്ച്, നഞ്ഞ്; ലഹരിസാധനം. **=cō-log'i-cal,** *a.* വിഷശാസ്ത്രം സംബന്ധിച്ച. **=cō-log'i-cal-ly,** *ad.* —ശാസ്ത്രപ്രകാരം. **=col'ō-ġist,** *n.* വിഷശാസ്ത്രജ്ഞൻ, വിഷവൈദ്യൻ; വിഷശാസ്ത്രരചകൻ. **=col'ō-ġy,** *n.* വിഷശാസ്ത്രം; വിഷവൈദ്യം, വിഷചികിത്സ. **=cō-mā'-ni-a,** *n.* വിഷഭയരോഗം (*med.*); ലഹരിപ്രിയരോഗം (*med.*). **tox-i-phō'-bi-a** (-fō'bi-a), *n.* വിഷഭയരോഗം, വിഷഭയഭ്രാന്ത് (*med.*).

**Tox-i-phō'bi-a,** *n.*, *s. u.* **Toxic.**

**Tox'ō-don,** *n.* (ഒരു പ്രാചീന തൃണാഗ്രാസ) മഹാമൃഗം. **=don'ta, =don'tia,** *n. pl.* —മഹാമൃഗവൎഗ്ഗം.

**Tox-oph'i-līte** (-of'i-līt), *n.* ധനുൎവ്വേദപ്രിയൻ; 2. വില്ലാളി.

**Toy,** *n.* കളിക്കോപ്പ്, കളിസാധനം; 2. നിസ്സാര—, താണ—; 3. നേരമ്പോക്ക്, കളി; 4. മായാമോഹം, ഭോഷത്വം, വിഡ്ഢിത്വം; 5. സല്ലാപം, ക്രീഡ; 6. പഴങ്കഥ, പൊട്ടക്കഥ; 7. (*also* **t.-mutch**) ക്രമത്തൊപ്പി. **t.-house** കളിപ്പുര. **t.-man** കളിക്കോപ്പു വില്ക്കുന്നവൻ. **t.-shop** —പീടിക. *v. i.* കളിക്കുക, ക്രീഡിക്കുക; 2. നേരംപോക്കുക. **-'ĕr,** *n.* കളിക്കാരൻ; ഉപായി. **-'ing-ly,** *ad.* കളിയായി. **-'ish,** *a.* കളിയായ; നിസ്സാരമായ; കളിക്കോപ്പുപോലെയുള്ള. **-'ish-ly,** *ad.* കളിയായി, നേരമ്പോക്കായി. **-'ish-ness,** *n.* കളിഭാവം, നിസ്സാരത്വം. **-'sōme,** *a.* കളിഭാവമുള്ള.

**Tō'zy,** *a.* മാൎദ്ദവമായ, മയമുള്ള. **tō'-zi-ness,** *n.* മൃദുത്വം, മയം.

**Trā'be-a** (*pl.* **trā'be-æ**), *n.* (പൂൎവ്വറോമരുടെ ഇടയിൽ ഉണ്ടായിരുന്ന) ചുകപ്പങ്കി, രക്താംബരം; 2. രാജവസ്ത്രം.

**Trā'bu,** *n.*, *s. a.* **Trubu.**

I. Trāce, *n.* (വണ്ടിയോട് കതിരയെ ചേർത്തുകെട്ടുന്ന) വാറ്, 'ത്രാസ് വാറ്'.

II. Trāce, *n.* വട്ടു, അടയാളം; 2. കാൽവട്ടു, ചവിട്ടടി; 3. വഴി; 4. (*contr. f.* tr.) അല്പം, ലേശം, ഛായ (*ch.*); 5. അടയാളം, ചിഹ്നം; 6. ശേഷിപ്പ്; 7. മാതൃക, രൂപം; പടം. *v. t.* അടയാളം വെക്കുക; 2. (മേലെ)വെച്ച് വരക്കുക; 3. ചവിട്ടടിനോക്കി പിഞ്ചെല്ലുക, പോയ വഴി നോക്കി—, കാൽവട്ടു നോക്കി—; 4. പിന്തുടരുക, വഴിയെ ചെല്ലുക; 5. പകൎക്കുക, പകൎപ്പെടുക്കുക; 6. പോലെ ചെയ്യുക; 7. . . . . ൽക്കൂടി നടക്കുക, കടക്കുക. ='cea-ble (-sa-bl), *a.* പിന്തുടരാകുന്ന; കണ്ട് പിടിക്കാകുന്ന. ='cea-ble-ness, *n.* തുടരാകുന്ന സ്ഥിതി. ='cea-bly, *ad.* പിന്തുടരാകുന്നതായി. trā'cĕr, *n.* ചുവട് നോക്കിച്ചെല്ലുന്നവൻ. trā'cĕr-y, *n.* വിചിത്രജാലകകൎമ്മം, ശൃംഗാരജാലകം (*arch.*). trā'cing, *n.* വഴിനോക്കി പിഞ്ചെല്ലൽ; വഴി; വെച്ച് വരക്കൽ. t.g-cloth, t.g-paper എണ്ണക്കടലാസ്, നേൎമ്മത്തുണി, പ്രസന്നത്തുണി, പ്രസന്നക്കടലാസ്.

Tra-chē'a (*pl.* tra-chē'æ, *pr.* -kē'ē) *n.* കരൾവള, മിടർവള (*an.*); 2. ശ്വാസനാളം (*an.*). ='al, ='ar-y, *a.* ശ്വാസനാളം സംബന്ധിച്ച, കരൾവള പോലെയുള്ള.

Track, *n.* വട്ടു, അടയാളം; 2. കാൽവട്ടു, ചവിട്ടടി, കാൽച്ചുവട്; 3. വഴി, നട, ചാല്, വഴിത്താര; 4. ഗതി, പോക്ക്; 5. പന്തയക്കളം, ഓട്ടക്കളം; 6. ഇരിമ്പ് പാത, തീവണ്ടിവഴി. t.-master ഇരിമ്പ് പാതവിചാരക്കാരൻ. t.-path (ഉരു വലിക്കുന്നവര് നടക്കുന്ന) നടത്തച്ചാല്. t.-scout (ഹൊല്ലാണ്ടിലെ) ചരക്ക് വള്ളം. *v. t.* പിഞ്ചെല്ലുക, പിന്തുടരുക, കാൽവട്ടു നോക്കിച്ചെല്ലുക; നോക്കിപ്പോക; 2. (ഉരു) കയറ് കെട്ടി വലിക്കുക. -'āge, *n.* ഉരുവലിക്കൽ. -'ĕr, *n.* പിന്തുടരുന്നവൻ; നായാട്ട് നായി. -'less, *a*, വഴി ഇല്ലാത്ത, പാത—, വഴിത്താര—; ആരും നടക്കാത്ത. -'less-ly, *ad.* വഴിയില്ലാതെ, മാൎഗ്ഗമില്ലാതെ. -'less-ness, *n.* വഴിയില്ലായ്മ.

I. Tract, ='tāte, *n.* (മതസംബന്ധമായ) ചെറുപുസ്തകം, ലഘുഗ്രന്ഥം, പ്രബന്ധം. =tā'ri-an, =tā'tŏr, ='tīte, *n.* പ്രബന്ധരചകൻ; (ഇംഗ്ലിഷ് രാജ്യസഭയിലെ) ആചാരപ്രമാണവാദി. *a.* —വാദം സംബന്ധിച്ച. =tā'ri-an-ism, *n.* —വാദം. =ti'tiŏus (-tish'us), *a.* വിവരിക്കുന്ന, വൎണ്ണിക്കുന്ന, പ്രസ്താവിക്കുന്ന.

II. Tract, *n.* പ്രദേശം, ഭാഗം, ദിക്ക്; 2. കാലദീൎഘം, താമസം, കാലപ്പഴക്കം.

Trac'ta-ble, *a.* വഴങ്ങുന്ന, വഴക്കം ഉള്ള, ഒതുക്കം—, കീഴടക്കം—, മെരുക്കം—, പറഞ്ഞാൽ കേൾക്കുന്ന, അനുസരണമുള്ള, പഠിക്കുന്ന, സാധുഗുണമുള്ള. =bil'i-ty, -ness, *n.* അടക്കം, ഒതുക്കം, മെരുക്കം, സാധുത്വം. =bly, *ad.* അടക്കത്തോടെ, വിധേയമായി.

Trac-tā'ri-an, Trac'tāte, Trac-tā'tŏr, *etc.*, *s. u.* Tract I.

Trac'tile, Trac'tiŏn, *etc.*, *s. u.* Tractive.

Trac'tīte, =ti'tiŏus, *s. u.* Tract I.

Trac'tive, *a.* വലിപ്പാനുള്ള, വലിച്ച് നീട്ടുവാനുള്ള; 2. ആകൎഷിക്കുന്ന. trac'-tile (-til), *a.* വലിച്ച് നീട്ടാകുന്ന, അടിച്ച്—, തച്ച്—, പതം ഉള്ള, മയം—. =til'-i-ty, *n.* നീളുന്ന ഗുണം, പതം, മയം. trac'tiŏn, *n.* വലിച്ച് നീട്ടൽ; വലി; (വണ്ടി തോണി മുതലായത്) വലിച്ച് കൊണ്ടുപോകൽ; ഓട്ടം; ആകൎഷണം; സംഘൎഷണം, ഉരസ്സല്. t.n-engine (നിലത്ത് ഓടുന്ന) യന്ത്രവണ്ടി. trac'tŏr, *n.* വലിക്കുന്നത്; *pl.* ഒര് വൈദ്യശസ്ത്രം (*surg.*). trac'tŏr-y, trac'trix, *n.* പരിധിഭാഗം (*geom.*).

Trāde, *n.* കച്ചവടം, വ്യാപാരം, വാണിഭം, വാണിജ്യം, ക്രയവിക്രയം; മാററം, മാററക്കച്ചവടം (*P.*); 2. ഉദ്യോഗം, തൊഴില്, സൊരം, വേല, പ്രവൃത്തി, കൈത്തൊഴില്, കൈവേല; 3. വ്യാപാരവൎഗ്ഗം, കച്ചവടക്കാര്; 4. *pl.* അയനക്കാററ്, കാലക്കാററ്, പതിവുകാററ്, വിഷുവദ്വാതം; 5. ഖനിക്കുപ്പ. t.-mark ചരക്കടയാളം, വ്യാപാരമുദ്ര. t.-price കച്ചവട

(ക്കാര് തമ്മിലുള്ള) വില. t.-sale (കച്ചവടക്കാക്ക് തമ്മിലുള്ള) പുസ്തകലേലം. t.-wind (ഉഷ്ണക്കച്ചയിലും അയൽപ്രദേശങ്ങളിലും കൊല്ലം മുഴവനും ഒരേ ഭാഗത്തുനിന്ന് ഊതുന്ന) അയനക്കാററ്. t.s-folk, t.s-men, t.s-people കച്ചവടക്കാര്, പീടികക്കാര്; തൊഴില്കാര്, തൊഴിലാളികൾ. t.-union, t.s-union തൊഴിലാളിയോഗം, തൊഴില്യോഗം. t.-unionist, t.s-unionist തൊഴില്യോഗാംഗം, തൊഴില്യോഗക്കാരൻ. t.s-woman കച്ചവടക്കാരത്തി, വ്യാപാരം ചെയ്യുന്നവൾ. carrying t. (ചരക്ക് ഓരോ ദിക്കിലേക്ക് കൊണ്ടുപോകുന്ന) കടത്ത്പ്രവൃത്തി, കേവ്തൊഴില്. domestic t., home-t. നാട്ട്കച്ചവടം, സ്വദേശക്കച്ചവടം. foreign t. പരദേശക്കച്ചവടം, ഏററിറക്ക്കച്ചവടം. wholesale t. വകപ്പടിക്കച്ചവടം, പാണ്ടികശാലക്കച്ചവടം. retail t. ചില്ലറക്കച്ചവടം, പീടികക്കച്ചവടം. board of t. വ്യാപാരവിചാരകസഭ. *v. i.* കച്ചവടം ചെയ്യുക, വ്യാപാരം—, ക്രയവിക്രയം—, വാണിഭം—; 2. (with) കൊള്ളക്കൊടുക്ക—, ഇടവാട്—; 3. സംബന്ധിച്ചിരിക്കുക. *v. t.* ക്രയവിക്രയം ചെയ്യുക, കൊള്ളുക, വിലക്ക്വാങ്ങുക, വില്ക്കുക, മാററക്കച്ചവടം ചെയ്യുക. -'ful, *a.* വ്യാപാരപുഷ്ടിയുള്ള, കച്ചവടത്തിരക്കുള്ള. -'less, *a.* വ്യാപാരം ഇല്ലാത്ത, കച്ചവടം—. trā'dĕr, *n.* കച്ചവടക്കാരൻ, വ്യാപാരി; കച്ചവടക്കപ്പല്, കേവ്കപ്പല്. trā'-ding, *a.* കച്ചവടം ചെയ്യുന്ന, കച്ചവട; വ്യാപാര; വത്തക; കച്ചവടക്കാരുള്ള; നേര്കെട്ട, കൈക്കൂലിക്കാരനായ.

Tra-di'tiŏn (-dish'un), *n.* കയ്യിൽ കൊടുക്കൽ; കൈമാററം, സമപ്പണം; 2. സമ്പ്രദായം, പാരമ്പര്യം, ഐതിഹ്യം, കഥ, പുരാണം; 3. (ദൈവം സീനായ്യുവ്വതത്തിൽവെച്ച് മോശക്ക് കൊടുത്ത) വാചാധമ്മം (*theo.*); 4. (യേശുവിൻെറയും അപ്പോസ്തലന്മാരുടെയും രേഖപ്പെടുത്താത്ത) അലിഖിതപാരമ്പര്യം (*theo.*) 5. മസ്സാൽ(ല) (*M.*). T.-Sunday നഗരപ്രവേശനനാള്, കരുത്തോലപ്പെരുന്നാള് (*Chr.*). -al, -ar-y, trad'i-tive, *a.* സാമ്പ്രദായികമായ, പാരമ്പര്യമായ, പൌരാണികമായ, ഐതിഹ്യമായ; സമ്പ്രദായം പ്രമാണിക്കുന്ന, പൂവ്വാചാരശ്രദ്ധയുള്ള. -al-ism, *n.* സാമ്പ്രദായികവിശ്വാസവാദം. -al-ist, *n.* —വാദി. -al-ly, -ar-i-ly, *ad.* സമ്പ്രദായപ്രകാരം, പാരമ്പര്യമായി. -ar-y, *n.* യഹൂദ്യപാരമ്പര്യപ്രാമാണ്യവാദി. -ĕr, -ist, *n.* സമ്പ്രദായനടപ്പുകാരൻ. trad'i-tŏr, *n.* (ക്രിസ്ത്യാനിഹിംസാകാലത്ത് രക്ഷക്കായിക്കൊണ്ട് വേദപുസ്തകമോ പള്ളിസാമാനങ്ങളോ ഹിംസകന്മാക്ക് കൊടുത്ത്കളഞ്ഞ) മതവിസജ്ജകൻ, മതത്യാഗി.

Tra-dūce', *v. t.* ദൂഷിക്കുക, അപവാദം പറയുക, ദൂറ്—, ദൂഷണം—; 2. അപകീത്തിപ്പെടുത്തുക. -ment, *n.* ദൂഷണം പറയൽ; അപവാദം, ദൂറ്, ദൂഷണം. =dū'cent, *a.* നിന്ദയായ, അപവാദമായ. =dū'cĕr, *n.* ദൂഷകൻ, അപവാദി, അവദൂറ്കാരൻ, ദൂഷണക്കാരൻ. =dū'cian (-shan), *n.* ഉല്പാദനോല്പന്നദേഹിവാദി (*theo.*). =dū'cian-ism, *n.* —വാദം (*theo.*). =dū'ci-ble, *a.* അപവാദ്യമായ. =dū'cing-ly, *ad.* ദൂഷണമായി, നിന്ദയായി; ഉല്പാദനത്താൽ; വികാരമായി; അനുമാനമായി. =duc'tiŏn, *n.* ഉല്പാദനവദ്ധന, പെററ്പെരുകൽ; (ഒര് ദിക്കിൽനിന്ന് മറെറാരു ദിക്കിലേക്ക്) കൊണ്ട്പോകൽ, സ്ഥലമാററം; അനുമാനം (*log.*). =duc'tive, *a.* അനുമാനിക്കാകുന്ന; ജന്യമായ; ഉല്പാദനീയമായ.

Traf'fic, *v. i.* & *t.* (='ficked; =ficked, *pr.* -fikt) വ്യാപാരം ചെയ്യുക, ക്രയവിക്രയം—, വാങ്ങുക, വില്ക്കുക; 2. കച്ചവടത്തിൽ(പേയുക)പിഴയ്ക്കുക, പിഴഞ്ഞ്കച്ചവടം ചെയ്യുക. *n.* കച്ചവടം, വ്യാപാരം, ക്രയവിക്രയം; 2. ചരക്ക്; 3. (തീവണ്ടി തീക്കപ്പല് മുതലായതിൽ നടന്ന) കടത്ത്പ്രവൃത്തിവിവരം, കേവ്പിരിവ് (കണക്ക്). t.-return (തീവണ്ടിയിലെ) വഷാന്തരപ്പിരിവ്കണക്ക്. t.-taker കേവ്കണക്കെടുക്കുന്നവൻ. ='fick-ĕr, *n.* കച്ചവടക്കാരൻ, വത്തകൻ, വ്യാപാരി. -less, *a.* കച്ചവടമില്ലാത്ത.

**Trag'e-dy**, *n.* ശോക(പര്യവസാന)നാടകം, ദുഃഖ—, ശോകരസ—, കരുണാരസ—; 2. പരിതാപകരസംഭവം, ശോചനീയ—, പ്രാണനഷ്ട—, ശോചനീയ സംഗതി. **=ġē'di-an**, *n.* ദുഃഖനാടകരചകൻ; അഭിനയക്കാരൻ, നാടകക്കാരൻ, വേഷക്കാരൻ, വേഷം. *tra-ġē'di-enne* (-jē'di-en), *n.* നാടകക്കാരത്തി, അഭിനയക്കാരത്തി, വേഷക്കാരത്തി. **trag'ie, trag'i-eal**, *a.* ദുഃഖനാടകം സംബന്ധിച്ച, കരുണാരസനാടകം പോലെയുള്ള; നാശകരമായ, പ്രാണനഷ്ടമുള്ള; ശോചനീയം ആയ; ഭയങ്കരം—; ആപല്ക്കരം—; പരിതാപകരം—, ശോകപാരവശ്യം—. **trag'i-eal-ly**, *ad.* ആപല്ക്കരമായി, നാശകരമായി. **trag'i-eal-ness**, *n.* ഭയങ്കരത, ശോചനീയത്വം. **trag-i-com'-e-dy**, *n.* സന്തോഷസന്താപനാടകം, കരുണാരസഹാസ്യരസ—, സമ്മിശ്ര—. **trag-i-com'ic, trag-i-com'i-eal**, *a.* ശോകഹാസ്യനാടകം സംബന്ധിച്ച; സന്തോഷസന്താപസംഭവങ്ങളുള്ള. **trag-i-com'i-eal-ly**, *ad.* ദുഃഖഹാസ്യനാടകമായി, സമ്മിശ്രനാടകമായി. **trag-i-com-i-pas'tor-al**, *n.* കരുണാഹാസ്യരസഗോപകാവ്യമായ.

**Trag'ō-pan**, *n.* ഒരുവക പണ്ടാരക്കോഴി, കാട്ടുകോഴി (*z.*). **trā'gus**, *n.* ചെവിദ്വാരത്തിന്റെ മുമ്പിലുള്ള ചെന്നിക്കുററി, ചെവിക്കുടക്കുററി, ചെവിക്കുന്നി (*an.*).

**Trāil**, *v.i.* ചവിട്ടടി നോക്കി പിന്തുടരുക, —വേട്ടയാടുക; 2. ഇഴെക്കുക, വലിക്കുക, ഇഴെച്ചുവലിക്കുക; 3. തോക്ക് (വലങ്കയ്യിൽ കുഴൽ മുമ്പോട്ടാക്കി) വിലങ്ങനെ തൂക്കിപ്പിടിക്കുക (*mil.*); 4. ചവിട്ടിയമൎത്തുക, ചവിട്ടിക്കുഴെക്കുക, ഒതുക്കുക; 5. തോല്പിക്കുക, പററിക്കുക, ചെണ്ടകൊട്ടിക്കുക. *v.i.* വലിയുക, നീളുക; 2. പിന്തുടരുക, പിന്നാലെയുണ്ടാക; 3. പടരുക, പടൎന്നുകയറുക (*b.*). *n.* നടച്ചാല്, നടത്താര, ചവിട്ടടി; 2. വാട, ചൂര്, നന്നം, നപ്പ്, പിടിച്ചമണം (*S.*); 3. ഊടുവഴി; 4. വാല്, കേശപുച്ഛം; 5. (സ്ത്രീകളുടെ വസ്ത്രത്തിന്റെ) നീളത്തൊങ്ങല്; 6. പക്ഷിക്കടൽമാല, ആട്ടിന്റെ—, 'ബോട്ടി'; 7. തോല്പിക്കൽ, ചെണ്ടകൊട്ടിക്കൽ, ചതി. **t.-boards** (കപ്പലിന്റെ) നാന്ത് ചിത്രപ്പലക. **t.-net** ഓടുവല (*naut.*). **-'ėr**, *n.* ഇഴയുന്നതു്; പടരുന്നതു്; വാടനോക്കി ചെല്ലുന്നവൻ. **-'iṅg**, *a.* പടരുന്ന. **t.g-wheel** (വണ്ടിയുടെ) പിൻചക്രം.

**Trāin**, *v.t.* വലിച്ചുകൊണ്ടുപോക, ഇഴെച്ചുവലിക്കുക, ഇഴെക്കുക; 2. അഭ്യസിപ്പിക്കുക, പഠിപ്പിക്കുക, ശീലിപ്പിക്കുക; 3. 'കവാത്ത്'പഠിപ്പിക്കുക, ആയുധാഭ്യാസം ശീലിപ്പിക്കുക; 4. വണ്ടിക്കുകെട്ടി തഴക്കം വരുത്തുക, (റ)മരുക്കുക, നുകംവെച്ച് ശീലിപ്പിക്കുക, കെട്ടിശീലിപ്പിക്കുക; 5. (പൂച്ചെടി മുതലായതു് ആവശ്യമായ വിധത്തിൽ) വിചിത്രമായി പടൎത്തുക, നറുക്കി ഭംഗിയാക്കുക, ചെത്തി നന്നാക്കുക (*hort.*); 6. ലോഹഞരമ്പു് നോക്കിക്കുഴിക്കുക (*ming.*). **to t. up** പഠിപ്പിക്കുക, ശീലിപ്പിക്കുക; വളൎത്തുക. **to t. a gun** പീരങ്കി നേരെ മുമ്പോട്ടോ വഴിയോട്ടോ തിരിച്ചുവെക്കുക. *v.i.* ആയുധാഭ്യാസം ശീലിക്കുക, 'കവാത്ത്'പഠിക്കുക, —ചെയ്യുക, —എടുക്കുക; 2. ശീലിക്കുക, അഭ്യസിക്കുക; 3. ഒരുങ്ങുക. *n.* (കെണിയിൽ വേറെ പക്ഷികളെ ആകൎഷിപ്പാൻവേണ്ടി കെട്ടിനിറുത്തിയ) കെണിപ്പക്ഷി; 2. കെണി, വല, കുടുക്ക്, ജാലം; 3. (സ്ത്രീകളുടെ ഉടുപ്പിന്റെ) നിളപ്പിന്തൊങ്ങല്; 4. പക്ഷിയുടെ വാല്; 5. അകമ്പടിക്കാര്, അനുചരന്മാര്, പരിവാരം, പരിജനം; 6. തുടൎച്ച, കോവ, കോമ്പ, മാല, ആവലി, നിര, പങ്ക്തി; 7. ക്രമം, വഴി, രൂപം, പാട്, നില; 8. (ക്ലപ്തകാലത്തിന്നിടയിലുള്ള) കൈഘടികാരയടി; 9. (വെടിമരുന്നിന്റെ) വെടിത്തിരി, വഴിത്തിരി, വെടിക്കയറ് (*S.*); 10. (തീ)വണ്ടിനിര, (തീ)വണ്ടിപ്പങ്ക്തി, (തീ)വണ്ടിക്കൂട്ടം, (തീ)വണ്ടിയണി; 11. വലിയ ഹിമവണ്ടി; 12. കമ്മിട്ടരണ്ട്. **t.-band** (ലണ്ടൻപട്ടണത്തിലെ) സ്വമേധപട്ടാളം. **t.-bearer** (സ്ത്രീകളുടെ വസ്ത്രത്തിന്റെ തൊങ്ങല് താങ്ങിനടക്കുന്ന) തൊങ്ങലാള്. **t.-mile** (തീവണ്ടിച്ചെലവു് കണക്ക് കൂട്ടുന്നതിൽ ഉപയോഗിക്കുന്ന) ഓട്ടനാഴിക. **t.-oil** തിമിം

ശലനെയ്. t.-road ചെറുവണ്ടിയിരിമ്പ്പാത. t.-tackle പീരങ്കി (കയററുവാനും ഇറക്കുവാനും ഉപയോഗിക്കുന്ന) കമ്പസൂത്രം. roll-t., t. of rolls കമ്മട്ട ദണ്ഡ്യന്ത്രം. t. of artillery പീരങ്കിപ്പട്ടാളം. t. of mechanism യന്ത്രചക്രാവലി. -'a-ble, *a.* അഭ്യസിക്കാകുന്ന, ശീലിപ്പിക്കാകുന്ന; വളത്താകുന്ന. -'ĕr, *n.* പഠിപ്പിക്കുന്നവൻ, അഭ്യസിപ്പിക്കുന്നവൻ, ശീലിപ്പിക്കുന്നവൻ; ('കവാത്ത്' ശീലിക്കുന്ന) സ്വമേധപട്ടാളക്കാര്. -'iṅg, *n.* അഭ്യസിപ്പിക്കൽ, പഠിപ്പിക്കൽ; വളത്തൽ; അഭ്യാസം, വിദ്യാഭ്യാസം, പഠിപ്പ്; ശീലം. t.g college ഉപാദ്ധ്യായാഭ്യാസശാല, അദ്ധ്യാപന(ാഭ്യാസ)ശാല. t.g-day ആയുധാഭ്യാസദിവസം, 'കവാത്ത്'—. t.g-ship 'കലാശി'വേലാഭ്യാസക്കപ്പല്, അഭ്യാസക്കപ്പല്. fan-t.g (ചെടികളെ) വിശറിയാകൃതിയിൽ വളത്തൽ (*hort.*). horizontal t.g (കൊമ്പുകളെക്കയും നിലത്തിന്ന്) സമാന്തരമായി വളത്തൽ (*hort.*).

**Trāit** (trāt *or* trā), *n.* തട്ട്, ചൊട്ട്; 2. ലക്ഷണം, വിശേഷം, പ്രത്യേക ലക്ഷണം.

*Trāi-teur'* (trā-tĕr'), *n.* ചോററ്പുരക്കാരൻ, ചോറ് വെച്ച് വില്ക്കുന്നവൻ, വിട്ടുതിഗൃഹക്കാരൻ, 'ഹൊട്ടല്കാരൻ'.

**Trāi'tŏr,** *n.* രാജദ്രോഹി; രാജ്യദ്രോഹി, ദ്രോഹി; 2. ഒററിക്കൊടുക്കുന്നവൻ; 3. വിശ്വാസപാതകൻ, വിശ്വാസഘാതകൻ, വഞ്ചകൻ, ചതിയൻ. trāi'tŏr, -ŏus, *a.* ദ്രോഹി ആയ; 2. വിശ്വാസഘാതകൻ—, വഞ്ചകൻ—; 3. രാജദ്രോഹം—; 4. വിശ്വാസപാതകം—. -ŏus-ly, *ad.* രാജദ്രോഹമായി; വിശ്വാസപാതകമായി. -ŏus-ness, *n.* വിശ്വാസപാതകത്വം; രാജദ്രോഹം. -ess, ='tress, *n.* രാജദ്രോഹിണി, വിശ്വാസഘാതിനി, വഞ്ചക.

**Tra-ject',** *v. t.* എറിയുക, ചാട്ടുക, പ്രക്ഷേപിക്കുക; 2. കടത്തുക, ചെല്ലുമാറാക്കുക, ചെലുത്തുക. tra'ject, *n.* എറിയൽ, ചെലുത്തൽ; 2. ഗതിവളവ്, ഗതിവക്രത. =jec'tiŏn, *n.* ഏറ്, വീഴ്ത്തൽ; 2. സ്ഥലനം; 3. മാററം, മറിച്ചല്. =jec'-tŏr-y, *n.* ഗതിവളവ്, ഗതിവക്രത, ഗ്രഹപഥവക്രത (*as.*).

**Tral-a-ti'tiŏn** (-tish'un), *n.* രൂപകാലങ്കാരം. =ti'tiŏus (-tish'us), *a.* കടന്ന്വന്ന; പാരമ്പര്യമായ; രൂപകാലങ്കാരമായ; ഭാവാർത്ഥമുള്ള. =ti'tiŏus-ly (-tish'us-), *ad.* സാമ്പ്രദായികമായി; രൂപകമായി.

I. **Tram,** *n.* (ഇരിമ്പ്പാതകളിൽ ഓടുന്ന)ഖനിവണ്ടി; 2. (വണ്ടിയുടെ) ഈത്ത്, ഏക്കാല്; 3. (കുതിരകളെക്കൊണ്ടോ മിന്നൽശക്തികൊണ്ടോ ഒററയൊററയായി ഇരിമ്പ്പാതയിൽ ഓടുന്ന) ശീഘ്രവണ്ടി, 'ററാം'വണ്ടി; 4. ശീഘ്രവണ്ടിയിരിമ്പ്പാത. t.-car ശീഘ്രവണ്ടി, 'ററാം' വണ്ടി. t.-plate ശീഘ്രവണ്ടിയിരിമ്പ്പാത. t.-road, t.-way ശീഘ്രവണ്ടിപ്പാത, 'ററാം'പാത, 'ററാം'വഴി.

II. **Tram,** *n.* പിരിച്ച പട്ട്നൂല്, ഊടപ്പട്ട്നൂല്. -'miṅg, *n.* പട്ട്നൂല്പിരിക്കൽ.

**Tram'ble,** *v.t.* അയിരരിക്കുക (*ming.*).

**Tram'mel,** *n.* പക്ഷിവല, കെണി, കടുക്ക്, കരുക്ക്; 2. (മീൻവല), വീച്ച്വല; 3. (സ്ത്രീകളുടെ) കേശജാലം, മുടിവല; 4. (കുതിരകളെ നട ശീലിപ്പിപ്പാനുള്ള) കുച്ച്, തള; 5. ബന്ധം, പാശം, തടസ്ഥം, ബന്ധനം; 6. ഇരിമ്പ്കൊക്ക; 7. ദീർഘവൃത്ത(ംവരക്കുന്ന) സൂത്രം, നെട്ടവട്ടമയ്യലി, —മയ്യാരം (*carp.*). *v. t.* വലവെച്ച് പിടിക്കുക, വലയിലകപ്പെടുത്തുക, കടുക്കുക, കെണിക്കുക; 2. ബന്ധിക്കുക; 3. തടസ്ഥപ്പെടുത്തുക, തടുക്കുക. ='meled, ='melled (-meld), *a.* (കുതിര)കാലിന്ന് കുച്ചടയാളമുള്ള, തഴമ്പുള്ള. -ĕr, -lĕr, *n.* കെണിവെക്കുന്നവൻ; വലവീശുന്നവൻ; തടസ്ഥപ്പെടുത്തുന്നവൻ; തടസ്ഥം.

**Tram'miṅg,** *n.*, *s. u.* Tram II.

**Tra-mon'tāne,** *a.* മലക്കപ്പുറമുള്ള; 2. പരദേശമായ, അന്യരാജ്യമായ; 3. നാഗരികത്വം ഇല്ലാത്ത, പരിഷ്കാരം—, മ്ലേച്ഛമായ. *n.* മലക്കപ്പുറമുള്ളവൻ; 2. പരദേശി, അന്യരാജ്യക്കാരൻ; 3. അന്യൻ.

**Tramp**, *v. t.* ചവിട്ടുക, മെതിക്കുക; 2. ചുററിനടക്കുക, സഞ്ചരിക്കുക; 3. ചവിട്ടിത്തിരുമ്പുക. *v. i.* നടക്കുക, ചുററിനടക്കുക, സഞ്ചരിക്കുക. *n.* നടത്തം, കാൽനട; 2. കാൽനടത്തക്കാരൻ, യാത്രക്കാരൻ; 3. നാട്തെണ്ടി, പെറുക്കി, ഇരക്കുന്നവൻ; 4. കാലൊച്ച, ചവിട്ടടിശബ്ദം; 5. വേലിക്കത്തി, വേലിക്കത്രി; 6. (ചെരിപ്പിന്ന് അടിയിൽവെക്കുന്ന) ഇരിമ്പ്തകിട്. -'ĕr, *n.* നടത്തക്കാരൻ; ഉലാവുന്നവൻ; തെണ്ടി, പെറുക്കി, ഇരപ്പാളി, ആഭാസൻ. **tram'ple**, *v. t.* ചവിട്ടുക, മെതിക്കുക, ചവിട്ടിത്തേക്കുക; തുച്ഛീകരിക്കുക, നിസ്സാരമാക്കുക, പുച്ഛിക്കുക. *v. i.* ചവിട്ടിക്കുരട്ടുക, ചവിട്ടുക; (on, upon) ചവിട്ടിത്തേക്കുക; നിസ്സാരമാക്കുക. *n.* ചവിട്ടൽ; ചവിട്ട്; ചവിട്ടടിശബ്ദം. **tram'-plĕr**, *n.* ചവിട്ടുന്നവൻ, ചവിട്ടിത്തേക്കുന്നവൻ; തുച്ഛീകരിക്കുന്നവൻ. =**poose'**, *v. i.* മെല്ലെ നടക്കുക; കാലമത്തി നടക്കുക.

**Tram'rōad, Tram'wāy**, *n., s. u.* **Tram** I.

**Trance, Transe** (trans), *n.* ദീർഘയാത്ര, ദുർഘടയാത്ര; 2. പാരവശ്യം, വിവശത; 3. തന്മയാവസ്ഥ, സമാധി, ദേഹാതീതവൃത്തി, ലയം; 4. ബോധക്കേട്, മോഹാലസ്യം, മൂർച്ഛ, മയക്കം; 5. അപസ്മാരം (*med.*). *v. i.* വിവശത വരുത്തുക; 2. കടന്ന്പോക; 3. സഞ്ചരിക്കുക.

**Tran'quil**, *a.* ശാന്തമായ, നിശ്ശബ്ദമായ; 2. അനക്കമില്ലാത്ത, നിശ്ചലമായ; 3. സമാധാനമുള്ള; 4. കലക്കമില്ലാത്ത; 5. പാകതയുള്ള. **-i-sā'tiŏn, -i-zā'tiŏn, -li-sā'-tiŏn, -li-zā'tiŏn**, *n.* ശാന്തമാക്കൽ; ശാന്തത, സൌമ്യത, സാവധാനം, സമാധാനം. **-īse, -īze, -līse, -līze**, *v. t.* ശാന്തമാക്കുക, ശമിപ്പിക്കുക; അമർത്തുക, അമച്ചവരുത്തുക, ഒതുക്കുക; ആശ്വസിപ്പിക്കുക; സമാധാനംവരുത്തുക; യഥാസ്ഥാപനം ചെയ്യുക. **-ī-sĕr, -ī-zĕr, -lī-sĕr, -lī-zĕr**, *n.* ശമകൻ, ശമിപ്പിക്കുന്നവൻ, ശാന്തമാക്കുന്നവൻ. **-ī-sing, -ī-zing, -lī-sing, -lī-zing**, *a.* ശാന്തമാക്കുന്ന, ശമിപ്പിക്കുന്ന; സ്വസ്ഥതവരുത്തുന്ന. **-ī-sing-ly, -ī-zing-ly, -lī-sing-ly, -lī-zing-ly**, *ad.* ശമകമായി, സാവധാനപ്പെട്ടത്തിക്കൊണ്ട്. **-'li-ty, -ness**, *n.* ശാന്തത, ശമനം; ഉപശമനം; സ്വസ്ഥത, സാവധാനം, സമാധാനം, ദമനം, അമച്ച; നിശ്ശബ്ദം; സ്വാസ്ഥ്യം; സ്ഥൈര്യം, ധൈര്യം. **-ly**, *ad.* ശാന്തമായി, സ്വസ്ഥമായി.

**Trans**, *pf.* അപ്പുറം, മറുപുറം; 2. അക്കരെ; 3. . . . ൽക്കൂടി, കൂടി; 4. പുതുതായി; 5. മാറി, മാററമായി; 6. അന്തരമായി; 7. മറു, ഇതര.

**Trans-act'**, *v. t.* നടത്തുക; 2. ചെയ്യുക, പ്രവൃത്തിക്കുക; 3. കഴിക്കുക. *v. i.* കാൎയ്യവിചാരം ചെയ്യുക, നടത്തുക. =**ac'-tiŏn**, *n.* നടത്തൽ, ചെയ്യൽ; കാൎയ്യവിചാരം, നടത്തിപ്പ്; കാൎയ്യം, പ്രവൃത്തി, ക്രിയ; വസ്തുത; സംഭവം; രാജി, ഒത്ത്തീരൽ, തമ്മിൽതീരൽ (*b.*). **t.ns of a society** പ്രവൃത്തിവിവരം, പ്രവൃത്തിവൃത്താന്തം. =**ac'tŏr**, *n.* ചെയ്യുന്നവൻ, നടത്തുന്നവൻ, പ്രവൎത്തകൻ.

**Trans-al'pine** (-al'pin), *a.* ആൽപ്സ് പൎവ്വതങ്ങൾക്കു അപ്പുറമുള്ള. *n.* —അപ്പുറം പാൎക്കുന്നവൻ.

**Trans-an'i-māte**, *v. t.* (അന്യദേഹിയാൽ) പുനൎജ്ജീവിപ്പിക്കുക. =**mā'tiŏn**, *n.* ജന്മാന്തരം, (ദേഹി ഒര് ദേഹത്തിൽനിന്ന് മറെറാരു ദേഹത്തിൽ പ്രവേശിക്കുന്നതായ) ദേഹപ്പകൎച്ച.

**Trans-at-lan'tic**, *a.* അത്ലാന്തിക്ക് സമുദ്രത്തിന്നപ്പുറമുള്ള; 2. അത്ലാന്തികസമുദ്രം കടന്ന്പോകുന്ന.

**Trans-au'di-ent** (-a̤'di-), *a.* ധ്വനിനേതൃത്വമുള്ള, ശബ്ദവാഹിയായ.

**Trans-cā'lent**, *a.* ഊഷ്മനേതൃത്വമുള്ള, ഉഷ്ണവാഹിയായ. =**cā'len-cy**, *n.* ഊഷ്മനേതൃത്വം.

**Tran-scend'**, *v. t.* ഉയരുക, കയറുക; 2. കവിയുക, അതിയാക, അധികരിക്കുക, അധികമാകുക; 3. മികെക്കുക, വിശിഷ്ടമാക, ഉൽകൎഷിക്കുക. *v. i.* വിശിഷ്ടമാക; 2. കവിയുക. **-'en-cy, -'ent-ness**, *n.* വിശേഷത, വിശിഷ്ടത, വൈശിഷ്ട്യം; ഉൽകൎഷം, ശ്രേഷ്ഠത. **-'ent**, *a.* മികെച്ച, അതിവിശേഷമായ, ശ്രേഷ്ഠമായ; അഗോ

ചരമായ (*phil.*). *n.* അത്യുത്കൃഷ്ടം, അതിവൈശിഷ്ട്യം, സർവ്വാതിരിക്തത. =scen-dent'al, *a.* അത്യുത്തമമായ, അത്യുത്കൃഷ്ടമായ; അനുഭവാതീതമായ, അനുഭവജ്ഞാനാതീതമായ; ജ്ഞാനാധീനമായ (*phil.*); അനിശ്ചയമായ; അവ്യക്തമായ. =scen-dent'al-ism, *n.* അനുഭവാതീതജ്ഞാനവാദം (*phil.*); പരമജ്ഞാനവാദം (*phil.*); അവ്യക്തജ്ഞാനം. =scen-dent'-al-ist, *n.* പരമജ്ഞാനവാദി. =scen-dent-al'i-ty, *n.* ജ്ഞാനപരമതത്വം. =scen-dent'al-ly, *ad.* അതിവിശേഷമായി, പരമമായി. -'ent-ly, *ad.* മുന്തിയതായി, മികെച്ചതായി, വിശിഷ്ടമായി.

Trans-con-ti-nen'tal, *a.* ഭൂഖണ്ഡം കടന്നുള്ള; ഭൂഖണ്ഡത്തിൽ കൂടിയുള്ള.

Tran-scrībe', *v.t.* നോക്കിയെഴുതുക, പകൎത്തെഴുതുക. =scrib'blĕr, *n.* (പരിഹാസമായി) പകൎത്തെഴുതുന്നവൻ. =scrī'bĕr, *n.* പകൎത്തെഴുതുന്നവൻ, പകൎപ്പ്ഗ്രമസ്തൻ. tran'script, *n.* പകൎപ്പ്; പോലെയുള്ളത്, തുല്യമായത്, അനുകരിച്ചത്; പ്രതിക. =scrip'tiŏn, *n.* നോക്കിയെഴുതൽ, പകൎക്കൽ; നോക്കിയെഴുത്ത്, പകൎപ്പ്; ആനുരൂപ്യം (*mus.*). =scrip'tive, *a.* പകൎത്തെഴുതിയ; പകൎപ്പ്പോലെയുള്ള. =scrip'tive-ly, *ad.* പകൎപ്പായി.

Trans-cur'rence, *n.* ചുററിസ്സഞ്ചാ[രം, തെണ്ടല്.

Tran'sept, *n.* (പള്ളിയിൽ ഇരുപുറവും വിലങ്ങനെയുള്ള) പക്ഷഭാഗം, പാൎശ്വമുറി.

Trans-fĕr', *v.t.* സ്ഥലം മാററുക, മാററുക; 2. കൈമാററുക; 3. മാററിവെക്കുക; 4. അന്യാധീനപ്പെടുത്തുക, തീര് കൊടുക്കുക, തീറ്— (*S.*); 5. (ഒന്നിൽനിന്ന് മറെറാന്നിൽ) പതിക്കുക. trans'fĕr, -'ence, -'rence, *n.* മാററൽ, സ്ഥലം മാററൽ; 2. കൈമാററൽ; 3. മാററം; 4. തീറ് (*S.*), തീര് (*l.*); 5. പതിപ്പ്ചിത്രം; 6. പട്ടാളം മാറിയ പടയാളി (*mil.*); 7. രോഗസ്ഥലമാററം (*med.*). t.-deed തീരാധാരം, തീര്, തീറ് (*l.*). -a-bil'i-ty, *n.* മാററാകുന്നസ്ഥിതി, തീര് കൊടുക്കാകുന്നസ്ഥിതി. -'a-ble, -'ri-ble, *a.* മാററാകുന്ന; കൈമാററം ചെയ്യാകുന്ന (*l.*); തീര് കൊടുക്കാകുന്ന. ='fĕr-ēe, *n.* തീര് വാങ്ങിയവൻ, തീര് കിട്ടിയവൻ, മാററക്കൈവശക്കാരൻ. -og'ra-phy (-fi), *n.* പകൎപ്പ്പതിപ്പ് പ്രവൃത്തി. =fĕr'rĕr, =fĕr'ŏr, *n.* മാററുന്നവൻ, കൈമാററം ചെയ്യുന്നവൻ; തീര് കൊടുക്കുന്നവൻ (*l.*).

Trans-fig'ūre (*or* -fig'ur), ='ū-rāte *v.t.* വേഷം മാററുക, രൂപം—, രൂപാന്തരപ്പെടുത്തുക; 2. തേജോരൂപം ധരിക്കുക, മഹിമാരൂപം ധരിക്കുക, രൂപോത്കൃഷ്ടം വരുത്തുക. =ū-rā'tiŏn, *n.* രൂപമാററം, മറുരൂപം, രൂപവികാരം; (യേശുവിൻെറ) രൂപാന്തരം, തേജോരൂപധാരണം (*Bl.*); (ആഗസ്റ്റ് 6-ാം നു- കൊണ്ടാടുന്ന യേശുവിൻെറ) രൂപാന്തരോത്സവം (*R. C.*).

Trans-fix', *v.t.* കുത്തിത്തുളക്കുക, കുത്തിക്കടത്തുക. =fix'iŏn (-fik'shun), *n.* കുത്തിത്തുളക്കൽ; കുത്ത്.

Trans-form' (-farm'), *v.t.* രൂപം മാററുക, വേഷം—, രൂപവികാരം വരുത്തുക; 2. (ഒരു ലോഹം മറെറാരു ലോഹമാക്കി) മാററുക, ലോഹമാററം വരുത്തുക; 3. സ്വഭാവമാററം—; 4. രൂപഭേദം— (*math.*). *v.i.* രൂപംമാറുക. -a-ble, *a.* വികാരം വരുത്താകുന്ന. =for-mā'tiŏn, *n.* രൂപംമാററൽ; രൂപമാററം; പ്രകൃതിവികാരം (*biol.*); പദാൎത്ഥഭേദം (*phys.*); ലോഹമാററം (*al.*); സ്വഭാവ—, ഹൃദയ—, മനന്തിരിവ്, മാനസാന്തരം (*theo.*); രൂപവികാരം (*math.*). -a-tive, *a.* മാററം വരുത്തുന്ന, വികാരകമായ. -ism, *n.* (ഇന്നുള്ള ജീവരാശികൾ പൂൎവ്വത്തിലുണ്ടായിരുന്ന പ്രാണികളുടെ രൂപഭേദത്താൽ ഉണ്ടായതാണെന്നുള്ള) വികാരപ്രാണിവാദം (*biol.*).

Trans'fūge, =fū'gi-tive, *n.* ഓടിപ്പോകുന്നവൻ, ഓടിക്കളഞ്ഞവൻ; 2. മറുപക്ഷം ചേൎന്നവൻ; 3. വിശ്വാസത്യാഗി.

Trans-fūse', *v.t.* (ഒന്നിൽനിന്ന് മറെറാന്നിൽ) പകരുക, ഒഴിക്കുക; 2. പ്രേരേപിക്കുക, ഉജ്ജ്വലിപ്പിക്കുക; 3. ഉളവാക്കുക; 4. (ഒരു ദേഹത്തിൽനിന്ന് മറെറാരു ദേഹത്തിൽ) രക്തം ചെലുത്തുക (*med.*).

=fū'si-ble, *a.* പകരാകുന്ന; പകൎത്താകുന്ന. =fū'siŏn, *n.* പകരൽ; രക്തം ചെലുത്തൽ, രക്തപ്പകൎച്ച, കുത്തിവെപ്പ് (*med.*). =fū'sive, *a.* പകരുന്ന; പകൎച്ചയുള്ള.

Trans-gress', *v. t.* അതിക്രമിക്കുക, ലംഘിക്കുക; 2. നിയമലംഘനം ചെയ്യുക, കല്പന ലംഘിക്കുക, തെററ് ചെയ്യുക, കുററം—. *v. i.* പാപം—, കല്പന ലംഘിക്കുക. =gres'siŏn (-gresh'un), *n.* ലംഘിക്കൽ; അതിക്രമം, ലംഘനം, തെററ്, കുററം; അപരാധം, പാപം. =gres'siŏn-al, *a.* അപരാധം ആയ, ലംഘനം—. =gres'sive, *a.* കുററകരം—, അബദ്ധം—. =gres'sive-ly, *ad.* കുററകരമായി. ='sŏr, *n.* ലംഘനക്കാരൻ; കുററക്കാരൻ, അപരാധി, പാപി.

Tran-ship', -'ment, *s. a.* Trans-ship, Trans-shipment.

Trans-hū'man, *a.* അമാനുഷമായ. -īse, -īze, *v. t.* അമാനുഷം ആക്കുക; പവിത്രം—; അമാനുഷത്വം സങ്കല്പിക്കുക.

Tran'si-ent (*or* tran'sh'ent), *a.* കണ്ട് കണ്ട് കാണാതാകുന്ന; 2. അസ്ഥിരം ആയ; 3. ക്ഷണികം—, താല്ക്കാലികം—; 4. നില്ക്കാത്ത, അനിത്യം ആയ; 5. അപൂൎണ്ണം—; 6. അല്പം—. *n.* ക്ഷണികകാൎയ്യം. tran'si-ence, tran'si-en-cy, *n.* ക്ഷണികത്വം, താല്ക്കാലികത്വം, അനിത്യത; അസ്ഥിരത. -ly, *ad.* ക്ഷണികമായി. -ness, *n.* ക്ഷണികത്വം, അനിത്യത.

Tran-sil'i-ence, ='i-en-cy, *n.* (ഒന്നിൽനിന്ന് മറെറാന്നിലേക്കുള്ള) ചാട്ടം, തുള്ളല്.

Trans-ī're, *n.* ചുങ്കച്ചീട്ട്, 'പോട്ട് ക്കിളി'.

Trans'it, *n.* കടന്ന് പോകൽ; 2. കടത്തിക്കൊണ്ട് പോകൽ, വഹനം; 3. മാൎഗ്ഗം, വഴി; 4. വാഹനം, വണ്ടി, തപ്പാൽവണ്ടി; 5. സംക്രാന്തി (*as.*); 6. ഗ്രഹതരണം (*as.*); 7. (*also* t. compass, surveyor's t.) ക്ഷേത്രമാപനയന്ത്രം. t.-circle ഗ്രഹതരണദൎശിനിയന്ത്രം. t.-duty ചുങ്കം, കരച്ചുങ്കം. t.-instrument സംക്രാന്തിദൎശനക്കുഴല് (*as.*); ക്ഷേത്രമാപനയന്ത്രം (*sur.*). t.-trade ചരക്ക് കടത്തൽ. lower t., upper t. സംക്രാന്തി, സംക്രമം (*as.*). *v. t.* (ഗ്രഹമോ ഉപഗ്രഹമോ സൂൎയ്യനെയൊ മറെറാരു ഗ്രഹത്തെയൊ) കടന്നുപോക, ഗ്രഹതരണം ചെയ്യുക. =si'tiŏn (-sizh'un), *n.* മാററം, വികാരം, സ്ഥിതിമാററം, അവസ്ഥാന്തരം; സ്ഥലാന്തരം; സ്വരപരിണാമം (*mus.*); വിഷയാന്തരം (*reht.*); രൂപവികാരം (*biol.*). =si'tiŏn-al, =si'tiŏn-ar-y (-sizh'un-), *a.* മാററം സംബന്ധിച്ച, വികാരസംബന്ധമായ. ='i-tive, *a.* തരണശക്തിയുള്ള; അൎത്ഥാന്തരം ആയ; സകൎമ്മകം—, കൎമ്മത്തിൽ ക്രിയ— (*gr.*). ='i-tive-ly, *ad.* സകൎമ്മകമായി. ='i-tive-ness, *n.* സകൎമ്മകത്വം. ='i-tŏr-i-ly, *ad.* കടത്തത്തിൽ; കടന്ന് പോകയിൽ; അല്പസമയം. ='i-tŏr-i-ness, *n.* ക്ഷണികത്വം, ശീഘ്രതരണം; തരണവേഗത. ='i-tŏr-y, *a.* ക്ഷണികമായ, വേഗം തീരുന്ന, പറന്ന് പോകുന്ന; ഈടില്ലാത്ത. t.y action (ഏത് ജില്ലയിലെ അദാലത്ത് കോടതിയിലും ബോധിപ്പിക്കാകുന്ന) സാമാന്യവ്യവഹാരം (*l.*).

Trans-lāte', *v. t.* സ്ഥലം മാററുക; 2. സ്ഥിതി—; 3. മരണത്താൽ—; 4. (മരണം കൂടാതെ) സ്വൎഗ്ഗത്തിലേക്ക് എടുത്ത് കൊള്ളുക, സ്വൎഗ്ഗാരോഹണം ചെയ്യുക; 5. (അദ്ധ്യക്ഷനെ) ഇടവക മാററുക; 6. ഭാഷാന്തരം ചെയ്യുക, മറുഭാഷയാക്കുക, 'തൎജ്ജമ' ചെയ്യുക; 7. രൂപം മാററുക, വികാരം വരുത്തുക; 8. (രോഗം ദേഹത്തിൻെറ ഒര് വശത്ത് നിന്ന് മറെറാരുവശത്തേക്ക്) സ്ഥലം മാററുക. *v. i.* ഭാഷാന്തരം ചെയ്യുക, 'തൎജ്ജമ'—. =lā'ta-ble, *a.* ഭാഷാന്തരം ചെയ്യാകുന്ന. =lā'tiŏn, *n.* സ്ഥലമാററം, മാററം; ഇടവകമാററം; സ്വൎഗ്ഗാരോഹണം; ഭാഷാന്തരമാക്കൽ; ഭാഷാന്തരം, 'തൎജ്ജമ'; ഭാവാന്തരം (*met.*); സഞ്ചലനം (*ph.*). =lā'tive, *a.* ഭാവാൎത്ഥമായ; അൎത്ഥാന്തരമുള്ള. =lā'tŏr, *n.* ഭാഷാന്തരംചെയ്യുന്നവൻ, ഭാഷാന്തരക്കാരൻ, തൎജ്ജമക്കാരൻ; വിദ്യുദ്ഭാവത്തനയന്ത്രം. =lā'tŏr-ship, *n.* ഭാഷാന്തരോദ്യോഗം. =lā'tŏr-y, *a.* മാററുന്ന; ഭാഷാന്തരം ചെയ്യുന്ന. =lā'tress, *n.* ഭാഷാന്തരക്കാരത്തി, തൎജ്ജമക്കാരത്തി.

**Trans-lit'ĕr-āte**, *v. t.* ഇതരഭാഷാക്ഷരത്തിലെഴുതുക. =**ā'tiŏn**, *n.* ഇതരലിപിലേഖനം, അന്യലിപിലേഖനം.

**Trans-lō-cā'tiŏn**, *n.* സ്ഥലം മാററൽ; 2. പകരംവെക്കൽ.

**Trans-lu'cent**, =**lu'cid**, *a.* അർദ്ധപ്രസന്നമായ, അല്പ—; 2. സ്വച്ഛതയുള്ള, പ്രസന്നമായ, തെളിവുള്ള. =**lu'cence**, =**lu'cen-cy**, *n.* പ്രസന്നത, സ്വച്ഛത; അർദ്ധപ്രസന്നത, അല്പപ്രസന്നത. -**ly**, *ad.* സ്വച്ഛതയോടെ, പ്രസന്നമായി.

**Trans-ma-rīne'**, *a.* കടലിന്നപ്പുറമുള്ള.

**Trans-mew'** (-mū'), *v. t.* & *i.* മാററുക, രൂപാന്തരം വരുത്തുക.

**Trans'mi-grāte**, *v. i.* പരദേശവാസം ചെയ്യുക, അന്യരാജ്യത്ത് പോയി പാർക്കുക; 2. ഒര് ദേഹം വിട്ട് മറെറാരു ദേഹത്തിൽ പ്രവേശിക്കുക, ദേഹാന്തരം ചെയ്യുക, പരകായപ്രവേശനം ചെയ്യുക, മറുജന്മം ജനിക്കുക, ജന്മാന്തരമുണ്ടാക. =**grant**, *a.* ദേശാന്തരം ചെയ്യുന്ന, വാസാന്തരം—; പരകായപ്രവേശനം—. *n.* പരദേശവാസം ചെയ്യുന്നവൻ; മറുജന്മം ജനിച്ചവൻ. =**grā'tiŏn**, *n.* ദേശാന്തരം, പരദേശവാസം, പരവാസം; പരകായപ്രവേശം, മറുജന്മം, ജന്മാന്തരം, പുനരപി ജനനം. =**grā-tŏr**, *n.* പരവാസി; മറുജന്മം ജനിക്കുന്നവൻ, പരകായപ്രവേശനം ചെയ്യുന്നവൻ. =**mi'grā-tŏr-y**, *a.* ദേഹാന്തരം ചെയ്യുന്ന, ഒര് ദേഹം വിട്ട് മറെറാര് ദേഹത്തിൽ പ്രവേശിക്കുന്ന.

**Trans-mis'si-ble, Trans-mis'siŏn** (-mish'un), **Trans-mis'sive**, *etc.*, *s. u.* **Transmit.**

**Trans-mit'**, *v. t.* അയക്കുക, കൊടുത്തയക്കുക, അയച്ച് കൊടുക്കുക; 2. അനന്തരാവകാശമായി കൊടുക്കുക, പരമ്പരയായി—; 3. വാഹിയായിരിക്കുക: **metals t. electricity** ലോഹങ്ങൾ വിദ്യുദ്വാഹികൾ ആകുന്നു, ലോഹങ്ങൾക്ക് വിദ്യുദ്വാഹനഗുണമുണ്ട്. =**mit'tal**, =**mit'tance**, =**mis'siŏn** (-mish'un), *n.* അയക്കൽ, അയച്ച് കൊടുക്കൽ, പ്രേഷണം; പ്രേഷണം; പരമ്പരാവകാശം; പാരമ്പര്യദാനാധികാരം; ദായകത്വാധികാരം (*l.*). =**mit'tĕr**, *n.* അയക്കുന്നവൻ, അയക്കുന്നത്; (വിദ്യുത്തന്ത്രത്തിലെ) പ്രേഷകസൂത്രം. =**mit'ti-ble**, =**mis'si-ble**, *a.* അയച്ച് കൊടുക്കാകുന്ന; വാഹിഗുണമുള്ള. =**mis-si-bil'i-ty**, *n.* പ്രേഷണത്വം. =**mis'sive**, *a.* അയക്കാകുന്ന; പരമ്പരയായ.

**Trans-mog'ri-fȳ**, *v. t.* ആകൃതി മാററുക, രൂപവികാരം വരുത്തുക. =**fi-cā'tiŏn**, *n.* ആകൃതിമാററൽ; ആകൃതിമാററം; രൂപമാററം.

**Trans-mūte'**, *v. t.* സ്വഭാവം മാററുക, സ്വഭാവമാററം വരുത്തുക, വികാരം—. =**mū-ta-bil'i-ty**, =**mū'ta-ble-ness**, *n.* പരിണാമ്യത. =**mū'ta-ble**, *a.* തത്വമാററം വരുത്താകുന്ന, സ്വഭാവമാററം—, പരിണാമ്യമായ. =**mū'ta-bly**, *ad.* പരിണാമ്യമായി. =**tā'tiŏn**, *n.* സ്വഭാവം മാററൽ; തത്വമാററം; ക്ഷേത്രവികാരം (*geom.*); പ്രാണിവർഗ്ഗവികാരം (*biol.*). **t.n of metals** ചെമ്പ് (മുതലായ താണലോഹങ്ങൾ) പൊന്നാക്കൽ (*al.*). =**tā'tiŏn-ist**, *n.* പ്രാണിവർഗ്ഗവികാരവാദി (*biol.*). =**mū'tĕr**, *n.* തത്വവികാരം വരുത്തുന്നവൻ.

**Trans-mū'tū-al**, *a.* തമ്മിൽ തമ്മിലുള്ള, അന്യോന്യമുള്ള, പരസ്പരമായ.

**Trans-na-tā'tiŏn**, *n.* നീന്തിക്കടക്കൽ.

**Tran'som**, *n.* കുറുമ്പടി (*arch.*); 2. (*also* **trans-sum'mĕr**) അമരക്കുറുഞ്ചട്ടം (*naut.*).

**Trans-pā'rent**, *a.* രശ്മിപാരകമായ, പ്രസന്നതയുള്ള, സ്വച്ഛതയുള്ള; 2. തുറന്ന; 3. സുഷിരങ്ങളുള്ള. =**pā'rence**, =**pā'ren-cy**, *n.* രശ്മിപാരകത്വം, പ്രസന്നത, സ്വച്ഛത; പ്രകാശപാരകചിത്രം. -**ly**, *ad.* പ്രസന്നതയുള്ളതായി, രശ്മിപാരകമായി. -**ness**, *n.* രശ്മിപാരകഗുണം, പ്രസന്നത.

**Tran-spic'ū-ŏus**, *a.* ഉള്ളിൽക്കൂടി കാണാകുന്ന, പ്രകാശപാരകത്വമുള്ള, പ്രസന്നമായ.

**Trans-pïerce′**(-pērs′), *v.t.* കുത്തിത്തുളക്കുക, തുളക്കുക; 2. ഉൾപ്രവേശിക്കുക; 3. കനിയുക, ചോരുക.

**Tran-spīre′**, *v i.* ആവിയായി പുറത്ത് പോക, വിയൎപ്പ് പൊടിയുക (*phys.*); 2. ആവി പുറപ്പെടുക (*b.*); 3. പരസ്യമാക, വെളിച്ചത്താക, പ്രസിദ്ധമാക; 4. ഉണ്ടാക, സംഭവിക്കുക (*U. S.*). *v. t.* വിയൎപ്പിക്കുക, വിയൎക്കുക. =**spī′ra-ble**, *a.* ആവിയായി പുറപ്പെടുന്ന; —പുറത്താകാകുന്ന. =**spi-rā′tiŏn**, *n.* വിയൎപ്പ് പൊടിയൽ, സ്വേദജനനം, സ്വേദജന്യത (*phys.*); നീര് വററൽ (*b.*); ബാഷ്പക്കനിച്ചല്, ബാഷ്പോച്ഛ്വാസം (*ph.*). =**spī′ra-tŏr-y**, *a.* സ്വേദോല്പത്തി സംബന്ധിച്ച.

**Trans-plāce′**, *v. t.* സ്ഥലം മാററിവെക്കുക, മാററി—, നീക്കി—.

**Trans-plant′**, *v. t.* പറിച്ച് നടുക; 2. മാററിപ്പാൎപ്പിക്കുക, സ്ഥലം മാററി സ്ഥാപിക്കുക. =**plan-tā′tiŏn**, *n.* പറിച്ച് നടൽ; നാട്ടി; മാററം, നീക്കം, സ്ഥലമാററം; മാംസം മുറിച്ച് വെക്കൽ (*surg.*). -′**ĕr**, *n.* പറിച്ച് നടുന്നവൻ, നാട്ടിപ്പണിക്കാരൻ; നാട്ടിയന്ത്രം.

**Tran-splen′dent**, *a.* അത്യന്തം പ്രഭയുള്ള, നന്ന തിളങ്ങുന്ന. =**splen′den-cy**, *n.* അതിപ്രഭ. **-ly**, *ad.* ഏററവും തിളക്കത്തോടെ.

**Trans-pōrt′**, *v. t.* കടത്തിക്കൊണ്ട് പോക, കടത്തുക; 2. നാട് കടത്തുക; 3. പാരവശ്യം വരുത്തുക; 4. ആഹ്ലാദം ജനിപ്പിക്കുക, പരമാനന്ദം നല്കുക. **trans′-pōrt**, *n.* കടത്തിക്കൊണ്ട് പോകൽ, കടത്തൽ, വഹനം; 2. നാട് കടത്തൽ; 3. (*also* **t.-ship, t-vessel**) സേനാവാഹകക്കപ്പല്, പടക്കോപ്പ് കപ്പല്; 4. നാട് കടത്തിക്കപ്പല്; 5. പാരവശ്യം, പരവശത; 6. പരമാനന്ദം, ആഹ്ലാദം; 7. നാട് കടത്തേണ്ടുന്ന കുററക്കാരൻ; 8. നാട് കടത്തൽശിക്ഷയനുഭവിക്കുന്നവൻ. **-a-bil′i-ty**, *n.* വഹനീയത്വം, കടത്തിക്കൊണ്ട് പോകാകുന്ന സ്ഥിതി. -′**a-ble**, *a.* കടത്തിക്കൊണ്ട് പോകാവുന്ന; നാട് കടത്തൽശിക്ഷയുള്ള. -′**al**, *n.* കടത്തിക്കൊണ്ട് പോകൽ; സ്ഥലം മാററൽ. =**pōr-tā′tiŏn, -′ment**, *n.* കടത്തിക്കൊണ്ട് പോകൽ, നാട് കടത്തൽ; പാരവശ്യം; പരമാനന്ദം. -′**ed**, *a.* കടത്തിയ, കൊണ്ട് പോയ; പരവശമായ, പാരവശ്യമുള്ള; ആനന്ദവിഹ്വലതയുള്ള. -′**ed-ly**, *ad.* പാരവശ്യത്തോടെ. -′**ed-ness**, *n.* പാരവശ്യം, ആനന്ദവിഹ്വലത. -′**ĕr**, *n.* കടത്തിക്കൊണ്ട് പോകുന്നവൻ; നാട് കടത്തുന്നവൻ. -′**iṅg**, *a.* പാരവശ്യം വരുത്തുന്ന; ആഹ്ലാദകരമായ. -′**iṅg-ly**, *ad.* (വേറെ ദിക്കിൽ) കൊണ്ട് പോകത്തക്കവണ്ണം.

**Trans-pōṣe′**, *v. t.* സ്ഥലം മാററുക, ക്രമം മാററുക; 2. തിരിച്ച് വെക്കുക, മറിച്ച് വെക്കുക; 3. രാശിഭേദം ചെയ്യുക (*alg.*); 4. പദക്രമം മാററുക (*gr.*); 5. സ്വരനിദാനം മാററുക (*mus.*). =**pō′ṣa-ble**, *a.* ക്രമം മാററാകുന്ന; തിരിച്ച് വെക്കാകുന്ന. =**pō′ṣal**, =**pō-ṣi′tiŏn** (-zish′un), *n.* മാററൽ, തിരിച്ച് വെക്കൽ, മാററം, സ്ഥലമാററം, ക്രമഭേദം; രാശിഭേദം (*alg.*); പദക്രമഭേദം (*gr.*); സ്വരനിദാനഭേദം (*mus.*). =**pō′ṣĕr**, *n.* തിരിച്ച് വെക്കുന്നവൻ. =**pō-ṣi′tiŏn-al** (-zish′un-), *a.* ക്രമമാററം സംബന്ധിച്ച; ക്രമഭേദമായ. =**poṣ′i-tive**, *a.* മാററിവെച്ച; മാററമായ; മാററാകുന്ന.

**Trans-print′**, *v. t.* സ്ഥലംതെററി അച്ച് പതിക്കുക (*print.*).

**Trans-shāpe′, Tran-shāpe′**, *v. t.* ആകൃതിമാററുക, രൂപവികാരം വരുത്തുക.

**Trans-ship′, Tran-ship′**, *v. t.* ഒര് കപ്പലിൽനിന്ന് മറെറാരു കപ്പലിൽ കയററുക. -′**ment**, *n.* —കയററൽ, കപ്പൽമാററം.

**Tran-sub-stan′ti-āte** (-′shi-āt), *v.t.* പദാൎത്ഥഭേദം വരുത്തുക, വിഭവഭേദം—; 2. (തിരുവത്താഴവിഭവങ്ങളായ അപ്പവും വീഞ്ഞും ക്രിസ്തുവിൻെറ മാംസവും രക്തവും ആയി) വസ്തുഭേദം വരുത്തുക (*R. C.*). =**stan-ti-ā′tiŏn** (-shi-ā′shun), *n.* പദാൎത്ഥമാററം, വിഭവഭേദം, വസ്തുഭേദോപദേശം, വിഭവഭേദവാദം, വികാര സാന്നിദ്ധ്യവാദം (*R. C.*). =**stan′ti-ā-tŏr**, *n.* —വാദി, വസ്തുഭേദ— (*R. C.*).

**Tran-sūde′**, *v. i.* കനിയുക, കനിഞ്ഞ് പോക, ചോരുക; 2. വിയൎക്കുക, വിയൎപ്പ് പൊടിയുക. =**sū-dā′tiŏn**, *n.* കനിചൽ, വിയൎക്കൽ; വിയൎപ്പ്. =**sū′da-tŏr-y**, *a.* കനിച്ചല് സംബന്ധിച്ച, കനിയുന്ന; വിയൎപ്പായ.

**Tran-sūme′**, *v. t.* മാററുക, ഭേദപ്പെ[ടുത്തുക.

**Trans-sum′mĕr**, *n., s. u.* Transom.

**Tran-sump′tive**, *a.* ഒന്നിൽനിന്ന് മറെറാന്നാകുന്ന; 2. രൂപകമായ (*rhet.*). =**sump′tiŏn**, *n.* സ്ഥലാന്തരം.

**Trans-vec′tiŏn**, *n.* കടത്തികൊണ്ട് പോകൽ, കടത്തൽ, വഹനം.

**Trans-vĕrse′**, *a.* വിലങ്ങനെയുള്ള, വിലങ്ങത്തിലുള്ള, കുറുക്കെയുള്ള, അകലത്തിലുള്ള. *v. t.* മാററുക, മറിക്കുക. **trans′vĕrse**, *n.* വിലങ്ങത്തിലുള്ളത്. =**vĕr′sal**, *a.* വിലങ്ങത്തിലുള്ള. *n.* ഖണ്ഡനരേഖ (*geom.*). =**vĕr′sal-ly**, =**vĕrse′ly**, *ad.* വിലങ്ങനെ, വിലങ്ങത്തിൽ, കുറുക്കെ. =**vĕr′siŏn**, *n.* പദ്യം ഗദ്യമാക്കൽ; ഗദ്യം പദ്യമാക്കൽ. =**vĕr′ti-ble**, *a.* വിലങ്ങനെയാക്കാകുന്ന.

**Trans-vō-lā′tiŏn**, *n.* പറന്ന് കടക്കൽ.

I. **Trap**, *v. t.* ആഭരണം ധരിപ്പിക്കുക; 2. കുതിരകളെ ചമയിക്കുക, കോപ്പിടുക. -′**pings**, *n. pl.* അലങ്കാരം, ശൃംഗാരം, വേഷമോടി; കുതിരക്കോപ്പ്, കുതിരശൃംഗാരം.

II. **Trap**, **Trap′-rock**, *n.* ഒര് വക വെങ്കല്ല്, വെങ്കൽപാറ. *a.* വെങ്കല്ലായ, വെങ്കല്ല് സംബന്ധിച്ച.

III. **Trap**, *n.* (കാട്ട് മൃഗങ്ങളെ പിടിക്കുന്ന) മഞ്ച, കൂട്; 2. കുടുക്ക്, കെണി, കുരുക്ക്, വല; 3. പന്തടിമരം; 4. ഒര് വക പന്തടിക്കളി; 5. കാവുകുഴൽക്കള്ളി; 6. സാമാനവണ്ടി, കട്ടവണ്ടി (*N.*); 7. ഒര് വക ഇട്ടേണി. **t.-ball** ഒര് വക പന്തടിക്കളി. **t.-door** തട്ട് വാതില്, ചാരുപടിവാതില്. **t.-stairs** തട്ട് വാതിൽക്കോവണി. **t.-stick** പന്തടിക്കൊള്ളി; മെലിഞ്ഞ കാല്. **t.-tree** പിലാവ് (*b.*). *v. t.* മഞ്ച വെച്ച് പിടിക്കുക, കൂട്ടിൽ അകപ്പെടുത്തുക; 2. കുടുക്കുക, കെണിക്കുക; 3. (കാവ് കുഴലിന്ന്) കള്ളിവെക്കുക. *v. i.* മഞ്ച വെക്കുക, കൂട്—, കെണി—. =**pan′**, **tre-pan′**, *n.* കുടുക്ക്, കെണി, വല. *v. t.* കുടുക്ക് വെക്കുക, കെണി—, വലവെച്ച് പിടിക്കുക. =**pan′nĕr**, **tre-pan′nĕr**, *n.* കുടുക്കുന്നവൻ; മഞ്ച വെക്കുന്നവൻ. -′**pĕr**, *n.* വലവെച്ച് പിടിക്കുന്നവൻ.

**Trāpes** (trāps), *v. i.* വൃത്തികേടായി നടക്കുക, പ്രച്ഛന്നനായി—.

**Tra-pēze′**, =**pē′zi-um**, *n.* അതുല്യചതുൎഭുജ, വിഷമചതുൎഭുജ, വിഷമചതുരശ്രക്ഷേത്രം (*geom.*); 2. അംഗുഷ്ഠാസ്ഥി (*an.*); 3. ഉപശോഭാംശം (*an.*). =**pēze′**, *n.* ഊഞ്ചൽവടി. =**zāte**, =**pē′zi-form**, *a.* വിഷമചതുൎഭുജക്ഷേത്രാകൃതിയായ. =**trap-e-zō-hē′dral**, *a.* ചതുൎവ്വിംശതിവിഷമചതുൎഭുജമുഖപിണ്ഡമായ. =**zō-hē′dron**, *n.* —പിണ്ഡം (*geom.*). =**zoid**, *n.* സമാന്തരചതുൎഭുജ (*geom.*); ചൂണ്ടാണിവിരലെല്ല് (*an.*). =**zoid**, =**zoid′al**, *a.* സമാന്തരചതുൎഭുജാകൃതിയായ (*geom.*); ചൂണ്ടാണിവിരലെല്ല് സംബന്ധിച്ച (*an.*).

**Trap′hōle**, *n., s. a.* Troudeloup.

**Trap′pĕr**, *n., s. u.* Trap III.

**Trap′pings**, *n., s. u.* Trap I.

**Trap′pist**, *n.* അതിനിഷ്ഠസന്യാസി (*R. C.*).

**Traps**, *n. pl.* ചില്ലറസാമാനം; 2. ഉട് ചമയക്കോപ്പ്; 3. കെട്ടുംമൂട്ടയും, ഭാണ്ഡം.

**Trap′stick**, *n., s. u.* Trap III.

**Trash**, *n.* നിസ്സാരസാധനം; 2. ചണ്ടി, ചവറ്; പിണ്ടി; 3. തുപ്പ്; 4. കരിമ്പ് പിണ്ടി; 5. നിസ്സാരം, ആഭാസം; 6. നായിപ്പട്ട. **t.-eyes** (വെള്ളത്തിലെ) തുഷാരഖണ്ഡം. *v. t.* തുപ്പ് കൊത്തുക; 2. കമ്പ് കൊത്തുക; 3. നായിയെ ചങ്ങല പിടിച്ച് നടത്തുക; 4. തടുക്കുക, തടസ്ഥപ്പെടുത്തുക, മുടക്കുക. *v. i.* തിക്കിത്തിരക്കി പിഞ്ചെല്ലുക. -′**i-ly**, *ad.* നിസ്സാരമായി. -′**i-ness**, *n.* നിസ്സാരത്വം. -′**y**, *a.* നിസ്സാരമായ, ചവറായ, വിലയില്ലാത്ത, ഉപയോഗം—.

**Trass, Tar'ras, Tar'rāce, Ter'ras,** *n.* ഒര് വക കൽച്ചുണ്ണാമ്പ്.

**Trau-mat'ic** (tra-mat-), *a.* മുറിവ് സംബന്ധിച്ച (*med.*); 2. മുറിക്ക് വെക്കുന്ന (*med.*); 3. മുറിയുണക്കുന്ന (*med.*); 4. മുറികൊണ്ടുണ്ടായ, ക്ഷതജന്യമായ. *n.* മുറിമരുന്ന്, ക്ഷതൌഷധം (*med.*). =**tism,** *n.* മുറിവ്, പരിക്ക്, ക്ഷതം (*med.*); ദേഹോപദ്രവം.

**Trav'ail** (trav'el), *n.* ദണ്ഡം, അദ്ധ്വാനം, പാട്; 2. പ്രസവം, പേറ്; ഈററ്നോവ്. *v. i.* അദ്ധ്വാനിക്കുക, ദണ്ഡിക്കുക, പാട്പെടുക; 2. ഈററ്നോവുണ്ടാക, പ്രസവവേദനപ്പെടുക, നൊമ്പലം കിട്ടുക (*N.*).

**Trāve,** *n.* വിട്ടം, തുലാം; 2, (ലാടം തറക്കുമ്പോൾ മൃഗങ്ങളെ ഒതുക്കിനിൎത്തുവാനുള്ള) ഒതുക്ക്ചട്ടം.

**Trav'el,** *v. i.* അദ്ധ്വാനിക്കുക; 2. നടക്കുക, കാൽനടയായി പോക; 3. സഞ്ചരിക്കുക, യാത്രചെയ്യുക, പ്രയാണം—; 4. കടന്ന്പോക, കഴിഞ്ഞ്—; 5. പോക; 6. ചിലവാക. *v. t.* സഞ്ചരിപ്പിക്കുക, പ്രയാണം ചെയ്യിക്കുക; 2. യാത്രചെയ്യിക്കുക. *n.* യാത്ര, പ്രയാണം, സഞ്ചാരം; 2. *pl.* സഞ്ചാരവിവരം, യാത്രാചരിതം. =**eled,** =**elled** (-eld), *a.* സഞ്ചരിച്ച, യാത്രചെയ്യ; അറിവുള്ള, പരിചയമുള്ള. **-ĕr, -lĕr,** *n.* യാത്രക്കാരൻ, പ്രയാണി, സഞ്ചാരി, വഴിപോക്കൻ; വഴിയാത്രക്കാരൻ; വൎത്തകസഞ്ചാരകാൎയ്യസ്ഥൻ.

**Trav'ĕrse** (-ĕrs), *a.* വിലങ്ങനെ ഉള്ള, വിലങ്ങത്തിൽ—. *ad.* വിലങ്ങനെ, മുറിയത്തിൽ. *n.* വിലങ്ങനെയുള്ളത്; 2. തടസ്ഥം, മുടക്കം: 3. തിരശ്ശീല, മറ, തട്ടി; തുണിത്തട്ടി; 4. വിലങ്ങ്; 5. രംഗാസനം (*arch.*); 6. കിടങ്ങ്, കൊത്തളം; 7. നിഷേധവാദം (*l.*); 8. (കപ്പലിൻെറ) വക്രഗതി (*naut.*); 9. വിലങ്ങ്രേഖ, ആക്രമരേഖ (*geom.*); 10. ക്ഷേത്രമാപകരേഖ (*surv.*); 11. പീരങ്കി തിരിക്കൽ. **t.-board** (കപ്പലിലെ) ഗതിസൂചനപ്പലക. **t.-jury** വിചാരണപഞ്ചായക്കാര് (*l.*). **t.-sailing** (കപ്പലിൻെറ) വളവോട്ടം, വക്രഗതി. **t.-table** അക്ഷഭേദപ്പട്ടിക (*naut.*). *v. t.* വിലങ്ങനെ വെക്കുക, ഇടമുറിക്കുക; 2. എതിൎക്കുക, തടസ്ഥം വെക്കുക, തട്ടുക, നിഷ്ഫലമാക്കുക; 3. ചുററി സഞ്ചരിക്കുക; 4. പരിശോധിക്കുക, സൂക്ഷിച്ച്നോക്കുക, പൎയ്യേക്ഷിക്കുക; 5. പീരങ്കി തിരിക്കുക; 6. വിലങ്ങത്തിൽ ചിപ്പുളിയിടുക (*carp.*); 7. നിഷേധിച്ച് വാദിക്കുക (*l.*). *v. i.* (ആയുധാഭ്യാസത്തിൽ) തട്ടുക, 2. തിരിയുക, കററിമേൽ തിരിയുക; 3. (കുതിര) വിലങ്ങനെ നടക്കുക. **trav'ĕr-sa-ble,** *a.* കടന്ന്പോകാകുന്ന, സഞ്ചരിക്കാകുന്ന; നിഷേധിക്കാകുന്ന, നിഷേദ്ധ്യമായ. **trav'ĕr-sĕr,** *n.* ഇളകുന്നത്; തുലാനാക്ക്; നിഷേധവാദം ചെയ്യുന്നവൻ (*l.*). **trav'ĕr-sing,** *a.* വിലങ്ങനെ വെക്കാകുന്ന; —ചലിക്കുന്ന.

**Trav'es-ty,** *a.* (പുസ്തകം) ആഭാസരൂപമുള്ള. *n.* പരിഹാസകൃതി; 2. പരിഹാസതൎജ്ജമ. *v. t.* ഹാസ്യകരമായി തൎജ്ജമചെയ്യുക; 2. പരിഹസിക്കുക.

**Trawl** (tral), *v. i.* മീൻപിടിക്കുക, മീൻപട്ടുക. *n.* (മീൻ) വേപ്പ്; 2. ഒര് വക കണ്ടാച്ചിവല. **t.-boat** വേപ്പ്തോണി. **t.-net** കണ്ടാച്ചിവല. **t.-warp** കണ്ടാച്ചിക്കയറ്. **-'ĕr,** *n.* മീൻപിടിക്കുന്നവൻ; കണ്ടാച്ചിവലത്തോണി.

**Trāy,** *n.* മരത്തൊട്ടി, മരവി, മരത്തട്ട്; 2. വലിയ താലം, വൻതളിക; 3. വലിപ്പ്. **tea-t.** ചായപാത്രത്തളിക. **-'ful,** *n.* തളിക നിറയ.

**Treach'ĕr-ŏus** (trech'ĕr-us), *a.* ചതിയുള്ള, വഞ്ചന ആയ, വിശ്വാസഘാതകം—; 2. രാജദ്രോഹം—. **-ly,** *ad.* ചതിവായി, വഞ്ചനയായി. **-ness,** =**ĕr-y,** *n.* വിശ്വാസവഞ്ചന, —ഘാതകം, —ഘാതകത്വം, ചതി; ദ്രോഹം, രാജദ്രോഹം.

**Trēa'cle** (trē'kl), *n.* വിഷഹരൌഷധം; 2. സിദ്ധൌഷധം; 3. ചക്കരപ്പാവ്, ചക്കരക്കട്ടി, പാനി (*S.*). **t.-water** പാനിപ്പാനകം. **trēa'cly** *a.* ചക്കരപ്പാവ് പോലെയുള്ള; —കുട്ടിയ.

**Tread** (tred) *v. i. ir.* (**trod, trod, trod'den** *pr.* trod'n), കാലടിവെക്കുക, അടിവെക്കുക; 2. ചവിട്ടുക, മെതിക്കുക;

3. സാവധാനത്തിൽ നടക്കുക, ഗൌരവഭാവത്തോടെ—; 4. (പക്ഷി) ഇണചേരുക, ഇണയെട്ടക്കുക. **to t. on** *or* **upon** ചവിട്ടിത്തേക്കുക, ചവിട്ടിത്താഴ്ത്തുക; ഉററ് പിന്തുടരുക. **to t. upon the heels of** ഉററ് പിന്തുടരുക, തൊട്ട് തൊട്ട് വഴിയെ ചെല്ലുക. *v. t.* ചുവട് വെക്കുക, നടക്കുക; 2. ചവിട്ടുക, ചവിട്ടിയമർത്തുക; 3. കാൽനടയായി പോക; 4. നൃത്തംചെയ്യുക; 5. കാല്ക്കീഴാക്കുക, ചവിട്ടിത്തേക്കുക, കീഴ്പ്പെടുത്തുക; 6. (പക്ഷി) ഇണചേരുക. **to t. out** ചവിട്ടിമെതിക്കുക, മെതിക്കുക. **to t. the stage** അഭിനയിക്കുക, നാടകം കളിക്കുക. *n.* അടിവെക്കൽ; 2. (കാല് കൊണ്ട്) അമർത്തൽ; 3. ചവിട്ടടി, ചുവട്; 4. നട, നടത്തം; 5. വഴി, പാത, ചാല്, നട; 6. (പക്ഷി) ഇണയെട്ടക്കൽ; 7. (കോവണിയുടെ) മേലെത്തപടി(*arch.*); 8. (ഇരിമ്പ് പാതയിൽ) ചക്രം തട്ടുന്ന ഭാഗം; 9. (മുട്ടയിലെ) കരുത്തരി (*biol.*). **t.-board** കോവണിയുടെ മേല്പലക. **t.-mill** ചവിട്ട് തിരിക്കല്ല്, കാൽത്തിരിക്കല്ല്. **t.-wheel** ചവിട്ട് ചക്രം. **-'ĕr,** *n.* ചവിട്ടുന്നവൻ; മെതിക്കുന്നവൻ. **tread'le** (tred'l), *n.* യന്ത്രച്ചവിട്ട്, ചവിട്ട് പലക; (മുട്ട) കരുത്തരി (*biol.*).

**Trēa'son** (trē'zn), *n.* രാജദ്രോഹം, മത്സരം; 2. വിശ്വാസപാതകം, വിശ്വാസഘാതകത്വം, വഞ്ചന. **petit-t.** യജമാനഹത്യ. **-a-ble, -ŏus,** *a.* രാജദ്രോഹസംബന്ധിച്ച, —ആയ, രാജദ്രോഹകരമം—, വിശ്വാസപാതകം—. **-a-ble-ness,** *n.* വിശ്വാസപാതകത്വം; മത്സരഭാവം. **-a-bly,** *ad.* മത്സരമായി, രാജദ്രോഹമായി, വിശ്വാസപാതകമായി.

**Treas'ure** (trezh'ur), *n.* ഭണ്ഡാരം, മുതല്, കെട്ടിയിരിപ്പ്, കൈമുതല്; 2. നിക്ഷേപം, നിധി; 3. ശേഖരം, സംഭാരം; 4. സമൃദ്ധി; 5. വിലപിടിച്ച സാധനം, വിലയുള്ള വസ്തു. **t.-city** ഭണ്ഡാരനഗരം. **t.-house** ഖജാനപ്പുര, ഭണ്ഡാരപ്പുര. **t.-trove** നിധി, നിക്ഷേപം, വെപ്പ്. *v. t.* (up) കെട്ടിവെക്കുക, കൂട്ടി—, ശേഖരിച്ച്—. **-ĕr,** *n.* 'ഖജാന'ക്കാരൻ, 'ഖജാഞ്ചി', ഭണ്ഡാരവിചാരകൻ, 'സ്രാപ്പ്'; മുതൽപിടിക്കാരൻ, ചെല്ലം വിചാരിപ്പുകാരൻ (*S.*). **-ship,** *n.* ഭണ്ഡാരവിചാരം, ഖജാൻജി' ഉദ്യോഗം. **-ess,** *n.* ഭണ്ഡാരവിചാരിപ്പുകാരത്തി. **-y,** *n.* 'ഖജാന', ഭണ്ഡാരം; രാജ്യദ്രവ്യകാര്യവിചാരകസഭ; ഭണ്ഡാരപ്പുര; പത്തായപ്പുര; 'ഗുടങ്ങ്'; ഉഗ്രാണം, കലവറ; ജ്ഞാനനിക്ഷേപഗ്രന്ഥം, ജ്ഞാനനിധി. **T.y-Bench** (ഇംഗ്ലാണ്ടിലെ പ്രജാപ്രതിനിധിസഭയിൽ) മന്ത്രിസഭാസനം. **T.y-Lord** ദ്രവ്യകാര്യമന്ത്രി. **t.y-note** നാണ്യപത്രം, 'നോട്ട്'. **Board of T.y** രാജദ്രവ്യവിചാരകസഭ.

**Trēat** (trēt), *v. t.* പെരുമാറുക, നടത്തുക; 2. പ്രസംഗിക്കുക, ഭാഷണംചെയ്യുക; 3. ..... വിഷയമായി സംസാരിക്കുക; —എഴുതുക, വിവരിക്കുക, വർണ്ണിക്കുക; 4. സല്ക്കരിക്കുക, വിരുന്നൂട്ടുക; മദ്യസല്ക്കാരം ചെയ്യുക; 5. ചികിത്സിക്കുക; 6. ഉപയോഗിക്കുക, പ്രയോഗിക്കുക. *v. i.* (of) വിവരിക്കുക, വർണ്ണിക്കുക, പ്രസ്താവിക്കുക; 2. (with) നിശ്ചയംചെയ്യുക, കരാറ്—, സമയം—, സന്ധിയാലോചിക്കുക; 3. സല്ക്കരിക്കുക, വിരുന്ന് കൊടുക്കുക. *n.* സല്ക്കാരം, പലഹാരദാനം; 2. ഉല്ലാസം, രസം, സന്തോഷം, മഹോത്സവം. **-'ĕr,** *n.* പെരുമാറുന്നവൻ; വിവരിക്കുന്നവൻ, വർണ്ണിക്കുന്നവൻ; സല്ക്കരിക്കുന്നവൻ. **-'ment,** *n.* പെരുമാററം, നടത്തിപ്പ്; ചികിത്സ; സല്ക്കാരം. **trēat'ise** (trēt'iz), *n.* വർണ്ണന, പ്രബന്ധം, ഉപന്യാസം, ലഘുഗ്രന്ഥം; കഥ; പ്രസംഗം. **trēat'y,** *n.* നിശ്ചയം ചെയ്യൽ, സന്ധിക്കൽ; നിശ്ചയം, കരാറ്, സന്ധി, സമയം, സമാധാനം, സന്ധികരാറ്, ഉടമ്പടി, ഉഭയസമ്മതം.

**Trēat'ise,** *n., s. u.* **Treat.**

**Trēat'y,** *n., s. u.* **Treat.**

**Treb'le,** *a.* മൂന്നിരട്ടി ആയ, മുമ്മടങ്ങ്—; 2. ഉച്ചസ്വരം—, താരകസ്വരം— (*mus.*); 3. (സംഗീതത്തിൽ) ഒന്നാം ധ്വനി— (*mus.*). *n.* (സംഗീതത്തിലെ) പ്രഥമധ്വനി. *v. t.* മൂന്നിരട്ടിക്കുക, മുമ്മടങ്ങാക്കുക. *v. i.* മൂന്നിരട്ടിയാക, മുമ്മടങ്ങാക. **-ness,** *n.* സ്വരോച്ചത്വം. **treb'ly,** *ad.* മൂന്നിരട്ടിയായി, മുമ്മടങ്ങായി.

**Treb'let,** *n., s. a.* **Triblet.**

Treb'ū-chet Trē'bue-ket, *n.* ഒരു വക ശിക്ഷാസനം; 2. യന്ത്രക്കവിണ.

Tre-chom'e-tĕr (-kom'e-), *n.* സഞ്ചാരദൂരമാപനസൂത്രം.

Tred'dle, *n.* (*pl.*) ആട്ടിൻപിട്ട; 2. മുയൽപിട്ട, മുയൽകാഷ്ഠം.

Trēe, *n.* മരം, വൃക്ഷം, തരു, പാദപം (*b.*); 2. വംശപ്പട്ടിക, താവഴിപ്പട്ടിക; 3. മരക്കഷ്ണം; 4. കഴ, തുക്ക് മരം; ശൂലം; 5. ക്രൂശുമരം (*Bl.*). t. of a saddle ജീൻകട്ട. t.-nail മരയാണി, ആപ്പ്. genealogical or family t. വംശവിവരപ്പട്ടിക, താവഴിപ്പട്ടിക. *v. t.* മരത്തിന്മേൽ കയററുക, മരത്തിന്മേലേക്ക് ഓടിക്കുക; 2. മരക്കട്ട വെക്കുക. -'ful, *n.* മരംനിറയ. -'less, *a.* വൃക്ഷങ്ങളില്ലാത്ത.

Trē'foil, *n.* ഒരു വക മുവിലച്ചെടി; 2. മുവിലശൃംഗാരം, ത്രിപത്രശൃംഗാരം (*arch.*).

Trel'lis, *n.* അന്താഴപ്പണി, ക്രാസിപ്പണി. ='lised (-list), *a.* അന്താഴപ്പണിയായുണ്ടാക്കിയ.

Trem'ble, *v. i.* വിറക്കുക; കലുങ്ങുക, കമ്പിക്കുക, ഞെട്ടുക; 2. നടുങ്ങുക, കിടുകിടുക്കുക; 3. (സ്വരം)പതറുക. *n.* കിടുകിടുക്കം, നടുക്കം, വിരച്ച. trem'blĕr, *n.* വിറക്കുന്നവൻ. trem'bling, *a.* വിറക്കുന്ന; കലുങ്ങുന്ന, പതറുന്ന. trem'-bling-ly, *ad.* വിറയലോടെ, കിടുകിടുപ്പോടെ.

Tre-men'dŏus, *a.* ഭയങ്കരം ആയ, ഭീകരം—, ഘോരം—, ഉഗ്രം—, കഠിനം—; 2. ബ്രഹ്മാണ്ഡം—. -ly, *ad.* ഭയങ്കരമായി. -ness, *n.* ഭയങ്കരത്വം, ഭീമത്വം; പെരുപ്പം; വലിപ്പം.

Trē'mex, *n.* ഒരു വക വണ്ട്, മരച്ചെള്ള് (*z.*).

Trem'ō-lō, *n.* സ്വരവിറ, സ്വരപ്പതച്ച (*mus.*).

Trē'mor (*or* trem'or), *n.* കലുക്കം, വിറ; 2. പതച്ച. trem'ū-lant, trem'-ū-lent, trem'ū-lŏus, *a.* വിറയുള്ള, വിറക്കുന്ന, പതറുന്ന; കിടുകിടുക്കുന്ന. നടുങ്ങുന്ന, നടുക്കമുള്ള. trem'ū-lŏus-ly, *ad.* വിറയലോടെ, പതറിക്കൊണ്ട്. trem'-ū-lŏus-ness, *n.* വിറ; പതച്ച; നടുക്കം.

Trem'ū-lŏus, *etc.*, *s. u.* Tremor.

Trē'nāil, *n.* മരയാണി, കററി.

Trench, *v. t.* മുറിക്കുക, മുറിച്ച് നന്നാക്കുക, ചെത്തിവെടിപ്പാക്കുക; 2. അകിഴ് കഴിക്കുക, വാടകോരുക; 3. ചാല് കീറുക, തോട്—; 4. ചാല് എടുക്കുക, ചാല് എടുത്തു നടുക. *v. i.* കയ്യേറുക, അതിക്രമിക്കുക; 2. ഭാവിക്കുക, നോട്ടംവെക്കുക, ഉദ്ദേശിക്കുക. *n.* ചാല്, തോട്, ആണി; 2. അകിഴ്; 3. വാട. to open the t.es വാട കോരുക (*mil.*). t.-plow, t.-plough നീളക്കരി, ചാൽക്കരി. -'ant, *a.* മുറിക്കുന്ന; മൂച്ചയുള്ള; കത്തുന്ന; കട്ടപ്പമായ. -'ant-ly, *ad.* മൂച്ചയോടെ; കട്ടപ്പത്തോടെ; കഠിനമായി. -'ĕr, *n.* മുറിക്കുന്നവൻ; ചാല് കീറുന്നവൻ; മരവി, മരത്തട്ട്; മേശ, തീന്; ഭോജനസുഖം. t.r-cap വിദ്യാർത്ഥിത്തൊപ്പി. t.r-fly, t.r-friend, t.r-man, t.r-mate ആരാന്റെ ത് തിന്നി, ഓശാരംതിന്നി, 'കയറാത്ത്' തിന്നി, തീനി, ഊണി (*S.*), പെറുക്കി, തുക്കിപ്പെറുക്കി, എച്ചില് നക്കി, തിന്നി, ശാപ്പാട്ട് രാമൻ.

I. Trend, *v. i.* ചായുക, ചരിയുക; 2. ശതിയായിരിക്കുക; 3. നീളുക, നീണ്ട് കിടക്കുക. *v. t.* തിരിക്കുക; 2. വളക്കുക, ചായ്ക്കുക.

II. Trend, *v. t.* ആട്ടരോമം നന്നാക്കുക. *n.* വെടിപ്പാക്കിയ ആട്ടരോമം. -'ĕr, *n.* ആട്ട് രോമം നന്നാക്കുന്നവൻ.

Tren'tal, *n.* (മുപ്പതാം ദിവസം ഉള്ള) ശേഷക്രിയ (*R. C.*); 2. വിലാപഗീതം, ദുഃഖപ്പാട്ട്, ശോകസങ്കീർത്തനം (*R. C.*).

I. Tre-pan', Tre-phīne' (*or* -fīn'), *n.* (തലയോട് തുളക്കുവാനുള്ള) വൈദ്യവാള് (*surg.*); 2. വലിയകല്ലുളി (*ming.*). *v. t.* & *i.* തലയോട് തുളക്കുക (*surg.*).

II. Tre-pan', *n.*, *s. a.* Trapan, *s. u.* Trap III.

Tre-pang', Tri-pang', *n.* (ചീനരാജ്യക്കാര് ഉണക്കിത്തിന്നുന്ന) ഒരു വക അട്ട (*z.*).

Tre-phīne′ (*or* -fīn′), *n.*, *s. a.* Trepan I.

Trep′id, *a.* വിറക്കുന്ന, വിറയുള്ള; നടുങ്ങുന്ന, നടുക്കമുള്ള. =i-dā′tiŏn, =pid′i-ty, *n.* വിറ, വിറയൽ; നടുക്കം, ഭയം, പേടി, സംഭ്രമം.

Tres′pass, *v. i.* അതിര് കടന്ന് പോക, അതിക്രമിക്കുക; 2. കയ്യേറുക, കയ്യേററം ചെയ്യുക (*l.*); 3. ബുദ്ധിമുട്ടിക്കുക, സൌകൎയ്യക്കുറവ് വരുത്തുക, അസഹ്യപ്പെടുത്തുക, ഉപദ്രവിക്കുക; 4. (against) തെററ് ചെയ്യുക, കുററം—, ലംഘനം—, പാപം—. *n.* ദ്രോഹം, അന്യായം, തെററ്; 2. കുററം, പാപം; 3. ആക്രമം, കയ്യേററം; ഉപദ്രവം, ദ്രോഹം (*l.*); 4. ദേഹോപദ്രവപ്രായശ്ചിത്തവ്യവഹാരം (*l.*). t.-offering കുററവഴിപാട്, കുററബലി (*Bl.*). t. on the case പ്രത്യേകനഷ്ടവ്യവഹാരം (*l.*). =sẽr, *n.* തെററുകാരൻ, കുററക്കാരൻ; അതിക്രമി; പാപി; കയ്യേററം ചെയ്യുന്നവൻ, കയ്യേറുന്നവൻ (*l.*).

Tress, *n.* മുടിച്ചുരുള്, ചുരുളൻമുടി, കുറുള്; 2. പുഷ്പമഞ്ജരി, മഞ്ജരം, തോരണം. tressed (trest), *a.* ചുരുളൻമുടിയുള്ള, കുറുളുള്ള; പിന്നിയ, 'ജോട്ടി'യിട്ട. -′fụl, =′sy, *a.* കുറുള് നിറഞ്ഞ.

Tres′sel, *n.*, *s. a.* Trestle.

Tres′sy, *a.*, *s. u.* Tress.

Tres′tle (tres′l), Tres′sel, *n.* പീഠം, മുക്കാലി, നാല്ക്കാലിച്ചട്ടം; 2. പാലത്തൂൺ ചട്ടം, —ക്കൂട്ടം; 3. മേശച്ചട്ടം. t.-bridge ചട്ടത്തൂൺപാലം, തൂൺചട്ടപ്പാലം t.-tree (പാമരത്തിൻെറ) വിലങ്ങ്മരം (*naut.*). t.-work തൂൺചട്ടപ്പാലം.

Tret, *n.* (സാക്ഷാൽതൂക്കത്തിൽ 104ന്ന് നാല് കണ്ട് കമ്മിചെയ്യുന്ന) തൂക്കവാശി (*com.*).

Trev′at, Triv′et, *n.* (വില്ലൂസ് നെയ്ത്തിൽ ഉപയോഗിക്കുന്ന) നെയ്ത്തുകത്തി.

Trev′et, Triv′et, *n.* മുക്കാലി.

Trews (trụz), *n. pl.* കാല്വറ, കാൽച്ചട്ട, കാൽക്കുപ്പായം.

Trey, *n.* മൂന്നാളുകൾ കൂടിയുള്ള കളി; 2. (കത്ത്, പകിട, വാര, ഓത് മുതലായ കളിക്കരുക്കളിൽ) മൂന്നാംപുള്ളി.

Trī, *pf.* ത്രി, മൂന്ന്; 2. മൂന്നിരട്ടി, മൂമ്മടങ്ങ്; 3. മൂന്ന് വട്ടം, മൂന്ന് പ്രാവശ്യം; 4. മൂന്നാലൊന്ന്, മൂന്നിലൊന്ന് (*ch.*).

Trī′a-ble, *etc.*, *s. u.* Try.

Trī′ad, *n.* മൂന്ന് ഒന്നായത്; 2. ത്രിമൂൎത്തിത്വം. Hindu t. ത്രിമൂൎത്തികൾ, ബ്രഹ്മവിഷ്ണുമഹേശ്വരന്മാര്.

Trī′al, *n.*, *s. u.* Try.

Trī-al′i-ty, *n.* ത്രിത്വം, ത്രിമൂൎത്തിത്വം.

Trī′a-logue (-log), *n.* മൂന്ന് പേൎക്ക് തമ്മിലുള്ള സംഭാഷണം.

Trī-aṅ′gle, *n.* ത്രികോണക്ഷേത്രം, ത്രികോണം, മുക്കോണ്, ത്രിഭുജ, ത്രിഭുജക്ഷേത്രം (*geom.*); 2. മട്ടം; 3. (അടിശിക്ഷക്കുള്ളവരെ കെട്ടിയടിക്കുന്ന) മുക്കാലി; 4. ഒര് നക്ഷത്രഗണം (*as.*). acute-angled t. ന്യൂനകോണ (ത്രിഭുജ) ക്ഷേത്രം (*geom.*). curvilinear t. വക്രത്രിഭുജ— (*geom.*). equilateral t. തുല്യത്രിഭുജ— (*geom.*). isosceles t. തുല്യദ്വിഭുജ— (*geom.*). oblique-angled t. അതുല്യകോണ—. obtuse-angled t. വിശാലകോണ (ത്രിഭുജ)—, ബൃഹൽകോണ (ത്രിഭുജ)— (*geom.*). plane t. ത്രികോണ—, ത്രിഭുജ— (*geom.*). right-angled t. സമകോണ (ത്രിഭുജ)—. scalene t. വിഷമത്രിഭുജ—, അതുല്യത്രിഭുജ— (*geom.*). spherical t. ത്രിഭുജപിണ്ഡം (*geom.*). =aṅ′gled, =aṅ′gū-lar, *a.* മൂന്ന് കോണുള്ള, മുക്കോണായ; ത്രിഭുജമായ; മുക്കോണാകൃതിയായ. =aṅ-gū-lar′i-ty, *n.* ത്രികോണത്വം, ത്രിഭുജത്വം. =aṅ′gū-lar-ly, *ad.* മുക്കോണാകൃതിയായി. =aṅ′gū-lāte, *v. t.* മുക്കോണുകളായി ഭാഗിക്കുക; ത്രികോണമാപനം ചെയ്യുക; മുക്കോണാക്കുക. =aṅ-gū-lā′tiŏn, *n.* ത്രികോണക്ഷേത്രമാപനം (*sur.*).

Trī′är-ehy (-ki), *n.* ത്രിപുരുഷഭരണം, മുക്കോയ്മ.

Trī′bal, -iṣm, *s. u.* Tribe.

**Trib'ble**, *n.* കടലാസ് (ഉണക്കുന്ന) ചട്ടം.

**Trībe**, *n.* ഗോത്രം, വംശം, കുലം; 2. സന്താനം, സന്തതി; 3. വൎഗ്ഗം (*biol.*); 4. കാട്ടാള വംശം, കാട്ടാളജാതി; 5. ഭാഗം; 6. (നാല്ക്കാലി) ജാതി. *v. t.* ഗോത്രങ്ങളാക്കുക, വൎഗ്ഗംതിരിക്കുക. **trī'bal, trib'-ū-al, trib'ū-lar**, *a.* ഗോത്രസംബന്ധമായ, ഗോത്ര; കുലത്തിന്നുള്ള. **trī'bal-ism**, *n.* ഗോത്രത്വം; ഗോത്രലക്ഷണം.

**Trib'let, Trib'ō-let, Treb'let**, *n.* (മോതിരം തട്ടേണ്ടതിന്നുള്ള) തട്ടിരിമ്പ്; 2. കുഴൽക്കരു. [യന്ത്രം.

**Tri-bom'e-tēr**, *n.* ഘൎഷണമാപന

**Trī'brach** (-brak), *n.* (മൂന്ന് ലഘുമാത്രമുള്ള) ലഘുഗണം (*pros.*).

**Trib'ū-al, ='ū-lar**, *a.*, *s. u.* **Tribe.**

**Trib-ū-lā'tiŏn**, *n.* കഷ്ടം, സങ്കടം, ക്ലേശം, ഞെരുക്കം, ഉപദ്രവം, അനൎത്ഥം, ദുഃഖം, പിണിപ്പാട്, പാട്.

**Trib'ūne**, *n.* (പൂൎവ്വറോമരാജ്യത്തിലെ) ന്യായാധികാരി; 2. ഭാഷണപീഠം. **trī-bū'nal**, *n.* ന്യായാസനം; 'കോടതി', കച്ചേരി, വിചാരകസഭ, വിചാരണസഭ. ='ū-nar-y, =ū-ni-cian (-nish'an), =ni'-tial (-nish'al), =ni'tiŏn (-nish'an), *a.* ന്യായാധികാര സംബന്ധമായ. ='ū-nāte, -ship, *n.* ന്യായാധികാരിസ്ഥാനം.

**Trib'ū-tar-y**, *etc.*, *s. u.* **Tribute.**

**Trib'ūte**, *n.* കപ്പം; 2. പ്രതിഫലം, സംഭാവന, ദാനം; 3. കൃതജ്ഞത; സ്തുതി, പുകഴ്ച; 4. (അയിരിലോഹരി കൂലിയായ) ഖനിപതം (*ming.*). **t.-money** കപ്പം, കപ്പദ്രവ്യം. *v. t.* കപ്പം കൊടുക്കുക. =tar-i-ly, *ad.* കപ്പമായി; അധീനമായി. =tar-i-ness, *n.* അധീനത, ആധീനത്വം. =tar-y (-tĕr-i), *a.* കപ്പം കൊടുക്കുന്ന; കീഴ്പെട്ട, അധീനമായ; താണ; കപ്പമായ; ഉപനദിയായ (*geog.*); ശാഖയായ, ഉപ. *n.* കപ്പം കൊടുക്കുന്ന രാജാവ്; —രാജ്യം, അധീനരാജ്യം, കീഴ്ക്കോയ്മ; ഉപനദി (*geog.*). ='ū-tēr, *n.* (അയിരിൽ ഓഹരിപതത്തിന്ന് വേലചെയ്യുന്ന) ഖനിപതപ്രവൃത്തിക്കാരൻ.

**Trīce**, *n.* ക്ഷണനേരം, നൊടിനേരം, നിമിഷം. **in a t.** നൊടിനേരംകൊണ്ട്, ക്ഷണംകൊണ്ട്, ക്ഷണേന, മാത്രകൊണ്ട്.

**Trī-cen-nā'ri-ŏus, =cen'ni-al**, *a.* മുപ്പത് കൊല്ലത്തെ; 2. ത്രിംശദബ്ദം സംബന്ധിച്ച; 3. മുപ്പത് കൊല്ലത്തിൽ ഒരിക്കൽ ഉണ്ടാകുന്ന.

**Trī-cen'ten-ar-y** (-ĕr-i), *a.* മുന്നൂറ് കൊല്ലമായ; 2. മുന്നൂറ് കൊല്ലത്തിൽ ഒരിക്കൽ ഉണ്ടാകുന്ന. *n.* ത്രിശതാബ്ദോത്സവം; 2. ത്രിശതാബ്ദകാലം.

**Trī'ceps**, *n.* മുത്തലമാംസപേശി (*an.*); 2. ഭുജവിസ്തൃതപേശി (*an.*).

**Tri-chī'a-sis** (-kī'a-sis), *n.* ഇമനേത്രരോഗം (*med.*).

**Tri-chī'na** *n.* (*pl.* **tri-chī'næ**, *pr.* -kī'nē) മാംസപേശികൃമി (*z.*). **trich-in-ī'a-sis, =in-ō'sis**, *n.* പേശികൃമിരോഗം (*med.*); ആന്ത്രകൃമിരോഗം (*med.*). ='nīse, ='nīze, *v. t.* കൃമിയുളവാക്കുക. =chī'nō-scōpe, *n.* കൃമിദൎശിനിയന്ത്രം. **trich'in-ŏus**, *a.* പേശികൃമി സംബന്ധിച്ച; കൃമിരോഗം സംബന്ധിച്ച.

**Tri-chom'a-tōse**, *a.* (മുടി) ജടകെട്ടുന്ന (*med.*).

**Trī'chord** (trī'kard), *n.* മുക്കമ്പി വാദ്യം, മുക്കമ്പിവീണ.

**Trī-chot'ō-my** (-kot'ō-), *n.* മൂന്നായി ഭാഗിക്കൽ. =mŏus, *a.* മൂന്നായി ഭാഗിച്ച; മൂന്ന് ഇല്ലിയുള്ള; മുപ്പല്ലിയായ.

**Tri-cip'i-tal**, *a.* മൂന്ന് തലയുള്ള; 2. മൂന്ന് മുരടുള്ള.

**Trick**, *n.* ഉപായം, സൂത്രം, വിദ്യ, തന്ത്രം, കൃത്രിമം; 2. മായം, ചതി, വഞ്ചന, ഉരുട്ട്, പിരട്ട്, പിട്ട്, തക്കിടി; 3. കളി; 4. വികൃതി; 5. ശീലം, അഭ്യാസം; 6. ഛായ, രൂപം; 7. (ചീട്ട് കളിയിൽ) ഒര് ഇറക്കം, ഒര് പിടിത്തം; 8. (കപ്പലിൽ ചുക്കാൻ പിടിക്കുന്ന) ഊഴം, രണ്ട് മണിക്കൂറ് നേരം. **t.-track** ഒര് കളി. *v. t.* തോല്പിക്കുക, ചെണ്ടകൊട്ടിക്കുക, കുളത്തിലിറക്കുക; 2. വഞ്ചിക്കുക, ചതിക്കുക; 3. (up, off, out) ചമയിക്കുക, അലങ്കരിക്കുക, ശൃംഗരിക്കുക; 4. വരക്കുക. ='kēr, -'stēr,

*n.* ഉപായി; ചതിയൻ, വഞ്ചകൻ. -'ĕr-y, *n.* ചമയവിദ്യ; തന്ത്രം, ഉപായം; വഞ്ചന, ചതി. -'i-ness, -'si-ness, *n.* കൌശലബുദ്ധി. -'ing, -'y, *a.* ഉപായമുള്ള, ഉപായിയായ; ചതികരുതുന്ന, ചതിക്കുന്ന. -'ing, *n.* ഉടുചമയം, വസ്ത്രം; അലങ്കാരം, ശൃംഗാരം. -'ish, -'sy, *a.* കള്ളത്തരമുള്ള, തോല്പിക്കുന്ന. -'ish-ly, *ad.* ഉപായേന, ചതിവായി. -ish-ness, *n.* കള്ളത്ത്രാണം, വഞ്ചനാശീലം.

Tric'kle *v. i.* ഇററിററ് വീഴുക, തുള്ളി തുള്ളിയായി—, അല്പമായി ഒഴുകുക.

Trick'si-ness, ='stĕr, ='sy, Trick'-track, Trick'y, *s. u.* Trick.

Tri-clī'ni-um (*pl.* =clī'ni-a), *n.* (ഭോജന) ചാര് കട്ടില്; 2. തീൻമുറി, അഗ്രശാല.

Trī'col-ŏr, Trī'col-öur, *n.* (നീല വെള്ള ചുകപ്പ് നിറങ്ങളുള്ള) പരന്ത്രീസ് രാജ്യക്കൊടി; 2. ത്രിവർണ്ണക്കൊടി. ='col-öured (-ĕrd), *a.* മൂന്ന് നിറമുള്ള, ത്രിവർണ്ണമായ.

Trī-cor-nig'ĕr-ŏus, *a.* മൂന്ന് കൊമ്പുള്ള, ത്രിശൃംഗമുള്ള (z).

Trī-cor'pō-ral, =rāte, *n.* (ഒര് തലയും മൂന്ന് ഉടലുമുള്ള) ത്രിദേഹമായ (*her.*).

Trī-cos'tāte, *a.* മൂന്ന് ഞരമ്പുള്ള (*b.*).

Trī-cot', *n.* മിടച്ചൽ പട്ട് തുണി; 2. മിടച്ചൽ കമ്പിളിത്തുണി; 3. മിടച്ചൽ തുണി.

Trī-cus'pid, *a.* മുമ്മുനയായ, മൂന്ന് മുനയുള്ള (*an.*); 2. ത്രികവാടം സംബന്ധിച്ച (*an.*). t.-molar മുമ്മുനയണപ്പല്ല് (*an.*). t.-valve (ഹൃൽക്കോശത്തിലെ) ത്രികവാടം (*an.*). ='pi-dāte, *a.* മൂന്ന് മുനയുള്ള. [ണ്ടി, മുച്ചക്ര—.

Trī'cyc-le, *n.* മൂന്നുരുൾചവിട്ട് വ

Trī-dac'tyl, =dac'tyle, =dac'ty-lŏus, *a.* മൂന്ന് വിരലുള്ള (*biol.*).

Trīde, *a.* ശീഘ്രതയുള്ള, വേഗതയുള്ള.

Trī'dent, *n.* ശൂലം, ത്രിശൂലം, പിനാകം. *a.* മുപ്പല്ലിയായ. =den'tāte, =den'tā-ted, -ed, *a.* മൂന്ന് പല്ലുള്ള, മുപ്പല്ലിയായ. =tif'ĕr-ŏus, *a.* ശൂലപാണിയായ.

Trī-den'tine (-den'tin), *a.* 'റെൻറ്' പട്ടണം സംബന്ധിച്ച; 2. 'റെൻറ്'പട്ടണത്തിലുണ്ടായ സാധാരണ സഭാസംഘം സംബന്ധിച്ച.

Trī-di-men'siŏn-al, *a.* നീളവും വിതിയും ഘനവും ഉള്ള.

Trī'ding, *n.*, *s. a.* Riding II.

Trid'ū-an, *a.* മൂന്ന് ദിവസത്തെ, മൂന്ന് ദിവസം നില്ക്കുന്ന; 2. ഒന്നരാടമായ, മൂന്നാംദിവസംതോറുമുള്ള.

Trīed, *a.*, *s. u.* Try.

Trī-ē'dral, *a.*, *s. a.* Trihedral.

Trī-en'ni-al, *a.* മൂന്ന് വഷം നില്ക്കുന്ന, മൂന്നാണ്ടേക്കുള്ള, ത്രിവാൎഷികമായ; 2. മൂന്ന് കൊല്ലത്തിൽ ഒരിക്കൽ ഉണ്ടാകുന്ന, മുമ്മൂന്ന് കൊല്ലന്തോറും—. *n.* ത്രിവാൎഷികസംഭവം; ത്രിവാൎഷികോത്സവം. -ly, *ad.* മൂന്ന് കൊല്ലത്തിൽ ഒരിക്കൽ.

Trī'ĕr, *n.*, *s. u.* Try. [ള്ള (*b.*).

Trī-fā'ri-ŏus, *a.* മൂന്ന് ഭാഗത്തേക്കു

Trī'fid, *a.* നടുപിളൎന്ന; 2. മൂന്നായി പിളൎന്ന.

Trī'fle, *n.* നിസ്സാരം, അല്പം; 2. നിസ്സാരകാൎയ്യം, പൊരുളില്ലാത്തത്; 3. പലഹാരം. *v. i.* ലഘുത്വമായി സംസാരിക്കുക, കളിപറയുക; 2. ദിനക്കെടുക, നേരമ്പോക്കുക. to t. with കളിയാക്കുക, നിസ്സാരമാക്കുക, പരിഹസിക്കുക; കളിക്കുക. *v. t.* ദുൎച്ചെലവ് ചെയ്യുക, നഷ്ടമാക്കുക. trī'flĕr, *n.* നിസ്സാരമാക്കുന്നവൻ; നിസ്സാരം എന്ന് ഭാവിക്കുന്നവൻ. trī'-fling, *a.* ലഘുവായ, അല്പമായ, ചെറു, ചില്ലറ; നിസ്സാരമായ, പൊരുളില്ലാത്ത. trī'fling-ly, *ad.* അല്പകാൎയ്യമെന്ന് വെച്ച്, ലഘുവായി, നിസ്സാരമായി. trī'-fling-ness, *n.* അല്പത, നിസ്സാരത്വം.

Trī-flō'ral, =flō'rŏus, *a.* ത്രിപുഷ്പമുള്ള, മൂന്ന് പൂവുണ്ടാകുന്ന (*b.*).

Trī-fō'li-āte, =ā-ted, =fō'li-ō-lāte, *a.* മൂന്ന് ഇലയുള്ള, മൂവിലയായ, ത്രിപത്രികമായ (*b.*).

**Trī'form,** *a.* മൂന്നു്രൂപമുള്ള; 2. മൂന്നു് സ്വഭാവമുള്ള. =**for'mi-ty,** *n.* ത്രിരൂപം.

**Trī-fur'cāte** (-fĕr'kāt), ='**cā-ted,** *a.* മൂന്നു് ശാഖയുള്ള, മൂന്നായി പിരിഞ്ഞ.

I. **Trig,** *a.* നിറഞ്ഞ; 2. വൃത്തിയായ. -'**ness,** *n.* വൃത്തി; കൃത്യത.

II. **Trig,** *v. t.* (ചക്രത്തിന്നു്) താക്കം വെക്കുക, തടസ്ഥം —; *n.* താക്കം, തടസ്ഥം.

**Trig'a-my,** *n.* മൂന്നാം വേളി, മൂന്നാം വിവാഹം; 2. (ഒരേ സമയത്തു് മൂന്നു് ഭാൎയ്യമാരോ ഭൎത്താക്കന്മാരോ ഉള്ള) ത്രിപത്നിത്വം, ത്രിപതിത്വം, ബഹുവിവാഹം. =**mist,** *n.* മൂന്നു് വിവാഹം കഴിഞ്ഞവൻ; —കഴിഞ്ഞവൾ; ത്രിപത്നികൻ; ത്രിഭൎത്തൃമതി. =**mŏus,** *a.* ത്രിവിധപുഷ്പമുള്ള (*b.*).

**Trī-gas'trie,** *a.* (മാംസപേശി) മൂന്നുടലുള്ള (*an.*),

**Trī-ġem'i-nŏus,** *a.* (ഒരേ പ്രസവത്തിൽ) മുപ്പിള്ളയായി ജനിച്ച, മുക്കുട്ടിയായ; 2 മൂന്നിരട്ടിയായ.

**Trī-ġes'i-mō-se-eun'dō,** *a.* (ഒരു് പായി കടലാസു്) 32 ആയി മടക്കിയ. *n.* (*contr. f.* **32mo, 32°, thirty-two** mo) —മടക്കിയ പുസ്തകം.

**Trig'gĕr,** *n.* (വണ്ടിയുടെ) വട്ടക്കു്, —തടവു് (*S.*); 2. (തോക്കിന്റെ) കൊത്തി (*N.*), —കാഞ്ചി (*S.*). **t.-fish** ഒരു് വക മുരുമീൻ (*z.*).

**Trī-ġin'tal,** *n., s. a.* Trental.

**Trig'ness,** *n., s. u.* Trig I.

**Trī'gon,** *n.* ത്രികോണക്ഷേത്രം, മുക്കോണു്, ത്രിഭുജ; 2. മൂന്നു് ഇടം കൂടിയതു്, മൂന്നു് രാശി, വിയോഗം (*astr.*); 3. മുക്കോൺവാദ്യം; 4. മുക്കോൺ പന്തടിക്കളി. ='**gō-nal,** ='**gō-nŏus,** *a.* മുക്കോണായ.

**Trig-on-om'e-try,** *n.* ത്രികോണഗണിതം, ത്രികോണമിതി (*math.*); 2. ത്രികോണഗണിതശാസ്ത്രം. **analytical t.** ത്രികോണലക്ഷണശാസ്ത്രം. **plane t.** ത്രികോണക്ഷേത്രഗണിതം. **spherical t.** ത്രികോണപിണ്ഡഗണിതം. =**om-et'rie,** =**et'ri-eal,** *a.* ത്രികോണമിതി സംബന്ധിച്ച; ത്രികോണഗണിതാനുസാരമായ.

**Trī'gram, Trī'graph** (-graf), *n.* (മൂന്നു് സ്വരം ഒന്നായി ചേൎന്നു് ഏകോച്ചാരണം ഉണ്ടാകുന്ന) ത്രിയുക്തസ്വരം (*gr.*). -**mat'ie, -mie,** *a.* ത്ര്യക്ഷരിയായ.

**Trī'graph,** *n., s. a.* **Trigram.**

**Trī'ġyn** (*pl.* **trī-ġyn'i-a**), *n.* ത്രിഗൎഭകേസരപുഷ്പസസ്യവൎഗ്ഗം (*b.*). =**ġyn'-i-an,** ='**ġy-nŏus,** *a.* ത്രിഗൎഭകേസരമുള്ള, ഗൎഭകേസരത്രയമുള്ള (*b.*); ത്രിഗൎഭകേസരപുഷ്പസസ്യവൎഗ്ഗം സംബന്ധിച്ച (*b.*).

**Trī-hē'dral, Trī-ē'dral,** *a.* ത്രിഭുജയുള്ള (*geom.*); 2. ത്രിമുഖമുള്ള; 3. പിണ്ഡകോണമായ. =**hē'dron,** *n.* ത്രിഭുജക്ഷേത്രം (*geom.*).

**Trī-hō'ral,** *a.* മുമ്മൂന്നു് മണിക്കൂറ് തോറുമുള്ള; മൂന്നു് മണിക്കൂറിൽ ഒരിക്കലുള്ള.

**Trī'ju-gāte,** =**ju'gŏus,** *a.* മൂന്നിണയായ, മുവിണയായ (*b.*).

**Trī-lat'ĕr-al,** *a.* ത്രിഭുജയുള്ള (*geom.*). -**ly,** *ad.* ത്രിഭുജയുള്ളതായി. -**ness,** *n.* ത്രിഭുജത്വം.

**Trī-lem'ma,** *n.* പക്ഷാത്മപ്രമേയം (*log.*); 2. (മൂന്നു് കാൎയ്യത്തിൽ ഏതു് വേണ്ടു വെന്നുള്ള) ത്രിവിക്ഷമം.

**Trī-lin'e-ar,** *a.* ത്രിരേഖ സംബന്ധിച്ച; 2. ത്രിരേഖയാലുള്ള.

**Trī-lin'gual,** =**lin'guar** (-gwĕr), *a.* ത്രിഭാഷയായ; 2. മൂന്നു് ഭാഷയിൽ പ്രസ്താവിച്ച.

**Trī-lit'ĕr-al,** *a.* മൂന്നക്ഷരം കൂടിയ, ത്ര്യക്ഷരിയായ (*gr.*). *n.* ത്ര്യക്ഷരപദം, ത്ര്യക്ഷരി (*gr.*). -**iṣm,** -'**i-ty,** -**neṣs,** *n.* ത്ര്യക്ഷരിത്വം.

**Trī'lith, Trī'li-thon,** *n.* ത്രിശിലാസ്മാരകം. =**lith'ie,** *a.* മൂന്നു് കല്ലു് കൊണ്ടുള്ള.

I. **Trill,** *v. i.* ഇററിററു് വീഴുക, തുള്ളി തുള്ളിയായി—; 2. ധാരയായി—.

II. **Trill,** *v. t.* വിറയോടെ ഉച്ചരിക്കുക, സ്വരം കലുക്കുക, ഒച്ച പതറുക. *v. i.* തൊണ്ടവിറച്ചു് കൊണ്ടു് സംസാരിക്കുക, സ്വരം കലുക്കിപ്പാട്ടുക. *n.* സ്വരകമ്പം, സ്വരവിറ; 2. സ്വരം വിറപ്പിക്കൽ; 3. സ്വരപ്പതച്ച് (*mus.*); **tril'lō,** *n.* സ്വരകമ്പം (*mus.*).

**Tril′ling**, *n.* മൂന്നിരട്ട പിറന്ന കുട്ടി, മുക്കുട്ടി.

**Tril′liŏn** (tril′yun), *n.* (ഇംഗ്ലീഷ് കണക്കിൽ) 19 സ്ഥാനമുള്ള സംഖ്യ, പതിനായിരം കോടി കോടി, ദശപരാദ്ധം, സഹസ്രപത്മം, ശംഖം, ദശശംഖം (*ar.*); 2. (ഇതര ഗണിതപ്രകാരം) 13 സ്ഥാനമുള്ള സംഖ്യ, ഖർവ്വം (*ar.*).

**Tril′lō**, *n.*, *s. a.* **Trill** II.

**Trī-lō′bāte, Trī′lōbed** (-lōbd), *a.* മൂന്ന് ഇതളുള്ള. =**bā′tiŏn**, *n.* ത്രിദളത്വം.

**Tril′ō-ġy**, *n.* ത്രിനാടകം (*dr.*).

**Trim**, *v. t.* നന്നാക്കുക, വെടിപ്പാക്കുക, വൃത്തിയാക്കുക; 2. അലങ്കരിക്കുക, ശൃംഗരിക്കുക; 3. നറുക്കുക, കത്രിക്കുക, കോതുക (*S.*); 4. തെളിയിക്കുക; 5. ചെത്തിക്കുറെക്കുക; മിനുക്കുക (*carp.*); 6. (ഇരുപുറവും) ഭാരം തുല്യമാക്കുക (*naut.*); 7. തെയ്യാറാക്കുക; 8. ശാസിക്കുക, ശകാരിക്കുക; 9. അടിക്കുക, പ്രഹരിക്കുക. **to t. in** ഇണെക്കുക, ഘ(ക)ടിപ്പിക്കുക. **to t. up** അണിയിക്കുക, ധരിപ്പിക്കുക. *v.i.* തുക്കം ശരിപ്പെടുത്തുക; 2. ഇരുപുറവും ഘനം ഒരുപോലെ ആക്കുക. *n.* ചമയം, വസ്ത്രം, ഉടുപുട; 2. കോപ്പ്, സാമഗ്രി; 3. ശൃംഗാരം, അലങ്കാരം, ആഭരണം; 4. സ്ഥിതി, നില, അവസ്ഥ; 5. (ഓട്ടത്തിന്ന് ഒരുങ്ങിയ) കപ്പലിൻെറ നില. **in ballast t.** നങ്കാരം മാത്രമുള്ള (*naut.*). **t. of the mast** കൊമ്പ്നില (*naut.*). **t. of sail** കപ്പപ്പായിനില. *a.* വൃത്തി ഉള്ള, വെടിപ്പ്—, ഭംഗി—, അഴക്—; 2. ഒതുക്കം—; 3. ഉറപ്പ്—; 4. പററിയ, തക്ക, കൊള്ളാകുന്ന; 5. ഉചിതമായ; 6. യോഗ്യതയുള്ള. **-′ly**, *ad.* നന്നായി, ഭംഗിയായി. **-′mĕr**, *n.* നന്നാക്കുന്നവൻ; ക്രമപ്പെടുത്തുന്നവൻ; ശൃംഗരിക്കുന്നവൻ; മിതാഭിപ്രായകൻ; ഇരുപക്ഷികളോടും ചേൎന്നുനില്ക്കുന്നവൻ, വെട്ടുന്ന വാളിന്നു നെയ്യിടുന്നവൻ; തുലാം (*arch.*); ശൃംഗാരക്കുരു. **-′ming**, *n.* ശൃംഗാരപ്പണി; *pl.* ചമയശൃംഗാരക്കോപ്പ്; *pl.* കൂട്ടുവാൻ, കറി, രസം, സംബന്ധി, 'അച്ചാറ്'; ശാസിക്കൽ, ശിക്ഷിക്കൽ. **-′miṅg-ly**, *ad.* ശൃംഗാരപ്പണിയായി. **-′ness**, *n.* വൃത്തി; ഭംഗി; ക്രമം; ഒതുക്കം; യോഗ്യത.

**Trī-mes′tĕr**, *n.* മൂന്ന് മാസകാലം, അയനാദ്ധം. =**mes′tral**, =**mes′tri-al**, *a.* മുമ്മൂന്ന് മാസംതോറുമുള്ള; അയനാദ്ധം സംബന്ധിച്ച. [മുമ്മൂന്നായ (*b.*).

**Trī-mē′rŏus**, *a.* (ഇല പുഷ്പാദികൾ)

**Trī′me-tĕr**, =**met′ri-cal**, *n.* ത്രിഗണവൃത്തം (*pros.*). *a.* —വൃത്തമായ.

**Trim′ly, Trim′mĕr, Trim′miṅg, Trim′ness**, *etc.*, *s. u.* **Trim.**

**Trin′dle**, *n.*, *s. a.* **Trundle.**

**Trīne**, മൂന്നിരട്ടിയായ, മൂന്ന് കൂടിയ, നീളവും വീതിയും ഘനവും ഉള്ള. *n.* ഗ്രഹവിയോഗം (*astr.*); 2. മുക്കോണാകൃതി, ത്രികോണം; 3. ത്രിമൂൎത്തിത്വം; 4. ത്രിത്വം, ത്രിയേകത്വം. *v. t.* (ഗ്രഹം) വിയോഗമായിരിക്കുക. **trī′nal**, *a.* മൂന്നിരട്ടിയായ, മൂന്ന് കൂടിയ. [ക്കാല്, മേക്കട്ടി.

**Tri′ṅgle**, *n.* (കട്ടിലിൻെറ) മേക്കട്ടി

**Trin-i-tā′ri-an**, *etc.*, *s. u.* **Trinity.**

**Trin′i-ty**, *n.* ത്രിത്വം, ത്രിയേകത്വം, ത്രിയേകത്വവാദം (*theo.*); 2. ത്രിമൂൎത്തിത്വം; 3. (ത്രിയേകത്വ ചിഹ്നമായ) ത്രികോണം, ത്രികോണരൂപം. **T. House** (ലണ്ടനിലുള്ള) നാവികവ്യാപാരരക്ഷകക്കച്ചേരി. **T. Sunday** ത്രിത്വനാള്, ത്രിത്വോത്സവ ഞായറാഴ്ച (*Chr.*). **T. term**, *s. u.* **Term.** =**tā′ri-an**, *a.* ത്രിയേകത്വവാദം സംബന്ധിച്ച; ത്രിയേകത്വം സംബന്ധിച്ച. *n.* ത്രിയേകത്വവാദി; അടിമമോചകസന്ന്യാസി (*c. h.*). =**tā′ri-an-iṣm**, *n.* ത്രിയേകത്വവാദം, ത്രിത്വവാദം (*theo.*).

**Triṅ′ket**, *n.* (കപ്പലിൽ ഏററവും ഉയൎന്ന) മുകപ്പായി; 2. കത്തി; 3. ചെറുതരം ആഭരണം; 4. അല്പവിലക്കുള്ള സാധനം, നിസ്സാരസാധനം; 5. കളിക്കോപ്പ്. **-ry**, *n.* വസ്ത്രശൃംഗാരം, ഭൂഷണം, ആഭരണം.

**Trī-noc′tial** (-nok′shal), *a.* മൂന്ന് രാത്രിയുള്ള, മൂന്ന് രാവേക്കുള്ള.

**Trī-nō′mi-al**, =**nom′i-nal**, *n.* ത്രിപദരാശി (*math.*); *a.* ത്രിപദരാശി സംബന്ധിച്ച.

Trī'ō (*or* trī'ō), *n.* മൂന്ന് ഒന്നായുള്ളത്; മുക്കൂട്ട്; മുപ്പിരി; മൂന്ന് പേര്, മൂവര്; 2. ത്രിധ്വനിസംഗീതം; ത്രിവാദ്യസംഗീതം. trī'ōle, *s. a.* Triplet, *s. u.* Triple. ='ō-let, *n.* അഷ്ടപാദവൃത്തം (*pros.*).

Trī'ō-nyx, *n.* ഒരു വക വെള്ളാമ (*z.*).

Trī'ŏr, *n.* വിചാരണ ചെയ്യുന്നവൻ, വിധികർത്താവ്; 2. വിചാരണപഞ്ചായാക്ഷേപതീർപ്പുകാരൻ, ജ്യൂരിയാക്ഷേപതീർപ്പുകാരൻ (*l.*).

Trip, *v. i.* തുള്ളിനടക്കുക, തുള്ളിത്തുള്ളിപ്പോക: to t. it തുള്ളിനടക്കുക; 2. ഉല്ലാസയാത്ര ചെയ്യുക, അല്പസഞ്ചാരം—, പോയിവരിക; 3. വീഴാൻപോക, കാല് വഴുതുക, കാലിടറുക, ഇടറിവീഴുക; 4. തെററ് ചെയ്യുക, കററം ചെയ്യുക, അബദ്ധത്തിൽ ചാടുക. *v. t.* (up) ഇടറിക്കുക, വഴുതിക്കുക; 2. കാൽതട്ടി വീഴ്ത്തുക, തള്ളിയിടുക, തട്ടിയിടുക, മറിച്ചിടുക; 3. ഊന്ന് എടുത്ത് കളയുക; 4. തടസ്ഥപ്പെടുത്തുക, മുടക്കുക, വിഘ്നം വരുത്തുക; 5. കററപ്പെടുത്തുക; കററക്കാരനാക്കുക; ശിക്ഷിക്കുക; 6. ഇരിമ്പെടുക്കുക (*naut.*); 7. 'പരിമാൻ' ചായിച്ച് നിർത്തുക (*naut.*); 8. അഴച്ച് വിടുക. *n.* തുള്ളിനടത്തം, ചാട്ടം, തെറിച്ച് നടത്തം; 2. ചെറുയാത്ര, ഉല്ലാസയാത്ര; 3. കാല് വഴുതൽ, വഴുതിവീഴൽ, കാല് തെററൽ, ഇടർച്ച; 4. അബദ്ധം, തെററ്, കററം; 5. തട്ട്, പിടിത്തം, മറിച്ചിടൽ; 6. ആട്ടിൻകൂട്ടം. -'pang, -'ping, *a.* വലത്തെ കൈ പൊന്തിച്ചുള്ള (*her.*); വേഗതയുള്ള, വേഗം നടക്കുന്ന, ചുറുചുറുപ്പുള്ള. -'pĕr, *n.* തള്ളിയിടുന്നവൻ; തുള്ളിനടക്കുന്നവൻ; നൃത്തം ചെയ്യുന്നവൻ, നർത്തകൻ; ഉല്ലാസസഞ്ചാരി. -'ping, *n.* തുള്ളിനടത്തം, നൃത്തം; നങ്കൂരം പോയ്പ്പോകൽ (*naut.*). -'ping-ly, *ad.* തുള്ളിക്കൊണ്ട്, വേഗതയോടെ, ചുറുചുറുപ്പോടെ.

Trī-pär'ti-ble, *a.* മൂന്നായി ഭാഗിക്കാകുന്ന. =pär'tient (-pär'shent), *a.* (ശേഷമില്ലാതെ) മൂന്ന് കൊണ്ട് ഹരിക്കാകുന്ന *ar.*). ='tīte, *a.* മൂന്നായി ഭാഗിച്ച; (മൂന്ന് പകപ്പുള്ള; മൂന്ന് ഭാഗക്കാര് തമ്മിലുള്ള. ='tīte-ly, *ad.* മൂന്ന് ഭാഗമായി. =ti'tiŏn (-tish'un), *n.* മൂന്നംശമാക്കൽ; മൂന്നാലൊന്ന്, മൂന്നിലൊന്ന്.

Trī-pas'chal (-pas'kal), *a.* മൂന്ന് പെസഹോത്സവം ഉൾപ്പെട്ട (*Bl.*).

Trīpe, *n.* (തിന്മാൻ ഉപയോഗിക്കുന്ന) മൃഗാമാശയം; 2. (*pl.*) മൃഗക്കുടല് മാല, 'ബോട്ടി'; 3. *pl.* (നിന്ദയായി) വയറ്, പള്ള. t.-man 'ബോട്ടി'വില്ക്കുന്നവൻ. trī'pĕr-y, *n.* 'ബോട്ടി'പ്പീടിക, 'ബോട്ടി' ക്കട.

Trī-pē'dal, *a.* മൂന്ന് കാലുള്ള, ത്രിപാത്തായ.

Trī-pĕr'sŏn-al, *a.* മൂന്നാൾ കൂടിയ; 2. ത്രിമൂർത്തിത്വമുള്ള. -ist, *n.* ത്രിയേകത്വവാദി. -'i-ty, *n.* ത്രിത്വം, ത്രിയേകത്വം.

Trī'pĕr-y, *n.*, *s. u.* Tripe.

Trī-pet'al, =pet'a-lŏus, *a.* മൂന്ന് ഇതളുള്ള; ത്രിദളപുഷ്പമായ (*b.*).

Trip'ham-mĕr, *n.*, *s. a.* Tilt-hammer, *s. u.* Tilt II.

Triph'thong (*or* trip-), *n.* (ഏകോച്ചാരണമുള്ള) ത്രിയുക്തസ്വരം (*gr.*). =thon'gal, *a.* —സ്വരം സംബന്ധിച്ച.

Trī-phyl'lŏus (-fil'lus), *a.* മൂന്നിലയുള്ള, ത്രിപത്രിയായ (*b.*).

Trip'le, *a.* മുമ്മടങ്ങായ, മൂന്നിരട്ടിയായ; 2. മൂന്ന് ഒന്നായി കൂടിയ; 3. മൂന്ന് വട്ടം ആയ, മൂന്നാവർത്തിച്ച. t.-crown (പാപ്പാവിൻെറ) മുമ്മുടി. t.-star ത്രിനക്ഷത്രയോഗം (*as.*). t.-tail ഒരു വക മത്സ്യം (*z.*). *v. t.* മൂന്നിരട്ടിക്കുക. trip'-let, *n.* മുമ്മൂന്ന്, മൂന്ന് ഒന്നായത്; (അന്ത്യപ്രാസമുള്ള) മൂന്ന് പാദവൃത്തം (*pros.*); (*pl.*) (ഒരേ പ്രസവത്തിൽ ജനിച്ച) മൂന്ന് കുട്ടികള്, മുപ്പിള്ള. =trip'li-cāte, *a.* മുമ്മടങ്ങായ, മൂന്നിരട്ടിയായ. t.e ratio ഘനപ്പെരുക്കാനുപാതം (*math.*). *n.* തുല്യമായ മൂന്നാം സാധനം. trip-li-cā'-tiŏn, *n.* മൂന്നിരട്ടിയാക്കൽ; മൂന്ന് ഒന്നായി കൂട്ടൽ. =plic'i-ty, -ness, *n.* മൂന്നിരട്ടിയായ സ്ഥിതി. trip'ly, *ad.* മൂന്നിരട്ടിയായി.

Trī'pod, *n.* മുക്കാലി; 2. മുക്കാലിച്ചട്ടം. t. of life *or* vital t. (ഹൃദയം ശ്വാസ

കോശം തലച്ചോറ് എന്ന) പ്രാണാധാരത്രയം (*phys.*). =pō'di-an, *n.* ഒര് പുരാതന വാദ്യം. trip'ō-dy, *n.* ത്രിഗണവൃത്തം (*pros.*).

**Trī'pos,** *n.* (കേംബ്രിഡ്ജ് വിദ്യാശാലയിലെ) ബഹുമാനപരീക്ഷ; 2. ബഹുമാനപരീക്ഷാവിജയപ്പട്ടിക; 3. —പരീക്ഷാകർത്താവ്. t.-paper ബഹുമാനപരീക്ഷാവിജയപ്പട്ടിക.

**Trip'sis,** *n.* ചൂർണ്ണം (*med.*); 2. ഉഴിച്ചല്, തടവല് (*med.*).

**Trip'tōte,** *n.* മൂന്ന് വിഭക്തി മാത്രമുള്ള നാമപദം, ത്രിവിഭക്തിനാമം (*gr.*).

**Trip'tych** (-tik), *n.* മൂന്ന് മടക്കുള്ള സാധനം; 2. മടക്കെഴുത്ത് പലക; 3. മടക്ക് ചിത്രം.

**Trī-pū'di-āte,** *v. i.* നൃത്തംചെയ്യുക. =ar-y, *a.* നൃത്തം സംബന്ധിച്ച; നൃത്തമായ. =ā'tiŏn, *a.* നൃത്തംചെയ്യൽ, നർത്തനം.

**Trī'rēme** (-rēm), *n.* (മൂന്ന് വരി തണ്ടുള്ള) പുരാതന പടക്.

**Trī-sā'gi-on,** *n.* (വിശുദ്ധൻ, വിശുദ്ധൻ, വിശുദ്ധൻ എന്ന) ദൈവസ്തോത്രഗീതം (*Chr.*).

**Trī-sect',** *v. t.* മൂന്നായി മുറിക്കുക, മൂന്നായി ഖണ്ഡിക്കുക; 2. മൂന്ന് തുല്യഭാഗങ്ങളാക്കുക (*geom.*). -'ed, *a.* മൂന്നായി ഭാഗിച്ച (*b.*). =sec'tiŏn, *n.* മൂന്നായി ഭാഗിക്കൽ; മൂന്ന് തുല്യാംശമാക്കൽ.

**Tris'mus,** *n.* പല്ല് കടിയിടൽ, ഹനുസ്തംഭം, ഭുഗ്നനേത്രകസന്നി (*med.*).

**Trī-soc-ta-hē'dron,** *n.* ത്രിയഷ്ടകമുഖപിണ്ഡം.

**Trist'ful,** *a.* കുണ്ഠിതം ഉള്ള; ദുഃഖം—, വ്യസനം—. -ly, *ad.* ദുഃഖത്തോടെ.

**Tris'tī-chous,** *a.* മൂന്ന് വരിയായ (*b.*).

**Trī-syl'la-ble** (tris-sil'la-bl), *n.* ത്ര്യക്ഷരപദം (*gr.*). =lab'ic, =lab'i-cal, *a.* മൂന്നക്ഷരമുള്ള, ത്ര്യക്ഷരിയായ. =lab'-i-cal-ly, *ad.* ത്ര്യക്ഷരപദമായി.

**Trīte,** *a.* പഴക്കപ്പെട്ട, പഴ(യ)തായ, തഴഞ്ഞ, തേഞ്ഞ; 2. ക്ഷുദ്രമായ, സാധാരണമായ. -'ly, *ad.* സാധാരണമായി. -'ness, *n.* കാലപ്പഴക്കം; നടപ്പ്, ക്ഷുദ്രി; സാമാന്യത, സാധാരണത്വം.

**Trī'thē-ism,** *n.* (പിതാവും പുത്രനും പരിശുദ്ധാത്മാവും വെവ്വേറെയാകുന്നുവെന്ന) പ്രത്യേക മൂർത്തിത്വവാദം (*theo.*). =ist, *n.* —വാദി. =is'tic, =is'ti-cal, *a.* —വാദമായ; —വാദം സംബന്ധിച്ച.

**Trit'i-cum,** *n.* കോതമ്പ് വർഗ്ഗം; കോതമ്പ് ധാന്യവർഗ്ഗം (*b.*).

**Trī'ton,** *n.* നരമത്സ്യം (*myth.*); 2. വിചിത്രശംഖ് (*z.*).

**Trit'ū-rāte,** *v. t.* ഉടക്കുക, ചതെക്കുക, പൊടിക്കുക, പൊടിയാക്കുക, ചൂർണ്ണമാക്കുക, ചൂർണ്ണിക്കുക. =ra-ble, *a.* ചൂർണ്ണിക്കാകുന്ന. =rā'tiŏn, *n.* ചൂർണ്ണമാക്കൽ; ചൂർണ്ണം, പൊടി, സിന്ദൂരം.

**Trī'umph** (trī'umf), *n.* ജയഘോഷയാത്ര, ജയോത്സവം; 2. ജയസന്തോഷം; 3. ജയം, വിജയം, വെററി; 4. സാദ്ധ്യം. *v. i.* ജയോത്സവം ഘോഷിക്കുക, ജയസന്തോഷം കൊണ്ടാടുക; 2. ജയിക്കുക, വെല്ലുക; 3. അഭിവൃദ്ധിയാക, വർദ്ധിക്കുക. =um'phal (-fal), *a.* ജയഘോഷസംബന്ധമായ, ജയസംബന്ധമായ. =um'-phant (-fant), *a.* ജയോത്സവമായ; ജയഘോഷമുള്ള; ജയമുള്ള; വിജയിയായ. church t.t (ലോകത്തിലെ പോരാട്ടം കഴിഞ്ഞു സ്വർഗ്ഗം പുക്ക ദൈവമക്കളുടെ കൂട്ടമായ) വിജയിസഭ, സ്വർഗ്ഗസ്ഥസഭ, സിദ്ധസഭ (*theo.*). =um'phant-ly, *ad.* ജയഘോഷത്തോടെ. -ĕr, *n.* ജയാഘോഷബഹുമാനം സിദ്ധിച്ച സേനാധിപൻ, ജയശാലി, വിജയി. -ing, *a.* ജയോത്സവം കൊണ്ടാടുന്ന; ജയശാലിയായ. -ing-ly, *ad.* ജയഘോഷത്തോടെ.

**Trī-um'vĭr** (*pl.* trī-um'vi-rī), *n.* (ഒര് കാലം പുരാതന റോമരാജ്യം ഭരിച്ച) ത്രിനായകന്മാരിൽ ഒരുവൻ, ത്രിനായകൻ, ത്രിവീരന്മാരിൽ ഒരുവൻ, ത്രിവീരൻ. ='vi-rāte, *n.* ത്രിനായകത്വം, ത്രിവീരഭരണം, മുക്കോയ്മ; ത്രിനായകത്വകാലം.

**Trī'ūne,** *a.* ത്രിയേകമായ, ത്രിയേകനായ, ത്രിയേകത്വമുള്ള (*theo.*). ='inū-

ty, *n.* ത്രിയേകത്വം, ത്രിയേകദൈവം (*Chr.*).

**Trī′valve,** *n.* ത്രികവാടം; 2. ഒര് വക ശംഖ് (*z.*). =**val′vū-lar,** *a.* ത്രികവാട മുള്ള.

**Triv′et, Trev′et,** *n.* മുക്കാലി, മുക്കാലിച്ചട്ടം; 2. നെയ്ത്ത് കത്തി. **t.-table** മുക്കാലിമേശ.

**Triv′i-al,** *a.* സാധാരണമായ, സാമാന്യമായ; 2. പൊരുളില്ലാത്ത, നിസ്സാരമായ, താണ; 3. ചെറിയ, അല്പമായ, സാരം കുറഞ്ഞ; 4. വ്യാകരണതൎക്കാലങ്കാരങ്ങൾ സംബന്ധിച്ച. **t. name** പ്രത്യേകനാമം, വൎഗ്ഗനാമം (*nat.*). **-ism, -′i-ty, -ness,** *n.* നിസ്സാരകാൎയ്യം; അല്പത, നിസ്സാരത്വം. **-ly,** *ad.* നിസ്സാരമായി.

**Triv′i-um,** *n.* (വ്യാകരണം, തൎക്കം, അലങ്കാരം എന്ന) വാഗ്മിത്വശാസ്ത്രം.

**Trī′wēek-ly,** *a.* ആഴ്ചക്ക് മൂന്നുവട്ടമുള്ള. *ad.* ആഴ്ചക്ക് മൂന്ന് വട്ടം. *n.* ത്രിവാരപത്രിക.

**Trō′cär, Trō′chär,** *n.* സൂചിക്കുഴൽ ശസ്ത്രം (*surg.*).

**Trŏ-chā′ic,** =**′i-cal,** *s. u.* **Trochee.**

**Trō′chal** (-kal), *a.* ചക്രതുല്യമായ; 2. ചക്രാകാരമുള്ള.

**Trō-chan′tĕr** (-kan′tĕr), *n.* തുടിയെല്ല് കമഴ (*an.*). **great t.** ബഹിഷ്ഠമഴ (*an.*). **small t.** അന്തഃമഴ (*an.*). =**tĕr′ic,** *a.* കമഴസംബന്ധിച്ച.

**Trō′chär,** *n., s. a.* **Trocar.**

**Trō′chē,** =**chis′cus** (*pl.* -chis′cī), *n.* ഔഷധവട്ട് (*med.*).

**Trō′chēe** (trō′kē), *n.* (ഒര് ഗുരുവും ഒര് ലഘുവും കൂടിയ) ഗുരുലഘുഗണം, ധാതൃഗണം (*pros.*). =**chā′ic,** *n.* ഗുരുലഘുഗണവൃത്തം, ധാതൃഗണവൃത്തം (*pros.*). =**chā′ic,** =**chā′i-cal,** *a.* ഗുരുലഘുഗണം സംബന്ധിച്ച; ഗുരുലഘുഗണമായ.

**Trō′chil** (-kil), =**los,** =**lus** (*pl.* =lī), *n.* ചിങ്കണ്ണിപ്പക്ഷി (*z.*).

**Trō′chil′ic** (-kil′ik), *a.* പരിചലനം സംബന്ധിച്ച, ചക്രചലനം—; 2. പരിചലനശക്തിയുള്ള. =**chil′ics,** *n.* ഭ്രമണശാസ്ത്രം, പരിചലനശാസ്ത്രം; ചക്രവിദ്യ.

**Troch′il-us,** =**os,** (*pl.* **troch′il-ī**), *n.* ഒര് ജാതി മൂളിപ്പക്ഷി (*z.*); 2. *s. a.* **troch′il.** =**′il-ī,** *n. pl.* മൂളിപ്പക്ഷിവൎഗ്ഗം (*z.*). =**il′i-dist,** *n.* മൂളിപ്പക്ഷി ശാസ്ത്രജ്ഞൻ.

**Trō-chis′cus,** *n., s. a.* **Troche.**

**Trō-chom′e-tĕr** (-kom′e-), *n.* ചക്രഭ്രമണമാപനയന്ത്രം.

**Trod,** *p. t. & p. p. of* **Tread.**

**Trod′den,** *p. p. of* **Tread.**

**Trog′lō-dȳte** (-dīt), *n.* ഗഹ്വരവാസി, ഗുഹയിൽ പാൎക്കുന്നവൻ; 2. (*s. & pl.*) മനുഷ്യക്കുരങ്ങ് (*z.*); 3. (*s. & pl.*) ഒര് പക്ഷി (*z.*). =**dyt′ic,** =**dyt′i-cal,** *a.* ഗഹ്വരവാസി സംബന്ധമായ.

**Trō′gon,** *n.* ഒര് വക ഭംഗിയുള്ള പക്ഷി, പഞ്ചവൎണ്ണക്കിളി (*z.*). **-oid,** *a.* പഞ്ചവൎണ്ണക്കിളിക്കുള്ള; പഞ്ചവൎണ്ണക്കിളിയെ സംബന്ധിച്ച.

**Trōgue** (trōg), *n.* അരിപ്പത്തൊട്ടി (*ming.*).

I. **Trōll,** *n.* ഒര് വക കുളിപ്പിശാച്, ഇല്ലിപ്പിശാച്, കുറുമ്മത്തി (*myth.*).

II. **Trōll, Trōul,** *v. t.* ഉരുട്ടുക, ചുററിത്തിരിക്കുക, തിരിക്കുക; 2. ചുരുട്ടുക, തിരക്കുക; 3. (വഴിക്ക് വഴിയായി) ചുററും കൊട്ടത്തയക്കുക, പരിവൎത്തനം ചെയ്യുക; 4. പരിവൎത്തനപ്പാട്ട് പാടുക; ഉറക്കെ പാടുക, ഉച്ചത്തിൽപാടുക; 5. ചൂണ്ടലിടുക, ചൂണ്ടലിട്ട് മീൻപിടിക്കുക; 6. വശീകരിക്കുക. *v. i.* ഉരുളുക, ചുററിത്തിരിയുക; 2. ചുററി സഞ്ചരിക്കുക; 3. ആട്ടുക, ഇളക്കുക; 4. ചൂണ്ടലിടുക; 5. പരിവൎത്തനപ്പാട്ട് പാടുക. *n.* ഉരുട്ടൽ; ഉരുളൽ; ചുററിത്തിരിയൽ; 2. ആവൎത്തിക്കൽ, ആവൎത്തനം; 3. പരിവൎത്തനപ്പാട്ട്; 4. ഉന്ത് വണ്ടി. **-′ĕr,** *n.* ഉരുട്ടുന്നവൻ. **trol′ley, trol′ly,** *n.* (ഇരിമ്പ് പാതയിലെ) ഉന്ത് വണ്ടി, തള്ള് വണ്ടി, 'ററാളി'.

**Trol'lop**, *n.* അലഞ്ഞ് നടക്കുന്നവൻ, തെണ്ടി; 2. മടിച്ചി; 3. വൃത്തികെട്ടസ്ത്രീ; 4. —പുരുഷൻ; 5. വേശ്യ.

**Trom'bōne**, *n.* കാഹളവാദ്യം(*mus.*).

**Tromp, Trompe, Trombe**, *n.* യന്ത്രത്തുരുത്തി. **-'il**, *n.* (തുരുത്തിയിലെ) കീറൽ, ചീന്ത്.

**Trōne, Trōnes**, *n.* ഇരിമ്പ് മുഴക്കോല്, ഇരിമ്പ് വാരക്കോല്; 2. തുക്കയന്ത്രം. **t.-stone** (പതിനൊമ്പതര റാത്തലുള്ള) തുലാക്കട്ടി, തുലാക്കല്ല്. **t.-weight** (ഒന്നര ഒന്നമുക്കാൽ റാത്തലുള്ള) റാത്തൽക്കല്ല്, റാത്തൽക്കട്ടി.

**Troop**, *n.* ആൾക്കൂട്ടം, ജനസംഘം, പുരുഷാരം; 2. *pl.* സൈന്യം, സേന, 'പട്ടാളം'; 3. (ഒര് ശതാധിപൻെറ) കീഴിൽ 60 ആളോളമുള്ള) കതിരപ്പട്ടാളം, പടക്കുതിരക്കൂട്ടം, 'ത്രൂപ്പ്' (*mil.*); 4. (*also* **trōupe**) നാടകക്കളിക്കാരുടെ യോഗം, കഥകളിക്കാര്, കളിക്കാര്; 5. പ്രത്യേക ഭേരിയടി (*mil.*); 6. (പടയാളികളുടെ) ശീഘ്രനടത്തം, ത്വരിതഗതി (*mil.*). **t.-ship** സൈന്യവാഹനക്കപ്പല്, പട്ടാളക്കപ്പല്. *v. i.* കൂട്ടമായി കൂടുക, കൂട്ടമായി പോക, കൂട്ടംചേന്ന് നടക്കുക; 2. വേഗം നടക്കുക. **-'ẽr**, *n.* കതിരപ്പടയാളി, കതിരച്ചേവകൻ; പടക്കുതിര.

**Trōpe**, *n.* ഒര് വക രൂപകാലങ്കാരം (*rhet.*). **trō'pi-eal, trō-pō-log'ie, trō-pō-log'i-eal**, *a.* രൂപകാലങ്കാരമായ, ഭാവാത്ഥമായ, അത്ഥാന്തരമുള്ള. **trō'pi-eal-ly, trō-pō-log'i-eal-ly**, *ad.* ഭാവാത്ഥത്തിൽ. **trō'pist**, *n.* രൂപകാലങ്കാര പ്രയോജകൻ; (വേദവാക്യാക്ഷരാത്ഥം വിട്ട് ഗ്രഹിക്കുന്ന) ഭാവാത്ഥവാദി (*theo.*). **trō-pol'ō-ġīse, trō-pol'ō-ġīze**, *v. t.* ഭാവാത്ഥത്തിൽ ഉപയോഗിക്കുക; രൂപകാലങ്കാരം പ്രയോഗിക്കുക. **trō-pol'ō-ġy**, *n.* രൂപകാലങ്കാരപ്രയോഗം; ഭാവാത്ഥ—.

**Trō'phī** (trō'fī), *n. pl.* പ്രാണിവക്ത്രം, പ്രാണിവായി. **troph'ie** (trof'ik), *a.* പോഷണം സംബന്ധിച്ച; പോഷകമായ; ഭഹനേന്ദ്ര്യസംബന്ധമായ. **trō'phō-spẽrm** (-fō-), *n.* ബീജകോശം (*b.*).

**Trō'phy** (trō'fi), *n.* ജയസ്മാരകസ്തംഭം; 2. ജയചിഹ്നം; ജയക്കുറി; 3. ജയചിഹ്നാലങ്കാരം (*arch.*); 4. (യുദ്ധത്തിൽ ജയശാലികൾ തോററവരിൽനിന്ന് പിടിച്ചെടുത്തതായ) വിജയാപഹൃതം, ജയചിഹ്നാപഹൃതം. **t.-money** (പണ്ട് ഇംഗ്ലാണ്ടിൽ നടപ്പുണ്ടായിരുന്ന) രക്ഷാസേനവരി. **trō'-phied** (-fid), *a.* ജയചിഹ്നാലങ്കൃതമായ.

**Trop'ie**, *n.* (ഭൂമദ്ധ്യരേഖക്ക് ഏതാണ്ടു $23\frac{1}{2}$ അംശം വടക്കും അത്രതന്നെ തെക്കും സങ്കല്പിച്ചിരിക്കുന്ന) അയനാന്തരേഖ, അയനവൃത്താംശം, അയനവൃത്തം (*as.*); 2. (അയനാന്തരേഖകൾക്കു സമാന്തരമായി ഭൂഗോളത്തിൽ സങ്കല്പിച്ചിട്ടുള്ള) ഉഷ്ണമേഖലാന്തരേഖ (*geog.*); 3. *pl.* ഉഷ്ണമേഖല, ഉഷ്ണമേഖലപ്രദേശം (*geog.*). **T. of Cancer** കക്കിടകായനവൃത്തം, ഉത്തരായനവൃത്തം (*as.*). **T. of Capricorn** മകരായനവൃത്തം, ദക്ഷിണായന— (*as.*). **trop'ie, trop'i-eal**, *a.* ഉഷ്ണമേഖലസംബന്ധിച്ച; ഉഷ്ണമേഖലപ്രദേശത്തുള്ള, ഉഷ്ണരാജ്യങ്ങളിലുള്ള. **t.l month** ($27\frac{1}{4}$ ദിവസമുള്ള) ചാന്ദ്രമാനമാസം. **t.l year** ($365\frac{1}{4}$ ദിവസമുള്ള) സൌര്യമാനവത്സരം.

I. **Trop'i-eal**, *a.*, *s. u.* Tropic.

II. **Trō'pi-eal**, *a.*, *s. u.* Trope.

**Trō'pi-eal-ly, Trō'pist, Trō-pō-log'ie, Trō-pol'ō-ġīse, Trō-pol'ō-ġy**, *etc.*, *s. u.* Trope.

**Trot**, *v. i.* (നാല്ക്കാലികൾ പ്രത്യേകരീതിയിൽ) നടയായി പോക, കെച്ചംനടക്കുക, യാത്രച്ചുവട് വെക്കുക; 2. നടസവാരിചെയ്യുക; നടയായി വണ്ടിതെളിക്കുക; 3. ത്വരിതഗതിയായി പോക, ബദ്ധപ്പെട്ട് നടക്കുക; 4. ഓട്ടുക. *v. t.* (കുതിരയെ) നടയായി ഓടിക്കുക, വേഗം നടത്തുക, കാല് പറിക്കാതെ ഓടിക്കുക. **to t. out** (കുതിരയെ നോട്ടത്തിന്ന്) നടത്തിക്കാണിക്കുക; കാണിക്കുക, പ്രദശിപ്പിക്കുക. *n.* (കുതിരയുടെ) നടനടത്തം, കെച്ചം നട, നടച്ചുവട്; 2. ത്വരിതഗതി, വേഗതയുള്ള നടത്തം; 3. ഇഴഞ്ഞ് വലിഞ്ഞ് നടക്കുന്നവൻ; 4. കട്ടി; 5. സ്ത്രീ. **-'tẽr**, *n.* നടച്ചുവട് വെക്കുന്നവൻ, —വെക്കുന്നത്; നടപ്പുന്തയക്കുതിര; മൃഗപാദം; ആട്ടിങ്കാല്; (കളിയായി

മനുഷ്യന്റെ) പാദം. -'toir (-'twor), *n.* ഊടുവഴി, നട, അരുപ്പാത.

Troth, *n.* (*see* Truth *u.* True) വിശ്വാസം, വിശ്വസ്തത; 2. വാക്ക്, വാഗ്ദത്തം, പ്രതിജ്ഞ, ഉറപ്പ്; 3. സത്യം, പരമാൎത്ഥം, നേര്; 4. വിവാഹനിശ്ചയം, പെണ്ണുനിശ്ചയിക്കൽ. t.-plighted വാക്കു കൊടുത്ത, ഉറപ്പ്—, നിശ്ചയം ചെയ്ത, പ്രതിജ്ഞ—. in t. നേരായി, സത്യമായി, സത്യം, നിശ്ചയം. to plight one's t. വാക്കുകൊടുക്കുക, ഉറപ്പ്—, നിശ്ചയം ചെയ്യുക, പ്രതിജ്ഞ—. -'less, *a.* നേരുകെട്ട; വിശ്വസിക്കാൻപോരാത്ത, നമ്പുവാൻ തരമില്ലാത്ത; വഞ്ചനയുള്ള, ചതിക്കുന്ന.

Trot'tĕr, Trot'toir, *n.*, *s. u.* Trot.

Tröu'ba-döur (trụ'ba-dụr), Tröu-vere', Tröu-veur' (trụ-vār'), *n.* (പണ്ടു പരന്ത്രീസ് രാജ്യത്തിലും മററും പ്രഖ്യാതി പ്രാപിച്ചിരുന്ന ഒരു വക) കീൎത്തനകവി.

Trŏub'le (trub'l), *v. t.* കലക്കുക, ഇളക്കുക, ഭ്രമിപ്പിക്കുക; 2. വിഷമിപ്പിക്കുക, കഷ്ടപ്പെടുത്തുക, പാടുപെടുത്തുക, ഞെരുക്കുക; 3. ഉപദ്രവിക്കുക, അസഹ്യപ്പെടുത്തുക, അലട്ടുക; 4. ദുഃഖിപ്പിക്കുക, വേദനപ്പെടുത്തുക; 5. അസൌകൎയ്യപ്പെടുത്തുക, അദ്ധ്വാനിപ്പിക്കുക, ബുദ്ധിമുട്ടിക്കുക, പ്രയാസപ്പെടുത്തുക; I will not t. you to deliver the letter ആ കത്തു കൊടുപ്പാൻ നിങ്ങൾ ബുദ്ധിമുട്ടേണമെന്നില്ല, ആ കത്ത് കൊടുക്കേണ്ടുന്ന കാൎയ്യത്തിൽ നിങ്ങളെ ഞാൻ ബുദ്ധിമുട്ടിക്കുന്നില്ല. *n.* ഉപദ്രവം, ആധി, വേവിലാതി, ബുദ്ധിമുട്ട്, സങ്കടം, വിഷമം, പ്രയാസം; 2. ഉപദ്രവകാരണം, സൊല്ല (*N.*), തൊല്ല (*S.*); 3. ലോഹഞരമ്പുപിഴ (*ming.*). to get into t. കഴങ്ങുക, വിഷമത്തിലാക, അപകടത്തിലാക. to take the t. ബുദ്ധിമുട്ടുക, അദ്ധ്വാനിക്കുക, പ്രയാസപ്പെടുക. =lĕr (trub'lĕr), *n.* ഉപദ്രവി, അസഹ്യപ്പെടുത്തുന്നവൻ, കലക്കം വരുത്തുന്നവൻ. -sŏme, *a.* ഉപദ്രവകരമായ, അസഹ്യകരമായ; ഭാരമായ, പ്രയാസമുള്ള. -sŏme-ly, *ad.* ഉപദ്രവകരമായി. -sŏme-ness, *n.* അസഹ്യത, ഭാരം, വിഷമം. trŏub'-lŏus, *a.* വിഷമമുള്ള; ഉപദ്രവകരമായ.

Tröu-de-löup' (trụ-de-lụ'), (*pl.* tröus-de-löup', *pr.* trụ-de-lụ), *n.* (സൈന്യ) തടസ്ഥക്കുഴി, കള്ളക്കുണ്ടു, ഒളിക്കുണ്ടു (*mil.*).

Trough (trof), *n.* തൊട്ടി, പാത്തി, മരവി; 2. ചാല്, കഴി. t.-gutter ഇറപ്പാത്തി (*arch.*). t. of the sea (രണ്ടു തിരകൾക്കു മദ്ധ്യേയുള്ള) തിരക്കുഴി, തിരച്ചാല്.

Trōul (trōl), *v. t.*, *s. a.* Troll II.

Trounce, *v. t.* തല്ലുക, അടിക്കുക, പ്രഹരിക്കുക; 2. ശിക്ഷിക്കുക.

Tröupe (*s. u.* Troop), *n.* നാടകസംഘം, നാടകയോഗം, കളിക്കാര്, കഥകളിക്കാര്; 2. സംഗീതയോഗക്കാര്.

Tröup'i-al, Troop'i-al, *n.* ഭംഗിയുള്ള ഒരു പക്ഷി (*z.*).

Trou'sērs, *n.*, *s. u.* Trowsers.

Tröus-seau' (trụs-sō'), *n.* (മണവാട്ടിയുടെ) കല്യാണവസ്ത്രാദികൾ, മംഗലച്ചമയം.

Trout, *n.* പൂമീൻ (*z.*). t.-coloured വെള്ളയിൽ കറുപ്പു പുള്ളിയുള്ള. -'let, -'ling, *n.* പൂമീൻപരല് (*z.*).

Tröu-vere', Tröu-veur', *n.*, *s. a.* Troubadour.

Trō'vĕr, *n.* കൈവശപ്പെടുത്തൽ (*l.*); 2. മുതൽ തരുവിപ്പാനുള്ള വ്യവഹാരം (*l.*).

I. Trōw (trō), *n.* ചാട്ടുളിത്തോണി.

II. Trōw (trō), *v. i.* & *t.* വിശ്വസിക്കുക, കരുതുക, തേറുക; 2. വിചാരിക്കുക, ഊഹിക്കുക.

Trow'el, *n.* കമ്മായക്കത്തി, കലചേറ് (*S.*); 2. ഒരു വക പടന്ന. =elled, =eled (-eld), *a.* കമ്മായക്കത്തികൊണ്ടു ഇട്ട; മിനുസമാക്കിയ, മിനുക്കിയ. -ful, *n.* കമ്മായക്കത്തി നിറയ.

Trow'sērs, Trou'sērs, *n. pl.* കാൽക്കുപ്പായം, കാൽചട്ട, 'ഇജാറ്' (*N.*), നീളച്ചല്ലടം (*S.*), കാൽ'സറായി', 'റൌസ്സർ'. trow'sēr-ing, *n.* കാൽക്കുപ്പായത്തുണി, കാൽചട്ടശീല.

**Troy̆, t.-weight,** *n.* (പൊന്നും വെള്ളിയും തൂക്കുന്ന) തട്ടാത്തൂക്കം. **t.-ounce** (480 ഗ്രേയിൻ ഉള്ള) തട്ടാത്തൂക്ക 'ഔണ്ണ്', റാത്തലിന്റെ പന്ത്രണ്ടാം അംശം. **t.-pound** (5760 ഗ്രേയിൻ ആയ 32 ഉറുപ്പികത്തൂക്കമുള്ള) തട്ടാത്തൂക്കറാത്തല്.

**Trụ'ant',** *n.* പണിമിനക്കെട്ട് നില്ക്കുന്നവൻ, പണി മിനക്കെടുന്നവൻ; 2. കല്പന കൂടാതെ പഠിപ്പ് മുടക്കുന്നവൻ, പഠിപ്പ് ഉപേക്ഷയാക്കുന്നവൻ; 3. മടിയൻ, സോമാരി. **to play t.** പഠിക്കാൻ പോകാതെ കഴിക്കുക. *a.* മിനക്കെട്ട് നില്ക്കുന്ന; ഉപേക്ഷയുള്ള, ഉദാസീനതയുള്ള, മടിയനായ; പ്രവൃത്തിയിൽ ഉപേക്ഷയുള്ള. *v. i.* നേരമ്പോക്കുക; 2. മിനക്കെടുക; 3. ചുററിനടക്കുക, പഠിക്കാൻ പോകാതെയിരിക്കുക. *v. t.* നേരമ്പോക്കുക, നേരംവെറുതെ കളയുക. **trụ'an-cy, -ship,** *n.* മിനക്കെടൽ; ഉദാസീനത, മടിവ്, സോമാരിത്തനം. **-ly,** *ad.* ഉപേക്ഷയായി; മടിയോടെ.

**Trụ-bụ',** *n.* മത്തി (*N.*), ചാള (*S.*).

**Trụce,** *n.* തല്കാല യുദ്ധനിവൃത്തി, യുദ്ധവിശ്രാമം, തല്കാലസന്ധി; 2.—ശമനം, —സുഖം, —സ്വസ്ഥത. **t.-breaker** സത്യലംഘി, ഉടമ്പടി തെററിയവൻ, നിശ്ചയം തെററി നടക്കുന്നവൻ. **flag of t.** സമാധാനക്കൊടി, വെള്ളക്കൊടി. **t. of God** (പൂൎവ്വകാലത്ത് ചില ചില കാലങ്ങളിൽ യുദ്ധം പാടില്ലെന്ന സഭാധികാരികൾ കല്പിച്ച) യുദ്ധവൎജ്ജ്യകല്പന. **-'less,** *a.* ശമനം ഇല്ലാത്ത; ക്ഷമിക്കാത്ത, പൊറുക്കാത്ത.

I. **Truck,** *n.* (വണ്ടിയുടെ) ചെറുചക്രം; 2. കൈവണ്ടി; 3. (തീവണ്ടിയിലെ) യന്ത്രോപവണ്ടി; 4. കപ്പി, ഉരുള്; 5. സാമാനവണ്ടി; 6. ഉരുസ്തറം. **t.-man** വണ്ടിയിൽ ചരക്ക് കയററികൊണ്ട്പോകുന്നവൻ. *v. t.* വണ്ടിയിൽ കയററിക്കൊണ്ട്പോക. **-'āġe,** *n.* വണ്ടിക്കൂലി, കടത്ത്കൂലി. **-'iṅg,** *n.* ചരക്ക് വണ്ടിയിൽ കയററിക്കൊണ്ട്പോകൽ. **truc'kle** (truk'l), *n.* ചെറുചക്രം. **t.e-bed** (കാലിന്ന് ഉരുളുള്ള) ഉരുൾക്കട്ടില്. *v. i.* കീഴടങ്ങുക, കീഴ്പ്പെടുക, അധീനമായിരിക്കുക. *v. t.* ഉരുട്ടിക്കൊണ്ട്പോക. **truck'lĕr,** *n.* കീഴ്വഴക്കമുള്ളവൻ, വഴങ്ങുന്നവൻ; അധീനൻ.

II. **Truck,** *v. t.* (ഒര് തരം ചരക്കിന്ന് മറുചരക്ക് വാങ്ങി വില്ക്കുന്ന) മാററക്കച്ചവടം ചെയ്യുക, ഒര് ചരക്ക് കൊടുത്ത് മറുചരക്ക് വാങ്ങുക. *v. i.* മാററക്കച്ചവടം ചെയ്യുക, കച്ചവടം—. *n.* മാററക്കച്ചവടം; 2. മാററക്കച്ചവടച്ചരക്ക്; 3. ചില്ലറച്ചരക്ക്; 4. തക്കാരിച്ചരക്ക്, കാസ്ലറിച്ചരക്ക്; 5. (*also* **t. system**) (പണിക്കാൎക്ക് കൂലിയായി പണത്തിന്ന് പകരം സാമാനം കൊടുക്കുന്ന) വല്ലിസമ്പ്രദായം, വല്ലിയളക്കൽ, പതംകൊടുക്കൽ. **t.-farming** തക്കാരിക്കൃഷി, ചെറുകൃഷി, നട്ടിക്കൃഷി. **t.-man** മാററക്കച്ചവടക്കാരൻ. **garden-t.** വില്പാൻ ഉണ്ടാക്കുന്ന തക്കാരി. **-'āġe,** *n.* മാററക്കച്ചവടം. **-'ĕr,** *n.* മാററക്കച്ചവടക്കാരൻ.

I. **Truck'āġe,** *n., s. u.* **Truck** I.

II. **Truck'āġe,** *n., s. u.* **Truck** II.

**Truck'iṅg, Truc'kle, Truc'kle-bed, Truck'lĕr,** *s. u.* **Truck** I.

I. **Truck'man,** *n., s. u.* **Truck** I.

II. **Truck'man,** *n., s. u.* **Truck** II.

**Truc'ū-lent,** *a.* ഉഗ്രതയുള്ള, ഭയങ്കരമായ; 2. കാട്ടാളസ്വഭാവമുള്ള, മ്ലേച്ഛനായ; 3. ദയയില്ലാത്ത, ക്രൂരതയുള്ള; 4. നാശകരമായ. **=lence, =len-cy,** *n.* ഉഗ്രത, ക്രൂരത, നിഷ്ഠുരത, ഭയങ്കരത, മ്ലേച്ഛത. **-ly,** *ad.* ഉഗ്രതയോടെ, ക്രൂരമായി.

**Trudġe** (truj), *v. i.* ഇഴഞ്ഞ് വലിഞ്ഞ് നടക്കുക, ക്ഷീണതയോടെ നടക്കുക; നടന്ന് ചടക്കുക.

**Trụe,** *a.* (*c. d.* **trụ'ĕr,** *s. d.* **trụ'est**), വസ്തുത ആയ, ഉള്ളത്—, ഉണ്മ—; 2. യഥാൎത്ഥം—; 3. നേര്—, സത്യം—, പരമാൎത്ഥം—. മെയ്—; 4. തത്തുല്യം—, കൃത്യം—; 5. വാക്കിന്ന് നേരുള്ള, വാക്ക് തെററാത്ത, —മാറാത്ത, വിശ്വസ്തതയുള്ള; 6. ഉററ; 7. സാക്ഷാലുള്ള; 8. ശുദ്ധമായ, കൂട്ടില്ലാത്ത, കൂട്ട് കൂട്ടാത്ത. **t. blue** നേരസ്ഥനായ, പരമാൎത്ഥമുള്ള; നേരസ്ഥൻ. **t.-born** ന്യായ

മായി പിറന്ന, ജനനാൽ അവകാശമുള്ള. t.-bred (മൃഗം) നല്ല ജാതിയായ; വിദ്യാഭ്യാസം കഴിഞ്ഞ, അറിവുള്ള; നല്ല തറവാട്ടുകാരനായ. t.-hearted യഥാൎത്ഥമുള്ള, മായമില്ലാത്ത, പരമാൎത്ഥിയായ. t.-heartedness യഥാൎത്ഥത, നിഷ്കപടഭാവം. t.-love പ്രിയൻ, വത്സലൻ, പ്രിയ, വത്സല; ഒരു ചെടി (b.). t.-love-knot, t. lover's knot (മാറാത്ത സ്നേഹചിഹ്നമായ) അഴിയാക്കുടുക്ക്, വിഷമക്കുടുക്ക്. t.-penny പരമാൎത്ഥി, നേരസ്ഥൻ. t.-time, s. u. Time. a t. bill കുററക്കാരനെന്ന പഞ്ചായത്തീൎപ്പ്, ജ്യൂരിത്തീൎപ്പ് (l.). out of t. വളഞ്ഞ, ചരിഞ്ഞ, വക്രമായ. ad. നേരായി, സത്യമായി. -'ness, truth, n. പരമാൎത്ഥം, സത്യം; വാസ്തവം; കൃത്യത, തുല്യത; വിശ്വസ്തത, മായമില്ലായ്മ, നിഷ്കാപട്യം; സ്ഥിരത; സത്യം പറയൽ, നേര്, ഉണ്മ, മെയ്; സിദ്ധാന്തസത്യം, സിദ്ധാന്തപ്രമാണം; നീതി, സത്യധൎമ്മം. t.h-lover സത്യതല്പരൻ. t.h-teller സത്യംപറയുന്നവൻ, നേരസ്ഥൻ. in t.h വസ്തുതയിൽ, നേരായി. of a t.h നിശ്ചയമായി, സംശയംകൂടാതെ. to do t.h ധൎമ്മ്യമായി നടക്കുക. tru'ism, n. നിൎവ്വാദസത്യം, സിദ്ധാന്ത—, സാധാരണ—. tru-is-mat'ic, a. —സത്യമായ. tru'ly, ad. കൃത്യമായി, ശരിയായി, ന്യായമായി; നേരായി, സത്യമായി, പരമാൎത്ഥമായി, വസ്തുതയായി; ഉള്ളവണ്ണം, സാക്ഷാത്തായി; വിശ്വസ്തതയോടെ; നിയമാനുസാരം, ധൎമ്മ്യമായി; കാൎയ്യമായി, വാസ്തവത്തിൽ. truth'ful, truth'y, a. സത്യമായ, നേരായ; വിശ്വസിക്കത്തക്ക, വിശ്വാസ്യമായ. truth'ful-ly, ad. നേരായി, വിശ്വാസയോഗ്യമായി. truth'ful-ness, n. പരമാൎത്ഥത, വിശ്വാസ്യത, വിശ്വാസയോഗ്യത. truth'less, a. നേര്കെട്ട; നേരല്ലാത്ത; മായമുള്ള, കളവായ; വിശ്വാസയോഗ്യമല്ലാത്ത. truth'less-ness, n. നേര്കേട്, പരമാൎത്ഥമില്ലായ്മ, കളവ്, ഭോഷ്ക്.

Truf'fle (or truf'fl), n. കടക്കുമില്, കടൽകൂന് (b.). truf'fled (truf'fld), a. കമിലിട്ട് വേവിച്ച, കൂന് നിറച്ച് പാകം ചെയ്ത (ck.).

Trug, n. മരത്തൊട്ടി; 2. കമ്മായപ്പെട്ടി; 3. ഒരു വക പറ. [True.

Tru'ism, Tru-is-ma'tic, s. u.

Trull, n. വേശ്യ, ചൂളച്ചി.

Trul-li-sā'tiŏn, =zā'tiŏn, n. കമ്മായം ഇടൽ, കുമ്മായിക്കൽ.

Tru'ly, ad., s. u. True.

I. Trump, Trum'pet, n. കാഹളം, കാളം, തുരി, കൊമ്പ് (mus.); 2. കാഹളനാദം, കാഹളശബ്ദം; 3. കാഹളം ഊതുന്നവൻ, കാഹളക്കാരൻ (mil.); 4. സ്തുതിക്കുന്നവൻ, പുകഴ്ത്തുന്നവൻ, കീൎത്തിക്കുന്നവൻ; 5. നാളം. t.t-call കാഹളവിളി, കാഹളനാദം. t.t-conch, t.t-shell (ഊതുന്ന) ശംഖ്. t.t-major കാഹളമേനവൻ (mil.). t.t-marine ഒററക്കമ്പിവീണ (mus.). t.t-shaped കാഹളാകൃതിയായ. t.t-tongued ഗംഭീരശബ്ദമുള്ള, ഉച്ചത്തിൽ സംസാരിക്കുന്ന, തൊണ്ടതുറന്ന. t.t-tree, t.t-wood ഒരു വക ബമ്പപ്പിലാവ്, വിലാത്തിച്ചക്കമരം (b.). ear-t.t, hearing-t.t ശ്രവണക്കുഴല്. sea-t.t ഒരു വക കടൽച്ചെടി (d.). speaking-t.t ശബ്ദവാഹിനിക്കുഴല്. trum'pet, v. t. കാഹളം ഊതി പ്രസിദ്ധം ആക്കുക, പ്രസിദ്ധം—, പരസ്യം—, ഘോഷിക്കുക. v. i. കാഹളം ഊതുക; 2. ഉറക്കെ പറയുക; 3. നിലവിളിക്കുക. trum'pet-ĕr, n. കാഹളം ഊതുന്നവൻ; പ്രസിദ്ധം ആക്കുന്നവൻ, പ്രസാധകൻ; (കോഴികളെ പോലെ പോററിവരുന്ന ഒരു ജാതി) വീട്ടുകൊക്ക്, വീട്ടുകൊച്ച, ഗൃഹബകം (z.); ഒരു വക മാടപ്രാവ് (z.); (അമേരിക്ക) അരയന്നം (z.); ഒരു വക നല്ല മത്സ്യം, പലകമീൻ, പലാമീൻ (z.). -'līke, a. കാഹളശബ്ദം പോലെയുള്ള.

II. Trump, n. (ചീട്ടുകളിയിൽ അതത് കശക്കിന്ന് നിശ്ചയിക്കുന്ന) പ്രമാണജാതി, പ്രധാനജാതി, 'തുരുപ്പ്', 'ററമ്പ്'; 2. ഒരു വക കൎത്ത് കളി; 3. നല്ലവൻ, മിടുക്കൻ, യോഗ്യൻ. to put to one's t.s, to put on one's t.s അററകൈ പ്രയോഗിപ്പാൻ ഇടവരുത്തുക; കടുങ്കൈ പ്രയോഗിക്കുക. v. i. പ്രമാണജാതി ഇട്ട് മുറി

ക്കുക, 'ൻറ്റ മിട്ട്'—, മുറിക്കുക. *v. t.* 'ൻറ്റ മിട്ട്' പിടിക്കുക, മുറിക്കുക.

III. **Trump,** *v. t.* തോല്പിക്കുക, പററിക്കുക, ചെണ്ടകൊട്ടിക്കുക, ചതിപററിക്കുക. **to t. up** കളവായി നിൎമ്മിക്കുക, കെട്ടിക്കൂട്ടിയുണ്ടാക്കുക, കററുണ്ടാക്കുക, വകഞ്ഞുണ്ടാക്കുക, കെട്ടിപ്പറയുക. **-'ĕr-y,** *n.* കളവ്, ചതി; (തോല്പിപ്പാനുള്ള) മോടിസാധനം, നിസ്സാര—, ചണ്ടി, ചവറ്. *a.* നിസ്സാരമായ, തോല്പിക്കുന്ന.

**Trum'pet, -ĕr, -shāped, -tŏngued, Trump'līke,** *etc., s. u.* **Trump I.**

**Trun'cal,** *a.* ഉടല് സംബന്ധിച്ച; 2. തടിമരം സംബന്ധിച്ച.

**Trun'cāte,** *v. t.* മുറിച്ച് കളയുക, കൊത്തിക്കളയുക, ഛേദിക്കുക; 2. അംഗഭംഗംവരുത്തുക. *a.* ഖണ്ഡിച്ചത് പോലെയുള്ള. **='cā-ted,** *a.* മുറിച്ച് കളഞ്ഞ, കുറുതാക്കിയ; ഊനം ഉള്ള, അംഗഭംഗം—. **t.d cone, t.d pyramid** ഖണ്ഡക്കൂമ്പ്, ഖണ്ഡചതുരസ്തംഭം, ഖണ്ഡസൂചിയഗ്രസ്തംഭം (*geom.*). **=cā'tiŏn,** *n.* മുറിച്ച് കളയൽ, ഖണ്ഡനം; ഖണ്ഡം, ഛിന്നം.

**Trun'chēŏn** (trun'shun), *n.* ദണ്ഡ്, ഗദ, പൊന്തി; 2. (പട്ടാള) അധികാരദണ്ഡ്, മുദ്രവടി (*mil.*); 3. (ചുള്ളിയാഞ്ഞ് നിൎത്തിയ) കൊമ്പ്. *v. t.* ദണ്ഡ് കൊണ്ടടിക്കുക. **=chēŏned** (-shund), *a.* ഗദധരിച്ച, —ഉള്ള. **-ēer', -ĕr,** *n.* ഗദാധാരി.

**Trun'dle, Trun'nel,** *n.* വട്ടത്തിലുള്ള സാധനം, ചെറിയ ഉരുള്, ചക്രം; 2. ചെറു ചക്രവണ്ടി; 3. ഉരുൾ, ഉരുക്കം, കലുക്കം. **t.-bed** (കാലിന്ന്) ചക്ര(ംവെച്ച) കട്ടില്, ഉയരം കുറഞ്ഞ—. **t.-tail** വളഞ്ഞ വാല്; വളഞ്ഞവാലുള്ള നായി. *v. t.* (ചെറുചക്രത്തിന്മേൽ) ഉരുട്ടിക്കൊണ്ട് പോക; 2. ഉരുട്ടുക, തിരിക്കുക, ചുററിക്കുക. *v. i.* (ചക്രത്തിന്മേൽ) ഉരുളുക; 2. ചുററുക, തിരിയുക.

**Trunk,** *n.* തടിമരം, തായിമരം; 2. ഉടല്, കബന്ധം; 3. മുഖ്യഭാഗം; 4. പ്രാണിനെഞ്ച് (*z.*); 5. തുമ്പിക്കൈ (*z.*); 6. (പ്രാണികളുടെ) സുഷിരി; 7. അമ്പൂത്തുകുഴല്; 8. തോൽപ്പെട്ടി, ഇരിമ്പ് പെട്ടി, യാത്രപ്പെട്ടി; 9. മരപ്പാത്തി. **t.-hose** മുട്ടോളമുള്ള കാൽക്കുപ്പായം. **t.-line** (തീവണ്ടി, തോട്, നിരത്ത് മുതലായതിന്റെ) മുഖ്യഭാഗം, വൻഭാഗം. **trunked** (trunkt), *a.* തായിമരമുള്ള. **-ful,** *n.* പെട്ടിനിറയ.

I. **Trun'nel,** *n., s. a.* **Trundle.**

II. **Trun'nel,** *n., s. a.* **Treenail.**

**Trun'niŏn** (trun'yun), *n.* (പീരങ്കികളുടെ പള്ളക്ക് ഇരുപുറവും നീണ്ട് നില്ക്കുന്ന) പീരങ്കിക്കുററി.

**Tru'siŏn,** *n.* ഉന്തൽ, തള്ളൽ.

**Truss,** *n.* (വൈക്കോൽ) കെട്ട്, (പുല്ല്) തിര; 2. (ആന്ത്രരോഗക്കാര് ധരിക്കുന്ന) അമൎത്തിപ്പട്ട (*surg.*); 3. പൂച്ചെണ്ട് (*b.*); 4. അറുത്ത് കെട്ട് (*arch.*). *v. t.* കെട്ടാക്കുക; 2. കെട്ടിമുറുക്കുക; 3. കൂട്ടിക്കെട്ടുക; 4. കെട്ടിവേവിക്കുക (*ck.*); 5. (up) തൂക്കിക്കൊല്ലുക, തൂക്കിലിട്ട് കൊല്ലുക (*S.*). **to t. up** വലിച്ച് മുറുക്കുക. **-'ing,** *n.* അറുത്ത് കെട്ട് മരം, കെട്ട് (*arch.*).

**Trust,** *n.* ആശ്രയം, തേററം, വിശ്വാസം; 2. കടംകൊടുക്കൽ, കടക്കച്ചവടം; 3. ആശ, പ്രത്യാശ, ആശാബന്ധം, പ്രതീക്ഷ; 4. ഭരമേല്പിച്ച കാൎയ്യം, പരിപാലനാൎത്ഥാപ്പിതസ്വത്ത്, പരിപാലനസ്വത്ത്, ഉത്തരവാദിത്വം, ഭരമേല്പിച്ച വസ്തു; 5. ഭാരവാഹിത്വം, ഉത്തരവാദിത്വം; 6. ഊരാണ്മ, സമുദായം, കാൎയ്യനടപ്പ്, വസ്തുപരിപാലനം, കാൎയ്യസ്ഥസ്ഥാനം, പരിപാലനോദ്യോഗം; 7. (അന്യന്മാരുടെ ഗുണത്തിന്നായിക്കൊണ്ട് പരിപാലിപ്പാൻ ഏല്പിച്ച് കിട്ടിയിരിക്കുന്ന) ഭരമേല്പ് സ്വത്ത്, പാലനാൎത്ഥകസ്വത്ത് (*l.*); 8. വ്യാപാരക്കൂട്ടുകെട്ട്, വൎത്തകക്കൂട്ടുകെട്ട്. **t.-deed** ഭരമേല്പ് പത്രം, സമുദായപത്രം (*l.*). *cestui que t.* (പരിപാലനാൎത്ഥകസ്വത്തിന്റെ ഉടമയും അതിന്റെ ആദായം അനുഭവിക്കേണ്ടുന്നവനും ആയ) അനുഭോക്താവ് (*l.*). *a.* ഭരമേററ; പരിപാലനാൎത്ഥകസ്വത്തായ. *v. t.* വിശ്വസിക്കുക, നമ്പുക, തേറുക; 2. ആശ്രയിക്കുക, ആശ്രയംവെക്കുക; 3. ആശിക്കുക, പ്രതീക്ഷിക്കുക, പ്രത്യാശിക്കുക, ആശംസിക്കുക; 4. വിശ്വസിച്ചേല്പിക്കുക, ഏല്പിക്കുക, ഭരമേല്പിക്കുക;

5. കടംകൊടുക്കുക; 6. തുനിയുക, ധൈൎയ്യപ്പെടുക. *v. i.* വിശ്വസിക്കുക, ആശ്രയിക്കുക, കരുത്താക്കുക; 2. പ്രത്യാശിക്കുക, പ്രതീക്ഷിക്കുക; 3. കടംകൊടുക്കുക. **to t. in, to t. on** ആശ്രയിക്കുക, ആശ്രയംവെക്കുക, ശരണംപ്രാപിക്കുക, ശരണപ്പെടുക. **to t. to, to t. unto** കരുത്താക്കുക, ആശ്രയംവെക്കുക. **=tēe′,** *n.* സ്വത്ത് ഭരമേല്പിച്ചു കിട്ടിയവൻ, ഭരമേല്പുകാരൻ, ഊരാളൻ, സമുദായി (*l.*); പരിപാലകൻ, ഭാരവാഹി, ഉത്തരവാദി. *v. t.* പരിപാലനാൎത്ഥം ഏല്പിക്കുക, ഭരമേല്പിക്കുക, പരിപാലനാൎത്ഥകസ്വത്താക്കുക; കടക്കാരന്റെ മുതല് അന്യാധീനത്തിൽനിന്ന് ജപ്തിചെയ്യെടുക്കുക (*U. S.*). **=tēe′-ship,** *n.* ഭാരവാഹിത്വം; ഊരായ്മ, സമുദായം; പരിപാലകസ്ഥാനം. **-′ĕr,** *n.* വിശ്വസിക്കുന്നവൻ; (പരിപാലനാൎത്ഥം) സ്വത്ത് ഭരമേല്പിക്കുന്നവൻ, പരിപാലനാൎത്ഥദായകൻ (*Scot. l.*). **-′fụl, -′iṅg,** *a.* വിശ്വസിച്ച; വിശ്വാസമുള്ള; വിശ്വസ്തതയുള്ള, വിശ്വാസയോഗ്യതയുള്ള. **-′fụl-ly, -′iṅg-ly,** *ad.* വിശ്വാസത്തോടെ, വിശ്വസ്തതയോടെ. **-′fụl-ness,** *n.* വിശ്വാസം; വിശ്വസ്തത. **-′i-ly,** *ad.* വിശ്വാസയോഗ്യമായി, ഉറപ്പായി; ഉത്തരവാദിത്വത്തോടെ. **-′i-ness,** *n.* വിശ്വാസയോഗ്യത; ഉറപ്പ്; ഉത്തരവാദിത്വം. **-′less,** *a.* വിശ്വസിപ്പാൻ കൊള്ളാത്ത, വിശ്വാസത്തിന്ന് പോരാത്ത; വിശ്വാസയോഗ്യമല്ലാത്ത; അവിശ്വസ്തതയുള്ള. **-′less-ness,** *n.* അവിശ്വാസ്യത, അവിശ്വസ്തത. **-′wŏr-th̄y, -′y,** *a.* വിശ്വാസ്യമായ, വിശ്വാസയോഗ്യമായ, വിശ്വസിപ്പാൻതക്ക, വിശ്വസിക്കത്തക്ക; വിശ്വസ്തതയുള്ള; ഉറപ്പുള്ള, കരുത്തുള്ള; പിൻവാങ്ങാത്ത; ഉത്തരവാദിത്വമുള്ള. **-′wŏr-th̄i-ness,** *n.* വിശ്വാസ്യത, വിശ്വസ്തത.

**Trụth, -′fụl, -′less, -′lŏv-ĕr, -′ness, -′tel-lĕr,** *etc., s. u.* **True.**

**Trȳ,** *v. t.* തുറുക, തരംതിരിക്കുക; 2. ശുദ്ധിയാക്കുക, സ്പുടംവെക്കുക; 3. ഉരുക്കിനന്നാക്കുക; 4. പരിശോധിക്കുക, ശോധന ചെയ്യുക; 5. പരീക്ഷിച്ച് നോക്കുക, പരീക്ഷിക്കുക; 6. ഞെരുക്കുക, ബുദ്ധിമുട്ടിക്കുക; 7. വേദനപ്പെടുത്തുക; 8. വിസ്തരിക്കുക, വിചാരണചെയ്യുക (*l.*); 9. തീൎച്ചപ്പെടുത്തുക, നിൎണ്ണയിക്കുക; 10. വാദപ്രയുദ്ധത്താൽ തീൎമ്മാനിക്കുക; 11. അനുഭവിച്ചറിയുക, അനുഭവിക്കുക, പരിചയിക്കുക; 12. യത്നിക്കുക, ശ്രമിക്കുക, പരിശ്രമിക്കുക. **to t. on** ഉടുത്ത് നോക്കുക, ഇട്ട്—; ശ്രമിക്കുക, തുനിയുക; കയ്യേല്ക്കുക. *v. i.* ശ്രമിക്കുക, യത്നിക്കുക, അദ്ധ്വാനിക്കുക, പരിശ്രമിക്കുക, പാട് പെടുക; 2. ഇരിക്കുക, സുഖമായിരിക്കുക: **how do you t.** സുഖം തന്നെയോ. *n.* അരിപ്പ, ചല്ലട, തട്ടപ്പ; 2. പരിശോധന; 3. പരീക്ഷ; 4. പരിശ്രമം. **t.-sail** (കപ്പലിലെ) ഒര് ചെറുപായി. **t.-square** മട്ടം (*carp.*). **trī′a-ble,** *a.* പരീക്ഷിച്ച് നോക്കത്തക്ക, പരീക്ഷ്യമായ; വിചാരണചെയ്യത്തക്ക (*l.*). **trī′a-ble-ness,** *n.* പരീക്ഷ്യത. **trī′al,** *n.* പരീക്ഷിക്കൽ, പരിശോധിക്കൽ; കയ്യൂക്ക് നോക്കൽ, ശക്തിപരീക്ഷ; പരിചയം; പരീക്ഷ, അനുഭവം; പരിശോധന; കഷ്ടം, ക്ലേശം, പീഡ, സങ്കടം, ഞെരുക്കം; ഉപദ്രവം; ദുഃഖഹേതു, സങ്കടം; വിചാരണ, വിസ്താരം (*l.*). **trīed,** *a.* പരീക്ഷിച്ചറിഞ്ഞ, ശോധനചെയ്ത; വിശ്വസ്തതയുള്ള, വിശ്വാസയോഗ്യമായ. **trī′ĕr,** *n.* പരിശോധിക്കുന്നവൻ, പരിശോധകൻ, പരീക്ഷകൻ, പരീക്ഷിച്ച് നോക്കുന്നവൻ; വിസ്താരകൎത്താവ്; പഞ്ചായക്ഷേപത്തിപ്പുകാരൻ; പരീക്ഷ. **-′iṅg,** *a.* പരീക്ഷ ആയ; വിഷമം—; ഭയങ്കരം—.

**Trȳ′gon,** *n.* മുൾത്തിരണ്ടിമത്സ്യം (*z.*).

**Tryp′sin,** *n.* കണ്ണായജലസാധനം (*phys.*). **tryp′ic,** *a.* —സാധനം സംബന്ധിച്ച (*phys.*).

**Trȳ′-sāil, Try′-squāre,** *s. u.* **Try.**

**Trȳst,** *n.* ഒന്നിച്ച് കൂടുവാനുള്ള നിശ്ചയം; 2. കറിനിലം; ഒത്ത് കൂടുവാൻ നിശ്ചയിച്ച സ്ഥലം; 3. —സമയം, കറിസമയം. **to bide t.** നിശ്ചയപ്രകാരം കാത്തിരിക്കുക; വാഗ്ദത്തപ്രകാരം ചെയ്യുക, വാക്ക് തെററാതിരിക്കുക. *v. t.* പറഞ്ഞൊക്കുക, ചട്ടം കെട്ടുക, നിശ്ചയം ചെയ്യുക. *v. i.* ഒന്നിച്ച് കൂടുവാൻ പറഞ്ഞൊക്കുക. **-′ĕr,** *n.* പറഞ്ഞൊത്തവൻ; (നിശ്ചയപ്രകാരം)

കൂടിവരുന്നവൻ. -'ing, *n.* പറഞ്ഞൊക്കൽ; നിശ്ചയം. t.g-day കുറിനാള്. t.g-place കുറിനിലം; സങ്കേതം.

Tsär (*s. a.* Czar), *n.* റഷ്യചക്രവർത്തി, 'സ്സാർ'. -ï'na, -it'sa, *n.* റഷ്യചക്രവർത്തിനി. [കരണ്ട് (*z.*).

Tsche̱'gō (chä'gō), *n.* ഒരു മാതിരി

Tsē'be, *n.* കലമാൻ (*z.*).

Tset'se, Tzet'ze, Tset'ze, *n.* (നാല്ക്കാലികൾക്കു മരണകരമായും, മനുഷ്യർക്കു ദോഷമില്ലാത്തതായും ഉള്ള ആഫ്രിക്കാ) വിഷമക്ഷിക (*z.*).

Tub, *n.* തൊട്ടി, കുളിത്തൊട്ടി; 2. മരവി, മരക്കലം, പീപ്പ; 3. (ഏകദേശം 112 റാത്തലുള്ള) ഒരു അളവ്; 4. ഒരു വക പ്രസംഗപീഠം; 5. (പരിഹാസമായി) ചെറുതോണി; 6. ചെറുപീപ്പ. t.-man ഇംഗ്ലാന്തിലെ പഴക്കമുള്ള വക്കീൽമാരിൽ ഒരുവൻ, പ്രധാനവക്കീല് (*l.*). t.-wheel ഒരു വക വെള്ള(ം കയററുന്ന) ചക്രം. *v. t.* (ചെടി) തൊട്ടിയിൽ നടുക. *v. i.* (തൊട്ടിയിൽ) കുളിക്കുക. -'bing, *n.* തൊട്ടിയുണ്ടാക്കൽ; തൊട്ടിക്കുള്ള മരം, തൊട്ടിക്കോപ്പ്; ഖനിപ്പള്ളക്കു പലകയടിക്കൽ; —അടിച്ച പലക. -'by, *a.* മരവിപോലെയുള്ള; മണിച്ചലില്ലാത്ത. -'ful, *n.* മരവി നിറയ.

Tū'ba, *n.* ഒരു വക കാഹളം (*mus.*).

Tū'bal, *a.*, *s. u.* Tube.

Tūbe, *n.* കുഴല്, നാളം, ധമനി, തുമ്പ (*S.*); 2. പാത്തി, ഓക്; 3. ചീനക്കുഴല്, കുഴൽക്കണ്ണാടി; 4. ദേഹനാളം (*an.*). t.-form കുഴലാകൃതിയായ; ഉള്ള് പൊള്ളയായ. t.-spinner ഒരു വക ചിലന്നി (*z.*). capillary t. രക്തസിര (*an.*). fallopian t.s ഗർഭാശയനാളം (*an.*). *v. t.* കുഴല് വെക്കുക. tū'bal കുഴല് സംബന്ധിച്ച; ഗർഭാശയനാളം സംബന്ധിച്ച (*an.*). tū'bi-cōle (*pl.* tū'bi-cō-læ), *n.* കുഴൽപ്രാണി (*z.*). ='bi-cō-lar, ='bicō-lŏus, *a.* കുഴലിൽ പാക്കുന്ന (*z.*). tū'bi-corn, *n.* പൊള്ളക്കൊമ്പുള്ള മൃഗം (*z.*). tū'bi-cor-nŏus, *a.* പൊള്ളക്കൊമ്പുള്ള. tū'bi-form, *a.* ഉള്ള് പൊള്ളയായ. tū-bi-nā'rēs, *n. pl.* നാളനാസികപക്ഷിവർഗ്ഗം, കുഴൽമൂക്കുള്ള പക്ഷിവർഗ്ഗം (*z.*). tū'bing, *n.* കുഴലുണ്ടാക്കൽ; കുഴലുകൾ; കുഴൽക്കൂട്ടം; കുഴൽനീളം; കുഴൽക്കോപ്പ്. tū-bi'pō-ra, tū'bi-pōre, tū'bi-pō-rīte, *n.* ഒരു വക കുഴൽപവിഴം (*z.*). tū'bū-lar, tū'bū-lāte, tū'bū-lā-ted, tū'bū-lōse, tū'-bū-lŏus, *a.* കുഴലാകൃതിയായ; കുഴൽകൊണ്ടുള്ള, കുഴലായ; കുഴലുള്ള. t.r boiler ഒരു വക കടാഹം. t.r breathing പ്രത്യേകശ്വാസധ്വനി (*med.*). t.r bridge കുഴൽപാലം. t.r girder കുഴൽത്തെണ്ടിക. tū-bū-lā'tiŏn, tū'bū-lā-tūre, tū'bū-lūre, *n.* കുഴൽവെക്കൽ (*ch.*); കുഴല് (*ch.*). tū'būle, *n.* ചെറുകുഴല്. ചെറുനാളം; മൂത്രപിണ്ഡസിര (*an.*), tū-bū'li-form, *a.* ചെറുനാളാകൃതിയായ.

Tū'bĕr, *n.* കിഴങ്ങ്, മൂലം, കന്ദം; 2. ഒരു വക കുഴല്; 3. മുഴ, ഉണില്, നുണില് (*S.*), അഴല്, പരു, കുരു (*an.*). -cle, =bĕr'cū-lum (*pl.* =bĕr'cū-la), *n.* മുഴ (*an.*); 2. സൂക്ഷ്മവ്രണം; കുരു, ചിരങ്ങ്, അഴല്, ഉണല് (*med.*); ശ്വാസകോശപരു (*med.*). t.e bacillus ശ്വാസകോശപരുബീജം, രാജയക്ഷ്മാബീജം (*med.*). -cled (-kld), =bĕr'cū-lar, =bĕr'cū-lāte, =bĕr'cū-lā-ted, =bĕr'-cū-lōse, =bĕr'cū-lŏus, *a.* ശ്വാസകോശപരുവുള്ള (*med.*); മുഴയുള്ള; മുഴപോലെയുള്ള; കുരുവായ. =bĕr-cū-li-sa̱'-tiŏn, =bĕr-cū-li-zā'tiŏn, *n.* ശ്വാസകോശപരുവുണ്ടാകൽ (*med.*). —പരുരോഗം (*med.*). =bĕr-cū-lō'sis, *n.* ശ്വാസകോശപരു, ശ്വാസകോശരോഗം, രാജയക്ഷ്മാവ്, ക്ഷയരോഗം (*med.*). -if'ĕr-ŏus, *ad.* കിഴങ്ങ് ഇറങ്ങുന്ന, കിഴങ്ങ് ഉണ്ടാകുന്ന, കിഴങ്ങ് കിഴിയുന്ന, കന്ദോല്പാദകമായ (*b.*). tū'bĕr-ōse (*or* tū'brōz), *n.* ഒരു സുഗന്ധപ്പൂച്ചെടി (*b.*). -ōse, -ōus, *a.* മുഴമുഴയായ; കിഴങ്ങുള്ള (*b.*); കിഴങ്ങ് പോലെയുള്ള. -ŏus-ness, *n.* മുഴ(സ്ഥിതി); കിഴങ്ങുള്ള സ്ഥിതി.

Tū'bĕr-cle, =bĕr'cū-lar, =bĕr'cū-lŏus, =bĕr-cū-lō'sis, *etc.*, *s. u.* Tuber.

**Tu-bic′i-nāte**, *v.i.* കാഹളം ഊതുക.

**Tū′bi-cō-lar, Tū′bi-cōle, Tū′bi-cō-lŏus, Tū′bi-corn, Tū′bi-form, Tū-bi-nā′rēs, Tū′bing, Tū′bi-pōre, Tū′bū-lar, Tū′bū-lāte, Tū′būle, Tū′-bū-lōse, Tū′bū-lūre,** *etc.*, *s.u.* **Tube.**

**Tuck**, *v.t.* മേല്പട്ട് വലിക്കുക, തെരുത്ത് കയററുക; 2. ചുരുക്കുക; 3. ഒതുക്കുക; 4. മടക്കി ഉള്ളിലോട്ട് മടക്കുക; 5. മടക്കിട്ട് തുന്നുക, 'ററക്കിട്ട്' തുന്നുക; 6. അകത്താക്കുക, അകത്ത് വെക്കുക. **to t. a child into a bed** കുട്ടിയെ കിടക്കയിൽ കിടത്തുക. **to t. a book under one's arm** പുസ്തകം കക്ഷത്തിൽ ഇറുക്കുക. **to t. a book into a pocket** പുസ്തകം കീശയിൽ ഇടുക; 7. തച്ചലക്കുക. *n.* (വിലങ്ങനെയുള്ള) മടക്ക്, 'ററക്ക്'; 2. ചെറുവല; 3. പലഹാരം; മിഠായി; ഭക്ഷണക്കോപ്പ്; 4. ഭേരിയടി, ചെണ്ടകൊട്ട്. **t.-net** ചെറുവല. **-′ĕr**, *n.* മടക്കിടുന്നവൻ; മടക്ക് കരു; (ഉടുപ്പിന്റെ) മാറിലെ വിലങ്ങ് തുണി; തച്ചലക്കുന്നവൻ. *v.t.* (out) ക്ഷീണിപ്പിക്കുക.

**Tū′cum, Tē′cum, Tē′cum-fī-bĕr**, *n.* ഒര് വക പനനാര്, ഉറപ്പുള്ള ഒര് നാര്. **=cū′ma**, *n.* ഒര് വക പഴപ്പന (*b.*).

**Tūe′-ī-rŏns** (-ī-urns), *n. pl.* കൊടില്.

**Tūes′dāy** (tūz′dā), *n.* ചൊവ്വാഴ്ച, മംഗളവാസരം, കുജവാരം.

**Tū′fa, Tuff**, *n.* ചരൽപ്പാറ; 2. അഗ്നിപര്വ്വതകരിക്കല്ല്. **=fā′ceŏus** (-shus), *a.* അഗ്നിപര്വ്വതകരിക്കല്ല് സംബന്ധിച്ച; —പോലെയുള്ള.

**Tuf-foon′**, *n.*, *s.a.* **Typhoon.**

**Tuft**, *n.* ചെണ്ട്, പൊടിപ്പ്; 2. പൂക്കുല, പൂക്കുല; 3. കൂട്ടം; 4. ജട, കുടുമ; 5. കുലീനൻ, അവസ്ഥക്കാരൻ. **t.-hunter** കുലീനസേവകൻ. **t.-hunting** കുലീനസേവ. *v.t.* ചെണ്ടാക്കി കെട്ടുക; 2. ചെണ്ട് വെച്ചലങ്കരിക്കുക. *v.i.* ചെണ്ടായി വളരുക; ജടകെട്ടുക. **-′ed**, *a.* ചെണ്ടുള്ള, ചെണ്ട് ചെണ്ടായ. **-′y**, *a.* ചെണ്ടുള്ള; കൂട്ടമായി വളരുന്ന.

**Tuf-taf′fe-ta, Tuft-taf′fe-ta**, *n.* വില്ലൂസ് പട്ട്.

**Tug**, *v.t.* വലിക്കുക, പിടിച്ച് വലിക്കുക; 2. വലിച്ച് കൊണ്ട് പോക, കെട്ടി വലിക്കുക. *v.i.* ഉറക്കെ വലിക്കുക, അദ്ധ്വാനിച്ച്—; 2. പ്രയത്നിക്കുക, അദ്ധ്വാനിക്കുക, പാട് പെടുക. *n.* വലി; 2. ഭഗീരഥപ്രയത്നം; 3. ചുമട്ട് വണ്ടി; 4. തീപ്പടക്; 5. (കുതിരകളെ വണ്ടിക്ക് ചേർത്തു കെട്ടുന്ന) അമിക്കയറ്, അമിവാറ്, 'ത്രാസ് വാറ്'; 6. തൊഴുത്ത്. **t.-boat, steam-t.** (കപ്പല് വലിച്ച് കൊണ്ടുപോകുവാനുള്ള) തീപ്പടക്. **t.-iron** അമിവാക്കുററി. **t. of war** കയറ് വലി(കളി). **-′gĕr**, *n.* വലിക്കുന്നവൻ. **-′ging-ly**, *ad.* വലിച്ച് കൊണ്ട്, അദ്ധ്വാനത്തോടെ.

**Tuille** (twil), *n.* തുടക്കവചം, ഊരുസ്ത്രാണം.

**Tū-i′tiŏn, -ar-y**, *s.u.* **Tutor.**

**Tu̦′kō-tu̦-kō, Tu̦′cu̦-tu̦-cō**, *n.* ഒര് വക മുള്ളൻപന്നി (*z.*).

**Tū′la-met-al, Too′la-met-al**, *n.* (വെള്ളിയും ചെമ്പും ഈയവും കൂടിയ) ഒര് വക വെള്ളോട്, വെള്ളിയോട്.

**Tū′lip**, *n.* വിവിധവർണ്ണ പുഷ്പച്ചെടി (*b.*). **t.-eared** കുത്തനെ നില്ക്കുന്ന ചെവിയുള്ള, ചെവി എടുത്ത് പിടിച്ച. **t.-tree** പൂപ്പരത്തി, കല്ലാല്, പൂവരശ്, കന്ദം, കബേരകം, നന്ദിവൃക്ഷം (*b.*). **t.-wood** (ചുകപ്പ് വർണ്ണത്തിൽ ഉള്ള) ഒര് നല്ല പണിത്തരമരം.

**Tu̦lle** (tu̦l), *n.* ഒര് വക നേർമ്മപ്പട്ട് നാട, പട്ട് 'ലേസ്'; 2. നേർമ്മപ്പട്ട് വലത്തുണി, നേർമ്മുഖപടം, 'റൂള്'.

**Tum′ble**, *v.i.* കിടന്നുരുളുക, പിരിയുക; 2. ഉരുണ്ട് വീഴുക; 3. ഗോഷ്ഠികാട്ടുക, ചേഷ്ടിക്കുക; 4. മറിയുക, അഭ്യാസം കാണിക്കുക, കളിക്കുക. **to t. home** (കപ്പൽപള്ള) ഉള്ളിലോട്ട് ചായുക. *v.t.* (over, above) വലിച്ചിടുക, മറിച്ചിടുക, വലിച്ചെറിയുക; 2. കരട്ടുക. **t.-bug, t.-dung** ചാണകവണ്ട് (*z.*). **t. down** പൊളിഞ്ഞ് വീഴാറാക; പൊളിഞ്ഞ, ജീർണ്ണിച്ച. *n.* ഉരുളൽ; 2. മറിയൽ; മറിച്ച

ല്, കരണംമറിച്ചല്; 3. വീഴ്ച. **tum′-blĕr,** *n.* മറിയുന്നവൻ, മറിച്ച(ൽ)ക്കാരൻ, കരണം മറിയുന്നവൻ, അഭ്യാസി; ആമ പ്പൂട്ടിലെ കൃത്രിമം; ഒര് വക പാനപാത്രം, സ്ഫുടികപാനപാത്രം, 'തംബ്ലോറ്'; മറിച്ചൽ പ്രാവ് (*S.*); ഒര് ജാതി നായാട്ട്നായി (*z.*); ഒര് വക ചുമട്ട് വണ്ടി. **tum′-blĕr-ful,** *n.* പാനപാത്രം നിറയ.

**Tum′brel, Tum′bril,** *n.* ശിക്ഷാസനം; 2. കട്ടവണ്ടി, 3. സാമാനവണ്ടി (*mil.*). 4. കൊട്ട, വട്ടി.

**Tū′me-fȳ,** *v. t.* വീങ്ങുക, വീക്കുക; ചീക്കുക. *v. i.* മുഴക്കുക; ഉരുണ്ട് കൂട്ടുക, വീങ്ങുക. **=me-fa′c′tiŏn,** *n.* വീങ്ങൽ; വീക്കം, വാപ്പ്, പരു, കുരു; മുഴ; ചീപ്പ്; ഇറക്കം, നീർവീക്കം (*med.*). **tū-mes′cent,** *a.* വീങ്ങിക്കൊണ്ട് വരുന്ന; വീക്കമുള്ള; ചീക്കുന്ന.

**Tū′mid,** *a.* വീങ്ങിയ, വീത്ത, ചീത്ത; 2. തിണത്ത, തിണ്ണപ്പുള്ള; 3. പൊങ്ങച്ചമുള്ള, ഡംഭമുള്ള; പ്രൌഢമായ. **-ly,** *ad.* ചീത്ത് കൊണ്ട്, വിങ്ങിക്കൊണ്ട്. **-ness, -′i-ty,** *n.* വീക്കം, ചീപ്പ്.

**Tū′mŏr, Tū′mŏur,** *n.* വീക്കം, മുഴ (*med.*); 2. വാപ്പ്, കുരു, പരു, സ്ഫോടം (*med.*); 3. നിഗളം, പൊങ്ങച്ചം, ഗർവ്വം. **encysted t.** കോശമുഴ (*med.*). **fatty t.** കൊഴുപ്പ് മുഴ (*med.*). **innocent t., benign t.** ലഘുമുഴ (*med.*). **malignant t.** വിഷമമുഴ, അപകടമുഴ (*med.*). **=mŏured** (-mĕrd), *a.* മുഴച്ച, വീങ്ങിയ, വീത്ത. **-ŏus,** *a.* മുഴ ഉള്ള, വീക്കം—; പൊങ്ങച്ചം—, പ്രൌഢി—; പ്രൌഢമായ.

**Tump,** *n.* ഒന്തം, ചെറുകുന്ന്, ഉയരം (എകരം). *v. t.* കുന്നിക്കുക, കൂമ്പാരമാക്കുക.

**Tū′mū-lar,** *a.* കുന്നലായ, കൂമ്പാരമായ, കുന്നിച്ച; 2. കുന്നായ. **=lōse, =lōus,** *a.* കുന്ന് കുന്നായ. **=los′i-ty,** *n.* ഉയരം, എകച്ച്. **=lus** (*pl.* **tū′mū-lī**), *n.* ശവക്കുഴിക്കുന്നല്, ശവക്കുഴിയെകച്ച്.

**Tū′mult,** *n.* കലക്കം, അമളി, നിലവിളി, കൂക്കിവിളി, ആർപ്പ്, ആരവാരം, ബഹളം; 2. തുമുലം, കോലാഹലം, ക്ഷോഭം, കലാപം; 3. വേവിലാതി, വ്യാകുലം. **=mul′tū-ar-i-ly,** *ad.* കോലാഹലമായി; ആരവാരത്തോടെ. **=mul′tū-ar-i-ness,** *n.* ക്ഷോഭം; ആകുലം. **=mul′tū-ar-y,** *a.* അമളിയായ, ബഹളമായ; സമാധാനം ഇല്ലാത്ത, സംഭ്രമമുള്ള, അശാന്തമായ; ക്രമക്കേടായ, താറുമാറായ. **=mul′tū-ŏus,** *a.* കലഹമുള്ള; ലഹളയായ, കൂട്ടവും കറിയും ആയ; ക്രമക്കേടായ; തകരാറുള്ള; വേവിലാതി ഉള്ള; മനക്ഷോഭം—, ആകുലം—; ഉഗ്രമായ, കഠിനമായ. **=mul′tū-ŏus-ly,** *ad.* അമളിയായി, തകരാറായി. **=mul′tū-ŏus-ness,** *n.* കോലാഹലം, കലാപം; ആകുലത.

**Tū′mū-lus,** *n., s. u.* **Tumular.**

**Tun,** *n.* വലിയ പീപ്പ; 2. മദ്യത്തൊട്ടി; 3. (ഏകദേശം 1500 കുപ്പികൊള്ളുന്ന) ഒര് ഓവകയളവ്; 4. (2240 റാത്തലുള്ള) ഒര് തൂക്കം, 'തൺ'; 5. വളരെ, പെരുപ്പം; 6. കുടിയൻ; 7. ഒര് വക ശംഖ് (*z.*). **t.-bellied** കുടവയറുള്ള, കുമ്പയുള്ള, വയറ് ചാടിയ. *v. t.* പീപ്പയിൽ നിറക്കുക. **-′nāge,** *n., s. a.* **Tonnage,** *s. u.* **Ton.**

**Tūne,** *n.* ധ്വനി, ശബ്ദം, സ്വരം; 2. രാഗം (*mus.*); 3. കൃത്യസ്വരം; 4. മേളം, സ്വരച്ചേർച്ച, ഏകതാളം; 5. യോജിപ്പ്, ചേർച്ച, പൊരുത്തം, ഐക്യത; 6. പാകം, തക്കനില; 7. നല്ലശീലം, സുശീലം. **out of t.** ഉപയോഗത്തിന്ന് പററാത്ത; ശീലം നന്നല്ലാത്ത; മനസ്സിന്ന് സുഖമില്ലാത്ത. *v. t.* സ്വരം ശരിയാക്കുക; സ്വരമേളനം വരുത്തുക; 2. പാടുക; 3. ശീലം നന്നാക്കുക, സുശീലം വരുത്തുക. *v. i.* സ്വരച്ചേർച്ച—; 2. രാഗം മൂളുക. **tū′na-ble,** *a.* പാടാകുന്ന; സ്വരഭംഗിയുള്ള, ഇമ്പസ്വരമായ; സംഗീതമായ. **tū′na-ble-ness,** *n.* മേളനീയത്വം. **tū′na-bly,** *ad.* പാടാകുന്ന വിധം. **-′ful,** *a.* സ്വരമേളമുള്ള; രാഗം—; സ്വരഭംഗി—, ഇമ്പമായ, കർണ്ണാമൃതമായ. **-′ful-ly,** *ad.* മേളത്തോടെ. **-′ful-ness,** *n.* ഇമ്പസ്വരം, സ്വരഭംഗി, സംഗീതരസം. **-′less,** *a.* രാഗം ഇല്ലാത്ത, സ്വരവാസന—, സംഗീതവാസന—; മേളം ഒക്കാത്ത; പാട്ടിന്ന് കൊള്ളാത്ത, പാടുവാൻ പററാത്ത; പാട്ടായി

പാടാത്ത; കവിതയല്ലാത്ത. **tū'nĕr**, *n.* വാദ്യം നന്നാക്കുന്നവൻ, സ്വരം ഒപ്പിക്കുന്നവൻ. **tū'ning**, *a*, രാഗം എടുക്കുന്ന. **t.g-fork** സ്വരദായകക്കോല് (*mus.*).

**Tung'sten**, *n.* 'ഒര് മൂലപദാൎത്ഥലോഹം', 'വൽഫ്രാമ്യം' (*ch.*).

**Tun-gus'es**, *n. pl.* (കിഴക്കെ സൈബീയ്യയിലുള്ള) തുറാന്യവംശക്കാര്.

**Tū'nic**, *n.* അടിക്കുപ്പായം; 2. അഴവ് വസ്ത്രം; 3. അദ്ധ്യക്ഷക്കുപ്പായം (*R. C.*); 4. ചൎമ്മം, പാട (*an.*); 5. തോല്, തൊലി, ചുണങ്ങ് (*b.*). **=ni-cāte**, **=ni-cā-ted**, *a.* തോലുള്ള, ചുണങ്ങുള്ള. **=ni-cle**, *n.* തോല്, ചൎമ്മം; അദ്ധ്യക്ഷക്കുപ്പായം (*R. C.*).

**Tū'ning, -fork**, *s. u.* Tune.

**Tun'nāge**, *n.*, *s. u.* Tun.

**Tun'nel**, *n.* (ഓവകങ്ങൾ കപ്പിയിലും മററും ആക്കേണ്ടതിന്ന് ഉപയോഗിക്കുന്ന) നാളം; 2. പുകക്കുഴല്, പുകക്കുററി; 3. സുരംഗമാൎഗ്ഗം, തുരങ്കവഴി, ആന്തഭൌമമാൎഗ്ഗം, പൎവ്വതാന്തൎഗ്ഗതമാൎഗ്ഗം; 4. ഖനിത്തുരങ്കം. **t.-head** ഉതക്കുലവായി. **t.-kiln** കുമ്മായച്ചൂള. **t.-net** ഒര് വക കണ്ടാച്ചിവല. **t.-pit**, **t.-shaft** തുരങ്കമാൎഗ്ഗവായുകവാടം. *v. t.* ആന്തഭൌമമാൎഗ്ഗം ഉണ്ടാക്കുക, തുരങ്കവഴി വെട്ടുക; 2. (കണ്ടാച്ചിവലകൊണ്ട്) മീൻപിടിക്കുക.

**Tun'ny, Thun'ny**, *n.* (അയിലജാതിയിൽ ഉള്ളതായി ആയിരം റാത്തലോളം തൂക്കമുള്ള) ഒര് വലിയ മത്സ്യം, വലിയ അയക്കൂറ (*z.*).

**Tup**, *v.t.* & *i.* (ആട്)മുട്ടുക; 2. (ആട്) ഇണചേരുക. *n.* ആട്ടുകൊററൻ, മുട്ടാട്, ആണാട്, കൊററൻ (*z.*). **t.-man** ആട്ടിനെ പോററുന്നവൻ, ആട്കച്ചവടക്കാരൻ.

**Tu-pai'** (tu-pī'), **-id**, *n.* കിരി, നകലം (*z.*).

**Tu-rä'cou, Tou-rä'co, Tou-rä'cou** (tu-rä'ku), *n.* ഒര് വക വാഴത്തത്ത (*z.*).

**Tu-rā'ni-ans**, *n. pl.* (മങ്കോളിയർ, മലായർ, പൊളിനേഷ്യർ മുതലായവർ ഉൾപ്പെട്ട) 'തുറേന്യ' വംശങ്ങൾ. **=an**, *a.* 'തുറേന്യ' വംശം സംബന്ധിച്ച; 'തുറേന്യ' ഭാഷ—. *n.* 'തുറേന്യൻ'.

**Tur'ban, Tur'band** (tĕr-), *n.* തലയിൽകെട്ട്, തലക്കെട്ട്, തലപ്പാവ്, ശിരോവസ്ത്രം, ശിരോവേഷ്ടം; 2. സ്ത്രീകളുടെ ശിരോവസ്ത്രം, ഒര് വക തൊപ്പി; 3. ശംഖ്പിരി (*z.*). **tur'baned** (tĕr'band), *a.* തലപ്പാവ് ധരിച്ച.

**Tur'bid** (tĕr-), *a.* കലങ്ങിയ, കലക്കുള്ള, തെളിയാത്ത; 2. കലക്കമുള്ള, സംഭ്രമമുള്ള. **-'i-ty, -ness**, *n.* കലക്ക്; കലക്കം, മനക്കലക്കം. **-ly**, *ad.* കലക്കായി, കലങ്ങിക്കൊണ്ട്; അഹങ്കാരത്തോടെ, ഗൎവ്വത്തോടെ.

**Tur'bi-nal** (tĕr-), *a.* പിരിപിരിയായ (*an.*). *n.* (നാസാദ്വാരത്തിലുള്ള) പിരിക്കൂൎച്ചം, പിരിയെല്ല് (*an.*). **=nāte**, *v. i.* തിരിയുക, ചുററിത്തിരിയുക. **=nāte**, **=nā-ted**, *a.* പമ്പരം തിരിയുന്ന; അററംകൂൎത്ത (*b.*); പിരിപിരിയായ (*an.*). **=nā'tion**, *n.* തിരിച്ചൽ, തിരിയൽ, പമ്പരം തിരിയൽ. **tur'bine** (tĕr'bin), *n.* ജലചക്രം, വെള്ളച്ചക്രം.

**Tur'bot** (tĕr-), *n.* ഒര് നല്ല മത്സ്യം, [ഏരി (*z.*).

**Tur'bū-lent**, *a.* ഇളകിയ, കോപിച്ച; 2. മത്സരഭാവമുള്ള, എതിൎക്കുന്ന, കലഹിക്കുന്ന, കീഴടക്കമില്ലാത്ത, മദമുള്ള; 3. കലഹജനകമായ, തകരാറുണ്ടാക്കുന്ന, താറുമാറാക്കുന്ന. **=lence**, **=len-cy**, *n.* കലക്കം, കോപം, കോള്; കലഹം, അമളി, മത്സരം, ക്ഷോഭം; തകരാറ്. **-ly**, *ad.* കലക്കമായി, മത്സരഭാവത്തിൽ, കലശലായി, ശണ്ഠയോടെ.

**Tū-rēen', Ter-rēen'**, *n.* വലിയ കഴിത്തളിക; ആണപ്പാത്രം. **-'ful**, *n.* തളികനിറയ.

**Turf** (tĕrf), *n.* മേൽമണ്ണ്, പുൽമണ്ണ്, പുൽക്കട്ട; 2. പുൽസ്ഥലം, മൈതാനം; 3. (**the turf**) കുതിരപ്പന്തയക്കളം. **t.-man**, *s. a.* Turfite. **t.-spade** പടന്ന. **-'īte**, *n.* കുതിരപ്പന്തയക്കാരൻ; കുതിരപ്പന്തയത്തിൽ രസിക്കുന്നവൻ. *v. t.* പുൽക്കട്ട വെക്കുക, പുല്ല് കൊത്തി വെക്കുക. **-'en**, *a.* പുൽക്കട്ടകൊണ്ടുണ്ടാക്കിയ; പുല്ല് മുളച്ച, പുല്ലുള്ള. **-'i-ness**, *n.* പുല്ലുള്ളസ്ഥിതി. **-'ing**, *n.* പുല്ക്കട്ട വെക്കൽ. **t.g-iron**, **t.g-spade** പടന്ന. **-'less**, *a.* പുല്ക്കട്ടയില്ലാത്ത; പുല്ലില്ലാത്ത. **-'y**, *a.* പുല്ലുള്ള;

പുല്ലൂട്ടയുള്ള; പുല്ലൂട്ട വെച്ച; പുൽമണ്ണ് പോലെയുള്ള; കതിരപ്പന്തയം സംബന്ധിച്ച.

**Tur'ġent** (tĕr-), *a.* വീക്കമുള്ള; മുഴച്ച, മുഴയായ; 2. പൊങ്ങച്ചമുള്ള, പ്രൌഢിയുള്ള; പ്രൌഢമായ. **=ġesce'** (-jes'), *v. i.* വീങ്ങുക, വീക്കുക; ചീക്കുക. **=ġes'cence, =ġes'cen-cy,** *n.* വീങ്ങൽ, വീക്കൽ; വീക്കം, ചീപ്പ്; പൊങ്ങച്ചം, നിഗളം, ഡംഭ്, ഡംഭാചാരം, പ്രൌഢി. **=ġes'cent,** *a.* ചീത്ത് വരുന്ന, വീത്ത്—, വീക്കമുള്ള. **='ġid,** *a.* ഊതി വീപ്പിച്ച, വീത്ത് കെട്ടിയ; വീങ്ങിയ; നീർവീക്കമുള്ള; പ്രൌഢഭാഷയായ; നിഗളിപ്പുള്ള, ഡംഭാചാരമായ. **='ġid-ly,** *ad.* ചീപ്പോടെ; പ്രൌഢിയോടെ. **=ġid'i-ty, ='ġid-ness,** *n.* വീക്കം, ചീപ്പ്, തിണ്ണപ്പ്; പൊങ്ങച്ചം, പ്രൌഢി.

**Tur-ġes'cent,** *etc.*, *s. u.* **Turgent.**

**Tur'ġid,** *etc.*, *s. u.* **Turgent.**

**Tū'ri-ō, Tū'ri-on** (*pl.* **tū'ri-ō-nēs**), *n.* വേര്മുള, ആണ്ട, ആണ്ടാ(ര)ല് (*b.*). **-nif'ĕr-ŏus,** *a.* ആണ്ടപൊട്ടുന്ന (*b.*).

**Turk** (tĕrk), *n.* തുക്കി; 2. മഹമ്മദീയൻ. **Tur'key** (tĕr'ki), *n.* തുക്കിരാജ്യം. **T.y-carpet** നല്ല പരവതാനി, രത്നകമ്പിളി. **T.y-red** നല്ല ചുകപ്പ് നൂല്; നല്ല ചുകപ്പ് തുണി. **tur'key,** *n.* വാൻകോഴി, 'തക്കി', കല്ലം (*z.*). **t.y-cock** ആൺതക്കി, ആൺകല്ലം, തക്കിപ്പൂവൻ. **t.y-hen** പെൺതക്കി, പെൺകല്ലം, തക്കിപ്പിട. **t.y-pout** തക്കിക്കുഞ്ഞ്. **t.y-stone** കത്തിയണക്കുന്ന കല്ല്, അണക്കല്ല്. **-'ic, -'ish,** *a.* തുക്കിരാജ്യം സംബന്ധിച്ച; തുക്കികളെ സംബന്ധിച്ച. **-'ish,** *n.* തുക്കിഭാഷ.

**Tur-kois'**(*or* -kēz'), *s. a.* **Turquoise.**

**Tur'ma-line,** *n.*, *s. a.* **Tourmaline.**

**Tur'mer-ic** (tĕr-), *n.* മഞ്ഞള്, കാഞ്ചനി, നിശാ, വരവണ്ണിനി (*b.*). **wild t.** കാട്ട് മഞ്ഞള്, കസ്തൂരിമഞ്ഞള് (*b.*).

**Tur'moil** (tĕr-), *n.* പാട്, അദ്ധ്വാനം; 2. ഉപദ്രവം; 3. കലാപം, കലക്കം, തകരാറ്, അമളി.

**Turn** (tĕrn), *v. t.* തിരിക്കുക, ചുററുക, ചുഴററുക; 2. മുഖം തിരിക്കുക, പുറം—; 3. മറിക്കുക, കീഴ്മേൽ മറിക്കുക, തലകീഴാക്കുക; (കുപ്പായം) മറിക്കുക; 4. ഗതി മാററുക, വളക്കുക; 5. നോട്ടം തിരിക്കുക; 6. ശ്രദ്ധ തിരിക്കുക; 7. ഭേദപ്പെടുത്തുക; വേറെ കാര്യത്തിന്നാക്കുക, വേറെ ആൾക്കാക്കുക; ഉപയോഗം ഭേദപ്പെടുത്തുക; 8. ഉപയോഗപ്പെടുത്തുക, കൊള്ളിക്കുക, നിയോഗിക്കുക, ഉദ്യോഗിപ്പിക്കുക; 9. (to, into) ആക്കിത്തീക്കുക, ആക്കിമാററുക, ആക്കുക, രൂപഭേദംവരുത്തുക, രൂപാന്തരപ്പെടുത്തുക; 10. കടയുക; 11. ഭാഷയാക്കുക, രൂപമാക്കുക, ആകൃതിപ്പെടുത്തുക; 12. ഭാഷാന്തരപ്പെടുത്തുക, പരിഭാഷപ്പെടുത്തുക, തജ്ജമയാക്കുക; 13. പുളിപ്പിക്കുക, ഉറക്കുട്ടുക, പാല് മുറിക്കുക, തെരുത്തുപോകമാറാക്കുക; 14. മനംപിരിയുമാറാക്കുക, മനംപിരിച്ചല് വരുത്തുക, മനംമറിക്കുക. **to be t.ed of** കടക്കുക, കവിയുക. **to t. a cold shoulder to** നോക്കാതിരിക്കുക, അലക്ഷ്യമാക്കുക, പൊരുളിക്കാതെയിരിക്കുക; കൂട്ടാക്കാതെയിരിക്കുക. **to t. a corner** മൂലതിരിയുക. **to t. adrift** വിട്ട് കളയുക, ത്യജിക്കുക, ഉപേക്ഷിക്കുക, നോക്കാതെയിരിക്കുക. **to t. against** വിരോധം ജനിപ്പിക്കുക, വിരോധം ആക്കുക, മുഷിപ്പിക്കുക. **to t. a hostile army, to t. an enemy's flank** ചുററിപ്പോക, ശത്രുസൈന്യത്തിന്റെ പിമ്പിൽ നില്ക്കുക, —പാശ്വം കൊള്ളെ ചെല്ലുക. **to t. a penny, to t. an honest penny** സമ്പാദിക്കുക, ആദായം ഉണ്ടാക്കുക, നേടുക. **to t. around one's finger** കയ്യിലായിരിക്കുക, കക്ഷത്തിലായിരിക്കുക. **to t. aside** തിരിച്ച് കളയുക, തട്ടുക. **to t. away** നീക്കിക്കളയുക, പറഞ്ഞയച്ച് കളയുക, പുറത്താക്കുക; തട്ടുക. **to t. back** തിരിച്ച് കൊടുക്കുക, തിരികെ കൊടുക്കുക, മടക്കിക്കൊടുക്കുക; തിരിച്ചയക്കുക; ഓടിക്കുക, മടക്കുക. **to t. down** മടക്കാക്കുക, മടക്കിവെക്കുക; മറിച്ച് വെക്കുക, മറിച്ചിടുക; കുറക്കുക; താഴ്ത്തുക. **to t. in** തിരക്കുക, മടക്കുക, ഉള്ളിലോട്ട് മടക്കുക; അകത്തേക്ക് തിരിക്കുക; കൊടുക്കുക. **to t. in the mind** (about, over) ആലോചിക്കുക, ധ്യാനിക്കുക, വിചാരിച്ച് നോക്കു

ക. to t. off ആട്ടിപ്പുറത്താക്കുക, ആട്ട് കൊട്ടുക്കുക; തിരിക്കുക, തിരിച്ച് കളയുക; സാധിപ്പിക്കുക, നിവൃത്തിക്കുക, നിവ്വഹിക്കുക; കടയുക; നിൎത്തുക, തടസ്ഥപ്പെട്ടുത്തുക; അടച്ച് കളയുക. to t. on തുറക്കുക, തുറന്ന് വെക്കുക, വിടുക. to t. one's coat അഭിപ്രായം മാററുക; മറുഭാഗം തിരിയുക. to t. one's goods *or* money വ്യാപാരം ചെയ്യുക, ഇടവാട് ചെയ്യുക; വൎദ്ധിപ്പിക്കുക. to t. one's hand to ചെയ്യുക; ഉല്പെട്ടുക, പ്രവൃത്തിക്കുക; തുനിയുക. to t. out ഇറക്കുക, കിഴിക്കുക, പുറത്താക്കുക; സ്ഥാനഭ്രഷ്ട് വരുത്തുക; മേച്ചലിന്നിളക്കുക; ഉളവാക്കുക, ഉണ്ടാക്കുക; ചെയ്യുക; മറിക്കുക, എടുക്കുക; നിൎത്തുക; അടക്കുക; കൊട്ടുക്കുക. to t. over മറിക്കുക, തിരിക്കുക; മറിച്ചിടുക; കൈമാററം ചെയ്യുക; വായിക്കുക, പരിശോധിക്കുക; . . . . പണത്തിനുള്ള കച്ചവടം നടത്തുക. to t. over a new leaf, *s. u.* Leaf. to t. tail തോറേറാട്ടുക, അപമാനത്തോടെ മടങ്ങുക. to t. back പിന്തിരിയുക, പേടിച്ചോട്ടുക. to t. the back on *or* upon മുഖം കാട്ടാതെയിരിക്കുക, മുഖത്ത് നോക്കാതെയിരിക്കുക; അപമാനിക്കുക. to t. the corner വിഷമം തീരുക, ഗ്രഹപ്പിഴ അവസാനിക്കുക, ശുഭോദയം വരിക. to t. the die *or* dice നല്ലകാലം വരിക, കാലം നന്നാക, ശുഭപ്പെടുക. to t. the edge *or* point വായിത്തല മടങ്ങുക, മൂച്ചകെടുക. to t. the head *or* brain തലതിരിയുക, ബോധം കെടുക, തൻറടം വിട്ട് പോക; ബുദ്ധിതെററുക, തന്നെത്തന്നെ മറക്കുക; കാൎയ്യം തെററുക. to t. the scale *or* balance സംശയം തീരുക, തീൎച്ചവരിക, മനസ്സുറക്കുക. to t. the stomach മനം പിരളുക, ഛൎദ്ദി വരിക, ഓക്കാനിക്കുക. to t. the tables മറിച്ചടിക്കുക; കാൎയ്യം മറിഞ്ഞ് വരിക, മറിച്ചാമ്പാടാകുക. to t. to profit, advantage, *etc.* ഗുണകരമാക, ആദായം ആയ്തീരുക. to t. up കീഴ്മേൽ മറിക്കുക, മറിച്ചിടുക; ഉഴുത് മറിക്കുക; തലപൊക്കുക. to t. upon നേരെ തിരിക്കുക, വിരോധമായി ഉപയോഗിക്കുക.

to t. upside down കീഴ്മേൽ മറിക്കുക, താറുമാറാക്കുക; വാരിവലിച്ചിടുക. *v. i.* തിരിയുക, ചുററുക; 2. തിരിഞ്ഞ് നില്ക്കുക; 3. നില്ക്കുക, അടിസ്ഥാനപ്പെട്ടിരിക്കുക; 4. ആയ്തീരുക, അനുഭവിക്കുക, ഉളവാക, ഉണ്ടാക; 5. മാറുക, വിട്ട് മാറുക, ഉപേക്ഷിക്കുക, ത്യജിക്കുക, വിട്ട് കളയുക; 6. ആയിമാറുക, പരിണമിക്കുക; 7. കടച്ചൽ പണിക്ക് തക്കതായിരിക്കുക; 8. പാല് മുറിയുക, തെരുത്ത് പോക, ഉറക്കുട്ടുക, പുളിച്ച് പോക, പുളിക്കുക; 9. തലതിരിയുക, തലചുററുക; 10. മനം മറിയുക, മനം പിരട്ടുക, ഓക്കാനം വരിക; 11. അധികം തുങ്ങുക, മുന്തുക്കമായിരിക്കുക; 12. വെള്ളം (ഏററംനിലച്ച്) ഇറക്കംവെക്കുക, (ഇറക്കം നിലച്ച്)ഏററംവെക്കുക; 13. (തീൎന്ന് പോയ മുദ്രാക്ഷരത്തിന്ന് പകരം വേറെ) മുദ്രാക്ഷരം തലതിരിച്ച് വെക്കുക (*print.*). to t. about തിരിഞ്ഞ് നില്ക്കുക. to t. again മടങ്ങി വരിക. to t. against വിരോധം ഉണ്ടാക, വിരോധിയായ്തീരുക. to t. aside, to t. away വഴി തെററുക, മാറിപ്പോക; പിൻവാങ്ങുക, പിൻമാറുക; വിട്ട് പോക, തെററിക്കളയുക; മുഖം തിരിച്ച് കളയുക. to t. back തിരിച്ച് വരിക, മടങ്ങിവരിക. to t. in അകത്തോട്ട് വളയുക; വീട്ടിൽ ചെല്ലുക, അകത്ത് കയറുക; ഉറങ്ങാൻ പോക, കിടക്കുക. to t. into തിരിഞ്ഞ് പോക, . . . . ലേക്ക് തിരിയുക. to t. off (വഴി) തിരിയുക, വഴി. . . . ഓട്ട് തെററുക. to t. on, to t. upon എതിൎക്കുക, നേരെ തിരിയുക; ഉത്തരം പറയുക; മേൽനില്ക്കുക, ആധാരത്തിന്മേൽ നില്ക്കുക. to t. out തെററുക, ഉളുക്കുക; പുറത്തോട്ട് വളയുക; (ഉറക്കത്തിൽനിന്ന്) എഴുനീല്ക്കുക; പുറത്ത് വരിക, വരിക; ആയ്പ്പോക, ആയ്തീരുക, ആക. to t. over ഉരുളുക; മറിഞ്ഞ് വീഴുക, കമ്പിട്ട് പോക. to t. round തിരിഞ്ഞ് നില്ക്കുക; അഭിപ്രായം മാറുക; പക്ഷം മാറുക. to t. to (സഹായം, ആലോചന) ചോദിക്കുക; ഉപയോഗിക്കുക. to t. to account, profit, advantage ആദായം ആക, ഗുണം—, കാൎയ്യലാഭം ഉണ്ടാക, കാൎയ്യം—. to t. under കീഴ്പ്പട്ട് വള

യുക, മടങ്ങുക; മടക്ക് വീഴുക. to t. up മേല്പട്ട് വളയുക, മേല്പട്ട് മടങ്ങുക; ഉണ്ടാക, സംഭവിക്കുക. *n.* തിരിക്കൽ, ചുററൽ; 2. ചുററല്, തിരിച്ചല്; 3. മാററം, ഭേദം; 4. വളവ്, തിരിച്ചല്, തിരിപ്പ് (*N.*), തിരിവ്, ചുറ; 5. ചുററിനടത്തം, ചെറുനടത്തം, നടത്തം, ഉലാവല്; 6. ഊഴം, തവ്വ്; 7. ഉപകാരം, ഗുണം; 8. പ്രതിക്രിയ, പ്രതികാരം; 9. അനുകൂലം, സൌകയ്യം; 10. ആവശ്യം, കായ്യം; 11. ഉദ്ദേശം, ഭാവം; 12. രൂപം; 13. ഛായ, വാസന; 14. സുഖക്കേട്; മയക്കം, ആലസ്യം; 15. ചുറ; 16. ഖനിക്കുഴി (*ming.*); 17. (തെളിവ് രേഖപ്പെടുത്തി വെക്കുന്ന) രേഖാകോടതി; 18. (*pl.*) ആൎത്തവം, ഋതുസ്സ്നാനം. t.-buckle പിരിക്കൊളുത്ത്. t.-coat മറുപക്ഷം തിരിയുന്നവൻ; മതത്യാഗി. t.-key കാരാഗൃഹപ്രമാണി, തുറുങ്ക് പൂട്ടുകയും തുറക്കുകയും ചെയ്യുന്നവൻ; മന്ത്രശസ്ത്രം. t.-out കൂട്ടമായി വേല മുടക്കിപ്പോയ്ക്കളയൽ; യോജിച്ച് വേല മുടക്കൽ; ഇണയിരിമ്പ് പാത; വണ്ടിയും കുതിരയും, വാഹനം; വന്നുകൂടിയവൻ; വിളവ്. t.-over മറിയൽ, മറിഞ്ഞ് വീഴൽ; അട; പ്രവൃത്തി അഭ്യസിക്കുന്നവൻ, തൊഴിലഭ്യാസി, തൊഴിൽശിഷ്യൻ; മറിച്ചിടാകുന്ന. t.-pike തിരികടവായി, (തിരുകടായി); ഉഴാപ്പടി (*S.*); ചുങ്കവാതില്; ചുങ്കമുള്ളവഴി; ചുറക്കോണി; (സൈന്യത്തെതടുക്കേണ്ടതിന്ന് അനേക കന്തങ്ങൾ തറച്ച് വെച്ച) കന്തവിലങ്ങ് (*mil.*). t.pike-man ചുങ്കം പിരിക്കുന്നവൻ. t.pike-road ചുങ്കമുള്ള വഴി. t.-plate, t.-table (തീവണ്ടികൾ ഒര് പാതയിൽനിന്ന് തിരിച്ച് വേറെ പാതയിൽ ആക്കുന്ന) ചക്രപ്പലക. t.-screw (പിരിയാണി തിരിക്കുന്ന) തിരുകുളി. t.-sick (ആടുകൾക്ക് ഉണ്ടാകുന്ന) ഒര് രോഗം. t.-sole, t.-sol സൂൎയ്യകാന്തിപുഷ്പം (*b.*). t.-spit അടുക്കളപ്പണിക്കാരൻ, കണ്ടപ്പണിക്കാരൻ; ഒര് വക നായി (*z.*). t.-stile തിരിക്കടവായി, (തിരിക്കടായി); (കടന്ന് പോകുന്നവരുടെ എണ്ണം അറിവാനുള്ള) ജനഗണനയന്ത്രം. t.-stone ഒര് പക്ഷി, കട്ടയിൽ പതുങ്ങി (*z.*). t.-wrest ഒര് വക വലിയ കരി, വൻകലപ്പ (*agr.*). by t.s, t. and t. about ഊഴപ്രകാരം; ഇടക്കിടെ, കൂടക്കൂട. in t. ക്രമപ്രകാരം, തുടച്ചയായി. to a t. കൃത്യമായി, നല്ലവണ്ണം, വെടിപ്പിൽ. to take t.s ഊഴമായി ചെയ്യുക. t.-bench ചെറുകടച്ചക്കൂട്. t. of life (സ്ത്രീകളുടെ) ഋതുധൎമ്മമാററപ്രായം. -'ĕr, *n.* തിരിക്കുന്നവൻ; കടപ്പണിക്കാരൻ; മറിച്ചൽപ്രാവ് (*z.*); മറിച്ചൽകാരൻ, കരണം മറിയുന്നവൻ. -'ĕr-y, *n.* കടച്ച(ൽ)പ്പണി; കടഞ്ഞുണ്ടാക്കിയ സാധനം. -'ing, *n.* കടച്ച(ൽ)പ്പണി; ചുററ്, വളവ്; തിരിച്ചല്; തിരിക്കൽ; (*pl.*) കടച്ച(ൽ)പ്പൊടി. t.g and boring mill വൻകടച്ച(ൽ)ക്കൂട്. t.g-bridge മടക്ക് പാലം. t.g-engine യന്ത്രക്കടച്ച(ൽ)ക്കൂട്. t.g-lathe കടച്ച(ൽ)ച്ചക്രം. t.g-point തുലാനാക്ക്; മാററത്തുടക്കം; മുഖ്യസംഭവം.

Turn'hälle, *n.* കായികാഭ്യാസശാല, ദേഹാഭ്യാസ—, കളരി.

Turn'ing, *etc.*, *s. u.* Turn.

Tur'nip, Tur'nep (tĕr-), *n.* തക്കാരിക്കിഴങ്ങ്, മധുരമുള്ളങ്കി, ശിഖാമൂലം (*b.*). t.-shell ഒര് വക ശംഖ് (*z.*).

Turn'kēy, Turn'out, Turn'ō-vĕr, Turn'pīke, Turn'plāte, Turn'spit, Turn'stīle, *etc.*, *s. u.* Turn.

Turn've-rein (tĕru'fe-rin), *n.* ദേഹാഭ്യാസക്കാരുടെ കൂട്ടം, ദേഹാഭ്യാസിയോഗം, പയററ്യോഗം.

Tur'pen-tīne (tĕr-), *n.* ദേവദാരുതൈലം, പയിനെണ്ണ, 'ററർപ്പൻററയിൻ', 'ററർപ്പെററ്' (*M.*), (തെററായി) കൎപ്പൂരതൈലം. t.-tree ദേവദാരു (*b.*); പൈൻമരം (*b.*).

Tur'peth (tĕr-), *n.* പകുന്ന, പഴുന്ന, ത്രികോൽപകുന്ന, ത്രിപുടം, ലഘുരോചനി (*b.*).

Tur'pi-tūde (tĕr-), *n.* ദുഷ്ടസ്വഭാവം, ദുഷ്ടത, പാമരത്വം, വഷളത്വം, നീചത്വം.

Tur-quoise' (*or* tĕr-kēz'), Tur-quois', Tur-cois', Tur-kois', *n.* ഒര് വക നീലരത്നം, നീലക്കല്ല്, 'പെരേസ്' കല്ല് (*M.*), വൈഡൂൎയ്യം. =quoise', *a.* ഇന്ദ്രനീലവൎണ്ണമുള്ള.

**Tur'ret**, *n.* ചെറുഗോപുരം, പ്രാസാദശൃംഗം, —ശിഖരം; 2. താഴികക്കുടം; 3. (പൂൎവ്വകാലത്ത് ഉപയോഗിച്ചിരുന്ന 20 ഓളം തട്ടുള്ള) സൈന്യക്കൂട് (*mil.*); 4. (പടക്കപ്പലിലും മററും ഉള്ള) പിരങ്കിച്ചക്രഗോപുരം. **t.-clock** ഗോപുരഘടികാരം; വലിയ—. **t.-ship** പിരങ്കിച്ചക്രഗോപുരപ്പടക്കപ്പല്. **-ed**, *a.* ഗോപുരമുള്ള; താഴികവെച്ച; ഗോപുരാകൃതിയായ. **tur'ri-cal**, *a.* ഗോപുരം സംബന്ധിച്ച, ഗോപുരതുല്യമായ. **=ric'ū-lāte, =ric'ū-lā-ted**, *a.* താഴികവെച്ച.

I. **Tur'tle** (tĕr'tl), **t.-dŏve**, *n.* ഒര് വക കാട്ടുപ്രാവ്, ചെങ്ങാലി (*z.*). **t.-footed** സാവധാനമുള്ള, മന്ദഗതിയായ, പതുക്കെ നടക്കുന്ന.

II. **Tur'tle** (tĕr'tl), *n.* കടലാമ, വെള്ളാമ (*z.*). **t.-shell** ആമത്തോട്; ഒര് വക വലിയ കവിടി (*z.*). **tur'tlĕr**, *n.* ആമ പിടിക്കുന്നവൻ. **tur'tliṅg**, *n.* ആമപിടിത്തം.

**Tus'cor, Tush**, *n.* (കുതിരയുടെ) നീണ്ട പല്ല്, അശ്വദംഷ്ട്രം. [ഛീ, ഛത്.

I. **Tush**, *int.* മിണ്ടല്ല, അനങ്ങല്ല; 2.

II. **Tush**, *n.*, *s. a.* **Tuscor.**

**Tusk**, *n.* തേററ (*z.*); 2. കൊമ്പ്, ആനക്കൊമ്പ്, കാണ്ടാമൃഗക്കൊമ്പ്, ദന്തം (*z.*); 3. ദംഷ്ട്രം; 4. പല്ലേപ്പ് (*carp.*). **tusked** (tuskt), *a.* തേററയുള്ള; കൊമ്പുള്ള. **='kĕr**, *n.* കൊമ്പനാന, കൊമ്പൻ. **='ky**, *a.* തേററയുള്ള, കൊമ്പുള്ള.

**Tus'sah-silk, Tus'seh-silk**, *n.* നാരപ്പട്ട്. [ചുമ സംബന്ധിച്ച.

**Tus-sic'ū-lar**, *a.* കുര സംബന്ധിച്ച,

**Tus'sle**, *n.* പിടിത്തം, മല്പിടിത്തം, മല്ലുകെട്ടൽ; 2. പോര്, പോരാട്ടം, പിടിയും വലിയും; 3. കലശല്. *v. t. & i.* തമ്മിൽ പിടിക്കുക, പിടിച്ച് മറിയുക, പിടിയും വലിയും കൂട്ടുക; 2. കലശല് ചെയ്യുക.

**Tus'sock, Tus'suck**, *n.* പുൽച്ചെണ്ട്; 2. ജട; 3. ഒര് വക പുല്ല് (*b.*); 4. കമ്പിളിപ്പുഴ (*z.*). **-y**, *a.* ചെണ്ട് ചെണ്ടായ.

I. **Tut**, *int.* മിണ്ടല്ല, അനങ്ങല്ല, ശ്.

II. **Tut**, *n.* (സ്വൎണ്ണഗോളത്തിന്മേൽ ക്രൂശ് നിൎത്തിയ) ഒര് രാജചിഹ്നം, സ്വൎണ്ണക്രൂശ് ഗോളം.

**Tū'te-lar, =lar-y** (-lĕr-), *a.* രക്ഷിതാവായ, രക്ഷാകൎത്താവായ, രക്ഷാധികാരമുള്ള, രക്ഷിക്കുന്ന. **t.y god** കലദൈവം, കലദേവത, ഇഷ്ടദൈവം. **=lāġe**, *n.* രക്ഷിക്കൽ, പരിപാലനം; രക്ഷാകൎത്തൃത്വം, രക്ഷാധികാരം; രക്ഷിതത്വം, പാലിതത്വം.

**Tū'-te-nag, Tū'te-nague** (-nag), *n.* തുത്തനാകം, നാകം (*min.*).

**Tut'nōse**, *n.* ചപ്പമൂക്ക്, പതിമൂക്ക്.

**Tū'tŏr**, *n.* കാവല്ക്കാരൻ, പരിപാലകൻ, നോക്കുന്നവൻ; 2. ഭണ്ഡാരവിചാരകൻ, ഭണ്ഡാരി, ഖജാനക്കാരൻ; 3. രക്ഷിതാവ്, രക്ഷാകൎത്താവ് (*l.*); 4. സ്വകാൎയ്യഗുരു, പ്രത്യേകോപാദ്ധ്യായൻ; ഗുരു, ഗുരുക്കൾ, അദ്ധ്യാപകൻ; 5. വിദ്യാൎത്ഥിപാലകൻ; 6. പണ്ഡിതസഹായി. *v. t.* രക്ഷാകൎത്താവായിരിക്കുക, പരിപാലിക്കുക; 2. പഠിപ്പിക്കുക, അഭ്യസിപ്പിക്കുക; 3. അധികാരം കാട്ടുക; അധികാരം നടിക്കുക; കട്ടപ്പം കാട്ടുക. **tū-i'tiŏn** (tū-ish'un), *n.* പരിപാലനം, വിചാരണ, നോട്ടം; രക്ഷാകൎത്തൃത്വം; വിദ്യാഭ്യാസം, പഠിപ്പ്; ഗുരുദക്ഷിണ, വിദ്യാഭ്യാസപ്രതിഫലം; പഠിപ്പ് കൂലി, സ്കൂൾ 'ഫീസ്', 'ഫീസ്', സ്കൂൾമാസപ്പടി. **tū-i'tiŏn-ar-y**, *a.* അദ്ധ്യാപനം സംബന്ധിച്ച, വിദ്യാഭ്യാസം—. **-āġe**, *n.* അദ്ധ്യാപകത്വം, ഗുരുഭൃത്വം; രക്ഷാകൎത്തൃത്വം. **-ess, tū'trix**, *n.* അദ്ധ്യാപക, പഠിപ്പിക്കുന്നവള്; പരിപാലിക. **=tō'ri-al**, *a.* അദ്ധ്യാപക സംബന്ധമായ; അദ്ധ്യാപകനുള്ള; രക്ഷാധികാരിക്കുള്ള. **-iṣm, -ship**, *n.* അദ്ധ്യാപകത്വം; അദ്ധ്യാപകോദ്യോഗം, ഗുരുസ്ഥാനം. **-īṣe, -īze**, *v. t.* പഠിപ്പിക്കുക, അഭ്യസിക്കുക, പരിപാലിക്കുക.

**Tut'ti**, *n. pl.* എല്ലാവരും, എല്ലാവരും ഒന്നായി (*mus.*).

**Tut'wŏrk**, *n.* ഖനിക്കരാറ് പ്രവൃത്തി. **t.-man** ഖനിക്കരാറ് പണിക്കാരൻ (*ming.*).

**Tu̥-whit′**(-hwit′), **Tu̥-whoo̥′**(-hwu̥′), *n.* & *int.* (കൂമൻെറ) മൂളല്.

**Tu̥-yere′** (tu̥-yār′ *or* twē′ār), **Twē′ĕr, Twi′ĕr,** *n.* (കൊല്ലൻെറ) ഉരുത്തിവാല്.

**Twa̤d′dle, Twa̤t′tle,** *v. i.* & *t.* നൊടിയുക, ചിലെക്കുക, പിറുപിറെ പറയുക, ജല്പിക്കുക. *n.* നിസ്സാരസംസാരം, നൊടിച്ചല്, ചിലെപ്പ്, ജല്പനം. **twa̤d′dlĕr, twa̤t′tlĕr,** *n.* നൊടിയുന്നവൻ, ചിലെക്കുന്നവൻ, ജല്പകൻ. **twa̤d′dling,** *a.* പിറുപിറെ പറയുന്ന. *n.* നൊടിച്ചല്. **twa̤d′dy,** *n.* നിസ്സാരതപം; ജല്പനം.

**Twag′gĕr,** *n.* ആട്ടിൻകുട്ടി.

**Twāin** (twān), *a.* (കവിതയിൽ) രണ്ട് രണ്ടായ. *n.* ദ്വയം. **in t.** രണ്ടായി, പകുതിപകുതിയായി, രണ്ട് കഷ്ണമായി.

I. **Twang,** *n.* ഞ്ചവ. *see* Tang I.

II. **Twang, Twan′gle,** *v. i.* മണിയുക, മുഴങ്ങുക, മൂളുക. *v. t.* (*also* **twank**) മണിക്കുക, മൂളിക്കുക. *n.* മണിച്ചല്, മുഴക്കം, മൂളിച്ച; 2. ഞാണൊലി; 3. കിണക്കം; മൂക്ക് സംസാരം. *see* Tang II.

**Twan′gle,** *v. i., s. a.* Twang II.

**Twank,** *v. i., s. u.* Twang II.

**’Twa̤s̤,** *contr. of* It was.

**Twa̤t′tle, Twa̤t′tlĕr,** *s. a.* Twaddle, Twaddler.

**Tweak** (twēk), *v. t.* നുള്ളുക, കിള്ളുക, പിച്ചുക; 2. പിടിച്ച് വലിക്കുക; 3. തിരുമ്മുക, തിരുമ്പുക. *n.* നുള്ളൽ, നുള്ള്, പിച്ചൽ, കിള്ളൽ; 2. തിരുമ്മൽ.

**Twēed** (twēd), *n.* (പുരുഷന്മാരുടെ വസ്ത്രത്തിനുള്ള) നല്ല കമ്പിളിത്തുണി, ‘ററീഡ്’.

**Twē′dle, Twid′dle,** *v. t.* വീണ പതുക്കെ വായിക്കുക; 2. പാട്ടിലാക്കുക, വശീകരിക്കുക; 3. പിരിക്കുക; ചുറക്കുക.

**Twēel,** *v. t., s. a.* Twill.

**Twē′ĕr,** *n., s. a.* Tuyere.

**Twēes̤e, Twēeze** (twēz), *n.* വൈദ്യശസ്ത്രക്കൂട്ടം; വൈദ്യശസ്ത്രപ്പെട്ടി. **twē′zĕrs̤,** *n. pl.* ചവണ.

**Twelve,** *a.* പന്ത്രണ്ട്, ദ്വാദശം. *n.* പന്ത്രണ്ട് എണ്ണം, ഒര് ‘ഡജൻ’; 2. 12, XII, ൧൨. **the T.** 12 അപ്പോസ്തലന്മാര് (*Bl.*). **t.-mo.** *s. a.* Duodecimo, *s. u.* Duodecimal. **t.-month** 12 മാസം, ഒര് കൊല്ലം. **t.-pence** 1 ശില്ലിങ്ങ്, ¾ ഉറുപ്പിക. **t.-penny** മുക്കാൽ ഉറുപ്പിക വിലയുള്ള, 1 ശില്ലിങ്ങ് വിലക്കുള്ള. **t. score** 12 കോടി, 240 എണ്ണം. **twelfth,** *a.* പന്ത്രണ്ടാമത്തെ, ദ്വാദശ, ദ്വാദശി, പന്ത്രണ്ടാം; പന്ത്രണ്ടിലൊന്നായ. *n.* പന്ത്രണ്ടാലൊന്ന്, പന്ത്രണ്ടിലൊന്ന്, ഒന്നേപന്ത്രണ്ട്, $\frac{1}{12}$; പന്ത്രണ്ടാമത്തേത്, ദ്വാദശി. **t.h cake** (പ്രകാശനദിനോത്സവത്തിനുള്ള) ശൃംഗാരയപ്പം. **t.h day, t.h night, t.h tide** (യേശുവിൻെറ ജനനോത്സവം കഴിഞ്ഞ 12-ാം ദിവസമായ) പ്രകാശനദിനോത്സവം (*Chr.*). **t.h second** ഒര് സെക്കണ്ട് നേരത്തിൻെറ പത്ത് ലക്ഷം കോടികോടിയംശം, ഒര് സെക്കണ്ടിൻെറ $10^{12}$ (*ph.*).

**Twen′ty,** *a.* ഇരുപത്, ഇരുപത്ത്, വിംശതി; 2. അനേകം. *n.* ഇരുപത്, വിംശതി, ഒര് കോടി; 2. 20. XX, ൨൦. **t.-fold** ഇരുപതിരട്ടി. **t.-four-mo, 24mo, 24°** ഒര് പായി കടലാസ് 24ആയി മടക്കിയ; —മടക്കിയ പുസ്തകം. **twen′ti-eth.** *a.* ഇരുപതാമത്തെ, വിംശ, വിംശി; ഇരുപതാൽ ഒന്നായ. *n.* ഇരുപതിൽ ഒന്ന്, ഒന്നേയിരുപത്, $\frac{1}{20}$.

**Twī′bil,** *n.* ഒര് വക കോടാലി; 2. ഒര് വക പിക്കം; 3. അരുവാള്, മൂച്ചക്കത്തി. **=billed** (-bild), *a.* കയ്യിൽ മഴവുള്ള; അരുവാള് പിടിച്ച.

**Twīce,** *a., s. u.* Two.

**Twid′dle, Twid′le,** *v. t.* മെല്ലെ തൊടുക; 2. വിരല് കൊണ്ട് തിരിക്കുക. *v. i.* കളിക്കുക; 2. നിസ്സാരകാര്യങ്ങളിൽ ഉൾപ്പെടുക. *n.* വിരല് കൊണ്ട് തിരിക്കൽ; 2. മുതുക്കൻ, മുഖക്കുരു (*med.*).

**Twī′fal-lōw** (-lō), *v. t.* രണ്ടാം ചാല് ഉഴുക, രണ്ടാമത് കാലിവെക്കുക, —പൂട്ടുക.

I. **Twig,** *v. t.* മനസ്സിലാക, ഗ്രഹിക്കുക; 2. സൂക്ഷിക്കുക, മനസ്സിലാക്കുക.

II. **Twig,** *n.* ചുള്ളിക്കൊമ്പ്, ചിനപ്പ് (*S.*), കിളിച്ചല് (*S.*), ചുള്ളല്, ചുള്ളിക്കോല്. *v. t.* ചുള്ളിക്കോല് കൊണ്ട് അടിക്കുക. **-'gy, -'sŏme,** *a.* ചുള്ളിനിറഞ്ഞ; —സംബന്ധിച്ച; —ആയ. **-'less,** *a.* —ഇല്ലാത്ത. **-'gĕr,** *n.* പുലയാടി, വ്യഭിചാരി.

**Twī'light** (twī'līt), *n.* പ്രഭാതവെളിച്ചം, അരുണോദയം; സന്ധ്യാവെളിച്ചം, മയിമ്പ്; 2. മന്ദപ്രഭ, മങ്ങൽവെളിച്ചം, മങ്ങല്; 3. സന്ധ്യാസമയം, സന്ധ്യാകാലം, ത്രിസന്ധ്യ. *a.* സന്ധ്യാവെളിച്ചത്തുള്ള; 2. നല്ല പ്രകാശം ഇല്ലാത്ത, മങ്ങലായ; 3. അസ്പഷ്ടമായ.

**Twill,** *v. t.* മിടച്ചലായി നെയ്യുക. *n.* മിടച്ചൽനെയ്ത്ത്; 2. മിടച്ചൽതുണി; 3. വെറുങ്കോല്, നല്ലി (*w.*).

**Twin,** *a.* ഇരട്ടക്കുട്ടികളിൽ ഒന്നായ, ഇരട്ടപ്പിള്ള ആയ, യമജം—, യമൻ—; 2. (to, with) ഇണ—, ജോട്—, കൂട്ടം—; 3. ഇരട്ട—. **t.-boat** ഇരട്ടത്തോണി, ചങ്ങാടം. **t.-flower** ഒര് പുഷ്പച്ചെടി (*b.*). **t.-leaf** ഒര് പുഷ്പച്ചെടി (*b.*). **t.-screw steamer** ഇരട്ടപ്പിരിയാണിയന്ത്രത്തീക്കപ്പല്. **t.-ship** ഇരട്ടക്കപ്പല്. *n.* (*pl.*) ഇരട്ടക്കുട്ടികളിൽ ഒന്ന്, ഇരട്ടക്കുട്ടി, ഇരട്ടപ്പിള്ള, യമളം; 2. (*pl.*) മിഥുനരാശി (*as.*); 3. തുല്യമായത്, പോലെയുള്ളത്. **t.-born** ഇരട്ടപിറന്ന, യുഗ്മജന്മമായ. *v. i.* ഇരട്ടപെറുക; 2. ഇരട്ടപ്പിള്ളയായി ജനിക്കുക. *v. t.* ഇരട്ട ആക്കുക, ഇണ—. **-'līke,** *a.* തുല്യമായ, തത്തുല്യമായ, ഒര് പോലെയുള്ള. **-'līke-ness,** *n.* തത്തുല്യത. **-'ling,** *n.* ഇരട്ടക്കുഞ്ഞ്; ഇരട്ട ആട്ടിൻകുട്ടി. **-'nĕr,** *n.* ഇരട്ട പെറുന്നവൾ; 2. ഇരട്ട പെറുന്ന മൃഗം.

**Twīne,** *n.* പിരി, ചുറ; 2. പിരിച്ച നൂല്, ചരട്, വക്ക്, കയറ്; 3. പിരിക്കൽ, ചുററൽ. **t.-reeler** ചരട്പിരിയന്ത്രം. *v. t.* പിരിക്കുക; 2. ചുററുക, ചുററിപ്പിണയുക, ചുററിപ്പിടിക്കുക. *v. i.* ചുററിപ്പിണയുക; 2. വളയുക, പുളയുക; 3. ചുററിക്കയറുക. **twī'nĕr,** *n.* വള്ളി, കൊടി, ലത (*b.*). **twī'ning,** *a.* ചുററിക്കയറുന്ന; വള്ളിയായ, ലതയായ, കൊടിയായ. *n.* ചുററിക്കയറൽ; ആശ്ലേഷം, കെട്ടിപ്പിടിക്കൽ.

**Twinge,** *v. t.* നുള്ളുക, പിച്ചുക, കിള്ളുക; 2. കത്തുക; 3. ഇറുക്കുക. *v. i.* കത്തലെടുക്കുക, കഠിനവേദനയുണ്ടാക, ചുളുചുളുക്കുക (*S.*). *n.* നുള്ള്, നുള്ളല്, കിള്ളല്; 2. ചുളുചുളുപ്പ് (*S.*); 3. കത്തല്, പെട്ടന്നുള്ള വേദന, മിന്നല് (*med.*).

**Twī'ning,** *a.*, *s. u.* **Twine.**

**Twin'kle,** *v. i.* വേഗംവേഗം കണ്ണ് ചിമ്മിത്തുറക്കുക, ഇമെക്കുക; 2. ഉളിയുക, മിന്നുക, മിന്നിയും മങ്ങിയും ഇരിക്കുക, സ്ഫുരണപ്രഭയുണ്ടാക. *n.* കണ്ണ് ഇമെക്കൽ, ഇമെച്ച്മിഴിക്കൽ, മീലനം, നിമേഷം; 2. ഉളിച്ചല്, ഉളിയൽ, ഉളിവ്, ക്ഷണപ്രഭ; സകമ്പപ്രഭ, തരളജ്യോതി, സ്ഫുരണം; 3. കണ്ണ് ഇമെപ്പാൻ വേണ്ടുന്ന നേരം, നിമിഷം. **twin'klĕr,** *n.* ഉളിയുന്നത്, മീലനം ചെയ്യുന്നവൻ; കണ്ണ്. **twin'kling,** *n.* ഇമെക്കൽ, ഉന്മീലനം, സ്ഫുരണം; ഉളിച്ചല്, തരളപ്രഭ; നിമിഷം, ക്ഷണം, കണ്ണ് ഇമെക്കുന്ന നേരം.

**Twin'lēaf, Twin'līke, Twin'ling, Twin'nĕr,** *etc.*, *s. u.* **Twin.**

**Twĭrl,** *v. t.* വട്ടത്തിൽ വേഗം തിരിക്കുക, ചുഴററുക; 2. വിരല് കൊണ്ട് ചുററിയിളക്കുക. *v. i.* വട്ടത്തിൽ ചുററുക, ചുഴലുക, ചുററിത്തിരിയുക. *n.* വട്ടം തിരിയൽ, ചുററൽ, ചുററിത്തിരിയൽ, പരിവൃത്തി; ത്വരിതഭ്രമണം; 2. പിരി, പിണെപ്പ്.

**Twist,** *v. t.* പിരിക്കുക, പിണെക്കുക, ചുറക്കുക, പുളയിക്കുക; 2. അർത്ഥം മറിക്കുക, ദുരർത്ഥം വരുത്തുക, തിരിക്കുക; 3. രൂപം മാററുക, ചുളുക്കുക, കോട്ടുക; 4. ചുററുക; 5. കടക്കുക, പ്രവേശിക്കുക, 6. ചുറഞ്ഞ്കൂട്ടുക, ചുററിക്കൂട്ടുക; 7. പിരിക്കൂട്ടുക; 8. കെട്ടിയുണ്ടാക്കുക, കെട്ടിക്കൂട്ടുക; 9. നുല്കുക. *v. i.* ചുളുങ്ങുക; 2. പുളയുക; 3. കോട്ടുക; 4. പിണെയുക, പിരിയുക; 5. പിരിക്കൂട്ടുക; 6. ചുറചുറയായിരിക്കുക. *n.* പിരിക്കൽ; 2. കോട്ടം, വളവ്; 3. പിരി; 4. ചരട്, കയറ്; 5. പിരിച്ച പട്ട്നൂല്; 6. പിരിനൂല്; നൂല്; 7. പിരിക്കോതമ്പ

ഷ്ലം; 8. പുകയിലപ്പിരി; 9. പാവ് നൂല്; 10. തോക്ക് കുഴല്; തോക്ക് കുഴൽച്ചുറ; 11. ('ബ്രാണ്ടിയും' 'ജിന്നും' കൂട്ടികലൎത്തിയ) മിശ്രമദ്യം. -'ed, *a.* വളഞ്ഞ; കോട്ടമുള്ള. -'ĕr, *n.* പിരിക്കുന്നവൻ; പാവ് പിരിച്ച് കൂട്ടുന്നവൻ; പിരിസൂത്രം, പിരിക്കുരു; തുലാം, തൊണ്ടിക (*carp.*); തുളയുടെ ഉൾഭാഗം. -'i-cal, *a.* വളഞ്ഞ, കോടിയ; കൃത്രിമമായ, കളവായ, കള്ളത്ത്രാണമായ (*U. S.*).

**Twit**, *v. t.* കുത്തിപ്പറയുക, വേദനപ്പെടുത്തുക; 2. ആക്ഷേപിക്കുക, കുററപ്പെടുത്തുക; 3. ശകാരിക്കുക. -'tĕr, *n.* ആക്ഷേപകൻ, ശകാരിക്കുന്നവൻ. -'ting-ly, *ad.* ആക്ഷേപമായി; ശാസനയായി.

**Twitch** (twich), *v. t.* പിടിച്ച് പറിക്കുക, —പാറുക, പറിച്ചെടുക്കുക, പറിച്ചെടുക്കുക, പറിക്കളയുക. *n.* വലി, പിടിച്ച് വലി; 2. കൃച്ചല്, കൊളുത്തല്, ഞരമ്പ് വലി (*med.*). -'ĕr, *n.* പിടിച്ച് പാറുന്നവൻ.

I. **Twit'tĕr**, *n.*, *s. u.* Twit.

II. **Twit'tĕr**, *v. i.* കിചുകിചുക്കുക, ചിലെക്കുക; 2. അടക്കിച്ചിരിക്കുക, അമുക്കിച്ചിരിക്കുക; 3. വിറക്കുക. *v. t.* ചിലെക്കുക. *n.* ചിലെപ്പ്, കിചുകിചുശബ്ദം; 2. അമുക്കിച്ചിരി; ചിരി; 3. വിറ. -ing, *n.* ചിലെക്കൽ; ചിലെപ്പ്; ചിരിക്കൽ; ചിരി; വിറ; ആതുരം, വേവിലാതി, തിരക്ക്.

**Twit'tle-twat-tle**, *n.* വ്യൎത്ഥസംസാരം; 2. നിസ്സാരവാക്ക്, നൊടിച്ചല്.

**'Twixt**, *prep.* (*contr. f. of* Be-twixt) മദ്ധ്യേ, ഇടയിൽ; 2. അന്യോന്യം, തമ്മിൽ. 't. brain മദ്ധ്യമസ്തിഷ്കം (*an.*).

**Two** (tö), *a.* രണ്ട്, ദ്വി; 2. ഇരു, ഇരട്ടി; 3. ഇണയായ, ജോടായ, കൂട്ടമായ. t.-decker ഇരുതട്ട് പീരങ്കിക്കപ്പല്. t.-edged ഇരുമുനയുള്ള. t.-foot രണ്ടടിയുള്ള. t.-forked രണ്ടായി പിരിഞ്ഞ. t.-hand രണ്ട് കൈയും വേണ്ടുന്ന. t.-handed രണ്ട് കയ്യുള്ള; ഊക്കുള്ള, പരുത്ത, തടിച്ച; രണ്ട് കൈയും ഉപയോഗിക്കുന്ന; ഇരുകയ്യനായ, രണ്ട് കൈയും സ്വാധീനമുള്ള. t.-pence, tupence (രണ്ടണക്കുള്ള) ഒര് ഇംഗ്ലീഷ് നാണ്യം. t.-penny, tupenny രണ്ടണ വിലക്കുള്ള. t.-ply ഇരട്ടി വീതിയുള്ള; ഇരട്ടിത്തടിപ്പുള്ള, ഇരട്ട നെയ്ത്തു (*w.*). t.-sided രണ്ട് ഭാഗം മാത്രം ഉള്ള; കാപട്യമുള്ള, കപടമുള്ള; പാൎശ്വാനുപാതമുള്ള (*biol.*). t.-tongued ഇരുനാവുള്ള; കളവ് പറയുന്ന; ചതിയനായ. one *or* t. ഒന്ന് രണ്ട്, ചില, കുറെ, കുറച്ച്. *n.* രണ്ട്, ദ്വി, ദ്വയം; 2. 2, II, ൨ എന്ന അക്കം. in t. രണ്ടായി. t.-fold ഇരട്ട, ഇരു; ഇരട്ടി, രണ്ടിരട്ടി, രണ്ട് മടങ്ങ്, ദ്വിവാരം; ദ്വിഗുണം. twīce, *ad.* രണ്ട് വട്ടം, —പ്രാവശ്യം, —കുറി; ഇരട്ടി, രണ്ട് മടങ്ങ്. t.e-born ദ്വിജനായ.

**Tȳe**, *n.* പാമരക്കമ്പ (*naut.*); 2. അരിപ്പത്തൊട്ടി (*ming.*); 3. *s.a.* Tie. tȳing, *n.* ലോഹം അരിക്കൽ (*ming.*).

**Tȳ'foon**, *n.*, *s. a.* Typhoon.

**Tȳ'lĕr**, *s. a.* Tilĕr, *s. u.* Tile.

**Tȳ-lop'ō-da**, *n. pl.* ഉഷ്ട്രവൎഗ്ഗമൃഗം, ഒട്ടകവൎഗ്ഗം (*z.*). [പെരിമ്പറ.

**Tym'bal, Tim'bal**, *n.* ഒര് വക ഭേരി,

**Tym'pan, Tym'pa-num**, *n.* ചെണ്ട, മദ്ദളം; 2. ശ്രവണചൎമ്മം, ശ്രോത്രപടലം (*an.*); 3. മദ്ധ്യകൎണ്ണം, ശബ്ദശ്രവണം, ഉദ്ഘ്രെവി (*an.*). =nal, -'ic, t.c bone, *n.* ശ്രോത്രമസ്തകാസ്ഥി (*an.*). -'ic, *a.* ചെണ്ടപോലെയുള്ള; ശബ്ദശ്രവണം സംബന്ധിച്ച (*an.*). t.c membrane ശ്രവണചൎമ്മം (*an.*). =nist, *n.* ചെണ്ട കൊട്ടുന്നവൻ. =ni'tis, *n.* ശ്രവണചൎമ്മവീക്കം (*med.*). =nīse, =nīze, *v. i.* ചെണ്ട മുട്ടുക, —അടിക്കുക, —കൊട്ടുക. =nō (*pl.* tym'pa-nī), tim'pa-nō, *n.* പെരിമ്പറ, ഭേരി. =pa-nō, *pf.* ശ്രവണചൎമ്മംസംബന്ധിച്ച; ശബ്ദശ്രവണം—. =ni'-tēs, *n.* വയറ് വീൎപ്പ്, വാതോദരം (*med.*). -it'ic, *a.* വാതോദരമുള്ള, വയറ് വീൎപ്പുള്ള. =ny, *n.* വയറ് വീൎപ്പ്, വാതോദരം (*med.*); ചീൎപ്പ്; പ്രൌഢി, വിജൃംഭണം.

**Tȳne**, *n.* മാൻകൊമ്പ്.

**Tȳ'pal**, *a.*, *s. u.* Type.

**Tȳpe**, *suf.* മുദ്ര, അച്ച്; 2. മുദ്രിതം, അക്ഷരം; 3. രൂപം, മാതൃക; 4. ലക്ഷണമായ; 5. പ്രാതിനിധ്യമുള്ള, പകരമായ. *n.* അടയാളം, വട്ട; ചിഹ്നം; 2. മുദ്ര, കൊത്ത്; 3. രൂപം, മാതൃക; 4. രീതി, വിധം; 5. മുങ്കുറി; 6. ലക്ഷണം, വർഗ്ഗലക്ഷണം (*biol.*); 7. വർഗ്ഗലക്ഷണപ്രാണി (*biol.*); 8. വർഗ്ഗപ്രതിനിധി (*biol.*); 9. വർഗ്ഗം, ജാതി, കുലം (*biol.*); 10. ചിത്രമാതൃക (*f. a.*); 11. മുദ്രാമാതൃക, മുദ്രയച്ച്; 12. മൂലയോഗം (*ch.*); 13. മുദ്രാക്ഷരം, ആണിയക്ഷരം. **t.-founder** അക്ഷരം വാർക്കുന്നവൻ. **t.-foundry, t.-foundery** അക്ഷരവാർപ്പ് ശാല, —സ്ഥലം. **t.-metal** മുദ്രാക്ഷരലോഹക്കൂട്ട്. **t.-wheel** അക്ഷരചക്രം. **t.-setter** അക്ഷരം നിരത്തുന്നവൻ, അക്ഷരംനിരത്തി, അക്ഷരാപെറുക്കി, 'കമ്പോസിറ്റർ' (*print.*). **t.-setting** അക്ഷരം നിരത്തൽ. **t.-writer** എഴുത്ത് യന്ത്രം, ലേഖനയന്ത്രം; ലേഖനയന്ത്രികൻ. **t.-writing** ലേഖനയന്ത്രപ്രയോഗം. **unity of t.** വർഗ്ഗലക്ഷണതുല്യത (*biol.*). *v. t.* മുങ്കുറി ആയിരിക്കുക; 2. മാതൃക—; 3. മുദ്രിക്കുക, പതിക്കുക. **tȳ'pal, typ'ic, typ'i-cal**, *a.* മാതൃക ആയ; രൂപം—; പ്രതിഛായ—; മുങ്കുറി—; വർഗ്ഗലക്ഷണമുള്ള (*nat.*). **typ'i-cal-ly**, *ad.* മാതൃകയായി; മുങ്കുറിയായി; വർഗ്ഗലക്ഷണമായി. **typ'i-cal-ness**, *n.* മാതൃകത്വം. **typ-i-fi-cā'tiŏn**, *n.* കുറിക്കൽ; രൂപം കുറിക്കൽ; രൂപം വരക്കൽ. **typ'-i-fī-ĕr**, *n.* കുറിക്കുന്നവൻ. **typ'i-fȳ**, *v. t.* രൂപത്താൽ കുറിക്കുക; രൂപം ഉണ്ടാക്കുക; പ്രതിമ—; സാദൃശ്യമാക്കുക. **=pog'ra-phĕr** (*contr. f.* typo), *n.* അക്ഷരം നിരത്തുന്നവൻ; അച്ചടിക്കുന്നവൻ. **typ'ō-cos-my**, *n.* വിശ്വരൂപം. **typ-ō-graph'ic, typ-ō-graph'i-cal**, *a.* അച്ചടി സംബന്ധിച്ച, മുദ്രണം. **typ-ō-graph'i-cal-ly**, *ad.* അച്ചടിയായി. **tȳ-pog'ra-phy** (-fi), *n.* അച്ചടിസൂത്രം, മുദ്രണവിദ്യ; അച്ചടിപ്രവൃത്തി; അച്ച് പതിപ്പ്. **typ'ō-līte**, *n.* വൃക്ഷമൃഗരൂപമുദ്രിതശില, —ശിലാഭൂതപദാർത്ഥം. **tȳ-pol'ō-ġy**, *n.* മുങ്കുറിശാസ്ത്രം (*theo.*); സൂചകോപദേശം, മുങ്കുറിവാദം (*theo.*).

**Typh-lī'tis** (tif-), *n.* അന്ധാന്ത്രവീക്കം (*med.*).

**Ty-phō'ē-an**, *a.* ശതമുഖരാക്ഷസനായ (*myth.*).

**Tȳ'phoid** (-foid'), **Tȳ-phō-ma-lā'-ri-al, Tȳ-phō-mā'ni-a**, *s. u.* Typhus.

**Tȳ'phon** (-fon), *n.* അനിലജനകൻ (*myth.*); 2. ദോഷദേവത, മൂധേവി (*myth.*).

**Tȳ-phoon'** (-fōn), **Tuf-foon', Tȳ-foon'**, *n.* വൻചുഴലിക്കാററ്, കൊടുങ്കാററ്; ചീനക്കടൽക്കോള്, 'തുഫ്പാൻ'.

**Tȳ'phus**, *n.* (ഒര് വക കഠിന) പകച്ചപ്പനി, വിഷമജ്വരം, സന്നിജ്വരം (*med.*). **tȳ'phoid** (tī'foid), *a.* വിഷമജ്വരം സംബന്ധിച്ച; സന്നിജ്വരംപോലെയുള്ള (*med.*). **t.d fever** ജ്വരാതിസാരം, അതിസാരജ്വരം, വിഷമജ്വരം, വസന്തപ്പനി (*med.*). **t.d stage** സന്നി, സന്നിപാതം (*med.*). **tȳ-phō-ma-lā'ri-al**, *a.* വിറപ്പനിസന്നിയായ, വിഷമശീതജ്വരമായ (*med.*). **tȳ-phō-mā'ni-a**, *n.* ലഘുസന്നിജ്വരം (*med.*). **tȳ'phŏus** (-fus), *a.* വിഷമജ്വരം സംബന്ധിച്ച (*med.*).

**Typ'ic, Typ'i-cal, Typ-i-fi-cā'-tiŏn, Typ'i-fī-ĕr, Typ'i-fȳ, Tȳ'pō, Typ'ō-cos-my, Tȳ-pog'ra-phĕr, Typ-ō-graph'ic, Typ-ō-graph'i-cal, Tȳ-pog'ra-phy, Typ'ō-līte, Tȳ-pol'ō-ġy**, *etc.*, *s. u.* Type.

**Tȳ-ran'nic, =cal, =cal-ly, =ran-ni-cī'dal, =ran'ni-cīde, =nŏus**, *etc.*, *s. u.* Tyranny.

**Tyr'an-ny**, *n.* നിഷ്ഠുരവാഴ്ച, ദുശ്ശാസനം, ദുർന്നീതി, ഇച്ഛാധിപത്യം, ദുഷ്പ്രഭുത്വം, പ്രജാപീഡനം; 2. ആശാധിപത്യരാജ്യം; 3. ക്രൂരത, കാഠിന്യം; 4. ഉഗ്രത, ഭയങ്കരത, കടുപ്പം. **tȳ-ran'nic, =ran'-ni-cal, tyr'an-nŏus**, *a.* പ്രജാപീഡകനെ സംബന്ധിച്ച; പ്രജാപീഡനം ആയ; ഉഗ്രവാഴ്ച—; സ്വേച്ഛാനുസാരവാഴ്ച—; ആശാധിപത്യം—; ക്രൂരതയുള്ള. **tȳ-ran'ni-cal-ly, tyr'an-nŏus-ly**, *ad.*

ഉഗ്രാധിപത്യമായി; ക്രൂരതയോടെ, നിർദ്ദയമായി. tȳ-ran′ni-cal-ness, *n.* ദുശ്ശാസനം; ഭരണോഗ്രത. tȳ-ran-ni-cī′-dal, *a.* പരപീഡകഹത്യ സംബന്ധിച്ച; പരപീഡകവധമായ. tȳ-ran′ni-cīde, *n.* ഉഗ്രരാജവധം; ഉഗ്രരാജഘാതകൻ, ദുശ്ശാസകഹന്താവ്. tyr′an-nīse, tyr′-an-nīze, *v. i.* പരപീഡകനായിരിക്കുക; ഇച്ഛാധിപത്യം നടത്തുക; ഉഗ്രവാഴ്ച കഴിക്കുക, ദുർന്നീതി നടത്തുക; കാഠിന്യം പ്രവൃത്തിക്കുക. *v. t.* ഞെരുക്കുക, പീഡിപ്പിക്കുക. tȳ′rant, *n.* സ്വേച്ഛാധിപത്യക്കാരൻ; ഉഗ്രരാജാവ്, ഉഗ്രവാഴി; പരപീഡകൻ, ദുശ്ശാസകൻ, പ്രജാപീഡകൻ; ഉഗ്രയജമാനൻ; ഒരു് പക്ഷി, കാരാടൻ ചാത്തൻ (*z*).

I. **Tȳre**, *n.* തയിര്.

II. **Tȳre**, *v. t., s. a.* Tire.

**Tȳ′rō, Tī′rō**, *n.* അഭ്യസിക്കുന്നവൻ, പഠിക്കുന്നവൻ; 2. ശീലമില്ലാത്തവൻ, പരിചയക്കുറവുള്ളവൻ. -nism, tī′rō-nism, *n.* പുതുക്കം; ശീലമില്ലായ്മ, പരിചയക്കുറവ്.

**Tȳthe, Tȳ′thing**, *s. a.* Tithe, Tithing.

**Tzär, -ī′na, -it′za**, *s. a.* Czar, Tsar, *etc.*

**Tzet′ze**, *n., s. a.* Tsetse.

# U

**U**, ഇംഗ്ലീഷ് ഭാഷയിലെ ഇരുപത്തൊന്നാമക്ഷരം; സ്വരം; പേര്: യൂ; ഉച്ചാരണം: ഉ, ഊ, അ, എ, യു, യൂ; ര എന്ന അക്ഷരത്തെ പിൻതുടൎന്നു വരുമ്പോൾ ഉ, ഊ, ഓ.

**Ū-bi-cā′tiōn, Ū-bī′e-ty**, *n.* സ്ഥിതി, നില; 2. സ്ഥലം; 3. സംബന്ധം.

**Ū-bi-quā′ri-an**, *a., s. u.* Ubiquitous.

**Ū′bi-quist, Ū-biq-ui-tā′ri-an**, *s. u.* Ubiquitous.

**Ū-biq′ui-tŏus** (-bik′wi-tus), **Ū-bi-quā′ri-an**, *a.* ഒരേ സമയത്ത് എല്ലാടവും ഉള്ള, സൎവ്വവ്യാപിയായ. =′bi-quist, =biq-ui-tā′ri-an, =′bi-qui-tist, *n.* ക്രിസ്തുദേഹസൎവ്വവ്യാപിതവാദി, (തിരുവത്താഴത്തിൽ) ക്രിസ്തുദേഹാസ്തിക്യവാദി (*theo.*). =′ui-tar-i-ness, *n.* സൎവ്വവ്യാപിത്വം. =′ui-tar-y (-tĕr-i), *a.* സൎവ്വവ്യാപിയായ. *n.* സൎവ്വവ്യാപി; ക്രിസ്തുദേഹസൎവ്വവ്യാപിത്വവാദി. -ly, *ad.* സൎവ്വവ്യാപിയായി. =′ui-ty, *n.* സൎവ്വവ്യാപിത്വം, സൎവ്വസാന്നിദ്ധ്യം; ക്രിസ്തുദേഹസൎവ്വസാന്നിദ്ധ്യം (*theo.*).

**Uek-e-wạl′list** (-wol′ist), *n.* പുനഃസ്നാനവാദി (*c. h.*).

**Ū′dal**, *n.* (ശെറ്റ്ലാണ്ട് ദ്വീപിലും മററും നടപ്പുള്ള) ജന്മാവകാശം. *a.* ജന്മമായ. u.-man, -lĕr, *n.* ജന്മി.

**Ud′dĕr**, *n.* അകിട്, അവിട്, ചെരുന്നല്; 2. (സ്ത്രീകളുടെ) മുല, സ്തനം (*an.*). =dĕred (-dĕrd), *a.* അകിടുള്ള; മുലയുള്ള. -less, *a.* അകിട് ഇല്ലാത്ത; മുല—; പാല്—; അമ്മ—; അച്ചി—, തള്ള—.

**Ū-dom′e-tĕr**, *n.* വൎഷജലമാപനയന്ത്രം.

**Ugh** (*or* ö), *int.* അയ്യോ; 2. ഛെ, ഛരത്ത്.

**Ug′ly**, *a.* അഭംഗിയായ, വിരൂപിയായ, കുരൂപിയായ; 2. ഭയങ്കരരൂപിയായ; 3. അവലക്ഷണമായ; 4. അറെക്കത്തക്ക; 5. അനിഷ്ടമായ; 6. സങ്കടമുള്ള, ശോചനീയമായ; 7. ദുസ്സ്വഭാവമുള്ള, ദുശ്ശീലമുള്ള. *n.* (തൊപ്പിയുടെ മുൻഭാഗത്ത് ഉന്തിനില്ക്കുന്ന) മുഖരക്ഷ. *v. t.* വിരൂപം ആക്കുക, കുരൂപം—, ഭംഗികെടുത്തുക. ug′li-fȳ, *v. t.* വൈരൂപ്യം വരുത്തുക, അഭംഗിയാക്കുക. ug′li-ly, *ad.* ഭംഗികേടായി, വി

രൂപമായി. ug'li-ness, *n.* വൈരൂപ്യം, കുരൂപത.

Ūh'lan, Ū'lan, *n.* 'താൎത്തറി' കുതിരപ്പട; 2. 'പ്രഷ്യ'യിലെ അശ്വസേന.

Ū-kāse', *n.* (റഷ്യയിലെ) രാജവിളംബരം, രാജകല്പന; രാജ്യനിയമം.

Ū'lan, *n.*, *s. a.* Uhlan.

Ul'cĕr, *n.* പുണ്ണ്, വ്രണം (*med.*); 2. ദുൎന്നടപ്പ്, ദുരഭ്യാസം. cold u. വിരൽപുണ്ണ് (*med.*). *v. t.* പുണ്ണാക്ക, വ്രണപ്പെടുക, ചീഞ്ഞഴിയുക. -a-ble, *a.* പുണ്ണാകാകുന്ന. -āte, *v. i.* വ്രണമാക, പുണ്ണായ്ത്തീരുക, പഴുത്ത് പൊട്ടുക. *v. t.* പുണ്ണ് വരിക, വ്രണപ്പെടുക. -ā-ted, ='cĕred (-'sĕrd), -ŏus, *a.* പുണ്ണായ, വ്രണപ്പെട്ട; ചലംവരുന്ന; വ്രണമുള്ള. -ā'tiŏn, *n.* വ്രണമാകൽ (*med.*); വ്രണം, പുണ്ണ് (*med.*). u.n of the mouth വായ്പുണ്ണ്, നാപ്പുണ്ണ് (*med.*). -a-tive, *a.* വ്രണസംബന്ധമായ. -ŏus-ly, *ad.* പുണ്ണായി. -ŏus-ness, *n.* പഴുപ്പ്, അഴിവ്. ul'cus-cle, ul-cus'cūle, *n.* ചെറുപുണ്ണ്, പരു, ചെറുവ്രണം (*med.*).

Ū'le, U.-trēe, *n.* ഒരു വക വമ്പുച്ചക്കമരം (*b.*); 2. ഒരു വക 'റബ്ബർ'മരം (*b.*).

Ū-lē'ma, *n.* (തുൎക്കിയിലെ) വിദ്വജ്ജനസഭ.

U-lig'i-nōse, =nōus, *a.* ചളിയായ, ചൊ(കൊ)ത്തയായ; 2. ചളിപ്രദേശത്തുണ്ടാകുന്ന.

Ul'lāge, *n.* (പീപ്പമുതലായ പാത്രങ്ങളിൽ നിറച്ച ദ്രവകത്തിൽ) ചോൎന്നുപോയത്, കുറവ്, 'കമ്മി'.

Ul'na, *n.* കൈമുട്ടെല്ല്, കൂപ്പരാസ്ഥി (*an.*); 2. മുന്ന്മുഴക്കോല്; 3. വാര. ul'nāge, *n.* മുളമളവ്. ul'nar (-nĕr), *a.* കൂപ്പരാസ്ഥിസംബന്ധിച്ച, കൈമുട്ടെല്ലിനുള്ള (*an.*).

Ū-lō-den'dron, *n.* ഒരു വക ശിലാവൃക്ഷവൎഗ്ഗം.

U-lot'ri-chan (-kan), *a.* ചുരുൾമുടിനരവൎഗ്ഗത്തിൽ പെട്ട (*anthr.*). *n.* —പെട്ടവൻ, ചുരുൾമുടിവൎഗ്ഗമനുഷ്യൻ. =chī (-kī), *n. pl.* ചുരുൾമുടിനരവൎഗ്ഗം (*anthr.*). =chŏus (-kus), *a.* ചുരുണ്ട രോമമുള്ള.

Ul'stĕr, *n.* നീളപ്പുറങ്കുപ്പായം, മഴയങ്കി, മെഴുത്തുണിക്കുപ്പായം.

Ul-tē'ri-ŏr, *a.* അപ്പുറമുള്ള, അങ്ങേയറ്റത്തുള്ള, അങ്ങേ, അപ്പുറത്തെ; 2. അകലെയുള്ള, ദൂരത്തുള്ള; 3. തുടൎന്ന് വരുന്ന; പിമ്പിലുള്ള, വഴിയിലുള്ള; പിന്നാലെയുള്ള, അനന്തരമായ. u. object *or* aim വഴിയെ നില്ക്കുന്ന താല്പൎയ്യം, ഉള്ളുദ്ദേശം, അന്തൎഗ്ഗതം. *n.* അങ്ങേയറ്റം, അപ്പുറം, അങ്ങേഭാഗം. -ly, *ad.* ദൂരെ, ദൂരത്ത്; വഴിയെ.

Ul'ti-ma, *a.* ദൂരെയുള്ള, അകലെയുള്ള; 2. അങ്ങേയറ്റത്തുള്ള; 3. ഒടുവിലത്തെ, അവസാനത്തെ, സമാപ്തിയായ. *u. ratio* അവസാനന്യായം; അന്ത്യവാദം. *U. Thūle, s. u.* Thule. *n.* പദാന്തം, പദാന്ത്യാക്ഷരം (*gr. & pros.*). =māte, *a.* ദൂരത്തുള്ള, ഏററവും അകലെയുള്ള, അങ്ങേയററത്തുള്ള; ഒടുവിലത്തെ, അവസാനത്തെ, ഒടുക്കത്തെ, അന്ത്യമായ; ലാക്കായ, ഉദ്ദേശമായ; സിദ്ധമായ, ഫലമായ; തീൎച്ചപ്പെട്ട, പരമമായ, അന്തിമമായ; അവിഭാജ്യമായ, വിഗ്രഹിക്കാവതല്ലാത്ത; മൂലമായ, മൂലതത്വമായ, മൂലപദാൎത്ഥമായ. u.e analysis ജീവൊല്പന്നതത്വപരിശോധന. u.e belief മൂലപ്രമാണം; സഹജന്യബോധം, സഹജജ്ഞാനം. *v. t. & i.* അവസാനിപ്പിക്കുക, അവസാനിക്കുക; പ്രയോഗിക്കുക, പ്രവൃത്തിക്കുക. -ly, *ad.* ഒടുക്കം, അവസാനം, കാലാവധിയിങ്കൽ, സമാപ്തിയിൽ. =mā'tiŏn, *n.* അന്ത്യസ്ഥിതി; തീൎപ്പ്. =mā'tum (*pl.* ul-ti-mā'ta), *n.* തീൎച്ചവാക്ക്, അവസാനനിൎണ്ണയം, ചരമാഭിസന്ധി, അന്ത്യപ്രതിജ്ഞ.

*Ul'ti-mō* (*con. f.* ult.) കഴിഞ്ഞ മാസത്തെ (തിയ്യതി).

Ul'tra, *pf.* അപ്പുറത്തുള്ള, മറുഭാഗത്തെ; 2. കവിഞ്ഞ, കടന്ന; 3. അത്യധികം ആയ, അതിവിശേഷം—, അതിയായ; 4. അസാധാരണമായ; 5. അതിശയമായ.

*a.* മുന്തിനില്ക്കുന്ന, മുന്തിയ; 2. വൈകിയ, സമയം തെററിയ, താമസമായ; 3. അതിയായ, അധികമായ; 4. അതിവൈരാഗ്യമുള്ള; 5. ഖണ്ഡിതമായ. *n.* കഠിനകൈപ്രയോഗിക്കുന്നവൻ, കട്ടക്കൈക്കാരൻ; 2. അതിനവീകരണക്കാരൻ; 3. നൂതനകക്ഷി, ഉല്പതിഷ്ണു; 4. നൂതനൈകവലവാദി. **-ism,** *n.* —വാദം. **-ist,** *n.* —വാദി, നവീകരണവാദി, ഉല്പതിഷ്ണു. **-ma-rïne′** (-rēn′), *a.* കടലിന്നപ്പുറമുള്ള. *n.* ഒര് നീലച്ചായം. **green u.e** ഒര് പച്ചച്ചായം. **u.e ash,** *or* **ashes** ഒര് വക മിശ്രവൎണ്ണം. **-mon′tāne,** *a.* പൎവ്വതങ്ങൾക്കപ്പുറമുള്ള; 'ആൽപ്സ്' പൎവ്വതങ്ങൾക്കപ്പുറമുള്ള. *n.* പൎവ്വതങ്ങൾക്കപ്പുറം പാൎക്കുന്നവൻ; പരദേശി; പാപ്പാധികാരവാദി. **-mon′tān-ism,** *n.* പാപ്പാധികാരവാദം. **mon′tān-ist,** *n.* —വാദി. **-mun′dāne,** *a.* ലോകത്തിന്നപ്പുറമുള്ള, പാരലൌകികമായ. **-red,** *a.* അരുണരശ്മിക്കപ്പുറമുള്ള (*ph.*). **-trop′i-cal,** *a.* ഉഷ്ണമേഖലക്കപ്പുറമുള്ള; അത്യുഷ്ണപ്രദേശമായ; അത്യുഷ്ണമുള്ള. **-vī′ō-let,** *a.* നീലലോഹിതരശ്മിക്കപ്പുറമുള്ള (*ph.*). *u. vī′rēs* അധികാരം കവിഞ്ഞ, അധികാരം ഇല്ലാത്ത, അധികാരാതീതമായ (*l.*). **-zō-dī′a-cal,** *a.* രാശിചക്രത്തിന്നപ്പുറമുള്ള (*as.*).

**Ul-trō′ne-ŏus, =ne-us,** *a.* സ്വന്തമനസ്സാലെയുള്ള, സ്വേച്ഛയായ, മനഃപൂൎവ്വ(ക)മായ. **-ly,** *ad.* മനസ്സാലെ, താനായിട്ട്, അന്യനിൎബ്ബന്ധമില്ലാതെ. **-ness,** *n.* മനഃപൂൎവ്വകത്വം.

**Ul′ū-la,** *n.* ക്രൂമൻവൎഗ്ഗം, മൂകവൎഗ്ഗം (*z.*).

**Ul′ū-lāte,** *v. i.* ഓരിയിടുക, ഓളിയിടുക, മോങ്ങുക, നിലവിളിക്കുക. **=lant,** *a.* ഓരിയിടുന്ന, മോങ്ങുന്ന. **=lā′tiŏn,** *n.* ഓളിയിടൽ, മോങ്ങൽ.

**Um′bēr, Um′bre,** *n.* ഒര് വക കാവിമണ്ണ്; 2. കാവിനിറം; 3. ഒര് മത്സ്യം (*z.*); 4. (ആഫ്രിക്ക)തവിട്ട്കൊച്ച (*z.*). *a.* കാവിനിറമുള്ള; 2. കാവിമണ്ണ് സംബന്ധിച്ച. *v. t.* കാവിച്ചായം ഇടുക; 2. കാവി തേക്കുക, കാവി മുക്കുക. **-y,** *a.* കാവിമണ്ണ് സംബന്ധിച്ച; കാവിമണ്ണ്പോലെയുള്ള.

**Um-bil′ic, =′i-cal,** *a.* പൊക്കിള് സംബന്ധിച്ച; പൊക്കിള് വള്ളി സംബന്ധിച്ച (*an.*). 2. ഒത്തനടുവിലുള്ള, മദ്ധ്യമായ, കേന്ദ്രമായ. **u.l cord** പൊക്കിള് വള്ളി, പൊക്കിൾക്കൊടി, നാഭിസൂത്രം, നാഭിനാളം (*an.*); വിത്ത് നാര് (*b.*). **u.l hernia** പൊക്കിള് വീക്കം (*med.*). **u.l region** നാഭിപ്രദേശം, നാഭി. **u.l vesicle** കരുകോശം (*an.*). **=′i-cāte, =′i-cā-ted,** *a.* നടു കുഴിഞ്ഞ, നടു ഒട്ടിയ. **=cā′tiŏn,** *n.* കുഴി, ഒട്ട്. **=bil′i-cus,** *n.* പൊക്കിള്, പോട് (*N.*), നാഭി (*an.*).

**Um′bles, Hum′bles** (-blz), *n. pl.* മാൻകുടല്; 2. കുടല് മാല, അകമാംസം (*P.*), 'ബോട്ടി'. **umble-pie** കുടലട. **to eat humble pie,** *s. u.* **Humble.**

**Um′bō** (*pl.* **um′bō-nēs**), *n.* പലിശ മൊട്ട്, മുഴന്ത്. **-nāte, -nā-ted,** *a.* നടുവിൽ മൊട്ടുള്ള, നടുക്കൂൎത്ത.

**Um′bra** (*pl.* **um′brǣ**), *n.* ഗ്രഹനിഴല്, ഛായ (*as.*), സൂൎയ്യകലയുടെ നടു, സൂൎയ്യകലകേന്ദ്രം (*as.*); 2. (*also* **om′bre, um′brine**) ഒര് മത്സ്യം, ഒര് വക കിരാൻ (*z.*).

**Um′bra-cū-lif′ēr-ŏus,** *a.* ഛത്രാകൃതിയായ. **=brac′ū-li-form,** *a.* തണലുള്ള, നിഴലുള്ള; കുടപോലെയുള്ള.

**Um′brāge,** *n.* തണല്, നിഴല്, മറവ്; 2. മരത്തണല്; 3. അസൂയ, സ്പൎദ്ധ; 4. മുഷിച്ചല്, വിരോധം, ക്ഷാത്രം, നീരസം, വൈരം. **to give u.** മുഷിച്ചല് വരുത്തുക, വിരോധം ജനിപ്പിക്കുക. **to take u.** മുഷിയുക, വിരോധം തോന്നുക. **=brā′ge-ŏus,** *a.* തണലുള്ള, നിഴലുള്ള, തണല് കൊടുക്കുന്ന. **=brā′ge-ŏus-ly,** *ad.* നിഴലായി, തണലായി. **=brā′ge-ŏus-ness,** *n.* ഛായ; നിഴലിക്കൽ.

**Um-brat′ic, =′i-cal, =tīle,** *a.* നിഴല് സംബന്ധിച്ച; 2. നിഴലുള്ള, ഇരുട്ടുള്ള; 3. നിഴലായ, വസ്തുതയല്ലാത്ത; 4. മറവിലിരിക്കുന്ന; ഏകാന്തമായ.

**Um′bre,** *n., s. a.* **Umber.**

**Um-brel′la,** *n.* കുട, ഛത്രം; 2. ഒര് വക കടച്ചൊറി (*z.*). **u. shell** ഒര് വക ചിപ്പി (*z.*).

**Um-brif'ĕr-ŏus,** *a.* തണലുള്ള, തണല് കൊടുക്കുന്ന. **-ly,** *ad.* തണലായി, നിഴലായി.

**Um-hō'fō,** *n.* (ആഫ്രിക്കയിലെ) ഇരട്ടക്കൊമ്പൻ കാണ്ടാമൃഗം (*z.*).

**Um'pīre,** *n.* മദ്ധ്യസ്ഥൻ, നടുവൻ, മൂന്നാമൻ; 2. പഞ്ചായക്കാരൻ; 3. പഞ്ചായമദ്ധ്യസ്ഥൻ (*l.*); 4. (കളിസംബന്ധമായി ഉണ്ടാകുന്ന തർക്കങ്ങൾ തീർക്കുന്ന) കളിമദ്ധ്യസ്ഥൻ, കളിപ്പഞ്ചായക്കാരൻ. *v. t.* മദ്ധ്യസ്ഥം പറയുക, പഞ്ചായം—, തർക്കം തീർക്കുക, തീർപ്പ് കല്പിക്കുക; 2. കളിപഞ്ചായക്കാരനായിരിക്കുക. *v. i.* പഞ്ചായക്കാരനായിരിക്കുക, പഞ്ചായംപറയുക. **=pī-rāġe, -ship,** *n.* മദ്ധ്യസ്ഥൻ, പഞ്ചായം; മദ്ധ്യസ്ഥസ്ഥാനം; മദ്ധ്യസ്ഥപ്രവൃത്തി. **um'press,** *n.* മദ്ധ്യസ്ഥ, പഞ്ചായക്കാരത്തി.

I. **Un,** *pf.* (ഈ ഉപസൎഗ്ഗത്തോട് ചേൎന്ന് വരുന്ന പദത്തിൻെറ വിപരീതാൎത്ഥം സൂചിപ്പിക്കുമ്പോൾ) മുഖ്യപദത്തിൻെറ അൎത്ഥത്തിന്ന് വിപരീതമായ അൎത്ഥം ഉള്ള പദങ്ങൾ മതി; 2. (മുഖ്യപദത്തിൻെറ നിഷേധാൎത്ഥം സൂചിപ്പിക്കുമ്പോൾ) മുഖ്യപദത്തിൻെറ അൎത്ഥത്തോട് അ, അൻ; നി, നിർ, നിഷ്; വി; ദുർ, ദുഷ്; അവ, അപ; എന്ന ഉപസൎഗ്ഗങ്ങളിലൊന്നൊ ഇല്ലാത്ത, ഇല്ലായ്മ; അല്ലാത്ത, അല്ലായ്മ; കഴിയാത്ത, പാടില്ലാത്ത മുതലായ പദങ്ങളിലൊന്നൊ ചേൎത്താൽ മതി. (The Malayalam equivalents of the English words with *un* as prefix not found in the vocabulary can be easily formed by the above method. ഈ നിഘണ്ടുവിൽ പ്രത്യേകമായി അൎത്ഥം പ്രസ്താവിച്ചുകാണാത്ത *un* ഉപസൎഗ്ഗം ചേൎന്നു വരുന്ന ഇംഗ്ലീഷ്പദങ്ങളുടെ അൎത്ഥം മേല്പറഞ്ഞ വിധത്തിൽ എളുപ്പത്തിൽ കാണാകുന്നതാകുന്നു.)

**Un-ā'ble,** *a.* കഴിവില്ലാത്ത, കഴിയാത്ത; 2. പ്രാപ്തിഇല്ലാത്ത, ശക്തി—.

**Un-a'bōat** (-bōt), *n.* ഒര് വക ഉല്ലാസപ്പടക് (*naut.*).

**Un-a-bridġed'** (-brijd'), *a.* ചുരുക്കാത്ത; 2. പൂൎണ്ണമായ, മുഴുവനും ഉള്ള.

**Un-ab-sorb'a-ble,** *a.* ശോഷണമാസ്ഥിരാത്ത, ശരീരത്തിൽ പിടിക്കാത്ത (*phys.*).

**Un-ac-cept'a-ble,** *a.* സ്വീകാരയോഗ്യമല്ലാത്ത; 2. അനിഷ്ടമായ, രസിക്കാത്ത; 3. പററാത്ത; 4. വിരോധമായ.

**Un-ac-cess'i-ble,** *a., s. a.* **Inaccessible.**

**Un-ac-com'plished** (-plisht), *a.* ചെയ്യാത്ത; തീരാത്ത; സാധിക്കാത്ത; 2. പഠിപ്പില്ലാത്ത, വ്യുല്പത്തികുറഞ്ഞ, 3. പരിഷ്കാരം—.

**Un-ac-count'a-ble,** *a.* ഉത്തരവാദിത്വം ഇല്ലാത്ത; 2. സ്വാതന്ത്ര്യമുള്ള; 3. കണക്ക് പറവാൻ ആവശ്യമില്ലാത്ത; 4. മനസ്സിലാകാത്ത; 5. സ്പഷ്ടമല്ലാത്ത, അസ്പഷ്ടമായ; 6. ബുദ്ധിപൂൎവ്വമല്ലാത്ത, ബുദ്ധിക്ക് ചേരാത്ത; 7. അപൂൎവ്വമായ; 8. മൎമ്മമായ.

**Un-ac'cū-rāte,** *a., s. a.* **Inaccurate.**

**Un-ac-cus'tŏmed** (-'tumd), *a.* (to) ശീലം ഇല്ലാത്ത, പരിചയം—; 2. പതിവല്ലാത്ത, അസാധാരണമായ, അപൂൎവ്വമായ; നൂതനമായ.

**Un-ac-quaint'ed,** *a.* അറിയാത്ത; 2. പരിചയം ഇല്ലാത്ത, മമത—.

**Un-a-dul'tĕr-āte, =ā-ted,** *a.* കൂട്ട് കൂട്ടാത്ത, ശുദ്ധമായ.

**Un-ad-vī'ṣa-ble,** *a.* ബുദ്ധിയല്ലാത്ത; 2. അയുക്തമായ. **=vīṣed'** (-vīzd'), *a.* ആലോചനയില്ലാത്ത, ബുദ്ധികെട്ട, നിൎവ്വിചാരമായ. **=vī'ṣed-ly,** *ad.* ആലോചിക്കാതെ; ബുദ്ധികേടായി.

**Un-af-fect'ed,** *a.* പററാത്ത, തട്ടാത്ത; 2. നിസ്നേഹമായ; 3. നിശ്ചേതനമായ; 4. മനസ്സിളകാത്ത; 5. നിഷ്കപടമായ, യഥാൎത്ഥമായ; 6. ശുദ്ധ. **-ly,** *ad.* ഏശാതെ; കൂട്ടാക്കാതെ; യഥാൎത്ഥമായി.

**Un-a-ġrēe'a-ble,** *a.* അനിഷ്ടമായ; 2. അയുക്തമായ; 3. അയുക്തിയുള്ള.

**Un-āid′ed,** *a.* അന്യസഹായംകൂടാതെ; താനായി.

**Un-āl′i-en-a-ble,** *a.* അന്യാധീനപ്പെടുത്തുവാൻ പാടില്ലാത്ത. =**bly,** *ad.* —പാടില്ലാതവണ്ണം.

**Ū′nal-ist,** *n.* ഏകസ്വഭാവബോധകൻ.

**Un-al-līed′** (-līd′), *a.* സഖി ഇല്ലാത്ത, ബന്ധു—; 2. ചേർച്ച—.

**Un-al-loyed′** (-loid′), *a.* (ലോഹം) കൂട്ട്കൂട്ടാത്ത; 2. ശുദ്ധമായ.

**Un-a̤l′tĕr-a-ble,** *a.* മാറാത്ത, മാററുവാൻ പാടില്ലാത്ത. =**a̤l′tĕred** (-tĕrd), *a.* മാററാത്ത; മാറാത്ത.

**Un-am-bi-gū′i-ty,** *n.* ദ്വയാർത്ഥരഹിതത്വം; 2. സ്പഷ്ടത, വ്യക്തി. =**am-big′-ū-ŏus,** *a.* ദ്വയാർത്ഥമില്ലാത്ത, തെളിവായ, സ്പഷ്ടമായ, വ്യക്തമായ.

**Un-am-bi′tiŏus** (-bish′us), *a.* അഭിമാനം ഇല്ലാത്ത; 2. ഗർവ്വം—.

**Un-a-mē′na-ble,** *a.* ബാദ്ധ്യത ഇല്ലാത്ത; 2. ഉത്തരവാദിത്വം—.

**Un-ā′mi-a-ble,** *a.* രമ്യതയില്ലാത്ത, ലോക്യം—; 2. ദുശ്ശീലമുള്ള; 3. വെറുമുഖമുള്ള; 4. വെറുപ്പ് തോന്നത്തക്ക. =**bil′i-ty,** *n.* രമ്യതയില്ലായ്മ, ദുസ്സ്വഭാവം. =**bly,** *ad.* വെറുതിയോടെ, ലോക്യമില്ലാതെ, ദുർമ്മുഖത്തോടെ, മുഖം ഘനപ്പിച്ച്.

**Un-an′chor,** *v. t.* ഇരിമ്പ് ഇളക്കിപ്പോക, നങ്കൂരം— (*naut.*).

**Un-a-nēled′** (-nēld′), *a.* അന്ത്യാഭിഷേകം കിട്ടാത്ത (*R. C.*).

**Un-an′i-mā-ted,** *a.* ജീവനില്ലാത്ത, ചൈതന്യമില്ലാത്ത, ചുണകെട്ട.

**Ū-nan′i-mŏus,** *a.* ഐകമത്യമുള്ള; 2. ഏകാഭിപ്രായമായ, ഐക്യകണ്ഠേനയുള്ള, യോജിപ്പായ, യോജിപ്പുള്ള, ഭേദാഭിപ്രായം ഇല്ലാത്ത, ഭിന്നാഭിപ്രായം—. **-ly,** *ad.* ഐക്യകണ്ഠേന, ഐകമത്യമായി. =**na-nim′i-ty, -ness,** *n.* ഐകമത്യാഭിപ്രായം; ഐകമത്യം.

**Un-an′swĕr-a-ble** (-an′sĕr-), *a.* എതിർ പറവാൻ കഴിയാത്ത, നിർവ്വാദമായ, നിരാക്ഷേപമായ; 2. തീർച്ചയായ. =**an′-swĕred** (-an′sĕrd), *a.* ഉത്തരം പറയാത്ത; മറുവടികൊടുക്കാത്ത, —എഴുതാത്ത; നിർവ്വാദമായ; പ്രതിയില്ലാത്ത; ഇങ്ങോട്ടും കാണിക്കാത്ത.

**Un-ap-pa̤lled′** (-pa̤ld′), *a.* പേടിക്കാത്ത, പേടിയില്ലാത്ത, നിർഭയമായ, കൂശലില്ലാത്ത.

**Un-ap-pēal′a-ble** (-pēl′a-bl), *a.* തീർപ്പിന്മേൽ സങ്കടം ബോധിപ്പിപ്പാൻ തരം ഇല്ലാത്ത, 'അപ്പീൽ'— (*l.*).

**Un-ap-plī′a-ble, Un-ap′pli-ca-ble,** *s. a.* **Inapplicable.**

**Un-ap-prō′pri-āte,** *a.* പററാത്ത, അനുചിതമായ; 2. സ്വന്തമാക്കീട്ടില്ലാത്ത. *v. t.* സ്വകാര്യാവകാശം ഇല്ലാതാക്കുക; 2. പൊതുവെയുള്ളതാക്കിത്തീർക്കുക. =**ā-ted,** *a.* ഔചിത്യം കുറഞ്ഞ; പ്രത്യേക സംബന്ധം ഇല്ലാത്ത; പൊതുവെയുള്ള; പ്രത്യേകയുടമയില്ലാത്ത; വകതിരിച്ച് വെച്ചിട്ടില്ലാത്ത.

**Un-ap-prŏved′** (-prṳvd′), *a.* സമ്മതം കിട്ടാത്ത, —ഇല്ലാത്ത; സമ്മതമായി തോന്നാത്ത.

**Un-apt′,** *a.* പററാത്ത, കൊള്ളാത്ത, അനുചിതമായ; 2. സാവധാനമായ, മന്ദമായ; 3. പതിവില്ലാത്ത, ശീലമില്ലാത്ത.

**Un-är′gūed** (-är′gūd), *a.* വാദിക്കാത്ത; 2. വാദപ്രവാദം കഴിയാത്ത (*l.*).

**Un-ärm′,** *v. t.* ആയുധം വെപ്പിക്കുക, നിരായുധനാക്കുക. *v. i.* ആയുധം വെക്കുക. =**ärmed′** (-ärmd′), *a.* ആയുധം ഒന്നും ഇല്ലാത്ത; 2. മുള്ളും അമ്പും നഖവും മററും ഇല്ലാത്ത (*nat.*).

**Un-as-sū′ming,** *a.* അഹങ്കാരമില്ലാത്ത, അഹന്തയില്ലാത്ത; 2. താഴ്മയുള്ള, അടക്കമുള്ള, സാത്വികനായ.

**Un-as-sṳred′** (-shṳrd′), *a.* നിശ്ചയം ഇല്ലാത്ത; 2. ധൈര്യം—; 3. ഭീമതിക്കാത്ത, രക്ഷാഭോഗയുടമ്പടി ചെയ്യാത്ത.

**Un-a-tō′na-ble,** *a.* പ്രായശ്ചിത്തരഹിതമായ.

**Un-at-tached′** (-tacht′), *a.* ചേൎന്നില്ലാത്ത, പററിനില്ലാത്ത; 2. പ്രവൃത്തി

യില്ലാത്ത; 3. സൌകൎയ്യമുള്ള, അവസരമുള്ള; 4. പട്ടാളത്തോട് ചേരാത്ത (*mil.*); 5. ജപ്തി ചെയ്യാത്ത (*l.*).

**Un-at-tend'ed,** *a.* കൂടെ ആരും ഇല്ലാത്ത, ചങ്ങാതി—, അനുചരന്മാര്—; 2. ശുശ്രൂഷക്ക് ആരുമില്ലാത്ത.

**Un-at-ten'tive,** *a.* ശ്രദ്ധയില്ലാത്ത, അശ്രദ്ധയുള്ള, സൂക്ഷ്മം കെട്ട.

**Un-at-tīre',** *v. t.* വസ്ത്രം അഴിക്കുക, തുണി ഉരിയുക. =**tīred'** (-tīrd'), *a.* ഉടുവസ്ത്രം ഇല്ലാത്ത; ചമയം—; ശൃംഗാരമോടി—.

**Un-at-tāin'a-ble,** *a.* കിട്ടാത്ത, പ്രാപിപ്പാൻ കഴിയാത്ത; 2. അസാദ്ധ്യം ആയ, ദുസ്സാദ്ധ്യം—; 3. ദുൎല്ലഭം—.

**Un-at-test'ed,** *a.* സാക്ഷിവെക്കാത്ത, സാക്ഷി ഒപ്പിടാത്ത; 2. സാക്ഷ്യപ്പെടുത്താത്ത.

**Un-at-trac'tive,** *a.* മനോഹരമല്ലാത്ത, ചന്തം ഇല്ലാത്ത; 2. രസം—; 3. അനാകൎഷകമായ.

**Ū-nau'** (ū-nạ'), *n.* (അമേരിക്ക) തേവാങ്ക്, കട്ടിസ്രാങ്ക് (*z.*).

**Un-au'thō-rīsed,** =**rīzed** (-ạ'thō-rīzd), *a.* അധികാരം ഇല്ലാത്ത; 2. കല്പന—; 3. അധികാരം കവിഞ്ഞ.

**Un-a-vāil'a-ble,** =**vāil'ing,** *a.* പ്രയോജനമില്ലാത്ത, നിഷ്ഫലം ആയ, വ്യൎത്ഥം—; നിരൎത്ഥകം—; 2. അസാദ്ധ്യം—, കിട്ടുവാൻ കഴിയാത്ത. =**vāil'ing-ly,** *ad.* വെറുതെ, പ്രയോജനമില്ലാതെ.

**Un-a-void'a-ble,** *a.* നിവൃത്തിയില്ലാത്ത, അപരിഹാൎയ്യമായ; അടിയന്തരമായ, ഒഴിച്ചുകൂടാത്ത; 2. അത്യാവശ്യമായ; 3. അസാധുവാകാത്ത, ദുൎബ്ബലപ്പെടുത്താവതല്ലാത്ത, ദുൎബ്ബലപ്പെടാത്ത. =**bly,** *ad.* നിവൃത്തിയില്ലാതെ, നിൎവ്വാഹമില്ലാതെ; അത്യാവശ്യമായി, അടിയന്തരമായി.

**Un-a-wāre',** *a.* അറിയാത്ത, അറിവില്ലാത്ത; 2. ശ്രദ്ധയില്ലാത്ത; 3. ആലോചിക്കാത്ത. **at u.** പെട്ടന്ന്. =**wāres'** (-wārz'), *ad.* അറിയാതെ, വിചാരിക്കാതെ, നിനയാതെ; പെട്ടന്ന്, അകസ്മാത്തായി, പൊടുന്നനവെ. **at u.s** പെട്ടന്ന്, നിനയാതപുറം.

**Un-backed'** (-bakt'), *a.* (വാഹനമൃഗം) ആരും ഒരിക്കലും കയറീട്ടില്ലാത്ത; 2. വണ്ടിക്ക് കെട്ടി ശീലം ഇല്ലാത്ത; 3. തുണ—, നിസ്സഹായിയായ.

**Un-bag',** *v. t.* സഞ്ചിയിൽനിന്ന് പുറത്തെടുക്കുക, —പുറത്തിടുക.

**Un-bal'anced** (-bal'anst), *a.* (ത്രാസ്) ഇരുപുറവും ഘനം ഒരുപോലെയല്ലാത്ത; 2. (കണക്ക്) കഴിക്കാത്ത; ആകയിടാത്ത, ബാക്കി ഇറക്കാത്ത; 3. ബുദ്ധിതെററിയ, ബുദ്ധിഭ്രമം ഉള്ള, ചിത്തഭ്രമം—.

**Un-bal'last-ed,** *a.* നകാരം ഇറക്കിയ; 2. നകാരം ഇല്ലാത്ത; 3. ഇളക്കം ഉള്ള; 4. ചഞ്ചലം—.

**Un-bap-tīsed',** =**tīzed'** (-tīzd'), *a.* സ്നാനകൎമ്മം കഴിയാത്ത, സ്നാനപ്പെടാത്ത (*Chr.*).

**Un-bär',** *v. t.* ചീപ്പ് ഊരുക, തഴുത്—; 2. തുറക്കുക.

**Un-bärbed'** (-bärbd'), *a.* തുവൽരോമം ഇല്ലാത്ത, തുവല് നീക്കിയ.

**Un-bärk',** *v. t.* തോല് ചെത്തുക, തൊലി നീക്കുക, മൊരി— (*b.*).

**Un-bar'rel,** *v. t.* പീപ്പയിൽനിന്ന് പുറത്തെടുക്കുക.

**Un-bar-ri-cāde',** *v. t.* തഴുത് ഊരുക; 2. തുറക്കുക. =**cā'dōed** (-'dōd), *a.* തടസ്ഥമില്ലാത്ത; തുറന്ന.

**Un-bash'fụl,** *a.* ലജ്ജാഭാവം ഇല്ലാത്ത, അടക്കം—; 2. ഉരമുള്ള, ധാൎഷ്ട്യമുള്ള; 3. മാനംകെട്ട, നാണംകെട്ട.

**Un-beār'** (-bār'), *v. t.* 'ലഗാം' അഴിക്കുക.

**Un-beār'a-ble** (-bār'a-bl), *a.* സഹിപ്പാൻ കഴിയാത്ത, അസഹ്യമായ; 2. പാടില്ലാത്ത.

**Un-be-cŏm'ing,** *a.* പററാത്ത, കൊള്ളാത്ത, വിഹിതമല്ലാത്ത, അയോഗ്യമായ, അനുചിതമായ; 2. അവലക്ഷണമായ. **-ly,** *ad.* അനുചിതമായി. **-ness,** *n.* അയോഗ്യത, അനൌചിത്യം.

**Un-bed',** *v. t.* എഴുനീല്പിക്കുക, എഴുന്നേല്പിക്കുക.

**Un-be-fool′**, *v. t.* ബുദ്ധിവരുത്തുക, ബുദ്ധിയുണൎത്തുക; 2. കാൎയ്യം മനസ്സിലാക്കിക്കൊടുക്കുക.

**Un-be-friend′ed** (-frend′ed), *a.* സ്നേഹിതൻ ഇല്ലാത്ത, സഖി—.

**Un-be-get′**, *v. t.* (=be-got′; =be-got′ten) നാസ്തിയാക്കുക, ഇല്ലാതാക്കുക. =be-got′ten (-got′n), *a.* ജനിക്കാത്ത; സനാതന, സ്വയംഭൂവായ, അനാദിയായ.

**Un-be-gun′**, *a.* തുടങ്ങീട്ടില്ലാത്ത; 2. അനാദിയായ.

**Un-be-knōwn′** (-be-nōn′), *a.* അറിയാത്ത.

**Un-be-lief′** (-lēf′), *n.* വിശ്വാസമില്ലായ്മ, സംശയം; 2. അവിശ്വാസം; 3. നിരീശ്വരത്വം, ചാൎവ്വാകത്വം. =lieved′, *a.* വിശ്വസിക്കാത്ത, നമ്പാത്ത. =liev′-ĕr, *n.* വിശ്വസിക്കാത്തവൻ, സംശയക്കാരൻ; അവിശ്വാസി, ക്രിസ്തുവിൽ വിശ്വാസം ഇല്ലാത്തവൻ. =liev′ing, *a.* വിശ്വാസമില്ലാത്ത; അവിശ്വാസിയായ. =liev′-ing-ly, *ad.* വിശ്വാസമില്ലാതെ, അവിശ്വാസത്തോടെ. =liev′ing-ness, *n.* വിശ്വാസമില്ലായ്മ, അവിശ്വാസം.

**Un-belt′**, *v. t.* അരപ്പട്ടയഴിക്കുക.

**Un-bend′**, *v. t.* (വളവ്) നിവിൎത്തുക, നേരെയാക്കുക, ചൊവ്വാക്കുക; 2. അഴ(യ)വാക്കുക, അഴിച്ച് വിടുക; 3. ശമിപ്പിക്കുക, വിശ്രമിപ്പിക്കുക; 4. കെട്ടഴിക്കുക, അഴിച്ച് വിടുക. *v. i.* വളവ് തീരുക, നിവിരുക, നേരെയാക; 2. അഴയുക; 3. മനോഭാരം തീരുക, സ്വൈരമുണ്ടാക, ഉല്ലസിക്കുക, സന്തോഷിക്കുക. -ing, *a.* വളയാത്ത; കട്ടപ്പമുള്ള; പതമില്ലാത്ത; വഴങ്ങാത്ത, പറഞ്ഞാൽ കേൾക്കാത്ത, ദുശ്ശാഠ്യമുള്ള; സ്ഥിരതയുള്ള, മാറാത്ത, സ്ഥിരമായ; ഉല്ലാസരസമുള്ള. -ing-ly, *ad.* വളയാതെ. -ing-ness, *n.* കാഠിന്യം.

**Un-be-nev′o-lence**, *n.* പരോപകാരശീലം ഇല്ലാത്ത, കൃപ—; 2. വിരോധം; 3. ദുഷ്ടത.

**Un-be-nign′** (-nīn′), *a.* നിൎദ്ദയമായ, ഔദാൎയ്യമില്ലാത്ത; 2. അശുഭമായ.

**Un-be-numb′** (-num′), *v. t.* തരിപ്പ് മാററുക; 2. ചൈതന്യം വരുത്തുക.

**Un-be-sēem′**, *v. t.* കൊള്ളരുതാതാക, അനുചിതമാക. -ing, *a.* പററാത്ത, അയോഗ്യമായ. -ing-ly, *ad.* അയോഗ്യമായി. -ing-ness, *n.* അയോഗ്യത, അനൌചിത്യം.

**Un-be-witch′** (-wich′), *v. t.* മന്ത്രശക്തി കെടുത്തുക; മന്ത്രമോചനം വരുത്തുക.

**Un-bī′as**, *v. t.* മുൻവിധിയില്ലാതാക്കുക. =ased, =assed (-ast), *a.* മുൻവിധി ഇല്ലാത്ത, പക്ഷഭേദം—, നിഷ്പക്ഷമായ. -ed-ly, -sed-ly, *ad.* നിഷ്പക്ഷമായി. -ed-ness, -sed-ness, *n.* പാരപക്ഷമില്ലായ്മ, നിഷ്പക്ഷത്വം.

**Un-bid′**, =bid′den (-bid′n), *a.* പറയാത്ത, കല്പിക്കാത്ത; 2. ക്ഷണിക്കാത്ത, ക്ഷണം(നം) ഇല്ലാത്ത.

**Un-bīnd′**, *v. t. ir.* (-bound′, -bound′) കെട്ടഴിക്കുക, ബന്ധനം നീക്കുക.

**Un-blā′ma-ble**, *a.* കുററമില്ലാത്ത, നിരാക്ഷേപം ആയ, നിൎദ്ദോഷി—, നിരപരാധി—.

**Un-blem′ished** (-isht), *a.* കറയില്ലാത്ത; 2. നിഷ്കളങ്കം ആയ, ശുദ്ധം—.

**Un-blessed′**, =blest′, *a.* അനുഗ്രഹമില്ലാത്ത; 2. നിൎഭാഗ്യം ഉള്ള; 3. ശാപം—, ശാപഗ്രസ്തമായ.

**Un-blood′y** (-blud′i), *a.* രക്തം ചൊരിയാത്ത. u. sacrifice കൊല്ലാബലി; 'മീസ്'ാരാധന, 'മാസ്സ്' (*R. C.*).

**Un-blōwn′** (-blōn′), *a.* വിടരാത്ത, വികസിക്കാത്ത (*b.*).

**Un-blush′ing**, *a.* നാണമില്ലാത്ത, നാണംകെട്ട, നിൎല്ലജ്ജയായ. -ly, *ad.* നാണമില്ലാതെ, ലജ്ജാഹീനമായി.

**Un-bod′y**, *v. t.* അശരീരിയാക്കുക; 2. ദേഹമോചനം വരുത്തുക. *v. i.* ദേഹമോചനം വരിക, ദേഹവിയോഗം ഉണ്ടാക.

**Un-bōlt′**, *v. t.*, *s. a.* Unbar. -ed, *a.* തഴതില്ലാത്ത; ചേറാത്ത, തെള്ളാത്ത, തവിട് കളയാത്ത.

**Un-bōne′**, *v. t.* എല്ല് നീക്കുക; 2. പിരിക്കുക.

**Un-bon′net**, *v. t. & i.* (തലയിൽ നിന്ന്) തൊപ്പിയെടുക്കുക; 2. ബഹുമാനിക്കുക.

**Un-booked′** (-bukt′), *a.* പുസ്തകത്തിൽ ഇല്ലാത്ത; 2. രേഖപ്പെടുത്താത്ത.

**Un-boot′**, *v. t.* ചെരിപ്പഴിക്കുക, ചെരിപ്പൂരുക.

**Un-born′** (-born′), *a.* ജനിക്കാത്ത, ഇല്ലാത്ത; 2. ഉണ്ടാവാൻ ഉള്ള; ഭാവികാലത്ത് —.

**Un-bor′rōwed** (-bor′rōd), *a.* കടം വാങ്ങാത്ത; 2. സ്വന്തമായ; 3. സ്വയങ്കൃതമായ.

**Un-bōs′ōm** (-buz′um), *v. t.* (*refl.*) തുറന്ന് പറയുക, വെളിപ്പെടുത്തുക; 2. സ്വീകരിക്കുക, കുററസ്വീകാരം ചെയ്യുക; 3. പാപസ്വീകാരം—.

**Un-bot′tomed** (-bot′tomd), *a.* അടിയില്ലാത്ത; 2. അടികാണാത്ത; അത്യഗാധമായ, പാതാളമായ.

**Un-bought′** (-bat′), *a.* വിലക്ക് വാങ്ങാത്ത; 2. വിലകൊടുക്കാതെ കിട്ടിയ.

**Un-bound′**, *a.* കെട്ടാത്ത; 2. കെട്ടഴിഞ്ഞ; 3. അഴ(യ)വായ.

**Un-bound′ed**, *a.* അതിരില്ലാത്ത, സീമയററ. **-ly**, *ad.* അതിരില്ലാതെ; എത്രയെങ്കിലും.

**Un-bow′**, *v. t.* മണങ്ങാതിരിക്കുക, കനിയാതിരിക്കുക; 2. വണങ്ങാതിരിക്കുക. **=bowed′** (-bowd′), *a.* വളയാത്ത, കനിയാത്ത.

**Un-bow′el**, *v. t.* കടലെടുക്കുക, കടല് [നീക്കുക.

**Un-box′**, *v. t.* പെട്ടിയിൽനിന്ന് പുറത്തെടുക്കുക.

**Un-boy′**, *v. t.* കുട്ടിസ്വഭാവം പോക്കുക, —വിടുത്തുക.

**Un-brāce′**, *v. t.* മുറുക്കം ഇല്ലാതാക്കുക, അഴ(യ)വാക്കുക, അഴ(യ)ച്ച് വിടുക.

**Un-brāid′**, *v. t.* പിരിയുടക്കുക, പിരിയഴിക്കുക; 2. പിന്നലഴിക്കുക; 3. ചിക്ക് തീർക്കുക. **-ed**, *a.* പിന്നാത്ത; മിടയാത്ത. [വിടാത്ത.

**Un-brēathed′** (-brēthd′), *a.* ശ്വാസം

**Un-bred′**, *a.* (to) പഠിക്കാത്ത, അഭ്യസിക്കാത്ത; 2. മുരടനായ.

**Un-brewed′** (-brud′), *a.* കാച്ചാത്ത; 2. കൂട്ട് കൂട്ടാത്ത, തനിയായ; 3. ശുദ്ധമായ.

**Un-brī′dle**, *v. t.* 'ലഗാൻ' അഴിക്കുക, കടിഞ്ഞാണ്—; 2. അഴിച്ച് വിടുക. **=brī′dled** (-brī′dld), *a.* കടിഞ്ഞാണ് ഇല്ലാത്ത, —ഇടാത്ത; 2. ഒതുക്കം ഇല്ലാത്ത, അടക്കം—, താന്തോന്നിത്തമായ; അഴിമതിയായ (*S.*).

**Un-brō′ken**, *a.* പൊട്ടാത്ത, അറാത്ത; 2. തുടച്ചയായ; 3. മെരുങ്ങാത്ത, വഴങ്ങാത്ത.

**Un-brŏth′ĕr-ly**, *a.* സോദരഭാവം ഇല്ലാത്ത; 2. സ്നേഹം—.

**Un-buc′kle**, *v. t.* കൊളുത്തഴിക്കുക. **=buc′kled** (-buk′kld), *a.* കൊളുത്തഴിച്ച, അഴിഞ്ഞ.

**Un-build′** (-bild′), *v. t. ir.* (-**built′**; -**built′** *pr.* -bilt′) പൊളിക്കുക, ഇടിക്കുക, നിലമ്പരിചാക്കുക. **=built′**, *a.* പണിയിക്കാത്ത.

**Un-bun′dle**, *v. t.* കെട്ടഴിക്കുക; 2. വെളിച്ചത്താക്കുക, വെളിപ്പെടുത്തുക.

**Un-bung′**, *v. i.* അടപ്പ് തുറക്കുക, തിരുക്ക് തുറക്കുക.

**Un-bur′den** (-bĕr′dn), **=bur′then** (-′thn), *v. t.* ഭാരം ഇറക്കുക, ചുമട്—; 2. ചരക്ക് കിഴിക്കുക. [ന്ന് പോകാത്ത.

**Un-burnt′**, *a.* കത്തിപ്പോകാത്ത, വെ

**Un-bur′rōw** (-bĕr′rō), *v. t.* മാളത്തിൽനിന്ന് പുറത്താക്കുക.

**Un-bur′then** (-bĕr′thn), *v. t.*, *s. a.* Unburden.

**Un-bur′y** (-ber′i), *v. t.* ശവംമാന്തുക; 2. വെളിച്ചത്താക്കുക. **=bur′i-a-ble**, *a.* കഴിച്ചിടുവാൻ പാടില്ലാത്ത; മറചെയ്യാനായിട്ടില്ലാത്ത. **=bur′ied** (-ber′id), *a.* കഴിച്ചിടാത്ത.

**Un-but′ton** (-but′tn), *v. t.* കുടുക്ക് അഴിക്കുക, അഴിക്കുക. [വിടുക.

**Un-cāge′**, *v. t.* കൂട്ടിൽനിന്ന് പുറത്ത്

**Un-called′** (-kald′), *a.* (for) വിളിക്കാത്ത; 2. ആവശ്യമില്ലാത്ത; അനാവശ്യമായ; 3. അയോഗ്യമായ; 4. വെറുതെയുള്ള.

**Un-can'did,** *a.* യഥാൎത്ഥമല്ലാത്ത, കപടമായ.

**Un-can'ny,** *a.* സാമൎത്ഥ്യമില്ലാത്ത; 2. അശുഭമായ, ഗ്രഹപ്പിഴയുള്ള; 3. അപൂൎവ്വമായ; 4. ബീഭത്സമായ.

**Un-cap',** *v. t.* തൊപ്പിയെടുപ്പിക്കുക.

**Un-cāred'** (-kârd'), *a.* (for) വിചാരപ്പെടാത്ത, നോക്കാത്ത, രക്ഷചെയ്യാത്ത.

**Un-cär'nāte,** *a.* ജഡികമല്ലാത്ത, ജഡംധരിക്കാത്ത, അവതരിക്കാത്ത. *v. t.* അശരീരിയാക്കുക.

**Un-cärt',** *v. t.* വണ്ടിയിൽനിന്നിറക്കുക.

**Un-cāse',** *v. t.* ഉറയിൽനിന്നെടുക്കുക; 2. പുറത്തെടുക്കുക; 3. (കൊടി) വിടൎത്തുക, പറപ്പിക്കുക.

**Un-caused'** (-kazd'), *a.* ഉപാധികാരണം ഇല്ലാത്ത; 2. സ്വയംഭൂവായ; അനാദിയായ; നിത്യനായ.

**Un-cau'tious** (-ka'shus), *a.*, *s. a.* Incautious.

**Un-cēas'ing** (-sēs'ing), *a.* തീരാത്ത; 2. ഇടവിടാതെയുള്ള. **-ly,** *ad.* ഇടവിടാതെ, എല്ലായ്പോഴും, സദാ.

**Un-cer-e-mō'ni-ous,** *a.* ആചാരോപചാരമില്ലാത്ത; അനാചാരമായ; 2. മമതയുള്ള. **-ly,** *ad.* മൎയ്യാദയില്ലാതെ, ആചാരം വിട്ട്; വന്നപാട്.

**Un-cẽr'tāin** (-cẽr'tān), *a.* നിശ്ചയം ഇല്ലാത്ത, തീൎച്ച—, അനിശ്ചയമായ; 2. അസ്ഥിരമായ, ചാപല്യം ഉള്ള, ചഞ്ചലഭാവം—; 3. വിശ്വാസയോഗ്യമല്ലാത്ത, ഉറപ്പില്ലാത്ത; 4. സംശയകരമായ, നിജമല്ലാത്ത; 5. തെററിപ്പോകാകുന്ന, അബദ്ധമാകാകുന്ന. **-ly,** *ad.* നിശ്ചയമില്ലാതെ, ഉറപ്പില്ലാതെ, സംശയസ്ഥിതിയിൽ. **-ty,** *n.* അനിശ്ചയം; തീൎച്ചയില്ലാത്ത കാൎയ്യം, അറിയാത്ത—.

**Un-chāin',** *v. t.* ചങ്ങലയഴിക്കുക; 2. സ്വാതന്ത്ര്യം കൊടുക്കുക.

**Un-chan'cy,** *a.* ദുൎദ്ദശ ആയ; 2. അകാലം—, അനനുകൂലം—, ഗ്രഹപ്പിഴ—, ആപൽക്കരം—.

**Un-chānge'a-ble,** *a.* മാറാത്ത, മാററമില്ലാത്ത. **-ness,** *n.* മാററമില്ലായ്മ, സ്ഥിരത, നിൎവ്വികാരത്വം. **=chānged'** (-chānjd'), *a.* മാറാത്ത. **-chāng'ing,** *a.* മാററമില്ലാത്ത; സ്ഥിരമായ, ശാശ്വതമായ.

**Un-chärge',** *v. t.* ചുമടിറക്കുക; 2. കുററാരോപണത്തിൽനിന്നൊഴിവാക്കുക; കുററപ്പെടുത്താതിരിക്കുക; 3. നിൎദ്ദോഷിയെന്ന് തീൎച്ചപ്പെടുത്തുക.

**Un-char'i-ta-ble,** *a.* രഞ്ജന ഇല്ലാത്ത, അനുകമ്പ—, സ്നേഹഹീനായ—; 2. കുററം നോക്കുന്ന, തുള—, നിഷ്ഠുരമായ. **=char'i-ty, -ness,** *n.* നിസ്നേഹഭാവം; ഉഗ്രത. **=bly,** *ad.* ഔദാൎയ്യമനസ്സില്ലാതെ.

**Un-chärm',** *v. t.*, *s. a.* Unbewitch.

**Un-chär'nel,** *v. t.* ശവക്കുഴിയിൽനിന്ന് പുറത്തെടുക്കുക, ശവം മാന്തുക; 2. അസ്ഥിപ്പുരയിൽനിന്ന് നീക്കം ചെയ്യുക.

**Un-chāste',** *a.* ചാരിത്രശുദ്ധിയില്ലാത്ത; കാമാതുരമുള്ള, കാമുകനായ, കാമുകിയായ; പാതിവ്രത്യം ഇല്ലാത്ത, പത്നിവ്രത്യം—; വ്യഭിചാരി ആയ, വ്യഭിചാരിണി—. **-ly,** *ad.* ദുന്നടപ്പായി. **-ness, =chas'ti-ty,** *n.* ചാരിത്രഭംഗം; കാമവികാരം, വിഷയലമ്പടത്വം.

**Un-cheek'a-ble,** *a.* തടുക്കാവതല്ലാത്ത. **=cheeked'** (-chekt'), *a.* തടസ്ഥമില്ലാത്ത, മുടക്കമില്ലാത്ത.

**Un-chiv'al-rous** (-shiv'al-rus), *a.* ശൌൎയ്യം ഇല്ലാത്ത; 2. സന്മൎയ്യാദ—.

**Un-chris'tened** (-kris'nd), *a.* സ്നാനകൎമ്മം കഴിയാത്ത (*Chr.*).

**Un-christ'ian** (-krist'yan), *a.* ക്രിസ്ത്യാനിയല്ലാത്ത; 2. അവിശ്വാസിയായ; 3. ക്രിസ്ത്യാനിമാൎഗ്ഗവിരോധിയായ; 4. ക്രിസ്ത്യാനികൾക്ക് പററാത്ത.

**Un-church'** (-chẽrch'), *v. t.* സഭയിൽനിന്ന് പുറത്താക്കുക, ഭ്രഷ്ടാക്കുക; 2. സഭാധികാരം ഇല്ലായ്മചെയ്യുക.

**Un'ci-a** (-'shi-a, *pl.* un'ci-æ), *n.* (ഏകദേശം 3½ ഉറുപ്പികത്തൂക്കമുള്ള) ഒര് പുരാതന റോമത്തൂക്കം. **un'ci-al** (-'shi-al), *n.* (ഒര് വക പുരാതന) ഉരുണ്ട കയ്യക്ഷരം. *a.* ഉരുണ്ട വടിവായ. **un'ci-form, un'ci-nāte,** *a.* കൊക്കയായ, വ

ളഞ്ഞ. *n.* (*also* **u.m bone, un-ci-nā'tum**) മണിബന്ധാസ്ഥി (*an.*).

**Un-cĭr'cum-cīsed** (-sīzd), *a.* ചേല ചെയ്യാത്ത, അഗ്രചർമ്മിയായ, 'സുന്നത്ത്' ഇല്ലാത്ത (*M.*); 2. ഇസ്രയേല്യനല്ലാത്ത; 3. അന്യമതക്കാരനായ. **=ci'sion** (-sizh'-un), *n.* ചേലയില്ലായ്മ, അഗ്രചർമ്മിത്വം, അപരിച്ഛേദന; (യഹൂദ്യരല്ലാത്ത) അന്യ വംശക്കാര്.

**Un-cĭr-cum-stan'tial** (-stan'shal), *a.* വിവരമില്ലാത്ത; വിവരംവിവരമായി കാണാത്ത.

**Un-civ'il,** *a.* പരിഷ്കാരംവരാത്ത, നാഗരികത്വം ഇല്ലാത്ത, അപരിഷ്കൃതമായ, മ്ലേച്ഛമായ; 2. മര്യാദയില്ലാത്ത, നിർമ്മര്യാദമായ, അലോക്യമായ, അയോഗ്യമായ. **=i-līsed, =i-līzed** (-līzd), *a.* നാഗരികത്വം ഇല്ലാത്ത, അപരിഷ്കൃതമായ, കാട്ടാള; ഉപചാരശീലമില്ലാത്ത, നിർമ്മര്യാദമായ. **-ly,** *ad.* നിർമ്മര്യാദമായി.

**Un-clāimed'** (-klāmd'), *a.* ആരും അവകാശപ്പെടാത്ത; 2. അവകാശി ഇല്ലാത്ത, ഉടമ—, പരാരിയായ.

**Un-clasp',** *v. t.* കൊളുത്തഴിക്കുക; 2. തുറക്കുക, വിടർത്തുക.

**Un'cle,** *n.* അച്ഛന്റെ ജ്യേഷ്ഠൻ, മൂത്തപ്പൻ, മൂത്തച്ഛൻ; അച്ഛന്റെ അനുജൻ, ഇളയപ്പൻ, ഇളയച്ഛൻ, ചിററപ്പൻ (*S.*); പിതൃവ്യൻ; 2. അമ്മയുടെ ആങ്ങള, അമ്മോമൻ, അമ്മാമൻ, അമ്മാവൻ (*S.*), കാരണവൻ, കുഞ്ഞിയച്ഛൻ (*N.*), മാതുലൻ; 3. മൂത്തമ്മയുടെ ഭർത്താവ്, മൂത്തപ്പൻ; 4. ഇളയമ്മയുടെ ഭർത്താവ്, ഇളയപ്പൻ; 5. പണയത്തിന്മേൽ പണം കടംകൊടുക്കുന്നവൻ, പണമിടവാട്ടുകാരൻ. **U. Sam** (ഹാസ്യമായി) ഐകമത്യസംസ്ഥാനസക്കാര്. **my u.** പണമിടവാട്ടുകാരൻ.

**Un-clēan', =clēan'ly** (-klēn'), *a.* ശുദ്ധിയില്ലാത്ത, അശുദ്ധമായ, അഴുക്കുള്ള, മലിനമായ; 2. ശുദ്ധം മാറിയ, തീണ്ടിപ്പോയ; 3. തീണ്ടലായ; 4. പാപകന്മഷമുള്ള. **u. animals** (ഇസ്രയേല്യർക്ക്) തിന്മാൻ പാടില്ലാത്ത ജന്തുക്കൾ (*Bl.*). **u. spirit** ഭൂതം, ദുർഭൂതം (*Bl.*). **-ly,** *ad.* അശുദ്ധിയോടെ, അശുദ്ധിയായി. **-ness, -li-ness,** *n.* അശുദ്ധി, മലിനത. **=clean'sa-ble** (-klen'za-bl), *a.* ശുദ്ധമാക്കുവാൻ കഴിയാത്ത; പ്രായശ്ചിത്തമില്ലാത്ത. **=cleansed'** (-klenzd'), *a.* ശുദ്ധിയാക്കാത്ത, ശുദ്ധീകരിക്കാത്ത.

**Un-clench', =clinch',** *v. t.* കൈവിടർത്തുക.

**Un-clōak'** (-klōk'), *v. t.* പുതപ്പ് നീക്കുക; 2. മറനീക്കുക; പൊതിനീക്കുക; 3. തുറന്ന്വെക്കുക.

**Un-clog',** *v. t.* തടസ്ഥം നീക്കുക, മുട്ടി അഴിക്കുക, വിഘ്നംതീർക്കുക; 2. സ്വാതന്ത്ര്യം കൊടുക്കുക.

**Un-cloi'stĕr,** *v. t.* മഠത്തിൽനിന്ന് പുറത്ത് വിടുക; 2. സ്വാതന്ത്ര്യം കൊടുക്കുക.

**Un-clōse',** *v. t. & i.* വിടർത്തുക, തുറക്കുക; 2. തുറന്ന്വെക്കുക, വെളിപ്പെടുത്തുക. **=clōsed'** (-klōzd'), *a.* പൂട്ടാത്ത, മുദ്രവെക്കാത്ത, തുറന്ന; തീർക്കാത്ത, പൂർത്തിയാക്കാത്ത.

**Un-clōthe',** *v. t.* വസ്ത്രമഴിക്കുക, ഉടുപ്പഴിക്കുക, തുണിയുരിയുക; 2. നഗ്നമാക്കുക. **=clōthed'** (-klōthd'), *a.* വസ്ത്രം അഴിച്ച; ഉടുക്കാത്ത, ഉടുവസ്ത്രമില്ലാത്ത, നഗ്നമായ.

**Un-cloud'ed,** *a.* കാറില്ലാത്ത, ആകാശം തെളിഞ്ഞ; 2. പ്രകാശമുള്ള; 3. ആധിയൊഴിഞ്ഞ.

**Un-clūe',** *v. t.* കുടുക്ക് തീർക്കുക, ചിക്ക്—, ചുറയഴിക്കുക.

**Un-clutch'** (-kluch'), *v. t.* കൈ വിടർത്തുക, പിടിത്തം വിടുത്തുക.

**Un'cō,** *a.* അറിയാത്ത, പരിചയമില്ലാത്ത, അന്യമായ; 2. അസാധാരണമായ; 3. അനാചാരമായ. *ad.* വളരെ, അധികമായി. *n.* അപൂർവ്വകാര്യം; 2. അന്യൻ, പരദേശി.

**Un-cock',** *v. t.* (തോക്കിന്റെ) കൊത്തിതാഴ്ത്തുക; 2. പുല്ല് (അതിരിയിൽനിന്നെടുത്ത്) ചിക്കുക.

**Un-coil',** *v. t.* (മടക്ക്) നിവിർത്തുക, വിടർത്തുക.

**Un-coined′** (-koind′), *a.* നാണ്യമാക്കാത്ത; നാണ്യമല്ലാത്ത; നാണ്യമടിക്കാത്ത; 2. കൃത്രിമമല്ലാത്ത; 3. യഥാൎത്ഥമായ.

**Un-col-lec′ted,** *a.* കൂട്ടിച്ചേൎക്കാത്ത; 'വസൂലാകാത്ത'; 2. മനസ്സമാധാനമില്ലാത്ത, വേവലാതിയുള്ള. [ക്കാത്ത.

**Un-cōmbed′** (-kōmd′), *a.* (മുടി) ചീ

**Un-cŏme-at′a-ble** (-kum-at′a-bl), *a.* എത്താത്ത, കിട്ടാത്ത; 2. ചെല്ലുവാൻ പാടില്ലാത്ത.

**Un-cŏme′ly** (-kum′li), *a.* അഴകില്ലാത്ത, ഭംഗിയില്ലാത്ത, ലക്ഷണംകെട്ട. *ad.* അവലക്ഷണമായി.

**Un-cŏm′fŏrt-a-ble** (-kum′fĕrt-), *a.* സുഖമില്ലാത്ത, പരുങ്ങലായ; 2. അനിഷ്ടമായ, ബുദ്ധിമുട്ടുള്ള. **-ness,** *n.* അസ്വാസ്ഥ്യം. **=bly,** *ad.* സുഖമില്ലാതെ.

**Un-com′mon,** *a.* അസാധാരണമായ, അപൂൎവ്വമായ, നടപ്പല്ലാത്ത; 2. ദുല്ലഭമായ; 3. പതിവ് തെററിയ; പതിവിലേറെയുള്ള. **-ly,** *ad.* അസാധാരണമായി. **-ness,** *n.* അപൂൎവ്വത.

**Un-com-mū′ni-ca-tive,** *s. a.* **Incommnnicative,** *s. u.* **Incommunicable.**

**Un-com-plāin′ing,** *a.* സങ്കടം പറയാത്ത, ആവലാധി—; പിറുപിറുക്കാത്ത.

**Un-com-plēte′,** *a., s. a.* **Incomplete.** **=plē′ted,** *a.* തീരാത്ത, പൂൎത്തിയാകാത്ത.

**Un-com-pli-men′tar-y** (-men′tĕr-i), *a.* അനാദരമായ; ഉപചാരമല്ലാത്ത.

**Un-com-plȳ′ing,** *a.* അനുകൂലിക്കാത്ത; സമ്മതമല്ലാത്ത, വഴിപ്പെടാത്ത.

**Un-com′prō-mī-sing,** *a.* സന്ധിക്കാത്ത, യോജിക്കാത്ത, 'രാജി'യാകാത്ത; 2. വിട്ടുകൊടുക്കാത്ത, ശാഠ്യമുള്ള; 3. സ്ഥിരമായ. **-ly,** *ad.* വിട്ടുകൊടുക്കാതെ; വഴങ്ങാതെ.

**Un-con-cēaled′** (-sēld′), *a.* മറച്ച് വെക്കാത്ത, ഒളിച്ച് വെക്കാത്ത, വെളിവിലുള്ള.

**Un′con-cĕrn,** *n.* ചിന്താകുലം ഇല്ലായ്മ, നിശ്ചിന്ത, ഉപേക്ഷാഭാവം. **=cĕrned′** (-sĕrnd′), *a.* വിചാരം ഇല്ലാത്ത, വേവലാതി—, മനഃസ്വസ്ഥത ഉള്ള; നിൎവ്വിചാരഭാവം—, ഉപേക്ഷ—. **-′ed-ly,** *ad.* വിചാരപ്പെടാതെ; ശുഷ്കാന്തിയില്ലാതെ. **-′ed-ness,** *n.* നിശ്ചിന്താഭാവം.

**Un-con-cil′i-ā-ting, =tŏr-y,** *a.* തമ്മിൽ ഇണങ്ങാത്ത, നിരന്ന് വരാത്ത; യോജിക്കാത്ത.

**Un-con-densed′** (-denst′), *a.* ചുരുങ്ങാത്ത; 2. മുഴക്കാത്ത; 3. സംകോചമാകാത്ത; 4. (ആവി) വെള്ളമായ്തീരാത്ത.

**Un-con-di′tiōn-al** (-dish′un-al), *a.* നിശ്ചയങ്ങൾ ഇല്ലാത്ത, ക്ലപ്തം—, കരാറ്—; 2. നിരുപാധികമായ. **-ly,** *ad.* നിശ്ചയങ്ങളില്ലാതെ; കേവലമായി. **=di′tiōned** (-dish′und), *a.* നിശ്ചയാധീനമല്ലാത്ത, നിശ്ചയങ്ങളില്ലാത്ത; നിരുപാധികം ആയ, പരാപരം—; അഗ്രാഹ്യം—, അജ്ഞേയം— (*nat.*). **the u.d** അഗോചരം, അജ്ഞേയം, നിഗ്രഢം (*met.*).

**Un-con′fi-dence,** *n.* വിശ്വാസമില്ലായ്മ; 2. സംശയം, ശങ്ക.

**Un-con-fīned′** (-fīnd′), *a.* തടസ്ഥമില്ലാത്ത; 2. സ്വാതന്ത്ര്യമുള്ള.

**Un-con-fĭrmed′** (-fĕrmd′), *a.* ഉറപ്പിക്കാത്ത, സ്ഥിരപ്പെടുത്താത്ത, അസ്ഥിരമായ.

**Un-con-form′a-ble** (-fa̤rm′a-bl), *a.* ചേൎച്ചയില്ലാത്ത, യോജിക്കാത്ത, ഒക്കാത്ത. **-ness,** *n.* അയുക്തി. **=bly,** *ad.* യോജിക്കാതെ. **=form′i-ty,** *n.* അയുക്തി, പൂൎവ്വാപരവിരുദ്ധം, വൈപരീത്യം.

**Un-con-found′,** *v. t.* ഭ്രമം തീൎക്കുക. **-ed,** *a.* സംഭ്രമമില്ലാത്ത.

**Un-con-ğēal′** (-jēl′), *v. i.* കട്ടിയാകാതെയിരിക്കുക; 2. ഉരുകുക, വെള്ളമാക. **=ğēaled′** (-jēld′), *a.* ഉറക്കാത്ത, കട്ടിയാകാത്ത.

**Un-con-nec′ted,** *a.* സംബന്ധമില്ലാത്ത, ചേൎച്ചയില്ലാത്ത; 2. ചാൎച്ചയില്ലാത്ത.

**Un-con′quĕr-a-ble** (-kon′kĕr-a-bl), *a.* ജയിപ്പാൻ കഴിയാത്ത, അപരാജിതനായ. **=bly,** *ad.* അജിതമായി.

Un-con-sci-en'tious (-shi-en'shus), *a.* മനസ്സാക്ഷിപൂൎവ്വം അല്ലാത്ത; 2. ന്യായം—, പരമാൎത്ഥം—.

Un-con'scion-a-ble (-kon'shun-), *a.* ബുദ്ധിക്കൊക്കാത്ത; 2. അന്യായമായ; 3. കണക്കിലേറെയുള്ള, അത്യധികമായ; 4. പെരുത്ത, മഹാ. -ness, *n.* അന്യായം; വലിപ്പം. =bly, *ad.* ബുദ്ധിക്കൊക്കാതെ, തുമ്പില്ലാതെ, തോന്നിയവാസമായി.

Un-con'scious (-kon'shus), *a.* ബോധം ഇല്ലാത്ത, സ്വയബോധം—; 2. അറിയാത്ത; 3. ബോധാതീതമായ; 4. (of) ശീലം ഇല്ലാത്ത, തഴക്കം—. -ly, *ad.* അറിയാതെ. -ness, *n.* ബോധക്ഷയം, ബോധക്കേട് (*med.*)

Un-con'se-crā-ted, *a.* പ്രതിഷ്ഠിക്കാത്ത; 2. ദീക്ഷയില്ലാത്ത.

Un-con-se-quen'tial (-kwen'shal), *a.*, *s. a.* Inconsequential, *s. u.* Inconsequent.

Un-con-sid'ered (-sid'ĕrd), *a.* ആലോചിക്കാത്ത; 2. ലക്ഷ്യമാക്കാത്ത, ഗണ്യമാക്കാത്ത; 3. നിസ്സാരമായ.

Un-con-sol'i-dā-ted, *a.* ഏകയോഗമാകാത്ത; 2. ഇടിച്ചുറപ്പിക്കാത്ത.

Un-con'sō-nant, *a.* മേളം ഒക്കാത്ത; 2. അയുക്തിയായ.

Un-con-spic'ū-ous, *a.*, *s. a.* Inconspicuous.

Un-con-sti-tū'tion-al, *a.* രാജ്യവ്യവസ്ഥക്ക് വിരോധമായ, രാജ്യധൎമ്മാനുസാരമല്ലാത്ത. =al'i-ty, *n.* രാജ്യധൎമ്മവിരുദ്ധം. -ly, *ad.* രാജ്യവ്യവസ്ഥക്ക് എതിരായി.

Un-con-strāint', *n.* നിൎബ്ബന്ധമില്ലായ്മ; 2. സ്വാതന്ത്ര്യം. =strāined' (-strānd'), *a.* നിൎബ്ബന്ധമില്ലാത്ത.

Un-con-sūmed' (-sūmd'), *a.* ചെലവായിപ്പോകാത്ത, തീരാത്ത; 2. ദഹിച്ചുപോകാത്ത.

Un-con-tam'i-nā-ted, *a.* വെടിപ്പുള്ള, അഴുക്കാകാത്ത; 2. വഷളാകാത്ത, അശുദ്ധമാകാത്ത.

Un-con-test'a-ble, *a.*, *s. a.* Incontestable. =test'ed, *a.* വാദിക്കാത്ത, വാദം ഇല്ലാത്ത; 2. തൎക്കം—; 3. ആരും എതിരില്ലാത്ത.

Un-con'ti-nent, *a.*, *s. a.* Incontinent.

Un-con-trōl'la-ble, *a.* അടക്കുവാൻ കഴിയാത്ത, ഒതുക്കുവാൻ കഴിയാത്ത; 2. എതിൎക്കാവതല്ലാത്ത; 3. നിൎവ്വാദമായ. -ness, *n.* നിൎദ്ദമനീയത്വം. =bly, *ad.* കീഴമൎത്തുവാൻ കഴിയാതെ.

Un-con-trō-vĕrt'ed, =vĕr'ti-ble, *a.* എതിൎവാദിപ്പാൻ കഴിയാത്ത; 2. നിൎവ്വാദമായ, തൎക്കമില്ലാത്ത. =vĕr'ti-bly, *ad.* നിൎവ്വാദമായി.

Un-con-vē'ni-ent, *a.*, *s. a.* Inconvenient.

Un-con-vĕrt'ed, *a.* മനസ്സ് മാറാത്ത, അഭിപ്രായം മാറാത്ത; 2. അന്യമതത്തിൽ ചേരാത്ത; 3. ക്രിസ്ത്യാനിയായ്ത്തീരാത്ത; 4. മനന്തിരിയാത്ത, മാനസാന്തരപ്പെടാത്ത.

Un-con-vinced' (-vinst'), *a.* ബോദ്ധ്യമാകാത്ത, സമ്മതം വരാത്ത; 2. സമ്മതിക്കാത്ത.

Un-cooked' (-kukt'), *a.* പാകം ചെയ്യാത്ത, വേവിക്കാത്ത; 2. പച്ചയായ.

Un-cord', *v. t.* കെട്ടഴിക്കുക.

Un-cork', *v. t.* അടപ്പ് തുറക്കുക, തിരുകൊട്ടുകുക, കപ്പിതുറക്കുക.

Un-cor-rec'ted, *a.* (തെറ്റ്) തിരുത്താത്ത; 2. ശരിയാക്കാത്ത; 3. ശിക്ഷിക്കാത്ത; 4. ശിക്ഷിച്ച് വളൎത്താത്ത.

Un-cor-rupt', *a.*, *s. a*, Incorrupt.

Un-cŏup'le (-kup'l), *v. t.* വേൎവ്വെട്ടുത്തുക; 2. ഇണപിരിക്കുക; 3. കൊളുത്തഴിക്കുക.

Un-cōurt'eous (-kōrt'yus), *a.* ഉപചാരശീലം ഇല്ലാത്ത, ലോക്യം—, നിൎമ്മൎയ്യാദമായ. -ly, *ad.* നിൎമ്മൎയ്യാദമായി. -ness, *n.* നിൎമ്മൎയ്യാദം, അലോക്യം, അലോഗ്യം; അസഭ്യത.

Un-cōurt'li-ness (-kōrt'li-), *n.* സമ്മൎയ്യാദയില്ലായ്മ; 2. തറമട്ട്.

Un-cŏuth' (-kuth'), *a.* നടപ്പല്ലാത്ത, അസാധാരണം ആയ, അപൂൎവ്വം—; 2.

ഗോപ്യം—; 3. ഭയങ്കരം—; 4. കോലം കെട്ട; വല്ലാത്ത. -ly, *ad.* വല്ലാതെ. -ness, *n.* വല്ലായ്മ, അസാധാരണത്വം.

**Un-cŏv'e-nant-ed**, *a.* നിശ്ചയം ചെയ്യാത്ത; 2. കരാറില്ലാത്ത.

**Un-cŏv'ĕr**, *v. t.* മൂടിനീക്കുക, തുറക്കുക; 2. വസ്ത്രം അഴിക്കുക; 3. തൊപ്പിയെടുക്കുക; 4. വെളിപ്പെടുത്തുക. *v. i.* തൊപ്പിയെടുക്കുക, വണക്കം കാട്ടുക; 2. വിളമ്പുക, ഉണ്മാനിരിക്കുക.

**Un-cre-āte'**, *v. t.* നാസ്തിയാക്കുക, നശിപ്പിക്കുക. **-āte'**, **=ā'ted**, *a.* സൃഷ്ടിക്കപ്പെടാത്ത, സ്വയംഭൂവായ; 2. ഇല്ലാതെ പോയ, നാസ്തി ആയ, നിർമ്മൂലം—; 3. ഉണ്ടായിട്ടില്ലാത്ത. **=ā'ted-ness**, *n.* സ്വയംഭൂത്വം, നിത്യത്വം.

**Un-cred'i-ta-ble**, *a.* പോരായ്മയായ; 2. മാനക്കേടായ, അപമാനമായ.

**Un-cred'i-ble**, *a.*, *s. a.* **Incredible.**

**Un-crown'**, *v. t.* രാജസ്ഥാനത്തിൽ നിന്ന് ഭ്രഷ്ടാക്കുക, സിംഹാസനഭ്രഷ്ട് വരുത്തുക. **=crowned'** (-kround'), *a.* കിരീടധാരണം കഴിയാത്ത; രാജസ്ഥാനം ഇല്ലാത്ത. **u.d king** (രാജാവെന്ന് പേര് മാത്രമില്ലാത്ത) സർവ്വാധികാരി.

**Unc'tion**, *n.* തൈലാഭിഷേകം, അഭിഷേകം; 2. പിരട്ടൽ, തേക്കൽ, അഭ്യംഗം; ലേപനം; 3. തൈലം, എണ്ണ, കുഴമ്പ്; ലേപനം, ശമകൌഷധം; 4. ആശ്വാസം; 5. ദിവ്യകൃപ; 6. ആസക്തി, വൈരാഗ്യം, ഭക്തിവൈരാഗ്യം; 7. തീക്ഷ്ണത. **extreme u.** അന്ത്യാഭിഷേകം (*R. C.*). **unc-tū-os'i-ty**, **unc'tū-ŏus-ness**, *n.* തൈലഗുണം. **unc'tū-lus**, *a.* തൈലം ആയ, എണ്ണ—, കുഴമ്പ്—; ലേപനം—; നെയ്യുള്ള, നൈപശയുള്ള, കൊഴുപ്പുള്ള, സ്നിഗ്ദ്ധമായ; മെഴുക്കുള്ള; വഴുവഴുപ്പുള്ള; മൃദുലം ആയ, മനോഹരം—, രഞ്ജകം—. **unc'tū-ŏus-ly**, *ad.* മൃദുലമായി, രസികമായി.

**Un-cul'pa-ble**, *a.*, *s. a.* **Inculpable.**

**Un-cul'ti-vā-ted**, *a.* കൃഷിചെയ്യാത്ത; തരിശായ; 2. വിദ്യാഭ്യാസം ചെയ്യാത്ത. **=cul'tūre**, *n.* വിദ്യാഹീനത്വം, പഠിപ്പില്ലായ്മ.

**Un-cum'bĕred** (-kum'bĕrd), *a.* ഭാരപ്പെടുത്താത്ത; 2. ഉപദ്രവം ഇല്ലാത്ത, തടസ്ഥം—, തൊന്തരം—.

**Un-cū'ra-ble**, *a.*, *s. a.* **Incurable.** **=cūred'** (-kūrd'), *a.* (രോഗം) മാറാത്ത, ഭേദമാകാത്ത, സുഖപ്പെടാത്ത.

**Un-curb'a-ble** (-kĕrb'a-bl), *a.* ഒതുക്കുവാൻ കഴിയാത്ത, പിടിച്ച്നിർത്തുവാൻ—. **=curbed'** (-kĕrbd'), *a.* കടിഞ്ഞാണില്ലാത്ത; തടസ്ഥമില്ലാത്ത.

**Un-curl'** (-kĕrl'), *v. t.* (ചുരുള്) നിവിർത്തുക. *v. i.* നിവിരുക, വിടരുക.

**Un-cur'rent**, *a.* (നാണ്യം) എടുക്കാത്ത, നടപ്പില്ലാത്ത.

**Un-curse'** (-kĕrs'), *v. t.* ശാപമോചനം വരുത്തുക.

**Un-cur'tain** (-kĕr'tin), *v. t.* മറനീക്കുക, തിരശീല—; 2. വെളിവാക്കുക.

**Un-cur-tāiled'** (-tāld'), *a.* ചുരുക്കാത്ത, കുറക്കാത്ത.

**Un'cūse** (*pl.* **un'cī**), *n.* പക്ഷിനഖം (*z.*).

**Un-cus'tŏm-a-ble**, *a.* ചുങ്കം ഇല്ലാത്ത. **=cus'tŏmed** (-kus'tumd), *a.* ചുങ്കം—; —വീട്ടാത്ത.

**Un-cut'**, *a.* മുറിക്കാത്ത; 2. (പുസ്തകം) കടലാസ് മുറിക്കാത്ത; 3. (രത്നം) കടയാത്ത.

**Un-dam'**, *v. t.* ചിറമുറിക്കുക; 2. ചിറകെട്ടാതെയിരിക്കുക.

**Un-dam'āged** (-'ājd), *a.* കേട് പറ്റാത്ത, ഊനമില്ലാത്ത; 2. നല്ല.

I. **Un'dā-ted**, *a.* കല്ലോലാകൃതിയായ, ബന്ധുരമായ; 2. അററം വളഞ്ഞ് പുളഞ്ഞ (*b.*).

II. **Un-dā'ted**, *a.* തിയ്യതി ഇല്ലാത്ത, —വെക്കാത്ത, —ഇടാത്ത; 2. കാലനിശ്ചയമില്ലാത്ത.

**Un-daunt'a-ble** (-dant'a-bl), *a.* പേടിപ്പിപ്പാൻ കഴിയാത്ത; 2. ഭയമില്ലാത്ത; ധീരനായ. **=daunt'ed** (-dant'ed), *a.* ഭയപ്പെടാത്ത, ധൈര്യമുള്ള. **=daunt'ed-ly**, *ad.* ധീരതയോടെ. **=daunt'ed-ness**, *n.* നിർഭയം, ശൌര്യം.

**Un'dē**, *a.* തിരപോലെ വളഞ്ഞ, ബന്ധുരമായ, വളഞ്ഞ് പുളഞ്ഞ (*her.*).

**Un-dec′a-gon,** *n.* ഏകാദശഭുജക്ഷേത്രം, —കോണം— (*geom.*)

**Un-de-cāyed′** (-kād′), *a.* പാഴാകാത്ത, ജീൎണ്ണിക്കാത്ത, കേട് വരാത്ത. =**cāy′-ing,** *a.* ഒരിക്കലും കേട് പററാത്ത; ക്ഷയം തട്ടാത്ത.

**Un-de-cēive′,** *v. t.* അബദ്ധധാരണ മാററുക, നേര് ബോദ്ധ്യം വരുത്തുക. =**cēiv′a-ble,** *a.* തോല്പിപ്പാൻ കഴിയാത്ത.

**Un-de-cen′nar-y,** =**cen′ni-al,** *a.* പതിനൊന്ന് വൎഷത്തിൽ ഒരിക്കൽ ഉണ്ടാകുന്ന; 2. ഏകാദശവത്സരോത്സവമായ.

**Un-de-cīde′,** *v. t.* തീൎപ്പ് മാററുക, ദുൎബ്ബലപ്പെടുത്തുക. =**cī′ded,** *a.* തീൎച്ചപ്പെടുത്താത്ത; നിശ്ചയിക്കാത്ത. =**cī′sive,** *a.* അനിശ്ചിതമായ, തീൎച്ചയില്ലാത്ത.

**Un-deck′,** *v. t.* ആഭരണം അഴിക്കുക; ശൃംഗാരം നീക്കുക. =**decked′** (-dekt′), *a.* ചമയിക്കാത്ത, അലങ്കാരമില്ലാത്ത; (കപ്പല്) തട്ടില്ലാത്ത (*naut.*).

**Un-de-crēed′,** *a.* വിധികല്പിക്കാത്ത; 2. വിധിമാററിയ, ദുൎബ്ബലപ്പെടുത്തിയ.

**Un-dēed′ed,** *a.* രേഖയാൽ കൊടുക്കാത്ത; 2. ലക്ഷ്യം ചെയ്യാത്ത.

**Un-de-fāced′** (-fāst′), *a.* മായാത്ത, അഴിയാത്ത; 2. രൂപഭേദം വരാത്ത.

**Un-de-fend′ed,** *a.* അരക്ഷിതമായ; 2. തടുപ്പാൻ ആരുമില്ലാത്ത; 3. (പ്രതി) വക്കീലില്ലാത്ത (*l.*).

**Un-de-fīled′** (-fīld′), *a.* അശുദ്ധപ്പെടാത്ത, വഷളാകാത്ത; 2. നിൎമ്മലമായ.

**Un-de-fīne′,** *v. t.* നിശ്ചയമില്ലാതാക്കുക; 2. അൎത്ഥം മാററുക; 3. അതിര് തിരിയാതാക്കുക. =**fī′na-ble,** *a.* നിശ്ചയിപ്പാൻ കഴിയാത്ത; വിവരിപ്പാൻ—. =**fīned′** (-fīnd′), *a.* വിവരിക്കാത്ത; തിട്ടമില്ലാത്ത; ക്ലുപ്തപ്പെടുത്താത്ത; തിരിയാത്ത, വ്യക്തമല്ലാത്ത.

**Un-dē′i-fȳ,** *v. t.* ദൈവത്വം ഇല്ലാതാക്കുക; 2. ആരാധന—, പൂജമുടക്കുക.

**Un-de-nī′a-ble,** *a.* അല്ലെന്ന് പറവാൻ കഴിയാത്ത, നിഷേധിക്കാവതല്ലാത്ത, തൎക്കമററ; 2. സത്യംആയ, സ്പഷ്ടം—; 3. നിരാക്ഷേപം—, നിൎവ്വാദം—; 4. യോഗ്യതയുള്ള. =**bly,** *ad.* നിൎവ്വാദമായി.

**Un′dẽr,** *prep.* (.....ൻെറ, .....ഉടെ; ......ക്ക്, ......ന്ന്) താഴെ, കീഴെ, ചുവട്ടിൽ, അടിയിൽ, അധീനത്തിൽ, കീഴിൽ. **he stood u. a tree** അവൻ ഒരു മരത്തിൻെറ ചുവട്ടിൽനിന്നു; **there is a cellar u. the house** വീട്ടിന്നടിയിൽ ഒര് നിലയറയുണ്ട്; 2. ........ൽ: **the carriage is u. cover** വണ്ടി മറവിൽ ആകുന്നു; വണ്ടിക്ക് മറവുണ്ട്; **u. this head** ഈ മട്ടിൽ, ഈ വകുപ്പിൽ; **u. the guise of friendship** സ്നേഹിതൻെറ വേഷത്തിൽ; 3. പോൾ, സമയം: **to have patience u. pain** വേദന ഉണ്ടാകുമ്പോൾ ക്ഷമ വേണം; 4. ചുമന്ന്, സഹിച്ച്, അനുഭവിച്ച്, ധരിച്ച്, ആയി: **to travel u. a heavy load** ഭാരം ചുമന്ന് കൊണ്ട് സഞ്ചരിക്കുക; **to live u. oppression** ഉപദ്രവം സഹിച്ച് പാൎക്കുക; **he behaved like a hero u. reproaches** അവൻ നിന്ദ സഹിച്ച് കൊണ്ട് വീൎയ്യം കാട്ടി; 5. ......ന്മേൽ: **he enterd upon this office u. this condition** ഈ നിശ്ചയത്തിന്മേൽ അവൻ ഉദ്യോഗം ഏററു; **u. the necessity of obeying the laws** നിയമാനുസ്സാനാവശ്യത്തിന്മേൽ; **u. vows of chastity** വിവാഹം ചെയ്യുയില്ലെന്നുള്ള പ്രതിജ്ഞയിന്മേൽ; **u. oath** സത്യത്തിന്മേൽ; **u. pain of dismissal** (ചെയ്യാഞ്ഞാൽ) നീക്കിക്കളയും എന്ന നിശ്ചയത്തിന്മേൽ; 6. കുറഞ്ഞ, കുറവായ, താണ, ഇളയ, ചെറു, അല്പ, കഴിഞ്ഞ: **he had three sons u. age** അവന്ന് ഇളമ്പ്രായക്കാരായ മൂന്ന് പുത്രന്മാരുണ്ടായിരുന്നു; **u. ten years** പത്ത് വയസ്സിൽ താഴെയുള്ള; **his income is u. a thousand rupees** അവന്നുള്ള വരവ് ആയിരം ഉറുപ്പികയിൽ കുറയും; **I sell this rice u. cost-price** ഞാൻ മുതലിൽ കുറച്ചാണ് ഈ അരി വില്ക്കുന്നത്; 7. ഉള്ള, ഇരിക്കുന്ന, ആയ: **a bill u. discussion** ആലോചനയിലുള്ള കരട് നിയമം, ആലോചനയിലിരിക്കുന്ന നിയമപത്രിക. **u. arms** ആയുധപാണിക

മായി, ആയുധം ധരിച്ച് (*mil.*); പട്ടാളത്തിൽ ചേൎന്ന, പട്ടാളത്തിൽ എഴുതിച്ച (*mil.*). u. canvas പായികൊട്ടത്തോടു ന്ന (*naut.*); (തീക്കപ്പല് ആവികൂടാതെ) പായിവിരിച്ചോടുന്ന (*naut.*); തമ്പിൽ പാൎക്കുന്ന, കൂടാരം അടിച്ച് പാൎക്കുന്ന (*mil.*). u. steam and canvas ആവിയോട് കൂടെ പായികൊട്ടത്തോടുന്ന. u. fire ശത്രുക്കളുടെ വെടി കൊള്ളത്തക്ക നിലയിൽ; പടയിൽ; പോൎക്കളത്തിൽ. u. foot, u. ground ഭൂമിയുടെ അടിയിൽ; കഴിച്ചിട്ട. u. one's signature ഒപ്പിട്ട. u. sail പായികൊട്ടുന്ന; ഓട്ടം തുടങ്ങിയ (*naut.*). u. sentence ശിക്ഷക്ക് വിധിച്ച, ശിക്ഷ കല്പിച്ച. u. the breath മെല്ലെ, കശുകശു ശബ്ദത്തോടെ. u. the lee കര പററി, കരമറവിൽ (*naut.*). u. the rose സ്വകാൎയ്യമായി, ഗോപ്യമായി. u. water വെള്ളത്തിന്നടിയിൽ. u. way, u. weigh ഓട്ടം തുടങ്ങിയ (*naut.*). *ad.* കീഴിൽ, അധീനത്തിൽ. to bring u. കീഴ്പെടുത്തുക, അധീനത്തിൽ ആക്കുക, അടക്കുക. to keep u. അധീനത്തിൽ വെക്കുക, അധികാരത്തിൽ—. to go u. തോററുപോക; അസാദ്ധ്യമാക. to knock u. വിട്ട് കൊട്ടക്കുക, വഴങ്ങുക, കീഴ്പെടുക. *a.* കീഴിലുള്ള, കീഴ്, ഉപ, സഹായിയായ; 2. അടിയിലുള്ള. -mōst, *a.* ഏററവും അടിയിലുള്ള, നന്ന താണ, അധമാധമമായ.

**Un-dĕr-act′**, *v. t.* അമാന്തമായി അഭിനയിക്കുക, മോശമായി കളിക്കുക. =ac′tion, *n.* കൂട്ട് കളി, ഉപാഭിനയം; ഉപകഥ; സംഭവം, കഥ. =ac′tŏr, *n.* കീഴ് കളിക്കാരൻ, ഉപാഭിനയക്കാരൻ.

**Un′dĕr-ā-ġent**, *n.* ഉപകാൎയ്യസ്ഥൻ, കീഴ് കാൎയ്യസ്ഥൻ.

**Un′dĕr-beār-ĕr**, *n.* സഹായി; 2. ശവപ്പെട്ടി ചുമക്കുന്നവൎക്ക് സഹായിക്കുന്നവൻ.

**Un-dĕr-bid′**, *v. t.* (ലേലം) കുറച്ച് വിളിക്കുക, താഴ്ത്തിവിളിക്കുക; 2. കുറഞ്ഞ കൂലിക്ക് പണിയെടുക്കുക.

**Un-dĕr-bīnd′**, *v. t.* കീഴെ കെട്ടുക.

**Un′dĕr-bōard** (-bōrd), *ad.* മേശയുടെ കീഴെ; 2. രഹസ്യമായി, ഉള്ളാലെ.

**Un-dĕr-bred′**, *a.* തറവാട്ടിൽ പിറക്കാത്ത; 2. ധാരാളം തിന്മാൻ കിട്ടാത്ത.

**Un′dĕr-brush**, *n.* കുറുങ്കാട്, ചെററക്കാട്.

**Un-dĕr-buȳ′**(-bī′), *v.t.ir.*(-bought′; -bought′, *pr.* -bat′) വിലതാഴ്ത്തി വാങ്ങുക, സഹായവിലക്ക്—.

**Un′dĕr-chaps**, *n. pl.* താടിയെല്ലുകൾ, കീഴണ്ണാടി (*an.*).

**Un-dĕr-chärġe′**, *v. t.* വിലകുറക്കുക; 2. (തോക്കിൽ) മരുന്ന് കുറച്ച് നിറക്കുക. un′dĕr-chärġe, *n.* ചെറുനിറ.

**Un′dĕr-clōthes** (-klōthz *or* -klōz), *n. pl.* അടി(യിൽ ഉടുക്കുന്ന) വസ്ത്രം, അകക്കുപ്പായം. =clōth′ing, *n.* അടിവസ്ത്രം, അകവസ്ത്രം.

**Un′dĕr-coat** (-kōt), *n.* അടിക്കുപ്പായം; 2. ഇളമുടി.

**Un′dĕr-craft**, *n.* കൌശലം, ഉപായം.

**Un′dĕr-croft**, *n.* നിലയറ; 2. പള്ളിനിലയറ.

**Un′dĕr-cur-rent**, *n.* അടിവലിവ്, —വല്വ; 2. ഗൂഢാഭിപ്രായം. *a.* ഒളിവായ, മറവിലുള്ള.

**Un′dĕr-cut**, *n.* ചണ്ണക്കക്ഷണം.

**Un′dĕr-dēal-iṅg** (-dēl-), *n.* കള്ളക്കൌശലം, ചതിപ്രവൃത്തി.

**Un-dĕr-dö′**, *v. t. ir.* (-did′, -dōne′) കുറച്ച് ചെയ്യുക; 2. നല്ലവണ്ണം വേവിക്കാതെയിരിക്കുക, വേവ് കുറക്കുക, അരവേവാക്കുക.

**Un′dĕr-dōse**, *n.* ചെറുമാത്ര.

**Un′dĕr-drāin**, *n.* മണ്ണിന്നടിയിലുള്ള ഓവ്(ക്.).

**Un′dĕr-fär-mĕr**, *n.* കീഴ്ക്കുടിയാൻ, കീഴ്നടപ്പുകാരൻ.

**Un′dĕr-fel-lōw** (-fel-lō), *n.* നിസ്സാരൻ, നീചൻ.

**Un′dĕr-fil-liṅg**, *n.* കഴിയാട്ട, തറ.

**Un′dĕr-foot**, *ad.* കാല്ക്കീഴെ, അടിയിൽ. *a.* താണ, നീചമായ.

**Un'dĕr-fur-rōw** (fur-rō), *v.t.* ഉഴുത് മറിക്കുക.

**Un'dĕr-gär-ment,** *n.* അകവസ്ത്രം, അടിത്തുണി.

**Un-dĕr-gō',** *v.t.ir.*(-went',-gōne') അനുഭവിക്കുക, സഹിക്കുക, പെടുക; 2. ഉണ്ടാക, സംഭവിക്കുക, വരിക.

**Un'dĕr-god,** *n.* ദേവത.

**Un-dĕr-grad'ū-āte,** *n.* (സൎവ്വകലാശാലയിലെ) പദവി പ്രാപിക്കാത്ത വിദ്യാൎത്ഥി, വിദ്യാഭ്യാസം തികക്കാത്ത—.

**Un'dĕr-ground,** *n.* ഭൂഗൎഭം. *a.* ഭൂമിയുടെ അടിയിലുള്ള; 2. നിലയറയായ; 3. ഗോപ്യമായ, രഹസ്യമായ. **u.d rail-road** *or* **railway** ഭൂമിയുടെ അടിയിൽ കൂടി ഓടുന്ന തീവണ്ടി, തുരങ്കത്തീവണ്ടി. *ad.* ഭൂമിയുടെ ഉള്ളിൽ.

**Un'dĕr-grōve, Un'dĕr-grōwth** (-grōth), *n.* കുറുങ്കാട്, കുററിക്കാട്.

**Un-dĕr-grōwn'** (-grōn'), *a.* വലിപ്പം കുറഞ്ഞ; 2. ചെറിയ, കുറിയ.

**Un'dĕr-hand, -ed,** *a.* ഉള്ളാലെയുള്ള, രഹസ്യം ആയ; 2. നീചം—; 3. കളവ്—, വഞ്ചന—. *ad.* ഗോപ്യമായി, ചതിവായി. **-ed,** *a.* ആള് പോരാതെ, പ്രവൃത്തിക്കാര് പോരാതെ. **-ed-ly,** *ad.* ഒളിവായി; കളവായി.

**Un-dĕr-hang',** *v. t.* & *i.* കെട്ടിത്തൂക്കുക, തൂക്കിയിടുക.

**Un'dĕr-kīnd,** *n.* താണജാതി.

**Un'dĕr-king-dŏm,** *n.* അധീനരാജ്യം, ഉപരാജ്യം.

**Un-dĕr-lāy'**(-lā'), *v. t.* ചുവടെ വെക്കുക, കീഴിൽ—; 2. താങ്ങ് കൊടുക്കുക, ഊന്ന്—. **=lāid',** *a.* കീഴെവെച്ച, ആധാരമായ. **-ĕr,** *n.* കീഴട്ടി.

**Un'dĕr-lēaf** (-lēf), *n.* ഒര് വക മധുര 'ജാമ്പ്', ഒര് വക ഏപ്പൽ (*b.*).

**Un'dĕr-lēase** (-lēs), *n.* കീഴ്പാട്ടം, കീഴ്നടപ്പ് (*l.*).

**Un-dĕr-let',** *v.t.* കുറഞ്ഞപാട്ടത്തിന്ന് കൊടുക്കുക; 2. കീഴ്ക്കൂടിയാന്ന് ഏല്പിക്കുക.

**Un-dĕr-līe',** *v. t.* കീഴിൽ ഉണ്ടാക, അടിയിൽ കിടക്കുക; 2. അടിസ്ഥാനം ആയിരിക്കുക, ആധാരം—; 3. അധീനം—. **=lȳ'ing,** *a.* കീഴെയുള്ള; ആധാരമായ, അടിസ്ഥാനമായ.

**Un-dĕr-līne',** *v. t.* ചുവടെ വരക്കുക, മുഖ്യത സൂചിപ്പിക്കുക. *n.* കീഴ് വര.

**Un'dĕr-ling,** *n.* ആശ്രിതൻ, സേവകൻ, കീഴിൽ ഉള്ളവൻ; 2. നിസ്സാരൻ, ആഭാസൻ.

**Un'dĕr-lip,** *n.* കീഴ്ചുണ്ട് (*an.*).

**Un-dĕr-manned'** (-mand'), *a.* 'കലാശികൾ'കുറവുള്ള, 'കലാശികൾ'പോരാത്ത (*naut.*); 2. പ്രവൃത്തിക്കാര് പോരാത്ത.

**Un'dĕr-mas-tĕr,** *n.* ഗുരുസഹായി, ഉപഗുരു, ഉപാദ്ധ്യാപകൻ.

**Un'dĕr-match** (-mach), *n.* കൂടച്ചൊക്കാത്തവൻ.

**Un'dĕr-mēal** (-mēl), *n.* അന്തരഭോജനം, അപരാഹ്നഭോജനം, വൈകുന്നേരത്തെ 'ചായ'; 2. അത്താഴം; 3. ഉച്ചയുറക്ക്.

**Un-dĕr-mīne',** *v. t.* തുരങ്കം വെക്കുക, തുരക്കുക; 2. തുരങ്കംവെച്ച് നശിപ്പിക്കുക; 3. രഹസ്യമായി നശിപ്പിക്കുക, കീഴ്മേൽ മറിക്കുക, വഴിക്കുണ്ട്കുഴിക്കുക. **=mī'nĕr,** *n.* തുരങ്കം വെക്കുന്നവൻ; വഴിക്കുണ്ട്കുഴിക്കുന്നവൻ.

**Un-dĕr-mŏn'eyed** (-mun'id), *a.* കൈക്കൂലിവാങ്ങിയ.

**Un'dĕr-mōst,** *s. u.* Under.

**Un'dĕrn,** *n.* മദ്ധ്യെയുള്ള കാലം; 2. അകത്തൂച്ച, പൂൎവ്വാഹ്നം, രാവിലെ 9 മണി സമയം; 3. ഭക്ഷണസമയം, ഊൺകാലം; 4. അപരാഹ്നം, ഉച്ചതിരിഞ്ഞസമയം.

**Un'dĕr-nēath** (-nēth *or* -nēth'), *ad.* കീഴിൽ, അടിയിൽ, ഉള്ളിൽ, ചുവടെ. *prep.* കീഴെ, അടിയിൽ.

**Un'dĕr-of-fi-cĕr,** *n.* കീഴുദ്യോഗസ്ഥൻ.

**Un-dĕr-pāy',** *v. t.* ശമ്പളം കുറച്ച് കൊടുക്കുക, പ്രതിഫലം കുറക്കുക, കൂലി—.

**Un-dĕr-pēo'pled** (-pē'pld), *a.* നിവാസികൾ കുറഞ്ഞ, ജനം കുറഞ്ഞ.

Un-dĕr-pin′, *v. t.* തറകെട്ടുക, അസ്ഥിവാരമിടുക, അടിസ്ഥാനം വെക്കുക. –ning, *n.* കഴിയാട്ടു, തറ, അസ്ഥിവാരം, അടിസ്ഥാനം. [കെട്ട്.

Un′dĕr-plot, *n.* ഉപകഥ; 2. കൂട്ട്

Un′dĕr-poṣ-ṣes-sŏr, *n.* കീഴെയുള്ളവശക്കാരൻ, കീഴ്ക്കുടിയാൻ.

Un-dĕr-prīze′, *v. t.* തക്കവില മതിക്കാതിരിക്കുക, വില കുറച്ച് കെട്ടുക.

Un-dĕr-prō-duc′tiŏn, *n.* ഉല്പന്നച്ചുരുക്കം, ഉല്പന്നദൌൎല്ലഭ്യം.

Un′dĕr-proof, *a.* (റാക്ക്) നിയമവീൎയ്യം ഇല്ലാത്ത, വീൎയ്യം കുറഞ്ഞ.

Un-dĕr-prop′, *v. t.* താങ്ങുക; 2. താങ്ങ് കൊടുക്കുക, ഊന്നു–.

Un-dĕr-prō-pōr′tiŏned (-′shund), *a.* തക്ക വലിപ്പമില്ലാത്ത; 2. ചെറിയ; 3. അല്പമായ.

Un-dĕr-rāte′, *v. t.* വില കുറച്ച് മതിക്കുക; 2. വിലകുറക്കുക. *n.* കുറഞ്ഞവില, അല്പ–. [ക്കുക.

Un-dĕr-scōre′, *v. t.* ചുവടെ വര

Un-dĕr-sec′re-tar-y, *n.* കീഴ്രായസക്കാരൻ, ഉപമേനവൻ; U. of State ഉപമന്ത്രി.

Un-dĕr-sell′, *v. t.* വിലകുറച്ച് വില്ക്കുക, സഹായത്തിൽ വില്ക്കുക.

Un′dĕr-sĕr-vant, *n.* കീഴ്‌വേലക്കാരൻ, താണ പണിക്കാരൻ.

I. Un-dĕr-set′, *v. t.* താങ്ങ് കൊടുക്കുക, തൂണ്–. =set′tĕr, *n.* താങ്ങുന്നവൻ; താങ്ങ് കൊടുക്കുന്നവൻ; തൂണ്; തൂൺതറ, പാദപീഠം. =set′ting, *n.* തൂണ്; പാദപീഠം.

II. Un′dĕr-set, *n.* (കടലിലെ) അടിവലിവ്, അടിവലു.

Un′dĕr-shĭrt, Un′dĕr-vest, *n.* അടിക്കുപ്പായം. [ടിവെക്കുക.

Un-dĕr-shoot′, *v. t.* കുറിതെററി വെ

Un-dĕr-sīgn′(-sīn′), *v. t.* താഴെ ഒപ്പിടുക, ഒപ്പിടുക, ഒപ്പ് വെക്കുക. =sīgned′ (-sīnd′), *a.* ചുവടെ ഒപ്പിട്ട, ഒപ്പിട്ട. the u.ed (ഇതിൽ) ഒപ്പിട്ടവര്, –ഒപ്പിട്ടവൻ, താഴെ ഒപ്പിട്ട ആള്.

Un-dĕr-sīzed′ (-sīzd′), *a.* തക്കവലിപ്പമില്ലാത്ത; 2. ചെറിയ.

Un′dĕr-skĭrt, *n.* അടിപ്പാവാട.

Un′dĕr-sŏng, *n.* പല്ലവി; 2. അന്തരത്ഥം; 3. വാദ്യം. [2. ചെറുകളരി.

Un′dĕr-sphēre (-sfēr), *n.* ഉപഗ്രഹം;

Un-dĕr-stand′, *v. t. ir.* (-stood′; -stood′), ഗ്രഹിക്കുക, മനസ്സിലാക്കുക, അറിയുക, ബോധിക്കുക; 2. കേൾക്കുക, വൎത്തമാനം കേൾക്കുക; 3. ധരിക്കുക; 4. വ്യാഖ്യാനിക്കുക; 5. സൂചിപ്പിക്കുക; 6. അസ്പഷ്ടമായിരിക്കുക, ലോപിച്ചിരിക്കുക (*gr.*); 7. (ഹാസ്യമായി) താങ്ങുക. to give one to u. അറിയിക്കുക, ഗ്രഹിപ്പിക്കുക. to make one's self understood തെളിയിച്ച് പറയുക, അൎത്ഥം വ്യക്തമാക്കുക. *v. i.* ഗ്രഹണശക്തിയുണ്ടാക, സബുദ്ധിയായിരിക്കുക; 2. ഗ്രഹിക്കുക, മനസ്സിലാക, പഠിക്കുക. -a-ble, *a.* ഗ്രഹിക്കാകുന്ന, ഗ്രഹണീയമായ, ഗ്രാഹ്യമായ. -ĕr, *n.* ഗ്രഹിക്കുന്നവൻ. -ing, *a.* അറിവുള്ള, ബുദ്ധിയുള്ള; പ്രാപ്തനായ. *n.* ഗ്രഹണം, അറിവ്, ബോധം; വിവേചനം; വ്യാഖ്യാനം; നിശ്ചയം, തീൎപ്പ്; നില; ഗ്രഹണശക്തി, ബോധശക്തി, ബോധേന്ദ്രിയം, ബുദ്ധി. -ing-ly, *ad.* ബുദ്ധിയോടെ, വിവേകത്തോടെ.

Un-dĕr-stāte′, *v. t.* കുറച്ച് പറയുക, ഉള്ളപോലെ പറയാതിരിക്കുക. -ment, *n.* മുഴുവനും പറയാതിരിക്കൽ; കളവ്.

Un-dĕr-stood′, *p. t.* & *p. p. of* Understand.

Un′dĕr-strap-pĕr, *n.* നിസ്സാരൻ; 2. ആൾക്കാരൻ, സേവകൻ. =strap-ping, *a.* ആൾക്കാരനായ, സേവകനായ.

Un′dĕr-strā-tum (*pl.* -strā-ta), *n.* അടിയട്ടി, അടിനിര; 2. അടിമണ്ണ്.

Un-dĕr-strōke′, *v. t.* കീഴെവരക്കുക.

Un-dĕr-stud′y, *v. t.* & *i.* (നാടകത്തിൽ) മററൊരു കളിക്കാരന്റെ ഭാഗം പഠിക്കുക. *n.* മററൊരു ഭാഗം പഠിക്കുന്നവൻ, ഇതരഭാഗപാഠി (*dr.*).

**Un-dĕr-tāke′**, *v. t. ir.* (=tọọk′; =tā′ken), കയ്യേല്ക്കുക, ഭരമേല്ക്കുക; 2. തുനിയുക, തുടങ്ങുക, ആരംഭിക്കുക, പുറപ്പെടുക, ഏപ്പെടുക; 3. ശ്രമിക്കുക, പ്രയത്നിക്കുക, യത്നിക്കുക; 4. 'കരാറ്' എടുക്കുക, —ഏല്ക്കുക, ഏറെറടുക്കുക; 5. നിശ്ചയം ചെയ്യുക, വാഗ്ദത്തം—; 6. ഉറപ്പ് കൊടുക്കുക. *v. i.* ഏല്ക്കുക, കയ്യേല്ക്കുക; 2. ഏറെറടുക്കുക; 3. ഉറപ്പ് കൊടുക്കുക; 4. ഉത്തരവാദം ചെയ്യുക. =tā′kĕr, *n.* കയ്യേല്ക്കുന്നവൻ, ഭരമേല്ക്കുന്നവൻ, ഭരമേല്പകാരൻ; ഏറെറടുക്കുന്നവൻ, 'കരാറു'കാരൻ, 'കത്തക'ക്കാരൻ; (പ്രതിഫലത്തിന്മേൽ) ശവസംസ്കാരകാൎയ്യം ഭരമേല്ക്കുന്നവൻ, ശ്മശാനകാൎയ്യഭാരവാഹി. =tā′kiṅg, *n.* കയ്യേല്ക്കൽ, ഭരമേല്പ്; ഭരമേററകാൎയ്യം, ഏററ പണി, കരാറ് പണി; ശ്മശാനകാൎയ്യഭാരവാഹിത്വം, ശവസംസ്കാരയേല്പാട്; ഉറപ്പ്, ഉത്തരവാദം, ഉത്തരവാദിത്വം.

**Un′dĕr-taxed** (-takst), *a.* ചുരുങ്ങിയ നികുതിയുള്ള, നികുതി കുറഞ്ഞ.

**Un′dĕr-ten-ant**, *n.* കീഴ്ക്കുടിയാൻ. =ten-an-cy, *n.* കീഴ്ക്കുടിയായ്മ, കീഴ്ന്നടപ്പ്, കീഴ്പാട്ടം.

**Un′dĕr-tōne**, *n.* മൃദുശബ്ദം, പതുക്കെയുള്ള സംസാരം, കുശുകുശുക്കൽ.

**Un-dĕr-tọọk′**, *p.t. of* Undertake.

**Un′dĕr-tōw** (-tō), *n.* (തിരയുടെ) അടിവലിവ്.

**Un′dĕr-treas-ụr-ĕr**, *n.* ഉപഭണ്ഡാരി.

**Un-dĕr-val′ūe**, *v. t.* വില കുറച്ച് കാണുക, കുറഞ്ഞവില മതിക്കുക; വില കുറക്കുക; 2. അഗണ്യം ആക്കുക, അലക്ഷ്യം—, നിസ്സാരം—, തുച്ഛീകരിക്കുക. *n.* കുറഞ്ഞ വില, താണവില; 2. വിലതാഴ്ത്തൽ. =val-ū-ā′tiōn, *n.* വില കുറക്കൽ; ചുരുങ്ങിയ വില, അല്പവില. =val′ū-ĕr, *n.* വില കുറക്കുന്നവൻ.

**Un′dĕr-vest**, *n.*, *s. a.* Undershirt.

**Un′dĕr-weār**, *n.* അടിത്തുണി, അടിച്ചമയം.

**Un-dĕr-went′**, *p. t. of* Undergo.

**Un′dĕr-wit-ted**, *a.* ബുദ്ധികുറഞ്ഞ; അല്പബുദ്ധിയായ.

**Un′dĕr-wọọd**, *n.* കുററിക്കാട്, ചെറുകാട്.

**Un-dĕr-wŏrk′**, *v. t. & i.* ഉള്ളാലെ പ്രവൃത്തിക്കുക; 2. വഴിക്കുണ്ട് കുഴിക്കുക, രഹസ്യമായി നശിപ്പിക്കുക, തുരങ്കംവെക്കുക; 3. അധികം പ്രവൃത്തിക്കാതെയിരിക്കുക; 4. കുറഞ്ഞ കൂലിക്ക് പണിയെടുക്കുക. **un′dĕr-wŏrk**, *n.* കീഴ്പ്രവൃത്തി; 2. ചില്ലറപ്പണി. -ĕr, *n.* വഴിക്കുണ്ട് കുഴിക്കുന്നവൻ; കീഴ്പ്രവൃത്തിക്കാരൻ.

**Un′dĕr-wŏrld**, *n.* ആകാശത്തിന്ന് കീഴുള്ള ലോകം, ഭൂമി; 2. കീഴ്ലോകം, അധോലോകം, പാതാളം; 3. ക്ഷിതിജത്തിന്ന് താഴെയുള്ള സ്ഥലം, ഭൂമറുപുറം; 4. മ്ലേച്ഛവംശങ്ങൾ, താണജാതിക്കാർ.

**Un-dĕr-wrīte′** (-rīt′) *v. t. ir.* (=wrōte′, =writ′ten), ചുവടെ എഴുതുക; ഒപ്പിടുക; 2. ഭീമ ഏല്ക്കുക; ഉരുഭീമ—. *v. i.* ഉരുഭീമയേല്ക്കുക. =wrī′tĕr, *n.* ഭീമ ഏല്ക്കുന്നവൻ; ഉരുഭീമ—, ഭീമവൎത്തകൻ. =wrī′tiṅg, *n.* ഭീമയേല്ക്കൽ, ഭീമപ്രവൃത്തി.

**Un-dĕr-yōke′**, *v. t.* നുകത്തിന്റെ കീഴിൽ ആക്കുക, നുകംവെക്കുക; 2. കീഴ്പ്പെടുത്തുക.

**Un-de-sĕrved′** (-zĕrvd′), *a.* യോഗ്യതയില്ലാത്ത; 2. അയുക്തമായ, അപാത്രമായ; 3. അനാവശ്യമായ, ആവശ്യമില്ലാത്ത, അൎഹതയില്ലാത്ത: this punishment is u.d ഈ ശിക്ഷ വേണ്ടിയിരുന്നില്ല, ....ന്ന് ശിക്ഷായോഗ്യതയില്ല. =sĕr′viṅg, *a.* അപാത്രമായ, അയുക്തമായ.

**Un-de-sīgn′iṅg** (-zīn′iṅg), *a.* തന്ത്രം ഇല്ലാത്ത, വഞ്ചന—; 2. നിഷ്കപടമായ, പരമാൎത്ഥമുള്ള. =sīgned′ (-zīnd′), *a.* മനഃപൂൎവ്വമല്ലാത്ത, വേണമെന്ന് വെച്ച് ചെയ്യാത്ത, കല്പിച്ച്കൂട്ടി—. =sīgn′ed-ly, *ad.* വിചാരിയാതെ, നിനയാതെ.

**Un-de-sī′ra-ble**, *a.* ആഗ്രഹിക്കത്തക്കതല്ലാത്ത, കാമ്യമല്ലാത്ത, അനപേക്ഷ്യമായ; 2. വിഹിതം അല്ലാത്ത, യുക്തം—, അനുചിതമായ.

**Un-de-tĕr′mi-na-ble**, *a.* തീൎച്ചപ്പെടുത്താവതല്ലാത്ത, നിശ്ചയിപ്പാൻ തരമില്ലാത്ത. =nāte, *a.* നിശ്ചയം ഇല്ലാത്ത, തീ

ഷ്—. =nā'tiŏn, *n.*, *s. a.* Indetermination, *s. u.* Indeterminable. =tĕr'mined (-mind), *a.* നിശ്ചയിക്കാത്ത, തീൎച്ചപ്പെടുത്താത്ത; അതിരില്ലാത്ത.

Un-dē'vi-ā-ting, *a.* വഴിതെററാത്ത; 2. ശരിയായ, കൃത്യമായ, ചൊവ്വായ. -ly, *ad.* അങ്ങോട്ടും ഇങ്ങോട്ടും തെററാതെ, ഏകാഗ്രതയോടെ; ഏകനിഷ്ഠയോടെ.

Un-did', *p. t. of* Undo.

Un-dif-fĕr-en'ti-ā-ted (-en'shi-), *a.* അംശവികാസം വരാത്ത (*biol.*); 2. അവ്യത്യസ്തമായ.

Un-dig'e-nŏus, *a.* ജലജന്യമായ.

Un-di-ges'ted, *a.* ദഹിക്കാത്ത, അജീൎണ്ണമായ. =ġest'i-ble, *a.*, *s. a.* Indegestible, *s. u.* Indigestion.

Un-dig'ni-fīed (-fīd), *a.* മാനംകെട്ട, ലജ്ജാകരമായ; 2. വഷളായ; 3. ഹീനമായ.

Un-di-lu'ted, *a.* നേൎപ്പിക്കാത്ത; 2. വെള്ളം കൂട്ടാത്ത; 3. വീൎയ്യം കറക്കാത്ത.

Un-di-min'ished (-min'isht), *a.* കറയാത്ത, 'കമ്മി'യാകാത്ത, ഉണ്ടായപോലെ തന്നെയുള്ള.

Un-dimmed' (-dimd'), *a.* മങ്ങാത്ത, മങ്ങലില്ലാത്ത; തെളിവുള്ള.

Un-dīne' (un-dēn'), *n.* ജലകന്യക (*myth.*); 2. ജലദേവത, ജലഭൂതം (*myth.*).

Un-dī'ō-cēsed (-sēsd), *a.* ഇടവകയില്ലാത്ത.

Un-di-rect', *a.*, *s. a.* Indirect. -ed, *a.* നടത്താത്ത, വഴികാട്ടാത്ത; അനായകമായ; അനാഥമായ; മേൽവിലാസം ഇല്ലാത്ത, —എഴുതാത്ത; തെററിച്ച, അബദ്ധത്തിൽ ചാടിച്ച. -ly, *ad.*, *s. a.* Indirectly, *s. u.* Indirect.

Un-dis-cĕrned' (-zĕrnd'), *a.* തിരിച്ചറിയാത്ത, വിവേചിക്കാത്ത; 2. കാണാത്ത, അദൃശ്യമായ. =cĕrn'i-ble, *a.* കാണ്മാൻ കഴിയാത്ത, അസ്പഷ്ടമായ. =cĕrn'ing (-zĕrn-), *n.* അവിവേകം. *a.* വിവേകമില്ലാത്ത.

Un-dis'ci-plined (-plind), *a.* അഭ്യസിക്കാത്ത, അഭ്യാസം കഴിയാത്ത; 2. അശിക്ഷിതമായ, പഠിക്കാത്ത.

Un-dis-clōsed' (-klōzd'), *a.* വെളിവാകാത്ത, പുറത്താകാത്ത, പരസ്യമാകാത്ത.

Un-dis-cŏur'āġed (-kur'ājd), *a.* ധൈൎയ്യക്ഷയമില്ലാത്ത, ധീരതയുള്ള.

Un-dis-cŏv'ĕred (-kuv'ĕrd), *a.* കാണാത്ത, കണ്ടുപിടിക്കാത്ത, കണ്ടെത്താത്ത.

Un-dis-creet', *etc.*, *s. a.* Indiscreet, *etc.*

Un-dis-guīsed' (-gīzd'), *a.* വേഷം മാറാത്ത; 2. യഥാൎത്ഥമായ; നിഷ്കപടമായ.

Un-dis-māyed' (-mād'), *a.* അന്ധാളിക്കാത്ത; 2. ധൈൎയ്യമുള്ള.

Un-dis-pen'sa-ble, *a.*, *s. a.* Indispensable. =pensed' (-pensd'), *a.* നടത്താത്ത; നല്കാത്ത; നിയമാനുസാരം ഒഴിവാക്കാത്ത.

Un-dis-pō'sed-ness, *n.* സുഖക്കേട്; 2. മനസ്സുകേട്.

Un-dis'pū-ta-ble, *a.*, *s. a.* Indisputable. =pū'ted, *a.* തൎക്കമില്ലാത്ത, അവിതൎക്കിതമായ, നിൎവ്വാദമായ; പരസമ്മതമായ.

Un-dis-tinc'tive, *a.* ഭേദം കാട്ടാത്ത; 2. വകതിരിക്കാത്ത; 3. നിഷ്പക്ഷമായ. =tinct'ly, *ad.*, *s. a.* Indistinctly, *s. u.* Indistinct.

Un-dis-tin'guish-a-ble (-tin'gwish-), *a.* കണ്ടുതിരിപ്പാൻ കഴിയാത്ത; അസ്പഷ്ടമായ; 2. വകതിരിച്ചറിവാൻ കഴിയാത്ത.

Un-dis-turbed' (-terbd'), *a.* കലക്കം ഇല്ലാത്ത, അനക്കം—; 2. ഉപദ്രവം—; 3. തൊടാത്ത; 4. ശാന്തമായ, സ്വസ്ഥമായ.

Un-di-vī'ded, *a.* ഭാഗിക്കാത്ത, ഖണ്ഡിക്കാത്ത; 2. തുടൎച്ചയായ; 3. പൂൎണ്ണമായ, മുഴു; 4. ഭാഗം കഴിയാത്ത. =vis'i-ble, *a.*, *s. a.* Indivisible.

Un-di-vī'na-ble, *a.* ഊഹിച്ചറിവാൻ കഴിവില്ലാത്ത, നിരൂഹ്യമായ.

Un-dō', *v. t. ir.* (-did'; -dōne') ചെയ്തത് ഇല്ലാതാക്കുക, ഇല്ലാതാക്കുക; 2. ദുൎബ്ബലപ്പെടുത്തുക, അസാധുവാക്കുക, 'റദ്ദാ'ക്കുക; 3. അഴിക്കുക; കെട്ടഴിക്കുക; 4. തുറക്ക

ക, വിടൎത്തുക; 5. ഭിന്നിക്കുക; 6. കടങ്കഥയുടെ അൎത്ഥം പറയുക; 7. അമാന്തപ്പെടുത്തുക, ശൂന്യമാക്കുക, നശിപ്പിക്കുക. -ĕr, *n.* അഴിക്കുന്നവൻ; നശിപ്പിക്കുന്നവൻ. -iṅg, *n.* അഴിക്കൽ; നാശം. =dŏne', *p. p.*, *a.* ചെയ്യാത്ത, ഉപേക്ഷയായ; നാശമായ: I am u.e എന്റെ കാൎയ്യം പോയി, എന്റെ കാൎയ്യം നോക്കേണ്ട.

Un-dock', *v. t.* (കപ്പല്) കോതിയിൽ നിന്നിറക്കുക.

Un-dö'ĕr, =dö'iṅg, *s. u.* Undo.

Un-dō-mes'ti-cāte, *v. t.* കാട്ടുസ്വഭാവമാക്കുക; മെരുക്കമില്ലാതാക്കുക.

Un-dŏne', *s. u.* Undo.

Un-dŏub'le, *v. t.* മടക്ക് നിവിൎത്തുക; 2. ഒററയാക്കുക.

Un-doubt'a-ble (-dout'a-bl), *a.* നിസ്സംശയമായ, സംശയത്തിന്ന് വകയില്ലാത്ത. =doubt'ed, *a.* സന്ദേഹമില്ലാത്ത; നിൎവ്വാദമായ. =doubt'ed-ly, *ad.* സംശയം കൂടാതെ, നിസ്സംശയമായി.

Un-drāpe', *v. t.* മറനീക്കുക.

Un-draw' (-dra'), *v. t. ir.* (-drew', -drawn', *pr.* -drụ', -dran') വലിച്ച് നീക്കുക; 2. തിരപൊന്തിക്കുക.

Un-drēamed' (-drēmd'), =dreamt' (-dremt'), *a.* (of) സ്വപ്നേപി വിചാരിയാത്ത, —അറിയാത്ത; കിനാവ് കാണാത്ത; 2. വിചാരിയാത്ത.

Un-dress', *v. t.* വസ്ത്രം അഴിക്കുക, തുണി ഉരിയുക; 2. അലങ്കാരം നീക്കുക; 3. മുറിയുടെ കെട്ടഴിക്കുക (*med.*). *n.* സാധാരണവസ്ത്രം, പട്ടവസ്ത്രം; 2. സ്ഥാനവസ്ത്രം അല്ലാത്ത ചമയം, സ്വകാൎയ്യ ഉടുപ്പ്. =dressed' (-drest'), *a.* വസ്ത്രം അഴിച്ച; ശൃംഗാരമില്ലാത്ത; ഉടുപ്പ് മാററാത്ത; ഒരുങ്ങാത്ത.

Un-drīed' (-drīd'), *a.* നനവുള്ള, ഈറമായ; 2. ഉണങ്ങാത്ത, പച്ചയായ.

Un-drilled' (-drild'), *a.* അഭ്യാസം വരാത്ത; 2. 'കവാത്ത്'ശീലിക്കാത്ത.

Un-driṅk'a-ble, *a.* കടിപ്പാൻ കൊള്ളാത്ത.

Un-drowned' (-dround'), *a.* മുങ്ങിച്ചാകാത്ത.

Un-dūe', *a.* (കടം) അവധിയെത്താത്ത; 2. ന്യായമല്ലാത്ത, ന്യായരഹിതമായ, അയോഗ്യമായ; 3. കണക്കിലേറെയുള്ള, അധികമായ, അനാവശ്യമായ. u. influence നിൎബ്ബന്ധം, ദുഷ്പ്രേരണം, ദുൎബ്ബോധന (*l.*). =dū'ly, *ad.* ക്രമക്കേടായി; ന്യായരഹിതമായി; അധികമായി.

Un'dū-lāte, =lant, =lar-y, =lā-ted, =lā-tiṅg, =lā-tive, =lā-tŏr-y, =lŏus, *a.* ഉയൎച്ചയും താഴ്ചയും ഉള്ള, കല്ലോലമായ, തിരപോലെയുള്ള, തരംഗിതമായ, ഭംഗുരമായ, ബന്ധുരമായ, ഉന്നതാവനതമായ, അലയുന്ന, ഓളം മറിയുന്ന. undulatory theory *or* wave theory (വെളിച്ചഭേദം സൂക്ഷ്മാകാശബന്ധുരചലനത്താൽ ഉളവാകുന്നതാണെന്നുള്ള) രശ്മിബന്ധുരതവാദം (*opt.*). *v. t.* തിര അലക്കുക, മുമ്പോട്ടും വഴിയോട്ടും ഇളക്കുക, ഉയൎച്ചയും താഴ്ചയും വരുത്തുക, ബന്ധുരമാക്കുക, കല്ലോലമാക്കുക. *v. i.* അലയുക, ഓളം മറിയുക, ബന്ധുരമാക, തിരമറിയുക. =lā-tiṅg-ly, *ad.* അലയായി. =lā'tiŏn, *n.* അലയൽ, അലച്ചൽ; അല, വരവും കിളാവും; ബന്ധുരത്വം; സ്വരക്കുലുക്കം (*mus.*); ബന്ധുരചലനം (*ph.*). =lā'tiŏn-ist, *n.* രശ്മിബന്ധുരത്വവാദി.

Un-dū'ly, *ad.*, *s. u.* Undue.

Un-dū'ti-fụl, *a.* അനുസരണംകെട്ട, കീഴടക്കമില്ലാത്ത, പറഞ്ഞാൽ കേൾക്കാത്ത, അവിധേയനായ. =fụl-ly, *ad.* അനുസരണമില്ലാതെ.

Un-dwelt', *a.* (in) കുടിപാൎക്കാത്ത, ആള്പാൎപ്പില്ലാത്ത, കുടിയിരിക്കാത്ത.

Un-dȳ'iṅg, *a.* മരിക്കാത്ത, ചാകാത്ത; 2. ചാവില്ലാത്ത, അമൎത്ത്യമായ; 3. അനന്തമായ, നിത്യമായ; 4. നശ്വരമല്ലാത്ത.

Un-ēared' (-ērd'), *a.* ഉഴാത്ത, കാലിവെക്കാത്ത, പൂട്ടാത്ത.

Un-ĕarned' (-ĕrnd'), *a.* അദ്ധ്വാനിച്ച് നേടാത്ത, നയിച്ചുണ്ടാക്കാത്ത. u. increment (ജനപ്പെരുക്കം ഭൂമിദൌൎല്ലഭ്യം മുതലായവററാൽ ഉണ്ടാകുന്ന) മൺവിൎയ്യവില, ഭൂക്രയവൃദ്ധി (*p. e.*).

**Un-ĕarth′** (-ĕrth′), *v. t.* മാളത്തിൽ നിന്ന് പുറത്ത് ചാടിക്കുക; 2. മറവിൽനിന്ന് വെളിയിലാക്കുക; 3. മാന്തിയെടുക്കുക; 4. വെളിവിൽ വരുത്തുക, വെളിച്ചത്താക്കുക. **-ly,** *a.* ഭൌമികമല്ലാത്ത, അഭൌമികം ആയ; അമാനുഷം—; അത്ഭുതം—; ഭയങ്കരം—.

**Un-ēa′sy** (-ē′zi), *a.* എളുപ്പമല്ലാത്ത, വിഷമമുള്ള; 2. സുഖം ഇല്ലാത്ത, സ്വസ്ഥത—, സമാധാനം—, ആധിയുള്ള; 3. പ്രാകൃതമല്ലാത്ത; 4. അസഹ്യമായ. **=ēa′si-ly** (-ē′zi-), *ad.* മനഃസ്വസ്ഥതയില്ലാതെ. **=ēa′si-ness,** *n.* വല്ലായ്മ, സുഖക്കേട്; അസ്വാസ്ഥ്യം; ആധി.

**Un-edge′** (-ej′), *v. t.* വായിത്തല കളയുക; 2. മൂർച്ച കെടുക്കുക.

**Un-ed′ū-eā-ted,** *a.* വിദ്യാഭ്യാസമില്ലാത്ത, പഠിക്കാത്ത; അശിക്ഷിതമായ.

**Un-ef-fāced′** (-fāst′), *a.* മായാത്ത; 2. മറക്കാത്ത, വിസ്മരിക്കാത്ത.

**Un-ef-fee′tū-al,** *a., s. a.* Ineffectual, *s. u.* Ineffective. [*etc.*

**Un-elas′tie,** *etc., s. a.* Inelastic,

**Un-el′e-gant,** *a., s. a.* Inelegant.

**Un-el′i-gi-ble,** *a., s. a.* Ineligible.

**Un-em-bar′rassed** (-bar′rast), *a.* അമ്പരപ്പില്ലാത്ത, അന്ധാളിക്കാത്ത, അനാകുലമായ; 2. കടമില്ലാത്ത. **=bar′rass-ment,** *n.* അനാകുലത; മനഃസ്വസ്ഥത; കടമില്ലായ്മ.

**Un-em-bod′ied** (-bod′id), *a.* ദേഹമില്ലാത്ത, അശരീരിയായ; 2. പട്ടാളംകെട്ടാത്ത.

**Un-em-pir′i-eal-ly,** *ad.* പരിചയത്താലല്ലാത്തതായി, തഴക്കത്താലല്ലാത്തതായി.

**Un-em-ployed′** (-ploid′), *a.* പ്രവൃത്തിയില്ലാത്ത; 2. മുടക്ക് മുതലായ. **the u.** പ്രവൃത്തികിട്ടാത്തവര്, പണിയില്ലാത്തവര്.

**Un-en-eum′bĕr,** *v. t.* ഭാരംതീർക്കുക; 2. കാണം വീട്ടുക, പണയകടം തീർക്കുക. **=′bĕred** (-′bĕrd), *a.* ഭാരം ഇല്ലാത്ത, ഉപദ്രവം—; (ഭൂസ്വത്ത്) കടംചുമക്കാത്ത, കാണം ഇല്ലാത്ത, പണയം—.

**Un-end′ing,** *a.* തീരാത്ത, ഒടുങ്ങാത്ത; 2. അനന്തമായ; നിത്യമായ.

**Un-en-dowed′** (-dowd′), *a.* കിട്ടാത്ത, ലഭിക്കാത്ത; 2. വരം ഇല്ലാത്ത; 3. ദാനസ്വത്ത്—.

**Un-en-dū′ra-ble,** *a.* സഹിക്കാവതല്ലാത്ത, അസഹ്യമായ, ദുസ്സഹനീയമായ. **=bly,** *ad.* സഹിക്കവഹിയാതെ, ദുസ്സഹമായി.

**Un-en-gāged′** (-gājd′), *a.* പ്രവൃത്തിയില്ലാത്ത; ഒഴിവുള്ള, നേരമുള്ള; 2. വിവാഹത്തിന്ന് നിശ്ചയിക്കാത്ത.

**Un-en′glish** (-in′glish), *a.* ശരിയായ ഇംഗ്ലീഷല്ലാത്ത.

**Un-en-light′ened** (-līt′nd), *a.* ബുദ്ധിക്ക് തെളിവ് വരാത്ത; 2. അറിവില്ലാത്ത, അജ്ഞാനമുള്ള; 3. വിദ്യാഭ്യാസമില്ലാത്ത; 4. പരിഷ്കാരം വരാത്ത.

**Un-en-tan′gle,** *v. t.* കുടുക്ക് തീർക്കുക.

**Un-en-tĕr-tāin′ing,** *a.* രസമില്ലാത്ത, വിരസമായ; 2. ആതിഥ്യമില്ലാത്ത, സല്ക്കാരശീലമില്ലാത്ത.

**Un-en-tīt′led** (-tīt′ld), *a.* അവകാശം ഇല്ലാത്ത; 2. അർഹത—, അധികാരം—.

**Un-en′vi-a-ble,** *a.* അസൂയക്ക് ഇടയില്ലാത്ത; 2. എല്ലാവരും ഒഴിഞ്ഞ് കളയുന്ന, ആർക്കുംവേണ്ടാത്ത; 3. വിഷമമുള്ള; 4. കാമ്യമല്ലാത്ത. **=en′vied** (-en′vid), *a.* ആരും അസൂയപ്പെടാത്ത. **=en′vi-ōus,** *a.* അസൂയയില്ലാത്ത, അസൂയപ്പെടാത്ത.

**Un-ē′qual** (-ē′kwol), *a.* നിരപ്പില്ലാത്ത, ഒപ്പമല്ലാത്ത; അതുല്യമായ; 2. ക്രമപ്പെടാത്ത; 3. വ്യത്യാസമുള്ള; 4. അനീതിയായ, അന്യായമായ, പാരപക്ഷമുള്ള; 5. ഏകരീതിയല്ലാത്ത; 6. പോരാത്ത, പററാത്ത, മതിയാകാത്ത; 7. താണ. **=ē′qualed, =ē′qualled** (-ē′kwold), *a.* അതുല്യമായ; ക്രമമില്ലാത്ത; എത്താത്ത, പോരാത്ത; കവിഞ്ഞ, മുന്തിനില്ക്കുന്ന. **-ly,** *ad.* അതുല്യമായി, സമമാകാതെ. **-ness,** *n.* അതുല്യത, ഏറക്കുറവ്, വ്യത്യാസം.

**Un-eq′ui-ta-ble** (-ek′wi-), *a.*, *s. a.* Inequitable.

**Un-e-quiv′ō-cal** (-kwiv′ō-), *a.* ഉ ഭയാൎത്ഥമില്ലാത്ത, സ്പഷ്ടം ആയ, നിസ്സംശ യം—, നേര്—. -ly, *ad.* നേരായി, വ്യ ക്തമായി. -ness, *n.* പരമാൎത്ഥം.

**Un-er′riṅg**, *a.* തെററാത്ത, പിഴക്കാ ത്ത; അബദ്ധം വരാത്ത; 2. നിശ്ചയം ആ യ, സ്ഥിരം—, സഫലം—, സാദ്ധ്യകരം—. -ly, *ad.* തെററായി.

**Un-es-sen′tial** (-sen′shal), *a.* കാൎയ്യ മല്ലാത്ത, അകാൎയ്യമായ, മുഖ്യം അല്ലാത്ത, അത്യാവശ്യം—; 2. നിസ്സത്വമായ. *n.* അപ്രധാനകാൎയ്യം, ചില്ലറ, പൊരുളില്ലാ ത്തത്, അത്യാവശ്യമല്ലാത്തത്. -ly, *ad.* അപ്രധാനമായി, അത്യാവശ്യമില്ലാതെ.

**Un-es-tab′lish**, *v. t.*, *s. a.* Disestablish.

**Un-ē′ven** (-ē′vn), *a.* നിരപ്പല്ലാത്ത, വിതാനം ഒക്കാത്ത, കുന്നും കുഴിയും ഉള്ള; 2. ഒര് പോലെയില്ലാത്ത; 3. പരുപരുപ്പു ള്ള, കൎക്കശം ആയ; 4. അതുല്യം—; 5. ഇര ട്ടയല്ലാത്ത, ഒററ ആയ, വിഷമസംഖ്യ—. -ly, *ad.* പരുപരുപ്പായി. -ness, *n.* ക ൎക്കശത്വം.

**Un-ex-act′** (-egs-akt′), *a.*, *s. a.* Inexact.

**Un-ex-am′ined** (-egz-am′ind), *a.* പ രീക്ഷിക്കാത്ത; പരീക്ഷ കഴിയാത്ത; 2. വി ചാരണ—; 3. പരിശോധിക്കാത്ത.

**Un-ex-am′pled** (-egz-am′pld), *a.* അ തുല്യം ആയ, അസാധാരണം—, അപൂ ൎവ്വം—, നിസ്തുലം—.

**Un-ex-cep′tiōn-a-ble** (-ek-sep′shun-), *a.* നിരാക്ഷേപം ആയ, വിശേഷം—, ഉ ത്തമം—, നല്ല. -ness, *n.* നിരാക്ഷേപ്യ ത. =bly, *ad.* നിരാക്ഷേപമായി.

**Un-ex-cep′tive** (-ek′sep-), *a.* ഒഴി ഞ്ഞ് പോകാത്ത, ഒഴിവാകാത്ത.

**Un-ex-cū′sa-ble**, *a.*, *s. a.* Inexcusable.

**Un-ex-haust′i-ble**, *a.*, *s. a.* Inexhaustible, *s. u.* Inexhausted. =haust′ed, *a.*, തീരാത്ത, ചെലവാകാത്ത.

**Un-ex-pand′ed**, *a.* പരക്കാത്ത, വി സ്താരമാകാത്ത; വിടരാത്ത, വികസിക്കാത്ത.

**Un-ex-pec′ted**, *a.* കാത്തിരിക്കാത്ത; 2. പെട്ടന്നുള്ള, പൊടുന്നനവെയുള്ള, അ കസ്മാത്തായ, ആകസ്മികമായ. -ly, *ad.* പെട്ടന്ന്, നിനയാത്ത നേരം. -ness, *n.* ആകസ്മികത്വം.

**Un-ex-pen′sive**, *a.*, *s. a.* Inexpensive.

**Un-ex-pē′ri-enced** (-enst), *a.* പരി ചയമില്ലാത്ത, ശീലംവരാത്ത; 2. പരീ ക്ഷിച്ച് നോക്കാത്ത.

**Un-ex-plāined′** (-plānd′), *a.* ആരും തെളിയിക്കാത്ത; 2. മനസ്സിലാകാത്ത.

**Un-ex-pres′si-ble**, =pres′sive, *a.*, *s. a.* Inexpressible.

**Un-ex-plōred′** (-plōrd′), *a.* നോക്കി യറിയാത്ത, സഞ്ചരിച്ച് കാണാത്ത; 2. പ രിശോധിക്കാത്ത, അറിയാത്ത.

**Un-ex-tin′guish-a-ble**, *a.*, *s. a.* Inextinguishable.

**Un-fāce′**, *v. t.* മൂട് പടം എടുക്കുക; 2. ഛന്നവേഷം നീക്കുക; 3. തുറന്ന് കാ ണിക്കുക.

**Un-fā′ded**, *a.* വാടാത്ത. =fā′diṅg, *a.* വാടിപ്പോകാത്ത.

**Un-fāil′iṅg**, *a.* തീന്ന് പോകാത്ത; സമൃദ്ധിയായ; സീമയില്ലാത്ത; 2. തോ ല്ക്കാത്ത; 3. നിശ്ചയമുള്ള, ഉറപ്പുള്ള. -ly, *ad.* ക്ഷയിക്കാതെ; തോല്ക്കാതെ. -ness, *n.* അക്ഷയം, ജയം.

**Un-fāint′iṅg**, *a.* മോഹാലസ്യപ്പെടാ ത്ത; 2. തളരാത്ത.

**Un-fāir′**, *a.* ന്യായം അല്ലാത്ത, പര മാൎത്ഥം—; 2. ഉപായമായ; 3. ഭാഗം നോ ക്കുന്ന, പക്ഷംചെയ്യുന്ന. -ly, *ad.* നീ തികേടായി, പക്ഷഭേദമായി. -ness, *n.* അന്യായം, നീതികേട്, പാരപക്ഷം, പക്ഷഭേദം.

**Un-fāith′fụl**, *a.* അവിശ്വാസ്യതയുള്ള, നേര് കെട്ട; 2. വാക്കിന്ന് നേരില്ലാത്ത; വാഗ്ദത്തലംഘിയായ; 3. വിശ്വാസവഞ്ച നയുള്ള; 4. സ്വാമിഭക്തി ഇല്ലാത്ത; 5. പാതിവ്രത്യം—, പത്നിവ്രത്യം—; 6. അവി

ശ്വാസിയായ. -ly, *ad.* അവിശ്വാസ്യത യോടെ. -ness, *n.* അവിശ്വാസ്യത.

**Un-fal'eā-ted**, *a.* അററം വളയാത്ത; 2. കുറയാത്ത, ചുരുങ്ങാത്ത, 'കമ്മി'യില്ലാത്ത.

**Un-fal'li-ble**, *a.*, *s. a.* **Infallible.**

**Un-fal'tĕr-ing**, *a.* ക്രുശാത്ത, ശങ്കിക്കാത്ത; 2. അസാദ്ധ്യമാകാത്ത.

**Un-fa-mil'iar** (-mil'yĕr), *a.* പരിചയം ഇല്ലാത്ത, ശീലം—; 2. നടപ്പല്ലാത്ത.

**Un-fash'iŏn-a-ble**, *a.* നടവടി തെററിയ, വഴക്കമല്ലാത്ത, ആചാരവിരുദ്ധമായ, അനാചാരമായ, നടപ്പല്ലാത്ത.

**Un-fast'en** (-fas'n), *v. t.* അഴിച്ച് വിടുക; 2. കെട്ടഴിക്കുക, അഴിക്കുക.

**Un-fāth'ĕred** (-fäth'ĕrd), *a.* അച്ഛനില്ലാത്ത; 2. അത്ഭുതജനനമായ; 3. കൌലടയനായ, ജാരജനായ. =**fāth'ĕr-ly**, *ad.* പിതൃഭാവം ഇല്ലാത്ത, വാത്സല്യം—.

**Un-fath'ŏm-a-ble**, *a.* നില കാണാത്ത, ആഴം—, അടി—; അഗാധമായ. =**bly**, *ad.* അഗാധമായി.

**Un-fā'vŏr-a-ble**, =**fā'vŏur-a-ble**, *a.* അനുകൂലമല്ലാത്ത, അനനുകൂലം ആയ, പ്രതികൂലം—, എതിര്—, വിരോധം—; 2. അശുഭം—. =**bly**, *ad.* പ്രതികൂലമായി.

**Un-feath'ĕr** (-fĕth'ĕr), *v. t.* തൂവല് പറിക്കുക, തൊപ്പ കളയുക. =**feath'ĕred** (-fĕth'ĕrd), *a.* തൂവലില്ലാത്ത (*z.*).

**Un-fēa'tūred** (-fē'tūrd), *a.* വിരൂപം ആയ, കുരൂപം—.

**Un-fed'**, *a.* തിന്മാൻ കൊടുക്കാത്ത; തീററി—; 2. പട്ടിണിയിട്ട.

**Un-fēel'ing** (-fēl'ing), *a.* സ്പർശനം ഇല്ലാത്ത, തൊട്ടറിവ്—; 2. സ്നേഹം—, ദയ—, പരിതാപം—, അയ്യോഭാവം—. -ly, *ad.* കൃപയില്ലാതെ. -ness, *n.* നിഷ്ഠുരത്വം, മനഃകാഠിന്യം.

**Un-feigned'** (-fānd'), *a.* നാട്യമല്ലാത്ത, നിർവ്യാജമായ; 2. യഥാർത്ഥമായ, സാക്ഷാലുള്ള, വാസ്തവമായ. -ly, *ad.* നിഷ്കപടമായി. -ness, *n.* യഥാർത്ഥത, പരമാർത്ഥം.

**Un-fel'lōw** (-lō), *v. t.* ചങ്ങാതിത്വം വിടുത്തുക, തമ്മിൽ ഭേദിപ്പിക്കുക. -ed, *a.* കൂട്ടില്ലാത്ത, ഇണയില്ലാത്ത.

**Un-fem'i-nine**, *a.* സ്ത്രീസ്വഭാവം ഇല്ലാത്ത; 2. സൌമ്യത—, 3. രാക്ഷസിയായ; 4. മര്യാദയില്ലാത്ത.

**Un-fence'**, *v. t.* വേലി നീക്കുക, —പൊളിക്കുക. =**fenced'** (-fenst'), *a.* വേലി ഇല്ലാത്ത, —കെട്ടാത്ത.

**Un-fĕr-ment'ed**, *a.* പുളിക്കാത്ത; 2. നുരക്കാത്ത. [2. തരിശായ.

**Un-fĕr'tile**, *a.* വളപ്പുഷ്ടിയില്ലാത്ത;

**Un-fet'tĕr**, *v. t.* ചങ്ങലയഴിക്കുക, ബന്ധനം നീക്കുക; 2. സ്വാതന്ത്ര്യപ്പെടുത്തുക.

**Un-fil'i-al**, *a.* മക്കൾക്കു പററാത്ത, പുത്രഭാവമില്ലാത്ത; 2. അനുസരണംകെട്ട. -ly, *ad.* അനുസരണക്കേടായി.

**Un-fin'ished** (-'isht), *a.* തീരാത്ത, പൂർത്തിയാകാത്ത, അപൂർണ്ണമായ; പണി തീരാത്ത.

**Un-fit'**, *v. t.* പററാതെ ആക്കുക, കൊള്ളരുതാതെ—, അയോഗ്യം—, പ്രാപ്തി കെടുക്കുക. *a.* പററാത്ത, കൊള്ളാത്ത. -ly, *ad.* പററാതെ. -ness, *n.* അയോഗ്യത, അനൌചിത്യം.

**Un-fix'**, *v. t.* ഇളക്കുക, പൊരിക്കുക; 2. വെള്ളം ആക്കുക, നീര്—, ദ്രാവകം—. -**fixed'** (-fikst'), *a.* ഉറപ്പില്ലാത്ത, നിശ്ചയമില്ലാത്ത; നിശ്ചയിക്കാത്ത.

**Un-flag'ging**, *a.* ധൈര്യക്കേടില്ലാത്ത, ധീരത കുറയാത്ത; 2. ക്ഷീണിക്കാത്ത.

**Un-fledġed'** (-flejd'), *a.* തൂവല് വരാത്ത (*z.*); 2. വളർച്ചതികയാത്ത, പ്രായമാകാത്ത.

**Un-flesh'**, *v. t.* മാംസം ഇല്ലാതാക്കുക, മെലിച്ചല് വരുത്തുക, എല്ലും തോലും ആക്കുക. -ly, *ad.* ജഡികമല്ലാത്ത, ആത്മികമായ.

**Un-flex'i-ble**, *a.*, *s. a.* **Inflexible.**

**Un-flinch'ing**, *a.* പിൻവാങ്ങാത്ത, വിട്ടുകൊടുക്കാത്ത. -ly, *ad.* പിൻവാങ്ങാതെ.

**Un-flow'er** (-flow'r), *v. t.* പൂക്കൾ പറിച്ച് കളയുക, പുഷ്പരഹിതമാക്കുക.

**Un-fōld'**, *v. t.* മടക്ക് നിവിർത്തുക, വിടർത്തുക, വിരിക്കുക; 2. തുറക്കുക; 3. വെളിവാക്കുക, തെളിയിക്കുക; 4. ആലയിൽ നിന്ന് പുറത്താക്കുക. *v. i.* തുറക്കുക, പരന്ന് വരിക, തെളിവായി—. **-ĕr**, *n.* തെളിയിക്കുന്നവൻ. **-ment**, *n.* വികാസം, വിടർച്ച.

**Un-fōre-sēe'**, *v. t.* മുൻകാണാതിരിക്കുക. **-a-ble**, *a.* മുമ്പ് കൂട്ടി കാണ്മാൻ പാടില്ലാത്ത. **=sēen'**, *a.* മുൻകാണാത്ത, നിനയാത്ത.

**Un-fōre'skinned** (-fōr'skind), *a.* ചേലചെയ്യ, പരിച്ഛേദന—, സുന്നത്തുള്ള (*M.*).

**Un-for-get'ta-ble**, *a.* മറക്കുവാൻ കഴിയാത്ത, ഓർമ്മനില്ക്കുന്ന. **=got'ten**, *a.* മറക്കാത്ത, വിസ്മരിക്കാത്ത.

**Un-for-giv'en**, *a.* ക്ഷമകിട്ടാത്ത. **=giv'ing**, *a.* ക്ഷമിക്കാത്ത, മാപ്പ് കൊടുക്കാത്ത.

**Un-form'**, *v. t.* ആകൃതികെടുക്കുക, രൂപം ഇല്ലാതാക്കുക; 2. ഇല്ലാതെയാക്കുക. **=formed'** (-fạrmd'), *a.* ഉരു ആകാത്ത; ഭാഷ—; രൂപമില്ലാത്ത; അഴിഞ്ഞ് പോയ; ആകൃതിപ്പെടാത്ത (*biol.*). u.d stars ഗണത്തിൽ പെടാത്ത നക്ഷത്രം, അഗണനക്ഷത്രം (*as.*).

**Un-for'ti-fīed**, *a.* കോട്ടകെട്ടാത്ത, കൊത്തളം ഇല്ലാത്ത; 2. ഉറപ്പ്—; 3. രക്ഷ—.

**Un-for'tū-nāte**, *a.* ഭാഗ്യംകെട്ട, നിർഭാഗ്യമുള്ള, ഗ്രഹപ്പിഴയുള്ള; 2. ആപല്ക്കരമായ, ആപന്നമായ, അരിഷ്ടതയുള്ള. *n.* നിർഭാഗ്യശാലി, ദുർഭഗൻ. **-ly**, *ad.* നിർഭാഗ്യവശാൽ. **-ness**, *n.* നിർഭാഗ്യം, ദൌർഭാഗ്യം.

**Un-found'ed**, *a.* സ്ഥാപിച്ചിട്ടില്ലാത്ത; 2. അടിസ്ഥാനം ഇല്ലാത്ത; ആധാരാ—; 3. വെറുതെയുള്ള; 4. കള്ള. **-ly**, *ad.* ആധാരമില്ലാതെ, വെറുതെ.

**Un-frāme'**, *v. t.* ചട്ടത്തിൽനിന്ന് പുറത്തെടുക്കുക.

**Un-fraught'** (-frạt'), *a.* ഭാരം ചുമക്കാത്ത; 2. ഭാരം ഇറക്കിയ.

**Un-frēe'**, *a.* സ്വാതന്ത്ര്യമില്ലാത്ത; 2. ബന്ധനത്തിൽ ഇരിക്കുന്ന, ബദ്ധനായ.

**Un-frē'quent**, *a.* അപൂർവ്വമായ, ദുർല്ലഭമായ. **=frē'quen-cy**, *n.*, *s. a.* **Infrequency**, *s. u.* **Infrequent.** **-'ed**, *a.* ജനസഞ്ചാരമില്ലാത്ത, പോക്ക് വരവില്ലാത്ത, ഏകാന്തമായ, നിർജ്ജനമായ.

**Un-friend'** (-frend'), *n.* സ്നേഹിതനല്ലാത്ത, ശത്രുവായ. **-ed**, *a.* സഖി ഇല്ലാത്ത, തുണ—. **-li-ness, -ship**, *n.* അമൈത്രി, നിസ്സ്നേഹം, ശത്രുത, ശത്രുത്വം. **-ly**, *ad.* സ്നേഹാചാരമില്ലാത്ത; ശത്രുത്വമുള്ള, വിരോധമുള്ള; അനനുകൂലമായ.

**Un-frock'**, *v. t.* അങ്കി എടുത്ത് കളയുക; 2. ബോധകസ്ഥാനത്തിൽനിന്ന് നീക്കുക.

**Un-fruit'ful**, *a.* അഫലമായ, കായ്ക്കാത്ത; 2. സന്താനമില്ലാത്ത, പെറാത്ത, മച്ചിയായ; 3. ഫലപുഷ്ടിയില്ലാത്ത, തരിശായ; 4. നിഷ്ഫലമായ. **-ly**, *ad.* അഫലമായി. **-ness**, *n.* അഫലത്വം; നിഷ്ഫലത്വം.

**Un-ful-filled'** (-fild'), *a.* നിവൃത്തിയാകാത്ത; 2. നിവൃത്തിക്കാത്ത.

**Un-fūmed'** (-fūmd'), *a.* പുകയേല്പിക്കാത്ത; 2. പുകയിക്കാത്ത.

**Un-furl'** (-fĕrl'), *v. t.* & *i.* വിരിക്കുക, വിടർത്തുക; 2. പറപ്പിക്കുക.

**Un-fur'nish** (-fĕr'nish), *v. t.* (വീട്ടിൽ നിന്ന്) സാമാനം എടുത്ത് കളയുക; 2. എത്തിച്ച് കൊടുക്കാതിരിക്കുക, കൊടുക്കാതിരിക്കുക. **-'nished** (-'nisht), *a.* വീട്ട് സാമാനമില്ലാത്ത.

**Un-fū's̤i-ble**, *a.*, *s. a.* **Infusible**, *s. u.* **Infuse.**

**Un-gāin'ly**, *a.* ഭംഗികേടായ, ചന്തമില്ലാത്ത, തിറം കെട്ട, പാങ്ങ് കേടായ; കോലം കെട്ട, മൊഞ്ചില്ലാത്ത; 2. മട്ടിപ്പണിയായ, പടുപണിയായ. *ad.* തിറമില്ലാതെ. **=gāin'ness**, *n.* ഭംഗികേട്, തിറമില്ലായ്മ, പാങ്ങില്ലായ്മ.

**Un-geld′**, *n.* രാജ്യഭ്രഷ്ടൻ, നിയമരക്ഷാഭ്രഷ്ടൻ.

**Un-ġen′ĕr-ŏus**, *a.* ഉദാരത ഇല്ലാത്ത, ഔദാൎയ്യശീലം—, ധൎമ്മിഷ്ഠനല്ലാത്ത, കൃപണനായ, ലുബ്ധുള്ള, ഈററയുള്ള, പിശുക്കനായ; 2. നിൎദ്ദയമായ; 3. മാനംകെട്ട, അപമാനകരമായ. **-ly**, *ad.* ദയയില്ലാതെ, ഈററയോടെ.

**Un-ġē′ni-al**, *a.* ഒക്കാത്ത, പററാത്ത, അഹിതമായ; 2. പ്രകൃതം അല്ലാത്ത, സഹജം—.

**Un-ġen′i-tūred** (-tūrd), *a.* ഉല്പാദകേന്ദ്രിയരഹിതമായ, നപുംസകത്വമുള്ള; 2. ധാതുബലമില്ലാത്ത.

**Un-ġen′tle**, *a.* നയഭാവം ഇല്ലാത്ത, സൌമ്യത—, സാത്വികത്വം—; 2. കൎക്കശഭാവമുള്ള; 3. (നല്ല) തറവാടിയല്ലാത്ത, ശ്രീത്വം ഇല്ലാത്ത. **-man-līke, -man-ly**, *a.* യോഗ്യന്മാൎക്ക് പററാത്ത, തറവാടികൾക്ക്—; ശ്രീമാനല്ലാത്ത; നിൎമ്മൎയ്യാദമായ. **-ness**, *n.* സൌമ്യതയില്ലായ്മ, മൂഢത, രൂക്ഷത. **=ġent′ly**, *ad.* നിൎദ്ദയമായി, ക്രൂരതയോടെ.

**Un-gift′ed**, *a.* വരപ്രാപ്തിയില്ലാത്ത.

**Un-ġird′**, *v. t.* അരപ്പട്ട അഴിക്കുക; 2. കെട്ടഴിക്കുക; 3. ചുമടിറക്കുക.

**Un-glāze′**, *v. t.* കണ്ണാടി നീക്കുക; 2. കവിടി നീക്കുക, മിനുസം കളയുക.

**Un-glō′ri-fȳ**, *v. t.* മഹത്വം ഇല്ലാതാക്കുക.

**Un-glŏve′**, *v. t.* കയ്യുറ ഊരുക.

**Un-glūe′**, *v. t.* പശ നീക്കുക, പററ് നീക്കുക; 2. തുറക്കുക.

**Un-god′**, *v. t.* ദിവ്യത്വം ഇല്ലാതാക്കുക; 2. നിരീശ്വരമാക്കുക. **-li-ness**, *n.* അഭക്തി, ഭക്തികേട്; നിരീശ്വരത്വം. **-li-ly**, *ad.* ദൈവഭക്തിയില്ലാതെ. **-ly**, *a.* ദൈവഭക്തി ഇല്ലാത്ത, ദൈവഭയം—, ഈശ്വരഭക്തി—; ഭക്തികെട്ട, ദുഷ്ടതയുള്ള.

**Un-gŏv′ĕrn-a-ble**, *a.* അടക്കുവാൻ കഴിയാത്ത, കീഴടങ്ങാത്ത, കീഴമൎത്താവതല്ലാത്ത, ഒതുങ്ങാത്ത; 2. താന്തോന്നിത്വം ഉള്ള, തന്നിഷ്ടം—. **=bly**, *ad.* ഒതുക്കുവാൻ കഴിയാതെ, അടക്കമില്ലാതെ.

**Un-gown′**, *v. t.*, *s. a.* **Unfrock.**

**Un-grāce′fu̦l**, *a.* ചന്തമില്ലാത്ത, ഭംഗികെട്ട, കോലംകെട്ട, അഴകില്ലാത്ത, മോടിയില്ലാത്ത, പാങ്ങ്കേടായ, ലക്ഷണംകെട്ട. **-ly**, *ad.* ഭംഗികേടായി, ചേലില്ലാതെ (*N.*). **-ness**, *n.* പാങ്ങില്ലായ്മ, സൌന്ദൎയ്യക്കുറവ്, അഭംഗി, ലക്ഷണക്കേട്.

**Un-grā′ciŏus** (-grā′shus), *a.* ദയ ഇല്ലാത്ത, കൃപ—; 2. പ്രസന്നത—, പ്രസാദം—; വെറുപ്പുള്ള, അനിഷ്ടമായ. **-ly**, *ad.* വെറുപ്പോടെ; നിൎദ്ദയമായി. **-ness**, *n.* നിൎദ്ദയത്വം; രസക്കേട്, ദുൎമ്മുഖം.

**Un-grāte′fu̦l**, *a.* നന്ദികെട്ട, അറിവ്കെട്ട, കൃതജ്ഞതയില്ലാത്ത, കൃതഘ്നതയുള്ള; 2. വെറുപ്പുള്ള, രസമില്ലാത്ത, ഒക്കാത്ത, പററാത്ത, കഠോരമായ, കൎക്കശമായ. **-ly**, *ad.* അറിവ്കേടോടെ, ഉപകാരസ്മരണയില്ലാതെ. **-ness**, *n.* നന്ദികേട്; കൎക്കശത്വം.

**Un-ground′ed**, *a.* കഴിയാട്ട ഇല്ലാത്ത, അസ്ഥിവാരം—; 2. ആധാരം—, കററി—, തുമ്പില്ലാത്ത.

**Un-grudġed′** (-grujd′), *a.* പിറുപിറുപ്പ് ഇല്ലാത്ത, വേദന—, മനസ്സുകേട്—; 2. ഔദാൎയ്യത്തോടെ കൊടുത്ത. **=grudġ′-iṅg**, *a.* ഔദാൎയ്യമനസ്സുള്ള, ധാരാളശീലമുള്ള, ധൎമ്മിഷ്ഠനായ. **=grudġ′iṅg-ly**, *ad.* പിറുപിറുപ്പില്ലാതെ; വേദനതോന്നാതെ; മനഃപൂൎവ്വമായി; ഔദാൎയ്യമായി.

**Un-guärd′ed** (-gärd′ed), *a.* കാവലില്ലാത്ത; 2. ജാഗരിച്ചിരിക്കാത്ത. **-ly**, *ad.* ജാഗ്രതയില്ലാത്ത.

**Uṅ′gual**, *a.*, *s. u.* **Unguis.**

**Uṅ′guent**, *n.* കഴമ്പ്, ലേപനം. **=tar-y, -′ŏus, uṅ′guin-ŏus**, *a.* നെയ്യുള്ള; സ്നിഗ്ദ്ധമായ; കഴമ്പായ, ലേപനമായ.

**Uṅ′guis** (*pl.* **uṅ′guēs̱**), *n.* നഖം (*z.*); 2. കുളമ്പ്, ഖുരം (*z.*). **uṅ′gū-la** (*pl.* **uṅ′gū-læ**), *n.* നഖം (*z.*); കുളമ്പ്; ഖുരപിണ്ഡം (*geom.*). **spherical u.a** ഗോളഖുരപിണ്ഡം (*geom.*). **uṅ′gual, =′gue-al, =′gui-cal, =gui-c′ū-lar, uṅ′gū-lar**, *a.* നഖമുള്ള (*z.*); കുളമ്പുള്ള

(z.); നഖംസംബന്ധിച്ച. =guic-u-lā'-ta, n. pl. നഖമൃഗവൎഗ്ഗം (z.). =guic'-ū-lāte, n. നഖം (z.). =guic'ū-lāte, =guic'ū-lāted, a. നഖമുള്ള. =guif'-ĕr-ŏus, a. നഖജനകമായ; നഖാധാരമായ. uṅ-gū-lā'ta, n. pl. ഖുരമൃഗവൎഗ്ഗം (z.). uṅ'gū-lāte, n. ഖുരമൃഗം, കുളമ്പുള്ളമൃഗം (z.). a. കുളമ്പുള്ള, ഖുരമുള്ള; കുളമ്പാകൃതിയായ. uṅ'gū-li-grāde, a. കുളമ്പുള്ള; കുളമ്പ് കൊണ്ട് നടക്കുന്ന. uṅ'gū-lŏus, a. കുളമ്പുള്ള; കുളമ്പാകൃതിയായ.

Un-hāir', v. t. രോമം കളയുക; മുടി—.

Un-hal'lōw (-'lō), v. t. അശുദ്ധമാക്കുക, തീണ്ടുക. =hal'lōwed (hal-lōd'), a. പ്രതിഷ്ഠിക്കാത്ത; അശുദ്ധമായ, അപവിത്രമായ; ഭക്തികെട്ട; ദുഷ്ടതയുള്ള.

Un-hand', v. t. കൈവിടുക, പിടിത്തം വിടുക, വിട്ട് കളയുക, ഇളക്കിക്കളയുക. -sŏme, a. സൌന്ദൎയ്യം ഇല്ലാത്ത, അഴക്—, മോടി—; സാധാരണം ആയ; ഹീനം—, നീചം—. -sŏme-ly, ad. ഭംഗിയില്ലാതെ, ചന്തമില്ലാതെ. -sŏme-ness, n. സൌന്ദൎയ്യമില്ലായ്മ, ഭംഗികേട്. ='dy, a. പാങ്ങില്ലാത്ത; ഒതുക്കമില്ലാത്ത; വല്ലാത്ത. ='di-ly, ad. പാങ്ങില്ലാതെ, വല്ലാതെ.

Un-hap'py, a. ഭാഗ്യംകെട്ട, നിൎഭാഗ്യമുള്ള; 2. അരിഷ്ടതയുള്ള; 3. അനൎത്ഥം ആയ; 4. ദുഃഖകരം—, വ്യസനകരം—; 5. അശുഭം—, ഗ്രഹപ്പിഴയുള്ള. =hap'pi-ly, ad. നിൎഭാഗ്യവശാൽ, ഗ്രഹപ്പിഴകൊണ്ട്. =hap'pi-ness, n. നിൎഭാഗ്യം, ദൌൎഭാഗ്യം; ദുഃഖം; അനൎത്ഥം; കാലക്കേട്, ദുൎദ്ദശ.

Un-härmed' (-härmd'), a. ഊനമില്ലാത്ത; 2. കേട് പററാത്ത; 3. വേദന തട്ടാത്ത; 4. നഷ്ടം പററാത്ത.

Un-här-mō'ni-ŏus, a., s. a. Inharmonious, s. u. Inharmony.

Un-här'ness, v. t. (വണ്ടിക്ക് കെട്ടിയേടത്ത് നിന്ന്) കുതിരയെ അഴിക്കുക, കാളയെ—, കഴിക്കുക; 2. ആയുധം പററുക, നിരായുധനാക്കുക.

Un-hasp', v. t. കൊളുത്തഴിക്കുക; 2. തുറക്കുക.

Un-hat', v. t. & i. തൊപ്പിയെടുക്കുക; 2. വണക്കം കാട്ടുക; 3. വന്ദിക്കുക.

Un-health' (-helth'), n. സുഖക്കേട്, രോഗം. =heal'thy, a. സുഖക്കേടുള്ള, രോഗം പിടിച്ച; സുഖത്തിന്ന് പററാത്ത, സുഖകരമല്ലാത്ത. =heal'thi-ly, ad. സുഖമില്ലാതെ. =heal'thi-ness, n. സുഖക്കേട്; സുഖമില്ലായ്മ, അസുഖം.

Un-hĕard' (-hĕrd'), a. കേൾക്കാത്ത, ശ്രുതിഗോചരമാകാത്ത; 2. സമാധാനം ചോദിക്കാത്ത, ചോദ്യംചെയ്യാത്ത, വിചാരണ—; 3. പേര് കേൾക്കാത്ത, ശ്രുതി—; 4. വിശ്രുതനല്ലാത്ത, കീൎത്തിയില്ലാത്ത. u. of യാതൊര് വിവരവും അറിയാത്ത; ശ്രുതിപ്പെടാത്ത; പണ്ട് കേട്ടിട്ടില്ലാത്ത, അപൂൎവ്വമായ, നടപ്പല്ലാത്ത, കീഴ്ക്കൂട ഇല്ലാത്ത.

Un-hēed'ed, a. കൂട്ടാക്കാത്ത, ഗണ്യമാക്കാത്ത; 2. അലക്ഷ്യമാക്കിയ.

Un-heired' (un-ārd'), a. അവകാശികളില്ലാത്ത.

Un-helm', v. t. ചുക്കാൻ എടുത്ത് കളയുക; 2. ശിരസ്ത്രം നീക്കുക. -ed', a. ചുക്കാൻ ഇല്ലാത്ത; തലക്കോരിക—; ശിരസ്ത്രം ധരിക്കാത്ത. =hel'met, v. t. ശിരസ്ത്രം നീക്കുക.

Un-hes'i-tā-ting, a. മടിയില്ലാത്ത, മടിക്കാത്ത, ശങ്കയില്ലാത്ത, കുശലില്ലാത്ത; 2. ധൈൎയ്യമുള്ള. -ly, ad. ശങ്കിക്കാതെ, സംശയിക്കാതെ, മടികൂടാതെ.

Un-hewn' (-hūn'), a. (കല്ല്) ചെത്താത്ത; 2. പരുപരുപ്പുള്ള; 3. ഏങ്കോണിച്ച.

Un-hinġe', v. t. (വാതിലിന്റെ) തിരുകററിനീക്കുക, 'വിജാകരി' എടുത്തുകളയുക; 2. ഉന്തിപ്പൊളിക്കുക, പൊളിക്കുക; 3. (ബുദ്ധിക്ക്) സ്ഥിരക്കേട് വരുത്തുക, ഭ്രമം വരുത്തുക; 4. താറുമാറാക്കുക. -ment, n. മറിച്ച് കളയൽ; താറുമാറ്.

Un-hitch' (-hich'), v. t. കുടുക്ക് തീൎക്കുക; 2. കെട്ടഴിക്കുക, അഴിച്ച് വിടുക.

Un-hīve', v. t. (തേനീച്ചകളെ) കൂട്ടിൽനിന്ന് പുറത്താക്കുക; 2. (ജനക്കൂട്ടത്തിന്ന്) പാൎപ്പിടം ഇല്ലാതാക്കുക.

**Un-hōard′** (-hōrd′), *v. t.* ക്രമലിൽനിന്ന് കക്കുക; 2. മോഷ്ടിക്കുക, കളവ് ചെയ്യുക, ഇറുക്കുക.

**Un-hō′ly,** *a.* വിശുദ്ധമല്ലാത്ത, അശുദ്ധമായ; 2. പ്രതിഷ്ഠിക്കാത്ത; 3. വഷളായ, ദുഷ്ട. **=hō′li-ly,** *ad.* അശുദ്ധമായി; ഭക്തികേടായി. **=hō′li-ness,** *n.* അശുദ്ധി, അശൌചം; അഭക്തി; ദുഷ്ടത.

**Un-hon′est** (-on′est), *s. a.* **Dishonest.**

**Un-hon′ōured** (-on′ĕrd), *a.* ബഹുമാനം ഇല്ലാത്ത, പ്രസിദ്ധി—, കീർത്തി—.

**Un-hook′,** *v. t.* കൊക്ക അഴിക്കുക, കൊളുത്ത്—; 2. (മീനിൻെറ വായിൽനിന്ന്) ചൂണ്ടലെടുക്കുക.

**Un-hōped′** (-hōpt′), *a.* ആശിക്കാത്ത, കൊതിക്കാത്ത. **u. for** കാത്തിരിക്കാത്ത, ആശിക്കാത്ത, വിചാരിക്കാത്ത.

**Un-horse′,** *v. t.* കുതിരപ്പുറത്ത്നിന്ന് തള്ളിയിടുക; 2. —കിഴിക്കുക; 3. (വണ്ടിയിൽനിന്ന്) കുതിരയെ അഴിക്കുക.

**Un-hōsed′** (-hōzd′), *a.* കാലുറ ഇല്ലാത്ത, 'മേജോട്'—.

**Un-hos′pi-ta-ble,** *s. a.* **Inhospitable.**

**Un-house′,** *v. t.* പുരയിൽനിന്ന് കിഴിക്കുക, കുടിയിറക്കുക; 2. വാസസ്ഥലം ഇല്ലാതാക്കുക; 3. സങ്കേതം—. **=housed′** (-houzd′), *a.* കുടിയിറക്കിയ, പുരയൊഴിപ്പിച്ച; പാർപ്പിടമില്ലാതാക്കിയ; പുരയില്ലാത്ത, വീടില്ലാത്ത.

**Un-hū′man,** *s. a.* **Inhuman.**

**Un-hurt′** (-hĕrt′), *a.* അപായം വരാത്ത, മുറിപ്പെടാത്ത, മുറികുടുങ്ങാത്ത; 2. ഉപദ്രവം തട്ടാത്ത; നഷ്ടം സംഭവിക്കാത്ത, ചേതമില്ലാത്ത.

**Un-husked′** (-huskt′), *a.* തോലുരിക്കാത്ത, ഉരിക്കാത്ത, പൊളിക്കാത്ത; ഉമികളയാത്ത; 2. ഉരിച്ച, പൊളിച്ച; 3. തൊലിയില്ലാത്ത, മടലില്ലാത്ത; ഉമികളഞ്ഞ.

**Ū′ni,** *pf.* ഒന്ന്, ഒര്, ഒററ, ഏകം, ഏക; 2. ഒരിക്കൽ, ഒര് പ്രാവശ്യം.

**Ū′ni-at, =āte,** *n.* പാപ്പാധികാരത്തിന്ന് വഴിപ്പെട്ട ഗ്രീക്ക് സഭക്കാരൻ; —യവനസഭക്കാരൻ, —യാക്കോബായക്കാരൻ (*eccl.*).

**Ū-ni-cam′er-al,** *a.* ഏകാലോചനസഭയുള്ള, ഒര് ആലോചനസഭ മാത്രമുള്ള.

**Ū-ni-cap′sū-lar,** *a.* ഒററബീജകോശമുള്ള (*b.*).

**Ū-ni-car′i-nā-ted,** *a.* ഒററവരമ്പുള്ള; 2. ഒററപ്പാണ്ടിയുള്ള (*naut.*).

**Ū′ni-celled** (-seld), **=cel′lū-lar,** *a.* ഏകരന്ധ്രമുള്ള; ഒററയറയായ (*biol.*).

**Ū-ni-cen′tral,** *a.* ഏകവൃദ്ധികേന്ദ്രമുള്ള (*biol.*). **u. development** ഏകകേന്ദ്രവികാസം (*biol.*).

**Ū-nic′i-ty** (-nis′i-), *n.* ഐക്യം, സംയോഗം, ഏകീകരണം; 2. അതുല്യത.

**Ū′ni-corn,** *n.* ഒററക്കൊമ്പൻ, കാണ്ടാമൃഗം (*z.*); 2. കാട്ട്പോത്ത്, കാട്ടി (*Bl.*); 3. ഒര് വക വണ്ട് (*z.*); 4. (*also* **u.-bird**) കോഴികാപ്പൻപക്ഷി (*z.*). **u.-fish, u.-whale** കൊമ്പൻതിമിംഗലം (*z.*). **-ōus,** *a.* ഒററക്കൊമ്പുള്ള, ഒററക്കൊമ്പനായ (*z.*).

**Ū-ni-cos′tāte,** *a.* (ഇല) ഒററ ഞരമ്പുള്ള (*b.*).

**Ū-ni-dē′aed** (-dē′ad), **=dē′al,** *a.* ആലോചന ഇല്ലാത്ത, ബുദ്ധി—, ബുദ്ധികെട്ട; 2. ഭാവനയല്ലാത്ത; 3. വസ്തുതയായ.

**Ū-ni-di-men′siōn-al,** *a.* ഏകപരിണാമമുള്ള, നീളം മാത്രമുള്ള (*math.*).

**Un-id-i-o-mat′ic, =i-cal,** *a.* ഭാഷാസമ്പ്രദായവിരുദ്ധമായ, ഭാഷാരീതി തെററിയ, (ഭാഷ) നടപ്പല്ലാത്ത.

**Ū-ni′fic, =fi-cā′tiōn, =fī-ĕr,** *s. u.* [Unify.

**Ū-ni-fī′lar,** *a.* ഒററ നൂലുള്ള; 2. ഒററ കമ്പിയുള്ള; 3. ഒററച്ചരട്കൊണ്ടുള്ള. **u. magnetometer** കാന്തശക്തിമാപനയന്ത്രം (*ph.*).

**Ū-ni-flō′rōus,** *a.* ഒററപ്പൂവുള്ള (*b.*).

**Ū-ni-fō′li-āte,** *a.* ഒററയിലമാത്രമുള്ള, ഏകപത്രികമായ (*b.*).

**Ū′ni-form,** *a.* ഏകരീതിയായ, ഒരേ പ്രകാരമുള്ള; 2. ഭേദം ഇല്ലാത്ത, മാററം—; 3. ഏകാകൃതിയായ, ആകൃതിതുല്യതയുള്ള;

4. ഏകപ്രമാണാനുസാരമായ. **u. matter** തുല്യപദാൎത്ഥം. **u. motion** തുല്യചലനം. *n.* സ്ഥാനവസ്ത്രം, സ്ഥാനചമയം,. നിയമചമയം, ഉടുപ്പ്. **in full u.** നിയമചമയം ധരിച്ച, ഉടുപ്പിട്ട (*mil.*). **u. sword** നിയമവാള്. *v. t.* നിയമചമയം ധരിപ്പിക്കുക. =**for'mi-ty, -ness,** *n.* ഏകരീതിത്വം, ഭേദരഹിതത്വം, തുല്യത, സമത്വം; യോജിപ്പ്, ചേൎച്ച; ആചാരതുല്യത, പ്രമാണ—. **-ly,** *ad.* ഒരേപ്രകാരം, ഏകരീതിയായി, വ്യത്യാസമില്ലാതെ.

**Ū'ni-fȳ,** *v. t.* ഒന്നാക്കുക, ഏകോപിപ്പിക്കുക; ഏകീകരിക്കുക. =**ni'fie,** *a.* ഒന്നിക്കുന്ന, ഒരുമിക്കുന്ന, ഏകോപിക്കുന്ന. =**fi-cā'tiŏn,** *n.* ഏകീകരണം; സായൂജ്യം. =**fī-ĕr,** *n.* ഏകോപിപ്പിക്കുന്നവൻ.

**Ū-ni-ḡen'i-tūre,** *n.* ഏകജാതത്വം.

**Ū-niḡ'e-nŏus,** *a.* ഏകവൎഗ്ഗമായ, ഒരേജാതിയായ (*biol.*).

**Ū-ni-lat'ĕr-al,** *a.* ഏകഭാഗികമായ, ഒര് ഭാഗം മാത്രമുള്ള; 2. ഒര് ഭാഗത്ത് മാത്രമുള്ള (*biol.*). **u. contract** ഒര് കക്ഷി മാത്രം മേലാൽ നിവൃത്തിക്കേണ്ടുന്ന നിശ്ചയം, ഏകഭാഗനിശ്ചയം (*l.*).

**Ū-ni-lit'ĕr-al,** *a.* ഒരക്ഷരം മാത്രമുള്ള, ഏകാക്ഷരിയായ (*gr.*).

**Ū-ni-lō'bar,** *a.* ഒററ ഇതളുള്ള, ഏകദളമുള്ള (*b.*).

**Ū-ni-loc'ū-lar,** *a.* ഏകരന്ധ്രികമായ (*biol.*).

**Un-im-pāir'a-ble,** *a.* ദൂഷ്യംവരുത്തുവാൻ പാടില്ലാത്ത. =**pāired'** (-pārd'), *a.* കേട് പററാത്ത; ക്ഷീണംതട്ടാത്ത; തരക്കേടില്ലാത്ത; കുറയാത്ത.

**Un-im-pēach'a-ble** (-pēch'a-), *a.* നിരാക്ഷേപമായ; 2. കുററാരോപണം ചെയ്യാൻ കഴിയാത്ത; 3. അനിന്ദ്യമായ; 4. നിരപരാധിയായ. **-ness,** *n.* നിരാക്ഷേപ്യത. =**bly,** *ad.* നിരാക്ഷേപ്യമായി.

**Un-im-pē'ded,** *a.* തടസ്ഥമില്ലാത്ത.

**Un-im'pli-cāte,** *a.* ഉൾപ്പെടാത്ത, കുടുങ്ങാത്ത.

**Un-im-pōrt'ant,** *a.* മുഖ്യമല്ലാത്ത, അപ്രധാനമായ; 2. സാരമില്ലാത്ത, നിസ്സാരം ആയ, ശിഥിലം—, അല്പം—, ചെറിയ. =**pōrt'ance,** *n.* നിസ്സാരത്വം; അല്പത; ശിഥിലത്വം.

**Un-im-prö'va-ble,** *a.* നന്നാക്കുവാൻ കഴിയാത്ത; 2. ഗുണംവരുത്തുവാൻ സാധിക്കാത്ത. =**pröved'** (-prövd'), *a.* അഭിവൃദ്ധിവരാത്ത; ഗുണപ്പെടാത്ത, നന്നാകാത്ത; പ്രയോഗിക്കാത്ത, ഉപയോഗിക്കാത്ത; അനുഭവമില്ലാത്ത; അനുഭവങ്ങൾ വെച്ചുണ്ടാക്കാത്ത, കൃഷിചെയ്യാത്ത, കഴിക്കൂറ് ചമയങ്ങൾ ഉണ്ടാക്കാത്ത.

**Un-in-cum'bĕred** (-bĕrd), *a.* ഭാരപ്പെടുത്തീട്ടില്ലാത്ത; 2. കടംചുമക്കാത്ത, കാണം ഇല്ലാത്ത, പണയം— (*l.*). *see* **Unencumber.**

**Un-in-formed'** (-farmd'), *a.* അറിയാത്ത; 2. അറിവ് കിട്ടാത്ത; 3. പഠിപ്പില്ലാത്ത, അറിവില്ലാത്ത.

**Un-in-fring'i-ble,** *a.* അലംഘനീയമായ.

**Un-in-hab'i-ta-ble,** *a.* വാസത്തിന്ന് കൊള്ളാത്ത, പാൎപ്പിന്ന് പററാത്ത, താമസിപ്പാൻ തക്കതല്ലാത്ത. =**ted,** *a.* ആള് പാൎപ്പില്ലാത്ത; നിൎജ്ജനമായ; ശൂന്യമായ.

**Un-in-it'i-ā-ted** (-ish'i-), *a.* ആദ്യപാഠം പഠിക്കാത്ത; 2. പ്രവേശനം കഴിയാത്ത.

**Un-in'jụred** (-in'jụrd), *a.* അപകടം പററാത്ത, ഊനം തട്ടാത്ത, പരുക്കേല്ക്കാത്ത; 2. ചേതം പററാത്ത.

**Un-in-spīred'** (-spīrd'), *a.* ദൈവശ്വാസ്യം അല്ലാത്ത, ദൈവപ്രേരിതം—.

**Un-in-struct'ed,** *a.* അക്ഷരപരിജ്ഞാനമില്ലാത്ത, നിരക്ഷരകുക്ഷിയായ, പഠിപ്പില്ലാത്ത.

**Un-in-tel'li-ḡent,** *a.* ബുദ്ധി ഇല്ലാത്ത, ഗ്രാഹ്യം—, കാൎയ്യബോധം—, അവിവേകിയായ. =**ḡence,** *n.* ബുദ്ധിയില്ലായ്മ; അജ്ഞാനം. =**ḡi-ble,** *a.* തിരിയാത്ത, വ്യക്തിയില്ലാത്ത; അവ്യക്തമായ.

**Un-in-ten'tiŏn-al,** *a.* മനഃപൂൎവ്വകമല്ലാത്ത, ഭാവിക്കാത്ത, വേണമെന്ന് വെ

ച്ച് ചെയ്യാത്ത, കല്പിച്ച്കൂട്ടി—. -ly, *ad.* ഭാവിക്കാതെ, അറിയാതെ.

**Un-in'tĕr-est-ed,** *a.* രസം ഇല്ലാത്ത; 2. തേച്ച—, അവകാശം—; 3. സംബന്ധപ്പെടാത്ത.

**Un-in-tĕr-mis'siŏn** (-mish'un), *n.* ഒഴിവില്ലായ്മ; 2. ശമനമില്ലായ്മ.

**Un-in-tĕr-rup'ted,** *a.* ഇടവിടാത്ത, ഇടമുറിയാത്ത, മുടക്കം വരാത്ത, നിരന്തരമായ. -ly, *ad.* ഇടവിടാതെ, മുടങ്ങാതെ, എപ്പോഴും.

**Un-in-vī'ted,** *a.* ക്ഷണിക്കാത്ത, ക്ഷണം ഇല്ലാത്ത, ക്ഷണനം—. =vī'ting, *a.* മനോഹരമല്ലാത്ത, മോഹം തോന്നാത്ത.

**Ū'ni-ō,** *n.* ഓരിക്ക, ഉവക്ക (*z.*).

**Ū'ni-on** (*or* ūn'yun), *n.* ഒന്നിക്കൽ, ഒന്നിച്ച്കൂടൽ, സംയോജനം, ഏകീകരണം; 2. ഒരുമ, യോജിപ്പ്, ഐക്യം, സംയോഗം, കൂട്ടം; 3. ഐകമത്യം, ഏകമനസ്സ്, ഐക്യത, മനപ്പൊരുത്തം, മനോരഞ്ജന; ചേർച്ച, ഇണക്കം; 4. കൂട്ട്; 5. സമാജം, ഐക്യസംഘം, യോഗം; 6. (the) അമേരിക്കയിലെ ഐകമത്യസംസ്ഥാനം; 7. (പഞ്ഞ്, പട്ട്, രോമം മുതലായത് കൂട്ടിനെയ്ത) കൂട്ട്ശീല; 8. സംയോഗചിഹ്നകൊടി; 9. (*also* Act of U.) ഇംഗ്ലാണ്ട് സ്കോട്ട്ലാണ്ട് രാജ്യസംയോജനം (1707ൽ). u. down (കപ്പലിലെ) ആപൽചിഹ്നം, ആപൽക്കൊടി (*naut.*). u.-jack കപ്പല്ക്കൊടി (*naut.*). u. by the first intention പഴക്കാതെ മുറികൂടൽ (*surg.*). u. by the second intention പഴത്ത് മുറികൂടൽ (*surg.*). hypostatic u. ക്രിസ്തുവിന്റെ ദിവ്യമാനുഷസ്വഭാവച്ചേർച്ച, ദിവ്യത്വമാനുഷത്വസംബന്ധം (*theo.*). Latin U. ഏകനാണ്യോടമ്പടിരാജ്യങ്ങൾ. legislative u. ഗ്രേറ്റ്ബ്രിറ്റൻ ഐർലാണ്ട് രാജ്യസംയോജനം (1801ൽ). -ism, സംസ്ഥാനൈക്യത, സംസ്ഥാനൈക്യവാദം; സമാജവ്യവസ്ഥ. -ist, *n.* സംസ്ഥാനൈക്യവാദി; സമാജവാദി. -is'tic, *a.* സമാജസംബന്ധമായ; ഐക്യവർദ്ധകമായ.

**Ū-nip'a-rŏus,** *a.* (ഒരിക്കൽ) ഒര് കുട്ടിയെ മാത്രം പ്രസവിക്കുന്ന (*z.*); —ഒര് മുട്ട മാത്രം ഇടുന്ന. =nip'a-ra, *n.* ഒര് കുട്ടിയെ മാത്രം പ്രസവിച്ച സ്ത്രീ.

**Ū'ni-ped,** *a.* ഏകപാദത്തായ.

**Ū-ni-pĕr'sŏn-al,** *a.* ഏകമൂർത്തിയായ, ഏകമൂർത്തിത്വമുള്ള; 2. ഏകപുരുഷക്രിയയായ, അപുരുഷക്രിയയായ (*gr.*). -ist, *n.* ഏകമൂർത്തിത്വ(ദൈവ)വാദി (*theo.*).

**Ū-niph'ō-nŏus** (-nif'ō-nus), *a.* (വാദ്യം) ഏകനാദമുള്ള.

**Ū-nip'li-cāte,** *a.* ഒററമടക്കുള്ള.

**Ū-ni-pō'lar,** *a.* ഏകധ്രുവാഭിസാരിത്വമുള്ള (*ph.*); 2. ഏകപ്രവർത്തകമായ (*an.*).

**Ū-nīque'** (-nēk'), *a.* അദ്വിതീയം ആയ, അതുല്യം—, അനന്യം—; 2. അപൂർവ്വം—, അസാധാരണം—; 3. അതിവിശിഷ്ടം—. *n.* അതുല്യസാധനം. -ly, *ad.* അതുല്യമായി; കേവലമായി. -ness, =niq'ui-ty (-nik'wi-), *n.* അനന്യത, അദ്വിതീയത്വം.

**Ū-ni-rā'di-ā-ted,** *a.* ഏകരശ്മികമായ, ഒര് രശ്മിമാത്രമുള്ള. [(*biol.*).

**Ū-ni-rā'mŏus,** *a.* ഏകശാഖയുള്ള

**Ū-ni-sex'ū-al,** *a.* ഏകലൈംഗികമായ, ഏകോല്പാദകേന്ദ്രിയമുള്ള (*biol.*).

**Ū'ni-sŏn,** =nis'ō-nance, *n.* ഐക്യം, ഐകമത്യം, ഒരുമ, ഏകോപനം; 2. സ്വരമേളം, ഏകതാളം (*mus.*); 3. ഏകധ്വനി. in u. യോജിപ്പായി, ഐകമത്യപ്പെട്ട്. *a.* തുല്യസ്വരമായ (*mus.*). =nal, =nant, =nŏus, *a.* ഒര് പോലെയുള്ള, തുല്യമായ, പൊരുത്തം ഉള്ള, ഒരുമ—, ഐക്യത—; ഏകതാളമുള്ള. =nis'ō-nal-ly, *ad.* ഏകമനസ്സായി; ഏകതാളമായി.

**Ū'nit,** *n.* ഒററ; ഒരുവൻ; 2. ഒന്ന്, ഏകം (*ar.*); 3. (15 ഉറുപ്പിക വിലക്കുള്ള) ഒര് പുരാതന ഇംഗ്ലിഷ് സ്വർണ്ണനാണ്യം; 4. മാത്ര, മാപനപ്രമാണം (*sc.*); 5. പൂർണ്ണരാശി, പൂർണ്ണസംഖ്യ, പൂർണ്ണക്ഷേത്രം(*math.*). abstract u. ഒന്ന് എന്ന സംഖ്യ. fractional u. (ഒന്ന് എത്ര അംശമായി ഭാഗിച്ചിട്ടുണ്ടോ അത്ര അംശങ്ങളിൽ ഒന്നായ) ഏകാംശം. integral u. ഒന്ന്, ഏകം. physical u. ശാസ്ത്രമാത്ര. =tar-y, *a.*

ഒന്നായ, ഏകം സംബന്ധിച്ച; പൂൎണ്ണമായ, അവിഭക്തമായ. -īse, -īze, *v. t.* ഒന്നിപ്പിക്കുക, ഒരുമിപ്പിക്കുക, ഏകീകരിക്കുക, ഏകോപിപ്പിക്കുക; പൂൎണ്ണമാക്കുക. =tūde, =ty, *n.* ഏകത്വം; ഐക്യം, ഏകരൂപം, ഐക്യത; നിശ്ചിതരാശി; നിശ്ചിതസംഖ്യ (*math.*); നാടകപ്രമാണം, നാടകപ്രമാണാനുസരണം (*dr.*); വാഗ്മിത്വപ്രമാണം (*rhet.*); ഭാഗസമ്മേളനം (*f. a.*); കൂട്ട്നടപ്പ്, ക്രമാവയവകാരം, കൂട്ട്കടിയായ്മ (*l.*). at u.y ഒര്മനസ്സായി. u.y of type, *s. u.* Type.

Ū-ni-tā'ri-an, *n.* ത്രിയേകത്വനിഷേധവാദി, ഏകദൈവവാദി, ഏകമൂൎത്തിത്വവാദി (*theo.*); 2. അദ്വൈതവാദി, വേദാന്തി; 3. ഏകദൈവത്വമതക്കാരൻ. *a.* ഏകമൂൎത്തിത്വവാദിയായ. -ism, *n.* ഏകമൂൎത്തിത്വവാദം, ത്രിയേകത്വനിഷേധവാദം (*theo.*).

Ū-nīte', *v. t.* കൂട്ടിച്ചേൎക്കുക, ഒന്നാക്കുക, ഒരുമിപ്പിക്കുക; 2. യോജിപ്പിക്കുക, ഇണെക്കുക, സംബന്ധിപ്പിക്കുക, സ്നേഹബന്ധനത്തിൽ ഉൾപ്പെടുത്തുക; 3. സന്ധിപ്പിക്കുക; 4. ഐകമത്യപ്പെടുത്തുക; 5. സംഘടിപ്പിക്കുക. *v. i.* ഒരുമിക്കുക, ഏകോപിക്കുക, യോജിക്കുക; 2. കൂടുക, ചേരുക; 3. പററുക. =nī'ted, *a.* ഐകമത്യമുള്ള, യോജിപ്പുള്ള; സംയുക്തമായ; ഏകോപിച്ച. U.d Brethren 'മൊറാവ്യ'സഭക്കാരൻ (*chr.*). The U.d Kingdom (ഗ്രേററ്ബ്രിററനും ഐൎല്ലാണ്ടും കൂടിയ) ഇംഗ്ലീഷ്രാജ്യം. The U.d States (അമേരിക്കയിലെ) ഐകമത്യസംസ്ഥാനം. The U.d Provinces (ഇന്ത്യയിലെ) വടക്ക്പടിഞ്ഞാറെ സംസ്ഥാനം. U.d Greeks പാപ്പാധീനയവനസഭ (*eccl.*). =nī'ted-ly, *ad.* കൂടിച്ചേൎന്ന്, തമ്മിൽചേൎന്ന്, ഒരുമനപ്പെട്ട്, ഐകമത്യമായി, യോജിപ്പായി. =nī'tĕr, *n.* കൂട്ടിച്ചേൎക്കുന്നവൻ. ū'ni-tive, *a.* സംയോജകമായ. ū'ni-tive-ly, *ad.* സംയോജകമായി.

Ū'nit-īse, =īze, Ū'ni-tūde, Ū'ni-ty, *s. u.* Unit.

Ū-ni-vĕr'sal, *etc.*, *s. u.* Universe.

Ū'ni-vĕrse, *a.* സമസ്തസൃഷ്ടി, സൃഷ്ടിജാലം, വിശ്വം, ത്രിഭുവനം, മൂന്ന്ലോകം, മൂവുലക്, ജഗത്ത്, ജഗത്ത്രയം. =vĕr'sal, *a.* വിശ്വംസംബന്ധിച്ച, വിശ്വ, സാൎവ്വലൌകികമായ, സൎവ്വമായ; ആസകലമായ, സൎവ്വസാമാന്യ; സൎവ്വശതമായ; പൊതുവെയുള്ള, പൊതുവില്പുള്ള, സാധാരണമായ; പൂൎണ്ണമായ, മുഴുവനായ; എല്ലാററിന്നും പററിയ (*mech.*); സാമാന്യ (*log.*). u.l church സാധാരണസഭ (*theo.*). *n.* സാധാരണപ്രമേയം (*log.*). =sā'li-an, *a.* സമസ്ത(മനുഷ്യ)രക്ഷണ്യവാദം സംബന്ധിച്ച; —വാദി ആയ (*theo.*). =vĕr'sal-ism, *n.* സമസ്തരക്ഷണ്യവാദം(*theo.*). =vĕr'sal-ist, *n.* സമസ്തരക്ഷണ്യവാദി (*theo.*); —വാദിപരിഷക്കാരൻ. *a.* —വാദികളെ സംബന്ധിച്ച; —വാദം—. =vĕr-sal-is'tic, *a.* സൎവ്വസാമാന്യമായ. =sal'i-ty, =vĕr'sal-ness, *n.* സാൎവ്വസാമാന്യത, സാധാരണത്വം. =vĕr'sal-īse, =vĕr'sal-īze, *v. t.* സൎവ്വസാമാന്യം ആക്കുക, സാധാരണം—. =vĕr'sal-ly, *ad.* സൎവ്വസാധാരണമായി. =vĕr-sō-loġ'-i-cal, *a.* വിശ്വശാസ്ത്രം സംബന്ധിച്ച. =vĕr-sol'ō-ġist, *n.* വിശ്വശാസ്ത്രജ്ഞൻ. =vĕr-sol'ō-ġy, *n.* വിശ്വശാസ്ത്രം.

Ū-ni-vĕr'si-ty, *n.* കലാശാല, സൎവ്വകലാശാല, സൎവ്വവിദ്യാശാല.

Ū-ni-vĕr-sō-loġ'i-cal, =sol'ō-ġist, =sol'ō-ġy, *s. u.* Universe.

Ū-ni-vō'cal, *a.* ഒരൎത്ഥം മാത്രമുള്ള, ഏകാൎത്ഥമായ; 2. സ്വരമേളം ഉള്ള; 3. ഏകോദ്ദേശം—; 4. ഒരേപ്രകാരം—; 5. പതിവായ; 6. നിശ്ചയമുള്ള. *n.* സാധാരണപ്രമേയവാച്യം (*log.*). 2. ഏകാൎത്ഥപദം, ഒററയൎത്ഥമുള്ള വാക്ക്. =ca-cy, *n.* ഏകാൎത്ഥത്വം. -ly, *ad.* ഏകാൎത്ഥമായി; ക്ലുപ്തമായി.

Un-join', =joint', *v. t.* വിയോജിപ്പിക്കുക, ഭേദിപ്പിക്കുക, തമ്മിൽ പിരിക്കുക. =joint'ed, *a.* തമ്മിൽ പിരിഞ്ഞ; സംബന്ധമററ; അസംബന്ധമായ; സന്ധില്ലാത്ത, കെണിപ്പില്ലാത്ത (*an.*).

Un-just', *a.* നീതികെട്ട, നീതികേടുള്ള, അനീതിയായ; ന്യായരഹിതമായ,

അന്യായമായ; 2. പരമാർത്ഥമില്ലാത്ത, കള്ളമായ. -ly, *ad.* നീതിയില്ലാതെ, നീതികേടായി. -ness, *n.* അനീതി, അന്യായം. =jus-ti-fi'a-ble, *a.* നീതീകരിപ്പാൻ പാടില്ലാത്ത, ന്യായമെന്ന് ആരും പറയാത്ത; ന്യായം പറവാൻ ഇല്ലാത്ത, ഒഴികഴിവ് —. =ti-fi'a-bly, *ad.* നീതീകരിപ്പാൻ കഴിയാതവണ്ണം.

**Un-kemmed'** (-kemd'), =**kempt'** (-kemt'), *a.* (തലമുടി) ചിക്കാത്ത, തലചിക്കിമിനുക്കാത്ത, —പിച്ചിപ്പറിച്ച, —പാറിയ; 2. മിനുസമാക്കാത്ത, തേച്ച് മിനുക്കാത്ത; പരുപരുത്ത.

**Un-ken'nel**, *v. t.* മാളത്തിൽനിന്ന് പുറത്താക്കുക, മടയിൽനിന്ന് ഇളക്കുക; 2. വെളിച്ചത്താക്കുക, വെളിപ്പെടുത്തുക.

**Un-kīnd'**, *a.* ദയയില്ലാത്ത, അലിവില്ലാത്ത; 2. ക്രൂരം ആയ; 3. കഠിനം—; 4. അന്യായം—; 5. നന്ദികെട്ട. -li-ness, -ness, *n.* ദയയില്ലായ്മ, നിർദ്ദയത്വം, നിഷ്കൃപ. -ly, *a.* ദയയില്ലാത്ത, കൃപതോന്നാത്ത; അനനുകൂലമായ; ഈർഷ്യതയുള്ള. *ad.* ദയയില്ലാതെ, നിർദ്ദയമായി.

**Un-king'**, *v.t.* രാജസ്ഥാനത്ത് നിന്ന് നീക്കുക, സിംഹാസനഭ്രഷ്ടാക്കുക. -ly, *a.* രാജാക്കന്മാർക്ക് പററാത്ത; രാജകീയമല്ലാത്ത.

**Un-knīght'** (-nīt'), *v. t.* മാടമ്പിസ്ഥാനത്ത് നിന്ന് നീക്കുക.

**Un-knit'** (-nit'), *v. t.* തുന്നഴിക്കുക, തുന്നലഴിക്കുക.

**Un-knot'** (-not'), *v. t.* കെട്ടഴിക്കുക.

**Un-knōwn'** (-nōn'), *a.* അറിയാത്ത; 2. ഗ്രഹിക്കാത്ത. u. quantity അവ്യക്തരാശി (*math.*).

**Un-lā'bŏred**, =**lā'bŏured** (-lā'bĕrd), *a.* അദ്ധ്വാനിച്ചുണ്ടാക്കാത്ത; 2. കൃഷിചെയ്യാത്ത; 3. അനായാസേന ചെയ്ത.

**Un-lāce'**, *v. t.* വാറഴിക്കുക, ചരിപ്പഴിക്കുക; 2. വസ്ത്രം അഴിക്കുക; 3. നഗ്നമാക്കുക; 4. അപമാനിക്കുക.

**Un-lāde'**, *v. t.* ഭാരം കിഴിക്കുക, ചരക്കിറക്കുക.

**Un-lāid'**, *a.* വെക്കാത്ത; 2. ഉറപ്പിക്കാത്ത; 3. വിശ്രാമം ഇല്ലാത്ത; 4. ശ്മശാനക്രിയക്ക് ഒരുക്കാത്ത.

**Un-lā'dy-līke**, *a.* മാന്യസ്ത്രീകൾക്ക് പററാത്ത, ശ്രീമതിക്കനുചിതമായ, കുലസ്ത്രീക്ക് ചേർച്ചയില്ലാത്ത.

**Un-land'**, *v. t.* ഭൂസ്വത്ത് ഇല്ലാതാക്കുക; 2. രാജ്യം—.

**Un-lash'**, *v. t.* കെട്ടഴിക്കുക; കെട്ടഴിച്ച് വിടുക. [തുറക്കുക.

**Un-latch'** (-lach'), *v. i.* (വാതില്)

**Un-la̤w'** (-la̤'), *n.* നിയമലംഘനം (*Scot. l.*); 2. പിഴ, പിഴശിക്ഷ (*Scot. l.*). -fṳl, *a.* നിയമാനുസാരമല്ലാത്ത; നിയമലംഘനമായ; ന്യായമല്ലാത്ത. u.l assembly ന്യായരഹിതമായ ജനസംഘം (*l.*). -fṳl-ly, *ad.* നിയമത്തിന്ന് വിരോധമായി. -fṳl-ness, *n.* നിയമവിരുദ്ധം, ന്യായരഹിതത്വം. -līke, *a.* നിയമാനുസാരമല്ലാത്ത, നിയമം തെററിയ.

**Un-lĕarn'** (-lĕrn'), *v. t.* പഠിച്ചത് മറക്കുക; 2. മറന്ന് കളയുക; 3. (മുമ്പ് പഠിച്ചതിന്ന്) വിപരീതം പഠിക്കുക. =**lĕarned'** (-lĕrnt'), *a.* പഠിക്കാത്ത, പഠിപ്പില്ലാത്ത; അക്ഷരപരിജ്ഞാനം ഇല്ലാത്ത, നിരക്ഷരകുക്ഷിയായ; പഠിച്ചറിയാത്ത; അറിയാത്ത; വിദ്യതാം ഇല്ലാത്ത, —പ്രത്യക്ഷമാകാത്ത. -ed-ly, *ad.* പഠിപ്പില്ലാതെ, വിദ്യാഹീനമായി. -ed-ness, *a.* അറിവില്ലായ്മ, അവിദ്യ; വിദ്യാഹീനത്വം.

**Un-lēash'** (-lēsh'), *v. t.* കെട്ടഴിച്ച് വിടുക, വിട്ട് കളയുക.

**Un-leav'ened** (-lev'end), *a.* പുളിപ്പില്ലാത്ത, പുളിപ്പിക്കാത്ത; 2. മാവ് പുളിപ്പിക്കാതെ ചുട്ട.

**Un-less'**, *conj.* . . . . . ഇല്ലാഞ്ഞാൽ, . . . . . അല്ലാഞ്ഞാൽ, . . . . . ഇല്ലെങ്കിൽ, . . . . . അല്ലെങ്കിൽ: we shall fail u. we are industrious ഉത്സാഹിക്കുന്നില്ലെങ്കിൽ നാം തോററുപോകും; ഉത്സാഹിക്കാഞ്ഞാൽ—, ഉത്സാഹിക്കാത്തപക്ഷം—. 2. അല്ലാത്തപക്ഷം, . . . . ആലല്ലാതെ, ചെയ്യാതെ, . . . . . വിനാ, . . . . . ഒഴികെ: u. you come I shall not go നീ വരുന്നി

ല്ലെങ്കിൽ ഞാൻ പോകയില്ല, —വരാത്ത പക്ഷം—, നീ വരാഞ്ഞാൽ—, —വരാതെ—.

Un-let'tĕred (-'tĕrd), *a.* അക്ഷരപരിജ്ഞാനമില്ലാത്ത, നിരക്ഷരകുക്ഷിയായ.

Un-lī'censed (-lī'senst), *a.* അനുവാദമില്ലാത്ത; 2. 'സനദ്'വാങ്ങാത്ത, 'ലൈസൻസ്'ഇല്ലാത്ത.

Un-licked' (-likt'), *a.* ആകൃതി ഇല്ലാത്ത, കോലം—, കോലംകെട്ട.

Un-līght'sŏme (-līt'sum), *a.* വെളിച്ചമില്ലാത്ത; 2. ഇരുട്ടായ.

Un-līke', *a.* തുല്യമല്ലാത്ത, അതുല്യമായ; 2. വ്യത്യാസപ്പെട്ട. u. quantities വ്യത്യസ്തരാശി (*math.*). u. signs സങ്കലന (+) ക്ഷയ (—) ചിഹ്നങ്ങൾ (*math.*). -li-hood, *n.* അസംഭവ്യത, അസംഭവ്യാവസ്ഥ. -li-ness, *n.* സംശയസ്ഥിതി, സംശയസ്ഥാനം. -ly, *a.* അസംഭവ്യമായ, സംശയകരമായ; അസാദ്ധ്യകരമായ, നിഷ്ഫലമായി തോന്നുന്ന. *ad.* അസംഭവ്യമായി, സംശയകരമായി. -ness, *n.* അതുല്യത; വ്യത്യാസം.

Un-lim'it-a-ble, *a.*, *s. a.* Illimitable, *s. u.* Illimitableness. =lim'it-ed, *a.* അതിരില്ലാത്ത; അനിശ്ചയമായ, ക്ലുപ്തപ്പെടുത്താത്ത; തടസ്ഥമില്ലാത്ത. u.d problem (ശരിയായ) പല ഉത്തരങ്ങൾ ഉള്ള കണക്ക്, നാനാർത്ഥചോദ്യങ്ങൾ, ബഹ്വ്യാസോദ്ദേശകം (*math.*). u.d pump കിണററ്'ബോമ്പ', കൂപജലയന്ത്രം. =lim'it-ed-ly, *ad.* അതിരില്ലാതെ, സീമയില്ലാതെ. =lim'it-ed-ness, *n.* അസീമത.

Un-līne', *v. t.* അകശീല നീക്കുക; 2. മുഴുവനും ഒഴിക്കുക, (പണം) അശേഷം ചെലവാക്കുക.

Un-link', *v. t.* കണ്ണി വേർവിടുത്തുക; 2. ചുറയഴിക്കുക; 3. അഴിക്കുക.

Un-liq'ui-dā-ted (-lik'wi-), *a.* (കടം) തീക്കാത്ത, വീട്ടാത്ത; 2. (കണക്ക്) കൃത്യമില്ലാത്ത; 3. (കണക്ക്) കഴിക്കാത്ത. u. damages വിലകണക്കാക്കാത്ത നഷ്ടം (*l.*).

Un-liq'uŏred (-lik'ĕrd), *a.* നനയാത്ത; ഉണങ്ങിയ; 2. മദ്യപിക്കാത്ത; ലഹരിയില്ലാത്ത; സുബോധമുള്ള.

Un-lōad' (-lōd'), *v. t.* ചരക്ക് ഇറക്കുക, —കിഴിക്കുക; 2. ഭാരമിറക്കുക, ഭാരമില്ലാതാക്കുക; 3. (തോക്കിലെ) നിറ ഒഴിക്കുക, തോക്ക് ഒഴിക്കുക; 4. സക്കാര് കടപത്രം അധികമായി വില്ക്കുക. *v. i.* ചരക്ക് കിഴിക്കുക.

Un-lō'cā-ted, *a.* സ്ഥലനിർണ്ണയം ചെയ്യാത്ത, ഇടം പറയാത്ത; 2. അളന്ന് തീച്ചപ്പെടുത്താത്ത, 'പൈമാശി' ചെയ്യാത്ത.

Un-lock', *v. t.* പൂട്ട് തുറക്കുക; 2. തുറന്ന് വെക്കുക; വെളിപ്പെടുത്തുക.

Un-lodge' (-loj'), *v. t.* നീക്കം ചെയ്യുക, ഇടം ഇല്ലാതാക്കുക; 2. കുടിനീക്കുക.

Un-look' (-luk'), *v. t.* നോട്ടം തിരിക്കുക. =looked' (lukt'), *a.* (for) ആശിക്കാത്ത, വിചാരിക്കാത്ത.

Un-loose', -en, *v. t.* കെട്ടഴിക്കുക, അഴിച്ച് വിടുക. *v. i.* അഴിയുക; 2. സംബന്ധം അറുക.

Un-lord', *v. t.* പ്രഭുസ്ഥാനം കളയുക. -ed, *a.* പ്രഭുസ്ഥാനത്തിൽനിന്ന് തള്ളിയ; പ്രഭുസ്ഥാനം കിട്ടാത്ത.

Un-lŏve'ly, *a.* മനോഹരമല്ലാത്ത; 2. രമ്യതയില്ലാത്ത; 3. അപ്രസന്നമായ. =lŏve'li-ness, *n.* വെറുപ്പ്, അനിഷ്ടം; അപ്രസന്നത.

Un-luck'y, *a.* ഭാഗ്യദോഷമുള്ള, ഭാഗ്യംകെട്ട, ഭാഗ്യമില്ലാത്ത, നിർഭാഗ്യമുള്ള; 2. അശുഭമായ, ശൂന്യംപിടിച്ച; 3. ദുർല്ലക്ഷണമായ, ദുശ്ശകുനമായ; 4. തൊന്തരമുള്ള. =luck'i-ly, *ad.* നിർഭാഗ്യവശാൽ, കാലക്കേടിന്ന്. =luck'i-ness, *n.* നിർഭാഗ്യം, ദുർദ്ദശ, കാലക്കേട്.

Un-māde', *p. t. of* Unmake.

Un-māke', *v. t. ir.* (-māde'; -māde') ഇല്ലാതാക്കുക, നാസ്തിയാക്കുക; 2. സൃഷ്ടിക്കാതിരിക്കുക; 3. രൂപം ഇല്ലാതാക്കുക, കോലം കെടുക്കു(ത്തു)ക. =māde', *a.* ഉണ്ടാക്കാത്ത; കോലം കെടുത്തിയ.

Un-man', *v. t.* മാനുഷത്വം ഇല്ലാതാക്കുക, നിർബ്ബുദ്ധിയാക്കുക; 2. ഷണ്ഡനാക്ക

ക, നപുംസകനാക്കുക; 3. പുരുഷത്വം കളയുക, പൌരുഷം ഇല്ലാതാക്കുക; 4. ധൈൎയ്യം ഇല്ലാതാക്കുക, അധൈൎയ്യപ്പെടുത്തുക; 5. (പണിക്ക്) ആളില്ലാതാക്കുക. =manned′ (-mand′), *a.* പുരുഷത്വം ഇല്ലാത്ത, പൌരുഷംപോയ; ധൈൎയ്യംകെട്ട, ശൌൎയ്യം വെടിഞ്ഞ; (പ്രവൃത്തിക്ക്) ആളില്ലാത്ത.

**Un-man′a-cle,** *v. t.* കയ്യാമം നീക്കുക.

**Un-manned′,** *a., s. u.* Unman.

**Un-man′nĕr-ly,** *a.* മൎയ്യാദകെട്ട, നിൎമ്മൎയ്യാദമായ. *ad.* മൎയ്യാദകേടായി, നിൎമ്മൎയ്യാദമായി. =li-ness *n.* ഭടാചാരത്വം, നിൎമ്മൎയ്യാദം.

**Un-man′tle,** *v. t.* പുതപ്പ് നീക്കുക; 2. വെളിച്ചത്താക്കുക.

**Un-mar′ry,** *v. t.* വിവാഹം അസാധുവാക്കുക, —ദുൎബ്ബലപ്പെടുത്തുക; 2. ഭാൎയ്യയെ ഉപേക്ഷിക്കുക, വിവാഹത്യാഗം ചെയ്യുക; ന്യായംകൊടുക്കുക; മൊഴി—, —ചൊല്ലുക (*M.*). =mar′ried (-rid), *a.* വിവാഹം ചെയ്യാത്ത, വേളി കഴിയാത്ത, മംഗലം കഴിക്കാത്ത; കന്യകയായ. =mar′riage-a-ble (-mar′ij-), *a.* വിവാഹത്തിന്ന് പ്രായമാകാത്ത; വിവാഹംചെയ്വാൻ പാടില്ലാത്ത.

**Un-mask′,** *v. t.* വേഷം നീക്കുക; 2. വെളിച്ചത്താക്കുക. *v. i.* വേഷം വിട്ട് കളയുക.

**Un-matched′** (-macht′), *a.* യോജിപ്പില്ലാത്ത, കൂച്ചൊക്കാത്ത.

**Un-mēan′ing** (-mēn′ing) *a.* അൎത്ഥമില്ലാത്ത; 2. ബുദ്ധിഹീനമായ. -ly, *ad.* അൎത്ഥമില്ലാതെ. -ness, *n.* അൎത്ഥമില്ലായ്മ; അനൎത്ഥം. =meant′ (-ment′), *a.* ഭാവിക്കാത്ത, മനഃപൂൎവ്വമല്ലാത്ത; അറിയാത്ത.

**Un-meet′,** *a.* (for) അനുചിതമായ, പററാത്ത, കൊള്ളാത്ത. -ly, *ad.* പററാതെ. -ness, *n.* ചേൎച്ചക്കേട്.

**Un-me-lō′di-ŏus,** *a.* ഇമ്പമല്ലാത്ത, കൎണ്ണരസമില്ലാത്ത.

**Un-mem′bĕr,** *v. t.* അവയവത്വം ഇല്ലാതാക്കുക.

**Un-men′tiŏn-a-ble** (-men′shun-), *a.* പറയത്തക്കതല്ലാത്ത, അവാച്യമായ. =bles, *n. pl.* കാൽച്ചട്ട, കാൽക്കുപ്പായം, 'ഇജാറ്', 'റൌസറ്'.

**Un-mĕr′chant-a-ble,** *a.* കച്ചവടത്തിന്ന് പററാത്ത, അഴിച്ചലാകാത്ത.

**Un-mĕr′ci-ful,** *a.* കരുണ ഇല്ലാത്ത, കൃപ—; 2. ക്രൂരമായ. -ly, *ad.* കരുണയില്ലാതെ. -ness, *n.* നിഷ്കാരുണ്യം, കഠിനമനസ്സ്, മനഃകാഠിന്യം.

**Un-mer′i-ted,** *a.* യോഗ്യത ഇല്ലാത്ത, അൎഹത—.

**Un-mew′** (-mū′), *v. t.* തടങ്ങൽ നീക്കുക; 2. ബന്ധനത്തിൽനിന്ന് വിടുക.

**Un-mīnd′ful,** *a* മനസ്സ് വെക്കാത്ത, ശ്രദ്ധയില്ലാത്ത.

**Un-min′gle,** *v. t.* വേൎതിരിക്കുക. =min′gled (-min′gld), *a.* കൂട്ടിക്കലൎത്താത്ത; കലൎപ്പില്ലാത്ത; തനിയായ.

**Un-mis-tā′ka-ble,** *a.* അബദ്ധം വരുവാൻ പാടില്ലാത്ത, തെററായിരിപ്പാൻ തരമില്ലാത്ത; 2. സ്പഷ്ടമായ. =bly, *ad.* സ്പഷ്ടമായി.

**Un-mit′i-ga-ble,** *a.* കുറയാത്ത, ശമിപ്പിക്കാവതല്ലാത്ത; 2. കഠിനമായ. =gā-ted, *a.* കുറയാത്ത, ശമിക്കാത്ത; നിഷ്ഠുരമായ.

**Un-mī′tĕr,** =mī′tre, *v. t.* അദ്ധ്യക്ഷസ്ഥാനത്തിൽനിന്ന് നീക്കുക, മെത്രാന്ന് സ്ഥാനഭ്രഷ്ട് കല്പിക്കുക (*eccl.*).

**Un-mixed′** (-mikst′), *a.* കലൎപ്പില്ലാത്ത; 2. തനിയായ, ശുദ്ധമായ.

**Un-mōld′,** =mōuld′ (-mōld′), *v. t.* രൂപം മാററുക; 2. വിരൂപം ആക്കുക.

**Un-mō-lest′ed,** *a.* ഉപദ്രവമില്ലാത്ത; 2. സൈ്വരമുള്ള.

**Un-mŏn′eyed,** =mŏn′ied (-mun′id), *a.* പണമില്ലാത്ത; 2. ദാരിദ്ര്യംപിടിച്ച.

**Un-moor′,** *v. t.* നങ്കൂരം ഇളക്കിപ്പോക (*naut.*). *v. i.* ഇരിമ്പെടുക്കുക (*naut.*).

**Un-mor′al,** *a.* നീതിബോധമില്ലാത്ത, സന്മാൎഗ്ഗമറിയാത്ത. =mō-ral′i-ty, *n.* നീതിബോധരഹിതത്വം.

**Un-mŏth'ĕred** (-muth'ĕrd), *a.* അമ്മ ഇല്ലാത്ത. =**moth'ĕr-ly,** *a.* മാതൃഭാവം—, വാത്സല്യം—.

**Un-möved'** (-muvd'), *a.* മനസ്സിളകാത്ത; 2. ശാന്തമായ; സാത്വികമായ; 3. മനഃസ്ഥൈര്യമുള്ള. [2. മൂടിയെടുക്കുക.

**Un-muf'fle,** *v. t.* മൂടുപടം നീക്കുക;

**Un-muz'zle** (-muz'l), *v. t.* വായ്ക്കൂട്ട നീക്കുക, വായിപ്പട്ടയഴിക്കുക.

**Un-nāil',** *v. t.* ആണിപറിക്കുക.

**Un-nāmed'** (-nāmd'), *a.* പേർപറയാത്ത, പേരില്ലാത്ത; 2. അറിയാത്ത.

**Un-nat'ū-ral,** *a.* പ്രകൃതിവിരോധം ആയ; 2. സ്വഭാവവിരുദ്ധം—; 3. അസാധാരണം—. **u.l offence** പ്രകൃതിവിരോധമൈഥുനം (*l.*). **-ly,** *ad.* സ്വഭാവവിരുദ്ധമായി. **-ness,** *n.* പ്രകൃതിവിരുദ്ധം; അസാധാരണത്വം.

**Un-nec'es-sar-y** (-sĕr-i), *a.* ആവശ്യമില്ലാത്ത, അനാവശ്യമായ; 2. ഉപകാരം ഇല്ലാത്ത; 3. അകാരണമായ. =**sar-i-ly,** *ad.* അനാവശ്യമായി. =**sar-i-ness,** *n.* അനാവശ്യം, അനാവശ്യകത.

**Un-neigh'bŏred,** =**bŏured** (-nā'-bĕrd), *a.* അയൽവക്കക്കാരില്ലാത്ത. =**neigh'bŏr-ly,** =**neigh'bŏur-ly,** *a.* അയൽവക്കത്തല്ലാത്ത; അകലെയുള്ള; കൊള്ളക്കൊടുക്ക ഇല്ലാത്ത; ലോക്യം—; അയൽവക്കക്കാർക്ക് പററാത്ത. *ad.* ഇണക്കമില്ലാതെ.

**Un-nĕrve',** *v. t.* ഊക്ക് കെടുക്കുക, ബലഹീനമാക്കുക, ക്ഷീണിപ്പിക്കുക.

**Un-nēthe',** =**nēthes'** (-nēths'), *ad.* പ്രയാസേന, വിഷമത്തോടെ.

**Un-nō'ble,** *a., s. a.* **Ignoble.**

**Un-nō'ticed** (-'tist), *a.* നോക്കാത്ത, കാണാത്ത; 2. ശ്രദ്ധവെക്കാത്ത.

**Un-num'bĕrd** (-bĕrd), *a.* അക്കം ഇടാത്ത; 2. എണ്ണാത്ത; 3. കണക്കില്ലാത്ത, അസംഖ്യമായ.

**Un-ob-jec'tiŏn-a-ble,** *a.* വിരോധം പറവാൻ ഇല്ലാത്ത; 2. വിരോധം—, ആക്ഷേപം—; 3. നിരാക്ഷേപ്യമായ.

**Un-ob-sĕr'vance,** *n.* നോട്ടം ഇല്ലായ്മ, ഉപേക്ഷ; 2. ആചരിക്കായ്ക, അപ്രാമാണ്യത. =**sĕrved'** (-zĕrvd'), *a.* നോക്കാത്ത, കാണാത്ത, സൂക്ഷിക്കാത്ത; ആചരിക്കാത്ത, പ്രമാണിക്കാത്ത.

**Un-ob-struc'ted,** *a.* മുടക്കം ഇല്ലാത്ത, തടസ്ഥം—; —ചെയ്യാത്ത.

**Un-ob-tāin'a-ble,** *a.* കിട്ടാത്ത; 2. സാധിക്കാത്ത.

**Un-ob-tru'sive,** *a.* വിനയഭാവം ഉള്ള, അച്ചടക്കം—, സാധുശീലം—. **-ly,** *ad.* സൌമ്യതയോടെ. **-ness,** *n.* താഴ്മ, അടക്കം, സാധുത്വം.

**Un-oc'cū-pīed** (-pīd), *a.* ഒഴിവായ; 2. ആൾപാർപ്പില്ലാത്ത; 3. പ്രവൃത്തിയില്ലാത്ത.

**Un-of-fend'ing,** *a.* മുഷിപ്പിക്കാത്ത; 2. ഉപദ്രവം ഇല്ലാത്ത. =**fen'sive,** *a., s. a.* **Inoffensive.**

**Un-of-fi'cial** (-fish'al), *a.* ഉദ്യോഗസംബന്ധം അല്ലാത്ത; 2. ഉദ്യോഗനിലയിൽ—; 3. സ്വകാര്യനിലയിലുള്ള.

**Un-op-pōsed'** (-pōzd'), *a.* ആരും എതിർക്കാത്ത, എതിരില്ലാത്ത; 2. തടസ്ഥമില്ലാത്ത.

**Un-or'gan-īsed,** =**īzed** (-īzd), *a.* അംഗവ്യവസ്ഥയില്ലാത്ത, നിരിന്ദ്രിയമായ; 2. നിർജ്ജീവമായ (*biol.*); 3. ക്രമപ്പെടുത്താത്ത.

**Un-o-rig'i-nā-ted,** *a.* അനാദിയായ; 2. ഉണ്ടായിട്ടില്ലാത്ത; 3. ഉണ്ടാകാത്ത. =**nāte-ly,** *ad.* അനാദിയായി.

**Un-or'tho-dox,** *a.* അശാസ്ത്രീയമായ, ശാസ്ത്രവിരുദ്ധമായ; 2. യഥാർത്ഥോപദേശം അല്ലാത്ത, ശുദ്ധം—.

**Un-os-ten-tā'tiŏus,** (-tā'shus), *a.* ഘോഷം ഇല്ലാത്ത, ആഡംബരം—; 2. സാധുമട്ടിലുള്ള. **-ly,** *ad.* കോലാഹലമില്ലാതെ.

**Un-ōwed'** (-ōd'), *a.* കൊടുപ്പാൻ ഇല്ലാത്ത.

**Un-ōwned'** (-ōnd'), *a.* ഉടമയില്ലാത്ത, അനാഥമായ; 2. സമ്മതിച്ച് പറയാത്ത.

**Un-pack′**, *v. t.* കെട്ടഴിക്കുക; 2. പെട്ടി തുറക്കുക, പുറത്ത് വെക്കുക; 3. ചുമട് ഇറക്കുക. =**packed′** (-pakt′), *a.* കെട്ടഴിക്കാത്ത; വരിഞ്ഞ് കെട്ടാത്ത; ശേഖരിക്കാത്ത; ന്യായമായി ശേഖരിച്ച് വെച്ച.

**Un-pāid′**, *a.* വിലകൊടുക്കാത്ത; 2. കൂലി—; 3. വീട്ടാത്ത. **u. for** കടം വാങ്ങിയ.

**Un-pāint′**, *v. t.* ചായം നീക്കുക; 2. മാച്ച് കളയുക. **-ed**, *a.* ചായം ഇടാത്ത.

**Un-pāired′** (-pārd′), *a.* ഇണയാക്കാത്ത; 2. ജോടല്ലാത്ത, കൂച്ചല്ലാത്ത.

**Un-pal′a-ta-ble**, *a.* വായിൽ വെപ്പാൻ ആകാത്ത, രുചി ഇല്ലാത്ത, സ്വാദ്—; 2. അരോചകമായ, ഒക്കാത്ത; 3. മനസ്സിന്ന് പിടിക്കാത്ത; 4. അസഹ്യമായ, വെറുപ്പുള്ള.

**Un-par′a-dīse**, *v. t.* 'പരദീസ'സുഖം ഇല്ലാതാക്കുക; 2. ഭാഗ്യം—.

**Un-par′a-goned** (-gond), *a.* അതുല്യമായ; 2. അതിവിശിഷ്ടമായ.

**Un-par′al-leled** (-′a-leld), *a.* അതുല്യമായ, അദ്വിതീയമായ, അനന്യമായ, അതുലമായ, ഈടില്ലാത്ത.

**Un-pär′don-a-ble** (-pär′dn-), *a.* ക്ഷമിപ്പാൻ പാടില്ലാത്ത, ക്ഷന്തവ്യമല്ലാത്ത, അക്ഷമ്യമായ. =**pär′doned** (-pär′dnd), *a.* ക്ഷമകിട്ടാത്ത, 'മാപ്പ്'—.

**Un-pär-lia-ment′a-ry** (-pär-li-), *a.* പാർലിമെൻററ് സഭാചട്ടത്തിന്ന് വിരോധമായ; 2. സഭയിൽ പാടില്ലാത്ത, അസഭ്യമായ; 3. വിഹിതമല്ലാത്ത, അയോഗ്യമായ.

**Un-pas′sa-ble**, *a.*, *s. a.* **Impassable.**

**Un-pāved′** (-pāvd′), *a.* കല്ല് പാകാത്ത, പാവാത്ത, പടുക്കാത്ത.

**Un-pēer′a-ble**, *a.* നിസ്തുലമായ. =**pēered′** (-pērd′), *a.* അതുല്യമായ.

**Un-peg′**, *v. t.* കററിപൊരിക്കുക; 2. കെട്ടഴിക്കുക; 3. തുറക്കുക.

**Un-pen′**, *v. t.* (ആല) തുറന്ന് വിടുക.

**Un-pen′e-tra-ble**, *a.*, *s. a.* **Impenetrable.**

**Un-pen′i-tent**, *a.*, *s. a.* **Impenitent.**

**Un-pēo′ple** (-pē′pl), *v. t.* നിവാസികളില്ലാതാക്കുക, കടിനീക്കുക, നിർജ്ജനമാക്കുക.

**Un-pĕr-cēived′** (-sēvd′), *a.* കാണാത്ത, ദൃഷ്ടിയിൽ പതിയാത്ത. =**cēiv′a-ble**, *a.* കാണ്മാൻ കഴിയാത്ത.

**Un-pĕr-formed′** (-farmd′), *a.* ചെയ്യാത്ത; 2. തീരാത്ത.

**Un-phil-ō-soph′i-cal** (-fil-ō-sof′i-), *a.* തത്വജ്ഞാനവിരുദ്ധമായ; 2. വിജ്ഞാനാനുസാരമല്ലാത്ത.

**Un-pin′**, *v. t.* സൂചിക്കുത്തഴിക്കുക; 2. അഴിക്കുക.

**Un-pit′ied** (-pit′id), *a.* (ആക്കം) അയ്യോഭാവം തോന്നാത്ത, കൃപതോന്നാത്ത.

**Un-plēad′ed** (-plēd′ed), *a.* വാദിക്കാത്ത; 2. പ്രതിവാദമില്ലാത്ത.

**Un-pleas′ant** (-plez′ant), *a.* സന്തോഷകരമല്ലാത്ത, അനിഷ്ടമായ; 2. വെറുപ്പുള്ള. **-ly**, *ad.* അപ്രിയത്തോടെ. **-ness**, *n.* അപ്രിയം, അനിഷ്ടം, രസക്കേട്. **-ry**, *n.* നേരമ്പോക്കില്ലാത്ത; രസക്കേട്; മുഷിച്ചല്; കലഹം.

**Un-pledged′** (-plejd′), *a.* വാക്ക് കൊടുക്കാത്ത, വാഗ്ദത്തംചെയ്യാത്ത.

**Un-plī′ant**, *a.* വളയാത്ത; ഉലയാത്ത; 2. വഴങ്ങാത്ത.

**Un-ploughed′** (-ploud′), *a.* കാലി വെക്കാത്ത, കന്ന് പൂട്ടാത്ത, ഉഴാത്ത.

**Un-pō-et′ic**, =**et′i-cal**, *a.* കവിത അല്ലാത്ത, പദ്യം—, ഗദ്യമായ; 2. കവിതാവാസന ഇല്ലാത്ത; 3. രസം—.

**Un-point′ed**, *a.* വിരാമചിഹ്നം ഇടാത്ത.

**Un-pol′ish**, *v. t.* മിനുസം ഇല്ലാതാക്കുക; 2. ഉപചാരം—. **-′ished** (-′isht), *a.* മിനുക്കം ഇല്ലാത്ത; മര്യാദ—.

**Un-pō-līte′**, *a.* ഉപചാരം ഇല്ലാത്ത, നിർമ്മര്യാദമായ (*see* **Impolite**). **-ly**, *ad.* നിർമ്മര്യാദമായി. **-ness**, *n.* നിർമ്മര്യാദം, ഉപചാരമില്ലായ്മ.

**Un-pol-lu̥'ted,** *a.* അശുദ്ധമാകാത്ത, ശുദ്ധം മാറാത്ത; 2. നിൎമ്മലമായ, ശുദ്ധമായ.

**Un-pop'ū-lar,** *a.* ജനസമ്മതമില്ലാത്ത, ജനരഞ്ജന—; 2. പൊതുജനവിരോധമായ. **=lar'i-ty,** *n.* ജനവിരോധം, ലോകവിരോധം. **-ly,** *ad.* ബഹുജനവിരോധമായി; ജനരഞ്ജനയില്ലാതെ.

**Un-prac'tised** (-prak'tist), *a.* ശീലം ഇല്ലാത്ത, അഭ്യാസം—; 2. നടപ്പ്—.

**Un-prec'e-dent-ed** (-pres'e-), *a.* പണ്ടുണ്ടാകാത്ത, അപൂൎവ്വമായ, കീഴ്ക്കിടെ നടപ്പില്ലാത്ത; 2. പുതിയ, നൂതനമായ. **-ly,** *ad.* നടാടെ, പുത്തരിയായി.

**Un-prej'u̥-diced** (-dist), *a.* മുന്നഭിപ്രായം ഇല്ലാത്ത; 2. പക്ഷഭേദം—, നിഷ്പക്ഷമായ.

**Un-pre-med'i-tā-ted,** *a.* മുൻകരുതലില്ലാത്ത, കല്പിച്ച് കൂട്ടിച്ചെയ്യാത്ത; 2. മുമ്പ് കൂട്ടി ആലോചിക്കാത്ത.

**Un-pre-pāred'** (-pārd'), *a.* ഒരുങ്ങാത്ത, തയ്യാറില്ലാത്ത.

**Un-pre-tend'ing,** *a.* നാട്യം ഇല്ലാത്ത, അഭിമാനം—. **-ly,** *ad.* അഭിമാനകാംക്ഷയില്ലാതെ, ഭള്ള് കാട്ടാതെ.

**Un-prin'ci-ple,** *v. t.* സദ്ധൎമ്മപ്രമാണം ഇല്ലാതാക്കുക. **=pled** (-pld), *a.* സദ്ധൎമ്മപ്രമാണം ഇല്ലാത്ത, നീതിയും ന്യായവും—; നീതികെട്ട; ദുഷ്ട.

**Un-prō-cū'ra-ble,** *a.* കിട്ടാത്ത, അലഭ്യമായ.

**Un-prō-duc'tive,** *a.* തരിശായ; 2. അഫലമായ; 3. നിഷ്ഫലമായ; 4. ആദായമില്ലാത്ത. **-ly,** *ad.* അനുഭവമില്ലാതെ; നിരൎത്ഥകമായി, വ്യൎത്ഥമായി.

**Un-prō-fes'siōn-al** (-fesh'un-), *a.* ഉദ്യോഗത്തിന്ന് പററാത്ത, പ്രവൃത്തിക്ക് അയോഗ്യമായ, ഉചിതമല്ലാത്ത. **-ly,** *ad.* ഉദ്യോഗനിലയിലല്ലാതെ; ഉദ്യോഗനിലക്ക് പററാതെ.

**Un-prof'it-a-ble,** *a.* കാൎയ്യമില്ലാത്ത, നിഷ്ഫലമായ, വ്യൎത്ഥമായ. **-ness,** *n.* നിഷ്ഫലത്വം, നിഷ്പ്രയോജനം. **=bly,** *ad.* കാൎയ്യമില്ലാതെ, വെറുതെ, നിരൎത്ഥകമായി.

**Un-prom'is-ing,** *a.* ഗുണലക്ഷണമില്ലാത്ത, മേലാൽ നന്നാകുമെന്ന് ആശിക്കുവാൻ തരമില്ലാത്ത.

**Un-prō-nounce'a-ble** (-nouns'a-bl), *a.* ഉച്ചരിപ്പാൻ കഴിയാത്ത.

**Un-prop',** *v. t.* ഊന്ന് എടുത്ത് കളയുക; 2. ആധാരം ഇല്ലാതാക്കുക; 3. നിരാധാരമാക്കുക.

**Un-prō-pi'tiōus** (-pish'us), *a.* അശുഭമായ, ദുശ്ശകുനമായ, ലക്ഷണംകെട്ട; 2. അനനുകൂലമായ.

**Un-pros'pĕr-ŏus,** *a.* ഭാഗ്യംകെട്ട, അശുഭമായ; 2. നന്നാകാത്ത, അഭിവൃദ്ധിയില്ലാത്ത, വാഴ്ക്കാത്ത.

**Un-prō-tect'ed,** *a.* രക്ഷയില്ലാത്ത, അരക്ഷിതമായ, നിരാശ്രയമായ, അനാഥമായ.

**Un-prŏved'** (-pru̥vd'), *a.* തെളിയാത്ത, തെളിവില്ലാത്ത (*l.*).

**Un-prō-vōked'** (-vōkt'), *a.* കോപിപ്പിക്കാത്ത, കോപഹേതുവില്ലാത്ത; 2. അഹേതുകമായ, അകാരണമായ.

**Un-pru̥ned'** (-pru̥nd'), *a.* (മരം) കൊമ്പ് ചെത്തി വെടിപ്പാക്കാത്ത, കത്രിച്ച് നന്നാക്കാത്ത.

**Un-pub'lished** (-lisht), *a.* പ്രസിദ്ധപ്പെടുത്താത്ത; 2. രഹസ്യമായ, ഗോപ്യമായ; 3. അച്ചടിച്ച് പ്രസിദ്ധം ചെയ്യാത്ത.

**Un-punc'tū-al,** *a.* സമയം തെററിയ, നേരത്തിന്ന് എത്താത്ത, —വരാത്ത, നേരം വൈകിയ.

**Un-qua̤l'i-fȳ,** *v. t.* അയോഗ്യമാക്കുക, പററാതാക്കുക. **=fīed** (-fīd), *a.* കൊള്ളാത്ത, പററാത്ത; പ്രാപ്തിയില്ലാത്ത; അയോഗ്യമായ. [ശമിക്കാത്ത.

**Un-quelled'** (-kweld'), *a.* അമരാത്ത,

**Un-quench'a-ble** (-kwensh'a-bl), *a.* (തീ) കെടുത്തുവാൻ കഴിയാത്ത; 2. (ദാഹം) തീൎപ്പാൻ കഴിയാത്ത; 3. ശമിപ്പിപ്പാൻ കഴിയാത്ത.

**Un-ques'tiōn-a-ble** (-kwest'yun-), *a.* സംശയം ഇല്ലാത്ത; 2. നിൎവ്വാദമായ. **=bly,** *ad.* സംശയംകൂടാതെ, നിസ്സംശയമായി.

**Un-quī'et,** *a.* സമാധാനം ഇല്ലാത്ത; 2. കലക്കം ഉള്ള; 3. സുഖക്കേട്—. **-ly,** *ad.* അശാന്തമായി, വേവിലാതിയോടെ. **-ness,** *n.* കലക്കം, വേവിലാതി.

**Un-rav'el** (-rav'l), *v. t.* കടുക്കു് തീൎക്കുക, ചിക്കു്—; 2. പിന്നലഴിക്കുക; 3. വിക്ഷമംതീൎക്കുക; 4. വെളിച്ചത്താക്കുക; 5. താറുമാറാക്കുക.

**Un-read'** (-red'), *a.* വായിക്കാത്ത; 2. പഠിപ്പില്ലാത്ത. **=rēad'a-ble** (-rēd'a-), *a.* വായിപ്പാൻ കഴിയാത്ത; വ്യക്തിയില്ലാത്ത.

**Un-read'y** (-red'i), *a.* ഒരുക്കമില്ലാത്ത; 2. ചുറുക്കില്ലാത്ത, മന്ദമായ.

**Un-rē'al,** *a.* അസത്തായ, വസ്തുതയല്ലാത്ത; 2. ഭാവനയായ; 3. മായയായ. **-'i-ty,** *n.* അവാസ്തവം, മായാമയത്വം, ഭോഷ്ക്കു്, മായ. **-ly,** *ad.* അവാസ്തവമായി; ഭാവനയായി.

**Un-rēa'son** (-rē'zn), *n.* ബുദ്ധിയില്ലായ്മ; 2. ന്യായക്കേടു്; 3. ഭോഷത്വം. **abbot of u.** തമാശമൂപ്പൻ. **-a-ble, =rēa'soned** (-rē'znd), *a.* ബുദ്ധികേടായ; അത്യധികമായ; അന്യായമായ. **-a-ble-ness,** *n.* ബുദ്ധികേടു്; അന്യായം. **-a-bly,** *ad.* ബുദ്ധികേടായി; അനുചിതമായി; തോന്നിയവാസമായി.

**Un-re-clāimed'** (-klāmd'), *a.* തരിശ്നീക്കാത്ത, കാടുവെട്ടാത്ത; 2. കാടനായ, മുരടനായ; 3. നല്ല മാൎഗ്ഗത്തിൽ വരാത്ത, നന്നാകാത്ത.

**Un-rec-on-cī'la-ble,** *a., s. a.* **Irreconcilable.**

**Un-re-cŏv'ĕr-a-ble,** *a., s. a.* **Irrecoverable.**

**Un-re-dēem'a-ble,** *a.* വീണ്ടെടുപ്പാൻ പാടില്ലാത്ത. **=dēemed'** (-dēmd'), *a.* വീണ്ടെടുക്കാത്ത; കാണം വീട്ടാത്ത (*l.*); അറുതിയാസ്ത്രോയ (*l.*).

**Un-re-fīned'** (-fīnd'), *a.* സ്ഫുടം വെക്കാത്ത, —ചെയ്യാത്ത, ശുദ്ധി—.

**Un-re-flect'ing,** *a.* ആലോചിക്കാത്ത, വിചാരം ഇല്ലാത്ത.

**Un-re-fū'ted,** *a.* ഖണ്ഡിക്കാത്ത, ആക്ഷേപിക്കാത്ത.

**Un-re-gärd'ed,** *a.* വിചാരിക്കാത്ത; 2. പ്രമാണിക്കാത്ത, ശ്രദ്ധിക്കാത്ത.

**Un-re-gen'ĕr-āte, =ā-ted,** *a.* പുനൎജ്ജന്മം പ്രാപിക്കാത്ത, പുനൎജ്ജാതനല്ലാത്ത, മാനസാന്തരപ്പെടാത്ത (*theo.*). **=a-cy, =ā'tion,** *n.* പുനൎജ്ജന്മമില്ലായ്മ.

**Un-reg'is-tĕred** (-tĕrd), *a.* രേഖപ്പെടുത്താത്ത; 2. സാക്ഷ്യപ്പെടുത്താത്ത, 'റജിസ്ത്രു്'ചെയ്യാത്ത.

**Un-re-gret'ted,** *a.* അനുശോചനീയമല്ലാത്ത, ആൎക്കും ദുഃഖം തോന്നാത്ത.

**Un-rein'** (-rān'), *v. t.* കടിഞ്ഞാണ് അഴ(യ)ക്കുക; 2. തടസ്ഥം നീക്കുക; മുടക്കാതിരിക്കുക.

**Un-re-lent'ing,** *a.* വിട്ടുകൊടുക്കാത്ത; 2. ദയതോന്നാത്ത; 3. കഠിനമായ, കഠോരമായ; 4. ക്രൂരതയുള്ള. **-ly,** *ad.* കഠിനമായി, കട്ടപ്പത്തോടെ. **-ness,** *n.* നിൎദ്ദയത്വം, കാഠിന്യം.

**Un-re-lī'a-ble,** *a.* വിശ്വസിക്കാവതല്ലാത്ത, വിശ്വാസയോഗ്യമല്ലാത്ത, നമ്പുവാൻ പാടില്ലാത്ത. **-ness,** *n.* അവിശ്വാസ്യത.

**Un-re-ligi'ŏus** (-lij'us), *a., s. a.* [Irreligious.

**Un-re-mit'ting,** *a.* കുറയാത്ത; 2. ഇടവിടാത്ത; 3. സ്ഥിരോത്സാഹമുള്ള. **-ly,** *ad.* ഇടവിടാതെ. **-ness,** *n.* തുടൎച്ച; സ്ഥിരത.

**Un-re-pen'tant, =pent'ing,** *a.* അനുതാപം ഇല്ലാത്ത, അനുതപിക്കാത്ത, പശ്ചാത്താപം ഇല്ലാത്ത.

**Un-rep-re-sent'ed,** *a.* പ്രതിനിധിയില്ലാത്ത; 2. വക്കീലില്ലാത്ത (*l.*).

**Un-re-sĕrve',** *n.* വായടക്കമില്ലായ്മ, തുറന്ന മനസ്സു്, തുറന്ന വായി. **=sĕrved'** (-zĕrvd'), *a.* സൂക്ഷിച്ചുവെക്കാത്ത, അടക്കി—; നിഷ്കപടമായ; മുഴവനായ; തടസ്ഥമില്ലാത്ത. **=sĕrv'ed-ly,** *ad.* തുറന്ന വായായി, ഒന്നും മറച്ചുവെക്കാതെ. **=sĕrv'ed-ness,** *n.* നിഷ്കപടഭാവം, പരമാൎത്ഥം.

**Un-re-ṣist'ed,** *a.* തടുക്കാത്ത, എതിരില്ലാത്ത. **=ṣist'ance,** *n.* കീഴ്വഴക്കം, അനുസരണം. **=ṣist'i-ble,** *a., s. a.* **Irresistible.**

**Un-rest',** *n.* സൈ്വരക്കേട്, സ്വാസ്ഥതയില്ലായ്മ, അസ്വാസ്ഥ്യം; 2. അസമാധാനം, വേവലാതി; 3. ഉറക്കില്ലായ്മ, ഉന്നിദ്രേതം.

**Un-re-strāint',** *n.* തടസ്ഥമില്ലായ്മ, മുടക്കമില്ലായ്മ; 2. സ്വാതന്ത്ര്യം. **=strāined'** (-strānd'), *a.* തടസ്ഥമില്ലാത്ത.

**Un-re-strict'ed,** *a.* ക്ലുപ്തമില്ലാത്ത, അതിര് വെക്കാത്ത; 2. തടസ്ഥമില്ലാത്ത.

**Un-re-wạrd'ed,** *a.* പ്രതിഫലം കിട്ടാത്ത.

**Un-rid'dle,** *v. t. & i.* (കടങ്കഥയുടെ) അൎത്ഥം പറയുക.

**Un-rig',** *v. t.* (കപ്പലിൻെറ) പാമരക്കയറഴിക്കുക.

**Un-rīght'eous** (-rīt'yus *or* -rī'chus), *a.* നീതികെട്ട, അനീതിയുള്ള; 2. ദുഷ്ടതയായ, പാപകരമായ; 3. അന്യായമായ. **-ly,** *ad.* നീതികേടായി. **-ness,** *n.* അനീതി, ദുഷ്ടത, അധൎമ്മം, അന്യായം.

**Un-rip',** *v. t.* കീറിമുറിക്കുക, ധാൎന്ന് കളയുക.

**Un-rīpe',** *a.* മൂക്കാത്ത, പഴക്കാത്ത, ചള്ളായ, പിഞ്ചായ; 2. പാകം ആകാത്ത, പക്വമാകാത്ത.

**Un-rī'valed, =rī'valled** (-vald), *a.* എതിരില്ലാത്ത; 2. അതുല്യമായ, അനുപമമായ; 3. മികെച്ച, മുന്തിയ.

**Un-riv'et,** *v. t.* തറച്ച മലര് അഴിക്കുക, തറയാണി പറിക്കുക.

**Un-rōbe',** *v. t. & i.* അങ്കി അഴിക്കുക; 2. വസ്ത്രം—, തുണിയുരിയുക.

**Un-rōll',** *v. t.* ചുരുള് നിവിൎത്തുക, വിടൎത്തുക; 2. കാണിക്കുക, വെളിപ്പെടുത്തുക; 3. തുറക്കുക; 4. (പട്ടികയിൽനിന്ന്) പേര് തടഞ്ഞ് കളയുക, പേര് കൎത്തുക (*N.*).

**Un-rō-man'tic,** *a.* കബന്ധമല്ലാത്ത; 2. മോടിരസമില്ലാത്ത; 3. ഗൌരവമായ, ഗംഭീരമായ.

**Un-roof',** *v. t.* മേല്പുര പൊളിക്കുക. **-ed',** *a.* മേല്പുര പൊളിച്ച; കൂട് നീക്കിയ; മേല്പുര കെട്ടാത്ത.

**Un-root',** *v. t.* വേരോടെ പറിക്കുക, പൊരിക്കുക; നിൎമ്മൂലമാക്കുക, ഉന്മൂലനം ചെയ്യുക. *v. i.* പൊരിഞ്ഞ് പോക.

**Un-ruf'fle,** *v. i.* കലക്കമില്ലാതിരിക്കുക, ശാന്തമായിരിക്കുക. **=ruf'fled** (-ruf'-fld), *a.* ഓളമില്ലാത്ത; ശാന്തമായ, സമാധാനമുള്ള.

**Un-rụled'** (-rụld'), *a.* അനായകമായ, ഭരണമില്ലാത്ത; 2. വരയിടാത്ത, വരക്കാത്ത, വരയാത്ത. **=rụ'li-ness,** *n.* അടക്കമില്ലായ്മ, തോന്നിയവാസം, വികൃതിസ്വഭാവം, പോക്കിരിത്തനം. **=rụ'ly,** *a.* വഴങ്ങാത്ത, കീഴ്പെടാത്ത; തോന്നിയവാസമുള്ള, താന്തോന്നിത്വമുള്ള; വികൃതിയായ, പോക്കിരിയായ.

**Un-rum'ple,** *v. t.* ചുളുക്കില്ലാതാക്കുക, വിടൎത്തിവെക്കുക, പരത്തി—.

**Un-sad'dle,** *v. t.* 'ജീന്'എടുത്ത് കളയുക, കതിരക്കോപ്പഴിക്കുക; 2. കതിരപ്പുറത്ത് നിന്ന് തള്ളിയിടുക.

**Un-sāfe',** *a.* ഭദ്രമല്ലാത്ത, അപായകരമായ, ആപല്ക്കരമായ, ഭയഹേതുകമായ. **-ly,** *ad.* അഭദ്രമായി, ആപല്ക്കരമായി. **-ness, -ty,** *n.* അഭദ്രത, അപകടം, ഭയം.

**Un-said',** *a., s. u.* **Unsay.**

**Un-sāint'ly,** *a.* വിശുദ്ധന്മാൎക്ക് പററാത്ത, പുണ്യമൂൎത്തികൾക്ക് ഉചിതമല്ലാത്ത.

**Un-sāl'a-ble, -sāle'a-ble** (-sāl'a-bl), *a.* വില്ലാൻ കഴിയാത്ത, അഴിച്ചലാകാത്ത, വിലകിട്ടാത്ത. *n.* മുടക്ക് ചരക്ക്.

**Un-saṅc'ti-fīed** (-fīd), *a.* ശുദ്ധീകരിക്കാത്ത; 2. അശുദ്ധമായ, അപവിത്രമായ. **=saṅc-ti-fi-cā'tiōn,** *n.* വിശുദ്ധീകരണം ഇല്ലായ്മ, അപവിത്രത.

**Un-saṅc'tiōned** (-saṅk'shund), *a.* സമ്മതം കിട്ടാത്ത, കല്പനയാകാത്ത, അനുവദിക്കാത്ത.

**Un-sat-is-fac'tōr-y,** *a.* തൃപ്തിയില്ലാത്ത, തൃപ്തികേടായി; 2. പോരാത്ത, മതിയാകാത്ത. **=fac'tōr-i-ly,** *ad.* തൃപ്തികേ

-ടായി; പോരാതെ. ='is-fied (-fīd), *a.* തൃപ്തിതോന്നാത്ത; സന്തുഷ്ടിയില്ലാത്ത, പോരാത്ത.

**Un-sā'vŏur-y** (-sā'vĕr-i), *a.* രുചിയില്ലാത്ത; 2. രസം തോന്നാത്ത; 3. അസഹ്യമായ.

**Un-sāy'**, *v. t. ir.* (=said'; =said', *pr.* —sed') വാക്ക് മാററുക; 2. വാക്ക് മടക്കിയെടുക്കുക; 3. നിഷേധിച്ച് പറയുക, പറഞ്ഞത് ഇല്ലെന്ന് പറയുക. =said' (-sed'), *a.* പറയാത്ത; ചെയ്യാത്ത.

**Un-scāthed'** (-skātht'), *a.* ഊനം തട്ടാത്ത, ഹാനി ഇല്ലാത്ത; 2. നഷ്ടം—.

**Un-scep'tĕred**, =scep'tred (-sep'-tĕrd), *a.* ചെങ്കോലില്ലാത്ത, ചെങ്കോൽ എടുത്ത് കളഞ്ഞ; 2. രാജത്വം ഇല്ലാത്ത, അധികാരം—.

**Un-screw'** (-skru'), *v. t.* പിരിയാണി അഴിക്കുക; 2. തിരിച്ചെടുക്കുക; 3. അഴിക്കുക.

**Un-scrip'tū-ral**, *a.* പവിത്രരേഖകൾക്ക് വിരോധമായ, ദൈവവചനപ്രകാരം അല്ലാത്ത, വേദവിപരീതമായ. -ly, *ad.* ദൈവവചനത്തിന്ന് വിരോധമായി, സത്യവേദപ്രകാരം അല്ലാതെ.

**Un-scru'pū-lŏus**, *a.* ശങ്കയില്ലാത്ത, എന്തും ചെയ്വാൻ മടിയില്ലാത്ത, സംശയം ഇല്ലാത്ത. -ly, *ad.* മടിയില്ലാതെ, ശങ്കയില്ലാതെ, നിശ്ശങ്കം. -ness, *n.* നിശ്ശങ്ക, മടിയില്ലായ്മ.

**Un-sēal'** (-sēl'), *v. t.* മുദ്രപൊട്ടിക്കുക, മുദ്രവെച്ചത് തുറക്കുക.

**Un-sēam'** (-sēm'), *v. t.* തുന്നലഴിക്കുക, തുന്നഴിക്കുക.

**Un-sĕarch'a-ble** (-sĕrch'a-bl), *a.* അറിവാൻ കഴിയാത്ത, അഗോചരം ആയ, അശോധ്യം—, അഗാധം—, ഗൂഢം—, മർമ്മം—. -ness, *n.* അശോധ്യത; അഗോചരത്വം. =bly, *ad.* അഗോചരമായി.

**Un-sēa'ṣon-a-ble** (-sē'zn-), *a.* സമയം തെററിയ, നേരം—; 2. അകാലമായ, കാലം പിഴച്ച; 3. തക്കകാലത്തുണ്ടാകാത്ത; 4. കാലോചിതമല്ലാത്ത. -ness, *n.* കാലപ്പിഴ; അകാലികത്വം. =bly, *ad.* കാലം വൈകി, നേരം തെററി.

**Un-sēat'** (-sēt'), *v. t.* ആസനത്തിൽനിന്ന് തള്ളിയിടുക, ആസനമില്ലാതാക്കുക; 2. ആലോചനസഭാംഗപദവി എടുത്ത് കളയുക.

**Un-sēa'wŏr-thy** (-sē'wĕr-thi), *a.* കടലോട്ടത്തിന്ന് പററാത്ത (*naut.*).

**Un-sec'ŏn-ded**, *a.* താങ്ങില്ലാത്ത, സഹായമില്ലാത്ത; 2. ആരും യോജിച്ച് പറയാത്ത.

**Un-sēem'ly**, *a.* ഭംഗികേടായ; 2. അയോഗ്യമായ, കൊള്ളരുതാത്ത; 3. അസഭ്യമായ; 4. ലജ്ജാകരമായ. *ad.* അയോഗ്യമായി, നാണക്കേടായി. =sēem'li-ness, *n.* അയോഗ്യത; നിർമ്മര്യാദം, നാണക്കേട്.

**Un-sēen'**, *a.* കാണാത്ത, കണ്ട് പിടിക്കാത്ത; 2. അദൃശ്യമായ.

**Un-self'ish**, *a.* സ്വാത്മബുദ്ധിയില്ലാത്ത, തന്നെപ്പോററിയല്ലാത്ത. -ly, *ad.* സ്വാത്മം ഇല്ലാതെ.

**Un-sen'su-al-īṣe**, =īze (-shu-al-), *v. t.* അനിന്ദ്രിയമാക്കുക, ഇന്ദ്രിയാതീതമാക്കുക; 2. വിശുദ്ധമാക്കുക.

**Un-sep'ul-chred** (-kĕrd), *a.* (ശവം) കഴിച്ചിടാത്ത, മറചെയ്യാത്ത.

**Un-sĕr'vice-a-ble** (-sĕr'vis-), *a.* പ്രവൃത്തിക്ക് കൊള്ളാത്ത; 2. ഉപയോഗം ഇല്ലാത്ത; 3. നിഷ്പ്രയോജനമായ.

**Un-set'**, *a.* ആകാത്ത, വെക്കാത്ത; 2. നിശ്ചയിക്കാത്ത; 3. ഉറപ്പിക്കാത്ത.

**Un-set'tle**, *v. t.* ഇളക്കുക, അസ്ഥിരം ആക്കുക; 2. താറുമാറ്—, നാനാവിധം—; 3. ചഞ്ചലപ്പെടുത്തുക; 4. ചിത്തഭ്രമം വരുത്തുക. *v. i.* ഇളകുക; 2. ചഞ്ചലപ്പെടുക. =set'tled (-set'tld), *a.* താറുമാറായ; തീർച്ചപ്പെടുത്താത്ത; അസ്ഥിരമായ. =set'tled-ness, *n.* അസ്ഥിരത, ചാപല്യം, ക്രമക്കേട്. =set'tle-ment, *n.* അലസല്; കലക്കം.

**Un-sew'** (-sō'), *v. t.* തുന്നഴിക്കുക, (തുന്നല്) പിരിക്കുക.

**Un-sex′**, *v. t.* സ്ത്രീപുരുഷഭേദം ഇല്ലാതാക്കുക; 2. സ്ത്രീഭാവം—. =**sex′ū-al**, *a.* സ്ത്രീപുരുഷഭേദം ഇല്ലാത്ത; സ്ത്രീകൾക്കു പററാത്ത; പുരുഷന്മാൎക്ക് യോഗ്യമല്ലാത്ത.

**Un-shack′le** (-shak′l), *v. t.* കൈയാമം കഴിക്കുക; 2. ചങ്ങല അഴിക്കുക; 3. ബന്ധനം നീക്കുക, തടസ്ഥം—.

**Un-shā′ka-ble**, *a.* ഇളക്കുവാൻ കഴിയാത്ത; 2. ഉറപ്പുള്ള, സ്ഥിരമായ. =**shā′-ken** (-shā′kn), *a.* ഇളകാത്ത, സ്ഥിരമായ.

**Un-shāpe′**, *v. t.* രൂപമില്ലാതാക്കുക, കോലം കെടുക്കുക; ഭാഷ—. =**shāped′** (-shāpt′), **shāpe′ly, shāp′en**, *a.* രൂപം ഇല്ലാത്ത, ഭാഷ—, കോലംകെട്ട, വിരൂപമായ.

**Un-shēathe′** (-shēth′), *v. t.* ഉറയിൽനിന്നെടുക്കുക, (വാള്) ഊരുക. **to u. the sword** യുദ്ധം തുടങ്ങുക.

**Un-shel′tĕred** (-shel′tĕrd), *a.* മറവ് ഇല്ലാത്ത; 2. തണല്—; 3. രക്ഷ—; 4. നിരാശ്രയമായ.

**Un-ship′**, *v. t.* കപ്പലിൽനിന്നിറക്കുക; 2. തണ്ട് മുതലായത്) ഊരിവെക്കുക, മാററി—. **-ment**, *n.* ചരക്ക് കിഴിക്കൽ, ചരക്കിറക്കം; മാററിവെക്കൽ.

**Un-shod′**, *a.* ചെരിപ്പിടാത്ത; 2. ലാടം കെട്ടാത്ത, —തറക്കാത്ത.

**Un-shot′**, *v. t.* തോക്കിൽനിന്ന് നിറ ഒഴിക്കുക. *a.* വെടികൊള്ളാത്ത; 2. വെടിവെക്കാത്ത.

**Un-shrink′ing**, *a.* അഞ്ചാത്ത, മടിക്കാത്ത; 2. ചുരുങ്ങാത്ത, ചുളിയാത്ത. **-ly**, *ad.* അഞ്ചാതെ; ചുരുങ്ങാതെ.

**Un-shut′tĕr**, *v. t.* കതക് തുറക്കുക; 2. വാതിൽപ്പലക എടുത്ത് കളയുക.

**Un-sight′** (-sīt′), *a.* കാണാതെ ചെയ്യു, നോക്കാതെ ചെയ്യുന്ന. **u. unseen** കാണാതെ. **to buy a thing u. unseen** സാധനം കാണാതെ വിലക്ക് കൊള്ളുക. **-ed**, *a.* കാണാത്ത; കാണിക്കുററിയില്ലാത്ത. **-li-ness**, *n.* അഭംഗി, വൈരൂപ്യം. **-ly**, *a.* ഭംഗി ഇല്ലാത്ത, കോലം—, കരൂപമായ.

**Un-sim-plic′i-ty** (-plis′i-), *n.* യഥാൎത്ഥമില്ലായ്മ; 2. ഉപായം, കൌശലം.

**Un-sis′tĕr-ly**, *a.* സഹോദരിഭാവമില്ലാത്ത; 2. സഹോദരിമാൎക്ക് പററാത്ത.

**Un-skil′ful**, =**skill′ful**, =**skilled′** (-skild′), *a.* സാമൎത്ഥ്യം ഇല്ലാത്ത, പ്രാപ്തികുറഞ്ഞ; 2. വിവേകം ഇല്ലാത്ത, അറിവ്—. **-ly**, *ad.* സാമൎത്ഥ്യം ഇല്ലാതെ. **-ness**, *n.* —ഇല്ലായ്മ, അപ്രാപ്തി.

**Un-slacked′** (-slakt′), =**slāked′** (-slākt′), *a.* തണുപ്പിക്കാത്ത, ശമിക്കാത്ത; 2. നീററാത്ത.

**Un-sling′**, *v. t.* കൊളുത്തഴിക്കുക; 2. ഇറക്കിവെക്കുക.

**Un-sluice′** (-slus′), *v. t.* ചീപ്പ് തുറക്കുക, പാത്തി—; 2. വെള്ളം വിടുക.

**Un-sō′ci-a-ble** (-sō′shi-a-bl), *a.* സാമുദായികമല്ലാത്ത; 2. ഇണക്കം ഇല്ലാത്ത, മെരുക്കം—; 3. ചങ്ങാതിത്വം—; 4. ഏകാകിത്വമുള്ള. =**bil′i-ty, -ness**, *n.* സഹവാസശീലമില്ലായ്മ, ഇണക്കമില്ലായ്മ, ഏകാകിത്വം. =**bly**, *ad.* ഇണക്കമില്ലാതെ, മുനിയായി.

**Un-sōl′diĕr-ly** (-sōl′jĕr-), *a.* പടയാളികൾക്കു പററാത്ത; 2. ഭടത്വം അല്ലാത്ത.

**Un-so-phis′ti-cāte**, =**cā-ted** (-fis′-ti-), *a.* മറിപ്പും തിരിപ്പും ഇല്ലാത്ത, തരുതലയല്ലാത്ത; 2. ശുദ്ധമായ, കൂട്ടില്ലാത്ത, സാക്ഷാത്തായ.

**Un-sor′rōwed** (-sor′rōd), *a.* ആരും ദുഃഖിക്കാത്ത, ആൎക്കും വ്യസനം തോന്നാത്ത.

**Un-sort′ed**, *a.* തരംതിരിക്കാത്ത; 2. നന്നായി തിരഞ്ഞെടുക്കാത്ത.

**Un-sōul′** (-sōl′), *v. t.* ആത്മാവില്ലാ[താക്കുക.

**Un-sound′**, *a.* നല്ലതല്ലാത്ത, കേടുള്ള, ഊനമുള്ള; 2. ഉറപ്പില്ലാത്ത; 3. സുഖമില്ലാത്ത, ക്ഷീണിച്ച, ആരോഗ്യമില്ലാത്ത, രോഗമുള്ള; 4. തെററായ, അബദ്ധമായ; 5. വിശ്വസിപ്പാൻ പാടില്ലാത്ത. **-ly**, *ad.* ക്ഷീണത്തോടെ. **-ness**, *n.* കേട്, ഊനം.

**Un-sound′ed**, *a.* ആഴം അളന്ന് നോക്കാത്ത, ഈയം ഇട്ട് നോക്കാത്ത.

**Un-spā'riṅg**, *a.* ഊററ ഇല്ലാത്ത, ലുബ്ധ്—; 2. ഔദാര്യമുള്ള, ധാരാളശീലമുള്ള; 3. യഥേഷ്ടം, ധാരാളം; 4. ക്ഷമിക്കാത്ത, ദയയില്ലാത്ത; 5. കഠിനമായ. **-ly**, *ad.* ധാരാളമായി, വേണ്ടുവോളം; നിൎദ്ദയമായി. **-ness**, *n.* ഔദാൎയ്യം, ധാരാളത്വം; കഠിനത, കാഠിന്യം.

**Un-speāk'**(-spēk'), *v. t. ir.* (-spōke', -spō'ken) പറഞ്ഞത് മടക്കിയെടുക്കുക, വാക്ക് പിൻവലിക്കുക. **-a-ble**, *a.* പറയാവതല്ലാത്ത, അവൎണ്ണനീയമായ. **-a-bly**, *ad.* പറവാൻ കഴിയാതവണ്ണം. **=spō'ken**, *a.* പറയാത്ത, മിണ്ടാത്ത.

**Un-spe'cial-īsed**, **=īzed** (-spesh'al-īzd), *a.* പ്രത്യേകിക്കാത്ത; 2. പ്രത്യേകോപയോഗമില്ലാത്ത (*biol.*).

**Un-spell'**, *v. t.* മന്ത്രശക്തി കെടുത്തുക; 2. മന്ത്രമോചനം വരുത്തുക.

**Un-spilt'**, *a.* മറിക്കാത്ത, മറിച്ച്കളയാത്ത; 2. തുളുമ്പാത്ത. 3. നശിപ്പിക്കാത്ത; 4. ചൊരിയാത്ത.

**Un-spin'**, *v. t.* പിരി ഉടക്കുക, പിരി [അഴിക്കുക.

**Un-spō'ken**, *a.*, *s. u.* **Unspeak.**

**Un-spot'ted**, *a.* കറയില്ലാത്ത, കലവിഴാത്ത; 2. കളങ്കമററ, നിഷ്കളങ്കമായ. **-ness**, *n.* നിഷ്കളങ്കത്വം.

**Un-stā'ble**, *a.* ഉറപ്പില്ലാത്ത, സ്ഥിരമില്ലാത്ത; 2. ആടുന്ന, ഇളകുന്ന; 3. ചഞ്ചലമുള്ള, അസ്ഥിരമായ. **-ness**, *n.* ചഞ്ചലം, അസ്ഥിരത.

**Un-stack'**, *v. t.* പുല്ലതിരിപൊളിക്കുക, അതിരിനീക്കുക; 2. അതിരിയിൽനിന്നെടുക്കുക.

**Un-stärch'**, *v. t.* (തുണി) കഞ്ഞികളയുക; 2. മയംവരുത്തുക.

**Un-stead'y** (-sted'i), *a.* സ്ഥിരതയില്ലാത്ത; 2. ചാപല്യമുള്ള; 3. തൻേറടമില്ലാത്ത. **=stead'i-ly**, *ad.* ചാപല്യത്തോടെ; തൻേറടമില്ലാതെ. **=stead'i-ness**, *n.* അസ്ഥിരത, ചഞ്ചലം, ചാപല്യം, തൻേറടമില്ലായ്മ.

**Un-stēel'**, *v. t.* ആയുധംവെപ്പിക്കുക, നിരായുധനാക്കുക; 2. പതം വരുത്തുക.

**Un-stint'ed**, *a.* ഊററയില്ലാത്ത; 2. ധാരാളമായ, യഥേഷ്ടമായ.

**Un-stitch'** (-stich'), *v. t.* തുന്നഴിക്കുക, തുന്നല് പിരിക്കുക.

**Un-stop'**, *v. t.* തിരുക്ക് എടുക്കുക; 2. [തുറക്കുക.

**Un-strāin'**, *v. t.* മുറുക്കം കുറക്കുക, അഴ(യ)വ് വരുത്തുക. **=strāined** (-strānd'), *a.* അരിക്കാത്ത; സ്വതവെയുള്ള, സഹജമായ.

**Un-strī'a-ted**, *a.* വരയില്ലാത്ത (*nat.*).

**Un-string'**, *v. t. ir.* (=struṅg; =struṅg) കമ്പി നീക്കുക; 2. കമ്പി അഴ(യ)ക്കുക; 3. (കമ്പിയിൽനിന്ന്) ഊരിയെടുക്കുക; 4. അഴ(യ)വാക; 5. നില തെററുക.

**Un-strīped'** (-strīpt'), *a.* വര ഇല്ലാത്ത, പുള്ളി— (*nat.*).

**Un-stud'ied** (-stud'id), *a.* മുമ്പുട്ടി ആലോചിക്കാത്ത; 2. ഒരുക്കിവെക്കാത്ത; 3. പഠിക്കാത്ത; 4. സ്വഭാവേനയുള്ള, സഹജമായ; 5. (in) അറിവില്ലാത്ത, സാമൎത്ഥ്യമില്ലാത്ത.

**Un-sub-dūed'** (-dūd'), *a.* കീഴടങ്ങാത്ത, അധീനമാകാത്ത; 2. തോല്ക്കാത്ത.

**Un-sub-mis'sive**, *a.* കീഴടക്കമില്ലാത്ത, ദുശ്ശാഠ്യമുള്ള; 3. താന്തോന്നിയായ.

**Un-sub-stan'tial** (-stan'shal), *a.* സത്വമില്ലാത്ത; കാതലില്ലാത്ത; 2. അവാസ്തവമായ, മായയായ.

**Uu-suc-cess'**, *n.* അസാദ്ധ്യത; 2. 2. നിഷ്ഫലത്വം. **-fụl**, *a.* സാധിക്കാത്ത, അസാദ്ധ്യമായ; സഫലമാകാത്ത, നിഷ്ഫലമായ. **-fụl-ly**, *ad.* സാദ്ധ്യമില്ലാതെ; വെറുതെ, വ്യൎത്ഥമായി.

**Un-sūit'a-ble**, *a.* പററാത്ത, കൊള്ളാത്ത, അനുചിതമായ. **=bly**, *ad.* പററാതെ, കൊള്ളാതെ.

**Uu-sul'lied** (-sul'lid), *a.* കറപററാത്ത, കളങ്കം ഇല്ലാത്ത; 2. ഊനം—; 3. ദൂഷ്യം—.

**Un-sup-pōrt'a-ble**, *a.* താങ്ങുവാൻ കഴിയാത്ത; 2. സഹിക്കുവാൻ—, അസഹ്യമായ, ദുസ്സഹനീയമായ. **-ness**, *n.* അസഹ്യത, ദുസ്സഹനീയത്വം. **=bly**,

*ad.* സഹിപ്പാൻ കഴിയാതെ. =pōrt′ed, *a.* സഹായം ഇല്ലാത്ത, തുണ—, നിസ്സഹായമായ.

**Un-sur-mount′a-ble,** *a., s. a.* Insurmountable.

**Un-sur-passed′** (-sẽr-past′), *a.* ആക്കം കവിഞ്ഞ് പോവാൻ കഴിയാത്ത; 2. മുന്തിനില്ക്കുന്ന; പിമ്പിലാകാത്ത.

**Un-sus-pect′ed,** *a.* ആരും സംശയിക്കാത്ത, ആക്കും സംശയം തോന്നാത്ത. =pect′ing, *a.* സംശയിക്കാത്ത; വിശ്വാസമുള്ള; പൊട്ടനായ. =pect′ing-ly, *ad.* ആരെയും സംശയിക്കാതെ; സന്ദേഹമില്ലാതെ. =pi′ciŏn (-pish′un), *n.* സംശയമില്ലായ്മ, നിശ്ശങ്ക, വിശ്വാസം. =pi′ciŏus (-pish′us), *a.* സംശയിക്കാത്ത, ശങ്കയില്ലാത്ത. =pi′ciŏus-ly (-pish′us-), *ad.* സംശയിക്കാതെ.

**Un-swad′dle** (-swod′dl), =swāthe′, *v. t.* തുണിച്ചുററഴിക്കുക; കെട്ടഴിക്കുക.

**Un-swear′** (-swâr′), *v. t. ir.* (=swōre′, =swōrn′) ആണ മടക്കിയെടുക്കുക. *v. i.* ആണ ദുർബ്ബലപ്പെടുത്തുക.

**Un-swẽrv′ing,** *a.* ചായാത്ത, വളയാത്ത, ഉലയാത്ത; 2. സ്ഥിരമായ; 3. നിഷ്ഠയുള്ള. -ly, *ad.* ഇളകാതെ, സ്ഥിരമായി.

**Un-sym-met′ri-cal,** *a.* അംശപ്പൊരുത്തം ഇല്ലാത്ത, യോജിപ്പ്—, അംശസൌഷ്ഠവം—; 2. പൊരുത്തം—, ചേച്ച—. -ly, *ad.* അംശപ്പൊരുത്തം ഇല്ലാതെ.

**Un-sym′pa-thy,** *n.* സഹതാപം ഇല്ലായ്മ, സഹാനുഭാവം—, അലിവ്—. =thī-sing, *a.* ആർദ്രതയില്ലാത്ത, കനിവില്ലാത്ത. =thī-sing-ly, *ad.* പരിതാപം ഇല്ലാതെ.

**Un-tack′,** *v. t.* വേർവിടുത്തുക.

**Un-tac′kle,** *v. t.* കെട്ടഴിക്കുക; 2. വണ്ടി അഴിച്ച് വെക്കുക.

**Un-tāint′ed,** *a.* കറയില്ലാത്ത, കറ പററാത്ത; 2. ഊനം ഇല്ലാത്ത; 3. നിഷ്കളങ്കമായ.

**Un-talked′** (-takt′), *a.* (of) പറയാത്ത; 2. സംസാരവിഷയം ആയിരിക്കാത്ത.

**Un-tā′ma-ble,** *a.* മെരുക്കുവാൻ കഴിയാത്ത; 2, ഒരിക്കലും മെരുങ്ങാത്ത, ഇണങ്ങാത്ത. =tāmed′ (-tāmd′), *a.* മെരുങ്ങിട്ടില്ലാത്ത. [ക്ക്—, കട്ടക്ക് —.

**Un-tan′gle,** *v. t.* ചിക്ക് തിക്കുക, കഴ

**Un-tāste′,** *v. t.* വാസനയില്ലാതാക്കുക. =tāst′ed, *a.* രുചിനോക്കാത്ത, അനുഭവിക്കാത്ത.

**Un-taught′** (-tat′), *s. u.* Unteach.

**Un-tēach′** (-tēch′), *v. t. ir.* (=taught′; =taught′, *pr.* -tat′), ഓമ്മകെടുത്തുക, പഠിച്ചത് മറപ്പിക്കുക, വിസ്മരിപ്പിക്കുക; 2. വിശ്വാസം ഇല്ലാതാക്കുക. =taught′ (-tat′), *a.* പഠിക്കാത്ത, അഭ്യസിക്കാത്ത.

**Un-tem′pẽr,** *v. t.* കട്ടപ്പമില്ലാതെയാക്കുക, പതംവെപ്പിക്കുക. =′pẽred (-′pẽrd), *a.* കട്ടപ്പമില്ലാത്ത, പതമായ.

**Un-ten′a-ble,** *a.* നിലനിത്തുവാൻ കഴിയാത്ത; 2. നിർവ്വഹിപ്പാൻ—. [ക്കുക.

**Un-ten′ant,** *v. t.* കുടിയായ്മ ഇല്ലാതാ

**Un-tent′,** *v. t.* കൂടാരത്തിൽനിന്ന് പുറത്താക്കുക. -ed, *a.* കൂടാരമില്ലാത്ത; പരി(രു)ക്ക് ചെയ്യാത്ത, രക്ഷ—.

**Un-thank′ful,** *a.* നന്ദികെട്ട, അറിവ് കെട്ട, കൃതജ്ഞതയില്ലാത്ത.

**Un-think′ing,** *a.* വിചാരിക്കാത്ത; 2. വിചാരം ഇല്ലാത്ത, നിർവ്വിചാരിയായ; 3. അവിവേകമുള്ള. -ly, *a.* നിർവ്വിചാരഭാവത്തോടെ; ജാഗ്രതയില്ലാതെ. -ness, *n.* നിർവ്വിചാരഭാവം. unthought of ഓക്കാത്ത, വിചാരിക്കാത്ത.

**Un-thread′** (-thred′), *v. t.* നൂല് ഊരുക; 2. സന്ധുക്കൾ അറുക്കുക; 3. വളഞ്ഞ് പുളഞ്ഞ് ചെല്ലുക.

**Un-thrift′y,** *a.* സൂക്ഷ്മം ഇല്ലാത്ത, ചരതം—; 2. ധാരാളിക്കുന്ന. =thrift′i-ly, *ad.* ധാരാളമായി, ധാരാളശീലത്തോടെ. =thrift′i-ness, *n.* ധാരാളിക്കൽ, ദുച്ചെലവ്, ദുർവ്വ്യയം.

**Un-thrōne′,** *v. t., s. a.* Dethrone.

**Un-tī′dy,** *a.* വൃത്തികെട്ട, വെടിപ്പില്ലാത്ത. -tī′di-ly, *ad.* വെടിപ്പില്ലാതെ,

വൃത്തികേടായി. =**ti′di-ness,** *n.* വൃത്തികേട്, അശുചി.

**Un-tīe′** (-tī′), *v. t.* കെട്ടഴിക്കുക, അഴിക്കുക; 2. അഴിച്ച് വിടുക; 3. വെളിപ്പെടുത്തുക, സ്പഷ്ടമാക്കുക. *v. i.* കെട്ടഴിഞ്ഞ് പോക, അഴിയുക.

**Un-tīght′en** (-tīt′n), *v. t.* മുറുക്കം ഇല്ലാതാക്കുക, അഴ(യ)വാക്കുക.

**Un-til′,** *prep.* . . . . ഓളം, . . . . വരെ, . . . വരെക്കും, . . . . വരയിൽ, . . . . പൎയ്യന്തം: **he staid u. evening** അവൻ വൈകന്നേരംവരെ താമസിച്ചു; **u. his death** അവൻെറ മരണത്തോളം, ജീവപൎയ്യന്തം, മരണപൎയ്യന്തം. *conj.* ൧ിക്കിലോളം, ഇടത്തോളം: **nothing bounds our eye u. the earth seems joined unto the sky** ഭൂമി ആകാശത്തോട് തൊട്ടതായി തോന്നുന്ന ൧ിക്കിലോളം നമ്മുടെ കാഴ്ചക്ക് യാതൊരു തടസ്ഥവും ഇല്ല; 2. കാലത്തോളം, . . . വരെ: **they lived not again u. the thousand years were finished** ആ ആയിരംവൎഷം കഴിയുന്നത് വരെ അവര് പുനൎജ്ജീവിച്ചില്ല.

**Un-tīle′,** *v. t.* ഓട് നീക്കുക.

**Un-tīme′ly,** =**tī′meŏus** (-tī′mus), *a.* നേരം തെററിയ, നേരം വൈകിയ, അസമയമായ, അകാലമായ; 2. കാലോചിതമല്ലാത്ത. *ad.* അകാലമായി, അസമയത്തിൽ, സമയത്തിന്ന് മുമ്പ്. =**tīme′li-ness,** *n.* അകാലികത്വം, അസമയം. =**tī′meŏus-ly** (-tī′mus-), *ad.* അകാലമായി, സമയത്തിന്ന് മുമ്പ്.

**Un-tī′ring,** *a.* തളരാത്ത, ക്ഷീണിക്കാത്ത, അശ്രാന്തമായ. **-ly,** *ad.* മുഷിഞ്ഞ്, ഇടവിടാതെ, അശ്രാന്തമായി.

**Un-tī′tled** (-tī′tld), *a.* സ്ഥാനപ്പേര് ഇല്ലാത്ത, സ്ഥാനം—, പദവി—; 2. അവകാശം—.

**Un′tō,** *prep.* . . . . ക്ക്, . . . . ന്ന്; 2. . . . ഓട്. *s. a.* **To.**

**Un-tōld′,** *a.* പറയാത്ത, അറിയിക്കാത്ത, വെളിവാകാത്ത; 2. കണക്ക് ഇല്ലാത്ത, എണ്ണം—, അസംഖ്യമായ.

**Un-tōmb′** (-tūm′), *v. t.* ശവം മാന്തുക, ശവം കുഴിയിൽനിന്ന് എടുക്കുക.

**Un-tooth′,** *v. t.* പല്ല് പറിക്കുക, —പൊരിക്കുക.

**Un-tŏuched′** (-tucht′), *a.* തൊടാത്ത, കയ്യിടാത്ത; 2. തട്ടാത്ത, ഏശാത്ത.

**Un-tō′ward** (-tō′ẽrd), **-ly,** *a.* മുന്നോട്ട് വെക്കുന്ന; 2. ശാഠ്യമുള്ള, മുരട്ട്ശീലമുള്ള; 3. അഭംഗി ആയ, പരുഷം—; 4. ഉപദ്രവകരം—, അസഹ്യം—; 5. കാലക്കേട്—, ഗ്രഹപ്പിഴയുള്ള. **-ly,** *ad.* ശാഠ്യത്തോടെ. **-ness,** *n.* ശഠത; ദുൎബ്ബുദ്ധി; വികടം, വക്രത, കോട്ടം.

**Un-trā′cea-ble** (-trā′sa-bl), *a.* നന്നം പിടിപ്പാൻ കഴിയാത്ത, ചുവട് തിരിയാത്ത; 2. കണ്ട്പിടിപ്പാൻ കഴിയാത്ത.

**Un-trā′ded,** *a.* ക്രയവിക്രയം ചെയ്യാത്ത; 2. നടപ്പില്ലാത്ത, രൂഢിയല്ലാത്ത, അസാധാരണമായ.

**Un-trāined′** (-trānd′), *a.* ശീലിക്കാത്ത, പഠിക്കാത്ത, അഭ്യസിക്കാത്ത; 2. ഇണങ്ങാത്ത, മെരുങ്ങാത്ത; 3. തഴക്കം വരാത്ത.

**Un-tram′meled,** =**tram′melled** (-tram′meld), *a.* തടസ്ഥമില്ലാത്ത; 2. സ്വാതന്ത്ര്യമുള്ള.

**Un-trav′eled,** =**trav′elled** (-trav′-eld), *a.* ആൾസഞ്ചാരമില്ലാത്ത; 2. രാജ്യസഞ്ചാരം ചെയ്യാത്ത.

**Un-tread′** (-tred′), *v. t. ir.* (=**trod,** =**trod′den,** *pr.* trod′n) പോയവഴിയിൽ കൂടി മടങ്ങി വരിക, പിന്തിരിയുക. =**trod, trod′den,** *a.* ആരും നടക്കാത്ത, ആൾസഞ്ചാരം ഇല്ലാത്ത; നടപ്പില്ലാത്ത.

**Un-treas′ure** (-trezh′ur), *v. t.* (ഭണ്ഡാരത്തിൽനിന്ന്) പുറത്തെടുക്കുക; 2. മനഃപാഠം ചൊല്ലുക, കാണാപ്പാഠം—. =**treas′ured** (-trezh′urd), *a.* സംഗ്രഹിച്ച് വെക്കാത്ത, നിക്ഷേപിച്ച്—.

**Un-trēat′a-ble** (-trēt′a-bl), *a.* ഇടവാട് ചെയ്യാവതല്ലാത്ത; 2. അസാദ്ധ്യമായ.

**Un-tressed′** (-trest′), *a.* (മുടി) പിന്നിക്കെട്ടാത്ത.

**Un-trīed′**, *a.* പരീക്ഷിച്ച്നോക്കാത്ത; 2. നോക്കിക്കാണാത്ത. [Untread.

**Un-trod′**, =**trod′den**, *a.*, *s. u.*

**Un-trŏub′led** (-trub′ld), *a.* ഉപദ്രവം ഇല്ലാത്ത, ബുദ്ധിമുട്ട്—; 2. കലക്കം—.

**Un-true′**, *a.* അസത്യമായ, കളവായ; പൊള്ളായ; 2. വിശ്വസ്തതയില്ലാത്ത, കള്ള. =**tru′ism**, *n.* അസത്യം, അവാസ്തവപ്രസ്താവം. =**tru′ly**, *ad.* കളവായി, ഭോഷ്ക്കായി. =**truth′**, *n.* അസത്യം, കളവ്, ഭോഷ്ക്ക്; വഞ്ചന, അവിശ്വസ്തത; കള്ളപ്രസ്താവം, കള്ളവാക്ക്; ചതിപ്രവൃത്തി. =**truth′ful**, *a.* സത്യമല്ലാത്ത, കളവായ. =**truth′ful-ly**, *ad.* കളവായി. =**truth′ful-ness**, *n.* നേര്കേട്; കള്ളസ്വഭാവം, വ്യാജഭാവം.

**Un-truss′**, *v. t.* കെട്ടഴിക്കുക. =**trussed′** (-trust′), *a.* കെട്ടിയിടാത്ത; കെട്ടിനിൎത്താത്ത.

**Un-trust′ful**, *a.* വിശ്വസിക്കാത്ത; വിശ്വാസം ഇല്ലാത്ത; 2. വിശ്വസിപ്പാൻ പാടില്ലാത്ത, അവിശ്വസ്തതയുള്ള.

**Un-truth′**, *etc.*, *s. u.* Untrue.

**Un-tuck′**, *v. t.* മടക്ക് പിരിക്കുക.

**Un-tūne′**, *v. t.* സ്വരഭംഗം വരുത്തുക, സ്വരമേളം ഇല്ലാതാക്കുക.

**Un-turn′** (-tĕrn′), *v. t.* വഴിയോട്ട് തിരിക്കുക. =**turned′** (-tĕrnd′), *a.* മറിച്ചിടാത്ത, മറിക്കാത്ത, തിരിക്കാത്ത. to leave no stone u.d കാൎയ്യസാദ്ധ്യാൎത്ഥം വേണ്ടുന്നതൊക്കയും ചെയ്യുക, ഭഗീരഥപ്രയത്നം ചെയ്യുക.

**Un-tū′tŏred** (-tū′tĕrd), *a.* പഠിപ്പിച്ച് കൊടുക്കാത്ത; 2. പഠിക്കാത്ത.

**Un-twīne′**, **Un-twïrl′**, **Un-twist′**, *v. t.* പിരിയുടക്കുക, പിരി അഴിക്കുക. *v. i.* പിരിയുടയുക.

**Un-ūsed′** (-ūzd′), *a.* ഉപയോഗിക്കാത്ത; 2. ശീലം ഇല്ലാത്ത; പതിവ്—. =**ū′su-al** (-ū′zhu-al), *a.* പതിവല്ലാത്ത, നടപ്പല്ലാത്ത; അസാധാരണമായ. =**ū′su-al-ly**, *ad.* അസാധാരണയായി. =**ū′su-al-ness**, =**ū-su-al′i-ty**, *n.* അസാധാരണത്വം.

**Un-ut′tĕr-a-ble**, *a.* ഉച്ചരിക്കാവതല്ലാത്ത, ഉച്ചരിപ്പാൻ പാടില്ലാത്ത; 2. പറവാൻ വഹിയാത്ത, അവാച്യമായ. -**ness**, *n.* അവാച്യത. =**bly**, *ad.* പറഞ്ഞ്കൂടാതവണ്ണം.

**Un-vāil′**, *v. t.*, *s. a.* Unveil.

**Un-val′ū-a-ble**, *a.* വിലയില്ലാത്ത; 2. വിലകുറഞ്ഞ, അല്പവിലക്കുള്ള; 3. സഹായമുള്ള. =**val′ūed** (-′ūd), *a.* വില കാണാത്ത; —ഇല്ലാത്ത; ഗണ്യമാക്കാത്ത, അലക്ഷ്യമായ; വിലമതിപ്പാൻ കഴിയാത്ത.

**Un-vā′ri-a-ble**, *a.*, *s. a.* Invariable. =**vā′ried** (-vā′rid), *a.* മാററം ഇല്ലാത്ത, വ്യത്യാസം—; ഒരേപ്രകാരമുള്ള.

**Un-veil′** (-vāl′), **Un-vāil′**, *v. t.* മൂടുപടം എടുക്കുക; 2. തിര നീക്കുക; 3. തുറക്കുക, കാണിക്കുക; 4. വെളിപ്പെടുത്തുക.

**Un-ve-rac′i-ty** (-ras′i-), *n.* സത്യമില്ലായ്മ; 2. അസത്യം, കളവ്.

**Un-vĕrsed′** (-vĕrst′), *a.* പഠിക്കാത്ത, അഭ്യസിക്കാത്ത; 2. ശീലമില്ലാത്ത.

**Un-vī′ō-la-ble**, *a.*, *s. a.* Inviolable. =**vī′ō-lā-ted**, *a.* ലംഘിക്കാത്ത; ദോഷപ്പെടുത്താത്ത, ഭംഗം വരുത്താത്ത; ശുദ്ധമായ.

**Un-vi′ti-ā-ted** (-vish′i-), *a.* ദൂഷ്യം വരാത്ത; 2. ശുദ്ധമായ.

**Un-vōte′**, *v. t.* (രണ്ടാമത് ചീട്ടിട്ട്) ആദ്യചീട്ട് ദുൎബ്ബലപ്പെടുത്തുക.

**Un-vow′eled**, =**vow′elled** (vou′eld), *a.* സ്വരം ഇല്ലാത്ത (*gr.*). സ്വരചിഹ്നം— (*gr.*).

**Un-walled′** (-wald′), *a.* ചുമര് ഇല്ലാത്ത, മതില് —; കിടങ്ങ്—.

**Un-wā′ri-ly**, *etc.*, *s. u.* Unwary.

**Un-war′līke**, *a.* യുദ്ധതാല്പൎയ്യം ഇല്ലാത്ത, ആയോധനരസം—; 2. സമാധാനപ്രിയമുള്ള. [ക.

**Un-warm′**, *v. i.* തണിയുക, കുളിക്കു

**Un-warned′** (-warnd′), *a.* മുന്നറിവ് കിട്ടാത്ത; 2. പെട്ടന്നുള്ള; 3. താക്കീത് ചെയ്യാത്ത.

**Un-wa̤rped′** (-wa̤rpd′), *a.* ചരിയാത്ത, ചായാത്ത; 2. പക്ഷഭേദമില്ലാത്ത, നിഷ്പക്ഷമായ.

**Un-wa̤r′rant-a-ble**, *a.* പാടില്ലാത്ത, വിഹിതമല്ലാത്ത; 2. അനുചിതം ആയ; 3. ന്യായരഹിതം—, അന്യായം—. **-ness**, *n.* അനൌചിത്യം; ന്യായരഹിതത്വം. **=bly**, *ad.* അനാവശ്യമായി, അഹേതുകമായി. **=wa̤r′rant-ed**, *a.* അധികാരമില്ലാത്ത; ഉറപ്പില്ലാത്ത, ഉറപ്പ് കിട്ടാത്ത.

**Un-wā′ry**, *a.* സൂക്ഷ്മം ഇല്ലാത്ത; മുൻകരുതല്—; 2. ജാഗരണം—, അജാഗ്രതയുള്ള. **=wā′ri-ly**, *ad.* സൂക്ഷ്മമില്ലാതെ; അജാഗ്രതയായി. **=wā′ri-ness**, *n.* സൂക്ഷ്മക്കുറവ്; അജാഗ്രത.

**Un-wa̤shed′** (-wosht′), **=wa̤sh′en**, *a.* കഴുകാത്ത; 2. ചേറ്പിരണ്ട, അഴുക്കായ; 3. അശുദ്ധമായ; 4. കുളിക്കാത്ത; 5. തിരുമ്പാത്ത, അലക്കാത്ത. **with u. hands** കൈകഴുകാതെ.

**Un-wā′vẽr-ing**, *a.* ഇളകാത്ത; 2. ചഞ്ചലം ഇല്ലാത്ത; 3. സ്ഥിരമായ. **-ly**, *ad.* ഉറപ്പായി, ദൃഢമായി.

**Un-wēa′ried** (-wē′rid), *a.* ക്ഷീണിക്കാത്ത, തളരാത്ത; 2. സ്ഥിരമായ; 3. അശ്രാന്തമായ. **-ly**, *ad.* തളരാതെ. **-ness**, *n.* അനാലസ്യം, അനായാസം.

**Un-wēave′** (-wēv′), *v. t.* മിടച്ചലഴിക്കുക, നെയ്ത്ത് പിരിക്കുക.

**Un-weighed′** (-wād′), *a.* തൂക്കാത്ത, തൂക്കിനോക്കാത്ത; 2. ആലോചിച്ച്നോക്കാത്ത. **=weigh′ing** (-wā′ing), *a.* തൂക്കിനോക്കാത്ത; ആലോചിക്കാത്ത.

**Un-wel′cōme**, *a.* സ്വാഗതം പറയാത്ത; 2. വേണ്ടാത്ത; 3. ഇഷ്ടമില്ലാത്ത, അനിഷ്ടമായ.

**Un-well′**, *a.* സുഖമില്ലാത്ത, സുഖക്കേടുള്ള, രോഗമുള്ള; 2. തീണ്ടായിരിക്കുന്ന, ആൎത്തവമുള്ള (*med.*). **-ness**, *n.* സുഖക്കേട്; ഋതുസ്നാനം.

**Un-whōle′sōme** (-hōl′sum), *a.* സുഖപ്രദമല്ലാത്ത, സുഖകരമല്ലാത്ത, ശരീരത്തിന്ന് പററാത്ത; 2. ചീത്തയായ; 3. ദൂഷ്യമുള്ള, ദോഷകരമായ. **-ly**, *ad.* സുഖകരമല്ലാതെ; അഹിതമായി. **-ness**, *n.* ദൂഷ്യം, കേട്.

**Un-wïel′dy** (-wēl′di), *a.* കൈക്ക് ഒതുങ്ങാത്ത, ഒതുക്കമില്ലാത്ത; 2. വണ്ണമുള്ള, വലിയ; 3. ഘനമുള്ള. **=wïel′di-ly**, *ad.* ഒതുക്കമില്ലാതെ, പാങ്ങില്ലാതെ. **=wïel′di-ness**, *n.* ഒതുക്കമില്ലായ്മ; വലിപ്പം, ഭാരം.

**Un-will′**, *v. t.* മനസ്സ് മാററുക; 2. അസാധ്യവാക്കുക, ദുൎബ്ബലപ്പെടുത്തുക. **=willed′** (-wild′), *a.* മനസ്സ്പോലെ ചെയ്വാൻ കഴിയാത്ത; ചിത്തസ്വാതന്ത്ര്യം ഇല്ലാത്ത; മനഃശക്തി ഇല്ലാത്ത. **-ing**, *a.* മനസ്സ്—, ഇഷ്ടം—; സമ്മതം—, വിസമ്മതമായ; വിരോധമായ. **-ing-ly**, *ad.* മനസ്സില്ലാതെ. **-ing-ness**, *n.* മനസ്സ്കേട്, വൈമനസ്യം, അനിഷ്ടം.

**Un-wīnd′**, *v. t. ir.* (-wound′; -wound′) ചുററഴിക്കുക, ചുറയഴിക്കുക; 2. വിടൎത്തുക. *v. i.* ചുററഴിയുക.

**Un-wīse′**, *a.* ബുദ്ധിയില്ലാത്ത, നിൎബ്ബുദ്ധിയായ; 2. ബുദ്ധികേടായ, അവിവേകമായ; മൌഢ്യമായ. **=wis′dŏm**, *n.* അജ്ഞാനം; ബുദ്ധികേട്, ഭോഷത്വം. **-′ly**, *ad.* ബുദ്ധിയില്ലാതെ, മൌഢ്യമായി.

**Un-wit′nessed** (-wit′nest), *a.* ആരും കണ്ടിട്ടില്ലാത്ത; ആരും കേട്ടിട്ടില്ലാത്ത; 2. സാക്ഷിയില്ലാത്ത.

**Un-wit′ting**, *a.* അറിയാത്ത, അറിവില്ലാത്ത. **-ly**, *ad.* അറിയാതെ.

**Un-wŏm′an** (-wụm′an), *v. t.* സ്ത്രീസ്വഭാവം ഇല്ലാതാക്കുക, സ്ത്രീലക്ഷണം—. **-ly**, *a.* സ്ത്രീകൾക്ക് പററാത്ത.

**Un-wŏn′dẽr**, *v. t.* അത്ഭുതം അല്ലാതാക്കുക; 2. ഗോപ്യം—; 3. തെളിയിക്കുക, സ്പഷ്ടമാക്കുക.

**Un-wŏnt′, -ed**, *a.* നടപ്പില്ലാത്ത, വഴക്കമല്ലാത്ത, പതിവല്ലാത്ത; 2. ശീലം ഇല്ലാത്ത, തഴക്കം—; 3. അസാധാരണമായ, അപൂൎവ്വമായ. **-ed-ly**, *ad.* നടപ്പില്ലാതെ; പതിവില്ലാതെ. **-ed-ness**, *n.* വഴക്കം ഇല്ലായ്മ, തഴക്കം—, അസാധാരണത്വം.

**Un-wŏrk′** (-wẽrk′), *v. t.* ചെയ്യ പണി നശിപ്പിക്കുക; 2. പൊളിക്കുക, നശിപ്പിക്കുക.

**Un-wŏrld'ly,** *a.* ലൌകികം അല്ലാത്ത, ഭൌമികം—; 2. ജഡികം—; 3. ആത്മികമായ; 4. പരിശുദ്ധമായ. =**wŏrld'-li-ness,** *n.* അലൌകികത്വം; ആത്മികത്വം.

**Un-wŏr'thy,** *a.* യോഗ്യത ഇല്ലാത്ത, അഹ്ഹ—, അയോഗ്യം ആയ, അപാത്രം—, നീചം—. =**wŏr'thi-ly,** *ad.* അയോഗ്യമായി, അപാത്രമായി. =**wŏrth',** =**wŏr'-thi-ness,** *n.* അയോഗ്യത, അപാത്രത.

**Un-wrap'** (-rap'), *v. t.* പൊതിനീക്കുക; 2. തുറക്കുക.

**Un-wrēathed'** (-rēthd'), *v. t.* ചുറ [നിവിൎത്തുക.

**Un-wrin'kle** (-rin'kl), *v. t.* ചുളിമാറുക; 2. മിനുസമാക്കുക.

**Un-wrīte'** (-rīt'), *v.t. ir.* (=**wrōte',** =**writ'ten,** *pr.* -rōt, -rit'tn) മായിക്കുക; 2. എഴുത്ത് ദുൎബ്ബലപ്പെടുത്തുക, രേഖ—. =**writ'ten** (rit'tn), *a.* എഴുതാത്ത; രേഖപ്പെടുത്താത്ത; വാക്കാലുള്ള; എഴുത്തില്ലാത്ത, അലേഖമായ, വെള്ളക്കടലാസ്സായ. **u.n doctrines** സാമ്പ്രദായികോപദേശം (*theo.*). **u.n law** അലിഖിതനിയമം, വിധിനിയമം (*l.*). **u.n laws** പാരമ്പൎയ്യരാജ്യധൎമ്മം.

**Un-yield'ing,** *a.* വിട്ടുകൊടുക്കാത്ത, വഴങ്ങാത്ത, സമ്മതിക്കാത്ത; 2. ശാഠ്യമുള്ള, മക്കടമുഷ്ടിയായ. -**ly,** *ad.* വിട്ടുകൊടുക്കാതെ; വാശിയോടെ.

**Un-yōke',** *v. t.* നുകം അഴിക്കുക, —എടുക്കുക; 2. വേൎവ്വിടുത്തുക. =**yōked'** (-yōkt'), *a.* നുകം വെക്കാത്ത; ഉഴാത്ത, വണ്ടിക്ക് കെട്ടാത്ത; നുകം വെക്കാതെ വിട്ട, സ്വാതന്ത്ര്യം ഉള്ള; ആഭാസമായ, വിഷയലമ്പടത്വമുള്ള.

**Un-zōned'** (-zōnd'), *a.* അരഞ്ഞാണം ഇല്ലാത്ത; 2. തുടൎ ഇടാത്ത.

**Up,** *ad.* മേലെ, മുകളിൽ, ഉയരത്തിൽ, ഉന്നതത്തിൽ; 2. മേല്പട്ട്, മേലോട്ട്, മുകളിലേക്ക് . . . . ലേക്ക്: **we get u. in the morning** ഞങ്ങൾ രാവിലെ എഴുന്നീല്ക്കുന്നു; **get u. and walk** എഴുന്നീററ് നടക്ക; **stand u.** എഴുന്നീററ് നില്ക്ക; **they went u. the river** അവർ പുഴയിൽ മേലോട്ട് (ഉറവിടം കൊള്ളെ) പോയി; **they went u. to the hill** അവർ കുന്നിന്റെ മുകളിലേക്ക് പോയി; **u. rose the sun** സൂൎയ്യൻ ഉദിച്ചു; **he wrought himself u. into this position** ഈ നിലക്ക് അവൻ താന്തന്നെ എത്തിയതാകുന്നു; 3. മുതല്ക്ക്: **I am ready to die from my youth u.** എന്റെ യൌവനം മുതല്ക്കേമരിപ്പാൻ ഒരുക്കമായിരിക്കുന്നു; 4. പുറത്ത്; കയറിയ, ഏറിയ; പൊന്തിയ: **he is u. his horse** അവൻ തന്റെ കുതിരപ്പുറത്താകുന്നു; **prices are u.** വിലപൊന്തിയിരിക്കുന്നു; **the lid of the box is u.** പെട്ടിയുടെ മൂടി തുറന്നിരിക്കുന്നു; **rebels there are u.** മത്സരക്കാർ പുറപ്പെട്ടിരിക്കുന്നു, മത്സരം തുടങ്ങിയിരിക്കുന്നു; 5. (to, with) ഓളം, വരെ; അടുക്കൽ: **to be u. to the chin in water** കഴുത്തോളം വെള്ളത്തിൽ; **to come u. with one's companions** ചങ്ങാതിമാരുടെ അടുക്കൽ എത്തുക; **to come u. with the enemy** ശത്രുസൈന്യത്തോട് അടുക്കുക, —സൈന്യത്തിന്ന് നേരിടുക; 6. മുഴുവനും, പൂൎണ്ണമായി: **to eat u.** (മുഴുവനും) തിന്നുക, തിന്ന് കളയുക; **to drink u.** കുടിച്ച് കളയുക; **to burn u.** കത്തിപ്പോക; **to shut u. the eyes** കണ്ണ് മുറുകെ പൂട്ടുക; 7. ഒരിടത്ത്, അങ്ങ്, അകലെ: **put u. your weapons** നിങ്ങളുടെ ആയുധം അങ്ങ് വെച്ചേക്ക്. **it is all u. with him** അവന്റെ കാൎയ്യം തീൎന്നു, അവൻ്റെ കാൎയ്യം നോക്കാനില്ല. **the time is u.** നേരം ആയ്പോയി, സമയം കഴിഞ്ഞ്പോയി. **to be u. in** അറിവുണ്ടാക; മിടുക്കനായിരിക്കുക. **to be u. to** പ്രാപ്തനായിരിക്കുക, പററിയ ആളായിരിക്കുക; ചെയ്യാൻ പോക, പുറപ്പെടുക. **to blow u.** ഊതി വീൎപ്പിക്കുക; വെടിമരുന്നിട്ട് പൊട്ടിക്കുക; പൊട്ടിത്തെറിക്കുക; ശകാരിക്കുക. **to bring u.** വളൎത്തുക, പോററുക. **to come u. with** എത്തുക. **to cut u.** മുറിക്കുക, കഷ്ണിക്കുക. **to draw u.** എഴുതുക, എഴുതിവെക്കുക, എഴുതിയുണ്ടാക്കുക. **to grow u.** മുതിരുക, വളൎന്ന് വരിക. **u. and down**

മേലോട്ടും കീഴോട്ടും, അങ്ങോട്ടും ഇങ്ങോട്ടും. **u. anchor** ഇരിമ്പെട്ടുക്കുക (*naut.*). **u. helm** ചുക്കാൻ തിരിക്കുക (*naut.*). **u. to snuff** യുക്തിയുള്ള. **what is u.** കാര്യം എന്താണ്?, എന്താണ് ഉണ്ടായത്?. *prep.* മേല്പട്ട്, മുകളിലേക്ക്: **when going u. a hill** കുന്നിൻ മുകളിലേക്ക് പോകുമ്പോൾ, കുന്ന് കയറുമ്പോൾ, മേല്പട്ട് പോകുമ്പോൾ; 2. ഉൾനാട്ടിലേക്ക്: **they journeyed u. the country** അവർ ഉൾനാട്ടിൽ സഞ്ചരിച്ചു; **he sailed u. the river** അവൻ പുഴയിൽ മേലോട്ട് കപ്പൽ ഓടിച്ചു. *n.* ഉയർച്ച: **u.s and downs** കുന്നും കുഴിയും, കയററവും കിഴിച്ചലും, ഉയർച്ചയും താഴ്ചയും. *a.* മേലോട്ടുള്ള. **an u.-look** മേല്പട്ടുള്ള നോട്ടം. **the u.-train** (ആദ്യം) പുറപ്പെട്ട ദിക്കിലേക്കുള്ള തീവണ്ടി, മടക്കവണ്ടി. **-'mōst,** *a.* ഉയരം ഏറിയ, അത്യുന്നതമായ; മേലെയററത്തുള്ള; എല്ലാററിന്നും മീതെയുള്ള. **-on',** *prep. s. a.* On (used in all the senses of *on,* with which it is interchangeable ഈ വാക്കിന്ന് on എന്ന പദത്തിൻെറ എല്ലാ അർത്ഥവും ഉണ്ട്. അതിന്ന് പകരം ഇതും ഇതിന്ന് പകരം അതും ഉപയോഗിക്കാവുന്നതാകുന്നു). **to assume u.n** ഭരമേല്ക്കുക, വാശത്തം ചെയ്യുക (*l.*). **to come u.n** നേരിടുക, യദൃച്ഛയാ കിട്ടുക. **to take u.n** ഏല്ക്കുക. **-'pĕr,** *a.* (*c. d. of* **up**) അധികം മേലെയുള്ള, ഉയരമേറിയ; മേലധികാരമുള്ള; ശ്രേഷ്ഠമായ. **u.r bench** മേല്ക്കോടതി. **u.r case** (മുദ്രാക്ഷരപ്പെട്ടിയുടെ) മേല്ക്കള്ളി (*print.*). **u.r deck** (കപ്പലിൻെറ) മേല്ത്തട്ട്. **u.r house** (രാജ്യാലോചനസഭകളിലെ) മേൽസഭ, രണ്ടാംസഭ; (ഇംഗ്ലണ്ടിലെ) പ്രഭുസഭ. **u.r leather** (ചെരിപ്പിൻെറ) മേൽത്തോല്, പുറവടിത്തോല്. **u.r lip** മേൽച്ചുണ്ട്, മേലധരം. **u.r side** മുകൾഭാഗം. **u.r ten, u.r ten thousand, u.r tendom** മഹത്തുക്കള്, പ്രഭുക്കന്മാര്, മഹാന്മാര്, പണക്കാര്, വസ്തുക്കാര്, ജന്മികള്, കേമന്മാര്, യോഗ്യന്മാര്, മാന്യന്മാര്. **u.r works** (ജലവിതാനത്തിൽനിന്ന് മേല്പട്ടുള്ള കപ്പലിൻെറ) മേൽഭാഗം, മേൽക്കപ്പല്. **u.r world** അന്തരീക്ഷം, വായുമണ്ഡലം; വാനം, ആകാശം; സ്വർഗ്ഗം, പരമണ്ഡലം, പരലോകം; ഇഹലോകം, ഭൂമി. **the u.r-hand** തരം, അനുകൂലം; ജയം; ശ്രേഷ്ഠത. *n.* ചെരിപ്പിൻെറ മുകൾത്തോല്, പുറവടിത്തോല്. **-'pĕr-mōst,** *a.* ഏററവും ഉയരമുള്ള, അത്യുന്നതമായ; ഉന്നതസ്ഥാനത്തുള്ള, സർവ്വാധികാരമുള്ള, എല്ലാററിലും മുകളിലുള്ള. **-'pish,** *a.* ഡംഭുള്ള, പൊങ്ങച്ചമുള്ള, ഗർവ്വിയായ, ഭാവനാട്യമുള്ള. **-'pish-ly,** *ad.* പൊങ്ങച്ചത്തോടെ, 'വടായി'യോടെ. **-'pish-ness,** *n.* ഗർവ്വം, പ്രൌഢി, പൊങ്ങച്ചം, 'വടായി'.

**Ū'pas,** *n.* (ബമ്പുപ്പിലാവ് വർഗ്ഗത്തിൽ പെട്ട) ഒര് വിഷവൃക്ഷം (*b.*); 2. അസ്ത്രങ്ങൾക്ക് തേക്കുന്ന ഒര് വിഷം.

**Up-beār'** (-bār'), *v. t. ir.* (=bōre', =bōrn') പൊന്തിക്കുക, ഉയർത്തുക; 2. ചുമക്കുക, താങ്ങുക.

**Up-bīnd',** *v.t.ir.*(=bound';=bound') കെട്ടിവെക്കുക, കെട്ടുക; 2. മുറികെട്ടുക.

**Up-brāid',** *v. t.* (with, for) .....ചൊല്ലി ആക്ഷേപിക്കുക, കുററപ്പെടുത്തുക; 2. ശാസിക്കുക, ശകാരിക്കുക. *v. i.* അധിക്ഷേപിക്കുക. **-ĕr,** *n.* ശകാരിക്കുന്നവൻ. **-ing,** *n.* ശാസിക്കൽ; ശാസന; ശകാരം. **-ing-ly,** *ad.* ശകാരമായി, ആക്ഷേപമായി.

**Up-breāk'**(-brāk'), *v. i. ir.* (=brōke', =brō'ken) പൊന്തിവരിക, ഉന്തിവരിക; 2. പൊട്ടുക; 3. പൊട്ടിത്തെറിക്കുക. **up'-breāk,** *n.* പൊന്തിവരൽ, പൊങ്ങൽ; 2. പൊട്ടിത്തെറിക്കൽ.

**Up-brēed',** *v. t. ir.* (=bred'; =bred') പോററിവളർത്തുക, പോററുക.

**Up-burst'** (-bĕrst'), *n.* പൊട്ടിത്തെറിക്കൽ; തെറിപ്പ്.

**Up'cast,** *a.* ഉയർത്തിയ; 2. മേല്പട്ട് നോക്കുന്ന. *n.* (പന്ത്) ഏറ്; 2. (*also* **u. pit, u. shaft**) ഖനിയിലെ വായുദ്വാരം; വണ്ടി മറിയൽ (*Scot.*); ആക്ഷേപം, ശകാരം (*Scot.*). **=cast',** *v. t. ir.* (-cast'; -cast') ആക്ഷേപിക്കുക, ശാസിക്കുക (*Scot.*).

**Up'caught** (up'kat), *a.* പിടിച്ച; പിടികൂടിയ.

**Up-chēer'**, *v. t.* സന്തോഷിപ്പിക്കുക; 2. സന്തോഷിച്ചാർക്കുക.

**Up-clīmb'** (-klīm'), *v. t.* & *i.* കയറുക, കരേറുക, ഏറുക.

**Up-coil'**, *v. t.* & *i.* ചുരുട്ടിവെക്കുക, വളച്ച്—; 2. ചുരുളുക; ചുരുണ്ട് കിടക്കുക.

**Up'coun-try** (-kun-tri), *a.* ഉൾനാടായ, ഉള്ളൂരായ, നാട്ടുപ്പുറമായ, മലപ്രദേശമായ, മലനാടായ. *ad.* ഉൾനാട്ടിൽ.

**Up-dīve'**, *v. i.* (വെള്ളത്തിൽനിന്ന്) പൊന്തുക.

**Up-end'**, *v. t.* കുത്തനെ നിറുത്തുക.

**Up-flōw'** (-flō'), *v. i.* മേല്പട്ട് തെറിക്കുക.

**Up-flung'**, *a.* എറിഞ്ഞ.

**Up-gāze'**, *v. i.* മേല്പട്ട് നോക്കുക.

**Up-grōw'** (-grō'), *v. i. ir.* (=grew', =grōwn', *pr.* -grụ', -grōn') വളരുക; 2. വാഴ്ക. **up'-growth** (-'grōth), *n.* വളച്ച്; വൎദ്ധന, അഭിവൃദ്ധി; വികാസം.

**Up-gush'**, *v. i.* മേല്പട്ട് തെറിക്കുക. **up'gush**, *n.* തെറിപ്പ്, തെറിക്കൽ.

**Up'hand**, *a.* പൊന്തിച്ച് പിടിച്ച, ഉയൎത്തിപ്പിടിച്ച.

**Up-hang'**, *v. t.* കെട്ടിത്തൂക്കുക.

**Up-hasp'**, *v. t.* മൂടിക്കെട്ടുക.

**Up'hēaped** (-hēpt'), *a.* കൂനലായ, കൂട്ടിവെച്ച; 2. നിറച്ചളക്കുന്ന.

**Up-hēave'** (-hēv'), *v. t.* പൊന്തിക്കുക, ഉയൎത്തുക. =**hēav'al**, *n.* പൊന്തിവരൽ, ഉയച്ച്; (ഭൂകമ്പത്താൽ ഉണ്ടാകുന്ന) ഭൂമിപ്പൊക്കം.

**Up-held'**, *p. t.* & *p. p. of* **Uphold.**

**Up'hēar** (-'hēr), *n.* മരക്കാല് (*arch.*).

**Up'hill**, *a.* കയററമായ, ഒന്തമായ; 2. അദ്ധ്വാനമുള്ള, വിഷമമുള്ള. **up-hill'**, *ad.* മേല്പട്ട്, മുകളിലേക്ക്.

**Up-hilt'**, *v. t.* (വാള്, കത്തി) പിടിയോളം ചെലുത്തുക; 2. കത്തിത്തുളക്കുക.

**Up-hōld'**, *v. t. ir.* (-held'; -held') പൊന്തിക്കുക, ഉയൎത്തുക; 2. താങ്ങിപ്പിടിക്കുക, താങ്ങുക; 3. സഹായിക്കുക, തുണക്കുക; 4. അനുകൂലിക്കുക, ധൈൎയ്യപ്പെടുത്തുക; 5. സമ്മതിക്കുക; 6. ഉറപ്പിക്കുക, സ്ഥിരപ്പെടുത്തുക. **-ĕr**, *n.* താങ്ങുന്നവൻ; സഹായി; അനുകൂലി.

**Up-hōl'stĕr**, *v. t.* (വണ്ടി കസേലമുതലായവക്ക്) തുണിതറച്ചലങ്കരിക്കുക; 2. (വീട് അകം) ശീലതൂക്കി ശൃംഗരിക്കുക. **-ĕr**, *n.* തുണിതറക്കുന്നവൻ, അലങ്കരിക്കുന്നവൻ, ശൃംഗാരകൻ. **-y**, *n.* തുണിതറച്ച മരസാമാനം; തിരശ്ശീലത്തരം; ശൃംഗാരശീലക്കോപ്പ്.

**Up'land**, *n.* ഉയൎന്നനിലം, കുന്നുമ്പുറം; 2. കരസ്ഥലം. *a.* കുന്നുമ്പുറം സംബന്ധിച്ച, ഉയൎന്നടിക്കിലുള്ള.

**Up-lift'**, *v. t.* ഉയൎത്തുക, പൊന്തിക്കുക.

**Up'līne**, *n.* (മുഖ്യസ്ഥാനത്തിലേക്കുള്ള) തീവണ്ടിപ്പാത.

**Up-pricked'** (-prikt'), *a.* (ചെവി) കുത്തനെ നില്ക്കുന്ന, എടുത്ത് പിടിച്ച.

**Up-ridged'** (-rĭjd'), *a.* വരമ്പെടുത്ത, വരമ്പ് വരമ്പായ.

**Up'rīght** (up'rīt), *a.* കുത്തനെ നില്ക്കുന്ന, നേരെ നില്ക്കുന്ന; 2. ലംബമായ; 3. വളയാത്ത, നേരെയുള്ള, ചൊവ്വായ, 4. സത്യമുള്ള, പരമാൎത്ഥമുള്ള; 5. നീതിയുള്ള, നീതിമാനായ; 6. യഥാൎത്ഥമുള്ള. *n.* കത്ത്കാല് (*arch.*). **-ly**, *ad.* പരമാൎത്ഥമായി. **-ness**, *n.* സത്യം, പരമാൎത്ഥം, യഥാൎത്ഥം; നീതി, ന്യായം.

**Up-rīse'**, *v. i. ir.* (=rōse', =ris'en) ഉദിക്കുക; 2. എഴുനീല്ക്കുക; 3. മേലെ കാണായ്വരിക. *n.* പ്രത്യക്ഷമാകൽ; 2. ഉദയം. =**rī'sing**, *n.* എഴുനില്ക്കൽ, ഉദിക്കൽ; കിഴക്കാന്തൂക്കമുള്ള സ്ഥലം, പ്രപാതം, ഉയരം (എകരം), ഒന്തം, കയററം; മത്സരം, കലഹം, ലഹള.

**Up'rōar** (-rōr), *n.* അമളി, ലഹള, കലക്കം, കലശല്, തുമുലം; 2. ഇരച്ചല്, നിലവിളി, ബഹളം. *v. i.* നിലവിളികൂട്ടുക, ബഹളം—. **-'i-ŏus**, *a.* ആൎപ്പ് വിളിയുള്ള; കോലാഹലമായ. **-'i-ŏus-ly**, *ad.*

ആപ്പോടെ. -'i-ŏus-ness, *n.* നിലവിളി, ഊയ്യാരം; ബഹളം, ലഹള.

**Up-rōll′**, *v. t.* ചുരുട്ടുക.

**Up-root′**, *v. t.* വേരോടെ പറിക്കുക, പൊരിക്കുക; 2. ഉന്മൂലനം ചെയ്യുക, നിർമൂലമാക്കുക.

**Up-rouse′**, *v. t.* ഉറക്കുണർത്തുക, എഴുന്നീല്പിക്കുക.

**Up-run′**, *v. i. ir.* (=ran′, =run′) കരേറുക, കയറുക, ഏറുക.

**Up-rush′**, *v. i.* മേല്പട്ട് തെറിക്കുക, തുളമ്പുക; 2. പൊട്ടിത്തെറിക്കുക. **up′-rush**, *n* തുളമ്പൽ, തെറിക്കൽ, ചാട്ടം.

**Up-sēek′**, *v. i. ir.* (=sought′; =sought′, *pr.* -sat′) മേല്പട്ട് നോക്കുക.

**Up-send′**, *v. t. ir.* (=sent′; =sent′) മെല്പട്ട് എറിയുക; 2. —വിടുക; 3. പറപ്പിക്കുക.

**Up-set′**, *v. t. ir.* (=set′; =set′) (ഇരിമ്പ്)മുട്ടി വണ്ണമാക്കുക; 2. മറിക്കുക, മറിച്ചിടുക; 3. വാദിച്ച് മറിക്കുക, തകരാറാക്കുക, ഖണ്ഡിക്കുക; 4. പരിഭ്രമിപ്പിക്കുക, സംഭ്രമിപ്പിക്കുക; അരട്ടുക. *v. i.* അരണ്ട് പോക; മറിയുക. **up′set**, *a.* നിശ്ചയിച്ച. **u.-price** (ലേലം തുടങ്ങുമ്പോൾ വിളിക്കുന്ന) ആദ്യവിളി, തുടക്കവിളി. *n.* മറിഞ്ഞ് വീഴൽ; മറിച്ചല്. -′ting, *a.* പൊങ്ങച്ചമുള്ള, ഡംഭിയായ (*Scot.*).

**Up-shoot′**, *v. i. ir.* (=shot′; =shot′) മേല്പട്ട് വളരുക.

**Up′shot**, *n.* തീർപ്പ്, തീർച്ച, അവസാനം, അന്ത്യം; 2. ഫലം; 3. കാര്യം, സാരം; 4. ആകത്തുക.

**Up′sīde**, *n.* മേൽഭാഗം, മുകൾഭാഗം, പുറം. **u.-down** കീഴ്മേല്, തലകീഴായി, താറുമാറായി. **to be u.s with** തുല്യമാക, സമമാക.

**Up-sōar′** (-sōr′), *v. i.* പറന്ന് കയറുക.

**Up-spring′**, *v. i. ir.* (=sprang′, =sprung′) ചാടുക, തുള്ളുക. **up′spring**, *n.* ചാട്ടം, തുള്ളല്.

**Up′stāirs**, *a.* മാടം ആയ, മാളിക ആയ; 2. മുകൾത്തട്ടിലുള്ള, മേലെയുള്ള. =stāirs′, *ad.* മാടത്തിന്മേൽ, മാളികയിൽ, മേൽത്തട്ടിൽ.

**Up-stand′**, *v. i. ir.* (=stood′; =stood′) എഴുന്നീററ് നില്ക്കുക; 2. നിവിന്ന് നില്ക്കുക; 3. എഴുന്നീല്ക്കുക.

**Up-stāre′**, *v. i.* മേല്പട്ട് നോക്കുക; 2. നിവിന്ന് നില്ക്കുക; 3. പ്രത്യക്ഷമാക.

**Up-stärt′**, *v. i.* പെട്ടന്ന് പൊന്തി വരിക, പൊന്തുക (പൊന്തി വിടുക). **up′stärt**, *n.* പെട്ടന്ന് വലുതായവൻ, അല്പപ്രഭു, (ഇന്നലെ പെയ്ത മഴക്ക്) ഇന്ന് മുളച്ച തകര. *a.* പെട്ടന്ന് വലുതായ, പെട്ടന്ന് കേമനായ.

**Up-strēam′** (-strēm′), *ad.* (പുഴയിൽ) മേല്പട്ട്, ഉറവിടം കൊള്ളെ; 2. വലുവിന്നെതിരായി, ആച്ച് വിരോധമായി; നീർച്ചാട്ടത്തിന്നെതിരായി.

**Up-strēet′**, *ad.* തെരുവിൻെറ മുകൾഭാഗത്ത്; 2. —മുകൾഭാഗം കൊള്ളെ.

**Up′strōke**, *n.* മേല്പട്ടുള്ള വര.

**Up′sun**, *n.* (സൂര്യൻ ഉദിച്ചത് മുതൽ അസ്തമിക്കുന്നത് വരെയുള്ള) പകല്ക്കാലം, പകല്.

**Up-swell′**, *v. i.* വീങ്ങുക, ചീർക്കുക; 2. പൊങ്ങുക, പൊന്തുക.

**Up′tāke**, *n.* തിരിച്ചറിവ്, ബുദ്ധി, ഗ്രഹണശക്തി (*Scot.*).

**Up-teār′** (-tār′), *v. t. ir.* (=tōre′, =tōrn′) പറിച്ച് ചീന്തുക.

**Up-thrōw′** (-thrō′), *v. t. ir.* (=threw′, =thrōwn′, *pr.* -thru′, -thrōn′) മേലോട്ട് എറിയുക; 2. കോരിയിടുക, കോരിച്ചാടുക.

**Up-tīe′**, *v. t.* കെട്ടിവെക്കുക; 2. ചുററിക്കെട്ടുക; 3. കെട്ടി വരിയുക.

**Up-trāce′**, *v. t.* നോക്കി വരക്കുക; 2. തിരഞ്ഞ് കാണുക.

**Up′trāin**, *n.* മുഖ്യസ്ഥലത്തേക്ക് പോകുന്ന തീവണ്ടി, മടക്കവണ്ടി.

**Up-turn′** (-tērn′), *v. t.* മേല്പട്ട് തിരിക്കുക, മേലോട്ടാക്കുക; 2. മറിക്കുക, മറിച്ചിടുക.

**Up-wäft′**, *v. t.* മേല്പട്ട് പറപ്പിക്കുക.

**Up'ward, Up'wards** (-'wĕrdz), *ad.* മേല്പട്ട്, മേലോട്ട്, മുകളിലേക്ക്; 2. മുകൾഭാഗം, മേൽഭാഗം; 3. അധികം, കവിഞ്ഞ: from twenty years old and u. 20 വയസ്സും അതിന്റെ മേല്പട്ടും (ഉള്ളവര്). u. of, u.s of ......ഇൽ അധികം, ......കാൾ അധികം. *a.* മേല്പട്ടുള്ള, മേലോട്ടുള്ള.

**Up-wīnd'**, *v. t. ir.* (=wound'; =wound') ചുററുക, ചുറക്കുക.

**Up-wrēathe'** (-rēth'), *v. i.* വളഞ്ഞ് പുളഞ്ഞ് മേല്പട്ട് കയറുക; 2. (പുക) പൊങ്ങുക.

**Ūr, Ūre**, *n., s. a.* Urus.

**Ū-rā'ni-a**, *n.* (യവന) കവിതാദേവത(കളിൽ ഒന്ന്), സരസ്വതി (*myth.*); 2. ജ്യോതിശ്ശാസ്ത്രദേവത (*myth.*); 3. ഒര് വക ചിത്രശലഭം (*z.*).

**Ū-rā'ni-an**, *a., s. u.* Uranus.

**Ū-ran'ic**, *a.* വാനസംബന്ധമായ, ആകാശം സംബന്ധിച്ച; 2. ജ്യോതിശ്ശാസ്ത്രസംബന്ധമായ; 3. *s. a.* Uranium. =nō-graph'ic, =nō-graph'i-cal, (-graf'i-), *a.* വാനശാസ്ത്രം സംബന്ധിച്ച. =nog'ra-phist (-fist), *n.* വാനശാസ്ത്രജ്ഞൻ; വാനപടം ഉണ്ടാക്കുന്നവൻ. =nog'ra-phy (-fi), =nol'ō-ġy, *n.* വാനശാസ്ത്രം, വാനഗോളശാസ്ത്രം; വാനപടലേഖനം. =nom-e-trī'a, =nom'e-try, *n.* വാനപടം. =nos'co-py, *n.* വാനദർശനം.

**Ū-rā'ni-um**, *n.* ഒര് മൂലധാതുലോഹം, 'യുറേന്യം'. =ran'ic, =nit'ic, *a.* 'യുറേന്യം' സംബന്ധിച്ച. =nōus, *a.* 'യുറേന്യം' ഉള്ള.

**Ū'ra-nus**, *n.* ഒര് യവനദേവത (*myth.*); 2. യുറനസ് ഗ്രഹം (*as.*). =rā'ni-an, *a.* യുറനസ് ഗ്രഹം സംബന്ധിച്ച; യുറനസ്സിലെ (*as.*).

**Ụ-ran'ụ-tan**, *n., s. a.* Orang-outang.

**Ur'ban** (ĕr'ban), *a.* നഗരം സംബന്ധിച്ച, പട്ടണത്തിലുള്ള, നഗര, പട്ടണ; 2. പരിഷ്ക്കാരമുള്ള, പരിഷ്കൃതമായ, സമ്മര്യാദയുള്ള. =bāne', *a.* സദാചാരമുള്ള, ഉപചാരഭാവമുള്ള, ലോക്യമുള്ള; പരിഷ്കൃതമായ. =ban'i-ty, *n.* ഉപചാരഭാവം, സദാചാരം, സന്മര്യാദ, പരിഷ്കാരം. -īse, -īze, *v. t.* പട്ടണമാക്കുക; നാഗരികത്വം വരുത്തുക, പരിഷ്കരിക്കുക. =bic'o-lōus, *a.* നഗരം സംബന്ധിച്ച, പട്ടണത്തിലുള്ള.

**Ur-bāne'**, *etc., s. u.* Urban.

**Ur-bic'o-lōus**, *a., s. u.* Urban.

**Ur'chin** (ĕr'chin), *n.* മുള്ളൻപന്നി, മുള്ളൻ (*z.*); 2. (*also* sea-u.) ഒര് വക കട(ൽ)ച്ചൊറി; 3. വികൃതിദേവത, കട്ടിച്ചാത്തൻ (*myth.*); 4. വികൃതി, പോക്കിരി; വികൃതിച്ചെറുക്കൻ. *a.* കത്തുന്ന, മുള്ളുള്ള; 2. അമ്പുള്ള; 3. പരുപരുത്ത.

**Ur'chon** (ĕr'chon), *n.* മുള്ളൻപന്നി, മുള്ളൻ (*z.*).

**Ụr'dụ**, *n.* ഹിന്തുസ്ഥാനിഭാഷ, 'ഉർദ്ദു' ഭാഷ.

**Ūre**, *n., s. a.* Urus.

**Ū're-a**, *n.* മൂത്രസാരം, മൂത്രക്ഷാരം, മൂത്രലവണം (*phys.*). =al, *a.* മൂത്രക്ഷാരം സംബന്ധിച്ച. =am'e-tĕr, *n.* മൂത്രക്ഷാരദർശിനി(യന്ത്രം); മൂത്രമാപനയന്ത്രം.

**U-rē'dō**, *n.* പൂപ്പ് (*b.*); 2. തുവക്കാരി (*med.*).

**Ū're-tĕr**, *n.* മൂത്രനാളം (*an.*). ū-rī'tis, *n.* മൂത്രനാളവീക്കം (*med.*).

**Ū-rē'thra**, *n.* മൂത്രദ്വാരം, മൂത്രക്കുഴല്, ചെറുനീർക്കുഴല് (*an.*). =rē'thral, *a.* മൂത്രദ്വാരം സംബന്ധിച്ച. =thrī'tis, *n.* മൂത്രദ്വാരവീക്കം (*med.*). =rē'thrō-scōpe, *n.* —ദർശിനി (*med.*). =thrō's-cop-y, *n.* —പരിശോധന (*med.*). =rē'thrō-tōme, *n.* —ശസ്ത്രം. =throt'-ō-my, *n.* —ശസ്ത്രപ്രയോഗം.

**Ū-ret'ic**, *a., s. u.* Urine.

**Urġe** (ĕrj), *v. t.* ഉന്തുക, തള്ളുക, തിക്കുക; 2. നിർബ്ബന്ധിക്കുക, ഉത്സാഹിപ്പിക്കുക; 3. കോപിപ്പിക്കുക; 4. പിന്തുടരുക, തുടന്ന് ചെല്ലുക; 5. ബുദ്ധിമുട്ടിക്കുക, തിരക്കാക്കുക; 6. കർശനമായി വാദിക്കുക, അപേക്ഷിക്കുക; 7. പ്രയോഗിക്കുക. *v. i.* തിക്കിത്തിരക്കിച്ചെല്ലുക; 2. നിഷ്കർഷിക്കുക,

അപേക്ഷിക്കുക. **ur'ġen-cy**, *n.* തിരക്ക്, തിട്ടുക്കം; നിർബ്ബന്ധം. **ur'ġent**, *a.* ഉന്തുന്ന, തള്ളുന്ന; ബുദ്ധിമുട്ടിക്കുന്ന, തിരക്കാക്കുന്ന, നിർബ്ബന്ധിക്കുന്ന; തിരക്കുള്ള, തിട്ടുക്കമായ, അടിയന്തരമായ. **ur'ġent-ly**, *ad.* അടിയന്തരമായി. **ur'ġĕr**, *n.* തിരക്കാക്കുന്നവൻ, നിർബ്ബന്ധിക്കുന്നവൻ.

**Ū'rie**, *a.*, *s.u.* **Urine.**

**Ū'rim**, *n.* (ഇസ്രയേൽജനങ്ങളുടെ മഹാപുരോഹിതന്റെ മാർപ്പതക്കത്തിലുള്ള) മാർപ്പതക്കശൃംഗാരം, ശൃംഗാരക്കല്ല്, മാർപ്പതക്കാംശം, 'ഉറീം'.

**Ū'ri-nal**, =**nā'ri-um**, =**nar-y** (-nĕr-i), =**nāte**, *etc.*, *s. u.* **Urine.**

**Ū'ri-nā-tŏr**, *n.* മുങ്ങക്കാരൻ, മുത്ത് മുങ്ങുന്നവൻ.

**Ū'rine** (-rin), *n.* മൂത്രം, ചെറുനീര്, മേഹം (*phys.*). =**ret'ie**, *a.* മൂത്രരോഗസംബന്ധമായ, മൂത്രവിസർജ്ജനത്തിന്നുള്ള. **ū'rie**, *a.* മൂത്രസംബന്ധമായ; —ജന്യമായ. **u.c acid** മൂത്രാമ്ലം (*ch.*). =**ri-nal**, *n.* മൂത്രപാത്രം; —വിസർജ്ജനസ്ഥലം, മറപ്പുര, 'കക്കൂസ്'. =**nā'ri-um**, *n.* മൂത്രത്തളം. =**nar-y**, *a.* മൂത്രംസംബന്ധിച്ച, മൂത്രത്തിന്നുള്ള, മൂത്ര; മൂത്രതുല്യമായ. **u.y calculus** കല്ലടപ്പ്, അശ്മരി (*med.*). **n.y pigments** മൂത്രവർണ്ണദ്രവ്യങ്ങൾ (*phys.*). *n.* മൂത്രത്തളം, മൂത്രപാത്രം. =**nāte**, *v. i.* മൂത്രിക്കുക, മൂത്രം ഒഴിക്കുക, —വീഴ്ത്തു(ത്തു)ക, —പാത്തുക, —പട്ടുക്കുക, —പെയ്യുക, പാത്തുക, ചെറുനീര് വീത്തുക (*M.*); മുള്ളുക (*S.*); മൂത്രം വിസർജ്ജിക്കുക, മൂത്രമോചനം ചെയ്യുക. =**nā'tiŏn**, *n.* മൂത്രം ഒഴിവ്, മൂത്രമോചനം, —വിസർജ്ജനം. =**nā-tive**, *a.* —വർദ്ധകമായ, —മോചകമായ. =**nif'ĕr-ŏus**, *a.* —വാഹകമായ. =**nip'a-rŏus**, *a.* —ജനകമായ, മൂത്രോല്പാദകമായ. =**nō-ġen'i-tal**, *a.* ഉല്പാദകമൂത്രേന്ദ്രിയങ്ങൾ സംബന്ധിച്ച (*an.*). =**nom'e-tĕr**, *n.* മൂത്രശോധിനി. =**nom'e-try**, *n.* —ശോധന. =**nōse**, =**nŏus**, *a.* —സംബന്ധമായ.

**Urn** (ĕrn), *n.* (വായികുട്ടുങ്ങിയ) പാത്രം; 2. ജലപാത്രം, പിടിമോന്ത; 3. ശവഭസ്മകലശം, ശവച്ചാമ്പൽപ്പാത്രം, സഞ്ചയനപാത്രം; 4. ചുടുകാട്, ചുടല; ശ്മശാനസ്ഥലം, ശവക്കുഴി; 5. (മൂന്നര കറി കൊള്ളുന്ന) ഒരു പുരാതന അളവ്; 6. ചൂട്ടുവെള്ളപാത്രം, 'ജവന' (*M.*). **u.-shaped.** ഭാജനാകൃതിയായ. *v. t.* പാത്രത്തിൽ ഇട്ടുവെക്കുക. -**'al**, *a.* കലശം സംബന്ധിച്ച. -**'fụl**, *n.* പാത്രം നിറയ.

I. **Ū'rō-**, *pf.* മൂത്രം സംബന്ധിച്ച. -**cēle** (-sēl), *n.* വൃദ്ധിവീക്കം (*med.*). =**rol'ō-ġy**, =**rō-nol'ō-ġy**, *n.* മൂത്രവൈദ്യശാസ്ത്രം. -**pō-et'ie**, *a.* മൂത്രജനകമായ, —വർദ്ധകമായ. =**ros'eō-py**, *n.* —നിദാനം (*med.*).

II. **Ū'rō-**, *pf.* വാല് സംബന്ധിച്ച.

**Ū'rō-cēle** (-sēl), **Ū-rol'ō-ġy**, **Ū-rō-nol'ō-ġy**, **Ū-rō-pō-et'ie**, **Ū-ros'eō-py**, *s.u.* **Uro I.**

**Ur'sa** (ĕr'sa), *n.* പെൺകരടി. **U. Major** *or* **The Great Bear** സപ്തർഷി (നക്ഷത്രഗണം) (*as.*). **U. Minor** *or* **The Little Bear** ധ്രുവ(നക്ഷത്ര)ഗണം (*as.*). **ur'sal**, **ur'sine seal**, *n.* കടൽനായി, ഒരുവക നീർനായി (*z.*). **ur'si-form**, *a.* കരടിരൂപമുള്ള. **ur'sine** (*or* -sīn), *a.* കരടിയെ സംബന്ധിച്ച, കരടിയെ പോലെയുള്ള. **ur'sus**, *n.* കരടിവർഗ്ഗം (*z.*); കരടി (*z.*); ആൺകരടി (*z.*).

**Ur'son** (ĕr'son), *n.* (അമേരിക്ക) മുള്ളമ്പന്നി (*z.*).

**Ur'sụ-line** (-lin), *n.* വിദ്യാഭ്യാസകന്യാസ്ത്രീവർഗ്ഗം (*R. C.*).

**Ur'sus**, *n.*, *s. u.* **Ursa.**

**Ur'ti-ea** (ĕr'ti-), *a.* തുവവർഗ്ഗം (*b.*); 2. കൊടിത്തുവ (*b.*). =**eā'ri-a**, *n.* തുവക്കാരി (*med.*). =**eāte'**, *v. t.* & *i.* തുവകത്തുക; —വെക്കുക, —കടിപ്പിക്കുക. =**eā'-tiŏn**, *n.* —കടിപ്പിക്കൽ, —വെക്കൽ.

**Ụ-rụ-bụ'**, *n.* കരിങ്കഴുകൻ (*z.*).

**Ū'rus**, **Ūr**, **Ūre**, **Tūr**, *n.* (പുരാതന) കാട്ടുകാള (*z.*).

**Ur'va**, *n.* കരിങ്കീരി, ഒരുവക കീരി [(*z.*).

**Us**, *pron.* (*ob. c. of* **we**) ഞങ്ങളെ, നമ്മെ; 2. ഞങ്ങൾക്കു, നമുക്കു; 3. ഞങ്ങളോടു, നമ്മോടു.

**Ū'ṣa-ble, Ū'ṣāġe, Ū'ṣance**, *s. u.* **Use.**

**Us'begṣ, Us'beks, Uz'beeks, Uz'beks**, *n. pl.* (തുൎക്കിസ്ഥാനനിവാസികളായ) 'അസ്ബെക്ക്'വംശക്കാർ.

**Ūse**, *n.* ഉപയോഗിക്കൽ; 2. ഉപയോഗം, പ്രയോഗം; 3. ആവശ്യം; 4. ഉപകാരം, പ്രയോജനം, കാൎയ്യം; 5. പതിവു, വഴക്കം, തഴക്കം, ശീലം; 6. മൎയ്യാദ, നടപ്പു, നടവടി, രൂഢി; 7. ആചാരം, മുറ (*eccl.*); 8. പലിശ, ലാഭം, വട്ടി, പൊലിശ; 9. അനുഭവം (*l.*). **in u.** ഉപയോഗമുള്ള; നടപ്പായ, (പെൺകതിര) വെകളിയുള്ള, ബഹുളിപിടിച്ച. **of no u.** ഉപയോഗം ഇല്ലാത്ത; നിഷ്ഫലമായ, വ്യൎത്ഥമായ. **of u.** ഉപയോഗമുള്ള, പ്രയോജനമുള്ള. **out of u.** ഉപയോഗിക്കാത്ത. **to make u. of** ഉപയോഗിക്കുക. **to put to u.** കാൎയ്യം ഉണ്ടാക്കുക, —വരുത്തുക. **u. and wont** നടപ്പു, വഴക്കം. **ūṣe**, *v. t.* ഉപയോഗിക്കുക, പ്രയോഗിക്കുക, പെരുമാറുക; 2. (സമയം) ചെലവഴിക്കുക; 3. പെരുമാററം ചെയ്യുക, കാട്ടുക, ചെയ്യുക: **to u. a beast cruelly** മൃഗത്തോടു ക്രൂരത കാട്ടുക; **he has u.d me well** അവൻ എനിക്കു ഗുണം ചെയ്തിരിക്കുന്നു; **I have u.d him ill** ഞാൻ അവന്നു ദോഷം ചെയ്തിരിക്കുന്നു; 4. പതിവാക്കുക, വഴക്കമാക്കുക, നടപ്പാക്കുക; 5. ശീലംവരുത്തുക, തഴക്കം—, അഭ്യസിപ്പിക്കുക. **to u. up** മുഴുവനും ചെലവാക്കുക, തീൎത്തുകളയുക; കേവലം ക്ഷീണിപ്പിക്കുക. *v. i. (in the p. t. only)* പതിവായി ചെയ്യുക, ശീലമായിരിക്കുക. **ū'ṣa-ble**, *a.* ഉപയോഗിക്കാവുന്ന. **ū'ṣāġe**, *n.* ഉപയോഗിക്കൽ; ഉപയോഗം; പെരുമാററം; നടപ്പു, വഴക്കം, നടവടി, മൎയ്യാദ; പദ്ധതി; രൂഢിയൎത്ഥം, പ്രയോഗം. **ū'ṣance**, *n.* (കച്ചവടനടവടിപ്രകാരമുള്ള) അവധി (*con.*). **-'fụl**, *a.* ഉപകാരമുള്ള, ഗുണമുള്ള; സഹായമായ, ഉതകുന്ന; പ്രയോജനകരമായ, പ്രയോജനമുള്ള, ഉപയോഗമുള്ള. **-'fụl-ly**, *ad.* ഉപകാരമായി. **-'fụl-ness**, *n.* ഉപകാരം, ഉപയോഗം, പ്രയോജനം, കാൎയ്യം, ആദായം, ഉതവി. **-'less**, *a.* ഉപകാരം ഇല്ലാത്ത; ഉപയോഗം—; ഉതകാത്ത; നിഷ്ഫലമായ. **-'less-ly**, *ad.* പ്രയോജനമില്ലാതെ; വെറുതെ. **-'less-ness**, *n.* നിഷ്പ്രയോജനം; നിരുപയോഗം. **ū'ṣẽr**, *n.* ഉപയോഗിക്കുന്നവൻ, പ്രയോജകൻ; അനുഭവം (*l.*).

**Ush'ẽr**, *n.* ദ്വാരപാലകൻ; 2. അനുചരൻ, അകമ്പടിക്കാരൻ; മുന്നാളു, മുന്നോടി; 3. സ്വാഗതഭൃത്യൻ, സ്വാഗതോദ്യോഗസ്ഥൻ, അകത്തു കൂട്ടിക്കൊണ്ടു പോകുന്നവൻ; ആളുകളെ കൂട്ടിക്കൊണ്ടുപോയി ഇരുത്തുന്നവൻ; 4. ഗുരുസഹായി, ചട്ടമ്പിള്ള. *v. t.* (in, forth) പ്രവേശിപ്പിക്കുക, കൂട്ടിക്കൊണ്ടു ചെല്ലുക; 2. മുന്നടക്കുക. **-dŏm, -ship**, *n.* സ്വാഗതഭൃത്യസ്ഥാനം; സ്വാഗതോദ്യോഗവൎഗ്ഗം. **-less**, *a.* ചട്ടമ്പിള്ളയില്ലാത്ത; മുന്നാളില്ലാത്ത.

**Ū'ṣi-ta-tive**, *a.* രൂഢിയൎത്ഥകമായ; നിത്യക്രിയയായ (*gr.*).

**Us'que-bạugh** (us'kwe-bạ), *n.* സമ്മിശ്രറാക്കു, സമ്മിശ്രച്ചാരായം, 'വിസ്കി'; 2. ചാരായപാനകം.

**Us'tiŏn** (us'chun), *n.* ദഹിപ്പിക്കൽ; 2. ദഹനം. **=tō'ri-ŏus**, *a.* ദഹിപ്പിക്കുന്ന. **us'tū-lāte**, *a.* കരിഞ്ഞ, കരുവാളിച്ച. **us-tū-lā'tiŏn**, *n.* ദഹിപ്പിക്കൽ; പഴപ്പിക്കൽ (*ch.*); വറുക്കൽ (*med.*).

**Ū'ṣụ-al** (ū'zhụ-), *a.* സാധാരണം ആയ, പതിവു—, വഴക്കം—. **-ly**, *ad.* സാധാരണമായി; പതിവായി. **-ness**, *n.* പതിവു, വഴക്കം, നടപ്പു. [ശം (*l.*).

**Ū-ṣū-cap'tiŏn**, *n.* കാലപ്പഴക്കാവകാശം

**Ū'ṣū-fruct**, *n.* കെട്ടിയടക്കം കാണം, കൈവശപ്പണയം, കൈവശം പണയം, കാണം, ഒററി (*l.*). **=fruc'tū-ar-y**, *n.* കാണക്കാരൻ, കാണാരി, ഒററിക്കാരൻ (*l.*). *a.* കാണം ആയ, ഒററി—.

**Ū'ṣụ-rẽr, Ū-ṣụ'ri-ŏus**, *etc.*, *s. u.* **Usury.**

**Ū-ṣurp'** (-zẽrp'), *v. t.* പിടിച്ചെടുക്കുക; ആക്രമിച്ചെടുക്കുക, ബലമായി അപഹരി

ക്കുക, അപഹരിക്കുക, ബലാൽ കൈവശപ്പെടുത്തുക; 2. രാജ്യം കൈവശപ്പെടുത്തുക, രാജത്വം കൈക്കലാക്കുക, രാജസ്ഥാനം കൈക്കലാക്കുക. *v. t.* കയ്യേറുക, ആക്രമിച്ചെടുക്കുക. =**ṣur-pā′tiŏn**, =**ṣur′pa-tūre**, *n.* പിടിച്ചെടുക്കൽ, അപഹരണം; രാജ്യാപഹരണം. =**pa-tŏr-y**, *a.* അപഹരണമായ. -**′ĕr**, *n.* കയ്യേറ്റക്കാരൻ; സിംഹാസനാപഹാരി, രാജ്യാപഹാരി. -**′ing-ly**, *ad.* അപഹരണമായി, കയ്യേറ്റമായി.

**Ū′ṣụ-ry** (ū′zhụ-), *n.* ന്യായരഹിതമായ പലിശ, അന്യായമായ പലിശ, കഠിനപലിശ (*l.*). =**rĕr**, *n.* അതിപലിശക്കാരൻ, അന്യായപ്പലിശ വാങ്ങുന്നവൻ. =**ṣụ′ri-ŏus**, *a.* അന്യായപ്പലിശവാങ്ങുന്ന; അതിപലിശയായ. =**ṣụ′ri-ŏus-ly**, *ad.* അതിപലിശയായി. =**ṣụ′ri-ŏus-ness**, *n.* അന്യായപ്പലിശവാങ്ങൽ.

**Ū-ten′sil**, *n.* സാമാനം, ഉപകരണം, ആയുധം; 2. അടുക്കളക്കോപ്പ്, അടുക്കളസാമാനം, ഉട്ടുരുട്ട് (*N.*), തട്ട്മുട്ട് (*S.*), ചട്ടിയും കലവും.

**Ū′tĕr-us**, *n.* ഗർഭപാത്രം, ഗർഭാശയം, ഗർഭകോശം (*an.*); 2. അണ്ഡകോശം (*z.*). **ū′tĕr-ine**, *a.* ഗർഭാശയം സംബന്ധിച്ച; ഏകോദരത്വമുള്ള, അമ്മ ഒന്നും അച്ഛൻ രണ്ടും ആയ. **ū-te-rō-ġes-tā′tiŏn**, *n.* ഗർഭധാരണം; ഗർഭം.

**Ū-til′i-ty**, *n.* ഉപയോഗം, ഉപകാരം, ഗുണം, പ്രയോജനം, 2. പൊതുജനഗുണം; 3. സാക്ഷാൽവില (*p. e.*); 4. അത്യന്തനന്മ, പരമകാഷ്ഠ, പ്രായശപ്പരമകാഷ്ഠ, ബഹുജനോൽകൃഷ്ടഗുണം. =**i-tā′ri-an**, *a.* ഉപയോഗസംബന്ധിച്ച, ഉപകാരം—; പ്രായശപ്പരമകാഷ്ഠാവാദം—, പരമകാഷ്ഠാവാദം—. *n.* പ്രായശപ്പരമകാഷ്ഠാവാദി, പരമകാഷ്ഠാവാദി. =**i-tā′ri-an-iṣm**, *n.* —വാദം, പ്രായശപ്പരമകാഷ്ഠാവാദം; പരമകാഷ്ഠാസ്വകൃതവാദം, പരമകാഷ്ഠാനീതിവാദം. =**ī-ṣa-ble**, =**ī-za-ble**, *a.* ഉപയോഗിക്കാകുന്ന, ഉപയുക്തമായ. =**i-ṣā′-tiŏn**, =**i-zā′tiŏn**, *n.* ഉപയോജനം; ഉപയോഗം, പ്രയോഗം. =**īṣe**, =**īze**, *v. t.* ഉപയോഗിക്കുക, ഉപയോഗപ്പെടുത്തുക; ലാഭമാക്കുക, ആദായമാക്കുക.

*Ū′tī pos-si-dē′tis*, (യുദ്ധത്തിൽ ഇരുപക്ഷവും പിടിച്ച രാജ്യം അവരവക്ക് കൈവശംവെക്കാമെന്നുള്ള) യുദ്ധാര്ജ്ജിതഭൂന്യായം (*l.*).

**Ut′mōst**, *a.* ഏററവും അററത്തുള്ള, അങ്ങേ—; 2. ഏററവും അകലെ ഉള്ള; 3. കഴിവുള്ളേടത്തോളം—, ആവതോളം—; 4. പരമം ആയ, അത്യന്തം—. *n.* ആവത്, കഴിവുള്ളത്; കഴിയുന്നത്, അത്യന്തം. **he did his u.** അവൻ ആവതോളം ചെയ്തു, കഴിവുള്ളതൊക്കയും അവൻ ചെയ്തു.

**Ū-tō′pi-a**, *n.* (വാഴ്ച, നിയമം മുതലായത് പരമകാഷ്ഠയെ പ്രാപിച്ചിരിക്കുന്ന) സങ്കല്പരാജ്യം; 2. സമ്പൂർണ്ണഭാഗ്യസ്ഥിതി; 3. —ഭാഗ്യസ്ഥാനം. =**an**, *a.* ഭാവന ആയ, സങ്കല്പം—, മിത്ഥ്യാസമ്പൂർണ്ണതയുള്ള. =**an**, =**an-ist**, =**tō′pist**, *n.* സങ്കല്പരാജ്യവാസി; സമുദായധർമ്മസമ്പൂർണ്ണതാവാദി; മിത്ഥ്യാമോഹി; മനോരാജ്യക്കാരൻ. =**an-iṣm**, *n.* സങ്കല്പനാരാജ്യവാദം, മിത്ഥ്യാമോഹം, മനോരാജ്യം, ഗഗനകുസുമം; നിഖിലോത്തമവാദം.

**Ū′tra-quist**, *n.* (തിരുവത്താഴകർമ്മത്തിൽ അപ്പവും വീഞ്ഞും ആകുന്ന രണ്ട് വിഭവങ്ങളും കൈക്കൊള്ളുന്ന) ഇരുവിഭവാനുഭോഗി (*c. h.*).

**Ū-tric′ū-lus**, *n.* വിഭ്രമകന്ദരച്ചുറ (*an.*).

**Ū′trō**, *pf.* ഗർഭാശയം സംബന്ധിച്ച.

I. **Ut′tĕr**, *a.* മുഴുവനും ആയ, പൂർണ്ണം—, കേവലം—, അശേഷം—, തീരെയുള്ള; 2. മഹാ; 3. ശുദ്ധ, സാക്ഷാൽ; 4. തീർച്ചയായ. **u. bar** പുതിയ വക്കീൽവർഗ്ഗം (*l.*). **u. barrister** പുതിയ വക്കീല് (*l.*). -**ly**, *ad.* മുഴുവനും, അശേഷം, കേവലം, തീരെ. -**mōst**, *a.* അത്യന്തം ആയ; പരമം—; കഠിനം—. *n.* അത്യന്തം, ആവത്, അങ്ങേയററം. -**ness**, *n.* പരമത്വം; പരമാവധി, കേവലത്വം.

II. **Ut′tĕr**, *v. t.* അഴിച്ചലാക്കുക, നാണ്യമായി ഉപയോഗിക്കുക, മാറുക; 2. ഉച്ചരിക്കുക, പറയുക, ചൊല്ലുക, ഉരിയാടുക, മിണ്ടുക; 3. പ്രസ്താവിക്കുക, പ്രസിദ്ധമാക്കുക. -**a-ble**, *a.* ഉച്ചരിക്കാകുന്ന, പറയ

ത്തക്ക, പ്രസ്താവയോഗ്യമായ. **-ance**, *n.* അഴിച്ചലാക്കൽ, മാററൽ; ഉച്ചരിക്കൽ; ഉച്ചാരണം, വാക്ക്, ഉച്ചാരണവിധം; സംസാരരീതി. **-ĕr**, *n.* നാണ്യം മാറുന്നവൻ; ഉച്ചരിക്കുന്നവൻ; പറയുന്നവൻ.

**Ut'tĕr-ly, Ut'tĕr-mōst, Ut'tĕr-ness,** *s. u.* **Utter** I.

**Ū'va,** *n.* ഒര് വക മുന്തിരിങ്ങാപ്പഴം (*b.*). **ū'vāte,** *n.* മുന്തിരിങ്ങമധുരം. **ū've-ŏus,** *a.* ദ്രാക്ഷാതുല്യമായ.

**Ū've-a,** *n.* (കണ്ണിലെ) തരണിപടലം, മഴവിൽപടലം (*an.*).

**Ū'vū-la,** *n.* ചെറുനാക്ക്, ചെറുനാവ്, അലിജിഹ്വ, പ്രതിജിഹ്വ (*an.*). **=lar,** *a.* ചെറുനാവ് സംബന്ധിച്ച (*an.*). **-tōme,** *n.* അലിജിഹ്വാശസ്ത്രം (*surg.*). **=lat'o-my,** *n.* ചെറുനാവ്മുറിക്കൽ (*surg.*).

**Ux-ō'ri-al, =ō'ri-ŏus** (ug-zō'ri-), *a.* ഭാര്യാവത്സലനായ; 2. ഭാര്യാവശനായ; 3. ഭാര്യക്ക് പററിയ; 4. ഭാര്യക്കുള്ള. **=ō'ri-cī-dal,** *a.* ഭാര്യാഘാതകനായ; ഭാര്യാഹത്യയായ. **=ō'ri-cive,** *n.* ഭാര്യാഹത്യ; ഭാര്യാഹന്താവ്. **=ō'ri-ŏus-ly,** *ad.* ഭാര്യാവശനായി. **=ō'ri-ŏus-ness,** *n.* ഭാര്യാപ്രിയം, സ്ത്രീജിതത്വം.

**Ū'ze-ma,** *n.* (12 നാഴികയുള്ള) ബമ്മക്കാതം.

# V

I. **V,** ഇംഗ്ലീഷ് ഭാഷയിലെ ഇരുപത്തി രണ്ടാം അക്ഷരം; വ്യഞ്ജനം; പേര്: വി; ഉച്ചാരണം: വ്.

II. **V,** അഞ്ച്, ൫, 5.

**Vā'cant,** *a.* അകത്തൊന്നും ഇല്ലാത്ത, ഉള്ള് പൊള്ളയായ; 2. ഒഴിഞ്ഞ, 'ഖാലിയായ'; 3. പ്രവൃത്തിയില്ലാത്ത, മിനക്കെടായ; 4. അവസരമുള്ള, നേരമുള്ള; 5. (ഉദ്യോഗം) ആളെ നിശ്ചയിച്ചിട്ടില്ലാത്ത, (സ്ഥാനം) ഒഴിവായ, ആളില്ലാത്ത; 6. ചിന്താകുലം ഇല്ലാത്ത; 7. ആലോചന—, നിർവ്വിചാരിയായ; 8. ശൂന്യമായ, ശൂന്യേക്ഷണമായ; 9. അവകാശി ഇല്ലാത്ത, കൈവശക്കാരൻ—; ആള് പാർപ്പില്ലാത്ത. **v. succession** അവകാശിയില്ലാത്ത സ്വത്ത്, 'എസ്ചീററ്'— (*l.*). **vā'can-cy,** *n.* ഒഴിവ്; സ്വസ്ഥത, സൈ്വരം, ഇട, അവസരം, നേരം; മടി, ആലസ്യം; ഒഴിവ് സ്ഥലം; വായുവില്ലാത്ത സ്ഥലം, നിർവ്വാതപ്രദേശം, വായുശൂന്യസ്ഥലം, രിക്തത; ഇട, വിടവ്; മിനക്കെട്ട്, ഒഴിവ് സമയം, ഒഴിച്ചല്; ഉദ്യോഗമൊഴിവ്. **-ly,** *ad.* ഒഴിവായി; ബുദ്ധിശൂന്യമായി. **va'cāte,** *v. t.* ഒഴിവാക്കുക; ഒഴിയുക, ഒഴിഞ്ഞ് കൊടുക്കുക; ദുർബ്ബലപ്പെടുത്തുക, അസാധുവാക്കുക; തീർക്കുക, അവസാനിപ്പിക്കുക. **va-cā'tiŏn,** *n.* ഒഴിയൽ; അസാധുവാക്കൽ, ദുർബ്ബലപ്പെടുത്തൽ; ഒഴിവ് സമയം, ഒഴിച്ചല്, ഇട, വിശ്രമം; കോടതിപൂട്ടൽ, കച്ചേരിയൊഴിവ്, കോടതിപൂട്ടിയകാലം (*l.*); അനദ്ധ്യായകാലം, വിദ്യാശാലകളിൽ കല്പന, ഇളവ്, സ്കൂള് പൂട്ടല്, —പൂട്ടിയകാലം; ഉദ്യോഗയൊഴിവ് കാലം.

**Vac'cine** (*or* -sīn), *a.* പശുക്കളെ സംബന്ധിച്ച, ഗോക്കൾക്കുള്ള. *n.* ഗോവസൂരിനീര്. **=ci'na, =ci'ni-a,** *n.* ഗോവസൂരി. **=ci-nal,** *a.* ഗോവസൂരി സംബന്ധമായ; —പ്രയോഗം സംബന്ധിച്ച. **=ci-nāte,** *v. t.* (ഗോവസൂരിനീര് മനുഷ്യദേഹത്തിൽ) കത്തിവെക്കുക, കീറിവെക്കുക, ഗോവസൂരിപ്രയോഗം ചെയ്യുക. **=ci-nā'tiŏn,** *n.* ഗോവസൂരിപ്രയോഗം, കത്തിവെക്കൽ, കീറിവെക്കൽ. **=ci-nā-tŏr, =ci-nist,** *n.* വസൂരി കീറിവെക്കുന്നവൻ, കത്തിവെക്കുന്നവൻ, 'വേക്സിനേററർ'.

**Vach-er'** (vash-a'), *n.* മാട്ടിടയൻ, ഗോപൻ, ഗോപാലകൻ. **-y, vac'car-y,** *n.* പശുവാല, മാട്ടുകളം.

**Vac'il-lāte,** *v. i.* ആട്ടുക, ഇളകുക, ചാഞ്ചാട്ടുക; 2. ചഞ്ചലം ഉണ്ടാക. =**lan-cy,** =**lā'tiŏn,** *n.* ഇളക്കം, ചാഞ്ചാട്ടം; മനശ്ചഞ്ചലം, ചാപല്യം. =**lant,** =**lā-ting,** =**lā-tŏr-y,** *a.* അങ്ങോട്ടും ഇങ്ങോട്ടും ചായുന്ന, ഇളക്കമുള്ള, ചാഞ്ചാട്ടുന്ന; ചഞ്ചലമുള്ള, അസ്ഥിരമായ. =**lā-ting-ly,** *ad.* ചഞ്ചലത്തോടെ.

**Vac'ū-āte,** =**ā'tiŏn,** *s. u.* **Vacuum.**

**Va-cū'na,** *n.* (പുരാതന റോമരുടെ) വനദേവത, കൃഷിദേവി (*myth.*).

**Vāc'ū-ōle,** *n.* വായുവറ, വിലം(*biol.*); 2. നീരറ (*biol.*). =**ō-lā-ted,** *a.* വായുവറയുള്ള (*biol.*). =**ō-lā'tiŏn,** *n.* വിലത്വം, അറപ്പെരുക്കം (*biol.*).

**Vac'ū-um** (*pl.* **vac'ū-a**), *n.* ശൂന്യം, ശൂന്യസ്ഥലം, രിക്തം, രിക്തകം, നിർവ്വായുസ്ഥലം; 2. വായുരിക്തത്വം. **v.-brake** (തീവണ്ടിയുടെ ഓട്ടം നിൎത്തുന്നതിന്നുള്ള) വായുവടക്ക്. **vac'ū-āte,** *v. t.* ഒഴിക്കുക, ഒഴിവ് വരുത്തുക. **vac-ū-ā'tiŏn,** *n.* ഒഴിക്കൽ; (മല)വിസൎജ്ജനം, മലശോധന, വിരേചനം. **vac'ū-ist,** *n.* (വിശ്വത്തിൽ യാതൊന്നും ഇല്ലാത്ത സ്ഥലം ഉണ്ടെന്നഭിപ്രായപ്പെടുന്ന) ശൂന്യത്വവാദി. =**cū'i-ty,** *n.* ഒഴിവ്; ആകാശം, ശൂന്യസ്ഥലം, ശൂന്യത്വം, രിക്തത്വം; ഇല്ലായ്മ, നാസ്തിത്വം. **vac'ū-ŏus,** *a.* ഒഴിവായ, ഒഴിഞ്ഞ, ഒന്നും ഇല്ലാത്ത, ശൂന്യമായ. **vac'ū-ŏus-ness,** *n.* ഒഴിവ്, ശൂന്യം; രിക്തത.

*Vā-de-mē'cum,* *n.* (നിത്യോപയോഗത്തിന്നുള്ള) കൈപ്പുസ്തകം, സഹഗ്രന്ഥം, സാരസംഗ്രഹപുസ്തകം.

**Vā'di-um,** *n.* ഈട്, ഉറപ്പ്, പണയം, ജാമ്യം (*l.*). *v. vivum* ഉണ്ടറുതിപാട്ടം, ഉണ്ടറുതിയവകാശം (*l.*).

**Vag'a-bond,** *a.* സ്ഥിരവാസസ്ഥലം ഇല്ലാത്ത, തെണ്ടിനടക്കുന്ന, തെണ്ടിയായ; 2. അലഞ്ഞൊഴുകുന്ന, അലയുന്ന; 3. പ്രവൃത്തിയില്ലാതെ നടക്കുന്ന; 4. ആഭാസമായ, തെമ്മാടിയായ. *n.* തെണ്ടി, തുക്കിപ്പെറുക്കി, ആഭാസൻ, വെററൻ (*S.*) തെമ്മാടി; 2. കള്ളൻ. *v. i.* തെണ്ടിനടക്കുക, തുക്കിപ്പെറുക്കി—. -**āge,** -**ism,** -**ry,** *n.* തെണ്ടല്; തെമ്മാടിത്തരം. -**īse,** -**īze,** *v. i.* തെണ്ടിനടക്കുക, തെമ്മാടിയായിരിക്കുക.

**Va-gan'tēs,** *n. pl.* ചിലന്തിവൎഗ്ഗം(*z.*).

**Va-gā'ry,** *n.* ബുദ്ധിചാപല്യം, മനോലോലത്വം; 2. ചിത്തപരിഭ്രമം; 3. തോന്നിയവാസം. =**gā'ri-ŏus,** *a.* ഓരോരിക്കൽ ഓരോ ബുദ്ധിയുള്ള, ചപലബുദ്ധിയായ, ചഞ്ചലഭാവമുള്ള; തോന്നിയവാസമുള്ള.

**Va-gi'na** (*pl.* **va-gi'næ**), *n.* ഉറ (*an.*); 2. യോനി, ഉപസ്ഥം (*an.*); 3. പോള (*b.*). =**nal,** *a.* ഉറസംബന്ധിച്ച; യോനി— (*an.*). **vag'i-nant, vag'i-nāte, vag'i-nā-ted,** *a.* പോളയുള്ള(*b.*). **v.t leaf** പോളയില (*b.*). **vag-i-nis'-mus,** *n.* യോനിസംകോചത്വം (*med.*). **vag-i-nī'tis,** *n.* യോനിവീക്കം (*med.*). =**gin'ū-la,** =**gin'ūle,** *n.* ചെറുപോള (*b.*).

**Vā'grant,** *a.* തെണ്ടിനടക്കുന്ന, അലഞ്ഞ്—; 2. സഞ്ചാരിയായ. *n.* തെണ്ടി, തുക്കിപ്പെറുക്കി, തെമ്മാടി, മുരത്തകള്ളൻ. **vā'gran-cy,** *n.* തെണ്ടിനടത്തം, അലഞ്ഞ് നടക്കൽ; ആഭാസത്വം. -**ly,** *ad.* തെണ്ടിയായി; തെമ്മാടിയായി. -**ness,** *n.* തെണ്ടല്; തെമ്മാടിത്തനം.

**Vāgue** (vāg), *a.* അലഞ്ഞ് നടക്കുന്ന; 2. അസ്ഥിരമായ, തിട്ടമില്ലാത്ത, അനിശ്ചയമായ; 3. തുമ്പില്ലാത്ത, തുമ്പ് കെട്ട, അവ്യക്തമായ; 4. നിരൎത്ഥകമായ; 5. അടിസ്ഥാനം ഇല്ലാത്ത, ആധാരം—. *n.* സീമയററവിശാലം. -'**ly,** *ad.* അസ്പഷ്ടമായി, അവ്യക്തമായി; തുമ്പില്ലാതെ. -'**ness,** *n.* അസ്പഷ്ടത; തിട്ടമില്ലായ്മ; അടിസ്ഥാനമില്ലായ്മ.

I. **Vāil,** *n., s. a.* **Veil.**

II. **Vāil, Vāle,** *n. pl.* (വിരുന്നുകാരും മററും വീട്ടിലെ പണിക്കാൎക്ക് കൊടുക്കുന്ന) ദാനം, സമ്മാനം, 'ഇനാം', സംഭാവന. *v. t.* (വണക്കം കാണിപ്പാൻ) മണങ്ങുക, കനിയുക; 2. (തൊപ്പി) എടുക്കുക; 3. വണങ്ങുക.

**Vāin,** *a.* സത്വം ഇല്ലാത്ത, സാരം—; പൊരുളില്ലാത്ത; 2. മായ ആയ, നിസ്സാ

രം—; വ്യത്ഥം—; 3. നിഷ്ഫലം—, വൃഥാവിലുള്ള; 4. പൊങ്ങച്ചം ഉള്ള, അഹംഭാവം—, ഡംഭം—, വടായി—; 5. മോടി—; 6. സുന്ദരവിഹ്വിയായ. in v. വെറുതെ, വൃഥാ. -glō'ry, *n.* വൃഥാഭിമാനം, വീണത്തനം, വടായി, പൊങ്ങച്ചം. -glō'ri-ŏus, *a.* വൃഥാഭിമാനം ഉള്ള, വടായി—. -glō'ri-ŏus-ly, *ad.* പൊങ്ങച്ചത്തോടെ. -glō'ri-ŏus-ness, *n.* പൊങ്ങച്ചം, വടായി, വൃഥാഭിമാനം. -'ly, *ad.* വെറുതെ, വൃഥാവിൽ; നിഷ്ഫലമായി; ഗർവ്വത്തോടെ, അഹംഭാവത്തോടെ. -'ness, *n.* വ്യർത്ഥത്വം; നിഷ്ഫലത്വം; പൊങ്ങച്ചം, ഗർവ്വം, ഡംഭ്. van'-i-ty, *n.* ശൂന്യത, നാസ്തിത്വം, ഒഴിവ്; വ്യർത്ഥത്വം, മായ, മിത്ഥ്യ; പൊങ്ങച്ചം, വടായി, ഡാബ്; മായാമോഹം; നിസ്സാരത്വം; വൃഥാമോടി; (പണ്ടേത്ത നാടകങ്ങളിൽ) ഒര് സാധാരണ വേഷം (*dr.*).

Vāir, *n.* അണ്ണാൻരോമത്തോല്.

Vāi'vōde, *n., s. a.* Waywode.

Va-kēel', *n.* വക്കീല്; 2. രാജപ്രതിനിധി; 3. കാര്യസ്ഥൻ.

Val'ance, Val'ence, *n.* തൊങ്ങല്, ഞേലം; 2. കിടക്കത്തൊങ്ങല്, കട്ടിൽത്തൊങ്ങല്; 3. (പെട്ടിമൂടിയുടെ) ചുട്ടപ്പകരം. *v. t.* തൊങ്ങല് വെക്കുക, ഞേലം തൂക്കുക, തൊങ്ങല് വെച്ചലങ്കരിക്കുക.

I. Vāle, *n., s. a.* Vāil II.

II. Vāle, *n.* താഴ്വര, കൊല്ലി (*N.*), അകമല (*S.*), മലമ്പള്ള, മലയിടുക്ക്; 2. (നദിയുടെ) മിട്ടാൽപ്രദേശം. val'ley (-li), *n.* താഴ്വര; കഴിയടി (*arch.*). v.y-board കഴിയടിപ്പാത്തി (*arch.*). v.y-roof കഴിയടിമേല്പുര (*arch.*).

Val-e-dic'tiŏn, *n.* യാത്രയയക്കൽ, വിടവാങ്ങൽ; 2. ഗമനവന്ദനം, ഗമനാശിവാദം, ഗമനസല്ക്കാരം, സ്വസ്തിവാദം, ആശി. =dic-tō'ri-an, *n,* സ്വസ്തിവാദി, ഗമനാഭിവാദ്യപ്രസംഗി. =dic'tŏr-y, *a.* യാത്രപറയുന്ന, വിടവാങ്ങുന്ന; യാത്രയയക്കുന്ന, ഗമനസല്ക്കാരമായ, സ്വസ്തിവാദമായ. *n.* സ്വസ്തിവചനം, ഗമനാഭിവാദ്യപ്രസംഗം, ആശി.

I. Val'ence, *n., s. a.* Valance.

II. Vā'lence, =len-cy, *n.* അണുസമ്മിശ്രണശക്തി, അണുവീര്യം (*ch.*).

Va-len'ci-a, =len'ti-a, (-len'shi-), *n.* (പാവ് പട്ടും ഊടരോമവും ആയി നെയ്ത) പട്ട് രോമശീല.

Va-len-ci-ennes' (-len-si-enz') lāce, *n.* മേത്തരം തുന്നൽനാട, —'ലേസ്.

Vā'len-cy, *n., s. a.* Valence II.

Va-len'ti-a, *n., s. a.* Valencia.

Val'en-tīne, *n.* ('വെലെൻററയിൻ' എന്ന പുണ്യവാളൻെറ സ്മാരകദിവസമായ ഫിബ്രുവരി 14-ാം നു- ഉല്ലാസാർത്ഥം യുവാക്കൾ യുവതികൾക്ക് അയക്കുന്ന) പ്രേമസല്ലാപലേഖനം, പ്രേമക്കത്ത്; 2. പ്രേമകന്യക, പ്രിയ.

Va-lē'ri-an, *n.* ജടാമാഞ്ചി, ജടാമാംസി (*b.*). -ā'ceŏus (-ā'shus), *n.* ജടാമാംസിവർഗ്ഗത്തിൽപെട്ട (*b.*). -'ic, *a.* ജടാമാഞ്ചിസംബന്ധിച്ച.

Val'et, *n.* പണിക്കാരൻ, ഭൃത്യൻ, ശുശ്രൂഷകൻ, ചേടൻ; 2. മുടിങ്കോല്, തോട്ടി *v. de chambre* (val'lā de shom'br) പാർശ്വചരൻ, മെയ്സേവകൻ, ബാല്യക്കാരൻ.

Val-e-tū-di-nā'ri-an, =nar-y, *a.* രോഗം ഉള്ള, ക്ഷീണം—; 2. സദാരോഗി ആയ, രോഗപീഡിതൻ—; 3. സുഖാർത്ഥിയായ. =an, =nar-y, *n.* രോഗി, സദാരോഗി, രോഗപീഡിതൻ; ആരോഗ്യാർത്ഥി. -ism, =nar-i-ness, *n.* ക്ഷീണം; നിത്യരോഗം.

Val-hal'la, Wal-hal'la, *n.* വീരസ്വർഗ്ഗം (*myth.*); 2. വീരപ്രതിമാമണ്ഡപം, വീരസ്മാരക—.

Val'iant (val'yant), *a.* നെഞ്ഞുറപ്പുള്ള, ധൈര്യശാലിയായ; ശൌര്യമുള്ള; പരാക്രമശാലിയായ; വീരനായ. -ly, *ad.* ശൌര്യത്തോടെ, പരാക്രമത്തോടെ. -ness, *n.* വീര്യം, ധീരത, ശൌര്യം, ശൂരത.

Val'id, *a.* ബലം ഉള്ള, ഊക്ക്—; 2. സത്യം ആയ, ന്യായം—, കാര്യം—; 3. സാധു—, നിയമാനുസാരം—, നിരാക്ഷേപം—

(*l.*). ='i-dāte, *v. t.* ഉറപ്പിക്കുക, സ്ഥിരപ്പെടുത്തുക, സാധുവാക്കുക. =i-dā'tiŏn, *n.* സ്ഥിരപ്പെടുത്തൽ. =lid'i-ty, -ness, *n.* ഉറപ്പ്, സ്ഥിരത, ബലം; ന്യായം, നിരാക്ഷേപത്വം; സാധുത, നിയമാനുസാരത (*l.*). -ly, *ad.* ബലമായി, സാധുവായി. [ഴല്.

Val'inch, Vel'inche, *n.* പീപ്പക്കു

Va-līse' (-lēs'), *n.* യാത്രസഞ്ചി; 2. യാത്രപ്പെട്ടി.

Val-kyr'i-a, Val'kyr, Wal'kyr, *n.* വീരസ്വർഗ്ഗകന്യക (*myth.*); 2. യുദ്ധദേവത, യുദ്ധദേവി (*myth.*). =al, *a.* യുദ്ധസംബന്ധമായ.

Val'lar, -y, *a.* കൊത്തളം സംബന്ധിച്ച. v. crown (ശത്രുകൊത്തളത്തിന്മേൽ ആദ്യം കരേറുന്ന പടയാളിക്ക് കിട്ടുന്ന) വീരമകുടം, വീരസ്വർണ്ണകിരീടം. *n.* വീരമകുടം. =lā'tiŏn, val'lum (*pl.* val'la), *n.* കൊത്തളം, വാട, കോട്ടമതില്.

Val'ley (val'li), *etc.*, *s. u.* Vale II.

Val'ŏr, Val'ŏur, *n.* നെഞ്ഞുറപ്പ്, ധൈര്യം, ശൂരത, ശൌര്യം, പരാക്രമം; 2. ധീരൻ, ശൂരൻ. -ŏus, *a.* ധൈര്യമുള്ള, ശൌര്യമുള്ള; നിർഭയമായ. -ŏus-ly, *ad.* ധൈര്യത്തോടെ, പേടിയില്ലാതെ.

Val'ūe, *n.* വില, ക്രയം; 2. പ്രയോജനം, ഉപകാരം; 3. യോഗ്യത, ശ്രേഷ്ഠത; 4. അർത്ഥം, സാരം; 5. ബഹുമാനം; 6. സ്വരദീർഘം, സ്വരദൈർഘ്യം, മാത്ര; 7. *pl.* (കൃതിയിലെ) ഭാഗച്ഛേദം. v. received (ഉണ്ടികകളിൽ എഴുതുക പതിവുള്ള) 'പ്രതിഫലം കിട്ടിബോധിച്ചു'. *v. t.* വില കെട്ടുക; —മതിക്കുക; 2. വിലവെക്കുക, ബഹുമാനിക്കുക; 3. കരുതുക, സാരമാക്കുക, എണ്ണുക. val'ū-a-ble, *a.* വിലയുള്ള; വിലയേറിയ, വില പിടിച്ച; അമൂല്യം ആയ; സാരം—, കാര്യം—; യോഗ്യതയുള്ള, ബഹുമാന്യതയുള്ള. v.e consideration ന്യായമായ പ്രതിഫലം (*l.*). *n.*, *pl.* വിലപിടിച്ച സാധനം, ആഭരണം, പണ്ടം. val'ū-a-ble-ness, *n.* അമൂല്യത. val'ū-a-bly, *ad.* വിലയേറിയതായി. val-ū-ā'tiŏn, *n.* വിലകെട്ടൽ, വിലമതിക്കൽ; വില, മതിപ്പ്വില. val'ū-ā-tŏr, val'ū-ĕr, *n.* വിലകെട്ടുന്നവൻ, —മതിക്കുന്നവൻ, കണ്ട് കെട്ടുന്നവൻ. val'ūed (-ūd), *a.* വിലഉള്ള, —പിടിച്ച; സാരം ആയ, കാര്യം—. -less, *a.* വില ഇല്ലാത്ത, സാരം—.

Val'va-sōr, *n.*, *s. a.* Vavasor.

Valve, *n.* വാതില്; മടക്ക് വാതില്; കതക്, വാതിൽപ്പലക; 2. മൂടി; 3. കവാടം (*an.*); 4. (തോടിന്റെ ഒര്) പൊളി (*b.*); 5. ഇത്തിൾപൊളി (*z.*). val'vāte, valved (valvd), *a.* വാതില്പോലെയുള്ള; കവാടം ഉള്ള; പൊളി— (*b.*). -'let, val'vū-la (*pl.* val'vū-læ), val'vūle, *a.* ചെറുകവാടം; പുറന്തോല്, പുറന്തൊലി. val'vū-lar, *a.* കവാടസംബന്ധമായ (*med.*); കവാടം ഉള്ള.

Vam'brāce, *n.* ഭുജകവചം, ഭുജരക്ഷ.

Vamp, *n.* (ചെരിപ്പിന്റെ) പുറവടിത്തോല്; 2. (പഴയസാധനത്തിന്ന് വെച്ച) പുതുകഷണം. *v. t.* (up) കഷണം വെക്കുക, കണ്ടം വെക്കുക. -'ĕr, *n.* കണ്ടം വെക്കുന്നവൻ; ചെരിപ്പ് നന്നാക്കുന്നവൻ.

I. Vamp'ĕr, *n.*, *s. u.* Vamp.

II. Vamp'ĕr, *v. i.* പെരിമ പറയുക, വടായി—; 2. പൊങ്ങച്ചംകാട്ടുക; 3. പച്ച സുന്ദരത്വം—.

Vam'pīre, *n.* (ചോര കുടിക്കുന്ന) പ്രേതം; വേതാളം (*myth.*); 2. പിടിച്ച് പറിക്കാരൻ, അപഹാരി; 3. (അമേരിക്കയിലെ) ചോരകുടിയൻകടവാതില് (*z.*); 4. ഒര് വക വലിയ കടവാതില്, പാറയാത്തൻ (*S.*). v.-bat പാറയാത്തൻ (*z.*). vam'pir-ism, *n.* ചോരകുടിക്കൽ; വേതാളവിശ്വാസം; പിടിച്ച് പറി.

Vam'plāte, Vam'plet, *n.* കുന്തപ്പിടിയട്ട്.

I. Van, (*contr. f. of*) Van'guärd, *n.* മുൻപട, സേനാഗ്രം (*mil.*). van'-cou-ri-ĕr (-ku-ri-), *n.* മുൻദൂതൻ, മുന്നാള്, അഗ്രഗാമി. -'ward (-wĕrd), *a.* മുമ്പടയിലുള്ള; മുമ്പടകൊള്ളെയുള്ള.

II. Van (*contr. f. of* Caravan), *n.* സാമാനവണ്ടി; ചരക്ക് വണ്ടി.

III. **Van**, *n.* പടന്ന (*ming.*). *v. t.* അയിർ കഴുകുക (*ming.*).

IV. **Van**, *n.* വീശുമുറം, മുറം; 2. ചിറക്. *v. t.* ചേറുക, പാററുക, തൂററുക.

**Va-nā'di-um**, *n.* ഒരു മൂലധാതുപദാർത്ഥം, 'വനേടിയൻ'. =nad'ic, =nā'di-ŏus, =nā'dŏus, *a.* 'വനേടിയം' ഉള്ള; —സംബന്ധിച്ച.

**Van'cou-ri-ĕr**, *n., s. u.* Van I.

**Van'dal**, *n.* (പൂർവ്വകാലത്ത് റോം നഗരം കവൎന്നു പലനാശങ്ങളും ചെയ്തു) വണ്ടാലവംശക്കാരൻ, 'വണ്ടാലൻ'; 2. കാട്ടാളൻ, കിരാതൻ; 3. നാശകൻ, ക്രൂരൻ. van'dal, =dal'ic, *a.* വണ്ടാലനായ; നശിപ്പിക്കുന്ന, നാശംചെയ്യുന്ന. -ism, *n.* നിഷ്ഠുരം, ക്രൂരത; നശിപ്പിക്കുന്ന സ്വഭാവം, നാശനശീലം.

**Vāne**, *n.* കാററുകാട്ടി; 2. (കാററുതിരിക്കല്ല് യന്ത്രത്തിന്റെ) പായിച്ചട്ടം; 3. (വെള്ളച്ചക്രത്തിന്റെ) പലക, തട്ടുപലക; 4. (തിക്കപ്പൽ പിരിയാണിയന്ത്രത്തിന്റെ) തട്ട്.

**Van'guärd** (-gärd), *n., s. a.* Van I.

**Va-nil'la**, *n.* ഒരു പരിമളച്ചെടി (*b.*); 2. (ആ ചെടിയുടെ) പരിമളവാള് (*b.*).

**Van'ish**, *v. i.* കാണാതെപോക, അപ്രത്യക്ഷമാക; 2. മങ്ങിപ്പോക; 3. ആവിയായിപ്പോക; 4. ഇല്ലാതെപോക, നശിക്കുക. *n.* സ്വരാന്തധ്വനി (*gr.*). -ing, *a.* കാണാതാകുന്ന; ഇല്ലാതെ പോകുന്ന. *n.* അപ്രത്യക്ഷത.

**Van'i-ty**, *n., s. u.* Vain.

**Van'jas**, *n.* (ഔസ്ത്രാല്യയിലെ) കരിനീലക്കാക്ക (*z.*).

**Van'quish**, *v. t.* തോല്പിക്കുക, പരാജയിക്കുക, ജയിക്കുക; 2. വാദിച്ചു തോല്പിക്കുക, മടക്കുക, ഖണ്ഡിക്കുക. -a-ble, *a.* ജയിക്കാകുന്ന, മടക്കാകുന്ന. -ĕr, *n.* തോല്പിക്കുന്നവൻ, മടക്കുന്നവൻ, വിജയി. -ment, *n.* തോല്പിക്കൽ; പരാജയം.

**Van'tāge**, *n.* അനുകൂലം, തരം, തഞ്ചം; 2. ആദായം, ലാഭം. to have at v. ....കാൽ തരം ഉണ്ടാക, ....കാൽ അനുകൂലം—. v.-ground അനുകൂലനില, അവസ്ഥാനുകൂലം.

**Vant'brāce, Vant'brass**, *n.* ഭുജകവചം, ഭുജത്രാണം, ഹസ്തകവചം.

**Van'ward**, *a., s. u.* Van I.

**Vap'id**, *a.* ജീവൻ ഇല്ലാത്ത, ചൈതന്യം—; 2. ചുണകെട്ട; 3. വീൎയ്യം പോയ, സാരമററ, ചപ്പയായ, രുചിയില്ലാത്ത. -ly, *ad.* ചപ്പയായി. -ness, -'i-ty, *n.* രസമില്ലായ്മ; നിശ്ചേതനത്വം; നിൎജ്ജീവത്വം.

**Vā'pŏr, Vā'pŏur**, *n.* വിയൎപ്പ്, ആവി, വാഷ്പം, ബാഷ്പം; 2. പുക; കുളംപുക, മൂടൽമഞ്ഞ്; 3. ക്ഷണികസാധനം, ക്ഷണികകാൎയ്യം; 4. മിത്ഥ്യ, മായാമോഹം, മനോരാജ്യം; 5. വമ്പ്, വിട്ടവാക്ക്; 6. ആത്മസ്തുതി; 7. *pl.* മിത്ഥ്യാരോഗഭയം, പിത്തോന്മാദം; 8. പുകവലിക്കുന്ന മരുന്ന് (*med.*). v.-bath ആവി ഏല്ക്കൽ, ആവികുളി, ബാഷ്പസ്നാനം. v.-burner ധൂപക്കുററി. v.-density വാഷ്പഘനം. v.-engine വാഷ്പചലിതയന്ത്രം. *v. i.* ആവിയായിത്തീരുക; 2. ആവിയായി പൊങ്ങുക, പുകവരിക; 3. വമ്പുപറയുക, വടായി—. *v. t.* ആവിയാക്കിത്തീൎക്കുക. -a-bil'i-ty, *n.* ബാഷ്പത്വം, ആവിയാകാകുന്ന ഗുണം. -a-ble, -ī-sa-ble, -ī-za-ble, *a.* ആവിയാക്കാകുന്ന. =āte, *v. i.* ആവിവരിക, —പുറപ്പെടുക. -ā'tiŏn, *n.* ആവിയായ്ത്തീരൽ, വാഷ്പപരിണാമം. =pŏured (-pĕrd), *a.* ആവിതട്ടിയ, നനഞ്ഞ; പിത്തോന്മാദമുള്ള. -ĕr, *n.* വടായി പറയുന്നവൻ, വമ്പുപറയുന്നവൻ. -if'ĕr-ŏus, *a.* വാഷ്പജനകമായ. -if'ic, *a.* ആവിയാക്കുന്ന; ആവിയായിപ്പോകുന്ന. -'i-form, *a.* വാഷ്പരൂപമായ. -im'e-tĕr, *n.* വാഷ്പമാപനയന്ത്രം; മദ്യവീൎയ്യമാപനയന്ത്രം. -ing, *a.* വിട്ടവാക്കായ, വമ്പുപറയുന്ന. -ing-ly, *ad.* പൊങ്ങച്ചത്തോടെ. -ish, *a.* ബാഷ്പമയമായ; ബാഷ്പം ഉള്ള; പിത്തോന്മാദം—. -ī-sā'tiŏn, -ī-zā'tiŏn, *n.* വാഷ്പീകരണം, വെള്ളം ആവിയാക്കൽ. -īse, -īze, *v. t.* വാഷ്പീകരിക്കുക, വെള്ളം ആവിയാക്കുക. *v. i.* വെള്ളം ആവിയായി

ത്തിരുക. -ī-sėr, -ī-zĕr, *n.* ആവിയാക്കുന്നവൻ; വാച്ഛീകരസാധനം. -ōse, -y, *a.* ആവിനിറഞ്ഞ; ആവിയായ. -ŏus, *a.* വാച്ഛമയമായ; ആവി പുറപ്പെടുന്ന; വാച്ഛജനകമായ; വായുനിറഞ്ഞ, കടൽവായുവുള്ള; മായയായ, മിഥ്യയായ. -ŏus-ness, *n.* മിഥ്യത്വം, ബാച്ഛമയത്വം.

**Vä'rä,** *n.* (33½ജാതി അംഗുലമുള്ള സ്പാന്യക്കാരുടെ) വാരയളവ്, വാര.

**Vā'ran, =rā'nus,** *n.* പെരുമ്പല്ലി (*z.*).

**Vā-ri-a-bil'i-ty, Vā'ri-a-ble, Vā'-ri-ance, Vā'ri-ant, Vā'ri-āte, Vā-ri-ā'tiŏn,** *etc., s. u.* **Vary.**

**Var-i-cel'la,** *n.* പൊട്ടി, തീപ്പാറി, പൊങ്ങമ്പനി (*med.*).

**Vā'ri-cēs,** *pl. of* **Varix.**

**Va-ric'i-form, Var'i-cōse,** *etc., s. u.* **Varix.**

**Vā'ried, -ly,** *s. u.* **Vary.**

**Vā'ri-e-gāte, =gā-ted, =gā'tiŏn,** *s. u.* **Vary.**

**Vā'ri-ĕr, Va-rī'e-tal, Va-rī'e-tas, Va-rī'e-ty, Vā'ri-form, Vā'ri-fȳ,** *s. u.* **Vary.**

**Va-rī'ō-la,** *n.* വസൂരി, മസൂരി, കരിപ്പ് (*med.*). =lar, =ol'ic, =lŏus, *a.* വസൂരിസംബന്ധിച്ച; വസൂരിക്കുള്ള; വസൂരിക്കലയുള്ള, കരിപ്പ് കലയുള്ള. =lā'tiŏn, *n.* വസൂരിനീര് കുത്തിവെക്കൽ (*med.*). =ō-lit'ic, *a.* കുത്ത് കുത്തായ, കലയുള്ള. =ō-loid, *n.* (കുത്തിവെച്ചവക്കുണ്ടാകുന്ന) ലഘുവസൂരി, താണതരം കരിപ്പ് (*med.*). *a.* വസൂരിപോലെയുള്ള (*med.*); ലഘുവസൂരിയായ (*med.*).

**Vā-ri-ō'rum,** *a.* (പുസ്തകം) പലരുടെ വ്യാഖ്യാനമുള്ള, പല വ്യാഖ്യാനങ്ങൾ കൂടിയ.

**Vā'ri-ŏus, Vā'ri-ŏus-ly,** *s. u.* **Vary.**

**Vā'rix** (*pl.* **vā'ri-cēs**), *n.* ഞരമ്പ് തടിപ്പ് രോഗം (*med.*). **va-ric'i-form, var'i-cōse** (*or* vā'ri-), *a.* ഞരമ്പ് തടിച്ച; ഞരമ്പ് വീക്കമുള്ള (*med.*); 2. ഞരമ്പ് വീക്കത്തിനുള്ള (*med.*). **var'i-cō-cēle** (*or* (vā'-ri-), *n.* വൃദ്ധിവീക്കം (*med.*). **var-i-cos'i-ty,** *n.* ഞരമ്പ് വീക്കം; വീക്കം.

**Vär'let,** *n.* ഭൃത്യൻ, സേവകൻ; 2. ഹീനൻ, നീചൻ, ആഭാസൻ, തിരുടൻ, കള്ളൻ, ദുഷ്ടൻ. -ry, *n.* പോക്കിരിജനം, പോക്കിരിക്കൂട്ടം, തെമ്മാടിക്കൂട്ടം.

**Vär'nish,** *n.* മരക്കറ, വിളാമ്പശ, പൈൻപശ, വാർണ്ണീഷ്; 2. മിനുസം, മിനുക്കം; 3. ചായം, വർണ്ണം. *v. t.* വാർണ്ണീഷ് ഇടുക; —തേക്കുക; 2. തേപ്പ് തേക്കുക, ചായം—; 3. വർണ്ണം ഇടുക, പൂശുക; 4. മൂടുക, മറക്കുക. -ĕr, *n.* വാർണ്ണീഷിടുന്നവൻ; പൂശുന്നവൻ. -iṅg, *n.* വാർണ്ണീഷ് ഇടൽ; —കോപ്പ്.

**Vā'ry, Vā'ri-āte,** *v. t.* രൂപം മാറുക, രൂപഭേദം വരുത്തുക, ആകൃതിഭേദം—; 2. ഭേദം—; മാററുക, 3. പരിണാമം വരുത്തുക; 4. വ്യത്യാസപ്പെടുത്തുക; 5. വിവിധം ആക്കുക, നാനാപ്രകാരം—; 6. രസംക്രൂട്ടുക, വിശേഷതപ്പെടുത്തുക (*mus.*). *v. i.* മാറുക, ഭേദപ്പെടുക; 2. വ്യത്യാസം ഉണ്ടാക, ഭേദിച്ചിരിക്കുക; 3. മാറിമാറി വരിക; 4. (from) വിപരീതം ആയിരിക്കുക; 5. അഭിപ്രായഭേദം ഉണ്ടാക, ഭയോജിക്കാതിരിക്കുക. **vā-ri-a-bil'i-ty, vā'ri-a-ble-ness,** *n.* പരിണാമ്യത; ആകൃതിപരിണാമ്യത; അംഗവിധാനപരിണാമ്യത (*biol.*). **vā'ri-a-ble,** *a.* മാറുന്ന, മാറിവരുന്ന; വികാരഗുണമുള്ള; അസ്ഥിരമായ, ചഞ്ചലമുള്ള; നാനാപ്രകാരം ആയ, വിവിധം—. v.e quantity പരിണാമ്യരാശി, വികാരരാശി (*math.*). v.e stars വികാരനക്ഷത്രം (*as.*). *n.* മാറിവരുന്നത്, അസ്ഥിരമായത്; പരിണാമ്യരാശി, വികാരരാശി (*math.*); മാറിമാറിയടിക്കുന്ന കാററ് (*naut.*); *pl.* (സമുദ്രത്തിൽ) കാററില്ലാ(ത്ത)പ്രദേശം, അസ്ഥിരക്കാററുപ്രദേശം (*naut.*). **vā'ri-a-bly,** *ad.* മാറിക്കൊണ്ട്; വിവിധമായി. **vā'ri-ance,** *n.* വ്യത്യാസം, ഭേദം; തക്കം, വിവാദം, വാദം; ശണ്ഠ, വിരോധം; വിരുദ്ധം, വിപര്യാസം (*l.*). at v.e വിരുദ്ധമായി, വിരോധത്തിൽ; ശത്രുതയോടെ. **vā'ri-ant,** *a.* ഭേദമുള്ള, വ്യത്യാസപ്പെട്ട;

രൂപവികാരം ഉള്ള. *n.* ഭേദം, വക, തരം (*nat.*). **vā-ri-ā'tiŏn,** *n.* മാററൽ; മാററം, ഭേദം, വികാരം; അന്തരം, വ്യത്യാസം, ഏറക്കുറവ്; തെററ്, പിഴ, വാശി, വലനം; പ്രത്യയഭേദം, പദവികാരം, അക്ഷരവികാരം (*gr.*), ധ്വനിഭേദം (*mus.*), പരിവൃത്തിഗണിതം (*alg.*). annual v.n നക്ഷത്രഗതിവലനം (*as.*). v.n of the moon ചന്ദ്രഗതിവലനം (*as.*). v.n of the compass കാന്തസൂചിവാശി, —വലനം. **vā'ried** (-rid), *a.* വെവ്വേറെയുള്ള, വിവിധമായ, നാനാ, പലവിധമായ, പലപ്രകാരമുള്ള. **vā'ried-ly,** *ad.* വെവ്വേറെ, പലവിധമായി, നാനാപ്രകാരം. **vā'ri-e-gāte,** *v. t.* നാനാരൂപം ആക്കുക; വിവിധവണ്ണം—, പലനിറം—, കല്മാഷം—. **vā'ri-e-gā-ted,** *a.* പലവണ്ണപ്പുള്ളിയുള്ള, പലവണ്ണമായ, കല്മാഷമായ. **vā-ri-e-gā'tiŏn,** *n.* നാനാവണ്ണമാക്കൽ; പലവണ്ണം, കല്മാഷം. **vā'ri-ĕr,** *n.* വിചിത്രേഷ്ടു, സഞ്ചാരി. **va-rī'e-tal,** *a.* വകഭേദം ആയ, വകയായ, ജാതിയായ; ജാതിലക്ഷണമായ. **va-rī'e-tas** (*contr. f.* var), *n.* ജാതി, വക, തരം. **va-rī'e-ty,** *n.* നാനാത്വം; സങ്കരത്വം; കലപ്പ്; ബഹുത്വം, വിവിധത്വം; വിചിത്രത, മാതിരി; തരം, വക, ജാതി, വംശം, ഉപവർഗ്ഗം, കലഭേദം (*biol.*). v.y hybrid ഇരുജാതി, സങ്കരജാതി (*biol.*). geographical v.y ദിഗ്ഭേദജാതി (*biol.*). **vā'ri-form, vā'ri-formed** (-farmd), *a.* വിവിധാകൃതിയുള്ള, നാനാരൂപമുള്ള. **vā'ri-fȳ,** *v. t.* ഭേദപ്പെടുത്തുക, മാററുക, വിചിത്രമാക്കുക. **vā'ri-ŏus,** *a.* പലവിധമായ, വിവിധമായ, നാനാ, പല; പലവക, അനേകം; മാറുന്ന, അസ്ഥിരമായ; വിചിത്രമായ, കല്മാഷമായ. v.s reading പാഠാന്തരം. **vā'ri-ŏus-ly,** *ad.* പലപ്രകാരം, വേറെ വേറെ, വെവ്വേറെ. **-ing,** *a.* മാറിമാറി വരുന്ന. *n.* മാറൽ; മാററം.

**Vas** (*pl.* vā'sa), *n.* കോശം, നാളം (*an.*). *v. deferens* (pl. *vasa deferentia*) ഇന്ദ്രിയനാളം (*an.*). **-'i-form,** *a.* കോശാകൃതിയായ; നാളാകൃതിയായ (*an.*). **vas'cū-lar,** *a.* കോശമുള്ള, കോശമയമായ (*biol.*); നാളമുള്ള (*b.*); നാളംമുഖേനയുള്ള; നാളസംബന്ധമായ (*an.*). v.r plants പുഷ്പിക്കുന്ന സസ്യങ്ങൾ, പുഷ്പകസസ്യവർഗ്ഗം (*b.*). v.r system നാളവ്യവസ്ഥ, നാഡിവ്യവസ്ഥ (*an.*). **vas-cū-lar'i-ty,** *n.* കോശകത്വം (*biol.*); സസിരത്വം (*an.*). **vas'cū-lum,** *n.* പുഷ്പച്ചെടിപ്പാത്രം.

**Vāse** (*or* väz), *n.* ശൃംഗാരപാത്രം; 2. പുഷ്പകലശം. v.-shaped കലശാകൃതിയായ.

**Vas'e-line** (-lin *or* -lēn), **Vas'e-lin,** *n.* മണ്ണെണ്ണലേപനം, 'വസലിൻ'.

**Vas'i-form,** *a.*, *s. u.* Vas.

**Vas-ō-mō'tŏr,** *a.* കോശചലനഹേതുകമായ, സംകോചവികാസശക്തിദായകമായ (*phys.*). v. center, v. centre പേശിചലനശക്തിസ്ഥാനം.

**Vas'sal,** *n.* കടിമക്കുടിയാൻ; 2. ആശ്രിതൻ, സേവകൻ; 3. ദാസൻ, അടിയാൻ, അടിമ. rear v. കീഴ്ക്കുടിയാൻ. *a.* കടിയാനെ പോലെയുള്ള; 2. അടിയാനായ; 3. അടിമയായ. **-āge,** *n.* കടിയായ്മ; അടിയായ്മ, ദാസ്യം, അടിമത്തനം; അന്യരാജ്യാധീനത്വം, അധീനത; കടിമവസ്തു; കടിയാൻവർഗ്ഗം, അടിയാക്കൂട്ടം. **-ess,** *n.* കടിമസ്ത്രീ; അടിയാത്തി, അടിയാട്ടി (*S.*). **-ry,** *n.* അടിയാക്കൂട്ടം.

**Vast,** *a.* വിശാലമായ, വിസ്തീർണ്ണമായ, വിസ്താരമുള്ള; 2. വലിയ, മഹാ; 3. വളരെ, അസംഖ്യം, ധാരാളം, അധികമായ; 4. പ്രാമുഖ്യമായ. *n.* വിസ്തീർണ്ണഭൂമി, വിശാലപ്രദേശം. **-'i-tūde,** *n.* വിസ്തീർണ്ണത; വലിപ്പം. **-'ly,** *ad.* വളരെ, അധികമായി, നന്നെ; ധാരാളം. **-'ness,** *n.* വിസ്തീർണ്ണത; വലിപ്പം; മാഹാത്മ്യം. **-'y,** *a.* വിശാലമായ; വലിയ.

**Vat,** *n.* (മദ്യം ഉണ്ടാക്കുവാൻ ഉപയോഗിക്കുന്ന) വലിയ തൊട്ടി, വൻതൊട്ടി; 2. (33കററികൊള്ളുന്ന) ഒര് ദ്രാവകയളവ്; 3. അരിപ്പത്തൊട്ടി; 4. പരിശുദ്ധജലപാത്രം (*R. C.*). *v. t.* തൊട്ടിയിൽ ഇടുക. **-'ful,** *a.* തൊട്ടിനിറയ.

**Vat'i-can**, *n.* (റോംനഗരത്തിൽ ഉള്ള) പാപ്പാവിന്റെ കോവിലകം; 2. പാപ്പാധികാരം. **thunders of the v.** പാപ്പാവിന്റെ ശാപം, ശാപാജ്ഞ; വലിയ 'മഹറോൻ' (*R. C.*). **-ism**, *n.* പാപ്പാധീശത്വവാദം. **-ist**, *n.* —വാദി.

**Va-tic'i-nāte**, *v. i.* & *t.* പ്രവാചകം പറയുക, പ്രവചിക്കുക, ദീഘദൎശനം പറയുക; 2. (വരുവാനുള്ളത്) മുമ്പിൽക്കൂട്ടി പറയുക, പ്രവാചകനായിരിക്കുക. **vat'i-cīde**, *n.* പ്രവാചകനെ കൊല്ലുന്നവൻ, പ്രവാചകഹന്താവ്. **=nal**, *a.* പ്രവാചകം സംബന്ധിച്ച; ദീഘദൎശനം ആയ, പ്രവചനം—. **=nā'tiōn**, *n.* പ്രവചനം, പ്രവാചകം, ദീഘദൎശനം, ഭവിഷ്യൽവാദം. **=nā-tŏr**, *n.* പ്രവാചകൻ, ദീഘദൎശി, ഭവിഷ്യൽജ്ഞാനി.

**Vaude'ville, Vaude'vil** (vad'vēl), *n.* പരിഹാസപ്പാട്ട്; 2. ഹാസ്യനാടകം.

**Vault** (valt), *n.* 'കമാൻ'തട്ട്, വളവ് മച്ച് (*arch.*); 2. നിലയറ; 3. ആകാശത്തട്ട്, വാനം, ഖഗോളം; 4. ചാട്ടം, തുള്ളല്; 5. മറിച്ചല്, കരണം മറിച്ചല്. *v. t.* കമാൻതട്ടിടുക; 2. വളക്കുക; 3. ചാടിക്കടക്കുക; 4. കരണം മറിയിക്കുക. *v. i.* തുള്ളുക, ചാടുക; 2. കരണം മറിയുക. **-'ed**, *a.* വളവുള്ള, വില്ലിച്ച, ചാപാകൃതിയായ; കമാനായ. **-'ĕr**, *n.* മറിയുന്നവൻ, മറിച്ചൽകാരൻ, കരണം മറിയുന്നവൻ. **-'ing**, *n.* 'കമാൻ' ഉണ്ടാക്കൽ; 'കമാൻ'.

**Vaunt** (*or* vant), *v. i.* & *t.* വമ്പ് പറയുക, പൊങ്ങച്ചം—; 2. ആത്മസ്തുതി ചെയ്യുക, സ്വപ്രശംസ—. *n.* പൊങ്ങച്ചം, വമ്പ്, ആത്മസ്തുതി, ആത്മപ്രശംസ, വടായി, ഡംഭ്. **-'ĕr**, *n.* പെരിമ പറയുന്നവൻ, വലിപ്പം—, പെരിമക്കാരൻ, പൊങ്ങച്ചക്കാരൻ; ആത്മപ്രശംസക്കാരൻ. **-'ful**, *a.* വമ്പ് പറയുന്ന, ഊററം—; പെരിമയുള്ള; സ്വപ്രശംസയുള്ള. **-'ing-ly**, *ad.* പെരിമയോടെ.

**Vav'a-sŏr, Vav'a-sour** (-sur), **Vav'a-ssōr, Val'va-sōr**, *n.* പ്രഭുകടിയാൻ; 2. വൻകടിയാൻ; 3. ഇടപ്രഭു. **-y**, *n.* വൻകടിയായ്മ; വൻകടിയായ്മസ്വത്ത്.

**Vē'a-där**, *n.* (യഹൂദ്യപഞ്ചാംഗപ്രകാരം മുമ്മൂന്ന് കൊല്ലം കൂടുമ്പോൾ കൂട്ടിയെടുക്കുന്ന) പതിമൂന്നാം മാസം, 'വീയദാർ' മാസം.

**Vēal** (vēl), *n.* ഇളഗോമാംസം, കടന്റെ ഇറച്ചി, കിടാവിറച്ചി.

**Vec'tor**, *n.* ചലകേന്ദ്രം, മന്ദകേന്ദ്രം (*as.*); 2. ഉത്തരരാശി (*math.*).

**Ve'da**, *n.* വേദം, ചതുൎവ്വേദം. **ve'dic**, *a.* ചതുൎവ്വേദസംബന്ധമായ.

**Ve-dette', Vi-dette'** (-det'), *n.* (കുതിര കയറി പാറാവ് നടക്കുന്ന) കുതിരപ്പാറാവുകാരൻ, അശ്വാരൂഢകാവൽക്കാരൻ.

**Ve'drō** (va'drō), *n.* ($3\frac{1}{4}$ കററിയായ) റഷ്യദ്രാവകയളവ്.

**Vēer** (vēr), *v. i.* ഗതിമാറുക, തിരിയുക; 2. തെററുക, നിലതെററുക. **to v. and haul** കാററിന്റെ ഗതി മാറുക, കാററ് ദിക്ക് മാറി ഊതുക (*naut.*). *v. t.* ഗതിമാററുക, തിരിക്കുക. **to v. and haul** മുറുക്കുകയും അഴക്കുകയും ചെയ്യുക. **to v. away, to v. out** അഴച്ച് കൊടുക്കുക. **-'a-ble**, *a.* ഗതിമാറുന്ന, മാറിയടിക്കുന്ന. **-'ing**, *a.* തിരിഞ്ഞ് വരുന്ന. **-'ing-ly**, *ad.* മാറിമാറി.

**Vē'ga**, *n.* (അധികപ്രഭയുള്ള) ഒര് സ്ഥിരനക്ഷത്രം, അഭിചിതാനക്ഷത്രം, 'വീഗ' (*as.*).

**Veg'e-ta-ble**, *a.* സസ്യസംബന്ധമായ; 2. വൃക്ഷവൎഗ്ഗത്തിൽപെട്ട; 3. വൃക്ഷവൎഗ്ഗമായ, ഉത്ഭിജവൎഗ്ഗമായ, സ്ഥാവര— (*b.*); 4. സസ്യഗുണമുള്ള; 5. സസ്യജന്യമായ. **v. kingdom** ഉത്ഭിജവൎഗ്ഗം, സ്ഥാവരവൎഗ്ഗം, വൃക്ഷവൎഗ്ഗം. **v. marrow** വിലാത്തിച്ചുരങ്ങ, വിലാത്തിമത്തൻ (*b.*). **v. silk** ഉന്നം, പൂളപ്പഞ്ഞ്. *n.* സസ്യം, ചെടി; 2. ശാകം, കായ്കറി, പച്ചക്കറി, 'തക്കാരി'. **=tal**, *a.* സസ്യവൎഗ്ഗത്തിൽ പെട്ട; സ്ഥാവരവൎഗ്ഗത്തിൽപെട്ട, സസ്യമായ; ജീവസന്ധാരണം സംബന്ധിച്ച (*biol.*). *n.* തക്കാരി. **=tal'i-ty**, *n.* സസ്യഗുണം; ജീവസന്ധാരണത്വം (*biol.*). **=tā'ri-an**, *n.* സസ്യഭുക്ക്, മത്സ്യമാംസങ്ങൾ തിന്നാത്തവൻ. *a.* സസ്യഭക്ഷ

ണം സംബന്ധിച്ച. =tā'ri-an-ism, *n.* സസ്യഭോജനം; സസ്യഭക്ഷണവാദം. =tāte, *v. i.* മുളക്കുക, മുളച്ച് വളരുക; ഒരു ഉപകാരവും ഇല്ലാതെ ജീവിക്കുക, വെറുതെ തിന്ന് വളരുക, —തടിക്കുക, പന്നപോലെ വളരുക; മുഴയുണ്ടാക (*med.*). =tā'tiŏn, *n.* മുളച്ച് വളരൽ; സ്ഥാവരങ്ങൾ, വൃക്ഷസസ്യാദികൾ; മുഴ (*med.*). =tā-tive, *a.* മുളച്ച് വളരുന്ന; വളപുഷ്ടിയുള്ള, വളമുള്ള, തിന്ന് പോളിക്കുന്ന (*biol.*). =tā-tive-ly, *ad.* മുളച്ച് വളരുന്നതായി; വളപുഷ്ടിയോടെ. =tā-tive-ness, *n.* സസ്യവളച്ച, വളപുഷ്ടി; ജീവസന്ധാരണത്വം. =tive, *a.* സസ്യഗുണമുള്ള; സസ്യമായ. veg-e-tō-an'i-mal, *a.* വൃക്ഷപ്രാണിഗുണങ്ങളുള്ള (*biol.*).

Vē'he-ment (vē'e-), *a.* ഊക്കുള്ള, ഉഗ്രതയുള്ള, ഭയങ്കരമായ, പ്രചണ്ഡമായ; 2. കശ്മലം ഉള്ള; 3. ആതുരം—, ആസക്തി—, നിഷ്കർഷ—, അഭിനിവേശം—. =mence, =men-cy, *n.* ശക്തി, ബലം, ഊക്ക്; ഉഗ്രത, കട്ടപ്പം; വൈരാഗ്യം, ആസക്തി; കശ്മലം; ആതുരത്വം. -ly, *ad.* ഊക്കോടെ; ഉഗ്രമായി; അഭിനിവേശത്തോടെ.

Vē'hi-cle (vē'i-kl), *n.* വാഹനം, യാനം, ശകടം, വണ്ടി, രഥം, തേര്; 2. വാഹനമാർഗ്ഗം, വാഹനോപകരണം; 3. അനുപാനം (*med.*); 4. വർണ്ണമിശ്രദ്രാവകം (*paint.*). =cled (-kld), *a.* വാഹനമൂലമുള്ള; വാഹനം ഉള്ള. =hic'ū-lar, =hic'ū-lar-y, =hic'ū-lā-tŏr-y, *a.* വാഹനം സംബന്ധിച്ച; വാഹനം ആയ; അനുപാനം ആയ. =hic'ū-lāte, *v. t. & i.* വാഹനത്തിലേറുക; വാഹനമേറി പോക. =hic-ū-lā'tiŏn, *n.* വാഹനചലനം; വണ്ടിയോട്ടം.

Veil, Vāil (vāl), *n.* മറ, തിര, തിരശ്ശീല, മൂടുപടം; 2. വേഷം, പേമുഖം; മുടാക്ക്, തിരോധാനം. 3. ഒഴികഴിവ്; 4. വസ്ത്രം, തുണി. to take the v. കന്യാസ്ത്രീയാക (*R. C.*). *v. t.* മറക്കുക, മൂടുപടം ഇടുക; 2. മറച്ച് വെക്കുക, ഒളിച്ച് വെക്കുക. veiled (vāld), *a.* മറവുക്കിയ, മൂടുപടം ഇട്ട; മറവായ; രഹസ്യമായ; അസ്പഷ്ടമായ. -'ing, *n.* മറ, മൂടുപടം, മൂടുപടശീല. -'less, *a.* മറയില്ലാത്ത മൂടുപടം ഇല്ലാത്ത.

Vein (vān), *n.* രക്തസിര, രക്തപ്പൊള്ള, രക്തവാഹിനി (*an.*); 2. നരമ്പ്, ഞരമ്പ് (*b.*); 3. പ്രാണിഞരമ്പ് (*z.*); 4. ലോഹഞരമ്പ്, ലോഹരേഖ, അയിരട്ടി (*ming.*); 5. വിള്ളല്, പൊട്ട്, ദ്വാരം; 6. വർണ്ണവൈചിത്ര്യം; 7. ഭാവം, സ്വഭാവം, ശീലം, മനോവൃത്തി, ഗുണം; 8. ആലോചനാഗതി, ആലോചന, വിചാരം; 9. പ്രവാഹം. *v. t.* വരയിടുക; 2. നരമ്പ് വെക്കുക. -'al, -'ŏus, vē'nŏus, *a.* രക്തസിര സംബന്ധിച്ച; —ഉള്ള; രക്തസിരയിലുള്ള; നരമ്പുള്ള. *venous* blood സിരാരക്തം, മലിന—, അശുദ്ധ—, കരിഞ്ചോര (*phys.*). *venous* hum കണ്ഠധമനിധ്വനി (*med.*). *venous* leaf നരമ്പില (*b.*). *venous* pulse കണ്ഠധമനിയടി (*phys.*). veined (vānd), *a.* നരമ്പുള്ള; പലവർണ്ണമായ. -'less, *a.* ഞരമ്പില്ലാത്ത (*b.*), രക്തസിരയില്ലാത്ത (*an.*). -'let, ven'ūle, *n.* ചെറുസിര. -'y, vē-nōse', *a.* സിരയുള്ള (*an.*); ഞരമ്പുള്ള (*b.*); വരയുള്ള. vē'na (*pl.* vē'næ) രക്തസിര, രക്തപ്പൊള്ള. *v. cava* (*pl. vēnæ cavæ*) മഹാസിര, വൻസിര (*an.*). *v. cava* inferior കീഴ് വൻസിര (*an.*). *v. cava* superior മേൽവൻസിര (*an.*). *v. portæ* കാളകസിര (*an.*). vē'nal, *a.* രക്തസിര സംബന്ധിച്ച. vē-ne-sec'tiŏn, *n.* സിരഭേദനം, ചോരകൊത്തൽ, കൊമ്പ് വെക്കൽ (*med.*). vē-nos'i-ty, *n.* രക്തമാലിന്യം; രക്താഭിസരണതടസ്ഥം (*med.*). ven'ū-lōse, *a.* ചെറുസിരകളുള്ള.

Vē'lar, *a.*, *s. u.* Velum.

Vel'lum, *n.* നേമ്മത്തോല്, ചമ്മക്കടലാസ്. v. cloth നേമ്മത്തുണി. -y, *a.* ചമ്മക്കടലാസ് പോലെയുള്ള.

Vel-ō-cim'e-tĕr, Ve-loc'i-pēde, *etc.*, *s. u.* Velocity.

Ve-loc'i-ty (-los'ī-), *n.* വേഗത, ത്വര, ശീഘ്രത, ഓട്ടം. initial v. പ്രാരംഭവേഗത. relative v. സംബന്ധിതവേഗത.

uniform v. സമവേശത. variable v. വികാരവേശത. virtual v., *s. u.* Virtue. vel-ō-cim′e-tĕr, *n.* വേഗമാപനയന്ത്രം. =loc′i-pēde (-lo′si-pēd), *n.* ചവിട്ട് വണ്ടി. =loc′i-pē-dist, *n.* ചവിട്ട് വണ്ടിയോടിക്കുന്നവൻ.

Vē′lum (*pl.* vē′la), *n.* മറ, മൂടി; 2. അണ്ണാക്കിലെ തോല്, അണ്ണാക്ക് (*an.*). vē′lar, *a.* മൂടി സംബന്ധിച്ച; മറയായ; അണ്ണാക്ക്തോല് സംബന്ധിച്ച (*an.*); കണ്ഠ്യാക്ഷരമായ (*gr.*).

Ve-lū′tin-ŏus, *a.*, *s. u.* Velvet.

Vel′vet, *n.* സൂൿമകാന്തിപ്പട്ട്, സൂൿമപടം, വില്ലൂസ് പട്ട്. *a.* സൂൿമപടംകൊണ്ടുണ്ടാക്കിയ; 2. മാൎദ്ദവമായ. *v. t.* വില്ലൂസ് പൊതിയുക; 2. മാൎദ്ദവമാക്കുക. ve-lū′tin-ŏus, *a.* മാൎദ്ദവമുള്ള; വില്ലൂസ് പോലെയുള്ള (*b.*). -ēen′, *n.* വില്ലൂസ് തുണി. -ing, *n.* മൃദുത്വം; മിനുക്കം, പ്രഭ; വില്ലൂസ് ചരക്ക്; വില്ലൂസ് കഷണം. -y, *a.* വില്ലൂസ് കൊണ്ടുണ്ടാക്കിയ, മാൎദ്ദവമായ; നേൎമ്മയായ.

Vē′na (*pl.* vē′næ), *n.*, *s. u.* Vein.

I. Vē′nal, *a.*, *s. u.* Vein.

II. Vē′nal, *a.* വിലക്ക് കൊള്ളാകുന്ന, പണം കൊടുത്താൽ കിട്ടുന്ന; 2. കച്ചവടത്തിനുള്ള; 3. കൂലിക്ക് നില്ക്കുന്ന. -′i-ty, *n.* ദ്രവ്യവശത്വം, ദ്രവ്യാധീനത; ദ്രവ്യമോഹം; കൈക്കൂലി. -ly, *ad.* ദ്രവ്യാഗ്രഹത്തോടെ, പണം മോഹിച്ച്.

Ven′a-ry, Ve-nat′ic, Ve-nat′ical, Ven-a-tō′ri-al, *a.* നായാട്ട് സംബന്ധിച്ച; മൃഗയാ വിനോദം ആയ, വേട്ട—.

Vend, *v. t.* വില്ക്കുക, വിലക്ക് കൊടുക്കുക, വിക്രയം ചെയ്യുക. *n.* വില്ക്കൽ, വിക്രയം. =dēe′, *n.* വിലക്ക് കൊണ്ടവൻ, ക്രേതാവ്. =′dĕr, =′dŏr, *n.* വില്ക്കുന്നവൻ, വിക്രയി. =di-bil′i-ty, =′di-ble-ness, *n.* ക്രയകത്വം. =′di-ble, *a.* ക്രയമായി; വില്ക്കത്തക്ക; ക്രയ്യമായ. *n.* വില്ക്കത്തക്ക സാധനം, ക്രയ്യം. =′di-bly, *ad.* വില്ക്കത്തക്കവണ്ണം. =di′tiŏn (-dish′un), *n.* വില്ക്കൽ, വില്പന, വിക്രയം.

Ven-det′ta, *n.* രക്തപ്പക, തറവാട്ട് പക; 2. ബന്ധുഹത്യപ്രതികാരം.

Ven′di-ble, Ven-di′tiŏn, Ven′dŏr, *etc.*, *s. u.* Vend.

Ve-nēer′, *v. t.* (താണ മരംകൊണ്ടുണ്ടാക്കിയ സാമാനത്തിന്മേൽ നല്ലമരത്തിന്റെ) നേൎമ്മച്ചീള് പതിക്കുക, അമഴ്ത്തിപ്പണി ചെയ്യുക, അമിഴ്ത്തുക, പൊതിയുക. *n.* അമിഴ്ത്ത് പലക, അമിഴ്ത്ത് തകിട്; 2. മിനുസം; 3. പുറങ്കാഴ്ച, കാഴ്ച; 4. നാട്യം. -ing, *n.* അമിഴ്ത്ത് പണി; അമിഴ്ത്ത് പലക; അമിഴ്ത്ത് തകിട്.

Ven′e-nāte, *v. t.* വിഷകരമാക്കുക; 2. വിഷംകൊടുക്കുക. *a.* വിഷമിട്ട; 2. വിഷകരമായ.

Ven′ĕr-a-ble, *etc.*, *s. u.* Venerate.

Ven′ĕr-āte, *v. t.* ബഹുമാനിക്കുക, വണങ്ങുക, പൂജിക്കുക, വന്ദിക്കുക; 2. ശങ്കിക്കുക, ഭയപ്പെടുക. =a-bil′i-ty, =a-ble-ness, *n.* ബഹുമാന്യത, വന്ദനീയത്വം, ബഹുമാനയോഗ്യത, മാന്യത; പൂജനീയത്വം. =a-ble, *a.* വന്ദനീയമായ, വന്ദ്യമായ, പൂജ്യനായ, വണങ്ങത്തക്ക; മാന്യ; വയോധികനായ; (ആൎച്ച് ഡീക്കൻ എന്ന ബോധകവരന്റെ പേരിന്ന് മുമ്പിൽ ബഹുമാനവാചിയായി ചേൎക്കുന്ന) പൂജ്യശ്രീ. =a-bly, *ad.* വന്ദ്യമായി, ബഹുമാനമായി. =ā′tiŏn, *n.* വന്ദിക്കൽ, ബഹുമാനിക്കൽ; ബഹുമാനം, വന്ദനം, വണക്കം. =ā-tŏr, *n.* വണങ്ങുന്നവൻ.

Ve-nē′re-al, *a.* രതിസംബന്ധമായ; 2. രതിജന്യമായ, ഉല്പാദകേന്ദ്രിയം സംബന്ധിച്ച, ഉല്പാദനേന്ദ്രിയം സംബന്ധിച്ച (*med.*); 3. ഉപദംശകൌഷധമായ (*med.*); 4. വാജീകരമായ, ധാതുബലം വരുത്തുന്ന. v. disease ഉപദംശം, ഉല്പാദകേന്ദ്രിയരോഗം (*med.*). *n.* ഉപദംശം, ഉല്പാദകേന്ദ്രിയരോഗം, പറങ്കിവ്യാധി, ദുൎവ്യാധി (*med.*). ve-nē′re-ŏus, *a.* വിഷയലമ്പടത്വമുള്ള. ven′-ĕr-y, *n.* രതി, ഭോഗം, മൈഥുനം.

I. Ven′ĕr-y, *n.* നായാട്ട്, വേട്ട, മൃഗയാ വിനോദം, 'ശിക്കാറ്'.

II. Ven′ĕr-y, *n.*, *s. u.* Venereal.

Vē-ne-sec'tiŏn, *n.*, *s. u.* Vein.

Ve-nē'tian (-nē'shan), *a.* 'വെനീസ്'പട്ടണം സംബന്ധിച്ച. v.-blind ഇലക്കിടിക്കി (*arch.*). v.-carpet ചവുക്കാളം. v.-door (ഇരുപുറവും നെട്ടങ്ങനെ കണ്ണാടിജാലകം തൊട്ടുനില്ക്കുന്ന) മൂവൊററ വാതില്, മുവ്വാതില് (*arch.*). v.-glass വണ്ണക്കണ്ണാടി. v.-window (മുകളിൽ കമാനവും ഇരുപുറവും ചെറുജാലകങ്ങളും ചേൎന്നുനില്ക്കുന്ന) മുജ്ജാലകം (*arch.*).

Vengé'ance, *n.* പ്രതികാരം, പ്രതിക്രിയ, പകരംവീട്ടൽ. with a v. ഊക്കോടെ, ശക്തിയോടെ. vengé'ful, *a.* പ്രതിക്രിയാഭാവമുള്ള; പ്രതികാരമായ. vengé'ful-ly, *ad.* പ്രതികാരമായി.

Vē'ni-al, *a.* ക്ഷമിക്കത്തക്ക, ക്ഷമ്യമായ, ക്ഷന്തവ്യമായ; 2. ലഘുവായ. v. sin ലഘുപാപം, ചെറുതരം പാപം (*R. C.*). -ly, *ad.* ക്ഷമ്യമായി; ലഘുവായി. -ness, =al'i-ty, *n.* ക്ഷമ്യത, ക്ഷന്തവ്യത.

Ven'i-son (*or* ven'zn), *n.* വേട്ടയിറച്ചി; 2. മാനിറച്ചി.

Ve-nīte', *n.* (വരുവിൻ എന്ന വാക്കിനാൽ തുടങ്ങുന്ന പവിത്രരേഖയിലെ) 95-ാം സങ്കീൎത്തനം, സ്തോത്രഗീതം.

Ven'om, *n.* പ്രാണിവിഷം, ജന്തു—, സൎപ്പ—, പാമ്പ്—, തേള്—; 2. പക, വൈരം, സിദ്ധാന്തം, ദുഷ്ടത. *v. t.* വിഷം ഏല്പിക്കുക, വിഷംതീണ്ടിക്കുക. =ō-mŏus, *a.* വിഷകരമായ, വിഷമുള്ള; പ്രാണഹാനിവരുത്തുന്ന; വിഷപ്പല്ലുള്ള (*z.*); പകയുള്ള, ശത്രുത്വമുള്ള. v.s snake വിഷമുള്ള പാമ്പ് (*z.*). =ō-mŏus-ly, *ad.* വിഷകരമായി. =ō-mŏus-ness, *n.* വിഷം, നാശകരത്വം.

Vē-nōse', Vē-nos'i-ty, Vē'nŏus, *etc.*, *s. u.* Vein.

Vent, *n.* ഓട്ട, ദ്വാരം, രന്ധ്രം; 2. പഴുത്, തരം; 3. വാതില്; 4. സ്ഖലനം; 5. തെററിരക്ഷപ്പെടൽ; 6. പ്രസ്താവനമാൎഗ്ഗം; 7. പ്രസിദ്ധീകരണം, പ്രസാധകത്വം; 8. പറയൽ, പ്രസ്താവിക്കൽ; പ്രസ്താവന. v.-hole തോക്കിന്റെ കാത്. to give v. to പുറപ്പെടുവിക്കുക; പുറത്ത് വിടുക; കാണിക്കുക. to take v. തെററിരക്ഷപ്പെടുക; പരസ്യമാക. *v. t.* പുറത്താക്കുക, പുറത്ത് വിടുക; 2. തുറന്ന് വിടുക, ഓടിപ്പോവാൻ അനുവദിക്കുക; 3. കഴിക്കുക; 4. പ്രസ്താവിക്കുക, പറയുക; 5. കാണിക്കുക; 6. പഴുതുണ്ടാക്കുക. -'āġe, *n.* ചെറുദ്വാരം, തുള. -'āil, *n.* (തലയിൽ കാററ് കടപ്പാനുള്ള) തൊപ്പിത്തുള. -'ĕr, *n.* പറയുന്നവൻ, പ്രസ്താവകൻ.

I. Vent'ĕr, *n.*, *s. u.* Vent.

II. Ven'tĕr, *n.* വയറ്, ഉദരം (*an.*); 2. ഗൎഭാശയം, ഗൎഭപാത്രം (*an.*); 3. തടിച്ചഭാഗം, പള്ള; 4. അമ്മ. children by different v.s (ഒരച്ഛനുള്ള) വെവ്വേറെയമ്മമക്കള്, രണ്ട് കുടിത്തലമക്കള്, ഭിന്നോദരന്മാര്.

Ven'ti-duct, *n.*, *s. u.* Ventilate.

Ven'ti-lāte, *v. t.* കാററ് കൊള്ളിക്കുക; 2. കാറേറാട്ടത്തിന്ന് വഴിവെക്കുക, പഴുത് വെക്കുക; ശുദ്ധവായു പ്രവേശിപ്പിക്കുക; 3. കാററത്തിടുക; 4. മാററുക, പുതുക്കുക; 5. പാററുക, തൂററുക; 6. ആലോചിക്കുക, വിവേചിക്കുക, പരിശോധിക്കുക; 7. പ്രസ്താവിക്കുക, പ്രസിദ്ധം ആക്കുക. ven'ti-duct, *n.* കാററ് പഴുത്; കാററ് കുഴല്. =lā'tiŏn, *n.* കാററ് കൊള്ളിക്കൽ, കാററ് തട്ടൽ; വായുപ്രവേശനസൂത്രം; വായുപ്രവേശകപ്രവൃത്തി; കാററത്തിടൽ; പാററൽ, തൂററൽ; പരിശോധന, വിവേചനം, ആലോചന; പ്രസ്താവിക്കൽ. =lā-tive, *a.* വായുപ്രവേശനം സംബന്ധിച്ച; കാറേറാട്ടത്തിനുള്ള, വായുസഞ്ചാരത്തിനുള്ള. =lā-tŏr, *n.* വായുപ്രവേശകയന്ത്രം, വായുസഞ്ചാരത്തിനുള്ള സൂത്രം, വായുശുദ്ധീകരണമാൎഗ്ഗം, കാററ് പഴുത്.

Ven-tōse', *a.* കാററ് നിറഞ്ഞ; 2. കടല് വായു ഉള്ള (*med.*). =tos'i-ty, *n.* കാററ് നിറയൽ, വീങ്ങൽ, ചീക്കൽ; പൊങ്ങച്ചം, പെരിമ, ഡംഭ്.

Ven'trad, *a.*, *s. u.* Ventral.

Ven'tral, *a.* മുൻഭാഗം സംബന്ധിച്ച; 2. വയറ്—, ഉദരപ്രദേശത്തുള്ള, പള്ളഭാഗത്തുള്ള; 3. കീഴ് ഭാഗം സംബന്ധിച്ച.

ven'trad, *a.* മുൻഭാഗം കൊള്ളെ; കീഴ് ഭാഗത്ത് (*an.*). ven'tri-cle, *n.* (ദേഹാവയവത്തിലുള്ള) ഉള്ളറ, കോശം, ഉദരം, കുഴി (*an.*); ഹൃദയത്തിന്റെ കീഴറ (*an.*); ഉൾഭാഗം, ഉള്ള്, അകം. ven'tri-cōse, ven'tri-cŏus, *a.* ഒരു ഭാഗം ഉന്തിനില്ക്കുന്ന, വയറുള്ള, പള്ളയുള്ള. =tric'ū-lar, =tric'ū-lŏus, *a.* അറസംബന്ധിച്ച; അറയായ; വയറുള്ള; നടുതുറിച്ച. =tric'ū-lus (*pl.* =tric'ū-lī), *n.* പ്രാണികളുടെ വയറ്. ven'trō-, *pf.* ഉദരസംബന്ധമായ; മുൻഭാഗംകൊള്ളെയുള്ള; കീഴോട്ടുള്ള.

Ven-tril'ō-quism, Ven-tril-ō-cū'tiŏn, =tril'ō-quy (-kwi), *n.* (അട്ടക്കെ വല്ല ദിക്കിൽനിന്നും മററു വല്ലവരും സംസാരിക്കയാണെന്നു കേൾക്കുന്നവൎക്ക് തോന്നിപ്പോകത്തക്കവണ്ണം സംസാരിക്കുന്ന) ഉദരഭാഷണം, ഗാരുഡവാദം, ഗാരുഡവാണി. =ō'qui-al, =quŏus (-kwus), *a.* ഉദരഭാഷണം ആയ, ഗാരുഡവാണി—. =quist, *n.* ഗാരുഡവാദി, ഉദരഭാഷകൻ. =quīse, =quīze (-kwīz), *v. i.* ഉദരഭാഷണം ചെയ്യുക, ഗാരുഡവാണിയായി പറയുക.

Ven'tūre (*or* -chur), *n.* പരിശ്രമം, തുനിവ്, പുറപ്പാട്, ഒരുമ്പാട്, 2. സാഹസം, ആപല്ക്കരപ്രവൃത്തി; 3. യോഗ്യഭാഗ്യകാൎയ്യം; ഭാഗ്യം, അദൃഷ്ടം; ഭാഗ്യപരീക്ഷ; 4. അപകടം, വിപത്ത്; 5. ആദായപരിശ്രമം; 6. ഊഹക്കച്ചവടം; 7. ഉരുവിൽ കയററിയ ചരക്ക്. at a v. വന്നപാട്, ഒന്നും നോക്കാതെ, ഒന്നും ആലോചിക്കാതെ; പരമാൎത്ഥതയിൽ; യദൃച്ഛയാ. *v. i.* തുനിയുക, തുനിഞ്ഞ് പുറപ്പെടുക, ഒരുമ്പെടുക, ധൈൎയ്യപ്പെടുക; 2. ഭാഗ്യപരീക്ഷചെയ്യുക, പരീക്ഷിച്ച് നോക്കുക, ശ്രമിച്ച്—; 3. യോഗ്യഭാഗ്യത്തിന്ന് നില്ക്കുക. to v. at, to v. on, to v. upon തുനിഞ്ഞ് നോക്കുക, പുറപ്പെട്ട്—, ശ്രമിച്ച്—. *v. t.* അപകടത്തിൽ ആക്കുക; 2. അപകടകാൎയ്യത്തിന്ന് പുറപ്പെടുക; 3. പരീക്ഷാൎത്ഥം ചെയ്യുക, —ചെയ്ത് നോക്കുക; 4. വിശ്വസിക്കുക, നമ്പുക. ven'tū-rĕr, *n.* തുനിയുന്നവൻ, തുനിഞ്ഞ് പുറപ്പെടുന്നവൻ; ഭാഗ്യപരീക്ഷകൻ; നെഞ്ഞുറപ്പുള്ളവൻ; ഒരുമ്പെട്ടവൻ; ഒരുമ്പെട്ടവൾ, വേശ്യ. -sŏme, ='tū-rŏus, *a.* തുനിഞ്ഞ് പുറപ്പെടുന്ന; ധൈൎയ്യമുള്ള, ധീരനായ, നെഞ്ഞുറപ്പുള്ള; ശങ്കയില്ലാത്ത. -sŏme-ly, =tū-rŏus-ly, *ad.* തുനിവോടെ, തുനിഞ്ഞ്; ധൈൎയ്യത്തോടെ. -sŏme-ness, =tū-rŏus-ness, *n.* ധീരത; സാഹസം.

Ven'ūe, *n.* അയല്പക്കം, സമീപപ്രദേശം; 2. സംഭവസ്ഥലം; 3. കററം നടന്ന ദിക്ക് (*l.*); 4. വെട്ട്, തട്ട്. to lay a v. ഇന്നേടത്ത് വെച്ചുണ്ടായി എന്ന് പ്രസ്താവിക്കുക (*l.*).

Ven'ūle, Ven'ū-lōse, *n.*, *s. u.* Vein.

Ve'nus, *n.* (രോമരുടെ) കാമദേവി (*myth.*); രതി; 2. ശുക്രഗ്രഹം, ശുക്രൻ, വെള്ളി, കൊററി, ഉദയനക്ഷത്രം, പെരുമീൻ (*as.*); 3. ചെമ്പ്, താമ്രം (*al.*); 4. ഒരു വക ഓരിക്ക, —ഇളമ്പക്ക (*z.*). v.'s shell കവിടി. ve-nust', *a.* സൌന്ദൎയ്യമുള്ള.

Ve-rā'ciŏus (-rā'shus), *a.* സത്യം പ്രമാണമായ, എപ്പോഴും സത്യംപറയുന്ന, സത്യസന്ധനായ; 2. സത്യമുള്ള; പരമാൎത്ഥമുള്ള, വാസ്തവമായ. -ly, *ad.* സത്യമായി, പരമാൎത്ഥമായി. =rac'i-ty (-ras'i-), *n.* സത്യസന്ധത; സത്യം, പരമാൎത്ഥം, നേര്, ആൎജ്ജവം.

Ve-ran'da, *n.* കോലായി, കോനായി, ഇറയം, പുറത്തെ ഇറയം, 'വറാന്ത', ചെകതി, ചേതി, ജഗതി. inner v. അകത്തെ ഇറയം, അകത്തെ കോനായി, തളം (*M.*).

Vĕrb, *n.* ക്രിയാപദം, ക്രിയ (*gr.*). active v. സകൎമ്മകക്രിയ. auxiliary v. സഹായക്രിയ, സംബന്ധക്രിയ. neuter v. അകൎമ്മകക്രിയ. passive v. കൎമ്മത്തിൽക്രിയ. strong v., irregular v. അക്രമഭൂതക്രിയ, സ്വരപരിണാമഭൂതക്രിയ. weak v., regular v. ക്രമഭൂതക്രിയ, പ്രത്യയഭൂതക്രിയ. vĕrb'al, *a.* വാക്കാലുള്ള, വായിവാക്കായ, രേഖയില്ലാത്ത; പദസംബന്ധമായ, വാക്ക് സംബന്ധിച്ച; സാരസംബന്ധമല്ലാത്ത, വാക്കിന്ന് വാക്കാ

യ; അക്ഷരപ്രകാരമുള്ള; കൃത്യമായ; ക്രിയാപദംസംബന്ധിച്ച (*gr.*); ക്രിയാജന്യമായ (*gr.*). v.l noun ക്രിയാനാമം (*gr.*); ക്രിയോല്പാദിതനാമം, ക്രിയാജന്യനാമം (*gr.*). vĕrb'al-ism, *n.* വാചാപ്രസ്താവം, വായിവാക്ക്. vĕrb'al-ist, *n.* വാക്ക് പ്രമാണിക്കുന്നവൻ, അക്ഷരംപ്രമാണിക്കുന്നവൻ, അക്ഷരവിഷ്ഠി. =bal'i-ty, *n.* അക്ഷരവിഷ്ഠിതം; വെറുംവാക്ക്. -al-i-sā'tiŏn, -al-i-zā'tiŏn, *n.* ക്രിയാപദം ആക്കൽ; ക്രിയാപദമായി ഉപയോഗിക്കൽ. -al-īse, -'al-īze, vĕr'bi-fȳ, *v. t.* ക്രിയാരൂപം ആക്കുക; ക്രിയാപദമായി ഉപയോഗിക്കുക. *v. i.* ബഹുവാക്ക് ഉപയോഗിക്കുക; അതിഭാഷണംചെയ്യുക, ദീർഘസംസാരം—. vĕrb'al-ly, *ad.* വാക്കാൽ, വാക്കാലെ, വായിവാക്കായി; വാക്കിന്ന് വാക്കായി; അക്ഷരപ്രകാരം; ഉള്ളപോലെ. =bā'ri-an, *a.* പദസംബന്ധമായ; വാക്കാലുള്ള. *n.* പദനിർമ്മാണകൻ. =bā'ri-um, *n.* പദനിർമ്മാണവിനോദം. *ver-bā'tim, ad.* വാക്കിന്ന് വാക്കായി; ഉള്ളപോലെ; അക്ഷരപ്രകാരം; കൃത്യമായി. *verbatim et literatim* വാക്ക് വാക്കായും അക്ഷരം അക്ഷരമായും, അക്ഷരപ്രകാരം; ഒന്നും മാററാതെ. vĕr'bi-āġe, vĕr-bōse'ness, vĕr-bos'-i-ty, *n.* ബഹുപദപ്രയോഗം, അത്യുക്തി, അതിഭാഷണം, അതിസംസാരം, ദീർഘസംസാരം, വാക്ക്പെരുപ്പം. vĕr-bōse', *a.* വളരെ വാക്കുള്ള, വാക്ക്പെരുത്ത; ബഹുപദപ്രയോഗമായ; അതിഭാഷണമായ, ദീർഘസംസാരം ആയ. vĕr-bōse'-ly, *ad.* അത്യുക്തിയായി, വാക്ക്പെരുപ്പത്തോടെ.

Vĕr-bē'na, *n.* ഒര് പുഷ്പച്ചെടി (*b.*). essence of v., oil of v. പച്ചച്ചായതൈലം, പുൽതൈലം.

Vĕr'bĕr-āte, *v. t.* അടിക്കുക, മുട്ടുക. =ā'tiŏn, *n.* അടിക്കൽ; അടി, തട്ട്, മുട്ട്; അടിയൊച്ച, മുട്ട്.

Vĕr'bi-āġe, Vĕr'bi-fȳ, Vĕr-bōse', Vĕr-bos'i-ty, *etc., s. u.* Verb.

Vĕr'dant, Vĕr'dū-rŏus, *a.* തൃണസസ്യാദികൾ നിറഞ്ഞ; 2. പച്ചയായ; 3. തഴച്ച് വളരുന്ന; 4. അറിവ് കുറഞ്ഞ, പരിചയം ഇല്ലാത്ത, ബുദ്ധിപാകതവരാത്ത; 5. പച്ചപ്പരമാർത്ഥിയായ. vĕr'dan-cy, *n.* പച്ചളിപ്പ്; തഴപ്പ്, പുഷ്ടി. -ly, *n.* പച്ചയായി; പുഷ്ടിയായി. ver'dūre *ad.* പച്ചളിപ്പ്, തഴപ്പ്, പുഷ്ടി. vĕr'dūred (-dūrd), *a.* തൃണസസ്യാദികൾ നിറഞ്ഞ. vĕr'dūre-less, *a.* തൃണസസ്യാദികൾ ഇല്ലാത്ത.

*Verd-an-tïque'* (vĕrd-an-tēk'), oriental *verd-an-tique', n.* ഒര് വക പച്ചവർണ്ണക്കല്ല് (*ming.*).

Vĕr'dĕr-ĕr, Vĕr'dĕr-ŏr, *n.* മലവാരവിചാരകൻ, മലങ്കാട്ടുദ്യോഗസ്ഥൻ.

Vĕr'dict, *n.* പഞ്ചായത്തീർപ്പ്, പഞ്ചായാഭിപ്രായം, ജൂരിത്തീർപ്പ് (*l.*); 2. പൊതുജനാഭിപ്രായം.

Vĕr'di-gris (*or* -grēs), *n.* (ചെമ്പിന്റെ വിഷമുള്ള കറയായ) തുത്ഥം, തുരിശ് (*ch.*); 2. ചെമ്പിന്റെ കറ, കിളപ്പ്, കിളാവ്, കളിമ്പ് (*S.*). blue v. മയിൽതുത്ഥം, തുരിശ് (*ch.*). *v. t.* തുത്ഥം പൂശുക.

Vĕr'dïne (-dēn), *n.* ഒര് വക പച്ചച്ചായം.

Vĕr'di-tūre, *n.* ഇളമ്പച്ചനിറം.

Vĕr'doy, *a.* (നാല് അരുവിലും ഇലകളും പുഷ്പങ്ങളും ഫലങ്ങളും വരച്ച) ലതക്കളം (*her.*).

Vĕr'dūre, Vĕr'dū-rŏus, *etc., s. u.* Verdant.

Vĕrġe, *n.* സ്ഥാനവടി; 2. ജന്മിവടി; 3. അരു, അരുക്, അതൃത്തി, പ്രാന്ത്യം, പ്രാന്ത്യപ്രദേശം; 4. വൃത്തം, വളയം; 5. ശിഷ്നം. room and v. അരുവും സ്ഥലവും, മുഴവനും. *v. i.* തൊട്ട്കിടക്കുക, തൊട്ടിരിക്കുക, അടുത്തിരിക്കുക; 2. ചായുക, ചരിയുക. vĕr'ġen-cy, *n.* അടുക്കൽ; അടുപ്പം; ചായ്വ്, ചരിവ്. vĕr'ġĕr, *n.* സ്ഥാനവടിക്കാരൻ, സ്ഥാനവടിയകമ്പടിക്കാരൻ.

Ve-rid'i-cal, *a.* സത്യം പറയുന്ന; 2. പരമാർത്ഥമുള്ള, നേരുള്ള.

**Ver'i-fy̆**, *v. t.* നേരാണെന്ന് വരുത്തുക, —തെളിയിക്കുക, വാസ്തവമാക്കുക; 2. ശരിയാണെന്ന് കാണിക്കുക; 3. തെളിയിക്കുക; 4. ഉറപ്പിക്കുക; 5. സത്യബോധപ്പെടുത്തുക (*l.*). =**i-fī-a-ble**, *a.* നേരാണെന്ന് കാണിക്കാവുന്ന; ഉറപ്പിക്കാകുന്ന. =**fi-eā'tiŏn**, *n.* തെളിയിക്കൽ, ഉറപ്പ്, തെളിവ്, പ്രമാണം; സത്യബോധപ്പെടുത്തൽ, സത്യവാചകം (*l.*). =**fi-ea-tive**, *a.* തെളിയിക്കുന്ന; ഉറപ്പിക്കുന്ന; വാസ്തവമാക്കുന്ന. =**i-fī-ēr**, *n.* ഉറപ്പിക്കുന്നവൻ, തെളിയിക്കുന്നവൻ; സത്യബോധപ്പെടുത്തുന്നവൻ (*l.*).

**Ver'i-ly**, *ad.*, *s. u.* Very.

**Ver-i-sim'i-lar**, *a.* സത്യമെന്ന് തോന്നുന്ന, നേരായിരിക്കാവുന്ന; 2. സംഭവ്യമായ. =**si-mil'i-tūde**, *n.* സംഭാവ്യത; നേരായിരിക്കാവുന്ന അവസ്ഥ; സംശയസ്ഥിതി.

**Ver'i-ty**, *n.* വാസ്തവ്യത്വം, യഥാർത്ഥത്വം; 2. സത്യം, നിശ്ചയം, വസ്തുത. =**ta-ble**, *a.* യഥാർത്ഥം ആയ, വസ്തുത—, നേര്—, സത്യം—, സാക്ഷാൽ. =**ta-bly**, *ad.* യഥാർത്ഥമായി; സത്യമായി.

**Vĕr'juice** (-jūs), *n.* പച്ചപ്പഴച്ചാറ്, പുളിപ്പഴച്ചാറ്; 2. പുളിപ്പ്, അമ്ലത്വം.

**Vĕr'meil** (-mil), *n.*, *s. u.* **Vermilion.**

**Vĕr'mēs**, *n. pl.* കീടവർഗ്ഗം, കൃമിവർഗ്ഗം (*z.*); 2. ജഠരകീടവർഗ്ഗം (*z.*). =**me-ol'ō-ġist**, *n.* കീടശാസ്ത്രജ്ഞൻ. =**me-ol'ō-ġy**, *n.* കീടശാസ്ത്രം, ജഠരകീടശാസ്ത്രം. =**mi-cel'li** (*or* -chel'li), *n.* കോതമ്പിടിയൂന്നി. =**mi-cīled** (-sīld), *n.* കൃമിഹരൌഷധം; കൃമിഘ്നം. =**mi'ciŏus** (-mish'us), *a.* കൃമിസംബന്ധമായ; കൃമിയുള്ള. =**mi-e'ū-lar**, ='**mi-form**, *a.* പുഴുക്കളെ സംബന്ധിച്ച; പുഴപോലെയുള്ള, കീടശതിയുള്ള. **v.r work** ഒര് വക ചിത്രപ്പണി, കൃമിചിത്രപ്പണി. **v.m appendix, v.m appendage, v.m process** (ആന്ത്രാന്ത്യത്തിലുള്ള) പുഴത്തൊങ്ങല് (*an.*). =**mic'ū-lāte**, *v. t.* കൃമിചിത്രാമിഴ്ത്ത് വേല ചെയ്യുക. *a.* കീടാകൃതിയായ, കൃമിചിത്രാകൃതിയായ; ഇരിയുന്ന, ഇഴയുന്ന; സൂചകമായ, കത്തുന്ന; ഉരന്തിരിച്ചലായ. =**mie'ū-lā-ted**, *a.* വക്രരേഖയാലുള്ള; കീടാകൃതിയായ. **v.d work** കൃമിചിത്രക്കൊത്ത് പണി. =**mie-ū-lā'tiŏn**, *n.* കീടശതി; ഇഴയല്, ഇരിയല്; പുളയല്; കൃമിചിത്രക്കൊത്ത്; പുഴവരിക്കല്. ='**mi-eūle**, *n.* ചെറുപുഴ, കൃമി. =**mie'ū-lōse**, =**mie'ū-lŏus**, *a.* കൃമിനിറഞ്ഞ, കൃമിയുള്ള; കീടതുല്യമായ. =**mif'ū-gal**, *a.* കൃമിഘ്നമായ, കൃമിഹരമായ (*med.*). ='**mi-fūġe**, *n.* കൃമിഘ്നം, കൃമിഹരൌഷധം (*med.*). =**mi-lin'gui-a** (-lin'gwi-), *n. pl.* ഉരുമ്പുതീനിമൃഗവർഗ്ഗം, പിപീലികാഗ്രാസമൃഗവർഗ്ഗം (*z.*). =**mip'a-rŏus**, *a.* കൃമിജനകമായ; അസഹ്യപ്രാണികൾ ഉണ്ടാകുന്ന. =**miv'ō-rŏus**, *a.* കൃമികളെ തിന്നുന്ന, കീടഭക്ഷകമായ, കൃമിഭക്ഷകമായ.

**Vĕr-mil'iŏn** (-mil'yun), *n.* ചായില്യം, ജാതിലിംഗം (*ch.*); 2. ചുകപ്പ് ചായം, രക്തവർണ്ണം. *v. t.* ചായില്യം തേക്കുക, ചുകപ്പ് ചായം ഇടുക, ചുകപ്പിക്കുക. **vĕr'meil** (-mil), *n.* ചായില്യം; ചുകപ്പ് നിറം; വെള്ളിപ്പൂച്ച്; പൊൻപൂച്ച്.

**Vĕr'min**, *n. s. & pl.* (ചെള്ള്, മൂട്ട, പേന്, ചെള്ളപ്പേന്, നായിച്ചെള്ള്, നായുണ്ണി മുതലായ) സ്വേദജങ്ങൾ; 2. (എലി, ചുണ്ടെലി, അണ്ണാക്കൊട്ടൻ, ഈച്ച മുതലായ) അസഹ്യജന്തുക്കൾ; 3. കൃമിഗണം, കീടകപ്രാണി; 4. ഉപദ്രവികൾ; 5. നീചന്മാര്. **-āte**, *v. i.* പേന് പൊടിയുക, —ഉണ്ടാക, —പുഴക്കുക. **-ā'tiŏn**, *n.* പേന് പൊടിയൽ, ചെള്ളുണ്ടാകൽ; ആന്ത്രശൂല (*med.*). **-ŏus**, *a.* പേന് മുതലായത് പൊടിയുന്ന; ചെള്ള് നിറഞ്ഞ; കൃമികളാൽ ഉണ്ടാകുന്ന. **-ŏus-ly**, *ad.* പേന് പുഴത്തതായി.

**Vĕr-mip'a-rŏus, Vĕr-miv'ō-rŏus**, *a.*, *s. u.* Vermes.

**Vĕr'mu̇th, Vĕr'mouth** (-mu̇th), *n.* ഒര് വക മധുരമദ്യം, 'വെർമ്മത്ത്.'

**Vĕr-na'ū-lar**, *a.* ജന്മദേശം സംബന്ധിച്ച, ജന്മദേശത്തുള്ള, സ്വരാജ്യംസംബന്ധിച്ച; 2. സ്വഭാഷ—; 3. ദേശ്യഭാഷ

യായ, സ്വന്തഭാഷയായ. *n.* സ്വഭാഷ, സ്വദേശഭാഷ, സ്വന്തഭാഷ. -ism, *n.* സ്വഭാഷാരീതി. -i-sā'tiŏn, -i-zā'tiŏn, *n.* സ്വഭാഷയാക്കൽ, സ്വന്തഭാഷയാക്കിത്തീരൽ. -ly, *ad.* സ്വഭാഷയായി, സ്വന്തഭാഷയിൽ.

Vĕr'nal, *a.* വസന്തകാലം സംബന്ധിച്ച, വസന്തഋതുവായ; തളിക്കുംകാലമായ; 2. യൌവനത്തിലുള്ള; 3. താരുണ്യം സംബന്ധിച്ച. v. equinox വിഷുസങ്ക്രമം, മേഷവിഷുവൽകാലം, ഉത്തരായനാരംഭം (*as.*). v. signs മേഷ (മേട), ഋഷഭ (ഇടവ) മിഥുനരാശികൾ (*as.*).

Vĕr'ni-cōse, *a.* മിനുസമായ ഇലയുള്ള (*b.*).

Vĕr'ni-ĕr, *n.* സൂക്ഷ്മമാപനയന്ത്രം (*ph.*).

Vĕr'nile (-nil), *a.* ദാസ്യമായ, നീചമായ, ഹീനമായ. =nil'i-ty, *n.* ദാസവൃത്തി, പാദപൂജ.

Ve-ron'i-ca, Ver'na-cle, Ver'ni-cle, *n.* യേശുവിൻെറ മുഖചിത്രം.

Ver'rū-cōse, =cōus, *a.* പാലുണ്ണിയുള്ള (*med.*). =rū'ci-form, *a.* പാലുണ്ണിപോലെയുള്ള. =rū'cū-lōse, *a.* ചെറുപാലുണ്ണിയുള്ള.

Ver-rū'gas, *n. pl.*, *s. a.* Yaws.

Vĕr-sa-bil'i-ty, Vĕr'sa-ble, Vĕr'-sa-ble-ness, *s. u.* Versatile.

I. Vĕr'sant, *a.*, *s. a.* Versed.

II. Vĕr'sant, *n.* മലനിരയോരം; 2. ദേശച്ചരിവ്, താഴ്ച; 3. ഭൂമുഖസ്ഥിതി; 4. കാഴ്ച.

Vĕr'sa-tile (-til), Vĕr'sa-ble, *a.* തിരിക്കാകുന്ന, മറിക്കാകുന്ന; 2. അഭിപ്രായം മാറുന്ന, മനസ്സ്—, അസ്ഥിരമായ, ചഞ്ചലമായ; 3. ചാതുൎയ്യമുള്ള, സാമൎത്ഥ്യമുള്ള; 4. ചുററും തിരിക്കാകുന്ന (*naut.*). -ly, *ad.* ഭേദമായി, മാറിമാറി, അസ്ഥിരമായി; ചാതുൎയ്യത്തോടെ. -ness, =til'i-ty, =sa-bil'i-ty, ='sa-ble-ness, *n.* ഉരുൾച്ച, തിരിച്ചല്; ചഞ്ചലം, ചാപല്യം; ചാതുൎയ്യം, മിടുക്ക്, മിടുമ.

Vĕrse, *n.* ശീര്, ശീല്, വൃത്തപാദം; പദ്യം, കവിത, കാവ്യം; ശ്ലോകം, ചെറുകവിത; 2. വാക്ക്, വചനം (*Bl.*); 3. സംഗീതാംശം. v.-man, v.-monger (ഹാസ്യമായി) കവിതക്കാരൻ, കവി. blank v. നിഃപ്രാസപദ്യം, മുക്തപ്രാസപദ്യം. heroic v. ഇതിഹാസകാവ്യവൃത്തം. *vers de société* (var-da-so-sy-a-ta') രസകവിത. vĕr'sĕr, vĕr'si-fi-cā-tŏr, vĕr'si-fī-ĕr, *n.* കവിതക്കാരൻ, കവിതകെട്ടുന്നവൻ, കവി, ശ്ലോകരചകൻ. vĕr'si-cle, *n.* ചെറുശ്ലോകം. =sic'ū-lar, *a.* പദ്യസംബന്ധമായ, ശ്ലോകമായ. =si-fi-cā'tiŏn, *n.* കാവ്യരചന, കവിതകെട്ടൽ, ശ്ലോകം ഉണ്ടാക്കൽ, കവനം. vĕr'si-fȳ, *v. i.* കവിതകെട്ടുക, കാവ്യം രചിക്കുക, ശ്ലോകം ഉണ്ടാക്കുക. *v. t.* കവിതയായി എഴുതുക; ഗദ്യംപദ്യം ആക്കുക. vĕr'sū-al (vĕr'shū-al), *a.* പദ്യം സംബന്ധിച്ച; ശ്ലോകം ആയ.

Vĕrsed (vĕrst), Vĕr'sant, *a.* ശീലം ഉള്ള, പരിചയം—, അറിവ്—, വ്യുല്പത്തി—. vĕrsed (vĕrst), *a.* മറിച്ച്വെച്ച, തിരിച്ച്വെച്ച (*math.*). vĕr'si-col-ŏr, vĕr'si-col-ŏur, vĕr'si-col-ŏred, vĕr'si-cŏl-ŏured (-kul-ĕrd), *a.* പലനിറമുള്ള, നാനാവൎണ്ണമുള്ള, വിവിധവൎണ്ണമായ.

Vĕr'si-cle, Vĕr-si-fi-ca'tiŏn, Vĕr'-si-fȳ, *etc.*, *s. u.* Verse.

Vĕr'siŏn (-shun), *n.* ഭാഷാന്തരമാക്കൽ, ഭാഷാന്തരപ്പെടുത്തൽ; 2. ഭാഷാന്തരം, പരിഭാഷ, തൎജ്ജിമ, തൎജ്ജമ; 3. പ്രകാരം, വിധം; 4. വിവരം, കഥ; 5. മൊഴിഭേദം, വിവരവ്യത്യാസം; 6. പാഠാന്തരം; 7. ഗൎഭാശയച്ചരിവ് (*med.*). -ist, *n.* ഭാഷാന്തരക്കാരൻ; പാഠാന്തരക്കാരൻ.

Vĕr'sō, *n.* (അച്ച്പതിച്ച കടലാസ്സിൻെറ) മറുപുറം, ഇടത്തെപുറം (*print.*).

Vĕrst, Wĕrst, *n.* (മൂവായിരത്തിയഞ്ഞൂറ് ജാതിയടിയുള്ള) റഷ്യനാഴിക, റഷ്യക്കല്ല്.

Ver'sū-al, *a.*, *s. u.* Verse.

*Ver'sus, prep.* (*contr. f.* v., vs.) എതിരായ, തമ്മിലുള്ള. Raman *v.*

Gopalan രാമനും ഗോപാലനും തമ്മിൽ ഉള്ള (ഉണ്ടായ) വ്യവഹാരം (*l.*).

Ver-sūte', *a.* ഉപായം ഉള്ള, കൌശലം—, തന്ത്രം—.

Vĕrt, *n.* (മലങ്കാട്ടിലെ പച്ചയിലയുള്ള) മരം, ചെടി; 2. മരം മുറിപ്പാനുള്ള അവകാശം; 3. പച്ചനിറം (*her.*).

Vĕr'te-bra (*pl.* vĕr'te-bræ), *n.* മുതുകെല്ല്, പൃഷ്ഠവംശാസ്ഥി (*an.*). =bral, *a.* മുതുകെല്ല്സംബന്ധിച്ച, നെട്ടമുള്ള്—; പൃഷ്ഠവംശാസ്ഥിയായ; നെട്ടമുള്ളുള്ള. *n.* നെട്ടെല്ലുള്ള ജന്തു, പൃഷ്ഠവംശായുതപ്രാണി (*z.*). =bral-ly, *ad.* മുതുകെല്ലിന്നകത്ത്. =brā'ta, *n. pl.* നെട്ടെല്ലുള്ള ജന്തുവൎഗ്ഗം, പൃഷ്ഠവംശായുതപ്രാണിവൎഗ്ഗം (*z.*). =brāte, *n.* നെട്ടെല്ലുള്ള ജന്തു, പൃഷ്ഠവംശായുതപ്രാണി. *a.* പൃഷ്ഠവംശായുതപ്രാണിവൎഗ്ഗം സംബന്ധിച്ച. =brāte, =brā-ted, *a.* നെട്ടമുള്ളുള്ള, നെട്ടെല്ലുള്ള, പൃഷ്ഠവംശായുതമായ (*an.*). =brō, *pf.* മുതുകെല്ല്സംബന്ധിച്ച, പൃഷ്ഠവംശം—.

Vĕr'tex (*pl.* vĕr'ti-cēs), *n.* അഗ്രം, അററം, മുന, കൂമ്പ്, തുഞ്ചം; 2. ഉച്ചം; 3. ഖമദ്ധ്യം (*as.*); കൊട്ടുമുടി; 4. മൂൎദ്ധാവ്; മൂൎത്തി; 5. ശിരോവിന്ദു (*math.*). v. of an angle കോണാഗ്രം (*math.*). vĕr'-ti-cal, *a.* അഗ്രംസംബന്ധിച്ച; അററത്തുള്ള, നെറുകയിലുള്ള, നേരെ മുകളിലുള്ള; ലംബമായ, കുത്തനെ നില്ക്കുന്ന. v.l angle ശിരഃക്കോണം (*geom.*). v.l anthers കുത്തനെയുള്ള മാങ്കൊമ്പ്. v.l circles (ക്ഷിതിജത്തിന്ന് വിലങ്ങനെയുള്ള) ലംബവൃത്തം (*as.*). v.l fire ചട്ടിപ്പീരങ്കിവെടി. *n.* കുത്തനെയുള്ള നില്പ്, കുത്ത്, ലംബം. vĕr-ti-cal'i-ty, vĕr'-ti-cal-ness, *n.* ലംബത്വം, കുത്ത്. vĕr'ti-cal-ly, *ad.* കുത്തനെ; നേരെ മേല്പട്ട്, നേരെ കീഴോട്ട്; ലംബമായി. =tic'i-ty, *n.* ചുററിത്തിരിയൽ, ചുററൽ, പരിവൃത്തി. vĕr'ti-cle *n.* അച്ചുതണ്ട്, കുററി, വിചാകരി.

Vĕr-tī'gō (*or* vĕr'ti-gō, *pl.* vĕr-tig'-i-nēs), *n.* തലചുററല്, തലതിരിച്ചല്, ശിരോഭ്രമണം, ചുഴല്ച (*med.*). =tig'i-nāte, =tig'i-nŏus, *a.* ചുററിത്തിരിയുന്ന; തലതിരിച്ചലുള്ള, ചുഴല്ച്ചയുള്ള. =tig'i-nŏus-ly, *ad.* ചുററിക്കൊണ്ട്, തലതിരിച്ചലായി. =tig'i-nŏus-ness, *n.* തിരിച്ചല്, ഭ്രമണം; ശിരോഭ്രമണം (*med.*).

Vĕrve, *n.* ഉന്മേഷം, ഉന്മാദം, ആഹ്ലാദം; 2. ആസക്തി.

Vĕr'vet, *n.* പുള്ളിക്കുരങ്ങ് (*z.*).

Ver'y (*c. d.* ver'i-ĕr, *s. d.* ver'i-est), *a.* സാക്ഷാൽ, വസ്തുതയായ, ഉള്ള, നിശ്ചയമായ; 2. അതെ, തന്നെ: these were the v. words he spoke ഇങ്ങിനെ തന്നെയാണ് അവൻ പറഞ്ഞത്, അവൻ പറഞ്ഞ വാക്ക് ഇത് തന്നെയാണ്, ഇതേ വാക്കുകൾ ആണ് അവൻ പറഞ്ഞത്; 3. പോലും, തന്നെയും: the v. rats have quit it എലികൾപോലും അവിടെനിന്ന് പോയ്ക്കളഞ്ഞു. v. reverend, *s. u.* Revere. *ad.* വളരെ, അധികം, അത്യന്തം. ver'i-ly, *ad.* നിശ്ചയമായി, സത്യമായി; യഥാൎത്ഥത്തിൽ.

Ves̱'bi-um, *n.* ഒര് മൂലപദാൎത്ഥലോഹം, 'വെസ്ബിയം' (*ch.*).

Ve-sī'ca, *n.* പൊട്ടി, ഉതളി; 2. പൊക്കിള; 3. വസ്തി, മൂത്രകോശം. *v. piscis* (പുണ്യാത്മാക്കളുടെ ചിത്രത്തിൽ മഹത്വസൂചകമായി തലക്ക് ചുററും വരക്കുന്ന) പ്രഭാവൃത്തം. ves'i-cal, *a.* മൂത്രകോശം സംബന്ധിച്ച (*an.*). =ves'i-cant, =ves'-i-ca-tŏr-y, *a.* പൊക്കിള വരുത്തുന്ന, പൊള്ളിക്കുന്ന (*med.*). ves'i-cāte, *v. t.* പൊക്കിള വരുത്തുക, പൊള്ളിക്കുക. ves-i-cā'tiŏn, *n.* പൊക്കിള വരുത്തൽ, പൊള്ളിക്കൽ (*med.*). ves'i-ca-tŏr-y, *n.* പൊള്ളിക്കുന്ന മരുന്ന്, കടുക്പത്തി. ves'i-cle, ve-sic'ū-la (*pl.* ve-sic'ū-læ), *n.* സഞ്ചി, കോശം, കമിള, അറ (*b.*); പൊക്കിള (*med.*). ves'i-cō, *pf.* വസ്തിസംബന്ധമായ (*an.*). =sic'ū-lar, *a.* അറ സംബന്ധിച്ച, വായുവറ—; പൊക്കിളയുള്ള, അറയറയായ; പൊക്കിളയായ. v.r murmur ശ്വാസകോശധ്വനി (*med.*). =sic'ū-lāte, *a.* പൊട്ടിയുള്ള, പൊക്കിളയായ. *v. t.* പൊക്കിളയുണ്ടാക. =sic-ū-lā'tiŏn, *n.* പൊക്കിളയുണ്ടാകൽ.

=sic'ū-lōse, =sic'ū-lŏus, *a.* പൊക്കിളയായ, പൊള്ളയായ, പൊക്കിളയുള്ള.

**Ves'pa,** *n.* കടന്നൽവൎഗ്ഗം (*z.*). **ves'pi-ar-y** (-ĕr-i), *n.* കടന്നക്കൂട്.

**Ves'pĕr,** *n.* സന്ധ്യാനക്ഷത്രം, അസ്തമാനനക്ഷത്രം, ശുക്രൻ, വെള്ളി; 2. വൈകുന്നേരം, സന്ധ്യ, സായാഹ്നം. *a.* വൈകുന്നേരം ഉള്ള; സന്ധ്യാരാധനയായ. -al, *a.* സന്ധ്യക്കുള്ള, വൈകുന്നേരത്തെ. ves'pĕrs, *n. pl.* സന്ധ്യാരാധന, സന്ധ്യാനമസ്കാരം, സന്ധ്യാപൂജ (*R. C.*). -til'i-ō (*pl.* -til-i-ō'nēs), *n.* ആവൽവൎഗ്ഗം, നരിച്ചീറ് (*S.*), കടവാതില്, ഉണ്ണിവാതില് (*z.*). -til-i-ō'nīne, *a.* ആവല് സംബന്ധിച്ച. -ti'nal, -tine, *a.* സന്ധ്യസംബന്ധിച്ച, വൈകുന്നേരത്തുണ്ടാകുന്ന; (പുഷ്പം) സന്ധ്യക്ക് വിടരുന്ന (*b.*).

**Ves'sel,** *n.* പാത്രം, ഭാജനം; 2. ചട്ടി, കലം, കുടുക്ക, കുടം; 3. മരവി, തൊട്ടി; 4. പീപ്പ; 5. പാനപാത്രം; 6. കോപ്പ, പിഞ്ഞാണം; 7. ഉരു, മഞ്ചു, പത്തേമ്മാരി, കപ്പല്; 8. ആള്, അഹൻ, പാത്രവാൻ, യോഗ്യൻ; 9. നാഡി, സിര, നാളം, കുഴല് (*an.*).; 10. രസവാഹിനി (*b.*). weaker v. സ്ത്രീ, സ്ത്രീജനം. -ful, *a.* പാത്രം നിറയ.

**Ves'ses, Ves'sets,** *n.* (ഒര് വക) തടിച്ച കമ്പിളിത്തുണി.

**Vest,** *n.* കുപ്പായം, അങ്കി, മേലാട; 2. വേഷം, വസ്ത്രം, ചമയം; 3. കവചം, ഉൾച്ചട്ട, മുറിക്കുപ്പായം. *v. t.* ഉടുപ്പിക്കുക, ചമയിക്കുക, ധരിപ്പിക്കുക; 2. പുതപ്പിക്കുക; 3. പൊതിയുക, ചുററുക; 4. (with) അധികാരപ്പെടുത്തുക, അധികാരം നല്കുക; 5. (in) ഭരമേല്പിക്കുക, ഏല്പിക്കുക, ഇരിക്കുക; 6. (പണം) മുടക്കുക, ഇടുക; 7. കൈവശപ്പെടുത്തുക, ഉടമയാക്കുക, ഉടയവനാക്കുക (*l.*). *v. i.* (in) അനന്തരാവകാശമായി കിട്ടുക, അവകാശിയായിരിക്കുക. -'ed, *a.* ഉടുത്ത, ധരിച്ച, ചമയിച്ച, ചമഞ്ഞ; ഉറച്ച, സ്ഥിരമായ (*l.*). v.d legacy സ്ഥിരാവകാശം (*l.*). v.d remainder സ്ഥിരശേഷാവകാശം (*l.*). ves-ti-ā'ri-an, *a.* ഉടുപ്പറ സംബന്ധിച്ച; ചമയസംബന്ധമായ. ves'ti-ar-y (-ĕr-i), *n.* ഉടുപ്പറ, ഉടുപ്പ് വെക്കുന്ന സ്ഥലം; ഉടുപ്പ് ഉടുക്കുന്ന സ്ഥലം; പള്ളിയുള്ളറ. *a.* വസ്ത്രസംബന്ധമായ, ഉടുചമയം സംബന്ധിച്ച. -'ing, *n,* കവചത്തുണി. ves'ti-tūre, *n.* ചമയിക്കൽ, വസ്ത്രം ധരിപ്പിക്കൽ; അധികാരപ്പെടുത്തൽ. -'ment, *n.* വസ്ത്രം, ചമയം; സ്ഥാനവസ്ത്രം; ബോധകവസ്ത്രം; രാജവസ്ത്രം. vest'ry, *n.* പള്ളിയുപകരണമുറി, പള്ളിയുള്ളറ, ബോധകസ്ഥാനചമയമുറി; സഭാപരിപാലകയോഗം; സഭാവിചാരകസഭ (*eccl.*). v.y-meeting സഭാവിചാരകസഭായോഗം (*eccl.*). v.y-man സഭാവിചാരകൻ (*eccl*). ves'tūre (*or* -chur), *n.* വസ്ത്രം, ഉടുപ്പ്, ചമയം; ആട, പുതപ്പ്; മൂടി, വേഷ്ടനം; തൃണസസ്യാദികൾ (*l.*); കൈവശം (*l.*). ves'tūred (-tūrd *or* -churd), *a.* വസ്ത്രം ധരിച്ച, ചമയിച്ച; പൊതിഞ്ഞ; മൂടിയ.

**Ves'ta,** *n.* (പുരാതന റോമരുടെ ഗൃഹദേവതാകന്യകയായ) അഗ്നി, സ്വാഹാ (*myth.*); 2. ഒര് ചെറുഗ്രഹം, 'വെസ്റ്റ' (*as.*); 3. മെഴത്തിക്കുച്ച്, മെഴത്തിപ്പുല്ല്. ves'tal, *a.* അഗ്നിദേവിയെ സംബന്ധിച്ച, ഗൃഹദേവതാസംബന്ധമായ; കന്യകയായ, ചാരിത്രശുദ്ധിയുള്ള, ശുദ്ധിയുള്ള. *n.* അഗ്നിദേവിദാസി; കന്യക; പതിവ്രത; കന്യാസ്ത്രീ. =tā'lēs, *n. pl.* ഒര് വക ചിത്രശലഭം (*z.*).

**Vest'ed, Ves-ti-ā'ri-an, Ves'ti-ar-y,** *etc., s. u.* **Vest.**

**Ves'ti-būle,** *n.* പൂമുഖം, നടമുഖം, ദേഹലി, പടിപ്പുര, അകക്കോലായി, അകത്തെ ഇറയം; തിണ്ണാല്, തളം (*M.*). v.-train (ഓടുമ്പോൾ ഒര് വണ്ടിയിൽ നിന്ന് മറെറാരു വണ്ടിയിൽ നേരെ കടപ്പാൻ മാൎഗ്ഗമുള്ള) പൂമുഖത്തീവണ്ടി. v. of the ear കൎണ്ണപൂമുഖം (*an.*). =tib'ū-lar, *a.* പൂമുഖം സംബന്ധിച്ച. —പോലെയുള്ള.

**Ves'tige,** *n.* ചവിട്ടടി, കാലടി, കാൽച്ചുവട്; 2. നട, വഴി, ചാല്, പാത; 3. അടയാളം, ചിഹ്നം; ലാഞ്ഛനം, ലക്ഷണം; 4. ശേഷിപ്പുകൾ. =tig'i-al, *a.* അവശിഷ്ടം സംബന്ധിച്ച; ലാഞ്ഛനം ആയ.

Vest'ing, Ves'ti-tūre, Vest'ment, Vest'ry, Ves'tūred, *etc.*, *s. u.* Vest.

Vetch (vech), *n.* ഒര് വക മുതിരച്ചെടി (*b.*); 2. ഒര് വക മൊച്ചക്കൊട്ടപ്പയറ് (*b.*).

Vet'er-an, *a.* ദീൎഘാഭ്യാസമുള്ള, അധിക കാലം പരിചയിച്ച; 2. അധിക യുദ്ധപരിചയം ഉള്ള, ദീൎഘകാലം ചേകം ചെയ്ത; 3. അധികകാലം സേവചെയ്ത. *n.* ദീൎഘപരിചയം ഉള്ളവൻ, വളരെ കാലം ശീലിച്ചവൻ; 2. നല്ല യുദ്ധപരിചയം ഉള്ളവൻ, പഴക്കമുള്ള പടയാളി, യുദ്ധവിദഗ്ദ്ധൻ; 3. പഴക്കമുള്ള ഉദ്യോഗസ്ഥൻ.

Vet'er-i-nar-y (-nĕr-i), *a.* മൃഗവൈദ്യം സംബന്ധിച്ച, നാല്ക്കാലിചികിത്സ—. =nā'ri-an, *n.* നാല്ക്കാലിചികിത്സകൻ, മൃഗവൈദ്യൻ, കന്നുകാലി—, കതിര—.

Vēt'i-vĕr, Vet'i-vĕrt, Vit'i-vĕrt, *n.* രാമച്ചം, ലാമച്ചം (*b.*).

Vē'tō, *n.* നിഷേധകല്പന, നിഷിദ്ധാജ്ഞ; നിരോധകല്പന, വിരോധ—, തടസ്ഥ—; 2. വിലക്കൽ. *v. t.* വിലക്കുക, മുടക്കുക, തടസ്ഥം ചെയ്യുക; 2. അനുവാദിക്കാതിരിക്കുക. -ist, *n.* വിലക്കുന്നവൻ; നിഷേധാജ്ഞകൻ.

Vet-tu̥'ra (*pl.* =tu̥'re *or* =tu̥'ra), *n.* (ഇററലിയിലെ) നാലുരുൾ സവാരിവണ്ടി. =tu̥-rī'nō (*pl.* =tu̥-rī'nī), =tu̥'-rēne, *n.* —വണ്ടിക്കാരൻ; —വണ്ടി.

Vex, *v. t.* അങ്ങോട്ടും ഇങ്ങോട്ടും തള്ളുക; 2. കലക്കുക, ഇളക്കുക; 3. കോപിപ്പിക്കുക; മുഷിപ്പിക്കുക; 4. ഉപദ്രവിക്കുക, അലമ്പാക്കുക, അലട്ടുക (*S.*), അസഹ്യപ്പെടുത്തുക, പീഡിപ്പിക്കുക; 5. മിടയുക, നെയ്യുക. *v. i.* മുഷിയുക; ഇളിയുക. -ā'tiŏn, *n.* ഉപദ്രവിക്കൽ; കലക്കം, ഉപദ്രവം, അസഹ്യം, അലട്ട് (*S.*), പീഡ; ഉപദ്രവകാരണം, ബാധ; ദുൎവ്യവഹാരം. -ā'tioŭs (-ā'shus), *a.* ഉപദ്രവകരമായ, അസഹ്യകരമായ; ഉപദ്രവമുള്ള; പീഡനമായ. v.s suit ദുൎവ്യവഹാരം (*l.*). -ā'tioŭs-ly, *ad.* ഉപദ്രവകരമായി, അസഹ്യകരമായി. -ā'tioŭs-ness, *n.* അസഹ്യത, ഉപദ്രവകരത്വം. vexed (vekst), *a.* അലമ്പലായ, പീഡിതമായ; ബുദ്ധിമുട്ടിയ; തൎക്കമുള്ള, വാദമുള്ള; തകരാറുള്ള. -'ĕr, *n.* ഉപദ്രവി, പീഡകൻ. -'ing-ly, *ad.* ഉപദ്രവമായി, അസഹ്യമായി.

Vex'il, Vex-il'lum (*pl.* vex-il'la), *n.* കൊടി, ധ്വജം; 2. (ഒര് കൊടിക്കീഴുള്ള) സേനാഭാഗം; 3. കൃശടയാളം. =lar, ='il-lar-y, *a.* ധ്വജം സംബന്ധിച്ച. ='il-lar-y, *n.* കൊടിക്കാരൻ. =il-lā'-tiŏn, *n.* (ഒര് കൊടിയുള്ള) സേനാഭാഗം.

Vex'ing-ly, *ad.*, *s. u.* Vex.

Vī'a, *n.* വഴി, മാൎഗ്ഗം, പാത. *v. lactea* ആകാശഗംഗ (*as.*) *v. media* മദ്ധ്യസ്ഥാനം, (ഇംഗ്ലീഷ് രാജ്യസഭയിൽ റോമസഭക്കും പ്രൊട്ടസ്റ്റന്റ് സഭക്കും മദ്ധ്യേ ഉള്ളതായ) ആചാരാനുഷ്ഠാനസഭ, ആചാരപ്രമാണപരിക്ഷ (*theo.*). *prep.* വഴിയായി, മാൎഗ്ഗമായി: v. Bombay to London ബൊമ്പായിവഴിയായി ലണ്ടനിലേക്ക്. -duct, *n.* വൻപാലം, സേതു, കൊല്ലിപ്പാലം, താഴ്വരപ്പാലം. =am'e-tĕr, -tom'e-tĕr, *n.* ദൂരമാപനയന്ത്രം. -tec-tūre, *n.* വഴിയുണ്ടാക്കൽ, വഴിവെട്ടൽ, പാലം മുതലായത് ഉണ്ടാക്കൽ. =at'ic, *a.* യാത്ര സംബന്ധിച്ച, സഞ്ചാരസംബന്ധമായ. =at'i-cum, *n.* നട'ബത്ത'; പ്രയാണച്ചെലവ്, 'ബത്ത'; യാത്രാസംഭാരം; (അത്യാസന്നത്തിലിരിക്കുന്നവൎക്കു കൊടുക്കുന്ന) അന്ത്യതിരുവത്താഴം (*R. C.*).

Vī'a-ble, *a.* (ശിശു) ജീവിപ്പാൻ ഇടയുള്ള, ജീവനോടെ ജനിച്ച, അംഗപൂൎത്തിയുള്ള (*l.*). =bil'i-ty, *n.* ജീവിക്കത്തക്ക സ്ഥിതി (*l.*); (ജന്തുവൎഗ്ഗത്തിന്റെ) വാസപ്രദേശം.

Vī'a-duct, *n.*, *s. u.* Via.

Vī'al, Phī'al, *n.* ചെറുകുപ്പി. *v. t.* കുപ്പിയിലാക്കുക.

Vī-am'e-tĕr, Vī'a-tec-tūre, Vī-at'ic, Vī-at'i-cum, Vī-a-tom'e-tĕr, *s. u.* Via.

Vī'and, *n.* (*pl.*) ഭക്ഷണക്കോപ്പ്, ഭക്ഷണസംഭാരം, തീൻപണ്ടം, ഭോജനവിഭവങ്ങൾ.

**Vī'bi-cēs**, *n. pl.* തിണ്ണപ്പ്, പിണർ (*med.*); 2. ചോരകെട്ടൽ (*med.*).

**Vī'brāte**, *v. t.* ഇളക്കുക, ആട്ടുക; 2. ലോളനം ചെയ്യുക, ചാഞ്ചാടിപ്പിക്കുക; 3. വിറപ്പിക്കുക, കമ്പിപ്പിക്കുക. *v. i.* ആടുക, അങ്ങോട്ടും ഇങ്ങോട്ടും ഇളകുക, ലോളിക്കുക; 2. വിറക്കുക, കമ്പിക്കുക; 3. മുഴങ്ങുക; 4. ചഞ്ചലിക്കുക, സംശയിക്കുക. **=bran-cy**, *n.* കമ്പനം, ഭ്രമണം; മുഴക്കം. **=brant**, *a.* ആടുന്ന, കലുങ്ങുന്ന, ഇളകുന്ന; മുഴങ്ങുന്ന, മുഴക്കമുള്ള. **=bra-tile** (-til), **=tive**, **=tŏr-y**, *a.* ആട്ടമുള്ള, ആടുന്ന, ഭ്രമണം ഉള്ള, കലുക്കം—, ലോളനം—. **=til'i-ty**, *n.* ലോളനത്വം, ചാഞ്ചാട്ടഗുണം, ഭ്രമണശക്തി. **=brā'tiŏn**, *n.* ഇളക്കം, കലുക്കം, ചലനം, ചാഞ്ചാട്ടം, ലോളനം, അനുചലനം, അനുഭ്രമണം (*ph.*). amplitude of v.n അനുഭ്രമണവ്യാപ്തി (*ph.*). phase of v.n അനുഭ്രമണഗതി (*ph.*). **=brā'ti-un-cle** (-shi-un-kl), *n.* ലഘുഭ്രമണം. **vī'bri-ō** (*pl.* vib-ri-ō'-nēs), *n.* മിട്ടില് (*z.*). **vī'brō-scōpe**, *n.* ഭ്രമണമാപനയന്ത്രം.

**Vi-bris'sa** (*pl.* vi-bris'sæ), *n.* നാസാരോമം (*an.*), മൂക്ക്രോമം (*an.*); 2. മൃഗമീശ (*z.*); 3. കൊക്ക്രോമം (*z.*).

**Vī'brō-scōpe**, *n.*, *s. u.* Vibrate.

**Vi-bur'num** (-bĕr'num), *n.* ഭംഗിയുള്ള ഒര് പുഷ്പച്ചെടി (*b.*).

**Vic'ar** (vik'ĕr), *n.* പകരക്കാരൻ, 'ബതല്വ്'കാരൻ, പ്രതിനിധി, കാര്യക്കാരൻ; 2. 'വികാരി' (*S.*), ഉപബോധകൻ, ബോധകസഹായി (*eccl.*). v.-apostolic, apostolic v. പാപ്പാപ്രതിനിധിയദ്ധ്യക്ഷൻ (*R. C.*), നാമാദ്ധ്യക്ഷൻ (*R. C.*). v.-forane അദ്ധ്യക്ഷപ്രതിനിധി. v.-general മേലദ്ധ്യക്ഷപ്രതിനിധി; ഉപാദ്ധ്യക്ഷൻ (*R. C.*). v. of Jesus Christ ക്രിസ്തുപ്രതിനിധി, പാപ്പാവ്, പോപ്പ് (*R. C.*). **-āġe**, *n.* ഉപബോധകവൃത്തി; ഉപബോധകഗ്രഹം, —ജീവിതം. **vī-cā'ri-al**, *a.* ഉപബോധകനുള്ള, ഉപബോധകനെസംബന്ധിച്ച; പ്രാതിനിദ്ധ്യമായ, പകരമായിചെയ്യുന്ന. **vī-cā'ri-āte**, *a.* പ്രതിനിധിസ്ഥാനമുള്ള, മറെറാരാൾക്ക്വേണ്ടി ചെയ്യുന്ന. *n.* പ്രതിനിധിസ്ഥാനം, കാര്യസ്ഥ—, ഉപബോധക—. **vī-cā'ri-ŏus**, *a.* പ്രാതിനിദ്ധ്യമായ; പ്രതിഭൂവായ, പ്രതിഭൂത്വമുള്ള; പ്രതിഭൂവായിചെയ്യു; പകരമായി അനുഭവിച്ച; 'ബതലായ' (*med.*). **vī-cā-ri-ŏus-ly**, *ad.* പകരമായി, പ്രതിനിധിയായി. **-ship**, *n.* പ്രതിനിധിസ്ഥാനം, ഉപബോധകോദ്യോഗം.

I. **Vīce**, *n.* ഊനം, ന്യൂനത; 2. കുററം, കുറവ്, ദൂഷ്യം; 3. ദുവൃത്ത്, ദുർവ്വാസന, വ്യസനം, ദുർഗ്ഗുണം, ദുർന്നടപ്പ്, ദുഷ്ടത; 4. (*also* Iniquity) (പണ്ടേത്ത സന്മാർഗ്ഗിക നാടകങ്ങളിലെ) വിദൂഷകൻ, കോമാളി. **vi'ci-āte**, **vi'ti-āte** (vish'i-āt), *v. t.* ഊനംവരുത്തുക, ന്യൂനത—, കുറവ്—; ദൂഷ്യപ്പെടുത്തുക, നിഷ്ഫലമാക്കുക, ദുർബ്ബലപ്പെടുത്തുക; അസാധുആക്കുക, അശുദ്ധം—; അബദ്ധം—; ചീത്ത—, വഷള്—. **vi-ci-os'-i-ty** (vish-i-), **vi'ciŏus-ness**, **vi'-tiŏus-ness** (vish'us-), *n.* ഊനം, കുറവ്; ദുഷ്ടത; അശുദ്ധി; ദുവൃത്ത്; അസഭ്യത; മോട്ട്; പക; തിന്മ. **vi'ciŏus**, **vi'-tiŏus** (vish'us), *a.* കുറവുള്ള, പിഴയുള്ള; ന്യൂനതയുള്ള; അബദ്ധമായ, തെററായ; ദുർന്നടപ്പുള്ള, ദുവൃത്തിയായ, ദുഷ്ടതയുള്ള, ദുഷ്ട, ചീത്തയായ, ആകാത്ത; അശുദ്ധമായ, ദൂഷ്യകരമായ, ഹാനിവരുത്തുന്ന, ചീത്തവാക്കായ, അസഭ്യമായ; മെരുങ്ങാത്ത, മോട്ടുള്ള; കടുംപകയുള്ള, വൈരമുള്ള; ദുർവ്വാസനയായ, ദുശ്ശീലമായ, വ്യസനമായ. **vi'ciŏus-ly**, **vi'tiŏus-ly**, (vish'us-), *ad.* ദൂഷ്യമായി, തെററായി, ദുഷ്ടതയോടെ; മോട്ടോടെ. **vi-ti-ā'-tiŏn** (vish-i-ā'shun), *n.* ദൂഷ്യംവരുത്തൽ; ദൂഷ്യം, കേട്; ദുർബ്ബലപ്പെടുത്തൽ, അസാധുവാക്കൽ; ഹാനി; വഷളത്വം.

II. **Vīce**, **vīse**, *n.* കൊടില്, പിടിച്ചരായി, പിടിച്ചരാക്ക് (*S.*), ഇറുക്കി. v.-man കടച്ചക്കൊല്ലൻ, കൊല്ലൻ, രാകുന്നവൻ. *v. t.* കൊടില്കൊണ്ട് പിടിക്കുക, ഇറുക്കുക, ഇറുക്കിപ്പിടിക്കുക.

III. **Vī'cē**, *prep.* പകരം, 'ബതല്', സ്ഥാനത്ത്. *v. vĕr'sa* (vī'sē vĕr'sa) മറിച്ചാമ്പാട്, തിരിച്ചാമ്പാട്, മറിച്ച്.

IV. Vīce, *a.* രണ്ടാമനായ, ദ്വിതീയ; 2. സഹായിയായ, ഉപ; 3. പ്രതിനിധിയായ. v.-admiral നൌഗണോപനായകൻ, നാവികസൈന്യോപാധിപതി. v.-admiralty നൌഗണോപാധിപത്യം. v.-admiralty court (അധീനരാജ്യങ്ങളിലുള്ള) നാവികവ്യവഹാരക്കോടതി. v.-chairman അഗ്രാസനസഹായി. v.-chamberlain പള്ളിയറകാൎയ്യവിചാരകസഹായി. v.-chancellor പ്രധാനന്യായാധിപസഹായി (*l.*); സൎവ്വകലാശാലോപാധിപതി; റോമസഭാന്യായാധിപതി (*R. C.*). v.-consul രാജകാൎയ്യസ്ഥപ്രതിനിധി, രാജപ്രതിനിധിസഹായി. v.-king പ്രതിരാജാവ്, ഉപരാജാവ്. v.-legate സ്ഥാനാപതി പ്രതിനിധി, ഉപസ്ഥാനാപതി: v.-president സഭോപനാഥൻ. v.-presidency സഭോപനാഥസ്ഥാനം.

Vīce-gḗ'rent, *a.* പ്രതിനിധിയായ, പകരം പ്രവൃത്തിക്കുന്ന, —സ്ഥാനത്തിരിക്കുന്ന. *n.* നിയുക്താധികാരി; 2. പ്രതിനിധി, കാൎയ്യസ്ഥൻ; 3. ബോധകപ്രതിനിധി. =gḗ'ren-cy, *n.* പ്രതിനിധിസ്ഥാനം.

Vīce'man, *n.* (*pl.* =men), *s. u.* Vice II.

Vic'e-nar-y, (vis'e-) *a.* ഇരുപതായ, ഇരുപത് സംബന്ധിച്ച. vī-cen'ni-al, *a.* ഇരുപത് കൊല്ലം ആയ; ഇരുപത് ആണ്ടു നില്ക്കുന്ന; ഇരുപത് വൎഷത്തിൽ ഒരിക്കൽ ഉള്ള.

Vīce-rē'gal, *a.*, *s. u.* Viceroy.

Vīce'roy, *n.* ഉപരാജാവ്, പ്രതിരാജാവ്; രാജപ്രതിനിധി, സൎവ്വദേശാധിപതി; 2. ഭംഗിയുള്ള ഒര് ചിത്രശലഭം (*z.*). =rē'gal, *a.* ഉപരാജത്വം സംബന്ധിച്ച; ഉപരാജാവിനുള്ള, ഉപരാജാവിനെ സംബന്ധിച്ച. =roy'al-ty, -ship, *n.* ഉപരാജത്വം, ഉപരാജസ്ഥാനം; ഉപരാജാധികാരം.

Vī'chy, Vī'chy water, *n.* ഒര് വക [ധാതുജലം.

Vic'i-nāge, *n.* അയൽവക്കം, അയൽസ്ഥലം, അയൽപ്രദേശം, സമീപഭാഗിക്ക്. =nal, vic'ine, *a.* അടുത്തുള്ള, അടുക്കെയുള്ള, സമീപത്തുള്ള. =cin'i-ty, *n.* അടുത്തപ്രദേശം, സമീപസ്ഥലം; അടുപ്പം, സാമീപ്യം; അടുത്തത്, തൊട്ടത്; തൊട്ടടിക്ക്; അയല്, അയല്പക്കം.

Vi-ci-os'i-ty, Vi'ciŏus, Vi'ciŏus-ly, Vi'ciŏus-ness, *s. u.* Vice I.

Vi-cis'si-tūde, *n.* മാററം, വികാരം, പരിണാമം; 2. മാറിമാറിവരൽ, പരസ്പരതുടൎച്ച, പരസ്പരമാററം; 3. കാലചക്രം, പരിവൎത്തം, ഉച്ചനീചത്വങ്ങൾ, ദേഗതി. =tū'di-nar-y, =tū'di-nŏus, *a.* ദേദാധീനമായ, മാററമുള്ള.

Vī-con'ti-el, Vī'count, *s. u.* Vis-count.

Vic'tim, *n.* യജ്ഞപശു, യാഗമൃഗം, ബലിമൃഗം, ബലിസാധനം; ബലി, ഉപാകൃതം, ഉപഹാരം; 2. ഇര, ആഹുതി; 3. പീഡിതൻ, നഷ്ടം നേരിട്ടവൻ, ആപത്ത്—; 4. ചതിപററിയവൻ, പൊണ്ണൻ (*N.*), പൊട്ടൻ, വിഡ്ഢി. -īse, -īze, *v. t.* ഇരയാക്കുക, ആഹുതിയാക്കുക; തോല്പിക്കുക, ചതിക്കുക, പററിക്കുക.

Vic'tŏr, *n.* ജയശാലി, വിജയി, ജയിച്ചവൻ, നേടിയവൻ, നേട്ടക്കാരൻ; 2. നാശകൻ, സംഹാരി. *a.* ജയശാലിയായ. =tō'ri-a, *n.* (പുഷ്പങ്ങളിൽവെച്ച് ഏററവും വലുതായ) 'വിക്ടോറിയ'നളിനം, മഹാസാരസം, വൻതാമര (*b.*); (ഒര് വക നാലുരുൾ) ഉല്ലാസക്കുതിരവണ്ടി; ഒര് ചെറുഗ്രഹം (*as.*). v.a cross ധീരവിരുത്മുദ്ര (*mil.*). v.a green മരതകപ്പച്ച. v.a lily, v.a regia 'വിക്ടോറിയ'നളിനം, വൻതാമര (*b.*). =tō'-ri-an, *a.* വിക്ടോറിയ രാജ്ഞിയുടെ ഭരണകാലം സംബന്ധിച്ച. ='tō-rīne, *n.* (സ്ത്രീകൾ ധരിക്കുന്ന) രോമചൎമ്മകണ്ഠവസ്ത്രം. =tō'ri-ŏus, *a.* ജയംസംബന്ധിച്ച, ജയശാലിയെ—; ജയശാലിയായ; വിജയമായ, നേട്ടമായ; ജയപ്രദമായ; ജയമുള്ള. =tō'ri-ŏus-ly, *ad.* ജയത്തോടെ, ജയപ്രദമായി. =tō'ri-ŏus-ness, *n.* ജയപ്രദത്വം. =to-ry, *n.* നേട്ടം, ജയം, വിജയം, പരാഭവം; സാദ്ധ്യം, സാഫല്യം.

vic'tress, vic'trice, vic'trix, *n.* ജയശാലിനി, വിജയ, നേട്ടക്കാരത്തി.

**Vict'ual** (vit'l), **vict'uals** (vit'lz), **-āġe**, *n.* ആഹാരം, ഭക്ഷണം, തീൻപണ്ടം, അകത്തഴി (*S.*), പാകംചെയ്യു ഭക്ഷ്യം, ഊണ്, തീന്, ഭക്ഷണം; 2. പോഷണം, അന്നപാനം (*Scot.*); 3. ധാന്യം (*Scot.*). *v. t.* ഊണ് കൊടുക്കുക, ഊട്ടുക, ഭക്ഷണംകൊടുക്കുക; 2. ആഹാരം ശേഖരിച്ച് കൊടുക്കുക; ഭക്ഷണക്കോപ്പ് ഒരുക്കുക, —സംഭരിക്കുക. **-ĕr, -lĕr**, *n.* ആഹാരം കൊടുക്കുന്നവൻ; ചോററ് പുരക്കാരൻ, ഊട്ട് പുരക്കാരൻ, 'ഒട്ടൽകാരൻ'; സൈന്യസംഭാരക്കപ്പല്; ധാന്യവ്യാപാരി, അരിക്കച്ചവടക്കാരൻ, നെല്ല് കച്ചവടക്കാരൻ. **licensed v.r**, *s. u.* **License.** **-iṅg**, *n.* ആഹാരം സംബന്ധിച്ച, ഭക്ഷണക്കോപ്പ്—; —എത്തിക്കുന്ന. **v.g-yard** (കപ്പലിലേക്ക്) ഭക്ഷണക്കോപ്പ് തയ്യാറാക്കുന്ന സ്ഥലം. **vic'tus**, *n.* മൃഗത്തിന്, തീന്, പുല്ലും വെള്ളവും.

**Vi-cun'a, Vi-cugn'a** (vi-kun'ya), *n.* അമേരിക്കയിലെ പൂഞ്ഞയില്ലാത്ത ഒട്ടകം (*z*). **vi-gō'ni-a**, *a.* പൂഞ്ഞയില്ലാത്ത ഒട്ടകം സംബന്ധിച്ച; —ഒട്ടകരോമമായ.

*Vī'dē, v. t.* നോക്ക്, നോക്കുക. *v. supra* മുകളിൽ നോക്ക്. *v. infra* ചുവടെ നോക്ക്.

*Vī-del'i-cet* (*contr. f.* viz.), *ad.* എന്ന് വെച്ചാൽ, അതാവിത്, എന്തെന്നാൽ, എന്തെന്ന് വെച്ചാൽ, വിവരം.

**Vi-dette'** (-det'), *n.*, *s. a.* **Vedette.**

**Vi-dō'ni-a**, *n.* ഒര് വക വെളുത്ത വീഞ്ഞ്.

**Vid'ū-al**, *a.* വൈധവ്യം സംബന്ധിച്ച, വിധവയായ. **vid'ū-āġe**, *n.* വൈധവ്യം; വിധവഗണം. **=ū-ā'tiŏn**, *n.* വൈധവ്യസ്ഥിതി; വിരഹം, നഷ്ടം. **=dū'i-ty**, *n.* വൈധവ്യം.

**Vie** (vī), *v. i.* (with) സ്പർദ്ധിക്കുക, മത്സരിക്കുക, പോരാടുക, അഹമഹമികഉണ്ടാക. **vȳ'iṅg**, *a.* സ്പർദ്ധയുള്ള, പോരുള്ള, അഹമഹമികയുള്ള. **vȳ'iṅg-ly**, *ad.* പോരോടെ, സ്പർദ്ധയോടെ.

**View** (vū), *n.* ദർശനം, നോട്ടം, നോക്ക്, കാഴ്ച; 2. പരിശോധന; 3. ആലോചന; 4. ദൃഷ്ടിഗോചരത്വം, കാണത്തക്ക സ്ഥിതി, ദൃഷ്ടിയിൽപെടൽ; 5. കാഴ്ച, കാഴ്ചപ്രദേശം, കണ്ണെത്തുന്നേടം, ദേശക്കാഴ്ച, ദിഗ്വിശേഷം; 6. ചിത്രം, പടം; 7. അഭിപ്രായം, തോന്നല്, നിരൂപണം; 8. ലാക്ക്, ഉദ്ദേശം, വിചാരം. **v.-halloo** (വേട്ടയുരു ഇളകിയത് അറിയിക്കുന്ന) നായാട്ട് വിളി. **v. of premises** സ്ഥലപരിശോധന, സ്ഥലംചെന്ന് നോക്കൽ (*l.*). **field of v.** കഴൽക്കണ്ണാടിക്കാഴ്ച. **point of v.** കാഴ്ച, ദർശനം; അഭിപ്രായം. **to have in v.** ഉദ്ദേശമായിരിക്കുക, വിചാരമായിരിക്കുക. *v. t.* നോക്കുക, കാണുക; 2. സൂക്ഷിക്കുക, ശ്രദ്ധിക്കുക, ലക്ഷ്യമാക്കുക; 3. പരിശോധിക്കുക; 4. ആലോചിക്കുക, വിചാരിച്ച് നോക്കുക, ചിന്തിക്കുക. **-'ĕr**, *n.* നോക്കുന്നവൻ, പരിശോധകൻ; വഴിപരിശോധകൻ, പാതമേനോക്കി; ഖനിമേധാവി. **-'i-ness**, *n.* മനോരാജ്യം, നിരൂപണത്വം. **-'less**, *a.* കാണ്മാൻ കഴിയാത്ത, ദൃഷ്ടിഗോചരമല്ലാത്ത, കാണാത്ത. **-'ly, -'sŏme**, *a.* ഭംഗിയുള്ള, മനോഹരമായ, ചന്തമുള്ള, നയനാമൃതമായ. **-'y**, *a.* മനോരാജ്യമായ, ഗഗനകുസുമമായ, മായാമോഹമായ; കാഴ്ചക്ക് ഭംഗിയുള്ള, നയനാമൃതമായ.

**Vif'da, Viv'da**, *n.* (ഉപ്പിടാതെ) ഉണക്കിയ മാംസം.

**Vi-ġes'i-mal**, *a.* ഇരുപതാമത്തെ; 2. ഇരുപതായി ഭാഗിച്ച; 3. ഇരുപതിതായ, ഇരുപത് കൂടിയ. **=mā'tiŏn**, *n.* ഇരുപതിൽ ഒരുവനെ ഹനിക്കൽ, വിംശഹനനം. **=ġes'i-mō-quar'tō**, *n.* (*contr. f.* **24mo, 24°**) ഒര് പായി കടലാസ് 24ആയി മടക്കിയത്.

**Viġ'il**, *n.* ഉറക്കിളെക്കൽ, ഉറക്കിളെപ്പ്, ഉന്നിദ്രത്വം; 2. ഉണർന്നിരിക്കൽ, ഇളെച്ചിരിക്കൽ, ഉണർച്ച, ജാഗരണം; 3. ഉന്നിദ്രഭക്തി, ഉന്നിദ്രദേവാരാധന; 4. ഉത്സവത്തലേരാത്രിയത്തെ ഉറക്കിളപ്പ് (*eccl.*); 5. ഉത്സവത്തലനാള് (*eccl.*); ഉത്സവത്തലനാളത്തെ സന്ധ്യാരാധന. **v.s** *or* **watching of flowers** പതിവാ

യ സമയം വിടരുന്ന ഗുണം, കാലവിട ച്ച് (b.). =i-lance, n. ഉറക്കിളപ്പ്, ഉന്നിദ്രതം, ഉണൎച്ച; കാവലിരിപ്പ്, കാവല്, സൂക്ഷ്മം, കരുതല്. v.e committee (നഗരരക്ഷാൎത്ഥം ഉള്ള) ജാഗരണസഭ. =i-lant, a. ജാഗ്രതയുള്ള, ഉണൎച്ചയുള്ള. കരുതലുള്ള, ചരതമുള്ള. =i-lant-ly, ad. ഉണൎച്ചയോടെ, ജാഗരിപ്പോടെ.

Vī-ġin-tiv'i-rāte, n. വിംശജ്ജനസഭാധികാരം.

Vi-gnette' (vi-net' or vin'yet), n. ലതാചിത്രാലങ്കാരം (arch.); 2. ലതാചിത്രം; 3. ചെറുചിത്രം. v. t. ചെറുചിത്രങ്ങളുള്ള.

Vi-gō'ni-a, a., s. u. Vicuna.

Vig'ŏr, Vig'ŏur, n. ഊക്ക്, തിറം, ബലം, ശക്തി; 2. ചുണ, ചുറുക്ക്, വീൎയ്യം; 3. മനശ്ശക്തി, മനോബലം. -īte, n. ഒര് വക പാറ (പൊട്ടിക്കുന്ന) മരുന്ന്. =o-rō'sō, a., ad. ചുണയോടെ, ചുറുക്കോടെ (mus.). -ŏus, a. ഊക്കുള്ള, കെല്പുള്ള, ബലമുള്ള, ആരോഗ്യമുള്ള, അരോഗമായ; തിറമുള്ള, ചുണയുള്ള, ചുറുചുറുക്കുള്ള; മനോബലമുള്ള. -ŏus-ly, ad. ഊക്കോടെ, ചുറുക്കോടെ. -ŏus-ness, n. കെല്പ്, കായബലം; ആരോഗ്യം; വീൎയ്യം.

Vī'king, n. (പണ്ട് സ്കാണ്ഡിനേവ്യപ്രദേശങ്ങളിൽ ഉണ്ടായിരുന്ന) കടൽക്കള്ളൻ.

Vi-la-yet' (ve-la-), n. (തുൎക്കിരാജ്യത്തിലെ) സംസ്ഥാനം.

Vīle, a. നീചം ആയ, ഹീനം—, അധമം—, നിസ്സാരം—, നിന്ദ്യം—; 2. ദുഷ്ടതയുള്ള, പാപിഷ്ഠമായ; 3. നികൃഷ്ടം—, കുത്സിതം—. -'ly, ad. നീചമായി, ദുഷ്ടതയോടെ. -'ness, n. അധമത്വം, നികൃഷ്ടത. vil-i-fi-cā'tiŏn, n. ചീത്തയാക്കൽ, കെടുക്കൽ; അപമാനിക്കൽ; ദൂഷിക്കൽ; ദൂഷണം, നിന്ദ. vil'i-fī-ĕr, n. ദൂഷകൻ, അപവാദി. vil'i-fȳ, v. t. ചീത്തയാക്കുക, കെടുക്കുക; അപമാനിക്കുക; അപകീൎത്തിപ്പെടുത്തുക; ദൂഷണംപറയുക, ദൂഷിക്കുക. vil'i-pend, v. t. നിസ്സാരമാക്കുക, പുച്ഛിക്കുക, തുച്ഛീകരിക്കുക, ദൂഷ്യപ്പെടുത്തുക. vil-i-pen'den-cy, n. തുച്ഛീകാരം, നിന്ദ, ദൂഷ്യം.

Vill, n., s. a. Village.

Vil'la, n. ഗ്രാമഗൃഹം, (നാട്ടുപുറത്ത് സുഖത്തിന്നായി പോയി പാൎക്കുന്ന) സുഖഗൃഹം, വസതി, വിനോദഗൃഹം. -kin, -nette' (-net'), n. ഉല്ലാസമണ്ഡപം. -nel'la (pl. -nel'le), n. ഗ്രാമനൃത്തം. -nelle' (-nel'), n. ഗ്രാമകവിത.

Vil'lāġe, Vill, n. ഗ്രാമം, തെരു, തെരുവ്, തറ, കര (S.). v.-cart (കുടിലില്ലാത്ത) രണ്ടുരുളുള്ളാസവണ്ടി. =lā-ġer, n. ഗ്രാമക്കാരൻ, തറക്കാരൻ, നാട്ടുപുറക്കാരൻ. =lat'ic, a. നാട്ടുപുറത്തുള്ള, തറയിലുള്ള.

Vil'lāin (or -lin), Vil'lan, Vil'lein (vil'lan), n. അടിയാൻ, അടിമ; 2. തറക്കാരൻ, മുരടൻ; പൊട്ടൻ; 3. ഹീനൻ, ചണ്ഡാളൻ; 4. ആഭാസൻ, തെമ്മാടി, പാതകൻ, കള്ളൻ, ദുഷ്ടൻ, ഖലൻ. -ŏus, ='lan-ŏus, a. താണ, നീചം ആയ, ഹീനം—, നികൃഷ്ടം—; ദുഷ്ടതയുള്ള, പാതകമായ; അധമമായ, ഉപായമുള്ള; കള്ളത്തരമായ. v.s judgment (കുറക്കാരന്ന്) അപമാനകരമായ വിധി. -ŏus-ly, ='lan-ŏus-ly, ad. നീചമായി, ദുഷ്ടതയോടെ. -ŏus-ness, =lan-ŏus-ness, n. അധമത്വം; നികൃഷ്ടത. -y, vil'lan-y, n. ദുഷ്ടത, പാമരത്വം, പാതകം; വായിഷ്ഠാണം, ചീത്തവാക്ക്, അസഭ്യം; മഹാപാതകപ്രവൃത്തി; നികൃഷ്ടപ്രവൃത്തി. ='lan-āġe, ='len-āġe, ='lein-āġe, n. അടിയായ്മ; അടിമത്തനം. ='lan-īse, ='lan-īze, v. t. ഹീനതപ്പെടുത്തുക, താഴ്ത്തുക; ചീത്തപറയുക; ശകാരിക്കുക. ='lan-ī-sĕr, ='lan-ī-zĕr, n. ഹീനതപ്പെടുത്തുന്നവൻ, വായിഷ്ഠാണക്കാരൻ. ='lan-ŏus, a. അടിയാരെ സംബന്ധിച്ച.

Vil'lus (pl. vil'lī), n. (കുടലുകളുടെയും മററും അകത്തുള്ള) രസരോമം, രസയാണി (an.); 2. pl. (ചെടികളുടെ) മാൎദ്ദവരോമം (b.). vil'li-form, a. രസരോമാകൃതിയായ; നാരുടുപ്പമുള്ള. ='lōse, ='lŏus, a. മൃദുരോമമുള്ള; രസരോമമുള്ള (an.). =los'i-ty, n. മൃദുരോമമയത്വം;

മ്ദുരോമത്തൊലി (*b.*); രസയാണി, രസരോമം (*an.*).

**Vim,** *n.* കെല്പ്; 2. ചുണ, ചുറുക്ക്; 3. ചുറുചുറുപ്പ്.

**Vī'men,** *n.* ചുള്ളിക്കൊമ്പ്, ചുള്ളല് (*b.*). **vī'mi-nal,** *a.* ചുള്ളിസംബന്ധിച്ച; ചുള്ളലുള്ള; ചുള്ളിയായ. =**min'e-ŏus,** *a.* ചുള്ളിസംബന്ധിച്ച; ചുള്ളികൊണ്ടുണ്ടാക്കിയ, ചുള്ളിപൊട്ടുന്ന (*b.*).

**Vī-nā'ceŏus,** *a.*, *s. u.* Vine.

**Vin-āi-grette'** (-gret'), =**grŏus,** *s. u.* Vinegar.

**Vi-nasse'** (-nas'), *n.* കിഴങ്ങ് ശക്കര [മട്ട്.

**Vin-cen'tian** (-sen'shān), *n.* അനാഥരക്ഷകകന്യാസ്ത്രീ (*R. C.*).

**Vin'ci-ble,** *a.* ജയിക്കാകുന്ന, ജയിപ്പാൻ കഴിയുന്ന, കീഴടക്കാകുന്ന. **v. ignorance** മനഃപൂർവ്വാജ്ഞാനം (*theo.*). =**bil'i-ty, -ness,** *n.* ജേതവ്യത.

**Vin'cū-lum** (*pl.* vin'cū-la), *n.* കെട്ട്, ബന്ധം; 2. (സംഖ്യകളുടെ മുകളിൽ . . . . . ഇങ്ങിനെ വരക്കുന്ന) സംബന്ധരേഖ (*math.*); 3. പേശിതന്തുഗണം (*phys.*).

**Vin-dē'mi-al,** *a.*, *s. u.* Vine.

**Vin'di-cāte,** *v. t.* തേച്ച്പ്പെടുക, അവകാശപ്പെടുക, അവകാശം പറയുക; 2. വാദിച്ച് നിലനിർത്തുക, രക്ഷിക്കുക, സംരക്ഷിക്കുക, പാലിക്കുക; ബോധംവരുത്തുക; 3. (ആക്രമം) തടുക്കുക; 4. നീതീകരിക്കുക, ശരിയാണെന്ന് വരുത്തുക, സ്ഥാപിക്കുക, വാദിച്ചുറപ്പിക്കുക, ജയിച്ചുറപ്പിക്കുക. =**ca-ble,** *a.* വാദിച്ച് സ്ഥാപിക്കാകുന്ന, സംരക്ഷണീയമായ. =**ca-bil'i-ty,** *n.* സംരക്ഷണീയത്വം, സ്ഥാപനീയത്വം. =**cā'tiŏn,** *n.* സംരക്ഷണം, സംരക്ഷ, നീതീകരണം; സ്ഥാപനം; തേച്ച്, അവകാശം (*l.*). =**cā-tive,** *a.* സംരക്ഷണീയമായ, സ്ഥാപനീയമായ. =**cā-tive-ness,** *n.* സ്ഥാപനീയത്വം. =**cā-tŏr,** *n.* സ്ഥാപകൻ; സംരക്ഷകൻ; നീതീകരിക്കുന്നവൻ. =**cā-tŏr-y,** *a.* നീതീകരിക്കുന്ന, നീതീകരണമായ; ശിക്ഷിക്കുന്ന, ശിക്ഷയായ, ദണ്ഡ. =**dic'tive,** *a.* പ്രതിക്രിയാഭാവമുള്ള; പ്രതിക്രിയാമനസ്സുള്ള. **v.e damages** ശിക്ഷാനഷ്ടം, കഠിനനഷ്ടം (*l.*). =**dic'tive-ly,** *ad.* പ്രതിക്രിയയായി; ശിക്ഷയായി. =**dic'tive-ness,** *n.* പ്രതിക്രിയാഭാവം, ശിക്ഷിപ്പിപ്പാനുള്ള മനസ്സ്.

**Vīne,** *n.* മുന്തിരിവള്ളി, ദ്രാക്ഷാവള്ളി (*b.*); 2. വള്ളി, കൊടി, ലത. **v.-clad** മുന്തിരിവള്ളി നിറഞ്ഞ. **v.-dresser** മുന്തിരിക്കൃഷിക്കാരൻ, മുന്തിരിത്തോട്ടക്കാരൻ. **vine'yärd** (vin'yärd), *n.* മുന്തിരിത്തോട്ടം, ദ്രാക്ഷാത്തോട്ടം. **vine'yärd-ist,** *n.* മുന്തിരിത്തോട്ടക്കാരൻ. **v.t of sodom** കൈപ്പ് വീഞ്ഞ്. =**nā'ceŏus** (-nā'shus), *a.* മുന്തിരിങ്ങസംബന്ധിച്ച; —പോലെയുള്ള; വീഞ്ഞ് സംബന്ധിച്ച; —പോലെയുള്ള. **vin-dē'mi-al,** *a.* മുന്തിരിക്കൊയ്ത്ത് സംബന്ധിച്ച; ദ്രാക്ഷാവിളവായ. **vī'ne-al,** *a.* മുന്തിരിവള്ളിയുള്ള, ദ്രാക്ഷാവല്ലിയുള്ള. **vīned** (vīnd), *a.* മുന്തിരിച്ചപ്പ് പോലെയുള്ള, ദ്രാക്ഷാപത്രശൃംഗാരമായ. **vī'nĕr-y,** *n.* ദ്രാക്ഷാക്കുടില്, ദ്രാക്ഷാസ്പടികക്കുടില്. **vī'nic,** *a.* വീഞ്ഞ് സംബന്ധിച്ച, വീഞ്ഞ് കൊണ്ടുള്ള. =**nom'e-tĕr,** *n.* ദ്രാക്ഷാരസവീര്യമാപനയന്ത്രം. *vin-or-din-āire'* (*or* van-or-den-ār') താണവീഞ്ഞ്, 'ക്ലാരട്ട്'. =**nōse', vī'nŏus,** *a.* ദ്രാക്ഷാരസംസംബന്ധിച്ച, വീഞ്ഞായ; വീഞ്ഞ് പോലെയുള്ള. =**nos'i-ty,** *n.* ദ്രാക്ഷാരസഗുണം. **vin'tāge,** *n.* മുന്തിരിവിളവ്, ഒര് കൊല്ലത്തെ മുന്തിരിപ്പഴം; ഒര് കൊല്ലത്തെ വീഞ്ഞ്; മുന്തിരിങ്ങാക്കൊയ്ത്ത്, മുന്തിരിങ്ങാക്കൊയ്ത്ത് കാലം. **v.e spring** വീഞ്ഞ് കുഴല്. **v.e time** മുന്തിരിങ്ങാക്കൊയ്ത്ത് കാലം, വീഞ്ഞുണ്ടാക്കുന്ന സമയം. **vin'tā-gĕr,** *n.* മുന്തിരിങ്ങ പറിക്കുന്നവൻ. **vin'tā-ging,** *n.* മുന്തിരിങ്ങ പറിക്കൽ, മുന്തിരിങ്ങാക്കൊയ്ത്ത്. **vint'nĕr,** *n.* വീഞ്ഞ് വില്ക്കുന്നവൻ, വീഞ്ഞ് കച്ചവടക്കാരൻ. **vī'ny,** *a.* മുന്തിരിവള്ളിസംബന്ധിച്ച, മുന്തിരിവള്ളിയുണ്ടാകുന്ന. (*see* Wine).

**Vin'e-gar** (-gĕr), *n.* കാടി, 'ചുറുക്ക', 'സിക്ക', 'ചെക്ക' (*S.*); 2. പുളിയുള്ള സാധനം, പുളിപ്പ്. **v.-eel** മിട്ടില്. **v.-**

plant, mother of v. കാടിപ്പാട. thieves' v. പരിമളക്കാടി. =gar-ette' (-et'), vin-āi-grette' (-ā-gret'), *n.* 'അച്ചാറ്', ഉപ്പിലിട്ടത്, സംബന്ധി, ഒരു വക 'സാസ്'; പരിമളക്കാടിക്കുപ്പി; ആഘ്രാണക്ഷാരക്കുപ്പി; ഉന്ത് വണ്ടി. vin'āi-grŏus, =gar-y, *a.* പുളിക്കുന്ന, പുളിയുള്ള, അമ്ലമായ; രഞ്ജനയില്ലാത്ത; കശുമ്പുള്ള, മനസ്സുപ്പററില്ലാത്ത, വെറുതിപിടിച്ച.

Vī'nĕr-y, *n.*, *s. u.* Vine.

Vi-nette' (-net'), *n.* ചെറുകൊമ്പ്, ചുള്ളിക്കൊമ്പ്.

Vin'ewed (vin'ūd), *a.*, *s. a.* Vinnewed.

Vine'yärd (vin'yärd), -ist, *n.*, *s. u.* Vine.

*Vingt et un'* (van ta un'), *Ving-tun'* (van-tun'), *n.* ഇരുപതും ഒന്നും, ഇരുപത്തൊന്ന്, ഒരു വക ചീട്ട് കളി.

Vī'nie, *a.*, *s. u.* Vine.

Vin'newed, Vin'ewed (-ūd), Vin'ny, *a.* പൂപ്പ് പിടിച്ച, പൂത്ത.

Vī-nom'e-tĕr, *Vin-or-din-āire'*, Vī-nōse', Vī'nŏus, Vin'tāge, Vint'nĕr, Vī'ny, *etc.*, *s. u.* Vine.

Vī'ol, *n.* ആറ് കമ്പിവീണ (*mus.*). =ō-list, *n.* വീണ വായിക്കുന്നവൻ; 2. (*also* voy̆'al, voy̆'ol) നങ്കൂരക്കമ്പ (*naut.*).

I. Vī'ō-la, *s. a.* Violet.

II. Vī'ō-la, *n.* ഒരു വക വീണ, ഒരു കമ്പിവാദ്യം (*mus.*).

Vī'ō-la-ble, Vī'ō-la-bly, *s. u.* Violate.

Vī-ō-lā'ceŏus, =las'cent, *s. u.* Violet.

Vī'ō-lāte, *v. t.* മെയ്യേറുക, ബലാല്ക്കാരം ചെയ്യുക, ഉപദ്രവിക്കുക; 2. അപമാനിക്കുക; 3. ലംഘിക്കുക, അതിക്രമിക്കുക; 4. അശുദ്ധമാക്കുക, തീണ്ടുക, തീണ്ടലാക്കുക; 5. ഭംഗംവരുത്തുക, മുടക്കുക, തടസ്ഥപ്പെടുത്തുക; 6. പിഴപ്പിക്കുക; 7. അപരാധിക്കുക, ബലാൽസംഗം ചെയ്യുക. =ō-la-ble, *a.* ലംഘനീയമായ, ലംഘിക്കാവുന്ന. =ō-la-bly, *ad.* ലംഘനീയമായി. =lā'-tiŏn, *n.* ലംഘിക്കൽ; ലംഘനം, ഉപദ്രവം ഏല്പിക്കൽ, ഉപദ്രവം; ഭംഗം, അനനുഷ്ഠാനം; അശുദ്ധമാക്കൽ, തീണ്ടല്; മുടക്കം, തടസ്ഥം; ബലാൽസംഗം; അപരാധിക്കൽ. =la-tive, *a.* ലംഘനീയമായ. =lā-tŏr, *n.* മെയ്യേറുന്നവൻ; ലംഘനക്കാരൻ, അശുദ്ധമാക്കുന്നവൻ, അപരാധിക്കുന്നവൻ, ബലാൽസംഗക്കാരൻ. =lence, *n.* ഉഗ്രത, കാഠിന്യം; ഊക്ക്, ശക്തി; ലംഘനം, അനനുഷ്ഠാനം; അശുദ്ധമാക്കൽ; ബലാല്ക്കാരം, കയ്യേററം, മെയ്യേററം; ബലാൽസംഗം. to do v.e on ആക്രമിക്കുക; കൊല്ലുക. to do v.e to ദുഷ്യപ്പെടുത്തുക, ലംഘനം ചെയ്യുക; ബലാല്ക്കാരം ചെയ്യുക. =lent, *a.* ഊക്കുള്ള, മൂർച്ചയുള്ള; ഉഗ്രം ആയ, കഠിനം—; ന്യായരഹിതം—; അനാവശ്യം—; കലശലായ; ബലാല്ക്കാരേണയുള്ള, ഹേമത്താലുള്ള; സഹജമല്ലാത്ത. v.t presumption നിശ്ചസന്ധാനുമാനം (*l.*). v.t profits (ചാർത്ത് കാലം കഴിഞ്ഞശേഷമുള്ള) കാലാനുഭവം (*Sc. l.*). =lent-ly, *ad.* ഊക്കോടെ; ഉഗ്രമായി.

Vī'ō-let, *n.* ഒരു നീലപുഷ്പച്ചെടി, ജാതിമല്ലിക (*b.*); 2. നീലവർണ്ണം; 3. ധൂമ്രവർണ്ണം, രക്തനീലവർണ്ണം, ഊതനിറം; 4. ഒരു വക ചിത്രശലഭം (*z.*). *a.* കടുനീലമായ; 2. രക്തനീലനിറമായ, ധൂമ്രവർണ്ണമുള്ള, ഊതനിറമുള്ള. =lā'ceŏus (-lā'shus), *a.* ധൂമ്രവർണ്ണമുള്ള; നീലപുഷ്പച്ചെടിവർഗ്ഗത്തിൽപെട്ട. =las'cent, =les'cent, *a.* ഊതനിറമായ, ധൂമ്രവർണ്ണമുള്ള.

Vī'ō-lin, *n.* വീണ, സാരംഗി, കാമാക്ഷി, നന്തുണി, പിനാകി, 'ഫിഡില്' (*mus.*). =lin-ist, *n.* വീണ വായിക്കുന്നവൻ. vī-ō-lon-cel'list, *n.* കമ്പിവാദ്യക്കാരൻ. vī-ō-lon-cel'lō, *n.* ഒരു കമ്പിവാദ്യം. vī-ō-lō'ne (-lō'nā), vī-ō-lō'nō, *n.* വലിയ കമ്പിവാദ്യം (*mus.*).

Vī'pĕr, *n.* അണലിപ്പാമ്പ്, വിരിയൻ പാമ്പ് (*z.*); 2. ചതിയൻ, വഞ്ചകൻ, ദുഷ്ടൻ. -ine (-in), *a.* അണലിസംബന്ധമായ. -ish, -ŏus, *a.* അണലിഗുണം ഉള്ള; വിഷം—; ദുഷ്ടത—.

**Vi-rā'gō**, *n.* മല്ലത്തി, ആണത്വമുള്ള സ്ത്രീ, ധീര, ഉദ്ധതി; 2. സ്ത്രീയോധി; 3. കലഹക്കാരത്തി, ശണ്ഠക്കാരി, ശ്രുപ്പണഖ. **vī-ra-ġin'i-an**, *a.* ഉദ്ധതിസംബന്ധമായ; മല്ലത്തിയായ. =**vī-ra-ġin'i-ty**, *n.* (സ്ത്രീയുടെ) ആണത്വം.

**Vīre** (vēr), *n.* വൃത്താസ്ത്രം, ചക്രം. **vir'e-ton**, *n.* തുവല് പിടിപ്പിച്ച അസ്ത്രം, തുവലമ്പ്.

**Vir'e-lāy** (-lā), *n.* ലഘുവൃത്തകവിത (*pros.*); 2. ദ്വിപ്രാസകവിത.

**Vī'rent**, *a.* പച്ചയായ, വാടാത്ത. **vi-res'cence**, *n.* പച്ചവെക്കൽ (*b.*). **vi-res'cent**, *a.* ഇളമ്പച്ചയായ.

**Vi're-ō**, *n.* (അമേരിക്കയിലെ ഒര്) പാട്ടന്നപക്ഷി, അമേരിക്കകോകിലം (*z.*).

**Vi-res'cence**, =**res'cent**, *s. u.* **Virent.**

**Vir'e-ton**, *n.*, *s. u.* **Vire.**

**Vĭr'ga-lieu** (-lu), **Vĭr'ga-loo**, **Vĕr'ga-lieu** (-lu), **Vĕr'ga-loo**, *n.* അതിവിശേഷമായ ഒര് വക 'സബർജൽ' പഴം (*b.*).

**Vĭr'gāte**, *a.* നെട്ടനെയുള്ള, കോല് പോലെയുള്ള (*b.*).

**Vĭr'ġin**, *n.* കന്യക, കുമാരി, തരുണി, അക്ഷതാ; 2. തരുണൻ, നിർമ്മലപുരുഷൻ; 3. കന്നി, കന്നിരാശി (*as.*); 4. ഒര് വക ചിത്രശലഭം (*z.*), (ഇണ ചേരാതെ മുട്ടയിടുന്ന) ഏകോല്പാദകപ്രാണി, നിസ്സംഗോല്പാദകപ്രാണി (*z.*). **the V., the Blessed V.** (യേശുവിന്റെ അമ്മയായ) കന്യക മറിയ; കന്യാമറിയം (*R. C.*). *a.* കന്യകയായ; 2. ചാരിത്രശുദ്ധിയുള്ള, നിർമ്മലയായ; 3. കന്യകാഭാവം ഉള്ള, അടക്കം—, ലജ്ജാശീലം—; 4. ശുദ്ധമായ, കൂട്ടില്ലാത്ത; 5. പുതിയ; 6. ഗർഭിണിയാകാത്ത. **-al**, *a.* കന്യകാസംബന്ധമായ, കന്യകക്ക് യോഗ്യമായ. **v.l generation** നിസ്സംഗമോല്പാദനം (*biol.*). **v.l membrane** കന്യാചർമ്മം (*an.*). *n.* ഒര് വക കമ്പിവാദ്യം (*mus.*). **-hood**, *n.* കന്യകത്വം. =**ġin'i-ty**, *n.* കന്യകത്വം; ചാരിത്രശുദ്ധി, നിർമ്മലത.

**Vĭr'gō**, *n.* കന്നിരാശി, കന്യാരാശി (*as.*); 2. ഒര് നക്ഷത്രഗണം (*as.*).

**Vĭr'gūle**, *n.* അല്പവിരാമം. =**gū-lāte**, *a.* ചുള്ളിപോലെയുള്ള.

**Vir'id**, *a.* പച്ചയായ. =**i-des'cence**, *n.* പച്ചളിപ്പ്. =**i-des'cent**, *a.* ഇളമ്പച്ചയായ. =**rid'i-ty, -ness**, *n.* പച്ചളിപ്പ്, പച്ചനിറം.

**Vir'ile** (*or* vī'rīl), *a.* പുരുഷപ്രായമായ, വളച്ച് തികഞ്ഞ, പ്രായം എത്തിയ, പൌരുഷം ഉള്ള; 2. ശക്തി—, കെല്പ്—; 3. ഉല്പാദകശക്തി—. =**ril'i-ty**, *n.* പുരുഷത്വം, പൌരുഷം, ഉല്പാദകശക്തി, ധാതുബലം (*phys.*).

**Vī-rōse'**, *a.* നാററമുള്ള; ദുർഗ്ഗന്ധമുള്ള; 2. വിഷകരമായ.

**Vĭr-tu'**, *n.* ശൃംഗാരവിദ്യാതാല്പര്യം, —വാസന. **an article *or* piece of v.** കൌതുകസാധനം, അപൂർവ്വ—. **-os'i-ty**, *n.* ശൃംഗാരവിദ്യാതല്പരത; ശൃംഗാരപ്രിയം; ആചാരപ്രിയഭക്തി; ശൃംഗാരവിദ്യാതല്പരന്മാർ; ശൃംഗാരപ്രിയവിദ്യ. **-ō'sō**, (*pl.* **-ō'sos, -ō'sī**), *n.* ശൃംഗാരവിദ്യാപ്രിയൻ, —തല്പരൻ, —വിദഗ്ധൻ; കൌതുകസാധനസംഗ്രഹകൻ; ഉൽകൃഷ്ടവാദ്യക്കാരൻ. **-ō'sō-ship**, *n.* ശൃംഗാരവിദ്യാതാല്പര്യം, —പ്രവൎത്തനം.

**Vĭr'tūe**, *n.* ആണത്വം, പുരുഷത്വം; 2. ശക്തി, സാദ്ധ്യശക്തി, ബലം, വീര്യം, ഗുണം; 2. മനശ്ശക്തി, പ്രേമം; 4. ഉൽകൃഷ്ടത, യോഗ്യത, വിശേഷം, വിശിഷ്ടത; 5. സല്ഗുണം; പരമാൎത്ഥത, സദ്വൃത്തി, ധൎമ്മം, സദ്ധൎമ്മം, സൽകൃത്യം, സുകൃതം, പുണ്യം; 6. ചാരിത്രശുദ്ധി, പാതിവ്രത്യം; കന്യകാവ്രതം; 7. *pl.* (സ്വൎഗ്ഗീയ) പുണ്യമൂൎത്തിവൎഗ്ഗം. **cardinal v.s**, *s. u.* **Cardinal. theological v.s** (വിശ്വാസം, സ്നേഹം, പ്രത്യാശ എന്ന) വിശിഷ്ടഗുണത്രയം. **in v. of, by v. of** നിമിത്തം മൂലമായി, ഹേതുവായി. =**'tū-al**, *a.* ശക്തിയുള്ള, വീൎയ്യമുള്ള; സ്വതഃശക്തിയുള്ള, സഹജശക്തിയുള്ള; (വസ്തുതയിൽ അല്ലെങ്കിലും) കാൎയ്യംകൊണ്ടുള്ള, അവസ്ഥയാലുള്ള, ഫലത്തിലുള്ള, സൂക്ഷ്മത്തിലുള്ള. **tū-al'i-ty**, *n.* സഹജത്വം; സഹജശക്തി.

='tū-al-ly, *ad.* കാൎയ്യത്തിൽ, സൂക്ഷ്മത്തിൽ, ഫലത്തിൽ, കാൎയ്യംകൊണ്ട്. -less, *a.* ശക്തി ഇല്ലാത്ത, വീൎയ്യം—, സാദ്ധ്യശക്തി—. ='tū-ŏus, *a.* പൌരുഷം ഉള്ള; ശക്തി—; ഗുണവിശേഷം—, സൽഗുണം—, നീതിന്യായം—, സത്യം—; സുകൃതമായ, സൽകൃത്യമായ, ശുദ്ധി ഉള്ള; പാതിവ്രത്യം—; ചാരിത്രശുദ്ധിയുള്ള; പുണ്യമൂൎത്തിയായ. ='tū-ŏus-ly, *ad.* സുകൃതമായി, ധൎമ്മമായി. ='tū-ŏus-ness, *n.* ഗുണവൈശിഷ്ട്യം; സൽഗുണത്വം; പുണ്യമാഹാത്മ്യം. [*s. u.* Virtu.

**Vĭr-tū-os'i-ty, Vĭr-tū-ō'sō,** *etc.*,

**Vī'rus,** *n.* രോഗവിഷം (*med.*); 2. (സൎപ്പാദി) പ്രാണിവിഷം (*med.*); 3. കേട്, ദുഷ്ട്യം, ഹാനി. **vir'u-lence, vir'u-len-cy,** *n.* വിഷഗുണം, നഞ്ച്, നഞ്ഞ്; പഴി, വിരോധം; ദുൎഗ്ഗുണം. **vir'u-lent,** *a.* കഠിനവിഷമുള്ള, അതിവിഷകരമായ; ദുഷ്ടതയുള്ള; ബദ്ധവൈരമുള്ള. **vir'u-lent-ly,** *ad.* വിഷകരമായി; ദുഷ്ട്യകരമായി.

**Vis,** *n.* ഊക്ക്, ശക്തി; 2. ബലം, കായബലം, കയ്യൂക്ക് (*l.*); 3. ഉത്സാഹിപ്പിക്കൽ, പ്രേരണം, ഉപദേശം (*l.*). *v. impressa* കാരകശക്തി (*ph.*). *v. inertiæ* സംഘൎഷണശക്തി; നിഷ്ക്കാരകത്വം (*ph.*). *v. mortua* ഭാരം, അമൎത്തൽ. *v. vitæ, v. vitalis* ജീവശക്തി (*phys.*). *v. viva* ചലനശക്തി. *v. major* ദൈവകൃത്യം, —കൃതം (*l.*).

**Vī'sā** (vē'zā), *n.*, *s. a.* Vise II,

**Vis'āge,** *n.* മുഖം, മുഖരൂപം, നോട്ടം, മോറ്. **vis'āged** (-ājd), *a.* മുഖരൂപമുള്ള. **vis'ard, vis'ar, viz'ard, vis'ŏr, viz'ŏr,** *n.* മുഖകവചം; വേഷം, മുഖമറ, പേമുഖം; തൊപ്പിത്തുറിപ്പ്. *v. t.* മുഖം മറക്കുക; പേമുഖം കെട്ടുക. **vis-a-vis'** (viz-a-vē'), *n.* മുഖത്തോട് മുഖം നോക്കി നില്ക്കുന്നവൻ, അഭിമുഖനായിരിക്കുന്നവൻ; നൃത്തക്രൂച്ച്; (രണ്ട് പേര് അഭിമുഖമായി കുത്തിരിക്കുന്ന) ഒര് വക വണ്ടി; അഭിമുഖാസനമഞ്ചം. *ad.* മുഖത്തോട് മുഖമായി, അഭിമുഖമായി. **vis'ŏred** (-'ĕrd), *a.* മുഖകവചം ധരിച്ച; പേമുഖം കെട്ടിയ; മറന്നവേഷമായ, വേഷംമറന്നായ.

**Vis'cĕr-a,** *pl. of* **Viscus. Vis'cĕr-al,** *etc.*, *s. u.* **Viscus.**

**Vis'cid, Vis'eŏus,** *a.* പററുള്ള, പശയുള്ള, ഒട്ടലുള്ള, കൊഴഞ്ഞനെയുള്ള, കൊഴത്ത, കഴമ്പായ. **=cid'i-ty, vis'eŏus-ness, vis-eos'i-ty,** *n.* പററല്, ഒട്ടല്, മുഴപ്പ്, കൊഴപ്പ്, സാന്ദ്രപാകം, ചിക്കണപാകം. **vis'cin,** *n.* ഒര് വക മരപ്പാല്, —മരപ്പശ, വെളിന്നിര്, വെളഞ്ഞീര്, വെളുന്നിനീര് (*N.*), മുളഞ്ഞ, മുളഞ്ഞല് (*S.*). **=eoid'al,** *a.* ഏതാനും പശയുള്ള. **vis-eō-sim'e-tĕr,** *n.* സാന്ദ്രത്വമാപനയന്ത്രം.

**Vīs'count** (vī'kount), **Vī'count,** *n.* (ഇംഗ്ലന്തിലെ നാലാംതരം പ്രഭുപദവിയായ) കൎത്താവ്; 2. താലൂക്കധികാരി. **vī-con'ti-el,** *a.* കൎത്താവിന്നുള്ള; താലൂക്കധികാരിയെ സംബന്ധിച്ച. **vī-con'ti-els,** *n. pl.* താലൂക്കധികാരിക്കുടിമവസ്തു. **-cy, -ship, -y,** *n.* കൎത്തൃപദവി, കൎത്തൃസ്ഥാനം, പ്രഭുസ്ഥാനം. **-ess,** *n.* കൎത്തൃപത്നി, കൎത്തി.

**Vis'eŏus, -ness,** *s. u.* **Viscid.**

**Vis'cum,** *n.* ഒര് വക ഇത്തിക്കണ്ണി (*b.*); വെളഞ്ഞിര്, മുളഞ്ഞ് (*S.*).

**Vis'cus** (*pl.* vis'cĕr-a), *n.* (*pl.*) തലച്ചോറ്, ഹൃദയം, ആമാശയം ആദിയായ അന്തരവയവം; കരള്; കുടല്, കുടല്മാല (*an.*). **vis'cĕr-al,** *a.* അന്തരവയവം സംബന്ധിച്ച (*an.*); ഗാഢബോധമുള്ള. **v.l cavity, v.l tube** വയറ്, പള്ള, കുടല്മാല (*an.*). **vis'cĕr-āte,** *v. t.* അന്തരവയവം എടുത്തുകളയുക, കുടലെടുക്കുക, കുടല് പറിക്കുക.

I. **Vīse,** *n.*, *s. a.* **Vice** II.

II. **Vī'se, Vī'sā** (vē'zā), *n.* (യൂരോപ്പ് ഭൂഖണ്ഡരാജ്യങ്ങളിൽ സഞ്ചരിക്കുന്നവൎക്ക് കയ്യിൽ വേണ്ടുന്നതായ രഹദാരി അതത് രാജ്യാധികാരികൾ നോക്കി അതിന്റെ പുറത്ത് കുറിക്കുന്ന) പരിശോധനാനുവാദലക്ഷ്യം. *v. t.* —പരിശോധിച്ചനുവാദം കുറിക്കുക.

**Vis̱'i-ble**, *a.* കണ്ണിന്ന് കാണാകുന്ന, ദൃഷ്ടിഗോചരമായ; 2. പ്രത്യക്ഷമായ, സ്പഷ്ടമായ, തെളിവുള്ള. **v. church** (ലോകത്തിലുള്ള) സമസ്ത ക്രിസ്ത്യാനിസഭ (*theo.*), **v. horizon** ദൃശ്യാംബരം. **=bil'i-ty, -ness**, *n.* ദൃഷ്ടിഗോചരത്വം; കാഴ്ച; പ്രത്യക്ഷത. **=bly**, *ad.* കണ്ണാലെ കാണത്തക്കവണ്ണം, പ്രത്യക്ഷമായി. **vis̱i'ŏn** (vizh'un), *n.* കാഴ്ച, ദർശനം; നേത്രേന്ദ്രിയം, നയനേന്ദ്രിയം, കണ്ണ് (*phys.*); ദൃഷ്ടിവിഷയം, കാണുന്നത്, കാഴ്ച; ദർശനം, സ്വപ്നം, വെളിപ്പാട്; ഛായ, മായക്കാഴ്ച, പ്രേതക്കാഴ്ച, ഭൂതം, പ്രേതം; മായാവിചാരം, സങ്കല്പം, മനഃസൃഷ്ടി, കല്പന, മനോരാജ്യം. **v.n purple, vis̱'ū-al purple** (നേത്രാന്തരപടലത്തിലെ) ധൂമ്രവർണ്ണപദാർത്ഥം (*phys.*). **beatific v.n** ദൈവദർശനം, സാലോക്യം (*theo.*). **direct v.n** സരളദൃഷ്ടി (*opt.*). **indirect v.n** കുടിലദൃഷ്ടി (*opt.*). **reflected v.n, refracted v.n** പ്രതിബിംബദൃഷ്ടി. **field of v.n** കുഴൽക്കണ്ണാടിക്കാഴ്ച. *v. t.* ദർശനം കാണുക, ദർശനം ഉണ്ടാക, സ്വപ്നം കാണുക, —സ്വപ്നിക്കുക, കിനാവ് കാണുക. **vis̱i'ŏn-al** (vizh'un-), *a.* കാഴ്ചസംബന്ധിച്ച, ദർശനസംബന്ധമായ. **vis̱i'ŏn-ar-i-ness** (viz'un-ĕr-i-), *n.* സങ്കല്പനാഗുണം, കല്പനാഗുണം. **vis̱i'ŏn-ar-y** (vizh'un-ĕr-i), *a.* ദർശനമായ; ദർശനംസംബന്ധിച്ച; ദർശനാനുകൂലമായ; സ്വപ്നമായ; മായക്കാഴ്ച കാണുന്ന; മായാവിചാരമുള്ള, മായാവിചാരമായ, തോന്നലായ, തോന്നുന്ന; സങ്കല്പമായ; അവാസ്തവമായ, വിചാരത്തിലുള്ള, ഭാവനാരൂപമായ. **vis̱i'ŏn-ar-y, vis̱i'ŏn-ist** (vizh'un-), *n.* വ്യർത്ഥവിചാരക്കാരൻ, മനോരാജ്യക്കാരൻ; മായക്കാഴ്ച കാണുന്നവൻ; കിനാവ് കാണുന്നവൻ. **vis̱i'ŏned** (vizh'und), *a.* ദർശനം കാണുന്ന; വെളിപ്പാടുള്ള, വെളിച്ചപ്പാടുള്ള; ദർശനമായ; സ്വപ്നമായ. **vis̱i'ŏn-less** (vizh'un-), *a.* ദർശനം കാണാത്ത; കാഴ്ചയില്ലാത്ത. **vis̱'ū-al**, *a.* കാഴ്ചസംബന്ധിച്ച; കാഴ്ചക്കുള്ള, നയനേന്ദ്രിയമായ; കാണത്തക്ക, ദൃഷ്ടിഗോചരമായ. **v.l point** ദൃഷ്ടികേന്ദ്രം. **v.l purple**, *s. a.* **v.n purple. v.l ray** ദൃഷ്ടിരേഖ. **vis̱'ū-al-īs̱e, vis̱'ū-al-īze**, *v. t.* ദൃഷ്ടിഗോചരമാക്കുക, കാണുമാറാക്കുക, പ്രത്യക്ഷമാക്കുക.

**Vis̱'i-goth**, *n.* പശ്ചിമഗോഥവംശക്കാരൻ. **=goth'ic**, *a.* —വംശജനായ.

**Visi'ŏn, -ar-y, -ist**, *etc.*, *s. u.* **Visible.**

**Vis̱'it**, *v. t.* ചെന്ന് കാണുക, വന്ന് കാണുക, കാണ്മാൻ ചെല്ലുക, കാണ്മാൻ വരിക, കാണ്മാൻ പോക, മുഖം കാണിക്കുക, ദർശിക്കുക, ഭേട്ടി കൊടുക്കുക; 2. പരിശോധിക്കുക, ചെന്ന് നോക്കുക; 3. സന്ദർശിക്കുക (*Bl.*). *v. i.* കാണ്മാൻ ചെല്ലുക, അന്യോന്യം ചെന്ന് കാണുക, (അന്യോന്യം ഭവനങ്ങളിൽ) പോക്കുവരവുണ്ടാക. *n.* ദർശനം, ചെന്ന് കാണൽ, കാണ്മാൻ ചെല്ലൽ, മുഖം കാട്ടൽ, കൂടിക്കാഴ്ച, ഭേട്ടി; 2. പരിശോധന, മേലന്വേഷണം. **right of v., right of vis̱-i-tā'tiŏn** (പടക്കപ്പൽനായകന്ന് അന്യരാജ്യക്കപ്പലിൽ കയറിനോക്കുവാനുള്ള) പരിശോധനാവകാശം. **=i-ta-ble**, *a.* ചെന്ന് കാണാകുന്ന; പോയിനോക്കാകുന്ന, പരിശോധിക്കാകുന്ന. **=i-tant**, *n.* കാണ്മാൻ വന്നവൻ, മുഖം കാട്ടുന്നവൻ; അതിഥി, വിരുന്നുകാരൻ. *a.* ചെന്ന് കാണുന്ന, കാണ്മാൻ ചെല്ലുന്ന. **=i-tā'tiŏn**, *n.* ദർശനം; പരിശോധന; അന്യരാജ്യക്കപ്പൽ പരിശോധന; സന്ദർശനം, (യേശുവിന്റെ അമ്മയായ മറിയ യോഹന്നാൻ സ്നാപകന്റെ അമ്മയായ എലിശബെത്തിനെ ചെന്ന് കണ്ടതിന്റെ ഓർമ്മക്കായി ജൂലായി 2-ാം നു- ഉള്ള) ദർശനസ്മാരകോത്സവം (*R. C.*). **=i-ta-tō'ri-al, =i-tō'ri-al**, *a.* കൂടിക്കാഴ്ചസംബന്ധിച്ച; പരിശോധനയായ. **=s̱īte'** (ve-zēt'), *n.* (സ്ത്രീകളുടെ) പട്ട് ചുമലാട. **=i-tĕr, =i-tŏr**, *n.* ചെന്ന് കാണുന്നവൻ, കാണ്മാൻ വന്നവൻ, വന്ന് കാണുന്നവൻ; വിരുന്നുകാരൻ, അതിഥി; പരിശോധകൻ. **-ing**, *a.* കൂടിക്കാഴ്ചസംബന്ധിച്ച. **v.g-book** കൂടിക്കാഴ്ചക്കുറിപ്പ് പുസ്തകം. **v.g-card** നാമപത്രം, പേര് നറുക്ക്.

**Vi'sne** (vē'ne *or* vēn) *n.* അയല്പ്പക്കം, അയൽപ്രദേശം; 2. സംഭവസ്ഥലം.

**Vis'nō-my,** *n.* മുഖം, മുഖരൂപം.

**Vi'son,** *n.* ഒര് വക നീർനായി (*z.*).

**Vis'ŏr, vis'ŏred** (-ĕrd), *s. u.* Visage.

**Vis'ta, Vis'tō,** *n.* കാഴ്ച, (മരങ്ങൾ മുതലായവയുടെ) ഇടയിൽക്കൂടിയുള്ള കാഴ്ച, നടക്കാവിൽ കൂടിയുള്ള കാഴ്ച; 2. നടക്കാവ്. [Visible.

**Vis'ū-al, -īse, -īze,** *etc., s. u.*

**Vi'tal, =tal'ic,** *a.* ജീവസംബന്ധമായ, ജീവ; 2. ജീവസന്ധാരണമായ, ജീവാധാരമായ, പ്രാണരക്ഷകമുള്ള; 3. ജീവനുള്ള, സജീവമായ; 4. ജീവകേന്ദ്രമായ, മർമ്മസ്ഥലമായ; 5. മരണകരമായ; 6. അത്യാവശ്യമായ, പ്രധാനമായ, മുഖ്യമായ, പ്രാമുഖ്യമായ, സാരമായ; 7. ജീവിക്കുന്ന, ശേഷിക്കുന്ന. v. air പ്രാണവായു, അമ്ലജബാഷ്പം (*ch.*). v. capacity ശ്വാസോച്ഛ്വാസശക്തി. v. force ജീവശക്തി (*biol.*). v. functions ജീവാധാരപ്രവൎത്തനം (*phys.*). v. principle അശരീരികജീവമൂലം. v. statistics ആയുഷ്കാലഗണനക്കണക്ക്. v. tripod, *s. u.* Tripod. *n.* മുഖ്യഭാഗം, മൎമ്മം, മൎമ്മസ്ഥാനം; 2. *pl.* (ഹൃദയം, ശ്വാസകോശം, തലച്ചോറ് എന്ന) പ്രാണാധാരേന്ദ്രിയങ്ങൾ; 3. *pl.* മുഖ്യാവശ്യം, പ്രധാനകാൎയ്യം. **-ism,** *n.* (ജീവേന്ദ്രിയപ്രവൎത്തനം ഒക്കയും അജ്ഞാതമായ അശരീരികജീവമൂലശക്തിയാൽ ഉളവാകുന്നതാകുന്നുവെന്ന) അശരീരിക ജീവമൂലവാദം (*biol.*). **-ist,** *n.* —വാദി. **-is'tic,** *a.* —വാദം സംബന്ധിച്ച, —വാദം ആയ. **=tal'i-ty,** *n.* സജീവത്വം; ജീവശക്തി, ജീവമൂലം; ജീവചൈതന്യം, ചൈതന്യം. **-i-sā'tiŏn, -i-zā'tiŏn,** *n.* സജീവമാക്കൽ; ജീവമൂലപ്രദായകത്വം; ജീവിപ്പിക്കൽ. **-īse, -īze,** *v. t.* സജീവമാക്കുക, ജീവിപ്പിക്കുക, ജീവചൈതന്യം വരുത്തുക. **-ly,** *ad.* സജീവമായി; ജീവനോടെ; മുഖ്യമായി.

**Vi-tel'lus,** *n.* (മുട്ടയിലെ) മഞ്ഞക്കരു, ചുകപ്പ്, അണ്ഡമദ്ധ്യം; 2. പേശിഗൎഭം (*biol.*); 3. ബീജസാരം (*b.*).

**Vi'ti-āte, =ā'tiŏn,** *s. u.* Vice I.

**Vī-tic'ū-lōse, Vī-ti-cul'tūre,** *etc., s. u.* Vitis.

**Vi-ti-li'gō,** *n.* പൊളുന്നിര, വെള്ളപ്പൊളുന്നിര, പൊളുകിര, പൊളീര (*med.*).

**Vi-ti-os'i-ty** (vish-i-), **Vi'tiŏus, Vi'tiŏus-ly, Vi'tiŏus-ness** (vish'us-), *s. u.* Vice I.

**Vi'tis,** *n.* മുന്തിരിവള്ളിവൎഗ്ഗം, ദ്രാക്ഷാവല്ലിവൎഗ്ഗം (*b.*). **=tic'ū-lōse,** *a.* വള്ളിക്കൊടിയുള്ള (*b.*). **=ti-cul'tū-ral,** *a.* മുന്തിരിക്കൃഷിസംബന്ധിച്ച. **=ti-cul'tūre,** *n.* മുന്തിരിക്കൃഷി, ദ്രാക്ഷാകൃഷി. **=ti-cul'tū-rist,** *n.* മുന്തിരിക്കൃഷിക്കാരൻ, മുന്തിരിത്തോട്ടക്കാരൻ.

**Vit're-ŏus,** *a.* സ്ഫടികമായ; 2. കണ്ണാടിപോലെയുള്ള; 3. സ്ഫടികസംബന്ധമായ; 4. സ്ഫടികജന്യമായ. v. body, v. humour (കണ്ണിലെ) സ്ഫടികമയരസം (*an.*). v. electricity സ്ഫടികവിദ്യുച്ഛക്തി (*elec.*). **vit're-ō-e-lec'tric,** *a.* സ്ഫടികവിദ്യുച്ഛക്തിയുള്ള (*elec.*). **-ness, =tres'cence** (-sens), *n.* സ്ഫടികമയത്വം. **=tres'cent,** *a.* കണ്ണാടി ആകാകുന്ന, സ്ഫടികമായി തീരുന്ന. **=tres'ci-ble, vit'ri-fī-a-ble,** *a.* സ്ഫടികം ആകാകുന്ന. **vit'ric,** *a.* സ്ഫടികമയത്വമുള്ള, പളുങ്കായ, കണ്ണാടിപോലെയുള്ള. **=ri-fac'tiŏn, =ri-fi-cā'tiŏn,** *n.* സ്ഫടികമാക്കൽ. **=ri-fac'tūre,** *n.* കണ്ണാടിയുണ്ടാക്കൽ, സ്ഫടികപാത്രം ഉണ്ടാക്കൽ. **='ri-fīed,** *a.* സ്ഫടികമായിത്തീൎന്ന, പളുങ്കായ, കാചമായ. **='ri-form,** *a.* കാചാകൃതിയായ, കാചമായ, സ്ഫടികതുല്യമായ. **='ri-fy,** *v. t.* സ്ഫടികമാക്കുക, പളുങ്കാക്കുക. *v. i.* കണ്ണാടിയായിത്തീരുക, പളുങ്കാകുക, കാചമാക. **vit'rīte,** *n.* കഠിനസ്ഫടികം, ഉരുകാപ്പളുങ്ക്.

**Vit'ri-ol,** *n.* തുരിശ് (*ch.*); 2. (*also* oil of v.) ഗന്ധകദ്രാവകം (*ch.*). blue v. തുത്ഥം, മയിൽതുത്ഥം (*ch.*). green v. ഈരക്കാസ്, അന്നഭേതി (*ch.*). white v. പാൽതുത്ഥം, വെള്ളത്തുത്ഥം. **-īse, -īze, =ō-lāte,** *v. t.* തുത്ഥമാക്കുക; ഗന്ധ

കർമ്മാവകം ആക്കുക; തുരിശ് ചേർക്കുക. =ō-lāte, =ō-lā-ted, *a.* തുരിശാക്കിയ. =ō-lā'tiŏn, -i-sā'tiŏn, -i-zā'tiŏn, *n.* തുത്ഥമാക്കൽ; തുത്ഥമായ്ത്തീരൽ. =ol'ic, -ŏus, *a.* തുരിശ് സംബന്ധിച്ച, തുരിശായ, തുത്ഥജന്യമായ. v.c acid ഗന്ധകർമ്മാവകം (*ch.*). -ī-sa-ble, -ī-za-ble, *a.* തുത്ഥമാക്കാകുന്ന. -īse, -īze, *v. t.* തുത്ഥമാക്കുക.

**Vit'rīte,** *n., s. u.* Vitreous.

**Vit'ta** (*pl.* vit'tæ), *n.* (മൃഗങ്ങളുടെ മേൽ ഉള്ള) വർണ്ണവര (*z.*). vit'tāte, *a.* വിലങ്ങനെ വരയുള്ള (*z.*).

**Vit'tū-line** (vit'ū-lin), *a.* പശുക്കിടാവിനെ സംബന്ധിച്ച, കട്ടന്നുള്ള; കടച്ചിക്കുള്ള.

**Vi-tū'pĕr-āte,** *v. t.* കററം പിടിക്കുക, കററം കാണുക; 2. ആക്ഷേപിക്കുക; 3. ശകാരിക്കുക; 4. അപവാദം പറയുക, കററം—. ='pĕr-a-ble, *a.* ആക്ഷേപയോഗ്യമായ. =pĕr-ā'tiŏn, *n.* അപവാദം പറയൽ, ദൂഷ്യം പറയൽ; ആക്ഷേപം, അധിക്ഷേപം; അപവാദം, കററം. ='pĕr-a-tive, *a.* അപവാദമായ; ആക്ഷേപം—; നിന്ദ—; ശകാരം—. ='pĕr-a-tive-ly, *ad.* അപവാദമായി, ആക്ഷേപമായി, ദൂഷ്യമായി.

**Vī-vā'ciŏus** (-vā'shus), *a.* അഭരാഗത ഉള്ള; 2. ദീർഘായുസ്സ്—; 3. ചുണ—, ചൊടി—, ഉല്ലാസഭാവം—; 4. കൊല്ലത്തോട് കൊല്ലം നില്ക്കുന്ന, അധികകാലം നില്ക്കുന്ന (*b.*). =vä'ce (-vä'chā), *a.* ചൊടിയുള്ള (*mus.*). *ad.* ചുണയോടെ, ചുറുക്കോടെ (*mus.*). -ly, *ad.* ചുറുചുറുപ്പോടെ. -ness, =vac'i-ty (-vas'i-), *n.* ചൊടി, ചുണ, മിടുക്ക്.

*Vi-van-di-ere'* (ve-voṅ-de-ār'), *n.* (പട്ടാളങ്ങൾക്ക് ഭക്ഷണക്കോപ്പുകളും മദ്യവും വില്ക്കേണ്ടതിന്ന് കൂടനടക്കുന്ന സ്ത്രീയായ) സൈന്യാനുചാരിക.

**Vī-vā'ri-um** (*pl.* vī-vā'ri-a), **Vī'va-ry,** *n.* മൃഗശാല, കാട്ട്മൃഗശാല; 2. ഉദ്യാനം; 3. തടാകം, ചിറ.

*Vī'va-v'ōcē* (vī'vā-vō'sē), *a.* വാക്കാലുള്ള, വായിവാക്കാലുള്ള, വാചാ.

**Viv'da,** *n., s. a.* Vifda.

**Vīve,** *v. i.* (ജീവിക്ക എന്നർത്ഥമുള്ള) മംഗളാശംസം; വാഴുക; ജയജയ.

**Vi-ver're,** *n.* മെരുവർഗ്ഗം, മെരുക് വർഗ്ഗം (*z.*). =ver'rne, *a.* മെരുവർഗ്ഗം സംബന്ധിച്ച.

**Vī'vĕrs** (vē'vĕrz), *n. pl.* ഭക്ഷണക്കോപ്പ്, തിൻപണ്ടം.

**Vīves** (vīvz), *n.* (കുതിരകൾക്കുണ്ടാകുന്ന) ചെവിമുഴ.

**Viv'id,** *a.* ജീവനുള്ളപോലെയുള്ള; 2. ഉള്ളപോലെയുള്ള, സാക്ഷാൽരൂപമായ; 3. ജീവൻ ഉള്ള, ചൈതന്യം—, ഊക്ക്—; 4. ശോഭനമായ; 5. ഗാഢമായ; 6. തേജോരൂപമുള്ള; 7. വിശിഷ്ടവർണ്ണമുള്ള. -ly, *ad.* ഉള്ളപോലെ, കൃത്യമായി; വിചിത്രമായി, ഭംഗിയായി. -ness, =vid'i-ty, *n.* ജീവചൈതന്യം; ശോഭ, ഭംഗി; കൃത്യത.

**Viv'i-fȳ,** =vif'i-cāte, *v. t.* സജീവമാക്കുക; 2. ജീവിപ്പിക്കുക; 3. ചൈതന്യം വരുത്തുക. =vif'ic, =vif'i-cal, *a.* ജീവിപ്പിക്കുന്ന; ജീവപ്രദായകമായ. =i-fi-cā'tiŏn, *n.* ജീവിപ്പിക്കൽ; സജീവമാക്കൽ; പുനരുജ്ജീവിപ്പിക്കൽ. ='i-fi-cā-tive, *a.* ജീവിപ്പിപ്പാൻ കഴിയുന്ന; ജീവിപ്പിക്കുന്ന.

**Vī-vip'a-rŏus,** *a.* കുട്ടികളെ പ്രസവിക്കുന്ന, ജരായുജമായ (*biol.*); 2. കണ്ടയിൽനിന്നുണ്ടാകുന്ന, കന്നായ, ആണ്ടയായ (*b.*); 3. വൃക്ഷത്തിന്മേൽനിന്ന് തന്നെ വിത്ത് മുളച്ചുണ്ടാകുന്ന. v. shell നമിഞ്ഞി; നമിച്ചി (*z.*). =vip'a-ra, *n. pl.* ജരായുജപ്രാണിവർഗ്ഗം (*biol.*). =par'i-ty, -ness, *n.* ജരായുജത്വം (*biol.*). -ly, *ad.* ജരായുജമായ, ജീവജമായ (*biol.*).

**Viv-i-sect',** *v. t.* ജീവനോടെ മുറിക്കുക, ജീവനോടെ മുറിച്ച് പരിശോധിക്കുക. =sec'tiŏn, *n.* സജീവഛേദനം. =sec'tiŏn-al, *a.* സജീവഛേദനമായ. =sec'tiŏn-ist, =sec'tŏr, *n.* സജീവഛേദകൻ.

**Vix'en** (viks'n), *n.* പെൺകുറുക്കൻ; 2. (പണ്ട്) ശൂണ്ഠി, കോപി; 3. (ഇപ്പോൾ) ശൂണ്ഠിക്കാരത്തി, കോപിഷ്ഠ. **-ish,** *a.* പെൺകുറുക്കനെ സംബന്ധിച്ച; പെൺകുറുക്കനെപ്പോലെയുള്ള; കോപിഷ്ഠയായ, കലഹക്കാരത്തിയായ. **-ly,** *a.* പെൺകുറുക്കനെപ്പോലെയുള്ള; കോപിഷ്ഠയായ.

**Viz,** *ad.* (*contr. f. of* **vī-del'i-cet**) എന്ന് വെച്ചാൽ, എന്തെന്നാൽ, അതാവിത്.

**Viz'ard,** *n., s.u.* **Visage.**

**Viz'iĕr, Vis'iĕr, Viz'ir, Viz'ĕr** (viz'-yĕr *or* vi-zēr'), *n.* മന്ത്രി; 2. (തുക്കിരാജ്യത്തിലെ) മേലുദ്യോഗസ്ഥൻ, 'ഒസീർ' (*M.*). **grand v., v.-azem** (തുക്കിയിലെ) പ്രധാനമന്ത്രി, മന്ത്രിപുംഗവൻ. **-āte,** *n.* മന്ത്രിസ്ഥാനം, മന്ത്രിപദവി. **vi-ziē'ri-al, vi-zĭ'ri-al,** *a.* മന്ത്രിയെ സംബന്ധിച്ച; മന്ത്രികല്പിച്ച.

**Viz'ŏr,** *n., s. u.* **Visage.**

**Vō'ca-ble,** *n.* പദം, ശബ്ദം, വാക്ക്, ചൊല്ല്. **=cab'ū-lar-y** (-lĕr-i), *n.* ശബ്ദകോശം, പദാവലി, അകാരാദി, നിഘണ്ടു; പദഗണം, പദസംഭാരം, പദക്കോപ്പ്. **=cab'ū-list,** *n.* നിഘണ്ടുരചകൻ, ശബ്ദകോശരചകൻ.

**Vō'cal,** *a.* ശബ്ദസംബന്ധമായ; 2. ധ്വനിയുള്ള; 3. സംസാരം സംബന്ധിച്ച; 4. സംസാരിക്കുന്ന; 5. ശബ്ദവ്യക്തിയുള്ള; 6. വാക്കാലുള്ള, വായിവാക്കാലുള്ള, വാചാ; 7. സ്വരോച്ചാരണമായ; ഒച്ച പുറത്ത് വരുന്ന, സ്വരമായ (*gr.*). **v. cords, v. chords** ധ്വനിഞരമ്പ്, ധ്വനിഞാണ് (*an.*). **v. fremitus** (സംസാരിക്കുമ്പോഴുള്ള) മാറനക്കം (*med.*). **v. music** വായിപ്പാട്ട്, സംഗീതം. **v. tube** ശബ്ദനാളം (*an.*). *n.* ധ്വനി; 2. സ്വരം (*gr.*); 3. ചീട്ടിട്ടുവാൻ അവകാശം ഉള്ളവൻ, വരണാവകാശി (*R. C.*). **=cal'ic,** *a.* സ്വരം സംബന്ധിച്ച, സ്വരമായ (*gr.*). **-ism,** *n.* ശബ്ദപ്രയോഗം; സംസാരേന്ദ്രിയപ്രയോഗം; ശബ്ദം; ഉച്ചാരണം. **-ist,** *n.* പാട്ടുകാരൻ, വായിപാട്ടുകാരൻ, ഗായകൻ, സംഗീതക്കാരൻ. **=cal'i-ty, -ness,** *n.* ഉച്ചാരണം; ഉച്ചരണീയത്വം; ഒച്ച; സ്വരഗുണം. **-i-sā'tiŏn, -i-zā'-tiŏn,** *n.* ഉച്ചരിക്കൽ; ഉച്ചാരണം; സ്വരോച്ചാരണം. **-īse, -īze,** *v. t.* ഉച്ചരിക്കുക; ശബ്ദം പുറപ്പെടുവിക്കുക; ശബ്ദവ്യക്തിവരുത്തുക; സ്വരം ഉച്ചരിക്കുക. **-ly,** *ad.* ശബ്ദത്തോടെ; വായികൊണ്ട്, വായിവാക്കാലെ.

**Vō-ca'tiŏn,** *n.* വിളി, കല്പന; നിശ്ചയം; 2. തൊഴില്, വേല, പ്രവൃത്തി, ഉദ്യോഗം; വ്യാപാരം; 3. ദിവ്യവിളി, ദൈവവിളി (*theo.*); രക്ഷണ്യവിളി, ദൈവശുശ്രൂഷക്കുള്ള വിളി. **voc'a-tive,** *a.* വിളിരൂപമായ, സംബോധനാരൂപമായ (*gr.*). **v.e case** സംബോധനവിഭക്തി (*gr.*). *n.* സംബോധനവിഭക്തി (*gr.*).

**Vō-cif'ĕr-āte,** *v. i. & t.* നിലവിളിക്കുക, ഉച്ചത്തിൽ ശബ്ദിക്കുക, കൂക്കി(ക്ക്) വിളിക്കുക, അലറുക, കതറുക (*P.*), തൊള്ളയിടുക (*S.*). **=ance, =ā'tiŏn,** *n.* നിലവിളിക്കൽ, നിലവിളി, ഊയ്യാരം, കൂക്കിവിളി, അലച്ച്, തൊള്ളയിടൽ, കതച്ച്. **=ant, =cif'ĕr-ŏus,** *a.* നിലവിളിക്കുന്ന, തൊള്ളയിടുന്ന; വളരെ ശബ്ദമുള്ള; ബഹളം കൂട്ടുന്ന. **=ā-tŏr,** *n.* നിലവിളിക്കുന്നവൻ, അലറുന്നവൻ. **=cif'ĕr-ŏus-ly,** *ad.* ഉറക്കെ, ഉച്ചത്തിൽ; നിലവിളിയായി. **=cif'ĕr-ŏus-ness,** *n.* നിലവിളി, ഊയ്യാരം; ബഹളം.

**Voc'ūle,** *n.* ലഘുശബ്ദം, അല്പപ്രാണവർണ്ണം (*gr.*). **voc'ū-lar,** *a.* ലഘുധ്വനിയായ; അല്പപ്രാണമായ (*gr.*).

**Vod'ka,** *n.* (റഷ്യയിലെ) ചെറുകോതമ്പ് ചാരായം, ധാന്യറാക്ക്.

**Vōe** (vō), *n.* ഉൾക്കടല്; 2. കടൽപ്പള്ള; 3. ഇടക്കടല്.

**Vōgue** (vōg), *n.* നടപ്പ്, വഴക്കം, ആചാരം, നടവടി, രൂഢി, മര്യാദ. **in v.** നടപ്പായ, വഴക്കമായ.

**Voice** (vois), *n.* ശബ്ദം, ധ്വനി, സ്വനം, നാദം; 2. സ്വരം, മനുഷ്യശബ്ദം; 3. അല്പപ്രാണശബ്ദം (*gr.*); 4. സംസാരേന്ദ്രിയം, സംസാരശക്തി; 5. വാക്ക്, വച

നം, ചൊല്ല്; സംസാരം; ഭാഷ; 6. സംസാരവിധം, സംസാരരീതി; 7. കല്പന, ചട്ടം, ആജ്ഞ (*Bl.*); 8. ഭാഷകൻ, സംസാരിക്കുന്നവൻ; 9. അഭിപ്രായം, മതം, അഭിമതം; തീർപ്പ്; ചീട്ട്; 10. ക്രിയാപ്രയോഗം (*gr.*). **v.-glide** (രണ്ടു വ്യഞ്ജനങ്ങൾ തുടരെ ഉച്ചരിക്കുമ്പോൾ സ്വരത്തിൽ ഉണ്ടാകുന്ന) ധ്വനിയൊഴുക്കം, ധ്വനിസന്ധി (*gr.*). **v.-stop v.d stop** (മൃദുവർണ്ണോച്ചാരണത്തിലുള്ള) സ്വരതടസ്ഥം (*gr.*). **active v.** (ക്രിയയുടെ) കർത്തൃപ്രയോഗം, കർത്തരിപ്രയോഗം, പരസ്മൈപദം (*gr.*). **chest-v.** നീചസ്വരം, മാറൊച്ച (*mus.*). **head-v.** ഉച്ചസ്വരം, തലയൊച്ച (*mus.*). **middle v.** (ചില ഭാഷകളിൽ ക്രിയക്കുള്ള) ആത്മപ്രയോഗം, ആത്മനേപദം (*gr.*). **passive v.** (ക്രിയയുടെ) കർമ്മണിപ്രയോഗം, കർമ്മത്തിൽ ക്രിയ (*gr.*). **with one v.** ഐക്യകണ്ഠേന, ഐകമത്യമായി, ഒത്തൊരുമിച്ച്, ഒരുമനപ്പെട്ട്. *v. t.* ശബ്ദിക്കുക, ശബ്ദം പുറപ്പെടുവിക്കുക; 2. ഉച്ചരിക്കുക, ചൊല്ലുക, പറയുക; 3. പ്രസ്താവിക്കുക, പ്രസിദ്ധമാക്കുക, അറിയിക്കുക; 4. സ്വരമായി ഉച്ചരിക്കുക (*gr.*); 5. (വാദ്യത്തിൻെറ) സ്വരമൊപ്പിക്കുക. **voiced** (voist), *a.* ശബ്ദമുള്ള, ഉച്ചരിതമായ; സ്വരമായി ഉച്ചരിച്ച (*gr.*). **-'ful**, *a.* ശബ്ദമുള്ള; ഉറച്ചശബ്ദമായ; സ്വരമായ. **-'less**, *a.* ശബ്ദമില്ലാത്ത; ഉച്ചരിക്കാത്ത; മൌനമായ; മൃദുവർണ്ണമായ (*gr.*). **v.s stop** നിശ്ശബ്ദവ്യഞ്ജനം. **-'less-ly**, *ad.* നിശ്ശബ്ദമായി, മൌനമായി. **-'less-ness**, *n.* നിശ്ശബ്ദത്വം.

**Void**, *a.* ഒന്നും ഇല്ലാത്ത, പാഴായ, ശൂന്യമായ, 2. (ഉദ്യോഗം) ഒഴിവായ, ആളില്ലാത്ത; 3. ഇല്ലാത്ത, രഹിതമായ; 4. നിഷ്ഫലമായ, വ്യർത്ഥമായ, വെറുതെയുള്ള; 5. നിരർത്ഥകമായ, സത്വമില്ലാത്ത; 6. അസാധുവായ, ദുർബ്ബലമായ (*l.*). **v. space** വായുരിക്തസ്ഥലം, രിക്തത. **to make v.** അസാധുവാക്കുക; നിഷ്ഫലമാക്കുക; ലംഘിക്കുക. *n.* വായുരഹിതസ്ഥലം, രിക്തത. *v. t.* ഒഴിക്കുക; 2. ഒഴിവാക്കുക; 3. ഒഴിഞ്ഞ് കൊടുക്കുക, ഉപേക്ഷിക്കുക, വിട്ട് കൊടുക്കുക; 4. വിസർജ്ജിക്കുക, പുറത്താക്കുക, നീക്കുക; 5. ദുർബ്ബലപ്പെടുത്തുക, അസാധുവാക്കുക. *v. i.* വിസർജ്ജിക്കുക, മലശോധനയുണ്ടാക, വിരേചനമുണ്ടാക. **-'a-ble**, *a.* വിസർജ്ജനീയമായ; അസാധുവാക്കാകുന്ന, ദുർബ്ബലപ്പെടുത്താകുന്ന. **-'ance**, *n.* ഒഴിവാക്കൽ; ഒഴിക്കൽ; വിസർജ്ജിക്കൽ, നീക്കൽ; ബോധകസ്ഥാനഭ്രഷ്ട് (*eccl.*); ഒഴിവ്, ബോധകോദ്യോഗയൊഴിവ്. **-'ed**, *a.* ഒഴിവാക്കിയ; വിട്ട് കൊടുത്ത; ദുർബ്ബലപ്പെട്ട, അസാധുവായ. **-'ĕr**, *n.* ഒഴിക്കുന്നവൻ, ഒഴിഞ്ഞ് കൊടുക്കുന്നവൻ, ദുർബ്ബലപ്പെടുത്തുന്നവൻ; എച്ചിൽ കൊട്ട, എച്ചിലെടുക്കുന്നവൻ, അടിച്ച് തളിക്കുന്നവൻ, തളിക്കുന്നവൻ. **-'ing**, *n.* ഒഴിക്കൽ, ഒഴിവാക്കൽ; എച്ചില്, ഉച്ഛിഷ്ടം; വിസർജ്ജിതം, മലം. **v.g knife** എച്ചിൽക്കത്തി. *a.* എച്ചിലെടുക്കുന്ന. **-'ness**, *n.* ഒഴിവ്, ശൂന്യത; രിക്തത; അസാധുത; സത്വരഹിതത്വം.

*Voir dire* (vwär dēr) സത്യം ചെയ്യിക്കൽ (*l.*).

**Voi'tūre**, *n.* വണ്ടി, ശകടം.

**Voi'vōde**, *n. s. a.* **Waywode.**

**Vol'ant**, *a.* പറക്കുന്ന, പാറുന്ന; 2. നടപ്പായ, നാണ്യമായ; 3. വേഗതയുള്ള, ത്വരിതമായ, ചുറുക്കുള്ള; 4. ചിറക് വിടത്തിയ (*her.*). **v. piece** കണ്ഠകവചം. **=ā'ciōus** (-ā'shus), *a.* പറക്കുന്ന; പറക്കുവാൻ കഴിയുന്ന. **=ä-dor'**, *n.* പറക്കുന്ന മീന്, പാറുന്ന മീന് (*z.*). **vol-i-tā'-tiŏn**, *n.* പറക്കൽ, പാറൽ.

**Vol-ä-pu̥k'**, *n.* (1879ഇൽ നിർമ്മിച്ച) സമസ്തലോകഭാഷ, സർവ്വസാമാന്യഭാഷ. **-ist**, *n.* സമസ്തലോകഭാഷജ്ഞൻ; സർവ്വസാമാന്യഭാഷാനുകൂലി.

**Vō'lar**, *a.* ഉള്ളംകൈ സംബന്ധിച്ച (*an.*); 2. ഉള്ളങ്കാല് — (*an.*).

**Vol'a-tile** (-til), *a.* പറന്ന് പോകുന്ന; 2. ആവിയായി പോകുന്ന, ഇല്ലാതെ പോകുന്ന, വററിപ്പോകുന്ന, കറുകിപ്പോകുന്ന; 3. ലഘുമനസ്സുള്ള, അല്പസന്തുഷ്ടിയുള്ള; ഉല്ലാസഭാവമുള്ള; 4. ചഞ്ചലമുള്ള, ചാപല്യമുള്ള; 5. കാരോരിക്കൽ കാരോപ്രകാര

മായ. v. substances (കപ്പൂരം കസ്തൂരിയാദിയായി കാലപ്പഴക്കത്തിൽ തനിയെ ഇല്ലാതെപോകുന്ന) വായുനശ്വരപദാൎത്ഥം, ലോപദ്രവ്യം. v. liquids ലോപദ്രാവകം. v. oils ലോപതൈലം, പരിമളതൈലം. *n.* ചിറകുള്ള പ്രാണി; 2. കാട്ടുകോഴി; കാട്ടുപക്ഷി (*z.*). -ness, =til'i-ty, *n.* വായുനശ്വരത്വം ലോപത്വം; അസ്ഥിരത, ചാപല്യം. =til-ī-sa-ble, =til-ī-za-ble, *a.* വായുനശ്വരമായ; ആവിയായി പോയ്പോകാകുന്ന, നാസ്തിയാക്കാകുന്ന. =til-i-sā'tiŏn, =til-i-zā'tiŏn, *n.* ആവിയാക്കിക്കളയൽ; വായുനശ്വരത്വം. =til-īse, =til-īze, *v. t.* ആവിയാക്കിക്കളയുക, വായുനശ്വരത്വം വരുത്തുക.

Vol-au-vent' (vol-o-văn'), *n.* ഇറച്ചിയട, മീനട (*ck.*).

Vol-eā'nō, *n.* അഗ്നിപൎവ്വതം, തീമല, ആഗ്നേയഗിരി, ജ്വാലാമുഖം, ജ്വാലാമുഖി. =eā'ni-an, =ean'ie, *a.* അഗ്നിപൎവ്വതം സംബന്ധിച്ച; അഗ്നിപൎവ്വതജന്യമായ; ബഡവാഗ്നിജന്യമായ, ഭൂവന്തരഗ്നിജന്യമായ. v.c bomb (അഗ്നിപൎവ്വതത്തിൽനിന്നു പുറപ്പെടുന്ന) ദ്രവശിലഗോളം. v.c foci ഭൂകമ്പകേന്ദ്രം, അഗ്നിപൎവ്വതഗൎഭം. v.c glass ദ്രവശിലാസ്ഫടികം. v.c mud അഗ്നിപൎവ്വതച്ചളി. v.c rocks അഗ്നിപൎവ്വതത്താൽ ഉണ്ടായ പാറ, അഗ്നിപൎവ്വതപ്പാറ. =ean'i-eal-ly, *ad.* അഗ്നിപൎവ്വതമായി, അഗ്നിപൎവ്വതം പോലെ. =ean-ic'i-ty, ='ean-ism, =ean'i-ty, *n.* അഗ്നിപൎവ്വതഗുണം, അഗ്നിപൎവ്വതശക്തി. ='ean-ist, *n.* അഗ്നിപൎവ്വതശാസ്ത്രജ്ഞൻ; (ഭൂമുഖം അഗ്നിയാലുണ്ടായതാണെന്നു പറയുന്ന) അഗ്നിജന്യഭൂമുഖവാദി. =ean-i-sā'tiŏn, =ean-i-zā'tiŏn, *n.* ബഡവാഗ്നിപ്രവൎത്തനം; അഗ്നിപൎവ്വതോഷ്ണമേല്ക്കൽ. ='ean-īse, ='ean-īze, *v. t.* അഗ്നിപൎവ്വതച്ചൂടു് ഏല്പിക്കുക, —തട്ടുക.

I. Vōle, *n.* (ചീട്ടുകളിയിലെ) പൂൎണ്ണജയം. *v. i.* എല്ലാ പിടിത്തവും കിട്ടുക.

II. Vōle, *n.* മൂഷികവൎഗ്ഗം, എലിവൎഗ്ഗം (*z.*); 2. കാട്ടെലി (*z.*). water-v. നീരെലി (*z.*).

Vol'ĕr-y, *n.* പക്ഷിക്കൂട്ടം; 2. വലിയ പക്ഷിക്കൂടു്, പഞ്ജരം.

Vol-i-tā'tiŏn, *n.*, *s. u.* Volant.

Vō-li'tiŏn (-lish'un), *n.* സങ്കല്പനം; 2. ചിത്തവൎത്തനം, ചിത്തം ഉണ്ടാകൽ, മനസ്സുവെക്കൽ; 3. ഇച്ഛ, ആഗ്രഹം, മനസ്സു്, താല്പൎയ്യം; 4. മനഃശക്തി, ചിച്ഛക്തി, ചിത്തശക്തി, ചിത്തം, ചിത്തവൃത്തി, മനസ്സു്. =li'tient (-lish'ent), *a.* ചിത്തപ്രവൎത്തനമുള്ള; മനസ്സുള്ള, ഇച്ഛയുള്ള, ചിത്തശക്തിയുള്ള; ഇഷ്ടാനുസാരം പ്രവൃത്തിക്കുന്ന. =li'tiŏn-al (-lish'un-), *a.* ചിത്തശക്തി സംബന്ധിച്ച. vol'i-tive, *a.* മനഃശക്തി—; മനസ്സിൽ ഉണ്ടാകുന്ന; ചിത്തശക്തിയുള്ള; അനുവാദകമായ, അനുവാദകരൂപമായ, നിയോഗരൂപമായ (*gr.*).

Volks'lied (folks'let), *n.* (*pl.* volks'-lied-ĕr) രാജ്യപ്പാട്ടു്, ദേശപ്പാട്ടു്; പൊതുസംഗീതം (*mus.*).

Vol'ley (vol'li), *n.* ശരവൎഷം, ഉണ്ടമഴ; 2. അണിവെടി; 3. കൂട്ടം, ഗണം; 4. (വലപ്പന്താട്ടത്തിൽ പന്തു് നിലത്തു് തട്ടുമ്മുമ്പെ തിരിച്ചടിക്കുന്ന) മാററടി. v.-gun അധികകുഴൽതോക്കു്, യന്ത്രത്തോക്കു്, ബഹുകുഴൽയന്ത്രത്തോക്കു്. half v. (വലപ്പന്താട്ടത്തിൽ പന്തു് നിലത്തു് തട്ടിയശേഷം തിരിച്ചടിക്കുന്ന) തെറിച്ചടി. *v. t.* അണിവെടിവെക്കുക, ശരവൎഷം തൂകുക, ഉണ്ടമഴ പൊഴിക്കുക. *v. i.* അണിവെടിവെക്കുക, ഒരുമിച്ചു് വെടിവെക്കുക; 2. (വലപ്പന്താട്ടത്തിൽ) മാററടിയടിക്കുക. ='lyed (-'lid), *a.* അണിവെടിയായ; തുടരിടിയായ.

I. Vōlt, *n.* (കുതിരയുടെ) ചുററിനടത്തം; 2. (അങ്കപ്പോരിൽ) അമച്ച.

II. Vōlt, *n.* വിദ്യുച്ഛക്തിമാത്ര (*elec.*). =tā'ie, *a.* വിദ്യുച്ഛക്തിജനകസൂത്രമായ; ലോഹജന്യവിദ്യുച്ഛക്തിസംബന്ധിച്ച. v.c arc വിദ്യുദ്ധനുസ്സു്, മിന്നൽവില്ലു് (*elec.*). v.c battery ലോഹജന്യവിദ്യുജ്ജനകസൂത്രം. v.c electricity ലോഹജന്യവിദ്യുച്ഛക്തി. v.c protection of metals (ഒരു ലോഹം പൂശി മറെറാരു ലോഹം കറപിടിക്കാതാക്കുന്ന) ലോഹരക്ഷാസൂത്രം.

vol'ta-ism, *n.* (*also* galvanism) ലോഹജന്യവിദ്യുച്ഛക്തി (*elec.*). vol-tam'-e-tĕr, *n.* വിദ്യുച്ഛക്തിമാപനയന്ത്രം.

Vol'ta (*pl.* vol'te), *n.* ആവൎത്തനം, സംഗീതാവൎത്തനം (*mus.*). *una v.* ഒരിക്കൽ. *seconda v.* രണ്ടാവൎത്തി, രണ്ട് വട്ടം (*mus.*).

Vol-tā'ic, Vol'ta-ism, Vol-tam'-e-tĕr, *etc.*, *s. u.* Volt II.

Vol-ti-ġeur' (-zhĕr'), *n.* മറിയുന്നവൻ, കരണംമറിയുന്നവൻ, മറിച്ചൽകാരൻ, തുള്ളക്കാരൻ; 2. കറിവെടിക്കാരൻ (*mil.*).

Vol'ū-ble, *a.* ഉരുളുന്ന, തിരിയുന്ന, ഇളകുന്ന, ചുററിത്തിരിയുന്ന; 2. (സംസാരത്തിൽ) ഒഴുക്കമുള്ള, വേഗതയുള്ള; വാചാലതയുള്ള, ലളിതമായ; 3. തമ്മിൽ പിണെയുന്ന, ചുററിപ്പടരുന്ന, വള്ളിയായ (*b.*). v. stem വള്ളി, കൊടി (*b.*). =lū'bi-lāte, =bile (-bil), *a.* ചുററിപ്പിടിക്കുന്ന, മരത്തിന്മേൽ പടരുന്ന. =bil'i-ty, -ness, *n.* ഉരുൾച്ച; ഒഴുക്കം; പിണെച്ചൽഗുണം. =bly, *ad.* ഉരുൾച്ചയോടെ; ലളിതമായി.

Vol'ūme, *n.* പുസ്തകം, ഗ്രന്ഥം; 2. പുസ്തകാംശം, പുസ്തകഭാഗം; 'വാല്യം'; 3. ചുരുള്, ചുറ; 4. കണ്ടിയളവ്, വിസ്താരം, വലിപ്പം, പരിമാണം; 5. സ്വരപുഷ്ടി (*mus.*). vol'ūmed (-ūmd), *a.* പുസ്തകമായ; ചുരുളായ; വിസ്താരമുള്ള, വലിയ, വണ്ണമുള്ള. =me-nom'e-tĕr, *n.* ഘനദ്രവ്യമാപനയന്ത്രം (*ph.*). =me-nom'e-try, *n.* ഘനദ്രവ്യമാപനം. =lū'me-scōpe, *n.* വാഷ്പപരിമാണവികാരദൎശിനി (*ph.*). =lū'me-tĕr, *n.* വാഷ്പമാപനയന്ത്രം (*ph.*). =met'ric, =met'ri-cal, *a.* ബാഷ്പപരിമാണം സംബന്ധിച്ച. =lū'mi-nŏus, *a.* പരിമാണം സംബന്ധിച്ച; ചുറചുറയായ, മടക്കുള്ള; വിശാലമായ; വലിയ, വണ്ണമുള്ള, ബ്രഹ്മാണ്ഡമായ; അനേകം പുസ്തകങ്ങളുള്ള; വളരെ പുസ്തകം എഴുതിയ, വലിയ ഗ്രന്ഥരചകനായ. =lū'mi-nŏus-ly, *ad.* വളരെ, അധികം. =lū'mi-nŏus-ness, *n.* വലിപ്പം; വിസ്തീൎണ്ണത.

Vol'un-tar-y (-tĕr-i), *a.* മനസ്സാലെയുള്ള, സ്വേച്ഛാനുസാരമായ; 2. അന്യനിൎബ്ബന്ധമില്ലാത്ത, സ്വമനസ്സാലെയുള്ള, സ്വാതന്ത്ര്യമായ; 3. മനഃപൂൎവ്വകമായ; 4. കല്പിച്ച്കൂട്ടിച്ചെയ്യ, കരുതിക്കൂട്ടിച്ചെയ്യ; 5. ഇച്ഛാധീനമായ, ചിത്താധീനമായ (*phys.*); 6. മനഃശക്തിയുള്ള; 7. ചിത്തസ്വാതന്ത്ര്യമുള്ള; 8.സ്വാതന്ത്ര്യമുള്ള, സ്വേച്ഛപ്രകാരമുള്ള (*l.*); 9. പ്രതിഫലമില്ലാത്ത, സൌജന്യമായ, ദാനമായ; 10. സ്വയഭരണമുള്ള, സ്വയാധീനമായ (*eccl.*). v. conveyance ദാനം (*l.*), *n.* 'ഉമേദാര്', 'ഉമേദാരൻ'; പ്രതിഫലം ഇല്ലാതെ പ്രവൃത്തിക്കുന്നവൻ; 2. പ്രവൃത്തിശീലിക്കുന്നവൻ; 3. സ്വന്തമനസ്സാലെ ചെയ്യുന്നവൻ; 4. (വാദ്യം)സങ്കല്പവായന; 5. (ക്രിസ്ത്യാനിദൈവാരാധനയിൽ ഉള്ള) പ്രാരംഭവാദ്യം; —ഉപസംഹാരവാദ്യം (*mus.*); 6. സ്വാധീനസഭാവാദി (*eccl.*). =tar-i-ly, *ad.* മനസ്സാലെ; മനഃപൂൎവ്വമായി; സ്വാതന്ത്ര്യമായി; സൌജന്യമായി; സ്വമേധയാ. =tar-i-ness, *n.* മനഃപൂൎവ്വകത്വം; ചിത്തസ്വാതന്ത്ര്യം. -iṣm, *n.* സ്വാതന്ത്ര്യസഭാവാദം, സ്വാധീനസഭാ—, സ്വയഭരണ— (*eccl.*). =un-tēer', *n.* സൌജന്യപ്രവൃത്തിക്കാരൻ, സ്വമനസ്സാലെ പ്രവൃത്തിക്കുന്നവൻ, ശമ്പളം ഇല്ലാതെ—; പ്രവൃത്തിശീലിക്കുന്നവൻ; സ്വാതന്ത്ര്യപട്ടാളക്കാരൻ, 'ഉമേദാർ'പട്ടാളക്കാരൻ, സ്വമേധപ്പടയാളി, സ്വാതന്ത്ര്യപ്പടയാളി (*mil.*); (വസ്തു) ദാനംകിട്ടിയവൻ (*l.*). *a.* മനസ്സാലെയുള്ള; സ്വാതന്ത്ര്യപ്പടയാളിയായ, 'ഉമേദാർ'പട്ടാളമായ. *v.t.* & *i.* സ്വന്തമനസ്സാലെ ഏല്ക്കുക, —ചെയ്യുക; പ്രതിഫലം കൂടാതെ പ്രവൃത്തിക്കുക.

Vo-lup'tū-ŏus, =lup'tū-ar-y (-ĕr-i), *a.* സുഖപ്രിയം ഉള്ള, ഭോഗപ്രിയം—; 2. വിഷയാസക്തി—, വിഷയലമ്പടത്വം—, കാമാതുരം—, ക്രീഡാസക്തി—; 3. മദോന്മത്തനായ, വിടനായ. =lup'tū-ar-y, *n.* സുഖപ്രിയൻ, ഭോഗേച്ഛു; കാമുകൻ, വിഷയാസക്തൻ, ക്രീഡാസക്തൻ; വിടൻ, മദോന്മത്തൻ. -ly, *ad.* സുഖഭോഗപ്രിയത്തോടെ, വിഷയാസക്തിയോടെ. -ness, *n.* ഭോഗേച്ഛ, ഭോഗ

പ്രിയം, കാമാതുരത്വം, വിഷയാസക്തി; മദോന്മാദം.

**Vo-lūte′**, *n.* ചുറവുശൃംഗാരം (*arch.*); 2. പിരിശംഖ് (*z.*). v. spring ചുറവില്ല്. **vol-ū-tā′tiŏn**, *n.* ഉരുൾച്ച, കിടന്നുരുളൽ. **vol-ū′ted**, *a.* ചുറവുശൃംഗാരമുള്ള. **vol-ū′tiŏn**, *n.* ചുറച്ചല്, ചുരുൾ; ശംഖ്പിരി.

**Vol′vox**, *n.* (വെള്ളത്തിലെ) അണു [ച്ചമ്മി (*b.*).

**Vol′vū-lus**, *n.* ആന്ത്രശൂല, ശൂലവേദന (*med.*); 2. കടല്മറിയൽ, ഉദാവർത്തം (*med.*).

**Vō′mĕr**, *n.* കൊഴുവെല്ല് (*an.*). **-ine**, *a.* കൊഴുവെല്ല്സംബന്ധിച്ച (*an.*).

**Vom′i-ca**, *n.* ശ്വാസകോശപത്രു (*med.*); 2. വിദ്രധി, കുരു (*med.*).

**Vom′ic nut**, *n.* കാഞ്ഞിരക്കുരു (*b.*).

**Vom′it**, *v. i.* ഛർദ്ദിക്കുക, വമിക്കുക, കാറുക, കക്കുക, കാല്കുക (*S.*). *v. t.* (up, out) ഛർദ്ദിക്കുക; 2. തേക്കുക, തേട്ടുക; 3. ഓക്കാനിക്കുക; 4. പുറത്തേക്ക് തള്ളുക, പുറപ്പെടുവിക്കുക. *n.* ഛർദ്ദിച്ചത്, വമിതം; 2. വമനൌഷധം, ഛർദ്ദിപ്പിക്കുന്ന മരുന്ന് (*med.*). **v.-nut** കാഞ്ഞിരക്കുരു (*b.*). **-ing**, *n.* ഛർദ്ദി, വമം, വമി, കാറല്, കക്കല്. **=mi′tiŏn** (-mish′un), *n.* ഛർദ്ദിക്കൽ, വമനം. **=′i-tive, =′i-tŏr-y**, *a.* ഛർദ്ദിയരുത്തുന്ന, ഛർദ്ദിപ്പിക്കുന്ന, വമകമായ. **=′i-tŏr-y**, *n.* വമനൌഷധം (*med.*); ഛർദ്ദി; പടിവാതില്, രംഗവാതില്. **=′i-tū-ri′tiŏn** (-rish′un), *n.* ഓക്കാനം (*med.*).

**Voo′doo, -ism**, *n.* (നരബലി, മാനുഷഭോജനം മുതലായതോട് കൂടി കാഫ്രികളുടെ ഇടയിലുള്ള) മഹാക്ഷുദ്രം.

**Vō-rā′ciŏus** (-rā′shus), *a.* അലച്ച(ച്ച)യുള്ള, അലന്ന(ന്ന), കൊതിയുള്ള, ബുഭുക്ഷയുള്ള; 2. തിന്നിഭ്രാന്തുള്ള; 3. അതിവിശപ്പുള്ള, അത്യഗ്നിയുള്ള; 4. പിടിച്ച്പറിയായ; 5. ദുർമ്മോഹമുള്ള, ദുരാഗ്രഹമുള്ള. **-ly**, *ad.* പെരുങ്കൊതിയോടെ; ബുഭുക്ഷയോടെ. **-ness, =rac′i-ty**, *n.* അലച്ച, നണ, പെരുങ്കൊതി; തിന്നിഭ്രാന്ത്; അത്യഗ്നി; അത്യാഗ്രഹം.

**Vō-rag′i-nŏus**, *a.* ഉൾക്കുടല് സംബന്ധിച്ച; 2. ഉൾക്കുടലുകളുള്ള; 3. അഗാധമായ; 4. വിഴുങ്ങുന്ന.

**Vor′tex** *n.* (*pl.* **Vor′ti-cēs**), ചുഴി, ചുഴിപ്പ്; 2. പരിവർത്തനാണുസഞ്ചയം (*phil.*). v. atom പരിവർത്തനമൂലാണു (*phil.*). **vor′ti-cal, vor′ti-cōse, =tig′-i-nŏus**, *a.* ചുററിത്തിരിയുന്ന; പരിവർത്തിക്കുന്ന; ചുഴിയുള്ള; ചുഴിയായ. **vor′ti-cal-ly**, *ad.* ചുഴിചുഴിയായി; പരിവർത്തനമായി.

**Vō′tar-y** (-tĕr-i), **=tar-ist**, *n.* നേർച്ചക്കാരൻ, നിവേദിതൻ; 2. ഭക്തൻ, നിഷ്ഠക്കാരൻ, ഭജനക്കാരൻ, ഉപാസകൻ, പൂജകൻ. *a.* നേന്ന, നേർച്ചയുള്ള; 2. നിവേദിതമായ; 3. നിഷ്ഠയുള്ള; 4. പ്രാർത്ഥനയായ. **=tar-ess, vō′tress**, *n.* ഭക്ത, നിഷ്ഠക്കാരത്തി, നേർച്ചയുള്ളവൾ, നിവേദിത; ദാസി.

**Vōte**, *n.* ഇഷ്ടം, മനസ്സ്, അഭിപ്രായം, മതം, അഭിമതം, ഹിതം; 2. അഭിപ്രായാവകാശം, വരണാധികാരം, ചീട്ട്, വരണച്ചീട്ട്; 3. അധികപക്ഷാഭിപ്രായം, ഭൂരിപക്ഷാഭിപ്രായം; 4. അഭിപ്രായപ്രസ്താവന; 5. പരിക്ഷച്ചീട്ട്, പക്ഷാഭിപ്രായം. casting v. (ഇരുഭാഗവും ശീട്ടുകൾ തുല്യമായിരിക്കുമ്പോൾ അഗ്രാസനൻ ഇടുന്ന) തീർമ്മാനച്ചീട്ട്. cumulative v. കൂട്ട്ശീട്ട്. *v. i.* അഭിപ്രായം പറയുക, അഭിമതം അറിയിക്കുക, ശീട്ടിടുക. *v. t.* വരിക്കുക; 2. ബഹുപക്ഷാഭിപ്രായപ്രകാരം തീച്ചപ്പെടുത്തുക; 3. തീച്ചപ്പെടുത്തുക. **vō′tĕr**, *n.* ചീട്ടിടുന്നവൻ, ചീട്ടവകാശമുള്ളവൻ, വരണാധികാരമുള്ളവൻ. **vō′-ting**, *a.* ചീട്ടായ; അഭിപ്രായം പറയുന്ന; ചീട്ടിടുന്ന. v.g-paper വരണച്ചീട്ട്. *n.* ചീട്ട് ഇടൽ; വരിക്കൽ; വരണം.

**Vō′tive**, *a.* പ്രാർത്ഥനയായ, നേർച്ചയായ; 2. വഴിപാടായ; 3. നിവേദ്യമായ. v. medal കൃതജ്ഞതാസ്മാരകമുദ്ര. v. offering പ്രാർത്ഥനാവഴിപാട്, പ്രാർത്ഥന. **-ly**, *ad.* നേർച്ചയായി, പ്രാർത്ഥനയായി; നിവേദ്യമായി. **-ness**, *n.* നേർച്ച, പ്രാർത്ഥന; നിവേദ്യം.

**Vō'tress**, *n.*, *s. u.* Votary.

**Vouch**, *v. t.* സാക്ഷിയാക്കുക, സാക്ഷിയായി വിളിക്കുക; 2. ഉറപ്പിക്കുക, സ്ഥിരപ്പെടുത്തുക, സാക്ഷ്യപ്പെടുത്തുക; 3. അടിസ്ഥാനപ്പെടുത്തുക, താങ്ങുക, ഉറപ്പിക്കുക; 4. അവകാശവ്യവഹാരം നടത്തുക (*l.*). *v. i.* സാക്ഷിപറയുക, സാക്ഷിനില്ക്കുക; സാക്ഷിയായി ഒപ്പിടുക. 2. സ്ഥാപിക്കുക, ഉറപ്പിക്കുക. **-ēe'**, *n.* അവകാശവ്യവഹാരപ്രതി (*l.*). **-'ĕr**, *n.* സാക്ഷി, സാക്ഷിപറയുന്നവൻ, സാക്ഷ്യപ്പെടുത്തുന്നവൻ; ലക്ഷ്യം, പ്രമാണം, രേഖ, ആധാരം; അവകാശവ്യവഹാരം (*l.*); (*also* **-'ŏr**) അവകാശവ്യവഹാരക്കാരൻ (*l.*). **-'ment**, *n.* ഉറപ്പിച്ച് പറയൽ; ഉറപ്പ്, സത്യവാക്ക്.

**Vouch-sāfe'**, *v. t.* ദയയോടെ കൊടുക്കുക, —നല്കുക; 2. ദയകാട്ടുക, അരുളുക, കടാക്ഷിക്കുക; 3. സമ്മതിക്കുക, അനുവദിക്കുക. *v. i.* കടാക്ഷിക്കുക; 2. കൃപകാട്ടുക; 3. നല്കുക; 4. തന്നരുളുക. **-ment**, *n.* കടാക്ഷിക്കൽ; കടാക്ഷം; ദാനം, കൃപാദാനം.

**Vöus-soir'** (vus-swar'), *n.* കമാൻകല്ല് (*arch.*).

**Vow**, *n.* നേൎച്ച, പ്രാൎത്ഥന; 2. പ്രതിജ്ഞ; 3. വ്രതം; 4. വാക്ക്, വാഗ്ദത്തം; 5. ശപഥം. **v.-fellow** കൂട്ട്നേൎച്ചക്കാരൻ, സഹവ്രതക്കാരൻ. *v. t.* നേരുക, പ്രാൎത്ഥിക്കുക, ശപഥം ചെയ്യുക; 2. പ്രതിഷ്ഠിക്കുക, നിവേദിക്കുക; 3. പ്രതിജ്ഞചെയ്യുക; 4. വ്രതം അനുഷ്ഠിക്കുക; 5. വാക്ക്കൊടുക്കുക, വാഗ്ദത്തം ചെയ്യുക. *v. i.* നേരുക, പ്രാൎത്ഥിക്കുക; 2. ഉറപ്പ് കൊടുക്കുക; 3. ശപഥം ചെയ്യുക, ആണയിടുക. **-'ĕr**, *n.* നേരുന്നവൻ, പ്രാൎത്ഥിക്കുന്നവൻ; പ്രതിജ്ഞചെയ്യുന്നവൻ.

**Vow'el**, *n.* സ്വരം, അച്ച്, ജീവാക്ഷരം (*gr.*). **close v.** ഹ്രസ്വസ്വരം (*gr.*). **v.-point** സ്വരചിഹ്നം. *a.* സ്വരമായ (*gr.*). **=eled, =elled** (-eld), *a.* സ്വരമുള്ള; സ്വരവൎണ്ണമുള്ള (*gr.*). **-ish**, *a.* സ്വരഗുണമുള്ള. **-iṣm**, *n.* സ്വരപ്രയോഗം. **-īṣe, -īze**, *v. t.* സ്വരമാക്കുക, സ്വരശക്തികൊടുക്കുക.

**Vow'ĕr, Vow'fel-lōw**, *n.*, *s. u.* Vow.

**Vox**, *n.* ശബ്ദം, ധ്വനി.

**Voy'āġe**, *n.* (പണ്ട്) യാത്ര, സഞ്ചാരം; 2. (ഇപ്പോൾ) കടൽയാത്ര, കപ്പൽയാത്ര; 3. ഉരുവോട്ടം, കപ്പലോട്ടം. *v. i.* കപ്പൽയാത്ര ചെയ്യുക, സമുദ്രയാത്ര–, കടല് കടന്ന് പോക. *v. t.* സഞ്ചരിക്കുക, യാത്രചെയ്യുക; 2. കടന്ന് പോക. **-a-ble**, *a.* കപ്പലോടിക്കാകുന്ന; കപ്പലോട്ടത്തിന്ന് തക്ക. **='ā-ġĕr**, *n.* കപ്പൽയാത്രക്കാരൻ.

**Vrais-em-blänce'** (vres-aṅ-bläṅs'), *n.* സംഭാവ്യത; സംശയസ്ഥിതി.

**Vul'ean**, *n.* (പൂൎവ്വികറോമരുടെ) അഗ്നിദേവത, അഗ്നി (*myth.*); 2. ലോഹപ്പണിദേവത (*myth.*). **=cā'ni-an, -'ie**, *a.* അഗ്നിദേവതയെ സംബന്ധിച്ച; അഗ്നിയാൽ ഉണ്ടായ; ലോഹപ്രവൃത്തിയായ; അഗ്നിപൎവ്വതസംബന്ധമായ. **-ic'i-ty, -iṣm, -ist**, *s. a.* Volcanicity, Volcanism, Volcanist, *s. u.* Volcano. **-īte**, *n.* ഒര് വക റബ്ബർപശ. **-i-ṣā'tiŏn, -i-zā'tiŏn**, *n.* 'റബ്ബർ' കട്ടപ്പമാക്കൽ. **-īṣe, -īze**, *v. t.* റബ്ബർകട്ടപ്പമാക്കുക. **-ol'-ō-ġy**, *n.* അഗ്നിപൎവ്വതശാസ്ത്രം; ബഡവാഗ്നിശാസ്ത്രം.

**Vul'gar** (-gĕr), *a.* സാമാന്യജനസംബന്ധമായ, ഭൂരിജനത്തിന്നുള്ള; 2. സാധാരണമായ, സാമാന്യമായ; 3. പൊതുവെയുള്ള, പരക്കെയുള്ള; 4. താണ, ഹീനമായ, നിസ്സാരമായ, അധമമായ; 5. അപരിഷ്കൃതമായ, ഗ്രാമ്യമായ, പട്ട. **v. fraction** ഭിന്നിതം, ഭിന്നതഗണിതം (*ar.*). **=gā'ri-an**, *a.* താണ. *n.* അധമൻ, നീചൻ. **-iṣm**, *n.* അധമത്വം, ഹീനത, നീചത്വം; പട്ടഭാഷ, പട്ടവാക്ക്; താണവാക്ക്, ഗ്രാമ്യം. **-'i-ty**, *n.* അധമത്വം, നീചത്വം; അമാന്തസ്ഥിതി; മൎയ്യാദകേട്; മുരട്ട്ഗുണം. **-i-ṣā'tiŏn** (-i-zā'shan), *n.* താഴ്ത്തൽ, ഹീനതപ്പെടുത്തൽ; സാമാന്യമാക്കൽ. **-īṣe, -īze**, *v. t.* & *i.* സാധാരണമാക്കുക, നീചമാക്കുക, അധമമാക്കുക. **-ly**, *ad.* ഹീനമായി, അധമമായി; താണമട്ടിൽ. **-ness**, *n.* അധമത്വം, നീചത്വം, സാധാരണത്വം.

**Vul'gāte,** *n.* വേദപുസ്തകത്തിന്റെ ലത്തീനഭാഷാന്തരം, ലത്തീനവേദപുസ്തകം (*R. C.*). *a.* ലത്തീനവേദപുസ്തകം സംബന്ധിച്ച.

**Vul'nĕr-a-ble,** *a.* മുറിവേല്പിക്കാകുന്ന; 2. ഉടവ് പററുന്ന, ഹാനിതട്ടാവുന്ന, പതമുള്ള; 3. മൎമ്മസ്ഥാനമായ. =**bil'i-ty, -ness,** *n.* ഭേദനീയത്വം, ഭേദ്യത; ന്യൂനത. =**'nĕr-ar-y,** *a.* മുറികൂട്ടുന്ന, മുറിക്ക് വെക്കുന്ന (*med.*). *n.* മുറികൂട്ടി, ക്ഷതൌഷധം (*med.*). **vul-nōse', vul'nĕr-ōse',** *a.* മുറിവേററ, പരിക്കുള്ള. **vul-nif'ic, vul-nif'i-cal,** *a.* മുറിവേല്പിക്കുന്ന, മുറിപ്പെടുത്തുന്ന; ഊനം വരുത്തുന്ന.

**Vul'pēs,** *n.* കുറുനരിവൎഗ്ഗം, സൃഗാലവൎഗ്ഗം (*z.*). **vul'pi-cīde, vul'pe-cīde,** *n.* കുറുക്കനെ കൊല്ലുന്നവൻ; ജംബുകവധം. **vul'pine** (-pin), *a.* കുറുക്കനെ സംബന്ധിച്ച; കുറുക്കനെപ്പോലെയുള്ള; ഉപായമുള്ള. **vul'pin-ism,** *n.* കുറുനരിഗുണം; ഉപായം, കൌശലം.

**Vul'tūre** (*or* -chur), *n.* കഴുകൻ, കഴുക്, ഗൃദ്ധ്രം (*z.*). =**'tū-rine** (-rin), *a.* ഗൃദ്ധ്രം സംബന്ധിച്ച. കഴുകനെപ്പോലെയുള്ള. =**tū-rish,** =**tū-rŏus,** *a.* കഴുഗുണമുള്ള; പിടിച്ച് പറിക്കുന്ന; ബുഭുക്ഷയുള്ള. =**tū-rism,** *n.* ഗൃദ്ധ്രഗുണം, ബുഭുക്ഷ; പിടിച്ച് പറി.

**Vul've,** *n.* ഉപസ്ഥം (*an.*).

**Vȳ'ing, -ly,** *s. u.* **Vie.**

# W

**W,** ഇംഗ്ലീഷ് അക്ഷരമാലയിൽ ഇരുപത്തിമൂന്നാം അക്ഷരം; സാധാരണമായി വ്യഞ്ജനം; ചിലപ്പോൾ സ്വരം; അൎദ്ധസ്വരം; പേര്: ഡബ്ല്യു; ഉച്ചാരണം: വ്; h എന്ന അക്ഷരം തുടൎന്നുവരുമ്പോൾ ഹ്വ്.

**Wạb'ble,** *v. i.* ആടിനടക്കുക; അങ്ങോട്ടും ഇങ്ങോട്ടും ആട്ടുക, വെക്കുക (*S.*), ചാഞ്ചാടുക; 2. ചഞ്ചലമുണ്ടാക. *n.* ആട്ടം, ചാഞ്ചാട്ടം; 2. ചഞ്ചലം. **wạb'bly,** *a.* ചാഞ്ചാട്ടം ഉള്ള; ചഞ്ചലം—.

**Wack'e, Wack'y,** *n.* കളിമൺപാറ.

**Wạd, -'ding,** *n.* (തോക്കിൽ മരുന്നിന്റെയും ഉണ്ടയുടെയും മുകളിൽ നിറക്കുന്നതായ) പന്ത് (*N.*), തട, താങ്ങ് (*S.*); 2. പഴന്തുണി, കീററ് തുണി. **w.-hook** (പന്ത് നീക്കം ചെയ്യുന്ന) അച്ച്കോല്. *v. t.* പന്തിടുക, നിറക്കുക, തടയുക; 2. നിറക്കുക, തിരുകുക; 3. അകശീല വെക്കുക.

**Wạd'dle,** *v. i.* കുലുങ്ങി നടക്കുക, ആടി—, ചാളി—. *v. t.* ചവിട്ടിക്കുരട്ടുക. **wạd'dlĕr,** *n.* ആടിനടക്കുന്നവൻ; ചവിട്ടിക്കുരട്ടുന്നവൻ. **wạd'dling-ly,** *ad.* ആടിക്കൊണ്ട്, ചാഞ്ചാട്ടത്തോടെ.

**Wāde,** *v. i.* വെള്ളത്തിൽ നടക്കുക, ചളിയിൽ—; 2. കാല് വലിച്ച്—, പ്രയാസേന—, മെല്ലെ—. *v. t.* (പുഴ) നടന്ന് കടക്കുക. *n.* വെള്ളത്തിലെ നടത്തം; 2. കാല് വലിച്ച് നടത്തം. **wā'dĕr,** *n.* വെള്ളത്തിൽ നടക്കുന്നവൻ; നീൎപ്പക്ഷി, കൊക്ക് (*z.*). **wā'ding,** *a.* വെള്ളത്തിൽ നടക്കുന്ന: **w.g-bird** നീൎപ്പക്ഷി, കൊച്ച, ബകം (*z.*). *n.* വെള്ളത്തിലെ നടത്തം.

**Wạd'mal,** =**mol,** *n.* പരുക്കൻ കമ്പിളിത്തുണി, കരിമ്പടം.

**Wạd'set, Wạd'sett,** *n.* പണയം, ഒര് വക കാണം (*Scot. l.*). **-tĕr,** *n.* പണയക്കാരൻ.

**Wạd'y,** *n.* നീൎച്ചാല്; ആണിച്ചാല്.

**Wā'fĕr,** *n.* പത്തല്, പത്തിരി, 'ബോള്' (*ck.*); 2. തിരുവത്താഴയപ്പം (*R. C.*); 3. (കത്തുകളും മററും പററിക്കുന്ന) പററ്മുദ്ര, വട്ടപ്പററ്. **w.-cake** ദോശ. **w.-irons, w.-tongs** ദോശയോട്, ദോശക്കല്ല്. **w.-woman** ദോശ

വില്ലുന്നവള്; കൂട്ടിക്കൊടുക്കുന്നവള്, സഞ്ചാരിക. *v. t.* പറററ് മുദവെക്കുക, മുദ്ര വെച്ച് പറിക്കുക.

**Waf'fle**, *n.* ദോശ. **w.-iron** ദോശയോട്.

**Wäft**, *v. t.* പൊങ്ങിയൊഴുകമാറാക്കുക; 2. പറപ്പിക്കുക, പാറുമാറാക്കുക. *v. i.* പൊങ്ങിയൊഴുകുക; 2. പറക്കുക, പാറുക. *n.* തിര, ഓളം; 2. കാററ്, കാററൂത്ത്; 3. കൊടി പറപ്പിക്കൽ; കൊടി കാട്ടൽ; അടയാളം കാണിക്കൽ; 4. (*also* **wheft**) കെട്ടിട്ട കൊടി (*naut.*). **-'āge**, *n.* വെള്ളത്തിലൂടെ കൊണ്ട് പോകൽ; ഉരുക്കോവ്; ആകാശത്തിലൂടെ കൊണ്ടുപോകൽ; പറപ്പിക്കൽ. **-'ĕr**, *n.* വെള്ളത്തിൽക്കൂടി കൊണ്ട് പോകുന്നവൻ; പറപ്പിക്കുന്നവൻ; കടവ് തോണി; കേവ് വള്ളം. **wäf'tūre**, *n.* ആട്ടല്; കൈമാടല്; തിര; കാററ്.

**Wag**, *v. t.* അങ്ങോട്ടും ഇങ്ങോട്ടും ഇളക്കുക, അനക്കുക; 2. കലുക്കുക, ആട്ടുക. *v. i.* ഇളകുക, അനങ്ങുക; 2. കലുങ്ങുക, ആടുക; 3. വർത്തിക്കുക, ഇരിക്കുക, നടക്കുക; 4. പോക, പുറപ്പെട്ട് പോക, ശമിക്കുക. *n.* ആട്ടം, ഒഴുക്കം, ഇളക്കം; 2. സരസൻ, രസികൻ, നേരമ്പോക്കുകാരൻ, തമാശക്കാരൻ, കളിക്കാരൻ. **-'gĕr-y**, *n.* രസം, നേരമ്പോക്ക്, വിനോദം, തമാശ, കളി. **-'gish**, *a.* തമാശക്കാരനായ; നേരമ്പോക്കുള്ള; വികൃതിയുള്ള, ചേഷ്ടയായ, ഗോഷ്ഠിയായ; കളിയിലുള്ള; കളിയായ. **-'gish-ly**, *ad.* കളിയായി, നേരമ്പോക്കായി. **-'gish-ness**, *n.* വിനോദം, 'തമാശ'.

**Wä-gä'tī**, *n.* കാട്ട് പൂച്ച, പോക്കാന്പൂച്ച (*z.*).

**Wāge**, *v. t.* വാത് വെക്കുക, വാത് കെട്ടുക, പന്തയം കെട്ടുക; 2. തുനിയുക, പുറപ്പെടുക, തുനിഞ്ഞ് ചെയ്യുക; 3. പൊരുതുക, പോരാടുക, മത്സരിക്കുക, യുദ്ധംചെയ്യുക; 4. ജാമ്യംകൊടുക്കുക (*l.*). **to w. battle** ദ്വന്ദ്വയുദ്ധത്തിന്ന് നില്ക്കുക, ദ്വന്ദ്വയുദ്ധമേല്ക്കുക. **to w. one's law** സത്യംചെയ്യുമെന്ന് ഉറപ്പ് കൊടുക്കുക, സത്യത്തിന്ന് നില്ക്കുക (*l.*). *n.* (*pl.*) കൂലി, പ്രതിഫലം, ശമ്പളം, മാസപ്പടി. **wā'-gĕr**, *n.* വാത്, പന്തയം; പണയം, പണം; പന്തയക്കാററ്, പന്തയനിശ്ചയം (*l.*); വാത് വെക്കുന്ന കാര്യം, പന്തയവിഷയം. **w.r of battel, w.r of battle** ദ്വന്ദ്വയുദ്ധവാശത്തം, ദ്വന്ദ്വയുദ്ധത്തിന്ന് നില്ക്കൽ. **w.r of law** സത്യംചെയ്യാൻ ഒരുങ്ങൽ. **w.r policy** പന്തയഭീമപത്രം. *v. t. & i.* വാത് വെക്കുക, വാത് കെട്ടുക, പന്തയം—, —വെക്കുക. **wā'-gĕr-ĕr**, *n.* വാത് വെക്കുന്നവൻ, പന്തയം കെട്ടുന്നവൻ. **wā'gĕr-ing**, *a.* യോഗ്യഭാഗ്യത്തിന്ന് നില്ക്കുന്ന; വാത് സംബന്ധിച്ച; പന്തയമായ. **w.g policy** പന്തയഭീമപത്രം. **wa'ges**, *n.* (*pl. in form and s. in meaning*) കൂലി, പ്രതിഫലം; ജീവിതം; ശമ്പളം.

**Wag'gĕr-y, Wag'gish, Wag'-gish-ly, Wag'gish-ness**, *s. u.* **Wag.**

**Wag'gle**, *v. i.* (അങ്ങോട്ടും ഇങ്ങോട്ടും) ചായുക, ചരിയുക; 2. ആടുക, ചാഞ്ചാടുക. *v. t.* ആട്ടുക; 2. ഇളക്കുക, കലുക്കുക.

**Wag'on, Wag'gon**, *n.* വണ്ടി, ശകടം, ചാട്; 2. കൂലിവണ്ടി, കട്ടവണ്ടി (*N.*); 3. (തീവണ്ടിയിലെ) സാമാനവണ്ടി; 4. സപ്തർഷിനക്ഷത്രഗണം (*as.*). **w.-headed, w.-roofed** വണ്ടിക്കൂട് പോലെയുള്ള. **w.-load** ഒര് വണ്ടിച്ചരക്ക്. **w.-shoe** വട്ടക്ക്, നിലവട്ടക്ക്. **w.-wright** (-rīt) വണ്ടി ഉണ്ടാക്കുന്നവൻ. *v. t.* വണ്ടിയിൽ കയററിക്കൊണ്ട് പോക. *v. i.* വണ്ടിപ്പണി നടത്തുക. **-āge**, *n.* വണ്ടിക്കൂലി, കടത്ത് കൂലി; സാമാനവണ്ടിക്കൂട്ടം. **-ĕr**, *n.* വണ്ടിക്കാരൻ; സപ്തർഷിനക്ഷത്രഗണം (*as.*). **-ette'** (-et'), *n.* (കൂടില്ലാത്ത) നാലുരുള് സവാരിവണ്ടി. **-ful**, *n.* വണ്ടിനിറയ.

**Wag'tāil**, *n.* വാലാട്ടിപ്പക്ഷി (*z.*).

**Wä-hä'bēe, Wä-hä'by**, *n.* ഒര് മുഹമ്മദീയ മതഭേദം, 'വഹാബി'.

**Wāif**, *n.*, *s. u.* **Waive.**

**Wāil**, *v. t.* വിലപിക്കുക, പ്രലാപിക്കുക, കരയുക. *v. i.* ഉച്ചത്തിൽ കരയുക, രോദിക്കുക. *n.* കരച്ചല്, രോദനം,

വിലാപം, പ്രലാപം, അലയും മുറയും. -'er, *n.* പ്രലാപകൻ, ദുഃഖിതൻ. -'ful, *a.* ദുഃഖിക്കുന്ന, വിലപിക്കുന്ന. -'ing-ly, *ad.* പ്രലാപത്തോടെ, ദുഃഖത്തോടെ, സങ്കടത്തോടെ.

**Wāin,** *n.* നാലുരുള് ചരക്ക് വണ്ടി, സാമാനവണ്ടി. **w.-rope** വണ്ടിക്കയറ്, വടം. **w.-wright** (-rīt) വണ്ടി ഉണ്ടാക്കുന്നവൻ. **the w.** സപ്തർഷിനക്ഷത്രഗണം (*as.*). -'āge, *n.* (ചരക്ക് കൊണ്ട് പോകവാനായി) വണ്ടി പിടിക്കൽ.

**Wāin'scot,** *n.* (ചുമരിന്ന്) പലകയടിക്കൽ; 2. ചട്ടപ്പലക, കണ്ണാടിപ്പലക; നിരപ്പലക (*arch.*); 2. ഒര് വക പാററ (*z.*). *v. t.* പലകയടിക്കുക, കണ്ണാടിപ്പലക വെക്കുക. -ing, *n.* പലകയടിക്കൽ; ചട്ടപ്പലക, കണ്ണാടിപ്പലക.

**Wāin'wrīght** (-rīt), *n.*, *s. u.* Wain.

**Wāir,** *n.* (ആറ് ജാതിയടി നീളവും ഒര് ജാതിയടി അകലവും ഉള്ള) മരപ്പലക.

**Wāist,** *n.* അര, കടിതടം, കടിപ്രദേശം; 2. മദ്ധ്യപ്രദേശം; 3. കപ്പലിൻെറ മദ്ധ്യഭാഗം, നടുത്തട്ട് (*naut.*); 4. ഉൾച്ചട്ട, മുറിക്കുപ്പായം. **w.-anchor** വലിയ നങ്കൂരം; രക്ഷ; അററശരണം. **w.-band** അരപ്പട്ട, അരക്കച്ച, കച്ച. **w.-cloth** അരക്കച്ച; കോണകം, കോമണം, കോണം; കോത്ത് കെട്ടിയ കച്ച, താററ്; ഉഴിഞ്ഞാൽ കിടക്കയുറ (*naut.*). **w.-coat** (ves'kŏt) ഉൾച്ചട്ട, മുറിക്കുപ്പായം, 'വേസ്കോട്ട്'; കവചം. **w.-coating** ഉൾച്ചട്ടത്തുണി, കവചശില. -'ĕr, *n.* പുതിയ കലാശി (*naut.*); പഴക്കമുള്ള കലാശി (*naut.*).

**Wāit,** *v. i.* കാക്കുക, കാത്ത് നില്ക്കുക, കാത്തിരിക്കുക; 2. ക്ഷാന്തി കാണിക്കുക, കാത്ത് കെട്ടിനില്ക്കുക; 3. താമസിക്കുക, ഇരിക്കുക, നില്ക്കുക. **to w. on, to w. upon** പരിചാരം ചെയ്യുക, പരിചാരകനായിരിക്കുക, ശുശ്രൂഷിക്കുക; ചെന്ന് കാണുക, മുഖംകാട്ടുക, സന്ദർശിക്കുക; ഉണ്ടാസ്സുരിക, സംഭവിക്കുക; ഫലമാക; നോക്കിനില്ക്കുക, നോക്കുക; പ്രവൃത്തി ചെയ്യുക. *v. t.* കാത്ത് നില്ക്കുക, കാത്തിരിക്കുക, നോക്കിപ്പാർക്കുക; 2. (ഊണ്, ഭക്ഷണം) താമസിപ്പിക്കുക, താമസിച്ചുണ്ണുക. *n.* താമസം; 2. പതിയിരിപ്പ്; 3. (*pl.*) രാപ്പാട്ടുകാര്, രാത്രിസംഗീതക്കാര്. **to lay w.** കാത്തിരിക്കുക, ഒററിരിക്കുക. **to lie in w.** പതിയിരിക്കുക. -'ĕr, *n.* കാത്ത് നില്ക്കുന്നവൻ; ഭൃത്യൻ, പണിക്കാരൻ, ശുശ്രൂഷക്കാരൻ; വിളമ്പക്കാരൻ; വൻതളിക. -'ing, *a.* കാത്ത് നില്ക്കുന്ന. **w.g-gentlewoman** പ്രഭുസ്ത്രീ ദാസി. **w.g-maid, w.g-woman** ഇരുത്തി, ദാസി, സൈരന്ധ്രി. *n.* കാത്തിരിപ്പ്, ശുശ്രൂഷ, സേവ. **in w.g** അനുചാരിയായ, അകമ്പടിയായ, ശുശ്രൂഷക്കുള്ള. -'ing-ly, *ad.* കാത്തിരിപ്പോടെ, കാത്ത് കൊണ്ട്. -'ress, *n.* ദാസി, പണിക്കാരത്തി, വേലക്കാരത്തി.

**Wāive,** *n.* നിയമരക്ഷാഭ്രഷ്ടസ്ത്രീ. *v. t.* (*also* wave) ഉപേക്ഷിക്കുക, വേണ്ടെന്ന് പറയുക, —വെക്കുക, നിരസിക്കുക; 2. ചാടിക്കളയുക; 3. വിട്ടേച്ച് പോക, ത്യജിക്കുക, വിട്ട് കളയുക, അവകാശം ഉപേക്ഷിക്കുക, തേച്ച്വിടുക (*l.*); (സ്ത്രീയെ) നിയമരക്ഷാഭ്രഷ്ടയാക്കുക (*l.*). **wāif,** *n.* ഉടയവനില്ലാത്ത ചരക്ക്, വീണ് കിട്ടിയ സാധനം; അനാഥക്കുട്ടി; അലഞ്ഞ് നടക്കുന്ന കുട്ടി. **wāiv'ĕr, wāiv'ūre,** *n.* വിട്ട് കളയൽ, ഉപേക്ഷിക്കൽ; തേച്ച്വിടൽ, അവകാശം ഉപേക്ഷിക്കൽ (*l.*).

**Wāi'wōde,** *n.*, *s. a.* Waywode.

I. **Wāke,** *n.* കപ്പച്ചാല്, ഉരുച്ചാല്; 2. നടച്ചാല്; 3. പോയവഴി.

II. **Wāke,** *v. i. ir.* (wāked, wōke; wāked, wōke), **wā'ken,** *v. i.* ഉണർന്നിരിക്കുക, ഉറങ്ങാതെയിരിക്കുക, ജാഗരിച്ചിരിക്കുക; 2. ഉറക്കൊഴിയുക, ഉറക്കിളെക്കുക, ഉറക്കിളെച്ചുല്ലസിക്കുക; 3. (up) ഉണരുക, ഉറക്ക് തെളിയുക, —ഞെട്ടുക; 4. ചുണയുണ്ടാക, ഉത്സാഹം ജനിക്കുക, ചുറുക്ക് കാട്ടുക. *v. t.* (*also* wā'ken) ഉറക്കുണത്തുക, ഉണത്തുക, തട്ടിയുണത്തുക; 2. പ്രവൃത്തിപ്പിക്കുക, ഉത്സാഹിപ്പിക്കുക, ചുണവരുത്തുക; 3. പുനൎജ്ജീവിപ്പിക്കുക, ജീവിപ്പിക്കുക, ജീവചൈതന്യം വരുത്തുക, പുനരുത്ഥാനം ചെയ്യിക്കുക; 4. (രാത്രിയിൽ) ശവം കാത്ത് കത്തിരിക്കുക. **w.-time** ഉ

ണന്നിരിക്കുന്ന സമയം. *n.* ഉറക്കുണരൽ, ഉറക്ക്ഞെട്ടൽ; 2. ജാഗരാവസ്ഥ; 3. ഉണച്ച്, ജാഗരണം; 4. ഉറക്കിളെപ്പ്, ഉന്നിദ്രത്വം; 5. പള്ളിപ്രതിഷ്ഠസ്മാരകോത്സവം, സഭോത്സവം (*Chr.*); 6. ശവം കാത്തിരിക്കൽ. -'fụl, *a.* ഉറങ്ങാത്ത; ഉറക്ക്വരാത്ത; ഉണന്നിരിക്കുന്ന, ഉറക്കിളെക്കുന്ന, ജാഗരിച്ചിരിക്കുന്ന. -'fụl-ly, *ad.* ഉറങ്ങാതെ; ഉറക്ക്വരാതെ. -'fụl-ness, *n.* ഉണച്ച്, ജാഗരണം, ഉറക്കില്ലായ്മ, ഉറക്കിളെപ്പ്, ഉന്നിദ്രത്വം. wā'ken-ẽr, *n.* ഉണത്തുന്നവൻ, തട്ടിയുണത്തുന്നവൻ, ഉറക്ക്ഞെട്ടിക്കുന്നവൻ. wā'ken-iṅg, *n.* ഉറക്കുണത്തൽ, ഉണരൽ, ഉറക്ക്തെളിയൽ, ഉണച്ച്; ഉണവ്വ്; പുനവ്യ്വഹാരം (*Scot. l.*). wā'kẽr, *n.* ഉറക്ക്ഞെട്ടുന്നവൻ; ഉറങ്ങാതെയിരിക്കുന്നവൻ. wā'kiṅg, *n.* ഉറക്ക്ഉണരൽ, —ഉണത്തൽ; ഉണന്നിരിക്കുന്ന സമയം.

Wạld, *n.* കാട്, വനം. w.-grave വനാധികാരി.

Wạl-den'sēṣ, *n. pl.* (പന്ത്രണ്ടാംശതാബ്ദംമുതൽ റോമസഭയിൽനിന്ന് പിരിഞ്ഞ് നില്ക്കുന്ന സുവിശേഷസഭയായ) 'വൽഡെൻസ്യ'പരിഷ (*eccl.*). =den'sian (-'shan), *a.* 'വൽഡെൻസ്യരെ' സംബന്ധിച്ച. *n.* 'വൽഡെൻസ്യൻ', 'വൽഡെൻസ്യ' പക്ഷക്കാരൻ (*eccl.*).

Wāle, Wēal (wēl), *n.* അടിപ്പതുക്ക്, അടിപ്പിണര, തിണപ്പ്, വട്ട; 2. (തുണിയിലെ) മിടച്ചൽവര; ഇഴയട്ടപ്പം, കട്ടി (*w.*); 3. വാരി (*carp.*); 4. *pl.* (*also* wā'liṅg) കപ്പല്പലക. *v. t.* തിണപ്പിക്കുക, പരിക്കേല്പിക്കുക; 2. പെറുക്കിയെടുക്കുക.

Wạl-häl'la, *n.*, *s. a.* Valhalla.

Wā'liṅg, *n.*, *s. u.* Wale.

Wạlk (wạk), *v. i.* നടക്കുക, ചുവട്വെക്കുക; 2. കാൽനടയായി പോക; 3. ഉലാവുക, ലാത്തുക (*M.*); 4. സഞ്ചരിക്കുക, ഉറക്കത്ത് നടക്കുക, സ്വപ്നസഞ്ചാരം ചെയ്യുക; 5. ജീവനംചെയ്യുക, വത്തിക്കുക, പെരുമാറുക. to w. over പോരില്ലാത്ത ജയം, വിഷമമില്ലാത്ത—. to w. in അകത്ത് കടക്കുക, പ്രവേശിക്കുക. to w. after the flesh ജഡപ്രകാരം ജീവിക്കുക, പാപജീവനം ചെയ്യുക (*Bl.*). to w. after the Spirit ആത്മപ്രകാരം ജീവിക്കുക, ദൈവാത്മനിയോഗപ്രകാരം വത്തിക്കുക, ദൈവവചനം അനുസരിച്ച് നടക്കുക (*Bl.*). to w. by faith യേശുക്രിസ്തുവിലുള്ള വിശ്വാസപ്രകാരം ജീവിക്കുക (*Bl.*). to w. in darkness ഇരുട്ടിൽ നടക്കുക, പാപജീവനം ചെയ്യുക (*Bl.*). to w. over (പന്തയം) നടന്ന് ജയിക്കുക, എളുപ്പത്തിൽ ജയിക്കുക. to w. through the fire (വിശ്വാസശോധനക്കായിക്കൊണ്ട്) കഷ്ടപ്രയാസങ്ങളനുഭവിക്കുക (*Bl.*). to w. with God ദൈവകല്പന അനുസരിച്ച് നടക്കുക, സത്യദൈവഭക്തനായിരിക്കുക (*Bl.*). *v. t.* നടന്ന് പോക, കടന്ന് പോക; 2. നടത്തിക്കുക; 3. അലക്കുക, തിരുമ്പുക (*Scot.*). to w. the plank (പലകമേൽനിന്ന്) വെള്ളത്തിൽ വീണ് മരിക്കുക; പണി രാജികൊടുപ്പിക്കുക. *n.* നടത്തം, കാൽനട; 2. ഉലാവൽ, ലാത്തൽ (*M.*); 3. നട, നടത്തം, ചുവട്; 4. നടക്കുന്നസ്ഥലം, വഴി, പാത, നിരത്ത്, ഊട് വഴി, ചാല്; നട; നടക്കാവ്; 5. ദൂരം; 6. മേച്ചൽസ്ഥലം; 7. പ്രദേശം, പ്രവൃത്തിസ്ഥലം; 8. നടപ്പ്, വൃത്തി, നടപ്പവസ്ഥ, ജീവനം; 9. വ്യാപാരപ്രദേശം. w.-mill അലക്ക് യന്ത്രം. to take a w. ഉലാവുക, നടക്കാൻ പോകുക, കാററ് കൊള്ളുക, ലാത്തുക. -'iṅg, *a.* നടക്കുന്ന; നടത്തത്തിനുള്ള. w.g-gentleman, w.g-lady (നാടകത്തിലെ) ചെറുവേഷം (*dr.*). w.g-papers, w.g-tickets നീക്കപത്രം, പണിയിൽനിന്ന് നീക്കിയിരിക്കുന്നുവെന്ന കല്പന; നീക്കൽ. w.g-stick (കത്തിനടക്കുന്ന) വടി, ചൂരല്. w.g-wheel ചവിട്ട് ചക്രം. *n.* നടക്കൽ, നടത്തം.

Wạl'kyr, *n.*, *s. a.* Valkyria.

I. Wạll, -'knot, *n.* ഒര് വക കെട്ട്, കയററിൻെറ അററത്തെ കെട്ട് (*naut.*).

II. Wạll, *n.* ചുമര്, ചുവര്, മതില്, ഭിത്തി; 2. കിടങ്ങ്, വാട; 3. *pl.* കൊത്തളം, കോട്ട; 4. (ഉള്ള് പൊള്ളയായ സാധ

നത്തിൻെറ) പള്ള. w.-barley ഒര് വക പുല്ല് (*b.*). w.-box, w.-frame ചെറുകട്ടില (*arch.*). w.-creeper ഒര് ചെറുപക്ഷി (*z.*). w.-eye പൂച്ചക്കണ്ണ്; നല്ല വെള്ളത്തിലെ ഒര് മത്സ്യം (*z.*). w.-eyed പൂച്ചക്കണ്ണുള്ള, പൂച്ചക്കണ്ണനായ. w.-flower ഒര് പുഷ്പച്ചെടി (*b,*); നൃത്തം ചെയ്യാതെ നോക്കിനില്ക്കുന്ന സ്ത്രീ. w.-gecko, w.-lizard, w.-newt പല്ലി, ഗൌളി (*z.*). w.-paper ചുമര് പൊതിയുന്ന കടലാസ്, ചുവൎക്കടലാസ്. w.-piece കൊത്തളപ്പീരങ്കി. w.-plate ഉത്തരം (*arch.*). w.-spring പാറയുറവ്; ചോല. w.-tent (തുണി കുത്തനെ നില്ക്കുന്ന) കുത്ത് തമ്പ്. blank w., blind w. വാതിലില്ലാത്ത ചുമര്, ഓട്ടയില്ലാത്ത—. to drive to the w. മൂലക്കാക്കുക; കീഴടക്കുക; നിൎവ്വാഹമില്ലാതാക്കുക, നിലയില്ലാതാക്കുക. to go to the w. നിലയില്ലാതാക, തോല്ക്കുക. to take the w. മുന്തുക, പ്രഥമസ്ഥാനം എടുക്കുക, അഗ്രേസരനാക. *v. t.* ചുററും കിടങ്ങ് കെട്ടുക; 2. വാടകോരുക, കോട്ട കെട്ടുക; 3. (വാതില്) മുട്ടിച്ച് കളയുക, കെട്ടിമുട്ടിക്കുക. ='lĕr, *n.* ചുമര് കെട്ടുന്നവൻ. ='ling, *n.* ചുമര കെട്ടൽ; മതിൽക്കൂട്ടം; മതിൽക്കോപ്പ്.

**Wal'la-by**, *n.* ഒര് വക കങ്കരുമൃഗം (*z.*).

**Wal'lah, Wal'la**, *n.* ഒര് വക നീൎപ്പന്നി (*z.*).

**Wal'lĕr**, *n.*, *s. u.* Wall II.

**Wal'let**, *n.* കൈസഞ്ചി; പൊക്കണം, ചളാകം (*S.*); മാറാപ്പ്; 2. മടിശ്ശീല, പണസഞ്ചി; 3. തുറിച്ച് നില്ക്കുന്ന സാധനം; തുറിപ്പ്. -ēer', *n.* പൊക്കണം കെട്ടി നടക്കുന്നവൻ; കാൽനടക്കാരൻ; ഭിക്ഷക്കാരൻ, ഭിക്ഷാംദേഹി.

**Wall'-eye** (-'ī), **Wall-flow'er, Wal'ling**, *etc.*, *s. u.* Wall II.

I. **Wal'lop**, *v. i.* കുതിക്കുക, ഓട്ടുക, ചാട്ടുക. *n.* ഓട്ടം, കുതിച്ചോട്ടം, ചാട്ടം.

II. **Wal'lop**, *v. i.* പതച്ച് മറിയുക, കുതിക്കുക; 2. ആടി നടക്കുക, ചാഞ്ചാട്ടുക; 3. വൃത്തികേടായിരിക്കുക.

III. **Wal'lop**, *v. t.* പൊതിരത്തല്ലുക, അടിക്കുക, പ്രഹരിക്കുക; 2. പൊതിഞ്ഞ് വെക്കുക; 3. മറിച്ചിട്ടുക, തള്ളിയിട്ടുക. *n.* അടി, തല്ല്; 2. കൊഴപ്പ് തുണ്ടം.

**Wal'lōw** (wol'lō), *v. t.* ചളിയിൽ ഉരുളുക; പിരളുക; 2. ചേററിൽ നടക്കുക; 3. മെല്ലെ നടക്കുക; 4. വഷളത്വത്തിൽ ജീവിക്കുക, പാപത്തിൽ കിടന്ന് മറിയുക, മൃഗപ്രായമായി ജീവിക്കുക; 5. വാട്ടുക; 6. മങ്ങുക. *v. t.* ചേററിൽ ഉരുളുക. *n.* ചാഞ്ചാട്ടം. -ĕr, *n.* (ചളിയിൽ) പിരളുന്നവൻ.

**Wal'nut**, *n.* ഒര് വക അണ്ടി, 'അക്രോട്ടണ്ടി' (*b.*); 2. ഒര് മരം (*b.*).

**Wal'rus, Wal'tron**, *n.* (ആണിന്ന് രണ്ട് വലിയ തേററയുള്ളതായ കടലാനയെന്നും, കടല്ക്കുതിരയെന്നും, കടല്പശുവെന്നും പറഞ്ഞുവരുന്ന) ഒര് സമുദ്രമൃഗം, തിമിംഗലക്കുതിര (*z.*).

**Waltz** (walts), *n.* ഒര് വക നൃത്തം; 2. നൃത്തപ്പാട്ട്. *v. i.* നൃത്തം ചെയ്യുക. -'ĕr, *n.* നൃത്തക്കാരൻ, നൎത്തകൻ.

**Wam'ble**, *v. i.* ഓക്കാനിക്കുക, മനം പിരിയുക, —മറിയുക, തിരച്ചലെട്ടുക്കുക; 2. ഉരുളുക, മറിയുക. *n.* തിരച്ചല്, മനം പിരട്ടല്, ഓക്കാനം. w.-cropped (-kropt) വയററുനോവുള്ള; കഞ്ഞിതമുള്ള.

**Wan**, *a.* വിളൎത്ത, മുഖം വിളൎത്ത, രക്തപ്രസാദമില്ലാത്ത; 2. ക്ഷീണിച്ച. *n.* വിളൎപ്പ്, ക്ഷീണം. *v. i.* വിളൎക്കുക, വിളറുക, രക്തപ്രസാദമില്ലാതാക, ക്ഷീണിക്കുക. -'ly, *ad.* വിളൎത്തതായി, രക്തപ്രസാദമില്ലാത്തതായി, ക്ഷീണതയോടെ. wanned (wond), *a.* വിളൎത്ത, ക്ഷീണിച്ച. -'ness, *n.* രക്തപ്രസാദം ഇല്ലായ്മ, വിളൎച്ച, വിളൎപ്പ്, ക്ഷീണം. -'nish, *ad.* ഏതാനും വിളൎച്ചയുള്ള, രക്തപ്രസാദം കുറഞ്ഞ, ചോരയില്ലാത്ത.

**Wand**, *n.* കോല്, വടി; 2. അധികാരവടി, അധികാരദണ്ഡ്; 3. മന്ത്രവടി, w. of peace ന്യായദണ്ഡ് (*Scot. l.*). -'y, *a.* നീണ്ട, വളയുന്ന, വടിപോലെയുള്ള.

**Wan'dĕr**, *v. i.* ചുററിത്തിരിഞ്ഞ് നടക്കുക, അലഞ്ഞ്—, ഉഴന്ന്—, നക്ഷ്ടംതിരി

യുക; 2. വഴിതെററുക, വഴിപിഴക്കുക, തെററിപ്പോക; 3. ബുദ്ധിഭ്രമം ഉണ്ടാക, ബുദ്ധിതെററുക, ഭ്രാന്ത് വരിക. *v. t.* ചുററിസഞ്ചരിക്കുക. **-ĕr,** *n.* അലഞ്ഞ്നടക്കുന്നവൻ; ചുററിസഞ്ചരിക്കുന്നവൻ; പിഴച്ചവൻ, തെററുകാരൻ. **-iṅg,** *a.* അലഞ്ഞ്നടക്കുന്ന. **w.g cell** സ്വായചലനവിലം (*phys.*). **w.g kidney** മൂത്രപിണ്ഡചലനരോഗം (*med.*). **w.g liver** യകൃത്തുചലനരോഗം (*med.*). *n.* അലഞ്ഞ്നടക്കൽ, ഉഴന്ന്നടക്കൽ. **-iṅg-ly,** *ad.* നഷ്ടം തിരിച്ചലോടെ, ഉഴല്ച്ചയായി.

**Wạn-dĕr-ọọ′,** *n.* നീലൻ, ഹനുമാൻ (*z.*).

**Wāne,** *v. i.* കുറയുക, ചുരുങ്ങുക, ക്ഷയിക്കുക; 2. (ചന്ദ്രൻ, ചന്ദ്രകല) ക്ഷയിക്കുക. *n.* കലാക്ഷയം, ക്ഷയചന്ദ്രൻ, നഷ്ടചന്ദ്രൻ, കൃഷ്ണപക്ഷം (*as.*); 2. ക്ഷയം, കുറവ്; 3. (*also* **wā′ney**) മേശ, ഒട്ടല്, വയറ് (*carp.*). **wā′niṅg,** *n.* കുറഞ്ഞ് വരൽ, ക്ഷയം; ക്ഷയചന്ദ്രൻ. **wā′ny,** (ഈൎച്ചപ്പടിമരം) ഒര്പോലെ അകലം ഇല്ലാത്ത, ചിലേടത്ത് അകലം കുറഞ്ഞ; നനഞ്ഞ് ചീത്തയായ.

**Waṅg,** *n.* അടി, കുത്ത്.

**Wā′niṅg,** *n.*, *s. u.* Wane,

**Wạn′ly, Wạnned** (wond), **Wạn′ness, Wạn′nish,** *s. u.* Wan.

**Wạnt,** *n.* ഇല്ലായ്മ, കുറവ്, ക്ഷാമം, ദുർഭിക്ഷം, ബുദ്ധിമുട്ട്; 2. ദാരിദ്ര്യം, നിൎഗ്ഗതി, ഗതികേട്; 3. വേണ്ടത്, ആവശ്യമായത്, ആവശ്യം, മുട്ട്. *v. t.* ഇല്ലാതെയിരിക്കുക, കുറവായിരിക്കുക; 2. ആവശ്യമായിരിക്കുക, വേണ്ടിയിരിക്കുക, ബുദ്ധിമുട്ടുണ്ടാക; 3. ആഗ്രഹിക്കുക, ഇച്ഛിക്കുക, കാംക്ഷിക്കുക; 4. ഉണ്ടാക: **I w. to speak to you about something** ഒര് കാൎയ്യം സംബന്ധിച്ച് എനിക്ക് നിന്നോട് പറവാനുണ്ട്. *v. i.* ഇല്ലാതെയിരിക്കുക, കുറവായിരിക്കുക; പോരാതെവരിക; 2. (*impersonal with* of) വേണം: **it w.s ten minutes of four** നാല് മണിക്ക് ഇനിയും പത്ത്നിമിഷം ഉണ്ട്, നാല് മണി ആവാൻ ഇനിയും പത്ത്നിമിഷം കഴിയേണം; 3. ഗതിയില്ലാതിരിക്കുക; വകയില്ലാതിരിക്കുക, ദാരിദ്ര്യം ഉണ്ടാക, വലച്ചല്–. **-′āġe,** *n.* ഇല്ലായ്മ, കുറവ്. **-′iṅg,** *a.* ഇല്ലാത്ത; കുറവായ; ആവശ്യമായ. **-′less,** *a.* കുറവില്ലാത്ത, ബുദ്ധിമുട്ടില്ലാത്ത; ധാരാളമുള്ള; ഫലപ്രദമായ.

**Wạn′ton,** *a.* ശീലമില്ലാത്ത, അഭ്യാസമില്ലാത്ത; 2. നന്നായി വളൎത്താത്ത; 3. അടക്കം ഇല്ലാത്ത, ഒതുക്കം–; 4. താന്തോന്നിത്വമുള്ള, തോന്നിയവാസമുള്ള; 5. പോളിച്ച് വളരുന്ന, പോളിപ്പുള്ള; 6. ഓടിനടക്കുന്ന, ചുററിസഞ്ചരിക്കുന്ന; 7. കളിഭാവമുള്ള; 8. സന്മാൎഗ്ഗം വിട്ട് നടക്കുന്ന ദുൎമ്മാൎഗ്ഗിയായ, ദുഷ്ടത ഉള്ള; 9. ദുൎവൃത്ത്–, ദുൎന്നടപ്പ്–, ദുഷ്കാമം–, വിഷയാസക്തി–; 10. നിൎവ്വിചാരിയായ, സൂക്ഷ്മം ഇല്ലാത്ത, ശ്രദ്ധ–. *n.* വികൃതി; 2. തന്നിഷ്ടക്കാരൻ; 3. ഓമനക്കുട്ടി, ലാളിച്ച് വളൎന്നവൻ; 4. കാമുകൻ, കാമുകി, ദുൎന്നടപ്പുകാരൻ, ദുൎന്നടപ്പുകാരത്തി. *v. i.* കളിച്ച്നടക്കുക, ലീലയാടുക, മദിക്കുക; 2. വിഷയലമ്പടനായിരിക്കുക, ദുൎന്നടപ്പുകാരനായിരിക്കുക. **-īṣe, -īze,** *v. i.* താന്തോന്നിയായി നടക്കുക; വികൃതികാട്ടുക. **-ly,** *ad.* തോന്നിയവാസമായി, അടക്കമില്ലാതെ; ലീലാവിനോദമായി, കളിയായി, നേരമ്പോക്കായി; വികൃതിയായി; ക്രൂട്ടാക്കാതെ; നിൎവ്വിചാരിയായി; മദോന്മത്തനായി. **-ness,** *n.* താന്തോന്നിത്വം; അടക്കമില്ലായ്മ; കളിസ്വഭാവം; നിൎവ്വിചാരഭാവം; കാമാതുരത്വം.

**Wạn′ty,** *n.* (മൃഗങ്ങളുടെ മേൽ പൊതിവെച്ച് കെട്ടുന്ന) പൊതിപ്പട്ട; 2. അമിക്കയറ്.

**Wā′ny,** *a.*, *s. u.* Wane.

**Wạp, Whạp, Whop,** *v. t.* & *i.* അടിക്കുക, കുത്തുക. *n.* അടി, കുത്ത്.

**Wā′pen-tāke, Wā′pen-tāe,** *n.* അംശം, ദേശം.

**Wap′in-schạw** (-shạ), *n.* (പൂൎവ്വകാലത്ത് സ്ഥാനവലിപ്പപ്രകാരം എല്ലാവരും ഒന്നായി ആയുധം ധരിച്ച്നില്ക്കുന്ന) ആയുധപ്രദൎശനം. [(*z.*).

**Wạp′i-ti,** *n.* (അമേരിക്കാ) കലമാൻ

**Wap'pet,** *n.* കരക്കുന്ന പട്ടി. **wap'-ping,** *n.* കരക്കൽ; കര.

**War,** *n.* യുദ്ധം, പട, പോര്; 2. മത്സരം (*l.*); 3. ആയുധക്കോപ്പ്; 4. സേന, സൈന്യം; 5. പടച്ചേകം; 6. യുദ്ധതന്ത്രം; 7. ശണ്ഠ, വിരോധം, ശത്രുത്വം, പക. **w.-beaten, w.-worn** യുദ്ധച്ചേകത്താൽ കഴഞ്ഞിയ, —വലഞ്ഞ. **w.-cry, w.-whoop** പോർവിളി. **w.-dance** (ചില കാട്ടാളജാതികൾക്കുള്ള) യുദ്ധനൃത്തം. **w.-field** പടക്കളം, പോർക്കളം. **w.-horse** പടക്കുതിര. **w.-monger** കൂലിച്ചേകം ചെയ്യുന്നവൻ, കൂലിച്ചേകവൻ. **w.-office** യുദ്ധമന്ത്രിമണ്ഡപം. **w.-paint** (കാട്ടാളജാതികൾ യുദ്ധത്തിന്ന് പുറപ്പെടുമ്പോൾ ദേഹത്തിന്മേൽ പിരട്ടുന്ന) പടച്ചായം. **w.-path** യുദ്ധയാത്ര. **on the w.-path** യുദ്ധത്തിന്ന് പുറപ്പെട്ട; എതിൎപ്പാൻ ഒരുങ്ങിയ. **w.-proof** യുദ്ധപരീക്ഷ, യുദ്ധപരിചയം, യുദ്ധസാമൎത്ഥ്യം. **w.-song** യുദ്ധപ്പാട്ട്. **civil w., intestine w.** അഭ്യന്തരയുദ്ധം, —കലഹം, രാജ്യഛിദ്രം. **public w.** (രണ്ട് സ്വാതന്ത്ര്യരാജ്യങ്ങൾക്കു തമ്മിലുള്ള) യുദ്ധം, പട. **man-of-w.** പടക്കപ്പല്, യുദ്ധക്കപ്പല്. *v. i.* യുദ്ധം ചെയ്യുക, പടയെടുക്കുക, പോരേല്ക്കുക, പടവെട്ടുക; 2. പോരാടുക, മല്ല് കെട്ടുക. *v. t.* യുദ്ധത്തിന്ന് പുറപ്പെടുക, പടയെടുക്കുക; 2. യുദ്ധംചെയ്യുക. **-'fāre,** *n.* പടച്ചേകം, യുദ്ധസേവ; യുദ്ധം, പട, ആയോധനം; ശണ്ഠ, കലഹം, തൎക്കം, പോര്, പോരാട്ടം. *v. i.* പടയാളിയായിരിക്കുക, ചേകം ചെയ്യുക; യുദ്ധം—. **-'fā-rĕr,** *n.* പോരാളി; പടയാളി, ചേകവൻ, ചേവകൻ. **-'līke, -'ly,** *a.* യുദ്ധത്തിന്ന് തക്ക; യുദ്ധപ്രിയമുള്ള; യുദ്ധം സംബന്ധിച്ച; ചേകം—; സൈന്യസംബന്ധമായ. **-'līke-ness,** *n.* യുദ്ധപ്രിയം, യുദ്ധവാസന. **war'ri-ŏr** (*or* var'yur), *n.* പോരാളി, യുദ്ധവിദഗ്ദ്ധൻ; പടയാളി; പരിത്രാണകൻ. **w.r-ant** ചോണോനുറുമ്പ്, ചോണോൻ (*z.*).

I. **War'ble,** *n.* (കുതിരകളുടെ പുറത്ത് ഉണ്ടാകുന്ന) തഴമ്പ്, 'ജീൻപൊട്ട്'.

II. **War'ble,** *v. t.* പാടുക, കല്ക്കിപ്പാടുക; 2. പക്ഷിപാടുക, കൂകുക, ചിലെക്കുക; 3. രാഗം മൂളുക; 4. —മണിക്കുക. *v. i.* —മൂളുക; 2. പക്ഷിപാടുക; 3. കല്ക്കിപ്പാടുക. *n.* രാഗംമൂളൽ; 2. പാട്ട്; 3. കൂകൽ, ചിലക്കൽ. **='blĕr,** *n.* പാട്ടുകാരൻ; പാടുന്നപക്ഷി. **='bling-ly,** *ad.* പാട്ടായി, പാടിക്കൊണ്ട്.

I. **-ward, -wards** (-wĕrdz), *suf.* ......ലേക്ക്, ......കൊള്ളെ: **back*ward*, back*wards*** വഴിയോട്ട്. **to*ward*, to*wards*** കൊള്ളെ.

II. **Ward,** *n.* കാവൽചെയ്യൽ, കാക്കൽ; 2. കാവല്, പകൽക്കാവല്, 'പാറാവ്'; 3. കാക്കുന്നവൻ, കാവല്ക്കാരൻ, കാവൽസൈന്യം; 4. രക്ഷകൻ, പരിപാലകൻ; 5. രക്ഷ, പരിപാലനം; 6. കാവൽസ്ഥലം; 7. രക്ഷാസ്ഥലം, സങ്കേതം; 8. രക്ഷയിൽ ഇരിക്കൽ; 9. രക്ഷയിൽ ഇരിക്കുന്നവൻ, കട്ടി, 'മയിനർ' (*l.*); 10. രക്ഷ, പാലനം, 'ബന്തോവസ്ത്'; 11. (ആയുധാഭ്യാസത്തിൽ) തടുക്കൽ, തട്ട്; 12. പട്ടണഭാഗം, ദേശഭാഗം; 13. വൈദ്യശാലാഭാഗം; 14. (പൂട്ടിലെ) പല്ല്, താക്കോൽപ്പല്ല്. **w.-corn** കാഹളം കൈയിൽ പിടിച്ച് കാവൽചെയ്യൽ, കാഹളക്കാവല്. **w.-penny** കോട്ടകാവൽക്കൂലി. **w.s-man** കാവല്ക്കാരൻ. *v. t.* കാക്കുക, കാവല്ചെയ്യുക, 'പാറാവ്'—; 2. പകല്ക്കാലത്ത് കാക്കുക; 3. കാത്ത് രക്ഷിക്കുക, രക്ഷിക്കുക, പരിപാലിക്കുക, സംരക്ഷിക്കുക; 4. (off) തടുക്കുക. *v. i.* ഉണൎന്നിരിക്കുക, കാവലിരിക്കുക; 2. തടുക്കുക. **-'en,** *n.* കാവല്ക്കാരൻ, കാവലാളൻ, കാവലാളി; കാവൽപ്രമാണി, പ്രധാനോദ്യോഗസ്ഥൻ; വിദ്യാശാലാദ്ധ്യക്ഷൻ; പള്ളിപ്രമാണി. **-'en-ry, -'en-ship,** *n.* കാവൽസ്ഥാനം, കാവലുദ്യോഗം. **-'ĕr,** *n.* കാവല്ക്കാരൻ; അധികാരദണ്ഡ്, രാജദണ്ഡ്, മുവെടി. **-'mōte,** *n.* ദേശസഭായോഗം; ദേശക്കച്ചേരി. **-'rōbe,** *n.* ഉടുപ്പ്മുറി, ഉടുപ്പറ, ഉടുപ്പ്പെട്ടി; വസ്ത്രം, ഉടുപ്പ്, ഉടുചമയം, ചമയക്കോപ്പ്. **-'room,** *n.* (പടക്കപ്പല്) ഉദ്യോഗസ്ഥാഗ്രശാല; സഭായോഗമണ്ഡപം. **-'ship,** *n.* കാവൽസ്ഥാനം; പരിപാലനം, സംരക്ഷണം;

സംരക്ഷകസ്ഥാനം; രക്ഷാകർത്തൃത്വം; രക്ഷാകർത്തൃത്വാധികാരം; സുരക്ഷിതത്വം, രക്ഷിതത്വം, രക്ഷണ്യാധീനത.

I. Wāre, *v. t.*, *s. a.* Wear.

II. Ware, *n.* (*pl.*) ചരക്ക്, കച്ചവടക്കോപ്പ്, കച്ചവടസാമാനം. w.-house പാണ്ടികശാല, കൊട്ടില് (*P.*), കിടങ്ങ്; പാണ്ടികശാലയിൽ സൂക്ഷിക്കുക. w.-houseman പണ്ടകശാലക്കാരൻ, പാണ്ടികശാലക്കാരൻ; വകപ്പടിത്തുണിക്കച്ചവടക്കാരൻ. w.-housing പാണ്ടികശാലയിൽ സൂക്ഷിക്കൽ. w.-housing system (ചുങ്കം വീട്ടേണ്ടതായ ചരക്ക് എടുക്കുന്നതിന്ന് തക്കവണ്ണം ചുങ്കം വീട്ടുവാൻ) ചുങ്കപ്പാണ്ടികശാലയിൽ സൂക്ഷിക്കൽ. bonded-w.-house ചുങ്കപ്പാണ്ടികശാല. w.-room ചരക്കറ, അറ. earthen-w. മൺപാത്രം, കോപ്പച്ചരക്ക്, പിഞ്ഞാണച്ചരക്ക്. glass-w. സ്ഫടികപാത്രം, സ്ഫടികച്ചരക്ക്, പളുങ്ക് ചരക്ക്. hard-w. ഇരിമ്പ് സാമാനം. sea-w. കട(ൽ)ച്ചരക്ക്, കപ്പച്ചരക്ക്.

Wa̤r'ence, *n.* മഞ്ജിഷ്ഠം, മഞ്ചട്ടി (*b.*).

Wāre'room, *n.*, *s. u.* Ware II.

Wāres̱, *n.*, *pl. of* Ware II.

Wa̤r'fāre, Wa̤r'fā-rĕr, *etc.*, *s. u.* War.

Wā'ri-ly, Wā'ri-ness, *s. u.* Wary.

Wa̤r'līke, -ness, *s. u.* War.

Wa̤r'lock, Wa̤r'luck, *n.* മന്ത്രവാദി, ക്ഷുദ്രക്കാരൻ; 2. പിശാച്; കുട്ടിച്ചാത്തൻ. *a.* മന്ത്രവാദിയെ സംബന്ധിച്ച; 2. പൈശാചികമായ. -ry, *n.* ആഭിചാരം, മന്ത്രവാദം; പൈശാചികത്വം.

Wa̤r'ly, *a.*, *s. u.* War.

Wa̤rm, *a.* (*c. d.* wa̤rm'ĕr; *s. d.* wa̤rm'est) ചൂടുള്ള, ഉഷ്ണമുള്ള; 2. ഇളംചൂടായ, മന്ദോഷ്ണമായ, കോഷ്ണമായ, കുളുപ്പം വിട്ട, കുളിർവിട്ട (*S.*), കാഞ്ഞ; 3. ഉഷ്ണരാജ്യമായ; 4. തീക്ഷ്ണമായ, കശ്നം ഉള്ള, ശുഷ്കാന്തി—, ചുറുക്ക്—; 5. കോപം—, ക്രോധം—; 6. വക—, പണം—; 7. (ഒളിപ്പിച്ചുകളിയിൽ) അടുക്കെ—, കണ്ടെത്തുമാറായ, കാണുമാറായ; 8. (ചായം) മഞ്ഞ കലൎന്ന, ചുകപ്പ് കലൎന്ന. w. bath കോഷ്ണജലസ്നാനം, ചൂടുവെള്ളത്തിലെ കുളി. w.-blōoded ഉഷ്ണരക്തമുള്ള (*phys.*). w.-hearted അതിവാത്സല്യമുള്ള, അതിപ്രിയമുള്ള; ഹൃദ്യമായ, നിഷ്കപടമായ. w.-heartedness അതിവാത്സല്യം, ഹൃദ്യത, നിഷ്കപടഭാവം. *v. t.* ചൂടാക്കുക, ചൂട് പിടിപ്പിക്കുക; 2. അനത്തുക (*S.*), വെക്കപിടിപ്പിക്കുക; 3. താല്പൎയ്യം ജനിപ്പിക്കുക, ഉത്സാഹം—, ആസക്തിവരുത്തുക, അഭിരുചി—. *v. i.* ചൂടാകുക, ചൂട് പിടിക്കുക; 2. കുളുപ്പംവിടുക, ഇളംചൂടാക, വെക്കപിടിക്കുക; 3. ഉത്സാഹം ഉണ്ടാക, ഉന്മേഷം—, വൈരാഗ്യം—. *n.* ചൂടാക്കൽ, ചൂട് പിടിപ്പിക്കൽ, അനത്തൽ, വെക്കപിടിപ്പിക്കൽ. -'ĕr, *n.* ചൂടാക്കുന്നവൻ. -'fụl, *a.* ഉഷ്ണമുള്ള; ഉഷ്ണപ്രദമായ. -'ing, *a.* ചൂട് പിടിപ്പിക്കുന്ന. w.g-pan തീച്ചട്ടി. *n.* ചൂടാക്കൽ. -'ly, *ad.* ചൂടോടെ; തീക്ഷ്ണതയോടെ. -'ness, wa̤rmth, *n.* കോഷ്ണം, ഇളഞ്ചൂട്, ശീതോഷ്ണം, മന്ദോഷ്ണം, വെക്ക, അനല്പ; ഉത്സാഹം, ശ്രദ്ധ, ആസക്തി; കോപം, ചൊടി; വൎണ്ണശോഭ (*paint.*). wa̤rmth'less, *a.* ചൂടില്ലാത്ത; ഉഷ്ണകരമല്ലാത്ത; തണുത്ത; കുളുത്ത.

Wa̤r'mŏn'ġer, *n.*, *s. u.* War.

Wa̤rn, *v. t.* അറിവ് കൊടുക്കുക; 2. മുന്നറിവ് കൊടുക്കുക; 3. 'താക്കീത്' ചെയ്യുക; 4. സൂക്ഷിച്ച് കൊള്ളുവാൻ പറയുക; കരുതിക്കൊള്ളുവാൻ—; 5. സൂചിപ്പിക്കുക; 6. ഗുണദോഷം പറയുക, ബുദ്ധി—. -'ĕr, *n.* മുന്നറിവ് കൊടുക്കുന്നവൻ; 'താക്കീത്' ചെയ്യുന്നവൻ, ബുദ്ധിപറയുന്നവൻ. -'ing, *a.* മുന്നറിവ് കൊടുക്കുന്ന; സൂക്ഷിച്ച് കൊള്ളുവാൻ പറയുന്ന, ജാഗ്രതപ്പെടുത്തുന്ന; ഗുണദോഷമായ. w.g-piece, w.g-wheel (ഘടികാരത്തിലെ) മണിയടിസൂചകചക്രം. *n.* മുന്നറിവ്, അറിയിപ്പ്; 'താക്കീത്'; ഓൎമ്മ; സൂചന; ബുദ്ധിയുപദേശം. -'ing-ly, *ad.* സൂചകമായി, 'താക്കീതാ'യി; ഗുണദോഷമായി.

Wa̤rp, *v. t.* കോട്ടുക, പിരിക്കുക, ചുളിക്കുക; 2. വഴിതെററിക്കുക, തിരിക്കുക, മറിക്കുക, ഉരുട്ടുക; പിരട്ടുക; 3. നെയ്യുക,

മിടയുക, കെട്ടിയുണ്ടാക്കുക; 4. കയറ്കെട്ടി വലിക്കുക (*naut.*); 5. (കന്നുകാലി)മാസം തികയും മുമ്പെ പെറുക; 6. (കൃഷിയിൽ) വെള്ളം വിടുക; 7. പാവ് വീശുക, പാവിടുക, പാവ് ചുററുക (*w.*). *v. i.* കോട്ടുക, പിരിയുക, വളയുക, ചുളിയുക; 2. വഴിപിഴക്കുക, തെററിപ്പോക; 3. ചിറകടിച്ച് പറക്കുക, പറക്കുക; 4. (കന്നുകാലി) കാലം തികയുമ്മുമ്പെ പെറുക; 5. പാവ് വീശുക, പാവ് ചുററുക, —ഇടുക. *n.* പാവ്, പാവ്നൂല് (*w.*); 2. (കപ്പല് കെട്ടുന്ന) കമ്പ (*naut.*); 3. വണ്ടൽമണ്ണ് (*agr.*). 4. (കന്നുകാലി) അകാലപ്പേറ്; 5. നാലെണ്ണം; 6. നാല് മത്തി; 7. കോട്ടം, വളവ്, ചുളിവ്, പിരി. **w.-beam** പടപ്പ് തടി, പടപ്പ് തടി (*w.*). **w.-fabric** പിന്നൽത്തുണി. **w.-frame, w.-net-frame** പിന്നൽച്ചട്ടം. **w.-knitting, w.-weaving** പിന്നൽപ്പണി. **w.-lace, w.-net** പിന്നൽനാട, —വല. **-'āge,** *n.* കയറ് കെട്ടി വലിക്കൽ; കോട്ടൽ; തുറമുഖക്കൂലി. **-'ĕr,** *n.* കോട്ടുന്നവൻ, തിരിക്കുന്നവൻ; പാവ് ചുററുന്നവൻ. **-'ing,** *n.* കോട്ടൽ; പാവ് വീശൽ, —ചുററൽ; —ചുററുന്ന പ്രവൃത്തി. **w.g-bank** (കണ്ടത്തിൻെറ) ഇടവരമ്പ്, ചതുക്ക്. **w.g-mill** പാവ് യന്ത്രം. **w.g-penny** പാവ് വീച്ചക്കൂലി.

**War'päth, War'proof,** *etc., s. u.* War.

**War'ran-dīce, =dīse,** *s. a.* Warranty, *s. u.* Warrant.

**War'rant,** *n.* അധികാരം, നിയോഗം; 2. അധികാരപത്രം, 'ഹുക്കുംനാമം'; 3. (വല്ലവരെയും) പിടിപ്പാനുള്ള അധികാരപത്രം, 'വാറണ്ട്' (*l.*); 4. ഉദ്യോഗനിശ്ചയപത്രം (*mil.*); 5. ഉത്തരവാദിത്വം, ജാമ്യം; 6. പ്രമാണം, ലക്ഷ്യം. **w.-officer** പട്ടാളത്തിലെ കീഴുദ്യോഗസ്ഥൻ (*mil.*). **w. of attorney** അധികാരപത്രം, വക്കീൽനാമം (*l.*). **w. to sue and defend** വക്കീലാക്കുവാനുള്ള അധികാരം (*l.*); വക്കീൽനാമം. **dock-w.** ചുങ്കച്ചീട്ട്. **search-w.** ശോധനാധികാരപത്രം, ശോധന'വാറണ്ട്' (*l.*). *v. t.* ഉറപ്പിക്കുക, സ്ഥിരപ്പെടുത്തുക; 2. ഉത്തരവാദം ചെയ്യുക, ജാമ്യം നില്ക്കുക; 3. അധികാരപ്പെടുത്തുക; 4. തെളിയിക്കുക, സ്ഥാപിക്കുക; 5. ആധാരമായിരിക്കുക; 6. ഉറപ്പിച്ച് പറയുക, ദൃഢപ്പെടുത്തുക; 7. അവകാശം ഉറപ്പിക്കുക (*l.*); 8. നഷ്ടോത്തരവാദം ചെയ്യുക; 9. ജാമ്യം കൊടുക്കുക. **-a-ble,** *a.* അധികാരമുള്ള; നീതീകരിക്കത്തക്ക; അവകാശമുള്ള. **-a-ble-ness,** *n.* അധികാരം; നീതീകരണീയത്വം. **-a-bly,** *ad.* ഉറപ്പായി; അധികാരപ്രകാരം. **=tēe',** *n.* ജാമ്യം കിട്ടിയവൻ, ഉറപ്പ് കിട്ടിയവൻ (*l.*). **-ĕr, -ŏr,** *n.* അധികാരപ്പെടുത്തുന്നവൻ, അധികാരം കൊടുക്കുന്നവൻ, ഉത്തരവാദം ചെയ്യുന്നവൻ, ജാമ്യക്കാരൻ (*l.*). **-y, ='ran-dīce, ='ran-dīse,** *n.* ഉറപ്പ്, ഉത്തരവാദം (*l.*). *v. t.* ഉറപ്പ് കൊടുക്കുക.

**War'ren,** *n.* (മുയല്, കഴിമുയല്, കാട, കാട്ടുകോഴി മുതലായ വേട്ടയുരുക്കളെ വളർത്തുവാനുള്ള) പ്രത്യേക കാടവകാശം (*l.*); 2. പ്രത്യേക വേട്ടയവകാശം; 3. മുയൽക്കളം; 4. (പുഴയിലെ) മീൻതളം. **-ĕr,** *n.* കാട് കാവല്ക്കാരൻ.

**War'rin,** *n.* പഞ്ചവർണ്ണക്കിളി (*N.*).

**War'ri-ŏr,** *n., s. u.* War.

**Wart,** *n.* അരിമ്പാറ (*med.*); 2. മുഴ (*b.*). **w.-hog** (ആഫ്രിക്കയിലെ) നാല് തേററപ്പന്നി (*z.*). **-'ed,** *a.* മുഴയുള്ള (*b.*). **-'less,** *a.* അരിമ്പാറ ഇല്ലാത്ത, മുഴ—. **-'y,** *a.* അരിമ്പാറയുള്ള, മുഴയുള്ള.

**War'wōrn,** *a., s. u.* War.

**Wā'ry,** *a.* മുൻകരുതലുള്ള, സൂക്ഷ്മമുള്ള, ചരതമുള്ള, ജാഗ്രതയുള്ള, ഓർമ്മയുള്ള. **wā'ri-ly,** *ad.* ചരതത്തോടെ, മുൻകരുതലോടെ, ഓർമ്മയോടെ. **wā'ri-ness,** *n.* സൂക്ഷ്മം, ജാഗ്രത, കരുതല്.

**Was,** *a. v.* (Be എന്ന ക്രിയയുടെ ഭൂതകാലം ഉത്തമപ്രഥമപുരുഷൈകവചനരൂപം) ആയി, ആയിരുന്നു; 2. ഉണ്ടായി, ഉണ്ടായിരുന്നു.

**Wāse,** *n.* തെരിക.

**Wash,** *v. t.* കളിപ്പിക്കുക; 2. തേച്ച് കഴുകുക, (പാത്രം) വടിക്കുക; 3. അലക്കുക, തിരുമ്പുക; 4. അടിച്ച് തളിക്കുക; 5.

നനക്കുക; 6. (തിര, ഓളം) അലക്കുക, അടിക്കുക; 7. (away, off, out) കഴുകിക്കളയുക, വെടിപ്പാക്കുക; വെള്ളം അടിച്ച് കൊണ്ട് പോക; 8. നേൎമ്മനെ ചായം ഇടുക, നേൎമ്മത്തേപ്പ് തേക്കുക, നേൎമ്മയായി പൂശുക. **to w. gold** പൊന്നരിക്കുക. **to w. the hands off** പിൻവാങ്ങുക, മാറുക. *v. i.* കുളിക്കുക, നീരാടുക, സ്നാനം ചെയ്യുക, കഴുകുക; 2. അലക്കുക, തിരുമ്പുക; 3. തേച്ച് കഴുകുക; 4. (അലക്കിയാൽ) ചായം ഇളകാതെയിരിക്കുക, ചായം പോകാതെയിരിക്കുക; 5. ഒലിച്ച് പോക, ഒഴുകിപ്പോക. *n.* കുളിക്കൽ, സ്നാനം; നീരാട്ടം; 2. കഴുകൽ, തേച്ച് കഴുകൽ, വടിക്കൽ; 3. പ്രക്ഷാളനം; 4. തിരുമ്പൽ, അലക്കൽ; 5. ഒരിഴക്കിനുള്ള തുണി; 6. മണ്ണ(ൽ)ത്തിട്ട, മാട്, കഴം കറഞ്ഞ ളിക്ക്; 7. കഴിനിലം, കൈപ്പാട്, ചതുപ്പ് നിലം, നീരാപ്പൊററ; 8. ഒഴുകി വന്ന ചണ്ടി, ചവറ്, കപ്പ; 9. എച്ചിൽവെള്ളം, പാത്രം കഴുകിയ വെള്ളം; 10. (റാക്ക് കാച്ചുന്ന) കള്ള്, മദ്യം; 11. മുഖത്തേപ്പ്; 12. ദന്തശോധകദ്രവകം; 13. കേശതൈലം, എണ്ണ; 14. തേക്കുന്നമരുന്ന്, ലേപനൌഷധം; 15. നേൎമ്മച്ചായത്തേപ്പ്; 16. ലോഹപ്പൂച്ച്; 17. തണ്ട് പത്തി (*naut.*); 18. തുഴച്ചാല്; 19. തിരയടി, തിരയല; തിരയൊച്ച; 20. പത്ത് വട്ടിമുതൃ. **w.-ball** തേക്കുന്ന സോപ്പ്. **w.-barrel** മീൻതൊട്ടി. **w.-bottle** സ്ഫുടക്കുപ്പി. **w.-gilding** പൊൻമുക്ക്. **w.-leather** എണ്ണത്തോല്. **w.-board** അലക്ക് കല്ല്, —പലക; (നിലത്ത് ചുമരരികിൽ വെക്കുന്ന) ചാര് പലക, മഞ്ചാരി (*arch.*); (തോണിയുടെ) പാളി (*naut.*). **w.-bowl, w.-dish** (മുഖം കഴുകവാനുള്ള) നീർത്തളിക. **w.-house** അലക്ക് പുര. **w.-off** ചായം ഇളകുന്ന, ചായം പോകുന്ന. **w.-out** (വെള്ളംകൊണ്ട്) മണ്ണ് ഒലിച്ച് പോയ സ്ഥലം, കുഴി, ചാല്. **w.-pot, w.-tub** അലക്ക് പാത്രം, അലക്ക് തൊട്ടി. **w.-stand, w.-hand-stand** നീർത്തളികമേശ. *a.* (ചായംപോകാതെ) അലക്കാകുന്ന; ചായം പോകാത്ത. **-'a-ble,** *a.* അലക്കാകുന്ന. **wạshed** (wosht), *a.* ചായം തേച്ചപോലെയുള്ള. **-'ĕr,** *n.* അലക്കുകാരൻ; കഴുകുന്നവൻ; (വണ്ടിച്ചക്രത്തിന്നും മററും വെക്കുന്ന) തോൽവട്ട്; (കിണ്ടിയുടെയും മററും) വാല്; ചെറുകരടി, പന്നിക്കരടി (*z.*). **w.r-man** അലക്കുകാരൻ, വെളുത്തേടൻ, 'ദോവി', രജകൻ, മൈനാത്തൻ, മാനാത്തി, മൈനാത്തു (*S.*). **w.r-woman** അലക്കുകാരത്തി, അലക്കുകാരി, വണ്ണാത്തി, 'ദോവിച്ചി', മാനാത്തി, മൈനാത്തി; ഒര് പക്ഷി (*z.*). **-'i-ness,** *n.* കുതച്ച്, നനവ്; വീൎയ്യക്കുറവ്, വീൎയ്യമില്ലായ്മ, ചപ്പഗുണം; ശക്തിക്ഷയം; ബലഹീനത. **-'ing.** *n.* കുളിക്കൽ; കുളി, സ്നാനം; ഇഴക്ക് കെട്ട്, ഒര് അലക്കിനുള്ള തുണി, അലക്ക്. **w.g-bear** പന്നിക്കരടി (*z.*). **w.g-bottle** സ്ഫുടക്കുപ്പി (*ch.*). **w.g-fluid** ശുദ്ധീകരദ്രവകം. **w.g-machine** അലക്ക് യന്ത്രം. **w.g-soda** ചവക്കാരം, ചവല്ക്കാരം, ചാരം, ക്ഷാരം, കാരം (*ch.*). **w.g-stuff** കനകമണ്ണ്, അരിപ്പമണ്ണ്. **-'y,** *a.* നേൎത്ത; കുതന്ന, പതമുള്ള; വീൎയ്യം കറഞ്ഞ, വെള്ളം കൂട്ടിയ; ചപ്പയായ; നന്നെ വിയൎപ്പുള്ള, ക്ഷീണിച്ച, ബലം കറഞ്ഞ.

**Wā'si-um,** *n.* ഒര് മൂലപദാൎത്ഥം, 'വേസിയം', 'തോറിയം' (*ch.*).

**Wạsp,** *n.* കടന്നല്, കുളവി (*S.*), വരടം, വേട്ടാളൻ (*z.*). **-'ish,** *a.* കടന്നൽ പോലെയുള്ള; അരമെലിഞ്ഞ; മുൻകോപമുള്ള, ശുണ്ഠിയായ, മൊഞ്ചുള്ള (*S.*). **-'ish-ly,** *ad.* ശുണ്ഠിയോടെ. **-'ish-ness,** *n.* മുൻകോപം, ഈറ (*P.*), ശുണ്ഠി, മൊഞ്ച് (*S.*).

**Wạs'sail** (wos'sel), *n.* മംഗളാശംസനം, മദ്യപാനസ്വസ്തി; 2. മദ്യവിരുന്ന്, കുടിസല്ക്കാരം; 3. വെറിക്കൂത്ത്; 4. മദ്യപാനകം. *a.* മദ്യസല്ക്കാരം സംബന്ധിച്ച, സല്ക്കാരോല്ലാസം—. **w.-bowl** മദ്യപാനകക്കിണ്ണം. **w.-cup** —പാനപാത്രം. *v. i.* മദ്യവിരുന്ന് കഴിക്കുക, കുടിച്ചുല്ലസിക്കുക. **-ĕr,** *n.* കുടിയൻ, കുടിച്ചുല്ലസിക്കുന്നവൻ.

**Wạst,** *a. v.* (Be എന്ന ക്രിയയുടെ ഭൂതകാല മദ്ധ്യമപുരുഷൈകവചനരൂപം) നീ ആയിരുന്നു, നീ ഉണ്ടായിരുന്നു.

**Wāste,** *a.* ശൂന്യമായ, പാഴായ, നശിച്ച; 2. തരിശായ; 3. ഭയങ്കരമായ; 4. അസഖകാരമുള്ള; 5. സന്താപകരമായ; 6. ഉപയോഗമില്ലാത്ത, നിസ്സാരമായ, ചാടിക്കളഞ്ഞ; 7. നിഷ്ഫലമായ; 8. വിലയില്ലാത്ത; 9. ഉപയോഗിപ്പാൻ ആളില്ലാത്ത, അനാവശ്യമായ. **w.-basket** ചവറ് കൊട്ട. **w.-board** കപ്പപ്പാളി (*naut.*). **w.-book** കരട് കണക്ക് (പുസ്തകം). **w.-paper** ചവറ് കടലാസ്സ്, കീററ് കടലാസ്. **w.-weir** പാത്തി. *v. t.* നശിപ്പിക്കുക, ശൂന്യമാക്കുക, പാഴാക്കുക; 2. ക്ഷീണിപ്പിക്കുക, ബലഹീനമാക്കുക; 3. കുറക്കുക; 4. ചെലവാക്കുക, തീക്കുക, ഇല്ലാതാക്കുക, ക്ഷയിപ്പിക്കുക; 5. ദുർച്ചെലവ് ചെയ്യുക, നാനാവിധമാക്കുക, ദുർവ്വ്യയം ചെയ്യുക, ധ്വംസനം പാടുക, വെറുതെ കളയുക; 6. (വസ്തു) ക്ഷയിപ്പിക്കുക, രക്ഷ ചെയ്യാതിരിക്കുക (*l.*). *v. i.* ക്ഷയിക്കുക, കുറയുക; 2. നശിക്കുക, ഇല്ലാതാക, തീന്ന് പോക, ചേതംവരിക, അഴിഞ്ഞ് പോക, പാഴാക, തേഞ്ഞ് പോക; 3. (കതിരപന്തയക്കാരൻ) മെലിയുക, ഘനം കുറയുക. *n.* നശിപ്പിക്കൽ; 2. നാശം; 3. ദുർവ്വ്യയം, ദുർച്ചെലവ്; 4. ക്ഷയം, കുറവ്, നഷ്ടം; 5. പാഴിടം, ശൂന്യപ്രദേശം, തരിശ് സ്ഥലം, മരുഭൂമി, വനാന്തരം; 6. ചണ്ടി, ചവറ്, കപ്പ; 7. അനുഭവക്ഷയം; രക്ഷചെയ്യാതിരിക്കൽ; ദൂഷ്യം, കേട്, നാശം (*l.*); 8. ഒഴിച്ചിട്ട ഖനി (*ming.*). **-'fụl,** *a.* നാശകരമായ, ദുർവ്വ്യയമായ; അനാവശ്യച്ചെലവായ; മുടിയാന്തരമായ, മുടിക്കുന്ന. **-'fụl-ly,** *ad.* ദുർച്ചെലവായി, മുടിയാന്തരമായി. **-'fụl-ness,** *n.* ദുർവ്വ്യയത്വം, നശീകരത്വം. **-'ness,** *n.* ശൂന്യത, നാശം; ശൂന്യസ്ഥലം, വനാന്തരം, മരുഭൂമി. **wāst'ẽr,** *n.* നശിപ്പിക്കുന്നവൻ, ദുർവ്വ്യയക്കാരൻ, പൊടിപാററുന്നവൻ, മുടിയൻ; കെട്ടകാര്യസ്ഥൻ; മെഴത്തിരിനക്ഷ്ടം, മെഴത്തിരിയുന്നം; ഗദ, വടി; മുനയില്ലാത്ത വാള്. **wāst'ing,** *a.* നശിപ്പിക്കുന്ന, ക്ഷയിപ്പിക്കുന്ന, ക്ഷയമായ. **w.g palsy** ഒര് വക പക്ഷവാതം (*med.*).

**Wạtch** (woch), *n.* കാക്കൽ, കാവല് ചെയ്യൽ; 2. ഉണന്നിരിക്കൽ, ഉറക്കിളെപ്പ്, ഉണച്ച, ജാഗ്രത, സൂക്ഷ്മം, നോട്ടം; 3. കാവൽക്കാര്; 'പാറാവ്'കാരൻ; കാവല്യോഗം; കാവൽസ്ഥലം, കാവൽപ്പുര, കാവച്ചാള; 4. 'പാറാവ്'സമയം, കാവൽയാമം; 5. ഘടികാരം, 'ഗടിയാള്', 'വാച്ച്'; 6. (കപ്പലിൽ) ഒര് കാവല്കാലം, (നാല് മണിക്കൂറുള്ള) യാമം; യാമപ്രവൃത്തിക്കാരൻ. **w.-barrel** (ഘടികാരത്തിലെ വില്ല്പെട്ടി. **w.-bell** (കപ്പലിൽ അരയര മണിക്കൂർതോറുമുള്ള) അരമണിയടി. **w.-bill** (കപ്പലിലെ) കാവൽപ്പട്ടിക. **w.-case** 'ഗടിയാളറ'. **w.-chain, w.-guard** 'ഗടിയാൾ'ചങ്ങല. **w.-clock** പാറാവ്; ഗടിയാള്'. **w.-dog** വീട്ട്നായി, വീട് കാക്കുന്ന നായി, കാവൽനായ്. **w.-fire** കാവൽതീ. **w.-glass** ഗടിയാൾക്കണ്ണാടി; (കപ്പലിലെ) നാഴികവട്ട. **w.-gun** നിയമവെടി. **w.-house** കാവൽപ്പുര; തല്ക്കാലബന്ധനസ്ഥലം, തുറുങ്ക്. **w.-light** കാവൽവിളക്ക്. **w.-maker** ഘടികാരം ഉണ്ടാക്കുന്നവൻ, 'ഗടിയാള്' നന്നാക്കുന്നവൻ. **w.-man** കാവല്ക്കാരൻ, 'റോന്ത'ക്കാരൻ, 'പാറാവു'കാരൻ. **w.-night** വഷാന്ത്യരാത്രി, ജാഗരണരാത്രി. **w.-tower** കാവൽഗോപുരം. **w.-word** കുറിവാക്ക് (*mil.*); പോര് വിളി (*mil.*). *v. i.* ഉണന്നിരിക്കുക, ഉറക്കിളെക്കുക, ഉറങ്ങാതെയിരിക്കുക; 2. സൂക്ഷിക്കുക, ശ്രദ്ധയോടെയിരിക്കുക; 3. കാവല് ചെയ്യുക, കാക്കുക, 'പാറാവ്'നില്ക്കുക; 4. കാത്തിരിക്കുക, നോക്കിപ്പാക്കുക; 5. തരംനോക്കിയിരിക്കുക; 6. ഉണന്നിരുന്ന് രോഗിയെ ശുശ്രൂഷിക്കുക, രോഗിയെ കാക്കുക; 7. (കടൽ'ബോയ')കൃത്യസ്ഥലത്തുണ്ടാക (*naut.*). **to w. over** കാക്കുക; ശ്രദ്ധവെച്ച് നോക്കുക, നോക്കുക; സൂക്ഷിക്കുക; പരിശോധിക്കുക. *v. t.* സൂക്ഷിക്കുക, ശ്രദ്ധിക്കുക, നോക്കിക്കൊണ്ടിരിക്കുക, ദൃഷ്ടിവെക്കുക, ശ്രദ്ധവെക്കുക; 2. പാലിക്കുക, സംരക്ഷിക്കുക, കാത്ത് രക്ഷിക്കുക. **-'ẽr,** *n.* കാവല്ക്കാരൻ; ഉണന്നിരിക്കുന്നവൻ; ജാഗരൂകൻ; രോഗിശുശ്രൂഷകൻ. **-'fụl,** *a.* (of) ഉണച്ച ഉള്ള, ജാഗ്രത—, സൂക്ഷ്മം—; (of) ദൃഷ്ടി—, ശ്രദ്ധ—; (against) ചരതം—, സൂക്ഷിക്കുന്ന. **-'fụl-ly,** *ad.* ഉണച്ചയോടെ, ജാഗ്രതയോടെ; നിഷ്ഠയോടെ. **-'fụl-ness,** *n.* ഉന്നിദ

തചം, ഉണച്ച്, ജാഗരണം; ജാഗരൂകത; സൂക്ഷ്മം.

Wa'tĕr, *n.* വെള്ളം, നീര്, തണ്ണീര്, ജലം, അംബു, അപ്പ്, വാരി; 2. തടാകം, പുഴ, നീർത്തോട്, ചിറ, ജലാശയം; 3. ചെറുനീര്, മൂത്രം; 4. ഉമിനീര്, തുപ്പല്, കേല; 5. ദ്രാവകം (*med.*); 6. രത്നഗുണം, രത്നപ്രഭ; 7. തിളക്കം, കാന്തി. w.-adder, w.-moccasin, w.-snake, w.-viper നീർക്കോലി (*z.*). w.-antelope, w.-buck ഒര് വക മാന്, നീർമാന് (*z.*). w.-bailiff ഉരുപരിശോധകൻ. w.-ballast നീർനകാരം. w.-barometer വായുഘനമാപനജലയന്ത്രം (*ph.*). w.-bath (അട്ടപ്പിൽ വെക്കുവാൻ പാടില്ലാത്ത പാത്രത്തിലെ സാധനം ചൂടാക്കേണ്ടുന്നതിന്ന് ഉപയോഗിക്കുന്ന) ആവരണജലഭാജനം. w.-battery ജലജന്യവിദ്യുൽപ്പെട്ടകം (*elec.*); സമുദ്രവേലിതാനപ്പീരങ്കിക്കോട്ട (*mil.*). w.-bearer ഒര് നക്ഷത്രഗണം, കുംഭരാശി (*as.*). w.-bed (ചില രോഗികൾക്ക് കിടപ്പാനായി ഉപയോഗിക്കുന്ന) ജലശയ്യ (*med.*). w.-bird നീർപ്പക്ഷി (*z.*). w.-bound വെള്ളപ്പൊക്കത്താൽ തടസ്ഥപ്പെട്ട. w.-brain ആട്ടുകൾക്കുണ്ടാകുന്ന ഒര് രോഗം (*vet.*). w.-brash, w.-quälm (-kwäm) നെഞ്ഞ് കീറല്, —വേവല് (*med.*). w.-breather ചെളക്കപ്പ്രാണി (*z.*). w.-buffalo നീർപ്പോത്ത്, വിലാത്തിപ്പോത്ത് (*z.*). w.-bug എഴുത്തച്ഛൻ (*z.*). w.-butt നീർപ്പീപ്പ. w.-can നീർക്കുടം; ഒര് ചെടി (*b.*). w.-carriage കേവ്, ഉരുക്കളിൽ ചരക്ക് കടത്തൽ. w.-cell ജലകോശം; (ഒട്ടകത്തിന്റെ വയററിലുള്ള) നീർസഞ്ചി (*z.*). w.-clock ജലഘടികാരം. w.-closet മറപ്പുര, മൂത്രയറ. w.-cock കുളക്കോഴി (*z.*). w.-color, w.-colour നീർച്ചായം; നീർച്ചായച്ചിത്രം (*paint.*). w.-colorist, w.-colourist നീർച്ചായച്ചിത്രമെഴുത്തുകാരൻ. w.-course നദി, പുഴ, തോട്; നീർച്ചാല്, ഒഴുക്കുള്ളതോട്; നീർത്തോടവകാശം (*l.*). w.-craft തോണി, വള്ളം, ഉരു, കപ്പല്. w.-crane (തീവണ്ടിയിൽ വെള്ളം കയററുന്ന) നീർത്തൂണ്, വെള്ളക്കുററി. w.-cure ജലചികിത്സ, —വൈദ്യം (*med.*); ജലവൈദ്യശാല. w.-deck പടക്കുതിര(യുടെ മേൽ ഇടുന്ന) ചിത്രപടം. w.-deer (കൊമ്പില്ലാത്ത തേററയുള്ള) ഒര് വക മാന് (*z.*). w.-devil ഒര് വക ജലകീടം (*z.*). w.-doctor മൂത്രനിദാനവൈദ്യൻ (*med.*); ജലവൈദ്യൻ, —ചികിത്സക്കാരൻ (*med.*). w.-dog നീർനായാട്ട്നായി; ചെറു കാർമ്മേഘം; പഴക്കമുള്ള 'കലാശി'. w.-drain ഓവ്, നീർച്ചാല്. w.-drainage നീർവാക്കൽ; നീർച്ചാൽക്കൂട്ടം. w.-dressing നീർപ്പത്തി, ധാര, തുണിനനച്ച് കെട്ടൽ (*med.*). w.-elephant നദീതുരഗം, നീർക്കുതിര (*z.*). w.-engine ജലാരൂഢയന്ത്രം; ജലചലിത—; തീകെടുക്കുന്ന—, 'ബോമ്പ'. w.-fall അരുവി, ജലപ്രപാതം, അരുവിയാറ്; സ്ത്രീകളുടെ പിൻതലമുടി തുഞ്ചം കെട്ടിയിടൽ; ഒര് വക കണ്ഠവസ്ത്രം. w.-flannel ഒര് വക ചമ്മി (*b.*). w.-flood വെള്ളപ്പൊക്കം, ജലപ്രവാഹം. w.-fowl നീർപ്പക്ഷി. w.-fox ഒര് മത്സ്യം (*z.*). w.-gage, w.-gauge ചിറ; ജലമാപനയന്ത്രം. w.-gall മണ്ണൊലിച്ചുണ്ടായ കണ്ട്; ഇരട്ടമഴവില്ല്. w.-gate ചീപ്പ്. w.-gavel മീൻപിടി(ക്കുന്നതിന്ന് ഉടമസ്ഥന്ന് കൊടുക്കുന്ന) പാട്ടം. w.-gilding പൊൻമുക്ക്. w.-god ജലദേവത (*myth.*). w.-gruel കഞ്ഞി, കൂഴ്. w.-hen കുളക്കോഴി (*z.*). w.-ice (മധുരംചേർത്ത് തണുപ്പിച്ച് കട്ടിയാക്കിയ) ഹിമപലഹാരം. w.-inch, inch of w. പ്രവാഹമാത്ര. w.-laid (കയറ്) ഇടംപിരിയായ. w.-level ജലവിതാനം; ഒര് വക ജലവിതാനയന്ത്രം. w.-lily ആമ്പല്, പൂത്താലി, വെള്ളാമ്പല് (*b.*). w.-line (കപ്പല് വെള്ളത്തിൽ എത്രതാണ് കിടക്കുന്നവെന്ന് കാണിക്കുന്ന) ആഴവര (*naut.*); light w.-line വെറുംകപ്പലാഴവര; load w.-line നിറകപ്പലാഴവര. w.-logged വെള്ളംനിറഞ്ഞ. w.-man പുഴത്തോണിക്കാരൻ, കടവ് തോണിക്കാരൻ; കതിരക്ക് വെള്ളം കാട്ടുന്നവൻ; ജലപിശാച്. w.-mark വേലിവെള്ള(ത്തിന്റെ) വട്ട, വേലിവട്ട, ഇറക്കവട്ട; (കടലാസിലുള്ള) വാ

ഷ്പ്മുറ, ഛായാമുറ; (കപ്പലിന്റെ) ആഴവര. **w.-meadow** പുഞ്ചക്കണ്ടം. **w.-melon** വത്ത, വത്തക്ക (*b.*); വത്തവള്ളി (*b.*). **w.-meter** ജലമാത്ര. **w.-mill** വെള്ളത്തിരിക്കല്ല് യന്ത്രം. **w.-motor,** *s. a.* **w.-engine;** ജലചലിതയന്ത്രം; ജലചലിതചക്രം. **w.-mouse** നീരെലി (*z.*). **w.-nymph** ജലദേവത (*myth.*). **w.-ordeal** ജലപരീക്ഷ. **w.-pipe** ഓക്, ഓവ്. **w.-pitcher** ജലപാത്രം, കുടം, മുരുട, കിണ്ടി. **w.-plant** നീർച്ചെടി, ജലസസ്യം (*b.*). **w.-plate** ചൂട് 'വസി'. **w.-poise** ജലമാപനയന്ത്രം. **w.-pot** ജലപാത്രം, കുടം, പാത്രം, ചെമ്പ്. **w.-power** ജലചലിതശക്തി. **w.-pox** പൊട്ടി, തീപ്പാറി (*med.*). **w.-proof** വെള്ളം കടക്കാത്ത; വെള്ളം കടക്കാത്തേപ്പ്; മെഴുത്തുണി; മെഴുത്തേപ്പ്. **w.-rat** നീരെലി; കടൽക്കള്ളൻ. **w.-rate** ജലനികുതി, നീർവരി. **w.-ret, w.-rot** (വെള്ളത്തിലിട്ട്) ചീയിക്കുക. **w.-sapphire** ഒര് വക നീലരത്നം (*min.*). **w.-screw** തീക്കപ്പൽപ്പിരിയാണി. **w.-shed** നീര് മറി, നീര് മറിപ്രദേശം. **w.-shoot** നിപ്പാത്തി. **w.-soak** പു(ക)ത്തുക. **w.-spaniel** ഒര് വക ജടനായി (*z.*). **w.-spout** ജലപ്രജം, നീർച്ചുഴിസ്തംഭം. **w.-spright** ജലപിശാച്. **w.-standing** കണ്ണുനീര് നിറഞ്ഞ. **w.-supply** ജലസംഭാരം, ജലശേഖരം, ചിറ, കുളം, കിണറ്, ജലാശയം. **w.-table** ഉത്തരക്കല്ല് (*arch.*). **w.-thermometer** ഉഷ്മമാപനജലയന്ത്രം (*ph.*). **w.-thief** കടല്ക്കള്ളൻ. **w.-tight** ചോരാത്ത, വെള്ളം ചോന്ന് പോകാത്ത. **w.-way** സമുദ്രവഴി, പുഴവഴി. **w.-wheel** ജലചലിതചക്രം. **w.-wing** പാലത്താങ്ങ് (*arch.*). **w-work** തുണിച്ചിത്രം, ചുവച്ചിത്രം (*pl.*); ജലസംഭാരനിർമ്മാണം, ജലാശയം. **w.-worn** വെള്ളംതട്ടി മിനുസമായ. **hard w.** ധാതുമിശ്രജലം, ഘനജലം. **mineral w.s** ധാതുജലം. **soft w.** ഘനം കുറഞ്ഞവെള്ളം, ലഘുജലം, ധാതുമിശ്രമില്ലാത്ത വെള്ളം. **to hold w.** ചോരാതെയിരിക്കുക; ശരിയായിരിക്കുക, കാര്യമായിരിക്കുക. **to keep one's head above w.** മുങ്ങിപ്പോകാതെയിരിക്കുക; പൊട്ടാതെ പൊളിയാതെ നിർവ്വഹിക്കുക, ഒര് വിധം നിവൃത്തിച്ച് പോരുക. **to make w.** മൂത്രം ഒഴിക്കുക, —വിസർജ്ജിക്കുക, മൊള്ളുക (*S.*). **w. on the brain** ശിരോഗ്രഹം, ശിരശ്ശൂല (*med.*). **w. on the chest** മാന്നീര് (*med.*). *v. t.* നനക്കുക, വെള്ളം പകരുക, —ഒഴിക്കുക, —വിടുക; 2. —കടിപ്പിക്കുക, —കാട്ടുക, —കൊടുക്കുക; 3. തുണ്ണിമിനുക്കുക, കാന്തിവരുത്തുക; 4. വെള്ളം കൂട്ടുക, നേപ്പിക്കുക, വീര്യം കുറക്കുക. **to w. stock** വ്യാപാരസംഘോഹരിവർദ്ധിപ്പിക്കുക. *v. i.* വെള്ളം ഒഴുകുക, കണ്ണീരൊഴുകുക, കണ്ണുനീര് വരിക; 2. വെള്ളം കയറുക, —എടുക്കുക. **the mouth w.s** വായിൽനിന്ന് വെള്ളം വരിക; കൊതിക്കുക, അത്യാഗ്രഹം ഉണ്ടാക. **-ĕr,** *n.* നനക്കുന്നവൻ; വെള്ളം വിടുന്നസാധനം. **-i-ness,** *n.* ജലമയത്വം, ദ്രവകത്വം; നനവ്. **-ing,** *a.* വെള്ളം കാട്ടുന്ന; നനക്കുന്ന. **w.g-call** പടക്കുതിരകൾക്ക് വെള്ളം കാട്ടുവാനുള്ള കാഹളവിളി (*mil.*). **w.g-cart** നിരത്ത് നനക്കുന്ന വണ്ടി. **w.g-place** വെള്ളം ഉള്ള സ്ഥലം; ധാതുജലസ്ഥലം; മുങ്ങിക്കുളിക്കുന്ന സ്ഥലം, കുളം, ചിറ, പുഴ; വള്ളക്കളിസ്ഥലം. **w.g-pot** നനപാത്രം. **w.g-trough** നീർത്തൊട്ടി. **-ish,** *a.* വെള്ളംപോലെയുള്ള, നേർത്ത, കട്ടിയില്ലാത്ത; ചതുപ്പായ, ഈറമായ, ഓതമുള്ള. **-ish-ness,** *n.* ജലമയത്വം; നേർമ്മ; കുളുപ്പം. **-less,** *a.* വെള്ളമില്ലാത്ത; ഉണങ്ങിയ, വരണ്ട. **-y,** *a.* വെള്ളമായ; ജലംസംബന്ധിച്ച; വെള്ളമുള്ള; നനഞ്ഞ; കണ്ണ് നീരുള്ള; വെള്ളംപോലെയുള്ള; നേർത്ത; ജലമയമായ; രുചിയില്ലാത്ത, ചപ്പയായ; വീര്യമില്ലാത്ത.

**Watt,** *n.* ഒര് വിദ്യുച്ഛക്തിമാത്ര (*elec.*).

**Wat'tle,** *n.* ചുള്ളിക്കൊമ്പ്, ചുള്ളിവടി, ചുള്ളല്; 2. തട്ടി; 3. മേല്പുരവാരി; 4. (ചില പക്ഷികളുടെയും മറ്റും കഴുത്തിലുള്ള) ഒര് വക പൂ (*z.*); 5. ഒര് വക മരത്തോല്; 6. തോല് എടുക്കുന്ന മരം (*b.*). *v. t.* ചുള്ളിവെച്ച് കെട്ടുക; 2. മിടയുക. **wat'tled** (wot'tld), *a.* താടയുള്ള; പൂവുള്ള. **wat'tling,** *n.* മിടയല്; മിടച്ചൽപ്പണി.

**Waucht, Waught** (wạt), *n.* (വെള്ളം, പാനകം) ഒര് നല്ല വലി.

**Waul, Wawl** (wạl), *v. i.* (പൂച്ച) കരയുക, —ഓരിയിടുക.

I. **Wāve**, *n.*, *s. a.* **Waive.**

II. **Wāve**, *v. i.* അങ്ങോട്ടും ഇങ്ങോട്ടും ഇളകുക, തിളാവുക, തുള്ളുക; 2. (തിര) മറിയുക, അലയുക; 3. മാട്ടുക, കൈമാട്ടുക; 4. ഇളകുക, ആടുക, ഉലയുക. *v. t.* (വാള്) വീശുക, ഇളക്കുക, പുളയിക്കുക; 2. കല്ലോലമാക്കുക; 3. (കൈ)മാട്ടുക, കൈകൊണ്ട് കാട്ടുക, ആംഗ്യം കാട്ടുക, അടയാളം—. *n.* തിര, അല, ഓളം, മോത; 2. ദോളനം, ഭ്രമണം, തരംഗം, കമ്പനം, അനക്കം (*ph.*); 3. വെള്ളം; കളം, ചിറ; പുഴ; ജലാശയം; 4. പരുപരുപ്പ്, കന്നം കഴിയും; 5. മാടൽ, ഇളക്കൽ, വീശൽ; 6. അടയാളം, ആംഗ്യം; 7. (തുണിയുടെ) കാന്തി, തിളക്കം; 8. പ്രമാദം, കശ്നം, ഘോഷം. **w.-front** ഭ്രമണാരംഭം (*ph.*). **w.-length** ഭ്രമണദൈൎഘ്യം (*ph.*). **w.-loaf** നീരാജനയപ്പം (*Bl.*). **w.-offering** നീരാജനവഴിപാട് (*Bl.*). **w.-surface** ഭ്രമണവ്യാപ്തി. **w.-theory** അണുഭ്രമണവാദം (*ph.*). **-'wōrn,** *a.* തിരയടികൊണ്ട് വലഞ്ഞ, അലകൊണ്ട് ഇടിഞ്ഞ. **w. of vibration** ഭ്രമണതരംഗം (*ph.*). **wāved** (wāvd), *a.* തരംഗാകൃതിയായ; അലയുള്ള; പല്ല്പല്ലായ; കാന്തിയുള്ള. **-'less,** *a.* തിരയില്ലാത്ത; ശാന്തമായ. **-'let,** *n.* ഓളം, മോത. **-'sŏn,** *n.* (കപ്പല് വീണിട്ട്) ഒഴുകിവരുന്ന ചരക്ക്. **wā'vi-ness,** *n.* തരംഗത്വം; തിരഗുണം. **wā'vy,** *a.* പൊന്തുകയും താഴുകയും ചെയ്യുന്ന, ഉയൎന്നും താണും ഇരിക്കുന്ന; തിരയുള്ള; അലയുന്ന; പല്ല്പല്ലായ (*b.*).

**Wā'vĕr,** *v. i.* ആടുക, ചാഞ്ചാടുക; 2. ഇളകുക, പതറുക, വിറക്കുക; 3. ചഞ്ചലപ്പെടുക, സംശയിക്കുക; 4. അസ്ഥിരമായിരിക്കുക. *n.* അവ, അക. **-ĕr,** *n.* ചഞ്ചലമുള്ളവൻ, ചപലൻ, സ്ഥിരതയില്ലാത്തവൻ. **-ing-ly,** *ad.* ചഞ്ചലത്തോടെ. **-ing-ness,** *n.* ചഞ്ചലം, ചാപല്യം.

**Wāve'sŏn, Wāve'wōrn, Wā'vi-ness,** *s. u.* **Wave** II.

**Wā'vūre,** *n.*, *s. a.* **Waivure,** *s. u.* **Waive.**

**Wā'vy,** *a.*, *s. u.* **Wave** II.

**Wawl** (wạl), *v. i.*, *s. a.* **Waul.**

I. **Wax,** *v. i.* വലുതാക, വണ്ണംവെക്കുക; 2. വൎദ്ധിക്കുക; 3. ആയ്തീരുക, ആക. **to w. colder** തണുത്ത്പോക. **to w. old** വയസ്സനാക; പഴക്കം വരിക. **w.-ing kernels** കഴല (*med.*).

II. **Wax,** *n.* (*also* **bees' w.**) മെഴു, മെഴുക്; 2. ചെവിപ്പീ, ചെപ്പി (*phys.*); 3. (*also* **vegetable w.**) അരക്ക്; മരക്കറ; 4. (*also* **mineral w.**) കന്മദം (*min.*); 5. ചക്കരപ്പാവ് (*U. S.*). **w.-cloth w.ed cloth** മെഴുക്ശീല, മെഴുത്തുണി, മെഴുക്തുണി. **w.-end, w.ed end** മെഴുകിട്ട നൂലറ്റം. **w.-flower** മെഴുക്പുഷ്പം. **w.-light** മെഴുക്തിരി, മെഴുത്തിരി. **w.-painting** മെഴുക്ചായചിത്രം. **w.-palm** (കറ ഒര് വക മെഴുകായ) മെഴുപ്പന (*b.*). **w.-paper** മെഴുക്കടലാസ്സ്. **w.-work** മെഴുക്പ്രതിമ, മെഴു'ബൊമ്മ'. **w.-worker** മെഴുപ്പണിക്കാരൻ; മൂശപിടിക്കുന്നവൻ; തേനീച്ച. **w.-yellow** ഇളമഞ്ഞനിറം. *v. t.* മെഴുക് ഇടുക, —തേക്കുക; മിനുക്കുക. **-'en,** *a.* മെഴുക്കൊണ്ടുണ്ടാക്കിയ; മെഴുപോലെയുള്ള; മെഴുക്തേച്ച. **-'i-ness,** *n.* മെഴുഗുണം, മെഴുപ്പ്; മെഴുപ്പാകം. **-'y,** *a.* മെഴുപോലെയുള്ള; മെഴുപ്പാകമായ; ഒട്ടുന്ന, പററുന്ന; പതമുള്ള, പശിമയുള്ള. **w.y regeneration** മെഴുകായ്തീരൽ (*med.*).

**Wāy,** *n.* വഴി, പാത, നിരത്ത്, പന്ഥാവ്; 2. ദൂരം, വഴിദൂരം; 3. നടത്തം, സഞ്ചാരം, യാത്ര; 4. ഗതി, ഭാവം, താല്പൎയ്യം; 5. മാൎഗ്ഗം, സൂത്രം; 6. പ്രകാരം, വിധം, രീതി; 7. വൃത്തി, ആചാരം, നടവടി, സമ്പ്രദായം, മൎയ്യാദ; 8. അഭിപ്രായം, വിചാരം; 9. ഇഷ്ടം, തന്നിഷ്ടം, ശാഠ്യം; 10. ഓട്ടം (*naut.*); 11. (*pl.*) (കപ്പല് ഇറക്കുന്ന) ഉരുള്തടി, കാലാങ്കി (*naut.*); 12. വഴിയവകാശം, ഗതാഗതസൌകൎയ്യാവകാശം (*l.*). **w.-bill** വണ്ടിയാത്രക്കാരുടെ കണക്ക്. **w.-bread** ഒര് ചെടി (*b.*). **w.-farer** യാ

ത്തുക്കാരൻ, വഴിക്കാരൻ, പാന്ഥൻ. w.-going പോകുന്ന, പുറപ്പെട്ടുപോകുന്ന; വിട്ടുപോകുന്നവനെ സംബന്ധിച്ച. w.-going crop (ചാത്ത് കാലത്ത് വിതച്ചതും കാലം കഴിഞ്ഞശേഷം വിളയുന്നതും കഴിഞ്ഞ്പോകുന്ന കുടിയാന്നുള്ളതും ആയ) കാലം കഴിഞ്ഞ വിള (*l.*). w.-lay പതിയിരിക്കുക, ഒളിച്ചിരിക്കുക, ഒററിരിക്കുക. w.-layer പതിയിരിക്കുന്നവൻ, പതിയിരിപ്പുകാരൻ. w.-leave വഴിപോകുവാൻ ഉള്ള സമ്മതം, ഗതാഗതാനുവാദം; ഗതാഗതാനുവാദപ്രതിഫലം. w.-maker വഴിയുണ്ടാക്കുന്നവൻ, വഴിവെട്ടുന്നവൻ; അഗ്രഗാമി. w.-mark വഴിയടയാളം, നാഴികക്കല്ല്; കൈകാട്ടിമരം. w.-passenger വഴിക്കൽനിന്ന് വണ്ടികയറുന്നവൻ; —ഇറങ്ങുന്നവൻ. w.-side വഴിയരു, നിരത്ത് വക്ക്; നിരത്ത് വക്കത്തുള്ള. w.-station വഴിത്താവളം, ഇടസ്ഥാനം. w.-train ഇടസ്ഥാനത്ത്നില്ക്കുന്ന തീവണ്ടി. w.-warden വഴിമേനോക്കി, 'മേസ്ത്രി'. w.-wise വഴിയറിയുന്ന, വഴിശീലമുള്ള; യാത്രപരിചയമുള്ള. w.-wiser സഞ്ചാരമാപനയന്ത്രം, ദൂരമാപനയന്ത്രം. w.-worn യാത്രയാൽ ക്ഷീണിച്ച, നടന്ന് ചടച്ച, സഞ്ചാരത്താൽ ചവികെട്ട. covert w. ഒളിവഴി, തുരങ്കവഴി. high-w. പെരുവഴി, രാജമാർഗ്ഗം. high-w. robbery പിടിച്ച്പറി, പെരുവഴിപ്പിടിച്ച്പറി (*l.*). milky-w. ആകാശഗംഗ (*as.*). by the w. അതിന്നിടക്ക്, ആ സംബന്ധത്തിൽ, തന്മദ്ധ്യേ. by w. of . . . . . ആയിക്കൊണ്ട്, . . . . . ലേക്ക്, ആയി. in the family-w. ഗർഭമുള്ള, ഗർഭിണിയായ. in the w. മുടക്കമായി, തടസ്ഥമായി. in the w. with അനുയാത്രചെയ്യുന്ന; കൂടെയുള്ള; തമ്മിൽകണ്ട; മുമ്പാകെ. on the w. വഴിയിൽ; മദ്ധ്യേ, വഴിക്ക്, ആകത്തക്കനിലയിൽ. out of the w. വഴിവിട്ട, വളഞ്ഞ; കോണില്യള്ള, മൂലക്കുള്ള; കാണ്മാൻ വിഷമമുള്ള; ആകാത്ത, കൊള്ളരുതാത്ത. right of w. വഴിയവകാശം, ഗതാഗതസൌകര്യാവകാശം (*l.*). to be under w., to have w. (കപ്പല്) ഓട്ടുവാൻ തുടങ്ങുക. to give w., *s. u.* Give. to go one's w., to come one's w. പോക, (തൻെറ) പാട്ടിൽ പോക; വരിക. to go the w. of all the earth മരിക്കുക. to make one's w. അഭിവൃദ്ധിപ്രാപിക്കുക, ശുഭപ്പെടുക, നന്നാക; സ്വന്തപരിശ്രമത്താൽ നന്നായ്തീരുക. to make w., *s. u.* Make. w.s and means നിർവ്വാഹം, അനുകൂലം, മാർഗ്ഗം; വരുമാനമാർഗ്ഗം, പിരിവ് മാർഗ്ഗം. w.s of God ദിവ്യപരിപാലനം, ദൈവപ്രവൃത്തി. *v. i.* പോക, മുമ്പോട്ട് നടക്കുക, പുറപ്പെടുക.

**Wāyed** (wād), *a.* (കുതിര) വഴിശീലമുള്ള; തഴക്കമുള്ള. **-'ward** (-'wĕrd), *a.* തന്നിഷ്ടമുള്ള, തന്തോന്നിയായ, അനുസരണംകെട്ട; ദുശ്ശീലമുള്ള. **-'ward-ly,** *ad.* പറഞ്ഞാൽ കേൾക്കാതെ, പറഞ്ഞത് കേൾക്കാതെ, അനുസരണമില്ലാതെ. **-'ward-ness,** *n.* തന്നിഷ്ടം, താന്തോന്നിത്വം, തോന്നിയവാസം, അനുസരണക്കേട്, ശാഠ്യം.

**Wāy'wōde, Wāi'wōde, Vāi'vōde,** *n.* സേനാപതി; 2. ദേശാധിപതി, നഗരാധിപതി; 3. (തുർക്കിരാജ്യത്തിലെ) ഉദ്യോഗസ്ഥൻ. **-ship,** *n.* ദേശാധിപത്യം; സംസ്ഥാനം; ദേശാധിപതിസ്ഥാനം.

**Wāy'wōrn,** *a.*, *s. u.* Way.

**Wāyz'-goose, Wāy'-goose,** *n.* അച്ച്പണിക്കാരുടെ വർഷാന്തരോത്സവം.

**Wē,** *pron.* (*pl. of* I) ഞങ്ങൾ, ഞങ്ങള്; നാം, നോം, നമ്മള്; ഞമ്മ (*M.*), വയം.

**Wēak** (wēk), *a.* ഊക്ക് കുറഞ്ഞ, ബലം ഇല്ലാത്ത, ശക്തി—, ബലഹീനമായ; 2. ക്ഷീണിച്ച, ശക്തിക്ഷയിച്ച, രോഗിയായ; 3. കെല്പില്ലാത്ത, ബലം പോരാത്ത, ഉറപ്പില്ലാത്ത; 4. കെട്ടഴിഞ്ഞ; 5. വേഗം ഉടഞ്ഞ്പോകുന്ന; 6. വളയുന്ന, ഉലയുന്ന; 7. വേഗം പിടികിട്ടാകുന്ന, വശമാക്കാകുന്ന; 8. മുട്ടവായ, മന്ദമായ, ഒച്ചയില്ലാത്ത, പതുക്കെ ആയ; 9. വീര്യം കുറഞ്ഞ; ഇളപ്പമായ; 10. കാഴ്ചകുറഞ്ഞ; 11. അഗ്നിമാന്ദ്യമുള്ള; 12. പ്രാപ്തിയില്ലാത്ത; ശേഷി കെട്ട; 13. ധൈര്യമില്ലാത്ത; 14. ബുദ്ധികുറഞ്ഞ, വിവേകമില്ലാത്ത; ബുദ്ധികെട്ട, ഭോഷത്വമു

ള്ള; 15. ചഞ്ചലമുള്ള, സ്ഥിരമില്ലാത്ത; 16. മനോബലമില്ലാത്ത, വേഗം മനസ്സിളകുന്ന; 17. ഇന്ദ്രിയജയമില്ലാത്ത; 18. ബലഹീനമായ; 19. മോശമായ; 20. നിഷ്ഫലമായ, വിഫലമായ; 21. കാൎയ്യത്തിന്ന് പോരാത്ത; 22. വില താണ് പോകുന്ന; 23. പ്രത്യയഭ്രതരൂപക്രിയയായ, ക്രമഭ്രതക്രിയയായ (*gr.*). **w. conjugation** പ്രത്യയഭ്രതരൂപക്രിയാമാല (*gr.*). **w.-hearted** ധൈൎയ്യമില്ലാത്ത, ഭീരുവായ. **w.-kneed** (-nēd) കാൽമുട്ടിന്ന് ബലമില്ലാത്ത; മനസ്സുറപ്പ് ഇല്ലാത്ത, സ്ഥിരത—. **w.-minded** ബുദ്ധികുറഞ്ഞ; ബുദ്ധിശൂന്യമായ. **w.-mindedness** ബുദ്ധിമാന്ദ്യം, ബുദ്ധിശൂന്യത. **w.-side** ബലഹീനത; മൎമ്മസ്ഥാനം. **w. sore, w. ulcer** ചിരങ്ങ് (*med.*), വ്രണം. *v. t. & i.* ഊക്ക് കുറക്കുക, ബലഹീനമാക്കുക, ക്ഷീണിപ്പിക്കുക. **-'en,** *v. t.* ബലം കുറക്കുക, —ഇല്ലാതാക്കുക, ക്ഷീണിപ്പിക്കുക; വീൎയ്യം കുറക്കുക, ശക്തി—; നേൎപ്പിക്കുക. *v. i.* ക്ഷീണിക്കുക, ശക്തികുറയുക, ബലമില്ലാതാക. **-'enĕr** (-nĕr), *n.* ബലം കുറക്കുന്നവൻ, ക്ഷീണിപ്പിക്കുന്നവൻ. **-'ish,** *a.* ഏതാനും ബലംകുറഞ്ഞ, അല്പബലമുള്ള. **-'ish-ness,** *n.* ബലക്കുറവ്. **-'ling,** *n.* ക്ഷീണിച്ചവൻ, ക്ഷീണൻ, ക്ഷീണശരീരി, ശക്തിയില്ലാത്തവൻ. *a.* ബലം കുറഞ്ഞ, ശക്തിയില്ലാത്ത. **-'ly,** *ad.* ബലഹീനമായി, ക്ഷീണത്തോടെ. *a.* രോഗംപിടിപെട്ട, രോഗിയായ. **-'ness,** *n.* ശക്തിക്ഷയം, ബലമില്ലായ്മ; ക്ഷീണം; ചാപല്യം, ധൈൎയ്യക്ഷയം ബലഹീനത, ബുദ്ധിക്കുറവ്, കുററം, കേട്, ബുദ്ധിമോശം, വിചാരക്കുറവ്.

I. **Wēal,** *n., s. a.* **Wale.**

II. **Wēal** (wēl), *n.* ഭാഗ്യം, സുഖം, ആരോഗ്യം, ക്ഷേമം; 2. ശ്രീ. **w.sman** മന്ത്രി, രാജ്യതന്ത്രജ്ഞൻ. **w. or woe** സുഖമോ ദുഃഖമോ, സൌഭാഗ്യമോ ദൌൎഭാഗ്യമോ.

**Wēald** (wēld), *n.* കാട്, വനം.

**Wealth** (welth), *n.* (*from* **weal**) ആസ്തി, വക, വസ്തു, സ്വത്ത്, സമ്പത്ത്, ധനം, ദ്രവ്യം, പണം, പൈസ, ഐശ്വൎയ്യം, മുതല്. **-'ful,** *a.* ഐശ്വൎയ്യമുള്ള, ധനവാനായ, സമ്പന്നനായ. **-'ful-ly, -'i-ly,** *ad.* ഐശ്വൎയ്യമായി, ഐശ്വൎയ്യത്തോടെ. **-'i-ness,** *n.* ഐശ്വൎയ്യം, ധനം, സമൃദ്ധി. **-'y,** *a.* വകയുള്ള, സ്വത്തുള്ള, ധനമുള്ള, ധനവാനായ, പണക്കാരനായ; യഥേഷ്ടമുള്ള, പുഷ്കലമായ, ധാരാളമായ, സമൃദ്ധിയുള്ള.

**Wēan** (wēn), *v. t.* പാല് കുടി മാററുക, മുലകുടി—; 2. മാററുക, അകററുക, വേൎവ്വിടുത്തുക; 3. പ്രിയമില്ലാതാക്കുക. *n.* മുലകുടി മാറിയ കുട്ടി. **-'ed-ness,** *n.* മുലകുടി മാറിയ സ്ഥിതി. **-'ing,** *a.* മുലകുടി മാററുന്ന. *n.* മുലകുടി മാററൽ. **-'ling,** *n.* മുലകുടി മാറിയ കുട്ടി, ചെറിയ കുട്ടി. *a.* അടുത്തകാലത്ത് പാല് കുടി മാറിയ.

**Weap'on** (wep'on), *n.* ആയുധം, ശസ്ത്രം; 2. ആയുധക്കോപ്പ്, ഉപകരണം; 3. മുള്ള് (*b.*). **='oned** (-'ond), *a.* ആയുധം ധരിച്ച, ആയുധപാണിയായ. **-less,** *a.* ആയുധമില്ലാത്ത, നിരായുധനായ. **-ry,** *n.* ആയുധക്കോപ്പ്, ആയുധവൎഗ്ഗം.

I. **Wēar** (wēr), *n., s. a.* **Weir.**

II. **Wēar** (wār), *v. t.* (കപ്പല്) 'മമാൻ' ഓട്ടുക. *s. a.* **Veer.**

III. **Wēar,** *v. t. ir.* (**wōre, wōrn**) ധരിക്കുക, ഉടുക്കുക, അണിയുക; പൂണുക; 2. ഉണ്ടാക; 3. കാണിക്കുക; 4. ഉടുത്ത് കീറുക, പഴതാക്കുക, ജീൎണ്ണിപ്പിക്കുക; 5. തേഞ്ഞ് പോകുമാറാക്കുക, ചിലവാക്കുക, കുറക്കുക, നശിപ്പിക്കുക, ഇല്ലാതാക്കുക; 6. ചാലാക്കുക; 7. ഓട്ടയാക്കുക; 8. രൂപമാക്കുക. **to w. away** തിൎത്ത് കളയുക; തേയുമാറാക്കുക, തേമാനംവരുത്തുക. **to w. off** തേഞ്ഞ് പോക. **to w. out** പഴതാക്കുക, ജീൎണ്ണിക്കുക; കേട് വരുത്തുക; കഴിച്ച് കൂട്ടുക; ക്ഷീണിപ്പിക്കുക, മുഷിപ്പിക്കുക, വെറുപ്പിക്കുക; ക്ഷയിപ്പിക്കുക. **to w. the breeches** ഭാൎയ്യ ഭൎത്താവിനെ ഭരിക്കുക, —കീഴമൎത്തുക. *v. i.* ഈട് നില്ക്കുക; 2. ആയിരിക്കുക; 3. കഴിയുക, തീരുക; 4. ക്ഷയിക്കുക, കുറയുക; ചെലവാക. **to w. off** ക്രമേണ തീൎന്ന് പോക, വിട്ട് പോക, പൊയ്പോക. **to w. on** കഴിയുക. **to w. weary** ക്ഷീണിക്കുക, വലയു

ക. *n.* ധരിക്കൽ, ധാരണം; 2. വ്യയം, ചെലവ്; നഷ്ടം; 3. തേമാനം, പഴക്കം, പെരുമാററം; 4. ചമയം, വേഷം. **w. and tear** തേമാനം, പഴക്കം. **-'a-ble,** *a.* ധരിക്കാകുന്ന, ധരിപ്പാൻ തക്ക. **-'ėr,** *n.* ധരിക്കുന്നവൻ; കുറഞ്ഞുപോകുന്നത്. **-'ing,** *n.* ധരിക്കൽ; ചമയം; ഉപയോഗം; പെരുമാററം. *a.* ഉടുപ്പാനുള്ള. **w.g apparel** ഉടുപുട.

**Wear'y** (wēr'i), *a.* ക്ഷീണിച്ച, ക്ഷീണമുള്ള, തളൎന്ന, തളൎച്ചയുള്ള, ചടച്ച; 2. (of) മുഷിഞ്ഞ, മതിവന്ന, മതിമതിയായ; 3. അസഹ്യമായ; 4. ക്ഷീണം വരുത്തുന്ന. *v.t.* ക്ഷീണിപ്പിക്കുക, തളൎച്ചവരുത്തുക; 2. മുഷിപ്പിക്കുക, വെറുപ്പിക്കുക; 3. അസഹ്യപ്പെടുത്തുക, ബുദ്ധിമുട്ടിക്കുക. **to w. out** സൈ്വരം കൊടുക്കാതിരിക്കുക, അലോസരപ്പെടുത്തുക. *v.i.* ക്ഷീണിക്കുക, തളരുക, ചടക്കുക; 2. മുഷിയുക. **wēar'i-a-ble,** *a.* ക്ഷീണിപ്പിക്കാകുന്ന. **wēar'i-ful, wēar'i-sōme,** *a.* ക്ഷീണിപ്പിക്കുന്ന, തളൎച്ചവരുത്തുന്ന; അസഹ്യമായ; ബുദ്ധിമുട്ടുള്ള. **wēar'i-ful-ly, wēar'i-sōme-ly,** *ad.* ക്ഷീണംവരത്തക്കവണ്ണം. **wēar'i-less,** *a.* ക്ഷീണംവരാത്ത; മുഷിയാത്ത. **wēar'i-ly,** *ad.* ക്ഷീണത്തോടെ, തളൎച്ചയോടെ; മുഷിച്ചലോടെ. **wēar'i-ness,** *n.* ക്ഷീണം, ആലസ്യം, തളൎച്ച, ചടപ്പ്. **wēar'i-sōme-ness,** *n.* അദ്ധ്വാനം; ബുദ്ധിമുട്ട്, അസഹ്യത; വരുത്തം; അലട്ട്; സൊല്ല; ചമ്മല.

**Wēa'sant, We'sil, We'sand, We'zand,** *n.* കരൾവള, കണ്ഠനാളം (*an.*).

**Wēa'sel** (wē'zel), *n.* ഒരുവക കീരി, രാജകീരി (*z.*). **w.-faced** മുഖം കൂൎത്ത, കൂൎത്തമുഖമുള്ള.

**Weath'ėr** (weth'ėr), *n.* കാലവിശേഷം, ഋതുവിശേഷം, കാലഭാവം, കാലാവസ്ഥ; 2. (വെയില്, മഴ, ശീതം, ഉഷ്ണം, കാററ്, കോള്, മുതലായ) കാലഗുണം; 3. (മഴക്കോള്, മൂടല്, കാററ്, ശീതം മുതലായതുള്ള) ദുൎദ്ദിവസം, ദുൎദ്ദിനം; 4. അന്തരീക്ഷസ്ഥിതി, ആകാശനില; 5 കൊടുങ്കാററ്. **w.-beaten** വെയിലും മഴയും തട്ടിയ, —തട്ടി കേടുവന്ന; കോളിലകപ്പെട്ട **w.-bitten** (ഇരിമ്പ്) മണ്ണ് പിടിച്ച, കറപററിയ, ഭേദിച്ച. **w.-board** (കപ്പലിൽ) കാററുതട്ടുന്ന ഭാഗം; (കപ്പലിലെ) വെടിപ്പഴുതടപ്പ്; പാത്തിപ്പലക. **w.-board-ing** (ഇലക്കിടിക്കിടയിൽ വെക്കുന്ന) പലകത്തട്ടി (*arch.*). **w.-bound** കോള്നിമിത്തം തുറമുഖം വിടാതിരിക്കുന്ന (*naut.*) കോള്കൊണ്ട് തടസ്ഥം നേരിട്ട. **w.-box, w.-house** കാലഭേദദശിനിസൂത്രം. **w.-breeder** (കോളുണ്ടാകുന്നതിന് തെളിദിവസമുള്ള) കോള് വെക്കാനം. **w.-bureau** (-bū-rō) കാലവിശേഷപരിശോധകോദ്യോഗവകുപ്പ്. **w.-cloth** മെഴുത്തുണി, താൎത്തുണി. **w.-cock** കാററ്കാട്ടി; ചാപല്യം, അസ്ഥിരത. **w.-driven** കോളിൽ അകപ്പെട്ട, കോള് കടുങ്ങിയ. **w.-glass** കാലഭേദദശിനി(യന്ത്രം). **w.-molding, w.-moulding** (വാതിലുകളും, ജാലകങ്ങളും മുകളിൽ പണിയുന്ന) മഴമറ (*arch.*). **w.-proof** കോള് തട്ടാത്ത; കാററ് തട്ടാത്ത; മഴകൊള്ളാത്ത. **w.-report** (ദിനമ്പ്രതിയുള്ള) കാലവിശേഷവിവരം. **w.-spy** ജ്യോതിഷക്കാരൻ, കാലവിശേഷം മുമ്പ് കൂട്ടി പറയുന്നവൻ. **w.-strip** സൂത്രപ്പട്ടിക, സൂത്രാട്ടി; ചീള്. **w.-wise** കാലവിശേഷം മുമ്പ് കൂട്ടിയറിയുന്ന. **w.-worn** വെയിലും മഴയുംകൊണ്ട് കേട് വന്ന. **bad w.** കാററും മഴയും, കൊടുങ്കാററ്, മഴ; ദുൎദ്ദിനം, ദുൎദ്ദിവസം. **good w., fair w.** വെയിലുള്ള ദിവസം, വെക്കാനം, സുദിനം. **stress of w.** കൊടുങ്കാററ്, കോള്, 'തുപ്പാൻ'. **to make fair w.** മുഖസ്തുതി പറയുക. **to make good w.** (കപ്പല്) കോള്കൊണ്ട് തരക്കേട് കൂടാതിരിക്കുക. **to make bad w.** (കപ്പലിന്ന്) കോളിൽ കേട് പററുക. **under the w.** സുഖമില്ലാത്ത; പണത്തിന്ന് മുട്ടുള്ള. *v.t.* കാററത്ത് ഇടുക, കാററ് കൊള്ളിക്കുക; കാററത്തിട്ട് പാകം വരുത്തുക; 2. സഹിക്കുക, പൊറുക്കുക; 3. പിൻവാങ്ങാതിരിക്കുക, ചെറുക്കുക, തടുക്കുക; 4. (കപ്പല്) 'കോസ്സിന്ന്' ഓട്ടുക. **to w. a point** (കപ്പല്) കാററിന്നെതിരായി മുനമ്പ് ചുററി ഓട്ടുക; വിഷമം കൂട്ടാക്കാതെ സാധിപ്പിക്കുക. **to w. out** പ്ര

യാസേന സഹിച്ച് നില്ക്കുക. *v. i.* കാലഭേദം ഉണ്ടാക; 2. കാലാവസ്ഥകൊണ്ട് ബുദ്ധിമുട്ടുക; 3. വെയിലും മഴയുംകൊണ്ട് കേട് വരിക; 4. മണ്ണ് പിടിക്കുക, കറ പിടിക്കുക, ദ്രവിച്ച് പോക. *a.* കാററ് കൊള്ളെയുള്ള, കാററിന്നെതിരായ. **w.-gauge** (കപ്പല്) മുന്തിനില്ക്കുക (*naut.*); അനുകൂലം, തഞ്ചം, തരം. **w.-helm** കാററിന്നെതിരായി ചുക്കാൻ പിടിക്കുക. **w.-shore** കാററ് ഭാഗത്തെ കര (*naut.*). **w.-tide** കാററിന്നെതിരായ വലു (*naut*). **weath'ĕred** (weth'ĕrd), *a.* ചാമ്പ്രയായ (*arch.*). **-fend,** *v. t.* വെയിലും മഴയും തട്ടാതെ സൂക്ഷിക്കുക. **-ing,** *n.* (കാററും മഴയും മററുംകൊണ്ട് പാറകൾക്കുണ്ടാകുന്ന) ശിലാവികാരം (*geol.*). **-li-ness,** *n.* കാററ് പിടിച്ചോട്ടുന്ന ഗുണം (*naut.*). **-ly,** *a.* കാററ് പിടിച്ചോട്ടുവാൻ കഴിവുള്ള (*naut.*). **-mōst,** *a.* കാററ് ഭാഗം കൊള്ളെയുള്ള (*naut.*).

**Wēave** (wēv), *v. t. & ir.* (**wōve; wō'ven, wōve**) നെയ്യുക; 2. മിടയുക; 3. നിർമ്മിക്കുക, കെട്ടിയുണ്ടാക്കുക. *v. i.* നെയ്യുക, നെയ്ത്ത് പണി ചെയ്യുക; 2. പിണെയുക, പിണെഞ്ഞിരിക്കുക. *n.* നെയ്ത്ത്. **wēav'ĕr,** *n.* നെയ്യുന്നവൻ, നെയ്ത്തുകാരൻ, ചാലിയൻ, തന്തുവായൻ; ഏള, കാരേള (*z.*). **w.r-bird** ഏളപ്പക്ഷി (*z.*). **wēav'ing,** *n.* നെയ്യൽ, നെയ്ത്ത്, നെയ്ത്ത് പണി; (കതിരയുടെ) തലയാട്ടം.

**Wēa'zen** (wē'zn), *a.* നേർമ്മയായ; 2. ക്രുത്ത; 3. ചുളുങ്ങിയ. **-y,** *a.* ശുഷ്കിച്ച, ചുളുങ്ങിയ.

**Web,** *n.* നെയ്യുത്, നെയ്ത്ത്, തുണി, മിടച്ചല്; 2. കത്ത് തുണി; 3. ചിലന്നിവല, വണ്ണാൻവല; മാറാല; 4. ഉണ്ടാക്കൽ; ചമെക്കൽ; നിർമ്മാണം; 5. (വഞ്ചിയുടെ) മടക്ക് (നിവിർത്തുന്ന) നാട; 6. വാളലക്; 7. താക്കോൽപ്പല്ല്; 8. വിരലുകൾക്ക് മദ്ധ്യേയുള്ള തോല്, അംഗുലചർമ്മം (*an.*); ജാലം, ചെററ (*an.*). **w.-eye** ഒര് നേത്രരോഗം (*med.*). **w.-fingered, w.-footed, w.-toed** ജാലപാദമായ, ചെററക്കാലുള്ള. **pin and w.** രണ്ട് വിധം നേത്രരോഗം. *v. t.* കൂട്ടിക്കെട്ടുക, ചുററുക; 2. കുടുക്കുക. **webbed** (webd), *a.* ജാലപാദമായ, കാൽച്ചെററയുള്ള. **-'bing,** *n.* നെയ്ത്ത് നാട. **-'by,** *a.* ജാലമുള്ള, ചെററയുള്ള.

**Wed,** *v. t.* വിവാഹം ചെയ്യുക, കല്യാണം—, വിവാഹം കഴിക്കുക, വേളി—, മംഗലം—, കാനത്ത്— (*M.*), പെണ്ണ് കെട്ടുക, കെട്ടുക, വാഴുക (*M.*), സംബന്ധം ചെയ്യുക; പുടമുറിക്കുക; 2. ചേർന്നിരിക്കുക, ഉററ് ചേർന്നിരിക്കുക, പററിയിരിക്കുക. *v. i.* വിവാഹബന്ധത്തിൽ പെട്ടുക, വിവാഹം ചെയ്യുക, വേൾക്കുക. **-'ded,** *a.* വിവാഹം ചെയ്ത; —സംബന്ധിച്ച; വൈവാഹികമായ. **-'ding,** *n.* വിവാഹം, കല്യാണം, മംഗലം, വേളി, സംബന്ധം, പുടമുറി, പരിണയം, കാനത്ത്, കാനോത്ത് (*M.*); വിവാഹഘോഷം, മംഗലസദ്യ, വീട്ടിൽ കൂടല്. **w.g-cake** മംഗലയപ്പം, കല്യാണക്കേക്ക്. **w.g-cards** വിവാഹക്ഷണം, —ക്ഷണനം. **w.g-clothes** കല്യാണവസ്ത്രം; മംഗലചമയം. **w.g-day** കല്യാണദിവസം. **w.g-favour** മംഗലപുഷ്പാവലി. **w.g-feast** മംഗലസദ്യ. **w.g-guest** മംഗലത്തിന്ന് വന്നവൻ. **w.g-ring** വിവാഹമോതിരം. **wooden w.g** (ഏകദമ്പതിമാരുടെ വേളികഴിഞ്ഞിട്ട് അഞ്ച് വർഷം തികഞ്ഞ) ദാമ്പത്യപഞ്ചവത്സരോത്സവം, തരുവേളി. **tin w.g** (—പത്ത്—) ദാമ്പത്യദശവത്സരോത്സവം, വംഗവേളി. **crystal w.g** (—പതിനഞ്ച്—) ദാമ്പത്യപഞ്ചദശവത്സരോത്സവം, കാചവേളി. **china w.g** (—ഇരുപത്—) ദാമ്പത്യവിംശവത്സരോത്സവം, സ്ഫടികവേളി. **silver w.g** (—ഇരുപത്തഞ്ച്—) ദാമ്പത്യപഞ്ചവിംശവത്സരോത്സവം, രജതവേളി. **golden w.g** (—അമ്പത്—) ദാമ്പത്യപഞ്ചാശദ്വത്സരോത്സവം, കനകവേളി. **diamond w.g** (—അറുപത്—) ദാമ്പത്യഷഷ്ടിവത്സരോത്സവം, വജ്രവേളി. **-lock,** *n.* മംഗലം, വിവാഹം; വിവാഹസ്ഥിതി; *v. t.* മംഗലം കഴിക്കുക, വിവാഹം ചെയ്യുക.

**Wed'dĕr,** *n.*, *s. a.* **Wether.**

**Wedġe** (wej), *n.* പൂള്, ആപ്പ്, പേണ്, കീലം, ശംഖ്; 2. പഞ്ചമുഖപിണ്ഡം

(*geom.*); 3. ലോഹക്കട്ടി, പൊൻകട്ടി; 4. (ആപ്പാകൃതിയിലുള്ള) സമചതുരം. **w.-bill** ഒര് പക്ഷി. **w.-formed** ആപ്പാകൃതിയായ. **w.-formed characters** ആപ്പക്ഷരം, അമ്പക്ഷരം. **w.-shaped** ആപ്പാകൃതിയായ, ചുവടെ നേൎത്തും മുകളിൽ പരന്നും ഉള്ള (*b.*). **w.-tailed** കൂൎത്തവാലുള്ള. *v. t.* പേണ് വെക്കുക, പൂള്—, ആപ്പടിക്കുക; 2. ആപ്പടിച്ച് പിളൎക്കുക; 3. തിക്കിത്തിരക്കിച്ചെല്ലുക; 4. ഉന്തിക്കയറ്റുക, അടിച്ച് കയററുക, ചെലുത്തുക; 5. പൂളടിച്ചുറപ്പിക്കുക; 6. (കളിമണ്ണ്) മുറിച്ച് കുഴക്കുക. **-'wīse,** *ad.* ആപ്പാകൃതിയിൽ, പേണ് പോലെ. **wedg'y** (wej'i), *a.* പൂള് പോലെയുള്ള; പേണാകൃതിയായ.

**Wedge'wood** (wej'wud) **wāre,** *n.* (ഒര് വക) വിശിഷ്ട പിഞ്ഞാണക്കോപ്പ്.

**Wedg'y,** *a., s. u.* Wedge.

**Wed'lock,** *n., s. u.* Wed.

**Wednes'dāy** (wenz'dā), *n.* ബുധനാഴ്ച, ബുധൻ, സൌമ്യവാരം, ബുധവാരം. **Ash-W.** നോമ്പാരംഭം (*Chr.*).

**Wēe,** *a.* ചെറിയ, അല്പമായ, ചെറു, കുറു.

I. **Wēed,** *n.* ഉടുപ്പ്, വസ്ത്രം, മേലങ്കി, മേലാട; 2. വിലാപവസ്ത്രം, ദുഃഖചമയം; 3. *pl.* (സ്ത്രീകളുടെ) വിലാപവസ്ത്രം, വൈധവ്യ—. **-'y,** *a.* ദുഃഖവസ്ത്രം ഉടുത്ത.

II. **Wēed,** *n.* ഊററ് പനി (*med.*).

III. **Wēed,** *n.* കള, പുല്ല്, നായിക്കല്ല (*b.*). 2. അനാവശ്യം, ഉപദ്രവം; 3. പുകയില; 4. ചുരുട്ട്. **w.-hook** കളക്കത്തി. *v. t.* കളപറിക്കുക, പുല്ല്—; 2. പറിച്ച് കളയുക, നീക്കം ചെയ്യുക, നിൎമ്മൂലമാക്കുക. **-'ĕr,** *n.* കളപറിക്കുന്നവൻ; നിൎമ്മൂലമാക്കുന്നവൻ, നീക്കുന്നവൻ. **-'ĕr-y,** *n.* കളക്കൂട്ടം; കള നിറഞ്ഞ സ്ഥലം; കളക്കളം. **-'ing,** *a.* കളപറിക്കുന്ന. *n.* കളപറിക്കൽ, കളപറി. **-'less,** *a.* കളയില്ലാത്ത. **-'y,** *a.* കളസംബന്ധിച്ച, കളയായ; കളനിറഞ്ഞ; വിരൂപമുള്ള.

I. **Wēed'y,** *a., s. u.* Weed I.

II. **Wēed'y,** *a., s. u.* Weed III.

**Wēek,** *n.* ആഴ്ചവട്ടം, ആഴ്ച, വാരം, ഏഴ് ദിവസം. **w.-day,** ഞായറാഴ്ചയല്ലാത്ത ദിവസം, പണിദിവസം. **prophetic w.** ഏഴ് കൊല്ലം, സപ്തവൎഷം (*Bl.*). **Feast of W.s** വാരോത്സവം, പെന്തക്കോസ്ത് പെരുന്നാള് (*Bl.*). **-'ly,** *a.* ആഴ്ചവട്ടം സംബന്ധിച്ച; പണിദിവസത്തിലുള്ള; ആഴ്ചക്ക് ഒരിക്കലുള്ള; ആഴ്ചതോറുമുള്ള; വാരപത്രികയായ. *n.* (ആഴ്ചക്ക് ഒരിക്കൽ പ്രസിദ്ധം ചെയ്യുന്ന) വാരപത്രം. *ad.* ആഴ്ചക്ക് ഒരിക്കൽ; ആഴ്ചതോറും.

**Wēen,** *v. i.* തോന്നുക, വിചാരിക്കുക.

I. **Wēep,** *n.* ഒര് പക്ഷി (*z.*).

II. **Wēep,** *v. i. & ir.* (**wept; wept**) ദുഃഖിച്ച് നിലവിളിക്കുക: 2. കരയുക, കണ്ണീരൊഴിക്കുക, കേഴുക, രോദിക്കുക; 3. സങ്കടം പറയുക, ആവലാതി—; 4. ഇററിററ് വീഴുക; 5. വെള്ളം ഒഴുകുക, നനയുക, പൃതരുക, കതരുക; 6. കൊമ്പ് ചാഞ്ഞ് കിടക്കുക. (*b.*). *v. t.* ദുഃഖിക്കുക, സങ്കടപ്പെടുക, വിലപിക്കുക; 2. കണ്ണീരൊഴിക്കുക, കരയുക. **-'ĕr,** *n.* കരയുന്നവൻ, കണ്ണീരൊഴിക്കുന്നവൻ; വിലാപചിഹ്നം. **-'ing,** *n.* കരയൽ; കരച്ചല്, കണ്ണുനീര്. *a.* ദുഃഖമുള്ള, വിലപിക്കുന്ന, കരയുന്ന; ഇററിററ് വീഴുന്ന; വെള്ളം നിറഞ്ഞ; ചാഞ്ഞകൊമ്പുള്ള; വിലാപം സംബന്ധിച്ച. **w.g-cross** (അനുതാപമുള്ളവൎക്ക് ഭക്തിവൎദ്ധനത്തിന്നായികൊണ്ട് പെരുവഴികൾ നാട്ടിയ) അനുതാപക്രൂശ്; കണ്ണീരോടെ പിൻവാങ്ങൽ; പശ്ചാത്താപത്തോടെ മടങ്ങൽ. **w.g-rock** കനിച്ചൽ പാറ. **w.g-spring** ചെറിയ ഉറവ്. **w.g-willow** ഒരു വക അരളിവൃക്ഷം, അലരിവൃക്ഷം (*b.*). **-'ing-ly,** *ad.* കരച്ചലോടെ, കരഞ്ഞുംകൊണ്ട്, കണ്ണീരോടെ.

**Wēe'sel,** *n., s. a.* Weasel.

**Wēe'vĕr,** *n.* ഒര് നല്ല മത്സ്യം (*z.*).

**Wēe'vil, Wē'vil** (vē'vl), *n.* കൊത്തൻ (*z.*). **rice-w.** അരിക്കൊത്തൻ (*z.*). **=viled, =villed,** (-vild), *a.* കൊത്തൻ നിറഞ്ഞ. **-y, -ly,** *a.* —ഉള്ള.

**Wēe'zel,** *n., s. a.* Weasel.

**Weft,** *n.* ഊടനൂല്, ഊട (*w.*); 2. നെയ്ത്ത്; 3. നെയ്യുത്, തുണി.

**Wē'gō-tism, Wē'ism,** *n.* ഞങ്ങൾ നാം എന്ന വാക്കുകളുടെ അതിപ്രയോഗം.

**Wēhr'geld, Wēhr'gelt,** *n., s. a.* **Weregeld.**

**Wēhr'wolf** (wēr'wulf), *n., s. a.* **Werewolf.**

I. **Weigh** (wā), *v. t.* പൊന്തിക്കുക, പൊക്കുക, കയററുക, ഏററുക, വലിച്ച് കയററുക; 2. തൂക്കുക, ഭാരം നോക്കുക, തൂക്കിനോക്കുക; ഇടയറിയുക; 3. ഘനം ഉണ്ടാക, ഭാരം ഉണ്ടാക; 4. തൂക്കത്തിൽ ഒക്കുക; 5. തൂക്കിക്കൊടുക്കുക, കൊടുക്കുക, വിലകൊടുക്കുക; 6. ആലോചിക്കുക, വിവേചിക്കുക, വിചാരിച്ച്നോക്കുക; 7. പൊരുളിക്കുക, ഗണ്യമാക്കുക. **w.-beam, w.-master's beam** ഉരുക്ക്കയ്യോല്, ഉരുക്ക്വെള്ളിക്കോല്. **w.-bridge** (ഭാരം കയററിയ വണ്ടികൾ തൂക്കിനോക്കുന്ന) യന്ത്രത്തുലാത്തട്ട്. **w.-house** ചരക്ക് തൂക്കുന്ന സ്ഥലം. **w.-lock** (ചരക്ക്തോണി തൂക്കിനോക്കുന്ന) തൂക്കച്ചീപ്പ് (ഌ്). **w.-master** തൂക്കക്കാരൻ, ചരക്ക് തൂക്കുന്നവൻ. **to w. anchor** നങ്കൂരമെടുക്കുക, ഇരിമ്പെടുക്കുക. **to w. down** അധികം തൂങ്ങുക, മുന്തുക്കമായിരിക്കുക; ഭാരപ്പെടുത്തുക, ഞെരുക്കുക; കജ്ഞിതപ്പെടുത്തുക. *v. i.* ഘനം ഉണ്ടാക, ഭാരം—; 2. മുഖ്യം ആയിരിക്കുക, കാര്യം—, സാരം—, സാധു—, ബലമുള്ളത്—; 3. അമത്തുക, ഞെരുക്കുക; 4. ആലോചിക്കുക, ആലോചിച്ചറിയുക; 5. വിലമതിക്കുക, ഗണ്യമാക്കുക. **to w. down** താണ്പോക, ആണ്ട്പോക. *n.* തൂക്കം; 2. ഒര് തൂക്കക്കണക്ക്; 3. പുറപ്പാട്: **to get under w.** ഒരുങ്ങുക, പുറപ്പെടുക. **-'a-ble,** *a.* തൂക്കിനോക്കാകുന്ന. **-'āge,** *n.* തൂക്കക്കൂലി. **-'ẽr,** *n,* തൂക്കുന്നവൻ, തൂക്കപ്രവൃത്തിക്കാരൻ. **-'ing,** *a.* തൂക്കിനോക്കുന്ന, തൂക്കുന്ന. **w.g-cage** (ജീവനുള്ള മൃഗങ്ങളെ തൂക്കിനോക്കുന്ന) തുലാപഞ്ജരം. **w.g-house** ചരക്ക് തൂക്കുന്ന സ്ഥലം. **w.g-machine** യന്ത്രത്തുലാത്തട്ട്. *n.* തൂക്കിനോക്കൽ, തൂക്കൽ. **weight** (wāt), *n.* ഘനം, ഭാരം, ഗുരുത്വം; തൂക്കം; മനോഭാരം, ചിന്താഭാരം, ചിന്താകലം, ആധി; കാര്യം, സാരം; പ്രാമുഖ്യത, ഗൌരവം; പടി, തൂക്കപ്പടി, കല്ല്, തൂക്കക്കല്ല്, കട്ടി. **atomic w.t** (ജലവാപ്പ്വാണംഘനത്തോട് മററു പദാൎത്ഥങ്ങളുടെ അണുഘനം താരതമ്യപ്പെടുത്തുന്ന) അണുഗുരുത്വം (*ch.*). **dead w.t,** *s. u.* **Die. feather w.t** ലഘുഭാരം. **heavy w.t** കടുഭാരം, അതിഭാരം. **light w.t** ഘനം കറഞ്ഞവൻ. *v. t.* ഭാരം കയററുക; ഘനം വരുത്തുക, ഘനം കൂട്ടുക; കട്ടി വെക്കുക; വില നിണ്ണയിക്കുക. **weight'i-ly** (wāt'i-li), *ad.* ഘനമായി; കാര്യമായി; ഗൌരവമായി. **weight'i-ness,** *n.* ഗുരുത്വം, ഘനം; ഗൌരവം, പ്രാമുഖ്യത. **weight'less,** *a.* ഘനം ഇല്ലാത്ത, ഭാരം—; ലഘുവായ. **weight'y,** *a.* ഗുരുത്വം ഉള്ള, ഘനം—, ഭാരം—; കാര്യം ആയ, മുഖ്യം—, സാരം—, ഗൌരവം—; കഠിനം—, കൊടൂരം—.

**Wēir, Wēar** (wēr), *n.* (പുഴയിൽ വെള്ളം കെട്ടി നിൎത്തുവാനുള്ള) ചിറ, അണ; 2. ചേണ് (*N.*).

**Wēird** (wērd), *n.* അദൃഷ്ടം, യോഗം, വിധി; 2. മന്ത്രം; 3. പ്രവാചകം. *a.* അദൃഷ്ടം സംബന്ധിച്ച; 2. യോഗമായ; 3. മന്ത്രവാദം സംബന്ധിച്ച; ആഭിചാരത്താലുള്ള; ക്ഷുദ്രപ്രയോഗം ആയ; 4. അമാനുഷം—, അഭൌമികം—; 5. അപൂൎവ്വം—; 6. ഭയങ്കരം—. **w. sisters,** *s. a.* **the Fates,** *s. u.* **Fate.** *v. t.* സംഭവിപ്പാനുള്ളത് മുമ്പ്കൂട്ടിപ്പറയുക, ഭവിഷ്യത്ത് പറയുക, പ്രവചിക്കുക. **-'ness,** *n.* അമാനുഷത്വം; ഭയങ്കരത.

**Wē'ism,** *n., s. a.* **Wegotism.**

**Wel'a-wāy,** *int. s. a.* **Welladay.**

**Welch, Welch'ẽr, Welch'man,** *s. a.* **Welsh, Welsher, Welshman.**

**Wel'cōme,** *a.* ആനന്ദപൂൎവ്വം സ്വീകരിച്ച, സന്തോഷത്തോടെ കൈക്കൊണ്ട, സല്ക്കാരപൂൎവ്വം—, സാദരം—, സ്വാഗതം ചെയ്യു; 2. സന്തോഷകരമായ, സന്തോഷമുള്ള, തൃപ്തികരമായ; 3. സൌജന്യാനുവാദമുള്ള. **w.-to-our-house** ഒര് പുഷ്പച്ചെടി (*b.*). *n.* സ്വാഗതം, ഉപചാ

രം, വന്ദനം, മംഗളം; 2. സല്ക്കാരം, ആതിത്ഥ്യം. **to bid w.** സ്വാഗതം പറയുക, ഉപചാരം ചെയ്യുക. *v. t.* ഉപചരിക്കുക, വന്ദിക്കുക; 2. സ്വാഗതം പറയുക; 3. സല്ക്കരിക്കുക, സാദരം കൈക്കൊള്ളുക, ആതിത്ഥ്യം കാട്ടുക. **-ly,** *ad.* ഉപചാരത്തോടെ, സാദരം. **-ness,** *n.* ഉപചാരം; ആദരവ്; സന്തോഷം; സല്ക്കാരം. **-ĕr,** *n.* സന്തോഷത്തോടെ കൈക്കൊള്ളുന്നവൻ, ഉപചാരം ചെയ്യുന്നവൻ, സ്വാഗതം പറയുന്നവൻ.

I. **Weld, Wōald, Wōld, Wöuld,** *n.* ഒര് മഞ്ഞച്ചായച്ചെടി (*b.*); 2. മഞ്ഞച്ചായം.

II. **Weld,** *v. t.* കൂട്ടിവിളക്കുക, വിളക്കുക; 2. സംഘടിപ്പിക്കുക, കൂട്ടിച്ചേൎക്കുക, ഉറവുചേൎക്കുക. *n.* വിളക്കൽ; 2. മുറിവായി, ചേപ്പ്. **butt-w.** സമം വിളക്കൽ. **scarf-w.** കത്രിച്ച് വിളക്കൽ. **-'a-ble,** *a.* കൂട്ടിവിളക്കാകുന്ന. **-'ĕr,** *n.* വിളക്കുന്നവൻ.

**Wel'fāre,** *n.* സുഖം; 2. ഗുണം, നന്മ; 3. ആയുരാരോഗ്യം, ക്ഷേമം, വാഴ്ച, ഭാഗ്യം, ശുഭോദയം; 4. യോഗക്ഷേമം, ക്ഷേമലാഭം.

I. **Welk,** *v. t.* പുതത്തുക, കതത്തുക; 2. പുതരത്തല്ലുക.

II. **Welk, Welked** (welkt), *s. a.* **Whelk, Whelked.**

**Wel'kin,** *n.* ആകാശം, വാനം, ആകാശത്തട്ട്, ആകാശവിതാനം, ഖഗോളം.

I. **Well,** *n.* നീരുറവ്; 2. കിണറ്, കൂപം, കൊക്കരണി; 3. കുഴി, ഖനി; 4. ഉറവിടം; 5. നിധി, നിക്ഷേപം; 6. തുരങ്കം (*mil.*); 7. കോണിവാതില് (*arch.*). **w.-boring** തുരക്കിണറുണ്ടാക്കൽ. **w.-drain** നീൎക്കുണ്ട്, കുണ്ട്കുളം; കളച്ചാല്. **w.-room** ധാതുജലകൂപമണ്ഡപം; (ഉരുവിൽ) കമ്മത്ത് വെള്ളസ്ഥലം. **w.-sinker** കിണർ കുഴിക്കുന്നവൻ, കിണറ് തോണ്ടുന്നവൻ. **w.-sinking** കിണറ് കുഴിക്കൽ. **w.-head, w.-spring** നീരുറവ്, ഉറവ്; ഉറവിടം. **w.-hole** (മച്ചിലെ) കോണിപ്പടിവാതില് (*arch.*). **w.-sweep** തുലായന്ത്രം, ഏത്തം. **w.-water** കിണറ് വെള്ളം. **artesian w.** (വിസ്താരം കുറഞ്ഞതും അഗാധമായതുമായി യന്ത്രത്താൽ തുരന്നുണ്ടാക്കുന്ന) തുരക്കിണറ്, യന്ത്രകൂപം. **drive-w., driven w.** കുഴൽക്കിണറ്. *v. i.* ഒഴുകുക, പ്രവഹിക്കുക, ഉറന്ന് വരിക. *v. t.* ഒഴുകിവരിക, വെള്ളം ചാട്ടുക, പ്രവഹിക്കുക.

II. **Well,** *ad.* നന്നായി, നല്ലവണ്ണം; 2. ശരിയായി; 3. നീതിയായി, ന്യായമായി; 4. ഗുണമായി; 5. തക്കവണ്ണം, തക്കപോലെ, വിഹിതമായി, യോഗ്യമായി, വേണ്ടപോലെ; 6. കണക്കിൽ, ധാരാളം; 7. തികവായി, പൂൎണ്ണമായി; 8. തൃപ്തികരമായി; ഇഷ്ടാനുസാരം; 9. അനുകൂലമായി; 10. ശുഭമായി; 11. വളരെ, അധികം, നന്ന; 12. വേണ്ടതില്ല, തരക്കേടില്ല, കൊള്ളാം, അങ്ങിനെ ആകട്ടെ, നന്ന്. **as w.** .....ഉം, കൂടെ. **as well as**.....ഉം, അത്രയുമല്ല, മാത്രമല്ല, കൂടെ. **w. enough** തരക്കേടില്ല; സാമാന്യം, മതിയായ, മതിയെന്ന് വെക്കാവുന്ന. **w. off, w. to do, w. to live** വകയുള്ള, നല്ല സ്ഥിതിയായ, പൊത്തുവരുത്തുള്ള. *a.* നല്ല, വിശേഷമായ; 2. ഗുണകരമായ, ഗുണപ്രദമായ; 3. സുഖമുള്ള, ക്ഷേമമുള്ള, അരോഗമായ; 4. കൊണ്ടകൈയായ, ഇഷ്ടത്തിലുള്ള; 5. ഭാഗ്യശാലിയായ; 6. കേടില്ലാത്ത, തരക്കേട് കൂടാത്ത. **w.-being** സുഖം, ഗുണം, ക്ഷേമം. **w.-born** കുലീനനായ, തറവാടിയായ, നല്ല തറവാട്ടുകാരനായ. **w.-bred** നന്നായിവളൎന്ന; ശിക്ഷിതനായ, വിദ്യാഭ്യാസം കഴിഞ്ഞ; അറിവുള്ള, മൎയ്യാദയുള്ള. **w.-doer** സല്ക്കൎമ്മി, ഉപകാരി, പരോപകാരി, ഗുണവാൻ. **w.-doing** നന്മ, ഗുണം; സല്ക്കൎമ്മം, സുകൃതം; കൃത്യനിഷ്ഠ. **w.-favoured** സൌന്ദൎയ്യം ഉള്ള, ഭംഗി—, അഴക്—; രൂപവതിയായ, രൂപവിശേഷമുള്ള. **w.-informed** അറിവുള്ള, പരിജ്ഞാനം ഉള്ള, വ്യുല്പത്തി—, വ്യുല്പന്നനായ, ബുദ്ധിശാലിയായ. **w.-intentioned** സൽഭാവമുള്ള; പരമാൎത്ഥമുള്ള. **w.-known** പരബോദ്ധ്യമായ, സൎവ്വസമ്മതമായ; പ്രസിദ്ധമായ; കീൎത്തിപ്പെട്ട. **w.-mannered** മൎയ്യാദയുള്ള, ലോക്യമുള്ള, ഉപചാരശീലമുള്ള,

ആദരവുള്ള. w.-meaner സൽഭാവമുള്ള, ഗുണകാംക്ഷിയായ. w.-meaning നല്ല ഉദ്ദേശമുള്ള, ഗുണകാംക്ഷിയായ. w.-natured സല്ഗുണമുള്ള; കൃപയുള്ള, ദയയുള്ള, അലിവുള്ള. w.-nigh ഏതാനും, മിക്കവാറും, ഒട്ടൊക്കെ, ഏറക്കുറയ, ഏകദേശം, 'സുമാറ്'. w.-read in പഠിപ്പുള്ള, അറിവുള്ള, വിദ്വത്വമുള്ള. w.-set ഉറപ്പുള്ള; അഴകുള്ള, പാങ്ങുള്ള. w.-sped സാദ്ധ്യമായ, ഗുണം പിടിച്ച, ശുഭപ്പെട്ട. w.-spoken (വാക്ക്) ലാവണ്യമുള്ള; വാഗ്മിയായ, വായിമധുരമുള്ള; യുക്തമായ, വിഹിതമായ, യോഗ്യമായ. w.-willer, w.-wisher ഗുണകാംക്ഷി, ഉപകാരി. w.-wish ഗുണകാംക്ഷ, മംഗളാശംസനം.

III. Wē'll (wēl), (*contr. f. of* we will *or* we shall) ഞങ്ങൾ ചെയ്യും; ഞങ്ങൾ ചെയ്യാം.

Well'a-dāy, Wel'a-wāy, *int.* അയ്യോ, അയ്യയ്യോ, കഷ്ടംകഷ്ടം, അയ്യോ കഷ്ടം, ആഹന്തകഷ്ടം, ഹാ.

Welsh, Welch, *a.* വേത്സ് രാജ്യം സംബന്ധിച്ച, വേത്സ് രാജ്യക്കാരെ സംബന്ധിച്ച. W. flannel ഒര് വക നല്ല കമ്പിളിത്തുണി. W.-man, Welch'-man വേത്സ് കാരൻ. W. mortgage കെട്ടിയടക്കം കാണം (*l.*). *n.* വേത്സ് ഭാഷ; 2. *pl.* വേത്സ് രാജ്യക്കാര്. -'ĕr, Welch'ĕr, *n.* കുതിരപ്പന്തയത്തിൽ ചതിക്കുന്നവൻ; വെറുതെ പന്തയം കെട്ടുന്നവൻ; വഞ്ചകൻ.

Welt, *n.* (ഉറപ്പിന്നായി തുണിയരുവിൽ പിടിപ്പിക്കുന്ന) വള്ള്, ചരട്. *v. t.* വള്ള് പിടിപ്പിക്കുക, വള്ള് വെക്കുക.

Wel'tĕr, *v. i.* ഉരുളുക, പിരളുക, പുളയുക; 2. തിരമറിയുക, പൊങ്ങിയും താണും ഇരിക്കുക. *v. t.* വാട്ടുക; ശോഷിക്കുക. *a.* (കുതിരപ്പന്തയം) അധികം ഭാരം കയററിയ. *n.* ഉരുളുകയും പിരളുകയും ചെയ്യുന്ന സാധനം; ചളി, ചേറ്; 2. മോത, ഓളം, ഉയച്ചയും താഴ്ചയും, കല്ലോലതപം.

Wen, *n.* വീക്കം, വിദ്രധി, മുഴ (*med.*). -'nish, -'ny, *a.* മുഴയുള്ള, മുഴപോലെയുള്ള.

Wench, *n.* യുവതി, ബാല്യക്കാരത്തി, ചെറുപ്പക്കാരത്തി, പെൺകുട്ടി, പെണ്ണ്; 2. പരസ്ത്രീ, വേശ്യ, വിലമകള് (*S.*); 3. കാപ്പിരിസ്ത്രീ (*U. S.*). *v. i.* വേശ്യാഗൃഹത്തിൽ പോക, ദുന്നടപ്പുകാരനായിരിക്കുക. -'ĕr, *n.* ദുന്നടപ്പുകാരൻ, കാമുകൻ. -'less, *a.* പെണ്ണില്ലാത്ത; വേശ്യയില്ലാത്ത.

I. Wend, *v. i.* പോക, ചെല്ലുക, ഗമിക്കുക. *v. t.* പോക, യാത്രചെയ്യുക. to w. one's way തൻെറ പാട്ടിൽ പോക, തൻെറ വഴിക്ക് പോക.

II. Wend (*pl.* wends), *n.* (ജൎമ്മനിയുടെ വടക്കും കിഴക്കും ഭാഗങ്ങളിലുള്ള ഒരു സ്ലാവവംശമായ) വെന്ത് വംശക്കാരൻ. -'ic, *n.* വെന്ത് ഭാഷ, വെന്തഭാഷ. -'ic, -'ish, *a.* വെന്തരെ സംബന്ധിച്ച; വെന്തഭാഷ—.

Wen'nish, Wen'ny, *a.*, *s.u.* Wen.

Went, *p. t. of* Go.

Wept, *p. t. & p. p. of* Weep.

Wēre (wĕr), *a. v.* (Be എന്ന ക്രിയയുടെ indicative രൂപത്തിലെ ഭൂതകാലബഹുവചനരൂപം; was എന്നതിൻെറ ബഹുവചനം) ആയി, ആയിരുന്നു, ഉണ്ടായി, ഉണ്ടായിരുന്നു; 2. (Be എന്ന ക്രിയയുടെ subjunctive രൂപത്തിൽ ഭൂതകാലത്തിൽ ഏകബഹുവചനങ്ങൾ) ആയെങ്കിൽ, ആയിരുന്നുവെങ്കിൽ; ഉണ്ടായെങ്കിൽ, ഉണ്ടായിരുന്നുവെങ്കിൽ.

Wēre'gild, Wēre'geld, Wēre'gelt, Wēhr'geld, Wēhr'gelt (wēr), *n.* (പണ്ട് നടപ്പുണ്ടായിരുന്ന) കുലപാതകപ്രായശ്ചിത്തദ്രവ്യം, നരഹത്യപ്രായശ്ചിത്തം, കുലപ്പിഴ.

Wēre'wolf, Wēhr'wolf (wēr'wulf), *n.* ചെന്നായിരൂപം ധരിച്ച മനുഷ്യൻ, ചെന്നായി ആയി ഒടിമറിഞ്ഞവൻ, നരവൃകം.

Wĕrst, *n.*, *s. a.* Verst.

Wĕrt, *a. v.* (Be എന്ന ക്രിയയുടെ indicative, subjunctive ഭൂതകാലത്തിൽ മദ്ധ്യമപുരുഷൈകവചനരൂപം) ആയി, ആയിരുന്നു; ഉണ്ടായി, ഉണ്ടായിരുന്നു; 2.

ആയെങ്കിൽ, ആയിരുന്നുവെങ്കിൽ, ഉണ്ടാ യെങ്കിൽ, ഉണ്ടായിരുന്നുവെങ്കിൽ.

**Wes'lēy-an, -ism,** *s. a.* **Methodist, Methodism,** *s. u.* **Method.**

**West,** *n.* പടിഞ്ഞാറ്, പശ്ചിമദിക്ക്, പശ്ചിമം, വാരുണി, അപരാ; 2. പശ്ചിമ രാജ്യം, പാശ്ചാത്യരാജ്യം; 3. പശ്ചിമാൎദ്ധ ഗോളം, അമേരിക്കാഭൂഖണ്ഡം. **north-w.** വടക്ക്പടിഞ്ഞാറ്, വായുമൂല, വായു കോണം, വായുകോണ്. **south-w.** തെ ക്ക്പടിഞ്ഞാറ്, നിരൃതിമൂല, നിരൃതി കോണം, നിരൃതികോണ്. *a.* പടിഞ്ഞാ റുള്ള, പടിഞ്ഞാറൻ, പടിഞ്ഞാറെ, പശ്ചി മ, പാശ്ചാത്യ, അപരം. **w. end** (ല ണ്ടൻനഗരത്തിൽ മഹാന്മാർ പാൎക്കുന്ന) കലീനഭാഗം. **W. Indies** (അമേരിക്ക യിലെ) വെസ്റ്റിണ്ട്യാദ്വീപുകൾ. **W.-Indian** —ദ്വീപുകൾ സംബന്ധിച്ച, —ദ്വീ പുകളിലുള്ള. *ad.* പടിഞ്ഞാറോട്ട്. *v. i.* പടിഞ്ഞാറോട്ട് തിരിയുക; 2. ഉച്ചതെറ്റു ക, ഉച്ചതിരിയുക, അസ്തമിക്കുക. **-'ĕr-ing,** *a.* പടിഞ്ഞാറോട്ട് തിരിയുന്ന; ഉച്ച തെറ്റുന്ന. **-'ĕr-ly,** *a.* പടിഞ്ഞാറ്ദിക്ക് സംബന്ധിച്ച, പശ്ചിമമായ, പടിഞ്ഞാറോ ട്ടുള്ള, പടിഞ്ഞാറ്നിന്ന് വരുന്ന. *ad.* പ ടിഞ്ഞാറ്കൊള്ളെ, പടിഞ്ഞാറോട്ട്. **-'ĕrn,** *a.* പടിഞ്ഞാറെ, പശ്ചിമ, പടി ഞ്ഞാറുള്ള, പാശ്ചാത്യ; പടിഞ്ഞാറോട്ട് പോ കുന്ന; പടിഞ്ഞാറ്നിന്ന് വരുന്ന. **W.n Church** ലത്തീനസഭ (*c. h.*). **W.n Empire** പശ്ചിമറോമസാമ്രാജ്യം (*his.*). **-'ĕrn-ĕr, -'ling,** *n.* പാശ്ചാത്യൻ, പടി ഞ്ഞാറൻ. **-'mōst, -'ĕrn-mōst,** *a.* ഏ റവും പടിഞ്ഞാറുള്ള. **-'ing,** *n.* പടി ഞ്ഞാറോട്ടുള്ള ദൂരം. **-'ward, -'wards** (-wĕrdz), *ad.* പടിഞ്ഞാറോട്ട്, പടിഞ്ഞാ റ്കൊള്ളെ. **-'ward,** *a.* പടിഞ്ഞാറുള്ള. *n.* പടിഞ്ഞാറൻദിക്ക്, പശ്ചിമരാജ്യം; പ ടിഞ്ഞാറ്. **-'ward-ly,** *ad.* പടിഞ്ഞാറു കൊള്ളെ. **-'y,** *a.* തലചുററുന്ന, തലതി രിച്ചലുള്ള.

**Wet,** *a.* വെള്ളമായ; 2. വെള്ളമുള്ള; 3. നനഞ്ഞ, കതന്ന, പുതന്ന; 4. മഴയുള്ള, മഴക്കാലമായ; 5. കാച്ചിയെടുത്ത, വാററി യെടുത്ത (*ch.*); 6. കടിച്ച, മദ്യപാനം ചെയ്യു, ലഹരിയുള്ള. **w. blanket** അ ധൈൎയ്യഹേതു, ഭയകാരണം. **w.-dock** കടക്കോതി, പുഴക്കോതി. **w. goods** ലഹരിമദ്യം, മദ്യം. **w.-land** പുഞ്ച, പു ഞ്ചക്കണ്ടം (*l.*). **w.-nurse** പാല് കൊട്ട ക്കുന്നവള്, 'ആമ', ധാത്രി. **w.-season** മഴക്കാലം. **w.-shod** കാല്നനഞ്ഞ; ചെ രിപ്പ്നനഞ്ഞ. *n.* വെള്ളം; 2. നനവ്, ഓതം, കളിപ്പ്, കളുപ്പ; 3. മഴക്കാലം; 4. മഞ്ഞ്കാലം; 5. (മദ്യം) ഒര് ചുക്കിരി, ഒര് 'ഗ്ലാസ്'. *v. t.* നനക്കുക; 2. വെ ള്ളം നിറക്കുക; 3. വെള്ളം തളിക്കുക; 4. വെള്ളത്തിലായിരിക്കുക; മുകളിൽ വെ ള്ളം നില്ക്കുക; 5. വെള്ളത്തിൽ മുക്കുക, ക ത്തുക. **to w. one's whistle** തൊണ്ട നനക്കുക, ഒര് ചുക്കിരി കടിക്കുക. **-'ness,** *n.* നനവ്, ഈറം; ആൎദ്രവായു, ജലക ണ(ം നിറഞ്ഞ) വായു; മഴയുള്ള സ്ഥിതി, മഴ; മഞ്ഞുള്ള സ്ഥിതി, മഞ്ഞ്. **-'tish,** *a.* അല്പം നനവുള്ള, ഈറനായ, ഓതമുള്ള.

**Weth'ĕr, Wed'dĕr,** *n.* ഉടച്ച ആട്, കാല്കെട്ടിയ കൊററൻ.

**Wet'ness, Wet'-nurse, Wet'-shod, Wet'tish,** *s. u.* **Wet.**

**Wē'vil,** *n.*, *s. a.* **Weevil.**

**Wey** (wā), *n.* (250 റാത്തലോളം ഉള്ള) ഒര് തൂക്കം.

**Whack** (hwak), *v. t.* അടിക്കുക, തട്ടു ക, കത്തുക; 2. വെട്ടുക. *v. i.* കത്ത് കൊട്ടക്കുക, അടിക്കുക. **to w. away** അടിച്ച്കൊണ്ടിരിക്കുക. *n.* ഒച്ചയുള്ള അടി, ഒച്ചയോട്ടുകൂടിയ അടി. **-'ĕr,** *n.* അടിക്കുന്നവൻ; പെരുത്തത്, വമ്പിച്ചത്; പെരുങ്കളവ്, വങ്കളവ്. **-'ing,** *a.* പെ രുത്ത, വലിയ; ഭയങ്കരമായ, ആശ്ചൎയ്യ കരമായ.

I. **Whāle** (hwāl), *v. t.* അടിക്കുക, അ ടിച്ച്വരവെക്കുക. **whāl'ĕr,** *n.* അടി ക്കുന്നവൻ; ഊക്കൻ, കെല്പൻ, ശക്തൻ, മഹാകായൻ; പെരുത്തത്, വമ്പിച്ചത്; വളരെ വലിയത്.

II. **Whāle** (hwāl), *n.* തിമിംഗലം, തി മിംഗിലം, തിമി, കടലാന, പെരുമീന് (*z.*). **w.-boat** (തിമിംഗലം പിടിപ്പാൻ

ഉപയോഗിക്കുന്ന) തിമിംഗലപ്പട്ടക്. w.-bird ദക്ഷിണധ്രുവപ്പക്ഷി, പെരുംപക്ഷി (*z.*). w.-bone, w.-fin തിമിംഗലത്താടിയെല്ല്, തിമിംഗലാസ്ഥി. w.-fishery തിമിംഗലപ്പിടുത്തം, കടലാനപ്പിടുത്തം. w.-man തിമിംഗലം പിടിക്കുന്നവൻ. w.-shark പെരുംസ്രാവ് (*z.*). w.-short തിമിംഗലത്തലക്കൊഴുപ്പ്. **whāl'ĕr,** *n.* തിമിംഗലം പിടിക്കുന്നവൻ; തിമിംഗല(ം പിടിക്കുന്ന) കപ്പല്. **whāl'ing,** *n.* തിമിംഗലവേട്ട, തിമിംഗലം പിടിക്കൽ. *a.* തിമിംഗലം പിടിക്കുന്ന.

I. **Whāl'ĕr,** *n.*, *s. u.* Whale I.

II. **Whāl'ĕr,** *n.*, *s. u.* Whale II.

**Whall, Whaul** (hwɡl), *n.* കുതിരയുടെ പൂച്ചക്കണ്ണ്. -'y, *a.* (കുതിര)പൂച്ചക്കണ്ണുള്ള.

**Whap, Whop** (hwop), *v. i.* മറിഞ്ഞ് വീഴുക, ഉരുണ്ടടിച്ച് വീഴുക; 2. മലന്ന് വീഴുക; 3. തെറിച്ച് പോക. *v. t.* അടിക്കുക. *n.* അടി, കുത്ത്. -'pĕr, whop'pĕr, *n.* വളരെ വലിയ സാധനം, പെരുത്തത്; പെരുങ്കളവ്, വങ്കളവ്, മുരത്തകളവ്, പച്ചക്കളവ്. -'ping, whop'ping, *a.* പെരുത്ത, വമ്പിച്ച, ബ്രഹ്മാണ്ഡമായ; ഭയങ്കരമായ, ആശ്ചര്യജനകമായ.

**Wharf** (hworf), *n.* (*pl.* wharfs *or* wharves, *pr.* hworz) പാതാറ്, ഏററിറക്കപ്പാതാറ്, കട(ൽ)പ്പാലം. w.-boat തോണി(കൊണ്ടുണ്ടാക്കിയ) പാതാറ്. w.-rat എലി (*z.*); പെറുക്കിച്ചെറുക്കൻ. *v. t.* പാതാറ് കെട്ടുക; 2. പാതാറിന്മേൽ ഇറക്കുക. -'āge, *n.* പാതാറ് കൂലി, കട(ൽ)പ്പാലക്കൂലി; പാതാറ് കൂട്ടം. -'ing, *n.* പാതാറ് കൂട്ടം; പാതാറിന്ന് പലകയടിക്കൽ. -'in-gĕr, *n.* പാതാറുടമസ്ഥൻ; പാതാറ് കാര്യസ്ഥൻ.

**Wharl** (hworl), -'ing, *n.* രേഫോച്ചാരണം, രേഫം, റ് എന്ന ശബ്ദം (*gr.*).

**What** (hwot), *inter. pron.* എന്ത്, കിം; 2. ഏത്, എങ്ങിനെ; എന്തൊരു, എങ്ങിനെയുള്ള; 3. എന്ത് മാത്രം, എത്ര. *rel. pron.* ആരോ അവൻ, ഏതോ അത്; ക്രിയാപുരുഷനാമം നപുംസകരൂപം: with joy beyond w. victory bestows ജയത്താൽ ഉണ്ടാകുന്നതിലും അധികമായ സന്തോഷത്തോടെ; w. followed was in perfect harmony പിന്നെ ഉണ്ടായത് അതിനോട് നല്ല ചേർച്ചയിലായിരുന്നു; w. comes to you from me ഞാൻ നിണക്ക് തരുന്നത്, എങ്കൽനിന്ന് നിണക്ക് ലഭ്യമാകുന്നത്; 2. ആര്, ഏത്, എങ്ങിനെയുള്ളവൻ, എങ്ങിനെയുള്ളത്: we know w. master built it അത് പണിയിച്ചത് ഏത് സമർത്ഥനാണെന്ന് ഞങ്ങൾക്കറിയാം; I know w. workman wrought it ആ പണി ചെയ്തത് എങ്ങിനെയുള്ള പണിക്കാരനാണെന്ന് എനിക്കറിയാം; he picked w. good fruit he saw നല്ല പഴമായി കണ്ടതൊക്കയും അവൻ പറിച്ചു; 3. വല്ലതും, വല്ലതുമോ: whether it were the shortness of his foresight, the strength of his will . . . or w. it was അതവന്റെ ആലോചനക്കുറവോ, അവന്റെ സ്വേച്ഛാബലമോ, അല്ല മററു വല്ലതുമോ (എന്ന് നിശ്ചയമില്ല). *ad.* (with) ഒട്ടൊക്കെ, ഏതാനും, കുറെ അങ്ങിനെയും കുറെ ഇങ്ങിനെയും: w. with war, w. with the sweat, w. with the gallows and w. with poverty I am custom shrunk ഒട്ടൊക്കെ യുദ്ധംകൊണ്ടും ഒട്ടൊക്കെ നഷ്ടംകൊണ്ടും ഒട്ടൊക്കെ കഴുവേററൽകൊണ്ടും ഒട്ടൊക്കെ ദാരിദ്ര്യംകൊണ്ടും എന്റെ (കച്ചവട) കുററിക്കാരെല്ലാം കുറഞ്ഞു; 2. എന്താണെന്ന്, എങ്ങിനെയാണെന്ന്; വിചാരം എന്തെന്ന്: I tell you w., my friend, I would tear her ചങ്ങാതി ഞാൻ ചെയ്യുന്നത് എന്താണെന്ന് കേട്ടോ, ഞാൻ അവളെ സംഹരിച്ച് കളയും. w. not മുതലായത്, ഇത്യാദി, മററും: men hunt, fish, and *w. not* നായാട്ട്, മീൻപിടി മുതലായതൊക്കയും മനുഷ്യർ ചെയ്യുന്നു. battles, tournaments, hunts, and *w. not* പടയും കളിപ്പടയും നായാട്ടും മററും. w. ho എടോ, ഹെ, ഇതാ. w. if എങ്കിൽ എന്ത്. w. of this, w. of that, w. of it അത് കൊണ്ടെന്ത്, അതെന്തു

മില്ല. w. though എന്നാലും, എന്ന് വരികിലും, എന്നിട്ടും, അങ്ങിനെ ആയാലും, എന്ന് വന്നാലും, എങ്കിലും. -ev'ĕr, -sō-ev'ĕr (*contr. f.* whạt-e'ĕr, -sō-e'ĕr), *rel. pron.* എന്തും, എന്തായാലും, എന്താകിലും; ഒക്കയും, എല്ലാം, സകലവും, സകലതും, ആസകലം; യാതൊന്ന്, യാതൊരു; ഒന്നും: there is no room for anything w.r യാതൊന്നിന്നും സ്ഥലമില്ല, ഒന്നിന്നും ഇടമില്ല. -not, *n.* പലകത്തട്ട്, പുസ്തകത്തട്ട്, 'ഷെല്ഫ്'.

Whạul, *n.*, *s. a.* Whall.

Whēal (hwēl), *n.* തിണ്ണപ്പ്, പിണര്; 2. വട്ട, പൊള്ളം, പൊളകം.

Whēat (hwēt), *n.* കോതമ്പ്, ഗോതമ്പം, ഗോധൂമം (*b.*). w.-ear ഒര് പക്ഷി (*z.*). buck-w. ഒര് ധാന്യച്ചെടി; ഒര് വക ധാന്യം (*b.*). Guinea w., Turkey w. ചോളം. Indian w., Tartary w. "തിന" (*b.*). -'en, *a.* കോതമ്പ് കൊണ്ടുണ്ടാക്കിയ, കോതമ്പ.

Whēe'dle (hwē'dl), *v. t.* പറഞ്ഞ് പാട്ടിലാക്കുക, മട്ടംകൂട്ടുക, ചപ്പടാച്ചിപറയുക, തക്കിടി—; 2. മുഖസ്തുതി—; 3. പറഞ്ഞ് രസിപ്പിക്കുക; മൂച്ചിമേൽ കയറുക; 4. തക്കിടിയാൽ സാധിപ്പിക്കുക. *v. i.* മുഖസ്തുതി പറയുക; 2. മട്ടംകൂട്ടുക; 3. പറഞ്ഞ് പാട്ടിലാക്കുക.

Whēel (hwēl), *n.* ചക്രം, ഉരുള്; 2. റാട്ട്; 3. (പണ്ടേത്ത) ഒര് ഭേദ്യയന്ത്രം; 4. ചുക്കാൻ (തിരിക്കുന്ന) ചക്രം (*naut.*); 5. കശവചക്രം; 6. ചക്രവാണം; 7. പല്ലവി (*mus.*); 8. ചവിട്ട് വണ്ടി; 9. വൃത്തം, ഗോളം; 10. പരിവൎത്തനം, തിരിച്ചല്. a w. within a w., w.s within w.s ചമ്മല, 'കട്ടക്ക് മസാല'. w.-band ചക്രപ്പട്ട, പട്ട. w.-barrow ഒററച്ചക്രക്കൈവണ്ടി. w.-house ചുക്കാൻ 'കാമറ'. w.-man ചവിട്ട് വണ്ടി ഓടിക്കുന്നവൻ. w.-shaped ചക്രാകൃതിയായ, വട്ടത്തിലുള്ള. w.-work ചക്രസൂത്രപ്പണി. w.-worn ചക്രം തട്ടിത്തേഞ്ഞ. w.-wright (-rīt) വണ്ടിത്തച്ചൻ. measuring w. സഞ്ചാരമാപനയന്ത്രം. w.-carriage ചക്രവണ്ടി. w.-chains, w.-ropes ചുക്കാൻ ചങ്ങല, ചുക്കാൻ കയറ് (*naut.*). w.-horse (മുമ്പിലും വഴിയിലുമായി വണ്ടിക്ക് കെട്ടിയ കുതിരകളിൽ) വഴിയിലുള്ള കുതിര. w.-lock തോക്കുപൂട്ട്. w.-plough, w.-plow ചക്രക്കലപ്പ (*agr.*). w.-race വെള്ളച്ചക്രം വെച്ച സ്ഥലം. *v. t.* വണ്ടിയിൽ കയററിക്കൊണ്ട് പോക; 2. തിരിയുമാറാക്കുക. *v. i.* തിരിയുക, ചുററുക; 2. ഗതി മാററുക; 3. വട്ടത്തിൽ തിരിയുക; 4. ഉരുളുക. whēeled (hwēld), *a.* ചക്രമുള്ള. -'ĕr, *n.* തിരിക്കുന്നവൻ; പിൻകുതിര; ചക്രത്തിപ്പണിക്കൻ. -'ing, *n.* വണ്ടിയാത്ര; ചവിട്ട് വണ്ടിയോടിക്കൽ; വണ്ടിവഴി; തിരിച്ചല്, ചുററല്. -'y, *a.* വൃത്താകാരമായ, വട്ടത്തിലുള്ള; തിരിയുന്ന.

Whēen (hwēn), *n.* വളരെ, അധികം (*Scot.*).

Whēeze (hwēz), *v. i.* ഏങ്ങുക, ശ്വാസം വലിക്കുക, കഫം—, കറുകറുക്കുക. *n.* കറുകറുശബ്ദം, ഏക്കം, ഏങ്ങൽ, കഫശ്വാസം; 2. നിമന്ത്രണം; അഭിനയനിമന്ത്രണം (*dr.*). whēez'y, *a.* ശ്വാസംവലിയുള്ള, കറുകറുക്കുന്ന, കഫശ്വാസമായ.

Whelk (hwelk), *n.* തിണ്ണപ്പ്, പൊക്കിള; 2. അടിപ്പിണര്, അടിപ്പരിക്ക്. chin-w. പുഴനടപ്പ് (*med.*). rosy w. (കടിയാലുള്ള) മുഖച്ചുവപ്പ് (*med.*). whelked (hwelkt), *a.* തിണ്ണപ്പുള്ള; വരയുള്ള; വരവരയായ. -'y, *a.* പൊക്കിളയുള്ള; തിണ്ണപ്പുള്ള, വരയുള്ള.

Whelm (hwelm), *v. t.* (വെള്ളത്തിൽ) മുക്കുക, ആഴ്ത്തുക; 2. നിമഗ്നമാക്കുക; 3. മൂടിക്കളയുക; മുഴുകമാറാക്കുക (*see* Overwhelm).

Whelp (hwelp), *n.* നായിക്കുട്ടി; 2. കാട്ട്മൃഗക്കുട്ടി; 3. (ഹാസ്യമായി) കുട്ടി, ചെറുപ്പക്കാരൻ; 4. *pl.* കമ്പച്ചുറക്കുററിയുടെ വാരി (*naut.*); 5. ചക്രപ്പല്ല്. *v. t.* & *i.* പെട്ടിപെറുക; നായി—; 2. കാട്ട് മൃഗം—.

When (hwen), *ad.* എപ്പോൾ, എന്ന്, ഏത് സമയം. ഏത് കാലം, ഏത് കാലത്ത്; 2. അപ്പോൾ, ആ സമയം: the king could not raise the army w. it was required സൈന്യം വേണ്ടി വന്ന

പ്പോൾ അത് ഒരുക്കുവാൻ രാജാവിന്ന് കഴിവുണ്ടായില്ല; w. I came he was not here ഞാൻ വന്നപ്പോൾ അവൻ ഇവിടെ ഇല്ല; 3. എന്നിട്ടും, ആയിരിക്കെ, അങ്ങിനെയിരിക്കെ, ഈ അവസ്ഥക്ക്, ആയിരിക്കുമ്പോൾ: he chose to turn highwayman w. he might have continued an honest man മൎയ്യാദക്കാരനായിരിപ്പാൻ തരമുണ്ടായിരുന്നിട്ടും അവൻ പിടിച്ചുപറിക്കാരനായ്തീൎന്നു; —തരമുണ്ടായിരിക്കെ—; he cut the tree w. it was the best in the grounds അത് പറമ്പിലുള്ളതിലേക്കും നല്ല മരമായിരുന്നിട്ടും അവൻ അത് മുറിച്ചു; 4. അതിൻെറ ശേഷം, അതിൽ പിന്നെ: I was adopted heir by his consent since w. he broke his oath അവൻ എന്നെ സ്വന്തമനസ്സാലെ ദത്തെടുത്തുവെങ്കിലും അതിൽ പിന്നെ അവൻ ആ നിശ്ചയം ലംഘിച്ചു. -e'ĕr, -ev'ĕr, -sō-ev'ĕr, *ad.* എപ്പോഴെങ്കിലും, വല്ലപ്പോഴും; അപ്പോൾ: he could go w.r he liked അവന്ന് എപ്പോൾ ഇഷ്ടമോ അപ്പോൾ അവന്ന് പോകാമായിരുന്നു, അവന്ന് മനസ്സുള്ളപ്പോഴൊക്കയും പോകാമായിരുന്നു.

**Whence** (hwens), *ad.* എവിടന്ന്, എവിടെനിന്ന്, എങ്ങുന്ന്, ഏത് ദിക്കിൽനിന്ന്, ആരുടെ അടുക്കൽനിന്ന്; എങ്ങിനെ: w. had this man this wisdom ഇവന്ന് ഈ ജ്ഞാനം എവിടെനിന്ന്; w. and what art thou നീ എവിടന്ന് വരുന്നു നീ ആരാകുന്നു; 2. വന്നേടം, വന്ന ദിക്ക്; കിട്ടിയസ്ഥലം: grateful to acknowledge w. his good descends തനിക്ക് ഉണ്ടായിരിക്കുന്ന ഗുണം എവിടെനിന്നാണെന്ന് അവൻ നന്ദിപൂൎവ്വം സമ്മതിക്കുന്നു, തനിക്ക് ഈ ഗുണം ആരാൽ ഉണ്ടായതാണെന്ന് അവൻ—; from w. എവിടന്ന്. -ev'ĕr, -sō-ev'ĕr, *ad.* എവിടന്നെങ്കിലും, വല്ലേടത്ത്നിന്നും, വല്ല വരാലും: any idea *whencesoever* we have it നമുക്കുള്ളതായ വല്ല ധാരണയും അത് എങ്ങിനെ ഉണ്ടായതായാലും വേണ്ടതില്ല.

**Where** (hwār), *ad.* എവിടെ, എങ്ങ്, എവിടത്തിൽ, ഏത് ദിക്കിൽ, കുത്രു: w. art thou നീ എവിടെ ഉണ്ട്; 2. എവിടെയൊ അവിടെ, ആ സ്ഥലത്ത്: she visited that place w. she was so happy അവൾ ആത്യം നല്ല സുഖത്തിൽ പാൎത്തിരുന്ന സ്ഥലം അവൾ ചെന്ന് കണ്ടു, —പാൎത്തിരുന്ന ദിക്കേതോ അത് അവൾ ചെന്ന് കണ്ടു; 3. എവിടേക്ക്, എങ്ങോട്ട്: w. are you going എവിടേക്കാണ് യാത്ര; 4. ആ സ്ഥലം, അവിടം: the star stood over w. the young child was ശിശു ഉണ്ടായിരുന്ന ദിക്കിന്ന് മീതെനക്ഷത്രം നിന്നു. -a-bout', -a-bouts', *ad.* എതാനും, എവിടെ, ഏത് ദിക്ക് കൊള്ളെ, ഏത് ദിക്കിന്ന് സമീപം; ഏത് കാൎയ്യത്തെ പററി. *n.* ഉള്ളസ്ഥലം, —ദിക്ക്. -as', *conj.* ആകയാൽ, അത് കൊണ്ട്, എന്നത് കൊണ്ട്; എന്നാൽ, എങ്കിലും, എന്നാലും, എന്ന് വരികിലും. -at', *ad.* അപ്പോൾ, എന്നാറെ; അതിങ്കൽ, അത് കേട്ടിട്ട്; ഏതിൽ, എന്ത് കൊണ്ട്, എന്ത്. -a-wāy', *ad.* ഏത് ഭാഗം കൊള്ളെ, ഏത് ഭാഗത്ത് (*naut.*). -bȳ, *ad.* ഏതിനാലോ അത്, ഏത് മൂലമോ അത്; എന്ത് കൊണ്ട്, ഏതിനാൽ, എങ്ങിനെ. =e'ĕr, =ev'ĕr, *ad.* എവിടെ എങ്കിലും, വല്ലേടത്തും. -'fōre, *ad.* & *conj.* ആകയാൽ, അത് കൊണ്ട്, അതിനാൽ, അങ്ങിനെ; എന്തിന്ന്, എന്ത് കൊണ്ട്, എന്ത്. *n.* കാരണം, ഹേതു. -'from, *ad.* എവിടെനിന്നോ അവിടെ; എവിടന്ന്, എങ്ങുന്ന്, ഏത് ദിക്കിൽനിന്ന്. -in', *ad.* ഏത് കാൎയ്യത്തിലോ അത്; അവിടെ; അതിൽ; ആ സമയം; അത് വിഷയമായി; ഏത് കാൎയ്യത്തിൽ, എന്തിൽ, ഏതിൽ. -in-tö', *ad.* എവിടെയോ അവിടെ; എവിടെ, ഏതിൽ, ഏതിലേക്ക്. -'ness, *n.* സ്ഥിതി, നില, ഇരിപ്പ്. -of', *ad.* ഏതിലോ അത്, ഏത് കൊണ്ടോ അത്; എന്ത് കൊണ്ട്, ഏതിനാൽ. -on', *ad.* ഏതിന്മേലോ അത്; എന്തിന്മേൽ, ഏതിന്മേൽ. -out', *ad.* അതിൽനിന്ന്. -sō-ev'ĕr, *ad.* ഏത് സ്ഥലത്തും, എവിടെയും, എല്ലാടവും. -through' (-thrụ'),

*ad.* ഏതിനാൽ, എന്ത് മൂലം. -tö', -un-tö', *ad.* ഏതിന്നോ അത്; ഏതിലേക്കോ—; എന്തൊന്നിന്ന്, എന്തിന്ന്, ഏതൊര് കാര്യത്തിലേക്ക്, എന്തിന്നായിക്കൊണ്ട്. -up-on', *ad.* അപ്പോൾ, അത് നിമിത്തം, ഏത് കൊണ്ട്; അതിൽപിന്നെ, അതിൻെറ ശേഷം, അതിങ്കൽ. -with', -with-al', *ad.* ഏതിനോട് കൂടെയോ അത്, ഏതിനാലോ അത്; എന്ത് കൊണ്ട്, ഏതിനാൽ. *n.* മാൎഗ്ഗം, വഴി, നിവൃത്തി, നിൎവ്വാഹം; ആയുധം, ഉപകരണം.

I. Wher'ry (hwer'ri), *n.* (ആളുകൾ കയറിപ്പോകുന്ന) പുഴത്തോണി, തോണി, കടവ് തോണി, വള്ളം, ചീനം; 2. മീൻ തോണി, 'മച്ചുവ'; 3. പന്തയത്തോണി.

II. Wher'ry (hwer'ri), *n.* ഒര് വക പഴമദ്യം.

Whet (hwet), *v. t.* അണെക്കുക, (കത്തി)തേക്കുക, മൂൎച്ചയാക്കുക; 2. മൂൎച്ചകൂട്ടുക, വളൎത്തുക, ഉത്സാഹിപ്പിക്കുക; ശക്തികൂട്ടുക; അധികമാക്കുക, കത്തിപ്പൊന്തിക്കുക. w.-slate, w.-stone കത്തിയണെക്കുന്ന കല്ല്, ചാണക്കല്ല്, കത്തിക്കല്ല്, അണെക്കല്ല്. -'tĕr, *n.* കത്തിയണെക്കുന്നവൻ, കടച്ചക്കാരൻ.

Wheth'ĕr (hweth'ĕr), *pron.* രണ്ടിലൊന്ന്. *conj.* (or) അതോ ഇതോ: w. large or small വലിയതോ ചെറിയതോ; w. true or false സത്യമായാലും കളവായാലും; 2. (no) അതെയോ അല്ലയോ എന്ന്: you know w. this is mine or not ഇത് എൻെറതോ അല്ലയോ എന്ന് നിണക്കറിയാം. [Whet.

Whet'stōne, Whet'tĕr, *s. u.*

Whew (hwū), *n.* & *int.* ആശ്ചൎയ്യസ്വരം, ചൂള, ശ്രൂൽക്കാരം; ശ്രൂ. *v. i.* ശ്രൂൽക്കാരമിടുക.

Whey (hwā), *n.* മോര്, തക്രം, പാൽപാട നീക്കിയവെള്ളം, തൈര് വെള്ളം. w.-face (ഭയത്താൽ) മുഖം വിളൎത്തവൻ, ഭീരു, പേടിക്കുടലൻ. w.-faced മുഖം വിളൎത്ത, ഭയമുള്ള. -'ey, -'ish, *a.* മോര് പോലെയുള്ള, തൈര് വെള്ളമായ. -'ish-ness, *n.* മോര് ഗുണം.

Which (hwich), *pron.* ഏത്: w. is the house ഏതാണ് ആ വീട്; he asked w. route he should take ഏത് വഴിക്കാണ് പോകേണ്ടതെന്ന് അവൻ ചോദിച്ചു; 2. ഏതോ അത്, വൎത്തമാനഭൂതശബ്ദന്യൂനരൂപം: the house w. I sold ഞാൻ വിററവീട് ഏതോ അത്, ഞാൻ വിററ വീട്; Our Father w. art in heaven സ്വൎഗ്ഗത്തിലുള്ള ഞങ്ങളുടെ പിതാവ്, സ്വൎഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവ്; the temple of God is Holy, w. temple you are ദൈവമന്ദിരം വിശുദ്ധമാകുന്നു ആയത് (ആ മന്ദിരം) നിങ്ങൾ തന്നെ; 3. ഏതെങ്കിലും: take w. you will നിങ്ങൾക്കിഷ്ടമുള്ളത് ഏതെങ്കിലും എടുത്ത് കൊൾവിൻ. -ev'ĕr, -sō-ev'ĕr, *pron.* & *a.* ഇതോ അതോ, ഏതെങ്കിലും: w.r road you take it will lead you to town നിങ്ങൾ ഏത് വഴിക്ക് പോയാലും പട്ടണത്തിൽ എത്തും.

Whiff (hwif), *n.* (വായിൽനിന്നുള്ള) ഊത്ത്, ശ്വാസം; 2. കാററൂത്ത്; 3. പെട്ടന്നുള്ള ഒര് നോട്ടം, ഒര് നോക്ക്. *v. t.* ഊതുക; 2. ഊതിപ്പറപ്പിക്കുക. *v. i.* ഊതുക; ശ്വാസം വിടുക; 2. പുകവിടുക. -'fet, *n.* ചെറുശ്വാസം. -'fing, *n.* ഊതൽ, ഊത്ത്; (കണ്ണിച്ചൂണ്ടല് കൊണ്ട്) മീന് വക്കൽ. whif'fle, *v. i.* അലയുക, അങ്ങോട്ടും ഇങ്ങോട്ടും ഇളകുക, ആട്ടുക, ചാഞ്ചാടുക; ചഞ്ചലം ഉണ്ടാക, ചാപല്യം കാട്ടുക, അസ്ഥിരത—; അഭിപ്രായം മാററുക; വാക്ക് മാററി പറയുക, കളവ് പറയുക. *v. t.* ആട്ടുക, ഇളക്കുക. wif'-flĕr, *n.* ചപലൻ, അസ്ഥിരൻ; ഉപായി; തക്കിടിക്കാരൻ; നിസ്സാരൻ; കാഹളക്കാരൻ; വഴിയൊരുക്കുന്നവൻ, ദൂതൻ.

I. Whig (whig), *n.* മോരും വെള്ളവും, സംഭാരം.

II. Whig (hwig), *n.* (രാജ്യഭരണകാൎയ്യങ്ങളിൽ) പരിഷ്കാരപ്രിയൻ, നൂതനപ്രിയൻ, നൂതനതല്പരൻ, നവീകരണേച്ഛു, ഉല്പതിഷ്ണു. *a.* നവീകരണേച്ഛുവായ; നവീകരണവാദം ആയ. -'ga-mōre, *n.* (ഹാസ്യമായി) നവീകരണേച്ഛു. -'găr-chy (-ki), *n.* (ഹാസ്യമായി) ഉല്പ

തിഷ്ണുഭരണം. -'gĕr-y, -'gism, *n.* നവീകരണവാദം, ഉല്പതിഷ്ണുപ്രമാണം. -'gish, *a.* നവീകരണേച്ഛുക്കളെ സംബന്ധിച്ച; നവീകരണവാദം—. -'gish-ly, *ad.* നവീകരണവാദമായി. -'ling, *n.* (ഹാസ്യമായി) അല്പോല്പതിഷ്ണു.

**While** (hwīl), *n.* സമയം, ഇട, അല്പസമയം, അല്പകാലം, ക്ഷണനേരം: all this w. ഈ കാലമൊക്കയും. at w.s ചിലപ്പോൾ, ചിലനേരം, അപ്പപ്പോൾ, ഓരോരിക്കൽ, ഇടക്കിടെ. the w., the w.s അതിന്നിടെ, അതിന്നിടെക്ക്, തന്മദ്ധ്യേ. within a w. വേഗം, ഉടനെ, ക്ഷണം. worth w., worth the w. വിഹിതമായ, യോഗ്യമായ; കാര്യമായ, ആദായകരമായ. *v. t.* (away) ചെലവാക്കുക, സമയം കളയുക, നേരംപോക്കുക, കഴിച്ച്കൂട്ടുക. *v. i.* മിനക്കെടുക, താമസിക്കുക. *conj.* . . . പോൾ, . . . സമയത്ത്: w. I write ഞാൻ എഴുതുമ്പോൾ, ഞാൻ എഴുതുന്ന സമയത്ത്; 2. അത്കൊണ്ട്, ആകയാൽ, എന്നിട്ടും . . . . ഓ: I am working hard w. you sit quiet ഞാൻ അദ്ധ്വാനിക്കുന്നു നീയോ വെറുതെ കുത്തിരിക്കുന്നു. whiles (hwīlz), whilst, *ad.* അതിന്നിടയിൽ, തന്മദ്ധ്യേ; ഓരോരിക്കൽ, ചിലപ്പോൾ. the w.t അതിന്നിടെ, അപ്പോൾ. *conj.* . . . . പോൾ: w.s thou art in the way with him നീ അവനോട് കൂട വഴിയിലിരിക്കുമ്പോൾ.

**Whī'lŏm** (hwī'lum), *ad.* പണ്ട്, ഒരിക്കൽ, ഒര് കാലം; 2. ചിലപ്പോൾ.

**Whim** (hwim), **Whim'sey, Whim'sy,** *n.* തോന്നല്, ഭ്രമം, ഭ്രാന്തി, വ്യാമോഹം; തോന്നിയവാസം, നിനവ്; 2. കയറ് ചുറച്ച് വലിക്കുന്ന ചക്രം, തുടി. w.-gin തുടി. *v. i.* ഭാവമുണ്ടാക, തോന്നുക, ഭ്രമിക്കുക. -'ling, *n.* പരിഭ്രമക്കാരൻ, ഓരോരിക്കൽ ഓരോ സ്വഭാവമുള്ളവൻ. -'my, -'si-cal, *a.* ക്ഷണികബുദ്ധിയുള്ള, വ്യാമോഹമുള്ള; ഓരോരിക്കൽ ഓരോ വിധം പ്രവൃത്തിക്കുന്ന, ഭ്രമമുള്ള; കോലം കെട്ട, അപൂർവ്വാകൃതി ആയ, വിചിത്രം—; വികൃതരൂപമുള്ള. -'sey (-zi), *v. t.* വ്യാമോഹം വരുത്തുക, ഭ്രാന്തിവരുത്തുക, തലതിരിക്കുക. -si-cal'i-ty, -'si-cal-ness, *n.* തോന്നിയവാസം, വ്യാമോഹം, ഭ്രാന്തി. -'si-cal-ly, *ad.* ഭ്രമത്തോടെ, തോന്നിയവാസമായി, ക്ഷണികബുദ്ധിയായി. -'wham (-'hwam), *n.* വികൃതസാധനം, വികൃതരൂപം; നിസ്സാരസാധനം; കളിക്കോപ്പ്; നിസ്സാരശൃംഗാരം, വിലകുറഞ്ഞ ആഭരണം; തോന്നല്, ക്ഷണികബുദ്ധി, വ്യാമോഹം.

**Whim'pĕr** (hwim'pĕr), *v. i.* ചിനുങ്ങിക്കരയുക, ഇളിയുക; 2. ആവലാതി പറയുക, മുറവിളികൂട്ടുക. *v. t.* ചിനുങ്ങിക്കരയുക, ഇളിയുക. *n.* ഇളിച്ചല്, കരച്ചല്, ചിനുങ്ങല്. -ĕr, *n.* ചിനുങ്ങുന്നവൻ, ചിനുങ്ങി, ഇളിയുന്നവൻ.

I. **Whim'ple** (hwim'pl), *n.*, *s. a.* Wimple.

II. **Whim'ple** (hwim'pl), *v. i.* ചഞ്ചലപ്പെടുക, ചാപല്യംകാട്ടുക.

**Whim'sey, Whim'sy, Whim'si-cal, Whim'wham,** *etc.*, *s. u.* Whim.

**Whin** (hwin), *n.* മുൾച്ചെടി, മുൾപ്പടപ്പ് (*b.*); 2. (*also* w.-stone) കരിങ്കൽപ്പാറ. -'ny, *a.* മുൾച്ചെടിയുള്ള, മുൾപ്പടപ്പുള്ള.

**Whīne** (hwīn), **Whinge** (hwinj), *v. i.* മുരളുക, ചിനുങ്ങുക, ദുഃഖത്തോടെ കരയുക; 2. സങ്കടം പറയുക, ആവലാതി—, പിറുപിറുക്കുക; 3. കെഞ്ചുക. *v. t.* സങ്കടത്തോടെ പറയുക, കെഞ്ചിയപേക്ഷിക്കുക. *n.* ചിനുക്കം, ആവലാതി, കരച്ചല്. whī'nĕr (hwī'nĕr), *n.* ചിനുങ്ങുന്നവൻ, പായ്യാരക്കാരൻ. whī'ning-ly, *ad.* ചിനുങ്ങിക്കൊണ്ട്, ദുഃഖത്തോടെ.

I. **Whin'ny** (hwin'ni), **Whin'nĕr** (hwin'nĕr), *v. i.* (കുതിര) ചിനക്കുക. whin'ny, *n.* ചിനക്കൽ, കുതിരശബ്ദം, ഹ്രേഷം.

II. **Whin'ny,** *a.*, *s. u.* Whin.

**Whip** (hwip), *v. t.* വാറ്കൊണ്ട് അടിക്കുക, ചമ്മട്ടികൊണ്ട്—, കരടാവ്കൊണ്ട്—, ജാട്ടികൊണ്ട്—, വാറടിയേല്പിക്കുക; 2. വടികൊണ്ടടിക്കുക; 3. ശിക്ഷിക്കു

ക; 4. വേദനപ്പെടുത്തുക, നിന്ദിക്കുക; 5. (പമ്പരം) തിരിക്കുക; 6. മെതിക്കുക, തല്ലുക, പുല്ല് തല്ലുക; 7. മുട്ടയടിക്കുക; 8. ജയിക്കുക, മുന്തിനില്ക്കുക; 9. (about, round, over) ചുററുക, മേലെ ചുററുക; 10. ആലോട്ടുക, തോടിക്കുക; ചുരുക്കിടുക; 11. (into, out, up, off) തട്ടിക്കളയുക, തട്ട് കൊടുക്കുക; പിടിച്ച് വലിക്കുക, വലിച്ചെടുക്കുക; 12. പററച്ചുണ്ടലിടുക; 13. കമ്പത്തലകെട്ടുക (*naut.*): **to w. in** തെളിച്ച് കൂട്ടുക; കൂട്ടിച്ചേർക്കുക, യോഗമായി കൂട്ടുക. **to w. the cat** ഈററ കാണിക്കുക, പിശുക്ക് —; (വീട് വീടാന്തരം നടന്ന്) കൂലിപ്പണി ചെയ്യുക. *v. i.* ഓട്ടുക, ഓടിക്കയറുക. *n.* ചമ്മട്ടി, 'ജാട്ടി', കരടാവ്, തോൽവാറ്, വാറ്; 2. വണ്ടിക്കാരൻ, വണ്ടി തെളിക്കുന്നവൻ; 3. (കാററ് തിരിക്കല്ലിന്റെ) പായിച്ചട്ടം; 4. കപ്പിയും കയറും (*naut.*); 5. നീളക്കൊടി (*naut.*); 6. (നായാട്ട് നായ്ക്കളെ) തെളിച്ച് കൂട്ടുന്നവൻ, നായ്ക്കാരൻ; 7. (ഇംഗ്ലണ്ടിലെ പ്രജാസഭാംഗങ്ങളെ പ്രത്യേകാവശ്യം നേരിടുമ്പോൾ കൂട്ടിച്ചേർക്കുന്ന) "പരിഷമൂപ്പൻ" (*pol.*); 8. പ്രജാസഭാംഗങ്ങളെ കൂട്ടിവിളിക്കൽ. **w.-cord** 'ജാട്ടി'ച്ചരട്, 'ജാട്ടിക്കയറ്'. **w.-graft** ഒട്ടിച്ച് ചേർക്കുക (*b.*). **w.-grafting** ഒട്ടിച്ച് ചേർക്കൽ (*b.*). **w.-hand** ജാട്ടിപിടിക്കുന്ന കൈ; അനുകൂലം, സ്വാധീനത, കൈവശം, വശത്താകൽ, പാട്ടിലാകൽ. **w.-lash** 'ചാട്ടവാറ്', 'ജാട്ടി'വാറ്. **w.-ray** മുൾത്തിരണ്ടി (*z.*). **w.-roll** പടവ് തടി (*w.*). **w.-saw** ഈർച്ചവാള്, വലിവാള്. **w.-shaped** ജാട്ടിപോലെയുള്ള, നേരിയ, നീളമുള്ള, ഉരുണ്ട, കൂർത്ത. **w.-snake, emerald w.-snake** പച്ചോലപ്പാമ്പ്, പച്ചിലപ്പാമ്പ് (*z.*). **w.-staff** ചുക്കാൻപിടി (*naut.*). **w.-stalk, w.-stick, w.-stock** ചമ്മട്ടിപ്പിടി, 'ജാട്ടി'പ്പിടി. **w.-stitch** തുന്നക്കാരൻ; കൂച്ചിപ്പിടിച്ച് തുന്നിയത്; ദ്രുതഗതി; ചാലെടുത്തുഴൽ; ഉഴച്ചാല്; ഉഴവ് ചാല്. **w.-worm** നൂൽപ്പാമ്പൻ, കൃമി (*z.*). **w. and spur** ബദ്ധപ്പാടോടെ, ദ്രുതഗതിയായി. **-'pĕr,** *n.* അടിക്കുന്നവൻ; അടിശിക്ഷ നടത്തുന്നവൻ. **w.r-in** നായാട്ട് നായ്ക്കാരൻ, നായ്ക്കളെ കൂട്ടിച്ചേർക്കുന്നവൻ; പരിഷമൂപ്പൻ. **w.r-snapper** പൊരുളില്ലാത്ത; അല്പൻ; കള്ളൻ; ദുരഭിമാനി. **-'ping,** *a.* അടിക്കുന്ന; കെട്ടിയടിക്കുന്ന. **w.g-post** (കെട്ടിയടിക്കുന്ന) മുക്കാലി, —തൂണ്, —മരം. *n.* കെട്ടിയടിക്കൽ. **-'stĕr,** *n.* ചുണയുള്ള, ചിരിട്ടുള്ള, ചിമുക്കുള്ള; ചിമിട്ട്, അല്പൻ, നിസ്സാരൻ.

**Whĭr** (hwĕr), *v. i.* മുഴക്കത്തോടെ ചുററിത്തിരിയുക, മൂളുക; 2. ഇരച്ചലോടെ പറക്കുക. *v. t.* മൂളലോടെ ചുററുക; 2. —ഓടിക്കുക; 3. —പറപ്പിക്കുക. *n.* മുഴക്കം, ഇരച്ചല്, മൂളല്, മൂളിച്ച.

**Whĭrl** (hwĕrl), *v. t.* ചുഴററുക, തിരിക്കുക; 2. ചുഴററിക്കൊണ്ട് പോക; 3. പറിച്ചെടുക്കുക; 4. ഓടിക്കുക. *v. i.* ചുററുക, ചുഴലുക, ചക്രം തിരിയുക; 2. ഓട്ടുക, ഓടിപ്പോക. *n.* ചുഴല്ച, ചുററൽ, ചുററിത്തിരിയൽ, തിരിച്ചല്; 2. ചുഴി, ചുഴിപ്പ്; 3. തിരിയുന്ന കൊളുത്ത്. **w.-about** പമ്പരം, തിരിയുന്ന കളിക്കോപ്പ്. **w.-bat** ചുഴററൽ, വീശൽ, ഓങ്ങൽ. **w.-blast** ചുഴലിക്കാററ്. **w.-pit, w.-pool,** നീർച്ചുഴി, ചുഴിപ്പ്. **w.-wind** ചുഴലിക്കാററ്. **-'ĕr,** *n.* ചുഴററുന്നവൻ, വീശുന്നവൻ. **='li-gig,** *n.* തിരിയുന്ന കളിക്കോപ്പ്, പമ്പരം; ആട്ടത്തൊട്ടില്, യന്ത്രയൂഞ്ചല്; (പൂർവ്വത്തിൽ ശിക്ഷക്കായി ആളുകളെ കയററിത്തിരിച്ചിരുന്ന) ശിക്ഷക്കൂട്. **='ling,** *a.* ചുഴററുന്ന, ചുററിത്തിരിയുന്ന. **w.g-table** കശവചക്രം.

**Whĭr'tle** (hwĕr'tl), *n.* കമ്പിയച്ച്, കമ്പീസ്.

**Whisk** (hwisk), *n.* ഊത്ത്, വീശല്; 2. മാച്ചില്, ചൂല്, ചെറുചൂല്; 3. മുട്ടയടിക്കുന്ന കമ്പി; 4. സ്ത്രീകളുടെ ചുമലാട; 5. ഗുരുത്വംകെട്ടവൻ; 6. ഒരു വക വീപ്പച്ചിപ്പുളി (*carp.*). *v. t.* അടിച്ച് വാരുക, തുടക്കുക; 2. മുട്ടയടിച്ച് പൊന്തിക്കുക; 3. വീശുക, ചുഴററുക. *v. i.* വേഗം നടക്കുക, തിരക്കിട്ട് നടക്കുക. **='kĕr,** *n.* വേഗം നടക്കുന്നവൻ, വീശി നടക്കുന്നവൻ; *pl.* (പണ്ട്)മീശ, മേൽമീശ; *pl.* (*also* **side-w.rs**) പന്ന, കന്നമീശ, കന്നരോമം; *pl.* (*also* **chin-w.rs**) താടി, താടി

രോമം; ഒരൊററ താടിരോമം; പൂച്ചമീശ. ='kĕred (-'kĕrd), *a.* മീശയുള്ള; കന്നമീശയുള്ള; താടിയുള്ള; മുഖത്ത് നീണ്ടരോമമുള്ള (*z.*). ='kĕr-less, *a.* പന്നയില്ലാത്ത; താടിയില്ലാത്ത. -'ing, *a.* വീശുന്ന, തുടച്ച് വാരുന്ന; പെരുത്ത, വലിയ.

**Whis'ket** (hwis'ket), *n.* വട്ടി, കൊട്ട, കൂട്ട, കരിച്ചല്, കരിയല് (*N.*).

I. **Whis'key, Whis'ky** (hwis'ki), **Tim-whis'key,** *n.* (വേശതയുള്ള) ഒര് വക വണ്ടി.

II. **Whis'key, Whis'ky** (hwis'ki), *n.* (പലവക) ധാന്യങ്ങളും ഉരുളക്കിഴങ്ങും മററും കൊണ്ടുണ്ടാക്കുന്ന) ഒര് റാക്ക്, ചാരായം, 'വിസ്കി', 'ഉസ്കി'. -fied, *a.* വിസ്കി കടിച്ച് ലഹരിയായ.

I. **Whisp,** *n.*, *s. a.* **Wisp.**

II. **Whisp** (hwisp), *n.* മുഴക്കൻപക്ഷിക്കൂട്ടം (*z.*).

**Whis'pĕr** (hwis'pĕr), *v. i.* മെല്ലെ സംസാരിക്കുക, പതുക്കെ പറയുക, കശുകശു—, കശുകശുക്കുക, മന്ത്രിക്കുക, ചെവിയിൽ പറയുക; 2. ശ്രുല്ക്കാരം ചെയ്യുക; 3. സ്വകാര്യം സംസാരിക്കുക, രഹസ്യമായി പറയുക. *v. t.* കശുകശുക്കുക, ചെവിട്ടിൽ പറയുക, മന്ത്രിക്കുക; 2. സ്വകാര്യം പറയുക; 3. മെല്ലെ—, —സംസാരിക്കുക. *n.* കശുകശുക്കൽ, കശുകശുപ്പ്, കശുകശു സംസാരം, ചെവിട്ടിൽ പറയൽ; 2. സ്വകാര്യം, ഗോപ്യം, മന്ത്രം; 3. സൂചന, കത്ത് വാക്ക്; 4. ശ്രുല്ക്കാരം. -ĕr, *n.* കശുകശുക്കുന്നവൻ, സ്വകാര്യം പറയുന്നവൻ; സ്വകാര്യംപുറത്താക്കുന്നവൻ; ഒററ് കൊട്ടുക്കുന്നവൻ, ഒററിക്കൊട്ടുക്കുന്നവൻ; ഏഷണിക്കാരൻ, ഋറ് പറയുന്നവൻ, പൈശുന്യശാലി. -ing, *a.* കശുകശുക്കുന്ന. **w.g gallery, w.g dome** ധ്വനിവദ്ധകമന്ദിരം. *n.* മന്ത്രിക്കൽ. -ing-ly, -ŏus-ly, *ad.* കശുകശുശബ്ദത്തോടെ; മന്ത്രമായി, സ്വകാര്യമായി.

I. **Whist** (hwist), *int.* മിണ്ടല്ല, അനങ്ങല്ല, ചുമ്മായിരി, ചുമ്മ (*S.*). *v. i.* മിണ്ടാതിരിക്കുക, മൌനമായിരിക്കുക. *a.* അനങ്ങാത്ത, മിണ്ടാത്ത, മൌനമായ; 2. ഊമയായ.

II. **Whist** (hwist), *n.* ഒര് വക കരുത്കളി, ശീട്ട് കളി, ചീട്ട് കളി.

**Whis'tle** (hwis'sl), *v. i.* ചൂളയിടുക, ചൂളവിളിക്കുക, ചൂളകത്തുക; 2. ശ്രുല്ക്കാരം ചെയ്യുക; 3. 'ശ്' എന്ന ശബ്ദത്തോടെ പോക. *v. t.* ചൂളപാടുക; 2. ചൂളകത്തിവിളിക്കുക; 3. (ചൂളയാൽ) അടയാളം കാട്ടുക. **to w. off** വിട്ടയക്കുക, പറഞ്ഞയക്കുക, വിടുക. *n.* ചൂളവിളി, ചൂള; 2. ശ്രുല്ക്കാരം; 3. ചൂളക്കുഴല്; 4. വായും തൊണ്ടയും. **whis'tlĕr** (-slĕr), *a.* ചൂളയിടുന്നവൻ. **whist'ling** (-sling), *a.* ചൂളയിടുന്ന. *n.* ചൂളവിടൽ. **whis'tling-ly,** *ad.* ചൂളശബ്ദത്തോടെ, ചൂളയിട്ട്.

**Whit** (hwit), *n.* ചെറുകഷണം, നുറുക്ക്, പൊടി; 2. വള്ളി, പുള്ളി, കുത്ത്, വിന്ദു. **every w.** മുഴുവനും. **no w.** (അല്പംപോലും) ഇല്ല, (അശേഷം)—.

**White** (hwīt), *a.* പ്രഭാകിരണങ്ങളൊക്കയും പ്രതിബിംബിക്കുന്ന, വെളുത്ത, വെണ്മയായ, ശ്വേതമായ; 2. വിളറ്റ, രക്തപ്രസാദമില്ലാത്ത; 3. ശുഭ്രമായ, നിഷ്കളങ്കമായ, ശുദ്ധമായ; 4. നരച്ച, നരയുള്ള; 5. ഭാഗ്യശാലിയായ; 6. അനുകൂലമുള്ള; 7. പ്രിയമുള്ള. **w. ant** ചിതല് (*z.*). **w.-bait** കഞ്ഞമത്തി (*z.*); വേളൂരി (*z.*). **w. bear** ധ്രുവക്കരടി (*z.*). **w. beard** കിഴവൻ, വൃദ്ധൻ. **w.-blaze, w.-face** (കുതിരയുടെ നെററിമേലുണ്ടാകുന്ന) വെള്ളപ്പുള്ളി, വെള്ളച്ചൊട്ടി. **w.-cap** പൊട്ടുന്നതിര. **w. brass, w. copper** വെള്ളോട്. **w. cedar** വെള്ളകില് (*b.*). **w. corpuscle** ശ്വേത (രക്ത) കണം (*phys.*). **w. damp** ഖനിവിഷവായു. **w. elephant** വെള്ളാന (*z.*). **w. feather** ഭീരുത്വം. **to show the w. feather** ഭീരുത്വം കാട്ടുക. **w.-friar** ഭിക്ഷുസന്യാസി (*R. C.*). **w.-heat** (ലോഹം) തിളപ്പുഴപ്പ്. **w. herring** പച്ചമത്തി (*z.*). **w. horses** "തിരമുകില്"(*naut.*). **w.-hot** (തീയിൽ) പഴുത്ത. **the w.-house** ഐകമത്യസംസ്ഥാനവാഴികോവിലകം. **w. iron** ഈയം പൂശി

യ ഇരിമ്പ്തകിട്; തകരം. **w.-lead** ഒരുവക വെള്ളച്ചായം. **w.-leg, milk-leg** ഗർഭിണികൾക്കുള്ള കാൽവീക്കം (*med.*). **w.-lie** മോടിക്കളവ്. **w.-light** സൂര്യവെളിച്ചം: നിലാത്തിരി. **w. lime** (വെള്ളതേക്കുന്ന) നൂറ്, ചുണ്ണാമ്പ്, കക്ക (*N.*). **w.-limed** വെള്ളതേച്ച, നൂറ്തേച്ച. **w.-line** ഒഴിവ് വര (*print.*). **w.-livered** മുഖം വിളർത്ത; ക്ഷീണിച്ച; ഭീരുവായ; ചുണകെട്ട. **w.-meat** കോഴിമാംസം; (പാലുംമുട്ടയും മററും കൂട്ടി ഉണ്ടാക്കിയ) ഒരു പലഹാരം (*ck.*). **w. metal** നല്ല വെള്ളോട്, പാലോട്. **w. money** വെള്ളിനാണ്യം. **w. nun** ഒരു പക്ഷി (*z.*). **w. poppy** അവീൻ ചെടി, കറുപ്പ് ചെടി (*b.*). **w. pot** (പാല് മുട്ട പഞ്ചസാര കൊതമ്പപ്പം മുതലായത് ചേർത്തുണ്ടാക്കിയ) ഒരു പലഹാരം (*ck.*). **w. rhinoceros** കാണ്ടാമൃഗം, ഒററക്കൊമ്പൻ (*z.*). **w. ribbon** മദ്യവർജ്ജനസമാജചിഹ്നം. **w. rope** ചളങ്ങ. **w. shark** വൻസ്രാവ് (*z.*). **w. smith** തകരപ്പണിക്കാരൻ. **w. softening** ഒരു തലച്ചോറ് വ്യാധി (*med.*). **w. squall** പെരുങ്കാററ് (*naut.*). **w. staff** ഇംഗ്ലാണ്ടിലെ രാജ്യഭണ്ഡാരിഭണ്ഡ്. **w.-wash** (വെള്ളതേക്കുന്ന) നൂറ്; മുഖലേപം; വെള്ളതേക്കുക; പൂശിനന്നാക്കുക; അപകീർത്തിയില്ലാതാക്കുക; നിർദ്ധനനാണെന്ന് സ്ഥാപിക്കുക, കടംവീട്ടുന്നതിൽനിന്ന് ഒഴിവാക്കുക. **w.-water** ആടുകൾക്കുണ്ടാകുന്ന ഒരു കഠിനവ്യാധി. **w.-wine** വെള്ള(നിറത്തിലുള്ള) വീഞ്ഞ്. **w. witch** ദുർമ്മന്ത്രപ്രവൃത്തിക്കാത്ത മന്ത്രവാദി. **w. wolf** (ററിബെററ് രാജ്യത്തിലെ) വെള്ളച്ചെന്നായി (*z.*). *n.* വെള്ളനിറം, വെണ്മ, ശ്വേതവർണ്ണം; 2. കണ്ണിലെ വെള്ള; 3. വെടിക്കുറിപ്പലകയുടെ നടു; 4. വെള്ളക്കാരൻ, വെളുത്ത നിറമുള്ളവൻ; 5. ഒരു വെള്ളച്ചായം. **black and w.** രേഖയായി, എഴുത്തിൽ. **w. of egg** (മുട്ടയിലെ) വെള്ളക്കരു, മുട്ടയുടെ വെള്ള. **w. of the eye** കാചപടലം, കണ്ണിലെ വെള്ള (*an.*). *v. t.* വെളുപ്പിക്കുക; 2. വെള്ളതേക്കുക; 3. അലക്കി വെളുപ്പിക്കുക. **whī'ten** (hwī'tn), *v. i.* വെളുക്കുക; നരക്കുക, വെളുത്ത് കാണുക. *v. t.* വെള്ളയാക്കുക, വെളുപ്പിക്കുക; വെള്ളതേക്കുക. **whīte'nĕr,** *n.* വെളുപ്പിക്കുന്നവൻ; തുണിവെളുപ്പിക്കുന്നവൻ; വെള്ളതേക്കുന്നവൻ. **-'ness,** *n.* വെണ്മ, വെള്ളനിറം, ശുഭ്രത; വിളർപ്പ്; നിർമ്മലത, ശുദ്ധി; അരയന്നക്കൂട്ടം (*z.*). **whī'ten-ing,** *n.* വെളുപ്പിക്കൽ; വെളുക്കൽ; വെളുപ്പിക്കുന്ന സാധനം. **w.g stone** മിനുസച്ചാണ. **whītes** (hwīts), *n. pl.* വെള്ളപോകൽ, യോനിസ്രാവം (*med.*); കോതമ്പിൻെറ നേർമ്മമാവ്, —പൊടി; വെള്ളത്തുണി.**-'stĕr,** *n.* തുണിവെളുപ്പിക്കുന്നവൻ. **whī'ting,** *n.* നോങ്ങല്, പൂഴാൻ (*z.*); കൽച്ചുണ്ണാമ്പ് പൊടി. **w.g mop** ചെറു നോങ്ങല്; അഴകുള്ള പെണ്ണ്. **whī'tish,** *a.* ഏതാനും വെളുത്ത, വെള്ളഛായയുള്ള; വെളുത്തപൊടിയുള്ള; നരയനായ (*b.*).

**Whith'ĕr** (hwith'ĕr), *ad.* എവിടേക്ക്, എങ്ങോട്ട്, ഏതു് ദിക്കിലേക്ക്; 2. എവിടേക്കോ അവിടെ: **we came unto the land w. thou sendest us** നീ ഞങ്ങളെ ഏതു് ദേശത്തേക്ക് അയച്ചുവോ അവിടെ ഞങ്ങൾ വന്നു, നീ ഞങ്ങളെ അയച്ച ദേശത്തേക്ക്—; 3. ഏതു് നിലയിൽ, ഏതു് സ്ഥിതിക്ക്, എന്തിന്നായി കൊണ്ട്: **nor have I . . . . w. to appeal** എനിക്ക് സങ്കടം പറവാനും ഒരു ദിക്കില്ല. **-sō-ev'ĕr,** *ad.* എവിടേക്കെങ്കിലും, എവിടെയെങ്കിലും, ഏതു് ദിക്കിലായാലും. **-ward** (-wĕrd), *ad.* ഏതു് ദിക്ക് കൊള്ളെ, എങ്ങോട്ട്.

**Whī'ting, Whī'tish,** *etc., s. u.* **White.**.

**Whit'lōw** (hwit'lō), *n.* വിരൽക്കുരു, കഴിനഖം (*med.*); 2. ഒരു വക കുളമ്പ് വ്യാധി (*vet.*).

**Whit'mŏn-dāy,** *n., s. u.* **Whit-sunday.**

**Whit'sun-dāy** (hwit'sun-dā), *n.* പെന്തെകോസ്ത് ദിവസം, പെന്തെകോസ്ത് ഉത്സവം (*Chr.*). **Whit'sun-tīde,** *n.* പെന്തെകോസ്ത്കാലം. **Whit'sun-mŏn-dāy, Whit'mŏn-dāy** *n.* പെന്തെ

കോസ്ത് പിറെറന്നാള്. Whit'tūes-dāy (hwit'tūs-dā) *n.* പെന്തെക്കോസ്ത് കഴിഞ്ഞു ചൊവ്വാഴ്ച.

I. Whit'tle (hwit'tl), *n.* (പരുക്കൻ കമ്പിളി) പുതപ്പ്. w.-shawl വെള്ള കമ്പിളിച്ചുമലാട, വെള്ളസാല്വ.

II. Whit'tle (hwit'tl), *a.* പേനക്കത്തി. *v. t.* & *i.* ചെത്തുക, മുറിക്കുക. whit'tlings, *n. pl.* ചെത്ത് പൂള്, ചെത്ത് പൊടി.

Whit'tūes-dāy, *n.*, *s. u.* Whit-[sunday.

Whiz, whizz (hwiz), *v. i.* 'ശ്' എന്ന ശബ്ദത്തോടെ ഓടുക, ശ്രൂൽക്കാരത്തോടെ പറക്കുക, മൂളുക. *n.* മൂളൽ, ശ്രൂൽക്കാരം, രധങ്കാരം. whiz'zing-ly, *ad.* മുഴക്കത്തോടെ, മൂളലോടെ, മൂളികൊണ്ട്, രധങ്കാരത്തോടെ.

Whö (hu), *pron.* ആര്, ഏവൻ, ഏതൊരുത്തൻ; 2. വല്ലവനും, ആരെങ്കിലും: as w. should say വല്ലവരും പറയും; 3. ആരോ അവൻ, യാവനൊരുത്തനോ അവൻ, വൎത്തമാനഭൂതശബ്ദന്യൂനരൂപം, ക്രിയാപുരുഷനാമം: the man w. told me this ഇത് എന്നോട് പറഞ്ഞവൻ, ഇത് എന്നോട് പറഞ്ഞത് ആരോ അവൻ. how hard is our fate w. serve in the state രാജ്യോദ്യോഗം ഭരിക്കുന്നവരായ ഞങ്ങളുടെ നില എത്ര വിഷമമുള്ളതാകുന്നു. -ev'ĕr, *pron.* ആരെങ്കിലും, യാതൊരുത്തനെങ്കിലും, ഏതൊരുത്തനെങ്കിലും. whōm (hum), (*obj. c. of* who) ആരെ; ആരെയോ അവൻ: the man w.m we saw ഞങ്ങൾ കണ്ടവൻ. whōm-sō-ev'ĕr, *pron.* ആരെയെങ്കിലും. whōse (huz), (*poss. c. of* who *or* which) ആരുടെ, ഏതൊരുത്തൻെറ; ആരുടെതോ അവൻ: the man w.e book I found ആരുടെ പുസ്തകം എനിക്ക് കിട്ടിയോ അവൻ, എനിക്ക് കിട്ടിയ പുസ്തകത്തിൻെറ ഉടയവൻ. whōse-sō-ev'ĕr, *pron.* ആരുടെയെങ്കിലും. whō'sō, whō-sō-ev'ĕr, *pron.* ആരെങ്കിലും.

Whōa (hwō), *int.* നില്ല്, നില്ക്ക്, അനങ്ങല്ല.

Whō-ev'ĕr, *pron.*, *s. u.* Who.

Whōle (hōl), *a.* മുഴുവനുമുള്ള, മുഴുവനുമായ, പൂൎണ്ണമായ, തികവായ, തികഞ്ഞ, ആസകലമായ, സമസ്തമായ, ആകപ്പാടെയുള്ള; 2. കുറവില്ലാത്ത, ഊനമില്ലാത്ത, കേടില്ലാത്ത; 3. അരോഗമായ, ആരോഗ്യമുള്ള, സുഖമുള്ള. w. blood ഏകോദരതാം, ഒരച്ഛൻ ഒരമ്മമക്കൾസംബന്ധം. w. note പൂൎണ്ണസ്വരം, പൂൎണ്ണമാത്ര (*mus.*). w. number പൂൎണ്ണസംഖ്യ (*math.*). *n.* മുഴുവനും, ആസകലം, സമസ്തം, എല്ലാം, സകലം; 2. സമ്പൂൎണ്ണത, തികവ്. committee of the w. സമസ്താംഗോപസഭ. upon the w. ആകപ്പാടെ ആലോചിക്കുമ്പോൾ, ആകപ്പാടെ. w.-hoofed കുളമ്പ് പിളരാത്ത. w. length പൂൎണ്ണവലിപ്പമുള്ള, ആളോളമുള്ള. -'sāle, *a.* വകപ്പടിക്കച്ചവടം, പാണ്ടികശാലക്കച്ചവടം; വകപ്പടിയായ; പരക്കെയുള്ള, നിരന്ന. by w.-sale വകപ്പടിയായ; മൊത്തമായി. w.-souled മനഃപൂൎവ്വമായ; നിഷ്ഠയുള്ള. -'ness, *n.* തികവ്, പൂൎണ്ണത, സമസ്തത്വം, സമ്പൂൎണ്ണത. -'sōme, *a.* സുഖകരമായ, സുഖപ്രദമായ, നല്ല; ഗുണകരമായ, ഹിതമായ, സാത്മ്യമുള്ള. -'sōme-ly, *ad.* സുഖകരമായി, ഗുണപ്രദമായി. -'sōme-ness, *n.* ക്ഷേമം, ആരോഗ്യം, സുഖം, ഗുണം. whōl'ly (hōl'li), *ad.* മുഴുവനോടെ, പൂൎണ്ണമായി, പൂൎത്തിയായി, തികവായി; ഒട്ടാകെ, ആസകലം, സകലതും, എല്ലാം.

Whōm, Whōm-sō-ev'ĕr, *pron.*, *s. u.* Who.

Whoop (hup), *v. i.* ആൎക്കുക, ആൎപ്പ് വിളിക്കുക, കൂക്കുക; 2. ഘോഷിച്ചാൎക്കുക; 3. പോര് വിളിക്കൂട്ടുക; 4. (കൂമൻ, നത്ത്) മൂളുക, ചിലക്കുക, അലക്കുക; 5. (കഫം) വലിക്കുക, ഏങ്ങുക. *v. i.* പരിഹസിച്ചാൎക്കുക, ആൎത്തോടിക്കുക. *n.* പോര് വിളി; 2. ആൎപ്പ് വിളി, നിലവിളി, ആഘോഷം; മൂളല്, നത്തല; 3. കഫംവലി, ഏക്കം. -'ĕr, *n.* നിലവിളിക്കുന്നവൻ, ആൎപ്പ് വിളിക്കൂട്ടുന്നവൻ. -'ing, *a.* നിലവിളിക്കുന്ന; കഫംവലിയുള്ള. w.g cough (kof) കൊക്കക്കുര (*med.*).

**Whop, Whop'pĕr,** *n., s.a.* Whap, Whapper.

**Whōre** (hōr), *n.* വേശ്യ, കൂളച്ചി, ദാസി, പരസ്ത്രീ, വിലമകള് (*S.*). **w.-master** പുലയാടി, വ്യഭിചാരി, ദുന്നടപ്പു കാരൻ; കൂട്ടികൊട്ടുക്കുന്നവൻ, കൂട്ടി. **w.-masterly** ദുവ്വൃത്തനായ, കാമുകനായ, വിഷയലമ്പടനായ. **-mŏnger,** *n.* പുലയാടി, കാമുകൻ, ദുന്നടപ്പുകാരൻ. **w.-son** വേശ്യാപുത്രൻ, കൌലടേയൻ; നിസ്സാരൻ, നീചൻ, അധമൻ. *v. i.* വേശ്യാവൃത്തി ചെയ്യുക, വ്യഭിചരിക്കുക, ദുന്നടപ്പായി ജീവിക്കുക; 2. കള്ളദേവാരാധന ചെയ്യുക, വിഗ്രഹാരാധന— (*Bl.*). *v. t.* വഷളാക്കുക, വേശ്യയാക്കുക. **-'dŏm,** *n.* പുലയാട്ട്, വ്യഭിചാരം, വേശ്യാസംഗം, വേശ്യാദോഷം; വിഗ്രഹാരാധന, ബിംബസേവ (*Bl.*). **whō'rish,** *a.* കുത്തിച്ചിയായ; കാമാസക്തിയുള്ള; വ്യഭിചാരിണി ആയ, പാതിവ്രത്യമില്ലാത്ത. **whō'-rish-ly,** *ad.* വേശ്യാവൃത്തിയായി. **whō'-rish-ness,** *n.* പുലയാട്ട്, വേശ്യാവൃത്തി.

**Whorl** (*or* hwurl), *n.* (തണ്ടിൽ ഒരേ സ്ഥലത്ത് രണ്ടോ അധികമോ ഇലകളോ പുഷ്പങ്ങളോ ചേന്ന് നില്ക്കുന്ന) പത്രമണ്ഡലം, പുഷ്പദളമണ്ഡലം (*b.*); 2. ശംഖ്പിരി (*z.*); 3. നെയ്ത്തോടം (*w.*). **whorled** (hworld), *a.* പത്രമണ്ഡലമുള്ള; ദളമണ്ഡലാകൃതിയായ. **-'ĕr,** *n.* കശവചക്രം.

**Whōse, Whōse-sō-ev'ĕr, Whō'sō, Whō-sō-ev'ĕr,** *s. u.* Who.

**Whur** (hwur), *v. i.* 'റ്' എന്ന് ശബ്ദിക്കുക, രേഫം ബലമായി ഉച്ചരിക്കുക; 2. മൂളുക, മുഴങ്ങുക; 3. മുരളുക. *n.* മുഴക്കം, ശ്രുങ്കാരം. **-'ry,** *v. t.* ഓടിക്കുക, ബദ്ധപ്പെടുത്തുക.

**I. Whȳ** (hwī), *ad.* എന്തിന്ന്, എന്ത് കൊണ്ട്, എന്ത് കാരണത്താൽ, എന്ത്, എന്തിന്നായിക്കൊണ്ട്, എന്ത് നിമിത്തം; 2. എന്തിനാണെന്ന്, എന്തിന്നോ അതിന്ന്: **I do not know w. he should mean me ill** അവൻ എനിക്കു ദോഷം നിരൂപിക്കുന്നത് എന്തിന്നാണെന്ന് എനിക്കറിഞ്ഞ് കൂടാ, –നിരൂപിക്കുന്നതിൻെറ സംഗതി എന്തെന്ന് ഞാൻ അറികയില്ല; **I know not w. he left town so suddenly** അവൻ പൊട്ടന്നനവെ നഗരം വിട്ട് പോവാൻ ഉള്ള കാരണം എന്തെന്ന് എനിക്കറിവില്ല. [ച്ചി.

**II. Whȳ** (hwī), *n.* പശുക്കിടാവ്, കട

**Wick,** *n.* തിരി, വിളക്ക്തിരി. **wicked** (wikt), *a.* തിരിയുള്ള. **-'ing,** *n.* തിരിയുണ്ടാക്കുന്ന സാധനം, തിരിനൂല്, പഴന്തുണി, പരുത്തി, പഞ്ഞ്.

**I. Wicked** (wikt), *a., s. u.* **Wick.**

**II. Wick'ed,** *a.* ദുഷ്ടതയുള്ള, ദോഷമായ, ദുസ്സ്വഭാവമുള്ള, പാതകമായ, ദുഷ്കൃതമായ; 2. വികൃതിത്തരമായ; ദോഹബുദ്ധിയുള്ള. **-ly,** *ad.* ദോഷമായി, ദുഷ്ടതയായി, അകൃത്യമായി. **-ness,** *n.* ദുഷ്ടത, ദുഷ്കൃതം, അകൃത്യം, അധമ്മം, പാതകം, പാപം, കററം, ദോഹം.

**Wick'ĕr,** *n.* (കൊട്ടമിടയുന്ന) വള്ളി; 2. മിടച്ചൽപ്പണി; 3. കുട്ട, കൊട്ട; 4. അരിര്. *a.* വള്ളികൊണ്ടുണ്ടാക്കിയ, മിടഞ്ഞുണ്ടാക്കിയ, മിടച്ചൽപ്പണിയായ. **w.-work** മിടച്ചൽപ്പണി, കുട്ടപ്പണി; കുട്ട, കൊട്ട. **wick'ĕred** (wik'ĕrd), *a.* വള്ളികൊണ്ടുള്ള.

**Wick'et,** *n.* ചെറുവാതില്, കടവായി; 2. ചീപ്പ്; മഞ്ച, പാത്തി; 3. (പന്തടിക്കളിയിൽ ഉള്ള) നാട്ടക്കൊള്ളി; 4. കടിഞ്ഞില്, കാവല്പുര. **w.-door, w.-gate** ചെറുവാതില്, അരുവാതില്. **w.-keeper** (പന്താട്ടത്തിൽ നാട്ടകളുടെ പിറകിൽ നില്ക്കുന്ന) നാട്ടക്കാരൻ.

**Wick'ing,** *n., s. u.* **Wick.**

**Wīde,** *a.* അകലമുള്ള, വീതിയുള്ള; 2. വിസ്താരമുള്ള, വിശാലമായ, വിസ്തീണ്ണമായ, വലിയ; 3. വിശാലബുദ്ധിയുള്ള, ഔദായ്യമുള്ള; 4. അകന്ന, അകലെയുള്ള; 5. നേര്കെട്ട, അബദ്ധമായ; 6. കറിതെററിയ, വാക്ക്പിഴച്ച; 7. ഹ്രസ്വസ്വരമായ (*gr.*). **w.-awake** ഉണന്നിരിക്കുന്ന, ഉണച്ചയുള്ള; സ്വബോധമുള്ള; ജാഗ്രതയുള്ള, നല്ല ഓമ്മയുള്ള; സൂക്ഷ്മമുള്ള; ഒര് വക വിളുമ്പ് വലിയതൊപ്പി, വിളുമ്പൻതൊപ്പി. **w. gauge** (തീ

വണ്ടി) വിശാലപ്പാത. **far and w.** വിശാലമായി, വിസ്തീൎണ്ണമായി, എങ്ങും. *ad.* അകലെ, പരക്കെ, വിശാലമായി, വിസ്തീൎണ്ണമായി; 2. അകലത്തിൽ, വീതിയിൽ; 3. കുറിതെററി, ലാക്ക് പിഴച്ച്, തെററായി. **w.-spread** പരന്ന, വിശാലമായ, വിസ്തൃതമായ, പരക്കെയുള്ള. *n.* അകലം, വീതി, വിസ്താരം; 2. അബദ്ധം, പിഴ, കുറിപ്പിഴ. **-'ly,** *ad.* വിസ്താരമായി, വിശാലമായി, എങ്ങും; വളരെ, ധാരാളം, അധികമായി. **wī'den** (wī'dn), *v. t.* അകലമാക്കുക, വീതികൂട്ടുക, വിസ്താരമാക്കുക, അധികമാക്കുക. *v. i.* വീതിവെക്കുക, വിസ്താരമാക, വലുതാക; പരക്കുക, വ്യാപിക്കുക. **-'ness, width,** *n.* വീതി, അകലം; വിസ്താരം, വിശാലത; വലിപ്പം. **wī'dish,** *a.* സാമാന്യംവീതിയുള്ള, ഒത്തവീതിയുള്ള.

**Widġe'ŏn** (wij'un), *n.* ഒരു വക ഇരണ്ട (*z.*).

**Wid'ōw** (wid'ō), *n.* വിധവ, വിഭൎത്തൃക, ഭൎത്താവ് മരിച്ചവള്, അഭൎത്തൃക, ഗതഭൎത്തൃക, നഷ്ടഭൎത്തൃക. **w. bewitched** ത്യക്തഭാൎയ്യ, ഭൎത്താവ് ഉപേക്ഷിച്ചുകളഞ്ഞവള്, ആചാരം കഴിഞ്ഞവള്; മൊഴിചൊല്ലിയവള് (*M.*). **w. in mourning, w.-monkey** ഒരു വക കരങ്ങ് (*z.*). **grass w.** (സംഗതിവശാൽ) ഭൎത്താവിനെ പിരിഞ്ഞു പാൎക്കുന്നവള്. *a.* വിധവയായ, വൈധവ്യം ഉള്ള, ഭൎത്താവ് മരിച്ച. *v. t.* വിധവയാക്കുക, വൈധവ്യം വരുത്തുക; 2. വിരഹതാപം വരുത്തുക, വിരഹം വരുത്തുക; 3. ശൂന്യമാക്കുക; 4. വൈധവ്യാവകാശംകൊടുക്കുക. **-ĕr,** *n.* ഭാൎയ്യമരിച്ചവൻ, മൃതപത്നികൻ. **-ĕr-hood,** *n.* ഗതഭാൎയ്യാത്വം, മൃതപത്നികത്വം. **-hood,** *n.* വൈധവ്യം, ഗതഭൎത്തൃകത്വം; മൃതപത്നികത്വം. **-ly,** *a.* വിധവക്ക് പററിയ, വിധവയെപ്പോലെയുള്ള.

**Width,** *n.*, *s. u.* **Wide.**

**Wield** (wēld), *v. t.* ഭരിക്കുക, നടത്തുക, നയിക്കുക; 2. വീശുക, ഓങ്ങുക, ചുഴററുക, ഉപയോഗിക്കുക. **to w. scepter** അധികാരം നടത്തുക, വാഴ്ച കഴിക്കുക. **-'a-ble, -'y,** *a.* ഭരിക്കാകുന്ന; പെരുമാറാകുന്ന, പാങ്ങുള്ള, ഒതുക്കമുള്ള. **-'ĕr,** *n.* ഉപയോഗിക്കുന്നവൻ, നടത്തുന്നവൻ, ഭരിക്കുന്നവൻ. **-'less,** *a.* പെരുമാറാവതല്ലാത്ത, പാങ്ങില്ലാത്ത; ഭരിപ്പാൻ കഴിയാത്ത; ഒതുങ്ങാത്ത.

**Wier** (wēr), *n.*, *s. a.* **Weir.**

**Wife,** *n.* (*pl.* **wīves**) സ്ത്രീ: **ale-w.** മദ്യം വില്ക്കുന്ന സ്ത്രീ; **fish-w.** മീൻകാരത്തി; 2. ഭാൎയ്യ, കെട്ടിയവള്, കളത്രം, ജായ, മംഗല്യസ്ത്രീ, വീടര് (*M.*). **w.'s equity** സ്ത്രീധനാവകാശം (*l.*). **to give to w.** വേളികഴിച്ചുകൊടുക്കുക, പെണ്ണ് കൊടുക്കുക, കെട്ടിച്ചുകൊടുക്കുക, വാഴ്ക (*M.*). **to take to w.** (സ്ത്രീയെ) വിവാഹംചെയ്യുക, വേളികഴിക്കുക, മംഗലംകഴിക്കുക, കെട്ടുക, ഭാൎയ്യയാക്കുക, സംബന്ധം ചെയ്യുക. **-'hood,** *n.* ഭാൎയ്യാനില, ഭാൎയ്യാത്വം, കളത്രത്വം. **-'less,** *a.* ഭാൎയ്യയില്ലാത്ത, വിവാഹം ചെയ്യാത്ത. **-'līke,** *a.* കളത്രഭാവമുള്ള; ഭാൎയ്യാസംബന്ധമായ; ഭാൎയ്യക്കുള്ള. **-'ly,** *a.* ഭാൎയ്യക്ക് പററിയ, ഭാൎയ്യക്കുള്ള. **wīve,** *v. t. & i.* വേൾക്കുക, വേളികഴിക്കുക, പെണ്ണ് കെട്ടുക, വിവാഹംചെയ്യുക, മംഗലംകഴിക്കുക, ഭാൎയ്യയെ വെക്കുക, ഭാൎയ്യയാക്കുക, പെണ്ണ് വെക്കുക, സംബന്ധംചെയ്യുക, —തുടങ്ങുക.

I. **Wig,** *n.* (*contr. f. of* **Periwig**) പൊയ്മുടി, മറുമുടി; 2. സ്ഥാനമുടി; 3. മുത്തൻകടൽനായി (*z.*). **wigged** (wigd), *a.* പൊയ്മുടി ധരിച്ച. **-'gĕr-y,** *n.* പൊയ്മുടി, പൊയ്മുടിക്കൂട്ടം; മറവ്. **-'less,** *a.* പൊയ്മുടി ഇല്ലാത്ത.

II. **Wig,** *v. t.* ശാസിക്കുക, ആക്ഷേപിക്കുക, ശകാരിക്കുക. **-'ging,** *n.* ആക്ഷേപം, ശാസന, ശകാരം.

**Wig'an,** *n.* (തടിപ്പിന്ന് വെക്കുന്ന) അകശീല, അകനിറ.

**Wiġe'ŏn,** *n.*, *s. a.* **Widgeon.**

**Wigg, Wig,** *n.* ഒരു വക അപ്പം (*ck.*).

**Wigged, Wig'gĕr-y,** *s. u.* **Wig I.**

**Wig'gle,** *v. t. & i.* ആട്ടുക, ഇളക്കുക; 2. വളയുക, പുളയുക. *n.* ആട്ടൽ; 2. പിടക്കൽ. **to w. the tail** വാലാട്ടുക. **-'glĕr,** *n.* കൊതുമുട്ട, പിറുക്ക്മുട്ട.

**Wight** (wīt), *n.* മാനുഷപ്രാണി, മനുഷ്യൻ; 2. ആൺപിറന്നവൻ, പുരുഷൻ; 3. പെൺപിറന്നവള്, സ്ത്രീ.

**Wig'less,** *a., s. u.* **Wig** I.

**Wig'wag,** *v. i.* കൊടികാട്ടുക, കൊടിയടയാളം കാണിക്കുക (*naut.*).

**Wig'wam, Wēek'wam,** *n.* (അമേരിക്കയിലെ ചെന്നിറക്കാരായ) ഇന്ത്യാനരുടെ വീട്, ഇന്ത്യാനക്കുടിഞ്ഞില്.

I. **Wīke,** *n.* അതിരടയാളം.

II. **Wīke,** *n.* വീട്, ഭവനം, പാപ്പിടം.

**Wīld,** *a.* കാട്ടിലുള്ള, കാട്ട്; 2. ഇണങ്ങാത്ത, മെരുങ്ങാത്ത; 3. പട്ടുമുളയായ, പട്ടുവൃക്ഷമായ, തനിയെ മുളച്ച് വളരുന്ന; 4. വനാന്തരമായ, മരുഭൂമിയായ, തരിശായ; 5. മ്ലേച്ഛസ്വഭാവമുള്ള; പഠിപ്പില്ലാത്ത, മുരട്ട്ശീലമുള്ള, മര്യാദയില്ലാത്ത; 6. ഉഗ്രതയുള്ള, ഒതുങ്ങാത്ത, മോട്ടുള്ള, മൃഗസ്വഭാവമുള്ള, ക്രോധമുള്ള, കലഹിക്കുന്ന; 7. മറവില്ലാത്ത, കൊടുങ്കാറ്റ് തട്ടുന്ന; 8. തോന്നിയവാസമായ; 9. ദുർവൃത്തുള്ള; 10. ക്രമംകെട്ട; 11. മനോരാജ്യമായ; 12. സംഭ്രമമുള്ള, പരിഭ്രമമുള്ള; 13. (കപ്പല്)ചുക്കാനൊതുങ്ങാത്ത. **w. boar** കാട്ട്പന്നി (*z.*). **w. cat** കാട്ട്പൂച്ച, പോക്കാൻപൂച്ച (*z.*); ഉറപ്പില്ലാത്ത. സാരമില്ലാത്ത; (തീവണ്ടി) വണ്ടിനിരവിട്ട് തലവണ്ടി, (യന്ത്രവണ്ടി) മാത്രം ഓടുന്ന. **w.-fire** കെടാത്ത തീ; അഗ്നിവിസപ്പം (*med.*); ആട്ടുകൾക്കുണ്ടാകുന്ന ഒര് രോഗം; ഇടിയില്ലാത്ത മിന്നല്. **w. goose** കാട്ട്വാത്ത് (*z.*). **w.-goose chase** അസാദ്ധ്യകാര്യത്തിനുള്ള പരിശ്രമം, കിട്ടാമോഹം, ഗഗനകുസുമം. **w.-grave,** *s. a.* **Waldgrave.** **w. honey** കാട്ട്തേന്, പെരുന്തേന്. **w. Irishman** ഒര് മുൾച്ചെടി. **w. land** തരിശ്നിലം. **w. oat,** *s. u.* **Oat.** **w. pigeon** കാട്ട്പ്രാവ് (*z.*). **w. plantain** കാട്ട്വാഴ, കൽവാഴ. **w. Spaniard** ഒര് മുള്ള്വള്ളി. **w.-wood** വനാന്തരം, ആൾസഞ്ചാരമില്ലാത്ത കാട്. **to turn w.** അടക്കമില്ലാതെ വളന്ന് വരിക, തോന്നിയവാസമായി ജീവിക്കുക. **to sow one's w. oats,** *s. u.* **Oat.** *n.* കാട്, വനപ്രദേശം, വനാന്തരം. *ad.* മുരടനായി, കാട്ടാളനായി; 2. കൃഷിചെയ്യാതെ, തരിശായി; 3. ക്രമക്കേടായി, മര്യാദയില്ലാതെ; 4. ദുർവൃത്തമായി; 5. കോപത്തോടെ, സംഭ്രമത്തോടെ. **-'ed,** *a.* കാട് കയറിയ, കാട് കെട്ടിയ. **-'ing,** *n.* കാട്ട്ചെടി (*b.*); കാട്ട്പഴം (*b.*). *a.* മെരുങ്ങാത്ത (*z.*); നട്ടുണ്ടാക്കാത്ത, കാട്ടിൽവളരുന്ന (*b.*). **-'ish,** *a.* ഏതാനും കാട്ട് സ്വഭാവമുള്ള. **-'ly,** *ad.* കാട്ട് സ്വഭാവമായി; നിർമ്മര്യാദമായി; അക്രമമായി; കാട്ട് മട്ടിൽ; കാട്ട്ചെടിയായി, നട്ടുണ്ടാക്കാതെ; ധ്വംസനമായി; സംഭ്രമത്തോടെ. **-'ness,** *n.* കാട്ട്സ്വഭാവം, കാട്ട്ഗുണം; മെരുക്കമില്ലായ്മ, മുരടത്തനം; താന്തോന്നിത്വം, തോന്നിയവാസം; നിർമ്മര്യാദം, മൂഢത, ക്രോധപാരവശ്യം, മ്ലേച്ഛത; ക്രമക്കേട്; ചിത്തഭ്രമം, ബുദ്ധിഭ്രമം.

**Wil'dēr,** *v. t.* അന്ധാളിപ്പിക്കുക, പരിഭ്രമിപ്പിക്കുക. **-ing,** *n.* കാട്ട്ചെടി (*b.*). **-ment,** *n.* അന്ധാളിപ്പ്, പരിഭ്രമം, സംഭ്രമം.

**Wil'dēr-ness,** *n.* കാട്, കാട്ട്പ്രദേശം, വനാന്തരം, അരണ്യം; 2. നിർജ്ജനപ്രദേശം; 3. മരുഭൂമി, മരു; 4. ശൂന്യപ്രദേശം; 5. ജനസഞ്ചാരമില്ലാത്ത വിശാലം; താറുമാറായ സ്ഥലം, നോക്കാതെ വിട്ട സ്ഥലം.

**Wīld'fīre, Wīld'grāve, Wīld'ing, Wīld'ish, Wīld'ly, Wīld'ness, Wīld'-wood,** *s. u.* **Wild.**

**Wīle,** *n.* ഉപായം, കൌശലം; 2. കുട്ടക്ക്, കെണി; 3. ചതി; 4. വശീകരണം, വശീകരം. *v. t.* ചതിക്കുക, തോല്പിക്കുക; 2. വശീകരിക്കുക; 3. വഴിതെറ്റിക്കുക; 4. നേരംപോക്കുക, വിനോദത്തിൽ കഴിക്കുക. **-'ful,** *a.* ഉപായമുള്ള; തന്ത്രമായ, കൃത്രിമമായ; വഞ്ചനയുള്ള. **wī'li-ly,** *ad.* ഉപായത്താൽ, കൃത്രിമമായി, വഞ്ചനയായി, കള്ളക്കൌശലത്താൽ. **wī'li-ness,** *n.* കൌശല്യം, കയ്യുക്തി, തന്ത്രം, വഞ്ചന. **wī'ly,** *a.* കൌശലമുള്ള, കൃത്രിമമായ, കയ്യുക്തിയുള്ള, ഉപായമുള്ള.

**Wil'ful, Wil'ful-ly, Wil'ful-ness,** *s. a.* **Willful,** *etc.*, *s. u.* **Will** I.

I. **Will**, *n.* മനശ്ശക്തി, ഛിച്ഛക്തി, വിവേചനശക്തി, വിവേകം; 2. മനസ്സ്, ഇഷ്ടം, അഭീഷ്ടം, ഛിത്തം; 3. തീൎപ്പ്, കല്പന, ഹിതം, ആജ്ഞ; 4. താല്പൎയ്യം, അഭിപ്രായം, അന്തൎഗ്ഗതം, ഉദ്ദേശം; 5. ആഗ്രഹം, കാംക്ഷ; കാംക്ഷിതം, മോഹം; 6. അധികാരം, കൈവശം, സ്വാധീനം; 7. ഒസ്യത്ത്, മരണപത്രിക, മരണശാസനം (*l.*). **at w.** മനസ്സ് പോലെ, ഇഷ്ടമുള്ളേടത്തോളം, മനസ്സ് പോലെ കഴിപ്പിപ്പാനോ കഴിയാനോ പാടുള്ള (*l.*). **good-w.**, *s. u.* **Good. ill-w.** ശത്രുത്വം, വിരോധം, പക, സിദ്ധാന്തം. **to have one's w.** മോഹം സാധിക്കുക; ഇച്ഛാനുസാരം പ്രവൃത്തിക്കുക. **with a w.** മനസ്സോടെ, പൂൎണ്ണമനസ്സോടെ, മനഃപൂൎവ്വകമായി. *v. t. ir.* (**would; would**, *pr.* wụd) ഇച്ഛിക്കുക, ആഗ്രഹിക്കുക, ഇഷ്ടപ്പെടുക, താല്പൎയ്യപ്പെടുക; 2. കല്പിക്കുക, ആജ്ഞാപിക്കുക; 3. ഒസ്യത്ത് ചെയ്യു, മരണപത്രികയാൽ കൊടുക്കുക. *v. i.* മനസ്സാക, ഇച്ഛിക്കുക, ഇഷ്ടപ്പെടുക, മനസ്സുണ്ടാക; 2. തീൎച്ചപ്പെടുക, കല്പിക്കുക. **w. I nill I, w. ye nill ye, w. he nill he, willy nilly** മനസ്സുണ്ടെങ്കിലും മനസ്സില്ലെങ്കിലും, ഇഷ്ടംനോക്കാതെ, നിൎബ്ബന്ധമായി. **-'ĕr**, *n.* ഇച്ഛിക്കുന്നവൻ. **-'fụl, wil'fụl**, *a.* സ്വേച്ഛയായ, മനസ്സാലെയുള്ള, മനഃപൂൎവ്വമായ; തന്നിഷ്ടമുള്ള, ശാഠ്യമുള്ള, ദുൎവ്വാശിയുള്ള, മൎക്കടമുഷ്ടിയായ. **-'fụl-ly, wil'-fụl-ly**, *ad.* മനസ്സോടെ, സ്വേച്ഛയായി; ശാഠ്യത്തോടെ, താന്തോന്നിത്വമായി. **-'fụl-ness, wil'fụl-ness**, *n.* മനഃപൂൎവ്വത, മനഃപൂൎവ്വകത്വം; ശഠത, മൎക്കടമുഷ്ടിത്വം. **-'ling**, *a.* മനസ്സുള്ള, ഇഷ്ടമുള്ള, സമ്മതമുള്ള, വിരോധമില്ലാത്ത, അനുകൂലിക്കുന്ന; ഇച്ഛിക്കുന്ന, ആഗ്രഹിക്കുന്ന, കാംക്ഷിക്കുന്ന; ഒരുക്കമുള്ള, സിദ്ധമായ; മനഃപൂൎവ്വകമായ; സ്വമനസ്സാലെ ഉള്ള, സ്വേച്ഛാനുസാരമായ. **-'ling-ly**, *ad.* മനസ്സോടെ; മനഃപൂൎവ്വകമായി, സന്തോഷത്തോടെ. **-'ling-ness**, *n.* മനസ്സ്, സമ്മതം, ഒരുക്കം, സിദ്ധത.

II. **Will**, *a. v. ir.* (**would; would**, *pr.* wụd) (മദ്ധ്യമ, പ്രഥമപുരുഷന്മാരിൽ) ഭാവികാലപ്രത്യയം: . . . ഉം: **he w. come** അവൻ വരും; **thou *wilt* go** നീ പോകും; **they *would* come** അവർ വരും; **you *would* say** നിങ്ങൾ പറയും; 2. (ഉത്തമപുരുഷനിൽ) അനുവാദകരൂപം, സമ്മതാൎത്ഥഭാവി: **I w. do** ഞാൻ ചെയ്യാം, ഞാൻ ചെയ്യും, ചെയ്യുന്നത് എനിക്ക് സമ്മതമാണ്, എനിക്ക് ചെയ്വാൻ മനസ്സുണ്ട്; **we w. speak** ഞങ്ങൾ പറയും, ഞങ്ങൾ പറയാം, പറവാൻ ഞങ്ങൾക്ക് മനസ്സുണ്ട്; കൎശനഭാവി: **I w. go at all hazards** എന്തായാലും ഞാൻ പോകും, ഞാൻ പോകാതെയിരിക്കയില്ല, എനിക്ക് പോയേ കഴിയൂ.

**Wil'li-wa̤w, Wil'ly-wa̤w** (-wa̤), *n.* (മഗല്ലൻകടൽകൈവഴിയിൽ ഉണ്ടാകുന്ന) ചുഴലിക്കാററ്, 'തുപ്പാൻ', കോള്.

**Will-o'-the-wisp**, *n.* കൊള്ളിച്ചൂട്ട, കൊള്ളിയൻ, മിത്ഥ്യാഗ്നി, മിത്ഥ്യാദീപ്തി.

**Wil'lōw** (-'lō), *n.* അലറിവൃക്ഷം, അരളിവൃക്ഷം (*b.*); 2. പഞ്ഞ്പിച്ചിയന്ത്രം. **weeping w.** അലറിവൃക്ഷം, അരളിവൃക്ഷം (*b.*). *v. t.* പഞ്ഞ്പിച്ചി നന്നാക്കുക. **wil'lōwed** (-'lōd), **-y**, *a.* അലറിവൃക്ഷമുള്ള. **-ĕr**, *n.* പഞ്ഞ്പിച്ചിയന്ത്രം. **-ish, -y**, *a.* അലറിച്ചെടിപോലെയുള്ള (*b.*); വളയുന്ന; അലറിനിറമുള്ള; മനോഹരമായ. **-y**, *a.* അലറിവൃക്ഷം നിറഞ്ഞ.

I. **Wil'ly**, *n.* വലിയ വള്ളിക്കൊട്ട; 2. പഞ്ഞ്പിച്ചിയന്ത്രം. **-ing**, *n.* പഞ്ഞ്പിച്ചൽ, രോമം പിച്ചൽ, രോമം പിച്ചി നന്നാക്കൽ. **w·g-machine** പഞ്ഞ്പിച്ചിയന്ത്രം.

II. **Wil'ly nil'ly**, *s. u.* **Will** I.

I. **Wilt**, *2nd pers. sing. of* **Will** I., II.

II. **Wilt, Welt**, *v. i.* വാടുക; 2. കുഴയുക. *v. t.* വാട്ടംവരുത്തുക, വാട്ടമാറാക്കുക; 2. കുഴച്ചല് വരുത്തുക.

**Wil'ton cär'pet**, *n.* ഒര് വക നല്ല പരവതാനി.

**Wī'ly**, *a.*, *s. u.* **Wile.**

**Wim'ble,** *n.* തിരുകുളി, തമര്, തുരപ്പണം (*carp.*). *v. t.* തുളക്കുക, തുരക്കുക.

**Wim'ple, Whim'ple,** *n.* (കഴുത്തും താടിയും ചുററിക്കെട്ടുന്ന) കണ്ഠരക്ഷ; മൂട്ടുപുടവ, മൂടാക്ക് (*S.*); 2. കൊടിക്കൂറ, കൊടി. *v. t.* കണ്ഠരക്ഷധരിക്കുക, ഞെറിക്കുക; 2. മോത ഉണ്ടാക്കുക. *v. i.* ഞെറിഞ്ഞെറിയായിരിക്കുക, ഓളം ഉണ്ടാകുക; 2. നിമ്നോന്നതമായിരിക്കുക.

**Win,** *v. t. ir.* (wŏn; wŏn) ജയിക്കുക, ജയം പ്രാപിക്കുക, ജയം കൊള്ളുക; 2. വിരുത് പ്രാപിക്കുക, വിരുത് കിട്ടുക, കിട്ടുക; 3. പാട്ടിലാക്കുക, സ്വാധീനകരിക്കുക, നേടുക, സമ്പാദിക്കുക; 4. വശീകരിക്കുക, കൈവശപ്പെടുത്തുക, പക്ഷംതിരിക്കുക; 5. എത്തിപ്പിടിക്കുക. *v. i.* ജയം പ്രാപിക്കുക, സാദ്ധ്യംകാണുക, പ്രാബല്യം ഉണ്ടാക. to w. on, to w. upon പാട്ടിലാക്കുക, വശീകരിക്കുക; മുന്തിമുന്തിവരിക. **-'nĕr,** *n.* ജയശാലി, നേട്ടക്കാരൻ, ജയിച്ചവൻ. **-'ning,** *a.* ആകർഷിക്കുന്ന, ആകർഷകം ആയ, മനോഹരം—, ചേതോഹരം—, രസികം—; *n.* ജയിക്കൽ; *pl.* നേട്ടം, വിരുത്; ചൂതിലുള്ള നേട്ടം. w.g post ലാക്ക്, കുറിസ്ഥലം. **-'ning-ly,** *ad.* ലാവണ്യമായി, മധുരമായി, മനോഹരമായി. **-'ning-ness,** *n.* മാധുര്യം, ലാവണ്യം, ഹൃദയംഗമത.

I. **Wince, Winch,** *v. i.* അമരുക, പതുങ്ങുക; 2. ഞെളിയുക; 3. തെറിച്ച് പോക; 4. പിൻമാറുക; 5. (കുതിര) കാല് കുടയുക, ചവിട്ടുക, കുതിക്കുക. *n.* പിൻമാറൽ; 2. കാല് കുടയൽ. **win'cĕr,** *n.* ചാളിപ്പോകുന്നവൻ; കാല് കുടയുന്ന കുതിര.

II. **Wince,** *n.* (ചായം മുക്കുന്ന തുണി ചുററുന്ന) ആവലം, തിരിവട്ടം. **w.-pit, w.-pot** ചായത്തൊട്ടി.

**Win'cey,** *n.*, *s. a.* Linsey.

I. **Winch,** *n.* യന്ത്രപ്പിടി.

II. **Winch,** *v. i.*, *s. a.* Wince I.

I. **Wind,** *v. t. ir.* (wound; wound) തിരിക്കുക, ചുററുക, ചുറക്കുക; 2. പിരിക്കുക; 3. നടത്തുക, ഭരിക്കുക, ഭരിച്ച് നടത്തുക, സ്വാധീനപ്പെടുത്തുക; 4. സൂചിപ്പിക്കുക, കുത്തിപ്പറയുക; 5. വരിയുക: to w. off ചുറയഴിക്കുക. to w. up ചുററുക; അവസാനിപ്പിക്കുക, തീർക്കുക, പ്രവൃത്തി നിർത്തുക; (ഘടികാരത്തിന്ന്) താക്കോല് കൊടുക്കുക; (വാദ്യത്തിന്റെ) കമ്പിമുറുക്കുക. *v, i.* ചുറയുക, ചുറഞ്ഞ് കയറുക; 2. വളഞ്ഞ് പുളഞ്ഞ് പോക; 3. അങ്ങോട്ടുമിങ്ങോട്ടും പായുക, —ഓടുക. to w. out ഒഴിഞ്ഞ് പോരുക, തെററിരക്ഷപ്പെടുക. *n.* ചുറക്കൽ, ചുററൽ; 2. തിരിക്കൽ; 3. വളവ്; 4. പിരി; 5. തിരിപ്പ്. **-'ĕr,** *n.* വള്ളി, കൊടി; വെട്ടുതല (*w.*); വളവ് കോണി (*arch.*). **-'ing,** *a.* ചുറച്ചുറയായ; വളവുള്ള. *n.* വളവ്, തിരിവ്; തിരിപ്പ്; തിരിച്ചല്. **w.g-engine** ആരോഹയന്ത്രം. **w.g-sheet** ശവം ചുററുന്ന തുണി, പ്രേതശീല. **w.g-tackle** കപ്പിയും കയറും. **-'ing-ly,** *ad.* ചുററിക്കൊണ്ട്. **wind'lass,** *n.* വഴിവളവ്, വളഞ്ഞ വഴി, ഉപായം, സൂത്രം; നങ്കൂരചക്രം, നങ്കൂരത്തുടി (*naut.*). *v. t.* & *i.* ചക്രം തിരിച്ച് പൊന്തിക്കുക.

II. **Wind,** *n.* കാററ്, വായു; പവനൻ, മരുത്ത്, സമീരൻ; മാരുതൻ; 2. ഊത്ത്; 3. ശ്വാസം; 4. ഊത്ത് വാദ്യം; 5. കുടൽവായു; 6. വാസന, നാററം; 7. കാററ് ഊതുന്ന ദിക്ക്; 8. (ആട്ടുകൽക്കുണ്ടാകുന്ന) വയറ് വീപ്പ്; 9. വിട്ടുവാക്ക്, വ്യർത്ഥാസംസാരം, നിഷ്ഫലപ്രയത്നം. **w.-band** കുഴല് വാദ്യം; സൈന്യവാദ്യം. **w.-bound** എതിർക്കാററുള്ള, കാററിനാൽ തടസ്ഥപ്പെട്ട. **w.-break** കിതപ്പുള്ള, ക്ഷീണിച്ച; കാററ് തടുക്കുന്ന മരക്കൂട്ടം. **w.-broken** (കുതിര) കിതപ്പുള്ള. **w.-chest** (വാദ്യത്തിലെ) കാററ് പെട്ടി. **w.-dropsy** വയറ് വീപ്പ് (*med.*). **w.-egg** പേട്മുട്ട, കെട്ടമുട്ട, കലക്ക് മുട്ട. **w.-fall** കാററ് കൊണ്ട് വീണ സാധനം; കാററടിച്ച് വീണ പഴം; കാററ് കൊണ്ട് പൊരിഞ്ഞ് വീണ മരം; നിനയാതെ കിട്ടിയ ധനം, പെട്ടന്നുണ്ടായ ഭാഗ്യം. **w.-fallen** കാററ് കൊണ്ട് പൊരിഞ്ഞ് വീണ. **w.-flower** ഒര് പുഷ്പം (*b.*). **w.-gall** കുതിരക്കണങ്കാൽമുഴ. **w.-gauge** മാരുതമാപനയന്ത്രം. **w.-gun, air-gun** വായു

ത്തോക്ക്. w.-instrument കുഴല്വാദ്യം, വായി—. w.-mill കാററ്തിരികല്ല് യന്ത്രം, വായുചലിതത്തിരികല്ല്. w.-pipe വായുനാളം, ശ്വാസനാളം (*an.*). w.-pump വായുചലിതജലാരോഹയന്ത്രം, കാററ്'ബോമ്പ്'. w.-rode (കാററും വെള്ളവും തമ്മിൽ എതിരായിരിക്കുന്ന നിലയിൽ) ഇരിമ്പിട്ട് കിടക്കുന്ന കപ്പലിന്റെ നില്പ് (*naut.*). w.-rose കാററ്പട്ടിക (*naut.*). w.-sail (കപ്പലിന്റെ അകത്തട്ടിലേക്കുള്ള) കാററ്കുഴല്; വായുചലിതത്തിരിക്കൽപ്പായി. w.-shake, w.-shock (മരത്തിന്റെ) വയററ്. w.-side കാററ് വരുന്ന ദിക്ക്, —ഭാഗം. w.-storm കൊറുങ്കാററ്. w.-sucker കാററ്വിഴുങ്ങിക്കുതിര. w.-sucking (കുതിരകൾക്കുള്ള) കാററ്വിഴുങ്ങൽ. w.-tight കാററ്കടക്കാത്ത. w.-wheel വായുചലിതചക്രം. wood-w. കുഴൽവാദ്യക്കൂട്ടം. all in the w. പായികടയുംവണ്ണം (*naut.*). before the w., down the w. കാററ്പിടിച്ച് (*naut.*). between w. and water (ഉരുൾച്ചകൊണ്ട് ചിലപ്പോൾ വെള്ളത്തിൽനിന്ന്) പൊങ്ങിപ്പോകുന്ന കപ്പൽഭാഗം; ഉടവ്പററാകുന്ന സ്ഥലം, മർമ്മസ്ഥാനം. cardinal w.s ദിക്ക്കാററ്; വടക്കൻ—, കച്ചാൻ; കിഴക്കൻ കാററ്, കരക്കാററ്; തെക്കൻ കാററ്, തെന്നല്; പടിഞ്ഞാറൻ കാററ്, കടല്ക്കാററ്. in the w.'s eye കാററിന്നെതിരായി. three sheets in the w. ലഹരിപിടിച്ചാടുന്ന. to be in the w. പ്രസ്താവം ഉണ്ടാക, വർത്തമാനം—, വിചാരിച്ച് വരിക. to carry the w. (കുതിര) തല ഉയർത്തി നടക്കുക. to raise the w. പണത്തിന്ന് വഴി കാണുക, പണം ഒരുക്കുക, കടം വാങ്ങുക. to take *or* have the w. അനുകൂലം ഉണ്ടാക, അനുകൂലമായിരിക്കുക. to take the w. out of one's sails തടസ്ഥമായിരിക്കുക, മററുള്ളവക്കുള്ള ഗുണം തനിക്കാക്കുക, ഗുണം പിടിച്ച്പററുക. to take w., to get w. പ്രസ്താവമാക, പരസ്യമാക, പ്രസിദ്ധമാക. *v. t.* കാററത്തിടുക, കാററ്കൊള്ളിക്കുക, —തട്ടിക്കുക; 2. ചേറുക, പാററുക, തൂററുക; 3. വാടപിടിച്ച്ചെല്ലുക, നന്നം അറിഞ്ഞ്പിന്തുടരുക; 4. ഉഗ്രമായി സവാരി ചെയ്യുക, (കുതിരയെ) കിതപ്പിക്കുക; 5. (കുതിരക്ക്) 'ദമ്മ്' കൊടുക്കുക, വിശ്രമിപ്പിക്കുക, കിതപ്പ്മാററുക; 6. ഊതുക, കുഴലൂതുക, ശംഖ്ഊതുക, കാഹളം വിളിക്കുക. to w. a ship (കപ്പല്) കാററിന്നെതിരെ തിരിക്കുക. -'āge, *n.* (തോക്ക്കുഴലിന്നും അതിൽ നിറക്കുന്ന ഉണ്ടക്കും തമ്മിലുള്ള) വ്യാസഭേദം; വായുവമച്ച്. -'ĕr, *v. t. & i.* (ധാന്യം) കാററത്തിടുക, തൂററുക. *n.* ശ്വാസം മുട്ടിപ്പോകുന്ന കത്ത്. -'i-ness, *n.* കോള്, കാററ്; കടൽവായു; കടൽവായുജനകഗുണം; മുട്ടല്, ചീപ്പ്, വീപ്പ്. -'ing, *n.* (കപ്പലിലെ) കുഴൽവിളി, ചൂളവിളി. -'less, *a.* കാററില്ലാത്ത, ശാന്തമായ; ശ്വാസംമുട്ടുന്ന, മുട്ടലുള്ള, കിതപ്പുള്ള. -'ward (-'wĕrd), *n.* കാററടിക്കുന്നദിക്ക്. to lay an anchor to the w.d മുൻകരുതല് ചെയ്യുക, കരുതിക്കൊള്ളുക. *a.* കാററടിക്കുന്ന ദിക്ക്കൊള്ളെയുള്ള. *ad.* കാററിന്നെതിരായി. -'y, *a.* കാററായ, കാററുള്ള; കാററിന്നെതിരായ; കൊടുങ്കാററുള്ള; കടൽവായു ഉണ്ടാക്കുന്ന; —ഉള്ള; കാററ് നിറഞ്ഞ; ഒഴിഞ്ഞ, ഒഴിവായ.

Win'dle, *n.* വെട്ടത്തല, വെറുങ്കോല്, 'റീല്' (*w.*).

Win'dōw (win'dō), *n.* ജാലകം, ജനവാതില്, ചെറുവാതില്, കിടിക്കി, കിളിവാതില്, ജനല് (*S.*); 2. കളം കളം ആയ രൂപം. w.-back ജാലകപ്പടി (*arch.*). w.-blind ജാലകമറ, ജാലകത്തിര. w.-hole അരക്കിടിക്കി, അരക്കതക്ജാലകം. w.-box ജാലകക്കൂടം. w.-frame ജാലകക്കട്ടിള. w.-glass, w.-pane ജാലകക്കണ്ണാടി, ജാലകച്ചില്ല്. w.-sash ജാലകക്കണ്ണാടിച്ചട്ടം. w.-seat ജാലകച്ചാരുവടി, ചാരുവടി. w.-shade ജാലകതിരശ്ശീല. w.-shutter ജാലകക്കതക്, കിളിവാതിൽപ്പലക. w.-sill കട്ടിലക്കുറുമ്പടി, കട്ടിലപ്പടി. w.-tax (പണ്ട് എട്ടിലധികം ജാലകങ്ങളുള്ള വീട്ടിന്ന് ചുമത്തിയിരുന്ന) ജാലകവരി. French w. മടക്ക്ജാലകം. *v. t.* ജാലകം വെക്കുക,

കിളിവാതിലുണ്ടാക്കുക; 2. ജാലകത്തിങ്കൽ വെക്കുക. ='dōwed (-'dōd), *a.* ജനവാതിലുള്ള. -less, *a.* കിളിവാതിലില്ലാത്ത. -y, *a.* ചുമരിൽ ദ്വാരങ്ങളുള്ള, വെടിത്തുളയുള്ള.

**Wind'pīpe, Wind'rōde,** *s. u.* **Wind** II.

**Wind'rōw** (win'rō), *n.* കെട്ടുവാൻ വിരിച്ചിട്ട പുല്ല്, കടഞ്ഞിട്ട പുല്ല്; 2. കാററത്തുട്ടക്കിയ കററ; 3. നിലവരമ്പ്, ചതുക്ക്. *v. t.* പുല്ല് വരിവരിയായി ഇടുക.

**Wind'storm** (-stạrm), **Wind'suck-ẽr, Wind'suck-ing, Wind'tīght** (-'tīt), **Wind'ward, Wind'y,** *s. u.* **Wind** II.

**Wīne,** *n.* (*see* **Vine**) മുന്തിരിങ്ങരസം, ദ്രാക്ഷാരസം, ദ്രാക്ഷാമദ്യം, 'വീഞ്ഞ്'; 2. പഴമദ്യം; 3. അമല്, ലഹരി, മത്ത്. **w.-bag, w.-skin** വീഞ്ഞ് (നിറച്ച് വെക്കുന്ന തോൽ) തുരുത്തി. **w.-berry** മുന്തിരിങ്ങ, മുന്തിരിപ്പഴം (*b.*). **w.-bibber** കുടിയൻ, മദ്യപൻ, മദ്യപാനി. **w.-bibbing** മദ്യപാനം, കുടി. **w.-cask** വീഞ്ഞ്പീപ്പ. **w.-cellar** വീഞ്ഞറ. **w.-cooler** (വീഞ്ഞ് തണുപ്പിക്കുന്ന) ശീതളപാത്രം. **w.-glass** സ്ഫടികപാനപാത്രം. **w.-glassful** പാനപാത്രം നിറയ. **w.-grower** മുന്തിരിക്കൃഷിക്കാരൻ. **w.-measure** വീഞ്ഞ്മാത്ര. **w.-merchant** വീഞ്ഞ്വ്യാപാരി. **w.-press** മുന്തിരിച്ചക്ക്. **w.-stone** ദ്രാക്ഷാരസമട്ട്. **w.-vault** വീഞ്ഞറ; വീഞ്ഞ്കട. **w.-vinegar** മുന്തിരിച്ചുറുക്ക. **w.-whey** ദ്രാക്ഷത്തയിര്വെള്ളം. -'less, *a.* വീഞ്ഞില്ലാത്ത. **wī'nẽr-y,** *n.* മുന്തിരിങ്ങക്കളം (*U. S.*). **wī'ny,** *a.* വീഞ്ഞ്പോലെ ഉള്ള; വീഞ്ഞ്ഗുണം—.

**Wing,** *n.* ചിറക്, പക്ഷം, പത്രം, പക്ഷ്മം (*z.*); 2. (പറക്കുന്ന മത്സ്യത്തിന്നുള്ള) ഇറക്; 3. പറക്കൽ, പാറൽ, ഓട്ടം; 4. പറക്കുന്നയന്ത്രം; വിമാനം; തപരിതവാഹനം; 5. തുററ്വിശറി, വീശുമുറം; 6. വായുചലിതത്തിരിക്കൽപ്പായി; 7. അംസശൃംഗാരം; 8. പാൎശ്വമണ്ഡപം, പാൎശ്വമന്ദിരം, കൈയ്യാല (*arch.*); 9. സൈന്യപക്ഷം, പാൎശ്വസേന; 10. രംഗപാൎശ്വം. **w.-case, w.-cover, w.-shell** (വണ്ട് മുതലായതിന്റെ) ഓട് (*z.*). **w.-footed** കാലിന്ന് ചിറകുള്ള (*z.*); വേഗതയുള്ള. **w.-handed** കൈക്ക് ചിറകുള്ള (*z.*). **w.-leaved** കൂട്ടിലയായ (*b.*). **w.-manship** പറക്കുന്ന സാമൎത്ഥ്യം; വിമാനനയചാതുൎയ്യം. **w.-stroke** ചിറകടി. **on the w.** പറക്കുന്ന; വഴിയിലുള്ള; സഞ്ചരിക്കുന്ന. **on the w.s of the wind** അതിവേഗതയോടെ, ദ്രുതഗതിയായി. **under the w. of, under the w.s of** സംരക്ഷണയിൽ, പരിപാലനയിൻകീഴ്. *v. t.* ചിറക്വെക്കുക; 2. പറപ്പിക്കുക, വേഗതക്കൂട്ടുക; 3. പാൎശ്വസേനനിൎത്തുക; 4. പറക്കുക; 5. ചിറക്മുറിക്കുക, —ഒടിക്കുക. **to w. a flight** പറക്കുക. **winged** (wingd), *a.* ചിറകുള്ള; പറക്കുന്ന; പാൎശ്വമണ്ഡപം ഉള്ള, കയ്യാല—; ഉയരത്തിൽ പറക്കുന്ന; ഉന്നതമായ, മഹത്വം ഉള്ള; വേഗത—; ചിറകൊടിഞ്ഞ; കൂട്ടിലയുള്ള (*b.*); ചിറകോട്കൂടിയ (*her.*); പറക്കുന്ന പക്ഷികൾ നിറഞ്ഞ. -'ẽr, *n.* ചെറുപീപ്പ (*naut.*). -'less, *a.* ചിറകില്ലാത്ത, പറക്കുവാൻ കഴിയാത്ത. -'let, *n.* ചെറുചിറക്. -'y, ചിറകുള്ള; വേഗതയുള്ള; പറക്കുന്ന, പറന്ന്പോകുന്ന; വാളുമായി പോരാളുകുന്ന.

**Wink,** *v. i.* കണ്ണ്ചിമ്മുക, കണ്ണിമെക്കുക; 2. കണ്ണിട്ടുക, കണ്ണിട്ട് കൊട്ടുക്കുക; 3. (at) കണ്ണ്ചിമ്മികളയുക, നോക്കാതിരിക്കുക, കണ്ടവാറാക്കാതിരിക്കുക; 4. മങ്ങലായിരിക്കുക. **w.ing monkey** ഒരുവക കുരങ്ങ് (*z.*). *v. t.* കണ്ണ്ചിമ്മിക്കുക. *n.* കണ്ണ്ചിമ്മൽ, കണ്ണിമെക്കൽ, നിമിഷം; 2. ഇമനേരം, അല്പസമയം, ക്ഷണനേരം, നിമേഷം, നിമിഷം; 3. കണ്ണിട്ട് കൊട്ടുക്കൽ, കൺസൂചന. -'ẽr, *n.* കണ്ണ്ചിമ്മുന്നവൻ; കതിരക്കണ്ണട. -'ing-ly, *ad.* കണ്ണ്ചിമ്മിക്കൊണ്ട്; കണ്ണ്തുറക്കാതെ.

**Win'nẽr, Win'ning, Win'ning-ly Win'ning-ness,** *s. u.* **Win.**

**Win'nōw** (win'nō), *v. t.* പതിര്നീക്കുക, ചേറുക, പാററുക, തൂററുക, കാററത്തിടുക; 2. വകതിരിക്കുക, തരംതിരിക്കുക; 3. ആലോചിക്കുക; 4. ചിറകടിക്കുക. *v. i.* പതിര്നീക്കുക, തൂററുക. **-ĕr,** *n.* ചേറുന്നവൻ, തൂററുന്നവൻ. **-ing,** *n.* ചേറൽ, തൂററൽ.

**Win'sŏme,** *a.* സന്തോഷം ഉള്ള, ഉല്ലാസം—, ഉന്മേഷം—; 2. ഉല്ലാസകരം ആയ, ആനന്ദകരം—, ഇഷ്ടകരം—. **-ness,** *n.* ഉല്ലാസഭാവം; മനോരഞ്ജകത്വം, രമ്യത.

**Win'tĕr,** *n.* ശീതകാലം, കളിര്—, ഹേമന്ത—, ശിശിര—, തുഷാര—; 2. ക്ഷയ—, വാർദ്ധക്യം; 3. മൃത്യുകാലം. **w.-beaten** ശീതംകൊണ്ട് വലഞ്ഞ. **w.-green** (ഹിമകാലത്തിലും) പച്ചവിടാത്ത, എപ്പോഴും പച്ചയായിരിക്കുന്ന. **w.-ground** (ശീതം തട്ടാതിരിപ്പാൻ) മൂടിവെക്കുക. **w.-kill** (ശൈത്യംകൊണ്ട്) നശിച്ച്പോക. **w.-proud** പോളിച്ച. **w.-rig** ഹിമകാലത്ത് ഉഴക. **w.'s bark** രക്തമൂത്ര്യരോഗൌഷധം, രക്തപിത്തഹരം (*med.*). **w.-solstice,** *s. u.* Solstice. **w.-tide** ശീതകാലം, ഹിമകാലം. *v. i.* ശീതകാലം കഴിക്കുക, ശീതകാലത്ത് മാറിപ്പാൎക്കുക. *v. t.* ശീതകാലത്ത് പോററുക. **-ly, -y, win'try,** *a.* അതിശൈത്യമുള്ള; ശീതകാലം പോലെയുള്ള, ശീതകാലം സംബന്ധിച്ച; രസമില്ലാത്ത; ശോചനീയമായ.

**Wī'ny,** *a., s. u.* Wine.

**Wīpe,** *v. t.* തുടക്കുക, ഒപ്പുക, തുവൎത്തുക; 2. (away, off, out) മായിക്കുക, ഉരച്ച് കളയുക, കാണാതാക്കുക, ഇല്ലാതാക്കുക. **to w. the nose off** ചതിക്കുക, തോല്പിക്കുക. *n.* തുടക്കൽ, തുവൎത്തൽ, ഒപ്പൽ; 2. അടി, കുത്ത്; 3. പരിഹാസം, നിന്ദ; 4. ഉറുമാല്, 'ലേസ്' (*S.*). **wī'pĕr,** *n.* തുടക്കുന്നവൻ; തുവൎത്ത്, തുവൎത്ത് (തോൎത്ത്) മുണ്ട്, 'തുവാല'; ചക്രക്കുററി; (തോക്ക് തുടക്കുന്ന) അച്ച്കോല്.

**Wir'ble,** *v. i.* തിരിയുക, ചുററുക, [ചുഴലുക.

**Wīre,** *n.* കമ്പി, ശലാക, ശ്ലാക, തന്ത്രി; 2. വൎത്തമാനക്കമ്പി, വിദ്യുത്തന്ത്രി; 3. കമ്പിവൎത്തമാനം, കമ്പി. **w.-bed, w.-mattress** കമ്പിക്കിടക്ക. **w.-bridge** കമ്പിപ്പാലം, തൂക്ക് പാലം. **w.-cartridge** (തോക്കിലിട്ട് വെടിവെക്കുന്ന) കമ്പിത്തിര. **w.-cloth** കമ്പിപ്പടം, കമ്പിയരിപ്പ. **w.-draw** കമ്പിയച്ചിലിട്ട് വലിക്കുക; വലിച്ച്നീട്ടുക, നീട്ടുക; ആകൎഷിക്കുക. **w.-drawer** കമ്പിവലിക്കുന്നവൻ. **w.-fence** കമ്പിവേലി. **w.-gauge, w.-gage** തന്ത്രിമാപനസൂത്രം. **w.-gauze** കമ്പിവല. **w.-heel** ഒര് വക കുളമ്പ് രോഗം (*vet.*). **w.-nail** കമ്പിയാണി. **w.-netting** കമ്പിവല. **w.-puller** തന്ത്രി, യന്ത്രികൻ, ചരട് വലിക്കുന്നവൻ; ചെയ്യിക്കുന്നവൻ. **w.-pulling** ചരട്പിടിക്കൽ, ചരട് വലിക്കൽ; ഗോപ്യക്കൂട്ട് കെട്ട്. **w.-rod** തടിച്ച ഇരിമ്പ് കമ്പി. **w.-rope** കമ്പിക്കമ്പ. **w.-work** കമ്പിപ്പണി. **w.-worker** കമ്പിപ്പണിക്കാരൻ; കമ്പിസാമാനം ഉണ്ടാക്കുന്നവൻ. *v. t.* കമ്പികെട്ടുക, കമ്പിവെക്കുക; 2. കമ്പികോൎക്കുക; 3. കട്ടുക്കുക, കെണിക്കുക; 4. കമ്പിയടിക്കുക, കമ്പിവൎത്തമാനമയക്കുക. *v. i.* ധാരയായി ഒഴുകുക; 2. കമ്പിവൎത്തമാനം അയക്കുക, കമ്പിയടിക്കുക. **-'less,** *a.* കമ്പിയില്ലാത്ത. **w.s telegraphy** കമ്പിയില്ലാക്കമ്പി, തന്ത്രിരഹിതവിദ്യുത്തയന്ത്രം. **wī'ri-ness,** *n.* കമ്പിഗുണം; നേൎമ്മ, ബലം. **wī'ry, wī'er-y,** *a.* കമ്പികൊണ്ടുണ്ടാക്കിയ; കമ്പിപോലെയുള്ള; വലിച്ച്നീട്ടിയ; ശക്തിയുള്ള, ഉറപ്പുള്ള, ഊക്കുള്ള.

**Wis,** *v.t.* (ഉത്തമപുരുഷവൎത്തമാനൈകവചനത്തിൽ മാത്രം) വിചാരിക്കുക, ഭാവിക്കുക, തോന്നുക.

**Wis̱'ard,** *n., s. a.* Wizard.

**Wis̱'dŏm,** *n., s. u.* Wise II.

I. **Wīs̱e,** *suf.* ആയി, പ്രകാരം, വിധം. **in no w.** യാതൊരുപ്രകാരത്തിലും ഇല്ല. **in any w.** വല്ലപ്രകാരവും, വല്ലവിധത്തിലും. **on this w.** ഇങ്ങിനെ, ഇപ്രകാരം. **lengthw.** നീളത്തിൽ. **breadth-w.** അകലത്തിൽ.

II. **Wīs̱e,** *a.* അറിയുന്ന, അറിവ് ഉള്ള, ബോധം—; 2. ബുദ്ധി—, വിവേകം—,

ജ്ഞാനം—; 3. പഠിപ്പ് —, വ്യുല്പത്തി—, സാമൎത്ഥ്യം—; 4. പ്രശ്നക്കാരനായ, ലക്ഷണജ്ഞാനം ഉള്ള; 5. യുക്തി—, കൌശലം—; സുബുദ്ധി—, പ്രജ്ഞ—, വിജ്ഞാനം—; 6. ഭക്തി—. w.-hearted അറിവുള്ള, ബുദ്ധിയുള്ള, ജ്ഞാനിയായ. w.-like ബുദ്ധിപൂൎവ്വകമായ. w. man ജ്ഞാനി, ബുദ്ധിമാൻ, ബുദ്ധിശാലി. -'ā-cre (-ā-kĕr), -'ling, *n.* ബുദ്ധിനാട്യക്കാരൻ; ഭോഷൻ, മൂഠാളൻ. -'ly, *ad.* ബുദ്ധിയോടെ, വിവേകത്തോടെ. wis'dŏm, *n.* ബുദ്ധി, വിവേകം, ജ്ഞാനം, വിജ്ഞാനം, പ്രജ്ഞ; അറിവ്, വ്യുല്പത്തി; സാമൎത്ഥ്യം, വൈദഗ്ദ്ധ്യം, കൌശലം, യുക്തി. w.m-tooth, w.m-teeth, *s. u.* Tooth.

Wish, *v. i.* ആഗ്രഹിക്കുക, ആശിക്കുക, ഇച്ഛിക്കുക, കാംക്ഷിക്കുക, വാഞ്ഛിക്കുക, കൊതിക്കുക, മോഹിക്കുക, അഭിലാഷിക്കുക; 2. ഭാവിക്കുക, മനസ്സുണ്ടാക, അനുകൂലിക്കുക, താല്പൎയ്യപ്പെടുക; 3. പ്രത്യാശിക്കുക, കാത്തിരിക്കുക, നോക്കിപ്പാൎക്കുക; 4. ഭയപ്പെടുക. *v. t.* ആഗ്രഹിക്കുക, മോഹിക്കുക, കാമിക്കുക; 2. കാത്തിരിക്കുക, ആതുരപ്പെടുക; 3. പക്ഷമുണ്ടാക, ഇഷ്ടമുണ്ടാക, താല്പൎയ്യപ്പെടുക, ആശംസിക്കുക, അനുഗ്രഹിക്കുക; 4. ശപിക്കുക, ശാപം ഉച്ചരിക്കുക, പ്രാകുക. *n.* ആഗ്രഹം, വാഞ്ഛ, ഇച്ഛ, കാംക്ഷ, കൊതി, മോഹം; 2. കാത്തിരിപ്പ്, ആതുരം; 3. ആശംസ, അപേക്ഷ, പ്രാൎത്ഥന; 4. അനുഗ്രഹം; 5. ശാപം, പ്രാക്ക്; 6. കാംക്ഷിതം, കാമ്യവസ്തു. -'a-ble, *a.* ആഗ്രഹിക്കത്തക്ക, കാമ്യമായ, ഇച്ഛിക്കത്തക്ക. -'ĕr, *n.* ആഗ്രഹിക്കുന്നവൻ, ഇച്ഛിക്കുന്നവൻ, വാഞ്ഛിക്കുന്നവൻ. -'ful, *a.* മോഹം ഉള്ള, അത്യാശ—, കൊതി—, മോഹജനകമായ; കാമ്യമായ. -'ful-ly, *ad.* കൊതിയോടെ, മോഹത്തോടെ, ആശയോടെ. -'ful-ness, *n.* വാഞ്ഛ, കൊതി, അത്യാശ. -'ing, *a.* ഇച്ഛയുള്ള, ആഗ്രഹമുള്ള. *n.* ഇച്ഛിക്കൽ. w.g-cap ഇച്ഛിക്കുന്നതൊക്കയും കിട്ടുന്ന തൊപ്പി, കാമധേനു, കല്പവൃക്ഷം, ചിന്താമണിരത്നം.

Wish'tŏn-wish, Wis'tŏn-wish, *n.* (അമേരിക്കയിലെ) കാട്ട്നായി (*z.*).

Wish-wash, *n.* നേൎമ്മപ്പാനകം, ലഘുമദ്യം. wish'y-wash'y, *a.* മെലിഞ്ഞ, വിളൎത്ത, ക്ഷീണിച്ച; കട്ടപ്പമില്ലാത്ത, വീൎയ്യം കുറഞ്ഞ; മനോബലമില്ലാത്ത; ചുണകെട്ട, ധൈൎയ്യമില്ലാത്ത. *n.* കട്ടപ്പം കുറഞ്ഞ മദ്യം, ലഘുമദ്യം.

Wis'ket, *n.* കൊട്ട, കുട്ട.

Wisp, Whisp, *n.* ചെറിയ പുൽകെട്ട്, പുൽക്കററ; 2. കൈച്ചൂല്, ചെറുമാച്ചില്; 3. കുളിച്ചൂട്ട. *v. t.* അടിച്ച് വാരുക, അടിച്ച് വെടിപ്പാക്കുക; 2. ഞെറിയിടുക, ഞെറിയുക.

Wist'ful, *a.* കാത്തിരിക്കുന്ന, പാൎത്തിരിക്കുന്ന, നോക്കിപ്പാൎക്കുന്ന; 2. കാംക്ഷ ഉള്ള, ആഗ്രഹം—, ആശ—, വാഞ്ഛ—, കൊതി—; 3. ആലോചന—, ശ്രദ്ധ—, ധ്യാനശീലം—. -ly, *ad.* മോഹത്തോടെ; ശ്രദ്ധയോടെ. -ness, *n.* അത്യാശ, പ്രത്യാശ, കാംക്ഷ, അതിശ്രദ്ധ; ധ്യാനനിഷ്ഠ.

Wis'tit, Wis'ti-ti, Ouis'ti-ti, *n.* അമേരിക്കക്കുരങ്ങ് (*z.*).

Wis'tŏn-wish, *n.*, *s. a.* Wishton-wish.

I. Wit (*only in the infinitive*), *v. t.* & *i.* അറിയുക, മനസ്സിലാക്കുക. to w. എന്ന് വെച്ചാൽ, എന്തെന്നാൽ, അതാവിത്.

II. Wit, *n.* (*pl.*) ബുദ്ധിശക്തി, ബോധശക്തി, മനഃശക്തി; 2. മനസ്സ്, ബുദ്ധി, ബോധം, വിവേകം; 3. യുക്തി, ക്ഷണയുക്തി, കുശാഗ്രബുദ്ധി, രസികത്വം; 4. രസികൻ, നൎമ്മജ്ഞൻ, സരസൻ, സമൎത്ഥൻ, വിദഗ്ദ്ധൻ. w.-craft തൎക്കശാസ്ത്രം, മീമാംസസൂത്രം. w.-starved ബുദ്ധിയില്ലാത്ത, സാമൎത്ഥ്യമില്ലാത്ത. the five w.s പഞ്ചേന്ദ്രിയങ്ങൾ. to be at one's w.'s end ബുദ്ധിചലിക്കുക, പഠിച്ച വിദ്യ ഒക്കയും ചെയ്യുക, കരകാണാതിരിക്കുക, വഴികാണാതിരിക്കുക. to live by one's w.s സാമൎത്ഥ്യംകൊണ്ട് കഴിച്ച് കൂട്ടുക, ഉപായംകൊണ്ട് ഉപജീവനം കഴിക്കുക. -'ful, *a.* ബുദ്ധിയുള്ള, വിവേകമുള്ള. -'less, *a.* ബുദ്ധിയില്ലാത്ത, വി

ചാരമില്ലാത്ത; അവിവേകമുള്ള. **-'less-ly,** *ad.* ബുദ്ധിയില്ലാതെ, അവിവേകമായി. **-'less-ness,** *n.* ബുദ്ധികേട്, ഭോഷത്വം, അവിവേകം. **-'ling, -'tie-as-tĕr,** *n.* ബുദ്ധി കുറഞ്ഞവൻ; ബുദ്ധിനാട്യക്കാരൻ. **-'ted,** *a.* ബുദ്ധിയുള്ള. **-'ti-cism,** *n.* യുക്തിവാക്ക്, രസികത്വം, രസപരിശ്രമം. **-'ti-fīed, -'ty,** *a.* ബുദ്ധി ഉള്ള, ക്ഷണയുക്തി—, രസികത്വം—; പരിഹാസം ആയ, തറുതല—. **-'ti-ly,** *ad.* ബുദ്ധിയോടെ, യുക്തിയോടെ; സാമർത്ഥ്യത്തോടെ; രസികമായി, ക്ഷണയുക്തിയായി. **-'ti-ness,** *n.* ക്ഷണയുക്തി, കുശാഗ്രബുദ്ധി. **-'ting-ly,** *ad.* അറിവോടെ, മനഃപൂർവ്വമായി, കല്പിച്ചുകൂട്ടി.

I. **Witch** (wich), *n.* ചെരുവിവിളക്ക്, ഒരുവക കാക്കവിളക്ക്.

II. **Witch** (wich), *n.* (പണ്ട് പുല്ലിംഗത്തിലും സ്ത്രീലിംഗത്തിലും ഇപ്പോൾ സ്ത്രീലിംഗത്തിൽ മാത്രം) മന്ത്രവാദിനി, ക്ഷുദ്രക്കാരത്തി, ആഭിചാരക്കാരത്തി, മാരണം ചെയ്യുന്നവൾ; 2. കോലംകെട്ട കിഴവി, മൂധേവി; 3. രൂപവതി, സുന്ദരി, മോഹിനി; 4. വികൃതിക്കുട്ടി. **w.-craft** മന്ത്രവാദം, ക്ഷുദ്രം, ആഭിചാരം, മാരണം, ഉച്ചാടനം; ഇന്ദ്രജാലം; വശീകരം, മാട്ടം, ഒടി. *v. t.* ക്ഷുദ്രം ചെയ്യുക, മന്ത്രവാദം—; 2. വശീകരിക്കുക, മോഹിപ്പിക്കുക, സ്വാധീനം ആക്കുക; 3. മാട്ടുക, ഒടിവെക്കുക. **-'ĕr-y,** *n.* മന്ത്രവാദം, മാരണം, ക്ഷുദ്രപ്രവൃത്തി; ഇന്ദ്രജാലം, വശീകരപ്രയോഗം, സ്വാധീനശക്തി. **-'ing,** *a.* വശീകരിക്കുന്ന, മന്ത്രാധീനമായ; ആഭിചാരം സംബന്ധിച്ച; മോഹനീയമായ. **-'ing-ly,** *ad.* മന്ത്രവാദമായി, ആഭിചാരമായി.

**Wit'craft,** *n.*, *s. u.* Wit.

**Wīte,** *v. t.* ആക്ഷേപിക്കുക, കുററം പറയുക, ശകാരിക്കുക (*Scot.*). *n.* കുററം, ആക്ഷേപം. **-'less,** *a.* നിരപരാധിയായ, കുററമില്ലാത്ത.

**Wit'en-ag-emōt, =mōte,** *n.* (ഇംഗ്ലണ്ടിൽ ആംഗ്ലോസാക്സവാഴ്ച കാലത്തെ ആലോചനസഭയായിരുന്ന) ജ്ഞാനിസഭ, രാജ്യസഭ.

**Wit'ful,** *a.*, *s. u.* **Wit** II.

**With,** *prep.* വിരോധമായി, എതിരായി, . . . . ഓട്; . . . . ന്റെ നേരെ: **he will fight w. the French** അവൻ പരന്ത്രീസുകാരോട് യുദ്ധം ചെയ്യും; 2. . . . . . ഓട് കൂടെ, . . . . . ന്റെ ഒന്നിച്ച് . . . . ന്റെ ഒരുമിച്ച്, ഇടയിൽ, മദ്ധ്യേ: **I will not eat w. you** ഞാൻ നിന്നോടുകൂടെ ഭക്ഷിക്കയില്ല, നമുക്കു സഹഭോജനം പാടുള്ളതല്ല; **these arguments had much force w. the philosophers** ഈ ന്യായം തത്വജ്ഞാനികളുടെ ഇടയിൽ ബലപ്പെട്ടതായിരുന്നു; 3. സഹായമായി, ഭാഗത്ത്, പക്ഷം, പക്ഷത്തിൽ, . . . . ഓട് കൂടെ, കൂടി: **fear not, for I am w. thee** പേടിക്കേണ്ട ഞാൻ നിന്നോട് കൂട ഉണ്ട്; 4. ....ആൽ, . . . . കൊണ്ട്, മൂലമായി: **I shall buy a book w. this money** ഈ പണം കൊണ്ട് ഞാനൊരു പുസ്തകം വാങ്ങും; **I will conclude w. this story** ഈ കഥയോട് കൂടി ഞാൻ സമാപിക്കാം; 5. ഓട് ഒക്കുക, —ഒപ്പിക്കുക, —ഒത്തുനോക്കുക: **can blazing carbuncles w. her compare** തിളങ്ങുന്ന പുഷ്യരാഗം അവളോടൊക്കുമോ, —അവൾക്കു തുല്യമാകുമോ, —അവളോടുപമിക്കാമോ; 6. ഒന്നിച്ച്, ഒരേസമയത്ത്, ഒന്നായി, കൂടി, കൂടെ, തുടർച്ചയായി: **w. this he left the place** ഇത് പറഞ്ഞിട്ട് അവൻ വിട്ട് പോയി, ഇത് പറഞ്ഞ ശേഷം അവൻ പോയി; **w. her they flourished** അവൾ കൂടെയുള്ള കാലം അവർക്ക് സൌഭാഗ്യമായിരുന്നു; 7. ഉള്ള, . . . . . ഓട് കൂടിയ, . . . . ഉം: **a bride w. a large fortune** വലിയസമ്പത്തുള്ള മണവാട്ടി, ഐശ്വര്യവതിയായ ഭാര്യ; **a maid w. clean hands** വൃത്തിയുള്ള പണിക്കാരത്തി, വെടിപ്പുള്ള പണിക്കാരത്തി; **the firmament w. its stars** ആകാശവും തന്നിലെ നക്ഷത്രങ്ങളും, നക്ഷത്രങ്ങളുള്ള ആകാശം, നക്ഷത്രങ്ങളോട് കൂടിയ ആകാശം. **-al',** *ad.* . . . . ഉം, കൂടെ, മാത്രമല്ല, എന്നു മാത്രമല്ല. *prep.* . . . ആൽ, . . . . കൊണ്ട്. **-draw'** (-drą'), *v. t. ir.*

(-drew′ *pr.* -drụ′; -drạwn′ *pr.* -drạn′) മടക്കിയെടുക്കുക, എടുത്ത് കളയുക, മുടക്കുക, നിൎത്തുക; 2. പോകുമാറാക്കുക, പോക്കുക, പോയ്ക്കളയുമാറാക്കുക, പിൻവാങ്ങിക്കുക; 3. പിൻവലിക്കുക. *v. i.* വിട്ട് പോക, പിൻവാങ്ങുക; തിരിഞ്ഞ് പോക, പോയ്ക്കളയുക. **w.drawing-room,** *s.a.* **Drawing-room,** *s.u.* **Draw. -drạw′-al, -drạw′ment,** *n.* മടക്കിയെടുക്കൽ, എടുത്ത് കളയൽ, പിൻവാങ്ങൽ; പിൻവലിക്കൽ. **-drạw′ĕr,** *n.* മടക്കി എടുക്കുന്നവൻ, പിൻവലിക്കുന്നവൻ. **-hōld′,** *v. t. ir.* (-held′; -held′) പിടിച്ച് നിൎത്തുക, തടുത്ത് വെക്കുക, മുടക്കുക, തടുക്കുക, തടസ്ഥപ്പെടുത്തുക; 2. പിടിച്ച് വെക്കുക, നിൎത്തിക്കളയുക, കൊടുക്കാതിരിക്കുക, നിൎത്തിവെക്കുക. **-hōld′ĕr,** *n.* പിടിച്ച് വെക്കുന്നവൻ, തടുത്ത് വെക്കുന്നവൻ; നിൎത്തിവെക്കുന്നവൻ. **-hōld′ment,** *n.* തടുത്ത് വെക്കൽ, നിൎത്തിവെക്കൽ. **-in′,** *prep.* ഉള്ളിൽ, അകത്ത്; കവിയാതെ, അധികരിക്കാതെ; അകായിൽ; . . ഇൽ; ഇടയിൽ; . . . ക്ക് ഉള്ളിൽ: **w.n five miles** അഞ്ച് നാഴികക്കിടയിൽ; **w.n an hour** ഒര് മണിക്കൂറിന്നകം; **w.n a little while** അല്പനേരത്തിന്നിടയിൽ; ആധീനത്തിൽ, വശത്ത്: **he is still w.n my power** അവൻ ഇപ്പോഴും എന്റെ അധീനത്തിൽ തന്നെ ആകുന്നു. *ad.* ഉള്ളിൽ, അകത്തോട്ട്, ഉള്ളിലോട്ട്; വീട്ടിന്നകത്ത്; ഗൃഹത്തിൽ, പുരക്കകത്ത്. **-out′,** *prep.* പുറത്ത്, പുറമെ: **w.t the gate** പടിക്ക് പുറത്ത്; അപ്പുറം, അകലെ, എത്താതേടം, അതീതം: **eternity is w.t our reach** നിത്യത നമ്മുടെ ബുദ്ധിക്കപ്പുറമാകുന്നു, നിത്യത നമുക്ക് ബോധാതീതമാകുന്നു; ഇല്ലാതെ, കൂടാതെ, വിനാ, എന്നിയെ, അന്യെ: **w.t labour** അദ്ധ്വാനമില്ലാതെ; **w.t damage** നഷ്ടംകൂടാതെ. **to do w.t** കൂടാതെ കഴിക്കുക. **w.t day** ദിവസം കുറിക്കാതെ. **w.t recourse** ഉത്തരവാദിത്വം ഇല്ലാതെ. *conj.* ഇല്ലെങ്കിൽ, . . . . . ആൽ അല്ലാതെ, എന്നിയെ, അല്ലാത്തപക്ഷം: **you will never live to my age w.t you keep yourselves in breath with exercise** കായികാഭ്യാസത്താൽ ആരോഗ്യത്തിന്ന് കേട് വരാതെ സൂക്ഷിച്ചാൽ അല്ലാതെ നിങ്ങൾ എന്റെ പ്രായത്തിൽ എത്തുകയില്ല. *ad.* പുറമെ, പുറത്ത്, വെളിയിൽ; വീട്ടിന്ന് പുറത്ത്, മിററത്ത്. **-stand′,** *v. t. ir.* (-stood′; -stood′) എതിൎക്കുക, വിരോധം നില്ക്കുക, വിരോധിക്കുക, എതിൎത്ത് നില്ക്കുക, ചെറുത്ത് നില്ക്കുക. **-stand′ĕr,** *n.* എതിരാളി, ശത്രു, എതിൎബ്ബലം, വിരോധം.

**Withe** (wĭth), **With, With′y,** *n.* വള്ളി, വളയുന്ന കൊള്ളി, ചുള്ളി, പാന്തം; 2. വള്ളിപ്പട്ട; 3. ഇരിമ്പ് ചുററ് (*naut.*). *v. t.* വള്ളികൊണ്ട് കെട്ടുക. **with′y,** *a.* വള്ളികൊണ്ടുണ്ടാക്കിയ; വള്ളിപോലെയുള്ള; വളയുന്ന; വള്ളിയുള്ള.

**With′ĕr,** *v. i.* വാട്ടുക, ഉണങ്ങുക, വരളുക; 2. നീര് വററുക, ക്ഷയിക്കുക; 3. ക്ഷീണിക്കുക, നശിക്കുക, ഇല്ലാതാക. *v. t.* വാട്ടുക, വരട്ടുക, ഉണക്കുക; 2. ജരവരുത്തുക, ക്ഷയിപ്പിക്കുക; 3. നശിപ്പിക്കുക, കേട് വരുത്തുക, ഇല്ലാതാക്കുക. **=′ĕred** (-′ĕrd), *a.* വാടിയ, ഉണങ്ങിയ, ശുഷ്കിച്ച, ക്ഷീണിച്ച. **=′ĕred-ness** (-′ĕrd-), *n.* വാട്ടം, വരൾച്ച, ഉണക്കം, ശോഷണം, ജര. **-ing,** *a.* വാട്ടം വരുത്തുന്ന, ക്ഷയിപ്പിക്കുന്ന. **-ing-ly,** *ad.* വാടിക്കൊണ്ട്, ശുഷ്കിച്ച്, ശോഷിച്ച്.

**With′ĕr-band,** *n., s. u.* **Withers.**

**With′ĕr-nam,** *n.* (ജപ്തിചെയ്തെടുത്ത വസ്തു മടക്കികിട്ടുവാൻ തരമില്ലാഞ്ഞാൽ പകരം വേറെ വസ്തുക്കൾ ജപ്തിചെയ്യുന്ന) മറുജപ്തി (*l.*).

**With′ĕrs,** *n.* (*pl.*) കതിരച്ചുമല്. **wither-band** ജീൻകട്ട. **wither-wrung** (-rung) (കതിര) ചുമല് പൊട്ടിയ.

**With-hōld′,** *etc., s. u.* **With.**

**With-in′, With-out′,** *s. u.* **With.**

**With-stand′,** *etc., s. u.* **With.**

**With′y,** *a., s. u.* **Withe.**

**Wit′less, Wit′less-ly, Wit′less-ness, Wit′ling,** *s. u.* **Wit.**

Wit'ness, *n.* സാക്ഷ്യപ്പെടുത്തൽ, സാക്ഷ്യം; 2. തെളിവ്, ലക്ഷ്യം, പ്രമാണം; 3. (വല്ല കാൎയ്യത്തെപ്പറ്റിയും) അറിവുള്ളവൻ, കണ്ടിട്ടുള്ളവൻ, ദൃക്സാക്ഷി; 4. സാക്ഷി, സാക്ഷിപറയുന്നവൻ, തെളിവ് കൊടുക്കുന്നവൻ (*l.*); 5. സാക്ഷ്യപ്പെടുത്തുന്നവൻ, സാക്ഷിയായി ഒപ്പിടുന്നവൻ, ആധാരസാക്ഷി (*l.*). with a w. ബലമായി; അധികമായി; ഉറപ്പായി. *v. i.* കാണുക, നേരിട്ടറിയുക, കണ്ടറിയുക; 2. സാക്ഷ്യപ്പെടുത്തുക, സാക്ഷിയായി ഒപ്പിടുക, സാക്ഷിനില്ക്കുക (*l.*); 3. സാക്ഷീകരിക്കുക, സാക്ഷിപറയുക, തെളിവ് കൊടുക്കുക (*l.*). *v. i.* സാക്ഷിപറയുക, തെളിവ് കൊടുക്കുക, 'കൈപ്പീത്ത്'കൊടുക്കുക. -ĕr, *n.* സാക്ഷിയായിരിക്കുന്നവൻ, സാക്ഷിനില്ക്കുന്നവൻ, കാണി.

Wit'-stärved (-stärvd), Wit'ted, Wit'tic-as-tĕr, Wit'ti-cism, Wit'ti-fīed, Wit'ti-ly, Wit'ti-ness, Wit'ting-ly, Wit'ty, *s. u.* Wit.

Wīve, *v. t. & i.*, *s. u.* Wife.

Wī'vĕr, Wī'vĕrn, Wȳ'vĕrn, *n.* (സൎപ്പത്തലയും രണ്ട് കാലും രണ്ട് ചിറകും ഉള്ളതായ) ഒര് സങ്കല്പജന്തു (*her.*).

Wiz'ard (-'ĕrd), *n.* മന്ത്രവാദി, ക്ഷുദ്രക്കാരൻ, ആഭിചാരക്കാരൻ, ശ്രൂന്യക്കാരൻ, ഇന്ദ്രജാലക്കാരൻ, മാരണം ചെയ്യുന്നവൻ. *a.* വശീകരിക്കുന്ന, മോഹിപ്പിക്കുന്ന; 2. മന്ത്രപ്രയോഗം ചെയ്യുന്ന; 3. മന്ത്രവാദികളുള്ള. -ly, *a.* മന്ത്രവാദിയെപ്പോലെയുള്ള. -ry, *n.* മന്ത്രവാദം, ആഭിചാരം, ക്ഷുദ്രം, മാരണം, ഒടി.

Wiz'en (wiz'n), *v. i.* വാടുക, ഉണങ്ങുക (*Scot.*). *a.* വാടിയ, ശോഷിച്ച, വറണ്ട, ഉണങ്ങിയ. w.-faced മുഖം ചുളുങ്ങിയ, തോല്—. wiz'ened (wiz'nd), *a.* ഉണങ്ങിയ, ശുഷ്കിച്ച, വാടിയ; ചുളുങ്ങിയ.

Wōad (wōd), Wad, Wāde, *n.* ഒര് വക അമരി (*b.*); 2. നീലം, നീലച്ചായം. w.-mill അമരിച്ചക്ക്. wild w. കാട്ടമരി (*b.*). -'ed, *a.* നീലച്ചായം ഇട്ട.

Wōald (wōld), *n.*, *s. a.* Weld I.

Wob'ble, *v. i.*, *s. a.* Wabble.

Wōde, *a.*, *s. a.* Wood I.

Wōde'ġeld, *n.* (വിറകിനുള്ള) കുററിക്കാണം.

Wō'den, *n.* (സ്കേണ്ടിനേവ്യരുടെ) ദേവേന്ദ്രൻ (*myth.*).

Wōe (wō), *n.* ദുഃഖം, ശോകം, മഹാസങ്കടം, സങ്കഷ്ടം, മഹാവ്യസനം, വേദന, ക്ലേശം, അരിഷ്ടത, ആപത്ത്, വിപത്ത്, ദുരിതം; 2. ശാപം, പ്രാക്ക്. w.-begone ശോകനിമഗ്നമായ, ദുഃഖവിഹ്വലമായ. w.-worth നശിച്ച് പോകട്ടെ, നാശമായി പോ, നന്നാകാതെ—. -'fu̧l, wō'fu̧l, *a.* സങ്കഷ്ടം ആയ, ശോകപൂൎണ്ണം—, അരിഷ്ടത ഉള്ള, ദൌൎഭാഗ്യം—; ആപല്ക്കരം ആയ, ദുഃഖകരം—; നിസ്സാരം—, ഹീനം—, അധമം—. -'fu̧l-ly, wō'fu̧l-ly, *ad.* ദുഃഖത്തോടെ, വ്യസനത്തോടെ, ക്ലേശത്തോടെ. -'fu̧l-ness, wō'fu̧l-ness, *n.* സംക്ലിഷ്ടത, അരിഷ്ടത, ദുരിതം.

Wōke, *pt. & p. p. of* Wake II.

I. Wōld, *n.* കാട്, തോപ്പ്, വളൎത്തുകാട്, കോട്ടം; 2. മൈതാനം, കന്നുമ്പുറം.

II. Wōld, *n.*, *s. a.* Weld I.

Wōlf (wu̧lf), *n.* (*pl.* wōlves, *pr.* wu̧lvz) ചെന്നായി, ഓനായി, വൃകം (*z.*); 2. പട്ടിണി, ബുദ്ധിമുട്ട്, വിശപ്പ്, പൈ; 3. അരിപ്പുഴ (*z.*); 4. സ്വരച്ചിലപ്പ് (*mus.*). w.-dog ഒര് വക നായി. w.-fish കല്ലേട്ട (*z.*). w.-net വലിയ വല. black w. കരിഞ്ചെന്നായി (*z.*). Indian w. ഓനായി (*z.*). strand-w. വരിയമ്പുലി, കഴുതപ്പുലി (*z.*). tiger-w. പുള്ളിപ്പുലി (*z.*). to keep the w. from the door പട്ടിണിയില്ലാതെ കഴിക്കുക, നാള്പ്പൊറുതി കഴിക്കുക. -'ish, wōlv'ish, *a.* ചെന്നായി ഗുണമുള്ള; മൃഗതുല്യമായ. -'ish-ly, *ad.* ബുഭുക്ഷയോടെ. -'ish-ness, *n.* ബുഭുക്ഷ. -'kin, -'ling, *n.* ചെന്നായിക്കുട്ടി.

Wŏm'an (*pl.* wom'en, *pr.* wim'en), *n.* പെൺപിറന്നവള്, സ്ത്രീ, അംഗന, നാരി, മാനുഷി, അബല, യോഷ; 2. സ്ത്രീവൎഗ്ഗം; 3. ദാസി, ഇരിക്കുന്നവള്, ഇരു

ത്തി. w.-hater സ്ത്രീദ്വേഷകൻ, സ്ത്രീവിരക്തൻ. w.-kind നാരിവൎഗ്ഗം. *v. t.* (it) സ്ത്രീഭാവം കാട്ടുക, സ്ത്രീയെപ്പോലെ പ്രവൃത്തിക്കുക; 2. പൌരുഷമില്ലാതാക്കുക, അബലയാക്കുക; 3. സ്ത്രീയെകൊടുക്കുക; പെണ്ണ് —, സംബന്ധം ചെയ്യിപ്പിക്കുക, പെണ്ണ്കെട്ടിക്കുക. -hood, *n.* സ്ത്രീത്വം, സ്ത്രീലക്ഷണം, സ്ത്രീഗുണം; യോഷാവൎഗ്ഗം, പെണ്ണുങ്ങള്. -ish, *a.* സ്ത്രീചേഷ്ടയുള്ള, സ്ത്രീഭാവമുള്ള, പൌരുഷമില്ലാത്ത. -ish-ly, *ad.* സ്ത്രീഭാവത്തോടെ. -ish-ness, *n.* സ്ത്രീഭാവം, സ്ത്രീചേഷ്ട. -less, *a.* സ്ത്രീകളില്ലാത്ത, പെണ്ണില്ലാത്ത. -līke, -ly, *a.* സ്ത്രീകൾക്കു ഉചിതമായ, നാരികൾക്കു പററിയ, സ്ത്രീഗുണമുള്ള. -li-ness, *n.* സ്ത്രീത്വം, സ്ത്രീഗുണം. -ly, *ad.* സ്ത്രീയെപോലെ, സ്ത്രീകൾക്കു ഉചിതമായ വിധത്തിൽ, സ്ത്രീസല്ഗുണങ്ങളോടെ.

Wŏmb (wụm), *n.* ഗൎഭാശയം, ഗൎഭപാത്രം (*an.*); 2. ഗൎഭം, ഉദരം, ഉത്ഭവസ്ഥാനം; 3. ഉള്ള്, അകം.

Wŏm'bat, *n.* ഒര് സകോശമൃഗം (*z.*).

Wom'en (wim'en), *n. pl. of* Woman.

Wŏn, *pt. and p. p. of* Win.

Wŏn'dĕr, *n.* ആശ്ചൎയ്യം, അത്ഭുതം, അതിശയം, വിസ്മയം; 2. അത്ഭുതകാൎയ്യം; ആശ്ചൎയ്യസംഭവം, അപൂൎവ്വസംഗതി; 3. ഭയങ്കരജന്തു. w.-land അത്ഭുതപ്രദേശം. w.-struck അതിശയംക്രൂറിയ, അത്ഭുതം ജനിച്ച, ആശ്ചൎയ്യംതോന്നിയ. w.-work അതിശയപ്രവൃത്തി, അത്ഭുതം, അതിശയം; അപൂൎവ്വപ്രാണി. w.-worker അതിശയം ചെയ്യുന്നവൻ, അത്ഭുതംപ്രവൃത്തിക്കുന്നവൻ. w.-working അതിശയം പ്രവൃത്തിക്കുന്ന. seven w.'s of the world (പൂൎവ്വകാലത്ത് ഉണ്ടായിരുന്ന) ഏഴ് അതിശയ നിൎമ്മാണങ്ങൾ, വിസ്മയകര നിൎമ്മാണസപ്തകം. *v. i.* ആശ്ചൎയ്യപ്പെടുക, അതിശയിക്കുക, അതിശയംക്രൂറുക, വിസ്മയിക്കുക, അത്ഭുതപ്പെടുക; 2. സംശയിക്കുക, ശങ്കിക്കുക; 3. ആലോചിക്കുക. -ĕr, *n.* അതിശയിക്കുന്നവൻ. -fụl, -ŏus, wŏn'drous, *a.* ആശ്ചൎയ്യജനകം ആയ, വിസ്മയകരം—, അപൂൎവ്വം—, വിചിത്രം—, കൌതുകം—; അതിശയമാന്ന, അത്ഭുതമുള്ള. -fụl-ly, wŏn'dĕr-ŏus-ly, won'drŏus-ly, *ad.* അതിശയത്തോടെ, അത്ഭുതമായി. -fụl-ness, wŏn'dĕr-ŏus-ness, *n.* അത്ഭുതം, അതിശയം, കൌതുകം, വൈചിത്ര്യം. -ing-ly, *ad.* അതിശയത്തോടെ. -ment, *n.* അത്ഭുതം, അതിശയം, വിസ്മയം.

I. Wŏn't, *contr. f. of* Will not.

II. Wŏnt, *a.* നടപ്പായ, വഴക്കമായ, പതിവായ, മൎയ്യാദയായ, സമ്പ്രദായമായ. *n.* നടപ്പ്, പതിവ്, മൎയ്യാദ, സമ്പ്രദായം, ശീലം, തഴക്കം, രൂഢി, നടവടി. *v. i.* പതിവായിരിക്കുക, നടവടിയായിരിക്കുക. *v. t.* (*refl.*) വഴക്കമാക്കുക, പതിവാക്കുക, ശീലമാക്കുക. -'ed, *a.* പതിവായ, പതിവ് പോലെയുള്ള, നടപ്പായ. -'ed-ness, *n.* നടപ്പ്, വഴക്കം, ശീലം.

Woo, *v. t.* പ്രേമാൎത്ഥനം ചെയ്യുക, വിവാഹാൎത്ഥം ചോദിക്കുക, സ്ത്രീപ്രേമാൎത്ഥം യത്നിക്കുക; 2. വാഞ്ഛിക്കുക, ആശിക്കുക, വശീകരിക്കുക, അപേക്ഷിക്കുക. *v. i.* പ്രേമസല്ലാപം ചെയ്യുക, പ്രേമാൎത്ഥനം ചെയ്യുക, (സ്ത്രീയിൽ) മനസ്സഴിയുക, മനസ്സ് ലയിക്കുക. -'ĕr, *n.* പ്രേമാൎത്ഥകൻ, പ്രേമാൎത്ഥി. -'ing-ly, *ad.* പ്രേമാൎത്ഥനമായി; വശീകരണമായി, ആകൎഷകമായി.

I. Wọọd, Wōde, *a.* ചിത്തഭ്രമമുള്ള, ഭ്രാന്തുള്ള; 2. ഭൂതഗ്രസ്തമായ, ഭൂതം ഉറഞ്ഞ, വെളിച്ചപ്പാടുള്ള; 3. ഉഗ്രമായ. *v. i.* ഭ്രാന്തുണ്ടാക, ഭ്രാന്ത് കാട്ടുക.

II. Wọọd, *n.* (*pl.*) മരക്കൂട്ടം, തോപ്പ്, തോട്ടം, മരക്കാട്, വനം; 2. മരം, തടി, മരക്കാതല്, കാതല്, പണിത്തരമരം; 3. തണ്ട് (*b.*); 4. വിറക്. w.-apple കൂവളക്കായി, വിളാമ്പഴം, വില്വഫലം, കൂവളം (*b.*). w.-bind, w.-bine ഒര് പരിമളപുഷ്പവല്ലി (*b.*). w.-bound മരക്കാട്നിറഞ്ഞ. w.-cell തരുവിലം (*b.*). w.-chat പാടുന്ന ഒര് പക്ഷി (*z.*). w.-choir (കാട്ടിലെ) പക്ഷിമേളം. w.-coal ഇരുന്നല്, കരി. w.-cock കാട്ട്കോഴി (*z.*). w.-craft നായാട്ട്, വേട്ട. w.-cut മരത്തിൽ കൊത്തിയ ചിത്രം, മരച്ചിത്രം, മരപ്പതിപ്പ് ചിത്രം. w.-cutter

വിറക്വെട്ടി; മരം മുറിക്കുന്നവൻ; മരത്തിൽ ചിത്രം കൊത്തുന്നവൻ. **w.-cutting** വിറക്വെട്ടൽ, മരം മുറിക്കൽ; മരത്തിൽ ചിത്രം കൊത്തൽ. **w.-drink** (മരം വെന്ത) കഷായം. **w.-culver, w.-pigeon** കാട്ട്പ്രാവ് (*z.*). **w.-echo** വനപ്രതിധ്വനി, കാട്ടൊലി. **w.-engraver** (മരത്തിൽ) കൊത്ത്പണി ചെയ്യുന്നവൻ, മരച്ചിത്രക്കൊത്തുകാരൻ. **w.-engraving** മരച്ചിത്രക്കൊത്ത്പണി, മരക്കൊത്ത്ചിത്രം, മരക്കൊത്ത്ചിത്രപ്പതിപ്പ്. **w.-fibre** ആര് (*b.*), മരപ്പൊടി. **w.-frog** മരത്തവള (*z.*). **w.-god** വനദേവത (*myth.*). **w.-guest** മണിപ്രാവ് (*z.*). **w.-hewer, w.-pecker** മരംകൊത്തിപ്പക്ഷി (*z.*). **w.-hole, w.-house** മരച്ചാപ്പ. **w.-land** മരത്തോപ്പ്, വളർത്തുകാട്, വനപ്രദേശം, മലനാട്. **w.-man** മലവാരം ഉദ്യോഗസ്ഥൻ; നായാട്ടുകാരൻ, വേടൻ; വിറക്വെട്ടി, കാട്ട്വാസി; കാട്ടാളൻ. **w.-mote** മലവാരംകച്ചേരി. **w.-note** പക്ഷിസ്വരം. **w.-nymph** വനദേവത, വനദുർഗ്ഗ. **w.-offering** വിറക്വഴിപാട് (*Bl.*). **w.-oil** മരയെണ്ണ, ഒര്വക പന്തം (*b.*). **w.-opal** ക്ഷീരസ്ഫടികരത്നം (*min.*). **w.-paper** മര (ചോറുകൊണ്ടുണ്ടാക്കിയ) കടലാസ്. **w.-pulp** മരച്ചോറ്. **w.-reeve, w.-ward** കാട്കാവല്ക്കാരൻ. **w.-screw** മരപ്പിരിയാണി. **w.s-man** വേടൻ, കാട്ടാളൻ. **w.-soot** മരക്കരി. **w.-stamp** മരമുദ്ര. **w.-tar** പന്തം. **w.-work** മരപ്പണി. *v. t.* വിറക്നിറക്കുക, വിറക്സംഭരിക്കുക. *v. i.* വിറക് കയറ്റുക. **-'ed,** *a.* മരങ്ങൾ ഉള്ള, മരം നിറഞ്ഞ, തോപ്പുകൾ ഉള്ള. **-'en,** *a.* മരമായ; മരം സംബന്ധിച്ച; മരംകൊണ്ടുണ്ടാക്കിയ; കോലംകെട്ട; ചുണകെട്ട; വിറങ്ങലിച്ച. **w.n spoon** കയ്യില്; സർവ്വകലാശാലാവിജയികളിൽ ഒടുക്കത്തവൻ. **w.n ware** (മരവി, കയ്യില് മുതലായ) മരപ്പാത്രം. **w.n wedding,** *s. u.* **Wed. -'en-ly,** *ad.* പരുപരുത്തമായി; പട്ടപണിയായി; ഭോഷത്വമായി. **-'en-ness,** *n.* മരഗുണം; കോലമില്ലായ്മ; വിഡ്ഢിത്വം, മൂഢത്വം. **-'i-ness,** *n.* മരഗുണം. **-'less,** *a.* വൃക്ഷങ്ങളില്ലാത്ത, മരമില്ലാത്ത. **-'less-ness,** *n.* വൃക്ഷശൂന്യത. **-'sy,** *a.* വനം സംബന്ധിച്ച. **-'y,** *a.* മരം നിറഞ്ഞ, വൃക്ഷനിബിഡമായ. ആരുള്ള; നാരുള്ള; വനം സംബന്ധിച്ച; കാട്ട്. **w.y fiber** തരുവിലം (*b.*).

**Woo'ër,** *n.*, *s. u.* **Woo.**

**Woof,** *n.* ഊടനൂല്, ഊട (*w.*); 2. തുണി, ശീല. **-'y,** *a.* നൂലടുപ്പമുള്ള, ഇഴയടുപ്പമുള്ള, കട്ടിയായ.

**Woo'ing-ly,** *ad.*, *s. u.* **Woo.**

**Wool,** *n.* ആട്ട്രോമം, ഊണ്ണം; 2. ചുരുള്മുടി; 3. രോമനൂല്; 4. മുള്ള്, ആര്, രോമം (*b.*). **w.-ball** രോമനൂലുണ്ട. **w.-burler** ആട്ട്രോമം നന്നാക്കുന്നവൻ. **w.-comber** രോമം ചീവി; രോമം ചീവിയന്ത്രം. **w.-scribbler, woolen-scribbler** രോമംചീവിയന്ത്രം. **w.-staple** ഊണ്ണവ്യാപാരസ്ഥാനം. **w.-stapler** ഊണ്ണവ്യാപാരി; (ആട്ട്)രോമം തിരിവുകാരൻ. **w.-winder** (ആട്ട്)രോമം കെട്ടുന്നവൻ. **pulled w.** (ആട്ടിൻെറ) തോലിൽനിന്ന് പറിച്ചെടുത്ത രോമം. **dead-pulled w.** ചത്ത ആട്ടിൻെറ രോമം. **w.-sorter's disease** ഒര്വക പുണ്ണ് (*med.*). **w.-dyed** ചായം മുക്കിയ ആട്ട്രോമം. **w.-gathering** മനോരാജ്യമായ, കിനാവ് കാണുന്ന; ധ്യാനിക്കുന്ന; കിട്ടാമോഹമുള്ള; മനോരാജ്യം, മായാമോഹം. **w.-grower** (രോമം കത്രിച്ചെടുപ്പാൻ വേണ്ടി) ആടുകളെ പോററുന്നവൻ, ആട്ടിടയൻ. **w.-growing** ആട്പോററൽ. **w.-hall** ആട്ട്രോമച്ചന്ത. **w.-man** ഊണ്ണവ്യാപാരി. **w.-pack** (240 റാത്തൽ തൂക്കമുള്ള) ആട്ട്രോമക്കെട്ട്. **w.-sack** ആട്ട്രോമസഞ്ചി; ഇംഗ്ലാണ്ടിലെ പ്രഭുസഭാഗ്രാസനം; ഇംഗ്ലാണ്ടിലെ നീതിയധിപാഗ്രേസരസ്ഥാനം. **w.-stock** മരമുട്ടി. **wooled, woolled** (-wuld), *a.* രോമമുള്ള. **-'en, -'len,** *a.* ആട്ട്രോമംകൊണ്ടുണ്ടാക്കിയ; ഊണ്ണമായ; കമ്പിളിത്തുണിയായ; കമ്പിളിനെയ്ത്ത് സംബന്ധിച്ച. *n.* കമ്പിളിത്തുണി. **-en-et', -len-et', -en-ette', -len-ette'** (-et'), *n.* നേർമ്മക്കമ്പി

ളിത്തുണി. -′fell, -′fel, *n.* ആട്ട്രോമ ത്തോല്. -′li-ness, *n.* രോമമയത്വം. -′ly, *a.* രോമമായ, രോമമുള്ള; ഊണ്ണുതുല്യ മായ; കമ്പിളിവസ്ത്രം ധരിച്ച. w.y bear കമ്പിളിപ്പുഴ(*z.*). w.y head കാപ്പിരി. -′sey, *n.*, *s. u.* Linsey-woolsey.

**Woold,** *v. t.* ചുററിക്കെട്ടുക, കെട്ടിവരിയുക. -′ĕr, *n.* തിരിച്ച് മുറുക്കുന്നകൊള്ളി. -′ing, *n.* കെട്ടിവരിയൽ; വരിച്ചല്; ചുടി; (കപ്പലിൻെറ പാമരം കെട്ടുന്ന) കയറ്.

**Wooled, Wool′en,** *etc.*, *s. u.* Wool.

**Woo′lĕrt, Oo′lĕrt, Ow′lĕrd,** *n.* നത്ത്, കൂമൻ, മൂങ്ങ (*z.*).

**Wool′-gath-ĕr-ing, Wool′-grōw-ing, Wool′ly, Wool′man, Wool′-pack, Wool′sack, Wool′sey,** *etc.*, *s. u.* Wool.

**Wŏrd** (wĕrd), *n.* വാക്ക്; 2. ശബ്ദം, പദം; 3. വാക്യം, വചനം; 4. (*pl.*) സംസാരം, ഭാഷണം, സംഭാഷണം, വാക്ക്, ഭാഷ; 5. (*only in sing.*) വിവരം, വത്തമാനം, ദൂത്; 6. കല്പന, ആജ്ഞ; അടയാളം; 7. പ്രസ്താവം, മൊഴി, വാക്ക്, വാഗ്ദത്തം; 8. (*pl.*) തക്കം, വക്കാണം, വാഗ്വാദം, ശണ്ഠ; 9. ചൊല്ല്. w.-book പദാവലി, ശബ്ദകോശം, നിഘണ്ടു. w.-blindness അക്ഷരാന്ധ്യം (*phys.*). w.-catcher അക്ഷരവിഷ്ഠി, കതക്കി. w.-deafness പദബധിരത്വം (*phys.*). w.-dumbness വിക്ക്, കൊഞ്ഞ്. w.-painting സൂക്ഷ്മവിവരണം, കൃത്യവിവരണം. w.-picture കൃത്യവിവരം, സൂക്ഷ്മവിവരം. w.s-man വെറും വാക്കുകാരൻ, വായിച്ചപ്പടാച്ചിക്കാരൻ. the w. ദൈവവചനം, വേദോക്തി, സത്യവേദവാക്യം (*theo.*); The W. പുത്രനായ ദൈവം, വചനമായവൻ, യേശുക്രിസ്തു (*Bl.*). compound w. സമാസപദം, സമാസം (*gr.*). good w. നല്ല സാക്ഷ്യം, 'ശിപാശി'. in a w. ചുരുക്കത്തിൽ, സംക്ഷേപിച്ച്. in w. വാക്കിൽ, വെറുംവാക്കായി, കാഴ്ചക്ക് മാത്രം, പുറമെ. w. for w. വാക്ക് വാക്കായി, അക്ഷരപ്രകാരം. to eat one's w.s പറഞ്ഞത് പിൻവലിക്കുക, വാക്ക് മടക്കിയെടുക്കുക, പറഞ്ഞത് ശരിയല്ലെന്ന് വരിക. *v. i.* വാക്കുകൾ ഉപയോഗിക്കുക, സംസാരിക്കുക, വാദിക്കുക, തക്കിക്കുക, കലമ്പുക. *v. t.* വാക്കുച്ചരിക്കുക, പറയുക, ചൊല്ലുക. -′i-ly, *ad.* വാക്ക് പെരുപ്പമായി, അതിഭാഷണമായി. -′i-ness, *n.* അതിവാചകത്വം, വാക്ക് പെരുപ്പം, അതിഭാഷണം. -′ing, *n.* വാചകരീതി, രീതി, വാചകസമ്പ്രദായം, പദപദ്ധതി. -′ish, *a.* വാക്ക് സംബന്ധിച്ച, വാക്ക് പെരുപ്പമുള്ള. -′ish-ness, *n.* വാക്ക് പെരുപ്പം, അതിവാചകത്വം. -′less, *a.* വാക്കില്ലാത്ത, മിണ്ടാത്ത. -′y, *a.* വാക്ക് സംബന്ധിച്ച, വാക്കായ, വാക്ക് കൊണ്ടുള്ള; വാക്ക് പെരുത്ത, വാക്ക് പെരുപ്പമുള്ള; അതിവാചകമായ.

**Wōre,** *p. t. of* Wear.

**Wŏrk** (wĕrk), *n.* പ്രവത്തനം, പ്രയോഗം, പ്രവൃത്തി, ക്രിയ; 2. അദ്ധ്വാനം, യത്നം, പരിശ്രമം, പ്രയത്നം, വേല, തൊഴില്, പണി; ദേഹദണ്ഡം; 3. തുന്നപ്പണി, തയ്യൽവേല; 4. പ്രവൃത്തിഫലം, കാൎയ്യസിദ്ധി; സാദ്ധ്യം; 5. ഉല്പന്നം; ഉണ്ടാക്കിയ സാമാനം; ചരക്ക്; 6. ഗ്രന്ഥരചന, കൃതി, ഗ്രന്ഥം, പുസ്തകം; 7. ചിത്രത്തയ്യൽപ്പണി; 8. (*pl.*) നിൎമ്മാണം, എടുപ്പ്; പാലം; കോട്ട, കൊത്തളം; 9. പ്രവൃത്തിവിധം, പ്രവൃത്തിരീതി; 10. ചലനശക്തി (*mach.*); 11. ലോഹയിര്, അയിര് (*ming.*); 12. (*pl.*) സല്ക്രിയ, സല്കൎമ്മം, സുകൃതം, പുണ്യം. w.-a-day, w.-day, *work′y*-day പണി (എടുക്കുന്ന) ദിവസം, ഞായറാഴ്ചയല്ലാത്ത—. w.-bag തുന്നൽസഞ്ചി. w.-basket തുന്നൽക്കൊട്ട. w.-bench (ഇരുന്ന്) പണി (എടുക്കുന്ന) നാല്കാലി, പണിബാങ്ക്. w.-box തുന്ന(ൽ) ക്കോപ്പ് പെട്ടി, തുന്നൽപ്പെട്ടി. w.-fellow കൂടെ പണി എടുക്കുന്നവൻ, ഒന്നിച്ച് പണി—, കൂട്ട്പണിക്കാരൻ, കൂട്ട് വേലക്കാരൻ, സഹപ്രവത്തകൻ. w.-folk പണിക്കാര്, വേലക്കാര്, പണിയാള്. w.-house പണിസ്ഥലം, തൊഴിൽശാല, പ്രവൃത്തിസ്ഥലം, (തെണ്ടിനടക്കുന്നവൎക്കായുള്ള) നിൎബ്ബന്ധപണിപ്പുര; ധൎമ്മപ്പണിപ്പുര. w.-man പണിക്കാരൻ, വേല

ക്കാരൻ; നല്ലപണിക്കാരൻ, പ്രവൃത്തിശീലമുള്ളവൻ. **w.-manlike** നല്ല പണിയായ, ചമല്ക്കാരമുള്ള. **w-manly,** മെച്ചം പണിയായ, നല്ല പണിയായ; മെച്ചം പണിയായി. **w-manship,** പണിശീലം, സാമത്ഥ്യം, ചമല്ക്കാരം; കൈവേല, പണി. **w.-master** നല്ല പണിക്കാരൻ. **w.-room** പണിയറ. **w.-shop** തൊഴിൽശാല. **w.-woman** പണിക്കാരത്തി, നല്ലപണിക്കാരത്തി, മികെച്ച തുന്ന(ൽ)ക്കാരത്തി. **muscular w.** പേശിസങ്കോചനം (*phys.*). **to go to w.** പണി എടുക്കുക, പണി തുടങ്ങുക, ശ്രമിക്കുക. **to set to w.** പണിക്കാക്കുക, പണി എടുപ്പിക്കുക, പണിക്ക് വെക്കുക, —നിത്തുക. *v. i. r. or ir.* (**wŏrked** *pr.* wĕrkt, **wrought** *pr.* rạt; **wŏrked, wrought**) പ്രവൃത്തിക്കുക, പ്രവത്തനം ചെയ്യുക; വത്തിക്കുക; 2. പണി ചെയ്യുക, വേലചെയ്യുക, യത്നിക്കുക, പ്രയത്നിക്കുക, ശ്രമിക്കുക, പരിശ്രമിക്കുക, ഉദ്യോഗം ചെയ്യുക, തൊഴിലായിരിക്കുക, വേലയായിരിക്കുക; 3. കൈക്കൂടുക, ഫലിക്കുക, സാദ്ധ്യമുണ്ടാക; 4. പണിപ്പെടുക, പാട് പെടുക, വേവിലാതിപ്പെടുക; 5. അലയുക, ആടുക, ഇളകുക; 6. (down, out, into, up, through) പ്രയാസേന ചെയ്യുക, അദ്ധ്വാനിച്ച് സാധിപ്പിക്കുക, ക്രമേണ ഉണ്ടാക; 7. പുളിക്കുക, പുളിച്ച് പൊന്തുക, നുരക്കുക; 8. വയറിളക്കുക, വിരേചനം ഉണ്ടാക (*med.*). **to w. at** പണിചെയ്യുക, പ്രവൃത്തിക്കുക. **to w. to windward** കാററിന്നെതിരായി ഓടുക (*naut.*). *v. t.* പ്രവൃത്തി നടത്തുക; 2. ഒരുക്കുക; 3. ഉപയോഗിക്കുക, പ്രയോഗിക്കുക; 4. അദ്ധ്വാനിച്ചുണ്ടാക്കുക, സാധിപ്പിക്കുക, ആക്കിത്തീക്കുക; 5. ക്രമേണചെയ്യുക, പ്രയാസേന ചെയ്യുക; 6. പാട്ടിലാക്കുക, മനസ്സ് വരുത്തുക, വശത്താക്കുക, സ്വാധീനപ്പെടുത്തുക, ചെയ്യിക്കുക; 7. തുന്ന(ൽ)പ്പണി ചെയ്യുക; 8. നടത്തുക, പ്രവൃത്തിപ്പിക്കുക, നോക്കിനടത്തുക, നയിക്കുക; 9. പുളിപ്പിക്കുക. **to w. a passage** കപ്പക്കൂലിക്ക് പകരം കപ്പലിൽ പണി എടുക്കുക (*naut.*). **to w. double tides** ഒന്നര ദിവസത്തെപണി ഒര് ദിവസംകൊണ്ട് ചെയ്യുക, ഒന്നരപ്പണി ചെയ്യുക (*naut.*). **to w. in** അമിഴ്ത്തുക, പതിക്കുക; മിടയുക; തുന്നുക, നെയ്യുക. **to w. into** ചെയ്യിക്കുക, വരുത്തുക; കാര്യംപററിക്കുക, സാധിപ്പിക്കുക. **to w. off** നീക്കുക, പുറത്താക്കുക. **to w. out** സാധിപ്പിക്കുക, അനുഷ്ഠിക്കുക; മാച്ച് കളയുക; ഉത്തരം കാണുക; തീത്ത് കളയുക. **to w. up** ഉത്സാഹിപ്പിക്കുക, കിളത്തുക, ഉണ്ടാക്കിത്തീക്കുക, വരുത്തുക; ഉപയോഗപ്പെടുത്തുക, തീത്ത് കളയുക, ചെലവാക്കുക; ആക്കിത്തീക്കുക; പണിയെടുപ്പിക്കുക. **-'a-ble,** *a.* ചെയ്യാകുന്ന, ചെയ്വാൻ തക്ക, പണിക്ക് പററിയ, പണിക്ക് തക്ക. **-'ĕr,** പ്രവൃത്തിക്കുന്നവൻ, പ്രവൃത്തിക്കാരൻ, പണിക്കാരൻ, വേലക്കാരൻ, പണിചെയ്യുന്നവൻ. **-'fụl,** *a.* പ്രവൃത്തിയുള്ള, പണിചെയ്യുന്ന; ഉത്സാഹമുള്ള. **-'ing,** *a.* പ്രവൃത്തിക്കുന്ന, പണി എടുക്കുന്ന. **w.g-classes** കൂലിപ്പണിക്കാര്, കൈത്തൊഴിലുകാര്, കൈക്കോട്ട് പണിക്കാര്. **w.g-day** പണിദിവസം, ഞായറാഴ്ചയല്ലാത്ത ദിവസം; എല്ലാദിവസവും, ദിവസേന; പണിദിവസമായ, ഉത്സാഹമുള്ള, അദ്ധ്വാനശീലമുള്ള. **w.g drawing** നിമ്മാണമാതൃക, വീട്ട് പണിപ്പടം. **w.g-house** പ്രവൃത്തിശാല; നിബ്ബന്ധപ്പണിസ്ഥലം; ധമ്മപ്പണിപ്പുര. **w.g-man** കൂലിപ്പണിക്കാരൻ, കൈക്കോട്ട് പണിക്കാരൻ, കൈവേലക്കാരൻ. **-'less,** *a.* പണിയില്ലാത്ത, വേലയില്ലാത്ത, അദ്ധ്വാനിക്കാത്ത. **-'ship** *n.* പണി, കൈവേല, ചമല്ക്കാരം.

**Wŏrld** (wĕrld), *n.* ഭൂമി, ഭൂലോകം, ഉലകം, പാര്, പാരിടം, ലോകം, വിശ്വം, സൃഷ്ടിസഞ്ചയം, ജഗത്ത്, ഭൂചക്രം, പ്രപഞ്ചം; 2. ഗ്രഹം, നക്ഷത്രം, വാനഗോളം; 3. ഭൂവാസികൾ, നിവാസികൾ, മനുഷ്യര്; 4. ഭൂഭാഗം, പ്രദേശം, ദിക്ക്; 5. ലൌകികകാര്യം, ലൌകികം, ലോകാചാരം, ലോകസമ്പ്രദായം; മാനുഷസ്വഭാവം; 6. ജീവധമ്മം, ജീവവ്യവസ്ഥ; 7. മനുഷ്യവംശം, നരകുലം, ലോകര്, മാലോകര്, മഹാലോകര്, ജനങ്ങള്; 8. ഇഹലോകം, ഐഹികം; 9. ദുജ്ജനം, ദുഷ്ടന്മാര്, ദൈവഭ

ക്തിയില്ലാത്തവര്; 10. പെരുപ്പം, കൂട്ടം; വലിപ്പം. **w.-wide** എങ്ങുമുള്ള, സൎവ്വത്രു, ലോകത്തിലെങ്ങും, ലോകം മുഴുവനും. **w.'s end** ഭൂവരുത്തി, ഭൂമിയുടെ അററം, അങ്ങേ അററം, ദൂരദിക്ക്. **all in the w.** എന്ത് ചെയ്യാലും, യാതൊന്നുകൊണ്ടും. **for all the w.** കൃത്യമായി, ശരിയായി; എന്ത് കൊടുത്താലും, എന്ത് ചെയ്യാലും, യാതൊന്നുകൊണ്ടും. **seven wonders of the w.**, *s. u.* **Wonder.** **in the w.** ലോകത്തിൽ; എന്ത്. **w. without end** എന്നേക്കും, എന്നന്നേക്കും, നിത്യമായി. **-'li-ness,** *n.* ലൌകികഭാവം, ലോകപ്രിയം; സുഖഭോഗപ്രിയം; ലോഭം, ദ്രവ്യാഗ്രഹം. **-'ling,** *n.* ലൌകികൻ, ജഡികൻ, പ്രാപഞ്ചികൻ, അൎത്ഥാഗ്രഹി. **-'ly,** *a.* ലോകംസംബന്ധിച്ച, മാനുഷികമായ; സാധാരണമായ; ഐഹികമായ, ഇഹലോകസംബന്ധമായ, ലൌകികമായ, ഭൌമികമായ; ദ്രവ്യാഗ്രഹമുള്ള. *ad.* ലൌകികമായി, ലോകപ്രകാരം. **w.y-minded** ലൌകികഭാവമുള്ള, സുഖഭോഗപ്രിയമുള്ള. **w.y-mindedness** ലോകപ്രിയം, ലൌകികഭാവം, ജഡികഭാവം. **w.y-wise** ലൌകികജ്ഞാനമുള്ള.

**Wŏrm** (wĕrm), *n.* ഇഴയുന്ന ജന്തു, ഇഴജാതി, ഇരിയുന്ന പ്രാണി; 2. പുഴ, കൃമി, കീടം; 3. ഇര, പാമ്പൻ (*z.*); 4. നിലത്തിര, ഞാഞ്ഞൂല്, ഭൂനാഗം (*z.*); 5. (വി)മിട്ടില് (*z.*); 6. (*pl.*) സോപദജങ്ങൾ (*z.*); 7. മനോവേദന, കുത്ത്, മനസ്സാക്ഷിക്കുത്ത്; 8. നിസ്സാരൻ, നികൃഷ്ടൻ; 9. പിരി; പിരിയാണി; 10. കാച്ച് പാത്രക്കുഴല്, വാററ്കുഴല്. **w.-abscess** (പുഴുവിനാൽ ഉണ്ടാകുന്ന) കുരു, വ്രണം (*med.*). **w.-eaten** പുഴുതിന്ന, ദ്രവിച്ച, ജീൎണ്ണിച്ച, പഴയ, നിസ്സാരമായ. **w.-hole** പുഴുത്തുള. **w.-oil** ഇരത്തൈലം (*med.*). **w.-powder** ഇരപ്പൊടി (*med.*). **w.-seed** ഇരമരുന്ന് (*med.*). **w.-shaped** കീടാകൃതിയായ. **w.-snake** ചേര (*z.*). **w.-tea** ഇരക്കഷായം (*med.*). **w.-wheel** പൽച്ചക്രം (*mech.*). **w.-wood** മക്കിപ്പൂ (*b.*). **Indian w.-wood** നിലമ്പാല (*b.*) *v. i.* മെല്ലെ ചെയ്യുക; 2. ക്രമേണ പ്രവൃത്തിക്കുക; 3. ഗോപ്യമായി ചെയ്യുക, രഹസ്യത്തിൽ—. *v. t.* (out) ഉപായേന സാധിപ്പിക്കുക; 2. പോക്കുക; 3. ക്രമേണ പുറത്താക്കുക; 4. ചോദിച്ച് മനസ്സിലാക്കുക, പറയിക്കുക; 5 വെടിപ്പാക്കുക; 6. വലിച്ചെട്ടക്കുക; 7. കമ്പക്ക് ചുറ്റിവരിയുക (*naut.*). **to w. one's self into** സേവപിടിക്കുക; സേവിച്ച് കൂടുക. **wŏrmed** (wĕrmd) *a.* പുഴുവരിച്ച. **-'ling,** *n.* ചെറുകീടം (*z.*). **-'y,** *a.* പുഴുവുള്ള, പുഴുനിറഞ്ഞ; കൃമിസംബന്ധിച്ച; ഇഴയുന്ന, ഇരിയുന്ന; നിരങ്ങുന്ന.

**Wōrn,** *p. p. of* **Wear,** *a.* തേഞ്ഞ; 2. ക്ഷീണിച്ച. **w. land** വളം പോയ ഭൂമി. **w. out** ഉടുത്ത് പഴകിയ.

**Wor'ral, Wor'rel,** *n.* മഹാഗൌളി, വൻപല്ലി (*z.*).

**Wŏr'ry, Wŏr'rit,** *v. t.* പിൻതുടൎന്ന് ബുദ്ധിമുട്ടിക്കുക, ആക്രമിക്കുക, വേട്ടയാടുക; 2. പറിച്ച് ചീന്തുക, കടിച്ച് മുറിക്കുക; 3. ബുദ്ധിമുട്ടിക്കുക, അസഹ്യപ്പെടുത്തുക, പീഡിപ്പിക്കുക, ഉപദ്രവിക്കുക, തൊന്തരപ്പെടുത്തുക, ബാധിക്കുക; 4. പാട് പെടുത്തുക, അദ്ധ്വാനിപ്പിക്കുക, ക്ഷീണിപ്പിക്കുക. *v. i.* വേവിലാതിപ്പെടുക, ആധിയുണ്ടാക; 2. ദുശ്ശീലംകാട്ടുക, ചിനുങ്ങുക, ഇളിയുക, വെറുപ്പ് തോന്നുക, വെറുതിയുണ്ടാക. *n.* (*also* **wŏr'rit, wŏr'ri-ment**) വേവലാതി, ചിന്താകുലം, ആധി; 2. ബുദ്ധിമുട്ട്, അസഹ്യം, തൊന്തരവ്, സൊല്ല, ഉപദ്രവം; 3. ഇളിച്ചല്, ചിനുക്കം, വെറുപ്പ്. **wŏr'ri-ĕr,** *n.* ബുദ്ധിമുട്ടിക്കുന്നവൻ, ഉപദ്രവി, ഉപദ്രവക്കാരൻ. **wŏr'ri-sŏme,** *a.* ദുശ്ശീലമുള്ള, ചിനുങ്ങുന്ന, ഇളിയുന്ന; അസഹ്യമായ, ഉപദ്രവമായ, തൊന്തരവായ. **-ing-ly,** *ad.* അസഹ്യമായി, ഉപദ്രവകരമായി.

**Wŏrse** (wĕrs), *a.* (*c. d. of* **Bad**) അധികം ചീത്തയായ; 2. സുഖക്കേടധികമുള്ള, അധികം ക്ഷീണിച്ച; 3. അധികം ദുഷ്ടമായ, ഗുണം കുറഞ്ഞ. *n.* നഷ്ടം, തോല്പി, അപജയം; 2. അധിക ദുഷ്ടം, അധികം ചീത്തയായത്, അധിക തിന്മ, അധമം. *ad.* അധികം വിടക്കായി; അധികമായി; അധികം ദോഷമായി. *v. t.*

അധികം ചീത്തയാക്കുക, —വഷളാക്കുക, ദൂഷ്യം വരുത്തുക; 2. തോല്പിക്കുക; തോല്പിപ്പിണക്കുക; 3. തരം കെടുത്തുക, തരക്കേടാക്കുക, കേട് വരുത്തുക, അപകടത്തിലാക്കുക; 4. ജയിക്കുക, മുന്നുക. **wŏr′-sen,** *v.t.* അധികം ചീത്തയാക്കുക; ഊനം വരുത്തുക; ദൂഷ്യം വരുത്തുക, കേട് വരുത്തുക; ജയിക്കുക, മുന്നുക, തോല്പിക്കുക. *v.i.* അധികം ക്ഷീണിക്കുക, സുഖക്കേട് വർദ്ധിക്കുക. **wŏr′sĕr,** *a.* അധികം ചീത്തയായ.

**Wŏr′ship,** (wĕr′ship), *n.* ആരാധന, ഉപാസന, പൂജ, ഭജനം, ഭക്തി; 2. വന്ദനം, സേവ, വണക്കം, പ്രേമാതിരേകം; 3. ആരാധനാവിഷയം; 4. (ചില സ്ഥാനികൾക്കും ചില മജിസ്ത്രേട്ടന്മാർക്കും ഉദ്യോഗനിലയിൽ ബഹുമാനവാചിയായി) ബഹുമാനപ്പെട്ട അങ്ങുന്ന്, —അങ്ങെക്ക്, ഇവിടന്ന്, ഇവിടെക്ക്. **devil-w.** ഭൂതാരാധന, ഭൂതസേവ. **fire-w.** അഗ്നിയാരാധന, അഗ്നിപൂജ. **hero-w.** വീരപൂജ, വീരാരാധന. *v.t.* ആരാധിക്കുക, ഉപാസിക്കുക, പൂജിക്കുക, സേവിക്കുക, ഭജിക്കുക; 2. വണങ്ങുക, ബഹുമാനിക്കുക, അതിവാത്സല്യം കാട്ടുക, പ്രേമാതിരേകം ഉണ്ടാക. *v.i.* ആരാധിക്കുക, പൂജിക്കുക, ദൈവാരാധനചെയ്യുക. **-a-bil′i-ty,** *n.* ആരാധനീയത്വം, ഉപാസനീയത്വം. **-a-ble,** *a.* ആരാദ്ധ്യമായ, ആരാധനീയമായ, ആരാധിക്കത്തക്ക; പൂജ്യതയുള്ള, പൂജ്യനായ. **-ĕr, -pĕr,** *n.* ആരാധിക്കുന്നവൻ, ആരാധകൻ, ആരാധി, ഉപാസകൻ, സേവകൻ, പൂജകൻ. **-fụl,** *a.* ആരാദ്ധ്യമായ; പൂജ്യതയുള്ള, മാനമുള്ള, ബഹുമാനമുള്ള, ബഹുമാനയോഗ്യമായ, വന്ദ്യമായ. **-fụl-ly,** *ad.* ബഹുമാന്യതയോടെ, വന്ദനീയമായി. **-fụl-ness,** *n.* ബഹുമാന്യത, വന്ദനീയത്വം.

**Wŏrst** (wĕrst), *a.* (*s. d. of* **Bad**) ഏററവും ചീത്തയായ, അധികം വിടക്കായ, അധമമായ, അധമാധമമായ. *n.* അതിവഷളത്വം; 2. അധമം, അധമാധമം; 3. അധമത്വം, അധമാധമത്വം; 4. അതിനികൃഷ്ടത; 5. അത്യരിഷ്ടത. *v.t.* ജയിക്കുക, മുന്നുക; 2. പരാഭവിക്കുക, തോല്പിക്കുക, അപജയപ്പെടുത്തുക. *v.i.* അധികം വഷളാക; അധമമാക; 2. കിഴിയുക, താഴുക, ഹീനപ്പെടുക.

I. **Wŏrst′ed,** *p.t. and p.p. of* **Worst.**

II. **Wŏr′st′ed** (*or* wụs′ted) *n.* പിരിച്ച ആട്ട്രോമനൂല്, നല്ല രോമനൂല്, നല്ല "വൂൾ" നൂല്.

I. **Wŏrt** (wĕrt), *n.* ചെടി, സസ്യം (*b.*); 2. (*pl.*) 'ശൊസ്', മുട്ടഗോസ് (*b.*).

II. **Wŏrt** (wĕrt), *n.* ഇള'ബീര്', ഇളമദ്യം, ഇളകള്ള്.

**Wŏrth** (wĕrth), *v.i.* ആക, ഉണ്ടാക, സംഭവിക്കുക, നേരിടുക: **woe w. the day** ആ ദിവസം ശൂന്യമായി പോകട്ടെ; **woe w. the man** അവൻ നശിച്ച് പോകട്ടെ. *a.* വിലക്കുള്ള, വിലയുള്ള, വിലയായ: **a ring w. forty rupees** നാല്പത് ഉറുപ്പികക്കുള്ള മോതിരം, നാല്പത് ഉറുപ്പിക വിലക്കുള്ള മോതിരം; 2. യോഗ്യമായ, തക്ക, വേണ്ടുന്ന, യോഗ്യ, പാത്രതയുള്ള; 3. ആസ്തിയുള്ള, സ്വത്തുള്ള, വകയുള്ള. **w. while, w. the while,** *s. u.* **While.** *n.* വില, ക്രയം; 2. വിശേഷം, യോഗ്യത, ശ്രേഷ്ഠത; 3. ഗുണം, വൈശിഷ്ട്യം; 4. ഉപയോഗം, വീര്യം. **wŏr′-thi-ly,** *ad.* യോഗ്യമായി; വിശേഷമായി; ന്യായമായി, വിഹിതമായി; വേണ്ടുമ്പോലെ, തക്കപ്രകാരം. **wŏr′thi-ness,** *n.* യോഗ്യത, വൈശിഷ്ട്യം, ശ്രേഷ്ഠത; സല്ഗുണം; വില, സാരം. **-′less,** *a.* വില ഇല്ലാത്ത; ഗുണം—, യോഗ്യത—, വിശേഷത—, അഹ്തത—, ഉപയോഗം—, സാരം—; ആകാത്ത, കൊള്ളരുതാത്ത, നിസ്സാരമായ. **-′less-ly,** *ad.* വില ഇല്ലാതെ; യോഗ്യത—, അയോഗ്യമായി, നിസ്സാരമായി. **-′less-ness,** *n.* നിസ്സാരത്വം; അയോഗ്യത, നിർഗ്ഗുണത്വം. **wŏr′thy,** *a.* വിലയുള്ള; യോഗ്യത—, അഹ്തത—; സല്ഗുണം—. **w.y of** യോഗ്യതയുള്ള, തക്ക, പാത്രതയുള്ള. **wŏr′thi-est of blood** പുത്രക്ഷപ്രജ, പുത്രസന്താനം (*Engl. l.*). *n.* യോഗ്യൻ, മഹാൻ, കേമൻ, ശ്രേഷ്ഠൻ, വീരൻ.

I. **Wöuld,** *n., s. a.* **Weld.**

II. **Would** (wụd), *p. t. of* **Will.** **w. be** മോഹമുള്ള, ഒരുക്കമുള്ള; ആകുവാൻ പോകുന്ന, ആകുവാൻ ഇടയുള്ള; നടിക്കുന്ന, നാട്യമുള്ള. **a would-be poet** കവിയാണെന്ന് നാട്യം ഉള്ളവൻ.

I. **Wound,** *p. t. & p. p. of* **Wind** I.

II. **Wöund** (*or* wound), *n.* മുറി(വ്), ക്ഷതം, കായം (*S.*), പരിക്ക് (*N.*); 2. വേദന; 3. സങ്കടം; 4. നഷ്ടം; 5. അപമാനം. **w.-wort** മുറിക്കൂട്ടിച്ചപ്പ്, മുറിക്കൂട്ടിയില, മുറിക്കൂട്ടിച്ചെടി (*b.*). *v. t.* മുറിപ്പെടുത്തുക, മുറിവേല്പിക്കുക, കുത്തിമുറിക്കുക, കുത്തിവാരുക; 2. വേദനപ്പെടുത്തുക; 3. ദുഃഖിപ്പിക്കുക. **-'a-ble,** *a.* മുറിവേല്പിക്കാവുന്ന; മുറിതട്ടുന്ന. **-'ĕr,** *n.* മുറിവേല്പിക്കുന്നവൻ, കുത്തിമുറിക്കുന്നവൻ. **-'less,** *a.* മുറിവില്ലാത്ത, പരിക്കില്ലാത്ത; മുറിവേല്ക്കാത്ത; മുറിവ് തട്ടാത്ത.

**Wōve,** *p. t. of* **Weave.**

**Wōv'en,** *p. p. of* **Weave. w. paper, wove-paper** നല്ല എഴുത്ത് കടലാസ്.

**Wrack** (rak), *n.* ചെറുമേഘം. *v. t.* ഉപദ്രവിക്കുക, വേദനപ്പെടുത്തുക; 2. പീഡിപ്പിക്കുക, ഭേദ്യംചെയ്യുക.

**Wrāith** (rāth), *n.* ഭൂതം, പ്രേതം, മായക്കാഴ്ച (*Scot.*); 2. (*also* **water-wraith**) ജലദേവത (*myth.*).

**Wrañ'gle** (rañ'gl), *v. i.* കലഹിക്കുക, കലശല് ചെയ്യുക, ശണ്ഠ—, വക്കാണിക്കുക, കലമ്പുക, തമ്മിൽ വാക്കുണ്ടാക; 2. പിശകുക, പേയുക. *v. t.* വാക്കേററം പറയുക, കലശല് കൂട്ടുക, കലഹിക്കുക, ശണ്ഠചെയ്യുക. *n.* ശണ്ഠ, കലശല്, കലഹം, വാക്കേററം. **wrañ'glĕr** (rañ'glĕr), *n.* ശണ്ഠചെയ്യുന്നവൻ, കലഹിക്കുന്നവൻ, കലശല് കൂട്ടുന്നവൻ; സ്പർദ്ധി; കേമ്പ്രിജ് വിദ്യാശാലയിലെ ശ്രേഷ്ഠപദവി; വിജയിശ്രേഷ്ഠൻ, നിപുണൻ, വിദഗ്ദ്ധൻ. **wrañ'glĕr-ship,** *n.* വിജയശ്രേഷ്ഠത; നിപുണസ്ഥാനം, നിപുണപദവി, വിദഗ്ദ്ധപദവി. **-sōme,** *a.* ശണ്ഠചെയ്യുന്ന, കലമ്പുന്ന; പിശകുന്ന.

I. **Wrap** (rap), *v. t.* (*a corrupt spelling of* rap) ഭ്രമിപ്പിക്കുക, വിഹ്വലനാക്കുക, ഭ്രമിതനാക്കുക: **wrapt in wonder** ആശ്ചര്യഭരിതനായി, ആശ്ചര്യവിഹ്വലനായി.

II. **Wrap** (rap), *v. t.* ചുരുട്ടുക, മടക്കുക, മടക്കിവെക്കുക; 2. (up) പൊതിയുക, ചുററിപ്പൊതിയുക, ചുറക്കുക; 3. മൂടുക, മറക്കുക, ഒളിച്ച് വെക്കുക; 4. ഉൾപ്പെടുത്തുക, പെടുത്തുക; 5. പിൻതുടരുക. **to be wrapped** (rapt) **up in** മുങ്ങിപ്പോക, നിമഗ്നനാക; മൂടിയിരിക്കുക, പൊതിഞ്ഞിരിക്കുക; ആശ്രയിക്കുക. *n.* (*pl.*) കമ്പിളിപ്പുതപ്പ്; 'സാല്വ'; രോമത്തോല്; ചമുക്കാളം. **w.-rascal** പരുക്കൻ പുറങ്കുപ്പായം. **-'pāge,** *n.* പൊതിയൽ; പൊതിയുന്നത്, പൊതി, ഉറ; പുതപ്പ്. **-'pĕr,** *n.* ചുരുട്ടുന്നവൻ, മടക്കുന്നവൻ, പൊതിയുന്നവൻ; പുതപ്പ്, ഉറ; പുറങ്കുപ്പായം, ഒരു വക അങ്കി, നീളക്കുപ്പായം.

**Wrasse** (ras), *n.* ഒരു മത്സ്യം, കരിങ്കോര (*z.*).

**Wrath** (rạth), *n.* കോപം, ക്രോധം, ഉഗ്രകോപം, ഊഷ്മാവ്, അതികോപം; 2. ഉഗ്രത; 3. ശിക്ഷ, ദണ്ഡനം. **wroth** (rạth), *a.* കോപമുള്ള, ക്രോധമുള്ള; കുപിതനായ, കോപിഷ്ഠനായ. **-'fụl,** *a.* കോപമുള്ള, കുപിതനായ, ക്രോധമുള്ള, ക്രുദ്ധിച്ച; ക്രോധഭാവമുള്ള. **-'fụl-ly, -'i-ly,** *ad.* ക്രോധത്തോടെ, അതികോപത്തോടെ. **-'fụl-ness,** *n.* ഉഗ്രത; അതികോപം, ഊഷ്മാവ്. **-'less,** *a.* കോപമില്ലാത്ത. **-'y,** *a.* ക്രുദ്ധിച്ച, അതികോപമുള്ള.

**Wrēak** (rēk), *v. t.* പ്രതിക്രിയനടത്തുക, പ്രതികാരം ചെയ്യുക, (പകരം) വീ(ള)ട്ടുക; 2. ചെയ്യുക, നടത്തുക, വൈരം തീർക്കുക, പകവീള(ട്ടു)ക.

**Wrēath** (rēth), *n.* ചുരുള്, പിരി, വള; 2. പുഷ്പമാല; 3. ലതാകിരീടം, പുഷ്പകിരീടം. **wrēathe, wrēath** (rēth), *v. t.* പിരിക്കുക, പിന്നുക, ചുറക്കുക; 2. കെട്ടിപ്പിണക്കുക; 3. ചുററുക, വളച്ച് വെക്കുക. *v. i.* പിണയുക, തമ്മിൽ പിണയുക, ചുറയുക, പിരിയുക. **-'en,** *a.* പിരിച്ച, ചുറച്ച, വളച്ച. **-'less,** *a.* പൂമാല ഇല്ലാത്ത, ലതാകിരീടം—. **-'y,** *a.* പിരിച്ച, ചുറച്ച; ചുരുളായ, പിരിപിരിയായ.

**Wreck** (rek), **Wrack** (rak), *n.* കപ്പല് പൊളിയൽ, കപ്പ(ൽ)ച്ഛേതം, കപ്പൽനഷ്ടം, കപ്പല് വീഴല് ; 2. നാശം, കേട് ; 3. വീണ കപ്പല്, പൊളിഞ്ഞ കപ്പല് ; 4. ശേഷിപ്പ്, ബാക്കിയുള്ളത് ; 5. കഷ്ണം, തുണ്ടം; 6. (വീണ കപ്പലിൽനിന്ന് ഒഴുകിവന്ന) ഒഴുക്കുചരക്ക് ; അടിഞ്ഞ ചരക്ക് (*l.*). **w.-master** ഒഴുക്കുച്ചരക്കുദ്യോഗസ്ഥൻ (*l.*). *v. t.* കപ്പച്ഛേതം വരുത്തുക, കപ്പല് കരക്ക് കയററുക, —പാറക്ക് കയററുക; 2. നശിപ്പിക്കുക, കേട് വരുത്തുക, പൊളിക്കുക; 3. അപകടം പിണക്കുക, നഷ്ടം—. *v. i.* കപ്പച്ഛേതം സഹിക്കുക; നഷ്ടം—; 2. വീണ കപ്പലിൽനിന്ന് ആളുകളെ രക്ഷിക്കുക; —ചരക്ക് രക്ഷിക്കുക; 3. —ചരക്ക് കളവ് ചെയ്യുക. **-'āġe**, *n.* കപ്പ(ൽ)ച്ഛേതം വരുത്തൽ; കപ്പ(ൽ)ച്ഛേതം, ഉരുവീഴ്ച; പൊളിഞ്ഞ കപ്പല്, ഉടഞ്ഞ കപ്പല്, വീണ കപ്പല്. **-'ēr**, *n.* കപ്പച്ഛേതം വരുത്തുന്നവൻ; വീണ കപ്പലന്വേഷിക്കുന്നവൻ, വീണകപ്പലിലെ ആളെയും ചരക്കും രക്ഷിക്കുന്നവൻ; —ചരക്ക് കക്കുന്നവൻ; (വീണ കപ്പലിൽനിന്ന് ചരക്ക് കക്കുവാൻ ഉപയോഗിക്കുന്ന) കള്ളക്കപ്പല്. **-'fụl**, *a.* കപ്പല് നശിപ്പിക്കുന്ന; കേട് വരുത്തുന്ന; നാശകരമായ. **-'inġ**, *a.* പൊളിക്കുന്ന. **w.g car** (അപായം പററിയ തീവണ്ടി നന്നാക്കുവാനുള്ള) ഉദ്ധാരണ വണ്ടി. **w.g pump** (വീണ കപ്പലിൽനിന്ന് വെള്ളം വാക്കുന്ന) കപ്പല് 'ബോമ്പ'.

**Wren** (ren), *n.* ഒര് പക്ഷി, ഒര് ചെറു പക്ഷി, ഒര് വക കരികില്, അടക്കാക്കിളി (*z.*).

**Wrench** (rensh), *n.* പിരിവലി, ചുറച്ച് വലിക്കൽ; 2. ഉളുക്ക് ; 3. വില്ല് മുറുക്കി, ചപ്പിഞ്ഞമുറുക്കി. **w.-hammer** വില്ല് മുറുക്കിച്ചുററിക. **carriage-w.** വില്ല് മുറുക്കി. *v. t.* പിടിച്ച് പറുക, തട്ടിപ്പറിക്കുക, ബലമായി എടുക്കുക; 2. വലിക്കുക, ഉളുക്ക് വരുത്തുക; 3. വെച്ച് മുട്ടുക; 4. തിരിക്കുക, മറിക്കുക.

**Wrest** (rest), *v. t.* തിരിക്കുക, പിരിക്കുക, പിടിച്ച് കോട്ടുക; 2. ബലമായി എടുക്കുക, പിടിച്ച് പറുക; 3. മറിക്കുക, തിരിക്കുക; 4. കോട്ടിക്കളയുക, അർത്ഥം മറിക്കുക; 5. നേര് മറിക്കുക. *n.* പിടിച്ച് പററൽ; 2. ഉളുക്ക് ; 3. മറിപ്പ്, തിരിപ്പ് ; 4. (വീണക്കമ്പി മുറുക്കുന്ന) ചെവി, വീണ ചെവി. **-'ēr**, *n.* പിടിച്ച് പററുന്നവൻ.

**Wrest'le** (res'sl), *v. i.* അങ്കം പൊരു(തു)ക, അങ്കം കറക്കുക, മല്ല് കെട്ടുക, മല്ല് യുദ്ധം ചെയ്യുക; 2. പോരാട്ടുക, പൊരുതുക. *v. t.* അങ്കം കറക്കുക, 'കസ്സി'പിടിക്കുക, പൊയ്യുക. *n.* അങ്കം, പൊയ്ത്ത്, മല്ല് യുദ്ധം, മല്ലയുദ്ധം, 'കസ്സി'; 2. പോര്, പോരാട്ടം, യുദ്ധം. **wrest'lēr** (res'lēr), *n.* അങ്കക്കാരൻ, അങ്കം കറക്കുന്നവൻ, മൽപ്പിടുത്തക്കാരൻ, ഓണത്തല്ലുകാരൻ, 'കസ്സി'ക്കാരൻ.

**Wretch** (rech), *n.* അരിഷ്ടൻ, നികൃഷ്ടൻ, അധമൻ, നീചൻ, ഹീനൻ, നിസ്സാരൻ; 2. പാവം, സാധു. **-'ed**, *a.* അരിഷ്ടതയുള്ള, നികൃഷ്ടമായ, ഹീനമായ, അധമമായ, നീചമായ; നിസ്സാരമായ, സാരമില്ലാത്ത; മോശമായ. **-'ed-ly**, *ad.* അരിഷ്ടതയോടെ, നികൃഷ്ടമായി, നിന്ദ്യമായി. **-'ed-ness**, *n.* അരിഷ്ടത, നികൃഷ്ടത; നിസ്സാരത്വം; നിർഭാഗ്യം.

**Wrig'gle** (rig'gl), *v. i. & t.* പിടക്കുക, ഞെളിയുക, പിരിയുക. **wrig'glēr**, *n.* ഞെളിയുന്നവൻ, പിരിയുന്നവൻ.

**Wright** (rīt), *n.* ചെയ്യുന്നവൻ, ഉണ്ടാക്കുന്നവൻ, പണിക്കാരൻ, മരപ്പണിക്കാരൻ; ആശാരി, തച്ചൻ. **ship-w.** കപ്പത്തച്ചൻ. **wheel-w.** വണ്ടിച്ചക്രം ഉണ്ടാക്കുന്നവൻ, വണ്ടിത്തച്ചൻ.

**Wrigh'tia** (rī'tia), *n.* വെമ്പാല, കൊടകപ്പാല (*b.*). **wrigh'tīne** (rī'tēn), *n.* കൊടകപ്പാലസത്ത് (*ch.*).

**Wrinġ** (rinġ), *v. t. ir.* (**wrunġ**; **wrunġ**, *pr.* runġ) പിരിക്കുക; 2. പിഴിയുക, പിഴിഞ്ഞെടുക്കുക; 3. പിടിച്ചമർത്തുക, ഞെരുക്കുക; 4. നുള്ളുക; 5. വേദനപ്പെടുത്തുക, ഉപദ്രവിക്കുക, പീഡിപ്പിക്കുക, ഞെക്കുക; 6. കോട്ടുക, മറിക്കുക, തിരിക്കുക; 7. (out, from) ഞെക്കുക, അമുക്കുക, ഞണക്കുക, ഞെക്കിത്തുറുപ്പിക്കുക; 8. പിടിച്ചെടുക്കുക, പിടിച്ച് പറുക, അപഹരിക്കുക; 9. നിർബ്ബന്ധിക്കുക, ബല

ബന്ധം ചെയ്യുക, ബലാല്ക്കാരം—; 10. വളക്കുക (*naut.*), ചരിക്കുക. *v. i.* ഞെളിയുക, പിരിയുക, പിടക്കുക. -′ĕr, *n.* ഞെരുക്കുന്നവൻ; അപഹാരി; ഞെക്കിസൂത്രം; തുണിപിഴിയന്ത്രം. -′ing, *a.* പിഴിയുന്ന. w.g machine തുണിപിഴിയന്ത്രം. *n.* പിഴിയൽ.

**Wriṅ′kle** (riṅ′kl), *n.* ചുളിപ്പ്, ചുളക്ക്; 2. പരുപരുപ്പ്; 3. വിചാരം; മനോരാജ്യം, മായാമോഹം, മായാവിചാരം. *v. t.* ചുരുക്കുക, ചുളിക്കുക; പരുപരുപ്പാക്കുക. *v. i.* ചുരുങ്ങുക, ചുളിയുക, ചുളുങ്ങുക. wriṅ′kly (riṅ′kli), *a.* ചുളുങ്ങിയ, ചുളുക്കമുള്ള; തോല് ചുളുങ്ങിയ.

**Wrist** (rist), *n.* മണിക്കണ്ടം, മണികെട്ട്, മണിബന്ധം, പ്രകോഷ്ഠം (*an.*). w.-band കുപ്പായക്കൈമടക്ക്. bridle-w. ഇടത്തെ മണിബന്ധം. -′ĕr, *n.* മണിക്കണ്ടമറ. -′let, *n.* മണിബന്ധപ്പട്ട.

**Writ** (rit), *n.*, *s. u.* Write.

**Wrīte** (rīt), *v. t. ir.* (wrōte, *pr.* rōt; writ′ten, *pr.* rit′n) എഴുതുക; വരക്കുക, ലേഖനം ചെയ്യുക; 2. രേഖപ്പെടുത്തുക, ലക്ഷ്യംചെയ്യുക; 3. കത്തെഴുതുക, എഴുതിയറിയിക്കുക; 4. രചിക്കുക, പുസ്തകം ഉണ്ടാക്കുക, പുസ്തകമെഴുതുക; 5. കൊത്തുക, പതിക്കുക, മുദ്രിക്കുക. to w. to എഴുത്തയക്കുക, എഴുതിയറിയിക്കുക. *written* laws രേഖാനിയമം. *v. i.* എഴുതുക, വരക്കുക, എഴുത്ത് പണി ചെയ്യുക, ഗുമസ്താവായിരിക്കുക, ഗുമസ്തനായിരിക്കുക; 2. കൃതിക്കുക, രചിക്കുക, ഗ്രന്ഥരചനചെയ്യുക; 3. എഴുത്തയക്കുക, എഴുതിയയക്കുക. writ (rit), *n.* എഴുത്ത്, രേഖ; പവിത്രരേഖ, ക്രിസ്ത്യാനിവേദപുസ്തകം (*Chr.*); കല്പന (*l.*). Holy W.t പവിത്രരേഖ, ക്രിസ്ത്യാനിവേദപുസ്തകം. service of a w.t കല്പന നടത്തൽ. wrī-ta-bil′i-ty (rī-ta-), *n.* ലേഖനീയത്വം. wrī′ta-ble (rī′ta-), *a.* എഴുതാകുന്ന, ലേഖനീയമായ, എഴുതുവാൻ തക്ക, എഴുത്തിന്ന് പററിയ. wrī′ta-tive, *a.* കണക്കിലേറ എഴുതുന്ന. wrī′tĕr (rī′tĕr), *n.* എഴുതുന്നവൻ, എഴുത്തുകാരൻ, ലേഖകൻ, ഗുമസ്തൻ, ഗുമസ്താവ്, മേനവൻ, രായസക്കാരൻ, കണക്കപ്പിള്ള (*S.*); ഗ്രന്ഥരചകൻ, പുസ്തകമെഴുതുന്നവൻ, ഗ്രന്ഥകർത്താവ്. w.r's cramp, w.r's palsy *or* spasm വിരല് വാതം (*med.*). w.r to the signet (സ്കോട്ട്ലാണ്ട് രാജ്യത്തിലെ) വക്കീല്. type-w.r ലേഖനയന്ത്രം. ='tĕr-ship, *n.* എഴുത്ത് പ്രവൃത്തി, ഗുമസ്തോദ്യോഗം, രായസം. ='ting, *n.* എഴുതൽ; അക്ഷരം, ലിപി; ലേഖനം; എഴുത്ത്; അച്ച്; പുസ്തകം, ഗ്രന്ഥം, കൃതി; രേഖ, ലക്ഷ്യം, ആധാരം, പ്രമാണം, കരണം; ശിലാലേഖനം, കല്ലിൽകൊത്ത്; കയ്യക്ഷരം, ഹസ്താക്ഷരം, വടിവ്. w.g-book കയ്യക്ഷരമാതൃകപുസ്തകം, ലേഖനപ്പുസ്തകം. w.g-desk ചാര്മേശ, ചാമ്പ്രമേശ, മേശപ്പെട്ടി. w.g-machine ലേഖനയന്ത്രം. w.g-master ലേഖനാദ്ധ്യാപകൻ. w.g obligatory കടംവാങ്ങിയാധാരം (*l.*). w.g-paper എഴുത്ത് കടലാസ്, മിനുസക്കടലാസ്. w.g-school ലേഖനപാഠശാല, കയ്യക്ഷരാഭ്യാസശാല. w.g-table എഴുത്ത് മേശ. writ′ten (rit′n), *p. a.* എഴുതിയ, എഴുത്തായ, ലിഖിതമായ.

**Wroṅg** (roṅg), *a.* തെററായ, അബദ്ധം ആയ, പിഴ—, കുററം—; 2. അസത്യം—; 3. അന്യായം—, ലംഘനം—; 4. അയോഗ്യം—; 5. (തുണിയുടെ) അകം—; 6. മറിച്ചാമ്പാടായ, തിരിച്ച, തിരിഞ്ഞ. w.-head ശഠൻ, ദുർബ്ബുദ്ധി; ദുർബ്ബുദ്ധിയുള്ള. w.-headed അഭദ്രാഭിപ്രായമുള്ള, ദുശ്ശാഠ്യമുള്ള. w.-headedly ശഠതയോടെ. w.-headedness ദുശ്ശാഠ്യം, ദുർബ്ബുദ്ധി. w.-timed അകാലമായ, കാലോചിതമല്ലാത്ത. *ad.* തെററായി, അബദ്ധമായി, അന്യായമായി, ന്യായരഹിതമായി. *n.* അബദ്ധം, തെററ്; 2. കുററം, പാപം; 3. അസത്യം, കളവ്; 4. അനീതി, അന്യായം, നീതികേട്; 5. നഷ്ടം, ദ്രോഹം, ഉപദ്രവം, കയ്യേററം; 6. കടിലപ്രവൃത്തി (*l.*). w.-doer അന്യായം പ്രവൃത്തിക്കുന്നവൻ, കടിലം പ്രവൃത്തിക്കുന്നവൻ (*l.*). w.-doing ദുഷ്പ്രവൃത്തി, ദുഷ്കൃതം. *v. t.* അന്യായം പ്രവൃത്തിക്കുക, നീതികേട് ചെയ്യുക; 2. ദ്രോഹിക്കുക, നഷ്ടപ്പെടുത്തുക, ഹാ

നിവരുത്തുക; 3. അന്യായമായി കുററം ആരോപിക്കുക. -'ĕr, *n.* ദ്രോഹി, കടിലം പ്രവൃത്തിക്കുന്നവൻ. -'fụl, *a.* അബദ്ധമായ; ദ്രോഹമായ; അന്യായമായ; നീതികെട്ട. -'fụl-ly, *ad.* തെററായി, അന്യായമായി. -'fụl-ness, *n.* ദ്രോഹം, ന്യായരഹിതത്വം. -'ly, *ad.* തെററായി, അബദ്ധമായി, അന്യായമായി. -'ness, *n.* അബദ്ധം; അന്യായം; ദ്രോഹബുദ്ധി. **wroṅ'gŏus** *a.* അബദ്ധഗുണമുള്ള; ദ്രോഹമായ; നിയമവിരോധമായ.

**Wrōte** (rōt), *p.t. of* **Write.**

**Wroth** (rạth), *a., s. u.* **Wrath.**

**Wrought** (rạt), *p.t. & p.p. of* **Work.** *a.* പണിചെയ്യ, തീർത്ത; 2. നന്നാക്കിയ; വെടിപ്പാക്കിയ; 3. പണിത്തരമാക്കിയ. **w.-iron** ഇരിമ്പ് വാളം, പച്ചയിരിമ്പ്.

**Wruṅg** (ruṅg), *p. t. & p. p. of* **Wring.**

**Wrȳ** (rī), *a.* കോടിയ, ഒര് ഭാഗം കൊള്ളെ തിരിഞ്ഞ; തിരിഞ്ഞ, ഏങ്കോണിച്ച; 2. തെററിയ; 3. തെററായ; 4. പററാത്ത, കൊള്ളരുതാത്ത, അഹിതമായ, വിഹിതമല്ലാത്ത; 5. മറിച്ചും തിരിച്ചും ആയ, മറിച്ചാമ്പാടായ. **w.-bill** ഒര് പക്ഷി(*z.*). **w.-face** മുഖകോട്ടം, കോടിയമുഖം, മുഖം കോട്ടൽ; മുഖംചുളുക്കൽ, കൊഞ്ഞനംകാട്ടൽ. **w.-mouth** ഒര് മത്സ്യം (*z.*). **w.-neck** കോടിയ കഴുത്ത് (*med.*); മരക്കൊത്തൻപക്ഷി (*z.*). **w.-necked** കഴുത്ത് കോടിയ. *v. t.* പിരിക്കുക, കോട്ടുക, ഞെളിയുക, ഞെളിക്കുക; 2. ഉപദ്രവിക്കുക, അസഹ്യപ്പെടുത്തുക. -'ness, *n.* വളവ്, തിരിവ്, കോട്ടം.

**Wur'ba-gọọl,** *n.* കടവാതില്, ആവല് (*z.*).

**Wyc'lif-īte, Wyc'liff-īte,** *n.* (ഇംഗ്ലാണ്ടിലെ നവീകരണക്കാരനായ വിക്ലിഫ് എന്ന മഹാന്റെ ശിഷ്യന്മാരായ) വിക്ലിഫ് പക്ഷക്കാര്, നവീകരണപരിക്ഷ, 'ലൊള്ളാദ്ര്' (*c. h.*).

**Wȳnd,** *n.* ഇടവഴി, ചെറു വീഥി (*Scot.*).

**Wynn,** *n.* മരം കയററുന്ന വണ്ടി, മരവണ്ടി.

**Wȳ'vĕrn,** *n., s. a.* **Wiver.**

# X

**X** (eks), ഇംഗ്ലീഷ് അക്ഷരമാലയിൽ ഇരുപത്ത് നാലാമത്തെ അക്ഷരം; വ്യഞ്ജനം; പേര്: എക്സ്; ഉച്ചാരണം: പദാദിയിൽ ട്സ്, സ്സ്; പദമദ്ധ്യത്തിലും പദാന്ത്യത്തിലും ക്സ്, ഗ്സ്. *n.* പത്ത് എന്ന അക്കം, 10, ൧൦.

**X̱an'thic** (zan'thik), *a.* മഞ്ഞകലന്ന; 2. മഞ്ഞച്ഛായയുള്ള. **x̱an'thō,** *pf.* മഞ്ഞ, മഞ്ഞക്കലപ്പുള്ള. **x̱an-thō-don'tŏus,** *a.* മഞ്ഞപ്പല്ലുള്ള. **x̱an-thō'ma,** *n.* (കൺപോളക്കും മററും മഞ്ഞപ്പുള്ളി ഉണ്ടാകുന്ന) ഒര് ചർമ്മവ്യാധി, മഞ്ഞപ്പൊളുന്നര (*med.*). **x̱an'thō-pŏus,** *a.* മഞ്ഞത്തണ്ടുള്ള (*b.*). **x̱an'thŏus,** *a.* ചെമ്പിച്ച തലമുടിയുള്ള, ചെന്തലമുടിയുള്ള.

**X̱ē'bec** (zē'bek), *n.* ഒര് വക ചെറിയ (മൂന്ന് കൊമ്പൻ) കപ്പല് (*naut.*).

**X̱ē'ni-um** (zē'ni-), *n.* (*pl.* **x̱ē'ni-a**) സമ്മാനം, ദക്ഷിണ, സംഭാവന, പാരിതോഷികം.

**X̱e-nod'ō-chy** (ze-nod'ō-ki), *n.* സല്ക്കാരശീലം, ആതിത്ഥ്യം. **x̱ē-nō-dō'-chi-um** (-dō'ki-), *n.* അതിഥിശാല.

**X̱ē-nō-mā'ni-a** (zē-nō-), *n.* പരദേശാചാരപ്രിയം.

**X̱er'es** (zer'es), *n., s. a.* **Sherry.**

**X̱ē'riff** (zē'rif), *n.* (ഏകദേശം ഏഴുറുപ്പികക്കുള്ള) ഒര് തുക്കിപൊൻനാണ്യം.

**X̱ē-rō-dĕr'ma** (zē-rō-), *n.* ഒരു ചൎമ്മരോഗം, ചേരപ്പൊളന്നിര (*med.*).

**X̱e-roph'i-lŏus** (ze-rof'i-lus), *a.* വെള്ളം വേണ്ടാത്ത, വെള്ളം ഇല്ലാതെ വളരുന്ന, വരൾച്ച വേണ്ടുന്ന (*b.*).

**X̱iph'i-as** (zifi'i-), *n.* കൊമ്പൻസ്രാവ് (*z.*); 2. ഒരു നക്ഷത്രഗണം (*as.*); 3. ഒരു വാൽനക്ഷത്രം (*as.*).

**X̱iph'oid** (zif'oid), *a.* ഖഡ്ഗാകൃതിയായ, വാളു പോലെയുള്ള.

**X̱ȳ'lō** (zī'lō), *pf.* മരംകൊണ്ടുള്ള. **-graph** (-graf), *n.* മരക്കൊത്തുപണി; മരാക്ഷരാച്ച്. **=log-ra-phĕr** (-fĕr), *n.* മരക്കൊത്തുപണിക്കാരൻ. **-graph'ic, -graph'i-cal** (-graf-), *a.* മരക്കൊത്തുപണിസംബന്ധിച്ച. **=log'ra-phy** (-fi), *n.* മരക്കൊത്തുപണി; മരാക്ഷരാച്ചടി; മരച്ചിത്രപ്പതിപ്പ്. **x̱ȳ'loid** (zī'loid), *a.* മരഗുണമുള്ള; മരംപോലെയുള്ള. **-phōne** (-fōn), *n.* ഒരു വക വാദ്യം (*mus.*).

**X̱ȳ'ris** (zī'ris), *n.* ഒരു പുല്ലുചെടി (*b.*).

**X̱yst** (zist), **X̱ys'tus**, *n.* കളരി, മല്ലരംഗം. **-'ärch** (-'äɹk), *n.* മല്ലരംഗനാഥൻ, (കളരി) ഗുരുക്കള്; കളിയച്ചൻ.

**X̱ys'tĕr** (zis'tĕr), *n.* അസ്ഥി (ചുരണ്ടുന്ന) ശസ്ത്രം (*surg.*).

# Y

**Y** (wī), ഇംഗ്ലീഷ് അക്ഷരമാലയിൽ ഇരുപത്തഞ്ചാമത്തെ അക്ഷരം; അർദ്ധവ്യഞ്ജനം, അർദ്ധസ്വരം; പേര്: വൈ; ഉച്ചാരണം; വ്യഞ്ജനമാകുമ്പോൾ 'യ്'; സ്വരമാകുമ്പോൾ 'ഇ', 'ഐ'.

**Y** (wī), *n.* (Y എന്നതാകൃതിയിലുള്ള) കവച്ചക്കാല്; 2. വിതാനക്ഷഴൽസ്തംഭം; 3. കവച്ചപ്പാത്തി; 4. മുറിയത്തിലുള്ള ഇരിമ്പുപാത. **y.-level** വിതാനമാപനയന്ത്രം (*sur.*).

**Yae'a-re, Yak'a-re, Jae'a-re**, *n.* അമേരിക്കച്ചീങ്കണ്ണി, മണ്ണൻ (*z.*).

**Yacht** (yot), *n.* വിനോദക്കപ്പല്, ഉല്ലാസക്കപ്പല്. **y.-man, y.s-man** ഉല്ലാസക്കപ്പലുടമസ്ഥൻ, ഉല്ലാസക്കപ്പല്ക്കാരൻ. *v. i.* ഉല്ലാസക്കപ്പലോടിക്കുക, ഉല്ലാസക്കപ്പലിൽ യാത്രചെയ്യുക. **-'ĕr**, *n.* വിനോദക്കപ്പക്കാരൻ. **-'ing**, *n.* ഉല്ലാസക്കപ്പലിൽ വിനോദാൎത്ഥം യാത്ര ചെയ്യൽ, ഉല്ലാസാൎത്ഥക്കപ്പൽയാത്ര.

**Yaf'fle**, *n.* ഒരു വക മരക്കൊത്തൻ പക്ഷി (*z.*).

**Yä'gĕr, Jä'gĕr**, *n.* (ഗൎമ്മാന്യ) കാലാൾപ്പടയാളി (*mil.*).

**Yak**, *n.* (യാക്ക് എന്ന) മലങ്കാള, മലമ്പശു, ചമരി, ചമരിക്കാള, ചമരിപ്പശു (*z.*); 2. (അബദ്ധമായി) ചമരിമാൻ (*z.*). **y.-lace** ചമരിരോമനാട.

**Yak'a-re**, *n.*, *s. a.* **Yacare.**

**Yä'kin**, *n.* ചമരിമാൻ, കമരിമാൻ (*z.*).

**Yam**, *n.* കണ്ടിക്കിഴങ്ങ്. കാവത്ത് (കിഴങ്ങ്) (*N.*), കാച്ചില് (*S.*), കപ്പക്കണ്ടി (*N.*), മു(ൾ)ക്കിഴങ്ങ് (*b.*). **Chinese y.** നീണ്ടിക്കിഴങ്ങ് (*b.*). **wild y.** നൂറക്കിഴങ്ങ്, കാട്ടുകിഴങ്ങ് (*b.*).

**Yang**, *n.* ഞാറക്കരച്ചല്. *v. i.* ഞാറകരയുക.

**Yank**, *n.* തട്ട്; 2. വലി; 3. നുള്ള്, കിള്ള്. *v. t.* പിടിച്ച് വലിക്കുക; 2. കിള്ളുക; 3. തട്ടുക.

**Yan'kēe** (*contr. f.* **Yank**), *n.* (അമേരിക്കയിലെ) ഐകമത്യസംസ്ഥാനക്കാരൻ. *a.* ഐകമത്യസംസ്ഥാനക്കാരെ സംബന്ധിച്ച. **y.-doodle** (ഐകമത്യസംസ്ഥാനക്കാരുടെ) രാജ്യമംഗളപ്പാട്ട്; ഐകമത്യസംസ്ഥാനക്കാരൻ. **-ism**, *n.*

ഐകമത്യസംസ്ഥാനസമ്പ്രദായം, —വഴക്കം, —ആചാരം; —വാക്ക്, —ഭാഷ.

**Yaourt** (yurt *or* yöurt), *n.* (തുക്കികളുടെ) ക്ഷീരമദ്യം.

**Yap,** *v. i.* (നായി) കരക്കുക. *n.* നായിക്കുര, കര.

**Yā′pack, Yā′pock,** *n.* സകോശജലമൃഗം (*z.*).

**Ya′pon,** *n., s. a.* **Yaupon.**

**Yar′āge,** *n.* (കപ്പലിന്റെ) ഓട്ടം, —ചലനശക്തി; 2. —ചുക്കാനൊതുക്കം, ഒതുക്കം (*naut.*).

I. **Yärd,** *n.* വടി, ദണ്ഡ്; 2. കൊമ്പ്, ചുള്ളി; 3. വാരി; 4. (മൂന്നടി അഥവാ 36 അംഗുലമുള്ള) വാരയളവ്, 'ഗജം'; 5. ശിശ്നം, പ്രജാപതി; 6. പരിമാൻ (*naut.*). **y.-arm** പരിമാൻഭാഗം (*naut.*). **y.-arm and y.-arm** കപ്പലുകൾ തമ്മിൽ തൊടത്തക്കസ്ഥിതി. **y.-stick, y.-wand** വാരക്കോല്. **golden y., y. and ell** മകയിരം നക്ഷത്രഗണത്തിലെ മൂന്ന് നക്ഷത്രങ്ങൾ (*as.*).

II. **Yärd,** *n.* മിററം, മുററം, ഉമ്മറം; 2. കളം; 3. പ്രവൃത്തിസ്ഥലം, തൊഴിലിടം. **barn-y.** കളം. **court-y.** മിററം. **cow-y.** ആല. **dock-y.** കോതി. **prison-y.** കാരാഗൃഹമിററം. **ship-y.** കപ്പക്കോതി. **liberty of the y.** അദാലത്ത് തടവുകാക്ക് കാരാഗൃഹമിററത്ത് നടക്കുവാനുള്ള സ്വാതന്ത്ര്യം. *v. t.* ആലയിലാക്കിയടക്കുക, തൊഴത്തിലാക്കുക. **-′ful,** *n.* മിററം നിറയ; തൊഴത്ത് നിറയ; കളം—.

**Yärn,** *n.* നൂററ ആട്ട്രോമം, ഊണ്ണനൂല്; 2. നൂല്; ചണനൂല്; പട്ട്—; നെയ്ത്ത്—; തുന്നുന്ന—; 3. കയറിഴ, ചൂടി; 4. കഥ, കെട്ട്കഥ. **to spin a y.** കഥ പറയുക, കള്ളക്കഥ—.

**Yär′rish,** *a.* വായി വറ(ര)ണ്ട, നാവ് വരണ്ട.

**Yar′rōw,** *n.* ഒര് പരിമളച്ചെടി (*b.*).

**Yat′a-ghan, At′a-ghan, At′ta-ghan,** *n.* ചൊട്ടവാള്, ചൊട്ട; ആയുധക്കത്തി.

**Yaulp** *n., s. a.* **Yaup.**

**Yaup** (yap), **Yaulp, Yawp** (yap), *v. i.* നിലവിളിക്കുക, കരയുക, അകിറുക (*P.*). *n.* (*also* **yawp**) നിലവിളി, കരച്ചല്. **-′ẽr,** *n.* കരയുന്ന കുട്ടി; നിലവിളിക്കുന്നവൻ; നിലവിളിക്കുന്നത്.

**Yau′pon** (ya′pon), **Ya′pon, You′pon, Yu′pon,** *n.* (അമേരിക്കയിലെ) കാട്ട്ചായച്ചെടി, കാട്ട്തേയില (*b.*).

I. **Yaw** (ya), **Yew** (yu), *v. i.* പൊക്കിളപൊന്തുക, പോളയുണ്ടാക.

II. **Yaw** (ya), *v. i. & t.* കപ്പല്ചാല് വിട്ടോട്ടുക, അലയുക. *n.* (കപ്പല്) ചാല് തെററിയ ഓട്ടം, വഴിതെററൽ.

**Yawd, Yaud** (yad), *n.* തളന്നകുതിര, മുത്തൻകുതിര, മുത്തിക്കുതിര.

I. **Yawl, Yaul** (yal), *n.* കപ്പ(ൽ)ത്തോണി, 'വക്കാസ്' (*naut.*). **y.-rigged** ഇരട്ടക്കൊമ്പൻകപ്പല്പോലെയുള്ള (*naut.*).

II. **Yawl** (yal), *v. i.* ഓരിയിടുക, ഓളിയിടുക.

**Yawn** (yan), *v. i.* ആവിയിടുക, കോട്ട്വായിടുക; 2. വിശാലമായി തുറക്കുക; 3. വായി പിളക്കുക, വായി തുറക്കുക; 4. കൊതിക്കുക, നണക്കുക, കാംക്ഷിക്കുക, വാഞ്ഛിക്കുക, ആതുരപ്പെടുക. *n.* ആവിയിടൽ, ആവി, കോട്ട്വായി; 2. തുറക്കൽ, പിളക്കൽ; 3. ദ്വാരം, വിള്ളല്, പിളപ്പ്; വായി; വഴി. **-′ing-ly,** *ad.* ആവിയിട്ട്കൊണ്ട്, കോട്ട്വായിട്ട്കൊണ്ട്; മടിയോടെ, ആലസ്യത്തോടെ.

**Yawp** (yap), *n., s. a.* **Yaup.**

**Yaws** (yaz), *n.* ഒര്വക പറങ്കിപ്പുണ്ണ് (*med.*); അഗ്നിവിസപ്പം (*med.*).

**Y-cleped′** (ē-klept′), **Y-clept′,** *p. a.* പേര്വിളിക്കുന്ന, പേരുള്ള, പേരായ, നാമധേയമുള്ള.

**Yē,** *pron.* നിങ്ങൾ, താങ്കൾ.

**Yeā** (yā *or* yē), *ad.* അതെ, ഉവ്വ; 2. എന്ന്തന്നെ അല്ല, എന്ന് മാത്രമല്ല, അത്രയുമല്ല, എന്ന് വേണ്ട. *n.* സമ്മതം, സമ്മതച്ചീട്ട്.

**Yēan** (yēn), *v. t.* & *i.* ആട് പെറുക. -'**ling**, *n.* ആട്ടിങ്കുട്ടി, കുഞ്ഞാട് (*z.*).

**Yēar** (yēr), *n.* കൊല്ലം, ആണ്ട്, വത്സരം, സംവത്സരം, അബ്ദം, വൎഷം, കാലം; 2. (ഒര് ഗ്രഹം സൂൎയ്യനെ ചുററിവരുന്ന) പരിവൎത്തനകാലം, പൎയ്യായകാലം, ഗ്രഹവട്ടം; 3. (*pl.*) വയസ്സ്, വാൎദ്ധക്യം, വൃദ്ധാപ്യത. **y.-book** വാൎഷികപുസ്തകം, വാൎഷിക; വത്സരാന്തരവ്യവഹാരത്തിപ്പ് വിവരം (*l.*). **anomalistic y., periodical y.** (ഭൂപരിവൎത്തനകൃത്യകാലമായ 365 ദിവസം 6 മണിക്കൂറ് 13 മിനിട്ട് 48 സെക്കണ്ട് ഉള്ള) ഭൂവത്സരം. **bissextile y., leap y.** (ഫെബ്രുവരിമാസത്തിന്ന് 29 തിയ്യതി ഉള്ളതായ) അധിവൎഷം. **civil y.** (സാധാരണ) വൎഷം. **common lunar y.** (പന്ത്രണ്ട് ചന്ദ്രമാനമാസത്തിന്ന് 354 ദിവസമുള്ള) ചന്ദ്രമാനവത്സരം. **common y.** (365 ദിവസമുള്ള) കൊല്ലം. **embolismic y., intercalary lunar y.** (പതിമൂന്ന് ചന്ദ്രമാനമാസമായി 384 ദിവസമുള്ള) ചന്ദ്രമാനാധിവൎഷം. **fiscal y.** വൎത്തകവത്സരം. **great y., platonic y.** (ഇരുപത്താറായിരം സംവത്സരമുള്ള) വിഷ്ണുചക്രപൎയ്യായകാലം. **Gregorian y.** (മൂന്ന് കൊല്ലങ്ങൾക്ക് മുന്നൂറററുപ്പത്തഞ്ചീത് ദിവസവും നാലാം കൊല്ലത്തിന്ന് മുന്നൂററ റുപത്താറ് ദിവസവും ഉള്ളതായ) സംവത്സരം. **Julian y.** (365 ദിവസവും 6 മണിക്കൂറുമുള്ള) വത്സരം. **lunar astronomical y.** (പന്ത്രണ്ട് ചന്ദ്രമാനമാസത്തിന്ന് 354 ദിവസവും 8 മണിക്കൂറും 48 മിനിട്ടും 36 സെക്കണ്ടും ഉള്ള) ചന്ദ്രമാനജ്യോതിഷവൎഷം. **lunisolar y.** (532 കൊല്ലമുള്ള) സൂൎയ്യചന്ദ്രപൎയ്യായകാലം. **Sabbatical y.** (ഏഴാം ഏഴാം കൊല്ലം ഭൂസ്വസ്ഥവൎഷമായി വിചാരിക്കുന്ന) ശാബത് വൎഷം (*Bl.*). **sidereal y.** (മുന്നൂററുപത്തഞ്ച് ദിവസവും 6 മണിക്കൂറും 9 മിനിട്ടും 9·7 സെക്കണ്ടും ഉള്ള) നക്ഷത്രമാനവൎഷം. **tropical y.** (മുന്നൂററുപത്തഞ്ചേകാൽദിവസമുള്ള) സൌൎയ്യമാനവൎഷം. **y. of grace** ക്രിസ്ത്വാബ്ദം, ക്രിസ്തുവൎഷം, ക്രിസ്തുശകം. **y. and a day** ഒര് പൂൎണ്ണവൎഷം, തികവൎഷം. **a y.'s mind** (മരിച്ചിട്ട് ഒരാണ്ട് തികഞ്ഞാലുള്ള) സ്മാരകകൎമ്മദിവസം, ശ്രാദ്ധം, മാസം, ആണ്ട് (*M.*). -'**ling**, *n.* ഒര് വയസ്സുള്ള പശുക്കുട്ടി; –ആട്; –കുതിര. *a.* ഒര് വയസ്സ് തികഞ്ഞ. -'**ly**, *a.* വൎഷാന്തരമുള്ള, വത്സരംതോറുമുള്ള; ഒര് കൊല്ലംനില്ക്കുന്ന; ഒര് വൎഷംകൊണ്ടുള്ള. *ad.* വൎഷാന്തരം, കൊല്ലന്തോറും, ആണ്ട്തോറും, കൊല്ലംകൊല്ലം.

I. **Yĕarn** (yĕrn), *v. i.* പാല് ഉറക്കുട്ടുക. *v. t.* ഉറക്കുട്ടുക, ഉറപകരുക.

II. **Yĕarn** (yĕrn), *v. i.* വാഞ്ഛിക്കുക, ആശിക്കുക, കൊതിക്കുക, കാംക്ഷിക്കുക, കാത്ത് കെട്ടിനില്ക്കുക; 2. ബുദ്ധിമുട്ടുക, വേവിലാതിപ്പെടുക; ആതുരപ്പെടുക; 3. മനസ്സലിയുക, ആൎദ്രതതോന്നുക, മനസ്സുരുകുക. -'**ing-ly**, *ad.* ആതുരത്തോടെ; മനസ്സുരുക്കത്തോടെ. -'**ings**, *n. pl.* പശുക്കുട്ടിയുടെ ആമാശയം.

**Yēast** (yēst), **Yest**, *n.* ബീര് (മദ്യത്തിന്റെ) നുര; 2. മട്ട്, ചുക്ക, ചുക്കാനം, കോട (*S.*); മാവ് പുളിപ്പിക്കുന്ന സാധനം, കള്ള്; 3. വെള്ളത്തിലെ നുര. **y.-bitten** നുരകലൻ. **y.-cake** (വേറെ മാവ് പുളിപ്പിപ്പാനുള്ള) പുളിമാവ്. **y.-plant** ബീര് (മദ്യത്തിലുള്ള) നുരപ്പിക്കുന്ന സാധനം. **y.-powder** മാവ് പുളിപ്പിക്കുന്ന പൊടി. **top-y.** ബീര് നുര. **bottom-y.** ബീര് മട്ട്, ബീര് ചുക്ക. -'**iness**, *n.* നുരഗുണം, പുളിഗുണം, നുരക്കൽ, പുളിക്കൽ, -'**y, yest'y**, *a.* നുരയുള്ള; പുളിച്ച് പൊന്തുന്ന.

**Yelk**, *n.*, *s. a.* **Yolk**.

**Yell**, *v. i.* നിലവിളിക്കുക, ആൎക്കുക, ക്രൂക്കിവിളിക്കുക, ആൎപ്പ് കൊട്ടുക്കുക, അലറുക, മോങ്ങുക (*S.*). *v. t.* ഉച്ചത്തിൽ പറയുക, നിലവിളിച്ച്—, ആൎപ്പോടെ—. *n.* നിലവിളി, ആൎപ്പ്, അലൎച്ച, മോങ്ങല്.

**Yel'lōw** (-lō), *a.* മഞ്ഞനിറമുള്ള, മഞ്ഞള് നിറമുള്ള, സ്വൎണ്ണവൎണ്ണമായ, പിത്തളനിറമുള്ള, പീതവൎണ്ണമുള്ള. **y. atrophy** ഒര് വക കരള് രോഗം, മഞ്ഞപ്പിത്തം, പിത്തകാമല (*med.*). **y. bill** ഒര് പക്ഷി (*z.*). **y. bird** ഒര് പക്ഷി (*z.*). **y. boy** പൊൻനാണ്യം, പൊണ്. **y. cat** മഞ്ഞളേട്ടമത്സ്യം (*z.*). **y.-covered** മ

ഞ്ഞ(ക്കടലാസ്സ് കൊണ്ട്) പൊതിഞ്ഞ. **y.-covered literature** നിസ്സാരപുസ്തകം, നിസ്സാരകഥപ്പുസ്തകം. **y. earth** മഞ്ഞച്ചെക(ച്ചേ)ടി; ഒര് വക മഞ്ഞച്ചായം. **y. fever** ഒര് വക പകരുന്ന കഠിന പിത്തജ്വരം, പിത്തപ്പകച്ചപ്പനി (*med.*). **y. flag, y. jack** (കപ്പലിൽ പകച്ച്വ്യാധി ഉണ്ടെന്ന് കാണിപ്പാൻ പറപ്പിക്കുന്ന) മഞ്ഞക്കൊടി, വ്യാധിക്കൊടി,'ക്രാന്തി'ക്കൊടി. **y. metal** ഒര് വക ഓട്. **y. ocher, y. ochre** ഒര് മഞ്ഞച്ചായം. *n.* സ്വർണ്ണവർണ്ണം, പൊന്നിറം, മഞ്ഞവർണ്ണം, പീതവർണ്ണം; 2. മഞ്ഞച്ചായം; 3. (*pl.*) (കന്നുകാലികൾക്കുണ്ടാകുന്ന) പിത്തരോഗം (*vet.*). *v. t.* മഞ്ഞയാക്കുക, മഞ്ഞനിറം കൊടുക്കുക. *v. i.* മഞ്ഞനിറമാക, മഞ്ഞളിക്കുക. **-ing,** *n.* മഞ്ഞളിപ്പിക്കൽ, മഞ്ഞയാക്കൽ. **-ish,** *a.* മഞ്ഞച്ഛായയുള്ള, ഇളമഞ്ഞയായ. **-ish-ness,** *n.* ഇളമഞ്ഞനിറം. **-ness,** *n.* മഞ്ഞനിറം; മഞ്ഞളിപ്പ്; പീതത.

**Yelp,** *v. i.* നായി കരക്കുക, 2. ഓളിയിടുക, ഓരിയിടുക, നിലവിളക്കുക; 3. മുരളുക. *n.* കര, നിലവിളി, ഓളി, ഓരി. **-'ĕr,** *n.* കരക്കുന്ന ജന്തു.

**Yen,** *n.* (രണ്ടര ഉറുപ്പിക വിലക്കുള്ള) ജാപ്പാൻപൊൻനാണ്യം; 2. (ഏകദേശം രണ്ടുറുപ്പിക വിലക്കുള്ള) ജാപ്പാൻവെള്ളിനാണ്യം.

**Yend,** *v. t.* എറിയുക; 2. ചാട്ടുക.

**Yeō'man** (yō'man), *n.* (*pl.* **yeō'men**) സ്വാതന്ത്ര്യമുള്ള പ്രജ, സാമാന്യൻ, തറവാടി, ഗൃഹസ്ഥൻ, തറവാട്ടുകാരൻ, ചെറുജന്മി, കടിമജന്മി; 2. രാജകാവൽസേനാഭടൻ; 3. (കപ്പലിലെ) ഒര് ചില്ലറ ഉദ്യോഗസ്ഥൻ. **y. of the guard** ഇംഗ്ലാണ്ടിലെ രാജമെയ്കാവൽഭടൻ. **-līke,** *a.* ഗൃഹസ്ഥന്ന് പററിയ; തറവാട്ടുകാരനായ. **-ly,** *a.* ഗൃഹസ്ഥനെ സംബന്ധിച്ച; യോഗ്യനായ; യോഗ്യമായ; ഉപയുക്തമായ; ബഹുമാനനീയമായ; ബഹുമാനമുള്ള. **-ry,** *n. pl.* ചെറുജന്മിവർഗ്ഗം, കൃഷിക്കാര്, വ്യവസായക്കാര്, ഗൃഹസ്ഥന്മാര്. **y.y cavalry** (ഇംഗ്ലാണ്ടിലെ) സ്വമേധക്കുതിരപ്പട.

**Yĕrk,** *v. t.* തട്ടിത്തെറുപ്പിക്കുക, തട്ട് കൊടുക്കുക; 2. ചവിട്ടുക, ഉതക്കുക; 3. അടിക്കുക. *v. i.* ചവിട്ടുക; 2. തെറിച്ച് നടക്കുക. *n.* തട്ട്, തെറുപ്പിക്കൽ.

**Yĕr'nut, Yär'nut,** *n.* (വിലാത്തി) നിലക്കടല, —വേർക്കടല (*b.*).

**Yes,** *ad.* അതെ, ഉവ്വ്, തന്നെ, അങ്ങിനെ തന്നെ, ആണ്; 2. ഉണ്ട്.

**Yest,** *n., s. a.* **Yeast.**

**Yes'tĕr,** *a.* ഒടുവിലത്തെ, അടുത്ത് കഴിഞ്ഞ, കഴിഞ്ഞ, തലെ, തലനാളത്തെ, തലദിവസത്തെ; 2. (പിറേറന്ന് തന്നെ പറയുമ്പോൾ) ഇന്നലെ. **-dāy,** *n.* തലെദിവസം, തലന്നാള്; (പിറേറന്ന് പറയുമ്പോൾ) ഇന്നലെ, ഇന്നലത്തെ ദിവസം; അടുത്തകാലം, ഈയിട. *ad.* (പിറേറന്ന്) ഇന്നലെ; തലേന്ന്. **-ēve, -ēven-ing** (-ēvn-), *n.* തലന്നാള് വൈകുന്നേരം, (പിറേറന്ന്) ഇന്നലെ വൈകുന്നേരം, ഇന്നലെ സന്ധ്യക്ക്. **-morn, -morn-ing,** *n.* തലെരാവിലെ, തലെദിവസം രാവിലെ; (പിറേറന്ന്) ഇന്നലെ രാവിലെ. **yes'tĕrn,** *a.* തലദിവസത്തെ, (പിറേറന്ന്) ഇന്നലെത്തെ. **-nīght** (-nīt), *n.* തലെരാത്രി, കഴിഞ്ഞരാത്രി. *ad.* (പിറേറന്ന്) ഇന്നലെരാത്രി. **-noon,** *n.* തലെദിവസം ഉച്ച. **-wēek,** *n.* കഴിഞ്ഞ ആഴ്ച, തലെ ആഴ്ചവട്ടം. **-yēar,** *n.* കഴിഞ്ഞ വർഷം. **yes'trēen,** *n.* തലെരാത്രി, തലെന്നാള് വൈകുന്നേരം.

**Yest'y,** *a., s. u.* **Yeast.**

**Yet,** *ad.* ഇനിയും, കുറെക്കൂടെ, അല്പംകൂടെ, പിന്നെയും, അധികം: **y. a little longer** ഇനിയും കുറെനേരംകൂടെ; **this furnishes us with y. one more reason** ഇതിൽനിന്ന് നമുക്ക് പിന്നെയും ഒര് കാരണം കാണാം; **his guilt is made y. blacker** അവന്റെ കുററം അധികം കഠിനമായിത്തീർന്നിരിക്കുന്നു; 2. അപ്പോൾ തന്നെ, ആ കാലത്ത് തന്നെ, മുമ്പ് തന്നെ: **we had heard them while we were y. children** ഞങ്ങൾ കുട്ടികളായിരിക്കുമ്പോൾ തന്നെ ഇത് കേട്ടിരിക്കുന്നു; 3. ഇത് വരെയും, ഇത്രോളവും, ഇത് വരെയിലും, ഇനിയും: **it is not y. time** ഇനിയും നേരമായിട്ടില്ല;

ഇത് വരെയും നേരമായിട്ടില്ല; 4. വല്ല പ്പോഴും, ഒര് കാലം, എപ്പോഴെങ്കിലും ഒരി ക്കല്: he will be hanged y. ഒര് കാ ലം അവനെ തൂക്കിപ്പോകും; 5. പോലും. *conj*. എന്നിട്ടും, എന്നാലും, എങ്കിലും: y. I say unto you എന്നാലും ഞാൻ നിങ്ങ ളോട് പറയുന്നു.

I. **Yew** (yu̥), *v. i.*, *s. a.* Yaw I.

II. **Yew** (yu̥), *n.* (ദേവതാരജാതിയില്പ ള്ള) ഒര് പണിത്തര മരം (*b.*); 2. (ദേവ താരംകൊണ്ടുണ്ടാക്കിയ) വില്ല്. *a.* ദേ വതാരമരംകൊണ്ടുണ്ടാക്കിയ. -'en, *a.* ദേവതാരംകൊണ്ടുണ്ടാക്കിയ.

**Yex, Yox, Yux,** *v. i.* എക്കിട്ടയിടുക. *n.* എക്കിള്, എക്കിട്ട.

**Yield** (yēld), *v. t.* വരവുണ്ടാക, ആ ദായമുണ്ടാക, ലഭിക്കുക, കിട്ടുക; 2. ഉണ്ടാ ക, ഫലിക്കുക, വരുമാനം ഉണ്ടാക, പുറ പ്പാട് കിട്ടുക, . . . ഇൽനിന്ന് കിട്ടുക; 3. വിട്ട്കൊടുക്കുക, ഒഴിഞ്ഞ് കളയുക, ഏല്പി ച്ച്കൊടുക്കുക, ഉപേക്ഷിക്കുക; 4. സമ്മ തിച്ച്കൊടുക്കുക, സമ്മതിക്കുക; അനുവ ദിക്കുക. to y. up the breath, the ghost *or* the life പ്രാണൻ വിടുക, മരിക്കുക. *v. i.* വിട്ട്കൊടുക്കുക, ഏല്പി ച്ച—, വഴങ്ങുക, അധീനമാക; 2. സമ്മ തിക്കുക; അനുവദിക്കുക; 3. തടസ്ഥം ചെ യ്യാതിരിക്കുക, —നീങ്ങുക; 4. താണ്കൊ ടുക്കുക, താഴുക. *n.* പുറപ്പാട്, ആദാ യം, വരവ്, കാലാനുഭവം. -'a-ble, *a.* വിട്ട്കൊടുക്കാവുന്ന, സമ്മതിക്കാവുന്ന. -'a-ble-ness, *n.* ഉപേക്ഷണീയത്വം. -'ance, *n.* വരുമാനം, ആദായം, പുറ പ്പാട്, അനുഭവം, ചേല്ലാഭം; വിട്ട്കൊ ടുക്കൽ, സമ്മതിക്കൽ, അനുസരണം. -'ẽr, *n.* വിട്ട്കൊടുക്കുന്നവൻ; കൊടുക്കു ന്നവൻ. -'ing, *a.* സമ്മതമുള്ള; അടക്കമു ള്ള, ശഠതയില്ലാത്ത; ഒതുങ്ങുന്ന, ഒതുക്കമു ള്ള; പതമുള്ള. -'ing-ly, *ad.* ശാഠ്യമില്ലാ തെ; ഒതുക്കത്തോടെ. -'ing-ness, *n.* വി ട്ട്കൊടുക്കുന്ന സ്വഭാവം; പതം,പശിമ.

**Yō'del, Yō'dle,** *v. t.* & *i.* പ്രത്യേക രീതിയിൽ പാടുക, സ്വരം മാററിമാററി പാടുക. yō'dler, *n.* സ്വരംമാററി പാടു ന്നവൻ.

**Yoicks,** *int.* (നായാട്ടിൽ നായിനെ പിടിക്കുട്ടുന്ന വാക്ക്) പിടിപിടി.

**Yōke,** *n.* നുകം; കാവടി; 2. കാവ (മ)ണ്ടം, (പശുവിന്നും മററും കെട്ടുന്ന) ക ഴുത്ത് വള; 3. വലിയ മണിതൂക്കുന്ന ചട്ടം; മണിച്ചട്ടം; 4. ചുക്കാൻപിടി; 5. (ഉടുപ്പി ന്റെ) ചുമല്ക്കഷണം; 6. ബന്ധം, പാശം; ചങ്ങല; കണ്ണി; 7. ചേർച്ച, സംബന്ധം; 8. ദാസ്യചിഹ്നം, ദാസ്യം, അടിമപ്പാട്; സേവ; 9. ജോട്, ഇണ, ഏറ്; എരു (*S.*); 10. അരപ്പണി, അരദിവസത്തെപണി. y.-fellow, y.-mate കൂച്ച്, ജോട്, കൂട്ടാ ളി, ഇണ, ചങ്ങാതി, ഭാര്യ, ഭർത്താവ്. two ys. മൂവന്തി, (മോന്തി) അന്തിപ്പണി. one y. ഉച്ചപ്പണി, അരപ്പണി. *v. t.* നുകംവെക്കുക, അമിക്കുക, കൂട്ടികെട്ടുക; പൂട്ടുക; 2. ഇണയായിരിക്കുക; 3. അടിമ പ്പെടുത്തുക, ദാസ്യപ്പെടുത്തുക; 4. അധീ നപ്പെടുത്തുക. *v. i.* ചേന്നിരിക്കുക; 2. ഇണയായിരിക്കുക, കൂച്ചായിരിക്കുക; 3. പററിനില്ക്കുക. -'let, *n.* ചെറുവയല്, ചെറുനിലം.

**Yōlk** (*or* yōk), *n.* (മുട്ടയിലെ) മഞ്ഞ ക്കരു, (മുട്ടയുടെ) ചുകപ്പ്; 2. (ആട്ടിന്റെ തോലിൽ ഉണ്ടാകുന്ന) നെയ്.

**Yon, Yon'dẽr,** *a.* അക്കാണുന്ന, കാ ണത്തക്ക ദൂരത്തുള്ള, അങ്ങുള്ള, അങ്ങെ. *ad.* (*also* yon'dẽr) അങ്ങ്, ആ കാണു ന്നേടത്ത്.

**Yon'eō-pin,** *n.* അമേരിക്കത്താമര (*b.*).

**Yōre,** *ad.* പണ്ട്, പൂർവ്വത്തിൽ. of y. പുരാതനകാലത്ത്, പൂർവ്വകാലത്ത്, പണ്ട്.

**You** (yu̥), *pron.* (രൂപത്തിൽ മദ്ധ്യമ പുരുഷ ബഹുവചനം, പ്രയോഗത്തിൽ ഏ കബഹുവചനങ്ങൾ) നിങ്ങൾ, നീ, താൻ, താങ്കള്; 2. (ദ്വിതീയവിഭക്തി) നിങ്ങളെ; നിന്നെ, തന്നെ, താങ്കളെ; 3. (ചതുർത്ഥിവി ഭക്തി) നിങ്ങൾക്ക്; നിണക്ക്, തനിക്ക്, താ ങ്കൾക്ക്; 4. (അനിശ്ചയാർത്ഥത്തിൽ) ആരെ ങ്കിലും, വല്ലവനും, ഒരുവൻ: this looks at a distance like good land; but as y. come near it y. see nothing but a long heap of clods ദൂരത്ത് നിന്ന് നോക്കുമ്പോൾ ഇത് നല്ല ഭൂമി എന്ന് തോ ന്നും എന്നാൽ ഒരുവൻ അടുത്ത് ചെന്ന്

നോക്കുമ്പോൾ വലിയ മൺകട്ടക്കൂട്ടമല്ലാതെ മററൊന്നും കാണുകയില്ല; 5. നിരത്ഥകം: *your* great men are nothing but ordinary men മഹാന്മാരെന്ന് ഗണിച്ച് വരുന്നത് വെറും സാമാന്യന്മാരത്രെ; 6. (*reflexively*) *your* highness shall repose y. at the tower ഇവിടെന്ന് ഗോപുരത്തിൽ ചെന്ന് കുറെ വിശ്രമിക്കേണം. **your** (yụr), *pron.* & *a.* (രൂപത്തിൽ ബഹുവചനമെങ്കിലും പ്രയോഗത്തിൽ ഏകവചനവും ബഹുവചനവും) നിങ്ങളുടെ; നിൻെറ, തൻെറ, താങ്കളുടെ. **yours** (yụrz), *pron.* നിങ്ങളുടെത്; നിൻെറത്, തൻെറത്, താങ്കളുടെത്. **your-self'**, *pron.* നീതന്നെ, താൻതന്നെ, താങ്കൾതന്നെ, നിന്നെത്തന്നെ, തന്നെത്തന്നെ, താങ്കളെത്തന്നെ; നിണക്ക് തന്നെ, തനിക്ക് തന്നെ, താങ്കൾക്ക് തന്നെ. **your-selve's**, (*pl.*) നിങ്ങള് തന്നെ, നിങ്ങളെത്തന്നെ; നിങ്ങൾക്ക് തന്നെ.

**Yŏung** (yung), *a.* ഇളംപ്രായമുള്ള, കുട്ടിയായ, ബാലനായ, ബാലയായ; ചെറുപ്പമായ, കുമാരനായ, കുമാരിയായ, കൌമാരമായ; യൌവനമായ, പ്രായം തികയാത്ത; 2. ഇളയതായ, ഇളയ്യായ; 3. പരിചയമില്ലാത്ത, ശീലമില്ലാത്ത, അറിവില്ലാത്ത, ബലഹീനമായ. **a y. man** ബാലകൻ, ബാല്യക്കാരൻ (*N.*), തരുണൻ, ചെറുപ്പക്കാരൻ, യുവാവ്. **a y. woman** ബാലിക, ബാല, തരുണി, ചെറുപ്പക്കാരത്തി, ബാല്യക്കാരത്തി (*N.*), യുവതി. **y. men's association** യുവജനസഭ, ബാലർയോഗം. **y. women's association** യുവതിജനസഭ, ബാലികായോഗം. *n.* കുട്ടി, (മൃഗ)കുഞ്ഞ്. **with y.** ഗർഭമുള്ള. **-'ĕr**, *n.* ഇളയവൻ, ചെറിയവൻ, കനിഷ്ഠൻ. **-'ish**, *a.* ഇളംപ്രായമുള്ള. **-'ling**, *n.* ഇളംപ്രായക്കാരൻ, ചെറുപ്പക്കാരൻ; മൃഗക്കുട്ടി. *a.* ഇളയ, ഇളംപ്രായമായ. **-'ly**, *ad.* അറിവില്ലാതെ; ശക്തിയില്ലാതെ. **-'ness, youth** (yụth), **youth'ful-ness**, *n.* ചെറുപ്പം, ഇളംപ്രായം, ബാല്യം, താരുണ്യം, യൌവനം, കൌമാരം. **-'stĕr, yŏnk'ĕr, yŏunk'ĕr**, *n.* ചെറുപ്പക്കാരൻ, ചെറുക്കൻ (*S.*), ചെക്കൻ (*N.*). **youth** (yụth), *n.* ചെറുപ്പക്കാരൻ, ബാല്യക്കാരൻ, യുവാവ്; ചെറുപ്പക്കാരത്തി, ഇളംപ്രായക്കാരത്തി. **youth'ful**, *a.* പ്രായമാകാത്ത, ഇളംപ്രായമായ; ആരംഭിച്ച, തുടക്കമായ, ആദ്യകാലമായ; ചെറുപ്പകാലത്തുള്ള, ഇളംപ്രായക്കാൎക്ക് പററിയ, കുട്ടികൾക്കുള്ള; കെല്പുള്ള, ഊക്കുള്ള; യൌവനമുള്ള. **youth'ful-ly**, *ad.* ഇളംപ്രായമായി, ഇളംപ്രായംകൊണ്ട്, കുട്ടികളെക്കാത്തവണ്ണം; ചെറുപ്പക്കാരെപ്പോലെ. **youth'hood**, *n.* യൌവന്യം, താരുണ്യം, ബാല്യപ്രായം.

**You'pon**, *n.*, *s. a.* Yaupon.

**Your, Yours, Your-self'**, *etc.*, *s. u.* You.

**Youth, Youth'ful, Youth'hood**, *etc.*, *s. u.* Young.

**Yowl**, *v. i.* (നായി) ഓരിയിടുക, ഓളിയിടുക, നിലവിളിക്കുക. *n.* ഓരി, ഓളി, നിലവിളി.

**Yt-tĕr'bi-um** (it-), *n.* ഒരു മൂലപദാൎത്ഥലോഹം, 'ഇററർബ്യം (*ch.*). **=tĕr'-bic**, *a.* ഇററർബ്യംസംബന്ധിച്ച; -ഉള്ള.

**Yt'tri-um, It'tri-um** (it'ri-), *n.* ഒരു മൂലപദാൎത്ഥലോഹം, 'ഇററിയം' (*ch.*). **yt'trie, =trif'ĕr-ŏus, yt'tri-ŏus**, *a.* 'ഇററിയം' ഉള്ള, —സംബന്ധിച്ച.

**Yu**, *n.* അക്കിക്കല്ല്, പെറെസ് കല്ല് (*min.*).

**Yuck, Yuke**, *v. i.* ചൊറിയുക. *v. t.* മാന്തുക. [(*z.*).

**Yu'en**, *n.* (സയാമിലെ) കരിങ്കരങ്ങ്

**Yufts**, *n.* റഷ്യത്തോല്.

**Yūke**, *v. i.* & *t.*, *s. a.* Yuck.

**Yūle**, *n.* ക്രിസ്തുജനനോത്സവം, ക്രിസ്തുജനനോത്സവകാലം, 'ക്രിസ്മസ്'. **y.-block, y.-log, y.-clog** ക്രിസ്മസ് വിറക്. **-'tīde**, *n.* (ക്രിസ്തുവിൻെറ) തിരുജനനോത്സവകാലം, 'ക്രിസ്മസ്' കാലം.

**Yunx**, *n.* മരംകൊത്തിപക്ഷിവൎഗ്ഗം (*z.*).

**Yu'pon**, *n.*, *s. a.* Yaupon.

# Z

**Z** (zed, zē), ഇംഗ്ലീഷ് അക്ഷരമാലയിൽ ഇരുപത്താറാമതായ ഒടുക്കത്തെ അക്ഷരം; വ്യഞ്ജനം; പേര്: (പണ്ട്) ഇസെഡ്, (ഇപ്പോൾ ഇംഗ്ലാണ്ടിലും ഉല്പഭമായി അമേരിക്കയിലും) സെഡ്; (അമേരിക്കയിൽ സാധാരണമായി) സ്സീ; ഉച്ചാരണം: മലയാളത്തിൽ കൃത്യമായി പറവാൻ വിഷമം. ഏതാണ്ടും 'ഡ്സ്', 'ജ്സ്', 'സ്സ്' പോലെ.

**Zā'ba-ism, Zā'bism,** *n.*, *s. a.* Sabianism.

**Zae'eō, Zae'ehō,** *n.*, *s. a.* Socle.

**Za-ehun',** *n.* ഒര് മുൾച്ചെടിയെണ്ണ.

**Zaf'fĕr, Zaf'fre** (-fĕr), *n.* ഒര് വക കറുപ്പ് ചായം.

**Zaīm** (zīm), *n.* (തുർക്കിരാജ്യത്തിലെ) ഇടപ്രഭു. **-'et,** *n.* —ഇടപ്രഭുത്വം.

**Zāin** (zān), *n.* കറുത്ത കുതിര, കറുപ്പ് കുതിര.

**Za-mang',** *n.* (തെക്കേ അമേരിക്കയിൽ വളരെ വിസ്താരത്തിലും വലിപ്പത്തിലും പടരുന്ന) ഒര് വൃക്ഷം (*b.*).

**Zam'bō,** *n.*, *s. a.* Sambo.

**Zam-in-där', Zem-in-där',** *n.* 'ജമീന്താർ', ഇടപ്രഭു. **='in-dä-ry, ='in-dä-ri, zem'in-dä-ry, zem'in-dä-ri,** *n.* സെമിന്താരി, ജമീന്താരി, ജമീന്താരുടെ ഭൂമി, ഇടപ്രഭുത്വം.

**Za-mouse'** (za-mus'), *n.* അഫ്രിക്കപ്പോത്ത്, അഫ്രിക്കയെരിമ (*z.*).

**Zan'te eur'rant,** *n.* കുരുവില്ലാമുന്തിരിങ്ങ, 'കിസ്മിസ്'.

**Zan'te-wood,** *n.* ചായം എടുക്കുന്ന ഒര് മരം (*b.*); 2. വിശേഷമായ ഒര് പണിത്തരമരം (*b.*).

**Zā'ny,** *n.* കോമാളി, വിദൂഷകൻ, പൊറാട്ടുകാരൻ. **zā'nism,** *n.* കോമാളിക്കളി, പൊറാട്ട്.

**Zap-ō-til'la,** *n.*, *s. a.* Sapodilla.

**Zap'ti-ah, Zap'ti-eh,** *n.* തുർക്കിപ്പോലീസുകാരൻ.

**Za-rē'ba, Za-rēe'ba, Ze-rī'ba,** *n.* മുള്ള് വേലി, മുൾക്കോട്ട (*mil.*). [(*b.*).

**Zē'a,** *n.* ചോളവർഗ്ഗം, ചോളവർഗ്ഗപ്പുല്ല്

**Zēal** (zēl), *n.* വൈരാഗ്യം, ഭക്തിവൈരാഗ്യം, എരിവ്, ശുഷ്കാന്തി, ശ്രദ്ധ, ഔത്സുക്യം, ഉത്സാഹം, ആസ്ഥ. **-'ful,** *a.* ഉത്സാഹം ഉള്ള, ശുഷ്കാന്തി—, വൈരാഗ്യം—. **-'less,** *a.* എരിവില്ലാത്ത, വൈരാഗ്യമില്ലാത്ത. **zeal'ot** (zel'ot), *n.* എരിവുള്ളവൻ, എരിവുകാരൻ, നിഷ്കർഷ ഉള്ളവൻ, ആസക്തി—, ആസക്തൻ, ഉത്സാഹമുള്ളവൻ, ഉത്സാഹി, ഉൽകണ്ഠയുള്ളവൻ. **zea-lot'i-eal,** *a.* അതിവ്യഗ്രതയുള്ള, എരിവോട് കൂടിയ. **zeal'ot-ism, zeal'ot-ry** (zel'ot-), *n.* അതിശുഷ്കാന്തി, ആസക്തി, അതിവ്യഗ്രത. **zeal'ŏus** (zel'us), *a.* എരിവുള്ള, തീക്ഷ്ണത ഉള്ള, ഭക്തിവൈരാഗ്യ—, തൃഷ്ണ—, ശുഷ്കാന്തി—. **zeal'ŏus-ly,** *ad.* എരിവോടെ, വൈരാഗ്യത്തോടെ, ആസക്തിയോടെ. **zeal'ŏus-ness,** *n.* അതിശുഷ്കാന്തി, വൈരാഗ്യം, ആസക്തി, എരിവ്.

**Zē'bee,** *n.*, *s. a.* Xebec.

**Zē'bra,** *n.* കാട്ട്കഴുത, വനഗർദ്ദഭം, കോവർക്കഴുത; വരിക്കുതിര (*z.*). **z.-parrakeet** പഞ്ചവർണ്ണക്കിളി, പലവർണ്ണത്തത്ത (*z.*). **z.-wood** പലവർണ്ണമുള്ള ഒര് പണിത്തരമരം (*b.*). **zē-brīne',** *a.* വനഗർദ്ദഭംപോലെയുള്ള; കോവർക്കഴുതയെ സംബന്ധിച്ച.

**Zē'bū,** *n.* ഒര് വക വലിയജാതി കാള, —പശു, മൈസൂർകാള, കച്ഛിപ്പശു.

**Zē'ehin,** *n.*, *s. a.* Sequin.

**Zed'ō-ar-y,** *n.* കച്ചോരം, കച്ചോലം, കച്ചൂരക്കിഴങ്ങ് (*b.*).

**Zee'koe** (zā'ku), *n.* നീർക്കുതിര, നദീതുരഗം, നദീകുതിര (*z.*).

**Zeh'nĕr** (tsa'nĕr), *n.* (ഏതാണ്ടും രണ്ടണക്കുള്ള) ഒര് ഓസ്ത്രിയ വെള്ളിനാണ്യം.

**Zem-in-där', =dä-ry, =dä-ri,** *n.*, *s. u.* Zamindar.

**Ze-nä'na,** *n.* അന്തഃപുരം, സ്ത്രീഗാരം, അവരോധം.

**Zend,** *n.* (പാഴ്സിമതക്കാരായ സൊറോവാസ്ത്രരുടെ 'ആവെസ്റ്റാ' എന്ന വേദത്തിന്റെ) ആവെസ്റ്റാ വ്യാഖ്യാനം; 2.

പുരാതനപാസ്സിഭാഷ. -a-ves'ta, *n.* പാസ്സിവേദപുസ്തകം.

**Zen'dik,** *n.* ചാൎവ്വാകൻ, നിരീശ്വരൻ, നിൎദ്ദേവൻ.

**Zē'niek, Zē'nik,** *n.* (ആഫ്രിക്കാ) മെരു, മെരുക് (*z.*).

**Zen'ith** (*or* zē'nith), *n.* ഉച്ചം, ഉച്ചി (*S.*), ഉച്ചസ്ഥാനം, ഊൎദ്ധ്വഭാഗം, ഖമദ്ധ്യം, നേരെ മുകൾഭാഗം (*as.*), 2. അഗ്രം, ഔന്നത്യം, ശ്രേഷ്ഠത. **z.-distance** നതം. **-al,** *a.* ഉച്ചം സംബന്ധിച്ച.

**Zeph'yr** (zef'ĕr), *n.* പടിഞ്ഞാറൻ കാററ്, കോട (*S.*), കോടക്കാററ് (*S.*); 2. മന്ദമാരുതൻ. **z. cloth** ഒര് വക വെള്ളം കടക്കാത്ത കമ്പിളിത്തുണി. **z.shawl** ഒര് വക നല്ല 'സാല്വ', രോമനൂല് 'സാല്വ'. **z. yarn** *or* **worsted** നേൎമ്മരോമനൂല്. **-us,** *n.* പടിഞ്ഞാറൻ കാററ്; വനദേവത (*myth.*).

**Zē'quin,** *n., s. a.* Sequin.

**Ze-rī'ba** (za-rē'ba), *n., s. a.* Zareba.

**Zē'rō,** *n.* പൂജ്യം, സൊന്ന, ശൂന്യം (*arith.*); 2. അധമസ്ഥാനം; 3. തീന്ന നില, അവസാനം. **z.-point** അധമസ്ഥാനം.

**Zest,** *n.* നാരങ്ങത്തോല്; 2. നാരങ്ങത്തോൽതൈലം; 3. രുചി, രസം, സ്വാദ്. *v. t.* (നാരങ്ങത്തോല്) നേൎത്തനെ മുറിക്കുക; 2. പിഴിയുക; 3. രുചിവരുത്തുക, രസംകൂട്ടുക, രുചിപ്പിക്കുക.

**Ze-tet'ie,** *a.* അന്വേഷകമായ, പരീക്ഷകമായ. **z. method** പരീക്ഷക സമ്പ്രദായം, പരീക്ഷകപദ്ധതി. *n.* പരീക്ഷണം; 2. (*pl.*) പരീക്ഷകഗണിതം (*math.*).

**Zeūg'ma** (zūg'ma), *n.* സംബന്ധവിശേഷണാലങ്കാരം (*rhet.*). =**mat'ie,** *a.* സംബന്ധവിശേഷണാലങ്കാരംസംബന്ധിച്ച.

**Zūs** (zūs), *n.* (യവനരുടെ) ദേവേന്ദ്രൻ, ഇന്ദ്രൻ (*myth.*).

**Zib'et, Zib'eth,** *n.* ജവാത്മെരു, ജവാത്മൃഗം (*z.*). [ട്ടിയ തൈര്.

**Ziē'ga** (zē'ga), *n.* അല്പസാരം, ഉറകൂ

**Ziē-tri-sī'kīte** (zē-tri-sē'kīt), *n.* ഒര് വക കന്മദം (*med.*).

**Zif,** *n.* യൂദന്മാരുടെ രണ്ടാമത്തെ മാസം, 'സീഫ്'മാസം, (മേയിമാസം, മേടം ഇടവം).

**Zig'zag,** *n.* വളവും തിരിവും; 2. വളവ്മടമ്പ് (*arch.*). *a.* വളഞ്ഞ് പുളഞ്ഞ, വളവും തിരിവും ഉള്ള, വക്രമായ. *v. t.* വളവും തിരിവും ആക്കുക, വക്രം—. *v. i.* വളഞ്ഞ് പുളഞ്ഞ് പോക, വളഞ്ഞ് പുളഞ്ഞിരിക്കുക. **-gĕr-y,** *n.* വളവും തിരിവും, വളവ്, വക്രത. **-gy,** *a.* പല വളവുള്ള, വളഞ്ഞ് പുളഞ്ഞ.

**Zil'lah,** *n.* രാജ്യാംശം, 'ജില്ല'.

**Zim'ent-wa̤-tĕr,** *n.* താമ്രഖനിജലം, താമ്രജലം (*ming.*).

**Ziṅe, Ziṅk,** *n.* നാകം, തുത്തനാകം (*min.*). **z. green** ഒര് വക പച്ചച്ചായം. **z. oxide, flours of z.** നാകഭസ്മം. **z.-white** ഒര് വക വെള്ളച്ചായം. *v. t.* നാകം പൂശുക, തുത്തനാകം പൂശുക. **-'ie, -'ŏus,** *a.* നാകമുള്ള, നാകമായ; നാകം പോലെയുള്ള. =**kif'ĕr-ŏus,** *a.* നാകോല്പാദകമായ, നാകമുള്ള. **-i-fi-eā'tiŏn, -'kiṅg, ziṅ'kiṅg,** *n.* നാകംപൂശൽ, നാകപ്പൂച്ച്. **-'i-fȳ,** *v. t.* നാകം പൂശുക; നാകംകൂട്ടുക. **ziṅe'ky, ziṅ'ky,** *a.* നാകമുള്ള; നാകംപോലെയുള്ള. **ziṅ'eō,** *pf.* നാക, നാകമുള്ള. =**eog'ra-phĕr** (-fĕr), *n.* നാകക്കൊത്ത്പണിക്കാരൻ. **ziṅ-eō-graph'ie, ziṅ-eō-graph'i-eal** (-graf-), *a.* നാകക്കൊത്ത്സംബന്ധിച്ച, നാകക്കൊത്തായ. =**eog'ra-phy** (-fi), *n.* നാകക്കൊത്ത്പണി.

**Ziṅ'gar-ō,** *pl.* **Zi'ṅgar-i,** *n.* വിലാത്തിക്കുറവൻ, വിലാത്തിക്കുറവത്തി.

**Zin-ġi-bĕr-ā'ceŏus, Zin-zi-bĕr-ā'ceŏus** (-ā'shus), *a.* ഇഞ്ചിസംബന്ധിച്ച; ചുക്ക് സംബന്ധിച്ച; ഇഞ്ചിവൎഗ്ഗത്തിൽപ്പെട്ട, ശൃംഗിവൎഗ്ഗത്തിൽപ്പെട്ട (*b.*).

**Ziṅ'ky,** *a., s. u.* Zinc.

**Zin-zi-bĕr-ā'ceŏus,** *a., s. a.* Zingiberaceous.

**Zī'on,** *n.* (യരുശലേമിൽ യഹൂദ്യരാജകോവിലകം ഉണ്ടായിരുന്ന) ചീയോൻ

മല, ചീയോൻകുന്ന്; 2. ദൈവസഭ; ദൈവരാജ്യം; 3. സ്വൎഗ്ഗീയ യരുശലേം, സ്വൎഗ്ഗം, മോക്ഷം. [(*min.*).

**Zĭr′con,** *n.* ഒരുവക ചുകപ്പുകല്ല്

**Zith′ĕr,** *n.* ഒരു ബഹുകമ്പിവാദ്യം, ഒരുവക വീണ (*mus.*).

**Ziz′el, Zis′el,** *s. a.* Suslik.

**Zō-an′thrō-py,** *n.* (താനൊരുമൃഗമാകുന്നെന്നുള്ള) മൃഗഭ്രാന്ത്രോഗം (*med.*).

**Zō′bō,** *n.* ഒരുവക കാലി, ഗോവൎഗ്ഗത്തിൽപ്പെട്ട ഒരു മൃഗം (*z.*). [Socle.

**Zō′cle, Zoc′cō, Zoc′cō-lō,** *s. a.*

**Zō′di-ac,** *n.* രാശിചക്രം, രാശിമണ്ഡലം (*as.*); 2. രാശിചക്രരൂപം; 3. അരപ്പട്ട. =**dī′a-cal,** *a.* രാശിചക്രം സംബന്ധിച്ച; രാശിചക്രത്തിലുള്ള. **z.l light** രാശിചക്രപ്രഭ.

**Zō′e-trōpe,** *n.* വിചിത്രദൎശനക്കുഴല്.

**Zō′ic,** *a., s. u.* Zoo.

**Zō′oid,** *a., s. u.* Zoo.

**Zō-il′e-an,** *a.* അസൂയയുള്ള; 2. അന്യായാക്ഷേപമായ; 3. വിരോധമുള്ള. =**il-ism,** *n.* അനാവശ്യാക്ഷേപം, വിരോധാക്ഷേപം, അസൂയ.

**Zoll′vĕr-eīn** (zol′fĕr-īn), *n.* ചുങ്കയുടമ്പടി; 2. (ശൎമ്മാന്യസംസ്ഥാനങ്ങൾക്കു തമ്മിലുള്ള) വ്യാപാരസ്വാതന്ത്ര്യം.

**Zō′na, Zō′nal, Zō′nar,** *s. u.* Zone.

**Zōne,** *n.* അരപ്പട്ട, തുടര്, തുരട്, ചങ്ങല, നൂല്, അരഞ്ഞാണം; 2. ഋതുക്കച്ച (*geog.*); 3. ഗോളഭാഗം (*myth.*); 4. (മൃഗങ്ങളുടെ ഉടലിലുള്ള) വര (*nat.*); 5. ചുററുവട്ടം; 6. പ്രദേശം; 7. വൃത്തം, വട്ടം, ചുററ്. **frigid z.** ശീതക്കച്ച, ഹിമക്കച്ച, ധ്രുവക്കച്ച (*geogr.*). **temperate z., variable z.** ശീതോഷ്ണക്കച്ച (*geogr.*). **torrid z.** ഉഷ്ണക്കച്ച (*geog.*). *v. t.* അരക്ക് കെട്ടുക; 2. അരപ്പട്ട ധരിക്കുക, കച്ചകെട്ടുക; 3. തുടരിടുക. **zō′na** (*pl.* **zō′næ**), *n.* അരഞ്ഞാണം; അരപ്പട്ട; അട്ടി. **zō′nal,** *a.* ഋതുക്കച്ചസംബന്ധിച്ച; അരഞ്ഞാണം പോലെയുള്ള. **zō′nar, zon′nar** (-nĕr), *n.* (യൂദന്മാരും ക്രിസ്ത്യാനികളും ഒരുകാലം ധരിച്ചിരുന്ന) അടയാളയരപ്പട്ട. =′**nared** (-′nĕrd), *a.* അരഞ്ഞാണം ഇട്ട; കച്ചകച്ചയായ; വരയുള്ള (*z.*). -′**less,** *a.* അരപ്പട്ടയില്ലാത്ത. **zon′ū-lar,** *a.* അരഞ്ഞാണം സംബന്ധിച്ച; ഋതുക്കച്ച—; അരഞ്ഞാണാകൃതിയായ. **zon′ūle, zon′ū-let,** *n.* ചെറിയ അരഞ്ഞാണം.

**Zō′ō,** *pf.* ജീവസംബന്ധമായ, പ്രാണിസംബന്ധമായ. **zōic,** *a.* പ്രാണിസംബന്ധമായ, പ്രാണിജീവസംബന്ധമായ. =**o-chem′i-cal,** *a.* (പ്രാണി) ദേഹരസായനശാസ്ത്രം സംബന്ധിച്ച. =**o-chem′-is-try,** =**och′e-my,** *n.* (പ്രാണി) ദേഹരസായനശാസ്ത്രം, പ്രാണിദേഹതത്വശാസ്ത്രം. =**og′a-mous,** *a.* പ്രാണിയുല്പാദനം സംബന്ധിച്ച (*biol.*). =**og′a-my,** *n.* പ്രാണിയുല്പാദനം (*biol.*). =**o-ġen′ic,** *a.* പ്രാണിയുല്പാദനം സംബന്ധിച്ച (*biol.*). =**og′e-ny,** =**og′o-ny,** *n.* ജീവജാലോല്പത്തിവാദം. =**og′ra-phy,** *n.* പ്രാണി(വാസ) പ്രദേശശാസ്ത്രം. =**o-ġe-o-graph′-i-cal,** *a.* പ്രാണിശാസ്ത്രം സംബന്ധിച്ച. =**og′ra-phĕr,** =**og′ra-phist** (-fist), *n.* പ്രാണിശാസ്ത്രജ്ഞൻ; പ്രാണിശാസ്ത്രരചകൻ. =**o-graph′ic, -graph′i-cal** (-graf′-), *a.* പ്രാണിശാസ്ത്രസംബന്ധമായ. =**og′ra-phy** (-fi), *n.* പ്രാണിശാസ്ത്രം. **zō′oid,** *a.* പ്രാണിസംബന്ധമായ; പ്രാണിയെപ്പോലെയുള്ള. *n.* ചലനദേഹപ്രാണി, ചലദേഹം (*biol.*); ഹീനപ്രാണി, അധമ— (*z.*). =**oi′dal,** *a.* ചലനദേഹം സംബന്ധിച്ച; അധമപ്രാണിയെ—. =**ol′a-try,** *n.* പ്രാണിപൂജ, പ്രാണിയാരാധന, പശ്വാരാധന. =**ol′ō-ġĕr,** =**ol′ō-ġist,** *n.* പ്രാണിശാസ്ത്രജ്ഞൻ, ജീവജാലശാസ്ത്രജ്ഞൻ. =**ō-loġ′i-cal,** *a.* പ്രാണിശാസ്ത്രം സംബന്ധിച്ച, പ്രാണിവിദ്യസംബന്ധിച്ച. =**ō-loġ′i-cal-ly,** *ad.* പ്രാണിവിദ്യയായി, ജീവജാലശാസ്ത്രമായി. =**ol′ō-ġy,** *n.* പ്രാണിവിദ്യ, ജീവാദിവിദ്യ; പ്രാണിശാസ്ത്രം. ജീവജാലശാസ്ത്രം. =**ō-mor′phism** (-fizm), *n.* (മനുഷ്യര് മൃഗമായി മാറുന്ന) നരമൃഗപരിണാമം, കടിമറിയൽ; മൃഗരൂപപ്രയോഗം, മൃഗചിത്രപ്രയോഗം; (ദൈവത്തിന്ന് പ്രാണിരൂപം സങ്കല്പിക്കുന്ന) പ്രാണിപ്ര-

തിമാസങ്കല്പം. zō'on (*pl.* zō'a), *n.* (ഒര് മുട്ടയിൽനിന്ന് ഒററയായി ഉണ്ടാകുന്ന) ഏകപ്രാണി (*z.*); തികപ്രാണി (*z.*). =on'ic, *a.* പ്രാണിസംബന്ധമായ; പ്രാണിജന്യമായ. =on'ō-my, *n.* പ്രാണിധൎമ്മശാസ്ത്രം, ജീവജാലധൎമ്മശാസ്ത്രം. =ō-pa-thol'ō-ġy, *n.* പ്രാണിനിദാനം. =oph'a-ga (-of'a-), *n. pl.* പ്രാണിഗ്രാസജന്തുവൎഗ്ഗം. =oph'a-gan, *n.* ജന്തുഭക്ക്. =oph'a-gŏus, *a.* ജന്തുഭക്കായ. =oph'i-list (-of'i-), *n.* പ്രാണിപ്രിയൻ, (ജീവജാലങ്ങളിൽ)ദയയുള്ളവൻ, കൃപാലു. =oph'i-ly, *n.* ജന്തുസ്നേഹം. ='ō-phīte, -'ō-phȳte (-fīt), *n.* (സസ്യത്തിൻെറയും പ്രാണിയുടെയും ലക്ഷണമുള്ള) സസ്യപ്രാണി (*biol.*). =ō-phor'ic (-for'ik), *a.* പ്രാണിപ്രതിമയുള്ള. =oph'y-ta (-of'i-), *n. pl.* സസ്യപ്രാണിവൎഗ്ഗം (*z.*). =ō-phyt'ic, =ō-phyt'i-cal (-fit-), *a.* സസ്യപ്രാണിസാംബന്ധമായ (*z.*). =o-ph'ytoid, *a.* സസ്യപ്രാണിസംബന്ധമായ. =ō-phy-tol'ō-ġy, *n.* സസ്യപ്രാണിശാസ്ത്രം. =ō-psȳ-chol'ō-ġy (-sī-kol'ō-ji), *n.* പ്രാണിമേധിശാസ്ത്രം. =ot'ic, *a.* പ്രാണിശേഷിപ്പുകളുള്ള. =ot'ō-my, *n.* പ്രാണിഭേദനം; പ്രാണിഭേദനശാസ്ത്രം. =ō-troph'ic (-trof'ik), *a.* ജീവജാലപോഷണം സംബന്ധിച്ച.

Zo͝o'zo͝o, *n.* കാട്ട്പ്രാവ് (*z.*).

Zō'pi-lōte (zō'fi-lōt), *n.* കരിങ്കഴുകൻ, കൃഷ്ണഗൃദ്ധ്രം (*z.*).

Zor-ō-as'tri-an, *a.* സൊരോവാസ്ത്ര്യമതം സംബന്ധിച്ച, പാൎസ്സിമതം—. *n.* പാൎസ്സിമതക്കാരൻ, അഗ്നിപൂജകൻ. -iṣm, =as'triṣm, *n.* സൊരോവസ്ത്ര്യമതം, പാൎസ്സിമതം, അഗ്നിപൂജ.

Zouäve, *n.* (പരന്ത്രീസ് സൈന്യത്തിലുള്ള) അൾജീറിയപ്പടയാളിക്കൂട്ടം (*mil.*).

Zounds, *int.* കോപസൂചകാനുകരണപദം, ആര്, എന്ത്; 2. ആശ്ചൎയ്യസൂചകാനുകരണപദം, അതിശയം, ആശ്ചൎയ്യം, അതെയോ.

Zoutch (zouch), *v. t.* വരട്ടുക (*ck.*).

Zoūche (zūch), *n.* മരക്കുററി.

Zu̱-chet'tō, (zu̱-kat'tō), *n.* റോമബോധകത്തൊപ്പി (*R. C.*)

Zu̱'lu̱s, *n. pl.* (*s.* Zu̱'lu̱) അഫ്രിക്കയിലെ ഒര് കാഫ്രിവംശം. [(*mil.*).

Zum-bo͝o'ruk, *n.* ഒട്ടകപ്പീരങ്കി

Zū'mic, Zū-mō-loġ'i-cal, =mol'ō-ġy, =mom'e-tĕr, *s. u.* Zyme.

Zwän'zi-gĕr (tsvän-), *n.* (നാലണകുള്ള) ഒര് ഓസ്ത്ര്യ വെള്ളിനാണ്യം.

Zȳ-gō'ma, *n.* ചെന്നിയെല്ല് (*an.*). zig-ō-mat'ic, *a.* ചെന്നിയെല്ല്സംബന്ധിച്ച.

Zy-gō'sis, *n.*, *s. a.* Conjugation.

Zȳ'lon-īte, *n.*, *s. a.* Celluloid.

Zȳme (zīm), *n.* പുളിക്കൽ, മദ്യപ്പുളിപ്പ്, നരക്കൽ; 2. പകച്ചരോഗാസ്പദം (*med.*). zȳ'mic, zū'mic, *a.* മദ്യപ്പുളിപ്പ്സംബന്ധിച്ച. zȳ-mō-loġ'ic, zȳ-mō-loġ'i-cal, zū-mō-loġ'i-cal, *a.* മദ്യപ്പുളിപ്പ്ശാസ്ത്രംസംബന്ധിച്ച. zȳ-mol'ō-ġist, *n.* മദ്യവീൎയ്യശാസ്ത്രജ്ഞൻ. zȳ-mol'ō-ġy, zū-mol'ō-ġy, *n.* മദ്യവീൎയ്യശാസ്ത്രം, മദ്യപ്പുളിപ്പ്ശാസ്ത്രം. =mom'-e-tĕr, zȳ-mō-sim'e-tĕr, zū-mom'e-tĕr, *n.* മദ്യവീൎയ്യമാപനയന്ത്രം. zȳ-mō'sis, *n.* പകച്ചരോഗോല്പാദകതപം; പകച്ചവ്യാധി, സാംക്രമികരോഗം. zȳ-mot'ic, *a.* പുളിപ്പിനാലുള്ള, പുളിപ്പ് സംബന്ധിച്ച; സാംക്രമികരോഗം സംബന്ധിച്ച (*med.*). z.c disease പകച്ചവ്യാധി, സാംക്രമികരോഗം (*med.*).

Zȳ'them, *n.*, *s. a.* Zythum.

Zȳ-thep'sar-y, *n.* 'ബീര്' ഉണ്ടാക്കുന്ന സ്ഥലം, മദ്യപ്രവൃത്തിശാല.

Zȳ'thum, Zȳ'them, *n.* ഒര് വക പുരാതന 'ബീര്', യവമദ്യം; 2. കോതമ്പ് മദ്യം.

---

& (and എന്ന വാക്കിൻെറചുരുക്കം), ഉം.

& Co. (and company) വൎത്തകസംഘം.

&c. (*et cætera* എന്ന വാക്കിൻെറ ചുരുക്കം) മുതലായത്, ഇത്യാദി, ആദിയായ.

# ADDENDA AND CORRIGENDA.

## ശുദ്ധിപത്രം.

The following errors should be corrected before using the book.

ഈ പുസ്തകം ചുവടെ കാണിച്ചപ്രകാരം അബദ്ധങ്ങൾ തിരുത്തി ഉപയോഗിക്കേണ്ടതാകുന്നു.

| Page and column<br>ഭാഗം കള്ളി | Leading word<br>മുഖ്യപദം | Line in the word<br>പദവരി | *For*<br>അബദ്ധം | *Read*<br>സുബദ്ധം |
|---|---|---|---|---|
| 9*a* | Adhere | 10 | (*phys.*) | (*ph.*) |
| 11*a* | Advance | 3 | മുങ്കൂറ് | മുങ്കൂറ്, മുമ്പേറ് (*S.*), അടയാളം. |
| 15*b* | Air | 2 | വായുസമ്മിശ്രപാനകം. | വായുമിശ്രപാനകം. |
| „ | „ | 4 | āē′ri-al, | ā-ē′ri-al, *a.* |
| 16*a* | *Alibi* | 2 | | *add* പരസ്ഥലവാദം (*l.*). |
| 16*b* | Alien | 10 | ചാൎത്ത് പിരിച്ചൽ | ചാൎത്ത്; പിരിച്ചല്. |
| 17*b* | Allegory | 1 | രൂപകഥ | രൂപകകഥ |
| 18*a* | | | *Between the leading words* Alloy *and* Allude | *add the l. w.* All′spīce, *n.* വാൽമുളക് (*b.*). |
| „ | Alluvial | 3 | ഭൂമി. | ഭൂമി, വണ്ടൽമണ്ണ് (*agr.*). |
| 19*a* | Alternate | 2 | *After* ഒന്നിടവിട്ട് | *add* -ly, *ad.* ഒന്നിടവിട്ട്. |
| „ | | | *Bet. the l. words* Altogether *and* Alum | *add the l. w.* Al-trụ′iṣm, *n.* പരോപകാരശീലം, പരാൎത്ഥബുദ്ധി. |
| 20*a* | Amiable | 5 | =ca-ble | am′i-ca-ble |
| 21*b* | Angle | 1 | Angle | I. Angle |
| 22*a* | Angle | 1 | Angle | II. Angle |
| 23*b* | Anthem | 2 | *After* (*Chr.*) | *add* National a. രാജമംഗളം, രാജ്യമംഗളം. |
| 26*a* | Append | 7 | അനുബന്ധം | അനുബന്ധം; |
| 28*a* | Arch | 1 | Ärch | I. Ärch |
| „ | (2*nd*) Arch | 1 | Ärch | II. Ärch |
| 29*b* | Arquebuse | 1 | (är′kẹ-bụz) | (är′ke̱-bụz) |
| 30*a* | Art | 1 | Ärt | I. Ärt |
| „ | (2*nd*) Art | 1 | Ärt | II. Ärt |
| 33*b* | | | *Bet. the l. words* Astound *and* Astray | *add the l. word* As′tral, *a.*, *s. u.* Star. |
| 34*b* | Atom | 3 | *In the end* | *add* a-tom′i-cūle, *n.* അതിപരമാണു (*ch.*). |

| | | | | |
|---|---|---|---|---|
| 43*a* | | | *Bet. the l. words* Barn *and* Barometer | *add the l. word* Bär′na-cle, *n.* മുരു (*naut.*). |
| „ | Baron | 3 | ശ്രീമാൻ. | ശ്രീമാൻ, പാരമ്പര്യമാടമ്പി. |
| 44*a* | Battalion | 1 | പട്ടാളം. | പട്ടാളസഞ്ചയം. |
| 44*b* | Bear | 1 | Beār | I. Beār |
| „ | (*2nd*) Bear | 1 | Beār | II. Beār |
| 45*a* | Beat | 3 | സ്ഫുരണം | സ്ഫുരണം |
| 47*b* | Belief | 4 & 5 | to b. in . . . . to b. on | to b.e in . . . . to b.e on |
| 50*a* | Betroth | 3 | *In the end* | *add* ആചാരകല്യാണം. |
| 51*a* | Bicycle | 1-2 | ഉരുൾകുതിര | ഉരുൾക്കുതിര, ചവിട്ട് വണ്ടി. |
| 52*a* | | | *Bet. the l. words* Binocular *and* Biographer | *add the l. word* Bī-nō′mi-al, *a.* ദ്വയരാശിയായ (*alg.*). |
| 55*b* | Blood | 9 | 2. പിരട്ടുക | 2. —പിരട്ടുക |
| 58*a* | Boisterous | 1 | ധാഷ്ട്മുള്ള | ധാർഷ്ട്യമുള്ള |
| 62*a* | Brass | 9 | bn.-face | b.n-face |
| 65*b* | Bring | 22 | പൊയ്യൂളക, | പൊയ്യൂളയുക; |
| 68*b* | Buddhism | 2 | ഗൌതമതക്കാരൻ. | ഗൌതമമതക്കാരൻ. |
| 70*a* | Bureau | 3 | അൽമാരി. | —അൽമാരി. =reau′ra-cy (-rok′ra-), *n.* പ്രത്യേകനായകഭരണം; രാജ്യഭാരിവർഗ്ഗം. |
| „ | Burlesque | 2 | കൃതി, | കൃതി; 3. |
| 70*b* | Burly | 3 | =liness | =li-ness |
| 71*a* | Burrow | 1 | മടകഴിക്കുക, | മടകഴിക്കുക; 2. |
| 73*b* | | | *Bet. the l. words* Cæsar *and* Cafe | *add the l. w.* Cæ-sū′ra (se-zū′ra), *n.* യതി (*pros.*). =ral, *a.* യതിയായ. c.l pause യതി (*pros.*). |
| 76*b* | Canteen | 2 | ജലപാത്രം, | ജലപാത്രം; 2. |
| 77*b* | Capital | 3 | വലിയ അക്ഷരം | വലിയ അക്ഷരം, മഹാ[ക്ഷരം |
| 79*a* | Carminative | 1 | വായുനാശകം | വായുനാശകമായ. |
| 80*a* | Carry | 13 | to c. all *and* to c. tale | c. all *and* c. tale |
| „ | Cartilage | 2 | =ti-laġ-i-nŏus, =ġi-nŏus | =ti-laġ′i-nŏus, =laġ-i′ne-[ŏus |
| 81*a* | | | *Bet. the l. words* Casque *and* Cassock | *add the l. words* Cas′sä-va, *n.* മരക്കിഴങ്ങ്, പൂളക്കിഴങ്ങ്, കൊള്ളിക്കിഴങ്ങ് (*b.*). |
| 81*b* | Cast | 21 | പൊളിഞ്ഞു | പൊളിഞ്ഞ് |
| „ | Castrate | 2 | അറുക്കുത | അറുക്കുക |
| 83*a* | Cathedral | 2 | പള്ളി | പള്ളി, ഭദ്രാസനപ്പള്ളി (*S.*). |
| 85*a* | Cereal | 2 | 2. | *n.* |
| 86*a* | Chalice | 1 | Chal′icc | Chal′ice |
| „ | Champ | 1 | *v. t. i.* | *v. t. & i.* |

| | | | | |
|---|---|---|---|---|
| 88*a* | Charge | 5 | 8. ക്രൂലി | 8. വില, ക്രൂലി |
| " | Charity | 6 | പാലകി. | പാലിക. |
| 89*a* | Check | 3 | 5. ഉണ്ടിക | 5. (*also* cheque) ഉണ്ടിക |
| 90*a* | Cherish | 1 | പ്രേമം കാട്ടുക, പരിപാലിക്കുക; 2. പ്രിയംഭാവിക്കുക, രസം കാട്ടുക, വളൎത്തുക | പ്രേമം കാട്ടുക, പ്രിയം ഭാവിക്കുക, രസം കാട്ടുക; 2. പരിപാലിക്കുക, വളൎത്തുക. |
| 95*a* | Civil | 6 | സംബന്ധം ആയ | സംബന്ധമായ |
| 95*b* | Clamp | 1 | €lamp | I. €lamp |
| | | 1 | *After* ക്ലാമ്പ് | *add* ഒട്ട്വാരി |
| " | (*2nd*) Clamp | 1 | €lamp | II. €lamp |
| 96*b* | Clause | 1 | (klṳz) | (kla̤z) |
| " | Clean | 3 | സാമൎത്ഥ്യം—. | സാമൎത്ഥ്യം—: |
| 98*a* | Climax | 4 | *After* വഴിയിലാക്കിക്കളയുക | *add* സകലത്തിലും മുന്തിനില്ക്കുക. |
| 99*b* | Club | 3 | കുറുങ്കാൽ | കുറുങ്കാല്, കവകാല്. |
| 103*b* | Collar | 2 | നാട | പട്ട; പട്ട; |
| " | Collate | 6 | =lat′ĕr-al | *New line* €ol-lat′ĕr-al |
| 104*a* | Collect | *last line* | ‘കല്ക്കട്ടർ’ | ജില്ലാധികാരി, ജില്ലാധിപതി, ‘കല്ക്കട്ടര്’. |
| 104*b* | Colporteur | 2 | *After* ഗ്രന്ഥവിക്രയി | *add* €ol′pōr-tāġe, *n.* പുസ്തകം കൊണ്ട് നടന്ന് വില്ക്കൽ, പുസ്തകവിക്രയം, —വില്പന. |
| 105*a* | Combat | 7 | -tive-ness | =tive-ness |
| " | Combustible | 6 | -bust′ion | =bust′iŏn |
| 106*a* | Comedy | 2 | -di-an | =di-an |
| | | | *Bet. the l. words* Comedy *and* Comely | *add* €om-ē′dō, *n.* (*pl.* €om-ē′dō-nēs̱) മുഖക്കുരു (*med.*); 2. ആണി (*med.*). |
| " | Comely | 4 | -′li-ness | =′li-ness |
| 108*b* | Commune | 6 | (*Chr.*). | (*Chr.*); |
| 109*a* | " | 14 | *After* (*Chr.*) | *add* Holy C.n തിരുവത്താഴം (*Chr.*). |
| 110*a* | Compatriot | 2 | രൻ, | രൻ; |
| 112*a* | Compress | 5 | സംകോചത്വം. | സംകോചനീയത്വം. |
| " | Compute | 4 | സംഖ്യാതം | സംഖ്യാനം |
| " | Con | 1 | €on | I. €on |
| " | (*2nd*) Con | 1 | €on | II. €on [ര്’. |
| 113*a* | Concert | 3 | *after* സംഗീതഘോഷം | *add* പാട്ട്കച്ചേരി, ‘സഭ |
| 113*b* | Concrete | 2 | ചരൽക്രട്ട് | ചരൽക്കൂട്ട് |
| 116*b* | Congenial | 5 | ഉള്ള | ഉള്ള, [ലികമായ. |
| 122*a* | Contemporary | 3 | *In the end* | *add* =rā′ne-ŏus, *a.* സഹകാ |
| 124*b* | Convenience | 9 | ആയ, | ആയി, |

| | | | | |
|---|---|---|---|---|
| 126*b* | Coom | 2 | ഇരുന്നൽപൊടി | ഇരുന്നൽപ്പൊടി |
| 128*a* | Corn | 5 | , *n.* | *omit* |
| 132*a* | Country | 4 | —നിവാസികൾ | ദേശനിവാസികൾ |
| 133*a* | Court | 27 | -iĕr (-yĕr), | -ĕr, |
| " | " | 31 | cŏur′te-sy, | cŏur′te-sy (kĕr′tĕ-si), |
| 133*b* | Covenant | 5 | arc | ark |
| 135*a* | Craft | 1 | കൌശലം, | കൌശലം; കരകൌശലം, |
| 137*a* | Creek | 1 | കടൽപള്ള | കടൽപ്പള്ള |
| 139*b* | Crosier | 2 | മേത്രാന്റെ | മെത്രാന്റെ |
| 142*a* | Crypt | 2 | =′tō-gam | =′tō-gram |
| 144*a* | Cuniform | 1 | *After* Cū′ni-form | *add* Cū-nē′i-form |
| " | " | 2 | ആപ്പെഴുത്ത്. | ആപ്പെഴുത്ത്. |
| 144*b* | Curio | 10 | ദുല്ലഭം—. | ദുല്ലഭം-, അസാധാരണം—. |
| 146*a* | Cut | 18 | വേപ്പ്ടുത്തുക | വേപ്പെടുത്തുക |
| 147*b* | Cynic | 2 | സ്വാത്മബുദ്ധി; | 2. സ്വാത്മബുദ്ധി; |
| " | Cypher | 2 | ശൂന്യം. | ശൂന്യം; 2. ഗൂഢലിപി. |
| 154*b* | Decline | *last* | കട്ടത്തുക്കം. | കട്ടന്നുക്കം. [യുധം. |
| 156*b* | Defend | 15 | *After* നില്ക്കുക | *add* weapons of d.e രക്ഷാ |
| 158*b* | Degree | *end* | | *add* d.s of comparison വിശേഷണ താരതമ്യം (*gr.*). positive d. സാമാന്യവിശേഷണരൂപം, സാമാന്യവാചി (*gr.*). comparative d. താരതമ്യ വിശേഷണരൂപം, ഉത്തരവാചി (*gr.*). superlative d. ഉത്തമവിശേഷണരൂപം, ഉത്തമവാചി (*gr.*). |
| 159*b* | Delicate | 9 | രസം; | രുചികരപദാൎത്ഥം, രസം; |
| 160*b* | Demarcate | 3 | =mär-kā′tiŏn, | mär-kā′tiŏn, *n.* |
| 161*a* | Demission | 1 | (-mish′un) | (-mish′n) |
| 166*a* | Descend | 8 | അനന്തിരവൻ | അനന്തരവൻ |
| 167*b* | Despatch | 4 | ആളെ, | ആളെ—, |
| 173*b* | Die | 24 | —വെട്ട; | —വെട്ട്; |
| 185*b* | Dispute | 3 | എതിർവാദിക്കുക | എതിർവ്വാദിക്കുക |
| 188*a* | Distance | 9 | ആകലെ | അകലെ |
| 192*a* | Doctor | 4 | രാജ്യ—. | രാജ്യശാസ്ത്ര—. |
| 193*b* | Dolt | 2 | വിഢിതമുള്ള | വിഡ്ഢിത്വമുള്ള |
| 194*a* | Dominate | 6 | *After* പ്രബലതയുള്ള | *add* d.t tenement estate സൌകൎയ്യാവകാശസ്വത്ത്. |
| 195*b* | Double | 34 | d. a cape | d.g a cape |
| 196*b* | Dowager | 3 | വിധവത്വം. | വിധവത്വം, വിഗതഭൎത്തൃകത്വം. |

| | | | | |
|---|---|---|---|---|
| 198*a* | Dragon | 3 | -nāde, *n.* കൊള്ള, ആക്രമം. | *omit* |
| " | Dragoon | 4 | *After* ചെയ്യു | *add* =nāde (*also* drag'on-nāde), *n.* കൊള്ള, ആക്രമം. |
| 199*a* | Draw | 43 | chest of d.s | chest of d.rs |
| 199*b* | Dream | 14 | സ്വപ്നം കണുന്നു; | സ്വപ്നം കാണുന്നു; |
| 200*a* | Dress | 18 | വൈദ്യസഹായി | വൈദ്യസഹായി, ഉപവൈദ്യൻ |
| 201*a* | Drink | 7 | അമല്, | മദ്യപാനം, കുടി; അമല്, |
| 203*b* | Due | 4 | നിശ്ചയിച്ച; | നിശ്ചയിച്ച, വേണ്ടുന്ന; |
| 206*a* | | | *Bet. the l. words* Dutch *and* Dwarf | *add* Dū'ty, *n.*, *s. u.* Due. |
| 207*b* | Earth | 2 | ഭൌമീക | ഭൌമിക |
| 208*a* | Ease | 8 | *After* അഴച്ചിടുക | *add* 4. മൂത്രം ഒഴിക്കുക; കാൎമടക്കത്തിന്നിരിക്കുക. |
| 212*b* | Elastic | 6 | സഹനശക്തി. | വില്ലാട്ടം; സഹനശക്തി. |
| 216*a* | Emblem | *last* | സങ്കല്പിക്കുക | സങ്കല്പിക്കുക |
| 217*a* | Emolument | *last* | കായ്യം—. | കാൎയ്യം—. |
| 219*b* | End | 23 | e.ls-chain | e.s chain |
| 222*b* | Enlarge | *last* | ദീൎഘപ്രസ്ഥാപം | ദീൎഘപ്രസ്താവം |
| 225*b* | Epidemic | 1 | പകരുന്ന; | പകരുന്ന, സാങ്ക്രമികമായ; |
| " | " | 3 | പകൎച്ച്വ്യാധി. | പകൎച്ച്വ്യാധി, സാങ്ക്രമികരോഗം. |
| 226*b* | Equate | 2 | സമമാക്കൽ; | സമമാക്കൽ, സമീകരണം; |
| 229*a* | | | *Before* Escrow | *add the l. w.* Es-cri-toire' (-twar'), *n.* മേശപ്പെട്ടി, എഴുത്ത് പീഠം. |
| " | Esquire | 2 | രാജമാന്യരാജശ്രീ | മഹാരാജമാന്യരാജശ്രീ |
| 230*a* | Ether | 1 | 2. 'ഈതർ' | 2. സൂക്ഷ്മാകാശം, 'ഈതർ' |
| 231*b* | Even | 11 | *After* തുല്യമായിരിക്കുക | *add ad.* പോലും, ഉംകൂടെ, ഉം; ശേഷവും പിന്നെയും, തന്നെ. |
| 232*a* | Ever | 12 | for e.-m | for e.-e |
| 234*a* | Excel | 5 | (ബഹുമാന | (ബഹുമാനവാചി) |
| | | 7 | വാചി) | *omit* |
| 236*b* | Exit | 3 | *exc-unt* | *exe-unt* |
| 241*b* | Eye | 10 | കപ്പണിയം. | കപ്പലണിയം; കമ്പഭാരം. |
| " | " | 19 | *After* കാററിന്നെതിരായി | *add* sore e. ചെങ്കണ്ണ് (*med.*). |
| 242*a* | Face | 1 | മുഖദാവിൽ | മുഖതാവിൽ |
| " | " | 9-10 | ധാഷ്ട്ടത്താൽ | ധാഷ്ട്യത്താൽ |
| 243*b* | Fall | 13 | ജനിക്കുക; | ജനിക്കുക, . . . . ൽ മനമഴിയുക; |
| 244*a* | " | 20 | അണിവിട്ടുപോക | അണിയിട്ട് പോക |
| 247*b* | Father | 7 | സഭാപിതാവ് | സഭാപിതാക്കന്മാർ |

| | | | | |
|---|---|---|---|---|
| 248*a* | Father | 5, 7, 13 | ആത്മീക | ആത്മിക |
| 249*a* | Feast | 2 | പെരുനാൾ | പെരുന്നാള് |
| 249*b* | Feather | 25 | തൂവല് | തൂവല് |
| 250*b* | Feel | 12 | തപ്പിനാർ | തപ്പിനാര് |
| 255*a* | Fiddle | 7 | ചൊൽപടിക്ക് | ചൊൽപ്പടിക്ക് |
| 257*b* | Find | 2 | തമ്മിൽ— | തമ്മിൽകാണുക |
| 260*a* | Fistula | 3 | ഭഗന്ദരം | ഭഗന്ദരം, ഗുദന്ദരം |
| 262*a* | I. Flash | 1 | പാകംപാകം | പാകം, തിളക്കപ്പാകം |
| " | Flat | 28 | വത്തുരുക | വരുത്തുക |
| 262*b* | Flax | 2 | വക്ക | വക്ക് |
| 263*b* | Flick | 4 | പ ാളൽ | പാളല് |
| 265*b* | Flora | 1 | ആകൃതിയായ | പുഷ്പാകൃതിയായ |
| 269*b* | Fool | 6 | വിഡ്ഢാൻവിലാസി [ട്രി | വിഡ്ഢ്യാൻവിലാസി |
| 270*a* | Foot | 4 | f.-sore ഉള്ളങ്കാല്, ഉള്ളന | *omit* |
| 272*b* | Foreclose | 2, 4 | f.-c a mortgager....f.-c a mortgage | f. a mortgager....f. a mortgage |
| 273*b* | Foremast | 2 | f.t-hand, f.-t man | f.-hand, f.-man |
| 275*a* | Forgive | 2 | കൊട്ടത്തകളയുക | കൊട്ടത്ത് കളയുക |
| 278*a* | Fraction | 4 | വിഷമ— | വിഷമഭിന്നിതം |
| " | " | 5 | *Before* improper f. | *add* decimal f. ദശമഭിന്നിതം, ദശോഹരി—. |
| 281*a* | Frigid | 4 | =gid′i-ty | =ġid′i-ty |
| 281*b* | Frock | 3 | മുറിക്കുപ്പായം. | മുറിക്കുപ്പായം, അരക്കുപ്പായം. |
| 282*a* | Frost | 7 | കേട | കേട് |
| 283*a* | Fugle | 3 | -fụl | *new line* Fụl |
| 283*b* | I. Full | 7 | മുഴവൻ | മുഴവനും |
| 287*a* | Gain | 2 | to g. pain | g. pain |
| 287*b* | II. Gallant | 1 | ശീലമുള്ള | ശീലത്തോടെ |
| 288*a* | Gang | 4 | ശിക്ഷയായി | ശിക്ഷക്കായി |
| 288*b* | Gap | 8 | gāpe | *new line* Gāpe |
| " | Garden | 6 | ഉദ്യാനസല്ക്കാരം. | ഉദ്യാനസല്ക്കാരം, —വിരുന്ന്. |
| 289*b* | Gas | 5 | g.-light | g.-tight |
| 290*a* | Gauche | 3 | -′rie | *-′rie* |
| 297*b* | Give | 34 | സ്വഭാവം—. | സ്വഭാവം—: |
| " | " | 36 | തിട്ടപ്പെടുത്തിയ. | തിട്ടപ്പെടുത്തിയ: |
| 298*a* | Gizzard | 4 | തൊണ്ടയിൽ ഇറങ്ങാതിരിക്കുക | തൊണ്ടയിൽ കെട്ടുക, ഇറങ്ങാതിരിക്കുക |
| " | Glad | 7 | സാമോദം | സന്തോഷത്തോടെ, സാമോദം |
| 299*a* | Glass | 2 | കഴൽ കണ്ണാടി | കഴൽക്കണ്ണാടി |
| 304*b* | Gold | 1 | രാജമേസ്ക്കാവൽ | രാജമെസ്ക്കാവൽ |

| | | | | |
|---|---|---|---|---|
| 305*b* | Goose | 8 | goose'ber-ry | *new line* Goose'ber-ry *after* വാത്തുക്കുഞ്ഞ് (*z.*). |
| " | Gorgon | 4 | പെടിപ്പിച്ച് | പേടിപ്പിച്ച് |
| 306*a* | Gormand | 4 | ആൎത്തിയോയോടെ | ആൎത്തിയോടെ |
| 308*a* | I. Grain | 21 | തോല്മയം— | തോല് മയം— |
| 309*a* | Graph | 9 | *After* ശാസ്ത്രം | *add* -īte, *n.* കോലീയം, ചിത്രക്കോലീയം (*min.*). |
| 310*a* | III. Grate | 6 | grat'i-tūde, | grat'i-tūde, *n.* |
| 315*b* | Grunt | 2 | -'ing | g.ing |
| 317*a* | II. Gum | 2 | *v. t.* പശതേക്കുക, പററിക്കുക. | *omit.* |
| 317*b* | Gun | 1 | ഭാരം. | ഭാരം, (കപ്പലിലെ) വെടിത്തുള. |
| " | Gunwale | 1 | *After* Gun'wale | *add* Gun'nel, |
| 320*a* | Half | 26 | *n. pl.* | *pl.* |
| 322*a* | Hand | 29 | ക്രട്ടുക. | കിട്ടുക. |
| 323*a* | " | 17 | ഒരുക്കം—; | ഒരുക്കം—; ഒതുക്കം—, |
| 324*b* | Hard | 3 | ദുസ്സഹം അയ | ദുസ്സഹം ആയ |
| 325*a* | Hare | 7 | മുച്ചിറിയുള്ള | മുച്ചിറിയുള്ള |
| 325*b* | Harem | 2 | സ്ത്ര്യാഗാരം; | സ്ത്ര്യാഗാരം, ശുദ്ധാന്തം; |
| " | Harlequin | 4 | പോറാട്ട്; | പൊറാട്ട്, പുറാട്ട്; |
| 328*a* | Have | 5 | will you h. this book വേണം; | വേണം: will you h. this book |
| " | " | 30 | ഗ്രഹിക്കുക. | ഗ്രഹിക്കുക: |
| 330*a* | Head | 9 | -'long, *a.* നാഷ്ടാംഗം; | h.-long സാഷ്ടാംഗം; മുമ്പോട്ടുള്ള; ബുദ്ധികെട്ട; ധാൎഷ്ട്യമുള്ള. |
| 331*a* | Heal | 3 | നഗരസുഖധൎമ്മ | സുഖധൎമ്മ |
| 332*a* | Heart | 5 | sŏme, *a.* | h.some |
| 335*a* | II. Heel | 22 | തള്ളുക | തുള്ളുക |
| 337*b* | Here | 2 | ഐഹീക | ഐഹിക |
| 342*a* | High | 9 | ഓദാൎയ്യശീലം | ഔദാൎയ്യശീലം |
| 342*b* | " | 22 | (H. H.) രാജാവായ | (H. H.) മഹിമശ്രീ; രാജാവായ |
| " | " | 23, 25 | രാജകീയ, മഹാരാജകീയ | രാജകിയ, മഹാരാജകിയ |
| " | " | 25 | (H. R. H.) മഹാരാജാവായ | (H. R: H.) രാജമഹിമശ്രീ, മഹാരാജാവായ |
| " | Hill | 2 | ഏരി | ഏരി (എകരി) [പ്പ് |
| 345*b* | Hock | 2 | പന്നിക്കാൽകക്ഷണം. | പന്നിക്കാൽക്കക്ഷണം, ഊ |
| " | Hod | 2 | പെര്തേരിയാൽ | പെരുതേരിയാള് |
| 349*a* | Home | 16 | സ്വയഭരണം | (അയല്ലാന്തുകാര് ആവശ്യപ്പെടുന്ന) സ്വയഭരണം |
| 350*a* | Honest | 6 | സുകൃതം | സുകൃതം [(*N.*). |
| 352*a* | I. Hop | 6 | ചൊട്ട്കളി. | ചൊട്ട്കളി, കക്ക്കളി |

| | | | | |
|---|---|---|---|---|
| 356*a* | House | 28 | കടിയല്. | കടിയല്, പുരയിൽ കൂടൽ, ഗൃഹപ്രവേശം. |
| 356*b* | „ | *last* | ചട്ടം. | ചട്ടം; കതിരച്ചല്ലണം. |
| 364*b* | Hypostasis | 3 | പ്രത്യേകാസ്തിക്യം—. | പ്രത്യേകാസ്തിത്വം—. |
| 365*a* | I | 1 | അക്ഷരം. | അക്ഷരം; സ്വരം. |
| „ | Ice | 8 | നീർകട്ടി അരുവി. | നീർക്കട്ടിയരുവി. |
| 366*a* | Icosahedron | 2 | ക്ഷേത്രം | പിണ്ഡം |
| 366*b* | Identify | 12 | =fi-eā'tiŏn, | =fi-kā'tiŏn, *n.* |
| 367*b* | Ignite | 1 | തീകൊളുത്തുക | തീക്കൊളുത്തുക |
| 368*a* | Ignorance | 7 | തിരിപാടില്ലാത്ത | തിരിവാടില്ലാത്ത |
| 368*b* | Ill | 18 | വേവലാധി—. | വേവലാതി—. |
| 372*a* | Immanent | 3 | സ്വതവേഉള്ള | സ്വതവെയുള്ള |
| 374*a* | Immovable | 9 | *n.* നിശ്ചാപല്യം | *n.* അചലത്വം, നിശ്ചാപല്യം |
| 374*b* | Impact | 5 | അടെപ്പ്. | അടപ്പ്. |
| 378*a* | Implex | 2 | വലെക്കൽ | വലക്കൽ |
| 379*a* | Import | 7 | *n. pl.* | *n.* (*pl.*) |
| 381*a* | Imprison | 6 | *After* തടവ് (*l.*). | *add* rigorous i.t കഠിനതടവ് (*l.*). simple i.t വെറും തടവ് (*l.*). |
| „ | Imprompt | 2 | *a. & ad.* | *a.* |
| „ | „ | 3 | തല്ക്കാലമായി. | *ad.* തല്ക്കാലമായി. |
| 382*a* | In | *last* | ന്ന | ന്ന് |
| 384*b* | Inarticulate | 5 | =lā'tiŏn, | =lā'tiŏn, *n.* |
| 389*b* | Incontinent | 4 | ദുന്നടപ്പ്കാരൻ | ദുന്നടപ്പുകാരൻ |
| 390*a* | Incontroverti-ble | 4 | നിർവ്വാദ്യമായി | നിർവ്വാദമായി |
| 391*a* | Incredible | 5 | നേരകേട് | നേരുകേട് |
| 393*b* | Independent | 6 | സ്വതവേയുള്ള | സ്വതവെയുള്ള |
| 394*a* | Indicate | 1 | ചൂണ്ടികാണിക്കുക | ചൂണ്ടിക്കാണിക്കുക |
| 398*a* | Inerrable | 3 | തെററാതൈ | തെററാതെ |
| 399*a* | Infamous | 1-2 | അറെപ്പ് | അറപ്പ് |
| 399*b* | Infect | 9 | വ്യാപിക്കുന്ന. | വ്യാപിക്കുന്ന. i.s disease സാംക്രമികരോഗം. |
| 400*b* | Inflame | 15 | വീക്കം (*med.*); | വീക്കം, പഴുപ്പ് (*med.*); |
| „ | Inflate | 5 | *p. a.* | =flā'ted, *p. a.* |
| 405*a* | Ink | 8 | -'ness | -'ness, *n.* |
| 406*a* | Innovate | 3 | നൂതനം ചെയ്ക | നൂതനം ആക്കുക, ചെയ്ക |
| 406*b* | Inoccupation | 1 | മിനക്കേട് | മിനക്കെട് |
| 407*a* | | | *Bet. the l. words* Inoxidise *and* In posse | *add the l. word* In-pā'tient (-shent), *n.* ഔഷധശാലയിൽ കിടക്കുന്ന രോഗി 'ആസ്പത്രി'—. |
| 408*a* | Insaturable | 1 | പൊതിപ്പാൻ | പുതുത്തുവാൻ |
| 409*a* | Inside | 5 | കടല്—; | കടല്; |

| | | | | |
|---|---|---|---|---|
| 411*b* | Insuetude | 1 | *a.* | *n.* |
| „ | Insufferable | 2 | അറെപ്പായ. | അറപ്പായ. |
| 412*a* | Insulate | 4 | =ting stool | i.ng stool |
| 413*a* | Integer | 9-10 | മുഴുവനേ | മുഴുവനും |
| „ | „ | 13, 15 | തികെക്കുക, തികെക്കൽ | തികക്കുക, തികക്കല് |
| 413*b* | Intend | 4 | നിനെക്കുക | നിനക്കുക |
| 415*b* | Interior | 9 | അകത്തേ | അകത്തെ |
| 417*b* | Interpose | 3 | തുണെക്കുക | തുണക്കുക |
| 423*b* | Involve | 5 | ഉൾപെടുത്തുക | ഉൾപ്പെടുത്തുക |
| 424*a* | Inward | 9 | ഉൾപൊരുള് | ഉൾപ്പൊരുള് |
| 428*a* | Irrigate | 5 | *After* (*med.*) | *add* i.n canal കൃഷിത്തോട്. works of i.n കൃഷിത്തോട്ടുകൾ. |
| „ | Is | 1 | be | be, ആകുന്നു. |
| 430*a* | Jabiru | 1 | നീപ്ക്ഷി | നീപ്പ്ക്ഷി |
| „ | Jacana | 1 | നീപ്ക്ഷി | നീപ്പ്ക്ഷി |
| 431*a* | Jacquard | 1 | പൂന്നെയ്ത്ത | പൂന്നെയ്ത്ത് |
| 431*b* | Jag | 7 | ചുമട്ട കാരൻ | ചുമട്ടുകാരൻ |
| 432*a* | III. Jar | 1 | അപശബ്ദം | അപ(വ)ശബ്ദം |
| 436*a* | Jolly | 6 | ആഹ്ലാദം | ആഹ്ലാദത്തോടെ |
| 439*b* | Just | 23 | എന്ന ദൈവവരം | (എന്ന ദൈവവരം) |
| „ | „ | 32-33 | അച്ചടിക്ക് | (അച്ചടിക്ക്) |
| 440*b* | Keel | 1 | അടിമരം; | അടിമരം, പാണ്ടി; |
| „ | „ | 7 | മരം. | മരം, കൂട്ട്പാണ്ടി. |
| 442*b* | Key | 2 | സാരം. | സാരം; 8. ഗ്രന്ഥസഹായം; ഉത്തരം; 'തർജ്ജമ'. |
| 443*a* | Kidney | 1 | കരള് | മൂത്രപിണ്ഡം |
| „ | „ | 4 | കരൾരോഗം | മൂത്രപിണ്ഡരോഗം. |
| 445*b* | Knave | 7 | Knā'vess, | Knā'vess, *n.* |
| „ | Knead | 3 | -'a-ble, | -'a-ble, *a.* |
| 447*a* | Knuckle | 5 | പൽവായി—. | പൽവായിക്കെണിപ്പ്. |
| 448*a* | Labyrinth | 4 | 7. | 6. |
| 448*b* | I. Lack | 1 | 2. കുറച്ചൽ | 2. കുറവ്, കുറച്ചല് |
| 449*a* | Lactation | 19 | —മാത്ര. | —മാത്ര, —മാപനയന്ത്രം. |
| 450*a* | Lambent | 1 | മുകളിൽ | *a.* മുകളിൽ |
| 451*a* | Lance | 7-8 | തുളെക്കുക | തുളക്കുക |
| „ | Lancinate | 2 | തുളെക്കുക | തുളക്കുക |
| 453*a* | I. Lap | 6 | -'pet, | -'pet, *n.* |
| 454*b* | Latch | 1 | കൊളുത്ത്. | കൊളുത്ത്, ചീപ്പ്, തഴുത്. |
| 457*b* | Law | 26 | പ്രവൃത്തകൻ. | പ്രവൎത്തകൻ. |
| „ | „ | 41 | -'less-ness | -'less-ness, *n.* |
| 458*a* | II. Lay | 10, 12, 15 | അയ്യേനി | അല്പനി |
| 461*a* | III. Leave | 3 | വെക്കുക | വെക്കുക |
| 461*b* | Lecher | 1 | -ĕr, | -ĕr, *n.* |

| | | | | |
|---|---|---|---|---|
| 462*a* | II. Left | 2 | ഇടത്ത് വശമുള്ള | ഇടങ്കെ, ഇടത്ത് വശമുള്ള |
| 463*b* | Leisure | 1, 4-5 | മിനക്കേട് | മിനക്കെട് |
| 464*a* | Lens | 1 | കാചം | കാചം; 2. സ്ഫടികമയരസം (*an.*). |
| 465*b* | Lethargy; | 5, 6 | -thär′ġi-eal-ness, -thär′-ġie-ness | =thär′ġi-eal-ness, =thär′-ġie-ness |
| 467*a* | Level | 4 | l. of the sea | l. of the sea, sea-l. |
| " | Levigate | 3 | -ga-ble | =ga-ble |
| 467*b* | Lewd | 2 | അയ്യേനി. | അല്പനി— |
| 468*a* | Lexicon | 14 | പദാത്ഥവിവരണാസംബന്ധമായ | പദാത്ഥവിവരണം സംബന്ധിച്ച |
| 468*b* | Liberal | 14 | -ism —വാദം. -ist, | -ism, *n.* —വാദം. -ist, *n.* |
| 469*a* | Liberty | 13 | to take =ties with | to take l.ties with |
| " | Library | 3 | -brā′ri-an-ship | =brā′ri-an-ship |
| 470*a* | I. Lie | 2 | ഭള്ള് സങ്കല്പം | ഭള്ള്, സങ്കല്പം |
| 473*a* | Lignaloes | 2 | അകില് | *n.* അകില് |
| 474*b* | III. Lime | 8 | കൽച്ചുണ്ണാമ്പ് | കൽച്ചുണ്ണാമ്പ് |
| 476*b* | Lingua | 6-7 | ജിഹ്വഭാഹപാകൃതിയായ | ജിഹപാകൃതിയായ |
| " | " | 8 | ബഷാജ്ഞൻ | ബഹ്ഭാഷാജ്ഞൻ |
| 477*a* | Lip | 17 | ഉച്ചരിക്കുന്ന | —ഉച്ചരിക്കുന്ന |
| 477*b* | Liquate | 9 | ദ്രാവതപം | ദ്രവതപം, ദ്രാവ്യത |
| 478*b* | Litho | 7 | -glyph′ie, *n.* | -glyph′ie, *a.* |
| " | " | 19 | -man-cy, *u.* | -man-cy, *n.* |
| 479*b* | Little | 17 | കറെക്കുക | കറക്കുക |
| 481*b* | Loath | 14 | sŏme, *n.* | sŏme, *a.* |
| 482*a* | Local | 4 | വ്യവഹാരം | പ്രദേശവ്യവഹാരം |
| " | " | 5 | രോഗം | രോഗം, പ്രത്യേകാംഗരോഗം |
| 483*a* | Locomotion | 1 | യന്ത്രവണ്ടി. | യന്ത്രവണ്ടി, തലവണ്ടി. |
| " | Lodge | 12 | ചേത്ത് — | ചേത്ത് കൊള്ളുക |
| 483*b* | Log | 2 | വേഗമാത്ര | വേഗമാപനയന്ത്രം |
| 484*a* | Logic | 8 | (-jish′an), | (-jish′an), *n.* |
| " | Loiter | 2, 3 | മിനക്കേട്ടുക, മിനക്കേട്ട് | മിനക്കെട്ടുക, മിനക്കെട്ട് |
| 484*b* | Loment | 1 | വാള് കോച്ചല് | വാള്, കോച്ചല് |
| 487*a* | Loose | 13 | കറെക്കുക | കറക്കുക |
| 487*b* | II. Lord | 25 | രാത്രി—. | രാത്രി—, സത്യകമ്മം (*S.*). |
| 488*b* | Lotus | 3 | (-fa-gī), | (-fa-gī), *n.* |
| 489*b* | Love | 26 | *After* കാമാതുരമായ | *add* to fall in l. with.. ..ൽ മനമഴിയുക. |
| " | " | 27 | the God of l. | the god of l. |
| 491*a* | Lubber | 4 | ഏലില്ലാതെ | ഏലില്ലാതെ (ഇശലില്ലാതെ) |
| 495*b* | Macadamise | 2 | ചരലിട്ടുറപ്പിക്കുക. | ചരലിട്ടുറപ്പിക്കുക, കരിങ്കല്ലിട്ടുറപ്പിക്കുക. |

| | | | | |
|---|---|---|---|---|
| 499*b* | Mahout | 1 | ആനപ്പാപ്പാൻ. | ആനപ്പാപ്പാൻ, ആനക്കാരൻ. |
| 500*a* | III. Mail | 1 | അഞ്ചൽ— | അഞ്ചൽസഞ്ചി |
| " | " | 2 | അഞ്ചൽസാമാനം | അഞ്ചൽസാമാനം, —ഉരുപ്പടി. |
| 501*a* | Majesty | 4-5 | മഹാരാജാവ് തിരുമേനി | മഹാരാജാവ്, തിരുമേനി |
| " | Major | 7 | മുഖ്യാവയവം (*log.*). | മുഖ്യാവയവം, സാദ്ധ്യം (*log.*). |
| 502*b* | Make | 5 | ഉറെക്കുക | ഉറക്കുക |
| 504*b* | Malt | 9 | -′in, ′ine | -′in, -′ine |
| 506*a* | Mandarine | 2 | ഉപനാട് വാഴി | ഉപനാട്ടുവാഴി |
| 506*b* | II. Mangle | 1 | തുണിമിനുക്കയന്ത്രം | തുണിമിനുക്കിയന്ത്രം |
| 507*b* | Manœuvre | 1 | *s.* | *s. a.* |
| 508*a* | Manometer | 2 | വായുഘനമാത്ര | വായുഘനമാപനയന്ത്രം |
| " | " | 3 | വായുമാത്ര | വായുമാപനയന്ത്രം |
| 509*b* | III. March | 9 | *Before* -ĕr, *n.* | *add* m. past, *s. u.* Past. |
| 510*a* | Marine | 12 | =mar′i-nĕr | mar′i-nĕr |
| 512*a* | Marry | 13 | വിവാഹപ്രായം— | വിവാഹപ്രായം, |
| " | Marseillaise | 3 | രാജ്യഗീതം, | രാജ്യഗീതം, രാജ്യമംഗളം, |
| 515*a* | Matadore | 1 | ഘാതകൻ | —ഘാതകൻ |
| 516*a* | Matricide | 2 | മാതൃഹത്യയായ | മാതൃഹത്യ ആയ |
| 516*b* | Matter | 2 | സത്ത | സത്ത് |
| 517*b* | Maukin | 1 | *see* | *s. a.* |
| 518*a* | Maximum | 3 | അഗ്രപരിമാണം; | അഗ്രപരിണാമം, പരമകാഷ്ഠ; |
| 520*a* | Mechanic | 15 | =īse, =īze, | meeh′an-īse, meeh′an-īze, |
| 521*a* | Mediate | 19 | -a-tō′ri-al-ly | =a-tō′ri-al-ly |
| 523*b* | Melody | 5 | ശ്രോത്രാമൃതമായ | കണ്ണാമൃതമായ |
| 525*a* | Menstruum | 2 | ദ്രാവകം, ദ്രാവണരസം. | ദ്രാവണം, വിദ്രാവകരസം. |
| 527*a* | Mesne | 3 | വ്യവഹാരമദ്ധ്യെയുള്ള | വ്യവഹാരമദ്ധ്യേയുള്ള |
| 527*b* | Meso | 1 | മദ്ധ്യെയുള്ള | മദ്ധ്യേ ഉള്ള |
| 528*a* | Metal | 3 | കപ്പപ്പീരങ്കികഴൽ | കപ്പപ്പീരങ്കിക്കുഴല് |
| 529*b* | Meter | 14, 15 | വണ്ണമാത്ര. വേഗമാത്ര. | വണ്ണമാപനയന്ത്രം. വേഗമാപനയന്ത്രം. |
| 530*a* | Metonymy | 2 | ലക്ഷണാലങ്കാരം | ലക്ഷണ അലങ്കാരം |
| 531*a* | Micro | 2 | പ്രയുതാംശം | പ്രയുതാംശ |
| 531*b* | Micrometer | 1, 2 | സൂക്ഷ്മമാത്ര. —മാത്രകൊണ്ടുള്ള | സൂക്ഷ്മമാപനയന്ത്രം. —മാപനയന്ത്രം കൊണ്ടുള്ള |
| " | Microphone | 1 | (fōn), | (-fōn), *n.* |
| 532*a* | Mid | 33 | *After* (*mil.*) | *add* m.e term ഹേതു (*log.*). |
| 533*b* | Miliary | 4 | -ā′ri-a | =ā′ri-a |
| 534*a* | II. Mill | 16 | *After* ചക്ക് | *add* water-m. ജലചലിതത്തിരിക്കല്ല്. wind-m. വായുചലിത—. |

| | | | | |
|---|---|---|---|---|
| 536*a* | Mingle | 2 | കുഴെക്കുക | കഴക്കുക |
| 537*b* | Minum | 2 | സ്വരമാത്ര | സ്വരമാപനയന്ത്രം |
| 538*a* | Mirk | 2 | -′y, | -′y, *a.* |
| 540*b* | Miser | 2 | -ly, | -ly, *a.* |
| 541*a* | Misfashion | 1 | (-fash′un), | (-fash′un), *v. t.* |
| „ | Misgovern | 4 | നടത്തപ്പെടുന്ന. | നടത്തിവരുന്ന. [മ്മ; |
| 543*a* | I. Miss | 2 | 'മിസി'; | 'മിസി', കുമാരി, ചെറിയ |
| 544*a* | Mister | 2 | പദം. | പദം: |
| „ | Mistress | 3 | ഉപാദ്ധ്യായി; | ഉപാദ്ധ്യായി, എഴുത്തമ്മ, ഗുരുക്കത്തി; |
| „ | „ | 6 | ഉപചാരപദം; | ഉപചാരപദം: അമ്മ, എന്നവര്; |
| 544*b* | Mitigate | 3 | *ad.* | *a.* |
| 545*b* | I. Mob | 7 | -′oc-ral | -′oc-rat |
| 546*b* | Modern | | നൂതനത | നൂതനത്വം |
| 549*b* | Monochronic | 2 | സഹകാലിയായ | സഹകാലികമായ |
| 550*b* | Monometalism | 2 | *n.* വാദി | *n.* —വാദി |
| „ | Monophonic | 2 | ഏകധ്വനി (*mus.*) ഗീതമായ. | ഏകധ്വനിഗീതമായ (*mus.*). |
| 551*a* | Monoplast | 2 | -plas′tic | =plas′tic |
| 551*b* | Monotony | 5 | -not′ō-nŏus | : not′ō-nŏus |
| „ | Monsoon | 3 | മുൻമഴ. | കാലവൎഷം, മുൻമഴ. |
| 553*b* | Moral | 44 | ī-sĕr | -ī-sĕr |
| 555*a* | Morpheus | 1-2 | സ്വപ്നദൈവത | *n.* സ്വപ്നദൈവത |
| „ | Morphology | 1 | രൂപാകൃതി | *n.* രൂപാകൃതി |
| „ | Morris | 1 | ഒര് വക നൃത്തം | *n.* ഒര് വക നൃത്തം [ത്തി. |
| 555*b* | Mortal | 12 | അത്യത്തി. | മരണക്കണക്കധികാരാത്യ |
| „ | „ | 17 | നാശകരം—. | നാശകരം—. |
| 558*b* | Mourne | 1 | മുടിക്കോല്. | മുടിങ്കോല്. |
| 559*a* | Mouth | 3 | അഴി | (പുഴയുടെ) അഴി |
| 563*a* | Mumm | 3 | -′mĕr-y | =′mĕr-y |
| 564*b* | II. Muse | 1 | *n. pl.* | *n. (pl.)* |
| 565*b* | Mutatis | 2 | വരുത്തീട്ടു. | വരുത്തീട്ട്. |
| „ | Mutchkin | 2 | മൂവൊഴക്ക്. | മൂവുഴക്ക്. |
| 566*a* | Mutter | 5 | -ing, | -ing, *a.* |
| 567*b* | Myth | 8-9 | പുരാണവിത്. | പുരാണവിൽ (ത്ത്). |
| 569*a* | Napkin | 1 | കൈത്തോത്ത് | *n.* കൈത്തോത്ത് |
| 569*b* | Nasal | 3 | മൂക്കെല്ല | മൂക്കെല്ല് |
| 570*a* | Natant | 6 | -ta-tŏr-y | =ta-tŏr-y |
| „ | Nation | 6 | രാജ്യകീൎത്തനം. | രാജ്യകീൎത്തനം, —മംഗളം, രാജ—. |
| 572*b* | Near | 20 | -′est, | -′est, next, |
| 575*b* | Neighbor | 9 | -ly, *n.* | -ly, *a.* |
| „ | Nem. con. | 3-4 | ഐകമത്യാഭിപ്രായമായി. | ഐകമത്യാഭിപ്രായമായി, ഐക്യകണ്ഠേന. |

| | | | | |
|---|---|---|---|---|
| 576*a* | Neophyte | 1 | നൂതനമതാവലംബി | *n.* നൂതനമതാവലംബി |
| 577*b* | I. Net | 8 | ഇഴക്കോല്, | ഇഴ(ള)ക്കോല്. |
| 578*b* | New | 6 | ചോരപ്പൈതല്. | ചോരപ്പൈതല്. n. cloth കോടിത്തുണി, കോടി. |
| 579*a* | Next | 2 | പിന്നെത്ത. | പിന്നേത്ത. |
| 579*b* | II. Nick | 6 | തഞ്ചം. | തഞ്ചം, തിട്ടക്കം. |
| 580*a* | Nidus | 3 | പക്ഷിക്കൂട് കെട്ടുക. | (പക്ഷി) കൂട്കെട്ടുക. |
| 582*a* | Nix | 1-2 | നീരാളി (*myth.*); ജലപ്പിശാച്. | നീരാളി, ജലപ്പിശാച് (*myth.*). |
| " | No | *last* | എതിൎപക്ഷം. | എതിൎപ്പക്ഷം. |
| 582*b* | Nod | 7 | ഉറക്കം ത്രുങ്ങൽ. | ഉറക്കം തൂങ്ങൽ. |
| 585*a* | Noon | 3 | n. of might | n. of night |
| 585*b* | North | 10 | സ്കാണ്ഡിനാവ്യക്കാരൻ. | സ്കേണ്ഡിനേവ്യക്കാരൻ. |
| 589*b* | I. Null | 4 | അൎത്ഥ— | അൎത്ഥം— |
| 591*a* | Nut | 3 | മൊട്ട്. | മൊട്ട്; 5. ചപ്പിഞ്ഞ, പിരിക്കുഴ. |
| 592*a* | Oasis | 1 | മരുപ്പച്ച, | മരുപ്പച്ച, മരുസങ്കേതം, |
| 592*b* | Obese | 3 | -bes′i-ty | =bes′i-ty |
| " | Obey | 3 | 3. ഒതുങ്ങിനില്ക്കുക. | ഒതുങ്ങിനില്ക്കുക. |
| 594*a* | Obolus | 1 | ഒര് | *n.* ഒര് |
| 594*b* | Observe | 10 | ദ്ശ്രനീയത്വം. | ദൎശനീയത്വം. |
| 597*b* | Octavo | 2 | കടലാസ | കടലാസ് |
| 598*a* | Od | 4-5 | കാന്തശക്തിയേല്പിക്കുക. | —കാന്തശക്തിയേല്പിക്കുക. |
| 599*a* | Odor | *last* | സൌരഭ്യത. | സൌരഭ്യഗുണം. |
| " | Oecology | 1 | സ്ഥാവരജം | *n.* സ്ഥാവരജം |
| 600*b* | Offence | 8 | യുദ്ധസമാധാനൈക്യോടമ്പടി. | യുദ്ധസമാധാനൈക്യോടമ്പടി, അഭിയോഗരക്ഷണ്യോടമ്പടി. |
| 601*a* | Office | 4 | സാക്ഷ്യപ്പെടുത്തിയ പകൎപ്പ്. | സാക്ഷ്യപ്പെടുത്തിയ പകൎപ്പ്, 'റിക്കാൎട്ടിൽ' സൂക്ഷിച്ച്വെച്ച—. |
| " | " | 20-21 | ഉദ്യോബഗസംന്ധമായ | ഉദ്യോഗസംബന്ധമായ |
| 604*a* | Omnipotence | 2 | ദൈവം; | ദൈവം; 2. |
| 604*b* | I. On | 35 | യാത്രക്ക് | യാത്രയായി |
| 607*b* | Operate | 12 | -ant | =ant |
| 610*b* | Orange | 6 | പൊന്മനിറം | പൊൻനിറം |
| 612*b* | Ordinal | 2 | ക്രമാനുസാരം—. | ക്രമാനുസാരം—. o. number സ്ഥാനസംഖ്യ. |
| 615*b* | I. Os | 4 | os′te-al, | os′te-al, *a.* |
| 616*b* | Ostracism | 3 | പന്തിവിരോധം. | പന്തിവിരോധം, മാററ്—. |
| 618*b* | Out | 42-43 | ചൂന്നെടുക്കുക. | ചൂന്നെടുക്കുക, ചുഴന്നെടുക്കുക. |
| 622*a* | Outstand | 5 | കററികടം, | കററി, കററികടം, |
| 622*b* | Over | 12 | . . . ൽ—: | . . . ൽ അധികം: |

| | | | | |
|---|---|---|---|---|
| 625*a* | Overfall | 1 | പാറ, | പാറ; 3. |
| 625*b* | Overhear | 3 | ഒളിച്ച് — | ഒളിച്ച് നിന്ന് — |
| 626*a* | Overlong | 1 | വളരക്കാലം | വളരെക്കാലം ആയ |
| " | " | 1 | ദീൎഘകാലം. | ദീൎഘകാലം —. |
| 627*a* | Oversea | 1 | കടലിന്നക്കരെ; | കടലിന്നക്കരെ ഉള്ള; |
| 628*a* | Overtax | 1 | അധികനികുതി | അധികം നികുതി |
| " | Overthrow | 5 | വീഴ്ച, | വീഴ്ച; തോല്വി, അപജയം; |
| " | Overthwart | 1 | *n.* | *a.* |
| 628*b* | Ovoid | 2 | അണ്ഡാകൃതിക്കട്ടി. | അണ്ഡാകാരഗോളം. |
| 629*a* | Ovum | 9-10 | അണ്ഡകോശം | അണ്ഡകോശം, മുട്ടക്കൂടല് |
| 630*a* | Oxymoron | 1 | വ്യപരീത | വിപരീത |
| " | Pabulum | 3 | ഭക്ഷണം ആയ— | ഭക്ഷണം ആയ |
| 631*a* | Pacha | 1 | *u.* | *n.* |
| 631*b* | Pack | 8-9 | പുതപ്പിക്കുക | പൊതിഞ്ഞ് കെട്ടുക |
| " | " | 18, 21, 23 | തപ്പാൽകപ്പല് | തപ്പാൽക്കപ്പല് |
| " | " | 22 | തപ്പാൽകടലാസ്. | തപ്പാൽക്കടലാസ്. |
| " | " | *last* | ജലചികിത്സപ്പുതപ്പ്. | ജലചികിത്സപ്പുത. |
| 632*a* | II. Paddy | 1 | (ഹാസ്യം), | (ഹാസ്യം) |
| 633*b* | Palætiology | 2 | -ġist | =ġist |
| " | Palate | 6 | -a-ta-bly | =a-ta-bly |
| 634*b* | Palgrave | 1 | *see* | *s. a.* |
| 635*a* | I. Pall | 2 | ചുമൽപട്ട | ചുമൽപ്പട്ട |
| " | I. Pallet | 1 | വൈക്കോൽകിടക്ക | വൈക്കോൽക്കിടക്ക |
| 638*b* | Panopticon | 2 | കാഴ്ച—. | കാഴ്ച—. |
| 639*a* | Pantascope | 1 | *u.* | *n.* |
| 639*b* | Pantomime | 4 | -mim′i-cal | =mim′i-cal |
| " | Panurgy | 1 | സൎവ്വനൈപുണ്യം. | *n.* സൎവ്വനൈപുണ്യം. |
| " | Pap | *last* | കഴമ്പുള്ള. | കഴമ്പുള്ള. |
| 640*b* | Papyrus | 7 | =pyr′e-an, | =pyr′e-an, *a.* |
| 641*b* | Paradise | 10-11 | di-sī′ac, di-sī′a-cal | =di-sī′ac, =di-sī′a-cal |
| 642*a* | Parallax | 7 | lac′ti-cal | =lac′ti-cal |
| " | Parallel | 10 | അക്ഷരരേഖ | അക്ഷരേഖ |
| 642*b* | " | 2 | -ō-gram′mi-cal, | -ō-gram′mi-cal, *a.* |
| 643*a* | Paramour | 1 | ജാരൻ | *n.* ജാരൻ [ത. |
| 644*b* | Pardon | 6 | മോചനീയത്വം. | മോചനീയത്വം; ക്ഷന്തവ്യ |
| " | Parenchyma | 2-3 | par-eṅ-chym′a-tŏus | par-eṅ-chym′a-tŏus |
| " | Parent | 10 | -tā′tiŏn | =tā′tiŏn |
| 647*b* | Part | 2 | ആള | ആള് |
| 648*b* | Participle | 12 | വിശേഷണവാചി! | വിശേഷണവാചി: |
| 649*a* | Particular | 10 | 2. വൎത്തമാനം | 2. (*pl.*) വൎത്തമാനം. |
| 650*b* | Pass | 32-33 | കൊണ്ട് കൊട്ടുക | കൊണ്ടുകൊട്ടുക |
| 651*a* | " | 40-41 | മുതിമണി; | ചാവ് മണി; |
| 652*b* | Past | 4, 7 | പണ്ടെത്ത | പണ്ടേത്ത |
| 655*b* | Patron | 1 | പരിരക്ഷകൻ; | പരിരക്ഷകൻ, രക്ഷാധികാരി; |

| | | | | |
|---|---|---|---|---|
| 655*b* | Patten | 3 | മെതുവടിയിട്ട. | മെതുവടി ചവിട്ടിയ. |
| 656*a* | Pauper | 2 | ദരിദ്രൻ. | ദരിദ്രൻ. "പാപ്പർ" (*l.*). p. suit 'പാപ്പർ വ്യവഹാരം (*l.*). |
| 657*b* | II. Pay | 11 | പൊതരെ | പുതരെ |
| 658*a* | Peace | 1 | ശന്തത | ശാന്തത |
| 659*a* | Peart | 1 | ചുറചുറുപ്പ്— | ചുറുചുറുപ്പ്— |
| 660*a* | Peculate | 3 | -lā'tiŏn | =lā'tiŏn |
| 662*a* | Peg | 9 | കുടുക്കുക. | 4. കുടുക്കുക. |
| 662*b* | Pell | 2 | തോൽചുരുള് . . . തോൽചുങ്കം. | തോൽച്ചുരുള് . . . തോൽച്ചുങ്കം. |
| 663*a* | Penal | 5 | നഷ്ടവ്യവഹാരം. | നഷ്ടവ്യവഹാരം. P. Code ശിക്ഷാനിയമം |
| 663*b* | Pencil | 6 | വൈദ്യശാസ്ത്രം | വൈദ്യശസ്ത്രം |
| 664*a* | III. Pend | 7 | -den-cy | ='den-cy |
| " | Pendulous | 11 | ചഞ്ചാട്ടം. -ly, | ചാഞ്ചാട്ടം. -ly, *ad.* |
| " | Penetrate | 3 | ഉൾവൃകുക | ഉൾപ്പൂകുക |
| 664*b* | Penguin | 1 | കടൽതാറാവ്, | കടൽത്താറാവ്, |
| " | " | 4 | കടൽതാറാക്കൂട്. | കടൽത്താറാക്കൂട്. |
| 665*b* | Pension | 1 | *u.* | *n.* |
| " | " | 11 | വൃത്തിഭോഗി 'പിഞ്ചിൻകാരൻ' | വൃത്തിഭോഗി, പിഞ്ചിൻകാരൻ |
| 675*a* | Pert | 1 | ധിക്ക;രം— | ധിക്കാരം— |
| 675*b* | Perturb | 13 | -ĕr | ='tur-bā-tĕr |
| 676*b* | Pestilence | 2 | പകച്ചവ്യാധി; | പകച്ചവ്യാധി, സാംക്രമികരോഗം |
| 679*a* | Pharmacy | 4 | ceū'ti-cal | =ceū'ti-cal |
| 680*a* | Philopolemic | 2 | വാദരസം. . . | വാദരസം— |
| 681*b* | Phonomotor | 1 | സ്വരചലയന്ത്രം. | ശബ്ദചലിതയന്ത്രം. |
| " | Phosphor | 8 | മിന്നുന്ന. | മിന്നുന്ന. phos'phāte, *n.* പ്രകാശദക്ഷാരം (*ch.*). |
| 682*a* | Photology | 1 | പ്രഭാശാസ്ത്രം. | *n.* പ്രഭാശാസ്ത്രം. |
| 683*b* | Physic | 18 | പ്രകൃതിഭൂമിശാസ്ത്രം. | പ്രകൃതിഭൂമിശാസ്ത്രം, ഭൂപ്രകൃതിശാസ്ത്രം. |
| " | Physiography | 2 | —ഭൂമി—. | —ഭൂമി—, ഭൂപ്രകൃതിശാസ്ത്രം. |
| 684*a* | Piamater | 2 | ചർമ്മസംബന്ധമായ. | —ചർമ്മസംബന്ധമായ. |
| 686*a* | Picnic | 2 | —ഭോജനത്തിന്ന് | വനഭോജനത്തിന്ന് |
| 692*b* | I. Pitch | 2 | പന്തം. | താറ്, ശിലാജതു. |
| 695*b* | Planet | 1 | ഗ്രഹനക്ഷത്രം (*astr.*). | ഗ്രഹ (*astr.*); 3. നക്ഷത്രം. |
| 701*a* | Plim | 1 | പൊതരുക | പുതരുക |
| 702*a* | Plumb | 2 | ഒലുമ്പ (-മ്പ്) | ഒലുമ്പ (മ്പ്) |
| 702*b* | " | 19 | കഴൽപണിക്കാരൻ. | കഴൽപ്പണിക്കാരൻ. |
| 704*b* | Pneumatic | 7 | കഴൽതപ്പാല്. | കഴൽത്തപ്പാല്. |
| 706*a* | Point | 2 | കൊടിഅഗ്രം | കൊടി, അഗ്രം |
| 706*b* | " | 15 | പൊരുള | പൊരുള് |

| | | | | |
|---|---|---|---|---|
| 707*b* | Point | 1 | അറയിക്കുക | അറിയിക്കുക |
| ” | Poise | 4 | ഏല്പിക്കുക | ഒപ്പിക്കുക |
| 710*a* | III. Poll | 2 | ആൾപട്ടിക | ആൾപ്പട്ടിക |
| 711*b* | Poly | 13 | =yg′y-ny | =yġ′y-ny |
| 712*a* | ” | 36 | -syl′la-bism, ബഹ്വക്ഷത്വം. | -syl′la-bism, *n.* ബഹ്വക്ഷരത്വം. |
| 713*b* | Pony | 3 | ഒര് മോന്ത ‘ബീര്’ | 4. ഒര് മോന്ത ‘ബീര്’ |
| 716*a* | I. Port | 1 | ഒര് വക | *n.* ഒര് വക |
| 717*a* | Portrait | 1-2 | ചിത്രം; | ചിത്രം, ഛായാപടം; |
| 717*b* | Positive | 2 | മൂലസ്ഥിതി | സാമാന്യവിശേഷണരൂപം; മൂലസ്ഥിതി |
| ” | ” | 10 | എന്ന അടയാളം | എന്ന ധനരാശി അടയാളം |
| ” | ” | 12 | സ്ഥിതി (*gr.*); | സ്ഥിതി, സാമാന്യവിശേഷണരൂപം (*gr.*); |
| 718*a* | Possess | 11 | സംബന്ധിക | സംബന്ധിക— |
| ” | ” | 13 | അധികാരപ്രതിസംജ്ഞ (*gr.*). | അധികാരപ്രതിസംജ്ഞ, സംബന്ധ— (*gr.*). |
| 719*a* | III. Post | 29 | ജലപ്രളയാന്തരമുള്ള. | ജലപ്രളയാനന്തരമുള്ള. |
| 720*a* | Postremogeniture | 1 | കനിഷ്ഠ | കനിഷ്ഠ |
| 720*b* | Pot | 16 | കല്ല്. | കല്ല്, ഒര് വക വെണ്ണക്ക [ല്ല്. |
| 723*a* | Practicable | 10 | വ്യവഹാരികം— | വ്യാവഹാരികം— |
| 724*a* | Prank | 6 | ഗോഷ്ഠിയായ. | ഗോഷ്ഠിയായ. |
| 725*a* | Precaution | 3 | -cau′tious | =cau′tious |
| 725*b* | Precede | 7 | cē′dent-ly | =cē′dent-ly |
| 727*a* | Predicate | 8 | ആകുന്ന | ആക്കാകുന്ന |
| ” | Predict | 7 | -tŏr-y | =′tŏr-y |
| 627*b* | Predispose | 5 | ദേഹസ്ഥിതി. | ദേഹസ്ഥിതി, രോഗാസ്പ [ദം. |
| ” | ” | 7 | ചാസ്കൂൽ | ചാസ്കൂൽ |
| ” | ” | 10 | ദേഹസ്ഥിതി. | ദേഹസ്ഥിതി, രോഗാസ്പദം. |
| ” | Predominate | 7 | -nant | =nant |
| ” | Pre-emption | 1 | ആദ്യ | *n.* ആദ്യ |
| 728*a* | Prefer | 6 | പ്രസ്താപിക്കുക | പ്രസ്താവിക്കുക |
| ” | ” | 17 | കയററം | കയററം |
| 731*b* | Present | 6 | p. tence | p. tense |
| ” | ” | 10 | 4. സമ്മാനം, | 4. സംഭാവന, സമ്മാനം, |
| ” | ” | 21-22 | ബോധിക്കുക | ബോധിപ്പിക്കുക |
| 732*b* | Preside | 15 | =pres′i-dent-ship | pres′i-dent-ship |
| 733*b* | Prestimony | 2 | ശാന്തിജീവിതം—. | ശാന്തിജീവിതം. |
| ” | Presume | 1 | താന്തോന്നിത്വം | താന്തോന്നിത്വം |
| ” | ” | 19 | അനുമാനസംഭവം | *omit* |
| 735*b* | Prickle | 4 | (നിന്ദ) | (നിന്ദയായി) |
| 736*a* | Priest | 7 | പുരോഹിതൻ. | പുരോഹിതൻ; ‘കാളി’ (*M.*). |
| 737*b* | Primigenial | 3 | ഒന്നാമത്തെ | ഒന്നാമത്തെ, |

| | | | | |
|---|---|---|---|---|
| 737*b* | Primogenial | 1 | =āte, | =āte, *a*. |
| 738*a* | Prince | 1 | Prince, | Prince, *n*. |
| ” | ” | 14-15 | രാജകീയമായ. | രാജകിയമായ. |
| 739*a* | Prism | 2 | കിരണ | 2. കിരണ |
| ” | Prison | 7 | *After* ബദ്ധൻ | *add* state p.r രാജദ്രോഹ ബദ്ധൻ. |
| 740*a* | Prize | 6-7 | യുദ്ധകപ്പൽകൊള്ളക്കച്ചേരി. | യുദ്ധകപ്പൽകൊള്ളക്കച്ചേരി. |
| 740*b* | Process | 4 | കീൎത്തനം. | —കീൎത്തനം. |
| 743*b* | Profess | 10 | -′sed-ly, | =′sed-ly, |
| 745*a* | Progress | 10 | -gres′sive, | =gres′sive, |
| 751*a* | Prospect | 10 | മുന്നോട്ടം. | മുൻനോട്ടം. |
| 751*b* | Prospicience | 2 | മുന്നോട്ടം. | മുൻനോട്ടം. |
| 752*b* | Protect | 1 | പാലകി, പരിപാലകി. | പാലകി, പാലിക, പരിപാലകി, പരിപാലിക. |
| 754*a* | Proverb | 2 | സുഭാഷിതം; | സുഭാഷിതം, ആപ്തവാക്യം; |
| 764*a* | Purpose | 12-13 | ഉദ്ദേശമില്ലാതെ, വെറുതെ. | ഉദ്ദേശമില്ലാത്ത, വെറുതെയുള്ള. |
| 765*b* | Push | 2-3 | ഉന്തിത്തിരക്കിചെല്ലുക | ഉന്തിത്തിരക്കിച്ചെല്ലുന്ന |
| 770*a* | Quadruple | 8 | -rụ′pli-cāte | =rụ′pli-cāte |
| 773*b* | Queen | 11 | രാജവിധവ. | രാജവിധവ, വിഭൎത്തൃകരാജ്ഞി. |
| 775*b* | Quiesce | 4 | നിഷ്പ്രവൃത്തി, | നിഷ്പ്രവൃത്തി, നിഷ്ക്രാരകത്വം, |
| 776*a* | Quiet | 7 | സൈപാൎയ്യം | സൈപാരം |
| ” | Quinque | 5 | -fō′li-ā-ted, | -fō′li-ā-ted, *a*. |
| 780*a* | Radical | 11, 14 | നവീകരണ | പൂൎണ്ണനവീകരണ |
| ” | Radish | 1 | മുള്ളങ്കി, | മുള്ളങ്കി, മൂലകം, |
| ” | | | *Bet*. Radish *and* Radius | *add* Rā′di-um, *n*. ഒരു മൂലധാതുപദാൎത്ഥം, ‘റേഡിയം’ (*ch*.). |
| 781*b* | Raiment | 1 | ഉട് ചമയം | ഉടുചമയം |
| 783*a* | Ramify | 16 | (*n*. *pl*. rā′mī) | *n*. (*pl*. rā′mī) |
| 784*a* | Random | 7-8 | ഭാഗ്യയോഗ്യം | യോഗ്യഭാഗ്യം |
| 786*b* | Rase | 3 | rā′s̱ūre, | rā′s̱ūre, *n*. |
| ” | Rasp | 4 | മാന്ത | മാന്തി |
| 788*a* | Ratitæ | 2 | =ra-ti-tāte′, | ra-ti-tāte′, |
| ” | Ratlines | 2 | =′tlings̱, | rat′tilings̱, |
| 789*b* | Raw | 4 | വാററാത്ത | വററാത്ത |
| ” | ” | 14 | കൊരടാവ്. | കരടാവ്. |
| 790*b* | Re-act | 12 | പ്രവൃത്തകൻ | പ്രവൎത്തകൻ |
| 792*a* | Real | 25 | ഈടാകുന്ന | ഈടാക്കുക |
| 797*b* | Recognise | 21 | കൈ(ക)ച്ചീട്ട് | ജാമ്യച്ചീട്ട്, കൈ (ക)ച്ചീട്ട് |
| 799*a* | Record | *last* | സ്വയച്ചാൎത്ത്. | സ്വയച്ചാൎത്തായ. |
| 800*a* | II. Recreate | 6 | മിനക്കേട് | മിനക്കെട് |

| | | | | |
|---|---|---|---|---|
| 801*b* | II. Red | 18 | പിടിപെട്ട; | പിടിപെട്ട, കൈപ്പിടിത്തമായ; |
| 805*a* | II. Reeve | 2 | ഓടിക്കുക. | തോടിക്കുക. |
| " | Refer | 5 | ഗ്രന്ഥകൎത്താവിന്നടുക്കലയക്കുക; | ഗ്രന്ഥകൎത്താവിന്നടുക്കലയക്കുക, വിദ്യാൎത്ഥിയോട് ഗ്രന്ഥം നോക്കുവാൻ പറയുക; |
| 807*a* | II. Reform | 5 | ബാലബദ്ധശിക്ഷാശാല | ബദ്ധബാലശിക്ഷാശാല |
| 807*b* | Refresh | *last* | *After* ഫലാഹാരം | *add* r.t room ഭോജനവിക്രയസ്ഥലം. |
| 808*a* | Refuse | 10 | എച്ചില്. | എച്ചില്—. |
| 809*b* | Regiment | 2 | പട്ടാളം സഹസ്രബലം | പട്ടാളം, സഹസ്രബലം |
| " | Register | 20 | ചാൎത്തുന്നവൻ, | ചാൎത്തുന്നവൻ, കരണസാക്ഷ്യാദ്യോഗസ്ഥൻ, |
| " | " | 22 | ചാൎത്ത്; | ചാൎത്ത്, കരണസാക്ഷ്യപ്രവൃത്തി, |
| 810*a* | Regrate | *last* | —വില്ക്കൽ. | —വില്ക്കൽ, വകപ്പടിവ്യാപാരം. |
| 811*b* | Reiterate | 3 | ചെയ്യുക. | ചെയ്യുക, ചൎവ്വിതചൎവ്വണം-. |
| 812*b* | Relate | 4-5 | *After* വിശേഷണോപ— | *add* r.e pronoun സംബന്ധാത്മക പ്രതിസംജ്ഞ. |
| 813*a* | Relegate | 3 | ഭ്രഷ്ടാക്കുക. | ഭ്രഷ്ടാക്കുക. |
| 814*a* | Rely | 2-3 | കരുത്താക്കുക. | കരുത്താക്കുക, തേറുക. |
| 816*b* | Remove | 8-9 | ഭോജനസാധനം; | ഭോജനസാധനം, മിഞ്ചിയത്; |
| 817*b* | Renew | 8 | നവീകരണം. | നവീകരണം; പൊളിച്ചെഴുത്ത് (*l.*). |
| 818*a-b* | II. Rent | 10, (*b*) 1 | വാരച്ചാൎത്ത്, പാട്ടച്ചാൎത്ത്. വാരച്ചാൎത്ത്; | വാരപ്പട്ടിക, കുടിയാൻപട്ടിക, പാട്ടപ്പട്ടിക, വാരപ്പട്ടിക; |
| 819*a* | Repartee | 2 | തട്ടുത്തരം, | തട്ടുത്തരം, തറുതല; |
| 823*a* | Repugn | 4 | pug'nance, | =pug'nance, |
| 826*b* | Resist | 1 | *n.* -ant, | -ant, |
| 835*a* | Revenue | 3 | വൎഹം. | വൎഷം. |
| " | Revere | 21, 24, 26 | rd. | r.d |
| 835*b* | Reverse | 18 | മാററം, | വിപരീതം; മാററം, |
| 836*a* | Review | 11 | പത്രഗ്രന്ഥം, | പരിശോധകപത്രം, പത്രഗ്രന്ഥം, |
| 838*b* | Rhyme | 2 | അന്ത്യപ്രാസം; | അനുപ്രാസം; അന്ത്യ—; |
| 842*a* | Rigid | 5 | *After* കട്ടപ്പത്തോടെ; | *add* ഉലയാതെ; |
| 843*b* | Ripost | *last* | തട്ടുത്തരം. | തട്ടുത്തരം, തറുതല. |
| 846*b* | Robe | 8 | പാലക. | പാലിക. |
| 848*a* | Roll | 27 | രേഖ, | രേഖ, പട്ടോല, |

| | | | | |
|---|---|---|---|---|
| 856*a* | | | *Bet.* Rubadub *and* Rubbish | *add* Rub'bĕr, *n.*, *s. u.* Rub. |
| 857*a* | Ruby | 9 | rụ'bi-fȳ, | rụ'bi-fȳ, *v. t.* |
| 861*b* | Run | 15 | ഒട്ടക്കം, | കാലം ചെല്ലുമ്പോൾ, ഒട്ടക്കം, |
| " | " | 37 | r.g-gear | r.g-gear ഓട്ടക്കോപ്പ് ; |
| 865*a* | Sacrament | 3 | —കൎമ്മം (*Chr.*). | —കൎമ്മം, സത്യകൎമ്മം (*S.*). |
| 869*a* | Saline | 6-7 | =lin'i-ty, | =lin'i-ty, *n.* |
| 869*b* | Saliva | 3 | (-vĕr-), | (-vĕr-), *a.* |
| " | " | 11-12 | നോളയൊഴക്കം; | നോളയൊഴക്കം, കേല, |
| " | Sally | 2-3 | പുറത്ത് വന്നെതൃക്കുക, | പുറത്ത് വന്നെതിൎക്കുക, |
| 870*a* | Salon | 1 | (sä-lōṅg'), | (sä-lōṅg'), *n.* |
| 870*b* | Salt | 11 | കഴിനിലം. | കഴിനിലം; 15. ശമ്പളം, ആഹാരം. കഞ്ഞി, ചോറ്: to eat one's s..... ന്റെ ചോറ് വാങ്ങിയുണ്ണുക. |
| 881*a* | II. Scale | 18 | ചുരുണ്ടുവാനുള്ള. | ചുരണ്ടുവാനുള്ള. |
| 886*a* | II. School | 28 | *Before* primary s., | *add* elementary s. |
| 888*a* | Scoff | 6 | -'fĕr-y, | ='fĕr-y, |
| 893*a* | II. Scrip | 2 | വരിയോല; | വരിയോല, പട്ടോല; |
| 894*a* | Scrutiny | 1 | -nī-zĕr, | =nī-zĕr, |
| 895*b* | III. Scuttle | 6 | കപ്പലിന്റെ അടിതുളച്ച് മുക്കുക. | അടിതുളച്ച് കപ്പല് മുക്കുക. |
| 898*a* | Search | 9 | വെണ്ണശോധകോപകരണം; | നവനീതശോധകോപകരണം; |
| " | Season | 14-15 | മയമാക്കുക | മയം ആക്കുക |
| " | " | 16 | ഉണ്ണണം | ഉണക്കം |
| 899*a* | Seclude | 1-2 | പൂട്ടിയകത്തിരിക്കുക | പൂട്ടി അകത്തിരിക്കുക |
| 902*a* | Sedition | 9 | di'tiŏus-ly | =di'tiŏus-ly |
| 909*b* | Send | *last* | -'ĕr, | -ĕr, *n.* |
| " | " | " | | *add* -'iṅg, *n.* ഒടി മറിഞ്ഞവൻ, ഒടിമൃഗം, ഒടിയൻ. |
| 910*a* | Senor | 4 | (sēn-yōr'a), | (sēn-yōr'a), *n.* |
| " | " | *last* | യുവതി, | യുവതി, കുമാരി, |
| 915*a* | Serial | 1 | -ā'tim, | =ā'tim, |
| " | Sericeous | 2 | മയമായ | മയമുള്ള |
| " | " | 2 | =ser'- | ser'- |
| 915*b* | Serjeant | 2 | Sergeant. | Sergeant, *etc.* |
| 916*b* | Serve | 19 | തീൻ കൊണ്ട് വെക്കുക. | തീന് കൊണ്ടു വെക്കുക. |
| 917*a* | " | 7 | *After* ചെറു— | *add* s.e register ഉദ്യോഗവിവരച്ചാൎത്ത്. |
| 918*a* | Set | 5 | ഉളുക്ക് പിടിക്കുക, | ഉളുക്ക് പിടിക്കുക, —ഇഴെക്കുക, |

| | | | | |
|---|---|---|---|---|
| 921*a* | Sewage | 2 | അഴക്ക് —; | അഴക്ക് —, ഓവ് കുപ്പ; |
| 921*b* | Sextant | 1 | വൃത്തഷൾഭാഗം | വൃത്തഷഡ്ഭാഗം |
| 928*a* | Sheet | 5 | കാട, | പുതപ്പ്, കാട, |
| 928*b* | Shell | 25 | ഉച്ചിൽപൊടി | ഉച്ചിൽപ്പൊടി |
| 931*a* | II. Ship | 3 | കപ്പല് 'മല്ലാലി'. | കപ്പൽ'മല്ലാലി'. |
| 940*b* | Sign | 9 | സങ്കലിതചിഹ്നം, | സങ്കലിതചിഹ്നം, ധന—, |
| " | " | 10-11 | വ്യവകലിതചിഹ്നം; | വ്യവകലിതചിഹ്നം, ക്ഷയ—; |
| 941*a* | Signature | 5 | വൈദ്യസൂചകം. | യോഗം, യോഗക്കുറി, വൈദ്യചിഹ്നം. |
| " | Significant | 4 | ഒഴിച്ചുള്ള | അല്ലാത്ത |
| 941*b* | Signor | *last* | 'മിസി'. | കമാരി, 'മിസി'. |
| " | Silence | 10 | മൌനം—, | *omit* |
| 942*b* | Silver | 24 | ദാമ്പത്യോത്സവം. | ദാമ്പത്യോത്സവം, രജതവേളി. |
| 947*b* | Sister | 31 | പരിപാലക. | പരിപാലക, രോഗിപാലിക. |
| 949*a* | II. Size | 5 | വററ്. | പററ്. |
| 950*a* | Skerry | 2 | കടൽക്കൂട്ടം, | കൽക്കൂട്ടം, |
| " | Skewer | 1 | (skū'-), | (skū'-), *n.* |
| 955*a* | Sleazy | 2 | കട്ടിയില്ലാത്ത. | കട്ടിയല്ലാത്ത. |
| 957*b* | Slip | 24 | അടുക്കപ്പിങ്കാവല്. | —അട്ടക്കപ്പിങ്കാവല്. |
| 959*a* | Sloven | 3-4 | വൃത്തികേട്, | വൃത്തികേട്, ചാറച്ചപ്പ്, |
| 960*a* | Slut | 1 | വൃത്തികെട്ട | *n.* വൃത്തികെട്ട |
| 960*b* | Small | 9 | കാൽചട്ട | കാൽച്ചട്ട |
| 961*a* | " | 14 | കാൽചട്ട | കാൽച്ചട്ട |
| 963*a* | Smoke | 31 | —വണ്ടി. | വലിവണ്ടി. |
| 966*a* | Snob | 6 | ='bism, | -'bism, |
| 967*a* | II. Snow | 11 | -'less, *n.* | -'less, *a.* |
| 968*a* | So | 36 | ക്കവണ്ണം | തക്കവണ്ണം |
| 968*b* | Soak | 7 | —'ജാസ്തി' | *omit* |
| 970*b* | Sodomy | 4 | mit'i-cal, | =mit'i-cal, |
| " | " | 6 | mit'i-cal-ly, | =mit'i-cal-ly, |
| 974*a* | Solitary | 2 | തനിയെ | തനിയേ |
| 975*a* | Soluble | 6 | chemical s. | chemical s.n |
| " | Solve | 18 | ദ്രാവകം, | ദ്രാവണം, |
| 977*b* | Sophism | 2 | =phis'ti-cal, | =phis'ti-cal, *a.* |
| 978*a* | Sorites | 1 | -rit'i- | =rit'i- |
| 983*b* | Spare | 21-22 | മിനക്കെട്. | മിനക്കെട്. |
| 993*b* | Spirit | 1 | നീചഭാവം—. | പീറയായ, നീചഭാവമുള്ള. |
| 994*b* | Splatter | 2 | *a.* | *n.* |
| 999*a* | Spread | 18 | വിടന്ന്. | വിടൎന്ന്: |
| " | " | 19 | നാട്യം | 3. നാട്യം |
| 999*b* | Spring | 25 | ചീന്തുമാറാക്കുക | —ചീന്തുമാറാക്കുക |

| | | | | |
|---|---|---|---|---|
| 1001*b* | Sputter | 5 | തെറിച്ച തുപ്പല്; | തുപ്പല് തെറുപ്പിക്കൽ; തെറിച്ച തുപ്പല്; |
| 1002*a* | Squadron | 4, 6 | പടക്കപ്പൽക്കൂട്ടം | പടക്കപ്പൽക്കൂട്ടം. |
| 1004*a* | Squeeze | 8 | കടക്കുക. | കടക്കുക. |
| 1004*b* | Squire | 3 | 4. പ്രമാണി, | 4. ജന്മി, പ്രമാണി, |
| " | " | 8 | മുഖ്യസ്ഥന്മാര്. | ജന്മി, മുഖ്യസ്ഥന്മാര്. |
| " | " | 13 | പ്രമാണിത്വം. | ജന്മിത്വം, പ്രമാണിത്വം. |
| 1005*a* | Stack | 2 | വൈക്കോൽകണ്ട | വൈക്കോൽക്കുണ്ട. |
| 1005*b* | Stacte | 2 | മൂറു, . . . . മിശ്രേയ | മുറു, . . . . മിശ്രേയം |
| 1006*b* | Stagnate | 3 | -nant, | ='nant, |
| 1007*b* | I. Stalk | 2 | 2. കണ്ണി, | 2. കല, കണ്ണി, |
| 1008*b* | Stamp | 13 | അച്ച്, മുദ്ര, ചാപ്പ; | അച്ച് (ഉപകരണം), മുദ്ര—, ചാപ്പ—. |
| " | " | 19 | അടയാളം; | ചിഹ്നം; |
| 1009*a* | Stanch | 15 | നില്ക്കാത്ത. | —നില്ക്കാത്ത. |
| 1009*b* | Stand | 10 | ഒന്നാമത്തേതായിരിക്കുന്നു. | ഒന്നാമതായി നില്ക്കുന്നു. |
| 1015*a* | Statistics | *last* | സംഗ്രഹകൻ. | —സംഗ്രഹകൻ. |
| 1018*b* | Steeple | 4-5, 7 | തടസ്ഥക്കുതിരപന്തയം. | തടസ്ഥക്കുതിരപ്പന്തയം. |
| 1019*b* | Stencil | 1 | *n.* s.-plate | s.-plate, *n.* |
| " | Stenograph | 6 | *n.* | *a.* |
| 1021*a* | Stereotype | 9 | tȳp-ist, | =tȳp-ist, |
| 1025*b* | Stipend | 4 | *n.* | *a.* |
| 1027*a* | Stock | 13 | മാടപ്രാവ് ചെങ്ങാലി, | മാടപ്രാവ്, ചെങ്ങാലി, |
| 1029*a* | Stone | 3 | പതപ്പിക്കല് | പതപ്പിക്കൽ |
| 1031*a* | Storm | 3 | പെരുങ്കാററ് കൊടുങ്കാററിന്റെ | പെരുങ്കാററ്, കൊടുങ്കാററിന്റെ |
| " | I. Story | 4 | നിലയായ മാളികയായ. | നിലയായ, മാളികയായ. |
| 1034*b* | Straw | 9 | വൈക്കോൽതൊപ്പി. | വൈക്കോൽത്തൊപ്പി, പുൽത്തൊപ്പി. |
| 1040*a* | Struggle | 2 | ഉഴക്കുക, | ഉഴക്കുക, തെറുപ്പിക്കുക, |
| 1042*b* | Stumble | 11 | ഇടച്ച്, വിരോധം; | ഇടച്ച്, വിഘ്നം, വിരോധം; |
| 1044*a* | Style | 3 | തുലിക, പേന; | പേന; തുലിക; |
| 1044*b* | " | 12-13 | മോട ഉള്ള | മോടി ഉള്ള |
| " | " | 29 | നാരായത്തുലിക. | നാരായത്തുവല്. |
| 1045*a* | Suasion | 7 | suvā'sive-ly, | suā'sive-ly, *ad.* |
| 1046*b* | Subconscious | 3 | (*ps.*) | (*sp.*) |
| 1048*a* | Subject | 32 | -less, *n.* | -less, *a.* |
| 1049*a* | Sublime | 4 | ഉത്കൃഷ്ടരീതി, | ഉത്കൃഷ്ടരീതി, |
| 1050*a* | Subnarcotic | 1 | മയക്കഗുണമുള്ള | മയക്കുന്ന ഗുണമുള്ള |
| 1050*b* | Suborn | 9 | -or'nĕr, | =or'nĕr, |
| 1051*a* | Subrogate | 2 | കടം— | കടം തീര്— |
| " | Subscribe | 20 | വരിയോല, പട്ടിക; | വരിയോല, പട്ടോല, പട്ടിക; |
| 1053*b* | Subtile | 6 | യുക്തസാമർത്ഥ്യം | യുക്തിസാമർത്ഥ്യം |
| 1054*a* | (*Headletters*) | | Sbu | Sub |

| | | | | |
|---|---|---|---|---|
| 1061*b* | Sulpician | 1-2 | (-pish′i-an), | (-pish′i-an), *n.* |
| 1063*a* | Sump | 1 | നീർതുരങ്കത്തിരി. | നീർത്തുരങ്കത്തിരി. |
| ” | II. Sun | 3 | ഞായർ | ഞായറ് |
| 1064*a* | ” | 17-18 | ചലനയന്ത്രം | ചലനചക്രാവലിയന്ത്രം |
| 1064*b* | Sup | *last* | ഭോജനം, | ഭോജനം, സത്യകർമ്മം (*S.*), |
| 1066*a* | Superficial | ” | ഉൾകരുത്ത് | ഉൾക്കരുത്ത് |
| 1071*a* | Suppose | 8 | ഊഹ്യത. | ഊഹനീയത്വം, ഊഹ്യത. |
| 1072*b* | Surculose | 2 | തലനാർകൊടി | തലനാർക്കൊടി |
| 1073*b* | Surgeon | 17 | —പ്രയോഗത്താൽ; | ശസ്ത്രപ്രയോഗത്താൽ; |
| 1074*a* | Surname | 2 | കട്ടുംബപ്പേര്; | കഡ്ഢുംബപ്പേര്; |
| ” | Surpass | 4 | -′sa-ble, | =′sa-ble, |
| ” | Surplice | 1-2 | (വെള്ളമേലങ്കി | (വെള്ള) മേലങ്കി |
| 1080*b* | Sweat | 6 | നീറുറയുക | നീരുറയുക |
| 1081*b* | Sweet | 17 | രാമചിത്താമരം | രാമസീതാമരം |
| 1084*a* | Swinge | 2 | പൊതിര | പുതര |
| 1085*a* | Sword | 11 | വാൾപട്ട. | വാൾപ്പട്ട. |
| ” | ” | 15, 22 | വാൾപയററ് | വാൾപ്പയററ് |
| ” | ” | 25-26 | ” | ” |
| ” | ” | 27-28 | ” | ” |
| ” | ” | 19 | വാൾപൊടിപ്പ് | വാൾപ്പൊടിപ്പ് |
| 1087*a* | Symbol | 8 | —വ്യത്യസ്ഥ— | —വ്യത്യസ്ത— |
| 1089*b* | Synergy | 8 | -ġis′tie, | =ġis′tie, |
| 1090*b* | Syriac | 1 | സുറിയരാജ്യി | സുറിയരാജ്യം |
| ” | ” | 2 | സുറം | സുറി |
| 1091*a* | Syringe | 1 | വസ്തി. . . | *n.* വസ്തി. . . |
| 1094*b* | Tack | 5 | (കോസ്) വലത്തോട് | ‘കോസ്,’ വലത്തോട്ട് |
| 1097*a* | Take | 7 | വരിക്കാരനായിരിക്കുക. | വരിക്കാരനായിരിക്കുക, പത്രസഖിയായിരിക്കുക. |
| 1099*a* | Talmud | 3, 4 | പാരമ്പര്യന്യായം | —പാരമ്പര്യന്യായം |
| 1101*a* | Tanist | 2 | വരിക്കുജന്മി | വരിക്കുജന്മി |
| ” | Tantalise | 10 | lī-zing-ly, | =lī-zing-ly, |
| 1101*b* | Tantivy | 1 | മായിപ്പോക | മായി പോക |
| 1103*b* | II. Tartar | 5 | -tär′ie, | =tär′ie, |
| 1104*a* | Taste | 2 | രുചിക്കുക, സ്വാദ്—; | സ്വാദ്—, രുചിക്കുക; |
| 1104*b* | Tatou | 2-3 | ഇത്തിൽപന്നി | ഇത്തിൽപ്പന്നി |
| 1108*a* | Technic | 5 | സങ്കേതികം—; | സാങ്കേതികം—; |
| 1110*b* | Telephone | 11 | =y, | =phon-y, |
| ” | Telescope | 19 | scop′i-cal-ly, | =scop′i-cal-ly, |
| 1111*a* | I. Tell | 15-16 | വിഭാഗിക്കുക. | വിഭാഗിക്കുക; തിരിക്കുക. |
| 1114*a* | Tenant | 11 | കൊഴ് നടപ്പ് | കൊഴുനടപ്പ് |
| 1114*b* | III. Tender | 9 | പൌരുഷം; | പൌരുഷം—; |
| 1117*b* | Term | 31 | പ്രമേയവച്യം | പ്രമേയവാച്യം |
| 1119*b* | II. Tereen | *last* | മുകൾപരപ്പ്. | മുകൾപ്പരപ്പ്. |
| 1121*a* | Tessera | 9 | (-lĕr), | (-lĕr), *a.* |
| 1122*b* | Testy | 4 | *a.* | *ad.* |

| | | | | |
|---|---|---|---|---|
| 1123*a* | Tetedepont | 1-2 | പാലക്കോത്തളം | പാലക്കൊത്തളം |
| 1123*b* | Tetrameter | 1 | അനുഷ്ടുപ് | അനുഷ്ടുട് |
| 1126*b* | That | 12 | പരഹാസിയെ | പരിഹാസിയെ |
| 1127*b* | Thaw | 4 | ഉരുകല് | ഉരുകൽ |
| " | " | 5 | വെള്ളമാകല് | വെള്ളമാകൽ |
| 1131*a* | There | 10 | ഏറക്കുറയ, | ഏറക്കുറയ; |
| 1133*b* | Thick | 18 | മടിയൻ—, | മടയൻ—, |
| 1135*a* | Think | 28 | കൂടി. | കൂടി; |
| 1137*b* | Thrash | 4 | പൊതിരത്തല്ലുക | പുതരത്തല്ലുക [ഴക്കമുള്ള. |
| " | Thread | 7 | കെട്ട് പഴകിയ. | ഉടുത്ത് പഴകിയ; കെട്ടിപ്പ |
| 1140*a* | Throb | 1-2 | നെഞ്ഞ | നെഞ്ഞ് |
| 1140*b* | Through | 3 | മദ്ധ്യേ; | മദ്ധ്യേ; |
| 1141*b* | I. Thrum | 4-5 | മിടച്ചൽതൊപ്പി. | മിടച്ചൽത്തൊപ്പി |
| 1142*b* | Thunder | 8-9 | വെട്ടെന്നുള്ള | വെട്ടന്നുള്ള |
| 1148*b* | Time | 20 | കാലം; | —കാലം; |
| 1149*a* | " | 43 | നേരംനോക്കി; | തരം നോക്കി; |
| 1151*b* | Tipsy | 1 | *n.* | *a.* |
| 1152*a* | Tiptoe | 12 | t. stand a t. | to stand a t. |
| " | Tiptop | 1 | *a.* | *n.* |
| 1154*b* | To | 7 | മുമ്പകെ | മുമ്പാകെ |
| 1157*a* | Tola | 1 | (150 ഗ്രെയിൻ | (180 ഗ്രേയിൻ |
| 1158*b* | Tommy | *last* | വല്ലിസാമാനപ്പീടിക. | വല്ലി (സാമാന) പ്പീടിക. |
| 1160*b* | Tooth | 3-4 | വാൾപല്ല് | വാൾപ്പല്ല് |
| " | " | 4 | പല്ലൂത്ര | പല്ല |
| 1161*b* | II. Top | 43 | പുറമ്മണ്ണ്, | പുറമണ്ണ്, |
| 1164*a* | Torpedo | 2 | കപ്പൽതുരങ്കം | കപ്പൽത്തുരങ്കം |
| 1168*a* | Tourn | 1 | നൂൽചക്രം. | നൂൽച്ചക്രം. |
| 1169*b* | Toxæmia | 1 | *u.* | *n.* |
| 1170*a* | II. Trace | 10 | . . . ൽകൂടി | . . ൽക്കൂടി |
| 1171*a* | Trade | 7 | തൊഴില്കാര് | തൊഴിലുകാര്, |
| " | " | 9 | തൊഴില്യോഗം | തൊഴിൽയോഗം, |
| 1172*a* | Tragedy | 19 | കരുണാരസഹാസ്യരസ—, | കരുണാ(രസ)ഹാസ്യരസ |
| 1172*b* | Trail | 5-6 | വാടനോക്കി ചെല്ലുന്നവൻ. | വാടനോക്കിച്ചെല്ലുന്നവൻ. |
| 1173*a* | Traject | *last* | സലനം; | സ്ഥലനം; |
| 1173*b* | I. Tram | 5 | ശീഘ്രവണ്ടി, | ശീഘ്രവണ്ടി, പാത—, |
| 1175*a* | Transcontinental | 2 | ഭൂഖണ്ഡത്തിൽ കൂടിയുള്ള. | ഭൂഖണ്ഡത്തിൽക്കൂടിയുള്ള. |
| 1179*a* | II. Trap | 2 | വെങ്കൽപാറ. | വെങ്കൽപ്പാറ. |
| 1180*a* | Trass | 2 | കൽചുണ്ണാമ്പ്. | കൽച്ചുണ്ണാമ്പ്. |
| 1182*a* | Treddle | 2 | മുയൽപിട്ട, മുയൽകാഷ്ഠം. | മുയൽപ്പിട്ട, മുയൽക്കാഷ്ഠം. |
| 1185*a* | Tricot | 1 | മിടച്ചൽ പട്ട് തുണി; | മിടച്ചൽപ്പട്ട് തുണി; |
| " | " | 2 | മിടച്ചൽ കമ്പിളിത്തുണി. | മിടച്ചൽക്കമ്പിളിത്തുണി; |
| " | " | 2-3 | മിടച്ചൽ തുണി. | മിടച്ചൽത്തുണി. |
| 1186*a* | Trigamy | 6 | ത്രിഭർത്തൃമതി. | ത്രിഭർത്തൃമതി, ത്രിഭർത്തൃക. |
| 1187*b* | Trine | 1 | Trīne, | Trīne, *a.* |

| | | | | |
|---|---|---|---|---|
| 1188*a* | Tripartible | 4 | (മൂന്ന് | മൂന്ന് |
| 1190*b* | Trochilus | 1 | =os, | Troch'il-os, |
| " | II. Troll | 15 | തള്ള് വണ്ടി | പാതത്തള്ള് വണ്ടി |
| 1192*b* | Trowsers | 2, 5 | കാൽചട്ട | കാൽച്ചട്ട |
| " | " | 2-3 | നീളചല്ലടം | നീളച്ചല്ലടം |
| 1193*a* | I. Truck | 5 | കയററികൊണ്ടു പോകുന്ന | കയററിക്കൊണ്ടു പോകുന്ന |
| 1194*a* | True | 13 | ജ്യൂരിത്തീപ്പ് | —ജ്യൂരിത്തീപ്പ് |
| " | Truffle | 2 | കടൽക്രുന് | കടൽക്ക്രുന് |
| 1197*a* | Tube | 8 | tū'bal | tū'bal, *a.* |
| 1197*b* | " | 7 | കുഴൽപവിഴം | കുഴൽപ്പവിഴം |
| " | " | 13 | കുഴൽപാലം. | കുഴൽപ്പാലം. |
| " | " | 13-14 | കുഴൽതെണ്ടിക. | കുഴൽത്തൊണ്ടിക. |
| " | Tuber | 19 | *ad.* | *a.* |
| 1198*a* | Tuck | 3 | മടക്കി ഉള്ളിലോട്ട് | ഉള്ളിലോട്ട് |
| " | Tufa | 2, 3 | പവ്വതകരിക്കല്ല് | പവ്വതക്കരിക്കല്ല് |
| 1198*b* | Tumble | 5 | (കപ്പൽപള്ള) | (കപ്പൽപ്പള്ള) |
| 1199*b* | Tune | 14-15 | പംടാകുന്ന | പാടാകുന്ന |
| " | " | 15 | സ്വരമേളാ | സ്വരമേളം |
| 1203*a* | Turn | 30 | അനേക | അനേകം |
| 1204*b* | Tutor | 2 | ഭണ്ഡാരവിചരാകൻ | ഭണ്ഡാരവിചാരകൻ |
| " | " | 25 | അഭ്യസിക്കുക | അഭ്യസിപ്പിക്കുക |
| 1205*a* | Twain | 1-2 | രണ്ട് രണ്ടായ. | രണ്ട്, രണ്ടായ. |
| 1206*a* | Twill | 2 | മിടച്ചൽതുണി; | മിടച്ചൽത്തുണി; |
| 1207*a* | Twist | 2 | കുഴൽച്ചുറ; | കുഴൽ ച്ചുറ; |
| 1208*a* | Type | 39 | മുദ്ദണം. | മുദ്ദണം—. |
| 1212*a* | I. Un | 9 | ഉപസൎഗ്ഗങ്ങളിലൊന്നൊ | ഉപസൎഗ്ഗങ്ങളിലൊന്നോ |
| " | " | 11 | പദങ്ങളിലൊന്നൊ | പദങ്ങളിലൊന്നോ |
| 1213*a* | Unaided | 1 | കൂടാതെ; | ഇല്ലാത്ത; |
| " | " | 2 | താനായി. | താനായിചെയ്യു. |
| 1215*a* | Unbenevolence | 2 | ഇല്ലാത്ത, | ഇല്ലായ്മ, |
| 1215*b* | Unbid | 3 | ക്ഷണം (നം) | ക്ഷണ (ന)ം |
| 1216*b* | Unbridle | 5 | താന്തോന്നിത്തമായ; | താന്തോന്നിതമായ; |
| 1217*b* | Unchangeable | 2 | -chāng'ing, | =chāng'ing, |
| 1221*a* | Uncreate | 2 | -āte', | =āte', |
| 1222*b* | Under | 3 | കീഴിൽ. | കീഴിൽ: |
| " | " | 21 | . . . മേൽ: | . . . . മേൽ: |
| 1224*b* | Undern | 1 | മദ്ധ്യെയുള്ള | മദ്ധ്യേയുള്ള |
| 1231*b* | Unfix | 3 | -fixed' | =fixed' |
| " | Unflesh | 3 | *ad.* | *a.* |
| 1232*b* | Unfriend | 1-2 | സ്നേഹിതനല്ലാത്ത, ശത്രുവായ. | സ്നേഹിതനല്ലാത്തവൻ, ശത്രു. |
| " | Unfurnish | 4 | -'nished | ='nished |
| 1233*b* | Unguarded | *last* | ജാഗ്രതയില്ലാത്ത. | ജാഗ്രതയില്ലാതെ. |
| 1237*a* | Union | 7 | യോഗം; | യോഗം; ഗ്രാമയോഗസഭ, ദേശയോഗ—(*l.*); |

| | | | | |
|---|---|---|---|---|
| 1243*b* | Unpolish | 2 | -′ished | =′ished |
| 1244*a* | Unpopular | 1 | ജനസമ്മതമില്ലാത്ത, | ജനസമ്മതം ഇല്ലാത്ത, |
| 1246*b* | Unsalable | 1 | -sāle′a-ble | =sāle′a-ble |
| 1247*a* | Unsearchable | 4 | അശോധ്യത; | അശോധ്യത; |
| 1248*a* | Unshape | 3 | shāpe′ly, shāp′en, | =shāpe′ly, =shāp′en, |
| 1250*b* | Untidy | 2 | -tī′di-ly, | =tī′di-ly, |
| 1252*b* | Unwarlike | 1 | ø. | *a.* |
| 1254*b* | Up | *last* | വളന്ന് വകരി. | വളന്ന് വരിക. |
| 1262*a* | Uvea | 2 | മഴവിൽപടലം | മഴവിൽപ്പടലം |
| 1263*a* | Vadium | 2 | ഉണ്ടെറുതിപാട്ടം, | ഉണ്ടെറുതിപ്പാട്ടം, |
| 1265*a* | Value | 12 | സ ാരം—, | സാരം—, |
| 1266*a* | Vane | 4 | തീക്കപ്പൽപിരിയാണി | തീക്കപ്പൽപ്പിരിയാണി |
| 1266*b* | Vapor | 17 | =āte, | -āte, |
| 1270*b* | Veil | 1 | മറയില്ലാത്ത | മറയില്ലാത്ത, |
| 1271*b* | Veneer | 5, 7 | അമിഴ്ത്ത് പലക | അമിഴ്ത്ത് പൊളി |
| 1272*b* | Vent | 1 | കാണിക്കുക. | കാണിക്കുക; പ്രസ്താവിക്കുക. |
| „ | „ | 6 | *u.* | *n.* |
| 1274*a* | Verbena | 1 | പുഷ്പച്ചെടി (*b.*). | ചെടി, പച്ചച്ചായ (*b.*). |
| 1274*b* | Verdant | 4 | *n.* | *ad.* |
| 1278*b* | Vesta | 1, 6 | ഗ്രഹദേവത | ഗൃഹദേവത കല— |
| 1282*a* | Vie | 2 | അഹമഹിക | അഹമഹമിക |
| 1283*a* | Viking | 1 | സ്കാണ്ടിനേവ്യ | സ്കേണ്ടിനേവ്യ |
| 1284*a* | Vinculum | 3 | . . . . . ഇങ്ങിനെ | $\overline{5+7-6+1}$ ഇങ്ങിനെ |
| 1286*a* | Virago | 5 | =vī-ra-ġin′i-ty | vī-ra-ġin′i-ty |
| „ | Vireo | 2 | അമെരിക്കകോകിലം | അമെരിക്കക്കോകിലം |
| 1286*b* | Virtue | 17 | tū- | =tū- |
| 1288*b* | Visit | 13 | നായകന്ന് അന്ത്യ | നായകന്ന് യുദ്ധകാലത്ത് അന്ത്യ |
| „ | „ | 22 | പരിശോധന; | പ്പരിശോധന; |
| 1290*b* | Viviparous | *last* | ജരായുജമായ, ജീവജമായ | ജരായുജമായി, ജീവജമായി |
| 1291*a* | Vocal | 17 | വായിപാട്ടുകാരൻ, | വായിപ്പാട്ടുകാരൻ, |
| 1293*b* | Volkslied | *last* | സംഗീതം (*mus.*). | സംഗീതം, ജന—(*mus.*). |
| „ | Volley | 5 | കുഴൽതോക്ക്, | കുഴൽത്തോക്ക്, |
| 1300*a* | Wale | 2 | അടിപ്പിണര, | അടിപ്പിണര്, |
| 1301*b* | III. Wallop | 1 | പൊതിര | പുതര |
| 1309*a* | Water | 42 | മിശ്രമില്ലാത്ത | മിശ്രമല്ലാത്ത |
| 1323*a* | Whey | 1-2 | പാൽപാട | പാൽപ്പാട |
| 1329*a* | Whore | 6 | -mŏnger, *n.* | w.-monger |
| 1331*a* | Wild | 16 | തലവണ്ടി, (യന്ത്രവണ്ടി) | തലവണ്ടി (യന്ത്രവണ്ടി) |
| 1332*b* | Williwaw | 2 | കടൽകൈവഴിയിൽ | കടൽക്കൈവഴിയിൽ |
| 1333*a* | Win | *last* | ഹൃദയഗമ്യത. | ഹൃദയംഗമ്യത: |
| 1334*b* | Window | 11 | വടി, ചാരുവടി. | പടി, ചാരുപടി. |
| 1338*b* | With | 22 | ഓട് ഒക്കുക. | . . . . ഓട് ഒക്കുക. |

| | | | | |
|---|---|---|---|---|
| 1339*b* | With | 4 | അല്ലാതെ നിങ്ങൾ | അല്ലാതെ (സൂക്ഷിക്കാഞ്ഞാൽ) നിങ്ങൾ |
| „ | Withernam | 2 | മടക്കികിട്ടുവാൻ | മടക്കിക്കിട്ടുവാൻ |
| 1341*a* | Woman | 14 | ‘ഉചിത | ഉചിത |
| 1344*b* | World | 2 | ഉലകം, പാര്, | ഉല(ക്)കം, പാര്, |
| 1346*a* | Worst | *last* | മുത്തുക; | മുന്തുക; |
| 1349*b* | Wrong | 7 | അഭദ്ധാഭിപ്രായമുള്ള, | അബദ്ധാഭിപ്രായമുള്ള, |
| 1354*a* | Yelp | 2 | നിലവിളക്കുക; | നിലവിളിക്കുക; |
| 1354*b* | Yester | 15 | ഇന്നലെത്തെ | ഇന്നലത്തെ |
| 1355*a* | Yield | 10 | ഏല്പിച്ച— | ഏല്പിച്ച് — |
| 1356*a* | You | 1 | മൺകട്ടക്കൂട്ടമല്ലാതെ | മൺകട്ടക്കൂട്ടമല്ലാതെ |
| „ | „ | 5 | വരുന്നത് | വരുന്നവര് |
| 1357*a* | Zamang | 1 | തെക്കേ | തെക്കെ |
| 1357*b* | Zebu | 2 | മൈസൂർകാള, | മൈസൂർക്കാള, |
| „ | Zeekoe | 2 | നദീകുതിര | നദിക്കുതിര |
| „ | Zenana | 1 | സ്ത്ര്യഗാരം, | സ്ത്ര്യാഗാരം, |
| 1358*a* | Zeugma | 3 | വിക്ഷേണാലങ്കാരം | വിശേക്ഷണാലങ്കാരം |
| 1360*b* | Zulus | 2 | കാഫിവംശം. | കാഫ്രിവംശം. |

48

14 DAY USE
RETURN TO DESK FROM WHICH BORROWED

LOAN DEPT.

This book is due on the last date stamped below, or
on the date to which renewed.
Renewed books are subject to immediate recall.

30 JUN '64DY

REC'D LD

JUN 2 '65 -1 PM

LD 21A–40m-11,'63
(E1602s10)476B

General Library
University of California
Berkeley